വിശുദ്ധഗ്രന്ഥം

Ex Libris
George Anton Kiraz 1995

വിശുദ്ധ ഗ്രന്ഥം

(സുറിയാനി പ്ശീത്തോയിൽനിന്നുള്ള പരിഭാഷ)

പരിഭാഷകൻ

മലങ്കര മല്പാൻ കോറൂസോ ദശ്റോറോ

ഡോ. കുര്യൻ കോർഎപ്പിസ്കോപ്പാ കണിയാമ്പറമ്പിൽ

പ്രസാധകർ

സിറിയൻ ഓർത്തഡോക്സ് ബൈബിൾ

സൊസൈറ്റി ഓഫ് ഇന്ത്യ

തിരുവല്ല

1994

Visudha Grandham

Malayalam translation of the
Holy Bible in Peshitha Syriac

Imprimatur
H.H. Ignatius Zaka I Iwas,
Patriarch of Antioch and all the East
No. E 287/93

Translator
V.Rev. Dr. Curian Corepiscopa Kaniamparampil,
Malankara Malpan.

Publishers
The Syrian Orthodox Bible Society of India,
St. George Simhasana Church,
Tiruvalla-689101

Copy right
The Syrian Orthodox Bible Society of India

First Published: August 2, 1994
Copies: 10,000

Type setting, Printing & Binding
D.C.Offset Printers Kottayam 686 001

Price: Rs. 150/-

SYRIAN PATRIARCHATE
OF ANTIOCH AND ALL THE EAST
DAMASCUS - SYRIA

دمشق – سوريا

By the Grace of God
Ignatius Zakka I Iwas
Patriarch of Antioch and all the East
Supreme head of the Universal Syrian
Orthodox Church

No.E287/93

August 17,1993

Apostolic Benediction to our beloved spiritual son Malankara Malpan Korooso Dasroro Very Rev. Dr. Curien Cor-Episcopa D. D. Kaniamparampil, Tiruvalla, Kerala, India.

It is with great pleasure we received your letter dtd. August 7, 1993, informing us about the accomplishment of your venture translating the Peshito version of the Syriac Holy Bible to Malayalam language. We also received a letter from His Beatitude Mor Baselios Poulose II, Catholicose of the East, intimating us about the decision of the Holy Episcopal Synod in India sanctioning its publication. We hereby approve the decision of the Holy Synod and permit you to publish your translation of the Bible.

We thank God for giving you health and intellect even at your old-age for this herculean task. The work you have done is comparable to that of St. Jerome who translated the Holy Bible to latin. We are sure that your name shall go into the annals of the history of our Malankara Church for this commendable work. We hope this work of your's will be a great help for the Biblical students and the Malayalam speaking people to study and understand the Bible in its real meaning. We congratulate you and wish all success to your venture.

We extend our Apostolic Blessings to you. May the grace of God be with you.

PHONE 32481

THE MALANKARA JACOBITE SYRIAN ORTHODOX CHURCH

(UNDER THE HOLY APOSTOLIC SEE OF ANTIOCH AND ALL THE EAST)

ദൈവകൃപയാൽ

...ELIOS POULOSE II
...OLICOSE OF THE EAST

CATHOLICATE ARAMANA
MUVATTUPUZHA-686661
KERALA

No. 45/93.

16-7-93

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന മലങ്കര മല്പാൻ കണിയാമ്പറമ്പിൽ വന്ദ്യ കുര്യൻ കോറെപ്പിസ്ക്കോപ്പായ്ക്ക് കർത്താവിൽ വാഴ്വ്.

പ്രിയനെ! സസ്നേഹം അറിയിക്കുന്നത്—ബ. അച്ചന്റെ അശ്രാന്ത പരിശ്രമഫലമായി പ്ശീത്തോ വേദപുസ്തകത്തിന്റെ വിവർത്തനം വി.സഭയ്ക്ക് സമർപ്പിച്ചിരിക്കയാണല്ലോ. ആയത് പ്രിന്റ് ചെയ്ത് പ്രകാശനം ചെയ്യുന്നതിന് നമ്മുടെ പ.എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അനുമതിക്കായി 1993 മെയ് 22-നു ശനിയാഴ്ച കൂടിയ സുന്നഹദോസിൽ സമർപ്പിച്ച അപേക്ഷ പ.സുന്നഹദോസ് വളരെ സന്തോഷത്തോടെ ഏകകണ്ഠമായി അംഗീകരിച്ച് അനുവദിച്ചിരിക്കുന്നു എന്ന സന്തോഷവാർത്ത പ.സുന്നഹദോസിന്റെ പ്രസിഡന്റു കൂടിയായ നാം സസ്നേഹം അറിയിക്കുന്നു. ബ.അച്ചന്റെ ഈ വിലപ്പെട്ട സംഭാവന വി.സഭയ്ക്ക് എന്നെന്നും ഒരു വലിയ മുതൽക്കൂട്ടുതന്നെ. ഈ മഹായജ്ഞം വഴി വി.സഭയുടെ ചരിത്രത്തിൽ ബ. അച്ചനും അച്ചന്റെ അതിമഹത്തായ പ്രയത്നവും സുവർണ്ണലിപികളിൽ രേഖപ്പെടുത്തുകയും സഭാമക്കളുടെ മനോമണ്ഡലങ്ങളിൽ കൃതജ്ഞതാ നിർഭരമായ സ്ഥിരപ്രതിഷ്ഠ തലമുറകളിൽ നേടുകയും ചെയ്യുവാൻ സംഗതിയാകട്ടെ എന്ന് നാം ആശംസിക്കുകയും പ്രാർത്ഥനാപൂർവ്വം അനുഗ്രഹിക്കുകയും ചെയ്യുന്നു.

ആകാശത്തിലുള്ള......

The Syrian Orthodox Bible Society of India

St. George Simhasana Church
Tiruvalla-689101

Supreme Patron:	H.H. Moran Mor Ignatius Zaka I Iwas Patriarch of Antioch and all the East
Patron:	H.B.Mor Basalius Poulose II Catholicose of the East
Vice Patrons:	All the Metropolitans of the Syrian Orthodox Church
President:	H.G.Kuriakose Mor Coorelose Metropolitan
Vice President:	H.G. Bennyamin Joseph Mor Osthathiose Metropolitan
Working President:	V.Rev. Dr. Curian Corepiscopa, Kaniamparampil
Clergy Vice President:	V.Rev. Mathew Corepiscopa Pulickavil
Publication Officer:	Rev. Fr. Kuriakose Moolayil
Secretary:	Rev. Fr. Jose Paitel
Co- Secretary:	Mr. K.J. Abraham, Kodiathu
Treasurer:	Chev. K.T.Alexander, Kanianthara
Members:	Rev. Dn. Jerry Kurian Mr. K.A. Kurian Dr. K.M.Cherian Mr. Jacob Philip Mr. Sasi Joseph Mr. Kurian Varkey
Collaborators:	V.Rev. P.M. Mathew Corepiscopa Rev. Fr. R.V.Markose Malpan Rev. Dr. Adai Jacob Dr. D. Babu Paul Rev. Fr. Jose Paitel Ms. Shaina Kurian Ms.Slomo Cherian Miss. Anu Abraham

പ്രസാധകക്കുറിപ്പ്

അനല്പമായ ചാരിതാർത്ഥ്യത്തോടും അളവറ്റ ആഹ്ലാദത്തോടും അതിലുപരി വിനയാന്വിതമായ ദൈവസ്തുതിപ്പുകളോടുംകൂടിയാണീ കുറിപ്പെഴുതുന്നത്. സുറിയാനി സഭയുടെ ഇരുപതു നൂറ്റാണ്ടുകളിലെ വളർച്ചയുടെ പടവുകളിൽ സുവർണ്ണ ലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ട അത്യാഹ്ലാദകരമായ അസുലഭ സുന്ദര സുദിനത്തിൻെറ പുലരിയാണീ ദിവസം. കർത്താവ് സംസാരിച്ച ഭാഷയുടെ ബന്ധത്തിൽ ഏറ്റം ആധികാരികവും മൗലികവും എന്ന് ബൈബിൾ പണ്ഡിതന്മാർ വിലയിരുത്തുന്ന 'സുറിയാനി പ്ശീത്തോ' ഗ്രന്ഥത്തിന് ലോകഭാഷകളിൽ പ്രഥമമായി ഉണ്ടാകുന്ന സമ്പൂർണ്ണ പരിഭാഷയാണിത്. സിറിയൻ ഓർത്തഡോക്സ് സഭയ്ക്ക് എന്നെന്നും അഭിമാനകരവും ബൈബിൾ മലയാള പരിഭാഷാ ചരിത്രത്തിൽ ഒരു നാഴികക്കല്ലും സഭാവിശ്വാസപഠനങ്ങൾക്ക് ഏറ്റം അടിസ്ഥാന ആശ്രയവും ആയി ഉപയുക്തമാകുന്ന ഈ സമ്പൂർണ്ണ വിവർത്തനം സുറിയാനിസഭയുടെ അനർഘ സമ്പത്തായ സുറിയാനിപൈതൃകത്തിൻെറ അക്ഷയ കലവറയിലെ സുവർണ്ണ നിക്ഷേപമാണ്.

ഗ്രീക്ക് ബൈബിളിൻെറ ഭാഗവും, കത്തോലിക്കാബൈബിളിൽ 'ഉത്തര കാനോനിക ഗ്രന്ഥങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്നതും 'അപ്പോക്രിഫാ' എന്ന പേരിൽ പ്രൊട്ടസ്റ്റൻറ് സമൂഹങ്ങൾ ബൈബിൾ ഭാഗമായി അംഗീകരിക്കാത്തതും, സിറിയൻ ഓർത്തഡോക്സ് സഭ പഴയനിയമഗ്രന്ഥങ്ങൾക്കു തുല്യമായി പരിഗണിച്ച് അംഗീകരിച്ചിരിക്കുന്നതുമായ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്നതുമായ ഈ സമ്പൂർണ്ണ 'വിശുദ്ധ ഗ്രന്ഥ'ത്തിൻെറ പരിഭാഷ നിർവഹിച്ചിരിക്കുന്നത് ഇന്ന് ലോകത്ത് ജീവിച്ചിരിക്കുന്ന സുറിയാനി ഭാഷാപണ്ഡിതന്മാരിൽ അഗ്രഗണ്യനും, അനുഗൃഹീത പ്രതിഭയും, വേദവിജ്ഞാനീയ പഠനങ്ങളിൽ പ്രവീണനും, സുറിയാനി സഭയിലെ മലങ്കരമല്പാനും, വിശ്രുതഗ്രന്ഥകാരനും അനുഗൃഹീത ദൈവദാസനും ആയ കാഞ്ഞിരമറ്റം കണിയാമ്പറമ്പിൽ ഡോ. കുര്യൻ കോർ എപ്പിസ്കോപ്പാ ആണ്.

ഒരു പതിറ്റാണ്ടുകൊണ്ട് നിർവഹിക്കപ്പെടേണ്ട ദൗത്യം ധിഷണാവൈഭവം കൊണ്ടും ഭാഷാപ്രവീണതകൊണ്ടും നിസ്തന്ദ്രമായ പ്രവർത്തന സന്നദ്ധതകൊണ്ടും മൂന്നുവർഷക്കാലംകൊണ്ട് പരിപൂർണ്ണതയിലെത്തിക്കുവാൻ അഭിവന്ദ്യനായ മലങ്കരമല്പാനു സാധിച്ച ദൈവകൃപയെ സ്തുതിക്കാം. 13-ാം വയസ്സിൽ പൂർത്തീകരിച്ച സുറിയാനി ഭാഷാ പഠന സപര്യയിൽ സഭാമാതാവിനു സമർപ്പിച്ച 'ശ്ഹീമോ' നമസ്കാരത്തിലെ ബുധനാഴ്ച പ്രാർത്ഥനയുടെ ഇദംപ്രഥമമായ പദ്യപരിഭാഷ മുതൽ ഒരു സപ്തതി കാലയളവോളം സഭാസാഹിത്യസേവനം അന്യൂനം തുടരുകയാണ്. സഭാവിശ്വാസവ്യാഖ്യാനവും സഭാചരിത്രവും അടങ്ങുന്ന 'സുറിയാനി സഭ', വേദധ്യാനചിന്തകളുടെ സമാഹാരമായ 1001 ധ്യാനപ്രസംഗങ്ങൾ, ശ്ഹീമോ നമസ്കാരത്തിൻെറ സമ്പൂർണ്ണ പദ്യതർജമ സുറിയാനി ഭാഷയിൽ എഴുതിയിട്ടുള്ള അപ്രകാശിതങ്ങളായ വിവിധ കൃതികൾ, അനേകം പതിപ്പുകൾ വഴി ലക്ഷക്കണക്കിനു പ്രതികൾ വിതരണം ചെയ്യപ്പെട്ടിട്ടുള്ളതും വി.ദൈവമാതാവിനോടുള്ള മധ്യസ്ഥപ്രാർത്ഥനയും പ്രത്യേക ഗീതങ്ങളും അടങ്ങുന്നതുമായ വി.ദൈവമാതാവിനോടുള്ള മധ്യസ്ഥപ്രാർത്ഥന, ഇംഗ്ലീഷ്, മലയാളം, സുറിയാനി ഭാഷകളിൽ വ്യാകരണം, കവിത, നാടകം, മുതലായ മറ്റ് അനേകം ഗ്രന്ഥങ്ങൾ, നൂറു കണക്കിനു ലേഖനങ്ങൾ തുടങ്ങി വന്ദ്യനായ മല്പാൻെറ സംഭാവനകൾ നിരവധിയാണ്. സൺഡേസ്കൂൾ പ്രസ്ഥാനത്തിൻെറ ദീർഘകാല സംഘാടകനും വളർച്ചയിലേക്കു നയിച്ച ഡയറക്ടർ ജനറലും വിവിധ സഭാമാസികകളുടെ പത്രാധിപരും ഒക്കെ ആയി ബ.അച്ചൻെറ പ്രവർത്തനമണ്ഡലങ്ങൾ വിപുലവും ബഹുലവുമാണ്.

മല്പാനച്ചൻ അനേകം പതിറ്റാണ്ടുകൾ കേരള-മഹാത്മാഗാന്ധി സർവകലാശാലകളിൽ ബോർഡ് ഓഫ് സ്റ്റഡീസിൽ അംഗമായിരുന്നിട്ടുണ്ട്. സുറിയാനി ഭാഷയിലും മൗലിക സംഭാവനകൾ നൽകിയിട്ടുള്ള വന്ദ്യ അച്ചന് പ.ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ 'മലങ്കര മല്പാൻ' സ്ഥാനവും പ.ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ 'കോറൂസോ ദശ്റോറോ' (ബഹുമതിയും) സവിധനിൽനിന്നും 'ഡോക്ടർ ഓഫ് ഡിവിനിറ്റി' ബഹുമതിയും സവിധനിൽനിന്നുതന്നെ. 'ഇന്ത്യയിലെ ഏറ്റം ശ്രേഷ്ഠനായ സുറിയാനി പണ്ഡിതൻ' എന്ന ബഹുമതിയും പ്രശംസാപത്രവും കാഷ് അവാർഡും ലഭിച്ചിട്ടുണ്ട്. വി. വേദഗ്രന്ഥം ലാറ്റിനിലേക്കു വിവർത്തനം ചെയ്ത വി.ജറോമിൻെറ പ്രവർത്തനത്തോട് നിങ്ങളുടെ ഈ പ്രവർത്തനം സാമ്യപ്പെടുന്നു" എന്നുള്ള പ.പാത്രിയർക്കീസു ബാവാതിരുമേനിയുടെ ശ്രേഷ്ഠാനുമതി കല്പനയിലെ പരാമർശം ഏറ്റവും ആനന്ദദായകമത്രെ. വി.മത്തായിയുടെ സുവിശേഷം 'മോർ യാക്കൂബിൻെറ' രാഗത്തിൽ പദ്യവൽക്കരിച്ചതിനെ ആശ്രയമാക്കി ഡമാസ്കസിലെ പാത്രിയർക്കാ മാസികയിൽ (1994) പ്രസിദ്ധീകരിച്ചിരുന്ന ലേഖനം സവിശേഷ ശ്രദ്ധ ആകർഷിക്കുകയുണ്ടായി. ഇപ്രകാരം ഒരു മൗലിക കൃതി ഒരു ഇന്ത്യാക്കാരനിൽനിന്നും ഉണ്ടാകുന്നത് നൂറ്റാണ്ടുകളുടെ ചരിത്രത്തിൽ ആദ്യാനുഭവമാണ്.

മലങ്കരസുറിയാനി സഭയിലെ ഇരുപത് നൂറ്റാണ്ടുകളുടെ വിജ്ഞാനവിഹായസ്സിലെ ദീപ്തിയേറിയ ധ്രുവനക്ഷത്രമാണ് വിനയാന്വിതനായ കണിയാമ്പറമ്പിൽ ഡോ.കുര്യൻ കോർഎപ്പിസ്കോപ്പാ. ബഹുമാന്യനായ അച്ചനു മാത്രം സാധിക്കുന്ന ഈ ഭഗീരഥയത്നം പൂർത്തീകരിച്ച് സഫലീകൃതമാക്കുവാൻ സഹകരിച്ച ഏവർക്കും ദൈവം പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇവരോടെല്ലാം—വിശിഷ്യ സമാദരണീയനായ പരിഭാഷകനോട് സഭ എന്നും കടപ്പെട്ടിരിക്കുന്നു. സാമ്പത്തിക സഹായം നൽകിയവർ, മുൻകൂർ പണം സമാഹരിച്ച് സഹായിച്ചവർ, വിവിധ ബുക്ക്ഷോപ്പുകൾ, മുദ്രണം നിർവഹിച്ചവർ തുടങ്ങി ഇക്കാര്യത്തിൽ സഹകരിച്ചവർ നിരവധിയാണ്. ഏവരെയും ദൈവ സന്നിധിയിൽ അനുസ്മരിച്ച് നന്ദി പറയുന്നു.

സഭാമഹത്വത്തിനായും സഭാംഗങ്ങളുടെ ആത്മികപരിപോഷണത്തിനായും ദൈവികസന്ദേശപ്രചാരണത്തിനായും ഈ 'വി. ഗ്രന്ഥം' പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

ഫാ. കുര്യാക്കോസ് മൂലയിൽ,
പ്രസിദ്ധീകരണ കാര്യദർശി,
സിറിയൻ ഓർത്തഡോക്സ് ബൈബിൾ
സൊസൈറ്റി ഓഫ് ഇന്ത്യ,
തിരുവല്ല 689 101.

തിരുവല്ല
11-07-1994

പരിഭാഷകൻെറ പ്രസ്താവന

ദൈവനാമ മഹത്ത്വത്തിന്

"സാരാംശത്തിൽ ഒന്നായിരിക്കുന്ന വി.ത്രിത്വത്തിൻെറ മഹത്ത്വത്തിനും
ശ്രേഷ്ഠതയ്ക്കും, ബഹുമാനത്തിനും പുകഴ്ചയ്ക്കും ദൈവത്തിൻെറ വിശുദ്ധ
സഭയുടെ സമാധാനത്തിനും അഭിവൃദ്ധിക്കും വേണ്ടി"

ഈ വിശുദ്ധ ഗ്രന്ഥം

സമർപ്പിക്കപ്പെടുന്നു.

ദൈവനാമ മഹത്ത്വം, ആത്മാക്കളുടെ അഭിവൃദ്ധി ഇവ മാത്രമാണ്, പഴയ നിയമവും, പുതിയ നിയമവും 'അപ്പോക്രിഫാ' എന്നു സാധാരണ പറയപ്പെടുന്ന അംഗീകൃത വിഭാഗവും ഉൾക്കൊള്ളുന്ന വിശുദ്ധ ഗ്രന്ഥത്തിൻെറ സുറിയാനിയിൽ നിന്നുള്ള ഈ മലയാള വിവർത്തനത്തിൻെറ പരമലക്ഷ്യം.

ഇതിനുമുമ്പ് അഭിവന്ദ്യനായ കായങ്കുളം ഫീലിപ്പോസ് റമ്പാച്ചൻ പ്ശീത്താ സുറിയാനിയിൽനിന്നും നാലു സുവിശേഷങ്ങൾ വിവർത്തനം ചെയ്ത് അക്കാലത്തു കേരളത്തിൽ പ്രസ്സുകൾ ഇല്ലാതിരുന്നതിനാൽ, ബോംബെയിൽ കൊറിയർ പ്രസ്സിൽ പ്രത്യേകം മലയാള അക്ഷരങ്ങൾ വാർപ്പിച്ച് 1811-ൽ അച്ചടിപ്പിച്ച് പ്രസിദ്ധം ചെയ്തു. അതാണ് സുറിയാനിയിൽനിന്നും മലയാളത്തിലേക്കുള്ള ഒന്നാമത്തെ വിവർത്തനം. സി.എം.എസ് മിഷനറിമാരുടെ ആഗമനകാലത്ത് കേരളത്തിലെ യാക്കോബായ സുറിയാനി സഭ ഉപയോഗിച്ചിരുന്ന ഗ്രന്ഥവും അതുതന്നെ. പിന്നീടു മലങ്കര മല്പാൻ കോനാട്ടു മാത്തൻ കോർഎപ്പിസ്കോപ്പാ പുതിയ നിയമം മുഴുവനും സുറിയാനിയിൽനിന്നും പരിഭാഷപ്പെടുത്തി 1936-ൽ പാമ്പാക്കുടനിന്നും പ്രസിദ്ധം ചെയ്തു.

വി.ഗ്രന്ഥത്തിൻെറ എല്ലാ ഭാഗങ്ങളും ചേർന്നുള്ള ഈ വിവർത്തനത്തിനു പ്രേരകമായ കാര്യം പ്രസ്താവിച്ചുകൊള്ളട്ടെ. ദൈവകൃപയാൽ വേദസംബന്ധമായ പല കൃതികളും രചിച്ചു പ്രസിദ്ധീകരിക്കുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. ഇക്കാര്യത്തിനുവേണ്ടി വേദത്തെളിവുകൾക്കായി വേദപുസ്തക പതിപ്പുകൾ അനേകം പരിശോധിക്കാനും ഇടയായി. അങ്ങനെയുള്ള പരിശ്രമത്തിൽ ഒന്നിനോട് ഒന്ന് ചേർച്ചയില്ലാത്ത, ഇംഗ്ലീഷ് പതിപ്പുകളും ഇംഗ്ലീഷിൽനിന്നും വിഭിന്നമായ മലയാള പതിപ്പുകളും കണ്ടു. അങ്ങനെ 1956-ൽ "മലയാള സുവിശേഷങ്ങളിലെ ഭാഷാന്തര

പിശകുകൾ" എന്നൊരു ചെറുഗ്രന്ഥം, സുറിയാനിയിൽനിന്നും വ്യത്യസ്തമായ പലഭാഗങ്ങൾ എടുത്തുകാണിച്ചു പ്രസിദ്ധീകരിച്ചിരുന്നു. അക്കാലം മുതൽ പ്ശീത്താ സുറിയാനിയിൽനിന്നും നേരിട്ട്. വി.ഗ്രന്ഥം മുഴുവൻ വിവർത്തനം ചെയ്യണ മെന്നാഗ്രഹിച്ചുവരികയായിരുന്നു. പല നിഷ്കളങ്ക വിശ്വാസികളും സത്യവേദ പുസ്തകം വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കുവാൻ എന്നെ പ്രേരിപ്പിക്കുക യുമുണ്ടായി. സുറിയാനിയെക്കുറിച്ചു രണ്ടു വാക്ക്:—

"Syriac, called Aramaic in ancient times, was one of the most important languages of the ancient world. It was the official language of the Chaldean (7-6 B.C.) and Persian (6-4 B.C) Empires. Aramaic is one of the three languages in which the books or the parts thereof, of the Holy Bible, were originally written. Above all, Aramaic was the mother tongue of our Lord Jesus Christ. To illustrate this, the word 'ephphathah' (be opened), 'Thalitha Kumi' (damsel arise) and 'Eli, Eli lamma Sabethani' (My God, My God, Has Thou forsaken me?) are Aramaic.

Aramaic was the mothertongue of the region comprising present Eastern Syria and Northern Iraq. This region was called 'Aram', after Aram, Sem's fifth son. Aramaic is the oldest of the Semitic languages. Aram, the father of the Arameans, was the grandson of Noe, while Heber the father of the Hebrews was the great great grandson of Noe.

In the Seventh and Sixth Centuries B.C., Nabuchodonosor, the Chaldean emperor, deported most of the inhabitants of Juda to Babylonia, where too, the spoken language was Aramaic. Cyrus, the king of Persia, ended the Chaldean Empire in 539 B.C., and in 536 B.C. allowed the Jews to return to Juda.

During the long period of the Babylonian Exile, covering almost 70 years, the younger generation of the Jewish captives became an Aramaic speaking people. When the Jews returned to Palestine in 536 B.C., they continued to speak Aramaic. Hebrew ceased to be the ordinary spoken language of Palestine. It continued as the language of their sacred books.

Aramaic became the official language of the Persian Empire. In the IV century B.C., Aramaic was the commercial and official language of all the nations of Western Asia, from Asia Minor to Persia and from Armenia to the Arabian Peninsula.

When Hebrew became a dead language, the reading of the Hebrew Scriptures in the Synagogues had to be made intelligible to the common people by Aramaic versions. After the Hebrew text was read in the Synagogue, its Aramaic translation was given. The translation was called "targum" (ie, translation, interpretation).

The Jewish historian, Flavius Josephus, originally wrote his "Jewish War" in Aramaic. The Gospel of St. Mathew was written in Aramaic. The other Evangelists who wrote their Gospels in Greek, make use of various Aramaic names, words and phrases Kepa (Cephas), Bar-Jona, Bartholomew, Barabbas, Gabatha, Martha, etc., are Aramaic (Syriac) names. The words Abba, Raca, Gehenna, and Rabbi, are Aramaic.

The names Aram, Aramaeans and Aramaic were changed, in course of time, into Syria, Syrians and Syriac. The Greeks were responsible for such a change,

and Aramaean Christians gradually became reconciled with this change of names.[1]

"The Peshitha version of the Bible was made about the first or second century."[2]

"The most important of all the Syriac versions of the scriptures is the Peshitha, 'The simple or the plain' Version-Evidence points to the conclusion that it was made in the 2nd century-On the whole the books of the Old and New Testaments are rendered with GREAT EXACTNESS.[3]

അങ്ങനെ സാർവത്രിക സുറിയാനി ഓർത്തഡോക്സ് സഭയുടെ
പരമാദ്ധ്യക്ഷനായ അന്ത്യോക്യായുടെയും കിഴക്കൊക്കെയുടേയും പ. മോറാൻ
മോർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ
തിരുമനസ്സിലെ ശ്രേഷ്ഠാനുമതിയോടു കൂടി (1978 ജൂൺ 9-ാം തീയതി)
അച്ചടിപ്പിച്ച സുറിയാനി വേദഗ്രന്ഥത്തിൽനിന്നും, ദൈവത്തിൽ
ആശ്രയിച്ചുകൊണ്ട്, വിവർത്തനം ആരംഭിക്കുവാനിടയായി.

അങ്ങനെയിരിക്കെ, റവ.ഫാ.കുര്യാക്കോസ് മൂലയിൽ, ഷവ. കെ.റ്റി. അലക്സാണ്ടർ കണിയാന്ത്ര, മി. കെ.ജെ.ഏബ്രഹാം കോടിയാട്ട് എന്നിവരും ഞാനും ഇവിടെ ഒരുമിച്ചുകൂടിയ ഒരു സന്ദർഭത്തിൽ, വി.ഗ്രന്ഥ വിവർത്തനം കഴിയുംവേഗം പൂർത്തിയാക്കി പ്രസിദ്ധീകരിക്കണമെന്നു തീരുമാനമെടുത്തു. പ്രസ്തുത കാര്യസാദ്ധ്യത്തിന്നായി 'ദി സിറിയൻ ഓർത്തഡോക്സ് ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യാ' എന്ന അഭിധാനത്തിൽ കുറിയാക്കോസ് മോർ കുറിലോസ്, മോർ ബെന്യാമീൻ ഒസ്താത്യോസ് എന്നീ മെത്രാപ്പോലീത്താമാരുടെ നേതൃത്വത്തിൽ ഒരു റജിസ്റ്റേർഡ് സംഘടന രൂപീകരിക്കുവാനും, അഭിവന്ദ്യ പിതാക്കന്മാരുടെ അനുഗ്രഹത്തോടുകൂടി, അനേകായിരങ്ങളുടെ ആത്മാർത്ഥമായ സഹായ സഹകരണത്തോടുകൂടി ഇപ്പോൾ വി.ഗ്രന്ഥം ദൈവകൃപയാൽ പ്രസിദ്ധീകൃതമാകുവാനും ഇടയായതിൽ ഹൃദയപൂർവം ദൈവത്തെ സ്തുതിക്കുന്നു.

വി. വേദപുസ്തകത്തിന് സുറിയാനിയിൽ 'ക്തോബോകാദീശോ' എന്നാണ് പറയുന്നത്. അതാണ് 'വിശുദ്ധ ഗ്രന്ഥം' എന്ന് നാമകരണം ചെയ്യുവാൻ കാരണം.

രണ്ടാം നൂറ്റാണ്ടിൽ പ്ശീത്താ സുറിയാനി വിവർത്തനമുണ്ടായശേഷം സമ്പൂർണ്ണ ബൈബിളിന്റെ മലയാള വിവർത്തനം ഈ 20-ാം നൂറ്റാണ്ടിൽ നിർവഹിക്കുക, എന്ന "വലിയ വേല" ഈ എളിയവനെക്കൊണ്ട് പൂർത്തീകരിച്ച ദൈവത്തിന്നു മഹത്ത്വം. ഈ 'വലിയ വേല'യ്ക്കു കഴിവ് ഈ ചെറിയവനുണ്ടോ എന്ന ഭയം സ്വാഭാവികമായും എനിക്കുണ്ടായി. എന്നാൽ, എന്റെ ജീവിതത്തിലെ പ്രധാന ആശ്രയവാക്യങ്ങൾ എനിക്കു ധൈര്യം പകർന്നു.

1. "ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല."
2. "എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും സാദ്ധ്യമല്ല."
3. "ഭയപ്പെടരുത് ഞാൻ നിന്നോടുകൂടെയുണ്ട്."
4. "ഈ കഴുതയെ കർത്താവിന് ആവശ്യമുണ്ട്."
5. "എന്നെ ശക്തിപ്പെടുത്തുന്നവൻ മൂലം ഞാൻ സകലത്തിനും പ്രാപ്തനാണ്."

എന്റെ വൈദിക വിദ്യാഭ്യാസം സുറിയാനിഭാഷാ സാമ്രാട്ടായിരുന്ന ബ.ഔഗേൻ റമ്പാച്ചന്റെ (പിന്നീട് മോർ ബസ്സേലിയോസ് ഔഗേൻ കാതോലിക്കാബാവാ) പാദാ

1. Quoted from Syro-Chaldaic grammar by Fr. Gabriel.
2. ibid. 3. Helps to the study of the Bible (OXFORD) p.7

ന്തികത്തിൽ 13-ാം വയസ്സിൽ 6 മാസം മാത്രമായിരുന്നു. അഭിവന്ദ്യനായ ഗുരുഭൂതൻെറ ആത്മാർത്ഥമായ അനുഗ്രഹം, "ഗുരുത്വം", മൂലം എൻെറ 15 -ാം വയസ്സിൽ ആരംഭിച്ച സുറിയാനി ഭാഷാ വിവർത്തനം ഈ 81 -ാം വയസ്സിലും അഭംഗുരം നിലനിൽക്കുന്നതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ശിഷ്യസഹജമായ ഭക്തിയോടെ ഗുരുപാദങ്ങൾ അനുസ്മരിക്കുന്നു.

വി. ഗ്രന്ഥത്തെ സംബന്ധിച്ചിടത്തോളം എബ്രായ, ഗ്രീക്ക്, ലാറ്റിൻ, ആദ്യകാല ഇംഗ്ലീഷ് പരിഭാഷകൾ എന്നിവയ്ക്കും പ്രത്യേക സ്ഥാനമുണ്ട്. പ്ശീത്ത, സുറിയാനി വേദപുസ്തകം മാത്രം ആധാരമാക്കിയുള്ളതാണ് ഈ വിവർത്തനം. മറ്റു ഭാഷാ വിവർത്തനങ്ങളിൽ നിന്നും പ്രകടമായ പല വ്യത്യാസങ്ങളും കാണപ്പെടും. ഈ വിവർത്തനം നൂറു ശതമാനം സത്യസന്ധമായിട്ടാണ് ഞാൻ ചെയ്തിട്ടുള്ളത് എന്നു സർവജ്ഞനായ ദൈവം അറിയുന്നു, പുതിയനിയമത്തിലെ പല വ്യത്യാസങ്ങളും എടുത്തു കാണിച്ചിട്ടുണ്ട്. പഴയ നിയമത്തിലെയും "അപ്പോക്രിഫാ"യിലെയും വ്യത്യാസങ്ങൾ വളരെയാകയാൽ, പ്രത്യേകം ഉദ്ധരിച്ചിട്ടില്ല. വേദപുസ്തക പാഠിതാക്കൾക്ക് ഈ വിവർത്തനം വച്ചുകൊണ്ട് അവ പരിശോധിക്കാവുന്നതാണല്ലോ.

പഴയ നിയമ മലയാള പരിഭാഷയിൽ 'യഹോവ' എന്ന സംജ്ഞ സർവത്ര കാണാം. ആ ഭാഗങ്ങളെല്ലാം ഇംഗ്ലീഷിൽ, The Lord God എന്നും സുറിയാനിയിൽ മൊർയോ ആലോഹോ' എന്നുമാണ്. ഈ വിവർത്തനത്തിലും "ദൈവമായ കർത്താവ്" എന്ന് ഉപയോഗിച്ചിരിക്കുകയാണ്. മറ്റൊന്ന്, "സൈന്യങ്ങളുടെ യഹോവ" (The Lord of Hosts) എന്നതു സുറിയാനിയിൽ "മൊർയോ ഹൈൽസോനോ" എന്നാണ്. അതായത് "ബലവാനായ" കർത്താവ്.

അത്യധികമായ പ്രചോദനവും അനുഗ്രഹവും ഈ നിസ്സാരനു നൽകിക്കൊണ്ടുള്ള സാർവത്രിക സുറിയാനി സഭയുടെ പരമാധികാരിയായ, പ. മോറാൻ മോർ ഇഗ്നാത്യോസ് സാഖാ പ്രഥമൻ പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ ശ്ലൈഹികമായ ശ്രേഷ്ഠാനുമതി കല്പന വഴിയായി എന്നെ അനുഗ്രഹിച്ച പ. പിതാവിൻെറ തൃപ്പാദങ്ങളിൽ പരിപൂർണ്ണ ഭക്തിയും വിധേയത്വവും സമർപ്പിച്ചുകൊള്ളുന്നു.

ഈ വി. ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണാനുമതിക്കായി പ. പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ സന്നിധിയിൽ കരുണാപൂർവം ശുപാർശ ചെയ്ത ശ്രേഷ്ഠ മോർ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയോടും മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗങ്ങളായ അഭിവന്ദ്യരായ എല്ലാ മെത്രാപ്പോലീത്താ തിരുമേനിമാരോടുമുള്ള പുത്രസഹജമായ ഭക്തിയും വിധേയത്വവും സമർപ്പിച്ചു കൊള്ളുന്നു.

അച്ചടിക്കായി ലക്ഷങ്ങൾ ചെലവഴിക്കേണ്ടിവന്ന ഈ ഉദ്യമത്തിൽ സാമ്പത്തികമായി അല്പംപോലും വിഷമിക്കാനിടയാകാത്ത വിധത്തിൽ ഔദാര്യമായി ദാനം ചെയ്ത സഹോദരർക്കു ദൈവം അത്യധികമായ പ്രതിഫലം നൽകുവാൻ പ്രാർത്ഥിക്കുന്നു. അവരോടുള്ള വർണ്ണനാതീതമായ നന്ദി രേഖപ്പെടുത്തുന്നു.

ഗ്രന്ഥനിർമ്മാണ വിഷയത്തിൽ സവിശേഷമായ ഉപദേശങ്ങൾ സദയം നൽകിയ റവ. ഡോ. ആദായി ജേക്കബ് (വൈദികസെമിനാരി പ്രിൻസിപ്പൽ) വൈദിക സെമിനാരി മൽപാൻ റവ. ഫാ. ആർ.വി. മർക്കോസ്, ഡോ. ബാബു പോൾ (ബാർ ഈത്തോംബ്റിറോ) എന്നിവരോടും 3,000 ത്തോളം പുറങ്ങളുടെ പുനർലേഖനം, പ്രൂഫ് പരിശോധന മുതലായ കാര്യങ്ങളിൽ ആത്മാർത്ഥമായി സഹകരിച്ച് എനിക്കു സഹായം ചെയ്തുതന്ന വെ. റവ. മാത്യൂസ് കോർ എപ്പിസ്ക്കോപ്പാ

പുളിക്കാവിൽ, റവ. ഫാ. ജോസ് പയറ്റേൽ, ശ്രീമതിമാരായ ഷൈനാ കുര്യൻ, ശ്ലോമ്മാ ചെറിയാൻ, അനു ഏബ്രഹാം എന്നിവരെ നന്ദിപൂർവം സ്മരിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുകൊള്ളുന്നു.

വിവിധ ജോലിത്തിരക്കുകൾക്കിടയിൽ രാപകൽ ബൈബിൾസൊസൈറ്റിയുടെയും ബൈബിൾ പ്രസിദ്ധീകരണത്തിൻേറയും സർവകാര്യങ്ങളും നിസ്വാർത്ഥമായും ആത്മാർത്ഥമായും നിർവഹിച്ചുവരുന്ന പ്രിയപ്പെട്ട മി. കെ.ജെ. ഏബ്രഹാമിനെ നന്ദിപൂർവ്വം സ്മരിക്കുന്നു.

യാതൊരു പ്രതിഫലവും സ്വീകരിക്കാതെ, ഈ ബൈബിൾ സൊസൈറ്റി സംബന്ധമായ സർവകാര്യങ്ങളും പ്രാർത്ഥനാപൂർവം ചെയ്യുകൊണ്ടിരിക്കുന്ന ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി എക്കാലവും സ്മരണീയരായിരിക്കും.

വൃദ്ധതയുടെ പാരമ്യത്തിലും യുവസഹജമായ ചൈതന്യത്തോടുകൂടെ പ്രതിദിനം ഏഴു മണിക്കൂർ ജോലി ചെയ്യത്തക്ക ആരോഗ്യവും തിരുവചനങ്ങളുടെ അർത്ഥം സത്യമായി ഗ്രഹിക്കത്തക്ക ആത്മനിറവും നൽകി എന്നെ അനുഗ്രഹിച്ച സർവശക്തനായ ദൈവത്തിൻെറ തിരുസന്നിധിയിൽ, ലൗകികമായ യാതൊരു പ്രതിഫലവും പറ്റാതെ, ദൈവനാമ മഹത്ത്വത്തിന്നായി ഈ വിശുദ്ധ ഗ്രന്ഥം സമർപ്പിച്ചുകൊള്ളട്ടെ.

സെൻറ്ജോർജ് സിംഹാസനപള്ളി
തിരുവല്ലാ
2-8-1994

കണിയാമ്പറമ്പിൽ അച്ചൻ

ഉള്ളടക്കം

പഴയനിയമ പുസ്തകങ്ങൾ

ആദ്യപുസ്തകം	1	എസ്രാ	684
പുറപ്പാട് പുസ്തകം	62	നെഹമിയാ	696
ലേവ്യാപുസ്തകം	111	ഏശായാ	713
സംഖ്യാപുസ്തകം	146	ഹോശയാ	771
ആവർത്തന പുസ്തകം	195	യോവേൽ	780
ഇയ്യോബ്	237	ആമോസ്	784
യോശുവാ	266	ഒബദിയാ	791
ന്യായാധിപന്മാർ	295	യോനാ	793
1 ശമുവേൽ	325	മീഖാ	796
2 ശമുവേൽ	364	നാഹും	802
1 രാജാക്കന്മാർ	397	ഹബ്ക്കുക്ക്	805
2 രാജാക്കന്മാർ	435	സെഫനിയാ	808
1 ദിനവൃത്താന്തം	471	ഹാഗായി	811
2 ദിനവൃത്താന്തം	505	സ്കറിയാ	813
സങ്കീർത്തനങ്ങൾ	546	മലാഖി	824
സദൃശവാക്യങ്ങൾ	629	ഏറമിയാ	828
സഭാപ്രസംഗി	656	വിലാപങ്ങൾ	894
രൂത്ത്	665	ഹസ്കിയേൽ	900
ഉത്തമഗീതങ്ങൾ	670	ദാനിയേൽ	959
എസ്ഥേർ	675		

ഇതര കാനോനിക ഗ്രന്ഥങ്ങൾ*

തൂബീദ് (തോബിയാസ്)	5	ബറൂക്കിൻെറ 1-ാം ലേഖനം	109
യഹൂദിത്ത് (യൂദിത്ത്)	18	ബറൂക്കിൻെറ 2-ാം ലേഖനം	113
എസ്ഥേർ	37	ദാനിയേൽ (ശൂശാൻ)	120
മഹാജ്ഞാനം	42	1 മക്കാബ്യർ	126
യേശുബാർ ആസീറെ	61	2 മക്കാബ്യർ	164
ഏറമിയായുടെ ലേഖനം	105		

*ഉത്തര കാനോനിക ഗ്രന്ഥങ്ങൾ എന്നും 'അപ്പ്രോക്രീഫാ' എന്നും കത്തോലിക്കാ പ്രോട്ടസ്റ്റൻറ് പാരമ്പര്യങ്ങളിൽ യഥാക്രമം അറിയപ്പെടുന്നു.

പുതിയനിയമത്തിലെ പുസ്തകങ്ങൾ

വി. മത്തായി എഴുതിയ സുവിശേഷം	1
വി. മർക്കോസ് എഴുതിയ സുവിശേഷം	51
വി. ലൂക്കോസ് എഴുതിയ സുവിശേഷം	82
വി. യോഹന്നാൻ എഴുതിയ സുവിശേഷം	134
പ്രക്സീസ്	176
വി. പൗലൂസ് റോമർക്ക് എഴുതിയ ലേഖനം	228
വി. പൗലൂസ് കോരിന്ത്യർക്ക് എഴുതിയ 1-ാം ലേഖനം	250
വി. പൗലൂസ് കോരിന്ത്യർക്ക് എഴുതിയ 2-ാം ലേഖനം	271
വി. പൗലൂസ് ഗലാത്യർക്ക് എഴുതിയ ലേഖനം	284
വി. പൗലൂസ് എഫേസ്യർക്ക് എഴുതിയ ലേഖനം	292
വി. പൗലൂസ് ഫിലിപ്യർക്ക് എഴുതിയ ലേഖനം	300
വി. പൗലൂസ് കൊലോസ്യർക്ക് എഴുതിയ ലേഖനം	306
വി. പൗലൂസ് തെസ്സലനോക്യർക്ക് എഴുതിയ 1-ാം ലേഖനം	312
വി. പൗലൂസ് തെസ്സലനോക്യർക്ക് എഴുതിയ 2-ാം ലേഖനം	317
വി. പൗലൂസ് തീമോത്തെയോസിന് എഴുതിയ 1-ാം ലേഖനം	320
വി. പൗലൂസ് തീമോത്തെയോസിന് എഴുതിയ 2-ാം ലേഖനം	328
വി. പൗലൂസ് തീത്തോസിന് എഴുതിയ ലേഖനം	332
വി. പൗലൂസ് ഫിലമോന് എഴുതിയ ലേഖനം	336
എബ്രായർക്കുള്ള ലേഖനം	339
വി. യാക്കോബ് ശ്ലീഹാ എഴുതിയ ലേഖനം	354
വി. പത്രോസ് ശ്ലീഹാ എഴുതിയ 1-ാം ലേഖനം	361
വി. പത്രോസ് ശ്ലീഹാ എഴുതിയ 2-ാം ലേഖനം	369
വി. യോഹന്നാൻ ശ്ലീഹാ എഴുതിയ 1-ാം ലേഖനം	373
വി. യോഹന്നാൻ ശ്ലീഹാ എഴുതിയ 2-ാം ലേഖനം	379
വി. യോഹന്നാൻ ശ്ലീഹാ എഴുതിയ 3-ാം ലേഖനം	380
വി. യഹൂദാ ശ്ലീഹാ എഴുതിയ ലേഖനം	381
വി. യോഹന്നാനുണ്ടായ വെളിപ്പാട്	384

പഴയ നിയമം

ആദ്യപുസ്തകം

അദ്ധ്യായം 1

1 ആദിയിൽ ദൈവം ആകാശവും ഭൂമിയും
സൃഷ്ടിച്ചു. ഭൂമി ശൂന്യവും രൂപരഹിതവു
2 മായിരുന്നു. ആഴത്തിൻെറ മുഖങ്ങളിൽ
ഇരുൾ ആയിരുന്നു. ദൈവത്തിൻെറ റൂഹാ
(ആത്മാവ്) വെള്ളങ്ങളുടെമേൽ പൊരുന്നി
3 ആവസിച്ചുകൊണ്ടിരുന്നു. പ്രകാശം ഉണ്ടാ
കട്ടെ എന്നു ദൈവം പറഞ്ഞു. പ്രകാശം
4 ഉണ്ടായി. പ്രകാശം നല്ലത് എന്നു ദൈവം
കണ്ടു. ദൈവം പ്രകാശവും ഇരുളും തമ്മിൽ
5 വേർതിരിച്ചു. ദൈവം പ്രകാശത്തെ പകൽ
എന്നും ഇരുളിനെ രാത്രി എന്നും വിളിച്ചു.
സന്ധ്യയായി; പ്രഭാതമായി; ഒരു ദിവസം.
6 വെള്ളങ്ങളുടെ മദ്ധ്യേ ഒരു വിതാനം
ഉണ്ടാകട്ടെ; അതു വെള്ളങ്ങളെ തമ്മിൽ
വേർതിരിക്കട്ടെ, എന്നു ദൈവം പറഞ്ഞു.
7 ദൈവം വിതാനം ഉണ്ടാക്കി, വിതാനത്തിനു
താഴെയുള്ള വെള്ളങ്ങളെയും വിതാനത്തി
നു മീതെയുള്ള വെള്ളങ്ങളെയും തമ്മിൽ
8 വേർതിരിച്ചു; അങ്ങനെ സംഭവിച്ചു. ദൈവം
വിതാനത്തെ ആകാശം എന്നു വിളിച്ചു,
സന്ധ്യയായി; പ്രഭാതമായി; രണ്ടാം ദിവസം.
9 ആകാശത്തിനു കീഴെയുള്ള വെള്ളങ്ങ
ളെല്ലാം ഒരു സ്ഥലത്തു കൂടട്ടെ; കര
കാണപ്പെടട്ടെ, എന്നു ദൈവം കല്പിച്ചു;
10 അപ്രകാരം സംഭവിച്ചു. കരയെ ദൈവം ഭൂമി
യെന്നും ജലശേഖരത്തെ കടലുകൾ എന്നും
11 വിളിച്ചു. നല്ലത് എന്നു ദൈവം കണ്ടു. ഭൂമി
സസ്യങ്ങളെ പുറപ്പെടുവിക്കട്ടെ; അതതു
തരം വിത്തുള്ള ചെടികളും വിത്തുള്ള ഫല
വൃക്ഷങ്ങളും ഭൂമിയിൽ മുളയ്ക്കട്ടെ എന്നു
ദൈവം പറഞ്ഞു. അങ്ങനെ സംഭവിച്ചു.
12 നല്ലത് എന്നു ദൈവം കണ്ടു. സന്ധ്യയായി;
പ്രഭാതമായി. മൂന്നാം ദിവസം.
13 പകലും രാത്രിയും തമ്മിൽ വേർതിരി
ക്കുന്നതിന് വാനവിരിവിൽ ജ്യോതിസ്സുകൾ
14 ഉണ്ടാകട്ടെ; അവ അടയാളങ്ങൾക്കും കാല
ങ്ങൾക്കും ദിവസങ്ങൾക്കും സംവത്സര
15 ങ്ങൾക്കും ആയിരിക്കട്ടെ; ഭൂമിയെ പ്രകാശി
പ്പിക്കുവാൻ അവ വാനവിരിവിൽ പ്രകാശ
ങ്ങൾ ആയിരിക്കട്ടെ എന്നു ദൈവം പറഞ്ഞു.
അങ്ങനെ ഉണ്ടായി. പകൽ വാഴുവാൻ ഒരു 16
വലിയ പ്രകാശഗോളവും രാത്രി വാഴുവാൻ
ഒരു ചെറിയ പ്രകാശഗോളവുമായി രണ്ടു
വലിയ പ്രകാശഗോളങ്ങളെയും, നക്ഷത്ര
ങ്ങളെയും ദൈവം ഉണ്ടാക്കി. ഭൂമിയെ 17
പ്രകാശിപ്പിക്കുവാനും പകലും രാത്രിയും
വാഴുവാനും പ്രകാശത്തെയും അന്ധകാര
ത്തെയും തമ്മിൽ വേർപിരിക്കുവാനുമായി
ദൈവം അവയെ ആകാശ വിരിവിൽ നൽകി.
നല്ലത് എന്നു ദൈവം കണ്ടു. സന്ധ്യയായി; 18
പ്രഭാതമായി. നാലാം ദിവസം.
വെള്ളങ്ങൾ; ഇഴയുന്ന ജന്തുക്കളെ 19
ഉൽപാദിപ്പിക്കട്ടെ; ഭൂമിക്കു മീതെ വാനവിരി 20
വിൽ പക്ഷികൾ പറക്കട്ടെ; എന്നു ദൈവം
പറഞ്ഞു. വലിപ്പമേറിയ തിമിംഗലങ്ങളെ 21
യും വെള്ളത്തിൽ ചരിക്കുന്ന അതതു തരം
ജലജീവികളെയും ഇഴജന്തുക്കളെയും
അതതുതരം പറവകളെയും ദൈവം സൃഷ്ടി
ച്ചു. നല്ലത് എന്നു ദൈവം കണ്ടു. ദൈവം 22
അവയെ അനുഗ്രഹിച്ച്, നിങ്ങൾ വർദ്ധിച്ചു
പെരുകി സമുദ്രങ്ങളിലെ വെള്ളത്തിൽ
നിറയുവിൻ; പറവകൾ ഭൂമിയിൽ പെരുകട്ടെ
എന്നു പറഞ്ഞു. സന്ധ്യയായി, പ്രഭാതമായി; 23
അഞ്ചാം ദിവസം.
അതാത് ഇനം കന്നുകാലികൾ, ഇഴ 24
ജന്തുക്കൾ, ഭൂമിയിലെ മൃഗങ്ങൾ എന്നീ
ജീവികളെ ഭൂമി ഉൽപാദിപ്പിക്കട്ടെ എന്നു
ദൈവം പറഞ്ഞു. അങ്ങനെ സംഭവിച്ചു. 25
ഭൂമിയിലെ അതതു തരം കന്നുകാലിക
ളെയും അതതുതരം ഇഴജന്തുക്കളെയും
ഭൂമിയിലെ മൃഗങ്ങളെയും ദൈവം ഉണ്ടാക്കി.
നല്ലത് എന്നു ദൈവം കണ്ടു. നമ്മുടെ 26
സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം
നമുക്കു മനുഷ്യനെ ഉണ്ടാക്കാം; സമുദ്ര
ത്തിലെ മത്സ്യങ്ങളുടെ മേലും ആകാശ
ത്തിലെ പക്ഷികളുടെ മേലും എല്ലാ കന്നു
കാലികളിന്മേലും ഭൂമിയിലെ സകല
മൃഗങ്ങളിന്മേലും ഭൂമിമേൽ ചരിക്കുന്ന

2. റൂഹാ - Spirit

സകല ഇഴജന്തുക്കളിന്മേലും അവർ അധി
കാരിയായിരിക്കട്ടെ, എന്നു ദൈവം പറ
27 ഞ്ഞു. ദൈവം തൻെറ സ്വരൂപത്തിൽ ആദാ
മിനെ സൃഷ്ടിച്ചു. ദൈവത്തിൻെറ സ്വരൂപ
ത്തിൽ അവനെ സൃഷ്ടിച്ചു; ആണും
28 പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം
അവരെ അനുഗ്രഹിച്ചു. നിങ്ങൾ വർദ്ധിച്ചു
പെരുകി ഭൂമി നിറഞ്ഞ് അതിനെ കീഴ്പ്പെടു
ത്തുവിൻ; സമുദ്രത്തിലെ മത്സ്യങ്ങളുടെ
മേലും ആകാശത്തിലെ പറവകളിന്മേലും
എല്ലാ കന്നുകാലികളിന്മേലും ഭൂമിയിലെ
എല്ലാ മൃഗങ്ങളിന്മേലും ഇഴജന്തുക്കളി
ന്മേലും വാഴുവിൻ എന്നു ദൈവം പറഞ്ഞു.
29 ഇതാ, ഭൂമിയിലെ വിത്തുണ്ടാകുന്ന സകല
സസ്യങ്ങളും വിത്തുള്ള ഫലം കായ്ക്കുന്ന
സകല വൃക്ഷങ്ങളും ഞാൻ നിങ്ങൾക്ക്
തന്നിരിക്കുന്നു. അവ നിങ്ങൾക്കു ഭക്ഷണ
30 മായിരിക്കും. എല്ലാ വന്യമൃഗങ്ങൾക്കും
ആകാശത്തിലെ എല്ലാ പറവകൾക്കും,
ഭൂതലത്തിൽ ചരിക്കുന്ന എല്ലാ ഇഴജന്തു
ക്കൾക്കും ജീവശ്വാസമുള്ള സകലത്തിനും
ആഹാരമായി പച്ചസസ്യം ഒക്കെയും ഞാൻ
കൊടുത്തിരിക്കുന്നു എന്നു ദൈവം പറ
31 ഞ്ഞു. അങ്ങനെ സംഭവിച്ചു. ഇതാ, താൻ
ഉണ്ടാക്കിയത് എല്ലാം വളരെ നല്ലത് എന്നു
ദൈവം കണ്ടു. സന്ധ്യയായി; പ്രഭാതമായി;
ആറാം ദിവസം.

അദ്ധ്യായം 2

1 ആകാശവും ഭൂമിയും അതിലെ സകല
2 സൈന്യവും പൂർത്തിയായി. ആറാം ദിവസം
താൻ ചെയ്ത പ്രവൃത്തികളൊക്കെയും ദൈവം
തികച്ചു; ഏഴാം ദിവസം തൻെറ സകല
പ്രവൃത്തികളിൽനിന്നും സ്വസ്ഥനായി
രുന്നു. ഏഴാം ദിവസത്തെ ദൈവം അനുഗ്ര
3 ഹിച്ചു വിശുദ്ധീകരിച്ചു. എന്തെന്നാൽ അന്ന്
തൻെറ സൃഷ്ടിപ്പിൻ പ്രവൃത്തിയിൽനിന്നു
ദൈവം വിശ്രമിച്ചു.

4 ദൈവമായ കർത്താവ് ആകാശവും
ഭൂമിയും വയലിലെ വൃക്ഷങ്ങളും സൃഷ്ടി
ച്ചുണ്ടാക്കിയപ്പോഴുള്ള സൃഷ്ടിവിവരം
5 ഇവയാണ്: അന്നുവരെയും അവയൊന്നും
ഭൂമിയിൽ ഉണ്ടായിരുന്നില്ല; വയലിലെ
സസ്യങ്ങൾ ഒന്നും മുളച്ചിരുന്നില്ല; ദൈവ
മായ കർത്താവു ഭൂമിമേൽ മഴ പെയ്യിച്ചിരു
ന്നില്ല. ഭൂമിയിൽ വേല ചെയ്യുവാൻ ആദാമും
ഉണ്ടായിരുന്നില്ല.

6 ഭൂമിയിൽനിന്ന് ഒരു ഉറവ പൊങ്ങി
ഭൂതലത്തെയൊക്കെയും നനച്ചിരുന്നു.
ഓദോംതോയിൽനിന്നുള്ള പൊടിമണ്ണി 7
നാൽ ദൈവമായ കർത്താവ് ആദാമിനെ
മെനഞ്ഞ് അവൻെറ മുഖത്തു ജീവശ്വാസം
ഊതി. അവൻ ജീവനുള്ള ദേഹിയായി
ത്തീർന്നു.

ദൈവമായ കർത്താവു മുൻകൂട്ടി കിഴക്ക് 8
ഏദനിൽ ഒരു തോട്ടം നട്ടുണ്ടാക്കി. താൻ
മെനഞ്ഞ ആദാമിനെ അവിടെ ആക്കി. കാഴ്ച 9
യ്ക്കു മോഹനീയവും ഫലം തിന്മാൻ നല്ല
തുമായ സകലവിധ വൃക്ഷങ്ങളും, തോട്ട
ത്തിൻെറ മദ്ധ്യത്തിൽ ജീവൻെറ വൃക്ഷവും,
നന്മതിന്മകളുടെ അറിവിൻ വൃക്ഷവും
ദൈവമായ കർത്താവ് ഭൂമിയിൽനിന്ന്
മുളപ്പിച്ചു. തോട്ടം നനയ്ക്കുന്നതിന് ഏദ 10
നിൽനിന്ന് ഒരു നദി പുറപ്പെട്ട് അവിടെ നിന്ന്
നാലു ശാഖകളായി പിരിയുന്നു. ഒന്നാമ 11
ത്തേതിനു പീശോൻ എന്നു പേർ. അതു
ഹവീലാ ദേശമൊക്കെയും ചുററുന്നു; 12
അവിടെ പൊന്നുണ്ട്; ആ ദേശത്തെ പൊന്നു
വിശിഷ്ടമാണ്. അവിടെ ഗുൽഗുലുവും
ഗോമേദകക്കല്ലും ഉണ്ട്. രണ്ടാമത്തെ നദിക്ക് 13
ഗീഹോൻ എന്നു പേർ; അതു എത്യോപ്യാ
ദേശമൊക്കെയും ചുററുന്നു. മൂന്നാമത്തെ 14
നദിക്ക് ദെക്കിലാസ് എന്നു പേര്; അത്
അസിറിയായ്ക്കു (യൂഫ്രട്ടീസ്) എതിരെ
പോകുന്നു. നാലാമത്തെ നദി ഫ്രാത്ത്.

ദൈവമായ കർത്താവ് ആദാമിനെ 15
കൂട്ടിക്കൊണ്ടുപോയി, തോട്ടത്തിൽ വേല
ചെയ്യുവാനും അതിനെ സൂക്ഷിക്കുവാനു
മായി തോട്ടത്തിൽ ആക്കി. ദൈവമായ 16
കർത്താവ് ആദാമിനോടു കല്പിച്ച് അരുളി
ച്ചെയ്തതെന്തെന്നാൽ: തോട്ടത്തിലെ എല്ലാ
വൃക്ഷങ്ങളിൽനിന്നും നീ ഭക്ഷിച്ചുകൊ
ള്ളുക; നന്മതിന്മകളുടെ അറിവിൻവൃക്ഷ 17
ത്തിൽനിന്നും നീ തിന്നരുത്. എന്തെന്നാൽ
അതിൽനിന്നു തിന്നുന്ന നാളിൽ നീ മരി
ക്കും. ആദാം ഏകനായിരിക്കുന്നതു നല്ല 18
തല്ല; അവനെപ്പോലെ ഒരു സഹായിയെ
അവനായി ഞാൻ ഉണ്ടാക്കും, എന്നു ദൈവ
മായ കർത്താവു പറഞ്ഞു. എല്ലാ കാട്ടുമൃഗ 19
ങ്ങളെയും ആകാശത്തിലെ എല്ലാ പറവക
ളെയും ഭൂമിയിൽനിന്നു സൃഷ്ടിച്ചിട്ട് ആദാം
അവയെ എന്തു വിളിക്കുമെന്നു കാണുവാൻ
ദൈവമായ കർത്താവ് അവയെ ആദാമി
ൻെറ അടുക്കൽ കൊണ്ടുവന്നു. ആദാം
അവയെ എന്തു വിളിച്ചുവോ അതുതന്നെ
സകല ജീവികൾക്കും പേരായി.

എല്ലാ കന്നുകാലികൾക്കും ആകാശ 20
ത്തിലെ എല്ലാ പറവകൾക്കും എല്ലാ വന്യ

മൃഗങ്ങൾക്കും ആദാം പേരിട്ടു. എങ്കിലും
ആദാമിനു തന്നെപ്പോലെയുള്ള ഒരു
21 സഹായിയെ കണ്ടെത്തിയില്ല. ദൈവമായ
കർത്താവ് ആദാമിന് ഒരു നിദ്ര വരുത്തി;
അവൻ ഉറങ്ങി; ദൈവം അവന്റെ വാരിയെ
22 ല്ലുകളിൽ ഒന്നെടുത്ത് അതിനു പകരം
മാംസം പിടിപ്പിച്ചു. ആദാമിൽനിന്ന് എടുത്ത
വാരിയെല്ല് ദൈവമായ കർത്താവ് ഒരു
സ്ത്രീയായി രൂപപ്പെടുത്തി ആദാമിന്റെ
23 അടുക്കൽ കൊണ്ടുവന്നു. ആദാം പറഞ്ഞു:
ഇപ്പോൾ ഇത് എന്റെ അസ്ഥിയിൽനിന്ന്
അസ്ഥിയും മാംസത്തിൽനിന്നു മാംസ
വുമാകുന്നു. ഇവൾ നാരി എന്നു വിളിക്ക
പ്പെടും. എന്തെന്നാൽ ഇവൾ നരനിൽനിന്ന്
24 എടുക്കപ്പെട്ടവളാകുന്നു. ഇതു നിമിത്തം
പുരുഷൻ തന്റെ അപ്പനെയും അമ്മയെയും
വിട്ട് തന്റെ ഭാര്യയുമായി പററിച്ചേരും.
25 അവർ രണ്ടും ഒരു ജഡമായിത്തീരും.
ആദാമും അവന്റെ ഭാര്യയും രണ്ടുപേരും
നഗ്നരായിരുന്നുവെങ്കിലും അവർക്കു ലജ്ജ
തോന്നിയിരുന്നില്ല.

അദ്ധ്യായം 3

1 ദൈവമായ കർത്താവ് ഉണ്ടാക്കിയ
ജീവികളിൽ പാമ്പ് തന്ത്രശാലി ആയിരുന്നു.
പാമ്പു സ്ത്രീയോട്: തോട്ടത്തിലെ സകല
വൃക്ഷങ്ങളുടെയും പഴം നിങ്ങൾ തിന്നരുതെ
ന്നു ദൈവം സത്യമായി പറഞ്ഞിട്ടുണ്ടോ
2 എന്നു ചോദിച്ചു. സ്ത്രീ പാമ്പിനോടു പറ
ഞ്ഞു: തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളു
3 ടെയും പഴം ഞങ്ങൾക്കു തിന്നാം. എന്നാൽ
തോട്ടത്തിന്റെ മദ്ധ്യത്തിലെ വൃക്ഷത്തി
ന്റെ പഴം നിങ്ങൾ തിന്നരുത്; നിങ്ങൾ മരി
ക്കാതിരിക്കേണ്ടതിന് അതിനെ സമീപിക്കു
ക പോലും അരുത് എന്നു ദൈവം പറഞ്ഞി
4 ട്ടുണ്ട്. പാമ്പു സ്ത്രീയോടു പറഞ്ഞു: നിശ്ചയ
5 മായും നിങ്ങൾ മരിക്കുകയില്ല. നിങ്ങൾ
അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു
കൾ തുറക്കപ്പെടുമെന്നും നിങ്ങൾ നന്മതിന്മ
കൾ അറിയുന്നവരായി ദൈവത്തെപ്പോലെ
6 ആകുമെന്നും ദൈവത്തിന് അറിയാം. ആ
വൃക്ഷം, അതിൽനിന്നു തിന്മാൻ നല്ലതും
കണ്ണിന് ഇമ്പമുള്ളതും എന്നു സ്ത്രീ കണ്ടു.
അവൾ അതിന്റെ പഴങ്ങളിൽ നിന്നു
എടുത്തു തിന്നുകയും അവളുടെ ഭർത്താ
വിനു കൊടുക്കുകയും അവനും ഭക്ഷിക്കു
7 കയും ചെയ്തു. രണ്ടുപേരുടെയും കണ്ണുകൾ
തുറന്നു; തങ്ങൾ നഗ്നർ എന്ന് അവർ
അറിഞ്ഞു. അവർ അത്തിയിലകൾ കൂട്ടി
ത്തുന്നി തങ്ങൾക്ക് അരയാടകൾ ഉണ്ടാക്കി.
വൈകുന്നേരം തോട്ടത്തിൽ ദൈവമായ 8
കർത്താവു നടക്കുന്ന ശബ്ദം കേട്ടിട്ട്
ആദാമും ഭാര്യയും ദൈവമുമ്പിൽ നിന്ന്
തോട്ടത്തിലെ വൃക്ഷങ്ങൾക്കിടയിൽ ഒളിച്ചു.
ദൈവമായ കർത്താവ് ആദാമിനെ വിളിച്ച് 9
ആദാമേ നീ എവിടെ എന്നു ചോദിച്ചു.
തോട്ടത്തിൽ നിന്റെ ശബ്ദം കേട്ടപ്പോൾ 10
ഞാൻ നഗ്നനെന്നു കണ്ടിട്ട് ഒളിച്ചിരിക്കുന്നു
എന്ന് അവൻ പറഞ്ഞു. നീ നഗ്നനെന്ന് 11
ആരു പറഞ്ഞുതന്നു? തിന്നരുതെന്നു ഞാൻ
നിന്നോടു കല്പിച്ച വൃക്ഷത്തിൽ നിന്നു നീ
തിന്നുവോ? എന്നു ദൈവം ചോദിച്ചു.
എന്നോടു കൂടെ ആയിരിപ്പാൻ നീ തന്ന 12
സ്ത്രീ ആ വൃക്ഷത്തിൽനിന്ന് എനിക്കു തന്നു;
ഞാൻ തിന്നുകയും ചെയ്തു എന്ന് ആദാം
പറഞ്ഞു. ദൈവമായ കർത്താവു സ്ത്രീയോടു: 13
നീ ഈ ചെയ്തത് എന്ത്? എന്നു ചോദിച്ചു.
പാമ്പ് എന്നെ വഞ്ചിച്ചു; ഞാൻ തിന്നുപോയി
എന്നു സ്ത്രീ പറഞ്ഞു. ദൈവമായ കർത്താവു 14
പാമ്പിനോടു പറഞ്ഞത്: നീ ഇതു ചെയ്തതു
നിമിത്തം നീ സകല കന്നുകാലികളിലും
സകല വന്യമൃഗങ്ങളിലും വച്ച് ശപിക്ക
പ്പെട്ടതായിരിക്കും. നീ ഉരസ്സുകൊണ്ട് ച
രിക്കും. നിന്റെ ജീവിതകാലംമുഴുവൻ നീ
പൊടി തിന്നും. നിനക്കും സ്ത്രീക്കും മദ്ധ്യേയും 15
നിന്റെ സന്തതിക്കും അവളുടെ സന്തതി
ക്കും മദ്ധ്യേയും ശത്രുത വയ്ക്കും. അവൻ
നിന്റെ തലയിൽ ചവിട്ടും; നീ അവന്റെ
പാദത്തിൽ വ്രണപ്പെടുത്തും. സ്ത്രീയോട് 16
അവൻ പറഞ്ഞത്: ഞാൻ നിനക്കു വേദന
യും ഗർഭധാരണവും വർദ്ധമാനമാക്കും.
വേദനയോടെ നീ മക്കളെ പ്രസവിക്കും. നീ
നിന്റെ ഭർത്താവിങ്കലേക്കു തിരിയുകയും
അവൻ നിന്നെ ഭരിക്കുകയും ചെയ്യും. ആദാ 17
മിനോട് അവൻ പറഞ്ഞത്: നീ നിന്റെ ഭാര്യ
യുടെ വാക്കു കേൾക്കുകയും,. തിന്നരുതെ
ന്നു ഞാൻ നിന്നോട് അരുളിച്ചെയ്തിരുന്ന
വൃക്ഷത്തിൽനിന്നു തിന്നുകയും ചെയ്തതി
നാൽ നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെ
ട്ടിരിക്കുന്നു. നിന്റെ ജീവിതത്തിൻനാളൊ
ക്കെയും കഷ്ടതയോടെ നീ ഭക്ഷിക്കും.
മുള്ളുകളും ഞെരിഞ്ഞിലും അതു നിനക്കു 18
മുളപ്പിക്കും. വയലിലെ സസ്യങ്ങൾ നീ
തിന്നും. ഭൂമിയിൽ നിന്ന് എടുക്കപ്പെട്ട നീ 19
അതിലേക്കു തിരികെ ചേരുംവരെ മുഖ
ത്തെ വിയർപ്പോടെ അപ്പം തിന്നും. എന്തെ
ന്നാൽ നീ മണ്ണാകുന്നു. മണ്ണിലേക്കു തിരികെ
ചേരും.
ആദാം തന്റെ ഭാര്യയ്ക്ക് ഹവ്വാ എന്നു 20
പേരു വിളിച്ചു. എന്തെന്നാൽ സകലരുടെയും

21 മാതാവ് അവൾ ആകുന്നുവല്ലോ. ദൈവ
മായ കർത്താവ് ആദാമിനും അവന്റെ
ഭാര്യയ്ക്കും തോൽകൊണ്ട് ഉടുപ്പുണ്ടാക്കി
22 അവരെ ധരിപ്പിച്ചു. ഇതാ, ആദാം നന്മതിന്മ
കളെ അറിവാൻ തക്കവണ്ണം നമ്മിൽ ഒരു
വനെപ്പോലെ ആയിരിക്കുന്നു. ഇപ്പോൾ
അവൻ കൈ നീട്ടി ജീവന്റെ വൃക്ഷത്തിൽ
നിന്ന് എടുത്തു ഭക്ഷിച്ചു എന്നേക്കും ജീവി
ച്ചുവെന്നുവരാം എന്നു ദൈവമായ കർത്താ
23 വു പറഞ്ഞു. അവൻ അതിൽനിന്നും എടു
ക്കപ്പെട്ട ഭൂമിയിൽ വേല ചെയ്യുവാനായി
ദൈവമായ കർത്താവ് അവനെ ഏദന്റെ
24 തോട്ടത്തിൽനിന്ന് അയച്ചുകളഞ്ഞു. ദൈവ
മായ കർത്താവ് അവനെ പുറത്താക്കി.
ജീവവൃക്ഷത്തിങ്കലേക്കുള്ള വഴി കാക്കേ
ണ്ടതിന് ക്രൂബകളെ ജ്വലിക്കുന്നതും ചുററി
ത്തിരിയുന്നതുമായ വാളുമായി ഏദന്റെ
തോട്ടത്തിന് കിഴക്കു നിർത്തി.

അദ്ധ്യായം 4

1 ആദാം തന്റെ ഭാര്യയെ പരിഗ്രഹിച്ചു.
അവൾ ഗർഭം ധരിച്ചു കായേനെ പ്രസവിച്ചു.
ഞാൻ കർത്താവിൽനിന്നും ഒരു പുരുഷനെ
2 നേടി എന്ന് അവൾ പറഞ്ഞു. പിന്നീട്
അവൾ അവന്റെ സഹോദരൻ ഹാബേ
ലിനെ പ്രസവിച്ചു. ഹാബേൽ ആട്ടിടയൻ
ആയിത്തീർന്നു. കായേൻ ഭൂമിയിൽ പണി
ചെയ്യുന്നവനായി.
3 കാലങ്ങൾക്കുശേഷം കായേൻ ഭൂമി
യുടെ ഫലങ്ങളിൽനിന്നു കർത്താവിനു ഒരു
4 കാഴ്ച കൊണ്ടുവന്നു. ഹാബേലും ആടു
കളുടെ പുഷ്ടിയിൽനിന്ന്, കടിഞ്ഞൂലു
കളിൽ ഒന്നിനെ കൊണ്ടുവന്നു. ഹാബേ
ലിലും അവന്റെ കാഴ്ചയിലും കർത്താവു
5 പ്രസാദിച്ചു. കായേനിലും അവന്റെ കാഴ്ച
യിലും പ്രസാദിച്ചില്ല. കായേൻ വളരെ
ഈർഷ്യപ്പെടുകയും അവന്റെ മുഖം
6 ദുഃഖപൂർണ്ണമാകുകയും ചെയ്തു. കർത്താവു
കായേനോടു പറഞ്ഞു: നീ ഈർഷ്യപ്പെടു
ന്നത് എന്തിന്? നിന്റെ മുഖം ദുഃഖപൂർണ്ണ
7 മാകുന്നതും എന്തിന്? നീ നല്ലതു ചെയ്താൽ
സ്വീകരിക്കപ്പെടുന്നു. നല്ലതു ചെയ്യുന്നില്ലെ
ങ്കിലോ പാപം വാതിൽക്കൽ പതിയിരി
ക്കുന്നു. നീ അതിങ്കലേക്കു തിരിയും. അത്
നിന്റെമേൽ അധികാരപ്പെട്ടിരിക്കും.
8 കായേൻ തന്റെ സഹോദരൻ ഹാബേ
ലിനോട്: നമുക്കു വെളിമ്പ്രദേശത്തേക്കു
പോകാം എന്നു പറഞ്ഞു. അവർ വെളിമ്പ്ര
ദേശത്ത് ആയിരിക്കുമ്പോൾ കായേൻ
തന്റെ സഹോദരൻ ഹാബേലിന് എതിരെ
എഴുന്നേററ് അവനെ കൊന്നു. കർത്താവു 9
കായേനോട്: നിന്റെ സഹോദരൻ
ഹാബേൽ എവിടെ? എന്നു ചോദിച്ചു.
എനിക്ക് അറിഞ്ഞുകൂടാ. ഞാൻ എന്റെ
സഹോദരന്റെ കാവൽക്കാരൻ ആണോ?
എന്ന് അവൻ പറഞ്ഞു. കർത്താവ് അവ 10
നോട്: നീ ചെയ്തത് എന്ത്? ഭൂമിയിൽനിന്ന്
നിന്റെ സഹോദരന്റെ രക്തത്തിന്റെ
ശബ്ദം എന്നോടു നിലവിളിക്കുന്നു എന്നു
പറഞ്ഞു. ആകയാൽ നിന്റെ കയ്യിൽനിന്ന് 11
നിന്റെ സഹോദരന്റെ രക്തം വായ തുറന്നു
സ്വീകരിച്ച ദേശത്തു നിന്നു നീ ശപിക്ക
പ്പെട്ടവനായിരിക്കും. നീ ഭൂമിയിൽ പണി 12
ചെയ്യുമ്പോൾ അതിന്റെ വീര്യത്തിന്റെ
വർദ്ധനവ് തരികയില്ല. നീ ഭൂമിയിൽ
ഉഴലുന്നവനായിപോകും. കായേൻ കർത്താ
വിനോട് പറഞ്ഞു: എന്റെ ശിക്ഷ സഹിക്കാ 13
വുന്നതിൽ വലുതാകുന്നു. ഇതാ നീ ഇന്ന് 14
എന്നെ ഭൂമുഖത്തുനിന്നു പുറത്താക്കുന്നു.
ഞാൻ നിന്റെ മുമ്പിൽ നിന്ന് ഒളിച്ചു
ഭൂമിയിൽ ഉഴന്നു നടക്കും. ആരെങ്കിലും
എന്നെ കണ്ടെത്തിയാൽ എന്നെ കൊല്ലും.
കർത്താവ് അവനോടു പറഞ്ഞു: അങ്ങനെ 15
യല്ല. കായേനെ കൊല്ലുന്നവർക്ക് ഞാൻ
ഏഴിരട്ടി പകരം കൊടുക്കും. അവനെ കാണു
ന്നവർ ആരും അവനെ കൊല്ലാതിരിക്കേ
ണ്ടതിന് കർത്താവ് കായേന്റെമേൽ ഒരു 16
അടയാളം പതിച്ചു. കായേൻ കർത്താവി
ന്റെ സന്നിധിയിൽനിന്നു പുറപ്പെട്ടു പോയി,
ഏദനു കിഴക്ക് നൂദ് ദേശത്ത് പാർത്തു.
കായേൻ തന്റെ ഭാര്യയെ പരിഗ്രഹിച്ചു. 17
അവൾ ഗർഭംധരിച്ചു ഹനൂക്കിനെ പ്രസവി
ച്ചു. അവൻ ഒരു പട്ടണം പണിതു; തന്റെ
മകന്റെ പേരിൻപ്രകാരം അതിന് ഹനൂക്ക്
എന്നു പേരിട്ടു. ഹനൂക്കിനു ഈദോർ 18
ജനിച്ചു. ഈദോർ മഹവോയേലിനെ ജനി
പ്പിച്ചു. മഹവോയേൽ മതുശോയേലിനെ
ജനിപ്പിച്ചു.മതുശോയേൽ ലാമേക്കിനെ
ജനിപ്പിച്ചു. ലാമേക്ക് രണ്ടു ഭാര്യമാരെ എടു 19
ത്തു; ഒരുത്തിക്ക് ആദാ എന്നും മററവൾക്ക്
സില്ലാ എന്നും പേര്. ആദാ യോബേലിനെ 20
പ്രസവിച്ചു. അവൻ കൂടാരവാസികൾക്കും
ആടുമാടുകളുള്ളവർക്കും പിതാവായി
ത്തീർന്നു. അവന്റെ സഹോദരനു 21
യൂബേൽ എന്നു പേര്. അവൻ വീണയും
കിന്നരവും പ്രയോഗിക്കുന്നവർക്കു പിതാ
വായിത്തീർന്നു. സില്ലായും തൂബെൽ 22
കായേനെ പ്രസവിച്ചു. അവൻ താമ്രവും
ഇരുമ്പും കൊണ്ടുള്ള എല്ലാ പണികളിലും
വിദഗ്ദ്ധൻ ആയിത്തീർന്നു. തൂബെൽ

23 കായേന്റെ സഹോദരി നയമാ. ലോമേക്ക്
തന്റെ ഭാര്യമാരായ ആദയോടും സില്ലാ
യോടും പറഞ്ഞത്: ലോമേക്കിന്റെ ഭാര്യ
മാരേ, എന്റെ ശബ്ദം ശ്രവിപ്പിൻ; എന്റെ
വാക്കുകൾ ശ്രദ്ധിപ്പിൻ. എന്റെ പരുക്കു
കളെ പ്രതി ഞാൻ ഒരു പുരുഷനെയും
24 എന്റെ മുറിവുകളെപ്രതി ഒരു യുവാവി
നെയും കൊന്നു. കായേനു വേണ്ടി ഒന്നിന്
ഏഴു പകരം ചെയ്യും; ലോമേക്കിനുവേണ്ടി
എഴുപത്തേഴ്.
25 ആദാം വീണ്ടും തന്റെ ഭാര്യയായ
ഹവ്വായെ പരിഗ്രഹിച്ചു. അവൾ ഗർഭം ധരിച്ച്
ഒരു മകനെ പ്രസവിച്ചു. കായേൻ
കൊലപ്പെടുത്തിയ ഹാബേലിനു പകരം
ദൈവം എനിക്കു മറ്റൊരു സന്തതിയെ
തന്നു എന്നു പറഞ്ഞ് അവനു ശേത്ത് എന്നു
26 പേരു വിളിച്ചു. ശേത്തിന് ഒരു മകൻ ജനിച്ചു.
അവന് ഏനോശ് എന്നു പേരു വിളിച്ചു.
27 അപ്പോൾ മുതൽ കർത്താവിന്റെ നാമ
ത്തിൽ വിളിച്ചപേക്ഷിപ്പാൻ തുടങ്ങി.

അദ്ധ്യായം 5

1 ആദാമിന്റെ വംശാവലിപുസ്തകം
ഇതാകുന്നു: ദൈവം മനുഷ്യനെ സൃഷ്ടിച്ച
നാളിൽ ദൈവത്തിന്റെ സാദൃശ്യത്തിൽ
2 അവനെ ഉണ്ടാക്കി; അവൻ അവരെ ആണും
പെണ്ണുമായി സൃഷ്ടിച്ചു; അവർ സൃഷ്ടി
ക്കപ്പെട്ട നാളിൽ അവൻ അവരെ അനുഗ്ര
ഹിച്ചു, അവർക്ക് ആദാം എന്നു പേരു
വിളിച്ചു.
3 ആദാം നൂറ്റിമുപ്പതു വർഷം ജീവിച്ചിട്ട്
അവന്റെ സാദൃശ്യത്തിൽ, അവന്റെ
സ്വരൂപപ്രകാരം ഒരുവനെ ജനിപ്പിച്ച്,
അവനു ശേത്ത് എന്നു പേരു വിളിച്ചു.
4 ശേത്തിനെ ജനിപ്പിച്ചശേഷം ആദാമിന്റെ
ആയുഷ്ക്കാലം എണ്ണൂറു വർഷം ആയി
രുന്നു. അവൻ പുത്രന്മാരെയും പുത്രിമാ
5 രെയും ജനിപ്പിച്ചു. ആദാമിന്റെ ആകെ
ആയുഷ്ക്കാലം തൊള്ളായിരത്തിമുപ്പതു
വർഷമായിരുന്നു; പിന്നീട് അവൻ മരിച്ചു.
6 ശേത്ത് നൂറ്റിയഞ്ചു വർഷം ജീവിച്ചിട്ട്
7 ഏനോശിനെ ജനിപ്പിച്ചു. ഏനോശിനെ
ജനിപ്പിച്ചശേഷം ശേത്ത് എണ്ണൂറ്റി ഏഴു
വർഷം ജീവിച്ചിരുന്നു പുത്രന്മാരെയും
8 പുത്രിമാരെയും ജനിപ്പിച്ചു. ശേത്തിന്റെ
ആകെ ആയുഷ്കാലം തൊള്ളായിരത്തി
പന്ത്രണ്ടു വർഷമായിരുന്നു. പിന്നീട് അവൻ
മരിച്ചു.
9 ഏനോശ് തൊണ്ണൂറു വർഷം ജീവിച്ചിട്ട്
10 കൈനാനെ ജനിപ്പിച്ചു. കൈനാനെ ജനി
പ്പിച്ചശേഷം ഏനോശ് എണ്ണൂറ്റിപ്പതിനഞ്ചു
വർഷം ജീവിച്ചിരുന്നു പുത്രന്മാരെയും
പുത്രിമാരെയും ജനിപ്പിച്ചു. ഏനോശിന്റെ 11
ആകെ ആയുഷ്കാലം തൊള്ളായിരത്തി
യഞ്ചു വർഷം; പിന്നീട് അവൻ മരിച്ചു.
കൈനാൻ എഴുപതു വർഷം ജീവിച്ചിട്ട് 12
മഹലാലേലിനെ ജനിപ്പിച്ചു. മഹലാലേ 13
ലിനെ ജനിപ്പിച്ചശേഷം കൈനാൻ എണ്ണൂറ്റി
നാല്പതു വർഷം ജീവിച്ചിരുന്നു പുത്രന്മാ
രെയും പുത്രിമാരെയും ജനിപ്പിച്ചു. കൈനാ 14
ന്റെ ആകെ ആയുഷ്കാലം തൊള്ളായിര
ത്തിപ്പത്തു വർഷം; പിന്നീട് അവൻ മരിച്ചു.
മഹലാലേൽ അറുപത്തിയഞ്ചുവർഷം 15
ജീവിച്ചിട്ട് യാരേദിനെ ജനിപ്പിച്ചു. യാരേദി 16
നെ ജനിപ്പിച്ചശേഷം മഹലാലേൽ എണ്ണൂറ്റി
മുപ്പതുവർഷം ജീവിച്ചിരുന്നു പുത്രന്മാ
രെയും പുത്രിമാരെയും ജനിപ്പിച്ചു. മഹലാ 17
ലേലിന്റെ ആകെ ആയുഷ്കാലം
എണ്ണൂറ്റിത്തൊണ്ണൂറ്റിയഞ്ചു വർഷം;
പിന്നീട് അവൻ മരിച്ചു. യാരേദ് നൂറ്റിയറു 18
പത്തിരണ്ടു വർഷം ജീവിച്ചിട്ട് ഹനോക്കിനെ
ജനിപ്പിച്ചു. ഹനോക്കിനെ ജനിപ്പിച്ചശേഷം 19
യാരേദ് എണ്ണൂറു വർഷം ജീവിച്ചിരുന്നു
പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു. 20
യാരേദിന്റെ ആകെ ആയുഷ്കാലം
തൊള്ളായിരത്തിമുപ്പത്തിരണ്ടു വർഷം;
പിന്നീടു അവൻ മരിച്ചു. ഹനോക്ക് 21
അറുപത്തിയഞ്ചു വർഷം ജീവിച്ചിട്ട്
മതുശാലഹിനെ ജനിപ്പിച്ചു ഹനോക്ക്
ദൈവത്തെ പ്രസാദിപ്പിച്ചു. മതുശാലാ 22
ഹിനെ ജനിപ്പിച്ചശേഷം മുന്നൂറുവർഷം
ഹനോക്ക് ജീവിച്ചിരുന്നു പുത്രന്മാരെയും
പുത്രിമാരെയും ജനിപ്പിച്ചു. ഹനോക്കിന്റെ 23
ആകെ ദിനങ്ങൾ മുന്നൂറ്റിയറുപത്തിയഞ്ചു
വർഷം; ഹനോക്കു ദൈവത്തെ പ്രസാദി 24
പ്പിച്ചു. ദൈവം അവനെ എടുത്തുകൊണ്ട
തിനാൽ പിന്നെ അവൻ ഇവിടെ ഇല്ലാതായി.
മതുശാലാഹ് നൂറ്റിയെൺപത്തിയേഴു 25
വർഷം ജീവിച്ചിട്ട് ലാമേക്കിനെ ജനിപ്പിച്ചു.
ലാമേക്കിനെ ജനിപ്പിച്ചശേഷം എഴുനൂറ്റി 26
യെൺപത്തിരണ്ടു വർഷം ജീവിച്ചിരുന്നു
പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു.
മതുശാലാഹിന്റെ ആകെ ആയുഷ്കാലം 27
തൊള്ളായിരത്തി അറുപത്തിയൊൻപതു
വർഷം; പിന്നീട് അവൻ മരിച്ചു.
ലാമേക് നൂറ്റിയെൺപത്തിരണ്ടു 28
വർഷം ജീവിച്ചിട്ട് ഒരു പുത്രനെ ജനിപ്പിച്ചു.
കർത്താവു ശപിച്ച നിലത്ത് നമ്മുടെ വേല 29
യിലും നമ്മുടെ കൈകളുടെ അദ്ധ്വാന
ത്തിലും ഇവൻ നമ്മെ ആശ്വസിപ്പിക്കും

എന്നു പറഞ്ഞ് അവനു നോഹ എന്നു
30 പേരിട്ടു. നോഹയെ ജനിപ്പിച്ചശേഷം
ലാമേക് അഞ്ഞൂററിത്തൊണ്ണൂററിയഞ്ചു
വർഷം ജീവിച്ചിരുന്നു പുത്രന്മാരെയും
31 പുത്രിമാരെയും ജനിപ്പിച്ചു. ലാമേക്കിൻെറ
ആകെ ആയുഷ്കാലം എഴുന്നൂററിയെഴുപ
ത്തിയേഴു വർഷം; പിന്നീട് അവൻ മരിച്ചു.
32 നോഹ അഞ്ഞൂറു വയസ്സു പ്രായമുള്ളവ
നായി; അവൻ ശേം, ഹാം, യാഫേത്ത് എന്നി
വരെ ജനിപ്പിച്ചു.

അദ്ധ്യായം 6

1 ഭൂമുഖത്തു മനുഷ്യർ വർദ്ധിക്കുകയും
അവർക്കു പുത്രിമാർ ജനിക്കുകയും ചെയ്ത
2 പ്പോൾ, മനുഷ്യപുത്രിമാർ സൗന്ദര്യമുള്ള
വർ എന്ന് ഏലോഹീമിൻെറ (ദൈവത്തി
ൻെറ) പുത്രന്മാർ, കണ്ടിട്ട് തങ്ങൾക്ക്
ബോധിച്ച സ്ത്രീകളെ കൈക്കൊണ്ടു.
3 ദൈവം പറഞ്ഞു: എൻെറ ആത്മാവ്
എന്നേക്കും മനുഷ്യനിൽ വസിക്കുകയില്ല;
എന്തെന്നാൽ അവൻ ജഡമാകുന്നു. അവ
ൻെറ ദിവസങ്ങൾ നൂററിയിരുപതു വർഷം
4 ആയിത്തീരും. ഇവയ്ക്കുശേഷവും ഏലോ
ഹീമിൻെറ പുത്രന്മാർ മനുഷ്യപുത്രിമാ
രുടെ പക്കൽ ചെന്നിട്ട് അവർ പരാക്രമികളെ
പ്രസവിച്ചു; പൂർവ്വകാലത്തെ പ്രസിദ്ധവീര
5 ന്മാർ അവരാകുന്നു. ഭൂമിയിൽ മനുഷ്യൻെറ
തിന്മ വലുതാണെന്നും അവൻെറ ഹൃദയ
ത്തിൻെറ ചിന്ത എപ്പോഴും ദുഷ്ടമാണ്
6 എന്നും കർത്താവു കണ്ടു. ഭൂമിയിൽ മനുഷ്യ
നെ സൃഷ്ടിച്ചതിനെക്കുറിച്ചു കർത്താവു
ദുഃഖിച്ചു; അവൻെറ ഹൃദയം വേദനിച്ചു.
7 ഞാൻ സൃഷ്ടിച്ച മനുഷ്യനെ ഞാൻ ഭൂമുഖ
ത്തുനിന്നു മായിച്ചുകളയും; മനുഷ്യനെയും
മൃഗങ്ങളെയും ഇഴജന്തുക്കളെയും ആകാശ
ത്തിലെ പറവകളെയും തന്നെ. അവയെ
ഉണ്ടാക്കിയതിൽ ഞാൻ ദുഃഖിക്കുന്നു
8 എന്നു പറഞ്ഞു. നോഹ് കർത്താവിൻെറ
കണ്ണുകളിൽ കരുണ കണ്ടെത്തി.
9 നോഹിൻെറ വംശാവലി: നോഹ് നീതി
മാനും തൻെറ തലമുറയിൽ പരമാർത്ഥിയും
ആയിരുന്നു. നോഹ് ദൈവത്തെ പ്രസാദി
10 പ്പിച്ചു. നോഹ് മൂന്നു പുത്രന്മാരെ ജനിപ്പിച്ചു:
11 ശേം, ഹാം, യാഫേത്ത്. ദൈവമുമ്പാകെ ഭൂമി
വഷളായി; ഭൂമി അധർമ്മംകൊണ്ടു നിറ
12 ഞ്ഞു. ഭൂമി വഷളായി എന്നു ദൈവം കണ്ടു;
എന്തെന്നാൽ സകല ജഡവും ഭൂമിയിൽ
തൻെറ വഴി വഷളാക്കിയിരുന്നു.
13 ദൈവം നോഹിനോടു പറഞ്ഞു: എൻെറ
മുമ്പാകെ സകല ജഡത്തിൻെറയും അന്ത്യം
വന്നിരിക്കുന്നു; എന്തെന്നാൽ അവരുടെ
പക്കൽനിന്നുള്ള ഭൂമി നിറഞ്ഞിരിക്കുന്നു.
ഞാൻ അവരെ ഭൂമിയോടുകൂടെ നശിപ്പിച്ചു
കളയും. അർക്കാ മരം കൊണ്ടു നീ ഒരു 14
പെട്ടകം ഉണ്ടാക്കണം; പെട്ടകത്തിനു
തട്ടുകൾ ഉണ്ടാക്കണം; അതിൻെറ പുറ
ത്തും അകത്തും കീൽ തേക്കണം. അത്
ഇപ്രകാരം ഉണ്ടാക്കണം. പെട്ടകത്തിൻെറ
നീളം മുന്നൂറു മുഴം; വീതി അമ്പതു മുഴം; 15
പൊക്കം മുപ്പതു മുഴം. പെട്ടകത്തിനു 16
ജനലുകൾ ഉണ്ടാക്കണം. അതു മുകളിൽ
നിന്ന് ഒരു മുഴം താഴെ ആയിരിക്കണം.
പെട്ടകത്തിൻെറ വാതിൽ അതിൻെറ
വശത്ത് ഉണ്ടാക്കണം. താഴത്തെയും
രണ്ടാമത്തെയും മൂന്നാമത്തെയും തട്ടായി
അത് ഉണ്ടാക്കണം. ഇതാ, ആകാശത്തിൻ 17
കീഴെ ജീവശ്വാസമുള്ള സകലത്തെയും
നശിപ്പിക്കുന്നതിന് ഭൂമിമേൽ ഞാൻ ജല
പ്രളയം വരുത്തുന്നു. ഭൂമിയിലുള്ള സകല
വും നശിക്കും. നീയുമായി ഞാൻ എൻെറ 18
ഉടമ്പടി സ്ഥാപിക്കും. നീയും നിന്നോടു
കൂടെ നിൻെറ മക്കളും നിൻെറ ഭാര്യയും
നിൻെറ മക്കളുടെ ഭാര്യമാരും പെട്ടകത്തിൽ
പ്രവേശിക്കണം. സർവ്വജീവജഡങ്ങളിലും 19
ഈരണ്ട് എണ്ണത്തെ നിന്നോടു കൂടെ ജീവി
ച്ചിരിക്കേണ്ടതിന്, പെട്ടകത്തിൽ പ്രവേശിപ്പി
ക്കണം; അവ ആണും പെണ്ണും ആയിരിക്ക
ണം. എല്ലാ ഇനം പറവകളിൽനിന്നും എല്ലാ 20
ഇനം മൃഗങ്ങളിൽനിന്നും ഭൂമിയിലെ എല്ലാ
ഇനം ഇഴജന്തുക്കളിൽനിന്നും ഈരണ്ട്
എണ്ണം നിന്നോടൊപ്പം ജീവിച്ചിരിക്കേണ്ട
തിനു പെട്ടകത്തിൽ കടക്കണം. ഭക്ഷിക്കേ 21
ണ്ടതിനായി എല്ലാവക ആഹാരസാധനങ്ങ
ളിൽനിന്നും വേണ്ടുന്നതു നിൻെറ പക്കൽ
ശേഖരിച്ചുവച്ചുകൊള്ളണം. അത് നിനക്കും
അവയ്ക്കും ഭക്ഷണമായിരിക്കണം. ദൈവം 22
തന്നോടു കല്പിച്ചത് എല്ലാം നോഹ് ചെയ്തു.

അദ്ധ്യായം 7

ദൈവം നോഹിനോടു പറഞ്ഞു: നീ 1
നിൻെറ സകല കുടുംബത്തോടുംകൂടെ
പെട്ടകത്തിൽ പ്രവേശിക്കുക. എന്തെന്നാൽ,
ഈ തലമുറയിൽ എൻെറ മുമ്പാകെ നീതി
മാനായി നിന്നെ ഞാൻ കണ്ടിരിക്കുന്നു.
ശുദ്ധിയുള്ള എല്ലാ മൃഗങ്ങളിൽനിന്നും 2
ആണും പെണ്ണുമായി ഏഴേഴും ശുദ്ധിയി
ല്ലാത്ത മൃഗങ്ങളിൽനിന്ന് ആണും പെണ്ണു
മായി ഈരണ്ടും നിന്നോടുകൂടെ എടുത്തു
കൊള്ളുക; ശുദ്ധിയുള്ള പക്ഷിയിൽനിന്ന് 3
ആണും പെണ്ണുമായി ഏഴേഴിനെ എടു

ക്കുക; ഇത് ഭൂമിയിൽ സന്തതി തുടരേ
4 ണ്ടതിനാകുന്നു. എന്തെന്നാൽ ഏഴു ദിവസം
കഴിഞ്ഞിട്ട് നാല്പതു പകലും നാല്പതു
രാവും ഞാൻ ഭൂമിമേൽ മഴ പെയ്യിച്ചുകൊ
ണ്ടിരിക്കും. ഞാൻ ഉണ്ടാക്കിയ സകല
ത്തേയും ഞാൻ ഭൂമുഖത്തുനിന്നു മായിച്ചു
5 കളയും. തന്നോടു കർത്താവു കല്പിച്ചതു
6 എല്ലാം നോഹ് ചെയ്തു. നോഹിനു അറുനൂറു
വയസ്സുള്ളപ്പോൾ ഭൂമിയിൽ ജലപ്രളയം
7 ഉണ്ടായി. ജലപ്രളയത്തിനുമുമ്പേ നോഹും
അവൻെറ മക്കളും അവൻെറ ഭാര്യയും
അവൻെറ മക്കളുടെ ഭാര്യമാരും പെട്ടക
8 ത്തിൽ പ്രവേശിച്ചു. ശുദ്ധിയുള്ള മൃഗങ്ങ
ളിലും ശുദ്ധിയില്ലാത്ത മൃഗങ്ങളിലും
9 പറവകളിലും ഭൂമിയിലെ എല്ലാ ഇഴജന്തു
ക്കളിലുംനിന്ന് ആണും പെണ്ണുമായി
ഈരണ്ട് വീതം അവനോടു കൂടെ പെട്ടക
10 ത്തിൽ പ്രവേശിച്ചു. ഏഴു ദിവസം കഴിഞ്ഞ്
ഭൂമിയിൽ ജലപ്രളയം ഉണ്ടായി.
11 നോഹിൻെറ അറുനൂറാം വർഷം രണ്ടാം
മാസം പതിനേഴാം ദിവസം, അന്നുതന്നേ,
വലിയ അഗാധത്തിൻെറ ഉറവകൾ തുറക്ക
പ്പെട്ടു. ആകാശത്തിൻെറ വാതായനങ്ങൾ
12 തുറക്കപ്പെട്ട്, ഭൂമിയിൽ നാല്പതു പകലും
13 നാല്പതു രാവും മഴയുണ്ടായി. ഈ
ദിവസത്തിൽതന്നെ നോഹും അവൻെറ
പുത്രന്മാരായ ശേമും ഹാമും യാഫേത്തും,
നോഹിൻെറ ഭാര്യയും അവൻെറ മൂന്നു
പുത്രന്മാരുടെ ഭാര്യമാരും അവനോടുകൂടെ
പെട്ടകത്തിൽ പ്രവേശിച്ചു. അവരും, എല്ലാ
14 ഇനം കന്നുകാലികളും എല്ലാ ഇനം കാട്ടു
മൃഗങ്ങളും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇനം
ഇഴജന്തുക്കളും എല്ലാ ഇനം പക്ഷികളും
പറവകളും പ്രവേശിച്ചു. ജീവശ്വാസമുള്ള
15 സകല ജഡവും ഈരണ്ടായി, ആണും
പെണ്ണുമായി, നോഹയോടു കൂടെ പെട്ടക
ത്തിൽ പ്രവേശിച്ചു; ദൈവം കല്പിച്ചതു
16 പോലെ തന്നെ. ദൈവം പെട്ടകത്തിൻെറ
വാതിൽ അടയ്ക്കുകയുംചെയ്തു.
17 നാല്പതു ദിവസം ഭൂമിമേൽ പ്രളയ
മുണ്ടായിരുന്നു. വെള്ളം വർദ്ധിച്ച് പെട്ടക
ത്തെ നിലത്തുനിന്നു പൊക്കി; പെട്ടകം
18 വെള്ളത്തിനു മീതെ ഒഴുകി നടന്നു. വെള്ളം
19 ഭൂമിമേൽ ശക്തിപ്പെട്ട് ആകാശത്തിൻകീഴുള്ള
20 ഉയർന്ന മലകളെയെല്ലാം മൂടി. ഉയർന്ന
മലകൾ മൂടിപ്പോകത്തക്കവണ്ണം വെള്ളം
അവയ്ക്കു മീതെ പതിനഞ്ചു മുഴം ഉയർന്നു.
21 ഭൂമിയിൽ ചരിക്കുന്ന സകലവും—പക്ഷി
കളും കന്നുകാലികളും കാട്ടുമൃഗങ്ങളും
നിലത്ത് ഇഴയുന്ന എല്ലാ ഇഴജന്തുക്കളും,
സകല മനുഷ്യരും ചത്തൊടുങ്ങിപ്പോയി.
മുഖത്തു ജീവശ്വാസമുള്ള എല്ലാ കരജീവി 22
കളും ചത്തുപോയി. ഭൂമുഖത്തുള്ള
സകലവും അവൻ തുടച്ചു നീക്കി. മനുഷ്യൻ 23
മുതൽ മൃഗങ്ങൾ, ഇഴജന്തുക്കൾ ആകാശ
ത്തിലെ പറവകൾ എന്നിവ ഭൂമിയിൽ നിന്നു
തുടച്ചുനീക്കപ്പെട്ടു. നോഹും അവനോടു
കൂടെ പെട്ടകത്തിൽ ഉണ്ടായിരുന്നവയും
മാത്രം അവശേഷിച്ചു. നൂററമ്പതു ദിവസം
വെള്ളം ശക്തിപ്പെട്ടുകൊണ്ടിരുന്നു.

അദ്ധ്യായം 8

ദൈവം നോഹിനെയും അവനോടു 1
കൂടെ പെട്ടകത്തിൽ ഉണ്ടായിരുന്ന എല്ലാ
കന്നുകാലികളെയും എല്ലാ മൃഗങ്ങളെയും
എല്ലാ പക്ഷികളെയും ഓർത്തു. ദൈവം ഭൂമി
മേൽ ഒരു കാററു വരുത്തി. പ്രളയം ശമിച്ചു.
അഗാധത്തിൻെറ ഉറവകളും ആകാശ 2
ത്തിൻെറ വാതായനങ്ങളും അടയ്ക്കപ്പെട്ടു.
ആകാശത്തുനിന്നുള്ള മഴ നിന്നു. വെള്ളം 3
കരയ്ക്കുനിന്നു പിൻവാങ്ങി പൊയ്ക്കൊ
ണ്ടിരുന്നു. നൂററമ്പതു ദിവസം കഴിഞ്ഞ
പ്പോൾ വെള്ളം ഇറങ്ങി. ഏഴാം മാസം പതി 4
നേഴാം ദിവസം പെട്ടകം കർദൂ (അറാറാത്ത്)
പർവ്വതങ്ങളിൽ ഉറച്ചു. പത്താം മാസംവരെ 5
വെള്ളം ഇറങ്ങിക്കൊണ്ടേയിരുന്നു. പത്താം
മാസം ഒന്നാം ദിവസം പർവ്വതങ്ങളുടെ
അഗ്രങ്ങൾ കാണാറായി. നാല്പതു ദിവസ 6
ങ്ങൾക്കുശേഷം നോഹ്, താൻ പെട്ടകത്തിന്
ഉണ്ടാക്കിയിരുന്ന കിളിവാതിൽ തുറന്നു.
അവൻ ഒരു കാക്കയെ അയച്ചു. ഭൂമുഖ 7
ത്തുനിന്നു വെള്ളം വററുന്നതുവരെ അതു
തിരിച്ചുവന്നില്ല. ഭൂമുഖത്തു നിന്നു വെള്ളം 8
താണുവോ എന്ന് അറിയുവാൻ അവൻ
തൻെറ അടു ക്കൽനിന്നു ഒരു പ്രാവിനെ
അയച്ചു. കാലു കുത്തുവാൻ ഇടം കണ്ടെ 9
ത്തായ്കയാൽ അത് അവൻെറ അടുക്കൽ
പെട്ടകത്തിലേക്കു മടങ്ങിവന്നു; എന്തെ
ന്നാൽ ഭൂമുഖത്ത് മുഴുവൻ വെള്ളമാ
യിരുന്നു. അവൻ കൈ നീട്ടി അതിനെ
എടുത്ത് അവൻെറ അടുക്കൽ പെട്ടകത്തിൽ
കയററി. വീണ്ടും ഏഴു ദിവസം കാത്തിരു 10
ന്നിട്ട് അവൻ ആ പ്രാവിനെ പെട്ടകത്തിൽ
നിന്നും അയച്ചു. വൈകുന്നേരം പ്രാവ് 11
അവൻെറ അടുക്കൽ തിരിച്ചെത്തി; ഇതാ,
അതിൻെറ വായിൽ സൈത്തിൻെറ ഒരില
പിടിച്ചിരിക്കുന്നു! ഭൂമിയിൽനിന്നു വെള്ളം
ഇറങ്ങിയിരിക്കുന്നു എന്നു നോഹ് മനസ്സി
ലാക്കി. വേറെ ഏഴു ദിവസം കൂടി കാത്തി 12
രുന്നിട്ട് അവൻ പ്രാവിനെ വീണ്ടും അയച്ചു.

ആ പ്രാവ്, പിന്നെ അവന്റെ അടുക്കൽ
13 മടങ്ങിവന്നതേയില്ല. അറുനൂറ്റിയൊന്നാം
വർഷം ഒന്നാം മാസം ഒന്നാം ദിവസം
ഭൂമിയിൽനിന്നു വെള്ളം വറ്റിയിരുന്നു. നോഹ്
പെട്ടകത്തിന്റെ മൂടി മാറ്റി. ഇതാ, ഭൂമി
14 ഉണങ്ങിക്കിടക്കുന്നുവെന്നു കണ്ടു. രണ്ടാം
മാസം ഇരുപത്തേഴാം ദിവസം ആയപ്പോ
ഴേക്ക് ഭൂമി ഉണങ്ങി.
15 ദൈവം നോഹുമായി സംസാരിച്ച് അവ
16 നോടു പറഞ്ഞത്: നീയും നിന്നോടുകൂടെ
നിന്റെ ഭാര്യയും നിന്റെ മക്കളും നിന്റെ
മക്കളുടെ ഭാര്യമാരും പെട്ടകത്തിൽനിന്നു
17 പുറത്തിറങ്ങുക. സകല ജഡത്തിൽനിന്നും
നിന്നോടുകൂടെയുള്ള ജീവികളെയും,
പക്ഷികളെയും മൃഗങ്ങളെയും ഭൂമിയിൽ
ഇഴയുന്ന ഇഴജന്തുക്കളെയും നിന്നോടു
കൂടെ പുറത്തിറക്കുക. അവ ഭൂമിയിൽ
പെററു പെരുകട്ടെ; ഭൂമുഖത്തു വർദ്ധിക്കട്ടെ.
18 നോഹും, അവനോടുകൂടെ അവന്റെ
പുത്രന്മാരും അവന്റെ ഭാര്യയും അവന്റെ
പുത്രന്മാരുടെ ഭാര്യമാരും പുറത്തിറങ്ങി.
19 എല്ലാ മൃഗങ്ങളും എല്ലാ കന്നുകാലികളും
എല്ലാ പക്ഷികളും ഭൂമിയിൽ ഇഴയുന്ന
എല്ലാ ഇഴജന്തുക്കളും അതാതു തരമായി
20 പെട്ടകത്തിൽനിന്നും ഇറങ്ങി. നോഹ്
കർത്താവിന് ഒരു യാഗപീഠം പണിതു;
ശുദ്ധിയുള്ള എല്ലാ മൃഗങ്ങളിൽനിന്നും
ശുദ്ധിയുള്ള എല്ലാ പക്ഷികളിൽനിന്നും
എടുത്ത് യാഗപീഠത്തിന്മേൽ ദഹനയാഗം
21 അർപ്പിച്ചു. സൗരഭ്യവാസന, ഹൃദ്യമായ
സൗരഭ്യം, കർത്താവു മണത്തു. കർത്താവു
ഹൃദയത്തിൽ പറഞ്ഞത്: ഇനിയും ഞാൻ
മനുഷ്യന്റെ നിമിത്തം ഭൂമിയെ ശപിക്കുക
യില്ല. എന്തെന്നാൽ ചെറുപ്പംമുതൽതന്നെ
അവന്റെ ഹൃദയത്തിന്റെ ചായ്‌വ് തിന്മ
യാണ്. ഞാൻ ചെയ്തതുപോലെ, ഇനിയും
സർവ്വജീവികളെയും ഞാൻ നശിപ്പിക്കു
22 കയില്ല. ഇനി, ഭൂമി ഉള്ളകാലത്തോളം
വിതയും കൊയ്ത്തും, ശീതവും ഉഷ്ണവും,
വേനലും വർഷവും, പകലും രാവും
മാഞ്ഞുപോകയില്ല.

അദ്ധ്യായം 9

1 ദൈവം നോഹിനെയും മക്കളെയും
അനുഗ്രഹിച്ചു അവരോട് അരുളിച്ചെയ്തത്:
2 നിങ്ങൾ വർദ്ധിച്ചു പെരുകി ഭൂമി നിറവിൻ;
നിങ്ങളെയുള്ള ഭയവും ഭീതിയും ഭൂമിയി
ലുള്ള സകല മൃഗങ്ങളിന്മേലും ആകാശ
ത്തിലെ സകല പറവയിന്മേലും ഭൂമിയിൽ
ചരിക്കുന്ന സകലത്തിന്മേലും സമുദ്രത്തി
ലെ സകല മത്സ്യങ്ങളുടെ മേലും ഉണ്ടാകും.
അവയെ നിങ്ങളുടെ കൈകളിൽ ഏല്പി
ക്കും. ചരിക്കുന്ന സകല ജീവികളും നിങ്ങൾ 3
ക്ക് ആഹാരം ആയിരിക്കും. പച്ചസസ്യം
പോലെ സകലവും ഞാൻ നിങ്ങൾക്കു
നൽകിയിരിക്കുന്നു. അതിന്റെ ജീവനായ 4
രക്തത്തോടു കൂടെ നിങ്ങൾ മാംസം തിന്നരു
തെന്നു മാത്രം. നിങ്ങളുടെ പ്രാണനായ 5
രക്തത്തിനു ഞാൻ പകരം ചോദിക്കും; എല്ലാ
മൃഗത്തോടും എല്ലാ മനുഷ്യന്റെ കയ്യിൽ
നിന്നും ചോദിക്കും. ഓരോ മനുഷ്യന്റെ 6
സഹോദരനോട് ഞാൻ മനുഷ്യന്റെ
പ്രാണനു പകരം ചോദിക്കും. മനുഷ്യന്റെ
രക്തം ചൊരിയുന്നവനോട് മനുഷ്യരക്തത്തി
നു ഞാൻ പകരം ചോദിക്കും; എന്തെന്നാൽ
ദൈവത്തിന്റെ സ്വരൂപത്തിലാണ് ആദാ
മിനെ നിർമ്മിച്ചത്. നിങ്ങൾ പുഷ്ടിപ്രാപിച്ചു 7
വർദ്ധിക്കട്ടെ; നിങ്ങൾ ഭൂമിയിൽ പെററു
പെരുകട്ടെ. ദൈവം നോഹിനോടും അവ 8
നോടുകൂടെയുള്ള അവന്റെ മക്കളോടും
അരുളിച്ചെയ്തത്: ഇതാ, ഞാൻ നിങ്ങളു 9
മായും, നിങ്ങൾക്കുശേഷമുള്ള നിങ്ങളുടെ 10
സന്തതിയുമായും നിങ്ങളോടുകൂടെ പെട്ടക
ത്തിൽനിന്നു പുറത്തുവന്നു ജീവജാലങ്ങ
ളായി ഭൂമിയിലുള്ള എല്ലാ മൃഗങ്ങളുമായും
പക്ഷികളുമായും കന്നുകാലികളുമായും
എന്റെ ഉടമ്പടി ഉറപ്പിക്കുന്നു; ഇനി ഒരിക്ക 11
ലും ജലപ്രളയം സകല ജഡത്തെയും ഛേദി
ച്ചുകളകയില്ല; ഭൂമിയെ നശിപ്പിക്കുവാൻ
വീണ്ടും ഒരു പ്രളയം ഉണ്ടാകുകയുമില്ല.
ദൈവം നോഹിനോടു പറഞ്ഞതു: എനി 12
ക്കും നിങ്ങൾക്കും മദ്ധ്യേയും നിങ്ങളോടൊ
പ്പമുള്ള ജീവജാലങ്ങൾക്കു മദ്ധ്യേയും
എന്നേക്കും തലമുറകൾക്കായി നൽകുന്ന
ഉടമ്പടിയുടെ അടയാളം ഇതാകുന്നു:
എന്റെ വില്ല് ഞാൻ മേഘങ്ങളിന്മേൽ 13
നൽകിയിരിക്കുന്നു; അത് എനിക്കും
ഭൂമിക്കും മദ്ധ്യേയുള്ള ഉടമ്പടിയുടെ ലക്ഷ്യ
മായിരിക്കും. ഞാൻ ഭൂമിയുടെ മീതെ മേഘ 14
ങ്ങൾ കരേററുമ്പോൾ മേഘങ്ങളിന്മേൽ 15
വില്ലു കാണപ്പെടുകയും, എനിക്കും നിങ്ങൾ
ക്കും മദ്ധ്യേയും, നിങ്ങളോടൊപ്പമുള്ള
സകല ജീവജാലങ്ങൾക്കും മദ്ധ്യേയുമുള്ള
എന്റെ ഉടമ്പടി ഞാൻ അനുസ്മരിക്കും;
സകല ജഡത്തെയും നശിപ്പിക്കത്തക്ക
വണ്ണം ഇനിയും ഒരു ജലപ്രളയം ഉണ്ടാക
യില്ല. മേഘങ്ങളിന്മേൽ വില്ല് ഉണ്ടാകു 16
മ്പോൾ, ദൈവത്തിന് ഭൂമിയിലെ സർവ്വ
ജഡത്തോടും സർവ്വ ജീവികളോടുമുള്ള
ഉടമ്പടിയുടെ സ്മരണയ്ക്കായി ഞാൻ

17 അതിനെ ദർശിക്കും. എനിക്കും, ഭൂമിയിലെ
സർവ്വ ജഡങ്ങൾക്കും തമ്മിൽ ഞാൻ ചെ
യ്യുന്ന ഉടമ്പടിയുടെ ലക്ഷ്യം ഇതായിരിക്കും
എന്ന് ദൈവം നോഹിനോടു പറഞ്ഞു.
18 പെട്ടകത്തിൽനിന്ന് പുറത്തുവന്ന നോഹി
ൻെറ പുത്രന്മാർ ശേം, ഹാം, യാഫേത്ത്
19 എന്നിവരായിരുന്നു. ഹാം കനാൻെറ
പിതാവ്. ഇവർ മൂവരും നോഹിൻെറ പുത്ര
ന്മാർ. ഇവരിൽനിന്നു ഭൂതലമാകെ വ്യാപിച്ചു.
20 നോഹ് ഭൂമിയിൽ വേല ചെയ്യുതുടങ്ങി.
21 അവൻ മുന്തിരിത്തോട്ടം നട്ടുണ്ടാക്കി. അവൻ
വീഞ്ഞു കുടിച്ചു ലഹരിച്ച് വിവസ്ത്രനായി
22 തൻെറ കൂടാരത്തിൽ കിടന്നു. കനാൻെറ
പിതാവായ ഹാം തൻെറ പിതാവിൻെറ
നഗ്നത കണ്ട്, തൻെറ രണ്ടു സഹോദര
23 ന്മാരെ അറിയിച്ചു. ശേമും യാഫേത്തും ഒരു
വസ്ത്രം എടുത്തു, രണ്ടുപേരുടെയും തോളി
ന്മേൽ ഇട്ടു; പുറകോട്ടു നടന്നു ചെന്നു തങ്ങ
ളുടെ പിതാവിൻെറ നഗ്നത മറച്ചു. അവരുടെ
മുഖങ്ങൾ പുറകോട്ട് ആയിരുന്നു; അവർ
തങ്ങളുടെ പിതാവിൻെറ നഗ്നത കണ്ടില്ല.
24 നോഹ് വീഞ്ഞ് വിട്ട് ഉണർന്നപ്പോൾ തൻെറ
ഇളയ മകൻ ചെയ്യതൊക്കെയും ഗ്രഹിച്ചു.
25 കനാൻ ശപ്തൻ; അവൻ തൻെറ സഹോ
ദരന്മാർക്കു ദാസന്മാരുടെ ദാസനായി
26 ത്തീരും എന്ന് അവൻ പറഞ്ഞു. അവൻ പറ
ഞ്ഞത്: ശേമിൻെറ ദൈവം വാഴ്ത്തപ്പെട്ടവൻ.
കനാൻ അവർക്കു ദാസനായിത്തീരട്ടെ.
27 യാഫേത്തിനെ ദൈവം പുഷ്ടിപ്പെടുത്തട്ടെ.
അവൻ ശേമിൻെറ കൂടാരത്തിൽ വസിക്കട്ടെ.
കനാൻ അവർക്കു ദാസൻ ആയിത്തീരട്ടെ
28 ജലപ്രളയത്തിനു ശേഷം മുന്നൂററമ്പതു
വർഷം നോഹ് ജീവിച്ചിരുന്നു. നോഹിൻെറ
ആയുഷ്കാലം ആകെ തൊള്ളായിരത്ത
മ്പതു വർഷം. പിന്നെ അവൻ മരിച്ചു.

അദ്ധ്യായം 10

1 നോഹിൻെറ പുത്രന്മാരായ ശേം, ഹാം,
യാഫേത്ത് എന്നിവരുടെ വംശാവലി: ജല
പ്രളയത്തിനുശേഷം അവർക്കു മക്കൾ ജനി
2 ച്ചു. യാഫേത്തിൻെറ പുത്രന്മാർ: ഗോമെർ,
മാഗോഗ്, മാദായ്, യാവാൻ, തൂബേൽ,
3 മേശെക്, തീരേസ്; ഗോമെറിൻെറ പുത്ര
ന്മാർ: അശ്ക്നോസ്, ദീഫാർ, തുഗർമോ;
4 യാവാൻെറ പുത്രന്മാർ: എലീശാ, തർശീശ്,
5 കോത്തീം, ദുദാനീം; ഇവരിൽനിന്ന് അത
തു ജാതികളും വംശങ്ങളും ഭാഷക്കാരു
മായി ജനം ദ്വീപുകളിൽ പിരിഞ്ഞു.
6 ഹാമിൻെറ പുത്രന്മാർ: കൂശ്, മെസ്ര
7 യീം, പൂത്, കനാൻ. കൂശിൻെറ പുത്രന്മാർ:
ശേബാ, ഹവീലാ, സബ്ത്താ, റാമാ, സ്പ
ത്കോ. റാമയുടെ പുത്രന്മാർ: ശേബാ, 8
ദോറാൻ. കൂശ് നിമ്രോദിനെ ജനിപ്പിച്ചു.
അവൻ ഭൂമിയിലെ ആദ്യവീരൻ. അവൻ
കർത്താവിൻെറ മുമ്പാകെ പരാക്രമിയായ
വേട്ടക്കാരൻ ആയിത്തീർന്നു. അതിനാൽ 9
കർത്താവിൻെറ മുമ്പാകെ നിമ്രോദിനെ
പ്പോലെ പരാക്രമിയായ വേട്ടക്കാരൻ എന്നു
പറഞ്ഞുവരുന്നു. അവൻെറ രാജ്യത്തിൻെറ 10
തലസ്ഥാനം ബാബേൽ; ഏറക്, അക്കാദ്,
കെലിയോ; ഇവയെല്ലാം സെന്ഓർ ദേശ 11
ത്താകുന്നു. ഈ ദേശത്തുനിന്ന് പുറപ്പെട്ട് 12
അസൂർ, നിനുവ, റഹ്ബോത്ത്ഗ്രാമം,
കാലേഹ് ഇവ പണിതു. നിനുവെയ്ക്കും
കാലേഹിനും ഇടയ്ക്ക് ഉള്ള രേസോൻ
ആണ് മഹാനഗരം. മെസ്രയീം ജനിപ്പിച്ചവർ 13
ലൂദീം, യാബീം, ലഹബീം, യഫ്തൂഹീം,
പത്രൂസീം, കസ്ലൂഹീം; അവിടെനിന്ന് 14
ഫെലിസ്ത്യരും കഫ്ദോയരും ഉത്ഭവിച്ചു.
കനാൻ തൻെറ ആദ്യജാതനായ സൈദോ 15
നെയും ഹിത്യരെയും യെബൂസ്യരെയും
ഓമൂറായരെയും ഗിർഗസ്യരെയും ഹോവ്യ 16
രെയും അർക്കായരെയും സീനായരേയും 17
അർവ്വദ്യരെയും സമരായരെയും ഹമാത്യ
രെയും ജനിപ്പിച്ചു. പിൽക്കാലത്തു കനാന്യ 18
വംശങ്ങൾ ചിതറിപ്പോയി. കനാന്യരുടെ 19
അതിര് സൈദോൻ മുതൽ ഗോദോറിൻെറ
ദിശയിൽ ഓസോ വരെയും സോദോം,
ആമൂറാ, ഓദോമോ എന്നിവയുടെ ദിശയിൽ
ലേശോ വരെയും ആയിരുന്നു. അതതു 20
ദേശത്തിൽ അവരുടെ ജാതികളും കുല
ങ്ങളും ഭാഷക്കാരുമായി ഹാമിൻെറ മക്കൾ
ഇവരാകുന്നു. ഏബേർ സന്തതിക്കെല്ലാം 21
പിതാവും യാഫേത്തിൻെറ സഹോദരനു
മായ ശേമിനും മക്കൾ ജനിച്ചു. ശേമിൻെറ 22
പുത്രന്മാർ: ഈലാം, അശൂർ, അർപ്പക്ശാദ്,
ലൂദ്, ഓറോം; ഓറോമിൻെറ പുത്രന്മാർ: 23
ഊസ്, ഹൂൽ, ഗോതോർ, മോശ്. അർപ്പക് 24
ശാദ് ശോലോഹിനെ ജനിപ്പിച്ചു. ശോലാഹ്
ഓബേറിനെ ജനിപ്പിച്ചു. ഓബേറിന് രണ്ടു
പുത്രന്മാർ ജനിച്ചു. ഒരുവൻെറ പേരു 25
ഫേലേഗ്; അവൻെറ കാലത്താണ് ഭൂമി
വിഭജിക്കപ്പെട്ടത്. അവൻെറ സഹോദരനു 26
യൊക്താൻ എന്നു പേര്, യൊക്താൻ, എൽമൂ 27
ദാദ്, ശോലോഫ്, ഹ്സർമവുത്, യോറോഹ്,
ഹ്ദുറാം, ഊസേൽ, ദെക്ലോ, ഊബേൽ, 28
അബീമേൽ, ശേബാ, ഔഫീർ, ഹവീലോ, 29
യൂബോബ് എന്നിവരെ ജനിപ്പിച്ചു. ഇവരെ
ല്ലാമാകുന്നു യൊക്താൻെറ മക്കൾ. അവ 30
രുടെ വാസസ്ഥലം മൻശോ മുതൽ സഫർ

31 വ്യൂമിൻെറ ദിശയിൽ കിഴക്കുള്ള മലവരെ
യായിരുന്നു. അതതു ദേശത്തിൽ അവരുടെ
ജാതികളും കുലങ്ങളും ഭാഷക്കാരുമായി
32 ശേമിൻെറ മക്കൾ ഇവരാകുന്നു. വംശാ
വലികളായും ജാതികളായും നോഹിൻെറ
വംശങ്ങൾ ഇവയാകുന്നു; പ്രളയത്തിനു
ശേഷം ഭൂമിയിൽ ജനതകൾ വ്യാപിച്ചത്
ഇവരിൽനിന്നാകുന്നു.

അദ്ധ്യായം 11

1 ഭൂമിയിലെല്ലാം ഒരേ ഭാഷയും ഒരേ
2 വാക്കും ആയിരുന്നു. അവർ കിഴക്കുനിന്ന്
പുറപ്പെട്ടു സെനഗാർ ദേശത്ത് ഒരു സമഭൂമി
3 കണ്ടെത്തി, അവിടെ പാർത്തു. അവർ പര
സ്പരം പറഞ്ഞത്: വരുവിൻ, നമുക്ക്
ഇഷ്ടിക രൂപപ്പെടുത്തി, തീയിൽ ചുട്ടെടു
ക്കാം; അവർക്ക് ഇഷ്ടിക കല്ലിനു പകരവും
പശമണ്ണ് കുമ്മായത്തിനു പകരവും ആയി
4 ത്തീർന്നു. അവർ പറഞ്ഞു: വരുവിൻ;
നമുക്ക് ഒരു പട്ടണവും, അതിൻെറ അഗ്രം
ആകാശം മുട്ടത്തക്ക ഒരു ഗോപുരവും
പണിയാം. നാം ഭൂമുഖത്തൊക്കെയും
ചിതറിപ്പോകാതെയിരിക്കേണ്ടതിന് നമുക്ക്
ഒരു പേരും ഉണ്ടാക്കാം.
5 മനുഷ്യർ ഉണ്ടാക്കുന്ന പട്ടണവും
ഗോപുരവും കാണ്മാൻ കർത്താവ് ഇറങ്ങി
6 വന്നു. “ഇതാ, ജനം ഒന്ന്; അവർക്കു ഭാഷ
യും ഒന്ന്, ഇപ്രകാരം പ്രവർത്തിക്കുവാൻ
അവർ ആലോചിച്ചു. ഇനി അവർ നിരൂപി
ക്കുന്നതൊന്നും അവർക്ക് അസാദ്ധ്യമാകുക
7 യില്ല. വരുവിൻ; നാം അവിടെ ഇറങ്ങിച്ചെന്ന്
അവർ പരസ്പരം ഭാഷ ഗ്രഹിക്കാതിരിക്ക
ത്തക്കവണ്ണം അവരുടെ ഭാഷ വിഭജിച്ചുകള
8 യാം” എന്നു പറഞ്ഞു. കർത്താവ് അവരെ
അവിടെ നിന്ന് ഭൂതലമാകെ ചിതറിച്ചു കള
ഞ്ഞു. അവർ പട്ടണം പണിയുന്നതിൽ നിന്നു
9 വിരമിച്ചു. അതുകൊണ്ട് ആ സ്ഥലം
ബാബേൽ എന്നു വിളിക്കപ്പെടുന്നു. എന്തെ
ന്നാൽ അവിടെവച്ച് കർത്താവ് സർവഭൂമിയു
ടെയും ഭാഷ കലക്കിക്കളയുകയും, അവരെ
ഭൂമിയിലെല്ലാം ചിതറിക്കുകയുംചെയ്തു.
10 ശേമിൻെറ വംശപാരമ്പര്യം: ജലപ്രളയ
ത്തിനു രണ്ടു വർഷങ്ങൾക്കു ശേഷം,
തൻെറ നൂറാം വയസ്സിൽ ശേം അർപ്പക്ശാ
11 ദിനെ ജനിപ്പിച്ചു. അർപ്പക്ശാദിനെ ജനി
പ്പിച്ചശേഷം ശേം അഞ്ഞൂറുവർഷം ജീവി
ച്ചിരുന്നു പുത്രന്മാരെയും പുത്രിമാരെയും
ജനിപ്പിച്ചു.
12 അർപ്പക്ശാദിനു മുപ്പത്തഞ്ചു വയസ്സു
പ്രായമായപ്പോൾ അവൻ ശോലാഹിനെ
ജനിപ്പിച്ചു. ശോലാഹിനെ ജനിപ്പിച്ചശേഷം 13
അർപ്പക്ശാദ് നാനൂററിമൂന്നു വർഷം ജീവി
ച്ചിരുന്നു പുത്രന്മാരെയും പുത്രിമാരെയും
ജനിപ്പിച്ചു.
ശോലാഹിനു മുപ്പതു വയസ്സായപ്പോൾ 14
അവർ ഓബേറിനെ ജനിപ്പിച്ചു. ഓബേറി 15
നെ ജനിപ്പിച്ചശേഷം ശോലാഹ് നാനൂററി
മൂന്നു വർഷം ജീവിച്ചിരുന്നു പുത്രന്മാരെയും
പുത്രിമാരെയും ജനിപ്പിച്ചു.
ഓബേറിനു മുപ്പത്തിനാലു വയസ്സാ 16
യപ്പോൾ അവൻ ഫേലേഗിനെ ജനിപ്പിച്ചു.
ഫേലേഗിനെ ജനിപ്പിച്ചശേഷം ഓബേർ 17
നാനൂററിമുപ്പതു വർഷം ജീവിച്ചിരുന്നു പുത്ര
ന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു.
ഫേലേഗിനു മുപ്പതു വയസ്സായപ്പോൾ 18
അവൻ അറഗാവൂവിനെ ജനിപ്പിച്ചു. അറ 19
ഗാവൂവിനെ ജനിപ്പിച്ചശേഷം ഫേലേഗ് ഇരു
ന്നൂററിയൊമ്പതു വർഷം ജീവിച്ചിരുന്നു
പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു.
അറഗാവൂവിനു മുപ്പത്തിരണ്ടു വയസ്സാ 20
യപ്പോൾ അവൻ സ്രൂഗിനെ ജനിപ്പിച്ചു. സ്രൂ 21
ഗിനെ ജനിപ്പിച്ചശേഷം അറഗാവൂ ഇരുന്നൂ
ററിയേഴുവർഷം ജീവിച്ചിരുന്നു പുത്രന്മാ
രെയും പുത്രിമാരെയും ജനിപ്പിച്ചു.
സ്രൂഗിനു മുപ്പതു വയസ്സായപ്പോൾ 22
അവൻ നാഹോറിനെ ജനിപ്പിച്ചു. നാഹോ 23
റിനെ ജനിപ്പിച്ചശേഷം സ്രൂഗ് ഇരുനൂറു
വർഷം ജീവിച്ചിരുന്നു പുത്രന്മാരെയും
പുത്രിമാരെയും ജനിപ്പിച്ചു.
നാഹോറിനു ഇരുപത്തൊമ്പതു വയ 24
സ്സായപ്പോൾ അവൻ തേറഹിനെ ജനി
പ്പിച്ചു. തേറഹിനെ ജനിപ്പിച്ചശേഷം നാ 25
ഹോർ നൂറ്റിപ്പത്തൊമ്പതു വർഷം ജീവിച്ചി
രുന്നു പുത്രന്മാരെയും പുത്രിമാരെയും
ജനിപ്പിച്ചു.
തേറഹ് എഴുപത്തഞ്ചു വർഷം ജീവിച്ച് 26
അബ്രാമിനെയും നാഹോറിനെയും ഹാറാ
നെയും ജനിപ്പിച്ചു. ഹാറാൻ ലോത്തിനെ 27
ജനിപ്പിച്ചു. തൻെറ പിതാവായ തേറഹ് 28
ജീവിച്ചിരിക്കെ, ജന്മദേശമായ കൽദയരുടെ
ഊരിൽ വച്ച് ഹാറാൻ മരിച്ചു. അബ്രാമും 29
നാഹോറും തങ്ങൾക്കു ഭാര്യമാരെ എടു
ത്തു. അബ്രാമിൻെറ ഭാര്യയുടെ പേര്
സാറായ്, നാഹോറിൻെറ ഭാര്യയുടെ പേര്
മിൽക്കാ. മിൽക്കായുടെയും ഇസ്ക്കായു
ടെയും പിതാവായ ഹാറാൻെറ മകളാണ്
മിൽക്കാ. സാറായ് വന്ധ്യയായിരുന്നു; 30
അവൾക്കു മക്കൾ ഉണ്ടായിരുന്നില്ല.
തേറഹ് തൻെറ പുത്രൻ അബ്രാമിനെ 31
യും ഹാറാൻെറ പുത്രനായ തൻെറ പൗത്രൻ

ലോത്തിനെയും തൻെറ പുത്രൻ അബ്രാ
മിൻെറ ഭാര്യയായ തൻെറ മരുമകൾ
സാറായിയെയും കൂട്ടി, കനാൻ ദേശത്തേ
ക്കു പോകുവാൻ കൽദയരുടെ ഊരിൽനി
32 ന്ന് അവരോടൊപ്പം പുറപ്പെട്ടു. അവർ
ഹാറാൻ വരെ എത്തി അവിടെ പാർത്തു.
തേറഹിൻെറ ആയുഷ്ക്കാലം ഇരുന്നൂറ്റി
യഞ്ചു വർഷമായപ്പോൾ ഹാറാനിൽ വച്ചു
തേറഹ് മരിച്ചു.

അദ്ധ്യായം 12

1 കർത്താവ് അബ്രാമിനോടു പറഞ്ഞത്:
നിൻെറ ദേശത്തുനിന്നും, നീ ജനിച്ചിടത്തു
നിന്നും നിൻെറ പിതാവിൻെറ ഭവനത്തിൽ
നിന്നും ഞാൻ നിന്നെ കാണിക്കുന്ന ദേശ
2 ത്തേക്കു നീ പോകുക. ഞാൻ നിന്നെ വലിയ
ജനമാക്കും; ഞാൻ നിന്നെ അനുഗ്രഹിക്കും;
ഞാൻ നിൻെറ നാമം വലിയതാക്കും; നീ
3 അനുഗൃഹീതനാകും. നിന്നെ അനുഗ്രഹി
ക്കുന്നവരെ ഞാൻ അനുഗ്രഹിക്കും; നിന്നെ
ശപിക്കുന്നവരെ ഞാൻ ശപിക്കും. ഭൂമിയി
ലെ സകല വംശങ്ങളും നിന്നാലും നിൻെറ
സന്തതിയാലും അനുഗ്രഹിക്കപ്പെടും.
4 കർത്താവു തന്നോടു പറഞ്ഞതുപോലെ
അബ്രാം ചെയ്തു. ലോത്തും അവനോടു
കൂടെ പോയി. ഹാറാനിൽനിന്നു പുറ
പ്പെടുമ്പോൾ അബ്രാം എഴുപത്തഞ്ചു
5 വയസ്സുള്ളവൻ ആയിരുന്നു. അബ്രാം
തൻെറ ഭാര്യ സാറായിയെയും തൻെറ
സഹോദരപുത്രൻ ലോത്തിനെയും ഹാറാ
നിൽ അവൻ സമ്പാദിച്ച ആടുമാടുകളെയും
ആളുകളെയും കൂട്ടിക്കൊണ്ട് കനാൻ
ദേശത്തേക്കു പോകുവാൻ പുറപ്പെട്ടു.
6 അവർ കനാൻ ദേശത്ത് എത്തി. ദേശത്തു
കൂടെ അബ്രാം ശേഖേം ദേശംവരെയും
മമ്രേയുടെ സമതലം വരെയും കടന്നു
പോയി. അക്കാലത്ത് കനാന്യർ ദേശത്തു
വസിച്ചിരുന്നു.
7 കർത്താവ് അബ്രാമിനു വെളിപ്പെട്ട്,
നിൻെറ സന്തതിക്ക് ഈ ദേശം ഞാൻ
നൽകും, എന്നു പറഞ്ഞു. തനിക്കു വെളി
പ്പെട്ട കർത്താവിന് അവൻ അവിടെ ഒരു
8 ബലിപീഠം പണിതു. അവിടെ നിന്ന് അവൻ
ബേഥേലിനു കിഴക്കുള്ള മലയിലേക്കു മാറി
'ബേഥേൽ' പടിഞ്ഞാറും 'ആയി' കിഴക്കു
9 മായി കൂടാരമടിച്ചു. അവിടെ അവർ കർത്താ
വിന് ബലിപീഠം പണിതു കർത്താവിൻെറ
നാമം വിളിച്ചപേക്ഷിച്ചു. അബ്രാം അവിടെ
നിന്നു പുറപ്പെട്ടു തെക്കോട്ടു പൊയ്ക്കൊ
ണ്ടിരുന്നു.

ആ ദേശത്തു ക്ഷാമമുണ്ടായി. അബ്രാം 10
മെസ്രേനിൽ പാർക്കുവാൻ അവിടേക്ക്
ഇറങ്ങിപ്പോയി. എന്തെന്നാൽ ആ ദേശത്തു
ക്ഷാമം അതികഠിനമായിരുന്നു. മെസ്രേ 11
നിൽ പ്രവേശിക്കാറായപ്പോൾ അവൻ
തൻെറ ഭാര്യയോടു പറഞ്ഞത് നീ കാഴ്ച
യ്ക്കു സൗന്ദര്യമുള്ള സ്ത്രീയാണെന്ന് എനി
ക്കറിയാം. മെസ്രേൻകാർ നിന്നെ കാണു 12
മ്പോൾ: ഇവൾ ഇവൻെറ ഭാര്യയാകുന്നുവെ
ന്നു പറഞ്ഞ് എന്നെ കൊല്ലുകയും നിന്നെ
ജീവനോടെ വിടുകയും ചെയ്യും. നിൻെറ 13
നിമിത്തം എനിക്കു നന്മ വരേണ്ടതിന്, ഞാൻ
അവൻെറ സഹോദരിയാകുന്നുവെന്നു നീ
പറയണം. അങ്ങനെ നീ മൂലം എൻെറ
പ്രാണൻ ജീവിച്ചിരിക്കട്ടെ.
അബ്രാം മെസ്രേനിൽ പ്രവേശിച്ചപ്പോൾ 14
സ്ത്രീ അതിസുന്ദരിയാകുന്നുവെന്നു മെസ്രേ
ന്യർ കണ്ടു; ഫറഓൻെറ പ്രഭുക്കന്മാർ 15
അവളെ കണ്ട് ഫറഓൻെറ സന്നിധിയിൽ
അവളെ പ്രശംസിച്ചു. സ്ത്രീ ഫറഓൻെറ 16
ഭവനത്തിലേക്കു കൊണ്ടുപോകപ്പെട്ടു.
അവൾ നിമിത്തം അവൻ അബ്രാമിനു നന്മ
ചെയ്തു. അവനു ആടുകളും കാളകളും
ആൺകഴുതകളും ദാസന്മാരും ദാസിമാരും
പെൺകഴുതകളും ഒട്ടകങ്ങളും ഉണ്ടായി.
അബ്രാമിൻെറ ഭാര്യ സാറാ നിമിത്തം 17
കർത്താവു ഫറഓനെയും അവൻെറ
കുടുംബാംഗങ്ങളെയും മഹാരോഗങ്ങളാൽ
ശിക്ഷിച്ചു. ഫറഓൻ അബ്രാമിനെ വിളിച്ച് 18
അവനോട്: നീ ഞങ്ങളോട് ഇങ്ങനെ
ചെയ്തത് എന്ത്? അവൾ നിൻെറ ഭാര്യയാ
കുന്നുവെന്ന് നീ എനിക്കു വെളിപ്പെടുത്താ
തിരുന്നത് എന്തുകൊണ്ട്? ഇവൾ എൻെറ 19
സഹോദരി എന്നു നീ പറഞ്ഞത് എന്തിന്?
ഞാൻ അവളെ ഭാര്യയായി എടുത്തുവല്ലോ.
ഇപ്പോൾ, ഇതാ, നിൻെറ ഭാര്യ. അവളെ
കൂട്ടിക്കൊണ്ടു പോക, എന്നു പറഞ്ഞു.
ഫറഓൻ അവനെക്കുറിച്ച് തൻെറ ആളുക 20
ളോടു കല്പിക്കുകയും, അവനെയും അവ
ൻെറ ഭാര്യയെയും അവനുള്ള സകലവു
മായി പറഞ്ഞയയ്ക്കുകയുംചെയ്തു.

അദ്ധ്യായം 13

അബ്രാമും അവൻെറ ഭാര്യയും അവനു 1
ള്ള സകലവും, അവനോടൊപ്പം ലോത്തും;
മെസ്രേനിൽനിന്ന് തെക്കേ ദേശത്തേക്കു
പോയി. ആടുമാടുകളിലും സ്വർണ്ണത്തിലും 2
വെള്ളിയിലും അബ്രാം മഹാധനികനാ
യിരുന്നു. തെക്കേ ദേശത്തുനിന്ന് അബ്രാം 3
യാത്ര ചെയ്തു ബേഥേൽവരെ ചെന്നു. താൻ 4

മുമ്പു കൂടാരം അടിച്ചിരുന്നതും, ബേഥേ
ലിനും 'ആയി'ക്കും ഇടയിൽ താൻ മുമ്പു
ബലിപീഠം പണിതിരുന്നതുമായ സ്ഥലത്തു
തന്നെ അവിടെ അബ്രാം കർത്താവിൻെറ
5 നാമത്തിൽ വിളിച്ചപേക്ഷിച്ചു. അബ്രാമിനോ
ടുകൂടെ പോയിരുന്ന ലോത്തിനും വളരെ
യധികം ആടുകളും കാളകളും കൂടാരങ്ങളും
6 ഉണ്ടായിരുന്നു. അവർ ഒരുമിച്ചു പാർക്കത്ത
ക്കവണ്ണം ആ ദേശത്തിന് അവരെ പോറ്റി
ക്കൂടായിരുന്നു. എന്തെന്നാൽ അവർക്കു
ഒന്നിച്ചു പാർക്കാൻ കഴിയാത്തവണ്ണം അവ
രുടെ ആടുമാടുകൾ അത്ര വളരെ ആയി
7 രുന്നു. അബ്രാമിൻെറ ആട്ടിടയന്മാരും
ലോത്തിൻെറ ആട്ടിടയന്മാരും തമ്മിൽ
ശണ്ഠയുണ്ടായി. അക്കാലത്ത് കനാന്യരും
പെരിസ്യരും ദേശത്തു പാർത്തിരുന്നു.
8 അബ്രാം ലോത്തിനോടു പറഞ്ഞത്: ഞാനും
നീയും തമ്മിലോ, എൻെറ ഇടയന്മാരും
നിൻെറ ഇടയന്മാരും തമ്മിലോ ശണ്ഠ
യുണ്ടാകരുത്. എന്തെന്നാൽ നാം സഹോ
9 ദരങ്ങളാണ്. ഇതാ, ദേശം മുഴുവൻ നിൻെറ
മുമ്പിൽ ഉണ്ട്. എന്നെ പിരിഞ്ഞു പോകുക.
നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട്;
നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട്
10 (പൊയ്ക്കൊള്ളാം). ലോത്ത് കണ്ണുയർത്തി,
യോർദ്ദാൻ പ്രദേശം എല്ലാം നീരോട്ടമു
ള്ളതെന്നു കണ്ടു. ദൈവം സോദോമും
ആമൂറയും നശിപ്പിക്കുന്നതിനുമുമ്പ് ആ
പ്രദേശം ദൈവത്തിൻെറ പറുദീസാ
(തോട്ടം) പോലെയും സോവാൻെറ പ്രവേ
ശനത്തിങ്കലെ മെസ്രേൻ ദേശംപോലെയും
11 ആയിരുന്നു. ലോത്ത് യോർദ്ദാൻ പ്രദേശ
മെല്ലാം തെരഞ്ഞെടുത്തു. ലോത്ത്
12 കിഴക്കോട്ടു യാത്രയായി. ആ സഹോദര
ങ്ങൾ തമ്മിൽ പിരിഞ്ഞു. അബ്രാം കനാൻ
ദേശത്തു പാർത്തു. ലോത്ത് താഴ്വരയിലെ
പട്ടണങ്ങളിൽ പാർത്തുകൊണ്ട് സോദോം
13 വരെ കൂടാരമടിച്ചു. സോദോമിലെ ജന
ങ്ങൾ ദൈവമുമ്പാകെ ദുഷ്ടന്മാരും മഹാ
പാപികളുമായിരുന്നു.
14 ലോത്ത് തൻെറ അടുക്കൽനിന്നു പിരി
ഞ്ഞ ശേഷം കർത്താവ് അബ്രാമിനോടു പറ
ഞ്ഞത്: നീ നിൽക്കുന്നിടത്തുനിന്നു നിൻെറ
ദൃഷ്ടികൾ ഉയർത്തി വടക്കോട്ടും തെ
ക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോ
15 ക്കുക. നീ കാണുന്ന ഭൂമിയെല്ലാം ഞാൻ
നിനക്കും നിൻെറ സന്തതിക്കും എന്നേക്കു
16 മായി തരും. ഞാൻ നിൻെറ സന്തതിയെ
ഭൂമിയിലെ പൊടിപോലെ ആക്കും. ഭൂമി
യിലെ പൊടിയെ എണ്ണാൻ കഴിയുമെങ്കിൽ
നിൻെറ സന്തതിയെയും എണ്ണുവാൻ കഴി
യും. എഴുന്നേറ്റ് ദേശത്തു നെടുകെയും 17
കുറുകെയും നടക്കുക. എന്തെന്നാൽ അതു
ഞാൻ നിനക്കു തരും.
അബ്രാം ഹെബ്രോനിൽ അമോര്യനായ 18
മമ്രേയുടെ സമതലങ്ങളിൽ ചെന്നു
പാർത്തു. അവിടെ അവൻ കർത്താവിനു
ഒരു ബലിപീഠം പണിതു.

അദ്ധ്യായം 14

സെനഗാർ രാജാവായ ഓമർഫേൽ, 1
ദാലാസാർ രാജാവായ അറിയൂക്, ഈലാം
രാജാവായ കർദ്ലാമാർ, ഗേലോയോ
രാജാവായ തൊറയീൽ എന്നിവരുടെ കാല
ത്ത്, അവർ സോദോം രാജാവായ ബോറാ, 2
ആമൂറാ രാജാവായ ബർശാ, ഓദോമോ
രാജാവായ ശേനാബ്, സ്ബുയീം രാജാവായ
ശ്മേയീർ, ബോലാ—അതായത്, സോ
വാർ-രാജാവ് എന്നിവരുമായി യുദ്ധം ചെയ്തു.
ഇവരെല്ലാവരും സോദോമിൻെറ താഴ്വര 3
യിൽ —ഇന്നത്തെ ഉപ്പുകടൽ — ഒന്നിച്ചു
കൂടി പന്ത്രണ്ടു വർഷം അവർ കർദ്ലാമാ 4
റിനെ സേവിച്ചിരുന്നു. പതിമ്മൂന്നാം വർഷ 5
ത്തിൽ അവർ മത്സരിച്ചു. പതിന്നാലാം
വർഷത്തിൽ കർദ്ലാമാർ തന്നോടുകൂടെ
യുള്ള രാജാക്കന്മാരുമായി വന്ന് എസ്ത
റൂത് കുർനയീമിലെ ബലശാലികളായ മല്ല
ന്മാരെയും ശാവോ കുർയാനീമിലെ എമി
നേന്മാരെയും സോയീർ മലകളിലെ ഹോ
ര്യരെയും ആക്രമിച്ചു; മരുഭൂമിയിലെ 6
പാറാൻെറ അതിർവരെ ഓടിച്ചു. പിന്നെ 7
അവർ തിരിഞ്ഞുവന്ന് റ്ക്കാം എന്ന
ഇൻഗാദിൽ വന്നു. അമാലേക്യരുടെ സർവ്വ
പ്രമാണികളെയും ഇൻഗാദിൽ കുടിയിരുന്ന
അമോരിയരെയും നശിപ്പിച്ചു.
സോദോം രാജാവ്, ആമൂറാ രാജാവ്, 8
ഓദോമോ രാജാവ്, സ്ബുയീം രാജാവ്,
സോവാർ എന്ന ബോലായുടെ രാജാവ്
ഇവരെല്ലാവരും; ഈലാം രാജാവായ 9
കർദ്ലാമാർ, ഗേലോയോ രാജാവായ
തൊറയീൽ, സെനഗാർ രാജാവായ ഓമർ
ഫേൽ, ദാലാസാർ രാജാവായ അറിയൂക്
എന്നിവരുമായി—നാലു രാജാക്കന്മാർ
അഞ്ചു രാജാക്കന്മാരോട്—സോദോമിൻെറ
താഴ്വരയിൽവച്ച് യുദ്ധം ചെയ്തു. സോദോ 10
മിൻെറ താഴ്വരയിൽ ധാരാളം കുമ്മായ
ക്കുഴികളുണ്ടായിരുന്നു. സോദോം രാജാവും
ആമൂറാ രാജാവും തോറ്റോടി അവിടെ
വീഴുകയും ശേഷിച്ചവർ പർവ്വതത്തിലേക്കു
പലായനം ചെയ്യുകയും ചെയ്തു. സോദോ 11

മിലെയും ആമൂറായിലെയും സർവ്വ സമ്പ
ത്തും ഭക്ഷണസാധനങ്ങളും കൊള്ള ചെയ്തു
12 കൊണ്ടുപോയി. അബ്രാമിൻെറ സഹോദര
പുത്രനും സോദോമിൽ പാർത്തിരുന്നവനു
മായ ലോത്തിനെയും അവൻെറ സർവ്വസമ്പ
ത്തും അവർ എടുത്തുകൊണ്ടുപോയി.
13 രക്ഷപെട്ടവരിൽ ഒരുവൻ എബ്രായനായ
അബ്രാമിനെ വിവരം അറിയിച്ചു. ഓനീർ,
ഒശ്ക്കൂൽ എന്നിവരുടെ സഹോദരനായി
അമോര്യനായ മമ്രേയുടെ സമതലത്താണ്
അവൻ താമസിച്ചിരുന്നത്. അവർ അബ്രാ
മുമായി സഖ്യത്തിലായിരുന്നു. തൻെറ
14 സഹോദരപുത്രൻ ബന്ധനസ്ഥനായി
എന്നു കേട്ടപ്പോൾ തൻെറ വീട്ടിൽ പിറന്ന
വരും പരിശീലനം ലഭിച്ചവരുമായി
മുന്നൂറ്റിപ്പതിനെട്ടു യോദ്ധാക്കളുമായി
15 ദാൻവരെ അവരെ പിന്തുടർന്നു. അബ്രാം
രാത്രിയിൽ തൻെറ ദാസന്മാരെ വിഭാഗിച്ചു;
അവനും ദാസന്മാരും അവരെ ആക്രമിച്ച്
ദമസ്കോസിൻെറ ഇടത്തുവശത്തുള്ള
16 ഹോബാവരെ അവരെ തുരത്തി. സകല
സമ്പത്തും അവൻ വീണ്ടെടുത്തു. അവൻെറ
സഹോദരപുത്രനായ ലോത്തിനെയും
അവൻെറ സകല സമ്പത്തും സ്ത്രീകളെയും
ജനത്തെയും അവൻ തിരികെ കൊണ്ടു
17 വന്നു. കർദ്ലാമാറിനെയും അവനോടു
കൂടെയുണ്ടായിരുന്ന രാജാക്കന്മാരെയും
തോല്പിച്ചിട്ട് അവൻ മടങ്ങിവരുമ്പോൾ
സോദോം രാജാവ്, രാജാക്കന്മാരുടെ താഴ്വ
രയായ ശോവേ താഴ്വരയിൽ അവനെ
എതിരേല്പാൻ വന്നു.
18 ശാലേം രാജാവായ മൽക്കീസദേക്
അപ്പവും വീഞ്ഞുമായി പുറപ്പെട്ടുവന്നു.
അവൻ അത്യുന്നതനായ ദൈവത്തിൻെറ
19 പുരോഹിതനുമായിരുന്നു. അവൻ അവനെ
അനുഗ്രഹിച്ചു പറഞ്ഞത്: ആകാശവും
ഭൂമിയും നിർമിച്ച അത്യുന്നത ദൈവത്താൽ
20 അബ്രാം അനുഗ്രഹിക്കപ്പെട്ടവൻ; നിൻെറ
ശത്രുക്കളെ നിൻെറ കൈകളിൽ ഏല്പിച്ചു
തന്ന അത്യുന്നത ദൈവം വാഴ്ത്തപ്പെട്ടവൻ.
അബ്രാം സകലത്തിൻെറയും ദശാംശം
21 അവനു കൊടുത്തു. സോദോം രാജാവ്
അബ്രാമിനോട്: ആളുകളെ എനിക്കു തരിക;
സമ്പത്തു നീ എടുത്തുകൊൾക എന്നു
22 പറഞ്ഞു. അബ്രാം സോദോം രാജാവിനോട്:
ആകാശവും ഭൂമിയും നിർമ്മിച്ച അത്യുന്നത
ദൈവത്തിങ്കലേക്ക് ഞാൻ കൈ ഉയർത്തി
യിരിക്കുന്നു; ഞാൻ അബ്രാമിനെ
ധനികനാക്കി എന്നു നീ പറയാതിരിക്കേ
ണ്ടതിനായി, നിനക്കുള്ളതിൽനിന്ന് ഒരു
ചരടോ ഒരു ചെരിപ്പുവാറോ പോലും ഞാൻ
എടുക്കുകയില്ല, എന്നു പറഞ്ഞു. യോദ്ധാ 23
ക്കൾ ഭക്ഷിച്ചുപോയതും, എന്നോടൊപ്പം
വന്ന പുരുഷന്മാരായ ഓനേർ, ഒശ്ക്കേൽ,
മമ്രേ എന്നിവരുടെ ഓഹരിയും ഒഴികെ
(ഒന്നും എനിക്കു വേണ്ടാ); അവരുടെ
ഓഹരി അവർ എടുത്തുകൊള്ളട്ടെ.

അദ്ധ്യായം 15

ഈ കാര്യങ്ങൾക്കുശേഷം അബ്രാമിനു 1
ദർശനത്തിൽ കർത്താവിൻെറ അരുളപ്പാടു
ണ്ടായി. കർത്താവ് അവനോടു പറഞ്ഞു:
അബ്രാമേ ഭയപ്പെടേണ്ടാ; ഞാൻ നിന്നെ
സഹായിക്കും. നിൻെറ പ്രതിഫലം വളരെ
ഏറെ ആയിരിക്കും. അബ്രാം ചോദിച്ചു: 2
ദൈവമായ കർത്താവേ, നീ എനിക്ക് എന്താ
ണു തരുന്നത്? ഞാൻ മക്കളില്ലാത്തവനായി
പ്പോയല്ലോ. എൻെറ ഭവനത്തിലുള്ള ദമ
സ്കോസുകാരൻ എലിയാസാർ ആണല്ലോ
എൻെറ അനന്തരാവകാശി. നീ എനിക്കു 3
മകനെ തന്നിട്ടില്ല. ഇതാ, എൻെറ ഭവന
ത്തിൽ ജനിച്ച ഒരുവൻ എൻെറ അനന്തരാവ
കാശിയാകുന്നു എന്ന് അബ്രാം പറഞ്ഞു.
കർത്താവ് അവനോട്: ഇവൻ നിൻെറ അവ 4
കാശി ആകുകയില്ല. എന്നാലോ നിൻെറ
കടിപ്രദേശത്തുനിന്നു പുറപ്പെടുന്ന നിൻെറ
പുത്രൻതന്നെ നിൻെറ അവകാശി ആകും.
പുറത്തേക്കിറങ്ങി വരിക. ആകാശത്തേക്കു 5
നോക്കുക. നക്ഷത്രങ്ങളെ എണ്ണാൻ നിന
ക്കു കഴിയുമെങ്കിൽ എണ്ണുക. നിൻെറ
സന്തതി ഇപ്രകാരം ആകും എന്നു പറഞ്ഞു.
അബ്രാം ദൈവത്തിൽ വിശ്വസിച്ചു. അത് 6
അവനു നീതിയായി കണക്കാക്കപ്പെട്ടു.
അവൻ പറഞ്ഞു: ഈ ദേശം നിനക്ക് അവ 7
കാശമായി തരുവാൻ നിന്നെ കൽദയരുടെ
ഊരിൽനിന്നു പുറപ്പെടുവിച്ച കർത്താവു
ഞാൻ ആകുന്നു. "ഞാൻ അത് അവകാശ 8
മാക്കുമെന്നു ഞാൻ എന്തിനാൽ അറിയും?"
എന്നു അബ്രാം ചോദിച്ചു. മൂന്നു വയസ്സുള്ള 9
ഒരു പശുക്കിടാവിനെയും മൂന്നു വയസ്സുള്ള
ഒരു പെണ്ണാടിനെയും മൂന്നു വയസ്സുള്ള ഒരു
മുട്ടാടിനെയും ഒരു ചെങ്ങാലിയെയും ഒരു
പ്രാവിൻകുഞ്ഞിനെയും എടുക്കുക എന്ന്
അവൻ പറഞ്ഞു. അവയെല്ലാം അവൻ 10
എടുത്തു. അവൻ അവയെ നേരെ പിളർന്ന്
പിളർപ്പുകൾ നേർക്കുനേരേ വച്ചു. പക്ഷി
കളെ അവൻ പിളർന്നില്ല. മാംസം റാഞ്ചാൻ 11
പക്ഷികൾ ഇറങ്ങിവന്നുകൊണ്ടിരുന്നു.
അബ്രാം അവയെ ആട്ടി ഓടിച്ചു. സൂര്യൻ 12
അസ്തമിക്കാറായപ്പോൾ അബ്രാമിന്മേൽ

ഒരു നിദ്ര വീണു; ഭീതിയും വലിയ അന്ധ
13 കാരവും അവൻെറ മേൽ പതിച്ചു. അബ്രാ
മിനോട് അരുളിച്ചെയ്തത്: നിൻെറ സന്തതി
തങ്ങളുടേതല്ലാത്ത ദേശത്ത് പരദേശ
വാസം ചെയ്യുമെന്നും അവരെ സേവിക്കു
മെന്നും നാനൂറു വർഷം അടിമകളായിരി
14 ക്കുമെന്നും തീർച്ചയായി അറിഞ്ഞു
കൊള്ളുക. അവർ സേവിക്കുന്ന ജാതിയെ
യും ഞാൻ ന്യായം വിധിക്കും. പിന്നീട് അവർ
15 മഹാസമ്പത്തോടുകൂടെ തിരിച്ചു വരും.
നീയോ, നല്ല വാർദ്ധക്യത്തിൽ, സമാധാന
ത്തോടെ, നിൻെറ പിതാക്കന്മാരോടു
ചേർക്കപ്പെടുകയും, കബറടക്കപ്പെടുകയും
16 ചെയ്യും. നാലാം തലമുറ ഇവിടേക്കു മടങ്ങി
വരും. എന്തെന്നാൽ ആമൂറായക്കാരുടെ
അതിക്രമം ഇനിയും പൂർത്തിയായിട്ടില്ല.
17 സൂര്യൻ അസ്തമിക്കുകയും ഇരുട്ടാകു
കയും ചെയ്തപ്പോൾ, ഇതാ, പുകയുന്ന ഒരു
തീച്ചട്ടിയും കത്തുന്ന ഒരു തീപ്പന്തവും ആ
ഭാഗങ്ങളുടെ ഇടയിൽ കൂടെ കടന്നുപോയി.
18 ആ ദിവസത്തിൽ കർത്താവ് അബ്രാമി
നോട് ഉടമ്പടി ചെയ്തു പറഞ്ഞു: മെസ്രേൻ
തോടു മുതൽ മഹാനദിയായ യൂഫ്രട്ടീസ്
വരെ ഈ ദേശം ഞാൻ നിൻെറ സന്തതിക്കു
19 കൊടുക്കുന്നു. കീന്യരുടെയും കെനിസ്യരു
ടെയും കദ്മോന്യരുടെയും ഹിത്യരുടെയും
റെഫെയ്മ്യരുടെയും പരിസ്യരുടെയും
ആമൂറായക്കാരുടെയും കനാന്യരുടെയും
ഗെർഗസ്യരുടെയും യബൂസ്യരുടെയും
ദേശംതന്നെ.

അദ്ധ്യായം 16

1 അബ്രാമിൻെറ ഭാര്യ സാറായി പ്രസവി
ച്ചിരുന്നില്ല. അവൾക്കു ഹാഗാർ എന്നു
പേരുള്ള ഒരു മെസ്രേൻകാരി ദാസി ഉണ്ടായി
2 രുന്നു. സാറായി അബ്രാമിനോടു പറഞ്ഞു:
ഇതാ, കർത്താവ് എനിക്കു പ്രസവം
വിരോധിച്ചിരിക്കുന്നു. എൻെറ ദാസിയുടെ
അടുത്ത് ചെല്ലുക. ഒരു വേള, അവളാൽ
എനിക്ക് ആശ്വാസം ഉണ്ടാകുമായിരിക്കും.
3 അബ്രാം സാറായിയുടെ വാക്ക് അനുസ
രിച്ചു. അബ്രാം കനാനിൽ പത്തു വർഷം
താമസിച്ചു കഴിഞ്ഞപ്പോൾ അവൻെറ
ഭാര്യയായ സാറായി തൻെറ മെസ്രേന്യ
ദാസി ഹാഗാറിനെ കൂട്ടിക്കൊണ്ടുവന്ന്
അവളെ തൻെറ ഭർത്താവായ അബ്രാമിനു
4 ഭാര്യയായി കൊടുത്തു. അവൻ ഹാഗാ
റിൻെറ അടുത്തു ചെന്നു, അവൾ ഗർഭി
ണിയായി. താൻ ഗർഭിണിയാണ് എന്ന്
അവൾ കണ്ടപ്പോൾ അവളുടെ കണ്ണുകളിൽ
തൻെറ യജമാനസ്ത്രീ നിസ്സാരയായി. 5
സാറായി അബ്രാമിനോടു: എന്നോടുള്ള
ഈ വഞ്ചന നിൻെറ മേൽ—എൻെറ
ദാസിയെ നിൻെറ മാറിലേക്കു ഞാൻ തന്നു.
അവൾ ഗർഭിണിയായെന്നു കണ്ടപ്പോൾ
അവളുടെ കണ്ണുകളിൽ ഞാൻ നിസ്സാര—
എനിക്കും നിനക്കും ഇടയിൽ കർത്താവു
ന്യായം വിധിക്കട്ടെ, എന്നു പറഞ്ഞു.
അബ്രാം തൻെറ ഭാര്യ സാറായിയോട്: ഇതാ, 6
നിൻെറ ദാസിയെ നിൻെറ കൈകളിൽ
ഏല്പിക്കുന്നു. നിൻെറ നോട്ടത്തിൽ നല്ലത്
എന്തോ, അത് അവളോടു ചെയ്തു
കൊള്ളുക എന്നു പറഞ്ഞു. അവളുടെ
യജമാനസ്ത്രീ സാറായി അവളോടു
ക്രൂരമായി പെരുമാറി. അവൾ അവളുടെ
മുമ്പിൽനിന്ന് ഓടിപ്പോകുകയും ചെയ്തു.
ഗദാറിലേക്കുള്ള വഴിയിൽ മരുഭൂമിയിലെ 7
നീരുറവിങ്കൽ കർത്താവിൻെറ മാലാഖ
അവളെ കണ്ടെത്തി. അവൻ അവളോട്: 8
സാറായിയുടെ ദാസി ഹാഗാറേ, നീ എവിടെ
നിന്നു വരുന്നു? എവിടേക്കു പോകുന്നു
എന്നു ചോദിച്ചു. ഞാൻ എൻെറ യജ
മാനസ്ത്രീയായ സാറായിയുടെ മുമ്പിൽ
നിന്ന് ഓടിപ്പോകുന്നു എന്ന് അവൾ
പറഞ്ഞു. കർത്താവിൻെറ മാലാഖ അവ 9
ളോട്: നിൻെറ യജമാനസ്ത്രീയുടെ അടു
ക്കലേക്കു മടങ്ങിപ്പോയി അവളുടെ കൈ
ക്കീഴെ കീഴടങ്ങിയിരിക്കുക എന്നു പറഞ്ഞു.
കർത്താവിൻെറ മാലാഖ അവളോട്: 10
ബാഹുല്യം നിമിത്തം എണ്ണാൻ വയ്യാത്ത
വിധം നിൻെറ സന്തതിയെ വളരെ വർദ്ധി
പ്പിക്കും എന്നു പറഞ്ഞു. കർത്താവിൻെറ 11
മാലാഖ അവളോടു തുടർന്നു പറഞ്ഞു: നീ
ഗർഭിണിയല്ലോ. നീ ഒരു പുത്രനെ
പ്രസവിക്കും. അവന് ഇശ്മായേൽ എന്നു
പേരു വിളിക്കണം; എന്തെന്നാൽ ദൈവം
നിൻെറ സങ്കടം കേട്ടിരിക്കുന്നു. അവൻ 12
മനുഷ്യരിലെ ഒരു കാട്ടുകഴുതയായിരിക്കും.
അവൻെറ കൈ എല്ലാവരുടെയും മേലും,
എല്ലാവരുടെയും കൈ അവൻെറ മേലും
ആയിരിക്കും. തൻെറ സഹോദരന്മാരുടെ
അതിർത്തിയിൽ അവൻ പാർക്കും. അവ 13
ളോടു സംസാരിച്ചവനായ കർത്താവിൻെറ
നാമം വിളിച്ചു അവൾ പറഞ്ഞു: ദൈവമേ
ഞാൻ നിന്നെ കാണുന്നു. എന്നെ കാണുന്ന
വനായ ദൈവത്തെ ഞാനും ഇവിടെവച്ചു
കണ്ടു. അതുകൊണ്ട് ആ നീരുറവയ്ക്കു 14
ബീറോ ദ്ഹായേ ഹ്സോൻ എന്നു പേരു
വിളിച്ചു. അതു ബെസ്റ്ക്കേമിനും ഗോദാ
റിനും ഇടയ്ക്കാകുന്നു. ഹാഗാർ അബ്രാ 15

മിനു ഒരു പുത്രനെ പ്രസവിച്ചു. ഹാഗാർ
പ്രസവിച്ചു തനിക്കു ജാതനായ തൻെറ
മകന് ഇശ്മായേൽ എന്നു അബ്രാം പേരു
6 വിളിച്ചു. ഹാഗാർ അബ്രാമിന് ഇശ്മാ
യേലിനെ പ്രസവിച്ചപ്പോൾ അബ്രാമിനു
എൺപത്താറു വയസ്സ് ഉണ്ടായിരുന്നു.

അദ്ധ്യായം 17

1 അബ്രാമിനു വാഗ്ദത്തം: അബ്രാമിനു
തൊണ്ണൂററിയൊൻപതു വയസ്സായപ്പോൾ
കർത്താവ് അവനു വെളിപ്പെട്ട് അവനോടു
പറഞ്ഞു: ഞാൻ സർവ്വശക്തനായ ദൈവ
മാകുന്നു. എൻെറ മുമ്പാകെ പ്രസാദമുള്ള
2 വനായി കുററമററവനായിരിക്കുക. എനി
ക്കും നിനക്കും മദ്ധ്യേ ഞാൻ എൻെറ ഉട
മ്പടി നൽകും. നിന്നെ ഞാൻ നന്നായി
3 വർദ്ധിപ്പിക്കും. അപ്പോൾ അബ്രാം കവിണു
വീണു. ദൈവം അവനോടു സംസാരിച്ചു
4 പറഞ്ഞത്: ഇതാ, ഞാൻ നീയുമായി
എൻെറ ഉടമ്പടി സ്ഥാപിക്കുന്നു. നീ
അനേക ജാതികളുടെ പിതാവായിത്തീരും.
5 ഇനിയും നിൻെറ പേരു വിളിക്കപ്പെടേണ്ടത്
അബ്രാം എന്നല്ല. എന്നാലോ നിൻെറ പേര്
അബ്രഹാം എന്നായിരിക്കും. എന്തെന്നാൽ
ഞാൻ നിന്നെ ബഹുജാതികൾക്കു പിതാ
6 വാക്കിയിരിക്കുന്നു. ഞാൻ നിന്നെ പുഷ്ടി
പ്പെടുത്തി നന്നായി വർദ്ധിപ്പിക്കും. ഞാൻ
നിനക്കു ജാതികളെ നൽകും. നിൻെറ കടി
പ്രദേശത്തുനിന്നു രാജാക്കന്മാരും ഉത്ഭവി
7 ക്കും. ഞാനും നീയും തമ്മിലും, നിൻെറ
ശേഷം നിൻെറ സന്തതിക്ക് തലമുറകളായി
ശാശ്വത നിയമമായി എൻെറ ഉടമ്പടി ഞാൻ
സ്ഥാപിക്കും. അങ്ങനെ ഞാൻ നിനക്കും
നിൻെറ ശേഷം നിൻെറ സന്തതിക്കും ദൈവ
8 മായിരിക്കും. നീ പാർക്കുന്ന ഈ ദേശം
കനാൻ ദേശം മുഴുവനും തന്നെ, നിനക്കും
നിൻെറ ശേഷം നിൻെറ സന്തതിക്കും നിത്യാ
വകാശമായി ഞാൻ തരികയും, അവർക്കു
ഞാൻ ദൈവമായിരിക്കുകയും ചെയ്യും.
9 ദൈവം അബ്രഹാമിനോടു പറഞ്ഞത്:
നീ എൻെറ ഉടമ്പടി പാലിക്കണം; നീയും,
നിൻെറ ശേഷം തലമുറകളായി നിൻെറ
10 സന്തതിയും പാലിക്കണം. നീയും, നിൻെറ
ശേഷം നിൻെറ സന്തതിയും പാലിക്കേണ്ട
എൻെറ ഉടമ്പടി ഇതാകുന്നു: ആൺകുഞ്ഞു
11 ങ്ങളെല്ലാം പരിച്ഛേദന ഏൽക്കണം. നിങ്ങ
ളുടെ അഗ്രചർമ്മം പരിച്ഛേദന ചെയ്യണം.
ഇത് ഞാനും നിങ്ങളും തമ്മിലുള്ള ഉടമ്പടി
12 യുടെ അടയാളം ആയിരിക്കട്ടെ. എല്ലാ
തലമുറയിലും, നിങ്ങളുടെ ഇടയിലുള്ള
ആൺകുഞ്ഞെല്ലാം എട്ടു ദിവസം പ്രായമാ
കുമ്പോൾ പരിച്ഛേദന ഏല്ക്കണം.
വീട്ടിൽ പിറന്നവനായാലും, നിൻെറ സന്തതി 13
യിൽ നിന്നുള്ളവനല്ലാതെ അന്യരിൽനിന്നു
വിലയ്ക്കു വാങ്ങിയവനായാലും, വീട്ടിൽ
പിറന്നവനും വിലയ്ക്കു വാങ്ങിയവനും
പരിച്ഛേദന ഏററേ മതിയാകൂ. നിത്യ
ഉടമ്പടിയായി, എൻെറ ഉടമ്പടി നിങ്ങളുടെ
ശരീരത്തിൽ ശാശ്വത ഉടമ്പടി ആയിരി
ക്കട്ടെ. തൻെറ അഗ്രചർമ്മം പരിച്ഛേദന 14
ചെയ്യാത്ത അഗ്രചർമ്മിയായ പുരുഷനെ
അവൻെറ ജനത്തിൽനിന്നു ഛേദിച്ചുകള
യണം; അവൻ എൻെറ ഉടമ്പടി ലംഘിച്ചി
രിക്കുന്നു.
ദൈവം അബ്രഹാമിനോടു പറഞ്ഞത്: 15
നിൻെറ ഭാര്യ സാറായിയെ സാറായി എന്നു
പേരു വിളിക്കരുത്. എന്തെന്നാൽ അവളുടെ
പേര് സാറാ എന്നത്രേ. ഞാൻ അവളെ 16
അനുഗ്രഹിച്ച് അവളിൽനിന്നു നിനക്ക് ഒരു
പുത്രനെ തരും. ഞാൻ അവനെ അനുഗ്ര
ഹിക്കും. അവനിൽ നിന്നു ജനതകളും
ജനതകളുടെ രാജാക്കന്മാരും ഉണ്ടാകും.
അബ്രഹാം കവിണുവീണു ചിരിച്ചു. നൂറു 17
വയസ്സ് ആയവനു പുത്രൻ ജനിക്കുമോ?
അല്ല, തൊണ്ണൂറു വയസ്സുള്ള സാറാ പ്രസ
വിക്കുമോ? എന്ന് അവൻ മനസ്സിൽ പറഞ്ഞു.
അബ്രഹാം ദൈവത്തോട്: ഇശ്മായേൽ 18
നിൻെറ മുമ്പാകെ ജീവിച്ചിരുന്നാൽ മതി
എന്നു പറഞ്ഞു.
ദൈവം അബ്രഹാമിനോടു പറഞ്ഞത്: 19
യഥാർത്ഥമായി നിൻെറ ഭാര്യ സാറാ നിന
ക്ക് ഒരു മകനെ പ്രസവിക്കും. നീ അവന്
ഇസഹാക്ക് എന്നു പേരു വിളിക്കണം.
അവനുമായും അവൻെറ ശേഷം അവൻെറ
സന്തതിയുമായും ഞാൻ ശാശ്വത ഉടമ്പടി
യായി എൻെറ ഉടമ്പടി നിലനിർത്തും.
ഇശ്മായേലിനെക്കുറിച്ചു നിന്നെ ഞാൻ 20
ചെവിക്കൊണ്ടിരിക്കുന്നു. ഇതാ, അവനെ
ഞാൻ അനുഗ്രഹിച്ച് നന്നായി വർദ്ധിച്ചു
പെരുകുമാറാക്കും. അവൻ പന്ത്രണ്ടു പ്രഭു
ക്കന്മാരെ ജനിപ്പിക്കും. ഞാൻ അവനെ ഒരു
വലിയ ജനതയാക്കും. എൻെറ ഉടമ്പടി 21
നിലനിർത്തുന്നത് അടുത്തവർഷം ഈ
സമയത്ത് നിൻെറ ഭാര്യ സാറാ നിനക്കു
പ്രസവിക്കുന്ന ഇസഹാക്കുമായിട്ടായി
രിക്കും. ദൈവം അബ്രഹാമുമായി സംസാ 22
രിച്ചു തീർന്നപ്പോൾ താൻ അവൻെറ
അടുത്തുനിന്നു കരേറിപ്പോയി. അന്നുത 23
ന്നെ അബ്രഹാം തൻെറ പുത്രൻ ഇശ്മാ
യേലിനെയും, തൻെറ വീട്ടിൽ പിറന്നവരും

വിലയ്ക്കു വാങ്ങിയവരുമായി തന്റെ
ഭവനത്തിലുള്ള സകല ആണുങ്ങളെയും
കൂട്ടിക്കൊണ്ടുപോയി, ദൈവം തന്നോടു
പറഞ്ഞതുപോലെ, അവരുടെ അഗ്രചർമ്മം
24 പരിച്ഛേദന ചെയ്തു. അബ്രഹാം പരി
ച്ഛേദന ഏററപ്പോൾ അവനു തൊണ്ണൂ
25 ററൊമ്പതു വയസ്സായിരുന്നു. അവന്റെ
പുത്രൻ ഇശ്മായേൽ പരിച്ഛേദന ഏററ
പ്പോൾ അവൻ പതിമ്മൂന്നു വയസ്സുള്ളവൻ
26 ആയിരുന്നു. ആ ദിവസംതന്നെ അബ്രഹാ
മും അവന്റെ പുത്രൻ ഇശ്മായേലും
27 പരിച്ഛേദന ഏററു. അവന്റെ വീട്ടിൽ
പിറന്നവരും വിലയ്ക്കു വാങ്ങിയവരായ
അന്യരും അവനോടൊപ്പം അന്നുതന്നെ
പരിച്ഛേദന ഏററു.

അദ്ധ്യായം 18

1 മമ്രേയുടെ മരക്കൂട്ടത്തിൽവച്ച് വീണ്ടും
ദൈവം അവനു വെളിപ്പെട്ടു. വെയിലുറച്ച
പ്പോൾ അവൻ കൂടാരവാതിൽക്കൽ ഇരിക്കു
2 കയായിരുന്നു. അവൻ ദൃഷ്ടികൾ ഉയർത്തി.
ഇതാ, തനിക്കു നേരേ മൂന്നു പുരുഷന്മാർ
നിൽക്കുന്നതു കണ്ടു. അവരെ കണ്ടിട്ട്
അവരെ എതിരേല്പാൻ കൂടാരവാതിൽ
ക്കൽനിന്ന് ഓടിച്ചെന്നു നിലംവരെ വന്ദിച്ചു.
3 അവൻ പറഞ്ഞു: കർത്താവേ, നിന്റെ
ദൃഷ്ടികളിൽ ഞാൻ കരുണ പ്രാപിച്ചെ
ങ്കിൽ, നിന്റെ ദാസനെ കടന്നുപോകരുതേ.
4 ഞാൻ അല്പം വെള്ളം കൊണ്ടുവന്നു
നിങ്ങളുടെ കാലുകൾ കഴുകട്ടെ. മരച്ചുവ
ട്ടിൽ വിശ്രമിച്ചു അപ്പക്കഷണം തിന്ന് മനസ്സു
5 തെളിയട്ടെ. അതിനുശേഷം കടന്നുപോകാ
മല്ലോ, എന്തെന്നാൽ ഇങ്ങനെ നിങ്ങൾ
നിങ്ങളുടെ ദാസന്റെ അടുക്കൽ കടന്നുവ
ന്നുവല്ലോ. നീ പറഞ്ഞതുപോലെ ചെയ്തു
6 കൊൾക എന്നു അവർ പറഞ്ഞു. അബ്രഹാം
തിടുക്കത്തിൽ കൂടാരത്തിലേക്ക് ഓടിച്ചെ
ന്നു സാറായോട്: നീ വേഗത്തിൽ അളവ്
മാവ് കുഴച്ച് അപ്പമുണ്ടാക്കുക, എന്നു പറ
7 ഞ്ഞു. അവൻ കാലിക്കൂട്ടത്തിലേക്ക് ഓടി
ച്ചെന്ന് ഒരു നല്ല കാളക്കിടാവിനെ പിടിച്ച്
ബാല്യക്കാരൻ വശം കൊടുത്ത് അതിനെ
8 പാകം ചെയ്യുവാൻ പറഞ്ഞു. അവൻ
തൈരും പാലും പാകം ചെയ്ത കിടാവി
നെയും അവരുടെ മുമ്പിൽ വച്ചിട്ട് അവരുടെ
മുമ്പിൽ മരച്ചുവട്ടിൽ നിന്നു. അവർ ഭക്ഷിച്ചു.
9 നിന്റെ ഭാര്യ സാറാ എവിടെ? എന്ന് അവർ
ചോദിച്ചു. കൂടാരത്തിൽ ഉണ്ട് എന്ന് അവൻ
10 പറഞ്ഞു. അടുത്തവർഷം ഈ സമയത്ത്
ഞാൻ തീർച്ചയായും നിന്റെ അടുക്കൽ
വരും. അന്ന് നിന്റെ ഭാര്യ സാറായ്ക്ക് ഒരു
പുത്രൻ ഉണ്ടായിരിക്കും എന്ന് അവൻ
പറഞ്ഞു. കൂടാരവാതിൽക്കൽ അവന്റെ
ഒരു വശത്ത് നിന്നുകൊണ്ട് സാറാ അതു
കേട്ടു. അബ്രഹാമും സാറായും വയസ്സു 11
ചെന്നു വൃദ്ധരായിരുന്നു. സ്ത്രീകൾക്കുള്ള
പതിവു സാറായ്ക്കു കഴിഞ്ഞുപോയിരുന്നു.
സാറാ മനസ്സിൽ ചിരിച്ചുകൊണ്ടു,: കിഴവി 12
യായിക്കഴിഞ്ഞ എനിക്ക് യുവത്വം ഉണ്ടാ
കുമോ? എന്റെ നാഥനും വൃദ്ധനായി
രിക്കുന്നു എന്നു പറഞ്ഞു. കർത്താവ് 13
അബ്രഹാമിനോട്: സാറാ ചിരിക്കുകയും
വൃദ്ധയായ ഞാൻ യഥാർത്ഥമായി പ്രസ
വിക്കുമോ എന്നു പറയുകയും ചെയ്തതെ
ന്ത്? കർത്താവിന് ഈ കാര്യം അത്ര വലു 14
താണോ? അടുത്ത ആണ്ടിൽ ഈ സമയ
ത്തു ഞാൻ നിന്റെ അടുക്കൽ വരും. അന്നു
നിന്റെ ഭാര്യ സാറായിക്ക് ഒരു മകൻ ഉണ്ടാ
യിരിക്കും എന്നു പറഞ്ഞു. സാറാ ഭയപ്പെട്ടു 15
പോയതിനാൽ അതു നിഷേധിച്ചുകൊണ്ട്,
ഞാൻ ചിരിച്ചില്ല എന്നു പറഞ്ഞു. അല്ല; നീ
ചിരിച്ചു എന്ന് അവൻ പറഞ്ഞു.

ആ പുരുഷന്മാർ അവിടെനിന്ന് എഴു 16
ന്നേററു സോദോമിനു നേരെ തിരിച്ചു.
അവരെ അനുയാത്ര ചെയ്യുവാൻ അബ്രഹാം
അവരോടുകൂടെ പോയി. ഞാൻ ചെയ്യുന്നത് 17
എന്റെ ദാസനായ അബ്രഹാമിൽനിന്നു
ഞാൻ മറച്ചുവയ്ക്കുമോ? അബ്രഹാം വലി 18
പ്പവും പെരുപ്പവുമുള്ള ജനതയായിത്തീരു
കയും ഭൂമിയിലെ സകല ജനതകളും അവ
നാൽ അനുഗൃഹീതരാകുകയും ചെയ്യുമ
ല്ലൊ. എന്തെന്നാൽ നീതിയും ന്യായവും 19
പ്രവർത്തിപ്പാൻ തക്കവണ്ണം കർത്താവിന്റെ
വഴികൾ ആചരിക്കുവാൻ അവൻ തന്റെ
മക്കളോടും തന്റെ ശേഷമുള്ള തന്റെ
ഭവനക്കാരോടും കല്പിക്കും എന്ന് എനിക്ക്
അറിയാം എന്നു കർത്താവു പറഞ്ഞു.
കർത്താവ് അബ്രഹാമിനെക്കുറിച്ചു പറ
ഞ്ഞിട്ടുള്ളതു നിവർത്തിക്കുകതന്നെ
ചെയ്യും.

ദൈവം അരുളിച്ചെയ്തത്: സോദോമി 20
ന്റെയും ആമൂറായുടെയും നിലവിളി
എന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു.
അവരുടെ പാപം വളരെ ശക്തമായിരിക്കു
ന്നു. ഞാൻ ഇറങ്ങിച്ചെന്ന്, എന്റെ അടുത്ത് 21
എത്തിയിട്ടുള്ള നിലവിളിപോലെ അവർ
പ്രവർത്തിക്കുകയും നിവർത്തിക്കുകയും
ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന് കണ്ടു
മനസ്സിലാക്കും. ആ പുരുഷന്മാർ അവിടെനി 22
ന്നു തിരിഞ്ഞു സോദോമിലേക്കു പോയി.

അബ്രഹാം അപ്പോഴും കർത്താവിൻെറ
23 മുമ്പിൽ നിൽക്കുകയായിരുന്നു. അബ്രഹാം
അടുത്തു ചെന്നു പറഞ്ഞത്, ഒരു ക്രോധ
ത്തിൽ പാപികളോടു കൂടെ നീ നീതിമാ
24 ന്മാരെ നശിപ്പിക്കുമോ? ആ പട്ടണത്തിൽ
അമ്പതു നീതിമാന്മാർ ഉണ്ടെങ്കിൽ ഒരു
ക്രോധത്തിൽ നീ അതിനെ നശിപ്പിക്കുമോ?;
അതിലുള്ള അമ്പതു നീതിമാന്മാർ നിമിത്തം
25 ആ സ്ഥലത്തെ രക്ഷിക്കുകയില്ലയോ? കുററ
ക്കാരോടുകൂടെ നിർദോഷികളെയും സംഹ
രിക്കുകയെന്ന കാര്യം നീ ചെയ്യുകയില്ലല്ലോ.
നിർദോഷി കുററക്കാരനു തുല്യം ആയിത്തീ
രുമോ? സകല ലോകത്തിൻെറയും ന്യായാ
ധിപതി ന്യായം നടത്താതിരിക്കുകയില്ല
26 ല്ലോ. സോദോമിൽ, ആ പട്ടണത്തിനകത്ത്
അമ്പതു നീതിമാന്മാരെ കണ്ടെത്തിയാൽ,
അവരെപ്രതി ആ സ്ഥലത്തോടു ഞാൻ
ക്ഷമിക്കും എന്നു കർത്താവ് അരുളിച്ചെയ്തു.
27 അബ്രഹാം മറുപടി പറഞ്ഞത്: ഇതാ
പൊടിയും ചാരവുമായ ഞാൻ കർത്താവി
നോടു സംസാരിക്കുവാൻ തുനിഞ്ഞുവല്ലോ.
28 അമ്പതു നീതിമാന്മാരിൽനിന്ന് അഞ്ചു പേർ
കുറഞ്ഞുപോയാൽ ആ അഞ്ചുപേർ നിമി
ത്തം പട്ടണത്തെ മുഴുവൻ നീ നശിപ്പിക്കു
മോ? നാല്പത്തഞ്ചു പേരെ അവിടെ കണ്ടെ
ത്തിയാൽ ഞാൻ (ആ പട്ടണത്തെ) നശി
പ്പിക്കുകയില്ല എന്ന് അവൻ അരുളിച്ചെയ്തു.
29 അബ്രഹാം വീണ്ടും അവനോടു സംസാ
രിച്ചു: നാല്പതു പേരെ അവിടെ കണ്ടെ
ത്തിയാലോ? നാല്പതു പേരെ അവിടെ
കണ്ടാലും അതിനെ നശിപ്പിക്കുകയില്ല
30 എന്നു താൻ അരുളിച്ചെയ്തു. അവൻ
പറഞ്ഞു: കർത്താവു കോപിക്കരുതേ.
ഞാൻ സംസാരിച്ചുകൊള്ളട്ടെ. മുപ്പതു
പേരെ അവിടെ കണ്ടെത്തിയാലോ?
മുപ്പതുപേരെ കണ്ടെത്തുമെങ്കിൽ ഞാൻ
അതിനെ നശിപ്പിക്കുകയില്ല എന്നു താൻ
31 അരുളിച്ചെയ്തു. ഇതാ ഞാൻ കർത്താ
വിൻെറ മുമ്പാകെ സംസാരിപ്പാൻ തുനി
ഞ്ഞുവല്ലോ. അവിടെ ഇരുപത് പേരെ
കണ്ടാലോ? എന്ന് അവൻ പറഞ്ഞു.
ഇരുപതുപേരുടെ നിമിത്തം ഞാൻ നശി
പ്പിക്കയില്ല എന്ന് താൻ അരുളിച്ചെയ്തു.
32 കർത്താവിന് അനിഷ്ടം തോന്നരുതേ. ഈ
പ്രാവശ്യം കൂടെ മാത്രമേ ഞാൻ സംസാരി
ക്കുകയുള്ളു. അവിടെ പത്തു പേരെ
കണ്ടാലോ? എന്ന് അവൻ പറഞ്ഞു. പത്തു
പേരെ പ്രതി ഞാൻ ആ സ്ഥലം നശിപ്പി
ക്കാതിരിക്കും എന്നു താൻ അരുളിച്ചെയ്തു.
33 അബ്രഹാമുമായി സംസാരിച്ചു കഴിഞ്ഞ
പ്പോൾ കർത്താവു പോയി. അബ്രഹാമും
തൻെറ സ്ഥലത്തേക്കു മടങ്ങിപ്പോയി.

അദ്ധ്യായം 19

ആ രണ്ടു മാലാഖമാർ സന്ധ്യക്കു 1
സോദോമിൽ എത്തി. ലോത്ത് പട്ടണ
വാതിൽക്കൽ ഇരിക്കയായിരുന്നു. ലോത്ത്
അവരെ കണ്ടു. അവരെ എതിരേല്പാൻ
എഴുന്നേററു ചെന്നു; അവരുടെ മുമ്പിൽ
നിലംവരെ കുനിഞ്ഞ് അവരെ നമസ്കരിച്ചു.
എൻെറ യജമാനന്മാരേ, നിങ്ങളുടെ ദാസ 2
ൻെറ ഭവനത്തിൽ എത്തി നിങ്ങളുടെ
കാലുകൾ കഴുകി; അതി രാവിലെ നിങ്ങ
ളുടെ വഴിക്കു പോകാം എന്നു പറഞ്ഞു.
ഇല്ല; ഞങ്ങൾ തെരുവിൽ രാപാർക്കും എന്ന്
അവർ പറഞ്ഞു. ലോത്ത് അവരെ വളരെ 3
നിർബന്ധിച്ചു. അവർ അവനോടുകൂടെ
പോയി അവൻെറ വീട്ടിൽ കടന്നു. അവൻ
അവർക്കു വിരുന്നൊരുക്കി; പുളിപ്പില്ലാത്ത
അപ്പം ഉണ്ടാക്കി; അവർ ഭക്ഷിച്ചു. അവർ 4
ഉറങ്ങുന്നതിനു മുമ്പെ ആ പട്ടണത്തിലെ
ആളുകൾ, യുവാക്കൾ മുതൽ വൃദ്ധന്മാർ
വരെ, ഒന്നൊഴിയാതെ സോദോമിലെ
ആളുകൾ മുഴുവൻ ആ വീടു വളഞ്ഞു.
അവർ ലോത്തിനെ വിളിച്ച്, ഈ രാത്രിയിൽ 5
നിൻെറ അടുക്കൽ വന്ന പുരുഷന്മാർ
എവിടെ? ഞങ്ങൾ അവരെ ഭോഗിക്കേ
ണ്ടതിന് അവരെ ഇറക്കി വിടുക എന്നു
പറഞ്ഞു. ലോത്ത് വാതിൽക്കൽ അവരുടെ 6
അടുക്കൽ ഇറങ്ങിച്ചെന്നു. തൻെറ പിൻപിൽ
വാതിൽ അടച്ചു. ലോത്ത് അവരോടു പറ 7
ഞ്ഞത്: എൻെറ സഹോദരന്മാരേ, തിന്മ
ചെയ്യരുതേ. പുരുഷനെ അറിഞ്ഞിട്ടില്ലാത്ത 8
രണ്ടു പുത്രിമാർ എനിക്കുണ്ട്. അവരെ
നിങ്ങൾക്കുവേണ്ടി ഇറക്കിവിടാം. നിങ്ങളു
ടെ ദൃഷ്ടിയിൽ യോഗ്യമായത് അവരോടു
ചെയ്തുകൊൾക. ഈ പുരുഷന്മാരോടു
ഒന്നും ചെയ്യരുതേ. എന്തെന്നാൽ അവർ 9
എൻെറ വീടിൻെറ തണലിൽ കടന്നുവന്ന
വരാണല്ലോ. മാറി നിൽക്ക എന്ന് അവർ
പറഞ്ഞു. ഞങ്ങളുടെ അടുത്തു ഇവൻ
പ്രവാസിയായി വന്നു; ഇതാ, അവൻ
ഞങ്ങളെ ന്യായം വിധിക്കുന്നു. അവരോടു
എന്നതിനെക്കാൾ കൂടുതൽ വഷളായി
നിന്നോടു പ്രവർത്തിക്കും എന്നു അവർ
പറഞ്ഞു. അവർ ലോത്തിനെ ശക്തിയായി
തള്ളി, വാതിൽ തകർക്കാൻ അടുത്തു. ആ 10
പുരുഷന്മാർ കൈ നീട്ടി, ലോത്തിനെ
തങ്ങളുടെ അടുക്കൽ വീട്ടിൽ കയററി
വാതിൽ അടച്ചു. ചെറിയവർ മുതൽ വലിയ 11

വർവരെ വീട്ടുവാതിൽക്കൽ ഉണ്ടായിരുന്ന
പുരുഷന്മാർക്ക് അവർ അന്ധത പിടിപ്പിച്ചു.
അവർ വാതിൽ കണ്ടെത്താൻ അത്യദ്ധ്വാനം
ചെയ്തു.
12 ആ രണ്ടു പുരുഷന്മാർ ലോത്തിനോട്:
ഇവിടെ നീയല്ലാതെ ആരെല്ലാമുണ്ട്?
നിൻെറ പുത്രന്മാർ, പുത്രിമാർ, മരുമക്കൾ
എന്നിങ്ങനെ ഈ പട്ടണത്തിൽ നിനക്കുള്ള
സകലവും ഈ സ്ഥലത്തുനിന്നു പുറത്തു
13 കൊണ്ടു പോകുക. ഇവരുടെ നിലവിളി
കർത്താവിൻെറ സന്നിധിയിൽ എത്തിയിരി
ക്കുകയാൽ ഞങ്ങൾ ഈ സ്ഥലം നശിപ്പി
ക്കാൻ പോകുകയാണ്. ഇതിനെ നശിപ്പിക്കു
വാൻ കർത്താവു ഞങ്ങളെ അയച്ചിരിക്കു
14 ന്നു. തൻെറ പുത്രിമാരെ വിവാഹംചെയ്യുവാ
നിരുന്ന മണവാളന്മാരുടെ അടുത്തു ചെന്നു
ലോത്ത് അവരോടു സംസാരിച്ചു. എഴുന്നേ
ല്പിൻ; നമുക്ക് ഈ സ്ഥലം വിട്ടു പോകാം.
എന്തെന്നാൽ കർത്താവ് ഈ സ്ഥലം നശി
പ്പിക്കാൻ പോകുന്നു എന്നു പറഞ്ഞു. മരുമ
ക്കളുടെ ദൃഷ്ടിയിൽ അവൻ പരിഹാസ്യ
15 നായി കാണപ്പെട്ടു. ഉഷസ്സായപ്പോൾ
മാലാഖമാർ ലോത്തിനെ നിർബന്ധിച്ചു. ഈ
പട്ടണത്തിൻെറ പാപത്താൽ നീ ശിക്ഷ
യേൽക്കാതിരിപ്പാനായി, നീ എഴുന്നേററു
നിൻെറ ഭാര്യയെയും ഇവിടെ കാണുന്ന
നിൻെറ രണ്ടു പുത്രിമാരെയും കൂട്ടിക്കൊണ്ട്
ഇവിടെനിന്നു പുറപ്പെട്ടുപോകുക എന്നു
16 പറഞ്ഞു. ലോത്ത് താമസിച്ചപ്പോൾ, ദൈവം
അവനോടു ദയ ചെയ്യുകയാൽ മാലാഖമാർ
അവൻെറയും അവൻെറ ഭാര്യയുടെയും
പുത്രിമാരുടെയും കൈക്കു പിടിച്ചു പട്ടണ
17 ത്തിനു പുറത്ത് എത്തിച്ചു. അവരെ പുറ
ത്തെത്തിച്ചശേഷം അവർ പറഞ്ഞു: ജീവൻ
രക്ഷിക്കുക, പുറകോട്ടു നോക്കരുത്; താഴ്വ
രയിലെങ്ങും നില്ക്കരുത്. നിങ്ങൾ നശി
ക്കാതിരിക്കേണ്ടതിന് പർവ്വതത്തിലേക്ക്
18 ഓടിപ്പോക. അവരോടു ലോത്ത് ഇങ്ങനെ
പറഞ്ഞു: യജമാനന്മാരേ, നിങ്ങളുടെ കണ്ണു
കളിൽ ഞാൻ കരുണ കണ്ടെത്തിയല്ലോ.
19 എൻെറ ജീവൻ രക്ഷിക്കുന്നതിനു നിങ്ങൾ
ചെയ്ത കരുണ വളരെയാകുന്നു. പർവ്വത
ത്തിലേക്ക് ഓടിപ്പോകുവാൻ എനിക്കു
കഴിവില്ല. എനിക്ക് ആപത്തു സംഭവിച്ചു
20 ഞാൻ മരിച്ചുപോയെന്നു വരാം. ഇതാ ഈ
പട്ടണം എനിക്ക് ഓടിയെത്തുവാൻ തക്ക
വണ്ണം സമീപമാണ്; അതു ചെറുതല്ലോ.
ഞാൻ അവിടെ ഓടിയെത്തി രക്ഷപ്പെട്ടു
കൊള്ളട്ടെ എന്നു ഞാൻ അപേക്ഷിക്കുന്നു.
21 അതു ചെറുതല്ലോ. എൻെറ ജീവൻ രക്ഷ
പ്പെടും. അവൻ അവനോടു പറഞ്ഞു:
നിൻെറ ഈ അപേക്ഷ ഞാൻ സ്വീകരിച്ചിരി
ക്കുന്നു. നീ പറഞ്ഞ പട്ടണം ഞാൻ നശിപ്പി
ക്കുകയില്ല. വേഗം അവിടേക്ക് ഓടിപ്പോക, 22
നീ അവിടെ ചെന്നെത്തുവോളം എനിക്ക്
ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ഇതു
നിമിത്തം ആ സ്ഥലത്തിനു സോവാർ
(ചെറിയത്) എന്നു പേരു വിളിച്ചു. ലോത്ത് 23
സോവാറിൽ പ്രവേശിച്ചപ്പോൾ സൂര്യൻ
ഉദിച്ചിരുന്നു.

സോദോമിൻെറ മേലും ആമൂറായുടെ 24
മേലും കർത്താവ് തൻെറ മുമ്പിൽനിന്ന്,
ആകാശത്തുനിന്ന്, ഗന്ധകവും തീയും ഇറ
ക്കി. ആ പട്ടണങ്ങളെയും താഴ്വര മുഴുവ 25
നെയും ദേശവാസികളെയും ഭൂമിയിൽ
വളരുന്നവയെയും നശിപ്പിച്ചുകളഞ്ഞു. അവ
ൻെറ പുറകിൽ ആയിരുന്ന അവൻെറ ഭാര്യ 26
തിരിഞ്ഞുനോക്കി. അവൾ ഉപ്പുതൂണാ
യിത്തീർന്നു.

അബ്രഹാം അതിരാവിലെ എഴുന്നേററു, 27
അവൻ കർത്താവിൻെറ മുമ്പിൽ ആയിരുന്ന
സ്ഥലത്തു ചെന്നുനിന്നു. സോദോമി 28
ൻെറയും ആമൂറായുടെ താഴ്വരപ്രദേശ
ത്തിൻെറയും നേരെ നോക്കി. ഇതാ, ചൂള
യിൽനിന്നെന്നപോലെ ആ പ്രദേശത്തു
പുക പൊങ്ങുന്നതു കണ്ടു.

ദൈവം താഴ്വരയിലെ പട്ടണങ്ങളെ 29
നശിപ്പിച്ചപ്പോൾ അബ്രഹാമിനെ ഓർത്തു;
ലോത്ത് പാർത്തിരുന്ന പട്ടണങ്ങളെ മറിച്ചു
കളഞ്ഞപ്പോൾ ലോത്തിനെ അതിൽ നിന്നു
പുറത്ത് അയച്ചു രക്ഷിച്ചു. ലോത്തും അവ 30
ൻെറ രണ്ടു പുത്രിമാരും സോവാറിൽ നിന്നു
പുറപ്പെട്ടു പർവ്വതത്തിൽ ചെന്നു പാർത്തു.
എന്തെന്നാൽ സോവാറിൽ പാർപ്പാൻ
അവൻ ഭയപ്പെട്ടു. അവനും അവൻെറ രണ്ടു
പുത്രിമാരും ഒരു ഗുഹയിൽ വസിച്ചു.

മൂത്തവൾ ഇളയവളോടു പറഞ്ഞത്: 31
നമ്മുടെ അപ്പൻ വൃദ്ധനായിരിക്കുന്നു.
ഭൂമിയിലൊക്കെയും പതിവുള്ള രീതിയിൽ
നമ്മുടെ അടുത്തു വരുവാൻ ഭൂമിയിൽ
പുരുഷനില്ലല്ലോ. വരിക, നമുക്കു അപ്പനെ 32
വീഞ്ഞുകുടിപ്പിച്ച്, അവനോടു കൂടെ ശയി
ക്കാം. അങ്ങനെ അപ്പൻ മൂലം നമുക്ക് സന്ത
തിയെ നിലനിർത്താം. ആ രാത്രിയിൽ അവർ 33
അപ്പനെ വീഞ്ഞു കുടിപ്പിച്ചു. മൂത്തവൾ
അകത്തു ചെന്ന് അപ്പനോടൊപ്പം ശയിച്ചു.
അവൾ ഉറങ്ങിയതും എഴുന്നേററതും അവൻ
അറിഞ്ഞില്ല.

അടുത്ത ദിവസം മൂത്തവൾ ഇളയവ 34
ളോടു പറഞ്ഞു: ഇന്നലെ ഞാൻ എൻെറ

അപ്പനോടൊപ്പം ശയിച്ചു. ഈ രാത്രിയും
അവനെ വീഞ്ഞു കുടിപ്പിക്കാം. നീ അകത്തു
ചെന്ന് അവനോടൊപ്പം ശയിച്ചു സന്തതി
35 യെ നിലനിർത്തുക. ആ രാത്രിയും അവർ
അപ്പനെ വീഞ്ഞു കുടിപ്പിച്ചു. ഇളയവൾ
അകത്തു ചെന്ന് അവനോടൊപ്പം ശയിച്ചു.
അവൾ ഉറങ്ങിയതും എഴുന്നേററതും അവൻ
36 അറിഞ്ഞില്ല. ലോത്തിൻെറ പുത്രിമാർ
രണ്ടുപേരും തങ്ങളുടെ പിതാവിനാൽ ഗർഭി
37 ണികളായി. മൂത്തവൾ ഒരു മകനെ പ്രസ
വിച്ചു. അവനു അവൾ മോവാബ് എന്നു
പേരുവിളിച്ചു. ഇന്നുവരെയുള്ള മോവാബ്യ
38 രുടെ പിതാവ് അവൻ ആകുന്നു. ഇളയവളും
ഒരു മകനെ പ്രസവിച്ചു. അവന് അവൾ ബാർ
ആം എന്നു പേരു വിളിച്ചു. അവനാകുന്നു
ഇന്നുവരെയുള്ള അമോന്യരുടെ പിതാവ്.

അദ്ധ്യായം 20

1 അബ്രഹാം അവിടെനിന്നു തെക്കേ
ദേശത്തേക്കു യാത്ര ചെയ്തു റക്കാംമുതൽ
ഗോദാർവരെ കൂടാരമടിച്ചു. ഗോദാറിൽ
2 കുടിപാർത്തു. അബ്രഹാം തൻെറ ഭാര്യ
സാറായെക്കുറിച്ച് അവൾ എൻെറ സഹോ
ദരിയാകുന്നുവെന്നു പറഞ്ഞിരുന്നു. ഗോ
ദാർ രാജാവായ അബീമേലേക്ക് ആളയച്ച്
3 സാറായെ കൂട്ടിക്കൊണ്ടുപോയി. രാത്രി
സ്വപ്നത്തിൽ ദൈവം അബിമേലേക്കിൻെറ
അടുക്കൽ വന്ന് അവനോടു പറഞ്ഞു: നീ
കൂട്ടിക്കൊണ്ടുവന്ന സ്ത്രീ നിമിത്തം നീ
മരിക്കണം. എന്തെന്നാൽ അവൾ ആ
4 മനുഷ്യൻെറ ഭാര്യയാകുന്നു. അബിമേ
ലേക്ക് അവളെ സമീപിച്ചിരുന്നില്ല. അബീ
മേലേക്ക് പറഞ്ഞു: 'കർത്താവേ, നിർദ്ദോ
ഷികളായ ജാതിയെയും നീ കൊല്ലുമോ?
5 ഇതാ, ഇവൾ എൻെറ സഹോദരിയാകുന്നു
എന്ന് പറഞ്ഞു, അവൻ എൻെറ സഹോ
ദരൻ എന്ന് അവളും പറഞ്ഞു. ഹൃദയ
ത്തിൻെറ പരമാർത്ഥതയോടും കൈകളുടെ
വെടിപ്പോടും ആകുന്നു, ഞാൻ ഇത്
6 ചെയ്തത്.' ദൈവം സ്വപ്നത്തിൽ അവ
നോടു പറഞ്ഞു: ഹൃദയപരമാർത്ഥതയോടു
കൂടെയാണു നീ ഇതു ചെയ്തതെന്ന്
എനിക്കും അറിയാം. അതുകൊണ്ട്,
എന്നോടു പാപം ചെയ്യാതവണ്ണം ഞാൻ
നിന്നെ തടയുകയും അവളെ സമീപിക്കു
വാൻ നിന്നെ സമ്മതിക്കാതിരിക്കുകയും
7 ചെയ്തു. ഇപ്പോൾ ആ പുരുഷൻെറ ഭാര്യ
യെ മടക്കിക്കൊടുക്കുക. എന്തെന്നാൽ
അവൻ ഒരു പ്രവാചകൻ ആണ്. അവൻ
നിനക്കു വേണ്ടി പ്രാർത്ഥിക്കുകയും നീ
ജീവനോടിരിക്കുകയും ചെയ്യും. അവളെ
മടക്കിക്കൊടുക്കുന്നില്ലെങ്കിലോ, നീ തീർച്ച
യായും മരിക്കും എന്ന് അറിഞ്ഞുകൊൾക;
നീ മാത്രമല്ല, നിനക്ക് ഉള്ളവരൊക്കെയും.
അബിമേലേക്ക് അതിരാവിലെ എഴു 8
ന്നേററു, തൻെറ ദാസന്മാരെയെല്ലാം വിളി
ച്ചു ഈ വാക്കുകളെല്ലാം അവരോടു
പറഞ്ഞു. അവർ അത്യധികം ഭയപ്പെട്ടു.
അബിമേലേക്ക് അബ്രഹാമിനെ വിളിച്ച് 9
അവനോടു പറഞ്ഞു: ഞാൻ നിന്നോടു
എന്തു ചെയ്തു? എൻെറ മേലും എൻെറ
രാജ്യത്തിന്മേലും നീ മഹാപാപം വരുത്തു
വാൻ തക്കവണ്ണം ഞാൻ നിന്നോടു എന്തു
തെററു ചെയ്തു? ചെയ്യരുതാത്ത കാര്യമാ
ണു നീ എന്നോടു ചെയ്തത്. എന്തു കണ്ടി 10
ട്ടാണ് നീ ഈ കാര്യം ചെയ്തത് എന്നു
അബിമേലേക്ക് അബ്രഹാമിനോടു ചോദി
ച്ചു. അബ്രഹാം പറഞ്ഞു: ഈ സ്ഥലത്ത് 11
ദൈവഭയം ഇല്ലായിരിക്കാം എന്നും എൻെറ
ഭാര്യയ്ക്കു വേണ്ടി അവർ എന്നെ വധിക്കു
മായിരിക്കും എന്നും ഞാൻ (മനസ്സിൽ)
പറഞ്ഞു. യഥാർത്ഥത്തിൽ അവൾ എൻെറ 12
സഹോദരിയാണ്; എൻെറ അപ്പൻെറ
പുത്രി; എൻെറ അമ്മയുടെ പുത്രിയല്ല;
അവൾ എനിക്കു ഭാര്യയായിത്തീർന്നു.
എൻെറ പിതാവിൻെറ ഭവനത്തിൽനിന്നു 13
ദൈവം എന്നെ പുറപ്പെടുവിച്ചപ്പോൾ ഞാൻ
അവളോട്: നീ എനിക്കു ഒരു കൃപ ചെയ്യേ
ണം. നാം ചെല്ലുന്ന സ്ഥലങ്ങളിലെല്ലാം
ഞാൻ നിൻെറ സഹോദരനാണെന്നു
പറയണം എന്നു പറഞ്ഞിരുന്നു. അബിമേ 14
ലേക്ക് ആടുകളെയും കാളകളെയും
ദാസന്മാരെയും ദാസിമാരെയും കൊണ്ടു
വന്ന് അബ്രഹാമിനു കൊടുത്തു; അവൻെറ
ഭാര്യ സാറായെയും തിരികെ കൊടുത്തു.
അബിമേലേക്ക് അബ്രഹാമിനോട്: എൻെറ 15
ദേശം മുഴുവൻ നിൻെറ മുമ്പിലുണ്ട്. നിൻെറ
കാഴ്ചയിൽ ഇഷ്ടമുള്ളിടത്തു പാർത്തു
കൊൾക എന്നു പറഞ്ഞു. അവൻ സാറാ 16
യോടു: നിൻെറ സഹോദരനു ഞാൻ
ആയിരം നാണയം കൊടുത്തിട്ടുണ്ട്: കൂടെ
യുള്ള എല്ലാവരുടെയും ദൃഷ്ടിയിൽ ഇതു
നിനക്കുള്ള നീതീകരണമാണ്; സകല
ത്തിലും നീ കുററമില്ലാത്തവളായിരിക്കുന്നു
എന്നു പറഞ്ഞു. അബ്രഹാം ദൈവസന്നി 17
ധിയിൽ പ്രാർത്ഥിക്കുകയും ദൈവം
അബിമേലേക്കിനെയും അവൻെറ ഭാര്യ
യെയും അവൻെറ ദാസിമാരെയും സുഖപ്പെ
ടുത്തുകയും അവർ പ്രസവിക്കുകയും
ചെയ്തു. എന്തെന്നാൽ അബ്രഹാമിൻെറ 18

ഭാര്യ സാറാ നിമിത്തം അബിമേലേക്കിൻെറ
ഭവനത്തിലെ ഗർഭപാത്രമുഖങ്ങളെല്ലാം
കർത്താവ് അടച്ചിരുന്നു.

അദ്ധ്യായം 21

1 കർത്താവു അരുളിച്ചെയ്തിരുന്ന
പ്രകാരം സാറായെ ഓർത്തു. താൻ
പറഞ്ഞിരുന്നതുപോലെ സാറായിക്കു
2 ചെയ്തു. സാറാ ഗർഭംധരിച്ച്, അവൻെറ
വാർദ്ധക്യത്തിൽ അബ്രഹാമിന് ഒരു പുത്ര
നെ പ്രസവിച്ചു; ദൈവം അവനോടു വാഗ്ദ
3 ത്തം ചെയ്തിരുന്ന സമയത്തുതന്നെ. സാറാ
പ്രസവിച്ച് തനിക്കു ജനിച്ച പുത്രന്
ഇസഹാക്ക് എന്ന് അബ്രഹാം പേരു വിളിച്ചു.
4 ഇസഹാക്കിന് എട്ടു ദിവസം പ്രായ
മായപ്പോൾ, കർത്താവു കല്പിച്ചിരുന്നതു
പോലെ അബ്രഹാം അവനെ പരിച്ഛേദന
5 കഴിച്ചു. ഇസഹാക്കു ജനിച്ചപ്പോൾ അബ്ര
ഹാമിനു നൂറു വയസ്സു പ്രായമായിരുന്നു.
6 ഇന്ന് ദൈവം എനിക്ക് മഹാസന്തോഷം
വരുത്തിയിരിക്കുന്നു. കേൾക്കുന്നവരെല്ലാം
എന്നെ പ്രതി സന്തോഷിക്കും എന്നു സാറാ
7 പറഞ്ഞു. സാറാ മക്കൾക്കു മുല കൊടുക്കു
മെന്ന് അബ്രഹാമിനോടു ആരു പറയുമാ
യിരുന്നു; അവൻെറ വാർദ്ധക്യത്തിലല്ലോ
ഞാൻ അവന് ഒരു മകനെ പ്രസവിച്ചത്
8 എന്നും അവൾ പറഞ്ഞു. കുഞ്ഞു വളർന്നു;
അവൻെറ മുലകുടി മാറി. ഇസഹാക്കിൻെറ
മുലകുടി മാറിയ ദിവസം അബ്രഹാം വലി
9 യോരു വിരുന്നു കഴിച്ചു. അബ്രഹാമിന്
മിസ്രയീമ്യദാസിയായ ഹാഗാർ പ്രസവിച്ച
മകൻ പരിഹസിക്കുന്നതു സാറാ കണ്ടു.
10 അവൾ അബ്രഹാമിനോടു പറഞ്ഞു: ഈ
ദാസിയെയും അവളുടെ മകനെയും പുറ
ത്താക്കുക. ദാസിയുടെ ഈ മകൻ എൻെറ
മകൻ ഇസഹാക്കിനോടുകൂടെ അവകാശി
11 ആയിക്കൂടാ. തൻെറ മകൻ നിമിത്തം അബ്ര
ഹാമിന് ഈ കാര്യം വളരെ സങ്കടമായി.
12 ദൈവം അബ്രഹാമിനോടു അരുളിച്ചെയ്തു:
ബാലനെ പ്രതിയും നിൻെറ ദാസിയെപ്ര
തിയും നിനക്ക് സങ്കടം തോന്നേണ്ട. സാറാ
നിന്നോടു പറഞ്ഞതിലൊക്കെയും അവ
ളുടെ വാക്ക് കേൾക്ക. എന്തെന്നാൽ
ഇസഹാക്കിൽനിന്നുള്ളവരായിരിക്കും
നിൻെറ സന്തതി എന്നു വിളിക്കപ്പെടുന്നത്.
13 ദാസിയുടെ മകനെയും ഞാൻ ഒരു വലിയ
ജനതയാക്കും; എന്തെന്നാൽ അവൻ
നിൻെറ സന്തതിയാണല്ലോ?
14 അബ്രഹാം അതിരാവിലെ എഴുന്നേററു.
അപ്പവും ഒരു തുരുത്തി വെള്ളവും എടുത്തു
ഹാഗാറിനു കൊടുത്ത് കുട്ടിയെയും തോ
ളിൽ വച്ച് അവളെ പറഞ്ഞയച്ചു. അവൾ
പോയി ബേർശേബമരുപ്രദേശത്ത് അലഞ്ഞു
നടന്നു. തുരുത്തിയിലെ വെള്ളം തീർന്ന 15
പ്പോൾ അവൾ ബാലനെ ഒരു കുററിച്ചെടി
യുടെ കീഴിൽ കിടത്തിയിട്ട് അവന്നെതിരെ
ഒരു അമ്പിൻപാടു ദൂരെ ഇരുന്നു. എന്തെ 16
ന്നാൽ കുഞ്ഞിൻെറ മരണം എനിക്കു
കാണേണ്ടാ എന്ന് അവൾ പറഞ്ഞു. അവൾ
എതിരെ ഇരുന്നു ശബ്ദം ഉയർത്തി കര 17
ഞ്ഞു. ദൈവം ബാലൻെറ ശബ്ദം കേട്ടു.
ദൈവത്തിൻെറ മാലാഖ ആകാശത്തുനിന്ന്
ഹാഗാറിനെ വിളിച്ച് അവളോടു പറഞ്ഞു:
ഹാഗാറേ, നിനക്കെന്ത്? നീ ഭയപ്പെടേണ്ടാ.
അവൻെറ സ്ഥലത്തു നിന്നു ബാലൻെറ
ശബ്ദം ദൈവം കേട്ടിരിക്കുന്നു. എഴുന്നേററ് 18
കുഞ്ഞിനെ എടുക്കുക. നിൻെറ കൈകൾ
അവനെ താങ്ങട്ടെ. ഞാൻ അവനെ ഒരു
വലിയ ജനതയാക്കും. ദൈവം അവളുടെ 19
കണ്ണുകൾ തുറന്നു. അവൾ ഒരു നീരുറവ
കണ്ടു. അവൾ പോയി തുരുത്തിയിൽ
വെള്ളം നിറച്ചു ബാലനെ കുടിപ്പിച്ചു. ദൈവം 20
ബാലനോടു കൂടെ ഉണ്ടായിരുന്നു. അവൻ
വളർന്നു. അവൻ പാറാൻ മരുഭൂമിയിൽ
പാർത്തു. പാറാൻ മരുഭൂമിയിൽവച്ച് അവൻ
അസ്ത്ര വിദ്യ അഭ്യസിച്ചു. അവൻെറ അമ്മ 21
മെസ്രേൻ ദേശത്തുനിന്ന് അവന് ഒരു
ഭാര്യയെ കൊണ്ടുവന്നു.

അക്കാലത്ത് അബിമേലെക്കും അവ 22
ൻെറ സൈന്യാധിപനായ പീക്കോലും
അബ്രഹാമിനോടു പറഞ്ഞത്: നീ ചെയ്യുന്ന
സകലത്തിലും ദൈവം നിന്നോടുകൂടെ
യുണ്ട്. എന്നോടോ എൻെറ കുടുംബത്തോ 23
ടോ എൻെറ കുലത്തോടോ നീ വ്യാജം
പ്രവർത്തിക്കുകയില്ലെന്നും ഞാൻ നിന്നോ
ടു കൃപ ചെയ്തതുപോലെ നീ എന്നോടും
നീ വന്നുപാർക്കുന്ന ഈ ദേശത്തോടും
ചെയ്യുമെന്നും ഇപ്പോൾ ഇവിടെവച്ച്
ദൈവനാമത്തിൽ സത്യം ചെയ്യേണം എന്നു
പറഞ്ഞു. ഞാൻ സത്യം ചെയ്യാം എന്ന് 24
അബ്രഹാം പറഞ്ഞു. അബ്രഹാമിൻെറ 25
ദാസന്മാർ കുഴിച്ചതും അബിമേലേക്കിൻെറ
ദാസന്മാർ പിടിച്ചെടുത്തതുമായ ഒരു
കിണറിൻെറ കാര്യത്തിൽ അബ്രഹാം
അബിമേലേക്കിനോടു പരിഭവിച്ചു. ഈ 26
കാര്യം ആരു ചെയ്തുവെന്നു ഞാൻ
അറിയുന്നില്ല; നീ എന്നെ അറിയിച്ചതുമില്ല;
ഇന്ന് അല്ലാതെ ഞാൻ അതു കേട്ടുമില്ല
എന്ന് അബിമേലേക്കു പറഞ്ഞു. അബ്രഹാം 27
ആടുകളെയും കാളകളെയും കൊണ്ടുവന്ന്

അബീമേലെക്കിനു കൊടുത്തു. അവർ
രണ്ടുപേരും തമ്മിൽ ഉടമ്പടി ചെയ്തു.
28 അബ്രഹാം ഏഴു പെണ്ണാട്ടിൻകുട്ടികളെ
29 വേറിട്ടു നിർത്തി. നീ വേറിട്ടു നിർത്തിയി
രിക്കുന്ന ഈ ഏഴു പെണ്ണാട്ടിൻകുട്ടികൾ
എന്തിന് എന്ന് അബിമേലെക്ക് അബ്രഹാ
30 മിനോടു ചോദിച്ചു. ഈ ഏഴു പെണ്ണാട്ടിൻ
കുട്ടികളെ നീ എന്റെ കൈയിൽനിന്നു
സ്വീകരിക്കണം. ഈ കിണർ ഞാൻ കുഴിപ്പി
ച്ചതാണെന്നുള്ളതിന് ഇതു സാക്ഷിയാ
31 യിരിക്കട്ടെ എന്ന് അവൻ പറഞ്ഞു. ഇതു
നിമിത്തം ആ സ്ഥലത്തിന് ബിർശേബാ
എന്നു പേരായി. അവർ രണ്ടുപേരും
ബിർശേബയിൽ വച്ചു സത്യം ചെയ്തു
ഉടമ്പടി ഉറപ്പിച്ചു.
32 അബിമേലെക്കും അവന്റെ സൈന്യാ
ധിപനായ പീക്കോലും എഴുന്നേറ്റു ഫെലി
33 സ്ത്യരുടെ ദേശത്തേക്കു പോയി. ബിർശേ
ബയിൽ അബ്രഹാം ഒരു വൃക്ഷത്തെ നട്ടു.
അവിടെ നിത്യദൈവമായ കർത്താവിന്റെ
34 നാമം വിളിച്ചപേക്ഷിച്ചു. അബ്രഹാം ഫെലി
സ്ത്യരുടെ ദേശത്ത് ഏറെക്കാലം പാർത്തു.

അധ്യായം 22

1 ഇവയ്ക്കു ശേഷം സംഭവിച്ചതെന്തെ
ന്നാൽ: ദൈവം അബ്രഹാമിനെ പരീക്ഷിച്ചു
കൊണ്ട് അബ്രഹാമേ എന്നു വിളിച്ചു. ഞാൻ
2 ഇതാ എന്ന് അവൻ പറഞ്ഞു. അവൻ
അവനോടു: നിന്റെ മകനെ, നിന്റെ ഏക
ജാതനെ, നീ സ്നേഹിക്കുന്ന ഇസഹാക്കി
നെ കൂട്ടിക്കൊണ്ട് ആമൂറായക്കാരുടെ
ദേശത്തേക്കു പോയി, അവിടെ, നിന്നോടു
ഞാൻ പറയുന്ന കുന്നുകൾ ഒന്നിൽ വെച്ച്
അവനെ ഹോമയാഗമായി അർപ്പിക്കുക
3 എന്നു പറഞ്ഞു. അബ്രഹാം അതിരാവിലെ
എഴുന്നേറ്റു കഴുതയ്ക്കു ജീനി കെട്ടി
തന്റെ ദാസന്മാരിൽ രണ്ടു പേരെയും
തന്റെ മകൻ ഇസഹാക്കിനെയും കൂട്ടി,
ഹോമയാഗത്തിനുള്ള വിറകു കീറിയെടു
ത്തു പുറപ്പെട്ടു കർത്താവു തന്നോടു
4 പറഞ്ഞ സ്ഥലത്തേക്കു പോയി. മൂന്നാം
ദിവസം അബ്രഹാം ദൃഷ്ടികൾ ഉയർത്തി
5 ദൂരെ നിന്ന് ആ സ്ഥലം കണ്ടു. അവൻ
ദാസന്മാരോടു: നിങ്ങൾ കഴുതയുമായി
ഇവിടെ ഇരിപ്പിൻ. ഞാനും ബാലനും
അവിടെവരെ പോയി ആരാധിച്ചിട്ട്
നിങ്ങളുടെ അടുക്കൽ മടങ്ങിവരാം എന്നു
6 പറഞ്ഞു. ഹോമയാഗത്തിനുള്ള വിറക്
അബ്രഹാം എടുത്തു തന്റെ മകൻ ഇസ
ഹാക്കിന്റെ മേൽ വച്ചു. തീയും കത്തിയും
തന്റെ കൈയിൽ എടുത്തു. അവർ രണ്ടു
പേരും ഒരുമിച്ചു യാത്രചെയ്തു. ഇസഹാ 7
ക്കു തന്റെ പിതാവായ അബ്രഹാമിനോട്
അപ്പാ എന്നു പറഞ്ഞു. ഞാൻ ഇതാ മകനേ
എന്ന് അവൻ പറഞ്ഞു. ഇതാ, തീയും വിറകു
മുണ്ട്. ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി
എവിടെ? എന്ന് അവൻ ചോദിച്ചു. ഹോമ 8
യാഗത്തിനുള്ള ആട്ടിൻകുട്ടിയെ ദൈവം
നോക്കിക്കൊള്ളും മകനേ; എന്ന് അവൻ
പറഞ്ഞു. അവർ ഒരുമിച്ചു മുമ്പോട്ടു പോയി.
ദൈവം പറഞ്ഞ സ്ഥലത്ത് അവർ എത്തി.
അവിടെ അബ്രഹാം ഒരു യാഗപീഠം നിർമ്മി 9
ച്ചു; വിറക് അടുക്കി; തന്റെ മകൻ ഇസഹാ
ക്കിനെ ബന്ധിച്ച് യാഗപീഠത്തിന്മേലുള്ള
വിറകിന്റെ മീതെ കിടത്തി. അബ്രഹാം 10
കൈ നീട്ടി തന്റെ മകനെ അറുക്കുന്നതി
നായി കത്തി എടുത്തു. ആകാശത്തുനിന്നു 11
ദൈവത്തിന്റെ മാലാഖ അബ്രഹാം,
അബ്രഹാം എന്നു വിളിച്ചു. ഇതാ ഞാൻ
എന്ന് അവൻ പറഞ്ഞു. ബാലന്റെ മേൽ 12
കൈ നീട്ടരുത്; അവനെ ഒന്നും ചെയ്യരുത്.
നിന്റെ മകനെ, നിന്റെ ഏകജാതനെ
പ്പോലും, നീ എനിക്കു വിരോധിക്കായ്ക
യാൽ നീ ദൈവത്തെ ഭയപ്പെടുന്നു എന്നു
ഞാൻ ഇപ്പോൾ അറിയുന്നു എന്ന് അവൻ
പറഞ്ഞു: അബ്രഹാം ദൃഷ്ടികൾ ഉയർത്തി 13
യപ്പോൾ ഇതാ, ഒരു ആട്ടുകൊറ്റൻ, അതി
ന്റെ കൊമ്പുകൾ കുറ്റിക്കാട്ടിൽ ഉടക്കി
ക്കിടക്കുന്നതു കണ്ടു. അബ്രഹാം ചെന്ന്
ആട്ടുകൊറ്റനെ പിടിച്ച് തന്റെ മകനു
പകരം ഹോമയാഗമായി അർപ്പിച്ചു.
അബ്രഹാം ആ സ്ഥലത്തിന് "കർത്താവു 14
കരുതും" എന്നു പേരിട്ടു. അതുകൊണ്ട്
ഈ പർവ്വതത്തിന് "മൊറിയോനെഹ്മെ"
എന്ന് ഇന്നുവരെയും പറഞ്ഞു വരുന്നു.
ദൈവത്തിന്റെ മാലാഖ രണ്ടാം പ്രാവശ്യം 15
ആകാശത്തുനിന്ന് അബ്രഹാമിനെ വിളി
ച്ചു. അവൻ പറഞ്ഞു: നീ ഈ കാര്യം 16
ചെയ്തിരിക്കയാൽ—നിന്റെ മകനെ, നിന്റെ
ഏകജാതനെ, എനിക്കു വിരോധി
ക്കായ്കയാൽ — എന്നാണ, ഞാൻ നിന്നെ
സമൃദ്ധമായി അനുഗ്രഹിക്കും എന്നു
കർത്താവ് അരുളിച്ചെയ്യുന്നു. നിന്റെ സന്ത 17
തിയെ ആകാശത്തിലെ നക്ഷത്രങ്ങൾ
പോലെയും കടൽപ്പുറത്തെ മണൽപോലെ
യും വർദ്ധിപ്പിക്കും. നിന്റെ സന്തതി ശത്രു
ക്കളുടെ ദേശങ്ങളെ അവകാശപ്പെടുത്തും.
നീ എന്റെ വാക്ക് അനുസരിച്ചതിനു 18
പകരമായി ഭൂമിയിലെ സകല ജാതികളും
നിന്റെ സന്തതിയാൽ അനുഗ്രഹിക്ക

19 പ്പെടും. അബ്രഹാം ദാസന്മാരുടെ അടു
ക്കൽ തിരിച്ചെത്തി. അവർ യാത്ര പുറപ്പെട്ടു
ബിർശേബയിലേക്കു പോയി. അബ്രഹാം
ബിർശേബയിൽ പാർത്തു.
20 ഇവയെല്ലാം കഴിഞ്ഞ് ഇതാ നിന്റെ
സഹോദരൻ നാഹോറിന് മിൽക്കാ മക്കളെ
പ്രസവിച്ചിരിക്കുന്നു എന്നു അബ്രഹാമി
21 നോട് അറിയിക്കപ്പെട്ടു. അവന്റെ ആദ്യ
22 ജാതൻ ഊസ്; അവന്റെ സഹോദരൻ
ബൂസ്; ഓറാമിന്റെ പിതാവായ കമൂയേൽ,
കോസോർ, ഹാസു, പൽദാസ്, യർലാപ്,
ബെഥൂവേൽ; ബെഥൂവേൽ റഫ്ക്കായെ
23 ജനിപ്പിച്ചു. അബ്രഹാമിന്റെ സഹോദരൻ
നാഹോറിനു മിൽക്കാ പ്രസവിച്ചവർ ഈ
24 എട്ടുപേർ. അവന്റെ വെപ്പാട്ടി, റൂമാ,
തോബോഹ്, ഗാഹോം, താഹോശ്, മാകാ
എന്നിവരെ പ്രസവിച്ചു.

അദ്ധ്യായം 23

1 സാറായുടെ നിര്യാണം. സാറാ നൂററി
പ്പതിനേഴു വർഷം ജീവിച്ചിരുന്നു; ഇതു
2 സാറായുടെ ആയുഷ്ക്കാലം. സാറാ
കുര്യാത്ത് ഗാബോറേയിൽ വച്ചു മരിച്ചു.
അതുതന്നെയാണ് കനാൻ ദേശത്തെ
ഹെബ്രോൻ. അബ്രഹാം സാറായെക്കുറിച്ചു
3 വിലപിച്ചു കരയുവാൻ വന്നു. പിന്നെ
അബ്രഹാം തന്റെ മരിച്ചവളുടെ അടു
ത്തുനിന്ന് എഴുന്നേററു സംസാരിച്ചു.
4 അവൻ അവരോടു പറഞ്ഞു: ഞാൻ
നിങ്ങളുടെ ഇടയിൽ വന്നു പാർക്കുന്നവനും
പരദേശിയുമാകുന്നുവല്ലോ. എന്റെ മരിച്ച
വളെ അടക്കം ചെയ്യുന്നതിന് എനിക്ക് ഒരു
കബറിടം അവകാശമായി തരണം.
5 ഹിത്യർ അബ്രഹാമിനോടു മറുപടി
പറഞ്ഞത്: യജമാനനേ, കേട്ടാലും. ഞങ്ങ
ളുടെ ഇടയിൽ നീ ദൈവത്തിന്റെ ഒരു പ്രഭു
6 വാകുന്നു. ഞങ്ങളുടെ കബറുകളിൽ ഏററം
മികച്ചതിൽ നിന്റെ മരിച്ചവളെ അടക്കി
ക്കൊൾക. നിന്റെ മരിച്ചവളെ, അടക്കു
ന്നതിന് ഞങ്ങളിൽ ആരും തന്റെ കബർ
7 തരാതിരിക്കുകയില്ല. അപ്പോൾ അബ്രഹാം
എഴുന്നേററു ദേശനിവാസികളായ ഹിത്യരെ
നമസ്ക്കരിച്ചു. അവൻ അവരോടു പറഞ്ഞു:
8 എന്റെ മരിച്ചവളെ അടക്കുവാൻ നിങ്ങൾ
സമ്മതിക്കുന്നുവെങ്കിൽ എന്നെ ചെവി
ക്കൊണ്ടാലും. സോഹറിന്റെ പുത്രനായ
എഫ്രോനോട് എനിക്കുവേണ്ടി അപേക്ഷി
9 പ്പിൻ. അവന്റെ വയലിന്റെ അററത്ത്
ഉള്ള ഗുഹ നിങ്ങളുടെ ഇടയിൽ എനിക്കു
അവകാശപ്പെട്ട ശ്മശാനസ്ഥലമായി,
മുഴുവൻ വിലയും വാങ്ങിക്കൊണ്ടു തരണം.
എഫ്രോൻ അവിടെ ഹിത്യരുടെ ഇടയിൽ 10
ഇരിക്കുന്നുണ്ടായിരുന്നു. ഹിത്യനായ
എഫ്രോൻ തന്റെ നഗരവാസികളായ
സകല ഹിത്യരുടെയും സാന്നിദ്ധ്യത്തിൽ
അബ്രഹാമിനോടു പറഞ്ഞു: അല്ല, യജമാ
നനേ, കേട്ടാലും. ആ വയലും അതിലെ 11
ഗുഹയും ഞാൻ നിനക്കു തരുന്നു. എന്റെ
സ്വജനത്തിന്റെ സാന്നിദ്ധ്യത്തിൽ ഞാൻ
അതു തരുന്നു. നിന്റെ മരിച്ചവളെ അടക്കി
ക്കൊണ്ടാലും. അബ്രഹാം ആ ദേശത്തെ 12
ജനത്തെ നമസ്ക്കരിച്ചു. ദേശവാസിക
ളുടെ മുമ്പാകെ എഫ്രോനോടു പറഞ്ഞു:
ദയവായി കേട്ടാലും. ആ വയലിന്റെ വില 13
ഞാൻ നിനക്കു തരാം. നീ അതു സ്വീകരി
ക്കണം. ഞാൻ എന്റെ മരിച്ചവളെ അവിടെ
അടക്കട്ടെ. എഫ്രോൻ അബ്രഹാമിനോടു 14
ഉത്തരം പറഞ്ഞത്: യജമാനനേ, കേട്ടാലും.
നാനൂറു ശേക്കൽ വിലയുള്ള ഒരു നിലം. 15
അത് എനിക്കും നിനക്കും എന്ത്? മരിച്ച
വളെ അടക്കിക്കൊള്ളുക. അബ്രഹാം 16
എഫ്രോനെ ചെവിക്കൊണ്ടു. ഹിത്യർ
കേൾക്കെ എഫ്രോൻ പറഞ്ഞ വിലയായ
നാനൂറു ശേക്കൽ വെള്ളി കച്ചവടക്കാരുടെ
ഇടയിൽ നിലവിലുള്ള തൂക്കം അനുസരിച്ച്
അബ്രഹാം എഫ്രോനു തൂക്കിക്കൊടുത്തു.
മിമ്രേക്കു കിഴക്കുവശത്തു എഫ്രോന് 17
ഉണ്ടായിരുന്ന നിലവും അതിലെ ഗുഹയും
അതിലെ വൃക്ഷങ്ങളും സഹിതം ഹിത്യരു 18
ടെയും നഗരവാതിലിൽകൂടെ പ്രവേശി
ക്കുന്ന എല്ലാവരുടെയും മുമ്പിൽവച്ച്
അബ്രഹാമിന് വില്ക്കപ്പെട്ടു. തദനന്തരം 19
അബ്രഹാം ഭാര്യ സാറായെ കനാൻദേശ
ത്തു മിമ്രേയുടെ കിഴക്ക് ഹെബ്രോനിൽ
വയലിലുള്ള ഇരട്ട ഗുഹയിൽ അടക്കി. ആ 20
നിലവും അതിലെ ഗുഹയും അബ്രഹാമിനു
ഹിത്യരിൽനിന്നു ശവസംസ്കാരത്തിനുള്ള
സ്ഥലമായി കൈവശം കിട്ടി.

അദ്ധ്യായം 24

അബ്രഹാം വയസ്സുചെന്നു വൃദ്ധനായി. 1
സകലത്തിലും ദൈവം അബ്രഹാമിനെ
അനുഗ്രഹിച്ചിരുന്നു. തനിക്കുള്ള സകല 2
ത്തിന്മേലും അധികാരമുള്ളവനും തന്റെ
ഗൃഹവിചാരകനും ഭൃത്യരിൽ പ്രായംകൂടിയ
വനുമായവനെ അബ്രഹാം വിളിച്ച് പറഞ്ഞു:
നിന്റെ കൈയ് എന്റെ തുടയിൻ കീഴെ 3
വയ്ക്കുക. ആകാശത്തിന്റെയും ഭൂമിയു
ടെയും ദൈവമായ കർത്താവിന്റെ നാമ
ത്തിൽ ഞാൻ നിന്നെക്കൊണ്ടു സത്യം

ചെയ്യിക്കുന്നു. കനാന്യരുടെ പുത്രിമാരിൽ
നിന്ന് എന്റെ മകന് ഒരു ഭാര്യയെ എടുക്ക
രുത്. അവരുടെ ഇടയിലാണല്ലോ ഞാൻ
4 പാർക്കുന്നത്. നീ എന്റെ ദേശത്ത് എന്റെ
ചാർച്ചക്കാരുടെ അടുത്തു ചെന്ന്, എന്റെ
മകൻ ഇസഹാക്കിന് ഒരു ഭാര്യയെ എടു
5 ക്കേണം. ദാസൻ അവനോട്: സ്ത്രീയ്ക്കു
എന്റെ പിന്നാലെ ഈ ദേശത്തേക്കു
പോരുവാൻ മനസ്സില്ലെങ്കിൽ നീ പുറപ്പെട്ടു
പോന്ന ആ ദേശത്തേക്കു ഞാൻ നിന്റെ
മകനെ മടക്കിക്കൊണ്ടു പോകണമോ
6 എന്നു ചോദിച്ചു. അബ്രഹാം അവനോട്
പറഞ്ഞത്: എന്റെ മകനെ അവിടേക്കു
മടക്കിക്കൊണ്ടു പോകാതിരിപ്പാൻ കരുത
7 ലായിരിക്കണം. അവിടെ എന്റെ പിതാ
വിന്റെ ഭവനത്തിൽനിന്നും എന്റെ
ചാർച്ചക്കാരുടെ ദേശത്തുനിന്നും എന്നെ
കൂട്ടിക്കൊണ്ടുപോരുകയും, ഈ ദേശം
നിന്റെ സന്തതിക്കു ഞാൻ നൽകും എന്ന്
എന്നോടു പറഞ്ഞു പ്രതിജ്ഞ ചെയ്യുകയും
ചെയ്ത സ്വർഗ്ഗസ്ഥനായ ദൈവമായ
കർത്താവ്, നീ അവിടെനിന്ന് എന്റെ മകന്
ഒരു ഭാര്യയെ എടുക്കത്തക്കവണ്ണം തന്റെ
മാലാഖയെ നിനക്കു മുമ്പായി അയയ്ക്കും.
8 സ്ത്രീയ്ക്കു നിന്നോടുകൂടെ പോരുവാൻ
സമ്മതമില്ലെങ്കിൽ ഈ സത്യത്തിൽനിന്നു
നീ ഒഴിഞ്ഞിരിക്കും. എന്റെ മകനെ അവി
ടേക്കു മടക്കി കൊണ്ടുപോകുക മാത്രം
9 ചെയ്യരുത്. ദാസൻ തന്റെ യജമാനനായ
അബ്രഹാമിന്റെ തുടയുടെ കീഴിൽ
കൈവച്ച് ഈ കാര്യത്തിൽ അവനോടു
സത്യം ചെയ്തു.
10 ആ ദാസൻ തന്റെ യജമാനന്റെ
ഒട്ടകങ്ങളിൽ പത്ത് ഒട്ടകങ്ങളെയും കൂട്ടി,
തന്റെ യജമാനന്റെ എല്ലാ വിശിഷ്ട
വസ്തുക്കളിൽനിന്നും കുറേശ്ശെയും എടു
ത്തുകൊണ്ട് ഓറോം നഹറീനിലേക്ക്,
നാഹോറിന്റെ പട്ടണത്തിലേക്കു പോയി.
11 വൈകുന്നേരം, സ്ത്രീകൾ വെള്ളം കോരു
വാൻ വരുന്ന സമയത്ത് അവൻ ഒട്ടകങ്ങളെ
പട്ടണത്തിനു പുറത്ത് ഒരു കിണററിന്നരികെ
12 നിർത്തി. അവൻ പ്രാർത്ഥിച്ചു പറഞ്ഞു:
എന്റെ യജമാനൻ അബ്രഹാമിന്റെ ദൈവ
മായ കർത്താവേ, ഇന്നു എന്റെ മുമ്പിൽ
ക്രമീകരിച്ചു തരണമേ. എന്റെ യജമാ
നനായ അബ്രഹാമിനോടു കൃപ ചെയ്യണ
13 മേ. ഇതാ, ഞാൻ കിണറിന് അരികിൽ
നിൽക്കുന്നു. ഈ പട്ടണത്തിലെ സ്ത്രീകൾ
14 വെള്ളം കോരുവാൻ വരുന്നു. നിന്റെ പാത്രം
ചായിച്ച് എനിക്കു കുടിപ്പാൻ തരിക എന്നു
ഞാൻ പറയുമ്പോൾ: കുടിക്ക; നിന്റെ
ഒട്ടകങ്ങൾക്കും ഞാൻ കുടിപ്പാൻ കൊടു
ക്കാം എന്നു പറയുന്ന യുവതിതന്നെ
ആയിരിക്കട്ടെ നിന്റെ ദാസൻ ഇസഹാക്കി
നുവേണ്ടി നീ ഒരുക്കിയിരിക്കുന്നവൾ. നീ
എന്റെ യജമാനനോടു കൃപ ചെയ്തു
എന്നു ഞാൻ ഇതിനാൽ ഗ്രഹിക്കും. അവൻ 15
പറഞ്ഞുതീരുന്നതിനുമുമ്പേ, ഇതാ, അബ്ര
ഹാമിന്റെ സഹോദരൻ നാഹോറിന്റെ
ഭാര്യ മിൽക്കായുടെ മകൻ ബെഥൂവേലിനു
ജനിച്ചവളായ റഫ്ക്കാ തോളിൽ പാത്ര
വുമായി പുറപ്പെട്ടുവരുന്നു. ആ യുവതി 16
കാഴ്ചയ്ക്ക് അതിസുന്ദരിയും പുരുഷനെ
അറിഞ്ഞിട്ടില്ലാത്ത കന്യകയും ആയി
രുന്നു. അവൾ കിണററിൽ ഇറങ്ങി പാത്രം
നിറച്ചുകൊണ്ട് കയറിവന്നു. ദാസൻ വേഗ 17
ത്തിൽ അവളെ എതിരേററു ചെന്നു. നിന്റെ
പാത്രത്തിൽനിന്ന് എനിക്കു കുടിപ്പാൻ
അല്പം വെള്ളം തരണം എന്നു പറഞ്ഞു.
യജമാനനേ, കുടിക്കുക എന്നു പറഞ്ഞു 18
കൊണ്ട് അവൾ പാത്രം അവളുടെ കൈക
ളിൽ ഇറക്കി അവനു കുടിപ്പാൻ കൊടു
ത്തു. അവൻ കുടിച്ചുകഴിഞ്ഞപ്പോൾ, 19
നിന്റെ ഒട്ടകങ്ങൾക്കും കുടിപ്പാൻ വേണ്ടു
വോളം ഞാൻ കോരിക്കൊടുക്കാം എന്ന്
അവൾ പറഞ്ഞു. അവൾ തന്റെ പാത്രത്തി 20
ലെ വെള്ളം വേഗത്തിൽ (മൃഗങ്ങൾക്കു
വെള്ളം കൊടുക്കുന്ന) തൊട്ടിയിൽ ഒഴിച്ചിട്ട്
വീണ്ടും കിണററിലേക്ക് ഓടിയിറങ്ങി ഒട്ടക
ങ്ങൾക്കെല്ലാം വെള്ളം കോരിക്കൊടുത്തു.
കർത്താവു തന്റെ യാത്രയെ സഫലമാ 21
ക്കിയോ ഇല്ലയോ എന്ന് അറിയേണ്ടതിന്,
ആ മനുഷ്യൻ നിശ്ശബ്ദനായി അവളെ
ശ്രദ്ധിച്ചുകൊണ്ടു നിന്നു.
ഒട്ടകങ്ങൾ വെള്ളം കുടിച്ചു കഴിഞ്ഞ 22
പ്പോൾ ദാസൻ അരശേക്കെൽ വീതം തൂക്ക
മുള്ള സ്വർണ്ണ കുണുക്കും, അവളുടെ കൈ
കൾക്ക്, പത്തു ശേക്കെൽ തൂക്കമുള്ള രണ്ടു
സ്വർണ്ണവളകളും എടുത്തു. അവൻ അവ 23
ളോട്: നീ ആരുടെ പുത്രി എന്നും നിന്റെ
പിതാവിന്റെ വീട്ടിൽ ഞങ്ങൾക്കു പാർ
ക്കുവാൻ സ്ഥലമുണ്ടോ എന്നും എന്നെ
അറിയിക്കുക എന്നു പറഞ്ഞു. നാഹോറിനു 24
മിൽക്കാ പ്രസവിച്ച മകനായ ബെഥൂവേ
ലിന്റെ മകൾ എന്ന് അവൾ അവനോടു
പറഞ്ഞു. ധാരാളം വൈക്കോലും കാലിത്തീ 25
റ്റയും താമസിക്കുവാൻ സ്ഥലവും ഉണ്ട്
എന്നും അവൾ പറഞ്ഞു. ആ മനുഷ്യൻ 26
നിലത്തു മുട്ടുകുത്തി കർത്താവിനെ വന്ദി
ച്ചു. അവൻ പറഞ്ഞു: എന്റെ യജമാനൻ 27

അബ്രഹാമിന്റെ ദൈവമായ കർത്താവു
വാഴ്ത്തപ്പെട്ടവൻ. എന്തെന്നാൽ എന്റെ
യജമാനനിൽനിന്ന് തന്റെ കൃപയും
വിശ്വസ്തതയും അവൻ വിരോധിച്ചിട്ടില്ല.
എന്റെ യജമാനന്റെ പുത്രനുവേണ്ടി
അവന്റെ സഹോദരന്റെ പുത്രിയെ തന്നെ
എടുക്കത്തക്കവണ്ണം എന്റെ യജമാനന്റെ
സഹോദരന്റെ ഭവനത്തിലേക്കുതന്നെ
ഈ യാത്രയിൽ അവൻ എന്നെ നയിച്ചു
28 വല്ലോ. ആ ബാലിക ഓടിച്ചെന്ന് ഈ
കാര്യങ്ങളെല്ലാം തന്റെ പിതൃഭവനത്തെ
29 അറിയിച്ചു. റഫ്ക്കായിക്ക് ലാബാൻ എന്നു
പേരായ ഒരു സഹോദരൻ ഉണ്ടായിരുന്നു.
പുറത്ത്, കിണറിന്റെ അടുത്ത്, ആ മനുഷ്യ
ന്റെ അടുക്കലേക്ക് ലാബാൻ ഓടിയെത്തി.
30 തന്റെ സഹോദരിയുടെ പക്കൽ കുണുക്കും
അവളുടെ കൈകളിൽ വളകളും കണ്ടും,
ആ മനുഷ്യൻ എന്നോടു ഇന്നിന്ന പ്രകാരം
സംസാരിച്ചു എന്നു തന്റെ സഹോദരി
റഫ്ക്കാ പറഞ്ഞതു കേട്ടുംകൊണ്ട് അവൻ
ആ മനുഷ്യന്റെ അടുത്തെത്തി. ഇതാ
അവൻ കിണററിങ്കൽ, ഒട്ടകങ്ങൾക്കരികെ
31 നിൽക്കുന്നു. അവൻ അവനോടു പറഞ്ഞു:
കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവനേ,
അകത്തു വരിക; പുറത്തു തെരുവിൽ
നിൽക്കുന്നതെന്തിന്? വീടും, ഒട്ടകങ്ങൾക്കു
32 സ്ഥലവും ഞാൻ ഒരുക്കിയിട്ടുണ്ട്. ആ
പുരുഷൻ ഭവനത്തിൽ പ്രവേശിച്ചു. അവൻ
(ലാബാൻ) ഒട്ടകങ്ങളുടെ ജീനി അഴിച്ചു;
അവയ്ക്ക് വൈക്കോലും കാലിത്തീററയും
ഇട്ടുകൊടുത്തു; അവനും അവനോടുകൂടെ
യുള്ളവർക്കും കാലു കഴുകുവാൻ വെള്ളം
കൊടുത്തു. പിന്നീട് അവന്റെ മുമ്പിൽ
33 ഭക്ഷണം വിളമ്പി. എന്റെ ദൗത്യം പറയു
ന്നതുവരെ ഞാൻ ഭക്ഷിക്കയില്ല എന്ന്
34 അവൻ പറഞ്ഞു. പറയൂ, എന്ന് അവർ
പറഞ്ഞു. അവൻ ഇപ്രകാരം പറഞ്ഞു:
35 അബ്രഹാമിന്റെ ദാസനാണു ഞാൻ,
കർത്താവ് എന്റെ യജമാനനെ അനുഗ്ര
ഹിച്ച് അത്യന്തം ഐശ്വര്യവാനാക്കിയിരി
ക്കുന്നു. അവന് ആടുകൾ, മാടുകൾ,
പൊന്ന്, വെള്ളി, ദാസന്മാർ, ദാസിമാർ,
പെൺകഴുതകൾ, ഒട്ടകങ്ങൾ, കഴുതകൾ
എല്ലാം ഉണ്ടായിരിക്കുന്നു.
36 എന്റെ യജമാനന്റെ ഭാര്യ സാറാ
വൃദ്ധയായശേഷം എന്റെ യജമാനന് ഒരു
മകനെ പ്രസവിച്ചു. അവൻ തനിക്കുള്ളതെ
37 ല്ലാം അവനു കൊടുത്തിരിക്കുന്നു. എന്റെ
യജമാനൻ എന്നെക്കൊണ്ടു സത്യം ചെയ്യി
ച്ചു പറയിച്ചത്: ഞാൻ വന്നുപാർക്കുന്ന ഈ
ദേശത്തെ കനാന്യരുടെ പുത്രിമാരിൽനിന്ന്
എന്റെ മകനു നീ ഒരു ഭാര്യയെ എടുക്ക
രുത്. നീ എന്റെ പിതാവിന്റെ ഭവനക്കാ 38
രുടെ അടുത്തേക്ക്, എന്റെ ചാർച്ചക്കാരുടെ
അടുത്തേക്ക് പോകണം. അവിടെനിന്ന് 39
എന്റെ മകന് ഒരു ഭാര്യയെ എടുക്കണം.
ഞാൻ എന്റെ യജമാനനോട്: സ്ത്രീയ്ക്ക്
എന്റെ കൂടെ വരുവാൻ ഇഷ്ടമില്ലെ
ങ്കിലോ? എന്നു ചോദിച്ചു. അപ്പോൾ എന്റെ 40
യജമാനൻ എന്നോടു പറഞ്ഞത്: ഞാൻ
ആരുടെ മുമ്പാകെ സേവിച്ചു വരുന്നുവോ
ആ കർത്താവ് തന്റെ മാലാഖയെ നിന്നോ
ടൊപ്പം അയയ്ക്കും; അവൻ നിന്റെ യാത്ര
സഫലമാക്കും; എന്റെ ചാർച്ചക്കാരിൽ
നിന്ന്, എന്റെ പിതൃഭവനത്തിൽനിന്ന്,
എന്റെ മകനുവേണ്ടി നീ ഒരു സ്ത്രീയെ
എടുക്കുകയും ചെയ്യും. എന്റെ ചാർച്ചക്കാ 41
രുടെ അടുത്തേക്കു നീ പോകുമ്പോൾ ഈ
പ്രതിജ്ഞയിൽനിന്നു നീ വിമുക്തനാകും;
അവർ നിനക്കു തരുന്നില്ല എങ്കിലും നീ ഈ
സത്യത്തിൽനിന്നു മോചിതനായിരിക്കും.
ഞാൻ ഇന്ന് ആ കിണററിങ്കൽ എത്തിയ 42
പ്പോൾ (ഇങ്ങനെ) പറഞ്ഞു: എന്റെ യജ
മാനനായ അബ്രഹാമിന്റെ ദൈവമായ
കർത്താവേ, എന്തിനായി ഞാൻ വന്നുവോ,
ആ യാത്രയെ നീ സഫലമാക്കി എങ്കിൽ, 43
ഇതാ, ഞാൻ ഈ കിണററിങ്കൽ നിൽക്കു
ന്നു; വെള്ളം കോരുവാൻ ഒരു യുവതി വരി
കയും, നിന്റെ പാത്രത്തിൽനിന്ന് എനിക്കു 44
കുടിപ്പാൻ അല്പം വെള്ളം തരിക എന്നു
ഞാൻ പറയുമ്പോൾ എന്നോടു: കുടിക്കുക,
നിന്റെ ഒട്ടകങ്ങൾക്കും ഞാൻ കോരിക്കൊ
ടുക്കാം എന്നു പറയുകയും ചെയ്താൽ,
അവൾ തന്നെ എന്റെ യജമാനന്റെ മകനു
വേണ്ടി കർത്താവ് ഒരുക്കിയ ഭാര്യയായിരി
ക്കട്ടെ. എന്റെ മനസ്സിൽ ഇത്രയും പറഞ്ഞു 45
തീരുംമുമ്പെ, ഇതാ, തോളിൽ പാത്രവു
മായി റഫ്ക്കാ വന്ന് നീരുറവിങ്കൽ ഇറങ്ങി
വെള്ളം കോരി. നിന്റെ പാത്രത്തിൽനിന്ന്
എനിക്കു കുടിപ്പാൻ അല്പം വെള്ളം തരിക
എന്നു ഞാൻ പറഞ്ഞു. അവൾ വേഗം പാത്രം 46
ഇറക്കി, കുടിക്കുക, നിന്റെ ഒട്ടകങ്ങൾ
ക്കും ഞാൻ കുടിക്കാൻ കൊടുക്കാം എന്ന്
അവൾ എന്നോടു പറഞ്ഞു. ഞാൻ വെള്ളം
കുടിച്ചു. അവൾ ഒട്ടകങ്ങൾക്കും വെള്ളം 47
കോരിക്കൊടുത്തു. നീ ആരുടെ മകൾ?
എന്നു ഞാൻ അവളോടു ചോദിച്ചു. മിൽക്കാ
നാഹോറിനു പ്രസവിച്ച ബെഥൂവേലിന്റെ
മകൾ എന്ന് അവൾ പറഞ്ഞു. അപ്പോൾ
ഞാൻ അവളുടെ കൈകളിൽ വളകളും

കാതുകളിൽ കുണുക്കുകളും ഇടുവിച്ചു.
പിന്നീടു ഞാൻ കർത്താവിനെ മുട്ടുകുത്തി
48 നമസ്ക്കരിച്ചു. എന്റെ യജമാനന്റെ
മകനുവേണ്ടി തന്റെ സഹോദരന്റെ
മകളെ എടുപ്പാൻ തക്കവണ്ണം തന്റെ
സഹോദരന്റെ ഭവനത്തിലേക്കുള്ള
ശരിയായ വഴിയിൽ എന്നെ നയിച്ചതിന്
എന്റെ യജമാനനായ അബ്രഹാമിന്റെ
49 ദൈവമായ കർത്താവിനെ ഞാൻ വാഴ്ത്തി.
നിങ്ങൾ എന്റെ യജമാനനോടു കൃപയും
വിശ്വസ്തതയും കാണിക്കുമെങ്കിൽ അക്കാ
ര്യം ഇപ്പോൾ എന്നെ അറിയിക്കുക; ഇല്ലെ
ങ്കിൽ അതും പറയുക. ഞാൻ ഇടത്തോട്ടോ
വലത്തോട്ടോ തിരിഞ്ഞുകൊള്ളാം.
50 ലാബാനും ബെഥൂവേലും മറുപടി
പറഞ്ഞത്: ഈ കാര്യം കർത്താവിങ്കൽ
നിന്നു വന്നിരിക്കുന്നു. നന്മയോ തിന്മയോ
നിന്നോടു പറയുവാൻ ഞങ്ങൾക്കു കഴി
51 വില്ല. റഫ്ക്കാ, ഇതാ, നിന്റെ യജമാനന്റെ
പുത്രനു ഭാര്യയായിത്തീരട്ടെ.
52 അബ്രഹാമിന്റെ ദാസൻ അവരുടെ
വാക്കു കേട്ടപ്പോൾ കർത്താവിന്റെ മുമ്പാ
53 കെ നിലത്തുവീണു നമസ്ക്കരിച്ചു. ദാസൻ
പൊന്നാഭരണങ്ങളും വെള്ളിയാഭരണങ്ങ
ളും വസ്ത്രങ്ങളും എടുത്തു റഫ്ക്കായ്ക്കു
കൊടുത്തു. അവളുടെ സഹോദരങ്ങൾക്കും
അമ്മയ്ക്കും അവൻ സമ്മാനങ്ങൾ കൊടു
54 ത്തു. അവനും അവനോടു കൂടെയുള്ള
ആളുകളും ഭക്ഷിച്ചു കുടിച്ച് അവിടെ
പാർത്തു. രാവിലെ അവൻ എഴുന്നേററ്
അവരോടു പറഞ്ഞു: എന്റെ യജമാനന്റെ
അടുക്കലേക്ക് എന്നെ മടക്കി അയയ്ക്കുക.
55 അവളുടെ സഹോദരങ്ങളും അമ്മയും പറ
ഞ്ഞു: ബാലിക ഏതാനും ദിവസം ഞങ്ങളു
56 ടെ കൂടെ താമസിക്കട്ടെ; പിന്നീടു പോകാം.
അവൻ അവരോടു: എന്നെ താമസിപ്പിക്ക
രുതേ. കർത്താവു എന്റെ യാത്ര സഫല
മാക്കിയിരിക്കയാൽ എന്റെ യജമാനന്റെ
അടുക്കലേക്ക് പോകുവാൻ എന്നെ അയ
57 യ്ക്കണമേ എന്നു പറഞ്ഞു. ഞങ്ങൾ
ബാലികയെ വിളിച്ചു ചോദിക്കട്ടെ എന്ന്
58 അവർ പറഞ്ഞു. അവർ റഫ്ക്കയെ വിളിച്ച്,
നീ ഈ പുരുഷനോടു കൂടെ പോകുന്നോ
എന്നു ചോദിച്ചു. ഞാൻ പോകുന്നു എന്ന്
59 അവൾ പറഞ്ഞു. അവർ തങ്ങളുടെ
സഹോദരിയായ റഫ്ക്കയെയും അവളുടെ
ധാത്രിയെയും അബ്രഹാമിന്റെ ദാസനെ
യും അവന്റെ ആളുകളെയും യാത്രയാക്കി.
60 അവർ തങ്ങളുടെ സഹോദരി റഫ്ക്കയെ
അനുഗ്രഹിച്ച് അവളോടു പറഞ്ഞു: ഞങ്ങളു
ടെ സഹോദരീ, നീ ആയിരങ്ങളും പതിനാ
യിരങ്ങളും ആയിത്തീരട്ടെ. നിന്റെ സന്തതി
കൾ അവരുടെ ശത്രുക്കളുടെ പടിവാതിലു 61
കൾ കൈവശമാക്കട്ടെ. അനന്തരം റഫ്ക്ക
യും അവളുടെ ബാല്യക്കാരികളും എഴു
ന്നേററ് ഒട്ടകപ്പുറത്ത് ഇരുന്ന് ആ പുരുഷനെ
അനുഗമിച്ചു. ആ ദാസൻ റഫ്ക്കയെ
കൂട്ടിക്കൊണ്ടു പോയി.
ഇസഹാക്ക് ബീറോദ്ഹായേഹോ 62
സേൻവരെ വന്നു തെക്കേദേശത്തു പാർക്കു
കയായിരുന്നു. അവൻ വൈകുന്നേരം വയ 63
ലിൽ നടക്കാൻ പോയി. അവൻ ദൃഷ്ടി
ഉയർത്തി, ഒട്ടകങ്ങൾ വരുന്നതു കണ്ടു.
റഫ്ക്ക കണ്ണുകൾ ഉയർത്തി ഇസഹാക്കിനെ 64
കണ്ട് ഒട്ടകപ്പുറത്തുനിന്ന് ഇറങ്ങി. വയലിൽ 65
നമ്മെ എതിരേററു വരുന്ന ഈ മനുഷ്യൻ
ആരാകുന്നു എന്നു ചോദിച്ചു. അവൻതന്നെ
യാകുന്നു എന്റെ യജമാനൻ എന്നു ദാസൻ
പറഞ്ഞു. അപ്പോൾ അവൾ ഒരു മൂടുപട
മെടുത്തു തന്നെത്താൻ മറച്ചു. താൻ ചെയ്ത 66
കാര്യങ്ങളെല്ലാം ദാസൻ ഇസഹാക്കിനു
വിവരിച്ചു കൊടുത്തു. ഇസഹാക്ക് അവളെ 67
തന്റെ അമ്മ സാറായുടെ കൂടാരത്തി
ലേക്കു പ്രവേശിപ്പിച്ചു. അവൻ റഫ്ക്കയെ
കൈക്കൊണ്ടു; അവൾ അവനു ഭാര്യയായി
ത്തീർന്നു. അവൻ അവളെ സ്നേഹിച്ചു.
അങ്ങനെ തന്റെ അമ്മയുടെ മരണശേഷം
ഇസഹാക്കിന് ആശ്വാസമുണ്ടായി.

അദ്ധ്യായം 25

കെൻതൂറോ എന്നു പേരായ മററൊരു 1
സ്ത്രീയെ അബ്രഹാം ഭാര്യയായി കൈക്കൊ
ണ്ടു. അവൾ അവന് സമറോൻ, യക്ശോൻ, 2
മോദോൻ, മെദിയാൻ, അശ്ബോക്, ശ്വാഹ്
എന്നിവരെ പ്രസവിച്ചു. ശ്ബോ, ദോറോൻ
എന്നിവരെ യക്ശോൻ ജനിപ്പിച്ചു. അശൂദീം 3
ലോത്ത്ശീം, ഒമീം എന്നിവർ ദോറോന്റെ
മക്കൾ. മെദ്യാന്റെ മക്കൾ: അപ്പോ, ഹോ 4
പാർ, ഹ്നൂക്, ബിദാ, എൽദോഓ. ഇവ
രെല്ലാവരും കെൻതൂറായുടെ മക്കൾ.
അബ്രഹാം തനിക്കുള്ളതെല്ലാം തന്റെ 5
മകൻ ഇസഹാക്കിനു കൊടുത്തു. തന്റെ 6
വെപ്പാട്ടിയുടെ മക്കൾക്ക് അവൻ ദാനങ്ങൾ
കൊടുത്തു, താൻ ജീവിച്ചിരിക്കുമ്പോൾ
തന്നെ അവരെ തന്റെ മകൻ ഇസ്ഹാ
ക്കിന്റെ അടുത്തുനിന്നു പൗരസ്ത്യദേശ
ങ്ങളിലേക്കു പറഞ്ഞയച്ചു.
അബ്രഹാമിന്റെ നിര്യാണം— അബ്ര 7
ഹാമിന്റെ ആയുഷ്കാലം നൂററിഎഴുപ
ത്തിയഞ്ചു സംവത്സരം. നല്ല വാർദ്ധക്യ 8

ത്തിൽ അബ്രഹാം രോഗിയായിത്തീർന്നു
മരിച്ചു. വൃദ്ധനും കാലസമ്പൂർണ്ണനുമായി
അവൻ തൻെറ ജനത്തോടു ചേർക്കപ്പെട്ടു.
9 അവൻെറ മക്കളായ ഇസഹാക്കും ഇശ്മാ
യേലും കൂടി മമ്രേയുടെ മുമ്പിലുള്ള ഹിത്യ
നായ സോഹറിൻെറ മകൻ എഫ്രോൻെറ
വയലിലുള്ള ആയിപ്ലോ (മക്ഫേലാ)
ഗുഹയിൽ അവനെ അടക്കം ചെയ്തു.
കബറിടമായി ഉപയോഗിക്കേണ്ടതിന്
10 അബ്രഹാം ഹിത്യരോടു വിലയ്ക്കു വാങ്ങി
യിരുന്നതാണ് ഈ വയൽ. അബ്രഹാമി
നെയും അവൻെറ ഭാര്യ സാറായെയും
11 അവിടെയാണ് അടക്കം ചെയ്തത്. അബ്രഹാം
മരിച്ചശേഷം അവൻെറ പുത്രനായ ഇസഹാ
ക്കിനെ ദൈവം അനുഗ്രഹിച്ചു. ബീറോദ്ഹാ
യോ ഹോസേൻെറ സമീപത്ത് ഇസഹാക്കു
കുടിയേറിപ്പാർത്തു.
12 ഇശ്മായേലിൻെറ വംശപാരമ്പര്യം:
സാറായുടെ ദാസിയായ ഹാഗാർ എന്ന
മെസ്രേൻകാരി അബ്രഹാമിനു പ്രസവിച്ച
മകൻ, ഇശ്മായേലിൻെറ വംശപാരമ്പര്യം
13 ഇപ്രകാരമാണ്: ജനനക്രമമനുസരിച്ച് അവ
രുടെ പേരുകൾ ഇവയാകുന്നു: ഇശ്മായേ
14 ലിൻെറ ആദ്യജാതൻ നബിയൂത്, കാദോർ,
അർബേൽ, മബ്സാം, മശ്മാ, റൗമോ,
15 മാസാ, ഹോദോർ, തയ്മോ, നതൂർ, നപേശ്,
16 കാദേം. തങ്ങളുടെ പാളയങ്ങളും ഗ്രാമങ്ങളും
അനുസരിച്ച് ഇശ്മായേലിൻെറ മക്കൾ
ഇവരാകുന്നു; തങ്ങളുടെ ജനത്തിലെ
പന്ത്രണ്ടു പ്രഭുക്കന്മാർ.
17 ഇശ്മായേലിൻെറ ആയുഷ്ക്കാലം
നൂററിമുപ്പത്തിയേഴു സംവത്സരം. അവൻ
രോഗിയായി മരിച്ച് തൻെറ ജനത്തോടു
18 ചേർക്കപ്പെട്ടു. ഹവീലാ മുതൽ അസൂറി
ലേക്കുള്ള വഴിയിൽ മെസ്രേനു നേരേയുള്ള
ശൂർവരെ അവർ പാർപ്പുറപ്പിച്ചു. അവൻ
തൻെറ സകല സഹോദരന്മാരുടെയും
അതിരിങ്കൽ പാർത്തു.
19 ഇസഹാക്കിൻെറ വംശപാരമ്പര്യം.
അബ്രഹാമിൻെറ മകനായ ഇസഹാക്കി
ൻെറ വംശപാരമ്പര്യം ഇവയാകുന്നു:
20 അബ്രഹാം ഇസഹാക്കിനെ ജനിപ്പിച്ചു.
പദൻ അറാമിൽനിന്നുള്ള അരാമ്യനായ
ബെഥുവേലിൻെറ പുത്രി റഫ്ക്കയെ
വിവാഹംചെയ്യുമ്പോൾ ഇസഹാക്കിനു
21 നാല്പതു വയസ്സായിരുന്നു. തൻെറ ഭാര്യ
റഫ്ക്കാ വന്ധ്യയായിരുന്നതിനാൽ ഇസ
ഹാക്കു കർത്താവിൻെറ സന്നിധിയിൽ
പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥനയ്ക്ക്
ഉത്തരമരുളി. അവൻെറ ഭാര്യ റഫ്ക്കാ ഗർഭി
22 ണിയായി. അവളുടെ ഉദരത്തിൽ കുഞ്ഞു
ങ്ങൾ തിക്കി. ഇങ്ങനെ ആണെങ്കിൽ ഞാൻ
എന്തിനു ജീവിക്കുന്നു എന്ന് അവൾ പറ
ഞ്ഞു കർത്താവിനോടു ചോദിപ്പാൻ പോയി.
കർത്താവ് അവളോടു പറഞ്ഞത്: നിൻെറ 23
ഉദരത്തിൽ രണ്ടു ജാതികൾ ഉണ്ട്; രണ്ടു
വംശങ്ങൾ നിൻെറ ഉദരത്തിൽനിന്നു പിരി
യും. ഒരു വംശം മറേറ വംശത്തേക്കാൾ ശക്തി
പ്പെടും. മൂത്തവൻ ഇളയവനു കീഴ്പ്പെടും.
പ്രസവിപ്പാനുള്ള ദിവസങ്ങൾ തിക 24
ഞ്ഞപ്പോൾ, ഇതാ, അവളുടെ ഉദരത്തിൽ
ഇരട്ടക്കുട്ടികൾ. ഒന്നാമൻ ചുവപ്പു നിറമുള്ള 25
വനും രോമാവൃതനുമായി പുറത്തു വന്നു.
അവന് ഏശാവു (ഈസു) എന്നു പേരു
വിളിച്ചു. പിന്നീട് അവൻെറ സഹോദരൻ 26
പുറത്തു വന്നു. അവൻെറ കൈ ഏശാവി
ൻെറ കുതികാലിൽ പിടിച്ചിരുന്നു. അവനു
യാക്കോബ് എന്നു പേരു വിളിച്ചു. അവർ
ജനിച്ചപ്പോൾ ഇസഹാക്കിനു അറുപതു
വയസ്സു പ്രായമായിരുന്നു. കുഞ്ഞുങ്ങൾ 27
വളർന്നു. ഏശാവു ഒരു സമർത്ഥനായ വേട്ട
ക്കാരനും വനസഞ്ചാരിയും ആയിത്തീർന്നു.
യാക്കോബ് ശാന്തനും കൂടാരവാസിയും
ആയിരുന്നു. തൻെറ വായിലെ വേട്ടയിറച്ചി 28
യുടെ രുചി മൂലം ഇസഹാക്ക് ഏശാവിനെ
സ്നേഹിച്ചു. റഫ്ക്കാ യാക്കോബിനെ
സ്നേഹിച്ചു.
യാക്കോബ് പായസം വച്ചുകൊണ്ടിരി 29
ക്കുമ്പോൾ ഏശാവു വെളിമ്പ്രദേശത്തു
നിന്നു വന്നു. അവൻ ക്ഷീണിച്ചവശനായി
രുന്നു. ഏശാവു യാക്കോബിനോടു: 'ഞാൻ 30
ക്ഷീണിച്ചവശനായിരിക്കുകയാൽ ചുവന്ന
ഈ സാധനത്തിൽനിന്നു കുറെ എനിക്കു ത
രണം' എന്നു പറഞ്ഞു. ഇതു നിമിത്തം അവ
ന് ഏദോം എന്നു പേരു വീണു. യാക്കോബ് 31
അവനോട്: ഇന്നു നിൻെറ ജ്യേഷ്ഠാവകാ
ശം എനിക്കു വിൽക്കുക എന്നു പറഞ്ഞു.
ഏശാവു തൻെറ മനസ്സിൽ പറഞ്ഞു: ഇതാ, 32
ഞാൻ മരിക്കാൻ പോകുന്നു. ഈ ജ്യേഷ്ഠാ
വകാശംകൊണ്ട് എനിക്ക് എന്തു പ്രയോജ
നം? യാക്കോബ് അവനോട്: ഇന്നു എന്നോ 33
ടു സത്യം ചെയ്ക എന്നു പറഞ്ഞു. അവൻ
സത്യം ചെയ്തു ജ്യേഷ്ഠാവകാശം യാക്കോ
ബിനു വിററു. യാക്കോബ് ഏശാവിനു ഭക്ഷി 34
ക്കാൻ അപ്പവും പയറുപായസവും കൊടു
ത്തു. അവൻ തിന്നു കുടിച്ച് എഴുന്നേററു
പോയി. ഇങ്ങനെ ഏശാവു തൻെറ ജ്യേഷ്ഠാ
വകാശം അലക്ഷ്യമാക്കിക്കളഞ്ഞു.

അദ്ധ്യായം 26

അബ്രഹാമിൻെറ കാലത്ത് ഉണ്ടായ 1
മുമ്പിലത്തെ ക്ഷാമത്തിനുശേഷം വീണ്ടും
ദേശത്തു ക്ഷാമം ഉണ്ടായി. ഇസഹാക്ക്
ഫെലിസ്ത്യരുടെ രാജാവായ അബിമേലെ

ക്കിൻെറ അടുക്കൽ ഗോദോറിലേക്കു
2 പോയി. കർത്താവ് അവനു പ്രത്യക്ഷപ്പെട്ട്
അരുളിച്ചെയ്തു: മെസ്രേനിലേക്ക് ഇറങ്ങി
പ്പോകരുത്. ഞാൻ നിന്നോടു പറഞ്ഞ
ദേശത്തു പാർക്കുക. ഈ ദേശത്തു വസി
ക്കുക. ഞാൻ നിന്നോടുകൂടെയിരുന്നു
3 നിന്നെ അനുഗ്രഹിക്കും. ഈ രാജ്യങ്ങ
4 ളെല്ലാം നിനക്കും നിൻെറ സന്തതിക്കും
ഞാൻ തരും. നിൻെറ പിതാവായ അബ്രഹാ
മിനോടു ഞാൻ സത്യം ചെയ്ത വാഗ്ദത്ത
ങ്ങൾ നിറവേററും. നിൻെറ സന്തതിയെ
ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ
വർദ്ധിപ്പിക്കും. ഈ ദേശങ്ങൾ മുഴുവൻ
നിൻെറ സന്തതിക്കു ഞാൻ നൽകും. ഭൂമി
യിലെ സകല ജാതികളും നിൻെറ സന്തതി
5 യാൽ അനുഗ്രഹിക്കപ്പെടും. എന്തെന്നാൽ,
അബ്രഹാം എൻെറ ശബ്ദം കേട്ട് അനുസ
രിച്ചു; എൻെറ നിയോഗങ്ങളും കല്പനകളും
ഉടമ്പടികളും ചട്ടങ്ങളും പാലിച്ചു.

6 ഇസഹാക്ക് ഗോദോറിൽ പാർത്തു. ആ
7 ദേശത്തെ ആളുകൾ അവൻെറ ഭാര്യയെ
കുറിച്ച് അന്വേഷിച്ചു. അവൾ എൻെറ
പെങ്ങൾ എന്ന് അവൻ പറഞ്ഞു. എന്തെ
ന്നാൽ, അവൾ എൻെറ ഭാര്യ എന്നു
പറഞ്ഞാൽ ആ ദേശത്തെ ആളുകൾ അവ
നെ കൊന്നേക്കും എന്ന് അവൻ ഭയപ്പെട്ടു.
എന്തെന്നാൽ, റഫ്ക്കാ കാഴ്ച്ചയ്ക്കു സുന്ദരി
8 ആയിരുന്നു. ഏറെനാൾ അവർ അവിടെ
പാർത്തപ്പോൾ ഒരിക്കൽ ഫെലിസ്ത്യരുടെ
രാജാവായ അബീമേലെക്ക് ജനലിൽ കൂടി
നോക്കി. ഇസഹാക്ക് തൻെറ ഭാര്യ റഫ്ക്ക
യുമായി സല്ലപിക്കുന്നതു കണ്ടു. അബിമേ
9 ലെക്ക് ഇസഹാക്കിനെ വിളിച്ച് അവനോടു
പറഞ്ഞു: അവൾ നിൻെറ ഭാര്യതന്നെ.
അവൾ എൻെറ സഹോദരി എന്നു നീ
പറഞ്ഞത് എന്ത്? അവൾ നിമിത്തം ഞാൻ
മരിക്കേണ്ടിവരും എന്നു ഞാൻ ഭയപ്പെട്ടതു
കൊണ്ടാകുന്നു എന്ന് ഇസഹാക്ക് അവ
10 നോടു പറഞ്ഞു. അബീമേലെക്ക് അവ
നോട്: നീ ഈ ചെയ്തത് എന്ത്? ഞങ്ങളുടെ
ജനത്തിൽ ഒരുവൻ നിൻെറ ഭാര്യയോടു
കൂടെ ശയിച്ചിരുന്നുവെങ്കിൽ നീ ഞങ്ങളുടെ
മേൽ പാപം വരുത്തുമായിരുന്നുവല്ലോ
11 എന്നു പറഞ്ഞു. ഈ മനുഷ്യനെയോ
അവൻെറ ഭാര്യയെയോ ശല്യപ്പെടുത്തുന്ന
വൻ തീർച്ചയായും വധിക്കപ്പെടുമെന്ന്
അബിമേലെക്ക് തൻെറ സകല ജനത്തോടും
കല്പിച്ചു.

12 ഇസഹാക്ക് ആ ദേശത്തു വിതച്ചു. ആ
വർഷം അവനു നൂറു മേനി വിളവു ലഭിച്ചു.
കർത്താവ് അവനെ അനുഗ്രഹിച്ചു ധനവാൻ 13
ആക്കി. അവൻ മഹാധനികനായിത്തീർന്നു. 14
അവന് ആട്ടിൻപററങ്ങളും മാട്ടിൻകൂട്ടങ്ങളും
അനേകം ദാസീദാസന്മാരുമായ സമ്പാദ്യ
ങ്ങൾ ഉണ്ടായി. ഫെലിസ്ത്യർ അവനോട് അ
സൂയപ്പെട്ടു. അവൻെറ പിതാവായ അബ്ര 15
ഹാമിൻെറ കാലത്ത് അവൻെറ പിതാവി
ൻെറ ദാസന്മാർ കുഴിപ്പിച്ചിരുന്ന കിണറുക
ളെല്ലാം അവർ മണ്ണിട്ടു നികത്തിയിരുന്നു.

അബിമേലെക്ക് ഇസഹാക്കിനോടു: നീ 16
ഞങ്ങളെക്കാൾ പ്രബലനായിത്തീർന്നിരി
ക്കുകയാൽ ഞങ്ങളുടെ ഇടയിൽനിന്നു
പോകണമെന്നു പറഞ്ഞു. ഇസഹാക്ക് 17
അവിടെനിന്നു പോയി. ഗോദോറിൻെറ
താഴ്വരയിൽ കൂടാരമടിച്ചു അവിടെ
പാർത്തു. ഇസഹാക്കു ചെന്ന് തൻെറ പിതാ 18
വായ അബ്രഹാമിൻെറ കാലത്തു തൻെറ
പിതാവിൻെറ ദാസന്മാർ കുഴിച്ചിരുന്നതും
അബ്രഹാം മരിച്ചശേഷം ഫെലിസ്ത്യർ നിക
ത്തിക്കളഞ്ഞതുമായ കിണറുകൾ വീണ്ടും
കുഴിപ്പിച്ച് തൻെറ പിതാവ് അവയ്ക്കു വിളി
ച്ചിരുന്ന പേരുകൾതന്നെ വിളിച്ചു. അവർ 19
ഒഴുക്കുനീരുള്ള ഒരു നീരുറവ കണ്ടെത്തി.
ഗോദോറിലെ ഇടയന്മാർ ഇസഹാക്കിൻെറ 20
ഇടയന്മാരുമായി ഈ നീരുറവ ഞങ്ങളു
ടേതാണെന്നു പറഞ്ഞു വഴക്കുണ്ടാക്കി.
അവർ തന്നോടു വഴക്കുണ്ടാക്കിയതിനാൽ
അവൻ ആ നീരുറവയ്ക്ക് എസ്ക്കോ എന്നു
പേരിട്ടു. അവർ മറ്റൊരു കിണർ കുഴിച്ചു.
അതിനെക്കുറിച്ചും അവർ അവകാശത്തർ 21
ക്കം ഉന്നയിച്ചു. അവൻ അതിന് സത്നാ
എന്നു പേരിട്ടു. അവർ മറ്റൊരു കിണർ കുഴി 22
ച്ചു. അതിനെക്കുറിച്ചു അവർ അവകാശ
ത്തർക്കം ഉന്നയിച്ചില്ല. ഇപ്പോൾ കർത്താവു
നമ്മെ വിശാലപ്പെടുത്തി ഭൂമിയിൽ നമ്മെ
വർദ്ധിപ്പിച്ചു എന്നു പറഞ്ഞ് അവൻ അതിനു
റഹ്ബൂത് എന്നു പേരിട്ടു. അവിടെനിന്ന് 23
അവൻ ബിർശ്ബായിലേക്കു കയറി
പ്പോയി.

ആ രാത്രിയിൽ കർത്താവ് അവനു 24
പ്രത്യക്ഷനായി അരുളിച്ചെയ്തു: ഞാൻ
നിൻെറ പിതാവായ അബ്രഹാമിൻെറ
ദൈവമാകുന്നു. നീ ഭയപ്പെടേണ്ടാ. എന്തെ
ന്നാൽ ഞാൻ നിന്നോടുകൂടെയുണ്ട്.
എൻെറ ദാസൻ അബ്രഹാം നിമിത്തം ഞാൻ
നിന്നെ അനുഗ്രഹിക്കുകയും നിൻെറ സന്ത
തിയെ വർദ്ധിപ്പിക്കുകയും ചെയ്യും. അവൻ 25
അവിടെ ഒരു യാഗപീഠം നിർമ്മിച്ച് കർത്താ
വിൻെറ നാമം വിളിച്ചപേക്ഷിച്ചു. അവൻ
അവിടെ കൂടാരമടിച്ചു. ഇസഹാക്കിൻെറ

ദാസന്മാർ അവിടെ ഒരു കിണർ കുഴിച്ചു.
26 ഗെരാരിൽനിന്ന് അബീമേലെക്കും അവ
നോടു കൂടെ അവന്റെ സ്നേഹിതൻ
ആഹൂസത്തും സൈന്യാധിപൻ പീക്കോലും
27 അവന്റെ അടുത്തു വന്നു. ഇസഹാക്ക്
അവരോട്: നിങ്ങൾ എന്റെ അടുത്തുവ
ന്നത് എന്തിന്? നിങ്ങൾ എന്നെ ദ്വേഷിച്ചു
നിങ്ങളുടെ അടുത്തുനിന്നു അയച്ചുകള
28 ഞ്ഞതാണല്ലോ എന്നു പറഞ്ഞു. അവർ
അവനോടു പറഞ്ഞു: കർത്താവു നിന്നോടു
കൂടെയുണ്ടെന്നു ഞങ്ങൾ സ്പഷ്ടമായി
കണ്ടു. ഞങ്ങളും നീയും തമ്മിൽ സത്യ
29 ബന്ധം ഉണ്ടാകേണം. ഞങ്ങൾ നിന്നെ ഉപ
ദ്രവിക്കാതെ നന്മ മാത്രം ചെയ്യുകയും നിന്നെ
സമാധാനത്തോടെ അയയ്ക്കുകയും ചെ
യ്തതുപോലെ, നീ ഞങ്ങൾക്ക് ഒരു ദോഷ
വും ചെയ്യുകയില്ല എന്നു നീയും ഞങ്ങളും
തമ്മിൽ ഉടമ്പടി ചെയ്യേണം. നീ കർത്താ
വിനാൽ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.
30 അവൻ അവർക്ക് ഒരു വിരുന്നു കഴിച്ചു.
31 അവർ ഭക്ഷിച്ചു കുടിച്ചു. അവർ രാവിലെ
എഴുന്നേറ്റു അവർ തമ്മിൽ സത്യം ചെയ്തു.
ഇസഹാക്ക് അവരെ യാത്രയയച്ചു. അവർ
സമാധാനത്തോടെ അവന്റെ അടുത്തു
32 നിന്നു പോയി. അന്നുതന്നെ ഇസഹാക്കി
ന്റെ ദാസന്മാർ വന്നു തങ്ങൾ കുഴിച്ച കിണ
റിന്റെ കാര്യം അവനെ അറിയിച്ച്, വെള്ളം
33 കണ്ടു എന്നു പറഞ്ഞു. അവൻ അതിന്
സിബാ എന്നു പേരു വിളിച്ചു. ഇതു നിമി
ത്തം ആ പട്ടണം ഇന്നുവരെയും ബേർസ
34 ബാ എന്നു വിളിക്കപ്പെടുന്നു. ഏശാവിന്
നാല്പതു വയസ്സായപ്പോൾ അവർ ഹിത്യ
നായ ബെറിയുടെ മകൾ യഹൂദിത്തിനെയും
ഹിവ്യനായ ഏലൂന്റെ മകൾ ബാസമത്തി
നെയും ഭാര്യമാരായി എടുത്തു. ഇവർ
35 ഇസഹാക്കിന്റെയും റഫ്ക്കായുടെയും
ഹൃദയത്തെ വ്യസനിപ്പിച്ചു.

അദ്ധ്യായം 27

1 യാക്കോബിന്മേൽ വന്ന ദൈവത്തി
ന്റെ അനുഗ്രഹം. ഇസഹാക്കു വൃദ്ധനായി,
കാണാൻ വയ്യാത്തവണ്ണം അവന്റെ കണ്ണു
കൾ മങ്ങിയപ്പോൾ അവൻ തന്റെ മൂത്ത
മകൻ ഏശാവിനെ വിളിച്ച് എന്റെ മകനേ,
എന്നു പറഞ്ഞു. ഞാൻ ഇതാ എന്ന് അവൻ
2 പറഞ്ഞു. ഇസഹാക്ക് അവനോടു പറഞ്ഞു:
ഞാൻ വൃദ്ധനായിരിക്കുന്നു; ഏതു ദിവസം
ഞാൻ മരിക്കും എന്ന് അറിഞ്ഞുകൂടാ.
3 ഇപ്പോൾ നിന്റെ ആയുധങ്ങളായ അമ്പും
വില്ലും എടുക്കുക. നീ വിജനപ്രദേശ
ത്തേക്കു പോയി വേട്ട തേടി, എനിക്ക് ഇഷ്ട
മുള്ള ഭക്ഷണം ഉണ്ടാക്കിക്കൊണ്ടു വരിക.
ഞാൻ അതു തിന്നിട്ട് ഞാൻ മരിക്കുന്നതിനു 4
മുമ്പ് ഞാൻ നിന്നെ അനുഗ്രഹിക്കാം.
ഇസഹാക്ക് തന്റെ മകൻ ഏശാവി 5
നോടു പറഞ്ഞതു റഫ്ക്കാ കേട്ടു. ഏശാവു
വേട്ട തേടിക്കൊണ്ടുവരുവാൻ വയലിലേക്കു
പോയി. റഫ്ക്കാ തന്റെ മകൻ യാക്കോ 6
ബിനോടു പറഞ്ഞു: നിന്റെ അപ്പൻ നിന്റെ
സഹോദരൻ ഏശാവിനോടു: വേട്ടയിറച്ചി 7
കൊണ്ടുവന്നു ഭക്ഷണം ഉണ്ടാക്കുക; അതു
തിന്നിട്ട്, എന്റെ മരണത്തിനു മുമ്പു
കർത്താവിന്റെ സന്നിധിയിൽ ഞാൻ
നിന്നെ അനുഗ്രഹിക്കാം എന്നു പറഞ്ഞതു
ഞാൻ കേട്ടു. എന്റെ മകനേ, ഇപ്പോൾ 8
ഞാൻ നിന്നോട് ആജ്ഞാപിക്കുന്ന കാര്യം
നീ അനുസരിക്കണം. നീ ആട്ടിൻകൂട്ട 9
ത്തിലേക്കു ചെന്ന്, അവിടെനിന്ന് നല്ല
രണ്ട് ആട്ടിൻകുട്ടികളെ കൊണ്ടുവരുക.
നിന്റെ അപ്പന് ഇഷ്ടമുള്ള ഭക്ഷണം ഞാൻ
ഉണ്ടാക്കാം. നീ അതുമായി അപ്പന്റെ 10
അടുക്കൽ ചെല്ലണം. അവൻ അതു തിന്ന്,
അവന്റെ മരണത്തിനു മുമ്പ് കർത്താ
വിന്റെ സന്നിധിയിൽ നിന്നെ അനുഗ്രഹി
ക്കട്ടെ. യാക്കോബ് തന്റെ അമ്മ റഫ്ക്ക 11
യോട്: എന്റെ സഹോദരൻ രോമാവൃതനും
ഞാൻ മൃദുമേനിയുമാണല്ലോ. അപ്പൻ 12
എന്നെ തപ്പിനോക്കിയെന്നുവരാം. അവ
ന്റെ ദൃഷ്ടിയിൽ ഞാൻ പരിഹാസിയെ
പ്പോലെ ആയിത്തീരും. എന്റെ മേൽ അനു
ഗ്രഹമല്ല, ശാപം ആയിരിക്കും വലിച്ചു
വയ്ക്കുന്നത്. അമ്മ അവനോടു പറഞ്ഞു: 13
ശാപം എന്റെ മേൽ ഇരിക്കട്ടെ. എന്റെ
വാക്കു കേൾക്കുക മാത്രം ചെയ്യുക; പോയി
കൊണ്ടുവരിക. അവൻ പോയി കൊണ്ടു
വന്നു. അവന്റെ അമ്മ അവന്റെ അപ്പനു 14
പ്രിയംകരമായ വിധത്തിൽ ഭക്ഷണം
ഉണ്ടാക്കി. വീട്ടിൽ തന്റെ പക്കൽ ഉണ്ടായി 15
രുന്നതായ, തന്റെ മൂത്ത മകൻ ഏശാവി
ന്റെ വിശേഷവസ്ത്രങ്ങൾ റഫ്ക്ക എടു
ത്തു തന്റെ ഇളയമകൻ യാക്കോബിനെ
ധരിപ്പിച്ചു. അവന്റെ കൈകളിന്മേലും രോമ 16
മില്ലാത്ത കഴുത്തിന്മേലും ആട്ടിൻകുട്ടിക
ളുടെ തോൽ പൊതിഞ്ഞു. അവൾ ഉണ്ടാ 17
ക്കിയ ഭക്ഷണവും അപ്പവും തന്റെ മകൻ
യാക്കോബിന്റെ പക്കൽ കൊടുത്തു.
അവൻ പിതാവിന്റെ അടുക്കൽ ചെന്നു 18
അപ്പാ എന്നു പറഞ്ഞു. ഞാൻ ഇതാ, മകനേ,
നീ ആരാകുന്നു? എന്ന് അവൻ ചോദിച്ചു.
യാക്കോബ് തന്റെ അപ്പനോട്: ഞാൻ 19

ഏശാവു ആകുന്നു; നിൻെറ ആദ്യജാത
പുത്രൻ. നീ പറഞ്ഞതുപോലെ ഞാൻ
ചെയ്തിരിക്കുന്നു. നിൻെറ ആത്മാവ്
എന്നെ അനുഗ്രഹിക്കേണ്ടതിന്, എഴുന്നേറ്റ്
ഇരുന്ന് എൻെറ വേട്ടയിറച്ചി ഭക്ഷിച്ചാലും
എന്നു പറഞ്ഞു. ഇത്ര പെട്ടെന്നു നിനക്ക്
കിട്ടിയത് എങ്ങനെയാകുന്നു മകനേ എന്ന്
ഇസഹാക്ക് തൻെറ മകനോടു ചോദിച്ചു:
നിൻെറ ദൈവമായ കർത്താവ് എൻെറ
മുമ്പിൽ ഒരുക്കിത്തന്നു എന്ന് അവൻ
പറഞ്ഞു. ഇസഹാക്ക് തൻെറ മകൻ
യാക്കോബിനോടു: അടുത്തു വരിക. നീ
എൻെറ മകൻ ഏശാവു ആണോ അല്ലയോ
എന്നു ഞാൻ നിന്നെ തപ്പിനോക്കട്ടെ എന്നു
പറഞ്ഞു. യാക്കോബ് തൻെറ അപ്പൻ ഇസ
ഹാക്കിനോടു അടുത്തു ചെന്നു. അവൻ
അവനെ തപ്പി നോക്കി. ശബ്ദം യാക്കോബി
ൻേറത്; കൈകളുടെ സ്പർശനം ഏശാവി
ൻേറത് എന്ന് അവൻ പറഞ്ഞു. അവൻെറ
കൈകൾ തൻെറ സഹോദരൻ ഏശാവു
വിൻെറ കൈകൾപോലെ രോമാവൃതമാ
യിരുന്നതിനാൽ അവൻ അവനെ തിരിച്ച
റിഞ്ഞിരിക്കുകയും അവനെ അനുഗ്രഹിക്കു
4 കയുംചെയ്തു. നീ എൻെറ മകൻ ഏശാവു
തന്നെയോ എന്ന് അവൻ ചോദിച്ചു. ഞാൻ
5 തന്നെ എന്ന് അവൻ പറഞ്ഞു. അവൻ
അവനോട്: കൊണ്ടുവരിക. ആത്മാവു
നിന്നെ അനുഗ്രഹിക്കേണ്ടതിന് ഞാൻ
വേട്ടയിറച്ചി തിന്നാം എന്നു പറഞ്ഞു. അവൻ
കൊണ്ടുചെന്നു; അവൻ തിന്നു. അവൻ
വീഞ്ഞു കൊണ്ടുവരികയും അവൻ കുടി
6 ക്കുകയും ചെയ്തു. അവൻെറ പിതാവായ
ഇസഹാക്ക് അവനോട്: അടുത്തു വന്നു
എന്നെ ചുംബിക്കുക എന്നു പറഞ്ഞു.
7 അവൻ അടുത്തു ചെന്ന് അവനെ ചുംബി
ച്ചു. അവൻെറ വസ്ത്രത്തിൻെറ വാസന
അവൻ മണത്തിട്ട് പറഞ്ഞത്: ഇതാ എൻെറ
മകൻെറ വാസന കർത്താവ് അനുഗ്രഹിച്ച
8 വയലിൻെറ മണംപോലെ! ആകാശത്തിലെ
പനിമഞ്ഞും ഭൂമിയുടെ പുഷ്ടിയും ധാന്യ
ത്തിൻെറയും വീഞ്ഞിൻെറയും വർദ്ധനവും
9 കർത്താവു നിനക്കു നൽകട്ടെ. ജാതികൾ
നിന്നെ സേവിക്കട്ടെ. സ്വജനങ്ങൾ നിന്നെ
വണങ്ങട്ടെ. നിൻെറ സഹോദരന്മാർക്കു നീ
തലവൻ ആയിത്തീരട്ടെ. നിൻെറ അമ്മയുടെ
മക്കൾ നിന്നെ വണങ്ങട്ടെ. നിന്നെ ശപിക്കു
ന്നവർ ശപിക്കപ്പെട്ടവർ. നിന്നെ അനുഗ്രഹി
ക്കുന്നവർ അനുഗൃഹീതർ.

0 ഇസഹാക്ക് യാക്കോബിനെ അനുഗ്ര
ഹിച്ചു കഴിഞ്ഞപ്പോൾ യാക്കോബ് തൻെറ
പിതാവായ ഇസഹാക്കിൻെറ അടുത്തുനി
ന്നു പുറത്തു കടന്നു. അപ്പോൾ ഇതാ,
അവൻെറ സഹോദരൻ ഏശാവു വേട്ട
കഴിഞ്ഞു വന്നു. അവനും ഭക്ഷണം ഉണ്ടാ 31
ക്കി പിതാവിൻെറ അടുക്കൽ കൊണ്ടുചെ
ന്ന്, അപ്പനോട്: എൻെറ അപ്പാ, എഴുന്നേറ്റാ
ലും. നിൻെറ ആത്മാവ് എന്നെ അനുഗ്ര
ഹിക്കത്തക്കവണ്ണം മകൻെറ വേട്ടയിറച്ചി
യിൽനിന്നു ഭക്ഷിച്ചാലും, എന്നു പറഞ്ഞു.
നീ ആരാകുന്നു എന്നു അവൻെറ പിതാ 32
വായ ഇസഹാക്ക് അവനോടു ചോദിച്ചു.
ഞാൻ നിൻെറ മകൻ, നിൻെറ ആദ്യജാതൻ
ഏശാവു ആകുന്നു എന്ന് അവൻ പറഞ്ഞു.
ഇസഹാക്ക് അത്യന്തം ഞെട്ടി വിറച്ചു. 33
വേട്ടയാടി എനിക്ക് ഇറച്ചി കൊണ്ടുവന്നു
തന്നവൻ ആരാകുന്നു? നീ എത്തുംമുമ്പെ
ഞാൻ അതിൽനിന്നു ഭക്ഷിച്ച് അവനെ
അനുഗ്രഹിച്ചു. അവൻ അനുഗ്രഹിക്കപ്പെട്ട
വൻ ആകുകയും ചെയ്യും എന്നു പറഞ്ഞു.
തൻെറ അപ്പൻെറ വാക്കുകൾ കേട്ടപ്പോൾ 34
ഏശാവു അതിദുഃഖത്തോടെ ഉച്ചത്തിൽ
പൊട്ടിക്കരഞ്ഞുകൊണ്ട് തൻെറ പിതാവി
നോട്: എൻെറ അപ്പാ, എന്നെയും കൂടെ
അനുഗ്രഹിക്കണമേ എന്നു പറഞ്ഞു.
അപ്പൻ അവനോട് നിൻെറ സഹോദരൻ 35
വഞ്ചനാപൂർവ്വം വന്നു നിൻെറ അനുഗ്രഹം
പ്രാപിച്ചുകളഞ്ഞു എന്നു പറഞ്ഞു. അവനെ 36
യാക്കോബെന്നു വിളിക്കുന്നതു ശരിയാണ്.
അവൻ എന്നെ രണ്ടു പ്രാവശ്യം വഞ്ചിച്ചു
വല്ലോ; എൻെറ ജ്യേഷ്ഠാവകാശം അവൻ
എടുത്തു. ഇപ്പോൾ, ഇതാ, എൻെറ അനുഗ്ര
ഹവും അവൻ പ്രാപിച്ചു എന്ന് ഏശാവു
പറഞ്ഞു. എനിക്കുവേണ്ടി നീ ഒരു അനുഗ്ര
ഹം ബാക്കി വെച്ചിട്ടില്ലയോ എന്നു ഏശാവു
തൻെറ അപ്പനോടു ചോദിച്ചു. ഇസഹാക്ക് 37
ഏശാവിനോട് ഉത്തരം പറഞ്ഞത്: ഞാൻ
അവനെ നിൻെറ തലവനാക്കി; അവൻെറ
സകല സഹോദരന്മാരെയും അവനു ദാസ
ന്മാരാക്കി; ധാന്യവും വീഞ്ഞും അവന്
ഉറപ്പാക്കി. എൻെറ മകനേ, ഇനി ഞാൻ
നിനക്കുവേണ്ടി എന്തു ചെയ്യേണ്ടൂ? ഏശാവു 38
തൻെറ പിതാവായ ഇസഹാക്കിനോട്:
എൻെറ അപ്പാ; നിനക്ക് ഒരു അനുഗ്രഹം
മാത്രമേ ഉള്ളുവോ, അപ്പാ എന്നെ അനു
ഗ്രഹിക്കണമേ, എന്നെയും കൂടെ, എന്നു
പറഞ്ഞ് ഏശാവു ഉറക്കെ കരഞ്ഞു. അവ 39
ൻെറ പിതാവായ ഇസഹാക്ക് അവനോടു
പറഞ്ഞു: നിൻെറ വാസസ്ഥലം ഭൂമിയുടെ
പുഷ്ടിയിലും ആകാശത്തിലെ മഞ്ഞിൽനി
ന്നും അതീതമായിരിക്കും. നിൻെറ വാൾ 40

കൊണ്ടു നീ ജീവിക്കും. നിന്റെ സഹോദര
നെ നീ സേവിക്കും. നീ ബന്ധനം തകർ
ത്താൽ അവന്റെ നുകം നിന്റെ കഴുത്തിൽ
41 നിന്നു നീങ്ങിപ്പോകും. തന്റെ പിതാവു
യാക്കോബിനെ അനുഗ്രഹിച്ച അനുഗ്രഹ
ങ്ങൾ നിമിത്തം ഏശാവു അവനെ
വെറുത്തു. അപ്പനെക്കുറിച്ചുള്ള വിലാപത്തി
ന്റെ ദിനങ്ങൾ അടുത്തിരിക്കുന്നു; (അതു
കഴിഞ്ഞ്) ഞാൻ യാക്കോബിനെ കൊല്ലും
എന്ന് ഏശാവു മനസ്സിൽ പറഞ്ഞു.
42 തന്റെ മൂത്ത മകൻ ഏശാവിന്റെ
വാക്കുകൾ റഫ്ക്കാ അറിഞ്ഞു. അവൾ
തന്റെ ഇളയ മകൻ യാക്കോബിന് ആള
യച്ചു വിളിച്ചു അവനോടു പറഞ്ഞു: ഇതാ
നിന്റെ സഹോദരൻ ഏശാവു നിന്നെ
43 കൊല്ലാൻ ആലോചിക്കുകയാണ്. മകനേ,
ഇപ്പോൾ എന്റെ വാക്കു കേൾക്കുക. നീ
എഴുന്നേറ്റ്, എന്റെ സഹോദരൻ ലാബാ
ന്റെ അടുത്ത് ഹാറാനിലേക്ക് പൊയ്ക്കൊ
44 ള്ളുക. നീ കുറെ ദിവസം അവിടെ താമ
സിക്കുക. നിന്റെ സഹോദരന്റെ കോപം
തണുക്കുമ്പോൾ, നിന്റെ സഹോദരനു
നിന്നോടുള്ള കോപം നീങ്ങിപ്പോകു
മ്പോൾ, നീ അവനോടു ചെയ്തത് അവൻ
മറക്കുമ്പോൾ, ഞാൻ നിന്നെ കൂട്ടിക്കൊണ്ടു
പോരാം. ഒരേ ദിവസം നിങ്ങൾ ഇരുവരും
45 എനിക്കു നഷ്ടപ്പെടരുതല്ലോ, റഫ്ക്കാ
ഇസഹാക്കിനോടു പറഞ്ഞു: ഈ ഹിത്യ
സ്ത്രീകൾ നിമിത്തം എനിക്കു ജീവിതം
വിഷമകരമായിരിക്കുന്നു. ഈ ദേശത്തിലെ
സ്ത്രീകളെപ്പോലെയുള്ള ഒരു ഹിത്യസ്ത്രീ
യെ യാക്കോബും വിവാഹംകഴിക്കുന്നുവെ
ങ്കിൽ, പിന്നെ ഞാൻ എന്തിനു ജീവിക്കണം?

അദ്ധ്യായം 28

1 ഇസഹാക്ക് യാക്കോബിനെ വിളിച്ച്
അനുഗ്രഹിച്ചിട്ട് അവനോടു ആജ്ഞാപിച്ചു.
കനാന്യരുടെ പുത്രിമാരിൽനിന്നു നീ ഭാര്യ
2 യെ എടുക്കരുത്. നീ എഴുന്നേറ്റ് പദൻ അറാ
മിലേക്ക്, നിന്റെ അമ്മയുടെ പിതാവായ
ബെഥുവേലിന്റെ ഭവനത്തിലേക്കു പോ
കുക. അവിടെ നിന്ന്, നിന്റെ അമ്മയുടെ
സഹോദരൻ ലാബാന്റെ പുത്രിമാരിൽ
3 നിന്ന്, നിനക്ക് ഭാര്യയെ എടുക്കുക. സർവ്വ
ശക്തൻ നിന്നെ അനുഗ്രഹിക്കട്ടെ; നിന്നെ
അനുഗ്രഹിച്ച് വർദ്ധിപ്പിച്ചു ജനതകളുടെ
4 സമൂഹമാക്കിത്തീർക്കട്ടെ. അബ്രഹാമി
ന്റെ അനുഗ്രഹങ്ങൾ അവൻ നിനക്കും,
നിന്നോടൊപ്പം നിന്റെ സന്തതിക്കും നൽക
5 ട്ടെ. നീ പ്രവാസം ചെയ്യുന്നതും, ദൈവം
അബ്രഹാമിനു നൽകിയതുമായ ദേശം
താൻ നിനക്കു അവകാശിപ്പിക്കട്ടെ. ഇസ
ഹാക്ക് യാക്കോബിനെ യാത്ര അയച്ചു.
അവൻ പദൻ അറാമിലേക്ക്, യാക്കോബി
ന്റെയും ഏശാവിന്റെയും അമ്മയായ
റഫ്ക്കയുടെയും സഹോദരനായ, അറാമ്യ
നായ ബെഥുവേലിന്റെ മകൻ ലാബാന്റെ
അടുക്കലേക്കു യാത്രയായി. തന്റെ സഹോ 6
ദരനായ യാക്കോബിനെ അനുഗ്രഹിച്ചു,
പദൻ അറാമിൽനിന്നു ഭാര്യയെ എടുക്കു
വാനായി അവിടേക്ക് അയച്ചു എന്നും,
അവനെ അനുഗ്രഹിച്ചപ്പോൾ, കനാന്യ
സ്ത്രീകളിൽ നിന്നു ഭാര്യയെ എടുക്കരുത്
എന്ന് അവനോട് ആജ്ഞാപിച്ചു എന്നും, 7
യാക്കോബു തന്റെ മാതാപിതാക്കന്മാരെ
അനുസരിച്ച് പദൻ അറാമിലേക്കു പോയി
എന്നും ഏശാവു അറിഞ്ഞു.
തന്റെ പിതാവായ ഇസഹാക്കിന്റെ 8
ദൃഷ്ടിയിൽ കനാന്യസ്ത്രീകൾ യോഗ്യര
ല്ലെന്ന് ഏശാവു കണ്ടു. ഏശാവു പോയി, 9
അബ്രഹാമിന്റെ മകൻ ഇശ്മായേലിന്റെ
പുത്രിയും നെബായൂത്തിന്റെ സഹോദരി
യുമായ ബാസമത്തിനെ ഭാര്യയായി
സ്വീകരിച്ചു.

യാക്കോബിനുണ്ടായ വെളിപ്പാട്:
യാക്കോബ് ബർശ്ബായിൽനിന്നു ഹാറാ 10
നിലേക്കു പുറപ്പെട്ടു. അവൻ ഒരു സ്ഥല 11
ത്തെത്തിയപ്പോൾ സൂര്യൻ അസ്തമി
ക്കുകയാൽ അവിടെ രാപാർത്തു. ആ
സ്ഥലത്തെ കല്ലുകളിൽ ഒന്നെടുത്ത് തല
യിണയായി വച്ചു അവൻ അവിടെ കിട
ന്നുറങ്ങി. സ്വപ്നത്തിൽ അവൻ കണ്ടതെ 12
ന്തെന്നാൽ: ഇതാ ഭൂമിയിൽ ഒരു ഏണി
നിൽക്കുന്നു; അതിന്റെ തല ആകാശത്ത്
എത്തിയിരുന്നു; ദൈവത്തിന്റെ മാലാഖ
മാർ അതിൽകൂടെ കയറുകയും ഇറങ്ങു
കയും ചെയ്യുന്നു. ദൈവം അതിന്മീതെ 13
നിന്നുകൊണ്ട് അരുളിച്ചെയ്തു: നിന്റെ
പിതാവായ അബ്രഹാമിന്റെ ദൈവവും
ഇസഹാക്കിന്റെ ദൈവവും ഞാനാകുന്നു.
നീ കിടന്നുറങ്ങുന്ന ഈ ദേശം ഞാൻ
നിനക്കും നിന്റെ സന്തതിക്കും നൽകും.
നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ 14
ആകും. നീ കിഴക്കോട്ടും പടിഞ്ഞാറോട്ടും
വടക്കോട്ടും തെക്കോട്ടും വ്യാപിക്കും.
നിന്നാലും നിന്റെ സന്തതിയാലും ഭൂമിയി
ലെ സകല വംശങ്ങളും അനുഗ്രഹിക്ക
പ്പെടും. ഇതാ ഞാൻ നിന്നോടുകൂടെ ഉണ്ട്. 15
നീ പോകുന്നിടത്തു ഞാൻ നിന്നെ സംര
ക്ഷിച്ച് ഈ ദേശത്തേക്കു തിരികെ കൊണ്ടു

വരും. ഞാൻ നിന്നോട് അരുളിച്ചെയ്തതെല്ലാം
നിവർത്തിക്കുവോളം ഞാൻ നിന്നെ ഉപേ
16 ക്ഷിക്കുകയില്ല. യാക്കോബ് ഉറക്കത്തിൽ
നിന്ന് ഉണർന്ന്, സത്യമായും കർത്താവ്
ഈ സ്ഥലത്തുണ്ട്; ഞാൻ അതറിഞ്ഞില്ല
17 എന്നു പറഞ്ഞു. യാക്കോബ് അത്യന്തം
ഭയപ്പെട്ടു. ഇന്ന്, ഈ സ്ഥലം എത്ര ഭയങ്കരം!
ഇതു ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊ
ന്നുമല്ല; ഇതാകുന്നു സ്വർഗ്ഗത്തിന്റെ
വാതിൽ, എന്നു പറഞ്ഞു.
18 രാവിലെ യാക്കോബ് എഴുന്നേറ്റു. താൻ
തലയിണയായി വച്ച കല്ലെടുത്തു നാട്ടി
നിർത്തി, അതിന്റെ മുകളിൽ എണ്ണ ഒഴിച്ചു.
19 അവൻ ആ സ്ഥലത്തിനു ബെഥേൽ എന്നു
പേരു വിളിച്ചു. എന്നാൽ, മുമ്പ് ആ സ്ഥല
ത്തിനു ലൂസ് എന്നു പേരായിരുന്നു.
20 യാക്കോബ് ഒരു നേർച്ച നേർന്നു പറ
ഞ്ഞത്: ദൈവം എന്നോടു കൂടെ ഉണ്ടായിരി
ക്കുകയും ഞാൻ പോകുന്ന ഈ വഴിയിൽ
എന്നെ കാത്തുകൊള്ളുകയും, ഭക്ഷിപ്പാൻ
അപ്പവും ധരിപ്പാൻ വസ്ത്രവും തരികയും
21 എന്റെ പിതാവിന്റെ ഭവനത്തിലേക്കു
സമാധാനത്തോടെ തിരികെ കൊണ്ടുവരി
കയും ചെയ്താൽ, കർത്താവ് എനിക്കു
22 ദൈവമായിരിക്കും; ഞാൻ നാട്ടി നിർത്തിയ
ഈ കല്ല് ദൈവത്തിന്റെ ആലയം ആയി
ത്തീരും; നീ എനിക്കു തരുന്ന സകലത്തി
ന്റെയും ദശാംശം തീർച്ചയായും നിനക്കു
തരികയും ചെയ്യും.

അദ്ധ്യായം 29

1 യാക്കോബു യാത്ര തുടർന്നു പൗരസ്ത്യ
2 രുടെ ദേശത്ത് എത്തി. അവൻ വെളിമ്പ്ര
ദേശത്ത് ഒരു കിണറും അതിന്നരികെ മൂന്ന്
ആട്ടിൻപറ്റം കിടക്കുന്നതും കണ്ടു. എന്തെ
ന്നാൽ ആ കിണറ്റിൽ നിന്നാണ് ആട്ടിൻപറ്റ
ങ്ങൾ കുടിച്ചുപോന്നത്. കിണറ്റിന്റെ വായ്
ക്കൽ ഒരു വലിയ കല്ല് ഉണ്ടായിരുന്നു. എല്ലാ
3 ആട്ടിൻപറ്റങ്ങളെയും അവിടെ കൂട്ടി വരുത്തി
യിട്ട് കിണറ്റിന്റെ വായ്ക്കൽനിന്നു അവർ
ആ കല്ല് ഉരുട്ടിമാറ്റി ആടുകളെ കുടിപ്പിക്കു
കയും, പിന്നീട് ആ കല്ല് കിണറ്റിന്റെ വായ്
ക്കൽ ആ സ്ഥാനത്തു തിരികെ വെയ്ക്കുക
4 യുമായിരുന്നു പതിവ്. യാക്കോബ് അവ
രോടു: എന്റെ സഹോദരന്മാരേ, നിങ്ങൾ
എവിടെനിന്നുള്ളവരാകുന്നു എന്നു ചോദി
ച്ചു. ഞങ്ങൾ ഹാറാനിൽനിന്നുള്ളവരാകു
5 ന്നു എന്ന് അവർ പറഞ്ഞു. നാഹോറിന്റെ
പുത്രൻ ലാബാനെ നിങ്ങൾ അറിയുമോ
6 എന്ന് അവൻ ചോദിച്ചു. അറിയും എന്ന്
അവർ പറഞ്ഞു. അവനു സമാധാനമോ
എന്ന് അവൻ ചോദിച്ചു. സമാധാനം
തന്നെ. അവന്റെ മകൾ റാഹേൽ ആടു
കളുമായി ഇതാ വരുന്നു എന്നു അവർ
പറഞ്ഞു. യാക്കോബ് അവരോടു: പകൽ 7
ഇനിയും ഉണ്ടല്ലോ. ആടുകളെ കൂട്ടുന്ന
നേരം ആയിട്ടില്ല. ആടുകളെ വെള്ളം കുടി
പ്പിച്ചിട്ട് വീണ്ടും പോയി തീറ്റുവിൻ എന്ന്
അവൻ പറഞ്ഞു. ആട്ടിൻപറ്റങ്ങളെല്ലാം 8
കൂടിവരികയും കിണറ്റിന്റെ വായ്ക്കൽ
നിന്നു കല്ല് ഉരുട്ടിമാറ്റുകയും ചെയ്യുന്നതു
വരെ ഞങ്ങൾക്കു കഴിയുകയില്ല; അപ്പോൾ
ഞങ്ങൾ ആടുകൾക്കു വെള്ളം കൊടുക്കും
എന്ന് അവർ പറഞ്ഞു.
അവർ സംസാരിച്ചുകൊണ്ടിരിക്കു 9
മ്പോൾ തന്നെ, തന്റെ പിതാവിന്റെ ആട്ടിൻ
പറ്റത്തോടു കൂടെ റാഹേൽ വന്നു. അവളാ
യിരുന്നു അവയെ മേയിച്ചുപോന്നത്. തന്റെ 10
മാതാവിന്റെ സഹോദരൻ ലാബാന്റെ
മകൾ റാഹേലിനെയും അവന്റെ ആട്ടിൻ
പറ്റത്തെയും കണ്ടപ്പോൾ യാക്കോബ്
കിണറ്റുവായ്ക്കൽനിന്നു കല്ലുരുട്ടി മാറ്റി
തന്റെ മാതാവിന്റെ സഹോദരൻ ലാബാ
ന്റെ ആടുകളെ കുടിപ്പിച്ചു. യാക്കോബ് 11
റാഹേലിനെ ചുംബിച്ച് ഉറക്കെ കരഞ്ഞു.
താൻ അവളുടെ പിതാവിന്റെ ചാർച്ചക്കാ 12
രനും റഫ്ക്കയുടെ പുത്രനും ആകുന്നുവെ
ന്നു യാക്കോബ് റാഹേലിനെ അറിയിച്ചു;
അവൾ ഓടിച്ചെന്നു അപ്പനെ അറിയിച്ചു.
ലാബാൻ, തന്റെ സഹോദരിയുടെ മകൻ 13
യാക്കോബിന്റെ വസ്തുത കേട്ടപ്പോൾ
അവനെ എതിരേല്പാൻ ഓടിച്ചെന്നു;
അവനെ ആശ്ലേഷിച്ചു ചുംബിച്ചു; വീട്ടിലേ
ക്കു കൂട്ടിക്കൊണ്ടുവന്നു. അവൻ എല്ലാ
കാര്യങ്ങളും ലാബാനു വിവരിച്ചുകൊടു 14
ത്തു. നീ യഥാർത്ഥത്തിൽ എന്റെ അസ്ഥി
യും മാംസവും ആകുന്നു എന്നു ലാബാൻ
യാക്കോബിനോടു പറഞ്ഞു. അവൻ ഒരു
മാസം അവനോടുകൂടെ പാർത്തു. ലാബാൻ 15
യാക്കോബിനോടു: നീ സത്യത്തിൽ
എന്റെ സഹോദരനാണല്ലോ. നീ സൗജന്യ
മായി എനിക്കുവേണ്ടി പണി ചെയ്യുന്നു.
പറയൂ. നിനക്ക് എന്തു കൂലി വേണം? എന്നു 16
പറഞ്ഞു. ലാബാനു രണ്ടു പുത്രിമാർ
ഉണ്ടായിരുന്നു; മൂത്തവൾക്ക് ലേയാ
എന്നും ഇളയവൾക്കു റാഹേൽ എന്നും
പേര്. ലേയയുടെ കണ്ണുകൾ നിഷ്പ്രഭ 17
ങ്ങൾ ആയിരുന്നു. റാഹേൽ കാഴ്ച
യ്ക്കു സുന്ദരിയും ലാവണ്യവതിയും
ആയിരുന്നു.

18 യാക്കോബ് റാഹേലിനെ സ്നേഹിച്ചു.
നിന്റെ ഇളയമകൾ റാഹേലിനുവേണ്ടി
ഞാൻ നിന്നെ ഏഴു വർഷം സേവിക്കാം
19 എന്ന് അവൻ പറഞ്ഞു. ഞാൻ അവളെ
നിനക്കു തരുന്നത്, അവളെ മറ്റൊരാൾക്കു
കൊടുക്കുന്നതിനെക്കാൾ യോഗ്യമാണല്ലോ.
നീ എന്നോടുകൂടെ താമസിക്കുക എന്ന്
20 ലാബാൻ അവനോടു പറഞ്ഞു. റാഹേലിനു
വേണ്ടി യാക്കോബ് ഏഴു സംവത്സരം സേ
വനം ചെയ്തു. അവൻ അവളെ സ്നേഹിച്ചി
രുന്നതിനാൽ അത് അവന്റെ ദൃഷ്ടിയിൽ
അല്പദിവസങ്ങൾപോലെയായിരുന്നു.
21 യാക്കോബ് ലാബാനോട്: ദിവസങ്ങൾ തിക
ഞ്ഞിരിക്കയാൽ എന്റെ സ്ത്രീയെ എനിക്കു
തരിക; ഞാൻ അവളുടെ അടുത്ത് അകത്തു
22 ചെല്ലട്ടെ എന്നു പറഞ്ഞു. ലാബാൻ ആ
നാട്ടുകാരെയെല്ലാം വിളിച്ചുകൂട്ടി ഒരു വിരു
23 ന്നു നടത്തി. സന്ധ്യയായപ്പോൾ ലാബാൻ
തന്റെ മകൾ ലേയയെ കൊണ്ടുപോയി
അവന്റെ അടുത്തു പ്രവേശിപ്പിച്ചു. അവൻ
24 അവളെ പ്രാപിച്ചു. ലാബാൻ തന്റെ ദാസി
സില്പയെ തന്റെ മകൾ ലേയയ്ക്കു ദാസി
25 യായി നൽകി. പ്രഭാതമായപ്പോൾ, അവൾ
ലേയ ആണെന്ന് യാക്കോബ് കണ്ടു. നീ
എന്നോട് ഈ ചെയ്തത് എന്ത്? റാഹേ
ലിനു വേണ്ടിയാണല്ലോ ഞാൻ നിന്നെ
സേവിച്ചത്. നീ എന്നെ വഞ്ചിച്ചതെന്ത്?
എന്ന് യാക്കോബ് ലാബാനോടു പറഞ്ഞു.
26 ലാബാൻ യാക്കോബിനോടു പറഞ്ഞു:
ഞങ്ങളുടെ നാട്ടിൽ മൂത്തവൾക്കു മുമ്പെ
27 ഇളയവളെ കൊടുക്കാറില്ല. ഇവളുടെ
വിവാഹവിരുന്നു പൂർത്തിയാക്കു. വേറെ
ഏഴു വർഷം എന്നെ സേവിക്കുന്ന സേവന
ത്തിനായി ഞാൻ അവളെയും നിനക്കു
28 തരാം. യാക്കോബ് അപ്രകാരം ചെയ്ത് അവ
ളുടെ വിവാഹവിരുന്നു പൂർത്തിയാക്കിയ
പ്പോൾ അവൻ തന്റെ മകൾ റാഹേലിനെ
29 അവനു ഭാര്യയായി കൊടുത്തു. ലാബാൻ
തന്റെ ദാസി ബൽഹായെ റാഹേലിനു
30 ദാസിയായി കൊടുത്തു. അവൻ റാഹേലി
നെയും പ്രാപിച്ചു. അവൻ ലേയയെക്കാൾ
അധികമായി റാഹേലിനെ സ്നേഹിച്ചു.
വീണ്ടും വേറെ ഏഴു വർഷം അവൻ അവനെ
സേവിച്ചു.
31 അവൻ ലേയയെ വെറുക്കുന്നു എന്നു
കർത്താവു കണ്ടപ്പോൾ അവളുടെ ഗർഭ
പാത്രം തുറന്നു. റാഹേലോ വന്ധ്യയായി
രുന്നു. ലേയാ ഗർഭിണിയായി, ഒരു മകനെ
32 പ്രസവിച്ചു. അവൾ അവനു റൂബേൽ എന്നു
പേരിട്ടു. ദൈവം എന്റെ കഷ്ടത കണ്ടു;
ഇപ്പോൾ എന്റെ ഭർത്താവ് എന്നെ സ്നേ
ഹിക്കും എന്ന് അവൾ പറഞ്ഞു. അവൾ 33
വീണ്ടും ഗർഭംധരിച്ച് ഒരു മകനെ പ്രസവിച്ചു.
ഞാൻ വെറുക്കപ്പെടുന്നു എന്നു കർത്താവു
കേട്ടതിനാൽ ഇവനെയും എനിക്കു തന്നു
എന്നു പറഞ്ഞ് അവൾ അവന് ശെമവൂൻ
എന്നു പേരു വിളിച്ചു. അവൾ വീണ്ടും ഗർഭി 34
ണിയായി, ഒരു മകനെ പ്രസവിച്ചു. ഈ
സമയം എന്റെ ഭർത്താവ് എന്നോടു
ചേർച്ചയായിരിക്കുന്നു. ഞാൻ അവനു മൂന്നു
പുത്രന്മാരെ പ്രസവിച്ചിരിക്കുന്നുവല്ലോ
എന്നു പറഞ്ഞ് അവൾ അവന്നു ലേവി
എന്നു പേരിട്ടു. അവൾ വീണ്ടും ഗർഭംധരിച്ച് 35
ഒരു പുത്രനെ പ്രസവിച്ചു. ഈ സന്ദർഭത്തിൽ
ഞാൻ ദൈവത്തെ സ്തുതിക്കുന്നു എന്ന്
അവൾ പറഞ്ഞു. അതിനാൽ അവൾ
അവനെ യീഹൂദാ എന്നു പേരു വിളിച്ചു.
പിന്നെ അവൾക്കു പ്രസവം നിന്നു.

അദ്ധ്യായം 30

താൻ യാക്കോബിനു മക്കളെ പ്രസവി 1
ക്കുന്നില്ല എന്നു കണ്ടപ്പോൾ റാഹേൽ
തന്റെ സഹോദരിയോട് അസൂയപ്പെട്ടു.
അവൾ യാക്കോബിനോട്: എനിക്കു മക്കളെ
തരിക; ഇല്ലെങ്കിൽ ഞാൻ മരിക്കും എന്നു
പറഞ്ഞു. അപ്പോൾ റാഹേലിന്റെ നേരേ 2
യാക്കോബിനു കോപം ജ്വലിച്ചു. നിനക്കു
ഗർഭഫലം വിരോധിച്ചിരിക്കുന്ന ദൈവ
ത്തിന്റെ സ്ഥാനത്താണോ ഞാൻ? എന്ന്
അവൻ ചോദിച്ചു. അവൾ അവനോടു 3
പറഞ്ഞത്: എന്റെ ദാസി ബിൽഹാ ഇതാ.
നീ അവളുടെ അടുത്തു ചെല്ലുക. അവൾ
എന്റെ മുമ്പാകെ പ്രസവിക്കുകയും അങ്ങ
നെ അവൾ മൂലം എനിക്ക് ആശ്വാസം ലഭി
ക്കുകയും ചെയ്യും. തന്റെ ദാസി ബിൽഹ 4
യെ അവൾ അവനു ഭാര്യയായി കൊടുത്തു.
അവൻ അവളുടെ അടുത്തു ചെന്നു. അവൾ 5
ഗർഭംധരിച്ചു യാക്കോബിന് ഒരു മകനെ
പ്രസവിച്ചു. ദൈവം എനിക്കു ന്യായം നട 6
ത്തിത്തന്നു. എന്റെ പ്രാർത്ഥന കേട്ട് എനി
ക്ക് ഒരു പുത്രനെ തന്നു എന്നു പറഞ്ഞു.
ഇതുനിമിത്തം അവൾ അവനു ദാൻ എന്നു
പേരു വിളിച്ചു. റാഹേലിന്റെ ദാസി 7
ബിൽഹാ വീണ്ടും ഗർഭംധരിച്ചു യാക്കോ
ബിന് ഒരു മകനെ പ്രസവിച്ചു. റാഹേൽ 8
പറഞ്ഞു: എന്റെ സഹോദരിയോടു കൂടെ
ഞാൻ മത്സരിച്ചു; എനിക്കു കിട്ടി. അവനു
നഫ്താലി എന്നു പേരു വിളിച്ചു.
തനിക്കു പ്രസവം നിന്നുപോയി എന്നു 9
ലേയാ കണ്ടപ്പോൾ തന്റെ ദാസി സില്പയെ

യാക്കോബിനു ഭാര്യയായി കൊടുത്തു.
10 ലേയയുടെ ദാസി സില്പ യാക്കോബിനു
11 ഒരു പുത്രനെ പ്രസവിച്ചു. എന്റെ ഭാഗ്യം
വന്നു എന്നു ലേയാ പറഞ്ഞ് അവനു ഗാദ്
എന്നു പേരു വിളിച്ചു.
12 ലേയയുടെ ദാസി സില്പ യാക്കോ
ബിന് രണ്ടാമത് ഒരു മകനെ പ്രസവിച്ചു.
13 സ്ത്രീകൾ എന്നെ തീർച്ചയായും പ്രശംസി
ക്കും എന്നു ലേയാ പറഞ്ഞ് അവന് ആശേർ
എന്നു പേരിട്ടു.
14 ഗോതമ്പുകൊയ്ത്തിന്റെ കാലത്തു
റൂബേൽ വയലിൽ പോയി ദൂദായിപഴം
കണ്ടെത്തി, തന്റെ അമ്മ ലേയയുടെ അടു
ക്കൽ കൊണ്ടുവന്നു. നീ മകന്റെ ദൂദായി
പഴത്തിൽ നിന്ന് എനിക്കു കൂടെ തരിക
15 എന്നു റാഹേൽ ലേയയോടു പറഞ്ഞു. ലേയ
അവളോട്: എന്റെ ഭർത്താവിനെ കൂട്ടി
ക്കൊണ്ടു പോയതു നിനക്കു പോരായോ?
എന്റെ മകന്റെ ദൂദായ് പഴവും വേണമോ?
എന്നു ചോദിച്ചു. റാഹേൽ അവളോട്:
നിന്റെ മകന്റെ ദൂദായി പഴത്തിനു വേണ്ടി
അവൻ ഈ രാത്രി നിന്നോടുകൂടെ ഉറങ്ങി
16 ക്കൊള്ളട്ടെ എന്നു പറഞ്ഞു. വൈകിട്ടു
യാക്കോബ് വയലിൽ നിന്നു വന്നപ്പോൾ
ലേയാ അവനെ എതിരേല്പാൻ പുറപ്പെട്ടു
ചെന്ന് ഇന്ന് എന്റെ അടുക്കൽ പ്രവേശി
ക്കുക. എന്തെന്നാൽ എന്റെ മകന്റെ ദൂദാ
യി പഴത്താൽ ഞാൻ നിന്നെ കൂലിക്കെടു
17 ത്തിരിക്കുന്നു എന്നു പറഞ്ഞു. അവൻ ആ
രാത്രി അവളോടു കൂടെ ശയിക്കുകയും
ചെയ്തു. ദൈവം ലേയയെ ചെവിക്കൊ
ണ്ടു. അവൾ ഗർഭംധരിച്ച് യാക്കോബിന്
18 അഞ്ചാമത് ഒരു മകനെ പ്രസവിച്ചു. ഞാൻ
എന്റെ ദാസിയെ എന്റെ ഭർത്താവിനു
കൊടുത്തതുകൊണ്ട് ദൈവം എനിക്കു
പ്രതിഫലം തന്നു എന്നു ലേയ പറഞ്ഞു.
അവനു ഇസഖാർ എന്നു പേരിട്ടു.
19 ലേയാ വീണ്ടും ഗർഭംധരിച്ച് യാക്കോബി
20 നു ആറാമത് ഒരു മകനെ പ്രസവിച്ചു. ദൈവം
എനിക്കു നല്ല സമ്മാനം തന്ന ഈ സമയം
എന്റെ ഭർത്താവ് എന്നോടു പറ്റിച്ചേർന്നി
രുന്നു. എന്തെന്നാൽ ഞാൻ അവന് ആറു
പുത്രന്മാരെ പ്രസവിച്ചു എന്നു പറഞ്ഞ്
അവൾ അവനു സബ്ലൂൻ എന്നു പേരു
വിളിച്ചു.
21 പിന്നീട് അവൾ ഒരു മകളെ പ്രസവിച്ചു.
അവൾക്കു ദീനാ എന്നു പേരിട്ടു.
22 ദൈവം റാഹേലിനെ ഓർത്ത് അവളെ
ചെവിക്കൊണ്ട് അവളുടെ ഗർഭപാത്രം
23 തുറന്നു. അവൾ ഗർഭംധരിച്ച് ഒരു മകനെ
പ്രസവിച്ചു. ദൈവം എന്റെ നിന്ദ നീക്കി
ക്കളഞ്ഞു എന്ന് അവൾ പറഞ്ഞു. ദൈവം 24
എനിക്കു മറ്റൊരു മകനെ കൂടി തരും എന്നു
പറഞ്ഞ് അവൾ അവനു യൗസേഫ് എന്നു
പേരിട്ടു.
റാഹേൽ യൗസേഫിനെ പ്രസവിച്ച 25
പ്പോൾ യാക്കോബ് ലാബാനോട്: ഞാൻ
എന്റെ ദേശത്ത് എന്റെ സ്ഥലത്തേക്കു
പോകുവാൻ എന്നെ യാത്രയാക്കണമേ:
എന്റെ സേവനത്തിനു വേണ്ടി എന്റെ 26
ഭാര്യമാരെയും മക്കളെയും എനിക്കു തരണ
മെ. ഞാൻ നിന്നെ സേവിച്ച സേവ നിനക്ക്
അറിയാമല്ലോ എന്നു പറഞ്ഞു.
ലാബാൻ യാക്കോബിനോട്: എന്നോടു 27
കൃപയുണ്ടെങ്കിൽ (പോകരുതേ). നിന്നെ
പ്രതി ദൈവം എന്നെ അനുഗ്രഹിച്ചിരിക്കു
ന്നു എന്നു എനിക്കു ബോദ്ധ്യമായിരിക്കു
ന്നു. നിന്റെ കൂലി നിശ്ചയിച്ചു പറയുക; 28
ഞാൻ അതു തന്നുകൊള്ളാം എന്നു പറ
ഞ്ഞു. യാക്കോബ് അവനോടു പറഞ്ഞത്: 29
ഞാൻ നിന്നെ സേവിച്ച സേവയും എന്റെ
പക്കൽ ഉണ്ടായിരുന്ന നിന്റെ ആടുമാടു
കളും നിനക്ക് അറിയാമല്ലോ. എന്തെന്നാൽ 30
എനിക്കു മുമ്പ് നിനക്കു അല്പമേ ഉണ്ടാ
യിരുന്നുള്ളു. അതു വളരെ വർദ്ധിച്ചു.
എന്റെ നിമിത്തം ദൈവം നിന്നെ അനുഗ്ര
ഹിച്ചു. ഇപ്പോഴും, ഞാൻ എന്റെ വീടിനു
വേണ്ടി എപ്പോഴാണ് പ്രവർത്തിക്കേണ്ടത്? 31
ലാബാൻ അവനോട്: ഞാൻ നിനക്ക് എന്തു
തരണം? എന്നു ചോദിച്ചു. യാക്കോബ് അവ
നോട്: നീ എനിക്ക് ഒന്നും തരേണ്ട. ഞാൻ
പറയുന്ന ഒരു കാര്യം നീ ചെയ്യുമെങ്കിൽ
ഞാൻ വീണ്ടും നിന്റെ ആടുകളെ മേയിച്ചു
പാലിക്കാം. ഇന്നുതന്നെ ഞാൻ നിന്റെ 32
സകല ആട്ടിൻപറ്റത്തിലും കൂടെ കടന്നു
പോയി പുള്ളിയും മറുകുമുള്ള ചെമ്മരി
യാടുകളെയും തവിട്ടുനിറമുള്ള എല്ലാ
ചെമ്മരിയാട്ടിൻകുട്ടികളെയും പുള്ളിയും
മറുകുമുള്ള കോലാടുകളെയും വേർതിരി
ക്കാം. അത് എന്റെ കൂലിയായിരിക്കട്ടെ.
എന്റെ സത്യസന്ധതയ്ക്കു നിനക്കുള്ള 33
എന്റെ സാക്ഷ്യമോ: ഇന്നെന്നപോലെ
നാളെ നീ എന്റെ കൂലി പരിശോധിക്കു
മ്പോൾ പുള്ളിയും മറുകും ഇല്ലാത്ത ആടു
കളെയും തവിട്ടുനിറമില്ലാത്തവയെയും
കണ്ടാൽ ഞാൻ അവയെ മോഷ്ടിച്ചതാണ്
(എന്നു കണക്കാക്കാം). നിന്റെ വാക്കു 34
പോലെതന്നെയാകട്ടെ എന്നു ലാബാൻ
പറഞ്ഞു. അന്നുതന്നെ യാക്കോബ് ആട്ടിൻ 35
പറ്റത്തിൽക്കൂടി കടന്നുപോയി വരയും

പുള്ളിയുമുള്ളവയും പുള്ളിയും മറുകുമുള്ള
കോലാടുകളെയും അവയിന്മേൽ വെളു
പ്പുള്ളവയും തവിട്ടുനിറം ഉള്ളവയുമായ
ചെമ്മരിയാടുകളെയും വേർതിരിച്ചു തന്റെ
36 പുത്രന്മാരുടെ പക്കൽ കൊടുത്തു. അവൻ
തനിക്കും ലാബാനും ഇടയിൽ മൂന്നു ദിവ
സത്തെ വഴിയകലം ഉണ്ടാക്കി. ലാബാന്റെ
ശേഷം ആടുകളെ യാക്കോബ് മേയിച്ചു.
37 യാക്കോബ് പുന്നയുടെയും അരിഞ്ഞി
ലിന്റെയും പച്ചക്കമ്പുകൾ എടുത്തു.
കമ്പുകളിൽ വെള്ളവരകൾ കാണത്തക്ക
വണ്ണം തോലുരിച്ചു.
38 താൻ തോലുരിച്ച കമ്പുകൾ, ആടുകൾ
വെള്ളം കുടിക്കാൻ വരുമ്പോൾ അവയ്ക്കു
അഭിമുഖമായിരിക്കത്തക്കവണ്ണം, ആടുകൾ
വെള്ളം കുടിക്കുന്ന നീർപ്പാത്തികളിൽ
അവൻ വച്ചു. വെള്ളം കുടിക്കാൻ വരുമ്പോ
ഴാണ് ആടുകൾ ഗർഭമേൽക്കാറുള്ളത്.
39 ആടുകൾ, ഈ കമ്പുകൾ കണ്ടുകൊണ്ടു
ഗർഭമേറ്റ് പുള്ളിയും വരയും മറുകുമുള്ള
40 ആട്ടിൻകുട്ടികളെ പെറ്റു. ലാബാന്റെ
ആട്ടിൻപറ്റത്തിലെ വരയും പുള്ളിയും മറു
കുമുള്ള ആട്ടിൻകുട്ടികളെയും കറുത്തവ
യെയും യാക്കോബു വേർതിരിച്ചെടുത്ത്
അവയെത്തന്നെ ഒരു പറ്റമാക്കി; ലാബാന്റെ
ആട്ടിൻപറ്റവുമായി അവയെ കലർത്തി
41 യില്ല. കരുത്തുള്ള ആടുകൾ ചനയേൽക്കു
മ്പോൾ കമ്പുകൾ കണ്ടുകൊണ്ടു ചന
യേൽക്കുവാൻ തക്കവണ്ണം യാക്കോബ്
കമ്പുകൾ നീർപ്പാത്തിയിൽ വയ്ക്കും.
42 എന്നാൽ കരുത്തു കുറഞ്ഞവ ചനയേൽ
ക്കുമ്പോൾ അവൻ അവ വച്ചില്ല. അങ്ങനെ
കരുത്തില്ലാത്തവ ലാബാനും കരുത്തു
43 ള്ളവ യാക്കോബിനും ആയിത്തീർന്നു. ആ
മനുഷ്യൻ അത്യന്തം ധനികൻ ആയിത്തീർ
ന്നു. അവനു വളരെയേറെ ആടുകളും ദാസ
ന്മാരും ദാസിമാരും ആൺകഴുതകളും ഒട്ടക
ങ്ങളും പെൺകഴുതകളും ഉണ്ടായി.

അദ്ധ്യായം 31

1 ഞങ്ങളുടെ പിതാവിന് ഉണ്ടായിരുന്ന
തെല്ലാം യാക്കോബ് എടുത്തു; ഞങ്ങളുടെ
പിതാവിന്റേതിൽനിന്നു സമ്പാദിച്ചതാണ്
ഈ സമ്പാദ്യങ്ങളെല്ലാം, എന്ന് ലാബാന്റെ
മക്കൾ പറഞ്ഞ വാക്കുകൾ യാക്കോബ്
2 കേട്ടു. തന്റെ നേരേ ലാബാന്റെ മുഖം
ഇന്നലത്തെയും മിനിഞ്ഞാന്നത്തെയും
പോലെയല്ല എന്നു യാക്കോബ് കണ്ടു.
3 കർത്താവു യാക്കോബിനോട് അരുളി
ച്ചെയ്തത്: നിന്റെ പിതാക്കന്മാരുടെയും
ചാർച്ചക്കാരുടെയും ദേശത്തേക്കു മടങ്ങി
പ്പൊയ്ക്കൊൾക. ഞാൻ നിന്നോടു കൂടെ
യുണ്ടായിരിക്കും. യാക്കോബ് റാഹേലി 4
നെയും ലേയയെയും തന്റെ ആടുകളുടെ
അടുക്കൽ വെളിമ്പ്രദേശത്തേക്കു വിളിപ്പി
ച്ചു. അവരോട് അവൻ പറഞ്ഞത് എന്റെ 5
നേരെ നിങ്ങളുടെ അപ്പന്റെ മുഖം ഇന്നലെ
യും മിനിഞ്ഞാന്നും ആയിരുന്നതുപോലെ
യല്ല എന്നു ഞാൻ കാണുന്നു. എന്റെ പി
താവിന്റെ ദൈവം എന്നോടുകൂടെ ഉണ്ടാ
യിരുന്നു. എന്റെ പൂർണശക്തിയോടുകൂടെ 6
ഞാൻ നിങ്ങളുടെ അപ്പനെ സേവിച്ചു എന്നു
നിങ്ങൾക്ക് അറിയാമല്ലോ. നിങ്ങളുടെ അ 7
പ്പൻ എന്നോടു വ്യാജം പ്രവർത്തിച്ചു. പത്തു
പ്രാവശ്യം എന്റെ കൂലിയിൽ വ്യത്യാസം വ
രുത്തി. എന്നാൽ എന്നോടു ദോഷം ചെയ്യു
വാൻ ദൈവം സമ്മതിച്ചില്ല. പുള്ളിയുള്ളവ 8
നിന്റെ കൂലിയായിരിക്കട്ടെ എന്ന് അവൻ
പറഞ്ഞുവെങ്കിൽ ആട്ടിൻപററമെല്ലാം പുള്ളി
യുള്ള കുട്ടികളെ പെററു. വരയുള്ളവ നി
ന്റെ കൂലിയായിരിക്കട്ടെ എന്ന് അവൻ പറ
ഞ്ഞുവെങ്കിൽ ആട്ടിൻപററമെല്ലാം വരയുള്ള
വയെ പെറ്റു. അങ്ങനെ ദൈവം നിങ്ങളുടെ 9
പിതാവിന്റെ സ്വത്തിൽനിന്നു വേർതിരിച്ചു
എനിക്കു തന്നു. ആടുകൾ ഗർഭമേൽക്കുന്ന 10
കാലത്ത്, സ്വപ്നത്തിൽ ഞാൻ ദൃഷ്ടി ഉയർ
ത്തി നോക്കിയപ്പോൾ, ഇതാ, ആടുകളിൻ
മേൽ കയറുന്ന മുട്ടാടുകളെല്ലാം പുള്ളിയും
വരയും മറുകും ഉള്ളവയത്രേ. ദൈവത്തി
ന്റെ മാലാഖാ സ്വപ്നത്തിൽ എന്നെ 11
യാക്കോബേ എന്നു വിളിച്ചു. ഞാൻ ഇതാ
എന്നു ഞാൻ പറഞ്ഞു. അവൻ എന്നോടു 12
അരുളിച്ചെയ്തു: നീ ദൃഷ്ടിയുയർത്തി
കാണുക; പെണ്ണാടുകളുടെമേൽ കയറുന്ന
മുട്ടാടുകളെല്ലാം പുള്ളിയും വരയും മറുകും
ഉള്ളവയാകുന്നു. എന്തെന്നാൽ, ലാബാൻ
നിന്നോടു ചെയ്തതു എല്ലാം ഞാൻ കണ്ടി
രിക്കുന്നു. നീ അവിടെ എനിക്കായി തൂണി 13
ന്മേൽ എണ്ണ ഒഴിക്കുകയും; അവിടെ വച്ച്
എനിക്കു നേർച്ച നേരുകയും ചെയ്ത ബേ
ഥേലിന്റെ ദൈവം ഞാനാകുന്നു. ഇപ്പോൾ
ഈ ദേശത്തുനിന്ന് എഴുന്നേററ് നിന്റെ
ചാർച്ചക്കാരുടെ ദേശത്തേക്കു പോകുക.
റാഹേലും ലേയയും അവനോടു മറുപടി 14
പറഞ്ഞത്: ഞങ്ങളുടെ അപ്പന്റെ വീട്ടിൽ
ഇനിയും ഞങ്ങൾക്കു അവകാശവും
ഓഹരിയുമില്ല. അവൻ ഞങ്ങളെ അന്യരെ 15
പ്പോലെയാണു കണക്കാക്കുന്നത്. എന്തെ
ന്നാൽ ഞങ്ങളെ വിററ് വിലയും തിന്നു കഴി
ഞ്ഞു. ദൈവം ഞങ്ങളുടെ പിതാവിൽ നിന്ന് 16

വേർപിരിച്ചു തന്ന ധനമൊക്കെയും ഞങ്ങളു
ടേതും ഞങ്ങളുടെ മക്കളുടേതും ആകുന്നു.
17 യാക്കോബ് എഴുന്നേററ് തൻെറ മക്ക
ളെയും ഭാര്യമാരേയും ഒട്ടകപ്പുറത്തു കയ
18 ററി. കനാൻ ദേശത്തു തൻെറ പിതാവായ
ഇസഹാക്കിൻെറ അടുക്കൽ പോകുന്നതി
നായി യാക്കോബ് തൻെറ എല്ലാ വളർത്തു
മൃഗങ്ങളെയും പദൻ അറാമിൽ താൻ സ
മ്പാദിച്ച സകല സമ്പാദ്യങ്ങളും കൂട്ടി യാത്ര
19 തിരിച്ചു. ലാബാൻ തൻെറ ആടുകളെ രോമം
കത്രിക്കുവാൻ പോയിരിക്കുകയായിരുന്നു.
റാഹേൽ തൻെറ പിതാവിൻെറ വിഗ്രഹ
20 ങ്ങൾ മോഷ്ടിച്ചു. യാക്കോബ് അറാമ്യനായ
ലാബാനെ വഞ്ചിച്ചു; എന്തെന്നാൽ താൻ
പോകുന്നുവെന്ന് അവനെ അറിയിച്ചിരു
21 ന്നില്ല. തനിക്കുള്ള സകലവുമായിട്ടാണ് അ
വൻ ഓടിപ്പോയത്. അവൻ നദി കടന്നു ഗില
യാദ്പർവ്വതത്തിലേക്കു യാത്ര തിരിച്ചു.
22 യാക്കോബ് ഓടിപ്പോയി എന്നു മൂന്നാം
23 ദിവസം ലാബാന് അറിവു കിട്ടി. അവൻ ത
ൻെറ സഹോദരന്മാരെയും കൂട്ടി യാക്കോ
ബിനെ പിന്തുടർന്നു. ഏഴു ദിവസം യാത്ര
ചെയ്തു. ഗിലയാദ് പർവ്വതത്തിൽ അവനോ
24 ടു വളരെ അടുത്തെത്തി. രാത്രിയിൽ സ്വപ്ന
ത്തിൽ ദൈവം ലാബാൻെറ അടുക്കൽ വന്ന്
അവനോടു: യാക്കോബിനോടു നന്മയോ
തിന്മയോ പറയാതിരിപ്പാൻ കരുതലായിരു
25 ന്നുകൊള്ളണം എന്ന് അരുളിച്ചെയ്തു. ലാ
ബാൻ യാക്കോബിൻെറ ഒപ്പം എത്തി. യാ
ക്കോബ് മലമേൽ കൂടാരമടിച്ചിരുന്നു.
ലാബാനും തൻെറ സഹോദരന്മാരും ഗില
26 യാദുപർവ്വതത്തിൽ താവളമുറപ്പിച്ചു. ലാ
ബാൻ യാക്കോബിനോടു പറഞ്ഞത്: നീ
ഈ ചെയ്തത് എന്ത്? എന്നെ വഞ്ചിച്ച് എ
ൻെറ പുത്രിമാരെ യുദ്ധത്തടവുകാരെ പോ
27 ലെ നീ കൂട്ടിക്കൊണ്ടുപോയിരിക്കുന്നു. നീ
എന്നെ അറിയിക്കാതെ കള്ളനെപ്പോലെ
ഒളിച്ചോടിയത് എന്തിന്? ഞാൻ സന്തോഷ
പൂർവ്വം സംഗീതത്തോടും കിന്നരത്തോടും
തംബുരുവോടും കൂടെ നിന്നെ യാത്രയാക്കു
28 മായിരുന്നല്ലോ. എൻെറ പുത്രന്മാരെയും പു
ത്രിമാരെയും ചുംബിക്കുവാൻ നീ അനുവ
ദിച്ചില്ല. ഭോഷത്തമാകുന്നു നീ പ്രവർത്തി
29 ച്ചത്. എൻെറ കൈകളാൽ നിങ്ങൾക്കു ദോ
ഷം ചെയ്യുവാനാണു ഞാൻ വന്നത്. യാ
ക്കോബിനോടു നന്മയോ തിന്മയോ പറയാ
തിരിപ്പാൻ കരുതലായിരുന്നുകൊള്ളണം
എന്നു നിങ്ങളുടെ പിതാക്കന്മാരുടെ ദൈവം
30 സന്ധ്യയ്ക്ക് എന്നോടു അരുളിച്ചെയ്തു.
ഇപ്പോൾ നിൻെറ പിതാവിൻെറ ഭവനത്തോ
ടുള്ള അതിവാഞ്ഛയാൽ നീ ഓടിപ്പോയി.
എൻെറ ദേവന്മാരെ നീ മോഷ്ടിച്ചത്
എന്തിന്?
യാക്കോബ് പ്രതിവചിച്ചു: നിൻെറ 31
പുത്രിമാരെ എൻെറ പക്കൽ നിന്നു നീ
പിടിച്ചുകൊണ്ടു പോകുമെന്നു ഞാൻ ഭയ
പ്പെട്ടു. എന്നാൽ നിൻെറ ദേവന്മാരെ ആരു 32
ടെ പക്കൽ കണ്ടെത്തുന്നുവോ അവൻ
ജീവിച്ചിരിക്കരുത്. നിൻെറ വക എന്തെങ്കി
ലും എൻെറ പക്കൽ ഉണ്ടെങ്കിൽ നമ്മുടെ
സഹോദരന്മാരുടെ മുമ്പിൽ വച്ച് ചൂണ്ടി
ക്കാണിച്ച് നീ എടുത്തുകൊൾക. റാഹേൽ
അവ മോഷ്ടിച്ചിരുന്നുവെന്ന് യാക്കോബ്
അറിഞ്ഞിരുന്നില്ല. ലാബാൻ യാക്കോബി 33
ൻെറ കൂടാരത്തിലും ലേയയുടെ കൂടാരത്തി
ലും രണ്ടു ദാസിമാരുടെ കൂടാരത്തിലും കട
ന്നുവെങ്കിലും അവ കണ്ടുകിട്ടിയില്ല. അവൻ
ലേയയുടെ കൂടാരത്തിൽനിന്നിറങ്ങി റാഹേ
ലിൻെറ കൂടാരത്തിൽ കടന്നു. റാഹേൽ 34
വിഗ്രഹങ്ങൾ എടുത്ത് ഒട്ടകത്തിൻെറ ജീനി
യുടെ അകത്ത് ഇട്ടിട്ട് അതിന്മേൽ ഇരുന്നു.
ലാബാൻ കൂടാരത്തിൽ മുഴുവനും പരി
ശോധിച്ചിട്ടും അവ കണ്ടെത്തിയില്ല. 35
റാഹേൽ തൻെറ അപ്പനോടു: യജമാനനേ
എന്നോട് ദേഷ്യം തോന്നരുതേ. എനിക്ക്
സ്ത്രീകൾക്കുള്ള പതിവു കാരണം നിൻെറ
മുമ്പാകെ എഴുന്നേല്പാൻ നിവൃത്തിയില്ല
എന്നു പറഞ്ഞു. അവൻ അന്വേഷിച്ചിട്ട്
വിഗ്രഹങ്ങൾ കണ്ടുകിട്ടിയില്ല. യാക്കോബ് 36
കോപിച്ച് ലാബാനുമായി വാദിച്ചു. യാക്കോ
ബ് ലാബാനോടു ചോദിച്ചു: എൻെറ തെററ്
എന്ത്? നീ എൻെറ പിന്നാലെ പാഞ്ഞു വരു
വാൻ തക്കവണ്ണം ഞാൻ എന്തു കുററം
ചെയ്തു? എൻെറ സാമാനങ്ങൾ മുഴുവൻ 37
നീ തെരഞ്ഞുവല്ലോ. എൻെറ സാമാനങ്ങളു
ടെ ഇടയിൽ നിന്ന് നിൻെറ വീട്ടിലേതു
വല്ലതും കിട്ടിയോ (കിട്ടിയെങ്കിൽ) ഇവിടെ
എൻെറ സഹോദരന്മാരുടെയും നിൻെറ
സഹോദരന്മാരുടെയും മുമ്പാകെ വയ്ക്കു
ക. നമുക്കു രണ്ടുപേർക്കും മദ്ധ്യേ അവർ
തീരുമാനം എടുക്കട്ടെ. ഇതാ, ഇരുപതു 38
വർഷമായി ഞാൻ നിന്നോടുകൂടെയുണ്ട്:
നിൻെറ ചെമ്മരിയാടുകൾക്കോ കോലാടു
കൾക്കോ ഗർഭം അലസിയിട്ടില്ല. നിൻെറ
മുട്ടാടുകളെ ഞാൻ തിന്നിട്ടില്ല. പറിച്ചു കീറി 39
പോയതിനെ നിൻെറ അടുക്കൽ കൊണ്ടു
വന്നിട്ടില്ല. ഞാൻ അതിന് ഉത്തരവാദിയായി
രുന്നു. പകൽ കളവു പോയതിനെയും രാത്രി
കളവു പോയതിനെയും നീ എൻെറ
കയ്യിൽനിന്നും ആവശ്യപ്പെട്ടു. പകൽ വെയി 40

ലും രാത്രിയിൽ മഞ്ഞും എന്നെ തിന്നുകള
41 ഞ്ഞു. ഉറക്കം എൻ്റെ കണ്ണുകളെ വിട്ടു
പോയി. ഈ ഇരുപതു വർഷം നിൻ്റെ
വീട്ടിൽ ഇതായിരുന്നു എനിക്ക് (അനുഭവം).
നിൻ്റെ രണ്ടു പുത്രിമാർക്കുവേണ്ടി ഞാൻ
പതിന്നാലു വർഷം നിന്നെ സേവിച്ചു. ആറു
വർഷം നിൻ്റെ ആടുകൾക്കു വേണ്ടി ഞാൻ
നിന്നെ സേവിച്ചു. പത്തു പ്രാവശ്യം നീ
42 എൻ്റെ കൂലി വ്യത്യാസപ്പെടുത്തി. എൻ്റെ
പിതാവിൻ്റെ ദൈവം, അബ്രഹാമിൻ്റെ
ദൈവവും ഇസഹാക്കിൻ്റെ ഭയവുമായവൻ,
എനിക്കുവേണ്ടി നിന്നില്ലായിരുന്നെങ്കിൽ
ഇപ്പോൾ നീ എന്നെ വെറുംകൈയോടെ
അയച്ചുകളയുമായിരുന്നു. എൻ്റെ ക്ലേശ
വും കൈകളുടെ അദ്ധ്വാനവും ദൈവം കണ്ട്
ഇന്നലെ സന്ധ്യയ്ക്ക് നിന്നെ ശാസിച്ചു.

43 ലാബാൻ യാക്കോബിനോടു ഉത്തരം
പറഞ്ഞത്: പുത്രിമാർ എൻ്റെ പുത്രിമാർ;
മക്കൾ എൻ്റെ മക്കൾ; ആട്ടിൻകൂട്ടങ്ങൾ
എൻ്റെ ആട്ടിൻകൂട്ടങ്ങൾ; നീ കാണുന്ന
തെല്ലാം എൻേറതാണ്. എന്നാൽ എൻ്റെ
ഈ പുത്രിമാരോടും അവർ പെറ്റ മക്കളോടും
44 ഞാൻ ഇന്ന് എന്തു ചെയ്യാനാണ്? ഇപ്പോൾ
വരിക; നമുക്കു തമ്മിൽ ഒരു ഉടമ്പടി ചെയ്യാം.
എനിക്കും നിനക്കും ഇടയിൽ ഒരു സാക്ഷ്യം
45 ഉണ്ടാകട്ടെ. യാക്കോബ് ഒരു കല്ലെടുത്തു
തൂണായി നിർത്തി. കല്ലു കൂട്ടുവിൻ എന്നു
46 യാക്കോബു തൻ്റെ സഹോദരന്മാരോടു
പറഞ്ഞു. അവർ കല്ലു പെറുക്കി കൂമ്പാര
മാക്കി, ആ കൽകൂമ്പാരത്തിന്മേൽ ഇരുന്ന്
47 അവർ ഭക്ഷണം കഴിച്ചു. ലാബാൻ അതിന്
യഗ്റോ ദ്സെഹദൂതോ എന്നും യാക്കോ
ബ് അതിനു ഗലഏദ് എന്നും പേരു വിളിച്ചു.
48 ഈ കൽകൂമ്പാരം എനിക്കും നിനക്കും
മദ്ധ്യേ സാക്ഷിയായിരിക്കട്ടെ എന്നു ലാ
ബാൻ പറഞ്ഞു. അതിനാൽ അത് ഗലആദ്
(സാക്ഷ്യത്തിൻ്റെ കൂമ്പാരം) എന്നു വിളിക്ക
49 പ്പെടുന്നു. നാം തമ്മിൽ പിരിയുന്നതിനാൽ
ദൈവം എനിക്കും നിനക്കും ഇടയിൽ കാണ
50 ട്ടെ: നീ എൻ്റെ പുത്രിമാരെ അപമാനിക്കുക
യോ, അവരെ കൂടാതെ മറ്റു സ്ത്രീകളെ എടു
ക്കുകയോ ചെയ്താൽ, നമ്മോടു കൂടെ മറ്റാരും
ഇല്ലെങ്കിൽ പോലും ദൈവം എനിക്കും
നിനക്കും മദ്ധ്യേ ദൃക്സാക്ഷിയായിരിക്കട്ടെ.

51 ലാബാൻ യാക്കോബിനോടു പറഞ്ഞു:
ഇതാ, ഈ കൽക്കൂന; ഇത് എനിക്കും
നിനക്കും ഇടയിൽ ഞാൻ നാട്ടിയ തൂൺ.
52 ഈ കൂമ്പാരം കടന്ന് ഞാൻ നിൻ്റെ അടു
ക്കലേക്കോ, ഈ കൂമ്പാരം കടന്ന് നീ
എൻ്റെ അടുക്കലേക്കോ ഉപദ്രവത്തിനായി
വരികയില്ല എന്ന് ഈ കൂമ്പാരവും ഈ
തൂണും സാക്ഷിക്കുന്നു. അബ്രഹാമിൻ്റെ 53
ദൈവവും നാഹോറിൻ്റെ ദൈവവുമായി
നമ്മുടെ പിതാക്കന്മാരുടെ ദൈവം എനിക്കും
നിനക്കും മദ്ധ്യേ ന്യായം നടത്തട്ടെ. തൻ്റെ
പിതാവായ ഇസഹാക്കിൻ്റെ ഭയമായവനെ
ചൊല്ലി യാക്കോബ് സത്യം ചെയ്തു.
യാക്കോബ് ആ പർവ്വതത്തിൽ വച്ച് ഒരു 54
യാഗം കഴിച്ച് അപ്പം തിന്നുവാൻ തൻ്റെ
സഹോദരന്മാരെ ക്ഷണിച്ചു. അവർ അപ്പം
തിന്ന് ആ പർവ്വതത്തിൽ രാപാർത്തു.
അതിരാവിലെ ലാബാൻ എഴുന്നേറ്റു തൻ്റെ 55
പുത്രന്മാരെയും പുത്രിമാരെയും ചുംബിച്ചു;
അവരെ അനുഗ്രഹിച്ചു; തൻ്റെ ദേശ
ത്തേക്കു മടങ്ങിപ്പോയി. യാക്കോബും
തൻ്റെ വഴിക്കു പോയി.

അദ്ധ്യായം 32

ദൈവത്തിൻ്റെ മാലാഖമാർ യാക്കോ 1
ബിനെ എതിരേറ്റു വന്നു. യാക്കോബ് 2
അവരെ കണ്ടപ്പോൾ, ഇതു ദൈവത്തിൻ്റെ
സൈന്യം ആകുന്നു എന്നു പറഞ്ഞ് ആ
സ്ഥലത്തിനു മഹനയീം എന്നു പേരു
വിളിച്ചു. യാക്കോബ് തൻ്റെ സഹോദരൻ 3
ഏശാവിൻ്റെ അടുത്ത്, ഏദോം പ്രദേശ
ത്തെ സേയീർ ദേശത്തേക്ക്, തനിക്കു
മുമ്പായി ദൂതന്മാരെ അയച്ചു. അവൻ അവ 4
രോടു കല്പിച്ചു പറഞ്ഞു: നിങ്ങൾ എൻ്റെ
യജമാനൻ ഏശാവിനോട് ഇങ്ങനെ
പറയണം. നിൻ്റെ അടിയാൻ യാക്കോബ്
ഇപ്രകാരം പറയുന്നു: ഇന്നുവരെ ഞാൻ
ലാബാൻ്റെ അടുക്കൽ പ്രവാസിയായി
പാർത്തു. എനിക്കു ആടുമാടുകളും കഴുത 5
കളും ദാസന്മാരും ദാസിമാരും ഉണ്ടായി.
ഞാൻ ആളയച്ച് എൻ്റെ യജമാനനെ ഇത്
അറിയിക്കുന്നതു നിൻ്റെ ദൃഷ്ടികളിൽ
എനിക്കു കൃപ ലഭിക്കേണ്ടതിനാകുന്നു.

ദൂതന്മാർ തിരിച്ചു വന്ന് യാക്കോബി 6
നോട്: നിൻ്റെ സഹോദരൻ ഏശാവിൻ്റെ
അടുക്കൽ ഞങ്ങൾ പോയി. ഇതാ, അവൻ
നാനൂറ് ആളുകളോടൊപ്പം നിന്നെ എതിരേ
ല്പാൻ വരുന്നു എന്നു പറഞ്ഞു. യാക്കോ 7
ബു ഭയപ്പെട്ട് അത്യധികം ആകുലപ്പെട്ടു.
അവൻ തന്നോടുകൂടെയുള്ള ആളുക
ളെയും ആടുമാടുകളെയും ഒട്ടകങ്ങളെയും
രണ്ടു സംഘമായി വിഭജിച്ചു. എൻ്റെ 8
സഹോദരൻ ഏശാവു ഒരു സംഘത്തിനു
നേരേവന്ന് അതിനെ നശിപ്പിച്ചാൽ മറ്റെ
സംഘത്തിനു ഓടി രക്ഷപെടാമല്ലോ എന്ന്
അവൻ പറഞ്ഞു.

9 യാക്കോബ് പ്രാർത്ഥിച്ചു പറഞ്ഞത്:
"എന്റെ പിതാവായ അബ്രഹാമിന്റെ
ദൈവവും എന്റെ പിതാവായ ഇസഹാ
ക്കിന്റെ ദൈവവുമേ, നിന്റെ പിതാക്കന്മാ
രുടെയും ചാർച്ചക്കാരുടെയും ദേശത്തേക്കു
മടങ്ങിപ്പൊയ്ക്കൊൾക; ഞാൻ നിനക്കു
നന്മ ചെയ്യും എന്ന് എന്നോട് അരുളിച്ചെയ്ത
10 കർത്താവേ, നിന്റെ സകല കൃപകൾക്കും,
ഈ ദാസന്റെ മേൽ നീ ചെയ്തിട്ടുള്ള
വിശ്വസ്തതയ്ക്കും ഞാൻ അശേഷം യോഗ്യ
നല്ല. എന്തെന്നാൽ ഒരു വടിയുമായിട്ടാണ്
ഞാൻ ഈ യോർദിനാൻ കടന്നത്. ഇപ്പൊ
ഴോ, ഞാൻ രണ്ടു സംഘങ്ങളായിരിക്കുന്നു.
11 എന്റെ സഹോദരൻ ഏശാവിന്റെ കൈ
യിൽ നിന്നു എന്നെ വിടുവിക്കണമേ, അവൻ
വന്ന് അമ്മയും മക്കളും ഉൾപ്പടെ എന്നെ
ആക്രമിക്കുമെന്നു (വിചാരിച്ച്) ഞാൻ
12 അവനെ ഭയപ്പെടുന്നു. തീർച്ചയായും ഞാൻ
നിനക്കു നന്മ ചെയ്യും എന്നും നിന്റെ സന്ത
തിയെ ബാഹുല്യം നിമിത്തം എണ്ണുവാൻ
കഴിയാത്തവണ്ണം കടൽപ്പുറത്തെ മണൽ
പോലെ ആക്കും എന്നും നീ അരുളിച്ചെ
13 യ്തിട്ടുണ്ടല്ലോ." ആ രാത്രി അവൻ അവിടെ
താമസിച്ചു. തന്റെ സഹോദരൻ ഏശാവി
നു കാഴ്ച വയ്ക്കേണ്ടതിനു തന്റെ പക്കൽ
ഉള്ളവയിൽ ചിലത് അവൻ എടുത്തു.
14 ഇരുന്നൂറു പെൺകോലാടുകളും ഇരുപത്
കോലാട്ടുകൊറ്റന്മാരും; ഇരുന്നൂറു പെൺ
ചെമ്മരിയാടുകളും ഇരുപതു ചെമ്മരിമുട്ട
15 ന്മാരും; കറവയുള്ള മുപ്പത് ഒട്ടകങ്ങളും
അവയുടെ കുട്ടികളും; നാല്പതു പശുക്കളും
പത്തു കാളകളും; ഇരുപതു പെൺ കഴുത
16 കളും പത്ത് ആൺകഴുതകളും. ഇവയിൽ
ഓരോ കൂട്ടത്തെയും വെവ്വേറെ ആയി ഓരോ
ദാസന്റെ പക്കൽ കൊടുത്തിട്ട് യാക്കോബു
തന്റെ ദാസന്മാരോടു പറഞ്ഞു: എനിക്കു
മുമ്പായി കടന്നു പോകുവിൻ. ഓരോ
കൂട്ടവും തമ്മിൽ അകലം ഇട്ടിരിക്കണം.
17 ഒന്നാമത്തവനോട് അവൻ പറഞ്ഞു. എന്റെ
സഹോദരൻ ഏശാവു നിന്റെ മുമ്പിൽ
എത്തുമ്പോൾ നിന്നോട്: നീ ആര്? നീ
എവിടെ പോകുന്നു? നിന്റെ മുമ്പിൽ
18 ഉള്ളവ ആരുടേത്? എന്നു ചോദിച്ചാൽ:
എന്റെ യജമാനൻ ഏശാവിന് നിന്റെ
അടിയാൻ യാക്കോബു അയച്ചുതന്ന
കാഴ്ചയാണ്. ഇതാ, അവൻ പുറകെ
19 വരുന്നു എന്നു പറയണം. ഏശാവിനെ
കാണുമ്പോൾ ഈ വാക്കുകൾ തന്നെ
പറയുവാൻ രണ്ടാമനോടും മൂന്നാമനോടും,
കൂട്ടങ്ങളുടെ പുറകേ പോകുന്ന എല്ലാവ
രോടും അവൻ കല്പിച്ചു. ഇതാ നിന്റെ 20
അടിയാൻ യാക്കോബ് പിന്നാലെ വരു
ന്നുണ്ട് എന്നും പറയുവിൻ എന്ന് അവൻ
പറഞ്ഞു. മുമ്പെ പോകുന്ന കാഴ്ചകളാൽ
അവന്റെ കോപം ശമിപ്പിച്ചിട്ട് പിന്നാലെ
ഞാൻ അവന്റെ മുഖം കണ്ടുകൊള്ളാം;
അപ്പോൾ അവൻ എന്റെ മുഖത്തെ
ആദരിയ്ക്കുമായിരിക്കും എന്ന് അവൻ
പറഞ്ഞു. കാഴ്ചകൾ മുമ്പെ കടത്തി വിട്ടിട്ട് 21
അവൻ ആ രാത്രി താവളത്തിൽ തന്നെ
പാർത്തു.

യാക്കോബ് രാത്രിയിൽ എഴുന്നേറ്റു 22
തന്റെ രണ്ടു ഭാര്യമാരെയും രണ്ടു ദാസി
മാരെയും പതിനൊന്നു പുത്രന്മാരെയും
യാബോക് കടവു കടത്തി അവരെ നദീതട
ത്തിൽ എത്തിച്ചു. തനിക്കുള്ളതൊക്കെയും 23
അവർ അക്കരെ കടത്തി. യാക്കോബ് ഏക 24
നായി ശേഷിച്ചു. ഒരു പുരുഷൻ അവനു
മായി പ്രഭാതംവരെ മൽപിടുത്തം നടത്തി. 25
ഇവനെ കീഴ്പെടുത്തുവാൻ കഴിയുന്നില്ലെ
ന്നു കണ്ടപ്പോൾ അവൻ ഇവന്റെ ഇടുപ്പിൽ
തൊട്ടു, അവനോടു മല്ലുപിടിക്കുന്നതിനിട
യിൽ ഇവന്റെ ഇടുപ്പ് ഉളുക്കിപ്പോയി.
ഉഷസ്സാകുന്നതിനാൽ എന്നെ വിട്ടയ 26
യ്ക്കുക എന്നു അവൻ പറഞ്ഞു. നീ എന്നെ
അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിട്ടയ
യ്ക്കുകയില്ല എന്ന് അവൻ പറഞ്ഞു. നിന്റെ 27
പേര് എങ്ങനെയാകുന്നു എന്നു ചോദിച്ച
തിന് യാക്കോബ് എന്ന് അവൻ മറുപടി
പറഞ്ഞു. അവൻ ഇവനോട്: ഇനിയും 28
നിന്റെ പേര് വിളിക്കപ്പെടുന്നത് യാക്കോ
ബ് എന്നല്ല, എന്നാലോ ഇസ്രായേൽ
എന്നായിരിക്കും. എന്തെന്നാൽ നീ മാലാഖ
യോടും മനുഷ്യനോടും ബലപ്രയോഗം
നടത്തി ജയിച്ചിരിക്കുന്നു. നിന്റെ പേര് 29
എനിക്കു വെളിപ്പെടുത്തണമേ എന്നു
യാക്കോബു അപേക്ഷിച്ചു പറഞ്ഞു. നീ
എന്റെ പേര് അന്വേഷിക്കുന്നത് എന്തിന്?
എന്നു ചോദിച്ചിട്ട് അവൻ അവിടെവച്ച്
അവനെ അനുഗ്രഹിച്ചു. യാക്കോബ് ആ 30
സ്ഥലത്തിനു പെനൂയേൽ എന്നു പേരു
വിളിച്ചു. എന്തെന്നാൽ ഞാൻ മാലാഖയെ
മുഖാമുഖം കണ്ടിട്ടും എന്റെ പ്രാണൻ
വിടുവിപ്പിക്കപ്പെട്ടല്ലോ, എന്ന് അവൻ പറ 31
ഞ്ഞു. അവൻ പെനൂയേൽ കടക്കുമ്പോൾ
സൂര്യൻ ഉദിച്ചിരുന്നു. ഇടുപ്പിന്റെ ഉളുക്കു
നിമിത്തം അവൻ മുടന്തി നടന്നു. യാക്കോ 32
ബിന്റെ ഇടുപ്പിലെ ഞരമ്പിൽ അവൻ
തൊട്ടതിനാൽ ഇസ്രായേൽ മക്കൾ ഇന്നു
വരെയും തുടയിലെ ഞരമ്പു തിന്നാറില്ല.

അദ്ധ്യായം 33

1 യാക്കോബ് കണ്ണുകൾ ഉയർത്തി
നോക്കി, ഏശാവും അവനോടു കൂടെ
നാനൂറു പുരുഷന്മാരും വരുന്നതുകണ്ടു.
അവൻ ലേയയുടെ മക്കളെയും റാഹേലി
ൻെറ മക്കളെയും ദാസിമാരുടെ മക്കളെയും
2 തമ്മിൽ ഭാഗിച്ചു. ദാസിമാരെയും മക്കളെയും
മുമ്പിലും ലേയയെയും മക്കളെയും അതിനു
പിമ്പിലും റാഹേലിനെയും യൗസേഫിനെ
3 യും ഒടുവിലുമായി കടത്തിവിട്ടു. അവൻ
അവരുടെയെല്ലാം മുമ്പിൽ കടന്ന് തൻെറ
സഹോദരൻെറ അടുത്ത് എത്തുംവരെ
ഏഴു തവണ നിലത്തു വീണു നമസ്കരി
4 ച്ചു. ഏശാവു അവനെ എതിരേറ്റ് ഓടിച്ചെന്ന്
അവനെ ആശ്ലേഷിച്ച്, അവൻെറ കഴുത്തിൽ
5 വീണു ചുംബിച്ചു കരഞ്ഞു. ഏശാവു കണ്ണു
കൾ ഉയർത്തി നോക്കി സ്ത്രീകളെയും
കുഞ്ഞുങ്ങളെയും കണ്ടു. ഇവർ എവിടെ
നിന്നുള്ളവർ എന്ന് അവൻ ചോദിച്ചതിന്
ദൈവം അടിയനു തന്ന കുഞ്ഞുങ്ങൾ ആകു
6 ന്നു എന്നു യാക്കോബു പറഞ്ഞു. ദാസി
മാരും അവരുടെ മക്കളും അടുത്തു ചെന്നു
7 വന്ദിച്ചു; ലേയയും മക്കളും അടുത്തു ചെന്നു
വന്ദിച്ചു. അതിനുശേഷം റാഹേലും യൗസേ
8 ഫും അടുത്തു ചെന്നു വന്ദിച്ചു. ഏശാവു
യാക്കോബിനോട്: നീ അവയുമായി എന്നെ
എതിരേറ്റ ഈ കൂട്ടമെല്ലാം എന്തിന് എന്നു
ചോദിച്ചു. യജമാനൻെറ കണ്ണുകളിൽ
എനിക്കു കൃപലഭിക്കേണ്ടതിനത്രേ എന്നു
9 യാക്കോബു പറഞ്ഞു. ഏശാവു അവനോട്:
എനിക്കു വേണ്ടതിലധികം ഉണ്ട്. എൻെറ
സഹോദരാ, നിൻേറതു നിനക്കു തന്നെ
10 ഇരിക്കട്ടെ എന്നു പറഞ്ഞു. യാക്കോബ്
അവനോടു പറഞ്ഞത്: എന്നോടു കൃപ
യുണ്ടെങ്കിൽ എൻെറ കൈയിൽ നിന്നു
എൻെറ കാഴ്ച കൈക്കൊള്ളണമേ.
ഇപ്പോൾ ഞാൻ നിൻെറ മുഖം കണ്ടത് ഒരു
മാലാഖയുടെ മുഖകാഴ്ച പോലെയാണ്.
നീ എന്നിൽ പ്രസാദിച്ചിരിക്കുന്നുവല്ലോ.
11 ദൈവം എന്നോടു കരുണ ചെയ്തിരിക്കുക
യാലും എനിക്ക് ഇന്ന് എല്ലാം ഉള്ളതിനാ
ലും ഞാൻ കൊണ്ടുവന്നിരിക്കുന്ന ഈ
സമ്മാനം സ്വീകരിക്കണമേ. ഇങ്ങനെ
അവൻ നിർബ്ബന്ധിക്കുകയും അവൻ അതു
12 സ്വീകരിക്കുകയും ചെയ്തു. ഏശാവു അവ
നോട്: നമുക്കു യാത്ര പുറപ്പെടാം. ഞാൻ
നിനക്ക് മുമ്പേ പോകാം എന്നു പറഞ്ഞു.
13 യാക്കോബ് അവനോടു പറഞ്ഞത്. കുഞ്ഞു
ങ്ങൾ ചെറുപ്പമാണെന്നും കറവയുള്ള ആടു
മാടുകൾ ഉണ്ടെന്നും നിനക്ക് അറിയാമല്ലോ.
ഒറ്റ ദിവസം കൊണ്ട് അവയെ ഓടിച്ചാൽ
കൂട്ടമെല്ലാം ചത്തുപോകും. യജമാനൻ അടി 14
യനു മുമ്പെ കടന്നു പോയാലും. എൻെറ
കന്നുകാലികൾക്കും കുഞ്ഞുങ്ങൾക്കും
നടക്കാവുന്ന വിധത്തിൽ സാവധാനത്തിൽ
നടത്തി ഞാൻ യജമാനൻെറ അടുക്കൽ
സേയീറിൽ എത്തിക്കൊള്ളാം. ഏശാവു 15
അവനോട്: എൻെറ കൂടെയുള്ള ആളുക
ളിൽ കുറെ പേരെ നിൻെറ അടുക്കൽ
നിർത്താം എന്നു പറഞ്ഞു. അതെന്തിന്?
എനിക്കു യജമാനൻെറ ദൃഷ്ടിയിൽ കരുണ
കണ്ടെത്തിയാൽ മതി എന്നു യാക്കോബു
പറഞ്ഞു. അന്നുതന്നെ ഏശാവു സേയീറി 16
ലേക്കു മടങ്ങിപ്പോയി. യക്കോബ് സക്കൂത്തി 17
ലേക്കു പോയി തനിക്ക് ഒരു വീടുണ്ടാക്കി,
കന്നുകാലികൾക്കു തൊഴുത്തും കെട്ടി.
ഇതു നിമിത്തം ആ സ്ഥലത്തിന് സക്കൂത്
എന്നു പേരായി.

യാക്കോബ് പദൻഅറാമിൽനിന്നു 18
വന്നശേഷം കനാൻ ദേശത്തെ ശേഖേമിലെ
ഒരു പട്ടണമായ ശാലേമിൽ സമാധാന
ത്തോടെ വന്നെത്തി. ശേഖേമിൻെറ പിതാ 19
വായ ഹാമൂറിൻെറ മക്കളിൽനിന്ന് നൂറു
ആടുകളെ കൊടുത്ത് ആ സ്ഥലത്തിൻെറ
അവകാശം അവൻ വിലയ്ക്കു വാങ്ങി.
അവൻ അവിടെ കൂടാരമടിച്ചശേഷം ഒരു 20
ബലിപീഠം പണിതു. അതിന് "ഈൽ
ആലോഹോദ് ഇസ്രായേൽ" എന്നു പേരിട്ടു.

അദ്ധ്യായം 34

ലേയാ യാക്കോബിനു പ്രസവിച്ച മക 1
ളായ ദീനാ ആ ദേശത്തെ സ്ത്രീകളെ
കാണാൻ പോയി. ആ ദേശത്തെ പ്രഭുവായ 2
ഹിവ്യനായ ഹാമൂറിൻെറ മകൻ ശേഖേം
അവളെ കണ്ടു കൂട്ടിക്കൊണ്ടു പോയി അവ
ളോടു കൂടെ ശയിച്ച് അവളെ അപമാനിത
യാക്കി. അവൻെറ മനസ്സ് യാക്കോബിൻെറ
മകളെ അനുഗമിച്ചു. അവൻ അവളെ പ്രേമി 3
ച്ച് ആ യുവതിയോട് ഹൃദ്യമായി സംസാ
രിച്ചു. ശേഖേം തൻെറ പിതാവായ ഹാമൂറി
നോട്: ആ പെൺകുട്ടിയെ എനിക്കു ഭാര്യ 4
യായി എടുക്കണം എന്നു പറഞ്ഞു. അവൻ 5
തൻെറ പുത്രി ദീനായെ കളങ്കപ്പെടുത്തി
എന്നു യാക്കോബു കേട്ടു. അവൻെറ പുത്ര
ന്മാർ വളർത്തുമൃഗങ്ങളോടു കൂടെ വെളിമ്പ്ര
ദേശത്ത് ആയിരുന്നു. അവർ വരുവോളം
അവൻ മൗനമായിരുന്നു. ശേഖേമിൻെറ 6

19- നൂറു വെള്ളിക്കാശ് or ആടുകൾ (K.J.V)

പിതാവായ ഹാമൂർ യാക്കോബിനോടു
സംസാരിക്കുവാനായി പുറപ്പെട്ടു വന്നു.
7 യാക്കോബിൻെറ പുത്രന്മാർ വെളിമ്പ്രദേശ
ത്തുനിന്നു വന്ന് ഈ കാര്യം കേട്ടപ്പോൾ
അവർക്ക് വ്യസനവും കഠിനകോപവുമു
ണ്ടായി; എന്തെന്നാൽ അരുതാത്തതു
ചെയ്തു ഇസ്രായേലിൽ കളങ്കം ഉണ്ടാക്കു
കയും യാക്കോബിൻെറ പുത്രിയെ അപ
മാനിക്കുകയും ചെയ്തിരുന്നുവല്ലോ.
8 ഹാമൂർ അവരോടു സംസാരിച്ചു പറ
ഞ്ഞത്: എൻെറ മകൻ ശേഖേം നിങ്ങളുടെ
മകളെ ആത്മാർത്ഥമായി മോഹിക്കുന്നു.
അവളെ അവനു ഭാര്യയായി കൊടുക്കുക.
9 ഞങ്ങളുമായി വിവാഹബന്ധത്തിൽ ഏർ-
പ്പെട്ട് നിങ്ങളുടെ പുത്രിമാരെ ഞങ്ങൾക്കു
തരികയും ഞങ്ങളുടെ പുത്രിമാരെ നിങ്ങൾ
10 ക്ക് എടുക്കുകയും ചെയ്വിൻ. ഞങ്ങളോടു
കൂടെ വസിപ്പിൻ. ഈ ദേശം നിങ്ങളുടെ
മുമ്പാകെയുണ്ട്. അതിൽ പാർത്തു വ്യാ
പാരം ചെയ്തു സമ്പാദിച്ചുകൊള്ളുവിൻ.
11 ശേഖേം അവളുടെ അപ്പനോടും സഹോദര
ന്മാരോടും പറഞ്ഞത്. എന്നോടു കരുണ
കാണിപ്പിൻ. നിങ്ങൾ ചോദിക്കുന്നതെല്ലാം
12 ഞാൻ തരാം. നിങ്ങൾ ചോദിക്കുന്നതനു
സരിച്ച് വളരെയേറെ സ്ത്രീധനവും സമ്മാ
നങ്ങളും ഞാൻ തരാം. ഈ പെൺകുട്ടിയെ
13 എനിക്കു ഭാര്യയായി തരുവിൻ. അവൻ
തങ്ങളുടെ സഹോദരി ദീനായെ കളങ്കപ്പെടു
ത്തിയിരുന്നതിനാൽ അവർ വഞ്ചനയായി
അവനോടു സംസാരിച്ച് ഇങ്ങനെ മറുപടി
14 പറഞ്ഞു: ഈ കാര്യം ചെയ്യുവാൻ ഞങ്ങൾ
ക്കു കഴിവില്ല. ഞങ്ങളുടെ സഹോദരിയെ
അഗ്രചർമ്മിയായ ഒരു പുരുഷനു കൊടു
ത്തുകൂടാ. എന്തെന്നാൽ അതു ഞങ്ങൾക്ക്
15 അവമാനം ആകുന്നു. എന്നാൽ, നിങ്ങൾ
ഞങ്ങളെപ്പോലെ ആയിത്തീരാമെങ്കിൽ,
ആണുങ്ങളെല്ലാം ഞങ്ങളെപ്പോലെ പരി
ച്ഛേദന ഏൽക്കാമെങ്കിൽ ഞങ്ങൾ ഇതു
16 സമ്മതിക്കാം. ഞങ്ങളുടെ പുത്രിമാരെ
നിങ്ങൾക്കു തരാം. നിങ്ങളുടെ പുത്രിമാരെ
ഞങ്ങൾക്കു എടുക്കാം. ഞങ്ങൾ നിങ്ങ
ളോടു കൂടെ പാർത്ത് ഏകജനത ആയി
17 ത്തീരാം. നിങ്ങൾ പരിച്ഛേദന ഏൽക്കു
വാൻ തക്കവണ്ണം ഞങ്ങളെ ചെവിക്കൊണ്ടി
ല്ലെങ്കിൽ ഞങ്ങളുടെ പുത്രിയെ ഞങ്ങൾ
18 കൂട്ടിക്കൊണ്ടു പോരും. ഈ വാക്കുകൾ
ഹാമൂറിനും അവൻെറ പുത്രൻ ശേഖേമിനും
19 ഹിതകരമായി. ആ യുവാവിന് യാക്കോബി
ൻെറ പുത്രിയോടുള്ള പ്രേമം നിമിത്തം
തനിക്കും തൻെറ വീട്ടുകാർക്കും അതു
ചെയ്യുവാൻ അവൻ ഒട്ടും താമസിച്ചില്ല.
അവൻ തൻെറ പിതൃഭവനത്തിൽ ഏറ്റവും
ബഹുമാന്യനായിരുന്നു. ഹാമൂറും അവ 20
ൻെറ മകൻ ശേഖേമും പട്ടണവാതിൽക്കൽ
ചെന്ന് പട്ടണക്കാരോടു സംസാരിച്ച് ഇപ്ര
കാരം പറഞ്ഞു: ഈ മനുഷ്യർ നമ്മോടു 21
സമാധാനത്തിലാകുന്നുവല്ലോ. അവർ
ദേശത്തു പാർത്തു വ്യാപാരം ചെയ്യട്ടെ.
അവർക്കും പാർക്കത്തക്കവണ്ണം നമ്മുടെ
ദേശം വിസ്തൃതമാണല്ലോ. അവരുടെ
പുത്രിമാരെ നമുക്ക് എടുക്കാം. നമ്മുടെ
പുത്രിമാരെ അവർക്കും കൊടുക്കാം,
എന്നാൽ അവരെപ്പോലെ നാമും പരി 22
ച്ഛേദന ഏറ്റാൽ മാത്രമേ അവർ നമ്മോടു
കൂടെ പാർക്കുകയും നാമുമായി ഏകജനത
ആയിത്തീരുകയും ചെയ്യുവാൻ സമ്മതിക്കു
കയുള്ളൂ. അവരുടെ ധനവും സമ്പാദ്യങ്ങളും 23
വളർത്തുമൃഗങ്ങളെല്ലാം നമ്മുടേതാകും;
അവർ പറഞ്ഞതു നാം സമ്മതിച്ചാൽ അവർ
നമ്മോടുകൂടെ പാർത്തുകൊള്ളും. പട്ടണ
വാതിൽക്കൽ ഇരുന്നവരെല്ലാം ശേഖേമും 24
അവൻെറ അപ്പൻ ഹാമൂറും പറഞ്ഞതു
ചെവിക്കൊണ്ടു. പട്ടണവാതിൽക്കൽ ഇരു
ന്ന ആണുങ്ങളെല്ലാം പരിച്ഛേദന ഏറ്റു.
മൂന്നാം ദിവസം, അവരെല്ലാം കഠിന 25
മായി വേദനപ്പെട്ടിരിക്കുമ്പോൾ, യാക്കോ
ബിൻെറ പുത്രന്മാരും ദീനായുടെ സഹോ
ദരന്മാരും ആയ ശെമവൂനും ലേവിയും
വാളുമെടുത്ത് ശാന്തമായിരുന്ന പട്ടണ
ത്തിൽ കടന്ന് ആണുങ്ങളെയൊക്കെയും
കൊന്നുകളഞ്ഞു. ഹാമൂറിനെയും അവ 26
ൻെറ മകൻ ശേഖേമിനെയും വാളിൻെറ
വായ്ത്തലയാൽ കൊന്നിട്ട് അവർ തങ്ങളു
ടെ സഹോദരി ദീനായെ അവൻെറ വീട്ടിൽ
നിന്നും കൂട്ടിക്കൊണ്ടു പോന്നു. അവർ 27
തങ്ങളുടെ സഹോദരി ദീനായെ കളങ്കപ്പെ
ടുത്തിയതു കാരണം, യാക്കോബിൻെറ
പുത്രന്മാർ കൊല്ലപ്പെട്ടവരുടെ ഇടയിൽ
കടന്ന് പട്ടണത്തെ കൊള്ളയിട്ടു. അവരുടെ 28
ആടുമാടുകളെയും കഴുതകളെയും പട്ടണ
ത്തിലും വയലിലും ഉണ്ടായിരുന്നവയെല്ലാം
അവർ എടുത്തു കൊണ്ടുപോയി. അവ 29
രുടെ സകല ധനവും വിലപ്പെട്ടതൊക്കെയും.
അവരുടെ സ്ത്രീകളെയും അവർ കൈവശപ്പെ
ടുത്തുകയും പട്ടണം മുഴുവൻ കൊള്ളയടി
ക്കുകയും ചെയ്തു. ശെമവൂനോടും ലേവിയോ 30
ടും യാക്കോബു പറഞ്ഞത്, "ഈ ദേശക്കാ
രായ അമോര്യരുടെയും കനാന്യരുടെയും
പരിസ്യരുടെയും ഇടയിൽ നിങ്ങൾ എന്നെ
ദ്രോഹിച്ച് ചീത്തയാക്കിയിരിക്കുന്നു. ഞാൻ

എണ്ണത്തിൽ കുറഞ്ഞവനാകുന്നു. അവർ
ഒന്നിച്ചു ചേർന്ന് എന്നെ ആക്രമിച്ചാൽ
ഞാനും എൻെറ കുടുംബവും നശിച്ചു
31 പോകും." ഒരു വേശ്യയോട് എന്ന പോലെ
ഞങ്ങളുടെ സഹോദരിയോട് അവൻ
പ്രവർത്തിച്ചില്ലയോ എന്ന് അവർ പറഞ്ഞു.

അദ്ധ്യായം 35

1 ദൈവം യാക്കോബിനോട് അരുളിച്ചെ
യ്തതു: നീ എഴുന്നേറ്റു ബെഥേലിലേക്കു
പോയി അവിടെ പാർക്കുക. നിൻെറ
സഹോദരൻ ഏശാവിൻെറ മുമ്പിൽ നിന്നു
നീ ഓടിപ്പോകുമ്പോൾ നിനക്കു വെളിപ്പെട്ട
അത്യുന്നതന് അവിടെ ഒരു ബലിപീഠം
2 ഉണ്ടാക്കുക. യാക്കോബ് തൻെറ കുടും
ബാംഗങ്ങളോടും തന്നോടുകൂടെയുള്ള
സകലരോടും പറഞ്ഞതു: "നിങ്ങളുടെ
ഇടയിലുള്ള അന്യദേവന്മാരെ നീക്കിക്ക
3 ളയുവിൻ. നിങ്ങളെത്തന്നെ ശുദ്ധീകരിച്ചു
വസ്ത്രം മാറുവിൻ. എഴുന്നേറ്റു ബെഥേലി
ലേക്കു പോകാം. എൻെറ ഞെരുക്കകാലത്ത്
എനിക്ക് ഉത്തരമരുളുകയും ഞാൻ പോയ
വഴിയിലെല്ലാം എന്നോടു കൂടെ ഉണ്ടായിരി
ക്കുകയും ചെയ്ത ദൈവത്തിനു ഞാൻ
4 അവിടെ ഒരു ബലിപീഠം ഉണ്ടാക്കും." അവർ
തങ്ങളുടെ പക്കൽ ഉണ്ടായിരുന്ന അന്യ
ദേവന്മാരെയും തങ്ങളുടെ കാതുകളിലെ
കുണുക്കുകളെയും യാക്കോബിനു കൊടു
5 ത്തു. യാക്കോബ് അവയെ ശേഖേമിന്
അടുത്തു ഒരു കരുവേലകത്തിൻെറ കീഴെ
കുഴിച്ചിട്ടു. അവർക്കു ചുറ്റുമുള്ള പട്ടണങ്ങ
ളിൻമേൽ ദൈവത്തിൻെറ ഭീതി ഉണ്ടായ
തിനാൽ അവർ യാക്കോബിനെയും അവ
ൻെറ മക്കളെയും അനുധാവനം ചെയ്തില്ല.
6 യാക്കോബും തന്നോടുകൂടെയുള്ളവ
രെല്ലാം കനാൻ ദേശത്തെ ലൂസിൽ എത്തി;
7 അതുതന്നെയാകുന്നു ബെഥേൽ. അവിടെ
അവൻ ഒരു ബലിപീഠം പണിതു. അവൻ
ആ സ്ഥലത്തിനു ബെഥേൽ എന്നു പേരിട്ടു.
എന്തെന്നാൽ അവൻ തൻെറ സഹോദരൻ
ഏശാവിൻെറ മുമ്പിൽ നിന്ന് ഓടിപ്പോയ
പ്പോൾ ദൈവം അവന്നു വെളിപ്പെട്ടത്
8 അവിടെവച്ച് ആയിരുന്നു. റഫ്ക്കായുടെ
ധാത്രിയായ ദബോറാ മരിച്ചു. അവളെ
ബെഥേലിൽ ഒരു കരുവേലകത്തിൻ കീഴെ
അടക്കം ചെയ്തു. അതിന് വിലാപത്തിൻെറ
കരുവേലകം എന്നു പേരു വിളിച്ചു.
9 പദൻ അറാമിൽ നിന്നു വന്നതിനു
ശേഷം വീണ്ടും ദൈവം യാക്കോബിനു
10 വെളിപ്പെട്ടു. ഇനിയും നിൻെറ പേര്
യാക്കോബ് എന്ന് വിളിക്കപ്പെടരുത്; നിൻെറ
പേര് ഇസ്രായേൽ എന്ന് ആയിരിക്കണം
എന്നു ദൈവം അവനോട് അരുളിച്ചെയ്തു.
അവന് ഇസ്രായേൽ എന്നു പേരു വിളിച്ചു.
ദൈവം അവനോട് അരുളിച്ചെയ്തു: ഞാൻ 11
സർവ്വശക്തനായ ദൈവമാകുന്നു. നീ
വർദ്ധിച്ചു പെരുകുക. ഒരു ജനതയും ജന
സമൂഹങ്ങളും നിന്നിൽ നിന്ന് ഉണ്ടാകും.
നിൻെറ കടിപ്രദേശത്തുനിന്നു രാജാക്ക
ന്മാരും ഉത്ഭവിക്കും: ഞാൻ അബ്രഹാമിനും 12
ഇസഹാക്കിനും വാഗ്ദത്തം ചെയ്ത ദേശം
നിനക്കു തരും. നിൻെറ ശേഷം നിൻെറ
സന്തതിയ്ക്കും, ഞാൻ ഈ ദേശം കൊടു
ക്കും. അവനോടു സംസാരിച്ച സ്ഥലത്ത് 13
ദൈവം അവങ്കൽനിന്ന് ഉയർന്നു പോയി.
ദൈവം തന്നോടു സംസാരിച്ച സ്ഥലത്ത് 14
യാക്കോബ് ഒരു സ്തംഭം നാട്ടി അതിന്മേൽ
പാനീയബലി പകരുകയും എണ്ണ ഒഴിക്കു
കയും ചെയ്തു. ദൈവം തന്നോടു സംസാരിച്ച 15
ആ സ്ഥലത്തിനു യാക്കോബ് ബെഥേൽ
എന്നു പേരു വിളിച്ചു. അവൻ ബെഥേലിൽ
നിന്നു പുറപ്പെട്ടു. എഫ്രാത്ത് ദേശത്ത്
എത്തുവാൻ കുറച്ചു ദൂരം മാത്രം ഉള്ളപ്പോൾ 16
റാഹേൽ പ്രസവിച്ചു. അവൾ കഠിന വേദന
യിലായി. അവൾ വേദന അനുഭവിച്ചുകൊ 17
ണ്ടിരിക്കുമ്പോൾ സൂതികർമ്മിണി അവ
ളോട്: പേടിക്കേണ്ട. ഇതും ഒരു മകനത്രേ
എന്നു പറഞ്ഞു. അവൾ പ്രാണൻ വിട്ടു 18
മരിക്കുമ്പോൾ അവന് "എൻെറ ദുഃഖത്തി
ൻെറ പുത്രൻ" (ബ്രർകീ ബാ) എന്നു പേരു
വിളിച്ചു. അവൻെറ അപ്പൻ അവനെ ബെൻ
യോമീൻ എന്നു വിളിച്ചു. റാഹേൽ മരിച്ചു.
അവളെ എഫ്രത്തയ്ക്കുള്ള വഴിയിൽ 19
അടക്കം ചെയ്തു. അതു തന്നെയാകുന്നു
ബേത്‌ലഹേം. റാഹേലിൻെറ കബറിന്മേൽ 20
യാക്കോബ് ഒരു തൂണു നിർത്തി. ഇന്നുവരെ
യുള്ള 'റാഹേലിൻെറ സ്തംഭം' അതു
തന്നെയാകുന്നു.

റൂബേലിൻെറ പാപം

ഇസ്രായേൽ അവിടെ നിന്നു യാത്ര 21
തിരിച്ചു ഗോദോറിൻെറ ഗോപുരത്തിന് അടു
ത്തു കൂടാരമടിച്ചു. ഇസ്രായേൽ അവിടെ 22
പാർക്കുംകാലത്ത് ഒരിക്കൽ റൂബേൽ
തൻെറ പിതാവിൻെറ വെപ്പാട്ടി ബിൽഹ
യുമായി ശയിച്ചു. ഇസ്രായേൽ അതു കേട്ടു.

യാക്കോബിൻെറ വംശപാരമ്പര്യം.

യാക്കോബിനു പന്ത്രണ്ടു പുത്രന്മാർ
ഉണ്ടായി. ലേയയുടെ പുത്രന്മാർ: അവൻെറ 23
ആദ്യജാതൻ റൂബേൽ, ശെമവൂൻ, ലേവി,
യിഹൂദാ, യിസോക്കോർ, സ്ബൂലോൻ.

24 റാഹേലിന്റെ പുത്രന്മാർ: യൗസേഫ്, ബെൻ
25 യാമീൻ. റാഹേലിന്റെ ദാസി ബൽഹയുടെ
26 പുത്രന്മാർ: ദാൻ, നഫ്താലി. ലേയയുടെ
ദാസി സിൽപയുടെ പുത്രന്മാർ: ഗാദ്,
ആശേർ. പദൻ അറാമിൽ ജനിച്ചവരായി
യാക്കോബിന്റെ പുത്രന്മാർ ഇവരത്രേ.

ഇസഹാക്കിന്റെ നിര്യാണം

27 യാക്കോബ് തന്റെ പിതാവായ ഇസ
ഹാക്കിന്റെ അടുക്കൽ, പരാക്രമികളുടെ
പട്ടണമായ മമ്രേയിൽ, അതായത് അബ്ര
ഹാമും ഇസഹാക്കും പരദേശവാസം ചെയ്ത
കനാൻദേശത്തെ ഹെബ്രോനിൽ വന്നു.
28 ഇസഹാക്കിന്റെ ആയുഷ്കാലം നൂറ്റി
29 യെൺപതു സംവത്സരം ആയിരുന്നു. ഇസ
ഹാക്ക് കാലസമ്പൂർണ്ണനായി വാർദ്ധക്യ
ത്തിലെത്തി രോഗിയായി മരിച്ചു തന്റെ ജന
ത്തിന്റെ പക്കൽ ചേർക്കപ്പെട്ടു. അവന്റെ
പുത്രന്മാരായ ഏശാവും യാക്കോബും കൂടി,
അവന്റെ പിതാവായ അബ്രഹാം വിലയ്
ക്കു വാങ്ങിയിരുന്ന കബറിൽ അവനെ
അടക്കം ചെയ്തു.

അദ്ധ്യായം 36

1 ഏദോം എന്ന ഏശാവിന്റെ വംശ
പാരമ്പര്യം ഇതാണ്.
2 ഏശാവു കനാന്യസ്ത്രീകളിൽനിന്ന്
ഹിത്യനായ ഏലൂന്റെ മകൾ ആദായെ
യും, ഹിവ്യനായ സെബവൂന്റെ മകൻ
അനോയുടെ പുത്രി ഒഹലിബാമയെയും
ഇശ്മായേലിന്റെ മകളും നബിയൂതിന്റെ
സഹോദരിയുമായ ബാസമത്തിനെയും
3 ഭാര്യമാരായി എടുത്തു. ആദാ ഏശാവിന്
4 എലീഫസിനെയും, ബാസമത് റാവൂയേ
5 ലിനെയും, ഒഹലിബാമാ യാവുശിനെയും
യാലോനെയും കൂറോഹിനെയും പ്രസവി
ച്ചു. കനാൻ ദേശത്തു വച്ചു ഏശാവിനു
6 ജനിച്ച മക്കൾ ഇവരാകുന്നു. ഏശാവു
തന്റെ ഭാര്യമാരെയും പുത്രന്മാരെയും
പുത്രിമാരെയും തന്റെ വീട്ടിൽ ഉള്ള
ആളുകളെയും എല്ലാ വളർത്തുമൃഗങ്ങ
ളെയും കനാനിൽ താൻ നേടിയ സകല
സമ്പാദ്യവുമായി, തന്റെ സഹോദരൻ
യാക്കോബിന്റെ അടുത്തുനിന്ന് സേയിർ
7 ദേശത്തേക്കു പോയി. എന്തെന്നാൽ അവർ
ക്ക് ഒരുമിച്ച് താമസിപ്പാൻ കഴിയാ ത്തവണ്ണം
അവരുടെ ആടുമാടുകൾ വർദ്ധിച്ചിരുന്നു.
അവരുടെ ആടുമാടുകൾ നിമിത്തം അവർ
പ്രവാസം ചെയ്തിരുന്ന ദേശത്തിന് അവരെ
8 വഹിച്ചു കൂടായിരുന്നു. ഏശാവു സേയീർ
പർവ്വതത്തിൽ താമസമാക്കി. ഏശാവു
തന്നെ ഏദോം. സേയീർ പർവ്വതത്തിലുള്ള 9
ഏദോമ്യരുടെ പിതാവായ ഏശാവിന്റെ 10
വംശപാരമ്പര്യം ഇതാകുന്നു. ഏശാവിന്റെ
പുത്രന്മാരുടെ പേരുകൾ ഇവ: ഏശാവിന്റെ
ഭാര്യ ആദായുടെ മകൻ എലീഫസ്;
ഏശാവിന്റെ ഭാര്യ ബാസമത്തിന്റെ മകൻ 11
റെവൂയേൽ. എലീഫസിന്റെ പുത്രന്മാർ:
തേമാൻ, ഓമർ, സെഫോ, ഗത്താം, കെനസ്. 12
എലീഫസിന്റെ വെപ്പാട്ടിയായിരുന്ന തമ്ന
അമാലേക്കിനെ പ്രസവിച്ചു. ഇവർ ഏശാവി
ന്റെ ഭാര്യ ആദായുടെ പുത്രന്മാർ. റെ 13
വൂയേലിന്റെ പുത്രന്മാർ: നഹത്, സേറഹ്,
ശമ്മാ, മിസാ. ഇവർ ഏശാവിന്റെ ഭാര്യ
ബാസമത്തിന്റെ പുത്രന്മാർ. സബയോ 14
ന്റെ മകൻ അനയുടെ പുത്രി ഒഹലിബാമാ
എന്ന ഏശാവിന്റെ ഭാര്യയുടെ പുത്രന്മാർ.
അവൾ ഏശാവിനു യയൂശ്, യലാം, കൂറഹ്
എന്നിവരെ പ്രസവിച്ചു. ഏശാവിന്റെ 15
പുത്രന്മാരിലെ പ്രഭുക്കന്മാർ ആരെന്നാൽ
ഏശാവിന്റെ ആദ്യജാതൻ എലീഫസി
ന്റെ പുത്രന്മാർ: തേമാൻ പ്രഭു, ഓമർ പ്രഭു, 16
സെഫോ പ്രഭു, കെനസ് പ്രഭു, കൂറഹ് പ്രഭു,
ഗത്താം പ്രഭു, അമാലേക്കു പ്രഭു. ഇവർ
ഏദോം ദേശത്ത് എലീഫസിൽനിന്ന്
ഉത്ഭവിച്ച പ്രഭുക്കന്മാർ. ഇവർ ആദായുടെ
പുത്രന്മാർ. ഏശാവിന്റെ പുത്രനായ റെ 17
വൂയേലിന്റെ പുത്രന്മാർ നഹത് പ്രഭു,
സേറഹ് പ്രഭു, ശമ്മാ പ്രഭു, മിസാ പ്രഭു.
ഇവർ ഏദോം ദേശത്തു റെവൂയേലിൽ
നിന്ന് ഉത്ഭവിച്ച പ്രഭുക്കന്മാർ. ഇവർ
ഏശാവിന്റെ ഭാര്യ ബാസമത്തിന്റെ
പുത്രന്മാർ. ഏശാവിന്റെ ഭാര്യ ഒഹലി 18
ബാമയുടെ പുത്രന്മാർ: യയൂശ് പ്രഭു, യലാം
പ്രഭു, കൂറഹ് പ്രഭു; ഇവർ അനയുടെ
മകളായി ഏശാവിന്റെ ഭാര്യ ഒഹലിബാമ
യിൽനിന്ന് ഉത്ഭവിച്ച പ്രഭുക്കന്മാർ. ഇവർ 19
ഏദോം എന്നു പേരുള്ള ഏശാവിന്റെ
പുത്രന്മാരും അവരിൽനിന്ന് ഉത്ഭവിച്ച
പ്രഭുക്കന്മാരുമാകുന്നു.

ഹൂര്യനായ സേയീറിന്റെ മക്കളും ആ 20
ദേശനിവാസികളും ആയിരുന്നവർ ഇവരാ
കുന്നു: ലോതാൻ, ശോബാൽ, സബ യോൻ,
അനാ, ദീശോൻ, ഏസർ, ദീശാൻ: ഇവർ 21
ഏദോം ദേശത്തു സേയീറിന്റെ മക്കളായ
ഹൂര്യ പ്രഭുക്കന്മാർ. ലോതാന്റെ പുത്രന്മാർ 22
ഹോരിയും ഹേമാമും ആയിരുന്നു. ലോതാ
ന്റെ സഹോദരി തമ്നാ. ശോബാലിന്റെ 23
പുത്രന്മാർ: അൽവാൻ, മനഹത്, ഏബാൽ,
ശെഫോ, ഓനാം. സബയോന്റെ പുത്രന്മാർ 24
അയ്യാവും അനാവും ആയിരുന്നു. മരുഭൂമി

യിൽ തന്റെ അപ്പൻ സബയോന്റെ കഴുത
കളെ മേയിക്കുമ്പോൾ വെള്ളം കണ്ടെത്തിയ
25 അനാ ഇവൻ ആകുന്നു. അനാവിന്റെ
26 മക്കൾ: ദീശോൻ, ഒഹലിബാമാ. ദീശോന്റെ
പുത്രന്മാർ: ഹംറോൻ, എശ്ബാൻ, യി
27 ത്രോൻ, ക്റോൻ. ഏസറിന്റെ പുത്രന്മാർ:
28 ബിൽഹാൻ, സവാൻ, അക്കാൻ. ദീശോന്റെ
പുത്രന്മാർ: ഊസ്, അറാൻ. ഹൂര്യ പ്രഭുക്ക
29 ന്മാർ: ലോതാൻ പ്രഭു, ശോബാൽ പ്രഭു,
30 ഏസർ പ്രഭു, ദീശോൻ പ്രഭു. സേയീർ
ദേശത്ത് ഉണ്ടായിട്ടുള്ള ഹൂര്യപ്രഭുക്കന്മാർ
ഇവർ ആകുന്നു.

31 ഇസ്രായേൽ മക്കൾക്കു രാജഭരണം
ഉണ്ടാകുംമുമ്പ് ഏദോം ദേശം ഭരിച്ച രാജാക്ക
32 ന്മാർ ആരെന്നാൽ: ബയോരിന്റെ മകനായ
ബോലാ ഏദോമിൽ ഭരണം നടത്തി.
അവന്റെ പട്ടണത്തിന് ദയ്ഹാബ് എന്നു
33 പേര്. ബോലാ മരിച്ചശേഷം ബുസാറിൽ
നിന്നുള്ള സോറഹിന്റെ മകൻ യൂബോബ്
34 ഭരിച്ചു. യൂബോബ് മരിച്ചശേഷം തിമ്നാ
35 ദേശത്തു നിന്നുള്ള ഹശൂം ഭരിച്ചു. ഹശൂം
മരിച്ചശേഷം ബോദോദിന്റെ മകൻ ഹോ
36 ദോദ് ഭരിച്ചു. ഹോദോദ് മരിച്ചശേഷം
മാസർക്കോയിൽ നിന്നുള്ള സമ്ലോ
37 രാജ്യഭരണം നടത്തി. സമ്ലോ മരിച്ചശേഷം
ആറ്ററികത്തെ റഹ്ബോത്തിൽനിന്നുള്ള
38 ശാവോൽ ഭരിച്ചു. ശാവോൽ മരിച്ചശേഷം
39 അബാക്കുർകാരനായ ബെൽഹാനൻ ഭരി
ച്ചു. ബെൽഹാനൻ മരിച്ചശേഷം ഹോദോദ്
രാജ്യം ഭരിച്ചു. അവന്റെ പട്ടണത്തിന്
പാവൂ എന്ന് പേര്. അവന്റെ ഭാര്യയുടെ
പേര് മഹത്ബോയേൽ; അവൾ മീസാ
ഹാബിന്റെ മകൻ മത്രീദിന്റെ പുത്രി
യാകുന്നു.

40 കുലംകുലമായും കുടുംബം കുടുംബ
മായും പേരുപേരായും ഏശാവിന്റെ
പ്രഭുക്കന്മാരുടെ പേരുകൾ: തമ്നാ പ്രഭു,
41 അൽവാ പ്രഭു, അയാത്തീത്ത് പ്രഭു,
അഹലിബാമാ പ്രഭു, ഈലോ പ്രഭു, പീനൂൽ
പ്രഭു, കനസ് പ്രഭു, തയ്മാൻ പ്രഭു, മബ്സാർ
42 പ്രഭു, മഗ്ദീൽ പ്രഭു. ഗീറാം പ്രഭു തങ്ങളുടെ
അവകാശ ദേശത്തും വാസസ്ഥലങ്ങളിലും
വാണ ഏദോമ്യ പ്രഭുക്കന്മാർ ഇവരാകുന്നു.
ഏദോമ്യരുടെ പിതാവ് ഏശാവു തന്നെ.

അദ്ധ്യായം 37

സഹോദരന്മാർ യൗസേഫിനെ വിറ്റത്:
1 തന്റെ പിതാവു പാർത്തിരുന്ന കനാൻ
ദേശത്ത് യാക്കോബ് തുടർന്നു താമസിച്ചു.
2 യാക്കോബിന്റെ കുടുംബചരിത്രം ഇതാ
കുന്നു. പതിനേഴു വയസ്സു പ്രായമുള്ള
യൗസേഫ് തന്റെ സഹോദരന്മാരോടു
കൂടെ ആടുകളെ മേയിച്ചുകൊണ്ടിരിക്കുക
യായിരുന്നു. തന്റെ പിതാവിന്റെ ഭാര്യമാ
രായ ബിൽഹായുടെയും സിൽപയുടെയും
പുത്രന്മാരോടുകൂടെയാണ് അവൻ ആടു
മേയിച്ചുകൊണ്ടിരുന്നത്. അവരെക്കുറി
ച്ചുള്ള ഒരു ദുർവർത്തമാനം യൗസേഫ്
അവരുടെ പിതാവിന്റെ അടുക്കൽ കൊ
ണ്ടുവന്നു. യൗസേഫ് തന്റെ വാർദ്ധക്യത്തി 3
ലെ പുത്രൻ ആകയാൽ ഇസ്രായേൽ തന്റെ
മറ്റു പുത്രന്മാരെക്കാൾ അധികമായി
അവനെ സ്നേഹിച്ചിരുന്നു. അവന് നീളൻ
കൈയുള്ള ഒരു അങ്കിയും ഉണ്ടാക്കിക്കൊടു
ത്തു. തങ്ങളുടെ പിതാവ് എല്ലാവരെക്കാൾ 4
കൂടുതലായി അവനെ സ്നേഹിക്കുന്നു
എന്നു കണ്ട്, സഹോദരന്മാർ അവനെ
ദ്വേഷിച്ചു. അവനോടു ശാന്തമായി സംസാ
രിക്കുവാൻ അവർക്കു കഴിഞ്ഞില്ല.

യൗസേഫ് ഒരു സ്വപ്നം കണ്ടു. അവൻ 5
അതു സഹോദരന്മാരോട് അറിയിച്ചു. അത്
അവർക്ക് അവനോടുള്ള ദ്വേഷം വർദ്ധി
പ്പിച്ചു. അവൻ അവരോട് പറഞ്ഞു: ഞാൻ 6
കണ്ട സ്വപ്നം കേൾക്കുവിൻ. നാം വയലിൽ
കറ്റ കെട്ടിക്കൊണ്ടിരുന്നു. ഇതാ, എന്റെ 7
കറ്റ എഴുന്നേറ്റു നിവർന്നു നിന്നു. നിങ്ങളുടെ
കറ്റകൾ ചുറ്റും നിന്ന് എന്റെ കറ്റയെ വന്ദി
ച്ചു. സഹോദരന്മാർ അവനോട്: നീ ഞങ്ങ 8
ളെ ഭരിക്കുമോ? നീ ഞങ്ങളുടെ മേൽ
അധികാരം നടത്തുമോ? എന്നു ചോദിച്ചു.
അവന്റെ സ്വപ്നങ്ങളെ പ്രതിയും അവ
ന്റെ വാക്കുകളെ പ്രതിയും അവർ അവനെ
അധികം ദ്വേഷിച്ചു.

അവൻ വീണ്ടും മറ്റൊരു സ്വപ്നം കണ്ടു. 9
അവൻ അവരോടു: ഇതാ, ഞാൻ വീണ്ടും
ഒരു സ്വപ്നം കണ്ടിരിക്കുന്നു. കണ്ടാലും,
സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്ര
ങ്ങളും എന്നെ വന്ദിക്കുന്നു എന്നു പറഞ്ഞു.
അവൻ തന്റെ പിതാവിനോടും സഹോ 10
ദരന്മാരോടും അതു വിവരിച്ചു. അവന്റെ
അപ്പൻ അവനെ ശാസിച്ചു. ഞാനും നിന്റെ
അമ്മയും നിന്റെ സഹോദരന്മാരും നില
ത്തു വീണു നിന്നെ വന്ദിപ്പാൻ വരുമോ?
എന്നു പറഞ്ഞു. അവന്റെ സഹോദരന്മാർ
അവനോടു അസൂയപ്പെട്ടു; അവന്റെ 11
പിതാവ് ഈ കാര്യം മനസ്സിൽ സൂക്ഷിച്ചു.

യൗസേഫിന്റെ സഹോദരന്മാർ തങ്ങ 12
ളുടെ പിതാവിന്റെ ആടുകളെ മേയിപ്പാൻ
ശേഖേമിൽ പോയി. ഇസ്രായേൽ യൗസേ 13
ഫിനോട്: ഇതാ നിന്റെ സഹോദരന്മാർ.

ശേഖേമിൽ ആടുമേയിക്കുന്നു. വരിക;
ഞാൻ നിന്നെ അവരുടെ അടുക്കൽ
അയയ്ക്കാം എന്നു പറഞ്ഞു. ഞാൻ ഇതാ
14 എന്ന് അവൻ പറഞ്ഞു. അവൻെറ പിതാവ്
അവനോടു: നീ പോയി നിൻെറ സഹോ
ദരന്മാരുടെ ക്ഷേമവും, ആടുകളുടെ ക്ഷേമ
വും അന്വേഷിച്ച് വിവരം എന്നെ അറിയി
ക്കുക എന്നു പറഞ്ഞ് യാക്കോബ് അവനെ
ഹെബ്രോൻെറ താഴ്വരയിൽ നിന്ന് അയ
ച്ചു; അവൻ ശേഖേമിലേക്കു പോകുകയും
15 ചെയ്തു. അവൻ വെളിമ്പ്രദേശത്തു ചുറ്റി
നടക്കുമ്പോൾ ഒരു മനുഷ്യനെ കണ്ട് "നീ
എന്തു തേടിനടക്കുകയാണ്" എന്ന് ആ
16 മനുഷ്യൻ അവനോടു ചോദിച്ചു "ഞാൻ
എൻെറ സഹോദരന്മാരെ അന്വേഷിക്കുക
യാണ്; അവർ എവിടെയാണെന്നു പറഞ്ഞു
17 തരാമോ" എന്ന് അവൻ ചോദിച്ചു. ആ
മനുഷ്യൻ അവനോടു: "അവർ ഇവിടെ
നിന്നു പോയി. ദവ്താനിലേക്കു പോകാം
എന്ന് അവർ പറയുന്നതു ഞാൻ കേട്ടു"
എന്നു അവൻ പറഞ്ഞു. യൗസേഫ് തൻെറ
സഹോദരന്മാരുടെ പിന്നാലെ പോയി
18 ദവ്താനിൽ അവരെ കണ്ടെത്തി. അവൻ
അവരുടെ അടുത്തെത്തും മുമ്പ് ദൂരെവച്ചു
തന്നെ അവർ അവനെ കണ്ടു. അവനെ
കൊന്നുകളയണമെന്ന് അവർ ആലോ
19 ചിച്ചു. തങ്ങളുടെ സഹോദരനെപ്പറ്റി അവർ
ഇങ്ങനെ പറഞ്ഞു. "സ്വപ്നം കാണുന്നവൻ
ഇതാ വരുന്നു. വരുവിൻ, നമുക്കു അവനെ
കൊന്ന്, കുഴികളിലൊന്നിൽ ഇട്ടുകളയാം.
20 ഒരു ദുഷ്ടമൃഗം അവനെ തിന്നു എന്നും
പറയാം. അവൻെറ സ്വപ്നങ്ങൾ എന്താകു
മെന്നു കാണാമല്ലോ."

21 റൂബേൽ ഇതു കേട്ട് അവരുടെ കൈക
ളിൽ നിന്ന് അവനെ വിടുവിച്ചു. ജീവൻ
ഹനിക്കരുത് എന്ന് അവൻ അവരോടു
22 പറഞ്ഞു. അവനെ അവരുടെ കൈകളിൽ
നിന്നു വിടുവിച്ച് അവൻെറ അപ്പൻെറ അടു
ക്കൽ എത്തിക്കാനായി (ഉദ്ദേശിച്ച്) റൂബേൽ
അവരോടു പറഞ്ഞതു: "രക്തം ചൊരിയ
രുത്.അവനെ മരുഭൂമിയിലെ ഒരു കുഴിയിൽ
ഇട്ടുകളയാം. നാം അവൻെറ മേൽ കൈ
ഓങ്ങരുത്."

23 യൗസേഫ് തൻെറ സഹോദരന്മാരുടെ
അടുത്തെത്തിയപ്പോൾ അവൻ ധരിച്ചിരുന്ന
നീളൻ കൈയുള്ള അങ്കി അവർ ഊരി
24 എടുത്തു. അവർ അവനെ എടുത്ത് ഒരു
കുഴിയിൽ ഇട്ടു. അത് ഒരു പൊട്ട കുഴിയാ
യിരുന്നു. അതിൽ വെള്ളം ഇല്ലായിരുന്നു.
25 അവർ അപ്പം തിന്നുവാൻ ഇരുന്നു. അവർ
കണ്ണുകൾ ഉയർത്തി നോക്കിയപ്പോൾ
അറബിക്കാരുടെ സാർത്ഥവാഹകസംഘം
ഗലഓദിൽ നിന്നു വരുന്നതു കണ്ടു. അവ
രുടെ ഒട്ടകങ്ങൾ സുഗന്ധപ്പശയും സാമ്പ്രാ
ണിയും മീറായും വഹിച്ചിരുന്നു; അവർ
അത് മെസ്രേനിലേക്കു കൊണ്ടുപോകുക
യായിരുന്നു. യഹൂദാ തൻെറ സഹോദര 26
ന്മാരോട്: "നമ്മുടെ സഹോദരനെ കൊന്ന്
അവൻെറ രക്തം മറച്ചതുകൊണ്ട് നമുക്ക്
എന്തു പ്രയോജനമുണ്ട്? വരുവിൻ 27
അറബികൾക്ക് അവനെ വില്ക്കാം. അവൻ
നമ്മുടെ സഹോദരനും നമ്മുടെ മാംസവുമാ
കയാൽ നമ്മുടെ കൈ അവൻെറ മേൽ
ആകരുത്" എന്നു പറഞ്ഞു. സഹോദരന്മാർ
അവനെ അനുസരിച്ചു. മെദിയാന്യ 28
വ്യാപാരികളായ ആളുകൾ കടന്നുവന്ന
പ്പോൾ അവർ യൗസേഫിനെ കുഴിയിൽ
നിന്നു വലിച്ചുകയറ്റി. യൗസേഫിനെ ഇരു
പതു വെള്ളിക്കാശിനു അറബികൾക്കു
വിറ്റു. അവർ അവനെ മെസ്രേനിലേക്കു
കൊണ്ടുപോയി.

റൂബേൽ കുഴിയുടെ അരികിൽ തിരിച്ചെ 29
ത്തിയപ്പോൾ യൗസേഫ് കുഴിയിൽ ഇല്ല.
അവൻ തൻെറ വസ്ത്രം കീറി. അവൻ 30
സഹോദരന്മാരുടെ അടുത്തു ചെന്ന് അവ
രോട്: "ബാലൻ എവിടെ? ഞാൻ എവിടെ
പോകേണ്ടൂ?" എന്നു പറഞ്ഞു. അവർ 31
യൗസേഫിൻെറ അങ്കി എടുത്തു ഒരു
കോലാട്ടിൻകുട്ടിയെ കൊന്ന്, അതിൻെറ
രക്തത്തിൽ ആ അങ്കി മുക്കി. അവർ ആ 32
അങ്കി തങ്ങളുടെ പിതാവിൻെറ അടുക്കൽ
എത്തിച്ചിട്ട്: "ഇത് ഞങ്ങൾക്കു കണ്ടുകിട്ടിയ
താണ്. ഇതു നിൻെറ മകൻെറ അങ്കി
ആണോ അല്ലയോ എന്നു പരിശോധിച്ചു
നോക്കണമേ" എന്നു പറഞ്ഞു. അവൻ 33
അതു തിരിച്ചറിഞ്ഞു. "ഇത് എൻെറ മകൻെറ
അങ്കി തന്നെ. ഒരു ദുഷ്ടമൃഗം അവനെ
തിന്നു. തീർച്ചയായും എൻെറ മകൻ
യൗസേഫിനെ ചീന്തിക്കളഞ്ഞു" എന്ന്
അവൻ പറഞ്ഞു. യാക്കോബു തൻെറ 34
വസ്ത്രം കീറി. തൻെറ അരയിൽ രട്ടു ചുറ്റി,
അനേകനാൾ തൻെറ മകനെക്കുറിച്ചു വില
പിച്ചുകൊണ്ടിരുന്നു.

അവൻെറ സകല പുത്രന്മാരും പുത്രി 35
മാരും അവനെ ആശ്വസിപ്പിക്കാൻ ഉദ്യമി
ച്ചു. എന്നാൽ ആശ്വസിപ്പിക്കപ്പെടുവാൻ
ആഗ്രഹിക്കാതെ, വിലപിച്ചുകൊണ്ട് ഞാൻ
എൻെറ മകൻെറ അടുക്കൽ പാതാള
ത്തിൽ ഇറങ്ങും എന്നു പറഞ്ഞു കരഞ്ഞു
കൊണ്ടിരുന്നു.

36 മെദിയാന്യർ അവനെ മെസ്രേനിൽ
ഫറവോൻെറ അകമ്പടിനായകനും ഉദ്യോഗ
സ്ഥനുമായ പൊത്തിഫേറിനു വിറ്റു.

അദ്ധ്യായം 38

1 അക്കാലത്ത് യഹൂദാ തൻെറ സഹോദ
രന്മാരുടെ അടുക്കൽ നിന്ന് ഇറങ്ങി, ഹീറാ
എന്നു പേരുള്ള അദ്ലാമ്യനായ മനുഷ്യൻെറ
2 അടുക്കലേക്കു പോയി. യഹൂദാ അവിടെ
ശൂവ് എന്നു പേരായ ഒരു കനാന്യൻെറ
മകളെ കണ്ട് അവളെ സ്വീകരിച്ച് അവ ളുടെ
3 അടുക്കൽ ചെന്നു. അവൾ ഗർഭിണിയായി
അവന് ഒരു മകനെ പ്രസവിച്ചു. അവന്
4 ഈർ എന്നു പേരിട്ടു. അവൾ വീണ്ടും ഗർഭി
ണിയായി ഒരു മകനെ പ്രസവിച്ചു. അവന്
ഓനാൻ എന്നു പേരിട്ടു. അവൾ വീണ്ടും
5 ഒരു മകനെ പ്രസവിച്ചു. അപ്പോൾ അവൻ
യൊസീഹിൽ ആയിരുന്നു. അവന് ശേലാ
6 എന്നു പേരിട്ടു. യഹൂദാ താമാർ എന്നു
പേരായ ഒരു സ്ത്രീയെ തൻെറ ആദ്യജാതൻ
ഈറിനു വേണ്ടി എടുത്തു. ഈർ ദൈവ
7 മുമ്പാകെ ദുഷ്ടനായിരുന്നതിനാൽ
കർത്താവു അവനെ മരിപ്പിച്ചു. യഹൂദ
8 തൻെറ മകൻ ഓനാനോട്: "നിൻെറ സഹോ
ദരൻെറ ഭാര്യയുടെ അടുത്തു ചെന്ന് ദേവര
ധർമ്മം നിർവ്വഹിച്ച് സഹോദരനു വേണ്ടി
സന്തതിയെ നിലനിർത്തുക" എന്നു
9 പറഞ്ഞു. ആ സന്തതി തൻേറത് ആയിരിക്കു
കയില്ല എന്ന് അവൻ അറിഞ്ഞിരുന്നു. അ
വൻ സഹോദരഭാര്യയുടെ അടുത്തു ചെന്ന
പ്പോൾ, സഹോദരനു സന്തതിയെ നിലനിർ
ത്താതിരിക്കേണ്ടതിന്, അതു നിലത്തു വീഴ്
10 ത്തിക്കളഞ്ഞു. അവൻ ചെയ്തതു കർത്താ
വിന് അനിഷ്ടമായി; അതിനാൽ അവനെ
11 യും മരിപ്പിച്ചു. യഹൂദാ തൻെറ മരുമകൾ
താമാറിനോട് "എൻെറ മകൻ ശേലാ
വളരുംവരെ നീ നിൻെറ അപ്പൻെറ വീട്ടിൽ
വൈധവ്യം ആചരിക്കുക" എന്നു പറഞ്ഞു.
എന്തെന്നാൽ അവനും തൻെറ സഹോദര
ന്മാരെപ്പോലെ മരിച്ചുപോയേക്കും എന്ന്
അവൻ വിചാരിച്ചു. താമാർ തൻെറ അപ്പ
ൻെറ വീട്ടിൽ പോയി പാർത്ത് ഏറെ നാൾ
12 കഴിഞ്ഞു; ശൂവിൻെറ പുത്രി, യഹൂദയുടെ
ഭാര്യ മരിച്ചു വിലാപകാലം കഴിഞ്ഞ് യഹൂ
ദായും അവൻെറ സ്നേഹിതൻ അദുലാ
മ്യനായ ഹീറായും തിമ്നാഥിൽ ആടുകളെ
രോമം കത്രിക്കുന്നവരുടെ അടുക്കലേക്കു
13 പോയി. തൻെറ അമ്മായി അപ്പൻ ആടുകളെ
രോമം കത്രിക്കുന്നതിനു തിമ്നാഥിലേക്കു
പോകുന്നു എന്ന് താമാറിന് അറിവു കിട്ടി.
അവൾ തൻെറ വൈധവ്യവസ്ത്രം മാറ്റി, 14
മൂടുപടം കൊണ്ടു സ്വയം മൂടിപ്പുതച്ചു തിമ്
നാഥിലേക്കുള്ള വഴിയിലെ വഴിക്കവല
യ്ക്കൽ ഇരുന്നു. എന്തെന്നാൽ ശേലാ വളർ
ന്നിട്ടും തന്നെ അവനു കൊടുക്കുന്നില്ല എന്ന്
അവൾ കണ്ടു. യഹൂദാ അവളെ കണ്ടു.
അവൾ ഒരു വേശ്യ എന്നു കരുതി. എന്തെ 15
ന്നാൽ അവൾ തൻെറ മുഖം മൂടിയിരുന്നു.
അതു തൻെറ മരുമകൾ എന്ന് അവന് 16
അറിയാതിരുന്നതിനാൽ, വഴിവക്കിൽ അവ
ളുടെ അടുത്തേക്കു തിരിഞ്ഞു. "വരിക:
ഞാൻ നിന്നോടു കൂടെ ശയിക്കട്ടെ" എന്നു
പറഞ്ഞു. "നീ എന്നോടു കൂടെ ശയിക്കുന്ന
തിന് നീ എനിക്ക് എന്തു തരും" എന്ന് അവൾ
ചോദിച്ചു. "ഞാൻആട്ടിൻപറ്റത്തിൽനിന്ന് 17
ഒരു ആട്ടിൻ കുട്ടിയെ കൊടുത്തയയ്ക്കാം"
എന്ന് അവൻ പറഞ്ഞു. "നീ അതിനെ അയ
യ്ക്കുവോളം എനിക്ക് ഒരു പണയം തരുമെ
ങ്കിൽ" എന്ന് അവൾ പറഞ്ഞു. പണയമായി 18
ഞാൻ നിന ക്കു എന്തു തരണം എന്ന് അവൻ
ചോദിച്ചതിന് "നിൻെറ കൈയിലെ മുദ്ര
മോതിരവും തുവാലയും വടിയും" എന്ന്
അവൾ പറഞ്ഞു. അവൻ അതു കൊടുത്ത്
അവളോടുകൂടെ ശയിക്കുകയും അവൾ
അവനിൽ നിന്നു ഗർഭം ധരിക്കുകയും ചെയ്
തു. അവൾ എഴുന്നേറ്റു പോയി മൂടുപടം 19
മാറ്റി വൈധവ്യവസ്ത്രം ധരിച്ചു. ആ സ്ത്രീ 20
യുടെ പക്കൽ നിന്ന് പണയം തിരിച്ചു വാങ്ങേ
ണ്ടതിന് യഹൂദാ തൻെറ സ്നേഹിതനായ
അദുലാൻവശം ആട്ടിൻകുട്ടിയെ കൊടുത്ത
യച്ചു. എന്നാൽ അവൻ അവളെ കണ്ടെത്തി
യില്ല. അവൻ ആ ദേശത്തെ ആളുകളോട് 21
"ഈ വഴിക്കവലയ്ക്കൽ ഇരുന്ന വേശ്യ
എവിടെ" എന്നു ചോദിച്ചു. "ഇവിടെ വേശ്യ
ഇല്ല" എന്ന് അവർ പറഞ്ഞു. അവൻ യഹൂ 22
ദായുടെ അടുക്കൽ തിരിച്ചെത്തി, "ഞാൻ
അവളെ കണ്ടെത്തിയില്ല, ഇവിടെ വേശ്യ
ഇല്ല എന്ന് ആ ദേശക്കാർ പറയുകയും
ചെയ്തു" എന്ന് അവൻ പറഞ്ഞു. എനിക്ക് 23
ആക്ഷേപം ഉണ്ടാകാതിരിക്കുന്നതിനു
വേണ്ടി അവൾ അത് എടുത്തുകൊള്ളട്ടെ.
ഞാൻ ഈ ആട്ടിൻകുട്ടിയെ കൊടുത്ത
യച്ചുവല്ലോ. എന്നാൽ നീ അവളെ കണ്ടെ
ത്തിയില്ല എന്ന് യഹൂദാ പറഞ്ഞു.

മൂന്നു മാസം കഴിഞ്ഞപ്പോൾ, ഇതാ 24
നിൻെറ മരുമകൾ താമാർ പരസംഗം ചെയ്തു
പരസംഗത്താൽ ഗർഭിണിയായിരിക്കുന്നു
എന്നു യഹൂദയോട് അറിയിക്കപ്പെട്ടു.
അവളെ പുറത്താക്കി ചുട്ടുകളവിൻ എന്ന്
യഹൂദാ പറഞ്ഞു. അവർ അവളെ പുറത്താ 25

ക്കുമ്പോൾ അവൾ തന്റെ അമ്മായി
അപ്പനെ വിളിപ്പിച്ചു പറഞ്ഞത്: "ഇവ ആരു
ടേതാണോ ആ പുരുഷനിൽനിന്നാണ്
ഞാൻ ഗർഭിണിയായിരിക്കുന്നത്. ഈ
മോതിരവും തൂവാലയും വടിയും ആരുടേത്
26 എന്ന് പരിശോധിച്ച് അറിയുക." അവൻ
അവ തിരിച്ചറിഞ്ഞു. "അവൾ എന്നെക്കാൾ
നീതിയുള്ളവൾ; ഞാൻ അവളെ എന്റെ
മകൻ ശേലായ്ക്കു കൊടുത്തില്ലല്ലോ" എന്ന്
യഹൂദാ പറഞ്ഞു. പിന്നെ ഒരിക്കലും അവൻ
അവളെ പരിഗ്രഹിച്ചില്ല.
27 അവളുടെ പ്രസവസമയമായപ്പോൾ,
ഇതാ, അവളുടെ ഉദരത്തിൽ ഇരട്ടക്കുട്ടികൾ.
28 ഒരു കുഞ്ഞ് കൈ നീട്ടിയപ്പോൾ സൂതികർ
മ്മിണി ഒരു ചുവന്ന ചരട് എടുത്ത് അവ
ന്റെ കൈയിൽ കെട്ടി. ഇവനാണ് ആദ്യം
പുറത്തു വന്നത് എന്ന് അവൾ പറഞ്ഞു.
29 അവൻ കൈ തിരികെ വലിച്ചപ്പോൾ
അവന്റെ സഹോദരൻ പുറത്തു വന്നു.
നിനക്കു വേണ്ടി നീ ഒരു വിള്ളൽ തുറന്ന
തെന്ത്? എന്നു പറഞ്ഞ് അവൾ അവനു
30 പോറെസ് എന്നു പേരു വിളിച്ചു. പിന്നീടു
കൈമേൽ ചുവന്ന ചരടുള്ള അവന്റെ
സഹോദരൻ പുറത്തു വന്നു. അവൾ
അവനു സോറഹ് എന്നു പേരു വിളിച്ചു.

അദ്ധ്യായം 39

1 മെദിയാന്യർ യൗസേഫിനെ മെസ്രേനി
ലേക്ക് കൂട്ടിക്കൊണ്ടു പോയി. അവനെ അ
വിടേക്ക് കൊണ്ടുപോയ അറബികളുടെ
പക്കൽനിന്ന് ഫറഓന്റെ സൈന്യാധിപ
നും ഉദ്യോഗസ്ഥനുമായ പൊത്തിഫേർ അ
2 വനെ വിലയ്ക്കു വാങ്ങി. കർത്താവു യൗ
സേഫിനോടുകൂടെ ഉണ്ടാ യിരുന്നു. ആ മനു
ഷ്യൻ മെസ്രേൻകാരനായ തന്റെ യജമാ
നന്റെ ഭവനത്തിൽ പ്രശോഭിതൻ ആയി
3 ത്തീർന്നു. കർത്താവ് അവനോടു കൂടെ ഉ
ണ്ടെന്നും അവൻ ചെയ്യുന്നതെല്ലാം കർത്താ
വ് വിജയിപ്പിക്കുന്നുവെന്നും അവന്റെ
4 യജമാനൻ കണ്ടു. അവന്റെ കണ്ണിൽ യൗ
സേഫിനു കരുണ ലഭിച്ചു. അവൻ അദ്ദേ
ഹത്തെ ശുശ്രൂഷിച്ചു. അയാൾ തന്റെ ഭവന
ത്തിന്മേലും അതിലുള്ള സകലത്തിന്മേലും
5 അവന് അധികാരം നൽകി അവന്റെ കൈ
കളിൽ ഏല്പിച്ചു. തന്റെ ഭവനത്തിന്മേലും
അതിലുള്ള സകലത്തിന്മേലും അവനെ
അധികാരപ്പെടുത്തിയ സമയം മുതൽ, യൗ
സേഫ് നിമിത്തം, കർത്താവ് ആ മെസ്രേൻ
കാരന്റെ ഭവനത്തെ അനുഗ്രഹിച്ചു. അവ
ന്റെ ഭവനത്തിലും വയലിലുമുള്ള സകല
ത്തിനും കർത്താവിന്റെ അനുഗ്രഹം ഉണ്ടാ
യി. തനിക്ക് ഉള്ളതെല്ലാം അവൻ യൗസേഫി 6
ന്റെ കൈവശം വിട്ടു. താൻ തിന്നുന്ന അപ്പ
മല്ലാതെ മറ്റൊന്നും അവൻ അറിഞ്ഞില്ല.
യൗസേഫ് കാഴ്ചയ്ക്കു സുന്ദരനും യോഗ്യ
നും ആയിരുന്നു.

യൗസേഫിനെ ശ്രേഷ്ഠൻആക്കിയ
പരീക്ഷ.

ഈ കാര്യങ്ങൾക്കു ശേഷം സംഭവിച്ചത് 7
എന്തെന്നാൽ: യജമാനന്റെ ഭാര്യ യൗസേ
ഫിന്മേൽ ദൃഷ്ടി പതിച്ചു. എന്നോടു കൂടെ
ശയിക്കുക എന്ന് അവൾ അവനോടു
പറഞ്ഞു. എന്നാൽ അവനു മനസ്സായില്ല.
അവൻ യജമാനഭാര്യയോടു പറഞ്ഞത്: 8
ഇതാ, തന്റെ വീട്ടിൽ എന്റെ കൈവശം
ഉള്ളത് ഒന്നും എന്റെ യജമാനൻ അറി
യുന്നില്ല. തനിക്കുള്ള സകലവും അവൻ
എന്റെ അധികാരത്തിൽ ആക്കിയിരിക്കു
ന്നു. ഈ വീട്ടിൽ എന്നെക്കാൾ വലിയവൻ 9
ആരുമില്ല. നീ അവന്റെ ഭാര്യയാകയാൽ
നിന്നെയല്ലാതെ ഒന്നും അവൻ എനിക്കു
വിരോധിച്ചിട്ടുമില്ല. ഞാൻ ഈ തിന്മ പ്രവർ
ത്തിച്ച് ദൈവത്തോടു പാപം ചെയ്യുന്നത്
എങ്ങനെ? ദിനംതോറും അവൾ പറഞ്ഞു 10
കൊണ്ടിരുന്നിട്ടും അവളോടുകൂടെ ശയിക്കു
വാനോ അവളോടുകൂടെ ഇരിപ്പാനോ
തക്കവണ്ണം അവൻ അവളെ ശ്രദ്ധിച്ചില്ല. ആ 11
ദിവസങ്ങളിലൊന്നിൽ യൗസേഫ് തന്റെ
ജോലി ചെയ്യുവാൻ വീട്ടിനകത്തു
പ്രവേശിച്ചു. അപ്പോൾ അവിടെ ആ വീട്ടിലു
ള്ളവരിലാരും ഉണ്ടായിരുന്നില്ല. അവൾ 12
അവന്റെ മേലങ്കി പിടിച്ച്, എന്നോടു കൂടെ
ശയിക്ക എന്ന് അവനോടു പറഞ്ഞു. അവൻ
തന്റെ മേലങ്കി അവളുടെ കൈയിൽ ഉപേ
ക്ഷിച്ചിട്ട് തെരുവിലേക്ക് ഓടിപ്പോയി. അവൻ 13
തന്റെ മേലങ്കി അവളുടെ കൈയിൽ വിട്ടിട്ട്
ഓടിയിറങ്ങിപ്പോയി എന്ന് അവൾ കണ്ട
പ്പോൾ അവൾ തന്റെ വീട്ടിലുള്ളവരെ
വിളിച്ച് അവരോട് പറഞ്ഞു: നമ്മെ അവമാ 14
നിക്കുവാൻ അവൻ ഒരു ദാസനെ കൊണ്ടു
വന്നിരിക്കുന്നു. അവൻ എന്നോടു കൂടെ
ശയിക്കുവാൻ കടന്നു വന്നു. ഞാൻ ഉറക്കെ
നിലവിളിച്ചു. ഞാൻ ഉച്ചത്തിൽ നിലവിളി 15
ച്ചതു കേട്ടപ്പോൾ അവൻ തന്റെ മേലങ്കി
എന്റെ പക്കൽ ഇട്ടിട്ട് ഇറങ്ങി തെരുവി
ലേക്ക് ഓടിപ്പോയി.

ഗൃഹനാഥൻ വരുന്നതുവരെ അവൾ ആ 16
മേലങ്കി തന്റെ അടുക്കൽ വച്ചിരുന്നു.
അവൾ അവനോടു ഈ വാക്കുകൾ പോലെ 17
തന്നെ പറഞ്ഞു: നീ കൊണ്ടുവന്ന എബ്രായ

ദാസൻ എന്നെ അവമാനിക്കുവാൻ കടന്നു
18 വന്നു. ഞാൻ ഉച്ചത്തിൽ നിലവിളിച്ചപ്പോൾ
അവൻെറ മേലങ്കി എൻെറ അടുക്കൽ വിട്ടിട്ട്
അവൻ ഇറങ്ങി തെരുവിലേക്ക് ഓടിപ്പോയി.
19 നിൻെറ ദാസൻ എന്നോട് ഇങ്ങനെ ചെയ്തു
എന്ന് തൻെറ ഭാര്യ പറഞ്ഞ വാക്കുകൾ
കേട്ടപ്പോൾ യജമാനൻെറ കോപം ജ്വലിച്ചു.
20 അവൻ അവനെ കൊണ്ടുപോയി രാജാ
വിൻെറ ബന്ധനസ്ഥരെ ഇടാറുണ്ടായിരുന്ന
കാരാഗൃഹത്തിൽ ഇട്ടു. അങ്ങനെ അവൻ
അവിടെ കാരാഗൃഹത്തിലായി.
21 കർത്താവു യൗസേഫിനോടു കൂടെ
ഉണ്ടായിരുന്നു. അവനോടു കരുണ ചെയ്തു
കാരാഗൃഹപ്രമാണിയുടെ ദൃഷ്ടിയിൽ അവ
22 നു ദയ ലഭിക്കുമാറാക്കി. അവൻ കാരാഗൃഹ
ത്തിലുള്ള എല്ലാ തടവുകാരെയും, അവിടെ
നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും അവ
23 നെ ഭരമേല്പിച്ചു. അവൻെറ കീഴിലുള്ള
തൊന്നും കാരാഗൃഹപ്രമാണി നോക്കിയില്ല.
എന്നാൽ കർത്താവ് അവനോടുകൂടെ
ഉണ്ടായിരുന്നു; അവൻ ചെയ്യുന്നതെല്ലാം
കർത്താവു സഫലമാക്കിയിരുന്നു.

അദ്ധ്യായം 40

ഈ കാര്യങ്ങൾക്കു ശേഷം സംഭവിച്ചത്
എന്തെന്നാൽ: മെസ്രേൻ രാജാവിൻെറ
പാനപാത്രവാഹകന്മാരുടെ പ്രമാണിയും
അപ്പക്കാരുടെ പ്രമാണിയും തങ്ങളുടെ
2 യജമാനനോടു കുറ്റം ചെയ്തു: ആ രണ്ട്
ഉദ്യോഗസ്ഥന്മാരോടും—പാത്രവാഹക
ന്മാരുടെ പ്രമാണിയോടും അപ്പക്കാരുടെ
പ്രമാണിയോടും ഫറവോൻ കോപിച്ചു. സൈ
3 ന്യാധിപൻെറ വീട്ടിൽ, യൗസേഫിനെ
ബന്ധനസ്ഥനാക്കിയിരുന്നിടത്തു തന്നെ,
4 അവരെ തടവിലിട്ടു. അകമ്പടിനായകൻ
യൗസേഫിനെ അവരുടെ മേൽ അധി
കാരപ്പെടുത്തി. അവൻ അവരെ ശുശ്രൂഷി
ച്ചു. അവർ കുറെ ദിവസം തടവിലായിരുന്നു.
5 അവർ രണ്ടുപേരും, അതായത് കാരാ
ഗൃഹത്തിൽ ബന്ധിക്കപ്പെട്ടിരുന്നവരായി;
മെസ്രേൻ രാജാവിൻെറ പാനപാത്രവാഹ
കനും അപ്പക്കാരനും, ഒരേ രാത്രിയിൽ,
വ്യത്യസ്ത അർത്ഥമുള്ള രണ്ടു വ്യത്യസ്ത
6 സ്വപ്നം കണ്ടു. രാവിലെ യൗസേഫ് അവ
രുടെ അടുക്കൽ വന്നപ്പോൾ, അവർ ദുഃഖി
7 തരായിരിക്കുന്നതു കണ്ടു. തൻെറ യജമാ
നൻെറ ഭവനത്തിൽ തന്നോടു കൂടെ തടവി
ലായിരുന്ന ഫറവോൻെറ ഉദ്യോഗസ്ഥന്മാ
രോട് അവൻ: ഇന്നു നിങ്ങളുടെ മുഖം ദുഃഖി
തമായിരിക്കുന്നതെന്ത് എന്നു ചോദിച്ചു.
അവർ അവനോട്: ഞങ്ങൾ സ്വപ്നം കണ്ടു; 8
വ്യാഖ്യാനിക്കുവാൻ ആരും ഇല്ല എന്നു
പറഞ്ഞു. സ്വപ്ന വ്യാഖ്യാനം ദൈവത്തിനു
ള്ളതാകുന്നു; സ്വപ്നം എന്നോടു വിവരി
പ്പിൻ എന്ന് അവൻ പറഞ്ഞു.
പാനപാത്രവാഹകരുടെ പ്രമാണി 9
യൗസേഫിനോടു തൻെറ സ്വപ്നം വിവരിച്ച്
പറഞ്ഞു: എൻെറ സ്വപ്നത്തിൽ, ഇതാ,
എൻെറ മുമ്പിൽ ഒരു മുന്തിരി വള്ളി. മുന്തിരി 10
വള്ളിയിൽ മൂന്നു ശാഖകൾ. അതു മൊട്ടിട്ടു
പൂവിരിഞ്ഞു. കുലകൾ പാകമായി പഴുത്ത
മുന്തിരിങ്ങ ആയപ്പോൾ, എൻെറ കൈക
ളിൽ ഫറവോൻെറ പാനപാത്രം. ഞാൻ 11
മുന്തിരിങ്ങ എടുത്തു ഫറവോൻെറ പാന
പാത്രത്തിൽ പിഴിഞ്ഞ് പാനപാത്രം ഫറ
വോൻെറ കൈകളിൽ കൊടുത്തു. യൗസേഫ് 12
അവനോടു: നിൻെറ സ്വപ്നത്തിൻെറ
വ്യാഖ്യാനം ഇതാകുന്നു: മൂന്നു ശാഖകൾ
മൂന്നു ദിവസങ്ങളത്രേ. മൂന്നു ദിവസം 13
കഴിയുമ്പോൾ ഫറവോൻ നിന്നെ ഓർത്ത്
നിൻെറ ഉദ്യോഗം വീണ്ടും നിനക്കു തരും.
മുൻപതിവുപോലെ നീ അവൻെറ പാന
പാത്രവാഹകനായി ഫറവോൻെറ കൈയിൽ
പാനപാത്രം കൊടുക്കും. എന്നാൽ നിനക്കു 14
ശുഭമായിരിക്കുമ്പോൾ എന്നെയും
ഓർക്കണമേ. എന്നോടു ദയയും വിശ്വസ്ത
തയും കാണിച്ച്, ഫറവോൻെറ സന്നിധിയിൽ
എന്നെ അനുസ്മരിച്ച് എന്നെ ഈ കാരാ
ഗൃഹത്തിൽ നിന്നു പുറത്തിറക്കണമേ.
എന്തെന്നാൽ എബ്രായരുടെ ദേശത്തു 15
നിന്ന് എന്നെ കട്ടുകൊണ്ടു വന്നതാണ്.
ഇവിടെയും എന്നെ തടവിൽ ഇടുവാൻ
തക്കവണ്ണം ഞാൻ ഒന്നും ചെയ്തിട്ടില്ല.
സ്വപ്നത്തിൻെറ വ്യാഖ്യാനം നല്ലത് എന്നു 16
അപ്പക്കാരുടെ പ്രമാണി കണ്ട്, യൗസേഫി
നോടു പറഞ്ഞു. ഞാനും സ്വപ്നത്തിൽ
കണ്ടത്: എൻെറ തലയിൽ ഇതാ വെള്ള
യപ്പത്തിൻെറ മൂന്നു കുട്ടകൾ. മുകളിലത്തെ 17
കൊട്ടയിൽ ഫറവോൻെറ എല്ലാവിധ ഭക്ഷ്യ
വസ്തുക്കളും പാകം ചെയ്തത് ഉണ്ടായി
രുന്നു. എൻെറ തലയിലുണ്ടായിരുന്ന
കുട്ടയിൽ നിന്ന് പക്ഷികൾ തിന്നുകൊണ്ടി
രുന്നു. യൗസേഫ് അവനോടു മറുപടി പറ 18
ഞ്ഞത്: നിൻെറ സ്വപ്നത്തിൻെറ വ്യാഖ്യാ
നം ഇതത്രേ: മൂന്നു കുട്ടകൾ മൂന്നു ദിവസ
ങ്ങൾ ആകുന്നു. മൂന്നു ദിവസം കഴിയു 19
മ്പോൾ ഫറവോൻ നിൻെറ തല എടുത്തു
കളയുകയും നിന്നെ മരത്തിന്മേൽ തൂക്കു
കയും ചെയ്യും. നിൻെറ മാംസം പക്ഷികൾ
തിന്നും.

20 മൂന്നാം ദിവസം ഉണ്ടായതെന്തെന്നാൽ:
ഫറവോന്റെ ജന്മനാളിൽ തന്റെ സകല
ഭൃത്യന്മാർക്കും അവൻ ഒരു വിരുന്നു കൊ
ടുത്തു. തന്റെ ഭൃത്യന്മാരുടെ കൂട്ടത്തിൽ
പാനപാത്രവാഹകന്മാരുടെ പ്രമാണിയെ
യും അപ്പക്കാരുടെ പ്രമാണിയെയും അവൻ
21 ഓർത്തു. പാനപാത്രവാഹകനെ അവന്റെ
22 ഔദ്യോഗികസ്ഥാനത്തു നിയമിച്ചു. അപ്പക്കാ
രുടെ പ്രമാണിയെ അവൻ തൂക്കിക്കളഞ്ഞു;
യൗസേഫ് അവർക്കു വ്യാഖ്യാനിച്ചു കൊ
23 ടുത്തതുപോലെതന്നെ. എന്നാൽ പാന
പാത്രവാഹകന്മാരുടെ പ്രമാണി യൗസേഫി
നെ ഓർത്തില്ല, അവനെ മറന്നുകളഞ്ഞു.

അദ്ധ്യായം 41

രണ്ടു വർഷം കഴിഞ്ഞു ഫറവോൻ ഒരു
സ്വപ്നം കണ്ടു. അവൻ നദിയ്ക്കടുത്തു
2 നിൽക്കുന്നു. രൂപഭംഗിയും മാംസപുഷ്ടി
യുമുള്ള ഏഴു പശുക്കൾ നദിയിൽനിന്നു
കയറി വന്ന് പുൽമാലിയിൽ മേഞ്ഞു
3 കൊണ്ടിരിക്കുന്നു. രൂപഭംഗിയില്ലാത്തതും
മെലിഞ്ഞതുമായ വേറെ ഏഴു പശുക്കൾ
നദിയിൽ നിന്നു കയറി വന്ന് നദീതീരത്ത്
ഉണ്ടായിരുന്ന പശുക്കളുടെ അരികെ നിൽ
4 ക്കുന്നു. രൂപഭംഗി ഇല്ലാത്തതും മെലിഞ്ഞ
തുമായ പശുക്കൾ രൂപഭംഗിയും മാംസ
പുഷ്ടിയുമുള്ള പശുക്കളെ തിന്നുകളഞ്ഞു.
5 അപ്പോൾ ഫറവോൻ ഉറക്കമുണർന്നു. അവൻ
പിന്നെയും ഉറങ്ങി. അവൻ രണ്ടാമത് ഒരു
സ്വപ്നം കണ്ടു. ഇതാ ഒരു തണ്ടിന്മേൽ
പുഷ്ടിയുള്ളതും നിറഞ്ഞതുമായ ഏഴു
6 കതിരുകൾ. അവയ്ക്കു പുറകെ നേർത്ത
തും കിഴക്കൻ കാറ്റുകൊണ്ടു ശുഷ്ക്കിച്ച
തുമായ ഏഴു കതിരുകൾ പൊങ്ങിവന്നു.
7 നേർത്ത കതിരുകൾ പുഷ്ടിയുള്ളതും നിറ
ഞ്ഞതുമായ ഏഴു കതിരുകളെ വിഴുങ്ങി
ക്കളഞ്ഞു. ഫറവോൻ ഉണർന്നു; അതു
സ്വപ്നമായിരുന്നു എന്ന് മനസ്സിലാക്കി.
8 രാവിലെ അവന്റെ മനസ്സ് ആകുല
പ്പെട്ടു: അവൻ മെസ്രേനിലെ മാന്ത്രികരെയും
ജ്ഞാനികളെയും ആളയച്ചു വിളിപ്പിച്ചു.
ഫറവോൻ തന്റെ സ്വപ്നങ്ങൾ അവരോടു
വിവരിച്ചു; എന്നാൽ ആരും അവയെ ഫറ
വോനു വ്യാഖ്യാനിച്ചു കൊടുത്തില്ല.
9 പാനപാത്രവാഹകന്മാരുടെ പ്രമാണി
ഫറവോന്റെ മുമ്പാകെ സംസാരിച്ചു പറഞ്ഞ
ത്: ഇന്നു ഞാൻ എന്റെ കുറ്റം ഓർക്കുന്നു.
10 ഫറവോൻ തന്റെ ദാസന്മാരോടു കോപിച്ച്
എന്നെയും അപ്പക്കാരുടെ പ്രമാണിയെ
യും സൈന്യനായകന്റെ ഭവനത്തിൽ

തടവിലാക്കിയിരുന്നുവല്ലോ. ഞാനും അവ 11
നും ഒരേ രാത്രിയിൽ ഓരോ സ്വപ്നം കണ്ടു.
ഞങ്ങളുടെ സ്വപ്നങ്ങൾ വെവ്വേറെ വ്യാ
ഖ്യാനങ്ങൾ ഉള്ളവയായിരുന്നു. അവിടെ 12
ഞങ്ങളോടൊപ്പം സൈന്യനായകന്റെ
ദാസനായ ഒരു എബ്രായയുവാവ് ഉണ്ടായി
രുന്നു. അവനവന്റെ സ്വപ്നത്തിന്റെ
അർത്ഥപ്രകാരം അവൻ ഞങ്ങളുടെ
സ്വപ്നങ്ങൾ വ്യാഖ്യാനിച്ചു തന്നു. അവൻ 13
വ്യാഖ്യാനിച്ചു തന്നതുപോലെ തന്നെ
ഞങ്ങൾക്കു ഭവിച്ചു; എന്നെ എന്റെ ജോലി
യിൽ തിരിച്ച് നിയമിക്കുകയും അവനെ
തൂക്കിക്കളയുകയും ചെയ്തു.
ഫറവോൻ ആളയച്ചു യൗസേഫിനെ 14
വിളിച്ചു. അവനെ വേഗത്തിൽ തടവുകുഴി
യിൽ നിന്ന് ഇറക്കി, ക്ഷൗരം ചെയ്യിച്ചു,
വസ്ത്രം മാറ്റി. ഫറവോന്റെ മുമ്പിൽ ഹാജരാ
ക്കി. ഫറവോൻ യൗസേഫിനോട്: ഞാൻ ഒരു 15
സ്വപ്നം കണ്ടു; വ്യാഖ്യാനിക്കുവാൻ ആരു
മില്ല. നീ സ്വപ്നം കേട്ട് അതിനെ വ്യാഖ്യാനി
ക്കുമെന്നു ഞാൻ നിന്നെക്കുറിച്ചു കേട്ടു
എന്നുപറഞ്ഞു. ദൈവം തന്നെ ഫറവോനു 16
ശുഭമായ മറുപടി തരും എന്നു പ്രതീക്ഷി
ച്ചാലും, എന്നു യൗസേഫ് മറുപടി പറഞ്ഞു.
ഫറവോൻ യൗസേഫിനോടു പറഞ്ഞു: 17
എന്റെ സ്വപ്നത്തിൽ ഞാൻ, നദിക്കര 18
യിൽ നിൽക്കുന്നു. ഇതാ നദിയിൽ നിന്നു
മാംസപുഷ്ടിയും രൂപഭംഗിയുമുള്ള ഏഴു
പശുക്കൾ കയറി വന്നു പുൽമാലിയിൽ
മേയുന്നു. അവയുടെ പിന്നാലെ നിസ്സാര 19
ങ്ങളും വിരൂപികളും തീരെ മെലിഞ്ഞതു
മായ ഏഴു പശുക്കൾ കയറി വരുന്നു. അത്ര
മോശമായ പശുക്കളെ ഞാൻ മെസ്രേൻ
ദേശത്തെങ്ങും കണ്ടിട്ടില്ല. മെലിഞ്ഞു 20
വിരൂപികളായ പശുക്കൾ ആദ്യത്തെ
കൊഴുത്ത ഏഴു പശുക്കളെ തിന്നു കളഞ്ഞു.
അവ അവയുടെ അകത്തു ചെന്നുവെങ്കി 21
ലും അവ അകത്തു ചെന്നുവെന്നു തോന്നാ
ത്തവണ്ണം അവ മുമ്പിലത്തെപ്പോലെ തന്നെ
മെലിഞ്ഞിരുന്നു. ആപ്പോൾ ഞാൻ ഉറക്ക
മുണർന്നു. വീണ്ടും ഞാൻ എന്റെ സ്വപ്ന 22
ത്തിൽ കണ്ടത്: നിറഞ്ഞ ഏഴു നല്ല കതിരു
കൾ ഒരു തണ്ടിൽ പൊങ്ങി വരുന്നു. അതി 23
ന്റെ പിന്നാലെ, ഇതാ, നേർത്തതും കിഴ
ക്കൻ കാറ്റുകൊണ്ടു ശുഷ്ക്കിച്ചതുമായ
ഏഴു കതിരുകൾ പൊങ്ങിയിരുന്നു. നേർത്ത 24
ഏഴു കതിരുകൾ നല്ല ഏഴു കതിരുകളെ
വിഴുങ്ങിക്കളഞ്ഞു. മാന്ത്രികന്മാരോടു
ഞാൻ ഇതു പറഞ്ഞുവെങ്കിലും അവർ
എനിക്കു വിശദീകരിച്ചു തന്നില്ല.

25 യൗസേഫ് ഫറവോനോടു പറഞ്ഞു:
ഫറവോന്റെ സ്വപ്നങ്ങൾ രണ്ടും ഒന്നു
26 തന്നെയാണ്. ദൈവം ചെയ്യാൻ പോകുന്നതു
ഫറവോനു കാണിച്ചു തന്നിരിക്കുന്നു. ഏഴു
നല്ല പശുക്കൾ ഏഴു ആണ്ടുകൾ ആകുന്നു.
ഏഴു നല്ല കതിരുകൾ ഏഴു ആണ്ടുകൾ
27 ആകുന്നു. സ്വപ്നങ്ങൾ ഒന്നുതന്നെ. അവ
യുടെ പിന്നാലെ കയറിവന്ന മോശവും
മെലിഞ്ഞതുമായ ഏഴു പശുക്കൾ ഏഴ്
ആണ്ടുകൾ ആകുന്നു. നേർത്തതും കിഴ
ക്കൻ കാറ്റുകൊണ്ടു ശുഷ്ക്കിച്ചതുമായ
ഏഴു കതിരുകൾ ക്ഷാമമുള്ള ഏഴു ആണ്ടു
28 കളാകുന്നു. ഞാൻ പറഞ്ഞ ഈ കാര്യങ്ങൾ,
ദൈവം ചെയ്യുവാൻ പോകുന്നതു ഫറവോ
29 ന്നു കാണിച്ചു തന്നതാണ്. മെസ്രേൻ ദേശ
ത്തെല്ലാം മഹാസുഭിക്ഷതയുടെ ഏഴു
വർഷങ്ങൾ വരുന്നു. അവയ്ക്കു പിന്നാലെ
ക്ഷാമമുള്ള ഏഴു വർഷങ്ങൾ വരും.
30 മെസ്രേൻ ദേശത്ത് മുഴുവൻ ഉണ്ടായിരുന്ന
സുഭിക്ഷത മുഴുവൻ മറന്നുപോകും. ക്ഷാമ
31 ത്താൽ ദേശം ക്ഷയിക്കും. പിന്നീടുള്ള
ക്ഷാമം മൂലം ദേശത്തെ സുഭിക്ഷത അറി
32 യാതെയിരിക്കും; എന്തെന്നാൽ ക്ഷാമം
അതികഠിനമായിരിക്കും. ഈ കാര്യം ദൈവ
സന്നിധിയിൽ തയ്യാറായിരിക്കുന്നതിനാലും
ദൈവം വേഗത്തിൽ ഇതു ചെയ്യുവാനിരി
ക്കുന്നതുകൊണ്ടുമാണ് സ്വപ്നം ഫറവോനു
രണ്ടു പ്രാവശ്യം ആവർത്തിക്കപ്പെട്ടത്.
33 ഇപ്പോൾ ഫറവോൻ ജ്ഞാനിയും വിവേകി
യുമായ ഒരുവനെ കണ്ടുപിടിച്ച് മെസ്രേൻ
34 ദേശത്തിന്മേൽ നിയമിക്കണം. ഫറവോൻ
മെസ്രേൻ ദേശത്തിന്മേൽ മേൽനോട്ടക്കാരെ
നിയമിച്ച്, സുഭിക്ഷതയുടെ ഏഴുവർഷം
മെസ്രേൻ ദേശത്തുനിന്ന് വിളവിന്റെ
35 അഞ്ചിലൊന്നു വാങ്ങണം. ഈ വരുന്ന
സമൃദ്ധിയുടെ വർഷങ്ങളിൽ ധാന്യമെല്ലാം
ശേഖരിച്ച് ഫറവോന്റെ കൈക്കീഴിൽ തന്നെ
36 പട്ടണങ്ങളിൽ സൂക്ഷിക്കണം. ഈ ധാന്യം
മെസ്രേൻ ദേശത്ത് ഉണ്ടാകുവാൻ പോകുന്ന
ക്ഷാമത്തിന്റെ ഏഴുവർഷക്കാലത്തേക്ക്,
ദേശത്തിലെ കരുതൽ ശേഖരമായിരിക്കും;
37 ദേശം നശിച്ചു പോകുവാൻ ഇടയാകുക
യുമില്ല. ഈ കാര്യം നല്ലതെന്നു ഫറവോനും
അവന്റെ ഭൃത്യന്മാർക്കും തോന്നി.

38 തന്നിൽ ദൈവത്തിന്റെ ആത്മാവുള്ള
ഇവനെപ്പോലെ ഒരു മനുഷ്യനെ കണ്ടുകിട്ടു
മോ? എന്നു ഫറവോൻ തന്റെ ഭൃത്യന്മാരോട്
പറഞ്ഞു.

39 ഫറവോൻ യൗസേഫിനോടു പറഞ്ഞു:
ഇതെല്ലാം ദൈവം നിനക്കു വെളിപ്പെടുത്തി
യിരിക്കുകയാൽ, നിന്നെപ്പോലെ ജ്ഞാ
നിയും വിവേകിയുമായ ഒരുവൻ ഇല്ല. നീ 40
എന്റെ ഗൃഹത്തിനു മേലധികാരി ആയിരി
ക്കും. നിന്റെ വായിലെ വാക്ക് എന്റെ
ജനത്തിനെല്ലാം നിയമമായിരിക്കും. സിംഹാ
സനം കൊണ്ടു മാത്രം ഞാൻ നിന്നെക്കാൾ
വലിയവനായിരിക്കും. ഇതാ മെസ്രേൻദേശം 41
മുഴുവന്റെ മേലും ഞാൻ നിന്നെ അധികാ
രിയാക്കുന്നു എന്ന് ഫറവോൻ യൗസേഫി
നോടു പറഞ്ഞു. അവൻ തന്റെ കൈയിൽ 42
നിന്നു മുദ്രമോതിരം എടുത്തു യൗസേ
ഫിന്റെ കൈയിൽ ഇട്ടു. അവനെ പട്ടു
വസ്ത്രം ധരിപ്പിച്ചു. അവന്റെ കഴുത്തിൽ
ഒരു സ്വർണ്ണസരപ്പളി മാലയും ഇട്ടു. അവനെ 43
തന്റെ രണ്ടാം രഥത്തിൽ ഇരുത്തി, “പിതാ
വും അധികാരിയും” എന്ന് അവന്റെ മുമ്പാ
കെ പ്രഖ്യാപിച്ചു. അങ്ങനെ അവനെ മെ
സ്രേൻ ദേശം മുഴുവന്റെ മേലും അധികാര
പ്പെടുത്തി.

മെസ്രേൻ ദേശത്തെ ഒരുവനും നിന്നെ 44
കൂടാതെ കൈയോ കാലോ ഉയർത്തിക്കൂടാ
എന്നു ഫറവോൻ ആയ ഞാൻ കല്പിക്കുന്നു
എന്ന് ഫറവോൻ യൗസേഫിനോടു പറഞ്ഞു.
അവന്നു രഹസ്യങ്ങൾ വെളിപ്പെട്ടിരുന്നതി 45
നാൽ യൗസേഫിന് പാനത് പനാഹ് എന്നു
ഫറവോൻ പേരു വിളിച്ചു. ഓനിലെ പ്രധാനാ
ചാര്യനായ പൊത്തിഫേറായുടെ മകൾ
അസ്യത്തിനെ അവനു ഭാര്യയായി കൊടു
ത്തു.

യൗസേഫ് മെസ്രേൻ ദേശത്തെല്ലാം സ 46
ഞ്ചരിച്ചു. യൗസേഫ് മെസ്രേൻ രാജാവായ
ഫറവോന്റെ സന്നിധിയിൽ നിൽക്കുമ്പോൾ
അവന് മുപ്പതു വയസ്സായിരുന്നു. യൗസേഫ്
ഫറവോന്റെ മുമ്പിൽ നിന്നു പുറപ്പെട്ടു മെ
സ്രേൻ ദേശത്തെല്ലാംകൂടി കടന്നു പോയി.
സമൃദ്ധിയുടെ ഏഴു വർഷങ്ങളിൽ അവൻ 47
സംഭരണശാലകളിൽ ധാന്യം ശേഖരിച്ചു.
സുഭിക്ഷതയുടെ ഏഴു വർഷങ്ങളിൽ മെ 48
സ്രേൻ ദേശത്ത് ഉണ്ടായ ധാന്യമെല്ലാം അ
വൻ ശേഖരിച്ചു. ഓരോ പട്ടണത്തിന്റെ വയ
ലുകളിലും പരിസരങ്ങളിലും ഉള്ള ധാന്യം
ആ പട്ടണത്തിൽ കൊടുത്ത് അതിനു ള്ളിൽ
തന്നെ സംഭരിച്ചു വച്ചു. സംഖ്യാതീതമാക 49
യാൽ എണ്ണം നിർത്തിവയ്ക്കുവോളം, കടൽ
പ്പുറത്തെ മണൽപോലെ അത്യധികം ധാ
ന്യം യൗസേഫ് സംഭരിച്ചു.

ക്ഷാമത്തിന്റെ സംവത്സരം വരുന്നതി 50
നു മുമ്പ് യൗസേഫിനു രണ്ടു പുത്രന്മാർ ജനി
ച്ചു. ഓനിലെ പ്രധാനാചാര്യനായ പൊത്തി
ഫേറയുടെ മകൾ അസ്യത് അവരെ പ്രസ

വിച്ചു. ദൈവം എൻെറ എല്ലാ കഷ്ടതകളും
എൻെറ പിതൃഭവനത്തെയും വിസ്മരിക്കു
മാറാക്കി എന്നു പറഞ്ഞ് യൗസേഫ് തൻെറ
ആദ്യജാതനു മനശ്ശെ എന്നു പേരിട്ടു.
52 എൻെറ അടിമത്വത്തിൻെറ ദേശത്തു ദൈവം
എന്നെ വർദ്ധിപ്പിച്ചു എന്നുപറഞ്ഞു അവൻ
മറ്റവന് അഫ്രേം എന്നു പേരിട്ടു.
53 മെസ്രേൻ ദേശത്ത് സുഭിക്ഷതയുടെ
54 ഏഴു വർഷങ്ങൾ പൂർത്തിയായി. യൗസേഫ്
പറഞ്ഞിരുന്നതുപോലെ ക്ഷാമത്തിൻെറ
ഏഴു വർഷങ്ങൾ ആരംഭിച്ചു. ദേശത്തെല്ലാം
55 ക്ഷാമമുണ്ടായി. മെസ്രേൻ ദേശത്തെങ്ങും
അപ്പം ഉണ്ടായിരുന്നില്ല. മെസ്രേൻ ദേശം മുഴു
വൻ ക്ഷാമബാധിതമായപ്പോൾ ജനം അപ്പ
ത്തിനുവേണ്ടി ഫറവോനോടു പരാതിപ്പെട്ടു.
ഫറവോൻ സകല മെസ്രേൻകാരോടും പറ
ഞ്ഞു. യൗസേഫിൻെറ അടുക്കൽ ചെന്ന്
അവൻ പറയുന്നതുപോലെ പ്രവർത്തി
56 പ്പിൻ. ഭൂതലത്തിലെല്ലാം ക്ഷാമമുണ്ടാ
യപ്പോൾ യൗസേഫ് സംഭരണശാലകൾ
തുറന്ന്, മെസ്രേൻകാർക്ക് ധാന്യം വിററു.
മെസ്രേൻ ദേശത്തു ക്ഷാമം അതികഠിനമാ
57 യിരുന്നു. ലോകമെല്ലാം യൗസേഫിനോടു
ധാന്യം വാങ്ങിക്കുവാൻ മെസ്രേനിലേക്കു
വന്നു.

അദ്ധ്യായം 42

മെസ്രേനിൽ ധാന്യം ഉണ്ടെന്ന് യാക്കോ
ബ് അറിഞ്ഞു. യാക്കോബ് തൻെറ പുത്ര
2 ന്മാരോട് പറഞ്ഞു: ഭയപ്പെടേണ്ടാ. ഇതാ,
മെസ്രേനിൽ ധാന്യം ഉണ്ടെന്നു ഞാൻ
കേട്ടിരിക്കുന്നു. നാം മരിച്ചുപോകാതെ ജീവി
ച്ചിരിക്കേണ്ടതിന് നിങ്ങൾ അവിടെ ഇറങ്ങി
3 ച്ചെന്നു ധാന്യം വാങ്ങുവിൻ. യൗസേഫി
ൻെറ പത്തു സഹോദരന്മാർ മെസ്രേനിൽ
നിന്നു ധാന്യം കൊള്ളുവാൻ പോയി.
4 യൗസേഫിൻെറ സഹോദരൻ ബെൻയാമീ
നെ അവൻെറ സഹോദരന്മാരോടൊപ്പം
യാക്കോബ് അയച്ചില്ല; എന്തെന്നാൽ,
അവനു വല്ല അപകടവും സംഭവിച്ചേക്കും
എന്ന് അവൻ പറഞ്ഞു.
5 ഇസ്രായേലിൻെറ മക്കളും, മറ്റുള്ളവരെ
പ്പോലെ ധാന്യം കൊള്ളുവാൻ വന്നു. എന്തെ
ന്നാൽ കനാൻ ദേശത്തും ക്ഷാമം ശക്തി
6 പ്പെട്ടിരുന്നു. യൗസേഫ് തന്നെയായിരുന്നു
ദേശത്തെ അധികാരി; അവൻ തന്നെയായി
രുന്നു, സകല ജനത്തിനും ധാന്യം വിററിരു
7 ന്നത്. യൗസേഫിൻെറ സഹോദരന്മാർ വന്ന്
അവൻെറ മുമ്പിൽ നിലത്തു വീണു നമസ്ക
രിച്ചു. യൗസേഫ് തൻെറ സഹോദരന്മാരെ
കണ്ട്, അവരെ തിരിച്ചറിഞ്ഞു. അവൻ അവ
രുടെമേൽ നാട്യം പ്രയോഗിച്ചു അവരോടു
കഠിനമായി സംസാരിച്ചു, നിങ്ങൾ എവിടു
ത്തുകാർ? എന്നു ചോദിച്ചു. ഞങ്ങൾ ധാന്യം
കൊള്ളുവാൻ കനാൻ ദേശത്തുനിന്നു വരു
ന്നു എന്ന് അവർ പറഞ്ഞു. യൗസേഫ് 8
തൻെറ സഹോദരന്മാരെ തിരിച്ചറിഞ്ഞു.
എന്നാൽ അവർ അവനെ മനസ്സിലാക്കി
യില്ല. യൗസേഫ് അവരെക്കുറിച്ചു കണ്ട 9
സ്വപ്നം ഓർത്ത് അവരോട്: നിങ്ങൾ ഒറ്റു
കാരാകുന്നു. ദേശത്തെ വാർത്തകൾ അറി
യുവാൻ നിങ്ങൾ വന്നിരിക്കുന്നു എന്നു
പറഞ്ഞു. അവർ അവനോടു പറഞ്ഞത്: 10
അങ്ങനെ അല്ല, യജമാനനേ, അടിയങ്ങൾ
ധാന്യം കൊള്ളുവാൻ വന്നവരാണ്. ഞങ്ങ 11
ളെല്ലാം ഒരാളുടെ മക്കൾ; ഞങ്ങൾ പരമാർ
ത്ഥികളാകുന്നു. അടിയങ്ങൾ ഒറ്റുകാരല്ല. 12
യൗസേഫ് അവരോട്: അങ്ങനെയല്ല,
നിങ്ങൾ ദേശം ഒറ്റുനോക്കുവാൻ വന്നവരാ
ണ് എന്നുപറഞ്ഞു. അവർ അവനോട്: 13
നിൻെറ അടിയാരായ ഞങ്ങൾ പന്ത്രണ്ടു
സഹോദരന്മാർ; കനാൻ ദേശത്ത് ഒരാളുടെ
മക്കൾ; ഇളയവൻ ഇന്ന് അപ്പൻെറ അടു
ത്തുണ്ട്. ഒരുവൻ ഇല്ല. എന്നു പറഞ്ഞു.
യൗസേഫ് അവരോട്: ഞാൻ നിങ്ങളോടു 14
പറഞ്ഞുവല്ലോ, നിങ്ങൾ ഒറ്റുകാർ തന്നെ.
ഇതിനാൽ ഞാൻ നിങ്ങളെ പരീക്ഷിച്ചു 15
നോക്കും; നിങ്ങളുടെ ഇളയ സഹോദരൻ
ഇവിടെ വന്നെങ്കിലല്ലാതെ, ഫറവോൻെറ
ജീവനാണെ, നിങ്ങൾ ഇവിടെനിന്നു പോക
യില്ല. നിങ്ങളിൽ ഒരുവനെ അയച്ചു നിങ്ങ 16
ളുടെ സഹോദരനെ കൂട്ടിക്കൊണ്ടു വരു
വിൻ; നിങ്ങളോ ബന്ധനസ്ഥരായിരിക്കും.
ഇങ്ങനെ, നിങ്ങൾ പറഞ്ഞ വാക്കുകൾ സത്യ
മാണോ എന്നു ഞാൻ പരീക്ഷിക്കും. ഇല്ലെ
ങ്കിലോ, ഫറവോൻെറ ജീവനാണെ, നിങ്ങൾ
ഒറ്റുകാർ തന്നെ. അവൻ അവരെ മൂന്നു ദിവ 17
സം തടവിലിട്ടു. മൂന്നാം ദിവസം യൗസേഫ് 18
അവരോട്: ഞാൻ ദൈവത്തെ ഭയപ്പെടുന്നു.
നിങ്ങൾ ഇതു ചെയ്യു ജീവിച്ചിരിപ്പിൻ.
നിങ്ങൾ പരമാർത്ഥികളാകുന്നുവെങ്കിൽ 19
നിങ്ങളിൽ ഒരാൾ ഇവിടെ തടവിൽ ബന്ധ
നത്തിൽ ആയിരിക്കട്ടെ. നിങ്ങളുടെ വീടുക
ളിലെ ക്ഷാമത്തിനു ധാന്യവും കൊണ്ടു
നിങ്ങൾ പോകുവിൻ. നിങ്ങളുടെ ഇളയ 20
സഹോദരനെ എൻെറ അടുക്കൽ കൊണ്ടു
വരുവിൻ; ഞാൻ നിങ്ങളുടെ വാക്കു വിശ്വ
സിക്കാം; നിങ്ങൾ മരിക്കേണ്ടിവരികയുമില്ല.
ആകയാൽ ഇപ്രകാരം ചെയ്യുവിൻ. അവ 21
ൻെറ സഹോദരന്മാർ തമ്മിൽ തമ്മിൽ

ഇപ്രകാരം പറഞ്ഞു: നമ്മുടെ സഹോദര
ൻെറ കാര്യത്തിൽ നാം സത്യമായും കുറ്റ
ക്കാരാകുന്നു. അവൻെറ പ്രാണസങ്കടം
കണ്ടിട്ടും, അവൻ നമ്മോടു കെഞ്ചി അപേ
ക്ഷിച്ചുകൊണ്ടിരുന്നിട്ടും നാം അവനെ
കേട്ടില്ലല്ലോ. അതുകൊണ്ടാകുന്നു ഈ
ക്ലേശം നമുക്കു വന്നിരിക്കുന്നത്. റൂബേൽ
22 ഉത്തരമായിട്ട് അവരോടു പറഞ്ഞു:
ബാലനോടു ദോഷം ചെയ്യരുതെന്നു ഞാൻ
നിങ്ങളോടു പറഞ്ഞു; നിങ്ങൾ കേട്ടില്ല.
ഇപ്പോൾ ഇതാ, അവൻെറ രക്തവും
23 നമ്മോടു ചോദിക്കപ്പെടുന്നു. യൗസേഫ്
അതു കേട്ടു മനസ്സിലാക്കി എന്ന് അവർ
അറിഞ്ഞില്ല. എന്തെന്നാൽ അവർക്ക് ഇട
യിൽ തർജമക്കാരനെ നിയമിച്ചിരുന്നു.
24 അവൻ അവരുടെ അടുത്തു നിന്നു മടങ്ങി
പ്പോയി കരഞ്ഞു. പിന്നീട് അവരുടെ മുമ്പിൽ
വച്ചുതന്നെ ശെമവൂനെ ബന്ധിച്ച് കൂട്ടി
25 ക്കൊണ്ടുപോയി. അവരുടെ പാത്രങ്ങളിൽ
ധാന്യം നിറപ്പാനും, അവരുടെ ദ്രവ്യം ഓരോ
രുത്തരുടേയും ചാക്കിൽ തിരികെ വയ്ക്കു
വാനും അവർക്ക് വഴിയാഹാരം നൽകു
വാനും യൗസേഫ് കല്പിച്ചു. അവർ അപ്ര
26 കാരം ചെയ്തു. അവർ തങ്ങളുടെ ധാന്യം
എടുത്തു കഴുതപ്പുറത്തുവച്ച് അവിടെ
27 നിന്നും യാത്രയായി. അവരിലൊരുവൻ
വഴിയമ്പലത്തിൽവച്ച് തൻെറ കഴുതയ്ക്ക്
തീറ്റി ഇട്ടുകൊടുക്കുന്നതിനായി ചാക്കു
തുറന്നപ്പോൾ തൻെറ ദ്രവ്യം തൻെറ ചാക്കി
ൻെറ വായ്ക്കൽ വെച്ചിരിക്കുന്നതു കണ്ടു.
28 അവൻ തൻെറ സഹോദരന്മാരോട്: എൻെറ
ദ്രവ്യം എനിക്കു മടക്കി കിട്ടി. ഇതാ, അത്
എൻെറ ചാക്കിൻെറ വായ്ക്കൽ! അവരുടെ
ചങ്കു വിറച്ചു പോയി. അവർ വിസ്മയം കൂറി.
ദൈവം നമ്മോട് ഇച്ചെയ്തത് എന്ത് എന്നു
അവൻെറ സഹോദരന്മാർ തമ്മിൽ തമ്മിൽ
29 പറഞ്ഞു. അവർ കനാൻ ദേശത്തു തങ്ങ
ളുടെ പിതാവായ യാക്കോബിൻെറ അടു
ത്തെത്തി തങ്ങൾക്കു ഭവിച്ചതൊക്കെയും
അവനെ അറിയിച്ചുകൊണ്ട് അവർ പറഞ്ഞു:
30 ആ ദേശത്തിൻെറ അധിപതിയായ മനു
ഷ്യൻ ഞങ്ങൾ ഒറ്റുകാർ എന്നു വിചാരിച്ചു
ഞങ്ങളോടു കഠിനമായി സംസാരിച്ചു.
31 ഞങ്ങൾ അവനോടു: ഞങ്ങൾ പരമാർത്ഥിക
32 ളാകുന്നു. ഞങ്ങൾ ഒറ്റുകാരല്ല. ഞങ്ങളുടെ
പിതാവിൻെറ മക്കൾ ഞങ്ങൾ പന്ത്രണ്ടു
സഹോദരന്മാരാകുന്നു; ഒരുവൻ ഇല്ല. ഇള
യവൻ ഇപ്പോൾ കനാൻ ദേശത്ത് അപ്പൻെറ
33 അടുക്കൽ ഉണ്ട്. എന്നു പറഞ്ഞു. ദേശ
ത്തിൻെറ അധിപതിയായ ആ മനുഷ്യൻ
ഞങ്ങളോടു പറഞ്ഞു: നിങ്ങൾ പരമാർത്ഥി
കളാണോ എന്ന് ഇതിനാൽ ഞാൻ ഗ്രഹി
ക്കും; നിങ്ങളുടെ ഒരു സഹോദരനെ ഇവിടെ
എൻെറ അടുക്കൽ വിട്ടിട്ട്, നിങ്ങളുടെ വീടു
കളിലെ ക്ഷാമത്തിന് ധാന്യവും എടുത്തു
കൊണ്ടു നിങ്ങൾ പോകുവിൻ. നിങ്ങളുടെ 34
ഇളയ സഹോദരനെ എൻെറ അടുക്കൽ
കൊണ്ടുവന്നാൽ നിങ്ങൾ ഒറ്റുകാരല്ല പര
മാർത്ഥികളാകുന്നു എന്നു ഞാൻ ഗ്രഹിക്കു
കയും നിങ്ങളുടെ സഹോദരനെ നിങ്ങൾ
ക്കു തരികയും ചെയ്യും. നിങ്ങൾക്ക് ഈ
നാട്ടിൽ തൊഴിൽ ചെയ്യുകയുമാകാം.
അവർ തങ്ങളുടെ ചാക്കുകൾ അഴി 35
യ്ക്കുമ്പോൾ ഓരോരുത്തൻെറയും പണ
സഞ്ചി അവൻെറ ചാക്കിൻെറ വായ്ക്കൽ
ഇരിക്കുന്നു. അവരുടെ പിതാവും ഭയന്നു
പോയി. അവരുടെ പിതാവ് അവരോട്: 36
നിങ്ങൾ എന്നെ ആരുമില്ലാത്തവനാക്കുക
യാണ്. യൗസേഫ് ഇല്ല; ശെമവൂൻ ഇല്ല;
ബെൻയാമീനെയും നിങ്ങൾ കൂട്ടിക്കൊണ്ടു
പോകും. സകലവും എനിക്കു എതിരത്രേ.
റൂബേൽ തൻെറ പിതാവിനോട്: ഞാൻ 37
അവനെ നിൻെറ അടുക്കൽ മടക്കി കൊണ്ടു
വരുന്നില്ലെങ്കിൽ എൻെറ രണ്ടു മക്കളെ
കൊന്നുകൊള്ളുക. അവനെ എന്നെ ഭരമേ
ല്പിക്കുക. ഞാൻ അവനെ നിൻെറ അടു
ക്കൽ തിരിച്ചുകൊണ്ടുവരാം. അവൻ പറ 38
ഞ്ഞു: എൻെറ മകനെ ഞാൻ നിങ്ങളോ
ടൊപ്പം അയയ്ക്കുകയില്ല. എന്തെന്നാൽ
അവൻെറ സഹോദരൻ മരിച്ചുപോയി.
അവൻെറ അമ്മയ്ക്ക് അവൻ മാത്രമേയു
ള്ളു. വഴിയിൽവച്ച് അവനു വല്ല അപകട
വും ഭവിച്ചാൽ നിങ്ങൾ എൻെറ വാർദ്ധക്യ
ത്തെ അരിഷ്ടതയോടെ പാതാളത്തിലേക്ക്
ഇറക്കും.

അദ്ധ്യായം 43

ക്ഷാമം ദേശത്തു ശക്തിപ്പെട്ടു. മെസ്രേ 2
നിൽനിന്നു കൊണ്ടുവന്ന ധാന്യം ഭക്ഷിച്ചു
തീർന്നപ്പോൾ അവരുടെ പിതാവായ
യാക്കോബ് അവരോട്: നിങ്ങൾ ഇറങ്ങി
പ്പോയി കുറെ ധാന്യം കൊള്ളുവിൻ എന്നു
പറഞ്ഞു. യഹൂദാ അവനോട്: നിങ്ങളുടെ 3
സഹോദരൻ നിങ്ങളോടു കൂടെ ഉണ്ടെങ്കിൽ
അല്ലാതെ നിങ്ങൾ എൻെറ മുഖം കാണു
കയില്ല എന്ന് ആ മനുഷ്യൻ ഞങ്ങളെ
ക്കൊണ്ട് ഉറപ്പായി സാക്ഷീകരിച്ചു
പറഞ്ഞിട്ടുണ്ട്; ഞങ്ങളുടെ സഹോദരനെ 4
ഞങ്ങളുടെകൂടെ അയയ്ക്കുന്നുവെങ്കിൽ
ഞങ്ങൾ പോയി ധാന്യം കൊള്ളാം. നീ 5

അവനെ അയയ്ക്കുന്നില്ലെങ്കിൽ ഞങ്ങൾ
പോകുകയില്ല. എന്തെന്നാൽ, നിങ്ങളുടെ
സഹോദരൻ നിങ്ങളോടുകൂടെ ഉണ്ടെങ്കിൽ
അല്ലാതെ എൻെറ മുഖം നിങ്ങൾ കാണുക
യില്ല എന്ന് ആ മനുഷ്യൻ ഞങ്ങളോടു പറ
6 ഞ്ഞിട്ടുണ്ട്. അവരുടെ പിതാവായ ഇസ്രാ
യേൽ അവരോട് നിങ്ങൾക്ക് ഒരു സഹോ
ദരൻ ഉണ്ട് എന്നു നിങ്ങൾ ആ മനുഷ്യനെ
അറിയിച്ചു എനിക്കു ദോഷം ചെയ്തത്
7 എന്തിന്? എന്നു ചോദിച്ചു. അവർ അവ
നോടു പറഞ്ഞത്: അവൻ ഞങ്ങളെക്കു
റിച്ചും ഞങ്ങളുടെ കുടുംബത്തെക്കുറിച്ചും
അന്വേഷിച്ചുകൊണ്ട്: നിങ്ങളുടെ അപ്പൻ
ജീവിച്ചിരിക്കുന്നുവോ? നിങ്ങൾക്കു വേറെ
സഹോദരൻ ഉണ്ടോ? എന്നെല്ലാം ചോദിച്ചു.
ഈ വാക്കുകൾ നിമിത്തം ഞങ്ങൾ അത്
അവനെ അറിയിച്ചുപോയി. നിങ്ങളുടെ
സഹോദരനെ കൊണ്ടുവരുവിൻ എന്ന്
അവൻ പറയുമെന്നു ഞങ്ങൾക്ക് അറിയാ
8 മായിരുന്നോ? യഹൂദാ തൻെറ പിതാവായ
ഇസ്രായേലിനോട് പറഞ്ഞു: ബാലനെ
ഞങ്ങളുടെകൂടെ അയയ്ക്കുക. ഞങ്ങളും
നീയും നമ്മുടെ കുഞ്ഞുങ്ങളും മരിക്കാതെ
ജീവിച്ചിരിക്കേണ്ടതിനായി ഞങ്ങൾ പുറ
പ്പെട്ടുപോകാം. ഞാൻ അവനുവേണ്ടി ജാമ്യം
9 നിൽക്കാം. നീ അവനെ എൻെറ കൈയിൽ
നിന്നു ചോദിച്ചുകൊള്ളുക. അവനെ
നിൻെറ അടുക്കൽ കൊണ്ടുവന്ന് നിൻെറ
മുമ്പാകെ നിർത്തുന്നില്ലെങ്കിൽ ഞാൻ എല്ലാ
നാളും എൻെറ പിതാവിനു കുറ്റക്കാരനാ
യിരിക്കാം.
10 ഞങ്ങളെ താമസിപ്പിച്ചിരുന്നില്ലെങ്കിൽ
ഞങ്ങൾ രണ്ടു പ്രാവശ്യം പോയി വരുമാ
11 യിരുന്നു. അവരുടെ പിതാവായ ഇസ്രാ
യേൽ അവരോട് പറഞ്ഞു: അങ്ങനെ
യെങ്കിൽ നിങ്ങൾ ഇതു ചെയ്യുവിൻ. ആ
മനുഷ്യനു കാഴ്ചദ്രവ്യമായി ദേശത്തെ
വിശേഷവസ്തുക്കളിൽ കുറെ നിങ്ങളുടെ
പാത്രങ്ങളിൽ എടുക്കുവിൻ—കുറെ
സമ്പ്രാണി, കുറെ മീറ, ബോടനണ്ടി, ബദാം,
സുഗന്ധപ്പശ, തേൻ ഇവ എടുത്തുകൊണ്ടു
12 പോകുവിൻ. ഇരട്ടി ദ്രവ്യവും. നിങ്ങളുടെ
ചാക്കിൻെറ വായ്ക്കൽ നിങ്ങൾക്കു തിരിച്ചു
13 കിട്ടിയ ദ്രവ്യവും എടുത്തുകൊൾവിൻ. അത്
ഒരു തെറ്റു പറ്റിയതായിരിക്കും. നിങ്ങളുടെ
സഹോദരനെയും കൂട്ടിക്കൊണ്ടു ചെന്ന് ആ
മനുഷ്യൻെറ സന്നിധാനത്തിൽ നില്പിൻ.
14 നിങ്ങളുടെ മറ്റെ സഹോദരനേയും ബെൻ
യാമീനെയും നിങ്ങളോടൊപ്പം തിരിച്ചയയ്
ക്കത്തക്കവണ്ണം ആ മനുഷ്യനു നിങ്ങളോടു
കരുണ തോന്നുവാൻ ദൈവം ഇടയാക്കട്ടെ.
ഞാൻ പുത്രഹീനനെപ്പോലെയായി.
ആ പുരുഷന്മാർ ഈ കാഴ്ചദ്രവ്യങ്ങളും 15
ഇരട്ടിദ്രവ്യവും തങ്ങളുടെ കൈകളിൽ എടു
ത്തു ബെൻയാമിനെയും കൂട്ടി യാത്ര തിരിച്ച്
മെസ്രേനിൽ എത്തി. യൗസേഫിൻെറ
മുമ്പിൽ ഹാജരായി. യൗസേഫ് അവരോടു 16
കൂടെ ബെൻയാമീനെ കണ്ടു തൻെറ ഗൃഹ
വിചാരകനോട്: ഈ മനുഷ്യരെ വീട്ടിലേക്കു
കൊണ്ടുപോകുക. ഉച്ചയ്ക്ക് ഈ മനുഷ്യർ
എന്നോടുകൂടെ ഭക്ഷിക്കുന്നതുകൊണ്ട്
മൃഗത്തെ അറുത്ത് ഭക്ഷണമൊരുക്കുക
എന്നുപറഞ്ഞു. യൗസേഫ് പറഞ്ഞതുപോ 17
ലെ ദാസൻ ചെയ്ത് അവരെ വീട്ടിലേക്കു
കൊണ്ടുപോയി. യൗസേഫിൻെറ ഭവനത്തി 18
ലേക്കു കടക്കുമ്പോൾ അവർ സംഭീതരായി.
ആദ്യത്തെ പ്രാവശ്യം നമ്മുടെ ചുമടുകളിൽ
തിരികെ വന്ന ദ്രവ്യം നിമിത്തം നമ്മുടെമേൽ
ബലപ്രയോഗം നടത്തി നമ്മെ വഞ്ചിച്ച്
നമ്മെയും നമ്മുടെ കഴുതകളെയും കീഴ്പ്പെ
ടുത്തി അടിമകളാക്കുന്നതിനാണ് നമ്മെ
ഇവിടെ കൊണ്ടുവന്നിരിക്കുന്നത് എന്ന്
അവർ പറഞ്ഞു. അവർ യൗസേഫിൻെറ 19
ഗൃഹവിചാരകനെ സമീപിച്ച് വീട്ടുവാതിൽ
ക്കൽവച്ച് അവനോടു സംസാരിച്ചു. അവർ
അവനോടു പറഞ്ഞത്: യജമാനനേ, 20
ഞങ്ങൾ സങ്കടം ബോധിപ്പിക്കുന്നു. മുമ്പ്
ഞങ്ങൾ ധാന്യം കൊള്ളുവാൻ വന്നിരുന്നു. 21
ഞങ്ങൾ വഴിയമ്പലത്തിൽ ചെന്നു ചാക്കു
തുറന്നപ്പോൾ ഇതാ, ഓരോരുത്തൻെറയും
ദ്രവ്യം മുഴുവൻ അവൻെറ ചാക്കിൻെറ
വായ്ക്കൽ ഉണ്ട്. ഞങ്ങൾ അതു തിരികെ 22
കൊണ്ടുവന്നിട്ടുണ്ട്. ധാന്യം കൊള്ളുവാൻ
വേറെ ദ്രവ്യം ഞങ്ങളുടെ കൈയിലുണ്ട്.
അവൻ അവരോട്: നിങ്ങൾക്കു സമാ 23
ധാനം. നിങ്ങൾ ഭയപ്പെടേണ്ടാ. നിങ്ങളുടെ
ദൈവം, നിങ്ങളുടെ പിതാവിൻെറ ദൈവം
നിങ്ങളുടെ ചാക്കുകളിൽ നിങ്ങൾക്കു
നിക്ഷേപംവച്ചു. നിങ്ങളുടെ ദ്രവ്യം എൻെറ
പക്കൽ കിട്ടിയിട്ടുണ്ട് എന്നു പറഞ്ഞുകൊ
ണ്ട് ശെമവൂനെ അവരുടെ പക്കൽ പുറത്തു
കൊണ്ടുവന്നു: അവൻ അവരെ യൗസേഫി 24
ൻെറ വീട്ടിൽ പ്രവേശിപ്പിച്ചു വെള്ളംകൊ
ടുത്ത് അവരുടെ കാലു കഴുകി. അവരുടെ
മൃഗങ്ങൾക്കു തീറ്റി ഇട്ടുകൊടുത്തു. അവർ 25
അവിടെയാണ് അപ്പം തിന്നുന്നത് എന്ന്
അവർ കേട്ടിരുന്നതിനാൽ, യൗസേഫ് ഉച്ച
യ്ക്കു വീട്ടിൽ വരുന്നതിനിടയ്ക്ക് അവർ
കാഴ്ചകൾ ഒരുക്കിവച്ചു. യൗസേഫ് 26
വീട്ടിൽ കടന്നപ്പോൾ അവർ തങ്ങളുടെ

കൈയിലുണ്ടായിരുന്ന കാഴ്ചദ്രവ്യങ്ങൾ
കൊണ്ടുവന്നിട്ട്, നിലത്തുവീണ് അവനെ
27 വന്ദിച്ചു. അവൻ അവരുടെ ക്ഷേമം അന്വേ
ഷിച്ചു. നിങ്ങൾ എന്നോടു പറഞ്ഞ നിങ്ങ
ളുടെ വൃദ്ധനായ പിതാവിനു ക്ഷേമമോ?
അദ്ദേഹം ഇപ്പോഴും ജീവനോടിരിക്കു
28 ന്നുവോ എന്നു ചോദിച്ചു. ഞങ്ങളുടെ
പിതാവായ നിന്റെ അടിയാനു ക്ഷേമം
തന്നെ; അവൻ ഇപ്പോഴും ജീവനോടിരി
ക്കുന്നു എന്നു പറഞ്ഞ് അവർ മുട്ടുകുത്തി
29 വന്ദിച്ചു. അവൻ ദൃഷ്ടികളുയർത്തി, തന്റെ
അമ്മയുടെ മകനായ തന്റെ സഹോദരൻ
ബെൻയാമിനെ കണ്ടു. നിങ്ങൾ എന്നോടു
പറഞ്ഞ നിങ്ങളുടെ ഇളയസഹോദരൻ
ഇവൻ തന്നെയോ എന്നു ചോദിച്ചിട്ട്,
എന്റെ മകനേ, ദൈവം നിന്നോടു കരുണ
30 ചെയ്യട്ടെ എന്നു പറഞ്ഞു. തന്റെ സഹോദര
നോടുള്ള സ്നേഹം തന്നെ കീഴ്പെടുത്തി
യതുകൊണ്ട് യൗസേഫിനു കരച്ചിൽ വന്നു.
അവൻ ധൃതിയോടെ അറയിൽ കടന്ന് അവി
31 ടെവച്ചു കരഞ്ഞു. അവൻ മുഖം കഴുകി;
പുറത്തിറങ്ങിവന്നു സ്വയംനിയന്ത്രിച്ചു
32 കൊണ്ട്; അപ്പം വിളമ്പുവാൻ പറഞ്ഞു. അവ
നു തനിച്ചും, അവർക്കു വേറെയായും,
അവനോടുകൂടെ ഭക്ഷിക്കുന്ന മെസ്രേൻ
കാർക്കു വേറെയായും വിളമ്പി. കാരണം,
മെസ്രേൻകാർക്ക് എബ്രായരോടൊപ്പമി
രുന്ന് അപ്പം തിന്നുകൂടാ; അത് അവർക്ക്
33 അറപ്പ് ആകുന്നു. മൂത്തവൻമുതൽ ഇളയ
വൻവരെ പ്രായക്രമത്തിൽ അവന്റെ മുമ്പാ
കെ പന്തിയിരുത്തി. ഓരോരുത്തരും തന്റെ
34 അടുത്തവനെപ്പറ്റി വിസ്മയിച്ചു. യൗസേഫി
ന്റെ മുമ്പിൽ നിന്ന് അവർക്കു ഓഹരികൾ
എടുത്തുകൊടുത്തു. ബെൻയാമീന്റെ
ഓഹരി മറ്റ് എല്ലാവരുടെയും ഓഹരിയുടെ
അഞ്ചു മടങ്ങായിരുന്നു. അവർ അവനോടു
കൂടെ പാനംചെയ്ത് ആഹ്ലാദിച്ചു.

അദ്ധ്യായം 44

അവൻ തന്റെ ഗൃഹവിചാരകനോടു
കല്പിച്ചത്: ഇവർക്ക് എടുക്കാവുന്നിടത്തോ
ളം ധാന്യം ഈ മനുഷ്യരുടെ ചാക്കുകളിൽ
നിറച്ച്, ഓരോരുത്തന്റെയും ദ്രവ്യം അവ
2 ന്റെ ചാക്കിന്റെ വായ്ക്കൽ വയ്ക്കുക. ഇള
യവന്റെ ചാക്കിന്റെ വായ്ക്കൽ എന്റെ
വെള്ളിപാനപാത്രവും അവന്റെ ധാന്യത്തി
ന്റെ വിലയും വച്ചേക്കുക. യൗസേഫിന്റെ
വാക്കുപോലെ ഭൃത്യൻ ചെയ്തു.
3 പ്രഭാതമായപ്പോൾ അവരെയും അവ
രുടെ കഴുതകളെയും പോകാൻ യാത്ര
യാക്കി. അവർ പട്ടണത്തിൽ നിന്നു പുറപ്പെ
ട്ടു; ദൂരത്ത് ആകുംമുമ്പ് യൗസേഫ് തന്റെ 4
ഗൃഹവിചാരകനോട്: ആ മനുഷ്യരുടെ
പിന്നാലെ ഓടിച്ചെല്ലുക. അവരുടെ
ഒപ്പമെത്തുമ്പോൾ അവരോട് പറയണം
നിങ്ങൾ നന്മയ്ക്കു പകരമായി തിന്മ ചെയ്ത
തെന്തിന്? ആ പാനപാത്രത്തിലല്ലയോ 5
എന്റെ യജമാനൻ കുടിക്കുന്നത്. അവൻ
ലക്ഷണം നോക്കുന്നതും അതിൽ അല്ല
യോ? നിങ്ങൾ ചെയ്ത ഈ കാര്യത്തിൽ
നിങ്ങൾ കുറ്റക്കാരാണ്.
അവൻ അവരുടെ ഒപ്പം എത്തിയപ്പോൾ 6
ഈ വാക്കുകൾ പോലെ തന്നെ അവരോടു
പറഞ്ഞു. അവർ അവനോട്: യജമാനൻ 7
ഈ വാക്കുകൾ പറയരുതേ. നിന്റെ അടിയ
ങ്ങൾ ഒരിക്കലും ഈ കാര്യം ചെയ്യുകയില്ല.
ഞങ്ങളുടെ ചാക്കിന്റെ വായ്ക്കൽ കണ്ട 8
ദ്രവ്യം കനാൻ ദേശത്തുനിന്നു മടക്കിക്കൊ
ണ്ടുവന്നുവല്ലോ. നിന്റെ യജമാനന്റെ
വീട്ടിൽ നിന്നു ഞങ്ങൾ വെള്ളിയോ
പൊന്നോ എങ്ങനെ മോഷ്ടിക്കും? നിന്റെ 9
അടിയങ്ങളിൽ ആരുടെ പക്കൽ അതു
കണ്ടെടുത്തുന്നുവോ, അവൻ മരിക്കണം.
അടിയങ്ങൾ യജമാനന് അടിമകളും ആയി
ക്കൊള്ളാം. അവൻ അവരോടു പറഞ്ഞത്: 10
നിങ്ങളുടെ വാക്കുപോലെ ആകട്ടെ. ആരു
ടെ പക്കൽ അതു കണ്ടെത്തുന്നുവോ
അവൻ എനിക്ക് അടിമയായിരിക്കും; നിങ്ങ
ളോ കുറ്റമറ്റവരായിരിക്കും. അവർ ഓരോ 11
രുത്തനും തിടുക്കത്തിൽ തന്റെ ചാക്കു
താഴെയിറക്കി അവനവന്റെ ചാക്ക് അഴിച്ചു.
മൂത്തവനിൽ തുടങ്ങി ഇളയവൻ വരെ
പരിശോധിച്ചു. ബെൻയാമീന്റെ ചാക്കിൽ 12
പാനപാത്രം കണ്ടെത്തി. അവർ തങ്ങളുടെ 13
വസ്ത്രം കീറി, അവനവന്റെ കഴുതപ്പുറത്തു
കയറി പട്ടണത്തിലേക്കു മടങ്ങി. യൗസേഫ് 14
അപ്പോഴും അവിടെത്തന്നെ ഉണ്ടായിരുന്നു.
യഹൂദായും അവന്റെ സഹോദരന്മാരും
അവന്റെ അടുക്കൽ പ്രവേശിച്ചു അവന്റെ
മുമ്പാകെ നിലത്തുവീണു. യൗസേഫ് അവ 15
രോടു പറഞ്ഞത്: നിങ്ങൾ ഇതു ചെയ്തത്
എന്ത്? എന്നെപ്പോലെയുള്ള ഒരുവനു
ലക്ഷണം നോക്കി അറിയാം എന്നു നിങ്ങൾ
ക്കു അറിഞ്ഞുകൂടായിരുന്നുവോ? യഹൂദാ 16
അവനോടു പറഞ്ഞത്: എന്റെ യജമാന
നോടു ഞാൻ എന്തുപറയും? എന്തു സംസാ
രിക്കും? എന്തിനാൽ നീതീകരിക്കും? ദൈവ
സന്നിധിയിൽ അടിയങ്ങളുടെ പാപം കണ്ടെ
ത്തിയിരിക്കുന്നു. ഇതാ ഞങ്ങളെല്ലാം
യജമാനന് അടിമകൾ. ഞങ്ങളും, ആരുടെ

പക്കൽ പാനപാത്രം കണ്ടെത്തിയോ അവ
17 നുംതന്നെ. അവൻ അവരോട്: ഞാൻ ഇതു
ചെയ്യുകയില്ല. ആരുടെ പക്കൽ പാനപാത്രം
കണ്ടെത്തിയോ അവൻ എനിക്ക് അടിമയാ
യിരിക്കും. നിങ്ങളോ: സമാധാനത്തോടെ
നിങ്ങളുടെ പിതാവിൻെറ അടുക്കലേക്കു
18 തിരിച്ചുപോകുക എന്നുപറഞ്ഞു. യഹൂദാ
അടുത്തുചെന്നു പറഞ്ഞു: എൻെറ യജമാന
നോടു ഞാൻ അപേക്ഷിക്കുന്നു: എൻെറ
യജമാനൻെറ മുമ്പാകെ അടിയൻ ഒരു
വാക്കു പറഞ്ഞുകൊള്ളട്ടെ. അടിയൻെറ
നേരേ കോപം ജ്വലിക്കരുതേ. എന്തെന്നാൽ
അങ്ങു ഫറവോനെപ്പോലെതന്നെ ആകുന്നു
19 വല്ലോ. യജമാനൻ അടിയങ്ങളോട്: നിങ്ങൾ
ക്കു പിതാവോ സഹോദരന്മാരോ ഉണ്ടോ
20 എന്നു ചോദിച്ചു. ഞങ്ങൾക്കു വൃദ്ധനായ
പിതാവും, വാർദ്ധക്യത്തിൽ അവനു ജനിച്ച
ഒരു ഇളയ മകനും ഉണ്ടെന്നും, അവൻെറ
സഹോദരൻ മരിച്ചുപോയെന്നും അവൻെറ
അമ്മയ്ക്കു അവൻ മാത്രമേ ശേഷിച്ചിട്ടുള്ളൂ
എന്നും അവൻ അപ്പനു പ്രിയനാണെന്നും
അടിയങ്ങൾ യജമാനനോടു പറഞ്ഞു.
21 അവനെ എൻെറ അടുക്കൽ കൊണ്ടുവരിക;
ഞാൻ അവനെ ഒന്നു കാണട്ടെ എന്ന് നീ
22 അടിയങ്ങളോടു പറഞ്ഞു. ബാലനു പിതാ
വിനെ വിട്ടുപോരാൻ കഴിയുകയില്ല; വിട്ടു
പോന്നാൽ പിതാവു മരിച്ചുപോകും എന്ന്
23 ഞങ്ങൾ യജമാനനോടു പറഞ്ഞു. നിങ്ങ
ളുടെ ഇളയ സഹോദരൻ നിങ്ങളോടുകൂടെ
വരുന്നില്ലെങ്കിൽ നിങ്ങൾ എൻെറ മുഖം
കാണുകയില്ല എന്ന് അടിയങ്ങളോടു പറ
24 ഞ്ഞു. ഞങ്ങളുടെ പിതാവായ നിൻെറ
അടിയാൻെറ അടുക്കൽ ഞങ്ങൾ ചെന്ന
പ്പോൾ യജമാനൻെറ വാക്കുകളെല്ലാം അവ
25 നെ അറിയിച്ചു. പിന്നീട്, നിങ്ങൾ പോയി
കുറെ ധാന്യം വാങ്ങിക്കൊണ്ടുവരുവിൻ
എന്നു ഞങ്ങളുടെ പിതാവായ നിൻെറ
26 അടിയാൻ ഞങ്ങളോടു പറഞ്ഞു. ഞങ്ങൾ
പിതാവിനോട് ഞങ്ങൾക്കു പോകാൻ നിവൃ
ത്തിയില്ല. ഞങ്ങളുടെ ഇളയ സഹോദരൻ
ഞങ്ങളോടൊപ്പം വരുമെങ്കിൽ ഞങ്ങൾ
പോകാം. എന്തെന്നാൽ, ഞങ്ങളുടെ ഇളയ
സഹോദരൻ ഞങ്ങളോടുകൂടെ ഇല്ലെങ്കിൽ
ഞങ്ങൾക്ക് ആ മനുഷ്യൻെറ മുഖം കാണു
വാൻ സാധിക്കുകയില്ല എന്നുപറഞ്ഞു.
27 ഞങ്ങളുടെ പിതാവായ നിൻെറ അടിയാൻ
ഞങ്ങളോട് പറഞ്ഞത്: എൻെറ ഭാര്യ എനി
ക്കു രണ്ടു പുത്രന്മാരെ പ്രസവിച്ചു എന്നു
28 നിങ്ങൾക്ക് അറിയാമല്ലോ. അവരിൽ ഒരു
വൻ എൻെറ അടുക്കൽനിന്നു പോയി.
അവൻ തീർച്ചയായും കൊല്ലപ്പെട്ടുപോയി.
ഇതുവരെയും ഞാൻ അവനെ കണ്ടിട്ടില്ല.
നിങ്ങൾ ഇവനെയും എൻെറ അടുക്കൽ 29
നിന്നു കൂട്ടിക്കൊണ്ടുപോകയും അവനു വല്ല
പ്രാതികൂല്യവും നേരിടുകയും ചെയ്താൽ
നിങ്ങൾ എൻെറ വാർദ്ധക്യത്തെ വേദന
യോടെ പാതാളത്തിലേക്ക് ഇറക്കും. ഞങ്ങ 30
ളുടെ പിതാവായ നിൻെറ അടിയാൻെറ
അടുത്തു ഞങ്ങൾ ചെല്ലുകയും ബാലൻ
ഞങ്ങളോടുകൂടെ ഇല്ലാതിരിക്കയും ചെയ്യു
മ്പോൾ; ഇവൻ സ്വന്തപ്രാണനെപ്പോലെ
അവനു പ്രിയനാകയാൽ; ബാലൻ ഞങ്ങ 31
ളോടുകൂടെ ഇല്ലാതിരുന്നാൽ അവൻ മരിച്ചു
പോകും; അടിയങ്ങൾ നിൻെറ അടിയാനായ
ഞങ്ങളുടെ പിതാവിൻെറ വാർദ്ധക്യത്തെ
വ്യഥയോടെ പാതാളത്തിലേക്ക് ഇറക്കേണ്ടി
വരും. ഞാൻ അവനെ നിൻെറ അടുക്കൽ 32
കൊണ്ടുവരുന്നില്ലെങ്കിൽ ഞാൻ എന്നാളും
എൻെറ പിതാവിനു കുറ്റക്കാരനായിരുന്നു
കൊള്ളാം എന്നു പറഞ്ഞ്, ഞാൻ എൻെറ
പിതാവിൻെറ അടുക്കൽ ജാമ്യം നിന്നിട്ടുള്ള
താകുന്നു. ആകയാൽ ഇപ്പോൾ അടിയൻ 33
ബാലനു പകരം നിൻെറ അടിയാനായി
പാർത്തുകൊള്ളാം. ബാലൻ അവൻെറ
സഹോദരന്മാരോടുകൂടെ പൊയ്ക്കൊ
ള്ളട്ടെ. ബാലൻ എന്നോടുകൂടെ ഇല്ലാതെ 34
ഞാൻ എങ്ങനെ അപ്പൻെറ അടുത്തു
ചെല്ലും? എൻെറ അപ്പനു ഭവിക്കുന്ന ദോഷം
ഞാൻ കാണേണ്ടിവരുമല്ലോ.

അദ്ധ്യായം 45

യൗസേഫ് തൻെറ സഹോദരന്മാർക്കു
സ്വയം വെളിപ്പെടുത്തിയപ്പോൾ, തൻെറ 1
മുമ്പിൽ നിൽക്കുന്നവരിൽ നിന്നു സ്വയം
നിയന്ത്രിക്കുവാൻ യൗസേഫിനു കഴിയാ
തെയായി. എൻെറ അടുത്തുനിന്നു എല്ലാ
വരെയും പുറത്താക്കുവിൻ എന്ന് അവൻ
പറഞ്ഞു. യൗസേഫ് തൻെറ സഹോദര
ന്മാർക്കു സ്വയം വെളിപ്പെടുത്തിയപ്പോൾ
അവൻെറ അടുത്ത് മറ്റാരും ഉണ്ടായിരു
ന്നില്ല. അവൻ ഉച്ചത്തിൽ കരഞ്ഞു. മെസ്രേൻ 2
കാരും ഫറവോൻെറ ഭവനവും അതു കേട്ടു.
യൗസേഫ് തൻെറ സഹോദരന്മാരോടു: 3
ഞാൻ നിങ്ങളുടെ സഹോദരൻ യൗസേഫ്
ആകുന്നു. എൻെറ അപ്പൻ ഇപ്പോഴും ജീവി
ച്ചിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. അവ
ൻെറ സഹോദരന്മാർ അവൻെറ മുമ്പാകെ
ഭയപ്പെട്ടുപോയതിനാൽ അവനോട് ഒരു
വാക്കും പറയുവാൻ അവർക്കു കഴിഞ്ഞില്ല.
അടുത്തു വരുവിൻ എന്ന് യൗസേഫ് തൻെറ 4

സഹോദരന്മാരോടു പറഞ്ഞു. അവർ അടു
ത്തുചെന്നു. നിങ്ങൾ മെസ്രേൻകാർക്കു വി
5 റ്റുകളഞ്ഞ യൗസേഫാണു ഞാൻ. എന്നെ
ഇവിടേക്കു വിറ്റുകളഞ്ഞതുകൊണ്ടു ഇ
പ്പോൾ നിങ്ങൾ ദുഃഖിക്കുകയോ വിഷമി
6 ക്കുകയോ വേണ്ട. എന്തെന്നാൽ, ജീവ
സന്ധാരണത്തിനായി ദൈവം നിങ്ങൾക്കു
മുമ്പെ എന്നെ അയച്ചതാണ്. എന്തെന്നാൽ
ദേശത്തു ക്ഷാമമുണ്ടായിട്ടു രണ്ടു വർഷമായ
ല്ലോ. വിതയും കൊയ്ത്തുമില്ലാത്ത അഞ്ചു
7 വർഷം കൂടെ ഇനിയുമുണ്ട്. നിങ്ങൾക്കു
പിൻതലമുറ നിലനിർത്തേണ്ടതിനും നി
ങ്ങൾ ഭൂമിയിൽ ജീവിച്ചിരിക്കേണ്ടതിനുമാ
യി മഹാരക്ഷയ്ക്കായി ദൈവം എന്നെ നി
8 ങ്ങൾക്കു മുമ്പെ അയച്ചതാണ്. എന്നെ ഇ
ങ്ങോട്ട് അയച്ചതു നിങ്ങളല്ല; ദൈവമാണ്.
അവൻ എന്നെ ഫറവോനു പിതാവും, അവ
ന്റെ ഭവനത്തിന്റെമേൽ കർത്താവും
മെസ്രേൻദേശത്തിനു മുഴുവൻ അധികാരി
9 യും ആക്കിയിരിക്കുന്നു. നിങ്ങൾ വേഗം പോ
യി എന്റെ അപ്പനോടു ഇങ്ങനെ പറയു
വിൻ: നിന്റെ മകൻ യൗസേഫ് ഇപ്രകാരം
പറയുന്നു: ദൈവം എന്നെ മെസ്രേൻ മുഴുവ
ന്റെയും മേൽ കർത്താവാക്കിയിരിക്കുന്നു.
താമസിയാതെ എന്റെ അടുത്തു വരിക.
10 ഗോശോൻ ദേശത്തുവന്നു പാർത്ത് അങ്ങ
യും മക്കളും മക്കളുടെ മക്കളും അങ്ങേ ആ
ടുമാടുകളും നിനക്കുള്ളവയൊക്കെയും എ
11 ന്റെ സമീപത്ത് ആയിരിക്കട്ടെ. അങ്ങേയും
അങ്ങേ ഭവനവും അങ്ങേക്കുള്ളതൊക്കെ
യും നശിച്ചുപോകാതവണ്ണം ഞാൻ നിങ്ങ
ളെ അവിടെ പോഷിപ്പിച്ചുകൊള്ളാം. എന്തെ
ന്നാൽ ക്ഷാമം ഇനിയും അഞ്ചു വർഷം കൂടി
12 നിൽക്കും. എന്റെ വായ് തന്നെ നിങ്ങളോടു
സംസാരിക്കുന്നു എന്ന് നിങ്ങളും എന്റെ
സഹോദരൻ ബെൻയാമീനും കണ്ണാലെ ക
13 ണ്ടു. മെസ്രേൻ ദേശത്ത് എനിക്കുള്ള ബഹു
മാനവും, നിങ്ങൾ കണ്ട സകലതും എന്റെ
പിതാവിനെ അറിയിച്ച് എന്റെ പിതാവിനെ
14 വേഗം ഇവിടെ കൊണ്ടുവരുവിൻ. അവൻ
തന്റെ സഹോദരൻ ബെൻയാമീന്റെ
15 കഴുത്തിൽ വീണു കരഞ്ഞു; ബെൻയോമി
നും അവന്റെ കഴു ത്തിൽ വീണു കരഞ്ഞു.
അവൻ തന്റെ സഹോദരന്മാരെ എല്ലാവരെ
യും ചുംബിച്ചു കരഞ്ഞു. അതിനു ശേഷം
അവർ അവനുമായി സംസാരിച്ചു.

16 യൗസേഫിന്റെ സഹോദരന്മാർ വന്നു
എന്ന വാർത്ത ഫറവോന്റെ ഭവനം കേട്ടു.
ഫറവോനും അവന്റെ ഭൃത്യന്മാർക്കും ഈ
17 കാര്യം പ്രസാദകരമായി. ഫറവോൻ യൗസേ
ഫിനോടു പറഞ്ഞത്: നിന്റെ സഹോദര
ന്മാരോട് ഇങ്ങനെ ചെയ്യുവാൻ പറയുക.
നിങ്ങളുടെ മൃഗങ്ങളുടെമേൽ ധാന്യം കയറ്റി
കനാൻ ദേശത്തേക്കു കൊണ്ടുപോകുക.
നിങ്ങളുടെ പിതാവിനെയും നിങ്ങളുടെ 18
വീട്ടിൽ ഉള്ളവരെയും എന്റെ അടുക്കൽ
കൊണ്ടുവരുവിൻ. ഞാൻ നിങ്ങൾക്കു
മെസ്രേൻ ദേശത്തെ വിശിഷ്ടവസ്തുക്കൾ
നൽകുകയും ദേശത്തിന്റെ പുഷ്ടി അനു
ഭവിപ്പിക്കുകയും ചെയ്യാം. നിങ്ങൾ ഇപ്ര 19
കാരം ചെയ്യുവിൻ; നിങ്ങളുടെ സ്ത്രീകൾക്കും
കുഞ്ഞുങ്ങൾക്കും വേണ്ടി മെസ്രേൻ ദേശ
ത്തുനിന്നു വണ്ടികളും കൊണ്ടുപോയി
നിങ്ങളുടെ പിതാവിനെയും കൂട്ടിക്കൊണ്ടു
വരിക എന്നു നിന്റെ സഹോദരന്മാരോടു
പറയുവാൻ ഞാൻ നിന്നെ അധികാരപ്പെടു
ത്തുന്നു. നിങ്ങളുടെ കണ്ണുകൾ നിങ്ങളുടെ 20
വസ്തുവകകളെക്കുറിച്ച് ആകുലപ്പെടേണ്ടാ.
എന്തെന്നാൽ മെസ്രേൻ ദേശത്തെ വിശേഷ
വസ്തുക്കളെല്ലാം നിങ്ങളുടേതാണ്.

ഇസ്രായേൽ മക്കൾ അപ്രകാരം പ്രവർ 21
ത്തിച്ചു. ഫറവോന്റെ വായിലെ വാക്കിൻ
പ്രകാരം അവർക്കു വണ്ടികളും അവർക്കെ
ല്ലാവർക്കും വഴിയാഹാരങ്ങളും കൊടു
ത്തു. അവർക്ക് ഓരോരുത്തർക്കും അവൻ 22
ഓരോ കൂട്ടുവസ്ത്രം കൊടുത്തു. ബെൻയാ
മിന് അവൻ മുന്നൂറു പണവും അഞ്ചു കൂട്ടു
വസ്ത്രങ്ങളും കൊടുത്തു. അവൻ തന്റെ 23
പിതാവിന് പത്തു കഴുതപ്പുറത്ത് മെസ്രേൻ
ദേശത്തെ വിശേഷവസ്തുക്കളും പത്തു
കഴുതപ്പുറത്തു ധാന്യവും വീഞ്ഞും പിതാ
വിന്റെ യാത്രയ്ക്കു ആവശ്യമായ വഴിയാ
ഹാരങ്ങളും കൊടുത്തയച്ചു. അവൻ അവരെ 24
യാത്രയാക്കി അവർ പോയി. വഴിയിൽ
വച്ചു കലഹിക്കരുതേ എന്ന് അവൻ അവ
രോടു പറഞ്ഞു. അവർ മെസ്രേനിൽനിന്ന്
യാത്ര തിരിച്ച് കനാൻ ദേശത്തു തങ്ങളുടെ
പിതാവിന്റെ അടുത്ത് എത്തി. അവനെ 25
വിവരങ്ങൾ അറിയിച്ചുകൊണ്ട് അവർ
പറഞ്ഞു: യൗസേഫ് ഇപ്പോഴും ജീവിച്ചിരി 26
ക്കുന്നു. മെസ്രേൻ ദേശം മുഴുവന്റെയും
അധികാരി അവൻ തന്നെയാകുന്നു. എങ്കി
ലും യാക്കോബു സംശയിച്ചു. അവൻ അവ
രെ വിശ്വസിച്ചില്ല. യൗസേഫ് പറഞ്ഞ കാര്യ 27
ങ്ങളെല്ലാം അവർ അവനോടു പറയുകയും
തന്നെ കൊണ്ടുപോകുവാനായി അവൻ
അയച്ച വാഹനങ്ങൾ കാണുകയും ചെയ്ത
പ്പോൾ അവരുടെ പിതാവായ യാക്കോബി
ന്റെ സംശയം തീർന്നു. എന്റെ മകൻ 28
യൗസേഫ് ഇപ്പോഴും ജീവിച്ചിരിക്കുന്നു

എന്നത് വലിയ കാര്യമത്രേ. ഞാൻ മരിക്കും
മുമ്പെ പോയി അവനെ കാണും എന്ന്
അവൻ പറഞ്ഞു.

അദ്ധ്യായം 46

ഇസ്രായേൽ തനിക്കുള്ള സകലവു
മായി യാത്ര പുറപ്പെട്ടു ബിർശ്ബായിൽ
എത്തി തന്റെ പിതാവായ ഇസഹാക്കി
2 ന്റെ ദൈവത്തിനു ബലി കഴിച്ചു. രാത്രി
ദർശനത്തിൽ ദൈവം ഇസ്രായേലിനോടു
സംസാരിച്ചു. യാക്കോബേ, എന്നു വിളിച്ച
തിന്, ഞാൻ ഇതാ, എന്ന് അവൻ പറഞ്ഞു.
3 അവൻ അവനോട് പറഞ്ഞത്: ഞാൻ
നിന്റെ പിതാവിന്റെ ദൈവമായ ഈൽ
ആകുന്നു. മെസ്രേനിലേക്കു ഇറങ്ങി
പോകുവാൻ ഭയപ്പെടേണ്ടാ. എന്തെന്നാൽ
അവിടെ ഞാൻ നിന്നെ വലിയൊരു
4 ജനതയാക്കും. ഞാൻ നിന്നോടു കൂടെ
ഇറങ്ങിവരികയും നിന്നെ കയററിക്കൊണ്ടു
വരികയും ചെയ്യും. യൗസേഫ് അവന്റെ
കൈകൾ നിന്റെ കണ്ണുകളിന്മേൽ
5 വയ്ക്കും. യാക്കോബ് ബിർശ്ബായിൽ
നിന്നു യാത്ര പുറപ്പെട്ടു. ഇസ്രായേലിന്റെ
പുത്രന്മാർ അവനെയും അവരുടെ സ്ത്രീ
കളെയും കുഞ്ഞുങ്ങളെയും, അവരെ
കൊണ്ടുചെല്ലുവാൻ ഫറഓൻ അയച്ചിരുന്ന
വാഹനങ്ങളിൽ കയററിക്കൊണ്ടുപോയി.
6 യാക്കോബും അവനോടുകൂടെ ഉണ്ടായി
രുന്ന അവന്റെ സകല സന്തതിയും അവർ
കനാൻ ദേശത്തു സമ്പാദിച്ച മൃഗങ്ങളെയും
സമ്പാദ്യവും മെസ്രേനിലേക്കു നയിച്ചു.
7 അവനോടുകൂടെ അവന്റെ പുത്രന്മാരെയും
പൗത്രന്മാരെയും പുത്രിമാരെയും പൗത്രി
മാരെയും മെസ്രേനിലേക്കു പ്രവേശിപ്പിച്ചു.
8 മെസ്രേനിൽ എത്തിയ ഇസ്രായേൽ
മക്കളുടെ പേരുകൾ ഇവയാകുന്നു: യാക്കോ
ബും അവന്റെ പുത്രന്മാരും; അവന്റെ
9 ആദ്യജാതൻ റൂബേൽ; റൂബേലിന്റെ
പുത്രന്മാർ: ഹനൂക്, ഫലൂ, ഹെസ്റൂൻ,
0 കർമി. ശെമവൂന്റെ പുത്രന്മാർ: യമുവേൽ,
യാമിൻ, ഓഹർയാക്കിൻ, സോഹർ, കനാൻ
1 കാരിയുടെ മകൻ ശാവോൽ. ലേവിയുടെ
പുത്രന്മാർ: ഗെർശോൻ, കൊഹാത്, മ്റാറി.
2 യഹൂദയുടെ പുത്രന്മാർ: ഈർ, ഓനാൻ,
ശേലാ, പാറേസ് സോറഹ്; ഈറും ഓനാനും
കനാൻ ദേശത്തുവച്ചു മരിച്ചുപോയി. പാറേ
സിനു പുത്രന്മാർ ഉണ്ടായി—ഹെസ്രൂൻ,
ഹെമവൂയേൽ.
13 ഇസക്കാറിന്റെ പുത്രന്മാർ: തോലാ,
പുവാ, യോബ്, ശെമ്റൂൻ.

സബോലോന്റെ പുത്രന്മാർ: സോദർ, 14
ആലൂൻ, നഹ്ലോയേൻ. പദൻ അറാമിൽ 15
വച്ചു ലേയാ പ്രസവിച്ച മക്കൾ ഇവരും ദീനാ
എന്നൊരു പുത്രിയുമാകുന്നു. പുത്രന്മാരും
പുത്രിമാരുമായി അവരെല്ലാവരും കൂടി
മുപ്പത്തിമൂന്ന് ആളുകൾ.
ഗാദിന്റെ പുത്രന്മാർ: സെപിയൂൻ, 16
ഹാഗി, ശൂനി, അസ്ബവൂൻ, അദി, അറൂദ്,
അദ്റീ. ആശീറിന്റെ പുത്രന്മാർ: യമ്നാ, 17
യശ്വാ, യശ്വി, ബ്രീവാ; അവരുടെ സഹോ
ദരി സാറഹ്; ബ്രീവായുടെ പുത്രന്മാർ:
ഹോബർ, മൽക്കീൽ. ലാബാൻ തന്റെ 18
പുത്രിയായ ലേയയ്ക്കു കൊടുത്ത സിൽപ
യുടെ പുത്രന്മാരായ ഇവർ ആകെ പതിനാറ്
ആളുകൾ.
യാക്കോബിന്റെ ഭാര്യയായ റാഹേലി 19
ന്റെ മക്കൾ: യൗസേഫ്, ബെൻയാമീൻ.
ഊനിലെ മഹാപുരോഹിതനായ പൊത്തി 20
ഫേറയുടെ മകൾ ആസ്യത് പ്രസവിച്ച
മ്നാശേ, അഫ്രേം എന്നിവർ മെസ്രേൻ ദേശ
ത്തു യൗസേഫിനു ജനിച്ചു.
ബെൻയാമിന്റെ പുത്രന്മാർ: ബോലോ, 21
അക്ബോർ, അശ്ബൂൽ, ഗാറോ, നാമാൻ,
അഹി, ഓറൂശ്, മൊഫിം, ഒഫീം, ഏദാർ.
റാഹേൽ യാക്കോബിനു പ്രസവിച്ച മക്ക 22
ളായ ഇവരെല്ലാം കൂടി പതിന്നാല് ആളുകൾ.
ദാനിന്റെ പുത്രന്മാർ: ഹൂശീം. 23
നഫ്താലിയുടെ പുത്രന്മാർ: നഹസാ 24
യേൽ, ഗൂനി, യോസർ, ശുലീം, ലാബാൻ 25
തന്റെ പുത്രിയായ റാഹേലിനു കൊടുത്ത
ബിൽഹ യാക്കോബിനു പ്രസവിച്ച മക്ക
ളായ ഇവരെല്ലാം കൂടി ഏഴു പേർ.
യാക്കോബിനോടു കൂടെ മെസ്രേനിൽ 26
കടന്നവർ, അവന്റെ പുത്രന്മാരുടെ ഭാര്യ
മാരെ കൂടാതെ, അവന്റെ കടിപ്രദേശ
ത്തുനിന്നു പുറപ്പെട്ടവർ എല്ലാം കൂടി അറു
പത്താറ് ആളുകൾ. യൗസേഫിനു മെസ്രേ 27
നിൽ ജനിച്ച പുത്രന്മാർ രണ്ട് ആളുകൾ.
യാക്കോബിന്റെ ഭവനക്കാരായി മെസ്രേ
നിൽ കടന്നവർ എല്ലാവരും കൂടെ എഴുപത്
ആളുകൾ.
യൗസേഫ് ഗോശാനിൽ തന്റെ അടു 28
ക്കൽ വരുവാൻ, യാക്കോബ് യഹൂദ
യെ തനിക്കു മുമ്പായി യൗസേഫിന്റെ
അടുക്കലേക്കു പറഞ്ഞയച്ചു. യൗസേഫ് 29
രഥങ്ങൾ പൂട്ടി, തന്റെ പിതാവായ
ഇസ്രായേലിന്റെ എതിരേല്പിനായി
ഗോശാനിലേക്കു കയറിപ്പോയി. എന്റെ 30
മകനേ, നിന്റെ മുഖം കണ്ടുകഴിഞ്ഞു.
ഞാൻ മരിച്ചുകൊള്ളട്ടെ; നീ ഇപ്പോഴും

ജീവിച്ചിരിക്കുന്നുവല്ലോ എന്ന് ഇസ്രാ
31 യേൽ പറഞ്ഞു. യൗസേഫ് തന്റെ സഹോ
ദരന്മാരോടും പിതാവിന്റെ ഭവനത്തോടും
പറഞ്ഞത്: ഞാൻ പോയി ഫറവോനോട്:
എന്റെ സഹോദരന്മാരും അപ്പന്റെ കുടും
ബവും കനാൻദേശത്തുനിന്ന് എന്റെ
അടുക്കൽ വന്നിരിക്കുന്നു എന്നു അറിയി
ക്കും. അവർ ഇടയന്മാരാകുന്നു; കാലി
32 മേയ്ക്കുന്നത് അവരുടെ തൊഴിൽ. അവർ
തങ്ങളുടെ ആടുമാടുകളെയും തങ്ങൾക്കു
ള്ള സകലവും കൊണ്ടുവന്നിട്ടുണ്ട് എന്ന്
33 അവനോട് പറയും. അതുകൊണ്ട് ഫറവോൻ
നിങ്ങളെ വിളിച്ച്: നിങ്ങൾ എന്തു ചെയ്യുന്നവ
രാകുന്നു എന്നു ചോദിക്കുമ്പോൾ, നിന്റെ
34 അടിയങ്ങൾ ബാല്യം മുതൽ ഇതുവരെയും,
ഞങ്ങളും ഞങ്ങളുടെ പിതാക്കന്മാരും
പശുപാലകന്മാരാകുന്നു എന്നു പറയു
വിൻ. ഇടയന്മാരെ മിസ്രയീമ്യർക്കു വെറു
പ്പാകയാൽ നിങ്ങൾ ഗോശാൻ ദേശത്തു
പാർപ്പാൻ ഇടവരും.

അദ്ധ്യായം 47

യൗസേഫ് ഫറവോന്റെ അടുത്തെത്തി
ബോധിപ്പിച്ചതെന്തെന്നാൽ എന്റെ അപ്പ
നും സഹോദരന്മാരും അവരുടെ ആടുമാടു
കളും അവർക്കുള്ളതെല്ലാം കനാൻ ദേശ
ത്തുനിന്ന് എന്റെ അടുക്കൽ വന്നിരി
2 ക്കുന്നു. അവർ ഇതാ ഗോശാൻ ദേശ
ത്തുണ്ട്. തന്റെ സഹോദരന്മാരിൽ അഞ്ചു
പേരെ അവൻ കൂട്ടിക്കൊണ്ടുവന്നു ഫറവോ
3 ന്റെ മുമ്പാകെ നിർത്തി. നിങ്ങളുടെ
തൊഴിലെന്ത്? എന്ന് യൗസേഫിന്റെ
സഹോദരന്മാരോട് ഫറവോൻ ചോദിച്ചതിന്
അവർ ഫറവോനോട്: അടിയങ്ങൾ ആട്ടിട
യന്മാരാകുന്നു; ബാല്യംമുതൽ ഞങ്ങളും
ഞങ്ങളുടെ പിതാക്കന്മാരും ആട്ടിടയന്മാർ
4 തന്നെ; എന്നു പറഞ്ഞു. അടിയങ്ങൾ ഈ
ദേശത്തു പാർക്കുവാൻ വന്നതാണ്. അടി
യങ്ങൾ ഗോശാൻ ദേശത്തു പാർത്തു
5 കൊള്ളട്ടെ, എന്നു അവർ പറഞ്ഞു. ഫറ
വോൻ യൗസേഫിനോട്: നിന്റെ അപ്പനും
സഹോദരന്മാരും നിന്റെ അടുക്കൽ
6 വന്നിരിക്കുന്നുവല്ലോ. മെസ്രേൻ ദേശം
നിന്റെ മുമ്പിൽ ഇരിക്കുന്നു. ദേശത്തിന്റെ
നല്ല ഭാഗത്ത് അവർ പാർക്കട്ടെ. ഗോശാൻ
ദേശത്ത് അവരെ പാർപ്പിച്ചുകൊള്ളുക.
അവരിൽ പ്രാപ്തന്മാർ ഉണ്ടെന്നു നിനക്ക്
അറിയാമെങ്കിൽ അവരെ എനിക്കുള്ള
സകല കന്നുകാലികൾക്കും മേൽനോട്ട
ക്കാർ ആക്കുക.

യൗസേഫ് തന്റെ പിതാവായ യാക്കോ 7
ബിനെ അകത്തു പ്രവേശിപ്പിച്ചു. ഫറവോ
ന്റെ മുമ്പാകെ നിർത്തി. ഫറവോൻ യാക്കോ 8
ബിനോട് നിനക്ക് എത്ര വയസ്സായി? എന്നു
ചോദിച്ചു. യാക്കോബ് ഫറവോനോടു പറ 9
ഞ്ഞു: എന്റെ പരദേശവാസത്തിന്റെ
നാളുകൾ നൂററിമുപ്പതു സംവത്സരം; അതു
ചുരുങ്ങിയതും കഷ്ടതയുള്ളതും ആയിരു
ന്നു. എന്റെ പിതാക്കന്മാരുടെ വിദേശവാ
സമാകുന്ന ആയുസ്സോളം അത് എത്തിയി
ട്ടില്ല. യാക്കോബ് ഫറവോന്റെ സന്നിധി 10
യിൽ നിന്നു പോയി. യൗസേഫ് തന്റെ 11
പിതാവിനെയും സഹോദരന്മാരെയും കുടി
യിരുത്തി. അവർക്ക് മെസ്രേൻ രാജ്യത്ത്,
രാജ്യത്തിന്റെ നല്ല ഭാഗത്ത് റമസിസ്
ദേശത്ത് അവകാശം കൊടുത്തു; ഫറവോൻ
കല്പിച്ചതുപോലെ തന്നെ. യൗസേഫ് 12
തന്റെ സഹോദരന്മാരെയും അപ്പന്റെ
ഭവനം മുഴുവനെയും, കുടുംബാംഗങ്ങളേയും
എണ്ണത്തിന് തക്കവണ്ണം, ധാന്യം കൊടു
ത്തു സംരക്ഷിച്ചു. ക്ഷാമം ദേശത്തു ശക്തി 13
പ്പെട്ടതിനാൽ മെസ്രേൻ ദേശവും കനാൻ
ദേശവുമെല്ലാം, ക്ഷാമംമൂലം ശൂന്യമായി
ത്തീർന്നു.

വിററ ധാന്യത്തിന്റെ വിലയായി, 14
മെസ്രേൻ ദേശത്തും കനാൻ ദേശത്തും
ഉണ്ടായിരുന്ന ദ്രവ്യമൊക്കെയും യൗസേഫ്
ശേഖരിച്ച് ഫറവോന്റെ അരമനയിൽ
എത്തിച്ചു. മെസ്രേൻ ദേശത്തും കനാൻ 15
ദേശത്തും ദ്രവ്യം മുഴുവൻ തീർന്നു കഴിഞ്ഞ
പ്പോൾ മെസ്രേൻകാർ യൗസേഫിന്റെ
അടുത്തെത്തി അവനോട്: ഞങ്ങൾ നിന്റെ
മുമ്പിൽ മരിക്കാതെ ജീവിച്ചിരിക്കേണ്ടതിന്
ഞങ്ങൾക്കു ധാന്യം തരിക; ദ്രവ്യം തീർന്നു
പോയി എന്നുപറഞ്ഞു. യൗസേഫ് അവ 16
രോട്: ദ്രവ്യം തീർന്നുപോയെങ്കിൽ നിങ്ങളു
ടെ കന്നുകാലികളെ തരുവിൻ; അവയ്ക്കു
പകരമായി ധാന്യം തരാം എന്നുപറഞ്ഞു.
അവർ തങ്ങളുടെ കന്നുകാലികളെ അവ 17
ന്റെ അടുക്കൽ കൊണ്ടുവന്നു. അവരുടെ
കുതിരകൾ, ആടുമാടുകൾ, കഴുതകൾ
തുടങ്ങിയവയ്ക്കു പകരമായി യൗസേഫ്
അവർക്കു ധാന്യം കൊടുത്തു. ആ ആണ്ടിൽ
അവരുടെ കന്നുകാലികൾക്കു പകരമായി
അപ്പം കൊടുത്ത് അവരെ പുലർത്തി. ആ 18
സംവത്സരം കഴിഞ്ഞ് അടുത്ത സംവത്സര
ത്തിൽ അവർ അവനെ സമീപിച്ച്
അവനോടു പറഞ്ഞത്: ഞങ്ങളുടെ ദ്രവ്യ
മൊക്കെയും, ഞങ്ങളുടെ മൃഗസമ്പത്തും
യജമാനന്റെ പക്കൽ ആയിക്കഴിഞ്ഞിരിക്കു

കയാൽ ഞങ്ങളുടെ ജീവനും ഞങ്ങളുടെ
നിലങ്ങളും അല്ലാതെ ഒന്നും അവശേ
ഷിച്ചിട്ടില്ല എന്ന കാര്യം യജമാനനിൽ
19 നിന്നു ഞങ്ങൾ മറച്ചുവയ്ക്കുന്നില്ല. നിന്റെ
മുമ്പിൽ ഞങ്ങളുടെ നിലങ്ങളും നശിക്കു
ന്നത് എന്തിന്? ഞങ്ങളെയും ഞങ്ങളുടെ
നിലങ്ങളെയും വിലയ്ക്ക് വാങ്ങിക്കൊണ്ട്
ഞങ്ങൾക്ക് അപ്പം തരിക. ഞങ്ങൾ നിലങ്ങ
ളോടുകൂടെ ഫറഓന് അടിമകൾ ആകാം.
ഞങ്ങൾ മരിക്കാതെ ജീവിച്ചിരിക്കേണ്ട
തിനും നിലം ശൂന്യമാക്കാതെയിരിക്കേണ്ട
തിനും ഞങ്ങൾക്കു വിത്തു തരിക.
20 മെസ്രേനിലെ നിലമൊക്കെയും യൗസേ
ഫ് ഫറഓനു വേണ്ടി വിലയ്ക്കു വാങ്ങി.
ക്ഷാമത്തിന്റെ കാഠിന്യം മൂലം മെസ്രേൻ
കാർ വയലുകൾ വിററതുകൊണ്ട് നിലമൊ
21 ക്കെയും ഫറഓന്റേതായിത്തീർന്നു. ജന
ത്തെ, മെസ്രേന്റെ ഒരു അതിരുമുതൽ മറേറ
അതിരുവരെ പട്ടണങ്ങളിലേക്ക് അവൻ
22 മാററിപാർപ്പിച്ചു. പുരോഹിതന്മാരുടെ നിലം
മാത്രം അവൻ വാങ്ങിയില്ല. എന്തെന്നാൽ
ഫറഓൻ അവരുമായി ഒരു ഉടമ്പടി
ചെയ്തിരുന്നതനുസരിച്ചു ഫറഓൻ അവർ
ക്കു കൊടുത്തിരുന്നതായ വിഹിതംകൊ
23 ണ്ട് അവർ ഉപജീവനം കഴിച്ചു. യൗസേഫ്
ജനത്തോടു പറഞ്ഞത്: ഇന്നു ഞാൻ
നിങ്ങളെയും നിങ്ങളുടെ നിലങ്ങളെയും
ഫറഓനുവേണ്ടി വിലയ്ക്കു വാങ്ങിയിരി
ക്കുന്നു. നിങ്ങൾക്കു നിലം വിതയ്ക്കുവാൻ
24 വിത്ത് ഇതാ. വിളവെടുക്കുമ്പോൾ അഞ്ചി
ലൊന്നു നിങ്ങൾ ഫറഓനു കൊടുക്കണം.
നാലു ഭാഗം, വയലിലെ വിത്തിനും നിങ്ങ
ളുടെ ഭക്ഷണത്തിനും നിങ്ങളുടെ ഭവന
ക്കാരുടെയും കുഞ്ഞുങ്ങളുടെയും ഭക്ഷണ
ത്തിനും വേണ്ടി നിങ്ങൾക്കുള്ളതായിരി
25 ക്കും. അവർ പറഞ്ഞു: നീ ഞങ്ങളെ രക്ഷിച്ചു
യജമാനന്റെ കണ്ണുകളിൽ ഞങ്ങൾ കരുണ
കണ്ടെത്തുമാറാകട്ടെ. ഞങ്ങൾ ഫറഓന്
26 അടിമകളായിരുന്നുകൊള്ളാം. "അഞ്ചിലൊ
ന്നു ഫറഓന്" എന്ന യൗസേഫ് വച്ച ചട്ടം
ഇന്നു മെസ്രേൻ ദേശത്തു നിലവിലിരിക്കു
ന്നു. പുരോഹിതന്മാരുടെ ഭൂമി മാത്രം
ഫറഓന്റേത് ആയിത്തീർന്നില്ല.
27 ഇസ്രായേൽ മെസ്രേനിലെ ഗോശാൻ
ദേശത്തു കുടിപാർത്തു. അവർ ബല
28 പ്പെട്ടു വർദ്ധിച്ചു പെരുകി. യാക്കോബ്
മെസ്രേനിൽ പതിനേഴു സംവത്സരം ജീവി
ച്ചിരുന്നു; യാക്കോബിന്റെ ആയുഷ്ക്കാലം
നൂററി നാല്പത്തിയേഴു സംവത്സരം
ആയിരുന്നു.

ഇസ്രായേലിന്റെ മരണദിനങ്ങൾ അടു 29
ത്തപ്പോൾ അവൻ തന്റെ മകൻ യൗസേ
ഫിനെ വിളിച്ച് അവനോടു പറഞ്ഞു: നിന്റെ
കണ്ണുകളിൽ ഞാൻ ദയ കണ്ടെത്തിയിരി
ക്കുന്നുവെങ്കിൽ നിന്റെ കൈ എന്റെ
തുടയിൻ കീഴെ വയ്ക്കുക. നീ എന്നോടു
കൃപയും വിശ്വസ്തതയും പ്രവർത്തിക്കുമെ
ന്നും എന്നെ മെസ്രേനിൽ കബറടക്കുക
യില്ലെന്നും ഞാൻ നിന്നെക്കൊണ്ടു സത്യം
ചെയ്യിക്കും. ഞാൻ എന്റെ പിതാക്കന്മാരോ 30
ടു കൂടെ നിദ്ര ചെയ്യുമാറാകേണം; എന്നെ
മെസ്രേനിൽനിന്നു കൊണ്ടുപോയി അവ
രുടെ കല്ലറയിൽ സംസ്കരിക്കണം. യൗസേ
ഫ് അവനോട്: നിന്റെ വാക്കുപോലെ
ഞാൻ ചെയ്യാം എന്നു പറഞ്ഞു. എന്നോടു 31
സത്യം ചെയ്ക എന്ന് അവൻ പറഞ്ഞു.
അവൻ സത്യം ചെയ്തു. ഇസ്രായേൽ
തന്റെ വടിയുടെ തലയ്ക്കു പിടിച്ചു വന്ദിച്ചു.

അദ്ധ്യായം 48

ഈ കാര്യങ്ങൾക്കു ശേഷം സംഭവിച്ചത്
എന്തെന്നാൽ: നിന്റെ അപ്പൻ രോഗിയായി 1
രിക്കുന്നു എന്നു യൗസേഫിനോട് അറിയി
ക്കപ്പെട്ടു. അവൻ തന്റെ രണ്ടു പുത്രന്മാ
രായ മനശ്ശെയെയും അഫ്രേമിനെയും കൂട്ടി
ക്കൊണ്ടു ചെന്നു. നിന്റെ മകൻ യൗസേഫ് 2
നിന്റെ അടുക്കൽ വന്നിരിക്കുന്നു എന്ന്
അവർ യാക്കോബിനെ അറിയിച്ചു. അവൻ
ശക്തി സംഭരിച്ച് കട്ടിലിന്മേൽ എഴുന്നേ
ററിരുന്നു. ഇസ്രായേൽ യൗസേഫിനോടു 3
പറഞ്ഞു: സർവ്വശക്തനായ ദൈവം കനാൻ
ദേശത്തെ ലൂസിൽ വച്ച് എനിക്കു വെളി
പ്പെട്ട് എന്നെ അനുഗ്രഹിച്ച് എന്നോടു അരു
ളിച്ചെയ്തു: ഞാൻ നിന്നെ അനുഗ്രഹിച്ചു 4
നിന്നെ വർദ്ധിപ്പിക്കുന്നു. നീ ജനതകളുടെ
സമൂഹം ആവാൻ ഞാൻ ഇടയാക്കും.
നിന്റെ ശേഷം നിന്റെ സന്തതിക്ക് ഈ
ദേശം ശാശ്വത അവകാശമായി ഞാൻ
നൽകും. ഞാൻ മെസ്രേനിൽ നിന്റെ അടു 5
ത്ത് എത്തുംമുമ്പ് മെസ്രേൻ ദേശത്തു നിന
ക്കു പിറന്ന രണ്ടു പുത്രന്മാർ എനിക്കുള്ള
വരായിരിക്കും. അഫ്രേമും മനശ്ശെയും എനി
ക്കുള്ളവർ ആയിരിക്കും; റൂബേലും ശെമ
വൂനും എന്നപോലെ അവർ എനിക്കുള്ള
വരായിരിക്കും. അവർക്കു ശേഷം നിനക്കു 6
ജനിക്കുന്ന പുത്രന്മാർ നിനക്കുള്ളവരായി
രിക്കട്ടെ. അവർ തങ്ങളുടെ അവകാശങ്ങ
ളിൽ തങ്ങളുടെ സഹോദരന്മാരുടെ പേരിൻ
പ്രകാരം വിളിക്കപ്പെടട്ടെ. ഞാൻ പദൻ അറാ 7
മിൽ നിന്നു വരുമ്പോൾ എഫ്രാത് ദേശത്ത്

എത്തുന്നതിന് അല്പം ദൂരം മാത്രമുള്ള
പ്പോൾ കനാൻ ദേശത്ത് വഴിയിൽ വച്ച്
റാഹേൽ മരിച്ചു. എഫ്രാതയ്ക്കുള്ള വഴിയ
രികിൽ ഞാൻ അവളെ അടക്കം ചെയ്തു.
8 അതു തന്നെയാണ് ബേത്‌ലഹേം. ഇസ്രാ
യേൽ യൗസേഫിൻെറ പുത്രന്മാരെ കണ്ടിട്ട്,
9 "ഇവർ ആരാകുന്നു" എന്നു ചോദിച്ചു.
"ഇവിടെ ദൈവം എനിക്കു തന്ന പുത്രന്മാർ
ഇവരാകുന്നു" എന്നു യൗസേഫ് തൻെറ
പിതാവിനോട് പറഞ്ഞു. "അവരെ എൻെറ
അടുത്തേക്ക് അടുപ്പിക്കൂ; ഞാൻ അവരെ
അനുഗ്രഹിക്കട്ടെ" എന്ന് അവൻ പറഞ്ഞു.
10 വാർദ്ധക്യം നിമിത്തം ഇസ്രായേലിൻെറ ക
ണ്ണുകൾ മങ്ങിയിരുന്നു; അവനു ശരിയായി
കാണുവാൻ കഴിവില്ലായിരുന്നു. അവരെ
അവനോട് അടുപ്പിച്ചു. അവൻ അവരെ
11 ആശ്ലേഷിച്ചു ചുംബിച്ചു. ഇസ്രായേൽ യൗ
സേഫിനോടു: നിൻെറ മുഖം കാണുമെന്നു
ഞാൻ വിചാരിച്ചിരുന്നില്ല; എന്നാൽ നിൻെറ
പുത്രന്മാരെയും കൂടി ദൈവം എന്നെ കാണി
12 ച്ചുവല്ലോ എന്നു പറഞ്ഞു. അവൻ അവരെ
അവൻെറ മുട്ടുകൾക്കു മുമ്പിൽ നിന്നു
മാററി. അവർ നിലത്തുവീണ് അവനെ നമ
13 സ്ക്കരിച്ചു. യൗസേഫ് തൻെറ രണ്ടു പുത്ര
ന്മാരെ കൂട്ടിക്കൊണ്ടുവന്നു. അഫ്രേമിനെ
തൻെറ വലങ്കൈകൊണ്ടു ഇസ്രായേലിൻെറ
ഇടത്തുവശത്തും മനശ്ശെയെ തൻെറ ഇട
ത്തു കൈകൊണ്ട് ഇസ്രായേലിൻെറ വല
ത്തുവശത്തുമായി അവൻെറ പക്കൽ സമീ
14 പിപ്പിച്ചു. ഇസ്രായേൽ തൻെറ വലങ്കൈ
നീട്ടി ഇളയവനായ അഫ്രേമിൻെറ തല
മേലും ഇടങ്കൈ നീട്ടി മൂത്തവനായ മനശ്ശെ
യുടെ തലമേലും, തൻെറ കൈകൾ പിണച്ചു
15 വച്ചു. അവൻ യൗസേഫിനെ അനുഗ്രഹിച്ചു
പറഞ്ഞത്: എൻെറ പിതാക്കന്മാരായ അബ്ര
ഹാമും ഇസഹാക്കും ആരുടെ സന്നിധിയിൽ
ഭജിച്ചുവോ ആ ദൈവം, എൻെറ ശൈശവം
മുതൽ ഇന്നുവരെയും എന്നെ പുലർത്തിയ
16 ദൈവം, എല്ലാ തിന്മയിൽ നിന്നും എന്നെ
രക്ഷിച്ച മാലാഖാ ഈ പൈതങ്ങളെ
അനുഗ്രഹിക്കട്ടെ. എൻെറ നാമവും എൻെറ
പിതാക്കന്മാരായ അബ്രഹാമിൻെറയും
ഇസഹാക്കിൻെറയും നാമവും ഇവരിൽ
വിളിക്കപ്പെടട്ടെ. ഇവർ ദേശത്തിനകത്തു
17 വർദ്ധിച്ചു പെരുകട്ടെ. പിതാവു തൻെറ
വലത്തുകൈ അഫ്രേമിൻെറ തലമേൽ
വച്ചിരിക്കുന്നതു യൗസേഫു കണ്ടപ്പോൾ
അവന് അത് അനിഷ്ടമായി. അഫ്രേമിൻെറ
തലയിൽനിന്നു മാററി മനശ്ശെയുടെ
തലയിൽ വെക്കുന്നതിനായി അവൻ
പിതാവിനെ കൈയ്ക്കു പിടിച്ചു. യൗസേഫ് 18
തൻെറ അപ്പനോട്: എൻെറ പിതാവേ, ഇങ്ങ
നെയല്ല; ഇവനാകുന്നു ആദ്യജാതൻ;
നിൻെറ വലങ്കൈ അവൻെറ തലമേൽ വയ്
ക്കണം എന്നുപറഞ്ഞു. അവൻെറ പിതാവ് 19
അത് ഇഷ്ടപ്പെടാതെ പറഞ്ഞു: എനിയ്ക്ക്
അറിയാം, മകനേ, എനിയ്ക്കറിയാം. അവ
നും ഒരു ജനതയായിത്തീരും. അവനും പ്രബ
ലനായിത്തീരും. ഇളയവൻ അവനെക്കാൾ
പ്രബലനായിത്തീരും. അവൻെറ സന്തതി
ജനസമ്പൂർണ്ണമായിത്തീരും. ആ ദിവസ 20
ത്തിൽ അവൻ അവരെ അനുഗ്രഹിച്ചു.
നിന്നിൽ ഇസ്രായേൽ അനുഗ്രഹിക്കപ്പെടു
കയും ദൈവം നിന്നെ അഫ്രേമിനെയും
മനശ്ശെയെപ്പോലെയും ആക്കട്ടെ എന്നു
പറയുകയും ചെയ്യും എന്നു പറഞ്ഞുകൊ
ണ്ട് അവൻ അഫ്രേമിനെ മനശ്ശെയ്ക്കു
മുമ്പിലാക്കി. ഇസ്രായേൽ യൗസേഫി 21
നോടു പറഞ്ഞു: ഇതാ ഞാൻ മരിക്കുന്നു.
ദൈവം നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.
നിങ്ങളുടെ പിതാക്കന്മാരുടെ ദേശത്തേക്ക്
അവൻ നിങ്ങളെ തിരികെ കൊണ്ടുവരും.
എൻെറ വാളും വില്ലും കൊണ്ട് ഞാൻ ആമൂ 22
റായക്കാരുടെ കൈയിൽനിന്നു പിടിച്ചട
ക്കിയ സ്ഥലം, നിൻെറ സഹോദരന്മാർക്ക്
ഉപരിയായി ഒരു ഓഹരിയായി നിനക്കു
ഞാൻ തന്നിരിക്കുന്നു.

അദ്ധ്യായം 49

യാക്കോബിൻെറ വാഴ്വുകൾ - പ്രവച
നമായി പറയപ്പെട്ടവ.

യാക്കോബ് തൻെറ പുത്രന്മാരെ വിളിച്ച്
അവരോടു പറഞ്ഞു:

കൂടി വരുവിൻ; അന്ത്യദിനങ്ങളിൽ
നിങ്ങൾക്കു സംഭവിക്കുന്നതു ഞാൻ നിങ്ങ
ളെ അറിയിക്കാം.

യാക്കോബിൻെറ പുത്രന്മാരേ, കൂടി 2
വന്നു കേൾപ്പിൻ; നിങ്ങളുടെ പിതാവായ
ഇസ്രായേലിനെ ശ്രദ്ധിക്കുവിൻ. റൂബേലേ, 3
നീ എൻെറ ആദ്യജാതൻ; എൻെറ ശക്തി;
എൻെറ വീര്യത്തിൻെറ പ്രാരംഭം; ശ്രേഷ്ഠത
യുടെ മഹിമയും ബലത്തിൻെറ വൈശി
ഷ്ട്യവും.

വെള്ളംപോലെ അസ്ഥിരനേ, നീ നില 4
നിൽക്കുകയില്ല. എന്തെന്നാൽ നീ നിൻെറ
പിതാവിൻെറ കിടപ്പുമുറിയിൽ കയറി. നീ
സത്യമായി എൻെറ കട്ടിലിന്മേൽ കയറി
എൻെറ കിടക്കയെ അശുദ്ധമാക്കി.

ശെമവൂനും ലേവിയും സഹോദരന്മാർ. 5
പ്രകൃത്യാതന്നെ അവർ കോപത്തിൻെറ

6 ഉപകരണങ്ങൾ. എന്റെ ആത്മാവ് അവ
രുടെ രഹസ്യത്തിലും അവരുടെ കൂട്ടങ്ങ
ളിലും പ്രവേശിച്ചിട്ടില്ല. എന്റെ ബഹു
മാനത്തിൽനിന്നു അവർക്കു കിട്ടിയിട്ടുമില്ല.
എന്തെന്നാൽ, അവർ തങ്ങളുടെ കോപ
ത്തിൽ മനുഷ്യരെ കൊലചെയ്തു; തങ്ങ
ളുടെ ക്രോധത്തിൽ കോട്ട ഇടിച്ചു നിരത്തി.
7 അവരുടെ കോപം ശക്തമായിരിക്കുന്നതി
നാലും അവരുടെ ക്രോധം ക്രൂരമായതി
നാലും അവ ശപിക്കപ്പെട്ടത്. അവരെ ഞാൻ
യാക്കോബിൽ വിഭജിക്കുകയും ഇസ്രായേ
ലിൽ ചിതറിക്കുകയും ചെയ്യും.
8 യഹൂദയേ, നിന്റെ സഹോദരന്മാർ
നിന്നെ പുകഴ്ത്തും.
9 നിന്റെ കൈ നിന്റെ ശത്രുക്കളുടെ
പിടലി മേൽ.
നിന്റെ പിതാവിന്റെ പുത്രന്മാർ നിന്നെ
വണങ്ങും.
യഹൂദാ ഒരു സിംഹക്കുട്ടി; മകനേ, നീ
കൊലയിൽനിന്നു കയറിയിരിക്കുന്നു.
അവൻ സിംഹം പോലെയും സിംഹ
ക്കുട്ടി പോലെയും പതുങ്ങി കിടക്കുന്നു;
അവനെ എഴുന്നേല്പിക്കുവാൻ ആരുണ്ട്?
10 (അവകാശമുള്ളവൻ) വരുവോളം
യഹൂദയിൽ നിന്ന് ദണ്ഡും അവന്റെ കാലു
കളുടെ ഇടയിൽ നിന്ന് അറിയിപ്പുകാരനും
നീങ്ങിപ്പോകുകയില്ല; ജാതികൾ അവനെ
പ്രതീക്ഷിക്കും.
11 അവൻ തന്റെ കഴുതക്കുട്ടിയെ മുന്തിരി
ത്തണ്ടിലും തന്റെ പെൺകഴുതക്കുട്ടിയെ
മുന്തിരിച്ചില്ലിയിലും കെട്ടും. അവൻ വീ
ഞ്ഞിൽ തന്റെ വസ്ത്രവും മുന്തിരിച്ചാറിൽ
12 തന്റെ ഉടുപ്പും അലക്കുന്നു. അവന്റെ
കണ്ണു വീഞ്ഞുകൊണ്ടു ചുവന്നും അവന്റെ
പല്ല് പാലുകൊണ്ടു വെളുത്തുമിരിക്കുന്നു.
13 സ്ബൂലോൻ, കടൽതീരത്തു പാർക്കും;
പടവുകളുടെ മോഹനീയത അവന് ഉണ്ടാ
യിരിക്കും. അവന്റെ അതിര് സൈദോൻ.
14 ഇസാഖാർ വഴികൾക്കിടയിൽ പതുങ്ങി
ക്കിടക്കുന്ന ബലമുള്ള മനുഷ്യൻ. വാസ
സ്ഥലം ഭംഗിയുള്ളതും ദേശം നല്ലതും
15 എന്നു കണ്ട് അവൻ അടിമത്വത്തിനു
തന്റെ ചുമൽ ചായിച്ചു കൊടുത്ത് കപ്പം
കൊടുക്കുന്നവനായിത്തീർന്നു.
16 ഇസ്രായേൽ ഗോത്രങ്ങളിലൊന്ന് എന്ന
നിലയിൽ ദാൻ തന്റെ ജനത്തിനു ന്യായ
17 പാലനം ചെയ്യും. ദാൻ വഴിയരികിൽ ഒരു
പെരുമ്പാമ്പും പാതവക്കിൽ ഒരു വിഷ
സർപ്പവും ആയിരിക്കും; ആ പാമ്പ് കുതിര
യുടെ കുതികാലിൽ കടിച്ച് കുതിരപ്പുറത്ത്
ഇരിക്കുന്നവനെ പുറകോട്ടു വീഴിക്കും.
കർത്താവേ, ഞാൻ നിന്റെ രക്ഷയ്ക്കായി 18
കാത്തിരിക്കുന്നു.
ഗാദ് കവർച്ചയായി പോകേണ്ടിവരും. 19
അവൻ അവരെ ഞെരുക്കും. ആശേർ: അവ 20
ന്റെ പ്രദേശം നല്ലത്; അവൻ രാജാക്ക
ന്മാർക്കു പോഷണം നൽകും. നഫ്താലി: 21
വേഗതയുള്ള ഒരു സന്ദേശവാഹകൻ;
അവൻ സദ്വർത്തമാനം നൽകും. യൗസേഫ് 22
ഫലപ്രദമായ വൃക്ഷം; അവൻ മതിലിൽ
പടർന്ന കൊമ്പുകൾ ഉള്ളവൻ. സംഘത്തല 23
വന്മാർ അവനോടു തർക്കിച്ചു. അവനെ
ഉപദ്രവിക്കുന്നവർ വർദ്ധിച്ചു. അവന്റെ 24
വില്ലു ശക്തിയോടെ പ്രവർത്തിച്ചു. യാക്കോ
ബിന്റെ ശക്തന്റെ കൈയാൽ ബലംപ്രാ
പിച്ചു; ഇസ്രായേലിന്റെ പാറയായ ഇടയ
ന്റെ നാമത്താൽ തന്നെ. നിന്റെ പിതാവി 25
ന്റെ ദൈവം നിന്നെ സഹായിക്കും; സർവ്വ
ശക്തൻ നിന്നെ അനുഗ്രഹിക്കും. സ്വർഗ്ഗ
ത്തിൽനിന്നുള്ള വാഴ്വ് ഉയരത്തിൽനിന്നും
ആഴത്തിന്റെ വാഴ്വു താഴെനിന്നും സ്തന
ഗർഭപാത്രാദികളുടെ വാഴ്വും എന്റെ
പിതാവിന്റെ വാഴ്വും നിന്റെ മേൽ വരും.
നിന്റെ ജനകന്മാരുടെ വാഴ്വുകൾ നിത്യ 26
മായ ഗിരികളുടെ അഗ്രംവരെയും ശക്തി
പ്പെട്ടു. അവ യൗസേഫിന്റെ ശിരസ്സിന്മേലും
അവന്റെ സഹോദരന്മാരുടെ കിരീടങ്ങ
ളിന്മേലും എന്നേക്കും ഉണ്ടായിരിക്കും.
ബെൻയാമീൻ കടിച്ചു കീറുന്ന ചെന്നാ 27
യ; പ്രഭാതത്തിൽ അവൻ കവർച്ച പിടിച്ചു
ഭക്ഷിക്കും. സന്ധ്യക്കു അവൻ പിടിച്ചവ
അവൻ പങ്കിടും.
ഇവയെല്ലാമാകുന്നു ഇസ്രായേലിന്റെ 28
പന്ത്രണ്ടു ഗോത്രങ്ങൾ. അവരുടെ പിതാ
വായ യാക്കോബ് അവരോടു സംസാരിച്ച്
ഓരോരുവനും അവനവന്റെ അനുഗ്രഹം
നൽകി അവരെ അനുഗ്രഹിച്ചു. അനുഗ്ര 29
ഹിച്ച ശേഷം അവൻ അവരോടു കല്പിച്ചു:
ഞാൻ എന്റെ ജനത്തോടു ചേരുവാൻ
പോകുന്നു. മമ്രേക്കു മുൻവശം ഹിത്യനായ
അഫ്രോന്റെ വയലിലുള്ള ഗുഹയിൽ
എന്റെ പിതാക്കന്മാരുടെ അടുക്കൽ
നിങ്ങൾ എന്നെ സംസ്ക്കരിക്കണം. കനാൻ 30
ദേശത്തു ശ്മശാനാവശ്യത്തിനായി ഹിത്യ
നായ അഫ്രോനിൽനിന്നു അബ്രഹാം വില
യ്ക്കു വാങ്ങിയ മമ്രേക്കു നേരെയുള്ള ആ
വയലിലാണ് അബ്രഹാമിനെയും ഭാര്യയായ 31
സാറായെയും സംസ്ക്കരിച്ചത്. അവിടെത്ത

ന്നെയാണ് ഇസഹാക്കിനെയും അവൻെറ
ഭാര്യയായ റഫ്ക്കയെയും അടക്കിയത്.
അവിടെത്തന്നെയാണു ഞാൻ ലേയയെയും
32 സംസ്ക്കരിച്ചത്. ആ വയലും ഗുഹയും
ഹിത്യരോടു വിലയ്ക്കു വാങ്ങിയതാകുന്നു.
33 യാക്കോബ് തൻെറ പുത്രന്മാരോടു
ഇതെല്ലാം കല്പിച്ചശേഷം കട്ടിലിൽ കാൽ
നീട്ടിവച്ച് ക്ഷീണിതനായി നിര്യാണം പ്രാ
പിച്ചു. തൻെറ ജനത്തോടു ചേർക്കപ്പെടു
കയും ചെയ്തു.

അദ്ധ്യായം 50

യൗസേഫ് തൻെറ പിതാവിൻെറ മുഖ
ത്ത് വീണു കരഞ്ഞു. അവനെ ചുംബിച്ചു.
2 യൗസേഫ് തൻെറ ദാസന്മാരായ വൈദ്യന്മാ
രോട് തൻെറ പിതാവിനു സുഗന്ധവർഗ്ഗം
ഇടുവാൻ കല്പിച്ചു. അവർ ഇസ്രായേലിനു
3 സുഗന്ധവർഗ്ഗമിട്ടു. നാല്പതു ദിവസങ്ങൾ
കഴിഞ്ഞു. എന്തെന്നാൽ, സുഗന്ധവർഗ്ഗ
മിടീലിൻെറ ദിവസങ്ങൾ പൂർത്തിയാകു
ന്നത് അങ്ങനെയാണ്. മെസ്രേൻകാർ അവ
നെക്കുറിച്ച് എഴുപതു ദിവസം കരഞ്ഞു
4 കൊണ്ടിരുന്നു. വിലാപദിവസങ്ങൾ കഴി
ഞ്ഞപ്പോൾ യൗസേഫ് ഫറഓൻെറ ഗൃഹ
വിചാരകനുമായി സംസാരിച്ചു. നിങ്ങൾക്ക്
എന്നിൽ ദയയുണ്ടെങ്കിൽ ഫറഓനോടു
5 ഇപ്രകാരം പറയുവിൻ: എൻെറ അപ്പൻ
എന്നെക്കൊണ്ടു സത്യം ചെയ്യിച്ചു. എന്നോട്
ഇങ്ങനെ പറഞ്ഞിട്ടുണ്ട്: ഇതാ ഞാൻ
മരിക്കുന്നു. ഞാൻ എനിക്കുവേണ്ടി കനാൻ
ദേശത്തു വാങ്ങിച്ചിട്ടുള്ള കബറിൽ തന്നെ
എന്നെ അടക്കണം. (ആകയാൽ) ഇപ്പോൾ
ഞാൻ പോയി എൻെറ അപ്പനെ കബറടക്കി
6 യിട്ടു തിരിച്ചു വരാം. നിൻെറ അപ്പൻ
നിന്നെക്കൊണ്ടു സത്യം ചെയ്യിച്ചിട്ടുള്ള
പ്രകാരം പോയി അവനെ അടക്കുക എന്ന്
7 ഫറഓൻ പറഞ്ഞു. യൗസേഫ് തൻെറ
അപ്പനെ അടക്കുവാൻ പുറപ്പെട്ടു. ഫറഓ
ൻെറ എല്ലാ ഭൃത്യന്മാരും മെസ്രേൻ ദേശത്തെ
8 മൂപ്പന്മാരും അവനോടുകൂടെ യാത്രയായി.
യൗസേഫിൻെറ ഭവനക്കാർ മുഴുവനും,
അവൻെറ സഹോദരന്മാരും അവൻെറ
പിതാവിൻെറ ഭവനക്കാരെല്ലാവരും അവ
നോടൊപ്പം യാത്രതിരിച്ചു. തങ്ങളുടെ
കുഞ്ഞുങ്ങളെയും ആടുമാടുകളെയും
9 മാത്രം അവൻ ഗോശാൻ ദേശത്തു വിട്ടിരു
ന്നു. രഥങ്ങളും കുതിരച്ചേവകരും അവ
നോടുകൂടെ പോയി. അത് ഒരു വലിയ
10 പാളയമായിത്തീർന്നു. അവർ യോർദ്ദാന്
അക്കരെയുള്ള ആത്തോദിൻെറ മെതിക്കളം
വരെ എത്തിയപ്പോൾ ഒരു വലിയ വിലാപം
നടത്തി. അവർ ഏഴു ദിവസം തൻെറ പിതാ 11
വിനെക്കുറിച്ചു കരഞ്ഞു. ആ ദേശവാസി
കളായ കനാന്യർ ആത്തോദിൻെറ മെതി
ക്കളത്തിങ്കലെ വിലാപം കണ്ടിട്ട്: ഇതു
മെസ്രേന്യരുടെ മഹാവിലാപം എന്നു
പറഞ്ഞു. അതുകൊണ്ട് യോർദാന് അക്കരെ
യുള്ള ആ സ്ഥലം ആബേൽ മെസ്രേൻ
എന്ന പേരിൽ വിളിക്കപ്പെട്ടു. അവൻ
കല്പിച്ചിരുന്നതുപോലെ തന്നെ അവൻെറ 12
മക്കൾ അവനുവേണ്ടി ചെയ്തു. അവൻ
അവനെ കനാൻ ദേശത്തേക്കു വഹിച്ചു 13
കൊണ്ടുപോയി. വയലിലെ ഇരട്ട ഗുഹ
യിൽ—മമ്രേയിക്ക് അരികെ ഹിത്യനായ
എഫ്രോനോട് അബ്രഹാം വിലയ്ക്കു
വാങ്ങി അവകാശപ്പെടുത്തിയ കബറിൽ—
അടക്കം ചെയ്തു. യൗസേഫിൻെറ പിതാ 14
വിനെ അടക്കംചെയ്തശേഷം അവനും
അവൻെറ സഹോദരന്മാരും കബറടക്ക
ത്തിന് അവനോടു കൂടെ പോയിരുന്ന
വരെല്ലാം മെസ്രേനിൽ മടങ്ങിയെത്തി. തങ്ങ 15
ളുടെ പിതാവു മരിച്ചുപോയി എന്നു കണ്ട
പ്പോൾ യൗസേഫിൻെറ സഹോദരന്മാർ
സംഭീതരായി. യൗസേഫ് നമ്മെ ദ്വേഷിക്കു
കയും നാം അവനോടു ചെയ്ത സകല തിന്മ
യ്ക്കും പകരം വീട്ടുകയും ചെയ്തെന്നുവ
രാം എന്ന് അവർ പരസ്പരം പറഞ്ഞു. അവർ 16
യൗസേഫിനെ സമീപിച്ചു അവനോടു
പറഞ്ഞു: നിൻെറ പിതാവ് തൻെറ മരണ
ത്തിനു മുമ്പ് ഞങ്ങളോടു കല്പിച്ചു
പറഞ്ഞിട്ടുണ്ട്: നിൻെറ സഹോദരന്മാ 17
രുടെ ദോഷത്വവും അവരുടെ പാപങ്ങളും
ക്ഷമിക്കണമേ; എന്തെന്നാൽ അവർ
നിന്നോടു തിന്മ പ്രവർത്തിച്ചുവല്ലോ, എന്നു
നിങ്ങൾ യൗസേഫിനോടു അപേക്ഷിച്ചു
പറയണം (എന്നു പറഞ്ഞിട്ടുണ്ട്). ഇപ്പോൾ,
നിൻെറ പിതാവിൻെറ ദൈവത്തിൻെറ
ദാസന്മാരുടെ ദോഷത്വം ക്ഷമിക്കേണമേ.
അവർ ഇങ്ങനെ പറഞ്ഞപ്പോൾ യൗസേഫ്
കരഞ്ഞു. സഹോദരന്മാർ ചെന്ന് അവൻെറ 18
മുമ്പിൽ വീണ്, ഇതാ, ഞങ്ങൾ നിൻെറ
അടിമകളാകുന്നു എന്നു പറഞ്ഞു. യൗസേ
ഫ് അവരോടു: നിങ്ങൾ ഭയപ്പെടേണ്ടാ; 19
എന്തെന്നാൽ ഞാൻ ദൈവത്തിൻെറ
കീഴിലാകുന്നു. നിങ്ങൾ എനിക്കു തിന്മ 20
നിരൂപിച്ചു. എന്നാൽ, ഇന്നു കാണുന്നതു
പോലെ, അനേകം ജനത്തിൻെറ ജീവരക്ഷ
യ്ക്കായി അതു ദൈവം ഉദ്ദേശിച്ചതത്രേ.
ഇനി നിങ്ങൾ ഭയപ്പെടേണ്ടാ. നിങ്ങളെയും 21
നിങ്ങളുടെ പൈതങ്ങളെയും ഞാൻ പോററി

പുലർത്താം. ഇങ്ങനെ അവൻ അവരെ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തി.

യൗസേഫ് നൂററിപ്പത്തു സംവത്സരം ജീവിച്ചിരുന്നു. അഫ്രേമിൻെറ മൂന്നാം (തലമുറയിലെ) മക്കളെയും യൗസേഫ് കണ്ടു; മനശ്ശെയുടെ മകൻ മാക്കീറിൻെറ മക്കളും അവൻെറ മടിയിൽ വളർത്തപ്പെട്ടു. യൗസേഫ് തൻെറ സഹോദരന്മാരോടു പറഞ്ഞു: ഞാൻ മരിക്കുന്നു. ദൈവം തീർച്ചയായും നിങ്ങളെ ഓർക്കുകയും ഈ ദേശത്തുനിന്ന്,
താൻ അബ്രഹാമിനും ഇസഹാക്കിനും
യാക്കോബിനും വാഗ്ദത്തം ചെയ്ത ദേശത്തു
കൊണ്ടുപോകുകയും ചെയ്യും. യൗസേഫ് 25
ഇസ്രായേൽ മക്കളെക്കൊണ്ടു സത്യം
ചെയ്യിച്ചു പറഞ്ഞത്: ദൈവം നിങ്ങളെ
ഓർക്കുമ്പോൾ നിങ്ങൾ എൻെറ അസ്ഥി
കൾ ഇവിടെനിന്നു കൊണ്ടുപോകണം.
യൗസേഫ് നൂററിപ്പത്തു വയസ്സുള്ളവനായി
മരിച്ചു. അവർ അവനെ സുഗന്ധവർഗ്ഗം ഇട്ട്
മെസ്രേനിൽ ഒരു ശവപ്പെട്ടിയിൽ വച്ചു.

ആദ്യപുസ്തകം സമാപ്തം

പുറപ്പാടു പുസ്തകം എന്ന് വിളിക്കപ്പെടുന്ന ന്യായപ്രമാണത്തിലെ രണ്ടാം പുസ്തകം

അദ്ധ്യായം 1

തങ്ങളുടെ കുടുംബങ്ങളോടൊപ്പം
യാക്കോബിനോടുകൂടെ മെസ്രേനിലേക്ക്
കടന്ന ഇസ്രായേൽ പുത്രന്മാരുടെ പേരുകൾ
2 ഇവയാകുന്നു. റൂബേൽ, ശെമവൂൻ, ലേവി,
3 യഹൂദ, ഇസാഖാർ, സ്ബൂലൂൻ, ബെന്യാ
4 മീൻ, ദാൻ, നഫ്താലി, ഗാദ്, ആശേർ.
5 യാക്കോബിന്റെ കടിപ്രദേശത്തുനിന്നു
പുറപ്പെട്ടവർ എല്ലാംകൂടി എഴുപതു പേർ
ആയിരുന്നു. യൗസേഫ് മെസ്രേനിൽ ഉണ്ടാ
6 യിരുന്നു. യൗസേഫും, അവന്റെ സകല
സഹോദരന്മാരും, ആ തലമുറ മുഴുവനും
7 മരിച്ചു. ഇസ്രായേൽമക്കൾ സന്താനപുഷ്ടി
യുള്ളവരായി വർദ്ധിച്ചു പെരുകി നന്നായി
പ്രബലപ്പെട്ട് ദേശം അവരാൽ നിറയപ്പെട്ടു.
8 മെസ്രേനിൽ ഒരു പുതിയ രാജാവ് എഴു
ന്നേററു; അവൻ യൗസേഫിനെ അറിഞ്ഞി
9 രുന്നില്ല. അവൻ തന്റെ ജനത്തോടു
പറഞ്ഞു: "നമുക്കറിവായിരിക്കട്ടെ, ഇസ്രാ
യേൽ ജനം വർദ്ധിച്ച് നമ്മെക്കാൾ പ്രബല
10 രായിരിക്കുന്നു. അവർ വർദ്ധിക്കാതിരിക്കു
ന്നതിനു നാം ബുദ്ധി പ്രയോഗിക്കണം;
ഇല്ലെങ്കിൽ, ഒരു യുദ്ധം ഉണ്ടായാൽ അവർ
നമ്മുടെ ശത്രുക്കളോടു യോജിച്ചു പോരാടി
നമ്മെ ദേശത്തുനിന്നു പുറത്താക്കിയെന്നു
11 വരാം." അവരെ കഠിനാദ്ധ്വാനം കൊണ്ടു
ഭാരപ്പെടുത്തേണ്ടതിനു അവരുടെ മേൽ
തിന്മപെട്ട അധികാരികളെ നിയമിച്ചു. അവർ
ഫറഓനുവേണ്ടി പീത്തോം, റയംസേസ്
എന്നീ സംഭരണനഗരങ്ങൾ നിർമ്മിക്കു
12 കയും ചെയ്തു. അവരെ എത്രയേറെ ഭാര
പ്പെടുത്തിയോ അത്രയേറെ അവർ വർദ്ധി
ക്കുകയും പ്രബലപ്പെടുകയും ചെയ്തു.
13 അതിനാൽ ഇസ്രായേൽ മക്കളെപ്രതി
അവർക്ക് മനോസ്വാസ്ഥ്യം ബാധിച്ചു.
14 മെസ്രേന്യർ ഇസ്രായേൽ മക്കളെ കാഠിന്യ
ത്തോടെ ഭാരപ്പെടുത്തി. കളിമണ്ണും ഇഷ്ടി
കയുംകൊണ്ടു വയലിലെ എല്ലാ വേലക
ളും സംബന്ധിച്ചുള്ള കഠിന ജോലിയാലും
അവരെക്കൊണ്ടു നിർദ്ദയം ചെയ്യിച്ച സകല
പ്രയത്നത്താലും അവരുടെ ജീവിതം ദുരിത
പൂർണ്ണമാക്കി.
പൂവാ എന്നും ശുപ്രാ എന്നും പേരായ 15
എബ്രായ സൂതികർമ്മിണികളോടു രാജാവു
സംസാരിച്ചു. "നിങ്ങൾ എബ്രായസ്ത്രീ 16
കൾക്കു പ്രസവശുശ്രൂഷ ചെയ്യുമ്പോൾ,
അവർ പ്രസവിക്കുന്നതു ആൺകുട്ടിയാണെ
ന്നു കണ്ടാൽ അതിനെ കൊന്നുകളയണം;
പെൺകുട്ടിയാണെങ്കിൽ അതു ജീവനോടി
രിക്കട്ടെ" എന്നു പറഞ്ഞു. ആ സൂതികർമ്മി 17
ണികൾ ദൈവഭയമുള്ളവരായിരുന്നു.
അവർ മെസ്രേൻ രാജാവു പറഞ്ഞതുപോ
ലെ പ്രവർത്തിക്കാതെ ആൺകുഞ്ഞുങ്ങളെ
ജീവനോടെ വച്ചിരുന്നു. രാജാവു അവരെ 18
വിളിച്ച് അവരോടു: "നിങ്ങൾ ഇങ്ങനെ
ചെയ്യുന്നത് എന്തുകൊണ്ട്? നിങ്ങൾ ആൺ
കുഞ്ഞുങ്ങളെ ജീവനോടെ വച്ചേക്കുന്നു
വല്ലോ" എന്നു പറഞ്ഞു. സൂതികർമ്മിണി 19
കൾ ഫറഓനോടു: "ഈ എബ്രായസ്ത്രീ
കൾ മെസ്രേന്യസ്ത്രീകളെപ്പോലെയല്ല.
അവർ നല്ല ചൈതന്യമുള്ളവർ; സൂതി
കർമ്മിണി എത്തുംമുമ്പെ അവർ പ്രസവി
ക്കുന്നു" എന്നു പറഞ്ഞു, സൂതികർമ്മിണി 20
കൾ ഈ കാര്യം ചെയ്തതിനാൽ ദൈവം
അവർക്കു നന്മ ചെയ്തു. ജനം കൂടുതൽ
വർദ്ധിക്കുകയും പ്രബലപ്പെടുകയും ചെയ്തു.
സൂതികർമ്മിണികൾ ദൈവത്തെ ഭയ 21
പ്പെട്ടതുകൊണ്ട് അവൻ അവർക്കു ഭവന
ങ്ങൾ ഉണ്ടാക്കി. ഫറഓൻ സർവ്വ ജന 22
ത്തോടും: ജനിക്കുന്ന എല്ലാ ആൺകുഞ്ഞു
ങ്ങളെയും നദിയിൽ എറിയണമെന്നും
പെൺകുഞ്ഞുങ്ങളെ ജീവനോടെ വച്ചു
കൊള്ളാമെന്നും കല്പിച്ചു.

അദ്ധ്യായം 2

ലേവികുടുംബത്തിലെ ഒരു പുരുഷൻ
ചെന്ന് ഒരു ലേവിപുത്രിയെ വിവാഹം
ചെയ്തു. അവൾ ഗർഭിണിയായി ഒരു 2
പുത്രനെ പ്രസവിച്ചു. അവൻ സുന്ദരൻ
എന്നു കണ്ടിട്ട് മൂന്നു മാസം അവനെ ഒളിച്ചു
വച്ചു. പിന്നെ അവനെ ഒളിച്ചുവയ്ക്കാൻ 3

കഴിയാതായി, അവൾ ചുള്ളികൾകൊണ്ടു
മെടഞ്ഞ ഒരു പെട്ടി വാങ്ങി അതിനു പശയും
കീലും തേച്ച് കുഞ്ഞിനെ അതിൽ കിടത്തി
നദിയുടെ അരികിൽ വച്ചു.
4 അവന് എന്തു സംഭവിക്കും എന്ന് അറി
യുവാൻ അവന്റെ സഹോദരി ദൂരെ മാറി
5 നിന്നു. ഫറഓന്റെ പുത്രി ആററിൽ കുളി
ക്കുവാൻ ഇറങ്ങിവന്നു. അവളുടെ ദാസി
മാർ ആററുതീരത്തുകൂടെ നടന്നു. അവൾ
ഞാങ്ങണയുടെ ഇടയിൽ ആ പെട്ടി കണ്ടിട്ട്
6 ദാസിമാരെ അയച്ച് അത് എടുത്തു. അവൾ
പെട്ടി തുറന്ന് ആ കുഞ്ഞിനെ കണ്ടു. ഇതാ
കുഞ്ഞു കരയുന്നു. അവൾക്ക് അതിനോടു
മനസ്സലിഞ്ഞു. ഇത് എബ്രായക്കാരുടെ
കുഞ്ഞുങ്ങളിൽ ഒന്ന് എന്ന് അവൾ പറ
7 ഞ്ഞു. അവന്റെ സഹോദരി ഫറഓന്റെ
പുത്രിയോട്: നിനക്കു വേണ്ടി ഈ കുഞ്ഞി
നെ മുല കൊടുത്തു വളർത്തുവാൻ ഞാൻ
പോയി ഒരു എബ്രായസ്ത്രീയെ വിളിച്ചു
8 കൊണ്ടു വരട്ടെയോ, എന്നു ചോദിച്ചു. പോ
കുക എന്നു ഫറഓന്റെ പുത്രി പറഞ്ഞു.
ആ പെൺകുട്ടി പോയി ആ കുഞ്ഞിന്റെ
അമ്മയെ വിളിച്ചുകൊണ്ടുവന്നു.
9 ഫറഓന്റെ പുത്രി അവളോട്: എനിക്കു
വേണ്ടി ഈ കുഞ്ഞിനെ മുല കൊടുത്തു
വളർത്താമോ? ഞാൻ നിനക്കു കൂലി തരാം
എന്നു പറഞ്ഞു. ആ സ്ത്രീ ആ കുഞ്ഞിനെ
എടുത്തുകൊണ്ടു പോയി മുല കുടിപ്പിച്ചു.
10 കുഞ്ഞു വളർന്നപ്പോൾ അവൾ അവനെ
ഫറഓന്റെ പുത്രിയുടെ അടുത്തു കൊണ്ടു
വന്നു. അവൻ അവൾക്ക് മകനായിത്തീർ
ന്നു. ഞാൻ അവനെ വെള്ളത്തിൽ നിന്നു
വലിച്ചെടുത്തു എന്നു പറഞ്ഞ് അവൾ
അവനു മോശ എന്നു പേരിട്ടു.
11 ആ കാലത്ത് ഒരിക്കൽ ഉണ്ടായ സംഭവം:
മോശ വളർന്നശേഷം തന്റെ സഹോദര
ന്മാരെ കാണാൻ പുറപ്പെട്ടു. അവരുടെ
ഭാരമുള്ള അടിമത്വം അവൻ കണ്ടു. തന്റെ
സഹോദരങ്ങളായ ഇസ്രായേൽ മക്കളിൽ
പെട്ട ഒരു എബ്രായപുരുഷനെ ഒരു
മെസ്രേൻകാരൻ അടിക്കുന്നത് അവൻ
12 കണ്ടു. അവൻ അപ്പുറത്തും ഇപ്പുറത്തും
തിരിഞ്ഞു നോക്കി, ആരും ഇല്ലെന്നു കണ്ട
പ്പോൾ ആ മെസ്രേൻകാരനെ കൊന്നു
13 മണലിൽ മറവു ചെയ്തു. അടുത്ത ദിവസം
അവൻ പുറത്തു പോയപ്പോൾ രണ്ട് എബ്രാ
യക്കാർ തമ്മിൽ വഴക്കടിക്കുന്നതു കണ്ടു.
നിന്റെ സ്നേഹിതനെ അടിക്കുന്നതെന്ത്?
എന്നു അന്യായം ചെയ്തവനോടു അവൻ
14 ചോദിച്ചു. അവൻ അവനോട്: നിന്നെ ഞങ്ങ
ളുടെ മേലധികാരിയും ന്യായാധിപനും
ആക്കിയതാര്? ഇന്നലെ ആ മെസ്രേന്യനെ
കൊന്നതുപോലെ എന്നെ കൊല്ലാമെന്നു
നീ വിചാരിക്കുന്നുവോ? എന്നു ചോദിച്ചു.
ഈ വാർത്ത പരസ്യമായിരിക്കുന്നുവല്ലോ
എന്നു പറഞ്ഞ് അവൻ സംഭീതനായി.
ഫറഓൻ ഈ കാര്യം കേട്ടിട്ട് മോശയെ 15
കൊല്ലുവാൻ ആഗ്രഹിച്ചു. മോശ
ഫറഓന്റെ സന്നിധിയിൽ നിന്ന് ഓടി,
മെദ്യാൻ ദേശത്ത് എത്തി, ഒരു കിണറിന്റെ
അരികെ ഇരുന്നു. മെദിയാനിലെ പുരോ 16
ഹിതന് ഏഴു പുത്രിമാർ ഉണ്ടായിരുന്നു.
തങ്ങളുടെ പിതാവിന്റെ ആടുകളെ കുടി
പ്പിക്കേണ്ടതിനായി അവർ വന്ന് തൊട്ടിക
ളിൽ വെള്ളം കോരി നിറച്ചു. ഇടയന്മാർ 17
വന്ന് അവരെ ഓടിച്ചുകളഞ്ഞു. അപ്പോൾ
മോശ എഴുന്നേററ് അവരെ രക്ഷിച്ച്, അവ
രുടെ ആടുകളെ കുടിപ്പിച്ചു. അവർ തങ്ങ 18
ളുടെ പിതാവായ റഗുവേലിന്റെ അടുത്ത്
എത്തിയപ്പോൾ അവൻ അവരോട്: ഇന്നു
നിങ്ങൾ ഇത്രവേഗം ആടുകളെ കുടിപ്പിച്ചത്
എങ്ങനെ? എന്നു ചോദിച്ചു. അവർ അവ 19
നോടു: മെസ്രേൻകാരനായ ഒരു പുരുഷൻ
ഇടയന്മാരുടെ കൈയിൽനിന്നു ഞങ്ങളെ
രക്ഷിക്കുകയും, ഞങ്ങൾക്കുവേണ്ടി വെള്ളം
കോരി ഞങ്ങളുടെ ആടുകളെ കുടിപ്പി
ക്കുകയും ചെയ്തു എന്നുപറഞ്ഞു. അവൻ
തന്റെ പുത്രിമാരോട്: അവൻ എവിടെ? 20
നിങ്ങൾ ആ പുരുഷനെ വിട്ടിട്ട് പോന്നത്
എന്തുകൊണ്ട്? പോയി അവനെ വിളിച്ചു
കൊണ്ടുവരുവിൻ. അവൻ ഭക്ഷണം കഴി
ക്കട്ടെ, എന്നുപറഞ്ഞു. ആ മനുഷ്യനോടു 21
കൂടെ താമസിപ്പാൻ മോശെയ്ക്കു സമ്മത
മായി. അവൻ തന്റെ പുത്രി സെഫോ
റായെ അവനു ഭാര്യയായി കൊടുത്തു. 22
അവൾ ഒരു മകനെ പ്രസവിച്ചു. ഞാൻ
അന്യദേശത്തു പ്രവാസിയായിത്തീർന്നു
എന്നുപറഞ്ഞ് അവൻ ഗേർശോൻ എന്ന്
അവനെ വിളിച്ചു. അവൾ മോശെയ്ക്കു
രണ്ടാമത് ഒരു മകനെ പ്രസവിച്ചു. എന്റെ
പിതാക്കന്മാരുടെ ദൈവം എന്നെ സഹാ
യിച്ച് ഫറഓന്റെ വാളിൽനിന്ന് എന്നെ
വിടുവിച്ചു എന്നുപറഞ്ഞ് അവൻ അവന്
എലിയാസാർ എന്നു പേരിട്ടു.
നാളുകളേറെ കഴിഞ്ഞ്, മെസ്രേൻ 23
രാജാവു മരിച്ചു. കഠിനമായ ദാസ്യവേല
യാൽ ഇസ്രായേൽ മക്കൾ നെടുവീർപ്പിട്ടു.
അവർ പ്രാർത്ഥിച്ചു. അടിമത്വം നിമിത്ത
മുള്ള അവരുടെ നിലവിളി ദൈവസന്നിധി
യിലേക്കുയർന്നു. ദൈവം അവരുടെ കര 24

ച്ചിൽ കേട്ടു. അബ്രഹാമിനോടും ഇസ
ഹാക്കിനോടും യാക്കോബിനോടുമുള്ള
25 തൻെറ ഉടമ്പടി ദൈവം ഓർത്തു. ഇസ്രാ
യേൽ മക്കളെ ദൈവം നോക്കി; ദൈവം
ഗ്രഹിച്ചു.

അദ്ധ്യായം 3

മോശ തൻെറ അമ്മായിയപ്പനും മെദി
യാനിലെ പുരോഹിതനുമായ യത്രോയുടെ
ആടുകളെ മേയിക്കുകയായിരുന്നു. അവൻ
ആടുകളെ മരുഭൂമിയിലേക്കു നയിച്ച് ദൈവ
ത്തിൻെറ പർവ്വതമായ ഹോറേബോളം
2 എത്തി. മുൾപ്പടർപ്പിനുള്ളിൽ തീജ്വാലയിൽ
ദൈവത്തിൻെറ മാലാഖാ അവനു കാണ
പ്പെട്ടു. മുൾപ്പടർപ്പിൽ തീ കത്തുന്നുവെങ്കി
ലും അതു ദഹിച്ചു പോകുന്നില്ല എന്ന്
3 അവൻ കണ്ടു. ഞാൻ ചെന്ന് ഈ മഹത്തായ
കാഴ്ച കാണട്ടെ; മുൾപ്പടർപ്പു ദഹിച്ചു പോ
കാത്തത് എന്തുകൊണ്ടാണ്? എന്നു മോശ
4 പറഞ്ഞു. അവൻ നോക്കുവാൻ വരുന്നതു
കർത്താവു കണ്ടു. മുൾപ്പടർപ്പിൽ നിന്നു
ദൈവം അവനെ മോശേ, മോശേ എന്നു
5 വിളിച്ചു. ഞാൻ ഇതാ എന്ന് അവൻ പറഞ്ഞു.
അവനോടു പറഞ്ഞു: ഇങ്ങോട്ട് അടുക്കരു
ത്. നിൻെറ കാലിൽ നിന്നു ചെരിപ്പ് അഴിച്ചു
കളയുക; എന്തെന്നാൽ, നീ നിൽക്കുന്ന ആ
6 സ്ഥലം വിശുദ്ധമാകുന്നു. അവൻ (തുടർ
ന്നു) പറഞ്ഞു: നിൻെറ പിതാവിൻെറ
ദൈവം; അബ്രഹാമിൻെറ ദൈവം; ഇസഹാ
ക്കിൻെറ ദൈവം; യാക്കോബിൻെറ ദൈവം
7 ഞാനാകുന്നു. മോശ ദൈവത്തിങ്കലേക്കു
നോക്കുവാൻ ഭയപ്പെട്ടതുകൊണ്ട് തൻെറ
മുഖം മൂടി. കർത്താവു (തുടർന്നു) പറഞ്ഞു:
മെസ്രേനിൽ എൻെറ ജനത്തിൻെറ അടി
മത്വം ഞാൻ കണ്ടു; മേൽവിചാരകന്മാരുടെ
മുമ്പിലുള്ള അവരുടെ നിലവിളി ഞാൻ
കേട്ടു. അവരുടെ വേദന ഞാൻ അറിയുന്നു.
8 ഞാൻ ഇറങ്ങിവന്നിരിക്കുന്നത് അവരെ
മെസ്രേൻകാരുടെ കൈയിൽ നിന്നു വിടു
വിക്കുന്നതിനും വിശാലവും ഉത്തമവുമായ
ഒരു ദേശത്തേക്ക്, പാലും തേനും ഒഴുകുന്ന
ദേശത്തേക്ക്, കനാന്യർ, ഹിത്യർ, ആമൂറാ
യർ, പെരിസ്യർ, ഹിവ്യർ, യബൂസ്യർ എന്നി
വരുടെ ദേശത്തേക്ക് കയററിക്കൊണ്ടു പോ
9 കുന്നതിനുമാണ്. ഇപ്പോൾ; ഇതാ, ഇസ്രാ
യേൽ മക്കളുടെ നിലവിളി എൻെറ അടു
ക്കൽ എത്തിയിരിക്കുന്നു. മെസ്രേൻകാർ
അവരെ ഞെരുക്കുന്ന ഞെരുക്കം ഞാൻ
10 കണ്ടുമിരിക്കുന്നു. ഇപ്പോൾ നീ വരിക;
ഞാൻ നിന്നെ ഫറഓൻെറ അടുക്കൽ അയ
യ്ക്കും; എൻെറ ജനമായ ഇസ്രായേലിനെ
നീ മെസ്രേനിൽനിന്നു പുറപ്പെടുവിക്കണം.
മോശ ദൈവത്തോട്: ഫറഓൻെറ അടു 11
ക്കൽ പോകുവാനും ഇസ്രായേൽ ജനത്തെ
മെസ്രേനിൽ നിന്നും പുറപ്പെടുവിക്കുവാനും
(തക്കവണ്ണം) ഞാൻ ആര്? എന്നു പറഞ്ഞു.
ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും. നീ 12
ജനത്തെ മെസ്രേനിൽനിന്നു പുറപ്പെടുവിച്ചു
കൊണ്ടുവരുമ്പോൾ നിങ്ങൾ ഈ പർവ്വത
ത്തിങ്കൽ ദൈവത്തെ ആരാധിക്കും എന്നു
ള്ളത് ഞാൻ നിന്നെ അയച്ചു എന്നതിൻെറ
അടയാളം എന്ന് അവൻ പറഞ്ഞു.
മോശ ദൈവത്തോട്: ഞാൻ ഇസ്രാ 13
യേൽ മക്കളുടെ അടുക്കൽ ചെന്ന്, നിങ്ങ
ളുടെ പിതാക്കന്മാരുടെ ദൈവം എന്നെ
നിങ്ങളുടെ പക്കൽ അയച്ചിരിക്കുന്നു എന്നു
പറയുമ്പോൾ; അവൻെറ നാമം എന്ത് എന്ന്
അവർ ചോദിച്ചാൽ ഞാൻ എന്തു പറയണം
എന്നു ചോദിച്ചു. അവൻ പറഞ്ഞത്: 14
ആഹിയാഹ് ആശാറാഹിയാഹ്. നീ ഇസ്രാ
യേൽ മക്കളോട് ഇപ്രകാരം പറയുക: ആഹി
യാഹ് എന്നെ നിങ്ങളുടെ പക്കൽ അയച്ചി
രിക്കുന്നു. ദൈവം വീണ്ടും മോശയോടു 15
പറഞ്ഞത്: നീ ഇസ്രായേൽ മക്കളോട് ഇപ്ര
കാരം പറയണം: നിങ്ങളുടെ പിതാക്കന്മാ
രുടെ ദൈവം, അബ്രഹാമിൻെറ ദൈവം,
ഇസഹാക്കിൻെറ ദൈവം, യാക്കോബിൻെറ
ദൈവം എന്നെ നിങ്ങളുടെ പക്കൽ അയച്ചി
രിക്കുന്നു. എന്നേക്കും എൻെറ നാമം ഇതാ
ണ്; തലമുറതലമുറകളിലേക്ക് എൻെറ
സ്മരണയും ഇതുതന്നെ. നീ പോയി ഇസ്രാ 16
യേൽ മൂപ്പന്മാരെ കൂട്ടിവരുത്തി അവരോടു
പറയണം: അബ്രഹാമിൻെറ ദൈവം ഇസ
ഹാക്കിൻെറ ദൈവം യാക്കോബിൻെറ
ദൈവം (ഇങ്ങനെ) പറഞ്ഞുകൊണ്ട് എനി
ക്കു വെളിപ്പെട്ടു: ഞാൻ നിങ്ങളെയും മെ 17
സ്രേൻകാർ നിങ്ങളോടു ചെയ്തതിനെയും
ഓർത്തിരിക്കുന്നു. ഞാൻ നിങ്ങളെ മെ
സ്രേൻകാരുടെ അടിമത്വത്തിൽനിന്ന് കനാ
ന്യർ, ഹിത്യർ, ആമൂറായർ, പെരിസ്യർ,
ഹിവ്യർ, യബൂസ്യർ എന്നിവരുടെ ദേശത്തേ
ക്ക്, പാലും തേനും ഒഴുകുന്ന ദേശത്തേക്ക്
കരേററിക്കൊണ്ടുപോകുമെന്നു ഞാൻ
അരുളിച്ചെയ്യുന്നു. അവർ നിൻെറ വാക്കു 18
കേൾക്കുമ്പോൾ, നീയും ഇസ്രായേൽ മക്ക
ളുടെ മൂപ്പന്മാരും മെസ്രേൻ രാജാവിൻെറ
അടുത്തു ചെന്ന് അവനോടു: എബ്രായരുടെ
ദൈവമായ കർത്താവു ഞങ്ങൾക്കു വെളി
പ്പെട്ടിരിക്കുന്നു. ഞങ്ങൾ മരുഭൂമിയിൽ മൂന്നു
ദിവസത്തെ വഴി പോയി ഞങ്ങളുടെ

ദൈവമായ കർത്താവിനു യാഗം കഴിക്കട്ടെ,
19 എന്നു പറയണം. മെസ്രേൻ രാജാവു ബല
മുള്ള കൈമൂലമല്ലാതെ നിങ്ങളെ അനു
20 വദിക്കുകയില്ല എന്ന് എനിക്ക് അറിയാം.
ഞാൻ അവരുടെ ഇടയിൽ പ്രവർത്തിക്കു
ന്ന സകല അത്ഭുതങ്ങൾവഴി ഞാൻ കൈ
21 നീട്ടി മെസ്രേൻകാരെ അടിക്കും. അവ
യ്ക്കു ശേഷം അവൻ നിങ്ങളെ വിട്ടയ
യ്ക്കും. ഞാൻ മെസ്രേൻകാരുടെ ദൃഷ്ടി
യിൽ ജനത്തിനു കരുണ ലഭിക്കുമാറാക്കും.
നിങ്ങൾ പോരുമ്പോൾ വെറുതേ പോരരുത്.
22 ഓരോ സ്ത്രീയും തന്റെ അയൽക്കാരി
യോടും അവളുടെ വീട്ടിൽ വന്നു പാർക്കു
ന്നവളോടും സ്വർണ്ണാഭരണങ്ങളും വെള്ളി
യാഭരണങ്ങളും വസ്ത്രങ്ങളും ചോദിച്ചു
വാങ്ങി നിങ്ങളുടെ പുത്രന്മാരെയും പുത്രി
മാരേയും ധരിപ്പിക്കയും അങ്ങനെ മെ
സ്രേൻകാരെ കൊള്ളയിടുകയും ചെയ്യണം.

അദ്ധ്യായം 4

മോശ ഉത്തരമായിട്ട്: അവർ എന്നെ
വിശ്വസിക്കുകയില്ല; എന്റെ വാക്കു ചെവി
ക്കൊള്ളുകയില്ല; എന്തെന്നാൽ, ദൈവം
നിനക്കു പ്രത്യക്ഷപ്പെട്ടിട്ടില്ല എന്ന് അവർ
2 പറയും, എന്നു പറഞ്ഞു. കർത്താവ് അവ
നോട്: ഇതെന്താണു നിന്റെ കൈയിൽ
എന്നു ചോദിച്ചതിന്, 'വടി' എന്ന് അവൻ
3 പറഞ്ഞു. അതു നിലത്തിടുക എന്ന് താൻ
പറഞ്ഞു. അവൻ അതു നിലത്തിട്ടു. അത്
ഒരു പാമ്പ് ആയിത്തീർന്നു. അതിന്റെ
മുമ്പിൽനിന്നു മോശ ഓടിപ്പോയി.
4 നിന്റെ കൈ നീട്ടി അതിന്റെ വാലിൽ
പിടിക്കുക എന്ന് കർത്താവു മോശയോട്
പറഞ്ഞു. അവൻ കൈ നീട്ടി അതിനെ മുറു
5 കെ പിടിച്ചു. അത് അവന്റെ കൈയിൽ
വടിയായിത്തീർന്നു! അവരുടെ പിതാക്കന്മാ
രുടെ ദൈവം, അബ്രഹാമിന്റെ ദൈവം,
ഇസഹാക്കിന്റെ ദൈവം, യാക്കോബിന്റെ
ദൈവം നിനക്കു പ്രത്യക്ഷപ്പെട്ടു എന്ന്
അവർ വിശ്വസിക്കേണ്ടതിനാകുന്നു ഇത്
6 (എന്നു കർത്താവ് പറഞ്ഞു). കർത്താവു
വീണ്ടും അവനോട്: നിന്റെ കൈ നെഞ്ച
ത്തു വയ്ക്കുക, എന്നു പറഞ്ഞു. അവൻ
നെഞ്ചത്തു കൈ വച്ചു. അവൻ കൈ എടു
ത്തപ്പോൾ, ഇതാ, അവന്റെ കൈ കുഷ്ഠം
7 പിടിച്ച് ഹിമം പോലെ ഇരിക്കുന്നു. നിന്റെ
കൈ വീണ്ടും നെഞ്ചത്തു വയ്ക്കുക എന്നു
8 കർത്താവു പിന്നെയും പറഞ്ഞു. അവൻ
തന്റെ കൈ വീണ്ടും നെഞ്ചത്തു വച്ചു.
കൈ നെഞ്ചത്തുനിന്നു തിരിച്ചെടുത്ത
പ്പോൾ അത് (ശേഷം) ശരീരംപോലെ തന്നെ
ആയിത്തീർന്നു. അവർ ആദ്യത്തെ അടയാള 9
ത്തിന്റെ ശബ്ദം കേട്ടു വിശ്വസിക്കുന്നി
ല്ലെങ്കിൽ മറ്റേ അടയാളത്തിന്റെ ശബ്ദം
വിശ്വസിക്കും. അവർ ഈ അടയാളങ്ങൾ
രണ്ടും വിശ്വസിക്കാതെയും നിന്റെ വാക്ക്
അനുസരിക്കാതെയും ഇരുന്നാൽ നദിയിലെ
ജലം കുറെ എടുത്ത് ഉണങ്ങിയ നിലത്ത്
ഒഴിക്കുക. നീ നദിയിൽനിന്ന് എടുത്ത ആ
വെള്ളം ഉണങ്ങിയ നിലത്ത് രക്തമായി
ത്തീരും.

മോശ കർത്താവിനോട്: എന്റെ 10
കർത്താവേ, ഞാൻ നിന്നോട് അപേക്ഷി
ക്കുന്നു; ഇന്നലെയും, മിനിയാന്നുമുതൽ,
നിന്റെ അടിയാനോടു നീ സംസാരിച്ച
ശേഷവും ഞാൻ വാക്സാമർത്ഥ്യമുള്ള
മനുഷ്യൻ ആയിട്ടില്ല. എന്തെന്നാൽ ഞാൻ
സംസാരത്തിൽ വിക്കുള്ളവനും നാവിനു
തടസ്സമുള്ളവനും ആകുന്നുവല്ലോ, എന്നു
പറഞ്ഞു.

കർത്താവ് അവനോട് പറഞ്ഞത്: മനു 11
ഷ്യനു വായ് ഉണ്ടാക്കിയത് ആരാണ്? അല്ലെ
ങ്കിൽ, ഊമനെയോ, ബധിരനെയോ, കാഴ്ച
യുള്ളവനെയോ അന്ധനെയോ ഉണ്ടാക്കി
യവൻ ആരാണ്? കർത്താവായ ഞാൻ
തന്നെ അല്ലയോ? നീ ഇപ്പോൾ പോകുക.
ഞാൻ നിന്റെ വായോടുകൂടെ ഉണ്ടായി 12
രുന്ന് നീ പറയേണ്ട കാര്യം നിന്നെ പഠിപ്പി
ക്കും. മോശ അവനോട്: നീ മറ്റാരെയാണോ 13
അയയ്ക്കുന്നത് അവനെ അയയ്ക്കണമേ
എന്നു ഞാൻ അപേക്ഷിക്കുന്നു എന്നു
പറഞ്ഞു.

മോശയുടെ നേരേ കർത്താവിന്റെ 14
കോപം ജ്വലിച്ചു. അവൻ അവനോട്: ലേവ്യ
നായ അഹറോൻ നിന്റെ സഹോദരൻ
ആണല്ലോ. അവൻ നന്നായി സംസാരി
ക്കുമെന്ന് എനിക്ക് അറിയാം. ഇതാ, അവൻ
നിന്നെ എതിരേറ്റു വരികയും നിന്നെ കാണു
മ്പോൾ ഹൃദയത്തിൽ ആനന്ദിക്കുകയും
ചെയ്യും. നീ അവനോടു സംസാരിച്ച് അവ 15
ന്റെ വായിൽ എന്റെ വചനങ്ങൾ വയ്ക്ക
ണം. നിന്റെ വായോടുകൂടെയും അവന്റെ
വായോടുകൂടെയും ഞാൻ ഉണ്ടായിരിക്കും.
നിങ്ങൾ ചെയ്യേണ്ട കാര്യം ഞാൻ നിങ്ങളെ
പഠിപ്പിക്കും. അവൻ നിനക്കു വേണ്ടി ജന 16
ത്തോടു സംസാരിക്കും. അവൻ നിനക്കു
തർജ്ജമക്കാരനും നീ അവനു ദൈവത്തിനു
പകരവും ആയിരിക്കും. അതിനാൽ അത്ഭുത 17
ങ്ങൾ ചെയ്യേണ്ടതിന് ഈ വടി നിന്റെ
കൈയിൽ എടുത്തുകൊള്ളുക.

18 മോശ തൻെറ അമ്മായപ്പനായ യത്രോ
യുടെ അടുക്കൽ മടങ്ങിച്ചെന്ന് അവനോട്:
ഞാൻ മെസ്രേനിൽ എൻെറ സഹോദര
ങ്ങളുടെ അടുക്കൽ മടങ്ങിച്ചെന്ന് അവർ
ഇപ്പോഴും ജീവിച്ചിരിക്കുന്നുവോ എന്നു
നോക്കട്ടെ എന്നു പറഞ്ഞു. നീ സമാധാന
ത്തോടെ പോകുക എന്ന് യത്രോ മോശ
യോടു പറഞ്ഞു.
19 മെദിയാനിൽ വച്ചു കർത്താവു മോശ
യോട്: നീ മെസ്രേനിലേക്കു മടങ്ങിപ്പോ
കുക; എന്തെന്നാൽ നിൻെറ പ്രാണനെ
അന്വേഷിച്ചിരുന്ന മനുഷ്യരെല്ലാം മരിച്ചു
20 പോയി എന്നു പറഞ്ഞു. മോശ തൻെറ ഭാര്യ
യെയും പുത്രന്മാരെയും കഴുതപ്പുറത്തു
കയറ്റി മെസ്രേനിലേക്കു പോകുവാൻ പുറ
പ്പെട്ടു. മോശ ദൈവത്തിൻെറ വടിയും കൈ
21 യിൽ എടുത്തു. കർത്താവു മോശയോട്
അരുളിച്ചെയ്തു. നീ മെസ്രേനിലേക്കു പോ
കുവാൻ പുറപ്പെടുമ്പോൾ നിൻെറ കൈക
ളാൽ ഞാൻ ചെയ്ത അത്ഭുതങ്ങളെല്ലാം
ഫറവോൻെറ മുമ്പാകെ ചെയ്യുവാൻ കരുതി
ക്കൊള്ളണം. ഞാൻ അവൻെറ ഹൃദയം
കഠിനപ്പെടുത്തും; അവൻ ജനത്തെ വിട്ട
22 യയ്ക്കുകയില്ല. ഫറവോനോടു നീ ഇപ്രകാരം
പറയണം. ഇസ്രായേൽ എൻെറ മകൻ;
23 എൻെറ ആദ്യജാതൻ. എന്നെ സേവിക്കുന്ന
തിന് എൻെറ മകനെ വിട്ടയയ്ക്കുവാൻ
ഞാൻ നിന്നോടു പറയുന്നു. എൻെറ മകനെ
വിട്ടയപ്പാൻ നീ സമ്മതിക്കുന്നില്ല എങ്കിൽ
നിൻെറ ആദ്യജാതപുത്രനെ ഞാൻ കൊല്ലും.
24 യാത്രയിൽ മോശ വഴിയമ്പലത്തിൽ
ആയിരിക്കുമ്പോൾ കർത്താവ് അവനെ
അഭിമുഖീകരിച്ച് മോശയെ കൊല്ലുവാൻ
25 ഭാവിച്ചു. സിഫോറാ മൂർച്ചയുള്ള ഒരു കല്ല്
എടുത്തു തൻെറ മകൻെറ അഗ്രചർമ്മം ഛേ
ദിച്ച്, അവൻെറ കാലുകളിൽ പിടിക്കു കയും;
നീ എനിക്ക് രക്തത്തിൻെറ മണവാളൻ എന്നു
26 പറയുകയും ചെയ്തു. അപ്പോൾ അവൻ
അവനിൽ നിന്ന് ഒഴിഞ്ഞു പോയി. പരിച്ഛേ
ദനം നിമിത്തം, നീ എനിക്കു രക്തത്തിൻെറ
മണവാളൻ എന്ന് അവൾ പറഞ്ഞത്
27 അപ്പോൾ ആയിരുന്നു. കർത്താവ് അഹറോ
നോട്: നീ മരുഭൂമിയിലേക്ക് നിൻെറ സഹോ
ദരൻ മോശയെ എതിരേറ്റു ചെല്ലുക എന്നു
പറഞ്ഞു. അവൻ പോയി. ദൈവത്തിൻെറ
പർവ്വതമായ ഹോറേബിൽ വച്ച് അവനെ
28 എതിരേറ്റു, ചുംബിച്ചു. കർത്താവിൻെറ സക
ല വാക്കുകളും, തന്നെ അയച്ചതും, താൻ
ചെയ്യണമെന്നു കല്പിച്ച സകല അടയാള
ങ്ങളും മോശ അഹറോനെ അറിയിച്ചു.

മോശയും അഹറോനും ചെന്ന് ഇസ്രാ 29
യേൽ മക്കളുടെ മൂപ്പന്മാരെ കൂട്ടിവരുത്തി.
കർത്താവു മോശയോടു അരുളിച്ചെയ്ത വ 30
ചനങ്ങളെല്ലാം അഹറോൻ പറഞ്ഞു; ജന
ങ്ങളുടെ മുമ്പാകെ ആ അത്ഭുതങ്ങൾ പ്രവർ
ത്തിച്ചു. ജനം വിശ്വസിച്ചു. കർത്താവ് ഇസ്രാ 31
യേൽ മക്കളെ ഓർത്തു എന്നും അവരുടെ
അടിമത്വത്തെ കണ്ടു എന്നും കേട്ടപ്പോൾ
അവർ തല കുനിച്ചു ദൈവത്തെ വന്ദിച്ചു.

അദ്ധ്യായം 5

പിന്നെ മോശയും അഹറോനും ചെന്നു
ഫറവോനോട്: ഇസ്രായേലിൻെറ ദൈവമായ
കർത്താവ് ഇപ്രകാരം പറയുന്നു: എൻെറ
ജനം മരുഭൂമിയിൽ എനിക്കു പെരുനാൾ ആ
ഘോഷിക്കേണ്ടതിന് അവരെ വിട്ടയയ്ക്കു
ക, എന്നു പറഞ്ഞു: ഫറവോൻ അവരോട്: അ 2
വൻെറ വാക്ക് അനുസരിച്ചു ഞാൻ ഇസ്രാ
യേലിനെ വിട്ടയയ്ക്കത്തക്കവണ്ണം, ആരാണ്
കർത്താവ്? ഞാൻ കർത്താവിനെ അറിയു
കയില്ല; ഞാൻ ഇസ്രായേലിനെ വിട്ടയയ്ക്കു
കയുമില്ല എന്നു പറഞ്ഞു. അവർ അവനോ 3
ട്: എബ്രായരുടെ ദൈവമായ കർത്താവു ഞ
ങ്ങൾക്കു വെളിപ്പെട്ടു. കർത്താവു വാളുകൊ
ണ്ടോ മഹാമാരി കൊണ്ടോ ഞങ്ങളെ എതി
രിടാതെയിരിക്കേണ്ടതിന് ഞങ്ങൾ മരുഭൂമി
യിൽ മൂന്നു ദിവസത്തെ വഴി പോയി കർത്താ
വിനു യാഗം കഴിക്കട്ടെ, എന്നു പറഞ്ഞു.
മെസ്രേൻ രാജാവ് അവരോട്: മോശയേ, 4
അഹറോനേ, നിങ്ങൾ ജനത്തെ അവരുടെ
വേലയിൽ നിന്നു മാറ്റി നിർത്തുന്നതെന്ത്?
നിങ്ങളുടെ ദാസ്യവേലയ്ക്കു പോകുവിൻ
എന്നു പറഞ്ഞു. ഫറവോൻ അവരോടു തുടർ 5
ന്നു പറഞ്ഞു. ഇപ്പോൾ ദേശത്തു ജനം വള
രെയാകുന്നു. നിങ്ങൾ അവരെ അവരുടെ
വേലയിൽ നിന്നു മാറ്റി നിർത്തുന്നു. അന്നു
തന്നെ ഫറവോൻ ജനത്തിൻെറ മേൽവിചാര 6
കൻമാരോടും തൻെറ കണക്കെഴുത്തുകാ
രോടും കല്പിച്ചു പറഞ്ഞത്: ഇന്നലെയും
മിനിഞ്ഞാന്നും (ചെയ്തുവന്നതു) പോലെ 7
ഇഷ്ടിക ഉണ്ടാക്കുവാൻ ജനത്തിനു വൈ
ക്കോൽ കൊടുക്കരുത്. അവർ തന്നെ പോ
യി വൈക്കോൽ ശേഖരിക്കട്ടെ. ഇന്നലെയും
മിനിഞ്ഞാന്നും ഉണ്ടാക്കിക്കൊണ്ടിരുന്ന 8
ഇഷ്ടികയുടെ എണ്ണം തന്നെ അവരുടെ
മേൽ ചുമത്തണം. അതിൽ ഒട്ടും കുറയ്
ക്കരുത്. എന്തെന്നാൽ അവർ മടിയ
ന്മാരാണ്. അതുകൊണ്ടത്രേ, ഞങ്ങൾ
പോയി ഞങ്ങളുടെ ദൈവത്തിനു യാഗം
കഴിക്കട്ടെ എന്നു അവർ പരാതിപ്പെട്ടു

9 പറയുന്നത്. അവരുടെ വേല കഠിനമാക്കുക;
അവർ മനസ്സിലാക്കട്ടെ; വ്യർത്ഥവാക്കുകൾ
10 ചിന്തിക്കാതെയുമിരിക്കട്ടെ. ജനത്തിന്റെ
മേൽവിചാരകന്മാരും കണക്കെഴുത്തുകാ
രും ചെന്ന് ജനങ്ങളോട്: ഞാൻ നിങ്ങൾക്കു
വൈക്കോൽ തരികയില്ല എന്നു ഫറവോൻ
11 പറഞ്ഞിട്ടുണ്ട്. നിങ്ങൾ പോയി കിട്ടാവുന്നിട
ത്തുനിന്നു വൈക്കോൽ ശേഖരിക്കുക.
എന്നാൽ നിങ്ങളുടെ വേലയിൽനിന്നോ
ഒന്നും കുറയ്ക്കുകയില്ല എന്നു പറഞ്ഞു.
12 വൈക്കോലിനു പകരം താളടി ശേഖരി
ക്കുവാൻ ജനം മെസ്രേൻ ദേശത്തെല്ലാം
13 ചിതറി നടന്നു. എപ്പോഴും (ചെയ്തിരുന്നതു)
പോലെ, വൈക്കോൽ തന്നിരുന്ന കാല
ത്തേതുപോലെ നിങ്ങൾ ഉണ്ടാക്കിയ
(ഇഷ്ടിക) ഏല്പിച്ചു തരുവിൻ എന്നു പറ
ഞ്ഞു മേൽവിചാരകന്മാർ ജനത്തെ ഞെരു
14 ക്കി. ഫറവോൻ ഇസ്രായേൽ മക്കളുടെമേൽ
വിചാരകന്മാരായി നിയമിച്ചിരുന്ന എഴുത്തു
കാരോട് ഇന്നലെയും മിനിഞ്ഞാന്നും
നിങ്ങൾ ചെയ്തിരുന്നതുപോലെ ഇന്നലെ
യും ഇന്നും ഇഷ്ടികകളുടെ എണ്ണം ഏല്പി
ക്കാഞ്ഞത് എന്തുകൊണ്ട്, എന്നു ചോദിച്ച്
കണക്കെഴുത്തുകാരെ ശിക്ഷിച്ചു.

15 ഇസ്രായേൽ മക്കളുടെ എഴുത്തുകാർ
ഫറവോന്റെ സന്നിധിയിൽ പരാതിപ്പെട്ടു
പറഞ്ഞത്: അടിയങ്ങളോട് ഇങ്ങനെ ചെയ്യു
16 ന്നതെന്തുകൊണ്ട്? വൈക്കോൽ തരാതെ
അടിയങ്ങളോട് ഇഷ്ടിക ഉണ്ടാക്കുവാൻ
പറയുന്നു. നിന്റെ ദാസർ വേദന അനുഭവി
ക്കുന്നു. ഈ ജനത്തോടു വലിയ കുറ്റമാണ്
അങ്ങു ചെയ്യുന്നത്.

17 ഫറവോൻ അവരോട് പറഞ്ഞു: "നിങ്ങൾ
മഹാ അലസത കാട്ടുന്നു. അതുകൊണ്ടാ
കുന്നു നിങ്ങൾ പറയുന്നത്: ഞങ്ങൾ പോയി
കർത്താവിനു യാഗം കഴിക്കട്ടെ എന്ന്.
18 ഇപ്പോൾ പോയി വേല ചെയ്യുവിൻ. നിങ്ങൾ
ക്കു വൈക്കോൽ തരികയില്ല. ഇഷ്ടികയു
19 ടെ എണ്ണം ഏല്പിക്കുകയും വേണം". പ്രതി
ദിനമുള്ള ഇഷ്ടികയിൽ കുറവു വരുത്തി
ക്കൂടാ എന്നു തങ്ങളോടു പറഞ്ഞതു
ദോഷകരമാണെന്ന് ഇസ്രായേൽ മക്ക
20 ളുടെ എഴുത്തുകാർ മനസ്സിലാക്കി. അവർ
ഫറവോന്റെ സന്നിധിയിൽനിന്നു പുറപ്പെട്ട
പ്പോൾ തങ്ങൾക്കു നേരേ നിൽക്കുന്ന
21 മോശയേയും അഹറോനേയും കണ്ടുമുട്ടി.
അവർ അവരോടു: ദൈവം നിങ്ങളെ
നോക്കി ന്യായം വിധിക്കട്ടെ. എന്തെന്നാൽ
ഫറവോന്റെയും ഭൃത്യന്മാരുടെയും മുമ്പിൽ
നിങ്ങൾ ഞങ്ങളെ നാറ്റിച്ചു; ഞങ്ങളെ
വാളിന്നായി അവരുടെ കൈകളിൽ വാൾ
കൊടുത്തു.

മോശ ദൈവത്തിങ്കലേക്കു തിരിഞ്ഞു. 22
എന്റെ കർത്താവേ, നീ ഈ ജനത്തിന്
ദോഷം ചെയ്തതെന്തിന്? നീ എന്നെ അയച്ച
തെന്തിന്? ഞാൻ ഫറവോന്റെ അടുക്കൽ 23
വന്നു നിന്റെ നാമത്തിൽ സംസാരിച്ച
നാഴിക മുതൽ അവൻ ഈ ജനത്തോട്
ദോഷം ചെയ്യുന്നു. നിന്റെ ജനത്തെ നീ
രക്ഷിച്ചുമില്ല.

അദ്ധ്യായം 6

കർത്താവു മോശയോടു അരുളിച്ചെ
യ്തത്: ഞാൻ എന്തു ചെയ്യും എന്ന് നീ
അറിഞ്ഞുകൊള്ളുക. ശക്തിയുള്ള കൈ
മുഖാന്തരം അവൻ അവരെ വിട്ടയയ്ക്കു
കയും ഉയർന്ന ഭുജം മൂലം അവൻ അവരെ
തന്റെ ദേശത്തു നിന്നു പുറത്തുവിടുകയും
ചെയ്യും.

കർത്താവു മോശയുമായി സംസാ 2
രിച്ചു: ഞാൻ കർത്താവു ആകുന്നു. ഈൽ 3
ശാദായ് (സർവശക്തനായ ദൈവം) ആയി
ഞാൻ അബ്രഹാമിനും ഇസഹാക്കിനും
യാക്കോബിനും വെളിപ്പെട്ടു. എന്റെ നാമം
ഞാൻ അവരെ അറിയിച്ചില്ല. അവർ പര 4
ദേശവാസം ചെയ്തു പാർക്കുന്ന ദേശമായ
കനാൻ ദേശം അവർക്കു നൽകുവാൻ ഞാൻ
അവരുമായി ഉടമ്പടി ചെയ്തു. മെസ്രേൻ 5
കാരുടെ അടിമത്വം നിമിത്തമുള്ള ഇസ്രാ
യേൽ മക്കളുടെ നിലവിളി ഞാൻ കേൾക്കു
കയും എന്റെ ഉടമ്പടി ഞാൻ അനുസ്മരി
ക്കുകയും ചെയ്തിരിക്കുന്നു. ഇതു നിമിത്തം 6
ഇസ്രായേൽ മക്കളോടു ഇപ്രകാരം പറയു
ക. ഞാൻ നിങ്ങളുടെ ദൈവമായ കർത്താ
വാകുന്നു. ഞാൻ നിങ്ങളെ മെസ്രായരുടെ
അധീനതയിൽ നിന്ന് പുറപ്പെടുവിക്കുകയും
അവരുടെ അടിമപ്പണിയിൽ നിന്നു വിടുവി
ക്കുകയും ബലമുള്ള കൈയാലും ഉന്നത
ഭുജത്താലും വലിയ ന്യായവിധിയോടെയും
ഞാൻ നിങ്ങളെ രക്ഷിക്കുകയും ചെയ്യും.
ഞാൻ നിങ്ങളെ എനിക്കു ജനമായി 7
സ്വീകരിക്കുകയും നിങ്ങളുടെ ദൈവം
ആയിരിക്കുകയും ചെയ്യും. മെസ്രായരുടെ
അധീനതയിൽനിന്നു നിങ്ങളെ പുറപ്പെടു
വിക്കുന്ന നിങ്ങളുടെ ദൈവം ഞാൻ
ആകുന്നുവെന്നു നിങ്ങൾ ഗ്രഹിക്കുകയും
ചെയ്യും. അബ്രഹാമിനും ഇസഹാക്കിനും 8
യാക്കോബിനും കൊടുക്കുവാൻ ഞാൻ
കൈ ഉയർത്തി സത്യം ചെയ്ത് കൊണ്ടു
പോകുകയും നിങ്ങളുടെ കർത്താവായ

ഞാൻ അതു നിങ്ങൾക്ക് അവകാശമായി
9 തരികയും ചെയ്യും. മോശ ഇപ്രകാരം
ഇസ്രായേൽ മക്കളോടു പറഞ്ഞുവെങ്കിലും
അവരുടെ മനോവേദനയാലും കഠിനമായ
അടിമത്വത്താലും അവർ അവനെ
ശ്രദ്ധിച്ചില്ല.
10 ജനത്തെ തന്റെ ദേശത്തു നിന്നു വിട്ടയ
11 യ്ക്കുക എന്ന് നീ ചെന്നു ഫറവോനോടു പറ
യുക എന്ന് കർത്താവു മോശയോടു
പറഞ്ഞു.
12 മോശ കർത്താവിനോട്: ഇസ്രായേൽ
മക്കൾ എന്നെ ശ്രദ്ധിക്കുന്നില്ലല്ലോ. വിക്ക
നായ എന്നെ ഫറവോൻ എങ്ങനെ ശ്രദ്ധിക്കും?
13 എന്നു പറഞ്ഞു. കർത്താവു മോശയോടും
അഹറോനോടും സംസാരിച്ചു, ഇസ്രായേൽ
മക്കളെ മെസ്രേൻ ദേശത്തുനിന്നു പുറ
പ്പെടുവിക്കുന്നതിന് ഇസ്രായേൽ മക്കളുടെ
അടുത്തേക്കും മെസ്രേൻ രാജാവായ ഫറ
വോന്റെ അടുത്തേക്കും കല്പിച്ചയച്ചു.
14 അവരുടെ പിതൃഭവനത്തലവന്മാർ ഇവ
രാകുന്നു: ഇസ്രായേലിന്റെ ആദ്യജാതൻ
റൂബേൽ, ഹനോക്, ഫല്ലൂ, ഹെസ്രോൻ,
കർമി. ഇവർ റൂബേലിന്റെ കുടുംബങ്ങൾ.
15 ശെമവൂന്റെ പുത്രന്മാർ: യമുവേൽ,
യോമിൻ, ഓഹോർ, യോഖിൻ, സോഹേർ,
കനാന്യസ്ത്രീയുടെ മകൻ ശൗൽ. ഇവർ
ശെമവൂന്റെ കുടുംബങ്ങൾ.
16 കുടുംബങ്ങളായി ലേവിയുടെ പുത്ര
ന്മാർ: ഗെർശുൻ, കൊഹോത്, മ്റോറി ഇവ
രാകുന്നു. ലേവിയുടെ ആയുഷ്ക്കാലം
നൂറ്റിമുപ്പത്തിയേഴു സംവത്സരം.
17 ഗെർശൂന്റെ പുത്രന്മാർ അവരവരുടെ
കുടുംബങ്ങളായി ലബ്നി, ശെമയി.
18 കൊഹാത്തിന്റെ പുത്രന്മാർ അമ്രാം,
യസഹോർ, ഹെബ്രോൻ, ഉസ്സിയേൽ.
കൊഹാത്തിന്റെ ആയുഷ്ക്കാലം നൂറ്റിമുപ്പ
ത്തിമൂന്നു സംവത്സരം.
19 മ്റോറിയുടെ പുത്രന്മാർ: മഹ്ലി, മൂശി.
ഇവർ കുടുംബങ്ങളായി ലേവിയരുടെ
കുടുംബങ്ങൾ.
20 അമ്രാം തന്റെ ഇളയപ്പന്റെ പുത്രി
യൊഖോബോറിനെ ഭാര്യയായി സ്വീകരി
ച്ചു. അവൾ അവന് അഹറോനെയും
മോശയെയും മറിയാമിനെയും പ്രസവിച്ചു.
അമ്രാമിന്റെ ആയുഷ്ക്കാലം നൂറ്റിമുപ്പ
ത്തിയേഴു സംവത്സരം ആയിരുന്നു.
21 യിസഹാറിന്റെ പുത്രന്മാർ: കൂറഹ്,
22 നഫാഗ്, സക്രി. ഉസ്സിയേലിന്റെ പുത്രന്മാർ:
മനശായേൽ, എലീസാഫോൻ, സത്രി.
23 നഹശോന്റെ സഹോദരിയും അമീനാദാ
ബിന്റെ പുത്രിയും ആയ എലിശ്ബായെ
അഹറോൻ ഭാര്യയായി സ്വീകരിച്ചു.
അവൾ അവന് നാദാബ്, അബീഹൂ, എലെ
യാസാർ, ഈതാമാർ എന്നിവരെ പ്രസ
വിച്ചു. കുറഹിന്റെ പുത്രന്മാർ: ഓസിർ, 24
ഹെൽക്കാനാ, അബിയാസാഫ്: അവർ
കൂറഹിന്റെ കുടുംബങ്ങൾ. അഹറോന്റെ 25
പുത്രനായ എലെയാസാർ ഫൻതിയേലി
ന്റെ പുത്രിമാരിൽ ഒരുവളെ ഭാര്യയായി
സ്വീകരിച്ചു. അവൾ അവന് ഫിനഹാസിനെ
പ്രസവിച്ചു. കുടുംബം കുടുംബമായി ലേവ്യ
രുടെ കുടുംബത്തലവന്മാർ ഇവരാകുന്നു.
യിസ്രായേൽ മക്കളെ അവരുടെ സകല 26
സൈന്യവുമായി മെസ്രേൻ ദേശത്തുനിന്നു
പുറപ്പെടുവിച്ചുകൊണ്ടു വരിക എന്നു
കർത്താവ് കല്പിച്ചത് ആരോടാണോ, ആ
മോശയും അഹറോനും ഇവർതന്നെ.
മെസ്രേൻ ദേശത്തു നിന്ന് ഇസ്രായേൽ 27
മക്കളെ പുറത്ത് അയയ്ക്കുവാൻ മെസ്രേനി
ലെ രാജാവായ ഫറവോനോട് ആവശ്യപ്പെട്ട
മോശയും അഹറോനും ഇവരാകുന്നു.
മെസ്രേൻ ദേശത്തു വെച്ചു കർത്താവു മോശ 28
യോടു സംസാരിച്ച നാളിൽ ഉണ്ടായത്:
ഞാൻ കർത്താവ് ആകുന്നു; ഞാൻ 29
നിന്നോടു പറയുന്നതെല്ലാം നീ മെസ്രേൻ
രാജാവായ ഫറവോനോടു പറയണം എന്നു
പറഞ്ഞുകൊണ്ട് കർത്താവു മോശയോടു
സംസാരിച്ചു.
ഞാൻ വിക്കനാണല്ലോ; ഫറവോൻ 30
എന്നെ എങ്ങനെ ശ്രദ്ധിക്കും? എന്ന് മോശ
കർത്താവിനോടു പറഞ്ഞു.

അദ്ധ്യായം 7

കർത്താവു മോശയോടു അരുളിച്ചെയ്തു:
നോക്കു, നീ ഫറവോനു ഒരു ദൈവം ആയിരി
ക്കുവാൻ ഞാൻ ഇടവരുത്തുന്നു. അഹ
റോൻ നിനക്കു പ്രവാചകൻ ആയിരിക്കും. 2
ഞാൻ നിന്നോടു കല്പിക്കുന്നതെല്ലാം നീ
അഹറോനോടു പറയണം, ഇസ്രായേൽ
മക്കളെ തന്റെ ദേശത്തുനിന്നു വിട്ടയയ്ക്ക
ണമെന്ന് നിന്റെ സഹോദരനായ അഹ
റോൻ ഫറവോനോടു പറയണം. ഞാൻ 3
ഫറവോന്റെ ഹൃദയം കഠിനപ്പെടുത്തുകയും
മെസ്രേൻ ദേശത്ത് എന്റെ അടയാളങ്ങളും
അത്ഭുതങ്ങളും വർദ്ധിപ്പിക്കുകയും ചെയ്യും. 4
ഫറവോൻ നിങ്ങളെ വകവയ്ക്കുകയില്ല.
ഞാൻ മെസ്രേനിൽ എന്റെ കൈ വച്ച്, മഹാ
ശിക്ഷാവിധിയാൽ, എന്റെ സൈന്യവും
എന്റെ ജനവുമായ ഇസ്രായേൽ മക്കളെ
മെസ്രേൻ ദേശത്തുനിന്നു പുറപ്പെടുവിക്കും.

ഞാൻ മെസ്രായരുടെ മേൽ എൻെറ കൈ
നീട്ടി അവരുടെ ഇടയിൽനിന്ന് ഇസ്രായേൽ
മക്കളെ പുറപ്പെടുവിക്കുമ്പോൾ, ഞാൻ
കർത്താവാകുന്നു എന്ന് മെസ്രായർ
മനസ്സിലാക്കും.
6 നിങ്ങൾ ഇപ്രകാരം പ്രവർത്തിക്കുക.
എന്നു കർത്താവു കല്പിച്ചതുപോലെത
ന്നെ മോശയും അഹറോനും പ്രവർത്തിച്ചു.
7 അവർ ഫറവോനോടു സംസാരിച്ചപ്പോൾ
മോശയ്ക്കു എൺപതുവയസ്സും അഹറോ
നു എൺപത്തിമൂന്നു വയസ്സും പ്രായമാ
യിരുന്നു.
8 കർത്താവു മോശയോടും അഹറോ
9 നോടും അരുളിച്ചെയ്തത്: എനിക്ക് ഒരു
അടയാളം തരിക എന്ന് ഫറവോൻ ആവശ്യ
പ്പെട്ടാൽ, നിൻെറ വടി എടുത്തു നിലത്തി
ടുക എന്ന് അഹറോനോടു പറയണം. അത്
10 ഒരു പാമ്പ് ആയിത്തീരും. മോശയും അഹ
റോനും ഫറവോൻെറ അടുത്തെത്തി കർത്താ
വു അവരോടു കല്പിച്ചിരുന്നതുപോലെ
ചെയ്തു. ഫറവോൻെറയും അവൻെറ പ്രഭു
ക്കന്മാരുടെയും സന്നിധിയിൽ അഹറോൻ
തൻെറ വടി നിലത്തിടുകയും അതു സർപ്പ
11 മായിത്തീരുകയും ചെയ്തു. ഫറവോൻ ജ്ഞാ
നികളെയും മന്ത്രവാദികളെയും വിളിച്ചു
വരുത്തി. മെസ്രേനിലെ മന്ത്രവാദികളും
തങ്ങളുടെ മന്ത്രവാദത്താൽ അപ്രകാരം
12 ചെയ്തു. ഓരോരുത്തനും തൻെറ വടി
ഫറവോൻെറ മുമ്പിൽ ഇടുകയും അതു
സർപ്പമായിത്തീരുകയും ചെയ്തു. എന്നാൽ
അഹറോൻെറ വടി അവരുടെ വടികളെ
13 വിഴുങ്ങിക്കളഞ്ഞു. ഫറവോൻെറ ഹൃദയം
കഠിനപ്പെട്ടു; അവൻ അവരെ വിട്ടയച്ചില്ല;
കർത്താവ് അരുളിച്ചെയ്തിരുന്നതു പോലെ
തന്നെ.
14 കർത്താവു മോശയോട്: ജനത്തെ
വിട്ടയയ്ക്കുവാൻ ഫറവോൻ മനസ്സാകാതെ
യിരിക്കത്തക്കവണ്ണം ഞാൻ അവൻെറ
ഹൃദയം കഠിനമാക്കും, എന്ന് അരുളിച്ചെ
15 യ്തു. നീ രാവിലെ ഫറവോൻെറ അടുക്കൽ
ചെല്ലുക. ഇതാ, അവൻ വെള്ളത്തിങ്കലേക്കു
വരുന്നു. നീ അവനു നേരേ നദീതീരത്തു
നില്ക്കുക. പാമ്പായിത്തീർന്ന വടിയും
നിൻെറ കൈയിൽ എടുത്തുകൊള്ളണം.
16 അവനോടു നീ (ഇപ്രകാരം) പറയണം:
എബ്രായരുടെ ദൈവമായ കർത്താവു
എന്നെ നിൻെറ അടുക്കൽ അയച്ച്, എന്നെ
ആരാധിപ്പാൻ എൻെറ ജനത്തെ വിട്ടയ
യ്ക്കുക എന്നു പറഞ്ഞു. ഇതുവരെയും നീ
17 അത് അനുസരിച്ചില്ല. കർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു: ഞാനാകുന്നു കർത്താവ്
എന്ന് ഇതിനാൽ നീ അറിയും; ഇതാ, ഞാൻ
എൻെറ കൈയിലെ വടിയാൽ നദിയിലെ
വെള്ളത്തിന്മേൽ അടിക്കുകയും, അതു
വ്യത്യാസപ്പെട്ട് രക്തം ആയിത്തീരുകയും
ചെയ്യും. നദിയിലെ മത്സ്യങ്ങൾ ചാകുകയും 18
നദി നാറുകയും ചെയ്യും. നദിയിൽ നിന്നു
വെള്ളം കുടിക്കുവാൻ മെസ്രേൻകാർ അറ
യ്ക്കും. കർത്താവു മോശയോടു അരുളിച്ചെ 19
യ്തതത്: നിൻെറ വടി എടുത്ത് മെസ്രേൻകാ
രുടെ വെള്ളങ്ങളിന്മേൽ—അവരുടെ നദി
കളിന്മേലും പുഴകളിന്മേലും കുളങ്ങളിന്മേ
ലും ജലസംഭരണികളിന്മേലും നീട്ടുക എന്ന്
അഹറോനോടു പറയുക. അവ രക്തമായി
ത്തീരട്ടെ. മെസ്രേൻ ദേശത്തെ വെള്ള
മെല്ലാം, മരപ്പാത്രങ്ങളിലും കൽപ്പാത്രങ്ങ
ളിലും പോലും, രക്തമായിത്തീരും. കർത്താവ് 20
എപ്രകാരം കല്പിച്ചുവോ അപ്രകാരം മോശ
യും അഹറോനും പ്രവർത്തിച്ചു. അഹറോൻ
തൻെറ കൈയിലെ വടി ഉയർത്തി ഫറ
വോൻെറ കൺമുമ്പിൽ, അവൻെറ ഭൃത്യ
ന്മാരുടെ കൺമുമ്പിൽ, നദിയിലെ ജലത്തെ
അടിച്ചു. നദിയിലെ വെള്ളമെല്ലാം രക്തമായി
ത്തീർന്നു. നദിയിലെ മത്സ്യങ്ങൾ ചത്തു; 21
നദി നാറി; നദിയിലെ വെള്ളം കുടിക്കുവാൻ
മെസ്രേൻകാർക്കു കഴിഞ്ഞില്ല. മെസ്രേൻ
ദേശത്തെല്ലാം രക്തമുണ്ടായി. മെസ്രേനിലെ 22
മന്ത്രവാദികളും തങ്ങളുടെ മന്ത്രവാദത്താൽ
അങ്ങനെ ചെയ്തു. ഫറവോൻെറ ഹൃദയം
കഠിനപ്പെട്ടു. കർത്താവു പറഞ്ഞിരുന്നതു
പോലെ തന്നെ, അവൻ അവരെ ചെവി
ക്കൊണ്ടില്ല. ഫറവോൻ ഇക്കാര്യം തൻെറ 23
മനസ്സിൽ ഗ്രഹിക്കാതെ, തിരിഞ്ഞു തൻെറ
ഭവനത്തിൽ കയറിപ്പോയി. മെസ്രായരെല്ലാം 24
വെള്ളം കുടിക്കുവാൻ വേണ്ടി നദിക്കു
ചുററും കുഴിച്ചു. എന്തെന്നാൽ നദീജലം
അവർക്കു കുടിക്കുവാൻ കഴിഞ്ഞില്ല.
കർത്താവു നദിയെ അടിച്ചശേഷം ഏഴു 25
ദിവസം പൂർത്തിയായി.

അദ്ധ്യായം 8

കർത്താവു മോശയോടു അരുളിച്ചെ
യ്തത്: നീ ചെന്ന് ഫറവോനോട് ഇപ്രകാരം
പറയുക: കർത്താവ് ഇങ്ങനെ പറയുന്നു:
എന്നെ സേവിക്കുവാൻ എൻെറ ജനത്തെ
വിട്ടയയ്ക്കുക. അവരെ വിട്ടയയ്ക്കുവാൻ 2
നീ മനസ്സാകുന്നില്ലെങ്കിൽ നിൻെറ ദേശ
ത്തിൻെറ സകല അതിർത്തികൾ വരെയും
തവളകളെക്കൊണ്ടു നിന്നെ ദണ്ഡിപ്പിക്കും.
നദി അനവധി തവളകളെ ഉല്പാദിപ്പിക്കും. 3

അവ കയറിവന്ന് നിൻെറ വീട്ടിലും നിൻെറ
കിടക്കമുറിയിലും നിൻെറ കട്ടിലുകളിലും
നിൻെറ ദാസന്മാരുടെയും ജനത്തിൻെറയും
വീട്ടിലും, നിൻെറ അപ്പം ചുടുന്ന അടുപ്പിലും
മാവുകുഴയ്ക്കുന്ന തൊട്ടിയിലും കയറും.
4 നിൻെറ മേലും നിൻെറ സകല ജനത്തി
5 ന്മേലും ദാസരുടെമേലും തവളകൾ കയറും.
കർത്താവു മോശയോടു പറഞ്ഞത്: നീ
അഹറോനോട്: വടിയോടുകൂടെ നിൻെറ
കൈ നദികളിന്മേലും നീർത്തോടുകളി
ന്മേലും കുളങ്ങളിന്മേലും നീട്ടി മെസ്രേൻ
ദേശത്തൊക്കെയും തവളകളെ കയററുക
6 എന്നു പറയുക. അഹറോൻ മെസ്രേനിലെ
ജലങ്ങളുടെമേൽ തൻെറ കൈ നീട്ടി.
7 തവളകൾ കയറി മെസ്രേൻ ദേശത്തെ മൂടി.
മന്ത്രവാദികളും തങ്ങളുടെ മന്ത്രത്താൽ
അപ്രകാരം ചെയ്തു, മെസ്രേൻ ദേശത്തിന്മേൽ
8 തവളകളെ കരേററി. ഫറവോൻ മോശയേയും
അഹറോനേയും വിളിച്ചു, തവളകൾ എന്നെ
വിട്ടുപോകേണ്ടതിനു കർത്താവിനോടു
പ്രാർത്ഥിപ്പിൻ; ഞാൻ ജനത്തെ വിട്ടയ
യ്ക്കാം; അവർ കർത്താവിനു യാഗം കഴിച്ചു
9 കൊള്ളട്ടെ എന്നു പറഞ്ഞു. തവളകൾ
നിന്നെയും നിൻെറ ഭവനത്തെയും വിട്ടു നദി
കളിൽ മാത്രമാകുവാൻ നിനക്കുവേണ്ടിയും
നിൻെറ ഭൃത്യന്മാർക്കുവേണ്ടിയും നിൻെറ
ജനത്തിനു വേണ്ടിയും ഞാൻ എപ്പോൾ
പ്രാർത്ഥിക്കണമെന്നു നീ സമയം പറയു,
10 എന്നു മോശ ഫറവോനോടു പറഞ്ഞു. നാളെ,
എന്ന് അവൻ പറഞ്ഞു. അതിന് അവൻ:
ഞങ്ങളുടെ ദൈവമായ കർത്താവിനെപ്പോ
ലെ ഒരുവനുമില്ല എന്നു നീ അറിയേണ്ടതിന്,
11 നിൻെറ വാക്കുപോലെ ആകട്ടെ. തവളകൾ
നിന്നെയും നിൻെറ ഭവനത്തെയും നിൻെറ
ഭൃത്യന്മാരെയും നിൻെറ ജനത്തെയും വിട്ടു
മാറി നദിയിൽ മാത്രം അവശേഷിക്കും എന്ന്
12 അവനോടു പറഞ്ഞു. മോശയും അഹറോ
നും ഫറവോൻെറ സന്നിധിയിൽ നിന്നു പുറ
പ്പെട്ടുപോയി, ഫറവോൻെറ മേൽ വരുത്തി
യിരുന്ന തവളകളെ പ്രതി ദൈവസന്നിധി
13 യിൽ അപേക്ഷിച്ചു. മോശയുടെ വാക്കു
പോലെ കർത്താവു ചെയ്തു. വീടുകളിലും
മുററങ്ങളിലും പറമ്പുകളിലും നിന്നു തവള
14 കൾ ചത്തുപോയി. അവർ അവയെ
കുമ്പാരങ്ങളായി കൂട്ടി. ദേശം നാറി.
15 സ്വസ്ഥത വന്നു എന്നു കണ്ടപ്പോൾ
ഫറവോൻ തൻെറ മനസ്സു കഠിനമാക്കി;
അവരെ അനുസരിക്കാതെയിരുന്നു.
കർത്താവ് മോശയോടു അരുളിച്ചെയ്തിരു
ന്നതുപോലെതന്നെ.

കർത്താവു മോശയോടു വീണ്ടും പറ 16
ഞ്ഞു: നിൻെറ വടി ഉയർത്തി നിലത്തെ
പൂഴിയെ അടിക്കുക എന്ന് അഹറോനോടു
പറയുക. മെസ്രേൻ ദേശത്തെല്ലാം ചെള്ള്
ഉണ്ടാകട്ടെ. അവർ അപ്രകാരം ചെയ്തു. 17
അഹറോൻ വടിയോടുകൂടെ കൈ ഉയർത്തി
നിലത്തെ പൂഴിയെ അടിച്ചു. അത് മെസ്രേൻ
ദേശത്തൊക്കെയും ചെള്ള് (പേൻ) ആയി
ത്തീർന്നു. മന്ത്രവാദികൾ തങ്ങളുടെ മന്ത്ര 18
ത്താൽ അങ്ങനെ ചെയ്തു. എന്നാൽ ചെള്ളു
കളെ ഒഴിവാക്കുവാൻ അവർക്കു കഴി
ഞ്ഞില്ല. മനുഷ്യരുടെ മേലും മൃഗങ്ങളുടെ
മേലും ചെള്ള് ഉണ്ടായി. മന്ത്രവാദികൾ 19
ഫറവോനോട്: ഇത് ദൈവത്തിൻെറ വിരൽ
ആകുന്നുവെന്നു പറഞ്ഞു. ഫറവോൻ
അവരെ ശ്രദ്ധിക്കാതെ തൻെറ ഹൃദയം
കഠിനമാക്കി. കർത്താവു പറഞ്ഞിരുന്നതു
പോലെ തന്നെ.

കർത്താവു മോശയോട്: നീ അതിരാ 20
വിലെ എഴുന്നേററ് ഫറവോൻെറ മുമ്പിൽ
നിൽക്കുക; അവൻ വെള്ളങ്ങളുടെ അടു
ക്കലേക്ക് ഇറങ്ങിവരുന്നുണ്ട്. അവനോടു നീ
പറയുക: കർത്താവ് ഇങ്ങനെ പറയുന്നു:
എന്നെ സേവിക്കുവാൻ എൻെറ ജനത്തെ
വിട്ടയയ്ക്കുക. എൻെറ ജനത്തെ വിട്ടയ 21
യ്ക്കുവാൻ നീ മനസ്സാകുന്നില്ലെങ്കിൽ
ഞാൻ നിൻെറ മേലും നിൻെറ ജനത്തിന്മേ
ലും നിൻെറ ഭവനത്തിന്മേലും എല്ലാവിധ
ഈച്ചകളെയും അയയ്ക്കും. മെസ്രേന്യ
രുടെ വീടുകളിലും അവ നിൽക്കുന്ന
ഭൂമിയിലും ഈച്ചകൾ നിറയും. ദേശത്തിൽ 22
കർത്തൃത്വമുള്ളവൻ ഞാനാകുന്നുവെന്ന്
നീ മനസ്സിലാക്കേണ്ടതിനായി, എൻെറ
ജനം വസിക്കുന്ന ഗോശേൻ ദേശത്തെ
ഞാൻ ആ ദിവസത്തിൽ വേർതിരിക്കും;
അവിടെ ഈച്ചകൾ ഉണ്ടായിരിക്കുകയില്ല.
എൻെറ ജനവും നിൻെറ ജനവും തമ്മിൽ 23
ഞാൻ വേർതിരിവ് ഉണ്ടാക്കും. ഈ അട
യാളം നാളെ സംഭവിക്കും. കർത്താവ് അപ്ര 24
കാരം ചെയ്തു. ഫറവോൻെറ ഭവനത്തിലും
അവൻെറ ഭൃത്യന്മാരുടെ ഭവനത്തിലും
ശക്തമായ ഈച്ചക്കൂട്ടങ്ങളെ വരുത്തി. ഈച്ച
കൾ മൂലം ദേശം നശിക്കുകയും ചെയ്തു.
ഫറവോൻ മോശയെയും അഹറോനെയും 25
വിളിച്ചു. നിങ്ങൾ പോയി ദേശത്തുവച്ചു
തന്നെ നിങ്ങളുടെ ദൈവത്തിനു യാഗം
കഴിച്ചുകൊൾവിൻ എന്നു പറഞ്ഞു. മോശ 26
അവനോട് അങ്ങനെ ചെയ്യുന്നതു ഉചിത
മല്ല. മെസ്രേൻകാർക്കു വെറുപ്പുള്ളവയിൽ
നിന്നാണ് ഞങ്ങൾ ഞങ്ങളുടെ കർത്താ

വിനു യാഗം അർപ്പിക്കുന്നത്. തങ്ങൾക്കു
വെറുപ്പുള്ളവയെ അവരുടെ കൺമുമ്പിൽ
ഞങ്ങൾ യാഗം കഴിച്ചാൽ മെസ്രേന്യർ
27 ഞങ്ങളെ കല്ലെറിയുമല്ലോ. ഞങ്ങൾ മരു
ഭൂമിയിൽ മൂന്നു ദിവസത്തെ ദൂരം പോയി
ഞങ്ങളുടെ കർത്താവ് ആജ്ഞാപിച്ചതു
പോലെ ഞങ്ങളുടെ ദൈവത്തിനു യാഗം
28 കഴിക്കും, എന്നു പറഞ്ഞു. മരുഭൂമിയിൽ
നിങ്ങളുടെ ദൈവത്തിനു യാഗം കഴിക്കു
വാൻ ഞാൻ നിങ്ങളെ അയയ്ക്കും. വളരെ
അകലെ പോകരുതെന്നു മാത്രം. എനിക്കു
വേണ്ടി പ്രാർത്ഥിക്കുവിൻ എന്ന് അവൻ
29 പറഞ്ഞു. മോശ ഫറഓനോട്: ഇതാ ഞാൻ
നിന്റെ സന്നിധിയിൽ നിന്നു പോകുന്നു.
ഞാൻ നിനക്കു വേണ്ടി പ്രാർത്ഥിക്കും. നാളെ
ഈച്ച ഫറഓനെയും അവന്റെ ഭൃത്യന്മാ
രെയും അവന്റെ ജനത്തെയും വിട്ടുമാറും.
കർത്താവിനു യാഗം കഴിക്കുവാൻ ജനത്തെ
വിട്ടയയ്ക്കാതിരിക്കുന്നതിനുവേണ്ടി ഫറ
ഓൻ ഇനിയും കൂടുതൽ വഞ്ചനചെയ്യരു
30 തെന്നു മാത്രം, എന്നു പറഞ്ഞു. മോശ
ഫറഓന്റെ മുമ്പിൽനിന്നു പുറപ്പെട്ടു
31 കർത്താവിനോടു പ്രാർത്ഥിച്ചു. മോശയുടെ
വാക്കുപോലെ കർത്താവു പ്രവർത്തിച്ചു;
ഈച്ച ഫറഓനെയും അവന്റെ ദാസന്മാ
രെയും അവന്റെ ജനത്തെയും വിട്ടുപോയി;
32 അവയിൽ ഒന്നുപോലും ശേഷിച്ചില്ല. ഈ
പ്രാവശ്യവും ഫറഓൻ തന്റെ ഹൃദയം
കഠിനമാക്കി. അവൻ ജനത്തെ വിട്ടയ
ച്ചതുമില്ല.

അദ്ധ്യായം 9

കർത്താവു മോശയോട്: ഫറഓന്റെ
അടുത്തുചെന്ന് അവനോടു പറയുക;
എബ്രായരുടെ ദൈവമായ കർത്താവ്
ഇങ്ങനെ പറയുന്നു: എന്നെ സേവിക്കുവാൻ
2 എന്റെ ജനത്തെ വിട്ടയയ്ക്കുക. നീ അതി
നു മനസ്സാകാതെ ഇപ്പോഴും അവരെ പിടി
ച്ചുവച്ചുകൊണ്ടിരുന്നാൽ കർത്താവിന്റെ
3 കൈ, അതിശക്തമായ വ്യാധിയായി,
നിന്റെ വയലിലെ കന്നുകാലികൾ, കുതിര
കൾ, കഴുതകൾ, ഒട്ടകങ്ങൾ, ആടുമാടുകൾ
4 ഇവയുടെമേൽ പതിക്കും. ഇസ്രായേലിന്റെ
മൃഗങ്ങളെയും മെസ്രേൻകാരുടെ മൃഗങ്ങ
ളെയും തമ്മിൽ കർത്താവു വേർതിരിക്കും.
ഇസ്രായേൽക്കാരുടെ സകല മൃഗങ്ങളിൽനി
5 ന്നും ഒന്നുപോലും ചത്തുപോകയില്ല. ദേശ
ത്ത് ഈ കാര്യം ചെയ്യുന്നതിനുള്ള സമയം
നാളെ എന്നു ദൈവം നിശ്ചയിച്ചിരിക്കുന്നു.
6 പിറ്റേ ദിവസം ദൈവം ഈ കാര്യം ചെയ്തു.
മെസ്രേൻകാരുടെ മൃഗങ്ങളെല്ലാം ചത്തു
പോയി. ഇസ്രായേൽ ഭവനത്തിലെ മൃഗ
ങ്ങളിൽനിന്ന് ഒരെണ്ണവും ചത്തില്ല. ഫറഓൻ
ആളയച്ചുനോക്കി, ഇസ്രായേൽക്കാരുടെ 7
ഒരു മൃഗവും ചത്തിട്ടില്ല എന്നു മനസ്സി
ലാക്കി. ഫറഓൻ തന്റെ ഹൃദയം കഠിന
പ്പെടുത്തി. അവൻ ജനത്തെ വിട്ടയച്ചതുമില്ല.

കർത്താവു മോശയോടും അഹറോ 8
നോടും പറഞ്ഞത്: നിങ്ങളുടെ ഉള്ളങ്കൈ
യിൽ ചൂളയിലെ ചാരം നിറച്ച് ഫറഓൻ
കാൺകെ മോശ അത് ആകാശത്തേക്കു
വിതറട്ടെ. അതു മെസ്രേൻ ദേശത്തെല്ലാം 9
ധൂളിയായിത്തീർന്നിട്ട്, മെസ്രേൻ ദേശ
മാകെ മനുഷ്യരുടെ മേലും മൃഗങ്ങളുടെ
മേലും, പഴുത്തു പൊട്ടി ഒലിക്കുന്ന
പരുവുണ്ടാക്കും. ചൂളയിലെ ചാരവും എടു 10
ത്ത് അവർ ഫറവോന്റെ മുമ്പിൽ നിന്നു.
ഫറഓൻ കാൺകെ മോശ അത് ആകാശ
ത്തേക്കു വിതറി. മനുഷ്യരുടെ മേലും മൃഗ
ങ്ങളുടെമേലും അതു പറന്നുവീണ്, പൊട്ടി
ഒലിക്കുന്ന പരുവുണ്ടായി. മന്ത്രവാദികൾ
ക്കു മോശയുടെ മുമ്പിൽ നില്പാൻ കഴി
ഞ്ഞില്ല. എന്തെന്നാൽ മന്ത്രവാദികളുടെ 11
മേലും, മെസ്രേൻ മുഴുവനിലും പരുക്കൾ
പെരുകി. ഫറഓൻ തന്റെ ഹൃദയം കഠിന
പ്പെടുത്തി; അവൻ ജനത്തെ വിട്ടയച്ചില്ല; 12
കർത്താവു മോശയോടു പറഞ്ഞിരുന്നതു
പോലെ തന്നെ.

കർത്താവു മോശയോട് അരുളിച്ചെയ്തത്: 13
നീ അതിരാവിലെ എഴുന്നേററു ഫറഓന്റെ
മുമ്പാകെ നിന്ന് അവനോടു പറയണം:
എബ്രായരുടെ ദൈവമായ കർത്താവ്
ഇങ്ങനെ പറയുന്നു: എന്നെ സേവിക്കുവാൻ
എന്റെ ജനത്തെ വിട്ടയയ്ക്കുക. ഭൂമിയിലെ 14
ങ്ങും എനിക്കു തുല്യൻ ഇല്ല എന്നു നീ ഗ്രഹി
ക്കേണ്ടതിന്ന്, ഈ പ്രാവശ്യം ഞാൻ നിന്റെ
മേലും നിന്റെ ഭൃത്യന്മാരുടെ മേലും നിന്റെ
ജനത്തിന്മേലും എന്റെ ശിക്ഷ അയയ്ക്കും.
ഇപ്പോൾ തന്നെ എനിക്ക് എന്റെ കൈനീട്ടി 15
നിന്നെയും നിന്റെ ജനത്തെയും വസന്ത
കൊണ്ട് ശിക്ഷിച്ച് ഭൂമുഖത്തുനിന്നു
നശിപ്പിച്ചുകളയാം. എന്നാൽ ഞാൻ നിന്നെ 16
നിലനിർത്തിയിരിക്കുന്നത്, എന്റെ ശക്തി
നിന്നെ കാണിക്കുന്നതിനു വേണ്ടിയും,
ഭൂമിയിലെല്ലാം എന്റെ നാമം പ്രസ്താവിക്ക
പ്പെടേണ്ടതിനു വേണ്ടിയും ആകുന്നു. 17
ഇതുവരെയും എന്റെ ജനത്തെ വിട്ടയ
യ്ക്കുവാൻ നീ മനസ്സാകാതെ അവരെ
പിടിച്ചു വച്ചുകൊണ്ടിരിക്കുകയാകുന്നു. 18
മെസ്രേൻ ഉണ്ടായ നാൾമുതൽ ഇന്നുവരെ

ഉണ്ടായിട്ടില്ലാത്ത അത്ര ശക്തമായ കൽമഴ
നാളെ ഈ നേരത്തു ഞാൻ വരുത്തും.
19 ഇപ്പോൾ ആളയച്ച് നിന്റെ മൃഗങ്ങളെയും
വയലിൽ നിനക്ക് ഉള്ളതൊക്കെയും ശേഖ
രിച്ചുകൊള്ളുക. വീട്ടിനുള്ളിൽ ശേഖരിക്ക
പ്പെടാതെ വെളിമ്പ്രദേശത്തു കാണപ്പെ
ടുന്ന എല്ലാ മനുഷ്യന്റെയും മൃഗത്തി
ന്റെയുംമേൽ കൽമഴ ഇറങ്ങി അവ ചത്തു
20 പോകും. ഫറഓന്റെ ഭൃത്യന്മാരിൽ കർത്താ
വിന്റെ വചനം ഭയപ്പെട്ടവർ തങ്ങളുടെ
ദാസന്മാരെയും മൃഗങ്ങളെയും വീട്ടിൽ
21 കൂട്ടിവരുത്തി. കർത്താവിന്റെ വാക്കു
ഗണ്യമാക്കാതെയിരുന്നവർ തങ്ങളുടെ
ദാസന്മാരെയും മൃഗങ്ങളെയും വയലിൽ
വിട്ടിരുന്നു.
22 കർത്താവു മോശയോട്: മെസ്രേൻ ദേശ
ത്തെല്ലാം മനുഷ്യരുടെ മേലും മൃഗങ്ങളുടെ
മേലും മെസ്രേൻ ദേശത്തിന്റെ വെളി
മ്പ്രദേശത്തെ സകല സസ്യങ്ങളിന്മേലും
കൽമഴ ഉണ്ടാകുവാൻ നീ ആകാശത്തിൻ
നേരേ നിന്റെ കൈ ഉയർത്തുക എന്നു പറ
23 ഞ്ഞു. മോശ ആകാശത്തിനു നേരേ തന്റെ
വടി നീട്ടിയപ്പോൾ കർത്താവ് ഇടിനാദവും
കൽമഴയും നൽകി; ഭൂമിമേൽ തീ പാഞ്ഞു
നടന്നിരുന്നു; മെസ്രേൻ ദേശത്തിന്മേൽ കർ
24 ത്താവു കൽമഴ ഇറക്കി. കൽമഴ ഇറങ്ങിയ
പ്പോൾ കൽമഴയ്ക്കകത്തു തീയും ഉണ്ടായി
അത്യന്തം ശക്തിപ്പെട്ടു. ഇതിനു തുല്യമായ
ഒന്ന്, മെസ്രേൻ ദേശത്തു ജനവാസം ഉണ്ടാ
യതിനു ശേഷം മുമ്പ് ഒരിക്കലും ഉണ്ടായി
25 ട്ടില്ല. കൽമഴ മെസ്രേൻ ദേശത്തെ മുഴുവൻ
പ്രഹരിച്ചു; മനുഷ്യൻമുതൽ മൃഗംവരെ,
വെളിമ്പ്രദേശത്ത് ഉണ്ടായിരുന്ന സകല
ത്തെയും, വയലിലെ സകല സസ്യത്തെയും
കൽമഴ നശിപ്പിച്ചു; വയലിലെ സകല വൃക്ഷ
26 ങ്ങളെയും തകർത്തു. ഇസ്രായേൽ മക്കൾ
വസിച്ചിരുന്ന ഗോശേൻ ദേശത്തുമാത്രം
കൽമഴ പെയ്തില്ല.
27 ഫറഓൻ ആളയച്ചു മോശയെയും അഹ
റോനെയും വിളിച്ച് അവരോടു പറഞ്ഞു: ഈ
പ്രാവശ്യം ഞാൻ പാപം ചെയ്തുപോയി. കർ
ത്താവു നീതിമാനാകുന്നു; ഞാനും എന്റെ
ജനവും കുററക്കാരും ആകുന്നു. ദൈ
28 വത്തോടു പ്രാർത്ഥിക്കുവിൻ; അവന്റെ
സന്നിധിയിൽ ഇനിയും അവസരം ഉണ്ടല്ലോ.
ദൈവത്തിന്റെ ഈ ശബ്ദവും കൽമഴയും
ഉണ്ടാകരുതേ. ഞാൻ നിങ്ങളെ വിട്ടയയ്
ക്കാം; ഒട്ടും താമസിക്കുകയില്ല. മോശ
29 ഫറഓനോട്: ഞാൻ പട്ടണത്തിനു പുറ
ത്തെത്തുമ്പോൾ കർത്താവിങ്കലേക്കു
കൈ നീട്ടും; അപ്പോൾ ഈ ശബ്ദം നീങ്ങി
പ്പോകും; കൽമഴ പൊഴിയുകയുമില്ല. അങ്ങ
നെ, ഭൂമി കർത്താവിന്റെ വകയാണെന്നു
നീ മനസ്സിലാക്കും. നീയും നിന്റെ ഭൃത്യ 30
ന്മാരുമോ നിങ്ങൾ ഇപ്പോഴും ദൈവമായ
കർത്താവിനെ ഭയപ്പെടുന്നില്ല എന്ന്
എനിക്കറിയാം. യവം കതിരായും ചണം 31
പൂത്തു തുടങ്ങിയും ഇരുന്നതിനാൽ
ചണവും യവവും മുഴുവൻ നശിച്ചു. ഗോത 32
മ്പും ചോളവും വളർന്നിട്ടില്ലായിരുന്നതു
കൊണ്ട് നശിച്ചുപോയില്ല.
മോശ ഫറഓന്റെ മുമ്പിൽനിന്നു പട്ടണ 33
ത്തിനു പുറത്തെത്തിയപ്പോൾ, ദൈവത്തി
ങ്കൽ ആകാശത്തിലേക്കു തന്റെ കൈകൾ
വിരിച്ചു. അപ്പോൾ മുഴക്കവും കല്മഴയും
നിന്നുപോയി; ഭൂമിയിലേക്കു മഴ തുടർന്നി
ല്ല. മഴയും ആലിപ്പഴവും നാദവും മാറി 34
പ്പോയി എന്നു കണ്ടപ്പോൾ ഫറഓൻ പിന്നെ
യും പാപം ചെയ്തു. അവനും അവന്റെ ഭൃത്യ
ന്മാരും ഹൃദയം കഠിനമാക്കി. ഫറഓന്റെ 35
മനസ്സു കടുത്തു; അവൻ ഇസ്രായേൽ ജന
ത്തെ വിട്ടയച്ചില്ല; കർത്താവ് മോശമുഖാ
ന്തരം അരുളിച്ചെയ്തിരുന്നതുപോലെ തന്നെ.

അദ്ധ്യായം 10

കർത്താവ് മോശയോട് അരുളിച്ചെയ്തത്:
നീ ഫറഓന്റെ അടുക്കൽ ചെല്ലുക. എന്തെ
ന്നാൽ ഞാൻ അവന്റെയും അവന്റെ
ഭൃത്യന്മാരുടെയും ഹൃദയം കഠിനമാക്കിയി
രിക്കുന്നു. അത് ഞാൻ അവരുടെ ഇടയിൽ
അടയാളങ്ങൾ പ്രവർത്തിക്കേണ്ടതിനും,
ഞാൻ മെസ്രേൻകാരോടു ചെയ്തതും, അവ 2
രിൽ പ്രവർത്തിച്ച അടയാളങ്ങളും നീ
നിന്റെ മകനോടും മകന്റെ മകനോടും
വർണ്ണിക്കേണ്ടതിനും, അങ്ങനെ ഞാനാകു
ന്നു കർത്താവ് എന്ന് അവർ അറിയേണ്ട
തിനുമത്രേ. മോശയും അഹറോനും ഫറ 3
ഓന്റെ അടുത്തെത്തി അവനോടു പറഞ്ഞു:
എബ്രായരുടെ ദൈവമായ കർത്താവ് ഇപ്ര
കാരം പറയുന്നു: എത്രകാലം നീ എന്നെ
ഭയപ്പെടുവാൻ മനസ്സാകാതെയും എന്നെ
സേവിക്കുവാൻ എന്റെ ജനത്തെ വിട്ടയ
യ്ക്കാതെയുമിരിക്കും? എന്റെ ജനത്തെ 4
വിട്ടയപ്പാൻ നീ മനസ്സാകാതെയിരുന്നാൽ,
ഇതാ, നിന്റെ അതിർത്തിക്കുള്ളിൽ നാളെ
ഞാൻ വെട്ടുക്കിളിയെ വരുത്തും. മനുഷ്യനു 5
നിലം കാണാൻ കഴിയാത്തവണ്ണം അതു
ഭൂമുഖത്തെ മൂടും. കൽമഴ നശിപ്പിക്കാതെ
നിങ്ങൾക്കു ശേഷിച്ചിട്ടുള്ളതെല്ലാം അവ
തിന്നും. വയലിൽ മുളച്ചിട്ടുള്ള വൃക്ഷ

ങ്ങളെല്ലാം അതു തിന്നും. അവ നിന്റെ
വീടുകളിലും നിന്റെ ഭൃത്യന്മാരുടെ വീടു
കളിലും എല്ലാ മെസ്രേൻകാരുടെ വീടു
കളിലും നിറയും. അവർ ഭൂമിയിൽ ഉണ്ടായ
തിനുശേഷം ഇന്നുവരെ നിന്റെ പിതാക്ക
ന്മാരോ പിതാക്കന്മാരുടെ പിതാക്കന്മാരോ
ഇത്തരത്തിൽ ഒന്നു കണ്ടിട്ടില്ല. (ഇങ്ങനെ
പറഞ്ഞിട്ട്) അവർ ഫറവോന്റെ മുമ്പിൽനി
ന്നു തിരികെ പോയി. ഫറവോന്റെ ഭൃത്യന്മാർ
അവനോട്: എത്രകാലം ഇതു നമുക്ക് ഒരു
കെണിയായിരിക്കും? അവരുടെ ദൈവമായ
കർത്താവിനെ സേവിക്കുവാൻ അവരെ
അയച്ചാലും. മെസ്രേൻ നശിച്ചുവെന്നു നീ
ഇപ്പോഴും അറിയുന്നില്ലയോ? എന്നു പറ
ഞ്ഞു. ഫറവോൻ മോശയെയും അഹറോ
നെയും തന്റെ അടുക്കൽ തിരിച്ചു വരുത്തി
അവരോടു: നിങ്ങൾ പോയി നിങ്ങളുടെ
ദൈവമായ കർത്താവിനെ ആരാധിപ്പിൻ.
എന്നാൽ ആരൊക്കെയാണു പോകുന്നത്?
എന്നു ചോദിച്ചു. മോശ അവനോട് ഞങ്ങ
ളുടെ പൈതങ്ങളും വൃദ്ധന്മാരും പോകുന്നു;
ഞങ്ങളുടെ പുത്രന്മാരും പുത്രിമാരും പോ
കുന്നു; ഞങ്ങളുടെ ആടുകളും മാടുകളും
പോരുന്നു. എന്തെന്നാൽ ഞങ്ങൾക്കു
കർത്താവിന്റെ പെരുന്നാൾ ഉണ്ട്. അവൻ
അവരോട്: അങ്ങനെയാകട്ടെ; കർത്താവു
നിങ്ങളോടുകൂടെ; നിങ്ങളെയും നിങ്ങ
ളുടെ കുഞ്ഞുകുട്ടികളെയും ഞാൻ വിട്ടയ
യ്ക്കണമെന്നു പറയുമ്പോൾ നിങ്ങളിൽ
ദുരുദ്ദേശമുണ്ട്. ഇങ്ങനെ പാടില്ല. നിങ്ങ
ളുടെ പുരുഷന്മാർ പോയി കർത്താവിനെ
ആരാധിപ്പിൻ. നിങ്ങൾ അതാണല്ലോ
ആവശ്യപ്പെട്ടത് എന്നു പറഞ്ഞ് അവരെ
തന്റെ സന്നിധിയിൽ നിന്നു പുറത്താക്കി.
കർത്താവു മോശയോട്: മെസ്രേൻ
ദേശത്തിന്മേൽ വെട്ടുക്കിളികളെ കരേറ്റുവാ
നായി മെസ്രേൻ ദേശത്തിന്മേൽ നീ കൈ
ഉയർത്തുക; ഭൂമിയിലെ സസ്യവും, കൽമഴ
അവശേഷിപ്പിച്ച സകലവും അതു തിന്നട്ടെ,
എന്നു പറഞ്ഞു. മോശ തന്റെ വടി
മെസ്രേൻ ദേശത്തിന്മേൽ ഉയർത്തി. ആ
പകൽ മുഴുവനും രാത്രി മുഴുവനും കർ
ത്താവ് ഒരു കിഴക്കൻ കാറ്റ് അടിപ്പിച്ചു;
പ്രഭാതമായപ്പോഴേക്ക് കിഴക്കൻ കാറ്റ് വെട്ടു
ക്കിളികളെ കൊണ്ടുവന്നു. മെസ്രേൻ ദേശ
ത്തിന്മേലൊക്കെയും വെട്ടുക്കിളി കയറി.
അതു മെസ്രേനിന്റെ അതിരിനുള്ളിലെല്ലാം
തങ്ങി; അങ്ങനെ ഒന്ന് അതിനുമുമ്പ് ഉണ്ടാ
യിട്ടില്ലാത്തതുപോലെയും, അതിനു ശേഷം
ഉണ്ടാകാൻ ഇടയില്ലാത്തതുപോലെയും
അത്രയേറെ ശക്തിപ്പെട്ടു. അതു ഭൂമു
ഖത്തെ മുഴുവൻ മൂടുകയും ദേശം ഇരുണ്ടു
പോകയും ചെയ്തു. ദേശത്തെ സസ്യവും 15
കൽമഴ അവശേഷിപ്പിച്ച വൃക്ഷമൊക്കെയും
വെട്ടുക്കിളി തിന്നുതീർത്തു. മെസ്രേൻ
ദേശത്തെല്ലാം വൃക്ഷത്തിൽ ഇലയോ
വയലിൽ പുല്ലോ അവശേഷിച്ചില്ല. മോശ
യെയും അഹറോനെയും വിളിക്കാൻ ഫറ 16
ഓൻ ധൃതിപ്പെട്ടു. അവർ അവരോട് പറ
ഞ്ഞു: നിങ്ങളുടെ ദൈവത്തോടും നിങ്ങ
ളോടും ഞാൻ തെറ്റു ചെയ്തു. ഇപ്പോൾ, ഈ 17
പ്രാവശ്യംകൂടി എന്റെ കുറ്റം ക്ഷമിച്ച്, ഈ
ബാധ എങ്കൽനിന്നു നീങ്ങിപ്പോകേണ്ടതിന്
നിങ്ങളുടെ ദൈവത്തോടു പ്രാർത്ഥിപ്പിൻ.
മോശ ഫറവോന്റെ സന്നിധിയിൽനിന്നു 18
പുറപ്പെട്ടു പോയി കർത്താവിനോടു
പ്രാർത്ഥിച്ചു. കർത്താവു നല്ല ഒരു പടിഞ്ഞാ 19
റൻ കാറ്റ് അടിപ്പിച്ചു. അതു വെട്ടുക്കിളിയെ
എടുത്തുകൊണ്ടുപോയി ചെങ്കടലിൽ ഇട്ടു
കളഞ്ഞു. മെസ്രേൻ ദേശത്തിന്റെ അതിർ
ത്തിക്ക് ഉള്ളിൽ ഒരു വെട്ടുക്കിളിപോലും
ശേഷിച്ചില്ല. ഫറവോൻ തന്റെ ഹൃദയം 20
കഠിനമാക്കി; അവൻ ഇസ്രായേൽ മക്കളെ
വിട്ടയച്ചതുമില്ല.
കർത്താവു മോശയോട്: നിന്റെ കൈ 21
ആകാശത്തേക്ക് ഉയർത്തുക; മെസ്രേൻ
ദേശത്ത് ഇരുട്ട്, സകലവും മറച്ചുകളയുന്ന
അന്ധകാരം ഉണ്ടാകട്ടെ, എന്നു പറഞ്ഞു.
മോശ തന്റെ കൈ ആകാശത്തേക്ക് ഉയർ 22
ത്തി. മെസ്രേൻ ദേശത്തെല്ലാം മൂന്നു ദിവസ
ത്തേക്ക് കൂരിരുട്ടു ഉണ്ടായി. മൂന്നു ദിവസ 23
ത്തേക്ക് ഒരുവനും തന്റെ സഹോദരനെ
കാണുകയോ, ഒരുവനും താൻ ഇരുന്നിട
ത്തുനിന്ന് എഴുന്നേൽക്കുകയോ ചെയ്തില്ല.
എന്നാൽ ഇസ്രായേൽ മക്കൾക്കെല്ലാം തങ്ങ
ളുടെ വാസസ്ഥലത്ത് പ്രകാശം ഉണ്ടായി
രുന്നു. ഫറവോൻ മോശയെ വിളിച്ച് അവ 24
നോട്: നിങ്ങൾ പോയി നിങ്ങളുടെ ദൈവ
ത്തെ ആരാധിപ്പിൻ; നിങ്ങളുടെ ആടുമാടു
കളെ മാത്രം ഇവിടെ വിട്ടേക്കുവിൻ.
നിങ്ങളുടെ കുഞ്ഞുകുട്ടികളും നിങ്ങളോടു
കൂടെ പോരട്ടെ, എന്നു പറഞ്ഞു. മോശ
ഫറവോനോട്: ഞങ്ങളുടെ ദൈവമായ 25
കർത്താവിനു യാഗം കഴിക്കുന്നതിന്
യാഗങ്ങൾക്കും ഹോമബലികൾക്കും ഉള്ള
വക നീ ഞങ്ങളുടെ കൈയിൽ തരണം.
ഞങ്ങളുടെ മൃഗങ്ങളും ഞങ്ങളോടുകൂടെ 26
പോരും. ഞങ്ങൾക്കുള്ളവയിലൊന്നും, ഒരു
കുളമ്പുപോലും ഇവിടെ ശേഷിക്കുകയില്ല,
എന്തെന്നാൽ അവയിൽനിന്നാണ് ഞങ്ങൾ

എടുത്തു ഞങ്ങളുടെ ദൈവമായ കർത്താ
വിനു യാഗമർപ്പിക്കേണ്ടത്. ഞങ്ങൾ അങ്ങെ
ത്തിയാൽ എന്താണ് യാഗമർപ്പിക്കേണ്ടത്
എന്നറിഞ്ഞുകൂടല്ലോ എന്നു പറഞ്ഞു.
27 ഫറവോന്റെ ഹൃദയം കഠിനപ്പെട്ടു; അവരെ
വിട്ടയയ്ക്കുവാൻ അവൻ മനസ്സായില്ല.
28 ഫറവോൻ മോശയോട്: എന്റെ മുമ്പിൽ
നിന്നു പൊയ്ക്കൊള്ളുക. മേലാൽ എന്നെ
കാണാതിരിക്കുവാൻ കരുതലായിരിക്കുക.
ഇനി നീ എന്നെ കാണുന്ന നാളിൽ നീ
മരിക്കും, എന്നു പറഞ്ഞു. മോശ അവനോടു:
29 നീ പറഞ്ഞതു നല്ലതു തന്നെ. ഇനിയും
ഞാൻ നിന്റെ മുഖം കാണുകയില്ല, എന്നു
പറഞ്ഞു.

അദ്ധ്യായം 11

കർത്താവു മോശയോട് അരുളിച്ചെയ്തത്:
ഫറവോന്റെമേലും മെസ്രേന്യരുടെ മേലും
ഒരു ശിക്ഷകൂടെ ഞാൻ കൊടുക്കും. അ
പ്പോൾ അവർ ഇവിടെ നിന്നു നിങ്ങളെ പറ
2 ഞ്ഞയയ്ക്കും. ഓരോ പുരുഷനും തന്റെ
അയൽക്കാരനോടും ഓരോ സ്ത്രീയും തന്റെ
അയൽക്കാരിയോടും പൊന്നാഭരണങ്ങളും
വെള്ളിയാഭരണങ്ങളും ചോദിച്ചു വാങ്ങ
3 ണമെന്നു നീ ജനത്തോടു പറയുക. മെസ്രേ
ന്യർക്കു ജനത്തോടു ദയ തോന്നുവാൻ
കർത്താവ് ഇടയാക്കി. മെസ്രേൻ ദേശത്ത്
ഫറവോന്റെ ഭൃത്യന്മാരുടെ ദൃഷ്ടിയിലും
അവന്റെ ജനത്തിന്റെ ദൃഷ്ടിയിലും
മോശ എന്ന പുരുഷൻ വളരെ ബഹുമാന്യ
നായിരുന്നു.
4 മോശ പറഞ്ഞു: കർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു: അർദ്ധരാത്രിയിൽ ഞാൻ
മെസ്രേൻ ദേശത്തിന്റെ അകത്തുകൂടെ ക
5 ടന്നുപോകും. മെസ്രേനിലെ എല്ലാ കടി
ഞ്ഞൂൽ പുത്രന്മാരും, സിംഹാസനത്തിൽ ഇ
രിക്കുന്ന ഫറവോന്റെ കടിഞ്ഞൂൽ പുത്രൻ
മുതൽ തിരികല്ലിങ്കൽ ഇരിക്കുന്ന ദാസിയു
ടെ കടിഞ്ഞൂൽ പുത്രൻവരെയും,
6 സകല മൃഗങ്ങളുടെ കടിഞ്ഞൂലുകളും
മരിക്കും. അതിനുമുമ്പ് ഉണ്ടായിട്ടില്ലാത്തതു
പോലെയും ഇനിയും ഉണ്ടാകാത്തതുപോ
ലെയുമുള്ള ഒരു മഹാപ്രലാപം മെസ്രേൻ
7 ദേശത്ത് ഉണ്ടാകും. കർത്താവ് മെസ്രേന്യ
രെയും ഇസ്രായേലിനെയും തമ്മിൽ വേർതി
രിച്ചിരിക്കുന്നുവെന്നു നിങ്ങൾ അറിയേണ്ട
തിന്, ഇസ്രായേൽ ഗൃഹത്തിൽനിന്ന് ഒരു
നായപോലും, ഒരു മനുഷ്യൻ പോലും ഒരു
8 മൃഗം പോലും നാവനക്കുകയില്ല. നിന്റെ
ഈ ഭൃത്യന്മാർ എന്റെ അടുക്കൽ ഇറങ്ങി
വന്ന് എന്നെ നമസ്കരിച്ച്, നീയും നിന്റെ
ഈ ജനമെല്ലാം പുറപ്പെട്ടു പോകുക എന്ന്
എന്നോടു പറയുകയും, അപ്പോൾ പുറപ്പെട്ടു
പോകയും ചെയ്യും എന്നു പറഞ്ഞുകൊണ്ട്,
മോശ മഹാക്രോധത്തോടെ ഫറവോന്റെ
സന്നിധിയിൽനിന്നു പുറപ്പെട്ട് പോയി.
കർത്താവു മോശയോട്: ഫറവോൻ നി 9
ങ്ങളെ ചെവിക്കൊള്ളുകയില്ല. അതിനാൽ
ഞാൻ മെസ്രേൻ ദേശത്ത് എന്റെ അത്ഭുത
ങ്ങൾ വർദ്ധിപ്പിക്കും. മോശയും അഹറോ 10
നും ഫറവോന്റെ മുമ്പാകെ ഈ അത്ഭുത
ങ്ങൾ പ്രവർത്തിച്ചിട്ടും ഫറവോൻ തന്റെ ഹൃ
ദയം കഠിനമാക്കി; ഇസ്രായേൽ മക്കളെ
തന്റെ ദേശത്തുനിന്നു വിട്ടയച്ചില്ല.

അദ്ധ്യായം 12

കർത്താവ് മെസ്രേൻ ദേശത്തുവച്ച് മോ
ശയോടും അഹറോനോടും അരുളിച്ചെയ്തു:
ഈ മാസം നിങ്ങൾക്കു മാസങ്ങളുടെ ആരം 2
ഭമായി; സംവത്സരത്തിന്റെ എല്ലാ മാസ
ങ്ങൾക്കുംമുമ്പ് ഒന്നാമത്തെ മാസമായിരിക്ക
ണം. അവൻ ഇസ്രായേൽ മക്കളുടെ സംഘം 3
മുഴുവനോടുമായി പറഞ്ഞു: ഈ മാസം പ
ത്തിന്, ഓരോരുത്തനും തന്റെ ഭവനത്തി
ന് ഓരോ കുഞ്ഞാടിനെ, തന്റെ പിതൃഭവന
ത്തിൽ ഒരു കുഞ്ഞാടിനെ എടുക്കണം . ഭവ
നം തീരെ ചെറുതായിരുന്നാൽ, അവനും 4
അവന്റെ അടുത്ത വീട്ടിലെ അയൽക്കാര
നുംകൂടെ ആട്ടിൻകുട്ടിയെ എടുക്കണം. ഓ
രോരുവനു തിന്നാവുന്നതിനു തക്കവണ്ണവും
ആളുകളുടെ എണ്ണത്തിന് അനുസരിച്ചും
ആയിരിക്കണം കുഞ്ഞാടുകളുടെ എണ്ണം. 5
കുഞ്ഞാടു കുറ്റമറ്റതും ഒരു വയസ്സു പ്രായ
മുള്ള ആണും ആയിരിക്കണം. ചെമ്മരിയാ
ടുകളിൽ നിന്നോ കോലാടുകളിൽ നിന്നോ
എടുക്കാം. ഈ മാസം പതിന്നാലു വരെ 6
നിങ്ങൾ അതിനെ സൂക്ഷിയ്ക്കണം. ഇസ്രാ
യേൽ മക്കളുടെ സംഘത്തിലെ ജനമെല്ലാം
സൂര്യാസ്തമനത്തിങ്കൽ അതിനെ അറു
ക്കണം. അതിന്റെ രക്തത്തിൽനിന്ന് അവർ 7
എടുത്ത്, ഏതു വീട്ടിൽവച്ച് അതു തി
ന്നുന്നുവോ അതിന്റെ രണ്ടു കട്ടളക്കാലി
ന്മേലും കുറുമ്പടിമേലും വീടുകളിന്മേലും
പുരട്ടണം. ഈ രാത്രിയിൽ ആ മാംസം 8
തീയിൽ ചുട്ടെടുത്ത് അതും പത്തീറായും
കൈപ്പു (ചീര)കൂട്ടി തിന്നണം. അതിൽനിന്ന് 9
പച്ചയായോ, വെള്ളത്തിൽ പാകം ചെയ്തോ
തിന്നരുത്; എന്നാലോ തലയും കാലുകളും
ആന്തരാവയവങ്ങളും ആയി തീയിൽ ചുട്ടു
തിന്നണം. അതിൽനിന്ന് രാവിലത്തേക്ക് 10

ബാക്കി വച്ചേക്കരുത്; രാവിലെത്തേക്കു
വല്ലതും അധികമുണ്ടെങ്കിൽ അതു തീയിൽ
11 ദഹിപ്പിച്ചുകളയണം. അതു തിന്നുന്നത് ഇപ്ര
കാരം ആയിരിക്കണം: നിങ്ങളുടെ അര കെട്ടി
യും കാലുകളിൽ ചെരുപ്പ് ഇട്ടും കൈയിൽ
വടി പിടിച്ചുംകൊണ്ടു ധൃതിയിൽ അതു
തിന്നണം. എന്തെന്നാൽ അതു കർത്താവി
12 നുള്ള പെസഹാ ആകുന്നു. ഈ രാത്രി
ഞാൻ മെസ്രേൻ ദേശത്തുകൂടെ കടന്നുപോ
യി, മനുഷ്യർമുതൽ മൃഗങ്ങൾവരെയുള്ള
സകല കടിഞ്ഞൂലുകളെയും സംഹരിക്കുക
യും കർത്താവായ ഞാൻ മെസ്രേന്യരുടെ
സകല ദേവന്മാരുടെയും മേൽ ന്യായവിധി
13 നടത്തുകയും ചെയ്യും. നിങ്ങൾ ഏതു ഭവ ന
ങ്ങളിൽ ആയിരിക്കുന്നുവോ ആ ഭവനത്തി
ന്മേൽ ഈ രക്തം അടയാളമായിരിക്കും.
രക്തം കാണുമ്പോൾ ഞാൻ നിങ്ങളെ ഒഴി
ഞ്ഞു കടന്നുപോകും. മെസ്രേൻ ദേശത്തു
ഞാൻ കൊല നടത്തുമ്പോൾ, നാശകരമായ
14 മരണം നിങ്ങളിൽ ഉണ്ടാകുകയില്ല. ഈ ദിവ
സം നിങ്ങൾക്ക് അനുസ്മരണദിനം ആയി
ത്തീരണം. ഇതു കർത്താവിനു പെരുന്നാ
ളായി ആചരിക്കണം. ഈ പെരുന്നാൾ നിങ്ങ
ളുടെ തലമുറകൾക്ക് എന്നേക്കുമുള്ള ചട്ടം
ആയിരിക്കണം.

15 ഒന്നാംദിവസം മുതൽ ഏഴാം ദിവസം
വരെ നിങ്ങൾ പത്തീറാ* തിന്നണം. നിങ്ങളു
ടെ ഭവനങ്ങളിൽനിന്നു പുളിമാവു നീക്കിക്ക
ളയണം. ഒന്നാം ദിവസംമുതൽ ഏഴാം ദിവ
സം വരെ നിങ്ങളുടെ ഭവനങ്ങളിൽ പുളിപ്പു
ള്ള അപ്പം തിന്നുന്ന വ്യക്തി ഇസ്രായേലിൽ
16 നിന്നു വിച്ഛേദിതനാകണം. ഒന്നാം ദിവസം
നിങ്ങൾക്കു നിശ്ചിതവും പരിശുദ്ധവും ആ
യിരിക്കണം. ഏഴാം ദിവസവും നിങ്ങൾക്കു
നിശ്ചിതവും പരിശുദ്ധവും ആയിരിക്കണം.
ആ ദിവസങ്ങളിൽ ഒരു വേലയും ചെയ്യരുത്;
മനുഷ്യനു ഭക്ഷിക്കു ന്നതിനു വേണ്ടിയുള്ള
വേല മാത്രം അന്നു ചെയ്യാം. പത്തീറപെരു
17 ന്നാൾ നിങ്ങൾ ആചരിക്കണം. എന്തെ
ന്നാൽ ഈ ദിവസമാണ് ഞാൻ നിങ്ങളുടെ
സൈന്യത്തെ മെസ്രേൻ ദേശത്തു നിന്നു
പുറപ്പെടുവിച്ചത്. നിങ്ങളുടെ തലമുറകൾ
18 ക്ക് എന്നേക്കുമുള്ള ചട്ടമായി ഈ ദിവസം
ആചരിക്കണം. ഒന്നാം മാസത്തിൽ, മാസ
ത്തിന്റെ പതിന്നാലാം ദിവസം സന്ധ്യയ്ക്ക്
നിങ്ങൾ പത്തീറാ തിന്ന ണം. മാസത്തിന്റെ
19 ഇരുപത്തിയൊന്നാം ദിവസം സന്ധ്യവരെ
ഇതു തിന്നണം. ഏഴു ദിവസം നിങ്ങളുടെ
വാസസ്ഥലങ്ങളിലെങ്ങും പുളിപ്പ് കാണരുത്.
എന്തെന്നാൽ ആ ദിവസങ്ങളിൽ പുളിപ്പുള്ള
അപ്പം ഭക്ഷിക്കുന്നവൻ, വിദേശിയായാലും
സ്വദേശിയായിരുന്നാലും, ആ വ്യക്തി
ഇസ്രായേൽ സംഘത്തിൽ നിന്നു മാറ്റപ്പെട
ണം. നിങ്ങളുടെ വാസസ്ഥലങ്ങളിൽ 20
എല്ലാവരും പുളിപ്പുള്ള അപ്പം തിന്നാതെ
പത്തീറ ഭക്ഷിക്കണം.

മോശ ഇസ്രായേൽ മക്കളുടെ എല്ലാ മൂപ്പ 21
ന്മാരെയും വിളിച്ച് അവരോട് പറഞ്ഞു: നി
ങ്ങൾ വേഗത്തിൽ നിങ്ങളുടെ കുടുംബങ്ങൾ
ക്കു കുഞ്ഞാടിനെ എടുത്തു പെസഹ അറു
ക്കണം. നിങ്ങൾ സോപ്പായുടെ ഒരു കെട്ട് 22
എടുത്തു രക്തത്തിൽ മുക്കി പാത്രത്തിലെ
രക്തത്തിൽ നിന്ന് കുറുമ്പടിമേലും കട്ടള
ക്കാൽ രണ്ടിന്മേലും പുരട്ടണം. പ്രഭാതംവരെ
ഒരുവനും തന്റെ വീട്ടുവാതിലിനു പുറ ത്തു
ഇറങ്ങരുത്. മെസ്രേന്യരെ ശിക്ഷിക്കുവാൻ 23
കർത്താവു കടന്നുപോകും. കുറുമ്പടി
മേലും കട്ടിളക്കാൽ രണ്ടിന്മേലും രക്തം
കാണുമ്പോൾ കർത്താവ് ആ വാതിലുകളെ
കടന്നുപോകും; നാശകൻ നിങ്ങളുടെ
ഭവനങ്ങളിൽ കടന്നു നാശം ചെയ്യുവാൻ
സമ്മതിക്കുകയുമില്ല. നിങ്ങൾ ഈ കാര്യം 24
ആചരിക്കുകയും നിങ്ങൾക്കും നിങ്ങളുടെ
മക്കൾക്കും ഇത് എന്നേക്കുമുള്ള ചട്ടം ആയി
രിക്കുകയും വേണം. കർത്താവ് അരുളിച്ചെ 25
യ്തിട്ടുള്ളതുപോലെ താൻ നിങ്ങൾക്കു തരു
ന്ന ദേശത്തു നിങ്ങൾ കടക്കുമ്പോൾ ഈ
ആചാരം പാലിക്കണം. ഈ ശുശ്രൂഷ എന്താ 26
കുന്നുവെന്ന് നിന്റെ മക്കൾ ചോദിക്കു
മ്പോൾ നീ അവരോടു പറയണം; ഇതു കർ 27
ത്താവിന്റെ പെസഹ എന്ന യാഗമാകുന്നു;
മെസ്രേൻ ദേശത്തു വച്ച് കർത്താവു മെസ്രേ
ന്യരെ ശിക്ഷിച്ചപ്പോൾ ഇസ്രായേൽ മക്ക
ളുടെ ഭവനങ്ങളെ കടന്നു പോകുകയും
നമ്മുടെ ഭവനങ്ങളെ വിടുവിക്കുകയും
ചെയ്തു. (മോശ ഇതു പറഞ്ഞപ്പോൾ) ജനം
മുട്ടുകുത്തി കർത്താവിനെ വന്ദിച്ചു. ഇസ്രാ 28
യേൽ മക്കൾ പോയി അങ്ങനെ ചെയ്തു.
കർത്താവു മോശയോടും അഹറോനോടും
കല്പിച്ചിരുന്നത് എങ്ങനെയോ അങ്ങനെ
തന്നെ അവർ ചെയ്തു.

പാതിരാത്രി ആയപ്പോൾ മെസ്രേൻ 29
ദേശത്തെ സകല കടിഞ്ഞൂൽ പുത്രന്മാ
രെയും, സിംഹാസനത്തിൽ ഇരിക്കുന്ന
ഫറവോന്റെ കടിഞ്ഞൂൽ പുത്രനെമുതൽ
തടവറയിൽ കിടന്ന അടിമയുടെ കടിഞ്ഞൂൽ
പുത്രനെവരെയും, സകല മൃഗങ്ങളുടെ
കടിഞ്ഞൂലുകളെയും കർത്താവു കൊന്നു.

* പുളിപ്പില്ലാത്ത അപ്പം

30 രാത്രി തന്നെ ഫറവോനും അവൻെറ സകല
ഭൃത്യന്മാരും സകല മെസ്രേന്യരും എഴുന്നേ
ററു. മെസ്രേൻ ദേശത്തു ഒരു മഹാവിലാപം
ഉണ്ടായി. എന്തെന്നാൽ, മരണം സംഭവി
ക്കാത്ത ഒരു വീടും ഉണ്ടായിരുന്നില്ല.
31 ഫറവോൻ ആ രാത്രിയിൽത്തന്നെ മോശ
യെയും അഹറോനെയും വിളിച്ച്, അവരോ
ടു പറഞ്ഞു: നിങ്ങൾ എഴുന്നേററ് എൻെറ
ജനത്തിൻെറ ഇടയിൽനിന്നു പുറപ്പെട്ടു
പോകുവിൻ. നിങ്ങൾ പോയി, നിങ്ങളുടെ
കർത്താവു നിങ്ങളോടു പറഞ്ഞതുപോലെ
32 അവനെ സേവിപ്പിൻ. അവൻ നിങ്ങളോടു
പറഞ്ഞതുപോലെ നിങ്ങളുടെ ആടുകളെ
യും മാടുകളെയും കൂട്ടിക്കൊണ്ടു പോകു
വിൻ. നിങ്ങൾ പോകുവിൻ; എന്നെയും അ
33 നുഗ്രഹിപ്പിൻ. ജനത്തെ ദേശത്തുനിന്നു
വേഗം പുറപ്പെടുവിക്കുവാൻ മെസ്രേന്യർ
അവരെ നിർബന്ധിച്ചു. ഞങ്ങളെല്ലാം മരിച്ചു
34 പോകുന്നു എന്ന് അവർ പറഞ്ഞു. കുഴച്ച
മാവു പുളിക്കും മുമ്പെ അതു തൊട്ടികളോ
ടുകൂടെ ജനം തുണിയിൽ പൊതിഞ്ഞുകെ
35 ട്ടി തങ്ങളുടെ തോളിൽ എടുത്തു. ഇസ്രാ
യേൽ മക്കൾ മോശയുടെ വാക്കനുസരിച്ചു
പ്രവർത്തിച്ചു; മെസ്രേയരോട് പൊന്നാഭര
ണങ്ങളും വെള്ളിയാഭരണങ്ങളും വസ്ത്രങ്ങ
36 ളും ആവശ്യപ്പെട്ടു. മെസ്രേയർക്കു ജനത്തോ
ടു കരുണ തോന്നുവാൻ ദൈവം ഇടയാക്കി
യതുകൊണ്ട് അവർ ചോദിച്ചതു അവർ കൊ
ടുത്തു. അങ്ങനെ അവർ മെസ്രേന്യരെ
കൊള്ളയടിച്ചു.
37 ഇസ്രായേൽ മക്കൾ, കുട്ടികളെ കൂടാതെ
ആറു നൂറായിരം പുരുഷന്മാർ റയംസേസിൽ
നിന്നു സുക്കോത്തിലേക്ക് കാൽനടയായി
38 യാത്ര തിരിച്ചു. വലിയ ഒരു സമ്മിശ്ര ജന
സമൂഹവും വളരെയേറെ ആടുമാടുകളും ക
39 ന്നുകാലികളും അവരോടൊപ്പം പുറപ്പെട്ടു.
അവർ മെസ്രേനിൽനിന്നു പുറത്തു കൊണ്ടു
വന്ന കുഴച്ച മാവുകൊണ്ട് പത്തീറ ഉണ്ടാ
ക്കി; എന്തെന്നാൽ അതു പുളിച്ചിരുന്നില്ല.
മെസ്രേന്യർ അവരെ തള്ളി പുറത്തുവിട്ടതി
നാൽ വഴിയാഹാരം ഒരുക്കുവാനോ ഉണ്ടാ
40 ക്കുവാനോ അവർക്കു കഴിഞ്ഞിരുന്നില്ല. ഇ
സ്രായേൽ മക്കൾ മെസ്രേനിൽ പാർത്ത പര
ദേശവാസം നാനൂററി മുപ്പതു സംവത്സരം.
41 നാനൂററി മുപ്പതു സംവത്സരങ്ങൾക്കു
ശേഷം ഈ ദിവസത്തിൽ തന്നെ കർത്താ
വിൻെറ സൈന്യമെല്ലാം മെസ്രേനിൽ നിന്നു
42 പുറപ്പെടുകയാണ് ഉണ്ടായത്. അവരെ മെ
സ്രേൻ ദേശത്തു നിന്നു പുറപ്പെടുവിക്കുന്ന
തിന് കർത്താവ് കാത്തു സൂക്ഷിച്ചിരുന്ന
രാത്രിയാകയാൽ, ഇസ്രായേൽ മക്കൾ തല
മുറകളായി ഈ രാത്രി കർത്താവിനായി
ആചരിച്ചുവരുന്നു.
കർത്താവു മോശയോടും അഹറോനോ 43
ടും അരുളിച്ചെയ്തു: പെസഹായുടെ ചട്ടം
ഇതാകുന്നു അന്യന്മാർ ആരും അതിൽ നി
ന്നു തിന്നരുത്. നീ ദ്രവ്യം കൊടുത്തു വാങ്ങി 44
യ ദാസൻ പരിഛേദന ഏററശേഷം അതിൽ
നിന്നു തിന്നാം. വന്നു പാർക്കുന്നവനും കൂലി 45
ക്കാരനും അതിൽനിന്നു തിന്നരുത്. ഒരു വീ 46
ട്ടിൽ വച്ചു അതു ഭക്ഷിക്കണം. അതിൽനിന്ന്,
അതിൻെറ മാംസത്തിൽനിന്ന് (ഒട്ടും) വീടി
നു പുറത്തുകൊണ്ടുപോകരുത്. അതിൻെറ
അസ്ഥി തകർക്കരുത്. ഇസ്രായേൽ സംഘം 47
മുഴുവൻ ഇത് ആചരിക്കണം. നിങ്ങളോടു 48
കൂടെ പാർക്കുന്ന ഒരു പരദേശി കർത്താവി
നു പെസഹാ ആചരിക്കണമെങ്കിൽ, ആണു
ങ്ങളെല്ലാം പരിച്ഛേദന ഏല്ക്കുകയും, പി
ന്നീട് അടുത്തു വന്ന് ആചരിക്കുകയും ചെ
യ്യട്ടെ. അപ്പോൾ അയാൾ ദേശത്ത് ഉള്ളവ
നെപ്പോലെ ആകും. അഗ്രചർമ്മികൾ ആരും 49
അതിൽനിന്നു ഭക്ഷിച്ചുകൂടാ. അന്യനും നി
ങ്ങളുടെ ഇടയിൽ വന്നു പാർക്കുന്നവനും
ചട്ടം ഒന്നുതന്നെ ആയിരിക്കണം. മോശയും 50
അഹറോനും എപ്രകാരം കല്പിച്ചുവോ അ
പ്രകാരം തന്നെ ഇസ്രായേൽ മക്കൾ ചെ
യ്തു.
ഈ ദിവസത്തിൽ തന്നെ കർത്താവ് ഇ 51
സ്രായേൽ മക്കളെയും അവരുടെ സകല
സൈന്യങ്ങളെയും മെസ്രേൻദേശത്തു നി
ന്നു പുറപ്പെടുവിച്ചു.

അദ്ധ്യായം 13

കർത്താവു മോശയോട് അരുളിച്ചെയ്തു:
ആദ്യജാതന്മാരെ എനിക്കായി വേർതിരിക്കു
ക. ഇസ്രായേൽ മക്കളുടെ ഇടയിൽ, മനുഷ്യ 2
രുടെയും മൃഗങ്ങളുടെയും ഗർഭപാത്രം തുറ
ക്കുന്നതെല്ലാം എൻേറതാകുന്നു.
മോശ ജനത്തോടു പറഞ്ഞു: ബലമുള്ള 3
കൈയാൽ കർത്താവു നിങ്ങളെ ഇവിടെ നി
ന്നു പുറപ്പെടുവിച്ചതിനാൽ, നിങ്ങൾ മെ
സ്രേൻ ദേശത്തുനിന്ന്, അടിമത്വത്തിൻെറ
സ്ഥലത്തു നിന്ന് പുറപ്പെട്ടതും, പുളിപ്പുള്ള
അപ്പം തിന്നാതിരിക്കുന്നതുമായ ഈ ദിവ
സത്തെ നിങ്ങൾ അനുസ്മരിക്കണം.
അബീബ് മാസത്തിൽ ഈ ദിവസത്തി 4
ലാണു നിങ്ങൾ പുറപ്പെട്ടത്. കനാന്യ 5
രുടെയും ഹിത്യരുടെയും ആമോറായക്കാരു
ടെയും, ഹിവ്യരുടെയും യബൂസ്യരുടെയും
പെരിസ്യരുടെയും ദേശത്തേക്ക് കർത്താവു
നിങ്ങളെ പ്രവേശിപ്പിക്കുമ്പോൾ; നിങ്ങളുടെ

പിതാക്കന്മാരോടു സത്യം ചെയ്തിരുന്ന
പ്രകാരം, പാലും തേനും ഒഴുകുന്ന ദേശം നി
ങ്ങൾക്കു തരുമ്പോൾ, നിങ്ങൾ ഈ കർമ്മം
6 ആചരിക്കുന്നവർ ആയിരിക്കണം. ഏഴു ദിവ
സം നിങ്ങൾ പത്തീറ തിന്നണം; ഏഴാം ദിവ
സം കർത്താവിനു പെരുനാൾ ആകുന്നു.
ഏഴു ദിവസം നിങ്ങൾ പത്തീറ തിന്നണം;
7 നിങ്ങളിലും നിങ്ങളുടെ അതിർത്തിക്കക
ത്തെങ്ങും പുളിപ്പുള്ള അപ്പം കാണരുത്.
8 മെസ്രേനിൽ നിന്ന് എൻെറ കർത്താവ്
എന്നെ പുറപ്പെടുവിപ്പിച്ചപ്പോൾ പ്രവർത്തി
ച്ചതിനെ പ്രതിയാകുന്നു ഇത് എന്ന് നി
ങ്ങളുടെ മക്കളെ നിങ്ങൾ അറിയിക്കണം.
9 കർത്താവിൻെറ ചട്ടം നിൻെറ വായിൽ ഉ
ണ്ടായിരിക്കത്തക്കവണ്ണം നിൻെറ കൈ മേൽ
അടയാളവും നിൻെറ നെററിക്ക് അനുസ്മ
രണവും ഉണ്ടായിരിക്കണം. എന്തെന്നാൽ
ബലമുള്ള കൈ കൊണ്ടാണ്, കർത്താവു
നിന്നെ മെസ്രേനിൽനിന്നു പുറപ്പെടുവിച്ചത്.
10 കാലാകാലങ്ങളിൽ യഥാസമയം ഈ
കല്പനയും ചട്ടവും പാലിക്കണം. നിന്നോ
ടും നിൻെറ പിതാക്കന്മാരോടും സത്യം
ചെയ്തതുപോലെ കനാന്യരുടെ ദേശ
ത്തേക്ക് നിന്നെ പ്രവേശിപ്പിക്കുകയും, അതു
12 നിനക്കായി തരികയും ചെയ്യുമ്പോൾ, ഗർഭ
പാത്രം തുറക്കുന്ന എല്ലാ ആദ്യജാതനെയും
കർത്താവിനായി വേർതിരിക്കുവിൻ; നി
ൻെറ മൃഗങ്ങളിൽ ഗർഭപാത്രം തുറക്കുന്ന
ആണെല്ലാം കർത്താവിന് ആയിരിക്കും.
13 കഴുതയുടെ ഗർഭപാത്രം തുറക്കുന്ന എല്ലാ
ആദ്യജാതനെയും കുഞ്ഞാടിനാൽ നിനക്കു
വീണ്ടെടുക്കാം. അങ്ങനെ വീണ്ടെടുക്കുന്നി
ല്ലെങ്കിൽ അതിനെ കൊന്നുകളയണം. മനു
ഷ്യമക്കളായ നിൻെറ ആദ്യജാതനെയെല്ലാം
14 നീ വീണ്ടെടുക്കണം. നാളെ നിൻെറ മകൻ,
ഇതെന്ത്? എന്നു അന്വേഷിച്ചു നിന്നോടു
ചോദിക്കുമ്പോൾ നീ അവനോടു പറയണം:
15 മെസ്രേനിൽ നിന്ന്, അടിമത്വത്തിൻെറ സ്ഥ
ലത്തുനിന്ന്, നമ്മെ വിട്ടയയ്ക്കാതെയിരി
ക്കുന്നതിനായി ഫറഓൻ തൻെറ ഹൃദയം
കഠിനപ്പെടുത്തിയപ്പോൾ, കർത്താവ്, മനു
ഷ്യൻെറ ആദ്യജാതൻ മുതൽ മൃഗത്തിൻെറ
ആദ്യജാതൻ വരെ, മെസ്രേനിലെ സകല
ആദ്യജാതന്മാരെയും കൊന്ന്, ശക്തിയുള്ള
കൈയാൽ നമ്മെ പുറപ്പെടുവിച്ചതുകൊ
ണ്ടാകുന്നു; ഇതു നിമിത്തം ഗർഭപാത്രം തുറ
ക്കുന്ന ആണിനെയെല്ലാം ഞാൻ കർത്താ
വിനു യാഗം കഴിക്കുകയും എൻെറ മക്ക
ളിലെ ആദ്യജാതനെ വീണ്ടെടുക്കുകയും
16 ചെയ്യുന്നു. ഇതു നിൻെറ കൈമേൽ അട
യാളവും നെററിക്ക് അനുസ്മരണവും ആയി
രിക്കണം. എന്തെന്നാൽ കർത്താവ് നിന്നെ
മെസ്രേനിൽ നിന്നു പുറപ്പെടുവിച്ചത് ബല
മുള്ള കൈകൊണ്ടാണ്. ഫറഓൻ ജനത്തെ 17
വിട്ടയച്ചപ്പോൾ, ദൈവം അവരെ ഫെലി
സ്ത്യദേശത്തുകൂടെ കൊണ്ടുപോയില്ല.
അതായിരുന്നു എളുപ്പവഴി; എന്നാൽ യുദ്ധം
കാണുമ്പോൾ ജനം പേടിച്ച് മെസ്രേനി
ലേക്കു മടങ്ങിപ്പോയി എന്നു വരാം എന്നു
കർത്താവു വിചാരിച്ചു. ദൈവം അവരെ
ചെങ്കടലിൻെറ മരുഭൂമി വഴി നയിച്ചു. ഇസ്രാ 18
യേൽ മക്കൾ മെസ്രേൻ ദേശത്തുനിന്നു
പുറപ്പെട്ടത് ആയുധധാരികളായിട്ടാണ്.
മോശ തൻെറ കൂടെ യൗസേഫിൻെറ
അസ്ഥികളും എടുത്തു. എന്തെന്നാൽ, 19
ദൈവം നിങ്ങളെ ഓർക്കുമെന്നും നിങ്ങൾ
എൻെറ അസ്ഥികൾ ഇവിടെ നിന്നു നിങ്ങ
ളോടു കൂടെ കൊണ്ടുപോകണമെന്നും
അവൻ ഇസ്രായേൽ ഭവനത്തെക്കൊണ്ട്
ആണയിടീച്ചു പറഞ്ഞിട്ടുണ്ടായിരുന്നു.
അവർ സുക്കോത്തിൽനിന്നു യാത്ര 20
തിരിച്ചു മരുഭൂമിയുടെ അററത്ത് ഓനോ
മിൽ പാളയമിറങ്ങി. അവർക്കു പകലും 21
രാത്രിയിലും സഞ്ചരിക്കത്തക്കവണ്ണം പകൽ
അവർക്കു വഴി തെളിക്കേണ്ടതിന് മേഘ
ത്തൂണിലും രാത്രിയിൽ അവർക്കു പ്രകാശ
ത്തിനായി അഗ്നിത്തൂണിലും കർത്താവ്
അവർക്കു മുമ്പായി പോയി. പകൽ മേഘ 22
ത്തൂണും രാത്രിയിൽ അഗ്നിത്തൂണും
ജനത്തിൻെറ മുമ്പിൽ നിന്നു താൻ
മാറ്റിയില്ല.

അദ്ധ്യായം 14

കർത്താവു മോശയോടു സംസാരിച്ചു 2
പറഞ്ഞത്: നിങ്ങൾ തിരിഞ്ഞ് പിഹറീ
ത്തോയുടെ നേരെ പാളയമടിപ്പിൻ എന്ന്
ജനത്തോടു പറയുക. മഗ്ദൂലിനും സമുദ്ര
ത്തിനും ഇടയ്ക്ക് ബാൽസെഫുൻെറ
മുൻവശം അതിനു നേരേ നിങ്ങൾ പാളയ
മടിക്കുക.

ഇസ്രായേലിനെക്കുറിച്ച്, അവർക്കു 3
ദേശത്തു വഴി തെററിയിരിക്കുന്നുവെന്നും
മരുഭൂമിയിൽ അവരെ എത്തിപ്പിടിക്കാ
മെന്നും ഫറഓൻ പറയും.

ഞാൻ ഫറഓൻെറ ഹൃദയം കഠിനപ്പെ 4
ടുത്തും. അവൻ നിങ്ങളുടെ പിമ്പെ നിങ്ങളെ
അനുധാവനം ചെയ്യും. ഫറഓൻെറമേലും
അവൻെറ സൈന്യത്തിന്മേലും ഞാൻ
മഹിമപ്പെടും, എന്നു കർത്താവു പറഞ്ഞു.
അവർ അങ്ങനെ ചെയ്തു.

5 ജനം പോയി എന്നു മെസ്രേൻ രാജാവി
നോടു അറിയിക്കപ്പെട്ടു. ജനത്തെക്കുറിച്ച്
ഫറഓൻെറയും അവൻെറ ഭൃത്യന്മാരുടെയും
മനസ്സു മാറി. നാം എന്താണു ചെയ്തത്? നമ്മു
ടെ അടിമത്വത്തിൽനിന്നു നാം ഇസ്രായേ
ലിനെ വിട്ടുകളഞ്ഞല്ലോ എന്ന് അവർ പറ
6 ഞ്ഞു. അവൻ തൻെറ രഥങ്ങൾ പൂട്ടി തൻെറ
7 ജനത്തെ തന്നോടൊപ്പം നയിച്ചു. തെര
ഞ്ഞെടുത്ത അറുനൂറു രഥങ്ങളും, മെസ്രേ
ന്യരുടെ എല്ലാ രഥങ്ങളും അവയ്ക്കു വേണ്ട
ആളുകളെയും അവൻ കൂട്ടിക്കൊണ്ടു
8 പോയി. കർത്താവു ഫറഓൻെറ ഹൃദയം
കഠിനപ്പെടുത്തിയതിനാൽ അവൻ ഇസ്രാ
യേലിനെ അനുധാവനം ചെയ്തു. ഇസ്രാ
യേൽ ഉയർന്ന ഭുജത്താൽ പുറപ്പെട്ടു.
9 മെസ്രേന്യർ അവരെ പിന്തുടർന്നു, അവർ
സമുദ്രതീരത്തു പാളയമടിച്ചിരിക്കെ ഫറഓ
ൻെറ കുതിരകളും രഥങ്ങളും കുതിരച്ചേവ
കരും സൈന്യവും അവരോടു അടുത്തു.
അവർ പീഹറോത്തിനു മുമ്പിൽ ബാൽസെ
ഫോനനു നേരേ പാളയമടിച്ചിരിക്കുകയായി
10 രുന്നു. ഫറഓൻ അടുത്തെത്തിയപ്പോൾ
ഇസ്രായേൽ കണ്ണുയർത്തി നോക്കി. മെ
സ്രേന്യർ തങ്ങളുടെ പിന്നാലെ വരുന്നതു
കണ്ട് അവർ അത്യന്തം ഭയപ്പെട്ടു. ഇസ്രാ
യേൽ മക്കൾ കർത്താവിനോടു പ്രാർ
11 ത്ഥിച്ചു. അവർ മോശയോടു പറഞ്ഞത്:
മെസ്രേനിൽ ശവക്കുഴികൾ ഇല്ലാഞ്ഞിട്ടാ
ണോ നീ ഞങ്ങളെ മരുഭൂമിയിൽ ചാകാൻ
കൂട്ടിക്കൊണ്ടു വന്നത്? നീ ഞങ്ങളോട്
ഇങ്ങനെ ചെയ്തതും ഞങ്ങളെ മെസ്രേ
നിൽനിന്നും പുറപ്പെടുവിച്ചതും എന്തി
12 നാണ്? മെസ്രേന്യർക്കു സേവ ചെയ്യുവാൻ
ഞങ്ങളെ വിടുക എന്ന് മെസ്രേനിൽ വെച്ചു
ഞങ്ങൾ നിന്നോടു പറഞ്ഞ കാര്യം ഇത
ല്ലയോ? എന്തെന്നാൽ ഈ മരുഭൂമിയിൽ
ചാകുന്നതിനേക്കാൾ നല്ലതു മെസ്രേന്യരെ
13 സേവിക്കുകയായിരുന്നു. മോശ ജനത്തോട്:
സംഭ്രമിക്കാതെയിരിപ്പിൻ; നിങ്ങൾ അടങ്ങി
യിരുന്ന്, ഇന്നു കർത്താവു നിങ്ങൾക്കു
വേണ്ടി ചെയ്യുന്ന രക്ഷ കണ്ടുകൊള്ളുവിൻ.
ഇന്നു നിങ്ങൾ മെസ്രേന്യരെ കണ്ടതുപോലെ
വീണ്ടും ഒരിക്കലും അവരെ കാണുകയില്ല;
14 നിങ്ങൾ ശാന്തരായി ഇരിക്കവേ, കർത്താവു
നിങ്ങളെ പ്രതി പോരാടും എന്നു പറഞ്ഞു.
15 മോശ കർത്താവിനോടു പ്രാർത്ഥിച്ചു.
മോശയോടു കർത്താവു പറഞ്ഞു: നീ
എന്നോടു പ്രാർത്ഥിക്കുന്നതെന്ത്? ഇസ്രാ
യേൽ ഭവനത്തോട് യാത്ര തിരിക്കാൻ പറ
16 യുക. നിൻെറ വടി എടുത്ത് സമുദ്രത്തിൻെറ
മേൽ നിൻെറ കൈ നീട്ടി അതിനെ വിഭാ
ഗിക്കുക. ഇസ്രായേൽ മക്കൾ സമുദ്രത്തിന്
ഉള്ളിൽ ഉണങ്ങിയ നിലത്തു പ്രവേശിക്കട്ടെ.
ഞാൻ മെസ്രേന്യരുടെ ഹൃദയം കഠിനമാ 17
ക്കും. അതുകൊണ്ട് അവർ നിങ്ങളുടെ
പിന്നാലെ പ്രവേശിക്കും. ഫറഓൻെറയും 18
അവൻെറ സൈന്യത്തിൻെറയും അവൻെറ
രഥങ്ങളുടെയും അവൻെറ കുതിരപ്പട
യുടെയും മേൽ ഞാൻ മഹിമപ്പെടുമ്പോൾ
ഞാനാകുന്നു കർത്താവ് എന്നു മെസ്രായർ
മനസ്സിലാക്കും.
ഇസ്രായേൽ പാളയത്തിൻെറ മുമ്പിൽ 19
പോയിരുന്ന കർത്താവിൻെറ മാലാഖാ
അവരുടെ പിമ്പിൽ പോയി. മേഘത്തൂണ്
അവരുടെ മുമ്പിൽ നിന്നു മാറി പിമ്പിൽ
പോയി. മെസ്രേന്യരുടെ പാളയത്തിനും 20
ഇസ്രായേൽ മക്കളുടെ പാളയത്തിനുമിട
യ്ക്ക് (മേഘത്തൂണ്) പ്രവേശിച്ചതിനാൽ
രാത്രി മുഴുവൻ മെസ്രായർക്ക് മേഘവും
ഇരുട്ടും, ഇസ്രായേൽ മക്കൾക്കു പ്രകാശവും
ആയിരുന്നു. (അതിനാൽ) രാത്രി മുഴുവൻ
അവർ തമ്മിൽ സമീപിച്ചില്ല.
മോശ സമുദ്രത്തിൻെറമേൽ തൻെറ 21
കൈ നീട്ടി. കർത്താവു രാത്രി മുഴുവൻ ഒരു
ശക്തമായ കിഴക്കൻ കാറ്റ് അടിപ്പിച്ച് സ
മുദ്രത്തെ കരയാക്കി; വെള്ളം വിഭാഗിക്ക
പ്പെട്ടു. ഇസ്രായേൽ മക്കൾ സമുദ്രത്തിനു 22
ള്ളിൽ ഉണങ്ങിയ നിലത്തേക്കു കടന്നു.
വെള്ളം അവരുടെ വലത്തും ഇടത്തും മതിൽ
ആയിരുന്നു. മെസ്രേൻകാർ അവരെ പിന്തു 23
ടർന്നു. ഫറഓൻെറ കുതിരകളും രഥങ്ങളും
കുതിരപ്പട്ടാളവും അവരുടെ പിന്നാലെ സമു
ദ്രത്തിനകത്തു കടന്നു. പ്രഭാത യാമത്തിൽ 24
അഗ്നിത്തൂണിലും മേഘത്തൂണിലും കർ
ത്താവു മെസ്രേന്യർക്കു കാണപ്പെട്ടു. അവ 25
രുടെ പാളയം കലങ്ങി; രഥചക്രങ്ങൾ ഉറച്ചു;
അവ കൊണ്ടുപോകുന്നവർ വിഷമത്തി
ലായി. ഇസ്രായേൽ ഗൃഹത്തിൻെറ മു
മ്പിൽനിന്നു നമുക്ക് ഓടിപ്പോകാം; മെസ്രേ
നിൽ കർത്താവു തന്നെ അവർക്കുവേണ്ടി
യുദ്ധം ചെയ്യുന്നു എന്ന് മെസ്രേന്യർ
പറഞ്ഞു.
കർത്താവു മോശയോട്: "കടലിന്മേൽ 26
നിൻെറ കൈ ചായിക്ക. മെസ്രേന്യരുടെ മേ
ലും അവരുടെ കുതിരകളിന്മേലും കുതി
രപ്പടയാളികളുടെയും മേലും വെള്ളം മടങ്ങി
വരട്ടെ." എന്നു പറഞ്ഞു. മോശ സമുദ്രത്തി
ന്മേൽ തൻെറ കൈ ഉയർത്തി. രാവിലെ 27
സമുദ്രം അതിൻെറ സ്ഥാനത്തു തിരികെ
വന്നു. കർത്താവു മെസ്രേന്യ സമുദ്രത്തിൽ

മുക്കിക്കൊന്നു. അവരുടെ പിന്നാലെ
സമുദ്രത്തിലേക്കു കടന്നിരുന്ന രഥങ്ങളെ
യും കുതിരപ്പട്ടാളക്കാരെയും ഫറവോന്റെ
സകല സൈന്യത്തെയും, വെള്ളം തിരികെ
വന്നു മൂടിക്കളഞ്ഞു; അവരിൽ ഒന്നും ശേഷി
ച്ചില്ല. കരയിൽക്കൂടെ എന്നപോലെ കടലിൽ
ക്കൂടെ ഇസ്രായേൽ മക്കൾ നടന്നുപോയി;
വെള്ളം അവരുടെ ഇടത്തും വലത്തും മതിൽ
ആയിരുന്നു. ആ ദിവസത്തിൽ കർത്താവ്
ഇസ്രായേൽ ജനത്തെ മെസ്രേന്യരുടെ
കൈയിൽനിന്നു രക്ഷിച്ചു. മെസ്രേന്യ
കടൽത്തീരത്തു ചത്തടിഞ്ഞുകിടക്കുന്നത്
ഇസ്രായേൽ കണ്ടു. കർത്താവു മെസ്രേന്യ
രോടു ചെയ്ത മഹാകാര്യം ഇസ്രായേൽ
കണ്ടിട്ട്, ജനം കർത്താവിനെ ഭയപ്പെടു
കയും, കർത്താവിലും അവന്റെ ദാസനായ
മോശയിലും വിശ്വസിക്കുകയും ചെയ്തു.

അദ്ധ്യായം 15

തങ്ങളുടെ രക്ഷയെപ്രതി ജനത്തിന്റെ
സ്തുതിഗീതം. അപ്പോൾ മോശയും ഇസ്രാ
യേൽ മക്കളും ഈ സ്തുതിഗീതം ചൊല്ലി
കർത്താവിനെ സ്തുതിച്ചു.
മഹത്വമുള്ള കർത്താവിനെ ഞാൻ
സ്തുതിക്കും;
അശ്വങ്ങളുടെ മേൽ അവൻ മഹിമപ്പെട്ടു;
അശ്വാരൂഢരെ കടലിൽ നിപതിപ്പിച്ചു.
ദൈവമായ കർത്താവ്, ശക്തനും സ്തുത്യനും;
നമുക്ക് അവൻ, രക്ഷകനായിത്തീർന്നു.
ഇവൻ എന്റെ ദൈവം; ഇവനെ ഞാൻ
സ്തുതിക്കും.
എന്റെ പിതാവിൻ ദൈവം; ഇവനെ ഞാൻ
പുകഴ്ത്തും.
കർത്താവ് പരാക്രമിയും, യുദ്ധവീരനും
ആകുന്നു.
കർത്താവ് എന്നാകുന്നു അവന്റെ നാമം.
ഫറവോന്റെ തേരുകളേയും സേനയെയും
കടലിൽ അവൻ എറിഞ്ഞു കളഞ്ഞു.
അവന്റെ വിശിഷ്ട പരാക്രമികൾ
മുങ്ങിപ്പോയി. ചെങ്കടലിൽ
ആഴങ്ങൾ അവരെ മൂടി;
ആഴിയിലേക്ക് അവരിറങ്ങി
കല്ലുപോലെ അവർ മുങ്ങിപ്പോയി.
ശക്തിയാൽ മഹിമയണിഞ്ഞ വലങ്കൈ,
കർത്താവേ, നിന്റെ വലത്തേ കൈ
നിന്റെ ശത്രുക്കളെ തകർത്തുകളഞ്ഞു.
നിന്റെ പ്രഭാവശക്തിയാൽ
നീ വിദ്വേഷികളെ മറിച്ചിട്ടു.
നീ നിന്റെ ക്രോധാഗ്നി അയച്ചു;
താളടിപോലെ അതു അവരെ തിന്നു.
നിന്റെ ശ്വാസത്താൽ വെള്ളങ്ങൾ 8
കൂമ്പാരമായി കൂട്ടപ്പെട്ടു.
കുന്നുപോലെ
പ്രവാഹങ്ങൾ നിവർന്നുനിന്നു.
സമുദ്രഹൃദയത്തിനുള്ളിൽ,
ആഴങ്ങൾ ഉറഞ്ഞുപോയി.
ശത്രു ഇങ്ങനെ പറഞ്ഞു: 9
ഞാൻ പിന്തുടർന്നു പിടിക്കും; ഞാൻ
കൊള്ള പങ്കുവെക്കും.
ഞാൻ എന്റെ വാളൂരും; ഞാൻ അവരെ
ശൂന്യമാക്കും.
നീ നിന്റെ കാറ്റു വീശിച്ചു; സമുദ്രം അവരെ 10
മൂടി.
ഈയം പോലെ അവർ പെരുവെള്ളത്തിൽ
താണു
കർത്താവേ, നിന്നെപ്പോലെ ആരുണ്ട്? 11
തന്റെ വിശുദ്ധിയിൽ മഹിമയുള്ളവനേ,
ഭയങ്കരനും സ്തുത്യനും അത്ഭുതങ്ങൾ പ്രവർ
ത്തിക്കുന്നവനുമേ,
നിന്നെപ്പോലെ ആരുണ്ട്?
നീ വലങ്കൈ ഉയർത്തി; ഭൂമി അവരെ 12
വിഴുങ്ങി.
നീ രക്ഷിച്ച ഈ ജനത്തെ നിന്റെ കൃപയാൽ 13
നീ നയിച്ചു.
നിന്റെ ഭുജബലത്താൽ നിന്റെ വിശുദ്ധി
യുടെ നിവാസത്തിലേക്കു നീ അവരെ
നയിച്ചു.
ജാതികൾ കേട്ടു പരിഭ്രമിച്ചു; 14
ഫെലിസ്ത്യനിവാസികൾക്കു ഭയമായി.
അപ്പോൾ ഏദോമിന്റെ പ്രഭുക്കന്മാർ 15
സംഭീതരായി;
മോവാബിന്റെ പുരുഷന്മാർക്കു വിറയൽ
വന്നു.
കനാനിൽ പാർക്കുന്നവരെല്ലാം ചിതറി.
അവരുടെ മേൽ ഭയവും പരിഭ്രമവും പതി 16
ച്ചിരിക്കുന്നു;
നിന്റെ ഭുജമഹത്വം അവർക്കു മുദ്ര
വയ്ക്കും;
കർത്താവേ, നിന്റെ ജനം കടന്നു പോകു
വോളം,
നീ രക്ഷിച്ച ഈ ജനം കടന്നുപോകുവോളം
അവർ കല്ലുപോലെ(നിശ്ചലരായിരിക്കും)
നീ അവരെ കൊണ്ടുവന്ന്, നിന്റെ അവകാശ 17
പർവ്വതത്തിൽ അവരെ നടും;
കർത്താവേ, നിനക്കു വസിക്കുവാൻ
നിന്റെ കൈ ഒരുക്കിയ വിശുദ്ധനിവാസ
ത്തിൽ തന്നെ;
കർത്താവ് എന്നും എന്നേക്കും വാഴും 18
എന്തെന്നാൽ ഫറവോന്റെ കുതിരകളും 19
രഥങ്ങളും അശ്വാരൂഢരും കടലിൽ പ്രവേശി

ച്ചപ്പോൾ കർത്താവ് കടലിലെ വെള്ളം അവ
രുടെമേൽ മടങ്ങി വരുമാറാക്കി; എന്നാൽ
ഇസ്രായേൽ മക്കൾ കടലിൻെറ ഉള്ളിൽ
ഉണങ്ങിയ നിലത്തുകൂടെ നടന്നു പോയി.
20 അഹറോൻെറ സഹോദരി മറിയാം പ്രവാ
ചകി തൻെറ കയ്യിൽ തപ്പെടുത്തു. സ്ത്രീക
ളെല്ലാം തപ്പുകളും ചതുരത്തപ്പുകളുമായി
അവളുടെ പിന്നാലെ തിരിച്ചു.
21 മഹത്വവാനായ കർത്താവിനെ സ്തുതിപ്പിൻ;
അവൻ അശ്വങ്ങളുടെമേൽ മഹിമപ്പെട്ടു;
അശ്വാരൂഢരെ കടലിൽ നിപതിപ്പിച്ചു
എന്ന് മറിയാം അവർക്ക് പ്രതിഗാനം
ചൊല്ലിക്കൊണ്ടിരുന്നു.
22 മോശ ഇസ്രായേൽ ഗൃഹത്തെ ചെങ്കട
ലിങ്കൽ നിന്നു പുറപ്പെടുവിച്ചു; അവർ ശൂർ
മരുഭൂമിയിലേക്കു യാത്ര ചെയ്തു. അവർ മരു
ഭൂമിയിൽ മൂന്നു ദിവസത്തെ വഴി പോയി;
എന്നാൽ വെള്ളം കണ്ടെത്തിയില്ല. അവർ
23 മാറായിൽ എത്തി. മാറായിലെ വെള്ളം
കുടിപ്പാൻ അവർക്കു കഴിഞ്ഞില്ല. കാരണം,
അതു കൈപ്പുള്ളതായിരുന്നു. അതുകൊ
ണ്ടാണ് ആ സ്ഥലത്തിനു മാറാ എന്നു പേരു
വിളിച്ചത്.
24 ജനം മോശയ്ക്കു നേരേ പിറുപിറുത്തു.
ഞങ്ങൾ എന്തു കുടിക്കും? എന്നു ചോദിച്ചു.
25 മോശ കർത്താവിനോടു പ്രാർത്ഥിച്ചു.
കർത്താവ് അവന് ഒരു മരക്കഷണം കാണി
ച്ചുകൊടുത്തു. അതു വെള്ളത്തിൽ ഇട്ടു;
വെള്ളം മധുരിച്ചു. അവിടെ അവൻ ചട്ടവും
പ്രമാണവും പഠിപ്പിക്കുകയും പരിശോധി
26 ക്കുകയും ചെയ്തു. നിൻെറ ദൈവമായ
കർത്താവിൻെറ വാക്കു നീ തീർച്ചയായും
അനുസരിക്കുകയും, അവനു പ്രസാദ
കരമായതു പ്രവർത്തിക്കുകയും അവൻെറ
കല്പനകൾ ചെവിക്കൊള്ളുകയും അവ
ൻെറ ഉടമ്പടികൾ പാലിക്കുകയും ചെയ്താൽ,
മെസ്രേന്യരുടെ മേൽ ഞാൻ വരുത്തിയ
ബാധകളൊന്നും നിൻെറ മേൽ വരുത്തുക
യില്ല; എന്തെന്നാൽ നിന്നെ സൗഖ്യ
മാക്കുന്ന കർത്താവു ഞാനാകുന്നു എന്ന്
27 അവൻ അരുളിച്ചെയ്തു. പിന്നെ, അവർ
എലീമിൽ എത്തി. അവിടെ പന്ത്രണ്ടു
നീരുറവകളും എഴുപതു ഈന്തപ്പനകളും
ഉണ്ടായിരുന്നു. അവിടെ വെള്ളത്തിന്നടുത്ത്
അവർ പാളയമടിച്ചു.

അദ്ധ്യായം 16

അവർ എലീമിൽനിന്നു യാത്ര പുറ
പ്പെട്ടു. ഇസ്രായേൽ മെസ്രേനിൽനിന്നു
പുറപ്പെട്ടതിൻെറ രണ്ടാം മാസം പതിനഞ്ചാം
ദിവസം ഇസ്രായേൽ മക്കളുടെ സർവ്വ ഗണ
വും എലീമിനും സീനായിക്കും മദ്ധ്യേ സീൻ
മരുഭൂമിയിൽ എത്തി. ഇസ്രായേൽ മക്കളുടെ 2
സംഘമെല്ലാം മരുഭൂമിയിൽ വച്ച് മോശെ
യ്ക്കു നേരെയും അഹറോനു നേരെയും
പിറുപിറുത്തു. ഞങ്ങൾ ഇറച്ചിപ്പാത്രങ്ങൾ 3
ക്ക് അരികെ ഇരുന്ന് മതിയാകുവോളം അപ്പം
തിന്നുകൊണ്ടിരുന്നപ്പോൾ കർത്താവിൻെറ
കൈയാൽ മെസ്രേൻ ദേശത്തുവച്ചു
മരിച്ചിരുന്നെങ്കിൽ, എന്ന് ആശിച്ചുപോ
കുന്നു; ഇസ്രായേൽ മക്കളുടെ സംഘത്തെ
യെല്ലാം പട്ടിണിയാൽ നശിപ്പിക്കുവാനാ
ണല്ലോ നിങ്ങൾ ഞങ്ങളെ ഈ മരുഭൂമി
യിലേക്കു പുറപ്പെടുവിച്ചുകൊണ്ടുവന്നത്
എന്ന് അവർ പറഞ്ഞു. കർത്താവു മോശ 4
യോട് ഇപ്രകാരം പറഞ്ഞു: ഇതാ, ഞാൻ
നിങ്ങൾക്കു ആകാശത്തുനിന്ന് അപ്പം
വർഷിപ്പിക്കും. ജനം പുറപ്പെട്ട് ഓരോ ദിവസ
വും അന്നത്തേക്കുള്ള ഭക്ഷണം ശേഖരി
ക്കണം. അത്, അവർ എൻെറ ചട്ടങ്ങളിൽ
നടക്കുമോ ഇല്ലയോ എന്ന് എനിക്കു പരീ
ക്ഷിച്ചു നോക്കുവാനാകുന്നു. ആറാം 5
ദിവസം അവർ കൊണ്ടുവന്നു പാകം ചെയ്യു
ന്നത്, എല്ലാ ദിവസവും ശേഖരിക്കുന്ന
തിൻെറ ഇരട്ടി ആയിരിക്കണം.

മോശയും അഹറോനും ഇസ്രായേൽ 6
മക്കളോടു പറഞ്ഞു: നിങ്ങളെ മെസ്രേൻ
ദേശത്തുനിന്നു പുറപ്പെടുവിച്ചതു കർത്താ
വാകുന്നു എന്നു ഈ സന്ധ്യയിൽ നിങ്ങൾ
മനസ്സിലാക്കും. രാവിലെ നിങ്ങൾ കർത്താ 7
വിൻെറ മഹത്വം കാണും. എന്തെന്നാൽ
നിങ്ങളുടെ പിറുപിറുപ്പു കർത്താവു കേട്ടു.
ഞങ്ങൾക്കു നേരേ നിങ്ങൾ പിറുപിറുക്കു
വാൻ തക്കവണ്ണം ഞങ്ങൾ എന്താകുന്നു?
മോശ അവരോടു പിന്നെയും പറഞ്ഞു: 8
കർത്താവു വൈകിട്ടു നിങ്ങൾക്കായി
ഇറച്ചി തരുമ്പോൾ, രാവിലെ നിങ്ങൾക്കു
മതിയാവോളം അപ്പവും തരും. എന്തെന്നാൽ
അവനുനേരേ നിങ്ങൾ പിറുപിറുത്ത പിറു
പിറുപ്പ് അവൻ കേട്ടിരിക്കുന്നു. ഞങ്ങൾ
എന്തുള്ളു? നിങ്ങൾ പിറുപിറുത്തതു
ഞങ്ങൾക്ക് എതിരെ അല്ല, കർത്താവിന്
എതിരെയാണ്.

മോശ അഹറോനോട് പറഞ്ഞത്: നീ 9
ഇസ്രായേൽ മക്കളുടെ സംഘത്തോട് ഇപ്ര
കാരം പറയുക: കർത്താവിൻെറ സന്നിധി
യിൽ അടുത്തുവരുവിൻ; എന്തെന്നാൽ
കർത്താവു നിങ്ങളുടെ പിറുപിറുപ്പു കേട്ടി
രിക്കുന്നു. ഇസ്രായേൽ മക്കളുടെ സംഘ 10
ത്തോടെല്ലാം അഹറോൻ സംസാരിച്ചു

കൊണ്ടിരിക്കുമ്പോൾ സംഭവിച്ചതെന്തെ
ന്നാൽ: അവർ മരുഭൂമിയിലേക്കു തിരിഞ്ഞു
നോക്കിയപ്പോൾ, ഇതാ, കർത്താവിൻെറ
മഹത്വം മേഘത്തിൽ കാണപ്പെട്ടു.
11 കർത്താവു മോശയോട് ഇപ്രകാരം
അരുളിച്ചെയ്തു: ഇസ്രായേൽ മക്കളുടെ പിറു
12 പിറുപ്പു ഞാൻ കേട്ടിരിക്കുന്നു. അവരോട്:
സൂര്യാസ്തമനത്തിങ്കൽ അവർ ഇറച്ചി തിന്നു
മെന്നും, രാവിലെ അപ്പം കൊണ്ടു തൃപ്തരാകു
മെന്നും, അവരുടെ ദൈവമായ കർത്താവു
ഞാനാകുന്നുവെന്ന് അവർ ഗ്രഹിക്കുമെ
13 ന്നും പറയുക. സന്ധ്യയ്ക്കു കാടപ്പക്ഷികൾ
വന്നു പാളയത്തെ മൂടി. പ്രഭാതത്തിൽ
14 പാളയത്തിനു ചുറ്റും മഞ്ഞ് ഉണ്ടായിരുന്നു.
വീണു കിടന്ന മഞ്ഞ് മാറിയപ്പോൾ, ഇതാ,
മരുഭൂമിയിൽ, നിലത്ത് എല്ലാം ഉറച്ച മഞ്ഞു
15 പോലെ ഒരു നേരിയ വസ്തു. ഓരോ
മനുഷ്യനും തൻെറ സഹോദരനോടു
ചോദിച്ചു: "ഇതെന്ത്?" അത് എന്തായിരു
ന്നെന്ന് അവർക്ക് അറിഞ്ഞുകൂടായിരുന്ന
ല്ലോ. മോശ അവരോടു പറഞ്ഞു: നിങ്ങൾ
ക്കു തിന്നുവാൻ കർത്താവു തരുന്ന അപ്പം
16 ഇതാകുന്നു. ഓരോരുത്തനു തിന്നാവുന്ന
തിനു തക്കവണ്ണം നിങ്ങളുടെ കൂടാരത്തിൽ
ഉള്ളവരുടെ എണ്ണം അനുസരിച്ച് ആളിന്
ഇടങ്ങഴി വീതം ശേഖരിച്ചുകൊള്ളുവിൻ
എന്നുള്ള ഈ കാര്യവും കർത്താവു കല്പി
17 ച്ചിരിക്കുന്നു. ഇസ്രായേൽ മക്കൾ അങ്ങനെ
ചെയ്തു. ചിലർ ഏറെ പെറുക്കി; ചിലർ കുറച്ചു
18 പെറുക്കി. അളന്നപ്പോൾ ഏറെ പെറുക്കി
യവനു ഏറെയോ കുറച്ചു പെറുക്കിയവനു
കുറവോ ഇല്ലായിരുന്നു. എല്ലാ വരും അവനു
തിന്നാവുന്നിടത്തോളം ശേഖരിച്ചിരുന്നു.
19 അതിൽ ഒട്ടും രാവിലത്തേക്ക് ബാക്കി
വയ്ക്കരുത് എന്നു മോശ അവരോടു പറ
20 ഞ്ഞു. മോശയെ അനുസരിക്കാതെ ചിലർ
അതിൽനിന്നു രാവിലത്തേക്കു ബാക്കി
വച്ചിരുന്നു. അതു പുഴുത്തു നാറി. മോശ
21 അവരോടു കോപിച്ചു. അവർ രാവിലെ
തോറും ഓരോരുത്തനു തിന്നാവുന്നിട
ത്തോളം പെറുക്കും. സൂര്യൻെറ ചൂടു
കൂടുമ്പോൾ അതു ഉരുകിപ്പോകും.
22 ആറാം ദിവസം അവർ ഇരട്ടി, അതായത്
രണ്ടിടങ്ങഴി, പെറുക്കി. സംഘമൂപ്പന്മാരെല്ലാം
മോശയുടെ അടുക്കൽ ചെന്ന് അക്കാര്യം
23 അറിയിച്ചു. മോശ അവരോട്: ഇതു കർത്താ
വു അരുളിച്ചെയ്തിട്ടുള്ളതു തന്നെ; നാളെ
സ്വസ്ഥതയുടെ ശാബത് ആകുന്നു;
കർത്താവിനു വിശുദ്ധദിനം. ഇന്നു ചുടാനു
ള്ളതു ചുടുവിൻ; പാകം ചെയ്യാനുള്ളതു
പാകം ചെയ്യുവിൻ. അധികമുള്ളതു
രാവിലത്തേക്കു സൂക്ഷിച്ചുവയ്പിൻ.
കർത്താവു കല്പിച്ചിരുന്നതുപോലെ, 24
രാവിലത്തേക്ക് അതിൽനിന്നു ബാക്കി
വച്ചിരുന്നതു നാറുകയോ പുഴുക്കുകയോ
ചെയ്തില്ല. മോശ അവരോട് പറഞ്ഞു: അത് 25
ഇന്നു ഭക്ഷിച്ചുകൊള്ളുവിൻ: എന്തെന്നാൽ
ഇന്നു കർത്താവിനു ശാബത് ആകുന്നു.
ഇന്ന് അതു വെളിമ്പ്രദേശത്തു കാണപ്പെടു
കയില്ല. ആറു ദിവസം നിങ്ങൾ അതു പെറു 26
ക്കിക്കൊള്ളുക. ഏഴാം ദിവസം ശാബത്
ആകുന്നു; അന്ന് അതു ഉണ്ടാകയില്ല. ഏഴാം 27
ദിവസം ജനത്തിൽ ചിലർ അതു പെറുക്കു
വാൻ പുറത്തുപോയി; എങ്കിലും കണ്ടെ
ത്തിയില്ല.
കർത്താവു മോശയോട് പറഞ്ഞു: എ 28
ൻെറ കല്പനകളും ചട്ടങ്ങളും പാലിക്കു
വാൻ നിങ്ങൾക്ക് എത്രകാലം മനസ്സില്ലാതെ
യിരിക്കും? നോക്കുവിൻ: കർത്താവു നി 29
ങ്ങൾക്കു ശാബത് തന്നിരിക്കുന്നു. ഇതു നി
മിത്തം ആറാം ദിവസം കർത്താവു നിങ്ങൾ
ക്കു രണ്ടു ദിവസത്തേക്കുള്ള അപ്പം തരുന്നു.
ആകയാൽ ഏഴാം ദിവസം എല്ലാവരും അവ 30
രവരുടെ സ്ഥലത്ത് ഇരിക്കണം: ആരും ത
ൻെറ വീട്ടുവാതിൽക്കൽ നിന്നു പുറത്തു
പോകരുത്. ഏഴാം ദിവസം ജനം വിശ്രമിച്ചു.
ഇസ്രായേൽ മക്കൾ ആ സാധനത്തിനു മ
ന്നാ എന്നു പേരു വിളിച്ചു. അതു കൊത്തമ്പാ 31
ലരി പോലെയുള്ളതും, വെളുത്തതും തേൻ
പുരട്ടിയ അപ്പത്തിൻെറ രുചിയുള്ളതും ആ
യിരുന്നു. പിന്നെ മോശ പറഞ്ഞത്: ഇത് കർ 32
ത്താവു കല്പിച്ച കാര്യമാകുന്നു: നിങ്ങളെ
മെസ്രേനിൽ നിന്നു പുറപ്പെടുവിച്ചുകൊണ്ടു
വന്നപ്പോൾ മരുഭൂമിയിൽ വച്ചു നിങ്ങളെ തീ
റ്റിയ ആഹാരം നിങ്ങളുടെ തലമുറകൾ കാ
ണേണ്ടതിന് അതിൽനിന്ന് ഒരു ഓമർ നിറ
യെ എടുത്തു സൂക്ഷിച്ചുവയ്ക്കണം. അന 33
ന്തരം മോശ അഹറോനോടു പറഞ്ഞത്: ഒരു
പെട്ടി എടുത്ത്, ഒരു പാത്രം നിറയെ മന്നാ
അതിനകത്ത് ഇട്ട് കർത്താവിൻെറ സന്നി
ധിയിൽ വയ്ക്കുക; അതു നിങ്ങളുടെ തല
മുറകൾക്കായി സൂക്ഷിക്കപ്പെടണം. അതു 34
സാക്ഷ്യത്തിനായി സംരക്ഷിക്കപ്പെടേണ്ട
തിന്, കർത്താവു കല്പിച്ചതുപോലെ അഹ
റോൻ അതു സൂക്ഷിച്ചുവച്ചു. ജനവാസമു 35
ള്ള ദേശത്ത് എത്തുവോളം നാല്പതു സംവ
ത്സരം ഇസ്രായേൽ മക്കൾ മന്നാ തിന്നു;
കനാൻ ദേശത്തിൻെറ അതിർത്തിയിൽ എ 36
ത്തുവോളം അവർ മന്നാ തിന്നു. (ഓമർ
പറയുടെ പത്തിലൊന്ന് ആകുന്നു.)

അദ്ധ്യായം 17

ഇസ്രായേൽ മക്കളുടെ സംഘമെല്ലാം
സീൻ മരുഭൂമിയിൽനിന്നു യാത്ര പുറപ്പെട്ടു,
കർത്താവിൻെറ വായിലെ വചനപ്രകാരം
2 പാളയമിറങ്ങി റെഫീദിമിൽ കൂടാരമടിച്ചു.
അവിടെ വെള്ളം ഇല്ലായിരുന്നു. ജനം
മോശയോടു കലഹിച്ചു, ഞങ്ങൾക്കു
കുടിപ്പാൻ വെള്ളം തരിക എന്നു പറഞ്ഞു.
മോശ അവരോട്: നിങ്ങൾ എന്നോടു കല
ഹിക്കുന്നത് എന്ത്? നിങ്ങൾ കർത്താവിനെ
പരീക്ഷിക്കുന്നതും എന്ത്? എന്നു പറഞ്ഞു.
3 അവിടെ ജനം വെള്ളത്തിനു ദാഹിച്ചതി
നാൽ അവർ മോശയ്ക്ക് എതിരെ പിറു
പിറുത്തു. നീ ഞങ്ങളെ മെസ്രേനിൽ നിന്നു
കയറ്റിക്കൊണ്ടു വന്നതെന്തിനാണ്? ഞങ്ങ
ളെയും ഞങ്ങളുടെ മക്കളെയും ഞങ്ങളുടെ
മൃഗങ്ങളെയും ദാഹത്താൽ കൊല്ലേണ്ടതി
4 നാണോ? എന്ന് അവർ ചോദിച്ചു. മോശ
കർത്താവിൻെറ മുമ്പാകെ പ്രാർത്ഥിച്ചു
പറഞ്ഞത്: ഞാൻ ഈ ജനത്തോടു എന്തു
ചെയ്യേണ്ടു? അല്പസമയത്തിനുള്ളിൽ
അവർ എന്നെ കല്ലെറിയുമല്ലോ.
5 കർത്താവു മോശയോട് അരുളിച്ചെയ്തത്:
ഇസ്രായേലിൻെറ മൂപ്പന്മാരിൽ ചിലരെ
കൂട്ടിക്കൊണ്ട് നീ ജനത്തിൻെറ മുമ്പെ കട
ന്നു പോകുക. നീ നദിയെ അടിച്ച നിൻെറ
വടിയും കൈയിൽ എടുത്തുകൊണ്ടു
6 പോകുക. ഇതാ, അവിടെ ഹോറേബിലെ
തീക്കൽപാറമേൽ ഞാൻ നിൻെറ മുമ്പിൽ
നിൽക്കും. നീ തീക്കൽപാറയെ അടിക്കു
മ്പോൾ അതിൽനിന്നു വെള്ളം പുറപ്പെടു
7 കയും ജനം കുടിക്കുകയും ചെയ്യും. ഇസ്രാ
യേൽ മക്കളുടെ വൃദ്ധന്മാരുടെ കൺമുമ്പിൽ
വെച്ചു മോശ അപ്രകാരം ചെയ്തു. ഇസ്രാ
യേൽ മക്കൾ കലഹിച്ചതു നിമിത്തവും,
കർത്താവു ഞങ്ങളുടെ ഇടയിൽ ഉണ്ടോ
ഇല്ലയോ എന്നു പറഞ്ഞ് കർത്താവിനെ
പരീക്ഷിച്ചതുകൊണ്ടും ആ സ്ഥലത്തിനു
മാസോ എന്നും മെരീബാ എന്നും പേരു
വിളിക്കപ്പെട്ടു.
8 റെഫീദിമിൽ വച്ചു ഇസ്രായേലുമായി
യുദ്ധം ചെയ്‌വാൻ അമാലേക്ക് വന്നു. മോശ
9 യോശുവയോടു പറഞ്ഞത്: നീ ആളുകളെ
തെരഞ്ഞെടുത്ത് അമാലേക്കുമായി യുദ്ധം
ചെയ്യുവാൻ നാളെ പുറപ്പെടുക. ദൈവ
ത്തിൻെറ വടിയും കൈയിൽ പിടിച്ചുകൊ
ണ്ടു ഞാൻ കുന്നിൻെറ മുകളിൽ നില്ക്കാം.
10 മോശ പറഞ്ഞതുപോലെ യോശുവ ചെയ്തു,
അമാലേക്കുമായി യുദ്ധം ചെയ്യുവാൻ
പോയി. മോശയും അഹറോനും ഹൂറും
കുന്നിൻെറ മുകളിലേക്കു കയറിപ്പോയി.
മോശയുടെ കൈ ഉയർന്നിരിക്കുമ്പോൾ 11
ഇസ്രായേൽ വിജയിക്കും; അവൻെറ കൈ
താണിരിക്കുമ്പോൾ അമാലേക്ക് ജയിക്കും.
മോശയുടെ കൈകൾ ക്ഷീണിച്ചപ്പോൾ 12
അവർ ഒരു കല്ലെടുത്ത് ഇരിപ്പാനായി അവ
ൻെറ കീഴിൽ വെച്ചു. അഹറോനും ഹൂറും
ഓരോ വശത്ത് അവൻെറ കൈകൾ താങ്ങി.
സൂര്യൻ അസ്തമിക്കുവോളം അവൻെറ
കൈകൾ നിശ്ചലമായിരുന്നു. യോശുവ 13
അമാലേക്കിനെയും അവൻെറ ജനത്തെയും
വാളിൻെറ വായാൽ തകർത്തു.
കർത്താവു മോശയോട് അരുളിച്ചെയ്തത്: 14
ഇതിൻെറ സ്മരണ ഒരു പുസ്തകത്തിൽ എഴു
തി നൂൻെറ മകൻ യോശുവയുടെ മുമ്പിൽ
വയ്ക്കുക; എന്തെന്നാൽ, അമാലേക്കിൻെറ
ഓർമ്മയെ ഞാൻ ആകാശത്തിൻ കീഴിൽ
നിന്നു പൂർണ്ണമായി തുടച്ചുമാറ്റുന്നു. മോശ 15
ഒരു യാഗപീഠം പണിതു, അതിന് "കർത്താ
വ് എൻെറ കൊടി" (മൊറിയോനിശി) എന്നു 16
പേരിട്ടു. കർത്താവിൻെറ കൈ സിംഹാസന
ത്തിന്മേൽ, കർത്താവിനു തലമുറകളായി
അമാലേക്കിനോടു യുദ്ധമുണ്ട്, എന്ന്
അവൻ പറഞ്ഞു.

അദ്ധ്യായം 18

മോശെയ്ക്കും, തൻെറ ജനമായ ഇസ്രാ
യേലിനും ദൈവം ചെയ്ത സകല കാര്യങ്ങ
ളും കർത്താവ് ഇസ്രായേലിനെ മെസ്രേ
നിൽനിന്നു പുറപ്പെടുവിച്ചതും മിദിയാൻെറ
പ്രധാനാചാര്യനും മോശയുടെ അമ്മായി
അപ്പനുമായ യത്രോ കേട്ടു. മോശയുടെ 2
അമ്മായിഅപ്പനായ യത്രോ, തൻെറ
പുത്രിയും, മോശ വിട്ടിട്ടു പോയിരുന്ന
അവൻെറ ഭാര്യയുമായ സപ്പോറായെയും
അവളുടെ രണ്ടു പുത്രന്മാരെയും കൂട്ടി
ക്കൊണ്ടു വന്നു. അവരിൽ ഒരുവൻെറ 3
പേര് ഗെർശോൻ എന്നായിരുന്നു; എന്തെ
ന്നാൽ, ഞാൻ അന്യദേശത്തു പ്രവാസി
ആയിരുന്നു എന്ന് അവൻ പറഞ്ഞു. മറ്റവ 4
ൻെറ പേര് എലിയാസാർ; (എന്തെന്നാൽ)
എൻെറ പിതാക്കന്മാരുടെ ദൈവം എന്നെ
സഹായിച്ചു ഫറവോൻെറ വാളിൽനിന്ന്
എന്നെ രക്ഷിച്ചു എന്ന് അവൻ പറഞ്ഞു.
മോശയുടെ മക്കളും, അവൻെറ ഭാര്യ 5
യും അവൻെറ അമ്മായിഅപ്പൻ യത്രോ
യോടു കൂടെ, മരുഭൂമിയിൽ അവൻ പാർത്തി
രുന്നിടമായ ദൈവത്തിൻെറ പർവ്വതത്തി
ങ്കൽ വന്നെത്തി. നിൻെറ അമ്മായി അപ്പൻ 6

യത്രോയും നിൻെറ ഭാര്യയും രണ്ടു പുത്ര
ന്മാരും ഇതാ, നിൻെറ അടുക്കൽ വന്നി
രിക്കുന്നു എന്നു മോശയോടു അറിയിക്ക
7 പ്പെട്ടു. മോശ തൻെറ അമ്മായിയപ്പനെ
എതിരേറ്റു ചെന്നു വന്ദിച്ചു; ചുംബിച്ചു;
അവർ പരസ്പരം കുശലം അന്വേഷിച്ചു.
8 അവർ കൂടാരത്തിൽ പ്രവേശിച്ചു. ഇസ്രാ
യേൽ മക്കളുടെ കാര്യത്തിൽ കർത്താവു
ഫറവോനോടും മെസ്രായരോടും ചെയ്ത
സകല സംഗതികളും, വഴിയിൽ അവർക്ക്
ഉണ്ടായ പ്രയാസങ്ങളും അവയിൽനിന്നു
കർത്താവ് അവരെ രക്ഷിച്ചതും മോശ
തൻെറ അമ്മായിയപ്പനോടു വിവരിച്ചു.
9 ഇസ്രായേലിനു കർത്താവു ചെയ്ത എല്ലാ
നന്മകളെപ്രതിയും, മെസ്രേന്യരുടെ കൈ
യിൽനിന്നും ഫറവോൻെറ കൈയിൽ നിന്നും
അവരെ വിടുവിച്ചതിനെ പ്രതിയും യത്രോ
10 സന്തോഷിച്ചു. അവൻ പറഞ്ഞത്: തൻെറ
ജനത്തെ മെസ്രേന്യരുടെ കൈക്കീഴിൽ
നിന്നു വിടുവിച്ച്, മെസ്രേന്യരുടെ കൈ
യിൽനിന്നും ഫറവോൻെറ കൈയിൽ നിന്നും
നിങ്ങളെ രക്ഷിച്ച കർത്താവു വാഴ്ത്ത
പ്പെട്ടവൻ. അവരെക്കുറിച്ച് അവന് ഉണ്ടായ
കരുതൽ മൂലം കർത്താവു സകല ദേവ
ന്മാരിലും വലിയവനാകുന്നു എന്നു ഞാൻ
ഇപ്പോൾ മനസ്സിലാക്കുന്നു.
12 മോശയുടെ അമ്മായിയപ്പനായ യത്രോ
കർത്താവിനു സമാധാനബലികളും ഹോമ
ബലികളും അർപ്പിച്ചു. മോശയുടെ അമ്മായി
യപ്പനോടൊരുമിച്ചു ദൈവസന്നിധിയിൽ
ഭക്ഷണം കഴിപ്പാൻ അഹറോനും ഇസ്രാ
യേൽ മക്കളുടെ മൂപ്പന്മാരും വന്നു.
13 പിറ്റേ ദിവസം മോശ ജനത്തിനു ന്യായം
നടത്തുവാൻ ഇരിക്കുകയും പ്രഭാതംമുതൽ
പ്രദോഷം വരെ ജനം മോശയുടെ അടുക്കൽ
14 നിൽക്കുകയും ചെയ്തു. മോശ ജനത്തിനു
ചെയ്യുന്നതെല്ലാം അവൻെറ അമ്മായി
യപ്പൻ കണ്ടിട്ട് അവനോടു പറഞ്ഞത്: നീ
ജനത്തിനു ചെയ്യുന്ന ഈ കാര്യം എന്ത്? നീ
മാത്രം ഇരിക്കുകയും രാവിലെ മുതൽ
സന്ധ്യ വരെ ജനമെല്ലാം നിൻെറ അടുക്കൽ
15 നിൽക്കുന്നതും എന്തിന്? മോശ തൻെറ
അമ്മായിയപ്പനോടു പറഞ്ഞത്: ദൈവത്തി
ൻെറ അരുളപ്പാടു ചോദിപ്പാൻ ജനം എൻെറ
16 അടുക്കൽ വരുന്നു. അവർക്ക് എന്തെങ്കിലും
കാര്യം ഉള്ളപ്പോൾ അവർ എൻെറ അടു
ക്കൽ വരികയും ഞാൻ അവർക്കു തമ്മിൽ
ന്യായത്തീർപ്പു നടത്തുകയും ദൈവത്തി
ൻെറ കല്പനകളും ചട്ടങ്ങളും അവരെ
17 അറിയിക്കുകയും ചെയ്യുന്നു. മോശയുടെ

അമ്മായിയപ്പൻ അവനോടു പറഞ്ഞു: നീ
ഈ ചെയ്യുന്ന കാര്യം നന്നല്ല. തീർച്ചയായും 18
നീയും നിന്നോടുകൂടെയുള്ള ജനവും
തളർന്നുപോകും. എന്തെന്നാൽ ഈ കാര്യം
നിനക്കു കഠിനമാണ്; തനിച്ച് അതു ചെയ്യു
വാൻ നിനക്കു കഴിയുകയില്ല. ഇപ്പോൾ
എൻെറ വാക്കു കേൾക്കുക; ഞാൻ നിനക്കു 19
ആലോചന തരാം. ദൈവം നിന്നോടുകൂടെ
ഇരിക്കട്ടെ. നീ ജനത്തിന് ദൈവത്തി
ങ്കൽനിന്നുള്ള ഉപദേശകൻ ആയിരിക്കുക.
അവരുടെ കാര്യം ദൈവമുമ്പിൽ കൊണ്ടു
ചെല്ലുക. കല്പനകളും ചട്ടങ്ങളും പാലി 20
ക്കുവാൻ നീ അവരെ സൂക്ഷ്മതപ്പെടു
ത്തുകയും അവർ പോകേണ്ട വഴിയും ചെ
യ്യേണ്ട പ്രവൃത്തികളും അവർക്കു കാണി
ച്ചുകൊടുക്കുകയും ചെയ്യുക. ദൈവത്തെ 21
ഭയപ്പെടുന്ന ഭക്തന്മാരും, സത്യസന്ധരും
കൈക്കൂലിയും വഞ്ചനയും വെറുക്കുന്ന
വരുമായ പുരുഷന്മാരെ നീ കണ്ടുപിടിച്ച്,
അവരെ ആയിരങ്ങൾക്ക് അധിപതിമാരും,
നൂറുപേർക്ക് അധിപതിമാരും, അമ്പതു
പേർക്ക് അധിപതിമാരും, പത്തുപേർക്ക്
അധിപതിമാരും ആയി നിയമിക്കുക. അവർ 22
എപ്പോഴും അവർക്ക് ന്യായാധിപന്മാരാ
യിരിക്കട്ടെ. വലിയ കാര്യങ്ങൾ ഉണ്ടാ
കുമ്പോൾ അവർ നിൻെറ അടുക്കൽ വരട്ടെ.
ചെറിയ കാര്യങ്ങൾക്ക് അവർ തീർപ്പു കല്പി
ക്കട്ടെ. അവർ നിന്നോടുകൂടെ ഭാരം വഹി
ച്ചു നിൻെറ ഭാരം കുറയ്ക്കുമല്ലോ. നീ ഈ 23
കാര്യം ചെയ്യുകയും, ദൈവം അങ്ങനെ
കല്പിക്കുകയും ചെയ്യുമെങ്കിൽ, നിനക്കു
സഹിച്ചുനിൽക്കുവാൻ കഴിയും; ഈ ജന
ത്തിനു സമാധാനത്തോടെ തങ്ങളുടെ
വീടുകളിൽ പോകുകയും ചെയ്യാം. മോശ 24
തൻെറ അമ്മായിയപ്പൻെറ വാക്കു കേട്ട്
അവൻ പറഞ്ഞതുപോലെയെല്ലാം ചെയ്തു.
ഇസ്രായേലിൽനിന്നെല്ലാം മോശ ഭക്ത 25
ന്മാരായ ആളുകളെ തെരഞ്ഞെടുത്ത്
അവരെ ആയിരം പേർക്ക് അധിപതിമാ
രായും നൂറുപേർക്ക് അധിപതിമാരായും
അമ്പതുപേർക്ക് അധിപതിമാരായും പത്തു
പേർക്ക് അധിപതിമാരായും ജനത്തിന്മേൽ
നിയമിച്ചു. അവർ എല്ലായ്പ്പോഴും ജന 26
ത്തിനു ന്യായപാലനം നടത്തി. ഗൗരവകാര്യ
ങ്ങൾ അവർ മോശയുടെ അടുത്തു കൊണ്ടു
വരികയും ചെറിയ കാര്യങ്ങളിൽ അവർ
തീർപ്പു കല്പിക്കുകയും ചെയ്തുവന്നു. മോശ 27
തൻെറ അമ്മായിയപ്പനെ യാത്ര അയയ്ക്കു
കയും അവൻ തൻെറ ദേശത്തേക്കു പോകു
കയും ചെയ്തു.

അദ്ധ്യായം 19

ഇസ്രായേൽ മക്കൾ മെസ്രേനിൽനിന്നു
യാത്ര പുറപ്പെട്ടതിൻെറ മൂന്നാം മാസത്തിൽ
അതേ ദിവസം അവർ സീൻ മരുഭൂമിയിൽ
2 എത്തി. അവർ റഫീദിമിൽനിന്നു യാത്ര
ചെയ്ത് സീനായ് മരുഭൂമിയിൽ പാളയമടിച്ച്,
അവിടെ പർവ്വതത്തിന് എതിരെ ഇസ്രാ
3 യേൽ പാർത്തു. മോശ ദൈവത്തിൻെറ
സമീപത്തേക്ക് കയറിപ്പോയി. ദൈവം
അവനെ പർവ്വതത്തിലേക്കു വിളിച്ചു
അവനോട് അരുളിച്ചെയ്തത്: നീ യാക്കോ
ബ് ഗൃഹത്തോടു സംസാരിച്ച് ഇസ്രായേൽ
4 മക്കളോട് ഇപ്രകാരം പറയണം: ഞാൻ
മെസ്രേന്യരോടു ചെയ്ത കാര്യങ്ങളും, നിങ്ങ
ളെ കഴുകിൻ ചിറകുകളിന്മേൽ വഹിച്ച്
എൻെറ അടുക്കൽ കൊണ്ടുവന്നതും നി
5 ങ്ങൾ കണ്ടുവല്ലോ. ഇപ്പോൾ നിങ്ങൾ
എൻെറ ശബ്ദം കേട്ടനുസരിക്കുകയും
എൻെറ ഉടമ്പടി പാലിക്കുകയും ചെയ്താൽ,
ഭൂമിയിലെ സകല ജനതകളിലും വച്ച്
നിങ്ങൾ എനിക്കു വാത്സല്യവാന്മാർ
ആയിരിക്കും; എന്തെന്നാൽ ഭൂമിയെല്ലാം
6 എൻേറത് ആകുന്നു. നിങ്ങൾ എനിക്കു
രാജ്യവും പുരോഹിതന്മാരും വിശുദ്ധ ജന
വും ആയിത്തീരും; ഈ കാര്യങ്ങൾ നീ
ഇസ്രായേൽ ജനത്തോടു പറയുക.

7 മോശ വന്ന് ജനത്തിൻെറ മൂപ്പന്മാരെ
വിളിച്ച് കർത്താവു കല്പിച്ച കാര്യങ്ങളെ
ല്ലാം അവരുടെ മുമ്പാകെ പറഞ്ഞു.
8 കർത്താവു അരുളിച്ചെയ്തതെല്ലാം ഞങ്ങൾ
ചെയ്യാം എന്ന് ജനമെല്ലാം ഒരുമിച്ച് ഉത്തരം
പറഞ്ഞു. ജനത്തിൻെറ വാക്കുമായി മോശ
കർതൃസന്നിധിയിൽ മടങ്ങിച്ചെന്നു.

9 കർത്താവു മോശയോട് അരുളിച്ചെയ്തത്:
ഞാൻ നിന്നോടു സംസാരിക്കുമ്പോൾ ജനം
കേൾക്കേണ്ടതിനും, എക്കാലവും നിന്നെ
വിശ്വസിക്കേണ്ടതിനുമായി, ഇതാ, ഞാൻ
മേഘതമസ്സിൽ നിൻെറ അടുക്കൽ വരുന്നു.

10 ജനത്തിൻെറ വാക്കുകൾ മോശ കർത്താ
വിൻെറ മുമ്പിൽ അറിയിച്ചു. കർത്താവു
മോശയോടു പറഞ്ഞത്: ജനത്തിൻെറ അടു
ക്കൽ ചെന്ന് ഇന്നും നാളെയും അവരെ
വിശുദ്ധീകരിക്ക. അവർ തങ്ങളുടെ വസ്ത്രം
11 അലക്കട്ടെ. മൂന്നാം ദിവസത്തേക്ക് അവർ
ഒരുക്കമുള്ളവരായിരിക്കണം. എന്തെന്നാൽ
സകല ജനവും കാൺകെ മൂന്നാം ദിവസം
12 ഞാൻ സീനായ് മലയിൽ ഇറങ്ങും. ജന
ത്തിന് സാക്ഷ്യം(അടയാളം) ഇട്ടിട്ട് നീ
പറയേണം: നിങ്ങൾ പർവ്വതത്തിൽ കയറു
കയോ, അതിൻെറ അതിരുകളിൽ തൊടു
കയോ ചെയ്യാതിരിപ്പാൻ കരുതലായിരി
ക്കണം. പർവ്വതത്തിൽ തൊടുന്നവരെല്ലാം
കൊല്ലപ്പെടണം. അവരെ കൈകൊണ്ടു
തൊടരുത്. എന്നാലോ, അവർ കല്ലേറിയ 13
പ്പെടുകയോ എയ്തുകൊല്ലപ്പെടുകയോ
വേണം. മൃഗമായാലും മനുഷ്യനായാലും
അവൻ ജീവനോടിരിക്കരുത്. കാഹളം
കേൾക്കുമ്പോൾ അവർ പർവ്വതത്തോടു
അടുത്തുവരട്ടെ. മോശ പർവ്വതത്തിൽ 14
നിന്നു ജനത്തിൻെറ അടുക്കൽ ഇറങ്ങി
വന്ന് അവരെ ശുദ്ധീകരിച്ചു. അവർ തങ്ങ
ളുടെ വസ്ത്രങ്ങൾ അലക്കി, മോശ ജന 15
ത്തോട്: മൂന്നാം ദിവസത്തേക്ക് ഒരുങ്ങിയി
രിപ്പിൻ; സ്ത്രീയെ തൊടുകയുമരുത് എന്നു
പറഞ്ഞു.

മൂന്നാം ദിവസം അതികാലത്ത് പർവ്വത 16
ത്തിൽ ഉറച്ച ശബ്ദവും മിന്നലുകളും
കനത്ത മേഘ വും ഉണ്ടായി, കാഹളധ്വനി
ഉയർന്നുയർന്നുവന്നു. കൂടാരത്തിലുള്ള
ജനം ഭയന്നുവിറച്ചു. ദൈവത്തിൻെറ 17
എതിരേല്പിനായി മോശ ജനത്തെ
പാളയത്തിൽനിന്നു പുറപ്പെടുവിച്ചു. അവർ
പർവ്വതത്തിൻെറ അതിർത്തിയിങ്കൽ നിന്നു.
സീനായ്മല മുഴുവൻ പുകഞ്ഞു. എന്തെ 18
ന്നാൽ അഗ്നിയിലാണ്, കർത്താവു അതി
ന്മേൽ ഇറങ്ങിയത്. തീച്ചൂളയുടെ പുക
പോലെ അതിൻെറ പുക പൊങ്ങി. പർവ്വതം
മുഴുവൻ നന്നായി കുലുങ്ങി. കാഹളധ്വനി 19
അത്യന്തം ശക്തിപ്പെട്ടപ്പോൾ മോശ സംസാ
രിക്കുകയും ദൈവം ഉച്ചത്തിൽ മറുപടി
നൽകുകയും ചെയ്തു.

സീനായ് പർവ്വതത്തിലേക്ക്, പർവ്വത 20
ത്തിൻെറ കൊടുമുടിയിലേക്ക്, കർത്താവ്
ഇറങ്ങി പർവ്വതത്തിൻെറ കൊടുമുടിയിലേ
ക്കു മോശയെ വിളിക്കുകയും, മോശ കയറി
ചെല്ലുകയും ചെയ്തു. കർത്താവു മോശ 21
യോടു നീ ഇറങ്ങിച്ചെന്നു കർത്താവിനെ
കാണുവാനായിട്ടു കടന്നുവരരുതെന്നു അ
വരോടു നിർദേശിക്കുക. അല്ലെങ്കിൽ അവർ
അനേകർ വീണുപോകും. കർത്താവു 22
അവരോടു കോപിക്കാതിരിക്കേണ്ടതിനു
കർത്താവിനോടു അടുക്കുന്ന പുരോഹിത
ന്മാരും വിശുദ്ധീകൃതർ ആയിരിക്കണം.

മോശ കർത്താവിനോടു പറഞ്ഞു: 23
ജനത്തിനു സീനായ് പർവ്വതത്തിലേക്കു
കയറുവാൻ സാധിക്കുകയില്ല; പർവ്വത
ത്തിന് അതിർ ഇട്ട് വേർതിരിക്കണം
(വിശുദ്ധീകരിക്കണം) എന്ന് നീ എന്നോട്
അരുളിച്ചെയ്ത്, ഞങ്ങളെക്കൊണ്ട് സാക്ഷ്യ

24 പ്പെടുത്തിയിട്ടുണ്ടല്ലോ. കർത്താവു മോശ
യോടു: നീ ഇറങ്ങിപ്പോയി നിന്റെ സഹോ
ദരൻ അഹറോനുമായി കയറിവരിക.
എന്നാൽ പുരോഹിതന്മാരും ജനവും
കർത്താവിന്റെ സന്നിധിയിൽ കയറിവരു
വാൻ തുനിയരുത്. അല്ലെങ്കിൽ, അവരിൽ
ചിലർ മരിച്ചുപോകും. മോശ ജനത്തിന്റെ
അടുക്കൽ ഇറങ്ങിവന്ന് ഈ കാര്യങ്ങൾ
ജനത്തോടു പറഞ്ഞു.

അദ്ധ്യായം 20

പത്തു കല്പനകൾ:

ദൈവം ഈ വചനങ്ങളൊക്കെയും
2 അരുളിച്ചെയ്തു. മെസ്രേൻ ദേശത്തുനിന്ന്,
അടിമത്വത്തിന്റെ സ്ഥാനത്തുനിന്ന്,
നിന്നെ കരേറ്റി കൊണ്ടുവന്ന ഞാനാകുന്നു
3 നിന്റെ ദൈവമായ കർത്താവ്. ഞാൻ
അല്ലാതെ മറ്റു ദേവന്മാർ നിനക്ക് ഉണ്ടായി
4 ക്കൂടാ. മീതെ ആകാശത്തിൽ ഉള്ളതോ,
താഴെ ഭൂമിയിൽ ഉള്ളതോ ഭൂമിക്കു താഴെ
വെള്ളത്തിൽ ഉള്ളതോ ആയ ഒന്നിന്റെ
യും പ്രതിമയോ സാദൃശ്യമോ നീ ഉണ്ടാ
5 ക്കരുത്. അവയെ ആരാധിക്കുകയോ
അവയെ സേവിക്കുകയോ ചെയ്യരുത്;
എന്തെന്നാൽ, ഞാനാകുന്നു നിന്റെ
ദൈവമായ കർത്താവ്. എന്നെ ദ്വേഷി
ക്കുന്നവരുടെ മൂന്നാമത്തെയും നാലാമ
ത്തെയും തലമുറകളിന്മേൽ വരെ, പിതാ
ക്കന്മാരുടെ കടങ്ങൾക്ക് മക്കളുടെമേൽ
6 പ്രതികാരം ചെയ്യുന്ന തീക്ഷ്ണതയുള്ള
ദൈവമാകുന്നു ഞാൻ. എന്നെ സ്നേഹി
ക്കുന്നവർക്കും എന്റെ കല്പനകൾ പാലി
ക്കുന്നവർക്കും ആയിരം തലമുറകൾവരെ
ഞാൻ കൃപ ചെയ്യുന്നു.

7 നിന്റെ ദൈവമായ കർത്താവിന്റെ
നാമത്തിൽ വ്യാജമായി ആണയിടരുത്.
എന്തെന്നാൽ, തന്റെ നാമത്തിൽ വ്യാജ
മായി ആണയിടുന്നവനെ കർത്താവു
നിർദ്ദോഷിയായി കണക്കിടുകയില്ല.

8 അതിനെ ശുദ്ധീകരിപ്പാനായി ശാബതു
ദിവസത്തെ ഓർക്കണം. ആറു ദിവസവും
അദ്ധ്വാനിച്ച് നിന്റെ വേലയെല്ലാം ചെയ്യുക.
9 ഏഴാം ദിവസം നിന്റെ ദൈവമായ കർത്താ
10 വിനുള്ള ശാബത് ആകുന്നു. അന്ന് നീയും
നിന്റെ മകനും നിന്റെ മകളും നിന്റെ
ദാസനും നിന്റെ ദാസിയും നിന്റെ മൃഗവും
നിന്റെ ഗ്രാമങ്ങളിൽ ഉള്ള പരദേശിയും ഒരു
11 വേലയും ചെയ്യരുത്. എന്തെന്നാൽ ആറു
ദിവസംകൊണ്ടു കർത്താവ് ആകാശവും
ഭൂമിയും സമുദ്രങ്ങളും അവയിലുള്ള സക
ലവും ഉണ്ടാക്കി; ഏഴാം ദിവസം വിശ്രമിച്ചു
ഇതുനിമിത്തം ദൈവം ഏഴാം ദിവസത്തെ
വാഴ്ത്തുകയും വിശുദ്ധീകരിക്കുകയും
ചെയ്തു.

നിന്റെ ദൈവമായ കർത്താവു നിനക്കു 12
തരുന്ന ദേശത്ത് നിന്റെ ആയുസ്സിന്റെ
ദിനങ്ങൾ വർദ്ധിക്കേണ്ടതിന് നിന്റെ
പിതാവിനെയും മാതാവിനെയും ബഹു
മാനിക്കുക.

നീ കൊല ചെയ്യരുത് 13

നീ വ്യഭിചാരം ചെയ്യരുത് 14

നീ മോഷ്ടിക്കരുത് 15

നിന്റെ അയൽക്കാരന് എതിരെ 16
കള്ളസ്സാക്ഷ്യം പറയരുത്.

നിന്റെ അയൽക്കാരന്റെ ഭവനത്തെ 17
മോഹിക്കരുത്. നിന്റെ അയൽക്കാരന്റെ
ഭാര്യയെ മോഹിക്കരുത്. അവന്റെ ദാസ
നെയോ ദാസിയെയോ അവന്റെ കാള
യെയോ അവന്റെ കഴുതയെയോ നിന്റെ
അയൽക്കാരന് ഉള്ള യാതൊന്നിനേയും
മോഹിക്കരുത്.

ജനമെല്ലാം ശബ്ദഘോഷവും തീപ്പന്ത 18
ങ്ങളും കാഹളധ്വനിയും പുകയുന്ന പർവ്വത
വും കണ്ടു; ജനം കണ്ടു പേടിച്ച് ദൂരെ മാറി
നിന്നു. അവർ മോശയോട്: നീ ഞങ്ങളോടു 19
സംസാരിക്കുക; ഞങ്ങൾ കേട്ടുകൊള്ളാം;
ഞങ്ങൾ മരിച്ചുപോകാതെയിരിക്കേണ്ടതി
ന്, ദൈവം ഞങ്ങളോടു സംസാരിക്കേണ്ടാ,
എന്നു പറഞ്ഞു. മോശ ജനത്തോട്: നിങ്ങൾ 20
ഭയപ്പെടേണ്ടാ; നിങ്ങളെ ശോധനചെയ്യു
വാനും, നിങ്ങൾ പാപം ചെയ്യാതെ അവന്റെ
സന്നിധിയിൽ ഭയഭക്തിയുള്ളവർ ആയി
ത്തീരേണ്ടതിനുമാണ് കർത്താവു വന്നിരി
ക്കുന്നത്, എന്നു പറഞ്ഞു. ജനം ദൂരത്തു 21
നിന്നു; മോശ നിബിഡമേഘത്തോട് അടു
ത്തുചെന്നു; ദൈവം അവിടെ ആയിരുന്നു.

കർത്താവ് മോശയോട് ഇപ്രകാരം അരു 22
ളിച്ചെയ്തു: ഈ ഇസ്രായേൽ ഗൃഹത്തോട്
ഇങ്ങനെ പറയണം. ഞാൻ ആകാശത്തു
നിന്നു നിങ്ങളോടു സംസാരിച്ചതു നിങ്ങൾ
കണ്ടുവല്ലോ. എന്നോടു കൂടെ നിങ്ങൾക്ക് 23
പൊന്നുകൊണ്ടുള്ള ദേവന്മാരെ ഉണ്ടാ
ക്കരുത്; വെള്ളികൊണ്ടുള്ള ദേവന്മാരെയും
നിങ്ങൾക്കുവേണ്ടി നിങ്ങൾ ഉണ്ടാക്കരുത്.
മണ്ണുകൊണ്ട് എനിക്കു ബലിപീഠം ഉണ്ടാ 24
ക്കി, അതിന്മേൽ നിന്റെ ഹോമയാഗങ്ങളും
നിന്റെ കാഴ്ചകളും നിന്റെ ആടുകളെയും
നിന്റെ കാളകളെയും നീ ബലി അർപ്പി
ക്കണം. എന്റെ നാമം സ്മരിക്കപ്പെടുന്ന
സ്ഥലങ്ങളിലെല്ലാം ഞാൻ നിന്റെ അടു

ക്കൽ ഇറങ്ങിവരികയും നിന്നെ അനുഗ്രഹി
25 ക്കുകയും ചെയ്യും. എനിക്കു നീ കല്ലുകൊ
ണ്ടുള്ള ഒരു ബലിപീഠം പണിയുന്നുവെങ്കിൽ
അതു ചെത്തിയ കല്ലുകൊണ്ട് ഉണ്ടാക്കരുത്.
അതിന്മേൽ ഇരുമ്പു പ്രയോഗിച്ചാൽ നീ
26 അത് അശുദ്ധമാക്കിയിരിക്കുന്നു. എന്റെ
ബലിപീഠത്തിങ്കലേക്ക് പടികളാൽ കയറ
രുത്; അതിന്മേൽ നിന്റെ നഗ്നത വെളിവാ
കാതെയിരിക്കേണ്ടതിനു തന്നെ.

അദ്ധ്യായം 21

ചട്ടങ്ങളെയും ന്യായങ്ങളെയും കുറിച്ച്:
നീ അവരുടെ മുമ്പാകെ വയ്ക്കേണ്ട
2 ന്യായങ്ങൾ ഇവയാകുന്നു: ഒരു യൂദനെ നീ
അടിമയായി വാങ്ങിച്ചാൽ ആറു വർഷം
അവൻ നിന്നെ സേവിക്കുകയും, ഏഴാം
വർഷം നിന്റെ അടുക്കൽനിന്ന് അവൻ
സ്വതന്ത്രൻ ആയി പോകുകയും ചെയ്യട്ടെ.
3 അവൻ ഏകനായി അകത്തു വന്നുവെങ്കിൽ
ഏകനായി പുറപ്പെട്ടു പോകട്ടെ; ഭാര്യയു
ള്ളവനായി വന്നുവെങ്കിൽ അവന്റെ ഭാര്യ
അവനോടുകൂടെ പുറപ്പെട്ടു പോകട്ടെ.
4 അവന്റെ ഉടമസ്ഥൻ അവനു ഭാര്യയെ
കൊടുക്കുകയും അവൾ അവനു പുത്രന്മാ
രെയോ പുത്രിമാരെയോ പ്രസവിക്കുകയും
ചെയ്തുവെങ്കിൽ, ആ സ്ത്രീയും അവളുടെ
മക്കളും ഉടമസ്ഥന്റെ വകയായിരിക്കണം;
അവൻ ഒറ്റയ്ക്കു പുറപ്പെട്ടുപോകണം.
5 ഞാൻ എന്റെ യജമാനനെയും, എന്റെ
ഭാര്യയെയും എന്റെ മക്കളെയും സ്നേഹി
ക്കുന്നു; ഞാൻ സ്വതന്ത്രനായി പോകുക
6 യില്ല, എന്ന് ആ ദാസൻ പറഞ്ഞാൽ, അവ
ന്റെ യജമാനൻ അവനെ ന്യായാധിപന്മാ
രുടെ അടുക്കൽ കൊണ്ടുവരണം; അവനെ
കതകിന്റെയോ കട്ടിളപ്പടിയുടെയോ
അരികെ കൊണ്ടുവന്നിട്ട് യജമാനൻ സൂചി
കൊണ്ട് അവന്റെ കാതുകുത്തിത്തുള
യ്ക്കണം. പിന്നെ എക്കാലവും അവൻ അവ
ന്റെ അടിമയായിരിക്കണം.
7 ഒരുവൻ തന്റെ മകളെ അടിമയായി
വിറ്റാൽ ആൺഅടിമ സ്വതന്ത്രനായി
പുറപ്പെട്ടു പോകുന്നതുപോലെ അവൾ
8 പുറപ്പെട്ടുപോയിക്കൂടാ. അവളെ വിവാഹം
ചെയ്യാതിരിക്കത്തക്കവണ്ണം അവൾ അവ
ന്റെ ദൃഷ്ടിയിൽ അനിഷ്ടയായിത്തീർ
ന്നാൽ അവളെ വീണ്ടെടുക്കാൻ അവൻ
അനുവദിക്കണം. അവളെ ഒരു വിദേശിക്കു
വില്ക്കുവാൻ അവന് അധികാരമില്ല;
9 എന്തെന്നാൽ അവൻ അവളെ വഞ്ചിച്ചു
വല്ലോ. തന്റെ മകനുവേണ്ടിയാണ് അവ
ളെ എടുത്തത് എങ്കിൽ, പുത്രിമാർക്കുള്ള
ചട്ടങ്ങളിൻപ്രകാരം അവളോടു പ്രവർ
ത്തിക്കണം. മറ്റൊരുവളെ കൂടെ അവൻ 10
സ്വീകരിക്കുന്നുവെങ്കിൽ, അവളുടെ
ഭക്ഷണം, വസ്ത്രം, ശയ്യാബന്ധം ഇവയ്ക്കു
കുറവു വരുത്തിക്കൂടാ. ഇവ മൂന്നും അവൾ 11
ക്കു ചെയ്യുന്നില്ലെങ്കിൽ, ദ്രവ്യം കൂടാതെ,
സൗജന്യമായി അവൾ സ്വതന്ത്രയാക്ക
പ്പെടട്ടെ.

മനുഷ്യനെ അടിച്ചു മൃതിപ്പെടുത്തു 12
ന്നവൻ തീർച്ചയായും വധിക്കപ്പെടണം.
അവൻ അവനെ പതിയിരുന്ന് ആക്രമിച്ചിട്ടി 13
ല്ലാതിരിക്കുകയും, ദൈവം അവനെ
അവന്റെ കൈയിൽ ഏല്പിച്ചതും ആണെ
ങ്കിൽ, അവന് ഓടിപ്പോകുവാൻ നീ ഒരു
സ്ഥലം ഉണ്ടാക്കണം.

തന്റെ അയൽക്കാരനെ വഞ്ചിച്ചു കൊ 14
ലപ്പെടുത്താൻ മുതിരുന്നവനെ എന്റെ
ബലിപീഠത്തിങ്കൽ നിന്ന് ഇറക്കി കൊണ്ടു
വന്നു വധിക്കണം.

തന്റെ മാതാവിനെയോ പിതാവിനെ 15
യോ അടിക്കുന്നവൻ തീർച്ചയായും വധിക്ക
പ്പെടണം.

മനുഷ്യനെ മോഷ്ടിച്ചു വിൽക്കുകയോ, 16
കൈവശം വച്ചുകൊണ്ടിരിക്കുകയോ ചെയ്യു
ന്നവൻ തീർച്ചയായും വധിക്കപ്പെടണം.

തന്റെ അപ്പനെയോ അമ്മയെയോ ശ 17
പിക്കുന്നവൻ തീർച്ചയായും വധിക്കപ്പെ
ടണം

രണ്ടു പുരുഷന്മാർ തമ്മിൽ ശണ്ഠകൂടു 18
മ്പോൾ ഒരുവൻ മറ്റവനെ കല്ലുകൊണ്ടോ മു
ഷ്ടികൊണ്ടോ ഇടിക്കുകയും, അവൻ മരി 19
ക്കാതെ, രോഗക്കിടക്കയിൽ ആകുകയും, പി
ന്നീട് എഴുന്നേറ്റു വടിയുടെ സഹായത്താൽ
തെരുവീഥിയിൽ നടക്കുകയും ചെയ്താൽ ഇ
ടിച്ചവൻ ശിക്ഷാർഹനല്ല; എന്നാൽ അവ
ന്റെ ജോലിനഷ്ടത്തിനും ചികിത്സയ്ക്കു
മായി നഷ്ടപരിഹാരം കൊടുക്കണം.

ഒരുവൻ തന്റെ അടിമയെയോ അടിമ 20
സ്ത്രീയെയോ വടികൊണ്ട് അടിക്കുകയും
അവന്റെ കൈക്കീഴു തന്നെ അടിമ മരിക്കു
കയും ചെയ്താൽ അവൻ തീർച്ചയായും
ശിക്ഷിക്കപ്പെടണം. എന്നാൽ അവൻ ഒന്നോ 21
രണ്ടോ ദിവസം ജീവനോടിരിക്കുന്നുവെ
ങ്കിൽ അവനെ ശിക്ഷിക്കണ്ടാ; കാരണം, അ
വൻ അവന്റെ സ്വത്ത് ആണല്ലോ.

രണ്ടു പുരുഷന്മാർ തമ്മിൽ ശണ്ഠ കൂടു 22
മ്പോൾ അവർ ഒരു ഗർഭിണിയെ അടിച്ചതി
നാൽ, ഗർഭം അലസിയതല്ലാതെ അവൾക്കു
മറ്റു അപകടം ഒന്നും വന്നിട്ടില്ലെങ്കിൽ, അവ

ളുടെ ഭർത്താവു ചുമത്തുന്ന നഷ്ടപരി
ഹാരം അവൻ കൊടുക്കണം; ന്യായാധിപ
ന്മാർ വിധിക്കുന്നതുപോലെ അവൻ
23 കൊടുക്കണം. അപകടം സംഭവിച്ചിട്ടുണ്ടെ
24 ങ്കിലോ പ്രാണനു പകരം പ്രാണൻ; കണ്ണിനു
പകരം കണ്ണ്; പല്ലിനു പകരം പല്ല്; കൈയ്ക്കു
പകരം കൈ; കാലിനു പകരം കാല്; പൊള്ള
25 ലിനു പകരം പൊള്ളൽ; മുറിവിനു പകരം
മുറിവ്; അടിക്കു പകരം അടി.
26 ഒരുവൻ അടിച്ച് തൻെറ അടിമയുടെ
യോ അടിമസ്ത്രീയുടെയോ കണ്ണു കള
ഞ്ഞാൽ കണ്ണിനു പകരമായി അവനെ സ്വ
27 തന്ത്രനായി വിട്ടയയ്ക്കണം. അടിമയുടെ
യോ അടിമസ്ത്രീയുടെയോ പല്ല് അടിച്ചു
വീഴ്ത്തിയാൽ പല്ലിനു പകരമായി അവനെ
സ്വതന്ത്രനായി വിട്ടയയ്ക്കണം.
28 ഒരു പുരുഷനെയോ സ്ത്രീയെയോ
ഒരു കാള കുത്തിക്കൊന്നാൽ ആ കാളയെ
കല്ലെറിഞ്ഞു കൊല്ലണം; അതിൻെറ ഇറച്ചി
തിന്നരുത്. എന്നാൽ കാളയുടെ ഉടമസ്ഥൻ
29 കുറ്റമറ്റവൻ ആയിരിക്കും. എന്നാൽ കാള ഇ
ന്നലെയും അതിനു മുമ്പും കുത്തുന്നത് ആ
യിരിക്കുകയും ഉടമസ്ഥൻ അതു അറിഞ്ഞി
രുന്നിട്ടും അതിനെ സൂക്ഷിക്കാതെയിരുന്ന
തുമാണെങ്കിൽ കാളയെ കല്ലെറിഞ്ഞു കൊ
30 ല്ലണം; ഉടമസ്ഥനും വധിക്കപ്പെടണം. മറു
വില ചുമത്തി അവൻെറ പ്രാണനെ രക്ഷി
ക്കുന്നുവെങ്കിൽ അവൻെറമേൽ ചുമത്ത
31 പ്പെട്ടത് അവൻ നൽകണം. ഒരു പുത്രനെ
യോ പുത്രിയെയോ കാള കുത്തിയാലും ഈ
32 ന്യായപ്രകാരം തന്നെ പ്രവർത്തിക്കണം. ഒരു
അടിമയെയോ അടിമസ്ത്രീയെയോ കാള
കുത്തിയാൽ അടിമയുടെ ഉടമയ്ക്ക് മുപ്പത്
എസ്തീറാ ദ്രവ്യം കൊടുക്കുകയും കാളയെ
കല്ലെറിഞ്ഞു കൊല്ലുകയും ചെയ്യണം.
33 ഒരുവൻ ഒരു കുഴി തുറന്നുവയ്ക്കുക
യോ, ഒരു കിണർ കുഴിച്ചിട്ടു മൂടി വയ്ക്കാ
തിരിക്കുകയോ ചെയ്തിട്ട് ഒരു കാളയോ
34 കഴുതയോ അതിൽ വീണാൽ; കുഴിയുടെ
ഉടമസ്ഥൻ അതിൻെറ ഉടമസ്ഥന് ദ്രവ്യം
പകരം കൊടുക്കണം; ചത്ത മൃഗമോ അവന്
ഉള്ളതായിരിക്കും.
35 ഒരുവൻെറ കാള അയൽക്കാരൻെറ കാ
ളയെ കുത്തിയിട്ട് അതു ചത്തുപോയാൽ
ജീവനുള്ള കാളയെ വിറ്റ് അതിൻെറ പണം
അവർ പകുത്തെടുക്കണം; ചത്തതിനെയും
36 പകുത്തെടുക്കണം. ഇന്നലെയും മിനിഞ്ഞാ
ന്നും ആ കാള കുത്തുന്നതാണെന്ന് ഉടമ
സ്ഥൻ അറിഞ്ഞിരുന്നിട്ടും അതിനെ സൂക്ഷി
ക്കാതെയിരുന്നതാണെങ്കിൽ കാളയ്ക്കു
പകരം കാളയെ കൊടുക്കണം. എന്നാൽ
ചത്ത കാള അവനുള്ളതായിരിക്കണം.

അദ്ധ്യായം 22

ഒരുവൻ ഒരു കാളയെയോ ആടിനെ
യോ മോഷ്ടിച്ച് അറുക്കുകയോ വില്ക്കു
കയോ ചെയ്താൽ ഒരു കാളയ്ക്കു പകരം
അഞ്ചു കാളയെയും ഒരാടിനു പകരം നാല്
ആടിനെയും കൊടുക്കണം.
കള്ളൻ ഭവനഭേദനം നടത്തുമ്പോൾ 2
അടികൊണ്ടു ചത്തുപോയാൽ, അവന്
രക്തപ്രതികാരം ഇല്ല. എന്നാൽ സൂര്യോദ 3
യത്തിനു ശേഷമാണ് അടിക്കപ്പെടു
ന്നതെങ്കിൽ രക്തപ്രതികാരമുണ്ട്. അവൻ
പ്രതിഫലം നൽകണം. അവന് ഒന്നുമി
ല്ലെങ്കിൽ, അവൻെറ മോഷണം നിമിത്തം
അവൻ വില്ക്കപ്പെടണം. കാളയോ കഴുത 4
യോ ആടോ ആയ മോഷണവസ്തു
ജീവനോടെ അവൻെറ പക്കൽ കണ്ടെ
ത്തിയാൽ, അവൻ ഒന്നിനു രണ്ടു തിരികെ
കൊടുക്കണം.
ഒരുവൻ ഒരു വയലോ മുന്തിരിത്തോട്ട 5
മോ തീറ്റിക്കുകയോ തൻെറ മൃഗത്തെ
അഴിച്ചു വിട്ട് അയല്ക്കാരൻെറ വയലോ
മുന്തിരിത്തോട്ടമോ തീറ്റിക്കുകയോ ചെ
യ്താൽ അവൻെറ മുന്തിരിത്തോട്ടത്തിൽ
നിന്ന് ഉത്തമമായതും അയാളുടെ വയ
ലിൽ നിന്ന് ഉത്തമമായതും നഷ്ട പരിഹാര
മായി കൊടുക്കണം.
തീ വീണു മുൾപ്പടർപ്പു കത്തിയതി 6
ൻെറ ഫലമായി ധാന്യക്കൂമ്പാരമോ വിള
വോ വയലോ വെന്തുപോയാൽ തീ ഇട്ടവൻ
നഷ്ടപരിഹാരം ചെയ്യണം.
ഒരുവൻ ദ്രവ്യമോ സാധനങ്ങളോ അ 7
യൽക്കാരൻെറ പക്കൽ സൂക്ഷിക്കുവാൻ
കൊടുക്കുകയും അവൻെറ ഭവനത്തിൽ
നിന്ന് അതു മോഷണം പോകുകയും
ചെയ്താൽ, കള്ളനെ കണ്ടു കിട്ടിയാൽ അ
വൻ ഇരട്ടി പകരം കൊടുക്കണം. കള്ളനെ 8
കണ്ടു കിട്ടിയില്ലെങ്കിലോ, വീട്ടുടമസ്ഥൻ
അയൽക്കാരൻെറ വകയിന്മേൽ കൈ വ
ച്ചിട്ടുണ്ടോ എന്ന് അറിയേണ്ടതിന് അവനെ
ന്യായാധിപന്മാരുടെ മുമ്പാകെ കൊണ്ടു
വരണം.
ഏതു വഞ്ചനക്കുറ്റത്തിലും, അത് കാള 9
യെയോ കഴുതയെയോ ആടിനെയോ
വസ്ത്രത്തെയോ നഷ്ടപ്പെട്ടുപോയ എന്തി
നെ സംബന്ധിച്ചായാലും, "ഇത് എൻേറ
താണ്" എന്ന് ഒരുവൻ പറയുന്നുവെങ്കിൽ,
രണ്ടു പേരും തങ്ങളുടെ മൊഴികൾ

ന്യായാധിപന്മാരുടെ സന്നിധിയിൽ നല്ക
ട്ടെ; കുറ്റക്കാരൻ എന്നു ന്യായാധിപന്മാർ
വിധിക്കുന്നവൻ തന്റെ അയൽക്കാരന്
ഇരട്ടി കൊടുക്കണം.
10 ഒരുവൻ ഒരു കഴുതയെയോ, കാളയെ
യോ ആടിനെയോ തന്റെ അയൽക്കാ
രന്റെ പക്കൽ സൂക്ഷിക്കുവാൻ ഏല്പിച്ചിട്ട്,
അതു ചത്തുപോകുകയോ മുറിവേൽക്കുക
യോ, കാണാതെ പോകുകയോ, ചെയ്യുക
യും, ആരും അതിനെ കാണാതിരിക്കുകയും
11 ചെയ്താൽ അവൻ അയല്ക്കാരന്റെ
സ്വത്തിന്മേൽ കൈവച്ചിട്ടില്ല എന്നതിന് അ
വൻ രണ്ടു പേരുടെ മുമ്പിൽ കർത്താവിന്റെ
നാമത്തിൽ സത്യം ചെയ്യണം. ഉടമസ്ഥൻ
12 ഈ സത്യം അംഗീകരിക്കണം; നഷ്ടപരി
ഹാരം വേണ്ടാ. അത് അവങ്കൽ നിന്ന് മോ
ഷണം പോയി എങ്കിൽ ഉടസ്ഥനു നഷ്ട
13 പരിഹാരം നൽകണം. അതു കടിച്ചു കീറ
പ്പെട്ടുപോയെങ്കിൽ അവൻ തെളിവു കൊ
ണ്ടുവരട്ടെ; നഷ്ടപരിഹാരം ചെയ്യണ്ടാ.
ഒരുവൻ തന്റെ അയൽക്കാരനോട് ഒരു
14 മൃഗത്തെ വായ്പ വാങ്ങീട്ട് അതു ചത്തു
പോയാൽ, അതിന്റെ ഉടമസ്ഥൻ അടുത്ത്
ഇല്ലായിരുന്നുവെങ്കിൽ തീർച്ചയായും നഷ്ട
പരിഹാരം ചെയ്യണം. എന്നാൽ ഉടമസ്ഥൻ
15 അടുത്തുണ്ടായിരുന്നുവെങ്കിൽ നഷ്ടപരി
ഹാരം കൊടുക്കണ്ടാ; അതിനെ കൂലിയ്ക്ക്
എടുത്തതാണെങ്കിൽ കൂലി പരിഹാരമാ
ണല്ലോ.
16 വിവാഹനിശ്ചയം കഴിഞ്ഞിട്ടില്ലാത്ത ഒ
രു കന്യകയെ ഒരു പുരുഷൻ വശീകരിച്ചു
അവളോടുകൂടെ ശയിച്ചാൽ, അവൻ അവ
ളെ തന്റെ ഭാര്യയായി സ്വീകരിക്കണം.
17 അവളെ അവനു കൊടുക്കുവാൻ അവളുടെ
അപ്പനു മനസ്സില്ലെങ്കിൽ കന്യകയുടെ
"മഹറി'നു (പെൺപണത്തിനു) തക്കവണ്ണം
അവൻ ദ്രവ്യം കൊടുക്കണം.
18 മന്ത്രവാദിനിയെ നീ ജീവനോടെ
വച്ചേക്കരുത്.
19 മൃഗത്തോടുകൂടെ ശയിക്കുന്ന ഏതൊ
രുവനെയും തീർച്ചയായും വധിക്കണം.
20 കർത്താവിനു മാത്രമല്ലാതെ മറ്റു ദേവ
ന്മാർക്കു യാഗം കഴിക്കുന്നവനെ നശിപ്പിച്ചു
കളയണം.
21 പരദേശിയെ ഞെരുക്കുകയോ പീഡി
പ്പിക്കുകയോ ചെയ്യരുത്. നിങ്ങൾ മെസ്രേൻ
ദേശത്തു പരദേശികൾ ആയിരുന്നുവല്ലോ.
22 വിധവമാരെയും അനാഥരെയും ഞെരു
23 ക്കരുത്. നിങ്ങൾ അവരെ ഞെരുക്കുകയും
അവർ എന്റെ സന്നിധിയിൽ പ്രാർത്ഥിക്കു
കയും ചെയ്താൽ ഞാൻ നിശ്ചയമായും
അവരുടെ പ്രാർത്ഥന ചെവിക്കൊള്ളും; എ
ന്റെ കോപം ജ്വലിക്കുകയും ഞാൻ നിങ്ങ
ളെ വാളിനാൽ സംഹരിച്ചിട്ട് നിങ്ങളുടെ ഭാര്യ
മാർ വിധവകളും നിങ്ങളുടെ മക്കൾ അനാഥ
രുമായി തീരുവാൻ ഇടയാകും. എന്റെ 24
ജനത്തിൽ നിന്നോടുകൂടെയുള്ള ഒരു
ദരിദ്രൻ നിന്നോടു പണം കടം വാങ്ങിച്ചാൽ,
നീ ഒരു ഉത്തമർണ്ണനെപ്പോലെ പ്രവർത്തി
ക്കുകയോ അവനോട് പലിശ വാങ്ങുകയോ
ചെയ്യരുത്. നിന്റെ അയൽക്കാരന്റെ വസ്ത്രം 25
പണയം വാങ്ങിയാൽ സൂര്യാസ്തമന
ത്തിനുമുമ്പ് അതു തിരികെ കൊടുക്കണം.
എന്തെന്നാൽ അവന്റെ വസ്ത്രവും, 26
അവനു തന്റെ ശരീരം ആവരണം ചെയ്ത്
ഉറങ്ങുന്നതിനുള്ള പുതപ്പും അതുമാത്ര 27
മാണല്ലോ. അവൻ എന്റെ സന്നിധിയിൽ
പ്രാർത്ഥിച്ചാൽ ഞാൻ അവനെ ചെവിക്കൊ
ള്ളും. എന്തെന്നാൽ ഞാൻ കരുണയുള്ള
വനാകുന്നു.
ന്യായാധിപനെ നിന്ദിക്കരുത്; നിന്റെ 28
ജനത്തിന്റെ അധിപതിയെ ശപിക്കരുത്.
നിന്റെ മെതിക്കളത്തിലെയും മുന്തിരി 29
ച്ചക്കിലെയും ആദ്യഭാഗം അർപ്പിക്കാൻ അമാ
ന്തിക്കരുത്. നിന്റെ മക്കളുടെ കടിഞ്ഞൂലി
നെ എനിക്കു തരണം. നിന്റെ കാളകളുടെ
യും ആടുകളുടെയും കാര്യത്തിലും അങ്ങ 30
നെ തന്നെ ചെയ്യണം. അതു ഏഴുദിവസം
തള്ളയോടുകൂടിയിരിക്കട്ടെ. എട്ടാം ദിവസം
എനിക്കു നൽകണം. നിങ്ങൾ എനിക്കു
വിശുദ്ധ ജനം ആയിരിക്കണം. കാട്ടുമൃഗം
കടിച്ചു കീറിയതിന്റെ മാംസം നിങ്ങൾ
തിന്നരുത്; അതു നായ്ക്കൾക്ക് ഇട്ടു
കൊടുക്കുക.

അദ്ധ്യായം 23

വ്യാജവർത്തമാനം പറയരുത്. കള്ളസാ
ക്ഷ്യം നൽകുവാൻ തക്കവണ്ണം തെറ്റുകാ
രോടൊത്തു കൈ നീട്ടരുത്. ജനക്കൂട്ടത്തി 2
ന്റെ പിന്നാലെ തിന്മ ചെയ്യാൻ അനുഗമി
ക്കരുത്. ന്യായവിസ്താരത്തിൽ ന്യായം മറിച്ചു
കളവാൻ തക്കവണ്ണം ബഹുജനത്തോടു
ചേർന്നു സാക്ഷി പറയരുത്. ദരിദ്രൻ എന്നു 3
ള്ളതുകൊണ്ട് ന്യായവിസ്താരത്തിൽ
ഒരുത്തനെ സഹായിക്കയും അരുത്.
നിന്റെ ശത്രുവിന്റെ കാളയോ കഴുത 4
യോ വഴി തെറ്റി അലയുന്നതു കണ്ടാൽ,
അതിനെ അവന്റെ അടുക്കൽ എത്തിക്ക
ണം. നിന്റെ ശത്രുവിന്റെ കഴുത ചുമടി 5
നു കീഴെ വീണു കിടക്കുന്നതു കണ്ടാൽ,

തതിനെ അഴിക്കേണ്ടാ എന്നു തോന്നി
ാലും, ആ ചുമട് അഴിച്ചു മാറ്റണം.
വ്യവഹാരത്തിൽ ദരിദ്രൻെറ ന്യായം
റിച്ചുകളയരുത്. വ്യാജവാക്കുകളിൽനി
ന്ന് അകന്നിരിക്കുക. നിരപരാധിയെയും
ീതിമാനെയും കൊല്ലരുത്; എന്തെന്നാൽ
കുറ്റക്കാരനെ ഞാൻ നിരപരാധിയായി കരു
തുകയില്ല; കോഴ വാങ്ങരുത്; എന്തെന്നാൽ
കൈക്കൂലി ജ്ഞാനികളെ അന്ധരാക്കുക
യും നിരപരാധികളുടെ വാക്കുകളെ കോട്ടി
ക്കളയുകയും ചെയ്യുന്നു.
പരദേശികളെ പീഡിപ്പിക്കരുത്. നിങ്ങൾ
തന്നെ മെസ്രേൻ ദേശത്തു പരദേശികൾ
ആയിരുന്നതിനാൽ പരദേശികളുടെ മാന
സിക നില നിങ്ങൾക്ക് അറിയാമല്ലോ.
ആറു വർഷം നിൻെറ നിലം വിതച്ചു
വിളവെടുക്കുക. ഏഴാം വർഷം അതു വിശ്ര
മിക്കട്ടെ; നിലം തരിശിടുക. നിന്നോടു കൂടെ
യുള്ള ദരിദ്രർ ഭക്ഷിക്കട്ടെ; ബാക്കിയുള്ളതു
വന്യമൃഗങ്ങൾ തിന്നട്ടെ. നിൻെറ മുന്തിരി
ത്തോട്ടത്തോടും ഒലിവു തോട്ടത്തോടും
ഇപ്രകാരം തന്നെ ചെയ്യുക.
ആറു ദിവസം നിൻെറ ജോലികൾ
ചെയ്യുക. ഏഴാം ദിവസം വിശ്രമിക്കുക.
നിൻെറ കാളയും കഴുതയും, നിൻെറ ദാസി
യുടെ മകനും നിൻെറ പട്ടണങ്ങളിലുള്ള
പരദേശിയും വിശ്രമിക്കട്ടെ. ഞാൻ നിങ്ങ
ളോടു പറഞ്ഞ കാര്യങ്ങളിൽ സൂക്ഷ്മത
ഉള്ളവരായിരിക്കുക. അന്യദൈവങ്ങളുടെ
നാമം നിങ്ങൾ ഓർക്കുകയോ നിങ്ങളുടെ
ഹൃദയങ്ങളിൽ കടക്കുകയോ ചെയ്യരുത്.
ആണ്ടിൽ മൂന്നു തവണ എനിക്കു പെരു
നാൾ ആഘോഷിക്കണം. ഏഴു ദിവസം
പത്തീറാ തിന്നണം. നിങ്ങൾ മെസ്രേനിൽ
നിന്നു പുറപ്പെട്ട അബബിമാസത്തിൽ,
ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതു
പോലെ പത്തീറാ പെരുനാൾ ആചരി
ക്കണം. നിങ്ങൾ വെറും കൈയോടെ എൻെറ
6 സന്നിധിയിൽ വരരുത്. വയലിൽ വിതച്ച
ധാന്യത്തിൻെറ ആദ്യഫലം എടുക്കുന്ന
കൊയ്ത്തു പെരുനാളും, ആണ്ടറുതിയിൽ
നിൻെറ വിളവുകളെല്ലാം ശേഖരിച്ചു
കഴിയുമ്പോൾ വിളവെടുപ്പു പെരുന്നാളും
7 ആചരിക്കണം. ആണ്ടിൽ മൂന്നു പ്രാവശ്യം
നിൻെറ പുരുഷന്മാരെല്ലാം ദൈവമായ
കർത്താവിൻെറ സന്നിധിയിൽ വരണം.
8 യാഗരക്തത്തോടൊപ്പം പുളിപ്പുള്ള അപ്പം
അർപ്പിക്കരുത്. പെരുനാളിലെ മേദസ്സും
രാത്രി മുഴുവൻ പ്രഭാതസമയംവരെ
വച്ചേക്കരുത്.

നിൻെറ ഭൂമിയുടെ വിളവിൻെറ ആദ്യ 19
ഫലം ദൈവമായ കർത്താവിൻെറ ആലയ
ത്തിൽ കൊണ്ടുവരണം.
ആട്ടിൻ കുട്ടിയെ അതിൻെറ തള്ളയുടെ
പാലിൽ പാകം ചെയ്യരുത്.
ഇതാ, വഴിയിൽ നിന്നെ കാക്കേണ്ട 20
തിനും ഞാൻ ഒരുക്കിയിരിക്കുന്ന ദേശത്ത്
നിന്നെ പ്രവേശിപ്പിക്കേണ്ടതിനുമായി ഞാൻ
നിനക്കു മുമ്പായി മാലാഖയെ അയയ്ക്കു
ന്നു. അവനെ അനുസരിക്കുവാൻ കരുതി 21
ക്കൊൾക. അവനെ ചെറുക്കരുത്. അവൻ
നിങ്ങളുടെ കടങ്ങളെ ക്ഷമിച്ചില്ലെന്നു
വരാം. എൻെറ നാമം അവൻെറ മേൽ ഉണ്ട്.
അവൻെറ വാക്കു നീ അനുസരിച്ച്, അവൻ 22
പറയുന്നതൊക്കെയും ചെയ്താൽ, നിന്നെ
ദ്വേഷിക്കുന്നവരെ ഞാൻ ദ്വേഷിക്കുകയും
നിൻെറ ശത്രുക്കളെ ഞാൻ ഞെരുക്കുകയും
ചെയ്യും. എൻെറ മാലാഖാ നിങ്ങൾക്കു 23
മുമ്പെ പോയി അമോറായക്കാർ, ഹിത്യർ,
പെരിസ്യർ, കനാന്യർ, ഹിവ്യർ എന്നിവർ
ക്കെതിരായി നിന്നെ നയിക്കുകയും ഞാൻ
അവരെ തുടച്ചു നീക്കുകയും ചെയ്യും. അവ 24
രുടെ ദേവന്മാരെ വന്ദിക്കുകയോ സേവിക്കു
കയോ ചെയ്യരുത്. അവരുടെ പ്രവൃത്തി
പോലെ പ്രവർത്തിക്കരുത്. അവരെ നിശ്ശേ
ഷം മറിച്ചിടുകയും അവരുടെ (ദേവ) സ്തംഭ
ങ്ങൾ തകർത്തു തരിപ്പണമാക്കുകയും
ചെയ്യണം. നിങ്ങളുടെ ദൈവമായ കർത്താ 25
വിനെ സേവിക്കണം. അവൻ നിങ്ങളുടെ
അപ്പത്തെയും വെള്ളത്തെയും അനുഗ്രഹി
ക്കുകയും നിങ്ങളുടെ ഭവനങ്ങളിൽനിന്നു
വ്യാധികളെ അകറ്റിക്കളയുകയും ചെയ്യും.
നിൻെറ ദേശത്ത് ഗർഭം അലസുന്നവളും 26
മച്ചിയും ഉണ്ടാകുകയില്ല. നിൻെറ ആയുസ്സി
ൻെറ ദിവസങ്ങൾ ഞാൻ പൂർത്തിയാക്കും.
എന്നെയുള്ള ഭയം നിനക്കു മുമ്പായി 27
ഞാൻ അയച്ച്, നീ ആക്രമിക്കുന്ന ജാതി
കളെയെല്ലാം ഭ്രമിപ്പിച്ച്, അവർ നിൻെറ
മുമ്പിൽ നിന്നു പിന്തിരിഞ്ഞ് ഓടുവാൻ 28
ഇടയാക്കും. നിനക്കു മുമ്പായി ഞാൻ
കടന്നലുകളെ അയച്ച് കനാന്യരെയും
ഹിത്യരെയും നശിപ്പിക്കും. ദേശം ശൂന്യ 29
മാകാതെയും വന്യമൃഗങ്ങൾ നിനക്കു ശല്യ
മാകത്തക്കവണ്ണം പെരുകാതെയും ഇരി
ക്കേണ്ടതിന്, ഞാൻ അവരെ ഒരു ആണ്ടു
കൊണ്ടു നീക്കിക്കളയുകയില്ല. നീ വർദ്ധിച്ച് 30
ദേശം കൈവശം ആക്കുവോളം ഞാൻ
അവയെ കുറേശ്ശെയായി നശിപ്പിച്ചുകൊ
ണ്ടിരിക്കും. നിൻെറ അതിരു ചെങ്കടൽ 31
മുതൽ ഫെലിസ്ത്യരുടെ കടൽ വരെയും

മരുഭൂമി മുതൽ നദി വരെയും ആയിരി
ക്കും; എന്തെന്നാൽ ആ ദേശവാസികളെ
ഞാൻ നിങ്ങളുടെ കൈകളിൽ ഏല്പി
ക്കും; നിങ്ങൾ അവരെ നശിപ്പിക്കണം. അവ
32 രോടോ അവരുടെ ദേവന്മാരോടോ സഖ്യം
33 ഉണ്ടാക്കരുത്. അവരെ ദേശത്തു പാർപ്പി
ക്കരുത്; പാർപ്പിച്ചാൽ എന്റെ മുമ്പിൽ പാപം
ചെയ്യുവാൻ അവർ ഇടയാക്കിയെന്നു വരാം.
നീ അവരുടെ ദേവന്മാരെ സേവിച്ചാൽ
അവർ നിനക്കു കെണിയായി തീരും.

അദ്ധ്യായം 24

അവൻ പിന്നെയും മോശയോട് അരുളി
ച്ചെയ്തത്: "നീയും അഹറോനും നാദാബും
അബിഹൂവും ഇസ്രായേലിന്റെ മൂപ്പന്മാ
രിൽ എഴുപതു പേരും കർത്താവിന്റെ
അടുക്കലേക്കു കയറി വന്നു ദൂരെ നിന്നു
2 വന്ദിക്കുക. മോശ മാത്രം കർത്താവിനോട്
അടുത്തു വരട്ടെ; അവർ അടുത്തു വരരുത്.
ജനം അവനോടു കൂടെ കയറി വരികയും
3 അരുത്." മോശ വന്നു കർത്താവിന്റെ
എല്ലാ വചനങ്ങളും ന്യായങ്ങളും ജനത്തോ
ടു വിവരിച്ചു. കർത്താവ് അരുളിച്ചെയ്യുന്ന
തെല്ലാം ഞങ്ങൾ ചെയ്യാം എന്ന് ജനം ഒരേ
4 ശബ്ദത്തിൽ അട്ടഹസിച്ചു. മോശ കർത്താ
വിന്റെ വചനങ്ങളെല്ലാം ഒരു പുസ്തക
ത്തിൽ എഴുതി അവൻ അതികാലത്തെ
എഴുന്നേറ്റു പർവ്വതത്തിന്റെ അടിവാര
ത്തിൽ ഒരു യാഗപീഠവും, ഇസ്രായേലിന്റെ
പന്ത്രണ്ടു ഗോത്രങ്ങൾക്കു പന്ത്രണ്ടു തൂണു
5 കളും പണിതു. അവൻ ഇസ്രായേൽ മക്ക
ളിലെ ചില യുവാക്കന്മാരെ അയച്ചു; അവർ
കർത്താവിന് ഹോമയാഗമായും സമാധാന
6 യാഗമായും കാളകളെ അർപ്പിച്ചു. മോശ
രക്തത്തിൽ പകുതി തളികയിൽ എടുക്കു
കയും പകുതി ബലിപീഠത്തിന്മേൽ ഒഴിക്കു
7 കയും ചെയ്തു. അവൻ നിയമപുസ്തകം
എടുത്തു ജനത്തിന്റെ മുമ്പാകെ വായിച്ചു.
കർത്താവു അരുളിച്ചെയ്തിരിക്കുന്നതെല്ലാം
ഞങ്ങൾ കേൾക്കുകയും പ്രവർത്തിക്കു
കയും ചെയ്യും എന്ന് അവർ പറഞ്ഞു.
8 മോശ രക്തം എടുത്ത് ജനത്തിന്മേൽ
തളിച്ചുകൊണ്ട്: ഈ എല്ലാ വചനങ്ങളും
പ്രകാരം ദൈവം നിങ്ങളുമായി സഖ്യം ചെ
യ്യുന്ന ഉടമ്പടിയുടെ രക്തമാകുന്നു ഇത്
എന്നു പറഞ്ഞു.
9 മോശയും അഹറോനും നാദാബും
അബിഹൂവും ഇസ്രായേലിന്റെ എഴുപതു
10 മൂപ്പന്മാരും കയറിച്ചെന്നു. അവർ ഇസ്രായേ
ലിന്റെ ദൈവത്തെ കണ്ടു; അവന്റെ
കാലിനു കീഴെ ഇന്ദ്രനീലരത്നം പതിച്ചതു
പോലെയും തെളിഞ്ഞ നീലാകാശം പോ 11
ലെയും ആയിരുന്നു. ഇസ്രായേലിന്റെ
മൂപ്പന്മാരുടെമേൽ അവൻ ശിക്ഷിച്ചില്ല;
അവർ ദൈവത്തെ കണ്ടശേഷം ഭക്ഷിക്കു
കയും കുടിക്കുകയും ചെയ്യുവാൻ കഴിഞ്ഞു.
കർത്താവു മോശയോട് അരുളിച്ചെയ്തു: 12
നീ പർവ്വതത്തിൽ, എന്റെ സമീപം കയറി
വന്ന് അവിടെ ഇരിക്കുക. അവരെ പഠിപ്പി
ക്കേണ്ടതിനുള്ള ചട്ടങ്ങളും കല്പനകളും
എഴുതിയ കല്പലകകൾ ഞാൻ നിനക്കു
തരാം. മോശയും, അവന്റെ ശുശ്രൂഷക 13
നായ ഹൂശായും യോശുവയും എഴുന്നേറ്റു;
മോശ ദൈവത്തിന്റെ പർവ്വതത്തിലേക്കു
കയറിപ്പോയി. മൂപ്പന്മാരോട് അവൻ 14
പറഞ്ഞത്: ഞാൻ മടങ്ങിവരുംവരെ നിങ്ങൾ
ഇവിടെ താമസിപ്പിൻ. അഹറോനും ഹൂരും
നിങ്ങളോടു കൂടെയുണ്ടല്ലോ. വല്ല കാര്യവും
ഉള്ളവർ അവരെ സമീപിക്കട്ടെ. മോശ 15
പർവ്വതത്തിലേക്കു കയറി; മേഘം അവനെ
മറച്ചു. കർത്താവിന്റെ മഹത്വം സീനായ് 16
പർവ്വതത്തിൽ വസിച്ചു; ആറു ദിവസം
മേഘം അതിനെ മൂടിയിരുന്നു. ഏഴാം
ദിവസം മേഘത്തിൽ നിന്നു കർത്താവു
മോശയെ വിളിച്ചു. പർവ്വതത്തിന്റെ 17
മുകളിൽ കത്തുന്ന തീ പോലെ, കർത്താ
വിന്റെ തേജസ്സ് ഇസ്രായേൽ ഗൃഹം
മുഴുവന്റെയും കൺമുമ്പിൽ കണ്ടു.
മോശ മേഘത്തിനുള്ളിൽ കടന്നു 18
പർവ്വതത്തിൽ കയറി; നാല്പതു പകലും
നാല്പതു രാവും മോശ പർവ്വതത്തിൽ
ആയിരുന്നു.

അദ്ധ്യായം 25

സമാഗമനകൂടാരത്തിന്റെ ക്രമീക
രണം.

കർത്താവു മോശയോടു സംസാരിച്ച്
അരുളിച്ചെയ്തത്: എനിക്കു വഴിപാടു കൊ 2
ണ്ടുവരുവാൻ ഇസ്രായേൽ ഗൃഹത്തോടു
പറയുക. മനസ്സോടെ തരുന്ന എല്ലാവരിൽ
നിന്നും വഴിപാടു സ്വീകരിക്കുക. അവരിൽ 3
നിന്നു സ്വീകരിക്കേണ്ട വഴിപാടുസാധന
ങ്ങൾ ഇവയാകുന്നു: സ്വർണം, വെള്ളി, ഓട്, 4
നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ, നേരിയ 5
ലിനൻ, കോലാട്ടുരോമം, ആട്ടിൻതോൽ,
തഹശുതോൽ, ഖദിരമരം, വിളക്കെണ്ണ,
അഭിഷേകതൈലത്തിനും പരിമള ധൂപത്തി 6
നും ആവശ്യമായ സുഗന്ധദ്രവ്യങ്ങൾ,
ഗോമേദകക്കല്ല്, ഏഫോദിലും മാർപതക്ക 7
ത്തിലുംപതിക്കാനുള്ള രത്നക്കല്ലുകൾ.

ഞാൻ അവരുടെ ഇടയിൽ വസിക്കേണ്ടതിന്
അവർ എനിക്ക് ഒരു വിശുദ്ധസ്ഥലം ഉണ്ടാ
ക്കണം. തിരുനിവാസവും അതിലെ ഉപകര
ണങ്ങളും, ഞാൻ നിനക്കു കാണിച്ചുതരുന്ന
മാതൃകയിൽ തന്നെ ഉണ്ടാക്കണം.
ഖദിരമരം കൊണ്ട് ഒരു പേടകം ഉണ്ടാ
ക്കണം; അതിൻെറ നീളം രണ്ടര മുഴവും
വീതി ഒന്നര മുഴവും ഉയരം ഒന്നര മുഴവും
ആയിരിക്കണം. അതിൻെറ അകവും
പുറവും ശുദ്ധസ്വർണ്ണംകൊണ്ട് പൊതിയ
ണം. അതിനു ചുറ്റും സ്വർണ്ണം കൊണ്ട് ഒരു
വക്ക് ഉണ്ടാക്കണം. സ്വർണ്ണം കൊണ്ട് നാല്
വളയങ്ങൾ ഉണ്ടാക്കണം. രണ്ടെണ്ണം ഒരു
വശത്തും രണ്ടെണ്ണം മറുവശത്തും ആയിരി
ക്കത്തക്കവണ്ണം പേടകത്തിൻെറ നാലു
മൂലകളിലും അവ ഉറപ്പിക്കണം. ഖദിരമരം
കൊണ്ടു തണ്ടുകൾ ഉണ്ടാക്കി സ്വർണ്ണം
പൊതിയണം. പേടകം ചുമക്കുവാൻ തക്ക
വണ്ണം ഈ തണ്ടുകൾ വളയങ്ങളിൽ കട
ത്തുക. തണ്ടുകൾ പേടകത്തിൻെറ വളയ
ങ്ങളിൽ തന്നെ ഇരിക്കണം; അവ എടുത്തു
മാറ്ററുത്. ഞാൻ നിനക്കു തരുവാൻ പോകു
ന്ന കല്പനകൾ നീ അതിനകത്തു വയ്ക്ക
ണം. ശുദ്ധ സ്വർണ്ണം കൊണ്ട് "കൃപാസനം"
ഉണ്ടാക്കണം; അതിൻെറ നീളം രണ്ടര
മുഴവും വീതി ഒന്നര മുഴവും ആയിരിക്കണം.
സ്വർണ്ണം കൊണ്ടു രണ്ടു ക്രൂബേന്മാരെ
ഉണ്ടാക്കണം. കൃപാസനത്തിൻെറ രണ്ടഗ്ര
ത്തും അടിച്ചുപണിയായി അവ ഉണ്ടാക്ക
ണം. ഒരു ക്രൂബ കൃപാസനത്തിൻെറ ഒരറ്റ
ത്തും മറ്റേ ക്രൂബ കൃപാസനത്തിൻെറ മറ്റേ
അറ്റത്തും ആയിരിക്കത്തക്കവണ്ണം അവ
ഉണ്ടാക്കണം. ക്രൂബേന്മാർ മേല്പോട്ടു
ചിറകു വിടർത്തി ചിറകുകൾകൊണ്ട് കൃപാ
സനത്തെ മൂടുകയും പരസ്പരം അഭിമുഖ
മായിരിക്കുകയും വേണം. ക്രൂബേന്മാരുടെ
മുഖം കൃപാസനത്തിനു നേരെ ആയിരി
ക്കണം. കൃപാസനം പേടകത്തിനു മീതെ
വയ്ക്കണം. ഞാൻ നിനക്കു തരുന്ന കല്പ
നകൾ പേടകത്തിൻെറ അകത്തു വയ്ക്ക
2 ണം. അവിടെ ഞാൻ നിന്നെ കണ്ടുമുട്ടു
കയും കൃപാസനത്തിൽനിന്ന്, സാക്ഷ്യ
ത്തിൻെറ പെട്ടകത്തിനു മീതെയുള്ള
ക്രൂബേന്മാരുടെ ഇടയിൽനിന്നു തന്നെ
ഞാൻ നിന്നോട് സംസാരിച്ച്, ഇസ്രായേൽ
മക്കൾക്കായി നിന്നോടു കല്പിക്കുന്ന
3 കാര്യങ്ങളെല്ലാം പറയുകയും ചെയ്യും. രണ്ടു
മുഴം നീളവും ഒരു മുഴം വീതിയും ഒന്നര
മുഴം ഉയരവുമുള്ള ഒരു മേശ ഖദിരമരം
4 കൊണ്ട് ഉണ്ടാക്കണം. അതു ശുദ്ധസ്വർണ്ണം
കൊണ്ടു പൊതിയുകയും അതിനു ചുറ്റും
സ്വർണ്ണം കൊണ്ട് ഒരു വക്ക് ഉണ്ടാക്കുകയും
വേണം. ചുറ്റും അതിനു കൈപ്പത്തി വീതി 25
യിൽ ഒരു ചട്ടവും ചട്ടത്തിനു ചുറ്റും ഒരു
വക്കും ഉണ്ടാക്കണം. സ്വർണ്ണം കൊണ്ടു 26
നാലു വളയങ്ങൾ ഉണ്ടാക്കണം. മേശയുടെ
നാലു കാലുകൾക്കും മീതെ നാലു മൂല
യിലും സ്വർണ്ണവളയങ്ങൾ ഉറപ്പിക്കണം.
മേശ ചുമക്കുവാൻ തണ്ടിനു ഇടം കിട്ടത്ത 27
ക്കവണ്ണം വളയങ്ങൾ ചട്ടത്തിനു ചേർന്നി
രിക്കണം.
തണ്ടുകൾ ഖദിരമരം കൊണ്ട് ഉണ്ടാക്കി 28
പൊന്നുകൊണ്ടു പൊതിയണം; മേശ
ചുമക്കുന്നത് അവയാൽ ആയിരിക്കണം.
തളികകളും ചഷകങ്ങളും ഭരണികളും 29
പകർന്നുവെക്കുന്നതിനുള്ള പാത്രങ്ങളു
മെല്ലാം ശുദ്ധസ്വർണ്ണം കൊണ്ട് ഉണ്ടാക്കണം.
മേശ മേൽ എപ്പോഴും കാഴ്ചയപ്പം എൻെറ 30
മുമ്പാകെ വച്ചിരിക്കണം.
ശുദ്ധസ്വർണ്ണം കൊണ്ട് ഒരു നിലവിളക്ക് 31
ഉണ്ടാക്കണം. നിലവിളക്ക് അടിച്ചുപണി
യായിരിക്കണം. അതിൻെറ ചുവടും തണ്ടും
പുഷ്പപുടങ്ങളും മുട്ടുകളും പൂക്കളും അതി
നോടു ചേർന്ന് ഒന്നായിരിക്കണം. നില 32
വിളക്കിൻെറ മൂന്നു ശാഖ ഒരു വശത്തു
നിന്നും മൂന്നു ശാഖ മറുവശത്തു നിന്നും
ആയി ആറു ശാഖകൾ അതിൻെറ പാർശ്വ
ങ്ങളിൽ നിന്നു പുറപ്പെടണം. ഒരു ശാഖയിൽ 33
ഓരോ മുട്ടും ഓരോ പൂവുമായി ബദാം
പൂപോലെ മൂന്നു പുഷ്പപുടവും മറ്റൊരു
ശാഖയിൽ ഓരോ മുട്ടും ഓരോ പൂവുമായി
ബദാംപു പോലെ മൂന്നു പുഷ്പപുടവും
ഉണ്ടായിരിക്കണം. നിലവിളക്കിൽ നിന്നു
പുറപ്പെടുന്ന ആറു ശാഖയ്ക്കും അങ്ങനെ
തന്നെ വേണം. വിളക്കുതണ്ടിൽ മുട്ടുകളോ 34
ടും പൂക്കളോടും കൂടിയ ബദാം പൂപോലെ
നാലു പുഷ്പപുടം ഉണ്ടായിരിക്കണം.
അതിൽനിന്നുള്ള രണ്ടു ശാഖയ്ക്കു കീഴെ 35
ഒരു മുട്ടും മറ്റു രണ്ടു ശാഖയ്ക്കു കീഴെ ഒരു
മുട്ടും, ഇങ്ങനെ നിലവിളക്കിൽനിന്നു
പുറപ്പെടുന്ന ആറു ശാഖയ്ക്കും വേണം.
അവയുടെ മുട്ടുകളും ശാഖകളും അതിൽ 36
നിന്നു തന്നെ ആയിരിക്കണം; മുഴുവനും
ശുദ്ധസ്വർണ്ണം കൊണ്ട് ഒറ്റ അടിച്ചുപണി
ആയിരിക്കണം. ഏഴു ദീപം ഉണ്ടാക്കണം; 37
ദീപം ഉണ്ടാക്കുന്നത് അതിൻെറ മുൻഭാഗ
ത്തു പ്രകാശം കിട്ടത്തക്കവണ്ണം ആയിരിക്ക
ണം. കരിനീക്കാനുള്ള ചവണകളും കരി 38
ന്തിരി പാത്രങ്ങളും ശുദ്ധസ്വർണ്ണം കൊണ്ട്
ഉണ്ടാക്കണം. അതും അതിൻെറ ഉപകരണ 39

ങ്ങൾ എല്ലാം കൂടി ഒരു കക്രോ (താലന്ത്)
40 സ്വർണ്ണം കൊണ്ട് ഉണ്ടാക്കണം. പർവ്വത
ത്തിൽ വച്ചു ഞാൻ നിനക്കു കാണിച്ചു
തരുന്ന മാതൃകയിൽ തന്നെ ഉണ്ടാക്കുവാൻ
ശ്രദ്ധിക്കുക.

അദ്ധ്യായം 26

നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ ഇവ
കൊണ്ടുണ്ടാക്കിയ പത്തു ലിനൻ വിരികൊ
ണ്ടു വിശുദ്ധ കൂടാരം തീർക്കണം. നെയ്ത്തു
കാരൻെറ ചിത്രപ്പണിയായ ക്രൂബ ഉള്ളവ
2 യായി അത് ഉണ്ടാക്കണം. ഒരു വിരിയുടെ
നീളം ഇരുപത്തെട്ടു മുഴവും വീതി നാലു
മുഴവും ആയിരിക്കണം. എല്ലാ വിരികളുടെ
യും അളവ് ഒരുപോലെ ആയിരിക്കണം.
3 അഞ്ചു വിരികൾ പരസ്പരം ചേർത്തിരിക്ക
ണം. ബാക്കി അഞ്ചു വിരികളും പരസ്പരം
4 ചേർത്തിരിക്കണം. ഇങ്ങനെ ചേർത്തുണ്ടാ
ക്കിയ ഒന്നാമത്തെ വിരിക്കൂട്ടത്തിൻെറ അറ്റ
ത്തുള്ള വിളുമ്പിൽ നീലനൂൽ കൊണ്ടു
കണ്ണികൾ ഉണ്ടാക്കണം; മറ്റെ വിരി കൂട്ടത്തി
ൻെറ അറ്റത്തുള്ള പുറത്തെ വിരിയുടെ വിളു
5 മ്പിൽ അപ്രകാരം തന്നെ ഉണ്ടാക്കണം. ഒന്നാ
മത്തെ വിരിക്കൂട്ടത്തിൽ അമ്പതു കണ്ണി
ഉണ്ടാക്കണം. രണ്ടാമത്തെ വിരിക്കൂട്ടത്തി
ലും അമ്പതു കണ്ണി ഉണ്ടാക്കണം. കണ്ണികൾ
6 നേർക്കു നേരേ ആയിരിക്കണം. സ്വർണ്ണം
കൊണ്ട് അമ്പതു കൊളുത്തുകൾ ഉണ്ടാക്ക
7 ണം. വിശുദ്ധകൂടാരം ഒന്നായിരിപ്പാൻ തക്ക
വണ്ണം വിരിക്കൂട്ടങ്ങൾ കൊളുത്തുകൾ
കൊണ്ട് ചേർക്കണം. വിശുദ്ധകൂടാരം ആവ
രണം ചെയ്യുന്നതിന് കോലാട്ടുരോമം കൊ
ണ്ടു മൂടുവിരി ഉണ്ടാക്കണം; പതിനൊന്നു
8 വിരികൾ ഉണ്ടാക്കണം. അവയിൽ ഒരു വിരി
യുടെ നീളം മുപ്പതു മുഴവും വീതി നാലു മുഴ
വും ആയിരിക്കണം. പതിനൊന്നു മൂടു വിരി
കളുടെയും അളവു ഒരുപോലെ ആയിരിക്ക
9 ണം. അഞ്ചു മൂടു വിരി ഒന്നായും ആറു മൂടു
വിരി ഒന്നായും ചേർത്ത്, ആറാമത്തെ മൂടു
വിരി കൂടാരത്തിൻെറ മുമ്പിൽ മടക്കി ഇടണം.
10 ഇങ്ങനെ ചേർത്ത് ഉണ്ടാക്കിയ ഒരു മൂടു
വിരിയുടെ അറ്റത്തുള്ള വിളുമ്പിൽ അൻപ
തു കണ്ണിയും മറ്റെ മൂടുവിരിയുടെ അറ്റത്തു
ള്ള വിളുമ്പിൽ അൻപതു കണ്ണിയും ഉണ്ടാ
11 ക്കണം. ഓടുകൊണ്ട് അൻപതു കണ്ണി ഉണ്ടാ
ക്കി കൊളുത്തുകൾ കണ്ണികളിൽ ഇട്ട് കൂടാ
രം ഒന്നായിരിക്കത്തക്കവണ്ണം ഇണച്ചു കെട്ട
12 ണം. മൂടുവിരി യുടെ വിരിയിൽ ബാക്കി വരു
ന്നത്, ഒരു വിരിയുടെ പകുതി ഭാഗം വിശുദ്ധ
കൂടാരത്തിൻെറ പിൻവശത്തു തൂങ്ങിക്കിട
ക്കണം. മൂടുവിരിയുടെ നീളത്തിൽ ശേഷി 13
ക്കുന്ന വിരി വിശുദ്ധ കൂടാരത്തെ മൂടേണ്ട
തിന്, ഒരു മുഴം... ഇപ്പുറത്തും ഒരു മുഴം അ
പ്പുറത്തുമായി രണ്ടു വശങ്ങളിലും തൂങ്ങി
ക്കിടക്കണം. മൂടുവിരിക്ക് ചുവപ്പിച്ച ആട്ടിൻ 14
തോൽ കൊണ്ട് ഒരു പുറംമൂടിയും അതി
ൻെറ മീതെ തഹശൂതോൽ കൊണ്ട് ഒരു
പുറംമൂടിയും ഉണ്ടാക്കണം.

വിശുദ്ധ കൂടാരത്തിന്, ഖദിരമരംകൊ 15
ണ്ട് നേരേ നിൽക്കുന്ന പലകകൾ ഉണ്ടാ
ക്കണം. ഓരോ പലകയുടെയും നീളം പത്തു 16
മുഴവും വീതി അര മുഴവും ആയിരിക്കണം.
പലകകൾ തമ്മിൽ ചേർത്തു വയ്ക്കത്തക്ക 17
വണ്ണം അവയ്ക്ക് ഈരണ്ടു കുടുമ ഉണ്ടാ
യിരിക്കണം. വിശുദ്ധ കൂടാരത്തിൻെറ പലക 18
കൾക്കെല്ലാം അങ്ങനെ ഉണ്ടായിരിക്കണം.
വിശുദ്ധ കൂടാരത്തിനു തെക്കുവശത്തേക്ക്
ഇരുപതു പലകകൾ ഉണ്ടാക്കണം. ഇരു 19
പതു പലകയ്ക്കും താഴെ വെള്ളി കൊണ്ടു
നാല്പതു ചുവട്; ഒരു പലകയുടെ അടി
യിൽ രണ്ടു കുടുമയ്ക്കു രണ്ടു ചുവടും
മറ്റൊരു പലകയുടെ അടിയിൽ രണ്ടു
കുടുമയ്ക്കു രണ്ടു ചുവടും ഇങ്ങനെ ഇരു
പതു പലകയുടെയും അടിയിൽ വെള്ളി
കൊണ്ടു നാല്പതു ചുവടുകൾ ഉണ്ടാക്ക
ണം. വിശുദ്ധ കൂടാരത്തിൻെറ മറുവശത്തു 20
വടക്കു വശത്തേക്ക് ഇരുപതു പലക; ഒരു 21
പലകയുടെ താഴെ രണ്ടു ചുവട്, മറ്റൊരു
പലകയുടെ താഴെ രണ്ടു ചുവട്, ഇങ്ങനെ
നാല്പതു ചുവടുകൾ ഉണ്ടാക്കണം.
വിശുദ്ധ കൂടാരത്തിൻെറ വശങ്ങളിലേക്ക് 22
പടിഞ്ഞാറു വശത്ത് ആറു പലകകൾ ഉണ്ടാ
ക്കണം. വിശുദ്ധ കൂടാരത്തിൻെറ രണ്ടു വശ 23
ത്തുമുള്ള മൂലയ്ക്കു രണ്ടു പലകകൾ വീതം
ഉണ്ടാക്കണം. അവ താഴെ ഇരട്ടിയായിരി 24
ക്കണം; മുകളിൽ ഒന്നാം വളയത്തിൽ യോജി
പ്പിച്ചിരിക്കണം. അങ്ങനെ രണ്ടിനും വേണം.
അവ രണ്ടു മൂലയിലും ആയിരിക്കണം.
ഇങ്ങനെ എട്ടു പലകയും, ഒരു പലകയുടെ 25
അടിയിൽ രണ്ടു ചുവട്, മറ്റൊരു പലകയു
ടെ അടിയിൽ രണ്ടു ചുവട് എന്നിങ്ങനെ
പതിനാറു വെള്ളിച്ചുവടും വേണം.

ഖദിരമരം കൊണ്ടു നീണ്ട സാക്ഷാകൾ 26
ഉണ്ടാക്കണം. വിശുദ്ധ കൂടാരത്തിൻെറ ഒരു
വശത്തെ പലകയ്ക്കു അഞ്ചു സാക്ഷാ;
മറുവശത്തെ പലകയ്ക്ക് അഞ്ചു സാക്ഷാ; 27
വിശുദ്ധ കൂടാരത്തിൻെറ പടിഞ്ഞാറു വശ
ത്തു പുറകിലത്തെ പലകയ്ക്കു അഞ്ച്
സാക്ഷാ. നടുവിലത്തെ സാക്ഷാ പലക 28
യുടെ നടുവിൽ ഒരഗ്രത്തിൽനിന്നു മറ്റെ

അഗ്രംവരെ ചെല്ലുന്നതായിരിക്കണം. പലക
പൊന്നുകൊണ്ട് പൊതിയണം; സാക്ഷാ
ചെലുത്തുവാനുള്ള വളയങ്ങൾ പൊന്നു
കൊണ്ട് ഉണ്ടാക്കണം. സാക്ഷാകൾ പൊ
ന്നുകൊണ്ടു പൊതിയണം. പർവ്വതത്തിൽ
നിനക്കു കാണിച്ചു തന്ന മാതൃകയിൽ
തന്നെ നീ വിശുദ്ധകൂടാരം ഉയർത്തണം.
നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ,
നെയ്തെടുത്ത ലിനൻ എന്നിവ കൊണ്ടു
ഒരു തിരശ്ശീല ഉണ്ടാക്കണം; തയ്യൽക്കാര
ൻെറ ചിത്രപ്പണിയായ ക്രൂബേന്മാർ ഉള്ള
തായി അത് ഉണ്ടാക്കണം അതു ഖദിരമരം
കൊണ്ടുള്ള നാലു തൂണുകളിൽനിന്നു
സ്വർണ്ണക്കൊളുത്തുകളാൽ തൂക്കിയിടണം;
ആ തൂണുകൾ സ്വർണ്ണം പൊതിഞ്ഞതും
വെള്ളിച്ചുവടുകളിന്മേൽ നിൽക്കുന്നതും
33 ആയിരിക്കണം. കൊളുത്തുകളിന്മേൽ തിര
ശ്ശീല തൂക്കിയതിനുശേഷം സാക്ഷ്യത്തി
ൻെറ പെട്ടി തിരശ്ശീലയ്ക്ക് അകത്തു വയ്
34 ക്കണം. ഈ തിരശ്ശീലയാണ്, വിശുദ്ധസ്ഥ
ലവും അതിവിശുദ്ധസ്ഥലവും തമ്മിൽ
വേർതിരിക്കുന്നത്. അതിവിശുദ്ധസ്ഥല
ത്തു സാക്ഷ്യത്തിൻെറ പെട്ടിയുടെ മീതെ
35 കൃപാസനം വയ്ക്കണം. തിരശ്ശീലയ്ക്കു
വെളിയിൽ മേശയും മേശയ്ക്ക് എതിരെ
വിശുദ്ധ കൂടാരത്തിൻെറ തെക്കുവശത്തു
വിളക്കും വയ്ക്കണം; മേശ വടക്കു വശത്തു
36 വയ്ക്കണം. നീലനൂൽ, ധൂമ്രനൂൽ, ചുവ
പ്പുനൂൽ, നേരിയ ലിനൻ എന്നിവകൊണ്ടു
ചിത്രത്തയ്യലായി കൂടാരത്തിൻെറ വാതി
37 ലിന് ഒരു മറ ഉണ്ടാക്കണം. മറശ്ശീലയ്ക്ക്
ഖദിരമരംകൊണ്ട് അഞ്ചു തൂണുകൾ ഉണ്ടാ
ക്കി പൊന്നുകൊണ്ടു പൊതിയണം. അവയു
ടെ കൊളുത്തുകൾ പൊന്നുകൊണ്ടു ഉണ്ടാ
ക്കുകയും ഓടുകൊണ്ട് അവയ്ക്കു അഞ്ചു
ചുവടു വാർത്തുണ്ടാക്കുകയും വേണം.

അദ്ധ്യായം 27

നീ ഖദിരമരംകൊണ്ട് ഒരു യാഗപീഠം
ഉണ്ടാക്കണം; അത് അഞ്ചുമുഴം നീളവും
അഞ്ചു മുഴം വീതിയുമുള്ളതായി സമച
തുരം ആയിരിക്കണം. അതിൻെറ ഉയരം
2 മൂന്നു മുഴം. അതിൻെറ നാലു മൂലയിലും
കൊമ്പുണ്ടാക്കണം. കൊമ്പ് അതിനോടു
ചേർന്ന് ഒന്നായിരിക്കണം. അതു ഓടുകൊ
3 ണ്ടു പൊതിയണം. അതിലെ ചാരം എടു
ക്കുവാൻ വെണ്ണീർ ചട്ടികളും ചട്ടുകങ്ങളും
കിണ്ണങ്ങളും കൊളുത്തുകളും തീക്കലശ
ങ്ങളും ഉണ്ടാക്കണം; അതിൻെറ ഉപകരണ
ങ്ങൾ എല്ലാം ഓടുകൊണ്ട് ഉണ്ടാക്കണം.
അതിന് നാലു മൂലയ്ക്കും ഓടുകൊണ്ടുള്ള 4
നാലു വളയവും ഉണ്ടാക്കണം. വളയം യാഗ 5
പീഠത്തിൻെറ പകുതിയോളം എത്തത്തക്ക
വണ്ണം യാഗപീഠത്തിൻെറ ചുറ്റുപടിക്കു
താഴെയായി വയ്ക്കണം. യാഗപീഠത്തിൽ 6
ഖദിരമരം കൊണ്ടു തണ്ടുകൾ ഉണ്ടാക്കി
ഓടുകൊണ്ടു പൊതിയണം. യാഗപീഠം 7
ചുമക്കുമ്പോൾ തണ്ടുകൾ അതിൻെറ രണ്ടു
ഭാഗത്തും ഉണ്ടായിരിക്കത്തക്കവണ്ണം തണ്ടു
കൾ വളയങ്ങളിൽ ഇടണം. പലക കൊണ്ട് 8
അകം പൊള്ളയായി അത് ഉണ്ടാക്കണം;
പർവ്വതത്തിൽ ഞാൻ നിനക്കു കാണിച്ചു
തന്ന മാതൃകയിൽ തന്നെ.
വിശുദ്ധ കൂടാരത്തിനു നീ പ്രാകാരം 9
ഉണ്ടാക്കണം. തെക്കുവശത്തെ പ്രാകാര
ത്തിന് നെയ്ത ലിനൻ കൊണ്ട് നൂറു മുഴം
നീളത്തിൽ തൂക്കുമറ ഉണ്ടാക്കണം. അതി 10
ൻെറ ഇരുപതു തൂണും അവയുടെ ഇരുപതു
ചുവടും ഓടു കൊണ്ടു ഉണ്ടാക്കണം. തൂണു
കളുടെ കൊളുത്തും മേൽ ചുറ്റുപടികളും
വെള്ളികൊണ്ടായിരിക്കണം. അങ്ങനെ 11
തന്നെ വടക്കു വശത്തേക്കു നൂറു മുഴം നീള
ത്തിൽ തൂക്കുമറ വേണം. അതിൻെറ ഇരു
പതു തൂണും അവയുടെ ഇരുപതു ചുവടു
കളും ഓടുകൊണ്ടും കൊളുത്തുകളും
മേൽചുറ്റു പടികളും വെള്ളികൊണ്ടും ഉണ്ടാ
ക്കണം. പടിഞ്ഞാറു വശത്തേക്കു പ്രാകാര 12
ത്തിൻെറ വീതിക്കു അമ്പതു മുഴം നീളം
തൂക്കുമറയും അതിനു പത്തു തൂണും അവ
യ്ക്കു പത്തു ചുവടും ഉണ്ടായിരിക്കണം.
കിഴക്കേ വശത്തേക്കും പ്രാകാരത്തിൻെറ 13
വീതി അമ്പതു മുഴം ആയിരിക്കണം. ഒരു 14
ഭാഗത്തേക്കു പതിനഞ്ചു മുഴം നീളമുള്ള
തൂക്കുമറയും അതിനു മൂന്നു തൂണും അവ
യ്ക്കു മൂന്നു ചുവടും വേണം. മറ്റേ ഭാഗ 15
ത്തേയ്ക്കും പതിനഞ്ചു മുഴം നീളമുള്ള
മറശീലയും അതിനു മൂന്നു തൂണും അവ
യ്ക്കു മൂന്നു ചുവടും വേണം. പ്രാകാര 16
ത്തിൻെറ വാതിലിന് ഇരുപതു മുഴം നീള
മുള്ള ഒരു മറ വേണം, അത് നീലനൂൽ,
ധൂമ്രനൂൽ, ചുവപ്പുനൂൽ, നേരിയ ലിനൻ
എന്നിവ കൊണ്ട് ചിത്രത്തയ്യലായി ഉണ്ടാ
ക്കണം; അതിനു നാലു തൂണും നാലു
ചുവടും വേണം. പ്രാകാരത്തിൻെറ എല്ലാ 17
തൂണുകൾക്കും വെള്ളി കൊണ്ടുള്ള മേൽ
ചുറ്റുപടികളും വെള്ളിക്കൊളുത്തുകളും
ഓട്ടു ചുവടുകളും ഉണ്ടായിരിക്കണം. എല്ലാ 18
യിടത്തും പ്രാകാരത്തിനു നൂറു മുഴം നീളവും
അമ്പതു മുഴം വീതിയും അഞ്ചു മുഴം ഉയര
വും ഉണ്ടായിരിക്കണം. അതു നേർത്ത

ലിനൻ കൊണ്ടും അതിൻെറ ചുവടുകൾ
19 ഓടുകൊണ്ടും ആയിരിക്കണം. വിശുദ്ധ
കൂടാരത്തിലെ ശുശ്രൂഷയ്ക്കുള്ള സകല
ഉപകരണങ്ങളും അവയുടെ കുറ്റികളും
പ്രാകാരത്തിൻെറ എല്ലാ കുറ്റികളും ഓടു
കൊണ്ടുള്ളതായിരിക്കണം.
20 വിളക്ക് എപ്പോഴും കത്തിക്കൊണ്ടിരി
ക്കേണ്ടതിന്, ആട്ടിയെടുത്ത ശുദ്ധമായ ഒലി
വെണ്ണ കൊണ്ടുവരുവാൻ നീ ഇസ്രായേൽ
21 മക്കളോടു ആജ്ഞാപിക്കുക. സാക്ഷ്യ
ത്തിനു മുമ്പിലുള്ള തിരശ്ശീലയ്ക്കു പുറത്ത്
സന്ധ്യമുതൽ രാവിലെവരെ വിളക്കു കത്തി
ക്കൊണ്ടിരിക്കുവാൻ തക്കവണ്ണം അഹറോ
നും അവൻെറ പുത്രന്മാരും ആ വിളക്കു
കത്തിക്കണം. ഇത് ഇസ്രായേൽ മക്കൾക്കു
തലമുറതലമുറയായി എന്നേക്കുമുള്ള
ചട്ടമാണ്.

അദ്ധ്യായം 28

എനിക്കു പുരോഹിതശുശ്രൂഷ ചെയ്യു
വാനായി നിൻെറ സഹോദരൻ അഹറോ
നെയും അവൻെറ പുത്രന്മാരെയും ഇസ്രാ
യേൽ മക്കളുടെ ഇടയിൽ നിന്നു നിൻെറ
അടുക്കൽ വരുത്തുക; അഹറോനെയും
അവൻെറ പുത്രന്മാരായ നാദാബ്, അബീ
ഹു, ഏലയാസാർ, ഈഥാമാർ എന്നിവരെ
2 ത്തന്നെ. നിൻെറ സഹോദരനായ അഹ
റോന്നു മഹത്വത്തിനും അലങ്കാരത്തിനും
വേണ്ടി വിശുദ്ധ വസ്ത്രം ഉണ്ടാക്കണം.
3 ഞാൻ ജ്ഞാനാത്മാവു കൊണ്ടു നിറച്ചി
ട്ടുള്ള സമർത്ഥരോടു: അഹറോൻ എനിക്കു
പുരോഹിതശുശ്രൂഷ ചെയ്യേണ്ടതിനു
അവനെ വിശുദ്ധീകരിക്കുവാനായി വസ്ത്രം
4 ഉണ്ടാക്കണമെന്നു നീ പറയുക. അവർ
ഉണ്ടാക്കേണ്ട വസ്ത്രങ്ങൾ: മാർപതക്കം,
ഏഫോദ്, നീളക്കുപ്പായം, ചിത്രത്തയ്യലുള്ള
നിലയങ്കി, മുടി, നടുക്കെട്ട് എന്നിവയാ
കുന്നു. എൻെറ പുരോഹിത ശുശ്രൂഷ അനു
ഷ്ഠിക്കുവാൻ അവനും അവൻെറ പുത്ര
ന്മാർക്കും വിശുദ്ധവസ്ത്രം ഉണ്ടാക്കണം
5 അതിനു പൊന്ന്, നീലനൂൽ, ധൂമ്രനൂൽ,
ചുവപ്പുനൂൽ നെയ്തെടുത്ത ലിനൻ
എന്നിവ എടുക്കണം.
6 സ്വർണ്ണം, നീലനൂൽ, ധൂമ്രനൂൽ, ചുവപ്പു
നൂൽ, നെയ്തെടുത്ത ലിനൻ എന്നിവകൊ
ണ്ട് ചിത്രപ്പണിയായി ഏഫോദ് ഉണ്ടാക്ക
7 ണം. അതു തമ്മിൽ ചേർന്നിരിക്കത്തക്ക
വണ്ണം അതിൻെറ അഗ്രങ്ങളിൽ രണ്ടു ചുമൽ
8 ക്കണ്ടങ്ങൾ വേണം. ഏഫോദിന്മേലുള്ള
അതിൻെറ ഇടക്കെട്ട് അതിൽ നിന്നു തന്നെ
അതിൻെറ പണിപോലെ സ്വർണ്ണം, നീല
നൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ, നെയ്തെടു
ത്ത ലിനൻ എന്നിവ കൊണ്ട് ആയിരിക്കണം.
നീ രണ്ടു ഗോമേദകക്കല്ല് എടുത്ത് അവ 9
യിൽ ഇസ്രായേലിൻെറ പുത്രന്മാരുടെ പേരു
കൾ കൊത്തണം. അവരുടെ പേരുകളിൽ 10
ആറെണ്ണം ഒരു കല്ലിലും ആറെണ്ണം മറ്റേ കല്ലി
ലും അവരുടെ ജനനക്രമത്തിൽ ആയിരിക്ക
ണം. രത്നങ്ങളിൽ പണിചെയ്യുന്ന ശില്പി 11
യുടെ പണിയായി ഇസ്രായേലിൻെറ പുത്ര
ന്മാരുടെ പേരുകൾ ആ കല്ലുകൾ രണ്ടിലും
കൊത്തി, രണ്ടു പൊൻതടങ്ങളിൽ അവ
പതിക്കണം. ഇസ്രായേലിൻെറ പുത്രന്മാർ 12
ക്കു വേണ്ടിയുള്ള സ്മാരകരത്നങ്ങളായി
ഏഫോദിൻെറ ചുമൽകണ്ടങ്ങളിൽ ആ
കല്ലുകൾ വയ്ക്കണം; അവരുടെ പേരുകൾ
ഓർമ്മയ്ക്കായി അഹറോൻ തൻെറ ചുമലി
ന്മേൽ വഹിക്കണം.
നീ പൊൻതടങ്ങൾ ഉണ്ടാക്കണം. തനി 13
തങ്കം കൊണ്ടു പിണഞ്ഞു പണിയായി രണ്ടു
തുടൽ ഉണ്ടാക്കണം; പിണഞ്ഞു പണി
യായ മാലകൾ തടങ്ങളിൽ ഉറപ്പിക്കണം.
ന്യായതീർപ്പിനുള്ള മാർചട്ട കരവിരുതോടെ 15
ഉണ്ടാക്കണം. ഏഫോദിൻെറ പണി പോലെ
തന്നെ സ്വർണ്ണം, നീലനൂൽ, ധൂമ്രനൂൽ,
ചുവപ്പുനൂൽ, നെയ്തെടുത്ത ലിനൻ
എന്നിവ കൊണ്ട് അതുണ്ടാക്കണം. അത് 16
ഇരട്ടയും സമചതുരാകൃതിയിലുള്ളതും ഒരു
ചാൺ നീളവും ഒരു ചാൺ വീതിയും ഉള്ള
തും ആയിരിക്കണം. അതിൽ രത്നങ്ങൾ 17
പതിക്കുന്ന രീതിയിൽ നാലു നിര രത്നങ്ങൾ
പതിക്കണം. ഒന്നാമത്തെ നിര താമ്രമണി,
പീതരത്നം, മരതകം; രണ്ടാം നിര മാണിക്യം, 18
നീലക്കല്ല്, വജ്രം; മൂന്നാം നിര പത്മരാഗം, 19
വൈഡൂര്യം, സുഗന്ധിക്കല്ല്; നാലാമത്തെ 20
നിര പുഷ്യരാഗം, ഗോമേദകം, സൂര്യകാന്തം.
അവ അതതു തടത്തിൽ സ്വർണ്ണത്തിൽ
പതിക്കണം. ഇസ്രായേലിൻെറ പുത്രന്മാരു 21
ടെ പേരുകൾക്ക് ഒത്തവണ്ണം പന്ത്രണ്ടു പേരു
കൾ മുദ്രമോതിരത്തിൻെറ കൊത്തുപോലെ
ആ കല്ലുകളിൽ ഉണ്ടായിരിക്കണം; പന്ത്രണ്ടു
ഗോത്രങ്ങളിൻ പ്രകാരം ഓരോരുത്തരുടെ
യും പേര് അതിൽ ഉണ്ടായിരിക്കണം. മാർച
ട്ടയ്ക്ക് പിണച്ചു പണിയായി തനി തങ്കം 22
കൊണ്ടുള്ള തുടലുകൾ ഉണ്ടാക്കണം.
മാർചട്ടയ്ക്ക് സ്വർണ്ണം കൊണ്ടു രണ്ടു വട്ട 23
ക്കണ്ണി ഉണ്ടാക്കി മാർചട്ടയുടെ രണ്ടു അഗ്ര
ങ്ങളിലും വയ്ക്കണം. തങ്കം കൊണ്ടുള്ള 24
പിണച്ചു പണിയായ തുടലുകൾ രണ്ടും
മാർചട്ടയുടെ അഗ്രങ്ങളിലുള്ള വട്ടക്കണ്ണി

ൾ രണ്ടിലും കൊളുത്തണം. പിണച്ചു
ണിയായ രണ്ടു തുടലുകളുടെ മറ്റേ അറ്റം
ണ്ടും തടത്തിൽ കൊളുത്തി ഏഫോ
ന്റെ ചുമൽക്കണ്ടങ്ങളിൽ അതിന്റെ
ുൻവശത്തു വയ്ക്കണം. സ്വർണ്ണം കൊണ്ടു
ണ്ടു വളയം ഉണ്ടാക്കണം. അവ മാർചട്ടയു
ട മറ്റേ രണ്ട് അഗ്രത്തിലും ഏഫോദിന്റെ
ാഴത്തെ അഗ്രത്തിനും നേരേ അതിന്റെ
ിളുമ്പിൽ ഉൾവശത്തായി വയ്ക്കണം.
വറെ രണ്ടു വളയങ്ങൾ കൂടെ സ്വർണ്ണം
കാണ്ട് ഉണ്ടാക്കണം. അവ ഏഫോദിന്റെ
ുൻവശത്തു അതിന്റെ രണ്ടു ചുമൽ കണ്ട
ങ്ങളിന്മേൽ അതിന്റെ ചേർപ്പിന് അരികെ,
ഏഫോദിന്റെ ഇടക്കെട്ടിനു മേലായി വയ്
ക്കണം. ഏഫോദിന്റെ ഇടക്കെട്ടിനു മുക
ളിൽ മാർച്ചട്ട സ്ഥിതിചെയ്യുകയും, അതു
ഏഫോ ദിൽ ആടാതിരിക്കയും ചെയ്യത്തക്ക
വണ്ണം അതിന്റെ വളയങ്ങളും ഏഫോദി
ന്റെ വളയങ്ങളും തമ്മിൽ നീലനാടകൊ
ണ്ടു കെട്ടണം. അങ്ങനെ അഹറോൻ വിശു
ദ്ധ കൂടാരത്തിൽ പ്രവേശിക്കുമ്പോൾ, തീർ
പ്പിന്റെ വിധി മാർച്ചട്ടയിൽ ഇസ്രായേൽ
പുത്രന്മാരുടെ പേരുകൾ നിത്യസ്മരണ
യ്ക്കായി തന്റെ മാർവ്വിൽ വഹിക്കണം.
വിധിയുടെ മാർചട്ടയിൽ ഊറീമും തുമ്മീമും
വയ്ക്കണം. അഹറോൻ കർത്താവിന്റെ
മുമ്പിൽ ചെല്ലുമ്പോൾ അതു തന്റെ മാറിൽ
വഹിച്ചിരിക്കണം. അങ്ങനെ ഇസ്രായേൽ
ജനത്തിന്റെ ന്യായവിധി കർത്താവിന്റെ
സന്നിധിയിൽ അഹറോൻ എപ്പോഴും
തന്റെ ഹൃദയത്തിൽ വഹിക്കണം.

ഏഫോദിന്റെ അങ്കി മുഴുവൻ നീല
യായിരിക്കണം. അതിന്റെ നടുവിൽ തല
കടക്കുവാൻ ഒരു ദ്വാരം വേണം. അതു കീറി
പ്പോകാതിരിപ്പാൻ ദ്വാരത്തിനു ചുറ്റും
നെയ്ത്തുപണിയായ ഒരു നാട പിടിപ്പിക്ക
ണം. അങ്കിയുടെ വിളുമ്പിൽ ചുറ്റും, നീല
നൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ എന്നിവ
കൊണ്ട് മാതളപ്പഴങ്ങളും അവയ്ക്ക്
ഇടയിൽ സ്വർണ്ണമണികളും ഉണ്ടാക്കണം.
വിളുമ്പിനു ചുറ്റും ഒരു മാതളപ്പഴം, ഒരു
പൊൻമണി ഇങ്ങനെ ആയിരിക്കണം.
ആരാധനസമയത്ത് അഹറോൻ അതു
ധരിച്ചിരിക്കണം. അവൻ വിശുദ്ധ സ്ഥലത്തു
കർത്താവിന്റെ മുമ്പിൽ കയറുമ്പോഴും
ഇറങ്ങുമ്പോഴും, അവൻ മരിക്കാതിരി
ക്കേണ്ടതിന്, അതിന്റെ ശബ്ദം
കേൾക്കണം.

തനിത്തങ്കം കൊണ്ട് ഒരു തകിട് ഉണ്ടാ
ക്കി അതിന്മേൽ "കർത്താവിനു വിശുദ്ധം"
എന്നു കൊത്തുപണി എഴുതണം. അതു 37
മുടിയുടെ മുൻഭാഗത്തു ഇരിക്കത്തക്കവണ്ണം
നീലച്ചരടു കൊണ്ട് അതു മുടിമേൽ കെട്ട
ണം. ഇസ്രായേൽ മക്കൾ അർപ്പിക്കുന്ന വഴി 38
പാടു വസ്തുക്കൾ സംബന്ധിച്ചുള്ള അകൃത്യ
ങ്ങൾ അഹറോൻ വഹിക്കേണ്ടതിനും അതു
കർത്താവിന്റെ സന്നിധിയിൽ സ്വീകാര്യ
മായിത്തീരേണ്ടതിനുമായി അത് അഹറോ
ന്റെ നെറ്റിമേൽ ഉണ്ടായിരിക്കണം.

ചിത്രത്തയ്യലുള്ളതായി, നേരിയ ലിനൻ 39
കൊണ്ട്, ഉള്ളങ്കി ഉണ്ടാക്കണം. ലിനൻ
കൊണ്ട് ഒരു മുടിയും, ചിത്രത്തയ്യലുള്ള
തായി ഇടക്കെട്ടും ഉണ്ടാക്കണം. അഹറോ 40
ന്റെ പുത്രന്മാർക്കും മഹത്വത്തിനും അല
ങ്കാരത്തിനുമായി അങ്കിയും ഇടക്കെട്ടും
തലപ്പാവും ഉണ്ടാക്കണം. നിന്റെ സഹോ 41
ദരൻ അഹറോനെയും അവന്റെ. പുത്ര
ന്മാരെയും ഇവ ധരിപ്പിക്കണം. അവർ
പൗരോഹിത്യസ്ഥാനികളായി എനിക്കു
ശുശ്രൂഷ ചെയ്യുവാൻ നീ അവരെ വേർതി
രിച്ച് അഭിഷേകം ചെയ്തു വിശുദ്ധീകരി
ക്കണം. നഗ്നത മറയ്ക്കുവാൻ അവർക്ക് 42
ലിനൻ കൊണ്ടു കാൽച്ചട്ട ഉണ്ടാക്കണം.
അതു അര മുതൽ തുടവരെ എത്തുന്നതാ
യിരിക്കണം. വിശുദ്ധ കൂടാരത്തിൽ പ്രവേശി 43
ക്കുകയോ വിശുദ്ധ സ്ഥലത്തെ ശുശ്രൂഷ
യ്ക്കായി ബലിപീഠത്തിന് അടുത്തു വരിക
യോ ചെയ്യുമ്പോൾ അഹറോനും അവന്റെ
പുത്രന്മാരും അതു ധരിച്ചിരിക്കണം; അവർ
കുറ്റക്കാരായി തീർന്നിട്ടു മരിക്കാതിരിക്കേ
ണ്ടതിനു തന്നെ. ഇതു അവനും അവന്റെ
സന്തതിക്കും എന്നേക്കുമുള്ള ചട്ടം ആയി
രിക്കണം.

അദ്ധ്യായം 29

അവർ പൗരോഹിത്യസ്ഥാനികളായി
എനിക്കു ശുശ്രൂഷ ചെയ്യുവാൻ അവരെ
പ്രതിഷ്ഠിക്കേണ്ടതിനു നീ ചെയ്യേണ്ടതു
ഇതാണ്:- ഒരു കാളക്കുട്ടിയെയും ഊനമില്ലാ
ത്ത രണ്ടു മുട്ടാടുകളെയും എടുക്കുക.
ഗോതമ്പു മാവു കൊണ്ട് ഉണ്ടാക്കിയ പുളി 2
പ്പില്ലാത്ത അപ്പവും എണ്ണ ചേർത്ത പുളിപ്പി
ല്ലാത്ത ദോശയും എണ്ണ പുരട്ടിയ പുളിപ്പി
ല്ലാത്ത വടകളും എടുക്കുക. അതു ഒരു 3
കൊട്ടയിൽ വച്ച് കാളക്കുട്ടിയും രണ്ടു മുട്ടാടു
കളുംസഹിതം കൊണ്ടുവരിക. അഹറോ 4
നെയും അവന്റെ പുത്രന്മാരെയും സമാഗമ
നകൂടാരത്തിന്റെ വാതിൽക്കൽ കൊണ്ടു
വന്നു വെള്ളം കൊണ്ടു കഴുകുക. അനന്തരം 5
വസ്ത്രങ്ങൾ എടുത്ത് അഹറോനെ ഉള്ള

ങ്കിയും ഏഫോദിൻെറ അങ്കിയും ഏഫോദും
മാർച്ചട്ടയും ധരിപ്പിച്ച് ഏഫോദിൻെറ ഇട
6 ക്കെട്ട് അവൻെറ അരയ്ക്കു കെട്ടുക. അവ
ൻെറ തലയിൽ മുടി വച്ച് വിശുദ്ധതകിടു
7 മുടിമേൽ വയ്ക്കുക. പിന്നീടു നീ അഭിഷേക
തൈലം എടുത്തു അവൻെറ തലയിൽ ഒഴിച്ച്
8 അവനെ അഭിഷേകം ചെയ്യണം. അവൻെറ
പുത്രന്മാരെ കൊണ്ടുവന്ന് അങ്കി ധരിപ്പിക്കു
ക. അഹറോൻെറയും പുത്രന്മാരുടെയും അര
യ്ക്കു ഇടക്കെട്ടു കെട്ടി അവർക്കു തലപ്പാവു
9 വയ്ക്കുക. പൗരോഹിത്യസ്ഥാനം അവർക്ക്
നിത്യാവകാശം ആയിരിക്കും. നീ അഹറോ
നെയും അവൻെറ പുത്രന്മാരെയും അങ്ങനെ
പൗരോഹിത്യ ശുശ്രൂഷയ്ക്കു സമർപ്പിക്കണം.
10 പിന്നീട് നീ ഒരു കാളയെ സമാഗമന കൂടാര
ത്തിൻെറ മുമ്പിൽ വരുത്തുക. അഹറോനും
പുത്രന്മാരും കാളയുടെ തലയിൽ തങ്ങ
11 ളുടെ കൈ വയ്ക്കണം. സമാഗമനകൂടാര
ത്തിൻെറ വാതിൽക്കൽവച്ച് കർത്താവി
ൻെറ സന്നിധിയിൽ നീ ആ കാളയെ കൊല്ലു
12 ക. കാളയുടെ രക്തത്തിൽ കുറെ നീ എടു
ത്തു നിൻെറ വിരൽകൊണ്ടു അതു യാഗ
പീഠത്തിൻെറ കൊമ്പുകളിൽ പുരട്ടുകയും
ബാക്കി രക്തം മുഴുവൻ യാഗപീഠത്തിൻെറ
13 ചുവട്ടിൽ ഒഴിക്കുകയും ചെയ്യുക. കുടലിനെ
പൊതിഞ്ഞിരിക്കുന്ന മേദസ്സും കരളിന്മേ
ലുള്ള നെയ്‌വലയും വൃക്കകൾ രണ്ടും
അവയിന്മേലുള്ള മേദസ്സും നീ എടുത്തു
14 യാഗപീഠത്തിന്മേൽ ദഹിപ്പി ക്കുക. എന്നാൽ
കാളയുടെ മാംസവും തോലും ചാണകവും
പാളയത്തിനു പുറ ത്തുവച്ചു ചുട്ടുകളയുക;
ഇത് ഒരു പാപയാഗം.
15 പിന്നീട് ഒരു ആടിനെ കൊണ്ടുവരിക;
അഹറോനും അവൻെറ പുത്രന്മാരും ആടി
16 ൻെറ തലയിൽ കൈ വയ്ക്കണം. നീ ആ
ആടിനെ കൊന്ന് അതിൻെറ രക്തം എടു
17 ത്തു യാഗപീഠത്തിനു ചുറ്റും തളിക്കണം.
ആടിനെ കഷണങ്ങളാക്കി, അതിൻെറ
കുടലും കാലുകളും കഴുകി, കഷണങ്ങളു
18 ടെയും തലയുടെയും കൂടെ വയ്ക്കുക.
അതു മുഴുവൻ യാഗപീഠത്തിന്മേൽ വച്ച്
ദഹിപ്പിക്കുക. ഇതു കർത്താവിനുള്ള ഹോമ
യാഗം; അഗ്നിയിൽ കർത്താവിനു നൽകുന്ന
സൗരഭ്യവാസന.
19 ഇനി മറ്റെ ആടിനെ കൊണ്ടുവരിക. അ
ഹറോനും അവൻെറ പുത്രന്മാരും ആടിൻെറ
20 തലയിൽ കൈ വയ്ക്കണം. നീ ആടിനെ
കൊന്ന്, അതിൻെറ രക്തത്തിൽ കുറെ
എടുത്ത് അഹറോൻെറ വലത്തു കാതി
ൻെറ അഗ്രത്തിലും അവൻെറ പുത്രന്മാരുടെ
വലതു കാതിൻെറ അഗ്രത്തിലും, അവരുടെ
വലതുകാലിൻെറ പെരുവിരലിൻെറ അഗ്ര
ത്തിലും പുരട്ടുകയും ബാക്കി രക്തം ബലി
പീഠത്തിന്മേൽ ചുറ്റും തളിക്കുകയും ചെയ്യു
ക. ബലിപീഠത്തിന്മേലുള്ള രക്തത്തിൽ കു 21
റെയും അഭിഷേക തൈലത്തിൽ കുറെയും
എടുത്തു അഹറോൻെറ മേലും അവൻെറ
വസ്ത്രത്തിന്മേലും അവൻെറ പുത്രന്മാരുടെ
മേലും അവരുടെ വസ്ത്രങ്ങളിന്മേലും തളി
ക്കുക. അങ്ങനെ അവനും അവൻെറ വസ്ത്ര
ങ്ങളും അവനോടുകൂടെ അവൻെറ പുത്രന്മാ
രും അവരുടെ വസ്ത്രങ്ങളും ശുദ്ധീകരിക്ക
പ്പെടും. അതു ശുദ്ധീകരണത്തിൻെറ ആട് 22
ആയതുകൊണ്ട് ആടിൻെറ മേദസ്സും തടിച്ച 23
വാലും കുടൽ പൊതിഞ്ഞിരിക്കുന്ന മേദ
സ്സും കരളിന്മേലുള്ള നെയ്‌വലയും വൃക്ക
കൾ രണ്ടും അവയുടെ മേലുള്ള മേദസ്സും
വലത്തെ കൈക്കുറകും കർത്താവിൻെറ
സന്നിധിയിൽ വച്ചിരിക്കുന്ന കൊട്ടയിൽ നി
ന്ന് ഒരു അപ്പവും എണ്ണ പകർന്ന ഒരു ദോശ
യും എണ്ണ പുരട്ടിയ ഒരു വടയും എടുക്കുക.
അതു അഹറോൻെറ കൈയിലും അവൻെറ 24
പുത്രന്മാരുടെ കൈയിലും വച്ച്, കർത്താ
വിൻെറ സന്നിധിയിൽ, നീരാജനാർപ്പണ
മായി ഉഴിയുക. നീ അത് അവരുടെ കൈ 25
യിൽനിന്നു സ്വീകരിച്ച് യാഗപീഠത്തിന്മേൽ
ഹോമയാഗത്തിനു മീതെ കർത്താവിൻെറ
സന്നിധിയിൽ സൗരഭ്യവാസനയായി ദഹി
പ്പിക്കണം; ഇതു കർത്താവിനുള്ള ദഹന
യാഗം. പിന്നെ അഹറോൻെറ പ്രതിഷ്ഠയ് 26
ക്കുള്ള മുട്ടാടിൻെറ നെഞ്ച് എടുത്ത് കർത്താ
വിൻെറ സന്നിധിയിൽ നീരാജനാർപ്പണ
മായി ഉഴിയണം. അതു നിനക്കുള്ള ഓഹരി 27
യാണ്. നീരാജനാർപ്പണം ചെയ്ത നെഞ്ചും,
പുരോഹിതൻെറ ഓഹരിയും പ്രതിഷ്ഠയ്
ക്കുള്ള മുട്ടാടിൽനിന്ന് എടുത്തതും നീരാ
ജനാർപ്പണം ചെയ്ത കൈക്കുറകും നീ ശുദ്ധീ
കരിക്കണം. അതു ഇസ്രായേൽ മക്കളിൽ
നിന്ന് അഹറോനും പുത്രന്മാർക്കും നിത്യാ
വകാശമായിട്ടുള്ളതായിരിക്കും. അതു 28
ഇസ്രായേൽ ജനം അർപ്പിക്കുന്ന സമാധാന
ബലിയിൽ നിന്ന് പുരോഹിതനുള്ള വിഹി
തം ആകുന്നു. കർത്താവിനുള്ള ബലി
തന്നെ.

അഹറോൻെറ വിശുദ്ധവസ്ത്രം അവൻെറ 29
ശേഷം അവൻെറ പുത്രന്മാർക്ക് ഉള്ളതായി
രിക്കും; അതിൽ അവർ അഭിഷേകവും പൗ
രോഹിത്യവും പ്രാപിക്കണം. അവനു പകരം 30
പുരോഹിതൻ ആയിത്തീരുന്ന അവൻെറ
പുത്രൻ, പൗരോഹിത്യശുശ്രൂഷ നട

ത്തുവാൻ വിശുദ്ധകൂടാരത്തിൽ കടക്കു
മ്പോൾ ഏഴുദിവസം അതു ധരിച്ചിരിക്കണം.
പ്രതിഷ്ഠയുടെ മുട്ടാടിനെ നീ എടുത്തു
ഒരു വിശുദ്ധസ്ഥലത്തുവച്ചു പാകം ചെയ്യ
ണം. ആ മുട്ടാടിന്റെ മാംസവും കൊട്ടയിലു
ള്ള അപ്പവും അഹറോനും അവന്റെ പുത്ര
ന്മാരും സമാഗമനകൂടാരത്തിന്റെ വാതിൽ
3 ക്കൽ വച്ചു തിന്നണം. അവരുടെ ശുദ്ധീകര
ണത്തിനും പവിത്രീകരണത്തിനും വേണ്ടി
യുള്ള പാപപരിഹാരത്തിനു ഉപയോഗിച്ച
വസ്തുക്കൾ അവർ തിന്നണം. അന്യർ അ
തിൽ നിന്നു തിന്നരുത്; എന്തെന്നാൽ അതു
4 വിശുദ്ധമാകുന്നു, ആ യാഗത്തിന്റെ മാംസ
മോ അപ്പമോ ബാക്കി വന്നാൽ, പ്രഭാത
ത്തിൽ അതു തീയിലിട്ടു ചുട്ടുകളയണം. അ
തു വിശുദ്ധമാകയാൽ തിന്നരുത്.
5 ഇങ്ങനെ, ഞാൻ കല്പിച്ചതുപോലെ
യെല്ലാം അഹറോനും അവന്റെ പുത്രന്മാർ
ക്കും നീ ചെയ്യണം; ഏഴു ദിവസം അവർക്കു
പുരോഹിതസ്ഥാനദാനത്തിനായിരിക്ക
6 ണം. പാപപരിഹാരത്തി നുള്ള വഴിപാടായി
ദിവസേന ഒരു കാളയെ യാഗം കഴിക്കണം;
ബലിപീഠത്തിന്റെ ശുദ്ധീകരണത്തിന്,
അതിനുവേണ്ടി പ്രായശ്ചിത്തം നടത്തിയ
ശേഷം അത് അഭിഷേകം ചെയ്തു ശുദ്ധീക
7 രിക്കണം. ഏഴു ദിവസം യാഗപീഠത്തിനു
വേണ്ടി പ്രായശ്ചിത്തം നടത്തി അതു
ശുദ്ധീകരിക്കണം. അങ്ങനെ അത്
അതിവിശുദ്ധയാഗപീഠമായിത്തീരും. യാഗ
പീഠം തൊടുന്നവനെല്ലാം വിശുദ്ധനാ
യിരിക്കണം.
8 യാഗപീഠത്തിന്മേൽ അർപ്പിക്കേണ്ടത്
ഇതാണ്:-ഒരു വയസ്സുള്ള രണ്ട് ആട്ടിൻകുട്ടി
കളെ ദിവസേന തുടർച്ചയായി അർപ്പിക്ക
39 ണം; ഒരാട്ടിൻകുട്ടിയെ രാവിലെയും മറേറ
ആട്ടിൻകുട്ടിയെ സന്ധ്യക്കും അർപ്പിക്കണം.
40 ആട്ടിൻകുട്ടിയോടൊപ്പം കാൽ ഹീൻ എണ്ണ
യിൽ കുഴച്ച ഇടങ്ങഴി നേരിയ മാവും പാനീ
യ യാഗമായി കാൽഹീൻ വീഞ്ഞും അർപ്പി
41 ക്കണം. രാവിലത്തെ ഭോജനയാഗംപോ
ലെയും പാനീയയാഗവും പോലെതന്നെ
മറേറ ആട്ടിൻകുട്ടിയെ, സൗരഭ്യവാസന
യായി, കർത്താവിനു ദഹനയാഗമായി
42 വൈകിട്ട് അർപ്പിക്കണം. നിന്നോടു സംസാ
രിക്കുവാൻ ഞാൻ നിനക്കു വെളിപ്പെടുവാ
നുള്ള സമാഗമനകൂടാരത്തിന്റെ വാതിൽ
ക്കൽവച്ച് കർത്താവിന്റെ മുമ്പാകെ ഇതു
നിങ്ങൾക്ക് തലമുറകളിലായി നിരന്തര
43 ഹോമയാഗം ആയിരിക്കണം. അവിടെ
ഞാൻ ഇസ്രായേൽ മക്കൾക്കു വെളിപ്പെടും;
എന്റെ തേജസ്സാൽ അതു വിശുദ്ധീകരി
ക്കപ്പെടും. ഞാൻ സമാഗമന കൂടാരവും 44
യാഗപീഠവും വിശുദ്ധീകരിക്കും. എനിക്കു
പൗരോഹിത്യശുശ്രൂഷ ചെയ്യേണ്ടതിനു
അഹറോനെയും പുത്രന്മാരെയും ഞാൻ
വിശുദ്ധീകരിക്കും. ഞാൻ ഇസ്രായേൽ മക്ക 45
ളുടെ ഇടയിൽ വസിച്ച് അവർക്കു ദൈവ
മായിരിക്കും. അവരുടെ ഇടയിൽ വസിക്കേ 46
ണ്ടതിനായി അവരെ മെസ്രേൻ ദേശത്തു
നിന്നു കൊണ്ടുവന്ന അവരുടെ ദൈവമായ
കർത്താവ് ഞാൻ ആകുന്നു എന്നു അവർ
ഗ്രഹിക്കും; അവരുടെ ദൈവമായ കർത്താ
വു ഞാൻ തന്നെ.

അദ്ധ്യായം 30

ധൂപം സമർപ്പിവാൻ ഒരു ധൂപപീഠം
ഉണ്ടാക്കണം; ഖദിരമരം കൊണ്ടു അതു
ഉണ്ടാക്കണം. അതു സമചതുരമായി ഒരു 2
മുഴം നീളവും ഒരുമുഴം വീതിയും രണ്ടു മുഴം
പൊക്കവുമുള്ളതായിരിക്കണം. അതിന്റെ
കൊമ്പുകൾ അതിൽനിന്നുതന്നെ ആയി
രിക്കണം. അതിന്റെ ഉപരിതലവും, ചുററും
അതിന്റെ വശങ്ങളും കൊമ്പുകളും 3
ഇങ്ങനെ അതു മുഴുവനും, തങ്കം കൊണ്ട്
പൊതിയണം. അതിനു ചുററും സ്വർണ്ണം
കൊണ്ടു ഒരു വക്കും ഉണ്ടാക്കണം. അതി 4
ന്റെ വക്കിനു കീഴെ രണ്ടു വശത്തും
ഈരണ്ടു സ്വർണ്ണവളയം ഉണ്ടാക്കണം;
ധൂപപീഠം ചുമക്കേണ്ടതിനു തണ്ടു ചെലു
ത്തുവാനാണ് ഇവ. തണ്ടുകൾ ഖദിരമരം 5
കൊണ്ട് ഉണ്ടാക്കി സ്വർണ്ണം പൊതിയണം.
സാക്ഷ്യത്തിന്റെ പെട്ടിയുടെ മുമ്പിൽ 6
ഞാൻ നിനക്കു വെളിപ്പെടുവാനുള്ള സ്ഥാ
നമായ കൃപാസനത്തിന്റെ മുമ്പിൽ ഉള്ള
തിരശ്ശീലയുടെ മുൻവശത്തു അതു വയ്ക്ക
ണം. അഹറോൻ അതിന്മേൽ സുഗന്ധ 7
വർഗ്ഗം ധൂപിക്കണം. അവൻ ദിവസേന
രാവിലെ വിളക്കു തെളിയ്ക്കുമ്പോൾ അങ്ങ
നെ സുഗന്ധവർഗ്ഗം ധൂപിക്കണം. സന്ധ്യക്കു 8
അഹറോൻ വിളക്കു കൊളുത്തുമ്പോഴും
അങ്ങനെ സുഗന്ധവർഗ്ഗം ധൂപിക്കണം.
അതു എല്ലാ തലമുറകളിലും കർത്താവി
ന്റെ മുമ്പാകെ നിരന്തര ധൂപമായിരിക്കണം.
അതിന്മേൽ നിങ്ങൾ അന്യധൂപം അർപ്പിക്ക 9
രുത്; ഹോമയാഗമോ ഭോജനയാഗമോ
അർപ്പിക്കരുത്; അതിന്മേൽ പാനീയ യാഗം
ഒഴിക്കുകയുമരുത്. ആണ്ടിലൊരിക്കൽ 10
അഹറോൻ അതിന്റെ കൊമ്പുകൾക്കു
വേണ്ടി പ്രായശ്ചിത്തം കഴിക്കണം; എല്ലാ
തലമുറകളിലും, പ്രായശ്ചിത്തത്തിനുള്ള

പാപയാഗത്തിന്റെ രക്തം കൊണ്ട് വർഷാ
ന്തര പ്രായശ്ചിത്തം കഴിക്കണം; ഇതു
കർത്താവിനു അതിവിശുദ്ധം.
11 കർത്താവു മോശയോടു കല്പിച്ചു:
12 ഇസ്രായേൽമക്കളുടെ ജനസംഖ്യ എടുക്കു
വാൻ അവരെ എണ്ണുമ്പോൾ അവരുടെ ഇട
യിൽ വസന്ത ഉണ്ടാകാതിരിപ്പാൻ, ഓരോ
രുത്തനും അവനവന്റെ ജീവനുവേണ്ടി
കർത്താവിനു വീണ്ടെടുപ്പു വില കൊടു
13 ക്കണം. എണ്ണപ്പെട്ടവരുടെ കൂട്ടത്തിൽ
ഉൾപ്പെടുന്ന ഓരോരുത്തനും വിശുദ്ധമന്ദിര
ത്തിലെ തുക്കപ്രകാരം അര ശേക്കൽ കൊടു
ക്കണം.- ഒരു ശേക്കൽ ഇരുപതു ഗേരാ - ആ
അര ശേക്കൽ കർത്താവിനു വഴിപാടു
14 ആയിരിക്കണം. എണ്ണപ്പെടുന്നവരുടെ കൂട്ട
ത്തിൽ ഇരുപതു വയസ്സും അതിനു മുക
ളിലുമുള്ളവരെല്ലാം കർത്താവിനു വഴിപാടു
15 കൊടുക്കണം. നിങ്ങളുടെ ജീവനുവേണ്ടി
പ്രായശ്ചിത്തം കഴിക്കുവാൻ നിങ്ങൾ
കർത്താവിനു വഴിപാടു കൊടുക്കുമ്പോൾ
ധനവാൻ അരശേക്കലിൽ കൂടുതൽ കൊടു
16 ക്കരുത്; ദരിദ്രൻ കുറച്ചും കൊടുക്കരുത്.
ഇസ്രായേൽ മക്കളിൽനിന്നു നീ ഈ പ്രായ
ശ്ചിത്തദ്രവ്യം വാങ്ങിച്ച് സമാഗമന കൂടാര
ത്തിന്റെ ശുശ്രൂഷയ്ക്കായി കൊടുക്കണം.
നിങ്ങളുടെ ജീവനുവേണ്ടി പ്രായശ്ചിത്തം
കഴിക്കേണ്ടതിന് അതു കർത്താവിന്റെ
സന്നിധിയിൽ ഇസ്രായേൽ മക്കൾക്കു
വേണ്ടി ഒരു സ്മരണ ആയിരിക്കും.
17 കർത്താവു മോശയോടു വീണ്ടും കല്പി
18 ച്ചു: കഴുകുവാൻ ഓടുകൊണ്ട് ഒരു തൊട്ടി
യും അതിന് ഓടുകൊണ്ട് ഒരു കാലും ഉണ്ടാ
ക്കണം. അതു സമാഗമനകൂടാരത്തിനും
യാഗപീഠത്തിനും ഇടയ്ക്കു വച്ച് അതിൽ
19 വെള്ളം ഒഴിക്കണം. അതിൽനിന്ന് അഹറോ
നും അവന്റെ പുത്രന്മാരും കൈയും കാലും
20 കഴുകണം. അവർ സമാഗമന കൂടാരത്തിൽ
പ്രവേശിക്കുകയോ കർത്താവിനു യാഗം
കഴിപ്പാൻ യാഗപീഠത്തിലെ ശുശ്രൂഷയ്ക്കു
അടുത്തുചെല്ലുകയോ ചെയ്യുമ്പോൾ
മരിക്കാതിരിക്കേണ്ടതിനു വെള്ളം കൊണ്ടു
21 കഴുകണം. അവർ മരിക്കാതിരിക്കേണ്ടതിനു
കൈയും കാലും കഴുകണം; ഇതു അവർക്കു
എല്ലാ തലമുറകളിലും എന്നേക്കുമുള്ള
നിയമം ആയിരിക്കണം.
22 കർത്താവു പിന്നെയും മോശയോടു
23 കല്പിച്ചു: നീ മേൽത്തരമായ സുഗന്ധ
വർഗ്ഗങ്ങൾ എടുക്കുക: അതായത്, വിശുദ്ധ
മന്ദിരത്തിലെ തൂക്കപ്രകാരം അഞ്ഞൂറു
ശേക്കൽ ശുദ്ധമായ മൂറ്; അതിൽ പകുതി
യായ ഇരുനൂററിയമ്പതു ശേക്കൽ സുഗന്ധ
ലവംഗം; കറുവാപ്പട്ട അഞ്ഞൂറു ശേക്കൽ; 24
ഒലിവെണ്ണ ഒരു ഹീൻ. ഇവകൊണ്ടു തൈല 25
ക്കാരന്റെ അറിവുവച്ച് വിശുദ്ധമായ
അഭിഷേക തൈലം ഉണ്ടാക്കണം; അതു
വിശുദ്ധമായ അഭിഷേകതൈലം ആയിരി
ക്കണം. ആ തൈലം കൊണ്ട് നീ സമാഗമന 26
കൂടാരവും സാക്ഷ്യത്തിന്റെ പെട്ടിയും 27
മേശയും അതിന്റെ എല്ലാ ഉപകരണങ്ങളും,
വിളക്കും അതിന്റെ എല്ലാ ഉപകരണങ്ങളും 28
ധൂപപീഠവും യാഗപീഠവും അതിന്റെ എല്ലാ
ഉപകരണങ്ങളും തൊട്ടിയും അതിന്റെ
കാലും അഭിഷേകം ചെയ്യണം. അവ അതി 29
വിശുദ്ധം ആയിരിക്കേണ്ടതിന് അവയെ
വിശുദ്ധീകരിക്കണം. അവ തൊടുന്നവ
നെല്ലാം വിശുദ്ധനായിരിക്കണം. എനിക്കു 30
പുരോഹിത ശുശ്രൂഷ നിർവ്വഹിക്കേണ്ട
തിനു അഹറോനെയും അവന്റെ പുത്ര
ന്മാരെയും നീ അഭിഷേകം ചെയ്തു പൌരോ
ഹിത്യദാനം ചെയ്യണം. ഇസ്രായേൽ 31
മക്കളോടു നീ ഇപ്രകാരം പറയണം: ഇതു
നിങ്ങളുടെ തലമുറകളിൽ എനിക്കു
വിശുദ്ധമായ അഭിഷേകതൈലം ആയിരി 32
ക്കണം. സാധാരണ മനുഷ്യന്റെ ശരീരത്തി
ന്മേൽ അതു ഒഴിക്കരുത്. അതിന്റെ യോഗ
പ്രകാരം അതുപോലെയുള്ളതു ഉണ്ടാക്കു
കയുമരുത്; അതു വിശുദ്ധമാകുന്നു; അതു
നിങ്ങൾക്ക് വിശുദ്ധമായിരിക്കണം. ആ 33
യോഗപ്രകാരമുള്ള തൈലം ഉണ്ടാക്കു
കയോ, അതിൽനിന്നു അന്യജാതിക്കാരനു
കൊടുക്കുകയോ ചെയ്യുന്നവനെ സ്വജന
ത്തിൽ നിന്നു ഛേദിച്ചു കളയണം.
കർത്താവു പിന്നെയും മോശയോടു 34
അരുളിച്ചെയ്തു: നറുംപശ, ഗുൽഗുലു,
ഹൽബാനപ്പശ, നിർമ്മല സാമ്പ്രാണി
എന്നിവ എടുക്കുക; അവ എല്ലാം ഒരേ
തൂക്കം ആയിരിക്കണം. അതിൽ ഉപ്പും 35
ചേർത്തു നിർമ്മലവും വിശുദ്ധവുമായ ധൂപ
വർഗ്ഗം ആക്കണം. അതിൽ കുറെ എടുത്തു 36
ഇടിച്ചു പൊടിച്ചു ഞാൻ നിനക്കു വെളി
പ്പെടുവാനുള്ള സമാഗമനകൂടാരത്തിലെ
സാക്ഷ്യത്തിനു മുമ്പാകെ വയ്ക്കണം;
അതു നിങ്ങൾക്കു അതി വിശുദ്ധമായിരി 37
ക്കണം. ഈ ധൂപവർഗ്ഗത്തിന്റെ യോഗപ്ര
കാരം മറെറാന്നു നിങ്ങൾ ഉണ്ടാക്കരുത്; 38
എന്തെന്നാൽ അതു കർത്താവിനു വിശുദ്ധ
മാണ്. മണക്കേണ്ടതിന് ആരെങ്കിലും
അതുപോലെയുള്ളതുണ്ടാക്കിയാൽ അവ
നെ സ്വജനത്തിൽ നിന്നു ഛേദിച്ചു
കളയണം.

അദ്ധ്യായം 31

കർത്താവു പിന്നെയും മോശയോടു
അരുളിച്ചെയ്തു: യഹൂദാ ഗോത്രത്തിൽ
ഹൂറിൻെറ മകൻ ഊറിയുടെ മകൻ ബസ
ലേലിനെ ഞാൻ പേരു പറഞ്ഞു വിളിച്ചി
രിക്കുന്നു. കലാസൃഷ്ടികൾ സങ്കല്പിച്ചു
ചെയ്യുവാനും സ്വർണ്ണം, വെള്ളി, ഓട് ഇവ
കൊണ്ട് പണി ചെയ്യുവാനും, രത്നം വെട്ടി
പതിക്കുവാനും ദാരുശില്പങ്ങൾ നിർമ്മി
ക്കുവാനും എല്ലാവിധ കരകൗശലപ്പണി
കൾ നടത്തുവാനും ഞാൻ അവനെ ദിവ്യാ
ത്മാവിനാൽ ജ്ഞാനവും ബുദ്ധിയും അറി
വും സാമർത്ഥ്യവുംകൊണ്ടു നിറച്ചിരിക്കു
ന്നു. അവനോടു കൂടെ ഞാൻ ദാൻ ഗോത്ര
ത്തിൽ അഹീസമെക്കിൻെറ മകൻ ഒഹോ
ലിയാബിനെ ആക്കിയിരിക്കുന്നു. സകല
ജ്ഞാനികളുടെയും ഹൃദയത്തിൽ ഞാൻ
ജ്ഞാനം നിറച്ചിരിക്കുന്നു; ഞാൻ നിന്നോടു
ആജ്ഞാപിച്ചതെല്ലാം അവർ ഉണ്ടാക്കും.
7 സമാഗമനകൂടാരവും സാക്ഷ്യത്തിൻെറ
പെട്ടിയും അതിൻെറ മീതെയുള്ള കൃപാ
8 സനവും, കൂടാരത്തിൻെറ എല്ലാ ഉപകര
ണങ്ങളും മേശയും അതിൻെറ ഉപകരണ
ങ്ങളും തങ്കം കൊണ്ടുള്ള വിളക്കും അതി
9 ൻെറ എല്ലാ ഉപകരണങ്ങളും ധൂപപീഠവും
ഹോമയാഗപീഠവും അതിൻെറ എല്ലാ ഉപ
കരണങ്ങളും തൊട്ടിയും അതിൻെറ കാലും
10 വിശേഷവസ്ത്രങ്ങളും പുരോഹിതനായ
അഹറോൻെറ വിശുദ്ധ വസ്ത്രങ്ങളും പുരോ
11 ഹിതശുശ്രൂഷയ്ക്കുള്ള അവൻെറ പുത്ര
ന്മാരുടെ വസ്ത്രങ്ങളും അഭിഷേക തൈല
വും വിശുദ്ധ മന്ദിരത്തിലേക്കുള്ള സുഗന്ധ
ധൂപവർഗ്ഗവും ഞാൻ നിന്നോടു കല്പിച്ചതു
പോലെയെല്ലാം അവർ ഉണ്ടാക്കും.
12 കർത്താവു പിന്നെയും മോശയോടു
13 അരുളിച്ചെയ്തു: നീ ഇസ്രായേൽ മക്കളോടു
സംസാരിച്ച് ഇപ്രകാരം പറയുക: നിങ്ങൾ
എൻെറ ശാബതുകൾ സത്യമായും ആചരി
ക്കണം; ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന
കർത്താവ് എന്ന് അറിയേണ്ടതിന് അതു
തലമുറകളായി എനിക്കും നിങ്ങൾക്കുമിട
14 യിൽ ഉള്ള അടയാളമത്രേ. ആകയാൽ
നിങ്ങൾ ശാബത് ആചരിക്കണം; അതു
നിങ്ങൾക്ക് വിശുദ്ധം; അതിനെ അശുദ്ധ
മാക്കുന്നവൻ എല്ലാം വധിക്കപ്പെടണം.
അന്നു പണിയെടുക്കുന്നവൻ സ്വജനത്തിൽ
15 നിന്നു ഛേദിക്കപ്പെടണം. ആറു ദിവസം
വേല ചെയ്യാം; എന്നാൽ ഏഴാം ദിവസം
കർത്താവിനു വിശുദ്ധമായി വിശ്രമത്തി
നുള്ള ശാബതാകുന്നു. ശാബതു ദിവസം
പണിയെടുക്കുന്നവൻ വധിക്കപ്പെടും. എല്ലാ
തലമുറകളിലും നിത്യഉടമ്പടിയായി പാലി 16
ക്കത്തക്കവണ്ണം ഇസ്രായേൽ മക്കൾ ശാബ
ത് ആചരിക്കണം. അതു എനിക്കും ഇസ്രാ 17
യേൽ മക്കൾക്കും ഇടയിലുള്ള ഒരു അടയാള
മാകുന്നു. എന്തെന്നാൽ, കർത്താവു ആറു
ദിവസംകൊണ്ട് ആകാശവും ഭൂമിയും സമു
ദ്രങ്ങളും അവയിലുള്ള സകലവും സൃഷ്ടി
ക്കുകയും ഏഴാം ദിവസം സ്വസ്ഥമായിരു
ന്നു വിശ്രമിക്കുയുംചെയ്തു.
അവൻ സീനായി മലയിൽവെച്ചു മോശ 18
യോടു സംസാരിച്ചു തീർന്നശേഷം ദൈവ
ത്തിൻെറ വിരൽകൊണ്ട് എഴുതിയ സാക്ഷ്യ
ത്തിൻെറ രണ്ടു പലകകൾ—കൽപലക
കൾ—അവൻെറ പക്കൽ കൊടുത്തു.

അദ്ധ്യായം 32

മോശ പർവ്വതത്തിൽനിന്ന് ഇറങ്ങിവരു
വാൻ വൈകുന്നുവെന്നു ജനം കണ്ടപ്പോൾ
അവർ അഹറോൻെറ ചുററും കൂടി അവ
നോടു പറഞ്ഞു: എഴുന്നേൽക്ക; ഞങ്ങൾ
ക്കു മുമ്പായി പോകുവാൻ ഞങ്ങൾക്കു ദേവ
ന്മാരെ ഉണ്ടാക്കുക. എന്തെന്നാൽ, ഞങ്ങളെ
മെസ്രേൻദേശത്തുനിന്നു പുറപ്പെടുവിച്ചു
കൊണ്ടുവന്ന ഈ മോശയ്ക്കു എന്തു ഭവി
ച്ചുവെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. അഹ 2
റോൻ അവരോടു: നിങ്ങളുടെ ഭാര്യമാരുടെ
യും പുത്രന്മാരുടെയും പുത്രിമാരുടെയും
കാതുകളിലുള്ള കുണുക്കുകൾ ഊരി എൻെറ
അടുത്തു കൊണ്ടു വരിക എന്നു പറഞ്ഞു.
ജനമെല്ലാം അവരുടെ കാതുകളിൽ ഉണ്ടാ 3
യിരുന്ന കുണുക്കുകൾ ഊരി അഹറോൻെറ
അടുക്കൽ കൊണ്ടുവന്നു. അവൻ അതു 4
അവരിൽനിന്നു വാങ്ങി അതുകൊണ്ട് ഒരു
കാളക്കുട്ടിയെ വാർത്തുണ്ടാക്കി, കൊ
ത്തുളി കൊണ്ട് ഒരു രൂപം വരുത്തി. ഇസ്രാ
യേലേ, നിന്നെ മെസ്രേൻ ദേശത്തുനിന്നു
കൊണ്ടു വന്ന നിൻെറ ദേവൻ, എന്നു അവർ
പറഞ്ഞു. അഹറോൻ അതു കണ്ടപ്പോൾ 5
അതിൻെറ മുമ്പാകെ ഒരു യാഗപീഠം
നിർമ്മിച്ചു, നാളെ കർത്താവിന് ഒരു ഉത്സവം
എന്ന് അവൻ പ്രഖ്യാപിച്ചു. അവർ പിറേറ 6
ദിവസം അതിരാവിലെ എഴുന്നേററു ഹോമ
ബലികൾ അർപ്പിക്കുകയും സമാധാന
യാഗങ്ങൾ കൊണ്ടുവരികയുംചെയ്തു.
ജനം തിന്നുവാനും കുടിക്കുവാനും ഇരുന്നു;
ഉല്ലസിപ്പാൻ എഴുന്നേററു.
അപ്പോൾ കർത്താവു മോശയോട് 7
അരുളിച്ചെയ്തു. നീ ഇറങ്ങിച്ചെല്ലുക;

എന്തെന്നാൽ നീ മെസ്രേൻ ദേശത്തുനിന്നു
പുറപ്പെടുവിച്ചുകൊണ്ടുവന്ന നിൻെറ ജനം
8 സ്വയം ദുഷിച്ചിരിക്കുന്നു. ഞാൻ ആജ്ഞാ
പിച്ച മാർഗ്ഗത്തിൽനിന്നു പെട്ടെന്നു മാറി
പ്പോയ അവർ തങ്ങൾക്കു ഒരു കാളക്കുട്ടി
യെ വാർത്തുണ്ടാക്കി അതിനെ ആരാധിച്ച്,
അതിനു ബലിയർപ്പിച്ച്, ഇസ്രായേലേ,
നിന്നെ മെസ്രേൻദേശത്തുനിന്നു പുറപ്പെടു
വിച്ചു കൊണ്ടുവന്ന ദേവൻ ഇതാ എന്നു
9 പറഞ്ഞിരിക്കുന്നു. കർത്താവു മോശയോടു
അരുളിച്ചെയ്തു: ഇതാ ഈ ജനം ദുശ്ശാഠ്യ
മുള്ള ജനം എന്നു ഞാൻ കണ്ടിരിക്കുന്നു.
10 ആകയാൽ എന്നെ വിടുക; അവർക്കെതി
രെ എൻെറ കോപം ജ്വലിച്ച്, ഞാൻ അവരെ
ദഹിപ്പിച്ചുകളയട്ടെ. ഞാൻ നിന്നെ ഒരു
11 വലിയ ജനതയാക്കും. മോശ തൻെറ ദൈവ
മായ കർത്താവിനോടു അപേക്ഷിച്ചു പറ
ഞ്ഞു: കർത്താവേ, നീ മഹാശക്തി കൊ
ണ്ടും ബലമുള്ള കൈകൊണ്ടും മെസ്രേൻ
ദേശത്തുനിന്നു പുറപ്പെടുവിച്ചു കൊണ്ടു
വന്ന നിൻെറ ജനത്തിനെതിരെ നിൻെറ
12 കോപം ജ്വലിക്കുന്നതെന്ത്? മലകളിൽവച്ചു
കൊന്നുകളയുവാനും ഭൂമുഖത്തുനിന്ന്
അവരെ തുടച്ചു നീക്കുവാനുമായി ദുരുദ്ദേശ
ത്തോടുകൂടെയാണ് അവൻ അവരെ
കൊണ്ടുപോയത് എന്ന് മെസ്രേൻകാരെ
13 ക്കൊണ്ടു പറയിക്കുന്നതെന്തിന്? നിൻെറ
ഉഗ്രകോപത്തിൽനിന്നു പിന്തിരിയണമേ;
നിൻെറ ജനത്തിന് എതിരെയുള്ള ദോഷ
ത്തെക്കുറിച്ച് അനുതപിക്കണമെ. നിൻെറ
ദാസന്മാരായ അബ്രഹാമിനെയും ഇസഹാ
ക്കിനെയും യാക്കോബിനെയും ഓർക്കണ
മെ; നിൻെറ സന്തതിയെ ഞാൻ ആകാശ
ത്തിലെ നക്ഷത്രങ്ങളെപ്പോലെ വർദ്ധിപ്പി
ക്കുകയും, ഞാൻ അരുളിച്ചെയ്ത ദേശമെല്ലാം
അവർക്കു നൽകുകയും അവർ അതു എ
ന്നേക്കും അവകാശമാക്കുകയും ചെയ്യുമെ
ന്ന് നീ അവരോടു പറഞ്ഞു നിന്നെക്കൊണ്ടു
14 തന്നെ സത്യം ചെയ്തിട്ടുണ്ടല്ലോ. അപ്പോൾ
കർത്താവ് ജനത്തിന് എതിരെ നിശ്ചയിച്ച
ശിക്ഷയെക്കുറിച്ച് മനസ്സലിഞ്ഞു.

15 മോശ തിരിഞ്ഞു പർവ്വതത്തിൽനിന്നി
റങ്ങി; സാക്ഷ്യത്തിൻെറ രണ്ടു പലകകളും
അവൻെറ കൈയിൽ ഉണ്ടായിരുന്നു; പല
കകളുടെ ഒരു വശത്തും മറുവശത്തുമായി
രണ്ടു വശങ്ങളിലും എഴുതിയിരുന്നു.
16 കല്പലകകൾ ദൈവം നിർമ്മിച്ചതും പലക
കളിൽ കൊത്തിയിരുന്ന എഴുത്തു ദൈവം
17 എഴുതിയതുമായിരുന്നു. ജനം ആർപ്പുവിളി
ച്ച ശബ്ദം യോശുവ കേട്ടപ്പോൾ "പാളയ
ത്തിൽ യുദ്ധശബ്ദം" എന്നു മോശയോടു
പറഞ്ഞു. ഞാൻ കേൾക്കുന്നത് വിജയാര 18
വമല്ല, പരാജിതരുടെ നിലവിളിയുമല്ല;
പാടുന്നവരുടെ ശബ്ദമാണ്, എന്നു മോശ
പറഞ്ഞു.

മോശ പാളയത്തിന് അടുത്തെത്തിയ 19
പ്പോൾ കാളക്കുട്ടിയെയും നൃത്തഘോഷവും
കണ്ടു; അവൻെറ കോപം ജ്വലിച്ചു; പർവ്വത
ത്തിൻെറ അടിവാരത്തുവച്ച് അവൻ കൽപ
ലകകൾ തൻെറ കയ്യിൽനിന്ന് എറിഞ്ഞ്
ഉടച്ചുകളഞ്ഞു. അവർ ഉണ്ടാക്കിയ കാള 20
ക്കുട്ടിയെ അവൻ എടുത്തു തീയിലിട്ടു ചുട്ട്
ഇടിച്ചു പൊടിച്ചു വെള്ളത്തിൽ വിതറി;
അതു ഇസ്രായേൽ മക്കൾ കുടിക്കുമാറാക്കി.
ഈ ജനത്തിന്മേൽ ഇത്ര വലിയ പാപം വരു 21
ത്തിവയ്ക്കത്തക്കവണ്ണം അവർ നിന്നോട്
എന്തു ദോഷം ചെയ്തു, എന്ന് മോശ അഹ
റോനോടു ചോദിച്ചു. അഹറോൻ മോശ 22
യോട് പറഞ്ഞു: യജമാനൻെറ കോപം
ജ്വലിക്കരുതേ; ഈ ജനം ദോഷമുള്ള
താകുന്നുവെന്നു നിനക്ക് അറിയാമല്ലോ.
ഞങ്ങളുടെ മുമ്പിൽ നടക്കുവാൻ ദേവ 23
ന്മാരെ ഉണ്ടാക്കിത്തരിക. ഞങ്ങളെ മെസ്രേ
നിൽനിന്നു പുറപ്പെടുവിച്ചുകൊണ്ടു വന്ന
വനായ മോശയ്ക്കു എന്തു ഭവിച്ചു എന്നു
ഞങ്ങൾക്ക് അറിഞ്ഞുകൂടാ എന്ന് അവർ
പറഞ്ഞു. പൊന്നാഭരണമുള്ളവൻ അത് 24
ഊരുക എന്നു ഞാൻ പറഞ്ഞു. അവർ
എനിക്കു തന്നു; ഞാൻ അതു തീയിലിട്ടു.
ഈ കാളക്കുട്ടി പുറത്തു വന്നു.

ശത്രുക്കളുടെ ഇടയിൽ പരിഹാസ്യരാ 25
യിത്തീരത്തക്കവണ്ണം അഹറോൻ അവരെ
സ്വതന്ത്രമായി വിട്ടതിനാൽ ജനം അഴിഞ്ഞാ
ടുന്നു എന്നു മോശ കണ്ടപ്പോൾ, അവൻ 26
പാളയത്തിൻെറ വാതിൽക്കൽ നിന്നുകൊ
ണ്ടു, കർത്താവിൻെറ പക്ഷത്തുള്ളവൻ
എൻെറ അടുത്തു വരട്ടെ എന്നു പറഞ്ഞു;
ലേവി പുത്രന്മാർ എല്ലാം ഒന്നിച്ചുകൂടി
അവൻെറ അടുക്കൽ വന്നു. അവൻ അവ 27
രോടു പറഞ്ഞത്: ഇസ്രായേലിൻെറ ദൈവ
മായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യു
ന്നു. നിങ്ങൾ ഓരോരുത്തൻ തൻെറ വാൾ
അരയ്ക്കു കെട്ടി, പാളയത്തിൽ മുഴുവൻ
വാതിൽതോറും കയറിയിറങ്ങി ഓരോരു
ത്തൻ തൻെറ സഹോദരനെയും ഓരോരു
ത്തൻ തൻെറ കൂട്ടുകാരനെയും ഓരോരു
ത്തൻ തൻെറ അയൽക്കാരനെയും കൊല
പ്പെടുത്തുക. ലേവി പുത്രന്മാർ മോശയുടെ 28
വാക്കനുസരിച്ചു പ്രവർത്തിച്ചു. ആ ദിവസം
ജനത്തിൽ മൂവായിരം പേർ വീണുപോയി.

ഇന്നു കർത്താവു നിങ്ങൾക്കു ഒരു അനുഗ്ര
ഹം പ്രദാനം ചെയ്യുവാൻ തക്കവണ്ണം നി
ങ്ങൾ ഓരോരുവരും തൻെറ മകനായും
സഹോദരനായും കർത്താവിൻെറ സേവന
ത്തിനായി നിങ്ങളെത്തന്നെ പ്രതിഷ്ഠിപ്പിൻ
എന്നു മോശ പറഞ്ഞിരുന്നു.
പിറെറദിവസം മോശ ജനത്തോടു: നി
ങ്ങൾ വലിയൊരു പാപം ചെയ്തിരിക്കുന്നു;
ഇപ്പോൾ ഞാൻ ദൈവത്തിൻെറ അടുക്കലേ
ക്കു കയറിച്ചെല്ലാം; പക്ഷേ നിങ്ങളുടെ
പാപങ്ങൾക്കു പരിഹാരം വരുത്തുവാൻ
എനിക്കു സാധിച്ചേക്കും, എന്നു പറഞ്ഞു.
മോശ കർത്താവിൻെറ അടുക്കൽ തിരിച്ചെ
ത്തി പറഞ്ഞു: ഹാ, ഈ ജനം മഹാ പാപം
ചെയ്ത് സ്വർണ്ണംകൊണ്ടു ദേവന്മാരെ ഉണ്ടാ
ക്കിയിരിക്കുന്നു. എങ്കിലും നീ അവരുടെ
പാപം പൊറുക്കുമെങ്കിൽ കൊള്ളാമായിരു
ന്നു.ഇല്ലെങ്കിൽ, നിന്നോടു ഞാൻ യാചിക്കു
ന്നു. നീ എഴുതിയിരിക്കുന്ന നിൻെറ പുസ്തക
ത്തിൽനിന്നു എൻെറ പേരു മായിച്ചു കളയ
ണമേ. കർത്താവു മോശയോടു അരുളിച്ചെ
യ്തു: എനിക്ക് എതിരെ പാപം ചെയ്തവൻ ആ
രോ, അവൻെറ പേരു ഞാൻ എൻെറ പുസ്ത
കത്തിൽനിന്നു മായിച്ചുകളയും. ആകയാൽ
നീ ഇപ്പോൾ ചെന്ന് ഞാൻ നിന്നോടു പറഞ്ഞി
ട്ടുള്ള സ്ഥലത്തേക്കു ജനത്തെ നയിക്കുക;
ഇതാ, നിനക്കു മുമ്പായി ഞാൻ എൻെറ
ദൂതനെ അയയ്ക്കും; എങ്കിലും എൻെറ
സന്ദർശനദിവസത്തിൽ ഞാൻ അവരുടെ
5 പാപത്തിനു ശിക്ഷിക്കും. അഹറോൻ കാള
ക്കുട്ടിയെ അവർക്കായി ഉണ്ടാക്കിച്ചതു നിമി
ത്തം കർത്താവു ജനത്തിനു ബാധ അയച്ചു.

അദ്ധ്യായം 33

കർത്താവു മോശയോടു അരുളിച്ചെയ്തു:
നീയും നീ മെസ്രേനിൽനിന്നു പുറപ്പെടുവി
ച്ചുകൊണ്ടു വന്ന ജനവും ഇവിടം വിട്ട്, നി
ൻെറ സന്തതിക്കു ഞാൻ ഈ ദേശം നൽകു
മെന്നു അബ്രഹാമിനോടും ഇസഹാക്കി
നോടും യാക്കോബിനോടും സത്യം ചെയ്ത
2 ദേശത്തേക്കു പോകുക. നിനക്കു മുമ്പായി
ഞാൻ ഒരു ദൂതനെ അയയ്ക്കും; കനാന്യരെ
യും അമോര്യരെയും ഹിത്യരെയും പെരിസ്യ
രെയും ഹിവ്യരെയും യെബൂസ്യരെയും
3 ഞാൻ ഓടിച്ചുകളയും. പാലും തേനും ഒഴു
കുന്ന ദേശത്തേക്കു നിങ്ങൾ പോകുക;
എന്തെന്നാൽ ഇത് ദുശ്ശാഠ്യമുള്ള ജനമാക
യാൽ ഞാൻ നിങ്ങളെ ദഹിപ്പിച്ചു കളയാ
തിരിക്കേണ്ടതിന് ഞാൻ നിങ്ങളുടെ ഇട
യിൽ ഉണ്ടായിരിക്കുകയില്ല.

ഈ അശുഭവാർത്ത കേട്ടപ്പോൾ ജനം 4
വിലപിച്ചു; ഒരുവനും തൻെറ ആഭരണ ങ്ങൾ
ധരിച്ചുമില്ല. എന്തെന്നാൽ കർത്താവു 5
മോശയോടു (ഇപ്രകാരം) അരുളിച്ചെയ്തി
രുന്നു: നീ ഇസ്രായേൽ മക്കളോടു (ഇപ്ര
കാരം) പറയണം: നിങ്ങൾ ദുശ്ശാഠ്യമുള്ള
ജനമാകുന്നു; ഞാൻ ഒരു നിമിഷം നിൻെറ
ഇടയിൽ വന്നാൽ നിന്നെ ദഹിപ്പിച്ചുകളയും.
ആകയാൽ നിന്നോടു എന്തു ചെയ്യണമെ
ന്നു ഞാൻ അറിയേണ്ടതിന് നിൻെറ
ആഭരണം നീക്കിക്കളക. ഹോറേബു പർവ്വ 6
തത്തിങ്കൽവെച്ചു ഇസ്രായേൽ ജനം തങ്ങ
ളുടെ ആഭരണങ്ങൾ ഊരിവെച്ചു.
മോശ കൂടാരം എടുത്ത് പാളയത്തിനു 7
പുറത്ത്, പാളയത്തിൽനിന്ന് അകലെ, അടി
ച്ചു; അതിനു സമാഗമനകൂടാരം എന്നു പേ
രിട്ടു. കർത്താവിനെ അന്വേഷിക്കുന്നവനെ
ല്ലാം പാളയത്തിനു പുറത്തുള്ള സമാഗമന
കൂടാരത്തിങ്കലേക്കു ചെല്ലും. മോശ കൂടാര 8
ത്തിങ്കലേക്കു പോയപ്പോൾ ജനമെല്ലാം
എഴുന്നേററു ഓരോരുത്തൻെറയും കൂടാര
വാതിൽക്കൽ നിന്നു, മോശ കൂടാരത്തിൽ 9
കടക്കുവോളം നോക്കിക്കൊണ്ടിരുന്നു.
മോശ കൂടാരത്തിൽ പ്രവേശിച്ചപ്പോൾ
മേഘസ്തംഭം ഇറങ്ങിവന്നു കൂടാരവാതിൽ
ക്കൽ നിൽക്കുകയും കർത്താവു മോശ
യോടു സംസാരിക്കുകയും ചെയ്തു. കൂടാര 10
വാതിൽക്കൽ മേഘസ്തംഭം നിൽക്കുന്നതു
സകല ജനവും കണ്ടു; ജനമെല്ലാം അവന
വൻെറ കൂടാരവാതിൽക്കൽ എഴുന്നേററു
നിന്നു നമസ്കരിച്ചു. ഒരു മനുഷ്യൻ തൻെറ 11
സ്നേഹിതനോടു സംസാരിക്കുന്നതുപോ
ലെ കർത്താവു മോശയോടു മുഖാമുഖ
മായി സംസാരിച്ചു. അതിനു ശേഷം അവൻ
പാളയത്തിലേക്കു തിരിച്ചു വന്നു; എന്നാൽ
അവൻെറ ശുശ്രൂഷക്കാരൻ, നൂൻെറ മക
നായ യോശുവാ എന്ന യുവാവ് കൂടാര
ത്തിൽനിന്നു വിട്ടുപിരിഞ്ഞില്ല.
മോശ കർത്താവിനോടു പറഞ്ഞത്: ഈ 12
ജനത്തെ നയിച്ചുകൊണ്ടു പോകുക എന്ന്
നീ എന്നോടു പറയുന്നു; എന്നാൽ എന്നോ
ടൊപ്പം ആരെ അയയ്ക്കുമെന്നു നീ എന്നെ
അറിയിച്ചിട്ടില്ല. എന്നിട്ടും, ഞാൻ നിന്നെ
പേരു ചൊല്ലി അറിയുന്നുവെന്നും നിനക്ക്
എൻെറ ദൃഷ്ടിയിൽ പ്രീതി ലഭിച്ചിരിക്കുന്നു
എന്നും നീ എന്നോടു അരുളിച്ചെയ്തിരുന്നു.
ആകയാൽ ഇപ്പോൾ ഞാൻ നിന്നോടു 13
അപേക്ഷിക്കുന്നു: നിൻെറ ദൃഷ്ടിയിൽ
എനിക്കു പ്രീതി ലഭിച്ചിരിക്കുന്നുവെങ്കിൽ,
ഞാൻ നിന്നെ അറിയുവാനും നിൻെറ

ദൃഷ്ടിയിൽ എനിക്കു പ്രീതി ലഭിക്കുവാനു
മായി നിൻെറ വഴി എന്നെ കാണിക്കണമേ!
ഈ ജാതി നിൻെറ ജനമാണെന്നു കരുത
14 ണമേ! അവൻ അവനോടു: എൻെറ
സാന്നിദ്ധ്യം നിന്നോടു കൂടെ പോരുമെന്നും
ഞാൻ നിനക്കു സ്വസ്ഥത നൽകുമെന്നും
15 പറഞ്ഞു. അവൻ മറുപടി പറഞ്ഞു: നിൻെറ
സാന്നിദ്ധ്യം കൂടെ പോരുന്നില്ലെങ്കിൽ
ഞങ്ങളെ ഇവിടെനിന്നു പുറപ്പെടുവിക്ക
16 രുതേ. ഞാനും നിൻെറ ജനവും നിൻെറ
ദൃഷ്ടിയിൽ പ്രീതരായിരിക്കുന്നുവെന്ന്
അറിയുന്നത് എങ്ങനെയാണ്? നീ ഞങ്ങ
ളോടു കൂടെ പോരുന്നതിനാലല്ലയോ?
അങ്ങനെ ഞങ്ങൾ, ഞാനും നിൻെറ ജനവും,
ഭൂമുഖത്തുള്ള സർവ്വ ജാതികളിൽനിന്നും
17 വ്യത്യസ്തരായിരിക്കും. കർത്താവു മോശ
യോടു: എൻെറ ദൃഷ്ടിയിൽ നീ പ്രീതി
കണ്ടെത്തിയിരിക്കയാലും, ഞാൻ നിന്നെ
പേരു ചൊല്ലി അറിയുന്നതിനാലും, നീ
പറഞ്ഞ ഈ കാര്യവും ഞാൻ ചെയ്യാം എന്നു
18 പറഞ്ഞു. നിൻെറ മഹത്വം എനിക്കു
കാണിച്ചു തരണമെന്നു ഞാൻ നിന്നോടു
19 യാചിക്കുന്നു എന്ന് അവൻ പറഞ്ഞു. അവൻ
ഉത്തരം പറഞ്ഞു: എൻെറ എല്ലാ ഭംഗിയും
നിൻെറ മുമ്പിൽ ഞാൻ കടന്നു പോകു
മാറാക്കും; എൻെറ നാമം നിൻെറ മുമ്പിൽ
ഞാൻ പ്രഖ്യാപിക്കും; എനിക്കു കൃപ കാണി
പ്പാൻ മനസ്സാകുന്നവനോടു ഞാൻ കൃപ
കാണിക്കും. ദയ കാണിപ്പാൻ എനിക്കു
മനസ്സാകുന്നവനോടു ഞാൻ ദയ കാണി
ക്കും. എന്നാൽ നീ എൻെറ മുഖം കണ്ടു
20 കൂടാ. മനുഷ്യൻ എൻെറ മുഖം കണ്ടിട്ടു
21 ജീവ നോടിരിക്കുകയില്ല. കർത്താവു പറ
ഞ്ഞു: ഇതാ അടുത്ത് ഒരു പാറപ്പുറത്തു നീ
22 നിൽക്കുക. എൻെറ മഹത്വം കടന്നു പോകു
മ്പോൾ ഞാൻ നിന്നെ പാറയുടെ ഒരു
വിള്ളലിൽ ആക്കി എൻെറ കൈകൊണ്ടു
23 നിന്നെ മറയ്ക്കും. എൻെറ മഹത്വം കടന്നു
കഴിയുമ്പോൾ ഞാൻ എൻെറ കൈ എടു
ക്കും; അപ്പോൾ നീ എൻെറ പിൻഭാഗം
കാണും; എൻെറ മുഖം കാണപ്പെടുകയില്ല.

അദ്ധ്യായം 34

കർത്താവു മോശയോട് അരുളിച്ചെയ്തു:
ആദ്യത്തേതുപോലെ രണ്ടു കൽപലകകൾ
ചെത്തിയുണ്ടാക്കുക; നീ ഉടച്ചു കളഞ്ഞ
ആദ്യത്തെ പലകകളിൽ ഉണ്ടായിരുന്ന
വചനങ്ങൾ ഞാൻ ആ പലകകളിൽ എഴു
2 തും. നീ രാവിലെ ഒരുങ്ങി, രാവിലെതന്നെ
സീനായി മലയിൽ കയറി മലമുകളിൽ
എൻെറ സന്നിധിയിൽ വരിക. ഒരു മനുഷ്യ 3
നും നിന്നോടൊപ്പം കയറി വരരുത്; മലയി
ലെങ്ങും ഒരുവനും കാണപ്പെടരുത്. ആട്ടിൻ
പററമോ കന്നുകാലികളോ മലയിൽ മേയു
കയുമരുത്.

മോശ ആദ്യത്തേതുപോലെ രണ്ടു 4
കൽപലകകൾ ചെത്തിയുണ്ടാക്കി. മോശ
അതിരാവിലെ എഴുന്നേററു കർത്താവു
തന്നോടു കല്പിച്ചിരുന്നതുപോലെ സീനാ
യ് മലയിൽ കയറി. ആ രണ്ടു കൽപലക
കളും അവൻ കൈയിൽ എടുത്തു. കർത്താ
വു മേഘത്തിൽ ഇങ്ങിവന്ന് അവൻെറ 5
അടുക്കൽ നിന്നുകൊണ്ട് കർത്താവിൻെറ
നാമം പ്രഖ്യാപിച്ചു. കർത്താവ് അവൻെറ 6
മുമ്പിൽക്കൂടെ കടന്ന് (ഇപ്രകാരം) പ്രഖ്യാ
പിച്ചു: കർത്താവ്, ദൈവമായ കർത്താവ്
കരുണയും കൃപയും ദീർഘക്ഷമയുമുള്ള
വൻ; നന്മയിലും വിശ്വസ്തതയിലും സമൃദ്ധി
യുള്ളവൻ; അകൃത്യവും ലംഘനങ്ങളും 7
ക്ഷമിച്ചുകൊണ്ട് ആയിരങ്ങൾക്കു ദയ
പാലിക്കുന്നവൻ. ഒരു വിധത്തിലും കുററ
ക്കാരനെ വെറുതെ വിടാതെ, പിതാക്കന്മാ
രുടെ അകൃത്യം മക്കളോടും മക്കളുടെ
മക്കളോടും മൂന്നും നാലും തലമുറവരെ
സന്ദർശിക്കുന്നവൻ. മോശ പരിഭ്രമിച്ച് 8
നിലംവരെ തല കുനിച്ചു നമസ്ക്കരിച്ചു.
അവൻ പറഞ്ഞതു: കർത്താവേ, എനിക്കു 9
തൃക്കണ്ണിൽ കൃപ ലഭിച്ചിരിക്കുന്നുവെങ്കിൽ
കർത്താവു ഞങ്ങളുടെ ഇടയിൽ നടക്ക
ണമെ എന്നു ഞാൻ അപേക്ഷിക്കുന്നു. ഇതു
വഴക്കമില്ലാത്ത ജനമാകുന്നു. ഞങ്ങളുടെ
അകൃത്യവും പാപവും ക്ഷമിച്ച് ഞങ്ങളെ
നിൻെറ അവകാശമാക്കണമെ.

അവൻ പറഞ്ഞു: ഇതാ ഞാൻ ഒരു 10
ഉടമ്പടി ചെയ്യുന്നു; ഭൂലോകത്തെങ്ങും ഒരു
ദേശത്തും ചെയ്തിട്ടില്ലാത്ത അത്ഭുതങ്ങൾ
നിൻെറ ജനത്തിൻെറ മുമ്പാകെ ഞാൻ
ചെയ്യും. നീ ആരുടെ ഇടയിൽ വസിക്കു
ന്നുവോ ആ ജനമെല്ലാം കർത്താവിൻെറ
പ്രവൃത്തി കാണും; എന്തെന്നാൽ, ഞാൻ
നിന്നിൽക്കൂടെ ചെയ്യുന്നത് ഒരു ഭയാനക
കൃത്യം അത്രേ. ഞാൻ ഇന്നു നിന്നോടു 11
കല്പിക്കുന്നതെല്ലാം പാലിക്കുക. ഇതാ,
ഞാൻ നിൻെറ മുമ്പിൽനിന്ന് അമോര്യർ,
കനാന്യർ, ഹിത്യർ, പെരിസ്യർ, ഹിവ്യർ,
യൂബെസ്യർ എന്നിവരെ ഓടിച്ചുകളയും,
അവർ നിൻെറ മദ്ധ്യേ നിനക്ക് ഒരു കെണി 12
യായിത്തീരാതെയിരിക്കേണ്ടതിന്, നീ
ചെല്ലുന്ന ദേശത്തെ നിവാസികളുമായി
ഉടമ്പടി ചെയ്യാതിരിക്കാൻ കരുതിക്കൊ

ള്ളണം. നീ അവരുടെ ബലിപീഠങ്ങളെ നശി
പ്പിക്കുകയും വിഗ്രഹങ്ങളെ തകർക്കുകയും
അവരുടെ കാവുകളെ വെട്ടിക്കളയുകയും
ചെയ്യണം. നീ അന്യദേവന്മാരെ സേവിക്ക
രുത്. എന്തെന്നാൽ കർത്താവിൻെറ നാമം
തീക്ഷ്ണതയുള്ളവൻ എന്നാകുന്നു; തീക്ഷ്
ണതയുള്ള ദൈവംതന്നെ. ആ ദേശത്തിലെ
നിവാസികളുമായി ഉടമ്പടി ചെയ്യരുത്: അ
വരുടെ ദേവന്മാർക്ക് അശുദ്ധാരാധന ചെയ്ത്
അവരുടെ ദേവന്മാർക്ക് യാഗം കഴിക്കു
മ്പോൾ നിന്നെ വിളിക്കുകയും നീ ചെന്ന്
അവരുടെ യാഗം ഭക്ഷിക്കുകയും ചെയ്യു
16 വാൻ ഇടയാവരുത്. നിൻെറ പുത്രന്മാർക്ക്
അവരുടെ പുത്രിമാരിൽനിന്നു ഭാര്യയെ
എടുക്കുകയും അവരുടെ പുത്രിമാർ തങ്ങ
ളുടെ ദേവന്മാർക്കു അശുദ്ധാരാധന ചെയ്യു
മ്പോൾ നിൻെറ പുത്രന്മാരെക്കൊണ്ട് അവ
രുടെ ദേവന്മാർക്കു അശുദ്ധാരാധന ചെയ്യി
17 ക്കയും ചെയ്യുവാൻ ഇടവരരുത്. നിനക്കു
വേണ്ടി ദേവന്മാരെ വാർത്തുണ്ടാക്കരുത്.
18 നീ പത്തീറാപെരുനാൾ ആചരിക്കണം.
ഞാൻ നിന്നോടു കല്പിച്ച വിധത്തിൽ
ആബീബു മാസത്തിൽ നിശ്ചിത സമയത്ത്
ഏഴു ദിവസം നീ പുളിപ്പില്ലാത്ത അപ്പം തി
ന്നണം; എന്തെന്നാൽ നീ മെസ്രേനിൽ നി
ന്നു പുറപ്പെട്ടുപോന്നത് ആബീബു മാസ
19 ത്തിലാണ്. ആദ്യം ജനിക്കുന്നതെല്ലാം, നി
ൻെറ ആടുകളുടെയും കന്നുകാലികളുടെ
യും കടിഞ്ഞൂലെല്ലാം എനിക്കുള്ളതാകു
ന്നു. കഴുതയുടെ കടിഞ്ഞൂലിനെ ആട്ടിൻ
20 കുട്ടി മുഖാന്തരം വീണ്ടെടുക്കണം. വീണ്ടെ
ടുക്കുന്നില്ലെങ്കിൽ അതിൻെറ കഴുത്ത് ഒടി
ച്ചുകളയണം. നിൻെറ കടിഞ്ഞൂൽ പുത്രന്മാ
രെയെല്ലാം വീണ്ടെടുക്കണം. നിങ്ങൾ എ
ൻെറ സന്നിധിയിൽ വെറുങ്കൈയോടെ വര
21 രുത്. ആറു ദിവസം വേല ചെയ്യാം; ഏഴാം
ദിവസം സ്വസ്ഥമായിരിക്കണം; വിതയ്ക്കു
ന്ന കാലത്തായാലും കൊയ്ത്തുകാലത്താ
22 യാലും സ്വസ്ഥമായിരിക്കണം. ഗോതമ്പു
കൊയ്ത്തിലെ ആദ്യഫലത്തിൻേറതായ
ആഴ്ചകളുടെ പെരുനാളും ആണ്ടറുതി കാ
യ്കനി പെരുനാളും ആചരിക്കണം. ആ
23 ണ്ടിൽ മൂന്നു പ്രാവശ്യം പുരുഷാരമെല്ലാം
ദൈവമായ കർത്താവിൻെറ മുമ്പാകെ,
ഇസ്രായേലിൻെറ ദൈവത്തിൻ മുമ്പാകെ,
24 വരണം. ഞാൻ നിൻെറ മുമ്പിൽനിന്ന് ജാതി
കളെ ഓടിച്ചുകളഞ്ഞ് നിൻെറ അതിരു
വിസ്തൃതമാക്കും; ആണ്ടിൽ മൂന്നു പ്രാവ
ശ്യം നിൻെറ ദൈവമായ കർത്താവിൻെറ
മുമ്പാകെ നിൽക്കുവാൻ നീ പോകുമ്പോൾ
ആരും നിൻെറ ദേശം മോഹിക്കുകയില്ല,
എൻെറ യാഗരക്തം പുളിപ്പുള്ള അപ്പ 25
ത്തോടുകൂടെ അർപ്പിക്കരുത്; പെസഹാ
പെരുനാളിലെ യാഗം പ്രഭാതംവരെ വച്ചി
രിക്കരുത്. നിൻെറ നിലത്തിലെ ആദ്യവിള 26
വിൻെറ ആദ്യഫലം നിൻെറ ദൈവമായ
കർത്താവിൻെറ ആലയത്തിൽ കൊണ്ടുവര
ണം. ആട്ടിൻകുട്ടിയെ തള്ളയുടെ പാലിൽ
പാകം ചെയ്യരുത്. കർത്താവു മോശയോടു: 27
നീ ഈ വചനങ്ങൾ എഴുതുക; ഈ വചന
ങ്ങൾ ആധാരമാക്കി ഞാൻ നിന്നോടും
ഇസ്രായേലിനോടും ഉടമ്പടി ചെയ്തിരിക്കു
ന്നു, എന്നു പറഞ്ഞു. അവൻ അവിടെ ഭക്ഷ 28
ണം കഴിക്കുകയോ വെള്ളം കുടിക്കുകയോ
ചെയ്യാതെ നാല്പതു പകലും നാല്പതു
രാവും കർത്താവിനോടു കൂടെയായിരുന്നു;
അവൻ കല്പലകകളിന്മേൽ ഉടമ്പടിയുടെ
വചനങ്ങൾ, പത്തു കല്പനകൾ, എഴുതി.

കൈയിൽ സാക്ഷ്യത്തിൻെറ രണ്ടു പല 29
കകളുമായി മോശ സീനായി പർവ്വതത്തിൽ
നിന്നു ഇറങ്ങിവന്നപ്പോൾ ദൈവം തന്നോടു
സംസാരിച്ചതിനാൽ തൻെറ മുഖചർമ്മം
പ്രകാശിച്ചുകൊണ്ടിരുന്നുവെന്നു മോശ
അറിഞ്ഞില്ല. അഹറോനും എല്ലാ ഇസ്രാ 30
യേൽ ജനവും മോശയെ നോക്കിയപ്പോൾ
അവൻെറ മുഖചർമ്മം പ്രകാശിക്കുന്നതു
കണ്ടു; അവൻെറ അടുത്തുവരുവാൻ അവർ
ഭയപ്പെട്ടു. മോശ അവരെ വിളിച്ചു. അഹറോ 31
നും ജനത്തിൻെറ പ്രമാണികളെല്ലാം അവ
ൻെറ അടുക്കൽ മടങ്ങിവന്നു. മോശ അ
വരോടു സംസാരിച്ചു. അതിൻെറ ശേഷം 32
ഇസ്രായേൽ മക്കളെല്ലാം അവൻെറ അടു
ക്കൽ വന്നു. സീനായി മലമേൽ വച്ച് കർ
ത്താവു തന്നോടു പറഞ്ഞതെല്ലാം അവൻ
കല്പനയായി അവർക്കു നൽകി. മോശ അ 33
വരോടു സംസാരിച്ചുകഴിയുവോളം തൻെറ
മുഖത്ത് ഒരു മൂടുപടം ഇട്ടു. മോശ കർത്താ 34
വിനോടു സംസാരിക്കുവാൻ അവൻെറ
സന്നിധിയിൽ ചെല്ലുമ്പോൾ, അവൻ പുറ
ത്തുവരുംവരെ മൂടുപടം നീക്കിയിരിക്കും;
തന്നോടു കല്പിച്ചതു അവൻ പുറത്തു വന്ന്
ഇസ്രായേൽ മക്കളോടു പറയുമ്പോൾ
മോശയുടെ മുഖം പ്രകാശിക്കുന്നു എന്ന് 35
ഇസ്രായേൽ ജനം കണ്ടു. കർത്താവിനോടു
സംസാരിക്കുവാൻ പോകുവോളം മോശ
മുഖത്തു മൂടുപടം ഇട്ടിരുന്നു.

അദ്ധ്യായം 35

അതിനുശേഷം മോശ ഇസ്രായേൽ
മക്കളുടെ സമൂഹത്തെയെല്ലാം വിളിച്ചു കൂട്ടി

അവരോടു പറഞ്ഞു: നിങ്ങൾ ചെയ്യുവാൻ
കർത്താവു കല്പിച്ച വചനങ്ങൾ ഇവയാ
2 കുന്നു: ആറു ദിവസം നീ വേല ചെയ്യുക;
ഏഴാം ദിവസം നിങ്ങൾക്കു വിശുദ്ധ
ദിവസമായി, കർത്താവിൻെറ സ്വസ്ഥത
യ്ക്കുള്ള ശാബത് ആയിരിക്കണം. അന്നു
വേല ചെയ്യുന്നവൻ വധിക്കപ്പെടണം.
3 ശാബത് ദിവസത്തിൽ നിങ്ങളുടെ വാസ
സ്ഥലങ്ങളിലെങ്ങും തീ കത്തിക്കരുത്.

4 മോശ ഇസ്രായേൽ മക്കളുടെ സമൂഹ
ത്തോടെല്ലാം പറഞ്ഞു: കർത്താവിൻെറ
5 കല്പന ഇതാണ്: നിങ്ങളുടെ ഇടയിൽനി
ന്നു കർത്താവിനു ഒരു വഴിപാടു എടുക്കുക.
സന്മനസ്സുള്ളവരെല്ലാം കർത്താവിനു വഴി
6 പാടു കൊണ്ടുവരണം. സ്വർണ്ണം, വെള്ളി,
ഓട്, നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ,
നെയ്തെടുത്ത നേർത്ത ലിനൻ, കോലാട്ടിൻ
7 രോമം, ചുവപ്പിച്ച ആട്ടിൻ തോൽ, തഹശു
8 തോൽ, ഖദിരമരം, വിളക്കെണ്ണ, അഭിഷേക
തൈലത്തിനും പരിമളധൂപത്തിനും വേണ്ട
9 സുഗന്ധദ്രവ്യങ്ങൾ, ഗോമേദകക്കല്ല്,
ഏഫോദിലും മാർച്ചട്ടയിലും പതിക്കേണ്ട
രത്നക്കല്ലുകൾ എന്നിവ കൊണ്ടുവരിക.
10 നിങ്ങളിൽ സമർത്ഥരായിട്ടുള്ളവർ വന്നു
കർത്താവു കല്പിച്ചിരിക്കുന്നവയെല്ലാം
11 ഉണ്ടാക്കണം. വിശുദ്ധ കൂടാരം, അതിൻെറ
പുറമൂടി, ആവരണം, കൊളുത്തുകൾ, പലക
12 കൾ, അന്താഴങ്ങൾ, തൂണുകൾ, ചുവടുകൾ,
13 പെട്ടകം, അതിൻെറ തണ്ടുകൾ, കൃപാസനം,
മറയുടെ തിരശ്ശീല, മേശ, അതിൻെറ തണ്ടു
14 കൾ, മററുപകരണങ്ങൾ, കാഴ്ചയപ്പം, വെളി
ച്ചത്തിനുള്ള നിലവിളക്ക്, അതിൻെറ ഉപ
കരണങ്ങൾ, അതിൻെറ ദീപങ്ങൾ, വിള
15 ക്കിനു എണ്ണ, ധൂപപീഠം, അതിൻെറ തണ്ടു
കൾ, അഭിഷേകതൈലം, സുഗന്ധധൂപ
16 വർഗ്ഗം, വിശുദ്ധ കൂടാരത്തിലേക്കുള്ള പ്രവേ
ശനകവാടത്തിൻെറ മറശ്ശീല, ഹോമയാഗ
പീഠം, അതിൻെറ താമ്രജാലം, തണ്ടുകൾ,
അതിൻെറ ഉപകരണങ്ങളെല്ലാം, തൊട്ടി,
17 അതിൻെറ കാൽ, പ്രാകാരത്തിൻെറ മറ
ശ്ശീലകൾ, അതിൻെറ തൂണുകൾ, ചുവടു
18 കൾ, പ്രാകാരവാതിലിൻെറ മറ, വിശുദ്ധ
കൂടാരത്തിൻെറ കുററികൾ, പ്രാകാരത്തി
ൻെറ കുററികൾ, അവയുടെ ചരടുകൾ,
19 വിശുദ്ധമന്ദിരത്തിൽ ശുശ്രൂഷ ചെയ്യു
വാൻ വിശേഷവസ്ത്രങ്ങൾ, പുരോഹിത
നായ അഹറോൻെറ വിശുദ്ധവസ്ത്രം,
പുരോഹിതശുശ്രൂഷയ്ക്കായി അവൻെറ
പുത്രന്മാരുടെ വസ്ത്രങ്ങൾ എന്നിവ
ഉണ്ടാക്കണം.

ഇസ്രായേൽ മക്കളുടെ സംഘം മോശ 20
യുടെ സന്നിധിയിൽനിന്നു പിരിഞ്ഞുപോ
യി. ഹൃദയത്തിൽ പ്രേരണ തോന്നിയവരും 21
ആത്മാവ് ആഗ്രഹം നൽകിയവരുമായ
എല്ലാ ആളുകളും സമാഗമനകൂടാരത്തിനും
നിർമ്മാണത്തിനും, അതിൻെറ ഉപകരണ
ങ്ങൾക്കും വിശുദ്ധ വസ്ത്രങ്ങൾക്കും വേണ്ടി
കർത്താവിനു വഴിപാടുകൾ കൊണ്ടുവന്നു.
അങ്ങനെ അവർ, സന്മനസ്സുണ്ടായ പുരുഷ 22
ന്മാരും സ്ത്രീകളും വള, കുണുക്ക്, മോതിരം,
മാല തുടങ്ങി എല്ലാവിധ പൊന്നാഭരണ
ങ്ങളും കൊണ്ടുവന്നു. എല്ലാവരും കർത്താ
വിനു സ്വർണ്ണവഴിപാട് അർപ്പിച്ചു. നീല 23
നൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ, നേർത്ത
ലിനൻ, ആട്ടിൻരോമം; ചുവപ്പിച്ച ആട്ടിൻ
തോൽ, തഹശുതോൽ ഇവ കൈവശമു
ണ്ടായിരുന്നവർ കൊണ്ടുവന്നു. വെള്ളിയും 24
ഓടും കർത്താവിനു വഴിപാടു കൊടുക്കാവു
ന്നവർ അതു കൊണ്ടുവന്നു; ഖദിരമരം
കൈവശമുണ്ടായിരുന്നവർ ശുശ്രൂഷയിലെ
പണികൾക്കായി അവ കൊണ്ടുവന്നു.
സാമർത്ഥ്യമുള്ള സ്ത്രീകൾ സ്വന്തകൈ 25
കൊണ്ടു പിരിച്ചെടുത്ത നീലനൂൽ, ധൂമ്ര
നൂൽ, ചുവപ്പുനൂൽ, നേർത്ത ലിനൻ
എന്നിവ കൊണ്ടുവന്നു. സാമർത്ഥ്യത്താൽ 26
മനസ്സിൽ ഉത്സാഹം തോന്നിയ എല്ലാ
സ്ത്രീകളും ആട്ടിൻരോമം നൂററു. പ്രമാണി 27
കൾ ഏഫോദിനും മാർചട്ടയ്ക്കും പതിക്കു
വാനുള്ള ഗോമേദകക്കല്ല് എന്നിവ കൊണ്ടു
വന്നു; വിളക്കെണ്ണയും അഭിഷേകതൈല 28
ത്തിനും പരിമളധൂപത്തിനും വേണ്ട സുഗ
ന്ധവർഗ്ഗവും കൊണ്ടുവന്നു. മോശമുഖാ 29
ന്തരം കർത്താവു കല്പിച്ച സകലവും
നിർമ്മിക്കേണ്ടതിന്, ഇസ്രായേൽ മക്കളിൽ
സന്മനസ്സു തോന്നിയ എല്ലാ പുരുഷന്മാരും
സ്ത്രീകളും കർത്താവിനു സ്വമേധാ ദാനം
കൊണ്ടുവന്നു.

മോശ ഇസ്രായേൽ ജനത്തോടു 30
പറഞ്ഞു: കാൺമിൻ, യഹൂദാഗോത്രത്തിൽ
ഹൂരിൻെറ മകൻ, ഊറിയുടെ മകൻ ബസ
ലേലിനെ കർത്താവു പേരു ചൊല്ലി വിളിച്ചി
രുന്നു. എല്ലാ വിദഗ്ദ്ധ പണിയും ചെയ്യുവാൻ 31
തക്കവണ്ണം ജ്ഞാനത്തിലും വിവേകത്തി
ലും അറിവിലും അവനെ ദിവ്യാത്മാവിനാൽ
നിറച്ചിരിക്കുന്നു. പൊന്നിലും വെള്ളിയിലും 32
ഓടിലും ഭംഗിയുള്ള രൂപങ്ങൾ സങ്കല്പി 33
ക്കുവാനും, രത്നക്കല്ലുകൾ വെട്ടിപ്പതിക്കു
വാനും ദാരുശില്പങ്ങളും എല്ലാ വിദഗ്ദ്ധ
പണികളും ചെയ്യേണ്ടതിനുംതന്നെ. അവ 34
ൻെറയും, ദാൻ ഗോത്രത്തിൽ അഹീസമാ

ക്കിൻെറ പുത്രൻ ഒഹോലിയാബിൻെറയും മനസ്സിൽ മററുള്ളവരെ പഠിപ്പിക്കുവാനും തോന്നിച്ചിരിക്കുന്നു. കൊത്തുപണിക്കാരുടെയും എല്ലാ വിദഗ്ദ്ധ ജോലിക്കാരുടെയും പണി ചെയ്യുവാനും, നീല നൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ, നേർത്ത ലിനൻ എന്നിവയിൽ ചിത്രത്തയ്യൽ ചെയ്യുന്ന എല്ലാ തയ്യൽക്കാരുടെയും പണിയും ഏതു വിദഗ്ദ്ധ പണിയും ചെയ്യുന്നവരുടെ ജ്ഞാനംകൊണ്ടും അവൻ അവരുടെ ഹൃദയങ്ങളെ നിറച്ചിരിക്കുന്നു.

അദ്ധ്യായം 36

ബെസലേലും ഒഹോലിയാബും വിശുദ്ധസ്ഥലത്ത് നിർമ്മിക്കേണ്ടത് എങ്ങനെയെന്നു കർത്താവു ജ്ഞാനവും ബുദ്ധിയും നൽകിയിട്ടുള്ള എല്ലാവരും കർത്താവു കല്പിച്ച വിധത്തിൽ ആ ജോലികൾ ചെയ്യണം.

ബെസലേലിനെയും ഒഹോലിയാബിനെയും, കർത്താവ് ഹൃദയത്തിൽ ജ്ഞാനം നൽകിയിരുന്ന എല്ലാവരെയും ഈ ജോലിയിൽ പങ്കുചേരുവാൻ മനസ്സിൽ താല്പര്യം തോന്നിയ എല്ലാവരെയും മോശ വിളിച്ചു കൂട്ടി. വിശുദ്ധസ്ഥലത്തിൻെറ നിർമ്മിതിക്കായി ഇസ്രായേൽ മക്കൾ കൊണ്ടുവന്ന വഴിപാടുകളെല്ലാം മോശയുടെ പക്കൽ നിന്നു അവർ വാങ്ങി. ജനം രാവിലെതോറും സ്വമേധാദാനങ്ങൾ മോശയുടെ അടുക്കൽ കൊണ്ടുവന്നുകൊണ്ടിരുന്നു. വിശുദ്ധസ്ഥലത്തിൻെറ പണി ചെയ്യുകൊണ്ടിരുന്ന ജ്ഞാനികൾ തങ്ങൾ ചെയ്യുകൊണ്ടിരുന്ന പണി നിർത്തി വന്നു മോശയോടു പറഞ്ഞു: ചെയ്യണമെന്നു കർത്താവു കല്പിച്ച പണിക്ക് ആവശ്യമുള്ളതിൽ അധികം ജനങ്ങൾ കൊണ്ടുവരുന്നു. വിശുദ്ധസ്ഥലത്തിൻെറ നിർമ്മിതിക്കുവേണ്ടി ഇനിയും പുരുഷന്മാരോ സ്ത്രീകളോ വഴിപാടു കൊണ്ടുവരേണ്ടാ എന്നു മോശ കല്പന കൊടുക്കുകയും അക്കാര്യം പാളയത്തിൽ പ്രസിദ്ധം ചെയ്യുകയും ചെയ്തു. അങ്ങനെ വഴിപാടുകൊണ്ടു വരുന്നതിൽ നിന്നു ജനത്തെ നിയന്ത്രിച്ചു. എന്തെന്നാൽ കിട്ടിയ സാധനങ്ങൾതന്നെ, പണിക്ക് ആവശ്യമുള്ളതിൽ അധികമായിരുന്നു.

വിദഗ്ദ്ധരായ പണിക്കാർ നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ, പിരിച്ചെടുത്ത ലിനൻ നൂൽ എന്നിവകൊണ്ടു പത്തു വിരി ഉണ്ടാക്കി, അതുകൊണ്ടു വിശുദ്ധ കൂടാരം നിർമ്മിച്ചു; തയ്യൽക്കാരൻെറ ചിത്രപ്പണിയായ ക്രൂബകൾ ഉള്ളതായി അതു ഉണ്ടാക്കി. ഓരോ വിരി ഇരുപത്തെട്ടു മുഴം നീളവും
ഓരോ വിരി നാലു മുഴം വീതിയും ഉള്ള
തായിരുന്നു. വിരികൾക്ക് എല്ലാം ഒരേ
അളവു തന്നെ. അഞ്ചു വിരികൾ ഒന്നോട് 10
ഒന്ന് ചേർത്തു; മററെ അഞ്ചു വിരികൾ
ഒന്നോട് ഒന്ന് ചേർത്തു. അങ്ങനെ ചേർത്ത 11
ഒന്നാമത്തെ വിരിയുടെ അഗ്രത്തിലുള്ള
വിരിയുടെ വിളുമ്പിൽ നീലനൂൽ കൊണ്ടു
കണ്ണികൾ ഉണ്ടാക്കി. മററെ വിരിയുടെ
പുറത്തെ അററത്തെ വിരിയുടെ വിളുമ്പിലും
അപ്രകാരംതന്നെ ഉണ്ടാക്കി. ഒരു വിരിയുടെ 12
വിളുമ്പിൽ അൻപതു കണ്ണികൾ ഉണ്ടാക്കി;
മറ്റെ വിരിയുടെ വിളുമ്പിലും അൻപതു കണ്ണി
കൾ ഉണ്ടാക്കി; കണ്ണികൾ നേർക്കു നേരേ
യായിരുന്നു. പൊന്നുകൊണ്ട് അൻപതു 13
കൊളുത്തുകൾ ഉണ്ടാക്കി; കൊളുത്തു
കൊണ്ടു വിരിക്കൂട്ടങ്ങളെ തമ്മിൽ ഇണച്ചു;
അങ്ങനെ വിശുദ്ധ കൂടാരം ഒന്നായിത്തീർ
ന്നു. വിശുദ്ധ കൂടാരത്തിൻെറ മുകൾ ഭാഗം 14
മൂടുവാൻ കോലാട്ടിൻരോമം കൊണ്ടു
പതിനൊന്നു മൂടുശീലുകൾ ഉണ്ടാക്കി. ഒരു 15
മൂടുശീലയുടെയും നീളം മുപ്പതു മുഴം; ഒരു
മൂടുശീലയുടെ വീതി നാലു മുഴം; പതി
നൊന്നു മൂടുശീലയുടെയും അളവു ഒന്നു
തന്നെയായിരുന്നു. അഞ്ചു മൂടുശീല 16
ഒന്നിച്ചും ചേർത്തു. ഇങ്ങനെ മറേറ ആറു 17
മൂടുശീല ഒന്നിച്ചും ഇണച്ചുണ്ടാക്കിയ
ആദ്യത്തെ ശീലക്കൂട്ടത്തിൻെറ പുറത്തെ
ശീലയുടെ വിളുമ്പിൽ അൻപതു കണ്ണികൾ
ഉണ്ടാക്കി. രണ്ടാമത്തെ ശീലക്കൂട്ടത്തിൻെറ
അററത്തുള്ള ശീലയുടെ വിളുമ്പിലും
അൻപതു കണ്ണികൾ ഉണ്ടാക്കി. കൂടാരം 18
ഒന്നായിരിക്കത്തക്കവണ്ണം അവയെ തമ്മിൽ
ചേർക്കുവാൻ ഓടുകൊണ്ടു അൻപതു
കൊളുത്തുണ്ടാക്കി, ചുവപ്പിച്ച ആട്ടിൻ 19
തോൽകൊണ്ടു കൂടാരത്തിന് ഒരു പുറ
മൂടിയും അതിൻെറ പുറത്തു തഹശുതോൽ
കൊണ്ടു ഒരു പുറമൂടിയും ഉണ്ടാക്കി.
ഖദിരമരംകൊണ്ടു വിശുദ്ധ കൂടാര 20
ത്തിനു കുത്തനെ നിൽക്കുന്ന പലകകൾ
ഉണ്ടാക്കി. ഓരോ പലകയുടെയും നീളം 21
പത്തു മുഴം; വീതി ഒന്നര മുഴം. പലകകൾ 22
തമ്മിൽ ചേർന്നിരിക്കുവാൻ ഓരോ പലക
യ്ക്കും ഈരണ്ടു കുടുമകൾ ഉണ്ടാക്കി.
ഇങ്ങനെ എല്ലാ പലകയ്ക്കും ഉണ്ടാക്കി.
വിശുദ്ധകൂടാരത്തിൻെറ തെക്കു വശത്തേ 23
ക്ക് ഇരുപതു പലകയും; ഒരു പലകയുടെ 24
അടിയിൽ രണ്ടു കുടുമെക്കു രണ്ടു ചുവടു;
മറെറാരു പലകയുടെ അടിയിൽ രണ്ടു കുടു
മെക്കു രണ്ടു ചുവട്; ഇങ്ങനെ ഇരുപതു
പലകയുടെ അടിയിൽ വെള്ളികൊണ്ടു

നാല്പതു ചുവടു ഉണ്ടാക്കി. വിശുദ്ധ
25 കൂടാരത്തിന്റെ മറുവശത്ത് വടക്കു വശ
26 ത്തേക്ക് ഇരുപതു പലക ഉണ്ടാക്കി; ഒരു
പലകയുടെ അടിയിൽ രണ്ടു ചുവട്; മറ്റൊരു
പലകയുടെ അടിയിൽ രണ്ടു ചുവടു; ഇങ്ങ
27 നെ നാല്പതു ചുവട് ഉണ്ടാക്കി, വിശുദ്ധ
കൂടാരത്തിന്റെ പടിഞ്ഞാറെ വശത്തേക്ക്
28 ആറു പലക; വിശുദ്ധകൂടാരത്തിന്റെ രണ്ടു
വശത്തുമുള്ള കോണുകൾക്ക് രണ്ടു പലക
29 വീതം ഉണ്ടാക്കി; അവ താഴെ രണ്ടായി
വേർപെട്ടും മുകളിലെ അററത്തു ഒന്നാമ
ത്തെ വളയത്തിൽ തമ്മിൽ ചേർന്ന് ഒറ്റയാ
യും ഇരുന്നു. രണ്ടു മൂലയിലുമുള്ള രണ്ടിനും
30 അങ്ങനെതന്നെ. ആകെ എട്ടു പലകയും
ഓരോ പലകയുടെ ചുവട്ടിൽ രണ്ടു ചുവ
ടായി പതിനാറു വെള്ളിച്ചുവടും ഉണ്ടായി
31 രുന്നു. ഖദിരമരം കൊണ്ട് സാക്ഷാ ഉണ്ടാ
ക്കി. വിശുദ്ധകൂടാരത്തിന്റെ ഒരു വശത്തെ
32 പലകയ്ക്ക് അഞ്ചു സാക്ഷാ; മറുവശത്തെ
33 പലകയ്ക്കു അഞ്ചു സാക്ഷാ. വിശുദ്ധ
കൂടാരത്തിന്റെ പടിഞ്ഞാറെ ഭാഗത്തു പുറ
കു വശത്തെ പലകയ്ക്കു അഞ്ചു അന്താഴം;
നടുവിലത്തെ സാക്ഷാ പലകയുടെ ഒത്ത
മദ്ധ്യത്തിൽ ഒരററത്തുനിന്നു മറേറ അററം
34 വരെ ചെല്ലത്തക്കവണ്ണം ഉണ്ടാക്കി. പലക
കൾ പൊന്നുകൊണ്ടു പൊതിഞ്ഞു;
സാക്ഷാകൾ പൊന്നുകൊണ്ടു പൊതി
ഞ്ഞു: സാക്ഷാ ചെലുത്തുവാനുള്ള വളയ
ങ്ങൾ പൊന്നുകൊണ്ട് ഉണ്ടാക്കി.
35 നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ,
നേർത്ത ലിനൻ എന്നിവകൊണ്ട് ഒരു തിര
ശ്ശീല ഉണ്ടാക്കി; ചിത്രത്തയ്യലായ ക്രൂബ
36 കൾ ഉള്ളതായി അതുണ്ടാക്കി. അതിനു
ഖദിരമരം കൊണ്ടു നാലു തൂൺ ഉണ്ടാക്കി
പൊന്നുകൊണ്ടു പൊതിഞ്ഞു. അവയുടെ
കൊളുത്തുകൾ പൊന്നുകൊണ്ടുണ്ടാക്കി.
അവയ്ക്കു വെള്ളികൊണ്ടു നാലു ചുവടു
37 വാർത്തുണ്ടാക്കി. നീലനൂൽ, ധൂമനൂൽ,
ചുവപ്പുനൂൽ, ലിനൻ എന്നിവകൊണ്ട്
കൂടാരവാതിലിന് ചിത്രത്തയ്യലുള്ള ഒരു മറ
38 ശ്ശീല ഉണ്ടാക്കി; അതിന് അഞ്ചു തൂണും
അവയ്ക്കു കൊളുത്തും ഉണ്ടാക്കി, അവയു
ടെ കുമിഴുകളുംമേൽ ചുറ്റുപടികളും പൊന്നു
കൊണ്ടു പൊതിഞ്ഞു. അവയുടെ അഞ്ചു
ചുവടുകൾ ഓടുകൊണ്ടുള്ളതായിരുന്നു.

അദ്ധ്യായം 37

ബെസലേൽ ഖദിരമരംകൊണ്ടു പെട്ടക
മുണ്ടാക്കി; അതിനു രണ്ടര മുഴം നീളം; ഒന്നര
2 മുഴം വീതി; ഒന്നര മുഴം ഉയരം. അതിന്റെ
അകവും പുറവും തങ്കംകൊണ്ടു പൊതി
ഞ്ഞു. അതിനു ചുററും തങ്കംകൊണ്ട് ഒരു
ചുററുണ്ടാക്കി. അതിന്റെ നാലു കാലിനും 3
നാലു പൊൻ വളയമുണ്ടാക്കി; ഒരു വശത്തു
രണ്ടു വളയവും മറുവശത്തു രണ്ടു വളയ
വും. ഖദിരമരം കൊണ്ടു തണ്ടുകൾ ഉണ്ടാ 4
ക്കി പൊന്നു പൊതിഞ്ഞു പെട്ടകം ചുമക്കു 5
വാൻ തക്കവണ്ണം പെട്ടകത്തിന്റെ വശങ്ങ
ളിലുള്ള വളയങ്ങളിൽ തണ്ടു ചെലുത്തി.
അവൻ തങ്കംകൊണ്ടു കൃപാസനം ഉണ്ടാ 6
ക്കി; അതിന്റെ നീളം രണ്ടര മുഴം; വീതി
ഒന്നര മുഴം. കൃപാസനത്തിന്റെ രണ്ട് 7
അററത്തും സ്വർണ്ണംകൊണ്ട് അടിപ്പുപണി
യായി രണ്ടു ക്രൂബകളെ ഉണ്ടാക്കി.
കൃപാസനത്തോടു ചേർന്ന് ഒന്നായിരിക്ക
ത്തക്കവണ്ണം ഒരു ക്രൂബയെ ഒരററത്തും ഒരു
ക്രൂബയെ മറേറ അററത്തുമായി ഉറപ്പിച്ചു.
ക്രൂബകൾ ചിറകു വിരിച്ച്, ചിറകുകൾ കൊ 8
ണ്ടു കൃപാസനത്തെ മറയ്ക്കത്തക്കവണ്ണ
മായിരുന്നു; ക്രൂബകൾ തമ്മിൽ അഭിമുഖ 9
മായും അവയുടെ മുഖം കൃപാസനത്തിനു
നേരെയും ആയിരുന്നു.

ഖദിരമരംകൊണ്ട് അവൻ മേശ ഉണ്ടാ 10
ക്കി. അതിന്റെ നീളം രണ്ടു മുഴം; വീതി ഒരു
മുഴം; പൊക്കം ഒന്നര മുഴം. അതു തങ്കംകൊ 11
ണ്ടു പൊതിഞ്ഞ് ചുററും പൊന്നുകൊണ്ട്
ഒരു വക്ക് ഉണ്ടാക്കി; അതിനു ചുററും നാലു 12
വിരൽ വീതിയുള്ള ഒരു ചട്ടവും, ചട്ടത്തിനു
ചുററും പൊന്നുകൊണ്ട് ഒരു വക്കും ഉണ്ടാ
ക്കി. നാലു പൊൻവളയം വാർത്തു നാലു 13
കാലിന്റെയും ഓരോ വശങ്ങളിൽ തറച്ചു.
മേശ ചുമക്കാൻ തണ്ടുകൾ കടക്കത്തക്ക 14
വണ്ണം വളയങ്ങൾ ചട്ടത്തോടു ചേർന്നിരു
ന്നു. മേശ ചുമക്കുവാനുള്ള തണ്ടുകൾ ഖദിര 15
മരം കൊണ്ടുണ്ടാക്കി പൊന്നു പൊതിഞ്ഞു.
മേശമേലുള്ള ഉപകരണങ്ങൾ—തളിക 16
കളും കരണ്ടികളും കിണ്ടികളും കുടങ്ങളും
—തങ്കംകൊണ്ട് ഉണ്ടാക്കി.

അവൻ തങ്കംകൊണ്ട് അടിപ്പുപണി 17
യായി നിലവിളക്ക് ഉണ്ടാക്കി. അതിന്റെ
ചുവടും തണ്ടും മകുടങ്ങളും മുട്ടുകളും
പൂക്കളും എല്ലാം ചേർന്ന് ഒററപ്പണിയായി
രുന്നു. നിലവിളക്കിന്റെ പാർശ്വങ്ങളിൽ 18
നിന്ന് ആറു ശാഖകൾ പുറപ്പെട്ടു; ഒരു വശ
ത്തുനിന്നു മൂന്നു ശാഖ; മറേറ വശത്തു
നിന്നു മൂന്നു ശാഖ. ഒരു ശാഖയിൽ ഓരോ 19
മുട്ടും ഓരോ പുവുമായി ബദാംപൂപോലെ
മൂന്നു പുഷ്പപുടം; നിലവിളക്കിൽനിന്നു
ള്ള ആറു ശാഖകളിലും ഇങ്ങനെ ഉണ്ടായി
രുന്നു. വിളക്കുതണ്ടിൽ മുട്ടുകളും പൂക്കളു 20

മായി ബദാംപൂപോലെ നാലു പുഷ്പപുടം
ഉണ്ടായിരുന്നു. രണ്ടു ശാഖയ്ക്കു കീഴെ ഒരു
മുട്ടു, മററെ രണ്ടു ശാഖയ്ക്കു കീഴെ ഒരു
മുട്ടു, മററെ രണ്ടു ശാഖയ്ക്കു കീഴെ ഒരു
മുട്ടു, ഇങ്ങനെ അതിൽനിന്നുള്ള ആറു ശാഖ
കൾക്കും ഉണ്ടായിരുന്നു. മുട്ടുകളും ശാഖ
കളും എല്ലാം ഒന്നായി തങ്കംകൊണ്ട് അടിപ്പു
പണിയായിട്ടുള്ളതായിരുന്നു. അതിൻെറ
ഏഴു ദീപവും ചവണകളും കരിന്തിരി പാത്ര
ങ്ങളും തങ്കംകൊണ്ട് ഉണ്ടാക്കി. വിളക്കും
അതിൻെറ എല്ലാ ഉപകരണങ്ങളും ഉണ്ടാ
ക്കിയത് ഒരു താലന്തു തങ്കംകൊണ്ടാ
യിരുന്നു.

സമചതുരമായി ഒരു മുഴം നീളവും ഒരു
മുഴം വീതിയും രണ്ടു മുഴം പൊക്കവും ഉള്ള
തായി, ഖദിരമരംകൊണ്ട് ഒരു ധൂപപീഠം
ഉണ്ടാക്കി. അതിൻെറ കൊമ്പുകൾ അതി
നോടു ചേർന്ന ഒന്നായിരുന്നു. അവൻ
അതു മുഴുവൻ, മേല്പലകയും പാർശ്വങ്ങ
ളും കൊമ്പുകളുമെല്ലാം തങ്കംകൊണ്ടു പൊ
തിഞ്ഞു; അതിനു ചുററും സ്വർണ്ണംകൊണ്ട്
ഒരു വക്ക് ഉണ്ടാക്കി. ധൂപപീഠം ചുമക്കേണ്ട
തിനു തണ്ടു ചെലുത്തുവാൻ വക്കിനു കീഴെ
വശങ്ങളിലുള്ള കോണിങ്കൽ ഓരോ പൊൻ
വളയം പിടിപ്പിച്ചു. തണ്ടുകൾ ഖദിരമരം
കൊണ്ടു ഉണ്ടാക്കി പൊന്നു പൊതിഞ്ഞു.
അവൻ സുഗന്ധതൈലക്കാരൻെറ വിദ്യ
പ്രകാരം അഭിഷേകത്തിനുള്ള വിശുദ്ധതൈ
ലവും ശുദ്ധമായ ധൂപവർഗ്ഗവുമുണ്ടാക്കി.

അദ്ധ്യായം 38

ഖദിരമരംകൊണ്ട് ഹോമയാഗപീഠം
ഉണ്ടാക്കി. അതിൻെറ നീളം അഞ്ചു മുഴം;
വീതി അഞ്ചു മുഴം; അതു സമചതുര
മായിരുന്നു. അതിൻെറ ഉയരം മൂന്നു മുഴം.
അതുമായി ഒന്നായിരിക്കത്തക്കവണ്ണം
അതിൻെറ നാലു മൂലയിലും കൊമ്പുകൾ
ഉണ്ടാക്കി ഓടുകൊണ്ടു പൊതിഞ്ഞു. യാഗ
പീഠത്തിൻെറ എല്ലാ ഉപകരണങ്ങളും—
ചട്ടി, ചട്ടുകം, കലശം, മുൾക്കൊളുത്തു,
തീക്കലശം ഇവയെല്ലാം ഓടുകൊണ്ടു
ണ്ടാക്കി. അവൻ യാഗപീഠത്തിനു ഓടു
കൊണ്ടു വലപ്പണിയായ ഒരു ജാലം ഉണ്ടാ
ക്കി; അതു ചുററുപടിക്കു താഴെ യാഗപീഠ
ത്തിൻെറ പകുതിവരെ എത്തുന്നതായി
രുന്നു. തണ്ടു ചെലുത്തുവാൻ തക്കവണ്ണം
ഓട്ടുജാലത്തിൻെറ നാലു മൂലയ്ക്കും നാലു
വളയം വാർത്തു. ഖദിരമരംകൊണ്ടു തണ്ടു
കൾ ഉണ്ടാക്കി ഓടുകൊണ്ടു പൊതിഞ്ഞു.
യാഗപീഠം ചുമക്കുവാൻ തക്കവണ്ണം തണ്ടു
കൾ വളയങ്ങളിൽ ചെലുത്തി. യാഗപീഠം
പലകകൊണ്ടു പൊള്ളയായിട്ടാണ് ഉണ്ടാ 8
ക്കിയത്.

അവൻ പ്രാകാരം ഉണ്ടാക്കി. തെക്കുവശ 9
ത്തെ പ്രാകാരത്തിനു നേർത്ത ലിനൻ
കൊണ്ടുള്ള നൂറുമുഴം മറശ്ശീല; അതിനു 10
ഇരുപതു തൂണുകളും ഓടുകൊണ്ടുള്ള
ഇരുപതു ചുവടും; തൂണുകളുടെ കൊളു
ത്തും മേൽചുററുപടിയും വെള്ളികൊണ്ടു
ള്ളത്. വടക്കു വശത്തു നൂറു മുഴം മറശ്ശീ 11
ലയും അതിനു ഇരുപതു തൂണുകളും
തൂണുകൾക്ക് ഓടുകൊണ്ടുള്ള ഇരുപതു
ചുവടുകളും; തൂണുകളുടെ കൊളുത്തും
മേൽചുററുപടികളും വെള്ളികൊണ്ടുള്ളതാ
യിരുന്നു. പടിഞ്ഞാറു വശത്ത് അൻപതു 12
മുഴം മറശ്ശീല; അതിനു പത്തു തൂണും തൂണു
കൾക്കു പത്തു ചുവടും; തൂണുകളുടെ
കൊളുത്തും മേൽചുററുപടികളും വെള്ളി
കൊണ്ടായിരുന്നു. കിഴക്കു വശത്തു അൻപ 13
തു മുഴം മറശ്ശീല; വാതിലിൻെറ ഒരു വശത്തു 14
പതിനഞ്ചു മുഴം മറശ്ശീലയും അതിനു മൂന്നു
തൂണുകളും മൂന്നു ചുവടുകളും ഉണ്ടായി
രുന്നു. മറ്റേ വശത്തും അങ്ങനെതന്നെ. 15
ഇപ്രകാരം പ്രാകാരവാതിലിൻെറ ഇരുവശ
ങ്ങളിലും പതിനഞ്ചു മുഴം വീതം മറശ്ശീലയും
അതിനു മൂന്നു തൂണും മൂന്നു ചുവടും വീതം
ഉണ്ടായിരുന്നു. പ്രാകാരത്തിൻെറ മറശ്ശീല 16
മുഴുവൻ പിരിച്ച ലിനൻകൊണ്ട് ആയിരു
ന്നു. തൂണുകൾക്കുള്ള ചുവടു ഓടുകൊ 17
ണ്ടും കൊളുത്തും മേൽചുററുപടിയും
വെള്ളികൊണ്ടും കുമിഴുകൾ വെള്ളി പൊ
തിഞ്ഞവയും പ്രാകാരത്തിൻെറ തൂണുകൾ
എല്ലാം വെള്ളികൊണ്ടും മേൽചുററുപടി
യുള്ളവയും ആയിരുന്നു. പ്രാകാരവാതിലി 18
ൻെറ മറശ്ശീല നീലനൂൽ, ധൂമ്രനൂൽ, ചുവപ്പു
നൂൽ, ലിനൻ എന്നിവകൊണ്ടുള്ള ചിത്ര
ത്തയ്യലുള്ളതായിരുന്നു. അതിൻെറ നീളം
ഇരുപതു മുഴവും അതിൻെറ ഉയരമായ
വീതി പ്രാകാരത്തിൻെറ മറശ്ശീലയുടെ
കണക്കിൽ അഞ്ചു മുഴവുമായിരുന്നു.
അവയുടെ നാലു തൂണും നാലു ചുവടും 19
ഓടുകൊണ്ടും, കൊളുത്തും കുമിഴുകൾ
പൊതിഞ്ഞിരുന്ന തകിടും മേൽചുററുപടി
യും വെള്ളികൊണ്ടുമായിരുന്നു. വിശുദ്ധ 20
കൂടാരത്തിൻെറയും അതിനു ചുററുമുള്ള
പ്രാകാരത്തിൻെറയും കുററികളെല്ലാം
ഓടുകൊണ്ടുള്ളവയായിരുന്നു.

സാക്ഷിയുടെ കൂടാരമെന്ന വിശുദ്ധ 21
മന്ദിരത്തിൻെറ നിർമ്മാണത്തിനു വേണ്ടി
വന്ന ചെലവ് ഇതാണ്. മോശയുടെ കല്പന

പ്രകാരം, ലേവ്യരുടെ സേവനത്താൽ, അഹ
റോൻെറ പുത്രനായ ഈഥാമാർ കണക്കു
22 കൂട്ടിയതാണ് ഇത്. കർത്താവു മോശയോടു
കല്പിച്ചതെല്ലാം യഹൂദാഗോത്രത്തിൽ
ഹൂറിയുടെ പുത്രൻ ഊറിയുടെ പുത്രൻ
23 ബസലേൽ ഉണ്ടാക്കി. ദാൻഗോത്രത്തിൽ
അഹീമാസാക്കിൻെറ പുത്രനും കൊത്തു
പണിക്കാരനും വിദഗ്ദ്ധ ശില്പിയും ചിത്ര
ത്തയ്യൽപണിക്കാരനുമായ ഒഹോലിയാ
ബും ഉണ്ടായിരുന്നു.
24 വിശുദ്ധ സ്ഥലത്തിൻെറ എല്ലാ പണി
കൾക്കുമായി വഴിപാടു വന്നതും ഉപയോ
ഗിച്ചതുമായ സ്വർണ്ണം വിശുദ്ധ മന്ദിരത്തിലെ
തൂക്കപ്രകാരം ആകെ ഇരുപത്തൊൻപതു
താലന്തും എഴുന്നൂററി മുപ്പതു ശേക്കലും
25 ആയിരുന്നു. സഭയിൽ പേർവഴി ചാർത്ത
പ്പെട്ടിരുന്നവരുടെ വെള്ളി വിശുദ്ധമന്ദിര
ത്തിലെ തൂക്കപ്രകാരം നൂറു താലന്തും
ആയിരത്തെഴുന്നൂറെറഴുപത്തഞ്ചു ശേക്ക
26 ലുമായിരുന്നു. ഇരുപതു വയസ്സിനു മേൽ
പ്രായമുള്ളവരായി പേർവഴിചാർത്തപ്പെട്ടി
രുന്ന ആറു ലക്ഷത്തി മൂവായിരത്തിയ
ഞ്ഞുററൻപതു പേർ ആളൊന്നുക്ക് ഒരു
ബെക്കാ, അതായത്, വിശുദ്ധമന്ദിരത്തിലെ
തൂക്കപ്രകാരം അര ശേക്കൽ വീതം (കൊടു
27 ത്തതാണ് ഇത്). വിശുദ്ധ സ്ഥലത്തിൻെറ
യും മറശ്ശീലയുടെയും ചുവടു വാർക്കുന്ന
തിന് ചുവടൊന്നിന് ഒരു താലന്തു വീതം
നൂറു ചുവടിനു നൂറു താലന്തു വെള്ളി ചെല
28 വായി. ബാക്കിയുണ്ടായിരുന്ന ആയിര
ത്തെഴുന്നൂറെറഴുപത്തഞ്ചു ശേക്കൽകൊ
ണ്ടു കൊളുത്ത് ഉണ്ടാക്കുകയും കുമിഴുകൾ
പൊതിയുകയും മേൽചുറ്റുപടി ഉണ്ടാക്കു
29 കയും ചെയ്തു. വഴിപാടായി കിട്ടിയ ഓട്
എഴുപതു താലന്തും രണ്ടായിരത്തി നാനൂറു
30 ശേക്കലുമായിരുന്നു. അവൻ അതുപയോ
ഗിച്ച് സമാഗമനകൂടാരത്തിൻെറ വാതിലി
നുള്ള ചുവടുകളും യാഗപീഠവും അതിൻെറ
31 ഓട്ടുജാലവും യാഗപീഠത്തിൻെറ എല്ലാ
ഉപകരണങ്ങളും പ്രാകാരത്തിൻെറ ചുവടു
കളും പ്രാകാരവാതിലിനുള്ള ചുവടുകളും
വിശുദ്ധ കൂടാരത്തിൻെറ കുററികളും
പ്രാകാരത്തിൻെറ ചുററുമുള്ള കുററികളും
ഉണ്ടാക്കി.

അദ്ധ്യായം 39

കർത്താവു മോശയോടു കല്പിച്ചിരു
ന്നതുപോലെ നീല നൂൽ, ധൂമ്രനൂൽ,
ചുവപ്പുനൂൽ എന്നിവകൊണ്ട് അവൻ
വിശുദ്ധ സ്ഥലത്തെ ശുശ്രൂഷ നിർവ്വഹി
ക്കുവാൻ ശുശ്രൂഷാവസ്ത്രങ്ങളും അഹറോ
നുവേണ്ടി വിശുദ്ധ വസ്ത്രവും ഉണ്ടാക്കി.
സ്വർണ്ണം, നീലനൂൽ, ധൂമ്രനൂൽ, പിരിച്ച 2
ലിനൻ ഇവകൊണ്ട് അവൻ ഏഫോദ്
ഉണ്ടാക്കി. നീലനൂൽ, ധൂമ്രനൂൽ, ചുവപ്പു 3
നൂൽ, പിരിച്ച ലിനൻ ഇവയുടെ ഇടയിൽ
ചിത്രപ്പണിയായി നെയ്തെടുക്കത്തക്ക
വണ്ണം അവർ സ്വർണ്ണം അടിച്ചു നേർത്ത
തകിടുണ്ടാക്കി നൂലായി കണ്ടിച്ചെടുത്തു.
അതു തമ്മിൽ ഇണക്കുന്നതിന് അവർ 4
ചുമൽക്കണ്ടങ്ങൾ ഉണ്ടാക്കി രണ്ടററത്തും
ചേർത്തിരുന്നു. ഏഫോദിൻെറ വിചിത്രമായ 5
നടുക്കെട്ട് അതിൻെറ പണിയനുസരിച്ച്
അതിനോടു ചേർന്ന് ഒന്നായിരുന്നു. അത്
നീല നൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ, ലിനൻ
എന്നിവകൊണ്ട് ഉണ്ടാക്കി; കർത്താവു
മോശയോടു കല്പിച്ചിരുന്നതുപോലെ
തന്നെ.
ഇസ്രായേൽ മക്കളുടെ പേരുകൾ മുദ്ര 6
ക്കൊത്തായി കൊത്തിയ ഗോമേദകക്കല്ലു
കൾ അവൻ പൊൻതടങ്ങളിൽ പതിച്ചു.
ഇസ്രായേൽ പുത്രന്മാർക്കുള്ള സ്മാരക 7
ക്കല്ലുകളായി അവൻ അവ ഏഫോദിൻെറ
ചുമൽക്കണ്ടങ്ങളിൽ പിടിപ്പിച്ചു.
അവൻ ഏഫോദിൻെറ പണിപോലെ 8
ചിത്രപ്പണിയായി സ്വർണ്ണം, നീലനൂൽ,
ധൂമ്രനൂൽ, ചുവപ്പുനൂൽ, ലിനൻ എന്നിവ
കൊണ്ട് മാർചട്ട ഉണ്ടാക്കി. അതു സമ 9
ചതുരമായിരുന്നു. അവർ മാർചട്ട ഇരട്ട
യായി ഉണ്ടാക്കി; ഇരട്ടിച്ചിരിക്കുമ്പോൾ
അതിനു ഒരു ചാൺ നീളവും ഒരു ചാൺ
വീതിയുമുണ്ടായിരുന്നു. അവർ അതിൽ 10
നാലു നിര രത്നങ്ങൾ പതിച്ചു. ഒന്നാം നിര:
താമ്രമണി, പീതരത്നം, മരതകം. രണ്ടാം 11
നിര: മാണിക്യം, നീലക്കല്ലു, വജ്രം. മൂന്നാം 12
നിര: പത്മരാഗം, വൈഡൂര്യം, സുഗന്ധി 13
ക്കല്ലു. നാലാം നിര: ഗോമേദകം, പുഷ്പ
രാഗം, സൂര്യകാന്തം. ഇവ എല്ലാം പൊൻതട
ങ്ങളിൽ പതിച്ചിരുന്നു. ഈ കല്ലുകൾ ഇസ്രാ 14
യേൽ പുത്രന്മാരുടെ പേരുകളോടുകൂടെ
അവരുടെ പേരിന് ഒത്തവണ്ണം പന്ത്രണ്ട്
ആയിരുന്നു. ഓരോ ഗോത്രത്തിൻെറയും
പേര് ഓരോ കല്ലിൽ മുദ്രക്കൊത്തായി കൊ
ത്തിയിരുന്നു. മാർച്ചട്ടയ്ക്ക് തങ്കംകൊണ്ട് 15
മുറിച്ചു കൊത്തു പണിയായി സരപ്പളികളു
ണ്ടാക്കി. സ്വർണ്ണംകൊണ്ടു രണ്ടു വളയവും 16
രണ്ടു കണ്ണിയും ഉണ്ടാക്കി വളയങ്ങൾ
മാർചട്ടയുടെ രണ്ടററത്തും പിടിപ്പിച്ചു.
സ്വർണ്ണംകൊണ്ടുള്ള സരപ്പളികൾ രണ്ടും 17
അവർ മാർച്ചട്ടയുടെ അററത്തെ രണ്ടു വളയ

ത്തിലും കൊളുത്തി. സരപ്പളികൾ രണ്ടി
ന്റെയും അററം രണ്ടും രണ്ടു കണ്ണികളിലും
കൊളുത്തി. ഏഫോദിന്റെ ചുമൽക്കണ്ട
ത്തിന്മേൽ മുൻഭാഗത്തു പിടിപ്പിച്ചു. വേറെ
രണ്ടു കണ്ണികൾ സ്വർണ്ണംകൊണ്ടുണ്ടാക്കി,
മാർചട്ടയുടെ മറ്റേ രണ്ട് അറ്റത്തും ഏഫോ
ദിന്റെ കീഴറ്റത്തിനു നേരേ അകത്തുവശ
ത്തായി ഏഫോദിനോടു ചേർത്തു പിടി
20 പ്പിച്ചു. അവർ രണ്ടു പൊൻകണ്ണികൾകൂടെ
ഉണ്ടാക്കി, ഏഫോദിന്റെ ചുമൽക്കണ്ടങ്ങ
ളുടെ താഴത്തെ അററത്തു മുമ്പിലായി,
ചിത്രപ്പണിയായി നിർമ്മിച്ച നടുക്കെട്ടിനു
മീതെ പിടിപ്പിച്ചു. മാർച്ചട്ട നടുക്കെട്ടിനു
മേലേ ഇരിക്കുവാനും അതു ഏഫോദിൽ
ആടാതെയിരിക്കുന്നതിനും അവർ അതി
ന്റെ കണ്ണികൾ ഏഫോദിന്റെ കണ്ണികളു
മായി നീലനൂൽകൊണ്ടു കെട്ടി.
22 ഏഫോദിന്റെ അങ്കി മുഴുവൻ നീല
23 നൂൽകൊണ്ടു നെയ്തുണ്ടാക്കി. അങ്കിയുടെ
നടുവിൽ കവചത്തിന്റെ ദ്വാരംപോലെ
ഒരു ദ്വാരമുണ്ടാക്കി, അതു കീറിപ്പോകാ
തിരിക്കേണ്ടതിന് അതിനു ചുററും ഒരു നാട
24 പിടിപ്പിച്ചു. നീലനൂൽ, ധൂമ്രനൂൽ, ചുവപ്പു
നൂൽ, പിരിച്ച ലിനൻനൂൽ എന്നിവകൊണ്ട്
അങ്കിയുടെ വിളുമ്പിൽ മാതളപ്പഴങ്ങൾ
25 ഉണ്ടാക്കി. തങ്കംകൊണ്ടു മണികൾ ഉണ്ടാ
ക്കി അങ്കിയുടെ വിളുമ്പിൽ ചുററും മാതള
പ്പഴങ്ങൾക്ക് ഇടയിൽ മണികൾ പിടിപ്പിച്ചു.
26 ഒരു മണിയും ഒരു മാതളപ്പഴവും, ഒരു
മണിയും ഒരു മാതളപ്പഴവും എന്നിങ്ങനെ
ശുശ്രൂഷയ്ക്കുള്ള അങ്കിയുടെ വിളുമ്പിൽ
ചുറേറാടു ചുററും പിടിപ്പിച്ചു; കർത്താവു
മോശയോടു കല്പിച്ചതുപോലെതന്നെ.
27 അഹറോനും അവന്റെ പുത്രന്മാർക്കും
വേണ്ടി ലിനൻകൊണ്ടു നെയ്ത്തുപണി
28 യായ ഉടുപ്പും, ലിനൻകൊണ്ടു മുടിയും,
ലിനൻകൊണ്ട് ഭംഗിയുള്ള തലപ്പാവും,
29 പിരിച്ച ലിനൻകൊണ്ടു കാൽച്ചട്ടകളും
പിരിച്ച ലിനൻ നൂൽ, നീലനൂൽ, ധൂമ്ര
നൂൽ, ചുവപ്പുനൂൽ എന്നിവകൊണ്ട്
ചിത്രത്തയ്യലായ നടുക്കെട്ടും ഉണ്ടാക്കി;
കർത്താവു മോശയോടു കല്പിച്ചതു
പോലെതന്നെ.
30 അവർ തങ്കംകൊണ്ടു വിശുദ്ധ മുടിയുടെ
നെററിപ്പട്ടം ഉണ്ടാക്കി അതിന്മേൽ മുദ്ര
ക്കൊത്തായി "കർത്താവിനു വിശുദ്ധം"
31 എന്നെഴുതി. അതു മുടിയോടു ബന്ധിക്കു
വാൻ അതിൽ നീലനാട കോർത്തു;
കർത്താവു മോശയോടു കല്പിച്ചതു
പോലെതന്നെ.

അങ്ങനെ സമാഗമനകൂടാരമാകുന്ന 32
വിശുദ്ധ കൂടാരത്തിന്റെ പണി മുഴുവൻ
തീർന്നു. കർത്താവു മോശയോടു കല്പിച്ച
തുപോലെ ഇസ്രായേൽ മക്കൾ ചെയ്തു;
അപ്രകാരം എല്ലാം അവർ പ്രവർത്തിച്ചു.
അവർ വിശുദ്ധ കൂടാരം മോശയുടെ അടു
ക്കൽ കൊണ്ടുവന്നു. കൂടാരവും അതിലെ 33
എല്ലാ ഉപകരണങ്ങളും, കൊളുത്തു, പലക,
അന്താഴം, തൂണുകൾ, ചുവടുകൾ, ചുവ 34
പ്പിച്ച ആട്ടിൻതോൽകൊണ്ടുള്ള മൂടുശീല,
തഹുശൂതോൽകൊണ്ടുള്ള പുറമൂടി, മറ
യുടെ തിരശ്ശീല, സാക്ഷ്യത്തിന്റെ പെട്ടി, 35
അതിന്റെ തണ്ട്, കൃപാസനം, മേശ, അതി
ന്റെ എല്ലാ ഉപകരണങ്ങളും; കാഴ്ചയപ്പം, 36
തങ്കംകൊണ്ടുള്ള നിലവിളക്കു, ദീപങ്ങൾ, 37
അവയുടെ ഉപകരണങ്ങൾ, വിളക്കെണ്ണ, 38
പൊന്നുകൊണ്ടുള്ള ധൂപപീഠം, അഭിഷേക
തൈലം, സുഗന്ധധൂപവർഗ്ഗം, കൂടാരവാതി
ലിന്നുള്ള മറശ്ശീല, ഓടുകൊണ്ടുള്ള യാഗ 39
പീഠം, അതിന്റെ ഓട്ടുജാലം, തണ്ട്, അതി
ന്റെ എല്ലാ ഉപകരണങ്ങളും, തൊട്ടി, അതി 40
ന്റെ ചുവടു, പ്രാകാരവാതിലിന്റെ മറ
ശ്ശീല, അതിന്റെ കയറു, കുററി, സമാഗമന 41
കൂടാരത്തിലെ വിശുദ്ധസ്ഥലത്തിലെ
ശുശ്രൂഷയ്ക്കായി വിശേഷവസ്ത്രം, പുരോ
ഹിതശുശ്രൂഷയ്ക്കുള്ള അഹറോന്റെ
വിശുദ്ധവസ്ത്രം, അവന്റെ പുത്രന്മാരുടെ
വസ്ത്രം ഇവയെല്ലാം കർത്താവു മോശ 42
യോടു കല്പിച്ചിരുന്നപ്രകാരം ഉണ്ടാക്കി
ഇസ്രായേൽ മക്കൾ പണിയെല്ലാം പൂർത്തി
യാക്കി. മോശ പണികളെല്ലാം നോക്കി. 43
ഇതാ, കർത്താവു കല്പിച്ചതെല്ലാം കർത്താ
വു കല്പിച്ചതുപോലെതന്നെ അവർ ചെയ്തി
രിക്കുന്നു; മോശ അവരെ അനുഗ്രഹിച്ചു.

അദ്ധ്യായം 40

കർത്താവു മോശയോടു അരുളിച്ചെയ്തു:
ഒന്നാം മാസം ഒന്നാം ദിവസം നീ സമാഗമന 2
കൂടാരമായ വിശുദ്ധ കൂടാരം ഉയർത്തണം.
സാക്ഷ്യത്തിന്റെ പെട്ടി അതിനകത്തു വച്ചു 3
തിരശ്ശീല കൊണ്ടു മറയ്ക്കണം. നീ മേശ 4
കൊണ്ടുവന്ന് അതിന്മേൽ വയ്ക്കേണ്ട
സാധനങ്ങൾ ക്രമപ്പെടുത്തി വയ്ക്കണം.
നിലവിളക്കു കൊണ്ടുവന്നു ദീപങ്ങൾ
കത്തിക്കണം. സാക്ഷ്യത്തിന്റെ പെട്ടിയു 5
ടെ മുമ്പിൽ സ്വർണ്ണധൂപപീഠം സ്ഥാപിച്ച്
വിശുദ്ധകൂടാരത്തിന്റെ വാതിൽമറ
തൂക്കണം. സമാഗമനകൂടാരത്തിന്റെ 6
വാതിലിനു മുമ്പിൽ യാഗപീഠം സ്ഥാപി
ക്കണം. സമാഗമനകൂടാരത്തിനും യാഗപീഠ 7

ത്തിനും ഇടയ്ക്ക് തൊട്ടി വച്ച് അതിൽ
8 വെള്ളമൊഴിക്കണം. ചുററും പ്രാകാരം
നിവർത്തു പ്രാകാരവാതിലിൻെറ മറശ്ശീല
9 തൂക്കണം. നീ അഭിഷേകതൈലമെടുത്തു
കൂടാരവും അതിൽ ഉള്ള സകലവും അതി
ൻെറ എല്ലാ പാത്രങ്ങളും അഭിഷേകം
ചെയ്തു പവിത്രീകരിക്കണം; അതു വിശുദ്ധ
10 മായിത്തീരും. നീ ഹോമയാഗപീഠവും
അതിൻെറ എല്ലാ ഉപകരണങ്ങളും അഭി
ഷേകംചെയ്തു വിശുദ്ധീകരിക്കണം. ബലി
പീഠത്തെ വിശുദ്ധീകരിക്കുക. അതു അതി
11 വിശുദ്ധമായിരിക്കും. നീ തൊട്ടിയും അതി
ൻെറ ചുവടും അഭിഷേകം ചെയ്തു വിശു
12 ദ്ധീകരിക്കണം. അഹറോനെയും അവൻെറ
പുത്രന്മാരെയും സമാഗമനകൂടാരത്തിൻെറ
വാതിൽക്കൽ കൊണ്ടുവന്നു, അവരെ
13 വെള്ളംകൊണ്ടു കഴുകണം. അഹറോനെ
വിശുദ്ധ വസ്ത്രങ്ങൾ ധരിപ്പിക്കണം. അവ
നെ അഭിഷേകം ചെയ്തു പവിത്രീകരി
ക്കണം. അവൻ എനിക്കു പുരോഹിത
14 കർമ്മം ചെയ്യട്ടെ. അഹറോൻെറ മക്കളെയും
കൊണ്ടുവന്നു അവരെ അങ്കികൾ അണി
15 യിക്കണം. നിൻെറ സഹോദരനായ അഹ
റോനെ നീ അഭിഷേകംചെയ്തതുപോലെ
തന്നെ അവരെയും അഭിഷേകംചെയ്യണം.
അവർ എനിക്കു പുരോഹിതപൂജ ചെയ്യട്ടെ.
അവരുടെ ഈ അഭിഷേകം തലമുറതല
മുറയായി നിത്യമായി പൗരോഹിത്യത്തി
16 നായി ഭവിക്കട്ടെ. കർത്താവു അവനോടു
ആജ്ഞാപിച്ചതെല്ലാം മോശ ചെയ്തു.

17 രണ്ടാമാണ്ട് ഒന്നാം മാസം ഒന്നാം തീ
യതി ഞായറാഴ്ച കൂടാരം ഉയർന്നു. മോശ
18 കൂടാരം ഉയർത്തി അതിൻെറ പലകകളും
കൊളുത്തുകളും തൂണുകളും നിർത്തി.
19 കൂടാരത്തിൻെറ മുകളിൽ മൂടുശീല വിരി
ച്ചു. അതിനും ഉപരിയായി തോൽകൊ
ണ്ടുള്ള മൂടുവിരിയും വിരിച്ചു. കർത്താവു
മോശയോടു കല്പിച്ചതുപോലെതന്നെ.
20 പേടകത്തിനുള്ളിൽ സാക്ഷ്യപ്പലക വച്ചു
പെട്ടകത്തിൽ തണ്ടു ചെലുത്തി. പേടക
21 ത്തിൻെറ മീതെ കൃപാസനം വച്ചു. വാതിൽ
മറ എടുത്തു സാക്ഷ്യപ്പെട്ടകത്തിനു മുമ്പിൽ
വിരി തൂക്കി.

22 കൂടാരത്തിൽ തിരുനിവാസത്തിൻെറ
വടക്കു വശത്തു തിരശ്ശീലയ്ക്കു പുറത്തായി
മേശ സ്ഥാപിച്ചു. അതിന്മേൽ കർത്തൃസന്നി 23
ധിയിൽ ദൈവം മോശയോടു കല്പിച്ചതു
പോലെ അപ്പം അടുക്കി വച്ചു. കൂടാരത്തിൽ 24
മേശയ്ക്കു നേരെ തിരുനിവാസത്തിൻെറ
തെക്കു വശത്തു വിളക്കുതണ്ടു വയ്ക്കുക
യും കർത്തൃസന്നിധിയിൽ വിളക്കു കൊളു
ത്തുകയും ചെയ്തു. കർത്താവു മോശയോ 25
ടു കല്പിച്ചതുപോലെ കൂടാരത്തിൽ തിര 26
ശ്ശീലയുടെ മുൻവശത്തു സ്വർണ്ണധൂപപീഠം
വയ്ക്കുകയും അതിന്മേൽ സുഗന്ധധൂപ
വർഗ്ഗം അർപ്പിക്കുകയും ചെയ്തു. കർത്താവു 27
മോശയോടു കല്പിച്ചതുപോലെ മോശ 28
തിരുനിവാസത്തിൻെറ വാതിലിൽ തിരശ്ശീല
തൂക്കുകയും തിരുനിവാസത്തിൻെറ വാതി 29
ലിനു മുൻവശം ഹോമയാഗപീഠം സ്ഥാപി
ക്കുകയും ഹോമയാഗവും ഭോജനയാഗവും
അർപ്പിക്കുകയുംചെയ്തു. കർത്താവു മോശ 30
യോടു കല്പിച്ചതുപോലെ കൂടാരത്തിനും
യാഗപീഠത്തിനും ഇടയ്ക്കു തൊട്ടി വയ്ക്കു
കയും കഴുകുവാനുള്ള വെള്ളം അതിൽ ഒഴി
ക്കുകയും ചെയ്തു. മോശയും അഹറോനും 31
അവൻെറ പുത്രന്മാരും അവരുടെ കൈ
കാലുകൾ അതിൽ കഴുകിയിരുന്നു. അവർ 32
കൂടാരത്തിലേക്കു പ്രവേശിക്കുമ്പോഴും
യാഗപീഠത്തോടു അടുക്കുമ്പോഴും കൈ
കാലുകൾ കഴുകിയിരുന്നു. തിരുനിവാസ 33
ത്തിനും യാഗപീഠത്തിനും ചുററും പ്രാകാരം
ക്രമീകരിക്കുകയും പ്രാകാരവാതിൽക്കൽ
തിരശ്ശീല തൂക്കുകയും ചെയ്തു. അങ്ങനെ
മോശ ആ പ്രവർത്തനം പൂർത്തിയാക്കി.

മേഘം സമാഗമനകൂടാരത്തെ ആവര 34
ണംചെയ്തു. ദൈവതേജസ്സുകൊണ്ട് കൂടാരം
നിറഞ്ഞു. മേഘവും കർത്താവിൻെറ മഹി 35
മയും അതിന്മേൽ ആവസിക്കുകയും
കൂടാരത്തെ നിറയ്ക്കുകയും ചെയ്തതുകൊ
ണ്ട് മോശയ്ക്കു കൂടാരത്തിലേക്കു കടക്കു
വാൻ കഴിഞ്ഞില്ല, ഇസ്രായേൽ മക്കൾ 36
കൂടാരത്തിന്മേൽ നിന്ന് മേഘം ഉയരു
മ്പോൾ യാത്ര പുറപ്പെട്ടിരുന്നു. മേഘം ഉയർ 37
ന്നില്ല എങ്കിൽ, അതു ഉയരുന്ന നാൾവരെ
അവർ യാത്ര ചെയ്യാതെയിരുന്നു. ഇസ്രാ 38
യേല്യരുടെ എല്ലാ യാത്രകളിലും പകൽസമ
യത്തു കൂടാരത്തിന്മേൽ കർത്താവിൻെറ
മേഘവും രാത്രിയിൽ അഗ്നിയും അവ
രെല്ലാം കാൺകെത്തന്നെ ഉണ്ടായിരുന്നു.

ലേവ്യാ പുസ്തകം
(പുരോഹിതന്മാരുടെ പുസ്തകം)

അദ്ധ്യായം 1

കർത്താവ് സമാഗമനകൂടാരത്തിൽ നിന്ന് മോശയെ വിളിച്ച് അവനോടു കല്പിച്ചു: നീ ഇസ്രായേൽ മക്കളോടു പറയേണ്ടത്: നിങ്ങളിൽ ആരെങ്കിലും കർത്താവിനു വഴിപാടു കഴിക്കുന്നു എങ്കിൽ കാളകളോ ആടുകളോ ആയ ബലിമൃഗങ്ങളെ കൊണ്ടുവരണം.

അവൻ വഴിപാടായി മാടുകളിൽ ഒന്നിനെ ഹോമയാഗം കഴിക്കുന്നുവെങ്കിൽ ഊനമില്ലാത്തതിനെ അർപ്പിക്കണം; കർത്താവുമായി നിരപ്പാകുവാൻ അവൻ അതിനെ സമാഗമനകൂടാരത്തിന്റെ വാതില്ക്കൽ അർപ്പിക്കണം. അവൻ ഹോമയാഗമൃഗത്തിന്റെ തലയിൽ കൈവയ്ക്കണം; എന്നാൽ അതു അവനുവേണ്ടി പുണ്യത്തിനു ആകുവാൻ അവനു പര്യാപ്തമാകും. അവൻ കർത്തൃസന്നിധിയിൽ കാളക്കിടാവിനെ അറുക്കണം; അഹറോന്റെ പുത്രന്മാരായ പുരോഹിതന്മാർ അതിന്റെ രക്തം കൊണ്ടുവന്ന് സമാഗമനകൂടാരത്തിന്റെ വാതിൽക്കൽ ഉള്ള യാഗപീഠത്തിന്മേൽ ചുററും തളിക്കണം. അവൻ ഹോമയാഗമൃഗത്തെ തോലുരിച്ചു കഷണങ്ങളായി മുറിക്കണം. പുരോഹിതനായ അഹറോന്റെ പുത്രന്മാർ യാഗപീഠത്തിന്മേൽ തീ ഇട്ടു തീയുടെമേൽ വിറകു അടുക്കണം. പിന്നീട് അഹറോന്റെ പുത്രന്മാരായ പുരോഹിതന്മാർ കഷണങ്ങളും തലയും മേദസ്സും യാഗപീഠത്തിൽ തീയുടെ മേലുള്ള വിറകിന്മീതെ അടുക്കിവയ്ക്കണം. അതിന്റെ കുടലും കാലും അവൻ വെള്ളത്തിൽ കഴുകണം. പുരോഹിതൻ സകലവും യാഗപീഠത്തിന്മേൽ ഹോമയാഗമായി ദഹിപ്പിക്കണം; അതു കർത്താവിന് സൌരഭ്യവാസനയായ ദഹനയാഗം.

ഹോമയാഗത്തിനുള്ള അവന്റെ വഴിപാടു ആട്ടിൻകൂട്ടത്തിലെ ഒരു ചെമ്മരിയാടോ കോലാടോ ആകുന്നുവെങ്കിൽ ഊനമില്ലാത്ത ആണിനെയാണ് അർപ്പിക്കേ
ണ്ടത്. അവൻ കർത്തൃസന്നിധിയിൽ യാഗ 11
പീഠത്തിന്റെ വടക്കുവശത്തുവച്ചു അതി
നെ അറുക്കണം; അഹറോന്റെ പുത്രന്മാ
രായ പുരോഹിതന്മാർ അതിന്റെ രക്തം
യാഗപീഠത്തിന്മേൽ ചുററും തളിക്കണം.
അവൻ അതിനെ തലയോടും മേദസ്സോടും 12
കൂടെ ഖണ്ഡംഖണ്ഡമായി മുറിക്കണം;
പുരോഹിതൻ അവയെ യാഗപീഠത്തിൽ
തീയുടെ മേലുള്ള വിറകിൻമീതെ അടുക്കി
വയ്ക്കണം. കുടലും കാലും അവൻ വെള്ള 13
ത്തിൽ കഴുകണം; പുരോഹിതൻ സകലവും
കൊണ്ടുവന്നു ഹോമയാഗമായി കർത്താ
വിന് സൌരഭ്യവാസനയായ ദഹനയാഗ
മായി യാഗപീഠത്തിന്മേൽ ദഹിപ്പിക്കണം.
കർത്താവിനുള്ള അവന്റെ വഴിപാടു 14
പക്ഷിജാതിയിൽ ഒന്നിനെക്കൊണ്ടുള്ള
ഹോമയാഗമാകുന്നുവെങ്കിൽ അവൻ
ചങ്ങാലിയെയോ പ്രാവിൻകുഞ്ഞിനെയോ
വഴിപാടായി അർപ്പിക്കണം. പുരോഹിതൻ 15
അതിനെ യാഗപീഠത്തിന്റെ അടുക്കൽ
കൊണ്ടുവന്നു തല പിരിച്ചു പറിച്ചു യാഗ
പീഠത്തിന്മേൽ ദഹിപ്പിക്കണം; അതിന്റെ
രക്തം യാഗപീഠത്തിന്റെ ചുമരിന്മേൽ
ചുററുമായി പിഴിഞ്ഞുകളയണം. അതിന്റെ 16
തീൻപണ്ടം മലത്തോടുകൂടെ പറിച്ചെടുത്തു
യാഗപീഠത്തിന്റെ അടുത്ത് കിഴക്കുവശ
ത്തു ചാരം ഇടുന്ന സ്ഥലത്തു ഇടണം.
അതിനെ രണ്ടാക്കാതെ ചിറകോടുകൂടെ 17
പിളർക്കണം; പുരോഹിതൻ അതിനെ
യാഗപീഠത്തിൽ തീയുടെ മേലുള്ള വിറ
കിൻമീതെ ദഹിപ്പിക്കണം; അതു ഹോമ
യാഗമായി കർത്താവിനു സൌരഭ്യവാസന
യായ ദഹനയാഗം.

അദ്ധ്യായം 2

ആരെങ്കിലും കർത്താവിന് ഭോജന 1
യാഗമായ വഴിപാടു കഴിക്കുമ്പോൾ അവ
ന്റെ കാഴ്ചവസ്തു നേരിയ മാവ് ആയിരി
ക്കണം; അവൻ അതിൽ എണ്ണ ഒഴിച്ചു
കുന്തുരുക്കവും ഇടണം. അഹറോന്റെ 2
പുത്രനായ പുരോഹിതന്റെ അടുക്കൽ

അതു കൊണ്ടുവരണം. അവൻ മാവും എണ്ണ
യും ഒരു കൈ നിറച്ചും കുന്തുരുക്കം മുഴു
വനും എടുക്കണം; പുരോഹിതൻ അതു
നിവേദ്യവാസനയായി യാഗപീഠത്തിന്മേൽ
ദഹിപ്പിക്കണം; അതു കർത്താവിനു സൌ
3 രഭ്യവാസനയായ ദഹനയാഗം. എന്നാൽ
ഭോജനയാഗത്തിന്റെ ശേഷിപ്പു അഹ
റോനും പുത്രന്മാർക്കും ഉള്ളതാകുന്നു.
കർത്താവിനുള്ള കാഴ്ചകളിൽ ഇതു അതി
വിശുദ്ധമത്രെ.
4 അടുപ്പിന്മേൽവച്ചു ചുട്ടതു നീ ഭോജന
യാഗമായി കഴിക്കുന്നു എങ്കിൽ അതു
നേരിയ മാവുകൊണ്ടുണ്ടാക്കിയതായി
എണ്ണ ചേർത്ത പുളിപ്പില്ലാത്ത അപ്പമോ
എണ്ണ പുരട്ടിയ പുളിപ്പില്ലാത്ത വടകളോ
5 ആയിരിക്കണം. നിന്റെ വഴിപാടു പാത്ര
ത്തിൽ ചുട്ട ഭോജനയാഗം ആകുന്നുവെ
ങ്കിൽ അതു എണ്ണ ചേർത്ത പുളിപ്പില്ലാത്ത
6 നേരിയ മാവുകൊണ്ടായിരിക്കണം. അതു
കഷണം കഷണമായി നുറുക്കി അതിന്മേൽ
7 എണ്ണ ഒഴിക്കണം; അതു ഭോജനയാഗം.
നിന്റെ വഴിപാടു ഉരുളിയിൽ ഉണ്ടാക്കിയ
ഭോജനയാഗം ആകുന്നുവെങ്കിൽ അതു
എണ്ണ ചേർത്ത നേരിയമാവുകൊണ്ടു
8 ഉണ്ടാക്കണം. ഇവകൊണ്ടു ഉണ്ടാക്കിയ
ഭോജനയാഗം നീ കർത്താവിന് അർപ്പി
ക്കണം; അതു പുരോഹിതന്റെ അടുക്കൽ
കൊണ്ടുചെല്ലുകയും അയാൾ അതു യാഗ
പീഠത്തിങ്കൽ കൊണ്ടുപോകുകയും വേണം.
9 പുരോഹിതൻ ഭോജനയാഗത്തിന്റെ
ഓർമ്മയ്ക്കുള്ള അംശം എടുത്തു യാഗ
പീഠത്തിന്മേൽ ദൈവത്തിന് സൌരഭ്യ
വാസനയായ ദഹനയാഗമായി ദഹിപ്പി
10 ക്കണം. ഭോജനയാഗത്തിന്റെ ശേഷിപ്പു
അഹറോനും പുത്രന്മാർക്കും ഉള്ളതാണ്;
അതു കർത്താവിനു ദഹനയാഗങ്ങളിൽ
11 അതിവിശുദ്ധം. നിങ്ങൾ കർത്താവിനർപ്പി
ക്കുന്ന യാതൊരു ഭോജനയാഗവും പുളിപ്പു
ചേർത്തതായിരിക്കരുത്. പുളിമാവോ
തേനോ കർത്താവിന് ദഹനയാഗമായി
12 അർപ്പിക്കരുത്. അവ ആദ്യഫലങ്ങളുടെ
കാഴ്ചയായി കർത്താവിന് അർപ്പിക്കാം.
എങ്കിലും സൌരഭ്യവാസനയായി യാഗ
13 പീഠത്തിന്മേൽ അത് അർപ്പിക്കരുത്. നിന്റെ
ഭോജനയാഗത്തിനു ഉപ്പു ചേർക്കണം;
നിന്റെ ദൈവത്തിന്റെ നിയമത്തിൽ ഉപ്പു
ഭോജനയാഗത്തിന് ഇല്ലാതിരിക്കരുത്;
എല്ലാ കാഴ്ചയർപ്പണത്തിനും ഉപ്പു ചേർക്ക
14 ണം. നിന്റെ ആദ്യഫലങ്ങളുടെ ഭോജന
യാഗം കർത്താവിന് കഴിക്കുന്നുവെങ്കിൽ
കതിർ ചുട്ടു വീണ മണികൾ ആദ്യഫലങ്ങ
ളുടെ ഭോജനയാഗമായി അർപ്പിക്കണം.
അതിന്മേൽ എണ്ണയും കുന്തുരുക്കവും 15
ചേർക്കണം; അതു ഒരു ഭോജനയാഗ
മാകുന്നു. ഉതിർത്ത മണിയിലും എണ്ണ 16
യിലും അല്പവും കുന്തുരുക്കം മുഴുവനും
പുരോഹിതൻ ഓർമ്മയ്ക്കായി ദഹിപ്പിക്ക
ണം; അതു കർത്താവിന് ദഹനയാഗം
ആകുന്നു.

അദ്ധ്യായം 3

ഒരുവന്റെ കാഴ്ച സമാധാനയാഗം 1
ആകുന്നുവെങ്കിൽ, കന്നുകാലികളിൽ
ഒന്നിനെ അർപ്പിക്കുന്നുവെങ്കിൽ ആണാ
കട്ടെ പെണ്ണാകട്ടെ ഊനമില്ലാത്തതിനെ
അവൻ ദൈവസന്നിധിയിൽ അർപ്പിക്കണം.
തന്റെ വഴിപാടിന്റെ തലയിൽ അവൻ 2
കൈവച്ചു സമാഗമനകൂടാരത്തിന്റെ
വാതിൽക്കൽ വച്ചു അതിനെ അറുക്കണം;
അഹറോന്റെ പുത്രന്മാരായ പുരോഹിത
ന്മാർ അതിന്റെ രക്തം യാഗപീഠത്തിന്മേൽ
ചുററും തളിക്കണം. അവൻ സമാധാന 3
യാഗത്തിൽനിന്നു കുടൽ പൊതിഞ്ഞിരി
ക്കുന്ന മേദസ്സും കുടലിന്മേലിരിക്കുന്ന
സകല മേദസ്സും മൂത്രപിണ്ഡം രണ്ടും അവ 4
യുടെമേൽ കടിപ്രദേശത്തുള്ള മേദസ്സും
മൂത്രപിണ്ഡത്തോടുകൂടെ കരളിന്മേലുള്ള
നെയ്‌വലയും നീക്കി കർത്താവിന് ദഹന
യാഗമായി അർപ്പിക്കണം. അഹറോന്റെ 5
പുത്രന്മാർ യാഗപീഠത്തിൽ തീയുടെ മേലു
ള്ള വിറകിന്മേൽ ഹോമയാഗത്തിൻ മീതെ
അതു ദഹിപ്പിക്കണം; അതു കർത്താവിന്
സൌരഭ്യവാസനയായ ദഹനയാഗം
ആകുന്നു.
കർത്താവിന് സമാധാനയാഗമായുള്ള 6
കാഴ്ച ആകുന്നു എങ്കിൽ ആണായാലും
പെണ്ണായാലും ഊനമില്ലാത്തതിനെ അർപ്പി
ക്കണം. ഒരു കുഞ്ഞാടിനെ വഴിപാടു 7
ആയിട്ടു അർപ്പിക്കുന്നുവെങ്കിൽ അതിനെ
ദൈവസന്നിധിയിൽ കൊണ്ടുവരണം.
തന്റെ വഴിപാടിന്റെ തലയിൽ അവൻ 8
കൈവച്ചു സമാഗമനകൂടാരത്തിന്റെ മുമ്പാ
കെ അതിനെ അറുക്കണം; അഹറോന്റെ
പുത്രന്മാർ അതിന്റെ രക്തം യാഗപീഠ
ത്തിന്മേൽ ചുററും തളിക്കണം. അവൻ 9
സമാധാനയാഗത്തിൽനിന്നു അതിന്റെ
മേദസ്സും നട്ടെല്ലിൽനിന്നു പറിച്ചെടുത്ത
തടിച്ചവാൽ മുഴുവനും കുടൽ പൊതിഞ്ഞി
രിക്കുന്ന മേദസ്സും കുടലിന്മേലുള്ള സകല 10
മേദസ്സും മൂത്രപിണ്ഡം രണ്ടും അവയുടെ

മേൽ കടിപ്രദേശത്തുള്ള മേദസ്സും മൂത്ര
പിണ്ഡത്തോടുകൂടെ കരളിന്മേലുള്ള നെയ്
വലയും നീക്കി കർത്താവിനു ദഹനയാഗ
മായി അർപ്പിക്കണം. പുരോഹിതൻ അതു
യാഗപീഠത്തിന്മേൽ ദഹിപ്പിക്കണം.

അവൻെറ കാഴ്ചവസ്തു കോലാട്
ആകുന്നുവെങ്കിൽ അവൻ അതിനെ ദൈവ
സന്നിധിയിൽ കൊണ്ടുവരണം. അതിൻെറ
തലയിൽ അവൻ കൈവച്ചു സമാഗമന
കൂടാരത്തിൻെറ മുമ്പാകെ അതിനെ അറു
ക്കണം; അഹറോൻെറ പുത്രന്മാർ അതി
ൻെറ രക്തം യാഗപീഠത്തിന്മേൽ ചുററും
4 തളിക്കണം. അതിൽനിന്നു കുടൽ പൊതി
5 ഞ്ഞിരിക്കുന്ന മേദസ്സും കുടലിന്മേലുള്ള
സകല മേദസ്സും മൂത്രപിണ്ഡം രണ്ടും അവ
യുടെ മേൽ കടിപ്രദേശത്തുള്ള മേദസ്സും
മൂത്രപിണ്ഡങ്ങളോടുകൂടെ കരളിന്മേലുള്ള
നെയ്‌വലയും നീക്കി അവ കർത്താവിന്
ദഹനയാഗമായി തൻെറ വഴിപാടു അർപ്പി
5 ക്കണം. പുരോഹിതൻ അതു യാഗപീഠ
ത്തിന്മേൽ ദഹിപ്പിക്കണം; അതു സൌരഭ്യ
വാസനയായ ദഹനയാഗഭോജനം; മേദസ്സ്
7 മുഴുവനും കർത്താവിനുള്ളതാകുന്നു. മേദ
സ്സും രക്തവും ഭക്ഷിക്കരുത് എന്നുള്ളതു
നിങ്ങളുടെ സകല വാസസ്ഥലങ്ങളിലും
നിങ്ങൾക്കു തലമുറതലമുറയായി ശാശ്വത
നിയമം ആയിരിക്കണം.

അദ്ധ്യായം 4

1 ദൈവം മോശയോടു അരുളിച്ചെയ്തു:
2 നീ ഇസ്രായേൽ മക്കളോടു പറയുക:
ചെയ്യരുതെന്നു ദൈവം കല്പിച്ചിട്ടുള്ള വല്ല
കാര്യത്തെയും ആരെങ്കിലും ലംഘിച്ച്
3 വല്ലതും ചെയ്തുവെന്നിരിക്കട്ടെ. അഭിഷി
ക്തനായ പുരോഹിതൻ ജനത്തിന്മേൽ
കുററം വരത്തക്കവണ്ണം പാപം ചെയ്തു
വെങ്കിൽ താൻ ചെയ്ത പാപം നിമിത്തം
അവൻ ദൈവത്തിന് പാപയാഗമായി ഊന
മില്ലാത്ത ഒരു കാളക്കിടാവിനെ അർപ്പി
4 ക്കണം. അവൻ ആ കാളക്കിടാവിനെ സമാ
ഗമനകൂടാരത്തിൻെറ വാതിൽക്കൽ ദൈവ
സന്നിധിയിൽ കൊണ്ടുവന്നു കാളയുടെ
തലയിൽ കൈവച്ചു ദൈവസന്നിധിയിൽ
5 കാളയെ അറുക്കണം. അഭിഷിക്തനായ
പുരോഹിതൻ കാളയുടെ രക്തം കുറെ
എടുത്തു സമാഗമനകൂടാരത്തിൻെറ
6 വാതിൽക്കൽ കൊണ്ടുവരണം. പുരോഹി
തൻ രക്തത്തിൽ വിരൽ മുക്കി ദൈവ
സന്നിധിയിൽ വിശുദ്ധമന്ദിരത്തിൻെറ തിര
ശ്ശീലക്കു മുമ്പിൽ ഏഴു പ്രാവശ്യം തളി
ക്കണം. പുരോഹിതൻ രക്തം കുറെ ദൈവ 7
സന്നിധിയിൽ സമാഗമനകൂടാരത്തിലുള്ള
സുഗന്ധവർഗ്ഗ ധൂപപീഠത്തിൻെറ കൊമ്പു
കളിൽ പുരട്ടണം; കാളയുടെ ശേഷം രക്തം
മുഴുവനും സമാഗമനകൂടാരത്തിൻെറ
വാതിൽക്കൽ ഉള്ള ഹോമയാഗപീഠത്തി
ൻെറ ചുവട്ടിൽ ഒഴിച്ചുകളയണം. പാപ 8
യാഗത്തിനുള്ള കാളയുടെ സകല മേദസ്സും
കുടൽപൊതിഞ്ഞിരിക്കുന്ന മേദസ്സും കുട
ലിന്മേലുള്ള സകല മേദസ്സും അതിൽനിന്നു
മാററണം. മൂത്രപിണ്ഡം രണ്ടും അവയുടെ 9
മേൽ കടിപ്രദേശത്തുള്ള മേദസ്സും മൂത്ര
പിണ്ഡങ്ങളോടുകൂടെ കരളിന്മേലുള്ള
നെയ്‌വലയും അവൻ എടുത്ത് — സമാ 10
ധാന യാഗത്തിനുള്ള കാളയിൽനിന്നു
എടുത്തതുപോലെതന്നെ— പുരോഹിതൻ
ഹോമയാഗപീഠത്തിന്മേൽ അതു ദഹിപ്പി
ക്കണം. കാളയുടെ തോലും മാംസം മുഴു 11
വനും തലയും കാലുകളും കുടലും ചാണക
വുമായി കാളയെ മുഴുവനും അവൻ പാളയ 12
ത്തിനു പുറത്തു ചാരം ഇടുന്ന വെടിപ്പുള്ള
സ്ഥലത്തു കൊണ്ടുപോയി വിറക് അടുക്കി
തീയിട്ടു ചുട്ടുകളയണം; ചാരം ഇടുന്നിടത്തു
വച്ചു തന്നെ അതു ദഹിപ്പിക്കണം.

ഇസ്രായേൽ സഭ മുഴുവനും ലംഘനം 13
ചെയ്യുകയും ആ കാര്യം സഭ അറിയാതിരി
ക്കുകയും ദൈവകല്പനകളിൽ ഒന്നെങ്കി
ലും ചെയ്യാതിരിക്കുകയും അവർ കുററക്കാ
രായി തീരുകയും ചെയ്താൽ, അവർ 14
ചെയ്ത പാപം അറിയുകയും ചെയ്യുമ്പോൾ
സഭ ഒരു കാളക്കിടാവിനെ പാപയാഗമായി
അർപ്പിക്കണം; സമാഗമനകൂടാരത്തിൻെറ
മുമ്പാകെ അതിനെ കൊണ്ടു വന്നിട്ടു
സഭയിലെ മൂപ്പന്മാർ ദൈവസന്നിധിയിൽ
കാളയുടെ തലയിൽ കൈവച്ചിട്ട് ദൈവ 15
സന്നിധിയിൽ കാളയെ അറുക്കണം. അഭി
ഷിക്തനായ പുരോഹിതൻ കാളയുടെ 16
രക്തം കുറെ സമാഗമനകൂടാരത്തിൻെറ
വാതിൽക്കൽ കൊണ്ടുവരണം. പുരോഹി 17
തൻ രക്തത്തിൽ വിരൽ മുക്കി ദൈവ
സന്നിധിയിൽ തിരശ്ശീലക്കു മുമ്പിൽ ഏഴു
പ്രാവശ്യം തളിക്കണം. അവൻ സമാഗമന 18
കൂടാരത്തിൽ ദൈവസന്നിധിയിലുള്ള
പീഠത്തിൻെറ കൊമ്പുകളിൽ കുറെ പുര
ട്ടണം; ശേഷം രക്തം മുഴുവനും സമാഗമന
കൂടാരത്തിൻെറ വാതിൽക്കലുള്ള ഹോമ
യാഗപീഠത്തിൻെറ ചുവട്ടിൽ ഒഴിച്ചു കളയ
ണം. അതിൻെറ മേദസ്സു ഒക്കെയും അവൻ 19
അതിൽനിന്നു എടുത്തു യാഗപീഠത്തി
ന്മേൽ ദഹിപ്പിക്കണം. പാപയാഗത്തിനുള്ള 20

കാളയെ അവൻ ചെയ്തതുപോലെതന്നെ
ഈ കാളയെയും ചെയ്യണം; അങ്ങനെതന്നെ
ഇതിനെയും ചെയ്യണം; ഇങ്ങനെ പുരോഹി
തൻ അവർക്കുവേണ്ടി പ്രായശ്ചിത്തം
കഴിക്കണം; എന്നാൽ അതു അവരോടു
21 ക്ഷമിക്കപ്പെടും. പിന്നെ അവൻ കാളയെ
പാളയത്തിനു പുറത്തു കൊണ്ടുപോയി
മുമ്പ് കാളയെ ചുട്ടുകളഞ്ഞതുപോലെ
ഇതിനെയും ചുട്ടുകളയണം; ഇതു സഭയ്ക്കു
വേണ്ടിയുള്ള പാപയാഗമാകുന്നു.
22 ഒരു പ്രധാനി പാപം ചെയ്യുകയും, ചെയ്യ
രുതെന്നു തന്റെ ദൈവം കല്പിച്ചിട്ടുള്ള
വല്ല കാര്യവും ലംഘിച്ച് കുററക്കാരനായി
23 തീരുകയും ചെയ്താൽ അവൻ ചെയ്ത
പാപം അവനു ബോദ്ധ്യമാകുമ്പോൾ അ
വൻ ഊനമില്ലാത്ത ഒരു ആൺകോലാടി
24 നെ വഴിപാടായി കൊണ്ടുവരണം. അവൻ
ആടിന്റെ തലയിൽ കൈവച്ചു ദൈവസന്നി
ധിയിൽ ഹോമയാഗമൃഗത്തെ അറുക്കുന്ന
സ്ഥലത്തുവച്ചു അതിനെ അറുക്കണം;
25 അതു ഒരു പാപയാഗം. പിന്നെ പുരോഹി
തൻ പാപയാഗത്തിന്റെ രക്തം വിരൽ
കൊണ്ടു കുറെ എടുത്തു ഹോമയാഗപീഠ
ത്തിന്റെ കൊമ്പുകളിൽ പുരട്ടി ബാക്കി
രക്തം ഹോമയാഗപീഠത്തിന്റെ ചുവട്ടിൽ
26 ഒഴിച്ചു കളയണം. അതിന്റെ മേദസ്സു മുഴു
വനും അവൻ സമാധാനയാഗത്തിന്റെ
മേദസ്സുപോലെ യാഗപീഠത്തിന്മേൽ ദഹി
പ്പിക്കണം; ഇങ്ങനെ പുരോഹിതൻ അവ
ന്റെ പാപംനിമിത്തം അവനുവേണ്ടി പരി
ഹാരം നടത്തുന്നു. എന്നാൽ അതു അവ
നോടു ക്ഷമിക്കപ്പെടും.
27 ദേശത്തുള്ള ജനത്തിൽ ഒരുവൻ ചെയ്യ
രുതെന്നു ദൈവം കല്പിച്ചിട്ടുള്ള വല്ല കാര്യ
28 ത്തിലും അബദ്ധവശാൽ തെററു ചെയ്ത്
കുററക്കാരനായി തീർന്നാൽ പാപം അവ
നു ബോദ്ധ്യമാകുമ്പോൾ അവൻ ചെയ്ത
പാപം നിമിത്തം ഊനമില്ലാത്ത ഒരു പെൺ
കോലാടിനെ കാഴ്ചയായി കൊണ്ടുവരണം.
29 പാപയാഗമൃഗത്തിന്റെ തലയിൽ അവൻ
കൈവച്ചിട്ടു ഹോമയാഗം അറുക്കുന്ന
സ്ഥലത്തുവച്ചു പാപയാഗമൃഗത്തെ അറു
30 ക്കണം. പുരോഹിതൻ അതിന്റെ രക്തം
വിരൽകൊണ്ടു കുറെ എടുത്ത് ഹോമയാഗ
പീഠത്തിന്റെ കൊമ്പുകളിൽ തളിക്കണം.
ബാക്കിയുള്ള രക്തം മുഴുവൻ യാഗപീഠ
31 ത്തിന്റെ ചുവട്ടിൽ ഒഴിച്ചുകളയണം. അതി
ന്റെ മേദസ്സു സമാധാനയാഗത്തിൽ നിന്നു
മേദസ്സു എടുക്കുന്നതുപോലെ എടുത്തു
പുരോഹിതൻ യാഗപീഠത്തിന്മേൽ ദൈവ
ത്തിന് സൌരഭ്യവാസനയായി ദഹിപ്പി
ക്കണം; ഇങ്ങനെ പുരോഹിതൻ അവനു
വേണ്ടി പരിഹാരം നടത്തണം; എന്നാൽ
അതു അവനോടു ക്ഷമിക്കപ്പെടും.
അവൻ പാപയാഗമായി ഒരു ആട്ടിൻ 32
കുട്ടിയെ കൊണ്ടുവരുന്നുവെങ്കിൽ ഊന
മില്ലാത്ത പെണ്ണാടിനെ കൊണ്ടുവരണം.
പാപയാഗമൃഗത്തിന്റെ തലയിൽ അവൻ 33
കൈവച്ചു ഹോമയാഗമൃഗത്തെ അറുക്കു
ന്ന സ്ഥലത്തുവച്ചു അതിനെ പാപയാഗ
മായി അറുക്കണം. പുരോഹിതൻ പാപയാഗ 34
ത്തിന്റെ രക്തം വിരൽകൊണ്ടു കുറെ
എടുത്തു ഹോമയാഗപീഠത്തിന്റെ കൊ
മ്പുകളിൽ തളിച്ച് ശേഷം രക്തം യാഗപീഠ
ത്തിന്റെ ചുവട്ടിൽ ഒഴിച്ചുകളയണം. അതി 35
ന്റെ മേദസ്സു സമാധാനയാഗത്തിൽനിന്നു
ആട്ടിൻകുട്ടിയുടെ മേദസ്സു എടുക്കുന്നതു
പോലെ അവൻ എടുക്കണം; പുരോഹിതൻ
യാഗപീഠത്തിന്മേൽ ദൈവത്തിന്റെ ദഹന
യാഗങ്ങളെപ്പോലെ അവയെ ദഹിപ്പിക്ക
ണം; അവൻ ചെയ്ത പാപത്തിനു പുരോ
ഹിതൻ ഇങ്ങനെ പ്രായശ്ചിത്തം കഴി
ക്കണം; എന്നാൽ അതു അവനോടു
ക്ഷമിക്കപ്പെടും.

അദ്ധ്യായം 5

ഒരുവൻ സത്യവാചകം കേട്ടിട്ടു, താൻ 1
സാക്ഷിയായി കാണുകയോ അറിയുക
യോ ചെയ്തത് അറിയിക്കാതെ പാപം ചെ
യ്താൽ അവൻ തന്റെ പാപത്തിന് ഉത്തര 2
വാദിയത്രെ. ശുദ്ധിയില്ലാത്ത കാട്ടുമൃഗ
ത്തിന്റെ പിണമോ ശുദ്ധിയില്ലാത്ത നാട്ടു
മൃഗത്തിന്റെ പിണമോ ശുദ്ധിയില്ലാത്ത
ഇഴജാതിയുടെ പിണമോ ഇങ്ങനെ വല്ല
അശുദ്ധവസ്തുവും ഒരുവൻ സ്പർശിക്കു
കയും അതു മറന്നുപോകുകയും ചെയ്താൽ
അവൻ അശുദ്ധനും കുററക്കാരനുമാകുന്നു.
അല്ലെങ്കിൽ ഏതെങ്കിലും അശുദ്ധിയാൽ 3
അശുദ്ധനായ ഒരു മനുഷ്യന്റെ അശുദ്ധി
യെ ഒരുവൻ തൊടുകയും അതു അവൻ
വിസ്മരിക്കുകയും ചെയ്താൽ അതു അറി
യുമ്പോൾ അവൻ കുററക്കാരനാകും. അല്ലെ 4
ങ്കിൽ മനുഷ്യൻ നിർവ്വിചാരമായി സത്യം
ചെയ്യുന്നതുപോലെ ദോഷം ചെയ്യുവാനോ
ഗുണം ചെയ്യുവാനോ ഒരുവൻ തന്റെ
അധരങ്ങൾകൊണ്ടു നിർവ്വിചാരമായി
സത്യം ചെയ്യുകയും അതു അവൻ മറന്നി
രിക്കുകയും ചെയ്താൽ അവൻ അതു അറി
യുമ്പോൾ അങ്ങനെയുള്ള കാര്യത്തിൽ 5
അവൻ കുററക്കാരനാകും. അങ്ങനെയുള്ള

കാര്യത്തിൽ അവൻ പാപം ചെയ്യുമ്പോൾ
താൻ പാപം ചെയ്തു എന്നു അവൻ ഏററു
പറയണം. താൻ ചെയ്ത പാപം നിമിത്തം
അവൻ ദൈവത്തിന് അകൃത്യയാഗമായി
ചെമ്മരിയാട്ടിൻകുട്ടിയോ കോലാട്ടിൻകുട്ടി
യോ ആയ ഒരു പെണ്ണാടിനെ പാപയാഗ
മായി കൊണ്ടുവരണം; പുരോഹിതൻ അവ
ൻെറ പാപത്തിൽനിന്നു അവനു പരിഹാരം
കൊടുക്കണം. ആട്ടിൻകുട്ടിക്കു അവനു പ്രാ
പ്തിയില്ലെങ്കിൽ താൻ ചെയ്ത പാപം
നിമിത്തം അവൻ രണ്ടു ചെങ്ങാലിയെയോ
രണ്ടു പ്രാവിൻകുഞ്ഞിനെയോ ഒന്നിനെ
പാപയാഗമായും മറേറതിനെ ഹോമയാഗ
മായും ദൈവത്തിനായി അവയെ പുരോഹി
തൻെറ അടുക്കൽ കൊണ്ടുവരണം; അവൻ
പാപയാഗത്തിനുള്ളതിനെ മുമ്പെ അർപ്പിച്ച്
അതിൻെറ തല കഴുത്തിൽനിന്നു പിരിച്ചു
പറിക്കണം; എന്നാൽ രണ്ടായി പിളർക്കരുത്.
9 അവൻ പാപയാഗത്തിൻെറ രക്തം കുറെ
യാഗപീഠത്തിൻെറ ഭിത്തിയിൽ തളിക്കണം;
ശേഷം രക്തം യാഗപീഠത്തിൻെറ ചുവട്ടിൽ
പിഴിഞ്ഞു കളയണം; ഇതു പാപയാഗം.
10 രണ്ടാമത്തേതിനെ അവൻ നിയമപ്രകാരം
ഹോമയാഗമായി അർപ്പിക്കണം; ഇങ്ങനെ
പുരോഹിതൻ അവൻ ചെയ്ത പാപം
നിമിത്തം അവനു പരിഹാരം നൽകണം;
എന്നാൽ അതു അവനോടു ക്ഷമിക്കപ്പെടും.
11 രണ്ടു ചെങ്ങാലിക്കോ രണ്ടു പ്രാവിൻ
കുഞ്ഞിനോ അവനു പ്രാപ്തിയില്ലെങ്കിൽ
പാപം ചെയ്തവൻ പാപയാഗത്തിനു ഒരിട
ങ്ങഴി നേരിയ മാവു വഴിപാടായി കൊണ്ടു
വരണം; അത് പാപയാഗം ആകയാൽ
അതിന്മേൽ എണ്ണ ഒഴിക്കരുത്; കുന്തുരുക്കം
12 ഇടുകയും അരുത്. അവൻ അതു പുരോഹി
തൻെറ അടുക്കൽ കൊണ്ടുവരണം; പുരോ
ഹിതൻ അർപ്പണത്തിനായി അതിൽനിന്നും
കൈനിറച്ചെടുത്തു യാഗപീഠത്തിന്മേൽ
ദൈവത്തിനുള്ള ദഹനയാഗങ്ങളെപ്പോലെ
13 ദഹിപ്പിക്കണം; ഇതു പാപയാഗം. ഇങ്ങനെ
പുരോഹിതൻ ആ രീതിയിലുള്ള കാര്യ
ത്തിൽ അവൻ ചെയ്ത പാപം നിമിത്തം
അവനുവേണ്ടി പ്രായശ്ചിത്തം കഴിക്കണം;
എന്നാൽ അതു അവനോടു ക്ഷമിക്കപ്പെടും.
അതു ഭോജനയാഗംപോലെ പുരോഹിത
നുള്ളതായിരിക്കണം.
14 ദൈവം വീണ്ടും മോശയോടു അരുളി
15 ച്ചെയ്തു: ആരെങ്കിലും ദൈവിക വിശുദ്ധവസ്തു
ക്കളെ സംബന്ധിച്ചു അബദ്ധവശാൽ അതി
ക്രമം ചെയ്തു തെററുകാരനായിപ്പോയാൽ
അവൻ തൻെറ അകൃത്യത്തിനു വിശുദ്ധ
മന്ദിരത്തിലെ തൂക്കപ്രകാരം നീ മതിക്കുന്ന
വിലയ്ക്കുള്ള ഊനമില്ലാത്ത ഒരു ആട്ടുകൊ
ററനെ അകൃത്യയാഗമായി കർത്താവിനു
കൊണ്ടുവരണം. വിശുദ്ധവസ്തുക്കളെ 16
സംബന്ധിച്ചു താൻ തെററു ചെയ്തതിനു
പകരം മുതലും അതിനോടു അഞ്ചിലൊന്നു
കൂട്ടിയും അവൻ പുരോഹിതനു കൊടു
ക്കണം; പുരോഹിതൻ അകൃത്യയാഗത്തി
നുള്ള ആട്ടുകൊററനെക്കൊണ്ടു അവനു
വേണ്ടി പ്രായശ്ചിത്തം കഴിക്കണം;
എന്നാൽ അതു അവനോടു ക്ഷമിക്കും.
ചെയ്യരുതെന്നു ദൈവം കല്പിച്ചിട്ടുള്ള 17
ഏതെങ്കിലും കാര്യം ആരെങ്കിലും ലംഘി
ച്ചിട്ട് അവൻ അറിയാതിരുന്നാലും കുററ
ക്കാരനാകുന്നു; അവൻ തൻെറ പാപത്തി
നുത്തരവാദിയാകും. അവൻ അകൃത്യയാഗ 18
ത്തിനായി നിൻെറ നിർദ്ദേശംപോലെ ഊന
മില്ലാത്ത ഒരു ആട്ടുകൊററനെ പുരോഹി
തൻെറ അടുക്കൽ കൊണ്ടുവരണം; അവൻ
അബദ്ധവശാൽ ചെയ്തതും അറിയാതി
രുന്നതുമായ കുററത്തിനായി പുരോഹി
തൻ അവനുവേണ്ടി പ്രായശ്ചിത്തം കഴി
ക്കണം; എന്നാൽ അതു അവനോടു ക്ഷമി
ക്കപ്പെടും. ഇത് പാപത്തിനുവേണ്ടി അവൻ 19
ദൈവത്തിനു കൊണ്ടുവരുന്ന കാഴ്ച
യാകുന്നു.

അദ്ധ്യായം 6

ദൈവം പിന്നെയും മോശയോട് അരുളി 1
ച്ചെയ്തു: ആരെങ്കിലും കല്പന ലംഘിച്ച്
ദൈവത്തോട് അതിക്രമം ചെയ്ത്, തൻെറ 2
കൈവശം ഏല്പിച്ച വസ്തുവിനെയോ
പണയംവച്ചതിനെയോ മോഷണകാര്യ
ത്തെയോ സംബന്ധിച്ചു കൂട്ടുകാരനോടു
വ്യാജം പറയുകയോ കൂട്ടുകാരനോടു
വഞ്ചന ചെയ്യുകയോ, കാണാതെ പോയ 3
വസ്തു കണ്ടിട്ട് അതിനെക്കുറിച്ച് വ്യാജം
പറഞ്ഞ് മനുഷ്യൻ തെററു ചെയ്യുന്ന ഈ
കാര്യങ്ങളിലെല്ലാം കള്ളസത്യം ചെയ്യുക
യോ ചെയ്തിട്ട് അവൻ കുററക്കാരനാ 4
യാൽ താൻ മോഷ്ടിച്ചതോ വഞ്ചിച്ചെടു
ത്തതോ തൻെറ കൈവശം ഏൽപിച്ചതോ
കാണാതെപോയിട്ടു താൻ കണ്ടതോ താൻ 5
കള്ളസത്യം ചെയ്ത് എടുത്തതോ ആയ
തെല്ലാം മുതലോടു അഞ്ചിലൊന്നു കൂട്ടി
തിരികെ കൊടുക്കണം; അകൃത്യയാഗം കഴി
ക്കുന്ന ദിവസം അവൻ അതു ഉടമസ്ഥനു
കൊടുക്കണം. അകൃത്യയാഗത്തിനായിട്ടു
അവൻ നിൻെറ നിർദ്ദേശംപോലെ ഊനമി 6
ല്ലാത്ത ഒരു ആട്ടുകൊററനെ ദൈവത്തിനു

അകൃത്യയാഗമായി പുരോഹിതന്റെ
7 അടുക്കൽ കൊണ്ടുവരണം. പുരോഹിതൻ
ദൈവസന്നിധിയിൽ അവനുവേണ്ടി പ്രായ
ശ്ചിത്തം കഴിക്കണം; എന്നാൽ അവൻ
അകൃത്യമായി ചെയ്തതെല്ലാം അവനോടു
ക്ഷമിക്കപ്പെടും.

(വിശുദ്ധസ്ഥലത്തെ അഗ്നി നീ കെടു
ത്തരുത്)

8 ദൈവം വീണ്ടും മോശയോടു അരുളി
9 ചെയ്തത്: നീ അഹറോനോടും പുത്രന്മാ
രോടും കല്പിക്കേണ്ടത് എന്തെന്നാൽ:
ഹോമയാഗത്തിന്റെ നിയമം ഇതാകുന്നു:
ഹോമയാഗം രാത്രി മുഴുവനും പ്രഭാതംവരെ
യാഗപീഠത്തിന്മേലുള്ള വിറകിന്മേൽ ഇരി
ക്കുകയും യാഗപീഠത്തിലെ തീ അതിനാൽ
10 കത്തിക്കൊണ്ടിരിക്കുകയും വേണം. പുരോ
ഹിതൻ പഞ്ഞിനൂൽകൊണ്ടുള്ള അങ്കി
ധരിച്ച്, പഞ്ഞിനൂൽകൊണ്ടുള്ള ഉൾവസ്ത്ര
വും ധരിച്ച് യാഗപീഠത്തിന്മേൽ ഹോമയാഗം
ദഹിച്ചുണ്ടായ ചാരം എടുത്തു യാഗപീഠ
11 ത്തിന്റെ ഒരു വശത്തു ഇടണം. അവൻ
വസ്ത്രം മാറി വേറെ വസ്ത്രം ധരിച്ച് പാളയ
ത്തിനു പുറത്തു വെടിപ്പുള്ള ഒരു സ്ഥല
12 ത്തു ചാരം കൊണ്ടുപോകണം. യാഗപീഠ
ത്തിൽ തീ കെട്ടുപോകാതെ കത്തിക്കൊ
ണ്ടിരിക്കണം; പുരോഹിതൻ രാവിലെ
തോറും അതിന്മേൽ വിറകു കത്തിച്ചു
ഹോമയാഗം അടുക്കിവച്ചു അതിന്മീതെ
സമാധാനയാഗങ്ങളുടെ മേദസ്സു ദഹിപ്പി
13 ക്കണം. യാഗപീഠത്തിന്മേൽ തീ കെട്ടുപോ
കാതെ എപ്പോഴും കത്തിക്കൊണ്ടിരിക്കണം.
14 ഭോജനയാഗത്തിന്റെ നിയമം ഇതാകു
ന്നു: അഹറോന്റെ പുത്രന്മാർ ദൈവസന്നി
ധിയിൽ യാഗപീഠത്തിന്റെ മുമ്പിൽ അതു
15 അർപ്പിക്കണം. ഭോജനയാഗത്തിന്റെ നേരി
യമാവിൽ നിന്നും എണ്ണയിൽനിന്നും കൈ
നിറച്ചും ഭോജനയാഗത്തിന്മേലുള്ള കുന്തു
രുക്കം മുഴുവനും എടുത്തു അർപ്പണമായി
യാഗപീഠത്തിന്മേൽ കർത്താവിന് സൗരഭ്യ
16 വാസനയായി ദഹിപ്പിക്കണം. അതിന്റെ
ശേഷിപ്പു അഹറോനും പുത്രന്മാരും ഭക്ഷി
ക്കണം; ഒരു വിശുദ്ധസ്ഥലത്തുവച്ചു അതു
പുളിപ്പില്ലാത്തതായി ഭക്ഷിക്കണം. സമാഗമ
നകൂടാരത്തിന്റെ അങ്കണത്തിൽവച്ചു
17 അതു ഭക്ഷിക്കണം. അതു പുളിച്ച മാവുകൂട്ടി
ചുടരുത്; എന്റെ ദഹനയാഗങ്ങളിൽനിന്നു
അതു ഞാൻ അവർക്കു ഓഹരിയായി
കൊടുത്തിരിക്കുന്നു; അതു പാപയാഗംപോ
ലെയും അകൃത്യയാഗം പോലെയും അതി
18 വിശുദ്ധം. അഹറോന്റെ മക്കളിൽ എല്ലാ
പുരുഷന്മാർക്കും അതു ഭക്ഷിക്കാം; ദൈവ
ത്തിന്റെ ദഹനയാഗങ്ങളിൽ അതു നിങ്ങൾ
ക്കു തലമുറതലമുറയായി ശാശ്വതാവ
കാശം ആകുന്നു; അതിനെ തൊടുന്നവൻ
എല്ലാം വിശുദ്ധനായിരിക്കണം.

ദൈവം പിന്നെയും മോശയോടു അരുളി 19
ചെയ്തത്: അഹറോന് അഭിഷേകം കഴി 20
യുന്ന ദിവസം അവനും പുത്രന്മാരും ദൈവ
ത്തിനു കഴിക്കേണ്ട വഴിപാട്: ഒരു ഇടങ്ങഴി
നേരിയ മാവിൽ പാതി രാവിലെയും പാതി
വൈകുന്നേരവും നിരന്തരഭോജനയാഗ
മായി അർപ്പിക്കണം. അതു എണ്ണ ചേർത്തു 21
ചട്ടിയിൽ ചുടണം; അതു കുതിർത്തുകൊ
ണ്ടുവരണം; ചുട്ട കഷണങ്ങൾ ഭോജന
യാഗമായി കർത്താവിന് സൌരഭ്യവാസന
യായി അർപ്പിക്കണം. അവന്റെ പുത്രന്മാ 22
രിൽ അവനു പകരം അഭിഷേകം പ്രാപി
ക്കുന്ന പുരോഹിതനും അതു അർപ്പിക്കണം;
എന്നേക്കുമുള്ള നിയമമായി അതു മുഴു
വനും കർത്താവിനു ദഹിപ്പിക്കണം; പുരോ 23
ഹിതന്റെ ഭോജനയാഗം മുഴുവനും ദഹി
പ്പിക്കണം; അതു തിന്നരുത്.

ദൈവം പിന്നെയും മോശയോടു അരുളി 24
ചെയ്തതു: നീ അഹറോനോടും പുത്രന്മാ 25
രോടും പറയേണ്ടത്: പാപയാഗത്തിന്റെ
പ്രമാണം: ഹോമയാഗമൃഗത്തെ അറുക്കുന്ന
സ്ഥലത്തുവച്ചു പാപയാഗമൃഗത്തെയും
ദൈവസന്നിധിയിൽ അറുക്കണം; അതു
അതിവിശുദ്ധം. പാപത്തിനുവേണ്ടി അതു 26
അർപ്പിക്കുന്ന പുരോഹിതൻ അതു ഭക്ഷി
ക്കണം; സമാഗമനകൂടാരത്തിന്റെ അങ്കണ
ത്തിൽ ഒരു വിശുദ്ധ സ്ഥലത്തുവച്ചു ഭക്ഷി
ക്കണം. അതിന്റെ മാംസം തൊടുന്നവൻ 27
എല്ലാം വിശുദ്ധീകൃതൻ ആകും; അതിന്റെ
രക്തം ഒരു വസ്ത്രത്തിൽ തെറിച്ചാൽ അതു
വീണഭാഗം ഒരു വിശുദ്ധ സ്ഥലത്തുവച്ചു
കഴുകണം. അതു വേവിച്ച മൺപാത്രം
ഉടച്ചുകളയണം; ചെമ്പുകലത്തിൽ വേവിച്ചു 28
എങ്കിൽ അതു തേച്ചു വെള്ളം കൊണ്ടു കഴു
കണം. പുരോഹിതകുലത്തിലെ പുരുഷ 29
ന്മാരെല്ലാം അതു ഭക്ഷിക്കണം; അതു
അതിവിശുദ്ധം. എന്നാൽ വിശുദ്ധമന്ദിര 30
ത്തിൽ പ്രായശ്ചിത്തം കഴിക്കുവാൻ സമാ
ഗമനകൂടാരത്തിനകത്തു രക്തം കൊണ്ടു
വരുന്ന പാപയാഗത്തെ ഭക്ഷിക്കരുത്. അതു
തീയിൽ ഇട്ടു ചുട്ടുകളയണം.

അദ്ധ്യായം 7

അകൃത്യയാഗത്തിന്റെ പ്രമാണം: അതു 1
അതിവിശുദ്ധം. സമാധാനദഹനയാഗമൃഗ 2

ത്ത അറുക്കുന്ന സ്ഥലത്തുവച്ചു അകൃ
ൃയാഗമൃഗത്തെയും അറുക്കണം; അതി
ൻെറ രക്തം യാഗപീഠത്തിന്മേൽ ചുററും
ളിക്കണം. അതിൻെറ സകല മേദസ്സും
ടിച്ചവാലും കുടൽപൊതിഞ്ഞിരിക്കുന്ന
മദസ്സും മൂത്രപിണ്ഡം രണ്ടും അവയുടെ
മൽ കടിപ്രദേശത്തുള്ള മേദസ്സും മൂത്ര
ിണ്ഡങ്ങളോടുകൂടെ കരളിന്മേലുള്ള
നെയ്‌വലയും എടുത്തു പുരോഹിതൻ
യാഗപീഠത്തിന്മേൽ കർത്താവിനു ദഹന
യാഗമായി ദഹിപ്പിക്കണം; അതു അകൃത്യ
യാഗം. പുരോഹിതകുലത്തിലെ പുരുഷന്മാ
രെല്ലാം അതു ഭക്ഷിക്കണം; ഒരു വിശുദ്ധ
സ്ഥലത്തുവച്ചു അതു ഭക്ഷിക്കണം; അതു
അതിവിശുദ്ധം. പാപയാഗംപോലെതന്നെ
അകൃത്യയാഗവും ആകുന്നു; അവയ്ക്കു
പ്രമാണവും ഒന്നുതന്നെ; പ്രായശ്ചിത്തം
കഴിക്കുന്ന പുരോഹിതനു അതു അവകാശ
മാണ്. പുരോഹിതൻ ഒരുത്തൻെറ ഹോമ
യാഗം അർപ്പിക്കുമ്പോൾ അർപ്പിച്ച പുരോ
ഹിതനു ഹോമയാഗമൃഗത്തിൻെറ തോൽ
അവകാശമുണ്ട്. അടുപ്പത്തുവച്ചു ചുടുന്ന
ഭോജനയാഗവും ഉരുളിയിലും ചട്ടിയിലും
ഉണ്ടാക്കുന്നവയും അർപ്പിക്കുന്ന പുരോഹി
തനു ഉള്ളതാകുന്നു. എണ്ണ ചേർത്തതോ
ചേർക്കാത്തതോ ആയ സകല ഭോജന
യാഗവും അഹറോൻെറ സകല പുത്ര
ന്മാർക്കും ഒരുപോലെയുള്ളതാകുന്നു.

കർത്താവിനു അർപ്പിക്കുന്ന സമാ
ധാനയാഗത്തിൻെറ പ്രമാണം: അതിനെ
സ്തോത്രമായി അർപ്പിക്കുന്നു എങ്കിൽ
അവൻ സ്തോത്രയാഗത്തോടുകൂടെ എണ്ണ
ചേർത്ത പുളിപ്പില്ലാത്ത അപ്പങ്ങളും എണ്ണ
പുരട്ടിയ പുളിപ്പില്ലാത്ത വടകളും എണ്ണ
ചേർത്തു കുതിർത്ത നേരിയ മാവുകൊണ്ടു
ണ്ടാക്കിയ അപ്പങ്ങളും അർപ്പിക്കണം.
13 സ്തോത്രമായുള്ള സമാധാനയാഗത്തോടു
കൂടെ പുളിച്ച മാവുകൊണ്ടുള്ള അപ്പങ്ങളും
14 ഭോജനയാഗമായി അർപ്പിക്കണം. ആ എല്ലാ
വഴിപാടിലും അതാതിൽനിന്നു ഓരോന്ന്
ദൈവത്തിനു കാഴ്ചയായി അർപ്പിക്കണം;
അതു സമാധാനയാഗത്തിൻെറ രക്തം
തളിക്കുന്ന പുരോഹിതനുള്ളതാകുന്നു.
15 സ്തോത്രമായുള്ള സമാധാനയാഗത്തി
ൻെറ മാംസം, അർപ്പിക്കുന്ന ദിവസത്തിൽ
തന്നെ ഭക്ഷിക്കണം; അതിൽ ഒട്ടും പ്രഭാതം
16 വരെ ശേഷിപ്പിക്കരുത്. അർപ്പിക്കുന്ന യാഗം
ഒരു നേർച്ചയോ സ്വമേധാ ദാനമോ ആകു
ന്നുവെങ്കിൽ യാഗം അർപ്പിക്കുന്ന ദിവസ
ത്തിൽതന്നെ അതു ഭക്ഷിക്കണം; അതിൽ
ശേഷിപ്പുള്ളതു പിറേറ ദിവസവും ഭക്ഷി
ക്കാം. യാഗമാംസത്തിൽ മൂന്നാംദിവസം 17
വരെ ശേഷിക്കുന്നതു തീയിൽ ചുട്ടുകള
യണം. സമാധാനയാഗത്തിൻെറ മാംസ 18
ത്തിൽ ഏതാനും മൂന്നാംദിവസം ഭക്ഷിച്ചാൽ
അതു സ്വീകൃതമായിരിക്കയില്ല; അർപ്പി
ക്കുന്നവനു പ്രയോജനപ്പെടുകയുമില്ല;
അതു അറപ്പായിരിക്കും; അതു തിന്നുന്നവൻ
കുററക്കാരനാകും. ശുദ്ധിയില്ലാത്ത എന്തി 19
നെയെങ്കിലും തൊട്ടുപോയ മാംസം തിന്ന
രുത്. അതു തീയിൽ ചുട്ടുകളയണം; ശേഷം
മാംസമോ ശുദ്ധിയുള്ളവനെല്ലാം ഭക്ഷി
ക്കാം. എന്നാൽ അശുദ്ധനായിരിക്കെ 20
ആരെങ്കിലും ദൈവത്തിനുള്ള സമാധാന
യാഗങ്ങളുടെ മാംസം ഭക്ഷിച്ചാൽ അവൻ
ജനത്തിൽനിന്നു തള്ളപ്പെടണം. മനുഷ്യ 21
ൻെറ അശുദ്ധിയെയോ അശുദ്ധമൃഗത്തെ
യോ ശുദ്ധിയില്ലാത്ത എന്തെങ്കിലുമോ
ഇങ്ങനെ ശുദ്ധിയില്ലാത്ത യാതൊന്നിനെ
യും ആരെങ്കിലും സ്പർശിച്ചിട്ടു ദൈവത്തി
നുള്ള സമാധാനയാഗങ്ങളുടെ മാംസം തി
ന്നാൽ അവൻ അവൻെറ ജനത്തിൽ നിന്നു
തള്ളപ്പെടണം.

ദൈവം പിന്നെയും മോശയോടു അരുളി 22
ച്ചെയ്തതു: നീ ഇസ്രായേൽ മക്കളോടു പറ 23
യേണ്ടത്: ചെമ്മരിയാടിൻെറയോ കോലാടി
ൻെറയോ കാളയുടെയോ മേദസ്സു നിങ്ങൾ
അശേഷം ഭക്ഷിക്കരുത്. താനേ ചത്തതി 24
ൻെറ മേദസ്സും വന്യമൃഗങ്ങളാൽ ഭക്ഷിക്ക
പ്പെട്ടതിൻെറ മേദസ്സും മററ് എന്തിനെങ്കി
ലും ആകാം; ഭക്ഷിക്കുക മാത്രം അരുത്.
കർത്താവിനു ദഹനയാഗമായി അർപ്പിച്ച 25
മൃഗത്തിൻെറ മേദസ്സു ആരെങ്കിലും തിന്നാൽ
അവൻ അവൻെറ ജനത്തിൽനിന്നു നശിച്ചു
പോകും. നിങ്ങളുടെ വാസസ്ഥലങ്ങളിൽ 26
ഒരിടത്തും യാതൊരു പക്ഷിയുടെയും മൃഗ
ത്തിൻെറയും രക്തം നിങ്ങൾ ഭക്ഷിക്കരുത്.
വല്ല രക്തവും ഭക്ഷിക്കുന്നവൻ എല്ലാം 27
അവൻെറ ജനത്തിൽനിന്നു നശിച്ചു
പോകും.

ദൈവം പിന്നെയും മോശയോടു അരുളി 28
ച്ചെയ്തതു: നീ ഇസ്രായേൽ മക്കളോടു
പറയേണ്ടതു: കർത്താവിന് സമാധാന 29
യാഗം അർപ്പിക്കുന്നവൻ തൻെറ സമാ
ധാനയാഗത്തിൽ നിന്നു കർത്താവിനു
വഴിപാടു കൊണ്ടുവരണം. സ്വന്തം കയ്യാൽ 30
അവൻ അതു കർത്താവിൻെറ ദഹനയാഗ
മായി കൊണ്ടുവരണം; കർത്താവിൻെറ
സന്നിധിയിലേക്ക് വേർതിരിക്കപ്പെട്ടതായി
നെഞ്ചോടുകൂടെ മേദസ്സും കൊണ്ടുവരണം.

31 പുരോഹിതൻ മേദസ്സു യാഗപീഠത്തിന്മേൽ
ദഹിപ്പിക്കണം; എന്നാൽ നെഞ്ചു അഹ
32 റോനും പുത്രന്മാർക്കും ഇരിക്കണം. നിങ്ങ
ളുടെ സമാധാനയാഗങ്ങളിൽ വലത്തെ
കൈക്കുറകു പ്രത്യേക കാഴ്ചയായി നി
ങ്ങൾ പുരോഹിതന്റെ പക്കൽ കൊടുക്ക
33 ണം. അഹറോന്റെ പുത്രന്മാരിൽ സമാ
ധാനയാഗങ്ങളുടെ രക്തവും മേദസ്സും
അർപ്പിക്കുന്നവനുതന്നെ വലത്തെ കൈ
34 ക്കുറകു ഓഹരിയായിരിക്കണം. ഇസ്രാ
യേൽമക്കളുടെ സമാധാനയാഗങ്ങളിൽ
നിന്നു വേർതിരിച്ച നെഞ്ചും സമർപ്പിതമായ
കൈക്കുറകും ഞാൻ എടുത്തു പുരോഹി
തനായ അഹറോനും പുത്രന്മാർക്കും
ഇസ്രായേൽ മക്കളിൽ നിന്നുള്ള ശാശ്വതാ
വകാശമായി കൊടുത്തിരിക്കുന്നു.
35 ഇതു അഹറോനെയും പുത്രന്മാരെയും
കർത്താവിനു പുരോഹിത ശുശ്രൂഷ ചെയ്യു
വാൻ പ്രതിഷ്ഠിച്ചദിവസം മുതൽ കർത്താ
വിന്റെ ദഹനയാഗങ്ങളിൽനിന്നു അവർ
36 ക്കുള്ള ഓഹരി ആകുന്നു. ഇസ്രായേൽ
മക്കൾ അതു അവർക്കു കൊടുക്കണമെന്നു
താൻ അവരെ അഭിഷേകം ചെയ്തപ്പോൾ
ദൈവം കല്പിച്ചു; അതു അവർക്കു തല
മുറതലമുറയായി ശാശ്വതാവകാശം ആകു
37 ന്നു. ദഹനയാഗം, ഭോജനയാഗം, പാപ
യാഗം, അകൃത്യയാഗം, അഭിഷേകം, സമാ
ധാനയാഗം എന്നിവയെ സംബന്ധിച്ചുള്ള
38 പ്രമാണം ഇതുതന്നെ. കർത്താവിനു തങ്ങ
ളുടെ വഴിപാടുകൾ കഴിപ്പാൻ അവൻ ഇസ്രാ
യേൽ മക്കളോടു സീനായി മരുഭൂമിയിൽ
വച്ചു അരുളിച്ചെയ്ത ദിവസം ദൈവം
മോശയോടു സീനായിപർവ്വതത്തിൽ വച്ചു
ഇവ കല്പിച്ചു.

അദ്ധ്യായം 8

1 ദൈവം പിന്നെയും മോശയോടു: "നീ
അഹറോനെയും അവനോടുകൂടെ അവ
ന്റെ പുത്രന്മാരെയും വസ്ത്രം, അഭിഷേക
തൈലം, പാപയാഗത്തിനുള്ള കാള, രണ്ടു
ആട്ടുകൊററന്മാർ, കൊട്ടയിൽ പുളിപ്പില്ലാ
ത്ത അപ്പം എന്നിവയുമായി കൊണ്ടുവരി
3 കയും സഭയെ മുഴുവനും സമാഗമനകൂടാര
ത്തിന്റെ വാതിൽക്കൽ കൂട്ടുകയും ചെ
4 യ്ക" എന്നു കല്പിച്ചു. ദൈവം തന്നോടു
കല്പിച്ചതുപോലെ മോശ ചെയ്തു; സഭ
സമാഗമനകൂടാരത്തിന്റെ വാതിൽക്കൽ
5 വന്നുകൂടി. മോശ സഭയോടു: ദൈവം കല്പി
ച്ച കാര്യം ഇതാകുന്നു എന്നു പറഞ്ഞു.
6 മോശ അഹറോനെയും പുത്രന്മാരെയും
അടുക്കൽ വരുത്തി അവരെ വെള്ളംകൊ
ണ്ടു കഴുകി. അവനെ ഉള്ളങ്കി ഇടുവിച്ചു 7
നടുക്കെട്ടു കെട്ടിച്ചു അങ്കി ധരിപ്പിച്ചു
ഏഫോദ് ഇടുവിച്ചു ഏഫോദിന്റെ ചിത്ര
പ്പണിയായ നടുക്കെട്ടു കെട്ടിച്ചു അതിനാൽ
അര മുറുക്കി. അവനെ പതക്കം ധരിപ്പിച്ചു; 8
പതക്കത്തിൽ ഊറീമും തുമ്മീമും വച്ചു.
അവന്റെ തലയിൽ ശിരോവസ്ത്രം വച്ചു; 9
അതിന്റെ മേൽ മുൻവശത്തു വിശുദ്ധ
കിരീടം വച്ചു; ദൈവം മോശയോടു കല്പി
ച്ചതുപോലെതന്നെ. മോശ അഭിഷേക 10
തൈലം എടുത്തു കൂടാരവും അതിലുള്ള
തെല്ലാം അഭിഷേകം ചെയ്തു വിശുദ്ധീക
രിച്ചു. അതിൽ കുറെ അവൻ യാഗപീഠത്തി 11
ന്മേൽ ഏഴുപ്രാവശ്യം തളിച്ചു യാഗപീഠവും
അതിന്റെ ഉപകരണങ്ങളെല്ലാം തൊട്ടിയും
അതിന്റെ കാലും അഭിഷേകം ചെയ്തു
വിശുദ്ധീകരിച്ചു. അവൻ അഹറോന്റെ 12
തലയിൽ അഭിഷേകതൈലം ഒഴിച്ചു
അവനെ അഭിഷേകം ചെയ്തു വിശുദ്ധീ
കരിച്ചു. മോശ അഹറോന്റെ പുത്രന്മാരെ 13
വരുത്തി, അങ്കി ധരിപ്പിച്ചു, നടുക്കെട്ടു
കെട്ടിച്ചു ശിരോവസ്ത്രവും ഇടുവിച്ചു;
ദൈവം മോശയോടു കല്പിച്ചതുപോലെ
തന്നെ. അവൻ പാപയാഗത്തിനുള്ള കാള 14
യെ കൊണ്ടുവന്നു: പാപയാഗത്തിനുള്ള
കാളയുടെ തലയിൽ അഹറോനും പുത്ര
ന്മാരും കൈവച്ചു. അവൻ അതിനെ അറു 15
ത്തു; മോശ അതിന്റെ രക്തം എടുത്തു
വിരൽകൊണ്ടു യാഗപീഠത്തിന്റെ കൊമ്പു
കളിൽ ചുററും പുരട്ടി യാഗപീഠം ശുദ്ധീക
രിച്ചു; ശേഷം രക്തം യാഗപീഠത്തിന്റെ
ചുവട്ടിൽ ഒഴിച്ചു, അതിനുവേണ്ടി പ്രായ
ശ്ചിത്തം കഴിച്ചു അതിനെ ശുദ്ധീകരിച്ചു,
കുടലിന്മേലുള്ള സകല മേദസ്സും കരളി 16
ന്മേലുള്ള നെയ്‌വലയും മൂത്രപിണ്ഡം രണ്ടും
അവയുടെ മേദസ്സും മോശ എടുത്തു യാഗ
പീഠത്തിന്മേൽ ദഹിപ്പിച്ചു. എന്നാൽ കാള 17
യെയും അതിന്റെ തോൽ, മാംസം, ചാ
ണകം എന്നിവയെയും അവൻ പാളയ
ത്തിനു പുറത്തു തീയിൽ ചുട്ടുകളഞ്ഞു;
ദൈവം മോശയോടു കല്പിച്ചതുപോലെ 18
തന്നെ. അവൻ ഹോമയാഗത്തിനുള്ള
ആട്ടുകൊററനെയും കൊണ്ടുവന്നു:
അഹറോനും പുത്രന്മാരും ആട്ടുകൊററന്റെ
തലയിൽ കൈവച്ചു. അവൻ അതിനെ 19
അറുത്തു; മോശ അതിന്റെ രക്തം യാഗ
പീഠത്തിന്മേൽ ചുററും തളിച്ചു: ആട്ടുകൊററ 20
നെ കഷണങ്ങളായി ഖണ്ഡിച്ചു; മോശ
തലയും ഖണ്ഡങ്ങളും മേദസ്സും ദഹിപ്പിച്ചു.

അവൻ അതിന്റെ കുടലും കാലും വെള്ളം
കൊണ്ടു കഴുകി; മോശ ആട്ടുകൊററനെ
മുഴുവനും യാഗപീഠത്തിന്മേൽ ദഹിപ്പിച്ചു;
ഇതു സൗരഭ്യവാസനയായ ഹോമയാഗ
മായി കർത്താവിനുള്ള ദഹനയാഗം, ദൈവം
മോശയോടു കല്പിച്ചതുപോലെതന്നെ.
അവൻ പൂർത്തീകരണത്തിനുള്ള ആട്ടു
കൊററനായ മററെ ആട്ടുകൊററനെയും
കൊണ്ടുവന്നു; അഹറോനും പുത്രന്മാരും
ആട്ടുകൊററന്റെ തലയിൽ കൈവച്ചു.
അവൻ അതിനെ അറുത്തു; മോശ അതി
ന്റെ രക്തം കുറെ എടുത്തു അഹറോന്റെ
വലത്തെ കാതിന്മേലും വലത്തെ കൈയുടെ
പെരുവിരലിന്മേലും വലത്തെ കാലിന്റെ
പെരുവിരലിന്മേലും പുരട്ടി. അവൻ അഹ
റോന്റെ പുത്രന്മാരെയും വരുത്തി; മോശ
രക്തം കുറെ അവരുടെ വലത്തെ കാതി
ന്മേലും വലത്തെ കൈയുടെ പെരുവിരലി
ന്മേലും വലത്തെ കാലിന്റെ പെരുവിരലി
ന്മേലും പുരട്ടി; ശേഷം രക്തം മോശ യാഗ
പീഠത്തിന്മേൽ ചുററും തളിച്ചു. മേദസ്സും
തടിച്ച വാലും കുടലിന്മേലുള്ള സകല
മേദസ്സും കരളിന്മേലുള്ള നെയ്‌വലയും
മൂത്രപിണ്ഡം രണ്ടും അവയുടെ മേദസ്സും
വലത്തെ കൈക്കുറകും അവൻ എടുത്തു,
ദൈവസന്നിധിയിലുള്ള പുളിപ്പില്ലാത്ത
അപ്പം ഇരിക്കുന്ന കൊട്ടയിൽ നിന്നും
പുളിപ്പില്ലാത്ത ഒരു അപ്പവും എണ്ണയപ്പമായ
ഒരു അപ്പവും ഒരു വടയും എടുത്തു മേദ
സ്സിന്മേലുള്ള കൈക്കുറകിന്മേലും വച്ചു.
അവയൊക്കെയും അഹറോന്റെ കൈയി
ലും അവന്റെ പുത്രന്മാരുടെ കൈയിലും
വച്ചു കർത്താവിനായി അവരെ വേർതി
രിച്ചു. പിന്നെ മോശ അവയെ അവരുടെ
കൈയിൽനിന്നും എടുത്തു യാഗപീഠത്തി
ന്മേൽ ദഹിപ്പിച്ചു. ഇതു സൗരഭ്യവാസ
നയായ കരപൂരണയാഗം, യഹോവയ്ക്കു
ള്ള ദഹനയാഗം. മോശ അതിന്റെ നെഞ്ചു
എടുത്തു ദൈവ സന്നിധിയിൽ അർപ്പണം
ചെയ്തു; അതു കരപൂരണത്തിന്റെ
ആട്ടുകൊററനിൽ മോശയ്ക്കുള്ള ഓഹരി
ആയിരുന്നു; ദൈവം മോശയോടു കല്പി
ച്ചതുപോലെ തന്നെ. മോശ അഭിഷേക
തൈലവും യാഗപീഠത്തിന്മേലുള്ള രക്ത
വും കുറച്ച് എടുത്ത് അഹറോന്റെമേലും
അവന്റെ വസ്ത്രത്തിന്മേലും അവന്റെ
പുത്രന്മാരുടെ മേലും പുത്രന്മാരുടെ വസ്ത്ര
ത്തിന്മേലും തളിച്ചു; അഹറോനെയും
അവന്റെ വസ്ത്രത്തെയും അവന്റെ
പുത്രന്മാരെയും പുത്രന്മാരുടെ വസ്ത്രങ്ങ
ളെയും വിശുദ്ധീകരിച്ചു. അഹറോനോടും 31
അവന്റെ പുത്രന്മാരോടും മോശ പറഞ്ഞ
തു എന്തെന്നാൽ: നിങ്ങൾ സമാഗമനകൂടാര
ത്തിന്റെ വാതിൽക്കൽ വച്ചു മാംസം പാകം
ചെയ്തു, അഹറോനും പുത്രന്മാരും അതു
തിന്നേണമെന്നു എനിക്കു കല്പനയുണ്ടാ
യതുപോലെ അവിടെവച്ചു അതും കര
പൂരണത്തിന്റെ കൊട്ടയിൽ ഇരിക്കുന്ന
അപ്പവും ഭക്ഷിക്കുവിൻ. മാംസത്തിലും 32
അപ്പത്തിലും ശേഷിക്കുന്നതു നിങ്ങൾ
തീയിൽ ചുട്ടുകളയണം. നിങ്ങളുടെ കര 33
പൂരണദിവസങ്ങൾ തികയുവോളം നിങ്ങൾ
ഏഴുദിവസം സമാഗമനകൂടാരത്തിന്റെ
വാതിൽവിട്ടു പുറത്തു പോകരുത്; ഏഴു
ദിവസം അവൻ നിങ്ങൾക്കു കരപൂരണം
ചെയ്യും. നിങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം 34
കഴിക്കുവാൻ ഇന്നു ചെയ്തതുപോലെ
ഇനിയും ചെയ്യേണ്ടതിനു ദൈവം കല്പി
ച്ചിരിക്കുന്നു. ആകയാൽ നിങ്ങൾ മരിക്കാ 35
തിരിപ്പാൻ ഏഴു ദിവസം രാവും പകലും
സമാഗമനകൂടാരത്തിന്റെ വാതിൽക്കൽ
പാർത്ത് ദൈവകല്പന അനുസരിക്കണം;
ഇങ്ങനെ എന്നോടു കല്പിച്ചിരിക്കുന്നു.
ദൈവം മോശമുഖാന്തരം കല്പിച്ച സകല 36
കാര്യങ്ങളും അഹറോനും അവന്റെ പുത്ര
ന്മാരും ചെയ്തു.

അദ്ധ്യായം 9

എട്ടാം ദിവസം മോശ അഹറോനെയും 1
പുത്രന്മാരെയും ഇസ്രായേൽ മൂപ്പന്മാരെയും 2
വിളിച്ചു, അഹറോനോടു പറഞ്ഞതു: "നീ
പാപയാഗത്തിനായി ഊനമില്ലാത്ത ഒരു
കാളക്കുട്ടിയെയും ഹോമയാഗത്തിനായി
ഊനമില്ലാത്ത ഒരു ആട്ടുകൊററനെയും
എടുത്തു ദൈവസന്നിധിയിൽ അർപ്പിക്ക
ണം. എന്നാൽ ഇസ്രായേൽ മക്കളോടു നീ 3
പറയേണ്ടതു: ദൈവസന്നിധിയിൽ യാഗം
കഴിക്കേണ്ടതിനു നിങ്ങൾ പാപയാഗത്തി
നായി ഊനമില്ലാത്ത ഒരു കോലാടിനെയും
ഹോമയാഗത്തിനായി ഒരു വയസ്സു പ്രായ
മുള്ള ഊനമില്ലാത്ത ഒരു കാളക്കുട്ടിയെയും 4
ഒരു വയസ്സു പ്രായമുള്ള ഊനമില്ലാത്ത ഒരു
ചെമ്മരിയാട്ടിൻകുട്ടിയെയും സമാധാന
യാഗത്തിനായി ഒരു കാളയെയും ഒരു
ചെമ്മരിയാട്ടുകൊററനെയും എണ്ണചേർത്ത
ഭോജനയാഗത്തെയും എടുക്കണം; ദൈവം
ഇന്നു നിങ്ങൾക്കു പ്രത്യക്ഷനാകും." മോശ 5
കല്പിച്ചവ അവർ സമാഗമനകൂടാരത്തിനു
മുമ്പിൽ കൊണ്ടുവന്നു; സഭ മുഴുവനും
അടുത്തുവന്നു ദൈവസന്നിധിയിൽ നിന്നു.

6 അപ്പോൾ മോശ: നിങ്ങൾ ചെയ്യണമെന്നു
ദൈവം കല്പിച്ച കാര്യം ഇതു ആകുന്നു;
ദൈവതേജസ്സു നിങ്ങൾക്കു പ്രത്യക്ഷമാകും
7 എന്നു പറഞ്ഞു. അഹറോനോടു മോശ: നീ
യാഗപീഠത്തിന്റെ അടുക്കൽ ചെന്നു
ദൈവം കല്പിച്ചതുപോലെ നിന്റെ പാപ
യാഗവും ഹോമയാഗവും അർപ്പിച്ച് നിനക്കും
ജനത്തിനും വേണ്ടി പ്രായശ്ചിത്തം കഴിച്ച്
ജനത്തിന്റെ വഴിപാട് അർപ്പിച്ച് അവർക്കാ
യിട്ടും പ്രായശ്ചിത്തം കഴിക്ക എന്നു പറ
8 ഞ്ഞു. അങ്ങനെ അഹറോൻ യാഗപീഠ
ത്തിന്റെ അടുക്കൽ ചെന്നു തനിക്കുവേണ്ടി
പാപയാഗത്തിനുള്ള കാളക്കുട്ടിയെ അറു
9 ത്തു; അഹറോന്റെ പുത്രന്മാർ അതിന്റെ
രക്തം അവന്റെ അടുക്കൽ കൊണ്ടുവന്നു;
അവൻ രക്തത്തിൽ വിരൽ മുക്കി യാഗ
പീഠത്തിന്റെ കൊമ്പുകളിൽ പുരട്ടി; ശേഷം
രക്തം യാഗപീഠത്തിന്റെ ചുവട്ടിൽ ഒഴിച്ചു.
10 പാപയാഗത്തിന്റെ മേദസ്സും മൂത്രപിണ്ഡ
ങ്ങളും കരളിന്മേലുള്ള നെയ്‌വലയും അവൻ
യാഗപീഠത്തിന്മേൽ ദഹിപ്പിച്ചു; ദൈവം
മോശയോടു കല്പിച്ചതുപോലെതന്നെ.
11 അതിന്റെ മാംസവും തോലും അവൻ പാള
യത്തിനു പുറത്തു തീയിൽ ചുട്ടുകളഞ്ഞു.
12 അവൻ ഹോമയാഗത്തെയും അറുത്തു;
അഹറോന്റെ പുത്രന്മാർ അതിന്റെ രക്തം
അവന്റെ അടുക്കൽ കൊണ്ടുവന്നു; അവൻ
അതു യാഗപീഠത്തിന്മേൽ ചുററും തളിച്ചു.
13 അവർ ഖണ്ഡംഖണ്ഡമായി ഹോമയാഗവും
അതിന്റെ തലയും അവന്റെ അടുക്കൽ
കൊണ്ടുവന്നു; അവൻ അതു യാഗപീഠ
14 ത്തിന്മേൽ ദഹിപ്പിച്ചു. അവൻ അതിന്റെ
കുടലും കാലും കഴുകി യാഗപീഠത്തിന്മേൽ
15 ഹോമയാഗത്തിൻ മീതെ ദഹിപ്പിച്ചു. അവൻ
ജനത്തിന്റെ വഴിപാടു കൊണ്ടുവന്നു. ജന
ത്തിനുവേണ്ടി പാപയാഗത്തിനുള്ള കോലാ
ടിനെ പിടിച്ചു അറുത്തു മുമ്പേപ്പോലെ
16 പാപയാഗമായി അർപ്പിച്ചു. അവൻ ഹോമ
യാഗം കൊണ്ടുവന്നു അതും നിയമപ്രകാരം
17 അർപ്പിച്ചു. അവൻ ഭോജനയാഗം കൊണ്ടു
വന്നു അതിൽ നിന്നു കൈനിറച്ചു എടുത്ത്
രാവിലത്തെ ഹോമയാഗത്തിനു പുറമെ
18 യാഗപീഠത്തിന്മേൽ ദഹിപ്പിച്ചു. പിന്നെ
അവൻ ജനത്തിനുവേണ്ടി സമാധാനയാഗ
ത്തിനുള്ള കാളയെയും ചെമ്മരിയാട്ടു
കൊററനേയും അറുത്തു; അഹറോന്റെ
പുത്രന്മാർ അതിന്റെ രക്തം അവന്റെ
അടുക്കൽ കൊണ്ടുവന്നു; അവൻ അതു
19 യാഗപീഠത്തിന്മേൽ ചുററും തളിച്ചു. കാള
യുടെയും ആട്ടുകൊററന്റെയും മേദസ്സും
തടിച്ച വാലും കുടൽ പൊതിഞ്ഞിരിക്കുന്ന 20
മേദസ്സും മൂത്രപിണ്ഡങ്ങളും കരളിന്മേലുള്ള
നെയ്‌വലയും കൊണ്ടുവന്നു. അവർ മേദ
സ്സു നെഞ്ചുകണ്ടങ്ങളുടെ മേൽ വച്ചു;
അവൻ മേദസ്സു യാഗപീഠത്തിന്മേൽ ദഹി
പ്പിച്ചു. എന്നാൽ നെഞ്ചുകണ്ടങ്ങളും വല 21
ത്തെ കൈക്കുറകും മോശ കല്പിച്ചതു
പോലെ അഹറോൻ ദൈവസന്നിധിയിൽ
വേർതിരിച്ചു സമർപ്പിച്ചു. പിന്നെ അഹറോൻ 22
ജനത്തിനു നേരെ കൈ ഉയർത്തി അവരെ
ആശീർവദിച്ചു; പാപയാഗവും ഹോമയാഗ
വും സമാധാനയാഗവും അർപ്പിച്ചിട്ടു അവൻ
ഇറങ്ങിപ്പോന്നു. മോശയും അഹറോനും 23
സമാഗമനകൂടാരത്തിൽ കടന്നിട്ടു പുറത്തു
വന്നു ജനത്തെ ആശീർവദിച്ചു; അപ്പോൾ
ദൈവതേജസ്സു സകല ജനത്തിനും പ്രത്യ 24
ക്ഷമായി. ദൈവസന്നിധിയിൽനിന്നു തീ
പുറപ്പെട്ടു യാഗപീഠത്തിന്മേൽ ഉള്ള ഹോമ
യാഗവും മേദസ്സും ദഹിപ്പിച്ചു; ജനമെല്ലാം
അതു കണ്ടപ്പോൾ ആർത്തു സാഷ്ടാംഗം
വീണു.

അദ്ധ്യായം 10

അനന്തരം അഹറോന്റെ പുത്രന്മാരായ 1
നാദാബും അബീഹൂയും ഓരോ ധൂപക്കുററി
എടുത്ത് അതിൽ തീ ഇട്ട് അതിന്മേൽ
ധൂപവർഗ്ഗവും ഇട്ടു, അങ്ങനെ തങ്ങളോടു
കല്പിച്ചതല്ലാത്ത അന്യാഗ്നി ദൈവസന്നി 2
ധിയിൽ കൊണ്ടുവന്നു. ഉടനെ ദൈവസ
ന്നിധിയിൽനിന്നു തീ പുറപ്പെട്ടു അവരെ
ദഹിപ്പിച്ചുകളഞ്ഞു; അവർ ദൈവസന്നിധി
യിൽ മരിച്ചുപോയി. അപ്പോൾ മോശ: 3
എന്നോടു അടുക്കുന്നവരിൽ ഞാൻ
വിശുദ്ധീകരിക്കപ്പെടും; സർവ്വജനത്തിന്റെ
യും മുമ്പാകെ ഞാൻ മഹത്വപ്പെടും എന്നു
ദൈവം അരുളിച്ചെയ്തതു ഇതുതന്നെ
എന്ന് അഹറോനോടു പറഞ്ഞു. അഹറോ 4
നോ മിണ്ടാതിരുന്നു. പിന്നെ മോശ അഹ
റോന്റെ ഇളയപ്പൻ ഉസ്സീയേലിന്റെ
പുത്രന്മാരായ മീശായേലിനെയും എത്സാ
ഫാനെയും വിളിച്ചു അവരോടു: നിങ്ങൾ
അടുത്തു ചെന്നു നിങ്ങളുടെ സഹോദര
ന്മാരെ വിശുദ്ധമന്ദിരത്തിന്റെ മുമ്പിൽ
നിന്നു പാളയത്തിനു പുറത്തു കൊണ്ടു
പോകുവിൻ എന്നു പറഞ്ഞു. മോശ പറ 5
ഞ്ഞതുപോലെ അവർ അടുത്തുചെന്നു
അവരെ അവരുടെ അങ്കികളോടുകൂടെ
പാളയത്തിനു പുറത്തുകൊണ്ടുപോയി.
പിന്നെ മോശ അഹറോനോടും അവന്റെ 6
പുത്രന്മാരായ എലെയാസാറോടും ഈഥാ

ാരോടും: നിങ്ങൾ മരിക്കാതെയും സർവ്വ
സഭയുടെയും മേൽ കോപം വരാതെയും
ഇരിപ്പാൻ നിങ്ങളുടെ തലമുടി പിച്ചിപ്പറി
ക്കരുത്; നിങ്ങളുടെ വസ്ത്രം കീറുകയും
അരുത്; നിങ്ങളുടെ സഹോദരന്മാരായ
ഇസ്രായേൽ ഗൃഹം ദൈവം ദഹിപ്പിച്ച
ദഹനം നിമിത്തം കരയട്ടെ. നിങ്ങളോ മരിച്ചു
പോകാതിരിക്കേണ്ടതിനു സമാഗമനകൂടാ
രത്തിൻെറ വാതിൽ വിട്ടു പുറത്തുപോക
രുത്; ദൈവത്തിൻെറ അഭിഷേകതൈലം
നിങ്ങളുടെ മേൽ ഇരിക്കുന്നുവല്ലോ എന്നു
പറഞ്ഞു. അവർ മോശയുടെ വചനംപോലെ
തന്നെ ചെയ്തു.

ദൈവം അഹറോനോടു അരുളിച്ചെ
യ്തതു: നീയും നിൻെറ പുത്രന്മാരും മരിച്ചു
പോകാതിരിക്കേണ്ടതിനു സമാഗമനകൂടാര
ത്തിൽ കടക്കുമ്പോൾ വീഞ്ഞും മദ്യവും
കുടിക്കരുത്. ഇതു നിങ്ങൾക്കു തലമുറതല
മുറയായി എന്നേക്കുമുള്ള നിയമമായിരി
ക്കണം. ശുദ്ധവും അശുദ്ധവും മലിനവും
നിർമ്മലവും തമ്മിൽ നിങ്ങൾ വേർതിരി
ക്കേണ്ടതിനും ദൈവം മോശ മുഖാന്തരം
ഇസ്രായേൽമക്കളോടു കല്പിച്ചു. സകല
പ്രമാണങ്ങളും അവരെ ഉപദേശിക്കേണ്ട
തിനും തന്നെ.

അഹറോനോടും അവൻെറ പുത്രന്മാ
രായ എലെയാസാരോടും ഈഥാമാരോടും
മോശ പറഞ്ഞു: ദൈവത്തിൻെറ ദഹന
യാഗങ്ങളിൽ ശേഷിപ്പുള്ള ഭോജനയാഗം
നിങ്ങൾ എടുത്തു യാഗപീഠത്തിൻെറ
അടുക്കൽവച്ചു പുളിപ്പില്ലാത്തതായി ഭക്ഷി
പ്പിൻ; അതു അതിവിശുദ്ധം. അതു വിശുദ്ധ
സ്ഥലത്തുവച്ചു ഭക്ഷിക്കണം; കർത്താ
വിൻെറ ദഹനയാഗങ്ങളിൽ അതു നിന
ക്കുള്ള അവകാശവും നിൻെറ പുത്രന്മാർ
ക്കുള്ള അവകാശവും ആകുന്നു; ഇങ്ങനെ
എന്നോടു കല്പിച്ചിരിക്കുന്നു. സമർപ്പി
തമായ നെഞ്ചും കൈക്കുറകും നീയും
നിൻെറ പുത്രന്മാരും പുത്രിമാരും വെടിപ്പുള്ള
ഒരു സ്ഥലത്തുവച്ചു ഭക്ഷിക്കണം; ഇസ്രാ
യേൽ മക്കളുടെ സമാധാനയാഗങ്ങളിൽ
അവ നിനക്കുള്ള അവകാശവും നിൻെറ
മക്കൾക്കുള്ള അവകാശവുമായി നൽകി
യിരിക്കുന്നു. മേദസ്സിൻെറ ദഹനയാഗങ്ങ
ളോടുകൂടെ അവർ ദൈവസന്നിധിയിൽ
അർപ്പണം ചെയ്യേണ്ടതിനു അർപ്പണകൈ
ക്കുറകും നെഞ്ചും കൊണ്ടുവരണം; അതു
ദൈവം കല്പിച്ചതുപോലെ ശാശ്വതാവ
കാശമായി നിനക്കും നിൻെറ മക്കൾക്കും
ഇരിക്കണം.

പിന്നെ പാപയാഗമായ കോലാടിനെ 16
ക്കുറിച്ച് മോശ താല്പര്യമായി അന്വേഷി
ച്ചു; എന്നാൽ അതു ചുട്ടുകളഞ്ഞിരുന്നു;
അപ്പോൾ അവൻ അഹറോൻെറ ശേഷി
പ്പുള്ള പുത്രന്മാരായ എലെയാസാരോടും
ഈഥാമാരോടും കോപിച്ചു. പാപയാഗം 17
അതിവിശുദ്ധവും സഭയുടെ അകൃത്യം
നീക്കിക്കളയുവാനും അവർക്കുവേണ്ടി
ദൈവസന്നിധിയിൽ പ്രായശ്ചിത്തം കഴി
ക്കുവാനും നിങ്ങൾക്കു തന്നതുമായിരിക്കെ
നിങ്ങൾ അതു ഒരു വിശുദ്ധസ്ഥലത്തു വച്ചു
ഭക്ഷിക്കാഞ്ഞതു എന്ത്? അതിൻെറ രക്തം 18
വിശുദ്ധമന്ദിരത്തിനകത്തു കൊണ്ടു വന്നി
ല്ലല്ലോ; ഞാൻ ആജ്ഞാപിച്ചതു പോലെ
നിങ്ങൾ അതു ഒരു വിശുദ്ധ സ്ഥലത്തു വച്ചു
ഭക്ഷിക്കേണ്ടതായിരുന്നു എന്നു പറഞ്ഞു.
അപ്പോൾ അഹറോൻ മോശയോടു: ഇന്നു 19
അവർ തങ്ങളുടെ പാപയാഗവും ഹോമ
യാഗവും ദൈവസന്നിധിയിൽ അർപ്പിച്ചു;
എനിക്കു ഇങ്ങനെ ഭവിച്ചുവല്ലോ; ഇന്നു
ഞാൻ പാപയാഗം ഭക്ഷിച്ചു എങ്കിൽ അതു
കർത്താവിനു പ്രസാദമായിരിക്കുമോ
എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ മോശ 20
യ്ക്കു തൃപ്തിയായി.

അദ്ധ്യായം 11

ദൈവം പിന്നെയും മോശയോടും അഹ 1
റോനോടും അരുളിച്ചെയ്തു: നിങ്ങൾ 2
ഇസ്രായേൽ മക്കളോടു പറയേണ്ടതു:
ഭൂമിയിലുള്ള സകലമൃഗങ്ങളിലും നിങ്ങൾ
ക്കു ഭക്ഷിക്കാവുന്ന മൃഗങ്ങൾ ഇവ: മൃഗ 3
ങ്ങളിൽ കുളമ്പു പിളർന്നിരിക്കുന്നതും
കുളമ്പു രണ്ടായി പിരിഞ്ഞിരിക്കുന്നതും
അയവിറക്കുന്നതുമായതെല്ലാം നിങ്ങൾക്കു
തിന്നാം. എന്നാൽ അയവിറക്കുന്നവയിലും 4
കുളമ്പു പിളർന്നിരിക്കുന്നവയിലും നിങ്ങൾ
തിന്നരുതാത്തവ ഇവ: ഒട്ടകം; അയവിറക്കു
ന്നു എങ്കിലും കുളമ്പു പിളർന്നതല്ലായ്ക
കൊണ്ടു അതു നിങ്ങൾക്കു അശുദ്ധം. കുഴി 5
മുയൽ; അയവിറക്കുന്നു എങ്കിലും കുളമ്പു
പിളർന്നതല്ലായ്കകൊണ്ടു അതു നിങ്ങൾ
ക്കു അശുദ്ധം. മുയൽ; അയവിറക്കുന്നു 6
എങ്കിലും കുളമ്പു പിളർന്നതല്ലായ്കയാൽ
അതു നിങ്ങൾക്കു അശുദ്ധം. പന്നി; കുളമ്പു 7
പിളർന്നതായി കുളമ്പു രണ്ടായി പിരിഞ്ഞി
രിക്കുന്നതു തന്നെ എങ്കിലും അയവിറ
ക്കുന്നതല്ലായ്കയാൽ അതു നിങ്ങൾക്കു
അശുദ്ധം. ഇവയുടെ മാംസം നിങ്ങൾ ഭക്ഷി 8
ക്കരുതു; പിണം തൊടുകയും അരുതു; ഇവ
നിങ്ങൾക്കു അശുദ്ധം.

9 വെള്ളത്തിലുള്ള എല്ലാററിലുംവച്ചു
നിങ്ങൾക്കു തിന്നാവുന്നവ ഇവ: കടലുക
ളിലും നദികളിലും ഉള്ള വെള്ളത്തിൽ ചിറ
കും ചെതുമ്പലും ഉള്ളവ ഒക്കെയും നിങ്ങൾ
10 ക്കു തിന്നാം. എന്നാൽ കടലുകളിലും നദി
കളിലും ഉള്ള വെള്ളത്തിൽ ചലനം ചെയ്യു
ന്ന എല്ലാററിലും വെള്ളത്തിലുള്ള സകല
ജന്തുക്കളിലും ചിറകും ചെതുമ്പലുമില്ലാ
ത്തതു ഒക്കെയും നിങ്ങൾക്കു അശുദ്ധമായി
11 രിക്കണം. അവ നിങ്ങൾക്കു അശുദ്ധമായി
ത്തന്നെ ഇരിക്കണം; അവയുടെ മാംസം
തിന്നരുത്; അവയുടെ പിണം നിങ്ങൾക്കു
12 അശുദ്ധമായിരിക്കണം. ചിറകും ചെതുമ്പ
ലും ഇല്ലാതെ വെള്ളത്തിൽ ഉള്ളതെല്ലാം
നിങ്ങൾക്കു അശുദ്ധം ആയിരിക്കണം.

13 പക്ഷികളിൽ നിങ്ങൾക്കു അശുദ്ധമാ
യിരിക്കേണ്ടുന്നവ: അവയെ തിന്നരുത്; അവ
14 അശുദ്ധം ആകുന്നു: കഴുകൻ, ചെമ്പരുന്ത്,
കടൽറാഞ്ചൻ, ഗൃദ്ധ്രം, പലതരം പരുന്ത്,
16 പലതരം കാക്ക, ഒട്ടകപ്പക്ഷി, പുള്ള്, കടൽ
18 കാക്ക, പലതരം പ്രാപ്പിടിയൻ, നത്തു, നീർ
19 ക്കാക്ക, കൂമൻ, മൂങ്ങ, വേഴാമ്പൽ, കുടുമ്മ
ച്ചാത്തൻ, പെരിഞ്ഞാറ, പലതരം കൊക്ക്,
കുളക്കോഴി, നരിച്ചീർ എന്നിവയും.

20 ചിറകുള്ള ഇഴജാതിയിൽ നാലുകാൽ
കൊണ്ടു നടക്കുന്നത് എല്ലാം നിങ്ങൾക്കു
21 അശുദ്ധമായിരിക്കണം. എങ്കിലും ചിറകുള്ള
ഇഴജാതിയിൽ നാലുകാലിൽ നടക്കുന്ന
എല്ലാററിലും നിലത്തു കുതിക്കേണ്ടതിനു
കാലിന്മേൽ തുട ഉള്ളവയെ നിങ്ങൾക്കു
22 ഭക്ഷിക്കാം. ഇവയിൽ പലതരം വെട്ടുക്കിളി,
വിട്ടിൽ, ചീവീടു, തുള്ളൻ എന്നിവയെ
23 നിങ്ങൾക്കു ഭക്ഷിക്കാം. ചിറകും നാലുകാലു
മുള്ള ശേഷം ഇഴജാതി എല്ലാം നിങ്ങൾക്കു
അശുദ്ധമായിരിക്കണം.

24 അവയാൽ നിങ്ങൾ അശുദ്ധരാകും;
അവയുടെ പിണം തൊടുന്നവനെല്ലാം
സന്ധ്യവരെ അശുദ്ധൻ ആയിരിക്കണം.
25 അവയുടെ പിണം വഹിക്കുന്നവനെല്ലാം
വസ്ത്രം അലക്കി സന്ധ്യവരെ അശുദ്ധനാ
26 യിരിക്കണം. കുളമ്പു പിളർന്നതെങ്കിലും
കുളമ്പു രണ്ടായി പിരിയാതെയും അയവിറ
ക്കാതെയും ഇരിക്കുന്ന സകല മൃഗവും
നിങ്ങൾക്കു അശുദ്ധം; അവയെ തൊടുന്ന
27 വനെല്ലാം അശുദ്ധൻ ആയിരിക്കണം. നാലു
കാൽകൊണ്ടു നടക്കുന്ന സകല മൃഗങ്ങ
ളിലും ഉള്ളങ്കാൽ പതിച്ചുനടക്കുന്നവ
28 എല്ലാം നിങ്ങൾക്ക് അശുദ്ധം; അവയുടെ
പിണം തൊടുന്നവനെല്ലാം സന്ധ്യവരെ
അശുദ്ധൻ ആയിരിക്കണം. അവയുടെ
പിണം വഹിക്കുന്നവൻ വസ്ത്രം അലക്കി
സന്ധ്യ വരെ അശുദ്ധനായിരിക്കണം; അവ
നിങ്ങൾക്കു അശുദ്ധം.

നിലത്തു ഇഴയുന്ന ഇഴജാതിയിൽ 29
നിങ്ങൾക്കു അശുദ്ധമായവ ഇവ: പെരി 30
ച്ചാഴി, എലി, പലതരം ഉടുമ്പ്, അളുങ്കു, ഓന്ത്,
പല്ലി, അരണ, തുരവൻ. എല്ലാ ഇഴജാതി 31
യിലും ഇവ നിങ്ങൾക്കു അശുദ്ധം; അവ
ചത്തശേഷം അവയെ തൊടുന്നവനെല്ലാം
സന്ധ്യവരെ അശുദ്ധൻ ആയിരിക്കണം.
ചത്തശേഷം അവയിൽ ഒന്നു ഏതിന്മേൽ 32
എങ്കിലും വീണാൽ അതെല്ലാം അശുദ്ധ
മാകും; അതു മരപ്പാത്രമോ വസ്ത്രമോ
തോലോ ചാക്കുശീലയോ ഉപയോഗിക്കു
ന്ന പാത്രമോ എന്തായാലും വെള്ളത്തിൽ
ഇടണം; അതു സന്ധ്യവരെ അശുദ്ധമായി
രിക്കണം; പിന്നെ ശുദ്ധമാകും. അവയിൽ 33
യാതൊന്നെങ്കിലും ഒരു മൺപാത്രത്തിന
കത്തു വീണാൽ അതിനകത്തുള്ളതെല്ലാം
അശുദ്ധമാകും; നിങ്ങൾ അത് ഉടച്ചുകള
യണം. തിന്നുന്ന വല്ല സാധനത്തിന്മേലും 34
ആ വെള്ളം വീണാൽ അതു അശുദ്ധമാകും;
കുടിക്കുന്ന പാനീയവും ആ വക പാത്ര
ത്തിൽ ഉണ്ടെങ്കിൽ അതു അശുദ്ധമാകും.
അവയിൽ ഒന്നിൻെറ പിണം വല്ലതിന്മേലും 35
വീണാൽ അതെല്ലാം അശുദ്ധമാകും; അടു
പ്പോ തീച്ചട്ടിയോ ഇങ്ങനെ എന്തായാലും
അതു തകർത്തുകളയണം; അവ അശുദ്ധം
ആകുന്നു; അവ നിങ്ങൾക്കു അശുദ്ധം
ആയിരിക്കണം, എന്നാൽ നീരുറവും വെള്ള 36
മുള്ള കിണറും ശുദ്ധമായിരിക്കും; പിണം
തൊടുന്നവനോ അശുദ്ധനാകും. വിതയ്ക്കു 37
ന്ന വിത്തായ ധാന്യത്തിന്മേലും അവയിൽ
ഒന്നിൻെറ പിണം വീണാലും അതു ശുദ്ധ
മായിരിക്കും. എന്നാൽ വിത്തിൽ വെള്ളം 38
ഒഴിച്ചിട്ടു അവയിൽ ഒന്നിൻെറ പിണം
അതിന്മേൽ വീണാൽ അതു അശുദ്ധം.

നിങ്ങൾക്കു ഭക്ഷിക്കാവുന്ന ഒരു മൃഗം 39
ചത്താൽ അതിൻെറ പിണം തൊടുന്നവൻ
സന്ധ്യവരെ അശുദ്ധൻ ആയിരിക്കണം.
അതിൻെറ പിണം തിന്നുന്നവൻ വസ്ത്രം 40
അലക്കി സന്ധ്യവരെ അശുദ്ധനായിരിക്ക
ണം; അതിൻെറ പിണം വഹിക്കുന്നവനും
വസ്ത്രം അലക്കി സന്ധ്യവരെ അശുദ്ധനാ
യിരിക്കണം.

നിലത്തു ഇഴയുന്ന ഇഴജാതിയെല്ലാം 41
അറപ്പാകുന്നു; അതിനെ തിന്നരുത്. ഉരസ്സു 42
കൊണ്ടു ചരിക്കുന്നതും നാലുകാൽ
കൊണ്ടു നടക്കുന്നതും അല്ലെങ്കിൽ അനേ
കം കാലുള്ളതായി നിലത്തു ഇഴയുന്നതു

ായ യാതൊരു ഇഴജാതിയെയും നിങ്ങൾ
തിന്നരുത്; അവ അശുദ്ധമാകുന്നു. യാതൊ
രു ഇഴജാതിയെക്കൊണ്ടും സ്വയം അശുദ്ധ
രാക്കരുത്; അവയാൽ നിങ്ങൾ മലിനപ്പെടു
മാറു നിങ്ങളെത്തന്നെ അശുദ്ധമാക്കുകയും
അരുത്. ഞാൻ നിങ്ങളുടെ ദൈവമായ
കർത്താവ് ആകുന്നു; ഞാൻ വിശുദ്ധനാക
യാൽ നിങ്ങൾ നിങ്ങളെത്തന്നെ വിശുദ്ധീ
കരിച്ചു വിശുദ്ധന്മാരായിരിക്കണം; ഭൂമിയിൽ
ഇഴയുന്ന യാതൊരു ഇഴജാതിയാലും
നിങ്ങളെത്തന്നെ അശുദ്ധമാക്കരുത്. ഞാൻ
നിങ്ങൾക്കു ദൈവമായിരിക്കേണ്ടതിനു
നിങ്ങളെ മിസ്രയീം ദേശത്തുനിന്നു പുറപ്പെ
ടുവിച്ച ദൈവം ആകുന്നു; ഞാൻ വിശുദ്ധ
നാകയാൽ നിങ്ങളും വിശുദ്ധന്മാരായി
രിക്കണം.
ശുദ്ധവും അശുദ്ധവും തമ്മിലും ഭക്ഷി
ക്കാവുന്ന മൃഗത്തെയും തിന്നരുതാത്ത
മൃഗത്തെയും തമ്മിലും വകതിരിക്കേണ്ട
തിനു ഇതു മൃഗങ്ങളെയും പക്ഷികളെയും
വെള്ളത്തിൽ ചലിക്കുന്ന സകല ജന്തുക്ക
ളെയും നിലത്ത് ഇഴയുന്ന ജന്തുക്കളെയും
പററിയുള്ള പ്രമാണം ആകുന്നു.

അദ്ധ്യായം 12

പ്രസവിച്ച സ്ത്രീയെക്കുറിച്ച്: കർത്താവ്
മോശയോട് അരുളിച്ചെയ്തത്: നീ ഇസ്രാ
യേൽമക്കളോടു പറയേണ്ടത് എന്തെന്നാൽ:
ഒരു സ്ത്രീ ഗർഭംധരിച്ച് ആൺകുഞ്ഞിനെ
പ്രസവിച്ചാൽ അവൾ ഏഴുദിവസം അശുദ്ധ
യായിരിക്കണം; ഋതുവിൻെറ മാലിന്യകാല
ത്തെന്നപോലെ അവൾ അശുദ്ധയായി
രിക്കണം. എട്ടാം ദിവസം അവൻെറ അഗ്ര
ചർമ്മം പരിച്ഛേദന ചെയ്യണം. പിന്നെ
അവൾ മൂപ്പത്തിമൂന്നു ദിവസം തൻെറ
രക്തശുദ്ധീകരണത്തിൽ ഇരിക്കണം; അവ
ളുടെ ശുദ്ധീകരണകാലം തികയുന്നതു
വരെ അവൾ യാതൊരു വിശുദ്ധവസ്തുവും
തൊടരുത്; വിശുദ്ധമന്ദിരത്തിലേക്കു വരു
കയും അരുത്. പെൺകുഞ്ഞിനെ പ്രസവി
ച്ചാൽ അവൾ രണ്ടു ആഴ്ച ഋതുകാലത്തെ
ന്നപോലെ അശുദ്ധയായിരിക്കണം; പിന്നെ
അറുപത്താറുദിവസം തൻെറ രക്തശുദ്ധീ
കരണത്തിൽ ഇരിക്കണം; പിന്നെ മകനു
വേണ്ടിയോ മകൾക്കുവേണ്ടിയോ അവ
ളുടെ ശുദ്ധീകരണകാലം തികഞ്ഞശേഷം
അവൾ ഒരു വയസ്സു പ്രായമുള്ള ആട്ടിൻ
കുട്ടിയെ ഹോമയാഗത്തിനായും ഒരു
പ്രാവിൻകുഞ്ഞിനെയോ ഒരു കുറുപ്രാവി
നെയോ പാപയാഗത്തിനായും സമാഗമന
കൂടാരത്തിൻെറ വാതിൽക്കൽ പുരോഹി
തൻെറ അടുക്കൽ കൊണ്ടുവരണം. അവൻ 7
അതു ദൈവസന്നിധിയിൽ അർപ്പിച്ചു പ്രായ
ശ്ചിത്തം കഴിക്കണം; എന്നാൽ അവളുടെ
രക്തസ്രാവം നിന്നിട്ടു അവൾ ശുദ്ധയാകും.
ഇതു ആൺകുഞ്ഞിനെയോ പെൺകുഞ്ഞി
നെയോ പ്രസവിച്ചവൾക്കുള്ള പ്രമാണം.
ആട്ടിൻകുട്ടിക്കു അവൾക്കു കഴിവില്ലെങ്കിൽ 8
അവൾ രണ്ടു കുറുപ്രാവിനെയോ രണ്ടു
പ്രാവിൻകുഞ്ഞിനെയോ ഒന്നിനെ ഹോമ
യാഗത്തിനും മറെറതിനെ പാപയാഗത്തിനു
മായി കൊണ്ടുവരണം; പുരോഹിതൻ
അവൾക്കു വേണ്ടി പ്രായശ്ചിത്തം
കഴിക്കണം; എന്നാൽ അവൾ ശുദ്ധയാകും.

അദ്ധ്യായം 13

കുഷ്ഠരോഗിയെക്കുറിച്ച് ദൈവം മോശ 1
യോടും അഹറോനോടും അരുളിച്ചെയ്തു:
ഒരു മനുഷ്യൻെറ ത്വക്കിന്മേൽ തിണർപ്പോ 2
ചുണങ്ങോ വെളുത്ത പുള്ളിയോ ഇങ്ങനെ
കുഷ്ഠത്തിൻെറ പാടു കണ്ടാൽ അവനെ
പുരോഹിതനായ അഹറോൻെറ അടുക്ക
ലോ പുരോഹിതന്മാരായ അവൻെറ പുത്ര 3
ന്മാരിൽ ഒരുവൻെറ അടുക്കലോ കൊണ്ടു
വരണം. പുരോഹിതൻ ത്വക്കിന്മേൽ ഉള്ള
പാടു നോക്കണം; പാടിൻെറ അകത്തുള്ള
രോമം വെളുത്തതും പാടു ത്വക്കിനെക്കാൾ
കുഴിഞ്ഞതും ആയി കണ്ടാൽ അതു കുഷ്ഠ
ലക്ഷണം; പുരോഹിതൻ അവനെ നോക്കി
അശുദ്ധനെന്നു വിധിക്കണം. അവൻെറ 4
ത്വക്കിന്മേൽ പുള്ളി വെളുത്തതും ത്വക്കി
നെക്കാളും കുഴിഞ്ഞിരിക്കാത്തതും അതിന
കത്തുള്ള രോമം വെളുത്തിരിക്കാത്തതു
മായി കണ്ടാൽ പുരോഹിതൻ ആ ലക്ഷണ
മുള്ളവനെ ഏഴു ദിവസത്തേക്കു മുറിക്ക്
അകത്താക്കി അടയ്ക്കണം. ഏഴാംദിവസം 5
പുരോഹിതൻ അവനെ നോക്കണം; പാടു
ത്വക്കിന്മേൽ പരക്കാതെ, കണ്ട സ്ഥിതി
യിൽ നിൽക്കുന്നു എങ്കിൽ പുരോഹിതൻ 6
രണ്ടാംപ്രാവശ്യം അവനെ വീണ്ടും ഏഴു
ദിവസത്തേക്കു മുറിക്ക് അകത്താക്കി അട
യ്ക്കണം. ഏഴാം ദിവസം പുരോഹിതൻ
അവനെ വീണ്ടും നോക്കണം; വടു മങ്ങിയ
തായും ത്വക്കിന്മേൽ പരക്കാതെയും
കണ്ടാൽ പുരോഹിതൻ അവനെ ശുദ്ധി
യുള്ളവൻ എന്നു വിധിക്കണം; അതു ചുണ
ങ്ങത്രെ. അവൻ വസ്ത്രം അലക്കി ശുദ്ധി
യുള്ളവനായിരിക്കണം. അവൻ ശുദ്ധീകര 7
ണത്തിനായി തന്നെത്താൻ പുരോഹിതനെ
കാണിച്ചശേഷം ചുണങ്ങു ത്വക്കിന്മേൽ

അധികമായി പരന്നാൽ അവൻ പിന്നെയും
തന്നെത്താൻ പുരോഹിതനെ കാണിക്ക
8 ണം. ചുണങ്ങു ത്വക്കിന്മേൽ പരക്കുന്നു
എന്നു പുരോഹിതൻ കണ്ടാൽ പുരോഹി
തൻ അവനെ അശുദ്ധനെന്നു വിധിക്കണം;
അതു കുഷ്ഠംതന്നെ.
9 കുഷ്ഠത്തിൻെറ ലക്ഷണം ഒരു മനുഷ്യ
നിൽ ഉണ്ടായാൽ അവനെ പുരോഹിതൻെറ
10 അടുക്കൽ കൊണ്ടുവരണം. പുരോഹിതൻ
അവനെ നോക്കണം; ത്വക്കിന്മേൽ വെളുത്ത
തിണർപ്പുണ്ടായിരിക്കുകയും അതിലെ
രോമം വെളുത്തിരിക്കുകയും തിണർപ്പിൽ
11 പച്ചമാംസത്തിൻെറ ലക്ഷണം ഉണ്ടായിരി
ക്കുകയും ചെയ്താൽ അതു അവൻെറ ത്വക്കിൽ
പഴകിയ കുഷ്ഠം ആകുന്നു; പുരോഹിതൻ
അവനെ അശുദ്ധൻ എന്നു വിധിക്കണം;
അവൻ അശുദ്ധനാകകൊണ്ടു അവനെ
12 അകത്താക്കി അടയ്ക്കരുത്. കുഷ്ഠം
ത്വക്കിൽ അധികമായി പരന്നു രോഗിയുടെ
തലതൊട്ടു കാൽ വരെ പുരോഹിതൻ
കാണുന്നേടത്തൊക്കെയും വടു ത്വക്ക്
മുഴുവൻ മൂടിയിരിക്കുന്നുവെങ്കിൽ പുരോ
13 ഹിതൻ നോക്കണം; കുഷ്ഠം അവൻെറ
ദേഹം മുഴുവനും മൂടിയിരുന്നാൽ അവൻ
വടുവുള്ളവനെ ശുദ്ധിയുള്ളവനെന്നു വിധി
ക്കണം; മുഴുവൻ വെള്ളയായിത്തീർന്നു;
അവൻ ശുദ്ധിയുള്ളവൻ ആകുന്നു;
14 എന്നാൽ പച്ചമാംസം അവനിൽ കണ്ടാൽ
15 അവൻ അശുദ്ധൻ. പുരോഹിതൻ പച്ച
മാംസം നോക്കി അവനെ അശുദ്ധനെന്നു
16 വിധിക്കണം. പച്ചമാംസം അശുദ്ധം; അതു
കുഷ്ഠംതന്നെ. എന്നാൽ പച്ചമാംസം മാറി
വെള്ളയായിത്തീർന്നാൽ അവൻ പുരോ
17 ഹിതൻെറ അടുക്കൽ വരണം. പുരോഹി
തൻ അവനെ നോക്കണം. വടു വെള്ളയായി
തീർന്നുവെങ്കിൽ പുരോഹിതൻ വടുവുള്ള
വനെ ശുദ്ധിയുള്ളവനെന്നു വിധിക്കണം;
അവൻ ശുദ്ധിയുള്ളവൻതന്നെ.
18 ദേഹത്തിൽ വ്രണം ഉണ്ടായിരുന്നിട്ടു
19 സൌഖ്യമായശേഷം വ്രണത്തിൻെറ സ്ഥ
ലത്തു വെളുത്ത തിണർപ്പോ ചുവപ്പോടു
കൂടിയ വെളുത്ത പുള്ളിയോ ഉണ്ടായാൽ
അതു പുരോഹിതനെ കാണിക്കണം.
20 പുരോഹിതൻ അതു നോക്കണം. അതു
ത്വക്കിനെക്കാൾ കുഴിഞ്ഞതും അതിലെ
രോമം വെളുത്തതുമായി കണ്ടാൽ പുരോ
ഹിതൻ അവനെ അശുദ്ധനെന്നു പ്രഖ്യാപി
ക്കണം. അത് വ്രണത്തിൽനിന്നുണ്ടായ
21 കുഷ്ഠരോഗം. എന്നാൽ പുരോഹിതൻ
അതു നോക്കി അതിൽ വെളുത്ത രോമം
ഇല്ലാതെയും അത് ത്വക്കിനെക്കാൾ കുഴി
ഞ്ഞിരിക്കാതെയും നിറം മങ്ങിയും കണ്ടാൽ
പുരോഹിതൻ അവനെ ഏഴു ദിവസത്തേ
ക്കു മുറിക്ക് അകത്താക്കി അടയ്ക്കണം,
അതു ത്വക്കിന്മേൽ അധികം പരന്നാൽ 22
പുരോഹിതൻ അവനെ അശുദ്ധനെന്നു
വിധിക്കണം; അതു കുഷ്ഠലക്ഷണംതന്നെ.
എന്നാൽ വെളുത്ത പുള്ളി പരക്കാതെ 23
പൂർവ്വസ്ഥിതിയിൽ തന്നെ നിന്നുവെങ്കിൽ
അതു വ്രണത്തിൻെറ വടു അത്രെ. പുരോ
ഹിതൻ അവനെ ശുദ്ധനെന്നു വിധിക്കണം.
അല്ലെങ്കിൽ ശരീരത്തിൽ തീപ്പൊള്ളൽ 24
ഉണ്ടായി പൊള്ളലിൻെറ വടു ചുവപ്പോടു
കൂടി വെളുത്തോ വെളുത്തുതന്നെയോ ഇരി
ക്കുന്ന പുള്ളി ആയിത്തീർന്നാൽ പുരോഹി 25
തൻ അതു നോക്കണം; പുള്ളിയിലെ രോമം
വെള്ളയായിത്തീർന്നു ത്വക്കിനെക്കാൾ
കുഴിഞ്ഞു കണ്ടാൽ പൊള്ളലിൽ ഉണ്ടായ
കുഷ്ഠം; ആകയാൽ പുരോഹിതൻ അവനെ
അശുദ്ധനെന്നു വിധിക്കണം; അതു കുഷ്ഠ
ലക്ഷണംതന്നെ. എന്നാൽ പുരോഹിതൻ 26
അതു നോക്കിയിട്ട് പുള്ളിയിൽ വെളുത്ത
രോമം ഇല്ലാതെയും അതു ത്വക്കിനെക്കാൾ
കുഴിഞ്ഞിരിക്കാതെയും നിറം മങ്ങിയും
കണ്ടാൽ പുരോഹിതൻ അവനെ ഏഴു
ദിവസം മുറിക്ക് അകത്താക്കി അടയ്ക്കണം.
ഏഴാം ദിവസം പുരോഹിതൻ അവനെ നോ 27
ക്കണം; അതു ത്വക്കിന്മേൽ പരന്നിരുന്നാൽ
പുരോഹിതൻ അവനെ അശുദ്ധനെന്നു
വിധിക്കണം; അതു കുഷ്ഠ ലക്ഷണംതന്നെ.
എന്നാൽ പുള്ളി ത്വക്കിന്മേൽ പരക്കാതെ, 28
അതേ നിലയിൽതന്നെ നില്ക്കുകയും നിറം
മങ്ങിയിരിക്കുകയും ചെയ്താൽ അതു തീപ്പൊ
ള്ളലിൻെറ തിണർപ്പ് ആകുന്നു; പുരോഹി
തൻ അവനെ ശുദ്ധനെന്നു വിധിക്കണം;
അതു തീപ്പൊള്ളലിൻെറ തിണർപ്പത്രെ.
ഒരു പുരുഷനോ ഒരു സ്ത്രീക്കോ തല 29
യിലോ താടിയിലോ ഒരു വ്രണം ഉണ്ടായാൽ 30
പുരോഹിതൻ അതു നോക്കണം; അതു
ത്വക്കിനെക്കാൾ കുഴിഞ്ഞും അതിൽ പൊൻ
നിറമായ നേർമ്മയുള്ള രോമം ഉള്ളതായും
കണ്ടാൽ പുരോഹിതൻ അവനെ അശുദ്ധ
നെന്നു വിധിക്കണം; അത് ചുരങ്ങ് ആകു
ന്നു; തലയിലോ താടിയിലോ ഉള്ള കുഷ്ഠം
തന്നെ. പുരോഹിതൻ ചുരങ്ങിൻെറ പാടു 31
നോക്കുമ്പോൾ അതു ത്വക്കിനെക്കാൾ കുഴി
ഞ്ഞിരിക്കാതെയും അതിൽ കറുത്ത രോമം
ഇല്ലാതെയും കണ്ടാൽ പുരോഹിതൻ
അവനെ ഏഴുദിവസത്തേക്കു മുറിക്ക്
അകത്താക്കി അടയ്ക്കണം. ഏഴാംദിവസം 32

പുരോഹിതൻ പാടു നോക്കണം; ചുരങ്ങു
വ്യാപിക്കാതെയും അതിൽ പൊൻനിറമുള്ള
രോമം ഇല്ലാതെയും ചുരങ്ങിൻെറ കാഴ്ച
ത്വക്കിനെക്കാൾ കുഴിഞ്ഞിരിക്കാതെയും
ഇരുന്നാൽ അവൻ ക്ഷൌരം ചെയ്യിക്കണം;
എന്നാൽ ചുരങ്ങ് ഉള്ളയിടം ക്ഷൌരം
ചെയ്യരുത്; പുരോഹിതൻ ചുരങ്ങുള്ളവനെ
പിന്നെയും ഏഴു ദിവസം മുറിക്കകത്താക്കി
അടയ്ക്കണം. ഏഴാം ദിവസം പുരോഹിതൻ
ചുരങ്ങ് പരിശോധിക്കണം; ചുരങ്ങ് ത്വക്കി
ന്മേൽ വ്യാപിക്കാതെയും കാഴ്ചയ്ക്ക് ത്വക്കി
നെക്കാൾ കുഴിഞ്ഞിരിക്കാതെയും ഇരു
ന്നാൽ പുരോഹിതൻ അവനെ ശുദ്ധനെന്നു
വിധിക്കണം; അവൻ വസ്ത്രം അലക്കി ശുദ്ധി
യുള്ളവനായിരിക്കണം. എന്നാൽ അവൻെറ
ശുദ്ധീകരണത്തിനുശേഷം ചുരങ്ങ് ത്വക്കി
ന്മേൽ വ്യാപിച്ചാൽ പുരോഹിതൻ അവനെ
നോക്കണം; ചുരങ്ങ് ത്വക്കിന്മേൽ വ്യാപിച്ചി
രുന്നാൽ പുരോഹിതൻ പൊൻ നിറമുള്ള
രോമമുണ്ടോ എന്നു നോക്കേണ്ട; അവൻ
അശുദ്ധൻതന്നെ. എന്നാൽ ചുരങ്ങ് യഥാ
സ്ഥിതിയിൽ തന്നെ നില്ക്കുന്നതായും
അതിൽ കറുത്ത രോമം മുളച്ചതായും
കണ്ടാൽ ചുരങ്ങു സൌഖ്യമായി; അവൻ
ശുദ്ധൻ; പുരോഹിതൻ അവനെ ശുദ്ധനെ
ന്നു വിധിക്കണം.

ഒരു പുരുഷനോ സ്ത്രീക്കോ ശരീര
ത്തിൽ വെളുത്ത പാണ്ട് ഉണ്ടായാൽ
പുരോഹിതൻ നോക്കണം; ശരീരത്തിൽ
മങ്ങിയ വെള്ളപ്പുള്ളി ഉണ്ടായാൽ അതു
ത്വക്കിൽ ഉണ്ടാകുന്ന ചുരങ്ങ്; അവൻ
ശുദ്ധിയുള്ളവൻ.

തലമുടി കൊഴിഞ്ഞവൻ കഷണ്ടിക്കാര
നത്രെ; അവൻ ശുദ്ധിയുള്ളവൻ. തലയിൽ
മുൻവശത്തെ രോമം കൊഴിഞ്ഞവൻ മുൻ
കഷണ്ടിക്കാരൻ; അവൻ ശുദ്ധിയുള്ളവൻ.
പിൻ കഷണ്ടിയിലോ മുൻകഷണ്ടിയിലോ
ചുവപ്പോടുകൂടിയ വെള്ളപ്പുള്ളിയുണ്ടാ
യാൽ അതു അവൻെറ പിൻകഷണ്ടിയിലോ
മുൻകഷണ്ടിയിലോ ഉള്ള കുഷ്ഠം. പുരോ
ഹിതൻ അതു നോക്കണം; അവൻെറ പിൻ
കഷണ്ടിയിലോ മുൻ കഷണ്ടിയിലോ
കുഷ്ഠത്തിൻെറ വടുവിൻെറ തിണർപ്പ്
ചുവപ്പോടുകൂടി വെളുത്തതായിരുന്നാൽ
അവൻ കുഷ്ഠരോഗിയത്രെ; അവൻ അശു
ദ്ധൻ; പുരോഹിതൻ അവനെ അശുദ്ധൻ
എന്നു തീർത്തു വിധിക്കണം; അവനു തല
യിൽ കുഷ്ഠരോഗം ഉണ്ട്.

വടുവുള്ള കുഷ്ഠരോഗിയുടെ വസ്ത്രം
കീറിക്കളയണം; അവൻെറ തല മൂടാതിരി
ക്കണം; അവൻ അധരം മൂടിക്കൊണ്ടിരിക്കു
കയും അശുദ്ധൻ അശുദ്ധൻ എന്നു വിളിച്ചു
പറയുകയും വേണം. അവനു രോഗം ഉള്ള 46
കാലമെല്ലാം അവൻ അശുദ്ധനായിരിക്കണം;
അവൻ അശുദ്ധൻതന്നെ; അവൻ തനിച്ചു
പാർക്കണം; അവൻെറ താമസം പാളയ
ത്തിനു പുറത്തായിരിക്കണം.

ആട്ടുരോമം, ചണം എന്നിവകൊണ്ടുള്ള 47
ഏതു വസ്ത്രത്തിലെങ്കിലും ചണംകൊ 48
ണ്ടോ ആട്ടുരോമംകൊണ്ടോ ഉള്ള പാവിൽ
എങ്കിലും ഊടയിലെങ്കിലും തോലിലെ
ങ്കിലും തോൽകൊണ്ടുണ്ടാക്കിയ യാതൊരു
സാധനത്തിൽ എങ്കിലും കുഷ്ഠത്തിൻെറ 49
പാടുണ്ടായി വസ്ത്രത്തിലോ തോലിലോ
പാവിലോ ഊടയിലോ തോൽകൊണ്ടുള്ള
ഏതു സാധനത്തിലെങ്കിലും പാട് ഇളംപച്ച
യോ ഇളംചുവപ്പോ ആയിരുന്നാൽ അതു
കുഷ്ഠലക്ഷണം; അതു പുരോഹിതനെ 50
കാണിക്കണം. പുരോഹിതൻ പാട് പരി
ശോധിച്ച് വടുവുള്ളതിനെ ഏഴുദിവസം
അകത്ത് അടയ്ക്കണം. അവൻ ഏഴാം 51
ദിവസം പാട് നോക്കണം; വസ്ത്രത്തിലോ
പാവിലോ ഊടയിലോ തോലിലോ തോൽ
കൊണ്ടു ഉണ്ടാക്കിയ ഏതെങ്കിലും വസ്തു
വിലോ പാട് പരന്നിരുന്നാൽ ആ പാട്
കഠിനകുഷ്ഠം; അതു അശുദ്ധമാകുന്നു.
പാടുള്ള സാധനം ആട്ടിൻരോമംകൊണ്ടോ 52
ചണംകൊണ്ടോ ഉള്ള വസ്ത്രമോ പാവോ
ഊടയോ തോൽകൊണ്ടുള്ള എന്തെങ്കി
ലുമോ ആയിരുന്നാലും അതു കത്തിച്ചു
കളയണം; അതു കഠിനകുഷ്ഠം; അതു 53
തീയിൽ ദഹിപ്പിക്കണം. എന്നാൽ പുരോഹി
തൻ നോക്കണം; പാട് വസ്ത്രത്തിലോ
പാവിലോ ഊടയിലോ തോൽകൊണ്ടുള്ള 54
യാതൊരു സാധനത്തിലോ വ്യാപിച്ചില്ലെ
ങ്കിൽ പുരോഹിതൻ വടുവുള്ള സാധനം
കഴുകുവാൻ കല്പിക്കണം; അതു പിന്നെ
യും ഏഴു ദിവസം അകത്തു സൂക്ഷിക്കണം.
കഴുകിയശേഷം പുരോഹിതൻ പാടു 55
നോക്കണം; പാട് നിറംമാറാതെയും പരക്കാ
തെയും ഇരുന്നാൽ അതു അശുദ്ധം ആകു
ന്നു; അതു തീയിൽ ദഹിപ്പിക്കണം; അതു
അതിൻെറ അകത്തോ പുറത്തോ നിന്നെടു
ക്കുന്ന വ്രണമത്രെ. പിന്നെ പുരോഹിതൻ 56
നോക്കണം; കഴുകിയശേഷം പാടിൻെറ
നിറം മങ്ങിയെങ്കിൽ അവൻ അതിനെ
വസ്ത്രത്തിൽനിന്നോ തോലിൽ നിന്നോ
പാവിൽനിന്നോ ഊടയിൽനിന്നോ കീറി 57
ക്കളയണം. അതു വസ്ത്രത്തിലോ പാവി
ലോ ഊടയിലോ തോൽകൊണ്ടുള്ള

യാതൊരു സാധനത്തിലോ കാണുന്നു
58 എങ്കിൽ അതു പടരുന്നതാകുന്നു; പാടു
ള്ളതു തീയിൽ ചുട്ടുകളയണം. എന്നാൽ
വസ്ത്രമോ പാവോ ഊടയോ തോൽകൊ
ണ്ടുള്ള യാതൊരു സാധനമോ കഴുകിയ
ശേഷം പാട് അവയിൽനിന്നു നീങ്ങിപ്പോ
യെങ്കിൽ അതിനെ രണ്ടാംപ്രാവശ്യം കഴു
59 കണം; അപ്പോൾ അതു ശുദ്ധമാകും. ആട്ടു
രോമമോ ചണമോകൊണ്ടുള്ള വസ്ത്രത്തി
ലോ പാവിലോ ഊടയിലോ തോൽകൊ
ണ്ടുള്ള യാതൊന്നിലുമൊ ഉള്ള കുഷ്ഠ
ത്തിൻെറ പാടിനെക്കുറിച്ചു അതു ശുദ്ധ
മെന്നോ അശുദ്ധമെന്നോ വിധിപ്പാനുള്ള
നിയമം ഇതാകുന്നു.

അദ്ധ്യായം 14

1 ദൈവം വീണ്ടും മോശയോടു അരുളി
2 ച്ചെയ്തു; കുഷ്ഠരോഗിയുടെ ശുദ്ധീകരണ
ദിവസത്തിൽ അവനെക്കുറിച്ചുള്ള നിയമം:
അവനെ പുരോഹിതൻെറ അടുക്കൽ
3 കൊണ്ടുവരണം. പുരോഹിതൻ പാളയ
ത്തിനു പുറത്ത് ചെന്ന് കുഷ്ഠരോഗിയുടെ
കുഷ്ഠം സുഖമായി എന്നു പുരോഹിതനു
4 ബോദ്ധ്യമായാൽ ശുദ്ധീകരണാർഹനു
വേണ്ടി ജീവനും ശുദ്ധിയുമുള്ള രണ്ടു
പക്ഷി, ദേവദാരു, ചുവപ്പുനൂൽ, ഈസോപ്പു
എന്നിവ കൊണ്ടുവരുവാൻ നിർദ്ദേശി
5 ക്കണം. പുരോഹിതൻ ഒരു പക്ഷിയെ ഒരു
മൺപാത്രത്തിൽ ഉറവുവെള്ളമെടുത്ത്
അതിന്മീതെവച്ച് അറുപ്പാൻ കല്പിക്കണം.
6 ജീവനുള്ള പക്ഷി, ദേവദാരു, ചുവപ്പുനൂൽ,
ഈസോപ്പു എന്നിവയെ എടുത്തു അവ
യെയും ജീവനുള്ള പക്ഷിയെയും ഉറവു
7 വെള്ളത്തിന്മീതെ അറുത്ത പക്ഷിയുടെ
രക്തത്തിൽ മുക്കി കുഷ്ഠശുദ്ധീകരണം
പ്രാപിപ്പാനുള്ളവൻെറ മേൽ ഏഴുപ്രാവശ്യം
തളിച്ച് അവനെ ശുദ്ധിയുള്ളവനെന്നു
വിധിക്കുകയും ജീവനുള്ള പക്ഷിയെ വെളി
മ്പ്രദേശത്തേയ്ക്ക് പറപ്പിച്ചുകളയുകയും
8 വേണം. ശുദ്ധീകൃതൻ വസ്ത്രം അലക്കി
രോമമെല്ലാം ക്ഷൌരം ചെയ്യിച്ചു വെള്ള
ത്തിൽ കുളിക്കണം; എന്നാൽ അവൻ ശുദ്ധി
യുള്ളവനാകും; അതിനുശേഷം അവൻ
പാളയത്തിൽ ചെന്നു തൻെറ കൂടാര
ത്തിനു പുറത്തു ഏഴു ദിവസം പാർക്കണം.
9 ഏഴാം ദിവസം അവൻ തലയും താടിയും
പുരികവും എല്ലാം ക്ഷൌരം ചെയ്യിക്കണം;
ഇങ്ങനെ അവൻ സകല രോമവും ക്ഷൌരം
ചെയ്യിച്ചു വസ്ത്രം അലക്കുകയും ദേഹം
വെള്ളത്തിൽ കുളിക്കുകയും വേണം;
എന്നാൽ അവൻ ശുദ്ധിയുള്ളവനാകും.
എട്ടാം ദിവസം അവൻ ഊനമില്ലാത്ത രണ്ടു 10
ആൺകുഞ്ഞാടിനെയും ഒരു വയസ്സു പ്രായ
മുള്ള ഊനമററ ഒരു പെൺകുഞ്ഞാടിനെ
യും ഭോജനയാഗമായിട്ടു എണ്ണചേർത്ത
മൂന്നിടങ്ങഴി നേരിയമാവും ഒരു കുററി
എണ്ണയും കൊണ്ടുവരണം. ശുദ്ധീകരണം 11
കഴിക്കുന്ന പുരോഹിതൻ ശുദ്ധീകരണം
കഴിയുന്നവനെ അവയുമായി ദൈവസന്നി
ധിയിൽ സമാഗമനകൂടാരത്തിൻെറ വാതിൽ
ക്കൽ നിർത്തണം. പുരോഹിതൻ ആൺ 12
കുഞ്ഞാടുകളിൽ ഒന്നിനെയും എണ്ണയും
എടുത്തു അകൃത്യയാഗമായി അർപ്പിച്ചു
കർത്താവിൻെറ സന്നിധിയിൽ സമർപ്പിക്ക
ണം. അവൻ വിശുദ്ധമന്ദിരത്തിൽ പാപയാഗ 13
ത്തെയും ഹോമയാഗത്തെയും അറുക്കുന്ന
സ്ഥലത്തുവച്ചു കുഞ്ഞാടിനെ അറുക്കണം;
അകൃത്യയാഗം പാപയാഗംപോലെ പുരോ
ഹിതനുള്ളത് ആകുന്നു; അത് അതി
വിശുദ്ധമത്രേ. പുരോഹിതൻ അകൃത്യയാഗ 14
ത്തിൻെറ രക്തം കുറെ എടുത്തു ശുദ്ധീക
രണം കഴിയുന്നവൻെറ വലതു കാതിന്മേലും
വലതുകൈയുടെ പെരുവിരലിന്മേലും
വലതു കാലിൻെറ പെരുവിരലിന്മേലും
പുരട്ടണം. പിന്നെ പുരോഹിതൻ ആ എണ്ണ 15
കുറെ തൻെറ ഇടത്തെ ഉള്ളങ്കയ്യിൽ ഒഴി
ക്കണം. പുരോഹിതൻ ഇടങ്കയ്യിൽ ഉള്ള 16
എണ്ണയിൽ വലങ്കയ്യുടെ വിരൽ മുക്കി വിരൽ
കൊണ്ട് ഏഴുപ്രാവശ്യം കർത്തൃ സന്നിധി
യിൽ എണ്ണ തളിക്കണം. ഉള്ളങ്കയ്യിൽ 17
ശേഷിച്ച എണ്ണ കുറെ പുരോഹിതൻ
ശുദ്ധീകരണം കഴിയുന്നവൻെറ വലതു
കാതിന്മേലും വലങ്കയ്യുടെ പെരുവിരലിന്മേ
ലും വലതുകാലിൻെറ പെരുവിരലിന്മേലും
അകൃത്യയാഗത്തിൻെറ രക്തത്തിന്മീതെ
പുരട്ടണം. പുരോഹിതൻെറ ഉള്ളങ്കയ്യിൽ 18
ശേഷിപ്പുള്ള എണ്ണ അവൻ ശുദ്ധീകരണം
കഴിയുന്നവൻെറ തലയിൽ ഒഴിച്ചു കർത്തൃ
സന്നിധിയിൽ അവനുവേണ്ടി പ്രായ
ശ്ചിത്തം കഴിക്കണം. പുരോഹിതൻ പാപ 19
യാഗം അർപ്പിച്ചു അശുദ്ധി നീക്കി ശുദ്ധീകരി
ക്കപ്പെടുന്നവനു വേണ്ടി പ്രായശ്ചിത്തം
കഴിച്ചശേഷം ഹോമയാഗമൃഗത്തെ അറുക്ക
ണം. പുരോഹിതൻ ഹോമയാഗവും ഭോജന 20
യാഗവും യാഗപീഠത്തിന്മേൽ അർപ്പിക്കണം;
അങ്ങനെ പുരോഹിതൻ അവനു വേണ്ടി
പാപപരിഹാരം ചെയ്യുമ്പോൾ അവൻ
ശുദ്ധിയുള്ളവൻ ആകും.

അവൻ ദരിദ്രനും അത്രയും കൊടുപ്പാൻ 21
വകയില്ലാത്തവനും ആകുന്നുവെങ്കിൽ

തനിക്കുവേണ്ടി പാപപരിഹാരത്തിനായി
സമർപ്പണത്തിനായി അകൃത്യയാഗമായി
ഒരു കുഞ്ഞാടിനെയും ഭോജനയാഗമായി
എണ്ണ ചേർത്ത ഒരിടങ്ങഴി നേരിയ മാവും
ഒരു കുററി എണ്ണയും പ്രാപ്തിപോലെ രണ്ടു
കുറുപ്രാവിനെയോ രണ്ടു പ്രാവിൻകുഞ്ഞി
നെയോ ഒന്നിനെ പാപയാഗമായിട്ടും മറെറ
തിനെ ഹോമയാഗമായിട്ടും എടുത്ത് തൻെറ
ശുദ്ധീകരണത്തിനായി എട്ടാം ദിവസം
സമാഗമനകൂടാരത്തിൻെറ വാതിൽക്കൽ
ദൈവസന്നിധിയിൽ പുരോഹിതൻെറ
അടുക്കൽ കൊണ്ടുവരണം. പുരോഹിതൻ
അകൃത്യയാഗത്തിനുള്ള ആട്ടിൻകുട്ടിയെ
യും എണ്ണയും എടുത്തു ദൈവസന്നിധി
യിൽ സമർപ്പണം നടത്തണം. അവൻ
അകൃത്യയാഗത്തിനുള്ള ആട്ടിൻകുട്ടിയെ
അറുക്കണം; പുരോഹിതൻ അകൃത്യയാഗ
ത്തിൻെറ രക്തം കുറെ എടുത്തു ശുദ്ധീ
കരണം കഴിയുന്നവൻെറ വലതുകാതി
ന്മേലും വലതുകൈയുടെ പെരുവിരലി
ന്മേലും വലതുകാലിൻെറ പെരുവിരലി
ന്മേലും പുരട്ടണം. പുരോഹിതൻ എണ്ണ
കുറെ തൻെറ ഇടത്തെ ഉള്ളങ്കയ്യിൽ ഒഴിച്ച്
ഇടതുകയ്യിൽ ഉള്ള എണ്ണ കുറെ വലതു
കൈയുടെ വിരൽകൊണ്ടു ദൈവസന്നിധി
യിൽ ഏഴുപ്രാവശ്യം തളിക്കണം. പുരോഹി
തൻ ഉള്ളംകയ്യിലുള്ള എണ്ണ കുറെ ശുദ്ധീ
കരണം കഴിയുന്നവൻെറ വലതു കാതിന്മേ
ലും വലതു കൈയുടെ പെരുവിരലിന്മേലും
വലതു കാലിൻെറ പെരുവിരലിന്മേലും
അകൃത്യയാഗത്തിൻെറ രക്തം ഉള്ളിടത്തു
പുരട്ടണം. പുരോഹിതൻെറ ഉള്ളങ്കയ്യിൽ
ശേഷിപ്പുള്ള എണ്ണ അവൻ ശുദ്ധീകരണം
കഴിയുന്നവൻെറ തലയിൽ ഒഴിച്ച് അവനു
വേണ്ടി ദൈവസന്നിധിയിൽ പാപപരി
ഹാരം ചെയ്യണം. അവൻ പ്രാപ്തി പോലെ
കുറുപ്രാവുകളിലോ പ്രാവിൻകുഞ്ഞുങ്ങ
ളിലെ ഒന്നിനെ പാപയാഗമായിട്ടും മറെറ
തിനെ ഹോമയാഗമായിട്ടും ഭോജനയാഗ
ത്തോടുകൂടെ അർപ്പിക്കണം; ഇങ്ങനെ
പുരോഹിതൻ ശുദ്ധീകരണം കഴിയുന്നവനു
വേണ്ടി ദൈവസന്നിധിയിൽ പാപപരിഹാരം
നടത്തണം. ഇതു ശുദ്ധീകരണത്തിനു
വേണ്ടി കഴിവില്ലാത്ത കുഷ്ഠരോഗിക്കുള്ള
നിയമം.

ദൈവം പിന്നെയും മോശയോടും
അഹറോനോടും അരുളിച്ചെയ്തു: ഞാൻ
നിങ്ങൾക്കു അവകാശമായിത്തരുന്ന
കനാൻദേശത്തു നിങ്ങൾ എത്തിയശേഷം
ഞാൻ നിങ്ങളുടെ അവകാശദേശത്തു ഒരു
വീട്ടിൽ കുഷ്ഠബാധ വരുത്തുമ്പോൾ വീട്ടു 35
ടമസ്ഥൻ വന്നു വീട്ടിൽ കുഷ്ഠലക്ഷണ
മുള്ളതായി എനിക്കു തോന്നുന്നു എന്നു
പുരോഹിതനെ അറിയിക്കുന്നു. അപ്പോൾ 36
വീട്ടിലുള്ള സകലവും അശുദ്ധമാകാതിരി
പ്പാൻ പുരോഹിതൻ പാടു നോക്കുവാൻ
ചെല്ലുംമുമ്പെ സാധനങ്ങൾ മാററുവാൻ
കല്പിക്കണം; പിന്നെ പുരോഹിതൻ വീടു
പരിശോധിക്കുവാൻ അകത്തു ചെന്ന് പാടു
നോക്കണം; വീടിൻെറ ചുവരിൽ ഇളം 37
പച്ചയും ഇളം ചുവപ്പുമായ കുത്തുകൾ
ഉണ്ടായിട്ടു അവ ചുവരിനേക്കാൾ കുഴിഞ്ഞ
തായി കണ്ടാൽ പുരോഹിതൻ വീട്ടുവാതിൽ 38
ക്കൽ വന്നു വീടു ഏഴുദിവസം അടച്ചിടണം.
ഏഴാം ദിവസം പുരോഹിതൻ വീണ്ടും 39
ചെന്നു നോക്കുമ്പോൾ പാടു വീടിൻെറ 40
ചുവരിൽ പരന്നിട്ടുണ്ടെങ്കിൽ പാടുള്ള
കല്ലുനീക്കി പട്ടണത്തിനു പുറത്തുള്ള ഒരു
അശുദ്ധസ്ഥലത്തു ഇടുവാൻ പുരോഹി
തൻ കല്പിക്കണം. പിന്നെ വീടിൻെറ 41
അകമെല്ലാം ചുരണ്ടിക്കണം; ചുരണ്ടിയ
മണ്ണു പട്ടണത്തിനു പുറത്തു ഒരു അശുദ്ധ
സ്ഥലത്തു കളയണം. പിന്നെ വേറെ കല്ലു 42
എടുത്തു ആ കല്ലിനു പകരം വയ്ക്കണം;
വേറെ കുമ്മായം വീടിനു തേക്കുകയും
വേണം. അങ്ങനെ കല്ല് നീക്കുകയും വീടു 43
ചുരണ്ടുകയും കുമ്മായം തേക്കുകയും
ചെയ്ത ശേഷം പാടു പിന്നെയും വീട്ടിൽ
ഉണ്ടായിവന്നാൽ പുരോഹിതൻ ചെന്നു
നോക്കണം; പാട് വീട്ടിൽ വ്യാപിച്ചിരുന്നാൽ 44
അതു വീട്ടിൽ കഠിനമായ കുഷ്ഠംതന്നെ;
അതു അശുദ്ധം ആകുന്നു. വീട്ടിൻെറ കല്ലും 45
മരവും കുമ്മായവും ഇടിച്ചുപൊളിച്ചു പട്ടണ
ത്തിനു പുറത്തു ഒരു അശുദ്ധസ്ഥലത്തു
കൊണ്ടുപോയി ചുട്ടുകളയണം. വീടു അട 46
ച്ചിരുന്ന കാലത്തു എപ്പോഴെങ്കിലും അതി
നകത്തു കടക്കുന്നവൻ സന്ധ്യവരെ അശു
ദ്ധനായിരിക്കണം. വീട്ടിൽ കിടക്കുന്നവനും 47
ആ വീട്ടിൽ വച്ചു ഭക്ഷണം കഴിക്കുന്നവനും
വസ്ത്രം അലക്കണം. വീടിനു കുമ്മായം 48
തേച്ചശേഷം പുരോഹിതൻ അകത്തു
ചെന്നു നോക്കി, വീട്ടിൽ പാടു പരന്നിട്ടില്ല
എന്നു കണ്ടാൽ പാടു മാറിപ്പോയതുകൊ
ണ്ടു പുരോഹിതൻ ആ വീടു ശുദ്ധിയുള്ള
തു എന്നു വിധിക്കണം. അപ്പോൾ അവൻ 49
വീടു ശുദ്ധീകരിക്കുവാനായി രണ്ടു പക്ഷി,
ദേവദാരു, ചുവപ്പുനൂൽ, ഈസോപ്പു 50
എന്നിവ എടുത്തു ഒരു പക്ഷിയെ മൺ
പാത്രത്തിലുള്ള ഉറവുവെള്ളത്തിന്മീതെ
അറുക്കണം. പിന്നെ ദേവദാരു, ഈസോപ്പു, 51

ചുവപ്പുനൂൽ, ജീവനുള്ള പക്ഷി എന്നിവയെ
എടുത്തു അറുത്ത പക്ഷിയുടെ രക്തത്തി
ലും ഉറവുവെള്ളത്തിലും മുക്കി വീടിന്മേൽ
52 ഏഴു പ്രാവശ്യം തളിക്കണം. പക്ഷിയുടെ
രക്തം, ഉറവു വെള്ളം, ജീവനുള്ള പക്ഷി,
ദേവദാരു, ഈസോപ്പു, ചുവപ്പുനൂൽ
എന്നിവകൊണ്ടു വീടു ശുദ്ധീകരിക്കണം.
53 ജീവനുള്ള പക്ഷിയെ പട്ടണത്തിനു പുറത്തു
വെളിമ്പ്രദേശത്തേക്ക് പറപ്പിച്ചുകളയണം;
അങ്ങനെ വീടിനുവേണ്ടി പ്രായശ്ചിത്തം
കഴിക്കണം; എന്നാൽ അതു ശുദ്ധമാകും.
54 ഇതു സകല കുഷ്ഠത്തിനും വ്രണ
55 ത്തിനും ചുരങ്ങിനും വസ്ത്രത്തിന്റെയും
വീടിന്റെയും കുഷ്ഠത്തിനും തിണർപ്പിനും
ചുണങ്ങിനും ചിരങ്ങിനും വെളുത്തപുള്ളി
ക്കും ഉള്ള പ്രമാണം. അശുദ്ധവും ശുദ്ധവും
തമ്മിൽ തിരിച്ചറിയേണ്ടതിനു ഇതു കുഷ്ഠ
ത്തെക്കുറിച്ചുള്ള പ്രമാണം.

അദ്ധ്യായം 15

1 ദൈവം വീണ്ടും മോശയോടും അഹറോ
2 നോടും അരുളിച്ചെയ്തതു: നിങ്ങൾ ഇസ്രാ
യേൽ മക്കളോടു പറയുവിൻ: ആർക്കെങ്കി
ലും തന്റെ അംഗത്തിൽ ശുക്ലസ്രാവം ഉണ്ടാ
യാൽ അവൻ സ്രാവത്താൽ അശുദ്ധൻ
3 ആകുന്നു. അവന്റെ സ്രാവത്താലുള്ള
അശുദ്ധിയെക്കുറിച്ചുള്ള പ്രമാണം: അവ
ന്റെ അംഗം സ്രവിച്ചുകൊണ്ടിരുന്നാലും
അവന്റെ അംഗം സ്രവിക്കാതെ ഇരുന്നാലും
4 അതു അശുദ്ധിതന്നെ. സ്രാവക്കാരൻ കിട
ക്കുന്ന കിടക്ക അശുദ്ധം; അവൻ ഇരിക്കുന്ന
5 സാധനമെല്ലാം അശുദ്ധം. അവന്റെ കിടക്ക
തൊടുന്ന മനുഷ്യൻ വസ്ത്രം അലക്കി
വെള്ളത്തിൽ കുളിക്കുകയും സന്ധ്യവരെ
6 അശുദ്ധനായിരിക്കുകയും വേണം. സ്രാവ
ക്കാരൻ ഇരുന്ന സാധനത്തിന്മേൽ ഇരിക്കു
ന്നവൻ വസ്ത്രം അലക്കി വെള്ളത്തിൽ
കുളിക്കുകയും സന്ധ്യവരെ അശുദ്ധൻ
7 ആയിരിക്കുകയും വേണം. സ്രാവക്കാരന്റെ
ദേഹം തൊടുന്നവൻ വസ്ത്രം അലക്കി
വെള്ളത്തിൽ കുളിക്കുകയും സന്ധ്യവരെ
8 അശുദ്ധനായിരിക്കുകയും വേണം. സ്രാവ
ക്കാരൻ ശുദ്ധിയുള്ളവന്റെ മേൽ തുപ്പി
യാൽ അവൻ വസ്ത്രം അലക്കി വെള്ള
ത്തിൽ കുളിക്കുകയും സന്ധ്യവരെ അശുദ്ധ
9 നായിരിക്കുകയും വേണം. അവൻ കയറി
പ്പോകുന്ന ഏതു വാഹനവും അശുദ്ധമാകും.
10 അവന്റെ കീഴെ ഇരുന്നവയെ തൊടുന്ന
വനെല്ലാം സന്ധ്യവരെ അശുദ്ധനായിരി
ക്കണം; അവയെ വഹിക്കുന്നവൻ വസ്ത്രം
അലക്കി വെള്ളത്തിൽ കുളിക്കുകയും
സന്ധ്യവരെ അശുദ്ധനായിരിക്കുകയും
വേണം. സ്രാവക്കാരൻ വെള്ളംകൊണ്ടു 11
കൈകഴുകാതെ ആരെ എങ്കിലും തൊട്ടാൽ
അവൻ വസ്ത്രം അലക്കി വെള്ളത്തിൽ
കുളിക്കുകയും സന്ധ്യവരെ അശുദ്ധനായി
രിക്കുകയും വേണം. അവൻ തൊട്ട മൺ 12
പാത്രം ഉടച്ചുകളയണം; മരപ്പാത്രവും ചെമ്പു
പാത്രവും വെള്ളംകൊണ്ടു കഴുകണം.
അവൻ സ്രാവം മാറി ശുദ്ധിയുള്ളവൻ 13
ആകുമ്പോൾ ശുദ്ധീകരണത്തിനായി ഏഴു
ദിവസം എണ്ണി വസ്ത്രം അലക്കി ദേഹം
ഒഴുക്കുവെള്ളത്തിൽ കഴുകണം; എന്നാൽ 14
അവൻ ശുദ്ധിയുള്ളവൻ ആകും. എട്ടാം
ദിവസം അവൻ രണ്ടു കുറുപ്രാവിനെയോ
രണ്ടു പ്രാവിൻകുഞ്ഞിനെയോ എടുത്തു
സമാഗമനകൂടാരത്തിന്റെ വാതിൽക്കൽ
ദൈവസന്നിധിയിൽ വന്നു അവയെ പുരോ
ഹിതന്റെ സന്നിധിയിൽ കൊടുക്കണം.
പുരോഹിതൻ അവയിൽ ഒന്നിനെ പാപ 15
യാഗമായിട്ടും മറേറതിനെ ഹോമയാഗമാ
യിട്ടും അർപ്പിക്കണം; ഇങ്ങനെ പുരോഹി
തൻ അവനുവേണ്ടി ദൈവസന്നിധിയിൽ
അവന്റെ സ്രാവത്തിനു പാപപരിഹാരം
നടത്തണം.
ഒരുത്തനു ബീജം പോയാൽ അവൻ 16
തന്റെ ശരീരം മുഴുവൻ വെള്ളത്തിൽ കഴു
കുകയും സന്ധ്യവരെ അശുദ്ധൻ ആയിരി
ക്കുകയും വേണം. ബീജം വീണ സകല 17
വസ്ത്രമോ തോലോ വെള്ളത്തിൽ കഴുകു
കയും അതു സന്ധ്യവരെ അശുദ്ധമായിരി
ക്കുകയും വേണം. പുരുഷനും സ്ത്രീയും 18
കൂടെ ശയിച്ച് ബീജസ്ഖലനമുണ്ടായാൽ
ഇരുവരും വെള്ളത്തിൽ കുളിക്കുകയും
സന്ധ്യവരെ അശുദ്ധരായിരിക്കയും വേണം.
ഒരു സ്ത്രീക്കു സ്രാവമുണ്ടായി അവ 19
ളുടെ സ്രാവം രക്തം ആയിരുന്നാൽ അവൾ
ഏഴു ദിവസം അശുദ്ധയായിരിക്കണം;
അവളെ തൊടുന്നവനെല്ലാം സന്ധ്യവരെ
അശുദ്ധനായിരിക്കണം. അവളുടെ അശു 20
ദ്ധിയിൽ അവൾ ഏതിന്മേലെങ്കിലും കിട
ന്നാൽ അതെല്ലാം അശുദ്ധമായിരിക്കും;
അവൾ ഏതിന്മേലെങ്കിലും ഇരുന്നാൽ
അതെല്ലാം അശുദ്ധമായിരിക്കും. അവളുടെ 21
കിടക്ക തൊടുന്നവനെല്ലാം വസ്ത്രം അല
ക്കി വെള്ളത്തിൽ കുളിക്കുകയും സന്ധ്യ
വരെ അശുദ്ധനായിരിക്കുകയും വേണം.
അവൾ ഇരുന്ന സാധനങ്ങൾ തൊടുന്നവ 22
നെല്ലാം വസ്ത്രം അലക്കി വെള്ളത്തിൽ
കുളിക്കുകയും സന്ധ്യവരെ അശുദ്ധനായി

രിക്കുകയും വേണം. അവളുടെ കിടക്ക
മേലോ അവൾ ഇരുന്നതിന്മേലോ ഉള്ള
വല്ലതും തൊടുന്നവൻ സന്ധ്യവരെ അശുദ്ധ
നായിരിക്കണം. ഒരുവൻ അവളോടുകൂടെ
ശയിക്കുകയും അവളുടെ അശുദ്ധി അവ
ന്മേൽ ആകുകയും ചെയ്താൽ അവൻ ഏഴു
ദിവസം അശുദ്ധനായിരിക്കണം, അവൻ
കിടക്കുന്ന കിടക്ക അശുദ്ധമാകും.
ഒരു സ്ത്രീക്കു ഋതുകാലത്തല്ലാതെ
രക്തസ്രാവം ഏറിയ ദിവസം ഉണ്ടാകു
കയോ ഋതുകാലം കവിഞ്ഞു സ്രവിക്കു
കയോ ചെയ്താൽ അവളുടെ അശുദ്ധി
യുടെ സ്രവകാലം ഋതുകാലംപോലെ ഇരി
ക്കണം; അവൾ അശുദ്ധയായിരിക്കണം.
26 രക്തസ്രാവമുള്ള കാലത്തെല്ലാം അവൾ
കിടക്കുന്ന കിടക്കയും ഋതുകാലത്തിലെ
കിടക്കപോലെ ഇരിക്കണം; അവൾ ഇരി
ക്കുന്ന സാധനമെല്ലാം ഋതുകാലത്തിലെ
അശുദ്ധിപോലെ അശുദ്ധമായിരിക്കണം.
27 അവ തൊടുന്നവനെല്ലാം അശുദ്ധമാകും;
അവൻ വസ്ത്രം അലക്കി വെള്ളത്തിൽ
കുളിക്കുകയും സന്ധ്യവരെ അശുദ്ധനാ
28 യിരിക്കുകയും വേണം. രക്തസ്രാവം മാറി
ശുദ്ധിയുള്ളവളായാൽ അവൾ ഏഴുദിവസ
29 ത്തിനു ശേഷം ശുദ്ധിയുള്ളവളാകും. എട്ടാം
ദിവസം അവൾ രണ്ടു കുറുപ്രാവിനെയോ
രണ്ടു പ്രാവിൻകുഞ്ഞിനെയോ എടുത്തു
സമാഗമനകൂടാരത്തിൻെറ വാതിൽക്കൽ
പുരോഹിതൻെറ അടുക്കൽ കൊണ്ടുവര
30 ണം. പുരോഹിതൻ ഒന്നിനെ പാപയാഗ
മായിട്ടും മററതിനെ ഹോമയാഗമായിട്ടും
അർപ്പിക്കണം; ഇങ്ങനെ പുരോഹിതൻ
അവൾക്കുവേണ്ടി ദൈവസന്നിധിയിൽ
അവളുടെ അശുദ്ധിയുടെ രക്തസ്രാവം
നിമിത്തം പ്രായശ്ചിത്തം കഴിക്കണം.
31 ഇസ്രായേൽ മക്കളുടെ നടുവിലുള്ള
എൻെറ നിവാസം അവർ അശുദ്ധമാക്കി
തങ്ങളുടെ അശുദ്ധികളിൽ മരിക്കാതിരി
ക്കേണ്ടതിനു നിങ്ങൾ അവരുടെ അശുദ്ധി
കളെക്കുറിച്ചു അവരെ ഇങ്ങനെ പ്രബോ
ധിപ്പിക്കണം.
32 ഇതു സ്രാവക്കാരനും ബീജസ്ഖലന
ത്താൽ അശുദ്ധനായവനും ഋതുമതിക്കും
33 സ്രവമുള്ള പുരുഷനും സ്ത്രീക്കും അശുദ്ധ
യോടുകൂടെ ശയിക്കുന്നവനും ഉള്ള നിയമം.

അദ്ധ്യായം 16

1 അഹറോൻെറ രണ്ടു പുത്രന്മാർ കർത്താ
വിൻെറ സന്നിധിയിൽ അന്യാഗ്നി അർപ്പിച്ച
പ്പോൾ അവർ മരിച്ചുപോയ ശേഷം ദൈവം
മോശയോടു അരുളിച്ചെയ്തത്: കൃപാസന 2
ത്തിന്മീതെ മേഘത്തിൽ ഞാൻ വെളിപ്പെ
ടുന്നതുകൊണ്ടു നിൻെറ സഹോദരനായ
അഹറോൻ മരിക്കാതിരിക്കേണ്ടതിനു
വിശുദ്ധമന്ദിരത്തിൽ തിരശ്ശീലയ്ക്കകത്തു
പെട്ടകത്തിന്മേലുള്ള കൃപാസനത്തിൻ
മുമ്പിൽ എല്ലാ സമയവും വരരുതു എന്നു
അവനോടു പറയണം. പാപയാഗത്തിനു 3
ഒരു കാളക്കിടാവിനോടും ഹോമയാഗത്തി
നു ഒരു ആട്ടുകൊററനോടും കൂടെ അഹ
റോൻ വിശുദ്ധമന്ദിരത്തിൽ പ്രവേശിക്കണം.
അവൻ പഞ്ഞിനൂൽകൊണ്ടുള്ള വിശുദ്ധ 4
മായ അങ്കി ധരിച്ച് ദേഹത്തിൽ പഞ്ഞി
നൂൽകൊണ്ടുള്ള കാൽചട്ട ഇട്ടു പഞ്ഞി
നൂൽകൊണ്ടുള്ള നടുക്കെട്ടു കെട്ടി പഞ്ഞി
നൂൽകൊണ്ടുള്ള ശിരോവസ്ത്രം ധരിക്ക
ണം; ഇവ വിശുദ്ധവസ്ത്രം ആകയാൽ
അവൻ ദേഹം വെള്ളത്തിൽ കഴുകിയ
ശേഷം ധരിക്കണം. അവൻ ഇസ്രായേൽ 5
മക്കളുടെ സഭയുടെതായി പാപയാഗത്തിനു
രണ്ടു കോലാട്ടു കൊററനെയും ഹോമയാഗ
ത്തിനു ഒരു ആട്ടുകൊററനെയും വാങ്ങണം.
തനിക്കുവേണ്ടിയുള്ള പാപയാഗത്തിൻെറ 6
കാളയെ അഹറോൻ അർപ്പിച്ച് തനിക്കും
കുടുംബത്തിനും വേണ്ടി പാപപരിഹാരം
കഴിക്കണം. അവൻ ആ രണ്ടു കോലാട്ടു 7
കൊററനെ കൊണ്ടുവന്നു സമാഗമനകൂടാര
ത്തിൻെറ വാതിൽക്കൽ ദൈവസന്നിധിയിൽ
നിർത്തണം. പിന്നെ അഹറോൻ "ദൈവ 8
ത്തിനു" എന്നു ഒരു ചീട്ടും "അസസ്സേലിനു"
എന്നു മറെറാരു ചീട്ടും ഇങ്ങനെ രണ്ടു
കോലാട്ടുകൊററനും ചീട്ടിടണം. ദൈവ
ത്തിനു ചീട്ടുവീണ കോലാട്ടുകൊററനെ 9
അഹറോൻ കൊണ്ടുവന്നു പാപയാഗമായി
അർപ്പിക്കണം. അസസ്സേലിനു ചീട്ടുവീണ 10
കോലാട്ടുകൊററനെയോ, അതിനാൽ
പ്രായശ്ചിത്തം കഴിക്കേണ്ടതിനും അതിനെ
അസസ്സേലിനു മരുഭൂമിയിലേക്ക് വിട്ടയക്കേ
ണ്ടതിനുമായി കർത്താവിൻെറ സന്നിധി
യിൽ ജീവനോടെ നിർത്തണം. പിന്നെ 11
തനിക്കുവേണ്ടിയുള്ള പാപയാഗത്തിൻെറ
കാളയെ അഹറോൻ അർപ്പിച്ചു തനിക്കും
കുടുംബത്തിനും വേണ്ടി പാപപരിഹാര
ബലിയായി കാളയെ അറുക്കണം. അവൻ 12
ദൈവസന്നിധിയിൽ യാഗപീഠത്തിന്മേൽ
ഉള്ള തീക്കനൽ ഒരു ധൂപകലശത്തിൽ
നിറച്ചും സൗരഭ്യമുള്ള ധൂപവർഗ്ഗപ്പൊടി
കൈനിറച്ച് എടുത്തു തിരശ്ശീലയ്ക്കകത്തു
കൊണ്ടുവരണം. താൻ മരിക്കാതിരിക്കേ 13
ണ്ടതിനു ധൂപത്തിൻെറ മേഘം സാക്ഷ്യത്തി

ന്മേലുള്ള കൃപാസനത്തെ മറയ്ക്കുവാൻ
തക്കവണ്ണം അവൻ ദൈവസന്നിധിയിൽ
14 കുന്തുരുക്കം തീയിൽ ഇടണം. അവൻ കാള
യുടെ രക്തം കുറെ എടുത്തു വിരൽകൊ
ണ്ടു കിഴക്കോട്ടു കൃപാസനത്തിന്മേൽ
തളിക്കണം; അവൻ രക്തം കുറെ തൻെറ
വിരൽകൊണ്ടു കൃപാസനത്തിൻെറ മുമ്പി
ലും ഏഴു പ്രാവശ്യം തളിക്കണം.
15 പിന്നീട് അവൻ ജനത്തിനുവേണ്ടി
യുള്ള പാപപരിഹാരയാഗത്തിനുള്ള കോ
ലാട്ടുകൊററനെ അറുത്തു രക്തം തിരശ്ശീ
ലയ്ക്കകത്തു കൊണ്ടുവന്നു കാളയുടെ
രക്തംകൊണ്ടു ചെയ്തതുപോലെ ഇതി
ൻെറ രക്തംകൊണ്ടും ചെയ്ത് അതിനെ
കൃപാസനത്തിന്മേലും കൃപാസനത്തിൻെറ
16 മുമ്പിലും തളിക്കണം. ഇസ്രായേൽ മക്ക
ളുടെ അശുദ്ധികളും അവരുടെ സകല
പാപവും ലംഘനങ്ങളും നിമിത്തം അവൻ
വിശുദ്ധമന്ദിരത്തിനു വേണ്ടി പ്രായശ്ചിത്തം
കഴിക്കണം; അവരുടെ ഇടയിൽ അവരുടെ
അശുദ്ധിയുടെ മദ്ധ്യേ സ്ഥിതിചെയ്യുന്ന
സമാഗമനകൂടാരത്തിനും അവൻ അങ്ങനെ
17 തന്നെ ചെയ്യണം. അവൻ വിശുദ്ധമന്ദിര
ത്തിൽ പ്രായശ്ചിത്തം കഴിക്കുവാൻ പ്രവേ
ശിച്ചിട്ട് പുറത്തുവരുന്നതുവരെ സമാഗമന
കൂടാരത്തിൽ ആരും ഉണ്ടായിരിക്കരുത്;
ഇങ്ങനെ അവൻ തനിക്കും കുടുംബത്തിനും
ഇസ്രായേലിൻെറ സർവ്വ സഭയ്ക്കും വേണ്ടി
18 പാപപരിഹാരം ചെയ്യണം. അവൻ ദൈവ
സന്നിധിയിലുള്ള യാഗപീഠത്തിങ്കൽ ചെന്നു
അതിനും പാപപരിഹാരം ചെയ്യണം. കാള
യുടെ രക്തവും കോലാട്ടുകൊററൻെറ
രക്തവും കുറെ എടുത്ത് പീഠത്തിൻെറ
19 കൊമ്പുകളിൽ ചുററും പുരട്ടണം. അവൻ
രക്തം കുറെ വിരൽകൊണ്ടു ഏഴുപ്രാവശ്യം
അതിന്മേൽ തളിച്ചു ഇസ്രായേൽ മക്കളുടെ
അശുദ്ധികളെ നീക്കി വെടിപ്പാക്കി ശുദ്ധീ
20 കരിക്കണം. അവൻ വിശുദ്ധമന്ദിരത്തിനും
സമാഗമനകൂടാരത്തിനും യാഗപീഠത്തിനും
ഇങ്ങനെ പാപപരിഹാരം നടത്തിയശേഷം
ജീവനോടിരിക്കുന്ന കോലാട്ടുകൊററനെ
21 കൊണ്ടുവരണം. ജീവനോടിരിക്കുന്ന കോ
ലാട്ടുകൊററൻെറ തലയിൽ അഹറോൻ
കൈ രണ്ടും വച്ച് ഇസ്രായേൽ മക്കളുടെ
എല്ലാ കുററങ്ങളും സകല പാപങ്ങളും
ലംഘനങ്ങളും ഏററു പറഞ്ഞ് കോലാട്ടു
കൊററൻെറ തലയിൽ ചുമത്തി, നിർദ്ദിഷ്ട
നായ ഒരാളുടെ കൈവശം അതിനെ മരു
22 ഭൂമിയിലേക്കു അയയ്ക്കണം. കോലാട്ടു
കൊററൻ അവരുടെ കുററങ്ങളെ എല്ലാം
ശൂന്യപ്രദേശത്തേക്കു ചുമന്നുകൊണ്ടു
പോകണം; അവൻ കോലാട്ടുകൊററനെ
മരുഭൂമിയിൽ വിട്ടേക്കണം. പിന്നെ അഹ 23
റോൻ സമാഗമനകൂടാരത്തിൽ വന്ന് താൻ
വിശുദ്ധമന്ദിരത്തിൽ കടന്നപ്പോൾ ധരിച്ചി
രുന്ന പഞ്ഞിനൂൽ വസ്ത്രം മാററി അവിടെ
വയ്ക്കണം. അവൻ ഒരു വിശുദ്ധസ്ഥലത്തു 24
വച്ചു വെള്ളം കൊണ്ടു ദേഹം കഴുകി
സ്വന്തവസ്ത്രം ധരിച്ച് പുറത്തുവന്ന് തൻെറ
ഹോമയാഗവും ജനത്തിൻെറ ഹോമയാ
ഗവും അർപ്പിച്ച് തനിക്കും ജനത്തിനും
വേണ്ടി പാപപരിഹാരം ചെയ്യണം. അവൻ 25
പാപയാഗത്തിൻെറ മേദസ്സ് യാഗപീഠത്തി
ന്മേൽ ദഹിപ്പിക്കണം. ആട്ടുകൊററനെ 26
അസസ്സേലിനായി കൊണ്ടുപോയി വിട്ടവൻ
വസ്ത്രം അലക്കി ദേഹം വെള്ളത്തിൽ
കഴുകി മാത്രമെ പാളയത്തിൽ വരാവൂ.
വിശുദ്ധമന്ദിരത്തിൽ പാപപരിഹാരം നട 27
ത്തേണ്ടതിനു രക്തം കൊണ്ടുപോയ പാപ
യാഗത്തിൻെറ കാളയെയും കോലാട്ടുകൊ
ററനെയും പാളയത്തിനു പുറത്തു കൊണ്ടു
പോകണം; അവയുടെ തോലും മാംസവും
ചാണകവും തീയിൽ ചുട്ടുകളയണം. അവ 28
യെ ദഹിപ്പിച്ചവൻ വസ്ത്രം അലക്കി ദേഹം
വെള്ളത്തിൽ കഴുകി മാത്രമെ പാളയത്തിൽ
വരാവൂ.

ഇതു നിങ്ങൾക്കു എന്നേക്കുമുള്ള 29
നിയമം ആയിരിക്കണം; ഏഴാം മാസം
പത്താം തീയതി നിങ്ങൾ ഉപവസിക്കണം:
സ്വദേശിയും നിങ്ങളുടെ ഇടയിൽ പാർക്കു
ന്നവരും യാതൊരു വേലയും ചെയ്യരുത്. ആ 30
ദിവസത്തിലത്രെ ദൈവസന്നിധിയിൽ
നിങ്ങളെ ശുദ്ധീകരിക്കേണ്ടതിനു നിങ്ങൾ
ക്കുവേണ്ടി പാപപരിഹാരം ചെയ്യുകയും
നിങ്ങളുടെ സർവ്വപാപവും നീക്കി നിങ്ങളെ
ശുദ്ധീകരിക്കുകയും ചെയ്യുന്നത്. അതു 31
നിങ്ങൾക്കു വിശുദ്ധ വിശ്രമമുള്ള ശാബത്
ആയിരിക്കണം. നിങ്ങൾ ഉപവസിക്കണം;
ഇതു നിങ്ങൾക്കു എന്നേക്കുമുള്ള നിയമ
മാകുന്നു. പിതാവിനു പകരം പുരോഹിത 32
ശുശ്രൂഷ ചെയ്യുവാൻ അഭിഷേകം പ്രാപി
ക്കുകയും പ്രതിഷ്ഠിക്കപ്പെടുകയും ചെയ്ത
പുരോഹിതൻ തന്നെ പാപപരിഹാരം
ചെയ്യണം. അവൻ വിശുദ്ധവസ്ത്രമായ 33
പഞ്ഞിനൂൽ വസ്ത്രം ധരിച്ച് വിശുദ്ധമന്ദിര
ത്തിനു പാപപരിഹാരം കഴിക്കണം; സമാ
ഗമനകൂടാരത്തിനും യാഗപീഠത്തിനും
പാപപരിഹാരം കഴിക്കണം; പുരോഹിത
ന്മാർക്കും സഭയിലെ സകലജനത്തിനും
വേണ്ടി പാപപരിഹാരം നടത്തണം. സംവ 34

ത്സരത്തിൽ ഒരിക്കൽ ഇസ്രായേൽമക്കൾ
ക്കുവേണ്ടി അവരുടെ, സകല പാപങ്ങൾ
ക്കായും പാപപരിഹാരം നടത്തുവാൻ ഇതു
നിങ്ങൾക്കു ശാശ്വതനിയമം ആയിരിക്കണം;
ദൈവം മോശയോടു കല്പിച്ചതുപോലെ
തന്നെ അവൻ ചെയ്തു.

അദ്ധ്യായം 17

ദൈവം പിന്നെയും മോശയോടു അരുളി
ച്ചെയ്തത്:
നീ അഹറോനോടും പുത്രന്മാരോടും
എല്ലാ ഇസ്രായേല്യരോടും പറയുക:
കർത്താവ് കല്പിക്കുന്നു: ഇസ്രായേൽ
ഗൃഹത്തിൽ ആരെങ്കിലും കാളയെയോ
ആട്ടിൻകുട്ടിയെയോ കോലാടിനെയോ
പാളയത്തിൽ വച്ചോ പാളയത്തിനു പുറ
ത്തുവച്ചോ അറുക്കുകയും അതിനെ
കർത്താവിൻെറ കൂടാരത്തിൻെറ മുമ്പിൽ
കർത്താവിനു വഴിപാടായി അർപ്പിക്കേ
ണ്ടതിനു സമാഗമനകൂടാരത്തിൻെറ വാ
തിൽക്കൽ കൊണ്ടുവരാതിരിക്കുകയും ചെ
യ്താൽ അതു അവനു രക്തപാതകമായി
രിക്കും; അവൻ രക്തം ചൊരിയിച്ചു; ആ
മനുഷ്യനെ അവൻെറ ജനത്തിൽനിന്നു
5 വിച്ഛേദിച്ചുകളയണം. ഇസ്രായേല്യർ
വെളിമ്പ്രദേശത്തുവച്ചു അർപ്പിച്ചുവരുന്ന
യാഗങ്ങൾ ദൈവത്തിനു സമാധാന
യാഗങ്ങളായി അർപ്പിക്കേണ്ടതിനു സമാഗ
മനകൂടാരത്തിൻെറ വാതിൽക്കൽ പുരോ
ഹിതൻെറ അടുക്കൽ ദൈവസന്നിധിയിൽ
6 കൊണ്ടുവരേണ്ടതാകുന്നു. പുരോഹിതൻ
അവയുടെ രക്തം സമാഗമനകൂടാരത്തി
ൻെറ വാതിൽക്കൽ ദൈവത്തിൻെറ യാഗ
പീഠത്തിന്മേൽ തളിച്ചു മേദസ്സ് ദൈവത്തിനു
സൗരഭ്യവാസനയായി ദഹിപ്പിക്കണം.
7 അവർ വഴിതെററി പിന്തുടരുന്ന പിശാചു
ക്കൾക്കു ഇനി അവരുടെ ബലികൾ അർപ്പി
ക്കരുത്; ഇതു തലമുറതലമുറയായി
അവർക്കു ശാശ്വതനിയമം ആയിരിക്കണം.
8 നീ അവനോടു പറയുക: ഇസ്രായേൽ
ഗൃഹത്തിലോ നിങ്ങളുടെ മദ്ധ്യേ പാർക്കുന്ന
9 വിദേശികളിലോ ആരെങ്കിലും ഹോമയാ
ഗമോ ഹനനയാഗമോ അർപ്പിക്കുകയും
അതു ദൈവത്തിനു അർപ്പിക്കേണ്ടതിനു
സമാഗമനകൂടാരത്തിൻെറ വാതിൽക്കൽ
കൊണ്ടുവരാതിരിക്കുകയും ചെയ്താൽ
അവനെ ജനത്തിൽനിന്നു വിച്ഛേദിച്ചു
കളയണം.
10 ഇസ്രായേൽ ഗൃഹത്തിലോ നിങ്ങളുടെ
ഇടയിൽ പാർക്കുന്ന വിദേശികളിലോ
ആരെങ്കിലും വല്ല രക്തവും ഭക്ഷിച്ചാൽ
രക്തം ഭക്ഷിച്ചവൻെറ നേരെ ഞാൻ എൻെറ
ക്രോധം അയച്ച് അവനെ ജനത്തിൻെറ
ഇടയിൽനിന്നു ഛേദിച്ചുകളയും. ശരീരത്തി 11
ൻെറ ജീവൻ രക്തത്തിൽ അല്ലോ ഇരി
ക്കുന്നത്; യാഗപീഠത്തിന്മേൽ നിങ്ങൾക്കു
വേണ്ടി പാപപരിഹാരം നടത്തുവാൻ ഞാൻ
അതു നിങ്ങൾക്കു തന്നിരിക്കുന്നു; രക്ത
മല്ലോ ജീവൻ ഉള്ളതിനാൽ പ്രായശ്ചിത്തം
ആകുന്നത്. അതുകൊണ്ടത്രേ, നിങ്ങളിൽ 12
ഒരുവനും രക്തം ഭക്ഷിക്കരുതു, നിങ്ങളുടെ
ഇടയിൽ പാർക്കുന്ന വിദേശിയും രക്തം
ഭക്ഷിക്കരുതു എന്നു ഞാൻ ഇസ്രായേൽ
മക്കളോടു കല്പിച്ചത്.
ഇസ്രായേല്യരിലോ നിങ്ങളുടെ ഇട 13
യിൽ വസിക്കുന്ന വിദേശികളിലോ ആരെ
ങ്കിലും ഭക്ഷ്യയോഗ്യമായ ഒരു മൃഗത്തേയോ
പക്ഷിയെയോ വേട്ടയാടിപ്പിടിച്ചാൽ അവൻ
അതിൻെറ രക്തം ഊററിക്കളഞ്ഞു മണ്ണിട്ടു
മൂടണം. സകല ജഡത്തിൻേറയും ജീവൻ 14
അതിൻെറ ജീവാധാരമായ രക്തം ആകു
ന്നു. അതുകൊണ്ടത്രെ ഞാൻ ഇസ്രായേൽ
മക്കളോടു: യാതൊരു ജഡത്തിൻെറ രക്ത
വും നിങ്ങൾ ഭക്ഷിക്കരുതു എന്നു കല്പി
ച്ചത്; സകല ശരീരത്തിൻെറയും ജീവൻ
അതിൻെറ രക്തമാകുന്നു; അതു ഭക്ഷി
ക്കുന്നവനെയെല്ലാം വിച്ഛേദിച്ചുകളയ
ണം. താനെ ചത്തതിനേയൊ കടിച്ചുകീറ 15
പ്പെട്ടതിനെയോ ഭക്ഷിക്കുന്നവനെല്ലാം
സ്വദേശിയായാലും വിദേശിയായാലും
വസ്ത്രം അലക്കി വെള്ളത്തിൽ കുളിക്കു
കയും സന്ധ്യവരെ അശുദ്ധനായിരിക്കു
കയും വേണം; പിന്നെ അവൻ ശുദ്ധിയുള്ളവ 16
നാകും. വസ്ത്രം അലക്കാതെയും ദേഹം
കഴുകാതെയും ഇരുന്നാൽ അവൻ കുററ
ക്കാരനായിരിക്കും.

അദ്ധ്യായം 18

ദൈവം പിന്നെയും മോശയോടു അരുളി 1
ച്ചെയ്തത്:
നീ ഇസ്രായേൽ മക്കളോടു പറയുക: 2
ഞാൻ നിങ്ങളുടെ ദൈവമായ കർത്താവ്
ആകുന്നു; നിങ്ങൾ പാർത്തിരുന്ന മെസ്രേൻ 3
ദേശത്തിലെ ആചാരംപോലെ നിങ്ങൾ
നടക്കരുതു; ഞാൻ നിങ്ങളെ കൊണ്ടുപോ
കുന്ന കനാൻദേശത്തിലെ ആചാരംപോ
ലെയും അരുതു; അവരുടെ രീതി അനു 4
വർത്തിക്കരുതു. എൻെറ വിധികൾ അനു
സരിച്ച് എൻെറ നിയമങ്ങൾ പ്രകാരം നട
ക്കണം; നിങ്ങളുടെ ദൈവമായ കർത്താവ് 5

ഞാൻ ആകുന്നു. ആകയാൽ എന്റെ നിയമ
ങ്ങളും ന്യായങ്ങളും നിങ്ങൾ അനുസരി
ക്കണം; അവയെ ചെയ്യുന്ന മനുഷ്യൻ
അവയാൽ ജീവിക്കും; ഞാൻ ആകുന്നു
ദൈവം.
6 നിങ്ങളിൽ ആരും തനിക്കു രക്തബന്ധ
മുള്ള യാതൊരുത്തരുടെയും നഗ്നത
അനാവൃതമാക്കുവാൻ അവരോടു അടുക്ക
7 രുതു; ഞാൻ കർത്താവ് ആകുന്നു. നിന്റെ
പിതാവിന്റെ നഗ്നതയും അമ്മയുടെ നഗ്ന
തയും അനാവൃതമാക്കരുത്. അവൾ നിന്റെ
അമ്മയാകുന്നു; അവളുടെ നഗ്നത അനാ
8 വൃതമാക്കരുത്. പിതാവിന്റെ ഭാര്യയുടെ
നഗ്നത അനാവൃതമാക്കരുതു; അതു നിന്റെ
9 പിതാവിന്റെ നഗ്നതയല്ലോ. പിതാവിന്റെ
മകളോ അമ്മയുടെ മകളോ ആയ നിന്റെ
സഹോദരിയുടെ നഗ്നത അനാവൃതമാക്ക
രുത്; വീട്ടിൽ ജനിച്ചവരായാലും പുറമെ
ജനിച്ചവരായാലും അവരുടെ നഗ്നത അനാ
10 വൃതമാക്കരുതു. നിന്റെ മകന്റെ മകളുടെ
നഗ്നതയോ മകളുടെ മകളുടെ നഗ്നതയോ
അനാവൃതമാക്കരുതു; അവരുടെ നഗ്നത
11 നിന്റേതുതന്നെയാണല്ലോ. നിന്റെ പിതാ
വിനു ജനിച്ചവളും പിതാവിന്റെ ഭാര്യയുടെ
മകളുമായവളുടെ നഗ്നത അനാവൃതമാക്ക
രുതു; അവൾ നിന്റെ സഹോദരിയത്രേ.
12 പിതാവിന്റെ സഹോദരിയുടെ നഗ്നത
അനാവൃതമാക്കരുതു; അവൾ പിതാവിന്റെ
13 അടുത്ത ചാർച്ചക്കാരത്തിയല്ലയോ? അമ്മ
യുടെ സഹോദരിയുടെ നഗ്നത അനാവൃത
മാക്കരുത്; അവൾ നിന്റെ അമ്മയുടെ
14 അടുത്ത ചാർച്ചക്കാരത്തിയല്ലോ. പിതാ
വിന്റെ സഹോദരന്റെ നഗ്നത അനാവൃത
മാക്കരുതു; അവന്റെ ഭാര്യയോടു സമീ
പിക്കയുമരുത്; അവൾ നിന്റെ ഇളയമ്മ
15 യല്ലോ. നിന്റെ മരുമകളുടെ നഗ്നത അനാ
വൃതമാക്കരുതു; അവൾ നിന്റെ മകന്റെ
ഭാര്യ അല്ലോ; അവളുടെ നഗ്നത അനാവൃത
16 മാക്കരുതു. സഹോദരന്റെ ഭാര്യയുടെ
നഗ്നത അനാവൃതമാക്കരുതു; അതു നിന്റെ
17 സഹോദരന്റെ നഗ്നതയല്ലോ. ഒരു സ്ത്രീ
യുടെയും അവളുടെ മകളുടെയും നഗ്നത
അനാവൃതമാക്കരുതു; അവളുടെ മകന്റെ
യോ മകളുടെയോ മകളുടെ നഗ്നത അനാ
വൃതമാക്കുമാറു അവരെ പരിഗ്രഹിക്കരുതു;
അവർ അടുത്ത ചാർച്ചക്കാരല്ലോ; അതു
18 അധർമ്മം അത്രെ. ഭാര്യ ജീവനോടിരിക്കു
മ്പോൾ അവളെ ദുഃഖിപ്പിക്കുവാൻ അവളു
ടെ സഹോദരിയുടെ നഗ്നത അനാവൃതമാ
ക്കുമാറു അവളെക്കൂടെ പരിഗ്രഹിക്കരുതു.
ഒരു സ്ത്രീ ഋതുനിമിത്തം അശുദ്ധയായി 19
രിക്കുമ്പോൾ അവളുടെ നഗ്നത അനാവൃത
മാക്കുവാൻ അവളോടു അടുക്കരുതു.
കൂട്ടുകാരന്റെ ഭാര്യയോടുകൂടെ ശയിച്ച് 20
അവൾ മൂലം നിന്നെ അശുദ്ധനാക്കരുതു.
നിന്റെ സന്തതിയിൽ ഒന്നിനെയും മോലെ 21
ക്കിനു അർപ്പിച്ച് നിന്റെ ദൈവത്തിന്റെ
നാമത്തെ അശുദ്ധമാക്കരുത്; ഞാൻ
കർത്താവ് ആകുന്നു. സ്ത്രീയോടു എന്ന 22
പോലെ പുരുഷനോടുകൂടെ ശയിക്കരുതു;
അതു മ്ലേച്ഛത. ഏതെങ്കിലും മൃഗത്തോടു 23
കൂടെ ശയിച്ച് അതിനാൽ നിന്നെ അശുദ്ധ
നാക്കരുതു; ഒരു സ്ത്രീയും ഒരു മൃഗത്തോടു
കൂടെ ശയിക്കേണ്ടതിനു അതിന്റെ മുമ്പിൽ
നിൽക്കരുതു; അതു അതീവ ഹീനം.
ഇവയിൽ ഒന്നുകൊണ്ടും നിങ്ങളെ 24
തന്നെ അശുദ്ധരാക്കരുതു; ഞാൻ നിങ്ങളു
ടെ മുമ്പിൽനിന്നു നീക്കിക്കളയുന്ന ജാതി
കൾ ഇവയാൽ എല്ലാം അവരെത്തന്നെ
അശുദ്ധരാക്കിയിരിക്കുന്നു. ദേശവും അശു 25
ദ്ധമായിത്തീർന്നു. അതുകൊണ്ടു ഞാൻ
അതിന്റെ അകൃത്യം നിമിത്തം അതിനെ
ശിക്ഷിക്കുന്നു; ദേശം തന്റെ നിവാസികളെ
പുറന്തള്ളുന്നു. ഈ മ്ലേച്ഛതയെല്ലാം 26
നിങ്ങൾക്കു മുമ്പ് ആ ദേശത്തുണ്ടായിരുന്ന
മനുഷ്യർ ചെയ്തു. ദേശം അശുദ്ധമായി
ത്തീർന്നു. നിങ്ങൾക്കു മുമ്പ് ഉണ്ടായിരുന്ന 27
ജാതികളെ ദേശം പുറന്തള്ളികളഞ്ഞതു
പോലെ നിങ്ങൾ അതിനെ അശുദ്ധമാക്കി
യാൽ നിങ്ങളെയും പുറന്തള്ളാതിരിപ്പാൻ 28
നിങ്ങൾ എന്റെ നിയമങ്ങളും വിധികളും
അനുസരിക്കണം; ഈ മ്ലേച്ഛതകളിൽ
യാതൊന്നും സ്വദേശിയാകട്ടെ നിങ്ങളുടെ
ഇടയിൽ വസിക്കുന്ന വിദേശിയാകട്ടെ ചെ
യ്യരുതു. ആരെങ്കിലും ഈ സകല മ്ലേച്ഛ 29
തകളിൽ ഏതെങ്കിലും ചെയ്താൽ അങ്ങ
നെ ചെയ്യുന്നവരെ അവരുടെ ജനത്തിൽ
നിന്നു ഛേദിച്ചുകളയണം. ആകയാൽ 30
നിങ്ങൾക്കു മുമ്പുള്ളവർക്കു ഉണ്ടായിരുന്ന
ഈ മ്ലേച്ഛകാര്യങ്ങളിൽ യാതൊന്നും
ചെയ്യാതെയും അവയാൽ അശുദ്ധരാകാ
തെയും ഇരിപ്പാൻ നിങ്ങൾ എന്റെ നിയമ
ങ്ങൾ പാലിക്കണം; ഞാൻ നിങ്ങളുടെ
ദൈവമായ കർത്താവ് ആകുന്നു.

അദ്ധ്യായം 19

ദൈവം പിന്നെയും മോശയോടു അരുളി 1
ച്ചെയ്തതു:
നീ ഇസ്രായേൽ മക്കളുടെ സർവ്വസഭ 2
യോടും പറയുക; നിങ്ങളുടെ ദൈവമായ

കർത്താവ് എന്ന ഞാൻ വിശുദ്ധനാകയാൽ
നിങ്ങളും വിശുദ്ധരായിരിക്കണം. നിങ്ങൾ
ഓരോരുവൻ സ്വന്തം അമ്മയെയും അപ്പ
നെയും ബഹുമാനിക്കണം; എന്റെ ശാബ
ത്തുകൾ ആചരിക്കണം; ഞാൻ നിങ്ങളുടെ
ദൈവമായ കർത്താവ് ആകുന്നു. വിഗ്രഹ
ങ്ങളുടെ അടുക്കലേക്കു തിരിയരുതു;
നിങ്ങൾക്കായി ദേവന്മാരെ വാർത്തുണ്ടാ
ക്കരുതു; ഞാൻ നിങ്ങളുടെ ദൈവമായ
കർത്താവ് ആകുന്നു. കർത്താവിനു സമാ
ധാനയാഗം അർപ്പിക്കുന്നു എങ്കിൽ നിങ്ങൾ
ക്കു പ്രസാദം ലഭിക്കുവാൻ തക്കവണ്ണം
അർപ്പിക്കണം. അർപ്പിക്കുന്ന ദിവസവും
പിറെറ ദിവസവും അതു ഭക്ഷിക്കാം; മൂന്നാം
ദിവസംവരെ ശേഷിക്കുന്നതു തീയിൽ
ചുട്ടുകളയണം. മൂന്നാം ദിവസം ഭക്ഷിച്ചാ
ലോ അതു അശുദ്ധമാകുന്നു; പ്രസാദമാ
കയില്ല. അതു ഭക്ഷിക്കുന്നവൻ കുററക്കാര
നാകും; ദൈവത്തിനു വിശുദ്ധമായതു
അവൻ അശുദ്ധമാക്കിയല്ലോ; അവനെ
അവന്റെ ജനത്തിൽനിന്നു വിച്ഛേദിച്ചു
കളയണം.

നിങ്ങളുടെ നിലത്തിലെ വിളവ് നിങ്ങൾ
കൊയ്യുമ്പോൾ വയലിന്റെ അരികുവരെ
കൊയ്യരുതു; നിന്റെ കൊയ്ത്തിനു ശേഷം
കാലാ പെറുക്കുകയും അരുതു. നിന്റെ
മുന്തിരിത്തോട്ടത്തിൽ വീണുകിടക്കുന്ന
പഴം പെറുക്കുകയും അരുതു. അവയെ ദരിദ്ര
നും പരദേശിക്കുമായി വിട്ടേക്കണം; ഞാൻ
നിങ്ങളുടെ ദൈവമായ കർത്താവ് ആകുന്നു.

മോഷ്ടിക്കരുതു, വഞ്ചിക്കരുതു, പര
2 സ്പരം വ്യാജം പറയരുതു. എന്റെ നാമം
കൊണ്ടു കള്ളസത്യം ചെയ്തു നിന്റെ
ദൈവത്തിന്റെ നാമത്തെ അശുദ്ധമാക്ക
രുതു; ഞാൻ കർത്താവ് ആകുന്നു.
3 കൂട്ടുകാരനെ ഉപദ്രവിക്കരുതു; അവ
ന്റെ വസ്തു കവർച്ച ചെയ്യുകയും അരുതു;
കൂലിക്കാരന്റെ കൂലി പിറെറദിവസം
രാവിലെ വരെ നിന്റെ കൈയിൽ ഇരിക്ക
4 രുതു. ചെകിടനെ ശപിക്കരുതു; കുരുടന്റെ
വഴിയിൽ തടസ്സം വയ്ക്കരുതു; നിന്റെ
ദൈവത്തെ ഭയപ്പെടണം; ഞാൻ കർത്താവ്
ആകുന്നു.
5 ന്യായവിസ്താരത്തിൽ അന്യായമായി
പ്രവർത്തിക്കരുതു; എളിയവന്റെ മുഖം
നോക്കാതെയും വലിയവന്റെ മുഖം ആദരി
ക്കാതെയും നിന്റെ കൂട്ടുകാരനു നീതി
6 യോടെ ന്യായം വിധിക്കണം. നിന്റെ ജന
ത്തിന്റെ ഇടയിൽ ഏഷണി പറഞ്ഞു നട
ക്കരുത്; കൂട്ടുകാരന്റെ മരണത്തിനായി
ശ്രമിക്കരുതു; ഞാൻ കർത്താവ് ആകുന്നു. 17
സഹോദരനെ നിന്റെ ഹൃദയത്തിൽ ദ്വേ
ഷിക്കരുത്, കൂട്ടുകാരന്റെ പാപം നിന്റെ
മേൽ വരാതിരിപ്പാനായി അവനെ ഉത്സാഹ
പൂർവ്വം ശാസിക്കണം. പ്രതികാരം ചെയ്യരുത്; 18
നിന്റെ ജനത്തിന്റെ മക്കളോടു പക
വയ്ക്കരുത്; കൂട്ടുകാരനെ നിന്നെപ്പോലെ
തന്നെ സ്നേഹിക്കണം; ഞാൻ കർത്താവ്
ആകുന്നു.

നിങ്ങൾ എന്റെ നിയമങ്ങൾ പാലിക്ക 19
ണം. രണ്ടുതരം മൃഗങ്ങളെ തമ്മിൽ ഇണ
ചേർക്കരുത്; നിന്റെ വയലിൽ കൂട്ടുവിത്ത്
വിതയ്ക്കരുത്; രണ്ടു വക സാധനങ്ങൾ
ചേർത്തുണ്ടാക്കിയ വസ്ത്രം ധരിക്കരുതു.
ഒരു പുരുഷനു വിവാഹനിശ്ചയം ചെയ്യ 20
പ്പെട്ടവളും വീണ്ടെടുക്കപ്പെടുകയോ സ്വാ
തന്ത്ര്യം കിട്ടുകയോ ചെയ്യാത്തവളുമായ ഒരു
ദാസിയോടുകൂടെ ഒരുത്തൻ ശയിച്ചാൽ
അന്വേഷണശേഷം അവരെ ശിക്ഷിക്കണം.
എന്നാൽ അവൾ സ്വതന്ത്രയല്ലാത്തവളാ
യാൽ അവരെ വധിക്കരുതു. അവൻ ദൈവ 21
ത്തിനു അകൃത്യയാഗത്തിനായി സമാഗമന
കൂടാരത്തിന്റെ വാതിൽക്കൽ ഒരു ആട്ടു
കൊററനെ കൊണ്ടുവരണം. അവൻ ചെയ്ത 22
പാപത്തിനായി പുരോഹിതൻ അകൃത്യ
യാഗത്തിന്റെ ആട്ടുകൊററനെക്കൊണ്ടു
അവനുവേണ്ടി കർത്തൃസന്നിധിയിൽ
പാപപരിഹാരം ചെയ്യണം. അപ്പോൾ അവൻ
ചെയ്ത പാപം അവനോടു ക്ഷമിക്കും.
നിങ്ങൾ ദേശത്തു എത്തിച്ചേർന്നു ഭക്ഷ 23
ണത്തിനു ഉതകുന്ന എല്ലാവിധ വൃക്ഷ
ങ്ങളും നട്ടശേഷം നിങ്ങൾക്കു അവയുടെ
ഫലം വിലക്കപ്പെട്ടതുപോലെ ആയിരിക്ക
ണം; അതു മൂന്നു സംവത്സരത്തേക്കു അങ്ങ
നെ ഇരിക്കണം; അതു തിന്നരുതു. നാലാം 24
സംവത്സരത്തിൽ അതിന്റെ ഫലമെല്ലാം
ദൈവസ്തോത്രത്തിനായി ശുദ്ധമായിരിക്ക
ണം. അഞ്ചാം സംവത്സരത്തിലോ നിങ്ങൾ 25
ക്കു അതിന്റെ ഫലം തിന്നാം; അങ്ങനെ
അതിന്റെ അനുഭവം നിങ്ങൾക്കു വർദ്ധി
ച്ചുവരും; ഞാൻ നിങ്ങളുടെ ദൈവമായ
കർത്താവ് ആകുന്നു.

രക്തത്തോടുകൂടിയുള്ളതു ഭക്ഷിക്ക 26
രുതു; മന്ത്രവാദം ചെയ്യരുതു; മുഹൂർത്തം
നോക്കരുതു; നിങ്ങളുടെ തലമുടി ചുററും 27
അററം വടിക്കരുതു; താടിയുടെ അററം 28
വിരൂപമാക്കരുതു. മരിച്ചവനെപ്രതി ശരീര
ത്തിൽ മുറിവുണ്ടാക്കരുതു, ദേഹത്തു പച്ച
കുത്തരുതു; ഞാൻ കർത്താവ് ആകുന്നു.
ദേശം വേശ്യാവൃത്തിചെയ്തു ദുഷ്കർമ്മം 29

കൊണ്ടു നിറയാതിരിക്കേണ്ടതിനു നിന്റെ
മകളെ വേശ്യാവൃത്തിക്കു ഏല്പിക്കരുതു.
30 നിങ്ങൾ എന്റെ ശാബത്തുകൾ ആചരിക്കു
കയും എന്റെ വിശുദ്ധ മന്ദിരത്തോടു
ഭക്തിയുള്ളവരായിരിക്കുകയും വേണം;
31 ഞാൻ കർത്താവ് ആകുന്നു. വെളിച്ചപ്പാട
ന്മാരുടെയും മന്ത്രവാദികളുടെയും അടു
ക്കൽ പോകരുതു. അവരാൽ അശുദ്ധരായി
ത്തീരുവാൻ തക്കവണ്ണം അവരെ അന്വേഷി
ക്കുകയും അരുത്. ഞാൻ നിങ്ങളുടെ ദൈവ
32 മായ കർത്താവ് ആകുന്നു. വൃദ്ധനായ
നരച്ചവന്റെ മുമ്പിൽ എഴുന്നേൽക്കുകയും
വൃദ്ധനെ ബഹുമാനിക്കുകയും നിന്റെ
ദൈവത്തെ ഭയപ്പെടുകയും വേണം; ഞാൻ
33 കർത്താവ് ആകുന്നു. പരദേശി നിന്നോടു
കൂടെ നിങ്ങളുടെ ദേശത്തു വസിച്ചാൽ
34 അവനെ ഉപദ്രവിക്കരുതു. നിങ്ങളോടു
കൂടെ പാർക്കുന്ന പരദേശി നിങ്ങൾക്കു
സ്വദേശിയെപ്പോലെയായിരിക്കണം; അവ
നെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം;
നിങ്ങളും മെസ്രേൻ ദേശത്തു പരദേശികളാ
യിരുന്നുവല്ലോ; ഞാൻ നിങ്ങളുടെ ദൈവ
35 മായ കർത്താവ് ആകുന്നു. ന്യായവിസ്താര
ത്തിലും അളവിലും തൂക്കത്തിലും നിങ്ങൾ
36 അനീതി ചെയ്യരുത്. ശരിയായ തുലാസ്സും
കട്ടിയും പറയും ഇടങ്ങഴിയും നിങ്ങൾക്കു
ഉണ്ടായിരിക്കണം; ഞാൻ നിങ്ങളെ മെ
സ്രേൻ ദേശത്തുനിന്നു പുറപ്പെടുവിച്ച നിങ്ങ
ളുടെ ദൈവമായ കർത്താവ് ആകുന്നു.
37 നിങ്ങൾ എന്റെ എല്ലാ നിയമങ്ങളും സകല
വിധികളും പാലിച്ച് അനുസരിക്കണം; ഞാൻ
കർത്താവ് ആകുന്നു.

അദ്ധ്യായം 20

1 ദൈവം വീണ്ടും മോശയോടു അരുളി
ച്ചെയ്തു:
2 നീ ഇസ്രായേൽമക്കളോടു പറയുക:
ഇസ്രായേൽമക്കളിലോ ഇസ്രായേലിൽ
വന്നു പാർക്കുന്ന പരദേശികളിലോ ആരെ
ങ്കിലും തന്റെ സന്തതിയിൽ ഒന്നിനെ
മോലെക്കിനു കൊടുത്താൽ അവൻ മരണ
ശിക്ഷ അനുഭവിക്കണം; ദേശത്തിലെ ജനം
3 അവനെ കല്ലെറിയണം. അവൻ തന്റെ
സന്തതിയെ മോലെക്കിനു കൊടുത്തതി
നാൽ എന്റെ വിശുദ്ധമന്ദിരം മലിനമാക്കു
കയും എന്റെ വിശുദ്ധനാമം അശുദ്ധമാ
ക്കുകയും ചെയ്തതുകൊണ്ടു ഞാൻ അവ
ന്റെ നേരെ കോപിച്ച് അവനെ അവന്റെ
ജനത്തിൽനിന്നും വിച്ഛേദിച്ചുകളയും.
4 അവൻ തന്റെ സന്തതിയെ മോലെക്കിനു
കൊടുക്കുമ്പോൾ ദേശത്തിലെ ജനം അവ
നെ കൊല്ലാതെ അവഗണിച്ചാൽ ഞാൻ
അവനും കുടുംബത്തിനും എതിരായി 5
കോപിച്ച് അവനെയും അവന്റെ പിന്നാലെ
മോലെക്കിനോടു അയോഗ്യാരാധനയ്ക്കു
പോകുന്ന എല്ലാവരെയും അവരുടെ ജന 6
ത്തിന്റെ നടുവിൽ നിന്നു വിച്ഛേദിച്ചു
കളയും. വെളിച്ചപ്പാടന്മാരുടെയും മന്ത്ര
വാദികളുടെയും പിന്നാലെ പോകുന്നവ
ന്റെ നേരെയും ഞാൻ കോപിച്ചു അവനെ
അവന്റെ ജനത്തിൽനിന്നു വിച്ഛേദിച്ചു
കളയും. ആകയാൽ നിങ്ങൾ സ്വയം ശുദ്ധീ 7
കരിച്ച് വിശുദ്ധന്മാരായിരിപ്പിൻ; ഞാൻ
നിങ്ങളുടെ ദൈവമായ കർത്താവ് ആകുന്നു.
എന്റെ നിയമങ്ങൾ പാലിച്ച് ആചരിക്കു 8
വിൻ; ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന
ദൈവം ആകുന്നു. പിതാവിനെയോ 9
അമ്മയെയോ ശപിക്കുന്നവൻ മരണശിക്ഷ
അനുഭവിക്കണം; അവൻ പിതാവിനെയും
അമ്മയെയും ശപിച്ചു; അവന്റെ രക്തം
അവന്റെ മേൽ ഇരിക്കും. ഒരുവന്റെ ഭാര്യ 10
യുമായി വ്യഭിചാരം ചെയ്യുന്നവൻ, കൂട്ടു
കാരന്റെ ഭാര്യയുമായി വ്യഭിചരിക്കുന്ന
വ്യഭിചാരിയും വ്യഭിചാരിണിയും, മരണ
ശിക്ഷ അനുഭവിക്കണം. പിതാവിന്റെ 11
ഭാര്യയോടുകൂടെ ശയിക്കുന്നവൻ പിതാ
വിന്റെ നഗ്നത അനാവൃതമാക്കുന്നു; ഇരു
വരും മരണശിക്ഷ അനുഭവിക്കണം; അവ
രുടെ രക്തം അവരുടെമേൽ ഇരിക്കും.
ഒരുത്തൻ മരുമകളോടുകൂടെ ശയിച്ചാൽ 12
ഇരുവരും മരണശിക്ഷ അനുഭവിക്കണം;
അവർ ഹീനമായ കർമ്മം ചെയ്തു. അവ
രുടെ രക്തം അവരുടെമേൽ ഇരിക്കും.
സ്ത്രീയോടുകൂടെ ശയിക്കുന്നതുപോലെ 13
ഒരുത്തൻ പുരുഷനോടുകൂടെ ശയിച്ചാൽ
ഇരുവരും മ്ലേച്ഛത ചെയ്തു; അവർ
മരണശിക്ഷ അനുഭവിക്കണം; അവരുടെ
രക്തം അവരുടെ മേൽ ഇരിക്കും. ഒരു പുരു 14
ഷൻ ഒരു സ്ത്രീയെയും അവളുടെ അമ്മ
യെയും പരിഗ്രഹിച്ചാൽ അതു ഹീനകൃത്യം
തന്നെ; നിങ്ങളുടെ ഇടയിൽ ദുഷ്കർമ്മം
ഇല്ലാതിരിക്കേണ്ടതിനു അവനെയും അവ
രെയും തീയിൽ ദഹിപ്പിക്കണം. ഒരു പുരു 15
ഷൻ മൃഗത്തോടു കൂടെ ശയിച്ചാൽ അവൻ
മരണശിക്ഷ അനുഭവിക്കണം; മൃഗത്തെയും
കൊല്ലണം. ഒരു സ്ത്രീ മൃഗത്തോടു ചേർന്നു 16
ശയിച്ചാൽ സ്ത്രീയെയും മൃഗത്തെയും
കൊല്ലണം; അവർ മരണശിക്ഷ അനുഭവി
ക്കണം; അവരുടെ രക്തം അവരുടെമേൽ
ഇരിക്കും. ഒരു പുരുഷൻ തന്റെ പിതാവി 17

ൻെറ മകളോ അമ്മയുടെ മകളോ ആയ
തൻെറ സഹോദരിയെ പരിഗ്രഹിച്ചു അവ
ളുടെ നഗ്നത കാണുകയും അവൾ അവൻെറ
നഗ്നത കാണുകയും ചെയ്താൽ അതു
ലജ്ജാകരം; അവരെ അവരുടെ ജനത്തി
ൻെറ മുമ്പിൽ വച്ചുതന്നെ കൊന്നുകള
യണം; അവൻ സഹോദരിയുടെ നഗ്നത
അനാവൃതമാക്കി; അവൻ തൻെറ കുററം
വഹിക്കണം. ഒരു പുരുഷൻ ഋതുവായ
സ്ത്രീയോടുകൂടെ ശയിച്ചു അവളുടെ
നഗ്നത അനാവൃതമാക്കിയാൽ അവൻ
അവളുടെ സ്രവം അനാവൃതമാക്കി; അവളും
തൻെറ രക്തസ്രവം അനാവൃതമാക്കി;
ഇരുവരെയും അവരുടെ ജനത്തിൻെറ
ഇടയിൽനിന്നു വിച്ഛേദിച്ചുകളയണം.
19 നിൻെറ അമ്മയുടെ സഹോദരിയുടെയോ
അപ്പൻെറ സഹോദരിയുടെയോ നഗ്നത
അനാവൃതമാക്കരുത്; അങ്ങനെ ചെയ്യുന്ന
വൻ തൻെറ അടുത്ത ചാർച്ചക്കാരിയെ
അനാവൃതയാക്കുന്നുവല്ലോ; അവർ കുററ
20 ക്കാരാകും. ഒരു പുരുഷൻ ഇളയപ്പൻെറ
ഭാര്യയോടുകൂടി ശയിച്ചാൽ അവൻ ഇളയ
പ്പൻെറ നഗ്നത അനാവൃതമാക്കി; അവർ
തങ്ങളുടെ പാപം വഹിക്കും; അവർ സന്തതി
21 യില്ലാത്തവരായി മരിക്കണം. സഹോദര
ൻെറ ഭാര്യയെ പരിഗ്രഹിച്ചാൽ അതു
മലിനമത്രെ; അവൻ സഹോദരൻെറ നഗ്നത
അനാവൃതമാക്കി; അവർ സന്തതിയില്ലാത്ത
വർ ആയിരിക്കണം.
22 ആകയാൽ നിങ്ങൾ വാസം ചെയ്യേണ്ട
തിനു ഞാൻ നിങ്ങളെ കൊണ്ടുപോകുന്ന
ദേശം നിങ്ങളെ പുറംതള്ളാതിരിപ്പാൻ
എൻെറ എല്ലാ നിയമങ്ങളും എല്ലാ വിധി
23 കളും അനുസരിച്ച് ആചരിക്കണം. ഞാൻ
നിങ്ങളുടെ മുമ്പിൽ നിന്നു നീക്കിക്കളയുന്ന
ജാതിയുടെ പ്രമാണങ്ങൾ അനുസരിച്ചു
നടക്കരുതു; ഈ കാര്യങ്ങളെല്ലാം ചെയ്ത
തുകൊണ്ടു അവർ എനിക്കു വെറുപ്പായി
24 തീർന്നു. നിങ്ങൾ അവരുടെ ദേശത്തെ
കൈവശമാക്കും എന്നു ഞാൻ നിങ്ങളോടു
കല്പിച്ചുവല്ലോ; പാലും തേനും ഒഴുകുന്ന
ആ ദേശം നിങ്ങൾ കൈവശമാക്കേണ്ടതിനു
ഞാൻ അതിനെ നിങ്ങൾക്കു തരും; ഞാൻ
നിങ്ങളെ ജാതികളിൽനിന്നു വേർതിരിച്ച
വനായ നിങ്ങളുടെ ദൈവമായ കർത്താവ്
25 ആകുന്നു. ആകയാൽ ശുദ്ധിയുള്ള മൃഗവും
ശുദ്ധിയില്ലാത്ത മൃഗവും തമ്മിലും, ശുദ്ധി
യില്ലാത്ത പക്ഷിയും ശുദ്ധിയുള്ള പക്ഷിയും
തമ്മിലും നിങ്ങൾ വ്യത്യാസം വയ്ക്കണം;
ഞാൻ നിങ്ങൾക്കു അശുദ്ധമെന്നു വേർതി
രിച്ചിട്ടുള്ള മൃഗത്തെക്കൊണ്ടും പക്ഷിയെ 26
ക്കൊണ്ടും നിലത്തു ഇഴയുന്ന യാതൊരു
ജന്തുവിനെക്കൊണ്ടും നിങ്ങളെത്തന്നെ
അശുദ്ധമാക്കരുത്. നിങ്ങൾ എനിക്കു
വിശുദ്ധന്മാരായിരിക്കണം; കർത്താവായ
ഞാൻ വിശുദ്ധനാകകൊണ്ടു നിങ്ങളും
എനിക്കു വിശുദ്ധന്മാരായിരിക്കണം;
നിങ്ങൾ എനിക്കുള്ളവരായിരിക്കേണ്ടതിനു
ഞാൻ നിങ്ങളെ ജാതികളിൽനിന്നു വേർതി
രിച്ചിരിക്കുന്നു.
വെളിച്ചപ്പാടോ മന്ത്രവാദമോ ഉള്ള 27
പുരുഷൻ ആകട്ടെ സ്ത്രീയാകട്ടെ മരണ
ശിക്ഷ അനുഭവിക്കണം; അവരെ കല്ലെറി
ഞ്ഞു കൊല്ലണം; അവരുടെ രക്തം അവ
രുടെ മേൽ ഇരിക്കും.

അദ്ധ്യായം 21

ദൈവം വീണ്ടും മോശയോടു അരുളി 1
ച്ചെയ്തു:
അഹറോൻെറ പുത്രന്മാരായ പുരോ
ഹിതന്മാരോടു പറയുക: പുരോഹിതൻ
തൻെറ ജനത്തിൽ ഒരുവൻെറ ശവത്താൽ
തന്നെത്തന്നെ മലിനമാക്കരുതു. എന്നാൽ 2
തൻെറ അമ്മ, പിതാവ്, മകൻ, മകൾ, സഹോ 3
ദരൻ, തനിക്കടുത്തവളും ഭർത്താവില്ലാത്ത
കന്യകയുമായ സഹോദരി എന്നിങ്ങനെ
യുള്ള ഉററ ചാർച്ചക്കാരാൽ അവനും മലിന
നാകാവുന്നതാണ്. അവൻ തൻെറ ജന 4
ത്തിൽ പ്രധാനിയായിരിക്കുകയാൽ സ്വയം
മലിനമാക്കി അശുദ്ധനാക്കരുതു. അവർ 5
തലമുടി വടിക്കുകയും താടിയുടെ അററം
കത്രിക്കുകയും ശരീരത്തിൽ മുറിവുണ്ടാക്കു
കയും അരുതു; തങ്ങളുടെ ദൈവത്തിൻെറ 6
നാമം അശുദ്ധമാക്കാതെ തങ്ങളുടെ ദൈവ
ത്തിനു വിശുദ്ധന്മാരായിരിക്കണം; അവർ
തങ്ങളുടെ ദൈവത്തിൻെറ ഭോജനമായ
കർത്താവിൻെറ ദഹനയാഗങ്ങൾ അർപ്പി
ക്കുന്നു; ആകയാൽ അവർ വിശുദ്ധന്മാരാ
യിരിക്കണം. വേശ്യയെയോ ദുർന്നടപ്പുകാരി 7
യെയോ അവർ വിവാഹംകഴിക്കരുതു;
ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവളെയും
വിവാഹം കഴിക്കരുത്; അവൻ തൻെറ ദൈവ
ത്തിനു വിശുദ്ധൻ ആകുന്നു. അതുകൊണ്ട് 8
നീ അവനെ ശുദ്ധീകരിക്കണം; അവൻ
നിൻെറ ദൈവത്തിനു ഭോജനം അർപ്പിക്കു
ന്നവനാകയാൽ നീ അവനെ ശുദ്ധീകരി
ക്കണം; അവൻ നിനക്കു വിശുദ്ധനായിരിക്ക
ണം; നിങ്ങളെ ശുദ്ധീകരിക്കുന്ന കർത്താ
വായ ഞാൻ വിശുദ്ധൻ ആകുന്നു. പുരോ
ഹിതൻെറ മകൾ ദുർന്നടപ്പു ചെയ്തു

തന്നെത്താൻ അശുദ്ധയാക്കിയാൽ അവൾ
തന്റെ പിതാവിനെ അശുദ്ധനാക്കുന്നു;
അവളെ തീയിൽ ദഹിപ്പിച്ചുകളയണം.
10 അഭിഷേകതൈലം തലയിൽ ഒഴിക്ക
പ്പെട്ടവനും അംശവസ്ത്രം ധരിക്കുവാൻ
പ്രതിഷ്ഠിക്കപ്പെട്ടവനുമായി തന്റെ സ
ഹോദരന്മാരിൽ മഹാപുരോഹിതനായ
വൻ തന്റെ തലമുടി പിച്ചിപ്പറിക്കുകയും
11 വസ്ത്രം കീറുകയും അരുതു. അവൻ യാ
തൊരു ശവത്തോടു അടുക്കുകയും, അതു
തന്റെ അപ്പനോ അമ്മയോ ആയാലും,
12 അശുദ്ധനാകുകയും അരുതു. വിശുദ്ധ
മന്ദിരം വിട്ടു അവൻ പുറത്തിറങ്ങുകയും
തന്റെ ദൈവത്തിന്റെ വിശുദ്ധമന്ദിരം
അശുദ്ധമാക്കുകയും അരുതു; അവന്റെ
ദൈവത്തിന്റെ അഭിഷേകതൈലമായ
കിരീടം അവന്റെ മേൽ ഇരിക്കുന്നു; ഞാൻ
13 കർത്താവ് ആകുന്നു. കന്യകയായ സ്ത്രീയെ
മാത്രമേ അവൻ വിവാഹംകഴിക്കാവൂ.
14 വിധവ, ഉപേക്ഷിക്കപ്പെട്ടവൾ, ദുർന്നടപ്പു
കാരി, വേശ്യ ഇങ്ങനെയുള്ളവരെ അവൻ
വിവാഹം കഴിക്കരുതു; സ്വജനത്തിലുള്ള
കന്യകയെ മാത്രമെ വിവാഹംകഴിക്കാവൂ.
15 അവൻ തന്റെ സന്തതിയെ തന്റെ ജന
ത്തിന്റെ ഇടയിൽ അശുദ്ധമാക്കരുതു;
ഞാൻ അവനെ ശുദ്ധീകരിക്കുന്ന കർത്താവ്
ആകുന്നു.
16 ദൈവം പിന്നെയും മോശയോടു
17 അരുളിച്ചെയ്തതു: നീ അഹറോനോടു
പറയുക: നിന്റെ സന്തതിയിൽ അംഗഹീന
നായവൻ നിന്റെ ദൈവത്തിന്റെ ഭോജനം
അർപ്പിക്കുവാൻ ഒരിക്കലും അടുത്തുവര
18 രുതു. അംഗഹീനനായ യാതൊരുവനും
അടുത്തുവരരുതു; കുരുടൻ, മുടന്തൻ, പതി
19 മൂക്കൻ, അധികാംഗൻ, കാലൊടിഞ്ഞവൻ,
20 കയ്യൊടിഞ്ഞവൻ, കൂനൻ, മന്ദൻ, കാഴ്ച
കുറഞ്ഞവൻ, ചൊറി ഉള്ളവൻ, പൊരിച്ചു
ണങ്ങ് ഉള്ളവൻ, ഷണ്ഡൻ എന്നിങ്ങനെയു
21 ള്ളവരും അരുത്. പുരോഹിതനായ അഹ
റോന്റെ സന്തതിയിൽ അംഗഹീനനായ
ഒരുവനും കർത്താവിന്റെ ദഹനയാഗ
ങ്ങൾ അർപ്പിക്കുവാൻ അടുത്തുവരരുത്;
അവൻ അംഗഹീനൻ; അവൻ തന്റെ
ദൈവത്തിന്റെ ഭോജനം അർപ്പിക്കുവാൻ
22 അടുത്തു വരരുതു. തന്റെ ദൈവത്തിന്റെ
ഭോജനമായ അതിപരിശുദ്ധമായവയും
വിശുദ്ധമായവയും അവനു ഭക്ഷിക്കാം.
23 എങ്കിലും തിരശ്ശീലയുടെ അടുക്കൽ ചെല്ലു
കയോ യാഗപീഠത്തിങ്കൽ അടുത്തുവരി
കയോ അരുതു; അവൻ അംഗഹീനനല്ലോ;
അവൻ എന്റെ വിശുദ്ധസാധനങ്ങളെ
അശുദ്ധമാക്കരുതു; ഞാൻ അവരെ ശുദ്ധീ
കരിക്കുന്ന ദൈവം ആകുന്നു. മോശ ഇതു 24
അഹറോനോടും പുത്രന്മാരോടും എല്ലാ
ഇസ്രായേല്യരോടും പറഞ്ഞു.

അദ്ധ്യായം 22

ദൈവം മോശയോടു അരുളിച്ചെയ്തു: 1
ഇസ്രായേൽ മക്കൾ എനിക്കു ശുദ്ധീ 2
കരിക്കുന്ന വിശുദ്ധ സാധനങ്ങളെ സംബ
ന്ധിച്ചു അഹറോനും അവന്റെ പുത്രന്മാരും
കരുതി നില്ക്കണമെന്നും എന്റെ വിശുദ്ധ
നാമത്തെ അശുദ്ധമാക്കരുതെന്നും അവ
രോടു പറയണം; ഞാൻ കർത്താവ്
ആകുന്നു. നീ അവരോടു പറയുക: നിങ്ങളു 3
ടെ തലമുറകളിൽ നിങ്ങളുടെ സകല സന്ത
തിയിലും ആരെങ്കിലും അശുദ്ധനായിരിക്കു
മ്പോൾ ഇസ്രായേൽ മക്കൾ കർത്താവിനു
ശുദ്ധീകരിക്കുന്ന വിശുദ്ധ സാധനങ്ങ
ളോടു അടുത്താൽ അവനെ എന്റെ
മുമ്പിൽനിന്നു ഛേദിച്ചുകളയണം; ഞാൻ
ദൈവം ആകുന്നു. അഹറോന്റെ സന്തതി 4
യിൽ ആരെങ്കിലും കുഷ്ഠരോഗിയോ
ശുക്ലസ്രവക്കാരനോ ആയാൽ അവൻ
ശുദ്ധനായിത്തീരുംവരെ വിശുദ്ധസാധന
ങ്ങൾ ഭക്ഷിക്കരുത്; ശവത്താൽ അശുദ്ധ 5
മായ യാതൊന്നെങ്കിലും തൊടുന്നവനും
ബീജസ്ഖലനം ഉണ്ടായവനും അശുദ്ധി
വരുത്തുന്ന യാതൊരു ഇഴജാതിയെയോ
വല്ല അശുദ്ധിയുമുണ്ടായിട്ടു അശുദ്ധി
വരുത്തുന്ന മനുഷ്യനെയോ സ്പർശിക്കു
ന്നവനും ഇങ്ങനെ അശുദ്ധമായവൻ സന്ധ്യ
വരെ അശുദ്ധനായിരിക്കണം; അവൻ ശരീരം 6
വെള്ളത്തിൽ കഴുകിയല്ലാതെ വിശുദ്ധ
സാധനങ്ങൾ ഭക്ഷിക്കരുതു. സൂര്യൻ 7
അസ്തമിച്ചശേഷം അവൻ ശുദ്ധനാകും;
പിന്നീട് അവനു വിശുദ്ധസാധനങ്ങൾ
ഭക്ഷിക്കാം; അതു അവന്റെ ആഹാരമല്ലോ.
താനേ ചത്തതിനെയും വന്യമൃഗം പറിച്ചു 8
കീറിയതിനെയും തിന്ന് സ്വയം അശുദ്ധ
മാക്കരുതു; ഞാൻ ദൈവം ആകുന്നു. ആക 9
യാൽ അവർ എന്റെ കല്പനകൾ നിസ്സാര
മാക്കി സ്വയം പാപം വരുത്തുകയും അതു
മൂലം മരിക്കുകയും ചെയ്യാതിരിപ്പാൻ അവ
അനുസരിക്കണം; ഞാൻ അവരെ ശുദ്ധീ
കരിക്കുന്ന കർത്താവ് ആകുന്നു. യാതൊരു 10
അന്യനും വിശുദ്ധ വസ്തു ഭക്ഷിക്കരുത്;
പുരോഹിതന്റെ അടുക്കൽ വന്നു താമസി 11
ക്കുന്നവനും കൂലിക്കാരനും വിശുദ്ധവസ്തു
ഭക്ഷിക്കരുത്. എന്നാൽ പുരോഹിതൻ

ുവനെ വിലയ്ക്കു വാങ്ങിയാൽ അവനും
ീട്ടിൽ ജനിച്ചവനും ഭക്ഷിക്കാം; ഇവർക്ക്
ാവൻെറ ആഹാരം ഭക്ഷിക്കാം. പുരോഹി
ൻെറ മകൾ അന്യകുടുംബക്കാരനു ഭാര്യ
ായാൽ അവൾ വിശുദ്ധ വസ്തുക്കളായ വഴി
ാടു ഒന്നും ഭക്ഷിക്കരുതു. പുരോഹി
ൻെറ മകൾ വിധവയോ ഉപേക്ഷിക്കപ്പെട്ട
ളോ ആയി സന്തതിയില്ലാതെ പിതാവി
ൻെറ വീട്ടിലേക്കു തൻെറ ബാല്യത്തിൽ
എന്നപോലെ മടങ്ങി വന്നാൽ അവൾക്കു
ിതാവിൻെറ ആഹാരം ഭക്ഷിക്കാം;
എന്നാൽ യാതൊരു അന്യനും അതു ഭക്ഷി
ക്കരുതു. ഒരുവൻ അബദ്ധവശാൽ വിശുദ്ധ
വസ്തു ഭക്ഷിച്ചുപോയാൽ അവൻ വിശുദ്ധ
സാധനം അഞ്ചിൽ ഒരംശവും കൂട്ടി പുരോ
ഹിതനു കൊടുക്കണം. ഇസ്രായേൽ മക്കൾ
ദൈവത്തിനു അർപ്പിക്കുന്ന വിശുദ്ധ സാധ
നങ്ങൾ അശുദ്ധമാക്കരുതു. അവരുടെ വിശു
ദ്ധ വസ്തുക്കൾ ഭക്ഷിച്ചവരുടെ മേൽ അകൃ
ത്യത്തിൻെറ കുററം വരുത്തരുതു; അവരെ
ശുദ്ധീകരിക്കുന്ന ദൈവം ഞാൻ ആകുന്നു.
ദൈവം വീണ്ടും മോശയോടു അരുളി
ച്ചെയ്തു: നീ അഹറോനോടും പുത്രന്മാ
രോടും എല്ലാ ഇസ്രായേൽ മക്കളോടും പറ
യുക: ഇസ്രായേൽ ഗൃഹത്തിലോ ഇസ്രാ
യേലിൽ ഉള്ള പരദേശികളിലോ ആരെ
ങ്കിലും കർത്താവിനു ഹോമയാഗമായിട്ടു
അർപ്പിക്കുന്ന നേർച്ചയും സ്വമേധാദാന
ങ്ങളും ഇവയിൽ ഏതെങ്കിലും ഒരു വഴിപാടു
കഴിക്കുന്നുവെങ്കിൽ നിങ്ങൾക്കു പ്രസാദം
ലഭിപ്പാനായി അതു മാടുകളിൽനിന്നോ
ചെമ്മരിയാടുകളിൽനിന്നോ കോലാടുക
ളിൽനിന്നോ ഊനമില്ലാത്ത ഒരു ആണായി
രിക്കണം. ഊനമുള്ള യാതൊന്നിനെയും
നിങ്ങൾ അർപ്പിക്കരുതു; അതിനാൽ
നിങ്ങൾക്കു പ്രസാദം ലഭിക്കുകയില്ല. ഒരു
വൻ നേർച്ചനിവൃത്തിക്കായിട്ടോ സ്വമേ
ധാദാനമായിട്ടോ കർത്താവിനു മാടു
കളിൽനിന്നോ ആടുകളിൽനിന്നോ ഒന്നി
നെ സമാധാന യാഗമായി അർപ്പിക്കുമ്പോൾ
അതു പ്രസാദമാകുവാനായി ഊനമില്ലാത്ത
തായിരിക്കണം; അതിനു ഒരു കുറവും ഉണ്ടാ
യിരിക്കരുതു. കുരുടു, ചതവ്, മുറിവ്, മുഴ,
ചൊറി, പുഴുക്കടി എന്നിവയുള്ള യാതൊ
ന്നിനെയും കർത്താവിനു അർപ്പിക്കരുത്;
ഇവയിൽ ഒന്നിനെയും കർത്താവിനു യാഗ
പീഠത്തിന്മേൽ ദഹനയാഗമായി അർപ്പിക്ക
രുതു. അവയവങ്ങളിൽ ഏതെങ്കിലും നീളം
കൂടിയോ കുറഞ്ഞോ ഇരിക്കുന്ന കാളയെ
യും കുഞ്ഞാടിനെയും സ്വമേധാദാനമായി
അർപ്പിക്കാം; എന്നാൽ നേർച്ചയായി അതു
പ്രസാദമാകയില്ല. വരി എടുത്തുകളഞ്ഞ 24
തോ ഉടച്ചതോ മുറിച്ചുകളഞ്ഞതോ ആയു
ള്ളതിനെ നിങ്ങൾ കർത്താവിന് അർപ്പി
ക്കരുതു; ഇങ്ങനെ നിങ്ങളുടെ ദേശത്തെ
ങ്ങും ചെയ്യരുത്. അന്യൻെറ കയ്യിൽനിന്നും 25
ഇങ്ങനെയുള്ള ഒന്നിനെയും വാങ്ങി
നിങ്ങളുടെ ദൈവത്തിൻെറ ഭോജനമായി
അർപ്പിക്കരുത്; അവയ്ക്കു കേടും കുറവും
ഉള്ളതുകൊണ്ടു അവയാൽ നിങ്ങൾക്കു
പ്രസാദം ലഭിക്കുകയില്ല.

കർത്താവ് വീണ്ടും മോശയോടു അരു 26
ളിച്ചെയ്തു: ഒരു കാളയോ ചെമ്മരിയാടോ 27
കോലാടോ പിറന്നാൽ ഏഴുദിവസം തള്ള
യുടെ കൂടെ ഇരിക്കണം; എട്ടാം ദിവസം
മുതൽ അതു കർത്താവിന് ദഹനയാഗമാ
യി പ്രസാദമാകും. പശുവിനെയോ പെണ്ണാ 28
ടിനെയോ അതിനെയും കുട്ടിയെയും ഒരു
ദിവസത്തിൽ അറുക്കരുത്. കർത്താവിന് 29
സ്തോത്രയാഗം അർപ്പിക്കുമ്പോൾ അതു
പ്രസാദമാകുവാൻ അർപ്പിക്കണം. അന്നു
തന്നെ അതിനെ ഭക്ഷിക്കണം; രാവിലെ 30
വരെ അതിൽ അല്പവും ശേഷിപ്പിക്കരുത്;
ഞാൻ ദൈവം ആകുന്നു. ആകയാൽ 31
നിങ്ങൾ എൻെറ കല്പനകൾ അനുസ
രിച്ച് ആചരിക്കണം; ഞാൻ കർത്താവ്
ആകുന്നു. എൻെറ വിശുദ്ധനാമത്തെ 32
നിങ്ങൾ അശുദ്ധമാക്കരുത്; ഇസ്രായേൽ
മക്കളുടെ ഇടയിൽ ഞാൻ ശുദ്ധീകരിക്കപ്പെ
ടണം; ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന
ദൈവം ആകുന്നു. നിങ്ങൾക്കു ദൈവ 33
മായിരിക്കേണ്ടതിനു മെസ്രേൻ ദേശത്തു
നിന്നു നിങ്ങളെ കൊണ്ടുവന്ന ഞാൻ
ആകുന്നു ദൈവം.

അദ്ധ്യായം 23

ദൈവം വീണ്ടും മോശയോടു കല്പിച്ചു: 1
നീ ഇസ്രായേൽ മക്കളോടു പറയുക: 2
എൻെറ ഉത്സവങ്ങൾ, വിശുദ്ധസഭായോഗം
വിളിച്ചു കൂട്ടേണ്ട കർത്താവിൻെറ ഉത്സവ
ങ്ങൾ ഇവയത്രെ: ആറു ദിവസം വേല ചെ
യ്യണം; ഏഴാം ദിവസം വിശുദ്ധ സഭായോഗം 3
കൂടേണ്ടതായ സ്വസ്ഥതയ്ക്കുള്ള ശാബത്.
അന്നു ഒരു വേലയും ചെയ്യരുത്; നിങ്ങളുടെ
സകല വാസസ്ഥലങ്ങളിലും അതു
കർത്താവിൻെറ ശാബത് ആകുന്നു.

അതതു കാലത്തു വിശുദ്ധ സഭായോഗം 4
വിളിച്ചുകൂട്ടേണ്ടുന്ന കർത്താവിൻെറ ഉത്സവ
ങ്ങൾ ഇവ: ഒന്നാം മാസം പതിന്നാലാം തീയ 5
തി സന്ധ്യയ്ക്ക് കത്താവിൻെറ പെസഹ.

6 ആ മാസം പതിനഞ്ചാം തീയതി കർത്താ
വിനു പുളിപ്പില്ലാത്ത അപ്പത്തിൻെറ പെരു
ന്നാൾ; ഏഴു ദിവസം പുളിപ്പില്ലാത്ത അപ്പം
7 ഭക്ഷിക്കണം. ഒന്നാം ദിവസം നിങ്ങൾ വിശു
ദ്ധസഭായോഗം കൂടണം; സാധാരണ ജോലി
8 ഒന്നും ചെയ്യരുത്. നിങ്ങൾ ഏഴുദിവസം
കർത്താവിന് ദഹനയാഗം അർപ്പിക്കണം;
ഏഴാം ദിവസം വിശുദ്ധ സഭായോഗം; അന്നു
സാധാരണ വേല യാതൊന്നും ചെയ്യരുത്.
9 ദൈവം വീണ്ടും മോശയോടു അരുളി
ച്ചെയ്തു: നീ ഇസ്രായേൽ മക്കളോടു പറ
യുക: ഞാൻ നിങ്ങൾക്കു തരുന്ന ദേശത്തു
നിങ്ങൾ എത്തിയശേഷം അതിലെ വിളവെ
ടുക്കുമ്പോൾ നിങ്ങളുടെ കൊയ്ത്തിലെ
ആദ്യത്തെ കറ്റ പുരോഹിതൻെറ അടുക്കൽ
11 കൊണ്ടുവരണം. നിങ്ങൾക്കു പ്രസാദം ലഭി
ക്കുവാൻ അവൻ ആ കററ കത്താവിൻെറ
സന്നിധിയിൽ സമർപ്പിക്കണം. ശാബത്തി
12 ൻെറ പിറെറ ദിവസം പുരോഹിതൻ അതു
സമർപ്പിക്കണം. കറ്റ സമർപ്പിക്കുന്ന ദിവസം
നിങ്ങൾ കർത്താവിന് ഹോമയാഗമായി ഒരു
വയസ്സു പ്രായമുള്ള ഊനമില്ലാത്ത ഒരു
13 ആണാട്ടിൻ കുട്ടിയെ അർപ്പിക്കണം. അതി
ൻെറ ഭോജനയാഗം എണ്ണ ചേർത്ത രണ്ടിട
ങ്ങഴി നേരിയ മാവു ആയിരിക്കണം; അതു
കർത്താവിന് സൌരഭ്യവാസനയായുള്ള
ദഹനയാഗം ആകണം; അതിൻെറ പാനീയ
യാഗം ഒരു നാഴി വീഞ്ഞു ആയിരിക്കണം.
14 നിങ്ങളുടെ ദൈവത്തിനു വഴിപാടു
കൊണ്ടുവരുന്ന ദിവസംവരെ നിങ്ങൾ
അപ്പമോ മലരോ കതിരോ തിന്നരുത്;
നിങ്ങളുടെ സകല വാസസ്ഥലങ്ങളിലും
ഇതു തലമുറതലമുറയായി നിങ്ങൾക്കു
എന്നേക്കുമുള്ള നിയമം ആയിരിക്കണം.
15 ശാബതിൻെറ പിറെറ ദിവസം മുതൽ,
നിങ്ങൾ സമർപ്പണത്തിൻെറ കററ കൊണ്ടു
വന്ന ദിവസംമുതൽ, എണ്ണി ഏഴു ശാബത്
16 തികയണം. ഏഴാമത്തെ ശാബതിൻെറ
പിറെറ ദിവസം വരെ അമ്പതു ദിവസം എണ്ണി
കർത്താവിന് പുതിയ ധാന്യം കൊണ്ടു ഒരു
17 ഭോജനയാഗം അർപ്പിക്കണം. അർപ്പണ
ത്തിനു രണ്ടിടങ്ങഴി മാവുകൊണ്ടു രണ്ടപ്പം
നിങ്ങളുടെ ഭവനങ്ങളിൽനിന്നു കൊണ്ടു
വരണം; അതു നേരിയ മാവുകൊണ്ടുള്ളതും
പുളിപ്പിച്ചുണ്ടാക്കിയതും ആയിരിക്കണം;
18 അതു കർത്താവിന് ആദ്യവിളവു. അപ്പ
ത്തോടുകൂടെ, ഒരു വയസ്സുപ്രായമുള്ള ഊന
മില്ലാത്ത ഏഴു ചെമ്മരിയാട്ടിൻകുട്ടിയെയും
ഒരു കാളക്കുട്ടിയെയും രണ്ടു മുട്ടാടിനെയും
അർപ്പിക്കണം; അവയും അവയുടെ ഭോജന
യാഗവും പാനീയയാഗവും കർത്താവിന്
സൌരഭ്യവാസനയായ ദഹനയാഗമായി
കർത്താവിന് ഹോമയാഗമായിരിക്കണം.
ഒരു കോലാട്ടുകൊററനെ പാപയാഗമായും 19
ഒരു വയസ്സു പ്രായമുള്ള രണ്ടു ആട്ടിൻകുട്ടി
യെ സമാധാനയാഗമായും അർപ്പിക്കണം.
പുരോഹിതൻ അവയെ ആദ്യവിളവിൻെറ 20
അപ്പത്തോടും രണ്ടു ആട്ടിൻകുട്ടിയോടും
കൂടെ ദൈവസന്നിധിയിൽ സമർപ്പണം
ചെയ്യണം; അവ പുരോഹിതനുവേണ്ടി
കർത്താവിനു വിശുദ്ധമായിരിക്കണം.
അന്നുതന്നെ നിങ്ങൾ വിശുദ്ധ സഭായോഗം 21
വിളിച്ചുകൂട്ടണം; അന്നു സാധാരണ വേല
യാതൊന്നും ചെയ്യരുത്; ഇതു നിങ്ങളുടെ
സകല ഭവനങ്ങളിലും തലമുറതലമുറയായി
നിങ്ങൾക്കു എന്നേക്കുമുള്ള നിയമം
ആയിരിക്കണം.
നിങ്ങളുടെ നിലത്തിലെ വിളവു എടു 22
ക്കുമ്പോൾ വയലിൻെറ അരികു തീർത്തു
കൊയ്യരുത്; കാലാ പെറുക്കുകയുമരുത്;
അതു ദരിദ്രനും പരദേശിക്കുമായി വിട്ടേ
ക്കണം; ഞാൻ നിങ്ങളുടെ ദൈവമായ
കർത്താവ് ആകുന്നു.
ദൈവം പിന്നെയും മോശയോടു 23
കല്പിച്ചു: നീ ഇസ്രായേൽ മക്കളോടു
പറയുക: ഏഴാം മാസം ഒന്നാം തീയതി 24
നിങ്ങൾക്കു കാഹളധ്വനിയുടെ സ്മരണയും
വിശുദ്ധസഭായോഗമുള്ള സ്വസ്ഥദിവസ
വുമായിരിക്കണം. അന്നു സാധാരണ വേല 25
യാതൊന്നും ചെയ്യാതെ ദൈവത്തിനു
ദഹനയാഗം അർപ്പിക്കണം.
വീണ്ടും ദൈവം മോശയോടു കല്പിച്ചു: 26
ഏഴാം മാസം പത്താം തീയതി പാപപരി
ഹാരദിവസം ആകുന്നു. അന്നു നിങ്ങൾക്കു
വിശുദ്ധസഭായോഗം ഉണ്ടായിരിക്കണം;
നിങ്ങൾ ഉപവസിക്കുകയും ദൈവത്തിനു
ദഹനയാഗം അർപ്പിക്കുകയും വേണം.
അന്നു നിങ്ങൾ യാതൊരു വേലയും ചെയ്യ 28
രുത്; അതു നിങ്ങളുടെ ദൈവമായ
കർത്താവിൻെറ സന്നിധിയിൽ നിങ്ങൾക്കു
വേണ്ടി പാപപരിഹാരം കഴിക്കുവാനുള്ള
പാപപരിഹാരദിവസം ആകുന്നു. അന്നു 29
ഉപവസിക്കാത്ത ഏവനെയും അവൻെറ
ജനത്തിൽനിന്നു ഛേദിച്ചുകളയണം. അന്നു 30
ആരെങ്കിലും എന്തെങ്കിലും വേല ചെയ്താൽ
അവനെ ഞാൻ അവൻെറ ജനത്തിൻെറ
ഇടയിൽനിന്നു നശിപ്പിക്കും. യാതൊരു
വേലയും ചെയ്യരുത്; ഇതു നിങ്ങൾക്കു തല 31
മുറതലമുറയായി നിങ്ങളുടെ സകല ഭവന
ങ്ങളിലും ശാശ്വതനിയമം ആയിരിക്കണം.

ന്നതു നിങ്ങൾക്കു സ്വസ്ഥതയ്ക്കുള്ള
ശാബത് ആകുന്നു; അന്നു നിങ്ങൾ ഉപവ
സിക്കണം. ആ മാസം ഒൻപതാം തീയതി
വൈകുന്നേരം മുതൽ പിറെറദിവസം സന്ധ്യ
വരെ നിങ്ങൾ ശാബത് ആചരിക്കണം.
ദൈവം വീണ്ടും മോശയോടു അരുളി
ച്ചെയ്തു: നീ ഇസ്രായേൽ മക്കളോടു പറ
യുക: ഏഴാം മാസം പതിനഞ്ചാം തീയതി
മുതൽ ഏഴു ദിവസം കർത്താവിന് കൂടാര
പ്പെരുന്നാൾ ആകുന്നു. ഒന്നാം ദിവസം
വിശുദ്ധ സഭായോഗം ഉണ്ടായിരിക്കണം;
അന്നു സാധാരണ വേല ഒന്നും ചെയ്യരുത്.
ഏഴു ദിവസം കർത്താവിന് ദഹനയാഗം
അർപ്പിക്കണം; എട്ടാം ദിവസം നിങ്ങൾ
വിശുദ്ധസഭായോഗം കൂടണം; ദൈവത്തിനു
ദഹനയാഗവും അർപ്പിക്കണം; അന്നു അന്ത്യ
സഭായോഗമാകുന്നു; സാധാരണ വേല
യാതൊന്നും ചെയ്യരുത്.
കർത്താവിൻെറ ശാബതുകളും നിങ്ങളു
ടെ വഴിപാടുകളും നിങ്ങളുടെ എല്ലാ നേർച്ച
കളും നിങ്ങൾ കർത്താവിനു കൊടുക്കുന്ന
സകല സ്വമേധാദാനങ്ങളും കൂടാതെ
അതതു ദിവസത്തിൽ കർത്താവിൻെറ
ദഹനയാഗവും ഹോമയാഗവും ഭോജന
യാഗവും പാനീയയാഗവും അർപ്പിക്കുവാൻ
വിശുദ്ധസഭായോഗം വിളിച്ചു കൂട്ടേണ്ട
കർത്താവിൻെറ ഉത്സവങ്ങൾ ഇവയാകുന്നു.
ഭൂമിയിൽനിന്ന് ഫലശേഖരണം കഴി
ഞ്ഞ് ഏഴാം മാസം പതിനഞ്ചാം തീയതി
കർത്താവിന് ഏഴുദിവസം പെരുന്നാൾ
ആചരിക്കണം; ആദ്യദിവസം വിശുദ്ധ സ്വ
സ്ഥത; എട്ടാം ദിവസവും വിശുദ്ധ സ്വസ്ഥ
ത. ആദ്യദിവസം ഭംഗിയുള്ള വൃക്ഷങ്ങളുടെ
ഫലവും ഈന്തപ്പനയുടെ കുരുത്തോലയും
തഴച്ച വൃക്ഷങ്ങളുടെ കൊമ്പും ആററല
രിയും എടുത്തുകൊണ്ടു നിങ്ങളുടെ ദൈവ
മായ കർത്താവിൻെറ സന്നിധിയിൽ ഏഴു
ദിവസം സന്തോഷിക്കണം. ആണ്ടുതോറും
ഏഴുദിവസം കർത്താവിന് ഈ പെരു
ന്നാൾ ആചരിക്കണം; ഇതു തലമുറതലമുറ
യായി നിങ്ങൾക്കു എന്നേക്കുമുള്ള നിയമ
മാകുന്നു; ഏഴാം മാസത്തിൽ അതു ആചരി
ക്കണം. ഞാൻ ഇസ്രായേൽ മക്കളെ മെ
സ്രേൻ ദേശത്തുനിന്നു കൊണ്ടുവന്നപ്പോൾ
അവരെ കൂടാരങ്ങളിൽ പാർപ്പിച്ചു എന്നു
നിങ്ങളുടെ സന്തതി അറിയുവാൻ നിങ്ങൾ
ഏഴുദിവസം കൂടാരങ്ങളിൽ പാർക്കണം;
ഇസ്രായേലിലെ സ്വദേശികൾ എല്ലാം കൂടാ
രങ്ങളിൽ താമസിക്കണം; ഞാൻ നിങ്ങളുടെ
ദൈവമായ കർത്താവ് ആകുന്നു. അങ്ങനെ
മോശ കർത്താവിൻെറ പെരുന്നാളുകൾ 44
ഇസ്രായേൽ മക്കളോടു അറിയിച്ചു.

അദ്ധ്യായം 24

വീണ്ടും കർത്താവ് മോശയോടു 1
കല്പിച്ചു: ദീപങ്ങൾ പ്രതിദിനം കത്തി
ക്കൊണ്ടിരിക്കുവാൻ ഇസ്രായേൽ മക്കൾ
നിലവിളക്കിനു തയ്യാറാക്കിയ തെളിവുള്ള 2
ഒലിവെണ്ണ നിൻെറ അടുക്കൽ കൊണ്ടു
വരണമെന്നു അവരോടു കല്പിക്കുക.
സമാഗമനകൂടാരത്തിൽ സാക്ഷ്യത്തിൻെറ 3
തിരശ്ശീലയ്ക്കു പുറത്തു സന്ധ്യമുതൽ
രാവിലെവരെ കത്തിക്കേണ്ടതിനു അഹ
റോൻ അതു കർത്താവിൻെറ സന്നിധിയിൽ
ദിവസവും ഒരുക്കി വയ്ക്കണം; ഇതു തല
മുറതലമുറയായി നിങ്ങൾക്കു എന്നേക്കു
മുള്ള നിയമം ആകുന്നു. അവൻ പ്രതിദിനം 4
ദൈവസന്നിധിയിൽ തങ്കനിലവിളക്കിൽ
ദീപങ്ങൾ കത്തിക്കണം.
നേരിയ മാവു എടുത്തു അതുകൊണ്ടു 5
പന്ത്രണ്ടു അപ്പമുണ്ടാക്കണം; ഓരോ അപ്പം
രണ്ടിടങ്ങഴി മാവുകൊണ്ടുള്ളതായിരി
ക്കണം. അവ ദൈവസന്നിധിയിൽ തങ്കമേശ 6
മേൽ രണ്ടു അടുക്കായി ഓരോ അടുക്കിൽ
ആറാറുവീതം വയ്ക്കണം. ഓരോ അടു 7
ക്കിന്മേൽ നിർമ്മലമായ കുന്തുരുക്കം
വയ്ക്കണം; അതു അപ്പത്തിൻെറ നിവേദ്യ
മായി കർത്താവിന് ദഹനയാഗമായിരി
ക്കണം. അവൻ അതു നിത്യനിയമമായി 8
ഇസ്രായേൽ മക്കളോടു വാങ്ങി ശാബതു
തോറും ദൈവസന്നിധിയിൽ നിരന്തരമായി
അടുക്കിവയ്ക്കണം. അതു അഹറോനും 9
പുത്രന്മാർക്കും ഉള്ളതാകുന്നു; അവർ അതു
ഒരു വിശുദ്ധസ്ഥലത്തുവച്ചു ഭക്ഷിക്കണം;
അതു അവനു ശാശ്വതാവകാശവും കർത്താ
വിൻെറ ദഹനയാഗങ്ങളിൽ അതിവിശു
ദ്ധവും ആകുന്നു.
ഒരു ഇസ്രായേല്യസ്ത്രീയിൽനിന്നും 10
ഒരു മെസ്രേന്യനുണ്ടായ ഒരുവൻ ഇസ്രാ
യേൽ മക്കളുടെ മദ്ധ്യേ പുറപ്പെട്ടു; ഇസ്രാ
യേല്യരുടെ ഈ മകനും ഒരു ഇസ്രായേ
ല്യനും തമ്മിൽ പാളയത്തിൽവച്ചു ശണ്ഠയു
ണ്ടായി. ഇസ്രായേല്യരുടെ മകൻ ദൈവ 11
നാമം ദുഷിച്ച് ശപിച്ചു; അതിനാൽ അവർ
അവനെ മോശയുടെ മുമ്പാകെ കൊണ്ടു
വന്നു; അവൻെറ അമ്മയുടെ പേര് ശലോ
മീത്ത് എന്നായിരുന്നു. അവൾ ദാൻഗോത്ര
ത്തിൽ ദിബ്രി എന്നൊരുവൻെറ മകളായിരു
ന്നു. കർത്താവിൻെറ അരുളപ്പാടു കിട്ടേണ്ട
തിന് അവർ അവനെ തടവിൽ വച്ചു.

13 അപ്പോൾ ദൈവം മോശയോടു അരുളി
14 ച്ചെയ്തു: ശപിച്ചവനെ പാളയത്തിനു പുറ
ത്തുകൊണ്ടുപോയി അതു കേട്ടവർ എല്ലാ
വരും അവൻെറ തലയിൽ കൈയ്വച്ചശേഷം
സഭയൊക്കെയും ചേർന്ന് അവനെ കല്ലെറി
15 ഞ്ഞുകൊല്ലണം. എന്നാൽ ഇസ്രായേൽ
മക്കളോടു നീ പറയണം: ആരെങ്കിലും
തൻെറ ദൈവത്തെ ശപിച്ചാൽ അവൻ
തൻെറ പാപത്തിന് ഉത്തരവാദിയാകും.
16 ദൈവനാമം ദുഷിക്കുന്നവൻ മരണശിക്ഷ
അനുഭവിക്കണം; സഭയൊക്കെയുംകൂടി
അവനെ കല്ലെറിയണം; പരദേശിയോ സ്വദേ
ശിയോ തിരുനാമത്തെ ദുഷിക്കുന്നവൻ
മരണശിക്ഷ അനുഭവിക്കണം. മനുഷ്യനെ
17 കൊല്ലുന്നവൻ മരണശിക്ഷ അനുഭവി
18 ക്കണം. മൃഗത്തെ കൊല്ലുന്നവൻ മൃഗത്തിനു
പകരം മൃഗത്തെ കൊടുക്കണം. ഒരുവൻ
19 കൂട്ടുകാരനു നഷ്ടം വരുത്തിയാൽ അവൻ
ചെയ്തതുപോലെതന്നെ അവനോടും
20 ചെയ്യണം. ഒടിവിനു പകരം ഒടിവു, കണ്ണിനു
പകരം കണ്ണ്, പല്ലിനു പകരം പല്ല്, ഇങ്ങനെ
അവൻ മററവനു കേടു വരുത്തിയതു
പോലെതന്നെ അവനും വരുത്തണം.
21 മൃഗത്തെ കൊല്ലുന്നവൻ അതിനു പകരം
കൊടുക്കണം; മനുഷ്യനെ കൊല്ലുന്നവൻ
മരണശിക്ഷ അനുഭവിക്കണം. നിങ്ങൾക്കു
22 പരദേശിക്കും സ്വദേശിക്കും ഒരേ നിയമം
തന്നെ ആയിരിക്കണം; ഞാൻ നിങ്ങളുടെ
ദൈവമായ കർത്താവ് ആകുന്നു: ദുഷിച്ച
23 വനെ പാളയത്തിനു പുറത്തു കൊണ്ടു
പോയി കല്ലെറിയണമെന്ന് മോശ ഇസ്രാ
യേൽ മക്കളോടു പറഞ്ഞു. ദൈവം മോശ
യോടു കല്പിച്ചതുപോലെ ഇസ്രായേൽ
മക്കൾ ചെയ്തു.

അദ്ധ്യായം 25

1 ദൈവം സീനായിപർവ്വതത്തിൽ വച്ചു
മോശയോടു അരുളിച്ചെയ്തു: നീ ഇസ്രാ
2 യേൽ മക്കളോടു പറയുക: ഞാൻ നിങ്ങൾ
ക്കു തരുന്ന ദേശത്തു നിങ്ങൾ എത്തിയ
ശേഷം ആ ദേശം കർത്താവിന് ശാബത്
3 ആചരിക്കണം. ആറു സംവത്സരം നിൻെറ
നിലം വിതയ്ക്കണം; അതുപോലെ ആറു
സംവത്സരം നിൻെറ മുന്തിരിത്തോട്ടം വള്ളി
4 ത്തല മുറിച്ച് അനുഭവം എടുക്കണം. ഏഴാം
വർഷത്തിൽ ദേശത്തിനു വിശ്രമമുള്ള
ശാബതായ കർത്താവിൻെറ ശാബത് ആയി
രിക്കണം; നിൻെറ നിലം വിതയ്ക്കുകയും
മുന്തിരിത്തോട്ടത്തിലെ വള്ളിത്തല മുറിക്ക
5 യും ചെയ്യരുത്. നിൻെറ കൊയ്ത്തിൻെറ
പടുവിളവു കൊയ്യുകയും വള്ളിത്തല മുറി
ക്കാത്ത മുന്തിരിത്തോട്ടത്തിലെ പഴം പറി
ക്കുകയും അരുതു; അതു ദേശത്തിനു 6
ശാബതാണ്ടു ആകുന്നു. ദേശത്തിൻെറ
ശാബതിൽ താനേ വിളയുന്നത് നിങ്ങൾക്ക്
ആഹാരമായിരിക്കണം; നിനക്കും നിൻെറ 7
ദാസനും ദാസിക്കും കൂലിക്കാരനും നിന്നോ
ടുകൂടെ വസിക്കുന്ന പരദേശിക്കും നിൻെറ
കന്നുകാലിക്കും മൃഗത്തിനും അതിൻെറ
അനുഭവം ആഹാരമായിരിക്കണം.
പിന്നെ ഏഴു ശാബതുണ്ടായ ഏഴേഴു 8
സംവത്സരം എണ്ണണം; അങ്ങനെ ഏഴു ശാ
ബതാണ്ടായ നാല്പത്തൊമ്പതു സംവ
ത്സരം കഴിയണം. അപ്പോൾ ഏഴാം മാസം 9
പത്താം തീയതി കാഹളം ധ്വനിപ്പിക്കണം;
പാപപരിഹാരദിവസത്തിൽ നിങ്ങൾ നിങ്ങ
ളുടെ ദേശത്തു എല്ലാ സ്ഥലത്തും കാഹളം
ഊതണം. അൻപതാം സംവത്സരത്തെ ശു 10
ദ്ധീകരിച്ചു ദേശത്തെല്ലാം സകല നിവാസി
കൾക്കും സ്വാതന്ത്ര്യം പ്രസിദ്ധം ചെയ്യണം;
അതു നിങ്ങൾക്കു യോബേൽ സംവത്സര
മായിരിക്കണം; നിങ്ങൾ സ്വന്ത അവകാശ
ത്തിലേക്കു മടങ്ങിപ്പോകണം; ഓരോരുവൻ
അവനവൻെറ കുടുംബത്തിലേക്കും മടങ്ങി
പ്പോകണം; അൻപതാം സംവത്സരം നിങ്ങൾ 11
ക്കു യോബേൽ സംവത്സരമായിരിക്കണം;
അതിൽ നിങ്ങൾ വിതയ്ക്കുകയോ പടു
വിളവു കൊയ്യുകയോ വള്ളിത്തല മുറിക്കാ
ത്ത മുന്തിരിവള്ളിയുടെ പഴം പറിക്കുകയോ
ചെയ്യരുതു. അതു യോബേൽ സംവത്സരം 12
ആകുന്നു; അതു നിങ്ങൾക്കു വിശുദ്ധമാ
യിരിക്കണം; ആ ആണ്ടത്തെ അനുഭവം
നിങ്ങൾ വയലിൽനിന്നുതന്നെ എടുത്തു
ഭക്ഷിക്കണം. ഇങ്ങനെയുള്ള യോബേൽ 13
സംവത്സരത്തിൽ നിങ്ങൾ സ്വന്ത അവകാ
ശത്തിലേക്കു മടങ്ങിപ്പോകണം. കൂട്ടുകാ 14
രനു എന്തെങ്കിലും വില്ക്കുകയോ കൂട്ടു
കാരനോടു എന്തെങ്കിലും വാങ്ങുകയോ
ചെയ്താൽ നിങ്ങൾ പരസ്പരം വഞ്ചിക്ക
രുത്. യോബേൽ സംവത്സരത്തിൻെറ പിൻ 15
പുള്ള സംവത്സരങ്ങളുടെ സംഖ്യയ്ക്കു
അനുസരിച്ച് നിൻെറ കൂട്ടുകാരനോടു
വാങ്ങണം; അനുഭവമുള്ള സംവത്സരങ്ങ
ളുടെ സംഖ്യയ്ക്കു ഒത്തതുപോലെ അവൻ
നിനക്കു വിൽക്കണം. സംവത്സരങ്ങൾ ഏറി 16
യിരുന്നാൽ വില ഉയർത്തണം; സംവത്സര
ങ്ങൾ കുറഞ്ഞിരുന്നാൽ വില താഴ്ത്തണം;
അനുഭവത്തിൻെറ കാലസംഖ്യയ്ക്കു ഒത്ത
വണ്ണം അവൻ നിനക്കു വില്ക്കുന്നു. ആക 17
യാൽ നിങ്ങൾ അന്യോന്യം അന്യായം

ചെയ്യരുതു; നിന്റെ ദൈവത്തെ ഭയപ്പെട
ണം; ഞാൻ നിങ്ങളുടെ ദൈവമായ
കർത്താവ് ആകുന്നു. അതുകൊണ്ടു
നിങ്ങൾ എന്റെ കല്പനകൾ അനുസരിച്ചു
എന്റെ വിധികൾ പ്രമാണിച്ച് ആചരിക്ക
ണം; അപ്പോൾ നിങ്ങൾ ദേശത്തു നിർഭയം
വസിക്കും. ഭൂമി അതിന്റെ ഫലം തരും;
നിങ്ങൾ തൃപ്തരായി അതിൽ നിർഭയം
വസിക്കും. എന്നാൽ ഏഴാം സംവത്സര
ത്തിൽ ഞങ്ങൾ എന്തു ഭക്ഷിക്കും? ഞങ്ങൾ
വിതയ്ക്കുകയും ഞങ്ങളുടെ അനുഭവമെടു
ക്കുകയും ചെയ്യരുതല്ലോ എന്നു നിങ്ങൾ
പറയുന്നുവെങ്കിൽ ഞാൻ ആറാം സംവത്സര
ത്തിൽ നിങ്ങൾക്ക് എന്റെ അനുഗ്രഹം
ദാനം ചെയ്യും, അത് മൂന്നു വർഷത്തേക്കു
ള്ള അനുഭവം തരികയും ചെയ്യും. എട്ടാം
സംവത്സരത്തിൽ നിങ്ങൾ വിതയ്ക്കുകയും
ഒൻപതാം ആണ്ടുവരെ പഴയ അനുഭവം
കൊണ്ടു ഉപജീവിക്കുകയും വേണം; അതി
ന്റെ അനുഭവം ലഭിക്കുന്നതുവരെ പഴയ
തുകൊണ്ട് ഉപജീവിക്കണം. നിലം ജന്മം
വില്ക്കരുത്; ദേശം എന്റെതാകുന്നു;
നിങ്ങൾ എന്റെ അടുക്കൽ പരദേശികളും
വന്നു വസിക്കുന്നവരും അത്രേ. നിങ്ങളുടെ
അവകാശമായ ദേശത്തെല്ലാം നിലത്തിന്
വീണ്ടെടുപ്പു സമ്മതിക്കണം.

നിന്റെ സഹോദരൻ ദരിദ്രനായിത്തീർ
ന്ന് തന്റെ അവകാശത്തിൽ വല്ലതും
വിററാൽ അവന്റെ അടുത്ത ചാർച്ചക്കാരൻ
വന്ന് സഹോദരൻ വിററത് വീണ്ടുകൊള്ള
ണം. എന്നാൽ വീണ്ടുകൊള്ളുവാൻ അവനു
ആരും ഇല്ലാതിരിക്കുകയും താൻ തന്നെ
ധനമുള്ളവനായി വീണ്ടുകൊള്ളുവാൻ
പ്രാപ്തനാകുകയും ചെയ്താൽ അവൻ
അതു വിററശേഷമുള്ള സംവത്സരം കണ
ക്കുകൂട്ടി മിച്ചമുള്ളതു അതു വാങ്ങിയിരുന്ന
ആൾക്കു മടക്കിക്കൊടുത്ത് തന്റെ അവ
കാശത്തിലേക്ക് മടങ്ങിവരണം. എന്നാൽ
മടക്കിക്കൊടുക്കുവാൻ അവനു പ്രാപ്തി
യില്ല എങ്കിൽ വിററുപോയതു യോബേൽ
സംവത്സരം വരെ വാങ്ങിയവന്റെ കയ്യിൽ
ഇരിക്കണം; യോബേൽ സംവത്സരത്തിൽ
അതു ഒഴിഞ്ഞുകൊടുക്കുകയും അവൻ
തന്റെ അവകാശത്തിലേക്കു മടങ്ങിവരി
കയും വേണം.

ഒരുത്തൻ കോട്ടയുള്ള പട്ടണത്തിൽ ഒരു
വീടു വിററാൽ വിററശേഷം ഒരു വർഷ
ത്തിനകം അവന് അതു വീണ്ടുകൊള്ളാം;
വീണ്ടുകൊള്ളുവാൻ ഒരു സംവത്സരത്തെ
അവധിയുണ്ട്. ഒരു സംവത്സരം തികയുന്ന
തുവരെ വീണ്ടുകൊണ്ടില്ലെങ്കിൽ കോട്ട
യിലെ പട്ടണത്തിലെ വീട്, വാങ്ങിയവന്
തലമുറതലമുറയായി എന്നും സ്ഥിരമാ
യിരിക്കണം; യോബേൽ സംവത്സരത്തിൽ
അതു ഒഴിഞ്ഞുകൊടുക്കേണ്ടതില്ല. മതി 31
ലില്ലാത്ത ഗ്രാമങ്ങളിലെ വീടുകളോ ദേശ
ത്തുള്ള നിലത്തെപ്പോലെ വിചാരിക്കണം;
അവയ്ക്കു വീണ്ടെടുപ്പുണ്ട്; യോബേൽ
വർഷത്തിൽ അവയെ ഒഴിഞ്ഞുകൊടു
ക്കണം. എന്നാൽ ലേവ്യരുടെ പട്ടണങ്ങളും 32
അവരുടെ അവകാശമായ പട്ടണങ്ങളിലെ
വീടുകളും ലേവ്യർക്കു എപ്പോൾ വേണ
മെങ്കിലും വീണ്ടുകൊള്ളാം. ലേവ്യരിൽ 33
ഒരുത്തൻ വീണ്ടുകൊള്ളുന്നുവെങ്കിൽ
വിററുപോയ വീടും അവന്റെ അവകാശ
മായ പട്ടണവും യോബേൽ വർഷത്തിൽ
ഒഴിഞ്ഞുകൊടുക്കണം; ലേവ്യരുടെ പട്ടണ
ങ്ങളിലെ വീടുകൾ ഇസ്രായേൽ മക്കളുടെ
ഇടയിൽ അവർക്കുള്ള അവകാശമാണല്ലോ.
എന്നാൽ അവരുടെ പട്ടണങ്ങളോടു ചേർ 34
ന്നിരിക്കുന്ന പുല്പുറമായ ഭൂമി വിൽക്ക
രുതു; അതു അവർക്കു ശാശ്വതാവകാശം
ആകുന്നു.

നിന്റെ സഹോദരൻ ദരിദ്രനായി 35
ത്തീർന്ന് നിന്റെ സമീപത്ത് ക്ഷയിച്ചുപോ
യാൽ നീ അവനെ സഹായിക്കണം; അന്യ
നും പരദേശിയും എന്നപോലെ അവൻ
നിന്റെ അടുത്ത് താമസിക്കണം. അവ 36
നോടു പലിശയും ലാഭവും വാങ്ങരുത്;
നിന്റെ ദൈവത്തെ ഭയപ്പെടണം; നിന്റെ
സഹോദരൻ നിന്റെ അടുക്കൽ വസിക്കട്ടെ.
നിന്റെ പണം പലിശയ്ക്കു കൊടുക്കരുതു; 37
നിന്റെ ആഹാരം ലാഭമോർത്ത് അവനു
കൊടുക്കുകയും അരുതു. ഞാൻ നിങ്ങൾ 38
ക്കു കനാൻദേശം തരുവാനും നിങ്ങളുടെ
ദൈവമായിരിപ്പാനും നിങ്ങളെ മെസ്രേൻ
ദേശത്തുനിന്നു കൊണ്ടുവന്ന നിങ്ങളുടെ
ദൈവമായ കർത്താവ് ആകുന്നു.

നിന്റെ സഹോദരൻ ദരിദ്രനായി 39
തീർന്ന് സ്വയം നിനക്കു വിററാൽ അവനെ
ക്കൊണ്ടു അടിമവേല ചെയ്യിക്കരുതു.
കൂലിക്കാരൻ എന്ന പോലെയും വന്നുതാമ 40
സിക്കുന്നവൻ എന്ന വിധത്തിലും അവൻ
നിന്റെ അടുക്കൽ ഇരുന്നു യോബേൽ
വർഷം വരെ നിനക്കു സേവ ചെയ്യണം.
പിന്നീട് അവൻ തന്റെ മക്കളുമായി നിന്നെ 41
വിട്ട് തന്റെ കുടുംബത്തിലേക്ക് മടങ്ങി
പ്പോകണം; തന്റെ പിതാക്കന്മാരുടെ അവ
കാശത്തിലേക്കു അവൻ മടങ്ങിപ്പോകണം.
അവർ മെസ്രേൻ ദേശത്തുനിന്നു ഞാൻ 42

കൊണ്ടുവന്ന എൻെറ ദാസന്മാരാകയാൽ
അവരെ അടിമകളായി വിൽക്കരുത്;
43 അവനോടു കാഠിന്യം ചെയ്യരുതു; നിൻെറ
44 ദൈവത്തെ ഭയപ്പെടണം. നിൻെറ ദാസ
ന്മാരും ദാസികളും നിങ്ങൾക്കു ചുററുമുള്ള
45 ജാതികളിൽനിന്നു ആയിരിക്കണം; അവ
രിൽ നിന്നു ദാസരെയും ദാസികളെയും
എടുക്കണം. അതുപോലെ നിങ്ങളുടെ
ഇടയിൽ വന്നുവസിക്കുന്ന അന്യജാതിക്കാ
രുടെ മക്കളിൽ നിന്നു അവർ നിങ്ങളുടെ
ദേശത്തു ജനിപ്പിച്ചവരും നിങ്ങളോടുകൂടെ
ഇരിക്കുന്നവരുമായ അവരുടെ കുടുംബ
ങ്ങളിൽനിന്നും നിങ്ങൾ വാങ്ങണം; അവർ
46 നിങ്ങൾക്കു അവകാശമായിരിക്കണം. നിങ്ങ
ളുടെ കാലശേഷം നിങ്ങളുടെ മക്കൾക്കും
അവകാശമായിരിക്കേണ്ടതിന് നിങ്ങൾ
അവരെ അവകാശമാക്കിക്കൊള്ളൂ; അവർ
എന്നും നിങ്ങൾക്കു അടിമകളായിരിക്കണം;
ഇസ്രായേൽമക്കളായ നിങ്ങളുടെ സഹോ
ദരന്മാരോടോ നിങ്ങൾ കഠിനമായി പ്രവർ
ത്തിക്കരുത്.
47 നിന്നോടുകൂടെയുള്ള പരദേശിയോ
അന്യനോ സമ്പന്നനാകുകയും അവൻെറ
അടുക്കലുള്ള നിൻെറ സഹോദരൻ ദരിദ്ര
നായിത്തീർന്നു തന്നെത്താൻ അന്യനോ
പരദേശിക്കോ അന്യൻെറ സന്തതിക്കോ
48 വില്ക്കുകയും ചെയ്താൽ അവൻ തന്ന
ത്താൻ വിററശേഷം അവനെ വീണ്ടെ
ടുക്കാം; അവൻെറ സഹോദരന്മാരിൽ ഒരു
49 ത്തന് അവനെ വീണ്ടെടുക്കാം. അവൻെറ
പിതൃവ്യനോ പിതൃവ്യൻെറ പുത്രനോ
അവനെ വീണ്ടെടുക്കാം; അല്ലെങ്കിൽ
അവൻെറ കുടുംബത്തിൽ അവൻെറ അടു
ത്ത ചാർച്ചക്കാരിൽ ഒരുവനു അവനെ
വീണ്ടെടുക്കാം; അവനു പ്രാപ്തിയുണ്ടെ
50 ങ്കിൽ തന്നെത്താൻ വീണ്ടെടുക്കാം. അവൻ
തന്നെ വിററയാണ്ടു മുതൽ യോബേൽ
വർഷംവരെയുള്ള കാലദൈർഘ്യം തന്നെ
വാങ്ങിയവനുമായി കൂട്ടിനോക്കണം; അവ
ൻെറ വില സംവത്സരസംഖ്യക്കു ഒത്തതു
പോലെ ആയിരിക്കണം; അവൻ ഒരു
കൂലിക്കാരൻെറ കാലത്തിനു തക്കവണ്ണം
51 അവൻെറ അടുക്കൽ പാർക്കണം. സംവ
ത്സരം ഏറെയുണ്ടെങ്കിൽ അതിനു തക്ക
വണ്ണം അവൻ തൻെറ വീണ്ടെടുപ്പുവില
തനിക്കു കിട്ടിയ പണത്തിൽനിന്നു മടക്കി
52 ക്കൊടുക്കണം. യോബേൽ വർഷംവരെ
ശേഷിക്കുന്ന സംവത്സരം കുറച്ചു മാത്രം
എങ്കിൽ അവനുമായി കണക്കുകൂട്ടി സംവ
ത്സരങ്ങൾക്കു അനുയോജ്യമായി തൻെറ
വീണ്ടെടുപ്പുവില മടക്കിക്കൊടുക്കണം.
അവൻ ആണ്ടുമുഴുവനും കൂലിക്കാരൻ 53
എന്നപോലെ അവൻെറ അടുക്കൽ ഇരി
ക്കണം; നീ കാൺകെ അവൻ അവനോടു
നിർദ്ദയം പ്രവർത്തിക്കരുത്. ഇങ്ങനെ അ 54
വൻ വീണ്ടെടുക്കപ്പെടാതെയിരുന്നാൽ
അവനും അവനോടുകൂടെ അവൻെറ
മക്കളും യോബേൽ വർഷത്തിൽ പുറപ്പെട്ടു
പോകണം. ഇസ്രായേൽമക്കൾ എൻെറ 55
ദാസന്മാർ ആകുന്നു; അവർ മെസ്രേൻ
ദേശത്തുനിന്നു ഞാൻ കൊണ്ടുവന്ന
എൻെറ ദാസന്മാർ, ഞാൻ ആകുന്നു
നിങ്ങളുടെ ദൈവമായ കർത്താവ്.

അദ്ധ്യായം 26

വിഗ്രഹങ്ങൾ ഉണ്ടാക്കരുതു; ബിംബ 1
മോ സ്തംഭമോ നാട്ടരുതു; രൂപം കൊത്തി
യ ഒരു കല്ലും ആരാധിക്കുവാൻ നിങ്ങ
ളുടെ ദേശത്ത് നാട്ടുകയും അരുത്; ഞാൻ
ആകുന്നു നിങ്ങളുടെ ദൈവമായ കർത്താവ്.
നിങ്ങൾ എൻെറ ശാബതുകൾ ആചരിക്കു 2
കയും എൻെറ വിശുദ്ധമന്ദിരത്തെ ബഹു
മാനിക്കുകയും വേണം; ഞാൻ ആകുന്നു
കർത്താവ്
എൻെറ നിയമം ആചരിച്ചു എൻെറ 3
കല്പന പാലിച്ച് അനുസരിച്ചാൽ ഞാൻ
തക്ക സമയത്തു നിങ്ങൾക്കു മഴ തരും; ഭൂമി 4
വിളവു തരും; ഭൂമിയിലുള്ള വൃക്ഷവും ഫലം 5
തരും. നിങ്ങളുടെ മെതി മുന്തിരിപ്പഴം പറി
ക്കുന്നതുവരെ നീണ്ടുനില്ക്കും; മുന്തിരി
പ്പഴം പറിക്കുന്നത് വിതകാലംവരെയും
നീണ്ടുനില്ക്കും; നിങ്ങൾ തൃപ്തരായി
ഭക്ഷണം കഴിച്ചു ദേശത്ത് നിർഭയം വസി
ക്കും. ഞാൻ ദേശത്തു സമാധാനം തരും; 6
നിങ്ങൾ കിടക്കും; ആരും നിങ്ങളെ ഭയപ്പെ
ടുത്തുകയില്ല; ഞാൻ ദേശത്തുനിന്നു ദുഷ്ട
മൃഗങ്ങളെ നീക്കിക്കളയും; വാൾ നിങ്ങളുടെ
ദേശത്തുകൂടി കടക്കുകയുമില്ല. നിങ്ങളുടെ 7
ശത്രുക്കളെ നിങ്ങൾ ഓടിക്കും; അവർ 8
നിങ്ങളുടെ മുമ്പിൽ വാളിനാൽ വീഴും. നിങ്ങ
ളിൽ അഞ്ചുപേർ നൂറുപേരെ ഓടിക്കും;
നിങ്ങളിൽ നൂറുപേർ പതിനായിരം പേരെ
ഓടിക്കും; നിങ്ങളുടെ ശത്രുക്കൾ നിങ്ങളുടെ
മുമ്പിൽ വാളിനാൽ വീഴും. ഞാൻ നിങ്ങളെ 9
കടാക്ഷിച്ചു സന്താനസമൃദ്ധരാക്കി വർദ്ധി
പ്പിക്കുകയും നിങ്ങളോടുള്ള എൻെറ ഉടമ്പടി
സുസ്ഥിരമാക്കുകയും ചെയ്യും. നിങ്ങൾ
പഴയ ധാന്യം ഭക്ഷിക്കുകയും പുതിയതി 10
ൻെറ വരവു നിമിത്തം പഴയതു പുറത്തു
ഇറക്കുകയും ചെയ്യും. ഞാൻ എൻെറ 11

്വാസം നിങ്ങളുടെ കൂടെ ആക്കും;
ന്റെ മനസ്സ് നിങ്ങളെ വെറുക്കുകയില്ല.
ാൻ നിങ്ങളുടെ ഇടയിൽ സഞ്ചരിച്ചു
കാണ്ടിരിക്കും; ഞാൻ നിങ്ങൾക്കു ദൈവ
ും നിങ്ങൾ എനിക്കു ജനവും ആയി
ക്കും. നിങ്ങൾ മെസ്രേൻകാർക്കു അടിമക
കാതിരിക്കുവാൻ അവരുടെ ദേശത്തു
ന്നു നിങ്ങളെ കൊണ്ടുവന്ന നിങ്ങളുടെ
ദവമായ കർത്താവ് ഞാൻ ആകുന്നു;
ാൻ നിങ്ങളുടെ നുകങ്ങൾ ഒടിച്ചു
ങ്ങൾ നിവർന്നു നടക്കുമാറാക്കിയി
ക്കുന്നു.

എന്നാൽ നിങ്ങളോ എന്റെ വാക്കു
കൾക്കാതെയും ഈ കല്പനകളെല്ലാം
നുസരിക്കാതെയും എന്റെ നിയമങ്ങൾ
ക്കരിച്ചു നിങ്ങളുടെ ഹൃദയം എന്റെ
ീർപ്പുകളെ വെറുത്ത് നിങ്ങൾ എന്റെ
ല്പനകൾ പാലിക്കാതെ എന്റെ നിയമം
ഘിച്ചാൽ ഞാനും ഇങ്ങനെ നിങ്ങളോടു
ചയ്യും; കണ്ണ് മങ്ങിയ്ക്കുന്നതും ജീവനെ
ഷയിപ്പിക്കുന്നതുമായ ഭീതി, ക്ഷയരോഗം,
രം എന്നിവ ഞാൻ നിങ്ങളുടെമേൽ
രുത്തും; നിങ്ങളുടെ വിത്തു നിങ്ങൾ
തയ്ക്കുന്നത് വ്യഥാവാകും; ശത്രുക്കളാ
ിരിക്കും അതു ഭക്ഷിക്കുന്നത്. ഞാൻ
ങ്ങൾക്കെതിരെ ദൃഷ്ടി വയ്ക്കും; നിങ്ങൾ
ത്രുക്കളാൽ പരാജിതരാകും; നിങ്ങളെ
ഷിക്കുന്നവർ നിങ്ങളെ ഭരിക്കും;
ടിക്കുന്നവർ ഇല്ലാതെ നിങ്ങൾ ഓടും.
തെല്ലാം സംഭവിച്ചിട്ടും നിങ്ങൾ എന്റെ
ാക്കു കേൾക്കാതിരുന്നാൽ നിങ്ങളുടെ
ാപങ്ങൾ നിമിത്തം ഞാൻ നിങ്ങളെ
ഴിരട്ടി ശിക്ഷിക്കും. ഞാൻ നിങ്ങളുടെ
ക്തിയുടെ വീര്യം ക്ഷയിപ്പിക്കും; നിങ്ങ
ടെ ആകാശത്തെ ഇരുമ്പുപോലെയും
മിയെ ചെമ്പുപോലെയും ആക്കും. നിങ്ങ
ടെ ശക്തി വ്യഥാ ക്ഷയിച്ചുപോകും; നിങ്ങ
ടെ ദേശം വിളവു തരികയില്ല, ദേശത്തു
ക്ഷമൊന്നും ഫലം കായ്ക്കാതിരിക്കും.
ങ്ങൾ എനിക്കു വിരോധമായി നടക്കു
യും എന്റെ വാക്കു കേൾക്കാതിരിക്കു
യും ചെയ്താൽ ഞാൻ നിങ്ങളുടെ പാപ
ങ്ങൾക്കനുസരണം ഏഴിരട്ടി ബാധ നിങ്ങളു
മേൽ വരുത്തും. ഞാൻ നിങ്ങളുടെ ഇട
ൽ കാട്ടുമൃഗങ്ങളെ അയയ്ക്കും; അവ
ങ്ങളെ മക്കളില്ലാത്തവരാക്കും, നിങ്ങളുടെ
ന്നുകാലികളെ നശിപ്പിക്കും, നിങ്ങളെ
ംഖ്യയിൽ കുറയ്ക്കുകയും ചെയ്യും; നിങ്ങ
ടെ വഴികൾ ശൂന്യമായി കിടക്കും. ഇവ
ാലും നിങ്ങൾക്കു ബോധം വരാതെ
നിങ്ങൾ എനിക്കു വിരോധമായി നടന്നാൽ 24
ഞാനും നിങ്ങൾക്കു വിരോധമായി നടന്നു
നിങ്ങളുടെ പാപങ്ങൾ നിമിത്തം ഏഴിരട്ടി
നിങ്ങളെ വേദനിപ്പിക്കും. എന്റെ നിയമ 25
ത്തിന്റെ പ്രതികാരം നടത്തുന്ന വാൾ ഞാൻ
നിങ്ങളുടെ മേൽ വരുത്തും; നിങ്ങൾ
നിങ്ങളുടെ പട്ടണങ്ങളിൽ ഒരുമിച്ചുകൂടു
മ്പോൾ ഞാൻ നിങ്ങളുടെ ഇടയിൽ വസന്ത
അയയ്ക്കും, നിങ്ങളെ ശത്രുവിന്റെ കയ്യിൽ
ഏല്പിക്കുകയും ചെയ്യും. ഞാൻ നിങ്ങളുടെ 26
അപ്പം കോർത്തിടുന്ന കോൽ ഒടിച്ചി
രിക്കുമ്പോൾ പത്തു സ്ത്രീകൾ ഒരടുപ്പിൽ
നിങ്ങളുടെ അപ്പമുണ്ടാക്കി നിങ്ങൾക്കു
തൂക്കിത്തരും; നിങ്ങൾ ഭക്ഷിച്ചാലും
തൃപ്തരാകുകയില്ല.

പിന്നെയും നിങ്ങൾ എന്റെ വാക്കു 27
കേൾക്കാതെ എനിക്കു വിരോധമായി നട
ന്നാൽ ഞാനും ക്രോധത്തോടെ നിങ്ങൾക്കു 28
വിരോധമായി നടക്കും; നിങ്ങളുടെ പാപ
ങ്ങൾ നിമിത്തം നിങ്ങളെ ഏഴിരട്ടി ശിക്ഷി
ക്കും. നിങ്ങളുടെ പുത്രന്മാരുടെ മാംസം 29
നിങ്ങൾ തിന്നും; നിങ്ങളുടെ പുത്രിമാരുടെ
മാംസവും തിന്നും. ഞാൻ നിങ്ങളുടെ പൂജാ 30
ഗിരികളെ നശിപ്പിക്കും, നിങ്ങളുടെ സൂര്യ
വിഗ്രഹങ്ങളെ തട്ടിക്കളയും; നിങ്ങളുടെ
ശവം നിങ്ങളുടെ വിഗ്രഹങ്ങളുടെ ഉടലി
ന്മേൽ ഇട്ടുകളയും, എനിക്കു നിങ്ങളോടു
വെറുപ്പു തോന്നുകയും ചെയ്യും. ഞാൻ 31
നിങ്ങളുടെ പട്ടണങ്ങളെയും നിങ്ങളുടെ
വിശുദ്ധമന്ദിരങ്ങളെയും ശൂന്യമാക്കും;
നിങ്ങളുടെ സൗരഭ്യവാസന ഞാൻ ആസ്വദി
ക്കുകയില്ല. ഞാൻ ദേശത്തെ ശൂന്യമാക്കും; 32
അതിൽ വസിക്കുന്ന നിങ്ങളുടെ ശത്രുക്കൾ
കണ്ട് ആശ്ചര്യപ്പെടും. ഞാൻ നിങ്ങളെ 33
ജാതികളുടെ ഇടയിൽ ചിതറിക്കും, നിങ്ങ
ളുടെ നേരെ വാൾ ഊരും; നിങ്ങളുടെ ദേശം
ശൂന്യമായും നിങ്ങളുടെ പട്ടണങ്ങൾ പാഴാ
യും കിടക്കും. അങ്ങനെ ദേശം ശൂന്യമായി 34
രിക്കുകയും നിങ്ങൾ ശത്രുക്കളുടെ ദേശത്തു
കഴിയുകയും ചെയ്യുന്ന കാലമെല്ലാം അതു
അതിന്റെ ശാബതുകൾ അനുഭവിക്കും;
അപ്പോൾ ദേശം സ്വസ്ഥമായിക്കിടന്നു
അതിന്റെ ശാബതുകൾ അനുഭവിക്കും.
നിങ്ങൾ അവിടെ വസിച്ചിരുന്നപ്പോൾ നിങ്ങ 35
ളുടെ ശാബതുകളിൽ അതിന് അനുഭവമാ
കാതിരുന്ന വിശ്രമം അതു ശൂന്യമായി കിട
ക്കുന്ന കാലമെല്ലാം അനുഭവിക്കും. ശേഷി 36
ച്ചിരിക്കുന്നവരുടെ ഹൃദയത്തിൽ ശത്രുദേശ
ത്തു വച്ചു ഞാൻ ഭീതി വരുത്തും; ഇല
പറക്കുന്ന ശബ്ദം കേട്ടിട്ട് അവർ ഓടും;

വാളിൻെറ മുമ്പിൽനിന്നു ഓടുന്നതുപോലെ
37 അവർ ഓടും; ആരും ഓടിക്കാതെ അവർ
ഓടിവീഴും. ആരും ഓടിക്കാതെ അവർ വാളി
ൻെറ മുമ്പിൽനിന്നു എന്നപോലെ ഓടി
ഒരുവൻെറ മേൽ ഒരുവൻ വീഴും; ശത്രുക്ക
ളുടെ മുമ്പിൽ നിൽക്കുവാൻ നിങ്ങൾക്കു
38 കഴിയുകയുമില്ല. നിങ്ങൾ ജാതികളുടെ
ഇടയിൽ നശിക്കും; ശത്രുക്കളുടെ ദേശം
39 നിങ്ങളെ തിന്നുകളയും. നിങ്ങളിൽ അവ
ശേഷിച്ചിരിക്കുന്നവൻ ശത്രുക്കളുടെ
ദേശത്തു വച്ചു അവരുടെ അകൃത്യങ്ങൾ
നിമിത്തം ക്ഷയിച്ചുപോകും; തങ്ങളുടെ
പിതാക്കന്മാരുടെ അധർമ്മങ്ങളാൽ അവർ
40 അവരോടു കൂടെ ക്ഷയിച്ചുപോകും. അവർ
തങ്ങളുടെ അകൃത്യവും അവരുടെ പിതാക്ക
ന്മാരുടെ അകൃത്യവും അവർ എന്നോടു
41 ചെയ്ത ദ്രോഹവുംമൂലംതന്നെ. അവർ
എനിക്കു വിരോധമായി ജീവിച്ചതുകൊണ്ട്
ഞാനും അവർക്കു വിരോധമായി നടന്ന്
അവരെ ശത്രുക്കളുടെ ദേശത്ത് വരുത്തും.
അവർ ഗ്രഹിച്ച് ഏററുപറയുകയും അവരു
ടെ പരിച്ഛേദനയില്ലാത്ത ഹൃദയം
42 താഴുകയും അവർ അവരുടെ അകൃത്യത്തി
നുള്ള ശിക്ഷ അനുഭവിക്കുകയും ചെയ്
താൽ ഞാൻ യാക്കോബിനോടുള്ള എൻെറ
നിയമം ഓർക്കും; ഇസഹാക്കിനോടുള്ള
എൻെറ നിയമവും അബ്രാഹാമിനോടുള്ള
എൻെറ നിയമവും ഞാൻ ഓർക്കും; ദേശ
43 ത്തെയും ഞാൻ ഓർക്കും. അവർ ദേശം വിട്ടു
പോയിട്ടു അവരില്ലാതെ അതു ശൂന്യമായി
കിടന്ന് ശാബതുകൾ അനുഭവിക്കും. അവർ
എൻെറ നിയമങ്ങൾ ധിക്കരിക്കുകയും
അവർക്കു എൻെറ നിയമങ്ങളോടു വെറുപ്പു
തോന്നുകയും ചെയ്തതിനാൽ അവർ അവ
രുടെ അകൃത്യത്തിനു ശിക്ഷ അനുഭവിക്കും.
44 എങ്കിലും അവർ ശത്രുക്കളുടെ ദേശത്തു
കഴിയുമ്പോൾ അവരെ നിർമ്മൂലം നശിപ്പി
ക്കുവാനും അവരോടുള്ള എൻെറ ഉടമ്പടി
ലംഘിപ്പാനും തക്കവണ്ണം ഞാൻ അവരെ
ഉപേക്ഷിക്കുകയില്ല. അവരെ വെറുക്കുക
45 യുമില്ല; ഞാൻ അവരുടെ ദൈവമായ
കർത്താവ് ആകുന്നു. ഞാൻ അവരുടെ
ദൈവമായിരിക്കേണ്ടതിന് ജാതികൾ
കാൺകെ മെസ്രേൻദേശത്തുനിന്നു ഞാൻ
കൊണ്ടുവന്ന അവരുടെ പൂർവ്വികരോടു
ചെയ്ത ഉടമ്പടി ഞാൻ അവരെപ്രതി
ഓർക്കും; ഞാൻ ആകുന്നു കർത്താവ്.
46 ദൈവം സീനായി പർവ്വതത്തിൽ വച്ചു
തനിക്കും ഇസ്രായേൽ മക്കൾക്കും ഇടയിൽ
മോശ മുഖാന്തരം നിശ്ചയിച്ചിട്ടുള്ള
നിയമങ്ങളും വിധികളും പ്രമാണങ്ങളുമത്രെ
ഇവ.

അദ്ധ്യായം 27

കർത്താവ് തുടർന്നും, മോശയോടു 1
കല്പിച്ചു: ഇസ്രായേൽ മക്കളോടു നീ
പറയുക: ആരെങ്കിലും കർത്താവിന് ഒരു 2
നേർച്ച നിവർത്തിക്കുമ്പോൾ അയാൾ
നിൻെറ മതിപ്പുപോലെ ദൈവത്തിനു
ള്ളവൻ ആകണം. ഇരുപതു വയസ്സുമുതൽ 3
അറുപതു വയസ്സുവരെയുള്ള പുരുഷന്
വിശുദ്ധമന്ദിരത്തിലെ തൂക്കപ്രകാരം
നിൻെറ മതിപ്പ് അമ്പതു ശേക്കൽ വെള്ളി
ആയിരിക്കണം. സ്ത്രീയായിരുന്നാൽ 4
നിൻെറ മതിപ്പു മുപ്പതു ശേക്കൽ ആയി
രിക്കണം. അഞ്ചു വയസ്സുമുതൽ ഇരു 5
പതുവയസ്സുവരെ എങ്കിൽ നിൻെറ മതിപ്പു
ഇരുപതു ശേക്കലും പെണ്ണിനു പത്തു
ശേക്കലും ആയിരിക്കണം. ഒരു മാസം 6
മുതൽ അഞ്ചു വയസ്സുവരെ ഉള്ളതായാൽ
നിൻെറ മതിപ്പു ആണിനു അഞ്ചു ശേക്കൽ
വെള്ളിയും പെണ്ണിനു മൂന്നു ശേക്കൽ
വെള്ളിയും ആയിരിക്കണം. അറുപതു 7
വയസ്സു മുതൽ മേലോട്ടെങ്കിൽ നിൻെറ
മതിപ്പു പുരുഷനു പതിനഞ്ചു ശേക്കലും
സ്ത്രീക്കു പത്തു ശേക്കലും ആയിരിക്കണം.
നിൻെറ മതിപ്പുപോലെ കൊടുക്കുവാൻ 8
കഴിയാത്തവണ്ണം ഒരുവൻ ദരിദ്രനായി
രുന്നാൽ അവനെ പുരോഹിതൻെറ
മുമ്പിൽ കൊണ്ടുവന്നു നിർത്തണം;
പുരോഹിതൻ അവനു മതിപ്പു നിശ്ചയി
ക്കണം; നേർന്നവൻെറ പ്രാപ്തിക്കു
തക്കവണ്ണം പുരോഹിതൻ അവനു മതിപ്പു
നിശ്ചയിക്കണം.

അതു കർത്താവിന് വഴിപാടു കഴിപ്പാൻ 9
തക്ക മൃഗം ആകുന്നുവെങ്കിൽ ആ വക
യിൽനിന്നു ദൈവത്തിനു സമർപ്പിക്കുന്ന
തെല്ലാം വിശുദ്ധമായിരിക്കണം. ചീത്ത 10
യ്ക്കു പകരം നല്ലതു, നല്ലതിനു പകരം
ചീത്ത, ഇങ്ങനെ വ്യത്യാസപ്പെടുത്തരുത്;
മൃഗത്തിനു മൃഗത്തെ വച്ചുമാറുന്നു എങ്കിൽ
അതും മാറി എടുത്തതും വിശുദ്ധമായിരി
ക്കണം. അതു ദൈവത്തിനു വഴിപാടു 11
കഴിക്കാവതല്ലാത്ത അശുദ്ധമൃഗമാകുന്നു
വെങ്കിൽ ആ മൃഗത്തെ പുരോഹിതൻെറ
മുമ്പാകെ നിർത്തണം. അതു നല്ലതോ 12
ചീത്തയോ ആയിരിക്കുന്നതിനു ഒത്തവണ്ണം
പുരോഹിതൻ അതിനെ വിലമതിക്കണം;
പുരോഹിതനായ നീ അതിനു മതിക്കു
ന്നതാണ് അതിൻെറ വില. അതിനെ 13

വീണ്ടെടുക്കുന്നു എങ്കിൽ നീ മതിച്ച തുക
യോടു അഞ്ചിലൊന്നു കൂട്ടണം.
ഒരുവൻ തൻെറ വീടു കർത്താവിന് വി
ശുദ്ധമായിരിക്കേണ്ടതിനു വിശുദ്ധീകരി
ച്ചാൽ അതു നല്ലതെങ്കിലും ന്യൂനതയുള്ള
തെങ്കിലും പുരോഹിതൻ അതിനു വില മതി
ക്കണം; പുരോഹിതൻ മതിക്കുന്നതുപോ
ലെതന്നെ അതു ഇരിക്കണം. തൻെറ വീടു
വിശുദ്ധീകരിച്ചവൻ അതു വീണ്ടെടുക്കുന്നു
വെങ്കിൽ അവൻ നിൻെറ മതിപ്പു വിലയുടെ
അഞ്ചിലൊന്നു അതിനോടു കൂട്ടണം;
എന്നാൽ അതു അവനുള്ളതായിത്തീരും.
ഒരുവൻ തൻെറ അവകാശനിലത്തിൽ
കുറെ കർത്താവിന് വിശുദ്ധീകരിച്ചാൽ
നിൻെറ മതിപ്പു അതിൻെറ വിത്തുപാടിനു
ഒത്തവിധം ആയിരിക്കണം; ഒരു ഹോമെർ
യവം വിതയ്ക്കുന്ന നിലത്തിനു അൻപതു
ശേക്കൽ വെള്ളി മതിക്കണം. യോബേൽ
സംവത്സരം മുതൽ അവൻ തൻെറ നിലം
വിശുദ്ധീകരിച്ചാൽ അതു നിൻെറ മതിപ്പു
പോലെ ഇരിക്കണം. യോബേൽ വർഷത്തി
ൻെറ ശേഷം അവൻ അതിനെ വിശുദ്ധീ
കരിച്ചാലോ യോബേൽ വർഷംവരെ ശേഷി
ക്കുന്ന സംവത്സരങ്ങൾക്കു ഒത്തവിധം പു
രോഹിതൻ അതിൻെറ വില കണക്കാക്ക
ണം; അതു നിൻെറ മതിപ്പിൽനിന്നു കുറയ്
ക്കണം. നിലം വിശുദ്ധീകരിച്ചവൻ അതു
വീണ്ടെടുക്കുന്നുവെങ്കിൽ അവൻ നിൻെറ
മതിപ്പുവിലയുടെ അഞ്ചിലൊന്നു അതി
നോടു കൂട്ടണം; എന്നാൽ അതു അവനു
സ്ഥിരമായിരിക്കും. അവൻ നിലം വീണ്ടെ
ടുക്കാതെ മറെറാരുവനു വിററാൽ പിന്നെ
അതു വീണ്ടെടുത്തുകൂടാ. ആ നിലം യോ
ബേൽ വർഷത്തിൽ ഒഴിഞ്ഞു കൊടുക്കു
മ്പോൾ ശപഥാർപ്പിതഭൂമിപോലെ കർ
ത്താവിന് വിശുദ്ധമായിരിക്കണം; അതിൻെറ
അനുഭവം പുരോഹിതനുള്ളത്. തൻെറ
അവകാശനിലങ്ങളിൽ ഉൾപ്പെടാതെ താൻ
സമ്പാദിച്ച ഒരു നിലം ഒരുവൻ കർത്താവിന്
ശുദ്ധീകരിച്ചാൽ പുരോഹിതൻ യോബേൽ
സംവത്സരംവരെ മതിപ്പുവില കണക്കാക്ക
ണം; നിൻെറ മതിപ്പുവില അവൻ അന്നു ത
ന്നെ കർത്താവിന് വിശുദ്ധമായി കൊടുക്ക
ണം. ആ നിലം ആദ്യ ഉടമസ്ഥനുയോബേൽ 24
സംവത്സരത്തിൽ തിരികെ ചേരണം. നിൻെറ 25
മതിപ്പു ശേക്കലിനു ഇരുപതു ഗേരാ വച്ചു
വിശുദ്ധ മന്ദിരത്തിലെ തൂക്കപ്രകാരം
ആയിരിക്കണം.
കടിഞ്ഞൂൽ പിറവിയാൽ കർത്താവിനു 26
ള്ള മൃഗത്തെ മാത്രം ആരും വിശുദ്ധീകരി
ക്കരുതു; മാടായാലും ആടായാലും അതു
കർത്താവിനുള്ളതാകുന്നുവല്ലോ. അത്
അശുദ്ധമൃഗമാകുന്നുവെങ്കിൽ മതിപ്പുവില 27
യും അതിൻെറ അഞ്ചിലൊന്നും കൂടെ
കൊടുത്ത് അതിനെ വീണ്ടെടുക്കണം; വീ
ണ്ടെടുക്കുന്നില്ലെങ്കിൽ നിൻെറ മതിപ്പു വില
യ്ക്കു അതിനെ വിൽക്കണം.
ഒരുവൻ തനിക്കുള്ള ആൾ, മൃഗം, അവ 28
കാശനിലം മുതലായി കർത്താവിന് കൊടു
ക്കുന്ന യാതൊരു ശപഥാർപ്പിതവും
വില്ക്കുകയോ വീണ്ടെടുക്കുകയോ ചെയ്തു
കൂടാ; ശപഥാർപ്പിതം എല്ലാം കർത്താവിന് 29
അതി വിശുദ്ധം ആകുന്നു. മനുഷ്യവർഗ്ഗ
ത്തിൽ നിന്നു ശപഥാർപ്പിതമായി കൊടു
ക്കുന്ന ഒന്നിനേയും വീണ്ടെടുക്കാതെ
കൊന്നുകളയണം.
നിലത്തിലെ വിത്തിലും വൃക്ഷഫലത്തി 30
ലും ദേശത്തിലെ ദശാംശം ഒക്കെയും കർ
ത്താവിനുള്ളതാകുന്നു; അതു കർത്താവി
നു വിശുദ്ധം. ആരെങ്കിലും തൻെറ ദശാംശ 31
ത്തിൽ കുറെ വീണ്ടെടുക്കുന്നു എങ്കിൽ അ
തിനോടു അഞ്ചിലൊന്നുകൂടെ ചേർത്തു
കൊടുക്കണം. മാടാകട്ടെ, ആടാകട്ടെ മേയി 32
ക്കപ്പെടുന്ന എല്ലാററിലും പത്തിലൊന്നു കർ
ത്താവിനു വിശുദ്ധമായിരിക്കണം. അതു 33
നല്ലതോ ചീത്തയോ എന്നു ശോധന ചെയ്യ
രുതു; വച്ചുമാറുകയും അരുത്; വച്ചു മാറുന്നു
എങ്കിൽ അതും വച്ചു മാറിയതും വിശുദ്ധ
മായിരിക്കണം. അവയെ വീണ്ടെടുത്തു
കൂടാ.
ഇസ്രായേൽ മക്കൾക്കുവേണ്ടി കർ 34
ത്താവ് സീനായി പർവ്വതത്തിൽവച്ചു
മോശയോടു ഇവ കല്പിച്ചു.

സംഖ്യാ പുസ്തകം

അദ്ധ്യായം 1

1 ഇസ്രായേൽ മക്കൾ മെസ്രേനിൽനിന്നു
പുറപ്പെട്ടതിന്റെ രണ്ടാം സംവത്സരം രണ്ടാം
മാസം ഒന്നാംതീയതി ദൈവം സീനായി മരു
ഭൂമിയിൽ സമാഗമനകൂടാരത്തിൽ വച്ചു മോ
2 ശയോടു കല്പിച്ചു: നിങ്ങൾ ഇസ്രായേൽ
മക്കളിൽ ഗോത്രം ഗോത്രമായും കുടുംബം
കുടുംബമായും സകല പുരുഷന്മാരെയും വ്യ
ക്തി വ്യക്തിയായി പേർ വഴി ചാർത്തി സമൂ
ഹത്തിന്റെ ആകെത്തുക എടുക്കണം.
3 നീയും; നിന്റെ സഹോദരൻ അഹറോനും
ഇസ്രായേലിൽ ഇരുപതു വയസ്സുമുതൽ മേ
ലോട്ടു, യുദ്ധത്തിനു പുറപ്പെടുവാൻ കഴിവു
ള്ള എല്ലാവരെയും ഗണംഗണമായി എണ്ണ
4 ണം. ഓരോ ഗോത്രത്തിൽനിന്നും തന്റെ
കുടുംബത്തിൽ തലവനായ ഒരുവൻ നിങ്ങ
ളോടുകൂടെ ഉണ്ടായിരിക്കണം. നിങ്ങളോടു
5 കൂടെ നിൽക്കേണ്ടവരുടെ പേരുകൾ:
രൂബേൻ ഗോത്രത്തിൽ ശെദേയൂരിന്റെ
6 മകൻ എലീസൂർ; ശെമഓൻ ഗോത്രത്തിൽ
സൂരീശദ്ദായിയുടെ മകൻ ശെലുമീയേൽ;
7 യഹൂദാഗോത്രത്തിൽ അമ്മീനാദാബി
8 ന്റെ മകൻ നഹശോൻ; ഇസ്സാഖാർ ഗോ
ത്രത്തിൽ സുവാരിന്റെ മകൻ നാഥാനി
9 യേൽ; സെബ്ലൂൻ ഗോത്രത്തിൽ ഹേലോ
10 ന്റെ മകൻ എലീയാബ്; യോസേഫിന്റെ
മക്കളിൽ എഫ്രയീം ഗോത്രത്തിൽ അമ്മീഹൂ
ദിന്റെ മകൻ എലീശാമാ; മനശ്ശഗോത്ര
ത്തിൽ പെദാസൂരിന്റെ മകൻ ഗമാലീയേൽ;
11 ബെന്യാമീൻ ഗോത്രത്തിൽ ഗിദെയോനി
12 യുടെ മകൻ അബീദാൻ; ദാൻഗോത്രത്തിൽ
അമ്മീശദ്ദായിയുടെ മകൻ അഹീയേസെർ;
13 ആശേർ ഗോത്രത്തിൽ ഒക്രാന്റെ മകൻ
14 പഗീയേൽ; ഗാദ്ഗോത്രത്തിൽ ദെയൂവേ
15 ലിന്റെ മകൻ എലീയാസാഫ്, നഫ്താലി
ഗോത്രത്തിൽ ഐനാന്റെ മകൻ അഹീര.
16 ഇവർ സംഘത്തിൽ പ്രസിദ്ധരും തങ്ങളുടെ
പിതൃഗോത്രങ്ങളിൽ പ്രഭുക്കന്മാരും ഇസ്രാ
യേലിൽ സഹസ്രാധിപന്മാരും ആയിരുന്നു.
17 പേരു പറഞ്ഞ് നിശ്ചിതരായ ഇവരെ
മോശയും അഹറോനും കൂട്ടിക്കൊണ്ടു
പോയി. രണ്ടാം മാസം ഒന്നാം തീയതി അവർ 18
സർവ്വസഭയേയും വിളിച്ചുകൂട്ടി; അവർ
ഗോത്രം ഗോത്രമായും കുടുംബം കുടുംബ
മായും ആളാംപ്രതി ഇരുപതു വയസ്സുമുതൽ
മേലോട്ടു പേരുപേരായി താന്താങ്ങളുടെ
വംശവിവരം അറിയിച്ചു. ദൈവം മോശ 19
യോടു കല്പിച്ചതനുസരിച്ച് അവൻ സീ
നായി മരുഭൂമിയിൽ വച്ച് അവരുടെ ജന
സംഖ്യയെടുത്തു.

ഇസ്രായേലിന്റെ മൂത്തമകനായ 20
രൂബേന്റെ മക്കളുടെ സന്തതികൾ കുലം
കുലമായും കുടുംബംകുടുംബമായും ആളാം
പ്രതി ഇരുപതു വയസ്സുമുതൽ മേലോട്ടു,
യുദ്ധത്തിനു പ്രാപ്തിയുള്ള സകല പുരു
ഷന്മാരും പേരുപറഞ്ഞ് രൂബേൻ ഗോത്ര 21
ത്തിൽ എണ്ണപ്പെട്ടവർ നാല്പത്താറായിര
ത്തഞ്ഞൂറുപേർ.

ശെമഓന്റെ മക്കളുടെ സന്തതികളിൽ 22
കുലംകുലമായും കുടുംബംകുടുംബമായും
ആളാംപ്രതി ഇരുപതു വയസ്സുമുതൽ
മേലോട്ടു യുദ്ധത്തിനു പ്രാപ്തിയുള്ള 23
സകല പുരുഷന്മാരും പേരു പറഞ്ഞ് ശെമ
ഓൻ ഗോത്രത്തിൽ എണ്ണപ്പെട്ടവർ അൻപ
ത്തൊൻപതിനായിരത്തി മുന്നൂറുപേർ.

ഗാദിന്റെ മക്കളുടെ സന്തതികളിൽ 24
കുലംകുലമായും കുടുംബംകുടുംബമായും
ഇരുപതു വയസ്സുമുതൽ മേലോട്ടു യുദ്ധ
ത്തിനു പ്രാപ്തിയുള്ള സകല പുരുഷ
ന്മാരും പേരുപേരായി ഗാദ്ഗോത്രത്തിൽ 25
എണ്ണപ്പെട്ടവർ നാല്പത്തയ്യായിരത്തറു
നൂററമ്പതുപേർ.

യഹൂദയുടെ മക്കളുടെ സന്തതികളിൽ 26
കുലംകുലമായും കുടുംബംകുടുംബമായും
ഇരുപതു വയസ്സുമുതൽ മേലോട്ടു യുദ്ധ
ത്തിനു പ്രാപ്തിയുള്ള സകല പുരുഷന്മാരും 27
പേരുപേരായി യഹൂദാ ഗോത്രത്തിൽ
എണ്ണപ്പെട്ടവർ എഴുപത്തിനാലായിരത്തറു
നൂറുപേർ.

ഇസ്സാഖാരിന്റെ മക്കളുടെ സന്തതിക 28
ളിൽ കുലംകുലമായും കുടുംബംകുടുംബ

മായും ഇരുപതു വയസ്സുമുതൽ മേലോട്ടു യുദ്ധത്തിനു പ്രാപ്തിയുള്ള സകല പുരുഷന്മാരും പേരുപേരായി ഇസ്സാഖാർ ഗോത്രത്തിൽ എണ്ണപ്പെട്ടവർ അൻപത്തിനാലായിരത്തിനാനൂറുപേർ.

സെബ്ലൂന്റെ മക്കളുടെ സന്തതികളിൽ കുലംകുലമായും കുടുംബംകുടുംബമായും ഇരുപതു വയസ്സുമുതൽ മേലോട്ടു യുദ്ധത്തിനു പ്രാപ്തിയുള്ള സകല പുരുഷന്മാരും പേരുപേരായി സെബ്ലൂൻ ഗോത്രത്തിൽ എണ്ണപ്പെട്ടവർ അൻപത്തേഴായിരത്തിനാനൂറുപേർ.

യോസേഫിന്റെ മക്കളിൽ എഫ്രയീമിന്റെ മക്കളുടെ സന്തതികളിൽ കുലംകുലമായും കുടുംബംകുടുംബമായും ഇരുപതു വയസ്സുമുതൽ മേലോട്ടു യുദ്ധത്തിനു പ്രാപ്തിയുള്ള സകല പുരുഷന്മാരും പേരുപേരായി എഫ്രയീം ഗോത്രത്തിൽ എണ്ണപ്പെട്ടവർ നാല്പതിനായിരത്തഞ്ഞൂറുപേർ.

മനശ്ശെയുടെ മക്കളുടെ സന്തതികളിൽ കുലംകുലമായും കുടുംബംകുടുംബമായും ഇരുപതു വയസ്സുമുതൽ മേലോട്ടു യുദ്ധത്തിനു പ്രാപ്തിയുള്ള സകല പുരുഷന്മാരും പേരുപേരായി മനശ്ശെഗോത്രത്തിൽ എണ്ണപ്പെട്ടവർ മുപ്പത്തീരായിരത്തിരുനൂറുപേർ.

ബെന്യാമീന്റെ മക്കളുടെ സന്തതികളിൽ കുലംകുലമായും കുടുംബംകുടുംബമായും ഇരുപതു വയസ്സുമുതൽ മേലോട്ടു യുദ്ധത്തിനു പ്രാപ്തിയുള്ള സകല പുരുഷന്മാരും പേരുപേരായി ബെന്യാമീൻ ഗോത്രത്തിൽ എണ്ണപ്പെട്ടവർ മുപ്പത്തയ്യായിരത്തിനാനൂറുപേർ.

ദാന്റെ മക്കളുടെ സന്തതികളിൽ കുലംകുലമായും കുടുംബംകുടുംബമായും ഇരുപതു വയസ്സുമുതൽ മേലോട്ടു യുദ്ധത്തിനു പ്രാപ്തിയുള്ള സകല പുരുഷന്മാരും പേരുപേരായി ദാൻ ഗോത്രത്തിൽ എണ്ണപ്പെട്ടവർ അറുപത്തീരായിരത്തെഴുനൂറുപേർ.

ആശേരിന്റെ മക്കളുടെ സന്തതികളിൽ കുലംകുലമായും കുടുംബംകുടുംബമായും ഇരുപതു വയസ്സുമുതൽ മേലോട്ടു യുദ്ധത്തിനു പ്രാപ്തിയുള്ള സകല പുരുഷന്മാരും പേരുപേരായി ആശേർ ഗോത്രത്തിൽ എണ്ണപ്പെട്ടവർ നാല്പത്തോരായിരത്തഞ്ഞൂറുപേർ.

നഫ്താലിയുടെ മക്കളുടെ സന്തതികളിൽ കുലംകുലമായും കുടുംബംകുടുംബമായും ഇരുപതു വയസ്സുമുതൽ മേലോട്ടു യുദ്ധത്തിനു പ്രാപ്തിയുള്ള സകല പുരുഷന്മാരും പേരുപേരായി നഫ്താലിഗോത്രത്തിൽ എണ്ണപ്പെട്ടവർ അൻപത്തിമൂവായിരത്തി നാനൂറുപേർ.

മോശയും അഹറോനും ഗോത്രത്തിനു 44
ഒരുവൻ വീതം ഇസ്രായേൽ പ്രഭുക്കന്മാരായ
പന്ത്രണ്ടുപേരുംകൂടി എണ്ണമെടുത്തവർ
ഇവർതന്നെ. ഇസ്രായേൽ മക്കളിൽ ഗോത്രം 45
ഗോത്രമായി ഇരുപതു വയസ്സുമുതൽ
മേലോട്ടു യുദ്ധത്തിനു പ്രാപ്തിയുള്ള 46
സകല പുരുഷന്മാരുമായി എണ്ണപ്പെട്ടവർ
ആകെ ആറുലക്ഷത്തി മൂവായിരത്ത
ഞ്ഞൂററൻപതു പേരായിരുന്നു.

ഇവരുടെ കൂട്ടത്തിൽ ലേവ്യരെ പിതൃ 47
ഗോത്രമായി സംഖ്യ എടുത്തില്ല. ലേവി 48,49
ഗോത്രത്തെ മാത്രം എണ്ണരുതു; ഇസ്രാ
യേൽ മക്കളുടെ ഇടയിൽ അവരുടെ സംഖ്യ
എടുക്കുകയും അരുതു എന്നു ദൈവം
മോശയോടു കല്പിച്ചിരുന്നു. ലേവ്യരെ 50
തിരുനിവാസത്തിനും അതിന്റെ ഉപക
രണങ്ങൾക്കും വസ്തുക്കൾക്കും എല്ലാം
ഭരണക്കാരായി നിയമിക്കണം; അവർ
തിരുനിവാസവും അതിന്റെ ഉപകരണങ്ങ
ളുമെല്ലാം വഹിക്കണം; അവർ അതിനു
ശുശ്രൂഷ ചെയ്യുകയും തിരുനിവാസത്തി
ന്റെ ചുററും പാളയമടിച്ചു വസിക്കുകയും
വേണം. തിരുനിവാസം പുറപ്പെടുമ്പോൾ
ലേവ്യർ അതു അഴിച്ചെടുക്കണം. തിരു 51
നിവാസം അടിക്കുമ്പോൾ ലേവ്യർ അതു
നിവർത്തണം; ഒരന്യൻ അടുത്തുവന്നാൽ
മരണശിക്ഷ അനുഭവിക്കണം. ഇസ്രായേൽ 52
മക്കൾ ഗണംഗണമായി ഓരോരുത്തൻ
താന്താന്റെ പാളയത്തിലും ഓരോരുവൻ
സ്വന്തം കൊടിയ്ക്കടുത്തും ഇങ്ങനെ കൂടാ
രം അടിക്കണം. എന്നാൽ ഇസ്രായേൽ മക്ക 53
ളുടെ സംഘത്തിന്മേൽ ക്രോധം ഉണ്ടാകാ
തിരിക്കേണ്ടതിനു ലേവ്യർ സാക്ഷ്യനിവാസ
ത്തിനു ചുററും പാളയമടിക്കണം; ലേവ്യർ
സാക്ഷ്യനിവാസത്തിന്റെ കാര്യം നോക്ക 54
ണം എന്നു ദൈവം മോശയോടു കല്പി
ച്ചതുപോലെ എല്ലാം ഇസ്രായേൽമക്കൾ
ചെയ്തു; അപ്രകാരംതന്നെ അവർ ചെയ്തു.

അദ്ധ്യായം 2

ദൈവം പിന്നെയും മോശയോടും അഹ 1
റോനോടും കല്പിച്ചു: ഇസ്രായേൽ മക്ക 2
ളിൽ ഓരോരുവൻ സ്വന്ത ഗോത്രത്തിന്റെ
അടയാളത്തോടുകൂടിയ കൊടിയ്ക്കടു
ക്കൽ പാളയമിറങ്ങണം; സമാഗമനകൂടാര
ത്തിനു നേരെ ചുററും അവർ പാളയമിറ
ങ്ങണം. യഹൂദാ പാളയത്തിന്റെ കൊടി 3

ക്കീഴിലുള്ളവർ ഗണംഗണമായി കിഴക്കു
സൂര്യോദയത്തിനു നേരെ പാളയമിറങ്ങ
ണം; യഹൂദയുടെ മക്കൾക്ക് അമ്മീനാദാ
ബിൻെറ മകൻ നഹശോൻ നേതാവ് ആയി
4 രിക്കണം. അവൻെറ സമൂഹം ആകെ എഴു
5 പത്തിനാലായിരത്തറുനൂറുപേർ. അവൻെറ
അടുത്തു ഇസ്സാഖാർ ഗോത്രം പാളയ
മിറങ്ങണം; ഇസ്സാഖാരിൻെറ മക്കൾക്കു
സൂവാരിൻെറ മകൻ നാഥാനിയേൽ നേ
6 താവ് ആയിരിക്കണം. അവൻെറ ഗണം
ആകെ അൻപത്തിനാലായിരത്തിനാനൂറു
7 പേർ. സെബ്ലൂൻ ഗോത്രം; സെബ്ലൂൻെറ
മക്കൾക്കു ഹേലോൻെറ മകൻ എലിയാബ്
8 നേതാവായിരിക്കണം. അവൻെറ ഗണം
ആകെ അൻപത്തേഴായിരത്തി നാനൂറു
9 പേർ. യഹൂദാപാളയത്തിലെ ഗണങ്ങളിൽ
എണ്ണമെടുക്കപ്പെട്ടവർ ആകെ ലക്ഷത്തെൺ
പത്താറായിരത്തിനാനൂറുപേർ. ഇവർ
ആദ്യം പുറപ്പെടണം.
10 രൂബേൻ പാളയത്തിൻെറ കൊടിക്കീഴു
ള്ളവർ ഗണം ഗണമായി തെക്കുഭാഗത്തു
പാളയമിറങ്ങണം; രൂബേൻെറ മക്കൾക്കു
ശെദേയൂരിൻെറ മകൻ എലീസൂർ നേതാ
11 വായിരിക്കണം. അവൻെറ ഗണം ആകെ
12 നാല്പത്താറായിരത്തഞ്ഞൂറു പേർ. അവ
ൻെറ അടുത്തു ശെമഓൻ ഗോത്രം പാളയമി
റങ്ങണം; ശെമഓൻെറ മക്കൾക്കു സൂരിശദ്ദാ
യിയുടെ മകൻ ശെലൂമീയേൽ നായകൻ
13 ആയിരിക്കണം. അവൻെറ ഗണം ആകെ
അമ്പത്തൊമ്പതിനായിരത്തി മുന്നൂറുപേർ.
14 പിന്നെ ഗാദ് ഗോത്രം; ഗാദിൻെറ മക്കൾക്കു
രെയൂവേലിൻെറ മകൻ എലീയാസാഫ്
15 നേതാവായിരിക്കണം. അവൻെറ ഗണം
ആകെ നാല്പത്തയ്യായിരത്തറുനൂററൻ
16 പതുപേർ. രൂബേൻ പാളയത്തിലെ ഗണ
ങ്ങളിൽ എണ്ണപ്പെട്ടവർ ആകെ ഒരു ലക്ഷ
ത്തമ്പത്തോരായിരത്തിനാനൂററമ്പതു പേർ.
17 അവർ രണ്ടാമതായി പുറപ്പെടണം. പിന്നീട്
സമാഗമനകൂടാരം പാളയത്തിൻെറ
നടുവിൽ ലേവ്യരുടെ പാളയവുമായി യാത്ര
ചെയ്യണം; അവർ പാളയമിറങ്ങുന്നതു
പോലെതന്നെ അവരവരുടെ കൊടിക്കീഴിൽ
യഥാക്രമം പുറപ്പെടണം.
18 എഫ്രയീം പാളയത്തിൻെറ കൊടിക്കീഴു
ള്ളവർ ഗണംഗണമായി പടിഞ്ഞാറെ ഭാഗ
ത്തു പാളയമിറങ്ങണം; എഫ്രയീമിൻെറ
മക്കൾക്കു അമ്മീഹൂദിൻെറ മകൻ എലീ
19 ശാമാ നായകൻ. അവൻെറ ഗണം ആകെ
20 നാല്പതിനായിരത്തഞ്ഞൂറുപേർ. അവ
ൻെറ അടുത്തു മനശ്ശഗോത്രം പാളയമിറ
ങ്ങണം; മനശ്ശയുടെ മക്കൾക്കു പർസൂ
രിൻെറ മകൻ ഗമാലീയേൽ നേതാവ് ആയി
രിക്കണം. അവൻെറ ഗണം ആകെ മുപ്പത്തീ 21
രായിരത്തിരുനൂറുപേർ. പിന്നെ ബന്യാമീൻ 22
ഗോത്രം പാളയമിറങ്ങണം; ബെന്യാമീൻെറ
മക്കൾക്കു ഗിദെയോനിയുടെ മകൻ അബീ
ദാൻ നായകൻ ആയിരിക്കണം. അവൻെറ 23
ഗണം ആകെ മുപ്പത്തയ്യായിരത്തിനാനൂറു
പേർ. എഫ്രയീം പാളയത്തിലെ സമൂഹ 24
ത്തിൽ എണ്ണപ്പെട്ടവർ ആകെ ഒരു ലക്ഷ
ത്തെണ്ണായിരത്തൊരുന്നൂറുപേർ. അവർ
മൂന്നാമതായി പുറപ്പെടണം.
ദാൻ പാളയത്തിൻെറ കൊടിക്കീഴുള്ള 25
വർ ഗണംഗണമായി വടക്കു ഭാഗത്ത് പാളയ
മിറങ്ങണം; ദാൻെറ മക്കൾക്കു അമ്മീശദ്ദാ
യിയുടെ മകൻ അഹീയേസർ നേതാവ്
ആയിരിക്കണം. അവൻെറ ഗണം ആകെ 26
അറുപത്തീരായിരത്തെഴുന്നൂറുപേർ. അവ 27
ൻെറ അടുത്ത് ആശേർഗോത്രം പാളയ
മിറങ്ങണം; ആശേരിൻെറ മക്കൾക്കു
ഒക്രാൻെറ മകൻ പഗീയേൽ നേതാവായി
രിക്കണം. അവൻെറ ഗണം ആകെ നാല്പ 28
ത്തോരായിരത്തഞ്ഞൂറുപേർ. പിന്നെ 29
നഫ്താലി ഗോത്രം പാളയമിറങ്ങണം;
നഫ്താലിയുടെ മക്കൾക്കു ഐനാൻെറ
മകൻ അഹീദയാണ് നേതാവ്. അവൻെറ 30
ഗണം ആകെ അൻപത്തിമൂവായിരത്തി
നാനൂറു പേർ. ദാൻപാളയത്തിലെ ഗണ 31
ത്തിൽ എണ്ണപ്പെട്ടവർ ആകെ ഒരു
ലക്ഷത്തമ്പത്തേഴായിരത്തറുനൂറു പേർ.
അവർ സ്വന്ത കൊടികളോടുകൂടെ
അവസാനം പുറപ്പെടണം. ഇസ്രായേൽ 32
മക്കളിൽ ഗോത്രം ഗോത്രമായി എണ്ണ
പ്പെട്ടവർ ഇവരത്രെ. പാളയങ്ങളിൽ ഗണം
ഗണമായി എണ്ണപ്പെട്ടവർ ആകെ ആറു
ലക്ഷത്തിമൂവായിരത്തഞ്ഞൂറ്റമ്പതു
പേരായിരുന്നു. എന്നാൽ ദൈവം മോശ 33
യോടു കല്പിച്ചതുപോലെ ഇസ്രായേൽ
മക്കളുടെ കൂട്ടത്തിൽ ലേവ്യരെ എണ്ണിയില്ല.
ദൈവം മോശയോടു കല്പിച്ചതു പോലെ 34
യെല്ലാം ഇസ്രായേൽ മക്കൾ പ്രവർത്തിച്ചു,
അവർ സ്വന്ത കൊടിക്കീഴിൽ പാളയമിറങ്ങി;
അവർ കുടുംബംകുടുംബമായും കുലംകുല
മായും പുറപ്പെട്ടു.

അദ്ധ്യായം 3

ദൈവം സീനായി പർവ്വതത്തിൽ വച്ചു 1
മോശയോടു അരുളിച്ചെയ്ത കാലത്തു
അഹറോൻെറയും മോശയുടെയും വംശ
പാരമ്പര്യം:

അഹറോൻെറ പുത്രന്മാരുടെ പേരുകൾ: ആദ്യജാതൻ നാദാബ്, അബീഹു, എലെയാസാർ, ഇഥാമാർ. പുരോഹിത ശുശ്രൂഷ ചെയ്യുവാൻ പ്രതിഷ്ഠിക്കപ്പെട്ടവരായി അഭിഷേകം ലഭിച്ച പുരോഹിതന്മാരായ അഹറോൻെറ പുത്രന്മാരുടെ പേരുകൾ ഇവയത്രെ. എന്നാൽ നാദാബും അബിഹൂയും സീനായി മരുഭൂമിയിൽവച്ചു കർത്തൃ സന്നിധിയിൽ അന്യാഗ്നി കൊളുത്തിയപ്പോൾ കർത്തൃസന്നിധിയിൽ വച്ചു മരിച്ചുപോയി; അവർക്കു മക്കൾ ഉണ്ടായിരുന്നില്ല; എലെയാസാരും ഇഥാമാരും പിതാവായ അഹറോൻെറ മുമ്പാകെ പുരോഹിത ശുശ്രൂഷ ചെയ്തു. ദൈവം പിന്നെയും മോശയോടു കല്പിച്ചു: നീ ലേവി ഗോത്രത്തെ വരുത്തി പുരോഹിതനായ അഹറോനു ശുശ്രൂഷ ചെയ്യേണ്ടതിനു അവൻെറ മുമ്പാകെ നിർത്തണം. അവർ സമാഗമനകൂടാരത്തിൻെറ മുമ്പിൽ അവൻെറ കാര്യവും സർവ്വസഭയുടെ കാര്യവും നോക്കി തിരുനിവാസത്തിലെ ജോലി ചെയ്യണം. അവർ സമാഗമനകൂടാരത്തിനുള്ള ഉപകരണങ്ങൾ സൂക്ഷിക്കുകയും ഇസ്രായേൽ മക്കളുടെ കാര്യവും നോക്കി കൂടാരം സംബന്ധിച്ചുള്ള ജോലി ചെയ്യണം. നീ ലേവ്യരെ അഹറോനും അവൻെറ പുത്രന്മാർക്കും കൊടുക്കണം; ഇസ്രായേൽ മക്കളിൽനിന്നു അവർ അവനു സാക്ഷാൽ ദാനമായുള്ളവർ ആകുന്നു. അഹറോനെയും പുത്രന്മാരെയും പൗരോഹിത്യ ശുശ്രൂഷ നടത്തുവാൻ നിയമിക്കണം; അടുത്തുവരുന്ന അന്യൻ മരണ ശിക്ഷ അനുഭവിക്കണം.

ദൈവം പിന്നെയും മോശയോടു കല്പിച്ചു: ഇസ്രായേൽമക്കളുടെ ഇടയിൽ ജനിക്കുന്ന എല്ലാ ആദ്യജാതനും പകരം ഞാൻ ലേവ്യരെ ഇസ്രായേൽമക്കളിൽനിന്നു എടുത്തിരിക്കുന്നു; ലേവ്യർ എനിക്കുള്ളവരായിരിക്കണം. കടിഞ്ഞൂലെല്ലാം എനിക്കുള്ളത്; ഞാൻ മെസ്രേൻ ദേശത്ത് എല്ലാ ആദ്യജാതരെയും കൊന്ന ദിവസം ഇസ്രായേലിൽ മനുഷ്യൻെറയും മൃഗത്തിൻെറയും കടിഞ്ഞൂലിനെയെല്ലാം എനിക്കായി ശുദ്ധീകരിച്ചു; അതു എനിക്കുള്ളതായിരിക്കണം; ഞാൻ ആകുന്നു ദൈവം.

ദൈവം പിന്നെയും സീനായി മരുഭൂമിയിൽ വച്ചു മോശയോടു അരുളിച്ചെയ്തു: ലേവ്യരെ കുലംകുലമായും കുടുംബംകുടുംബമായും എണ്ണുക: അവരിൽ ഒരു മാസം മുതൽ മേലോട്ടു പ്രായമുള്ള പുരുഷപ്രജയെയെല്ലാം എണ്ണണം. തന്നോടു കല്പിച്ച

തുപോലെ മോശ ദൈവവചനപ്രകാരം അ
വരെ എണ്ണി. ലേവിയുടെ പുത്രന്മാരുടെ പേ 17
രുകൾ: ഗേർശോൻ, കൊഹൊത്ത്, മെരാരി.
കുടുംബംകുടുംബമായി ഗേർശോൻെറ 18
പുത്രന്മാരുടെ പേരുകൾ: ലിബ്നി, ശിമയി, 19
കുടുംബംകുടുംബമായി കൊഹാത്തിൻെറ
പുത്രന്മാർ: അമ്രാം, യിസ്ഹാർ, ഹെബ്രോൻ,
ഉസ്സീയേൽ. കുടുംബംകുടുംബമായി മെരാ 20
രിയുടെ പുത്രന്മാർ: മഹ്ലി, മൂശി. ഇവരാണ്
കുലംകുലമായി ലേവിയുടെ കുടുംബങ്ങൾ.
ഗേർശോനിൽനിന്നു ലിബ്നൃരുടെ 21
കുടുംബവും ശിമ്യരുടെ കുടുംബവും ഉത്ഭ
വിച്ചു; ഇവ ഗേർശോന്യ കുടുംബങ്ങൾ.
അവരിൽ ഒരു മാസം മുതൽ മേലോട്ടു 22
പ്രായമുള്ള പുരുഷപ്രജകളുടെ സംഖ്യ
യിൽ എണ്ണപ്പെട്ടവർ ഏഴായിരത്തഞ്ഞൂറ്.
ഗേർശോന്യകുടുംബങ്ങൾ തിരുനിവാസ 23
ത്തിൻെറ പിമ്പിൽ പടിഞ്ഞാറുഭാഗത്തു
പാളയമിറങ്ങണം. ഗേർശോന്യരുടെ പിതൃ 24
ഭവനത്തിനു ലായേലിൻെറ മകൻ എലീ
യാസാഫ് നേതാവ് ആയിരിക്കണം. സമാ 25
ഗമനകൂടാരത്തിൽ ഗേർശോന്യർ സൂക്ഷി
ക്കേണ്ടതു തിരുനിവാസവും കൂടാരവും
അതിൻെറ മൂടിയും സമാഗമനകൂടാരത്തി
ൻെറ വാതിലിനുള്ള തിരശ്ശീലയും തിരു 26
നിവാസത്തിനും യാഗപീഠത്തിനു ചുററു
മുള്ള പ്രാകാരത്തിൻെറ തിരശ്ശീലയും
പ്രാകാരവാതിലിൻെറ തിരശ്ശീലയും അതി
ൻെറ എല്ലാ പ്രവർത്തനത്തിനുമുള്ള കയറു
കളും ആകുന്നു.
കൊഹാത്തിൽനിന്നു അമ്രാമ്യരുടെ 27
കുടുംബവും യിസ്ഹാര്യരുടെ കുടുംബവും
ഹെബ്രോന്യരുടെ കുടുംബവും ഉസ്സീയേല്യ
രുടെ കുടുംബവും ഉത്ഭവിച്ചു. ഇവയാണ്
കൊഹാത്യരുടെ കുടുംബങ്ങൾ. ഒരു മാസം 28
മുതൽ മേലോട്ടു പ്രായമുള്ള എല്ലാ പുരുഷ
പ്രജയുടെയും സംഖ്യയിൽ വിശുദ്ധമന്ദിര
ത്തിൻെറ കാര്യം നോക്കുന്നവർ എണ്ണായിര
ത്തറുനൂറു പേർ. കൊഹാത്യ കുടുംബങ്ങൾ 29
തിരുനിവാസത്തിൻെറ തെക്കുഭാഗത്തു
പാളയമിറങ്ങണം. കൊഹാത്യകുടുംബങ്ങ 30
ളുടെ പിതൃഭവനത്തിനു ഉസ്സീയേലിൻെറ
മകൻ എലീസാഫാൻ അത്രേ നേതാവ്.
അവർ സൂക്ഷിക്കേണ്ടതു പെട്ടകം, മേശ, 31
നിലവിളക്കു, പീഠങ്ങൾ, വിശുദ്ധമന്ദിര
ത്തിലെ ശുശ്രൂഷയ്ക്കുള്ള ഉപകരണങ്ങൾ,
തിരശ്ശീല എന്നിവയും അവയ്ക്കുള്ള പണി
യെല്ലാം ആകുന്നു. പുരോഹിതനായ അഹ 32
റോൻെറ മകൻ എലെയാസാർ ലേവ്യർക്കു
പ്രധാന നായകനും വിശുദ്ധമന്ദിരത്തിലെ

കാര്യം നോക്കുന്നവരുടെ മേൽഭരണ
33 ക്കാരനും ആയിരിക്കണം. മെരാരിയിൽ
നിന്നു മഹ്ലിയരുടെ കുടുംബവും മൂശ്യരുടെ
കുടുംബവും ഉത്ഭവിച്ചു; മെരാര്യ
34 കുടുംബങ്ങൾ ഇവയത്രെ. അവരിൽ
ഒരുമാസംമുതൽ മേലോട്ടു പ്രായമുള്ള
പുരുഷപ്രജകളിൽ എണ്ണപ്പെട്ടവർ ആറായിര
35 ത്തിയിരുനൂറുപേർ. മെരാര്യകുടുംബങ്ങ
ളുടെ പിതൃഭവനത്തിനു അബീഹയിലിന്റെ
മകൻ സൂരിയേൽ അത്രെ നേതാവ്; ഇവർ
തിരുനിവാസത്തിന്റെ വടക്കുഭാഗത്തു
36 പാളയമിറങ്ങണം. മെരാര്യർ നിയുക്തരായി
ട്ടുള്ള തിരുനിവാസത്തിന്റെ പലക,
അന്താഴം, തൂൺ, ചുവട് അതിന്റെ ഉപ
37 കരണങ്ങൾ എല്ലാം, അതു സംബന്ധിച്ചുള്ള
എല്ലാ പണിയും, പ്രാകാരത്തിന്റെ ചുററും
ഉള്ള തൂൺ, അവയുടെ ചുവടു ,കുററി,
38 കയറ് എന്നിവ. എന്നാൽ തിരുനിവാസ
ത്തിന്റെ മുൻവശത്തു കിഴക്കു, സമാഗമന
കൂടാരത്തിന്റെ മുൻവശത്ത്, സൂര്യോദയ
ത്തിനു നേരെ മോശയും അഹറോനും
അവന്റെ പുത്രന്മാരും പാളയമിറങ്ങുകയും
ഇസ്രായേൽ മക്കളുടെ കാര്യമായ വിശുദ്ധ
മന്ദിരത്തിന്റെ കാര്യം നോക്കുകയും
വേണം; അന്യൻ അടുത്തുവന്നാൽ മരണ
39 ശിക്ഷ അനുഭവിക്കണം, മോശ ദൈവ
വചനാനുസരണം കുടുംബം കുടുംബമായി
എണ്ണിയ ലേവ്യരിൽ ഒരു മാസം മുതൽ
മേലോട്ടു പ്രായമുള്ള പുരുഷസന്താനങ്ങൾ
ആകെ ഇരുപത്തീരായിരം പേർ.
40 ദൈവം വീണ്ടും മോശയോടു കല്പിച്ചു;
ഇസ്രായേൽ മക്കളിൽ ഒരു മാസം മുതൽ
മേലോട്ടു പ്രായമുള്ള ആദ്യജാതന്മാരായ
പുരുഷപ്രജയെ എല്ലാം എണ്ണി പേരുപേരാ
41 യി അവരുടെ സംഖ്യ എടുക്കണം. ഇസ്രാ
യേൽ മക്കളിലെ എല്ലാ കടിഞ്ഞൂലുകൾ
ക്കും പകരം ലേവ്യരുടെ മൃഗങ്ങളെയും
42 എനിക്കായി എടുക്കണം; ഞാൻ ആകുന്നു
ദൈവം. ദൈവം തന്നോടു കല്പിച്ചതു
പോലെ മോശ ഇസ്രായേൽമക്കളുടെ
43 എല്ലാ കടിഞ്ഞൂലുകളെയും എണ്ണി. ഒരു
മാസം മുതൽ മേലോട്ടു പ്രായമുള്ള ആദ്യ
ജാതന്മാരായ എല്ലാവരെയും പേരു
പേരായി എണ്ണിയ സംഖ്യ ഇരുപത്തീരാ
യിരത്തിരുന്നൂറെഴുപത്തിമൂന്നു ആയി
രുന്നു.
44 ദൈവം വീണ്ടും മോശയോടു കല്പിച്ചു;
45 ഇസ്രായേൽ മക്കളിൽ എല്ലാ കടിഞ്ഞൂലു
കൾക്കും പകരം ലേവ്യരെയും അവരുടെ
മൃഗങ്ങൾക്കു പകരം ലേവ്യരുടെ മൃഗങ്ങ
ളെയും എടുക്കുക. ലേവ്യർ എനിക്കുള്ളവ
രായിരിക്കണം; ഞാൻ ആകുന്നു ദൈവം
ഇസ്രായേൽമക്കളുടെ കടിഞ്ഞൂലുകളിൽ 46
ലേവ്യരുടെ എണ്ണത്തെ കവിഞ്ഞുള്ള ഇരു
നൂറെഴുപത്തിമൂന്നു പേരുടെ വീണ്ടെടു
പ്പിനായി ആളൊന്നിന് അഞ്ചു ശേക്കൽ
വീതം വാങ്ങണം; വിശുദ്ധ മന്ദിരത്തിലെ 47
തൂക്കപ്രകാരം ശേക്കൽ ഒന്നിനു ഇരുപതു
ഗേരാ വച്ചു വാങ്ങണം. അവരുടെ എണ്ണ 48
ത്തെ കവിയുന്നവരുടെ വീണ്ടെടുപ്പുവില
അഹറോനും അവന്റെ മക്കൾക്കും കൊടു
ക്കണം. ലേവ്യരെക്കൊണ്ടു വീണ്ടെടുത്തവ 49
രുടെ എണ്ണത്തെ കവിഞ്ഞുള്ളവരുടെ
വീണ്ടെടുപ്പു വില മോശ വാങ്ങി. ഇസ്രാ 50
യേൽ മക്കളുടെ ആദ്യജാതന്മാരോടു അവൻ
വിശുദ്ധമന്ദിരത്തിലെ തൂക്കപ്രകാരം ഒരാ
യിരത്തിമുന്നൂററുപത്തഞ്ചു ശേക്കൽ
പണം വാങ്ങി. ദൈവം മോശയോടു കല്പി 51
ച്ചതനുസരിച്ചു വീണ്ടെടുത്തവരുടെ വില
മോശ അഹറോനും അവന്റെ മക്കൾക്കും
ദൈവവചനപ്രകാരം കൊടുത്തു.

അദ്ധ്യായം 4

ദൈവം വീണ്ടും മോശയോടും അഹ 1
റോനോടും അരുളിച്ചെയ്തു: ലേവ്യരിൽ 2
വച്ചു കൊഹാത്യരിൽ മുപ്പതു വയസ്സു
മുതൽ അൻപതു വയസ്സുവരെയുള്ളവരായി 3
സമാഗമനകൂടാരത്തിൽ ജോലിചെയ്യുവാൻ
പ്രവേശിക്കുന്ന എല്ലാവരെയും കുടുംബം
കുടുംബമായും കുലം കുലമായുമുള്ള
സംഖ്യ എടുപ്പിൻ, സമാഗമനകൂടാരത്തിൽ 4
അതിവിശുദ്ധ കാര്യങ്ങളെ സംബന്ധിച്ചു
കൊഹാത്യരുടെ ചുമതല എന്തെന്നാൽ:
പാളയം യാത്ര പുറപ്പെടുമ്പോൾ അഹറോ 5
നും പുത്രന്മാരും വന്നു തിരശ്ശീല ഇറക്കി
അതുകൊണ്ടു സാക്ഷ്യപെട്ടകം മൂടണം.
തഹശുതോൽ കൊണ്ടുള്ള മൂടി അതി 6
ന്മേൽ ഇട്ട് അതിനു മീതെ നീല ശീല
വിരിച്ചു തണ്ടുചെലുത്തണം. കാഴ്ചയപ്പം 7
വയ്ക്കുന്ന മേശമേലും ഒരു നീല തുണി
വിരിച്ചു അതിന്മേൽ തളികകളും കരണ്ടി
കളും കിണ്ടികളും പകരുന്നതിനുള്ള കുട
ങ്ങളും വയ്ക്കണം; നിരന്തരമായ അപ്പവും
അതിന്മേൽ ഇരിക്കണം. അവയുടെമേൽ 8
ഒരു ചുവപ്പുതുണി വിരിച്ച് തഹശുതോൽ
കൊണ്ടുള്ള മൂടുവിരിയാൽ അതു മൂടുകയും
തണ്ടു ചെലുത്തുകയും വേണം. ഒരു നീല 9
തുണി എടുത്ത് വെളിച്ചത്തിനുള്ള നില
വിളക്കും അതിന്റെ ദീപങ്ങളും ചവണ
കളും കരിന്തിരി മുറിച്ചിടുന്ന പാത്രങ്ങളും

അതിൻെറ ഉപയോഗത്തിനുള്ള എണ്ണക്കുട
ങ്ങളും മൂടണം. അതും അതിൻെറ പാത്രങ്ങ
ളെല്ലാം തഹശുതോൽകൊണ്ടുള്ള ഒരു
വിരിയിൽ പൊതിഞ്ഞ് ഒരു തണ്ടിന്മേൽ
വച്ചുകെട്ടണം. സ്വർണ്ണപീഠത്തിന്മേലും
അവർ ഒരു നീലത്തുണി വിരിച്ച് തഹശു
തോൽകൊണ്ടുള്ള ഒരു വിരിയാൽ മൂടുക
യും തണ്ടു ചെലുത്തുകയും വേണം. വിശുദ്ധ
മന്ദിരത്തിലെ ശുശ്രൂഷയ്ക്കുള്ള ഉപകരണ
ങ്ങളെല്ലാം അവർ എടുത്തു ഒരു നീല
തുണിയിൽ പൊതിഞ്ഞ് തഹശുതോൽ
കൊണ്ടുള്ള ഒരു വിരിയാൽ മൂടുകയും ഒരു
തണ്ടിന്മേൽ വച്ചുകെട്ടുകയും വേണം. അവർ
യാഗപീഠത്തിൽനിന്നു ചാരം നീക്കി
അതിന്മേൽ ഒരു ധൂമ്രശീല വിരിക്കണം.
അവർ അതിന്മേൽ ശുശ്രൂഷ ചെയ്യേണ്ടതി
നുള്ള ഉപകരണങ്ങളായ കലശം, മുൾക്കൊ
ളുത്തു, ചട്ടുകം, കലം എന്നിങ്ങനെ യാഗ
പീഠത്തിൻെറ ഉപകരണങ്ങളെല്ലാം അതി
ന്മേൽ വയ്ക്കണം; തഹശുതോൽകൊ
ണ്ടുള്ള ഒരു വിരി അതിന്മേൽ വിരിക്കുക
യും തണ്ടു ചെലുത്തുകയും വേണം. പാളയം
യാത്രപുറപ്പെടുമ്പോൾ അഹറോനും പുത്ര
ന്മാരും വിശുദ്ധമന്ദിരവും വിശുദ്ധമന്ദിര
ത്തിലെ ഉപകരണങ്ങളെല്ലാം മൂടിയശേഷം
കൊഹാത്യർ വഹിക്കുവാൻ വരണം;
എന്നാൽ അവർ മരിക്കാതിരിക്കേണ്ടതിനു
വിശുദ്ധമായതൊന്നും സ്പർശിക്കരുത്;
സമാഗമനകൂടാരത്തിൽ കൊഹാത്യരുടെ
ചുമട് ഇവയാകുന്നു. പുരോഹിതനായ
അഹറോൻെറ മകൻ എലീയാസാർ നോ
ക്കേണ്ടതു: വെളിച്ചത്തിനുള്ള എണ്ണ, സുഗ
ന്ധധൂപവർഗ്ഗം, നിരന്തരഭോജനയാഗം, അഭി
ഷേകതൈലം എന്നിവയും തിരുനിവാസം
മുഴുവനും അതിലുള്ളതെല്ലാം വിശുദ്ധ
മന്ദിരവും അതിൻെറ ഉപകരണങ്ങളും.
ദൈവം വീണ്ടും മോശയോടും അഹറോ
നോടും അരുളിച്ചെയ്തു: നിങ്ങൾ
കൊഹാത്യകുടുംബങ്ങളുടെ ഗോത്രത്തെ
ലേവ്യരിൽനിന്നു ഛേദിച്ചുകളയരുത്. അ
വർ അതിവിശുദ്ധ വസ്തുക്കളോടു അടു
ക്കുമ്പോൾ മരിക്കാതെ ജീവനോടിരി
ക്കേണ്ടതിനു ഇങ്ങനെ ചെയ്യണം: അഹ
രോനും പുത്രന്മാരും അകത്തുകടന്നു
അവരിൽ ഓരോരുവനെ അവനവൻെറ
ജോലിക്കും അവനവൻെറ ചുമടിനും
നിയമിക്കണം. എന്നാൽ അവർ വിശുദ്ധ
മന്ദിരം കണ്ടിട്ടു മരിച്ചുപോകാതിരിക്കേ
ണ്ടതിനു അല്പ നേരംപോലും അകത്തു
പ്രവേശിക്കരുത്.

ദൈവം വീണ്ടും മോശയോടു അരുളി 21
ച്ചെയ്തു: ഗേർശോന്യരെയും കുലംകുല 22
മായും കുടുംബംകുടുംബമായും എണ്ണി
സംഖ്യ എടുക്കുക. മുപ്പതു വയസ്സുമുതൽ 23
അൻപതു വയസ്സുവരെ സമാഗമനകൂടാര
ത്തിൽ ജോലി ചെയ്യുവാൻ പ്രവേശിക്കുന്ന
എല്ലാവരെയും എണ്ണണം. സേവനം ചെയ്യു 24
ന്നതിലും ചുമടെടുക്കുന്നതിലും ഗേർശോ
ന്യ കുടുംബങ്ങൾക്കുള്ള ചുമതല എന്തെ
ന്നാൽ: തിരുനിവാസത്തിൻെറ തിരശീല, 25
സമാഗമനകൂടാരം, അതിൻെറ മൂടുവിരി,
തഹശുതോൽകൊണ്ടു അതിന്മേലുള്ള
പുറമൂടി, സമാഗമനകൂടാരത്തിൻെറ വാതി 26
ലിനുള്ള മറശീല, പ്രാകാരത്തിൻെറ മറ
ശീല, തിരുനിവാസത്തിനും യാഗപീഠ
ത്തിനും ചുറ്റുമുള്ള പ്രാകാരത്തിൻെറ വാതി
ലിനുള്ള തിരശീല, അവയുടെ കയറ്
എന്നിവയും അവയുടെ ഉപയോഗത്തി
നുള്ള ഉപകരണങ്ങൾ എല്ലാം അവർ ചുമ
ക്കണം; അവ സംബന്ധിച്ചു ചെയ്യേണ്ട
തെല്ലാം അവർ ചെയ്യണം. ഗേർശോന്യരുടെ 27
എല്ലാ ചുമടുകളും എല്ലാ ജോലിയും സംബ
ന്ധിച്ചുള്ളതെല്ലാം അഹറോൻെറയും
പുത്രന്മാരുടെയും കല്പനപ്രകാരം ആയിരി
ക്കണം; അവരുടെ എല്ലാ ചുമടും നിങ്ങൾ
അവരുടെ നടത്തിപ്പിൽ ഏല്പിക്കണം.
സമാഗമനകൂടാരത്തിൽ ഗേർശോന്യരുടെ 28
കുടുംബങ്ങൾക്കുള്ള ജോലി ഇതാകുന്നു;
അവരുടെ സേവനം പുരോഹിതനായ അഹ
റോൻെറ മകൻ ഈഥാമാറിൻെറ കീഴി
ലായിരിക്കണം.

മെരാര്യരെയും കുലംകുലമായും കുടും 29
ബംകുടുംബമായും എണ്ണണം. മുപ്പതു വയ 30
സ്സുമുതൽ അമ്പതു വയസ്സുവരെ സമാഗമന
കൂടാരത്തിലെ ജോലി ചെയ്യുവാൻ പ്രവേശി
ക്കുന്ന എല്ലാവരെയും നീ എണ്ണണം. സമാ 31
ഗമനകൂടാരത്തിൽ അവർക്കുള്ള എല്ലാ
വേലയുമായി അവർ എടുക്കേണ്ടുന്ന ചുമടു
എന്തെന്നാൽ: തിരുനിവാസത്തിൻെറ 32
പലക, അന്താഴം, തൂൺ, ചുവടു, ചുറ്റുമുള്ള
പ്രാകാരത്തിൻെറ തൂൺ, ചുവടു, കുററി,
കയറു എന്നിവയും അവയുടെ ഉപകരണ
ങ്ങളെല്ലാം അവ സംബന്ധിച്ചുള്ള എല്ലാ
ജോലിയും തന്നെ; അവർ വഹിക്കേണ്ട ഉപ
കരണങ്ങൾ നിങ്ങൾ പേർപറഞ്ഞ് അവരെ
ഏല്പിക്കണം. പുരോഹിതനായ അഹറോ 33
ൻെറ മകൻ ഈഥാമാറിൻെറ കീഴിൽ സമാ
ഗമനകൂടാരത്തിൽ മെരാര്യരുടെ കുടുംബ
ങ്ങൾക്കുള്ള സകല സേവനപ്രകാരം അവർ
ചെയ്യേണ്ട ജോലി ഇതുതന്നെ.

34 മോശയും അഹറോനും സഭയിലെ
35 നേതാക്കന്മാരും കൊഹാത്യരിൽ മുപ്പതു
വയസ്സുമുതൽ അമ്പതുവയസ്സുവരെ സമാ
ഗമനകൂടാരത്തിൽ വേല ചെയ്യുവാൻ
പ്രവേശിക്കുന്ന എല്ലാവരെയും കുടുംബം
36 കുടുംബമായും കുലംകുലമായും എണ്ണി,
അവരിൽ കുടുംബംകുടുംബമായി എണ്ണ
പ്പെട്ടവർ രണ്ടായിരത്തേഴുന്നൂററൻപതു
37 പേർ. മോശ മുഖാന്തിരം ദൈവം കല്പി
ച്ചതുപോലെ മോശയും അഹറോനും
കൊഹാത്യകുടുംബങ്ങളിൽ എണ്ണിയവ
രായി സമാഗമനകൂടാരത്തിൽ വേലചെയ്യു
വാനുള്ളവർ ഇവരായിരുന്നു.
38 ഗേർശോന്യരിൽ കുടുംബംകുടുംബ
39 മായും കുലംകുലമായും എണ്ണപ്പെട്ടവരോ
മുപ്പതു വയസ്സുമുതൽ അമ്പതു വയസ്സുവരെ
സമാഗമനകൂടാരത്തിൽ വേലചെയ്യുവാൻ
40 പ്രവേശിക്കുന്നവരായി കുടുംബംകുടുംബ
മായും കുലംകുലമായും ദൈവം കല്പി
ച്ചതുപോലെ മോശയും അഹറോനും
41 ഗേർശോന്യകുടുംബങ്ങളിൽ എണ്ണിയവ
രായി സമാഗമനകൂടാരത്തിൽ വേല ചെയ്യു
വാനുള്ളവർ രണ്ടായിരത്തറുനൂററി മുപ്പത്.
42 മെരാര്യ കുടുംബങ്ങളിൽ കുടുംബം
കുടുംബമായും കുലംകുലമായും എണ്ണ
43 പ്പെട്ടവരോ മുപ്പതു വയസ്സുമുതൽ അമ്പതു
വയസ്സുവരെ സമാഗമനകൂടാരത്തിൽ വേല
44 ചെയ്യുവാൻ പ്രവേശിക്കുന്നവരായി അവ
രിൽ കുടുംബംകുടുംബമായി ദൈവം
മോശ മുഖാന്തരം കല്പിച്ചതുപോലെ
45 മോശയും അഹറോനും മെരാര്യ കുടുംബ
ങ്ങളിൽ എണ്ണിയവർ മൂവായിരത്തി ഇരു
നൂറ്.
46 മോശയും അഹറോനും ഇസ്രായേൽ
47 പ്രഭുക്കന്മാരും ലേവ്യരിൽ കുടുംബംകുടും
ബമായും കുലംകുലമായും എണ്ണിയവരായി
മുപ്പതു വയസ്സുമുതൽ അമ്പതു വയസ്സുവരെ
സമാഗമനകൂടാരത്തിലെ സേവനവും
ചുമട്ടുജോലിയും ചെയ്യുവാൻ പ്രവേശി
48 ച്ചവർ ആകെ എണ്ണായിരത്തഞ്ഞൂററെൺ
49 പതുപേർ ആയിരുന്നു. ദൈവകല്പന
പ്രകാരം അവർ മോശമുഖാന്തരം ഓരോ
രുവൻ തന്റെ വേലയ്ക്കും തന്റെ ചുമട്ടി
നും തക്കവണ്ണം എണ്ണപ്പെട്ടു; ദൈവം മോശ
യോടു കല്പിച്ചതുപോലെ അവൻ അവരെ
എണ്ണി.

അദ്ധ്യായം 5

1 ദൈവം പിന്നെയും മോശയോടു അരുളി
2 ച്ചെയ്തു: എല്ലാ കുഷ്ഠരോഗിയെയും എല്ലാ
സ്രവക്കാരനെയും സ്വയം അശുദ്ധനായ
വനെയും പാളയത്തിൽനിന്നു പുറത്താക്കു
വാൻ ഇസ്രായേൽ മക്കളോടു കല്പിക്കുക.
പുരുഷനായാലും, സ്ത്രീയായാലും അവരെ 3
പാളയത്തിൽനിന്നു പുറത്താക്കണം; ഞാൻ
പാളയമദ്ധ്യേ വസിക്കുകയാൽ അവർ തങ്ങ
ളുടെ പാളയം അശുദ്ധമാക്കരുത്. ഇസ്രാ 4
യേൽമക്കൾ അപ്രകാരം ചെയ്തു അവരെ
പാളയത്തിൽനിന്നു പുറത്താക്കി; ദൈവം
മോശയോടു കല്പിച്ചതുപോലെതന്നെ
ഇസ്രായേൽ മക്കൾ ചെയ്തു.

ദൈവം വീണ്ടും മോശയോടു കല്പി 5
ച്ചു: നീ ഇസ്രായേൽ മക്കളോടു പറയുക:
ഒരു പുരുഷനോ സ്ത്രീയോ ദൈവത്തോടു 6
മത്സരിച്ച് മനുഷ്യരുടെ ഇടയിൽ നടപ്പുള്ള
ഏതെങ്കിലും പാപം ചെയ്തു കുററക്കാരാ 7
യാൽ ചെയ്ത പാപം അവർ ഏററുപറ
യുകയും അവരുടെ അകൃത്യത്തിനു പ്രതി
ശാന്തിയായി മുതലും അതിന്റെ അഞ്ചി
ലൊന്നും ചേർത്തു, തങ്ങൾ തെററു ചെയ്ത
വനു പകരം കൊടുക്കണം. എന്നാൽ തെററി 8
നു പ്രതിശാന്തി വാങ്ങുവാൻ അവനു
ചാർച്ചക്കാരൻ ഇല്ലെങ്കിൽ അകൃത്യത്തി
നുള്ള പ്രതിശാന്തി ദൈവത്തിനു കൊടു
ക്കുന്നതു പുരോഹിതനുള്ളതാകുന്നു;
അതുകൂടാതെ അവനുവേണ്ടി പാപപരി
ഹാരം കഴിക്കുവാനുള്ള പ്രായശ്ചിത്ത
ത്തിന്റെ ആട്ടുകൊററനെയും അർപ്പിക്ക
ണം. ഇസ്രായേൽ മക്കൾ പുരോഹിതന്റെ 9
അടുക്കൽ കൊണ്ടുവരുന്ന സകല വിശുദ്ധ
വസ്തുക്കളിലും നേർച്ചയായതു അവനുള്ള
താകുന്നു. ആരെങ്കിലും ശുദ്ധീകരിച്ചർപ്പി 10
ക്കുന്ന വസ്തുക്കൾ അവനുള്ളതായിരിക്ക
ണം; ആരെങ്കിലും പുരോഹിതനു കൊടുക്കു
ന്നതെല്ലാം അവനുള്ളവയായിരിക്കണം. ഇ
താണ് പാപത്തേക്കുറിച്ചുള്ള പ്രമാണം.

താൻ പിന്നെയും മോശയോടു അരുളി 11
ച്ചെയ്തു: നീ ഇസ്രായേൽ മക്കളോടു
പറയുക: ഏതെങ്കിലും പുരുഷന്റെ ഭാര്യ
പിഴച്ചു അവനോടു തെററുചെയ്ത് ഒരുവൻ 13
അവളോടുകൂടെ ശയിക്കുകയും അതു അവ
ളുടെ ഭർത്താവ് അറിയാതെ മറവായിരി
ക്കുകയും അവൾ അശുദ്ധയാകുകയും 14
അവൾക്കു വിരോധമായി സാക്ഷിയില്ലാ
തിരിക്കുകയും അവൾ ദുഷ്ക്രിയയിൽ പിടി
പെടാതിരിക്കുകയും, ശങ്കാവിഷം അവനെ
ബാധിച്ച് അവൻ ഭാര്യയെ സംശയിക്കുക
യും അവൾ അശുദ്ധയായിരിക്കുകയും ചെ
യ്താൽ, അല്ലെങ്കിൽ ശങ്കാവിഷം അവനെ
ബാധിച്ചു അവൻ ഭാര്യയെ സംശയിക്കു

യും അവൾ അശുദ്ധയല്ലാതിരിക്കുകയും
ചയ്താൽ ആ പുരുഷൻ ഭാര്യയെ പുരോ
ിതൻെറ അടുക്കൽ കൊണ്ടുചെല്ലണം;
വൾക്കുവേണ്ടി വഴിപാടായിട്ടു ഒരിടങ്ങഴി
വപ്പൊടിയും കൊണ്ടുചെല്ലണം; അതി
മൽ എണ്ണ ഒഴിക്കരുത്; കുന്തുരുക്കം ഇടു
യും അരുത്; അതു സംശയത്തിൻെറ
ഭാജനയാഗമാകുന്നു; അത് അപരാധ
ഞാപകമായ ഭോജനയാഗം. പുരോഹി
ൻ അവളെ വരുത്തി ദൈവസന്നിധിയിൽ
ിർത്തണം. പുരോഹിതൻ ഒരു മൺപാത്ര
ത്തിൽ വിശുദ്ധജലം എടുക്കണം; പുരോഹി
ൻ തിരുനിവാസത്തിൻെറ നിലത്തെ
പാടി കുറെ എടുത്തു ആ വെള്ളത്തിൽ
ടണം. പുരോഹിതൻ സ്ത്രീയെ ദൈവ
സന്നിധിയിൽ നിർത്തി അവളുടെ തലമുടി
ഴിച്ചു അപരാധജ്ഞാപകത്തിൻെറ
ഭാജനയാഗം അവളുടെ കയ്യിൽ വയ്ക്ക
ണം; പുരോഹിതൻെറ കൈയിൽ ശാപകര
ായ കൈപ്പുവെള്ളവും ഉണ്ടായിരിക്കണം.
പുരോഹിതൻ അവളെക്കൊണ്ടു സത്യം
ചെയ്യിച്ചു അവളോടു പറയേണ്ടതു: ആരും
നിന്നോടുകൂടെ ശയിക്കുകയും നിനക്കു
ഭർത്താവുണ്ടായിരിക്കെ നീ അശുദ്ധിയി
ലക്കു തിരിയുകയും ചെയ്തിട്ടില്ല എങ്കിൽ
ശാപകരമായ ഈ കൈപ്പുവെള്ളത്തിൻെറ
ദോഷം നിനക്കു വരാതിരിക്കട്ടെ. എന്നാൽ
നിനക്കു ഭർത്താവുണ്ടായിരിക്കെ നീ പിഴച്ചു
അശുദ്ധയാകുകയും നിൻെറ ഭർത്താവല്ലാ
തെ മറെറാരു പുരുഷൻ നിന്നോടുകൂടെ ശ
യിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ - അ
പ്പോൾ പുരോഹിതൻ സ്ത്രീയെക്കൊണ്ടു
സത്യം ചെയ്യിച്ചു അവളോടു: ദൈവം നിൻെറ
നിതംബം ക്ഷയിപ്പിക്കുകയും ഉദരം വീർപ്പി
ക്കുകയും ചെയ്ത് നിൻെറ ജനത്തിൻെറ
ഇടയിൽ നിന്നെ ശാപവും അശുദ്ധയും
ആക്കിത്തീർക്കട്ടെ. ശാപകരമായ ഈ
വെള്ളം നിൻെറ കുടലിൽ ചെന്നു നിൻെറ
ഉദരം വീർപ്പിക്കുകയും നിൻെറ നിതംബം
ക്ഷയിപ്പിക്കുകയും ചെയ്യും എന്നു പറയണം.
അതിനു സ്ത്രീ: ആമീൻ, ആമീൻ എന്നു
പറയണം. പുരോഹിതൻ ഈ ശാപങ്ങൾ
ഒരു ചീട്ടിൽ എഴുതി കൈപ്പുവെള്ളത്തിൽ
കഴുകി കലക്കണം. അവൻ ശാപകരമായ
കൈപ്പുവെള്ളം സ്ത്രീയെ കുടിപ്പിക്കണം;
ശാപകരമായ വെള്ളം അവളുടെ ഉള്ളിൽ
ചെന്നു കൈപ്പായിത്തീരും; പുരോഹിതൻ
സ്ത്രീയുടെ കൈയിൽനിന്നു സംശയത്തി
ൻെറ ഭോജനയാഗം വാങ്ങി ദൈവസന്നി
ധിയിൽ അർപ്പണം ചെയ്ത് യാഗപീഠത്തി
ന്മേൽ അർപ്പിക്കണം. പിന്നെ പുരോഹിതൻ 26
ഭോജനയാഗത്തിൽ ഒരു പിടി എടുത്ത് യാഗ
പീഠത്തിന്മേൽ നിവേദ്യമായി ദഹിപ്പിക്ക
ണം; അതിൻെറ ശേഷം സ്ത്രീയെ ആ വെ
ള്ളം കുടിപ്പിക്കണം. അവൾ അശുദ്ധയായി 27
തൻെറ ഭർത്താവിനോടു തെററു ചെയ്തിട്ടു
ണ്ടെങ്കിൽ അവളെ വെള്ളം കുടിപ്പിച്ചശേഷം
ശാപകരമായ വെള്ളം അവളുടെ ഉള്ളിൽ
ചെന്നു കൈയ്പ്പായി തീരും; അവളുടെ ഉദരം
വീർക്കുകയും നിതംബം ക്ഷയിക്കുകയും
സ്ത്രീ തൻെറ ജനത്തിൻെറ ഇടയിൽ ശാപ
ഗ്രസ്തയായിരിക്കുകയും ചെയ്യും. എന്നാൽ 28
സ്ത്രീ അശുദ്ധയാകാതെ നിർമ്മല ആകു
ന്നുവെങ്കിൽ അവൾക്കു ദോഷം വരികയില്ല;
അവൾ ഗർഭംധരിക്കും. ഇതാകുന്നു പാതിവ്ര 29
ത്യസംശയം സംബന്ധിച്ചുള്ള പ്രമാണം; ഒരു 30
സ്ത്രീ ഭർത്താവുണ്ടായിരിക്കെ പിഴച്ചു അ
ശുദ്ധയാകുകയോ ശങ്കാവിഷം അവനെ ബാ
ധിച്ച്, അവൻ ഭാര്യയെ സംശയിക്കുകയോ
ചെയ്തിട്ടു അവളെ ദൈവസന്നിധിയിൽ
നിർത്തുമ്പോൾ പുരോഹിതൻ ഈ ചട
ങ്ങെല്ലാം അവളിൽ നടത്തണം. എന്നാൽ 31
പുരുഷൻ അകൃത്യത്തിൽ ഓഹരിക്കാരനാ
കുകയില്ല; സ്ത്രീയോ, അവളുടെ അകൃത്യ
ത്തിന് ഉത്തരവാദിയായിരിക്കും.

അദ്ധ്യായം 6

വ്രതസ്ഥരെക്കുറിച്ച്-

ദൈവം വീണ്ടും മോശയോടു അരുളി 1
ച്ചെയ്തു:

നീ ഇസ്രായേൽ മക്കളോടു പറയുക:
ഒരു പുരുഷനോ സ്ത്രീയോ ദൈവത്തിനു 2
സ്വയം സമർപ്പിക്കേണ്ടതിനു നാസീർവ്രതം
എന്ന വിശിഷ്ടമായ വ്രതം എടുക്കുമ്പോൾ 3
വീഞ്ഞും മദ്യവും വർജ്ജിക്കണം: വീഞ്ഞി
ൻെറ മട്ടും മദ്യത്തിൻെറ മട്ടും കുടി
ക്കരുത്; മുന്തിരി രസവും കുടിക്കരുത്;
മുന്തിരിങ്ങ പഴുത്തതാകട്ടെ ഉണങ്ങിയ
താകട്ടെ തിന്നുകയുമരുത്. തൻെറ നാസീർ 4
വ്രതകാലത്തു എല്ലാം കുരുതൊട്ടു തൊലി
വരെ മുന്തിരിങ്ങകൊണ്ടുണ്ടാക്കുന്നതു
ഒന്നും അവൻ ഭക്ഷിക്കരുത്. നാസീർ വ്രത 5
കാലം മുഴുവനും ക്ഷൌരക്കത്തി അവൻെറ
തലയിൽ തൊടരുത്; ദൈവത്തിന് സ്വയം
സമർപ്പിച്ചിരിക്കുന്ന കാലം തികയുവോളം
അവൻ വിശുദ്ധനായിരിക്കണം: തലമുടി
വളർത്തണം. അവൻ ദൈവത്തിന് സ്വയം 6
സമർപ്പിച്ചിരിക്കുന്ന കാലം ശവത്തിൻെറ
അടുക്കൽ ചെല്ലരുത്; പിതാവ്, അമ്മ, 7
സഹോദരൻ, സഹോദരി എന്നിവരിൽ

ആരെങ്കിലും മരിക്കുമ്പോൾ അവരാൽ
അവൻ സ്വയം അശുദ്ധനാക്കരുത്; അവ
ൻെറ ദൈവത്തിൻെറ കിരീടം അവൻെറ
8 ശിരസ്സിൽ ഇരിക്കുന്നു; നാസീർ വ്രത
9 കാലത്ത് അവൻ ദൈവത്തിനു വിശുദ്ധൻ
ആകുന്നു. അവൻെറ അടുക്കൽ വച്ചു ആരെ
ങ്കിലും പെട്ടെന്നു മരിക്കുകയും അവൻെറ
നാസീർവ്രതമുള്ള തലയെ അശുദ്ധമാക്കു
കയും ചെയ്താൽ അവൻ തൻെറ ശുദ്ധീക
രണദിവസത്തിൽ മുടി വടിപ്പിക്കണം; ഏഴാം
10 ദിവസം അവൻ ക്ഷൌരം ചെയ്യണം. എട്ടാം
ദിവസം അവൻ രണ്ടു കുറുപ്രാവിനെയോ
രണ്ടു പ്രാവിൻകുഞ്ഞിനെയോ പുരോഹി
തൻെറ അടുക്കൽ സമാഗമനകൂടാരത്തി
11 ൻെറ വാതിൽക്കൽ കൊണ്ടുവരണം. പുരോ
ഹിതൻ ഒന്നിനെ പാപയാഗമായിട്ടും മററെ
തിനെ ഹോമയാഗമായിട്ടും അർപ്പിച്ച് ശവ
ത്താൽ അവൻ അശുദ്ധനായതുകൊണ്ടു
അവനുവേണ്ടി പ്രായശ്ചിത്തം കഴിച്ചു
അവൻെറ ശിരസ് അന്നുതന്നെ ശുദ്ധീകരി
12 ക്കണം. അവൻ വീണ്ടും തൻെറ നാസീർ
വ്രതത്തിൻെറ കാലം ദൈവത്തിന് വേർതി
രിച്ചു ഒരു വയസ്സുപ്രായമുള്ള ഒരു ആട്ടിൻ
കുട്ടിയെ അകൃത്യയാഗമായി കൊണ്ടുവര
ണം; അവൻെറ നാസീർവ്രതം അശുദ്ധ
മായിപ്പോയതുകൊണ്ടു മുൻകാലം തള്ളി
പ്പോകും.

13 വ്രതസ്ഥൻെറ പ്രമാണം ഇപ്രകാരം:
അവൻെറ നാസീർ വ്രതത്തിൻെറ കാലം
തികയുമ്പോൾ അവനെ സമാഗമനകൂടാര
ത്തിൻെറ വാതിൽക്കൽ കൊണ്ടുവരണം.
14 അവൻ ദൈവത്തിന് വഴിപാടായി ഹോമ
യാഗത്തിനു ഒരു വയസ്സു പ്രായമുള്ള ഊന
മില്ലാത്ത ഒരു ആണാട്ടിൻകുട്ടി, പാപയാഗ
ത്തിനു ഒരു വയസ്സു പ്രായമുള്ള ഒരു
പെണ്ണാട്ടിൻകുട്ടി, സമാധാനയാഗത്തിനു
15 ഊനമില്ലാത്ത ഒരു ആട്ടുകൊററൻ, ഒരു
കൊട്ടയിൽ, എണ്ണ ചേർത്തു നേരിയ മാവു
കൊണ്ടുണ്ടാക്കിയ പുളിപ്പില്ലാത്ത അപ്പം,
എണ്ണ പുരട്ടിയ പുളിപ്പില്ലാത്ത വട എന്നി
വയും അവയുടെ ഭോജനയാഗവും പാനീയ
16 യാഗങ്ങളും അർപ്പിക്കണം. പുരോഹിതൻ
അവയെ ദൈവസന്നിധിയിൽ കൊണ്ടു
വന്നു അവൻെറ പാപയാഗവും ഹോമയാഗ
17 വും അർപ്പിക്കണം. അവൻ ആട്ടുകൊററനെ
കൊട്ടയിലെ പുളിപ്പില്ലാത്ത അപ്പത്തോടു
കൂടെ ദൈവത്തിന് സമാധാനയാഗമായി
അർപ്പിക്കണം; പുരോഹിതൻ അതിൻെറ
ഭോജനയാഗവും പാനീയയാഗവും അർപ്പി
18 ക്കണം. പിന്നെ വ്രതസ്ഥൻ സമാഗമന
കൂടാരത്തിൻെറ വാതിൽക്കൽവച്ചു തൻെറ
വ്രതമുള്ള ശിരസ്, ക്ഷൌരം ചെയ്തു
തൻെറ വ്രതമുള്ള തലമുടി എടുത്തു സമാ
ധാനയാഗത്തിൻ കീഴുള്ള അഗ്നിയിൽ
ഇടണം; വ്രതസ്ഥൻ തൻെറ വ്രതമുള്ള തല 19
ക്ഷൌരം ചെയ്തശേഷം പുരോഹിതൻ
ആട്ടുകൊററൻെറ വേവിച്ച കൈക്കുറകും
കൊട്ടയിൽനിന്നു പുളിപ്പില്ലാത്ത ഒരു അപ്പ
വും പുളിപ്പില്ലാത്ത ഒരു വടയും എടുത്ത്
അവയെ വ്രതസ്ഥൻെറ കൈയിൽ വയ്ക്ക
ണം. പുരോഹിതൻ അവയെ ദൈവസന്നിധി 20
യിൽ സമർപ്പണം ചെയ്യണം; ഇതു സമർപ്പി
തമായ നെഞ്ചോടും ഉദർച്ച ചെയ്ത കൈ
ക്കുറകോടുംകൂടെ പുരോഹിതനുവേണ്ടി
വിശുദ്ധമാകുന്നു; അതിൻെറ ശേഷം വ്രത
സ്ഥനു വീഞ്ഞു കുടിക്കാം. നാസീർവ്രതം 21
പാലിക്കുന്ന വ്രതസ്ഥൻെറയും അവൻ
തൻെറ പ്രാപ്തിപോലെ കൊടുക്കുന്നതു
കൂടാതെ തൻെറ നാസീർവ്രതം നിമിത്തം
ദൈവത്തിനു കഴിക്കേണ്ട വഴിപാടിൻെറയും
നിയമം ഇതാകുന്നു. അവൻ പാലിച്ച വ്രതം
പോലെ തൻെറ നാസീർവ്രതത്തിൻെറ
നിയമത്തിനു അനുസരണമായി അവൻ
പ്രവർത്തിക്കണം.

കർത്താവ് വീണ്ടും മോശയോടു കല്പി 22
ച്ചു: നീ അഹറോനോടും പുത്രന്മാരോടും 23
പറയുക: നിങ്ങൾ ഇസ്രായേൽ മക്കളെ
അനുഗ്രഹിച്ചു ചൊല്ലേണ്ടതു ഇപ്രകാര
മാണ്:

“ദൈവം നിന്നെ അനുഗ്രഹിച്ചു കാത്തു 24
കൊള്ളട്ടെ;

ദൈവം തിരുമുഖം നിൻെറമേൽ പ്രകാ 25
ശിപ്പിച്ച് നിന്നെ ജീവിപ്പിക്കട്ടെ;

ദൈവം തിരുമുഖം നിൻെറമേൽ ഉയർ 26
ത്തി നിനക്കു സമാധാനം നൽകുമാറാ
കട്ടെ.”

ഇങ്ങനെ അവർ ഇസ്രായേൽ 27
മക്കളുടെമേൽ എൻെറ നാമം വയ്ക്കണം;
ഞാൻ അവരെ അനുഗ്രഹിക്കും.

അദ്ധ്യായം 7

ബലിപീഠപ്രതിഷ്ഠ

മോശ തിരുനിവാസം സ്ഥാപിച്ചുകഴി 1
ഞ്ഞിട്ട് അതും അതിൻെറ ഉപകരണങ്ങളു
മെല്ലാം അഭിഷേകം ചെയ്തു ശുദ്ധീകരിക്കു
കയും യാഗപീഠത്തെയും അതിൻെറ സകല
പാത്രങ്ങളെയും അഭിഷേകം കഴിച്ചു ശുദ്ധീ
കരിക്കുകയും ചെയ്ത ദിവസം തങ്ങളുടെ 2
പിതൃഭവനങ്ങളിൽ പ്രധാനികളും ഗോത്ര
ത്തലവന്മാരും എണ്ണപ്പെട്ടവരുടെമേൽ

ാണക്കാരുമായ ഇസ്രായേൽ പ്രധാനികൾ
ഴിപാടു കഴിച്ചു. അവർ വഴിപാടായിട്ടു
രണ്ടു നേതാക്കന്മാർ ഓരോ വണ്ടിയും
ാരോരുവൻ ഓരോ കാളയും, ഇങ്ങനെ
ൂടുള്ള ആറു വണ്ടിയും പന്ത്രണ്ടു കാളയും
ദവസന്നിധിയിൽ തിരുനിവാസത്തിന്റെ
മ്പാകെ കൊണ്ടുവന്നു. അപ്പോൾ ദൈവം
ോശയോടു: അവരുടെ പക്കൽനിന്നും
വയെ വാങ്ങുക. അവ സമാഗമനകൂടാര
ത്തിന്റെ ഉപയോഗത്തിന് ഇരിക്കട്ടെ;
അവയെ ലേവ്യരിൽ ഓരോരുത്തനു അവന
ന്റെ ജോലിക്കു തക്കവണ്ണം കൊടുക്കണം
ന്നു കല്പിച്ചു. മോശ വണ്ടികളും കാളക
ളയും വാങ്ങി ലേവ്യർക്കു കൊടുത്തു. രണ്ടു
ണ്ടിയും നാലു കാളയെയും അവൻ
ഗേർശോന്യർക്കു അവരുടെ ജോലിക്കു
ക്കവണ്ണം കൊടുത്തു. നാലു വണ്ടിയും
ട്ടു കാളയെയും അവൻ മെരാര്യർക്കു
ുരോഹിതനായ അഹറോന്റെ പുത്രൻ
ഥാമാറിന്റെ കീഴിൽ അവർക്കുള്ള ജോ
ിക്കു തക്കതുപോലെ കൊടുത്തു. കൊഹാ
്യർക്കു അവൻ ഒന്നും കൊടുത്തില്ല;
അവരുടെ ജോലി വിശുദ്ധമന്ദിരം സംബന്ധി
ച്ചുള്ളതും തോളിൽ ചുമക്കുന്നതും ആയി
ുന്നു. യാഗപീഠം അഭിഷേകം ചെയ്ത ദിവ
സം നേതാക്കന്മാർ പ്രതിഷ്ഠയ്ക്കുള്ള വഴി
ാടു കൊണ്ടുവന്നു; യാഗപീഠത്തിന്റെ
ുമ്പാകെ പ്രധാനികൾ അവരുടെ വഴിപാടു
കാണ്ടുവന്നു. അപ്പോൾ ദൈവം മോശ
യാടു: യാഗപീഠത്തിന്റെ പ്രതിഷ്ഠയ്ക്കാ
യി ഓരോ പ്രധാനി ഓരോ ദിവസം അവന
ന്റെ വഴിപാടു കൊണ്ടുവരണം എന്നു
കല്പിച്ചു.

ഒന്നാം ദിവസം വഴിപാടു കഴിച്ചവൻ
യഹൂദാഗോത്രത്തിൽ അമ്മീനാദാബിന്റെ
മകനായ നഹശോൻ. അവന്റെ വഴിപാടു
വിശുദ്ധമന്ദിരത്തിലെ തുക്കപ്രകാരം നൂററി
മുപ്പതു ശേക്കൽ തൂക്കമുള്ള ഒരു വെള്ളി
ത്തളിക, എഴുപതു ശേക്കൽ തൂക്കമുള്ള ഒരു
വെള്ളിക്കിണ്ണം— അവ രണ്ടും ഭോജനയാഗ
ത്തിനായി എണ്ണ ചേർത്ത നേരിയ മാവു
കൊണ്ടു നിറച്ചിരുന്നു — ധൂപവർഗ്ഗം നിറ
ച്ചതും പത്തു ശേക്കൽ തൂക്കം ഉള്ളതുമായ
ഒരു പൊൻധൂപകലശം, ഹോമയാഗത്തി
നായി ഒരു കാളക്കിടാവു, ഒരു ആട്ടുകൊറ്റൻ,
ഒരു വയസ്സു പ്രായമുള്ള ഒരു ആൺ
കുഞ്ഞാടു, പാപയാഗത്തിനായി ഒരു
കോലാട്ടുകൊററൻ, സമാധാനയാഗത്തി
നായി രണ്ടു കാള, അഞ്ചു ആട്ടുകൊററൻ,
അഞ്ചു കോലാട്ടുകൊററൻ, ഒരു വയസ്സു
പ്രായമുള്ള അഞ്ചു ചെമ്മരിയാട്ടിൻകുട്ടി;
ഇതായിരുന്നു അമ്മീനാദാബിന്റെ മക
നായ നഹശോന്റെ വഴിപാടു.

രണ്ടാം ദിവസം ഇസ്സാഖാരിന്റെ മക്ക 18
ളുടെ പ്രമാണിയായ സൂവാരിന്റെ മകൻ
നഥാനിയേൽ വഴിപാടു കഴിച്ചു. അവൻ വഴി
പാടു കഴിച്ചതു: വിശുദ്ധ മന്ദിരത്തിലെ തൂക്ക 19
പ്രകാരം നൂററിമുപ്പതു ശേക്കൽ തൂക്കമുള്ള
ഒരു വെള്ളിത്തളിക, എഴുപതു ശേക്കൽ
തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം — ഇവ
രണ്ടും ഭോജനയാഗത്തിനായി എണ്ണ
ചേർത്ത നേരിയ മാവുകൊണ്ടു നിറച്ചിരുന്നു
— ധൂപവർഗ്ഗം നിറച്ചതും പത്തു ശേക്കൽ 20
തൂക്കമുള്ളതുമായ ഒരു പൊൻധൂപകലശം,
ഹോമയാഗത്തിനായി ഒരു കാളക്കിടാവു, 21
ഒരു ആട്ടുകൊററൻ, ഒരു വയസ്സു പ്രായമുള്ള
ഒരു കുഞ്ഞാടു, പാപയാഗത്തിനായി ഒരു 22
കോലാട്ടുകൊററൻ, സമാധാനയാഗത്തി 23
നായി രണ്ടു കാള, അഞ്ചു ആട്ടുകൊററൻ,
അഞ്ചു കോലാട്ടുകൊററൻ, ഒരു വയസ്സു
പ്രായമുള്ള അഞ്ചു കുഞ്ഞാടു; ഇതായി
രുന്നു സൂവാരിന്റെ മകനായ നഥാനിയേ
ലിന്റെ വഴിപാട്.

മൂന്നാം ദിവസം സെബൂലൂന്റെ മക്ക 24
ളുടെ പ്രധാനിയായ ഹേലോന്റെ മകൻ
എലീയാബ് വഴിപാടു കഴിച്ചു. അവന്റെ 25
വഴിപാടു വിശുദ്ധമന്ദിരത്തിലെ തൂക്കപ്ര
കാരം നൂററിമുപ്പതു ശേക്കൽ തൂക്കമുള്ള
ഒരു വെള്ളിത്തളിക, എഴുപതു ശേക്കൽ
തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം - ഇവ രണ്ടും
ഭോജനയാഗത്തിനായി എണ്ണ ചേർത്ത
നേരിയ മാവുകൊണ്ടു നിറച്ചിരുന്നു - ധൂപ 26
വർഗ്ഗം നിറച്ചതും പത്തു ശേക്കൽ തൂക്കം
ഉള്ളതുമായ ഒരു പൊൻ ധൂപകലശം,
ഹോമയാഗത്തിനായി ഒരു കാളക്കിടാവു,
ഒരു ആട്ടുകൊററൻ, ഒരു വയസ്സുപ്രായമുള്ള 27
ഒരു കുഞ്ഞാടു, പാപയാഗത്തിനായി ഒരു 28
കോലാട്ടുകൊററൻ, സമാധാനയാഗത്തി
നായി രണ്ടു കാള, അഞ്ചു ആട്ടുകൊററൻ, 29
അഞ്ചു കോലാട്ടുകൊററൻ, ഒരു വയസ്സു
പ്രായമുള്ള അഞ്ചു കുഞ്ഞാടു, ഇതായി
രുന്നു ഹേലോന്റെ മകൻ എലീയാബിന്റെ
വഴിപാട്.

നാലാംദിവസം രൂബേന്റെ മക്കളുടെ 30
തലവനായ ശെദേയൂരിന്റെ മകൻ എലീ
സൂർ വഴിപാടു കഴിച്ചു. അവന്റെ വഴിപാടു 31
വിശുദ്ധ മന്ദിരത്തിലെ തൂക്കപ്രകാരം നൂററി
മുപ്പതു ശേക്കൽ തൂക്കമുള്ള ഒരു വെള്ളി
ത്തളിക, എഴുപതു ശേക്കൽ തൂക്കമുള്ള
ഒരു വെള്ളിക്കിണ്ണം - ഇവ രണ്ടും ഭോജന

യാഗത്തിനായി എണ്ണ ചേർത്ത നേരിയ
32 മാവുകൊണ്ടു നിറച്ചിരുന്നു - ധൂപവർഗ്ഗം
നിറച്ചതും പത്തു ശേക്കൽ തൂക്കുമുള്ളതു
33 മായ ഒരു പൊൻ ധൂപകലശം, ഹോമയാഗ
ത്തിനായി ഒരു കാളക്കിടാവു, ഒരു ആട്ടു
34 കൊററൻ, ഒരു വയസ്സു പ്രായമുള്ള ഒരു
കുഞ്ഞാടു, പാപയാഗത്തിനായി ഒരു
35 കോലാട്ടുകൊററൻ, സമാധാനയാഗത്തി
നായി രണ്ടുകാള, അഞ്ചു ആട്ടുകൊററൻ,
അഞ്ചു കോലാട്ടുകൊററൻ, ഒരു വയസ്സു
പ്രായമുള്ള അഞ്ചു കുഞ്ഞാടു; ഇവയായി
രുന്നു ശെദേയൂരിൻെറ മകൻ എലീസൂ
രിൻെറ വഴിപാടു.

36 അഞ്ചാം ദിവസം ശെമെഓൻെറ മക്കളുടെ
പ്രമാണിയായ സൂരീശദ്ദായിയുടെ മകൻ
37 ശെലുമിയേൽ വഴിപാടു കഴിച്ചു. അവൻെറ
വഴിപാടു വിശുദ്ധ മന്ദിരത്തിലെ തൂക്ക
പ്രകാരം നൂററിമുപ്പതു ശേക്കൽ തൂക്കമുള്ള
ഒരു വെള്ളിത്തളിക; എഴുപതു ശേക്കൽ
തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം - ഇവ രണ്ടും
ഭോജനയാഗത്തിനായി എണ്ണ ചേർത്ത
38 നേരിയ മാവുകൊണ്ടു നിറച്ചിരുന്നു - ധൂപ
വർഗ്ഗം നിറച്ചതും പത്തു ശേക്കൽ തൂക്കമു
39 ള്ളതുമായ ഒരു പൊൻധൂപകലശം; ഹോമ
യാഗത്തിനായി ഒരു കാളക്കിടാവു, ഒരു
40 ആട്ടുകൊററൻ, ഒരു വയസ്സു പ്രായമുള്ള ഒരു
41 കുഞ്ഞാടു, പാപയാഗത്തിനായി ഒരു
കോലാട്ടുകൊററൻ, സമാധാനയാഗത്തി
നായി രണ്ടു കാള; അഞ്ചു ആട്ടുകൊററൻ,
അഞ്ചു കോലാട്ടുകൊററൻ, ഒരു വയസ്സു
പ്രായമുള്ള അഞ്ചു കുഞ്ഞാടു; ഇതായി
രുന്നു സൂരീശദ്ദായിയുടെ മകൻ ശെലുമീ
യേലിൻെറ വഴിപാടു.

42 ആറാം ദിവസം ഗാദിൻെറ മക്കളുടെ
പ്രധാനിയായ ദെയൂവേലിൻെറ മകൻ
43 എലീയാസാഫ് വഴിപാടു കഴിച്ചു. അവൻെറ
വഴിപാടു വിശുദ്ധ മന്ദിരത്തിലെ തൂക്ക
പ്രകാരം നൂററിമുപ്പതു ശേക്കൽ തൂക്കമുള്ള
ഒരു വെള്ളിത്തളിക, എഴുപതു ശേക്കൽ
തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം - ഇവ രണ്ടും
ഭോജനയാഗത്തിനായി എണ്ണ ചേർത്ത
44 നേരിയ മാവുകൊണ്ടു നിറച്ചിരുന്നു - ധൂപ
വർഗ്ഗം നിറച്ചതും പത്തു ശേക്കൽ തൂക്കമു
45 ള്ളതുമായ ഒരു പൊൻധൂപകലശം, ഹോമ
യാഗത്തിനായി ഒരു കാളക്കിടാവു, ഒരു
ആട്ടുകൊററൻ, ഒരു വയസ്സു പ്രായമുള്ള ഒരു
46 കുഞ്ഞാടു, പാപയാഗത്തിനായി ഒരു
47 കോലാട്ടുകൊററൻ, സമാധാനയാഗത്തി
നായി രണ്ടു കാള, അഞ്ചു ആട്ടുകൊററൻ,
അഞ്ചു കോലാട്ടുകൊററൻ, ഒരു വയസ്സു
പ്രായമുള്ള അഞ്ചു കുഞ്ഞാടു; ഇവയാ
യിരുന്നു ദെയൂവേലിൻെറ മകൻ എലീയാ
സാഫിൻെറ വഴിപാട്.

ഏഴാം ദിവസം എഫ്രയീമിൻെറ മക്ക 48
ളുടെ പ്രമാണിയായ അമ്മീഹൂദിൻെറ മകൻ
എലീശാമ വഴിപാടു കഴിച്ചു. അവൻെറ വഴി 49
പാടു വിശുദ്ധമന്ദിരത്തിലെ തൂക്കപ്രകാരം
നൂററിമുപ്പതു ശേക്കൽ തൂക്കമുള്ള ഒരു
വെള്ളിത്തളിക, എഴുപതു ശേക്കൽ തൂക്ക
മുള്ള ഒരു വെള്ളിക്കിണ്ണം — ഇവ രണ്ടും
ഭോജനയാഗത്തിനായി എണ്ണ ചേർത്ത
നേരിയ മാവുകൊണ്ടു നിറച്ചിരുന്നു - ധൂപ 50
വർഗ്ഗം നിറച്ചതും പത്തു ശേക്കൽ തൂക്കം
ഉള്ളതുമായ ഒരു പൊൻധൂപകലശം,
ഹോമയാഗത്തിനായി ഒരു കാളക്കിടാവു, 51
ഒരു ആട്ടുകൊററൻ, ഒരു വയസ്സു പ്രായമുള്ള 52
ഒരു കുഞ്ഞാടു, പാപയാഗത്തിനായി ഒരു
കോലാട്ടുകൊററൻ, സമാധാനയാഗത്തി 53
നായി രണ്ടു കാള, അഞ്ചു ആട്ടുകൊററൻ,
അഞ്ചു കോലാട്ടുകൊററൻ, ഒരു വയസ്സു
പ്രായമുള്ള അഞ്ചു കുഞ്ഞാടു; ഇവയായി
രുന്നു അമ്മീഹൂദിൻെറ മകൻ എലീശാമ
യുടെ വഴിപാടു.

എട്ടാം ദിവസം മനശ്ശെയുടെ മക്കളുടെ 54
തലവനായ പെദാസൂരിൻെറ മകൻ ഗമാലീ
യേൽ വഴിപാടു കഴിച്ചു. അവൻെറ വഴിപാടു 55
വിശുദ്ധ മന്ദിരത്തിലെ തൂക്കപ്രകാരം നൂററി
മുപ്പതു ശേക്കൽ തൂക്കമുള്ള ഒരു വെള്ളി
ത്തളിക; എഴുപതു ശേക്കൽ തൂക്കമുള്ള ഒരു
വെള്ളിക്കിണ്ണം — ഇവ രണ്ടും ഭോജന
യാഗത്തിനായി എണ്ണ ചേർത്ത നേരിയ
മാവു നിറച്ചിരുന്നു — ധൂപവർഗ്ഗം നിറച്ചതും 56
പത്തു ശേക്കൽ തൂക്കമുള്ളതുമായ ഒരു
പൊൻധൂപകലശം, ഹോമയാഗത്തിനായി 57
ഒരു കാളക്കിടാവു, ഒരു ആട്ടുകൊററൻ, ഒരു 58
വയസ്സു പ്രായമുള്ള ഒരു കുഞ്ഞാടു, പാപ
യാഗത്തിനായി ഒരു കോലാട്ടുകൊററൻ, 59
സമാധാനയാഗത്തിനായി രണ്ടു കാള,
അഞ്ചു ആട്ടുകൊററൻ, അഞ്ചു കോലാട്ടു
കൊററൻ, ഒരു വയസ്സു പ്രായമുള്ള അഞ്ചു
കുഞ്ഞാടു; പെദാസൂരിൻെറ മകൻ ഗമാലീ
യേലിൻെറ വഴിപാടു ഇവയായിരുന്നു.

ഒൻപതാം ദിവസം ബെന്യാമീൻെറ 60
മക്കളുടെ പ്രമാണിയായ ഗിദെയോനിയുടെ
മകൻ അബീദാൻ വഴിപാടു കഴിച്ചു. അവ 61
ൻെറ വഴിപാടു വിശുദ്ധമന്ദിരത്തിലെ തൂക്ക
പ്രകാരം നൂററിമുപ്പതു ശേക്കൽ തൂക്കമുള്ള
ഒരു വെള്ളിത്തളിക, എഴുപതു ശേക്കൽ
തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം — ഇവ
രണ്ടും ഭോജനയാഗത്തിനായി എണ്ണ

ർത്ത നേരിയ മാവു നിറച്ചിരുന്നു —
പവർഗ്ഗം നിറച്ചതും പത്തു ശേക്കൽ തൂക്ക
ള്ളതുമായ ഒരു സ്വർണ്ണ ധൂപകലശം,
ഹാമയാഗത്തിനായി ഒരു കാളക്കിടാവു,
ു ആട്ടുകൊററൻ, ഒരു വയസ്സു പ്രായമുള്ള
ു കുഞ്ഞാടു, പാപയാഗത്തിനായി ഒരു
ോലാട്ടുകൊററൻ, സമാധാനയാഗത്തി
ായി രണ്ടു കാള, അഞ്ചു ആട്ടുകൊററൻ,
ഞ്ചു കോലാട്ടുകൊററൻ, ഒരു വയസ്സു
ായമുള്ള അഞ്ചു കുഞ്ഞാടു; ഗിദെയോനി
ടെ മകൻ അബീദാൻെറ വഴിപാടു ഇവ
ായിരുന്നു.
പത്താം ദിവസം ദാൻെറ മക്കളുടെ
നതാവായ അമ്മീശദ്ദായിയുടെ മകൻ
ഹീയേസെർ വഴിപാടു കഴിച്ചു. അവൻെറ
ഴിപാടു വിശുദ്ധമന്ദിരത്തിലെ തൂക്കപ്ര
ാരം നൂററിമുപ്പതു ശേക്കൽ തൂക്കമുള്ള
ു വെള്ളിത്തളിക, എഴുപതു ശേക്കൽ
ൂക്കമുള്ള ഒരു വെള്ളിക്കിണ്ണം — ഇവ
ണ്ടും ഭോജനയാഗത്തിനായി എണ്ണ
ർത്ത നേരിയ മാവു നിറച്ചിരുന്നു —
ൂപവർഗ്ഗം നിറച്ചതും പത്തു ശേക്കൽ
ൂക്കം ഉള്ളതുമായ ഒരു പൊൻ ധൂപകലശം,
ഹാമയാഗത്തിനായി ഒരു കാളക്കിടാവു,
ു ആട്ടുകൊററൻ, ഒരു വയസ്സു പ്രായമുള്ള
ു കുഞ്ഞാടു, പാപയാഗത്തിനായി ഒരു
ോലാട്ടുകൊററൻ, സമാധാനയാഗത്തി
ായി രണ്ടു കാള, അഞ്ചു ആട്ടുകൊററൻ,
ഞ്ചു കോലാട്ടുകൊററൻ, ഒരു വയസ്സു
ായമുള്ള അഞ്ചു കുഞ്ഞാടു; അമ്മീശദ്ദാ
ിയുടെ മകൻ അഹീയേസെരിൻെറ വഴി
ാടു ഇവയായിരുന്നു.
പതിനൊന്നാം ദിവസം ആശേരിൻെറ
ക്കളുടെ നേതാവായ ഒക്രാൻെറ മകൻ
ഗീയേൽ വഴിപാടു കഴിച്ചു. അവൻെറ വഴി
ാടു വിശുദ്ധ മന്ദിരത്തിലെ തൂക്കപ്രകാരം
ൂററിമുപ്പതു ശേക്കൽ തൂക്കമുള്ള ഒരു
വള്ളിത്തളിക, എഴുപതു ശേക്കൽ തൂക്ക
ുള്ള ഒരു വെള്ളിക്കിണ്ണം — ഇവ രണ്ടും
ഭാജനയാഗത്തിനായി എണ്ണ ചേർത്ത
നരിയ മാവു നിറച്ചിരുന്നു — ധൂപവർഗ്ഗം
ിറച്ചതും പത്തു ശേക്കൽ തൂക്കമുള്ളതു
ായ ഒരു പൊൻ ധൂപകലശം, ഹോമയാഗ
ത്തിനായി ഒരു കാളക്കിടാവു, ഒരു ആട്ടു
കാററൻ, ഒരു വയസ്സുപ്രായമുള്ള ഒരു
ുഞ്ഞാടു, പാപയാഗത്തിനായി ഒരു
കോലാട്ടു കൊററൻ, സമാധാനയാഗത്തി
ായി രണ്ടു കാള, അഞ്ചു ആട്ടുകൊററൻ,
അഞ്ചു കോലാട്ടു കൊററൻ, ഒരു വയസ്സു
ായമുള്ള അഞ്ചു കുഞ്ഞാടു; ഒക്രാൻെറ
മകനായ പഗീയേലിൻെറ വഴിപാടു ഇവ
യത്രെ.
പന്ത്രണ്ടാം ദിവസം നഫ്താലിയുടെ 78
മക്കളുടെ പ്രമാണിയായ ഐനാൻെറ മകൻ
അഹീദ വഴിപാടു കഴിച്ചു. അവൻെറ വഴി 79
പാടു വിശുദ്ധ മന്ദിരത്തിലെ തൂക്കപ്രകാരം
നൂററിമുപ്പതു ശേക്കൽ തൂക്കമുള്ള ഒരു
വെള്ളിത്തളിക, എഴുപതു ശേക്കൽ തൂക്ക
മുള്ള ഒരു വെള്ളിക്കിണ്ണം — ഇവ രണ്ടും
ഭോജനയാഗത്തിനായി എണ്ണ ചേർത്ത
നേരിയ മാവു നിറച്ചിരുന്നു — ധൂപവർഗ്ഗം 80
നിറച്ചതും പത്തു ശേക്കൽ തൂക്കമുള്ളതു
മായ ഒരു പൊൻ ധൂപകലശം, ഹോമയാഗ 81
ത്തിനായി ഒരു കാളക്കിടാവു, ഒരു ആട്ടു
കൊററൻ, ഒരു വയസ്സു പ്രായമുള്ള ഒരു
കുഞ്ഞാട്, പാപയാഗത്തിനായി ഒരു 82
കോലാട്ടുകൊററൻ, സമാധാനയാഗത്തി
നായി രണ്ടു കാള, അഞ്ചു ആട്ടുകൊററൻ, 83
അഞ്ചു കോലാട്ടു കൊററൻ, ഒരു വയസ്സു
പ്രായമുള്ള അഞ്ചു കുഞ്ഞാടു; ഇതായി
രുന്നു ഐനാൻെറ മകൻ അഹീദയുടെ
വഴിപാടു.
യാഗപീഠം അഭിഷേകം ചെയ്ത ദിവസം 84
ഇസ്രായേൽ തലവന്മാരുടെ പ്രതിഷ്ഠാ
വഴിപാടു ഇതായിരുന്നു; വെള്ളിത്തളിക 85
പന്ത്രണ്ടു, വെള്ളിക്കിണ്ണം, പന്ത്രണ്ടു, പൊൻ
ധൂപകലശം പന്ത്രണ്ടു, വെള്ളിത്തളിക ഒന്നി
നു തൂക്കം നൂററിമുപ്പതു ശേക്കൽ; കിണ്ണം
ഒന്നിനു എഴുപതു ശേക്കൽ; ഇങ്ങനെ
വെള്ളിപ്പാത്രങ്ങൾ ആകെ വിശുദ്ധ മന്ദിര
ത്തിലെ തൂക്കപ്രകാരം രണ്ടായിരത്തി
നാനൂറു ശേക്കൽ. ധൂപവർഗ്ഗം നിറച്ച പൊൻ 86
ധൂപകലശം പന്ത്രണ്ടു; ഓരോന്നു വിശുദ്ധ
മന്ദിരത്തിലെ തൂക്കപ്രകാരം പത്തു ശേക്കൽ
വീതം, ധൂപകലശങ്ങളുടെ സ്വർണ്ണം ആകെ
നൂററിരുപതു ശേക്കൽ. ഹോമയാഗത്തി 87
നുള്ള നാൽക്കാലികൾ-കാളക്കിടാവു
പന്ത്രണ്ടു, ആട്ടുകൊററൻ പന്ത്രണ്ടു, ഒരു
വയസ്സു പ്രായമുള്ള കുഞ്ഞാടു പന്ത്രണ്ടു,
അവയുടെ ഭോജനയാഗം, പാപയാഗത്തിനാ
യി കോലാട്ടുകൊററൻ പന്ത്രണ്ടു; സമാധാ 88
നയാഗത്തിനായി നാൽക്കാലികൾ എല്ലാം
കൂടി കാള ഇരുപത്തിനാല്, ആട്ടുകൊററൻ
അറുപതു, കോലാട്ടുകൊററൻ അറുപതു,
ഒരു വയസ്സു പ്രായമുള്ള കുഞ്ഞാടു അറു
പതു, യാഗപീഠത്തെ അഭിഷേകം ചെയ്ത
ശേഷം അതിൻെറ പ്രതിഷ്ഠയ്ക്കുള്ള
വഴിപാടു ഇതുതന്നെ. മോശ തിരുമുമ്പിൽ 89
സംസാരിപ്പാൻ സമാഗമനകൂടാരത്തിൽ
പ്രവേശിക്കുമ്പോൾ അവൻ സാക്ഷ്യപെട്ടക

ത്തിന്മേലുള്ള കൃപാസനത്തിങ്കൽ നിന്നു
രണ്ടു കെരൂബുകളുടെ നടുവിൽനിന്നു
തന്നോടു സംസാരിക്കുന്ന തിരുശബ്ദം
കേട്ടു; അങ്ങനെ അവൻ അവനോടു
സംസാരിച്ചു.

അദ്ധ്യായം 8

1 ദൈവം മോശയോടു അരുളിച്ചെയ്തു;
2 ദീപം കൊളുത്തുമ്പോൾ ദീപം ഏഴും നില
വിളക്കിന്റെ മുൻഭാഗത്ത് വെളിച്ചം കൊടു
ക്കണം എന്ന് അഹറോനോടു പറയുക.
3 അഹറോൻ അങ്ങനെ ചെയ്തു; ദൈവം
മോശയോടു കല്പിച്ചതുപോലെതന്നെ
അവൻ നിലവിളക്കിന്റെ ദീപം മുൻവശ
4 ത്തേക്കു തിരിച്ചു കൊളുത്തി. നിലവിള
ക്കിന്റെ പണിയോ, അതു സ്വർണ്ണംകൊ
ണ്ടു അടിച്ചുണ്ടാക്കിയതായിരുന്നു; അതി
ന്റെ ചുവടുമുതൽ പുഷ്പംവരെ അടിച്ചു
പണിയായിരുന്നു; ദൈവം മോശയെ കാണി
ച്ച മാതൃകപോലെതന്നെ അവൻ നില
വിളക്കുണ്ടാക്കി.
5 ദൈവം വീണ്ടും മോശയോടു അരുളി
6 ച്ചെയ്തു; ലേവ്യരെ ഇസ്രായേൽ മക്കളുടെ
ഇടയിൽനിന്നു മാററി എടുത്തു ശുചീകരി
7 ക്കുക. അവരുടെ ശുചീകരണം ഇങ്ങനെ
ആയിരിക്കണം; പാപപരിഹാരജലം അവ
രുടെ മേൽ തളിക്കണം; അവർ സർവ്വാംഗം
ക്ഷൗരം ചെയ്ത് വസ്ത്രം അലക്കി തങ്ങളെ
8 ത്തന്നെ ശുചീകരിക്കണം. പിന്നീട് അവർ
ഒരു കാളക്കിടാവിനെയും അതിന്റെ ഭോജ
നയാഗമായി എണ്ണ ചേർത്ത നേരിയ മാവും
എടുക്കണം; പാപയാഗത്തിനായി നീ വേറെ
9 ഒരു കാളക്കിടാവിനെയും എടുക്കണം. ലേ
വ്യരെ സമാഗമനകൂടാരത്തിന്റെ മുമ്പാകെ
വരുത്തി ഇസ്രായേൽ മക്കളുടെ സഭയെ
10 മുഴുവനും ഒരുമിച്ചു കൂട്ടണം. പിന്നെ ലേവ്യ
രെ ദൈവസന്നിധിയിൽ നിർത്തണം; ഇസ്രാ
യേൽ മക്കൾ ലേവ്യരുടെ മേൽ കൈയ് വയ്
11 ക്കണം. ദൈവവേല ചെയ്യേണ്ടതിനു അഹ
റോൻ ലേവ്യരെ ദൈവസന്നിധിയിൽ ഇസ്രാ
യേൽ മക്കളുടെ നീരാജനയാഗമായി
12 അർപ്പിക്കണം. ലേവ്യർ കാളക്കിടാക്കളുടെ
തലയിൽ കൈയ്വെക്കണം; പിന്നെ ലേവ്യർ
ക്കു വേണ്ടി പ്രായശ്ചിത്തം കഴിക്കേണ്ട
തിനു നീ ദൈവത്തിന് ഒന്നിനെ പാപ
യാഗമായിട്ടും മറെറതിനെ ഹോമയാഗ
13 മായിട്ടും അർപ്പിക്കണം. നീ ലേവ്യരെ അഹ
റോന്റെയും പുത്രന്മാരുടെയും മുമ്പാകെ
നിർത്തി ദൈവത്തിനു നീരാജനയാഗമായി
14 അർപ്പിക്കണം. ഇങ്ങനെ ലേവ്യരെ ഇസ്രാ
യേൽ മക്കളുടെ ഇടയിൽനിന്നു വേർതി
രിക്കുകയും ലേവ്യർ എനിക്കുള്ളവരായിരി
ക്കുകയും വേണം. അതിന്റെ ശേഷം സമാ 15
ഗമനകൂടാരം സംബന്ധിച്ചുള്ള ജോലി ചെ
യ്യേണ്ടതിനു ലേവ്യർക്കു അടുത്തു ചെല്ലാം;
നീ അവരെ ശുചീകരിച്ച് നീരാജനയാഗ
മായി അർപ്പിക്കണം. അവർ ഇസ്രായേൽ 16
മക്കളുടെ ഇടയിൽനിന്ന് എനിക്കു യഥാർ
ത്ഥ ദാനമായുള്ളവർ; എല്ലാ ഇസ്രായേൽ
മക്കളിലുമുള്ള ആദ്യജാതന്മാർക്കു പകരം
ഞാൻ അവരെ എനിക്കായി എടുത്തിരി
ക്കുന്നു. മനുഷ്യരുടെയോ മൃഗങ്ങളുടെയോ 17
ഇസ്രായേൽ മക്കൾക്കുള്ള കടിഞ്ഞൂൽ
എല്ലാം എനിക്കുള്ളതു; ഞാൻ മെസ്രേൻ
ദേശത്തെ കടിഞ്ഞൂലുകളെ എല്ലാം സംഹ
രിച്ച നാളിൽ അവയെ എനിക്കായി ശുദ്ധീ
കരിച്ചു. എന്നാൽ ഇസ്രായേൽ മക്കളിൽ 18
ഉള്ള എല്ലാ കടിഞ്ഞൂലുകൾക്കും പകരം
ഞാൻ ലേവ്യരെ എടുത്തിരിക്കുന്നു. ഇസ്രാ 19
യേൽ മക്കൾ വിശുദ്ധമന്ദിരത്തിനു അടുത്തു
വരുമ്പോൾ അവരുടെ ഇടയിൽ ക്രോധമു
ണ്ടാകാതിരിപ്പാൻ സമാഗമനകൂടാരത്തിൽ
ഇസ്രായേൽ മക്കളുടെ ശുശ്രൂഷ ചെയ്വാ
നും ഇസ്രായേൽ മക്കൾക്കുവേണ്ടി പ്രായ
ശ്ചിത്തം കഴിപ്പാനും ലേവ്യരെ ഞാൻ
ഇസ്രായേൽ മക്കളുടെ ഇടയിൽനിന്നു
അഹറോനും പുത്രന്മാർക്കും ദാനം ചെയ്തി
രിക്കുന്നു. അങ്ങനെ മോശയും അഹറോനും 20
ഇസ്രായേൽ മക്കളുടെ സഭ മുഴുവനും
ലേവ്യരെക്കുറിച്ചു ദൈവം മോശയോടു
കല്പിച്ചതുപോലെയെല്ലാം ലേവ്യർക്കു
ചെയ്തു; അങ്ങനെതന്നെ ഇസ്രായേൽ
മക്കൾ അവർക്കു ചെയ്തു. ലേവ്യർ 21
ശുദ്ധീകരിക്കപ്പെട്ടു. വസ്ത്രം അലക്കി;
അഹറോൻ അവരെ ദൈവത്തിന്റെ
സന്നിധിയിൽ യാഗമായി അർപ്പിച്ചു;
അവരെ ശുചീകരിക്കുവാൻ അഹറോൻ
അവർക്കുവേണ്ടി പ്രായശ്ചിത്തം കഴിച്ചു.
പിന്നെ ലേവ്യർ അഹറോന്റെയും പുത്ര 22
ന്മാരുടെയും മുമ്പാകെ സമാഗമനകൂടാര
ത്തിൽ തങ്ങളുടെ ശുശ്രൂഷ നിർവ്വഹിപ്പാൻ
ചെന്നു; ദൈവം ലേവ്യരെക്കുറിച്ചു മോശ
യോടു കല്പിച്ചതുപോലെ അവർ
അവർക്കു ചെയ്തു.

ദൈവം വീണ്ടും മോശയോടു അരുളി 23
ച്ചെയ്തു: ഇരുപത്തഞ്ചു വയസ്സുമുതൽ 24
അവർ സമാഗമനകൂടാരത്തിലെ ജോലി
ചെയ്യുന്ന സേവനത്തിൽ പ്രവേശിക്കണം.
അൻപതു വയസ്സുമുതലോ അവർ ചെയ്യുന്ന 25
സേവനത്തിൽനിന്നു ഒഴിയണം; പിന്നെ 26

ാവനം ചെയ്യേണ്ട; എങ്കിലും സമാഗമന
ടാരത്തിലെ കാര്യം നോക്കുന്നതിൽ
വർ തങ്ങളുടെ സഹോദരന്മാരെ സഹാ
്ചുകൊണ്ടിരിക്കണം; ജോലി ഒന്നും
യ്യേണ്ട. ലേവ്യരുടെ കാര്യം സംബന്ധിച്ചു
ഇങ്ങനെ അവർക്കു ചെയ്യണം.

അദ്ധ്യായം 9

അവർ മെസ്രേൻ ദേശത്തുനിന്നു പുറ
്ട്ടുപോന്നതിന്റെ രണ്ടാം സംവത്സരം
നാം മാസം ദൈവം സീനായിമരുഭൂമി
ൽ വച്ചു മോശയോടു അരുളിച്ചെയ്തത്:
സായേൽമക്കൾ പെസഹ അതിനു
ശ്ചയിച്ച സമയത്തു ആചരിക്കണം,
തിന് നിശ്ചിയിച്ച സമയമായ ഈ മാസം
തിനാലാം തീയതി സന്ധ്യയ്ക്ക് അതു
ചരിക്കണം; അതിന്റെ എല്ലാ ചട്ടങ്ങൾ
്ും നിയമങ്ങൾക്കും അനുസരണമായി
ങ്ങൾ അതു ആചരിക്കണം. പെസഹ
ചരിക്കണമെന്നു മോശ ഇസ്രായേൽ
ളോടു പറഞ്ഞു. അങ്ങനെ അവർ
നാം മാസം പതിനാലാം തീയതി സന്ധ്യാ
മയത്തു സീനായി മരുഭൂമിയിൽ വച്ചു
സഹ ആചരിച്ചു; ദൈവം മോശയോടു
്പിച്ചതുപോലെ ഇസ്രായേൽമക്കൾ
യ്തു. എന്നാൽ ഒരു മനുഷ്യന്റെ ശവം
ലം അശുദ്ധരായിത്തീർന്നിട്ടു ആ ദിവ
പെസഹ ആചരിപ്പാൻ കഴിയാത്ത
ലർ ഉണ്ടായിരുന്നു; അവർ അന്നുതന്നെ
ാശയുടെയും അഹറോന്റെയും മുമ്പാ
വന്ന് അവരോടു: ഞങ്ങൾ ഒരുവന്റെ
വത്താൽ അശുദ്ധരായിരിക്കുന്നു; നിശ്ചി
സമയത്തു ഇസ്രായേൽമക്കളുടെ ഇട
ൽ ദൈവത്തിന്റെ വഴിപാടു കഴിക്കാ
രിപ്പാൻ ഞങ്ങളെ മുടക്കുന്നതു എന്തി
ണ്? എന്നു ചോദിച്ചു. മോശ അവരോടു
ല്പിൻ, ദൈവം നിങ്ങളെക്കുറിച്ചു കല്പി
ുന്നതു എന്ത് എന്നു ഞാൻ കേൾക്കട്ടെ
ന്നു പറഞ്ഞു.

അപ്പോൾ ദൈവം മോശയോടു അരുളി
്യ്തു; നീ ഇസ്രായേൽ മക്കളോടു
ായുക: നിങ്ങളിലോ നിങ്ങളുടെ സന്തതി
ിലോ ആരെങ്കിലും ശവത്താൽ അശുദ്ധ
ാകുകയോ ദൂരയാത്രയിൽ ആയിരിക്കു
യോ ചെയ്താലും അവൻ ദൈവത്തിന്
സഹ ആചരിക്കണം. രണ്ടാം മാസം പതി
ലാം തീയതി സന്ധ്യാസമയത്തു അവർ
തു ആചരിച്ച് പുളിപ്പില്ലാത്ത അപ്പത്തോ
കൈപ്പുചീരയോടും കൂടെ അതു ഭക്ഷി
ണം. രാവിലത്തേക്കു അതിൽ ഒന്നും

ശേഷിപ്പിക്കരുത്; അതിന്റെ അസ്ഥിയൊ
ന്നും ഒടിക്കുകയും അരുതു; പെസഹയുടെ
നിയമപ്രകാരമെല്ലാം അവർ അതു ആചരി
ക്കണം, എന്നാൽ ശുദ്ധിയുള്ളവനും പ്രയാ 13
ണത്തിൽ അല്ലാത്തവനുമായ ഒരുവൻ
പെസഹ ആചരിക്കാതെ വീഴ്ച വരുത്തി
യാൽ അവനെ അവന്റെ ജനത്തിൽനിന്നു
വിച്ഛേദിച്ചുകളയണം; നിശ്ചിത സമയ
ത്തു ദൈവത്തിന്റെ വഴിപാടു കഴിക്കാ
യ്കയാൽ അവൻ തന്റെ പാപം വഹിക്ക
ണം. നിങ്ങളുടെ ഇടയിൽ വന്നു പാർക്കുന്ന 14
ഒരു പരദേശിക്കു പെസഹ ആചരിക്ക
ണമെങ്കിൽ പെസഹയുടെ ചട്ടത്തിനും
നിയമത്തിനും അനുസരണമായി അവൻ
ആചരിക്കണം; പരദേശിക്കും സ്വദേശിക്കും
നിങ്ങൾക്കു ഒരു നിയമംതന്നെ ആയിരി
ക്കണം.

തിരുനിവാസം നിവിർത്തുനിർത്തിയ 15
ദിവസം മേഘം സാക്ഷ്യകൂടാരമെന്ന തിരു
നിവാസത്തെ മൂടി; സന്ധ്യാസമയം മുതൽ
രാവിലെവരെ അതു തിരുനിവാസത്തി
ന്മേൽ അഗ്നിപോലെ പ്രശോഭിച്ചു. അത് 16
എപ്പോഴും അങ്ങനെതന്നെ ആയിരുന്നു;
പകൽ മേഘവും രാത്രി അഗ്നിസ്തൂപവും
അതിനെ മൂടിയിരുന്നു. മേഘം കൂടാരത്തി 17
ന്മേൽ നിന്നു പൊങ്ങുമ്പോൾ ഇസ്രായേൽ
മക്കൾ യാത്ര പുറപ്പെടും; മേഘം നില്ക്കു
ന്നേടത്തു അവർ കൂടാരമടിച്ചു. ദൈവ 18
കല്പനപോലെ ഇസ്രായേൽ മക്കൾ യാത്ര
പുറപ്പെടുകയും ദൈവത്തിന്റെ കല്പന
പോലെ കൂടാരമടിക്കുകയും ചെയ്തു;
മേഘം തിരുനിവാസത്തിന്മേൽ നില്ക്കു
മ്പോഴെല്ലാം, അവർ കൂടാരമടിച്ചു വിശ്ര
മിക്കും. മേഘം തിരുനിവാസത്തിന്മേൽ 19
ഏറെനാൾ ഇരിക്കുന്നുവെങ്കിൽ ഇസ്രാ
യേൽ മക്കൾ യാത്രപുറപ്പെടാതെ ദൈവ
ത്തിന്റെ ആജ്ഞ കാത്തുകൊണ്ടിരിക്കും.
ചിലപ്പോൾ മേഘം തിരുനിവാസത്തിന്മേൽ 20
കുറെദിവസം സ്ഥിതിചെയ്യും; അപ്പോൾ
അവർ ദൈവകല്പനപോലെ കൂടാരത്തിൽ
വസിക്കും; പിന്നെ ദൈവത്തിന്റെ കല്പനാ
നുസരണം തുടരും. ചിലപ്പോൾ മേഘം സന്ധ്യ 21
മുതൽ പ്രഭാതം വരെ ഇരിക്കും; പ്രഭാത
ത്തിൽ മേഘം ഉയർന്നുവെങ്കിൽ അവർ
യാത്ര തുടരും. ചിലപ്പോൾ പകലും രാവും
സ്ഥിതി ചെയ്യും; പിന്നെ മേഘം ഉയർന്നെ
ങ്കിൽ അവർ യാത്ര തുടരും. രണ്ടു ദിവസമോ 22
ഒരു മാസമോ ഒരു സംവത്സരമോ മേഘം
തിരുനിവാസത്തിന്മേൽ ആവസിച്ചിരു
ന്നാൽ ഇസ്രായേൽമക്കൾ പുറപ്പെടാതെ

കൂടാരത്തിൽ താമസിക്കും; അതു ഉയരു
മ്പോൾ അവർ പുറപ്പെടും.ദൈവത്തിൻെറ
കല്പനാനുസരണം അവർ കൂടാരമടിക്കു
23 കയും ദൈവത്തിൻെറ കല്പനപ്രകാരം
യാത്ര പുറപ്പെടുകയും ചെയ്യുമായിരുന്നു;
മോശമുഖാന്തരം ദൈവം കല്പിച്ചതു
പോലെ അവർ ദൈവത്തിൻെറ ആജ്ഞ
അനുസരിച്ചു.

അദ്ധ്യായം 10

1 ദൈവം വീണ്ടും മോശയോട് അരുളി
ചെയ്തു: വെള്ളികൊണ്ടു രണ്ടു കാഹളം
2 ഉണ്ടാക്കണം; അടിപ്പുപണിയായി അവയെ
നിർമ്മിക്കണം; അവ നിനക്കു സഭയെ
വിളിച്ചുകൂട്ടുവാനും പാളയത്തെ പുറപ്പെടു
3 വിപ്പാനും പ്രയോജനപ്പെടും. അവ ഊതു
മ്പോൾ സഭ മുഴുവനും സമാഗമനകൂടാര
ത്തിൻെറ വാതിൽക്കൽ നിൻെറ അടുക്കൽ
4 കൂടണം. ഒരു കാഹളം മാത്രം ഊതിയാൽ
ഇസ്രായേലിൻെറ സഹസ്രാധിപന്മാരായ
നായകന്മാർ നിൻെറ അടുക്കൽ കൂടണം.
5 കാഹളധ്വനി ഊതുമ്പോൾ കിഴക്കെ പാളയ
6 ങ്ങൾ യാത്ര പുറപ്പെടണം. രണ്ടാമത് ഊതു
മ്പോൾ തെക്കെ പാളയങ്ങൾ യാത്ര പുറ
പ്പെടണം; ഇങ്ങനെ ഇവരുടെ പുറപ്പാടുകൾ
7 ക്കായി ഗംഭീരധ്വനി മുഴക്കണം. സഭയെ
കൂട്ടേണ്ടതിനു ഊതുമ്പോൾ ഗംഭീരധ്വനി
8 മുഴക്കരുത്. അഹറോൻെറ പുത്രന്മാരായ
പുരോഹിതന്മാർ ആകുന്നു കാഹളം ഊതേ
ണ്ടത്; ഇതു നിങ്ങൾക്കു തലമുറതലമുറ
യായി എന്നേക്കുമുള്ള ചട്ടം ആയിരിക്കണം.
9 നിങ്ങളുടെ ദേശത്തു നിങ്ങളെ ഉപദ്രവി
ക്കുന്ന ശത്രുവിൻെറ നേരെ നിങ്ങൾ യുദ്ധ
ത്തിനു പോകുമ്പോൾ ഗംഭീരധ്വനിയായി
കാഹളം ഊതണം; എന്നാൽ നിങ്ങളുടെ
ദൈവമായ കർത്താവ് നിങ്ങളെ ഓർത്ത്
ശത്രുക്കളുടെ കൈയിൽനിന്നു രക്ഷിക്കും.
10 നിങ്ങളുടെ സന്തോഷദിവസങ്ങളിലും
പെരുനാളുകളിലും മാസാരംഭങ്ങളിലും
നിങ്ങൾ ഹോമയാഗങ്ങളും സമാധാനയാഗ
ങ്ങളും കഴിക്കുമ്പോൾ കാഹളം ഊതണം;
അവ നിങ്ങൾക്കു ദൈവത്തിൻെറ സന്നിധി
യിൽ ഓർമ്മയായിരിക്കും; ഞാൻ നിങ്ങളുടെ
ദൈവമായ കർത്താവാകുന്നു.

11 അനന്തരം രണ്ടാംസംവത്സരം രണ്ടാം
മാസം ഇരുപതാം തീയതി മേഘം സാക്ഷ്യ
നിവാസത്തിന്മേൽ നിന്നു ഉയർന്നു.
12 അപ്പോൾ ഇസ്രായേൽ മക്കൾ സീനായിമരു
ഭൂമിയിൽ നിന്നു യാത്ര ആരംഭിച്ചു; മേഘം
പാറാൻ മരുഭൂമിയിൽ വന്നു നിന്നു.
ദൈവം മോശമുഖാന്തരം കല്പിച്ചതു 13
പോലെ അവർ ഇങ്ങനെ ആദ്യമായി യാത്ര
ആരംഭിച്ചു, യഹൂദാമക്കളുടെ കൊടിക്കീ 14
ഴുള്ള പാളയം ഗണംഗണമായി ആദ്യം പുറ
പ്പെട്ടു; അവരുടെ സേനാപതി അമ്മീനാ
ദാബിൻെറ മകൻ നഹശോൻ. ഇസ്സാഖാർ 15
മക്കളുടെ ഗോത്രത്തിൻെറ സേനാപതി
സൂവാരിൻെറ മകൻ നഥാനിയേൽ.
സെബ്ലൂൻ മക്കളുടെ ഗോത്രത്തിൻെറ 16
സേനാധിപൻ ഹേലോൻെറ മകൻ എലീ
യാബ്. അപ്പോൾ തിരുനിവാസം അഴിച്ചു 17
താഴ്ത്തി; ഗേർശോന്യരും മെരാര്യരും തിരു
നിവാസം ചുമന്നുകൊണ്ട് പുറപ്പെട്ടു. പിന്നെ 18
രൂബേൻെറ കൊടിക്കീഴുള്ള പാളയം ഗണം
ഗണമായി പുറപ്പെട്ടു; അവരുടെ സേനാ
ധിപൻ ശെദേയൂരിൻെറ മകൻ എലീസൂർ.
ശെമഓൻ മക്കളുടെ ഗോത്രത്തിൻെറ 19
സേനാധിപൻ സൂരിശദ്ദായിയുടെ മകൻ
ശെലൂമീയേൽ. ഗാദ്മക്കളുടെ ഗോത്ര 20
ത്തിൻെറ സേനാധിപതി ദെയൂവേലിൻെറ
മകൻ എലീയാസാഫ്. അപ്പോൾ കൊഹാ 21
ത്യർ വിശുദ്ധസാധനങ്ങൾ ചുമന്നുകൊണ്ട്
പുറപ്പെട്ടു; ഇവർ എത്തുമ്പോഴേക്കു തിരുനി
വാസം നിവർത്തിക്കഴിഞ്ഞിരിക്കും. പിന്നെ 22
എഫ്രയീം മക്കളുടെ കൊടിക്കീഴുള്ള
പാളയം ഗണംഗണമായി പുറപ്പെട്ടു; അവ
രുടെ സേനാധിപൻ അമ്മീഹൂദിൻെറ മകൻ
എലീശാമാ. മനശ്ശമക്കളുടെ ഗോത്രത്തി 23
ൻെറ സേനാധിപതി പെദാസൂരിൻെറ മകൻ
ഗമാലീയേൽ. ബെന്യാമീൻമക്കളുടെ 24
ഗോത്രത്തിൻെറ സേനാധിപതി ഗിദെയോ
നിയുടെ മകൻ അബീദാൻ. പിന്നെ അവ 25
രുടെ എല്ലാ പാളയങ്ങളിലും ഒടുവിലത്തേ
തായിരുന്ന ദാൻമക്കളുടെ കൊടിക്കീഴുള്ള
പാളയം ഗണംഗണമായി പുറപ്പെട്ടു; അവ
രുടെ സേനാധിപൻ അമ്മിശദ്ദായിയുടെ
മകനായ അഹീയേസെർ. ആശേർമക്കളുടെ 26
ഗോത്രത്തിൻെറ സേനാധിപൻ ഒക്രാൻെറ
മകൻ പഗീയേൽ. നഫ്താലിമക്കളുടെ 27
ഗോത്രത്തിൻെറ സേനാധിപതി ഐനാ
ൻെറ മകൻ അഹീര. ഇസ്രായേൽമക്കൾ 28
യാത്ര പുറപ്പെട്ടപ്പോൾ ഗണംഗണമായുള്ള
അവരുടെ യാത്ര ഈ ക്രമത്തിൽ ആയി
രുന്നു.

മോശ തൻെറ അമ്മായപ്പനായ രെയൂ 29
വേൽ എന്ന മിദ്യാനൻെറ മകനായ ഹോ
ബാബിനോടു; നിങ്ങൾക്കു ഞാൻ തരുമെ
ന്നു ദൈവം അരുളിച്ചെയ്ത ദേശത്തേക്കു
ഞങ്ങൾ യാത്ര ചെയ്യുന്നു; ദൈവം ഇസ്രായേ
ലിനു നന്മ ആശംസിച്ചിരിക്കുകയാൽ നീ

ഞങ്ങളോടു കൂടെ വരിക; ഞങ്ങൾ നിനക്കു നന്മ ചെയ്യും എന്നു പറഞ്ഞു. അവൻ അവനോടു: ഞാൻ വരുന്നില്ലാ; എൻെറ സ്വദേശത്തേക്കും ചാർച്ചക്കാരുടെ അടുക്കലേക്കും ഞാൻ പോകുകയാണ് എന്നു പറഞ്ഞു. അതിനു അവൻ: ഞങ്ങളെ വിട്ടുപോകരുതേ; മരുഭൂമിയിൽ ഞങ്ങൾ പാളയമിറങ്ങേണ്ടത് എങ്ങനെയെല്ലാം എന്നു നീ അറിയുന്നു; നീ ഞങ്ങൾക്കു കണ്ണായിരിക്കും, ഞങ്ങളോടുകൂടെ പോന്നാൽ ദൈവം ഞങ്ങൾക്കു ചെയ്യുന്ന നന്മപോലെ തന്നെ ഞങ്ങൾ നിനക്കും ചെയ്യും എന്നു പറഞ്ഞു.

പിന്നീട് അവർ ദൈവത്തിൻെറ പർവ്വതം വിട്ട് മൂന്നു ദിവസത്തെ വഴിപോയി; ദൈവത്തിൻെറ നിയമപെട്ടകം അവർക്കു വിശ്രമസ്ഥലം അന്വേഷിക്കേണ്ടതിനു മൂന്നു ദിവസത്തെ വഴി മുമ്പോട്ടുപോയി. പാളയം പുറപ്പെട്ടപ്പോൾ ദൈവത്തിൻെറ മേഘം പകൽ സമയം അവർക്കുമേൽ ഉണ്ടായിരുന്നു. പെട്ടകം പുറപ്പെടുമ്പോൾ മോശ: "കർത്താവേ, എഴുന്നേല്ക്കണമേ;നിൻെറ ശത്രുക്കൾ ചിതറുകയും നിന്നെ ദ്വേഷിക്കുന്നവർ നിൻെറ മുമ്പിൽ നിന്നു ഓടിപ്പോകുകയും ചെയ്യട്ടെ" എന്നു പറയും. അതു വിശ്രമിക്കുമ്പോൾ അവൻ; "കർത്താവേ", അനേകായിരമായ ഇസ്രായേലിൻെറ അടുക്കൽ മടങ്ങി വരണമേ" എന്നും പറയും.

അദ്ധ്യായം 11

അനന്തരം ജനം ദൈവത്തിന് അപ്രിയം തോന്നുമാറ് പിറുപിറുത്തു; ദൈവം കേട്ടു അവൻെറ കോപം ജ്വലിച്ചു; ദൈവത്തിൻെറ അഗ്നി അവരുടെ ഇടയിൽ കത്തി. പാളയത്തിൻെറ അററങ്ങളിലുള്ളവരെ ദഹിപ്പിച്ചു കളഞ്ഞു. ജനം മോശയോടു നിലവിളിച്ചു; മോശ ദൈവത്തോട് പ്രാർത്ഥിച്ചു; അപ്പോൾ തീ കെട്ടുപോയി. ദൈവത്തിൻെറ അഗ്നി അവരുടെ ഇടയിൽ കത്തുകയാൽ ആ സ്ഥലത്തിനു യക്ദോനാ എന്നു പേരായിത്തീർന്നു. പിന്നെ അവരുടെ ഇടയിലുള്ള സമ്മിശ്രജാതി ദുരാഗ്രഹികളായി; ഇസ്രായേൽ മക്കളും വീണ്ടും കരഞ്ഞുകൊണ്ടു: ഞങ്ങൾക്കു തിന്മാൻ മാംസം ആർ തരും? ഞങ്ങൾ മെസ്രേനിൽ വച്ചു വിലകൂടാതെ തിന്നിട്ടുള്ള മത്സ്യം, വെള്ളരിക്കാ, മത്തങ്ങാ, ഉള്ളി, ചുവന്നുള്ളി, ചിററുള്ളി എന്നിവ ഞങ്ങൾ ഓർക്കുന്നു. ഇപ്പോഴോ ഞങ്ങളുടെ പ്രാണൻ പൊരിഞ്ഞിരിക്കുകയാണ്; ഈ മന്നാ അല്ലാതെ വേറൊന്നും കാണാനുമില്ല എന്നു പറഞ്ഞു. മന്നായോ കൊത്തമ്പാലരി
പോലെയും അതിൻെറ നിറം ഗുൽഗുലുവി
ൻെറതുപോലെയും ആയിരുന്നു. ജനം നട 8
ന്നു പെറുക്കി തിരികല്ലിൽ പൊടിച്ചോ ഉര
ലിൽ ഇടിച്ചോ കലത്തിൽ പുഴുങ്ങി അപ്പമു
ണ്ടാക്കും. അതിൻെറ രുചി എണ്ണ ചേർത്തു
ണ്ടാക്കിയ അപ്പംപോലെ ആയിരുന്നു. രാത്രി 9
പാളയത്തിൽ മഞ്ഞു പൊഴിയുമ്പോൾ
മന്നായും പൊഴിയും. ജനം കുടുംബം 10
കുടുംബമായി ഓരോരുത്തൻ താന്താൻെറ
കൂടാരവാതിൽക്കൽ വച്ചു കരയുന്നതു
മോശ കേട്ടു; ദൈവത്തിൻെറ കോപം ഏററ
വും ജ്വലിച്ചു; മോശയ്ക്കും അനിഷ്ടമായി, 11
അപ്പോൾ മോശ ദൈവത്തോടു: നീ അടി
യനെ എന്തിനു വിഷമിപ്പിച്ചു? നിനക്കു
എന്നോടു കൃപതോന്നാതെ ഈ സർവ്വ
ജനത്തിൻെറയും ഭാരം എൻെറ മേൽ
വച്ചതെന്തിന്? മുലകുടിക്കുന്ന കുഞ്ഞിനെ 12
ഒരു ധാത്രി എടുക്കുന്നതുപോലെ ഞാൻ
അവരെ നീ അവരുടെ പിതാക്കന്മാരോടു
സത്യം ചെയ്ത ദേശത്തേക്കു എൻെറ
മാറോടു ചേർത്തെടുത്തുകൊണ്ടു പോക
ണമെന്ന് എന്നോടു കല്പിപ്പാൻ ഈ ജന
ത്തെയെല്ലാം ഞാൻ ഗർഭംധരിച്ചതാണോ?
ഞാൻ അവരെ പ്രസവിച്ചതാണോ? ഈ 13
ജനത്തിനു മുഴുവൻ കൊടുപ്പാൻ എനിക്കു
എവിടെനിന്നു മാംസം കിട്ടും? അവർ ഇതാ:
ഞങ്ങൾക്കു ഭക്ഷിപ്പാൻ മാംസം തരിക
എന്നു എന്നോടു പറഞ്ഞു കരയുന്നു. ഏക 14
നായി ഈ ജനത്തെയെല്ലാം വഹിപ്പാൻ
എനിക്കു കഴിവില്ല; അതു എനിക്കു
അമിതഭാരം ആകുന്നു. ഇങ്ങനെ എന്നോടു 15
ചെയ്യുന്നപക്ഷം ദയവിചാരിച്ച് എന്നെ
കൊന്നുകളയണമെ. എൻെറ ദുരിതം ഞാൻ
കാണാതിരിക്കട്ടെ.

അപ്പോൾ ദൈവം മോശയോടു കല്പി 16
ച്ചതു: ഇസ്രായേൽ മൂപ്പന്മാരിൽ വച്ചു
ജനത്തിനു പ്രമാണികളും മേൽഭരണ
ക്കാരും എന്നു നിനക്കറിയാവുന്ന എഴു
പതു പുരുഷന്മാരെ സമാഗമനകൂടാരത്തി
നടുക്കൽ നിന്നോടുകൂടെ നിൽക്കുവാൻ
എൻെറ അടുക്കൽ കൂട്ടിക്കൊണ്ടുവരിക.
അവിടെ ഞാൻ ഇറങ്ങിവന്നു നിന്നോടു 17
അരുളിച്ചെയ്യും; ഞാൻ നിൻെറ മേലുള്ള ആ
ത്മാവിൽ കുറെ എടുത്തു അവരുടെ മേൽ
പകരും. നീ ഏകനായി ഭാരം വഹിക്കാതിരി
ക്കേണ്ടതിനു അവർ നിന്നോടുകൂടെ ജന
ത്തിൻെറ ഭാരം വഹിക്കും. എന്നാൽ ജന 18
ത്തോടു നീ പറയേണ്ടതു: നാളത്തേക്കായി
നിങ്ങളെത്തന്നെ ശുദ്ധീകരിപ്പിൻ; എന്നാൽ
നിങ്ങൾ മാംസം തിന്നും; ഞങ്ങൾക്കു

തിന്മാൻ മാംസം ആർ തരും? മെസ്രേനി
ലായിരുന്നു ഞങ്ങൾക്കു നല്ലത് എന്നു
നിങ്ങൾ പറഞ്ഞു കർത്താവ് കേൾക്കെ കര
ഞ്ഞുവല്ലോ; ആകയാൽ കർത്താവ് നിങ്ങൾ
ക്കു മാംസം തരികയും നിങ്ങൾ ഭക്ഷിക്കു
19 കയും ചെയ്യും. ഒരു ദിവസമല്ല, രണ്ടു ദിവസ
മല്ല, അഞ്ചു ദിവസമല്ല, പത്തു ദിവസമല്ല,
20 ഇരുപതു ദിവസമല്ല ഒരു മാസം മുഴുവനും
തന്നെ, അതു നിങ്ങളുടെ മൂക്കിൽ കൂടി
പുറപ്പെട്ടു നിങ്ങൾക്കു ഓക്കാനം വരുവോളം
നിങ്ങൾ തിന്നും; നിങ്ങളുടെ ഇടയിൽ ഉള്ള
ദൈവത്തെ നിങ്ങൾ നിരസിക്കുകയും:
ഞങ്ങൾ മെസ്രേനിൽനിന്നു എന്തിനു പുറ
പ്പെട്ടുപോന്നു എന്നു പറഞ്ഞു അവൻെറ
മുമ്പാകെ കരയുകയും ചെയ്തിരിക്കുന്നു
21 വല്ലൊ. അപ്പോൾ മോശ: എന്നോടു കൂടെ
യുള്ള ജനം ആറുലക്ഷം കാലാൾ ഉണ്ടു;
ഒരു മാസം മുഴുവൻ തിന്മാൻ ഞാൻ അവർ
ക്കു മാംസം കൊടുക്കുമെന്നു അവിടന്നു
22 അരുളിച്ചെയ്യുന്നു. അവർക്കു മതിയാവോളം
ആടുകളെയും മാടുകളെയും അവർക്കു
വേണ്ടി അറുക്കുമോ? അവർക്കു മതിയാ
വോളം സമുദ്രത്തിലെ മത്സ്യത്തെ എല്ലാം
അവർക്കുവേണ്ടി പിടിച്ചു കൂട്ടുമോ എന്നു
ചോദിച്ചു.
23 ദൈവം മോശയോടു: ദൈവത്തിൻെറ
കൈ ചെറുതായിപ്പോയോ? എൻെറ വചനം
നിവൃത്തിയാകുമൊ ഇല്ലയോ എന്നു നീ
24 ഇപ്പോൾ കാണും എന്നു കല്പിച്ചു. അങ്ങ
നെ മോശ ചെന്നു ദൈവത്തിൻെറ വചന
ങ്ങളെ ജനത്തോടു പറഞ്ഞു, ജനത്തിൻെറ
മൂപ്പന്മാരിൽ എഴുപതു പുരുഷന്മാരെ കൂട്ടി
25 കൂടാരത്തിൻെറ ചുററും നിർത്തി. അപ്പോൾ
ദൈവം ഒരു മേഘത്തിൽ ഇറങ്ങി അവ
നോടു അരുളിച്ചെയ്തു; അവന്മേലുള്ള
ആത്മാവിൽ കുറെ എടുത്ത് മൂപ്പന്മാരായ
ആ എഴുപതു പുരുഷന്മാർക്കു കൊടുത്തു;
ആത്മാവു അവരുടെ മേൽ ആവസിച്ച
പ്പോൾ അവർ പ്രവചിച്ചു; പിന്നീട് അങ്ങനെ
26 യുണ്ടായില്ല. എന്നാൽ ആ പുരുഷന്മാരിൽ
രണ്ടുപേർ പാളയത്തിൽതന്നെ താമസിച്ചി
രിക്കുകയായിരുന്നു. ഒരുവനു എൽദാദ് എ
ന്നും മററവന് മേദാദ് എന്നും പേർ. ആത്മാ
വ് അവരുടെ മേലും ആവസിച്ചു, അവരും
പേരെഴുതിയവരിൽ ഉള്ളവർ ആയിരുന്നു
എങ്കിലും കൂടാരത്തിലേക്കു ചെന്നിരുന്നില്ല;
അവർ പാളയത്തിൽ വച്ചു പ്രവചിച്ചു.
27 അപ്പോൾ ഒരു യുവാവ് മോശയുടെ അടു
ക്കൽ ഓടിച്ചെന്നു: എൽദാദും മേദാദും
പാളയത്തിൽ പ്രവചിക്കുന്നു എന്നു അറി
യിച്ചു. എന്നാൽ നൂൻെറ മകനായി ബാല്യം 28
മുതൽ മോശയുടെ ശുശ്രൂഷകനായിരുന്ന
യോശുവ: എൻെറ യജമാനനായ മോശയേ,
അവരെ വിരോധിക്കണമേ എന്നു പറഞ്ഞു.
മോശ അവനോടു: എന്നെ വിചാരിച്ചു നീ 29
അസൂയപ്പെടുന്നുവോ? ദൈവത്തിൻെറ ജന
മെല്ലാം പ്രവാചകന്മാരാകുകയും ദൈവം
തൻെറ ആത്മാവിനെ അവരുടെ മേൽ
പകരുകയും ചെയ്തെങ്കിൽ കൊള്ളാമാ
യിരുന്നു എന്നു പറഞ്ഞു. പിന്നെ മോശയും 30
ഇസ്രായേൽ മൂപ്പന്മാരും പാളയത്തിൽ
വന്നുചേർന്നു. അനന്തരം ദൈവം അയച്ച 31
ഒരു കാററു ഊതി, സമുദ്രഭാഗത്തുനിന്നു
കാടയെ കൊണ്ടുവന്ന് പാളയത്തിൻെറ
സമീപത്തു ഒരു ദിവസത്തെ വഴി ഇങ്ങോട്ടും
ഒരു ദിവസത്തെ വഴി അങ്ങോട്ടും ഇങ്ങനെ
പാളയത്തിൻെറ ചുററും നിലത്തോടു ഏക
ദേശം രണ്ടു മുഴം അടുത്ത് പറന്നു നിൽക്കു
മാറാക്കി. ജനം എഴുന്നേററു അന്നു പകൽ 32
മുഴുവനും രാത്രി മുഴുവനും പിറെറദിവസം
മുഴുവനും കാടയെ പിടിച്ചുകൂട്ടി; വളരെ
കുറച്ചു പിടിച്ചവൻ പത്തുപറ പിടിച്ചുകൂട്ടി;
അവർ അവയെ പാളയത്തിൻെറ ചുററും
നിരത്തി. എന്നാൽ മാംസം അവരുടെ പല്ലി 33
നടിയിൽ ഇരിക്കുമ്പോൾ അതു ചവച്ചി
റക്കുംമുമ്പെ തന്നെ ദൈവത്തിൻെറ കോപം
ജനത്തിൻെറ നേരെ ജ്വലിച്ചു, ദൈവം
ജനത്തെ ഒരു മഹാബാധകൊണ്ടു സംഹ
രിച്ചു. ദുരാഗ്രഹികളുടെ സമൂഹത്തെ അവി 34
ടെ കുഴിച്ചുമൂടിയതുമൂലം ആ സ്ഥലത്തിനു
കബ്റേ ദ്റഗ്സോ എന്നു പേരായി. കബ്റേ
ദ്റഗ്സോ വിട്ടു ജനം ഹസേരോത്തി 35
ലേക്കു ചെന്നു ഹസേരോത്തിൽ താമ
സിച്ചു.

അദ്ധ്യായം 12

മോശ ഒരു എത്യോപ്യൻ സ്ത്രീയെ വി 1
വാഹംചെയ്തിരുന്നതുകൊണ്ടു ആ സ്ത്രീ
നിമിത്തം മറിയാമും അഹറോനും അവ
നു വിരോധമായി സംസാരിച്ചു: ദൈവം 2
മോശ മുഖാന്തരം മാത്രമെ അരുളിച്ചെയ്തി
ട്ടുള്ളോ? ഞങ്ങൾ മുഖാന്തരവും അരുളിച്ചെ
യ്തിട്ടില്ലയോ? എന്നു പറഞ്ഞു; ദൈവം
അതു കേട്ടു. മോശ എന്ന പുരുഷനോ ഭൂത 3
ലത്തിലുള്ള സകല മനുഷ്യരിലും അതി
സൗമ്യനായിരുന്നു. ഉടനെ ദൈവം മോശ 4
യോടും അഹറോനോടും മറിയാമിനോടും:
"നിങ്ങൾ മൂവരും സമാഗമനകൂടാരത്തിങ്കൽ
വരുവിൻ" എന്നു കല്പിച്ചു; അവർ മൂവരും
ചെന്നു. ദൈവം മേഘസ്തംഭത്തിൽ 5

റങ്ങി കൂടാരവാതിൽക്കൽ നിന്നു അഹ
റാനെയും മറിയാമിനെയും വിളിച്ചു; അവർ
രുവരും മുന്നോട്ടു ചെന്നു. പിന്നെ അവൻ
രുളിച്ചെയ്തു: എൻെറ വചനങ്ങളെ
കൾപ്പിൻ; നിങ്ങളുടെ ഇടയിൽ ഒരു പ്രവാ
കൻ ഉണ്ടെങ്കിൽ ദൈവമായ ഞാൻ
വനു ദർശനത്തിൽ എന്നെ വെളിപ്പെടു
തുകയും സ്വപ്നത്തിൽ അവനോടു അരു
ിച്ചെയ്കയും ചെയ്യും. എൻെറ ദാസനായ
മാശയോ അങ്ങനെയല്ല; അവൻ എൻെറ
ൃഹത്തിൽ മുഴുവൻ വിശ്വസ്തൻ ആകു
നു. അവനോടു ഞാൻ അരുളിച്ചെയ്യുന്നതു
റപൊരുളായിട്ടല്ല അഭിമുഖമായും വ്യക്ത
ായും അത്രെ; അവൻ ദൈവത്തിൻെറ രൂപം
ാണുകയും ചെയ്യും. അങ്ങനെയിരിക്കെ
ിങ്ങൾ എൻെറ ദാസനായ മോശയ്ക്കു
ിരോധമായി സംസാരിപ്പാൻ ഭയപ്പെടാ
ിരുന്നത് എന്ത്? ദൈവകോപം അവ
രുടെ നേരെ ജ്വലിച്ചു, അവൻ മറഞ്ഞു.
മഘവും കൂടാരത്തിന്മേൽനിന്നു നീങ്ങി
പ്പായി. മറിയാം ഹിമം പോലെ വെളുത്ത്
ുഷ്ഠരോഗിണിയായി; അഹറോൻ മറിയാ
ിനെ നോക്കി അവൾ കുഷ്ഠരോഗിണി
ന്നു കണ്ടു. അഹറോൻ മോശയോടു:
യ്യോ യജമാനനേ, ഞങ്ങൾ ഭോഷത്വ
ായി ചെയ്തുപോയ ഈ പാപം ഞങ്ങ
ുടെ മേൽ വയ്ക്കരുതേ. അമ്മയുടെ ഗർഭ
തിൽ നിന്നു പുറത്തുവരുമ്പോൾ മാംസം
കുതി അഴുകിയിരിക്കുന്ന ചാപിള്ളയെ
പാലെ ഇവൾ ആകരുതേ എന്നു പറഞ്ഞു.
പ്പോൾ മോശ ദൈവത്തോട്: "ദൈവമേ,
വളെ സൌഖ്യമാക്കണമേ" എന്നു നില
ിളിച്ചു. ദൈവം മോശയോടു: അവളുടെ
പ്പൻ അവളുടെ മുഖത്തു തുപ്പിയെങ്കിൽ
വൾ ഏഴുദിവസം ലജ്ജിച്ചിരിക്കുകയി
യോ? അവളെ ഏഴുദിവസത്തേക്കു
ാളയത്തിനു പുറത്തു മാററി താമസിപ്പി
ണം; പിന്നീട് അവളെ ചേർത്തുകൊ
ാം, എന്നു കല്പിച്ചു. ഇങ്ങനെ മറിയാ
ിനെ ഏഴു ദിവസം പാളയത്തിനു പുറത്തു
ാക്കി, അവളെ വീണ്ടും അംഗീകരിച്ചതു
രെ ജനം യാത്ര ചെയ്യാതിരുന്നു. അതി
ൻെറ ശേഷം ജനം ഹസേരോത്തിൽനിന്നു
ുറപ്പെട്ടു പാറാൻ മരുഭൂമിയിൽ കൂടാരമ
ച്ചു.

അദ്ധ്യായം 13

ദൈവം വീണ്ടും മോശയോടു അരുളി
ച്ചെയ്തു; ഇസ്രായേൽ മക്കൾക്കു ഞാൻ
കൊടുപ്പാനിരിക്കുന്ന കനാൻ ദേശം ഒററു
നോക്കുവാൻ ആളുകളെ അയയ്ക്കുക;
അതതു ഗോത്രത്തിൽനിന്നു ഓരോ ആളെ
അയക്കണം; അവരെല്ലാവരും നേതാക്കന്മാ
രായിരിക്കണം. അങ്ങനെ മോശ ദൈവ 3
ത്തിൻെറ കല്പനാനുസരണം പാറാൻ മരു
ഭൂമിയിൽ നിന്നു അവരെ അയച്ചു; ആ
പുരുഷന്മാർ എല്ലാം ഇസ്രായേൽമക്കളുടെ
തലവന്മാർ ആയിരുന്നു. അവരുടെ പേർ 4
രൂബേൻ ഗോത്രത്തിൽ സക്കൂരിൻെറ മകൻ
ശമ്മൂവ. ശെമഓൻഗോത്രത്തിൽ ഹോരിയു 5
ടെ മകൻ ശാഫാത്ത്, യഹൂദാ ഗോത്രത്തിൽ 6
യെഫുന്നയുടെ മകൻ കാലേബ്, ഇസ്സാ
ഖാർ ഗോത്രത്തിൽ യോസേഫിൻെറ മകൻ 7
ഈഗാൽ, എഫ്രയീം ഗോത്രത്തിൽ നൂൻെറ 8
മകൻ ഹോശേയ, ബെന്യാമീൻഗോത്ര 9
ത്തിൽ രാഫൂവിൻെറ മകൻ പൽതി. സെബൂ
ലൂൻ ഗോത്രത്തിൽ സോദിയുടെ മകൻ ഗദ്ദീ 10
യേൽ, യേസേഫിൻെറ ഗോത്രമായ മനശ്ശ 11
ഗോത്രത്തിൽ സൂസിയുടെ മകൻ ഗദ്ദി.
ദാൻഗോത്രത്തിൽ ഗെമെല്ലിയുടെ മകൻ 12
അമ്മീയേൽ. ആശേർ ഗോത്രത്തിൽ മീഖാ 13
യേലിൻെറ മകൻ സെഥൂർ. നഫ്താലി 14
ഗോത്രത്തിൽ വൊപ്സിയുടെ മകൻ
നഹ്ബി. ഗാദ്ഗോത്രത്തിൽ മാഖിയുടെ 15
മകൻ ഗയൂവേൽ. ദേശം ഒററുനോക്കുവാൻ 16
മോശ അയച്ച പുരുഷന്മാർ ഇവരാകുന്നു.
എന്നാൽ മോശ നൂൻെറ മകനായ ഹോശേ
യെക്കു യോശുവ എന്നു പേരിട്ടു. മോശ 17
കനാൻദേശം ഒററുനോക്കുവാൻ അവരെ
അയച്ച് അവരോടു: നിങ്ങൾ ഈ വഴി
തെക്കെ ദേശത്തു ചെന്ന് മലയിൽ കയറി:
ദേശം ഏതു വിധമുള്ളത്, അതിൽ പാർക്കു 18
ന്ന ജനം ബലവാന്മാരോ ബലഹീനരോ,
ചുരുക്കമോ, അധികമോ; അവർ പാർക്കുന്ന 19
ദേശം നല്ലതോ ചീത്തയോ, അവർ വസി
ക്കുന്ന പട്ടണങ്ങൾ പാളയങ്ങളോ, കോട്ട 20
കളോ, ദേശം പുഷ്ടിയുള്ളതോ പുഷ്ടി
യില്ലാത്തതോ, അതിൽ വൃക്ഷം ഉണ്ടോ
ഇല്ലയോ എന്നിങ്ങനെ നോക്കിയറിയണം;
നിങ്ങൾ ധൈര്യപ്പെട്ടു ആ ദേശത്തെ ഫല
ങ്ങളും കൊണ്ടുവരണം എന്നു പറഞ്ഞു.
അതു മുന്തിരിങ്ങാ പഴുത്തു തുടങ്ങുന്ന
കാലമായിരുന്നു.

അവർ കയറിപ്പോയി, സീൻമരുഭൂമി 21
മുതൽ ഹാമാത്തിനു പോകുന്ന വഴിയായി
രഹോബ് വരെ ദേശത്തെ പരിശോധിച്ചു.
അവർ തെക്കേദേശത്തു കൂടി ചെന്നു ഹെ 22
ബ്രോനിൽ എത്തി; അവിടെ മല്ലന്മാരുടെ
പുത്രന്മാരായ അഹീമാനും ശേശായിയും
തൽമായിയും ഉണ്ടായിരുന്നു; ഹെബ്രോൻ

മെസ്രേനിലെ സോവാരിനു ഏഴു സംവ
23 ത്സരം മുമ്പെ പണിതതായിരുന്നു. അവർ
സ്ഗൂലോൽ താഴ്വരയോളം ചെന്നു അവി
ടെനിന്നു ഒരു മുന്തിരിവള്ളി കുലയോടെ
പറിച്ചെടുത്ത് ഒരു തണ്ടിന്മേൽ കെട്ടി രണ്ടു
പേർ കൂടി ചുമന്നു; അവർ മാതളപ്പഴവും
അത്തിപ്പഴവും കൂടെ കൊണ്ടു പോന്നു.
24 ഇസ്രായേൽമക്കൾ അവിടെനിന്നു മുറിച്ചെ
ടുത്ത മുന്തിരിക്കുല നിമിത്തം ആ സ്ഥല
ത്തിനു സ്ഗൂലോ താഴ്വര എന്നു പേരാ
25 യി. അവർ നാല്പതു ദിവസം ദേശം ഒററു
26 നോക്കിക്കഴിഞ്ഞു മടങ്ങിവന്നു. അവർ
യാത്രചെയ്തു പാറാൻ മരുഭൂമിയിലെ
കാദേശിൽ മോശയുടെയും അഹറോൻെറ
യും ഇസ്രായേൽ മക്കളുടെ സർവ്വസഭയു
ടെയും അടുക്കൽ വന്നു. അവരോടും സർവ്വ
സഭയോടും വിവരം അറിയിച്ചു; ദേശത്തെ
27 ഫലങ്ങളും അവരെ കാണിച്ചു. അവർ
മോശയോടു വിവരിച്ചു പറഞ്ഞത്; അങ്ങു
ഞങ്ങളെ അയച്ച ദേശത്തേക്കു ഞങ്ങൾ
പോയി; അതു പാലും തേനും ഒഴുകുന്ന
ദേശംതന്നെ. അതിലെ ഫലങ്ങൾ ഇതാ.
28 എങ്കിലും ദേശത്തു പാർക്കുന്ന ജനങ്ങൾ
ബലവാന്മാരും പട്ടണങ്ങൾ ഏററവും ഉറപ്പും
വലിപ്പവും ഉള്ളവയും ആകുന്നു. ഞങ്ങൾ
മല്ലന്മാരുടെ പുത്രന്മാരെയും അവിടെ
29 കണ്ടു. അമാലേക്യർ ദക്ഷിണദേശത്തു
പാർക്കുന്നു; ഹിത്യരും യെബൂസ്യരും അമോ
ര്യരും പർവ്വതങ്ങളിൽ പാർക്കുന്നു; കനാ
ന്യർ കടൽക്കരയിലും യോർദ്ദാൻ നദീ
30 തീരത്തും പാർക്കുന്നു. എന്നാൽ കാലേബ്
മോശയുടെ മുമ്പാകെ ജനത്തെ പ്രോത്സാ
ഹിപ്പിച്ചു; നാം ചെന്നു അതു കൈവശമാ
ക്കുക; അതു ജയിപ്പാൻ നമുക്കു കഴിയും
31 എന്നു പറഞ്ഞു. എങ്കിലും അവനോടുകൂടെ
പോയിരുന്നവർ: ആ ജനത്തിൻെറ നേരെ
ചെല്ലുവാൻ നമുക്കു കഴിയുകയില്ല; അവർ
നമ്മിലും ബലവാന്മാരാകുന്നു എന്നു പറ
32 ഞ്ഞു. തങ്ങൾ ഒററുനോക്കിയ ദേശത്തെ
ക്കുറിച്ചു അവർ ഇസ്രായേൽമക്കളോടു
ഭയാനകവാർത്തയായി പറഞ്ഞതെന്തെ
ന്നാൽ: ഞങ്ങൾ സഞ്ചരിച്ചു ഒററുനോക്കിയ
ദേശം നിവാസികളെ തിന്നുകളയുന്ന ദേശ
മാകുന്നു; ഞങ്ങൾ അവിടെ കണ്ട ജന
33 മെല്ലാം അതികായന്മാർ; അവിടെ ഞങ്ങൾ
മല്ലന്മാരുടെ സന്തതികളായ മല്ലന്മാരെയും
കണ്ടു; ഞങ്ങൾക്കുതന്നെ ഞങ്ങൾ വെട്ടു
ക്കിളികളെപ്പോലെ തോന്നി; അവരുടെ
നോട്ടത്തിൽ ഞങ്ങൾ അങ്ങനെ തന്നെ
ആയിരുന്നു.

അദ്ധ്യായം 14

അപ്പോൾ സഭയാകെ ഉച്ചത്തിൽ നില 1
വിളിച്ചു, ജനം ആ രാത്രി മുഴുവനും കരഞ്ഞു.
ഇസ്രായേൽമക്കൾ എല്ലാവരും മോശയ്ക്കും 2
അഹറോനും വിരോധമായി പിറുപിറുത്തു;
സഭയെല്ലാം അവരോട്; മെസ്രേൻ ദേശത്തു
വച്ചു ദൈവത്തിൻെറ കയ്യാൽ ഞങ്ങൾ മരി
ച്ചുപോയിരുന്നുവെങ്കിൽ കൊള്ളാമായിരു
ന്നു. അല്ലെങ്കിൽ ഈ മരുഭൂമിയിൽ വച്ചു ഞ
ങ്ങൾ മരിച്ചുപോയിരുന്നു എങ്കിലും കൊ
ള്ളാമായിരുന്നു. വാളാൽ വീഴേണ്ടതിനായി 3
ദൈവം ഞങ്ങളെ ആ ദേശത്തേക്കു കൊണ്ടു
പോകുന്നത് എന്തിന്? ഞങ്ങളുടെ ഭാര്യ
മാരും മക്കളും കൊള്ളയായ്പോകുമല്ലോ;
മെസ്രേനിലേക്കു മടങ്ങിപ്പോകയല്ലയോ
ഞങ്ങൾക്കു നല്ലത്? എന്നു പറഞ്ഞു. നാം 4
ഒരു തലവനെ നിശ്ചയിച്ചു മെസ്രേനിലേ
ക്കു മടങ്ങിപ്പോകാം എന്നും അവർ തമ്മിൽ
തമ്മിൽ പറഞ്ഞു. അപ്പോൾ മോശയും അഹ 5
റോനും ഇസ്രായേൽ സഭയുടെ സർവ്വ
സംഘത്തിൻെറയും മുമ്പാകെ കവിണ്ണുവീ
ണു. ദേശത്തെ ഒററുനോക്കിയവരിൽ 6
നൂൻെറ മകൻ യോശുവയും യെഫുന്നയുടെ
മകൻ കാലേബും വസ്ത്രം കീറി, ഇസ്രാ 7
യേൽമക്കളുടെ സർവ്വസഭയോടും പറഞ്ഞ
ത്; ഞങ്ങൾ സഞ്ചരിച്ചു ഒററുനോക്കിയ ദേ
ശം എത്രയും നല്ല ദേശം ആകുന്നു. ദൈവം 8
നമ്മിൽ പ്രസാദിക്കുന്നുവെങ്കിൽ അവൻ
നമ്മെ പാലും തേനും ഒഴുകുന്ന ആ ദേശ
ത്തേക്കു കൊണ്ടുചെന്നു നമുക്കു അത് ത
രും. ദൈവത്തോട് നിങ്ങൾ മത്സരിക്കുകമാ 9
ത്രം അരുത്; ആ ദേശത്തിലെ ജനത്തെ ഭയ
പ്പെടരുത്; അവർ നമുക്ക് ഇരയാകുന്നു;
അവരുടെ ധൈര്യം പൊയ്പോയിരിക്കുന്നു;
നമ്മോടുകൂടെ ദൈവം ഉള്ളതുകൊണ്ട്
അവരെ ഭയപ്പെടരുത്. അപ്പോൾ അവരെ 10
കല്ലെറിയണം എന്നു സഭയെല്ലാം പറഞ്ഞു.
അപ്പോൾ ദൈവ(ത്തിൻെറ)തേജസ്സ് സമാ
ഗമനകൂടാരത്തിൽ എല്ലാ ഇസ്രായേല്യരും
കാൺകെ പ്രത്യക്ഷമായി.

ദൈവം മോശയോടു: ഈ ജനം എത്ര 11
ത്തോളം എന്നെ നിരസിക്കും? ഞാൻ അവ
രുടെ മദ്ധ്യെ ചെയ്തിട്ടുള്ള അടയാളങ്ങ
ളെല്ലാം കണ്ടിട്ടും അവർ എത്രത്തോളം
എന്നെ വിശ്വസിക്കാതിരിക്കും? ഞാൻ
അവരെ സാംക്രമികരോഗത്താൽ ദണ്ഡിപ്പി 12
ച്ചു സംഹരിച്ചുകളകയും, നിന്നെ അവരെ
ക്കാൾ വലിപ്പവും ബലവുമുള്ള ജാതിയാ
ക്കുകയും ചെയ്യും എന്നു അരുളിച്ചെയ്തു.

മോശ ദൈവത്തോടു പറഞ്ഞു: എന്നാൽ
മിസ്രയീമ്യർ അതു കേൾക്കും; അങ്ങ് ഈ
ജനത്തെ അവരുടെ ഇടയിൽനിന്ന് അങ്ങ
യുടെ ശക്തിയാൽ കൊണ്ടുപോന്നുവല്ലോ.
അവർ അതു ഈ ദേശനിവാസികളോടും
പറയും; ദൈവമായ അവിടുന്ന് ഈ
ജനത്തിൻെറ മദ്ധ്യേ ഉണ്ടെന്നു അവർ കേട്ടി
രിക്കുന്നു; ദൈവമായ അങ്ങേ ഇവർ
കണ്ണാലെ കാണുകയും നിൻെറ മേഘം
അവർക്കു മീതെ നില്ക്കുകയും പകൽ
മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭ
ത്തിലും നീ ഇവർക്കു മുമ്പായി നടക്കുകയും
ചെയ്യുന്നുവല്ലോ. നീ ഇപ്പോൾ ഈ ജന
ത്തെയെല്ലാം ഒരു ഒററ മനുഷ്യനെപ്പോലെ
കൊന്നുകളഞ്ഞാൽ അങ്ങേ പ്രസിദ്ധി
കേട്ടിരിക്കുന്ന ജാതികൾ: ഈ ജനത്തോടു
സത്യം ചെയ്ത ദേശത്തേക്കു അവരെ കൊ
ണ്ടുപോകുവാൻ ദൈവത്തിനു കഴിയാ
ത്തതുകൊണ്ടു അവൻ അവരെ മരുഭൂമി
യിൽവച്ചു കൊന്നുകളഞ്ഞു എന്നു പറയു
മല്ലോ. ദൈവം ദീർഘക്ഷമയും മഹാദയയും
ഉള്ളവൻ; അകൃത്യവും ലംഘനവും
ക്ഷമിക്കുന്നവൻ; കുററക്കാരനെ വെറുതെ
വിടാതെ പിതാക്കന്മാരുടെ അകൃത്യം മൂന്നാ
മത്തെയും നാലാമത്തെയും തലമുറയോളം
മക്കളുടെ മേൽ സന്ദർശിക്കുന്നവൻ എന്നി
ങ്ങനെ അവിടുന്ന് അരുളിച്ചെയ്തതു
പോലെ കർത്താവേ, ഇപ്പോൾ നിൻെറ
ശക്തി വലിമപ്പെടുത്തണമേ. അങ്ങേ
മഹാദയയ്ക്കു തക്കവണ്ണം മെസ്രേൻ മുതൽ
ഇവിടം വരെ ഈ ജനത്തോടു ക്ഷമിച്ചു
വന്നതുപോലെ ഈ ജനത്തിൻെറ അകൃ
ത്യം ക്ഷമിക്കണമേ." അതിനു ദൈവം
അരുളിച്ചെയ്തു: നിൻെറ അപേക്ഷപ്രകാരം
ഞാൻ ക്ഷമിച്ചിരിക്കുന്നു, എങ്കിലും എന്നാ
ണ, ഭൂമിയെല്ലാം ദൈവ തേജസ്സു
കൊണ്ടു നിറഞ്ഞിരിക്കും. എൻെറ തേജസ്സും
മെസ്രേനിലും മരുഭൂമിയിലുംവച്ചു ഞാൻ
ചെയ്ത അടയാളങ്ങളും കണ്ടിട്ടുള്ള പുരു
ഷന്മാർ എല്ലാവരും ഇപ്പോൾ പത്തു പ്രാവ
ശ്യം എന്നെ പരീക്ഷിക്കുകയും എൻെറ
വാക്കു കൂട്ടാക്കാതിരിക്കുകയും ചെയ്തതു
കൊണ്ട് അവരുടെ പിതാക്കന്മാരോടു ഞാൻ
സത്യം ചെയ്തിട്ടുള്ള ദേശം അവർ കാണു
കയില്ല; എന്നെ നിരസിച്ചവർ ആരും അതു
കാണുകയില്ല. എൻെറ ദാസനായ കാലേ
ബോ, അവനു വേറൊരു സ്വഭാവമുള്ളതു
കൊണ്ടും എന്നെ പൂർണ്ണമായി അനുസരി
ച്ചതുകൊണ്ടും അവൻ പോയിരുന്ന ദേശ
ത്തേക്കു ഞാൻ അവനെ എത്തിക്കും;
അവൻെറ സന്തതി അതു കൈവശമാക്കും.
എന്നാൽ അമാലേക്യരും കനാന്യരും താഴ്വ 25
രയിൽ പാർക്കുന്നതുകൊണ്ടു നിങ്ങൾ
നാളെ ചെങ്കടലിങ്കലേക്കുള്ള വഴിയായി
മരുഭൂമിയിലേക്കു മടങ്ങിപ്പോകുവിൻ.
ദൈവം പിന്നെയും മോശയോടും 26
അഹറോനോടും അരുളിച്ചെയ്തു: ഈ 27
ദുഷ്ടജനം എത്രത്തോളം എനിക്കു വിരോ
ധമായി പിറുപിറുക്കും? ഇസ്രായേൽമക്കൾ
എനിക്കു വിരോധമായി പിറുപിറുക്കുന്നതു
ഞാൻ കേട്ടിരിക്കുന്നു. അവരോടു പറയു 28
വിൻ: ഞാൻ കേൾക്കെ നിങ്ങൾ പറഞ്ഞതു
പോലെതന്നെ, എന്നാണ, ഞാൻ നിങ്ങ
ളോടു ചെയ്യുമെന്ന് ദൈവം അരുളിച്ചെ
യ്യുന്നു. ഈ മരുഭൂമിയിൽ നിങ്ങളുടെ ശവം
വീഴും; യെഫുന്നയുടെ മകൻ കാലേബും 29
നൂൻെറ മകൻ യോശുവയും ഒഴികെ ഇരു
പതു വയസ്സുമുതൽ മേലോട്ടു എണ്ണപ്പെട്ട 30
വരായി എനിക്കെതിരായി പിറുപിറുത്ത
വരായ നിങ്ങളുടെ എണ്ണത്തിൽ ആരും
ഞാൻ നിങ്ങളെ നിവസിപ്പിക്കുമെന്നു സത്യം
ചെയ്തിട്ടുള്ള ദേശത്ത് പ്രവേശിക്കുക
യില്ല. എന്നാൽ കൊള്ളയായ് പോകു 31
മെന്നു നിങ്ങൾ പറഞ്ഞിട്ടുള്ള നിങ്ങളുടെ
കുഞ്ഞുകുട്ടികളെ ഞാൻ അതിൽ പ്രവേ
ശിപ്പിക്കും; നിങ്ങൾ നിരസിച്ചിരിക്കുന്ന
ദേശം അവർ അറിയും. നിങ്ങളുടെ ശവം 32
ഈ മരുഭൂമിയിൽ വീഴും. നിങ്ങളുടെ ശവം 33
മരുഭൂമിയിൽ അവസാനിക്കുംവരെ നിങ്ങ
ളുടെ മക്കൾ മരുഭൂമിയിൽ നാല്പതു സംവ
ത്സരം ഇടയരായി സഞ്ചരിച്ചു നിങ്ങളുടെ
പാതിവ്രത്യഭംഗശിക്ഷ വഹിക്കും, ദേശം 34
ഒററുനോക്കിയ നാല്പതു ദിവസത്തിൻെറ
എണ്ണത്തിനൊത്തവണ്ണം, ഒരു ദിവസത്തിനു
ഒരു സംവത്സരം വീതം, നാല്പതു സംവ
ത്സരം നിങ്ങൾ നിങ്ങളുടെ അകൃത്യങ്ങൾ
വഹിച്ചു എൻെറ അകൽച്ച അറിയും.
എനിക്കു വിരോധമായി കൂട്ടം കൂടിയ ഈ 35
ദുഷ്ടസഭയോടു ഞാൻ ഇങ്ങനെ ചെയ്യും;
ഈ മരുഭൂമിയിൽ അവർ അവസാനിക്കും;
ഇവിടെ അവർ മരിക്കും എന്നു ദൈവ
മായ ഞാൻ കല്പിച്ചിരിക്കുന്നു." ദേശം 36
ഒററുനോക്കുവാൻ മോശ അയച്ചവരും,
മടങ്ങിവന്നു ദേശത്തെക്കുറിച്ച് ദുർവർത്ത
മാനം പറഞ്ഞു സഭ മുഴുവനും അവനു
വിരോധമായി പിറുപിറുപ്പാൻ സംഗതി
വരുത്തിയവരും ദേശത്തെക്കുറിച്ചു എതിർ 37
വാർത്ത പറഞ്ഞവരുമായ പുരുഷന്മാർ
ദൈവത്തിൻെറ മുമ്പാകെ ഒരു ബാധകൊ
ണ്ടു മരിച്ചു. എന്നാൽ ദേശം ഒററുനോക്കു 38

വാൻ പോയ പുരുഷന്മാരിൽ നൂൻെറ മകൻ
യോശുവയും യെഫുന്നയുടെ പുത്രൻ
39 കാലേബും മരിച്ചില്ല. പിന്നെ മോശ ഈ
വാക്കുകൾ ഇസ്രായേൽ മക്കളോടെല്ലാം
40 പറഞ്ഞു; ജനം ഏററവും ദുഃഖിച്ചു. പിറെറ
ദിവസം അവർ അതികാലത്തെ എഴുന്നേററു:
ഇതാ ദൈവം ഞങ്ങൾക്കു വാഗ്ദാനം
ചെയ്തിരിക്കുന്ന സ്ഥലത്തേക്കു ഞങ്ങൾ
കയറിപ്പോകുന്നു; ഞങ്ങൾ പാപം ചെയ്തു
പോയി എന്നു പറഞ്ഞു മലമുകളിൽ കയറി.
41 അപ്പോൾ മോശ: നിങ്ങൾ എന്തിനു
ദൈവ കല്പന ലംഘിക്കുന്നു? അതു
42 സാദ്ധ്യമാകയില്ല. ശത്രുക്കളാൽ പരാജിത
രാകാതിരിക്കേണ്ടതിനു നിങ്ങൾ കയറരുത്;
43 ദൈവം നിങ്ങളുടെ മദ്ധ്യേ ഇല്ല. അമാലേ
ക്യരും കനാന്യരും അവിടെ നിങ്ങളുടെ
മുമ്പിൽ ഉണ്ട്; നിങ്ങൾ വാളാൽ വീഴും;
നിങ്ങൾ ദൈവത്തെ വിട്ടുപിന്തിരിഞ്ഞിരി
ക്കകൊണ്ടു ദൈവം നിങ്ങളോടു കൂടെ
ഉണ്ടായിരിക്കുകയില്ല എന്നു പറഞ്ഞു.
44 എന്നിട്ടും അവർ ധാർഷ്ട്യം പൂണ്ടു മലമുക
ളിൽ കയറി; ദൈവത്തിൻെറ നിയമപെട്ട
കവും മോശയും പാളയത്തിൽ നിന്നു പുറ
45 പ്പെട്ടില്ല. മലയിൽ പാർത്തിരുന്ന അമാലേ
ക്യരും കനാന്യരും ഇറങ്ങിവന്നു. അവരെ
തോല്പിച്ചു ഹോർമ്മാ വരെ അവരെ ചിതറി
ഓടിച്ചുകളഞ്ഞു.

അദ്ധ്യായം 15

1 ദൈവം പിന്നെയും മോശയോട് അരുളി
ച്ചെയ്തു: നീ ഇസ്രായേൽമക്കളോടു
2 പറയുക: ഞാൻ നിങ്ങൾക്കു തരുന്ന
3 നിങ്ങളുടെ നിവാസദേശത്തു നിങ്ങൾ
ചെന്നിട്ടു ഒരു നേർച്ച നിവർത്തിപ്പാനോ
സ്വമേധദാനമായിട്ടോ നിങ്ങളുടെ ഉത്സവ
ങ്ങളിലോ ദൈവത്തിനു മാടിനെയാകട്ടെ
ആടിനെയാകട്ടെ ഹോമയാഗമായിട്ടെങ്കിലും
ഹനനയാഗമായിട്ടെങ്കിലും ദൈവത്തിന്
സൌരഭ്യവാസനയാകുമാറ് ഒരു ദഹന
4 യാഗം അർപ്പിക്കുമ്പോൾ ദൈവത്തിന്
വഴിപാടു കഴിക്കുന്നവൻ കാൽഹീൻ എണ്ണ
ചേർത്ത് ഒരിടങ്ങഴി മാവ് ഭോജനയാഗ
5 മായി കൊണ്ടുവരണം. ഹോമയാഗത്തിനും
ഹനനയാഗത്തിനും പാനീയയാഗമായി നീ
ആടൊന്നിനു കാൽഹീൻ വീഞ്ഞു കൊണ്ടു
6 വരണം. ആട്ടുകൊററനായാൽ ഹീനിൽ
മൂന്നിലൊന്നു എണ്ണചേർത്ത രണ്ടിടങ്ങഴി
മാവു ഭോജനയാഗമായി കൊണ്ടുവരണം.
7 അതിൻെറ പാനീയയാഗത്തിനു ഹീനിൽ
മൂന്നിലൊന്നു വീഞ്ഞും ദൈവത്തിന്
സൌരഭ്യവാസനയായി അർപ്പിക്കണം.
നേർച്ച നിവർത്തിപ്പാനോ ദൈവത്തിനു 8
സമാധാനയാഗം കഴിപ്പാനോ ഹോമയാഗ
ത്തിനോ ഹനനയാഗത്തിനോ ഒരു കാള 9
ക്കിടാവിനെ കൊണ്ടുവരുമ്പോൾ കിടാവി
നോടു കൂടെ അരഹീൻ എണ്ണ ചേർത്ത
മൂന്നിടങ്ങഴി മാവു ഭോജനയാഗമായിട്ടു
അർപ്പിക്കണം; അതിൻെറ പാനീയയാഗ 10
മായി അരഹീൻ വീഞ്ഞു ദൈവത്തിന്
സൌരഭ്യവാസനയായ ദഹനയാഗമായി
അർപ്പിക്കണം. കാളക്കിടാവ്, ആട്ടുകൊ 11
ററൻ, കുഞ്ഞാട്, കോലാട്ടിൻകുട്ടി എന്നിവ
യിൽ ഓരോന്നിനും ഇങ്ങനെതന്നെ വേണം.
നിങ്ങൾ അർപ്പിക്കുന്ന യാഗമൃഗങ്ങളുടെ 12
എണ്ണത്തിനു അനുസരിച്ച് ഓരോന്നിനും
ഇപ്രകാരം തന്നെ വേണം. എല്ലാ ഇസ്രാ 13
യേലും ദൈവത്തിനു സൌരഭ്യവാസ
നയായ ദഹനയാഗം അർപ്പിക്കുമ്പോൾ
ഇതെല്ലാം ഇങ്ങനെതന്നെ അനുഷ്ഠിക്കണം.
നിങ്ങളോടുകൂടെ പാർക്കുന്ന പരദേശി 14
യോ നിങ്ങളുടെ ഇടയിൽ സ്ഥിരവാസം
ചെയ്യുന്ന ഒരുത്തനോ ദൈവത്തിനു
സൌരഭ്യവാസനയായ ദഹനയാഗം കഴി
ക്കുന്നുവെങ്കിൽ നിങ്ങൾ അനുഷ്ഠിക്കു
ന്നതുപോലെതന്നെ അവനും അനുഷ്ഠി
ക്കണം. നിങ്ങൾക്കാകട്ടെ, വന്നുപാർക്കുന്ന 15
പരദേശിക്കാകട്ടെ സർവ്വസഭയ്ക്കും തല
മുറതലമുറയായി എന്നേക്കും ഒരു നിയമം
തന്നെ ആയിരിക്കണം; എങ്കലേക്ക് തിരിയു
ന്നവൻ ദൈവ സന്നിധിയിൽ നിങ്ങളെപ്പോ
ലെ തന്നെ ഇരിക്കണം. നിങ്ങൾക്കും വന്നു 16
പാർക്കുന്ന പരദേശിക്കും പ്രമാണവും
നിയമവും ഒന്നുതന്നെ ആയിരിക്കണം.

ദൈവം പിന്നെയും മോശയോടു 17
അരുളിച്ചെയ്തു; ഇസ്രായേൽ മക്കളോടു
പറയുക: ഞാൻ നിങ്ങളെ ആനയിക്കുന്ന 18
ദേശത്ത് നിങ്ങൾ എത്തിയശേഷം തദ്ദേശ 19
ത്തിലെ ആഹാരം കഴിക്കുമ്പോൾ നിങ്ങൾ
ദൈവത്തിനു ഒരു ഭോഗം വേർതിരിയ്ക്കു
വിൻ. ആദ്യത്തെ തരിമാവുകൊണ്ടുള്ള ഒരു 20
വട പ്രത്യേകഭോഗമായി വേർതിരിക്കണം;
മെതിക്കളത്തിൻെറ ഉദർച്ചാർപ്പണംപോലെ
തന്നെ അതു ഉദർച്ച ചെയ്യണം. ഇങ്ങനെ നി 21
ങ്ങൾ തലമുറതലമുറയായി ആദ്യത്തെ
തരിമാവു കൊണ്ടു ദൈവത്തിനു ഉദർച്ചാർ
പ്പണം കഴിക്കണം.

ദൈവം മോശയോടു കല്പിച്ച ഈ 22
കല്പനകളിൽ ഏതൊന്നെങ്കിലും, ദൈവം 23
മോശയോടു കല്പിച്ച നാൾ മുതൽ തലമുറ
തലമുറയായി ദൈവം മോശ മുഖാന്തരം

നിങ്ങളോടു കല്പിച്ചവയിൽ ഏതൊന്നെ
ങ്കിലും, നിങ്ങൾ ആചരിക്കാതെ തെററു
ചെയ്താൽ, അറിയാതെ അബദ്ധവശാൽ
സഭ വല്ലതും ചെയ്തുപോയാൽ സഭയെല്ലാം
കൂടി ഹോമയാഗത്തിനായി ഒരു കാളക്കിടാ
വിനെയും പാപയാഗത്തിനായി ഒരു കോ
ലാട്ടുകൊററനെയും നിയമപ്രകാരം അതി
നുള്ള ഭോജനയാഗത്തോടും പാനീയയാഗ
ത്തോടും കൂടെ ദൈവത്തിനു സൌരഭ്യ
വാസനയായി അർപ്പിക്കണം. ഇങ്ങനെ
പുരോഹിതൻ ഇസ്രായേൽ മക്കളുടെ
സർവ്വസഭയ്ക്കുംവേണ്ടി പാപപരിഹാരം
നടത്തണം; എന്നാൽ അതു അവരോടു
ക്ഷമിക്കപ്പെടും; കാരണം, അതു അബദ്ധ
വശാൽ സംഭവിക്കുകയും അവർ തങ്ങളുടെ
അബദ്ധത്തെ പ്രതി ദൈവത്തിനു ദഹന
യാഗമായി വഴിപാടും പാപയാഗവും ദൈവ
ത്തിൻെറ സന്നിധിയിൽ അർപ്പിക്കുകയും
ചെയ്തുവല്ലോ. എന്നാൽ അതു ഇസ്രായേ
ല്യരുടെ സർവ്വസഭയോടും അവരുടെ ഇട
യിൽ വന്നുപാർക്കുന്ന പരദേശിയോടും
ക്ഷമിക്കപ്പെടും; തെററു സർവ്വജനത്തിനു
മുള്ളതായിരുന്നുവല്ലോ. ഒരാൾ അബദ്ധ
വശാൽ പാപം ചെയ്താൽ അവൻ തനിക്കു
വേണ്ടി പാപയാഗത്തിനായി ഒരു വയസ്സു
പ്രായമുള്ള ഒരു പെൺകോലാട്ടിനെ അർപ്പി
ക്കണം. അബദ്ധവശാൽ പാപം ചെയ്തവനു
പാപപരിഹാരം വരുത്തുവാൻ പുരോഹി
തൻ അവനുവേണ്ടി ദൈവ സന്നി
ധിയിൽ പാപപരിഹാരകർമ്മം നിർവ്വഹി
ക്കണം; എന്നാൽ അതു അവനോടു ക്ഷമി
ക്കപ്പെടും. ഇസ്രായേല്യരുടെ ഇടയിൽ
അബദ്ധവശാൽ പാപം ചെയ്യുന്നവൻ
സ്വദേശിയോ വന്നു പാർക്കുന്ന പരദേശി
യോ ആയാലും നിയമം ഒന്നുതന്നെ ആയി
രിക്കണം; എന്നാൽ സ്വദേശികളിലോ പര
ദേശികളിലോ ആരെങ്കിലും കരുതിക്കൂട്ടി
ചെയ്താൽ അവൻ ദൈവത്തെ ദുഷിക്കു
ന്നു; അവനെ അവൻെറ ജനത്തിൽനിന്നു
വിച്ഛേദിച്ചുകളയണം. അവൻ ദൈവ
വചനം ധിക്കരിച്ചു, അവൻെറ കല്പന
ലംഘിച്ചു; അവനെ നിർമ്മൂലമാക്കിക്കള
യണം; അവൻെറ അകൃത്യം അവൻെറ മേൽ
ഇരിക്കും.

ഇസ്രായേൽമക്കൾ മരുഭൂമിയിൽ ഇരി
ക്കുമ്പോൾ ശാബത്നാളിൽ ഒരുവൻ വിറകു
പെറുക്കുന്നതു കണ്ടു. അവൻ വിറകു പെറു
ക്കുന്നതു കണ്ടവർ അവനെ മോശയുടെയും
അഹറോൻെറയും സർവ്വസഭയുടെയും
അടുക്കൽ കൊണ്ടുവന്നു. അവനോടു
എന്താണ് ചെയ്യേണ്ടതെന്നു നിയമമില്ലാ
യ്കയാൽ അവർ അവനെ തടവിൽ വച്ചു.
പിന്നെ ദൈവം മോശയോടു; ആ മനുഷ്യൻ 35
മരണശിക്ഷ അനുഭവിക്കണം; സർവ്വ
സഭയും പാളയത്തിനു പുറത്തുവച്ചു
അവനെ കല്ലെറിയണം എന്നു കല്പിച്ചു.
ദൈവം മോശയോടു കല്പിച്ചതുപോ 36
ലെതന്നെ സർവ്വസഭയും അവനെ പാളയ
ത്തിനു പുറത്തു കൊണ്ടുപോയി കല്ലെറി
ഞ്ഞുകൊന്നു.

ദൈവം വീണ്ടും മോശയോടു കല്പി 37
ച്ചു; നീ ഇസ്രായേൽ മക്കളോടു പറയുക;
അവർ തലമുറതലമുറയായി വസ്ത്രത്തി 38
ൻെറ കോൺ തലയ്ക്കു പൊടിപ്പു ഉണ്ടാ
ക്കുകയും കോൺ തലയ്ക്കലെ പൊടിപ്പിൽ
നീലച്ചരടു കെട്ടുകയും വേണം. നിങ്ങൾ 39
ദൈവത്തിൻെറ സകല കല്പനകളും
ഓർത്ത് അനുസരിക്കേണ്ടതിനും നിങ്ങ
ളുടെ സ്വന്തഹൃദയത്തിനും സ്വന്ത കാഴ്ച
ക്കും തോന്നിയതുപോലെ വഴിതെററി
നടക്കാതിരിക്കേണ്ടിതിനും ആ പൊടിപ്പു
ഓർമ്മവസ്തു ആയിരിക്കണം. നിങ്ങൾ 40
എൻെറ സകല കല്പനകളും ഓർത്ത് അനു
സരിച്ച് നിങ്ങളുടെ ദൈവത്തിനു വിശുദ്ധ
രായിരിക്ക. നിങ്ങളുടെ ദൈവമായിരിക്കേണ്ട 41
തിനു നിങ്ങളെ മെസ്രേൻ ദേശത്തുനിന്നു
ആനയിച്ച ഞാൻ ആകുന്നു നിങ്ങളുടെ
ദൈവം; ഞാൻ നിങ്ങളുടെ ദൈവമായ
കർത്താവ് തന്നെ.

അദ്ധ്യായം 16

ലേവിയുടെ മകനായ കൊഹാത്തിൻെറ 1
മകനായ യിസ്ഹാരിൻെറ മകൻ കോരഹ്,
രൂബേൻ ഗോത്രത്തിൽ എലീയാബിൻെറ
പുത്രന്മാരായ ദാഥാൻ, അബീരാം, പേലെ 2
ത്തിൻെറ മകനായ ഓൻ എന്നിവർ ഇസ്രാ
യേല്യരിൽ സഭാപ്രധാനികളും ഭരണ
സംഘാംഗങ്ങളും പ്രമാണികളുമായ ഇരു
നൂററമ്പതു പേരേ കൂട്ടി മോശയോടു മത്സ
രിച്ചു. അവർ മോശയ്ക്കും അഹറോനും 3
വിരോധമായി കൂട്ടംകൂടി അവരോട്: മതി,
മതി; സഭ പൊതുവെ എല്ലാവരും വിശുദ്ധ
രാകുന്നു; ദൈവം അവരുടെ മദ്ധ്യേ ഉണ്ടു;
പിന്നെ നിങ്ങൾ ദൈവത്തിൻെറ സഭ
ക്കുമേൽ നിങ്ങളെത്തന്നെ ഉയർത്തുന്നതു
എന്ത്? എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ 4
മോശ കവിണ്ണുവീണു. അവൻ കോരഹി 5
നോടും അവൻെറ എല്ലാ കൂട്ടാളികളോടും
പറഞ്ഞു: നാളെ രാവിലെ ദൈവം തനി
ക്കുള്ളവർ ആരെന്നും തന്നോടടുപ്പാൻ

വിശുദ്ധൻ ആരെന്നും കാണിക്കും; താൻ
തിരഞ്ഞെടുക്കുന്നവനെ തന്നോട് അടു
6 ക്കുമാറാക്കും. കോരഹും അവൻെറ
സഖാക്കളുമേ, നിങ്ങൾ ഇതു ചെയ്വിൻ:
7 ധൂപകലശം എടുത്തു നാളെ ദൈവ
സന്നിധിയിൽ അതിൽ തീ ഇട്ടു ധൂപവർഗ്ഗം
ഇടുവിൻ; ദൈവം തെരഞ്ഞെടുക്കുന്നവൻ
8 തന്നെ വിശുദ്ധൻ; ലേവി പുത്രന്മാരേ, മതി
മതി! പിന്നെ മോശ കോരഹിനോടു
പറഞ്ഞു: ലേവിപുത്രന്മാരേ, കേൾപ്പിൻ,
9 ദൈവത്തിൻെറ തിരുനിവാസത്തിലെ
ജോലി ചെയ്യുവാനും സഭയുടെ
ശുശ്രൂഷയ്ക്കായി അവരുടെ മുമ്പാകെ
നില്പാനും ഇസ്രായേലിൻെറ ദൈവം നി
ങ്ങളെ തൻെറ അടുക്കൽ വരുത്തേണ്ടതിനു
ഇസ്രായേൽ സഭയിൽനിന്നു നിങ്ങളെ
വേർതിരിച്ചതു നിങ്ങൾക്കു പോരയോ?
10 അവൻ നിന്നെയും ലേവിപുത്രന്മാരായ
നിൻെറ സകല സഹോദരന്മാരെയും
തന്നോട് അടുക്കുമാറാക്കിയല്ലോ? നിങ്ങൾ
പൗരോഹിത്യം കൂടെ കാംക്ഷിക്കുന്നുവോ?
11 ഇതു നിമിത്തം നീയും നിൻെറ കൂട്ടുകാ
രെല്ലാം ദൈവത്തിനു വിരോധമായി
സംഘം കൂടിയിരിക്കുന്നു; നിങ്ങൾ അഹ
റോൻെറ നേരെ പിറുപിറുപ്പാൻ തക്കവണ്ണം
അവൻ എന്തുള്ളു?
12 പിന്നെ മോശ എലിയാബിൻെറ പുത്ര
ന്മാരായ ദാഥാനെയും അബിരാമിനെയും
വിളിപ്പാൻ ആളയച്ചു; അതിനു അവർ:
13 ഞങ്ങൾ വരികയില്ല; മരുഭൂമിയിൽ ഞങ്ങളെ
കൊല്ലുവാൻ നീ ഞങ്ങളെ പാലും തേനും
ഒഴുകുന്ന ദേശത്തുനിന്നു കൊണ്ടുവന്നിരി
ക്കുന്നതു മതിയാകാതെ നിന്നെത്തന്നെ
ഞങ്ങൾക്ക് അധിപതിയും ആക്കുന്നുവോ?
14 അത്രയുമല്ല, നീ ഞങ്ങളെ പാലും തേനും
ഒഴുകുന്ന ദേശത്തേക്കു കൊണ്ടുവരികയോ
നിലങ്ങളും മുന്തിരിത്തോട്ടങ്ങളും അവകാശ
മായി തരികയോ ചെയ്തിട്ടില്ല; നീ ഇവരുടെ
കണ്ണു ചുഴന്നുകളയുമോ? ഞങ്ങൾ വരിക
യില്ല എന്നു പറഞ്ഞു.അപ്പോൾ മോശ
15 ഏററവും കോപിച്ചു. അവൻ ദൈവ
ത്തോടു: അവരുടെ വഴിപാടു കടാക്ഷിക്ക
രുതേ; ഞാൻ അവരുടെ പക്കൽനിന്നു ഒരു
കഴുതയെപ്പോലും വാങ്ങിയിട്ടില്ല; അവരിൽ
ഒരുവനോടും ഒരു ദോഷം ചെയ്തിട്ടുമില്ല
16 എന്നു പറഞ്ഞു. മോശ കോരഹിനോടു:
നീയും നിൻെറ എല്ലാ കൂട്ടരും നാളെ
ദൈവസന്നിധിയിൽ വരണം; നീയും
17 അവരും അഹറോനും. നിങ്ങൾ ഓരോരു
ത്തൻ താന്താൻെറ ധൂപക്കുററി എടുത്ത്
അവയിൽ ധൂപവർഗ്ഗം ഇട്ട് ഓരോരുവൻ
ഓരോ ധൂപക്കുററിയുമായി ഇരുനൂററ
മ്പതു കലശവും ദൈവ സന്നിധിയിൽ
കൊണ്ടുവരുവിൻ; നീയും അഹറോനും
കൂടെ താന്താൻെറ ധൂപകലശവുമായി
വരണം എന്നു പറഞ്ഞു. അങ്ങനെ അവർ 18
ഓരോരുവൻ അവനവൻെറ ധൂപകലശം
എടുത്തു തീയിട്ടു അതിൽ ധൂപവർഗ്ഗവും
ഇട്ട് മോശയും അഹറോനുമൊത്ത് സമാ
ഗമനകൂടാരത്തിൻെറ വാതിൽക്കൽ നിന്നു.
കോരഹ് അവർക്കു വിരോധമായി സർവ്വ 19
സഭയെയും സമാഗമനകൂടാരത്തിൻെറ
വാതിൽക്കൽ കൂട്ടിവരുത്തി; അപ്പോൾ
ദൈവതേജസ്സു സർവ്വസഭയ്ക്കും പ്രത്യക്ഷ
മായി.
ദൈവം മോശയോടും അഹറോ 20
നോടും:
"ഈ സഭയുടെ മദ്ധ്യേനിന്നു മാറി 21
പ്പോകുവിൻ; ഞാൻ അവരെ ക്ഷണത്തിൽ
സംഹരിക്കും എന്നു കല്പിച്ചു. അപ്പോൾ
അവർ കവിണ്ണുവീണു: സകല ജനത്തി 22
ൻെറയും ആത്മാക്കൾക്ക് ഉടയവനാകുന്ന
ദൈവമേ, ഒരു മനുഷ്യൻ പാപം ചെയ്ത
തിന് അവിടുന്ന് സർവ്വസഭയോടും കോപി
ക്കുമോ എന്നു പറഞ്ഞു. അതിനു ദൈവം 23
മോശയോടു: കോരഹ്, ദാഥാൻ, അബീരാം 24
എന്നിവരുടെ വാസസ്ഥലത്തിൻെറ ചുററും
നിന്നു മാറിക്കൊൾവിൻ എന്നു സഭയോടു
പറയുക എന്നു കല്പിച്ചു. മോശ എഴു 25
ന്നേററു ദാഥാൻെറയും അബീരാമിൻെറയും
അടുക്കൽ ചെന്നു; ഇസ്രായേൽമൂപ്പന്മാരും
അവൻെറ പിന്നാലെ ചെന്നു. അവൻ 26
സഭയോട്: ഈ ദുഷ്ടമനുഷ്യരുടെ സകല
പാപങ്ങളാലും നിങ്ങൾ സംഹരിക്കപ്പെടാ
തിരിക്കേണ്ടതിനു അവരുടെ കൂടാരങ്ങ
ളുടെ അടുക്കൽനിന്നു മാറിപ്പോകുവിൻ;
അവർക്കുള്ള യാതൊന്നിനെയും തൊട
രുത് എന്നു പറഞ്ഞു. അങ്ങനെ അവർ 27
കോരഹ്, ദാഥാൻ, അബീരാം എന്നിവരുടെ
വാസസ്ഥലത്തിൻെറ ചുററിലും നിന്നു
മാറിപ്പോയി. എന്നാൽ ദാഥാനും അബീ
രാമും പുറത്തു വന്നു; അവരും അവരുടെ
ഭാര്യമാരും പുത്രന്മാരും കുഞ്ഞുങ്ങളും
അവരുടെ കൂടാരവാതിൽക്കൽ നിന്നു.
അപ്പോൾ മോശ പറഞ്ഞു: ഈ സകല 28
പ്രവൃത്തികളും ചെയ്യേണ്ടതിനു ദൈവ
എന്നെ അയച്ചു; ഞാൻ സ്വമേധയായി ഒന്നും
ചെയ്തിട്ടില്ല എന്നു നിങ്ങൾ ഇതിനാൽ
അറിയും: സകല മനുഷ്യരും മരിക്കുന്ന 29
രീതിയിൽ ഇവർ മരിക്കുകയോ സകല

ുഷ്യർക്കും ഭവിക്കുന്നതുപോലെ ഇവർ
ു ഭവിക്കുകയോ ചെയ്താൽ ദൈവം എന്നെ
യച്ചിട്ടില്ല. എന്നാൽ ദൈവം ഒരു അപൂർവ്വ
ര്യം പ്രവർത്തിക്കുകയും ഭൂമി വായ് പിളർ
ു അവരെയും അവർക്കുള്ള സകലത്തെ
ം വിഴുങ്ങിക്കളയുകയും അവർ ജീവനോ
പാതാളത്തിലേക്കു ഇറങ്ങുകയും ചെ
ൽ അവർ ദൈവത്തെ നിരസിച്ചു എന്നു
ങ്ങൾ അറിയും. അവൻ ഈ വാക്കുകൾ
ഞ്ഞു കഴിഞ്ഞപ്പോൾ അവരുടെ കീഴെ
മി പിളർന്നു. ഭൂമി വായ് തുറന്നു അവരെ
ം അവരുടെ കുടുംബങ്ങളെയും കോരഹി
ാടു ചേർന്നിട്ടുള്ള എല്ലാവരെയും അവ
ടെ സർവസമ്പത്തിനെയും വിഴുങ്ങിക്കള
ു. അവരും അവരോടു ചേർന്നിട്ടുള്ള
ല്ലാവരും ജീവനോടെ പാതാളത്തിലേക്ക്
ങ്ങി; ഭൂമി അവരുടെ മേൽ അടയുകയും
വർ സഭാമദ്ധ്യേ നിന്നു നശിക്കുകയും
യ്തു. അവരുടെ ചുററുമുള്ള ഇസ്രായേ
ർ എല്ലാം അവരുടെ നിലവിളി കേട്ടു;
മി നമ്മെയും വിഴുങ്ങിക്കളയരുതേ എന്നു
ഞ്ഞ് ഓടിപ്പോയി. അപ്പോൾ ദൈവത്തി
ൽനിന്നു തീ പുറപ്പെട്ടു ധൂപം വീശിയ
രുനൂററമ്പതു പേരെയും ദഹിപ്പിച്ചു.

ദൈവം മോശയോടു അരുളിച്ചെയ്തു;
ുരോഹിതനായ അഹറോൻെറ മകൻ
ലെയാസാരിനോടു അവൻ എരിയുന്ന
ഗ്നിയിൽ നിന്നു ധൂപകലശങ്ങൾ എടു
ുവാൻ പറയുക; അവ വിശുദ്ധമാകുന്നു;
ീയ് അങ്ങോട്ടു തട്ടിക്കളയുകയും ചെയ്ക;
ാപം ചെയ്തു തങ്ങൾക്കു ജീവനാശം വരു
ത്തിയ ഇവരുടെ ധൂപകലശങ്ങൾ യാഗപീഠം
പാതിയുവാൻ അടിച്ചു തകിടാക്കണം;
തു ദൈവ സന്നിധിയിൽ കൊണ്ടു
ന്നതിനാൽ വിശുദ്ധമാകുന്നു; ഇസ്രാ
യൽ മക്കൾക്ക് അതു ഒരു അടയാളമായി
ിക്കട്ടെ. വെന്തുപോയവർ ധൂപം അർപ്പിച്ച
ാമ്രകലശങ്ങൾ പുരോഹിതനായ എലെ
ാസാർ എടുത്തു. അഹറോൻെറ സന്തതി
ിൽ അല്ലാത്ത യാതൊരു അന്യനും
ദവസന്നിധിയിൽ ധൂപം കാണിപ്പാൻ
അടുക്കുകയും കോരഹിനെയും അവൻെറ
ൂട്ടുകാരെയുംപോലെ ആകുകയും ചെയ്യാ
ിരിക്കേണ്ടതിനു ദൈവം മോശ മുഖാന്തരം
ല്പിച്ചതുപോലെ ഇസ്രായേൽ മക്കൾക്കു
ഞാപകമായി അവയെ യാഗപീഠം പൊതി
ുവാൻ തകിടായി അടിപ്പിച്ചു.

പിറെറദിവസം ഇസ്രായേൽ മക്കളുടെ
സഭയെല്ലാം മോശയ്ക്കും അഹറോനും
ിരോധമായി പിറുപിറുത്തു: നിങ്ങൾ
ദൈവത്തിൻെറ ജനത്തെ കൊന്നുകളഞ്ഞു
എന്നു പറഞ്ഞു. ഇങ്ങനെ മോശയ്ക്കും 42
അഹറോനും വിരോധമായി സഭ കൂടിയ
പ്പോൾ അവർ സമാഗമനകൂടാരത്തിൻെറ
നേരെ നോക്കി: മേഘം അതിനെ മൂടി
ദൈവ തേജസ്സും പ്രത്യക്ഷമായിരിക്കുന്നതു
കണ്ടു. അപ്പോൾ മോശയും അഹറോ 43
നും സമാഗമനകൂടാരത്തിൻെറ മുമ്പിൽ
ചെന്നു. ദൈവം അവരോടു:- ഈ സഭയു 44
ടെ മദ്ധ്യേ നിന്നു മാറിപ്പോകുവിൻ; ഞാൻ 45
അവരെ ഉടനടി സംഹരിക്കും എന്നു പറ
ഞ്ഞു. അപ്പോൾ അവർ കവിണ്ണുവീണു. 46
മോശ അഹറോനോടു: നീ ധൂപകലശം
എടുത്ത് അതിൽ യാഗപീഠത്തിലെ തീ ഇട്ടു
ധൂപവർഗ്ഗവും ഇട്ടു വേഗത്തിൽ സഭയുടെ
മദ്ധ്യേ ചെന്ന് അവർക്കുവേണ്ടി പാപപരി
ഹാരം കഴിക്കുക; ദൈവ സന്നിധി
യിൽനിന്നു ക്രോധം പുറപ്പെട്ടു ബാധ തുട
ങ്ങിയിരിക്കുന്നു എന്നു പറഞ്ഞു. മോശ 47
കല്പിച്ചതുപോലെ അഹറോൻ കലശം
എടുത്ത് സഭയുടെ നടുവിലേക്ക് ഓടി,
ബാധ ജനത്തിൻെറ ഇടയിൽ തുടങ്ങിയി
രിക്കുന്നതു കണ്ടു, ധൂപം അർപ്പിച്ച് ജന
ത്തിനുവേണ്ടി പ്രായശ്ചിത്തം കഴിച്ചു,
മരിച്ചവർക്കും ജീവനുള്ളവർക്കും നടുവിൽ 48
നിന്നപ്പോൾ ബാധ അവസാനിച്ചു. കോര 49
ഹിൻെറ കാര്യം നിമിത്തം മരിച്ചവരെ കൂടാ
തെ ബാധയാൽ മരിച്ചവർ പതിന്നാലായിര
ത്തെഴുന്നൂറുപേരായിരുന്നു. പിന്നെ അഹ 50
റോൻ സമാഗമനകൂടാരത്തിൻെറ വാതിൽ
ക്കൽ മോശയുടെ അടുക്കൽ മടങ്ങി വന്നു;
അങ്ങനെ ബാധ മാറിപ്പോയി.

അദ്ധ്യായം 17

ദൈവം വീണ്ടും മോശയോടു കല്പിച്ചു: 1
ഇസ്രായേൽ മക്കളോട് അവരുടെ പക്കൽ 2
നിന്നു ഗോത്രം ഗോത്രമായി സകല ഗോത്ര
തലവന്മാരോടും ഓരോ വടി വീതം പന്ത്രണ്ടു
വടി വാങ്ങി ഓരോരുത്തൻെറ വടിയുടെ
മേൽ അവൻെറ പേരെഴുതുക. ലേവിയുടെ 3
വടിമേൽ അഹറോൻെറ പേർ എഴുതണം;
ഓരോ ഗോത്രത്തലവനും ഓരോ വടി ഉണ്ടാ
യിരിക്കണം. സമാഗമനകൂടാരത്തിൽ ഞാൻ 4
നിങ്ങൾക്കു വെളിപ്പെടുന്ന സാക്ഷ്യത്തി
ൻെറ മുമ്പാകെ അവയെ വയ്ക്കണം. ഞാൻ
തിരഞ്ഞെടുക്കുന്നവൻെറ വടി തളിർത്തി
രിക്കും; ഇങ്ങനെ ഇസ്രായേൽ മക്കൾ 5
നിങ്ങൾക്കു വിരോധമായി പിറുപിറു
ക്കുന്നതു ഞാൻ നിർത്തലാക്കും. മോശ 6
ഇസ്രായേൽ മക്കളോടു സംസാരിക്കുകയും

അവരുടെ സകല തലവന്മാരും ഗോത്രം
ഗോത്രമായി ഓരോ തലവൻ ഓരോ വടി
വീതം പന്ത്രണ്ടു വടി അവനെ ഏല്പിക്കു
കയും ചെയ്തു; വടികളുടെ കൂട്ടത്തിൽ
അഹറോൻെറ വടിയും ഉണ്ടായിരുന്നു.
7 മോശ വടികൾ സാക്ഷ്യകൂടാരത്തിൽ
8 ദൈവസന്നിധിയിൽ വച്ചു. പിറെറദിവസം
മോശ സാക്ഷ്യകൂടാരത്തിൽ കടന്നപ്പോൾ
ലേവിഗൃഹത്തിനുള്ള അഹറോൻെറ വടി
തളിർത്തിരിക്കുന്നതു കണ്ടു; അതു തളിർ
ത്തു പൂത്തു ബദാം ഫലം കായ്ച്ചിരുന്നു.
9 മോശ വടികളെല്ലാം ദൈവ സന്നി
ധിയിൽനിന്നെടുത്തു ഇസ്രായേൽമക്ക
ളുടെ അടുക്കൽ പുറത്തു കൊണ്ടുവന്നു;
അവർ ഓരോരുത്തൻ താന്താൻെറ വടി
10 നോക്കിയെടുത്തു. ദൈവം മോശയോട്:
അഹറോൻെറ വടി മത്സരക്കാർക്കു ഒരു അട
യാളമായി സൂക്ഷിക്കേണ്ടതിനു സാക്ഷ്യ
ത്തിൻെറ മുമ്പിൽ തിരികെ കൊണ്ടുവരിക;
അവർ മരിക്കാതിരിക്കേണ്ടതിന് എനിക്കു
വിരോധമായുള്ള അവരുടെ പിറുപിറുപ്പു നീ
ഇങ്ങനെ നിർത്തലാക്കും എന്നു കല്പിച്ചു.
11 മോശ അങ്ങനെതന്നെ ദൈവം തന്നോടു
കല്പിച്ചതുപോലെ ചെയ്തു.
12 അപ്പോൾ ഇസ്രായേൽ മക്കൾ മോശ
യോട്: ഇതാ, ഞങ്ങൾ ചത്തൊടുങ്ങുന്നു;
ഞങ്ങൾ നശിക്കുന്നു; ഞങ്ങൾ എല്ലാവരും
13 നശിക്കുന്നു. ദൈവത്തിൻെറ തിരുനിവാസ
ത്തോടു അടുക്കുന്നവനെല്ലാം മരിക്കുന്നു;
ഞങ്ങൾ ഒക്കെയും മരിച്ച് ഇല്ലാതാകണമോ
എന്നു പറഞ്ഞു.

അദ്ധ്യായം 18

1 ദൈവം അഹറോനോട് അരുളിച്ചെയ്തു:
നീയും നിൻെറ പുത്രന്മാരും നിൻെറ പിതൃ
ഭവനവും വിശുദ്ധമന്ദിരം സംബന്ധിച്ചുണ്ടാ
കുന്ന അകൃത്യത്തിന് ഉത്തരവാദിയായി
രിക്കും; നീയും നിൻെറ പുത്രന്മാരും നിങ്ങ
ളുടെ പൗരോഹിത്യം സംബന്ധിച്ചുണ്ടാ
കുന്ന അകൃത്യത്തിനും ഉത്തരവാദികളാ
2 യിരിക്കും. നിൻെറ പിതൃഗോത്രമായ ലേവി
ഗോത്രത്തിലുള്ള നിൻെറ സഹോദരന്മാ
രെയും നിന്നോടുകൂടെ അടുത്തുവരു
ത്തണം. അവർ നിന്നോടു ചേർന്നു നിനക്കു
ശുശ്രൂഷ ചെയ്യണം; നീയും നിൻെറ പുത്രന്മാ
രുമോ സാക്ഷ്യകൂടാരത്തിങ്കൽ ശുശ്രൂഷ
3 ചെയ്യണം. അവർ നിനക്കും കൂടാരത്തിനും
ആവശ്യമുള്ള കാര്യം നോക്കണം; എന്നാൽ
അവരും നിങ്ങളുംകൂടെ മരിക്കാതിരിക്കേണ്ട
തിന് അവർ വിശുദ്ധമന്ദിരത്തിലെ ഉപകര
ണങ്ങളോടും യാഗപീഠത്തോടും സമീപി
ക്കരുത്. അവർ നിന്നോടു ചേർന്നു സമാ 4
ഗമനകൂടാരം സംബന്ധിച്ചുള്ള എല്ലാ
ജോലിക്കുമായി കൂടാരത്തിൻെറ കാര്യം
നോക്കണം; ഒരു അന്യനും നിങ്ങളോടു അടു
ക്കരുത്. ഇസ്രായേൽ മക്കളുടെമേൽ ഇനി 5
ക്രോധം വരാതിരിക്കേണ്ടതിനു വിശുദ്ധ
മന്ദിരത്തിൻെറയും യാഗപീഠത്തിൻെറയും
കാവൽ നിങ്ങൾ നോക്കണം. ലേവ്യരായ 6
നിങ്ങളുടെ സഹോദരന്മാരെ ഞാൻ ഇസ്രാ
യേൽ മക്കളുടെ മദ്ധ്യേ നിന്ന് എടുത്തിരി
ക്കുന്നു; ദൈവത്തിന് ദാനമായിരിക്കുന്ന
അവരെ സമാഗമനകൂടാരം സംബന്ധി
ച്ചുള്ള വേല ചെയ്യേണ്ടതിനു ഞാൻ
നിങ്ങൾക്കു ദാനം ചെയ്തിരിക്കുന്നു. ആക 7
യാൽ നീയും നിൻെറ പുത്രന്മാരും യാഗ
പീഠത്തിങ്കലും തിരശ്ശീലയ്ക്കകത്തും ഉള്ള
സകല കാര്യത്തിലും നിങ്ങളുടെ പൗരോ
ഹിത്യം അനുഷ്ഠിച്ചു ശുശ്രൂഷ ചെയ്യണം;
പൗരോഹിത്യം ഞാൻ നിങ്ങൾക്കു പ്രദാനം
ചെയ്തിരിക്കുന്നു; അന്യൻ അടുത്തു
വന്നാൽ മരണശിക്ഷ അനുഭവിക്കണം.
ദൈവം വീണ്ടും അഹറോനോടു അരുളി 8
ച്ചെയ്തു: ഇതാ, എൻെറ ഓഹരികളുടെ
സൂക്ഷിപ്പ് കാര്യം ഞാൻ നിന്നെ ഭരമേൽപ്പി
ച്ചിരിക്കുന്നു; ഇസ്രായേൽ മക്കളുടെ സ
കല ശുദ്ധതകളും ഞാൻ നിനക്കും നിൻെറ
പുത്രന്മാർക്കും അഭിഷേകം നിമിത്തം
ശാശ്വതാവകാശമായി തന്നിരിക്കുന്നു.
തീയിൽ ദഹിപ്പിക്കാത്തതായി അതിവിശുദ്ധ 9
വസ്തുക്കളിൽ വച്ചു ഇതു നിനക്കുള്ളതാ
യിരിക്കും; അവർ എനിക്കു അർപ്പിക്കുന്ന
അവരുടെ എല്ലാ വഴിപാടും സകല ഭോജന
യാഗവും സകല പാപയാഗവും സകല
അകൃത്യയാഗവും അതിവിശുദ്ധമായി
നിനക്കും നിൻെറ പുത്രന്മാർക്കും ഇരിക്കും.
അതിവിശുദ്ധമായി അതു ഭക്ഷിക്കണം;
പുരുഷന്മാരെല്ലാം അതു ഭക്ഷിക്കണം; 10
അതു നിനക്കുവേണ്ടി വിശുദ്ധമായിരി
ക്കണം. ഇസ്രായേൽമക്കളുടെ ദാനമായുള്ള 11
ഉദർച്ചാർപ്പണമായ ഇതു അവരുടെ സകല
നീരാജനയാഗങ്ങളോടും കൂടെ നിനക്കു
ള്ളതാകുന്നു; ഇവയെ ഞാൻ നിനക്കും
നിൻെറ പുത്രന്മാർക്കും പുത്രിമാർക്കും
ശാശ്വതാവകാശമായി തന്നിരിക്കുന്നു;
നിൻെറ വീട്ടിൽ ശുദ്ധിയുള്ളവനെല്ലാം അതു
ഭക്ഷിക്കാം. എണ്ണയിൽ വിശേഷമായവയും 12
പുതുവീഞ്ഞിലും ധാന്യത്തിലും വിശേഷ
മായവയും ഇങ്ങനെ അവർ ദൈവത്തിന്
അർപ്പിക്കുന്ന ആദ്യ ഫലമെല്ലാം ഞാൻ

നിനക്കു തന്നിരിക്കുന്നു. അവർ തങ്ങളുടെ
ദേശത്തുള്ള എല്ലാററിലും ദൈവത്തിന്
കൊണ്ടുവരുന്ന ആദ്യ ഫലങ്ങൾ നിനക്ക്
ആയിരിക്കണം; നിൻെറ വീട്ടിൽ ശുദ്ധിയു
ള്ളവനെല്ലാം അതു ഭക്ഷിക്കാം. ഇസ്രായേ
ലിൽ ശപഥാർപ്പിതമായതു ഒക്കെയും നിന
ക്കായിരിക്കും. മനുഷ്യരിലോ മൃഗങ്ങളിലോ
സകല ജഡത്തിലും അവർ ദൈവത്തിന്
കൊണ്ടുവരുന്ന കടിഞ്ഞൂൽ ഒക്കെയും നിന
ക്കുള്ളത്; മനുഷ്യൻെറ കടിഞ്ഞൂലിനെ
വീണ്ടെടുക്കണം; അശുദ്ധമൃഗങ്ങളുടെ കടി
ഞ്ഞൂലിനെയും വീണ്ടെടുക്കണം. വീണ്ടെ
ടുപ്പുവിലയോ: ഒരു മാസം മുതൽ മേലോട്ടു
പ്രായമുള്ളതിനെ നിൻെറ നിശ്ചയാനു
സരണം അഞ്ചു ശേക്കൽ ദ്രവ്യം കൊടുത്തു
വീണ്ടെടുക്കണം. ശേക്കൽ ഒന്നിനു ഇരുപ
തു മോയീൻപ്രകാരം വിശുദ്ധമന്ദിരത്തിലെ
തൂക്കമാണ്. എന്നാൽ മാട്, ആട്, കോലാട്
എന്നിവയുടെ കടിഞ്ഞൂലിനെ വീണ്ടെടുക്ക
രുത്; അവ വിശുദ്ധമാകുന്നു; അവയുടെ
രക്തം യാഗപീഠത്തിന്മേൽ തളിച്ചു മേദസ്സു
കർത്താവിന് സൗരഭ്യവാസനയായ ദഹന
യാഗമായി ദഹിപ്പിക്കണം. നീരാജനം
ചെയ്ത നെഞ്ചും വലത്തെ കൈക്കുറകും
നിനക്കുള്ളതായിരിക്കുന്നതുപോലെതന്നെ
അവയുടെ മാംസവും നിനക്കുള്ളത്. ഇസ്രാ
യേൽ മക്കൾ ദൈവത്തിനു അർപ്പിക്കുന്ന
വിശുദ്ധ വസ്തുക്കളിൽ ഉദർച്ചാർപ്പണ
ങ്ങളെല്ലാം ഞാൻ നിനക്കും നിൻെറ പുത്ര
ന്മാർക്കും പുത്രിമാർക്കും ശാശ്വതാവകാശ
മായി തന്നിരിക്കുന്നു; ദൈവസന്നിധിയിൽ
നിനക്കും നിൻെറ സന്തതിക്കും ഇതു എന്നേ
ക്കും ഒരു നിയമം ആകുന്നു. ദൈവം പിന്നെ
യും അഹറോനോടു: നിനക്കു അവരുടെ
ഭൂമിയിൽ ഒരു അവകാശവും ഉണ്ടാകരുത്;
അവരുടെ ഇടയിൽ നിനക്കു ഒരു ഓഹരിയും
അരുതു; ഇസ്രായേൽ മക്കളുടെ മദ്ധ്യേ
ഞാൻ തന്നെ നിൻെറ ഓഹരിയും അവകാ
ശവും കർത്താവിൻെറ ഭോഗവും ശുദ്ധതയും
ആകുന്നു എന്നു അരുളിച്ചെയ്തു.
ലേവ്യർക്കോ, സമാഗമനകൂടാരം സംബ
ന്ധിച്ചു അവർ ചെയ്യുന്ന ജോലിയ്ക്കുവേണ്ടി
ഇസ്രായേലിൽ ഉള്ള ദശാംശം എല്ലാം അവ
കാശമായി ഞാൻ കൊടുത്തിരിക്കുന്നു. ഇ
സ്രായേൽ മക്കൾ പാപത്തിൽ മരിക്കാതിരി
ക്കേണ്ടതിനു മേലാൽ സമാഗമനകൂടാര
ത്തോടു അടുക്കരുത്. ലേവ്യർ സമാഗമന
കൂടാരം സംബന്ധിച്ചുള്ള ജോലി ചെയ്യു
കയും അവരുടെ അകൃത്യത്തിന് ഉത്തര
വാദിത്വം വഹിക്കുകയും വേണം; അതു
തലമുറതലമുറയായി എന്നേക്കുമുള്ള
നിയമമായിരിക്കണം; അവർക്ക് ഇസ്രാ
യേൽ മക്കളുടെ ഇടയിൽ അവകാശം ഉണ്ടാ
കരുത്. ഇസ്രായേൽ മക്കൾ ദൈവത്തിന് 24
ഉദർച്ചാർപ്പണമായി അർപ്പിക്കുന്ന ദശാംശം
ഞാൻ ലേവ്യർക്ക് അവകാശമായി കൊടു
ത്തിരിക്കുന്നു; അതുകൊണ്ടു അവർക്കു
ഇസ്രായേൽ മക്കളുടെ ഇടയിൽ അവകാശം
അരുത് എന്നു ഞാൻ അവരോടു കല്പി
ച്ചിരിക്കുന്നു.

ദൈവം വീണ്ടും മോശയോടു അരുളി 25
ച്ചെയ്തു: നീ അവരോടു പറയുക: ഇസ്രാ 26
യേൽ മക്കളിൽനിന്നു ഞാൻ നിങ്ങളുടെ
അവകാശമായി നിങ്ങൾക്കു തന്നിരിക്കുന്ന
ദശാംശം അവരോടു വാങ്ങുമ്പോൾ ദശാംശ
ത്തിൻെറ പത്തിലൊന്നു നിങ്ങൾ ദൈവ
ത്തിന് ഭോഗമായി അർപ്പിക്കണം. നിങ്ങ
ളുടെ ഈ ഭോഗസമർപ്പണം കളത്തിലെ 27
ധാന്യംപോലെയും മുന്തിരിച്ചക്കിലെ നിറ
വുപോലെയും നിങ്ങളുടെ പേരിൽ ഗണി
ക്കും. ഇങ്ങനെ ഇസ്രായേൽ മക്കളോടു നി 28
ങ്ങൾ വാങ്ങുന്ന സകല ദശാംശത്തിൽ നി
ന്നും ദൈവത്തിന് ഒരു ഭോഗം അർപ്പിക്കണം;
ദൈവത്തിനുള്ള ആ ഭോഗത്തിൽ നിന്നു
നിങ്ങൾ പുരോഹിതനായ അഹറോനും അ
വൻെറ മക്കൾക്കും കൊടുക്കണം. നിങ്ങൾ 29
ക്കുള്ള സകല ദാനങ്ങളിലും ഉത്തമമായ
എല്ലാററിൻെറയും വിശുദ്ധഭാഗം നിങ്ങൾ
ദൈവത്തിന് ഉദർച്ചാർപ്പണമായി അർപ്പി
ക്കണം. ആകയാൽ നീ അവരോടു പറയുക: 30
നിങ്ങൾ അതിൻെറ ഉത്തമഭാഗം ഉദർച്ചാർ
പ്പണമായി അർപ്പിക്കുമ്പോൾ അതു കള
ത്തിലെ അനുഭവംപോലെയും മുന്തിരിച്ച
ക്കിലെ അനുഭവംപോലെയും ലേവ്യർക്കു
ഗണിക്കപ്പെടും. അതു നിങ്ങൾക്കും നിങ്ങ 31
ളുടെ കുടുംബങ്ങൾക്കും എല്ലാ സ്ഥലത്തു
വച്ചും ഭക്ഷിക്കാം; അതു സമാഗമനകൂടാര
ത്തിങ്കൽ നിങ്ങൾ ചെയ്യുന്ന വേലയ്ക്കുള്ള
ശമ്പളം ആകുന്നു. അതിൻെറ ഉത്തമഭാഗം 32
ഉദർച്ചചെയ്താൽ പിന്നെ നിങ്ങൾ അതു
നിമിത്തം പാപം വഹിക്കേണ്ടിവരികയില്ല;
നിങ്ങൾ ഇസ്രായേൽ മക്കളുടെ വിശുദ്ധ
വസ്തുക്കൾ അശുദ്ധമാക്കുകയും അതി
നാൽ മരിച്ചുപോകുവാൻ ഇടവരികയുമില്ല.

അദ്ധ്യായം 19

ദൈവം മോശയോടും അഹറോനോടും 1
അരുളിച്ചെയ്തു: ദൈവം കല്പിക്കുന്ന 2
ന്യായ പ്രമാണമെന്തെന്നാൽ: കളങ്കവും
ഊനവുമില്ലാത്തതും നുകംവയ്ക്കാത്തതു

മായ ഒരു ചുവന്ന പശുക്കിടാവിനെ നിന്റെ
അടുക്കൽ കൊണ്ടുവരുവാൻ ഇസ്രായേ
3 ല്യരോടു പറയുക. നിങ്ങൾ അതിനെ പുരോ
ഹിതനായ എലെയാസാരിന്റെ പക്കൽ
ഏല്പിക്കണം; അവൻ അതിനെ പാളയത്തി
നു പുറത്തു കൊണ്ടുപോകുകയും ഒരുവൻ
അതിനെ അവന്റെ മുമ്പിൽ വച്ചു അറുക്കു
4 കയും വേണം. പുരോഹിതനായ എലെ
യാസാർ വിരൽകൊണ്ട് അതിന്റെ രക്തം
കുറെ എടുത്തു സമാഗമനകൂടാരത്തിന്റെ
മുൻ ഭാഗത്തിനു നേരെ ഏഴു പ്രാവശ്യം
5 തളിക്കണം. അതിന്റെ ശേഷം പശുക്കിടാ
വിനെ അവൻ കാൺകെ ചുട്ടു ഭസ്മീകരി
ക്കണം; അതിന്റെ തോലും മാംസവും
രക്തവും ചാണകവും ചുട്ടുകളയണം.
6 പിന്നെ പുരോഹിതൻ ദേവദാരു, ഈസോ
പ്പു, ചുവപ്പുനൂൽ എന്നിവ എടുത്തു പശു
ക്കിടാവിനെ ദഹിപ്പിക്കുന്ന തീയുടെ നടു
7 വിൽ ഇടണം. അനന്തരം പുരോഹിതൻ
വസ്ത്രം അലക്കി ദേഹം വെള്ളത്തിൽ
കഴുകിയശേഷം പാളയത്തിലേക്കു വരിക
യും സന്ധ്യവരെ അശുദ്ധനായിരിക്കുകയും
8 വേണം. അതിനെ ദഹിപ്പിച്ചവനും വസ്ത്രം
അലക്കി ദേഹം വെള്ളത്തിൽ കഴുകി
9 സന്ധ്യവരെ അശുദ്ധനായിരിക്കണം. പിന്നെ
ശുദ്ധിയുള്ള ഒരുവൻ പശുക്കിടാവിന്റെ
ഭസ്മം വാരി പാളയത്തിനു പുറത്തു വെടി
പ്പുള്ള ഒരു സ്ഥലത്തു വയ്ക്കണം; അതു
ഇസ്രായേൽ മക്കളുടെ സഭയ്ക്കുവേണ്ടി
ശുദ്ധീകരണജലത്തിനായി സൂക്ഷിച്ചു
10 വയ്ക്കണം; അതു ഒരു പാപയാഗം. പശു
ക്കിടാവിന്റെ ഭസ്മം വാരിയവനും വസ്ത്രം
അലക്കി സന്ധ്യവരെ അശുദ്ധനായിരി
ക്കണം; ഇസ്രായേൽ മക്കൾക്കും അവരുടെ
മദ്ധ്യേ വന്നു പാർക്കുന്ന പരദേശിക്കും
ഇത് എന്നേക്കുമുള്ള നിയമം ആയിരിക്ക
11 ണം. ഒരു മനുഷ്യന്റെ ശവം തൊടുന്നവൻ
ഏഴു ദിവസം അശുദ്ധൻ ആയിരിക്കണം.
12 അവൻ മൂന്നാം ദിവസവും ഏഴാം ദിവസവും
ആ വെള്ളംകൊണ്ടു സ്വയം ശുദ്ധീകരിക്ക
ണം; അങ്ങനെ അവൻ ശുദ്ധിയുള്ളവ
നാകും; എന്നാൽ മൂന്നാം ദിവസം സ്വയം
ശുദ്ധീകരിക്കാതിരുന്നാൽ ഏഴാംദിവസം അ
13 വൻ ശുദ്ധിയുള്ളവനാകുകയില്ല. മരിച്ച ഒരു
മനുഷ്യന്റെ ശവം ആരെങ്കിലും തൊട്ടിട്ടു
സ്വയം ശുദ്ധീകരിക്കാതിരുന്നാൽ അവൻ
ദൈവതിരുനിവാസത്തെ അശുദ്ധമാക്കു
ന്നു; അവനെ ഇസ്രായേലിൽ നിന്നു
വിച്ഛേദിച്ചുകളയണം; ശുദ്ധീകരണജലം
കൊണ്ടു അവനെ തളിച്ചില്ല; അവൻ അശു
ദ്ധൻ. അവന്റെ അശുദ്ധി അവന്റെ മേൽ
നിലകൊള്ളുന്നു.

കൂടാരത്തിൽവച്ചു ഒരുവൻ മരിച്ചാലു 14
ള്ള പ്രമാണം: ആ കൂടാരത്തിൽ കടക്കുന്ന
വനും കൂടാരത്തിൽ ഇരിക്കുന്നവനും ഏഴു
ദിവസം അശുദ്ധൻ ആയിരിക്കും. മൂടിക്കെ 15
ട്ടാതെ തുറന്നിരിക്കുന്ന പാത്രമെല്ലാം അശു
ദ്ധമാകും. വെളിയിൽവച്ചു വാളാൽ കൊല്ല 16
പ്പെട്ട ഒരുവനെയോ മരിച്ചുപോയ ഒരു
വനെയോ മനുഷ്യന്റെ അസ്ഥിയോ ഒരു
ശവക്കുഴിയോ തൊടുന്നവൻ എല്ലാം ഏഴു
ദിവസം അശുദ്ധനായിരിക്കും. അശുദ്ധ 17
നായി തീരുന്നവനുവേണ്ടി പാപയാഗം
ദഹിപ്പിച്ച ഭസ്മം എടുത്ത് ഒരു പാത്രത്തിൽ
ഇട്ടു അതിൽ ഉറവുവെള്ളം ഒഴിക്കണം.
പിന്നെ ശുദ്ധിയുള്ള ഒരുവൻ ഈസോപ്പു 18
എടുത്തു വെള്ളത്തിൽ മുക്കി കൂടാര
ത്തെയും സകല പാത്രങ്ങളെയും അവിടെ
ഉണ്ടായിരുന്നവരെയും, അസ്ഥിയോ
കൊല്ലപ്പെട്ട ഒരുവനെയോ മരിച്ചുപോയ
ഒരുവനെയോ ഒരു ശവക്കുഴിയെയോ
സ്പർശിച്ചവനെയും തളിക്കണം. ശുദ്ധി 20
യുള്ളവൻ അശുദ്ധനായിത്തീർന്നവനെ
മൂന്നാം ദിവസവും ഏഴാം ദിവസവും തളി
ക്കണം; ഏഴാം ദിവസം അവൻ സ്വയം ശുദ്ധീ
കരിച്ച് വസ്ത്രം അലക്കി വെള്ളത്തിൽ കുളി
യ്ക്കണം; സന്ധ്യയ്ക്കു അവൻ ശുദ്ധിയുള്ള
വനാകും. എന്നാൽ ആരെങ്കിലും അശുദ്ധ 20
നായിത്തീർന്നിട്ട് തന്നത്താൻ ശുദ്ധീകരി
ക്കാതിരുന്നാൽ അവനെ സഭയിൽനിന്നു
വിച്ഛേദിച്ചുകളയണം; അവൻ ദൈവത്തി
ന്റെ വിശുദ്ധമന്ദിരം അശുദ്ധമാക്കി; ശുദ്ധീ
കരണജലംകൊണ്ടു അവനെ തളിച്ചില്ല;
അവൻ അശുദ്ധൻ. ഇതു അവർക്കു എന്നേ 21
ക്കുമുള്ള നിയമം ആയിരിക്കണം; ശുദ്ധീകര
ണജലം തളിക്കുന്നവൻ വസ്ത്രം അലക്ക
ണം; ശുദ്ധീകരണജലം തൊടുന്നവനും
സന്ധ്യവരെ അശുദ്ധനായിരിക്കണം. അശു 22
ദ്ധൻ തൊടുന്നതെല്ലാം അശുദ്ധമാകും;
അതു തൊടുന്നവൻ സന്ധ്യവരെ അശുദ്ധ
നായിരിക്കണം.

അദ്ധ്യായം 20

പിന്നീട് ഇസ്രായേൽ മക്കളുടെ സർവ്വ 1
സഭയും ഒന്നാം മാസം സീൻ മരുഭൂമിയിൽ
എത്തി, ജനം റ്ക്കേമിൽ പാർത്തു; അവിടെ
വച്ചു മറിയാം മരിച്ചു; അവളെ അവിടെ
സംസ്കരിച്ചു. ജനത്തിനു കുടിപ്പാൻ വെള്ളം 2
ഇല്ലായിരുന്നു; അപ്പോൾ അവർ മോശയ്ക്കും
അഹറോനും വിരോധമായി കൂടി. ജനം മോ 3

യോടും അഹറോനോടും കലഹിച്ചു: ഞ
ങ്ങളുടെ സഹോദരന്മാർ ദൈവസന്നിധി
യിൽ മരിച്ചപ്പോൾ ഞങ്ങളും മരിച്ചുപോയിരു
ന്നുവെങ്കിൽ നന്നായിരുന്നു. ഞങ്ങളും ഞ
ങ്ങളുടെ മൃഗങ്ങളും ഇവിടെ കിടന്നു ചാകേ
ണ്ടതിനു നിങ്ങൾ ദൈവത്തിൻെറ സഭയെ
ഈ മരുഭൂമിയിൽ കൊണ്ടുവന്നതു എന്തിന്?
ഈ ചീത്ത സ്ഥലത്തു ഞങ്ങളെ
എത്തിക്കുവാൻ നിങ്ങൾ മെസ്രേനിൽനിന്നു
ഞങ്ങളെ പുറപ്പെടുവിച്ചത് എന്തിന്? ഇവി
ടെ വിത്തും അത്തിപ്പഴവും മുന്തിരപ്പഴവും
മാതളപ്പഴവും ഇല്ല; കുടിപ്പാൻ വെള്ളവുമില്ല
എന്നു പറഞ്ഞു. അപ്പോൾ മോശയും അഹ
റോനും സഭയുടെ മുമ്പിൽ നിന്നു സമാഗമന
കൂടാരത്തിൻെറ വാതിൽക്കൽ ചെന്ന്
കവിണ്ണുവീണു; ദൈവതേജസ്സ് അവർക്കു
പ്രത്യക്ഷമായി. ദൈവം മോശയോടു:
നിൻെറ വടി എടുത്ത് നീയും സഹോദ
രനായ അഹറോനും സഭയെ വിളിച്ചുകൂട്ടി
അവർ കാൺകെ പാറയോടു കല്പിക്ക.
എന്നാൽ അതു വെള്ളം തരും; പാറയിൽ
നിന്നു അവർക്കു വെള്ളം പുറപ്പെടുവിച്ച്
ജനത്തിനും അവരുടെ കന്നുകാലികൾ
ക്കും കുടിപ്പാൻ കൊടുക്കണം എന്നു
കല്പിച്ചു. തന്നോടു കല്പിച്ചതുപോലെ
മോശ ദൈവസന്നിധിയിൽ നിന്നു വടി
എടുത്തു. മോശയും അഹറോനും പാറ
യുടെ അടുക്കൽ സഭയെ വിളിച്ചുകൂട്ടി
അവരോടു: മത്സരികളേ, കേൾപ്പിൻ; ഈ
പാറയിൽനിന്നു ഞങ്ങൾ നിങ്ങൾക്കു
വേണ്ടി വെള്ളം പുറപ്പെടുവിക്കും എന്നു പറ
ഞ്ഞു. മോശ കൈ ഉയർത്തി വടി കൊണ്ടു
പാറയെ രണ്ടു പ്രാവശ്യം അടിച്ചു; വളരെ
വെള്ളം പുറപ്പെട്ടു; ജനവും അവരുടെ കന്നു
കാലികളും കുടിച്ചു. പിന്നെ ദൈവം മോശ
യോടും അഹറോനോടും: നിങ്ങൾ ഇസ്രാ
യേൽ മക്കൾ കാൺകെ എന്നെ ശുദ്ധീകരി
പ്പാൻ തക്കവണ്ണം എന്നെ വിശ്വസിക്കാതിരു
ന്നതുകൊണ്ടു നിങ്ങൾ ഈ സഭയെ ഞാൻ
അവർക്കു കൊടുത്തിരിക്കുന്ന ദേശത്തേ
ക്കു പ്രവേശിപ്പിക്കുകയില്ല എന്ന് അരുളിച്ചെ
യ്തു. ഇതു ഇസ്രായേൽ മക്കൾ ദൈവ
ത്തോടു കലഹിച്ചതും അവൻ അവരിൽ
ശുദ്ധീകരിക്കപ്പെട്ടതുമായ "കലഹജലം"
അനന്തരം മോശ റ്ക്കേമിൽനിന്നു
എദോം രാജാവിൻെറ അടുക്കൽ ദൂതന്മാരെ
അയച്ചു പറയിച്ചു: നിൻെറ സഹോദരനായ
ഇസ്രായേൽ ഇപ്രകാരം പറയുന്നു: "ഞങ്ങൾ
ക്കുണ്ടായ കഷ്ടതയെല്ലാം നീയും അറി
ഞ്ഞിരിക്കുന്നുവല്ലോ; ഞങ്ങളുടെ പിതാക്ക
ന്മാർ മെസ്രേനിൽ പോയി വളരെക്കാലം
പാർത്തു: മെസ്രേന്യർ ഞങ്ങളെയും
ഞങ്ങളുടെ പിതാക്കന്മാരെയും പീഡിപ്പിച്ചു.
ഞങ്ങൾ ദൈവത്തോടു നിലവിളിച്ചപ്പോൾ 16
അവൻ ഞങ്ങളുടെ നിലവിളികേട്ട് ഒരു
ദൂതനെ അയച്ച് ഞങ്ങളെ മെസ്രേനിൽനിന്ന്
പുറപ്പെടുവിച്ചു; ഞങ്ങൾ നിൻെറ അതിരി
ലുള്ള പട്ടണമായ റ്ക്കേമിൽ എത്തിയിരി
ക്കുന്നു. ഞങ്ങൾ നിൻെറ ദേശത്തു കൂടി 17
കടന്നുപോകുവാൻ അനുവദിക്കണമേ.
ഞങ്ങൾ വയലിലോ മുന്തിരിത്തോട്ടത്തി
ലോ കയറുകയില്ല; കിണററിലെ വെള്ളം
കുടിക്കുകയുമില്ല. ഞങ്ങൾ രാജപാതയിൽ
കൂടി മാത്രം നടക്കും; നിൻെറ അതിർത്തി
കഴിയുംവരെ ഇടത്തോട്ടോ വലത്തോട്ടോ
തിരിയുകയുമില്ല. എദോം അവനോടു: നീ 18
എൻെറ നാട്ടിൽക്കൂടി കടക്കരുതു: കടന്നാൽ
ഞാൻ വാളുമായി നിനക്കെതിരെ പുറപ്പെടും
എന്നു പറഞ്ഞു. അതിനു ഇസ്രായേൽ 19
മക്കൾ അവനോടു: ഞങ്ങൾ പെരുവഴിയിൽ
കൂടി പൊയ്ക്കൊള്ളാം; ഞങ്ങളും ഞങ്ങളു
ടെ കന്നുകാലിയും നിൻെറ വെള്ളം കുടിച്ചു
പോയാൽ അതിൻെറ വില തരാം; കാൽ
നടയായി കടന്നുപോകണമെന്നല്ലാതെ
മററൊന്നും എനിക്കു വേണ്ട" എന്നു പറ
ഞ്ഞു. അതിനു അവൻ "നീ കടന്നു പോക 20
രുത്" എന്നു പറഞ്ഞു. എദോം വളരെ
സൈന്യത്തോടും ബലമുള്ള ഭുജത്തോടും
കൂടെ അവനെതിരെ പുറപ്പെട്ടു. തൻെറ 21
അതിരിൽ കൂടി കടന്നുപോകുവാൻ എദോം
ഇസ്രായേലിനെ സമ്മതിച്ചില്ല. ഇസ്രായേൽ
അവനെ വിട്ടു മാറിപ്പോയി.

അഹറോൻെറ നിര്യാണം-

പിന്നെ ഇസ്രായേൽ മക്കളുടെ സർവ്വ 22
സഭയും റ്ക്കേമിൽനിന്നു പുറപ്പെട്ടു ഹോർ
പർവ്വതത്തിലെത്തി, എദോം ദേശത്തിൻെറ 23
അതിർത്തിയിലുള്ള ഹോർപർവ്വതത്തിൽ
വച്ചു ദൈവം മോശയോടും അഹറോ
നോടും അരുളിച്ചെയ്തു: അഹറോൻ തൻെറ 24
ജനത്തോടു ചേരും; കലഹജലത്തിങ്കൽ നി
ങ്ങൾ എൻെറ കല്പന മറുത്തതു കൊണ്ടു
ഞാൻ ഇസ്രായേൽ മക്കൾക്കു കൊടുത്തിരി
ക്കുന്ന ദേശത്തേക്കു അവൻ കടക്കുകയില്ല.
അഹറോനെയും അവൻെറ മകൻ എലിയാ 25
സാറിനെയും കൂട്ടി അവരെ ഹോർപർവ്വത 26
ത്തിൽ കൊണ്ടുചെന്ന് അഹറോൻെറ
വസ്ത്രം ഊരി അവൻെറ മകനായ എലിയാ
സാറിനെ ധരിപ്പിക്കണം; അഹറോൻ അവി 27
ടെ വച്ചു മരിച്ചു തൻെറ ജനത്തോടു ചേരും.
ദൈവം കല്പിച്ചതുപോലെ മോശ ചെയ്തു;

സർവ്വസഭയും കാൺകെ അവർ ഹോർപർ
28 വ്വതത്തിൽ കയറി. മോശ അഹറോൻെറ വ
സ്ത്രം ഊരി അവൻെറ മകൻ എലിയാസാ
റിനെ ധരിപ്പിച്ചു; അഹറോൻ അവിടെ പർ
വ്വതത്തിൻെറ മുകളിൽ വച്ചു മരിച്ചു; മോശ
യും എലിയാസാറും പർവ്വതത്തിൽ നിന്ന്
29 ഇറങ്ങിവന്നു. അഹറോൻ മരിച്ചുപോയി
എന്നു സഭയെല്ലാം അറിഞ്ഞപ്പോൾ ഇസ്രാ
യേൽ ഗൃഹമെല്ലാം അഹറോനെക്കുറിച്ചു
മുപ്പതു ദിവസം വിലപിച്ചുകൊണ്ടിരുന്നു.

അദ്ധ്യായം 21

1 ഇസ്രായേൽ ചാരന്മാരുടെവഴിയായി
വരുന്നു എന്നു ദക്ഷിണ ദേശത്തു വസിച്ചി
രുന്ന കനാന്യനായ ഗോദാർരാജാവു കേട്ട
പ്പോൾ അവൻ ഇസ്രായേലിനോടു യുദ്ധം
2 ചെയ്ത് ചിലരെ പിടിച്ചുകൊണ്ടുപോയി. അ
പ്പോൾ ഇസ്രായേൽ ദൈവത്തിന് ഒരു നേർച്ച
നേർന്നു: "ഈ ജനത്തെ നീ എൻെറ കയ്യിൽ
ഏൽപിച്ചാൽ ഞാൻ അവരുടെ പട്ടണങ്ങൾ
ശപഥാർപ്പിതമായി നശിപ്പിക്കും" എന്നു പ
3 റഞ്ഞു. ദൈവം ഇസ്രായേലിൻെറ അപേക്ഷ
കേട്ടു കനാന്യരെ ഏൽപിച്ചു കൊടുത്തു;
അവർ അവരെയും അവരുടെ പട്ടണങ്ങ
ളെയും ശപഥാർപ്പിതമായി നശിപ്പിച്ചു; ആ
സ്ഥലത്തിനു ഹേർമ്മാ എന്നു പേരായി.

പിച്ചളസർപ്പത്തെക്കുറിച്ച്

4 പിന്നെ അവർ എദോം ദേശത്തെ ചുററി
പ്പോകുവാൻ ഹോർപർവ്വതത്തിൽനിന്നു
ചെങ്കടൽവഴിയായി യാത്ര തുടർന്നു; ദീർഘ
വഴിമൂലം ജനത്തിൻെറ മനസ്സു ക്ഷീണിച്ചു.
5 ജനം ദൈവത്തിനും മോശയ്ക്കും വിരോധ
മായി സംസാരിച്ചു: മരുഭൂമിയിൽ മരിക്കേ
ണ്ടതിനു നിങ്ങൾ ഞങ്ങളെ മെസ്രേൻ
ദേശത്തുനിന്നു കൊണ്ടുവന്നത് എന്തിന്?
ഇവിടെ അപ്പവുമില്ല, വെള്ളവുമില്ല; ഈ
നിസ്സാരമായ ആഹാരം ഞങ്ങൾക്കു വെറു
6 പ്പാകുന്നു എന്നു പറഞ്ഞു. അപ്പോൾ
ദൈവം ജനത്തിൻെറ ഇടയിൽ അഗ്നി
സർപ്പങ്ങളെ അയച്ചു; അവ ജനത്തെ കടി
7 ച്ചു; ഇസ്രായേലിൽ വളരെപ്പേർ മരിച്ചു.
ആകയാൽ ജനം മോശയുടെ അടുക്കൽ
വന്നു: ഞങ്ങൾ ദൈവത്തിനും നിനക്കും
വിരോധമായി സംസാരിച്ചതിനാൽ പാപം
ചെയ്തിരിക്കുന്നു. സർപ്പങ്ങളെ ഞങ്ങ
ളുടെ ഇടയിൽ നിന്നു നീക്കിക്കളയുവാൻ
ദൈവത്തോടു പ്രാർത്ഥിക്കണം എന്നു പറ
8 ഞ്ഞു; മോശ ജനത്തിനുവേണ്ടി പ്രാർത്ഥി
ച്ചു. ദൈവം മോശയോടു: ഒരു പിച്ചള
സർപ്പത്തെ ഉണ്ടാക്കി അടയാളമായി ഉയർ
ത്തുക; കടിയേൽക്കുന്നവൻ ആരെങ്കിലും
അതിനെ നോക്കിയാൽ ജീവിക്കും എന്നു
പറഞ്ഞു. മോശ പിച്ചളകൊണ്ട് ഒരു സർപ്പ 9
ത്തെ ഉണ്ടാക്കി അടയാളമായി ഉയർത്തി;
പിന്നെ സർപ്പം ആരെയെങ്കിലും കടിച്ചിട്ട്
അവൻ പിച്ചളസർപ്പത്തെ നോക്കിയാൽ ജീ
വിക്കുമായിരുന്നു. അനന്തരം ഇസ്രായേൽ 10
മക്കൾ പുറപ്പെട്ട് ഓബോത്തിൽ പാളയമിറ
ങ്ങി. ഓബോത്തിൽനിന്നു യാത്ര തുടർന്ന് 11
സൂര്യോദയസ്ഥലമായ കിഴക്ക് മോവാബി
ൻെറ നേരേയുള്ള മരുഭൂമിയിൽ അയിൻ-
എബ്രായായിലും അവിടെനിന്നു പുറപ്പെട്ട്
സാദാർ താഴ്‌വരയിലും അവിടെ നിന്നു 12
പുറപ്പെട്ടു അമോര്യരുടെ ദേശത്തു നിന്നു 13
ഉത്ഭവിച്ചു മരുഭൂമിയിൽക്കൂടി ഒഴുകുന്ന
അർന്നോൻ തോട്ടിനക്കരെയും പാളയമി
റങ്ങി; അർന്നോൻ മോവാബിനും അമോ
ര്യർക്കും മദ്ധ്യേ മോവാബിനുള്ള അതിർത്തി
ആകുന്നു. അതുകൊണ്ട്:

"മേഘത്തിലെപ്പോലെ! അർന്നോൻ 14
താഴ്‌വരകളും
ആരിൻെറ നിവാസത്തോളം നീണ്ടു
മോവാബിൻെറ അതിരിങ്കലേ താഴ്‌വര 15
ച്ചരിവു"

എന്നിങ്ങനെ ദൈവത്തിൻെറ യുദ്ധഗ്രന്ഥ
ത്തിൽ പറഞ്ഞിരിക്കുന്നു. അവിടെനിന്നും 16
അവർ കിണററിങ്കലേക്ക് പോയി; ദൈവം
മോശയോടു: ജനത്തെ വിളിച്ചുകൂട്ടുക:
ഞാൻ അവർക്കു വെള്ളം കൊടുക്കുമെന്നു
കല്പിച്ച കിണർ അതുതന്നെ. ആ സമ 17
യത്തു ഇസ്രായേൽ: "കിണറേ, പൊങ്ങി
വരിക; അതിനു പാടുവിൻ.
പ്രഭുക്കന്മാർ കുഴിച്ച കിണർ; ജനശ്രേഷ്ഠ 18
ന്മാർ ചെങ്കോൽകൊണ്ടും
തങ്ങളുടെ ദണ്ഡുകൾകൊണ്ടും കുഴിച്ച
കിണർ"

എന്നുള്ള പാട്ടു പാടി. പിന്നെ അവർ മരു 19
ഭൂമിയിൽനിന്നു മത്ഥാനെക്കും മത്ഥാന
യിൽനിന്നു നഹലീയേലിനും നഹലീയേ 20
ലിൽനിന്നു ബാമോത്തിനും ബാമോത്തിൽ
നിന്നു മോവാബിൻെറ പ്രദേശത്തുള്ള താ
ഴ്‌വരയിലേക്കും ആശീമോനെതിരെയുള്ള
മല മുകളിലേക്കും യാത്ര ചെയ്തു.
അവിടെനിന്നു ഇസ്രായേൽ അമോര്യരുടെ 21
രാജാവായ സീഹോൻെറ അടുക്കൽ ദൂത
ന്മാരെ അയച്ചു: ഞാൻ നിൻെറ ദേശത്തു 22
കൂടി കടന്നുപോകുവാൻ അനുവദിക്ക
ണമേ; ഞങ്ങൾ വയലിലോ മുന്തിരിത്തോട്ട
ത്തിലോ കയറുകയില്ല, കിണററിലെ
വെള്ളം കുടിക്കുയുമില്ല; ഞങ്ങൾ നിൻെറ

തീർത്തി കഴിയുംവരെ രാജപാതയിൽ
ൂടിത്തന്നെ പൊയ്ക്കൊള്ളാം എന്നു പറ
ച്ചു. എന്നാൽ സീഹോൻ തന്റെ ദേശ
ുകൂടി ഇസ്രായേൽ കടന്നുപോകുവാൻ
മ്മതിക്കാതെ തന്റെ ജനത്തെയെല്ലാം
ട്ടി ഇസ്രായേലിനെതിരെ മരുഭൂമിയി
ക്കു പുറപ്പെട്ടു; അവൻ യാഹാസിൽ
ന്ന് ഇസ്രായേലിനോടു യുദ്ധം ചെയ്തു.
സ്രായേൽ അവനെ വാളിന്റെ വായ്ത്ത
കൊണ്ടു വെട്ടി, അർന്നോൻ മുതൽ
ബ്ബോക്ക്വരെയും അമ്മോന്യരുടെ അതിർ
ിവരെയും ഉള്ള അവന്റെ ദേശത്തെ
കവശമാക്കി; അമ്മോന്യരുടെ അതിർ
ി ശക്തമായിരുന്നു. ഈ പട്ടണങ്ങൾ എ
ം ഇസ്രായേൽ പിടിച്ചു; അങ്ങനെ ഇസ്രാ
ൽ അമോര്യരുടെ എല്ലാ പട്ടണങ്ങളിലും
ാമസമുറപ്പിച്ചു; ഹെശ്ബോനിലും അതി
ന്റെ സകല ഗ്രാമങ്ങളിലും പാർത്തു. ഹെശ്
വാൻ അമോര്യരുടെ രാജാവായ സീഹോ
ന്റെ നഗരം ആയിരുന്നു; അവൻ മോവാബി
ന്റെ മുൻരാജാവിനോടു യുദ്ധം ചെയ്തു
ർന്നോൻവരെയുള്ള അവന്റെ ദേശമെ
ാം അവന്റെ കൈയിൽനിന്നു പിടിച്ചിരു
ു. അതു കൊണ്ടു കവികൾ പാടുന്നു:
ഹശ്ബോനിൽ വരുവിൻ;
ീഹോന്റെ നഗരം പണിതുറപ്പിക്കട്ടെ.
ഹശ്ബോനിൽനിന്നു തീയും
ീഹോന്റെ നഗരത്തിൽനിന്നു ജ്വാലയും
പുറപ്പെട്ടു,
ോവാബിലെ ആരിനെയും
ർന്നോവിലെ വിഗ്രഹസേവകരേയും
ദഹിപ്പിച്ചു.
ോവാബേ, നിനക്കു ഹാ കഷ്ടം!
കമോശിന്റെ ജനമേ, നീ നശിച്ചിരിക്കുന്നു.
അവൻ തന്റെ പുത്രന്മാരെ പലായന
ത്തിനും
ുത്രിമാരെ അമോര്യരാജാവായ സീഹോ
നു അടിമയായും കൊടുത്തു.
ങ്ങൾ അവരുടെ നേരെ അമ്പെയ്തു;
ീബോൻവരെ ഹെശ്ബോൻ വയലുകൾ
നശിച്ചു;
മെദബവരെയുള്ള നോഫയോളം അവരെ
ശൂന്യമാക്കി."
ങ്ങനെ ഇസ്രായേൽ അമോര്യരുടെ ദേശ
്തു താമസമായി. അനന്തരം മോശ യസേ
ിനെ ഒററുനോക്കുവാൻ ആളയച്ചു; അവർ
തിന്റെ ഗ്രാമങ്ങൾ പിടിച്ചെടുത്ത് അവി
ടയുള്ള അമോര്യരെ ഓടിച്ചു. പിന്നെ
അവർ തിരിഞ്ഞു ബാശാൻ വഴിയായി
പായി; ബാശാൻ രാജാവായ ഓഗ് തന്റെ

സർവ്വജനവുമായി അവർക്കെതിരെ പുറ
പ്പെട്ടു അർദ്രിയിൽ വച്ചു യുദ്ധം നടന്നു.
അപ്പോൾ ദൈവം മോശയോടു: അവനെ 34
ഭയപ്പെടേണ്ട; അവനെയും അവന്റെ സകല
ജനത്തെയും അവന്റെ ദേശത്തെയും
ഞാൻ നിന്റെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്നു;
നീ ഹെശ്ബോനിൽ പാർത്ത അമോര്യ
രാജാവായ സീഹോനോടു ചെയ്തതുപോ
ലെ അവനോടും ചെയ്യും" എന്ന് അരുളി
ച്ചെയ്തു. അങ്ങനെ അവർ അവനെയും 35
അവന്റെ പുത്രന്മാരെയും അവന്റെ സകല
ജനത്തെയും മുഴുവനായും സംഹരിച്ചു,
അവന്റെ ദേശത്തെ കൈവശമാക്കി.

അദ്ധ്യായം 22

ഇസ്രായേൽ മക്കൾ യാത്ര തുടർന്ന് 1
യെറീഹോയുടെ സമീപം യോർദ്ദാനക്കരെ
മോവാബ് സമഭൂമിയിൽ പാളയമിറങ്ങി.
ഇസ്രായേൽ അമോര്യരോടു ചെയ്ത 2
തെല്ലാം സിപ്പോരിന്റെ മകനായ ബാലാക്
അറിഞ്ഞു. ജനം വളരെയായിരുന്നതു 3
കൊണ്ടു മോവാബ് അത്യധികം ഭയപ്പെട്ടു;
ഇസ്രായേൽമക്കളെ കണ്ട് മോവാബ് പരി
ഭ്രമിച്ചു. മോവാബ് മിദ്യാന്യമൂപ്പന്മാരോടു: 4
കാള വയലിലെ പുല്ലുതിന്നുകളയുന്നതു
പോലെ ഈ മഹാ സമൂഹം നമ്മുടെ
ചുററുമുള്ള എല്ലാവരെയും തിന്നുകളയും
എന്നു പറഞ്ഞു. അക്കാലത്തു മോവാബ്
രാജാവു സിപ്പോരിന്റെ മകനായ ബാലാക്
ആയിരുന്നു. അവൻ ബെയോരിന്റെ 5
മകനായ ബെലയാമിനെ വിളിപ്പാൻ അവ
ന്റെ സ്വജാതിക്കാരുടെ ദേശത്ത് നദീതീര
ത്തുള്ള പെഥോരിലേക്കു ദൂതന്മാരെ അയ
ച്ചു: ഒരു ജനസമൂഹം മെസ്രേനിൽനിന്നു
പുറപ്പെട്ടുവന്ന് ഭൂതലത്തെ മൂടിയിരിക്കു
ന്നു; അവർ എനിക്കെതിരെ പാർക്കുന്നു.
നീ വന്ന് എനിക്കുവേണ്ടി ഈ ജനത്തെ 6
ശപിക്കേണമേ; അവർ എന്നെക്കാൾ ഏററ
വും ബലവാന്മാർ അത്രെ. പക്ഷേ അവരെ
തോല്പിച്ചു ദേശത്തുനിന്ന് ഓടിച്ചു കള
യുവാൻ എനിക്കു കഴിഞ്ഞേക്കാം; നീ അനു
ഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ,
നീ ശപിക്കുന്നവൻ ശപിക്കപ്പെട്ടവൻ എന്നു
ഞാൻ അറിയുന്നു എന്നു പറയിച്ചു.
മോവാബ്യമൂപ്പന്മാരും മിദ്യാന്യ മൂപ്പന്മാരും 7
കൂടി പ്രശ്നദക്ഷിണയും കരുതി ബെലയാ
മിന്റെ അടുക്കൽ ചെന്നു ബാലാക്കിന്റെ 8
വാക്കുകൾ അവനോടു പറഞ്ഞു. അവൻ
അവരോട്: ഇന്നു രാത്രി ഇവിടെ താമസി
പ്പിൻ; ദൈവം എന്നോടു അരുളിച്ചെയ്യു

ന്നതുപോലെ ഞാൻ നിങ്ങളോടു ഉത്തരം
പറയാം എന്നു പറഞ്ഞു. മോവാബ്യ പ്രഭു
ക്കന്മാർ ബെലയാമിനോടുകൂടെ പാർത്തു.
9 ദൈവം ബെലയാമിന്റെ അടുക്കൽ വന്നു:
'നിന്നോടുകൂടെയുള്ള ഈ മനുഷ്യർ ആരെ
10 ന്നു ചോദിച്ചു. ബെലയാം ദൈവത്തോട്:
ഒരു ജനം മെസ്രേനിൽനിന്നു പുറപ്പെട്ടു
വന്നു ഭൂതലത്തെ മൂടിയിരിക്കുന്നു; നീ വന്നു
എനിക്കുവേണ്ടി അവരെ ശപിക്കണം;
11 പക്ഷെ അവരോടു യുദ്ധം ചെയ്ത് അവരെ
നശിപ്പിച്ചുകളയുവാൻ എനിക്കു കഴിഞ്ഞേ
ക്കും എന്നിങ്ങനെ മോവാബ് രാജാവായ
സിപ്പോരിന്റെ മകനായ ബാലാക് എന്റെ
അടുക്കൽ പറഞ്ഞയച്ചിരിക്കുന്നു എന്നു
12 പറഞ്ഞു. ദൈവം ബെലയാമിനോടു: നീ അ
വരോടുകൂടെ പോകരുതു; ആ ജനത്തെ ശ
പിക്കുകയും അരുതു; അവർ അനുഗ്രഹിക്ക
13 പ്പെട്ടവർ ആകുന്നു എന്നു കല്പിച്ചു. ബെ
ലയാം രാവിലെ എഴുന്നേററു ബാലാക്കി
ന്റെ പ്രഭുക്കന്മാരോടു: നിങ്ങളുടെ ദേശ
ത്തേക്കു തിരികെ പോകുവിൻ; നിങ്ങളോടു
കൂടെ വരുവാൻ കർത്താവ് എനിക്കു അനു
14 വാദം തരുന്നില്ല എന്നു പറഞ്ഞു. മോവാ
ബ്യ പ്രഭുക്കന്മാർ ബാലാക്കിന്റെ അടു
ക്കൽ ചെന്നു: ബെലയാമിനു ഞങ്ങളോടു
കൂടെ വരുവാൻ മനസ്സില്ല എന്നു പറഞ്ഞു.
15 ബാലാക് വീണ്ടും അവരെക്കാൾ മാന്യരായ
16 കൂടുതൽ പ്രഭുക്കന്മാരെ അയച്ചു. അവർ
ബെലയാമിന്റെ അടുക്കൽ വന്നു അവ
നോടു: എന്റെ അടുക്കൽ വരുന്നതിനു
17 തടസ്സമൊന്നും പറയരുതേ. ഞാൻ അങ്ങയെ
ഏററം ബഹുമാനിക്കും; അങ്ങ് എന്നോടു
പറയുന്നതെല്ലാം ഞാൻ ചെയ്യാം; വന്ന്
എനിക്കുവേണ്ടി ഈ ജനത്തെ ശപിക്ക
ണമേ എന്നു സിപ്പോരിന്റെ മകനായ
ബാലാക് പറയുന്നു എന്നു പറഞ്ഞു.
18 ബെലയാം ബാലാക്കിന്റെ ദൂതന്മാരോടു:
ബാലാക് തന്റെ ഗൃഹം നിറച്ചു വെള്ളിയും
പൊന്നും എനിക്കു തന്നാലും എന്റെ ദൈവ
മായ കർത്താവിന്റെ കല്പന ലംഘിച്ചു
കൂടുതലോ കുറച്ചോ ചെയ്‌വാൻ എനിക്കു
19 കഴിയുന്നതല്ല. ആകയാൽ ദൈവം ഇനിയും
എന്നോടു എന്തു അരുളിച്ചെയ്യും എന്നു
ഞാൻ അറിയട്ടെ; നിങ്ങളും ഈ രാത്രി
ഇവിടെ താമസിക്കുവിൻ എന്നു പറഞ്ഞു.
20 രാത്രിയിൽ ദൈവം ബെലയാമിന്റെ അടു
ക്കൽ വന്നു: ഇവർ നിന്നെ വിളിപ്പാൻ വന്നി
രിക്കുന്നുവെങ്കിൽ പുറപ്പെട്ട് അവരോടു
കൂടെ പോകുക; എന്നാൽ ഞാൻ നിന്നോടു
കല്പിക്കുന്ന കാര്യം മാത്രമേ ചെയ്യാവു

എന്നു കല്പിച്ചു. ബെലയാം രാവിലെ എഴു 21
ന്നേററു കഴുതയ്ക്കു കോപ്പിട്ടു മോവാബ്യ
പ്രഭുക്കന്മാരോടുകൂടെ പോയി. അവൻ 22
പോയതുകൊണ്ടു ദൈവത്തിന്റെ കോപം
ജ്വലിച്ചു; ദൈവത്തിന്റെ ദൂതൻ വഴിയിൽ
അവന് എതിരായി നിന്നു; അവൻ
കഴുതപ്പുറത്തു കയറിപ്പോകുകയായിരുന്നു;
അവന്റെ രണ്ടു ബാല്യക്കാരും കൂടെ ഉണ്ടാ
യിരുന്നു. ദൈവദൂതൻ വാൾ ഊരി 23
പ്പിടിച്ചുകൊണ്ടു വഴിയിൽ നിൽക്കുന്നതു
കഴുത കണ്ടു; കഴുത വഴിയിൽനിന്നു മാറി
വയലിലേക്കു പോയി; കഴുതയെ വഴിയി
ലേക്കു തിരിക്കേണ്ടതിനു ബെലയാം അതി
നെ അടിച്ചു. പിന്നെ ദൈവദൂതൻ 24
ഇരുപുറവും മതിലുള്ള മുന്തിരിത്തോട്ട
ങ്ങളുടെ മദ്ധ്യവഴിയിൽ നിന്നു. കഴുത 25
ദൈവ ദൂതനെ കണ്ടപ്പോൾ മതിലിനരികെ
ഒതുങ്ങി ബെലയാമിന്റെ കാൽ മതിലി
നോടു ചേർത്തു ഞെക്കി; അവൻ അതിനെ
വീണ്ടും അടിച്ചു. പിന്നെ ദൈവ 26
ദൂതൻ മുമ്പോട്ടു ചെന്ന് ഇടത്തോട്ടും വല
ത്തോട്ടും മാറുവാൻ വഴിയില്ലാത്ത ഒരു
ചെറുവഴിയിൽ നിന്നു. ദൈവ ദൂത 27
നെ കണ്ടപ്പോൾ കഴുത ബെലയാമിന്റെ
കീഴെ കിടന്നുകളഞ്ഞു; ബെലയാമിന്റെ
കോപം ജ്വലിച്ചു. അവൻ കഴുതയെ വടി
കൊണ്ട് അടിച്ചു. അപ്പോൾ ദൈവം 28
കഴുതയുടെ വായ് തുറന്നു; അതു ബെല
യാമിനോടു: നീ എന്നെ ഈ മൂന്നു പ്രാവ
ശ്യം അടിക്കുവാൻ ഞാൻ നിന്നോട് എന്തു
ചെയ്തു? എന്നു ചോദിച്ചു. ബെലയാം 29
കഴുതയോടു: നീ എന്നെ ആക്ഷേപിച്ചതു
കൊണ്ടത്രെ. എന്റെ കയ്യിൽ വാൾ ഉണ്ടാ
യിരുന്നെങ്കിൽ ഞാൻ ഇപ്പോൾ നിന്നെ
കൊന്നുകളയുമായിരുന്നു എന്നു പറഞ്ഞു.
കഴുത ബെലയാമിനോടു: ഞാൻ നിന്റെ 30
കഴുതയല്ലയോ? ബാല്യം മുതൽ ഇന്നുവരെ
എന്റെ പുറത്തല്ലയോ നീ കയറി നടന്നത്?
ഞാൻ എപ്പോഴെങ്കിലും നിന്നോട് ഇങ്ങനെ
പെരുമാറിയിട്ടുണ്ടോ എന്നു ചോദിച്ചു. ഇല്ല 31
എന്നു അവൻ പറഞ്ഞു. അപ്പോൾ ദൈവം
ബെലയാമിന്റെ കണ്ണു തുറന്നു; ദൈവദൂ
തൻ വാളൂരിപ്പിടിച്ചുകൊണ്ടു നിൽക്കുന്നതു
അവൻ കണ്ടു സാഷ്ടാംഗം വീണു നമസ്ക
രിച്ചു. ദൈവദൂതൻ അവനോട്: ഈ മൂന്നു 32
പ്രാവശ്യം നീ കഴുതയെ അടിച്ചതു എന്തിന്?
ഇതാ, ഞാൻ നിനക്കു പ്രതിയോഗിയായി
പുറപ്പെട്ടിരിക്കുകയാണ്; നീ എനിക്കെതിരാ
യിപോകുന്നു എന്നു ഞാൻ കാണുന്നു.
കഴുത എന്നെ കണ്ട് ഈ മൂന്നുപ്രാവശ്യം 33

എൻെറ മുമ്പിൽ നിന്നു മാറിപ്പോയി; അതു
മാറിപ്പോയിരുന്നില്ലെങ്കിൽ ഞാൻ ഇപ്പോൾ
തന്നെ നിന്നെ കൊല്ലുകയും അതിനെ
ജീവനോടെ രക്ഷിക്കുകയും ചെയ്യുമായി
രുന്നു എന്നു പറഞ്ഞു. ബെലയാം ദൈവ
ദൂതനോടു: ഞാൻ പാപം ചെയ്തിരിക്കുന്നു;
അങ്ങ് എനിക്ക് എതിരായി വഴിയിൽ നിന്നി
രുന്നു എന്നു ഞാൻ അറിഞ്ഞില്ല; ഇതു
അങ്ങേയ്ക്കു അനിഷ്ടമെങ്കിൽ ഞാൻ
മടങ്ങിപ്പൊയ്ക്കൊള്ളാം എന്നു പറഞ്ഞു.
ദൈവദൂതൻ ബെലയാമിനോട്: ഇവരോടു
കൂടെ പോകുക; എങ്കിലും ഞാൻ നിന്നോടു
കല്പിക്കുന്ന വചനം മാത്രമേ പറയാവൂ
എന്നു പറഞ്ഞു; ബെലയാം ബാലാക്കി
ൻെറ പ്രഭുക്കന്മാരോടുകൂടെ പോയി.
ബെലയാം വരുന്നു എന്നു ബാലാക് കേട്ട
പ്പോൾ അർന്നോൻ തീരത്തു ദേശത്തിൻെറ
അതിർത്തിയിലുള്ള മോവാബ് നഗരം വരെ
അവനെ എതിരേൽക്കുവാൻ ചെന്നു.
ബാലാക് ബെലയാമിനോടു: ഞാൻ അങ്ങേ
വിളിക്കുവാൻ ആളയച്ചില്ലയോ? അങ്ങ്
വരാതിരുന്നതു എന്ത്? അങ്ങയെ ബഹു
മാനിക്കുവാൻ എനിക്കു കഴിയുകയില്ലയോ
എന്നു പറഞ്ഞതിനു ബെലയാം ബാലാക്കി
നോടു: ഞാൻ വന്നിരിക്കുന്നുവല്ലോ;
എന്നാൽ എന്തെങ്കിലും പറയുവാൻ എനി
ക്കു സ്വയം കഴിയുമോ? ദൈവം എൻെറ
വദനത്തിൽ തരുന്ന വചനമേ ഞാൻ
പ്രസ്താവിക്കുകയുള്ളു എന്നു പറഞ്ഞു.
ബെലയാം ബാലാക്കിനോടുകൂടെ പോയി;
അവർ കുര്യത്ത്-ഹസ്രോത്തിൽ എത്തി.
ബാലാക് കാളകളെയും ആടുകളെയും
അറുത്ത് ബെലയാമിനും അവനോടു കൂടെ
യുള്ള പ്രഭുക്കന്മാർക്കും കൊടുത്തയച്ചു.
പിറെറന്നാൾ ബാലാക് ബെലയാമിനെ
ബാമോത്ത് - ബാലിലേക്ക് കൂട്ടിക്കൊണ്ടു
പോയി; അവിടെ നിന്നുകൊണ്ട് അവൻ
ജനത്തിൻെറ ഒരററം കണ്ടു.

അദ്ധ്യായം 23

ബെലയാം ബാലാക്കിനോട്: ഇവിടെ
എനിക്കു ഏഴു യാഗപീഠം പണിത് ഏഴു
കാളയെയും ഏഴു ആട്ടുകൊററനെയും
ഒരുക്കിനിർത്തുക എന്നു പറഞ്ഞു. ബെല
യാം പറഞ്ഞതുപോലെ ബാലാക് ചെയ്തു;
ബാലാക്കും ബെലയാമും ഓരോ പീഠത്തി
ന്മേലും ഒരു കാളയെയും, ഒരു ആട്ടുകൊററ
നെയും യാഗം കഴിച്ചു. വീണ്ടും ബെലയാം
ബാലാക്കിനോട്: നിൻെറ ഹോമയാഗ
ത്തിൻെറ അടുക്കൽ നില്ക്കുക; ഞാൻ
അങ്ങോട്ടു ചെല്ലട്ടെ; പക്ഷെ ദൈവം
എനിക്കു പ്രത്യക്ഷനാകും; അവൻ എന്നെ
കാണിക്കുന്നതു ഞാൻ നിന്നോടു അറി
യിക്കും എന്നു പറഞ്ഞു കുന്നിന്മേൽ കയറി.
ദൈവം ബെലയാമിനു പ്രത്യക്ഷനായി; 4
ബെലയാം അവനോടു: ഞാൻ ഏഴു പീഠം
ഒരുക്കി ഓരോ പീഠത്തിന്മേൽ ഒരു കാള
യെയും ഒരു ആട്ടുകൊററനെയും യാഗം
കഴിച്ചിരിക്കുന്നു എന്നു പറഞ്ഞു. അപ്പോൾ 5
ദൈവം ഒരു വചനം ബെലയാമിൻെറ നാവി
ന്മേൽ കൊടുത്തു: നീ ബാലാക്കിൻെറ
അടുക്കൽ മടങ്ങിച്ചെന്ന് ഇപ്രകാരം പറയ
ണം എന്നു കല്പിച്ചു. അവൻ അവൻെറ 6
അടുക്കൽ മടങ്ങിച്ചെന്നു; അവനും മോ
വാബ്യപ്രഭുക്കന്മാർ എല്ലാവരും ഹോമയാഗ
ത്തിൻെറ അടുക്കൽ നിന്നിരുന്നു. അപ്പോൾ 7
അവൻ സുഭാഷിതം ചൊല്ലിത്തുടങ്ങിയത്:

ബാലാക് എന്നെ ആറാമിൽനിന്നും
മോവാബ് രാജാവു കിഴക്കൻ പർവ്വത
 ങ്ങളിൽനിന്നും വരുത്തി:
പോയി യാക്കോബിനെ ശപിക്കുക:
പോയി ഇസ്രായേലിനെ നശിപ്പിക്കുക
 എന്നു പറഞ്ഞു.
ദൈവം ശപിക്കാത്തവനെ ഞാൻ എങ്ങനെ 8
 ശപിക്കും?
ദൈവം നശിപ്പിക്കാത്തവനെ ഞാൻ എങ്ങ
 നെ നശിപ്പിക്കും?
പർവ്വതാഗ്രങ്ങളിൽനിന്നു ഞാൻ അവനെ 9
 കാണുന്നു;
ഗിരികളിൽനിന്നു ഞാൻ അവനെ ദർശി
 ക്കുന്നു;
ഇതാ, തനിച്ചു പാർക്കുന്നോരു ജനം;
ജാതികളുടെ കൂടെ ഗണിക്കപ്പെടുന്നതു
 മില്ല.
യാക്കോബിൻെറ മണൽതരികളെ ആർക്ക് 10
 എണ്ണാം?
ഇസ്രായേലിൻെറ കാലക്രമത്തെ ആർക്കു
 ഗണിക്കാം?
ഭക്തന്മാർ മരിക്കുന്നതുപോലെ ഞാൻ
 മരിക്കട്ടെ;
എൻെറ അവസാനം അവരുടേതുപോലെ
 ആകട്ടെ.

ബാലാക് ബെലയാമിനോടു: നീ 11
എന്നോടു ഈ ചെയ്തതു എന്ത്? എൻെറ
ശത്രുക്കളെ ശപിക്കുവാനല്ലയോ ഞാൻ
നിന്നെ വരുത്തിയതു? നീയോ അവരെ
അനുഗ്രഹിക്കുകയത്രേ ചെയ്തിരിക്കുന്നത്
എന്നു പറഞ്ഞു. അതിന് അവൻ: ദൈവം എ 12
ൻെറ നാവിന്മേൽ തന്നതു പറയുവാൻ
ഞാൻ ശ്രദ്ധിക്കേണ്ടതല്ലയോ എന്നു ഉത്തരം

13 പറഞ്ഞു. ബാലാക് അവനോടു: നീ അവരെ
മററൊരു സ്ഥലത്തുനിന്നു കാണേണ്ടതിനു
എന്നോടുകൂടെ വരിക; എന്നാൽ അവരുടെ
ഒരററം മാത്രമല്ലാതെ എല്ലാവരെയും കാണു
കയില്ല; അവിടെ നിന്നു അവരെ ശപിക്കണം
14 എന്നു പറഞ്ഞു. ഇങ്ങനെ അവൻ കുന്നിൻ
മുകളിൽ വീക്ഷണസ്ഥലത്തേക്ക് അവനെ
കൊണ്ടുപോയി ഏഴു യാഗപീഠം പണിതു
ഓരോ പീഠത്തിന്മേലും ഒരു കാളയെയും
ഒരു ആട്ടുകൊററനെയും യാഗം കഴിച്ചു. പി
15 ന്നെ അവൻ ബാലാക്കിനോടു: ഇവിടെ നി
ൻെറ ഹോമയാഗത്തിൻെറ അടുക്കൽ നില്
ക്കുക; ഞാൻ അവിടെ ചെന്നു കാണട്ടെ എ
16 ന്നു പറഞ്ഞു. ദൈവം ബെലയാമിനു പ്രത്യ
ക്ഷനായി അവൻെറ നാവിന്മേൽ ഒരു വചനം
കൊടുത്തു: ബാലാക്കിൻെറ അടുക്കൽ മട
ങ്ങിച്ചെന്ന് ഇപ്രകാരം പറയുക എന്നു കല്പി
17 ച്ചു. അവൻ അവൻെറ അടുക്കൽ വന്നപ്പോൾ
അവൻ മോവാബ്യപ്രഭുക്കന്മാരോടുകൂടെ
തൻെറ ഹോമയാഗത്തിൻെറ അടുക്കൽ നി
ന്നിരുന്നു. അപ്പോൾ ബാലാക് അവനോടു:
ദൈവം എന്തു അരുളിച്ചെയ്തു? എന്നു ചോ
18 ദിച്ചു. അവൻ സുഭാഷിതം പാടിത്തുടങ്ങി:
ബാലാക്കേ, എഴുന്നേററു കേൾക്ക;
സിപ്പോരിൻെറ പുത്രാ, എൻെറ സാക്ഷ്യം
ശ്രദ്ധിക്കുക.
19 വ്യാജം പറയുവാൻ ദൈവം മനുഷ്യനല്ല;
ദുരാലോചനകൊടുപ്പാൻ അവൻ മനുഷ്യ
പുത്രനുമല്ല;
താൻ കല്പിച്ചതു ചെയ്യാതിരിക്കുമോ?
അവൻെറ വചനം എന്നേക്കും നില
നില്ക്കുന്നു
20 അനുഗ്രഹിപ്പാൻ എനിക്കു കല്പന ലഭി
ച്ചിരിക്കുന്നു;
അവൻ അനുഗ്രഹിച്ചിരിക്കുന്നു; എനിക്കു
അതു മാററിക്കൂടാ.
21 യാക്കോബിൽ തിന്മ കാണുവാനില്ല;
ഇസ്രായേലിൽ കഷ്ടത ദർശിപ്പാനുമില്ല;
അവൻെറ ദൈവമായ കർത്താവ് അവ
നോടുകൂടെ ഇരിക്കുന്നു;
രാജമഹത്വം അവനിൽ ഉണ്ട്.
22 ദൈവം അവരെ മെസ്രേനിൽനിന്നു കൊണ്ടു
വന്നു;
ദൈവം സ്വശക്തിയാലും ഔന്നത്യത്താലും
മെസ്രേനിൽ നിന്നവരെ കൊണ്ടുവന്നു.
23 ആഭിചാരം യാക്കോബിനു പററുകയില്ല;
ലക്ഷണവിദ്യ ഇസ്രായേലിനോടു ഫലി
ക്കുകയുമില്ല;
ഇപ്പോൾ യാക്കോബിനെക്കുറിച്ചും
ഇസ്രായേലിനെക്കുറിച്ചും: ദൈവം എന്തെ
ല്ലാം പ്രവർത്തിച്ചിരിക്കുന്നു എന്നേ പറയാ
വു. ഇതാ ജനം സിംഹത്തെപ്പോലെ എഴു 24
ന്നേൽക്കുന്നു; ബാലസിംഹംപോലെ ഞെ
ളിഞ്ഞു നിൽക്കുന്നു; അവൻ ഇര പിടിച്ചു
തിന്നാതെയും നിഹതന്മാരുടെ രക്തം കുടി
ക്കാതെയും ഉറങ്ങുകയില്ല. അപ്പോൾ ബാ 25
ലാക് ബെലയാമിനോടു: അവരെ ശപിക്കു
കയും വേണ്ട, അനുഗ്രഹിക്കുകയും വേണ്ട
എന്നു പറഞ്ഞു. ബെലയാം ബാലാക്കി 26
നോടു: ദൈവം കല്പിക്കുന്നതെല്ലാം ഞാൻ
ചെയ്യും എന്നു നിന്നോടു പറഞ്ഞില്ലയോ
എന്നു ഉത്തരം പറഞ്ഞു. ബാലാക് ബെല 27
യാമിനോടു: വരിക, ഞാൻ നിന്നെ മററൊരു
സ്ഥലത്തു കൊണ്ടുപോകും; അവിടെനി
ന്നു നീ എനിക്കുവേണ്ടി അവരെ ശപിക്കു
വാൻ ദൈവത്തിനു പക്ഷേ സമ്മതമായേ
ക്കും എന്നു പറഞ്ഞു. ബാലാക് ബെലയാ 28
മിനെ മരുഭൂമിക്കു എതിരെയുള്ള പെയോർ
മലയുടെ മുകളിൽ കൊണ്ടുപോയി. ബെല 29
യാം ബാലാക്കിനോടു: ഇവിടെ എനിക്ക്
ഏഴു യാഗപീഠം പണിതു ഏഴു കാളയെയും
ഏഴു ആട്ടുകൊററനെയും ഒരുക്കി നിർത്തു
ക എന്നു പറഞ്ഞു. ബെലയാം പറഞ്ഞതു 30
പോലെ ബാലാക് ചെയ്തു; യാഗപീഠങ്ങ
ളിന്മേൽ കാളകളേയും ആട്ടു കൊററന്മാ
രേയും യാഗം കഴിച്ചു.

അദ്ധ്യായം 24

ഇസ്രായേലിനെ അനുഗ്രഹിക്കുന്നതു 1
ദൈവത്തിന് പ്രസാദമെന്നു ബെലയാം ഗ്ര
ഹിച്ചപ്പോൾ അവൻ മുമ്പെപ്പോലെ ലക്ഷ
ണം നോക്കുവാൻ പോകാതെ മരുഭൂമിക്കു
നേരെ മുഖം തിരിച്ചു. ബെലയാം തല ഉയർ 2
ത്തി ഇസ്രായേൽ ഗോത്രം ഗോത്രമായി
പാർക്കുന്നതു കണ്ടു; ദൈവത്തിൻെറ ആത് 3
മാവു അവൻെറ മേൽ വന്നു; അവൻ പാടി
ത്തുടങ്ങിയതു:
ബെയോരിൻെറ മകനായ ബെലയാം പറ
യുന്നു;
തൻെറ കണ്ണ് സത്യമായിരിക്കുന്ന മനുഷ്യൻ
പറയുന്നു;
ദൈവത്തിൻെറ അരുളപ്പാടു കേൾക്കുന്നവൻ, 4
സർവ്വശക്തൻെറ ദർശനം ദർശിക്കുന്നവൻ,
വീഴുമ്പോൾ കണ്ണു തുറന്നിരിക്കുന്നവൻ
പറയുന്നു:
യാക്കോബേ, നിൻെറ കൂടാരങ്ങൾ, 5
ഇസ്രായേലേ, നിൻെറ നിവാസങ്ങൾ എത്ര
മനോഹരം!
താഴ്വരപോലെ അവ വ്യാപിച്ചിരിക്കുന്നു; 6
നദീതീരത്തെ ഉദ്യാനങ്ങൾപോലെ,

ദൈവം നട്ടിരിക്കുന്ന ചന്ദനവൃക്ഷങ്ങൾ പോലെ,
വെള്ളത്തിന്നടുത്തുള്ള ദേവദാരുക്കൾ പോലെ.
അവന്റെ മക്കളിൽനിന്നു ഒരുവൻ പുറപ്പെടും;
അവന്റെ സന്തതി പെരുവെള്ളത്തിന്മേൽ;
അവന്റെ രാജാവ് ആഗാഗിലും ശ്രേഷ്ഠൻ;
അവന്റെ രാജത്വം ഉന്നതംതന്നേ.
ദൈവം അവനെ മെസ്രേനിൽനിന്നു കൊണ്ടുവന്നു;
ന്റെ ശക്തിയാലും വലിമയാലും അവന്റെ ജനം അവന്റെ ശത്രുക്കളെ തിന്നുകളയും;
ശത്രുക്കളെ അവന്റെ ജനം തിന്നുകളയും;
അവരുടെ അസ്ഥികളെ അവൻ തകർക്കും;
അവരുടെ അരകളെ അവൻ വിച്ഛേദിക്കും.
അവൻ സിംഹത്തെപോലെ പതുങ്ങിക്കിടക്കുന്നു;
ബാലസിംഹത്തെപ്പോലെ അവനെ ഉണർത്തും?
നിന്നെ അനുഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ;
നിന്നെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവൻ.

അപ്പോൾ ബാലാക്കിന്റെ കോപം ബെലയാമിന്റെ നേരെ ജ്വലിച്ചു; അവൻ കൈ ഞെരിച്ചു ബെലയാമിനോടു: എന്റെ ശത്രുക്കളെ ശപിക്കുവാൻ ഞാൻ നിന്നെ വിളിച്ചു; നീയോ ഇവരെ ഈ മൂന്നു പ്രാവശ്യവും ആശീർവദിക്കുകയത്രേ ചെയ്തിരിക്കുന്നത്. ഇപ്പോൾ നിന്റെ സ്ഥലത്തേക്കു ഓടുക; നിന്നെ വളരെ ബഹുമാനിപ്പാൻ ഞാൻ വിചാരിച്ചിരുന്നു; എന്നാൽ ദൈവം നിനക്കു ബഹുമാനം തടസ്സപ്പെടുത്തി എന്നു പറഞ്ഞു. അതിനു ബെലയാം ബാലാക്കിനോടു പറഞ്ഞു: ബാലാക് തന്റെ ഗൃഹം നിറച്ചു വെള്ളിയും പൊന്നും തന്നാലും ദൈവ കല്പന ലംഘിച്ചു ഗുണമായോ ദോഷമായോ സ്വയമായി ചെയ്യുവാൻ എനിക്കു കഴിയുകയില്ല; ദൈവം അരുളിച്ചെയ്യുന്നതു മാത്രമേ ഞാൻ പറയുകയുള്ളു എന്നു എന്റെ അടുക്കൽ നീ അയച്ച ദൂതന്മാരോടു ഞാൻ പറഞ്ഞില്ലയോ? ഇപ്പോൾ ഇതാ, ഞാൻ എന്റെ സ്വദേശത്തേക്കു പോകുന്നു; വരിക, ഭാവികാലത്ത് ഈ ജനം നിന്റെ ജനത്തോടു എന്തു ചെയ്യുമെന്നു ഞാൻ നിന്നെ അറിയിക്കാം.

പിന്നെ അവൻ പാടിയതു:
ബെയോരിന്റെ മകൻ ബിലയാം പറയുന്നു;
ദൃഷ്ടി സത്യമായിരിക്കുന്ന മനുഷ്യൻ പറയുന്നു:
ദൈവത്തിന്റെ കല്പന കേൾക്കുന്നവൻ, 16
മഹോന്നതന്റെ പരിജ്ഞാനം പ്രാപിച്ചവൻ,
സർവ്വശക്തന്റെ ദർശനം ദർശിക്കുന്നവൻ,
വീഴുമ്പോൾ കണ്ണു തുറന്നിരിക്കുന്നവൻ പറയുന്നു;
ഞാൻ അവനെ കണ്ടു, ഇപ്പോൾ അല്ല; 17
ഞാൻ അവനെ ദർശിക്കും, അടുത്തല്ല.
യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും;
ഇസ്രായേലിൽനിന്നു ഒരു തലവൻ ഉയരും.
അതു മോവാബിന്റെ ശക്തരെയെല്ലാം തകർക്കുകയും
ശേത്തിന്റെ മക്കളെ ഒക്കെയും സംഹരിക്കുകയും ചെയ്യും.
ഏദോം, ഒരു അധീനപ്രദേശമാകും; 18
ശത്രുവായ സേയീരും അധീനപ്രദേശമാകും;
ഇസ്രായേലോ വീര്യം പ്രവർത്തിക്കും.
യാക്കോബിൽനിന്നു ഒരുവൻ ഇറങ്ങിവരും; 19
ഒഴിഞ്ഞുമാറിയവരെ അവൻ നഗരത്തിൽനിന്നു നശിപ്പിക്കും.
അവൻ അമാലേക്കിനെ നോക്കി പാടിയത്: 20
അമാലേക് ജാതികളിൽ മുമ്പൻ;
അവന്റെ അവസാനമോ നാശമത്രെ.
അവൻ കേന്യരെ നോക്കി പാടിയതു: 21
നിന്റെ നിവാസം ഉറപ്പുള്ളതെങ്കിലും
നിന്റെ കൂടു പാറയിൽ സ്ഥാപിച്ചിരിക്കുന്നുവെങ്കിലും
കേന്യനു നിർമ്മൂലനാശം ഭവിക്കും; 22
അശൂർ നിന്നെ പിടിച്ചുകൊണ്ടുപോകുവാൻ ഇനി അധികകാലമില്ല.
വീണ്ടും അവൻ പാടിയതു: 23
ദൈവം ഇതു നിവർത്തിക്കുമ്പോൾ ആർ ജീവിച്ചിരിക്കും?
കിത്തീം തീരത്തുനിന്നു മഹാസംഘങ്ങൾ വരും; 24
അവ അശൂരിനെ താഴ്ത്തും, ഏബെരിനെയും താഴ്ത്തും.
അവനു നിർമ്മൂല നാശം സംഭവിക്കും.
ബിലെയാം പുറപ്പെട്ടു തന്റെ സ്ഥല 25
ത്തേക്കു മടങ്ങിപ്പോയി; ബാലാക്കും തന്റെ
വഴിക്കു പോയി.

അദ്ധ്യായം 25

ഇസ്രായേൽ ശിത്തീമിൽ കഴിയുമ്പോൾ 1
ജനം മോവാബ്യ സ്ത്രീകളുമായി പരസംഗം
നടത്തി. ആ സ്ത്രീകൾ ജനത്തെ തങ്ങളുടെ 2
ദേവന്മാരുടെ ബലികൾക്കു വിളിക്കുകയും
ജനം ഭക്ഷിച്ചു അവരുടെ ദേവന്മാരെ ആരാ

3 ധിക്കുകയും ചെയ്തു. ഇസ്രായേൽ ബാൽ
പെയോരിനോടു ചേർന്നു, ദൈവകോപം ഇ
4 സ്രായേലിൻെറ നേരെ ജ്വലിച്ചു. ദൈവം മോ
ശയോടു: ജനത്തിൻെറ തലവന്മാരെയെല്ലാം
കൂട്ടി ദൈവത്തിൻെറ ഉഗ്രകോപം ഇസ്രായേ
ലിനെ വിട്ടുമാറുവാൻ അവരെ സൂര്യനു മു
മ്പാകെ പരസ്യമായി നശിപ്പിപ്പാൻ കല്പിച്ചു.
5 മോശ ഇസ്രായേൽ ന്യായാധിപന്മാരോടു:
നിങ്ങൾ ഓരോരുവൻ താന്താൻെറ ആളുക
ളിൽ ബാൽപെയോരിനോടു ചേർന്നവരെ
6 കൊന്നുകളയണംഎന്നുപറഞ്ഞു. എന്നാൽ
മോശയും സമാഗമനകൂടാരത്തിൻെറ വാ
തിൽക്കൽ കരഞ്ഞുകൊണ്ടിരിക്കുന്ന ഇ
സ്രായേൽ മക്കളുടെ സർവസഭയും കാൺ
കെ, ഒരു ഇസ്രായേല്യൻ തൻെറ സഹോദര
ന്മാരുടെ മദ്ധ്യത്തിലേക്കു ഒരു മിദ്യാന്യ
7 സ്ത്രീയെ കൊണ്ടുവന്നു. പുരോഹിതനായ
അഹറോൻെറ മകൻ എലിയാസാറിൻെറ മ
കൻ ഫിനഹാസ് അതു കണ്ടപ്പോൾ സഭയു
ടെ മദ്ധ്യെ നിന്നു എഴുന്നേററു കയ്യിൽ ഒരു കു
8 ന്തം എടുത്തു, ആ ഇസ്രായേല്യൻെറ പിന്നാ
ലെ അന്തഃപുരത്തിലേക്കു ചെന്നു ഇരുവരെ
യും, ആ ഇസ്രായേല്യനെയും ആ സ്ത്രീയെ
യും അവളുടെ ഉദരം തുളയും വണ്ണം കുത്തി,
അപ്പോൾ ബാധ ഇസ്രായേൽ മക്കളെ വിട്ടു
9 മാറി. പെട്ടന്നുണ്ടായ ബാധകൊണ്ടു മരിച്ച
ത് ഇരുപത്തിനാലായിരം പേരായിരുന്നു.
10,11 ദൈവം മോശയോടു കല്പിച്ചു: ഞാൻ
എൻെറ തീക്ഷ്ണതയിൽ ഇസ്രായേൽ
മക്കളെ സംഹരിക്കാതിരിക്കുവാൻ അഹ
റോൻ പുരോഹിതൻെറ മകനായ എലിയാ
സാറിൻെറ മകൻ ഫിനഹാസ് അവരുടെ
ഇടയിൽ എനിക്കുവേണ്ടി തീക്ഷ്ണതയു
ള്ളവനായി എൻെറ ക്രോധം ഇസ്രായേൽ
12 മക്കളെ വിട്ടുപോകുമാറാക്കി. ആകയാൽ
ഇതാ, ഞാൻ അവന് എൻെറ സമാധാന
13 നിയമം കൊടുക്കുന്നു. അവൻ തൻെറ
ദൈവത്തിനുവേണ്ടി തീക്ഷ്ണതയുള്ള
വനായി ഇസ്രായേൽ മക്കൾക്കുവേണ്ടി
പരിഹാരം കഴിച്ചതുകൊണ്ട് അതു അവനും
അവൻെറ സന്തതിക്കും നിത്യപൗരോഹിത്യ
ത്തിൻെറ നിയമമാകും എന്നു നീ പറയണം.
14 മിദ്യാന്യ സ്ത്രീയോടുകൂടെ കൊന്ന ഇസ്രാ
യേല്യനു സിമ്രി എന്നു പേർ; അവൻ ശെമ
ഓൻ ഗോത്രത്തിൽ ഒരു നേതാവായ സാലു
15 വിൻെറ മകൻ ആയിരുന്നു. കൊല്ലപ്പെട്ട
മിദ്യാന്യസ്ത്രീയുടെ പേർ കൊസ്ബി; അ
വൾ ഒരു മിദ്യാന്യ ഗോത്രത്തിൽ ജാതിത്തല
വനായിരുന്ന സൂരിൻെറ മകളായിരുന്നു.
16 പെയോരിൻെറ കാര്യത്തിലും പെയോർ
നിമിത്തം ഉണ്ടായ ബാധയുടെ കാലത്തു
കൊല്ലപ്പെട്ട അവരുടെ സഹോദരിയായ
മിദ്യാന്യ പ്രഭുവിൻെറ മകൾ കൊസ്ബി
യുടെ കാര്യത്തിലും മിദ്യാന്യർ നിങ്ങളെ
ചതിച്ചു ഉപായങ്ങളാൽ വിഷമിപ്പിച്ചിരിക്ക
കൊണ്ടു, നിങ്ങൾ അവരെ പീഡിപ്പിച്ചു 17
സംഹരിപ്പിൻ എന്നു ദൈവം മോശയോടു 18
അരുളിച്ചെയ്തു.

അദ്ധ്യായം 26

ബാധ കഴിഞ്ഞശേഷം ദൈവം മോശ 1
യോടും പുരോഹിതനായ അഹറോൻെറ
മകൻ എലിയാസാറിനോടും പറഞ്ഞു: 2
ഇസ്രായേൽ മക്കളുടെ സർവ്വസഭയേയും
ഇരുപതുവയസ്സുമുതൽ മേലോട്ടു യുദ്ധത്തി
നു പ്രാപ്തിയുള്ള എല്ലാവരെയും ഗോത്രം
ഗോത്രമായി എണ്ണി സംഖ്യ എടുപ്പിൻ.
അങ്ങനെ മോശയും പുരോഹിതനായ 3
എലിയാസാറും യരീഹോയുടെ സമീപം
യോർദ്ദാന്നരികെയുള്ള മോവാബ് സമഭൂമി
യിൽ വച്ചു അവരോടു: ദൈവം മോശ 4
യോടും മെസ്രേൻ ദേശത്തുനിന്നു പുറപ്പെട്ട
ഇസ്രായേൽ മക്കളോടും കല്പിച്ചതുപോ
ലെ ഇരുപതു വയസ്സുമുതൽ മേലോട്ടുള്ള
വരുടെ എണ്ണം എടുപ്പിൻ എന്നു പറഞ്ഞു.
ഇസ്രായേലിൻെറ ആദ്യജാതൻ രൂബൻ; 5
രൂബൻെറ പുത്രന്മാർ: ഹനോക്കിൽനിന്നു
ഹനോക്ക്യകുടുംബം; പല്ലുവിൽനിന്നു
പല്ലുവ്യ കുടുംബം; ഹെസ്രോനിൽനിന്നു 6
ഹെസ്രോന്യകുടുംബം; കർമ്മിയിൽനിന്നു
കർമ്മ്യകുടുംബം. ഇവയാകുന്നു രൂബന്യ 7
കുടുംബങ്ങൾ; അവർ നാല്പത്തിമൂവാ
യിരത്തെഴുന്നൂററിമുപ്പതു പേർ. പല്ലു 8
വിൻെറ പുത്രന്മാർ: എലീയാബ്. എലീയാ
ബിൻെറ പുത്രന്മാർ: നെമൂവേൽ, ദാഥാൻ, 9
അബീരാം. ദൈവത്തിനു വിരോധമായി
കലഹിച്ചപ്പോൾ കോരഹിൻെറ കൂട്ടത്തിൽ
മോശയ്ക്കും അഹറോനും വിരോധമായി
കലഹിച്ച സംഘത്തിൽപെട്ട ദാഥാനും
അബീരാമും ഇവർതന്നെ; ഭൂമി വായ് തുറ 10
ന്നു അവരെയും കോരഹിനെയും വിഴുങ്ങി
ക്കളയുകയും അഗ്നി ഇരുനൂററൻപതു
പേരെ ദഹിപ്പിക്കുകയും ചെയ്തപ്പോൾ ആ
സംഘം മരിച്ചു; അവർ ഒരു അടയാളമായി
ത്തീർന്നു. എന്നാൽ കോരഹിൻെറ പുത്ര 11
ന്മാർ മരിച്ചില്ല.
ശെമഓൻെറ പുത്രന്മാർ കുടുംബം 12
കുടുംബമായി: നെമൂവേലിൽനിന്നു നെമൂ
വേല്യകുടുംബം; യാമീനിൽനിന്നു യാമീന്യ
കുടുംബം; യാഖീനിൽനിന്നു യാഖീന്യ
കുടുംബം; സേരഹിൽനിന്നു സേരഹ്യ
കുടുംബം; ശാവൂലിൽനിന്നു ശാവൂല്യ 13

 പുടുംബം. ശെമഓന്യ കുടുംബങ്ങളായ
ഇവർ ഇരുപത്തീരായിരത്തിരുന്നൂറു പേർ.
ഗാദിൻെറ പുത്രന്മാർ കുടുംബം കുടും
ബമായി: സെഫോനിൽനിന്നു സെഫോന്യ
കുടുംബം; ഹഗ്ഗിയിൽനിന്നു ഹഗ്ഗീയകുടും
ബം; ശൂനിയിൽനിന്നു ശൂനീയകുടുംബം;
ഒസ്നിയിൽനിന്നു ഒസ്നീയകുടുംബം;
ഏരിയിൽനിന്നു ഏര്യകുടുംബം; അരോദിൽ
നിന്നു അരോദ്യകുടുംബം; അരേലിയിൽനി
ന്നു അരേല്യകുടുംബം. അവരിൽ എണ്ണപ്പെട്ട
വരായി ഗാദ് പുത്രന്മാരുടെ കുടുംബങ്ങളാ
യ ഇവർ നാല്പതിനായിരത്തഞ്ഞൂറു പേർ.
യഹൂദയുടെ പുത്രന്മാർ ഏരും ഓനാ
നും ആയിരുന്നു; ഏരും ഓനാനും കനാൻ
ദേശത്തുവച്ചു മരിച്ചു. യഹൂദയുടെ പുത്ര
ന്മാർ കുടുംബംകുടുംബമായി: ശേലയിൽ
നിന്നു ശേലാന്യകുടുംബം; ഫേരെസിൽ
നിന്നു ഫേരെസ്യകുടുംബം; സേരഹിൽ
നിന്നു സേരഹ്യ കുടുംബം. ഫേരെസിൻെറ
പുത്രന്മാർ: ഹെസ്രോനിൽ നിന്നു ഹെസ്രോ
ന്യകുടുംബം; ഹാമൂലിൽനിന്നു ഹാമൂല്യ
കുടുംബം. യഹൂദാകുടുംബങ്ങളായ ഇവർ
എഴുപത്താറായിരത്തഞ്ഞൂറുപേർ.
ഇസ്സാഖാരിൻെറ പുത്രന്മാർ കുടുംബം
കുടുംബമായി: തോലാവിൽനിന്നു തോലാ
വ്യകുടുംബം; പൂവയിൽനിന്നു പൂവ്യകുടും
ബം; യാശൂബിൽനിന്നു യാശൂബ്യകുടുംബം;
ശിമ്രോനിൽനിന്നു ശിമ്രോന്യകുടുംബം.
ഇസ്സാഖാർ കുടുംബങ്ങളായ ഇവർ അറു
പത്തിനാലായിരത്തിമുന്നൂറു പേർ.
സെബൂലൂൻെറ പുത്രന്മാർ കുടുംബം
കുടുംബമായി: സേരെദിൽനിന്നു സേരെദ്യ
കുടുംബം; ഏലോനിൽനിന്നു ഏലോന്യ
കുടുംബം; യഹ്ലേലിൽനിന്നു യഹ്ലേല്യ
കുടുംബം. സെബൂലൂന്യ കുടുംബങ്ങളായ
ഇവർ അറുപതിനായിരത്തഞ്ഞൂറു പേർ.
യോസേഫിൻെറ പുത്രന്മാർ കുടുംബം
കുടുംബമായി: മനശ്ശെയും എഫ്രയീമും. മനശ്ശെ
യുടെ പുത്രന്മാർ: മാഖീരിൽനിന്നു മാഖീര്യ
കുടുംബം; മാഖീർ ഗിലെയാദിനെ ജനിപ്പിച്ചു;
ഗിലെയാദിൽനിന്നു ഗിലെയാദ്യകുടുംബം.
ഗിലെയാദിൻെറ പുത്രന്മാർ: ഈയേസെ
രിൽനിന്നു ഈയേസെര്യ കുടുംബം. ഹേലെ
ക്കിൽനിന്നു ഹേലെക്ക്യകുടുംബം. അസ്രീ
യേലിൽനിന്നു അസ്രീയേല്യ കുടുംബം; ശേ
ഖെമിൽനിന്നു ശേഖെമ്യകുടുംബം. ശമീദാ
വിൽനിന്നു ശമീദാവ്യകുടുംബം; ഹേഫെ
രിൽനിന്നു ഫേഫെര്യകുടുംബം. ഹേഫെരി
ൻെറ മകനായ സെലോഫഹാദിനു പുത്രി
മാർ അല്ലാതെ പുത്രന്മാർ ഇല്ലായിരുന്നു;
സെലോഫഹാദിൻെറ പുത്രിമാർ മഹ്ലാ,
നോവാ, ഹൊഗ്ലാ, മിൽക്കാ, തിർസാ എന്നി
വരായിരുന്നു. മനശ്ശെകുടുംബങ്ങളായ ഇവർ 34
അമ്പത്തീരായിരത്തെഴുനൂറു പേർ.
എഫ്രയീമിൻെറ പുത്രന്മാർ കുടുംബം 35
കുടുംബമായി: ശൂഥേലഹിൽനിന്നു ശൂഥേ
ലഹ്യകുടുംബം; ബേഖെരിൽനിന്നു ബേഖെ
ര്യകുടുംബം; തഹനിൽനിന്നു തഹന്യകുടും
ബം. ശൂഥേഹിൻെറ പുത്രന്മാർ: ഏരാനിൽ 36
നിന്നു ഏരാന്യകുടുംബം. എഫ്രയീമ്യ 37
കുടുംബങ്ങളായ ഇവർ മുപ്പത്തീരായിര
ത്തഞ്ഞൂറുപേർ. ഇവർ കുടുംബംകുടുംബ
മായി യോസേഫിൻെറ പുത്രന്മാർ.
ബെന്യാമീൻെറ പുത്രന്മാർ കുടുംബം 38
കുടുംബമായി: ബേലയിൽനിന്നു ബേലാവ്യ
കുടുംബം; അസ്ബേലിൽനിന്നു അസ്ബേ
ല്യകുടുംബം; അഹീരാമിൽനിന്നു അഹീ
രാമ്യകുടുംബം; ശെഫൂമിൽനിന്നു ശെഫൂമ്യ 39
കുടുംബം; ഹൂഫാമിൽനിന്നു ഹൂഫാമ്യ
കുടുംബം. ബേലിയുടെ പുത്രന്മാർ അർദ്ദും 40
നാമാനും ആയിരുന്നു; അർദ്ദിൽനിന്നു
അർദ്ദ്യകടുംബം; നാമാനിൽനിന്നു നാമാന്യ
കുടുംബം. ഇവർ കുടുംബംകുടുംബമായി 41
ബെന്യാമീൻെറ പുത്രന്മാർ; അവർ നാല്പ
ത്തയ്യായിരത്തറുനൂറു പേർ.
ദാൻെറ പുത്രന്മാർ കുടുംബംകുടുംബ 42
മായി: ശൂഹാമിൽനിന്നു ശൂഹാമ്യകുടുംബം.
ഇവർ കുടുംബംകുടുംബമായി ദാന്യകുടും
ബങ്ങൾ ആകുന്നു. ശൂഹാമ്യകുടുംബങ്ങ 43
ളിൽ എല്ലാം കൂടി അറുപത്തിനാലായിരത്തി
നാനൂറുപേർ.
ആശേരിൻെറ പുത്രന്മാർ കുടുംബം 44
കുടുംബമായി: യിമ്നയിൽനിന്നു യിമ്നീയ
കുടുംബം; യിശ്വയിൽനിന്നു യിശ്വീയ
കുടുംബം; ബെരീയാവിൽനിന്നു ബെരീ
യാവ്യകുടുംബം. ബെരീയായുടെ പുത്രന്മാ 45
രുടെ കുടുംബങ്ങൾ: ഹേബെരിൽനിന്നു
ഹേബെര്യകുടുംബം; മൽക്കീയേലിൽനിന്നു
മൽക്കീയേല്യകുടുംബം. ആശേരിൻെറ 46
പുത്രിക്കു സാറാ എന്നു പേർ. ഇവർ ആശേർ 47
പുത്രന്മാരുടെ കുടുംബങ്ങൾ; അവർ
അമ്പത്തിമൂവായിരത്തിനാനൂറു പേർ.
നഫ്താലിയുടെ പുത്രന്മാർ കുടുംബം 48
കുടുംബമായി: യഹസേലിൽനിന്നു യഹ
സേല്യകുടുംബം; ശൂനിയിൽനിന്നു ശൂന്യ
കുടുംബം. യേസെരിൽനിന്നു യേസെര്യ 49
കുടുംബം; ശില്ലേമിൽനിന്നു ശില്ലേമ്യ
കുടുംബം. ഇവർ കുടുംബംകുടുംബമായി 50
നഫ്താലി കുടുംബങ്ങൾ ആകുന്നു; അവർ
നാല്പത്തയ്യായിരത്തിനാന്നൂറു പേർ.

51 ഇസ്രായേൽ മക്കളിൽ എണ്ണപ്പെട്ട ഇവർ
ആറു ലക്ഷത്തോരായിരത്തെഴുന്നൂററി
മുപ്പതു പേർ.
52 വീണ്ടും ദൈവം മോശയോടു അരുളി
53 ച്ചെയ്തു: ഇവർക്കു ജനസംഖ്യാനുസരണം
ദേശത്തെ അവകാശമായി വിഭാഗിച്ചു
54 കൊടുക്കണം. അധികം ജനം ഉള്ളവർക്ക്
അവകാശം അധികമായും ആൾ കുറവുള്ള
വർക്കു അവകാശം കുറച്ചും കൊടുക്കണം;
55 ഓരോരുവനു അവനവൻെറ ആളെണ്ണത്തി
നു ഒത്തവണ്ണം അവകാശം കൊടുക്കണം.
ദേശത്തെ നറുക്കിട്ട് വിഭാഗിക്കണം; അതതു
പിതൃഗോത്രത്തിൻെറ പേരിനൊത്തവണ്ണം
56 അവർക്കു അവകാശം ലഭിക്കണം. ആൾ
അധികമുള്ളവർക്കും കുറവുള്ളവർക്കും
അവകാശം നറുക്കു പടി വിഭാഗിക്കണം.
57 ലേവ്യരിൽ എണ്ണപ്പെട്ടവർ കുടുംബം
കുടുംബമായി: ഗേർശോനിൽനിന്നു ഗേർ
ശോന്യകുടുംബം; കൊഹാത്തിൽ നിന്നു
കൊഹാത്യകുടുംബം. മെരാരിയിൽനിന്നു
58 മെരാര്യകുടുംബം; ലേവ്യകുടുംബങ്ങൾ:
ലിബ്നീയകുടുംബം; ഹെബ്രോന്യകുടും
59 ബം; മഹ്ലീയകുടുംബം; മൂശ്യകുടുംബം;
കോരഹ്യകുടുംബം. കൊഹാത്ത് അമ്രാമിനെ
ജനിപ്പിച്ചു. അമ്രാമിൻെറ ഭാര്യയുടെ പേര്
യൂഖോബോർ; അവൾ മെസ്രേൻ ദേശത്തു
വച്ചു ലേവിക്കു ജനിച്ച മകൾ; അവൾ
അമ്രാമിനു അഹറോനെയും മോശയെയും
അവരുടെ സഹോദരിയായ മറിയാമിനെയും
60 പ്രസവിച്ചു. അഹറോനു നാദാബ്, അബീ
ഹൂ, എലിയാസാർ, ഈഥാമാർ എന്നിവർ
61 ജനിച്ചു. എന്നാൽ നാദാബും അബീഹൂവും
യഹോവയുടെ സന്നിധിയിൽ അന്യാഗ്നി
62 കത്തിച്ചു മരിച്ചു പോയി. ഒരു മാസം പ്രായം
മുതൽ മേലോട്ടു അവരിൽ എണ്ണപ്പെട്ട
പുരുഷന്മാർ ആകെ ഇരുപത്തിമൂവായിരം
പേർ; ഇസ്രായേൽ മക്കളുടെ ഇടയിൽ
അവർക്കു അവകാശം കൊടുക്കായ്ക
കൊണ്ട് അവരെ ഇസ്രായേൽ മക്കളുടെ
കൂട്ടത്തിൽ എണ്ണിയില്ല.
63 യരീഹോയുടെ സമീപം യോർദ്ദാന്ന
രികെ മോവാബ് സമഭൂമിയിൽ വച്ചു ഇസ്രാ
യേൽ മക്കളെ എണ്ണിയപ്പോൾ മോശയും
പുരോഹിതനായ എലിയാസാറും എണ്ണിയ
64 വർ ഇവർ തന്നെ. എന്നാൽ മോശയും
അഹറോൻ പുരോഹിതനും സീനായി മരു
ഭൂമിയിൽ വച്ച് ഇസ്രായേൽ മക്കളുടെ
ജനസംഖ്യ എടുത്തപ്പോൾ അവർ എണ്ണിയ
വരിൽ ഒരുവനും ഇവരുടെ കൂട്ടത്തിൽ ഉണ്ടാ
65 യിരുന്നില്ല. അവർ മരുഭൂമിയിൽ വച്ചു മരി
ച്ചുപോകും എന്നു ദൈവം അവരെക്കുറിച്ച്
അരുളിച്ചെയ്തിരുന്നു. യെഫുന്നയുടെ മകൻ
കാലേബും നൂൻെറ മകൻ യോശുവയും
ഒഴികെ അവരിൽ ഒരുവനും ശേഷിച്ചില്ല.

അദ്ധ്യായം 27

അനന്തരം യോസേഫിൻെറ മകനായ 1
മനശ്ശയുടെ കുടുംബങ്ങളിൽ മനശ്ശയുടെ
മകൻ മാഖീരിൻെറ മകൻ ഗിലെയാദിൻെറ
മകൻ ഹേഫെറിൻെറ മകനായ സെലോഫ
ഹാദിൻെറ പുത്രിമാർ അടുത്തുവന്നു. അവ
ൻെറ പുത്രിമാർ മഹ്ലാ, നോവാ, ഹൊഗ്ലാ,
മിൽക്കാ, തിർസാ എന്നിവരായിരുന്നു.
അവർ സമാഗമനകൂടാരത്തിൻെറ വാതിൽ 2
ക്കൽ മോശയുടെയും എലിയാസാർ പുരോ
ഹിതൻെറയും പ്രമാണികളുടെയും സർവ്വ
സഭയുടെയും മുമ്പാകെ നിന്നുകൊണ്ട് പറ
ഞ്ഞു: ഞങ്ങളുടെ പിതാവ് മരുഭൂമിയിൽ 3
വച്ചു മരിച്ചുപോയി; എന്നാൽ അവൻ
ദൈവത്തിനു വിരോധമായി കോരഹിനോട്
കൂടിയവരുടെ സംഘത്തിൽ ചേർന്നി
രുന്നില്ല; അവൻ സ്വന്തം പാപത്താൽ അത്രേ
മരിച്ചത്; അവനു പുത്രന്മാർ ഉണ്ടായിരു
ന്നതുമില്ല. ഞങ്ങളുടെ പിതാവിനു മകൻ 4
ഇല്ലായ്കയാൽ അവൻെറ പേർ കുടുംബ
ത്തിൽനിന്ന് ഇല്ലാതെയാകുന്നതു എന്ത്?
പിതാവിൻെറ സഹോദരന്മാരുടെ കൂടെ
ഞങ്ങൾക്ക് ഒരു അവകാശം തരണം. മോശ 5
അവരുടെ കാര്യം ദൈവ മുമ്പാകെ വച്ചു.
ദൈവം മോശയോട് അരുളിച്ചെയ്തതു: 6
സെലോഫഹാദിൻെറ പുത്രിമാർ പറ 7
യുന്നതു ശരി തന്നെ: അവരുടെ പിതൃവ്യ
രുടെ ഇടയിൽ അവർക്ക് ഒരു അവകാശം
കൊടുക്കണം; അവരുടെ പിതാവിൻെറ
അവകാശം അവർക്ക് കൊടുക്കണം. നീ 8
ഇസ്രായേൽ മക്കളോട് പറയുക: ഒരുവൻ
മകനില്ലാതെ മരിച്ചാൽ അവൻെറ അവ
കാശം അവൻെറ മകൾക്ക് കൊടുക്കണം.
അവനു മകൾ ഇല്ലാതിരുന്നാൽ അവൻെറ 9
അവകാശം അവൻെറ സഹോദരന്മാർക്ക്
കൊടുക്കണം. അവനു സഹോദരന്മാർ 10
ഇല്ലാതിരുന്നാൽ അവൻെറ അവകാശം
അവൻെറ പിതൃവ്യർക്ക് കൊടുക്കണം. അവ 11
ൻെറ പിതാവിനു സഹോദരന്മാർ ഇല്ലാതിരു
ന്നാൽ നിങ്ങൾ അവൻെറ കുടുംബത്തിൽ
അവൻെറ അടുത്ത ചാർച്ചക്കാരനു അവ
ൻെറ അവകാശം കൊടുക്കണം; അവൻ
അതു കൈവശമാക്കണം; ഇതു ദൈവം
മോശയോട് കല്പിച്ചതുപോലെ ഇസ്രാ
യേൽ മക്കൾക്ക് നിയമം ആയിരിക്കണം.

വീണ്ടും ദൈവം മോശയോട് കല്പിച്ചത്: ഈ അബാരീം മലയിൽ കയറി ഞാൻ ഇസ്രായേൽ മക്കൾക്ക് നൽകിയ ദേശം നോക്കുക. അതു കണ്ടശേഷം നിന്റെ സഹോദരനായ അഹറോനെപ്പോലെ നീയും നിന്റെ ജനത്തോടു ചേരും. സമൂഹത്തിന്റെ കലഹസമയത്ത് നിങ്ങൾ സീൻ മരുഭൂമിയിൽവച്ച് അവർ കാൺകെ വെള്ളത്തിന്റെ കാര്യത്തിൽ എന്നെ ശുദ്ധീകരിക്കാതെ എന്റെ കല്പനയെ ധിക്കരിച്ചതുകൊണ്ടത്രെ. സീൻമരുഭൂമിയിൽ റക്കേമിലെ കലഹജലം അതുതന്നെ.

അപ്പോൾ മോശ ദൈവത്തോട്: ദൈവത്തിന്റെ സഭ ഇടയനില്ലാത്ത ആടുകളെപ്പോലെ ആകാതിരിക്കുവാൻവേണ്ടി അവർക്കുമുമ്പായി പോകുവാനും അവർക്ക് മുമ്പായി വരുവാനും അവരെ പുറത്തു കൊണ്ടുപോകുവാനും അകത്തുകൊണ്ടു വരുവാനും സകല ജഡത്തിന്റെയും ആത്മാക്കളുടെ ദൈവമായ കർത്താവെ, സഭയുടെമേൽ ഒരാളെ നിയമിക്കുമാറാകണമെ എന്നു പറഞ്ഞു. ദൈവം മോശയോട് കല്പിച്ചു: എന്റെ ആത്മാവുള്ള പുരുഷനായി നൂന്റെ മകനായ യോശുവയെ വിളിച്ച് അവന്റെ മേൽ കൈ വച്ച് അവനെ പുരോഹിതനായ എലിയാസാരിന്റെയും സർവ്വസഭയുടെയും മുമ്പാകെ നിർത്തി അവർ കാൺകെ അവനു ആജ്ഞ കൊടുക്കുക. ഇസ്രായേൽമക്കളുടെ സഭയെല്ലാം അനുസരിക്കേണ്ടതിന് നിന്റെ മഹിമയിൽ ഒരു ഭാഗം അവന്റെ മേൽ വയ്ക്കണം. അവൻ പുരോഹിതനായ എലിയാസാരിന്റെ മുമ്പാകെ നിൽക്കണം; അവൻ അവനുവേണ്ടി ദൈവ സന്നിധിയിൽ ഊറീം മുഖാന്തരം അരുളപ്പാട് ചോദിക്കണം; ഇസ്രായേൽ മക്കളുടെ സർവ്വസഭയും അവന്റെ കല്പനപ്രകാരം പോകുകയും അവന്റെ കല്പനാനുസരണം വരികയും വേണം" ദൈവം തന്നോടു കല്പിച്ചതുപോലെ മോശ ചെയ്തു; അവൻ യോശുവയെ വിളിച്ച് പുരോഹിതനായ എലിയാസാരിന്റെയും സർവ്വസഭയുടെയും മുമ്പാകെ നിർത്തി അവന്റെമേൽ കൈവച്ച് ദൈവം മോശ മുഖാന്തരം കല്പിച്ചതുപോലെ അവനു കല്പന കൊടുത്തു.

അദ്ധ്യായം 28

ദൈവം വീണ്ടും മോശയോട് അരുളി
ച്ചെയ്തു: എനിക്ക് സൌരഭ്യവാസനയായ
ദഹനയാഗങ്ങൾക്കുള്ള എന്റെ ഭോജന
മായ വഴിപാട് തക്കസമയത്ത് എനിക്ക് അർ
പ്പിക്കുവാൻ ഉത്സുകരായിരിപ്പാൻ ഇസ്രാ
യേൽ മക്കളോട് കല്പിക്കുക. നീ അവരോട് 3
പറയുക: നിങ്ങൾ ദൈവത്തിന് അർപ്പി
ക്കേണ്ടതായ ദഹനയാഗം എന്തെന്നാൽ:
ദിവസം തോറും നിരന്തരഹോമയാഗത്തി
നായി ഒരു വയസ്സ് പ്രായമുള്ള ഊനമില്ലാ
ത്ത രണ്ട് കുഞ്ഞാട്. ഒരു കുഞ്ഞാടിനെ രാ 4
വിലെയും മറ്റെ കുഞ്ഞാടിനെ വൈകുന്നേ
രത്തും യാഗം കഴിക്കണം. എണ്ണ കാൽഹീൻ 5
ചേർത്ത ഒരിടങ്ങഴിമാവ് ഭോജനയാഗമാ
യും അർപ്പിക്കണം. ഇതു ദൈവത്തിന് 6
സൌരഭ്യവാസനയായ ദഹനയാഗമായി
സീനായി പർവ്വതത്തിൽവച്ച് നിയമിക്ക
പ്പെട്ട നിരന്തര ഹോമയാഗം. അതിന്റെ 7
പാനീയയാഗം കുഞ്ഞാടൊന്നിനു കാൽ
ഹീൻ വീഞ്ഞ് ആയിരിക്കണം; അതു
ദൈവത്തിന് പാനീയയാഗമായി വിശുദ്ധ
മന്ദിരത്തിൽ ഒഴിക്കണം. മററെ കുഞ്ഞാടി 8
നെ വൈകുന്നേരത്തു യാഗം കഴിക്കണം;
അതിനെ രാവിലത്തെ ഭോജനയാഗവും
അതിന്റെ പാനീയയാഗവുംപോലെ ദൈവ
ത്തിന് സൌരഭ്യവാസനയായ ദഹനയാഗ
മായി അർപ്പിക്കണം.

ശാബത് ദിവസം ഒരു വയസ്സ് പ്രായമുള്ള 9
ഊനമില്ലാത്ത രണ്ട് കുഞ്ഞാടിനെയും
ഭോജനയാഗത്തിനായി എണ്ണ ചേർത്ത
രണ്ടിടങ്ങഴിമാവും അതിന്റെ പാനീയ
യാഗവും അർപ്പിക്കണം. നിരന്തരഹോമ 10
യാഗത്തിനും അതിന്റെ പാനീയയാഗ
ത്തിനും പുറമെ ഇതു ശാബതുതോറുമുള്ള
ഹോമയാഗം.

നിങ്ങളുടെ മാസാരംഭങ്ങളിൽ നിങ്ങൾ 11
ദൈവത്തിനു ഹോമയാഗത്തിനായി രണ്ട്
കാളക്കിടാവിനെയും ഒരു ആട്ടുകൊറ്റനെ
യും ഒരു വയസ്സു പ്രായമുള്ള ഊനമില്ലാത്ത 12
ഏഴു കുഞ്ഞാടിനെയും കാള ഒന്നിന്
ഭോജനയാഗമായി എണ്ണ ചേർത്ത മൂന്നിട
ങ്ങഴി മാവും ആട്ടുകൊറ്റനു ഭോജനയാഗ
മായി എണ്ണ ചേർത്ത രണ്ടിടങ്ങഴി മാവും 13
കുഞ്ഞാടൊന്നിനു ഭോജനയാഗമായി എണ്ണ
ചേർത്ത ഒരിടങ്ങഴിമാവും അർപ്പിക്കണം.
അതു ഹോമയാഗം; ദൈവത്തിനു സൌര
ഭ്യ വാസനയായ ദഹനയാഗം. അവയുടെ 14
പാനീയയാഗം കാളയൊന്നിനു അര ഹീൻ
വീഞ്ഞും ആട്ടുകൊറ്റനു ഹീനിന്റെ മൂ
ന്നിൽ ഒന്നും കുഞ്ഞാടൊന്നിനു കാൽഹീ
നും ആയിരിക്കണം; ഇതു മാസാന്തരം അമാ 15
വാസിതോറുമുള്ള ഹോമയാഗം. നിരന്തര
ഹോമയാഗത്തിനും അതിന്റെ പാനീയ

യാഗത്തിനും പുറമെ പാപയാഗമായി
ദൈവത്തിന് ഒരു കോലാട്ടു കൊറ്റനെയും
അർപ്പിക്കണം.
16 ഒന്നാം മാസം പതിന്നാലാം തീയതി
17 ദൈവത്തിൻെറ പെസഹ ആകുന്നു. ആ
മാസം പതിനഞ്ചാം തീയതി പെരുന്നാൾ
18 ആയിരിക്കണം. ഏഴു ദിവസം പുളിപ്പില്ലാത്ത
അപ്പം തിന്നണം. ഒന്നാം ദിവസം വിശുദ്ധ
സഭായോഗം കൂടണം; അന്നു സാധാരണ
19 വേലയൊന്നും ചെയ്യരുത്. എന്നാൽ നിങ്ങൾ
ദൈവത്തിന് ഹോമയാഗത്തിനായി രണ്ട്
കാളക്കിടാവിനെയും ഒരു ആട്ടുകൊറ്റനെ
യും ഒരു വയസ്സു പ്രായമുള്ള ഏഴു കുഞ്ഞാ
ടിനെയും ദഹനയാഗമായി അർപ്പിക്കണം;
അവ ഊനമില്ലാത്തവ ആയിരിക്കണം.
20 അവയുടെ ഭോജനയാഗം എണ്ണ ചേർത്ത
മാവ് ആയിരിക്കണം; കാള ഒന്നിനു മൂന്നിട
ങ്ങഴിയും ആട്ടുകൊറ്റനു രണ്ടിടങ്ങഴിയും
21 ഏഴു കുഞ്ഞാട്ടിൽ ഓരോന്നിനു ഓരോ
22 ഇടങ്ങഴിയും അർപ്പിക്കണം. നിങ്ങൾക്കുവേ
ണ്ടി പാപപരിഹാരം കഴിപ്പാൻ പാപയാഗ
ത്തിനായി ഒരു കോലാട്ടിനെയും അർപ്പി
23 ക്കണം. നിരന്തരഹോമയാഗമായ രാവില
ത്തെ ഹോമയാഗത്തിനു പുറമെ ഇവ അർപ്പി
24 ക്കണം. ഇങ്ങനെ ഏഴു ദിവസവും ദൈവ
ത്തിന് സൌരഭ്യവാസനയായി ദഹന
യാഗത്തിൻെറ ഭോജനം ദിനംപ്രതി അർപ്പി
25 ക്കണം. ഏഴാംദിവസം വിശുദ്ധ സഭായോഗം
കൂടണം; അന്നു സാധാരണ വേലയൊന്നും
ചെയ്യരുത്.
26 പ്രതിവാര പെരുന്നാളായ ആദ്യഫല
ദിവസത്തിൽ പുതിയ ധാന്യംകൊണ്ട് ഒരു
ഭോജനയാഗം കൊണ്ടുവരുമ്പോഴും വിശു
ദ്ധസഭായോഗം കൂടണം. അന്നു സാധാരണ
27 വേലയൊന്നും ചെയ്യരുത്. നിങ്ങൾ ദൈവ
ത്തിന് സൌരഭ്യവാസനയായ ഹോമ
യാഗത്തിനായി രണ്ട് കാളക്കിടാവിനെയും
ഒരു ആട്ടുകൊറ്റനെയും ഒരു വയസ്സുപ്രായ
മുള്ള ഏഴു കുഞ്ഞാടിനെയും അർപ്പിക്കണം.
28 അവയുടെ ഭോജനയാഗമായി എണ്ണ
ചേർത്ത മാവു, കാള ഒന്നിനു മൂന്നിടങ്ങ
29 ഴിയും ആട്ടുകൊറ്റനു രണ്ടിടങ്ങഴിയും ഏഴു
കുഞ്ഞാട്ടിൽ ഓരോന്നിനു ഓരോ ഇടങ്ങ
30 ഴിയും നിങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം
കഴിപ്പാൻ ഒരു കോലാട്ടുകൊറ്റനും വേണം.
31 നിരന്തരഹോമയാഗത്തിനും അതിൻെറ
ഭോജനയാഗത്തിനും അവയുടെ പാനീയ
യാഗത്തിനും പുറമെ നിങ്ങൾ ഇവ അർപ്പി
ക്കണം; അവ ഊനമില്ലാത്തവ ആയിരി
ക്കണം.

അദ്ധ്യായം 29

ഏഴാം മാസം ഒന്നാം തീയതി വിശുദ്ധ 1
സഭായോഗം കൂടണം; അന്നു സാധാരണ
ജോലി ഒന്നും ചെയ്യരുത്; അതു നിങ്ങൾക്കു
കാഹളനാദപെരുന്നാൾ ആകുന്നു. അന്നു 2
നിങ്ങൾ ദൈവത്തിന് സൌരഭ്യവാസന
യായ ഹോമയാഗമായി ഒരു കാളക്കിടാ
വിനെയും ഒരു ആട്ടുകൊററനെയും ഒരു
വയസ്സു പ്രായമുള്ള ഊനമില്ലാത്ത ഏഴു
കുഞ്ഞാടിനെയും അർപ്പിക്കണം. അവയുടെ 3
ഭോജനയാഗം എണ്ണ ചേർത്ത മാവു കാള
യ്ക്കു മൂന്നിടങ്ങഴിയും ആട്ടുകൊററനു 4
രണ്ടിടങ്ങഴിയും, ഏഴു കുഞ്ഞാട്ടിൽ ഓരോ
ന്നിനു ഓരോ ഇടങ്ങഴിയും ആയിരിക്കണം.
നിങ്ങൾക്കു വേണ്ടി പാപപരിഹാരം കഴി 5
പ്പാൻ പാപയാഗത്തിനായി ഒരു കോലാട്ടു
കൊററനും വേണം. അമാവാസിയിലെ 6
ഹോമയാഗത്തിനും അതിൻെറ ഭോജന
യാഗത്തിനും പ്രതിദിനമുള്ള ഹോമയാഗ
ത്തിനും അതിൻെറ ഭോജനയാഗത്തിനും
അവയ്ക്കു നിയമപ്രകാരമുള്ള പാനീയ
യാഗങ്ങൾക്കും പുറമെ ദൈവത്തിന്
സൌരഭ്യവാസനയായ ദഹനയാഗമായി
അർപ്പിക്കണം.
ഏഴാം മാസം പത്താം തീയതി വിശുദ്ധ 7
സഭായോഗം കൂടണം; അന്നു നിങ്ങൾ
ഉപവസിക്കണം; വേലയൊന്നും ചെയ്യരുത്.
എന്നാൽ ദൈവത്തിന് സുഗന്ധവാസന 8
യായ ഹോമയാഗമായി ഒരു കാളക്കിടാ
വിനെയും ഒരു ആട്ടിൻകൊററനെയും ഒരു
വയസ്സു പ്രായമുള്ള ഏഴു കുഞ്ഞാടിനെയും
അർപ്പിക്കണം; അവ ഊനമില്ലാത്തവ
ആയിരിക്കണം. അവയുടെ ഭോജനയാഗം 9
എണ്ണ ചേർത്ത മാവു കാളയ്ക്കു മൂന്നിട 10
ങ്ങഴിയും ആട്ടുകൊററനു രണ്ടിടങ്ങഴിയും
ഏഴു കുഞ്ഞാട്ടിൽ ഓരോന്നിനു ഓരോ
ഇടങ്ങഴിയും ആയിരിക്കണം. പ്രായശ്ചിത്ത 11
യാഗത്തിനും നിരന്തര ഹോമയാഗത്തിനും
അതിൻെറ ഭോജനയാഗത്തിനും പാനീയ
യാഗങ്ങൾക്കും പുറമെ പാപയാഗത്തിനായി
ഒരു കോലാട്ടുകൊററനും വേണം.
ഏഴാം മാസം പതിനഞ്ചാം തീയതി 12
വിശുദ്ധ സഭായോഗം കൂടണം; അന്നു
സാധാരണ ജോലിയൊന്നും ചെയ്യരുത്;
ഏഴു ദിവസം ദൈവത്തിനു പെരുന്നാൾ
ആചരിക്കണം. നിങ്ങൾ ദൈവത്തിനു 13
സൌരഭ്യവാസനയായ ദഹനയാഗമായി
പതിമ്മൂന്നു കാളക്കിടാവിനെയും രണ്ടു
ആട്ടുകൊററനെയും ഒരു വയസ്സു പ്രായ

ള്ള പതിന്നാലു കുഞ്ഞാടിനെയും ഹോമ
ാഗം കഴിക്കണം; അവ ഊനമില്ലാത്തവ
ായിരിക്കണം. അവയുടെ ഭോജനയാഗം
തിമ്മൂന്നു കാളയിൽ ഓരോന്നിനും എണ്ണ
ർത്ത മാവു മൂന്നിടങ്ങഴി വീതവും, രണ്ടു
ട്ടുകൊററനിൽ ഓരോന്നിനു രണ്ടിടങ്ങഴി
തവും പതിന്നാലു കുഞ്ഞാട്ടിൽ ഓരോ
ിനു ഒരിടങ്ങഴി വീതവും ആയിരിക്കണം.
രന്തരഹോമയാഗത്തിനും അതിൻെറ
ാജനയാഗത്തിനും അതിൻെറ പാനീയ
ാഗങ്ങൾക്കും പുറമെ പാപയാഗത്തിനായി
ു കോലാട്ടുകൊററനും വേണം.
രണ്ടാം ദിവസം നിങ്ങൾ പന്ത്രണ്ടു
ാളക്കിടാവിനെയും രണ്ടു ആട്ടുകൊററ
നയും ഒരു വയസ്സ് പ്രായമുള്ള ഊനമി
ാത്ത പതിന്നാലു കുഞ്ഞാടിനെയും
ർപ്പിക്കണം. അവയുടെ ഭോജനയാഗവും
ാനീയയാഗങ്ങളും കാള, ആട്ടുകൊററൻ,
ുഞ്ഞാടു എന്നിവയുടെ എണ്ണം പോലെ
ും നിയമംപോലെയും ആയിരിക്കണം.
ിരന്തരഹോമയാഗത്തിനും അതിൻെറ
ോജനയാഗത്തിനും പാനീയയാഗങ്ങൾ
ും പുറമെ പാപയാഗത്തിനായി ഒരു
ോലാട്ടുകൊററനും വേണം.
മൂന്നാം ദിവസം പതിനൊന്നു കാളയെ
ും രണ്ട് ആട്ടുകൊററനെയും ഒരു വയസ്സു
ായമുള്ള ഊനമില്ലാത്ത പതിന്നാലു
ുഞ്ഞാടിനെയും അർപ്പിക്കണം. അവ
ുടെ ഭോജനയാഗവും പാനീയയാഗങ്ങളും
ാള, ആട്ടുകൊററൻ, കുഞ്ഞാടു എന്നിവയു
ട എണ്ണംപോലെയും നിയമംപോലെയും
ആയിരിക്കണം. നിരന്തരഹോമയാഗത്തിനും
അതിൻെറ ഭോജനയാഗത്തിനും പാനീയ
ാഗങ്ങൾക്കും പുറമെ പാപയാഗത്തിനാ
ി ഒരു കോലാട്ടുകൊററനും വേണം.
നാലാം ദിവസം പത്തു കാളയെയും
ണ്ടു ആട്ടുകൊററനെയും ഒരു വയസ്സു പ്രാ
മുള്ള ഊനമില്ലാത്ത പതിന്നാലു കുഞ്ഞാ
ിനെയും അർപ്പിക്കണം. അവയുടെ ഭോജന
ാഗവും പാനീയയാഗങ്ങളും കാള, ആട്ടു
കൊററൻ, കുഞ്ഞാടു എന്നിവയുടെ എണ്ണം
ോലെയും നിയമം അനുസരിച്ചും ആയിരി
ണം. നിരന്തര ഹോമയാഗത്തിനും അതി
ൻെറ ഭോജനയാഗത്തിനും പാനീയയാഗ
ങ്ങൾക്കും പുറമെ പാപയാഗത്തിനായി ഒരു
കോലാട്ടുകൊററനും വേണം.
അഞ്ചാം ദിവസം ഒൻപതു കാളയെയും
ണ്ട് ആട്ടുകൊററനെയും ഒരു വയസ്സു
ായമുള്ള ഊനമില്ലാത്ത പതിന്നാലു
ുഞ്ഞാടിനെയും അർപ്പിക്കണം. അവ

യുടെ ഭോജനയാഗവും പാനീയയാഗങ്ങളും
കാള, ആട്ടുകൊററൻ, കുഞ്ഞാട് എന്നിവ
യുടെ എണ്ണംപോലെയും നിയമംപോ
ലെയും ആയിരിക്കണം. നിരന്തരഹോമ 28
യാഗത്തിനും അതിൻെറ ഭോജനയാഗ
ത്തിനും പാനീയയാഗങ്ങൾക്കും പുറമെ
പാപയാഗത്തിനായി ഒരു കോലാട്ടുകൊററ
നും വേണം.
ആറാം ദിവസം എട്ടു കാളയെയും രണ്ടു 29
ആട്ടുകൊററനെയും ഒരു വയസ്സു പ്രായ
മുള്ള ഊനമില്ലാത്ത പതിന്നാലു കുഞ്ഞാടി
നെയും അർപ്പിക്കണം. അവയുടെ ഭോജന 30
യാഗവും പാനീയയാഗങ്ങളും കാള, ആട്ടു
കൊററൻ, കുഞ്ഞാടു എന്നിവയുടെ എണ്ണം
പോലെയും നിയമംപോലെയും ആയിരി
ക്കണം. നിരന്തരഹോമയാഗത്തിനും അതി 31
ൻെറ ഭോജനയാഗത്തിനും പാനീയയാഗ
ങ്ങൾക്കും പുറമെ പാപയാഗത്തിനായി ഒരു
കോലാട്ടുകൊററനും വേണം.
ഏഴാം ദിവസം ഏഴു കാളയെയും രണ്ടു 32
ആട്ടുകൊററനെയും ഒരു വയസ്സു പ്രായ
മുള്ള ഊനമില്ലാത്ത പതിന്നാലു കുഞ്ഞാ
ടിനെയും അർപ്പിക്കണം. അവയുടെ ഭോജന 33
യാഗവും പാനീയയാഗങ്ങളും കാള, ആട്ടു
കൊററൻ, കുഞ്ഞാടു എന്നിവയുടെ എണ്ണം
പോലെയും നിയമംപോലെയും ആയിരി
ക്കണം. നിരന്തരഹോമയാഗത്തിനും അതി 34
ൻെറ ഭോജനയാഗത്തിനും പാനീയയാഗ
ങ്ങൾക്കും പുറമെ പാപയാഗത്തിനായി ഒരു
കോലാട്ടുകൊററനും വേണം.
എട്ടാം ദിവസം നിങ്ങൾക്കു അവസാന 35
സഭായോഗം വേണം; അന്നു സാധാരണ
വേലയൊന്നും ചെയ്യരുത്. ദൈവത്തിനു 36
സൌരഭ്യവാസനയായ ദഹനയാഗമായി
ഒരു കാളയെയും ഒരു ആട്ടുകൊററനെയും
ഒരു വയസ്സു പ്രായമുള്ള ഊനമില്ലാത്ത ഏഴു
കുഞ്ഞാടിനെയും ഹോമയാഗം കഴിക്കണം.
അവയുടെ ഭോജനയാഗവും പാനീയയാഗ 37
ങ്ങളും കാള, ആട്ടുകൊററൻ, കുഞ്ഞാട്
എന്നിവയുടെ എണ്ണംപോലെയും നിയമം
പോലെയും ആയിരിക്കണം. നിരന്തരഹോമ 38
യാഗത്തിനും അതിൻെറ ഭോജനയാഗ
ത്തിനും പാനീയയാഗങ്ങൾക്കും പുറമെ
പാപയാഗത്തിനായിട്ടു ഒരു കോലാട്ടു
കൊററനും വേണം.
ഇവയെ നിങ്ങൾ നിങ്ങളുടെ നേർച്ച 39
കളും സ്വമേധാദാനങ്ങളുമായ ഹോമയാഗ
ങ്ങൾക്കും ഭോജനയാഗങ്ങൾക്കും പാനീയ
യാഗങ്ങൾക്കും പുറമെ നിങ്ങളുടെ പെരു
ന്നാളുകളിൽ ദൈവത്തിന് അർപ്പിക്കണം.

40 ദൈവം മോശയോടു കല്പിച്ചതു ഒക്കെയും
മോശ ഇസ്രായേൽ മക്കളോടു പറഞ്ഞു.

അദ്ധ്യായം 30

1 മോശ ഇസ്രായേൽമക്കളുടെ ഗോത്ര
2 പ്രധാനികളോടു പറഞ്ഞു: ദൈവം കല്പി
ച്ചിരിക്കുന്ന കാര്യം എന്തെന്നാൽ: ആരെ
ങ്കിലും ദൈവത്തിന് ഒരു നേർച്ച നേരുക
യോ ഒരു വർജ്ജനവ്രതം ദീക്ഷിപ്പാൻ
ശപഥം ചെയ്യുകയോ ചെയ്താൽ അവൻ
നേർച്ചയ്ക്കു ഭംഗം വരുത്താതെ തന്റെ
വായിൽനിന്നു പുറപ്പെട്ടതുപോലെ എല്ലാം
3 നിവർത്തിക്കണം. ഒരു സ്ത്രീ ബാല്യപ്രായ
4 ത്തിൽ പിതൃഭവനത്തിൽ ഇരിക്കുമ്പോൾ
ദൈവത്തിന് ഒരു നേർച്ച നേർന്നു ഒരു
വർജ്ജനവ്രതം നിശ്ചയിക്കുകയും അവളു
ടെ പിതാവ് അവളുടെ നേർച്ചയെയും അവൾ
നിശ്ചയിച്ച വർജ്ജനവ്രതത്തെയും കുറിച്ചു
കേട്ടിട്ടു മിണ്ടാതിരിക്കുകയും ചെയ്താൽ അ
വളുടെ എല്ലാ നേർച്ചകളും അവൾ നിശ്ചയി
ച്ച വർജ്ജനവ്രതമെല്ലാം സ്ഥിരമായിരിക്കും.
5 എന്നാൽ അവളുടെ പിതാവ് അവളുടെ
എല്ലാ നേർച്ചയെയും അവൾ നിശ്ചയിച്ച
വർജ്ജനവ്രതത്തെയും കുറിച്ചു കേൾക്കുന്ന
ദിവസം അവളോടു വിലക്കിയാൽ അവ
സ്ഥിരമായിരിക്കുകയില്ല; അവളുടെ പിതാ
വ് അവളോടു വിലക്കുകമൂലം ദൈവം അവ
6 ളോടു ക്ഷമിക്കും. അവൾക്കു ഒരു നേർച്ച
യോ വിചാരിക്കാതെ നിശ്ചയിച്ചുപോയ
വർജ്ജനവ്രതമോ ഉള്ളപ്പോൾ അവൾ
7 ഒരുവനു ഭാര്യയാകുകയും ഭർത്താവു അതി
നെക്കുറിച്ചു കേൾക്കുന്ന ദിവസം മിണ്ടാ
തിരിക്കുകയും ചെയ്താൽ അവളുടെ നേർച്ച
കളും അവൾ നിശ്ചയിച്ച വർജ്ജനവ്രതവും
8 സ്ഥിരമായിരിക്കും. എന്നാൽ ഭർത്താവു
അതു കേട്ട നാളിൽ അവളെ വിലക്കി
യാൽ അവളുടെ നേർച്ചയും അവൾ
സ്വയം നിശ്ചയിച്ചുപോയ വർജ്ജന
വ്രതവും അവൻ ദുർബ്ബലപ്പെടുത്തുന്നു;
9 ദൈവം അവളോടു ക്ഷമിക്കും. വിധവയോ
ഉപേക്ഷിക്കപ്പെട്ടവളോ ചെയ്യുന്ന നേർച്ചയും
വർജ്ജനവ്രതവും എല്ലാം അവളുടെമേൽ
10 സ്ഥിരമായിരിക്കും. അവൾ ഭർത്താവിന്റെ
11 വീട്ടിൽവച്ചു നേരുകയോ ഒരു വർജ്ജന
ശപഥം ചെയ്യുകയോ ചെയ്തിട്ടു ഭർത്താവു
അതിനെക്കുറിച്ചു കേൾക്കുമ്പോൾ മിണ്ടാ
തെയും അവളോടു വിലക്കാതെയും ഇരു
ന്നാൽ അവളുടെ നേർച്ചകൾ എല്ലാം അവൾ
നിശ്ചയിച്ച വർജ്ജനവ്രതവും എല്ലാം
12 സ്ഥിരമായിരിക്കും. എന്നാൽ ഭർത്താവു
കേട്ട നാളിൽ അവയെ ദുർബ്ബലപ്പെടുത്തി
യെങ്കിൽ നേർച്ചകളോ വർജ്ജനവ്രതമോ
സംബന്ധിച്ച് അവളുടെ നാവിന്മേൽനിന്നു
വീണതൊന്നും സ്ഥിരമായിരിക്കുകയില്ല;
അവളുടെ ഭർത്താവ് അതിനെ ദുർബ്ബല
പ്പെടുത്തിയിരിക്കുന്നു; ദൈവം അവളോടു
ക്ഷമിക്കും. ആത്മതപനം ചെയ്വാനുള്ള 13
ഏതു നേർച്ചയും പരിവർജ്ജനശപഥവും
സ്ഥിരപ്പെടുത്തുവാനോ ദുർബ്ബലപ്പെടുത്തു
വാനോ ഭർത്താവിനു അധികാരം ഉണ്ട്.
എന്നാൽ ഭർത്താവ് ഒരിക്കലും ഒന്നും 14
മിണ്ടിയില്ല എങ്കിൽ അവൻ അവളുടെ എല്ലാ
നേർച്ചയും അവൾ നിശ്ചയിച്ച സകല
വർജ്ജനവ്രതവും സ്ഥിരപ്പെടുത്തുന്നു.
എന്നാൽ കേട്ടിട്ടു കുറെ കഴിഞ്ഞശേഷം 15
അവയെ ദുർബ്ബലപ്പെടുത്തിയാൽ അവൻ
അവളുടെ കുററം വഹിക്കേണ്ടിവരും. ഭാര്യാ 16
ഭർത്താക്കന്മാർ തമ്മിലും പിതാവിന്റെ
വീട്ടിൽ കന്യകയായി കഴിയുന്ന മകളും
പിതാവും തമ്മിലും പ്രമാണിക്കേണ്ടതിനു
ദൈവം മോശയോടു കല്പിച്ച ചട്ടങ്ങൾ
ഇവയത്രെ.

അദ്ധ്യായം 31

വീണ്ടും ദൈവം മോശയോട് അരുളി 1
ചെയ്തു: ഇസ്രായേൽ മക്കൾക്കുവേണ്ടി
മിദ്യാന്യരോടു പ്രതികാരം നടത്തുക; അതു 2
കഴിഞ്ഞ് നീ നിന്റെ ജനത്തോടു ചേരും.
അപ്പോൾ മോശ ജനത്തോടു സംസാരിച്ചു: 3
മിദ്യാന്യരുടെ നേരെ പുറപ്പെട്ടു ദൈവത്തിനു
വേണ്ടി മിദ്യാനോടു പ്രതികാരം നടത്തു
വാൻ നിങ്ങളിൽനിന്നു ആളുകളെ യുദ്ധ
ത്തിനു സജ്ജമാക്കുവിൻ. നിങ്ങൾ ഇസ്രാ 4
യേലിന്റെ സകല ഗോത്രങ്ങളിലും ഓരോ
ന്നിൽനിന്ന് ആയിരംപേരെ വീതം യുദ്ധ
ത്തിനു അയയ്ക്കണം എന്നു പറഞ്ഞു. അപ്ര 5
കാരം ഇസ്രായേല്യസഹസ്രങ്ങളിൽനിന്നു
ഓരോ ഗോത്രത്തിൽ ആയിരം പേർ വീതം
പന്തീരായിരംപേരെ യുദ്ധസന്നദ്ധരായി
വേർതിരിച്ചു. മോശ ഓരോ ഗോത്രത്തിൽ 6
നിന്ന് ആയിരം പേരെ വീതമുള്ള അവരെ
യും പുരോഹിതനായ എലിയാസാരിന്റെ
മകൻ ഫീനെഹാസിനെയും യുദ്ധത്തിനു
അയച്ചു; അവന്റെ കൈവശം വിശുദ്ധ
മന്ദിരത്തിലെ ഉപകരണങ്ങളും യുദ്ധനാദ
കാഹളങ്ങളും ഉണ്ടായിരുന്നു. ദൈവം 7
മോശയോടു കല്പിച്ചതുപോലെ അവർ
മിദ്യാന്യരോടു യുദ്ധം ചെയ്ത് പുരുഷന്മാ
രെയെല്ലാം കൊന്നു. നിഹതന്മാരുടെ കൂട്ട 8
ത്തിൽ അവർ മിദ്യാന്യരാജാക്കന്മാരായ

വി, രേക്കം, സൂർ, ഹൂർ, രേബ എന്നീ
ഞ്ചു രാജാക്കന്മാരെയും കൊന്നു; ബെ
യാരിൻെറ മകനായ ബെലയാമിനെയും
വർ വാളുകൊണ്ടു കൊന്നു. ഇസ്രായേൽ
ൾ മിദ്യാന്യസ്ത്രീകളെയും അവരുടെ
ഞ്ഞുങ്ങളെയും ബദ്ധരാക്കി; അവ
ടെ സകല മൃഗങ്ങളെയും ആടുമാടുക
യും അവരുടെ സമ്പത്തുമെല്ലാം കൊള്ള
ട്ടു. അവർ പാർത്തിരുന്ന എല്ലാ പട്ടണ
ളും എല്ലാ പാളയങ്ങളും അഗ്നിക്കിര
ക്കി. അവർ എല്ലാ കൊള്ളമുതലും
നുഷ്യരും മൃഗങ്ങളുമായുള്ള അപഹൃത
ക്കെയും എടുത്തു; ബദ്ധന്മാരെ അപ
തത്തോടും കൊള്ളയോടും കൂടെ യരീ
ഹായുടെ സമീപം യോർദ്ദാനരികെയുള്ള
വാബ് സമഭൂമിയിൽ പാളയത്തിലേക്കു
ശയുടെയും പുരോഹിതനായ എലിയാ
രിൻെറയും ഇസ്രായേൽ സമൂഹത്തി
ൻെറയും അടുക്കൽ കൊണ്ടുവന്നു.
മോശയും പുരോഹിതൻ എലിയാ
റും സമൂഹപ്രമാണികളും പാളയത്തിനു
റത്ത് അവരെ എതിരേററു ചെന്നു.
ന്നാൽ മോശ യുദ്ധത്തിൽനിന്നു വന്നി
ള്ള സഹസ്രാധിപന്മാരും ശതാധിപന്മാരു
യ സൈന്യനായകന്മാരോടു കോപിച്ചു
ഞ്ഞു: നിങ്ങൾ സ്ത്രീകളെയെല്ലാം ജീവ
ടെ വച്ചിരിക്കുന്നു. ഇവരത്രെ പെയോ
ൻെറ കാര്യത്തിൽ ബെലയാമിൻെറ ഉപദേ
ത്താൽ ഇസ്രായേൽമക്കൾ ദൈവത്തോ
കുററം ചെയ്യുവാനും ദൈവത്തിൻെറ
ഭയിൽ മഹാമാരി ഉണ്ടാകുവാനും ഹേതു
ക്കിയത്. ആകയാൽ ഇപ്പോൾ കുഞ്ഞു
ളിലുള്ള ആണിനെയൊക്കെയും പുരു
നോടു കൂടെ ശയിച്ചിട്ടുള്ള എല്ലാ സ്ത്രീ
ളെയും കൊന്നുകളയണം. പുരുഷനോടു
ടെ ശയിക്കാത്ത പെൺകുഞ്ഞുങ്ങളെ
വനോടെ വച്ചുകൊള്ളാം. നിങ്ങൾ ഏഴു
വസം പാളയത്തിനു പുറത്തു താമസി
ണം; ആരെയെങ്കിലും കൊന്നവനും
ല്ലപ്പെട്ടവനെ തൊട്ടവനുമെല്ലാം മൂന്നാം
വസവും ഏഴാം ദിവസവും തങ്ങളെയും
ങ്ങളുടെ തടവുകാരെയും ശുദ്ധീകരി
ണം. വസ്ത്രവും തോൽകൊണ്ടും കോ
ട്ടുരോമം കൊണ്ടുമുണ്ടാക്കിയതെല്ലാം
ംകൊണ്ടുള്ള സകല സാധനവും ശുദ്ധീ
രിക്കണം. പുരോഹിതനായ എലിയാ
ർ യുദ്ധത്തിനു പോയിരുന്ന യോദ്ധാക്ക
ളോടു പറഞ്ഞു: ദൈവം മോശയോടു
ല്പിച്ചിട്ടുള്ള ന്യായപ്രമാണം ഇതാണ്:
ന്ന്, വെള്ളി, ചെമ്പ്, ഇരുമ്പ്, വെള്ളീ
യം, കാരിയം മുതലായി തീയിൽ നശിച്ചു 23
പോകാത്ത സാധനമൊക്കെയും അഗ്നി
യിൽ ഇട്ടെടുക്കണം.; അപ്പോൾ അതു ശുദ്ധ
മാകും; എങ്കിലും ശുദ്ധീകരണജലത്താലും
അതു ശുദ്ധീകരിക്കണം. തീയിൽ നശിച്ചു
പോകുന്നതെല്ലാം നിങ്ങൾ വെള്ളത്തിൽ
മുക്കിയെടുക്കണം. ഏഴാം ദിവസം വസ്ത്രം 24
അലക്കി ശുദ്ധിയുള്ളവരായശേഷം നിങ്ങൾ
ക്കു പാളയത്തിലേക്കു വരാം.
വീണ്ടും ദൈവം മോശയോടു അരുളി 25
ച്ചെയ്തു: നീയും പുരോഹിതനായ എലി 26
യാസാറും സഭയിലെ ഗോത്രപ്രധാനികളും
കൊള്ളയായി പിടിക്കപ്പെട്ട മനുഷ്യരുടെയും 27
മൃഗങ്ങളുടെയും കണക്കെടുത്ത് യുദ്ധത്തി
നു പോയ യോദ്ധാക്കൾക്കും സഭയ്ക്കും
ഇങ്ങനെ രണ്ടു ഓഹരിയായി കൊള്ളമുതൽ
വിഭാഗിക്കണം. യുദ്ധത്തിനു പോയ യോദ്ധാ 28
ക്കളോടു മനുഷ്യരിലും മാട്, കഴുത, ആട്
എന്നിവയിലും അഞ്ഞൂററിൽ ഒന്നു ദൈവ
ത്തിൻെറ ഓഹരിയായി വാങ്ങണം. അവർ 29
ക്കുള്ള ഓഹരിയിൽനിന്നു അതു എടുത്തു
ദൈവത്തിന് വഴിപാടായി പുരോഹിത
നായ എലിയാസാറിനെ ഏല്പിക്കണം.
എന്നാൽ ഇസ്രായേൽ മക്കൾക്കുള്ള 30
ഓഹരിയിൽനിന്നു മനുഷ്യരിലും മാട്,
കഴുത, ആട് മുതലായ സകലവിധ മൃഗ
ത്തിലും അൻപതിൽ ഒന്നു എടുത്ത് ദൈവ
ത്തിൻെറ തിരുനിവാസത്തിലെ ജോലിക്കാ
രായ ലേവ്യർക്കു കൊടുക്കണം. ദൈവം 31
മോശയോടു കല്പിച്ചതുപോലെ മോശ
യും എലിയാസാരും ചെയ്തു. യോദ്ധാക്കൾ 32
കൈവശമാക്കിയതിനു പുറമെയുള്ള
കൊള്ള ആറു ലക്ഷത്തെഴുപത്തയ്യായിരം 33
ആടും എഴുപത്തീരായിരം മാടും അറുപ 34
ത്തോരായിരം കഴുതയും പുരുഷനോടു
കൂടെ ശയിക്കാത്ത സ്ത്രീകൾ എല്ലാംകൂടി 35
മുപ്പത്തീരായിരം പേരും ആയിരുന്നു. യുദ്ധ 36
ത്തിനു പോയവരുടെ ഓഹരിയിൽ ആടു
മൂന്നു ലക്ഷത്തിമുപ്പത്തേഴായിരത്തഞ്ഞൂറ്;
ആടിൽ ദൈവത്തിനുള്ള ഓഹരി അറുനൂ 37
റെറഴുപത്തഞ്ച്; കന്നുകാലി മുപ്പത്താറാ 38
യിരം; അതിൽ ദൈവത്തിനുള്ള ഓഹരി
എഴുപത്തിരണ്ട്; കഴുത മുപ്പതിനായിരത്ത 39
ഞ്ഞൂറ്; അതിൽ ദൈവത്തിനുള്ള ഓഹരി
അറുനൂററിപ്പത്ത്; ആൾ പതിനാറായിരം; 40
അവരിൽ ദൈവത്തിനുള്ള ഓഹരി മുപ്പ
ത്തിരണ്ട്. ദൈവത്തിന് വഴിപാടായിരുന്ന 41
ഓഹരി ദൈവം മോശയോടു കല്പിച്ചതു
പോലെ മോശ പുരോഹിതനായ എലിയാ
സാരിനു കൊടുത്തു. മോശ യോദ്ധാക്കളിൽ 42

നിന്ന് ഇസ്രായേൽ മക്കൾക്കു വിഭാഗിച്ചു
43 കൊടുത്ത പാതിയിൽനിന്നു — സഭയ്ക്കു
ള്ള പാതി മൂന്നു ലക്ഷത്തി മുപ്പത്തേഴാ
44 യിരത്തഞ്ഞൂറ് ആടും മുപ്പത്താറായിരം
45 മാടും മുപ്പതിനായിരത്തഞ്ഞൂറു കഴുതയും
46 പതിനാറായിരം ആളും ആയിരുന്നു -
47 ഇസ്രായേൽ മക്കളുടെ ഓഹരിയിൽനിന്നു
മോശ മനുഷ്യരിലും മൃഗങ്ങളിലും അൻപ
തിൽ ഒന്ന് എടുത്തു ദൈവം മോശയോടു
കല്പിച്ചതുപോലെ ദൈത്തിന്റെ തിരു
നിവാസത്തിലെ ജോലിക്കാരായ ലേവ്യർ
48 ക്കു കൊടുത്തു. പിന്നെ സൈന്യസഹസ്ര
ങ്ങൾക്കു നായകന്മാരായ സഹസ്രാധിപ
ന്മാരും ശതാധിപന്മാരും മോശയുടെ അടു
49 ക്കൽ വന്നു, മോശയോട്: അങ്ങയുടെ
ദാസരായ ഞങ്ങൾ ഞങ്ങളുടെ കീഴുള്ള
യോദ്ധാക്കളുടെ എണ്ണം നോക്കി, ഒരുവനും
50 കുറഞ്ഞുപോയിട്ടില്ല. അതിനാൽ ഞങ്ങൾ
ക്ക് ഓരോരുവനു കിട്ടിയ സ്വർണ്ണാഭരണ
ങ്ങളായ മാല, കൈവള, മോതിരം, കുണു
ക്കു, കടകം എന്നിവ ദൈവസന്നിധിയിൽ
ഞങ്ങൾക്കുവേണ്ടി പാപപരിഹാരത്തി
നായി ഞങ്ങൾ ദൈവത്തിന് വഴിപാടായി
കൊണ്ടുവന്നിരിക്കുന്നു എന്നു പറഞ്ഞു.
51 മോശയും പുരോഹിതനായ എലിയാ
സാറും വിചിത്രപ്പണിയുള്ള സ്വർണ്ണാഭരണ
52 ങ്ങൾ അവരോടു വാങ്ങി. സഹസ്രാധിപ
ന്മാരും ശതാധിപന്മാരും ദൈവത്തിനു വഴി
പാടു സമർപ്പിച്ച സ്വർണ്ണം പതിനാറായിര
ത്തെഴുന്നൂററമ്പതു ശേക്കൽ ആയിരുന്നു.
53 യോദ്ധാക്കളിൽ ഓരോരുവനും അവനവനു
വേണ്ടി കൊള്ളമുതൽ എടുത്തിട്ടുണ്ടാ
54 യിരുന്നു. മോശയും പുരോഹിതനായ എലി
യാസാറും സഹസ്രാധിപന്മാരോടും ശതാ
ധിപന്മാരോടും ആ സ്വർണ്ണം വാങ്ങി ദൈവ
സന്നിധിയിൽ ഇസ്രായേൽ മക്കളുടെ
ഓർമ്മയ്ക്കായി സമാഗമനകൂടാരത്തിലേ
ക്കു കൊണ്ടുപോയി.

അദ്ധ്യായം 32

1 രൂബേന്യർക്കും ഗാദ്യർക്കും വളരെ
യേറെ ആടുമാടുകൾ ഉണ്ടായിരുന്നു. അവർ
യാസേർ ദേശവും ഗിലെയാദ് ദേശവും
2 ആടുമാടുകൾക്കു നല്ല മേച്ചിൽസ്ഥലം
എന്നു കണ്ടിട്ട് വന്നു മോശയോടും പുരോ
ഹിതനായ എലിയാസാറിനോടും സഭയി
3 ലെ പ്രധാനികളോടും സംസാരിച്ചു: അതാ
രോത്ത്, ദീബോൻ, യസേർ, നിമ്രാ, ഹെ
ശ്ബോൻ, എലെയാലേ, സെബാം, നെബോ,
4 ബെയോൻ എന്നിങ്ങനെ ദൈവം ഇസ്രാ
യേൽ സഭയുടെ മുമ്പിൽ ജയിച്ചടക്കിയ
ദേശങ്ങൾ ആടുമാടുകൾക്കു മേച്ചിലിനു
കൊള്ളാവുന്ന പ്രദേശങ്ങൾ അത്രെ; അടി
യങ്ങൾക്കോ ആടുമാടുകൾ ഉണ്ട്. അതു 5
കൊണ്ടു അങ്ങയ്ക്ക് അടിയങ്ങളോട് കൃപ
യുണ്ടെങ്കിൽ ഈ പ്രദേശം അടിയങ്ങൾക്ക്
അവകാശമായി തരണമേ; ഞങ്ങളെ
യോർദ്ദാനക്കരെ കൊണ്ടുപോകരുതേ
എന്നു പറഞ്ഞു. മോശ ഗാദ്യരോടും രൂബേ 6
ന്യരോടും പറഞ്ഞു: നിങ്ങളുടെ സഹോദര
ന്മാർ യുദ്ധത്തിനു പോകുമ്പോൾ നിങ്ങൾ
ക്ക് ഇവിടെ ഇരിക്കണമെന്നോ? ദൈവം 7
ഇസ്രായേൽ മക്കൾക്കു കൊടുത്തിട്ടുള്ള
ദേശത്തേക്ക് അവർ കടക്കാതിരിപ്പാൻ
തക്കവണ്ണം നിങ്ങൾ അവരെ അധൈര്യ
പ്പെടുത്തുന്നത് എന്തിന്? ഒററുനോക്കേ 8
ണ്ടതിന് ഞാൻ നിങ്ങളുടെ പിതാക്ക
ന്മാരെ റക്കേംദ്ഗയയിൽനിന്നു അയച്ച
പ്പോൾ അവർ ഇങ്ങനെതന്നെ ചെയ്തു. അവർ 9
എസ്കോൽ താഴ്വരയോളം ചെന്നു ദേശം
കണ്ടശേഷം ദൈവം ഇസ്രായേൽ മക്കൾക്കു
കൊടുത്തിട്ടുള്ള ദേശത്തേക്കു പോകാതി
രിക്കത്തക്കവണ്ണം അവരെ അധൈര്യ
പ്പെടുത്തി. അന്നു ദൈവകോപം ജ്വലിച്ചു; 10
അവൻ സത്യം ചെയ്തു കല്പിച്ചത്:
കെനിസ്യനായ യെഫുന്നയുടെ മകൻ കാ 11
ലേബും നൂന്റെ മകൻ യോശുവയും
ദൈവത്തോട് പൂർണ്ണമായി ചേർന്നു
നിന്നതുകൊണ്ടു അവരല്ലാതെ മെസ്രേ 12
നിൽനിന്നു പോന്നവരിൽ ഇരുപതു വയസ്സു
മുതൽ മേലോട്ടുള്ള ഒരുവനും ഞാൻ
അബ്രാഹാമിനോടും യിസഹാക്കിനോടും
യാക്കോബിനോടും സത്യം ചെയ്ത ദേശം
കാണുകയില്ല; അവർ എന്നോടു പൂർണ്ണ
മായി ചേർന്നു നിന്നില്ല. അങ്ങനെ ദൈവ 13
കോപം ഇസ്രായേലിന്റെ നേരെ ജ്വലിച്ചു;
ദൈവത്തിനു അനിഷ്ടമായതു ചെയ്ത
തലമുറ എല്ലാം നശിച്ചുപോകുന്നതുവരെ
അവൻ നാല്പതു സംവത്സരം അവരെ
മരുഭൂമിയിൽ അലഞ്ഞുതിരിയുമാറാക്കി.
ഇസ്രായേലിന്റെ നേരെ ദൈവത്തിന്റെ 14
ഉഗ്രകോപം ഇനിയും വർദ്ധിപ്പാൻ തക്ക
വണ്ണം നിങ്ങളുടെ പിതാക്കന്മാർക്കു പകരം
നിങ്ങൾ പാപികളുടെ ഒരു സമൂഹമായി
എഴുന്നേററിരിക്കുന്നു! നിങ്ങൾ അവനെ 15
വിട്ടു പിന്മാറിയാൽ അവൻ ഇനിയും അവരെ
മരുഭൂമിയിൽ ഉപേക്ഷിക്കും; അങ്ങനെ
നിങ്ങൾ ഈ ജനത്തെയെല്ലാം നശിപ്പിക്കും.
അപ്പോൾ അവർ അടുത്തു ചെന്നു പറഞ്ഞു: 16
ഞങ്ങൾ ഇവിടെ ഞങ്ങളുടെ ആടുമാടു

ൾക്കു തൊഴുത്തുകളും ഞങ്ങളുടെ
ുഞ്ഞുങ്ങൾക്കു പട്ടണങ്ങളും പണിയട്ടെ.
ിസ്രായേൽ മക്കളെ അവരുടെ സ്ഥലത്തു
കാണ്ടുപോയി ആക്കുന്നതുവരെ ഞങ്ങൾ
ുദ്ധസന്നദ്ധരായി അവർക്കു മുമ്പായി
ടന്നുകൊള്ളാം; ഞങ്ങളുടെ കുഞ്ഞുങ്ങ
ളാ ദേശത്തെ നിവാസികൾ നിമിത്തം
റപ്പുള്ള പട്ടണങ്ങളിൽ പാർക്കട്ടെ. ഇസ്രാ
യൽ മക്കൾ ഓരോരുവൻ താന്താൻെറ
വകാശം അടക്കിക്കൊള്ളുന്നതുവരെ
ങ്ങൾ ഞങ്ങളുടെ വീടുകളിലേക്കു
ങ്ങിപ്പോരികയില്ല. യോർദ്ദാനക്കരെയും
തിനപ്പുറവും ഞങ്ങൾ അവരോടുകൂടെ
വകാശം വാങ്ങുകയുമില്ല; കിഴക്കു
യാർദ്ദാന്നിക്കരെ ഞങ്ങൾക്ക് അവകാശം
ണ്ടല്ലോ. അതിനു മോശ അവരോടു
റഞ്ഞു:നിങ്ങൾ ഇങ്ങനെ ചെയ്യുമെങ്കിൽ,
ദൈവത്തിൻെറ മുമ്പാകെ യുദ്ധസന്നദ്ധ
ായി പുറപ്പെട്ട് ദൈവം തൻെറ മുമ്പിൽ
ിന്നു ശത്രുക്കളെ നീക്കിക്കളയുന്നതുവരെ
ിങ്ങൾ എല്ലാവരും അവൻെറ മുമ്പാകെ
ുദ്ധസന്നദ്ധരായി യോർദ്ദാനക്കരെ കടന്നു
പാകുമെങ്കിൽ - ദേശം ദൈവമുമ്പാകെ
ീഴമർന്നശേഷം നിങ്ങൾ മടങ്ങിപ്പോരു
യും ദൈവത്തിൻെറയും ഇസ്രായേലി
ൻെറയും മുമ്പാകെ കുററമററവരായിരിക്കു
യുംചെയ്യും; അപ്പോൾ ഈ ദേശം
ദൈവ മുമ്പാകെ നിങ്ങളുടെ അവകാശമാ
ി തീരും. എന്നാൽ നിങ്ങൾ അങ്ങനെ ചെ
്തില്ല എങ്കിലോ നിങ്ങൾ ദൈവത്തോടു
ാപം ചെയ്തിരിക്കുന്നു; നിങ്ങളുടെ
ാപഫലം നിങ്ങൾ അനുഭവിക്കും. നിങ്ങ
ുടെ കുട്ടികൾക്കായി പട്ടണങ്ങളും നിങ്ങ
ുടെ ആടുകൾക്കായി തൊഴുത്തുകളും
ണിതു നിങ്ങൾ പറഞ്ഞതുപോലെ ചെ
്തുകൊൾവിൻ. ഗാദ്യരും രൂബേന്യരും മോ
ായോടു: യജമാനൻ കല്പിക്കുന്നതുപോ
ല അടിയങ്ങൾ ചെയ്തുകൊള്ളാം. ഞങ്ങ
ുടെ കുഞ്ഞുങ്ങളും ഭാര്യമാരും ഞങ്ങളുടെ
ന്നുകാലികളും മൃഗങ്ങളെല്ലാം ഗിലെയാ
ിലെ പട്ടണങ്ങളിൽ ഇരിക്കട്ടെ. നിൻെറ
ാസരായ ഞങ്ങൾ യജമാനൻ കല്പിക്കുന്ന
ുപോലെ എല്ലാവരും യുദ്ധസന്നദ്ധരായി
ദൈവത്തിൻെറ മുമ്പാകെ യുദ്ധത്തിനു കട
 നുപോകാം എന്നു പറഞ്ഞു.

ആകയാൽ മോശ അവരെക്കുറിച്ചു
ുരോഹിതനായ എലിയാസാറിനോടും
ൂൻെറ മകനായ യോശുവയോടും ഇസ്രാ
യൽ മക്കളുടെ ഗോത്രപ്രധാനികളോടും
ല്പിച്ചതെന്തെന്നാൽ: ഗാദ്യരും രൂബേ
ന്യരും ഓരോരുവൻ യുദ്ധസന്നദ്ധനായി
ദൈവത്തിൻെറ മുമ്പാകെ നിങ്ങളോടുകൂടെ
യോർദ്ദാനക്കരെ കടന്നുപോരികയും ദേശം
നിങ്ങളുടെ മുമ്പാകെ കീഴടങ്ങുകയും
ചെയ്താൽ നിങ്ങൾ അവർക്കു ഗിലെയാദ്
ദേശം അവകാശമായി കൊടുക്കണം.
എന്നാൽ അവർ നിങ്ങളോടുകൂടെ യുദ്ധ 30
സന്നദ്ധരായി അക്കരയ്ക്കു കടക്കാതിരു
ന്നാൽ അവരുടെ അവകാശം നിങ്ങളുടെ
ഇടയിൽ കനാൻദേശത്തുതന്നെ ആയിരി
ക്കണം. ഗാദ്യരും രൂബേന്യരും അതിനു: 31
ദൈവം അടിയങ്ങളോടു അരുളിച്ചെയ്ത
തുപോലെ ചെയ്തുകൊള്ളാം. ഞങ്ങളുടെ 32
അവകാശം ലഭിക്കേണ്ടതിനു ഞങ്ങൾ
ദൈവത്തിൻെറ മുമ്പാകെ യുദ്ധസന്നദ്ധ
രായി കനാൻദേശത്തേക്കു കടന്നുപോകാം
എന്നു പറഞ്ഞു. അപ്പോൾ മോശ ഗാദ്യർ 33
ക്കും രൂബേന്യർക്കും യോസേഫിൻെറ
മകനായ മനശ്ശയുടെ പാതിഗോത്രത്തിനും
അമോര്യരാജാവായ സീഹോൻെറ രാജ്യ
വും ബാശാൻ രാജാവായ ഓഗിൻെറ രാജ്യ
വും അതിൻെറ അതിർത്തികളിൽ ചുററു
മുള്ള പ്രദേശത്തെ പട്ടണങ്ങളും കൊടുത്തു.
അങ്ങനെ ഗാദ്യർ ദീബോൻ, അതാരോത്ത്, 34
അരോയേർ, അത്രോത്ത്, ശോഫാൻ, 35
യസേർ, യൊഗ്ബെഹാ, ബേത്ത്-നിമ്രാ, 36
ബേത്ത് ഹാരാൻ എന്നിവയെ ഉറപ്പുള്ള
പട്ടണങ്ങളായി പണിതു. അവയിൽ ആടു
കൾക്കു തൊഴുത്തുകളും പണിതു. രൂബേ 37
ന്യർ ഹെശ്ബോനും എലെയാലേയും കിര്യ
ത്തയീമും, പേരുമാററിക്കളഞ്ഞ നെബോ, 38
ബാൽമെയോൻ എന്നിവയും സിബ്മയും
പണിതു; അവർ പണിത നഗരങ്ങൾക്കു
പുതിയ പേരിട്ടു. മനശ്ശയുടെ മകനായ മാഖീ 39
രിൻെറ പുത്രന്മാർ ഗിലെയാദിൽ ചെന്ന്
അതിനെ കീഴടക്കി, അവിടെ പാർത്തിരുന്ന
അമോര്യരെ ഓടിച്ചു. മോശ ഗിലെയാദ് 40
ദേശം മനശ്ശയുടെ മകനായ മാഖീരിനു
കൊടുത്തു; അവൻ അവിടെ പാർത്തു. 41
മനശ്ശയുടെ പുത്രനായ യായീർ ചെന്നു
അതിലെ ഗ്രാമങ്ങൾ കീഴടക്കി, അവർക്കു
ഹവ്വോത്ത് യായീർ (യായീരിൻെറ ഗ്രാമ
ങ്ങൾ) എന്നു പേരിട്ടു. നോബഹ് ചെന്നു
കെനാത്ത് പട്ടണവും അതിൻെറ ഗ്രാമങ്ങളും
കീഴടക്കി; അതിനു തൻെറ പേരിൻപ്രകാരം
നോബഹ് എന്നു പേരിട്ടു.

അദ്ധ്യായം 33

മോശയുടെയും അഹറോൻെറയും 1
നേതൃത്വത്തിൽ ഗണംഗണമായി മെസ്രേൻ

ദേശത്തുനിന്നു പുറപ്പെട്ട ഇസ്രായേൽ
2 മക്കളുടെ യാത്രകൾ: മോശ ദൈവത്തിൻെറ
കല്പനപ്രകാരം അവരുടെ പ്രയാണവിവര
ങ്ങളിൽ അവരുടെ താവളങ്ങൾ എഴുതി
3 വച്ചു: താവളം താവളമായി അവർ ചെയ്ത
പ്രയാണങ്ങൾ: ഒന്നാംമാസം പതിനഞ്ചാം
തീയതി അവർ രമെസേസിൽനിന്നു പുറ
പ്പെട്ടു; പെസഹ കഴിഞ്ഞ പിറെറദിവസം
4 ഇസ്രായേൽമക്കൾ എല്ലാ മെസ്രേന്യരും
കാൺകെ യുദ്ധസന്നദ്ധരായി പുറപ്പെട്ടു
മെസ്രേന്യരോ ദൈവം തങ്ങളുടെ ഇട
യിൽ സംഹരിച്ച കടിഞ്ഞൂലുകളെ എല്ലാം
സംസ്ക്കരിക്കുകയായിരുന്നു; അവരുടെ
ദേവന്മാരുടെ മേലും ദൈവം ശിക്ഷാവിധി
5 നടത്തിയിരുന്നു. ഇസ്രായേൽമക്കൾ രമെ
സേസിൽനിന്നു പുറപ്പെട്ടു സുക്കോത്തിൽ
6 പാളയമിറങ്ങി. സുക്കോത്തിൽനിന്ന് അവർ
പുറപ്പെട്ടു മരുഭൂമിയുടെ അററത്തുള്ള ഏഥാ
7 മിൽ പാളയമിറങ്ങി. ഏഥാമിൽനിന്നു പുറ
പ്പെട്ടു ബാൽ സെഫോന്നെതിരെയുള്ള
പീഹഹീരോത്തിലെത്തി; അവർ മിഗ്ദോ
8 ലിനു കിഴക്കു പാളയമിറങ്ങി. പീഹഹീരോ
ത്തിനു കിഴക്കുനിന്ന് പുറപ്പെട്ട് കടലിൻെറ
നടുവിലൂടെ മരുഭൂമിയിൽ എത്തി ഏഥാം
മരുഭൂമിയിൽ മൂന്നു ദിവസത്തെ വഴി നടന്ന്
9 മറാത്തിൽ പാളയമടിച്ചു. മറാത്തിൽനിന്നു
10 പുറപ്പെട്ടു ഏലീമിൽ എത്തി; ഏലീമിൽ
പന്ത്രണ്ടു നീരുറവും എഴുപതു ഈത്ത
പ്പനയും ഉണ്ടായിരുന്നതുകൊണ്ടു അവർ
അവിടെ പാർത്തു. ഏലീമിൽനിന്നു പുറ
11 പ്പെട്ടു ചെങ്കടലിനരികെയും ചെങ്കടലിന
രികെനിന്നു പുറപ്പെട്ടു സീൻമരുഭൂമിയിലും
12 സീൻമരുഭൂമിയിൽനിന്നു പുറപ്പെട്ടു ദൊ
13 ഫ്ക്കയിലും ദൊഫ്ക്കയിൽനിന്നു പുറപ്പെട്ടു
ആലുശിലും ആലുശിൽനിന്നു പുറപ്പെട്ടു
14 രെഫീദീമിലും പാളയമടിച്ചു.; അവിടെ
ജനത്തിനു കുടിപ്പാൻ വെള്ളമില്ലായിരുന്നു.
15 രെഫീദീമിൽനിന്നു പുറപ്പെട്ടു സീനായി
16 മരുഭൂമിയിലും സീനായിമരുഭൂമിയിൽ
നിന്നു പുറപ്പെട്ടു കബ്റോദ്റഗ്സോ
17 യിലും റഗ്സോയിൽനിന്നു പുറപ്പെട്ടു
18 ഹസേരോത്തിലും ഹസേരോത്തിൽനിന്നു
പുറപ്പെട്ട് രിത്ത്മയിലും രിത്ത്മയിൽനിന്നു
19 പുറപ്പെട്ട് രിമ്മോൻ-പേരെസിലും രിമ്മോൻ
20 - പേരെസിൽനിന്നു പുറപ്പെട്ട് ലിബ്നയിലും
21 ലിബ്നയിൽനിന്നു പുറപ്പെട്ട് രിസ്സയിലും
രിസ്സയിൽനിന്നു പുറപ്പെട്ട് കെഹേലാഥ
22 യിലും കെഹേലാഥയിൽനിന്നു പുറപ്പെട്ട്
23 ശാഫേർ മലയിലും ശാഫേർ മലയിൽനിന്നു
24 പുറപ്പെട്ട് ഹരാദയിലും ഹരാദയിൽനിന്നു

പുറപ്പെട്ട് മക്ഹേലോത്തിലും മക്ഹേലോ 25
ത്തിൽനിന്നു പുറപ്പെട്ട് തഹത്തിലും
തഹത്തിൽനിന്നു പുറപ്പെട്ട് താരഹിലും 26
താരഹിൽനിന്നു പുറപ്പെട്ടു മിത്തക്കയിലും 27
മിത്തക്കയിൽനിന്നു പുറപ്പെട്ടു ഹശ്മോന 28
യിലും ഹശ്മോനയിൽനിന്നു പുറപ്പെട്ട് 29
മോസേരോത്തിലും മോസേരോത്തിൽ 30
നിന്നു പുറപ്പെട്ട് ബെനേയാക്കാനിലും 31
ബെനേയാക്കാനിൽനിന്നു പുറപ്പെട്ട് ഹോർ 32
- ഹഗ്ഗിദഗാഗിലും ഹോർ-ഹഗ്ഗിദഗാഗിൽ 33
നിന്നു പുറപ്പെട്ട് യൊത്ബാഥയിലും യൊ 34
ത്ബാഥയിൽനിന്നു പുറപ്പെട്ട് അബ്രോന
യിലും അബ്രോനയിൽനിന്നു പുറപ്പെട്ട് എ 35
സ്യോൻ ഗേബെരിലും എസ്യോൻ ഗേബെ 36
രിൽനിന്നു പുറപ്പെട്ട് സീൻമരുഭൂമിയിലും
പാളയമിറങ്ങി. അതാകുന്നു കാദേശ്. അവർ 37
കാദേശിൽനിന്നു പുറപ്പെട്ട് എദോം ദേശ
ത്തിൻെറ അതിർത്തിയിൽ ഹോർപർവ്വത
സമീപം എത്തി. പുരോഹിതനായ അഹ 38
റോൻ ദൈവകല്പനപ്രകാരം ഹോർപർവ്വ
തത്തിൽ കയറി, ഇസ്രായേൽ മക്കൾ മെ
സ്രേൻ ദേശത്തുനിന്നു പോന്നതിൻെറ നാല്
പതാം സംവത്സരം അഞ്ചാംമാസം ഒന്നാം
തീയതി അവിടെ വച്ചു മരിച്ചു. അഹറോൻ 39
ഹോർ പർവ്വതത്തിൽ വച്ചു മരിച്ചപ്പോൾ അ
വനു നൂററിരുപത്തിമൂന്നു വയസ്സായിരുന്നു.

കനാൻദേശത്തു തെക്കു പാർത്തിരുന്ന 40
കനാന്യനായ ഗെദാർ രാജാവു ഇസ്രായേൽ
മക്കളുടെ ആഗമനവിവരം അറിഞ്ഞു. ഹോർ 41
പർവ്വതത്തിങ്കൽനിന്ന് അവർ പുറപ്പെട്ടു
സല്മോനയിലും സല്മോനയിൽനിന്നു
പുറപ്പെട്ട് പൂനോനിലും പൂനോനിൽനിന്നു 42
പുറപ്പെട്ട് ഓബോത്തിലും ഓബോത്തിൽ 43
നിന്നു പുറപ്പെട്ട് മോവാബിൻെറ അതിരി 44
ങ്കൽ ഈയേ-അബാരീമിലും ഈയീമിൽ
നിന്നു പുറപ്പെട്ടു ദീബോൻഗാദിലും ദീ 45
ബോൻഗാദിൽനിന്നു പുറപ്പെട്ട് അല്മോൻ 46
ദിബ്ലാഥയീമിലും അല്മോൻ ദിബ്ലാഥയീ
മിൽനിന്നു പുറപ്പെട്ടു നെബോവിനു കിഴക്കു 47
അബാരീം പർവ്വതത്തിങ്കലും അബാരീം 48
പർവ്വതത്തിങ്കൽനിന്നു പുറപ്പെട്ട് യരീഹോ
യ്ക്കെതിരെ യോർദ്ദാന്നരികെ മോവാബ് 49
സമഭൂമിയിലും യോർദ്ദാന്നരികെ മോവാബ്
സമഭൂമിയിൽ ബേത്ത് യെശീമോത്ത് മുതൽ
ആബേൽ ശിത്തീംവരെയും പാളയമിറങ്ങി.

യെരീഹോയ്ക്കെതിരെ യോർദ്ദാന്നരി 50
കെ മോവാബ് സമഭൂമിയിൽവച്ചു ദൈവം
മോശയോടു അരുളിച്ചെയ്തു: നീ ഇസ്രാ 51
യേൽ മക്കളോടു പറയുക: നിങ്ങൾ യോർദ്ദാ 52
ന്നക്കരെ കനാൻദേശത്തേക്കു കടന്നശേഷം

ദേശത്തെ സർവ്വ നിവാസികളെയും
ങ്ങളുടെ മുമ്പിൽനിന്നു നീക്കിക്കളയണം,
വരുടെ വിഗ്രഹങ്ങളെയും ബിംബങ്ങ
യും എല്ലാം തകർക്കണം, അവരുടെ
കല പൂജാഗിരികളെയും നശിപ്പിച്ചുകള
ണം, നിങ്ങൾ ദേശം കീഴടക്കി അതിൽ
ഥിരതാമസമാക്കണം; നിങ്ങൾ കൈവശ
ക്കേണ്ടതിനു ഞാൻ ആ പ്രദേശം നിങ്ങൾ
ു തന്നിരിക്കുന്നു. നിങ്ങൾ കുടുംബം
ടുംബമായി ദേശം നറുക്കിട്ട് അവകാശ
ക്കണം; ആളേറെയുള്ളവർക്കു ഏറെയും
റെയുള്ളവർക്കു കുറച്ചും അവകാശം
ൊടുക്കണം; അവനവനു നറുക്ക് എവിടെ
ഴുന്നുവോ അതു അവന്റെ അവകാശം
യിരിക്കണം; പിതൃഗോത്രം പിതൃഗോത്ര
യി നിങ്ങൾക്കു അവകാശം ലഭിക്കണം.
ന്നാൽ ദേശത്തെ നിവാസികളെ നിങ്ങ
ടെ മുമ്പിൽനിന്നു നീക്കിക്കളയാതിരു
ാൽ, അവരിൽ നിങ്ങൾ ശേഷിപ്പിക്കുന്ന
നിങ്ങളുടെ കണ്ണുകളിൽ മുള്ളുകളും
ാർശ്വങ്ങളിൽ മുള്ളുകളുമായി നിങ്ങൾ
സിക്കുന്ന ദേശത്തു നിങ്ങളെ ഉപദ്രവി
ും. അത്രയുമല്ല, ഞാൻ അവരോടു
ചെയ്യുവാൻ നിശ്ചയിച്ചതുപോലെ നിങ്ങ
ാടു ചെയ്യും.

അദ്ധ്യായം 34

ദൈവം വീണ്ടും മോശയോടു അരുളി
ച്ചെയ്തു: ഇസ്രായേൽ മക്കളോടു നീ കല്പി
ുക: നിങ്ങൾ കനാൻദേശത്ത് എത്തു
വാൾ നിങ്ങൾക്ക് അവകാശമായി തരു
ാനിരിക്കുന്ന പ്രദേശത്തിന്റെ അതിര്
ങ്ങനെ ആയിരിക്കണം. തെക്കെഭാഗത്തു
ീൻ മരുഭൂമി തുടങ്ങി എദോമിന്റെ വശ
ുകൂടിയായിരിക്കണം; നിങ്ങളുടെ
ക്കെ അതിര് കിഴക്കു ഉപ്പുകടലിന്റെ
ററം തുടങ്ങി ആയിരിക്കണം. പിന്നെ
ങ്ങളുടെ അതിര് അക്രബ്ബീം കയററത്തിനു
ക്കോട്ടു തിരിഞ്ഞു സീനിലേക്കു കടന്നു
ാദേശ് ബർന്നേയയുടെ തെക്ക് അവസാ
ക്കണം. അവിടെനിന്നു ഹസർ അദ്ദാർ
രെ ചെന്നു അസ്മോനിലേക്കു കടക്കണം.
ിന്നെ അതിർ അസ്മോൻ തുടങ്ങി
ിസ്രേൻ തോട്ടിലേക്കു തിരിഞ്ഞു സമുദ്ര
ത്തിങ്കൽ അവസാനിക്കണം. പടിഞ്ഞാറോ
ഹാസമുദ്രം അതിർത്തിയായിരിക്കണം.
തു നിങ്ങളുടെ പടിഞ്ഞാറെ അതിർത്തി.
ടക്കോ മഹാസമുദ്രം തുടങ്ങി ഹോർപർ
തം നിങ്ങളുടെ അതിർത്തിയായിരിക്കണം.
ഹാർപർവ്വതം മുതൽ ഹമാത്ത് വരെ
അതിർത്തി. സെദാദിൽ ആ അതിര് അവ
സാനിക്കണം; പിന്നെ അതിര് നിഫ്രോൻ 9
വരെ ചെന്നു ഹസാർ- ഏനാനിൽ അവ
സാനിക്കണം; ഇതു നിങ്ങളുടെ വടക്കെ
അതിര്. കിഴക്കോ ഹസാർ ഏനാൻ തുടങ്ങി 10
ശെഫാംവരെ നിങ്ങളുടെ അതിർത്തിയാ
യിരിക്കണം. ശെഫാം തുടങ്ങി ആ അതിര് 11
അയീന്റെ കിഴക്കുഭാഗത്തു രിബ്ലാവരെ
ഇറങ്ങിച്ചെന്ന് കിന്നേരെത്ത് കടലിന്റെ
കിഴക്കെ കരവരെയായിരിക്കണം. അവിടെ 12
നിന്നു യോർദ്ദാൻവഴിയായി ഇറങ്ങിച്ചെന്നു
ഉപ്പുകടലിങ്കൽ അവസാനിക്കണം. ഇതാണ്
ചുററും നിങ്ങളുടെ ദേശത്തിന്റെ അതിര്.
മോശ ഇസ്രായേൽ മക്കളോടു കല്പിച്ചു: 13
നിങ്ങൾക്കു ചീട്ടിനാൽ അവകാശമായി
ലഭിപ്പാനുള്ളതായി ദൈവം ഒമ്പതര
ഗോത്രങ്ങൾക്കു കൊടുപ്പാൻ കല്പിച്ചി
ട്ടുള്ള ദേശം ഇതുതന്നെ. രൂബേൻ ഗോത്ര 14
ക്കാരുടെ കുടുംബങ്ങൾക്കും ഗാദ്ഗോത്ര
ക്കാരുടെ കുടുംബങ്ങൾക്കും മനശ്ശയുടെ
പാതിഗോത്രത്തിനും അവരുടെ അവകാശം
ലഭിച്ചുവല്ലോ. ഈ രണ്ടര ഗോത്രത്തിനു 15
അവകാശം ലഭിച്ചതു കിഴക്കൻ പ്രദേശത്തു
യറീഹോയ്ക്കു കിഴക്കു യോർദ്ദാനക്കരെ
ആയിരുന്നു.

ദൈവം വീണ്ടും മോശയോടു അരുളി 16
ച്ചെയ്തു: നിങ്ങൾക്കു ദേശം വിഭാഗിച്ചു തരേ
ണ്ടുന്നവർ ഇവരാണ്: പുരോഹിതനായ 17
എലിയാസാരും നൂന്റെ മകനായ യോശു
വയും. ദേശത്തെ അവകാശമായി വിഭാഗി 18
ക്കേണ്ടതിനു നിങ്ങൾ ഓരോ ഗോത്രത്തിൽ
നിന്ന് ഓരോ പ്രധാനിയെ ചേർക്കണം.
അവർ ആരെല്ലാമെന്നാൽ: യഹൂദാ 19
ഗോത്രത്തിൽ യെഫുന്നയുടെ മകൻ കാ
ലേബ്. ശെമഓൻ ഗോത്രത്തിൽ അമ്മീഹു
ദിന്റെ മകൻ ശെമൂവേൽ. ബെന്യാമീൻ 20
ഗോത്രത്തിൽ കിസ്തോന്റെ മകൻ എലീ 21
ദാദ്. ദാൻ ഗോത്രത്തിനുള്ള പ്രധാനി 22
യൊഗ്ലിയുടെ മകൻ ബുക്കി. യോസേഫി 23
ന്റെ പുത്രന്മാരിൽ മനശ്ശയുടെ ഗോത്രത്തി
നുള്ള നേതാവ് എഫോദിന്റെ മകൻ
ഹന്നീയേൽ. എഫ്രയീം ഗോത്രത്തിനുള്ള 24
തലവൻ ശിഫ്താന്റെ മകൻ കെമൂവേൽ.
സെബുലൂൻ ഗോത്രത്തിനുള്ള പ്രഭു പർന്നാ 25
ക്കിന്റെ മകൻ എലീസാഫാൻ. ഇസ്സാഖാർ 26
ഗോത്രത്തിനുള്ള പ്രമാണി അസ്സാന്റെ
മകൻ പൽത്തീയേൽ. ആശേർ ഗോത്രത്തി 27
നുള്ള പ്രധാനി ശെലോമിയുടെ പുത്രൻ
അഹീഹൂദ്. നഫ്താലിഗോത്രത്തിനുള്ള 28
പ്രഭു അമ്മീഹൂദിന്റെ മകൻ പെദഹേൽ.

29 ഇസ്രായേൽ മക്കൾക്കു കനാൻദേശത്ത്
അവകാശം വിഭാഗിച്ചുകൊടുക്കേണ്ടതിനു
ദൈവം നിയമിച്ചവർ ഇവരായിരുന്നു.

അദ്ധ്യായം 35

1 ദൈവം പിന്നെയും യറീഹോക്കെതിരെ
യോർദ്ദാന്നരികെ മോവാബ് സമഭൂമിയിൽ
2 വച്ചു മോശയോടു അരുളിച്ചെയ്തു: ഇസ്രാ
യേൽ മക്കൾ തങ്ങളുടെ അവകാശത്തിൽ
നിന്നു ലേവ്യർക്കു വസിപ്പാൻ പട്ടണങ്ങൾ
കൊടുക്കണമെന്ന് അവരോടു കല്പി
ക്കുക; പട്ടണങ്ങളോടുകൂടെ അവയുടെ
പുൽപ്പുറവും നിങ്ങൾ ലേവ്യർക്കു കൊടു
3 ക്കണം. പട്ടണങ്ങൾ അവർക്കു പാർപ്പിട
മായിരിക്കണം; അവയുടെ പുല്പുറം
ആടുമാടുകൾ മുതലായ സകല മൃഗസമ്പ
4 ത്തിനുംവേണ്ടി ആയിരിക്കണം. നിങ്ങൾ
ലേവ്യർക്കു കൊടുക്കേണ്ട മേച്ചിൽ
പ്പുറം പട്ടണത്തിൻെറ മതിലിങ്കൽ തുട
ങ്ങി പുറത്തോട്ടു ചുററും ആയിരം മുഴം
5 വിസ്താരമായിരിക്കണം. പട്ടണം മദ്ധ്യ
മാക്കി അതിനു പുറമെ കിഴക്കോട്ടു
രണ്ടായിരം മുഴവും തെക്കോട്ടു രണ്ടായിരം
മുഴവും പടിഞ്ഞാറോട്ടു രണ്ടായിരം മുഴ
വും വടക്കോട്ടു രണ്ടായിരം മുഴവും അള
ക്കണം; ഇത് അവർക്കു പട്ടണങ്ങളുടെ
6 മേച്ചിൽപ്പുറം ആയിരിക്കണം. നിങ്ങൾ
ലേവ്യർക്കു കൊടുക്കുന്ന പട്ടണങ്ങളിൽ
ആറെണ്ണം സങ്കേതനഗരങ്ങളായിരിക്ക
ണം; കൊലപാതകൻ അവിടേക്ക് ഓടി
പ്പോകേണ്ടതിനു നിങ്ങൾ അവ അവനു
വേണ്ടി വേർതിരിക്കണം; ഇവ കൂടാതെ
നിങ്ങൾ വേറെയും നാല്പത്തിരണ്ടു പട്ടണ
7 ങ്ങൾ കൊടുക്കണം. അങ്ങനെ നിങ്ങൾ
ലേവ്യർക്കു കൊടുക്കുന്ന പട്ടണങ്ങൾ
ആകെ നാല്പത്തെട്ട് ആയിരിക്കണം;
അവയും അവയുടെ മേച്ചിൽപുറങ്ങളും
8 കൊടുക്കണം. ഇസ്രായേൽ മക്കളുടെ അവ
കാശത്തിൽ ജനം അധികമുള്ളവർ അധി
കവും ജനം കുറഞ്ഞവർ കുറവും പട്ടണ
ങ്ങൾ കൊടുക്കണം; ഓരോ ഗോത്രം തനി
ക്കു ലഭിക്കുന്ന അവകാശത്തിനനുസരണം
ലേവ്യർക്കു പട്ടണങ്ങൾ കൊടുക്കണം.
9 ദൈവം പിന്നെയും മോശയോട് അരുളി
ച്ചെയ്തു: നീ ഇസ്രായേൽ മക്കളോടു പറ
10 യുക: നിങ്ങൾ യോർദ്ദാൻ കടന്നു കനാൻ
11 ദേശത്ത് എത്തിയശേഷം ചില പട്ടണങ്ങൾ
സങ്കേതനഗരങ്ങളായി വേർതിരിക്കണം;
അബദ്ധവശാൽ ഒരുവനെ കൊന്നുപോയ
12 വൻ അവിടേക്ക് ഓടിപ്പോകണം. കൊല
പാതകൻ സഭയുടെ മുമ്പാകെ വിസ്താര
ത്തിനു നില്ക്കുന്നതുവരെ അവൻ പ്രതി
കാരകൻെറ കൈയാൽ മരിക്കാതിരിക്കേ
ണ്ടതിനു അവ സങ്കേതനഗരങ്ങൾ ആയിരി
ക്കണം. നിങ്ങൾ കൊടുക്കുന്ന പട്ടണങ്ങ 13
ളിൽ ആറെണ്ണം സങ്കേതനഗരം ആയിരി
ക്കണം. യോർദ്ദാനക്കരെ മൂന്നു പട്ടണവും 14
കനാൻദേശത്ത് മൂന്നു പട്ടണവും കൊടു
ക്കണം; അവ സങ്കേതനഗരങ്ങൾ ആകുന്നു.
അബദ്ധവശാൽ ഒരുവനെ കൊല്ലുന്ന 15
ഏവനും അവിടേക്ക് ഓടിപ്പോകേണ്ടതിനു
ഈ ആറു പട്ടണം ഇസ്രായേൽ മക്കൾ
ക്കും പരദേശിക്കും വന്നു പാർക്കുന്നവനും
സങ്കേതം ആയിരിക്കണം. എന്നാൽ ആരെ 16
ങ്കിലും ഇരുമ്പായുധംകൊണ്ട് ഒരുത്തനെ
അടിച്ചിട്ടു അവൻ മരിച്ചുപോയാൽ അവൻ
കൊലപാതകൻ; കൊലപാതകൻ മരണ
ശിക്ഷ അനുഭവിക്കണം. മരിപ്പാൻ തക്ക 17
വണ്ണം ആരെങ്കിലും ഒരുത്തനെ കല്ലെറി
ഞ്ഞിട്ടു അവൻ മരിച്ചുപോയാൽ അവൻ
കൊലപാതകൻ; കൊലപാതകൻ മരണ
ശിക്ഷ അനുഭവിക്കണം. അല്ലെങ്കിൽ 18
മാരകമാംവണ്ണം ആരെങ്കിലും കൈയിലിരു
ന്ന മരകായുധംകൊണ്ട് ഒരുവനെ അടി
ച്ചിട്ടു അവൻ മരിച്ചുപോയാൽ അവൻ
കൊലപാതകൻ; കൊലപാതകൻ മരണ
ശിക്ഷ അനുഭവിക്കണം. രക്തപ്രതികാര 19
കൻതന്നെ കൊലപാതകനെ കൊല്ലണം;
അവനെ കണ്ടുകിട്ടുമ്പോൾ അവനെ
കൊല്ലണം. ആരെങ്കിലും ദ്വേഷം നിമിത്തം 20
ഒരുവനെ കുത്തുകയോ കരുതിക്കൂട്ടി
അവൻെറ മേൽ വല്ലതും എറിയുകയോ
ചെയ്തിട്ടു അവൻ മരിച്ചുപോയാൽ, 21
അല്ലെങ്കിൽ ശത്രുതയാൽ കൈകൊണ്ടു
അവനെ അടിച്ചിട്ടു അവൻ മരിച്ചുപോയാൽ
അവനെ കൊന്നവൻ മരണശിക്ഷ അനു
ഭവിക്കണം. അവൻ കൊലപാതകൻ;
രക്തപ്രതികാരകൻ കൊലപാതകനെ
കണ്ടുകിട്ടുമ്പോൾ കൊന്നുകളയണം.
എന്നാൽ ആരെങ്കിലും ശത്രുത കൂടാതെ 22
പെട്ടെന്നു ഒരുവനെ കുത്തുകയോ കരു
താതെ വല്ലതും അവൻെറമേൽ എറിഞ്ഞു 23
പോകയോ, അവനു ശത്രുവായിരിക്കാ
തെയും അവനു ദോഷം വിചാരിക്കാതെയും
അവൻ മരിപ്പാൻ തക്കവണ്ണം അവനെ 24
കാണാതെ കല്ല് എറിയുകയോ ചെയ്തിട്ടു
അവൻ മരിച്ചുപോയാൽ കൊല ചെയ്ത
വനും രക്തപ്രതികാരകനും മദ്ധ്യേ ഈ
ന്യായങ്ങൾ അനുസരിച്ചു സഭ വിധിക്കണം.
കൊല ചെയ്തവനെ സഭ രക്തപ്രതികാര 25

കന്റെ കൈയിൽനിന്നു രക്ഷിക്കണം; അവൻ ഓടിപ്പോയിരുന്ന സങ്കേതനഗരത്തിലേക്ക് അവനെ മടക്കി അയയ്ക്കണം; ശുദ്ധ തൈലത്താൽ അഭിഷിക്തനായ ഹാപുരോഹിതന്റെ മരണംവരെ അവൻ അവിടെ പാർക്കണം. എന്നാൽ കൊല ചെയ്തവൻ ഓടിപ്പോയിരുന്ന സങ്കേത നഗരത്തിന്റെ അതിർത്തിവിട്ടു പുറത്തു വരികയും അവനെ അവന്റെ സങ്കേതനഗരത്തിന്റെ അതിരിനു പുറത്തു വച്ചു കണ്ടു ക്തപ്രതികാരകൻ കൊലചെയ്തവനെ കൊല്ലുകയും ചെയ്താൽ അവന് രക്ത പാതകം ഇല്ല. അവൻ മഹാപുരോഹിത ന്റെ മരണംവരെ തന്റെ സങ്കേതനഗരത്തിൽ പാർക്കേണ്ടിയിരുന്നു; എന്നാൽ കൊലചെയ്തവനു മഹാപുരോഹിതന്റെ മരണശേഷം തന്റെ അവകാശഭൂമിയിലേക്കു മടങ്ങിപ്പോകാം. ഇതു നിങ്ങൾക്കു തലമുറതലമുറയായി നിങ്ങളുടെ സകല വാസസ്ഥലങ്ങളിലും ന്യായവിധിക്കുള്ള നിയമം ആയിരിക്കണം. ആരെങ്കിലും ഒരുവനെ കൊന്നാൽ കൊലപാതകൻ സാക്ഷികളുടെ വാമൊഴിപ്രകാരം മരണശിക്ഷ അനുഭവിക്കണം; എന്നാൽ ഒരു മനുഷ്യന്റെ നേരേ മരണശിക്ഷയ്ക്കു ഏകസാക്ഷിയുടെ മൊഴി മതിയാകുന്നതല്ല. മരണയോഗ്യനായ കൊലപാതകന്റെ ജീവനുവേണ്ടി നിങ്ങൾ വീണ്ടെടുപ്പുവില വാങ്ങരുത്; അവൻ മരണശിക്ഷതന്നെ അനുഭവിക്കണം. സങ്കേതനഗരത്തിലേക്കു ഓടിപ്പോയവൻ മഹാപുരോഹിതന്റെ മരണത്തിനു മുമ്പ് നാട്ടിൽ മടങ്ങിവന്ന് പാർക്കേണ്ടതിനും നിങ്ങൾ കോഴ വാങ്ങരുത്. നിങ്ങൾ വസിക്കുന്ന ദേശം അങ്ങനെ അശുദ്ധമാക്കരുത്; രക്തം ദേശത്തെ അശുദ്ധമാക്കുന്നു; ദേശത്തിൽ ചൊരിഞ്ഞ രക്തത്തിനുവേണ്ടി രക്തം ചൊരിയിച്ചവന്റെ രക്തത്താൽ അല്ലാതെ ദേശത്തിനു പ്രായശ്ചിത്തം സാദ്ധ്യമല്ല. അതുകൊണ്ടു ഞാൻ അധിവസിക്കുന്ന നിങ്ങളുടെ വാസസ്ഥലമായ ദേശം അശുദ്ധമാക്കരുത്; ഇസ്രായേൽ മക്കളുടെ മദ്ധ്യേ ദൈവമായ ഞാൻ അധിവസിക്കുന്നു.

അദ്ധ്യായം 36

യോസേഫിന്റെ മക്കളുടെ കുടുംബ
ങ്ങളിൽ മനശ്ശെയുടെ മകനായ മാഖീരിന്റെ
മകനായ ഗിലെയാദിന്റെ മക്കളുടെ കുടും
ബത്തലവന്മാർ അടുത്തു വന്ന് മോശയു
ടെയും ഇസ്രായേൽ മക്കളുടെ ഗോത്രപ്രധാ
നികളായ പ്രമാണികളുടെയും മുമ്പാകെ
പറഞ്ഞു: ഇസ്രായേൽ മക്കൾക്കു ദേശം ചീ 2
ട്ടിട്ട് അവകാശമായി കൊടുപ്പാൻ ദൈവം
യജമാനനോടു കല്പിച്ചു; ഞങ്ങളുടെ
സഹോദരനായ സെലോഫഹാദിന്റെ
അവകാശം അവന്റെ പുത്രിമാർക്കു
കൊടുപ്പാൻ യജമാനനു ദൈവ കല്പന
ഉണ്ടായി. എന്നാൽ അവർ ഇസ്രായേൽ 3
മക്കളുടെ മററു ഗോത്രങ്ങളിലെ പുരു
ഷന്മാരിൽ വല്ലവർക്കും ഭാര്യമാരായാൽ
അവരുടെ അവകാശം ഞങ്ങളുടെ
പിതാക്കന്മാരുടെ അവകാശത്തിൽനിന്നു
വിട്ടുപോകുകയും അവർ ചേരുന്ന ഗോത്ര
ത്തിന്റെ അവകാശത്തോടു ചേരുകയും
ചെയ്യുമല്ലോ; ഇങ്ങനെ അതു ഞങ്ങളുടെ
അവകാശത്തിന്റെ ഓഹരിയിൽനിന്നു
പൊയ്പോകുമല്ലോ. ഇസ്രായേൽ മക്ക 4
ളുടെ യൂബേൽ വർഷം വരുമ്പോൾ അവ
രുടെ അവകാശം അവർ ചേരുന്ന ഗോത്ര
ത്തിന്റെ അവകാശത്തോടു ചേരുകയും
അങ്ങനെ അവരുടെ അവകാശം ഞങ്ങളുടെ
പിതൃഗോത്രത്തിന്റെ അവകാശത്തിൽ
നിന്നു വിട്ടുപോകുകയുംചെയ്യും. അപ്പോൾ 5
മോശ ദൈവവചനപ്രകാരം ഇസ്രായേൽ
മക്കളോടു കല്പിച്ചതു: യോസേഫിന്റെ
പുത്രന്മാരുടെ ഗോത്രം പറഞ്ഞതു ശരി
തന്നെ. ദൈവം സെലോഫഹാദിന്റെ 6
പുത്രിമാരെക്കുറിച്ചു കല്പിക്കുന്ന കാര്യം
എന്തെന്നാൽ: അവർ തങ്ങൾക്കു ബോധി
ച്ചവർക്കു ഭാര്യമാരായിരിക്കട്ടെ; എങ്കിലും
തങ്ങളുടെ പിതൃഗോത്രത്തിലെ കുടുംബ
ത്തിലുള്ളവർക്കു മാത്രമേ ആകാവൂ.
ഇസ്രായേൽ മക്കളുടെ അവകാശം ഒരു 7
ഗോത്രത്തിൽ നിന്നു മറെറാരു ഗോത്രത്തി
ലേക്കു മാററരുത്; ഇസ്രായേൽ മക്കളിൽ
ഓരോരുവൻ സ്വന്ത പിതൃഗോത്രത്തിന്റെ
അവകാശത്തോടു ചേർന്നിരിക്കണം.
ഇസ്രായേൽ മക്കൾ ഓരോരുവൻ സ്വന്ത 8
പിതാക്കന്മാരുടെ അവകാശം കൈവശമാ
ക്കേണ്ടതിന് ഇസ്രായേൽ മക്കളുടെ ഏതു
ഗോത്രത്തിലും അവകാശം ലഭിക്കുന്ന
ഏതു കന്യകയും തന്റെ പിതൃഗോത്രത്തി
ലെ ഒരു കുടുംബത്തിൽ ഒരുവനു ഭാര്യ
യാകണം. അങ്ങനെ, അവകാശം ഒരു ഗോത്ര 9
ത്തിൽനിന്നു മറെറാരു ഗോത്രത്തിലേക്കു
മാറാതെ ഇസ്രായേൽ മക്കളുടെ ഗോത്രങ്ങ
ളിൽ ഓരോരുവൻ സ്വന്ത അവകാശത്തോടു
ചേർന്നിരിക്കണം. ദൈവം മോശയോടു 10
കല്പിച്ചതുപോലെ സെലോഫഹാദിന്റെ
പുത്രിമാർ ചെയ്തു. സെലോഫഹാദിന്റെ 11

പുത്രിമാരായ മഹ്ല, തിർസാ, ഹൊഗ്ല,
മിൽക്ക, നോവ എന്നിവർ തങ്ങളുടെ പിതാ
വിൻെറ സഹോദരന്മാരുടെ പുത്രന്മാർക്കു
12 ഭാര്യമാരായി. യോസേഫിൻെറ മകനായ മന
ശ്ശയുടെ പുത്രന്മാരുടെ കുടുംബങ്ങളിൽ അ
വർ ഭാര്യമാരാകയും അവരുടെ അവകാശം
അവരുടെ പിതൃകുടുംബത്തിൻെറ ഗോത്ര
ത്തിൽത്തന്നെ ഇരിക്കുകയും ചെയ്തു.

യറീഹോയുടെ എതിരെ യോർദ്ദാന്നരി 13
കെ മോവാബ് സമഭൂമിയിൽവച്ചു ദൈവം
മോശ വഴി ഇസ്രായേൽ മക്കളോടു കല്പി
ച്ചവ ഇവ തന്നേ.

ആവർത്തനപുസ്തകം

അദ്ധ്യായം 1

സൂഫിന്നെതിരെ പാരാനും തോഫെ
നും ലാബാനും ഹസേരോത്തിനും
സാഹാബിനും നടുവെ യോർദ്ദാന്നക്കരെ
ുഭൂമിയിൽ അരാബയിൽവച്ചു മോശ
ല്ലാ ഇസ്രായേലിനോടും, പറഞ്ഞതു:
ശയീർ പർവ്വതം വഴിയായി ഹോറേബിൽ
ന്നു റ്ക്കേംദ്ഗായയിലേക്കു പതിനൊന്നു
വസത്തെ വഴി ഉണ്ട്. നാല്പതാം
ംവത്സരം പതിനൊന്നാം മാസം ഒന്നാം
യതി മോശ ഇസ്രായേൽ മക്കളോടു
ദവം അവർക്കുവേണ്ടി തന്നോടു
ല്പിച്ചതുപോലെ എല്ലാം പറഞ്ഞു.
ഹശ്ബോനിൽ പാർത്തിരുന്ന അമോര്യ
ജാവായ സീഹോനെയും അസ്താരോ
റിൽ പാർത്തിരുന്ന ബാശാൻരാജാവായ
ഗിനെയും എദ്രെയിൽവച്ചു സംഹരിച്ച
ാഷം യോർദ്ദാനക്കരെ മോവാബ് ദേശ
ുവച്ചു മോശ ഈ ന്യായപ്രമാണം
വരിച്ചു തുടങ്ങി: ഹോറേബിൽവച്ചു
മ്മുടെ ദൈവമായ കർത്താവു നമ്മോടു
ല്പിച്ചതു: നിങ്ങൾ ഈ പർവതത്തിങ്കൽ
ാമസിച്ചതു മതി. തിരിഞ്ഞു യാത്ര ചെയ്തു
മോര്യരുടെ മലനാട്ടിലേക്കും അതിൻെറ
യൽപ്രദേശങ്ങളായ അരാബാ, മലനാടു,
ാഴ്‌വീതി, ദക്ഷിണദേശം, കടല്ക്കര എന്നി
ങനെയുള്ള കനാന്യദേശത്തേക്കും ലെബാ
ാനിലേക്കും യൂഫ്രാത്തിസ് എന്ന മഹാ
ദിവരെയും പോകുവിൻ. ഇതാ, ഞാൻ ആ
ശം നിങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്നു;
ങ്ങൾ കടന്നു കർത്താവ് നിങ്ങളുടെ പിതാ
ന്മാരായ അബ്രാഹാമിനും ഇസഹാക്കി
ും യാക്കോബിന്നും അവരുടെ സന്തതി
ും കൊടുക്കുമെന്നു അവരോടു സത്യം
ചയ്ത ദേശത്തെ കൈവശമാക്കുവിൻ.
ക്കാലത്തു ഞാൻ നിങ്ങളോടു പറഞ്ഞത്:
നിക്കു ഏകനായി നിങ്ങളെ നയിക്കു
ാൻ കഴികയില്ല. നിങ്ങളുടെ ദൈവമായ
ർത്താവ് നിങ്ങളെ വർദ്ധിപ്പിച്ചിരിക്കുന്നു;
താ, നിങ്ങൾ ഇന്നു ബാഹുല്യത്തിൽ

ആകാശത്തിലെ നക്ഷത്രങ്ങൾ സമം ഇരി
ക്കുന്നു. നിങ്ങളുടെ പിതാക്കന്മാരുടെ ദൈവ 11
മായ കർത്താവ് നിങ്ങളെ ഇപ്പോഴുള്ളതി
നെക്കാൾ ഇനിയും ആയിരം ഇരട്ടി
യാക്കി, താൻ നിങ്ങളോടു കല്പിച്ചതു
പോലെ അനുഗ്രഹിക്കുമാറാകട്ടെ. ഞാൻ 12
ഏകനായി നിങ്ങളുടെ ഭാരവും നിങ്ങളുടെ
ചുമടും നിങ്ങളുടെ വ്യവഹാരങ്ങളും കൈ
കാര്യം ചെയ്യുന്നതു എങ്ങനെ? അതതു 13
ഗോത്രത്തിൽനിന്നു ജ്ഞാനവും വിവേക
വും പ്രസിദ്ധിയുമുള്ളവരെ തിരഞ്ഞെടു
പ്പിൻ; അവരെ ഞാൻ നിങ്ങൾക്കു തലവ
ന്മാരാക്കാം. അതിന്നു നിങ്ങൾ എന്നോടു: 14
അങ്ങു പറഞ്ഞ കാര്യം നല്ലതുതന്നെ എന്നു
പറഞ്ഞു. ആകയാൽ ഞാൻ നിങ്ങളുടെ 15
ഗോത്രത്തലവന്മാരായി ജ്ഞാനവും പ്രസി
ദ്ധിയുമുള്ള ആയിരംപേർക്കു അധിപന്മാർ,
നൂറുപേർക്ക് അധിപന്മാർ, അൻപതു
പേർക്കു അധിപന്മാർ, പത്തു പേർക്കു അധി
പന്മാർ ഇങ്ങനെ നിങ്ങൾക്കു തലവന്മാരും
ഗോത്രപ്രമാണികളുമായി നിയമിച്ചു. അന്നു 16
ഞാൻ നിങ്ങളുടെ ന്യായാധിപന്മാരോടു
കല്പിച്ചു: നിങ്ങളുടെ സഹോദരന്മാർ
തമ്മിലുള്ള കാര്യങ്ങൾ കേട്ടു, ആർക്കെ
ങ്കിലും സഹോദരനോടോ പരദേശിയോടോ
വല്ല തർക്കവും ഉണ്ടായാൽ അതിനെ
നീതിയോടെ വിധിപ്പിൻ. ന്യായവിസ്താര 17
ത്തിൽ മുഖപക്ഷം ഇല്ലാതെ ചെറിയവൻെറ
കാര്യവും വലിയവൻെറ കാര്യവും ഒരു
പോലെ കേൾക്കണം; മനുഷ്യനെ ഭയപ്പെട
രുതു; ന്യായവിധി ദൈവത്തിനുള്ളതാ
കുന്നു. നിങ്ങൾക്കു അധികം പ്രയാസമുള്ള
കാര്യം എൻെറ അടുക്കൽ കൊണ്ടുവരണം;
അതു ഞാൻ തീരുമാനിച്ചുകൊള്ളാം.
അങ്ങനെ നിങ്ങൾ ചെയ്യേണ്ട കാര്യങ്ങളെ 18
ല്ലാം ഞാൻ അക്കാലത്തു നിങ്ങളോടു
കല്പിച്ചു.

പിന്നെ നമ്മുടെ ദൈവമായ കർത്താവ് 19
നമ്മോടു കല്പിച്ചതുപോലെ നാം ഹോറേ
ബിൽനിന്നു പുറപ്പെട്ടു നിങ്ങൾ കണ്ട
ഭയങ്കരമായ മഹാമരുഭൂമിയിൽക്കൂടി നാം

അമോര്യരുടെ മലനാട്ടിലേക്കുള്ള വഴി
സഞ്ചരിച്ചു റ്ക്കേംദ്ഗായയിൽ എത്തി.
20 അപ്പോൾ ഞാൻ നിങ്ങളോടു: നമ്മുടെ
ദൈവമായ കർത്താവ് നമുക്കു തരുന്ന
അമോര്യരുടെ മലനാടുവരെ നിങ്ങൾ
21 എത്തിയിരിക്കുന്നു. ഇതാ, നിന്റെ
ദൈവമായ കർത്താവ് ആ ദേശം നിന്റെ
മുമ്പിൽ വച്ചിരിക്കുന്നു; നിന്റെ പിതാക്ക
ന്മാരുടെ ദൈവമായ കർത്താവ് നിന്നോടു
ആജ്ഞാപിച്ചതുപോലെ നീ ചെന്നു അതു
കൈവശമാക്കിക്കൊൾക; ഭയപ്പെടരുതു;
അധൈര്യപ്പെടുകയും അരുതു എന്നു പറ
22 ഞ്ഞു. അപ്പോൾ നിങ്ങൾ എല്ലാവരും അടു
ത്തുവന്നു: നാം ചില ആളുകളെ മുൻകൂട്ടി
അയയ്ക്കുക; അവർ ദേശം ഒററുനോക്കീട്ട്
നാം ചെല്ലേണ്ട വഴി പോകേണ്ട പട്ടണ
ങ്ങളെയും സംബന്ധിച്ചു വിവരംകൊണ്ടു
23 വരട്ടെ എന്നു പറഞ്ഞു. ആ വാക്ക് എനിക്കു
ബോധിച്ചു; ഞാൻ ഓരോ ഗോത്രത്തിൽ
നിന്നു ഓരോ ആൾ വീതം പന്ത്രണ്ടു പേരെ
നിങ്ങളുടെ കൂട്ടത്തിൽ നിന്നു തിരഞ്ഞെടു
24 ത്തു. അവർ പുറപ്പെട്ടു പർവ്വതത്തിൽ കയറി
എസ്കോൽ താഴ്വര വരെ ചെന്നു ദേശം
25 ഒററു നോക്കി. ദേശത്തിലെ ചില ഫലവർഗ്ഗ
ങ്ങൾ അവർ കൈവശമാക്കിക്കൊണ്ടു
നമ്മുടെ അടുക്കൽ വന്നു വിവരങ്ങൾ അറി
യിച്ചു; നമ്മുടെ ദൈവമായ കർത്താവ് നമു
ക്കു തരുന്ന ദേശം നല്ലതു എന്നു അവർ പറ
26 ഞ്ഞു. എന്നാൽ കയറിപ്പോകുവാൻ നിങ്ങൾ
മനസ്സാകാതെ നിങ്ങളുടെ ദൈവമായ കർ
ത്താവിന്റെ കല്പന നിങ്ങൾ ധിക്കരിച്ചു.
27 നിങ്ങൾ കൂടാരത്തിൽ ഇരുന്ന് ഇങ്ങനെ പിറു
പിറുത്തു. ദൈവം നമ്മെ വെറുക്കുന്നതു
കൊണ്ടു നമ്മെ അമോര്യരുടെ കയ്യിൽ ഏ
ല്പിച്ചു നശിപ്പിക്കുവാൻ മെസ്രേൻ ദേശത്തു
28 നിന്നു കൊണ്ടുവന്നിരിക്കുന്നു. എവിടേക്കാ
കുന്നു നാം പോകുന്നതു? ജനങ്ങൾ നമ്മെ
ക്കാൾ വലിയവരും ദീർഘകായരും ആകു
ന്നു. പട്ടണങ്ങൾ വലിയവയും ആകാശ
ത്തോളം എത്തുന്ന കോട്ടകളും ആകുന്നു;
ഞങ്ങൾ അവിടെ മല്ലന്മാരെയും കണ്ടു
എന്നു പറഞ്ഞു. നമ്മുടെ സഹോദരന്മാർ
നമ്മുടെ ഹൃദയം തകർത്തു. അപ്പോൾ
29 ഞാൻ നിങ്ങളോടു: നിങ്ങൾ ഭ്രമിക്കരുത്,
30 അവരെ ഭയപ്പെടുകയുമരുത്. നിങ്ങളുടെ
ദൈവമായ കർത്താവ് നിങ്ങളുടെ മുന്നിൽ
നടക്കുന്നുണ്ട്. നിങ്ങൾ കാൺകെ അവൻ
മെസ്രേനിലും മരുഭൂമിയിലും ചെയ്തതു
പോലെയെല്ലാം നിങ്ങൾക്കുവേണ്ടി യുദ്ധം
31 ചെയ്യും. ഒരു മനുഷ്യൻ തന്റെ മകനെ
വഹിക്കുന്നതുപോലെ നിങ്ങൾ ഈ സ്ഥല
ത്തു എത്തുവോളം നടന്ന എല്ലാ വഴിയിലും
നിങ്ങളുടെ ദൈവമായ കർത്താവു നിങ്ങളെ
വഹിച്ചു എന്നു നിങ്ങൾ കണ്ടതാണല്ലോ
എന്നു പറഞ്ഞു. എന്നിട്ടും പാളയമിറങ്ങേ 32
ണ്ടതിന്നു നിങ്ങൾക്കു സ്ഥലം അന്വേഷി
പ്പാനും നിങ്ങൾ പോകേണ്ട വഴി നിങ്ങൾക്കു 33
കാണിച്ചുതരുവാനും രാത്രി അഗ്നിയിലും
പകൽ മേഘത്തിലും നിങ്ങൾക്കു മുൻപായി
നടന്ന നിങ്ങളുടെ ദൈവമായ കർത്താ
വിനെ നിങ്ങൾ വിശ്വസിച്ചില്ല. ആകയാൽ 34
ദൈവം നിങ്ങളുടെ വാക്കു കേട്ടു കോപിച്ചു: 35
ഞാൻ നിങ്ങളുടെ പിതാക്കന്മാർക്കു കൊടു
ക്കുമെന്നു സത്യം ചെയ്തിട്ടുള്ള നല്ല ദേശം
ഈ ദുഷ്ടതലമുറയിലെ ആരും കാണുക
യില്ല. യെഫുന്നയുടെ മകനായ കാലേബ് 36
മാത്രം അതു കാണുകയും അവൻ പൂർണ്ണ
മായി അനുസരിച്ചതുകൊണ്ടു അവനും
അവന്റെ പുത്രന്മാർക്കും അവൻ ചവിട്ടിയ
ദേശം ഞാൻ കൊടുക്കുകയും ചെയ്യുമെന്നു
സത്യംചെയ്തു കല്പിച്ചു. നിങ്ങളുടെ 37
നിമിത്തം എന്നോടും കോപിച്ചു: താൻ
പറഞ്ഞു: നീയും അവിടെ ചെല്ലുകയില്ല.
നിന്റെ ശുശ്രൂഷകനായ നൂന്റെ മകൻ 38
യോശുവ അവിടെയെത്തും; അവനെ
ധൈര്യപ്പെടുത്തുക; അവനാകുന്നു ഇസ്രാ
യേലിന്നു അതു കൈവശമാക്കിക്കൊടു
ക്കേണ്ടത്. കൊള്ളയാകുമെന്നു നിങ്ങൾ 39
പറഞ്ഞ നിങ്ങളുടെ കുഞ്ഞുകുട്ടികളും
ഇന്നു ഗുണദോഷങ്ങളെ തിരിച്ചറിയാൻ
പ്രായമാകാത്ത നിങ്ങളുടെ മക്കളും അവിടെ
യെത്തും; അവർക്കു ഞാൻ അതു കൊടു
ക്കും; അവർ അതു കൈവശമാക്കും. നിങ്ങൾ 40
തിരിഞ്ഞു ചെങ്കടൽ വഴിയായി മരുഭൂമിയി
ലേക്കു യാത്ര ചെയ്വിൻ. അതിനു നിങ്ങൾ 41
എന്നോടു: ഞങ്ങൾ കർത്താവിനോടു പാ
പം ചെയ്തിരിക്കുന്നു. നമ്മുടെ ദൈവമായ
കർത്താവ് ഞങ്ങളോടു കല്പിച്ചതുപോലെ
എല്ലാം ഞങ്ങൾ പോയി യുദ്ധം ചെയ്യും
എന്നു ഉത്തരം പറഞ്ഞു. അങ്ങനെ നിങ്ങൾ
ഓരോരുത്തൻ യുദ്ധായുധം ധരിച്ചു പർവ്വത
ത്തിൽ കയറുവാൻ ഒരുങ്ങി. എന്നാൽ 42
കർത്താവ് എന്നോടു: നിങ്ങൾ പോകരുതു;
യുദ്ധം ചെയ്യരുതു; ഞാൻ നിങ്ങളുടെ ഇട
യിൽ ഇല്ല; ശത്രുക്കളോടു നിങ്ങൾ തോററു
പോകും എന്നു അവരോടു പറയുക എന്നു
കല്പിച്ചു. അങ്ങനെ ഞാൻ നിങ്ങളോടു 43
പറഞ്ഞു; എന്നാൽ നിങ്ങൾ അനുസരി
ക്കാതെ കർതൃകല്പന ധിക്കരിച്ച്
അഹംഭാവത്തോടെ പർവ്വതത്തിൽ കയറി.

പർവ്വതത്തിൽ വസിച്ചിരുന്ന അമോര്യർ
ങ്ങളുടെ നേരെ വന്നു തേനീച്ചപോലെ
ങ്ങളെ പിന്തുടർന്നു സേയീരിൽ ഹൊർ
ാവരെ ചിതറിച്ചു. നിങ്ങൾ മടങ്ങിവന്നു
ർത്തൃസന്നിധിയിൽ വിലപിച്ചു. എന്നാൽ
ർത്താവ് നിങ്ങളുടെ നിലവിളി കേട്ടില്ല;
ങ്ങളുടെ അപേക്ഷ ചെവിക്കൊണ്ടില്ല.
ങ്ങനെ നിങ്ങൾ റ്ക്കേമിൽ ദീർഘകാലം
ാമസിക്കേണ്ടിവന്നു.

അദ്ധ്യായം 2

കർത്താവ് എന്നോടു കല്പിച്ചതുപോ
ു നാം തിരിഞ്ഞു ചെങ്കടൽ വഴിയായി
ുഭൂമിയിലേക്കു പുറപ്പെട്ടു; നാം അനേക
വസം സേയീർപർവ്വതത്തെ ചുററിനടന്നു.
ന്നെ കർത്താവ് എന്നോടു കല്പിച്ചു:
ങ്ങൾ ഈ പർവ്വതം ചുററിനടന്നതു മതി;
ടക്കോട്ടു തിരിവിൻ. നീ ജനത്തോടു
ല്പിക്ക: സേയീരിൽ വസിക്കുന്ന ഏശാ
ിൻെറ മക്കളായ നിങ്ങളുടെ സഹോദരന്മാ
ടെ അതിർത്തിയിൽക്കൂടി നിങ്ങൾ കട
ാൻ പോകുന്നു. അവർ നിങ്ങളെ ഭയ
പ്പടും; ആകയാൽ ഏററവും സൂക്ഷിച്ചു
കാള്ളണം. നിങ്ങൾ അവരോടു യുദ്ധം
ചയ്യരുത്; അവരുടെ ദേശത്തു ഞാൻ
ിങ്ങൾക്കു ഒരു കാലടി സ്ഥലം തരികയില്ല;
സയീർ പർവ്വതം ഞാൻ ഏശാവിനു അവ
ാശമായി കൊടുത്തതാണ്. നിങ്ങൾ അവ
ാടു ആഹാരം വിലയ്ക്കു വാങ്ങി കഴിക്ക
ണം; വെള്ളവും വിലയ്ക്കു വാങ്ങി കുടിക്ക
ണം. നിൻെറ ദൈവമായ കർത്താവ് നിൻെറ
കൈകളുടെ സകല പ്രവൃത്തിയിലും നിന്നെ
നുഗ്രഹിച്ചിരിക്കുന്നു; ഈ വലിയ മരു
മിയിൽ നീ സഞ്ചരിക്കുന്നതു അവൻ അറി
ഞ്ഞിരിക്കുന്നു; ഈ നാല്പതു സംവത്സരം
ിൻെറ ദൈവമായ കർത്താവ് നിന്നോടു
ൂടെ ഇരുന്നു; നിനക്കു യാതൊന്നിനും
ുറവു വന്നില്ല. അങ്ങനെ നാം സേയിരിൽ
ുടിയിരുന്ന ഏശാവിൻെറ മക്കളായ നമ്മു
ടെ സഹോദരന്മാരെ ഒഴിഞ്ഞുമാറി മരുഭൂമി
ഴിയായി ഏലാത്തിൻെറയും എസ്യോർ
ഗബെരിൻെറയും അരികിൽക്കൂടി കടന്ന്
ിരിഞ്ഞു മോവാബ് മരുഭൂമിയിലേക്കുള്ള
ഴിയായി കടന്നുപോന്നു.
അപ്പോൾ കർത്താവ് എന്നോടു കല്പി
്ചു: മോവാബ്യരെ ഞെരുക്കരുതു; അവ
രാടു യുദ്ധവും അരുതു; ഞാൻ അവരുടെ
ദശത്ത് നിനക്കു ഒരു അവകാശം തരിക
യില്ല; ആർ ദേശത്തെ ഞാൻ ലോത്തിൻെറ
ക്കൾക്കു അവകാശമായി കൊടുത്തിരി

ക്കുന്നു. വലിയവരും ബഹുലരും മല്ലന്മാരെ 10
പ്പോലെ പൊക്കമുള്ളവരുമായ ജാതിയായ
ഏമ്യർ മുമ്പ് അവിടെ കഴിഞ്ഞിരുന്നു. ഇ 11
വരെ മല്ലന്മാർ എന്നു വിചാരിച്ചുവരുന്നു;
മോവാബ്യർ അവർക്കു ഏമ്യർ എന്നു പറ
യുന്നു. ഹോര്യരും പണ്ടു സേയിരിൽ പാർ 12
ത്തിരുന്നു; എന്നാൽ ഏശാവിൻെറ മക്കൾ
അവരെ നീക്കിക്കളയുകയും സംഹരിക്ക
യും അവർക്കു പകരം താമസമാക്കുകയും
ചെയ്തു; ഇസ്രായേലിന്നു ദൈവം കൊടുത്ത
അവകാശദേശത്തു അവർ ചെയ്തതുപോ
ലെതന്നെ - ഇപ്പോൾ എഴുന്നേററു സേരെദ് 13
തോടു കടക്കുവിൻ എന്നു കല്പിച്ചതു
പോലെ നാം സേരെദ് തോടു കടന്നു; നാം 14
റ്ക്കേമിൽനിന്നു പുറപ്പെട്ടതുമുതൽ
സേരെദ് തോടു കടക്കുംവരെയുള്ള കാലം
മുപ്പത്തെട്ടു സംവത്സരം ആയിരുന്നു;
അതിന്നിടയിൽ യോദ്ധാക്കളായിരുന്ന
തലമുറ, ദൈവം അവരോടു ശപഥം
ചെയ്തതുപോലെ മരണമടഞ്ഞിരുന്നു. 15
അന്ത്യംവരെ ദൈവകരം അവരെ പാളയ
ത്തിൽനിന്നു നശിപ്പിപ്പാൻ തക്കവണ്ണം
അവർക്കു വിരോധമായിരുന്നു.
ഇങ്ങനെ യോദ്ധാക്കൾ ജനത്തിൻെറ 16
ഇടയിൽനിന്നു മരിച്ചശേഷം ദൈവം 17
എന്നോടു കല്പിച്ചു: നീ ഇന്നു 'ആർ' എന്ന 18
മോവാബ്യദേശത്തു കൂടി കടപ്പാൻ പോകു
ന്നു. അമ്മോന്യരോടു അടുക്കുമ്പോൾ 19
അവരെ ഞെരുക്കരുതു; അവരോടു യുദ്ധം
ചെയ്യുകയും അരുതു; ഞാൻ അമ്മോന്യ
രുടെ ദേശത്തു നിനക്കു അവകാശം തരിക
യില്ല; അതു ഞാൻ ലോത്തിൻെറ മക്കൾ
ക്കു അവകാശമായി കൊടുത്തിരിക്കുന്നു.
അതും മല്ലന്മാരുടെ ദേശമെന്നു വിചാരിച്ചു 20
വരുന്നു; മല്ലന്മാരാണ് മുമ്പ് അവിടെ പാർ
ത്തിരുന്നത്, അമ്മോന്യർ അവരെ സംസു
മ്മ്യർ എന്നു പറയുന്നു. അവർ വലിപ്പവും 21
ബാഹുല്യവും പൊക്കവുമുള്ള ജാതിയായി
രുന്നു; എങ്കിലും കർത്താവ് അവരെ അവ
രുടെ മുമ്പിൽ നിന്നു നശിപ്പിച്ചു; ഇങ്ങനെ
അവർ അവരുടെ ദേശം കൈവശമാക്കി അ
വരുടെ സ്ഥലത്തു പാർത്തു. അവൻ സേ 22
യീരിൽ പാർക്കുന്ന ഏശാവിൻെറ മക്കൾക്കു
വേണ്ടി ചെയ്തതുപോലെതന്നേ, അവൻ
ഹോര്യരെ അവരുടെ മുമ്പിൽനിന്നു നശി
പ്പിച്ച് അവർ അവരുടെ ദേശം കൈവശമാക്കി
അവരുടെ സ്ഥലത്തു ഇന്നുവരെ താമസി
ക്കുന്നു. കഫ്തോര്യരിൽനിന്നു വന്ന കഫ് 23
തോര്യരും ഗസ്സാവരെയുള്ള ഗ്രാമങ്ങളിൽ
പാർത്തിരുന്ന അവരെ നശിപ്പിച്ചു അവരുടെ

24 സ്ഥലങ്ങളിൽ കുടിയേറി. നിങ്ങൾ എഴു
ന്നേററു യാത്ര ചെയ്തു അർന്നോൻ താഴ്വര
കടപ്പിൻ; ഇതാ, ഞാൻ ഹെശ്ബോനിലെ
അമോര്യരാജാവായ സീഹോനെയും
അവൻെറ ദേശത്തെയും നിൻെറ കയ്യിൽ
ഏല്പിച്ചിരിക്കുന്നു; അവനോടു പൊരുതി
അതു കൈവശമാക്കുവാൻ തുടങ്ങുക.
25 നിന്നെക്കുറിച്ചുള്ള ഭീതി ആകാശത്തിൻ
കീഴുള്ള ജാതികളുടെ മേൽ വരുത്തുവാൻ
ഞാൻ ഇന്നുതന്നെ ആരംഭിക്കും; അവർ
നിൻെറ പ്രസിദ്ധി കേട്ടു നിൻെറ നിമിത്തം
വിറയ്ക്കുകയും നടുങ്ങുകയും ചെയ്യും.
26 പിന്നെ ഞാൻ കെർമോത്ത് മരുഭൂമി
യിൽ നിന്നു ഹെശ്ബോനിലെ രാജാവായ
സീഹോൻെറ അടുക്കൽ സമാധാനാഭ്യർത്ഥ
27 നയുമായി ദൂതന്മാരെ അയച്ചു: ഞാൻ
നിൻെറ ദേശത്തുകൂടി കടന്നു പോകുവാൻ
അനുവദിക്കണമേ; ഞാൻ ഇടത്തോട്ടോ
വലത്തോട്ടോ മാറാതെ പെരുവഴിയിൽ കൂടി
28 മാത്രം നടന്നുകൊള്ളാം. സേയീരിൽ പാർ
ക്കുന്ന ഏശാവിൻെറ മക്കളും ആറിൽ
പാർക്കുന്ന മോവാബ്യരും എനിക്കു തന്നതു
പോലെ നീ വിലയ്ക്കു തരുന്ന ആഹാരം
ഞാൻ കഴിക്കുകയും വിലയ്ക്കു തരുന്ന
വെള്ളം കുടിക്കുകയും ചെയ്തുകൊള്ളാം.
29 യോർദ്ദാൻ കടന്നു ഞങ്ങളുടെ ദൈവമായ
യഹോവ ഞങ്ങൾക്കു തരുന്ന ദേശത്തു
എത്തുന്നതുവരെ കാൽനടയായി പോകു
വാൻ മാത്രം അനുവദിക്കണം എന്നു പറ
30 യിച്ചു. എന്നാൽ നാം തൻെറ ദേശത്തുകൂടി
കടന്നുപോകുവാൻ ഹെശ്ബോനിലെ
രാജാവായ സീഹോൻ സമ്മതിച്ചില്ല; ഇന്നു
കാണുന്നതുപോലെ നിൻെറ ദൈവമായ
കർത്താവ് അവനെ നിൻെറ കയ്യിൽ ഏല്പി
ക്കേണ്ടതിന്നു അവൻെറ മനസ്സു കഠിനമാ
31 ക്കി. കർത്താവ് എന്നോടു: ഞാൻ സീഹോ
നെയും അവൻെറ ദേശത്തെയും നിൻെറ
കയ്യിൽ ഏല്പിച്ചിരിക്കുന്നു; അവൻെറ
ദേശം കൈവശമാക്കേണ്ടതിന്നു അതു
പിടിച്ചടക്കുവാൻ ആരംഭിക്കുക എന്നു
32 കല്പിച്ചു. സീഹോനും അവൻെറ സർവ്വ
ജനവും നമ്മുടെ നേരെ വന്നു യാഹാസിൽ
33 വച്ചു യുദ്ധംചെയ്തു. നമ്മുടെ ദൈവമായ
കർത്താവ് അവനെ നമ്മുടെ കയ്യിൽ ഏല്പി
ച്ചു; നാം അവനെയും അവൻെറ പുത്രന്മാ
രെയും അവൻെറ സർവ്വജനത്തെയും സംഹ
34 രിച്ചു. അക്കാലത്തു നാം അവൻെറ എല്ലാ
പട്ടണങ്ങളും പിടിച്ചു അവിടെയുള്ള പുരുഷ
ന്മാരെയും സ്ത്രീകളെയും കുഞ്ഞുങ്ങ
ളെയും ഉന്മൂലനാശം ചെയ്തു; ഒരുവനെയും
ശേഷിപ്പിച്ചില്ല. നാല്ക്കാലികളെയും 35
പട്ടണങ്ങളിലെ മററു കൊള്ളയും മാത്രം നാം
നമുക്കായിട്ട് എടുത്തു. അർന്നോൻ താഴ്വ 36
രയുടെ അററത്തുള്ള അരോവേരും താഴ്വ
രയിലെ പട്ടണവും മുതൽ ഗിലെയാദ്വരെ
നാം കൈവശപ്പെടുത്തി. ഒരു പട്ടണവും
ശേഷിച്ചില്ല; നമ്മുടെ ദൈവമായ കർത്താവ്
സകലവും നമ്മുടെ കയ്യിൽ ഏല്പിച്ചു.
അമ്മോന്യരുടെ ദേശവും യബ്ബോക്ക് നദി 37
യുടെ ഒരു വശം മുഴുവനും മലനാട്ടിലെ പട്ട
ണങ്ങളും നമ്മുടെ ദൈവമായ കർത്താവ്
നമ്മെ വിലക്കിയ സ്ഥലങ്ങളും മാത്രം
ആക്രമിച്ചില്ല.

അദ്ധ്യായം 3

അനന്തരം നാം തിരിഞ്ഞു ബാശാനിലേ 1
ക്കുള്ള വഴിയേ പോയി, അപ്പോൾ ബാശാൻ
രാജാവായ ഓഗും അവൻെറ സർവ്വജന
വും നമ്മുടെ നേരെ പുറപ്പെട്ടു എദ്രെയിൽ
വെച്ചു പടയേററു. കർത്താവ് എന്നോടു
പറഞ്ഞു: അവനെ ഭയപ്പെടരുതു; ഞാൻ 2
അവനെയും അവൻെറ സർവ്വജനത്തെയും
ദേശത്തെയും നിൻെറ കയ്യിൽ ഏല്പിച്ചിരി
ക്കുന്നു; ഹെശ്ബോനിൽ പാർത്തിരുന്ന
അമോര്യരാജാവായ സീഹോനോടു
ചെയ്തതുപോലെ നീ അവനോടും ചെയ്യും.
അങ്ങനെ നമ്മുടെ ദൈവമായ കർത്താവ് 3
ബാശാൻ രാജാവായ ഓഗിനെയും അവ
ൻെറ സകല ജനത്തെയും നമ്മുടെ കയ്യിൽ
ഏല്പിച്ചു; ആരും ശേഷിക്കാതവണ്ണം നാം
അവനെ സംഹരിച്ചു. അക്കാലത്തു നാം 4
അവൻെറ എല്ലാ പട്ടണങ്ങളും കീഴടക്കി;
നാം അവരിൽനിന്നു പിടിക്കാത്ത ഒരു
പട്ടണവും ഉണ്ടായിരുന്നില്ല; ബാശാനിലെ
ഓഗിൻെറ രാജ്യമായ അറുപതു പട്ടണങ്ങ
ളുള്ള അർഗ്ഗോബ്ദേശം മുഴുവനും നാട്ടിൻ
പുറങ്ങളിലെ അനവധി ഗ്രാമങ്ങളും പിടിച്ചു; 5
ആ പട്ടണങ്ങൾ എല്ലാം ഉയർന്ന മതിലു
കളും കോട്ടവാതിലുകളും ഓടാമ്പലുകളും
കൊണ്ടു ഉറപ്പിച്ചിരുന്നു. ഹെശ്ബോൻ 6
രാജാവായ സീഹോനോടു ചെയ്തതുപോലെ
ഓരോ പട്ടണവും പുരുഷന്മാരും സ്ത്രീകളും
കുഞ്ഞുങ്ങളും ഉൾപ്പെടെ നാം നിർമ്മൂല
മാക്കി. എന്നാൽ നാല്ക്കാലികളെയും 7
പട്ടണങ്ങളിലെ കൊള്ളവസ്തുക്കളും നാം
എടുത്തു. ഇങ്ങനെ അക്കാലത്തു അമോര്യ 8
രുടെ രണ്ടു രാജാക്കന്മാരുടെയും കൈയിൽ
നിന്നു യോർദ്ദാന്നക്കരെ അർന്നോൻ താഴ്
വര തുടങ്ങി ഹെർമ്മോൻ പർവ്വതംവരെ
യുള്ള ദേശവും പിടിച്ചു. സീദോന്യർ 9

ഹർമ്മോന്നു സിര്യോൻ എന്നും അമോ
ൃർ അതിന്നു സെനീർ എന്നും പേർ
റയുന്നു. സമഭൂമിയിലെ എല്ലാ പട്ടണ
ങ്ങളും ഗിലെയാദ് മുഴുവനും ബാശാനിലെ
ാഗിൻെറ രാജ്യത്തുൾപ്പെട്ട സൽക്കാ,
എദ്രെയി എന്നീ പട്ടണങ്ങൾവരെയുള്ള
ബാശാൻമുഴുവനും നാം പിടിച്ചു - ബാശാൻ
രാജാവായ ഓഗ് മാത്രമേ മല്ലന്മാരിൽ
ശേഷിച്ചിരുന്നുള്ളു; ഇരിമ്പുകൊണ്ടുള്ള
അവൻെറ കട്ടിൽ അമ്മോന്യനഗരമായ
രബ്ബയിൽ ഇപ്പോഴും ഉണ്ട്. അതിന്നു ഒൻപതു
മുഴം നീളവും നാലു മുഴം വീതിയും ഉണ്ട്.
ഈ ദേശം നാം അക്കാലത്തു പിടിച്ചടക്കി.
അർന്നോൻ താഴ്‌വരയ്ക്കു സമീപമുള്ള
അരോവർ മുതൽ ഗിലെയാദ് മല നാടി
ൻെറ പകുതിയും അവിടെയുള്ള പട്ടണ
ങ്ങളും ഞാൻ രൂബേന്യർക്കും ഗാദ്യർക്കും
കൊടുത്തു. ശേഷം ഗിലെയാദും ഓഗിൻെറ
രാജ്യമായ ബാശാൻ മുഴുവനും അർഗോബ്
ദേശം മുഴുവനും ഞാൻ മനശ്ശയുടെ പാതി
ഗോത്രത്തിനു കൊടുത്തു—ബാശാനു
മുഴുവനും 'മല്ലന്മാരുടെ ദേശം' എന്നു പേർ
പറയുന്നു. മനശ്ശയുടെ മകനായ യായീർ
ഗശൂര്യരുടെയും മാഖാത്യരുടെയും അതിർ
ത്തിവരെ അർഗോബ്ദേശം മുഴുവനും
പിടിച്ചു തൻെറ പേരിൻപ്രകാരം ബാശാന്നു
ഹവോത്ത് - യായീർ എന്നു പേർ ഇട്ടു;
ഇന്നുവരെ ആ പേർതന്നെയാണ് പറ
ഞ്ഞുവരുന്നത്. മാഖീരിനു ഞാൻ ഗിലെ
യാദ്ദേശം കൊടുത്തു. രൂബേന്യർക്കും
ഗാദ്യർക്കും ഗിലെയാദ് മുതൽ അർന്നോൻ
താഴ്‌വരയുടെ മദ്ധ്യപ്രദേശവും അതിരും
അമ്മോന്യരുടെ അതിർത്തിയായ യബ്ബോ
ക്ക് തോടുവരെയും കിന്നേരേത്ത് തുടങ്ങി
കിഴക്കോട്ടു പിസ്ഗയുടെ ചരിവിന്നു താഴെ
ഉപ്പുകടൽവരെ സമതലവും യോർദ്ദാൻ
പ്രദേശവും ഞാൻ കൊടുത്തു.
അക്കാലത്തു ഞാൻ നിങ്ങളോടു
ആജ്ഞാപിച്ചു: നിങ്ങളുടെ ദൈവമായ
കർത്താവ് നിങ്ങൾക്കു ഈ ദേശം അവകാശ
മായി തന്നിരിക്കുന്നു; നിങ്ങളിൽ യുദ്ധ
വീരന്മാരായ എല്ലാവരും ഇസ്രായേല്യരായ
നിങ്ങളുടെ സഹോദരന്മാർക്കു മുമ്പായി
യുദ്ധസന്നദ്ധരായി കടന്നുപോകണം. നിങ്ങ
ളുടെ ഭാര്യമാരും മക്കളും നിങ്ങളുടെ ആടു
മാടുകളും ഞാൻ നിങ്ങൾക്കു തന്നതായ
പട്ടണങ്ങളിൽ ഇരിക്കട്ടെ; ആടുമാടുകൾ
നിങ്ങൾക്കു വളരെ ഉണ്ടു എന്നു എനിക്ക
റിയാം. കർത്താവ് നിങ്ങളെപ്പോലെ നിങ്ങ
ളുടെ സഹോദരന്മാർക്കും വിശ്രമം നല്കു
കയും യോർദ്ദാനക്കരെ നിങ്ങളുടെ ദൈവ
മായ കർത്താവ് അവർക്കു കൊടുക്കുന്ന
ദേശം അവർ കൈവശമാക്കുകയും ചെയ്യു
ന്നതുവരെ ഇങ്ങനെയിരിക്കട്ടെ. പിന്നെ
നിങ്ങൾ ഞാൻ നിങ്ങൾക്കു തന്നിട്ടുള്ള
അവകാശത്തിലേക്കു മടങ്ങിപ്പോരണം.
അക്കാലത്തു ഞാൻ യോശുവയോടു 21
ആജ്ഞാപിച്ചു: നിങ്ങളുടെ ദൈവമായ
കർത്താവ് ആ രണ്ടു രാജാക്കന്മാരോടു
ചെയ്തതെല്ലാം നീ കണ്ടുവല്ലോ; നീ കടന്നു
ചെല്ലുന്ന സകല രാജ്യങ്ങളോടും കർത്താ
വ് അങ്ങനെതന്നെ ചെയ്യും. നിങ്ങൾ 22
ഭയപ്പെടരുത്; നിങ്ങളുടെ ദൈവമായ
കർത്താവത്രെ നിങ്ങൾക്കുവേണ്ടി യുദ്ധം
ചെയ്യുന്നത്.
ഞാൻ ദൈവത്തോടു അപേക്ഷിച്ചു: 23
കർത്താവായ ദൈവമേ നിൻെറ മഹത്വവും
നിൻെറ ഭുജശക്തിയും എന്നെ കാണിച്ചു 24
തുടങ്ങിയല്ലോ; നിൻെറ ക്രിയകൾപോ
ലെയും നിൻെറ വീര്യപ്രവൃത്തികൾപോ
ലെയും ചെയ്വാൻ കഴിയുന്ന ദൈവം
സ്വർഗ്ഗത്തിലോ ഭൂമിയിലോ മററാരുള്ളു?
ഞാൻ കടന്നുചെന്നു യോർദ്ദാനക്കരെയു 25
ള്ള നല്ല ദേശവും മനോഹരമായ പർവ്വതവും
ലെബാനോനും ഒന്നു കണ്ടുകൊള്ളട്ടെ
എന്നു പറഞ്ഞു. എന്നാൽ ദൈവം നിങ്ങ
ളുടെ നിമിത്തം എന്നോടു കോപിച്ചിരുന്നു; 26
എൻെറ അപേക്ഷ കേട്ടുമില്ല. ദൈവം
എന്നോടു: മതി; ഈ കാര്യത്തെക്കുറിച്ചു
ഇനി എന്നോടു സംസാരിക്കരുതു; പിസ്ഗ 27
യുടെ മുകളിൽ കയറി തലയുയർത്തി പടി
ഞ്ഞാറോട്ടും വടക്കോട്ടും തെക്കോട്ടും കിഴ
ക്കോട്ടും നോക്കിക്കാണുക; യോർദ്ദാൻ നീ 28
കടക്കുകയില്ല; യോശുവയോടു കല്പിച്ചു
അവനെ ധൈര്യപ്പെടുത്തി ഉറപ്പിക്കണം;
അവൻ നേതാവായി ഈ ജനത്തെ അക്കരെ
കടത്തും; നീ കാണുന്ന ദേശം അവൻ അവർ
ക്കു അവകാശമായി ഭാഗിച്ചുകൊടുക്കും
എന്നു അരുളിച്ചെയ്തു. അങ്ങനെ നാം 29
ബേത്ത്-പെയോരിന്നെതിരെ താഴ്‌വരയിൽ
പാർത്തു.

അദ്ധ്യായം 4

ഇപ്പോൾ ഇസ്രായേലേ, നിങ്ങൾ ജീവി 1
ച്ചിരിക്കുവാനും നിങ്ങളുടെ പിതാക്കന്മാ
രുടെ ദൈവമായ കർത്താവു നിങ്ങൾക്കു
തരുന്ന ദേശം കൈവശമാക്കുവാനും തക്ക
വണ്ണം നിങ്ങൾ അനുസരിച്ചു നടക്കുവാൻ
ഞാൻ നിങ്ങളോടു ഉപദേശിക്കുന്ന നിയമ
ങ്ങളും വിധികളും കേൾപ്പിൻ. ഞാൻ നിങ്ങ

ളോടു കല്പിക്കുന്ന നിങ്ങളുടെ ദൈവമായ
കർത്താവിന്റെ കല്പനകൾ നിങ്ങൾ അനു
2 സരിക്കണം. ഞാൻ നിങ്ങളോടു കല്പി
ക്കുന്ന വചനത്തോടു കൂട്ടുകയോ അതിൽ
നിന്നു കുറയ്ക്കുകയോ ചെയ്യരുതു. ബാൽ
പെയോരിന്റെ സംഗതിയിൽ കർത്താവ്
ചെയ്തതു നിങ്ങൾ സ്വന്തം കണ്ണുകൊണ്ട്
3 കണ്ടിരിക്കുന്നു: ബാൽപെയോരിനെ പിന്തു
ടർന്നവരെയെല്ലാം നിന്റെ ദൈവമായ
കർത്താവു നിങ്ങളുടെ ഇടയിൽനിന്നു
4 നശിപ്പിച്ചുകളഞ്ഞു. എന്നാൽ നിങ്ങളുടെ
ദൈവമായ കർത്താവിനോടു ചേർന്നിരുന്ന
നിങ്ങളെല്ലാം ഇന്നു ജീവനോടിരി
5 ക്കുന്നു. നിങ്ങൾ കൈവശമാക്കുവാൻ
എത്തുന്ന ദേശത്തു നിങ്ങൾ അനുസരിച്ചു
നടപ്പാനായി എന്റെ ദൈവമായ കർത്താവ്
എന്നോടു കല്പിച്ചതുപോലെ ഞാൻ
നിങ്ങളോടു നിയമങ്ങളും വിധികളും ഉപ
6 ദേശിച്ചുമിരിക്കുന്നു. അവയെ പാലിച്ചു
നടപ്പിൻ; ഇതായിരിക്കും ജാതികളുടെ
ദൃഷ്ടിയിൽ നിങ്ങളുടെ ജ്ഞാനവും
വിവേകവും. അവർ ഈ കല്പനകളെല്ലാം
കേട്ടിട്ടു: ഈ ശ്രേഷ്ഠജാതി ജ്ഞാനവും
വിവേകവും ഉള്ളവർതന്നെ എന്നു പറയും.
7 നമ്മുടെ ദൈവമായ കർത്താവിനെ നാം
വിളിച്ചപേക്ഷിക്കുമ്പോഴെല്ലാം അവൻ
നമുക്കു അടുത്തിരിക്കുന്നതുപോലെ
ദൈവം ഇത്ര അടുത്തിരിക്കുന്ന ശ്രേഷ്ഠ
8 ജാതി മറേറതുള്ളു? ഞാൻ ഇന്നു നിങ്ങളു
ടെ മുമ്പിൽ വയ്ക്കുന്ന ഈ സകല ന്യായ
പ്രമാണവുംപോലെ ഇത്ര നീതിയുള്ള
നിയമങ്ങളും വിധികളും ഉള്ള ശ്രേഷ്ഠജാതി
9 ഏതുള്ളു? കണ്ണുകൊണ്ട് കണ്ടിട്ടുള്ള കാര്യ
ങ്ങൾ നീ മറക്കാതെയും നിന്റെ ആയു
ഷ്ക്കാലത്തൊരിക്കലും അവ നിന്റെ മന
സ്സിൽനിന്നു മാറിപ്പോകാതെയും ഇരിപ്പാൻ
സൂക്ഷിച്ച് സ്വയം ജാഗ്രതയോടെ കാത്തു
കൊൾക; നിന്റെ മക്കളോടും മക്കളുടെ
മക്കളോടും അവയെ ഉപദേശിക്കണം.
10 വിശേഷാൽ ഹോറേബിൽ നിന്റെ ദൈവ
മായ കർത്താവിന്റെ സന്നിധിയിൽ നിന്ന
ദിവസത്തിൽ ഉണ്ടായ കാര്യം മറക്കരുതു.
അന്നു ദൈവം എന്നോടു: ജനത്തെ
എന്റെ അടുക്കൽ വിളിച്ചുകൂട്ടുക: ഞാൻ
എന്റെ വചനങ്ങൾ അവരെ കേൾപ്പിക്കും;
അവർ ഭൂമിയിൽ ജീവിച്ചിരിക്കുന്ന കാല
മെല്ലാം എന്നെ ഭയപ്പെടുവാൻ പഠിക്കുകയും
തങ്ങളുടെ മക്കളെ പഠിപ്പിക്കുകയും വേണം
11 എന്നു കല്പിച്ചു. അങ്ങനെ നിങ്ങൾ അടു
ത്തുവന്നു പർവതത്തിന്റെ അടിവാരത്തു
നിന്നു; അന്ധകാരവും മേഘവും ഉണ്ടായി
രിക്കെ പർവതം ആകാശമദ്ധ്യത്തോളം
കത്തി ജ്വലിച്ചുകൊണ്ടിരുന്നു. ദൈവം 12
അഗ്നിമദ്ധ്യേനിന്നു നിങ്ങളോടു സംസാ
രിച്ചു; നിങ്ങൾ വാക്കുകളുടെ ശബ്ദം കേട്ടു;
ശബ്ദം മാത്രം കേട്ടതല്ലാതെ ആരെയും
കണ്ടില്ല. നിങ്ങൾ അനുസരിച്ചു നടക്കുവാ 13
നായി അവൻ നിങ്ങളോടു കല്പിച്ച തന്റെ
നിയമമായ പത്തു കല്പന നിങ്ങളെ അറി
യിക്കയും രണ്ടു കല്പലകയിൽ എഴുതു
കയും ചെയ്തു. നിങ്ങൾ കൈവശപ്പെടുത്തു 14
വാൻ ചെല്ലുന്ന ദേശത്തു നിങ്ങൾ അനു
സരിച്ചു നടക്കേണ്ടതിനുള്ള നിയമങ്ങളും
വിധികളും നിങ്ങളോട് ഉപദേശിക്കണമെ
ന്നു ദൈവം അക്കാലത്തു എന്നോടു കല്പി
ച്ചു. നിങ്ങൾ സൂക്ഷിപ്പിൻ; ദൈവം ഹോ 15
റേബിൽ അഗ്നിയുടെ നടുവിൽ നിന്ന് നിങ്ങ 16
ളോടു അരുളിച്ചെയ്ത നാളിൽ നിങ്ങൾ ഒരു
രൂപവും കണ്ടില്ലല്ലോ. അതുകൊണ്ട് നിങ്ങൾ 17
പുരുഷന്റെയോ സ്ത്രീയുടെയോ സാദൃ
ശ്യമോ, ഭൂമിയിലുള്ള ഏതെങ്കിലും മൃഗ
ത്തിന്റെ സാദൃശ്യമോ ആകാശത്തു
പറക്കുന്ന ഏതെങ്കിലും പക്ഷിയുടെയോ
ഭൂമിയിലുള്ള ഏതെങ്കിലും ഇഴജാതിയുടെ 18
യോ ഭൂമിക്കു കീഴെ വെള്ളത്തിലുള്ള മത്സ്യ
ത്തിന്റെയോ സാദൃശ്യമോ ഇങ്ങനെ
യാതൊന്നിന്റെയും പ്രതിമയായ വിഗ്രഹം
ഉണ്ടാക്കി അശുദ്ധരാകരുത്. നീ ആകാശ 19
സൈന്യമായ സൂര്യനെയും ചന്ദ്രനെയും
നക്ഷത്രങ്ങളെയും നോക്കിക്കാണുമ്പോൾ
അവയെ നമസ്ക്കരിപ്പാനും സേവിപ്പാനു
മായോ ആകൃഷ്ടരാകരുത്; അവയെ
നിന്റെ ദൈവമായ കർത്താവ് ആകാശ
ത്തിൻ കീഴുള്ള സർവജാതികൾക്കും ഭാഗി
ച്ചു കൊടുത്തിരിക്കുന്നു. നിങ്ങളെ, ഇന്നു 20
ള്ളതുപോലെ തനിക്കു സ്വന്തജനമായിരി
ക്കുവാൻ ദൈവം തിരഞ്ഞെടുത്ത നിങ്ങളെ,
മെസ്രേൻ എന്ന ഇരിമ്പുചൂളയിൽനിന്നു
പുറപ്പെടുവിച്ചുകൊണ്ടുവന്നിരിക്കുന്നു.
എന്നാൽ ദൈവം നിങ്ങളുടെ നിമിത്തം 21
എന്നോടു കോപിച്ചു; ഞാൻ യോർദ്ദാൻ
കടക്കയില്ലെന്നും നിന്റെ ദൈവമായ
കർത്താവ് നിനക്കു അവകാശമായി തരുന്ന
വിശിഷ്ടദേശത്തിൽ ഞാൻ കടക്കുകയി
ല്ലെന്നും സത്യം ചെയ്തു. ആകയാൽ ഞാൻ 22
യോർദ്ദാൻ കടക്കാതെ ഈ ദേശത്തുവച്ചു
മരിക്കും; നിങ്ങളോ കടന്നുചെന്നു ആ നല്ല
ദേശം കൈവശപ്പെടുത്തും. നിങ്ങളുടെ 23
ദൈവമായ കർത്താവ് നിങ്ങളോടു ചെയ്തി
ട്ടുള്ള അവന്റെ ഉടമ്പടി നിങ്ങൾ മറന്ന്

ൻെറ ദൈവമായ കർത്താവ് വിരോധിച്ച
ുപോലെ യാതൊന്നിൻെറയും സാദൃശ്യ
യ വിഗ്രഹം ഉണ്ടാക്കാതിരിപ്പാൻ സൂക്ഷി
കൊള്ളണം. നിൻെറ ദൈവമായ കർത്താ
ദഹിപ്പിക്കുന്ന അഗ്നിയാണ്; തീക്ഷ്ണ
യുള്ള ദൈവംതന്നെ.
നിങ്ങൾ മക്കളെയും മക്കളുടെ മക്കളെ
ം ജനിപ്പിച്ചു ദേശത്തു ദീർഘകാലം
ർത്തു വഷളായിത്തീർന്നിട്ടു എന്തിൻെറ
ങ്കിലും സാദൃശ്യമായ വിഗ്രഹം ഉണ്ടാക്കി
ൻെറ ദൈവമായ കർത്താവിന് അനി
ടമായതു ചെയ്തു അവനെ കോപി
ച്ചാൽ നിങ്ങൾ കൈവശമാക്കുവാൻ
ാർദ്ദാൻ കടന്നു ചെല്ലുന്ന ദേശത്തുനി
ു നിങ്ങൾ വേഗം നശിച്ചുപോകുമെന്നു
ാൻ ഇന്നു ആകാശത്തെയും ഭൂമിയെയും
ങ്ങൾക്കു വിരോധമായി സാക്ഷിനിർത്തി
യുന്നു; നിങ്ങൾ അവിടെ ദീർഘകാലം
ിക്കാതെ നിർമ്മൂലമാകും. ദൈവം
ങ്ങളെ ജാതികളുടെ ഇടയിൽ ചിതറിക്കും;
വൻ നിങ്ങളെ കൊണ്ടുപോയി വർദ്ധി
ക്കുന്ന ജാതികളുടെ ഇടയിൽ നിങ്ങൾ
രുക്കം പേരായി അവശേഷിക്കും. കാ
ാനും കേൾപ്പാനും ഭക്ഷിപ്പാനും ഘ്രാണി
ുവാനും പ്രാപ്തിയില്ലാത്ത മരവും കല്ലും
കാണ്ടു മനുഷ്യരുടെ കൈപ്പണിയായ
വന്മാരെ നിങ്ങൾ അവിടെ സേവിക്കും.
ങ്കിലും അവിടെവച്ചു നിൻെറ ദൈവമായ
ർത്താവിനെ നീ അന്വേഷിക്കുകയും
ർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോ
ം കൂടെ ആരായുകയും ചെയ്താൽ
വനെ കണ്ടെത്തും. നീ ക്ലേശത്തിൽപ്പെട്ടു
വയെല്ലാം നിൻെറ മേൽ വരുമ്പോൾ നീ
വികാലത്തു നിൻെറ ദൈവമായ
ർത്താവിലേക്കു തിരിഞ്ഞ് അവൻെറ
ാക്കു അനുസരിക്കും. നിൻെറ ദൈവമായ
ർത്താവ് കരുണയുള്ള ദൈവമാകുന്നു.
വൻ നിന്നെ ഉപേക്ഷിക്കുകയില്ല, നശിപ്പി
ുകയില്ല, നിൻെറ പിതാക്കന്മാരോടു
ത്യം ചെയ്തിട്ടുള്ള തൻെറ ഉടമ്പടി മറക്കുക
ുമില്ല. ദൈവം മനുഷ്യനെ ഭൂമിയിൽ സൃ
ടിച്ച നാൾ മുതൽ നിനക്ക് മുമ്പുണ്ടായി
ന്ന പൂർവകാലത്തിലും ആകാശത്തി
ൻെറ ഒരു അററം തുടങ്ങി മറേറ അററ
ത്താളം എവിടെയെങ്കിലും ഇങ്ങനെയുള്ള
ഹാകാര്യം നടന്നിട്ടുണ്ടോ, കേട്ടിട്ടുണ്ടോ
ന്നു നീ അന്വേഷിക്കുക. ഏതൊരു
ാതിയെങ്കിലും നീ കേട്ടതുപോലെ അഗ്നി
ടുവിൽനിന്നു സംസാരിക്കുന്ന ദൈവ
തിൻെറ ശബ്ദം കേൾക്കുകയും ജീവനോ
ടിരിക്കുകയും ചെയ്തിട്ടുണ്ടോ? അല്ലെങ്കിൽ 34
നിങ്ങളുടെ ദൈവമായ കർത്താവ് മെസ്രേ
നിൽവച്ചു നീ കാൺകെ നിങ്ങൾക്കുവേണ്ടി
ചെയ്തതുപോലെ പരീക്ഷകൾ, അടയാള
ങ്ങൾ, അത്ഭുതങ്ങൾ, യുദ്ധം, ബലമുള്ള
കൈ, നീട്ടിയ ഭുജം, വലിയ ഭയങ്കരപ്രവൃ
ത്തികൾ എന്നിവയാൽ ദൈവം ഒരു ജനത
യെ മറെറാരു ജനതയുടെ നടുവിൽനിന്നു
തനിക്കായി തെരഞ്ഞെടുക്കുവാൻ ഉദ്യമി
ച്ചിട്ടുണ്ടോ? നിനക്കോ ഇതു കാണുവാനിട 35
യായി; കർത്താവു മാത്രം ദൈവം, അവന
ല്ലാതെ മറെറാരുവനുമില്ല എന്നു നീ അറി
യേണ്ടതിന്നുതന്നേ. അവൻ നിനക്കു ബുദ്ധി 36
യുപദേശിക്കുവാൻ ആകാശത്തിൽനിന്നു
തൻെറ ശബ്ദം നിന്നെ കേൾപ്പിച്ചു; ഭൂമി
യിൽ തൻെറ മഹത്തായ അഗ്നിയും നിന്നെ
കാണിച്ചു; നീ അവൻെറ വചനവും അഗ്നി
യുടെ മദ്ധ്യേ നിന്നു കേട്ടു. നിൻെറ പിതാ 37
ക്കന്മാരെ സ്നേഹിച്ചതുകൊണ്ടു അവൻ
അവരുടെ സന്തതിയെ തിരഞ്ഞെടുത്തു.
നിന്നെക്കാൾ ബഹുലതയും ബലവുമുള്ള 38
ജാതികളെ നിൻെറ മുമ്പിൽനിന്നു നീക്കി
ക്കളയുവാനും ഇന്നത്തെപ്പോലെ അവരുടെ
ദേശം നിനക്കു അവകാശമായി തരേണ്ട
തിന്നു നിന്നെ കൊണ്ടുപോയാക്കുവാനു
മായി തൻെറ സാന്നിദ്ധ്യവും മഹാശക്തി
യുംകൊണ്ടു മെസ്രേനിൽനിന്നു നിന്നെ
പുറപ്പെടുവിച്ചു. ആകയാൽ സ്വർഗ്ഗത്തിലും 39
താഴെ ഭൂമിയിലും കർത്താവുതന്നേ ദൈവം,
മറെറാരുവനുമില്ല എന്നു നീ അറിഞ്ഞു
മനസ്സിൽ ഉറപ്പിച്ചുകൊള്ളണം. നിനക്കും 40
നിൻെറ മക്കൾക്കും നന്നായിരിക്കേണ്ട
തിനും നിൻെറ ദൈവമായ കർത്താവു
നിനക്കു എന്നേക്കുമായി നല്കുന്ന ദേശ
ത്തു നീ ദീർഘായുസ്സോടിരിക്കേണ്ട
തിന്നും ഞാൻ ഇന്നു നിന്നോടു കല്പി
ക്കുന്ന അവൻെറ ചട്ടങ്ങളും നിയമങ്ങളും
അനുസരിക്കുക.

മോശ യോർദ്ദാന്നക്കരെ കിഴക്കു മൂന്നു 41
പട്ടണം വേർതിരിച്ചു. മുൻ വിരോധം കൂടാ 42
തെ അബദ്ധവശാൽ കൂട്ടുകാരനെ കൊന്ന
വൻ ആ പട്ടണങ്ങളിൽ ഒന്നിൽ ഓടിക്ക
യറി അവിടെ ചെന്നു ജീവിച്ചിരിക്കേണ്ട
തിനായിരുന്നു അത്. അങ്ങനെ മരുഭൂമി 43
യിൽ മലനാട്ടിലുള്ള ബേസെർ രൂബേ
ന്യർക്കും ഗിലെയാദിലെ റാമ ഗാദ്യർക്കും
ബാശാനിലെ ഗോലാൻ മനശ്ശെയർക്കും
നിശ്ചയിച്ചു.

മോശ ഇസ്രായേൽ മക്കൾക്കു നൽകിയ 44
ന്യായപ്രമാണം ഇതുതന്നേ. ഇസ്രായേൽ 45

മക്കൾ മെസ്രേനിൽനിന്നു പുറപ്പെട്ട ശേഷം
മോശ യോർദ്ദാനക്കരെ ഹെശ്ബോനിൽ
പാർത്തിരുന്ന അമോര്യരാജാവായ സീ
ഹോൻെറ ദേശത്തു ബേത്ത് പെയോരി
ന്നെതിരെയുള്ള താഴ്വരയിൽവച്ചു അവ
രോടു കല്പിച്ച സാക്ഷ്യങ്ങളും നിയമങ്ങളും
46 വിധികളും ഇവതന്നേ. മോശയും ഇസ്രാ
യേൽ മക്കളും മെസ്രേനിൽനിന്നു പുറപ്പെട്ട
47 ശേഷം ആ രാജാവിനെ തോല്പിച്ചു. അവ
ൻെറ ദേശവും ബാശാൻ രാജാവായ ഓഗി
48 ൻെറ ദേശവുമായി അർന്നോൻ താഴ്വര
യുടെ അററത്തുള്ള അരോവർ മുതൽ
ഹെർമ്മോനെന്ന സീയോൻ പർവ്വതംവരെ
49 യും യോർദ്ദാനക്കരെ കിഴക്കു പിസ്ഗ യുടെ
ചരിവിന്നു താഴെ സമതലത്തിലെ
കടൽവരെയുള്ള താഴ്വര മുഴുവനും
ഇങ്ങനെ യോർദ്ദാനക്കരെ കിഴക്കുള്ള രണ്ടു
അമോര്യരാജാക്കന്മാരുടെയും ദേശം കൈ
വശമാക്കി.

അദ്ധ്യായം 5

1 മോശ എല്ലാ ഇസ്രായേലിനെയും
വിളിച്ചു പറഞ്ഞു: ഇസ്രായേലേ, ഞാൻ
ഇന്നു നിങ്ങളെ കേൾപ്പിക്കുന്ന ചട്ടങ്ങളും
വിധികളും കേൾപ്പിൻ; അവയെ പഠിക്കുക
2 യും പ്രമാണിച്ചനുസരിക്കുകയും ചെയ്യണം.
നമ്മുടെ ദൈവമായ കർത്താവ് ഹോറേ
ബിൽ വച്ചു നമ്മോടു ഒരു നിയമം ചെയ്തു
3 വല്ലോ. ഈ നിയമം ദൈവം നമ്മുടെ
പിതാക്കന്മാരോടല്ല, നമ്മോടു, ഇന്നു
ഇവിടെ ജീവനോടിരിക്കുന്ന നമ്മോട്
4 എല്ലാംതന്നെ ചെയ്തതു ദൈവം പർവ്വത
ത്തിൽ അഗ്നിയുടെ നടുവിൽനിന്നു
5 നിങ്ങളോടു അഭിമുഖമായി അരുളിച്ചെയ്തു.
അഗ്നിനിമിത്തം നിങ്ങൾ ഭയപ്പെട്ടു പർവ്വത
ത്തിൽ കയറാതിരുന്നതിനാൽ കർത്തൃ
വചനം നിങ്ങളോടു അറിയിക്കേണ്ടതിനു
ഞാൻ അക്കാലത്തു ദൈവത്തിനും നിങ്ങൾ
ക്കും മദ്ധ്യേ നിന്നു. അവൻ കല്പിച്ചതു
ഇപ്രകാരമായിരുന്നു:

6 അടിമവീടായ മെസ്രേൻ ദേശത്തുനിന്നു
നിന്നെ കൊണ്ടുവന്ന കർത്താവായ ഞാൻ
നിൻെറ ദൈവം ആകുന്നു.

7 ഞാനല്ലാതെ അന്യദൈവങ്ങൾ നിന
8 ക്കു ഉണ്ടാകരുതു. വിഗ്രഹം ഉണ്ടാക്കരുതു;
മീതെ സ്വർഗ്ഗത്തിലോ താഴെ ഭൂമിയി
ലോ ഭൂമിക്കു കീഴെ വെള്ളത്തിലോ ഉള്ള
9 യാതൊന്നിൻെറയും പ്രതിമ അരുതു. അവ
രെ നമസ്കരിക്കുകയോ ആരാധിക്കുകയോ
ചെയ്യരുതു; നിൻെറ ദൈവമായ കർത്താവാ
കുന്ന ഞാൻ തീക്ഷ്ണതയുള്ള ദൈവം
ആകുന്നു; എന്നെ വെറുക്കുന്നവരിൽ
പിതാക്കന്മാരുടെ അകൃത്യം മൂന്നും നാലും
തലമുറവരെ മക്കളുടെമേൽ സന്ദർശി
ക്കുകയും എന്നെ സ്നേഹിച്ചു എൻെറ 10
കല്പനകൾ ആചരിക്കുന്നവർക്കു ആയിരം
തലമുറവരെ ദയ കാണിക്കുകയും ചെയ്യും.

നിൻെറ ദൈവമായ കർത്താവിൻെറ 11
നാമം വൃഥാ ഉപയോഗിക്കരുതു; തൻെറ
നാമം വൃഥാ എടുക്കുന്നവനെ കർത്താവ്
ശിക്ഷിക്കാതെ വിടുകയില്ല.

നിൻെറ ദൈവമായ കർത്താവ് നിന്നോ 12
ടു കല്പിച്ചതുപോലെ ശാബതു ദിവസം
വിശുദ്ധമായി ആചരിക്ക, ആറു ദിവസം അ 13
ദ്ധ്വാനിച്ചു നിൻെറ ജോലിയെല്ലാം ചെയ്ക.
ഏഴാം ദിവസമോ നിൻെറ ദൈവമായ കർ 14
ത്താവിൻെറ ശാബതാകുന്നു; അന്ന് നീയും
നിൻെറ മകനും മകളും നിൻെറ വേലക്കാര
നും വേലക്കാരിയും നിൻെറ കാളയും കഴുത
യും നിനക്കുള്ള നാല്ക്കാലിയും നിൻെറ
പടിവാതിലുകൾക്കകത്തുള്ള അന്യനും ഒരു
വേലയും ചെയ്യരുതു; നിൻെറ വേലക്കാരനും
വേലക്കാരിയും സ്വസ്ഥമായിരിക്കണം. നീ 15
മെസ്രേൻ ദേശത്തു അടിമയായിരുന്നു
എന്നും അവിടെനിന്നു നിൻെറ ദൈവമായ
കർത്താവ് നിന്നെ ബലമുള്ള കൈകൊണ്ടും
നീട്ടിയ ഭുജംകൊണ്ടും പുറപ്പെടുവിച്ചു
എന്നും ഓർക്കുക. ആകയാൽ ശാബതു
ദിവസം ആചരിപ്പാൻ നിൻെറ ദൈവമായ
കർത്താവ് നിന്നോടു കല്പിച്ചിരിക്കുന്നു.

നിനക്കു ദീർഘായുസ്സ് ഉണ്ടാകുവാനും 16
നിൻെറ ദൈവമായ കർത്താവ് നിനക്കു
തരുന്ന ദേശത്തു നിനക്കു നന്മയുണ്ടാകു
വാനും നിൻെറ ദൈവമായ കർത്താവ്
നിന്നോടു കല്പിച്ചതുപോലെ നിൻെറ
പിതാവിനെയും മാതാവിനെയും ബഹു
മാനിക്കുക.

കൊല ചെയ്യരുതു. 17

വ്യഭിചാരം ചെയ്യരുതു. 18

മോഷ്ടിക്കരുതു. 19

കൂട്ടുകാരനെതിരെ കള്ളസാക്ഷ്യം 20
പറയരുതു.

കൂട്ടുകാരൻെറ ഭാര്യയെ മോഹിക്ക 21
രുതു; കൂട്ടുകാരൻെറ ഭവനത്തെയും നില
ത്തെയും അവൻെറ ദാസനെയും ദാസി
യെയും അവൻെറ കാളയെയും കഴുത
യെയും കൂട്ടുകാരന്നുള്ള യാതൊന്നിനെയും
മോഹിക്കരുതു.

ഈ വചനങ്ങൾ ദൈവം പർവ്വത 22
ത്തിൽ അഗ്നിമേഘം, അന്ധകാരം എന്നിവ

ുടെ നടുവിൽനിന്നു നിങ്ങളുടെ സർവ്വ
ാഭയോടും അത്യുച്ചത്തിൽ അരുളിച്ചെയ്തു;
്തിനപ്പുറം ഒന്നും കല്പിച്ചില്ല; അവ രണ്ടു
ല്പലകയിൽ എഴുതി എന്റെ കൈവശം
ന്നു. എന്നാൽ പർവ്വതം തീ കാളിക്കത്തി
ക്കാണ്ടിരിക്കുമ്പോൾ അന്ധകാരത്തിന്റെ
ദ്ധ്യേ നിന്നുള്ള ശബ്ദം കേട്ടപ്പോൾ
ിങ്ങളും നിങ്ങളുടെ സകല ഗോത്രത്തല
ന്മാരും മൂപ്പന്മാരും എന്റെ അടുക്കൽ
ന്നു പറഞ്ഞു: ഞങ്ങളുടെ ദൈവമായ
ർത്താവ് തന്റെ തേജസ്സും, മഹത്വവും
ങ്ങളെ കാണിച്ചിരിക്കുന്നു, അഗ്നിയുടെ
ടുവിൽനിന്നു അവന്റെ ശബ്ദം ഞങ്ങൾ
കട്ടിരിക്കുന്നു; ദൈവം മനുഷ്യരോടു
ംസാരിച്ചിട്ടും അവർ ജീവനോടിരിക്കു
ന്നു ഞങ്ങൾ ഇന്നു ഗ്രഹിച്ചുമിരിക്കുന്നു.
ആകയാൽ ഞങ്ങൾ എന്തിന് മരിക്കുന്നു?
ഈ മഹത്തായ അഗ്നിക്കു ഞങ്ങൾ ഇരയാ
ിത്തീരും, ഞങ്ങളുടെ ദൈവമായ കർത്താ
ിന്റെ ശബ്ദം ഇനിയും കേട്ടാൽ ഞങ്ങൾ
രിച്ചുപോകും. ഞങ്ങളെപ്പോലെ യാതൊ
ജഡമെങ്കിലും അഗ്നിയുടെ നടുവിൽ
ിന്നു സംസാരിക്കുന്ന ജീവനുള്ള ദൈവ
ത്തിന്റെ ശബ്ദം കേട്ടിട്ടു ജീവനോടു ഇരു
ിട്ടുണ്ടോ? അങ്ങ് അടുത്തുചെന്നു നമ്മു
ട ദൈവമായ കർത്താവ് അരുളിച്ചെയ്യുന്ന
തെല്ലാം കേൾക്കുക; നമ്മുടെ ദൈവമായ
ർത്താവ് നിന്നോടു അരുളിച്ചെയ്യുന്ന
തെല്ലാം ഞങ്ങളോടു പറയുക. ഞങ്ങൾ
കട്ടു അനുസരിച്ചുകൊള്ളാം. നിങ്ങൾ
ന്നോടു സംസാരിച്ചവ ദൈവം കേട്ട്
ന്നോടു കല്പിച്ചതു: ഈ ജനം നിന്നോടു
റഞ്ഞ വാക്കു ഞാൻ കേട്ടു; അവർ പറ
ഞ്ഞതു എല്ലാം നല്ലത്. അവർക്കും അവ
ടെ മക്കൾക്കും എന്നേക്കും ശുഭമായിരി
ാൻ അവർ എന്നെ ഭയപ്പെടേണ്ടതിന്നും
ന്റെ കല്പനകളെല്ലാം ആചരിക്കേണ്ട
ിന്നും ഇങ്ങനെയുള്ള ഹൃദയം അവർക്കു
പ്പോഴും ഉണ്ടായിരുന്നുവെങ്കിൽ എത്ര
ന്നായിരുന്നു. നിങ്ങളുടെ കൂടാരങ്ങളി
ലക്കു മടങ്ങിപ്പൊയ്ക്കൊള്ളുവിൻ എന്നു
അവരോടു പറയുക. നീ ഇവിടെ എന്റെ
ടുക്കൽ നില്ക്കുക; ഞാൻ അവർക്കു
അവകാശമായി കൊടുക്കുന്ന ദേശത്തു
അവർ അനുസരിച്ചു നടപ്പാൻ നീ അവരെ
പദേശിക്കേണ്ട സകല കല്പനകളും
ിയമങ്ങളും വിധികളും ഞാൻ നിന്നോടു
ല്പിക്കും. ആകയാൽ നിങ്ങളുടെ ദൈവ
ായ കർത്താവ് നിങ്ങളോടു കല്പിച്ചതു
ാലെ ചെയ്‌വാൻ ഉത്സുകരായിരിപ്പിൻ;
ഇടത്തോട്ടോ വലത്തോട്ടോ മാറരുതു.
നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന്നും നിങ്ങൾ 33
ക്കു ശുഭമായിരിക്കേണ്ടതിന്നും നിങ്ങൾ
കൈവശപ്പെടുത്തുന്ന ദേശത്തു ദീർഘാ
യുസ്സോടിരിക്കുവാനും നിങ്ങളുടെ ദൈവ
മായ കർത്താവ് നിങ്ങളോടു കല്പിച്ചിട്ടുള്ള
മാർഗ്ഗത്തിലൂടെ നടപ്പിൻ.

അദ്ധ്യായം 6

നിങ്ങൾ കൈവശപ്പെടുത്തുവാൻ 1
എത്തുന്ന ദേശത്ത് നിങ്ങൾ അനുസരിച്ചു
നടക്കേണ്ടതിന്നും നിന്റെ ജീവകാലം മുഴു
വനും നീയും നിന്റെ മകനും മകന്റെ
മകനും ഞാൻ നിന്നോടു കല്പിക്കുന്ന
നിന്റെ കർത്താവായ ദൈവത്തിന്റെ എല്ലാ
നിയമങ്ങളും കല്പനകളും പാലിപ്പാൻ തക്ക
വണ്ണം അവനെ ഭയപ്പെടേണ്ടതിനും നീ 2
ദീർഘായുസ്സോടിരിക്കേണ്ടതിനുമായി
നിങ്ങളുടെ ദൈവമായ ദൈവം നിങ്ങൾ
ക്കു ഉപദേശിച്ചുതരുവാൻ കല്പിച്ചിട്ടുള്ള
കല്പനകളും നിയമങ്ങളും വിധികളും ഇവ
ആകുന്നു. ആകയാൽ ഇസ്രായേലേ, നിന 3
ക്കു ശുഭമായിരിക്കേണ്ടതിനും നിന്റെ
പിതാക്കന്മാരുടെ ദൈവമായ കർത്താവ്
നിന്നോടു അരുളിച്ചെയ്തതുപോലെ പാലും
തേനും ഒഴുകുന്ന ദേശത്തു നിങ്ങൾ ഏറ്റം
വർദ്ധിക്കേണ്ടതിന്നും നീ കേട്ടു ഉത്സാഹ
പൂർവ്വം അനുസരിച്ചു നടക്കുക.

ഇസ്രായേലേ, കേൾക്കുക; ദൈവം 4
നമ്മുടെ കർത്താവാകുന്നു; ദൈവം ഏകൻ 5
ആകുന്നു. നിന്റെ ദൈവമായ കർത്താവി
നെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണ
മനസ്സോടും പൂർണ്ണശക്തിയോടും കൂടെ
സ്നേഹിക്കണം. ഇന്നു ഞാൻ നിന്നോടു 6
കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ
ഹൃദയത്തിൽ ഇരിക്കണം. നീ അവയെ 7
നിന്റെ മക്കൾക്കു ഉപദേശിച്ചുകൊടു
ക്കണം. നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി
നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേ
ല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരി
ക്കയും വേണം. അവയെ അടയാളമായി 8
നിന്റെ കൈമേൽ കെട്ടണം; അവ നിന്റെ 9
കണ്ണുകൾക്കു മദ്ധ്യേ മുദ്രയായി ഇരിക്കണം.
അവ നിന്റെ വീടിന്റെ കട്ടിളകളിൻ മേലും
പടിവാതിലുകളിലും എഴുതണം.

നിന്റെ ദൈവമായ കർത്താവ് നിനക്കു 10
തരുമെന്നു അബ്രാഹാം, ഇസഹാക്ക്,
യാക്കോബ് എന്ന നിന്റെ പിതാക്കന്മാ
രോടു സത്യം ചെയ്ത ദേശത്തേക്കു നിന്നെ
കൊണ്ടുചെന്നു നീ പണിയാത്ത വലുതും

11 നല്ലതുമായ പട്ടണങ്ങളും നീ കരുതിവ
ക്കാത്ത സകല സമ്പത്തും നിറഞ്ഞിരി
ക്കുന്ന വീടുകളും നീ കുഴിക്കാത്ത കിണറു
കളും നീ നട്ടുണ്ടാക്കാത്ത മുന്തിരിത്തോട്ട
ങ്ങളും ഒലിവുതോട്ടങ്ങളും നിനക്കു തരിക
യും നീ തിന്നു തൃപ്തിപ്പെടുകയും ചെയ്യു
12 മ്പോൾ നിന്നെ അടിമവീടായ മെസ്രേൻ ദേ
ശത്തുനിന്നു കൊണ്ടുവന്ന കർത്താവിനെ
മറക്കാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളണം. നി
13 ന്റെ ദൈവമായ കർത്താവിനെ ഭയപ്പെട്ടു
അവനെ സേവിക്കണം; അവന്റെ നാമ
14 ത്തിൽ സത്യം ചെയ്യണം. നിന്റെ ദൈവ
മായ കർത്താവിന്റെ കോപം നിനക്കു
വിരോധമായി ജ്വലിച്ചു നിന്നെ ഭൂമിയിൽ
നിന്നു നശിപ്പിക്കാതിരിപ്പാൻ ചുററുമുള്ള
ജാതികളുടെ ദേവന്മാരായ അന്യദൈവങ്ങ
15 ളുടെ പിന്നാലെ നീ പോകരുതു; നിന്റെ
ദൈവമായ കർത്താവ് നിങ്ങളുടെ മദ്ധ്യേ
വൈരാഗ്യമുള്ള ദൈവം ആകുന്നു;
16 നിങ്ങൾ മസ്സായിൽവച്ചു പരീക്ഷിച്ചതു
പോലെ നിങ്ങളുടെ ദൈവമായ കർത്താ
17 വിനെ പരീക്ഷിക്കരുതു. നിങ്ങളുടെ ദൈവ
മായ കർത്താവ് നിന്നോടു കല്പിച്ചിട്ടുള്ള
കല്പനകളും സാക്ഷ്യങ്ങളും നിയമങ്ങളും
നിങ്ങൾ ഉത്സാഹത്തോടെ പാലിക്കണം.
18 നിനക്കു നന്നായിരിക്കുവാനും ദൈവം
നിന്റെ പിതാക്കന്മാരോടു സത്യം ചെയ്ത
നല്ല ദേശം നീ കൈവശമാക്കേണ്ടതിനും
19 കർത്താവ് അരുളിച്ചെയ്തതുപോലെ നിന്റെ
സകല ശത്രുക്കളെയും നിന്റെ മുമ്പിൽ
നിന്നു ഓടിച്ചുകളയേണ്ടതിനുമായി നീ
ദൈവസന്നിധിയിൽ ന്യായവും ഹിതവുമാ
യത് ചെയ്യണം.
20 നമ്മുടെ ദൈവമായ കർത്താവ് നിങ്ങ
ളോടു കല്പിച്ചിട്ടുള്ള സാക്ഷ്യങ്ങളും നിയമ
ങ്ങളും വിധികളും എന്ത് എന്നു നാളെ
നിന്റെ മകൻ നിന്നോടു ചോദിച്ചാൽ നീ
21 നിന്റെ മകനോടു പറയേണ്ടതു: ഞങ്ങൾ
മെസ്രേനിൽ ഫറവോനു അടിമകൾ ആയി
രുന്നു; എന്നാൽ ദൈവം ബലമുള്ള കൈ
കൊണ്ട് ഞങ്ങളെ മെസ്രേനിൽനിന്നു പുറ
22 പ്പെടുവിച്ചു. മെസ്രേന്റെയും ഫറവോന്റെ
യും അവന്റെ സകല കുടുംബത്തിന്റെയും
മേൽ ഞങ്ങൾ കാൺകെ ദൈവം മഹ
ത്തും ഉഗ്രവുമായുള്ള അടയാളങ്ങളും
23 അത്ഭുതങ്ങളും പ്രവർത്തിച്ചു. ഞങ്ങളെ
താൻ നമ്മുടെ പിതാക്കന്മാരോടു സത്യം
ചെയ്ത ദേശത്തു കൊണ്ടുവന്നാക്കേണ്ട
തിന്നു അവിടെനിന്നു പുറപ്പെടുവിച്ചു.
24 എപ്പോഴും നമുക്കു നന്നായിരിക്കേണ്ട
തിന്നും ഇന്നത്തെപ്പോലെ അവൻ നമ്മെ ജീ
വനോടെ രക്ഷിക്കേണ്ടതിന്നുമായി നാം ന
മ്മുടെ ദൈവമായ കർത്താവിനെ ഭയപ്പെടു
വാനും ഈ എല്ലാ നിയമങ്ങളും ആചരിപ്പാ
നും ദൈവം നമ്മോടു കല്പിച്ചു. നമ്മുടെ 25
ദൈവമായ കർത്താവ് നമ്മോടു കല്പി
ച്ചതുപോലെ നാം അവന്റെ സന്നിധിയിൽ
ഈ സകല കല്പനകളും ആചരിപ്പാൻ
തക്കവണ്ണം സൂക്ഷിക്കുമെങ്കിൽ നാം നീതീ
കൃതരാകും.

അദ്ധ്യായം 7

നീ കൈവശമാക്കുവാൻ എത്തുന്ന 1
ദേശത്തു നിന്നെ പ്രവേശിപ്പിക്കുകയും
നിന്നെക്കാൾ ബഹുലതയും ബലവുമുള്ള
ജാതികളായ ഹിത്യർ, ഗിർഗ്ഗശ്യർ, അമോ
ര്യർ, കനാന്യർ, പെരിസ്യർ, ഹിവ്യർ, യെബൂ
സ്യർ എന്നീ ഏഴു മഹാജാതികളെ നിന്റെ 2
മുമ്പിൽനിന്നു നീക്കിക്കളകയും നിന്റെ
ദൈവമായ കർത്താവ് അവരെ നിന്റെ
കയ്യിൽ ഏല്പിക്കയും നീ അവരെ തോല്പി
ക്കയും ചെയ്യുമ്പോൾ അവരെ നിശ്ശേഷം
നശിപ്പിക്കണം; അവരോടു ഉടമ്പടി ചെയ്ക
യോ ദയ കാണിക്കുകയോ അരുതു. അവ 3
രുമായി വിവാഹബന്ധം അരുതു; നിന്റെ
പുത്രിമാരെ അവരുടെ പുത്രന്മാർക്കു
കൊടുക്കുകയോ അവരുടെ പുത്രിമാരെ
നിന്റെ പുത്രന്മാർക്കു എടുക്കുകയോ
ചെയ്യരുതു. അന്യദേവന്മാരെ സേവിപ്പാൻ 4
തക്കവണ്ണം അവർ നിന്റെ പുത്രന്മാരെ
എന്നിൽനിന്ന് അകററിക്കളയും; ദൈവ
കോപം നിങ്ങൾക്കു വിരോധമായി
ജ്വലിച്ചു നിങ്ങളെ വേഗത്തിൽ നശിപ്പിക്കും.
ആകയാൽ നിങ്ങൾ അവരുടെ ബലിപീഠ 5
ങ്ങൾ ഇടിച്ചുകളയണം; അവരുടെ ബിംബ
ങ്ങളെ തകർക്കണം; അവരുടെ പ്രതിഷ്ഠ
കളെ വെട്ടിക്കളയണം; അവരുടെ വിഗ്രഹ
ങ്ങളെ തീയിൽ ഇട്ടു ചുട്ടുകളയണം, നിന്റെ 6
ദൈവമായ കർത്താവിന് നീ ഒരു വിശുദ്ധ
ജനം ആകുന്നു; ഭൂതലത്തിലുള്ള സകല
ജാതികളിലുംനിന്ന് നിന്നെ തനിക്കു സ്വന്ത
ജനമായിരിക്കേണ്ടതിന്നു നിന്റെ ദൈവ
മായ കർത്താവ് തിരഞ്ഞെടുത്തിരിക്കുന്നു.
നിങ്ങൾ സംഖ്യയിൽ സകല ജാതികളെ 7
ക്കാളും ബാഹുല്യമുള്ളവരായതുകൊണ്ടല്ല
ദൈവം നിങ്ങളിൽ പ്രസാദിച്ച് തിരഞ്ഞെ
ടുത്തതു; നിങ്ങൾ സകല ജാതികളെക്കാളും
കുറഞ്ഞവരായിരുന്നു. ദൈവം നിങ്ങളെ 8
സ്നേഹിക്കുന്നതുകൊണ്ടും നിങ്ങളുടെ
പിതാക്കന്മാരോടു താൻ ചെയ്ത സത്യം

പാലിക്കുന്നതുകൊണ്ടും അത്രേ ദൈവം
നിങ്ങളെ ബലമുള്ള കയ്യാൽ പുറപ്പെടുവിച്ചു
അടിമവീടായ മെസ്രേനിലെ രാജാവായ
ഫറവോന്റെ കയ്യിൽനിന്നു വീണ്ടെടു
ത്തതു. ആകയാൽ നിന്റെ ദൈവമായ
കർത്താവ് മാത്രം ദൈവം; അവൻ തന്നേ
സത്യദൈവം എന്നു നീ അറിയണം; അവൻ
തന്നെ സ്നേഹിച്ചു തന്റെ കല്പനകളെ
പാലിക്കുന്നവർക്കു ആയിരം തലമുറവരെ
നിയമവും ദയയും പാലിക്കുന്നു. തന്നെ
വെറുക്കുന്നവരെ നശിപ്പിപ്പാനായി അവ
രോടു പ്രതികാരവും ചെയ്യും; തന്നെ വെറു
ക്കുന്നവനോട് അവൻ താമസിയാതെ പ്രതി
കാരം ചെയ്യും. ആകയാൽ ഞാൻ ഇന്നു
നിന്നോടു കല്പിക്കുന്ന കല്പനകളും
നിയമങ്ങളും വിധികളും നീ പാലിച്ചു
നടക്കണം.

നിങ്ങൾ ഈ വിധികൾ കേട്ടു പാലിച്ചു
നടന്നാൽ നിന്റെ ദൈവമായ കർത്താവ്
നിന്റെ പിതാക്കന്മാരോടു സത്യം ചെയ്ത
നിയമവും ദയയും നിനക്കായി പാലിക്കും.
അവൻ നിന്നെ സ്നേഹിച്ച് അനുഗ്രഹിച്ച്
വർദ്ധിപ്പിക്കും; അവൻ നിനക്കു തരുമെന്നു
നിന്റെ പിതാക്കന്മാരോടു സത്യം ചെയ്ത
ദേശത്തു നിന്റെ ഗർഭഫലവും നിന്റെ
കൃഷിഫലവും ധാന്യവും വീഞ്ഞും എണ്ണ
യും നിന്റെ കന്നുകാലികളുടെ പ്രസവവും
ആടുകളുടെ പ്രസവവും അനുഗ്രഹിക്കും.
നീ എല്ലാ ജാതികളെക്കാളും അനുഗ്രഹി
ക്കപ്പെട്ടിരിക്കും; വന്ധ്യനും വന്ധ്യയും നിങ്ങ
ളിലാകട്ടെ നിന്റെ മൃഗങ്ങളിലാകട്ടെ
ഉണ്ടാകയില്ല. കർത്താവ് സകല രോഗവും
നിന്നിൽനിന്നു അകററിക്കളയും; നീ അറി
ഞ്ഞിരിക്കുന്ന മെസ്രേന്യരുടെ ദുർവ്യാധി
കളിൽ ഒന്നും അവൻ നിന്റെ മേൽ വരു
ത്താതെ നിന്നെ ദ്വേഷിക്കുന്ന എല്ലാവർ
ക്കും അവയെ കൊടുക്കും. നിന്റെ ദൈവ
മായ കർത്താവ് നിന്റെ കയ്യിൽ ഏല്പി
ക്കുന്ന സകല ജാതികളെയും നീ നശിപ്പിച്ചു
കളയണം; നിനക്കു അവരോടു കനിവു
തോന്നരുതു; അവരുടെ ദേവന്മാരെ നീ
ആരാധിക്കരുതു; അതു നിനക്കു കെണി
യായിത്തീരും. ഈ ജാതികൾ എന്നെക്കാൾ
ബാഹുല്യമുള്ളവർ. അവരെ നീക്കിക്കള
വാൻ എനിക്കു എങ്ങനെ കഴിയും? എന്നു
നീ നിന്റെ ഹൃദയത്തിൽ പറഞ്ഞു അവരെ
ഭയപ്പെടരുതു; നിന്റെ ദൈവമായ കർത്താ
വ് ഫറവോനോടും എല്ലാ മെസ്രേന്യരോടും
ചെയ്തതായി നിന്റെ കണ്ണുകൊണ്ട് കണ്ട
വലിയ പരീക്ഷകളും അടയാളങ്ങളും അത്ഭു
തങ്ങളും നിന്റെ ദൈവമായ കർത്താവ്
നിന്നെ പുറപ്പെടുവിച്ച ബലമുള്ള കയ്യും
നീട്ടിയ ഭുജവും നീ നല്ലവണ്ണം ഓർക്കണം;
നീ ഭയപ്പെടുന്ന സകല ജാതികളോടും
നിന്റെ ദൈവമായ കർത്താവ് അങ്ങനെ
തന്നെ ചെയ്യും. അത്രയുമല്ല, ശേഷിച്ചിരിക്കു 20
ന്നവരും നിന്റെ മുമ്പിൽനിന്നു ഒളിച്ചോടു
ന്നവരും നശിച്ചുപോകുംവരെ നിന്റെ ദൈവ
മായ കർത്താവ് അവരുടെ ഇടയിൽ കടന്ന
ലിനെ അയയ്ക്കും. നീ അവരെക്കണ്ടു 21
ഭ്രമിക്കരുതു; നിന്റെ ദൈവമായ കർത്താവ്
എന്ന വലിയവനും ഭയങ്കരനുമായ ദൈവം
നിങ്ങളുടെ മദ്ധ്യേ ഉണ്ടു. ആ ജാതികളെ 22
നിന്റെ ദൈവമായ കർത്താവ് അല്പാല്പ
മായി നിന്റെ മുമ്പിൽനിന്നു നീക്കിക്കള
യും; കാട്ടുമൃഗങ്ങൾ വർദ്ധിച്ച് നിനക്കു
ഉപദ്രവമാകാതിരിപ്പാൻ അവരെ ക്ഷണ
ത്തിൽ നശിപ്പിച്ചുകൂടാ. നിന്റെ ദൈവമായ 23
കർത്താവ് അവരെ നിന്റെ കയ്യിൽ ഏല്പി
ക്കയും അവർ നശിച്ചുപോകുംവരെ അവർ
ക്കു മഹാഭീതി വരുത്തുകയും ചെയ്യും.
അവരുടെ രാജാക്കന്മാരെ നിന്റെ കയ്യിൽ
ഏല്പിക്കും; നീ അവരുടെ നാമം ആകാശ
ത്തിൻ കീഴിൽനിന്നു ഇല്ലാതെയാക്കണം.
അവരെ സംഹരിച്ചു തീരുന്നതുവരെ ഒരു 24
മനുഷ്യനും നിന്റെ മുമ്പിൽ നില്ക്കയില്ല.
അവരുടെ ദേവവിഗ്രഹങ്ങളെ തീയിൽ 25
ചുട്ടുകളയണം; നീ ആകൃഷ്ടനാകാതിരി
പ്പാൻ അവമേലുള്ള വെള്ളിയും പൊന്നും
മോഹിച്ചു എടുക്കരുതു; അതു നിന്റെ
ദൈവമായ കർത്താവിന് അശുദ്ധമാകുന്നു.
നീയും അതുപോലെ ശാപമായിത്തീരാ 26
തിരിക്കേണ്ടതിന്നു അശുദ്ധമായതു നിന്റെ
വീട്ടിൽ കൊണ്ടുപോകരുതു; അതു നിനക്കു
തീരെ അറപ്പും വെറുപ്പുമായിരിക്കണം;
അതു ശാപഗ്രസ്തമാകുന്നു.

അദ്ധ്യായം 8

നിങ്ങൾ ജീവിച്ചിരിക്കുകയും വർദ്ധിക്കു 1
കയും കർത്താവ് നിങ്ങളുടെ പിതാക്കന്മാ
രോടു വാഗ്ദാനം ചെയ്ത ദേശം കൈവശമാക്കു
കയും ചെയ്യേണ്ടതിന്നു ഞാൻ ഇന്നു നിങ്ങ
ളോടു കല്പിക്കുന്ന സകല കല്പനകളും
നിങ്ങൾ പാലിച്ചു നടക്കണം. നിന്റെ ദൈവ 2
മായ കർത്താവ് നിന്നെ താഴ്ത്തുവാനും
അവന്റെ കല്പനകൾ നിങ്ങൾ പാലിക്കുമോ
ഇല്ലയോ എന്നു നിന്നെ പരീക്ഷിച്ചു നിന്റെ
ഹൃദയത്തിൽ ഇരിക്കുന്നതു അറിവാനു
മായി നിന്നെ നാല്പതു സംവത്സരം മരു
ഭൂമിയിൽ നടത്തിയ സംഭവം നീ ഓർക്കണം.

3 അവൻ നിന്നെ താഴ്ത്തുകയും നിനക്കു
വിശപ്പുവരുത്തുകയും മനുഷ്യൻ അപ്പം
കൊണ്ടു മാത്രമല്ല ദൈവത്തിൻെറ വായിൽ
നിന്നു പുറപ്പെടുന്ന സകല വചനംകൊ
ണ്ടും ജീവിക്കുന്നു എന്നു നിന്നെ ഗ്രഹി
പ്പിക്കേണ്ടതിന് നീയും നിൻെറ പിതാക്ക
ന്മാരും അറിഞ്ഞിട്ടില്ലാത്ത മന്നകൊണ്ടു
4 നിന്നെ പോഷിപ്പിക്കുകയും ചെയ്തു. ഈ
നാല്പതു സംവത്സരം നീ ധരിച്ച വസ്ത്രം
ജീർണ്ണിച്ചുപോയില്ല; നിൻെറ കാൽ വീങ്ങി
5 യതുമില്ല. ഒരുവൻ തൻെറ മകനെ ശിക്ഷിച്ചു
വളർത്തുന്നതുപോലെ നിൻെറ ദൈവമായ
കർത്താവ് നിന്നെ ശിക്ഷിച്ചു വളർത്തുന്നു
എന്നു നീ മനസ്സിൽ ധ്യാനിച്ചുകൊള്ളണം.
6 ആകയാൽ നിൻെറ ദൈവമായ കർത്താവി
ൻെറ വഴികളിൽ നടന്ന് അവനെ ഭയപ്പെട്ടു
7 അവൻെറ കല്പനകൾ പാലിക്കണം. നി
ൻെറ ദൈവമായ കർത്താവ് ഒരു നല്ല
ദേശത്തേക്കാകുന്നു നിന്നെ കൊണ്ടുപോ
കുന്നതു; അതു താഴ്വരയിൽനിന്നും
മലയിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കു
കളും ഉറവുകളും തടാകങ്ങളും ഉള്ള ദേശമ
8 ത്രെ; ഗോതമ്പും യവവും മുന്തിരിവള്ളിയും
അത്തിവൃക്ഷവും മാതളനാരകവും ഒലിവു
9 വൃക്ഷവും തേനും ഉള്ള ദേശം; സുഭിക്ഷ
മായി ജീവിക്കാവുന്നതും ഒന്നിനും
കുറവില്ലാത്തതുമായ ദേശം; കല്ല് ഇരിമ്പാ
യിരിക്കുന്നതും മലകളിൽനിന്ന് താമ്രം വെട്ടി
10 എടുക്കാവുന്നതുമായ ദേശമാണത്. നീ
ഭക്ഷിച്ചു തൃപ്തനാകുമ്പോൾ നിൻെറ ദൈവ
മായ കർത്താവ് നിനക്കു തന്നിരിക്കുന്ന ന
ല്ല ദേശത്തെ ഓർത്തു നീ അവന്നു സ്തോത്രം
11 ചെയ്യണം. നിൻെറ ദൈവമായ കർത്താ
വിനെ നീ മറക്കാതിരിപ്പാനും, ഞാൻ
ഇന്നു നിന്നോടു കല്പിക്കുന്ന അവൻെറ
കല്പനകളും വിധികളും നിയമങ്ങളും
12 അലക്ഷ്യമാക്കാതിരിപ്പാനും, നീ ഭക്ഷിച്ചു
തൃപ്തിപ്പെട്ടു നല്ല വീടുകൾ പണിതു
അവയിൽ പാർക്കുമ്പോഴും നിൻെറ ആടു
മാടുകളും വെള്ളിയും പൊന്നും നിനക്കു
13 ള്ളതു എല്ലാം വർദ്ധിക്കുമ്പോഴും നിൻെറ
14 ഹൃദയം നിഗളിക്കാതിരിക്കണം, നിന്നെ
അടിമവീടായ മെസ്രേനിൽ നിന്നു പുറ
പ്പെടുവിക്കുകയും അഗ്നിസർപ്പവും തേളും
15 വെള്ളമില്ലാത്ത വരൾച്ചയും ഉള്ള വലിയതും
ഭയങ്കരവുമായ മരുഭൂമിയിൽ കൂടി നിന്നെ
കൊണ്ടുവരികയും പാറയിൽനിന്നു നിനക്കു
വെള്ളം പുറപ്പെടുവിക്കുകയും നിന്നെ
16 താഴ്ത്തി പരീക്ഷിച്ചു പിൻകാലത്തു നിനക്കു
നന്മ ചെയ്യേണ്ടതിന്നു മരുഭൂമിയിൽ നിന്നെ
നിൻെറ പിതാക്കന്മാർ അറിയാത്ത മന്ന
കൊണ്ടു പോഷിപ്പിക്കുകയും ചെയ്ത നിൻെറ
ദൈവമായ കർത്താവിനെ നീ മറന്നു. എ 17
ൻെറ ശക്തിയും എൻെറ കയ്യുടെ ബലവും
ഈ സമ്പത്തുണ്ടാക്കി എന്നു നിൻെറ ഹൃദ
യത്തിൽ പറയാതിരിപ്പാനും സൂക്ഷിച്ചുകൊ
ള്ളണം. നിൻെറ ദൈവമായ കർത്താവിനെ 18
നീ ഓർക്കണം; നിൻെറ പിതാക്കന്മാരോടു
സത്യം ചെയ്ത തൻെറ നിയമം ഇന്നുള്ളതു
പോലെ സ്ഥിരമാക്കുവാൻ അവനല്ലയോ
നിനക്കു സമ്പത്തുണ്ടാക്കുവാൻ ശക്തി
തരുന്നത്. നിൻെറ ദൈവമായ കർത്താവി 19
നെ നീ മറക്കുകയും അന്യദേവന്മാരെ പിന്തു
ടർന്നു അവയെ സേവിച്ചു നമസ്കരിക്കു
കയും ചെയ്താൽ നിങ്ങൾ നശിച്ചുപോകും
എന്നു ഞാൻ നിങ്ങളോടു സാക്ഷീകരി
ക്കുന്നു. നിങ്ങളുടെ ദൈവമായ കർത്താ 20
വിൻെറ വാക്കു നിങ്ങൾ കേൾക്കാതിരിക്കു
ന്നതു നിമിത്തം ദൈവം നിങ്ങളുടെ മുമ്പിൽ
നിന്നു നശിപ്പിക്കുന്ന ജാതികളെപ്പോലെ
തന്നെ നിങ്ങളും നശിച്ചുപോകും.

അദ്ധ്യായം 9

ഇസ്രായേലേ, കേൾക്കുക; നീ ഇന്നു 1
യോർദ്ദാൻ കടന്നു നിന്നെക്കാൾ ബഹുല
വും ബലവുമുള്ള ജാതികളെയും ആകാശ
ത്തോളം ഉയർന്ന കോട്ടകളുള്ള വലിയ
പട്ടണങ്ങളെയും വലിപ്പവും പൊക്കവുമുള്ള
ജാതിയെയും ജയിക്കുവാൻ പോകുന്നു; നീ 2
അവരെ അറിയുന്നു; അവരുടെ മുമ്പാകെ
നില്ക്കാകുന്നവൻ ആർ? എന്നു നീ കേട്ടി
രിക്കുന്നു. എന്നാൽ നിൻെറ ദൈവമായ 3
കർത്താവ് ദഹിപ്പിക്കുന്ന അഗ്നിയായി നിന
ക്കു മുമ്പിൽ കടന്നുപോകുന്നു എന്നു നീ
ഇന്ന് അറിയണം. അവൻ അവരെ നശിപ്പി
ക്കുകയും നിൻെറ മുമ്പിൽ താഴ്ത്തുകയും
ചെയ്യും; അങ്ങനെ ദൈവം നിന്നോടു
അരുളിച്ചെയ്തതുപോലെ നീ അവരെ
നീക്കിക്കളയും, വേഗം നശിപ്പിക്കുകയും
ചെയ്യും. നിൻെറ ദൈവമായ കർത്താവ് 4
അവരെ നിൻെറ മുമ്പിൽനിന്നു നീക്കിക്കള
ഞ്ഞശേഷം എൻെറ നീതി നിമിത്തം ഈ
ദേശം കൈവശപ്പെടുത്തുവാൻ ദൈവം
എന്നെ കൊണ്ടുവന്നു എന്ന് നിൻെറ
ഹൃദയത്തിൽ പറയരുത്; ആ ജാതിയുടെ
തിന്മ നിമിത്തമാണ് ദൈവം അവരെ നിൻെറ
മുമ്പിൽനിന്നു നീക്കിക്കളയുന്നതു. അവരു
ടെ ദേശം കീഴ്പ്പെടുത്തുവാൻ ചെല്ലുന്നതു 5
നിൻെറ നീതിമൂലമോ നിൻെറ ഹൃദയപര
മാർത്ഥതമൂലമോ അല്ല, ആ ജാതിയുടെ

ട്ടത നിമിത്തവും അബ്രഹാം, ഇസ
ക്, യാക്കോബ് എന്ന നിന്റെ പിതാക്ക
രോടു ദൈവം സത്യം ചെയ്ത വചനം
വർത്തിക്കേണ്ടതിന്നും അത്രേ നിന്റെ
വമായ കർത്താവ് അവരെ നിന്റെ
ിൽനിന്നു നീക്കിക്കളയുന്നത്. ആക
ൽ നിന്റെ ദൈവമായ കർത്താവ്
ക്കു ആ നല്ല ദേശം അവകാശമായി
ന്നതു നിന്റെ നീതി നിമിത്തം അല്ല
അറിഞ്ഞുകൊള്ളണം; നീ ദുശ്ശാഠ്യ
ള്ള ജനമാകുന്നു; നീ മരുഭൂമിയിൽവച്ചു
ന്റെ ദൈവമായ കർത്താവിനെ കോപി
ച്ചു എന്നതു ഓർക്കുക; മറന്നുകളയ
ു; മെസ്രേൻ ദേശത്തുനിന്നു പുറപ്പെട്ട
ൽ മുതൽ ഈ സ്ഥലത്തു വന്നതു
രയും നിങ്ങൾ ദൈവത്തോടു മത്സരിച്ചു.
ോറേബിലും നിങ്ങൾ ദൈവത്തെ
ോപിപ്പിച്ചു; അതുകൊണ്ടു താൻ
ങ്ങളെ നശിപ്പിക്കത്തക്കവണ്ണം നിങ്ങ
ടു കോപിച്ചു. താൻ നിങ്ങളോടു ചെയ്ത
യമത്തിന്റെ പലകകളായ കല്പ
കളെ വാങ്ങുവാൻ ഞാൻ പർവ്വതത്തിൽ
റി നാല്പതു രാവും നാല്പതു പകലും
വ്വതത്തിൽ താമസിച്ചു: ഞാൻ ഭക്ഷി
കയോ പാനം ചെയ്യുകയോ ചെയ്തില്ല.
വത്തിന്റെ വിരൽകൊണ്ടു എഴുതിയ
ു കല്പലക കർത്താവ് എന്റെ കൈ
ം തന്നു; മഹായോഗം ഉണ്ടായിരുന്ന
ളിൽ ദൈവം പർവ്വതത്തിൽ വച്ചു
യുടെ നടുവിൽനിന്നു നിങ്ങളോടു
ുളിച്ചെയ്ത സകല വചനങ്ങളും അവ
ൽ എഴുതിയിരുന്നു. നാല്പതു രാവും
ല്പതു പകലും കഴിഞ്ഞപ്പോഴായിരുന്നു
വം എന്റെ കൈവശം നിയമത്തി
റ പലകകളായ ആ രണ്ടു കല്പലക
ത്. അപ്പോൾ താൻ എന്നോടു: നീ
ുന്നേററു വേഗം ഇവിടെനിന്ന് ഇറങ്ങി
ല്ലുക; നീ മെസ്രേനിൽനിന്നു കൊണ്ടു
റ നിന്റെ ജനം തങ്ങളെത്തന്നെ അശു
ാക്കി, ഞാൻ അവരോടു കല്പിച്ച മാർഗ്ഗം
ഗം വിട്ടുമാറി ഒരു വിഗ്രഹം വാർത്തുണ്ടാ
യിരിക്കുന്നു എന്നു കല്പിച്ചു. ഞാൻ
ജനത്തെ ദുശ്ശാഠ്യമുള്ള ജനം എന്നു
ന്നുന്നു; എന്നെ വിടുക; ഞാൻ അവരെ
ിപ്പിച്ചു അവരുടെ പേര് ആകാശത്തിൻ
ഴിൽനിന്നു മായിച്ചുകളയും; നിന്നെ
വരെക്കാൾ ബലവും വലിപ്പവുമുള്ള
തിയാക്കും എന്നും ദൈവം എന്നോടു
ുളിച്ചെയ്തു. അങ്ങനെ ഞാൻ പർവ്വത
ൽനിന്നു ഇറങ്ങി; പർവ്വതം തീ കാളി

ക്കത്തുകയായിരുന്നു; നിയമത്തിന്റെ
പലക രണ്ടും എന്റെ രണ്ടു കയ്യിലും ഉണ്ടാ
യിരുന്നു. ഞാൻ നോക്കിയപ്പോൾ നിങ്ങൾ 16
നിങ്ങളുടെ ദൈവമായ കർത്താവിനോടു
പാപം ചെയ്ത് ഒരു കാളക്കുട്ടിയെ വാർത്തു
ണ്ടാക്കി കർത്താവ് നിങ്ങളോടു കല്പിച്ച
മാർഗ്ഗം വേഗം വിട്ടുമാറിയിരുന്നതു കണ്ടു.
അപ്പോൾ ഞാൻ പലക രണ്ടും എന്റെ രണ്ടു 17
കയ്യിൽനിന്നും നിങ്ങൾ കാൺകെ എറിഞ്ഞ് 18
ഉടച്ചുകളഞ്ഞു. പിന്നെ ദൈവത്തെ കോപി
പ്പിപ്പാൻ തക്കവണ്ണം നിങ്ങൾ അവന് അനി
ഷ്ടമായി പ്രവർത്തിച്ച നിങ്ങളുടെ സകല
പാപങ്ങളും നിമിത്തം ഞാൻ ദൈവ
സന്നിധിയിൽ മുമ്പേപ്പോലെ നാല്പതു
രാവും നാല്പതു പകലും വീണു കിടന്നു;
ഞാൻ ആഹാരം കഴിക്കുകയോ വെള്ളം
കുടിക്കയോ ചെയ്തില്ല. ദൈവം നിങ്ങളെ നശി 19
പ്പിക്കുമാറ് നിങ്ങളുടെ നേരെ കോപിച്ച
കോപവും ക്രോധവും ഞാൻ ഭയപ്പെട്ടു;
എന്നാൽ ദൈവം ആ പ്രാവശ്യവും
എന്റെ യാചന കേട്ടു. അഹറോനെ നശി 20
പ്പിക്കുമാറു അവന്റെ നേരെയും ദൈവം
വളരെ കോപിച്ചു; എന്നാൽ ഞാൻ അന്ന്
അഹറോനു വേണ്ടിയും പ്രാർത്ഥിച്ചു.
നിങ്ങൾ ഉണ്ടാക്കിയ നിങ്ങളുടെ പാപമായ 21
കാളക്കുട്ടിയെ ഞാൻ എടുത്തു തീയിൽ ഇട്ടു
ചുട്ടു നന്നായി അരച്ചു നേരിയ പൊടിയാ
ക്കി പൊടി പർവ്വതത്തിൽനിന്നു ഒഴുകുന്ന
തോട്ടിൽ ഇട്ടു. തബേരയിലും മസ്സയിലും 22
കിബ്രോത്ത് ഹത്താവയിലും വച്ചു നിങ്ങൾ
കർത്താവിനെ കോപിപ്പിച്ചു. നിങ്ങൾ 23
ചെന്നു ഞാൻ നിങ്ങൾക്കു തന്നിട്ടുള്ള ദേശം
കൈവശമാക്കുവിൻ എന്നു കല്പിച്ചു.
ദൈവം നിങ്ങളെ റ്ക്കാമിൽ നിന്നു
അയച്ചപ്പോഴും നിങ്ങൾ നിങ്ങളുടെ
ദൈവമായ കർത്താവിന്റെ കല്പനയോടു
മത്സരിച്ചു; അവനെ വിശ്വസിച്ചില്ല; അവന്റെ
വാക്കു അനുസരിച്ചുമില്ല. ഞാൻ നിങ്ങളെ 24
അറിഞ്ഞ നാൾ മുതൽ നിങ്ങൾ ദൈവ
ത്തോടു മത്സരികളായിരിക്കുന്നു. ദൈവം 25
നിങ്ങളെ നശിപ്പിക്കുമെന്നു അരുളിച്ചെയ്തി
രുന്നതുകൊണ്ടു ഞാൻ ദൈവസന്നിധി
യിൽ നാല്പതു രാവും നാല്പതു പകലും 26
വീണുകിടന്നു; ഞാൻ ദൈവത്തോടു
പ്രാർത്ഥിച്ചു: കർത്താവായ ദൈവമേ,
നിന്റെ മഹത്വംകൊണ്ടു നീ വീണ്ടെടുത്തു
ബലമുള്ള കയ്യാൽ മെസ്രേനിൽനിന്നു
കൊണ്ടുവന്ന നിന്റെ ജനത്തെയും നിന്റെ
അവകാശത്തെയും നശിപ്പിക്കരുതേ.
അബ്രഹാം, ഇസ്ഹാക്, യാക്കോബ് എന്ന 27

നിന്റെ ദാസന്മാരെ ഓർക്കണമേ; താൻ
അവർക്കു വാഗ്ദത്തം ചെയ്തിരുന്ന ദേശത്തു
അവരെ എത്തിക്കുവാൻ തനിക്കു കഴിയാ
യ്കയാലും അവൻ അവരെ വെറുത്തതു
മൂലവും അവരെ കൊണ്ടുപോയി മരുഭൂമി
യിൽവച്ചു കൊന്നുകളഞ്ഞു എന്നു നീ
ഞങ്ങളെ സ്വതന്ത്രരായി കൊണ്ടുപോന്ന
28 ദേശവാസികൾ പറയാതിരിപ്പാൻ ഈ ജന
ത്തിന്റെ ശഠതയും അവരുടെ അകൃത്യവും
29 പാപവും നോക്കരുതേ. അവർ നിന്റെ
മഹാബലംകൊണ്ടും നീട്ടിയ ഭുജംകൊണ്ടും
നീ പുറപ്പെടുവിച്ചു കൊണ്ടുവന്ന നിന്റെ
ജനവും നിന്റെ അവകാശവും ആണല്ലോ.

അദ്ധ്യായം 10

1 അക്കാലത്തു കർത്താവ് എന്നോടു: നീ
മുമ്പേപ്പോലെ രണ്ടു കല്പലക വെട്ടിയെ
ടുത്തു എന്റെ അടുക്കൽ പർവ്വതത്തിൽ
കയറി വരിക; തടികൊണ്ടു ഒരു പെട്ടകവും
2 ഉണ്ടാക്കുക. നീ ഉടച്ചുകളഞ്ഞ പലകകളിൽ
ഉണ്ടായിരുന്ന വചനങ്ങൾ ഞാൻ ആ പലക
കളിൽ എഴുതും; നീ അവയെ ആ പെട്ടക
3 ത്തിൽ വയ്ക്കണം എന്നു കല്പിച്ചു. അങ്ങ
നെ ഞാൻ ഖദിരമരംകൊണ്ടു ഒരു പെട്ടകം
ഉണ്ടാക്കി ആദ്യത്തേതുപോലെ രണ്ടു
കല്പലക വെട്ടിയെടുത്തു കയ്യിൽ ആ
4 പലകയുമായി പർവ്വതത്തിൽ കയറി, മഹാ
യോഗം ഉണ്ടായിരുന്ന ദിവസം കർത്താവ്
പർവ്വതത്തിൽ തീയുടെ നടുവിൽനിന്നു
നിങ്ങളോടു അരുളിച്ചെയ്ത പത്തു കല്പ
നയും കർത്താവ് മുൻ എഴുത്തുപോലെ
പലകകളിൽ എഴുതി അവയെ എന്റെ
5 കൈവശം തന്നു. അനന്തരം ഞാൻ പർവ്വത
ത്തിൽനിന്നു ഇറങ്ങി ഞാൻ ഉണ്ടാക്കിയി
രുന്ന പെട്ടകത്തിൽ പലക വച്ചു; കർത്താവ്
6 എന്നോടു കല്പിച്ചതുപോലെ അവ അവി
ടെത്തന്നെ ഉണ്ട്. ഇസ്രായേൽ മക്കൾ
ബെനേആക്കാൻ എന്ന ബേരോത്തിൽ
നിന്നു മോസേരയിലേക്കു യാത്ര ചെയ്തു.
അവിടെവച്ചു അഹറോൻ മരിച്ചു; അവിടെ
അവനെ സംസ്കരിച്ചു; അവന്റെ മകൻ
എലിയാസാർ അവന്നു പകരം പുരോഹിത
7 നായി. അവിടെനിന്നു അവർ ഗുദ്ഗോദെ
ക്കും ഗുദ്ഗോദയിൽനിന്നു നീരൊഴുക്കുള്ള
ദേശമായ യൊത്ബത്തെക്കും യാത്ര
8 ചെയ്തു. അക്കാലത്ത് കർത്താവ് ലേവി
ഗോത്രത്തെ തന്റെ നിയമപെട്ടകം ചുമ
പ്പാനും ഇന്നുവരെ തുടരുന്നതുപോലെ
ദൈവസന്നിധിയിൽനിന്ന് ശുശ്രൂഷ
ചെയ്‌വാനും അവന്റെ നാമത്തിൽ അനുഗ്ര
ഹിപ്പാനും വേർതിരിച്ചു. അതുകൊണ്ടു 9
ലേവിക്ക് അവന്റെ സഹോദരന്മാരോടു
കൂടെ ഓഹരിയും അവകാശവും കൊടു
ത്തില്ല; നിന്റെ ദൈവമായ കർത്താവ്
അവന് വാഗ്ദത്തം ചെയ്തതുപോലെ
ദൈവംതന്നെ അവന്റെ അവകാശം—
ഞാൻ മുമ്പേപ്പോലെ നാല്പതു രാവും 10
നാല്പതു പകലും പർവ്വതത്തിൽ താമസി
ച്ചു; ആ പ്രാവശ്യവും കർത്താവ് എന്റെ
അപേക്ഷ കേട്ടു; നിന്നെ നശിപ്പിക്കാതിരി
പ്പാൻ ദൈവത്തിനു സമ്മതമായി. പിന്നെ 11
കർത്താവ് എന്നോടു: നീ എഴുന്നേറ്റു യാത്ര
പുറപ്പെട്ടു ജനത്തെ നയിക്കുക. അവർക്കു
കൊടുക്കുമെന്നു ഞാൻ അവരുടെ പിതാക്ക
ന്മാരോടു സത്യം ചെയ്ത ദേശം അവർ
ചെന്നു കൈവശമാക്കട്ടെ എന്നു കല്പിച്ചു.
ആകയാൽ ഇസ്രായേലേ, നിന്റെ 12
ദൈവമായ കർത്താവിനെ ഭയപ്പെടുകയും
അവന്റെ എല്ലാ മാർഗ്ഗങ്ങളിലും നടക്കുക
യും അവനെ സ്നേഹിക്കുകയും നിന്റെ
ദൈവമായ കർത്താവിനെ പൂർണ്ണമനസ്സോ
ടും പൂർണ്ണ ഹൃദയത്തോടും കൂടെ സേവി 13
ക്കയും ഞാൻ ഇന്നു നിന്നോടു ആജ്ഞാപി
ക്കുന്ന ദൈവകല്പനകളും നിയമങ്ങളും
നിന്റെ നന്മയ്ക്കായി അനുസരിക്കുകയും
വേണം എന്നല്ലാതെ നിന്റെ ദൈവമായ
കർത്താവ് നിന്നോടു മറ്റൊന്നും ചോദിക്കു
ന്നില്ല. ഇതാ, സ്വർഗ്ഗവും സ്വർഗ്ഗാധിസ്വർഗ്ഗ 14
വും ഭൂമിയും അതിലുള്ളതെല്ലാം നിന്റെ
ദൈവമായ കർത്താവിന്റേതത്രെ. നിന്റെ
പിതാക്കന്മാരോടു മാത്രം കർത്താവിന് 15
പ്രീതി തോന്നി അവരെ സ്നേഹിച്ചു; അവ
രുടെ ശേഷം അവരുടെ സന്തതിയായ നിങ്ങ
ളെ ഇന്നുള്ള രീതിയിൽ അവൻ സകല
ജാതികളിലും വച്ചു തിരഞ്ഞെടുത്തു. ആക 16
യാൽ നിങ്ങൾ നിങ്ങളുടെ ഹൃദയത്തിന്റെ
അഗ്രചർമ്മം പരിച്ഛേദന ചെയ്‌വിൻ;
ഇനിമേൽ മത്സരികളാകരുത്. നിങ്ങളുടെ 17
ദൈവമായ കർത്താവ് ദൈവാധിദൈവവും
കർത്താധികർത്താവുമായി ശക്തനും ഭയ
ങ്കരനുമായ മഹാ ദൈവമത്രെ; അവനു
മുഖപക്ഷമില്ല, പ്രതിഫലം വാങ്ങുന്നുമില്ല.
അവൻ അനാഥർക്കും വിധവമാർക്കും 18
ന്യായം പാലിക്കുന്നു; പരദേശിയെ സ്നേ
ഹിച്ച് അവനു ഭക്ഷണവും വസ്ത്രവും
നല്കുന്നു. ആകയാൽ നിങ്ങൾ പരദേശി 19
യെ സ്നേഹിപ്പിൻ; നിങ്ങളും മെസ്രേൻ
ദേശത്തു പരദേശികളായിരുന്നുവല്ലോ.
നിന്റെ ദൈവമായ കർത്താവിനെ നീ 20
ഭയപ്പെടണം; അവനെ സേവിക്കണം;

ൗവനോടു ചേർന്നിരിക്കണം; അവൻെറ
ാമത്തിൽ സത്യം ചെയ്യണം. അവൻ
ആകുന്നു നിൻെറ മഹിമ; അവൻ ആകുന്നു
ിൻെറ ദൈവം; നീ കണ്ണുകൊണ്ടു കണ്ടി
ുള്ള മഹത്തും ഭയങ്കരവുമായ കാര്യങ്ങളെ
ിനക്കുവേണ്ടി ചെയ്തതു അവൻ അത്രെ.
ിൻെറ പിതാക്കന്മാർ എഴുപതു പേർ
മസ്രേനിലേക്കു ഇറങ്ങിപ്പോയി; ഇപ്പോഴോ
ിൻെറ ദൈവമായ കർത്താവ് നിന്നെ
ർദ്ധിപ്പിച്ച് ആകാശത്തിലെ നക്ഷത്രങ്ങ
ളപ്പോലെ ആക്കിയിരിക്കുന്നു.

അദ്ധ്യായം 11

ആകയാൽ നിൻെറ ദൈവമായ കർ
ത്താവിനെ സ്നേഹിച്ച് അവൻെറ പ്രമാണ
ും നിയമങ്ങളും വിധികളും കല്പനകളും
എപ്പോഴും പാലിക്കണം. നിങ്ങളുടെ ദൈവ
ായ കർത്താവിൻെറ ശിക്ഷ, അവൻെറ
ഹത്വം, അവൻെറ ബലമുള്ള കൈ, അവ
ൻെറ നീട്ടിയ ഭുജം, അവൻ മെസ്രേൻ മദ്ധ്യേ
മസ്രേൻ രാജാവായ ഫറവോനോടും അവ
ൻെറ സകല ദേശത്തോടും ചെയ്ത അവ
ൻെറ അടയാളങ്ങൾ, അവൻെറ പ്രവൃത്തി
ൾ, അവൻ മെസ്രേന്യരുടെ സൈന്യ
ത്തോടും കുതിരകളോടും രഥങ്ങളോടും
ചെയ്തത്, അവർ നിങ്ങളെ പിന്തുടർന്ന
പ്പാൾ അവൻ ചെങ്കടലിലെ വെള്ളം അവ
ുടെമേൽ ഒഴുക്കി ഇപ്പോഴും കാണുന്നതു
പാലെ അവരെ നശിപ്പിച്ചത്, നിങ്ങൾ
ഇവിടെ വരുന്നതുവരെ മരുഭൂമിയിൽ വച്ചു
അവൻ നിങ്ങളോടു ചെയ്തത്, അവൻ
ൂബേൻെറ മകനായ ഏലീയാബിൻെറ
ക്കളായ ദാഥാനോടും അബീരാമിനോടും
ചെയ്തത്, ഭൂമി വായ പിളർന്നു അവരെയും
ുടുംബങ്ങളെയും കൂടാരങ്ങളെയും എല്ലാ
ഇസ്രായേല്യരുടെയും മദ്ധ്യേ അവർക്കുള്ള
കല ജീവികളെയും വിഴുങ്ങിക്കളഞ്ഞത്
എന്നിങ്ങനെയുള്ളവ അറിയാത്തവരും
കാണാത്തവരുമായ നിങ്ങളുടെ മക്കളോടല്ല
ഞാൻ സംസാരിക്കുന്നത് എന്നു നിങ്ങൾ
ഇന്നു അറിഞ്ഞുകൊള്ളണം. ദൈവം
ചെയ്ത, വൻകാര്യങ്ങളെല്ലാം നിങ്ങൾ കണ്ണു
കൊണ്ട് കണ്ടിട്ടുള്ളവരാണല്ലോ. ആകയാൽ
ിങ്ങൾ ബലപ്പെടുവാനും നിങ്ങൾ കൈവശ
ാക്കുവാൻ പോകുന്ന ദേശം കീഴടക്കു
ാനും ദൈവം നിങ്ങളുടെ പിതാക്ക
ന്മാർക്കും അവരുടെ സന്തതിക്കും കൊടു
ക്കുമെന്ന് അവരോടു സത്യം ചെയ്ത ദേശ
ായി പാലും തേനും ഒഴുകുന്ന ദേശത്തു
ിങ്ങൾ ദീർഘായുസ്സോടിരിപ്പാനുമായി
ഇന്നു ഞാൻ നിങ്ങളോട് ആജ്ഞാപിക്കുന്ന
കല്പനകളെല്ലാം അനുസരിച്ചു നടപ്പിൻ. നീ 10
കൈവശമാക്കുന്ന ദേശം നീ വിട്ടുപോന്ന
മെസ്രേൻദേശംപോലെയല്ല; അവിടെ നീ
വിത്തു വിതച്ചിട്ടു പച്ചക്കറിത്തോട്ടംപോലെ
നിൻെറ നീർചാലുകൊണ്ടു നനയ്ക്കേണ്ടി
വന്നു. നിങ്ങൾ കൈവശമാക്കുന്ന ദേശമോ 11
മലകളും താഴ്വരകളും ഉള്ളതും ആകാശ
ത്തു നിന്നു പെയ്യുന്ന മഴവെള്ളം കുടിക്കു
ന്നതും നിൻെറ ദൈവമായ കർത്താവ്
പരിപാലിക്കുന്നതുമായ ദേശമാകുന്നു.
സംവത്സരാരംഭം മുതൽ അവസാനംവരെ 12
നിൻെറ ദൈവമായ കർത്താവിൻെറ ദൃഷ്ടി
എപ്പോഴും അതിന്മേൽ ഇരിക്കുന്നു.
നിങ്ങളുടെ ദൈവമായ കർത്താവിനെ 13
നിങ്ങൾ സ്നേഹിക്കുകയും പൂർണ്ണഹൃദയ
ത്തോടും പൂർണ്ണമനസ്സോടും കൂടെ അവനെ
സേവിക്കുകയും ചെയ്തുകൊണ്ടു ഞാൻ
ഇന്നു നിങ്ങളോടു കല്പിക്കുന്ന എൻെറ 14
കല്പനകൾ ഉത്സാഹപൂർവ്വം അനുസരി
ച്ചാൽ ധാന്യവും വീഞ്ഞും എണ്ണയും ശേഖരി
ക്കേണ്ടതിന്നു ഞാൻ തക്കസമയത്തു നിങ്ങ
ളുടെ ദേശത്തിനു ആവശ്യമായ മുൻമഴയും
പിൻമഴയും പെയ്യിക്കും. ഞാൻ നിൻെറ 15
വയലിൽ നിൻെറ നാല്ക്കാലികൾക്കു
പുല്ലു തരും; നീ ഭക്ഷിച്ചു തൃപ്തനാകും. 16
നിങ്ങളുടെ ഹൃദയത്തിൽ തിന്മ വരികയും
നിങ്ങൾ നേർവഴിവിട്ട് അന്യദേവന്മാരെ
സേവിച്ചു ആരാധിക്കുകയും ചെയ്യാതിരി
പ്പാൻ സൂക്ഷിച്ചുകൊള്ളണം. അല്ലെങ്കിൽ 17
ദൈവക്രോധം നിങ്ങളുടെ നേരെ ജ്വലിച്ച്
മഴ പെയ്യാതിരിക്കേണ്ടതിന് അവൻ ആകാ
ശത്തെ അടച്ചുകളയും, ഭൂമി അനുഭവം
തരാതിരിക്കും, ദൈവം നിങ്ങൾക്കു തരുന്ന
നല്ല ദേശത്തുനിന്നു നിങ്ങൾ വേഗം നശിച്ചു
പോകുകയും ചെയ്യും. ആകയാൽ നിങ്ങൾ 18
എൻെറ ഈ വചനങ്ങളെ നിങ്ങളുടെ ഹൃദയ
ത്തിലും മനസ്സിലും സംഗ്രഹിച്ചു നിങ്ങളുടെ
കൈമേൽ അടയാളമായി കെട്ടുകയും അവ
നിങ്ങളുടെ കണ്ണുകൾക്കു മദ്ധ്യേ മുദ്രയാ
യിരിക്കുകയും വേണം. വീട്ടിൽ ഇരിക്കു 19
മ്പോഴും യാത്രചെയ്യുമ്പോഴും കിടക്കു
മ്പോഴും എഴുന്നേല്ക്കുമ്പോഴും നിങ്ങൾ
അവയെക്കുറിച്ചു സംസാരിച്ചുകൊണ്ട്
നിങ്ങളുടെ മക്കൾക്ക് അവ ഉപദേശിച്ചു
കൊടുക്കണം. ദൈവം നിങ്ങളുടെ പിതാക്ക 20
ന്മാർക്കു കൊടുക്കുമെന്ന് അവരോടു
സത്യം ചെയ്ത ദേശത്തു നിങ്ങളും നിങ്ങളുടെ
മക്കളും ഭൂമിക്കുമേൽ ആകാശമുള്ള
കാലത്തോളം ദീർഘായുസ്സോടിരിക്കുവാൻ 21

അവയെ നിൻെറ വീടിൻെറ കട്ടിളകളിൻമേ
ലും പടിവാതിലുകളിലും എഴുതണം. ഞാൻ
നിങ്ങളോടു ആജ്ഞാപിക്കുന്ന ഈ സകല
22 കല്പനകളും ജാഗ്രതയോടെ ആചരിച്ചു
കൊണ്ട് നിങ്ങൾ നിങ്ങളുടെ ദൈവമായ
കർത്താവിനെ സ്നേഹിക്കുകയും അവ
ൻെറ എല്ലാ മാർഗ്ഗങ്ങളിലും നടന്ന് അവനോ
23 ടു ചേർന്നിരിക്കുകയും ചെയ്താൽ ദൈവം
ഈ ജാതികളെയെല്ലാം നിങ്ങളുടെ മുമ്പിൽ
നിന്നു നീക്കിക്കളയും; നിങ്ങളെക്കാൾ
ബഹുലതയും ബലവുമുള്ള ജാതികളുടെ
24 ദേശം നിങ്ങൾ കൈവശമാക്കും. നിങ്ങളുടെ
ഉള്ളങ്കാൽ ചവിട്ടുന്ന സ്ഥലമെല്ലാം നിങ്ങൾ
ക്കു കിട്ടും; നിങ്ങളുടെ അതിർ മരുഭൂമി മു
തൽ ലെബാനോൻവരെയും യൂഫ്രട്ടീസ് നദി
മുതൽ പടിഞ്ഞാറെ കടൽവരെയും ആകും.
25 ഒരു മനുഷ്യനും നിങ്ങളുടെ നേരെ നില്ക്കു
കയില്ല; നിങ്ങളുടെ ദൈവമായ കർത്താവ്
നിങ്ങളോടു കല്പിച്ചതുപോലെ അവൻ
നിങ്ങളെയുള്ള ഭയവും ഭീതിയും നിങ്ങൾ
ചെന്നെത്തുന്ന സകല ദിക്കിലും വരുത്തും.
26 ഇതാ, ഞാൻ ഇന്ന് അനുഗ്രഹവും
ശാപവും നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നു.
27 ഇന്നു ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്ന
28 നിങ്ങളുടെ ദൈവമായ കർത്താവിൻെറ
കല്പനകൾ നിങ്ങൾ അനുസരിക്കുമെങ്കിൽ
അനുഗ്രഹവും നിങ്ങളുടെ ദൈവമായ
കർത്താവിൻെറ കല്പനകൾ അനുസരി
ക്കാതെ ഇന്നു ഞാൻ നിങ്ങളോടു കല്പി
ക്കുന്ന വഴി വിട്ടുമാറി നിങ്ങൾ അറിഞ്ഞിട്ടി
ല്ലാത്ത അന്യദേവന്മാരുടെ പിന്നാലെ പോ
കുന്നു എങ്കിൽ ശാപവും വരും.
29 നീ കൈവശമാക്കുന്ന ദേശത്ത് നിൻെറ
ദൈവമായ കർത്താവ് നിന്നെ പ്രവേശിപ്പിച്ച
ശേഷം ഗെരിസ്സീം മലമേൽ വച്ചു അനുഗ്ര
ഹവും ഏബാൽ മലമേൽ വച്ചു ശാപവും
30 പ്രസ്താവിക്കണം. അവ ഗിൽഗാലിന്നെതി
രായി മോരെ തോപ്പിന്നരികെ സമതലത്തു
പാർക്കുന്ന കനാന്യരുടെ ദേശത്തു യോർദ്ദാ
31 ന്നക്കരെ പടിഞ്ഞാറാകുന്നു. നിങ്ങളുടെ
ദൈവമായ കർത്താവ് നിങ്ങൾക്കു തരുന്ന
ദേശം കൈവശമാക്കുവാൻ നിങ്ങൾ യോർ
ദ്ദാൻ കടന്ന് അതിനെ കീഴടക്കി അവിടെ
32 പാർക്കും. ഞാൻ ഇന്നു നിങ്ങളുടെ മുമ്പിൽ
വയ്ക്കുന്ന എല്ലാ നിയമങ്ങളും വിധികളും
നിങ്ങൾ പാലിച്ചു നടക്കണം.

അദ്ധ്യായം 12

1 നിൻെറ പിതാക്കന്മാരുടെ ദൈവമായ
കർത്താവ് നിനക്കു അവകാശമായി തരുന്ന
ദേശത്ത് നിങ്ങൾ ഭൂമിയിൽ ജീവകാലമെ
ല്ലാം പാലിച്ചു നടക്കേണ്ടുന്ന നിയമങ്ങളും
വിധികളും: നിങ്ങൾ ദേശം കൈവശമാക്കു 2
വാൻ പോകുന്നിടത്തെ ജാതികൾ ഉയർന്ന
പർവ്വതങ്ങളിൻമേലും കുന്നുകളിൻമേലും
എല്ലാ പച്ചമരത്തിൻ കീഴിലും അവരുടെ
ദേവന്മാരെ സേവിച്ച സ്ഥലങ്ങളെല്ലാം
നിങ്ങൾ നശിപ്പിക്കണം. അവരുടെ ബലിപീഠ 3
ങ്ങൾ ഇടിച്ചുകളയണം; അവരുടെ ബിംബ
ങ്ങളെ തകർക്കണം; അവരുടെ പ്രതിഷ്ഠ
കളെ തീയിൽ ഇട്ടു ചുട്ടുകളയണം; അവ
രുടെ ദേവവിഗ്രഹങ്ങളെ വെട്ടിക്കളഞ്ഞു
അവയുടെ പേര് ആ സ്ഥലത്തുനിന്നു നശി
പ്പിക്കണം. നിങ്ങളുടെ ദൈവമായ കർത്താ 4
വിനെ ആ വിധത്തിലല്ല സേവിക്കേണ്ടത്.
നിങ്ങളുടെ ദൈവമായ കർത്താവിനെ 5
തൻെറ നാമം സ്ഥാപിക്കേണ്ടതിന്നു നിങ്ങ
ളുടെ സകല ഗോത്രങ്ങളിലും വച്ചു തിര
ഞ്ഞെടുക്കുന്ന സ്ഥലത്തു നിങ്ങൾ തിരുനി
വാസ ദർശനത്തിനായി ചെല്ലണം. അവിടെ 6
ത്തന്നെ നിങ്ങളുടെ ഹോമയാഗങ്ങൾ,
ഹനനയാഗങ്ങൾ, ദശാംശങ്ങൾ, നിങ്ങളുടെ
നേർച്ചകൾ, സ്വമേധാദാനങ്ങൾ, നിങ്ങളുടെ
ആടുമാടുകളുടെ കടിഞ്ഞൂലുകൾ എന്നിവ
നിങ്ങൾ സമർപ്പിക്കണം. അവിടെ നിങ്ങളുടെ 7
ദൈവമായ കർത്താവിൻെറ സന്നിധിയിൽ
വച്ചു നിങ്ങൾ ഭക്ഷിക്കുകയും നിങ്ങളുടെ
സകല പ്രവൃത്തിയിലും നിൻെറ ദൈവമായ
കർത്താവ് നിന്നെ അനുഗ്രഹിച്ചതിനെ
ക്കുറിച്ചു നിങ്ങളും നിങ്ങളുടെ കുടുംബ
ങ്ങളും സന്തോഷിക്കുകയും വേണം. ഇന്നു 8
ഇവിടെ ഓരോരുവൻ ബോധിച്ചപ്രകാരം
ചെയ്യുന്നതുപോലെ നിങ്ങൾ ചെയ്യരുത്.
നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾ 9
ക്കു തരുന്ന സ്വസ്ഥതയ്ക്കും അവകാശ
ത്തിലേക്കും നിങ്ങൾ ഇതുവരെ എത്തിയിട്ടി
ല്ലല്ലോ. എന്നാൽ നിങ്ങൾ യോർദ്ദാൻ കടന്ന് 10
നിങ്ങളുടെ ദൈവമായ കർത്താവു നിങ്ങൾ
ക്ക് അവകാശമായി തരുന്ന ദേശത്ത് വസി
ക്കുകയും ചുറ്റുമുള്ള നിങ്ങളുടെ സകല
ശത്രുക്കളെയും അവൻ നീക്കി നിങ്ങൾക്കു
വിശ്രമം തരികയും നിങ്ങൾ നിർഭയമായി 11
വസിക്കയും ചെയ്യുമ്പോൾ നിങ്ങളുടെ
ദൈവമായ കർത്താവു തൻെറ നാമം സ്ഥാ
പിപ്പാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്ത്
നിങ്ങളുടെ ഹോമയാഗങ്ങൾ, ഹനനയാഗ
ങ്ങൾ, ദശാംശങ്ങൾ, നിങ്ങളുടെ കയ്യിലെ
ഉദർച്ചാർപ്പണങ്ങൾ, നിങ്ങൾ കർത്താവിനു
നേരുന്ന വിശേഷമായ നേർച്ചകൾ എല്ലാം
എന്നിങ്ങനെ ഞാൻ നിങ്ങളോടു ആജ്ഞാ

ക്കുന്നതെല്ലാം നിങ്ങൾ കൊണ്ടുവരണം.
ങ്ങളുടെ ദൈവമായ കർത്താവിൻെറ
ന്നിധിയിൽ നിങ്ങളും നിങ്ങളുടെ പുത്ര
രും പുത്രിമാരും നിങ്ങളുടെ ദാസന്മാരും
സിമാരും നിങ്ങളുടെ പട്ടണങ്ങളിൽ ഉള്ള
വ്യനും സന്തോഷിക്കണം; അവന് നിങ്ങ
ാടുകൂടെ ഓഹരിയും അവകാശവും
ല്ലല്ലോ!. നിനക്കു തോന്നുന്നിടത്തെല്ലാം
ൻെറ ഹോമയാഗങ്ങൾ കഴിക്കാതിരി
ൻ സൂക്ഷിച്ചുകൊള്ളണം. ദൈവം
ൻെറ ഗോത്രങ്ങളിൽ ഒന്നിൽ തിരഞ്ഞെ
ക്കുന്ന സ്ഥലത്ത് നീ നിൻെറ ഹോമ
ഗങ്ങൾ കഴിക്കണം; ഞാൻ നിന്നോടു
ജ്ഞാപിക്കുന്നതെല്ലാം നീ ചെയ്യണം.
ന്നാൽ നിൻെറ ദൈവമായ കർത്താവ്
നക്കു തന്നിരിക്കുന്ന അനുഗ്രഹത്തിന്നു
ക്കവണ്ണം നിൻെറ ഏതു പട്ടണത്തിൽ
ച്ചും നിൻെറ മനസ്സിലെ ആഗ്രഹപ്രകാരം
റുത്തു മാംസം തിന്നാം; അതു കല
നിനെയും പുള്ളിമാനിനെയുംപോലെ
ദ്ധനും അശുദ്ധനും തിന്നാം; രക്തം
ത്രം നിങ്ങൾ ആഹരിക്കരുതു; അതു
ള്ളംപോലെ നിലത്തു ഒഴിച്ചുകളയണം.
ന്നാൽ നിൻെറ ധാന്യം, വീഞ്ഞ്, എണ്ണ
ന്നിവയുടെ ദശാംശം, നിൻെറ ആടുമാടു
ളുടെ കടിഞ്ഞൂലുകൾ, നീ നേരുന്ന
ർച്ചകൾ, നിൻെറ സ്വമേധാദാനങ്ങൾ,
ൻെറ കയ്യിലെ ഉദർച്ചാർപ്പണങ്ങൾ
ന്നിവ നിൻെറ പട്ടണങ്ങളിൽ വച്ചു
ക്ഷിക്കരുതു.
അവയെ നിൻെറ ദൈവമായ കർത്താവ്
രഞ്ഞെടുക്കുന്ന സ്ഥലത്ത് നിൻെറ
ദവമായ കർത്താവിൻെറ സന്നിധിയിൽ
യും നിൻെറ മകനും മകളും നിൻെറ
സനും ദാസിയും നിൻെറ പട്ടണങ്ങളിൽ
ള ലേവ്യനും ഭക്ഷിച്ച്, നിൻെറ സകല
യത്തെക്കുറിച്ചും നിൻെറ ദൈവമായ
ർത്താവിൻെറ സന്നിധിയിൽ നീ സന്തോ
ിക്കുക. നീ ഭൂമിയിലുള്ള കാലം ലേവ്യ
ഉപേക്ഷിക്കാതിരിപ്പാൻ സൂക്ഷിച്ചു
ാള്ളണം.
നിൻെറ ദൈവമായ കർത്താവു
ന്നോടു വാഗ്ദത്തം ചെയ്തതുപോലെ
വൻ നിൻെറ അതിരുകൾ വിശാലമാ
ുമ്പോൾ നീ മാംസം തിന്നുവാൻ ആഗ്ര
ിച്ചിട്ടു എനിക്കു മാംസം തിന്നണം എന്നു
ഞ്ഞാൽ നിൻെറ ഇഷ്ടംപോലെ നിന
ു മാംസം തിന്നാം. നിൻെറ ദൈവമായ
ർത്താവ് തൻെറ നാമം സ്ഥാപിപ്പാൻ
രഞ്ഞെടുത്ത സ്ഥലം ഏറെ വിദൂരം
എങ്കിൽ ദൈവം നിനക്കു തന്നിട്ടുള്ള നിൻെറ
ആടുമാടുകളിൽ ഏതിനെ എങ്കിലും ഞാൻ
നിന്നോടു കല്പിച്ചതുപോലെ അറുക്കു
കയും നിൻെറ പട്ടണങ്ങളിൽവച്ചു നിൻെറ
ഇഷ്ടംപോലെ ഭക്ഷിക്കുകയും ചെയ്യാം.
കലമാനിനെയും പുള്ളിമാനിനെയും 22
തിന്നുന്നതുപോലെ നിനക്കു അവയെ
തിന്നാം; ശുദ്ധനും അശുദ്ധനും ഒരുപോലെ
അതു ഭക്ഷിക്കാം. രക്തം മാത്രം ആഹരി 23
ക്കാതിരിക്കാൻ സൂക്ഷിച്ചിരിക്കുക, രക്തം
ജീവൻ ആകുന്നുവല്ലോ; മാംസത്തോടു
കൂടെ ജീവനെ ഭക്ഷിക്കരുതു. അതിനെ നീ 24
ഉപയോഗിക്കാതെ വെള്ളംപോലെ നില
ത്തു ഒഴിച്ചുകളയണം. ദൈവത്തിനു ഹിത 25
മായുള്ളതു ചെയ്തിട്ട് നിനക്കും മക്കൾക്കും
ശുഭമായിരിക്കേണ്ടതിന്നു നീ അത് അനു
വദിക്കരുതു. നിൻെറ കൈവശമുള്ള വിശുദ്ധ 26
വസ്തുക്കളും നിൻെറ നേർച്ചകളും മാത്രം
നീ എടുത്തുകൊണ്ടു ദൈവം തിരഞ്ഞെ
ടുക്കുന്ന സ്ഥലത്തേക്കു പോകണം.
അവിടെ നിൻെറ ദൈവമായ കർത്താവി 27
ൻെറ യാഗപീഠത്തിന്മേൽ നിൻെറ ഹോമ
യാഗങ്ങൾ മാംസത്തോടും രക്തത്തോടും
കൂടെ അർപ്പിക്കണം; നിൻെറ ഹനനയാഗ
ങ്ങളുടെ രക്തം നിൻെറ ദൈവമായ 28
കർത്താവിൻെറ യാഗപീഠത്തിന്മേൽ ഒഴി
ക്കണം; അതിൻെറ മാംസം നിനക്കു തിന്നാം.
നിൻെറ ദൈവമായ കർത്താവിൻെറ
മുമ്പാകെ ഹിതവും ഉത്തമവുമായുള്ളതു
ചെയ്തിട്ടു നിനക്കും മക്കൾക്കും നന്നായി
രിക്കുവാനായി ഞാൻ നിന്നോടു കല്പി
ക്കുന്ന ഈ സകല വചനങ്ങളും കേട്ട്
അനുസരിക്കുക.
നീ കീഴടക്കുവാൻ എത്തുന്ന ദേശത്തെ 29
ജാതികളെ നിൻെറ ദൈവമായ കർത്താവ്
നിൻെറ മുമ്പിൽനിന്നു വിഛേദിച്ചുകളയു
മ്പോഴും നീ അവരെ നീക്കിക്കളഞ്ഞു
അവരുടെ ദേശത്തു പാർക്കുമ്പോഴും അവർ
നിൻെറ മുമ്പിൽനിന്നു നാമാവശേഷമായ
ശേഷം നീ അവരുടെ രീതി അനുകരിച്ചു
കെണിയിൽ അകപ്പെടരുത്. ഈ ജാതികൾ 30
അവരുടെ ദേവന്മാരെ സേവിച്ചവിധത്തിൽ
ഞാനും ചെയ്യുമെന്നു പറഞ്ഞ് അവരുടെ
ദേവന്മാരെക്കുറിച്ചു അന്വേഷിക്കയുമരുത്.
നിൻെറ ദൈവമായ കർത്താവിനെ അങ്ങ 31
നെയല്ല സേവിക്കേണ്ടത്; ദൈവം വെറു
ക്കുന്ന സകല മ്ലേച്ഛതയും അവർ ദേവ
പൂജയിൽ ചെയ്തു തങ്ങളുടെ പുത്രീപുത്ര
ന്മാരെപ്പോലും തങ്ങളുടെ ദേവന്മാർക്കു
അഗ്നിപ്രവേശം ചെയ്യിച്ചുവല്ലോ.

അദ്ധ്യായം 13

1 ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്ന
തെല്ലാം അനുസരിച്ചു നടപ്പിൻ; അതിനോടു
കൂട്ടരുതു; അതിൽനിന്ന് കുറയ്ക്കുകയും
അരുതു.
2 നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകനോ
ദർശകനോ എഴുന്നേറ്റ്: നീ അറിഞ്ഞിട്ടില്ലാ
ത്ത അന്യദൈവങ്ങളെ നമുക്ക് ആരാധിക്കാം
3 എന്നു പറഞ്ഞു ഒരു അടയാളമോ അത്ഭു
4 തമോ പ്രവചിക്കുകയും അവൻ പറഞ്ഞ അട
യാളമോ അത്ഭുതമോ സംഭവിക്കുകയും
ചെയ്താൽ ആ പ്രവാചകന്റെയോ ദർശ
കന്റെയോ വാക്കു നീ കേട്ടനുസരിക്കരുതു;
നിങ്ങളുടെ ദൈവമായ കർത്താവിനെ
പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും
കൂടെ നിങ്ങൾ സ്നേഹിക്കുന്നുണ്ടോ എന്നു
അറിയുവാൻ നിങ്ങളുടെ ദൈവമായ
കർത്താവ് നിങ്ങളെ പരീക്ഷിക്കുകയാ
5 കുന്നു. നിങ്ങളുടെ ദൈവമായ കർത്താ
വിനെ നിങ്ങൾ അനുസരിച്ച് ഭയപ്പെടുകയും
അവന്റെ കല്പന പാലിച്ചു അവന്റെ
വാക്കു കേൾക്കുകയും അവനെ ആരാധിച്ച്
6 അവനോടു ചേർന്നിരിക്കുകയും വേണം. ആ
പ്രവാചകനോ ദർശകനോ മെസ്രേൻ
ദേശത്തു നിന്നു നിങ്ങളെ കൊണ്ടുവന്ന
വനും അടിമവീട്ടിൽനിന്നു വീണ്ടെടുത്ത
വനുമായ നിങ്ങളുടെ ദൈവമായ കർത്താ
വിനു വിരോധമായി വ്യാജം സംസാരിച്ചു
നീ അതിൽ നടക്കുവാൻ നിന്റെ ദൈവമായ
കർത്താവ് കല്പിച്ച മാർഗ്ഗത്തിൽനിന്നു
നിന്നെ തെറ്റിപ്പാൻ ശ്രമിച്ചതുകൊണ്ടു
അവനെ കൊല്ലണം; അങ്ങനെ നിന്റെ
മദ്ധ്യേനിന്നു ദോഷം നീക്കിക്കളയണം.
7 നിങ്ങളുടെ ചുറ്റും ദേശത്തിന്റെ ഒരു
അറ്റംമുതൽ മറ്റേ അറ്റംവരെ സമീപമോ
ദൂരെയോ ഉള്ള ജാതികളുടെ ദേവന്മാരിൽ
8 നീയോ നിന്റെ പിതാക്കന്മാരോ അറിഞ്ഞി
ട്ടില്ലാത്ത അന്യദൈവങ്ങള നമുക്കു ചെന്നു
സേവിക്കാം എന്നു നിന്റെ അമ്മയുടെ
മകനായ നിന്റെ സഹോദരനോ നിന്റെ
പുത്രനോ പുത്രിയോ നിന്റെ വത്സലയായ
ഭാര്യയോ നിന്റെ ഉറ്റസ്നേഹിതനോ
രഹസ്യമായി പറഞ്ഞ് നിന്നെ ആകർഷി
9 പ്പാൻ ശ്രമിച്ചാൽ അവനോടു യോജിക്കു
കയോ അവന്റെ വാക്കു കേൾക്കുകയോ
ചെയ്യരുതു; അവനോടു ദയ തോന്നുകയോ
അവനോടു ക്ഷമിക്കുകയോ, അവനെ
ഒളിപ്പിക്കുകയോ ചെയ്യാതെ അവനെ
10 കൊന്നുകളയണം. അവനെ കൊല്ലുവാൻ
ആദ്യം നിന്റെ കയ്യും പിന്നെ സർവ്വജന
ത്തിന്റെ കയ്യും അവന്റെ മേൽ വീഴണം.
അടിമവീടായ മെസ്രേൻ ദേശത്തുനിന്നു 11
നിന്നെ കൊണ്ടുവന്ന നിന്റെ ദൈവമായ
കർത്താവിൽനിന്നു നിന്നെ അകറ്റുവാൻ
അവൻ ശ്രമിച്ചതുകൊണ്ടു അവനെ കല്ലെറി
ഞ്ഞു കൊല്ലണം. ഇനി നിങ്ങളുടെ ഇടയിൽ 12
ഈ കൊള്ളരുതാത്ത കാര്യം സംഭവിക്കാ
തിരിക്കാൻ തക്കവണ്ണം ഇസ്രായേലെല്ലാം
കേട്ടു ഭയപ്പെടണം.
നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത അന്യദൈവ 13
ങ്ങളെ നമുക്കു ചെന്നു ആരാധിക്കാമെന്നു
പറയുന്ന നീചന്മാർ നിങ്ങളുടെ മദ്ധ്യേനിന്നു
പുറപ്പെട്ട് അവരുടെ പട്ടണവാസികളെ
വശീകരിച്ചിരിക്കുന്നു എന്ന് നിന്റെ ദൈവ 14
മായ കർത്താവ് നിനക്കു വസിപ്പാൻ തന്നി
ട്ടുള്ള നിന്റെ ഏതെങ്കിലും നഗരത്തെ 15
ക്കുറിച്ച് കേട്ടാൽ നീ നന്നായി അന്വേഷ
ണവും പരിശോധനയും വിസ്താരവും
കഴിക്കണം; അങ്ങനെയുള്ള മ്ലേച്ഛത 16
നിങ്ങളുടെ ഇടയിൽ സംഭവിച്ചു എന്നതു
സത്യവും യഥാർത്ഥവുമെങ്കിൽ നീ ആ
നഗരവാസികളെ വാളിന്റെ വായ്ത്ത
ലയാൽ കൊന്ന് അതിലുള്ള മൃഗ
ങ്ങളെയും വാളിന്റെ വായ്ത്തലയാൽ
ശാപവസ്തുവായി സംഹരിക്കണം. അതി 17
ലെ കൊള്ള മുഴുവനും തെരുവിന്റെ നടു
വിൽ കൂട്ടി ആ പട്ടണവും അതിലെ കൊള്ള
യെല്ലാം നിന്റെ ദൈവമായ കർത്താവി
നെയോർത്തു തീയിട്ടു ചുട്ടുകളയണം;
അത് എക്കാലവും പാഴ്കുന്നായിരിക്കണം;
അതിനെ പിന്നീടു പണിയുകയുമരുതു.
നിന്റെ ദൈവമായ കർത്താവിന്റെ വാക്കു 18
കേട്ട് ഞാൻ ഇന്നു നിന്നോടു ആജ്ഞാ
പിക്കുന്ന അവന്റെ സകല കല്പനകളും
പാലിച്ച് നിന്റെ ദൈവമായ കർത്താവിന്
ഹിതമായുള്ളവ ചെയ്തിട്ട്, ദൈവം 19
തന്റെ ഉഗ്രകോപം മാറ്റി നിന്നോടു കരു
ണയും ദയയും കാണിക്കുവാനും നിന്റെ
പിതാക്കന്മാരോടു സത്യം ചെയ്തതു
പോലെ നിന്നെ വർദ്ധിപ്പിക്കേണ്ടതിന്നും
ശാപവസ്തു യാതൊന്നും നിന്റെ കയ്യിൽ
ഒട്ടിയിരിക്കരുതു.

അദ്ധ്യായം 14

നിങ്ങൾ നിങ്ങളുടെ ദൈവമായ കർത്താ 1
വിന്റെ മക്കൾ ആകുന്നു; മരിച്ചവനു വേണ്ടി
സ്വയം മുറിവേല്പിക്കയോ നിങ്ങളുടെ തല
മുൻഭാഗം മുണ്ഡനം ചെയ്യുകയോ അരുതു.
നിന്റെ ദൈവമായ കർത്താവിന് നീ 2

ശുദ്ധ ജനമാകുന്നു; ഭൂതലത്തിലുള്ള
കല ജാതികളിലും വച്ചു തനിക്കു
ന്തജനമായിരിപ്പാൻ ദൈവം നിന്നെ
രഞ്ഞെടുത്തിരിക്കുന്നു.
മ്ലേച്ഛമായതൊന്നും ഭക്ഷിക്കരുത്.
ങ്ങൾക്കു ഭക്ഷിക്കാനനുവാദമുള്ള മൃഗ
ൾ: കാള, ചെമ്മരിയാടു, കോലാടു, കല
ൻ, പുള്ളിമാൻ, കടമാൻ, കാട്ടാടു, ചെറു
ൻ, മലയാടു, കവരിമാൻ. മൃഗങ്ങളിൽ
ളമ്പു പിളർന്നതും കുളമ്പു രണ്ടായി പിരി
തതും അയവിറക്കുന്നതുമായ മൃഗത്തെ
ല്ലാം ഭക്ഷിക്കാം. എന്നാൽ അയവിറക്കു
വയിലും കുളമ്പു പിളർന്നവയിലും തിന്ന
താത്തവ: ഒട്ടകം, മുയൽ, കുഴിമുയൽ;
വ അയവിറക്കുന്നുണ്ടെങ്കിലും കുളമ്പു
ളർന്നവയല്ല; അവ നിങ്ങൾക്കു അശുദ്ധം.
ന്നി: അതു കുളമ്പു പിളർന്നതെങ്കിലും
യവിറക്കുന്നില്ല; അതും നിങ്ങൾക്കു
ശുദ്ധം; ഇവയുടെ മാംസം തിന്നരുതു;
ണം തൊടുകയും അരുതു. വെള്ളത്തി
ള്ള എല്ലാറ്റിലും ചിറകും ചെതുമ്പലും
ളതെല്ലാം നിങ്ങൾക്കു തിന്നാം. എന്നാൽ
റകും ചെതുമ്പലും ഇല്ലാത്തതൊന്നും
ന്നരുതു; അതു നിങ്ങൾക്കു അശുദ്ധം.
ശുദ്ധിയുള്ള സകല പക്ഷികളെയും
ങ്ങൾക്കു ഭക്ഷിക്കാം. പക്ഷികളിൽ തിന്ന
താത്തവ: കടൽ റാഞ്ചൻ, ചെമ്പരുന്തു,
ഴുകൻ, ചെങ്ങാലിപ്പരുന്തു, ഗൃദ്ധ്രം, പല
രം പരുന്തു, പലതരം കാക്ക, ഒട്ടകപ്പക്ഷി,
ള്ളു, കടൽകാക്ക, പലതരം പ്രാപ്പിടിയൻ,
ത്തു, കൂമൻ, മൂങ്ങാ, വേഴാമ്പൽ, കുടുമ്മ
ാത്തൻ, നീർക്കാക്ക, പെരുഞാറ, പലതരം
കാക്ക്, കുളക്കോഴി, നരിച്ചീർ എന്നിവ
ാകുന്നു. ചിറകുള്ള ഇഴജാതിയെല്ലാം
ങ്ങൾക്കു അശുദ്ധം; അവയെ തിന്നരുത്.
ദ്ധിയുള്ള പക്ഷികളെയെല്ലാം നിങ്ങൾക്കു
ന്നാം. താനേ ചത്ത ഒന്നിനെയും ഭക്ഷി
രുത്; അതു നിൻെറ പട്ടണങ്ങളിലുള്ള
ദേശിക്കു ഭക്ഷിപ്പാൻ കൊടുക്കാം; അല്ലെ
ിൽ അന്യജാതിക്കാരനു വില്ക്കാം;
ിൻെറ ദൈവമായ കർത്താവിന് നീ
ശുദ്ധജനമത്രെ. ആട്ടിൻകുട്ടിയെ അതി
ൻെറ തള്ളയുടെ പാലിൽ പാകം ചെയ്യരുത്.
ആണ്ടുതോറും വയലിൽ വിതച്ചുണ്ടാ
ുന്ന എല്ലാ വിളവിലും ദശാംശം മാറ്റി
യ്ക്കണം. നിൻെറ ദൈവമായ കർത്താ
ിനെ ഭയപ്പെടുവാൻ പഠിക്കുവാനായി
ിൻെറ ദൈവമായ കർത്താവ് തൻെറ
ാമം സ്ഥാപിപ്പാൻ തിരഞ്ഞെടുക്കുന്ന
ഥലത്തു നീ നിൻെറ ധാന്യത്തിൻെറയും
വീഞ്ഞിൻെറയും എണ്ണയുടെയും ദശാംശ
വും നിൻെറ ആടുമാടുകളുടെ കടിഞ്ഞൂ
ലുകളെയും അവൻെറ സന്നിധിയിൽ വച്ചു
ഭക്ഷിക്കാം. നിൻെറ ദൈവമായ കർത്താവ് 24
നിന്നെ അനുഗ്രഹിച്ചിരിക്കവെ നിൻെറ
ദൈവമായ കർത്താവ് തൻെറ നാമം സ്ഥാ
പിപ്പാൻ തിരഞ്ഞെടുക്കുന്ന സ്ഥലം വളരെ
ദൂരെയും അതു കൊണ്ടുപോകുവാൻ കഴി
യാതവണ്ണം വഴി അതി ദീർഘവുമെങ്കിൽ
അതു വിറ്റു പണമാക്കി പണം കയ്യിൽ എടു 25
ത്ത് നിൻെറ ദൈവമായ കർത്താവ് തിര
ഞ്ഞെടുക്കുന്ന സ്ഥലത്തേക്കു കൊണ്ടു
പോകണം. നിൻെറ ഇഷ്ടംപോലെ മാടോ 26
ആടോ വീഞ്ഞോ മദ്യമോ, നീ ആഗ്രഹി
ക്കുന്ന ഏതും ആ പണം കൊടുത്തു വാങ്ങി
നിൻെറ ദൈവമായ കർത്താവിൻെറ സന്നി
ധിയിൽവച്ചു ഭക്ഷിച്ച് നീയും നിൻെറ 27
കുടുംബവും സന്തോഷിക്കണം. നിൻെറ
പട്ടണങ്ങളിലുള്ള ലേവ്യനെ മറന്നുകളയ
രുതു; അവന്നു നിന്നോടുകൂടെ ഓഹരിയും
അവകാശവും ഇല്ലല്ലോ!
മുമ്മൂന്നു സംവത്സരം കഴിയുമ്പോൾ 28
മൂന്നാം സംവത്സരത്തിൽ നിനക്കുള്ള വിള
വിൻെറ ദശാംശം മുഴുവനും വേർതിരിച്ചു
നിൻെറ പട്ടണങ്ങളിൽ ശേഖരിക്കണം. നീ 29
ചെയ്യുന്ന സകല പ്രവൃത്തിയിലും നിൻെറ
ദൈവമായ കർത്താവ് നിന്നെ അനുഗ്രഹി
പ്പാനായി നിന്നോടുകൂടെ ഓഹരിയും
അവകാശവും ഇല്ലാത്ത ലേവ്യനും നിൻെറ
പട്ടണങ്ങളിലുള്ള പരദേശിയും അനാഥനും
വിധവയും വന്നു ഭക്ഷിച്ച് തൃപ്തരാകണം.

അദ്ധ്യായം 15

ഏഴേഴു വർഷം തികയുമ്പോൾ നീ ഒരു 1
വിമോചനം ആചരിക്കണം. വിമോചനത്തി 2
ൻെറ ക്രമം ഇപ്രകാരം: നീ വായ്പ കൊടു
ത്തവനെല്ലാം അതു ഇളച്ചുകൊടുക്കണം.
കർത്താവിൻെറ വിമോചനം പ്രസിദ്ധമാക്കി
യതുകൊണ്ടു നീ സ്നേഹിതനെയോ
സഹോദരനെയോ ബുദ്ധിമുട്ടിക്കരുതു.
അന്യജാതിക്കാരനോടു നിർബന്ധപൂർവ്വം 3
പിരിക്കാം; എന്നാൽ നിൻെറ സഹോദരൻ
തരുവാനുള്ളതു നീ ഇളച്ചു കൊടുക്കണം.
അങ്ങനെ ദരിദ്രൻ നിങ്ങളുടെ ഇടയിൽ 4
ഉണ്ടാകയില്ല; നിൻെറ ദൈവമായ കർത്താ
വിൻെറ വാക്കു നീ ശ്രദ്ധിച്ച് കേട്ടു ഇന്നു
ഞാൻ നിന്നോടു ആജ്ഞാപിക്കുന്ന
സകല കല്പനകളും പാലിച്ചു നടന്നാൽ 5
നിൻെറ ദൈവമായ കർത്താവ് നിനക്കു
അവകാശമായി തരുന്ന ദേശത്തു നിന്നെ

6 നന്നായി അനുഗ്രഹിക്കും. നിൻെറ ദൈവ
മായ കർത്താവ് നിനക്കു വാഗ്ദത്തം ചെ
യ്തതുപോലെ നിന്നെ അനുഗ്രഹിക്കു
ന്നതിനാൽ നീ അനേകം ജാതികൾക്കു
വായ്പ കൊടുക്കും; എന്നാൽ നീയോ
വായ്പ വാങ്ങുകയില്ല; നീ അനേകം ജാതി
കളെ ഭരിക്കും; എന്നാൽ അവർ നിന്നെ
ഭരിക്കുകയില്ല.
7 നിൻെറ ദൈവമായ കർത്താവ് നിനക്കു
തരുന്ന ദേശത്തു ഏതെങ്കിലും പട്ടണത്തിൽ
ദരിദ്രനായ സഹോദരൻ നിങ്ങളുടെ ഇട
യിൽ ഉണ്ടെങ്കിൽ ദരിദ്രനായ സഹോദര
8 ൻെറ നേരെ നീ കഠിനഹൃദയനാകരുത്.
കൈ അടയ്ക്കരുത്, നിൻെറ കൈ അവന്നു
വേണ്ടി തുറന്നു അവൻെറ ബുദ്ധിമുട്ടിന്നു
ആവശ്യമായതു വായ്പ കൊടുക്കണം.
9 വിമോചനസംവത്സരമായ ഏഴാം ആണ്ടു
സമീപിച്ചിരിക്കുന്നു എന്ന് നിൻെറ ഹൃദയ
ത്തിൽ ഒരു ദുർവ്വിചാരം തോന്നിയിട്ട് ദരിദ്ര
നായ സഹോദരനോടു നിൻെറ കണ്ണു
നിർദ്ദയമായിരിക്കുകയോ അവന് ഒന്നും
കൊടുക്കാതിരിക്കുകയോ അവൻ നിനക്കു
വിരോധമായി ദൈവത്തോടു നിലവിളിച്ചിട്ടു
അതു നിനക്കു പാപമായി തീരുകയോ
10 ചെയ്യാതിരിപ്പാൻ കരുതിക്കൊൾക. നീ അവ
നു നിശ്ചയമായും കൊടുക്കണം; കൊടു
ക്കുമ്പോൾ മനസ്സിൽ ഭാരം തോന്നരുതു;
നിൻെറ ദൈവമായ കർത്താവ് നിൻെറ
സകല പ്രവൃത്തികളിലും സകല പ്രയത്ന
ങ്ങളിലും അതു നിമിത്തം നിന്നെ അനുഗ്ര
11 ഹിക്കും. ദരിദ്രൻ ദേശത്ത് എക്കാലവും
ഉണ്ടായിരിക്കും; ആകയാൽ നിൻെറ ദേശ
ത്തു അഗതിയും ദരിദ്രനുമായ നിൻെറ
സഹോദരനു നിൻെറ കൈ പൂർണ്ണമന
സ്സോടെ തുറന്നു കൊടുക്കണമെന്നു ഞാൻ
നിന്നോടു ആജ്ഞാപിക്കുന്നു.
12 നിൻെറ സഹോദരനായ ഒരു എബ്രായ
ക്കാരനോ എബ്രായക്കാരിയോ നിനക്കു
സ്വയം വിറ്റിട്ടു ആറു സംവത്സരം നിന്നെ
സേവിച്ചാൽ ഏഴാം സംവത്സരത്തിൽ നീ
13 അവനെ സ്വതന്ത്രനാക്കണം. അവനെ സ്വത
ന്ത്രനായി വിട്ടയയ്ക്കുമ്പോൾ അവനെ വെ
14 റുങ്കയ്യായി അയയ്ക്കരുതു. നിൻെറ ആട്ടിൻ
കൂട്ടത്തിൽനിന്നും കളത്തിൽനിന്നും മുന്തിരി
ച്ചക്കിൽനിന്നും അവന്നു സമൃദ്ധിയായി
ദാനം ചെയ്യണം; നിൻെറ ദൈവമായ
കർത്താവ് നിന്നെ അനുഗ്രഹിച്ചതുപോലെ
15 നീ അവനു കൊടുക്കണം. നീ മെസ്രേൻ
ദേശത്തു അടിമയായിരുന്നു എന്നും നിൻെറ
ദൈവമായ കർത്താവ് നിന്നെ വീണ്ടെടുത്തു
എന്നും ഓർക്കണം. ആകയാൽ ഞാൻ
ഇന്നു ഈ കാര്യം നിന്നോടു ആജ്ഞാപി
ക്കുന്നു. എന്നാൽ അവൻ നിന്നോടും 16
നിൻെറ കുടുംബത്തോടുമുള്ള സ്നേഹം
മൂലവും നിൻെറ അടുക്കൽ അവനു ആശ്വാ
സമുള്ളതുകൊണ്ടും: ഞാൻ അങ്ങേ വിട്ടു
പോകയില്ല എന്നു നിന്നോടു പറഞ്ഞാൽ
നീ ഒരു സൂചി എടുത്തു അവൻെറ കാതു 17
വാതിലിനോടു ചേർത്തു കുത്തിത്തുളയ്ക്ക
ണം; പിന്നീട് അവൻ എന്നും നിനക്കു ദാസ
നായിരിക്കണം; നിൻെറ ദാസിയോടും അ
ങ്ങനെതന്നേ ചെയ്യണം. അവൻ ഒരു കൂലി 18
ക്കാരൻെറ ഇരട്ടിക്കൂലിക്കു തക്കതായി
ആറു സംവത്സരം നിന്നെ സേവിച്ചതു കൊ
ണ്ടു അവനെ സ്വതന്ത്രനായി അയയ്ക്കു
മ്പോൾ നിനക്കു വ്യസനം തോന്നരുത്;
നിൻെറ ദൈവമായ കർത്താവ് നീ ചെയ്യു
ന്ന സകല കാര്യങ്ങളിലും നിന്നെ അനു
ഗ്രഹിക്കും.
നിൻെറ ആടുമാടുകളിൽ ഒന്നാമതായി 19
പിറക്കുന്ന ആണിനെയെല്ലാം നിൻെറ
ദൈവമായ കർത്താവിനായി ശുദ്ധീകരി
ക്കണം; നിൻെറ മാടുകളുടെ കടിഞ്ഞൂലി
നെക്കൊണ്ടു വേല ചെയ്യിക്കരുത്; നിൻെറ
ആടുകളുടെ കടിഞ്ഞൂലിൻെറ രോമം കത്രി
ക്കയും അരുതു. കർത്താവ് തിരഞ്ഞെടുക്കു 20
ന്ന സ്ഥലത്തു നീയും നിൻെറ കുടുംബവും
നിൻെറ ദൈവമായ കർത്താവിൻെറ സന്നി
ധിയിൽവച്ചു അങ്ങനെയുള്ളതിനെ ആണ്ടു
തോറും ഭക്ഷിക്കണം. എന്നാൽ അതിന്നു 21
മുടന്തോ അന്ധതയോ എന്തെങ്കിലും ഊന
മോ ഉണ്ടായിരുന്നാൽ നിൻെറ ദൈവമായ
കർത്താവിന് അതിനെ യാഗം കഴിക്കരുത്.
നിൻെറ പട്ടണങ്ങളിൽവച്ചു അതു ഭക്ഷി 22
ക്കാം; പുള്ളിമാനിനെയും കലമാനിനെയും
പോലെ അശുദ്ധനും ശുദ്ധിമാനും ഒരു
പോലെ ഭക്ഷിക്കാം. അതിൻെറ രക്തം മാത്രം 23
ഭക്ഷിക്കരുതു; അതു വെള്ളംപോലെ നില
ത്ത് ഒഴിച്ചുകളയണം.

അദ്ധ്യായം 16

ആബീബ് മാസത്തിൽ നിൻെറ ദൈവ 1
മായ കർത്താവിന് പെസഹ ആഘോഷി
ക്കണം; ആബീബ് മാസത്തിലല്ലയോ
നിൻെറ ദൈവമായ കർത്താവ് രാത്രിയിൽ
നിന്നെ മെസ്രേനിൽ നിന്നു പുറപ്പെടുവി
ച്ചതു. കർത്താവ് തൻെറ നാമം സ്ഥാപി 2
പ്പാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തു
നിൻെറ ദൈവമായ കർത്താവിന് പെസഹ
യാഗമായി ആടുകളെയും മാടുകളെയും

റുക്കണം. നീ മെസ്രേൻദേശത്തുനിന്നു
റപ്പെട്ട ആ ദിവസത്തെ നിൻെറ ആയുഷ്
ാലമെല്ലാം ഓർക്കേണ്ടതിന്നു അതിനോടു
ൂടെ പുളിപ്പുള്ള അപ്പം തിന്നരുത്; നീ
ഷ്ടതയുടെ ആഹാരമായ പുളിപ്പില്ലാത്ത
പ്പം ഏഴ് ദിവസം തിന്നണം; അതീവധൃതി
ലാണല്ലോ നീ മെസ്രേൻ ദേശത്തുനിന്നു
ുറപ്പെട്ടത്. ഏഴു ദിവസം നിൻെറ ദേശ
ത്തെങ്ങും പുളിപ്പുള്ള അപ്പം കാണരുതു;
ദ്യദിവസം വൈകുന്നേരം അറുത്ത
ംസത്തിൽ അല്പവും രാവിലേക്കു ശേഷി
രുത്, നിൻെറ ദൈവമായ കർത്താവ്
നക്കു തരുന്ന ഏതെങ്കിലും ഒരു പട്ടണ
ത്തിൽവച്ചു പെസഹയെ അറുത്തുകൂടാ.
ിൻെറ ദൈവമായ കർത്താവ് തൻെറ
ാമം സ്ഥാപിപ്പാൻ തിരഞ്ഞെടുക്കുന്ന
സ്ഥലത്തുവച്ചു മാത്രം, സന്ധ്യാസമയത്തു,
ീ മെസ്രേനിൽനിന്നു പുറപ്പെട്ട സമയത്തു,
ൂര്യൻ അസ്തമിക്കുമ്പോൾ പെസഹയെ
റുക്കണം. നിൻെറ ദൈവമായ കർത്താവ്
ിരഞ്ഞെടുക്കുന്ന സ്ഥലത്തുവച്ചു അതി
ന ചുട്ടുതിന്നണം; രാവിലെ നിൻെറ
ൂടാരത്തിലേക്കു മടങ്ങിപ്പോകാം. ആറു
വസം പുളിപ്പില്ലാത്ത അപ്പം തിന്നണം;
ഴാം ദിവസം നിൻെറ ദൈവമായ കർത്താ
ിനു സഭായോഗം കൂടണം; അന്നു വേല
യാന്നും ചെയ്യരുതു.

പിന്നെ ഏഴു ആഴ്ച എണ്ണണം;
കായ്ത്തു ആരംഭിക്കുന്നതു മുതൽ ഏഴു
ആഴ്ച എണ്ണണം. പിന്നീടു നിൻെറ ദൈവ
ായ കർത്താവിന് വാരോത്സവം ആചരിച്ച്,
ിൻെറ ദൈവമായ കർത്താവു നിന്നെ
നുഗ്രഹിച്ചതിനു ഒത്തവണ്ണം നിൻെറ
ാമേധാദാനങ്ങൾ അവനു അർപ്പിക്കണം.
ിൻെറ ദൈവമായ കർത്താവ് തൻെറ
ാമം സ്ഥാപിപ്പാൻ തിരഞ്ഞെടുക്കുന്ന
സ്ഥലത്തു വച്ചു നീയും നിൻെറ പുത്രനും
ുത്രിയും നിൻെറ ദാസനും ദാസിയും
ിൻെറ പട്ടണങ്ങളിലുള്ള ലേവ്യനും
ിൻെറ ഇടയിലുള്ള പരദേശിയും അനാ
നും വിധവയും നിൻെറ ദൈവമായ
ർത്താവിൻെറ സന്നിധിയിൽ സന്തോ
ിക്കണം. നീ മെസ്രേനിൽ അടിമയാ
ിരുന്നു എന്നോർത്ത് ഈ നിയമങ്ങൾ
ആചരിക്കണം.

കളത്തിലെ ധാന്യവും ചക്കിലെ
ീഞ്ഞും സംഭരിച്ചു കഴിഞ്ഞ് നീ ഏഴു ദിവ
സം കൂടാരപ്പെരുനാൾ ആചരിക്കണം. ഈ
പെരുനാളിൽ നീയും നിൻെറ മകനും മകളും
ിൻെറ ദാസനും ദാസിയും നിൻെറ പട്ടണ
ത്തിലുള്ള ലേവ്യനും പരദേശിയും അനാഥ
നും വിധവയും സന്തോഷിക്കണം. കർത്താ 15
വ് തിരഞ്ഞെടുക്കുന്ന സ്ഥലത്തുവച്ചു
നിൻെറ ദൈവമായ കർത്താവിന് ഏഴു
ദിവസം പെരുനാൾ ആചരിക്കണം; നിൻെറ
എല്ലാ ആദായത്തിലും നിൻെറ കൈകളുടെ
എല്ലാ പ്രവൃത്തിയിലും നിൻെറ ദൈവമായ
കർത്താവ് നിന്നെ അനുഗ്രഹിക്കും;
ആകയാൽ നീ നന്നായി സന്തോഷിക്കുക. 16
നിൻെറ ദൈവമായ കർത്താവ് തിരഞ്ഞെ
ടുക്കുന്ന സ്ഥലത്തു നിൻെറ പുരുഷന്മാ
രെല്ലാം പുളിപ്പില്ലാത്ത അപ്പത്തിൻെറ പെരു
നാളിലും വാരോത്സവത്തിലും കൂടാരപ്പെരു
നാളിലും ഇങ്ങനെ ആണ്ടിൽ മൂന്നു
പ്രാവശ്യം അവൻെറ സന്നിധിയിൽ വരണം;
എന്നാൽ കർത്താവിൻെറ സന്നിധിയിൽ
വെറുംകൈയായി വരരുത്. നിൻെറ ദൈവ 17
മായ കർത്താവ് നിനക്കു പ്രദാനം ചെയ്ത
അനുഗ്രഹത്തിനു അനുയോജ്യമായി
ഓരോരുവനും അവനവൻെറ പ്രാപ്തി
പോലെ കൊണ്ടുവരണം.

നിൻെറ ദൈവമായ കർത്താവ് നിനക്കു 18
തരുന്ന എല്ലാ പട്ടണങ്ങളിലും ഗോത്രം
തോറും ന്യായാധിപൻമാരെയും നേതാക്ക
ളെയും നിയമിക്കണം; അവർ ജനത്തിനു
നീതിപൂർവ്വം ന്യായപാലനം ചെയ്യണം.
ന്യായം മറിച്ചുകളയരുത്; മുഖപക്ഷമ 19
രുത്; കൈക്കൂലി വാങ്ങരുത്; കൈക്കൂലി
ജ്ഞാനികളുടെ കണ്ണ് അന്ധമാക്കുകയും
നീതിമാന്മാരുടെ കാര്യത്തിൽ തിരിമറി
നടത്തുകയും ചെയ്യും. നീ ജീവിച്ചിരുന്നു 20
നിൻെറ ദൈവമായ കർത്താവ് നിനക്കു
തരുന്ന ദേശം കൈവശമാക്കുവാൻ നീതി
യെ പിന്തുടരണം.

നിൻെറ ദൈവമായ കർത്താവിനു നീ 21
പണിയുന്ന യാഗപീഠത്തിന്നടുത്ത് മറ്റൊരു
പ്രതിഷ്ഠയും പ്രതിഷ്ഠിക്കരുതു, നിൻെറ 22
ദൈവമായ കർത്താവ് വെറുക്കുന്ന ഒരു
ശിലാസ്തംഭം നാട്ടുകയും അരുതു.

അദ്ധ്യായം 17

എന്തെങ്കിലും ഊനമോ വൈരൂപ്യമോ 1
ഉള്ള കാളയെയോ ആടിനെയോ നിൻെറ
ദൈവമായ കർത്താവിനു യാഗം കഴിക്ക
രുതു; അതു നിൻെറ ദൈവമായ കർത്താ
വിനു വെറുപ്പാകുന്നു.

നിൻെറ ദൈവമായ കർത്താവ് നിനക്കു 2
തരുന്ന ഏതെങ്കിലും പട്ടണത്തിൽ നിൻെറ
ദൈവമായ കർത്താവിനു അനിഷ്ടമായതു
ചെയ്തു അവൻെറ നിയമം ലംഘിക്കുകയും

3 ഞാൻ കല്പിച്ചിട്ടില്ലാത്ത അന്യദേവന്മാ
രെയോ സൂര്യചന്ദ്രന്മാരെയോ ആകാശത്തി
ലെ മറ്റു സൈന്യങ്ങളെയോ സേവിച്ച് നമ
സ്കരിക്കുകയോ ചെയ്യുന്ന പുരുഷനെയാ
കട്ടെ സ്ത്രീയെയാകട്ടെ നിങ്ങളുടെ ഇട
4 യിൽ കണ്ടുപിടിക്കയും അതിനെക്കുറിച്ച്
നിനക്കു അറിവു കിട്ടുകയും ചെയ്താൽ
നീ നന്നായി പരിശോധിച്ചു താദൃശമായ
5 മാലിന്യം ഇസ്രായേലിൽ സംഭവിച്ചു എന്ന
കാര്യം സത്യവും യഥാർത്ഥവും എന്നു
കണ്ടാൽ ആ ദുഷ്കർമ്മം ചെയ്ത പുരുഷ
നെയോ സ്ത്രീയെയോ പട്ടണവാതിലിന്നു
പുറത്തു കൊണ്ടുപോയി കല്ലെറിഞ്ഞു
6 കൊല്ലണം. മരണയോഗ്യനെ കൊല്ലുന്നതു
രണ്ടോ മൂന്നോ സാക്ഷികളുടെ മൊഴിയാൽ
ആയിരിക്കണം; ഒരൊറ്റ സാക്ഷിയുടെ മൊഴി
7 യാൽ അവനെ കൊല്ലരുത്. അവനെ കൊല്ലു
വാൻ ആദ്യം സാക്ഷികളുടെയും പിന്നെ
സർവ്വ ജനത്തിൻെറയും കൈ അവൻെറ
മേൽ എത്തണം; നിങ്ങളുടെ ഇടയിൽനിന്നു
ദോഷം നീക്കിക്കളയണം.

8 നിൻെറ പട്ടണങ്ങളിൽ കൊലപാതക
മോ വസ്തുസംബന്ധമായ വ്യവഹാരമോ
പരസ്പര മർദ്ദനമോ നടന്നാൽ വിധിപ്പാൻ
നിനക്കു പ്രയാസമുണ്ടായാൽ നീ നിൻെറ
ദൈവമായ കർത്താവ് തിരഞ്ഞെടുക്കുന്ന
9 സ്ഥലത്തേക്കു പോകണം. ലേവ്യപുരോ
ഹിതന്മാരുടെയും അക്കാലത്തെ ന്യായാധി
പൻെറയും അടുക്കൽ ചെന്നു ചോദിക്കണം;
അവർ നിനക്കു വിധി പറഞ്ഞുതരും.
10 കർത്താവ് തിരഞ്ഞെടുക്കുന്ന സ്ഥലത്തു
നിന്ന് അവർ പറഞ്ഞു തരുന്ന വിധിപോലെ
തന്നെ നീ ചെയ്യണം; അവർ ഉപദേശിച്ചു
തരുന്നതുപോലെയെല്ലാം ചെയ്വാൻ
11 കരുതിയിരിക്കണം. അവർ ഉപദേശിച്ചു
തരുന്ന പ്രമാണത്തിന്നും പറഞ്ഞുതരുന്ന
വിധിക്കും അനുസരണമായി നീ പ്രവർത്തി
ക്കണം; അവർ പറഞ്ഞുതരുന്ന വിധിയിൽ
നിന്ന് ഇടത്തോട്ടോ വലത്തോട്ടോ മാറരുത്.
12 നിൻെറ ദൈവമായ കർത്താവിനു അവിടെ
ശുശ്രൂഷ ചെയ്യുന്ന പുരോഹിതൻെറയോ
ന്യായാധിപൻെറയോ വാക്കു അനുസരി
ക്കാതെ ആരെങ്കിലും തന്നിഷ്ടം കാണി
ച്ചാൽ അവൻ മരിക്കണം; ഇങ്ങനെ ഇസ്രാ
യേലിൽനിന്നു തിന്മ നീക്കിക്കളയണം.
13 വീണ്ടും അഹങ്കരിക്കാതിരിക്കേണ്ടതിന്ന്
ജനമെല്ലാം കേട്ടു ഭയപ്പെടണം.

14 നിൻെറ ദൈവമായ കർത്താവ് നിനക്കു
തരുന്ന ദേശത്തു ചെന്ന് അതിനെ കൈ
വശപ്പെടുത്തി അവിടെ വാസമാരംഭിച്ച
ശേഷം എൻെറ പരിസരങ്ങളിലുള്ള ജാതി
കളെപ്പോലെ ഞാൻ ഒരു രാജാവിനെ
എൻെറ മേൽ ആക്കുമെന്നു പറയുമ്പോൾ
നിൻെറ ദൈവമായ കർത്താവ് തിരഞ്ഞെടു
ക്കുന്ന രാജാവിനെ നിൻെറമേൽ നിയമി
ക്കണം; നിൻെറ സഹോദരന്മാരിൽനിന്നു 15
ഒരുവനെ നിൻെറമേൽ രാജാവാക്കണം;
നിൻെറ സഹോദരനല്ലാത്ത അന്യമതസ്ഥ
നെ നിൻെറ മേൽ നിയമിക്കരുതു. എന്നാൽ 16
അവന് വളരെയേറെ അശ്വസൈന്യം ഉണ്ടാ
കരുത്. വളരെയേറെ കുതിരകളെ വാങ്ങു
വാൻ ജനം മെസ്രേനിലേക്കു പോകുവാൻ
ഇടയാക്കരുത്; ഇനിമേൽ ആ വഴിക്കു
തിരിയരുത് എന്നു കർത്താവ് നിങ്ങളോടു
കല്പിച്ചിട്ടുണ്ടല്ലോ. അവൻെറ മനസ്സ് 17
വ്യത്യാസപ്പെടാതിരിപ്പാൻ അനേകം ഭാര്യ
മാരെ അവൻ സ്വീകരിക്കരുത്; വെള്ളിയും
പൊന്നും അധികമായി സമ്പാദിക്കുകയും
അരുത്. അവൻ സിംഹാസനത്തിൽ ഇരി 18
ക്കുമ്പോൾ ലേവ്യപുരോഹിതന്മാരിൽ നിന്ന്
ഈ ന്യായപ്രമാണം വാങ്ങി അതിൻെറ ഒരു
പകർപ്പ് ഒരു ചുരുളിൽ എഴുതി എടുക്കണം.
ഈ ന്യായപ്രമാണത്തിലെ സകല വചന 19
ങ്ങളും ചട്ടങ്ങളും അവൻ ആചരിച്ച് നടന്ന്
തൻെറ ദൈവമായ കർത്താവിനോടു
ഭക്തനായിരിക്കുവാൻ പഠിക്കേണ്ടതിന്
അതു അവൻെറ കൈവശം ഇരിക്കണം.
അവൻെറ ഹൃദയം സഹോദരന്മാരുടെ മേൽ 20
അഹങ്കരിച്ച് നിഗളിക്കരുത്. അവൻ കല്പന
ലംഘിച്ച് ഇടത്തോട്ടോ വലത്തോട്ടോ
മാറാതെ ഇരിക്കണം; അവനും അവൻെറ
പുത്രന്മാരും ഇസ്രായേലിൽ ദീർഘകാലം
രാജ്യഭാരം ചെയ്യേണ്ടതിനായി തൻെറ
ആയുഷ്ക്കാലമെല്ലാം അവൻ അതു
വായിക്കുകയും വേണം.

അദ്ധ്യായം 18

ലേവ്യപുരോഹിതന്മാർക്കും ലേവി 1
ഗോത്രത്തിന്നും ഇസ്രായേലിനോടുകൂടെ
ഓഹരിയും അവകാശവും ഉണ്ടാകരുത്;
കർത്താവിൻെറ ദഹനയാഗങ്ങളും അവ
ൻെറ അവകാശവും കൊണ്ടു അവർ ഉപ
ജീവിക്കണം. ആകയാൽ അവരുടെ സഹോ 2
ദരന്മാരുടെ മദ്ധ്യേ അവർക്കു അവകാശം
ഉണ്ടാകരുത്; കർത്താവ് അവരോടു കല്പി
ച്ചതുപോലെ അവൻതന്നെയാണ് അവ
രുടെ അവകാശം. ജനത്തിൽനിന്ന് പുരോ 3
ഹിതന്മാർക്കു യുക്തമായ അവകാശം
എന്തെന്നാൽ: മാടിനെയോ ആടിനെയോ
യാഗം കഴിക്കുന്നവൻ കൈക്കുറകും കവിൾ

ും ആമാശയവും കൊടുക്കണം. ധാന്യം,
ത്ത്, എണ്ണ എന്നിവയുടെ ആദ്യഫലവും
ന്റെ ആടുകളെ കത്രിക്കുന്ന ആദ്യ
മവും നീ അവനു കൊടുക്കണം. കർത്തൃ
ത്തിൽ എപ്പോഴും ശുശ്രൂഷിച്ചു നില്ക്കേ
ിന്നു നിന്റെ ദൈവമായ കർത്താവ്
ന്റെ സകല ഗോത്രങ്ങളിൽനിന്നും അവ
യും പുത്രന്മാരെയും ആണല്ലോ തിര
ടുത്തിരിക്കുന്നത്.
ഏതെങ്കിലും ഇസ്രായേല്യനഗരത്തിൽ
ദേശിയായി പാർത്തിരുന്ന ഒരു ലേവ്യൻ
ിടെ നിന്ന് കർത്താവു തിരഞ്ഞെടുക്കു
സ്ഥലത്തേക്കു വന്നാൽ —അവനു വ
് അധികാരമുണ്ട്—അവിടെ ദൈവസ
ധിയിൽ നില്ക്കുന്ന ലേവ്യരായ തന്റെ
ാ സഹോദരന്മാരെയുംപോലെ അവ
തന്റെ ദൈവമായ കർത്താവിന്റെ നാ
ിൽ ശുശ്രൂഷ ചെയ്യാം. അവന്റെ പിതൃ
ത്ത് വിറ്റു കിട്ടിയതിനു പുറമെ അവരു
ഉപജീവനം ഒരുപോലെയായിരിക്കണം.
നിന്റെ ദൈവമായ കർത്താവ് നിനക്കു
ുന്ന ദേശത്തു എത്തിയതിനുശേഷം
ാലത്തെ ജാതികളുടെ വഷളതകൾ നീ
ക്കരുത്. തന്റെ മകനെയോ മകളെ
ാ അഗ്നിപ്രവേശം ചെയ്യിക്കുവാൻ,
ശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭി
ാകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളി
ാട്, ലക്ഷണം പറയുന്നവൻ, മഷിനോ
ന്നവൻ ഇങ്ങനെയുള്ളവർ നിങ്ങളുടെ
യിൽ കാണരുത്. ഇവ ചെയ്യുന്നവ
ല്ലാം കർത്താവിനു വെറുപ്പാകുന്നു;
ങ്ങനെയുള്ള വഷളത മൂലം നിന്റെ
വമായ കർത്താവു അവരെ നിന്റെ
ിൽനിന്നു നീക്കിക്കളയുന്നു. നിന്റെ
വമായ കർത്താവിന്റെ മുമ്പാകെ നീ
ഷ്കളങ്കനായിരിക്കണം. നീ ആട്ടിപ്പായി
നിരിക്കുന്ന ജാതികൾ മുഹൂർത്തക്കാ
ടെയും പ്രശ്നക്കാരുടെയും വാക്കു അനു
ിച്ചു നടന്നു; നീയോ അപ്രകാരം
യ്‌വാൻ നിന്റെ ദൈവമായ കർത്താവ്
നുവദിച്ചിട്ടില്ല. നിന്റെ ദൈവമായ
ത്താവ് നിനക്കു എന്നെപ്പോലെ ഒരു
ാചകനെ നിന്റെ മദ്ധ്യേ നിന്റെ
ഹോദരന്മാരുടെ ഇടയിൽനിന്നു എഴു
ല്പിക്കും; അവന്റെ വചനങ്ങൾ
ങ്ങൾ അനുസരിക്കണം, ഞാൻ മരിക്കാ
ിക്കേണ്ടതിനു ഇനി എന്റെ ദൈവമായ
ത്താവിന്റെ ശബ്ദം കേൾപ്പാനും ഈ
ത്തായ അഗ്നി കാണുവാനും എനി
ടയാകരുതേ എന്നിങ്ങനെ ഹോറേബിൽ

വച്ച് മഹായോഗം കൂടിയ സമയം നിന്റെ
ദൈവമായ കർത്താവിനോടു നീ പ്രാർത്ഥി
ച്ചു. അന്നു കർത്താവ് എന്നോടു അരുളി 17
ച്ചെയ്തത്: അവർ പറഞ്ഞതു ശരി. നിന്നെ 18
പ്പോലെ ഒരു പ്രവാചകനെ ഞാൻ അവർ
ക്കു അവരുടെ സഹോദരന്മാരുടെ ഇട
യിൽനിന്ന് എഴുന്നേല്പിച്ച് എന്റെ വചന
ങ്ങളെ അവന്റെ നാവിന്മേൽ ആക്കും;
ഞാൻ അവനോടു കല്പിക്കുന്നതെല്ലാം
അവൻ അവരോടു പറയും. അവൻ എന്റെ 19
നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ
ആരെങ്കിലും അനുസരിക്കാതിരുന്നാൽ
അവനോടു ഞാൻ ചോദിക്കും. എന്നാൽ, 20
ഒരു പ്രവാചകൻ ഞാൻ അവനോടു കല്പി
ക്കാത്ത വചനം എന്റെ നാമത്തിൽ അഹ
ങ്കാരത്തോടെ പ്രസ്താവിക്കുകയോ അന്യ
ദേവന്മാരുടെ നാമത്തിൽ സംസാരിക്കുക
യോ ചെയ്താൽ ആ പ്രവാചകൻ മരണശിക്ഷ
അനുഭവിക്കണം. അതു കർത്താവ് അരുളി 21
ച്ചെയ്യാത്ത വചനമാണ് എന്നു ഞങ്ങൾ
എങ്ങനെ അറിയും എന്നു നിന്റെ മനസ്സിൽ
ചിന്തിച്ചാൽ ഒരു പ്രവാചകൻ ദൈവനാമ 22
ത്തിൽ സംസാരിക്കുന്ന കാര്യം സംഭവിക്ക
യും നിവൃത്തിയാകുകയും ചെയ്യാതിരു
ന്നാൽ അതു ദൈവം അരുളിച്ചെയ്തതല്ല;
പ്രവാചകൻ അതു സ്വയമായി സംസാരിച്ച
തത്രേ; അവനെ ഭയപ്പെടരുത്.

അദ്ധ്യായം 19

നിന്റെ ദൈവമായ കർത്താവ് നിനക്കു 1
തരുന്ന ദേശത്തിലെ വിജാതികളെ നിന്റെ
ദൈവമായ കർത്താവ് വിച്ഛേദിക്കുകയും
നീ അവരുടെ ദേശം കീഴടക്കി അവരുടെ
പട്ടണങ്ങളിലും വീടുകളിലും താമസിക്കു
കയും ചെയ്യുമ്പോൾ നിന്റെ ദൈവമായ 2
കർത്താവ് നിനക്കു അവകാശമായി തരുന്ന
ദേശത്തിൽ മൂന്നു പട്ടണം വേർതിരിക്കണം.
ആരെങ്കിലും കൊലചെയ്തുപോയാൽ 3
അവിടേക്കു ഓടിപ്പോകേണ്ടതിന്നു നീ ഒരു
വഴി ഉണ്ടാക്കണം, നിന്റെ ദൈവമായ
കർത്താവ് നിനക്കു അവകാശമായി തരുന്ന
ദേശം മൂന്നായി വിഭാഗിക്കണം. കൊല 4
ചെയ്തിട്ടു അവിടേക്കു ഓടിപ്പോയി ജീവ
നോടിരിക്കേണ്ടുന്നവൻ ആരെന്നറിയുക.
ഒരുവൻ മുൻവിരോധം കൂടാതെ അബദ്ധ
ത്തിൽ കൂട്ടുകാരനെ കൊന്നുപോയെങ്കിൽ,
മരം മുറിക്കുവാൻ ഒരുവൻ കൂട്ടുകാരനോടു 5
കൂടെ വനത്തിൽ പോയി മരം വെട്ടുവാൻ
കോടാലി ഓങ്ങുമ്പോൾ കോടാലി ഊരി
തെറിച്ച് കൂട്ടുകാരനു കൊണ്ടിട്ട് അവൻ 6

മരിച്ചുപോയാൽ, ഇങ്ങനെ കൊലചെയ്ത
വനെ രക്തപ്രതികാരകൻ പ്രതികാര
ബുദ്ധിയോടെ പിന്തടർന്നു വഴി ദൂരം നിമി
ത്തം അവനെ പിടിച്ച് അവന്റെ ജീവനെ
നശിപ്പിക്കാതിരിപ്പാൻ അവൻ ആ പട്ടണ
ങ്ങളിൽ ഒന്നിൽ ഓടിപ്പോയി ജീവിക്കണം;
അവന് അവനോടു പൂർവ്വവിദ്വേഷമില്ലാ
തിരുന്നതുകൊണ്ടു മരണശിക്ഷയ്ക്കു കാര
7 ണമില്ല. അതിന്നായി മൂന്നു പട്ടണങ്ങൾ
വേർതിരിക്കണമെന്നു ഞാൻ നിന്നോടു
8 ആജ്ഞാപിക്കുന്നു. നിന്റെ ദൈവമായ
കർത്താവിനെ നീ സ്നേഹിച്ചു എന്നും
അവന്റെ വഴികളിൽ നടക്കുകയും ഞാൻ
ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന സർവ്വ
കല്പനകളും ഉത്സാഹപൂർവ്വം പാലിക്കു
9 കയും ചെയ്താൽ നിന്റെ ദൈവമായ
കർത്താവു നിന്റെ പിതാക്കന്മാരോടു
വാഗ്ദാനം ചെയ്തതുപോലെ നിന്റെ സീമ
വിസ്തൃതമാക്കി നിന്റെ പിതാക്കന്മാർക്കു
കൊടുക്കുമെന്ന് വാഗ്ദത്തം ചെയ്ത ദേശം
മുഴുവൻ നിനക്കു തരുമ്പോൾ ഈ മൂന്നു
പട്ടണങ്ങൾ കൂടാതെ വേറെയും മൂന്നെണ്ണം
10 വേർതിരിക്കണം. നിന്റെ ദൈവമായ
കർത്താവ് നിനക്കു അവകാശമായി തരു
ന്ന ദേശത്തു നിഷ്കളങ്കരക്തം ചിന്തി
നിന്റെ മേൽ രക്തപാതകകുററം ഉണ്ടാ
11 കരുത്. എന്നാൽ ഒരുവൻ കൂട്ടുകാരനെ
ദ്വേഷിച്ചു തക്കം നോക്കി അവനോടു
ശണ്ഠകൂടി അവനെ അടിച്ചുകൊന്ന
ശേഷം ഈ പട്ടണങ്ങളിൽ ഒന്നിലേക്കു
12 ഓടിപ്പോയാൽ, അവന്റെ പട്ടണത്തിലെ
മൂപ്പന്മാർ ആളയച്ചു അവനെ അവിടെനിന്നു
വരുത്തി അവനെ കൊല്ലുവാൻ രക്തപ്രതി
13 കാരകന്റെ കയ്യിൽ ഏല്പിക്കണം. നിന
ക്കു അവനോടു സഹതാപം തോന്നരുത്;
നിനക്കു നന്മ വരുവാൻ വേണ്ടി കുററമററ
രക്തം ചൊരിഞ്ഞ പാതകം ഇസ്രായേലിൽ
നിന്നു നീക്കിക്കളയണം.
14 നിന്റെ ദൈവമായ കർത്താവ് നിനക്കു
അവകാശമായി തരുന്ന ദേശത്തു നീ
കൈവശമാക്കുവാനിരിക്കുന്ന നിന്റെ
അവകാശത്തിൽ പൂർവ്വികന്മാർ വച്ച കൂട്ടു
കാരന്റെ അതിരു നീക്കരുത്.
15 മനുഷ്യൻ ചെയ്യുന്ന അകൃത്യത്തിന്നോ
പാപത്തിന്നോ അവന്റെ നേരെ ഒററ
സാക്ഷിമാത്രം പോരാ, രണ്ടോ മൂന്നോ
സാക്ഷികളുടെ വാമൊഴിമേൽ കാര്യം
16 ഉറപ്പാക്കണം. ഒരുവന്റെ നേരെ അകൃത്യം
സാക്ഷിപ്പാൻ ഒരു കള്ളസാക്ഷി അവനു
17 വിരോധമായി എഴുന്നേററാൽ തമ്മിൽ
വ്യവഹാരമുള്ള രണ്ടു പേരും ദൈവസന്നിധി
യിൽ അന്നുള്ള പുരോഹിതന്മാരുടെയും
ന്യായാധിപന്മാരുടെയും മുമ്പാകെ വരണം.
ന്യായാധിപന്മാർ നല്ലവണ്ണം വിസ്തരി 18
ക്കണം; സാക്ഷി കള്ളസാക്ഷിയാണെന്നും
സഹോദരന്റെ നേരെ കള്ളസ്സാക്ഷി പറ
ഞ്ഞു എന്നും കണ്ടാൽ അവൻ സഹോദരനു 19
വരുത്തുവാൻ ആലോചിച്ചതുപോലെ
നിങ്ങൾ അവനോടു ചെയ്യണം; ഇങ്ങനെ
നിങ്ങളുടെ ഇടയിൽനിന്നു അധർമ്മം
നീക്കിക്കളയണം. ഇനി നിങ്ങളുടെ ഇട 20
യിൽ അതുപോലുള്ള ദോഷം നടക്കാ
തിരിക്കുവാനായി മററുള്ളവർ കേട്ട് ഭയ
പ്പെടണം. നിനക്കു ദയ തോന്നരുത്; ജീവനു 21
പകരം ജീവൻ, കണ്ണിനു പകരം കണ്ണ്,
പല്ലിനു പകരം പല്ല്, കൈക്കു പകരം കൈ,
കാലിന്നു പകരം കാൽ.

അദ്ധ്യായം 20

നീ ശത്രുക്കളോടു യുദ്ധം ചെയ്വാൻ 1
പുറപ്പെടുമ്പോൾ കുതിരകളെയും രഥങ്ങളെ
യും നിന്റേതിലും കൂടുതൽ സൈന്യത്തേ
യും കാണുമ്പോൾ ഭീതനാകരുതു; മെ
സ്രേൻ ദേശത്തുനിന്നു നിന്നെ കൊണ്ടുവന്ന
നിന്റെ ദൈവമായ കർത്താവ് നിന്നോടു
കൂടെയുണ്ട്. നിങ്ങൾ യുദ്ധം ആരംഭിക്കു 2
മ്പോൾ പുരോഹിതൻ വന്ന് ജനത്തോടു
ഇങ്ങനെ സംസാരിക്കണം; ഇസ്രായേലേ, 3
കേൾക്കുക: നിങ്ങൾ ഇന്നു ശത്രുക്കളോടു
യുദ്ധത്തിനു ആരംഭിക്കുന്നു; അധൈര്യപ്പെ
ടരുത്, ഭയപ്പെടരുത്, നടുങ്ങിപ്പോകരുത്;
അവരെ കണ്ടു ഭ്രമിക്കരുത്. നിങ്ങളുടെ 4
ദൈവമായ കർത്താവ് നിങ്ങൾക്കു വേണ്ടി
ശത്രുക്കളോടു യുദ്ധം ചെയ്തു നിങ്ങളെ
രക്ഷിപ്പാൻ നിങ്ങളോടുകൂടെ വരുന്നു
എന്നു പറയണം. പിന്നെ പ്രമാണികൾ 5
ജനത്തോട് പറയേണ്ടത്: ആരെങ്കിലും ഒരു
പുതിയ വീട് പണിയിച്ച് ഗൃഹപ്രവേശം
കഴിക്കാതിരിക്കുന്നുവെങ്കിൽ അവൻ യുദ്ധ
ത്തിൽ മരിച്ചിട്ട് മറ്റൊരുവൻ ഗൃഹപ്രവേശം
കഴിക്കാതിരിക്കേണ്ടതിന് അവൻ വീട്ടിലേ
ക്കു മടങ്ങിപ്പൊയ്ക്കൊള്ളട്ടെ. ആരെങ്കിലും 6
ഒരു മുന്തിരിത്തോട്ടം ഉണ്ടാക്കി അതിന്റെ
ഫലം അതുവരെ അനുഭവിക്കാതെ ഇരി
ക്കുന്നുവെങ്കിൽ അവൻ യുദ്ധത്തിൽ മരി
ച്ചിട്ട് മററൊരുവൻ അതിന്റെ ഫലം
അനുഭവിക്കാതിരിക്കേണ്ടതിന്ന് അവൻ
വീട്ടിലേക്കു മടങ്ങിപ്പൊയ്ക്കൊള്ളട്ടെ.
ആരെങ്കിലും ഒരു സ്ത്രീയെ വിവാഹത്തി 7
ന്നു നിശ്ചയിച്ചിട്ട് അവളെ പരിഗ്രഹിച്ചിട്ടി

ങ്കിൽ അവൻ യുദ്ധത്തിൽ മരിച്ചിട്ട്
റ്റൊരുവൻ അവളെ പരിഗ്രഹിക്കാ
തിക്കേണ്ടതിനു അവന് വീട്ടിലേക്കു
ങ്ങിപ്പോകാം. പ്രമാണികൾ തുടർന്നും
നത്തോടു പറയേണ്ടത്: ആർക്കെങ്കിലും
വും അധൈര്യവും ഉണ്ടെങ്കിൽ അവൻ
ൻെറ ഹൃദയംപോലെ സഹോദരൻെറ
ദയവും ഭയചകിതമാക്കാതിരിക്കേണ്ടതി
വീട്ടിലേക്കു മടങ്ങിപ്പോകട്ടെ. ഇങ്ങനെ
ാണികൾ ജനത്തോടു പറഞ്ഞു തീർന്ന
ഷം അവൻ സൈന്യാധിപന്മാരെ സൈ
നേതൃത്വത്തിൽ നിയമിക്കണം.

നീ ഒരു പട്ടണത്തിന്നെതിരെ യുദ്ധ
ിനു ചെല്ലുമ്പോൾ “സമാധാനം” വിളിച്ചു
യണം. “സമാധാനം” എന്നു മറുപടി പറ
ു വാതിൽ തുറന്നു തന്നാൽ നഗരജന
ല്ലാം നിനക്കു അടിമവേലക്കാരായിത്തീ
ം. എന്നാൽ അതു നിന്നോടു സമാധാ
ാകാതെ യുദ്ധം ചെയ്യുന്നുവെങ്കിലോ
ത്തിനെ നിരോധിക്കുക. നിൻെറ ദൈവ
യ കർത്താവ് അതു നിൻെറ കൈയിൽ
ല്പിക്കും. അതിലുള്ള പുരുഷന്മാരെ
ല്ലാം വാളിൻെറ വായ്ത്തലയാൽ കൊല്ല
ം. എന്നാൽ സ്ത്രീകളെയും കുട്ടികളെ
മൃഗങ്ങളെയും പട്ടണത്തിലുള്ളതെല്ലാം
ത്തിലെ കൊള്ളവസ്തുക്കളും നിനക്കായി
ടുക്കാം; നിൻെറ ദൈവമായ കർത്താവ്
നക്കു തന്ന നിൻെറ ശത്രുക്കളുടെ വക
ൾ നിനക്കു അനുഭവിക്കാം. ഈ ജാതി
ുടെ പട്ടണങ്ങളിൽ ഉൾപ്പെടാതെ വിദൂര
യിരിക്കുന്ന എല്ലാ നഗരങ്ങളോടും
ങ്ങനെ ചെയ്യണം. നിൻെറ ദൈവമായ
ത്താവ് നിനക്കു അവകാശമായി തരുന്ന
തികളുടെ പട്ടണങ്ങളിൽ ശ്വാസമുള്ള
ിനെയും ജീവനോടെ ശേഷിപ്പിക്കാതെ
ത്യർ, അമോര്യർ, പെരിസ്യർ, കനാന്യർ,
വ്യർ, യെബൂസ്യർ എന്നിവരെ നിൻെറ
ൈവമായ കർത്താവ് നിന്നോടു കല്പിച്ച
പോലെ ശാപവസ്തുവായി സംഹരിക്ക
. ഇത് അവർ തങ്ങളുടെ ദേവാരാധന
ൽ ചെയ്തുവരുന്ന മ്ലേച്ഛതകൾ ചെയ്യു
ൻ അവർ നിങ്ങളെ പഠിപ്പിച്ചിട്ടു നിങ്ങൾ
ങ്ങളുടെ ദൈവമായ കർത്താവിനോടു
പം ചെയ്യാതിരിക്കുവാനത്രെ.

ഒരു പട്ടണം പിടിക്കുവാൻ അതിനോടു
ദ്ധം ചെയ്തു വളരെക്കാലം നിരോധി
ണ്ടിവന്നാൽ അതിൻെറ ചുററുമുള്ള
ക്ഷങ്ങൾ കോടാലികൊണ്ടു വെട്ടി നശി
രുത്; അവയുടെ ഫലം നിനക്കു തിന്നാ
ന്നതാകയാൽ അവയെ വെട്ടിക്കളയരുത്;
നീ പറമ്പിലെ വൃക്ഷത്തോടു പോരാടുവാൻ
അതു മനുഷ്യനാണോ? ഭക്ഷ്യങ്ങളായ 20
ഫലങ്ങളുള്ള വൃക്ഷമല്ലെന്നു അറിയാവുന്ന
വൃക്ഷങ്ങളെ മാത്രം വെട്ടിക്കളയുക,
നിന്നോടു യുദ്ധം ചെയ്യുന്ന പട്ടണം കീഴട
ങ്ങുന്നതുവരെ അതിൻെറ നേരെ മതിൽ
പണിയുകയും ചെയ്യാം.

അദ്ധ്യായം 21

നിൻെറ ദൈവമായ കർത്താവ് നിനക്കു 1
അവകാശമായി തരുന്ന ദേശത്തു വയലിൽ
ഒരുവനെ വധിച്ചിട്ടിരിക്കുന്നതു കാണുക
യും അവൻെറ കൊലപാതകൻ ആരെന്നു
അറിയാതിരിക്കയും ചെയ്താൽ നിൻെറ 2
മൂപ്പന്മാരും ന്യായാധിപന്മാരും പുറത്തു
ചെന്ന് നിഹതൻെറ അടുത്തു നിന്ന് അതതു
പട്ടണംവരെയുള്ള ദൂരം അളക്കണം. വധി 3
തന് ഏററം അടുത്തുള്ള പട്ടണത്തിലെ
മൂപ്പന്മാർ, വേല ചെയ്യിക്കാത്തതും നുകം
വയ്ക്കാത്തതുമായ ഒരു പശുക്കിടാവിനെ
കൊണ്ടുവരണം. ആ പട്ടണത്തിലെ മൂപ്പ 4
ന്മാർ ഉഴവും വിതയും ഇല്ലാത്തതും നീർച്ചാ
ലുള്ളതുമായ ഒരു താഴ്വരയിൽ പശു
ക്കിടാവിനെ കൊണ്ടുചെന്ന് അവിടെവച്ച്
അതിൻെറ കഴുത്തു ഒടിക്കണം. പിന്നെ 5
ലേവ്യരായ പുരോഹിതന്മാർ അടുത്തു
ചെല്ലണം—അവരെയല്ലോ നിൻെറ ദൈവ
മായ കർത്താവ് നിനക്കു ശുശ്രൂഷ ചെയ്വാ
നും കർത്തൃനാമത്തിൽ അനുഗ്രഹിപ്പാനും
തിരഞ്ഞെടുത്തിരിക്കുന്നതു- അവരുടെ
വിധിപ്രകാരം എല്ലാ വ്യവഹാരവും കല
ഹവും തീർക്കേണ്ടതാകുന്നു. കൊല്ലപ്പെട്ട 6
വന് അടുത്തുള്ള പട്ടണത്തിലെ മൂപ്പന്മാർ
എല്ലാവരും താഴ്വരയിൽ വച്ചു കഴുത്തൊ
ടിച്ച പശുക്കിടാവിന്മേൽ തങ്ങളുടെ കൈ
കഴുകി ഒഴിക്കണം: ഞങ്ങളുടെ കൈകൾ 7
ആ രക്തം ചൊരിഞ്ഞില്ല, ഞങ്ങളുടെ കണ്ണു
അതു കണ്ടിട്ടുമില്ല. കർത്താവേ, നീ വീണ്ടെ 8
ടുത്ത നിൻെറ ജനമായ ഇസ്രായേലിനോടു
ക്ഷമിക്കണമേ; നിൻെറ ജനമായ ഇസ്രാ
യേലിൻെറ മദ്ധ്യേ നിഷ്കളങ്ക രക്തം ഇരി
പ്പാൻ ഇടവരുത്തരുതേ എന്നു പറയണം;
എന്നാൽ ആ രക്തം സംബന്ധിച്ച കുററം അവ
രോടു ക്ഷമിക്കപ്പെടും. ഇങ്ങനെ കുററമി 9
ല്ലാത്ത രക്തം നിങ്ങളുടെ ഇടയിൽനിന്നു
നീക്കിക്കളയുമ്പോൾ അതു കർത്തൃ
സന്നിധിയിൽ യോഗ്യമായിരിക്കും.

നീ ശത്രുക്കളോടു യുദ്ധം ചെയ്വാൻ 10
പുറപ്പെട്ടിട്ട് നിൻെറ ദൈവമായ കർത്താവ്
അവരെ നിൻെറ കൈയിൽ ഏല്പിക്കുകയും

11 നീ അവരെ തടവുകാരായി പിടിക്കുകയും
ചെയ്താൽ ആ തടവുകാരുടെ മദ്ധ്യേ
സുന്ദരിയായൊരു സ്ത്രീയെ കണ്ട് ഭാര്യ
യായി എടുക്കുവാൻ തക്കവണ്ണം അവളോടു
12 പ്രേമമുണ്ടാകുന്നുവെങ്കിൽ നീ അവളെ
വീട്ടിൽ കൊണ്ടുപോകണം; അവൾ തല
മുണ്ഡനം ചെയ്കയും നഖം മുറിക്കുകയും
13 തടവുവസ്ത്രം മാറി നിന്റെ വീട്ടിൽ
പാർത്തു ഒരു മാസം തന്റെ മാതാപിതാ
ക്കളെ ഓർത്ത് ദുഃഖിക്കുകയും ചെയ്തശേഷം
നീ അവളുടെ അടുക്കൽ പ്രവേശിച്ച്
അവൾക്കു ഭർത്താവായും അവൾ നിനക്കു
14 ഭാര്യയായും ഇരിക്കാം. എന്നാൽ നിനക്കു
അവളോടു ഇഷ്ടമില്ലാതെവന്നുവെങ്കിൽ
അവളെ സ്വതന്ത്രയായി വിട്ടയയ്ക്കണം;
അവളെ ഒരിക്കലും വിലയ്ക്ക് വിൽക്ക
രുതു; നീ അവളെ പരിഗ്രഹിച്ചതുകൊണ്ട്
അവളോടു കാഠിന്യമായി പ്രവർത്തിക്കരുത്.
15 ഒരു സ്ത്രീ ഇഷ്ടയായും മററവൾ
അനിഷ്ടയായും ഇങ്ങനെ ഒരുവനു രണ്ടു
ഭാര്യമാർ ഉണ്ടായിരിക്കുകയും ഇവർ ഇരു
വരും അവന് പുത്രന്മാരെ പ്രസവിക്കുകയും
ആദ്യജാതൻ അനിഷ്ടയുടെ മകൻ ആയിരി
16 ക്കുകയും ചെയ്താൽ, അവൻ തന്റെ സ്വത്തു
പുത്രന്മാർക്കായി ഭാഗിക്കുമ്പോൾ അനിഷ്ട
യുടെ മകനായ ആദ്യജാതനു പകരം ഇഷ്ട
മുള്ളവളുടെ മകനു ജ്യേഷ്ഠാവകാശം കൊ
17 ടുക്കരുത്. തനിക്കുള്ള സകലത്തിലും രണ്ടു
ഓഹരി അനിഷ്ടയുടെ മകന് കൊടുത്ത്
അവനെ ആദ്യജാതനായി സ്വീകരിക്കണം;
അവൻ നിന്റെ ബലത്തിന്റെ ആരംഭമല്ലോ;
ജ്യേഷ്ഠാവകാശം അവനുള്ളതാകുന്നു.
18 മാതാപിതാക്കളെ അനുസരിക്കാതെ
യും അവർ ശാസിച്ചാലും അനുസരിക്കാതെ
19 യുമിരിക്കുന്ന നിർബ്ബന്ധബുദ്ധിയും മത്സരി
യുമായ മകൻ ഒരുവനു ഉണ്ടെങ്കിൽ മാതാ
പിതാക്കൾ അവനെ പട്ടണത്തിലെ മൂപ്പന്മാ
രുടെ അടുക്കൽ പട്ടണവാതില്ക്കലേക്കു
20 കൊണ്ടുപോയിട്ട്: ഞങ്ങളുടെ ഈ മകൻ
ശാഠ്യക്കാരനും മത്സരിയും ഞങ്ങളുടെ
വാക്കു കേൾക്കാത്തവനും ഭക്ഷ്യപ്രിയനും
കുടിയനും ആകുന്നു എന്നു പട്ടണത്തിലെ
21 മൂപ്പന്മാരോടു പറയണം. പിന്നെ അവന്റെ
നഗരവാസികൾ എല്ലാം ചേർന്ന് അവനെ
കല്ലെറിഞ്ഞു കൊല്ലണം. ഇങ്ങനെ നിങ്ങ
ളുടെ ഇടയിൽനിന്നു അധർമ്മം നീക്കിക്കള
യണം; ഇസ്രായേലെല്ലാം ഇതുകേട്ടു
ഭയപ്പെടണം.
22 ഒരുവൻ മരണയോഗ്യമായ ഒരു പാപം
ചെയ്തിട്ട് അവനെ കൊന്ന് ഒരു മരത്തിൽ
തൂക്കിയാൽ അവന്റെ ശവം കഴുമരത്തി
ന്മേൽ രാത്രി മുഴുവനും കിടക്കരുത്; അന്നു
തന്നെ അതു മറവുചെയ്യണം; തൂങ്ങിമരിച്ച 23
വൻ ദൈവസന്നിധിയിൽ ശാപഗ്രസ്തൻ
ആകുന്നു; നിന്റെ ദൈവമായ കർത്താവ്
നിനക്കു അവകാശമായി തരുന്ന ദേശത്തെ
നീ അശുദ്ധമാക്കരുത്.

അദ്ധ്യായം 22

സഹോദരന്റെ കാളയോ ആടോ വഴി 1
തെററി ഉഴലുന്നതു നീ കണ്ടാൽ അതിനെ
വിട്ടു ഒഴിഞ്ഞു മാറാതെ സഹോദരന്റെ
അടുക്കൽ അതിനെ എത്തിച്ചു കൊടുക്ക
ണം. സഹോദരൻ നിനക്കു സമീപമുള്ളവ 2
നല്ല; അവൻ നിനക്കു അപരിചിതനുമാണെ
ങ്കിൽ അതിനെ നിന്റെ വീട്ടിൽ കൊണ്ടു
പോകണം; സഹോദരൻ അതിനെ അന്വേ
ഷിച്ചുവരുന്നതുവരെ അതു നിന്റെ അടു
ക്കൽ ഇരിക്കട്ടെ; പിന്നെ അതിനെ അവന്
മടക്കിക്കൊടുക്കണം. അങ്ങനെതന്നെ അവ 3
ന്റെ കഴുതയുടെയും വസ്ത്രത്തിന്റെയും
സഹോദരന്റെ അടുത്തുനിന്നു കാണാതെ
പോയിട്ട് നീ കണ്ടെത്തിയ എല്ലാ വസ്തു
വിന്റെയും കാര്യത്തിലും ചെയ്യണം; നീ
ഒഴിഞ്ഞു മാററരുതു.
സഹോദരന്റെ കഴുതയോ കാളയോ 4
വഴിയിൽ വീണുകിടക്കുന്നതു നീ കണ്ടാൽ
വിട്ടുമാറിപ്പോകാതെ അതിനെ എഴുന്നേ
ല്പിപ്പാൻ അവനെ സഹായിക്കണം.
പുരുഷവസ്ത്രം സ്ത്രീയും സ്ത്രീ 5
വസ്ത്രം പുരുഷനും ധരിക്കരുത്; അങ്ങനെ
ചെയ്യുന്നവരെല്ലാം നിന്റെ ദൈവമായ
കർത്താവിനു വെറുപ്പ് ആകുന്നു.
മരത്തിന്മേലോ വയലിലോ കുഞ്ഞു 6
ങ്ങളോ മുട്ടകളോ ഉള്ള ഒരു പക്ഷിക്കൂടു നീ
വഴിയിൽ വച്ചു കണ്ടാൽ തള്ള കുഞ്ഞുങ്ങ
ളിന്മേലോ മുട്ടകളിന്മേലോ ഇരിക്കുന്നുവെ
ങ്കിൽ നീ കുഞ്ഞുങ്ങളോടു കൂടെ തള്ളയെ
പിടിക്കരുത്. നിനക്കു ശുഭമായിരിപ്പാനും 7
ദീർഘായുസ്സുണ്ടാകുവാനുമായി തള്ളയെ
വിട്ടുകളയണം; കുഞ്ഞുങ്ങളെ എടുക്കാം.
ഒരു പുതിയ ഗൃഹം നിർമ്മിച്ചാൽ 8
നിന്റെ വീടിന്മുകളിൽനിന്നു ആരെങ്കിലും
വീണു വീടിന്മേൽ രക്തപാതകം വരാതിരി
ക്കേണ്ടതിന്നു നീ അതിന്നു അരമതിൽ
കെട്ടണം. ഇട്ട വിത്തിന്റെ വിളവും മുന്തിരി 9
ത്തോട്ടത്തിന്റെ അനുഭവവും ഒരുമിച്ച്
ശുദ്ധീകരിക്കപ്പെടാതിരിക്കുവാനായി
നിന്റെ മുന്തിരിത്തോപ്പിൽ വേറൊരു
വിത്തും വിതയ്ക്കരുത്.

കാളയെയും കഴുതയെയും ഒന്നിച്ചു പൂട്ടി ഉഴരുത്. ആട്ടുരോമവും ചണവും കൂടി കലർന്ന വസ്ത്രം ധരിക്കരുത്.

നീ പുതയ്ക്കുന്ന മേലങ്കിയുടെ നാലു കോണിലും പൊടിപ്പുണ്ടാക്കണം.

ഒരു പുരുഷൻ ഒരു സ്ത്രീയെ പരിഗ്രഹിച്ച് അവളുടെ അടുക്കൽ പ്രവേശിച്ച ശേഷം അവളെ വെറുത്ത്: ഞാൻ ഈ സ്ത്രീയെ പരിഗ്രഹിച്ചു അവളുടെ അടുക്കൽ പ്രവേശിച്ചപ്പോൾ അവളിൽ കന്യകാലക്ഷണം കണ്ടില്ല എന്നു പറഞ്ഞ് അവളുടെ മേൽ അപമാനം ചുമത്തി അപവാദം പ്രചരിപ്പിച്ചാൽ ആ യുവതിയുടെ മാതാപിതാക്കന്മാർ അവളുടെ കന്യകാലക്ഷണങ്ങളെ എടുത്ത് പട്ടണത്തിലെ മൂപ്പന്മാരുടെ അടുക്കൽ പട്ടണവാതില്ക്കൽ കൊണ്ടുവരണം. യുവതിയുടെ പിതാവ് മൂപ്പന്മാരോടു: ഞാൻ എന്റെ മകളെ ഈ പുരുഷനു ഭാര്യയായി കൊടുത്തു; എന്നാൽ അവനു അവളോടു അനിഷ്ടമായി. ഞാൻ നിന്റെ മകളിൽ കന്യകാലക്ഷണം കണ്ടില്ല എന്നു പറഞ്ഞ് അവളുടെ മേൽ അപമാനം ചുമത്തുന്നു; എന്നാൽ എന്റെ മകളുടെ കന്യകാലക്ഷണങ്ങൾ ഇതാ എന്നു പറഞ്ഞു പട്ടണത്തിലെ മൂപ്പന്മാരുടെ മുമ്പിൽ ആ വസ്ത്രം തുറക്കണം. അപ്പോൾ പട്ടണമൂപ്പന്മാർ ആ പുരുഷനെ പിടിച്ച് ശിക്ഷിക്കണം. അവൻ ഇസ്രായേലിൽ ഒരു കന്യകയുടെ മേൽ അപവാദം പറഞ്ഞുണ്ടാക്കിയതിനാൽ അവർ അവനെക്കൊണ്ടു നൂറു വെള്ളിക്കാശു പിഴ ചെയ്യിച്ച് യുവതിയുടെ പിതാവിനു കൊടുക്കണം; അവൾ അവന്റെ തന്നെ ഭാര്യയായിരിക്കണം; തന്റെ ആയുഷ്കാലത്തൊരിക്കലും അവൻ അവളെ ഉപേക്ഷിച്ചുകൂടാ. എന്നാൽ യുവതിയിൽ കന്യകാലക്ഷണം കണ്ടില്ല എന്നുള്ള വാക്ക് സത്യമായിരുന്നാൽ അവർ യുവതിയെ അവളുടെ പിതാവിന്റെ വീട്ടുവാതില്ക്കൽ കൊണ്ടുപോയി അവൾ ഇസ്രായേലിൽ വഷളത്വം പ്രവർത്തിച്ച് പിതൃഭവനത്തിൽ വച്ചു വേശ്യാദോഷം ചെയ്കകൊണ്ടു പട്ടണക്കാർ അവളെ കല്ലെറിഞ്ഞു കൊല്ലണം; ഇങ്ങനെ ചെയ്തു നിങ്ങളുടെ ഇടയിൽ നിന്നു അധർമ്മം നീക്കിക്കളയണം.

ഒരു പുരുഷന്റെ ഭാര്യയായ സ്ത്രീയോടു കൂടെ ഒരുവൻ ശയിക്കുന്നതു കണ്ടാൽ സ്ത്രീയോടു കൂടെ ശയിച്ച പുരുഷനും, സ്ത്രീയും, ഇരുവരും മരണശിക്ഷ അനുഭവിക്കണം; ഇങ്ങനെ ഇസ്രായേലിൽനിന്നു ദോഷം നീക്കിക്കളയണം.

വിവാഹനിശ്ചയം കഴിഞ്ഞ കന്യകയാ 23
യ ഒരു യുവതിയെ ഒരുവൻ പട്ടണത്തിൽ
വച്ച് കണ്ട് അവളോടു കൂടെ ശയിച്ചാൽ
യുവതി നഗരമദ്ധ്യത്തിൽ ആയിരുന്നിട്ടും 24
നിലവിളിക്കാതിരുന്നതിനാലും പുരുഷൻ
കൂട്ടുകാരന്റെ ഭാര്യക്കു അപമാനം വരു
ത്തിയതുകൊണ്ടും നിങ്ങൾ അവരെ ഇരു
വരെയും പട്ടണവാതില്ക്കൽ കൊണ്ടുവന്ന്
കല്ലെറിഞ്ഞു കൊല്ലണം; ഇങ്ങനെ നിങ്ങ
ളുടെ ഇടയിൽനിന്നു തിന്മ നീക്കിക്കളയണം.
എന്നാൽ വിവാഹനിശ്ചയം കഴിഞ്ഞി 25
രിക്കുന്ന ഒരു യുവതിയെ ഒരുവൻ വയലിൽ
വച്ച് കണ്ട് ബലാല്ക്കാരത്തോടെ അവ
ളോടു കൂടെ ശയിച്ചാൽ പുരുഷൻ മാത്രം
മരണശിക്ഷ അനുഭവിക്കണം. യുവതി 26
യോട് ഒന്നും ചെയ്യരുത്; അവൾക്കു മര
ണാർഹമായ പാപമില്ല. ഒരുവൻ കൂട്ടുകാര
ന്റെ നേരെ ശണ്ഠയിട്ട് അവനെ കൊല്ലു
ന്നതുപോലെയാകുന്നു ഈ കാര്യം. വയ 27
ലിൽവച്ചാണല്ലോ അവൻ അവളെ കണ്ടു
മുട്ടിയതു; യുവതി നിലവിളിച്ചാലും അവളെ
രക്ഷിപ്പാൻ ആരും ഇല്ലായിരുന്നു.
വിവാഹനിശ്ചയം കഴിയാത്ത കന്യക 28
യായ ഒരു യുവതിയെ ഒരുവൻ കണ്ടു അവ
ളെ പിടിച്ചു അവളോടു കൂടെ ശയിക്കുകയും
അവരെ കണ്ടുപിടിക്കുകയും ചെയ്താൽ 29
അവളോടുകൂടെ ശയിച്ച പുരുഷൻ യുവതി
യുടെ പിതാവിനു അമ്പതു വെള്ളിക്കാശു
കൊടുക്കണം; അവൾ അവന്റെ ഭാര്യയാ
കുകയും വേണം. അവൻ അവൾക്കു അപ
മാനം വരുത്തി; തന്റെ ആയുഷ്കാലത്തൊ
രിക്കലും അവൻ അവളെ ഉപേക്ഷിച്ചുകൂടാ.
പിതൃഭാര്യയെ ആരും പരിഗ്രഹിക്കരുത്; 30
പിതാവിന്റെ വസ്ത്രം മാറ്റുകയും അരുത്.

അദ്ധ്യായം 23

വ്യഭിചാരി ദൈവത്തിന്റെ സഭയിൽ 1
പ്രവേശിക്കരുത്.

വേശ്യയുടെ മകൻ ദൈവത്തിന്റെ സഭ 2
യിൽ പ്രവേശിക്കരുത്; അവന്റെ പത്താം
തലമുറപോലും ദൈവസഭയിൽ പ്രവേശി
ക്കരുത്.

ഒരു അമ്മോന്യനോ മോവാബ്യനോ 3
ദൈവത്തിന്റെ സഭയിൽ പ്രവേശിക്കരുത്;
അവരുടെ പത്താം തലമുറപോലും ഒരി
ക്കലും ദൈവസഭയിൽ പ്രവേശിക്കരുത്.
നിങ്ങൾ മെസ്രേനിൽ നിന്നു വരുമ്പോൾ 4
അവർ അപ്പവും വെള്ളവുമായി വന്ന്
വഴിയിൽ നിങ്ങളെ എതിരേല്ക്കാതിരുന്ന
തിനാലും നിന്നെ ശപിക്കുവാൻ അവർ

മെസൊപൊട്ടേമ്യയിലെ പെഥോരിൽനിന്നു
ബെയോരിൻെറ മകനായ ബിലെയാമിനെ
നിനക്കു വിരോധമായി കൂലിക്കു വിളിപ്പിച്ച
5 തിനാലുംതന്നെ. എന്നാൽ ബിലെയാമിന്നു
ചെവികൊടുപ്പാൻ നിൻെറ ദൈവമായ
കർത്താവിനു മനസ്സില്ലായിരുന്നു; നിൻെറ
ദൈവമായ കർത്താവ് നിന്നെ സ്നേഹിച്ച
തുകൊണ്ടു നിൻെറ ദൈവമായ കർത്താവ്
ശാപം, നിനക്കു അനുഗ്രഹമാക്കിത്തീർത്തു.
6 ആകയാൽ നിൻെറ ആയുഷ്ക്കാലത്തൊ
രിക്കലും അവരുടെ സമാധാനത്തിന്നും
ഗുണത്തിന്നും വേണ്ടി ചിന്തിക്കരുത്.
7 ഏദോമ്യനെ വെറുക്കരുത്; അവൻ
നിൻെറ സഹോദരനാണ്. മെസ്രേയീമ്യനെ
വെറുക്കരുത്; നീ അവൻെറ ദേശത്തു പര
8 ദേശി ആയിരുന്നുവല്ലോ. മൂന്നാം തലമുറ
യായി അവർക്കു ജനിക്കുന്ന മക്കൾക്കു
കർത്താവിൻെറ സഭയിൽ പ്രവേശിക്കാം.
9 ശത്രുക്കൾക്കെതിരെ പാളയമിറങ്ങു
മ്പോൾ അയോഗ്യമായി ഒന്നും ചെയ്യാതിരി
10 പ്പാൻ നീ സൂക്ഷിച്ചുകൊള്ളണം. രാത്രി
യിൽ സംഭവിച്ച കാര്യത്താൽ അശുദ്ധനാ
യിത്തീർന്ന ഒരുവൻ നിങ്ങളിൽ ഉണ്ടായിരു
ന്നാൽ അവൻ പാളയത്തിനു പുറത്തു
പോകണം; പാളയത്തിനകത്തു വരരുത്.
11 സന്ധ്യയാകുമ്പോൾ അവൻ വെള്ളത്തിൽ
കുളിച്ചിട്ടു; സൂര്യൻ അസ്തമിച്ചശേഷം
12 അവന്നു പാളയത്തിൽ വരാം. ബാഹ്യത്തി
ന്നു പോകുവാൻ നിനക്കു ഒരു സ്ഥലം
പാളയത്തിന്നു പുറത്തു ഉണ്ടായിരിക്കണം.
13 നിൻെറ ആയുധങ്ങളുടെ കൂടെ ഒരു പാരയും
ഉണ്ടായിരിക്കണം; അതുകൊണ്ട് കുഴിച്ചു
ബാഹ്യത്തിന്നിരുന്ന് നിൻെറ വിസർജ്ജനം
14 മൂടിക്കളയണം. നിൻെറ ദൈവമായ കർത്താ
വ് നിന്നെ രക്ഷിപ്പാനും ശത്രുക്കളെ നിന
ക്കു ഏല്പിച്ചു തരുവാനും നിൻെറ പാളയ
ത്തിൻെറ നടുവിലൂടെ നടക്കുന്നു; നിന്നിൽ
അശുദ്ധി കണ്ടിട്ടു അവൻ നിന്നെ വിട്ടകലാ
തിരിപ്പാൻ നിൻെറ പാളയം ശുദ്ധിയുള്ള
തായിരിക്കണം.
15 യജമാനനെ വിട്ട് നിന്നെ അഭയം പ്രാ
16 പിച്ച ദാസനെ യജമാനൻെറ കയ്യിൽ ഏല്പി
ക്കരുത്. അവൻ നിങ്ങളുടെ ഇടയിൽ നിൻെറ
പട്ടണങ്ങളിൽ അവന് ബോധിച്ചിടത്തു
നിന്നോടുകൂടെ പാർക്കട്ടെ; അവനെ ഞെരു
ക്കം ചെയ്യരുത്;
17 ഇസ്രായേൽ പുത്രിമാരിൽ ഒരു വേശ്യ
ഉണ്ടാകരുത്; ഇസ്രായേൽ പുത്രന്മാരിൽ
വ്യഭിചാരിയും ഉണ്ടാകരുത്. വേശ്യയുടെ
18 കൂലിയും നായുടെ വിലയും നിൻെറ
ദൈവമായ കർത്താവിൻെറ ആലയത്തിൽ
യാതൊരു നേർച്ചയായും കൊണ്ടുവരരുത്;
ഇവ രണ്ടും നിൻെറ ദൈവമായ കർത്താ
വിനു അറപ്പാകുന്നു.
പണത്തിനോ ആഹാരത്തിനോ 19
വായ്പകൊടുക്കുന്ന ഏതെങ്കിലും സാധന
ത്തിനോ സഹോദരനോടു പലിശ വാങ്ങ
രുത്. അന്യനോടു പലിശ വാങ്ങാം; നീ കീഴട 20
ക്കുവാൻ ചെല്ലുന്ന ദേശത്തു നീ കൈവ
യ്ക്കുന്നതിലെല്ലാം നിൻെറ ദൈവമായ
കർത്താവു നിന്നെ അനുഗ്രഹിക്കുവാനായി
സഹോദരനോടു നീ പലിശ വാങ്ങരുത്.
നിൻെറ ദൈവമായ കർത്താവിനു 21
നേർച്ച നേർന്നാൽ അതു നിറവേററുവാൻ
വൈകരുത്; അങ്ങനെ ചെയ്താൽ നിൻെറ
ദൈവമായ കർത്താവ് നിന്നോടു ചോദി
ക്കും; അതു നിനക്കു പാപമായിരിക്കും.
നേരാതിരിക്കുക എന്നതു പാപം ആകയില്ല. 22
നിൻെറ നാവിന്മേൽ നിന്നു വീണതു നിർവ്വ 23
ഹിക്കുകയും വായ്കൊണ്ട് പറഞ്ഞ നേർച്ച
നിൻെറ ദൈവമായ കർത്താവിനു നേർന്ന
തുപോലെ നിറവേറ്റുകയും വേണം.
കൂട്ടുകാരൻെറ മുന്തിരിത്തോട്ടത്തിലൂ 24
ടെ പോകുമ്പോൾ ഇഷ്ടംപോലെ മുന്തിരി
പ്പഴം തൃപ്തിയാകുവോളം നിനക്കു തിന്നാം;
എന്നാൽ നിൻെറ പാത്രത്തിൽ ഇടരുത്.
കൂട്ടുകാരൻെറ വിളഭൂമിയിൽ കൂടി പോ 25
കുമ്പോൾ നിനക്കു കൈകൊണ്ടു കതിർ
പറിക്കാം; എന്നാൽ കൂട്ടുകാരൻെറ വിളവിൽ
നീ അരിവാൾ വയ്ക്കരുത്.

അദ്ധ്യായം 24

ഒരു പുരുഷൻ ഒരു സ്ത്രീയെ വിവാഹം 1
ചെയ്ത് അവളോടുകൂടെ ശയിച്ചശേഷം
അവളിൽ ദൂഷ്യമായ വല്ലതും കണ്ടിട്ട് അവ
ന്നു അവളോടു അപ്രിയം തോന്നിയാൽ ഒരു
ഉപേക്ഷണപത്രം എഴുതി കൈയിൽ കൊടു
ത്ത് അവളെ വീട്ടിൽനിന്ന് അയയ്ക്കാം. 2
അവൻെറ ഭവനത്തിൽനിന്നു പോയശേഷം
അവൾക്കു മറെറാരു പുരുഷനു ഭാര്യയായി
ഇരിക്കാം. എന്നാൽ രണ്ടാമത്തെ ഭർത്താവും 3
അവളെ വെറുത്തു ഒരു ഉപേക്ഷണപത്രം
എഴുതി കൈയിൽ കൊടുത്ത് അവളെ വീ
ട്ടിൽനിന്നു അയയ്ക്കുകയോ അവളെ ഭാര്യ
യായി എടുത്ത രണ്ടാം ഭർത്താവു മരിച്ചു 4
പോകുകയോ ചെയ്താൽ അവളെ ഉപേക്ഷിച്ച
മുൻ ഭർത്താവ് അവൾ അശുദ്ധയായശേഷം
അവളെ പിന്നെയും ഭാര്യയായി പരിഗ്രഹിച്ചു
കൂടാ, അതു ദൈവമുമ്പാകെ അറപ്പാകുന്നു;
നിൻെറ ദൈവമായ കർത്താവ് നിനക്കു

വകാശമായി തരുന്ന ദേശം, നീ പാപം
ാണ്ട് മലിനമാക്കരുത്.
ഒരു പുരുഷൻ ഒരു സ്ത്രീയെ പരിഗ്ര
ച്ചയുടനെ അവൻ യുദ്ധത്തിന്നു പോക
ീ; അവൻ യാതൊരുകാര്യത്തിനും പോ
ണ്ടതില്ല. ഭാരവും ചുമത്തരുത്; അവൻ
; സംവത്സരം വീട്ടിൽ സ്വതന്ത്രനായിരു
താൻ പരിഗ്രഹിച്ച ഭാര്യയെ സന്തോഷി
ക്കണം. തിരികല്ലോ അതിന്റെ മേൽക്ക
ാ ആരും പണയം വാങ്ങരുത്; അതു ജീവ
പണയം വാങ്ങുകയാണല്ലോ. ആരെങ്കി
തന്റെ സഹോദരന്മാരായ ഇസ്രായേൽ
ളിൽ ഒരുവനെ മോഷ്ടിച്ച് അവനോടു
ീനമായി പ്രവർത്തിക്കുകയോ അവനെ
ലയ്ക്കു വില്ക്കുകയോ ചെയ്യുന്നതു ക
ാൽ, മോഷ്ടാവു മരണശിക്ഷ അനുഭ
ക്കണം. ഇങ്ങനെ നിങ്ങളുടെ ഇടയിൽ
ന്നു അധർമ്മം നീക്കിക്കളയണം.
കുഷ്ഠരോഗബാധക്കാര്യത്തിൽ വളരെ
ക്ഷിച്ചിരിപ്പാനും ലേവ്യരായ പുരോഹിത
ർ നിങ്ങൾക്കു നിർദ്ദേശിച്ചു തരുന്നതു
ാലെ ചെയ്വാനും ഉത്സുകരായിരിക്ക
ം; ഞാൻ അവരോടു കല്പിച്ചതുപോലെ
ങ്ങൾ ചെയ്യണം. നിങ്ങൾ മെസ്രേനിൽ
ന്നു പുറപ്പെട്ടശേഷം നിന്റെ ദൈവമായ
ത്താവ് വഴിയിൽ വച്ച് മറിയാമിനോടു
യ്തതു ഓർത്തുകൊള്ളണം.
കൂട്ടുകാരനു എന്തെങ്കിലും വായ്പ
ാടുക്കുമ്പോൾ അവന്റെ പണയം
ങ്ങുവാൻ വീട്ടിനകത്തു കടക്കരുത്. നീ
റത്തു നില്ക്കണം; വായ്പ വാങ്ങിയവൻ
ണയം നിന്റെ അടുക്കൽ പുറത്തു
ാണ്ടുവരണം. അവൻ ദരിദ്രനെങ്കിൽ
അവന്റെ പണയം കൈവശം വച്ചു
ാണ്ട് ഉറങ്ങരുത്. അവൻ തന്റെ വസ്ത്രം
ച്ചു ഉറങ്ങിയിട്ട് നിന്നെ അനുഗ്രഹി
ണ്ടതിന്ന് സൂര്യൻ അസ്തമിക്കു
ാൾ പണയം നീ അവനു മടക്കിക്കൊ
ക്കണം; അതു നിന്റെ ദൈവമായ
ത്താവിന്റെ മുമ്പാകെ നിനക്കു നീതി
യിരിക്കും.
നിന്റെ സഹോദരന്മാരിലോ നിന്റെ
ശത്ത് നിന്റെ പട്ടണങ്ങളിലുള്ള പരദേ
കളിലോ ദരിദ്രനും അഗതിയുമായ കൂലി
ാരനെ നീ പീഡിപ്പിക്കരുത്. അവന്റെ
ലി അതതു ദിവസംതന്നെ കൊടുക്കണം;
ര്യൻ അതിന്മേൽ അസ്തമിക്കരുത്; അ
ൻ ദരിദ്രനും കൂലിക്കായി നിന്നെ ആശ്ര
ച്ചിരിക്കുന്നവനുമാണല്ലോ. അവൻ നിന
ു വിരോധമായി ദൈവത്തോടു നിലവിളി
പ്പാനും അതു നിനക്കു പാപമായിത്തീരു
വാനും ഇടവരുത്തരുത്.
മക്കൾക്കു പകരം പിതാക്കന്മാരും 16
പിതാക്കന്മാർക്കു പകരം മക്കളും മരണ
ശിക്ഷ അനുഭവിക്കരുത്; അവനവന്റെ
പാപത്തിന് അവനവൻതന്നെ മരണശിക്ഷ
അനുഭവിക്കണം.
പരദേശിയുടെയും അനാഥന്റെയും 17
ന്യായം മറിച്ചു കളയരുത്; വിധവയുടെ
വസ്ത്രം പണയം വാങ്ങുകയുമരുത്. നീ 18
മെസ്രേനിൽ അടിമയായിരുന്നുവെന്നും
നിന്റെ ദൈവമായ കർത്താവ് നിന്നെ
അവിടെനിന്ന് രക്ഷിച്ചു എന്നും ഓർത്തു
കൊള്ളണം; അതു നിമിത്തമാണ് ഇക്കാര്യം
ഞാൻ നിന്നോടു കല്പിക്കുന്നത്.
നിന്റെ വയലിൽ വിളവു കൊയ്ത 19
ശേഷം ഒരു കററ വയലിൽ മറന്നുപോ
യാൽ അതു എടുക്കുവാൻ മടങ്ങിപ്പോ
കരുത്; നിന്റെ ദൈവമായ നിന്റെ
കർത്താവ് നിന്റെ സകല പ്രവൃത്തിയിലും
നിന്നെ അനുഗ്രഹിക്കേണ്ടതിന്നു അതു
പരദേശിക്കും അനാഥനും വിധവയ്ക്കും
ആയിരിക്കട്ടെ.
ഒലിവു വൃക്ഷത്തിന്റെ ഫലം പറിക്കു 20
മ്പോൾ കൊമ്പിലുള്ളതു മുഴുവനും പറിക്ക
രുത്; അതു പരദേശിക്കും അനാഥനും വി
ധവയ്ക്കുമായി ഇരിക്കട്ടെ. മുന്തിരിത്തോട്ട 21
ത്തിലെ പഴം അറുത്തെടുക്കുമ്പോൾ കാലാ
പെറുക്കരുത്; അതു പരദേശിക്കും അനാ
ഥനും വിധവയ്ക്കും ഇരിക്കട്ടെ, നീ മെസ്രേൻ 22
ദേശത്തു അടിമയായിരുന്നു എന്നു ഓർക്ക
ണം; അതിനാലാണ് ഞാൻ ഇക്കാര്യം
നിന്നോടു കല്പിക്കുന്നത്.

അദ്ധ്യായം 25

ആളുകൾ തമ്മിൽ വ്യവഹാരം ഉണ്ടാ 1
യിട്ട് അവർ ന്യായാസനത്തിങ്കൽ വരികയും
അവരുടെ കാര്യം വിസ്തരിക്കുകയും
ചെയ്യുമ്പോൾ നീതിമാനെ നീതീകരി
ക്കുകയും കുററക്കാരനെ ശിക്ഷയ്ക്കു
വിധിക്കുകയും വേണം. കുററക്കാരൻ 2
അടിക്കു അർഹനെങ്കിൽ ന്യായാധിപൻ
അവനെ അവന്റെ കുററത്തിന്നു തക്ക
വണ്ണം എണ്ണി അടിപ്പിക്കണം. നാല്പതു
അടി അടിപ്പിക്കാം; അതിൽ കവിയരുത്; 3
അതിൽ കൂടുതൽ അടിപ്പിച്ചാൽ സഹോ
ദരന്റെ ദൃഷ്ടിയിൽ നീ നിന്ദിതനായി
തീർന്നേക്കാം.
കാള മെതിക്കുമ്പോൾ അതിന്റെ 4
വായടച്ചു കെട്ടരുത്. സഹോദരന്മാർ ഒരു 5

മിച്ചു പാർക്കുമ്പോൾ അവരിൽ ഒരുവൻ
മകനില്ലാതെ മരിച്ചുപോയാൽ മരിച്ചവൻെറ
ഭാര്യ അന്യനായ ഒരുവനു ഭാര്യ ആകരുത്;
ഭർത്താവിൻെറ സഹോദരൻ അവളുടെ
അടുക്കൽ ചെന്ന് അവളെ ഭാര്യയായി പരിഗ്ര
ഹിച്ച് അവളോടു ഭർത്തൃസഹോദരധർമ്മം
6 നിവർത്തിക്കണം. മരിച്ചുപോയ സഹോദര
ൻെറ പേരു ഇസ്രായേലിൽ വിസ്മൃതമാകാ
തിരിപ്പാൻ അവൾ പ്രസവിക്കുന്ന ആദ്യ
ജാതനെ അവൻെറ പേരിൽ പിൻഗാമിയാ
7 ക്കണം. സഹോദരൻെറ ഭാര്യയെ പരിഗ്രഹി
പ്പാൻ അവന് മനസ്സില്ലെങ്കിൽ അവൾ നഗര
വാതില്ക്കൽ മൂപ്പന്മാരുടെ അടുക്കൽ
ചെന്ന്: എൻെറ ഭർത്തൃസഹോദരനു തൻെറ
സഹോദരൻെറ പേരു ഇസ്രായേലിൽ നില
നിർത്തുവാൻ ഇഷ്ടമില്ല. എന്നോടു ഭർത്തൃ
സഹോദരധർമ്മം നിവർത്തിപ്പാൻ അവനു
8 മനസ്സില്ല എന്നു പറയണം: അപ്പോൾ അവ
ൻെറ പട്ടണത്തിലെ മൂപ്പന്മാർ അവനെ
വിളിപ്പിക്കണം, അവനോടു സംസാരിക്ക
ണം; എന്നാൽ: ഇവളെ പരിഗ്രഹിപ്പാൻ
9 എനിക്കു ഇഷ്ടമില്ല എന്നു അവൻ ഖണ്ഡി
ച്ചുപറഞ്ഞാൽ അവൻെറ സഹോദരൻെറ
ഭാര്യ മൂപ്പന്മാരുടെ മുമ്പിൽ വച്ച് അവൻെറ
അടുക്കൽ ചെന്ന് അവൻെറ കാലിൽനിന്നു
ചെരിപ്പു അഴിച്ച് അവൻെറ മുഖത്തു തുപ്പി
യിട്ട്: സഹോദരൻെറ വീടു പണിയാത്ത
പുരുഷനോടു ഇങ്ങനെ ചെയ്യുമെന്നു പ്രത്യു
10 ത്തരം പറയണം. 'ചെരുപ്പഴിഞ്ഞവൻെറ
കുടുംബം' എന്നു ഇസ്രായേലിൽ അവൻെറ
കുടുംബത്തിന്നു പേരാകും.
11 പുരുഷന്മാർ തമ്മിൽ അടിപിടി കൂടു
മ്പോൾ ഒരുവൻെറ ഭാര്യ ഭർത്താവിനെ
അടിക്കുന്നവൻെറ കയ്യിൽനിന്നു വിടുവി
ക്കുവാൻ അടുത്തു ചെന്നു കൈ നീട്ടി
12 അവൻെറ വൃഷണം പിടിച്ചാൽ അവളുടെ
കൈ വെട്ടിക്കളയണം; അവളോടു കനിവു
തോന്നരുത്.
13 നിൻെറ സഞ്ചിയിൽ തൂക്കം ഏറിയതും
കുറഞ്ഞതുമായ രണ്ടുതരം കട്ടി ഉണ്ടാക
14 രുത്. നിൻെറ വീട്ടിൽ വലിപ്പവും ഇളപ്പവു
മായ രണ്ടുതരം അളവുപാത്രവും ഉണ്ടാകരു
15 ത്. നിൻെറ ദൈവമായ കർത്താവ് നിനക്കു
തരുന്ന ദേശത്ത് നീ ദീർഘായുസ്സോടിരി
ക്കുവാൻ നിൻെറ ത്രാസ് ഒത്തതും ന്യായ
മായതുമായിരിക്കണം; അങ്ങനെതന്നെ നി
ൻെറ അളവുപാത്രവും ഒത്തതും ന്യായമായ
16 തുമായിരിക്കണം. ഇക്കാര്യത്തിൽ അ
ന്യായം ചെയ്യുന്നവനെല്ലാം നിൻെറ ദൈവ
മായ കർത്താവിനു വെറുപ്പാകുന്നു.

നിങ്ങൾ മെസ്രേനിൽനിന്നു പുറപ്പെട്ടു 1
വരുമ്പോൾ വഴിയിൽ വച്ച് അമാലേക്
നിന്നോടു ചെയ്തതു, അവൻ ദൈവത്തെ 1
ഭയപ്പെടാതെ വഴിയിൽ നിനക്കെതിരെ വന്ന്
നീ ക്ഷീണിച്ചും തളർന്നും ഇരിക്കുമ്പോൾ
നിൻെറ പിമ്പിൽ, പിന്നണിയിലുള്ള ബല
ഹീനരെയെല്ലാം സംഹരിച്ച കാര്യം ഓർത്തു
കൊള്ളണം. ആകയാൽ നിൻെറ ദൈവ 1
മായ കർത്താവു നിനക്കു അവകാശമായി
തരുന്ന ദേശത്തിനു ചുററുമുള്ള നിൻെറ
സകല ശത്രുക്കളെയും നിൻെറ ദൈവമായ
കർത്താവ് നീക്കി നിനക്കു വിശ്രമം തരു
മ്പോൾ നീ അമാലേക്കിൻെറ സ്മരണ
പോലും ആകാശത്തിൻ കീഴിൽനിന്നു
മായിച്ചുകളയണം; ഇതു മറക്കരുത്.

അദ്ധ്യായം 26

നിൻെറ ദൈവമായ കർത്താവ് നിനക്കു 1
അവകാശമായി തരുന്ന ദേശത്ത് എത്തി
ച്ചേർന്ന് കൈവശമാക്കി അവിടെ പാർക്കു 2
മ്പോൾ നിൻെറ ദൈവമായ കർത്താവ്
നിനക്കു തരുന്ന ദേശത്തു നിൻെറ നില
ത്തിൽ വിളയുന്ന നിലത്തിലെ എല്ലാ
കൃഷിയുടെയും ആദ്യഫലം കുറെ എടുത്തു
ഒരു കൊട്ടയിൽ വച്ച് നിൻെറ ദൈവമായ
കർത്താവ് തൻെറ നാമം സ്ഥാപിപ്പാൻ
തിരഞ്ഞെടുക്കുന്ന സ്ഥലത്തേക്കു പോക
ണം. അന്നത്തെ പുരോഹിതൻെറ അടു 3
ക്കൽ നീ ചെന്ന് അയാളോട്: നമുക്ക് തരു
മെന്നു കർത്താവു നമ്മുടെ പിതാക്കന്മാ
രോടു സത്യംചെയ്ത ദേശത്തു ഞാൻ വന്നി
രിക്കുന്നു എന്നു അങ്ങയുടെ ദൈവമായ
കർത്താവിനോടു ഞാൻ ഇന്നു ഏററുപറ
യുന്നു എന്നു പറയണം. പുരോഹിതൻ 4
ആകട്ടെ നിൻെറ കൈയിൽനിന്നു വാങ്ങി
നിൻെറ ദൈവമായ കർത്താവിൻെറ യാഗ
പീഠമുമ്പാകെ വയ്ക്കണം. പിന്നെ നിൻെറ 5
ദൈവമായ കർത്താവിൻെറ സന്നിധിയിൽ
നീ ഇങ്ങനെ പറയണം: എൻെറ പിതാവു
ദേശം തോറും ചുററിത്തിരിയുന്ന അറാമ്യ
നായിരുന്നു; അവൻ മെസ്രേനിലേക്കു
ചെന്നു പരദേശിയായി പാർത്തു; അവിടെ
ബാഹുല്യവും ബലവും ശക്തിയുമുള്ള
ജനമായിത്തീർന്നു. എന്നാൽ മെസ്രേന്യർ
ഞങ്ങളോടു തിന്മ ചെയ്തു ഞങ്ങളെ 6
പീഡിപ്പിച്ചു ഞങ്ങളെക്കൊണ്ടു കഠിന
വേല ചെയ്യിച്ചു. അപ്പോൾ ഞങ്ങൾ 7
ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ
കർത്താവിനോടു നിലവിളിച്ചു; ദൈവം
ഞങ്ങളുടെ നിലവിളി കേട്ട്, ഞങ്ങ

ളുടെ ദുരിതവും പ്രയാസവും ഞെരുക്കവും
8 കണ്ടു. കർത്താവ് ബലമുള്ള കയ്യാലും
ഉന്നത ഭുജത്താലും മഹാഭയങ്കര പ്രവൃ
ത്തിയോടും അടയാളങ്ങളോടും അത്ഭുത
ങ്ങളോടും കൂടെ ഞങ്ങളെ മെസ്രേനിൽ
9 നിന്നു പുറപ്പെടുവിച്ചു. ഞങ്ങളെ ഈ
സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുവന്നു; പാലും
തേനും ഒഴുകുന്ന ഈ ദേശം ഞങ്ങൾക്ക്
10 തന്നിരിക്കുന്നു. ഇതാ, കർത്താവേ നീ
എനിക്കു തന്നിട്ടുള്ള നിലത്തിലെ ആദ്യ
ഫലം ഞാൻ ഇപ്പോൾ കൊണ്ടുവന്നിരി
ക്കുന്നു. പിന്നെ നീ അതു നിൻെറ ദൈവ
മായ കർത്താവിൻെറ സന്നിധിയിൽവച്ചു
നിൻെറ ദൈവത്തിൻെറ സന്നിധിയിൽ
11 നമസ്കരിക്കണം. നിൻെറ ദൈവമായ
കർത്താവ് നിനക്കും നിൻെറ കുടുംബ
ത്തിനും തന്നിട്ടുള്ള എല്ലാ നന്മയിലും നീയും
ലേവ്യനും നിങ്ങളുടെ മദ്ധ്യേയുള്ള പരദേ
ശിയും സന്തോഷിക്കണം.
12 ദശാംശം എടുക്കുന്ന കാലമായ മൂന്നാം
സംവത്സരത്തിൽ നിൻെറ വരുമാനത്തി
ലെല്ലാം ദശാംശം എടുത്ത് ലേവ്യനും പര
ദേശിയും അനാഥനും വിധവയും നിൻെറ
പട്ടണങ്ങളിൽ വച്ച് തൃപ്തിയാംവണ്ണം ഭക്ഷി
13 പ്പാൻ കൊടുത്തു തീർന്നശേഷം നിൻെറ
ദൈവമായ കർത്താവിൻെറ സന്നിധിയിൽ
നീ ഇങ്ങനെ പറയണം: അവിടുന്നു
എന്നോടു കല്പിച്ചിട്ടുള്ള കല്പനപ്രകാരം
ഞാൻ വിശുദ്ധമായത് എൻെറ വീട്ടിൽനിന്നു
കൊണ്ടുവന്ന് ലേവ്യനും പരദേശിയ്ക്കും
അനാഥനും വിധവയ്ക്കും കൊടുത്തിരിക്കു
ന്നു; ഞാൻ നിൻെറ കല്പന ലംഘിക്കുക
14 യോ മറക്കുകയോ ചെയ്തിട്ടില്ല. എൻെറ വിഷ
മത്തിൽ ഞാൻ അതിൽനിന്ന് തിന്നിട്ടില്ല;
അശുദ്ധനായിരുന്നപ്പോൾ ഞാൻ അതിൽ
സ്പർശിച്ചിട്ടില്ല; മരിച്ചവനായി അതിൽനിന്ന്
ഒന്നും കൊടുത്തിട്ടുമില്ല; ഞാൻ എൻെറ
ദൈവമായ കർത്താവിൻെറ വാക്ക് അനുസ
രിച്ച് അങ്ങ് എന്നോടു കല്പിച്ചതുപോലെ
15 എല്ലാം ചെയ്തിരിക്കുന്നു. നിൻെറ വിശുദ്ധ
വാസസ്ഥലമായ സ്വർഗ്ഗത്തിൽനിന്നു
നോക്കണമെ; നിൻെറ ജനമായ ഇസ്രായേ
ലിനെയും നീ ഞങ്ങളുടെ പിതാക്കന്മാരോടു
വാഗ്ദാനം ചെയ്തതുപോലെ ഞങ്ങൾക്കു
നൽകിയ പാലും തേനും ഒഴുകുന്ന ദേശ
ത്തെയും അനുഗ്രഹിക്കണമേ.
16 ഈ നിയമങ്ങളും വിധികളും അനുഷ്ഠി
പ്പാൻ നിൻെറ ദൈവമായ കർത്താവ് ഇന്നു
നിന്നോടു കല്പിക്കുന്നു; നീ അവയെ
പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും
അനുസരിച്ചു നടക്കണം. കർത്താവ് നിന 17
ക്കു ദൈവമായിരിക്കുമെന്നും നീ അവൻെറ
വഴികളിൽ നടന്ന് അവൻെറ നിയമങ്ങളും
കല്പനകളും വിധികളും അനുസരിച്ച്
അവൻെറ വചനം അനുസരിക്കണമെന്നും
നീ ഇന്നു തിരുവിഷ്ടം കേട്ടിരിക്കുന്നു.
കർത്താവ് അരുളിച്ചെയ്തപോലെ നീ 18
അവന് പ്രിയജനമായി അവൻെറ കല്പന
കളെല്ലാം അനുസരിച്ച് നടക്കണം. താൻ
സൃഷ്ടിച്ച സകല ജാതികൾക്കും ഉപരി 19
യായി നിന്നെ മഹിമയ്ക്കും കീർത്തിക്കും
ബഹുമാനത്തിന്നുമായി ഉയർത്തുവാൻ,
താൻ കല്പിച്ചതു പോലെ നിൻെറ ദൈവ
മായ കർത്താവിന്നു നീ വിശുദ്ധ ജന
മായിരിക്കും.

അദ്ധ്യായം 27

മോശ ഇസ്രായേൽ മൂപ്പന്മാരോടു കൂടെ 1
ജനത്തോടു കല്പിച്ചു: ഞാൻ ഇന്നു നിങ്ങ
ളോടു ആജ്ഞാപിക്കുന്ന സകല കല്പനക
ളും അനുസരിക്കണം. നിങ്ങൾ യോർദ്ദാൻ 2
കടന്ന് നിൻെറ ദൈവമായ കർത്താവ് നിന
ക്കു തരുന്ന ദേശത്തു എത്തുന്ന ദിവസം
നീ വലിയ കല്ലുകൾ നാട്ടി അവയ്ക്കു 3
കുമ്മായം പൂശണം. നിൻെറ പിതാക്കന്മാ
രുടെ ദൈവമായ കർത്താവ് നിന്നോട്
വാഗ്ദത്തം ചെയ്തതുപോലെ നിൻെറ
ദൈവമായ കർത്താവ് നിനക്കു തരുന്ന
പാലും തേനും ഒഴുകുന്ന ദേശത്തു എത്തു
വാൻ കടന്നശേഷം നീ ഈ ന്യായപ്രമാണ
ത്തിൻെറ വചനങ്ങളെല്ലാം അവമേൽ എഴു
തണം. ആകയാൽ നിങ്ങൾ യോർദ്ദാൻ 4
കടന്നശേഷം ഞാൻ ഇന്നു നിങ്ങളോടു
കൽപിക്കുന്ന ഈ കല്ലുകൾ ഏബാൽ പർവ്വ
തത്തിൽ നാട്ടുകയും അവയ്ക്കു കുമ്മായം
പൂശുകയും വേണം. അവിടെ നിൻെറ 5
ദൈവമായ കർത്താവിന് കല്ലുകൊണ്ടു ഒരു
യാഗപീഠം പണിയണം; അതിന്മേൽ ഇരുമ്പു
തൊടരുതു. ചെത്താത്ത കല്ലുകൊണ്ടു 6
നിൻെറ ദൈവമായ കർത്താവിൻെറ യാഗ
പീഠം പണിയണം; അതിന്മേൽ നിൻെറ
ദൈവമായ കർത്താവിന് ഹോമയാഗങ്ങൾ
അർപ്പിക്കണം. സമാധാനയാഗങ്ങളും 7
അർപ്പിച്ച് അവിടെവച്ചു ഭക്ഷിക്കുകയും
നിൻെറ ദൈവമായ കർത്താവിൻെറ സന്നി
ധിയിൽ സന്തോഷിക്കുകയും വേണം. ആ 8
കല്ലുകളിൽ ഈ ന്യായപ്രമാണത്തിൻെറ
വചനങ്ങളെല്ലാം വ്യക്തമായി എഴുതണം.
മോശയും ലേവ്യരായ പുരോഹിതന്മാരും 9
എല്ലാ ഇസ്രായേലിനോടും പറഞ്ഞു:

ഇസ്രായേലേ, ശ്രദ്ധിച്ചു കേൾക്കുക;
ഇന്നു നീ നിന്റെ ദൈവമായ കർത്താ
10 വിന്റെ ജനമായി തീർന്നിരിക്കുന്നു. ആക
യാൽ നിന്റെ ദൈവമായ കർത്താവിന്റെ
വാക്ക് അനുസരിച്ച്, ഞാൻ ഇന്നു നിന്നോടു
ആജ്ഞാപിക്കുന്ന അവന്റെ കല്പന
11 കളും നിയമങ്ങളും ആചരിക്കണം. അന്നു
മോശ വീണ്ടും ജനത്തോടു കല്പിച്ചതു:
12 നിങ്ങൾ യോർദ്ദാൻ കടന്നശേഷം ജനത്തെ
അനുഗ്രഹിപ്പാൻ ഗെരിസ്സീംപർവ്വതത്തിൽ
താഴെപ്പറയുന്നവർ നില്ക്കണം: ശെമെയോൻ,
ലേവി, യെഹൂദ, ഇസാഖാർ, യൗസേഫ്,
13 ബെന്യാമീൻ. ശപിപ്പാനായി ഏബാൽ
പർവ്വതത്തിൽ നില്ക്കേണ്ടുന്നവർ: രൂബൻ,
ഗാദ്, ആശേർ, സെബുലൂൻ, ദാൻ, നഫ്താ
14 ലി. അപ്പോൾ ലേവ്യർ എല്ലാ ഇസ്രായേല്യ
രോടും ഉറച്ചു വിളിച്ചു പറയേണ്ടത് എന്തെ
15 ന്നാൽ: ശില്പിയുടെ പണിയായി കർത്താ
വിനു അറപ്പായ വല്ല വിഗ്രഹവും കൊത്തി
യോ വാർത്തോ ഉണ്ടാക്കി രഹസ്യമായി
പ്രതിഷ്ഠിക്കുന്നവൻ ശപിക്കപ്പെട്ടവൻ. ജന
മെല്ലാം ആമീൻ എന്നു ഉത്തരം പറയണം.

16 അപ്പനെയോ അമ്മയെയോ നിന്ദിക്കു
ന്നവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം:
ആമീൻ എന്നു പറയണം.

17 കൂട്ടുകാരന്റെ അതിർത്തി മാറ്റുന്നവൻ
ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമീൻ എന്നു
പറയണം.

18 കുരുടനെ വഴി തെറ്റിക്കുന്നവൻ ശപിക്ക
പ്പെട്ടവൻ. ജനമെല്ലാം ആമീൻ എന്നു
പറയണം.

19 പരദേശിയുടെയും അനാഥന്റെയും
വിധവയുടെയും ന്യായം മറിച്ചുകളയുന്ന
വൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമീൻ
എന്നു പറയണം.

20 പിതൃഭാര്യയോടുകൂടെ ശയിക്കുന്നവൻ
പിതൃവസ്ത്രംനീക്കിയതുകൊണ്ടു ശപിക്കപ്പെ
ട്ടവൻ. ജനമെല്ലാം ആമീൻ എന്നു പറയണം.

21 ഏതെങ്കിലും മൃഗത്തോടുകൂടെ ശയി
ക്കുന്നവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം
ആമീൻ എന്നു പറയണം.

22 അപ്പന്റെ മകളോ അമ്മയുടെ മകളോ
ആയ സഹോദരിയോടുകൂടെ ശയിക്കുന്ന
വൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമീൻ
എന്നു പറയണം.

23 അമ്മാവിയമ്മയോടുകൂടെ ശയിക്കുന്ന
വൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമീൻ
എന്നു പറയണം.

24 കുറ്റമില്ലാത്ത രക്തത്തെ കൊല്ലുവാൻ
കൈക്കൂലി വാങ്ങുന്നവൻ ശപിക്കപ്പെട്ട
വൻ. ജനമെല്ലാം ആമീൻ എന്നു പറയണം.

കൂട്ടുകാരനെ രഹസ്യമായി കൊല്ലുന്ന
വൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമീൻ
എന്നു പറയണം.

ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ 25
പ്രമാണമാക്കി അനുസരിച്ച് നടക്കാത്തവൻ
ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമീൻ എന്നു
പറയണം.

അദ്ധ്യായം 28

നിന്റെ ദൈവമായ കർത്താവിന്റെ 1
വാക്കു നീ സശ്രദ്ധം കേട്ടു, ഞാൻ ഇന്നു
നിന്നോടു നിർദ്ദേശിക്കുന്ന അവന്റെ
സകല കല്പനകളും അനുസരിച്ചു നട
ന്നാൽ നിന്റെ ദൈവമായ കർത്താവ്
നിന്നെ ഭൂമിയിലുള്ള സകല ജാതികൾക്കും
ഉപരിയായി ഉന്നതനാക്കും. നിന്റെ ദൈവ 2
മായ കർത്താവിന്റെ വാക്കു കേട്ടനുസരി
ച്ചാൽ ഈ അനുഗ്രഹങ്ങളെല്ലാം നിനക്കു
സിദ്ധിക്കും: നഗരത്തിൽ നീ അനുഗ്രഹിക്ക 3
പ്പെടും; വയലിൽ നീ അനുഗ്രഹിക്കപ്പെടും.
നിന്റെ ഗർഭഫലവും കൃഷിഫലവും മൃഗ 4
ങ്ങളുടെ ഫലവും നിന്റെ കന്നുകാലിക
ളുടെ പ്രസവവും ആടുകളുടെ പ്രസവവും
അനുഗ്രഹിക്കപ്പെടും. നിന്റെ കൊട്ടയും 5
മാവു കുഴയ്ക്കുന്ന പാത്രവും അനുഗ്രഹിക്ക
പ്പെടും. അകത്തു പ്രവേശിക്കുമ്പോൾ നീ 6
അനുഗ്രഹിക്കപ്പെടും. പുറത്തേക്കു പോകു
മ്പോൾ നീ അനുഗ്രഹിക്കപ്പെടും. നിന്നോടു 7
എതിർക്കുന്ന ശത്രുക്കളെ ദൈവം നിന്റെ
മുമ്പിൽ പരാജിതരാക്കും; അവർ ഒരു വഴി
യായി നിനക്കെതിരെ വരും; ഏഴു വഴി
യായി നിന്റെ മുമ്പിൽനിന്നു ഓടിപ്പോകും.
കർത്താവ് നിന്റെ കളപ്പുരകളിലും നീ 8
സപർശിക്കുന്ന എല്ലാറ്റിലും നിനക്കു അനു
ഗ്രഹം നൽകും; നിന്റെ ദൈവമായ കർത്താ
വ് നിനക്കു തരുന്ന ദേശത്ത് അവൻ നിന്നെ
അനുഗ്രഹിക്കും. നിന്റെ ദൈവമായ 9
കർത്താവിന്റെ കല്പനകൾ അനുസരിച്ച്
അവന്റെ പാതകളിൽ നടന്നാൽ കർത്താവ്
നിന്നോടു വാഗ്ദാനം ചെയ്തതുപോലെ
നിന്നെ തനിക്ക് വിശുദ്ധജനമാക്കും. കർത്തൃ 10
നാമം നിന്റെ മേൽ വിളിച്ചിരിക്കുന്നു എന്ന്
ഭൂമിയിലുള്ള സകല ജാതികളും കണ്ട് നി
ന്നെ ഭയപ്പെടും. നിനക്കു തരുമെന്ന് ദൈവം 11
നിന്റെ പിതാക്കന്മാരോടു വാക്കു പറഞ്ഞ
ദേശത്തു കർത്താവ് നിന്റെ നന്മയ്ക്കായി
ഗർഭഫലത്തിലും കന്നുകാലികളുടെ
ഫലത്തിലും നിന്റെ നിലത്തിലെ ഫലത്തി
ലും നിനക്കു സമൃദ്ധിയേകും. വേണ്ട സമയ 12

ു നിന്റെ ദേശത്തിൽ മഴ തരുവാനും
ന്റെ വേലയെല്ലാം അനുഗ്രഹിപ്പാനും
ർത്താവ് നിനക്കായി തന്റെ നല്ല ഭണ്ഡാ
ായ ആകാശം തുറക്കും; നീ അനേകം
തികൾക്കു വായ്പ കൊടുക്കും; എന്നാൽ
യോ വായ്പ വാങ്ങുകയില്ല. ഞാൻ ഇ
ു നിന്നോടു ആജ്ഞാപിക്കുന്ന നിന്റെ
ദവമായ കർത്താവിന്റെ കല്പനകൾ
ട്ടു അനുസരിച്ചു നടന്നാൽ കർത്താവു
ന്നെ വാലല്ല, ശിരസ്സാക്കി തീർക്കും. നീ
നതനാകും. താഴുകയില്ല. ഇന്നു ഞാൻ
ന്നോടു കല്പിക്കുന്ന വചനങ്ങളിൽ
തെങ്കിലും തിരസ്കരിച്ച്, അന്യദേവ
ാരെ അനുഗമിച്ച് ആരാധിപ്പാനായി നീ
ലത്തോട്ടോ, ഇടത്തേക്കോ തിരിയരുത്.
നിന്റെ ദൈവമായ കർത്താവിന്റെ
ാക്ക് അനുസരിച്ച് ഞാൻ ഇന്നു നിന്നോടു
ജ്ഞാപിക്കുന്ന അവന്റെ കല്പന
ളും നിയമങ്ങളും അനുസരിച്ചു നടക്കാ
രുന്നാലോ, ഈ ശാപമെല്ലാം നിന്റെ
ൽ വരും. നഗരത്തിൽ നീ ശപ്തനാ
രിക്കും; വയലിലും ശാപഗ്രസ്തനായി
ക്കും. നിന്റെ കുട്ടയും മാവു കുഴയ്ക്കുന്ന
ൊട്ടിയും. ശപിക്കപ്പെട്ടതായിരിക്കും.
ന്റെ ഗർഭഫലവും കൃഷി അനുഭവവും,
ന്നുകാലി, ആട് എന്നിവയുടെ ഉൽപാ
നവും ശപ്തമായിരിക്കും. അകത്തു
ടക്കുമ്പോഴും, പുറത്തു പോകുമ്പോഴും
ീ ശപ്തനായിരിക്കും. എന്നെ പരിത്യജിച്ച്
ീ ചെയ്ത, ദുഷ്കർമ്മങ്ങൾ മൂലം നീ വേഗം
ശിക്കും. നിന്റെ കൈ സ്പർശിക്കുന്ന
ല്ലാറ്റിലും കർത്താവ് ശാപവും സംഭ്ര
വും ഉപദ്രവവും അയയ്ക്കും. നീ ജയിച്ചട
ുവാൻ എത്തുന്ന ദേശത്തു നിന്നു നിന്നെ
ംഹരിക്കും. ദൈവം നിന്റേമേൽ സാംക്ര
ക രോഗം വരുത്തും. ക്ഷയരോഗം, പനി,
ുകച്ചിൽ, അത്യുഷ്ണം, വരൾച്ച, വെൺ
തിർ, വിഷക്കാറ്റ് എന്നിവയാൽ ദൈവം
ിന്നെ ശിക്ഷിക്കും. നീ നാശം കാണുന്നതു
രെ അവ നിന്നെ പിന്തുടർന്നുകൊണ്ടിരി
ും. നിന്റെ തലയ്ക്കുപരിയുള്ള ആകാശം
ചമ്പും, കീഴെയുള്ള ഭൂമി ഇരുമ്പും
ോലിരിക്കും. പൊടിയും പൂഴിയുമായിരി
ും നിന്റെ ദേശത്തു പെയ്യുന്നത്. നീ നശി
ുംവരെ അവ ആകാശത്തുനിന്നു നിന്റെ
ൽ പൊഴിഞ്ഞു വീണുകൊണ്ടിരിക്കും.
ത്രുക്കൾ മുമ്പാകെ ദൈവം നിന്നെ പരാജി
നാക്കും. നീ ഒരു വഴിയായി അവർക്കെതി
ചെല്ലും. ഏഴുവഴിയായി അവരുടെ മു
ിൽ നിന്നും തോറ്റോടും. ഭൂമിയിലെ സർവ്വ
രാജ്യങ്ങളിലേക്കും നീ ചിതറിപ്പോകും.
ആകാശത്തിലെ പക്ഷികൾക്കും ഭൂമി 26
യിലെ മൃഗങ്ങൾക്കും നിന്റെ ശവം ഇര
യാകും. അവയെ ആട്ടിയോടിക്കുവാൻ
ആരും ഉണ്ടാകുകയില്ല. മെസ്രേനിലെ ബാ 27
ധകളായ പരുക്കൾ, മൂലവ്യാധി, കുഷ്ഠം,
ചിരങ്ങ് എന്നിവയാൽ ദൈവം നിന്നെ
ശിക്ഷിക്കും. അവ സൌഖ്യമാകുകയില്ല.
ഭ്രാന്തും, അന്ധതയും, മനോവിഭ്രമവുംകൊ 28
ണ്ട് ദൈവം നിന്നെ ശിക്ഷിക്കും. അന്ധൻ
അന്ധകാരത്തിൽ എന്നതുപോലെ നീ 29
നട്ടുച്ചയ്ക്ക് തപ്പിത്തപ്പി നടക്കും. നീ പോ
കുന്ന ഒരിടത്തും നിനക്കു ശുഭം വരികയില്ല.
സദാ, നീ പീഡിതനും അപഹൃതനുമായി
കഴിയും. നിനക്കു രക്ഷയ്ക്ക് ആരുമുണ്ടാകു
കയില്ല. നീ ഒരു സ്ത്രീയുമായി വിവാഹ 30
നിശ്ചയം നടത്തും; പക്ഷേ മറ്റാരെങ്കിലുമാ
യിരിക്കും അവളെ പരിഗ്രഹിക്കുന്നത്. നീ
വീടു പണിയിക്കും. എന്നാൽ അതിൽ പാർ
പ്പുണ്ടാകുകയില്ല. നീ മുന്തിരിത്തോപ്പുണ്ടാ
ക്കും; അതിന്റെ വീഞ്ഞ് നീ കുടിക്കുകയി
ല്ല. നിന്റെ കൺമുമ്പിൽവച്ചു നിന്റെ കാള 31
യെ അറുക്കും; എന്നാൽ നീയോ അതിന്റെ
മാംസം ഭക്ഷിക്കുകയില്ല! നിന്റെ മുമ്പിൽ
നിന്നുതന്നെ നിന്റെ കഴുതയെ പിടിച്ചു
കൊണ്ടുപോകും. അതിനെ തിരികെ കിട്ടു
കയില്ല. നിന്റെ ആടുകൾ ശത്രുക്കളുടെ
കൈവശമാകും; എന്നാൽ അവയെ വിടുവി
ച്ചെടുക്കുവാൻ ആരും സഹായത്തിന്നു
ണ്ടാകുകയില്ല. നിന്റെ പുത്രീപുത്രന്മാർ 32
വിജാതികൾക്കു അടിമകളാകും. എപ്പോഴും
നിന്റെ കണ്ണ് അവരെ നോക്കിയിരുന്ന്
വിഷാദിക്കും; പക്ഷെ നിനക്കു യാതൊന്നും
സാദ്ധ്യമാകുകയില്ല. നിന്റെ കൃഷിയിലെ 33
വിളവും നിന്റെ സർവ്വ അദ്ധ്വാനഫലവും
നീ അറിഞ്ഞിട്ടില്ലാത്ത വിജാതിയർ അനു
ഭവിക്കും. എന്നാലും, നീ പീഡിതനും ക്ലേശ
ബാധിതനുമായിരിക്കും. സ്വന്ത കണ്ണു 34
കൊണ്ടു കാണുന്ന കാഴ്ചകളാൽതന്നെ
നിനക്കു ഭ്രാന്തു പിടിക്കും. സുഖപ്പെടാത്ത 35
വ്രണങ്ങളാൽ, ഉള്ളങ്കാൽ മുതൽ നിറുക
വരെ ദൈവം നിന്നെ ശിക്ഷിക്കും. ദൈവം, 36
നിന്നേയും, നിന്റേമേൽ നിയമിതനായ
രാജാവിനെയും. നീയോ നിന്റെ പിതാക്ക
ന്മാരോ അറിഞ്ഞിട്ടില്ലാത്ത ജാതിക്ക് അടിമ
കളാക്കും. അവിടെ തടിയും, കല്ലുമായ
ദേവന്മാരെ നീ ആരാധിക്കും. കർത്താവു 37
നിന്നെ ചിതറിക്കുന്ന സർവ്വ ജാതി
കളുടെയും മദ്ധ്യേ നീ സംഭ്രമത്തിനും പഴം
ചൊല്ലിനും, പരിഹാസത്തിനും പാത്രമാകും.

38 വിത്തു ധാരാളമായി നീ നിലത്തിലേക്കു
കൊണ്ടുപോകും; പക്ഷെ വെട്ടുക്കിളി
തിന്നുകളയുന്നതുകൊണ്ട് കൊയ്യുന്നത്
അല്പം മാത്രമായിരിക്കും. നിൻെറ മുന്തിരി
ത്തോപ്പിൽ നീ വേണ്ട ശുശ്രൂഷകൾ ചെയ്യും;
39 എന്നാൽ പുഴു നശിപ്പിക്കുന്നതിനാൽ;
പഴം ശേഖരിക്കുകയില്ല; വീഞ്ഞു കുടി
40 ക്കുകയുമില്ല! നാടാകെ ഒലിവു മരങ്ങൾ
ഉണ്ടായിരിക്കും; എന്നാലും നീ എണ്ണ
തേക്കുകയില്ല. അതിൻെറ തളിരു കൊഴി
41 ഞ്ഞുപോകും. നീ പുത്രന്മാരെയും പുത്രി
മാരെയും ജനിപ്പിക്കും. പക്ഷെ, അവർ
നിനക്ക് ഉപകരിക്കുകയില്ല. അവർ അടിമ
42 വാസത്തിനു പോകേണ്ടിവരും. നിൻെറ മര
43 ങ്ങളും കൃഷിഫലവും പുഴു തിന്നും. നിൻെറ
മദ്ധ്യെയുള്ള പരദേശി, നിനക്കുപരിയായി
44 ഉയരും, നീ താണുപോകും. അവൻ നിന
ക്കു വായ്പ തരുന്ന കാലംവരും. അവനു
വായ്പ കൊടുക്കുവാൻ നിനക്കോ ഒന്നു
മുണ്ടായിരിക്കുകയില്ല. അവൻ തല, നീ
45 വാൽ, ആയിരിക്കും. നിൻെറ ദൈവമായ
കർത്താവിൻെറ കല്പനകളും നിയമങ്ങളും
അനുസരിച്ചു പ്രവർത്തിക്കായ്ക നിമിത്തം
ഈ ശാപമെല്ലാം നിൻെറ മേൽ വരും. നീ
നശിക്കുന്നതുവരെ അവ നിന്നെ പിന്തു
46 ടരും. അവ നിനക്കും നിൻെറ സന്തതിക്കും
അടയാളവും അത്ഭുതവുമായി സ്ഥിതി
47 ചെയ്യും. വസ്തുവകകളുടെ ആധിക്യം
മൂലം നീ അഹങ്കരിച്ച് നിൻെറ ദൈവമായ
കർത്താവിനെ ഉത്സാഹപൂർവ്വവും ഹൃദയാ
നന്ദത്തോടും കൂടി ആരാധിക്കാതിരുന്ന
48 തിനാൽ ദൈവം നിനക്കെതിരായി അയ
യ്ക്കുന്ന ശത്രുക്കളെ നീ വിശപ്പോടും
ദാഹത്തോടും നഗ്നതയോടും, സർവ്വവിധ
ദുരിതത്തോടുംകൂടെ സേവിക്കേണ്ടിവരും.
നിന്നെ നശിപ്പിക്കുന്നതുവരെ അവൻ
നിൻെറ കഴുത്തിൽ ഒരു ഇരുമ്പുനുകം
49 വയ്ക്കും. കഴുകൻ പറന്നു വരുന്നതുപോ
ലെ, ഒരു ജനതയെ ഭൂസീമകളിൽനിന്നു
നിൻെറമേൽ വരുത്തും. നിനക്കറിഞ്ഞു
കൂടാത്ത ഭാഷ സംസാരിക്കുന്ന ജാതിയാ
50 യിരിക്കും അത്. വൃദ്ധനെ ബഹുമാനിക്ക
യോ ബാലനോട് ദയകാണിക്കയോ ഇല്ലാ
51 ത്ത ഭയങ്കരമായ ഒരു ജാതിയാണവർ. അവർ
നിൻെറ കൃഷിവിളവും, നിൻെറ മൃഗ
ങ്ങളെയും, നീ നശിക്കുന്നതുവരെ ഭക്ഷി
ക്കും. അവർ നിനക്ക് ഉന്മൂലനാശം വരു
ന്നതുവരെ, ധാന്യം, വീഞ്ഞ്, എണ്ണ, നിൻെറ
ആടുമാടുകൾ ഇവയൊന്നും നിനക്കായി
52 ശേഷിപ്പിക്കുകയില്ല. നിൻെറ ദേശമാകെ, നീ
ആശ്രയിച്ചിരിക്കുന്ന ഉയർന്ന ശക്തമായ
കോട്ടകൾ വീഴുംവരെ, അവർ, നിൻെറ എ
എല്ലാ നഗരങ്ങളിലും നിന്നെ ഉപദ്രവിയ്ക്കും
നിൻെറ ദൈവമായ കർത്താവു നിനക്കു
നൽകിയ ദേശത്ത് എല്ലാ നഗരങ്ങളിലും
അവർ നിന്നെ നിരോധിക്കും. ശത്രു നിന്നെ 53
പീഡിപ്പിക്കുന്ന നിരോധനത്തിലും, വേദന
യിലും, നിൻെറ ദൈവമായ കർത്താവ് നിന
ക്കു തന്നിരിക്കുന്നവരായി നിന്നിൽനിന്നു
ജാതരായ പുത്രീപുത്രന്മാരുടെ മാംസവും
നീ തിന്നേണ്ടിവരും. നിങ്ങളിൽ സുഭഗനും, 54
സുഖഭോഗിയുമായവൻ, അവൻെറ സഹോ
ദരനോടും പ്രിയപ്പെട്ട ഭാര്യയോടും, തനിക്കു
ശേഷിച്ചുള്ള മക്കളോടുംപോലും ലുബ്ധു
കാണിക്കും. അവൻ തിന്നുകൊണ്ടിരിക്കുന്ന 55
സ്വന്തമക്കളുടെ മാംസത്തിൽ നിന്നും, അവ
രിൽ ആർക്കും അല്പംപോലും കൊടുക്കു
കയില്ല. നിൻെറ സർവ്വ നഗരങ്ങളിലും ശത്രു
നിന്നെ പീഡിപ്പിക്കുന്ന ഞെരുക്കത്തിലും
നിരോധനത്തിലും അവന് യാതൊന്നും
ബാക്കിയുണ്ടായിരിക്കുകയില്ല. സുഭഗയും 56
സുന്ദരിയും തൻെറ കാൽ നിലത്തുവയ്ക്കു
വാൻ മടിക്കുന്നവളുമായ സുഖഭോഗിനി
തൻെറ പ്രിയഭർത്താവിനും തൻെറ മകനും
മകൾക്കും പോലും കൊടുക്കാതെ, തൻെറ
കാലുകളുടെ മദ്ധ്യേനിന്നു പുറപ്പെടുന്ന
മറുപിള്ളയെയും പ്രസവിച്ച കുഞ്ഞുങ്ങ
ളേയും കൊടുക്കാതെ, അവൾ ഞെരുക്ക 57
ത്തിലും നിരോധത്തിലും കഴിയുന്ന അക്കാ
ലത്ത് സർവ്വ വസ്തുക്കളുടെയും ദൗർലഭ്യം
നിമിത്തം അവരെ രഹസ്യമായി തനിയെ
തിന്നുകളയും. നിൻെറ ദൈവമായ കർത്താ 58
വിൻെറ മഹത്തും ഭയങ്കരവുമായ നാമത്തെ
ഭയപ്പെട്ട്, ഈ ഗ്രന്ഥത്തിൽ എഴുതിയിരി
ക്കുന്ന ന്യായപ്രമാണത്തിലെ സർവ്വവചന
ങ്ങളും പാലിച്ച് അനുസരിച്ചുനടക്കാതിരു
ന്നാൽ —കർത്താവ് നിൻെറ മേലും 59
സന്തതിമേലും നീണ്ടു നിൽക്കുന്ന തീരാ
ബാധകളും തീരാരോഗങ്ങളും വരുത്തും.
നിനക്കു വളരെ ഭയമുള്ള മെസ്രേനിലെ 60
എല്ലാ വ്യാധികളും അവൻ നിൻെറ മേലും
വരുത്തും. അവ നിന്നോട് ഒട്ടിച്ചേർന്നിരി
ക്കും. ഈ ന്യായപ്രമാണഗ്രന്ഥത്തിൽ 61
ലിഖിതമാകാത്ത സകല രോഗവും ശിക്ഷ
യും നീ നശിക്കുന്നതുവരെ ദൈവം
നിൻെറ മേൽ വരുത്തും. ആകാശത്തിലെ 62
നക്ഷത്രങ്ങൾപോലെ അസംഖ്യരായിരുന്ന
നിങ്ങൾ നിൻെറ ദൈവമായ കർത്താവി
ൻെറ വാക്ക് അനുസരിക്കാതിരുന്നാൽ,
ചുരുക്കം പേരായി അവശേഷിക്കും. ദൈവം 63

ങ്ങൾക്കു നന്മ ചെയ്യുവാനും നിങ്ങളെ
ർദ്ധിപ്പിക്കുവാനും നിങ്ങളിൽ പ്രസാദി
തുപോലെതന്നെ, നിങ്ങളെ നിർമ്മൂലം
ശിപ്പിക്കുവാനും അവനു പ്രസാദം
ാന്നി, നിങ്ങൾ കൈവശമാക്കുന്ന ദേശ
ുനിന്ന് നിങ്ങളെ സമൂലം പറിച്ചുകളയും.
തലത്തിന്റെ അറ്റംമുതൽ അറ്റംവരെ
ാതികളുടെ മദ്ധ്യേ നിന്നെ ചിതറിക്കും.
ിവിടെ നീയും നിന്റെ പിതാക്കന്മാരും
റിഞ്ഞിട്ടില്ലാത്ത കല്ലും മരവുംകൊണ്ടു
ള ദേവന്മാരെ നീ സേവിക്കും—ആ ജാതി
ളുടെ മദ്ധ്യേ നിനക്കു സ്വസ്ഥതയുണ്ടാ
ുകയില്ല. അവിടെ നിനക്കു ദൈവം തരു
ത് വിറയ്ക്കുന്ന ഹൃദയവും കാഴ്ച
ങ്ങിയ കണ്ണും, നിരാശാബോധവും ആയി
ക്കും. നിന്റെ ജീവൻ നിന്റെ മുമ്പിൽ
ൂങ്ങിക്കിടക്കും. രാവും പകലും നീ ഭയ
ത്തോടെ ജീവിക്കും. മരണഭയം നിന്നെ വിട്ടു
റുകയില്ല. നിന്റെ മനസ്സിലെ ഭയം നിമി
തവും, കണ്ണുമങ്ങിക്കാണുന്ന കാഴ്ച മൂല
ും—പ്രഭാതത്തിൽ സന്ധ്യയായെങ്കിൽ
തിയായിരുന്നുവെന്നും, സന്ധ്യക്ക്, നേര
ാന്നു വെളുത്തെങ്കിൽ മതിയായിരുന്നു
ന്നും നീ പറയും. നീ ഇനിയും കാണുക
ില്ല എന്നു ഞാൻ പറഞ്ഞിരുന്ന മാർഗ്ഗത്തി
ൂടെ കർത്താവു മെസ്രേനിലേക്കു നിന്നെ
പ്പൽ കയറ്റി തിരികെ കൊണ്ടുപോകും.
ാവിടെ നിങ്ങളെ ശത്രുക്കൾക്കു അടിമക
ായി വില്പനയ്ക്കു നിർത്തും. നിങ്ങളെ
ാങ്ങുവാനോ ആളുണ്ടാകുകയില്ല.
ഇസ്രായേൽ മക്കളോട് ഹോറേബിൽ
ച്ചു ദൈവം നൽകിയ നിയമത്തിനു പുറമെ,
ാവാബിൽവച്ച് നൽകുവാൻ ദൈവം
ാശയോടു കല്പിച്ച നിയമവചനങ്ങളാ
ുന്നു ഇവ.

അദ്ധ്യായം 29

എല്ലാ ഇസ്രായേല്യരെയും വിളിച്ചുകൂട്ടി
അവരോടു മോശ പറഞ്ഞു: മെസ്രേൻ ദേശ
ത്, നിങ്ങളുടെ കൺമുമ്പിൽ വച്ച് ഫറവോ
നോടും അവന്റെ ഭൃത്യസമൂഹത്തോടും
രാജ്യത്തോടും ചെയ്തതെല്ലാം നിങ്ങൾ
കണ്ടതാണല്ലോ. അവിടെ നിങ്ങൾ വലിയ
പരീക്ഷകൾ, അടയാളങ്ങൾ, അത്ഭുതങ്ങൾ
എല്ലാം സ്വന്തകണ്ണുകൊണ്ടു കണ്ടു. പക്ഷെ,
വിവേകമുള്ള മനസ്സും കാഴ്ചയുള്ള കണ്ണും,
കേൾവിയുള്ള ചെവിയും ഇന്നുവരെ ദൈവം
നിങ്ങൾക്കു തന്നിട്ടില്ല. നാല്പതു വർഷമാ
ന് അവൻ നിങ്ങളെ മരുഭൂമിയിലൂടെ നയി
ത്. എന്നിട്ടും നിങ്ങൾ ധരിച്ചിരുന്ന വസ്ത്രം
പഴകിയില്ല. കാലിലെ ചെരിപ്പുകൾ ജീർണ്ണി 5
ച്ചുമില്ല! ദൈവമായ ഞാനാകുന്നു നിങ്ങ
ളുടെ കർത്താവ് എന്നു അറിയേണ്ടതിനായി
ഇക്കാലമെല്ലാം അപ്പം തിന്നില്ല; വീഞ്ഞു
കുടിച്ചുമില്ല! നിങ്ങൾ ഈ ദേശത്തു എത്തി 6
യപ്പോൾ ഹെശ്ബോൻ രാജാവായ സീഹോ
നും ബാശാൻരാജാവായ ഓഗും നമ്മുടെ
നേരെ യുദ്ധത്തിനു വന്നു. നാം അവരെ 7
തോല്പിച്ചു, അവരുടെ രാജ്യം പിടിച്ച്
രൂബേന്യർക്കും ഗാദ്യർക്കും മനശ്ശെയുടെ
പാതിഗോത്രത്തിന്നും അവകാശമായി
കൊടുത്തു. ആകയാൽ നിങ്ങൾക്കു എല്ലാം 8
സാധിതമാകുവാൻ ഈ നിയമത്തിന്റെ
വചനങ്ങൾ അനുസരിച്ച് നടപ്പിൻ.
ഇന്നു നിങ്ങളുടെ ഗോത്രത്തലവന്മാരും 9
മൂപ്പന്മാരും പ്രധാനികളും ഇസ്രായേൽ 10
പുരുഷന്മാരെല്ലാം, നിങ്ങളുടെ കുഞ്ഞു
ങ്ങൾ, ഭാര്യമാർ, നിന്റെ പാളയത്തിൽ
വിറകു കീറുകയും വെള്ളം കോരുകയും
ചെയ്യുന്ന പരദേശി ആദിയായ എല്ലാവരും 11
നിന്റെ ദൈവമായ കർത്താവ് നിന്നോടു
അരുളിച്ചെയ്തതുപോലെയും അബ്രാഹാം,
ഇസ്ഹാക്, യാക്കോബ് എന്ന നിന്റെ
പിതാക്കന്മാരോടു അവൻ സത്യംചെയ്തതു
പോലെയും ഇന്ന് നിന്നെ തനിക്കു ജനമാ
ക്കുവാനും താൻ നിനക്കു ദൈവമായിരി
ക്കുവാനും നിന്റെ ദൈവമായ കർത്താവ് 12
ഇന്നു നിന്നോടു ചെയ്യുന്ന ഉടമ്പടിയിലും
സത്യത്തിലും പ്രവേശിപ്പാൻ അവന്റെ
സന്നിധിയിൽ നില്ക്കുന്നു. ഞാൻ ഈ 13
ഉടമ്പടിയും സത്യവും ചെയ്യുന്നതു നിങ്ങ
ളോടു മാത്രമല്ല, ഇന്നു നമ്മോടുകൂടെ 14
നമ്മുടെ ദൈവമായ കർത്താവിന്റെ സന്നി
ധിയിൽ നില്ക്കുന്നവരോടും ഇന്നു ഇവിടെ
നമ്മോടു കൂടെ ഇല്ലാത്തവരോടും കൂടെ
അത്രെ. നാം മെസ്രേൻ ദേശത്തു എങ്ങനെ 15
പാർത്തു എന്നും നിങ്ങൾ ജാതികളുടെ
നടുവിൽ കൂടി എങ്ങനെ കടന്നു എന്നും
നിങ്ങൾക്കറിയാമല്ലോ. അവരുടെ മ്ലേച്ഛ 16
തകളും അവരുടെ ഇടയിൽ തടിയും കല്ലും
വെള്ളിയും പൊന്നുംകൊണ്ടുള്ള വിഗ്രഹ
ങ്ങളും നിങ്ങൾ കണ്ടിട്ടുണ്ട്. ആ ജാതിക 17
ളുടെ ദേവന്മാരെ സേവിക്കുവാനായി ഇന്നു
നമ്മുടെ ദൈവമായ കർത്താവിനെ വിട്ടു
മാറുവാൻ മനസ്സുള്ള ഒരു പുരുഷനും സ്ത്രീ
യും ഒരു വംശവും ഗോത്രവും നിങ്ങളിൽ
ഉണ്ടാകരുതു; നഞ്ചും കൈപ്പുമുള്ള ഫലം
കായ്ക്കുന്ന യാതൊരു വേരും അരുതു.
അങ്ങനെയുള്ളവൻ ഈ ശാപവചനങ്ങൾ 18
കേൾക്കുമ്പോൾ: വരണ്ടതും നനവുള്ളതും

ഒരുപോലെ നശിക്കേണ്ടതിന്നു ഞാൻ
എൻെറ ഹൃദയകാഠിന്യപ്രകാരം നടന്നാലും
എനിക്കു ശുഭമായിരിക്കും എന്നു പറഞ്ഞു
തൻെറ ഹൃദയത്തിൽ തന്നെത്താൻ അനു
19 ഗ്രഹിക്കും. അവനോടു ക്ഷമിപ്പാൻ കർത്താ
വിനു മനസ്സുവരാതെ ദൈവകോപവും
തീക്ഷ്ണതയും അവൻെറ നേരെ ജ്വലിക്കും;
ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന
ശാപമെല്ലാം അവൻെറമേൽ വരും; കർത്താ
വ് ആകാശത്തിൻ കീഴിൽ നിന്നു അവൻെറ
20 പേരു മായിച്ചുകളയും. ഈ ന്യായപ്രമാണ
പുസ്തകത്തിൽ എഴുതിയിരിക്കുന്ന നിയമ
ത്തിലെ സകല ശാപങ്ങൾക്കുമായി കർത്താ
വ് ഇസ്രായേലിൻെറ സകല ഗോത്രങ്ങ
ളിൽനിന്നും അവനെ നാശത്തിന്നായി
21 വേർതിരിക്കും. നിങ്ങളുടെ ശേഷം വരുന്ന
തലമുറയായ നിങ്ങളുടെ മക്കളും ദൂര
ദേശത്തു നിന്നു വരുന്ന അന്യനും ദേശ
ത്തിലെ ശിക്ഷകളും കർത്താവ് അവിടെ
22 വരുത്തിയ രോഗങ്ങളും കർത്താവ് തൻെറ
കോപത്തിലും ക്രോധത്തിലും സൊദോം,
ഓമോറാ, അദമ, സെബോയീം എന്ന
പട്ടണങ്ങളെ നശിപ്പിച്ചതുപോലെ വിതയും
വിളവും ഇല്ലാതെയും പുല്ലുപോലും മുള
23 യ്ക്കാതെയും ഗന്ധകവും ഉപ്പും കത്തുന്ന
ദേശമെല്ലാം കാണുമ്പോൾ കർത്താവ് ഈ
ദേശത്തോടു ഇങ്ങനെ ചെയ്തതു എന്തു?
ഈ മഹാക്രോധാഗ്നിയുടെ കാരണം എന്ത്
എന്നു സകല ജാതികളും ചോദിക്കും.
24 അതിന് മറുപടി എന്തെന്നാൽ: അവരുടെ
പിതാക്കന്മാരുടെ ദൈവമായ കർത്താവ്
അവരെ മെസ്രേൻ ദേശത്തുനിന്നു പുറ
പ്പെടുവിച്ചപ്പോൾ അവരോടു ചെയ്തിരുന്ന
25 നിയമം അവർ ഉപേക്ഷിച്ചു; തങ്ങൾ അറി
യുകയോ തങ്ങൾക്കു അനുവദിച്ചു കിട്ടു
കയോ ചെയ്തിട്ടില്ലാത്ത ദേവന്മാരെ അവർ
ചെന്നു സേവിക്കുകയും ആരാധിക്കുകയും
26 ചെയ്തു. അങ്ങനെ ഈ പുസ്തകത്തിൽ
എഴുതിയിരിക്കുന്ന ശാപമെല്ലാം ഈ ദേശ
ത്തിന്മേൽ വരുത്തത്തക്കവണ്ണം ദൈവ
27 കോപം അതിനെതിരായി ജ്വലിച്ചു. കർത്താ
വ് കോപത്തോടും ക്രോധത്തോടും വലിയ
വെറുപ്പോടുംകൂടെ അവരെ അവരുടെ ദേശ
ത്തുനിന്ന് പറിച്ചുകളയുകയും ഇന്നു കാണു
ന്നതുപോലെ അവരെ അന്യദേശത്തേക്കു
28 തള്ളിവിടുകയും ചെയ്തു. മറഞ്ഞിരിക്കുന്ന
കാര്യങ്ങൾ എല്ലാം നമ്മുടെ ദൈവമായ
കർത്താവിനുള്ളതു; വെളിപ്പെട്ടിരിക്കുന്ന
വയോ നാം ഈ ന്യായപ്രമാണത്തിൻെറ
സകല വചനങ്ങളും അനുസരിച്ച് നടക്കേ
ണ്ടതിന് എന്നേക്കും നമുക്കും നമ്മുടെ
മക്കൾക്കും വെളിപ്പെട്ടവയാകുന്നു.

അദ്ധ്യായം 30

ഞാൻ നിൻെറ മുമ്പിൽ വച്ചിരിക്കുന്ന 1
അനുഗ്രഹവും ശാപവുമായ ഈ വചന
ങ്ങൾ എല്ലാം നിൻെറ മേൽ നിവൃത്തിയാ
യിട്ടു നിൻെറ ദൈവമായ കർത്താവ് നിന്നെ
തള്ളിക്കളഞ്ഞിട്ടുള്ള ജാതികളുടെ ഇട
യിൽവച്ചു നീ അവ നിൻെറ ഹൃദയത്തിൽ
ഓർത്ത് നിൻെറ ദൈവമായ കർത്തൃസന്നി 2
ധിയിലേക്കു തിരിഞ്ഞ് നീയും നിൻെറ
മക്കളും പൂർണ്ണഹൃദയത്തോടും പൂർണ്ണമന
സ്സോടും കൂടെ, ഞാൻ ഇന്നു നിന്നോടു
ആജ്ഞാപിക്കുന്നതുപോലെയെല്ലാം അവ
ൻെറ വാക്കു കേട്ടനുസരിച്ചാൽ നിൻെറ 3
ദൈവമായ കർത്താവ് നിൻെറ സ്ഥിതി
വ്യത്യസ്തമാക്കുകയും നിന്നോട് ദയ
തോന്നി നിങ്കലേക്കു തിരിയുകയും നിൻെറ
ദൈവമായ കർത്താവ് നിന്നെ ചിതറിച്ചി
രുന്ന സകല ജാതികളിൽനിന്നും നിന്നെ
കൂട്ടിച്ചേർക്കുകയും ചെയ്യും. നിൻെറ ജനം 4
ആകാശത്തിൻെറ അറുതിവരെ ചിതറിപ്പോ
യിരുന്നാലും നിൻെറ ദൈവമായ കർത്താവ്
അവിടെനിന്നു നിന്നെ കൂട്ടിച്ചേർക്കും;
അവിടെനിന്നു അവൻ നിന്നെ കൊണ്ടു
വരും. നിൻെറ പിതാക്കന്മാർക്കു കൈവശ 5
മായിരുന്ന ദേശത്തേക്കു നിൻെറ ദൈവ
മായ കർത്താവ് നിന്നെ കൊണ്ടുവരും; നീ
അതു കൈവശപ്പെടുത്തും; അവൻ നിനക്കു
നന്മ ചെയ്തു നിൻെറ പിതാക്കന്മാരെ
ക്കാൾ നിന്നെ സമൃദ്ധനാക്കും, നീ ജീവി 6
ച്ചിരിക്കുവാൻ നിൻെറ ദൈവമായ കർത്താ
വിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണമന
സ്സോടും കൂടെ സ്നേഹിപ്പാൻ തക്കവണ്ണം
നിൻെറ ദൈവമായ കർത്താവ് നിൻെറ
ഹൃദയവും നിൻെറ സന്തതിയുടെ ഹൃദയ
വും പരിച്ഛേദന ചെയ്യും. ഈ ശാപങ്ങളെ 7
നിൻെറ ദൈവമായ കർത്താവ് നിൻെറ
ശത്രുക്കളുടെമേലും നിന്നെ വെറുത്ത് ഉപ
ദ്രവിക്കുന്നവരുടെമേലും വരുത്തും. നീ മനം 8
തിരിഞ്ഞു കർത്തൃവചനം കേട്ട് ഞാൻ
ഇന്നു നിന്നോടു കല്പിക്കുന്ന അവൻെറ
സകല കല്പനകളും അനുസരിച്ചു നടക്കു
കയും നിൻെറ ദൈവമായ കർത്താവ് 9
നിൻെറ കൈകളുടെ സകല പ്രവൃത്തിയി
ലും നിൻെറ ഗർഭഫലത്തിലും മൃഗസമ്പത്തി
ലും കൃഷിയുടെ വരവിലും നിനക്ക് നന്മ
യ്ക്കായി അഭിവൃദ്ധി നല്കുകയും ചെയ്യും.
നിൻെറ ദൈവമായ കർത്താവിൻെറ വാക്കു 10

കേട്ടു ഈ ന്യായപ്രമാണപുസ്തകത്തിൽ
എഴുതിയിരിക്കുന്ന അവന്റെ കല്പനകളും
നിയമങ്ങളും അനുസരിക്കുകയും നിന്റെ
ദൈവമായ കർത്താവിന്റെ സന്നിധിയി
ലേക്കു പൂർണ്ണഹൃദയത്തോടും പൂർണ്ണമന
സ്സോടും കൂടെ തിരിയുകയും ചെയ്താൽ
കർത്താവ് നിന്റെ പിതാക്കന്മാരിൽ പ്രസാ
ദിച്ചിരുന്നതുപോലെ നിന്നിലും ഗുണത്തി
നായി വീണ്ടും പ്രസാദിക്കും.
11 ഞാൻ ഇന്നു നിന്നോടു ആജ്ഞാപി
ക്കുന്ന ഈ കല്പന നിനക്കു പ്രയാസമുള്ള
12 തല്ല, അന്യവുമല്ല. ഞങ്ങൾ കേട്ടു അനു
സരിക്കുവാനായി ആരു സ്വർഗ്ഗത്തിൽ
കയറി അതു കൊണ്ടുവന്നു തരും എന്നു
പറയത്തക്ക വിധത്തിൽ അതു സ്വർഗ്ഗത്തി
13 ലല്ല; ഞങ്ങൾ കേട്ട് അനുസരിക്കേണ്ട
തിന്നു ആരു സമുദ്രം കടന്നു കൊണ്ടുവന്നു
തരും? എന്നു പറയത്തക്കവണ്ണം അതു
14 സമുദ്രത്തിന്നക്കരെയുമല്ല; നീ അനുസരി
പ്പാനായി വചനം നിനക്കു ഏറ്റവും സമീപം,
നിന്റെ വായിലും നിന്റെ ഹൃദയത്തിലും
തന്നെ ഇരിക്കുന്നു.
15 ഇതാ ഞാൻ ഇന്നു ജീവനും നന്മകളും
മരണവും തിന്മകളും നിന്റെ മുമ്പിൽ വച്ചി
16 രിക്കുന്നു. എങ്ങനെയെന്നാൽ നീ ജീവിച്ചി
രുന്ന് വർദ്ധിക്കുകയും നീ കൈവശമാ
ക്കുന്ന ദേശത്തു നിന്റെ ദൈവമായ
കർത്താവ് നിന്നെ അനുഗ്രഹിക്കുകയും
ചെയ്യുവാനായി നിന്റെ ദൈവമായ
കർത്താവിനെ സ്നേഹിപ്പാനും അവന്റെ
വഴികളിൽ നടപ്പാനും അവന്റെ കല്പന
കളും നിയമങ്ങളും വിധികളും പാലിക്കു
വാനും ഞാൻ ഇന്നു നിനക്കു നിർദ്ദേശം
17 തരുന്നു. എന്നാൽ നീ അനുസരിക്കാതെ
നിന്റെ ഹൃദയം തിരിഞ്ഞ് നീ വശീകരിക്ക
പ്പെട്ട് അന്യദേവന്മാരെ ആരാധിച്ച് സേവി
18 ച്ചാൽ നീ യോർദ്ദാൻ കടന്നു കൈവശ
പ്പെടുത്തുവാൻ ചെല്ലുന്ന ദേശത്ത് ദീർഘാ
യുസ്സോടിരിക്കാതെ നിശ്ചയമായും
നശിച്ചുപോകും എന്നു ഇന്ന് ഞാൻ നിങ്ങ
19 ളെ അറിയിക്കുന്നു. ജീവനും മരണവും,
അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ
വച്ചിരിക്കുന്നു എന്നതിന്നു ഞാൻ ആകാശ
ത്തെയും ഭൂമിയെയും ഇന്നു സാക്ഷി
നിർത്തുന്നു; നീയും നിന്റെ സന്തതിയും
20 ജീവിച്ചിരിക്കേണ്ടതിന്നും കർത്താവ് നിന്റെ
പിതാക്കന്മാരായ അബ്രാഹാമിനും ഇസ്
ഹാക്കിനും യാക്കോബിനും കൊടുക്കു
മെന്നു വാഗ്ദാനം ചെയ്ത ദേശത്തു നീ വസി
ക്കത്തക്കവണ്ണം നിന്റെ ദൈവമായ കർത്താ
വിനെ സ്നേഹിക്കുകയും അവന്റെ വാക്കു
കേട്ടനുസരിക്കുകയും അവനോടു യോജി
ച്ചിരിക്കുകയും ചെയ്യേണ്ടതിന്നും ജീവനെ
തിരഞ്ഞെടുത്തുകൊള്ളുക; അതിലാണ
ല്ലോ നിനക്കു ജീവനും ദീർഘായുസ്സും.

അദ്ധ്യായം 31

മോശ ഈ വചനങ്ങൾ എല്ലാ ഇസ്രായേ 1
ലിനെയും കേൾപ്പിച്ചു. പിന്നെ അവരോടു 2
പറഞ്ഞു: എനിക്കു ഇപ്പോൾ നൂററിരുപതു
വയസ്സായി; ഇനി പോകുവാനും വരുവാനും
എനിക്കു കഴിവില്ല; കർത്താവ് എന്നോടു:
ഈ യോർദ്ദാൻ നീ കടക്കുകയില്ല എന്നു
കല്പിച്ചിട്ടുമുണ്ട്. നിന്റെ ദൈവമായ 3
കർത്താവ് നിനക്കു മുമ്പായി കടന്നു
പോകും; വിജാതികളെ അവൻ നിന്റെ
മുമ്പിൽനിന്നു നശിപ്പിക്കുകയും നീ അവരു
ടെ ദേശം കീഴടക്കുകയും ചെയ്യും; കർത്താവ്
അരുളിച്ചെയ്തതുപോലെ യോശുവ നിനക്ക്
നായകനായി കടന്നു പോകും. താൻ സംഹ 4
രിച്ചുകളഞ്ഞ അമോര്യരാജാക്കന്മാരായ
സീഹോനോടും ഓഗിനോടും അവരുടെ
ദേശത്തോടും ചെയ്തതുപോലെ കർത്താവ്
ഇവരോടും ചെയ്യും. കർത്താവ് അവരെ 5
നിങ്ങളുടെ കയ്യിൽ ഏല്പിക്കും; ഞാൻ
നിങ്ങളോടു ആജ്ഞാപിച്ചിട്ടുള്ള കല്പന
പ്രകാരമെല്ലാം നിങ്ങൾ അവരോടു പ്രവർ
ത്തിക്കണം. ശക്തരും ധീരരുമായിരിപ്പിൻ;
അവരെ ഭയപ്പെടരുതു; സംഭ്രമിക്കയുമരുതു. 6
നിന്റെ ദൈവമായ കർത്താവ് നിന്നോടു
കൂടെ പോരുന്നു; അവൻ നിന്നെ കൈവിടു
കയില്ല, ഉപേക്ഷിക്കയുമില്ല.

അനന്തരം മോശ യോശുവയെ വിളിച്ച് 7
എല്ലാ ഇസ്രായേലിന്റെ മുമ്പിൽവച്ചു അവ
നോടു പറഞ്ഞത്: ബലവും ധൈര്യവുമുള്ള
വനായിരിക്കുക; കർത്താവ് ഈ ജനത്തിനു
കൊടുക്കുമെന്നു അവരുടെ പിതാക്കന്മാ
രോടു വാഗ്ദാനം ചെയ്ത ദേശത്തേക്കു നീ
അവരോടുകൂടെ ചെല്ലും; അതിനെ അവർ
ക്കു വിഭാഗിച്ചുകൊടുക്കും. കർത്താവ് നിന 8
ക്കു മുമ്പായി നടക്കുന്നു; അവൻ നിന്നോടു
കൂടെയിരിക്കും; നിന്നെ കൈവിടുകയില്ല,
ഉപേക്ഷിക്കുകയുമില്ല; ഭയപ്പെടരുതു, സംഭ്ര
മിക്കുകയുമരുത്.

അനന്തരം മോശ ഈ ന്യായപ്രമാണം 9
എഴുതി ദൈവത്തിന്റെ നിയമപെട്ടകം ചുമ
ക്കുന്ന ലേവ്യരായ പുരോഹിതന്മാരെയും
ഇസ്രായേലിന്റെ എല്ലാ മൂപ്പന്മാരെയും 10
ഏല്പിച്ചു മോശ അവരോടു കല്പിച്ചത്:
ഏഴേഴു വർഷം കൂടുമ്പോൾ ഉള്ള വിമോചന

സംവത്സരത്തിലെ കൂടാരപ്പെരുനാളിൽ
11 ഇസ്രായേൽ മുഴുവനും നിൻെറ ദൈവമായ
കർത്താവിൻെറ സന്നിധിയിൽ അവൻ
തിരഞ്ഞെടുക്കുന്ന സ്ഥലത്ത് വരുമ്പോൾ
ഈ ന്യായപ്രമാണം എല്ലാ ഇസ്രായേല്യരും
കേൾക്കെ അവരുടെ മുമ്പിൽ വായിക്കണം.
12 പുരുഷന്മാരും സ്ത്രീകളും കുട്ടികളും നിൻെറ
പട്ടണത്തിലുള്ള പരദേശിയും കേട്ട് പഠിച്ച്
നിങ്ങളുടെ ദൈവമായ കർത്താവിനെ ഭയ
പ്പെട്ട് ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ
13 പാലിച്ചു നടക്കേണ്ടതിനും അവയെ അറി
ഞ്ഞിട്ടില്ലാത്ത അവരുടെ മക്കൾ കേൾക്കേ
ണ്ടതിനും നിങ്ങൾ യോർദ്ദാൻ കടന്നു കൈ
വശമാക്കുവാൻ ചെല്ലുന്ന ദേശത്ത് നിങ്ങ
ളുടെ ആയുഷ്കാലമെല്ലാം നിങ്ങളുടെ
ദൈവമായ കർത്താവിനെ ഭയപ്പെടുവാൻ
പഠിക്കേണ്ടതിനുമായി ജനത്തെ വിളിച്ചു
കൂട്ടണം.
14 അനന്തരം ദൈവം മോശയോടു:
നിൻെറ മരണസമയം അടുത്തിരിക്കുന്നു;
യോശുവായെ വിളിക്കുക. നിങ്ങൾ
സമാഗമന കൂടാരത്തിങ്കൽ വന്നു നില്പിൻ.
ഞാൻ അവനു കല്പന കൊടുക്കാം എന്നു
കല്പിച്ചു. അങ്ങനെ മോശയും യോശു
വയും ചെന്ന് സമാഗമനകൂടാരത്തിങ്കൽ
15 നിന്നു. അപ്പോൾ ദൈവം മേഘസ്തംഭ
ത്തിൽ കൂടാരത്തിങ്കൽ പ്രത്യക്ഷനായി;
മേഘസ്തംഭം കൂടാരവാതിലിന്നുപരി നിന്നു.
16 കർത്താവ് മോശയോടു അരുളിച്ചെയ്തു: നീ
നിൻെറ പിതാക്കന്മാരെപ്പോലെ നിദ്ര പ്രാ
പിക്കും; എന്നാൽ ഈ ജനമോ അവർ
വസിക്കുവാൻ ചെല്ലുന്ന ദേശത്തിലെ
നിവാസികളുടെ അന്യദേവന്മാരെ അനുഗ
മിച്ച് തെററിപ്പോകും. എന്നെ ഉപേക്ഷിച്ച്
ഞാൻ അവരോടു ചെയ്തിട്ടുള്ള എൻെറ
17 നിയമം ലംഘിക്കുകയും ചെയ്യും. എൻെറ
കോപം അവരുടെ നേരെ ജ്വലിക്കും. ഞാൻ
അവരെ ഉപേക്ഷിക്കും. എൻെറ മുഖം അവ
രുടെ നേരെ മറയ്ക്കുകയും ചെയ്യും; അവർ
നാശത്തിന്നിരയാകും; അനേകം അനർത്ഥ
ങ്ങളും ദുരിതങ്ങളും അവർക്കു ഭവിക്കും;
നമ്മുടെ ദൈവം നമ്മുടെ ഇടയിൽ ഇല്ലാ
ത്തതിനാലല്ലയോ ഈ ആപത്തുകൾ നമു
ക്കു വന്നത് എന്നു അവർ അന്ന് പറയും.
18 എങ്കിലും അവർ അന്യദേവന്മാരുടെ അടു
ക്കലേക്കു തിരിഞ്ഞ് ചെയ്ത സകല പാപവും
19 നിമിത്തം ഞാൻ അന്നു എൻെറ മുഖം മറച്ചു
കളയും. ആകയാൽ ഈ സ്തുതിപ്പ് എഴുതി
ഇസ്രായേൽ മക്കളെ പഠിപ്പിക്കുക; ഇസ്രാ
യേൽ മക്കളുടെ നേരെ ഈ സ്തുതിപ്പ് എനി
ക്കു സാക്ഷ്യമായിരിക്കേണ്ടതിന്നു അതു അ
വർക്കു മനഃപാഠമാക്കിക്കൊടുക്കുക. ഞാൻ 20
അവരുടെ പിതാക്കന്മാരോടു സത്യം ചെയ്ത
തായി പാലും തേനും ഒഴുകുന്ന ദേശത്ത്
അവരെ എത്തിച്ചശേഷം അവർ തിന്നു
തൃപ്തരായി മദിച്ചിരിക്കുമ്പോൾ അന്യദേവ
ന്മാരുടെ അടുക്കലേക്കു തിരിഞ്ഞ് അവയെ
സേവിക്കും. എൻെറ നിയമം ലംഘിച്ച്
എന്നെ കോപിപ്പിക്കും. എന്നാൽ അനേകം 21
ആപത്തുകളും ദുരിതങ്ങളും അവർക്കുണ്ടാ
കുമ്പോൾ അവരുടെ സന്തതിയുടെ വായിൽ
നിന്നു വിസ്മൃതമാകാത്ത ഈ സ്തുതിപ്പ്
അവരുടെ നേരെ സാക്ഷ്യം പറയും; ഞാൻ
വാഗ്ദത്തം ചെയ്ത ദേശത്ത് അവരെ എത്തി
ക്കുന്നതിനു മുമ്പേ ഇന്നുതന്നെ അവരുടെ
ചിന്തകൾ ഞാൻ അറിയുന്നുണ്ട്. ആകയാൽ 22
മോശ അന്നുതന്നെ ഈ പാട്ടു എഴുതി
ഇസ്രായേൽ മക്കളെ പഠിപ്പിച്ചു. പിന്നെ 23
അവൻ നൂൻെറ മകനായ യോശുവയോട്:
ബലവും ധൈര്യവുമുള്ളവനായിരിക്കുക;
ഞാൻ ഇസ്രായേൽ മക്കളോടു വാഗ്ദത്തം
ചെയ്ത ദേശത്തു നീ അവരെ എത്തിക്കും;
ഞാൻ നിന്നോടുകൂടെ ഇരിക്കും എന്നരു
ളിച്ചെയ്തു.

മോശ ഈ ന്യായപ്രമാണത്തിലെ 24
വചനങ്ങൾ മുഴുവനും ഒരു പുസ്തകത്തിൽ
എഴുതിത്തീർന്നപ്പോൾ ദൈവത്തിൻെറ 25
നിയമപെട്ടകം ചുമക്കുന്ന ലേവ്യരോടു
കല്പിച്ചത്: ഈ ന്യായപ്രമാണപുസ്തകം 26
എടുത്ത് നിങ്ങളുടെ ദൈവമായ കർത്താ
വിൻെറ നിയമപെട്ടകത്തിനടുത്ത് വയ്ക്ക
ണം; അവിടെ അതു നിൻെറ നേരെ സാക്ഷി
യായിരിക്കും. നിൻെറ മാത്സര്യവും ദുശ്ശാഠ്യ 27
വും എനിക്കു അറിയാം; ഇതാ, ഇപ്പോൾ
ഞാൻ നിങ്ങളോടുകൂടെ ജീവിച്ചിരിക്കു
മ്പോൾ തന്നെ നിങ്ങൾ ദൈവത്തോടു
മത്സരിക്കുന്നുവല്ലോ? എൻെറ മരണശേഷം
എത്ര അധികം ആയിരിക്കും? നിങ്ങളുടെ 28
ഗോത്രങ്ങളുടെ എല്ലാ മൂപ്പന്മാരെയും
പ്രധാനികളെയും എൻെറ അടുക്കൽ
വിളിച്ചുകൂട്ടുവിൻ; ഞാൻ ഈ വചനങ്ങൾ
അവരെ പറഞ്ഞു കേൾപ്പിച്ച് അവരുടെ
നേരെ ആകാശത്തെയും ഭൂമിയെയും
സാക്ഷിയാക്കും. എൻെറ മരണശേഷം 29
നിങ്ങൾ അശുദ്ധമായവ പ്രവർത്തിക്കും
എന്നും ഞാൻ നിങ്ങളോടു നിർദ്ദേശിച്ചി
ട്ടുള്ള വഴി വിട്ടുമാറും എന്നും എനിക്ക്
അറിയാം; അങ്ങനെ നിങ്ങൾ കർത്താവിനു
അപ്രിയമായതു ചെയ്തു നിങ്ങളുടെ പ്രവൃ
ത്തികളാൽ അവനെ കോപിപ്പിക്കുന്നു

ൾ ഭാവിയിൽ നിങ്ങൾക്കു അനർത്ഥം
ക്കും.
ങ്ങനെ മോശ ഇസ്രായേലിൻെറ
സഭയെയും ഈ പാട്ടിലെ വചനങ്ങ
പാടി കേൾപ്പിച്ചു.

അദ്ധ്യായം 32

കാശമേ, ശ്രദ്ധിക്കുക; ഞാൻ സംസാ
ഭൂമി എൻെറ വായിലെ വാക്കുകൾ
ട്ടെ. എൻെറ ഉപദേശം മഴപോലെ
യും; എൻെറ വചനം മഞ്ഞുപോ
ഇളമ്പുല്ലിന്മേൽ ചാററൽമഴപോ
സസ്യത്തിന്മേൽ മാരിപോലെയും
യും. ഞാൻ കർത്തൃനാമം ഘോഷി
മ്മുടെ ദൈവത്തിനു മഹത്വം അർപ്പി
. അവൻ പാറയാകുന്നു; അവൻെറ
തികൾ അത്യുത്തമം. അവൻെറ
ല്ലാം ന്യായമായവ. അവൻ വിശ്വ
യ ദൈവം. വ്യാജരഹിതൻ; നീതി
നരുമുള്ളവൻതന്നെ. അവർ അവ
അശുദ്ധമായി പെരുമാറി: അവർ
ൻറ മക്കളല്ല, കളങ്കമത്രേ; വക്രതയും
ചുമുള്ള തലമുറ! ഭോഷത്വവും
തയുമുള്ള ജനമേ, നിങ്ങൾ കർത്താ
കരം കൊടുക്കുന്നത് ഇങ്ങനെയോ?
ല്ലയോ നിൻെറ പിതാവ്, നിൻെറ
വ്? അവനല്ലയോ നിന്നെ സൃഷ്ടി
ും രക്ഷിക്കുകയും ചെയ്തവൻ? മുൻ
ങൾ ഓർക്കുക; മുൻതലമുറകളുടെ
സരങ്ങളെ ചിന്തിക്കുക; നിൻെറ
നോടു ചോദിക്കുക, അവൻ പറ
ും; നിൻെറ വൃദ്ധന്മാരോടു ചോദി
അവർ പറഞ്ഞുതരും. മഹോന്നതൻ
ൾക്കു അവകാശം വിഭാഗിക്കുകയും
രെ വേർപിരിക്കുകയും ചെയ്തപ്പോൾ
ഇസ്രായേൽ മക്കളുടെ സംഖ്യയ്ക്ക
ന്നം ജാതികളുടെ അതിർത്തികളെ
യിച്ചു. കർത്താവിൻെറ ഓഹരി അവ
നവും യാക്കോബ് അവൻെറ അവ
ും ആകുന്നു. താൻ അവനെ മരുഭൂമി
ശബ്ദം മുഴങ്ങുന്ന ശൂന്യപ്രദേശത്തി
ു. അവൻെറ ചുററിലും നിന്നു പരി
ുകൊണ്ട് കണ്മണിപോലെ അവനെ
രക്ഷിച്ചു. കഴുകൻ തൻെറ കൂടു
കുഞ്ഞുങ്ങൾക്കു മീതെ പറക്കു
പോലെ അവൻ ചിറകു വിരിച്ചു അവ
ടുത്ത് തൻെറ ചിറകിന്മേൽ അവനെ
ു. കർത്താവ് അവനെ നടത്തി;
ോടുകൂടെ അന്യദൈവം ഉണ്ടായിരു
അവൻ ഭൂമിയുടെ ഔന്നത്യങ്ങളിൽ

അവനെ വാഹനമേററി; നിലത്തിലെ കൃഷി
അനുഭവംകൊണ്ട് അവൻ ഉപജീവിച്ചു.
അവന് കുടിപ്പാൻ പാറയിൽനിന്നു തേനും
തീക്കല്ലിൽ നിന്നു എണ്ണയും കൊടുത്തു.
പശുക്കളുടെ വെണ്ണയും ആടുകളുടെ 14
പാലും ആട്ടിൻകുട്ടികളുടെ മേദസ്സും
ബാശാനിലെ ആട്ടുകൊററന്മാരെയും
കോലാടുകളെയും ഗോതമ്പ് മണികളും
അവന്നു കൊടുത്തു; നീ ദ്രാക്ഷാരസമായ
വീഞ്ഞു കുടിച്ചു. യെശൂരൂൻ പുഷ്ടിപ്രാ 15
പിച്ച് ഉയർന്നു; നീ പുഷ്ടിവച്ച് തടിച്ചി
രിക്കുന്നു. തൻെറ സ്രഷ്ടാവാം ദൈവത്തെ
അവൻ ത്യജിച്ചു തൻെറ രക്ഷയുടെ പാറയെ 16
നിരസിച്ചു. അവർ അന്യദൈവങ്ങളാൽ
അവനെ കോപിപ്പിച്ചു, അശുദ്ധിയാൽ
അവനെ കോപിപ്പിച്ചു. അവർ ഭൂതങ്ങൾ 17
ക്കും ദൈവമല്ലാത്തവയ്ക്കും തങ്ങൾ അറി
യാത്ത ദേവന്മാർക്കും ബലി കഴിച്ചു; അവ
രുടെ പിതാക്കന്മാർ അവയെ ആരാധിച്ചി
ട്ടില്ല, അവ പുതുതായുണ്ടായ നവീന
മൂർത്തികൾ മാത്രം. നിന്നെ ജനിപ്പിച്ച പാറ 18
യെ നീ വിസ്മരിച്ചു, നിന്നെ ഉല്പാദിപ്പിച്ച
ദൈവത്തെ നീ മറന്നു. കർത്താവ് അതു 19
കണ്ട് അവരെ തള്ളിക്കളഞ്ഞു; തൻെറ
പുത്രീപുത്രന്മാരോടുള്ള കോപത്താൽ.
അവൻ അരുളിച്ചെയ്തു: ഞാൻ എൻെറ മുഖം 20
അവർക്ക് മറയ്ക്കും; അവരുടെ അവസാനം
എന്ത്? എന്നു ഞാൻ നോക്കും. അവർ
വക്രതയുള്ള തലമുറയത്രെ, നേരില്ലാത്ത
മക്കളത്രെ. നിരർത്ഥകദേവന്മാരെക്കൊണ്ടു 21
എനിക്കു വൈരാഗ്യം വരുത്തി, മിത്ഥ്യാ
മൂർത്തികളാൽ എന്നെ കോപിപ്പിച്ചു.
ഞാനും സ്വന്തജനമല്ലാത്തവരെക്കൊണ്ടു
അവർക്കു വിഷമം വരുത്തും; മൂഢജാതി
യെക്കൊണ്ട് അവരെ ദുഃഖിപ്പിക്കും. എൻെറ 22
കോപത്താൽ അഗ്നിയാളി അഗാധ പാതാള
ത്തോളം കത്തും; ഭൂമിയെയും അതിൻെറ
ഫലങ്ങളെയും ദഹിപ്പിച്ച് പർവ്വതാടിസ്ഥാ
നങ്ങളെ ചുട്ടുകളയും. ഒന്നിനുമേൽ ഒന്നായി 23
അനർത്ഥങ്ങൾ അവരുടെമേൽ വരുത്തും,
എൻെറ അസ്ത്രങ്ങൾ അവരുടെ നേരെ 24
അയയ്ക്കും. അവർ വിശുപ്പുമൂലം നശിക്കും;
രോഗത്തിനും വ്യാധിക്കും പാത്രമാകും.
മൃഗങ്ങളുടെ പല്ലും സർപ്പങ്ങളുടെ വിഷവും
ഞാൻ അവരുടെ മദ്ധ്യേ അയയ്ക്കും. വീഥി 25
കളിൽ വാളും വീടുകളിൽ ഭീതിയും അയ
യ്ക്കും. യുവാവിനെയും യുവതിയെയും
ശിശുവിനെയും വൃദ്ധനെയും സംഹരിക്കും.
ഞങ്ങളുടെ കൈ വിജയം പ്രാപിച്ചു; ദൈവ 26
മല്ലോ ഇതെല്ലാം ചെയ്തതു എന്ന് അവരുടെ

ശത്രുക്കൾ തെററായി വിചാരിക്കും, ശത്രു
എന്നെ കോപിപ്പിക്കുകയും ചെയ്യും എന്നു
27 ഞാൻ വിചാരിച്ചിരുന്നില്ലെങ്കിൽ, ഞാൻ
അവരെ ഊതിമാററി മനുഷ്യരിൽനിന്നു
അവരുടെ സ്മരണ ഇല്ലാതാക്കുമായിരുന്നു.
28 അവർ വിവേകമില്ലാത്ത ജാതിയത്രെ,
29 അവർക്കു പരിജ്ഞാനമില്ല. അവർ ജ്ഞാന
ത്തോടെ ഇതു മനസ്സിലാക്കി തങ്ങളുടെ
ഭാവി എന്തെന്നു ചിന്തിച്ചെങ്കിൽ കൊള്ളാ
30 യിരുന്നു. അവരുടെ പാറ അവരെ വിററു
കളയും, കർത്താവ് അവരെ ഏല്പിച്ചു
കൊടുക്കുകയും ചെയ്തില്ലെങ്കിൽ ഒരുവൻ
ആയിരംപേരെ പിൻതുടരുന്നതും ഇരുവർ
പതിനായിരം പേരെ ഓടിക്കുന്നതുമെങ്ങ
31 നെ? അവരുടെ പാറ നമ്മുടെ പാറപോലെ
യല്ല, അതിന്നു നമ്മുടെ ശത്രുക്കൾതന്നേ
32 സാക്ഷികൾ. അവരുടെ മുന്തിരിവള്ളി
സൊദോം വള്ളിയിൽനിന്നും ഓമോറ
വയലുകളിൽനിന്നും ഉള്ളവയത്രെ. അവ
രുടെ മുന്തിരിപ്പഴം വിഷവും മുന്തിരിക്കുല
33 കൈയ്പുമാകുന്നു; അവരുടെ വീഞ്ഞു
മഹാസർപ്പത്തിൻെറ വിഷവും മൂർഖൻെറ
34 മഹാവിഷവും ആകുന്നു. ഇതു എൻെറ
അടുക്കൽ സംഗ്രഹിച്ച് ഭണ്ഡാരത്തിൽ
35 മുദ്രയിട്ടിരിക്കുന്നു? അവരുടെ കാൽ
വഴുതുമ്പോൾ പ്രതികാരവും പ്രതിഫ
ലവും എൻെറ കൈവശം ഉണ്ട്; അവരുടെ
അനർത്ഥദിവസം സമീപസ്ഥം; അവർക്കു
36 സംഭവിപ്പാനുള്ളതു വേഗം വരുന്നു. ദൈവം
തൻെറ ജനത്തെ വിധിക്കും; അവരുടെ ബലം
ക്ഷയിച്ചുപോയി; ബദ്ധനും സ്വതന്ത്രനും
ഇല്ലാതെയായിത്തീർന്നു. അവൻ തൻെറ
37 ദാസന്മാരെക്കുറിച്ച് പശ്ചാത്തപിക്കും. അവ
രുടെ ബലിമേദസ്സ് തിന്നുകയും പാനീയ
ബലിയുടെ വീഞ്ഞ് കുടിക്കുകയും ചെയ്ത
ദേവന്മാരും അവർ ആശ്രയിച്ച പാറയും എവി
38 ടെ? അവർ എഴുന്നേററ് നിങ്ങളെ സഹായിച്ച്
നിങ്ങൾക്കു താങ്ങായിരിക്കട്ടെ എന്നു
39 അവൻ അരുളിച്ചെയ്യും. ഞാൻ, ഞാൻ മാത്ര
മേയുള്ളു; ഞാനല്ലാതെ ദൈവമില്ല എന്നു
ഇപ്പോൾ കണ്ടുകൊൾവിൻ. ഞാൻ കൊല്ലു
ന്നു; ഞാൻ ജീവിപ്പിക്കുന്നു; ഞാൻ തകർ
ക്കുന്നു; ഞാൻ സൌഖ്യമാക്കുന്നു; എൻെറ
കയ്യിൽനിന്നും വിടുവിക്കുന്നവൻ ഇല്ല.
40 ഞാൻ ആകാശത്തേക്കു കൈ ഉയർത്തി
സത്യം ചെയ്യുന്നു: നിത്യനായിരിക്കുന്ന
41 എന്നാണ —എൻെറ മിന്നലാകുന്ന വാൾ
ഞാൻ മൂർച്ചയുള്ളതാക്കി എൻെറ കൈ
ന്യായവിധി തുടങ്ങുമ്പോൾ, ഞാൻ ശത്രു
ക്കളോട് പ്രതികാരംചെയ്യും; എന്നെ ദ്വേഷി

ക്കുന്നവരോട് പകരംവീട്ടും. ഹതന്മാ
ടെയും ബദ്ധന്മാരുടെയും രക്തംകൊണ്ടു
ശത്രുനേതാക്കളുടെ ശിരസ്സിൽനിന്നു വീ
ന്ന രക്തത്താലും ഞാൻ എൻെറ അസ്ത്രങ്ങ
ലഹരിപിടിപ്പിക്കും; എൻെറ വാൾ മാംസ
തിന്നും. ജാതികളേ, അവൻെറ ജനത്തോ
കൂടെ ഉല്ലസിപ്പിൻ; അവൻ സ്വന്തദാസന്മ
രുടെ രക്തത്തിനു പ്രതികാരം ചെയ്യും; തൻെ
ശത്രുക്കളോടു അവൻ പകരംവീട്ടും; തൻെ
ദേശത്തിന്നും ജനത്തിന്നും പാപപരിഹാര
വരുത്തും. അനന്തരം മോശയും നൂൻെ
മകനായ യോശുവയും വന്ന് ഈ പാട്ടിൻെ
വചനങ്ങൾ എല്ലാം ജനത്തെ പാടി കേൾപ്പ
ച്ചു. മോശ ഈ വചനങ്ങളെല്ലാം എല്ല
ഇസ്രായേലിനോടും സംസാരിച്ചു തീർന്ന
പ്പോൾ അവൻ അവരോട് പറഞ്ഞു: ഇ
ന്യായപ്രമാണത്തിലെ വചനങ്ങൾ അനുസ
രിച്ചു നടക്കേണ്ടതിന്നു നിങ്ങൾ നിങ്ങളു
മക്കളോടു കല്പിക്കത്തക്കവണ്ണം ഞാ
ഇന്നു നിങ്ങളോടു സാക്ഷീകരിക്കു
സർവ്വവചനങ്ങളും മനസ്സിൽ സംഗ്രഹിക്ക
വിൻ. ഇതു നിങ്ങൾക്കു നിസ്സാരകാര്യമല്ല
നിങ്ങളുടെ ജീവൻ തന്നെ അത്രെ; നിങ്ങ
കൈവശമാക്കുവാൻ യോർദ്ദാൻ കടന്ന
ചെല്ലുന്ന ദേശത്തു നിങ്ങൾക്കു ഇതുമൂല
ദീർഘായുസ്സുണ്ടാകും.

അന്നുതന്നെ കർത്താവു മോശയോ
അരുളിച്ചെയ്തു: നീ യെറീഹോയ്ക്കു നേ
മോവാബ് ദേശത്തുള്ള ഈബാറീ
പർവ്വതത്തിൽ നെബോമലമുകളിൽ കയ
ഞാൻ ഇസ്രായേൽ മക്കൾക്കു അവകാ
മായി കൊടുക്കുന്ന കനാൻദേശത്തെ
നോക്കി കണ്ടുകൊള്ളുക. നിൻെറ സഹോ
ദരനായ അഹറോൻ ഹോർപർവ്വതത്തി
വച്ചു മരിച്ചു തൻെറ ജനത്തോടു ചേർന്ന
തുപോലെ നീ കയറുന്ന മലയിൽവച്ച
നീയും മരിച്ച് നിൻെറ ജനത്തോടു ചേരു
നിങ്ങൾ സീൻ മരുഭൂമിയിൽവച്ച് റ്ക്കത്ത
ലെ കലഹജലത്തിങ്കൽ ഇസ്രായേൽമക്ക
ളുടെ മദ്ധ്യേവച്ചു എന്നോടു തെററു ചെയ്ത
തുകൊണ്ടും ഇസ്രായേൽ മക്കളുടെ മദ്ധ്യേ
വച്ചു എന്നെ ശുദ്ധീകരിക്കായ്കകൊണ്ടു
തന്നെ. നീ ദേശത്തെ നിൻെറ മുമ്പി
കാണും; എങ്കിലും ഞാൻ ഇസ്രായേ
മക്കൾക്കു കൊടുക്കുന്ന ദേശത്തു നീ പ്രവേ
ശിക്കുകയില്ല.

അദ്ധ്യായം 33

ദൈവദാസനായ മോശ തൻെറ മരണ
ത്തിന്നുമുമ്പ് ഇസ്രായേൽമക്കളെ അനുഗ്ര

ച്ച അനുഗ്രഹവചനങ്ങൾ: അവൻ പറ
തു: കർത്താവ് സീനായിയിൽനിന്നു
നു, അവർക്ക് സേയീറിൽനിന്നു ഉദിച്ചു,
റാൻ പർവ്വതത്തിൽ ശോഭിച്ചു, ലക്ഷോ
ലക്ഷം വിശുദ്ധർ തന്നോടു കൂടെ വലതു
ഗത്തു നിന്നു; ഞാൻ ജാതികളോടു
ുണ ചെയ്യും, അവൻെറ വിശുദ്ധരെല്ലാം
ുമടക്കുന്നു. അവർ നിന്നെ ഗ്രഹിച്ചു തിരു
നം പ്രാപിക്കുന്നു. യാക്കോബിൻെറ
ദയ്ക്കു അവകാശമായി മോശ നമുക്കു
ായപ്രമാണം കല്പിച്ചുതന്നു. ജനത്തി
ൻെറ തലവന്മാരും ഇസ്രായേൽ ഗോത്ര
ളും കൂടിയപ്പോൾ അവൻ ഇസ്രായേലി
രാജാവായിരുന്നു. രൂബേൻ മരിക്കാതെ
വിച്ചിരിക്കട്ടെ; അവൻ അസംഖ്യമാ
രിക്കട്ടെ. യഹൂദയ്ക്കുള്ള അനു
ഹമായി അവൻ പറഞ്ഞു: കർത്താവേ,
ഹൂദയുടെ അപേക്ഷ കേട്ട് അവനെ
ജനത്തിലേക്കു കൊണ്ടുവരണമേ.
ൻെറ കൈകളാൽ അവൻ തനിക്കായി
ാരുതുന്നു; ശത്രുക്കളുടെ മേൽ നീ അവ
സഹായമായിരിക്കണമേ. ലേവിയെ
റിച്ചു അവൻ പറഞ്ഞു: നിൻെറ പൂർത്തീ
ണവും പ്രകാശവും നിൻെറ
ന്യവാൻെറ കൈവശം ഇരിക്കുന്നു;
ഹജലത്തിങ്കൽ നീ പൊരുതിയവൻെറ
കവശംതന്നെ. അവൻ അപ്പനെയും
മ്മയെയും കുറിച്ചു: ഞാൻ അവരെ
ടില്ല എന്നു പറഞ്ഞു; സഹോദരന്മാരെ
ൻ ആദരിച്ചില്ല; സ്വന്തമക്കളെ അറി
തുമില്ല. നിൻെറ വചനം അവർ പ്രമാ
ച്ചു, നിൻെറ നിയമം കാത്തുകൊൾക
ചെയ്യു. അവർ യാക്കോബിന്നു നിൻെറ
ികളും ഇസ്രായേലിന്നു ന്യായപ്രമാ
ും ഉപദേശിക്കും; അവർ നിൻെറ
ാപസമയത്ത് സുഗന്ധധൂപവും യാഗ
ത്തിന്മേൽ സർവ്വാംഗഹോമവും അർപ്പി
. കർത്താവ്, അവൻെറ ശക്തിയെ
നുഗ്രഹിച്ചു; അവൻെറ പ്രവൃത്തിയിൽ
ാദിച്ചു. അവൻെറ ശത്രുക്കളും അവനെ
ഷിക്കുന്നവരും എഴുന്നേല്ക്കാതവണ്ണം
രുടെ അരകൾ തകർത്തുകളയേണമേ.
ന്യാമീനെക്കുറിച്ചു അവൻ പറഞ്ഞതു:
ൻ കർത്താവിനു പ്രിയൻ; തിരുസന്നി
ിൽ നിർഭയം വസിക്കും; താൻ അവനെ
തോറും മറച്ചുകൊള്ളും; തൻെറ തോളു
ന്മേൽ അവൻ അധിവസിക്കും; യോസേ
നക്കുറിച്ചു അവൻ പറഞ്ഞതു: ആകാശ
ലെ മഞ്ഞുകൊണ്ടും താഴെ കിടക്കുന്ന
ാധജലംകൊണ്ടും സൂര്യനാൽ ഉളവാ

കുന്ന വിശേഷഫലംകൊണ്ടും ചന്ദ്രനാൽ 15
ഉളവാകുന്ന വിശിഷ്ടഫലംകൊണ്ടും പുരാ
തന പർവ്വതങ്ങളുടെ ശ്രേഷ്ഠസാധനങ്ങൾ
കൊണ്ടും നിത്യഗിരികളുടെ വിശിഷ്ട വസ്തു
ക്കൾ കൊണ്ടും ഭൂമിയിലെ വിശേഷവസ്തു
ക്കളും സമൃദ്ധിയുംകൊണ്ടും അവൻെറ
ദേശം കർത്താവിനാൽ അനുഗ്രഹിക്കപ്പെടു
മാറാകട്ടെ. മുൾപ്പടർപ്പിൽ വസിച്ചവൻെറ 16
പ്രസാദം യോസേഫിൻെറ ശിരസ്സിന്മേലും
തൻെറ സഹോദരന്മാരുടെ നെറുകമേലും
വരുമാറാകട്ടെ. അവൻെറ കടിഞ്ഞൂൽകൂററ 17
ന്മാർ അവൻെറ പ്രതാപം; അവൻെറ കൊമ്പു
കൾ കാട്ടുപോത്തിൻെറ കൊമ്പുകൾ; അവ
യാൽ അവൻ സകല ജാതികളെയും
ഭൂസീമ വരെ കുത്തി ഓടിക്കും; അവ
എഫ്രയീമിൻെറ പതിനായിരങ്ങളും
മനശ്ശെയുടെ ആയിരങ്ങളുംതന്നെ. സെബ് 18
ലൂനെക്കുറിച്ചു അവൻ പറഞ്ഞതു: സെബ്
ലൂനേ, നിൻെറ പ്രയാണത്തിലും, ഇസ്സാ
ഖാരേ, നിൻെറ കൂടാരങ്ങളിലും സന്തോഷി
ക്കുക. അവർ ജാതികളെ പർവ്വതത്തിലേക്കു 19
വിളിക്കും: അവിടെ നീതിയാഗങ്ങളെ
കഴിക്കും. അവർ സമുദ്രങ്ങളുടെ സമൃദ്ധിയും
മണലിലെ നിക്ഷേപങ്ങളും വലിച്ചുകുടി
ക്കും. ഗാദിനെക്കുറിച്ചു അവൻ പറഞ്ഞത്: 20
ഗാദിനെ വിസ്തീർണ്ണമാക്കുന്നവൻ അനുഗ്ര
ഹിക്കപ്പെട്ടവൻ. ഒരു സിംഹംപോലെ അവൻ
പതുങ്ങിക്കിടന്നു, ഭുജവും നിറുകയും
തകർക്കുന്നു. അവൻ ആദ്യഭാഗം തിരഞ്ഞെ
ടുത്തു; അവിടെ ഭരണാധിപൻെറ ഓഹരി 21
സംഗ്രഹിച്ചുവച്ചിരുന്നു; അവൻ ജനത്തി
ൻെറ തലവന്മാരോടു കൂടെ ദൈവനീതിയും
ഇസ്രായേലുമായി അവൻെറ വിധികളും നട
ത്തി. ദാനെക്കുറിച്ച് അവൻ പറഞ്ഞതു: ദാൻ 22
ബാലസിംഹം ആകുന്നു; അവൻ ബാശാ
നിൽ നിന്നും പാൽ കുടിക്കും. നഫ്താലി 23
യെക്കുറിച്ചു അവൻ പറഞ്ഞതു: നഫ്താ
ലി, പ്രസാദംകൊണ്ടു തൃപ്തനും ദൈവാ
നുഗ്രഹം നിറഞ്ഞവനുമായി പടിഞ്ഞാറും
തെക്കും കൈവശമാക്കും. ആശേരിനെക്കു 24
റിച്ചു അവൻ പറഞ്ഞതു: ആശേർ പുത്ര
സമ്പത്തുകൊണ്ടു അനുഗ്രഹിക്കപ്പെട്ടവൻ;
അവൻ സഹോദരന്മാർക്കു ഇഷ്ടനായി
രിക്കും; അവൻ കാൽ എണ്ണയിൽ മുക്കും. 25
നിൻെറ ഓടാമ്പൽ ഇരിമ്പും താമ്രവും
ആയിരിക്കും; നിൻെറ ബലം ജീവപര്യന്തം
നിലനില്ക്കട്ടെ. ഇസ്രായേലിൻെറ ദൈവ 26
ത്തെപ്പോലെ ഒരുവനുമില്ല; നിൻെറ സഹാ
യത്തിന്നായി അവൻ വരും, അവൻെറ
വാസം സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ. ആദിയിൽ 27

സ്വർഗ്ഗാധിസ്വർഗ്ഗത്തിൻ കീഴെ ഭൂമിയെ
അവൻ സ്ഥാപിച്ചു; നശിപ്പിക്കുക എന്നു
പറഞ്ഞ ശത്രുവിനെ നിൻെറ മുമ്പിൽ
28 നിന്നു അവൻ നീക്കിക്കളഞ്ഞു. ധാന്യവും
വീഞ്ഞും എണ്ണയുമുള്ള ദേശത്തു ഇസ്രാ
യേൽ നിർഭയമായും യാക്കോബിൻെറ
ഉറവു സ്വസ്ഥമായും വസിക്കും; ആകാശം
29 അവനു മഞ്ഞു പൊഴിക്കും. ഇസ്രായേലേ,
നീ ഭാഗ്യവാൻ; നിനക്കു തുല്യൻ ആരുണ്ട്?
കർത്താവിൽ രക്ഷ അർപ്പിച്ചവരേ, ദൈവം
നിന്നെ സഹായിച്ചു, നിൻെറ മഹിമ വാളല്ല.
നിൻെറ ശത്രുക്കൾ നിന്നോടു അനുസ
രണം നടിക്കും; നീ അവരുടെ കഴുത്തിന്മേൽ
ചവിട്ടും.

അദ്ധ്യായം 34

1 അനന്തരം മോശ മോവാബ് സമഭൂമി
യിൽനിന്നു യെറീഹോയ്ക്ക് എതിരെയുള്ള
നെബോപർവ്വതത്തിൻ മുകളിൽ കയറി;
കർത്താവ് ദാൻവരെ ഗിലെയാദ്ദേശം മുഴു
2 വനും നഫ്താലിദേശം മുഴുവനും എഫ്രയീ
മിൻെറയും മനശ്ശെയുടെയും ദേശവും പടി
ഞ്ഞാറെ കടൽ വരെ യെഹൂദാദേശം മുഴു
3 വനും തെക്കെ ദേശവും ഈന്തപ്പനനഗര
മായ യറീഹോയുടെ സമതലം മുതൽ
സോവാർവരെയുള്ള സമഭൂമിയും അവനെ
4 കാണിച്ചു. അബ്രാഹാമിനോടും ഇസ്ഹാ
ക്കിനോടും യാക്കോബിനോടും ഞാൻ
നിൻെറ സന്തതിക്കു കൊടുക്കുമെന്നു
സത്യം ചെയ്ത ദേശം ഇതുതന്നെ; ഞാൻ
അതു നിൻെറ കണ്ണിനു കാണിച്ചുതന്നു;
എന്നാൽ നീ അവിടേക്കു കടന്നുപോകയില്ല
എന്നു കർത്താവ് അവനോടു കല്പിച്ചു.
ദൈവദാസനായ മോശ കർത്തൃവചന 5
പ്രകാരം അവിടെ മോവാബ്ദേശത്തു വച്ചു
മരിച്ചു. താൻ അവനെ മോവാബ്ദേശത്തു 6
ബേത്ത്-പെയോരിന്നെതിരെയുള്ള താഴ്വര
യിൽ അടക്കി; ഇന്നുവരെയും അവൻെറ
ശവക്കുഴിയുടെ സ്ഥലം ആരും അറിയു
ന്നില്ല. മോശ മരിക്കുമ്പോൾ അവനു നൂററി 7
രുപതു വയസ്സായിരുന്നു; അവൻെറ കണ്ണു
മങ്ങാതെയും അവൻെറ ദേഹബലം ക്ഷയി
ക്കാതെയും ഇരുന്നു. ഇസ്രായേൽ മക്കൾ 8
മോശയെക്കുറിച്ചു മോവാബ്സമഭൂമിയിൽ
മുപ്പതു ദിവസം വിലപിച്ചുകൊണ്ടിരുന്നു;
അങ്ങനെ മോശയെക്കുറിച്ചു കരഞ്ഞു വില
പിക്കുന്ന കാലം തികഞ്ഞു. നൂൻെറ മകനാ 9
യ യോശുവയെ മോശ കൈവച്ചനുഗ്രഹി
ച്ചിരുന്നതുകൊണ്ട് അവൻ ജ്ഞാനത്തി
ൻെറ ആത്മാവ് നിറഞ്ഞവനായി; കർത്താവ്
മോശയോടു കല്പിച്ചതുപോലെ ഇസ്രാ
യേൽ മക്കൾ അവനെ അനുസരിച്ചു.
മെസ്രേൻ ദേശത്തു ഫറവോനോടും അവ 10
ൻെറ സകല ഭൃത്യന്മാരോടും അവൻെറ
സർവ്വദേശത്തോടും ചെയ്യുവാൻ ദൈവം
മോശയെ നിയോഗിച്ചയച്ച സകല അത്ഭുത 11
ങ്ങളും അവൻെറ ഭുജവീര്യവും എല്ലാ
ഇസ്രായേലും കാൺകെ മോശ പ്രവർത്തിച്ച
ഭയങ്കര കാര്യമൊക്കെയും വിചാരിച്ചാൽ
ദൈവം അഭിമുഖമായി അറിഞ്ഞ മോശ 12
യെപ്പോലെ ഒരു പ്രവാചകൻ ഇസ്രായേലിൽ
പിന്നെ ഉണ്ടായിട്ടില്ല.

(മോശയുടെ ശുശ്രൂഷകനായ യോശുവാ ഇതു ക്രമീകരിച്ചു പൂർത്തിയാക്കി.)

ഇയ്യോബ്

അദ്ധ്യായം 1

ഊസ്ദേശത്ത് ഇയ്യോബ് എന്നു പേരു
ളാരു മനുഷ്യൻ ഉണ്ടായിരുന്നു; അവൻ
ങ്കനും നേരുള്ളവനും ദൈവഭക്ത
ദോഷം വിട്ടകലുന്നവനും ആയിരുന്നു.
വനു ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും
ിച്ചു. അവനു ഏഴായിരം ആടും മൂവാ
രം ഒട്ടകവും അഞ്ഞൂറ് ഏർ കാളയും
ഞ്ഞൂറു പെൺകഴുതയുമായ മൃഗസമ്പ
ും വളരെയേറെ ദാസന്മാരും ഉണ്ടായിരു
; അങ്ങനെ അവൻ സകല പൂർവ്വദിഗ്വാ
കളിലും മഹാനായിരുന്നു. അവന്റെ
ന്മാർ ഓരോരുവൻ താന്താന്റെ ദിവ
ത്തിൽ താന്താന്റെ വീട്ടിൽ വിരുന്നു കഴി
ക്കയും തങ്ങളോടുകൂടെ ഭക്ഷിച്ചു പാനം
യ്യുവാൻ തങ്ങളുടെ മൂന്നു സഹോദരിമാ
യും ആളയച്ചു വിളിപ്പിക്കുകയും ചെയ്യുക
ിവായിരുന്നു. എന്നാൽ വിരുന്നുനാളു
വട്ടംതികയുമ്പോൾ ഇയ്യോബ്: പക്ഷെ
ന്റെ പുത്രന്മാർ പാപം ചെയ്തു ദൈവത്തെ
ദയംകൊണ്ടു ത്യജിച്ചുപോയിരിക്കും
ന്നു പറഞ്ഞു ആളയച്ചു അവരെ വരുത്തി
ദ്ധീകരിക്കയും അതിരാവിലെ എഴു
റ്റു അവരുടെ സംഖ്യാനുസരണം
ഹോമയാഗങ്ങൾ കഴിക്കുകയും ചെയ്യും.
ങ്ങനെ ഇയ്യോബ് എല്ലായ്പ്പോഴും ചെയ്തു
ന്നു.
ഒരുദിവസം ദൈവപുത്രന്മാർ കർത്തൃസ
ധിയിൽ നില്പാൻ ചെന്നു; അവരുടെകൂ
ിൽ സാത്താനും ചെന്നു. സാത്താനോ
നീ എവിടെനിന്നു വരുന്നു എന്നുദൈവം
ദിച്ചതിനു സാത്താൻ തന്നോട്: ഞാൻ
യിൽ ഊടാടി സഞ്ചരിച്ചിട്ടു വരുന്നു
ന്നുത്തരം പറഞ്ഞു. കർത്താവ് സാത്താ
ട്: എന്റെ ദാസനായ ഇയ്യോബിൻ
ൽ നീ ദൃഷ്ടിവച്ചുവോ? അവനെപ്പോലെ
ഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും
ഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും
എന്നു അരുളിച്ചെയ്തു. അതിനു
ത്താൻ കർത്താവിനോടു: വെറു
തെയോ ഇയ്യോബ് ദൈവഭക്തനായിരി 10
ക്കുന്നതു? നീ അവന്റെയും അവന്റെ
ഭവനത്തിന്റെയും അവന്റെ മക്കളു
ടെയും എല്ലാ സ്ഥലത്തും അവനുള്ള
സകലത്തിന്റെയും മേൽ നിന്റെ കൈ
ആവസിപ്പിച്ചിരിക്കുകയാണല്ലോ; നീ അ
വന്റെ പ്രവൃത്തിയെ അനുഗ്രഹിച്ചിരി
ക്കുന്നു; അവന്റെ മൃഗസമ്പത്തു ദേശത്തു
വർദ്ധിപ്പിച്ചിരിക്കുന്നു. തൃക്കൈനീട്ടി അവ 11
നുള്ളതൊക്കെയും ഒന്നു തൊടുക; അവൻ
നിന്നെ മുഖത്തുനോക്കി ദുഷിക്കും എന്നു
ത്തരം പറഞ്ഞു. ദൈവം സാത്താനോട്: 12
ഇതാ, അവനുള്ളതെല്ലാം നിന്റെ കയ്യിൽ
ഏല്പിക്കപ്പെട്ടിരിക്കുന്നു; അവന്റെമേൽ
മാത്രം കയ്യേററം ചെയ്യരുത് എന്നു കല്പിച്ചു.
അങ്ങനെ സാത്താൻ ദൈവസന്നിധി വിട്ടു 13
പുറപ്പെട്ടുപോയി.
ഒരു ദിവസം ഇയ്യോബിന്റെ പുത്രന്മാരും 14
പുത്രിമാരും മൂത്ത ജ്യേഷ്ഠന്റെ വീട്ടിൽ
ഭക്ഷിക്കുകയും വീഞ്ഞുകുടിക്കുകയും
ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു ദൂതൻ
ഇയ്യോബിന്റെ അടുക്കൽ വന്ന് അവനോട്:
കാളകളെ പൂട്ടുകയും പെൺകഴുതകൾ അ
രികെ മേഞ്ഞുകൊണ്ടിരിക്കുകയും ആയി
രുന്നു; പെട്ടെന്നു മോഷ്ടാക്കൾ വന്ന് അവ 15
യെ പിടിച്ചുകൊണ്ടു പോകുകയും വേല
ക്കാരെ വാളാൽ വെട്ടിക്കൊല്ലുകയും
ചെയ്തു; വിവരം നിന്നെ അറിയിക്കുവാൻ
ഞാൻ ഒരുവൻ മാത്രം വഴുതിപ്പോന്നു
എന്നു പറഞ്ഞു. അവൻ സംസാരി 16
ച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ വേറൊരു
വൻ വന്നു: ദൈവത്തിന്റെ തീ ആകാശത്തു
നിന്നു വീണു കത്തി, ആടുകളും വേലക്കാ
രും അതിന് ഇരയായിപ്പോയി; വിവരം നിന്നെ
അറിയിക്കുവാൻ ഞാൻ ഒരുവൻ മാത്രം വഴു
തിപ്പോന്നു എന്നു പറഞ്ഞു. അവൻ സംസാ
രിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ മററൊരു 17
വൻ വന്നു: പെട്ടെന്നു കല്ദയർ മൂന്നു കൂട്ട
മായി വന്നു ഒട്ടകങ്ങളെ പിടിച്ചു കൊണ്ടു
പോകുകയും വേലക്കാരെ വാളിന്നിരയാ
ക്കുകയും ചെയ്തു; വിവരം നിന്നെ അറിയി

ക്കുവാൻ ഞാൻ ഒരുവൻ മാത്രം വഴുതിപ്പോ
18 ന്നു എന്നു പറഞ്ഞു. അവൻ സംസാരിച്ചു
കൊണ്ടിരിക്കുമ്പോൾ മററൊരുവൻ വന്നു:
നിൻെറ പുത്രന്മാരും പുത്രിമാരും മൂത്ത ജ്യേ
ഷ്ഠൻെറ വീട്ടിൽ ഭക്ഷിക്കുകയും കുടിക്കു
കയും ചെയ്തുകൊണ്ടിരുന്നു. പെട്ടെന്നു മരു
ഭൂമിയിൽനിന്നു ഒരു കൊടുങ്കാററു വന്നു വീടി
ൻെറ നാലുമൂലയ്ക്കും അടിച്ചു; അതു യുവാ
ക്കളുടെമേൽ വീണു; അവർ മരിച്ചുപോയി;
വിവരം നിന്നെ അറിയിക്കുവാൻ ഞാൻ ഒരു
വൻ മാത്രം വഴുതിപ്പോന്നു എന്നു പറഞ്ഞു.
അപ്പോൾ ഇയ്യോബ് എഴുന്നേററു വസ്ത്രം
കീറി തല മുണ്ഡനം ചെയ്ത് നിലത്തു വീണു
നമസ്കരിച്ചു: നഗ്നനായി ഞാൻ എൻെറ
അമ്മയുടെ ഉദരത്തിൽനിന്നു വന്നു, നഗ്ന
നായിത്തന്നെ മടങ്ങിപ്പോകും. ദൈവം തന്നു,
ദൈവം എടുത്തു, ദൈവനാമം വാഴ്ത്തപ്പെ
ടുമാറാകട്ടെ എന്നു പറഞ്ഞു. ഇതിലൊന്നി
ലും ഇയ്യോബ് പാപം ചെയ്യുകയോ ദൈവ
ദൂഷണം പറയുകയോ ചെയ്തില്ല.

അദ്ധ്യായം 2

1 പിന്നെയും ഒരു ദിവസം ദൈവപുത്ര
ന്മാർ ദൈവസന്നിധിയിൽ നിൽക്കുവാൻ
ചെന്നു; സാത്താനും അവരുടെ കൂട്ടത്തിൽ
ദൈവസന്നിധിയിൽ നിൽക്കുവാൻ ചെന്നു.
2 കർത്താവ് സാത്താനോടു: നീ എവിടെനി
ന്നു വരുന്നു എന്നു ചോദിച്ചതിനു സാ
ത്താൻ കർത്താവിനോടു: ഞാൻ ഭൂമിയിൽ
ചുററിസ്സഞ്ചരിച്ചിട്ടു വരുന്നു എന്നുത്തരം
3 പറഞ്ഞു. കർത്താവ് സാത്താനോടു:
എൻെറ ദാസനായ ഇയ്യോബിൻെറ മേൽ
നീ ദൃഷ്ടിവച്ചുവോ? അവനെപ്പോലെ
നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും
തിന്മ വിട്ടകലുന്നവനും ഭൂമിയിൽ ആരും
ഇല്ല; അവൻ തൻെറ നിഷ്കളങ്കത മുറുകെ
പിടിച്ചുകൊണ്ടിരിക്കുന്നു; വെറുതെ അവ
നെ നശിപ്പിക്കുവാൻ നീ എന്നെ സമ്മതി
4 പ്പിച്ചു എന്നു അരുളിച്ചെയ്തു. സാത്താൻ
കർത്താവിനോടു: ത്വക്കിനു പകരം ത്വക്ക്;
മനുഷ്യൻ തനിക്കുള്ളതെല്ലാം തൻെറ ജീവ
5 നു പകരം കൊടുത്തു രക്ഷപ്പെടും. നിൻെറ
കൈനീട്ടി അവൻെറ അസ്ഥിയും മാംസവും
ഒന്നു തൊടുക; അവൻ നിന്നെ മുഖത്തു
നോക്കി ദുഷിക്കും എന്നുത്തരം പറഞ്ഞു.
6 ദൈവം സാത്താനോടു: ഇതാ, അവൻ
നിൻെറ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കുന്നു;
അവൻെറ പ്രാണനെമാത്രം തൊടരുത് എ
7 ന്നു കല്പിച്ചു. അങ്ങനെ സാത്താൻ ദൈവ
സന്നിധിവിട്ടു പുറപ്പെട്ടു ഇയ്യോബിനെ
ഉള്ളങ്കാൽ മുതൽ നിറുക വരെ കഠിന വ്രണ
ത്താൽ വേദനിപ്പിച്ചു. അവൻ ഒരു ഓട്ടിൻ 8
കഷണം എടുത്ത് തന്നത്താൻ ചുരണ്ടി
ക്കൊണ്ടു ചാരത്തിന്മേൽ ഇരുന്നു. അവ 9
ൻെറ ഭാര്യ അവനോടു: നീ ഇനിയും നിൻെറ
ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ?
ദൈവത്തെ ദുഷിച്ചുപറഞ്ഞു മരിക്കുക
എന്നു പറഞ്ഞു. അവൻ അവളോടു: ഒരു 10
ഭോഷി സംസാരിക്കുന്നതുപോലെ നീ
സംസാരിക്കുന്നു; നാം ദൈവത്തിൻെറ നന്മ
കൾ സ്വീകരിച്ചു; ദുരിതങ്ങളും കൈക്കൊള്ള
രുതോ എന്നു പറഞ്ഞു. ഇതിൽ ഒന്നിലും
ഇയ്യോബ് അധരങ്ങളാൽ പാപം ചെയ്തില്ല,
ദൈവദൂഷണം പറഞ്ഞുമില്ല.
അനന്തരം തേമാന്യനായ എലീഫസ്, 11
ശൂഹ്യനായ ബിൽദാദ്, നാമാത്യനായ
സോഫർ എന്നിങ്ങനെ ഇയ്യോബിൻെറ
മൂന്നു സ്നേഹിതന്മാർ ഈ അനർത്ഥ
മെല്ലാം അവനു ഭവിച്ചതു കേട്ടപ്പോൾ അവർ
ഓരോരുത്തൻ താന്താൻെറ സ്ഥലത്തു
നിന്നു പുറപ്പെട്ടു അവനോടു സഹതപിപ്പാ
നും അവനെ ആശ്വസിപ്പിക്കാനും പോക
ണമെന്നു തമ്മിൽ പറഞ്ഞു നിശ്ചയിച്ചു.
അവർ ദൂരെനിന്നു നോക്കിയപ്പോൾ അവ 12
നെ തിരിച്ചറിഞ്ഞില്ല; അവർ ഉറക്കെ കര
ഞ്ഞു വസ്ത്രം കീറി പൊടിവാരി മേലോട്ടു
തലയിൽ വിതറി. അവൻെറ ശിക്ഷ അതി 13
കഠിനമെന്നു കണ്ടിട്ട് അവർ ആരും ഒരു
വാക്കും മിണ്ടാതെ ഏഴു രാവും പകലും
അവനോടുകൂടെ നിലത്തിരുന്നു.

അദ്ധ്യായം 3

അനന്തരം ഇയ്യോബ് വായ് തുറന്നു 1
തൻെറ ജന്മദിവസത്തെ ശപിച്ചു. ഇയ്യോബ് 2
പറഞ്ഞു: ഞാൻ ജനിച്ച ദിവസവും ഒരു 3
ആൺകുഞ്ഞ് ജാതനായി എന്നു പറഞ്ഞ
രാത്രിയും നശിച്ചുപോകട്ടെ. ആ ദിവസം 4
ഇരുണ്ടുപോകട്ടെ; ഉയരത്തിൽനിന്നു ദൈവം
അതിനെ കടാക്ഷിക്കരുതേ; പ്രകാശം അതി
ന്മേൽ ശോഭിക്കയുമരുതേ. ഇരുളും മരണ 5
നിഴലും അതിനെ മറയ്ക്കട്ടെ; ഒരു മേഘം
അതിന്മേൽ വരട്ടെ. ദിവസത്തെ സങ്കടകര
മാക്കുന്നതെല്ലാം അതിനെ ഭീകരമാക്കട്ടെ;
ആ രാത്രിയെ കൂരിരുൾ പിടികൂടട്ടെ; അതു 6
ആണ്ടിൻെറ ദിവസസംഖ്യയിൽ ഗണിക്ക
പ്പെടരുത്; മാസങ്ങളുടെ എണ്ണത്തിൽ വരി
കയും അരുതു. അതേ, ആ രാത്രി നിഷ്ഫല 7
മായിരിക്കട്ടെ; ഉല്ലാസഘോഷം അതിൽ
ഉണ്ടാകരുത്. ലവ്യാഥാനെ ഇളക്കുവാൻ 8
സമർത്ഥരായി ദിവസത്തെ ശപിക്കുന്നവർ

ന ശപിക്കട്ടെ. അതിൻെറ പ്രഭാത ന
ങൾ ഇരുണ്ടുപോകട്ടെ; അതു വെളി
ു കാത്തിരുന്നിട്ട് കിട്ടാതെപോകട്ടെ;
ഉഷസ്സിൻെറ കിരണങ്ങൾ ഒരി
കാണാതിരിക്കട്ടെ. അതു എൻെറ
ിൻെറ ഗർഭപാത്രദ്വാരം അടച്ചില്ല
എൻെറ കണ്ണിനു കഷ്ടത മറച്ചി
ഞാൻ ഗർഭാശയത്തിൽവച്ചു
തിരുന്നതെന്ത്? ഉദരത്തിൽനിന്നു
പുറപ്പെട്ടത് എന്തിന്? മുഴങ്കാ
എന്നെ വളർത്തിയതെന്തിനു?
എന്തിനു മുലപ്പാൽ കുടിച്ചു? ഞാൻ
ദ കിടന്നു വിശ്രമിക്കുമായിരുന്നു;
റങ്ങി ആശ്വാസം പ്രാപിക്കുമായിരു
ങ്ങൾക്കു ശൂന്യസ്ഥലങ്ങൾ പണിത
ന്മാരോടും അധികാരികളോടും
ർണ്ണസമ്പത്തുള്ളവരായി സ്വഭവന
വെള്ളി നിറച്ചുവച്ച പ്രഭുക്ക
ും കൂടെത്തന്നെ. അല്ലെങ്കിൽ, കുഴി
പിണ്ഡങ്ങൾ പോലെയും വെളിച്ചം
ല്ലാത്ത ശിശുക്കളെപ്പോലെയും
ല്ലാതെ പോകുമായിരുന്നു. അവിടെ
നംപോലും കോപമില്ലാതെയിരി
അവിടെ ജീവിതത്തിൽ ക്ഷീണിതർ
ക്കുന്നു. അവിടെ ബദ്ധന്മാർ ഒരു
ശാന്തരായിരിക്കുന്നു; പീഡകൻെറ
അവർ കേൾക്കാതിരിക്കുന്നു. ചെറി
വലിയവനും അവിടെ ഒരുപോലെ;
യജമാനൻെറ കീഴിൽനിന്നു വിടു
ട്ടിയിരിക്കുന്നു. ദുരിതമുള്ളവന്
വും ദുഃഖിതർക്കു ജീവനും കൊടു
തന്തിനു? അവർ മരണത്തിനായി
ിക്കുന്നു, അതു വരുന്നുമില്ല; നിധി
എന്നവണ്ണം അവർ അതിനെ അന്വേ
ന്നു. അവർ ശവക്കുഴി കണ്ടാൽ
ഷിച്ചുല്ലസിക്കും. വഴി മറഞ്ഞിരി
നുഷ്യൻെറ മേൽ ദൈവം എന്തിന്
ക്കുന്നു? ഭക്ഷണത്തിനു മുമ്പായി
നെടുവീർപ്പു വരുന്നു; എൻെറ ഞ
ദ വെള്ളംപോല ഒഴുകുന്നു. ഞാൻ
തുതന്നെ എനിക്കു സംഭവിച്ചിരി
ഞാൻ ഏതിനെക്കുറിച്ച് ഭ്രമിച്ചുവോ
ന്നെ പിടികൂടി. ഞാൻ സ്വസ്ഥനാ
ശമിച്ചില്ല, ആശ്വസിച്ചുമില്ല; ക്രോധം
മൽ വന്നു.

അദ്ധ്യായം 4

നിനു തേമാന്യനായ എലീഫസ്
പറഞ്ഞതെന്തെന്നാൽ: നിന്നോടു
പ്പാൻ തുനിഞ്ഞാൽ നിനക്കു വെറു
പ്പുതോന്നുമോ? നിന്നോടുള്ള ഞങ്ങളുടെ
വാക്കുകളെ തടസ്സം ചെയ്യുവാൻ ആർക്കു
കഴിയും? നീ പലരെയും ഉപദേശിച്ചു. തളർ 3
ന്ന കൈകളെ ശക്തീകരിച്ചു. രോഗികളെ നി 4
ൻെറ വാക്കുകൾ താങ്ങി. കുഴയുന്ന മുഴ 5
ങ്കാൽ നീ ഉറപ്പിച്ചു. ഇപ്പോൾ നിനക്കതു ഭവി
ച്ചിട്ടു നീ ദുഃഖിക്കുന്നു; നിനക്കതു സംഭവി
ച്ചിട്ട് നീ ഭ്രമിച്ചുപോകുന്നു. നിൻെറ ഭക്തിയും 6
നിൻെറ പ്രത്യാശയും നിൻെറ നടപ്പിൻെറ
നിഷ്ക്കളങ്കതയും നിന്നെ ബലപ്പെടുത്തു
ന്നില്ലേ. ഓർത്തു നോക്കുക: ഏതെങ്കിലും 7
നിരപരാധി നശിച്ചിട്ടുണ്ടോ? നിഷ്കളങ്കൻ
എവിടെ ലജ്ജിതനായിട്ടുണ്ട്? ഞാൻ കണ്ടി 8
ടത്തോളം അനീതി ഉഴുത്, തിന്മ വിതയ്ക്കു
ന്നവർ, അതുതന്നെ കൊയ്യുന്നു. ദൈവത്തി 9
ൻെറ ശ്വാസത്താൽ അവർ നശിക്കും; അവ
ൻെറ കോപത്തിൻെറ ഊത്തിനാൽ ഇല്ലാതാ
കും. സിംഹത്തിൻെറ ഗർജ്ജനവും ബാല 10
സിംഹത്തിൻെറ അലർച്ചയും സിംഹങ്ങളുടെ
ദംഷ്ട്രങ്ങളും തകർക്കപ്പെട്ടു. സിംഹം ഇരയി 11
ല്ലാതെ നശിക്കുന്നു; സിംഹത്തിൻെറ കുഞ്ഞു
ങ്ങൾ ചിതറിപ്പോകുന്നു. എൻെറ അടുക്കൽ 12
ഒരു വചനം എത്തി; അതിൻെറ മന്ദസ്വരം
എൻെറ ചെവിയിൽ കടന്നു. മനുഷ്യർക്കു 13
ഗാഢനിദ്ര ഉണ്ടാകുന്ന രാത്രിയിലെ ദർശന
ങ്ങളാലുള്ള മനോവിശ്രമത്തിൽ എനിക്കു 14
ഭയവും നടുക്കവും ഉണ്ടായി, എൻെറ അസ്ഥി 15
കൾ എല്ലാം ഇളകി. ഒരാത്മാവു എൻെറ
മുഖത്തിനെതിരെ കടന്നുപോയി; എൻെറ
ദേഹത്തിനു രോമാഞ്ചം കൊണ്ടു. ഞാൻ 16
എഴുന്നേററു; എൻെറ കൺമുമ്പിൽ ഒരു രൂപ 17
വും ഞാൻ കണ്ടില്ല. ഞാൻ ഒരു ശബ്ദം
കേട്ടു: മനുഷ്യൻ ദൈവത്തെക്കാൾനീതി
മാനാകുമോ? മനുഷ്യൻ സ്രഷ്ടാവിനെ
ക്കാൾ നിർമ്മലനാകുമോ? ഇതാ, സ്വദാസ 18
ന്മാരിലും അവനു വിശ്വാസമില്ല; തൻെറ ദൂത 19
ന്മാരിലും അവൻ സംഭ്രമം വരുത്തും. പൊടി 20
യിൽനിന്നു രൂപം കൊണ്ട്, മൺപുരകളിൽ
വസിക്കുന്നവർ ഉഷസ്സിനും സന്ധ്യക്കും മദ്ധ്യേ
തകർന്നുപോകുന്നു; ആരും ഗണ്യമാക്കാ
തെ അവർ എന്നേക്കും നശിക്കുന്നു. അവ
രുടെ അവകാശം അവരിൽനിന്ന് എടുക്കും,
അവരുടെ പേരും അജ്ഞാനം മൂലം അവ
രോടു കൂടെത്തന്നെ നാമാവശേഷമാകും.

അദ്ധ്യായം 5

വിളിച്ചുനോക്കുക; നിന്നോട് ഉത്തരം 1
പറയുന്നവനുണ്ടോ? നീ വിശുദ്ധന്മാരിൽ
ആരുടെ അടുക്കലേക്കു തിരിയും? കോപം 2
ഭോഷനെ കൊല്ലുന്നു. അസൂയ മൂഢനെ

3 ഹിംസിക്കും. ദുഷ്ടൻ പ്രശോഭിക്കുന്നതു
ഞാൻ കണ്ടു. പെട്ടെന്ന് അവൻെറ പാർപ്പിടം
4 നശിക്കും. അവൻെറ മക്കൾ രക്ഷയോടക
ന്നിരിക്കുന്നു; അവർ രക്ഷകനില്ലാതെ
5 വാതിൽക്കൽവച്ചു തകർന്നുപോകും. അവ
ൻെറ വിളവു വിശപ്പുള്ളവൻ തിന്നുകളയും;
അവരുടെ സമ്പത്തു ദാഹമുള്ളവർ കുടി
6 ക്കും. വ്യാജം ഉത്ഭവിക്കുന്നതു പൂഴിയിൽനി
ന്നല്ല; അനീതി മുളയ്ക്കുന്നതു മണ്ണിൽനി
7 ന്നുമല്ല; തീപ്പൊരി മേലോട്ടു പറക്കുന്നതു
പോലെ മനുഷ്യൻ കഷ്ടതയ്ക്കായി ജനിച്ചി
8 രിക്കുന്നു. ഞാൻ ദൈവത്തിങ്കലേക്കു നോ
ക്കും; എൻെറ കാര്യം ദൈവത്തിങ്കൽ ഏല്പി
9 ക്കുമായിരുന്നു; അവൻ, ആരാഞ്ഞുകൂടാ
ത്ത വൻകാര്യങ്ങളും അസംഖ്യമായ അത്ഭു
10 തങ്ങളും ചെയ്യു. അവൻ ഭൂമിയിൽ മഴ പെയ്യി
ക്കുന്നു; വയലുകളിലേക്കു വെള്ളം ഒഴു
11 ക്കുന്നു. അവൻ താണവരെ ഉയർത്തുന്നു;
ദുഃഖിക്കുന്നവരെ രക്ഷകൊണ്ടു ശക്തരാക്കു
12 ന്നു. അവൻ ജ്ഞാനികളുടെ ചിന്തകൾ വി
ഫലമാക്കുന്നു; അവരുടെ കൈകൾ സമർ
13 ത്ഥമാക്കുകയുമില്ല. അവൻ ജ്ഞാനികളെ
അവരുടെ ജ്ഞാനത്തിൽതന്നെ പിടിക്കു
ന്നു; വക്രബുദ്ധികളുടെ ആലോചന മറിച്ചി
14 ടുന്നു. പകൽ സമയത്തും അവർക്കു ഇരുൾ
ഉണ്ടാകും; മദ്ധ്യാഹ്നത്തിൽ അവർ രാത്രി
15 യിലെന്നപോലെ തപ്പി നടക്കുന്നു. അ
വൻ അവരുടെ വായെ വാളിൽനിന്നും
അഗതിയെ ബലവാൻെറ കൈയിൽനിന്നും
16 രക്ഷിക്കുന്നു. അങ്ങനെ ദരിദ്രന് പ്രത്യാശയു
ണ്ട്; അനീതിയുള്ളവൻ വായ് പൊത്തും.
17 ദൈവം ശാസിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ
തന്നെ; സർവ്വശക്തൻെറ ശിക്ഷ നീ നിരസിക്ക
18 രുതു. അവൻ മുറിവേല്പിക്കുകയും വച്ചു
കെട്ടുകയും ചെയ്യും; അവൻ താഡിക്കുക
യും തൃക്കൈതന്നെ സൌഖ്യമാക്കുകയും
19 ചെയ്യും. ആറു കഷ്ടതകളിൽനിന്ന് അവൻ
നിന്നെ വിടുവിക്കും; ഏഴാമത്തേതിലും തിന്മ
20 നിന്നോട് അടുക്കുകയില്ല. ക്ഷാമകാലത്ത്
അവൻ നിന്നെ മരണത്തിൽനിന്നും
യുദ്ധത്തിൽനിന്നും രക്ഷിക്കും. നാവെന്ന
21 ചമ്മട്ടിയിൽനിന്ന് നീ മറയ്ക്കപ്പെടും;
നാശം വരുമ്പോൾ നീ ഭയപ്പെടുകയില്ല.
22 ക്ഷാമവും കവർച്ചയും കണ്ട് നീ ചിരിക്കും;
വന്യമൃഗങ്ങളെ നീ ഭയപ്പെടുകയില്ല.
23 വനത്തിലെ കല്ലുകളോടു നിനക്കു സഖ്യമു
ണ്ടാകും; വന്യമൃഗങ്ങൾ നിന്നോടു ഇണ
24 ങ്ങും. നിൻെറ കൂടാരം സമാധാനത്തിൻേറത്
എന്നു നീ അറിയും; നിൻെറ കൂടാരത്തിലേ
ക്ക് നീ തിരിച്ചെത്തും, നീ തെററു ചെയ്യുക

യില്ല. നിൻെറ സന്താനം അസംഖ്യമെ
നിൻെറ സന്തതി നിലത്തെ പുല്ലുപോ
യെന്നും നീ അറിയും. കളത്തിൽ കററ
ക്കി വയ്ക്കുന്നതുപോലെ തക്ക സമയ
നീ സമാധാനത്തോടെ കല്ലറയിൽ പ്രവേ
ക്കും. ഞങ്ങൾ അതു പരിശോധിച്ചു, അ
അങ്ങനെതന്നെ ആകുന്നു; നീ നി
നന്മയ്ക്കായി അതു കേട്ടു ഗ്രഹിക്കുക.

അദ്ധ്യായം 6

അതിനു ഇയ്യോബ് ഉത്തരം പറഞ്ഞ
എൻെറ വ്യസനം ഒന്നു തൂക്കിനോക്കി
ങ്കിൽ! എനിക്കു സംഭവിച്ചത് ഒരുമിച്ച് തു
സിൽ വച്ചെങ്കിൽ! അതു കടൽതീര
മണലിനെക്കാൾ ഭാരമേറിയത്. അതിന
എൻെറ വാക്കു തടസ്സപ്പെടുന്നു. സർവ്വ
ൻെറ അസ്ത്രങ്ങൾ എന്നിൽ തറച്ചിരിക്കു
അവയുടെ വിഷം എൻെറ ജീവൻ കുടി
ന്നു; ദൈവത്തിൻെറ ഘോരത്വം എൻെറ
രെ അണിനിരന്നിരിക്കുന്നു. പുല്ലുള്ള സ്ഥ
ത്തു കാട്ടുകഴുത എന്തിനു കരയണം?
ക്കോൽ തിന്നുമ്പോൾ കാള ശബ്ദം പുറ
ടുവിക്കുന്നതെന്തിന്? രുചിയില്ലാത്തതു
കൂടാതെ തിന്നാമോ? മുട്ടയുടെ വെ
യ്ക്കു എന്തെങ്കിലും രുചിയുണ്ടോ? അ
എനിക്ക് വെറുപ്പായി. എൻെറ പോരാട്ടം
പൻേറതുപോലെയായിരിക്കുന്നു. എ
അപേക്ഷ ദൈവം സാധിച്ചെങ്കിൽ! എ
പ്രത്യാശ ദൈവം എനിക്കു നൽകിയെങ്കി
എന്നെ അവസാനിപ്പിക്കുവാൻ ദൈ
പ്രസാദിച്ചെങ്കിൽ! തൃക്കൈ നീട്ടി എനി
അന്ത്യംവരുത്തിയിരുന്നെങ്കിൽ! അത് എ
ക്കു ആശ്വാസമാകുമായിരുന്നു; കഠിന
നയിലും ഞാൻ ഉല്ലസിക്കുമായിരു
പരിശുദ്ധൻെറ വചനങ്ങളെ ഞാൻ നിഷേ
ച്ചിട്ടില്ലല്ലോ; ഞാൻ പ്രത്യാശിച്ചിരിക്കുവ
എനിക്കു ശക്തിയുണ്ടോ? ദീർഘക്ഷമ
ടിരിപ്പാൻ എൻെറ അന്ത്യം എന്തു? എ
ബലം കല്ലിൻെറ ബലമായിരുന്നെങ്കി
എൻെറ മാംസം താമ്രമായിരുന്നെങ്കി
തൻെറ സഹായം എന്നിൽ ഇല്ലാത
രക്ഷ എന്നെ വിട്ടുപോയിരിക്കുന്നു! ദുഃ
തനോടു ദയ കാണിക്കാത്ത സ്നേഹി
അവനു സർവ്വശക്തനോടുള്ള ഭക്തി ത്യ
ക്കും. എൻെറ സഹോദരന്മാർ വെള്ള
ച്ചിൽപോലെ എന്നെ ചതിച്ചു; അവർ വ
പ്പോകുന്ന തോടുകളുടെ ചാൽപോലെ
ത്രെ. മഞ്ഞുകൊണ്ട് അവർ ഭീതരാകു
ഹിമം അവയിൽ ഉരുകി കാണാതെ പോ
ന്നു. ചൂടുകൊണ്ട് അവ ഉരുകിപ്പോകു

ൂട് ആകുമ്പോൾ അവ അവിടെനിന്നു
ചായ്പോകുന്നു. പാതകൾ വളഞ്ഞു
പാകുന്നു; അവർ മരുഭൂമിയിൽ ചെന്നു
ശിച്ചുപോകുന്നു. ദക്ഷിണദേശപാത
ൾ അവർ നോക്കുന്നു; ശെബയുടെ
ാതകൾ അവർക്കായി പ്രതീക്ഷിക്കുന്നു.
തീക്ഷിച്ചതു കിട്ടാതെ അവർ ലജ്ജിക്കു
ു; അവിടത്തോളം ചെന്നു ലജ്ജിച്ചുപോ
ുന്നു. നിങ്ങളും ഇപ്പോൾ അതുപോലെ
ായി; ആപത്തു കാണുന്നതിനുമുമ്പ്
ങ്ങൾ ഭയപ്പെട്ടു. എനിക്കു തരുവിൻ;
ങ്ങളുടെ സമ്പത്തിൽനിന്ന് എനിക്കുവേ
ടി സമ്മാനം കൊടുപ്പിൻ; പീഡകരുടെ
യ്യിൽനിന്നു എന്നെ വിടുവിപ്പിൻ; ശക്തരുടെ
കയിൽനിന്നു എന്നെ വീണ്ടെടുപ്പിൻ
ന്നിങ്ങനെ ഞാൻ പറഞ്ഞിട്ടുണ്ടോ?
ന്നെ ഉപദേശിപ്പിൻ; ഞാൻ മൌനമായിരി
ാം; ഞാൻ ഏതിൽ തെററു ചെയ്തുവെന്ന്
നിക്കു ബോധം വരുത്തുവിൻ. സത്യമായ
ാക്കുകളെ നിങ്ങൾ എന്തിനു ഞെരുക്കു
ു? ശാസിപ്പാനോ ബോധം വരുത്തുവാ
ാ ആരുണ്ട്? വാക്കുകളെ ശാസിപ്പാൻ
ങ്ങൾ വിചാരിക്കുന്നുവോ? എൻെറ വാ
ിൻെറ നിശ്വാസം മൂലം നിങ്ങൾ തിരിച്ചറി
ണം. അനാഥനെതിരെ നിങ്ങൾ ആരവം
യ്ക്കുന്നു. നിങ്ങളുടെ സ്നേഹിതനെ
ങ്ങൾ ദുഃഖിപ്പിക്കുന്നു. ഇപ്പോൾ ദയ
ചയ്തു എന്നെ ഒന്നു നോക്കുവിൻ; ഞാൻ
ങ്ങളുടെ മുഖത്തു നോക്കി വ്യാജം പറയു
യില്ല. ഒന്നുകൂടെ നോക്കുവിൻ; നീതികെട്ട
രെപ്പോലെ ആകരുത്. പശ്ചാത്തപി
ുവിൻ. കുററമററവരാകുവിൻ. എൻെറ
വിൽ അനീതി ഉണ്ടോ? എൻെറ വായ്
ത്യമല്ലോ സംസാരിക്കുന്നത്?

അദ്ധ്യായം 7

മർത്യനു ജീവിതം ഭൂമിയിൽ കൂലിക്കാ
ൻെറതുപോലെയല്ലേ? അവൻെറ ജീവ
ലം കൂലിക്കാരൻെറ ജീവകാലംപോലെ
ന്ന. വേലക്കാരൻ തണൽ ആഗ്രഹിക്കു
തുപോലെയും കൂലിക്കാരൻ പണി
ർക്കുവാൻ കാത്തിരിക്കുന്നതുപോലെ
വ്യർത്ഥമാസങ്ങൾ എനിക്കു അവകാശ
യി, ദുരിതപൂർണ്ണരാത്രികൾ എനിക്കു
ഹരിയായിത്തീർന്നു. കിടക്കുന്നേരം:
ാൻ എപ്പോഴാണ് എഴുന്നേൽക്കേണ്ട
ന്നു പറയുന്നു; രാത്രിയാമങ്ങൾ ഞാൻ
ണ്ണി കഴിക്കുന്നു; വെളുക്കുവോളം മയ
ുന്നു. എൻെറ ദേഹം പുഴുവും പൂഴിയും
ഞ്ഞിരിക്കുന്നു. എൻെറ തൊലിമേൽ
വ്രണങ്ങൾ അടഞ്ഞ് വീണ്ടും പഴുത്തു
പൊട്ടുന്നു. എൻെറ നാളുകൾ നെയ്ത്തു 6
കാരൻെറ ഓടത്തിലും വേഗതയുള്ളതു;
പ്രത്യാശകൂടാതെ അവ കഴിഞ്ഞുപോ
കുന്നു. എൻെറ ജീവൻ ഒരു ശ്വാസം മാത്രം 7
എന്നോർക്കണമെ; എൻെറ കണ്ണ് ഇനി
നന്മയെ കാണുകയില്ല. എന്നെ കാണുന്നവ 8
ൻെറ കണ്ണ് ഇനി എന്നെ കാണുകയില്ല;
നിൻെറ കണ്ണ് എന്നെ നോക്കും; പക്ഷെ
ഞാനോ, ഇല്ലാതായ്പോകും. മേഘം ക്ഷയി 9
ച്ചു മാഞ്ഞുപോകുന്നതുപോലെ പാതാള
ത്തിലിറങ്ങുന്നവൻ വീണ്ടും കയറിവരിക
യില്ല. അവൻ സ്വഭവനത്തിലേക്കു മടങ്ങി 10
വരികയില്ല; അവൻെറ സ്ഥലം ഇനി അവൻ
അറിയുകയുമില്ല. ആകയാൽ ഞാൻ എൻെറ 11
വായടയ്ക്കുകയില്ല; മനോവേദനയോടെ
ഞാൻ സംസാരിക്കും; മനോവ്യസനത്തോ
ടെ ഞാൻ ആവർത്തിക്കും. നീ എനിക്കു കാ 12
വൽ വയ്ക്കേണ്ടതിനു ഞാൻ സമുദ്രമോ
മഹാസർപ്പമോ ആകുന്നുവോ? നീ എന്നെ 13
ആശ്വസിപ്പിക്കുമെന്നും എൻെറ മെത്ത
എൻെറ വ്യസനം ശമിപ്പിക്കും എന്നും ഞാൻ
പറഞ്ഞാൽ നീ സ്വപ്നംകൊണ്ട് എന്നെ 14
ഭയപ്പെടുത്തി; ദർശനംകൊണ്ട് എന്നെ
സംഭീതനാക്കുന്നു. ആകയാൽ നാശത്തിൽ 15
നിന്ന് എൻെറ പ്രാണനേയും മരണത്തിൽ
നിന്ന് അസ്ഥികളേയും നീ പരിശോധിച്ചു.
ഞാൻ അഴിഞ്ഞിരിക്കുന്നു; എന്നേക്കും 16
ജീവിച്ചിരിക്കുകയില്ല; എന്നെ വിടണമേ;
എൻെറ ജീവകാലം ഒരു ശ്വാസം മാത്രം.
മർത്യനെ നീ നശിപ്പിക്കുവാനും അവൻെറ 17
മേൽ ദൃഷ്ടി വച്ച് അവനെ രാവിലെ തോറും 18
സന്ദർശിച്ചു കാലാകാലം പരീക്ഷിക്കേണ്ട
തിനും അവനു എന്തുള്ളു? നീ എത്രത്തോളം 19
നിൻെറ നോട്ടം എങ്കൽനിന്നു മാററാതിരി
ക്കും? ഞാൻ ഉമിനീർ ഇറക്കുവോളം എന്നെ
വിടാതെയുമിരിക്കും? ഞാൻ പാപം ചെയ്തു 20
വെങ്കിൽ, മനുഷ്യൻെറ സ്രഷ്ടാവേ ഞാൻ
നിനക്കെന്തു ചെയ്യുന്നു? നീ എൻെറമേൽ
ഭാരമായിരിക്കത്തക്കവണ്ണം നീ എന്നെ
നിനക്കു ലക്ഷ്യമായി വച്ചിരിക്കുന്നതെ
ന്തു? എൻെറ അതിക്രമം അങ്ങ് ക്ഷമിക്കാ 21
തെയും അകൃത്യം മോചിക്കാതെയും എത്ര
കാലം ഇരിക്കും? ഇപ്പോൾ ഞാൻ പൊടി
യിൽ നിദ്രകൊള്ളും. നീ എന്നെ അന്വേഷി
ച്ചാൽ ഞാൻ ഇല്ലാതെയിരിക്കും.

അദ്ധ്യായം 8

അതിനു ശൂഹ്യനായ ബിൽദാദ് ഉത്തരം 1
പറഞ്ഞത്: എത്ര കാലം നീ ഇങ്ങനെ സംസാ 2

രിക്കും? നിൻെറ വായ് ഉന്നത വാക്കുകൾ
3 നിറഞ്ഞിരിക്കും? ദൈവം ന്യായം മറിച്ചു
കളയുമോ? സർവ്വശക്തൻ നീതിയെ മറിച്ചു
4 കളയുമോ? നിൻെറ മക്കൾ അവനോടു
പാപം ചെയ്തെങ്കിൽ അവൻ അവരെ അവരു
ടെ അതിക്രമങ്ങൾക്കു തക്കവണ്ണം ഏല്പി
5 ച്ചു കളഞ്ഞു. നീ ദൈവത്തെ ശ്രദ്ധയോടെ
അന്വേഷിക്കുകയും സർവ്വശക്തനോടപേ
6 ക്ഷിക്കുകയും ചെയ്താൽ, നീ നിർമ്മലനും
നീതിമാനുമെങ്കിൽ അവൻ ഇപ്പോൾ നിന
ക്കു വേണ്ടി ഉണർന്നുവരും, നിൻെറ നീതിയു
ള്ള വാസസ്ഥലത്തെ സമൃദ്ധമാക്കും.
7 നിൻെറ പൂർവ്വസ്ഥിതി അല്പമായി
തോന്നും; നിൻെറ അന്ത്യസ്ഥിതി അതിമഹ
8 ത്തായിരിക്കും. നീ പണ്ടത്തെ തലമുറയോടു
ചോദിക്കുക; അവരുടെ പിതാക്കന്മാരുടെ
9 അറിയിപ്പുഫലം ഗ്രഹിക്കുക. നാം ഇന്നല
ത്തേത് മാത്രം! ഒന്നുമറിയാത്തവർ! ഭൂമി
10 യിൽ നമ്മുടെ ജീവകാലം ഒരു നിഴലത്രെ.
അവർ നിനക്ക് ഉപദേശിക്കും; അവരുടെ ഹൃ
ദയത്തിൽനിന്നു വാക്കുകൾ പുറപ്പെടുവി
11 ക്കും. വരണ്ട നിലത്ത് കിണറ് ഉയരുമോ?
വെള്ളമില്ലാത്തിടത്തു വെറും പുല്ലു വളരു
12 മോ? അതു അറുത്തെടുക്കാതെ തണ്ടിലാ
യിരിക്കുമ്പോൾതന്നെ മററു എല്ലാ പുല്ലിനും
13 മുമ്പെ വാടിപ്പോകുന്നു. ദൈവത്തെ മറക്കു
ന്ന എല്ലാവരുടെയും ഗതിയും അങ്ങനെ
തന്നെ; കാവ്യൻെറ പ്രത്യാശ നശിച്ചു
14 പോകും; അവൻെറ ആശ്രയം അററു
പോകും; അവൻെറ ഭവനം ചിലന്തിവലയ
15 ത്രെ. അവൻ തൻെറ ഭവനത്തെ ആശ്രയി
ക്കും; അതോ ഉറച്ചുനില്ക്കുകയില്ല; അവൻ
അതിനെ മുറുകെ പിടിക്കും; അതോ നില
16 നില്ക്കയില്ല. സൂര്യൻെറ മുമ്പിൽ അവൻ
പച്ചപിടിച്ചിരുന്നേക്കാം. അവൻെറ ചില്ലികൾ
17 അവൻെറ തോട്ടത്തിൽ പടരുന്നു. കൽക്കെ
ട്ടുള്ള ഭവനം അവൻ കാണും. അവൻ അതി
ടിച്ചുകളഞ്ഞാൽ ഞാൻ നിന്നെ കണ്ടിട്ടേ
18 യില്ല എന്നു വ്യാജം പറയും. അവൻെറ സ്ഥ
ലത്തുനിന്നു അതിനെ നശിപ്പിച്ചാൽ ഞാൻ
നിന്നെ കണ്ടിട്ടില്ല എന്നു അതു അവനെ
19 തള്ളിപ്പറയും. അവൻെറ ഗതിയുടെ വഴി
യെല്ലാം അവൻ പരിശോധിക്കും. പൊടി
20 യിൽനിന്നു മറെറാന്നു മുളച്ചുവരും. ദൈവം
നിഷ്ക്കളങ്കരെ നിരസിക്കുകയില്ല; ദുഷ്ക്കർ
21 മ്മികളെ താങ്ങുകയുമില്ല. അവൻ ഇനിയും
നിൻെറ വായിൽ മന്ദഹാസവും നിൻെറ
അധരങ്ങളിൽ ഉല്ലാസഘോഷവും നിറയ്
22 ക്കും. നിൻെറ ശത്രു ലജ്ജ ധരിക്കും; ദുഷ്ട
ന്മാരുടെ കൂടാരം ഇല്ലാതെയാകും.

അദ്ധ്യായം 9

അതിനു ഇയ്യോബിൻെറ ഉത്തരം: അതു 1
അങ്ങനെതന്നെ എന്നു എനിക്കും നിശ്ച 2
യമായും അറിയാം; ദൈവസന്നിധിയിൽ
മർത്യൻ നീതിമാനാകുന്നതെങ്ങനെ? ഒരു 3
വൻ തന്നോട് പ്രതിവാദിക്കുവാൻ വിചാരി
ച്ചാൽ ആയിരത്തിൽ ഒന്നിനുപോലും
ഉത്തരം പറയുവാൻ കഴികയില്ല. താൻ 4
ജ്ഞാനിയും മഹാശക്തനുമാകുന്നു; അവ
നോടു എതിർത്തിട്ട് ഹാനി വരാത്തവൻ
ആരുണ്ട്? അവൻ പർവ്വതങ്ങളെ അവ അറി 5
യാതെ നീക്കിക്കളയുന്നു; തൻെറ കോപ
ത്തിൽ അവയെ മറിച്ചുകളയുന്നു. അവൻ 6
ഭൂമിയെ സ്വസ്ഥാനത്തുനിന്നു ഇളക്കുന്നു;
ഭൂവാസികൾ കുലുങ്ങിപ്പോകുന്നു. അവൻ 7
സൂര്യനോടു കല്പിക്കുന്നു; അതു ഉദിക്കാ
തിരിക്കുന്നു; അവൻ നക്ഷത്രങ്ങളെ മുദ്ര
യിടുന്നു. അവൻ തനിച്ചു ആകാശത്തെ 8
വിരിച്ചു; സമുദ്രത്തിലെ തിരമാലകളിന്മേൽ
അവൻ നടക്കുന്നു. അവൻ സപ്തർഷി, മക 9
യിരം, കാർത്തിക ഇവയെയും തെക്കെ
നക്ഷത്രമണ്ഡലത്തെയും സൃഷ്ടിച്ചു.
അവൻ പരിശോധനാതീതവൻകാര്യങ്ങളെ 10
യും അസംഖ്യം അത്ഭുതങ്ങളെയും ചെയ്യു.
അവൻ എൻെറ അടുത്തുകൂടി കട 11
ക്കുന്നു; ഞാൻ അവനെ കാണുന്നില്ല;
അവൻ കടന്നുപോയാൽ, ഞാൻ അവനെ
അറിയുന്നുമില്ല. അവൻ തകർത്താൽ ആര് 12
അവനെ തടസ്സംചെയ്യും? നീ എന്തു ചെയ്യു
ന്നു എന്ന് ആര് ചോദിക്കും? ദൈവം തൻെറ 13
കോപത്തെ പിൻവലിക്കുന്നില്ല; അനേക
രുടെ സഹായികൾ അവനു വഴങ്ങുന്നു.
പിന്നെ ഞാൻ അവനോടു ഉത്തരം പറയു 14
ന്നതും അവനോടു വാദിപ്പാൻ വാക്കു തിര
ഞ്ഞെടുക്കുന്നതും എങ്ങനെ? ഞാൻ നീതി 15
മാനായിരുന്നില്ലെങ്കിൽ അവനോടു ഉത്തരം
പറയാൻ സാദ്ധ്യമല്ല; എന്നെ കുററം വിധി
ക്കുന്നവനോട് ഞാൻ യാചിക്കേണ്ടിവരും.
ഞാൻ വിളിച്ചാൽ അവൻ ഉത്തരം അരുളും. 16
എൻെറ അപേക്ഷ കേൾക്കും എന്നു ഞാൻ
വിശ്വസിക്കുകയില്ല. എൻെറ ശിരസ്സിലെ 17
ഓരോ ഇഴമേലും ശക്തിയായി അവൻ എന്നെ
അടിച്ചു. കാരണം കൂടാതെ എൻെറ മുറിവു
കളെ വർദ്ധിപ്പിച്ചു. എനിക്കു മനശ്ശാന്തി 18
ഉണ്ടാകുവാൻപോലും എന്നെ സമ്മതിച്ചില്ല;
കയ്പുകൊണ്ടു എൻെറ വയറു നിറയ്ക്കു
ന്നു. ബലം നോക്കിയാൽ: അവൻ തന്നെ 19
ശക്തൻ; ന്യായവിധി എങ്കിൽ: ആര് അവനെ
നേരിടും? ഞാൻ നീതിമാനായിരുന്നാലും 20

ൻെറ വായ്തന്നെ എന്നെ കുറ്റം വിധിക്കും;
ൽ നിഷ്ക്കളങ്കനായിരുന്നാലും എൻെറ
എനിക്കു കുററം ആരോപിക്കും.
ൻ നിഷ്ക്കളങ്കൻ; ഞാൻ എൻെറ
ന്നനെ കരുതുന്നില്ല; എൻെറ ജീവൻ എ
ആയുസ്സിനെ നിരസിക്കുന്നു. എല്ലാം
പാലെ; അതുകൊണ്ടു ഞാൻ പറയു
ു: അവൻ നിഷ്ക്കളങ്കനെയും ദുഷ്ടനെ
ഒന്നുപോലെ നശിപ്പിക്കും. അവൻെറ
ാനം പെട്ടെന്നു മരണം വരുത്തുന്നു
ിൽ നിർദ്ദോഷികളുടെ നിരാശ കണ്ടു
ൻ ചിരിക്കും. ഭൂമി ദുഷ്ടന്മാരുടെ
യിൽ ഏല്പിച്ചിരിക്കുന്നു; അതിലെ
യാധിപന്മാരുടെ മുഖം അവർ മൂടിക്ക
ന്നു; അവൻെറ കോപം ആരു സഹി
എൻെറ ആയുഷ്ക്കാലം ഓട്ടക്കാര
ക്കാൾ വേഗം പായുന്നു; അതു നന്മ
ാതെ ഓടിപ്പോകുന്നു. അതു ശത്രു
ടെ അനേക കപ്പലുകൾപോലെയും
യ റാഞ്ചിയെടുക്കുന്ന കഴുകനെപ്പോ
ും കടന്നുപോകുന്നു. ഞാൻ എൻെറ
ടം മറന്ന് മുഖവിഷാദം കളഞ്ഞ് പ്രസ
യോടെ ഇരിക്കുമെന്നു പറഞ്ഞാൽ
ൽ എൻെറ വ്യസനം എല്ലാം ഓർത്തു
ന്നാകുന്നു; അവൻ എന്നെ നിർദ്ദോ
ായി എണ്ണുകയില്ലെന്നു ഞാൻ
യുന്നു. എന്നെ കുററം വിധിക്കുക
ഴുള്ളു; പിന്നെ ഞാൻ വൃഥാ
ക്കുന്നതെന്തിനു? ഞാൻ ഹിമം
ണ്ട് എന്നെ കഴുകിയാലും എൻെറ
വെടിപ്പാക്കിയാലും നീ എന്നെ
യിൽ മുക്കിക്കളയും; എൻെറ വസ്ത്രം
ലും എന്നെ വെറുക്കും. ഞാൻ അവ
ടു പ്രതിവാദിക്കേണ്ടതിനും ഞങ്ങ
ുമിച്ചു ന്യായവിസ്താരത്തിന് ഹാജരാ
ണ്ടതിനും അവൻ എന്നെപ്പോലെ മനു
ാല്ലല്ലോ? ഞങ്ങളെ ഇരുവരെയും
ത്തു നിർത്തേണ്ടതിനു ഞങ്ങളുടെ
്യ ഒരു മദ്ധ്യസ്ഥനുമില്ല. അവൻ തൻെറ
എങ്കൽനിന്നു നീക്കട്ടെ; അവൻെറ
രത എന്നെ ഭീതനാക്കാതിരിക്കട്ടെ;
പ്പാൾ ഞാൻ അവനെ ഭയപ്പെടാതെ
ാരിക്കും; എന്തെന്നാൽ ഞാൻ അവന്
രായുള്ളവനല്ല.

അദ്ധ്യായം 10

എൻെറ ജീവൻ എനിക്ക് വെറുപ്പായി
ന്നുന്നു; ഞാൻ എൻെറ സങ്കടം തുറ
പറയും; എൻെറ മനോവ്യഥയിൽ
ൽ സംസാരിക്കും. ഞാൻ ദൈവത്തോടു
പറയും: എന്നെ കുററം വിധിക്കരുതേ;
എന്നോടു എതിർക്കുവാൻ കാരണം എന്തു?
എന്നെ അറിയിക്കേണമെ. പീഡിപ്പിക്കു 3
ന്നതും നിൻെറ കൈപ്പണിയെ നിന്ദിക്കു
ന്നതും ദുഷ്ടന്മാരുടെ ആലോചനയിൽ
പ്രസാദിക്കുന്നതും നിനക്കു ചേരുന്നത
ല്ലല്ലോ. ജഡനേത്രങ്ങളാണോ അങ്ങേക്കു 4
ള്ളത്? മനുഷ്യൻ കാണുന്നതുപോലെയോ
അങ്ങ് കാണുന്നത്? നീ എൻെറ അകൃത്യം 5
അന്വേഷിപ്പാനും എൻെറ പാപത്തെ പരി
ശോധിപ്പാനും നിൻെറ ദിവസങ്ങൾ മനുഷ്യ 6
ൻെറ നാളുകൾപോലെയാണോ? ഞാൻ 7
കുററക്കാരനല്ല എന്നു നീ അറിയുന്നു;
നിൻെറ കൈയിൽ നിന്നു വിടുവിക്കുന്നവൻ
ആരുമില്ല. നിൻെറ കൈയാണ് എനിക്കു 8
രൂപം തന്നത്. എന്നെ സൃഷ്ടിച്ചത്. എന്നിട്ടും
നീ എന്നെ കുററക്കാരനാക്കി മുക്കിക്കള
യുന്നു. നീ എന്നെ കളിമണ്ണുകൊണ്ടെന്ന 9
പോലെ മനഞ്ഞു എന്നു ഓർക്കേണമേ; നീ
എന്നെ വീണ്ടും പൊടിയിലാക്കിക്കള
യുമോ? നീ എന്നെ പാലു തന്നു വളർത്തി 10
തൈരുപോലെ ഉറകൂടുമാറാക്കി. ത്വക്കും 11
മാംസവും നീ എന്നെ ധരിപ്പിച്ചു; അസ്ഥി
യും ഞരമ്പുംകൊണ്ടു എന്നെ ഉറപ്പിച്ചിരി
ക്കുന്നു. ജീവനും സമാധാനവും നീ എനി 12
ക്കു നല്കി; നിൻെറ കല്പനകൾ എൻെറ
ആത്മാവിനെ പരിപാലിക്കുന്നു. നീ ഇതു 13
നിൻെറ ഹൃദയത്തിൽ ഒളിച്ചുവച്ചു; ഇതാ
യിരുന്നു നിൻെറ താല്പര്യം എന്നു ഞാൻ
അറിയുന്നു. ഞാൻ പാപം ചെയ്താൽ നീ 14
ശ്രദ്ധിക്കുന്നു; എൻെറ അകൃത്യം നീ ശിക്ഷി
ക്കാതെ വിടുന്നുമില്ല. ഞാൻ പാപം ചെയ്തെ 15
ങ്കിൽ എനിക്കു ഹാ കഷ്ടം; നീതിമാനാ
യിരുന്നാലും ഞാൻ തലയുയർത്തേണ്ടതല്ല;
അവമാനപൂർണ്ണനായി ഞാൻ എൻെറ
ദുരിതം സഹിക്കുന്നു. ഞാൻ ശിരസ്സുയർ 16
ത്തിയാൽ നീ ഒരു സിംഹംപോലെ എന്നെ
വേട്ടയാടും. പിന്നെയും എനിക്കെതിരായി
നിൻെറ അത്ഭുതശക്തി കാണിക്കും. നിൻെറ 17
ആയുധവർഗ്ഗം നീ എനിക്കെതിരെ നിരത്തു
ന്നു; നിൻെറ ക്രോധം എൻെറ മേൽ വർദ്ധി
പ്പിക്കുന്നു; അവ കൂട്ടമായി വന്നു പൊരുതു
ന്നു. നീ എന്നെ ഗർഭപാത്രത്തിൽനിന്നു 18
പുറപ്പെടുവിച്ചതെന്തിനു? ഒരു കണ്ണും
എന്നെ കാണാതെ എൻെറ പ്രാണൻ പോകു
മായിരുന്നു. ഞാൻ ജനിക്കാത്തതുപോലെ 19
ഇരിക്കുമായിരുന്നു; ഗർഭപാത്രത്തിൽനിന്നു
എന്നെ ശവക്കുഴിയിലേക്കു കൊണ്ടുപോ
കുമായിരുന്നു. എൻെറ ജീവകാലം ചുരുക്കം 20
മരണനിഴലുള്ള അന്ധകാരദേശത്തേക്കു

അർദ്ധരാത്രിപോലെ കൂരിരുളും ക്രമാതീത
21 മായ അന്ധകാരവും വെളിച്ചം അർദ്ധരാത്രി
പോലെയുമുള്ള ദേശത്തേക്കു, ഇനിയും
പ്രത്യാഗമിക്കാതെ പോകുന്നതിനു മുമ്പ്
22 ഞാൻ അല്പം ആശ്വസിക്കട്ടെ. അങ്ങ്
എന്നെ വിട്ടയയ്ക്കണമെ.

അദ്ധ്യായം 11

1 നമാത്യനായ സോഫർ ഉത്തരം പറ
2 ഞ്ഞു: വാഗ്ബാഹുല്യത്തിനു ഉത്തരം പറയേ
ണ്ടതല്ലേ? അതിഭാഷണംകൊണ്ട് മനുഷ്യൻ
3 നീതിമാനായിരിക്കുമോ? നിന്റെ നിർജീവ
വാക്കുകൾ കേട്ടിട്ടു ആളുകൾ മിണ്ടാതിരി
ക്കുമോ? നീ സംസാരിക്കുമ്പോൾ നിന്നെ
4 ശാസിപ്പാൻ ആരുമില്ലയോ? എന്റെ
സംസാരം നിർമ്മലം എന്നും നിനക്കുതന്നെ
നീ വെടിപ്പുള്ളവൻ എന്നും പറഞ്ഞുവല്ലോ.
5 ദൈവം അരുളിച്ചെയ്കയും നിന്റെ നേരെ
6 അധരം തുറക്കുകയും ജ്ഞാനരഹസ്യ
ങ്ങൾ നിന്നെ ഗ്രഹിപ്പിക്കുകയും ചെയ്തു
എങ്കിൽ! അപ്പോൾ നിന്റെ അകൃത്യം
ഓരോന്നും ദൈവം ക്ഷമിച്ചിരിക്കുന്നു
7 എന്നു നീ അറിയുമായിരുന്നു. ദൈവ
ത്തിന്റെ ആഴമായ മുന്നറിവ് നിനക്കു
ഗ്രഹിക്കാമോ? സർവ്വശക്തന്റെ അതിര്
8 നിനക്കു മനസ്സിലാകുമോ? ആകാശത്തി
ന്റെ ഉയരം നിനക്കറിയാമോ? പാതാള
9 ത്തിന്റെ ആഴം; നിനക്കെന്തറിയാം?
അതിന് ഭൂമിയെക്കാൾ നീളവും സമുദ്ര
10 ത്തെക്കാൾ വീതിയും ഉണ്ട്. അവൻ
കടന്നുവന്ന് ബന്ധിക്കുകയും ശേഖരി
ക്കുകയും ചെയ്താൽ അവനെ ആരു തടസ്സം
11 ചെയ്യും? അവൻ കാലം ഏതെന്ന് അറിയു
ന്നു; അവൻ അനീതി കണ്ട് ഗ്രഹിക്കുന്നു.
12 നിർമ്മലനായ മനുഷ്യൻ സുധീരനാകും.
ബുദ്ധിമാൻ സർവ്വർക്കും സഹായിയാകും.
13 നീ നിന്റെ ഹൃദയത്തെ ഉറപ്പിച്ച് അവങ്ക
14 ലേക്കു കൈമലർത്തുമ്പോൾ നിന്റെ
കൈയിൽ അകൃത്യമുണ്ടെങ്കിൽ അവനു
നീ വിദൂരനായിരുന്നു; അനീതി നിന്റെ
15 കൂടാരങ്ങളിൽ പാർക്കരുതു. അപ്പോൾ
നീ കളങ്കം കൂടാതെ കൈ ഉയർത്തും; നീ
16 ദുരിതത്തെ ഭയപ്പെടുകയുമില്ല. നീ ദുരിത
ങ്ങൾ മറക്കും; ഒഴുകിപ്പോയ വെള്ളംപോലെ
17 മാത്രം അതിനെ നീ ഓർക്കും. മദ്ധ്യാഹ്നം
അന്ധകാരമായിരിക്കും; അന്ധകാരം
18 പ്രഭാതംപോലെയാകും. പ്രത്യാശയുള്ളതു
19 കൊണ്ടു നീ നിർഭയനായിരിക്കും; നീ കിട
ന്നുറങ്ങും; ആരും നിന്നെ ഉണർത്തുകയില്ല;
പലരും നിന്റെ അടുപ്പം അന്വേഷിക്കും.

ദുഷ്ടന്മാരുടെ കണ്ണു മങ്ങും; അവരുടെ
ശക്തിയും പ്രത്യാശയും നശിക്കും.

അദ്ധ്യായം 12

അതിനു ഇയ്യോബ് ഉത്തരംപറഞ്ഞു
നിങ്ങൾ ആകുന്നു ജനം. നിങ്ങൾ മരിച്ചാൽ
ജ്ഞാനവും മരിക്കും! നിങ്ങളെപ്പോലെ
എനിക്കും ബുദ്ധിയുണ്ട്; നിങ്ങളെക്കാൾ
ഞാൻ നിസ്സാരനല്ല; ആർക്കാകുന്നു ഇതു
പോലെ സംഭവിച്ചിട്ടുള്ളത്? ദൈവത്തെ
വിളിച്ച് ഉത്തരം ലഭിച്ച ഞാൻ എന്റെ കൂട്ടു
കാർക്കു പരിഹാസവിഷയമായിത്തീർന്നു;
നീതിമാനും നിഷ്ക്കളങ്കനുമായവൻ പരി
ഹാസപാത്രമായിത്തീർന്നു. വിപത്തു
നിസ്സാരം എന്നു സ്വസ്ഥതയുള്ളവർ വിചാ
രിക്കുന്നു; കാൽ ഇടറുന്നവരെ അതു തള്ളി
യിടുന്നു. മോഷ്ടാക്കളുടെ കൂടാരങ്ങളും
ദൈവത്തെ കോപിപ്പിക്കുന്നവരുടെ പ്രത്യാ
ശയും ഇല്ലാതാകും; അവരുടെ ഹൃദയ
ത്തിൽ ദൈവം ഇല്ല! മൃഗങ്ങളോടു നീ ചോ
ദിക്കുക, അവ നിന്നെ പഠിപ്പിക്കും; ആകാശ
ത്തിലെ പക്ഷികളോടു ചോദിക്കുക; അവ
പറഞ്ഞുതരും. ഭൂമിയോടു ചോദിക്കുക;
അതു നിന്നെ ഉപദേശിക്കും; സമുദ്രത്തിലെ
മത്സ്യം നിന്നോടു വിവരിച്ചുപറയും. ദൈവ
ത്തിന്റെ കൈയാണ് ഇവ പ്രവർത്തിച്ചിരി
ക്കുന്നത് എന്നു ഇവയെല്ലാംകൊണ്ടും ഗ്രഹി
ക്കാത്തവനാര്? സകല ജീവികളുടെയും
പ്രാണനും സകല മനുഷ്യവർഗ്ഗത്തിന്റെ
യും ശ്വാസവും തൃക്കയ്യിൽ ഇരിക്കുന്നു.
ചെവി വാക്കുകൾ കേൾക്കുന്നില്ലയോ?
വായ് ഭക്ഷണം രുചിനോക്കുന്നില്ലയോ?
വൃദ്ധന്മാരിൽ ജ്ഞാനവും വയോധികന്മാ
രിൽ വിവേകവും ഉണ്ട്. ജ്ഞാനവും ശക്തിയും
അവന്റെ കൈയിലത്രെ, ആലോചനയും
വിവേകവും അവന്റേതു. അവൻ ഇടിച്ചു
കളഞ്ഞാൽ പണിയുവാൻ ആർക്കാണ്
സാദ്ധ്യം; അവൻ മനുഷ്യന്റെ മുമ്പിൽ
ബന്ധിച്ചാൽ ആർക്കും തുറന്നുവിടുവാനും
അസാദ്ധ്യം. അവൻ വെള്ളം തടഞ്ഞു
നിർത്തിയാൽ അതു വററിപ്പോകും; അവൻ
തുറന്നു വിട്ടയച്ചാൽ അതു ഭൂമിയെ മൂടുന്നു.
അവന്റേതാകുന്നു ശക്തിയും രക്ഷയും.
അവൻ രാജാക്കന്മാരെ ഭയത്തോടെ
കൊണ്ടുപോകുന്നു; ന്യായാധിപന്മാരെ
ഭോഷന്മാരാക്കുന്നു. രാജാക്കന്മാരെ
വാതിൽക്കലേക്കു ഇറക്കുന്നു, യാത്രിക
രുടെ അരകെട്ടുന്നു. അവൻ പുരോഹിത
ന്മാരെ പിടിച്ചുകൊണ്ടു പോകുന്നു; ബല
വാന്മാരെ വീഴ്ത്തുന്നു. അവൻ വിശ്വാസി

ു പോലും ഉത്തരമില്ലാതാക്കുന്നു;
ാരുടെ വിവേകം എടുത്തുകളയുന്നു.
പ്രഭുക്കന്മാരുടെമേൽ ഭോഷത്വം
ന്നു; ബലവാന്മാരുടെ ധൈര്യം ക്ഷയി
ളയുന്നു. അവൻ അഗാധകാര്യങ്ങ
ന്ധകാരത്തിൽ നിന്നു വെളിച്ചത്തു
ുന്നു; മരണനിഴലുകളിൽ നിന്ന് പ്ര
ത്തിലേക്കു വരുത്തുന്നു. അവൻ ജനത
തററിപ്പിക്കുകയും നശിപ്പിക്കുകയും
ന്നു; അവൻ ജാതികളെ ചിതറിക്കുക
പേക്ഷിക്കുകയും ചെയ്യുന്നു. അവൻ
മാരുടെ ധൈര്യം എടുത്തുകളയുന്നു;
ില്ലാത്ത ശൂന്യപ്രദേശത്തു അവരെ
ുമാറാക്കുന്നു. അവർ വെളിച്ചമി
ഇരുട്ടിൽ തപ്പിനടക്കുന്നു; ഉന്മത്ത
പ്പോലെ അവരെ പ്രകാശരഹിതമായ
ൽ നടത്തുന്നു.

അദ്ധ്യായം 13

ൻെറ കണ്ണു ഇതെല്ലാം കാണുകയും;
ചെവി ഇതെല്ലാം കേട്ട് ഗ്രഹിച്ചുമിരി
. നിങ്ങൾ അറിയുന്നതു ഞാനും
ുന്നു; ഞാൻ നിങ്ങളെക്കാൾ താഴെ
ർവ്വശക്തനോടു ഞാൻ സംസാരിക്കു
ദവത്തോടു പ്രതിവാദം ചെയ്യുവാൻ
ആഗ്രഹിക്കുന്നു. നിങ്ങളോ വ്യാജം
രിക്കുന്നവർ; നിങ്ങളെല്ലാവരും
നമില്ലാത്ത വൈദ്യന്മാർ അത്രെ.
മൌനമായിരുന്നാൽ കൊള്ളാമാ
ു; അതു നിങ്ങൾക്കു ജ്ഞാനമായി
എൻെറ ന്യായവാദം കേൾക്കുവിൻ;
അധരങ്ങളുടെ പ്രതിവാദം ശ്രദ്ധി
ിങ്ങൾ ദൈവത്തെപ്രതി നീതികേടു
രിക്കുന്നു. അവനുവേണ്ടി വ്യാജം
ന്നു. അവൻെറ പക്ഷം പിടിക്കുന്നു
ദൈവത്തിനുവേണ്ടി വാദിക്കുന്നു
അവൻ നിങ്ങളെ പരിശോധിച്ചാൽ
ളാമായിരുന്നു. മനുഷ്യനെ വിധി
തുപോലെ നിങ്ങൾ അവനാൽ
പ്പെടും. മുഖപക്ഷം കാണിച്ചാൽ
നിങ്ങളെ നിശ്ചയമായും ശാസി
അവൻെറ മഹിമ നിങ്ങളെ ഭയപ്പെ
. അവൻെറ ഭീതി നിങ്ങളുടെ മേൽ
നിങ്ങളുടെ അധികാരം പൂഴിയിൽ
ന്ന് ഓർക്കുവിൻ. നിങ്ങളുടെ വാസ
കൾ മൺകോട്ടകൾ മാത്രം. നിങ്ങൾ
ായിരിപ്പിൻ; ഞാൻ സംസാരിക്കട്ടെ;
ു സംഭവിച്ചതെല്ലാം ഞാൻ പറയാം.
എൻെറ മാംസത്തെ പല്ലുകൊണ്ടു
ന്നതും എൻെറ ജീവനെ ഉപേക്ഷിച്ചു

കളയുന്നതും എന്തിനു? അവൻ എൻെറ 15
ജീവനെടുത്താലും ഞാൻ അവനെമാത്രം
കാത്തിരിക്കും; എന്തെന്നാൽ എൻെറ വഴി
കൾ അവൻെറ മുമ്പാകെയത്രെ. അധാർമ്മി 16
കൻ അവൻെറ സന്നിധിയിൽ വരികയില്ല.
അവൻ എനിക്ക് രക്ഷകനായിരിക്കും. എ 17
ൻെറ വാക്കു ശ്രദ്ധിച്ചു കേൾപ്പിൻ; എൻെറ
തെളിവുകൾ നിങ്ങളുടെ മുമ്പാകെ ഞാൻ
പറയാം. ഇതാ, ഞാൻ എൻെറ പ്രതിവാദം 18
തയ്യാറാക്കിയിരിക്കുന്നു; ഞാൻ നീതീകരി
ക്കപ്പെട്ടവൻ എന്നു ഞാൻ അറിയുന്നു. എ 19
ന്നോടു വാദിപ്പാൻ ആരു തുനിയും? ഞാൻ
ഇപ്പോൾ മിണ്ടാതിരുന്നു, എൻെറ ജീവൻ
വിട്ടുപോകും. രണ്ടുകാര്യം മാത്രം എന്നോടു 20
ചെയ്യരുതേ; ഞാൻ നിൻെറ സന്നിധിയിൽ
നിന്നു വിസ്മൃതനാകുകയില്ല. നിൻെറ കൈ 21
എന്നിൽനിന്നു പിൻവലിക്കരുതേ; നിൻെറ
ഘോരത്വം എന്നെ സംഭീതനാക്കരുതെ. നീ 22
വിളിച്ചാലും! ഞാൻ ഉത്തരം പറയാം, അല്ലെ
ങ്കിൽ ഞാൻ സംസാരിക്കാം; നീ ഉത്തരം
അരുളേണമേ. എൻെറ അകൃത്യങ്ങളും 23
പാപങ്ങളും എത്ര? എൻെറ അതിക്രമവും
പാപവും എന്നെ ഗ്രഹിപ്പിക്കേണമേ. തിരു 24
മുഖം മറയ്ക്കുന്നതും എന്നെ ശത്രുവായി
ഗണിക്കുന്നതും എന്തിനു? കൊഴിയുന്ന 25
ഇലയെ നീ ചവിട്ടിക്കളയുമോ? ഉണങ്ങിയ
പതിരിനെ പിന്തുടരുമോ? നീ എനിക്കു 26
എതിരെ ശിക്ഷ നിശ്ചയിച്ചു. എൻെറ
യൌവനത്തിലെ അകൃത്യങ്ങളുടെ ഫലം
എന്നെ അനുഭവിക്കുമാറാക്കുന്നു. എൻെറ 27
കാൽ നീ ആമത്തിൽ ഇട്ടു; എൻെറ പെരു
മാററമെല്ലാം നീ സൂക്ഷിച്ചുവയ്ക്കുന്നു.
എൻെറ കാലടികളുടെ ബലം നീ നോക്കും.
അത് ചീഞ്ഞഴുകിയ വസ്തുപോലെയും പുഴു
അരിച്ച വസ്ത്രംപോലെയും ഇരിക്കുന്നു.

അദ്ധ്യായം 14

സ്ത്രീ പ്രസവിച്ച മനുഷ്യൻ അല്പായുസ്സു 1
കാരനും ദുരിതസമ്പൂർണ്ണനും ആകുന്നു.
അവൻ പൂപോലെ വളർന്നു പൊഴിഞ്ഞു 2
പോകുന്നു. നിലനില്ക്കാത്ത നിഴൽപോ
ലെ ഓടിപ്പോകുന്നു. അവൻെറ നേരെയാ 3
ണോ തൃക്കണ്ണുകൾ നോക്കുന്നത്? അവനെ
യാണോ നീ ന്യായവിസ്താരത്തിലേക്കു വരു
ത്തുന്നത്? അശുദ്ധനിൽനിന്നു നിർമ്മലനെ 4
ആരു തരും? ഒരുവനുമില്ല. അവൻെറ ജീവ 5
കാലത്തിനു പരിധി ഉണ്ടല്ലോ; അവൻെറ
മാസങ്ങളുടെ സംഖ്യ നിൻെറ പക്കൽ
ഇരിക്കുന്നു; അവനു ലംഘിച്ചുകൂടാത്ത
പ്രമാണം നീ വച്ചിരിക്കുന്നു. അവൻ ഒരു 6

കൂലിക്കാരനെപ്പോലെ വിശ്രമിച്ചു തന്റെ
7 ദിവസത്തിൽ ആശ്വസിക്കട്ടെ. ഒരു വൃക്ഷ
ത്തിനുപോലും പ്രത്യാശയുണ്ട്; അതിനെ
മുറിച്ചാൽ പിന്നെയും തളിർക്കും; അതിന്
8 ഇളംശാഖകൾ വീണ്ടുമുണ്ടാകും. അതിന്റെ
വേരു നിലത്തു പഴകിപ്പോയാലും അതി
9 ന്റെ മുള മണ്ണിൽ കെട്ടുപോയാലും വെള്ള
ത്തിന്റെ ഗന്ധംകൊണ്ടു അതു തളിർക്കും;
10 ഇളംതൈ പോലെ തളിരിടും. മനുഷ്യൻ മരി
ച്ചാൽ ദ്രവിച്ചുപോകുന്നു; മനുഷ്യന്റെ പ്രാ
ണൻ പോയാൽ പിന്നെ അവൻ എവിടെ?
11 സമുദ്രത്തിലെ വെള്ളം പൊയ്പോകുമ്പോ
ലെയും നദി വറ്റി ഉണങ്ങുന്നതുപോലെയും
12 മനുഷ്യൻ കിടന്നിട്ടു എഴുന്നേല്ക്കുന്നില്ല;
ആകാശം ഇല്ലാതെയാകുംവരെ അവർ ഉണ
രുന്നില്ല; ഉറക്കത്തിൽ നിന്നു ഉണരുന്നില്ല;
13 അങ്ങ് എന്നെ പാതാളത്തിൽ മറച്ചുവയ്ക്കു
കയും നിന്റെ ക്രോധം കഴിയുവോളം
എന്നെ ഒളിപ്പിക്കുകയും എനിക്കു ഒരു
സമയപരിധി നിശ്ചയിച്ചു എന്നെ ഓർക്കു
14 കയും ചെയ്യുവെങ്കിൽ കൊള്ളായിരുന്നു.
മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?
വാർദ്ധക്യം വരുന്നതുവരെ അവന്റെ
15 യൗവനകാലം പ്രതീക്ഷയോടെ ഇരിക്കും.
അങ്ങ് വിളിക്കും; ഞാൻ അങ്ങയോട് ഉത്തരം
പറയും; നിന്റെ സൃഷ്ടിയോടു നിനക്കു
16 താല്പര്യമുണ്ടാകണമെ. ഇപ്പോഴോ നീ
എന്റെ കാലടികളെ എണ്ണരുതെ. എന്റെ
17 പാപം എന്നോടു നീ ഓർക്കരുതെ. എന്റെ
അതിക്രമം ഒരു സഞ്ചിയിലാക്കി മുദ്രയിട
ണമെ; എന്റെ പാപങ്ങൾ എന്നിൽ നിന്നും
18 അകററണമേ. മലകൾ വീണു പൊടിയു
ന്നു; പാറയും സ്ഥലംവിട്ടു മാറിപ്പോകുന്നു.
19 വെള്ളം കല്ലുകളെ തേയുമാറാക്കുന്നു; അതി
ന്റെ പ്രവാഹം നിലത്തെ പൊടിയെ ഒഴു
ക്കിക്കളയും. നീ മനുഷ്യന്റെ പ്രത്യാശയെ
20 നശിപ്പിക്കുന്നു. നീ അവനെ ബലപ്പെടു
ത്തും. അവൻ നടക്കും. അവന്റെ മുഖം
ലജ്ജിതമാകുമ്പോൾ അവനെ അയച്ചു
21 കളയുന്നു. അവന്റെ പുത്രന്മാർ വർദ്ധി
ക്കുമോ എന്ന് അവൻ അറിയുന്നില്ല;
അവർക്കു താഴ്ച ഭവിക്കുന്നതു അവൻ
22 ഗ്രഹിക്കുന്നതുമില്ല. തന്നെപ്പററി അവന്റെ
ശരീരം വേദനപ്പെടുകയും തന്നെക്കുറിച്ചു
തന്നെ അവന്റെ മനസ്സ് ദുഃഖിക്കുകയും
ചെയ്യുന്നു.

അദ്ധ്യായം 15

1 അതിനു തേമാന്യനായ എലീഫസി
2 ന്റെ ഉത്തരം: ജ്ഞാനി വ്യർത്ഥജ്ഞാനം
പ്രസ്താവിക്കുമോ? അവൻ കോപംകൊണ്ടു
വയറു നിറയ്ക്കുമോ? അവൻ നിഷ്പ്രയോ 3
ജനവാക്കുകളാലും പ്രയോജനമില്ലാത്ത
മൊഴികളാലും തർക്കിക്കുമോ? നീ ഭക്തി 4
വെടിഞ്ഞു ദൈവസന്നിധിയിൽ വാക്കുകൾ
വർദ്ധിപ്പിക്കുന്നു. നിന്റെ വായ അകൃത്യം 5
പഠിപ്പിക്കുന്നു; വഞ്ചനയുടെ നാവിൽ നീ
പ്രസാദിക്കുന്നു. ഞാനല്ല, നിന്റെ സ്വന്തം 6
വായ് നിന്നെ കുററം വിധിക്കുന്നു; നിന്റെ
അധരങ്ങൾ തന്നെ നിന്റെ നേരെ സാക്ഷീ
കരിക്കുന്നു. നീയോ ആദ്യം ജനിച്ച മനു 7
ഷ്യൻ? ഗിരികൾക്കും മുമ്പെ നീ ജാതനാ
യോ? നീ ദൈവത്തിന്റെ രഹസ്യങ്ങൾ 8
കേട്ടിട്ടുണ്ടോ? ജ്ഞാനം നിനക്കു മാത്ര
മാണോ? ഞങ്ങൾ അറിയാത്തതായി നീ 9
എന്തു അറിയുന്നു? ഞങ്ങൾക്കു അറിവ്
ഇല്ലാത്തതായി എന്താണു നീ ഗ്രഹിച്ചിരി
ക്കുന്നത്? ഞങ്ങളുടെ ഇടയിൽ നരച്ചവരും 10
വൃദ്ധന്മാരും ഉണ്ടു; നിന്റെ പിതാവിനെ
ക്കാൾ പ്രായംചെന്നവർ ഉണ്ട്. ദൈവത്തി 11
ന്റെ കോപം നിന്നിൽനിന്നു മാറ്റി അവൻ
ശാന്തമായി നിന്നോടു സംസാരിച്ചു. 12
നിന്റെ ഹൃദയം ചീർത്തിരിക്കുന്നതെന്തു?
നീ കണ്ണുരുട്ടുന്നതെന്തു? നീ ദൈവ
ത്തിന്റെ നേരെ ഉയരുകയും നിന്റെ
വായിൽനിന്നു വാക്കുകളെ പുറപ്പെടു 13
വിക്കുകയും ചെയ്യുന്നു. ശുദ്ധിമാനായി 14
രിക്കുന്ന മനുഷ്യൻ ആർ? സ്ത്രീ പ്രസവി
ച്ചവൻ നീതിമാനായിരിക്കുന്നതെങ്ങനെ?
തന്റെ വിശുദ്ധന്മാരിലും അവനു വിശ്വാ 15
സമില്ലല്ലോ; ആകാശവും തൃക്കണ്ണിനു
നിർമ്മലമല്ല. പിന്നെ മ്ലേച്ഛതയും 16
വഷളത്വവുമുള്ളവനായി വെള്ളംപോലെ
അകൃത്യം കുടിക്കുന്ന മനുഷ്യൻ എങ്ങനെ? 17
ഞാൻ നിന്നെ ഉപദേശിക്കാം, കേട്ടു
കൊൾക; ഞാൻ കണ്ടിട്ടുള്ളതു വിവരിച്ചു
പറയാം. ജ്ഞാനികൾ പ്രസ്താവിച്ചും 18
അവരുടെ പിതാക്കന്മാരിൽനിന്നും കേട്ടിട്ടു
മറച്ചുവയ്ക്കാതെ അറിയിക്കുകയും
ചെയ്തവ തന്നെ. അവർക്കു മാത്രമത്രെ 19
ദേശം നൽകിയിരുന്നത്; അന്യൻ അവ
രുടെ ഇടയിൽക്കൂടെ കടന്നില്ല, ശക്തനു
വിധിച്ചിരിക്കുന്ന വത്സരങ്ങൾ തികയും 20
ദുഷ്ടന്റെ ദിവസങ്ങൾ അഭിവൃദ്ധി
പ്പെടുന്നു. ഘോരശബ്ദം അവന്റെ 21
ചെവിയിൽ മുഴങ്ങുന്നു; സുഖകാലത്ത്
കവർച്ചക്കാരൻ അവനെതിരെ വരുന്നു,
അന്ധകാരത്തിൽ നിന്നു മടങ്ങി വരുമെന്നു 22
അവൻ വിശ്വസിക്കുന്നില്ല; അവൻ വാളു
കാണുന്നു. അവൻ ശിക്ഷാവിധിയുടെ 23

ീഷണി യിലേക്കു പലായനം ചെയ്യും;
ന്ധ കാരദിവസം സമീപം എന്നു അവൻ
റിയുന്നു. ദുരിതവും ഞെരുക്കവും
വനെ സംഭീതനാക്കുന്നു; യുദ്ധസന്ന
നായ രാജാവെന്നപോലെ അവനെ
ക്രമിക്കുന്നു. അവൻ ദൈവത്തിനു
ിരോധമായി കൈ ഉയർത്തി; സർവ്വ
ക്തനോടു ധിക്കാരം കാണിച്ചു. ശക്ത
ായ പരിചകളുടെകൂടെ ഉയർത്തിയ
ഴുത്തോടെ അവൻെറ നേരെ പാഞ്ഞു
ചല്ലുന്നു. അവൻ തൻെറ മുഖം മേദസ്സു
കാണ്ടു മൂടുന്നു. അവൻ ശൂന്യനഗര
ങ്ങളിലും ആരും വസിക്കാത്ത കൽകൂമ്പാര
ങ്ങൾമേലും നഗരമുണ്ടാക്കി. അവൻ യുദ്ധ
ത്തിനൊരുങ്ങി. അവൻ നിലനില്ക്കു
യില്ല. അവൻെറ ശക്തി നില നില്ക്കുക
ില്ല; അവൻ ഭൂമിയെ വാക്കുകൊണ്ട്
ിറയ്ക്കുകയില്ല. അന്ധകാരത്തിൽ നിന്നു
അവനു മോചനമില്ല; അഗ്നിജ്വാല അവ
ൻെറ ശിഖരങ്ങൾ ഉണക്കിക്കളയും; തിരു
ായിലെ ശ്വാസംകൊണ്ട് അവൻ കെട്ടു
പാകും. അവൻ വഴി തെറ്റിക്കുന്ന വ്യാജ
ത്തിൽ വിശ്വസിക്കരുതു; അവൻെറ മുള
ൃഥാവാകും. ദിവസംവരുംമുമ്പെ അത്
ണങ്ങിപ്പോകും; അവൻെറ ശിഖരം
ൃശ്യമാകുകയില്ല. മുന്തിരിവള്ളിപോലെ
അവൻ വിളയാത്ത പഴം പൊഴിക്കും;
ലിവുവൃക്ഷം പോലെ മുളപൊഴിക്കും.
അവിശ്വാസികളുടെ സമൂഹം വിനാശ
ടയും; അനീതിക്കാരുടെ കൂടാരങ്ങൾ
അഗ്നിക്കിരയാകും. അവർ അനീതിയെ
ർഭം ധരിച്ചു അനർത്ഥത്തെ പ്രസവി
ക്കുന്നു; അവരുടെ ഉദരം വഞ്ചനാപൂർണ്ണ
ാകുന്നു.

അദ്ധ്യായം 16

അതിനു ഇയ്യോബ് ഉത്തരം പറഞ്ഞു:
ഞാൻ ഇതുപോലെ വളരെ കേട്ടി
ട്ടുണ്ട്;
നിങ്ങൾ എല്ലാവരും അനീതിയുള്ള
ആശ്വാസദായകന്മാർ-വാക്കുകൾ കൊണ്ട്
എന്നെ ദുഃഖിപ്പിക്കരുത്; നിങ്ങൾ എന്നോടു
പറഞ്ഞാലും ഞാൻ ഉത്തരം പറയുകയില്ല.
നിങ്ങളെപ്പോലെ ഞാനും സംസാരിക്കാം;
എനിക്കുള്ള അനുഭവം നിങ്ങൾക്കാ
ണുണ്ടായിരുന്നതെങ്കിൽ ഞാനും നിങ്ങ
ളുടെ നേരെ വാക്കുകൾ പറയുകയും
നിങ്ങളെക്കുറിച്ചു തലകുലുക്കുകയും
ചെയ്യാമായിരുന്നു. നിങ്ങളുടെ വാക്കുകൾ
ഞാൻ പരിശോധിക്കുകയും അധരം
കൊണ്ടു നിങ്ങളെ ആശ്വസിപ്പിക്കുകയും
ചെയ്യുമായിരുന്നു. ഞാൻ സംസാരിച്ചാലും 6
എൻെറ വേദന മാറുന്നില്ല;
ഞാൻ അടങ്ങിയിരുന്നാലും ആര് 7
എന്നെ ആശ്വസിപ്പിക്കും? ഇപ്പോൾ അവൻ
എന്നെ തളർത്തിയിരിക്കുന്നു; എൻെറ
എല്ലാ സാക്ഷ്യത്തേയും നീ സൂക്ഷിച്ചു
വച്ചിരിക്കുന്നു, അവൻ എന്നെ പിടിച്ചിരി
ക്കുന്നു; അതു എൻെറ നേരെ സാക്ഷ്യമാ 8
യിരിക്കുന്നു; എൻെറ വാക്കുകൾ എനിക്കു
വിരോധമായെഴുന്നേറ്റു എന്നിൽ വ്യാജം
ചുമത്തി യിരിക്കുന്നു.
അവൻെറ കോപം എന്നെ തകർത്തിരി 9
ക്കുന്നു; അവൻ എൻെറ നേരെ പല്ലുകടി
ക്കുന്നു; ശത്രുക്കൾ എൻെറ നേരെ നിന്ദാ
പൂർവ്വം കണ്ണുയർത്തുന്നു. അവർ എൻെറ 10
നേരെ വായ് തുറക്കുന്നു; നിന്ദയോടെ അവർ
എൻെറ ചെകിട്ടത്തടിക്കുന്നു; അവർ എനി
ക്കു വിരോധമായി കോപിക്കുന്നു. ദൈവം 11
എന്നെ അനീതിയുടെ ദൂതനെ ഏല്പിച്ചു;
ദുഷ്ടന്മാരുടെ കൈയിൽ എന്നെ വിട്ടു
കൊടുത്തു.
ഞാൻ സ്വസ്ഥനായി വസിച്ചിരുന്നു; 12
അവനോ എന്നെ പീഡിപ്പിച്ചു; അവൻ
എന്നെ കഴുത്തിനു പിടിച്ചു തകർത്തു
കളഞ്ഞു; എന്നെ അവന് അടയാളമാക്കി
നിർത്തിയിരിക്കുന്നു. അവൻെറ അസ്ത്ര 13
ങ്ങൾ എൻെറ ചുറ്റും വർദ്ധിപ്പിച്ചു; അവൻ
ദയവില്ലാതെ എൻെറ അന്തർഭാഗങ്ങളെ
പിളർക്കുന്നു; എൻെറ പിത്തനീര് നിലത്ത്
ഒഴിച്ചുകളയുന്നു.
അവൻ എന്നെ വീണ്ടും വീണ്ടും ഇടിച്ചു 14
തകർക്കുന്നു; ശക്തനെപ്പോലെ എൻെറ
നേരെ പാഞ്ഞുവന്നു; ഞാൻ ചാക്കുവസ്ത്രം 15
എൻെറ ശരീരത്തിന്മേൽ പുതച്ചു; എൻെറ
ശിരസ്സു പൊടികൊണ്ടു നിറഞ്ഞു. വിലാപം 16
കൊണ്ട് എൻെറ മുഖം ക്ഷീണിച്ചിരിക്കുന്നു;
എൻെറ കണ്ണുകളിൽ മരണനിഴൽ കണ്ടു.
എങ്കിലും അക്രമം എൻെറ കൈകളിൽ 17
ഇല്ല; എൻെറ പ്രാർത്ഥന നിർമ്മലമത്രേ. 18
ഭൂമിയേ, എൻെറ രക്തം മറയ്ക്കരുതേ;
എൻെറ നിലവിളി ഒരിടത്തും തടഞ്ഞു
പോകരുതേ.
ഇപ്പോഴും എൻെറ സാക്ഷികൾ സ്വർഗ്ഗ 19
ത്തിലും എൻെറ പരിചിതരായ സഹോ
ദരരും സ്നേഹിതരും ഉയരത്തിലും ഇരി
ക്കുന്നു.
എൻെറ കണ്ണുകൾ ദൈവത്തിങ്കൽ 20
കണ്ണുനീരൊഴുക്കുന്നു. ഒരുവൻ തൻെറ 21
സ്നേഹിതനെ എന്നപോലെ ദൈവത്തെ

22 ശാസിക്കുമോ? വർഷങ്ങളുടെ തികവു
വരുന്നു; മടങ്ങിവരാത്ത വഴിയിലൂടെ
പോകേണ്ടിവരും.

അദ്ധ്യായം 17

1 എന്റെ ആത്മാവു ക്ഷയിച്ചു, എന്റെ
ആയുസ്സു കെട്ടുപോയി; കല്ലറ എനി
2 ക്കായി ഒരുക്കുവിൻ. എന്നിൽ വ്യാജമില്ല;
എന്റെ ആത്മാവ് അവരുടെ ഉപദ്രവ
3 ത്തിൽ കിടക്കുന്നു. എന്റെ കൂടാരം നിന്റെ
4 സമീപം പണിയണമേ; വിവേകരഹിതമായി
നീ അവരുടെ ഹൃദയം അടച്ചുകളഞ്ഞു;
അതുനിമിത്തം അവർ പിളർപ്പിലാകും.
5 ഒരുവൻ സ്നേഹിതന്മാർക്കെതിരായി
ഉയർന്നാൽ അവന്റെ മക്കളുടെ കണ്ണു
6 മങ്ങിപ്പോകും. ജാതികളുടെ ആധിപത്യം
അവരുടെ മേൽ വരുത്തും; ഞാൻ അവ
7 രുടെ മുഖത്ത് മൂടുപടമാകും. ദുഃഖം നിമി
ത്തം എന്റെ കണ്ണു മങ്ങിയിരിക്കുന്നു;
എന്റെ ചിന്തകളെല്ലാം നിഴൽപോലെ
8 യത്രെ. പരമാർത്ഥി അതു കണ്ടു ഭ്രമിക്കും;
നിർദ്ദോഷി അധർമ്മിയുടെ നേരെ കോപി
9 ക്കും. നീതിമാൻ തന്റെ വഴിയിൽ ഉറച്ചു
നിൽക്കും. കൈ ശുദ്ധമായവൻ മേല്ക്കു
10 മേൽ ശക്തി പ്രാപിക്കും; നിങ്ങൾ എല്ലാ
വരും എന്റെ അടുത്തു മടങ്ങി വന്നു;
ഞാൻ നിങ്ങളിൽ ഒരു ജ്ഞാനിയെയും
11 കണ്ടില്ല. ദിനങ്ങൾ കഴിഞ്ഞുപോയി; ഉദ്ദേ
ശങ്ങൾക്കു, എന്റെ ഹൃദയത്തിലെ നിരൂ
12 പണങ്ങൾക്കു ഭംഗം വരുത്തിയവരോ
നിങ്ങൾ രാത്രിയെ പകലാക്കുന്നു; വെളിച്ചം
ഇരുളിനു മുമ്പിൽനിന്നു നിങ്ങൾ കൊണ്ടു
13 വരുന്നു. ഞാൻ പാതാളത്തെ എന്റെ
വീടായി പ്രതീക്ഷിക്കുന്നു; ഇരുളിൽ ഞാൻ
14 എന്റെ കിടക്ക വിരിച്ചിരിക്കുന്നു. ഞാൻ
നാശത്തോടു: നീ എന്റെ പിതാവ് എന്നും
പുഴുവിനോടു: നീ എന്റെ അമ്മയും
സഹോദരിയും എന്നും പറഞ്ഞിരിക്കുന്നു.
15 അങ്ങനെയെങ്കിൽ എന്റെ പ്രത്യാശ
എവിടെ? ആർ എന്റെ പ്രത്യാശയെ
കാണും?
16 അതു പാതാളംവരെ ശക്തിയോടെ
ഇറങ്ങും; പൊടിയിൽ ഒരുമിച്ച് ഇറങ്ങും.

അദ്ധ്യായം 18

1 അതിനു ശൂഹ്യനായ ബിൽദാദിന്റെ
2 ഉത്തരം: നിങ്ങൾ എത്രത്തോളം വാക്കു
കൾക്കു എതിരു പറയും? ഗ്രഹിക്കുക,
3 പിന്നെ നമുക്കു സംസാരിക്കാം. ഞങ്ങളെ
മൃഗങ്ങളെപ്പോലെ ഗണിക്കുന്നതെന്ത്?
ഞങ്ങൾ—നിനക്കു അശുദ്ധരായി തോന്നു
ന്നതെന്ത്? കോപത്താൽ സ്വയം സംഹരി 4
ക്കുന്നവനേ, നിന്റെ നിമിത്തം ഭൂമി പരിത്യ
ജിക്കപ്പെടുമോ? പാറ അതിന്റെ സ്ഥാന 5
ത്തുനിന്നും മാറുമോ? ദുഷ്ടന്മാരുടെ വെളി
ച്ചം കെട്ടുപോകും; അവന്റെ അഗ്നിജ്വാല
പ്രകാശിക്കുകയില്ല. അവന്റെ കൂടാരത്തിൽ 6
വെളിച്ചം ഇരുണ്ടുപോകും; അവന്റെ ദീപം
കെട്ടുപോകും. അവൻ വേദനയോടെ പാദം 7
വയ്ക്കുന്നു; അവന്റെ സ്വന്ത ആലോചന
അവനെ മുക്കിക്കളയും. അവന്റെ കാൽ 8
വലയിൽ കുടുങ്ങും; അവൻ കെണിയിൻ
മീതെ നടക്കും. കുരുക്ക് അവന്റെ കുതി 9
കാലിൽ വീഴും; അവൻ കുടുക്കിൽ അക
പ്പെടും. അവനു നിലത്തു കെണി മറച്ചു 10
വെയ്ക്കും; അവനെ പിടിപ്പാൻ പാതയിൽ
വല ഒളിച്ചുവയ്ക്കും. നാനാഭാഗത്തും ഭീതി 11
അവനെ സംഭ്രമിപ്പിക്കും; അവന്റെ കാലു
കൾ തകർത്തുകളയും. അവന്റെ വേദന 12
വിശന്നിരിക്കുന്നു; അവന്റെ മക്കൾക്കു
തകർച്ച. ശക്തർ അവന്റെ നഗരങ്ങളെ 13
തിന്നുകളയും; അവന്റെ നഗരങ്ങളിൽനിന്ന്
കടിഞ്ഞൂൽ മരണത്തിൻ ശക്തിയാൽ
ഭക്ഷിക്കപ്പെടും. അവൻ ആശ്രയിച്ച കൂടാര 14
ത്തിൽനിന്നു അവൻ മാറ്റപ്പെടും; രാജാവി
ന്റെ ഭീകരത അവനെ സംഭീതനാക്കും.
ആരുമില്ലാത്തതിനാൽ അവന്റെ കൂടാര 15
ത്തിൽ അവർ വസിക്കും; അവന്റെ നില
ത്തിന്മേൽ ഗന്ധകം വർഷിക്കും. കീഴെ അവ 16
ന്റെ വേരുകൾ ഉണങ്ങിപ്പോകും; മുകളിൽ
അവന്റെ ശിഖരം വാടിപ്പോകും. അവന്റെ 17
സ്മരണ ഭൂമിയിൽനിന്നു നശിച്ചുപോകും;
സൃഷ്ടിയിൽ അവന്റെ പേർ ഇല്ലാതാകും.
അവനെ പ്രകാശത്തിൽനിന്നു ഇരുളിലേ 18
ക്കു തള്ളിയിടും; ഭൂമുഖത്തുനിന്നു അവനെ
ഓടിച്ചുകളയും. ലോകത്തിൽ അവനു 19
പേരും സ്മരണയുമില്ല. അവന്റെ വാസ
സ്ഥലത്തു ആരും ഉണ്ടായിരിക്കയില്ല. 20
പിമ്പുള്ളവർ അവന്റെ ദിവസം കണ്ടു
വിസ്മയിക്കും, മുമ്പുള്ളവർ അവരുടെ
മേലുള്ള ശിക്ഷയും കാണും. അധർമ്മി 21
യുടെ വാസസ്ഥലം ഇങ്ങനെയാകുന്നു;
ദൈവത്തെ അറിയാത്തവന്റെ സ്ഥലം
ഇപ്രകാരമത്രെ.

അദ്ധ്യായം 19

അതിനു ഇയ്യോബിന്റെ ഉത്തരം: 1
നിങ്ങൾ എത്ര കാലം എന്റെ മനസ്സു വ്യസ 2
നിപ്പിക്കുകയും വാക്കുകളാൽ എന്നെ ദുഃഖി
പ്പിക്കുകയും ചെയ്യും? ഇപ്പോൾ പത്തു 3

ശ്യം നിങ്ങൾ എന്നെ ഉപദേശിച്ചിരി
ന്നു; എന്നെ ദുഃഖിപ്പിക്കുന്നതിൽ
ൾക്കു ലജ്ജയില്ല.
ഞാൻ സത്യമായും തെറ്റിപ്പോയി
ൽ എൻെറ തെറ്റു എനിക്കുതന്നെ
യാം. നിങ്ങൾ യഥാർത്ഥത്തിൽ എനി
ിരോധമായി വലിപ്പം ഭാവിച്ച് എൻെറ
മാനത്തെക്കുറിച്ചു എന്നെ ആക്ഷേപി
ന്നു എങ്കിൽ ദൈവം എന്നെ കുറ്റപ്പെടു
തൻെറ വലയിൽ എന്നെ കുടുക്കിയി
ന്നു എന്നറിയുവിൻ. ഞാൻ ഉറക്കെ
ാരിക്കുന്നു; ആരും ഉത്തരം പറയുന്നി
ക്ഷയ്ക്കായി ഞാൻ കരയുന്നു; ന്യായം
ന്നില്ല. എനിക്കു കടന്നുകൂടാതെവണ്ണം
ൻ എൻെറ വഴിക്കു വേലികെട്ടിയ
എൻെറ വഴികൾ ഇരുളാക്കിയിരി
ന്നു.
എൻെറ തേജസ്സ് അവൻ എൻെറ മേൽ
ു ഊരിയെടുത്തു; എൻെറ ശിരസ്സിലെ
ടം നീക്കിക്കളഞ്ഞു.
അവൻ എന്നെ എല്ലാ വശത്തുനിന്നും
ിപ്പിച്ചു; എൻെറ കാര്യം അവസാനിച്ചു;
വൃക്ഷത്തെ എന്നപോലെ എൻെറ
്യാശയെ പറിച്ചുകളഞ്ഞിരിക്കുന്നു;
ൻ തൻെറ കോപം എൻെറ മേൽ
പ്പിച്ചു എന്നെ തനിക്കു ശത്രുവായി
തി.
അവൻെറ സൈന്യങ്ങൾ ഒന്നിച്ചു
ന്നു; അവർ എനിക്കെതിരെ തങ്ങളുടെ
ിനിരക്കുന്നു; എൻെറ കൂടാരത്തിൻെറ
പാളയമിറങ്ങുന്നു. എൻെറ സഹോദര
എന്നിൽനിന്നു അകന്നു പോയി,
ൻെറ പരിചയക്കാർ എനിക്കു അന്യരായി
ർന്നു. എൻെറ ബന്ധുക്കൾ ഒഴിഞ്ഞു
എൻെറ ഉറ്റസ്നേഹിതന്മാർ എന്നെ
ുകളഞ്ഞു. എൻെറ വീട്ടിൽ പാർക്കു
ും എൻെറ ദാസികളും എന്നെ അന്യ
കരുതുന്നു; ഞാൻ അവരുടെ ദൃഷ്ടി
പരദേശിയായിരിക്കുന്നു. ഞാൻ
ൻെറ ദാസനെ വിളിച്ചു; അവൻ വിളി
േക്കുന്നില്ല; എൻെറ വായ്കൊണ്ടു
ൻ അവനോടു യാചിക്കേണ്ടിവന്നു.
ൻെറ ഭാര്യയ്ക്കും ഞാൻ അന്യനായി.
ൻെറ യാചന എൻെറ സഹോദരർക്കു
്പ് ആയിരിക്കുന്നു. അധർമ്മികൾ
ന്ന നിരസിച്ചു; ഞാൻ എഴുന്നേറ്റാൽ
ർ എന്നെ പരിഹസിക്കുന്നു. എൻെറ
ആലോചനക്കാർപോലും എന്നെ വെറു
ന്നു; ഞാൻ സ്നേഹിച്ചവർ വിരോധി
യി തീർന്നു. എൻെറ ത്വക്കും മാംസവും
അസ്ഥിയോട് പറ്റിയിരിക്കുന്നു; പല്ലിൻെറ
മോണയോടെ ഞാൻ ശേഷിച്ചിരിക്കുന്നു.
സ്നേഹിതന്മാരേ, എന്നോടു കൃപ തോന്ന 21
ണമേ, കൃപ തോന്നണമേ; ദൈവത്തി
ൻെറ കൈയാണ് എന്നെ തൊട്ടിരിക്കുന്നത്.
ദൈവം എന്നപോലെ നിങ്ങളും എന്നെ 22
ഉപദ്രവിക്കുന്നതെന്ത്? എൻെറ മാംസം
തിന്നു തൃപ്തി വരികയില്ലയോ? എൻെറ 23
വാക്കുകൾ എഴുതപ്പെട്ടിരിന്നുവെങ്കിൽ! ഒരു
പുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നെ
ങ്കിൽ കൊള്ളായിരുന്നു. അവയെ ഇരുമ്പാ 24
ണിയും ഈയവും കൊണ്ടു ശിലമേൽ
എന്നേക്കുമായി ഉല്ലേഖനം ചെയ്തിരുന്നെ
ങ്കിൽ കൊള്ളാമായിരുന്നു. എൻെറ രക്ഷ 25
കൻ ജീവിച്ചിരിക്കുന്നു എന്നും അവൻ അവ
സാനം ഭൂമിമേൽ വെളിപ്പെടുമെന്നും ഞാൻ
അറിയുന്നു. എൻെറ ചർമ്മവും എൻെറ 26
ജഡവും ക്ഷയിച്ചാലും എൻെറ കണ്ണു
ദൈവത്തെ കാണുമ്പോൾ എൻെറ
അന്തരംഗം പ്രകാശം കാണും. എന്തിന് 27
അവനെ ഉപദ്രവിക്കുന്നു എന്നു നിങ്ങൾ
പറയുന്നു. എന്നിൽ കുററം കണ്ടെങ്കിൽ
നന്നായിരുന്നു. വാളിൻെറ മുമ്പിൽ 28
നിന്നു മാറിക്കൊൾവിൻ. എന്തെന്നാൽ 29
പാപങ്ങളുടെ ക്രോധമാണ് വാൾ. ഒരു
ന്യായവിധി ഉണ്ടെന്നറിഞ്ഞുകൊൾ
വിൻ.

അദ്ധ്യായം 20

അതിനു നാമാത്യനായ സോഫർ പറ 1
ഞ്ഞു: എൻെറ നടപടികൾക്കു ഉത്തരം പറ 2
യുവിൻ, എന്നെ പ്രതി ക്ഷമിച്ചിരിപ്പിൻ. എ 3
ൻെറ ശാസനയുടെ ഉപദേശം ഞാൻ കേൾ
പ്പിക്കാം; വിവേകത്തിൻെറ ആത്മാവു ഉത്ത
രം പറയുന്നു. ആദാം ഭൂമിയിൽ ഉണ്ടായതു 4
മുതൽ ഉള്ള വസ്തുത ഞാൻ അറിയുന്നു.
ദുഷ്ടന്മാരുടെ ജയഘോഷം അവൻെറ 5
ഉള്ളിൽനിന്ന്. വിശ്വാസത്യാഗിയുടെ സ
ന്തോഷം ക്ഷണനേരത്തേക്ക് മാത്രം. അവ 6
ൻെറ മഹിമ ആകാശത്തോളം ഉയർന്നാലും
അവൻെറ തല മേഘങ്ങളോളം എത്തി
യാലും അവൻ കാറ്റുപോലെ എന്നേക്കും 7
നശിക്കും; അവനെ കണ്ടിട്ടുള്ളവർ അവൻ
എവിടെ എന്നു ചോദിക്കും. അവൻ സ്വപ്നം 8
പോലെ പറന്നുപോകും. അവനെ പിന്നെ
കാണുകയില്ല; അവൻ രാത്രി ദർശനം
പോലെ അഴിഞ്ഞുപോകും. അവനെ കണ്ടി 9
ട്ടുള്ള കണ്ണു ഇനി അവനെ കാണുകയില്ല.
അവൻെറ സ്ഥലം ഇനി അവർ ദർശിക്കുക
യുമില്ല. അവൻെറ മക്കൾ ദാരിദ്ര്യത്താൽ 10

തകർന്നുപോകും; അവൻെറ കൈ തന്നെ
അവൻെറ സമ്പത്തു മടക്കിക്കൊടുക്കും.
11 അവൻെറ അസ്ഥികളിൽ മേദസ് നിറഞ്ഞി
രിക്കുന്നു; അവ അവനോടുകൂടെ പുഴിയിൽ
12 കിടക്കും. ദുഷ്ടത അവൻെറ വായിൽ മധുരി
ച്ചാലും അവൻ അതു നാവിൻകീഴെ മറച്ചു
13 വച്ചാലും അതിനെ ഉപേക്ഷിക്കാതെ
14 വായ്ക്കകത്തു സൂക്ഷിച്ചുവച്ചാലും അവ
ൻെറ ആഹാരം അവൻെറ കുടലിൽ എത്തു
മ്പോൾ അവൻെറ ഉള്ളിൽ സർപ്പവിഷ
മായിത്തീരും.
15 അവൻ വിഴുങ്ങിയ ഭക്ഷണം വീണ്ടും
ഛർദ്ദിക്കേണ്ടിവരും; ദൈവം അവനെ
നശിപ്പിക്കും.
16 അവൻ സർപ്പവിഷം വലിച്ചുകുടിക്കും;
അണലിയുടെ നാവു അവനെ കൊല്ലും.
17 തേനും പാൽക്കട്ടയും ഒഴുകുന്ന തോടുകളും
നദികളും അവൻ കണ്ടു രസിക്കയില്ല.
18 തൻെറ പ്രയത്നത്തിലേക്കു അവൻ തിരിയും;
താൻ സമ്പാദിച്ച വസ്തുക്കൾ അവനു
പ്രയോജകീഭവിക്കയില്ല. അവൻ ദരിദ്ര
19 ന്മാരെ ഉപേക്ഷിച്ചു; അപഹരിച്ചെടുത്ത
തുകൊണ്ട് വീട് പണിയുകയില്ല. അവൻെറ
20 മോഹത്തിന് അറുതി വരായ്കയാൽ അവൻ
തൻെറ മനോഹരധനത്തോടുകൂടെ രക്ഷ
21 പ്പെടുകയില്ല, അവൻെറ പിൻതലമുറ
നിലനിൽക്കുകയില്ല; അവൻ അളന്ന
അളവിനാൽ അളക്കപ്പെടും. അധർമ്മിക
22 ളുടെ കൈ അവൻെറ മേൽ വരും. അവൻെറ
നിറവ് നാശത്തിന്നായിത്തീരും. ദൈവം ത
ൻെറ ഉഗ്രകോപം അവൻെറ മേൽ അയയ്
ക്കും; തൻെറ ശക്തിയാൽ അതു അവ ൻെറ
23 മേൽ വർഷിക്കും. അവൻ ഇരിമ്പു കവചം
ഒഴിഞ്ഞോടിയാലും; താമ്രവില്ല് അവനിൽ
24 അസ്ത്രം തറയ്ക്കും. അതു കുത്തിത്തുളച്ച്
അവൻെറ ഉള്ളിലുള്ളവ പുറത്തു വരുത്തും;
അതിൻെറ മുന അവൻെറ പിത്തഗ്രന്ഥി
യുടെ ചർമ്മത്തെ കുത്തി തുളയ്ക്കും; ശക്തി
25 അവൻെറ മേൽ ഇരിക്കുന്നു. അന്ധകാരമെ
ല്ലാം അവൻെറ പിൻഗാമികൾക്കായി സംഗ്ര
ഹിച്ചിരിക്കുന്നു; ആരും ഊതിക്കത്തിക്കാ
ത്ത അഗ്നിക്കു അവൻ ഇരയാകും; അവൻെറ
കൂടാരത്തിൽ ശേഷിച്ചിരിക്കുന്നതിനെയും
26 അതു ദഹിപ്പിക്കും. ആകാശം അവൻെറ
അകൃത്യത്തെ വെളിപ്പെടുത്തും; ഭൂമി അവ
നെതിരെ ഉയരും.
27 അവൻെറ ഭവനത്തിൻെറ അടിസ്ഥാന
ങ്ങൾ ഇളകും; അവൻെറ കോപത്തിൻെറ
28 ദിവസത്തിൽ അതു പൊയ്പോകും. ഇത്
ദുഷ്ടന് ദൈവം കൊടുക്കുന്ന ഓഹരിയും
ദൈവം അവന് നിശ്ചയിച്ച അവകാശവും
ആകുന്നു.

അദ്ധ്യായം 21

അതിനു ഇയ്യോബ് ഉത്തരം പറഞ്ഞു:
എൻെറ വാക്കു ശ്രദ്ധിച്ചു കേൾപ്പിൻ; അതു 2
നിങ്ങൾക്കു വിവേകത്തിനായിരിക്കട്ടെ.
ഞാനും സംസാരിപ്പാൻ അനുവദിപ്പിൻ; 3
ഞാൻ സംസാരിച്ചു കഴിഞ്ഞിട്ടു നിങ്ങൾ
പരിഹസിച്ചുകൊള്ളുവിൻ. ഞാൻ സങ്കടം 4
പറയുന്നതു മനുഷ്യനോടോ? എൻെറ
ആത്മാവ് വേദനിക്കുന്നതെന്ത്?
എന്നെ നോക്കി അത്ഭുതപ്പെടുവിൻ; 5
കൈകൊണ്ടു വായ് പൊത്തിക്കൊൾവിൻ.
ഓർക്കുമ്പോൾ ഞാൻ ഞെട്ടിപ്പോകു 6
ന്നു; എൻെറ ദേഹത്തിനു വിറയലുണ്ടാകു
ന്നു. ദുഷ്ടന്മാർ ജീവിച്ചിരുന്ന് വാർദ്ധക്യം 7
പ്രാപിക്കുകയും അവർക്കു ബലം വർദ്ധിക്കു
കയും ചെയ്യുന്നതു എന്ത്? അവരുടെ 8
സന്താനം അവരോടുകൂടെ അവരുടെ
മുമ്പിലും അവരുടെ വംശം അവർ കാൺ
കെയും ഉറച്ചു നില്ക്കുന്നു.
അവരുടെ വീടുകൾ ഭീതികൂടാതെ 9
ശാന്തമായിരിക്കുന്നു; ദൈവത്തിൻെറ വടി
അവരുടെമേൽ വരുന്നുമില്ല. അവരുടെ കാള 10
ഇണചേരുന്നു, നിഷ്ഫലമാകുന്നില്ല; അവ
രുടെ പശു അലസിപ്പോകാതെ, പ്രസവി
ക്കുന്നു. അവർ മക്കളെ ആട്ടിൻകൂട്ടത്തെ 11
പ്പോലെ പുറത്തയയ്ക്കുന്നു; അവരുടെ
ബാലകർ നൃത്തംചെയ്യുന്നു. അവർ തപ്പും 12
കിന്നരവുമായി പാടുന്നു; ഗാനത്തിൻെറ
നാദത്തിൽ സന്തോഷിക്കുന്നു. അവർ സുഖ 13
മായി ജീവിക്കുന്നു; ഒരു നിമിഷംകൊണ്ടു
പാതാളത്തിലേക്കു ഇറങ്ങുന്നു. അവർ 14
ദൈവത്തോടു: ഞങ്ങളെ വിട്ടുപോകുക;
നിൻെറ വഴികൾ അറിയുവാൻ ഞങ്ങൾ
ആഗ്രഹിക്കുന്നില്ല; ഞങ്ങൾ ദൈവത്തെ 15
സേവിപ്പാൻ അവൻ ആർ? അവനോടു
പ്രാർത്ഥിച്ചാൽ എന്തു പ്രയോജനം എന്നു
പറയുന്നു. എന്നാൽ അവരുടെ ഭാഗ്യം അവ 16
രുടെ കൈവശമല്ല; ദുഷ്ടന്മാരുടെ ആലോ
ചന എന്നോടു അകന്നിരിക്കുന്നു. ദുഷ്ട 17
ന്മാരുടെ വിളക്കു കെട്ടുപോകുന്നതും
അവർക്കു ആപത്തു വരുന്നതും ദൈവം
കോപത്തിൽ ദുരിതങ്ങൾ വിഭാഗിച്ചു
കൊടുക്കുന്നതും എത്ര പ്രാവശ്യം!
അവർ കാറ്റിനു മുമ്പിൽ താളടിപോ 18
ലെയും ചുഴലിക്കാറ്റു പറത്തുന്ന പതിർ
പോലെയും ആകുന്നു. ദൈവം അവൻെറ 19
അകൃത്യം അവൻെറ മക്കൾക്കായി സംഗ്ര

റിച്ചുവയ്ക്കുന്നു; അവനോടു പ്രതികാരം
ചയ്യും; അവൻ അറിയും. അവൻെറ കണ്ണു
വൻെറ നാശം കാണും; അവൻ സർവ്വ
ക്തൻെറ ക്രോധത്തിൽനിന്നു കുടിക്കും.
അവൻെറ മാസങ്ങളുടെ സംഖ്യ അറ്റു
പാകും. തൻെറ ശേഷം തൻെറ ഭവന
ത്തോടു അവനെന്തു താല്പര്യം? നിങ്ങൾ
ദൈവത്തിനു ബുദ്ധിയുപദേശിക്കുമോ?
അവൻ ഉന്നതരെ ന്യായം വിധിക്കും.
ഒരുവൻ സൈ്വരവും സ്വസ്ഥതയുമു
ള്ളവനായി തൻെറ പൂർണ്ണശക്തിയിൽ
രിക്കുന്നു.
അവൻെറ അസ്ഥികളിൽ മജ്ജ നിറ
ഞ്ഞിരിക്കുന്നു.
മറ്റൊരുവൻ മനോവ്യസനത്തോടെ
രിക്കുന്നു; നന്മയൊന്നും അനുഭവിപ്പാൻ
ഇടവന്നില്ല. അവർ ഒരുപോലെ പൂഴിയിൽ
കിടക്കുന്നു; കൃമി അവരെ മൂടുന്നു.
ഞാൻ നിങ്ങളുടെ വിചാരങ്ങളെയും
നിങ്ങൾ എൻെറ നേരെ ആലോചിക്കുന്ന
പായങ്ങളും അറിയുന്നു. പുണ്യവാൻെറ
വനം എവിടെ? ദുഷ്ടന്മാർ വസിച്ച കൂടാര
വും എവിടെ എന്നല്ലയോ നിങ്ങൾ പറയു
ന്നതു? യാത്രക്കാരോടു നിങ്ങൾ ചോദിച്ചി
ല്ലയോ? അവരുടെ അടയാളങ്ങൾ അറി
യുന്നില്ലയോ? അനർത്ഥദിവസത്തിനായി
ദുഷ്ടൻ സൂക്ഷിക്കപ്പെടുന്നു; ക്രോധദിവസ
ത്തിനായി അവർ ഓർക്കപ്പെടുന്നു. അവ
ൻെറ നടപ്പിനെക്കുറിച്ചു ആർ അവനെ മന
സ്സിലാക്കിക്കൊടുക്കും?
അവൻ ചെയ്തതിനനുസരിച്ച് ആർ
അവനു പകരംകൊടുക്കും?
എന്നാലും അവനെ ശ്മശാനത്തിലേ
കു കൊണ്ടുപോകുന്നു; ഏതോ സംഭവ
ത്തിനായി അവൻ കല്ലറയിൽ സൂക്ഷിക്ക
പ്പെടുന്നു. താഴ്വരയിലെ കട്ടകൾ അവനെ
വിഴുങ്ങുന്നു. അവൻെറ പിന്നാലെ സകല
മനുഷ്യരും ചെല്ലും; അവനു മുമ്പെ പോയ
വർക്കു എണ്ണമില്ല.
നിങ്ങൾ വൃഥാ എന്നെ ആശ്വസിപ്പി
ക്കുന്നതു എങ്ങനെ? നിങ്ങളുടെ ഉത്തരങ്ങ
ളിൽ കാപട്യം ഉണ്ടല്ലോ.

അദ്ധ്യായം 22

അതിനു തേമാന്യനായ എലീഫാസ്
ഉത്തരം പറഞ്ഞു: നീ ജ്ഞാനത്തിൽ ദൈവ
ത്തിനു സമനായിരിക്കുന്നു എന്നു നീ പറ
യുമോ? നീ ഭയംകൊണ്ട് നിൻെറ വഴികൾ
നന്നാക്കിയാൽ എന്ത് പ്രയോജനമുണ്ട്?
നിൻെറ ഭക്തി നിമിത്തമാണോ അവൻ
നിന്നെ ശാസിക്കുകയും നിന്നെ ന്യായ
വിസ്താരത്തിൽ വരുത്തുകയും ചെയ്യു
ന്നത്? നിൻെറ ദുഷ്ടത വലിയതല്ലയോ? 5
നിൻെറ പാപങ്ങൾക്കു അവസാനമില്ല.
നിൻെറ സഹോദരനോടു നീ വെറുതെ 6
പണയം വാങ്ങി നഗ്നരുടെ വസ്ത്രം ഉരി
ഞ്ഞെടുത്തിരിക്കുന്നു. ക്ഷീണിച്ചവനു നീ 7
വെള്ളം കൊടുത്തില്ല; വിശക്കുന്നവനു നീ
ആഹാരം മുടക്കി. ഒരുവൻ നിലത്തിൽ വിത 8
യ്ക്കുന്നു. നിലം ഉടമസ്ഥൻ ബലമായി കൈ
വശമാക്കി, വിധവമാരെ നീ വെറുംകൈ 9
യായി അയച്ചു; അനാഥരുടെ ഭുജങ്ങൾ നീ
ഒടിച്ചുകളഞ്ഞു. അതുകൊണ്ടു നിൻെറ 10
ചുറ്റും കെണികൾ ഇരിക്കുന്നു; പെട്ടെന്നു
ഭയം നിന്നെ ഭ്രമിപ്പിക്കുന്നു. അല്ല, നീ അന്ധ 11
കാരത്തെയും നിന്നെ മൂടുന്ന ജലസമൂഹ
ത്തെയും കാണുന്നില്ലയോ? ദൈവം ഉയര 12
ത്തിൽ സ്വർഗ്ഗത്തിൽ ഇല്ലയോ? അഹങ്കരി
ച്ച നക്ഷത്രങ്ങളെ അവൻ കണ്ടു.
എന്നാൽ നീ: ദൈവം എന്തറിയുന്നു? കൂരി 13
രുളിൽ നിന്ന് അവൻ ന്യായം വിധിക്കുമോ?
കാണാതവണ്ണം മേഘങ്ങൾ അവനു മറ 14
യായിരിക്കുന്നു; ആകാശമണ്ഡലത്തിൽ
അവൻ നടക്കുന്നു എന്നു പറയുന്നു. ദുഷ്ട 15
മനുഷ്യർ നടന്ന ലോകമാർഗ്ഗം നീ വീക്ഷി
ക്കുമോ? കാലം തികയുംമുമ്പെ അവർ 16
പിടിക്കപ്പെട്ടു; നദീപ്രവാഹം എന്നതുപോ
ലെ അവർ തടയപ്പെട്ടു, അവരുടെ അടി
സ്ഥാനമിട്ടവനെ അവർ ഓർത്തില്ല.
അവർ ദൈവത്തോടു: ഞങ്ങളെ വിട്ടു 17
പോക; സർവ്വശക്തൻ ഞങ്ങൾക്ക് എന്തു
ചെയ്തിട്ടുണ്ട് എന്നു പറഞ്ഞു. അവനോ 18
അവരുടെ ഭവനങ്ങൾ നന്മകൊണ്ടു നിറച്ചു;
ദുഷ്ടന്മാരുടെ ആലോചന അവരിൽ
നിന്നകന്നിരിക്കുന്നു. നീതിമാന്മാർ കണ്ടു 19
സന്തോഷിക്കുന്നു; നിർമ്മലൻ അവരെ
പരിഹസിക്കും.
അവരുടെ കാഠിന്യത്തിൽനിന്നും 20
വിനയപ്പെടുന്നില്ലെങ്കിൽ അവരുടെ സമ്പ
ത്ത് അഗ്നിക്കിരയാകും. നീ അവനോടു 21
ചേർന്ന് നിൻെറ നല്ല ഫലങ്ങൾ
സമർപ്പിക്കുക. അവൻെറ വായിൽനിന്നു 22
നിയമം സ്വീകരിക്കുക; അവൻെറ
വചനങ്ങളെ നിൻെറ ഹൃദയത്തിൽ
സംഗ്രഹിക്കുക. സർവ്വശക്തങ്കലേക്കു 23
തിരിഞ്ഞാൽ നീ അഭിവൃദ്ധിപ്പെടും;
അനീതിയെ നിൻെറ കൂടാരങ്ങളിൽനിന്നു
അകറ്റിക്കളയുക. നീ ദ്രവ്യം പൊടിപോലെ 24
ശേഖരിക്കും. ഓഫീർതങ്കം കടൽത്തീര
ത്തെ മണൽപോലെയും ആയിരിക്കും.

25 അപ്പോൾ സർവ്വശക്തൻ നിൻെറ സഹായി
യും നിനക്കു വെള്ളിനിധിയും ആയിരിക്കും.
26 അന്നു നീ സർവ്വശക്തനിലേക്കു മുഖം ഉയർ
ത്തും, ദൈവത്തിങ്കലേക്കു നിൻെറ മുഖമു
27 യർത്തി സന്തോഷിക്കും. നീ അവനോടു
പ്രാർത്ഥിക്കും; അവൻ നിൻെറ പ്രാർത്ഥന
കേൾക്കും; നീ നിൻെറ നേർച്ചകളെ കഴിക്കും.
28 നീ ഒരു കാര്യം ആലോചിക്കും; അതു
നിനക്കു സാധ്യമാകും; നിൻെറ മാർഗ്ഗങ്ങ
29 ളിൽ വെളിച്ചം പ്രകാശിക്കും. താഴുന്നവന്
ഉയർച്ച ലഭിക്കും. താഴ്മയു ള്ളവനെ അവൻ
രക്ഷിക്കും.
30 നിർദ്ദോഷിയായവനെ അവൻ വിടുവി
ക്കും; അവൻെറ കൈകളുടെ നൈർമ്മല്യ
ത്താൽ അവൻ വിടുവിക്കപ്പെടും.

അദ്ധ്യായം 23

1 അതിനു ഇയ്യോബ് ഉത്തരം പറഞ്ഞു:
2 ഇന്നും എൻെറ അവസ്ഥ കഠിനമാകുന്നു;
അവൻെറ കൈ എൻെറ ഞരക്കത്തി
3 ന്മേൽ ഭാരമാകുന്നു. അവനെ എവിടെ
കാണുമെന്നറിഞ്ഞെങ്കിൽ കൊള്ളാമായി
രുന്നു; അവൻെറ ന്യായാസനത്തിങ്കൽ
ഞാൻ എത്തുമായിരുന്നു.
4 ഞാൻ അവൻെറ സന്നിധിയിൽ എൻെറ
ന്യായം വിവരിക്കുമായിരുന്നു; ന്യായവാദം
5 നിരത്തുമായിരുന്നു. അവൻെറ ഉത്തരം അറി
യാമായിരുന്നു; അവൻ എന്തു പറയുമെന്നും
6 ഗ്രഹിക്കാമായിരുന്നു. അവൻ അധികബല
ത്തോടെ എന്നോടു വ്യവഹരിക്കുമോ?
അല്ല; അവൻ എന്നെ സംഭീതനാക്കുമോ?
7 അവിടെ നേരുള്ളവനായി ഞാൻ
അവനോടു വാദിക്കുമായിരുന്നു;
8 ഞാൻ എൻെറ ന്യായാധിപൻെറ കയ്യിൽ
നിന്നു രക്ഷപെടുമായിരുന്നു. അവൻ എനി
ക്കു മുമ്പെ പോകുന്നുവോ? എനിക്ക് അറി
ഞ്ഞുകൂടാ; എൻെറ പിന്നാലെയോ എനി
ക്കറിഞ്ഞുകൂടാ.
9 ഞാൻ ഇടത്തോട്ടു നോക്കി, അവനെ
കണ്ടില്ല; വലത്തോട്ട് ഞാൻ തിരിയുന്നു;
10 അവനെ കാണുന്നില്ല. എന്നാൽ ഞാൻ
നടക്കുന്ന വഴിയും എൻെറ നിലയും അവൻ
അറിയുന്നു; എന്നെ ശോധന കഴിച്ചാൽ
ഞാൻ പൊന്നുപോലെ പുറത്തുവരും.
11 അവൻെറ പാതയിൽ എൻെറ കാലടി
12 ഉറച്ചിരിക്കുന്നു; അവൻെറ കല്പന ഞാൻ
വിട്ടുമാറാതെ അവൻെറ വഴി ആദരിക്കുന്നു.
ഞാൻ അവൻെറ അധരങ്ങളുടെ കല്പന
വിട്ടു പിന്മാറീട്ടില്ല; അവൻെറ ഇഷ്ടത്തിൽ
നിന്നു ഞാൻ മാറിയിട്ടില്ല.
അവനോ എന്നോടുത്തരമരുളും. അവ 13
ൻെറ ഇഷ്ടം ഞാൻ അനുഷ്ഠിക്കും.
എനിക്കു നിയമിച്ചിരിക്കുന്നതു ഞാൻ 14
നിവർത്തിക്കുന്നു; ഇങ്ങനെയുള്ള പലതും
അവൻെറ സന്നിധിയിൽ ഉണ്ട്. അതുമൂലം 15
ഞാൻ അവൻെറ സാന്നിദ്ധ്യത്തിൽ ഭ്രമി
ക്കുന്നു; ഞാൻ അവനെ ഭയപ്പെടുന്നു.
ദൈവം എൻെറ മനസ്സിനെ ഇളക്കി; എൻെറ 16
ശിരസ്സും ഭ്രമിച്ചിരിക്കുന്നു. ഞാൻ മൗനി 17
യായിരിക്കുന്നതു അന്ധകാരം നിമിത്തമല്ല.
കൂരിരുൾ എൻെറ മുഖത്തെ മൂടുന്നതു
കൊണ്ടുമല്ല.

അദ്ധ്യായം 24

ദൈവത്തിൽനിന്നും നമ്മുടെ അനീതി 1
മറഞ്ഞിരിക്കുന്നതും അവൻെറ ഭക്തന്മാർ
അവരുടെ ദിവസങ്ങളെ കാണാതിരി
ക്കുന്നതും എന്ത്? ചിലർ അതിരുകൾ മാറ്റി; 2
ചിലർ ആട്ടിൻകൂട്ടത്തെ കവർന്നു
കൊണ്ടുപോയി. ചിലർ അനാഥരുടെ കഴുത 3
യെ കൊണ്ടുപൊയ്ക്കളഞ്ഞു; ചിലർ വിധവ
യുടെ കാളയെ പണയം വാങ്ങുന്നു. ചിലർ 4
അവശരെ വഴി തെറ്റിക്കുന്നു; ദേശത്തെ
സാധുക്കൾ ഒരുപോലെ ഒളിച്ചുകൊള്ളു
ന്നു. അവർ മരുഭൂമിയിലെ കാട്ടുകഴുത 5
കളെപ്പോലെ ഭക്ഷണം തേടി വേലയ്ക്കു
പുറപ്പെടുന്നു; അവരുടെ യുവത്വത്തിനായി
അവർ ശേഖരിക്കുന്നു. അവർ വയലിൽ 6
തൻേറതല്ലാത്തതു കൊയ്യുന്നു; ദുഷ്ടൻെറ
മുന്തിരിത്തോട്ടത്തിൽ കാലാ പെറുക്കു
ന്നു. അവർ വസ്ത്രമില്ലാതെ നഗ്നരായി 7
രാത്രി കഴിച്ചുകൂട്ടുന്നു; കുളിരിൽ അവർക്കു
പുതപ്പും ഇല്ല. അവർ മലകളിൽ മഴ നന 8
യുന്നു; മറവിടം ഇല്ലായ്കയാൽ അവർ
പാറയെ ആശ്രയിക്കുന്നു. ചിലർ അനാ 9
ഥരെ അപഹരിക്കുന്നു; ചിലർ ദരിദ്രനോടു
പണയം വാങ്ങുന്നു. അവർ വസ്ത്രം 10
കൂടാതെ നഗ്നരായി നടക്കുന്നു; പട്ടിണി
ക്കാരായി ഭക്ഷണം കഴിക്കുന്നു; വിരുന്നു
ഭവനത്തിൽപോലും അവർ വിശന്നു 11
കുനിഞ്ഞിരിക്കുന്നു; മുന്തിരിച്ചക്കു ചവി
ട്ടുകയും ദാഹിച്ചിരിക്കുകയും ചെയ്യുന്നു.
പട്ടണത്തിൽ മൃതന്മാർ ഞരങ്ങും; നിഹ 12
തന്മാരുടെ പ്രാണൻ നിലവിളിക്കും; ദൈവ
മോ അവരുടെ പ്രാർത്ഥന സ്വീകരിക്കു
ന്നില്ല. അവർ പ്രകാശവിതാനങ്ങളിൽ ആ 13
യിരുന്നു; അവൻെറ വഴികളെ അറിഞ്ഞില്ല;
അവൻെറ പാതകളിൽ നടന്നുമില്ല.
കൊലപാതകൻ രാവിലെ എഴുന്നേ 14
ല്ക്കുന്നു; ദരിദ്രനെയും അനാഥനെയും

കൊല്ലുന്നു; രാത്രിയിൽ മോഷ്ടാവായി
നടക്കുന്നു.
വ്യഭിചാരിയുടെ കണ്ണു അസ്തമനം കാത്തി
രിക്കുന്നു; അവൻ മുഖം മറച്ചു നടന്നു.
ഒരു കണ്ണും എന്നെ കാണുകയില്ല
എന്നു പറയുന്നു. ചിലർ ഇരുട്ടത്തു വീടു
തുരന്നു കയറി മോഷ്ടിക്കുന്നു. പകൽ
അവർ വെളിച്ചം കാണാതെ വാതിൽ അടച്ചു
പാർക്കുന്നു; അതിനാൽ അവർ മരണനിഴൽ
അന്വേഷിച്ചു; കണ്ടെത്തി; മരണനിഴൽ
അവരെ ഭയചകിതരാക്കി. വെള്ളത്താൽ
അവർ വേഗത്തിൽ പൊയ്പോകുന്നു;
അവരുടെ ഓഹരി ഭൂമിയിൽ ശപിക്കപ്പെട്ടി
രിക്കുന്നു; മുന്തിരിത്തോട്ടങ്ങളുടെ വഴിക്കു
അവർ തിരിയുന്നില്ല. ഹിമജലം വരൾച്ചയേ
യും ചൂടിനേയും എന്നതുപോലെ പാപം ചെ
യ്തവൻ പാതാളത്തിനും ഇരയാകുന്നു. ഗർഭ
പാത്രം അവനെ മറന്നുകളയും; കൃമി അവ
നെ തിന്നു രസിക്കും; അവൻ മരിച്ചാൽ അ
വൻ ഓർക്കപ്പെടുന്നില്ല; അനീതി ചെയ്യുന്ന
വൻ ഒരു തടിപോലെ തകർന്നുപോകും.
ദുർഭഗയായ വന്ധ്യയ്ക്ക് പ്രസവമില്ല. അവർ
വിധവയ്ക്കു നന്മ ചെയ്യുന്നില്ല.
ശക്തന്റെ സമ്പാദ്യം അവന്റെ
ശക്തിയാൽ നിലനില്ക്കുന്നു; കാഴ്ചയെ
അവൻ വിശ്വസിക്കുകയില്ല. അവൻ
സമാധാനത്തോടെ വസിക്കും. അവൻ
അതിൽ ആശ്രയിക്കും; എങ്കിലും അവന്റെ
ദൃഷ്ടി അവരുടെ വഴികളിന്മേൽ ഉണ്ട്.
അവർ ഉയർന്നിരിക്കുന്നു; കുറെക്കഴിഞ്ഞോ
അവർ ഇല്ല; മത്സരികളെല്ലാം താഴ്ത്ത
പ്പെടും, അവർ നശിക്കും; കതിരുകളുടെ
തലപോലെ അവരെ അരിഞ്ഞെടുക്കും.
ഇങ്ങനെയല്ലെങ്കിൽ എന്നെ കള്ളനാക്കു
കയും എന്റെ വാക്കു ഖണ്ഡിക്കുകയും
ചെയ്യുന്നവൻ ആർ?

അദ്ധ്യായം 25

അതിനു ശൂഹ്യനായ ബിൽദാദ് ഉത്തരം
പറഞ്ഞു:
ആധിപത്യവും ഭയങ്കരതയും അവന്റെ
സന്നിധിയിൽ ഉണ്ട്; തന്റെ ഉന്നതസ്ഥല
ങ്ങളിൽ അവൻ സമാധാനം പാലിക്കുന്നു.
അവന്റെ സൈന്യങ്ങൾക്കു സംഖ്യയില്ല;
അവന്റെ പ്രകാശം ആർക്കു ഉദിക്കാതെ
യിരിക്കുന്നു? മർത്യൻ ദൈവസന്നിധിയിൽ
എങ്ങനെ കുറ്റമറ്റവനാകും? സ്ത്രീ പ്രസവിച്ച
വൻ എങ്ങനെ നിർമ്മലനാകും? ചന്ദ്രൻപോ
ലും കളങ്കമില്ലാത്തവനല്ല. നക്ഷത്രങ്ങളും
അവന്റെ ദൃഷ്ടിയിൽ ശുദ്ധിയുള്ളവയല്ല.
പിന്നെ പുഴുവായിരിക്കുന്ന മർത്യനും കൃമി 6
യായിരിക്കുന്ന മനുഷ്യനും എങ്ങനെ?

അദ്ധ്യായം 26

ഇയ്യോബ് ഉത്തരം പറഞ്ഞു: നീ ശക്തി 1
യില്ലാത്തവനു എന്തു സഹായം ചെയ്തു? 2
ബലമില്ലാത്ത ഭുജത്തെ എത്രമാത്രം താങ്ങി?
ജ്ഞാനമില്ലാത്തവനു എന്താലോചന പറ 3
ഞ്ഞുകൊടുത്തു? ജ്ഞാനം എത്ര അധികം
ഉപദേശിച്ചു? ആരെയാകുന്നു നീ വചന 4
ങ്ങൾ കേൾപ്പിച്ചതു? ആരുടെ ശ്വാസം നി
ന്നിൽനിന്നു പുറപ്പെട്ടു; ശക്തന്മാർ ഹത 5
രാകും; വെള്ളത്തിൽ അവർ നശിക്കും.
പാതാളം അവന്റെ മുമ്പിൽ തുറന്നു കിട 6
ക്കുന്നു; നാശം മറയില്ലാതെയിരിക്കുന്നു.
ഉത്തരദിക്കിനെ അവൻ ശൂന്യത്തിന്മേൽ 7
വിരിക്കുന്നു; ഭൂമിയെ ഒന്നുമില്ലായ്മയുടെ
മേൽ തൂക്കിയിടുന്നു. അവൻ വെള്ളത്തെ 8
മേഘങ്ങളിൽ കെട്ടിനിർത്തി; അതു വഹി
ച്ചിട്ടും മേഘങ്ങൾ കീറിപ്പോകുന്നില്ല. തന്റെ 9
സിംഹാസനത്തിന്റെ ദർശനം അവൻ മറ
ച്ചുവയ്ക്കുന്നു; അതിന്മേൽ തന്റെ മേഘം
വിരിക്കുന്നു. അവൻ വെളിച്ചത്തിന്റെയും 10
ഇരുളിന്റെയും അറുതിയോളം വെള്ളത്തി
ന്മേൽ ഒരു വൃത്താകാരം വരച്ചിരിക്കുന്നു.
ആകാശത്തിന്റെ തൂണുകൾ കുലുങ്ങു 11
ന്നു; അവന്റെ ആംഗ്യത്താൽ അവ
ഭ്രമിച്ചുപോകുന്നു. അവൻ തന്റെ ശക്തി 12
കൊണ്ടു സമുദ്രത്തെ ഇളക്കുന്നു; തന്റെ
വിവേകംകൊണ്ടു അനേകരെ തകർക്കുന്നു.
അവന്റെ ശ്വാസത്താൽ ആകാശത്തെ ഭരി 13
ക്കുന്നു; അവന്റെ കൈ ഓടിയ സർപ്പത്തെ
വധിച്ചിരിക്കുന്നു. ഇവ അവന്റെ വഴികളു 14
ടെ അതിരുകളത്രെ; നാം അവനെക്കുറിച്ചു
ഒരു തിന്മയെങ്കിലും കേട്ടിട്ടുണ്ടോ? അവ
ന്റെ ശക്തിയുടെ ഗൗരവം ആർ ഗ്രഹിക്കും?

അദ്ധ്യായം 27

ഇയ്യോബ് തന്റെ സുഭാഷിതം തുടർ 1
ന്നു: എന്റെ ന്യായം നീക്കിക്കളഞ്ഞ ദൈവം 2
ജീവനുള്ളവൻ, എനിക്കു മനോവ്യസനം
വരുത്തിയത് സർവ്വശക്തൻ. എന്റെ 3
പ്രാണൻ മുഴുവനും എന്നിലും ദൈവത്തി
ന്റെ ശ്വാസം എന്റെ മൂക്കിലും ഉണ്ട്.
എന്റെ അധരം നീതികേട് സംസാരിക്കുക 4
യില്ല; എന്റെ നാവു വ്യാജം ഉച്ചരിക്കാതി
രിക്കും, മരിക്കുവോളം എന്റെ നിഷ്കള
ങ്കത്വം ഉപേക്ഷിക്കയുമില്ല. എന്റെ നീതി 5
ഞാൻ കൈവിടാതെ മുറുകെ പിടിക്കുന്നു;
എന്റെ ഹൃദയം എന്റെ നാളുകളിൽ ഒന്നി

6 നെയും ആക്ഷേപിക്കുന്നില്ല. എന്റെ ശത്രു
ദുഷ്ടനെപ്പോലെയും എന്നെ വെറുക്കുന്ന
വൻ നീതികെട്ടവനെപ്പോലെയും ആകും.
7 സമ്പാദ്യമുള്ള ദൈവനിഷേധിയിൽനിന്നു
ദൈവം അവനുള്ളത് എടുത്തുകള
ഞ്ഞാൽ അവനു എന്തു പ്രത്യാശ ശേഷിപ്പു
8 ള്ളു? അവനു കഷ്ടത വരുമ്പോൾ ദൈവം
അവന്റെ പ്രാർത്ഥന കേൾക്കുകയില്ല.
9 അവൻ സർവ്വശക്തനിൽ പ്രത്യാശിക്കു
കയും ദൈവത്തെ വിളിച്ചപേക്ഷിക്കുകയും
ചെയ്യുമ്പോൾ താൻ ഉത്തരമരുളും. ദൈവക
10 രത്തിൽ ഞാൻ നിങ്ങളെ ഏല്പിക്കുന്നു;
നിങ്ങളുടെ പ്രവൃത്തി അവനു നിഗൂഢമല്ല.
11 നിങ്ങൾ എല്ലാവരും അതു കണ്ടിരിക്കു
ന്നു; പിന്നെയും നിങ്ങൾ വ്യർത്ഥമായി
12 നിഗളിക്കുന്നതെന്തു? ഇതു ദുർജനത്തിനു
ദൈവത്തിന്റെ പക്കലുള്ള ഓഹരിയും
നിഷ്ഠുരന്മാർ സർവ്വശക്തനിൽനിന്നു പ്രാ
13 പിക്കുന്ന അവകാശവുംതന്നെ. അവന്റെ
മക്കൾ വർദ്ധിച്ചാൽ അതു വാളിനായിട്ടത്രേ;
അവന്റെ സന്തതി അപ്പം തിന്നു തൃപ്തരാകു
14 കയില്ല. അവനു ശേഷിച്ചവർ മരണത്താൽ
സംസ്കരിക്കപ്പെടും; അവരുടെ വിധവമാ
15 രെപ്പറ്റി ആരും വിലപിക്കുകയുമില്ല. അവൻ
പൊടിപോലെ ദ്രവ്യം ശേഖരിച്ചാലും മണ്ണു
16 പോലെ വസ്ത്രം സമ്പാദിച്ചാലും അവൻ
സമ്പാദിച്ചു എന്നേയുള്ളു; നീതിമാൻ
അതുടുക്കും; ദ്രവ്യം പങ്കിടും. ചെലന്തി
17 യെപ്പോലെ അവൻ വീടുപണിയുന്നു;
അവന്റെ കുടാരം മാടം കെട്ടുന്നതു
18 പോലെതന്നെ. ധനവാൻ നിദ്രകൊള്ളും;
പിന്നെ എഴുന്നേല്ക്കുകയില്ല; അവൻ കണ്ണു
19 തുറക്കുന്നു; ഇല്ലാതെയാകുന്നു. വെള്ളം
പോലെ ഭയം അവനെ ഓടിച്ചു പിടിക്കുന്നു;
രാത്രിയിൽ കൊടുങ്കാറ്റു അവനെ കവർന്നു
20 കൊണ്ടുപോകുന്നു. അത് അവനെ പിടി
ച്ചിട്ടു അവനെ ഇല്ലാതാക്കുന്നു; അവന്റെ
സ്ഥലത്തുനിന്നു അത് അവനെ ഓടിച്ചുകള
21 യുന്നു. ദൈവം നിർദ്ദയം അവനെ എറിഞ്ഞു
കളയുന്നു; തൃക്കയ്യിൽനിന്നു ചാടിപ്പോകു
22 വാൻ അവൻ നോക്കുന്നു. അവന്റെ കൈ
അവരെ പിൻതുടരും; അവന്റെ സ്ഥല
ത്തുനിന്നു അവനെ പുറത്താക്കും.

അദ്ധ്യായം 28

1 വെള്ളിക്കു ഒരു ഉത്ഭവസ്ഥാനവും
സ്വർണ്ണം ശുദ്ധിചെയ്യുവാൻ ഒരു സ്ഥലവും
ഉണ്ട്.
2 ഇരുമ്പ് മണ്ണിൽനിന്നെടുക്കുന്നു; കല്ലു
രുക്കി ചെമ്പെടുക്കുന്നു.

മനുഷ്യൻ അന്ധകാരത്തിനു ഒരതിർ 3
വയ്ക്കുന്നു; കൂരിരുളിലെയും അന്ധതമ
സ്സിലെയും കല്ലിനെ അങ്ങേയറ്റംവരെ പരി
ശോധിക്കുന്നു.
ദേശവാസികളിൽനിന്നു പ്രവാഹം 4
വരുന്നു; മനുഷ്യൻ സംഭ്രമിക്കുന്നു.
ഭൂമിയിൽനിന്നു ആഹാരം ഉണ്ടാകുന്നു; 5
അതിന്റെ അധോഭാഗം തീകൊണ്ടെന്ന
പോലെ മറിയുന്നു. അതിലെ പാറകൾ 6
നീലരത്നത്തിന്റെ ഉല്പത്തിസ്ഥാനം;
കനകപ്പൊടിയും അതിൽ ഉണ്ട്. അതിന്റെ
പാത കഴുകൻ അറിയുന്നില്ല; പരുന്തിന്റെ 7
കണ്ണു അവിടെ കണ്ടിട്ടില്ല.
കാട്ടുമൃഗങ്ങൾ അതിൽ ചവിട്ടിയിട്ടില്ല; 8
സിംഹം അതിലേ നടന്നിട്ടുമില്ല.
അവൻ തീക്കൽപാറയിലേക്കു കൈ 9
നീട്ടുന്നു; പർവ്വതങ്ങളെ അവൻ ഉന്മൂലം
മറിച്ചുകളയുന്നു. അവൻ നദികളെ വെട്ടു 10
ന്നു; അവന്റെ കണ്ണു അമൂല്യവസ്തുക്ക
ളെയെല്ലാം കാണുന്നു. അവൻ നദികളെ 11
അടച്ചു നിർത്തുന്നു; ഗുപ്തമായിരിക്കു
ന്നതു അവൻ വെളിച്ചത്തു കൊണ്ടുവരുന്നു.
ജ്ഞാനം എവിടെ കണ്ടുകിട്ടും? വിവേക 12
ത്തിന്റെ ഉത്ഭവസ്ഥാനം എവിടെ?
അതിന്റെ ഭണ്ഡാരം മനുഷ്യൻ അറിയു 13
ന്നില്ല; ജീവനുള്ളവരുടെ ദേശത്തല്ലാതെ
അതിനെ കണ്ടെത്തുന്നില്ല.
അതു എന്നിൽ ഇല്ല എന്നു സമുദ്രം 14
പറയുന്നു; അതു എന്റെ പക്കൽ ഇല്ല എന്നു
ആഴിയും പറയുന്നു.
തങ്കം കൊടുത്താൽ അതു കിട്ടുന്നതല്ല; 15
അതിന്റെ വിലയായി ദ്രവ്യവുമില്ല. ഓഫീർ 16
പൊന്നോ വിലയേറിയ ഗോമേദകമോ നീല
രത്നമോ ഒന്നും അതിനു സാമ്യമാകുകയില്ല. 17
സ്വർണ്ണവും രത്നവും അതിനോടു സാമ്യമല്ല; 18
എത്യോപ്യൻ തങ്കത്തേക്കാൾ അത് അമൂ
ല്യം. പവിഴവും രത്നവും അതിനു സമമല്ല;
ജ്ഞാനം എല്ലാറ്റിലും മഹത്തരമല്ലോ. 19
ഹയായിലെ പുഷ്യരാഗം എല്ലാററിലും
വിശിഷ്ടമാകുന്നു. അതിനോട് എത്യോ 20
പ്യൻ പുഷ്യരാഗം സമമല്ല. തങ്കംകൊണ്ടു
അതിന്റെ വില മതിക്കാവുന്നതുമല്ല.
ജ്ഞാനം എവിടെ നിന്നു വരുന്നു? വിവേക 21
ത്തിന്റെ ഉത്ഭവ സ്ഥാനം എവിടെ? അതു
സകല ജീവികളുടെയും കണ്ണുകൾക്കു
മറഞ്ഞിരിക്കുന്നു. ആകാശത്തിലെ പക്ഷി
കൾക്കു അതു ഗുപ്തമായിരിക്കുന്നു.
ഞങ്ങളുടെ ചെവി കൊണ്ടു അതിന്റെ 22
കേൾവി കേട്ടിട്ടുണ്ടു എന്നു നാശവും മരണ
വും പറയുന്നു.

ദൈവം അതിന്റെ വഴി അറിയിച്ചു;
ിന്റെ ഉത്ഭവസ്ഥാനം അവനു
ചയമുണ്ട്. അവൻ ഭൂമിയിലുള്ളവയെ
നോക്കുന്നു; ആകാശത്തിന്റെ കീഴി
ാം കാണുന്നു. അവൻ കാറ്റിനെ തൂക്കി
ക്കുകയും വെള്ളത്തിന്റെ അളവു
ചയിക്കുകയും ചെയ്യുന്നു. അവൻ മഴ
റ്റു ഒരു നിയമവും ഇടിമിന്നലിനു ഒരു
യും ഉണ്ടാക്കി. അവൻ അതു കണ്ടു വർ
ക്കുകയും അതു സ്ഥാപിച്ചു പരിശോ
ക്കുകയും ചെയ്തു. ദൈവഭക്തിയാണ് ജ്ഞാ
തിന്മ വിട്ടകന്നു നടക്കുന്നതാണ്
വകം എന്നു അവൻ മനുഷ്യനോടു
ളിച്ചെയ്തു.

അദ്ധ്യായം 29

ഇയ്യോബ് തുടർന്നും സുഭാഷിതം പാടി
ഹാ, മുൻ മാസങ്ങളിലെപ്പോലെ,
വം എന്നെ കാത്തുസൂക്ഷിച്ച നാളുകളി
പ്പോലെ ഞാൻ ആയെങ്കിൽ കൊള്ളാ
ിരുന്നു. അന്നു അവനെക്കുറിച്ചുള്ള
എന്റെ ശിരസ്സിനുപരിയുണ്ടായിരുന്നു.
ന്റെ വെളിച്ചത്താൽ ഞാൻ ഇരുളിൽ
ി നടന്നു. എന്റെ കൂടാരത്തിനു ദൈവ
ന്റെ സഖ്യം ഉണ്ടായിരിക്കയും സർവ്വ
ൻ എന്നോടുകൂടെ വസിക്കയും എന്റെ
ത്വം എന്നെ വലയം ചെയ്കയും ചെയ്ത
ന്റെ ശുഭകാലത്തിലെപ്പോലെ ഞാൻ
യങ്കിൽ കൊള്ളാമായിരുന്നു. ഞാൻ
പ്പെട്ടു പട്ടണത്തിലേക്കു പടിവാതി
ൽ ചെന്നു. വിശാലസ്ഥലത്തു ഞാൻ
ന്നപ്പോൾ യൗവനക്കാർ എന്നെ കണ്ടി
ളിക്കുമായിരുന്നു; വൃദ്ധന്മാർ എഴുന്നേറ്റു
ഭുതപ്പെടുമായിരുന്നു. പ്രഭുക്കന്മാർ
സാരം നിർത്തി, കൈകൊണ്ട് വായ്പൊ
ം. അധികാരികളുടെ ശബ്ദം അടങ്ങും;
രുടെ നാവു അണ്ണാക്കോടു പറ്റുമായി
ു. എന്റെ വാക്കു കേട്ട ചെവി എന്നെ
ത്തിയിരുന്നു, എന്നെ കണ്ട കണ്ണു എനി
സാക്ഷ്യം നല്കും; ഞെരുക്കത്തിൽ നി
എളിയവനെയും അനാഥനെയും നിസ്സ
യനെയും ഞാൻ വിടുവിച്ചു. നശിക്കുമാ
വന്റെ അനുഗ്രഹം എന്റെ മേൽ വരും;
വയുടെ ഹൃദയത്തെ ഞാൻ സന്തോഷി
ു. ഞാൻ സത്യത്തെ ധരിച്ചു; അതു
ന്റെ ഉടുപ്പായിരുന്നു; അതു ന്യായാധിപ
 മകുടം പോലെയായിരുന്നു. ഞാൻ
ന് കണ്ണും മുടന്തനു കാലും ആയി
ു. ദരിദ്രന്മാർക്കു ഞാൻ പിതാവായി
ു; ഞാൻ അറിഞ്ഞിട്ടില്ലാത്തവന്റെ
വ്യവഹാരം പരിശോധിച്ചു. അധർമ്മി 16
യുടെ അണപ്പല്ലു ഞാൻ തകർത്തു; അവ
ന്റെ പല്ലിന്റെ ഇടയിൽനിന്നു ഇരയെ പറി
ച്ചെടുത്തു. ദരിദ്രജനത്തെ ഞാൻ രക്ഷിച്ചു; 17
സമ്പത്തു അവരെ ഏല്പിച്ചു. കടലോര
ത്തെ മണൽപോലെ എന്റെ ദിവസങ്ങൾ
ഞാൻ വർദ്ധിപ്പിക്കും. എന്റെ ചില്ലികൾ 18
വെള്ളത്തിനടുക്കൽ നടപ്പെട്ടിരിക്കുന്നു,
തണൽ എപ്പോഴുമുണ്ടായിരിക്കും. ഞാൻ
കൊയ്ത്തിനു വിളിയ്ക്കപ്പെടും. എന്റെ 19
വില്ല് എന്റെ കൈകളിൽ പുതുക്കും എന്നു
ഞാൻ പറഞ്ഞു. മനുഷ്യർ എന്റെ വാക്കു 20
കേൾക്കും; എന്റെ ആലോചന കേൾപ്പാൻ 21
മിണ്ടാതിരിക്കും. എന്റെ വാക്കു കൾ അവർ
മറക്കുകയില്ല; എന്റെ വാക്കു അവർക്കു 22
സന്തോഷകരമായിരിക്കും. മഴയ്ക്കു എന്ന
പോലെ അവർ എനിക്കായി കാത്തിരുന്നു.
പിന്മഴയ്ക്കെന്നപോലെ അവർ വായ് പിളർ 23
ക്കുന്നു. ഞാൻ അവരെയോർത്തു ചിരിക്കും,
അവർ വിശ്വസിക്കുകയില്ല. എന്റെ മുഖ 24
പ്രകാശത്തിൽ അവർ നടക്കു കയില്ല. ഞാൻ
അവരുടെ വഴി പരിശോധിച്ച് രാജതുല്യം
ഇരിക്കും; ദുഃഖിതന്മാരെ ആശ്വസിപ്പിക്കുന്ന
വനെപ്പോലെയും ഞാൻ വസിക്കും.

അദ്ധ്യായം 30

ഇപ്പോഴോ എന്നിലും പ്രായംകുറഞ്ഞ 1
വർ എന്നെ നോക്കി ചിരിക്കുന്നു; അവരുടെ
പിതാക്കന്മാരെ എന്റെ ആട്ടിൻകൂട്ടത്തി
ന്റെ നായ്ക്കളോടുകൂടെ ആക്കുവാൻ
പോലും ഞാൻ നിരസിച്ചിരുന്നു. അവരുടെ
ഭുജബലംകൊണ്ടു എനിക്കെന്തു പ്രയോ 2
ജനം? അവരുടെ ശക്തി നശിച്ചുപോയ
ല്ലോ. ശക്തമായ പ്രവാഹംകൊണ്ടു അവർ 3
ക്ഷീണിച്ചിരിക്കുന്നു; ശൂന്യത്തിന്റെയും 4
നിർജ്ജനദേശത്തിന്റെയും ഇരുട്ടിൽ അവർ
വരണ്ട നിലത്ത് കഴിച്ചുകൂട്ടുന്നു. പാറ 5
പ്പിളർപ്പുകളിൽ അവർ പാർക്കേണ്ടിവരു
ന്നു; മൺകുഴികളിലും പാറയുടെ ഗഹ്വര
ങ്ങളിലും തന്നെ. ഭോഷന്മാരുടെ മക്കൾ 6
നീചന്മാരുടെ മക്കളോടൊപ്പം മറിച്ചിട
പ്പെടും; അവർ ദേശത്ത് താഴ്ത്തപ്പെടും.
ഇപ്പോഴോ ഞാൻ അവരുടെ പാട്ടായി 7
ത്തീർന്നു; അവർക്കു പഴഞ്ചൊല്ലായിത്തീർ
ന്നിരിക്കുന്നു. അവർ എന്നെ വെറുത്ത് 8
അകന്നു നില്ക്കുന്നു; എന്നെ കണ്ടു തുപ്പു
വാൻ ശങ്കിക്കുന്നില്ല. അവർ എന്നെ അഴി 9
ച്ചു എന്നെ ക്ലേശിപ്പിച്ചതുകൊണ്ടു അവർ
എന്റെ വായിൽ കടിഞ്ഞാൺ ഇട്ടിരി
ക്കുന്നു. എന്റെ വലത്തുഭാഗത്തു അവർ 10

എഴുന്നേററു എൻെറ കാൽ ബന്ധിച്ചു.
അവരുടെ മാർഗ്ഗങ്ങളിൽ എന്നെ ബന്ധിച്ചു.
11 എനിക്കു സംഭവിച്ചവയിൽ അവർ
സന്തോഷിച്ചു; അവർക്കോ തുണയില്ല.
12 വിസ്താരമുള്ള പിളർപ്പിൽക്കൂടി എന്ന
പോലെ അവർ ആക്രമിച്ചു വരുന്നു; കൊടു
13 ങ്കാററിൻ കീഴിൽ അവർ തകരും. അവർ
ഭീതി എൻെറ നേരെ തിരിച്ചിരിക്കുന്നു;
കാററുപോലെ എൻെറ പാതകളെ പിൻതു
ടർന്നു; എൻെറ രക്ഷ മേഘംപോലെ
14 കടന്നുപോകുന്നു. ഇപ്പോൾ എൻെറ
പ്രാണൻ എൻെറ ഉള്ളിൽ വിഷാദിച്ചിരിക്കു
ന്നു; കഷ്ടകാലം എന്നെ വളഞ്ഞിരിക്കുന്നു.
15 രാത്രിയിൽ എൻെറ അസ്ഥികൾ എൻെറ
മേൽ ഭാരമായിരിക്കുന്നു; എൻെറ ശരീരം
16 ദുർബ്ബലമായി. ഞാൻ എൻെറ വസ്ത്രം ധരി
ച്ചു; അങ്കിയുടെമേൽ ഞാൻ അരകെട്ടി.
17 അവൻ എന്നെ ചെളിയിൽ ഇട്ടിരിക്കുന്നു;
ഞാൻ പൊടിക്കും ചാരത്തിനും തുല്യമാ
18 യിരിക്കുന്നു. ഞാൻ നിന്നോടു നിലവിളി
ക്കുന്നു; നീ ഉത്തരം അരുളുകയില്ല; ഞാൻ
എഴുന്നേററു നില്ക്കുന്നു; നീ എന്നെ തുറി
19 ച്ചുനോക്കുന്നു. നീ എന്നെ നിനക്കു ശത്രു
വാക്കിയിരിക്കുന്നു. നിൻെറ കയ്യുടെ ശക്തി
20 യാൽ നീ എന്നെ ബന്ധിക്കുന്നു. നീ എന്നെ
കാററിൻപുറത്തുകയററി ഓടിക്കുന്നു; നീ
എന്നെ താഴ്ത്തി ദുരിതപൂർണ്ണനാക്കിയി
21 രിക്കുന്നു. മരണത്തിൽനിന്നും ജീവനുള്ള
വരുടെ നിശ്ചിതസ്ഥലത്തേക്കു എന്നെ
തിരികെ വരുത്തും എന്നു ഞാനറിയുന്നു.
22 എങ്കിലും വീഴുമ്പോൾ അവൻ എനിക്കു
കൈ നീട്ടുകയില്ലയോ? അവനോടു ഞാൻ
നിലവിളിക്കുമ്പോൾ അവൻ എന്നെ രക്ഷി
23 ക്കും. കഷ്ടകാലം വന്നവനുവേണ്ടി പകൽ
നേരത്തു ഞാൻ കരഞ്ഞു; എളിയവനെ
24 പ്രതി എൻെറ മനസ്സു വ്യസനിച്ചു. ഞാൻ
നന്മയ്ക്കു നോക്കിയിരുന്നു, വന്നതു തിന്മ
യായിരുന്നു, വെളിച്ചത്തിനായി ഞാൻ കാ
25 ത്തിരുന്നപ്പോൾ, അന്ധകാരവും വന്നു. എ
ൻെറ അന്തരംഗം ഇളകുന്നു; കഷ്ടകാലം
26 എനിക്കു വന്നിരിക്കുന്നു. ഞാൻ ദുഃഖിതനാ
യി കോപംകൂടാതെ നടക്കുന്നു; ഞാൻ സഭ
27 യിൽ എഴുന്നേററു നിലവിളിക്കുന്നു. ഞാൻ
കുറുനരികൾക്കു സഹോദരനും ഒട്ടകപ്പ
ക്ഷികൾക്കു കൂട്ടുകാരനും ആയിരിക്കുന്നു.
28 എൻെറ ത്വക്ക് കറുത്തു പൊളിഞ്ഞു
വീഴുന്നു; എൻെറ അസ്ഥി ഉഷ്ണംകൊണ്ടു
29 കരിഞ്ഞിരിക്കുന്നു. എൻെറ കിന്നരനാദം
വിലാപമായും എൻെറ ഗാനം കരച്ചിലായും
തീർന്നിരിക്കുന്നു.

അദ്ധ്യായം 31

ഞാൻ എൻെറ കണ്ണുമായി ഒരു ഉടമ്പ
ചെയ്തു; ഞാൻ ഒരു കന്യകയെ നേ
ക്കുകയില്ല. മേലിൽനിന്നു ദൈവ
നൽകുന്ന ഓഹരിയും ഉയരത്തിൽനിന്ന
സർവ്വശക്തൻ തരുന്ന അവകാശവും എന്ത്
നീതികെട്ടവനു തകർച്ചയും ദുഷ്കർമ്മ
കൾക്കു വിപത്തുമല്ലയോ? എൻെറ വഴ
കൾ അവൻ കാണുന്നു; എൻെറ കാലടിക
ളെല്ലാം എണ്ണുന്നു. ഞാൻ കാപട്യത്തോടെ
നടന്നുവെങ്കിൽ എൻെറ കാൽ വഞ്ചന
യ്ക്കു ഓടിയെങ്കിൽ—ദൈവം എൻെറ പര
മാർത്ഥത അറിയേണ്ടതിനു ഒത്ത ത്രാസ്സിൽ
എന്നെ തൂക്കിനോക്കുമാറാകട്ടെ. എൻെറ
കാലടി വഴിവിട്ടു മാറിയെങ്കിൽ, എൻെറ
ഹൃദയം എൻെറ കണ്ണിനെ പിന്തുടർന്നു
വെങ്കിൽ, വല്ല കറയും എൻെറ കൈയ്ക്കു
പററിയെങ്കിൽ, ഞാൻ വിതച്ചതല്ലാത്തതു
ഭക്ഷിച്ചുവെങ്കിൽ ഞാൻ നട്ടതല്ലാത്തതു
ഞാൻ വളർത്തി ശേഖരിച്ചെങ്കിൽ, എൻെറ
ഹൃദയം ഒരന്യസ്ത്രീയിൽ ഭ്രമിച്ചുപോയെ
ങ്കിൽ, കൂട്ടുകാരൻെറ വാതിൽക്കൽ ഞാൻ
പതിയിരുന്നു എങ്കിൽ, എൻെറ ഭാര്യ മററൊ
രുത്തന് മാവു പൊടിക്കട്ടെ; അന്യസ്ഥ
ലത്ത് അവൾ അപ്പമുണ്ടാക്കട്ടെ, അത്
മഹാപാതകമല്ലോ. വഞ്ചനയുള്ള നയനം
ആകമാനം നശിപ്പിക്കുന്ന അഗ്നി ആകുന്നു.
എൻെറ എല്ലാ സമ്പത്തിനെയും അതു ഉന്മൂ
ലം നശിപ്പിക്കും. എൻെറ ദാസനോ, ദാസി
യോ, എനിക്കെതിരായി വ്യവഹരിക്കു
മ്പോൾ അവർക്കു ഞാൻ നീതി നിഷേധി
ക്കുകയും ദൈവം നിലകൊള്ളുമ്പോൾ
ഞാൻ എന്തു ചെയ്യേണ്ടു? അവൻ കല്പി 1
ക്കുമ്പോൾ ഞാൻ എന്തു മറുപടി പറ
യേണ്ടു? എന്നു ഞാൻ പറയുകയോ
ചെയ്തിട്ടുണ്ടെങ്കിൽ, അവനെ ഗർഭ 1
പാത്രത്തിൽ നിർമ്മിച്ചവനല്ലയോ എന്നെ
യും നിർമ്മിച്ചത്. ഒരേ ഗർഭാശയത്തിലല്ലോ
അവൻ ഞങ്ങളെ നിർമ്മിച്ചത്. ദരിദ്രന് 1
ആഗ്രഹമുള്ളത് ഞാൻ വിരോധിച്ചിട്ടുണ്ടെ
ങ്കിൽ, വിധവയുടെ കണ്ണുകളെ ഞാൻ
അന്ധകാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അ
നാഥർക്ക് ഒന്നും കൊടുക്കാതെ, എൻെറ 17
ഭക്ഷണം ഞാൻ സ്വയം ഭക്ഷിച്ചെങ്കിൽ! എ
ൻെറ മാതാവിൻെറ ഉദരം മുതൽ നെടുവീർ 18
പ്പുകളും എൻെറ ചെറുപ്പം മുതൽ വേദനക
ളും എന്നെ വളർത്തി. ആവശ്യത്തിനു വസ്ത്ര 19
മില്ലാതെ, ധരിപ്പാൻ ഒന്നുമില്ലാതെ ഒരു പാവ
പ്പെട്ടവൻ അലഞ്ഞു നടക്കുന്നത് ഞാൻ

ണ്ടിട്ട്, എൻെറ കമ്പിളികൊണ്ട് അവന്
ാൻ ചൂടേകിയതിൻെറ പേരിൽ അവൻ
ന്നെ അനുഗ്രഹിക്കാതിരുന്നുവെങ്കിൽ!
തിൽക്കൽ എനിക്കു സഹായികളുണ്ട്
ന്നു കണ്ടിട്ട്, നിരപരാധിയെ അടിക്കു
ാൻ ഞാൻ കൈ ഉയർത്തിയിട്ടുണ്ടെങ്കിൽ
ൻെറ കൈ എൻെറ തോളിൽ നിന്നും
ൻെറ മുഴങ്കൈ എൻെറ കൈമുട്ടിൽ
ന്നും വീണു പൊയ്ക്കൊള്ളട്ടെ. ദൈവ
ത്തയുള്ള ഭയം എൻെറ മേൽ ഉണ്ട്. അവ
ൻെറ പ്രാഭവം എന്നെ അശക്തനാക്കും.
ാൻ സ്വർണ്ണത്തിൽ എൻെറ ആശ്രയം
ച്ചുവെങ്കിൽ, സ്വർണ്ണത്തേക്കുറിച്ച് എൻെറ
ശ്രയം എന്നും രത്നത്തെക്കുറിച്ച് എൻെറ
ത്യാശ എന്നും എൻെറ സമ്പാദ്യത്തെ
റിച്ച് എൻെറ ശരണം എന്നും ഞാൻ
ഞ്ഞുവെങ്കിൽ എൻെറ ധനം വളരെയാ
രിക്കകൊണ്ടും എൻെറ കൈ അധികം
മ്പാദിച്ചിരിക്കകൊണ്ടും ഞാൻ സന്തോ
ിച്ചു എങ്കിൽ, സൂര്യൻ പ്രകാശിക്കുന്നതോ
ന്ദ്രൻ ശോഭയോടെ ഗമിക്കുന്നതോ
ണ്ടിട്ട് എൻെറ ഹൃദയം ഗൂഢമായി വശീ
രിക്കപ്പെടുകയും എൻെറ വായ് എൻെറ
യ്യെ ചുംബിക്കയും ചെയ്തുവെങ്കിൽ— അ
ൻ എൻെറ കൗശലവും കാണുമല്ലോ.
ൻെറ വൈരിയുടെ നാശത്തിൽ ഞാൻ
ന്തോഷിക്കുകയോ അവൻെറ അനർത്ഥ
ത്തിങ്കൽ ഞാൻ നിഗളിക്കുകയോ ചെയ്തു
ങ്കിൽ എൻെറ വായ് പാപത്തിനും എൻെറ
ള്ളം ഇവയിൽ ഒന്നിനെങ്കിലും ഞാൻ
മർപ്പിച്ചിട്ടുണ്ടെങ്കിൽ. അവൻെറ മേശയി
ൽ മാംസം തിന്നു തൃപ്തി വരാത്തവർ ആർ?
ന്നിങ്ങനെ എൻെറ കൂടാരത്തിലെ
ളുകൾ പറഞ്ഞില്ലെങ്കിൽ, പരദേശി
തെരുവീഥിയിൽ രാപാർക്കേണ്ടി വന്നിട്ടില്ല.
ാത്രക്കാരന് ഞാൻ എൻെറ വാതിൽ തുറ
ുകൊടുത്തു. ഞാൻ മനുഷ്യനെപ്പോലെ
ൻെറ ലംഘനം മറച്ചുവച്ചിട്ടുണ്ടെങ്കിൽ എ
ൻെറ അകൃത്യം രഹസ്യമായി മറച്ചുവച്ചെ
ിൽ ബഹുജനശക്തിയെ ഞാൻ ചവിട്ടിമെ
ിച്ചിട്ടുണ്ടെങ്കിൽ അനേകവംശങ്ങൾ എ
ന്ന തകർക്കട്ടെ. ഞാൻ വാതിൽക്കൽ നിന്ന്
ു മനുഷ്യനേയും തിരിച്ചു വിട്ടിട്ടില്ല. ചിന്താ
ൂന്യമായി ഞാൻ സംസാരിച്ചതുമൂലം ദൈ
ത്തിൻെറ വൈരാഗ്യം എന്നെ താഴ്ത്തി.
യ്യോ എൻെറ സങ്കടം കേൾക്കുന്നവൻ ഉ
ായിരുന്നു എങ്കിൽ കൊള്ളായിരുന്നു.
ർവ്വശക്തൻ എനിക്കുത്തരം നല്കുമാറാക
ട്ടെ. മനുഷ്യൻെറ വിധികളുടെ രേഖയിൽ
വൻ അത് എഴുതട്ടെ. അവനെ ഞാൻ
എൻെറ ചുമലിൽ വഹിക്കുമായിരുന്നു. ഒരു
മകുടമായിട്ട് അത് അണിയുമായിരുന്നു.
എൻെറ കാലടികളുടെ എണ്ണം ഞാൻ 37
അവനെ ബോധിപ്പിക്കും. ഒരു പ്രഭു എന്ന
പോലെ ഞാൻ അവനോട് അടുക്കും.
വിലകൊടുക്കാതെ ഞാൻ അതിൻെറ 38
വിളവു തിന്നുകയോ അതിൻെറ ഉടമ
സ്ഥരുടെ പ്രാണൻ പോകുവാൻ സംഗ
തിയാക്കുകയോ ചെയ്തു എങ്കിൽ എൻെറ
നിലം എൻെറ നേരേ നിലവിളിക്കട്ടെ. അതി 39
ൻെറ ഉഴവുചാലുകൾ ഒന്നിച്ചു കരയട്ടെ. 40
കോതമ്പിനുപകരം കാരമുള്ളും യവത്തിനു
പകരം കളയും മുളച്ചു വളരട്ടെ.

അദ്ധ്യായം 32

അങ്ങനെ ഇയ്യോബ് അവരുടെ ദൃഷ്ടി 1
യിൽ നീതിമാനായി തോന്നിയതുകൊണ്ട്
ഈ മൂന്നു പുരുഷന്മാർ അവനോ കുററാ
രോപണം അവസാനിപ്പിച്ചു. അപ്പോൾ റമ്മൂൻ 2
വംശത്തിൽ ബൂസ്യനായ ബറവേലിൻെറ
മകൻ ഏലീഹൂവിനു കോപമായി. ദൈവ
ത്തേക്കാൾ സ്വയം നീതീകരിച്ചതുകൊണ്ട്
ഇയ്യോബിന് നേരേ അവൻെറ കോപം
ജ്വലിച്ചു. അവൻെറ മൂന്നു സ്നേഹിതന്മാർ 3
ഇയ്യോബിൻെറ കുററം തെളിയിക്കത്തക്ക
കുററം കാണായ്കയാൽ അവരുടെ നേരേ
യും അവൻെറ കോപം ജ്വലിച്ചു. എന്നാൽ 4
അവർ തന്നെക്കാൾ പ്രായമുള്ളവരാകകൊ
ണ്ട് ഏലീഹൂ ഇയ്യോബിനോട് സംസാരി
പ്പാൻ താമസിച്ചു. ആ മൂന്നു പേർക്കും 5
ഉത്തരം മുട്ടി എന്നുകണ്ട് ഏലീഹൂവിൻെറ
കോപം ജ്വലിച്ചു. ബൂസ്യനായ ബറവേ 6
ലിൻെറ മകൻ ഏലീഹൂ പറഞ്ഞു. ഞാൻ
പ്രായം കുറഞ്ഞവനും നിങ്ങൾ വൃദ്ധരും
ആകുന്നു. അതുകൊണ്ട് ഞാൻ ശങ്കിച്ചു
അഭിപ്രായം പറയുവാൻ ഉദ്ദേശിച്ചില്ല. പ്രായം 7
സംസാരിക്കുകയും വാർദ്ധക്യം ജ്ഞാനം
ഉപദേശിക്കുകയും ചെയ്യട്ടെ. എന്ന് ഞാൻ
വിചാരിച്ചു. എന്നാൽ മനുഷ്യരിൽ ആത്മാ 8
വുണ്ടല്ലോ. സർവ്വശക്തൻെറ ശ്വാസം
അവർക്കു വിവേകം നല്കുന്നു. പ്രായം ചെ 9
ന്നവർ മാത്രമാണ് ജ്ഞാനികൾ എന്നില്ല.
വൃദ്ധന്മാരത്രേ ന്യായബോധമുള്ളവർ എ
ന്നുമില്ല. അതുകൊണ്ട് ഞാൻ പറയുന്നു: 10
എൻെറ വാക്കു ശ്രദ്ധിക്കുവിൻ. ഞാനും എ
ൻെറ അഭിപ്രായം പറയാം. ഞാൻ നിങ്ങളു 11
ടെ വാക്കു ശ്രദ്ധിച്ചുകൊണ്ടിരുന്നു. നിങ്ങൾ
തക്കതായ ഉത്തരം കണ്ടെത്തുമോ എന്നു
നിങ്ങളുടെ ഉപദേശങ്ങൾക്കു ഞാൻ
ശ്രദ്ധിച്ചു. നിങ്ങൾ പറഞ്ഞത് ഞാൻ 12

ശ്രദ്ധിച്ചു. ഇയ്യോബിനു ബോധം വരുത്തു
വാനോ അവൻെറ മൊഴികൾക്കുത്തരം പ
13 റയുവാനോ, നിങ്ങളിൽ ആരുമില്ല. നിങ്ങൾ
ജ്ഞാനം കണ്ടുപിടിച്ചിരിക്കുന്നു എന്നു നി
ങ്ങൾ പറയുന്നു. മനുഷ്യനല്ല. ദൈവമത്രേ
14 അവനെ ശിക്ഷിച്ചിരിക്കുന്നത്. ഞാൻ വാക്കു
സംസാരിക്കുന്നില്ല. നിങ്ങളുടെ വചനങ്ങൾ
കൊണ്ട് ഞാൻ അവനോട് ഉത്തരം പറയു
15 കയുമില്ല. അവർ പരിഭ്രമിച്ചിരിക്കുന്നു.
ഉത്തരം പറയുന്നില്ല. അവർക്കു വാക്ക്
16 ഇല്ലാതെയായി. അവർ ഉത്തരം പറയാതെ
വെറുതെ നില്ക്കുന്നു. അവർ സംസാരിക്കാ
തെ മിണ്ടടങ്ങി അവനോടുത്തരം പറഞ്ഞി
17 ല്ല. എനിക്കു പറയുവാനുള്ളത് ഞാനും
പറയും. എൻെറ അറിവ് ഞാനും പ്രകടി
18 പ്പിക്കും. ഞാൻ മൊഴികൾകൊണ്ട് തിങ്ങി
19 യിരിക്കുന്നു. എൻെറ മനസ്സ് എന്നെ നിർബ
ന്ധിക്കുന്നു. എൻെറ മനസ്സ് വേദനിക്കുന്നു.
തുറക്കപ്പെടുന്നില്ല. അത് പുതിയ തുരുത്തി
കൾപോലെ പൊട്ടാറായിരിക്കുന്നു. എനി
20 ക്കാശ്വാസം കിട്ടുവാൻ ഞാൻ സംസാരി
ക്കും. എൻെറ അധരം തുറന്ന് ഉത്തരം പറ
21 യും. ഞാൻ ആരുടേയും ഭാഗം വാദിക്കുക
യില്ല. ആരോടും മുഖസ്തുതി പറയുകയു
22 മില്ല. മുഖസ്തുതി പറയുവാൻ എനിക്കു
അറിഞ്ഞുകൂടാ. അങ്ങനെ ചെയ്താൽ
എൻെറ ശക്തി ക്ഷണത്തിൽ എന്നെ
വിട്ടുപോകും.

അദ്ധ്യായം 33

1 ഇയ്യോബേ, എൻെറ സംഭാഷണം കേട്ടു
2 കൊൾക. എൻെറ സകല വാക്കുകളും
ശ്രദ്ധിക്കുക. ഇതാ ഞാൻ ഇപ്പോൾ എൻെറ
വായ് തുറക്കുന്നു. എൻെറ വായിൽ
3 എൻെറ നാവു സംസാരിക്കുന്നു. എൻെറ
വചനങ്ങൾ നേരുള്ളവയും എൻെറ അധര
ങ്ങളുടെ സംസാരം തിരഞ്ഞെടുക്കപ്പെട്ടതു
4 മാകുന്നു. ദൈവത്തിൻെറ ആത്മാവ് എന്നെ
ഉണർത്തി. സർവശക്തൻെറ ശ്വാസം എനി
5 ക്കു ജീവനെ തന്നു. നിനക്കു കഴിവുണ്ടെ
ങ്കിൽ എന്നോടു പ്രതിവാദിക്കുക. എൻെറ
6 മുമ്പാകെ ഒരുങ്ങിനിൽക്കുക. ഇതാ നിന്നെ
പ്പോലെ ഞാനും ദൈവത്തിനുള്ളവൻ.
എന്നേയും മണ്ണുകൊണ്ട് നിർമ്മിച്ചിരിക്കു
7 ന്നു. എൻെറ ഭീഷണി നിന്നെ ഭയപ്പെടു
ത്തുകയില്ല. എൻെറ ഘനം നിനക്കു ഭാര
8 മായിരിക്കുകയുമില്ല. ഞാൻ കേൾക്കെ നീ
പറഞ്ഞതും നിൻെറ വാക്കു ഞാൻ കേട്ടതും
9 എന്തെന്നാൽ ഞാൻ പ്രമാണലംഘനം
ഇല്ലാത്ത നിർമ്മലൻ. ഞാൻ നിർദ്ദോഷി.
എന്നിൽ അകൃത്യവുമില്ല. അവൻ എൻെറ 10
നേരേ കാരണങ്ങൾ കണ്ടുപിടിക്കുന്നു.
എന്നെ തനിക്കു ശത്രുവായി വിചാരിക്കു
ന്നു. അവൻ എൻെറ കാലുകളെ ആമത്തിൽ 11
ഇടുന്നു. എൻെറ വഴികളെല്ലാം സൂക്ഷിച്ചു
നോക്കുന്നു. ഇതിനു ഞാൻ നിന്നോട് 12
ഉത്തരം പറയാം. ഇതിൽ നീ നീതിമാൻ അല്ല.
ദൈവം മനുഷ്യനേക്കാൾ വലിയവനത്രേ.
നീ അവനോട് വാദിക്കുന്നത് എന്തിന്? 13
തൻെറ കാര്യങ്ങളിൽ ഒന്നിനും അവൻ കാര
ണം പറയുന്നില്ലല്ലോ. ഒന്നോ രണ്ടോ പ്രാവ 14
ശ്യം ദൈവം അരുളിച്ചെയ്യുന്നു. അവൻ 15
ആവർത്തിക്കുകയില്ല. ഗാഢനിദ്ര മനുഷ്യർ
ക്കുണ്ടാകുമ്പോൾ അവർ ശയ്യമേൽ നിദ്ര
കൊള്ളുമ്പോൾ സ്വപ്നത്തിൽ രാത്രി
ദർശനത്തിൽ അവൻ മനുഷ്യരുടെ ചെവി 16
തുറക്കുന്നു. അവരോടുള്ള പ്രബോധന
ത്തിനു അവരെ താഴ്ത്തുന്നു. മനുഷ്യനെ 17
അവൻെറ തിന്മയിൽനിന്നകററുവാനും
മനുഷ്യനെ നിഗളത്തിൽനിന്ന് രക്ഷിപ്പാനും
തന്നേ. അവൻ ക്ഷയത്തിൽനിന്നു അവൻെറ 18
പ്രാണനേയും നാശത്തിൽനിന്നും അവ
ൻെറ ജീവനേയും സംരക്ഷിക്കുന്നു. തൻെറ 19
കിടക്കമേൽ അവൻ വേദനയാൽ ശിക്ഷി
ക്കപ്പെടുന്നു. അവൻെറ അസ്ഥികളിൽ
ക്ഷയവും അവൻെറ ജഡത്തിൽ ഭീതിയും
ഉണ്ട്. അതുകൊണ്ട് അപ്പം അവന് തൃപ്തി 20
യാകയില്ല. അവൻെറ പ്രാണൻ ഭക്ഷണം
ആഗ്രഹിക്കും. അവൻ മാംസം ഭീതിയോടെ 21
ഭക്ഷിക്കും. കാണാനില്ലാതിരുന്ന അവൻെറ 22
അസ്ഥികൾ പൊങ്ങി നില്ക്കുന്നു. അവ
ൻെറ പ്രാണൻ നാശത്തിനും, അവൻെറ
ജീവൻ മരണത്തിനും അടുത്തിരിക്കുന്നു.
മനുഷ്യനോട് അവൻെറ ധർമ്മം അറിയി 23
ക്കേണ്ടതിന്ന് അവനെ അനുസരിക്കുന്ന
ആയിരത്തിൽ ഒരു ദൂതൻ അവനുവേണ്ടി
ഉണ്ടെങ്കിൽ അവൻ മനുഷ്യനെ അവൻെറ
പരമാർത്ഥത കാണിക്കും. പാതാളത്തിൽ 24
ഇറങ്ങാതവണ്ണം ഇവനെ രക്ഷിക്കണമെ;
ഞാൻ ഒരു മറുവില കണ്ടിരിക്കുന്നു എന്നു
പറയും. അപ്പോൾ അവൻെറ ദേഹം യൗവന 25
ത്തിലെന്നപോലെ വ്യത്യാസപ്പെടും. അവൻ
ബാല്യത്തിലേക്ക് തിരിയും. അവൻ ദൈവ 26
ത്തോട് പ്രാർത്ഥിക്കും. അവൻ അവനെ
കേട്ട് അവനിൽ പ്രസാദിക്കും. തിരുമുമ്പിൽ
അവൻ ശോഭയോടെ കാണപ്പെടും. അവൻ
മനുഷ്യന് അവൻെറ പുണ്യത്തിനു പകരം
കൊടുക്കും. അവൻ മനുഷ്യരുടെ മുമ്പിൽ 27
പാടി പറയും. ഞാൻ പാപം ചെയ്ത് സത്യ
മായും തെററു ചെയ്തു. എന്നിട്ടും എനിക്കു

യാജനമുണ്ടായില്ല. എൻെറ പ്രാണനെ
ിയിലെ നാശത്തിൽ നിന്നും രക്ഷിക്ക
ിമെ. എൻെറ ജീവൻ പ്രകാശത്തെ
ണ്ടുകൊള്ളട്ടെ. ഇതാ ദൈവം രണ്ടു
നു പ്രാവശ്യം ഇവയെല്ലാം മനുഷ്യ
ാടു ചെയ്യുന്നു. അവൻെറ പ്രാണനെ
ശത്തിൽ നിന്ന് കരേററി. ജീവൻെറ
കാശം കൊണ്ട് അവനെ പ്രകാശിപ്പിക്കും.
യ്യോബേ ശ്രദ്ധിച്ചു കേൾക്കുക. മൗന
യിരിക്കുക. ഞാൻ സംസാരിക്കാം.
ക്ക് ഉത്തരം പറയുവാനുണ്ടെങ്കിൽ പറ
ക. സംസാരിക്കുക. നിന്നെ നീതീകരി
നാകുന്നു എൻെറ ആഗ്രഹം. ഇല്ലെ
ൽ നീ എൻെറ വാക്കു കേൾക്കുക. മിണ്ടാ
ിക്കുക. ഞാൻ നിനക്കു ജ്ഞാനം ഉപ
ിച്ചു തരാം.

അദ്ധ്യായം 34

ഏലീഹൂ പറഞ്ഞു: ജ്ഞാനികളേ
ൻെറ വചനം കേൾപ്പിൻ. ശ്രോതാക്കളേ
ന്ന ശ്രദ്ധിപ്പിൻ. അണ്ണാക്ക് ആഹാര
െ രുചി നോക്കുന്നു. ചെവി വചനങ്ങളെ
ാധന ചെയ്യുന്നു. ന്യായമായത് നമുക്ക്
ഞ്ഞെടുക്കാം. നന്മയായത് നമുക്ക്
ലോചിച്ചറിയാം. ഞാൻ നീതിമാൻ,
ൻ നിർദ്ദോഷി, ദൈവം എനിക്കെ
ായി വിധി ച്ചിരിക്കുന്നു എന്ന് ഇയ്യോബ്
ഞ്ഞുവല്ലോ. തെററു ചെയ്യാതെ നശിച്ച
ആരുണ്ട്? ഇയ്യോബിനെപ്പോലെ
ളുണ്ടോ? അവൻ പരിഹാസത്തെ
ള്ളംപോലെ കുടിക്കുന്നു. അവൻ
്പ്രവൃത്തിക്കാരോട് കൂട്ടുകൂടുന്നു.
ികളോടുകൂടെ സഞ്ചരിക്കുന്നു. ദൈവ
ാടു ഭക്തനായിരിക്കുന്നതുകൊണ്ട്
ഷ്യനു പ്രയോജനമില്ലെന്നു അവൻ
ഞ്ഞു. അതുകൊണ്ട് വിവേകികളേ
ട്ടുകൊൾവിൻ. ദൈവം അനീതിയോ
വശക്തൻ നീതികേടോ ഒരിക്കലും
യ്കയില്ല. അവൻ മനുഷ്യന് അവൻെറ
ൃത്തിക്കു പകരം ചെയ്യും. ഓരോരുവൻ
നവൻെറ നടപ്പിന്നു തക്കവണ്ണം കണ്ടെ
ം. ദൈവം ദുഷ്ടത പ്രവർത്തിക്കയില്ല
്ചയം. സർവ്വശക്തൻ ന്യായം മറിച്ചു
യുകയുമില്ല. ഭൂമിയെ അവങ്കൽ ഭരമേ
ിച്ചതാർ? ഭൂമണ്ഡലമാകെ സ്ഥാപിച്ച
? അവൻ തൻെറ കാര്യത്തിൽമാത്രം
ട്ടിവച്ചിരുന്നെങ്കിൽ, തൻെറ ആത്മാ
നയും ശ്വാസത്തേയും തിരിച്ചെടുത്തി
ന്നെങ്കിൽ സകല ജഡവും ഒരുപോലെ
ുപോകും. മനുഷ്യൻ പൊടിയിലേക്കു
മടങ്ങിച്ചേരും. നിനക്കു വിവേകമുണ്ടെങ്കിൽ 16
ഇതു കേട്ടുകൊൾക. എൻെറ വചനങ്ങളെ
ശ്രദ്ധിക്കുക. ന്യായത്തെ പകയ്ക്കുന്നവൻ 17
കുററമററവനല്ല. നിഷ്ക്കളങ്കൻ ശിക്ഷിക്ക
പ്പെടുകയുമില്ല. അവൻ രാജാവിനേയും 18
അധികാരികളേയും അധർമ്മി എന്നു
വിളിക്കും. അവൻ പ്രഭുക്കന്മാരോട് മുഖ 19
പക്ഷം കാണിക്കുന്നില്ല. ദരിദ്രനെക്കാൾ ധന
വാനെ ആദരിക്കുന്നതുമില്ല. അവരെല്ലാ
വരും തൃക്കൈയുടെ പ്രവൃത്തിയല്ലയോ?
നിദ്രാവേളയിൽ തന്നെ അവർ മരിക്കുന്നു. 20
എതിർക്കാതെ ബലശാലികൾ നീങ്ങിപ്പോ
കുന്നു. അവൻെറ ദൃഷ്ടി മനുഷ്യൻെറ വഴി 21
കളിന്മേൽ ഇരിക്കുന്നു. അവൻെറ നടപ്പ് 22
എല്ലാം അവൻ കാണുന്നു. ദുഷ്ക്കർമ്മികൾ
ഒളിക്കുവാൻ അവിടെ ഇരുളില്ല, അന്ധകാര
വുമില്ല. മനുഷ്യൻ ദൈവസന്നിധിയിൽ 23
ന്യായവിസ്താരത്തിന്നു ചെല്ലേണ്ടതിന്നു
അവൻ അവനിൽ അധികം ദൃഷ്ടി വയ്പാൻ
ആവശ്യമില്ല. വിചാരണ ചെയ്യാതെ അവൻ 24
ബലശാലികളെ തകർത്തുകളയുന്നു.
അവർക്കു പകരം വേറെ ആളുകളെ നിയമി
ക്കുന്നു. അങ്ങനെ അവൻ അവരുടെ പ്രവൃ 25
ത്തികളെ അറിയുന്നു. രാത്രിയിലേയ്ക്ക്
അവരെ മറിച്ചിട്ടുകളഞ്ഞിട്ട് അവർ തകർന്നു
പോകുന്നു. ഭയങ്കരസ്ഥലത്തുവച്ച് അവൻ 26
അവരുടെ ദുഷ്ക്കർമ്മങ്ങളെ ശിക്ഷിക്കു
ന്നു. അവർ തന്നിൽനിന്നും തൻെറ മാർഗ്ഗ 27
ങ്ങളിൽനിന്നും തെററി വിവേകമില്ലാതെ
പോയി. ദരിദ്രൻെറ പ്രാർത്ഥന അവൻെറ 28
അടുക്കൽ എത്തും. ഏകാകിയുടെ നില
വിളി അവൻ കേൾക്കും. അവൻ ക്ഷമിച്ചാൽ 29
ആർ ശിക്ഷിക്കും? വഷളനും പാപിയും 30
വാഴാതിരിക്കുവാൻ ഒരു ജാതിക്കായാലും
ഒരാൾക്കായാലും അവൻ മുഖം മറച്ചുകള
ഞ്ഞാൽ ആർ ക്ഷമിക്കും? ഞാൻ ക്ഷമിച്ചി
രിക്കുന്നു. പാപം കൂടാതെ ഞാൻ നശിപ്പിക്കു 31
കയില്ല എന്നു ദൈവം പറഞ്ഞിരിക്കുന്നതി
നാൽ നീ എന്നെ ഉപദേശിക്കണമെ. നീ
പരിശോധിച്ചു. ഞാനല്ല നീ അറിയുന്നത് 32
സംസാരിക്കും. ആകയാൽ നീ അറിയുന്നതു 33
പ്രസ്താവിച്ചുകൊൾക. ഇയ്യോബ്
അറിവില്ലാതെ സംസാരിക്കുന്നു. അവൻെറ 34
വാക്കുകളിലും ജ്ഞാനമില്ല എന്നു വിവേക
മുള്ളവരും എൻെറ വാക്കു കേൾക്കുന്ന 35
ഏതു ജ്ഞാനിയും എന്നോടു പറയും.
ഇയ്യോബ് ദുഷ്ടന്മാരെപ്പോലെ പ്രതിവാദി 36
ക്കകൊണ്ട് അവനെ അവസാനം വരെ പരി
ശോധിച്ചാൽ കൊള്ളാം. അവൻ തൻെറ 37
പാപത്തോട് കുററം ചേർക്കുന്നു. അവൻ

നമ്മുടെ മദ്ധ്യേ കൈ കാട്ടുന്നു. അവൻ
ദൈവത്തിനുമുമ്പിൽ വാക്കു സമർപ്പി
ക്കുന്നു.

അദ്ധ്യായം 35

1 ഏലീഹൂ തുടർന്നു പറഞ്ഞു: ഞാൻ
ദൈവത്താൽ നീതീകരിക്കപ്പെട്ടവനാണെ
2 ന്നു നീ പറഞ്ഞതിനാൽ, നീ വിധിയിൽ
3 പെട്ടിരിക്കുന്നു. നീ നിനക്കു എന്തു പ്രയോ
ജനം വരുത്തും? ഞാൻ നിന്നെ കുററാരോ
പണം ചെയ്യുന്നതിനാൽ എന്തു പ്രയോ
4 ജനം? എന്നു നീ പറഞ്ഞു. ഞാൻ നിന്നോടും
നിന്നോടൊന്നിച്ചുള്ള സ്നേഹിതരോടും
5 മറുപടി പറയാം. നീ ആകാശത്തിലേക്കു
നോക്കുക. നിനക്കുപരിയായുള്ള മേഘ
6 ങ്ങൾ പരിശോധിക്കുക. നീ പാപംചെയ്യുന്ന
തുമൂലം അവനോട് എന്തു ചെയ്യുന്നു?
നിന്റെ അനീതി വർദ്ധിക്കുന്നതുമൂലം നീ
7 അവനോട് എന്തു ചെയ്യും? നീ നീതിമാ
നായിരുന്നാൽ അവനു നീ എന്തു പ്രയോ
ജനമാണു വരുത്തുക? അഥവാ അവൻ
8 നിന്നിൽനിന്ന് എന്തു സ്വീകരിക്കും? നിന്റെ
ദുഷ്ടത നിനക്കുതന്നെ. നിന്റെ നീതിയും
9 നിനക്കുതന്നെ. അനേകർ അപഹാരാധി
ക്യം മൂലം വിലപിക്കുന്നു. അനീതി നിമിത്തം
10 നിലവിളിക്കുന്നു. എന്നാൽ രാത്രിയിൽ
ചിന്ത നൽകുന്നവനും, ഭൂമിയിലെ മൃഗ
ങ്ങളെക്കാളും ആകാശത്തിലെ പക്ഷികളെ
ക്കാളും നമ്മെ വിജ്ഞരാക്കിയവനുമായ
നമ്മുടെ സ്രഷ്ടാവായ ദൈവം എവിടെ?
11 എന്ന് അവരാരും ചോദിച്ചില്ല. ദുഷ്ടന്മാ
രുടെ വ്യർത്ഥ അഹങ്കാരം നിമിത്തം അവർ
12 നിലവിളിക്കുന്നു. ദൈവം അവരെ കേൾക്കു
കയോ ഉത്തരം പറയുകയോ ചെയ്യുന്നില്ല.
13 അതിനെ പുകഴ്ത്തുന്നുമില്ല. നീ അവനെ
സ്തുതിക്കുകയില്ല എന്നു നീ പറഞ്ഞു.
അവന്റെ മുമ്പിൽ നീ ന്യായവാദം നട
14 ത്തുക. അവനോടു പ്രാർത്ഥിക്കുക. അവൻ
15 ഇപ്പോൾ തന്റെ ക്രോധം പ്രകടിപ്പിക്കു
ന്നില്ല. അവൻ പ്രാണനെ താഴ്ത്തുന്നുമില്ല.
16 ഇയ്യോബ് വ്യഥാ വായ തുറന്നു. അവൻ
അറിവില്ലാതെ വാക്കുകൾ വർദ്ധിപ്പിക്കു
കയാണ്.

അദ്ധ്യായം 36

1 ഏലീഹൂ പിന്നെയും തുടർന്നു: അല്പം
ക്ഷമിച്ചിരിക്കുക, ഞാൻ നിന്നെ മനസ്സിലാ
2 ക്കിത്തരാം. ദൈവത്തിന് ഇനിയും വാക്കുക
ളുണ്ട്. ഞാൻ ദൂരെ നിന്ന് എന്റെ അറിവു
കൊണ്ടുവരും. എന്റെ സ്രഷ്ടാവിനു കട
പ്പെട്ടതു കൊടുക്കും. എന്റെ വാക്കുകൾ 3
വ്യാജമല്ല, നിശ്ചയം. നിന്നോടുള്ള എന്റെ 4
പരിജ്ഞാനം കറയറ്റതാകുന്നു. കണ്ടാലും, 5
ബലവാനായ ദൈവം പാലിനു സമം നിർമ്മ
ലനായവനെ നിരസിക്കുകയില്ല. അനീതിയു 6
ള്ളവൻ ജീവിക്കുകയില്ല. അവൻ അനാഥർ
ക്ക് ന്യായപാലനം ചെയ്യുന്നു. നീതിമാൻ തി 7
രുസന്നിധിയിൽ നിന്നും ഇല്ലാതാകുകയില്ല.
അവൻ രാജാക്കന്മാരെ സിംഹാസനത്തിൽ
ഇരുത്തുന്നു. അവർ എന്നും ഉയർന്നിരിക്കു 8
ന്നു. അവർ ചങ്ങലകളാൽ ബന്ധിതരായി
വിനാശം മൂലം ദാരിദ്ര്യത്തിലേക്ക് ഇറങ്ങി
പ്പോയാൽ, അവൻ അവർക്കു അവരുടെ പ്ര
വൃത്തികളും തെറ്റുകളും കാണിച്ചു കൊടു
ക്കും. അവൻ അവരുടെ ചെവി ശിക്ഷണം 9
കേൾക്കുവാൻ തുറക്കും. അവർ അനീതി
യിൽനിന്നും അനുതപിക്കുവാൻ അവൻ പറ
യും. അവർ അതു കേട്ട് പ്രവർത്തിക്കുമെ 10
ങ്കിൽ അവരുടെ ജീവിതകാലം നന്മകൾകൊ
ണ്ടു പൂർണ്ണമാകും. അവരുടെ സംവത്സര 11
ങ്ങൾ ആനന്ദ പൂർണ്ണവുമാകും. അവർ അനു 12
സരിക്കാതിരുന്നാൽ അവർ നാശത്തിലാ
കും. ജ്ഞാനമില്ലായ്കയാൽ ഉന്മൂലം നശി
ക്കും. ഇരുമനസ്സുള്ളവർ നശിക്കും. അവർ 13
വിളിക്കുകയില്ല. ക്രോധത്താൽ അവർ 14
ബന്ധിതരാകുമ്പോൾ അവർ നിലവിളിക്കും.
അവർ യൗവനപ്രായത്തിൽ മരിക്കും. അവ
രുടെ ആയുസ്സ് പട്ടിണികൊണ്ട് ഒടുങ്ങിപ്പോ
കും. താഴ്മയുള്ളവൻ അവന്റെ വിനയം 15
നിമിത്തം രക്ഷിക്കപ്പെടും. ദുഷ്ടന്മാരുടെ
മാർഗ്ഗം ഞെരുക്കങ്ങൾകൊണ്ട് അവൻ വെളി
പ്പെടുത്തും. നിന്നെ വേദനിപ്പിക്കുന്നവരുടെ 16
വായിൽനിന്നും നിന്നെ രക്ഷിക്കും. ദുഃഖത്തി
നു പകരമായി വിശാലതയിലേക്കു നിന്നെ
നടത്തും. നിന്റെ മേശമേൽ നല്ല പുഷ്ടമായ 17
ആഹാരം നിരത്തും. അധർമ്മികളെ അവൻ
ശിക്ഷയ്ക്കായി വിധിക്കും. ശിക്ഷാവിധി
യിൽ അവർ അകപ്പെടും. യുദ്ധത്തിന്റെ 18
കോപം നിന്നെ വശീകരിക്കരുത്. രക്ഷയുടെ
ആധിക്യം ഓർത്തു തെററിപ്പോകരുത്. നി 19
ന്നെ രക്ഷിപ്പാൻ അവൻ ശക്തമായി വരും.
ശക്തരായ ബലവാന്മാരാലും രാത്രിയിലെ
ഭയത്താലും വേദനപ്പെടാതിരിക്കും. അവൻ 20
നിനക്കു പകരമായി ജാതികളെയും നിനക്കു
വേണ്ടി ജനത്തേയും തരും. അധർമ്മത്തി 21
ലേക്കു തിരിയാതിരിപ്പാൻ സൂക്ഷിച്ചിരി
ക്കുക. ഇതിന്നായിട്ടാണ് നീ ദാരിദ്ര്യത്താൽ
പരീക്ഷിക്കപ്പെട്ടത്. ദൈവം ബലത്താൽ 22
ശക്തനാകുന്നു. അവനെപ്പോലെ അഭ്യസി
പ്പിക്കുന്നവനായി മററാരുണ്ട്? അവനോടു 23

നിർദ്ദേശിക്കുന്നവൻ ആരുണ്ട്? നീ അ
യമായി പ്രവർത്തിച്ചുവെന്ന് അവനോട്
ു പറയും? അവൻെറ പ്രവൃത്തികൾ
വധിയാണെന്നുള്ളത് നീ ഓർക്കുക.
ല്ലാ മർത്ത്യരും അവനെ സ്തുതിച്ചു.
ുഷ്യർ അതു കണ്ടു. അവർ ദൂരെ നിന്നു
ു നോക്കി. ഹാ, ദൈവം അത്യധിക
ലവാൻ! അവൻ അറിയപ്പെടാവുന്നവ
. അവൻെറ സംവത്സരങ്ങൾ എണ്ണി
ൽ തീരുകയില്ല. കാലാകാലങ്ങളിൽ
കാശം ഇറക്കിത്തരുന്ന ആ മഴത്തുള്ളി
ൾ രൂപീകരിക്കുന്നത് അവൻ തനിച്ചാ
ന്നു. മേഘങ്ങൾ, മനുഷ്യരുടെ മേൽ
ഴയെ തളിക്കുന്നു. അങ്ങനെ മനുഷ്യർ
ത്യധികം സന്തോഷിക്കുന്നു. ആർക്കു
ഹിക്കുവാൻ കഴിയും? തൻെറ കൂടാര
ിൻെറ വ്യാപ്തികൊണ്ട് അവൻ മേഘ
ളെ വിരിച്ചു. അവയ്ക്കുപരിയായി തൻെറ
കാശത്തേയും പരത്തി. അവൻ സമുദ്ര
ിൻെറ താഴ്ചയെ മൂടി. ഇവയാൽ അവൻ
തികളെ വിധിക്കും. അനേകർക്കു
ഹാരവും നൽകും. അവൻെറ കൈയിൽ
വൻ പ്രകാശത്തെ മറയ്ക്കും. തന്നോട്
തിർക്കുന്നവരുടെമേൽ അതിനെ പ്രയോ
ക്കും. അവൻെറ സ്നേഹിതന്മാർക്കു
വൻെറ സമ്പാദ്യം കാണിച്ചുകൊടുക്കും.

അദ്ധ്യായം 37

ഇതിനാൽ അവൻെറ ഹൃദയം ഇളകട്ടെ.
തിൻെറ സ്ഥാനത്തുനിന്നും ഇളകിപ്പോ
ട്ടെ. ക്രോധത്തിൽ അവൻെറ ശബ്ദവും
വൻെറ വായിൽനിന്നു പുറപ്പെടുന്ന വിധി
ശ്രദ്ധിച്ചു കേൾപ്പിൻ. ആകാശത്തിൻ
ഴുള്ളവരെല്ലാം അവനെ സ്തുതിക്കും.
വൻെറ പ്രകാശമോ ഭൂസീമകളോളം!
ൻെറ മഹത്വത്തിൻ ശബ്ദംകൊണ്ട്
ൻെറ സ്ഥാനത്ത് അവൻ ഇടി മുഴക്കും.
ുക്കതു പരിശോധിക്കാവതല്ല. അവർ
വൻെറ ശബ്ദം കേൾക്കും. ദൈവം
ൻെറ ശബ്ദത്താൽ ഇടി മുഴക്കും. അവൻ
ത്ഭുതങ്ങളും വൻ കാര്യങ്ങളും ചെയ്യുന്നു.
ുക്കവ ഗ്രഹിക്കാവതല്ല. എന്തെന്നാൽ,
വൻ മഞ്ഞിനോട് ഭൂമിയിൽ പെയ്യുക
ന്നു പറയുന്നു. എല്ലാവർക്കുമായി മഴ
യും പിൻമഴയെയും അവൻ മുദ്രയിട്ടിരി
ന്നു. അവൻ തൻെറ പ്രവർത്തനങ്ങൾ
ന്നക്കും അറിയിക്കും. വന്യമൃഗം കെണി
ൽപ്പെടും. അതിൻെറ ഗുഹയിൽ കിട
ം. അറകളിൽനിന്നു ചുഴലിക്കാററും,
തറിയിരിക്കുന്ന കാററിൽനിന്നു കുളിരും
വരും. ദൈവനിശ്വാസംമൂലം ഹിമകണവും 10
വരും. അവൻ ധാരാളമായി വെള്ളം വീഴ്ത്തു 11
ന്നു. മേഘങ്ങളെ മൃദുലമായി ഇറക്കുന്നു.
അവൻെറ പ്രകാശമേഘങ്ങളെ വ്യാപിപ്പി
ക്കുന്നു. അവൻെറ ചിന്തകളെല്ലാം നിർവ 12
ഹിക്കുവാൻ അവ ചുററി സഞ്ചരിച്ചു പ്രവർ
ത്തിക്കുന്നു. അവൻ കല്പിക്കുന്നതെല്ലാം 13
ഭൂതലത്തിൽ അധികാരികൾക്കാകട്ടെ, ഭൂമി
ക്കാകട്ടെ, അതിൽ ദൃശ്യമാകുന്ന നിന്ദയ്ക്കാ
കട്ടെ അത് വരുത്തുന്നു.

ഇയ്യോബേ, ഇതു ശ്രദ്ധിച്ചു കേട്ടാലും! 14
ദൈവത്തിൻെറ അത്ഭുതം മനസ്സിലാക്കുക.
ദൈവം അവയുടെ മേൽ നിശ്ചയിച്ചതും, 15
തൻെറ മേഘങ്ങളുടെ ശോഭ കാണിച്ചതും
എങ്ങനെയെന്നു നിനക്കറിയാമോ? മേഘ 16
ങ്ങളുടെ ചലനവും വിജ്ഞാനത്തിൻ കളങ്ക
മില്ലാത്തവൻെറ അത്ഭുതങ്ങളും നിനക്കറി
യാമോ? ഭൂമിയിൽനിന്നു തെക്കൻ കാററു 17
മാറുമ്പോൾ നിൻെറ വസ്ത്രങ്ങൾക്ക് ചൂടു
പിടിക്കും. ശക്തമായ ആകാശവിതാനത്തെ 18
ഒരുമിച്ചു താങ്ങി നിർത്തുവാനായി അവ
നോടുകൂടെ നിനക്ക് അതിനെ വിരിക്കാ
മോ? ഞാൻ അവനോട് എന്തു പറയണമെ
ന്ന് നീ എന്നെ അറിയിച്ചാലും! അന്ധകാര 19
ത്താൽ ഞങ്ങൾ മറയ്ക്കപ്പെട്ടിരിക്കുന്നു.
അവൻ പറയുന്നതു ഞാൻ ബോധിപ്പിക്കാം.
അവൻ സംസാരിച്ചാൽ മനുഷ്യൻ കുററ
ക്കാരനാകും. ഇപ്പോൾ അവർ പ്രകാശം 20
ദർശിച്ചില്ല. അവൻ ആകാശത്തിൽ പ്രശോ
ഭിച്ചിരിക്കുന്നു. കാററടിച്ച് മേഘങ്ങളെ മാ
ററും. ഉത്തരദിക്കിൽനിന്നും സ്വർണ്ണം വരും. 21
ദൈവത്തിങ്കൽനിന്നും ശക്തമായ പ്രകാശ
വും. അവൻ അതിശക്തനും ന്യായാധിപ
നുമാകുന്നു. കുററമററവരെന്നു ഭാവിക്കു 22
ന്നവരോട് താൻ ഉത്തരമരുളുകയില്ല.
ആകയാൽ മനുഷ്യർ തന്നെ ഭയപ്പെടും.
ഹൃദയവിജ്ഞാനമുള്ളവരെല്ലാം അവൻെറ
സന്നിധിയിൽ വിറയലോടെ നിൽക്കും.

അദ്ധ്യായം 38

കർത്താവ് ചുഴലിക്കാററിൽനിന്നും 1
ഇയ്യോബിനു ഉത്തരമരുളി അവനോടു
പറഞ്ഞു: അറിവില്ലാത്ത വാക്കുകളാൽ 2
ചിന്തിക്കുന്ന ഇവൻ ആരാകുന്നു. ശക്ത 3
നെപ്പോലെ നീ അരമുറുക്കുക? ഞാൻ
നിന്നോടു ചോദ്യം ചെയ്യും. നീ എന്നോടു 4
ത്തരം പറയുക. ഞാൻ ഭൂമിക്ക് അടിസ്ഥാ
നം ഉറപ്പിച്ചപ്പോൾ നീ എവിടെയായിരുന്നു?
നിനക്കറിവുണ്ടെങ്കിൽ പറയുക. അതിൻെറ 5
മേൽ അളവുനൂൽ ഇട്ടതാരാണ്? അതി

ന്റെ അളവു നിശ്ചയിച്ചതും ആരാണ്?
6 നിനക്കറിയാമോ? അതിന്റെ അതിരുകൾ
എന്തിന്മേലാണു നിലകൊള്ളുന്നത്?
അഥവാ അതിന്റെ മൂലശിലകൾ സ്ഥാപി
7 ച്ചതാരാണ്? പ്രഭാതനക്ഷത്രങ്ങളെയെല്ലാം
അവൻ സൃഷ്ടിച്ചു. മാലാഖമാരെല്ലാം
8 സന്തോഷിച്ചാർത്തു. ഗർഭാശയത്തിൽനി
ന്ന് എന്നതുപോലെ സമുദ്രം ചാടി പുറപ്പെ
ട്ടപ്പോൾ അതിന്റെ വാതിലുകളെ ആരാ
9 ണ് ബന്ധിച്ചത്? അവൻ മേഘങ്ങളെ തന്റെ
വസ്ത്രവും അന്ധതമസ്സിനെ തന്റെ മേല
10 ങ്കിയും ആക്കി. അവൻ അതിന് ഒരു വ്യവ
സ്ഥ നിശ്ചയിച്ചു. അതിന് വാതിലുകളും
11 സാക്ഷാകളും നിർമ്മിച്ചു. ഞാൻ പറഞ്ഞു:
"ഇവിടെവരെ നിനക്കു വരാം, അപ്പുറം കട
ക്കരുത്. നിന്റെ തിരമാലകളുടെ മേന്മ
12 യുമായി ഇവിടെ നീ നിൽക്കുക." ഭൂസീമ
കളെ പിടിച്ചുവയ്ക്കുവാനും, ദുഷ്ടന്മാരെ
അതിൽനിന്നു പുറന്തള്ളുവാനുമായി
നിന്റെ ജീവകാലത്ത് നീ പ്രഭാതത്തോട്
കല്പിക്കുകയും, സൂര്യോദയത്തിന്റെ
സ്ഥലം നിർദ്ദേശിക്കുകയും ചെയ്തിട്ടു
13 ണ്ടോ! അവയുടെ ആകാരം ധൂളിപോലെ
യായിത്തീരുന്നു. വസ്ത്രംപോലെ നില
14 കൊള്ളുന്നു. പാപികളിൽനിന്നും അവയു
15 ടെ പ്രകാശം വിരോധിക്കപ്പെടുന്നു. ഉയർന്ന
16 ഭുജവും തകർക്കപ്പെടുന്നു. നീ സമുദ്രത്തി
ന്റെ ആഴങ്ങളോളം പ്രവേശിച്ചുവോ?
ആഴിയുടെ അടിത്തറയിൽ നീ നടന്നിട്ടു
17 ണ്ടോ? മരണകവാടങ്ങളും മരണനിഴലു
കളുടെ വാതിലുകളും നിനക്കു വെളിപ്പെട്ടി
18 ട്ടുണ്ടോ? ഭൂമിയുടെ വിസ്തീർണ്ണമെല്ലാം
19 നീ കണ്ടിട്ടുണ്ടോ? വെളിച്ചം വസിക്കുന്ന
സ്ഥലത്തേക്കുള്ള വഴിയും അന്ധകാര
ത്തിന്റെ വാസസ്ഥാനവും നിനക്കറിയാ
20 മെങ്കിൽ വിസ്തരിച്ചു പറയുക. അവന്റെ
ഭവനത്തിന്റെ സീമയും നിനക്കറിയാമോ?
21 നീ എപ്പോൾ ജാതനായി എന്നു നിനക്കറി
യാമോ? നിന്റെ ജീവിതകാലം വളരെയു
22 ണ്ടോ എന്നു നിനക്കറിയാമോ? നീ ഹിമത്തി
ന്റെ അറകളിലേക്കും, തീമഴയുടെ ഉള്ളറ
കളിലേക്കും കടന്നുനോക്കിയിട്ടുണ്ടോ?
23 അവ, ഞെരുക്കകാലത്തേക്കും, യുദ്ധകാല
ദിവസത്തേക്കുമായി സംഗ്രഹിച്ചു വച്ചിരി
24 ക്കുന്നു. വെളിച്ചം വിഭജിച്ചു പരക്കുന്നത്
ഏതു വഴി? ഭൂമിയിൽ കാററു പുറപ്പെടുന്ന
25 വഴിയും ഏത്? ആരുമില്ലാത്ത ദേശത്തും,
മനുഷ്യവാസമില്ലാത്ത മരുഭൂമിയിലും മഴ
26 പെയ്യിക്കുവാനും, എല്ലാ മുള്ളുമരങ്ങ
ളെയും തൃപ്തിപ്പെടുത്തി ഇളമ്പുല്ലുകൾ
മുളപ്പിക്കുവാനുമായി മിന്നലും ഇടിമുഴ
ക്കവുമുണ്ടാക്കുന്നതാരാണ്? മഴയ്ക്കു 27
പിതാവുണ്ടോ? അഥവാ മഴത്തുള്ളിക
ളെയും മഞ്ഞും ഹിമക്കട്ടയും ജനിപ്പിച്ച
താര്? ആരുടെ ഉദരത്തിൽ നിന്നാണ് അവ 28
പുറത്തു വന്നത്? അന്തരീക്ഷത്തിലെ 29
ആവിയെ ജനിപ്പിച്ചതാര്? വെള്ളം കല്ലു 30
പോലെ ഉറച്ചു പോകുന്നു. ആഴിയുടെ
മുഖങ്ങൾ അടഞ്ഞിരിക്കുന്നു. കാർത്തിക 31
യെ നിനക്ക് ബന്ധിക്കാമോ? മകയി
രത്തിന്റെ പാത നീ കണ്ടിട്ടുണ്ടോ?
നിനക്ക് രാശിചക്രത്തെ അതിന്റെ 32
കാലത്തു പുറപ്പെടുവിക്കാമോ? നക്ഷ
ത്രജാലത്തെ നിനക്കു നിയന്ത്രി
ക്കാമോ? ആകാശത്തിലെ നിയമ 33
ങ്ങളെ നീ അറിയുന്നുവോ? ഭൂമിക്ക് നീ
നിയമം ഉണ്ടാക്കുമോ? *

ആകാശത്തിന്റെ പ്രമാണം നിനക്കറി
യാമോ? ഭൂമിയിൽ നിയമങ്ങൾ വയ്ക്കു 34
ന്നതു നീയാണോ? മേഘങ്ങളുടെ മേൽ
നിന്റെ ശബ്ദം ഉയർത്താമോ? ജലാ
ധിക്യംകൊണ്ട് അവയെ നിനക്കു മൂടു
വാൻ കഴിയുമോ? ഞങ്ങളിതാ പോകുന്നു
വെന്നു നിന്നോടു പറഞ്ഞുപോകത്തക്ക 35
വണ്ണം നീയാണോ മിന്നലുകൾ അയ
യ്ക്കുന്നത്? ജ്ഞാനത്തെ അദൃശ്യഭാഗത്ത്
വച്ചതാര്? അഥവാ വിവേകത്തിനു കാഴ്ച 36
കൊടുത്തത് ആര്? ആരുണ്ട് മേഘങ്ങളുടെ
സംഖ്യയെ അവന്റെ ജ്ഞാനംകൊണ്ട് 37
എണ്ണിത്തീർത്തവൻ? ആകാശത്തിന്റെ
തൂണുകൾ ആരാണു നാട്ടിനിർത്തിയത്?
ഭൂതലത്തിൽ മണ്ണരിച്ച് നിറച്ചവനാര്?
കിഴുക്കാംതൂക്കായ പ്രദേശങ്ങൾ ആരു 38
നിർമ്മിച്ചു? സിംഹത്തിന് ഇര കൊടുത്ത്
സിംഹങ്ങളുടെ പ്രാണനെ തൃപ്തമാക്കിയതും 39
ആരാണ്? വനത്തിൽ മൃഗങ്ങളെ വർദ്ധി
പ്പിച്ചതാര്? കാക്കയ്ക്കു തീററ കൊടുത്ത 40
താര്? അതിന്റെ കുഞ്ഞുങ്ങൾ തീററ
കിട്ടാതെ ദൈവസന്നിധിയിൽ നില
വിളിക്കുമ്പോൾ തീററ കൊടുത്ത
താര്?

അദ്ധ്യായം 39

പാറക്കെട്ടുകളിൽ കാട്ടാടുകൾ പ്രസവി 1
ക്കുന്ന സമയവും, മാൻപേടകൾക്കു ഗർഭ
ധാരണമുണ്ടാകുന്ന നേരവും നിനക്കറിയാ
മോ? അതിന്റെ ഗർഭം തികയുന്ന മാസ 2
ങ്ങളുടെ എണ്ണം നിനക്കു നിശ്ചയമോ?

* 'അതിന് ഭൂമിമേലുള്ള സ്വാധീനം നിർണ്ണയിക്കാമോ'? എന്നു ചില പതിപ്പുകളിൽ

വയുടെ പ്രസവകാലം നിനക്കറിയാമോ?
പ്പോഴാണ് അവ മുട്ടുമടക്കി പ്രസവിക്കു
ത്? അവയുടെ കുഞ്ഞുങ്ങൾ വളരുന്നു;
കുടി മാറുന്നു. കാട്ടുകഴുതയെ സ്വത
മായി വിട്ടിരിക്കുന്നതും അതിനെ നുക
ൽനിന്നും വിട്ടയച്ചതുമാര്? അത് അതി
ഭവനത്തെ മരുഭൂമിയും അതിന്റെ
ർപ്പിടത്തെ ലവണദേശത്തുമാക്കി. അതു
മങ്ങളുടെ ആധിക്യം കണ്ടു ചിരിക്കുന്നു.
ത് അധികാരികളുടെ ശബ്ദം കേട്ടു ഭയ
ടുന്നുമില്ല. നിരവധിയായ കുന്നുകൾ
തിന്റെ മേച്ചിൽപ്പുറങ്ങളാകുന്നു. അത്
ല്ലാ പച്ചസസ്യജാലങ്ങൾമേലും സഞ്ചരി
ന്നു. കാട്ടുപോത്ത് നിനക്കു വേല ചെയ്യ
ക്കവണ്ണം നിന്നെ അനുസരിക്കുമോ?
ഥവാ അതു നിന്റെ പുൽത്തൊട്ടിക്കടു
താ രാപാർക്കുന്നത്? കാട്ടുപോത്തിന്റെ
ത്തിന്മേൽ നീ നുകം വയ്ക്കുമോ? അതു
പ്പമുള്ള നിലത്ത് ഉഴവു നടത്തുമോ?
തിനു വളരെ ബലമുണ്ടെന്ന് വിശ്വസിച്ച്
അതിനെ ആശ്രയിക്കുമോ? നിന്റെ
ം വെടിപ്പാക്കി ധാന്യം സംഭരിച്ചു തരു
ന്നും നീ വിശ്വസിക്കുന്നുവോ? ഒട്ടക
ഷി ചിറകു വിടർത്തി പറക്കുന്നു. അതു
നു കൂടുണ്ടാക്കുന്നു. നിലത്ത് അതിന്റെ
ന്തുങ്ങളെ വിട്ടിട്ടു പോകുന്നു. പൂഴിമേൽ
വയ്ക്കു ചൂടു കൊടുക്കുന്നു. പക്ഷിയു
കാലുകൊണ്ട് അതു നശിക്കുമെന്നോ,
ട്ടുമൃഗം അവയെ ചവിട്ടിക്കളയുമെന്നോ
പ്പെടുന്നില്ല. തനിക്കായിട്ടല്ലാതെ അതു
ന്തുങ്ങളെ വർദ്ധിപ്പിച്ചു. അതു വ്യർത്ഥ
യി പരിശ്രമിച്ചു എന്നു അതു ഭയപ്പെടുന്നി
എന്തെന്നാൽ ദൈവം അതിനു അറിവു
കി; എന്നാൽ വിവേകം ഭാഗിച്ചു കൊടു
മില്ല. അതു കാരകിൽപോലെ ഉയര
ൽ പൊങ്ങും; കുതിരയെയും അശ്വാ
ഢനേയും അതു പരിഹസിക്കും. കുതിര
ു ബലം കൊടുക്കുന്നതും, അതിന്റെ
ത്തിനു കുഞ്ചിരോമം കൊടുക്കുന്നതും
യാണോ? വെട്ടുക്കിളിയെപ്പോലെ നിന
തിനെ ചലിപ്പിക്കാമോ? അതിനെ നിന
ഭയപ്പെടുത്താമോ? അത് അതിനു കീഴെ
തിക്കുഴിക്കുന്നു. അതു താഴ്വരയിൽ
ല്ലാദിക്കുന്നു. അത് ആയുധത്തിന്നെതി
പാഞ്ഞു ചെല്ലുന്നു. ഗർത്തങ്ങളെ നോക്കി
ഹസിക്കുന്നു. വാളിന്റെ മുമ്പിൽനി
അതു തിരിഞ്ഞോടുന്നില്ല; ഭയപ്പെ
ില്ല. അതിന്നെതിരെ ആവനാഴിയും,
ളിന്റേയും ശൂലത്തിന്റേയും തിളക്കം
വരുന്നു. എന്നിട്ടും അതു കോപത്തോടും 24
ഉഗ്രതയോടും കൂടി ഭൂമിയിൽ ഓടുന്നു.
കാഹളധ്വനിയെ അതു ഭയപ്പെടുന്നില്ല. 25
എനിക്കു ജീവൻ തരിക എന്ന് അതു ഉച്ച
ത്തിൽ ആർക്കുന്നു. യുദ്ധത്തെ അതു ദൂരെ
നിന്നുതന്നെ മണത്തറിയുന്നു. പ്രമാണി
കളെ തന്റെ ശക്തിയാൽ അതു വിറപ്പി
ക്കുന്നു. നിന്റെ ജ്ഞാനംകൊണ്ടാണോ 26
പരുന്ത് ഉത്ഭവിക്കുകയും അതിന്റെ ചിറകു
തെക്കോട്ടു വിടുർക്കുകയും ചെയ്യുന്നത്?
നിന്റെ വായിലെ വചനത്താലാണോ 27
കഴുകൻ മേലോട്ടുയരുന്നതും പാറക്കെട്ടിൽ
കൂടു ചമയ്ക്കുന്നതും കിഴുക്കാംതൂക്കായ
പാറമേൽ അതു പറന്നിറങ്ങി രാപാർക്കു
ന്നതും? അതിന്റെ അടുത്തുനിന്ന് അതു
ഇര തേടുന്നു. വിദൂരത്തേക്ക് അതു സൂക്ഷി 28
ച്ചു നോക്കുന്നു. അതിന്റെ കുഞ്ഞുങ്ങൾ 29
ചോര നുണയുന്നു. നിഹതന്മാർ എവിടെ 30
യുണ്ടോ, അവിടെ അവയുമുണ്ട്.

അദ്ധ്യായം 40

ദൈവം പിന്നെയും ഇയ്യോബിനോടു 1
പറഞ്ഞു: ദൈവത്തിന്റെ ആലോചനകൾ 2
അനവധിയാണ്. ദൈവത്തെ കുററപ്പെടു
ത്തുന്നവൻ ഉത്തരം പറയട്ടെ. ഇയ്യോബ് 3
ഉത്തരമായി പറഞ്ഞു: ഞാൻ കുറവുള്ളവൻ.
ഞാൻ അങ്ങയോട് എന്തു പ്രതിവചിക്കേ
ണ്ടു? ഞാൻ എന്റെ വായ് പൊത്തി. ഒരു 4
പ്രാവശ്യം ഞാൻ സംസാരിച്ചു. ഇനി ഞാൻ
ഉത്തരം പറയുകയില്ല. രണ്ടു പ്രാവശ്യം 5
സംസാരിച്ചു; ഇനിയും ഞാൻ സംസാരി
ക്കുകയില്ല. ദൈവം അപ്പോൾ ചുഴലിക്കാ 6
ററിൽനിന്നും ഇയ്യോബിനോടു പ്രതിവചിച്ചു:
നീ ശക്തനെപ്പോലെ അരമുറുക്കുക. 7
ഞാൻ നിന്നോടു ചോദിക്കും. നീ ഉത്തരം
പറയണം. നിനക്കു കുററമററവനാകുവാൻ
വേണ്ടി നീ എന്നെ മായിച്ച് കുററപ്പെടു
ത്തുമോ? നിനക്കു ദൈവത്തെപ്പോലെ 8
ഭുജമുണ്ടോ? ദൈവത്തെപ്പോലെ നിനക്കു
ശബ്ദം മുഴക്കാമോ? നീ മഹിമയും ശക്തി 9
യും ധരിക്കുക. ശോഭയും കാന്തിയും
അണിയുക. നിന്റെ കോപവും ക്രോധവും 10
ഒഴുക്കുക. ഏത് ഉന്നതനെയും നോക്കി 11
അവനെ താഴ്ത്തുക. ഏതു പാപിയേയും
അവരവരുടെ സ്ഥാനത്ത് വീഴ്ത്തുക.
അവരെ ഒരുമിച്ചു പൂഴിയിൽ മറവു ചെയ്യുക. 12
അവരുടെ മുഖങ്ങളെ പൊടിമണ്ണുകൊണ്ടു
ബന്ധിക്കുക. നിന്റെ വലങ്കൈ നിന്നെ 13
രക്ഷിക്കുമ്പോൾ ഞാനും നിന്നെ പുക

* ചില പതിപ്പുകളിൽ ഇതു 11-ാം വാക്യമാണ്.

14 ഴ്ത്തും. ഞാൻ നിന്നോടൊപ്പം നിർമ്മിച്ച
ബഹ്മൂത്ത്* കാളയെപ്പോലെ പുല്ലു തിന്നു
15 ന്നു. അതിൻെറ ശക്തി അതിൻെറ വിലാ
16 പ്പുറത്ത്. അതിൻെറ വാൽ ദേവദാരുപോലെ
17 ഉയർത്തുന്നു. അതിൻെറ തുടഞരമ്പുകൾ
ഉയർന്നിരിക്കുന്നു. അതിൻെറ അസ്ഥികൾ
പിച്ചളയ്ക്കും ഇരുമ്പിനും തുല്യം കടുപ്പമേറി
18 യതാണ്. അത് ദൈവത്തിൻെറ സൃഷ്ടി
കളിൽ പ്രാധാന്യമുള്ളതാണ്. യുദ്ധം ചെയ്യു
വാൻ അതിനെ ഉണ്ടാക്കി. കുന്നുകളെ അതു
19 വഹിക്കുന്നു. കാട്ടുമൃഗക്കൂട്ടമെല്ലാം അതി
ൻെറ നിഴലിൽ നിദ്രിതരാകുന്നു. ഞാങ്ങണ
യുടെ മറവിൽ അതു പതുങ്ങിക്കിടക്കുന്നു.
20,21 തണൽവൃക്ഷങ്ങൾ അതിൻെറ ചുററുമുണ്ട്.
സമതലത്തെ അലരിയും ചുററുമുണ്ട്.
22 നദീജലം ഉയർന്നാലും അതിന് ഇളക്കമില്ല.
അതിൻെറ വായിലേക്കു യോർദ്ദനാൻ ഒഴു
23 കി വീണാലും അതിനു ധൈര്യമുണ്ട്. അതി
ൻെറ മുകിലുകളാൽ അതു വലയിൽ പിടി
ക്കപ്പെടുമോ? മഹാസർപ്പത്തെ നിനക്കു
വലയിൽ പിടിക്കാമോ? അതിൻെറ നാവിൽ
24 ചൂണ്ടൽ കടത്തി പിടിക്കാമോ? അതിൻെറ
വായിൽ കടിഞ്ഞാൺ ഇടാമോ? കൊളു
ത്തുകൊണ്ട് അതിൻെറ ചെകിട് പിടിച്ചെ
25 ടുക്കാമോ? അതു നിന്നോടു വളരെയേറെ
യാചന കഴിച്ചു മൃദുസംഭാഷണം നടത്തു
26 മോ? അതു നിന്നോട് ഉടമ്പടി ചെയ്യുമോ?
അഥവാ എന്നേക്കും ദാസനായി നിനക്കതി
27 നെ ഗണിക്കാമോ? ഒരു പക്ഷിയെ എന്നപോ
ലെ നീ അതിനോടുകൂടെ വിനോദിക്കുമോ?
നിൻെറ യൗവനകാലമെല്ലാം നീ അതിനെ
28 സൂക്ഷിക്കുമോ? കൂട്ടുകാർ ഒരുമിച്ചുകൂടി
അനേകർക്കായി അതിനെ പകുത്തു കൊടു
29 ക്കുമോ? അതിൻെറ തോലിനുള്ളിൽ മാംസ
വും അതിൻെറ തല അഗ്നി തണൽകൊണ്ടും
നിറയ്ക്കാമോ? നീ അതിൻെറമേൽ കൈവ
യ്ക്കുക. യുദ്ധമായിരിക്കും തുടരുന്നത്.
30 നിൻെറ കാൽ കുഴയും. ദൈവം അതി
ൻെറ— വിഷം എടുത്തു കളയും.

അദ്ധ്യായം 41

1 അതു ഉണർന്നിരിക്കുമ്പോൾ അതിനെ
2 അകററുവാൻ ആരുമില്ല. എൻെറ മുമ്പിൽ
നിൽക്കാവുന്നവൻ ആര്? ഞാൻ തിരിച്ചേൽ
പ്പിക്കേണ്ടതിന് എനിക്കു മുൻകൂറായി തന്ന
വൻ ആരുണ്ട്? ആകാശത്തിൻ കീഴുള്ള
3 തെല്ലാം എൻേറതുതന്നെ. അതിൻെറ ശക്തി
പരാക്രമങ്ങളേയും അതിൻെറ മേലാടയേ
യും ഓർത്തു ഞാൻ മിണ്ടാതിരിക്കുകയില്ല.
4 വല വീഴുമ്പോൾ ആരാണു വരുന്നത്? അതി
ൻെറ വായ് ആരു തുറക്കും? അതിൻെറ 5
പല്ലുകൾക്കു ചുറ്റും ഭയങ്കരതയാണ്. അതി 6
ൻെറ വായ മുറുക്കി അടച്ച് മുദ്രവച്ചിരിക്കു 7
ന്നു. ഇടയിലൂടെ വായു കടക്കാതെ അവ
ഒന്നോടൊന്നു ചേർന്നിരിക്കുന്നു. ഒന്നോ 8
ടൊന്ന് യോജിച്ചിരിക്കുന്നു. അവ അകലു
ന്നില്ല. അവൻെറ ദർശനം പ്രകാശപൂർണ്ണ 9
മാണ്. അവൻെറ കണ്ണുകൾ പ്രഭാതകിരണ 10
തുല്യമാണ്. തീക്കനൽ സമാനമായി ദീപ
ങ്ങൾ അവൻെറ വായിൽനിന്നു പുറപ്പെ
ടുന്നു. തീപ്പൊരികൾ ചിതറുന്നു. അവൻെറ 11
നാസാദ്വാരങ്ങളിലൂടെ കത്തുന്ന കനലിൽ
നിന്നെന്നപോലെ പുക വരുന്നു. തീക്കനൽ 12
അവൻ പുറപ്പെടുവിക്കുന്നു. അവൻെറ
വായിൽനിന്നും അഗ്നിജ്വാല പുറപ്പെടുന്നു.
അവൻെറ കഴുത്തിൽ ബലമിരിക്കുന്നു. 13
അവൻെറ മുമ്പിൽ ഭയങ്കരത നൃത്തം
ചെയ്യുന്നു. അവൻെറ മാംസം മഹത്തും 14
പുഷ്ടിയുള്ളതും ആകുന്നു. അവൻെറ 15
ഹൃദയം ഇളകുകയില്ല. അതു കല്ലുപോലെ
വാർക്കപ്പെട്ടതും, തിരികല്ലിൻെറ അടിക്കല്ലു
പോലെ ഉറപ്പുള്ളതുമാകുന്നു. അവനെ 16
ക്കുറിച്ചുള്ള ഭീതി നിമിത്തം ബലശാലികൾ
ഇളകും. ഉറച്ചിരിക്കുന്നവർ താഴ്ത്തപ്പെടും. 17
വിനാശത്തിൻെറ വാതിൽ നിലനിൽക്കുക
യില്ല. വമ്പന്മാരുടെ ആലോചനകൾ അവൻ
എടുത്തുകളഞ്ഞു. ഇരുമ്പിനെ വൈക്കോ 18
ലുപോലെയും താമ്രത്തെ കേടുപിടിച്ച തടി
പോലെയുമാണ് അവൻ ഗണിക്കുന്നത്.
അസ്ത്രത്തിൻെറ മുമ്പിൽനിന്നും അവൻ 19
ഓടിപ്പോകുകയില്ല. കവിണയിലെ കല്ല്
അവൻ മണൽത്തരിപോലെ വിചാരിക്കു
ന്നു. കുന്തത്തെ അവൻ പരിഹസിക്കുന്നു. 20
ആഴിയെ അവൻ വൻകരപോലെ കരുതു
ന്നു. അവൻെറ ശക്തി പുഴിമേൽ കൂടി
സഞ്ചരിക്കുന്നു. അവൻ ദർശിക്കുന്ന ഉന്നത 21
മായവയെയെല്ലാം അവൻ നാശത്തിൽ
വീഴ്ത്തുന്നു. എല്ലാ ജന്തുക്കൾക്കും അവൻ
രാജാവായിരിക്കുന്നു.

അദ്ധ്യായം 42

ഇയ്യോബ് ഉത്തരമായി കർത്താവിനോ 1
ടു പറഞ്ഞു: ഇവയെല്ലാം ചെയ്യുവാൻ അവി 2
ടേക്കു കഴിവുണ്ടെന്നും, യാതൊരു ചിന്ത
യും അങ്ങയിൽനിന്നും മറഞ്ഞിരിക്കുന്നില്ല
എന്നും ഞാൻ അറിയുന്നു. അറിവില്ലാതെ 3
വാക്കുകൾകൊണ്ട് ആലോചന നടത്തുന്ന
ഇവൻ ആര്? ഇങ്ങനെ, എനിക്കു വിവേക
ബുദ്ധിയില്ലെന്നും, എന്നെക്കാൾ ഉപരിയായ
വയെ ഞാൻ അറിഞ്ഞിട്ടില്ലെന്നും അവിടന്ന്

* ബഹ്മൂത്ത് - Hippopotamus

ിക്കു കാണിച്ചുതന്നു. നീ എന്നെ കേൾ
ം, ഞാൻ സംസാരിക്കാം എന്നും, ഞാൻ
ന്നാടു ചോദിക്കാം. നീ എനിക്ക് മറുപടി
ക എന്നും അവിടന്നു കല്പിച്ചു. അങ്ങ
ക്കുറിച്ചു ഞാൻ കേട്ടിട്ടേ ഉണ്ടായിരു
ള്ളു. ഇപ്പോഴോ എന്റെ കണ്ണുകൾ
ങ്ങയെ കണ്ടിരിക്കുന്നു. ആകയാൽ
ൻ മൗനം പാലിക്കും. ഈ പൂഴിയോടും
ണ്ണീറിനോടും ദയ തോന്നണമേ.
കർത്താവ് ഇയ്യോബിനോടു ഇവ പറ
ശേഷം തേമ്യനായ ഏലിഫാസിനോടു
ത്തു. എന്റെ ദാസനായ ഇയ്യോബിനെ
ലെ നീതിയായിട്ടല്ല നീ എന്റെ മുമ്പാ
സംസാരിച്ചത്. അതിനാൽ എന്റെ കോ
ിന്റെ മേലും നിന്റെ രണ്ടു കൂട്ടുകാരു
മേലും ജ്വലിച്ചിരിക്കുന്നു. ഇപ്പോൾ നി
ൾ ഏഴു കാളകളേയും ഏഴു മുട്ടാടുകളേ
കൊണ്ട് എന്റെ ദാസനായ ഇയ്യോബി
ൻ അടുക്കൽ പോകണം. അവൻ നിങ്ങൾ
വേണ്ടി കാഴ്ചയർപ്പിക്കും. എന്റെ
സനായ ഇയ്യോബ് നിങ്ങൾക്കുവേണ്ടി
ർത്ഥിക്കും. എന്റെ ദാസനായ ഇയ്യോ
നപ്പോലെ, നിങ്ങൾ എന്റെ മുമ്പാകെ
ിയായി സംസാരിക്കാതിരുന്നതിന് അവ
ൻ മുഖം ഓർത്ത് നിങ്ങളെ ഞാൻ ശിക്ഷി
യില്ല. തേമ്യനായ ഏലിഫാസും,
ഹ്യനായ ബിൽദാദും നാമാത്യനായ
ോഫാറും പോയി കർത്താവു അവരോടു
പിച്ചതു പോലെ ചെയ്തു. ഇയ്യോബിനെ
ി കർത്താവു പ്രവർത്തിച്ചു.
ഇയ്യോബ് അവന്റെ സ്നേഹിതർക്കു
ണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ
ന്ന, അവന്റെ അധഃപതനം കർത്താവു
മാററി. ഇയ്യോബിനുണ്ടായിരുന്ന സകല
വും കർത്താവ് ഇരട്ടിയായി വർദ്ധിപ്പിച്ചു
കൊടുത്തു. അവന്റെ സഹോദരന്മാരും, 11
സഹോദരിമാരും, അവനെ മുൻ പരിചയമു
ണ്ടായിരുന്നവരും അവന്റെ ഭവനത്തിൽ
അവനൊരുമിച്ച് ഭക്ഷണം കഴിച്ചു. അവന്റെ
മേൽ കർത്താവു വരുത്തിയിരുന്ന എല്ലാ
വേദനകളേയും കുറിച്ച് അവർ സഹതപി
ച്ചു; അവനെ ആശ്വസിപ്പിച്ചു. ഓരോരുവ
നും അവന് ഓരോ നാണയവും ഓരോ
പൊൻമോതിരവും കൊടുത്തു. അവന്റെ 12
മുൻകാല അവസ്ഥയെക്കാൾ വളരെ കൂടു
തലായി ദൈവം അവന്റെ പിൻകാല സ്ഥി
തിയെ അനുഗ്രഹിച്ചു. അവനു പതിന്നാലാ
യിരം ആടുകളും ആറായിരം ഒട്ടകവും,
ആയിരം ഏരു കാളകളും ആയിരം പെൺ
കഴുതയും ഉണ്ടായി. അവന് ഏഴു പുത്ര 13
ന്മാരും മൂന്നു പുത്രിമാരും ഉണ്ടായി. അവ
രിൽ ഒരുവൾക്ക് അവൻ 'ഈമോമോ' 14
എന്നും രണ്ടാമത്തവൾക്കു 'കെസുത്ത'
എന്നും മൂന്നാമത്തെ മകൾക്ക് 'കർനാ
ഫോക്ക്' എന്നും പേരിട്ടു. ഇയ്യോബിന്റെ 15
പുത്രിമാരെപ്പോലെ സുന്ദരികൾ ദേശ
ത്തൊരിടത്തും ഉണ്ടായിരുന്നില്ല. അവരുടെ
പിതാവ് അവർക്കു അവരുടെ സഹോദര
ന്മാരോടുകൂടെ അവകാശവും കൊടുത്തു.
ഇവയ്ക്കെല്ലാം ശേഷം ഇയ്യോബ് നൂററി 16
നാല്പതു സംവത്സരങ്ങൾ ജീവിച്ചി
രുന്നു. ഇയ്യോബ് അവന്റെ മക്കളെയും
മക്കളുടെ മക്കളേയും നാലു തലമുറയോളം
കണ്ടു.

ഇയ്യോബ് വൃദ്ധനായി തന്റെ ജീവിത 17
നാളുകൾകൊണ്ട് സംതൃപ്തനായി മരിച്ചു.

പ്രസിദ്ധ പുണ്യവാനായ ഇയ്യോബിന്റെ പുസ്തകം സമാപ്തം

മോശയുടെ ശിഷ്യനായ യോശുവ

അദ്ധ്യായം 1

1 ദൈവത്തിന്റെ ദാസനായ മോശയുടെ
മരണശേഷം ദൈവം നൂന്റെ മകനായ
മോശയുടെ ശുശ്രൂഷകനായ യോശുവ
2 യോട് അരുളിച്ചെയ്തു: എന്റെ ദാസനായ
മോശ മരിച്ചു, ആകയാൽ നീയും ഈ
ജനമെല്ലാം പുറപ്പെട്ടു യോർദ്ദാന്ന
ക്കരെ ഞാൻ ഇസ്രായേൽ മക്കൾക്ക്
കൊടുക്കുന്ന ദേശത്തേക്ക് കടന്നുപോകു
3 വിൻ. നിങ്ങളുടെ ഉള്ളങ്കാൽ ചവിട്ടുന്ന
സ്ഥലമൊക്കെയും ഞാൻ മോശയോട്
കല്പിച്ചതുപോലെ നിങ്ങൾക്ക് തന്നിരിക്കു
4 ന്നു. മരുഭൂമിയും ഈ ലെബനോനും തുടങ്ങി
യൂഫ്രത്തീസ് എന്ന മഹാനദിവരെയും
ഹിത്യരുടെ ദേശം മുഴുവനും പടിഞ്ഞാറു
മഹാസമുദ്രംവരെയും നിങ്ങളുടെ അതിരാ
5 യിരിക്കും. നിങ്ങളുടെ ജീവകാലത്ത് ഒരി
ക്കലും ഒരു മനുഷ്യനും നിങ്ങളുടെ നേരെ
നില്ക്കുയില്ല; ഞാൻ മോശയോടുകൂടെ
ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരി
ക്കും. ഞാൻ നിന്നെ കൈവിടുകയില്ല, ഉപേ
6 ക്ഷിക്കുകയും ഇല്ല. ശക്തിയും ധൈര്യവും
ഉള്ളവനായിരിക്ക. ഞാൻ അവർക്ക് കൊടു
ക്കുമെന്നു അവരുടെ പിതാക്കന്മാരോട്
സത്യം ചെയ്ത ദേശം നീ ഈ ജനത്തിനു
7 അവകാശമായി വിഭാഗിക്കും. എന്റെ
ദാസനായ മോശ നിന്നോടു കല്പിച്ചിട്ടുള്ള
ന്യായപ്രമാണമെല്ലാം അനുസരിച്ച് നടക്കേ
ണ്ടതിനു നീ നല്ല ശക്തിയും ധൈര്യവും
ഉള്ളവനായി മാത്രം ഇരിക്ക; ചെന്നെത്തു
ന്നിടത്തെല്ലാം നീ ശുഭമായിരിക്കേണ്ട
തിന്നു അതു വിട്ടു ഇടത്തോട്ടോ വലത്തോ
8 ട്ടോ മാറരുത്. ഈ ന്യായപ്രമാണപുസ്തക
ത്തിലുള്ളതു നിന്റെ വായിൽനിന്നു
നീങ്ങിപ്പോകരുത്; അതിൽ എഴുതിയിരി
ക്കുന്നതുപോലെ എല്ലാം ആചരിച്ചു
നടക്കേണ്ടതിനു നീ രാവും പകലും അതു
ധ്യാനിച്ചുകൊണ്ടിരിക്കണം; എന്നാൽ നീ
പ്രശോഭിതനാകും; നീ കൃതാർത്ഥനായും
9 ഇരിക്കും. നിന്റെ ദൈവമായ കർത്താവ് നീ
പോകുന്നേടത്തെല്ലാം നിന്നോടുകൂടെ ഉള്ള
തുകൊണ്ട് ശക്തിയും ധൈര്യവുമുള്ള
വനായിരിക്ക; ഭയപ്പെടരുത്; ഭ്രമിക്കുകയും
അരുത് എന്നു ഞാൻ നിന്നോടു കല്പി
ച്ചിരിക്കുന്നു.

യോശുവ ജനത്തിന്റെ പ്രമാണിക 10
ളോടും ശാസ്ത്രിമാരോടും കല്പിച്ചതു:
പാളയത്തിൽക്കൂടി കടന്നു ജനത്തോട്: 11
നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾ
ക്ക് അവകാശമായി തരുന്ന ദേശം കൈ
വശമാക്കുവാൻ ചെല്ലേണ്ടതിനു നിങ്ങൾ
മൂന്നു ദിവസം കഴിഞ്ഞ് യോർദ്ദാന്നക്കരെ
കടക്കേണ്ടതാകയാൽ ഭക്ഷണസാധനം
ഒരുക്കിക്കൊൾവിൻ എന്നു കല്പിപ്പിൻ.

പിന്നെ യോശുവ രൂബേന്യരോടും 12
ഗാദ്യരോടും മനശ്ശെയുടെ പാതിഗോത്ര
ത്തോടും പറഞ്ഞതു എന്തെന്നാൽ: "ദൈവ 13
ദാസനായ മോശ നിങ്ങളോട് കല്പിച്ച
വചനം ഓർത്തുകൊൾവിൻ, നിങ്ങളുടെ
ദൈവമായ കർത്താവ് നിങ്ങൾക്ക് സ്വസ്ഥ
ത നല്കി ഈ ദേശവും തന്നിരിക്കുന്നു.
നിങ്ങളുടെ ഭാര്യമാരും കുഞ്ഞുകുട്ടികളും 14
നിങ്ങളുടെ കന്നുകാലികളും യോർദ്ദാന്നി
ക്കരെ മോശ നിങ്ങൾക്ക് തന്നിട്ടുള്ള ദേശ
ത്തിരിക്കട്ടെ; എന്നാൽ നിങ്ങളിൽ യുദ്ധവീര
ന്മാരെല്ലാം സന്നദ്ധരായി നിങ്ങളുടെ
സഹോദരന്മാർക്കു മുമ്പായി കടന്നു ചെന്നു
ദൈവം നിങ്ങൾക്ക് എന്നപോലെ നിങ്ങളു 15
ടെ സഹോദരന്മാർക്കും സ്വസ്ഥത നല്കു
കയും നിങ്ങളുടെ ദൈവമായ കർത്താവ്
അവർക്ക് കൊടുക്കുന്ന ദേശം അവർ
കൈവശമാക്കുകയും ചെയ്യുന്നതുവരെ
അവരെ സഹായിക്കണം; അതിന്റെശേഷം
നിങ്ങൾ ദൈവദാസനായ മോശ കിഴക്ക്
യോർദ്ദാന്നിക്കരെ നിങ്ങൾക്ക് തന്നിട്ടുള്ള
അവകാശദേശത്തേക്ക് മടങ്ങിവന്നു
അതിനെ അനുഭവിച്ചുകൊള്ളുവിൻ". 16
അവർ യോശുവയോട്: അങ്ങു ഞങ്ങളോട്
കല്പിക്കുന്നതെല്ലാം ഞങ്ങൾ ചെയ്യും;
ഞങ്ങളെ അയയ്ക്കുന്നേടത്തെല്ലാം
ഞങ്ങൾ പോകും. ഞങ്ങൾ മോശയെ 17

ലത്തിലും അനുസരിച്ചതുപോലെ
ന്ദയെയും അനുസരിക്കും; നിന്റെ
വമായ കർത്താവ് മോശയോടുകൂടെ
ന്നതുപോലെ നിന്നോടുകൂടെയും ഇരു
ൽ മതി. ആരെങ്കിലും നിന്റെ കല്പന
രിക്കുകയും നീ കല്പിക്കുന്ന യാതൊ
ും നിന്റെ വാക്ക് അനുസരിക്കാതിരി
കയും ചെയ്താൽ അവൻ മരിക്കണം;
ത്തിയും ധൈര്യവും ഉള്ളവനായി ഇരു
ലും എന്ന് ഉത്തരം പറഞ്ഞു.

അദ്ധ്യായം 2

അനന്തരം നൂന്റെ മകനായ യോശുവ
സ്യമായി ഒററുനോക്കേണ്ടതിനു ശിത്തീ
നിന്നു രണ്ടുപേരെ അയച്ചു. നിങ്ങൾ
യി യറീഹോ ദേശം നോക്കിവരുവിൻ
റു പറഞ്ഞു. അവർ പുറപ്പെട്ടു റാഹാബ്
റു പേരുള്ളൊരു വേശ്യയുടെ വീട്ടിൽ
നു അവിടെ പാർത്തു. ഇസ്രായേൽ
ളിൽ ചിലർ ദേശത്തെ ഒററുനോക്കു
രാത്രിയിൽ ഇവിടെ വന്നിരിക്കുന്നു
റു യറീഹോ രാജാവിനു അറിവ് കിട്ടി.
ഹോ രാജാവ് റാഹാബിന്റെ അടു
ൽ ആളയച്ചു: നിന്റെ അടുക്കൽ വന്നു
ൽ രാപാർത്തിരിക്കുന്ന മനുഷ്യരെ
ത്തിറക്കിത്തരിക; അവർ ദേശമൊക്കെ
ഒററുനോക്കുവാൻ വന്നവരാകുന്നു
റു പറയിച്ചു. ആ സ്ത്രീ അവരെ രണ്ടു
രയും കൂട്ടിക്കൊണ്ടുപോയി ഒളിപ്പിച്ചു.
ർ എന്റെ അടുക്കൽ വന്നിരുന്നു
ിലും എവിടത്തുകാർ എന്നു ഞാൻ
ിഞ്ഞില്ല; ഇരുട്ടായപ്പോൾ, പട്ടണ
ിൽ അടയ്ക്കുന്ന സമയത്ത് അവർ
യി; എവിടേക്കു പോയി എന്നു എനി
വില്ല; വേഗം അവരുടെ പിന്നാലെ
ുവിൻ; എന്നാൽ അവരെ കണ്ടുപിടി
എന്നു പറഞ്ഞു. എന്നാൽ അവൾ
രെ വീട്ടിൻ മുകളിൽ കൊണ്ടുപോയി
ിടെ അടുക്കിവച്ചിരുന്ന ചണത്തണ്ടു
ടെ ഇടയിൽ ഒളിപ്പിച്ചിരുന്നു. ആ
ുകൾ യോർദ്ദാനിലേക്കുള്ള വഴിയായി
ുവരെ അവരെ അന്വേഷിച്ചു ചെന്നു;
ന്നു ചെന്നവർ പുറപ്പെട്ട ഉടനെ പട്ടണ
ിൽ അടച്ചു. എന്നാൽ അവർ കിടപ്പാൻ
കുംമുമ്പെ അവൾ മുകളിൽ അവരുടെ
ക്കൽ ചെന്ന് അവരോട് പറഞ്ഞു:
വം ഈ ദേശം നിങ്ങൾക്ക് തന്നിരിക്കു
നിങ്ങളെയുള്ള ഭീതി ഞങ്ങളുടെമേൽ
ിരിക്കുന്നു. ഈ ദേശത്തിലെ നിവാ
ൾ എല്ലാവരും നിങ്ങളുടെ നിമിത്തം
ഭീതരായിരിക്കുന്നു എന്നു ഞാൻ അറി
യുന്നു. നിങ്ങൾ മെസ്രേനിൽനിന്നു പുറ 10
പ്പെട്ടുവരുമ്പോൾ ദൈവം നിങ്ങൾക്കു
വേണ്ടി ചെങ്കടലിലെ വെള്ളം വററിച്ചതും
യോർദ്ദാന്നക്കരെവച്ച് നിങ്ങൾ നിർമ്മൂലമാ
ക്കിയ സീഹോൻ, ഓഗ് എന്ന രണ്ട് അമോര്യ
രാജാക്കന്മാരോട് ചെയ്തതും ഞങ്ങൾ
കേട്ടിട്ടുണ്ട്. കേട്ടപ്പോൾതന്നെ ഞങ്ങളുടെ 11
ഹൃദയം ഇളകി; നിങ്ങളുടെ നിമിത്തം എല്ലാ
വർക്കും ധൈര്യം നഷ്ടപ്പെട്ടു; നിങ്ങളുടെ
ദൈവമായ കർത്താവ് തന്നെ മേൽ സ്വർഗ്ഗ
ത്തിലും താഴെ ഭൂമിയിലും ദൈവം ആകുന്നു.
ആകയാൽ ഞാൻ നിങ്ങളോട് ദയ ചെയ്ക 12
കൊണ്ടു നിങ്ങളും എന്റെ പിതൃഭവന
ത്തോടു ദയ ചെയ്തു എന്നെയും എന്റെ 13
അപ്പനെയും അമ്മയെയും എന്റെ സഹോ
ദരന്മാരെയും സഹോദരിമാരെയും അവർ
ക്കുള്ള സകലത്തെയും രക്ഷിച്ചു മരണ
ത്തിൽനിന്നും വിടുവിക്കുമെന്നു ദൈവത്തെ
ച്ചൊല്ലി എന്നോടു സത്യം ചെയ്കയും
സത്യമായ ഒരു ലക്ഷ്യം തരികയും വേണം.
അവർ അവളോട്: ഞങ്ങളുടെ ഈ കാര്യം 14
നിങ്ങൾ അറിയിക്കാതെയിരുന്നാൽ നിങ്ങ
ളുടെ ജീവനു പകരം ഞങ്ങളുടെ ജീവൻ
വച്ചുകൊടുക്കും. ദൈവം ഈ ദേശം
ഞങ്ങൾക്ക് തരുമ്പോൾ ഞങ്ങൾ നിന്നോടു
ദയയും വിശ്വസ്തതയും കാണിക്കും എന്നു
ഉത്തരം പറഞ്ഞു. അവൾ അവരെ കിളി 15
വാതിലിലൂടെ ഒരു കയറു കെട്ടി ഇറക്കി;
അവളുടെ വീടു കോട്ടമതിലിന്മേൽ ആയി
രുന്നു; അവൾ മതിലിന്നുപരി പാർത്തി
രുന്നു. അവൾ അവരോട്: അന്വേഷിച്ചു 16
പോയവർ നിങ്ങളെ കണ്ടുപിടിക്കാതിരി
ക്കേണ്ടതിന് നിങ്ങൾ മലയിൽ കയറി
അവർ മടങ്ങിപ്പോരുവോളം മൂന്നു ദിവസം
അവിടെ ഒളിച്ചിരിക്കണം. പിന്നീട് നിങ്ങ
ളുടെ വഴിക്കു പോകാം എന്നു പറഞ്ഞു.
അവർ അവളോട് പറഞ്ഞു: ഞങ്ങൾ ഈ 17
ദേശത്തു വരുമ്പോൾ, നീ ഞങ്ങളെ ഇറക്കി
വിട്ട ഈ കിളിവാതില്ക്കൽ ഈ ചുവപ്പ് 18
ചരടു കെട്ടുകയും നിന്റെ അപ്പനെയും
അമ്മയെയും സഹോദരന്മാരെയും പിതൃ
ഭവനത്തെ മുഴുവനും നിന്റെ അടുക്കൽ
വീട്ടിൽ വരുത്തിക്കൊള്ളുകയും വേണം.
അല്ലെങ്കിൽ നീ ഞങ്ങളെക്കൊണ്ട് ചെയ്യിച്ച 19
സത്യത്തിൽനിന്നു ഞങ്ങൾ സ്വതന്ത്രരാകും.
ആരെങ്കിലും വീട്ടുവാതിലിന്നു പുറത്തിറ
ങ്ങിയാൽ അവന്റെ രക്തം അവന്റെ തല
മേൽ ഇരിക്കും; ഞങ്ങൾ കുററമില്ലാത്തവർ
ആയിരിക്കും; നിന്നോടുകൂടി വീട്ടിൽ ഇരി

ക്കുമ്പോൾ വല്ലവനും അവൻെറ മേൽ കൈ
വച്ചാൽ അവൻെറ രക്തം ഞങ്ങളുടെ
20 തലമേൽ ഇരിക്കും. എന്നാൽ നീ ഞങ്ങളുടെ
കാര്യം അറിയിച്ചാൽ നീ ഞങ്ങളെക്കൊണ്ട്
ചെയ്യിച്ച സത്യത്തിൽനിന്നും ഞങ്ങൾ നിര
21 പരാധികൾ ആയിരിക്കും. അതിന്നു അവൾ
നിങ്ങൾ പറഞ്ഞതുപോലെ ആകട്ടെ എന്നു
പറഞ്ഞ് അവരെ അയച്ചു. അങ്ങനെ അവർ
പോയി; അവൾ ആ ചുവപ്പ് ചരട് കിളിവാതി
22 ല്ക്കൽ കെട്ടി. അവർ പുറത്തിറങ്ങി മല
യിൽ ചെന്നു; അന്വേഷിച്ചു പോയവർ
മടങ്ങിപ്പോരുംവരെ മൂന്നു ദിവസം അവിടെ
താമസിച്ചു; തിരഞ്ഞു പോയവർ വഴിനീളെ
23 അവരെ അന്വേഷിച്ചു; കണ്ടില്ല. അങ്ങനെ
അവർ ഇരുവരും മലയിൽനിന്നു
ഇറങ്ങി അക്കരെ കടന്നു നൂൻെറ മകനായ
യോശുവയുടെ അടുക്കൽ ചെന്നു തങ്ങൾ
ക്ക് സംഭവിച്ചത് സർവ്വവും അവനെ അറി
24 യിച്ചു: ദൈവം ദേശമെല്ലാം നമ്മുടെ കയ്യിൽ
ഏല്പിച്ചിരിക്കുന്നു നിശ്ചയം; ദേശത്തിലെ
നിവാസികൾ എല്ലാവരും നമ്മുടെ നിമിത്തം
ഭയപ്പെട്ടിരിക്കുകയാകുന്നു എന്ന് അവർ
യോശുവയോട് പറഞ്ഞു.

അദ്ധ്യായം 3

1 അനന്തരം യോശുവ അതികാലത്ത്
എഴുന്നേററു, അവനും ഇസ്രായേൽമക്കൾ
എല്ലാവരും ശിത്തീമിൽനിന്നു പുറപ്പെട്ട്
യോർദ്ദാന്നരികെ വന്നു മറുകര കടക്കാതെ
2 അവിടെ താമസിച്ചു. മൂന്നു ദിവസം കഴി
ഞ്ഞ് പ്രമാണികൾ പാളയത്തിൽകൂടി
3 നടന്നു ജനത്തോടു കല്പിച്ചതെന്തെന്നാൽ:
നിങ്ങളുടെ ദൈവമായ കർത്താവിൻെറ
നിയമപെട്ടകത്തെയും അതിനെ ചുമക്കു
ന്ന ലേവ്യരെയും പുരോഹിതന്മാരെയും
നിങ്ങൾ കാണുമ്പോൾ നിങ്ങളുടെ സ്ഥലം
4 വിട്ടു പുറപ്പെട്ടു അതിൻെറ പിന്നാലെ പോ
കണം. എന്നാൽ നിങ്ങൾക്കും അതിന്നും
ഇടയിൽ രണ്ടായിരം മുഴം അകലം ഉണ്ടാ
യിരിക്കണം. അതിനോട് അടുക്കരുത്;
അങ്ങനെ നിങ്ങൾ പോകേണ്ട വഴി
അറിയും; ഈ വഴിക്കു നിങ്ങൾ ഇന്നലെയും
5 മിനിയാന്നും പോയിട്ടില്ലല്ലോ! പിന്നെ
യോശുവ ജനത്തോടു നിങ്ങളെത്തന്നെ
ശുദ്ധീകരിപ്പിൻ; ദൈവം നാളെ നിങ്ങളുടെ
ഇടയിൽ അത്ഭുതം പ്രവർത്തിക്കും എന്നു
6 പറഞ്ഞു. പുരോഹിതന്മാരോടു യോശുവ:
നിങ്ങൾ നിയമപെട്ടകം എടുത്തു ജനത്തിനു
മുമ്പായി അക്കര കടപ്പിൻ എന്നു പറഞ്ഞു.
അങ്ങനെ അവർ നിയമപെട്ടകം എടുത്തു
ജനത്തിനു മുമ്പായി നടന്നു. പിന്നെ ദൈവം 7
യോശുവയോട്: ഞാൻ മോശയോടുകൂടെ
ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരി
ക്കും എന്നു ഇസ്രായേൽ എല്ലാം അറി
യേണ്ടതിന്നു ഞാൻ ഇന്നു അവർ കാൺകെ
നിന്നെ വലിയവനാക്കുവാൻ തുടങ്ങും.
നിയമപെട്ടകം ചുമക്കുന്ന പുരോഹിതന്മാർ 8
യോർദ്ദാനിലെ വെള്ളത്തിൻെറ വക്കത്ത്
എത്തുമ്പോൾ യോർദ്ദാനിൽ നില്പാൻ
കല്പിക്കുക എന്ന് അരുളിച്ചെയ്തു.
യോശുവ ഇസ്രായേൽ മക്കളോട്: 9
ഇവിടെ വന്നു നിങ്ങളുടെ ദൈവമായ
കർത്താവിൻെറ വചനം കേൾപ്പിൻ എന്നു
പറഞ്ഞു. യോശുവ പറഞ്ഞതെന്തെന്നാൽ: 10
ജീവനുള്ള ദൈവം നിങ്ങളുടെ ഇടയിൽ
ഉണ്ട്; അവൻ നിങ്ങളുടെ മുമ്പിൽ നിന്നു
കനാന്യർ, ഹിത്യർ, ഹിവ്യർ, പെരിസ്യർ,
ഗിർഗ്ഗശ്യർ, അമോര്യർ, യെബൂസ്യർ എന്നി
വരെ നശിപ്പിക്കും എന്നു നിങ്ങൾ ഇതി
നാൽ അറിയും. ഇതാ, സർവ്വഭൂമിക്കും നാഥ 11
നായവൻെറ നിയമപെട്ടകം നിങ്ങൾക്ക്
മുമ്പായി യോർദ്ദാനിലേക്കു കടക്കും. ആക 12
യാൽ ഓരോ ഗോത്രത്തിൽനിന്നു ഓരോ
ആൾ വീതം ഇസ്രായേൽ ഗോത്രങ്ങളിൽ
നിന്നു പന്ത്രണ്ടു പേരെ വരുത്തുവിൻ. സർവ്വ 13
ഭൂമിയുടെയും നാഥനായ കർത്താവിൻെറ
പെട്ടകം ചുമക്കുന്ന പുരോഹിതന്മാരുടെ
ഉള്ളങ്കാൽ യോർദ്ദാനിലെ വെള്ളത്തിൽ
ചവിട്ടുമ്പോൾ ഉടനെ യോർദ്ദാനിലെ
വെള്ളം രണ്ടായി പിരിഞ്ഞിട്ട് മേൽനിന്ന് ഒഴു
കുന്ന വെള്ളം ചിറപോലെ നില്ക്കും എന്നു
പറഞ്ഞു. അങ്ങനെ ജനം യോർദ്ദാന്നക്കര 14
കടപ്പാൻ തങ്ങളുടെ കൂടാരങ്ങളിൽനിന്നു
പുറപ്പെട്ടു; നിയമപെട്ടകം ചുമക്കുന്ന പുരോ
ഹിതന്മാർ ജനത്തിനു മുമ്പായി പെട്ടകം
ചുമന്നു കൊണ്ട് യോർദ്ദാന്നരികെ വന്നു. 15
കൊയ്ത്തു കാലത്ത് യോർദ്ദാൻ തീരമെല്ലാം
കവിഞ്ഞ് ഒഴുകുമായിരുന്നു. പെട്ടകം ചുമന്ന
പുരോഹിതന്മാരുടെ കാൽ വെള്ളത്തിൻെറ
വക്കത്തു മുട്ടിയപ്പോൾ മേൽവെള്ളത്തി
ൻെറ ഒഴുക്കു നിന്നു. സർത്ഥാന്നു സമീപ 16
ത്തുള്ള ആദാംപട്ടണത്തിന്നരികെ ബഹുദൂ
രത്തോളം ചിറപോലെ പൊങ്ങി. പടിഞ്ഞാ
റുള്ള കടലായ ഉപ്പുകടലിലേക്കു ഒഴുകിയ
വെള്ളം വാർന്നുപോയി. ജനം യറീഹോയ് 17
ക്കു നേരെ മറുകര കടന്നു. ദൈവത്തിൻെറ
നിയമപെട്ടകം ചുമന്നു പുരോഹിതന്മാർ
യോർദ്ദാനിൻെറ നടുവിൽ ഉണങ്ങിയ
നിലത്ത് ഉറച്ചുനിന്നു. ഇസ്രായേൽ ജന
മെല്ലാം യോർദ്ദാൻ കടന്നുതീരുംവരെ

ങ്ങിയ നിലത്തുകൂടിത്തന്നെ നടന്നു
യി.

അദ്ധ്യായം 4

ജനമെല്ലാം യോർദ്ദാൻ കടന്നു തീർന്ന
ഷം ദൈവം യോശുവയോട് കല്പിച്ചു:
ങ്ങൾ ഓരോ ഗോത്രത്തിൽനിന്നു ഓരോ
ർ വീതം ജനത്തിൽനിന്നു പന്ത്രണ്ടുപേ
വരുത്തി അവരോട് യോർദ്ദാൻെറ അടി
ത്തു പുരോഹിതന്മാരുടെ കാൽ ഉറച്ചു
ന സ്ഥലത്തുനിന്ന് പന്ത്രണ്ടു കല്ല് എടു
കരയിൽ കൊണ്ടുവന്ന് ഈ രാത്രിയിൽ
ങ്ങൾ പാർക്കുന്ന സ്ഥലത്തു വയ്ക്കു
ൻ കല്പിക്കുക. അങ്ങനെ യോശുവ ഇ
യേൽ മക്കളുടെ ഓരോ ഗോത്രത്തിൽ
ന്നു ഓരോ ആളെ വീതം നിയമിച്ചിരുന്ന
ണ്ടുപേരെ വിളിച്ചു. യോശുവ അവ
ട് പറഞ്ഞു: യോർദ്ദാൻെറ നടുവിൽ നി
ളുടെ ദൈവമായ കർത്താവിൻെറ പെട്ടക
നു മുമ്പിൽ ചെന്നു ഇസ്രായേൽ മക്കളു
ഗോത്രസംഖ്യയ്ക്ക് ഒത്തവണ്ണം നിങ്ങ
ഓരോരുത്തൻ ഓരോ കല്ല് ചുമലിൽ
ക്കണം. ഇത് നിങ്ങളുടെ ഇടയിൽ ഒരു
യാളമായിരിക്കണം. ഈ കല്ല് എന്തു
ന്നു നാളെ നിങ്ങളുടെ മക്കൾ ചോദിക്കു
ാൾ ഞങ്ങൾ യോർദ്ദാൻ കടന്നപ്പോൾ
ർദ്ദാനിലെ വെള്ളം ദൈവത്തിൻെറ
യമപെട്ടകത്തിൻെറ മുമ്പിൽ രണ്ടായി
ിഞ്ഞതു നിമിത്തംതന്നെ എന്ന് അവ
ട് പറയണം. അത് യോർദ്ദാനെ കടന്ന
ാൾ യോർദ്ദാനിലെ വെള്ളം രണ്ടായി
ിഞ്ഞതുകൊണ്ട് ഈ കല്ല് ഇസ്രായേൽ
ാൾക്ക് എന്നേക്കും ഓർമ്മയായിരിക്ക
. യോശുവ കല്പിച്ചതുപോലെ ഇസ്രാ
ൽ മക്കൾ ചെയ്തു. ദൈവം യോശുവ
ോട് കല്പിച്ചതുപോലെ ഇസ്രായേൽ
ളുടെ ഗോത്രസംഖ്യയ്ക്ക് ഒത്തവണ്ണം
ണ്ട് കല്ല് യോർദ്ദാൻെറ നടുവിൽനിന്നു
ുത്തു തങ്ങൾ പാർത്ത സ്ഥലത്തു
ാണ്ടുപോയി വച്ചു. യോർദ്ദാൻെറ അടി
ൽ നിയമപെട്ടകം ചുമന്ന പുരോഹിത
ുടെ കാൽ നിന്ന സ്ഥലത്തു യോശുവ
ണ്ട് കല്ല് നാട്ടി. അവ ഇന്നുവരെ അ
ട ഉണ്ട്. മോശ യോശുവയോട് കല്പി
ുപോലെ ജനത്തോടു പറയുവാൻ
വം യോശുവയോട് കല്പിച്ചതെല്ലാം
യ്തു തീരുവോളം പെട്ടകം ചുമന്ന
രോഹിതന്മാർ യോർദ്ദാൻെറ നടുവിൽ
ന്നു. ജനം മുഴുവനും മറുകര കടന്നു. ജന
ല്ലാം കടന്നു തീർന്നപ്പോൾ ദൈവ
ത്തിൻെറ പെട്ടകവും പുരോഹിതന്മാരും
അക്കര കടന്നു. മോശ കല്പിച്ചിരുന്നതു 12
പോലെ രൂബേന്യരും ഗാദ്യരും മനശ്ശെയുടെ
പാതിഗോത്രവും ഇസ്രായേൽ മക്കൾക്കു
മുമ്പായി യുദ്ധസന്നദ്ധരായി കടന്നു. ഏക 13
ദേശം നാല്പതിനായിരം പേർ യുദ്ധസന്നദ്ധ
രായി ദൈവത്തിൻെറ മുമ്പാകെ യുദ്ധത്തി
നായി യറീഹോ സമഭൂമിയിൽ കടന്നു.
അന്നു ദൈവം യോശുവയെ എല്ലാ ഇസ്രാ 14
യേലിൻെറയും മുമ്പാകെ വലിയവനാക്കി.
അവർ, മോശെയോട് ഭക്തിയുണ്ടായിരുന്ന 15
തുപോലെ അവനെയും അവൻെറ ആയു
ഷ്കാലമൊക്കെയും ഭയപ്പെട്ടിരുന്നു.

ദൈവം യോശുവയോട് സാക്ഷ്യപെ 16
ട്ടകം ചുമക്കുന്ന പുരോഹിതന്മാരോട് യോർ
ദ്ദാനിൽനിന്നു കയറുവാൻ കല്പിക്കുക
എന്ന് അരുളിച്ചെയ്തു. അങ്ങനെ യോശുവ 17
പുരോഹിതന്മാരോട് യോർദ്ദാനിൽനിന്നു
കയറുവാൻ കല്പിച്ചു. ദൈവത്തിൻെറ 18
നിയമപെട്ടകം ചുമക്കുന്ന പുരോഹിതന്മാർ
യോർദ്ദാൻെറ നടുവിൽനിന്നു കയറി. പുരോ
ഹിതന്മാരുടെ ഉള്ളങ്കാൽ കരയ്ക്കു വച്ച
ഉടനെ യോർദ്ദാനിലെ വെള്ളം വീണ്ടും
അതിൻെറ സ്ഥലത്തേക്കു വന്നു. ആദ്യ
ത്തെപ്പോലെ തീരം കവിഞ്ഞ് ഒഴുകി. ഒന്നാം 19
മാസം പത്താം തീയതി ജനം യോർദ്ദാനിൽ
നിന്നു കയറി യറീഹോയുടെ കിഴക്കേ
അതിരിലുള്ള ഗിൽഗാലിൽ പാളയം ഇറങ്ങി.

യോർദ്ദാനിൽനിന്നും എടുത്ത പന്ത്രണ്ടു 20
കല്ല് യോശുവ ഗിൽഗാലിൽ നാട്ടി. ഇസ്രാ 21
യേൽ മക്കളോട് പറഞ്ഞതു ഈ കല്ല് എന്ത്
എന്ന് നാളെ മുതൽ നിങ്ങളുടെ മക്കൾ
പിതാക്കന്മാരോട് ചോദിച്ചാൽ ഇസ്രായേൽ 22
ഉണങ്ങിയ നിലത്തുകൂടി ഈ യോർദ്ദാനി
ക്കരെ കടന്നു എന്നു നിങ്ങളുടെ മക്കളോട്
പറയണം. ഭൂമിയിലെ സകല ജാതികളും 23
ദൈവത്തിൻെറ കൈ ശക്തിയുള്ളതെന്നു
അറിഞ്ഞു നിങ്ങളുടെ ദൈവമായ കർത്താ
വിനെ എന്നേക്കും ഭയപ്പെടേണ്ടതിന്നു
ഞങ്ങൾ ഇക്കര കടപ്പാൻ തക്കവണ്ണം
നിങ്ങളുടെ ദൈവമായ കർത്താവ് ഞങ്ങ
ളുടെ മുമ്പിൽ ചെങ്കടൽ വററിച്ചുകളഞ്ഞതു
പോലെ നിങ്ങൾ ഇക്കര കടക്കുവാൻ തക്ക
വണ്ണം നിങ്ങളുടെ ദൈവമായ കർത്താവ്
നിങ്ങളുടെ മുമ്പിൽ യോർദ്ദാനിലെ വെള്ളം
വററിച്ചുകളഞ്ഞു.

അദ്ധ്യായം 5

ഇസ്രായേൽ മക്കൾ ഇക്കര കടപ്പാൻ 1
തക്കവണ്ണം ദൈവം അവരുടെ മുമ്പിൽ

യോർദ്ദാനിലെ വെള്ളം വററിച്ചുകളഞ്ഞു
എന്നു യോർദ്ദാൻെറ പടിഞ്ഞാറേ ഭാഗത്തു
ള്ള എല്ലാ അമോര്യരാജാക്കന്മാരും സമുദ്ര
തീരത്തുള്ള എല്ലാ കനാന്യരാജാക്കന്മാരും
കേട്ടപ്പോൾ അവരുടെ ഹൃദയം ഇളകി.
ഇസ്രായേൽ മക്കളുടെ നിമിത്തം അവരിൽ
അശേഷം ചൈതന്യമില്ലാതെയായി.
2 അക്കാലത്ത് ദൈവം യോശുവയോട്
തീക്കല്ലുകൊണ്ട് കത്തി ഉണ്ടാക്കി ഇസ്രാ
യേൽ മക്കളെ രണ്ടാമതും പരിച്ഛേദനം
3 ചെയ്ക എന്നു കല്പിച്ചു. യോശുവ തീക്ക
ല്ലുകൊണ്ട് കത്തി ഉണ്ടാക്കി ഇസ്രായേൽ
മക്കളെ അഗ്രചർമ്മഗിരിയിങ്കൽ വച്ച് പരി
4 ച്ഛേദന ചെയ്തു. യോശുവ പരിച്ഛേ
ദന ചെയ്യുവാനുള്ള കാരണമോ മെസ്രേ
നിൽ നിന്നു പുറപ്പെട്ട ആണുങ്ങളായ ജന
മെല്ലാം യോദ്ധാക്കളെല്ലാവരും മെസ്രേ
നിൽനിന്നു പുറപ്പെട്ടു പോന്നശേഷം പ്രയാ
ണത്തിൽ മരുഭൂമിയിൽ വച്ച് മരിച്ചു
5 പോയി. പുറപ്പെട്ടുപോന്ന ജനത്തിനെല്ലാം
പരിച്ഛേദന കഴിഞ്ഞിരുന്നു. എങ്കിലും
മെസ്രേനിൽനിന്നു പുറപ്പെട്ടശേഷം മരു
ഭൂമിയിൽ വച്ച് പ്രയാണത്തിൽ ജനിച്ചവരിൽ
ആരേയും പരിച്ഛേദന ചെയ്തിരു
6 ന്നില്ല. മെസ്രേനിൽനിന്നും പുറപ്പെട്ട
യോദ്ധാക്കളായവരെല്ലാം ദൈവത്തിൻെറ
വാക്ക് അനുസരിക്കായ്കകൊണ്ട് അവർ
മരിച്ചൊടുങ്ങുംവരെ ഇസ്രായേൽ മക്കൾ
നാല്പതു സംവത്സരം മരുഭൂമിയിൽ
സഞ്ചരിക്കേണ്ടിവന്നു. അവർക്ക് നൽകുമെ
ന്നു ദൈവം പിതാക്കന്മാരോട് സത്യം ചെയ്ത
ദേശമായ പാലും തേനും ഒഴുകുന്ന ദേശം
അവരെ കാണിക്കുകയില്ല എന്നു ദൈവം
7 അവരോട് സത്യം ചെയ്തിരുന്നു. എന്നാൽ
അവരെ തുടർന്നുള്ള അവരുടെ മക്കളെ
യോശുവ പരിച്ഛേദന ചെയ്തു. അവരെ
പരിച്ഛേദനചെയ്യാതിരുന്നതിനാൽ അവർ
8 അഗ്രചർമ്മികളായിരുന്നു. അവർ സർവ്വ
ജനത്തേയും പരിച്ഛേദനചെയ്തുതീർന്ന
ശേഷം അവർക്ക് സൗഖ്യമായതുവരെ
അവർ പാളയത്തിൽ താന്താങ്ങളുടെ സ്ഥ
9 ലത്തു പാർത്തു. ദൈവം യോശുവയോട്
ഇന്ന് ഞാൻ മെസ്രേനിൻെറ നിന്ദ നിങ്ങ
ളിൽനിന്നു നീക്കിക്കളഞ്ഞിരിക്കുന്നു എന്ന്
അരുളിച്ചെയ്തു. ആ സ്ഥലത്തിനു ഇന്നു
വരെ ഗില്ഗാൽ എന്നു പേർ പറയുന്നു.
10 യിസ്രായേൽ മക്കൾ ഗില്ഗാലിൽ
പാളയമിറങ്ങി. ഒന്നാം മാസം പതിനാലാം
തീയതി സന്ധ്യാസമയത്ത് യറീഹോ സമ
11 ഭൂമിയിൽ വച്ച് പെസഹ കഴിച്ചു. പെസഹ
യുടെ പിറെറദിവസംതന്നെ അവർ ദേശ
ത്തെ വിളവുകൊണ്ടുള്ള പുളിപ്പില്ലാത്ത
അപ്പവും മലരും തിന്നു. അവർ ദേശത്തെ 12
വിളവ് അനുഭവിച്ചതിൻെറ പിറേറദിവസം
മന്നാ നിന്നുപോയി; ഇസ്രായേൽ മക്കൾക്ക്
പിന്നെ മന്ന കിട്ടിയില്ല; ആ വർഷം അവർ
കനാൻ ദേശത്തെ വിളവുകൊണ്ട് ഉപ
ജീവിച്ചു.
യോശുവ യറീഹോയ്ക്കു സമീപം 13
ഇരിക്കുമ്പോൾ തല ഉയർത്തിനോക്കി.
ഒരു ആൾ കയ്യിൽ വാൾ ഊരിപ്പിടി
ച്ചുകൊണ്ട് അവൻെറ നേരെ നില്ക്കുന്നതു
കണ്ടു. യോശുവ അവൻെറ അടുക്കൽ
ചെന്ന് അവനോട്: നീ ഞങ്ങളുടെ പക്ഷ
ക്കാരനോ ശത്രുപക്ഷക്കാരനോ എന്നു
ചോദിച്ചു. അതിന്നു അവൻ: അല്ല, ഞാൻ 14
ദൈവത്തിൻെറ സൈന്യത്തിൻെറ അധി
പതിയായി ഇപ്പോൾ വന്നിരിക്കുന്നു എന്നു
പറഞ്ഞു. അപ്പോൾ യോശുവ സാഷ്ടാംഗം
വീണു നമസ്കരിച്ചു. അവനോട്: കർത്താ
വിന്നു അടിയനോടുള്ള കല്പന എന്തു
എന്നു ചോദിച്ചു. ദൈവത്തിൻെറ സൈന്യ 15
ത്തിൻെറ അധിപതി യോശുവയോട്:
നിൻെറ കാലിൽനിന്നു ചെരിപ്പ് അഴിച്ചു
മാററുക; നീ നില്ക്കുന്ന സ്ഥലം വിശുദ്ധ
മാകുന്നു എന്നു പറഞ്ഞു; യോശുവ അങ്ങ
നെ ചെയ്തു.

അദ്ധ്യായം 6

യറീഹോയെ ഇസ്രായേൽ മക്ക 1
ളുടെ നിമിത്തം ബലപ്പെടുത്തി ഉറ
പ്പാക്കിയിരുന്നു. ആരും പുറത്തിറങ്ങി
യില്ല; അകത്തു കയറിയതുമില്ല. ദൈവം 2
യോശുവയോട് കല്പിച്ചത്: ഞാൻ യറീ
ഹോയേയും അതിൻെറ രാജാവിനേയും
യുദ്ധവീരന്മാരേയും നിൻെറ കയ്യിൽ ഏല്പി
ച്ചിരിക്കുന്നു. നിങ്ങളിൽ യോദ്ധാക്കളായ 3
എല്ലാവരും ഒരു പ്രാവശ്യം പട്ടണത്തെ ചുററി
നടക്കണം. ഇങ്ങനെ ആറു ദിവസം ചെയ്യ
ണം. ഏഴു പുരോഹിതന്മാർ കാഹളങ്ങൾ 4
പെട്ടകത്തിൻെറ മുമ്പിൽ ധ്വനിപ്പിക്കണം.
ഏഴാം ദിവസം ഏഴു പ്രാവശ്യം പട്ടണത്തെ
ചുററുകയും പുരോഹിതന്മാർ കാഹളം
ഊതുകയും വേണം. അവർ നീട്ടിയൂതു 5
കയും നിങ്ങൾ കാഹളനാദം കേൾക്കുകയും
ചെയ്യുമ്പോൾ ജനമൊക്കെയും ഉച്ചത്തിൽ
ആർപ്പിടണം. അപ്പോൾ പട്ടണമതിൽ വീഴും.
ജനം ഓരോരുത്തരായി കയറി ചെല്ലണം.
നൂൻെറ മകനായ യോശുവ പുരോഹിത 6
ന്മാരെ വിളിച്ചു അവരോട്: നിയമപെട്ടകം

പ്പിൻ: ഏഴു പുരോഹിതന്മാർ ദൈവ
ൻെറ പെട്ടകത്തിനു മുമ്പിൽ ഏഴു
ളം ഊതിക്കൊണ്ടിരിക്കണം എന്നു
ഞ്ഞു. ജനത്തോട് അവൻ: നിങ്ങൾ
ു പട്ടണത്തെ ചുററി നടപ്പിൻ; ആയുധ
ികൾ ദൈവത്തിൻെറ പെട്ടകത്തി
മുമ്പിൽ നടക്കണം എന്നു പറഞ്ഞു.
ശുവ ജനത്തോടു പറഞ്ഞതുപോലെ
കാഹളം പിടിച്ചുകൊണ്ട് ഏഴു പുരോ
ന്മാർ ദൈവത്തിൻെറ പെട്ടകത്തിൻെറ
ിൽ നടന്ന് കാഹളം ഊതി. ദൈവത്തി
പെട്ടകം അവരുടെ പിന്നാലെ ചെന്നു.
ുധപാണികൾ കാഹളം ഊതുന്ന
ോഹിതന്മാരുടെ മുമ്പിൽ നടന്നു; ശേഷ
സമൂഹം പെട്ടകത്തിൻെറ പിന്നാലെ
ു; ഇങ്ങനെ അവർ കാഹളം ഊതി
ണ്ടു നടന്നു. യോശുവ ജനത്തോടു:
പ്പിടുവിൻ എന്നു ഞാൻ നിങ്ങളോട്
ിക്കുന്ന നാൾവരെ നിങ്ങൾ ആർപ്പിട
ശബ്ദം കേൾപ്പിക്കരുത്; വായിൽനി
ഒരു വാക്കും പുറപ്പെടുകയും അരുത്.
ൻെറശേഷം ആർപ്പിടാം എന്നു കല്പി
അങ്ങനെ ദൈവത്തിൻെറ പെട്ടകം ഒരു
ശ്യം പട്ടണത്തെ ചുററിനടന്നു; പിന്നെ
ർ പാളയത്തിലേക്കു വന്നു പാളയ
ർ പാർത്തു.
യോശുവ അതിരാവിലെ എഴുന്നേററു;
ോഹിതന്മാർ ദൈവത്തിൻെറ പെട്ടകം
ത്തു. ഏഴു പുരോഹിതന്മാർ ദൈവത്തി
പെട്ടകത്തിൻെറ മുമ്പിൽ ഏഴു കാഹളം
ച്ചു. കാഹളം ഊതിക്കൊണ്ടു നടന്നു;
ുധപാണികൾ അവരുടെ മുമ്പിൽ
ു; ശേഷമുള്ള കൂട്ടം ദൈവത്തിൻെറ
കത്തിൻെറ പിന്നാലെ നടന്നു; ഇങ്ങനെ
ർ കാഹളം ഊതിക്കൊണ്ടു നടന്നു.
ം ദിവസവും അവർ പട്ടണത്തെ ഒരു
ശ്യം ചുററിയിട്ട് പാളയത്തിലേക്കു മട
പ്പോന്നു. ഇങ്ങനെ അവർ ആറു ദിവസം
തു. ഏഴാം ദിവസമോ അവർ അതി
ത്തു എഴുന്നേററു പട്ടണത്തെ ആ വിധ
ർ തന്നേ ഏഴു പ്രാവശ്യം ചുററി; അന്നു
അവർ പട്ടണത്തെ ഏഴു പ്രാവശ്യം
; ഏഴാം പ്രാവശ്യം പുരോഹിതന്മാർ
ളം ഊതിയപ്പോൾ യോശുവ ജന
ടു പറഞ്ഞതെന്തെന്നാൽ: ആർപ്പിടു
കർത്താവു പട്ടണം നിങ്ങൾക്ക് തന്നിരി
ു. ഈ പട്ടണവും അതിലുള്ളതൊ
ും ദൈവത്തിന്നു ശാപവസ്തുവായി
; എങ്കിലും റാഹാബ് എന്ന വേശ്യ
അയച്ച ദൂതന്മാരെ ഒളിപ്പിച്ചതിനാൽ

അവളും അവളോടുകൂടെ വീട്ടിലുള്ള 17
എല്ലാവരും ജീവനോടിരിക്കട്ടെ. എന്നാൽ
നിങ്ങൾ ശപഥം ചെയ്തിരിക്കെ ശാപവസ്തു
വിൽനിന്നും വല്ലതും എടുത്തിട്ട് ഇസ്രാ
യേൽ പാളയത്തിനു ശാപവും അനർത്ഥവും
വരുത്താതിരിക്കേണ്ടതിന്നു ശാപവസ്തു
വൊന്നും തൊടാതിരിപ്പാൻ സൂക്ഷിച്ചു
കൊൾവിൻ. വെള്ളിയും പൊന്നും മുഴുവനും 18
ചെമ്പും ഇരുമ്പുംകൊണ്ടുള്ള പാത്രങ്ങളും
ദൈവത്തിനു വിശുദ്ധം; അവ ദൈവത്തി
ൻെറ ഭണ്ഡാരത്തിൽ ചേരണം. അനന്തരം 19
ജനം ആർപ്പിടുകയും പുരോഹിതന്മാർ
കാഹളം ഊതുകയും ചെയ്തു. ജനം കാഹള
നാദം കേട്ട് അത്യുച്ചത്തിൽ ആർപ്പിട്ടപ്പോൾ
കോട്ട വീണു; ജനം ഓരോരുത്തൻ നേരെ
മുമ്പോട്ട് പട്ടണത്തിലേക്കു കടന്നു പട്ടണം
പിടിച്ചു. പുരുഷൻ, സ്ത്രീ, ബാലൻ, വൃദ്ധൻ, 20
ആടു, മാടു, കഴുത എന്നിങ്ങനെ പട്ടണ
ത്തിലുള്ള സകലത്തെയും അവർ വാളാൽ
പൂർണ്ണമായി സംഹരിച്ചു. എന്നാൽ
രാജ്യത്തെ ഒററുനോക്കിയ രണ്ടു 21
പുരുഷന്മാരോട് യോശുവ: വേശ്യയുടെ
വീട്ടിൽ ചെന്ന് അവിടെനിന്ന് ആ സ്ത്രീ
യെയും അവൾക്കുള്ള സകലത്തെയും
നിങ്ങൾ അവളോട് സത്യം ചെയ്തതു
പോലെ പുറത്തു കൊണ്ടുവരുവിൻ എന്നു 22
പറഞ്ഞു. അങ്ങനെ ഒററുകാർ ചെന്നു
റാഹാബിനെയും അവളുടെ അപ്പനെയും
അമ്മയെയും സഹോദരന്മാരെയും അവൾ
ക്കുള്ള സകലത്തെയും പുറത്തു കൊണ്ടു
വന്നു. അവളുടെ എല്ലാ ചാർച്ചക്കാരെയും
പുറത്തുകൊണ്ടുവന്നു ഇസ്രായേൽ പാളയ
ത്തിനു പുറത്തു പാർപ്പിച്ചു. പിന്നെ അവർ 23
പട്ടണവും അതിലുള്ളതെല്ലാം തീവച്ചു
ചുട്ടുകളഞ്ഞു. എന്നാൽ വെള്ളിയും
പൊന്നും ചെമ്പുകൊണ്ടും ഇരിമ്പുകൊണ്ടു
മുള്ള പാത്രങ്ങളും അവർ ദൈവത്തിൻെറ
ഭണ്ഡാരത്തിൽ വച്ചു. യറീഹോയെ 24
ഒററുനോക്കുവാൻ അയച്ച ദൂതന്മാരെ
റാഹാബ് എന്ന വേശ്യ ഒളിപ്പിച്ചതുകൊണ്ട്
യോശുവ അവളെയും അവളുടെ പിതൃ
ഭവനത്തെയും അവൾക്കുള്ള സകലത്തെ
യും ജീവനോടെ രക്ഷിച്ചു. അവൾ ഇന്നുവ
രെയും ഇസ്രായേലിൽ പാർക്കുന്നു. അക്കാ 25
ലത്ത് യോശുവ ശപഥം ചെയ്തു. ഈ യരീ
ഹോപട്ടണത്തെ പണിയുവാൻ തുനിയുന്ന
മനുഷ്യൻ ദൈവത്തിൻെറ മുമ്പാകെ ശപിക്ക
പ്പെട്ടവൻ, അവൻ അതിൻെറ അടിസ്ഥാനമി
ടുമ്പോൾ അവൻെറ മൂത്ത മകൻ നഷ്ടമാ
കും; അതിൻെറ കതക് തൊടുക്കുമ്പോൾ

ഇളയമകനും നഷ്ടമാകും എന്നു പറഞ്ഞു.
26 അങ്ങനെ ദൈവം യോശുവയോടുകൂടെ
ഉണ്ടായിരുന്നു; അവന്റെ കീർത്തി ദേശത്ത്
എല്ലായിടത്തും വ്യാപിച്ചു.

അദ്ധ്യായം 7

1 എന്നാൽ ഇസ്രായേൽ മക്കൾ ശാപ
വസ്തു സംബന്ധിച്ച് ഒരു അകൃത്യം ചെയ്തു;
യഹൂദഗോത്രത്തിൽ സേരഹിന്റെ മക
നായ സബ്ദിയുടെ മകനായ കർമ്മിയുടെ
മകൻ ആഖാർ ശാപവസ്തുവിൽ ചിലതു
എടുത്തു ഒളിച്ചുവച്ചു. ദൈവത്തിന്റെ
കോപം ഇസ്രായേൽ മക്കളുടെ നേരെ
ജ്വലിച്ചു.
2 യോശുവ യറീഹോയിൽനിന്നു ബേ
ഥേലിന്നു കിഴക്ക് ബേഥാവന്റെ സമീപ
ത്തുള്ള ഹായിയിലേക്കു ആളുകളെ അയ
ച്ചു അവരോട്: നിങ്ങൾ ചെന്നു ദേശം ഒററു
3 നോക്കുവിൻ എന്നു പറഞ്ഞു. അവർ ചെന്നു
ഹായിയെ ഒററുനോക്കി, യോശുവയുടെ
അടുക്കൽ മടങ്ങിവന്നു അവനോട്: ജനം
എല്ലാം പോകണമെന്നില്ല, ഹായിയെ
ജയിച്ചടക്കുവാൻ രണ്ടായിരമോ മൂവായി
രമോ പോയാൽ മതി; സർവ്വജനത്തെയും
അവിടേക്കു അയക്കേണ്ട; അവർ ആൾ
4 ചുരുക്കമത്രെ എന്നു പറഞ്ഞു. അങ്ങനെ
ജനത്തിൽ ഏകദേശം മൂവായിരം പേർ
അവിടേക്കു പോയി. എന്നാൽ അവർ ഹായി
പട്ടണക്കാരുടെ മുമ്പിൽനിന്നു തോററ്
5 ഓടി. ഹായി പട്ടണക്കാർ അവരിൽ മുപ്പ
ത്താറു പേരെ കൊന്നു, അവരെ പട്ടണ
വാതില്ക്കൽ തുടങ്ങി അവർ ചിതറിപ്പോകു
വോളം പിന്തുടർന്നു അവരെ കഠിനമായി
ഉപദ്രവിച്ചു; അതുകൊണ്ട് ജനത്തിന്റെ
ഹൃദയം ഉരുകി വെള്ളംപോലെ ആയിത്തീർ
6 ന്നു. യോശുവ വസ്ത്രം കീറി ദൈവത്തി
ന്റെ പെട്ടകത്തിന്റെ മുമ്പിൽ അവനും
ഇസ്രായേൽ മൂപ്പന്മാരും തലയിൽ മണ്ണു
വാരിയിട്ടുകൊണ്ട് സന്ധ്യവരെ സാഷ്ടാംഗം
വീണുകിടന്നു. ദൈവമായ കർത്താ
7 വേ ഞങ്ങളെ നശിപ്പിപ്പാൻ അമോര്യരുടെ
കയ്യിൽ ഏല്പിക്കേണ്ടതിന്നു നീ ഈ
ജനത്തെ യോർദ്ദാന്നിക്കരെ കൊണ്ടുവന്ന
തു എന്ത്? ഞങ്ങൾ യോർദ്ദാന്നക്കരെ കഴി
8 ഞ്ഞിരുന്നെങ്കിൽ മതിയായിരുന്നു. ദൈവമേ,
ഇസ്രായേൽ ശത്രുക്കൾക്ക് പുറംകാട്ടിയ ശേ
9 ഷം ഞാൻ എന്തു പറയും! കനാന്യരും ദേശ
വാസികൾ മുഴുവനും കേട്ടിട്ടു ഞങ്ങളെ
വളഞ്ഞു ഭൂമിയിൽനിന്നു ഞങ്ങളുടെ പേർ
മായിച്ചുകളയുമല്ലോ; എന്നാൽ നീ നിന്റെ
മഹത്തായ നാമത്തിനുവേണ്ടി എന്തു
ചെയ്യും എന്നു യോശുവ പറഞ്ഞു. ദൈവം 10
യോശുവയോട് അരുളിച്ചെയ്തത്: എഴു
ന്നേല്ക്കുക; നീ ഇങ്ങനെ കവിണ്ണു വീണു
കിടക്കുന്നതു എന്തിന്ന്? ഇസ്രായേൽ പാപം 11
ചെയ്തിരിക്കുന്നു; ഞാൻ അവരോട് കല്പി
ച്ചിട്ടുള്ള എന്റെ കല്പന അവർ ലംഘിച്ചി
രിക്കുന്നു. അവർ ശാപവസ്തു എടുത്തി
രിക്കുന്നു; അവർ മോഷ്ടിച്ചു; മറവ് ചെയ്തു
തങ്ങളുടെ സാമാനങ്ങൾക്കിടയിൽ അതു
വച്ചിരിക്കുന്നു.

ഇസ്രായേൽമക്കൾ ശാപഗ്രസ്തരായി 12
തീർന്നതുകൊണ്ട് ശത്രുക്കളുടെ മുമ്പിൽ
നില്പാൻ കഴിയാതെ ശത്രുക്കൾക്ക് പുറം
കാട്ടേണ്ടിവന്നു. ശാപവസ്തു നിങ്ങളുടെ
ഇടയിൽനിന്നു നീക്കാതിരുന്നാൽ ഞാൻ
നിങ്ങളോടുകൂടെ ഇരിക്കയില്ല. നീ എഴുന്നേ 13
ററ് വിളിച്ചു വരുത്തി അവരോട് പറയുക:
നാളെ നിങ്ങൾ വന്നു കൂടണം; ഇസ്രായേ
ലെ, നിന്റെ നടുവിൽ ഒരു ശാപം ഉണ്ട്;
ശാപം നിങ്ങളുടെ ഇടയിൽനിന്നു നീക്കി
ക്കളയുംവരെ ശത്രുക്കളുടെ മുമ്പിൽ
നില്പാൻ നിനക്ക് കഴിയുകയില്ല എന്നി
ങ്ങനെ ഇസ്രായേലിന്റെ ദൈവമായ
കർത്താവ് കല്പിക്കുന്നു. നിങ്ങൾ രാവിലെ 14
ഗോത്രം ഗോത്രമായി അടുത്തു വരണം;
കർത്താവ് പിടിക്കുന്ന ഗോത്രം വംശംവംശ
മായി അടുത്തു വരണം; കർത്താവ് പിടി
ക്കുന്ന വംശം കുടുംബം കുടുംബമായി അടു
ത്തു വരണം; കർത്താവ് പിടിക്കുന്ന
കുടുംബം ആളാംപ്രതി അടുത്തു വരണം.
ശാപവസ്തുവോടുകൂടെ പിടിപെടുന്നവ 15
നെയും അവന്നുള്ള സകലത്തെയും തീ
യിൽ ഇട്ടു ദഹിപ്പിക്കണം; അവൻ കർത്താ
വിന്റെ കല്പന ലംഘിച്ച് ഇസ്രായേലിൽ
വഷളത്വം പ്രവർത്തിച്ചിരിക്കുന്നു.

അങ്ങനെ യോശുവ അതിരാവിലെ 16
എഴുന്നേററു ഇസ്രായേലിനെ ഗോത്രം
ഗോത്രമായി വരുത്തി. യഹൂദാഗോത്രം
പിടിക്കപ്പെട്ടു. അവൻ യഹൂദഗോത്രത്തെ 17
വംശം വംശമായി വരുത്തി; സർഹ്യവംശം
പിടിക്കപ്പെട്ടു; അവൻ സർഹ്യവംശത്തെ
കുടുംബം കുടുംബമായി വരുത്തി; സബ്ദി
പിടിക്കപ്പെട്ടു, അവന്റെ കുടുംബത്തെ ആ 18
ളാംപ്രതി വരുത്തി; യെഹൂദാഗോത്രത്തിൽ
സോരഹിന്റെ മകനായ സബ്ദിയുടെ
മകനായ കർമ്മിയുടെ മകൻ ആഖാർ
പിടിക്കപ്പെട്ടു. യോശുവ ആഖാരോട്: 19
ഇസ്രായേലിന്റെ ദൈവമായ കർത്താ
വിന്നു മഹത്വം കൊടുത്ത് അവനോട്

ൃററുപറയുക; നീ എന്തു ചെയ്തു എന്നു
റയുക; എന്നോട് മറച്ചുവയ്ക്കരുത് എന്നു
റഞ്ഞു. ആഖാർ യോശുവയോട്: ഞാൻ
സ്രായേലിൻെറ ദൈവമായ കർത്താ
നോടു തെററുകൾ ഇന്നിന്നതു ചെയ്തിരി
ുന്നു സത്യം. ഞാൻ കൊള്ളയുടെ കൂട്ട
തിൽ വിശേഷമായൊരു ബാബിലോന്യ
മലങ്കിയും ഇരുനൂറു ശേക്കൽ വെള്ളിയും
മ്പതു ശേക്കൽ തൂക്കമുള്ള ഒരു പൊൻ
ട്ടിയും കണ്ടു മോഹിച്ചു എടുത്തു; അവ
ൻെറ കൂടാരത്തിൻെറ നടുവിൽ നിലത്തു
ുഴിച്ചിട്ടിരിക്കുന്നു; വെള്ളി അടിയിൽ ആകു
ു എന്നു ഉത്തരം പറഞ്ഞു. യോശുവ
തന്മാരെ അയച്ചു; അവർ കൂടാരത്തിൽ
ാടിച്ചെന്നു, കൂടാരത്തിൽ അതും അടിയിൽ
വള്ളിയും കുഴിച്ചിട്ടിരിക്കുന്നതു കണ്ടു.
വർ അവയെ കൂടാരത്തിൽനിന്നു എടു
തു യോശുവയുടെയും എല്ലാ ഇസ്രായേൽ
ക്കളുടെയും അടുക്കൽ കൊണ്ടുവന്നു.
വൻ അതു ദൈവത്തിൻെറ സന്നിധിയിൽ
ച്ചു. അപ്പോൾ യോശുവയും എല്ലാ
സ്രായേലും കൂടെ സോറഹിൻെറ പുത്ര
ായ ആഖാറെ വെള്ളി, മേലങ്കി, പൊൻ
ട്ടി, അവൻെറ പുത്രന്മാർ, പുത്രിമാർ, അവ
ൻെറ കാള, കഴുത, ആട്, കൂടാരം ഇങ്ങനെ
വനുള്ള സകലവുമായി ആഖോർ
ാഴ്വരയിൽ കൊണ്ടുപോയി, നീ ഞങ്ങളെ
ിഷമിപ്പിച്ചതു എന്തിന്ന്? ദൈവം ഇന്നു
ിന്നെ വിഷമിപ്പിക്കും എന്നു യോശുവ
റഞ്ഞു. പിന്നെ ഇസ്രായേലെല്ലാം അവ
നയും അവനുള്ള സകലത്തെയും കല്ലെറി
ുകയും തീയിൽ ഇട്ട് ചുട്ടുകളകയും
ചയ്തു. അവൻെറ മേൽ അവർ ഒരു വലിയ
ല്ക്കുന്നു കൂട്ടി, അതു ഇന്നുവരെ ഇരി
ുന്നു. ഇങ്ങനെ ദൈവത്തിൻെറ ഉഗ്ര
കോപം മാറി; അതുകൊണ്ട് ആ സ്ഥല
ത്തിന്നു ആഖോർ താഴ്വര എന്ന് ഇന്നു
രെ പേർ പറഞ്ഞുവരുന്നു.

അദ്ധ്യായം 8

അനന്തരം ദൈവം യോശുവയോട്
അരുളിച്ചെയ്തു: ഭയപ്പെടരുത്, ഇളകുകയും
രുത്; സൈന്യത്തെയെല്ലാംകൂട്ടി പുറപ്പെട്ട്
ഹായിയിലേക്ക് ചെന്നു യുദ്ധം ചെയ്യുക;
ഞാൻ ഹായിരാജാവിനെയും അവൻെറ
നത്തെയും പട്ടണത്തെയും ദേശത്തെയും
ിൻെറ കയ്യിൽ തന്നിരിക്കുന്നു. യറീഹോ
യോടും അതിൻെറ രാജാവിനോടും ചെയ്ത
ുപോലെ നീ ഹായിയോടും അതിൻെറ
രാജാവിനോടും ചെയ്യണം; എന്നാൽ അതി
ലെ കൊള്ളയെയും കന്നുകാലികളെയും
നിങ്ങൾക്ക് എടുക്കാം. പട്ടണത്തിൻെറ
പിൻഭാഗത്തു പതിയിരിക്കണം. അങ്ങനെ 3
യോശുവയും സൈന്യവും ഹായി
യിലേക്കു പോകുവാൻ പുറപ്പെട്ടു. പരാക്രമ
ശാലികളായ മൂവായിരംപേരെ യോശുവ
തിരഞ്ഞെടുത്തു രാത്രിയിൽ അയച്ചു. അവ 4
രോട് കല്പിച്ചതു: നിങ്ങൾ പട്ടണത്തിൻെറ
പിൻഭാഗത്തു പതിയിരിക്കണം; പട്ടണ
ത്തോട് ഏറെ അകലാതെ എല്ലാവരും
ഒരുങ്ങിയിരിക്കണം. ഞാനും എന്നോടു 5
കൂടെയുള്ള സകല ജനവും പട്ടണത്തോടു
അടുക്കും; അവർ മുമ്പിലത്തെപ്പോലെ
ഞങ്ങളുടെ നേരെ പുറപ്പെട്ടുവരുമ്പോൾ
ഞങ്ങൾ അവരുടെ മുമ്പിൽനിന്നു ഓടും.
അവർ ഞങ്ങളെ പിന്തുടർന്നു പട്ടണം വിട്ടു 6
പുറത്താകും. അവർ മുമ്പെപ്പോലെ നമ്മു
ടെ മുമ്പിൽനിന്നു ഓടിപ്പോകുന്നു എന്നു
അവർ പറയും; അങ്ങനെ ഞങ്ങൾ അവരു
ടെ മുമ്പിൽനിന്നും ഓടും. ഉടനെ നിങ്ങൾ 7
ഒളിവിടങ്ങളിൽനിന്നു എഴുന്നേററു പട്ടണം
പിടിക്കണം. നിങ്ങളുടെ ദൈവമായ
കർത്താവ് അത് നിങ്ങളുടെ കയ്യിൽ ഏല്പി
ക്കും. പട്ടണം പിടിച്ചശേഷം നിങ്ങൾ അതി
ന്നു തീ വയ്ക്കണം; ദൈവത്തിൻെറ കല്പ 8
നപ്രകാരം നിങ്ങൾ ചെയ്യണം. ഓർത്തു
കൊൾവിൻ; ഞാൻ നിങ്ങളോട് കല്പി 9
ച്ചിരിക്കുന്നു. അങ്ങനെ യോശുവ അവരെ
അയച്ചു. അവർ പതിയിരിപ്പിനു ചെന്നു
ബേഥേലിന്നും ഹായിക്കും മദ്ധ്യേ ഹായിക്കു
പടിഞ്ഞാറു ഇരുന്നു; യോശുവയോ ആ
രാത്രി ജനത്തിൻെറ ഇടയിൽ താമസിച്ചു.
യോശുവ അതികാലത്ത് എഴുന്നേററു 10
ജനത്തെ എണ്ണിനോക്കി. അവനും ഇസ്രാ
യേൽ മൂപ്പന്മാരും ജനത്തിനു മുമ്പായി
ഹായിക്കു ചെന്നു. അവനോടുകൂടി ഉണ്ടാ 11
യിരുന്ന സൈന്യമെല്ലാം പുറപ്പെട്ടു അടുത്തു
ചെന്നു പട്ടണത്തിനു മുമ്പിൽ എത്തി ഹാ
യിക്കു വടക്കു പാളയമിറങ്ങി. അവർക്കും
ഹായിക്കും മദ്ധ്യേ ഒരു താഴ്വര ഉണ്ടാ
യിരുന്നു. അവൻ ഏകദേശം അയ്യായിരം 12
പേരെ തിരഞ്ഞെടുത്തു ബേഥേലിന്നും
ഹായിക്കും മദ്ധ്യേ പട്ടണത്തിനു പടിഞ്ഞാ
റ് ഒളിപ്പിച്ചു. അവർ പട്ടണത്തിനു വ 13
ടക്കു സൈന്യത്തെയും പട്ടണത്തിനു
പടിഞ്ഞാറു ഒളിപ്പോരുകാരെയും നിറു
ത്തി. യോശുവ ആ രാത്രി ജനങ്ങളുടെ
നടുവിലേക്കു പോയി, ഹായി രാജാവ് അതു 14
കണ്ടപ്പോൾ അവനും നഗരവാസികളായ
അവൻെറ ജനമെല്ലാം ധൃതിയിൽ എഴു

ന്നേററു സമഭൂമിക്കു മുമ്പിൽ ഇസ്രായേ
ലിൻെറ നേരെ യുദ്ധത്തിനു പുറപ്പെട്ടു.
പട്ടണത്തിൻെറ പിൻവശത്തു തനിക്കു
വിരോധമായി പതിയിരിപ്പ് ഉണ്ട് എന്നു
15 അവൻ അറിഞ്ഞില്ല. യോശുവയും എല്ലാ
ഇസ്രായേലും അവരോടു തോററ ഭാവ
16 ത്തിൽ മരുഭൂമി വഴിയായി ഓടി. അവരെ
പിന്തുടരേണ്ടതിന്നു പട്ടണത്തിലെ ജന
ത്തെയെല്ലാം വിളിച്ചുകൂട്ടി അവർ യോശു
വയെ പിന്തുടർന്നു പട്ടണം വിട്ടു പുറ
17 ത്തായി. ഹായിയിലും ബേഥേലിലും ഇസ്രാ
യേലിൻെറ പിന്നാലെ പുറപ്പെടാതെ ഒരു
ത്തനും ശേഷിച്ചില്ല; അവർ പട്ടണം തുറന്നിട്ട്
18 ഇസ്രായേലിനെ പിന്തുടർന്നു. അപ്പോൾ
ദൈവം യോശുവയോട് നിൻെറ കൈയി
ലുള്ള കുന്തം ഹായിക്കു നേരെ ഉയർത്തുക.
ഞാൻ അതു നിൻെറ കൈയിൽ ഏല്പിക്കും
എന്നു അരുളിച്ചെയ്തു. അങ്ങനെ യോശുവ
തൻെറ കൈയിലുള്ള കുന്തം ഹായിക്കു
19 നേരെ ഉയർത്തി. അവൻ കൈ നീട്ടിയ ഉടനെ
പതിയിരിപ്പുകാർ തങ്ങളുടെ സ്ഥലത്തു
നിന്നു എഴുന്നേററ് ഓടി പട്ടണത്തിൽ
20 കയറി അതു പിടിച്ചു. ക്ഷണത്തിൽ പട്ടണ
ത്തിനു തീ വച്ചു. ഹായി പട്ടണക്കാർ
പുറകോട്ടു നോക്കിയപ്പോൾ പട്ടണത്തിലെ
പുക ആകാശത്തേക്കു പൊങ്ങുന്നതു
കണ്ടു; അവർക്ക് ഇങ്ങോട്ടോ അങ്ങോട്ടോ
ഓടുവാൻ കഴിവില്ലാതായി. മരുഭൂമി വഴി
യായി ഓടിയ ജനവും തങ്ങളെ പിന്തുടരു
21 ന്നവരുടെ നേരെ തിരിഞ്ഞു. പതിയിരിപ്പു
കാർ പട്ടണം പിടിച്ചു. പട്ടണത്തിലെ പുക
മേലോട്ട് പൊങ്ങുന്നു എന്നു യോശുവായും
എല്ലാ ഇസ്രായേലും കണ്ടപ്പോൾ മടങ്ങി വ
22 ന്നു പട്ടണക്കാരെ നശിപ്പിച്ചു. മററവരും പട്ട
ണത്തിൽനിന്നു അവരുടെ നേരെ പുറപ്പെട്ടു;
ഇങ്ങനെ ഇസ്രായേൽ ഇപ്പുറത്തും അപ്പുറ
ത്തും അവർ നടുവിലും ആയി, ഒരുത്തനും
ശേഷിക്കുകയോ വഴുതിപ്പോകുകയോ
23 ചെയ്യാതവണ്ണം അവരെ നശിപ്പിച്ചു. ഹായി
രാജാവിനെ അവർ ജീവനോടെ പിടിച്ചു
യോശുവയുടെ അടുക്കൽ കൊണ്ടുവന്നു.
24 ഇസ്രായേൽ തങ്ങളെ പിന്തുടർന്ന ഹായി
പട്ടണക്കാരെ എല്ലാം വെളിമ്പ്രദേശത്തു
മരുഭൂമിയിൽ വച്ച് കൊന്നു. അവർ
ഒട്ടൊഴിയാതെ എല്ലാവരും വാളാൽ
വീണൊടുങ്ങി. ഇസ്രായേല്യർ എല്ലാം
ഹായിയിലേക്കു മടങ്ങിച്ചെന്നു. വാളാൽ
അതിനെ സംഹരിച്ചു. അന്നു പുരു
25 ഷന്മാരും സ്ത്രീകളുമായി വീണൊടു
ങ്ങിയവർ ആകെ പന്തീരായിരം പേർ;

ഹായി പട്ടണക്കാർ എല്ലാവരും തന്നെ.
ഹായിപട്ടണക്കാരെ മുഴുവൻ നിർമ്മൂലമാ 26
ക്കുംവരെ കുന്തം ഉയർത്തിയ കൈ യോശു
വ പിൻവലിച്ചില്ല. ദൈവം യോശുവയോട് 27
കല്പിച്ച വചനപ്രകാരം ഇസ്രായേല്യർ
പട്ടണത്തിലെ കന്നുകാലികളെയും കൊള്ള
യെയും തങ്ങൾക്കായി തന്നെ എടുത്തു.
പിന്നെ യോശുവ ഹായിപട്ടണം ചുട്ടു സദാ 28
കാലത്തേക്കും ഒരു മൺകുന്നും ശൂന്യ ഭൂമി
യുമാക്കിത്തീർത്തു; അതു ഇന്നുവരെയും
അങ്ങനെ കിടക്കുന്നു. ഹായി രാജാവിനെ 29
അവൻ സന്ധ്യവരെ ഒരു മരത്തിൽ തൂക്കി;
സൂര്യൻ അസ്തമിച്ചപ്പോൾ യോശുവയുടെ
കല്പനപ്രകാരം ശവം മരത്തിൽനിന്നു
ഇറക്കി പട്ടണവാതില്ക്കൽ ഇടുകയും
അതിന്മേൽ ഇന്നുവരെ നില്ക്കുന്ന ഒരു
വലിയ കല്ക്കുന്നു കൂട്ടുകയും ചെയ്തു.
അനന്തരം യോശുവ ഇസ്രായേലിൻെറ 30
ദൈവമായ കർത്താവിനു ഏബാൽപർവ്വത
ത്തിൽ ഒരു യാഗപീഠം പണിതു. ദൈവ 31
ത്തിൻെറ ദാസനായ മോശ ഇസ്രായേൽ
മക്കളോട് കല്പിച്ചതുപോലെയും മോശ
യുടെ ന്യായപ്രമാണപുസ്തകത്തിൽ എഴു
തിയിരിക്കുന്നതുപോലെയും ചെത്തുക
യോ ഇരിമ്പുതൊടുവിക്കയോ ചെയ്യാത്ത
കല്ലുകൊണ്ടുള്ള ഒരു യാഗപീഠം പണിതു.
അവർ അതിന്മേൽ ദൈവത്തിനു ഹോമ
യാഗങ്ങളും സമാധാനയാഗങ്ങളും അർപ്പി
ച്ചു. മോശ എഴുതിയിരുന്ന ന്യായപ്രമാണ 32
ത്തിൻെറ ഒരു പകർപ്പ് അവൻ അവിടെ
ഇസ്രായേൽ മക്കൾ കാൺകെ ബലിപീഠ
ത്തിൻെറ കല്ലുകളിൽ എഴുതി. എല്ലാ ഇസ്രാ 33
യേലും അവരുടെ മൂപ്പന്മാരും പ്രമാണികളും
ന്യായാധിപന്മാരും ദൈവത്തിൻെറ നിയമ
പെട്ടകം ചുമന്ന പുരോഹിതന്മാരും ലേവ്യ
രും മുമ്പാകെ സ്വദേശിയും പരദേശിയും
ഒരുപോലെ പെട്ടകത്തിന് ഇപ്പുറത്തും
അപ്പുറത്തും നിന്നു. അവരിൽ പകുതി
ഗെരിസീം പർവ്വതത്തിൻെറ വശത്തും
പകുതി ഏബാൽപർവ്വതത്തിൻെറ
വശത്തും നിന്നു. അവർ ഇസ്രായേൽ
ജനത്തെ അനുഗ്രഹിക്കണമെന്നു ദൈവ
ത്തിൻെറ ദാസനായ മോശ മുമ്പെ കല്പി
ച്ചിരുന്നതുപോലെതന്നെ. അതിൻെറ 34
ശേഷം അവർ ന്യായപ്രമാണപുസ്തക
ത്തിൽ എഴുതിയിരിക്കുന്നതുപോലെ
യെല്ലാം അനുഗ്രഹവും ശാപവുമായ
ന്യായപ്രമാണവചനങ്ങളെല്ലാം വായിച്ചു.
മോശ കല്പിച്ച സകലത്തിലും സ്ത്രീകളും 35
കുട്ടികളും ഉൾപ്പെടെ ഇസ്രായേൽ സഭ

ുവനും അവരോടകൂടെ വന്നിരുന്ന
ദേശികളും കേൾക്കെ യോശുവ മോശ
പിച്ച സകലത്തിലും യാതൊന്നും
യിക്കാതെ വിട്ടുകളഞ്ഞില്ല.

അദ്ധ്യായം 9

എന്നാൽ ഹിത്യർ, അമോര്യർ, കനാ
, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ
നിങ്ങനെ യോർദ്ദാന്നിക്കരെ മലകളിലും
ഴ്വരകളിലും ലെബാനോനെതിരെ
ാസമുദ്രത്തിൻെറ തീരങ്ങളിലുള്ള രാജാ
ന്മാർ വിവരം കേട്ടപ്പോൾ യോശുവയോ
ഇസ്രായേലിനോടും യുദ്ധം ചെയ്യുവാൻ
മനസ്സോടെ യോജിപ്പിലെത്തി.
യോശുവ യറിഹോയോടും
യിയോടും ചെയ്തതു ഗിബെയോൻ
ാസികൾ കേട്ടപ്പോൾ അവർ ഒരു
ായം പ്രയോഗിച്ചു. ഭക്ഷണസാധനങ്ങ
ുക്കി പഴയ ചാക്കുകളും പഴയതും
ിയതും തുന്നിക്കെട്ടിയതുമായ വീഞ്ഞു
ുത്തികളും കഴുതപ്പുറത്തു കയററി,
ക്കംചെന്ന കണ്ടംവെച്ച ചെരിപ്പു കാലി
പഴയ വസ്ത്രം ദേഹത്തും ധരിച്ചു
പ്പെട്ടു; അവരുടെ ഭക്ഷണത്തിനുള്ള
പ്പവും എല്ലാം ഉണങ്ങി പൂത്തിരുന്നു.
വർ ഗില്ഗാലിൽ പാളയത്തിലേക്കു
ാശുവയുടെ അടുക്കൽ ചെന്ന് അവ
ാടും ഇസ്രായേൽ പുരുഷന്മാരോടും
ങ്ങൾ ദൂരദേശത്തുനിന്നും വന്നിരിക്കു
ആകയാൽ ഞങ്ങളോട് ഒരു ഉടമ്പടി
യ്യണം എന്നു പറഞ്ഞു. ഇസ്രായേൽ
ുഷന്മാർ ആ ഹിവ്യരോട്: പക്ഷെ
ങ്ങൾ ഞങ്ങളുടെയിടയിൽ പാർക്കുന്ന
ായിരിക്കും; എന്നാൽ ഞങ്ങൾ നിങ്ങ
ട് ഉടമ്പടി ചെയ്യുന്നതു എന്തിന്? എന്നു
ഞ്ഞു. അവർ യോശുവയോട്: ഞങ്ങൾ
ൻെറ ദാസന്മാരാകുന്നു എന്നു പറഞ്ഞു.
പ്പോൾ യോശുവ അവരോട്: നിങ്ങൾ
ർ? എവിടെനിന്നു വരുന്നു എന്നു ചോദി
അവർ അവനോട്: അടിയങ്ങൾ നിൻെറ
വമായ കർത്താവിൻെറ നാമംനിമിത്തം
റവും ദൂരദേശത്തുനിന്നു വന്നിരിക്കു
; അവൻെറ കീർത്തിയും അവൻ മെസ്രേ
ൽ ചെയ്തതൊക്കെയും ഹെസ്ബോൻ
ാവായ സീഹോൻ, അസ്തരോത്തിലെ
ശാൻ രാജാവായ ഓഗ് ഇങ്ങനെ
ാർദ്ദാന്നക്കരെയുള്ള അമോര്യരുടെ
ട് രാജാക്കന്മാരോടും അവൻ ചെയ്ത
ല്ലാം ഞങ്ങൾ കേട്ടിരിക്കുന്നു. അതു
ാണ്ട് ഞങ്ങളുടെ മൂപ്പന്മാരും ദേശനിവാ
സികൾ എല്ലാവരും ഞങ്ങളോട്: വഴിക്കു
വേണ്ടുന്ന ഭക്ഷണസാധനം എടുത്ത്
അവരെ ചെന്നു കണ്ട് ഞങ്ങൾ നിങ്ങളുടെ
ദാസന്മാർ ആയിക്കൊള്ളാം എന്നു അവ
രോട് പറയണമെന്നു പറഞ്ഞു; ആകയാൽ
നിങ്ങൾ ഞങ്ങളോടു ഉടമ്പടി ചെയ്യണം.
ഞങ്ങൾ നിങ്ങളുടെ അടുക്കൽ വരുവാൻ 12
പുറപ്പെട്ട നാളിൽ ഭക്ഷണത്തിനായിട്ട് ഈ
അപ്പം ചൂടോടെ ഞങ്ങളുടെ വീടുകളിൽ
നിന്നു എടുത്തതാകുന്നു. ഇപ്പോൾ ഇതാ
ഉണങ്ങി പൂത്തിരിക്കുന്നു. ഞങ്ങൾ വീഞ്ഞു 13
നിറച്ചുകൊണ്ടു പോന്ന ഈ തുരുത്തികൾ
പുത്തനായിരുന്നു, ഇപ്പോൾ ഇതാ, അവ
കീറിയിരിക്കുന്നു. ഞങ്ങളുടെ ഈ വസ്ത്ര
വും ചെരിപ്പും ദീർഘയാത്രയിൽ പഴക്കമാ
യിരിക്കുന്നു. അപ്പോൾ ഇസ്രായേൽ 14
പുരുഷന്മാർ കർത്താവിനോട് ചോദിക്കാ
തെ അവരുടെ ഭക്ഷണസാധനം വാങ്ങി
ആസ്വദിച്ചു. യോശുവ അവരോട് സഖ്യവും 15
അവരെ ജീവനോടെ രക്ഷിക്കുമെന്നു
ഉടമ്പടിയും ചെയ്തു. സഭയിലെ പ്രഭുക്ക
ന്മാരും അവരോട് സത്യം ചെയ്തു. ഉട 16
മ്പടിചെയ്തിട്ട് മൂന്നു ദിവസം കഴിഞ്ഞ
ശേഷം അവർ സമീപസ്ഥർ എന്നും തങ്ങ
ളുടെ ഇടയിൽ പാർക്കുന്നവർ എന്നും അവർ
കേട്ടു. ഇസ്രായേൽ മക്കൾ യാത്ര പുറ 17
പ്പെട്ടതിൻെറ മൂന്നാം ദിവസം അവരുടെ
പട്ടണങ്ങളിൽ എത്തി. അവരുടെ പട്ടണ
ങ്ങൾ ഗിബെയോൻ, കെഫീര, ബേരോത്ത്,
കുര്യത്ത്യെയാരീം എന്നിവ ആയിരുന്നു.
സഭയിലെ പ്രഭുക്കന്മാർ ഇസ്രായേലിൻെറ 18
ദൈവമായ കർത്താവിനെക്കൊണ്ട് അവ
രോട് സത്യം ചെയ്തിരിക്കയാൽ ഇസ്രാ
യേൽ മക്കൾ അവരെ സംഹരിച്ചില്ല;
എന്നാൽ സഭ മുഴുവനും പ്രഭുക്കന്മാരുടെ
നേരെ പിറുപിറുത്തു. പ്രഭുക്കന്മാർ എല്ലാ 19
വരും സർവ്വസഭയോടും ഇസ്രായേലിൻെറ
ദൈവമായ കർത്താവിനെക്കൊണ്ട് ഞ
ങ്ങൾ അവരോട് സത്യം ചെയ്തിരിക്കുക
യാൽ നാം അവരെ ഉപദ്രവിക്കരുത്. നാം അ 20
വരോട് ഇങ്ങനെ ചെയ്ത് അവരെ ജീവനോടെ
രക്ഷിക്കണം. അല്ലെങ്കിൽ ചെയ്തുപോയ
സത്യം നിമിത്തം കോപം നമ്മുടെ മേൽ വരും
എന്നു പറഞ്ഞു. അവർക്ക് വാക്കു കൊടു 21
ത്തതുപോലെ പ്രഭുക്കന്മാർ അവരോട്:
ഇവർ ജീവനോടിരിക്കട്ടെ; എങ്കിലും അവർ
സർവ്വസഭയ്ക്കും വിറകു കീറുന്നവരും
വെള്ളം കോരുന്നവരും ആയിരിക്കണം
എന്നു പറഞ്ഞു. പിന്നെ യോശുവ അവരെ 22
വിളിച്ചു അവരോട്: നിങ്ങൾ ഞങ്ങളുടെ

അടുത്ത് പാർത്തിരിക്കെ ബഹുദൂരസ്ഥ
ന്മാർ എന്നു പറഞ്ഞു ഞങ്ങളെ വഞ്ചിച്ചത്
23 എന്ത്? ആകയാൽ നിങ്ങൾ ശപിക്കപ്പെട്ടവർ,
എൻെറ ദൈവത്തിൻെറ ആലയത്തിനു
വേണ്ടി വിറകു കീറുന്നവരും വെള്ളം കോരു
ന്നവരുമായ അടിമകൾ നിങ്ങളിൽ ഒരിക്ക
ലും ഇല്ലാതിരിക്കുകയില്ല എന്നു പറഞ്ഞു.
24 അവർ യോശുവയോട് നിൻെറ ദൈവമായ
കർത്താവ് തൻെറ ദാസനായ മോശയോട്:
നിങ്ങൾക്ക് ഈ ദേശമെല്ലാം തരുമെന്നും
നിങ്ങളുടെ മുമ്പിൽനിന്ന് ഈ ദേശനിവാ
സികളെയെല്ലാം നശിപ്പിക്കുമെന്നും
കല്പിച്ചപ്രകാരം അടിയങ്ങൾക്ക് അറിവു
കിട്ടിയതിനാൽ നിങ്ങളുടെ നിമിത്തം
ഞങ്ങളുടെ ജീവനെക്കുറിച്ച് ഞങ്ങൾ
ഏററവും ഭയപ്പെട്ടു ഈ കാര്യം ചെയ്തിരി
25 ക്കുന്നു. ഇപ്പോൾ ഇതാ, ഞങ്ങൾ നിൻെറ
കയ്യിൽ ഇരിക്കുന്നു; നിനക്ക് ഹിതവും
യുക്തവുമായി തോന്നുന്നതുപോലെ
ഞങ്ങളോടു ചെയ്തുകൊൾക എന്ന്
26 ഉത്തരം പറഞ്ഞു. അങ്ങനെ അവൻ അവ
രോട് ചെയ്തു. ഇസ്രായേൽ മക്കൾ അവരെ
കൊല്ലാതവണ്ണം അവരുടെ കയ്യിൽനിന്നു
27 അവരെ രക്ഷിച്ചു. അന്നു യോശുവ അവരെ
സഭയ്ക്കും ദൈവം തിരഞ്ഞെടുക്കുന്ന
സ്ഥലത്തു അവൻെറ യാഗപീഠത്തിന്നും
വേണ്ടി വിറകു കീറുന്നവരും വെള്ളം കോരു
ന്നവരുമായി നിയമിച്ചു. അങ്ങനെ ഇന്നു
വരെയും ഇരിക്കുന്നു.

അദ്ധ്യായം 10

1 യോശുവ ഹായിപട്ടണം പിടിച്ചു നിർമ്മൂ
ലമാക്കി എന്നും അവൻ യറിഹോയോടും
അതിൻെറ രാജാവിനോടും ചെയ്ത
തുപോലെ ഹായിയോടും അതിൻെറ
രാജാവിനോടും ചെയ്തു എന്നും ഗിബെ
യോൻ നിവാസികൾ ഇസ്രായേലിനോട്
സഖ്യം ചെയ്തു. അവരുടെ കൂട്ടത്തിലായി
2 എന്നും യെറുശലേം രാജാവായ അദോനീ-
സേദെക് കേട്ടപ്പോൾ, ഗിബെയോൻ, രാജ
നഗരങ്ങളിൽ വലിയൊരു പട്ടണവും
ഹായിയെക്കാൾ വലിയതും അവിടത്തെ
പുരുഷന്മാർ എല്ലാവരും പരാക്രമശാലി
കളും ആയിരുന്നതുകൊണ്ടും അവർ ഏറ്റം
3 ഭയപ്പെട്ടു. ആകയാൽ ഹെബ്രോൻ
രാജാവായ ഹോഹാമിൻെറയും യർമ്മൂത്ത്
രാജാവായ പിരാമിൻെറയും ലാഖീം രാജാ
വായ യാഫിയയുടെയും എഗ്ലോൻ രാജാ
വായ ദെബീരിൻെറയും അടുക്കൽ ആള
4 യച്ചു. ഗിബെയോൻ യോശുവയോടും
ഇസ്രായേൽ മക്കളോടും സഖ്യം ചെയ്ക
കൊണ്ടു നാം അതിനെ നശിപ്പിക്കേണ്ട
തിന്നു എന്നെ സഹായിപ്പിൻ എന്നു പറ
യിച്ചു. ഇങ്ങനെ യെറുശലേം രാജാവ്, ഹെ 5
ബ്രോൻ രാജാവ്, യർമ്മൂത്ത് രാജാവ്,
ലാഖീശ് രാജാവ്, എഗ്ലോൻ രാജാവ് എന്നീ
അഞ്ചു അമോര്യ രാജാക്കന്മാരും ഒരുമിച്ചു
കൂടി. അവരും അവരുടെ സൈന്യങ്ങളെല്ലാം
ചെന്നു ഗിബെയോനു നേരെ പാളയം
ഇറങ്ങി അതിനോട് യുദ്ധം ചെയ്തു.
അപ്പോൾ ഗിബെയോന്യർ ഗില്ഗാലിൽ 6
പാളയത്തിലേക്കു യോശുവയുടെ അടു
ക്കൽ ആളയച്ചു. അടിയങ്ങളെ കൈവിടാ
തെ വേഗം ഞങ്ങളുടെ അടുക്കൽ വന്നു
ഞങ്ങളെ സഹായിച്ചു രക്ഷിക്കണമേ;
മലകളിൽ പാർക്കുന്ന അമോര്യരാജാക്ക
ന്മാർ എല്ലാം ഞങ്ങൾക്ക് വിരോധമായി
ഒന്നിച്ചുകൂടിയിരിക്കുന്നു എന്നു പറ
യിച്ചു. യോശുവയും സൈന്യമെല്ലാം 7
സകല പരാക്രമശാലികളും ഗില്ഗാലിൽ
നിന്നു പുറപ്പെട്ടു. ദൈവം യോശുവയോട് 8
അവരെ ഭയപ്പെടരുത്; ഞാൻ അവരെ
നിൻെറ കൈയിൽ ഏല്പിച്ചിരിക്കുന്നു.
അവരിൽ ഒരുത്തനും നിൻെറ മുമ്പിൽ
നില്പാൻ സാദ്ധ്യമാകയില്ല എന്നു അരുളി
ച്ചെയ്തു. യോശുവ ഗില്ഗാലിൽനിന്നു 9
പുറപ്പെട്ടു. രാത്രി മുഴുവനും നടന്നു പെട്ടെ
ന്നു അവരെ എതിർത്തു. ദൈവം 10
ഇസ്രായേലിൻെറ മുമ്പിൽ ഗിബെയോ
നിൽവച്ച് അവരെ കഠിനമായി തോല്പിച്ചു
ബേത്ത്ഹോരോനിലേക്കുള്ള കയററംവഴി
യായി അവരെ ഓടിച്ചു. ആഖാർവരെയും
മക്കോറവരെയും അവരെ സംഹരിച്ചു.
അങ്ങനെ അവർ ഇസ്രായേലിൻെറ മുമ്പിൽ 11
നിന്ന് ഓടി; ബേത്ത്-ഹോരോൻ ഇറക്ക
ത്തിൽ വച്ച് ആഖാർ വരെ ദൈവം ആകാശ
ത്തിൽനിന്നു വലിയ കൽമഴ പെയ്യിച്ചു
അവരെ കൊന്നു. ഇസ്രായേൽ മക്കൾ
വാൾകൊണ്ടു കൊന്നവരേക്കാൾ കല്മഴ
യിൽ മരിച്ചുപോയവർ അധികം ആയിരുന്നു.
ദൈവം അമോര്യരെ ഇസ്രായേൽ 12
മക്കളുടെ കൈയിൽ ഏല്പിച്ചുകൊടുത്ത
ദിവസം യോശുവ ദൈവത്തോടു പ്രാർത്ഥി
ച്ചു, ഇസ്രായേൽ മക്കൾ കേൾക്കെ: സൂര്യാ,
നീ ഗിബയോനിലും, ചന്ദ്രാ, നീ അയ്യാ
ലോൻ താഴ്വരയിലും നില്ക്ക എന്നു പറ
ഞ്ഞു. ജനം തങ്ങളുടെ ശത്രുക്കളോട് പ്രതി 13
കാരം ചെയ്യുവോളം സൂര്യൻ നിന്നു. ചന്ദ്ര
നും നിശ്ചലമായി. മാഹാത്മ്യങ്ങളുടെ
പുസ്തകത്തിൽ അങ്ങനെ എഴുതിയിരി

ന്നുവല്ലോ. ഇങ്ങനെ സൂര്യൻ ആകാശ
്യ ഒരു ദിവസം മുഴുവൻ അസ്തമിക്കാ
ന്നിന്നു. ദൈവം ഒരു മനുഷ്യൻെറ വാക്കു
ആ ദിവസംപോലെ ഒരു ദിവസം
നിന്നു മുമ്പും പിമ്പും ഉണ്ടായിട്ടില്ല;
വംതന്നെയായിരുന്നു ഇസ്രായേലിന്നു
ണ്ടി യുദ്ധം ചെയ്തത്.
അനന്തരം യോശുവയും ഇസ്രായേലെ
ഗില്ഗാലിൽ പാളയത്തിലേക്കു മടങ്ങി
ു. എന്നാൽ ആ രാജാക്കന്മാർ അഞ്ചു
ും ഓടി മക്കേറയിലെ ഗുഹയിൽ
ന്നു ഒളിച്ചു. അഞ്ചു രാജാക്കന്മാർ മക്കേ
ലെ ഗുഹയിൽ ഒളിച്ചിരിക്കുന്നതായി
ു എന്നു യോശുവയ്ക്ക് അറിവു
ി. അപ്പോൾ യോശുവ, ഗുഹയുടെ
തില്ക്കൽ വലിയ കല്ലുകൾ ഉരുട്ടിവച്ചു
വരെ സൂക്ഷിക്കുവാൻ ആളെയാക്കു
; നിങ്ങളോ നില്ക്കാതെ ശത്രുക്കളെ
തുടർന്ന് അവരുടെ പിൻപടയെ സംഹ
ിൻ; പട്ടണത്തിൽ കടപ്പാൻ അവരെ
മതിക്കരുത്; നിങ്ങളുടെ ദൈവമായ
ത്താവ് അവരെ നിങ്ങളുടെ കയ്യിൽ
ിപിച്ചിരിക്കുന്നുവെന്നു പറഞ്ഞു. അങ്ങ
അവരെ സംഹരിക്കുംവരെ യോശു
ും ഇസ്രായേൽ മക്കളും അവരിൽ ഒരു
ാസംഹാരം നടത്തിക്കഴിഞ്ഞപ്പോൾ
ഷിച്ചവരെ ഗിബയോനിലെ അവരുടെ
ട്ടയിൽതന്നെ അടച്ചു. ജനമെല്ലാം സമാ
ാത്തോടെ മക്കേറയിലെ പാളയത്തിൽ
ശുവയുടെ അടുക്കൽ മടങ്ങിവന്നു.
സായേൽ മക്കളിൽ യാതൊരുത്ത
ായും നേരേ ആരും നാവ് അനക്കി
ുമില്ല. പിന്നെ യോശുവ: ഗുഹയുടെ
ം തുറന്നു അഞ്ചു രാജാക്കന്മാരെയും
ായിൽനിന്നു എൻെറ അടുക്കൽ പുറ
കൊണ്ടുവരുവിൻ എന്നു പറഞ്ഞു.
ർ അങ്ങനെ ചെയ്തു; യറുശലേം
ാവ്, ഹെബ്രോൻ രാജാവ്, യർമ്മൂത്ത്
ാവ്, ലാഖീശ് രാജാവ്, എഗ്ലോൻ രാജാവ്
ീ അഞ്ചു രാജാക്കന്മാരെയും ഗുഹ
ിനിന്ന് അവൻെറ അടുക്കൽ കൊണ്ടു
ു. രാജാക്കന്മാരെ യോശുവയുടെ അടു
ൽ കൊണ്ടുവന്നപ്പോൾ യോശുവ
നോടുകൂടെ പോയ സൈന്യത്തിൻെറ
ിപന്മാരെ വിളിച്ചു. അടുത്തു വന്നു ഈ
ാക്കന്മാരുടെ കഴുത്തിൽ കാൽ വയ്
എന്നു പറഞ്ഞു. അവർ അടുത്തു
ന്നു അവരുടെ കഴുത്തിൽ കാൽവച്ചു.
ശുവ അവരോട്: ഭയപ്പെടരുത്, ശങ്കിക്ക
, ബലവും ധൈര്യവും ഉള്ളവരായിരി

പ്പിൻ; നിങ്ങൾ യുദ്ധം ചെയ്യുന്ന സകല ശത്രു
ക്കളോടും ദൈവം ഇങ്ങനെതന്നെ ചെയ്യും
എന്നു പറഞ്ഞു. അതിൻെറശേഷം യോശുവ 26
അവരെ വെട്ടിക്കൊന്ന് അഞ്ചു മരങ്ങളിൽ
തൂക്കി. അവർ സന്ധ്യവരെ തൂങ്ങിക്കിടന്നു.
സൂര്യൻ അസ്തമിക്കുന്ന സമയത്ത് യോശു 27
വയുടെ കല്പനപ്രകാരം അവരെ മരത്തിൽ
നിന്നു ഇറക്കി അവർ ഒളിച്ചിരുന്ന ഗുഹയിൽ
ഇട്ടു; ഗുഹയുടെ ദ്വാരത്തിങ്കൽ വലിയ കല്ല്
ഉരുട്ടിവച്ചു; അതു ഇന്നുവരെയും അവിടെ
ഇരിക്കുന്നു.

അന്നു യോശുവ മക്കേറ പിടിച്ചു 28
വാളാൽ സംഹരിച്ചു അതിനെയും
അതിലെ രാജാവിനെയും അവിടെ
യുള്ള എല്ലാവരെയും നിർമ്മൂലമാക്കി.
ഒരുത്തനെയും ശേഷിപ്പിച്ചില്ല; അവൻ
യറീഹോരാജാവിനോട് ചെയ്തതു
പോലെതന്നെ മക്കേറ രാജാവിനോടും
ചെയ്തു.

യോശുവയും അവനോടുകൂടെ ഇസ്രാ 29
യേലെല്ലാം മക്കേറയിൽനിന്നു ലിബ്ന
യ്ക്കു ചെന്നു ലിബ്നയോട് യുദ്ധം ചെയ്തു.
ദൈവം അതിനെയും അതിലെ രാജാവി 30
നെയും ഇസ്രായേലിൻെറ കയ്യിൽ ഏല്പി
ച്ചു. അവർ അതിനെയും അതിലുള്ള എല്ലാ
വരെയും വാളിൻെറ വായ്ത്തലയാൽ സംഹ
രിച്ചു. അവിടെ ഒരുവനെയും ശേഷിപ്പിച്ചില്ല;
യറീഹോ രാജാവിനോട് ചെയ്തതുപോലെ
അവർ അവിടത്തെ രാജാവിനോടും
ചെയ്തു.

യോശുവയും അവനോടുകൂടെ ഇസ്രാ 31
യേലെല്ലാം ലിബ്നയിൽനിന്നു ലാക്കീശി
നു ചെന്നു അതിൻെറ നേരെ പാളയം
ഇറങ്ങി അതിനോടു യുദ്ധം ചെയ്തു. ദൈവം 32
ലാഖീശിനെ ഇസ്രായേലിൻെറ കയ്യിൽ
ഏല്പിച്ചു. അവർ അതിനെ രണ്ടാം ദിവസം
പിടിച്ചു. ലിബ്നയോട് ചെയ്തതുപോലെ
അതിനെയും അതിലുള്ള എല്ലാവരെയും
വാളിൻെറ വായ്ത്തലയാൽ സംഹരിച്ചു.

അപ്പോൾ ഗോദാർ രാജാവായ ഹെർ 33
മോൻ ലാഖീശിനെ സഹായിപ്പാൻ വന്നു;
എന്നാൽ യോശുവ അവനെയും അവൻെറ
ജനത്തെയും വാളിൻെറ വായ്ത്തലയാൽ
ആരും ശേഷിക്കാത്തവണ്ണം സംഹരിച്ചു.

യോശുവയും ഇസ്രായേലെല്ലാം ലാഖീ 34
ശിൽനിന്നു എഗ്ലോനിലേക്കു ചെന്നു
അതിനോടു യുദ്ധം ചെയ്തു. അവർ അന്നു 35
തന്നെ അതിനെ പിടിച്ചു വാളിൻെറ
വായ്ത്തലയാൽ സംഹരിച്ചു; ലാഖീശി
നോട് ചെയ്തതുപോലെ അവൻ

അതിലുള്ള എല്ലാവരെയും അന്നു നിർമ്മൂ
ലമാക്കി.
36 യോശുവയും ഇസ്രായേലെല്ലാം എഗ്ലോ
നിൽനിന്നു ഹെബ്രോനിൽ ചെന്നു അതി
37 ന്റെ നേരെ യുദ്ധം ചെയ്തു. അവർ അതി
നെ പിടിച്ചു വാളിന്റെ വായ്ത്തലയാൽ
അതിനെയും അതിലെ രാജാവിനെയും
അതിന്റെ എല്ലാ പട്ടണങ്ങളെയും അതി
ലുള്ള എല്ലാവരെയും സംഹരിച്ചു; അവൻ
എഗ്ലോനോടു ചെയ്തതുപോലെ അതി
നെയും അതിലുള്ള സകല മനുഷ്യരെയും
ആരും ശേഷിക്കാത്തവണ്ണം നിർമ്മൂല
മാക്കി.
38 പിന്നെ യോശുവയും എല്ലാ ഇസ്രാ
യേലും തിരിഞ്ഞു ദെബീരിൽ ചെന്നു അതി
39 ന്റെ നേരെ യുദ്ധം ചെയ്തു. അവൻ അതി
നെയും അതിലെ രാജാവിനെയും അതി
ന്റെ എല്ലാ പട്ടണങ്ങളും പിടിച്ച് വാളിന്റെ
വായ്ത്തലയാൽ സംഹരിച്ചു. അതിലുള്ള
എല്ലാവരെയും ആരും ശേഷിക്കാത്തവണ്ണം
നിർമ്മൂലമാക്കി; അവൻ ഹെബ്രോനോടു
ചെയ്തതുപോലെയും ലിബ്നയോടും
അതിലെ രാജാവിനോടും ചെയ്തതുപോ
ലെയും ദെബീരിനോടും അതിലെ രാജാവി
നോടും ചെയ്തു.
40 ഇങ്ങനെ യോശുവ മലനാട്, തെക്കു
ദേശം, താഴ്വീഥി, മലഞ്ചരിവുകൾ എന്നി
ങ്ങനെയുള്ള ദേശമെല്ലാം അവിടങ്ങ
ളിലെ സകല രാജാക്കന്മാരെയും ജയിച്ചു.
ഇസ്രായേലിന്റെ ദൈവമായ കർത്താവ്
കല്പിച്ചതുപോലെ അവൻ ഒരുത്തനെയും
ശേഷിപ്പിക്കാതെ സകല ശക്തിയെയും
41 നിർമ്മൂലമാക്കി. യോശുവ കാദേശ് ബർ
ന്നേയ (റ്ക്കേഗായ) മുതൽ ഗസ്സാവരെയും
ഗിബയോൻവരെയും ഗോശൻദേശം
42 എല്ലാം ജയിച്ചടക്കി. ഈ രാജാക്കന്മാരെ
യും അവരുടെ ദേശത്തെയും യോശുവ
ഒരേ സമയത്തു പിടിച്ചു. ഇസ്രായേലിന്റെ
ദൈവമായ കർത്താവായിരുന്നു ഇസ്രാ
യേലിനു വേണ്ടി യുദ്ധം ചെയ്തത്.

അദ്ധ്യായം 11

1 അനന്തരം ഹാസോർ രാജാവായ നോ
ബീൻ ഇതു കേട്ടപ്പോൾ അവൻ മാറോൻ
രാജാവായ യോബാബ്, ശമര്യാ രാജാവ്,
അക്ക്ശാഫ് രാജാവ് എന്നിവരുടെ അടു
2 ക്കലും വടക്ക് മലമ്പ്രദേശത്തും കിന്നെരോ
ത്തിന്നു തെക്ക് സമഭൂമിയിലും താഴ്വര
യിലും പടിഞ്ഞാറ് ദോർ സമതലത്തും ഉള്ള
3 രാജാക്കന്മാരുടെ അടുക്കലും കിഴക്കും
പടിഞ്ഞാറുമുള്ള കനാന്യർ, പർവ്വതങ്ങ
ളിലെ അമോര്യർ, ഹിത്യർ, പെരിസ്യർ,
യെബൂസ്യർ, മിസ്പെ ദേശത്തു ഹെർമ്മോ
ന്റെ അടിവാരത്തുള്ള ഹിവ്യർ എന്നിവരു
ടെ അടുക്കലും ആളയച്ചു. അവർ കടല്ക്കര 4
യിലെ മണൽപോലെ അനവധി ജനവും
വളരെയേറെ കുതിരകളും രഥങ്ങളും അട
ങ്ങിയ സൈന്യവുമായി പുറപ്പെട്ടു. ആ 5
രാജാക്കന്മാർ എല്ലാവരും ഒന്നിച്ചുകൂടി
ഇസ്രായേലിനോട് യുദ്ധം ചെയ്യുവാൻ
മേരോം തടാകത്തിന്നരികെ വന്നു പാളയ
മിറങ്ങി. അപ്പോൾ ദൈവം യോശുവ 6
യോട്: അവരെ ഭയപ്പെടേണ്ട; ഞാൻ
നാളെ ഈ നേരത്ത് അവരെ എല്ലാം
ഇസ്രായേലിന്റെ മുമ്പിൽ മരിച്ചു വീഴു
മാറാക്കും; ഞാൻ അവരുടെ രഥങ്ങൾ
തീയിട്ട് ചുട്ടുകളയും. അങ്ങനെ യോശു 7
വയും സൈന്യവും മേരോം തടാകത്തി
ന്നരികെ പെട്ടെന്ന് അവരുടെ നേരെ വന്ന്
അവരെ ആക്രമിച്ചു. ദൈവം അവരെ 8
ഇസ്രായേലിന്റെ കയ്യിൽ ഏല്പിച്ചു.
അവർ അവരെ തോല്പിച്ചു. മഹാനഗര
മായ സീദോൻ വരെയും ജലാശയം
വരെയും കിഴക്കോട്ട് മിസ്പെ താഴ്വീതി
വരെയും അവരെ ഓടിച്ചു. ആരും
ശേഷിക്കാത്ത വിധം സംഹരിച്ചുക 9
ളഞ്ഞു. ദൈവം തന്നോടു കല്പിച്ചതു
പോലെ യോശുവ അവരോട് ചെയ്തു:
അവരുടെ രഥങ്ങൾ തീയിട്ടു ചുട്ടുക
ളഞ്ഞു.
യോശുവ അക്കാലത്ത് ഹാസോർ 10
പിടിച്ചു അതിലെ രാജാവിനെ വാൾകൊണ്ടു
കൊന്നു; ഹാസോർ മുമ്പ് ആ രാജ്യങ്ങൾ
ക്കു എല്ലാം മൂലസ്ഥാനമായിരുന്നു.
അവർ അതിലെ സകല മനുഷ്യരെയും 11
വാളിന്റെ വായ്ത്തലയാൽ വെട്ടി നിർമൂല
മാക്കി; ആരും ജീവനോടെ ശേഷിച്ചില്ല;
അവൻ ഹാസോരിനെ തീയിട്ടു ചുട്ടുകള
ഞ്ഞു. ആ രാജാക്കന്മാരുടെ എല്ലാ പട്ടണ 12
ങ്ങളെയും അവയിലെ രാജാക്കന്മാരെ
യെല്ലാം യോശുവ പിടിച്ചു വാളിന്റെ
വായ്ത്തലയാൽ വെട്ടി നിർമൂലമാക്കി
ക്കളഞ്ഞു. ദൈവത്തിന്റെ ദാസനായ 13
മോശ കല്പിച്ചതുപോലെ കുന്നുകളിലെ
പട്ടണങ്ങൾ എല്ലാം ഇസ്രായേൽ ചുട്ടു
കളഞ്ഞു. ഹാസോർ യോശുവ ചുട്ടുകള 14
ഞ്ഞു. ഈ പട്ടണങ്ങളിലെ കൊള്ളയേയും
കന്നുകാലികളെയും ഇസ്രായേൽ മക്കൾ
തങ്ങൾക്കുതന്നെ എടുത്തു; എങ്കിലും
മനുഷ്യരെ എല്ലാം അവർ വാളിന്റെ

യ്ത്തലയാൽ സംഹരിച്ചു; ആരെയും
ഷനോടെ ശേഷിപ്പിച്ചില്ല. ദൈവം തൻെറ
ഹനായ മോശയോടു കല്പിച്ചതുപോലെ
ശ യോശുവയോടു കല്പിച്ചു; യോശുവ
ങനെതന്നെ ചെയ്തു; ദൈവം മോശ
ാടു കല്പിച്ചതിൽ ഒന്നും അവൻ ചെയ്യാ
വിട്ടില്ല.
ഇങ്ങനെ മലനാടും തെക്കെ ദേശമെല്ലാം
ശെൻ ദേശവും താഴ്‌വീതിയും സമത
ും മലനാടും അതിൻെറ താഴ്‌വീതിയും
യീരിലേക്കുള്ള കയററത്തിലെ മല തുട
ഹെർമ്മോൻ പർവ്വതത്തിൻെറ അടിവാ
ുള്ള ലെബാനോൻ താഴ്‌വരയിലെ ഗാദ്
രയുള്ള ദേശമെല്ലാം യോശുവ പിടിച്ചു.
ിടങ്ങളിലെ സകല രാജാക്കന്മാരെയും
ൻ പിടിച്ചു കൊന്നു. ആ രാജാക്കന്മാ
ടു എ ല്ലാം യോശുവ വളരെ കാലം യുദ്ധം
യ്തിരുന്നു. ഗിബയോൻ നിവാസിക
ഹിവ്യർ ഒഴികെ ഒരു പട്ടണക്കാരും
സായേൽ മക്കളോടു സഖ്യം ചെയ്തില്ല;
രെ ഇസ്രായേല്യർക്കു വേലക്കാരാക്കി.
ഷമെല്ലാം അവർ യുദ്ധത്തിൽ പിടിച്ചട
ഇതു ദൈവത്താൽ സംഭവിച്ചു.
അക്കാലത്തു യോശുവ ചെന്നു മലനാ
ഹെബ്രോൻ, ദെബീർ, അനാബ്, യെ
മലനാട്, ഇസ്രായേല്യമലനാട് എന്നീ
ലങ്ങളിൽനിന്നെല്ലാം മല്ലന്മാരെയും
ഹരിച്ചു; അവരുടെ പട്ടണങ്ങളോടുകൂ
യാശുവ അവരെ നിർമ്മൂലമാക്കി. ഗസ്സ
ും ഗത്തിലും അസ്തോദിലും മാത്രമല്ലാ
ഇസ്രായേൽ മക്കളുടെ ദേശത്തെങ്ങും
വീരനും ശേഷിച്ചിരുന്നില്ല. ദൈവം
ശയോടു കല്പിച്ചതുപോലെ യോശുവ
ം മുഴുവനും പിടിച്ചു. യോശുവ അതി
ഇസ്രായേലിന്നു ഗോത്രവിഭാഗപ്രകാരം
ിച്ചുകൊടുത്തു; ഇങ്ങനെ യുദ്ധം
ന്നു ദേശത്തിനു സമാധാനം വന്നു.

അദ്ധ്യായം 12

ഇസ്രായേൽമക്കൾ യോർദ്ദാന്നക്കരെ
ക്കു അർന്നോൻ താഴ്‌വര മുതൽ
ർമ്മോൻ പർവ്വതംവരെയുള്ള രാജ്യവും
ക്കെ താഴ്‌വര മുഴുവനും കൈവശ
ി. സംഹരിച്ചുകളഞ്ഞ തദ്ദേശ രാജാ
മാർ ഇവർ ആകുന്നു ഹെശ്ബോ
പാർത്തിരുന്ന അമോര്യരാജാവായ
ഹോൻ; അവൻ അർന്നോൻ നദീതീര
ള്ള അരോവേർമുതൽ താഴ്‌വരയുടെ
ഭാഗവും ഗിലെയാദിൻെറ പാതിയും
മ്മാന്യരുടെ അതിരായ യാബ്ബോക്
നദിവരെയും കിന്നെരോത്ത് കടലും സമത 3
ലത്തിലെ കടലായ ഉപ്പുകടലും വരെ ബേ
ത്ത്യെശീമോത്തോളം ഉള്ള കിഴക്കെ സമ
തലവും പിസ്ഗ ചരിവിൻെറ താഴെ തേമാ
നും പിടിച്ചു. ബാശാൻ രാജാവായ ഓഗിൻെറ 4
ദേശവും അവർ പിടിച്ചടക്കി; മല്ലന്മാരിൽ
ശേഷിച്ച ഇവൻ അസ്തരോത്തിലും എദ്രെ 5
യിലുമാണ് പാർത്തിരുന്നത്, ഹെർമ്മോൻ
പർവ്വതവും സൽക്കയും ബാശാൻ മുഴുവനും
ഗെശൂര്യരുടെയും മാഖാത്യരുടെയും ദേശ
വും ഗിലെയാദിൻെറ പാതിയും ഹെശ്
ബോൻ രാജാവായ സീഹോൻെറ അതിർ
വരെയും അവൻ വാണിരുന്നു. അവരെ ദൈ 6
വദാ സനായ മോശയും ഇസ്രായേൽ മക്ക
ളും കൂടെ സംഹരിച്ചു; ദൈവദാസനായ
മോശ അവരുടെ ദേശം രൂബേന്യർക്കും
ഗാദ്യർക്കും മനശ്ശയുടെ പാതിഗോത്രത്തി
ന്നും അവകാശമായി കൊടുത്തു.
യോശുവയും ഇസ്രായേൽ മക്കളും 7
യോർദ്ദാന്നിക്കരെ പടിഞ്ഞാറു ലെബാ
നോൻെറ താഴ്‌വരയിലെ ബാൽ-ഗാദ്
മുതൽ സേയീരിലേക്കുള്ള കയററ
ത്തിലെ കുന്നുവരെ ജയിച്ചടക്കുകയും
യോശുവ ഇസ്രായേലിന്നു ഗോത്രപ്രകാരം
അവകാശമായി കൊടുക്കുകയും ചെയ്ത
ദേശത്തിലെ രാജാക്കന്മാർ ഇവർ ആകുന്നു.
മലനാട്ടിലും താഴ്‌വീതിയിലും അരാബ 8
യിലും മലഞ്ചരിവുകളിലും മരുഭൂമിയിലും
തെക്കേദേശത്തും ഉള്ള ഹിത്യൻ, അമോ
ര്യൻ, കനാന്യൻ, പെരീസ്യൻ, ഹിവ്യൻ,
യെബൂസ്യൻ, എന്നിവർതന്നെ. യെരീഹോ 9
രാജാവ് ഒന്ന്; ബേഥേലിന്നരികെയുള്ള 10
ഹായിരാജാവ് ഒന്ന്; യമ്മൂത്ത് രാജാവു ഒ
ന്ന്; ലാഖീശിലെ രാജാവ് ഒന്ന്; എഗ്ലോനിലെ 11
രാജാവ് ഒന്ന്; ഗേസർ രാജാവ് ഒന്ന്; ദെബീർ 12
രാജാവ് ഒന്ന്; ഗേദെർ രാജാവ് ഒന്ന്; 13
ഹോർമ്മ രാജാവ് ഒന്ന്; ആരാദ് രാജാവ് 14
ഒന്ന്; ലിബ്നരാജാവ് ഒന്ന്; അദുല്ലാം രാജാവ്
ഒന്ന്; മക്കേറാരാജാവ് ഒന്ന്; ബേഥേൽ 15
രാജാവ് ഒന്ന്; തപ്പുഹ രാജാവ് ഒന്ന്; ഹോ 16
ഫേർ രാജാവ് ഒന്ന്; അഫേക് രാജാവ് ഒന്ന്; 17
ശാരോൻ രാജാവ് ഒന്ന്; മാദോൻ രാജാവ് 18
ഒന്ന്; ഹാബോർ രാജാവ് ഒന്ന്; മെരോൻ 19
രാജാവ് ഒന്ന്; അക്ശാപ്പു രാജാവ് ഒന്ന്;
താനാക് രാജാവ് ഒന്ന്; മെഗിദ്ദോ രാജാവ് 20
ഒന്ന്; കാദേശ് രാജാവ് ഒന്ന്; കർമ്മേലിലെ 21
യോക്നെയാം രാജാവ് ഒന്ന്; ദോർമേട്ടിലെ 22
ദോർ രാജാവ് ഒന്ന്; ഗില്ഗലിലെ ജാതി 23
കളുടെ രാജാവ് ഒന്ന്; തിർസാരാജാവ് ഒന്ന്;
ആകെ മുപ്പത്തി ഒന്നു രാജാക്കന്മാർ. 24

അദ്ധ്യായം 13

1 യോശുവ വയസ്സുചെന്നു വൃദ്ധനായ
പ്പോൾ ദൈവം അവനോട് അരുളിച്ചെയ്തു:
നീ വൃദ്ധനായിരിക്കുന്നു; ഏററവും
2 വളരെ ദേശം കൈവശമാക്കാനുണ്ട്. ഇനി
യും ശേഷിച്ചിരിക്കുന്ന ദേശം ഏതെന്നാൽ:
മെസ്രേനിൻെറ കിഴക്കുള്ള സീഹോർ
മുതൽ വടക്കോട്ടു കനാന്യർക്കുള്ളതെന്നു
കരുതുന്ന എക്രോൻെറ അതിർവരെയുള്ള
ഫെലിസ്ത്യദേശങ്ങൾ എല്ലാം ഗെശൂര്യരും;
3 ഗസ്സാത്യൻ; അസ്തോദ്യൻ, അസ്കലോ
ന്യൻ, ഗിത്ത്യൻ, എക്രോന്യൻ എന്നീ അഞ്ചു
4 ഫെലിസ്ത്യപ്രഭുക്കന്മാരും; തെക്കുള്ള
അവ്യരും അഫേക്‌വരെയും അമോര്യരുടെ
അതിർവരെയുമുള്ള കനാന്യരുടെ ദേശം
5 മുഴുവനും സീദോന്യർക്കുള്ള മെയാരയും
ഗിബെല്യരുടെ ദേശവും കിഴക്കു ഹെർ
മ്മോൻ പർവ്വതത്തിൻെറ അടിവാരത്തിലെ
ബാൽ-ഗാദ് മുതൽ ഹമാത്തിലേക്കു തിരി
യുന്ന സ്ഥലംവരെയുള്ള ലെബാനോൻ
6 മുഴുവനും; ലെബാനോൻ മുതൽ ഉഷ്ണ
ജലാശയം വരെയുള്ള പർവ്വതവാസി
കൾ എല്ലാം, സീദോന്യരുംതന്നേ;
ഇവരെ ഞാൻ ഇസ്രായേൽമക്കളുടെ
മുമ്പിൽ നിന്നു നീക്കിക്കളയും; ഞാൻ
നിന്നോടു കല്പിച്ചതുപോലെ നീ ഇസ്രാ
യേലിന്ന് അതു അവകാശമായി വിഭാഗി
7 ക്കണം. ആകയാൽ ഈ ദേശം ഒമ്പതു
ഗോത്രങ്ങൾക്കും മനശ്ശെയുടെ പാതിഗോത്ര
ത്തിന്നും അവകാശമായി വിഭാഗിക്ക.
8 അവനോടു കൂടെ രൂബേന്യരും ഗാദ്യരും
മോശ അവർക്കു യോർദ്ദാന്നക്കരെ കിഴക്കു
കൊടുത്തിട്ടുള്ള അവകാശം ദൈവദാസ
നായ മോശ കൊടുത്തതുപോലെ തന്നേ
9 പ്രാപിച്ചിരിക്കുന്നു. അർന്നോൻ താഴ്‌വര
യുടെ അററത്തുള്ള അരോവേരും താഴ്‌വര
യുടെ നടുവിലുള്ള പട്ടണം മുതൽ ദീബോൻ
വരെയുള്ള മേദെബാസമഭൂമി മുഴുവനും;
10 അമ്മോന്യരുടെ അതിർവരെ ഹെശ്ബോ
നിൽ വാണിരുന്ന അമോര്യരാജാവായ
11 സീഹോൻെറ എല്ലാ പട്ടണങ്ങളും; ഗിലെ
യാദും ഗെശൂര്യരുടെയും മാഹാത്യരുടെയും
ദേശവും ഹെർമ്മോൻപർവ്വതം ഒക്കെയും
സൽക്കാവരെയുള്ള ബാശാൻ മുഴുവനും;
12 അസ്താരോത്തിലും എദ്രെയിലും വാണ
ബാശാനിലെ ഓഗിൻെറ രാജ്യം മുഴുവനും
തന്നേ; ഇവരെ മോശ തോല്പിച്ചു
13 നീക്കിക്കളഞ്ഞിരുന്നു. എന്നാൽ ഇസ്രാ
യേൽ മക്കൾ ഗെശൂര്യരെയും മാഖാത്യ
രെയും നീക്കിക്കളഞ്ഞില്ല; അവർ ഇന്നു
വരെയും ഇസ്രായേല്യരുടെ ഇടയിൽ
പാർക്കുന്നു. ലേവിഗോത്രത്തിന്നു അവൻ 14
ഒരു അവകാശവും കൊടുത്തില്ല; ഇസ്രാ
യേലിൻെറ ദൈവമായ കർത്താവിൻെറ
ദഹനയാഗങ്ങൾ താൻ അവരോടു കല്പി
ച്ചതുപോലെ അവരുടെ അവകാശം
ആകുന്നു.

മോശ രൂബേൻ ഗോത്രത്തിന്നു കുടും 15
ബം കുടുംബമായി അവകാശം കൊടുത്തു.
അവരുടെ ദേശം അർന്നോൻ താഴ്‌വരയുടെ 16
അററത്തെ അരോവേരും താഴ്‌വരയുടെ
നടുവിലെ പട്ടണവും മുതൽ മേദെബയോ
ടു ചേർന്ന സമഭൂമി മുഴുവനും ഹെശ്ബോ 17
നും സമഭൂമിയിലുള്ള അതിൻെറ എല്ലാ
പട്ടണങ്ങളും ദീബോനും ബാമോത്ത്
ബാലും ബേത്ത് ബാൻ - മെയോനും 18
യഹ്സയും കെദേമോത്തും മേഫാത്തും
കുര്യത്തയീമും സിബ്മയും സമഭൂമിയിലെ 19
മലയിലുള്ള സേരെത്ത് - ശഹരും ബേത്ത് - 20
പെയോരും പിസ്ഗ ചരിവുകളും ബേത്ത് - 21
യെശീമോത്തും സമഭൂമിയിലെ എല്ലാ
പട്ടണങ്ങളും ഹെശ്ബോനിൽ വാണിരുന്ന
അമോര്യരാജാവായ സീഹോൻെറ രാജ്യ
വും തന്നേ; അവനെയും സീഹോൻെറ
പ്രഭുക്കന്മാരായി ദേശത്തു പാർത്തി
രുന്ന ഏവി, രേക്കെം, സൂർ, ഹൂർ, രേബ
എന്നീ മിദ്യാന്യ പ്രഭുക്കന്മാരെയും മോശ
സംഹരിച്ചു. ഇസ്രായേൽ മക്കൾ കൊന്നവ 22
രുടെ കൂട്ടത്തിൽ ബെയോരിൻെറ മകനായ
ബിലെയാം എന്ന പ്രശ്നക്കാരനെയും
വാൾകൊണ്ടു കൊന്നു. രൂബേന്യരുടെ പടി 23
ഞ്ഞാറെ അതിർ യോർദ്ദാൻ ആയിരുന്നു;
ഈ പട്ടണങ്ങൾ അവയുടെ ഗ്രാമങ്ങളുൾ
പ്പെടെ രൂബേന്യർക്കു കുടുംബം കുടുംബ
മായി കിട്ടിയ അവകാശം.

മോശ ഗാദ്ഗോത്രത്തിന്നും കുടുംബം 24
കുടുംബമായി അവകാശം കൊടുത്തു.
അവരുടെ ദേശം യസേരും ഗിലെയാദിലെ 25
എല്ലാ പട്ടണങ്ങളും രബ്ബയുടെ നേരെയുള്ള
അരോവേർവരെ അമ്മോന്യരുടെ ദേശത്തി
ൻെറ പകുതിയും; ഹെശ്ബോൻ മുതൽ 26
രാമത്ത്-മിസ്പെയും ബെതോനീമുംവരെ
യും മഹനയീം മുതൽ ദെബീരിൻെറ 27
അതിർവരെയും; താഴ്‌വരയിൽ ഹെശ്
ബോൻ രാജാവായ സീഹോൻെറ രാജ്യ
ത്തിൽ ശേഷിപ്പുള്ള ബേത്ത്- ഹാരാം,
ബേത്ത്-നിമ്രാം, സുക്കോത്ത്, സാഫോൻ
എന്നിവയും തന്നേ; യോർദ്ദാന്നക്കരെ കിഴ
ക്കു കിന്നെരോത്ത് തടാകത്തിൻെറ അതിർ

ാര യോർദ്ദാൻ അതിന്നു അതിരായി
ഈ പട്ടണങ്ങൾ അവയുടെ ഗ്രാമ
ട്ടപ്പെടെ കുടുംബക്രമമായി ഗാദ്യർക്കു
അവകാശം.
ന്നെ മോശ മനശ്ശെയുടെ പാതി
ത്തിന്ന് അവകാശം കൊടുത്തു;
ബം കുടുംബമായി മനശ്ശെയുടെ പാതി
ത്തിന്നുള്ള അവകാശം ഇത്: അവ
ദേശം മഹനയീം മുതൽ ബാശാൻ
ന്നും ബാശാൻ രാജാവായ ഓഗിൻെറ
മെല്ലാം ബാശാനിൽ യായീരി
നഗരങ്ങൾ എല്ലാം കൂടി അറുപതു
ങ്ങളും പാതി ഗിലെയാദും ബാശാ
ഓഗിൻെറ രാജ്യത്തിലെ പട്ടണങ്ങ
അസ്താരോത്ത്, എദ്രെയി എന്നി
തന്നേ; ഇവ മനശ്ശെയുടെ മകനായ
രിൻെറ മക്കൾക്കു മാഖീരിൻെറ മക്ക
പകുതിപ്പേർക്കു കുടുംബം കുടുംബ
കിട്ടി.
തു മോശ യറീഹോയ്ക്കു കിഴക്കു
ദ്ദാന്നക്കരെ മോവാബ് സമഭൂമിയിൽ
ഭാഗിച്ചു കൊടുത്ത അവകാശം
ന്നു. ലേവിഗോത്രത്തിന്നോ മോശ
അവകാശവും കൊടുത്തില്ല; ഇസ്രാ
ൻെറ ദൈവമായ കർത്താവ് അവ
കല്പിച്ചതുപോലെ താൻതന്നെ
ുടെ അവകാശമാകുന്നു.

അദ്ധ്യായം 14

നാൻ ദേശത്തു ഇസ്രായേൽ മക്കൾ
അവകാശമായി ലഭിച്ച ദേശങ്ങൾ
പുരോഹിതനായ എലെയാസാരും
ൻറ മകനായ യോശുവയും ഇസ്രാ
ഗോത്രപിതാക്കന്മാരിൽ തലവന്മാരും
അവർക്കു ഭാഗിച്ചുകൊടുത്തു. ദൈവം
മുഖാന്തരം കല്പിച്ചതുപോലെ
തര ഗോത്രങ്ങൾക്കും നറുക്കിട്ടായി
അവകാശം ഭാഗിച്ചുകൊടുത്തത്.
ഗോത്രങ്ങൾക്കു മോശ യോർദ്ദാന്ന
അവകാശം കൊടുത്തിരുന്നു; ലേവ്യർ
അവരുടെ ഇടയിൽ ഒരു അവകാശവും
ടുത്തില്ല. യോസേഫിൻെറ മക്കൾ,
ശ്ശ, എഫ്രയീം എന്നു രണ്ടു ഗോത്രം
ിരുന്നു. ലേവ്യർക്കു വസിപ്പാൻ പട്ടണ
അവരുടെ കന്നുകാലികൾക്കുവേ
പുല്പുറങ്ങളും അല്ലാതെ ദേശത്തിൽ
രിയൊന്നും കൊടുത്തില്ല. ദൈവം
ശയോടു കല്പിച്ചതുപോലെതന്നെ
ായേൽ മക്കൾ അനുസരിച്ചു ദേശം
ഗിച്ചു.

അനന്തരം യഹൂദാമക്കൾ ഗില്ഗാ 6
ലിൽ യോശുവയുടെ അടുക്കൽ വന്നു;
കെനിസ്യനായ യെഫുന്നെയുടെ മകൻ
കാലേബ് അവനോടു പറഞ്ഞു: ദൈവം
എന്നെയും അങ്ങയെയും കുറിച്ചു ദൈവ
പുരുഷനായ മോശയോടു റ്ക്കഏമിൽ
വച്ചു പറഞ്ഞ കാര്യം അങ്ങ് അറി
യുന്നുവല്ലോ. ദൈവദാസനായ മോശ 7
അവിടെനിന്നു ദേശത്തെ ഒററു
നോക്കുവാൻ എന്നെ അയച്ചപ്പോൾ
എനിക്കു നാല്പതു വയസ്സായിരുന്നു; ഞാൻ
വന്നു എൻെറ മനോബോധപ്രകാരം അദ്ദേ
ഹത്തോടു മറുപടി പറഞ്ഞു; എന്നോടു 8
കൂടെ പോന്നിരുന്ന സഹോദരന്മാർ ജനത്തി
ൻെറ ഹൃദയം വ്യാകുലപ്പെടുത്തി; ഞാനോ
എൻെറ ദൈവമായ കർത്താവിനോടു
പൂർണ്ണമായി ചേർന്നു നിന്നു. നീ എൻെറ 9
ദൈവമായ കർത്താവിനോടു പൂർണ്ണമായി
ചേർന്നു നിന്നതുകൊണ്ടു നീ കാൽവെച്ച
ദേശം നിനക്കും നിൻെറ മക്കൾക്കും എന്നേ
ക്കും അവകാശമായിരിക്കും എന്നു മോശ
അന്നു സത്യം ചെയ്തു പറഞ്ഞു. മരുഭൂമി 10
യിൽ സഞ്ചരിച്ച കാലത്തു ദൈവം മോശ
യോട് ഈ വാക്കു കല്പിച്ചതു മുതൽ ഈ
നാല്പത്തഞ്ചു സംവത്സരത്തോളവും നമ്മെ
ഇതാ, താൻ അരുളിച്ചെയ്തിരുന്നതുപോ
ലെ ജീവനോടെ വച്ചിരിക്കുന്നു; ഇപ്പോൾ
എനിക്ക് എൺപത്തഞ്ചു വയസ്സായി. മോശ 11
എന്നെ അയച്ച നാളിലെപ്പോലെ ഇന്നും
എനിക്കു ആരോഗ്യം ഉണ്ട്. യുദ്ധം ചെയ്വാ
നും പോകയും വരികയും ചെയ്വാനും
എൻെറ ആരോഗ്യം അന്നത്തെപ്പോലെ
തന്നെ ഇന്നും ഇരിക്കുന്നു. ആകയാൽ 12
ദൈവം അന്നു കല്പിച്ച ഈ മല ഇപ്പോൾ
എനിക്കു തരിക; മല്ലന്മാർ അവിടെ ഉ
ണ്ടെന്നും പട്ടണങ്ങൾ വലിപ്പവും ഉറപ്പും
ഉള്ളവ എന്നും അങ്ങ് കേട്ടിട്ടുണ്ടല്ലോ;
കർത്താവ് എന്നോടു കൂടെ ഉണ്ടെങ്കിൽ
താൻ അരുളിച്ചെയ്തതുപോലെ ഞാൻ
അവരെ നശിപ്പിക്കും. അപ്പോൾ യോശുവ 13
അവനെ അനുഗ്രഹിച്ചു; ഹെബ്രോൻ കോട്ട
യെഫുന്നെയുടെ മകനായ കാലേബിന്നു
അവകാശമായി കൊടുത്തു. അങ്ങനെ ഹെ 14
ബ്രോൻ ഇന്നുവരെ കെനിസ്യനായ യെഫു
ന്നെയുടെ മകൻ കാലേബിന്നു അവകാശ
മായിരിക്കുന്നു; അവൻ ഇസ്രായേലിൻെറ
ദൈവമായ കർത്താവിനോട് പൂർണ്ണ
മായി ചേർന്നുനിന്നിരുന്നു. ഹെബ്രോ 15
ന്നു പണ്ടു കുര്യത്ത് -അർബ്ബ എന്നു
പേരായിരുന്നു; മല്ലന്മാരുടെ ദേശം ആയി

രുന്നു. അങ്ങനെ യുദ്ധം തീർന്നു ദേശ
ത്തിന്നു സ്വസ്ഥത വന്നു.

അദ്ധ്യായം 15

1 യഹൂദാമക്കളുടെ ഗോത്രത്തിന്നു
കുടുംബം കുടുംബമായി കിട്ടിയ ഓഹരി
തെക്കെ ദേശത്തിൻെറ തെക്കെ അററത്തു
എദോമിൻെറ അതിരായ സീൻ മരുഭൂമി
2 വരെയത്രെ. അവരുടെ തെക്കെ അതിർ
ഉപ്പുകടലിൻെറ അററം മുതൽ തെക്കോട്ടു
നീണ്ടിരിക്കുന്ന ഉൾക്കടൽ മുതൽ തന്നെ
3 ആയിരുന്നു. അതു അക്രബിം കയററത്തി
ന്നു തേക്കോട്ടു ചെന്നു സീനിലേക്കു കട
ന്നു റ്ക്കഏമിൻെറ തെക്കു കൂടി കയറി
4 ഹെബ്രോൻ കടന്നു ആദാരിലേക്കു കയറി
കാർക്കയിലേക്കു തിരിഞ്ഞു അസ്
മോനിലേക്കു കടന്നു മിസ്രയീം സമതലം
വരെ ചെല്ലുന്നു; ആ അതിര് സമുദ്രത്തിങ്കൽ
അവസാനിക്കുന്നു; ഇതു നിങ്ങളുടെ
5 തെക്കെ അതിർ ആയിരിക്കണം. കിഴക്കെ
അതിർ യോർദ്ദാൻെറ പതനം വരെ
ഉപ്പുകടൽതന്നേ; വടക്കെ അതിർ യോർദ്ദാ
6 ൻെറ പതനമായ ഉൾക്കടൽ തുടങ്ങി
ബേത്ത്-ഹൊഗ്ലയിലേക്കു കയറി ബേത്ത്-
ആരാബയുടെ വടക്കുകുടി കടന്നു, രൂബേ
ൻെറ മകനായ ബോഹാൻെറ അതിരുവരെ
7 കയറിച്ചെല്ലുന്നു. പിന്നെ ആ അതിർ
ആഖോർ താഴ്വര മുതൽ ദെബീരിലേക്കു
കയറി വടക്കോട്ടു തോടിൻെറ തെക്കു
വശത്തുള്ള അദുമ്മീംകയററത്തിന്നെതിരെ
യുള്ള ഗിൽഗാലിന്നു ചെന്നു ഏൻ-ശേമെശ്
വെള്ളത്തിങ്കലേക്കു കടന്നു ഏൻ-രോഗേലി
8 ങ്കൽ അവസാനിക്കുന്നു. പിന്നെ ആ അതിർ
ബെൻ-ഹിന്നോം താഴ്വരയിൽ കൂടി കയറി
യറുശലേം എന്ന യെബൂസ്യഗിരിയുടെ
തെക്കോട്ടു കടന്നു ഹിന്നോം താഴ്വരയു
ടെ മുമ്പിൽ പടിഞ്ഞാറോട്ടും രെഫായീം
താഴ്വരയുടെ അററത്തു വടക്കോട്ടും ഉള്ള
മലയുടെ മുകളിലേക്കു കയറിച്ചെല്ലുന്നു.
9 പിന്നെ ആ അതിർമലയുടെ മുകളിൽനി
ന്നു നെപ്തോഹയിലെ നീരുറവിലേക്കു
തിരിഞ്ഞു എഫ്രോൻ മലയിലെ പട്ടണ
ങ്ങൾവരെ ചെന്നു കുര്യത്ത്-യെയാരീം
എന്ന ബാലയിലേക്കു തിരിയുന്നു.
10 പിന്നെ ആ അതിർ ബാലാമുതൽ പടി
ഞ്ഞാറോട്ടു സേയീർ മലവരെ തിരിഞ്ഞു
കെസാലോൻ എന്ന യെയാരീം മലയുടെ
പാർശ്വംവരെ വടക്കോട്ടു കടന്നു, ബേത്ത്
ശേമെശിലേക്കു ഇറങ്ങി തിമ്നയിലേക്കു
11 ചെല്ലുന്നു. പിന്നീട് വടക്കോട്ടു എക്രോൻെറ
പാർശ്വംവരെ ചെന്നു ശിക്രോനിലേക്കു
തിരിഞ്ഞു ബാലാമലയിലേക്കു കടന്നു
യബ്നേലിൽ ചെന്നു സമുദ്രത്തിങ്കൽ
അവസാനിക്കുന്നു. പടിഞ്ഞാറെ അതിർ 12
നെടുകെ മഹാസമുദ്രം; ഇതു യഹൂദ
മക്കൾക്കു കുടുംബം കുടുംബമായി കിട്ടിയ
അവകാശത്തിൻെറ ചുററുമുള്ള അതിർ.
ദൈവം യോശുവയോടു കല്പിച്ചതു 13
പോലെ അവൻ യെഫുന്നയുടെ മകനായ
കാലേബിന്നു യഹൂദമക്കളുടെ ഇടയിൽ
ഓഹരിയായിട്ടു മല്ലന്മാരുടെ പിതാവിൻെറ
പട്ടണമായ ഹെബ്രോൻ കൊടുത്തു. അവി
ടെനിന്നു കാലേബ് മല്ലപുത്രന്മാരായ ശേ 14
ശായി, അഹീമാൻ, തൽമായി എന്നീ മൂന്നു
മല്ലന്മാരെ നീക്കിക്കളഞ്ഞു. അവിടെനിന്ന് 15
അവൻ ദെബീർ നിവാസികൾക്കു എതിരെ
ചെന്നു; ദെബീരിൻെറ പേർ മുമ്പ് കുര്യത്ത്-
സേഫെർ എന്നായിരുന്നു. കുര്യത്ത്- 16
സേഫെർ ജയിക്കുന്നവന്നു ഞാൻ എൻെറ
മകൾ അക്സയെ ഭാര്യയായി കൊടുക്കും
എന്നു കാലേബ് പറഞ്ഞു. കാലേബിൻെറ
സഹോദരനായ കെനസിൻെറ മകൻ ഒത്നീ 17
യേൽ അതിനെ പിടിച്ചു, അവൻ തൻെറ മ
കൾ അക്സയെ അവന്നു ഭാര്യയായി കൊടു
ത്തു. അവൾ വന്നശേഷം തൻെറ അപ്പനോട് 18
ഒരു നിലം ചോദിപ്പാൻ അവൾ ഉത്സാഹിപ്പി
ക്കപ്പെട്ടു; അവൾ കഴുതപ്പുറത്തുനിന്നു
ഇറങ്ങിയപ്പോൾ കാലേബ് അവളോട്: നിന
ക്കു എന്തു വേണം എന്നു ചോദിച്ചു. എനി
ക്ക് ഒരു അനുഗ്രഹം തരണം; നീ എന്നെ 19
തെക്കെദേശത്തേക്കല്ലോ കൊടുത്തി
രിക്കുന്നത്; നീരുറവുകളെയും കൂടെ
എനിക്കു തരണം എന്നു അവൾ ഉത്തരം
പറഞ്ഞു. അവൻ അവൾക്കു മലയിലും
താഴ്വരയിലും നീരുറവുകളെ കൊടുത്തു.
യഹൂദാഗോത്രത്തിന്നു കുടുംബം 20
കുടുംബമായി കിട്ടിയ അവകാശം ഇതത്രേ.
എദോമിൻെറ അതിരിങ്കൽ തെക്കെ 21
അററത്തു യഹൂദാ ഗോത്രത്തിന്നുള്ള
പട്ടണങ്ങൾ: കെബ്സെയേൽ, ഏദെർ,
യാഗൂർ, കീന, ദിമോന, അദാദ, കേദെശ്, 22,23
ഹാസോർ, യിത്നാൻ, സീഫ്, തേലെം, 24
ബയാലോത്ത്, ഹാസോർ, ഹദത്ഥ, കുരി 25
യോത്ത്-ഹാസോർ എന്ന കുരീയോത്ത്- 26
ഹെസ്രോൻ, അമാം, ശെമ, മോലാദ, ഹസർ- 27
ഗദ്ദാ, ഹെശ്മോൻ, ബേത്ത് പേലെത്, ഗസർ 28
ശൂവാൽ, ബേർ ശേബ, ബിസ്യോത്യ; ബാല, 29
ഇയ്യീം, ഏസെം, എൽതോലദ് കെസീൽ, 30
ഹോർമ്മ, സിക്ലാഗ് മദ്മന്ന, സൻസന്ന, ലെ 31
ബായോത്ത, ശിൽഹീം അയീൻ, രിമ്മോൻ, 32

ിനെ ആകെ മുപ്പത്തിയാറു പട്ടണവും
യുടെ ഗ്രാമങ്ങളും.
ാഴ്‌വീഥിയിൽ എസ്തായോൽ,
രാ, അശ്നാ, സനോഹ, ഏൻ ഗന്നീം,
ഹ, ഏനാം, യർമ്മൂത്ത്, അദുല്ലാം,
ഖോ, അസേക്കാ, ശാരയീം, അദീഥയീം,
ദരാ, ഗെദേരോഥയീം; ഇങ്ങനെ പതി
ു പട്ടണവും അവയുടെ ഗ്രാമങ്ങളും;
സനാൻ, ഹദാശ, മിഗ്ദൽ ഗാദ്,
ൻ, മിസ്പെ, യൊക്തെയേൽ, ലാഖീശ്,
സ്കത്ത്, എഗ്ലോൻ, കബ്ബോൻ, ലപ്മാ
കിത്ത്ലീശ്, ഗെദേരോത്ത്, ബേത്ത്-
ാൻ, നാമ, മക്കേദ; ഇങ്ങനെ പതിനാറു
ണവും അവയുടെ ഗ്രാമങ്ങളും;
ലിബ്നാ, ഏഥെർ, ആശാൻ, യിപ്താഹ്,
ന, നെസീബ്, കെയില, അക്സീബ്, മാരേ
ങ്ങനെ ഒമ്പതു പട്ടണവും അവയുടെ
ങ്ങളും; എക്രോനും അതിന്റെ അധീന
ങ്ങളും ഗ്രാമങ്ങളും; എക്രോൻ മുതൽ
ദ്രംവരെ അസ്തോദിന്നു സമീപത്തു
മുഴുവനും അവയുടെ ഗ്രാമങ്ങളും;
്തോദും അതിന്റെ അധീന നഗര
ും ഗ്രാമങ്ങളും ഗസ്സയും, മിസ്രയീം
ുവരെയുള്ള അതിന്റെ അധീനനഗര
ും ഗ്രാമങ്ങളും; മഹാസമുദ്രം അതിന്നു
ുകെ അതിരായിരുന്നു.
ലനാട്ടിൽ ശാമീർ, യത്ഥീർ, സോഖോ,
ദെബീർ എന്ന കുര്യത്ത് സന്ന,
ാബ്, എസ്തെമോ, ആനീം, ഗോശെൻ,
ലോൻ, ഗീലോ; ഇങ്ങനെ പതിനൊന്നു
ണവും അവയുടെ ഗ്രാമങ്ങളും; അരാബ്,
എശാൻ, യാനീം, ബേത്ത് -തപ്പൂഹ,
ഫക്ക, ഹുമ്ത, ഹെബ്രോൻ എന്ന
്യത്ത്-അർബ്ബ, ബിയോർ; ഇങ്ങനെ
തു പട്ടണവും അവയുടെ ഗ്രാമങ്ങളും.
ാവോൻ, കർമ്മേൽ, സീഫ്, യൂത,
യേൽ, യോക്ക്ദെയാം, സനോഹ,
ൻ, ഗിബെയ, തിമ്ന, ഇങ്ങനെ പത്തു
ണവും അവയുടെ ഗ്രാമങ്ങളും;
ഹൽഹൂൽ, ബേത്ത്- സൂർ, ഗെദോർ,
ത്ത്, ബേത്ത്- അനോത്ത്, എൽതെ
ൻ; ഇങ്ങനെ ആറു പട്ടണവും അവ
ട ഗ്രാമങ്ങളും;
കുര്യത്ത്-യെയാരീം എന്ന കുര്യത്ത് -
ൽ, റബ്ബ, ഇങ്ങനെ രണ്ടു പട്ടണവും
യുടെ ഗ്രാമങ്ങളും;
മരുഭൂമിയിൽ ബേത്ത്- അരാബ, മിദ്ദീൻ,
ാഖ, നിബ്ശാൻ, ഈർ-ഹമേലഹ്,
ഗെദി; ഇങ്ങനെ ആറു പട്ടണവും
യുടെ ഗ്രാമങ്ങളും;

യറുശലേമിൽ പാർത്തിരുന്ന യബൂ 63
സ്യരെ യഹൂദാമക്കൾ നീക്കിക്കളഞ്ഞില്ല;
അങ്ങനെ യെബൂസ്യർ ഇന്നുവരെ യഹൂദാ
സന്തതികളോടുകൂടെ യറുശലേമിൽ
വസിക്കുന്നു.

അദ്ധ്യായം 16

യോസേഫിന്റെ മക്കൾക്കു കിട്ടിയ 1
അവകാശം: യറീഹോയുടെ സമീപത്തു
യോർദ്ദാൻ തുടങ്ങി കിഴക്കു യറീഹോ
വെള്ളത്തിങ്കൽ മരുഭൂമിയിൽ തുടങ്ങി
യറീഹോവിൽ നിന്നു മലനാടു വഴിയായി 2
ബേഥേലിലേക്കു കയറി ബേഥേലിൽ നിന്നു
ലൂസിനു ചെന്നു അർക്ക്യരുടെ അതിരായ
അതാരോത്തിനു കടന്നു പടിഞ്ഞാറോട്ടു 3
യഫ്ലേത്യരുടെ അതിരിലേക്കു താഴത്തെ
ബേത്ത്-ഹോരോന്റെ അതിർ വരെ,
ഗേസെർവരെ ഇറങ്ങുന്നു; സമുദ്രത്തിങ്കൽ
അവസാനിക്കുന്നു. അങ്ങനെ യോസേഫി 4
ന്റെ പുത്രന്മാരായ മനശ്ശെയ്ക്കും എഫ്ര
യീമിന്നും അവകാശം ലഭിച്ചു. എഫ്രയീ
മിന്റെ മക്കൾക്കു കുടുംബം കുടുംബമായി
കിട്ടിയ ദേശം ഏതെന്നാൽ: കിഴക്കു അവ 5
രുടെ അവകാശത്തിന്റെ അതിർ മേലുള്ള
ബേത്ത്-ഹോരോൻവരെ അതെരോത്ത്-
അദ്ദാർ ആയിരുന്നു. ആ അതിർ മിഖ്മെഥാ 6
ത്തിന്റെ വടക്കുകൂടി പടിഞ്ഞാറോട്ടു
ചെന്നു താഴെ- ശീലോ വരെ കിഴക്കോട്ടു
തിരിഞ്ഞു അതിന്നകത്തു കൂടി യാനോഹ 7
യുടെ കിഴക്കു കടന്നു. യാനോഹയിൽനിന്നു
അതെരോത്തിലേക്കും നാരാത്തിലേക്കും
ഇറങ്ങി യറീഹോവിൽ എത്തി യോർദ്ദാ
നിൽ അവസാനിക്കുന്നു. തപ്പൂഹയിൽ നിന്ന് 8
ആ അതിർ പടിഞ്ഞാറോട്ടു കാബാതോടു
വരെ ചെന്നു സമുദ്രത്തിൽ അവസാനിക്കു
ന്നു. എഫ്രയീം ഗോത്രത്തിന്നു കുടുംബം
കുടുംബമായി കിട്ടിയ ഈ അവകാശംകൂടാ 9
തെ മനശ്ശെമക്കളുടെ അവകാശത്തിന്റെ
ഇടയിൽ എഫ്രയീം മക്കൾക്കു വേർതിരിച്ചു
കൊടുത്ത പട്ടണങ്ങളെല്ലാം അവയുടെ
ഗ്രാമങ്ങളും കൂടെ ഉണ്ടായിരുന്നു. എന്നാൽ 10
അവർ ഗെസേരിൽ പാർത്തിരുന്ന കനാ
ന്യരെ നീക്കിക്കളഞ്ഞില്ല; കനാന്യർ ഇന്നു
വരെ എഫ്രയീമ്യരുടെ ഇടയിൽ ദാസ്യ
വേലചെയ്തു പാർക്കുന്നു.

അദ്ധ്യായം 17

യോസേഫിന്റെ ആദ്യജാതനായ മന 1
ശ്ശെയുടെ ഗോത്രത്തിന്നും ഓഹരി കിട്ടി; മന
ശ്ശെയുടെ ആദ്യജാതനും ഗിലെയാദിന്റെ

അപ്പനും ആയ മാഖീർ യുദ്ധവീരനായി
രുന്നതുകൊണ്ടു അവന്നു ഗിലെയാദും
2 ബാശാനും ലഭിച്ചു. മനശ്ശെയുടെ ശേഷം
പുത്രന്മാരായ അബീയേസെരിന്റെ മക്കൾ,
ഹേലെക്കിന്റെ മക്കൾ, അസ്രീയേലിന്റെ
മക്കൾ, ശേഖെമിന്റെ മക്കൾ, ഹേഫെരി
ന്റെ മക്കൾ, ശെമീദാവിന്റെ മക്കൾ എന്നി
വർക്കും കുടുംബം കുടുംബമായി ഓഹരി
കിട്ടി; ഇവർ കുടുംബം കുടുംബമായി യോ
സേഫിന്റെ മകനായ മനശ്ശെയുടെ മക്കൾ
3 ആയിരുന്നു. എന്നാൽ മനശ്ശെയുടെ മക
നായ മാഖീരിന്റെ മകനായ ഗിലെയാ
ദിന്റെ മകനായ ഹേഫെരിന്റെ മകൻ
ശെലോഫഹാദിന്നു പുത്രിമാരല്ലാതെ പുത്ര
ന്മാർ ഇല്ലായിരുന്നു; അവന്റെ പുത്രിമാർക്ക്,
മഹ്ലാ, നോവ, ഹൊഗ്ല, മിൽക്കാ, തിർസ എന്നു
4 പേരായിരുന്നു. അവർ പുരോഹിതനായ
എലെയാസാരിന്റെയും നൂന്റെ മകനായ
യോശുവയുടെയും പ്രഭുക്കന്മാരുടെയും
മുമ്പിൽ അടുത്തുചെന്നു: ഞങ്ങളുടെ
സഹോദരന്മാരുടെ കൂട്ടത്തിൽ ഒരു അവ
കാശം ഞങ്ങൾക്കു തരുവാൻ ദൈവം
മോശയോടു കല്പിച്ചിട്ടുണ്ട് എന്നു പറ
ഞ്ഞു. അങ്ങനെ അവൻ ദൈവത്തിന്റെ
കല്പനപ്രകാരം അവരുടെ പിതാവിന്റെ
സഹോദരന്മാരുടെ കൂട്ടത്തിൽ അവർക്ക്
5 ഒരു അവകാശം കൊടുത്തു. ഇങ്ങനെ
മനശ്ശെയുടെ പുത്രിമാർക്ക് അവന്റെ
പുത്രന്മാരുടെ കൂട്ടത്തിൽ അവകാശം
ലഭിച്ചതുകൊണ്ടു മനശ്ശെക്കു യോർദ്ദാന്ന
ക്കരെ ഗിലെയാദ് ദേശവും ബാശാനും
6 കൂടാതെ പത്തു ഓഹരി കിട്ടി. മനശ്ശെയുടെ
ശേഷം പുത്രന്മാർക്കു ഗിലെയാദ് ദേശം
7 കിട്ടി. മനശ്ശെയുടെ അതിരോ ആശേർ
മുതൽ ശേഖെമിന്നു കിഴക്കുള്ള മിഖ്മെ
ഥാത്ത്‌വരെ ചെന്നു വലത്തോട്ടു തിരിഞ്ഞു
ഏൻ-തപ്പൂഹയിലെ നിവാസികളുടെ
അടുത്തു വരെ നീണ്ടു കിടക്കുന്നു. തപ്പൂഹ
8 ദേശം മനശ്ശെക്കുള്ളതായിരുന്നു; എങ്കിലും
മനശ്ശെയുടെ അതിരിലുള്ള തപ്പൂഹപട്ടണം
9 എഫ്രയീമ്യർക്കുള്ളതായിരുന്നു. പിന്നെ
ആ അതിർ കാനായിലേക്കു തോടി
ന്റെ തെക്കുകൂടി ഇറങ്ങുന്നു. ഈ പട്ടണ
ങ്ങൾ മനശ്ശെയുടെ പട്ടണങ്ങൾക്കിടയിൽ
എഫ്രയീമിന്നുള്ളവ; മനശ്ശെയുടെ അതിർ
തോടിന്റെ വടക്കുവശത്തുകൂടി ചെന്നു
10 സമുദ്രത്തിൽ അവസാനിക്കുന്നു. തെക്കു
ഭാഗം എഫ്രയീമിന്നും വടക്കു ഭാഗം മനശ്ശെ
ക്കും ഉള്ളത്. സമുദ്രം അതിന്റെ അതിരാ
കുന്നു; അതു വടക്കു ആശേരിനോടും
കിഴക്കു ഇസ്സാഖാരിനോടും ചേർന്നിരി
ക്കുന്നു. ഇസ്സാഖാരിലും ആശേരിലും മന 11
ശ്ശെക്കു ബേത്ത്-ശെയാനും അതിന്റെ
അധീനനഗരങ്ങളും യിബ്ലെയാമും അതി
ന്റെ അധീനനഗരങ്ങളും ദോർ നിവാസി
കളും അതിന്റെ അധീനനഗരങ്ങളും ഏൻ-
ദോർനിവാസികളും അതിന്റെ അധീന
നഗരങ്ങളും താനാക് നിവാസികളും അതി
ന്റെ അധീനനഗരങ്ങളും മെഗിദ്ദോനിവാ
സികളും അതിന്റെ അധീനനഗരങ്ങളും
ഉണ്ടായിരുന്നു; മൂന്നു മേടുകൾ. എന്നാൽ 12
മനശ്ശെയുടെ മക്കൾ ആ പട്ടണങ്ങളിലെ
നിവാസികളെ നീക്കിക്കളഞ്ഞില്ല; കനാന്യർ
ക്ക് ആ ദേശത്തിൽ തന്നെ വസിപ്പാനുള്ള
താല്പര്യം സാധിച്ചു. എന്നാൽ ഇസ്രായേൽ 13
മക്കൾ ബലവാന്മാരായിത്തീർന്നപ്പോൾ
അവരെ നീക്കിക്കളയാതെ അവരെക്കൊ
ണ്ടു ദാസ്യവേല ചെയ്യിച്ചു.

അനന്തരം യോസേഫിന്റെ മക്കൾ 14
യോശുവയോടു: ദൈവം ഇതുവരെ ഞങ്ങ
ളെ അനുഗ്രഹിച്ചു ഞങ്ങൾ ഒരു വലിയ ജന
മായി തീർന്നിരിക്കെ ഒരു നറുക്കും ഓഹരി
യും മാത്രം അങ്ങ് ഞങ്ങൾക്കു തന്നത് എന്ത്
എന്നു ചോദിച്ചു. യോശുവ അവരോടു: നി 15
ങ്ങൾ വലിയോരു ജനം എങ്കിൽ എഫ്രയീം
പർവ്വതം നിങ്ങൾക്കു വിസ്താരം പോരാത്ത
താകകൊണ്ടു പെരിസ്യരുടെയും മല്ലന്മാ
രായ കനാന്യരുടെയും ദേശം പിടിച്ചടക്കി
സ്ഥലം എടുത്തുകൊൾവിൻ. അതിന്നു
യോസേഫിന്റെ മക്കൾ: മലനാടു ഞങ്ങൾ 16
ക്കു പോരാ; ബേത്ത്-ശെയാനിലും അതി
ന്റെ അധീനനഗരങ്ങളിലും ഇസ്രായേൽ
താഴ്‌വരയിലും ഇങ്ങനെ താഴ്‌വീഥി പ്രദേ
ശത്തു പാർക്കുന്ന കനാന്യർക്കെല്ലാം
ഇരുമ്പുരഥങ്ങൾ ഉണ്ട് എന്നു പറഞ്ഞു.
യോശുവ യോസേഫിന്റെ കുലമായ എഫ്ര 17
യീമിനോടും മനശ്ശെയോടും പറഞ്ഞത്: നി
ങ്ങൾ വലിയോരു ജനം തന്നേ; മഹാശക്തി
യും ഉണ്ട്. നിങ്ങൾക്ക് ഒരു ഓഹരി മാത്രമല്ല
വരേണ്ടത്. മലനാട് നിനക്കുള്ളത് ആയിരി
ക്കണം; അതു വനമാകുന്നു എങ്കിലും നി 18
ങ്ങൾ അതു വെട്ടിത്തെളിക്കണം; അതിന്റെ
അറുതി പ്രദേശങ്ങളും നിങ്ങൾക്കുള്ളവ
തന്നേ; കനാന്യർ ഇരുമ്പുരഥങ്ങൾ ഉള്ള
വരും ബലവാന്മാരും ആകുന്നു എങ്കിലും
നിങ്ങൾ അവരെ നീക്കിക്കളയണം.

അദ്ധ്യായം 18

അനന്തരം ഇസ്രായേൽ മക്കളുടെ സഭ 1
മുഴുവനും ശീലോവിൽ ഒന്നിച്ചു കൂടി

ീടെ സമാഗമനകൂടാരം ഉറപ്പിച്ചു. ദേശം
ർക്കു കീഴടങ്ങിയിരുന്നു. എന്നാൽ
ായേൽ മക്കളിൽ അവകാശം ഭാഗിച്ചു
തിരുന്ന ഏഴു ഗോത്രങ്ങൾ ശേഷിച്ചി
ു. യോശുവ ഇസ്രായേൽമക്കളോട് പറ
ഞ്ഞതെന്നാൽ: നിങ്ങളുടെ പിതാക്കന്മാ
ദൈവമായ കർത്താവ് നിങ്ങൾക്കു
ിരിക്കുന്ന ദേശം കൈവശമാക്കുവാൻ
കുന്നതിന് നിങ്ങൾ എത്രമാത്രം മടിച്ചിരി
? ഓരോ ഗോത്രത്തിന്ന് മുമ്മൂന്നു പേരെ
മിപ്പിൻ; ഞാൻ അവരെ അയയ്ക്കും.
ർ പുറപ്പെട്ട് ദേശത്തുകൂടി സഞ്ചരിച്ച്
ൾക്ക് അവകാശം കിട്ടേണ്ട രീതിയിൽ
ണ്ടെഴുത്ത് നടത്തി എന്റെ അടുക്കൽ
ിവരണം. അത് ഏഴു പങ്കായി ഭാഗി
ം. യഹൂദാ തന്റെ അതിരിനുള്ളിൽ
ക്കു ഭാഗത്ത് പാർക്കട്ടെ. യൗസേഫി
കുലവും തന്റെ അതിരിന്നകത്ത്
ക്കു ഭാഗത്തു പാർത്തുകൊള്ളട്ടെ.
ങ്ങനെ നിങ്ങൾ ദേശം ഏഴു ഭാഗമായി
ണ്ടെഴുത്തു നടത്തി ഇവിടെ എന്റെ
ക്കൽ കൊണ്ടുവരണം. ഞാൻ ഇവിടെ
ുടെ ദൈവമായ കർത്താവിന്റെ
ിധിയിൽവച്ച് തിരഞ്ഞെടുക്കപ്പെട്ട
കാശം കാണിച്ചുതരും. ലേവ്യർക്ക് നി
ുടെ ഇടയിൽ ഓഹരി ഇല്ലല്ലോ. ദൈവ
ന്റെ പൗരോഹിത്യം അവരുടെ അവ
ാം ആകുന്നു. ഗാദും രൂബേനും മനശ്ശെ
ടെ പാതി ഗോത്രവും ദൈവദാസനായ
ശ അവർക്കു കൊടുത്തിട്ടുള്ള അവ
ാം യോർദ്ദാന്നു കിഴക്കു വാങ്ങിയിരി
ന്നു. അങ്ങനെ അവർ യാത്ര പുറപ്പെട്ടു;
ം കണ്ടെഴുതുവാൻ പോയവരോട്
ശുവ: നിങ്ങൾ ചെന്ന് ദേശത്തുകൂടി
ചരിച്ച് കണ്ടെഴുതുകയും ഞാൻ ഇവിടെ
ലോവിൽ യഹോവയുടെ സന്നിധിയിൽ
നിങ്ങൾക്കുവേണ്ടി ചീട്ടിടേണ്ടതിന്ന്
ന്റെ അടുക്കൽ മടങ്ങി വരികയും ചെ
ിൻ എന്നു പറഞ്ഞു. അവർ പോയി.
ത്തുകൂടി കടന്ന് നഗരവിവരത്തോടു
ടെ ഒരു ചുരുളിൽ അത് ഏഴു ഭാഗമായി
തി ശിലോവിൽ യോശുവയുടെ അടു
ള പാളയത്തിലേക്ക് മടങ്ങിവന്നു.
പ്പോൾ യോശുവ ശീലോവിൽ ദൈവ
ന്റെ സന്നിധിയിൽ വച്ച് അവർക്കു
ണ്ടി ചീട്ടിട്ടു. അവിടെ വച്ച് യോശുവ
ായേൽ മക്കൾക്കു ഗോത്രവിഭാഗ
ാരം ദേശം വിഭാഗിച്ചുകൊടുത്തു.
ബന്യാമീൻ മക്കളുടെ ഗോത്രത്തിന്നു
ംബം കുടുംബമായി നറുക്കുവന്നു. അവ

രുടെ അവകാശത്തിന്റെ അതിർ യഹൂദ
യുടെ മക്കളുടേയും യോസേഫിന്റെ മക്ക
ളുടേയും മദ്ധ്യേ കിടക്കുന്നു. വടക്കു ഭാഗ 12
ത്ത് അവരുടെ വടക്കേ അതിർ യോർദ്ദാ
നിൽ തുടങ്ങി വടക്കു യറീഹോയുടെ
പാർശ്വം വരെ ചെന്ന് പടിഞ്ഞാറോട്ട് മല
നാട്ടിൽ കൂടി കയറി ബെത്ത് ആവേൻ മരു
ഭൂമിയിങ്കൽ അവസാനിക്കുന്നു. അവിടെ 13
നിന്ന് ആ അതിർ ബേഥേൽ എന്ന ലൂസി
ന്റെ തെക്കുവശം വരെ കടന്ന് താഴത്തെ
ബേത്ത്- ഹോരോന്റെ തെക്കു വശത്തു
ള്ള മലവഴിയായി അതെരോത്ത് - അദാരി
ലേക്ക് ഇറങ്ങുന്നു. പിന്നെ ആ അതിർ 14
വളഞ്ഞ് പടിഞ്ഞാറേ വശത്ത് ബേത്ത് -
ഹോരോന്നു എതിരെയുള്ള മല മുതൽ
തെക്കോട്ടു തിരിഞ്ഞ് യഹൂദാമക്കളുടെ
പട്ടണമായ കുര്യത്ത് യെയാരിം എന്ന
കുര്യത്ത്-ബാലയിങ്കൽ അവസാനിക്കുന്നു.
അതു തന്നെ പടിഞ്ഞാറെ ഭാഗം. തെക്കേ 15
ഭാഗം കുര്യത്ത് യെയാരീമിന്റെ അററത്തു
തുടങ്ങി പടിഞ്ഞാറോട്ട് നെപ്താലി വെള്ള
ത്തിന്റെ ഉറവ വരെ ചെല്ലുന്നു. പിന്നെ ആ 16
അതിർ ബെൻഹിന്നോം താഴ്വരയ്ക്കെതി
രെയും രെഫായീം താഴ്വരയുടെ വടക്കു
വശത്തുള്ള മലയുടെ അററം വരെ ചെന്ന്
ഹിന്നോം താഴ്വരയിൽ കൂടി തെക്കോട്ട്
യെബൂസ്യ പർവ്വതത്തിന്റെ പാർശ്വം വരെ
യും ഏൻ-രോഗേൽ വരെയും ഇറങ്ങി 17
വടക്കോട്ടു തിരിഞ്ഞ് ഏൻ-ശേമെശിലേ
ക്കും അദുമ്മീം കയററത്തിന്നെതിരെയുള്ള
ഗെലിലോത്തിലേക്കും ചെന്നു. രൂബേന്റെ
മകന്റെ ബോഹാൻ അതിർ വരെ ഇറങ്ങി.
സമതലത്തിന്നെതിരേയുള്ള മലഞ്ചരിവി 18
ലേക്ക് കടന്ന് സമതലത്തിലേക്ക് ഇറങ്ങി
ച്ചെല്ലുന്നു. പിന്നെ ആ അതിർ വടക്കോട്ട് 19
ബേത്ത് ഹൊഗ്ലയുടെ മലഞ്ചെരിവു വരെ
കടന്ന് തെക്ക് യോർദ്ദാന്റെ സ്ഥാനത്ത്
ഉപ്പുകടലിന്റെ വടക്കേ അററത്ത് അവസാ
നിക്കുന്നു. ഇത് തെക്കേ അതിർ. അതിന്റെ 20
കിഴക്കേ അതിർ യോർദ്ദാൻ ആകുന്നു; ഇത്
ബന്യാമീൻ മക്കൾക്ക് കുടുംബം കുടുംബ
മായി കിട്ടിയ അവകാശത്തിന്റെ ചുററു
മുള്ള അതിരുകൾ. എന്നാൽ ബന്യാമീൻ 21
മക്കളുടെ ഗോത്രത്തിന്ന് കുടുംബം കുടുംബ
മായി കിട്ടിയ പട്ടണങ്ങൾ യരീഹോ, 22
ബേത്ത് ഹൊഗ്ല, ഏമെക്- കെസീസ്,
ബേത്ത്- അരാബ, സെമാറയിം, ബേഥേൽ, 23
അവ്വീം, പാര, ഒഫ്ര, കെഫാർ - അമ്മോനീ, 24
ഒഫ്നി, ഗേബ; ഇങ്ങനെ പന്ത്രണ്ടു പട്ടണ 25
വും അവയുടെ ഗ്രാമങ്ങളും; ഗിബയോൻ, 26

രാമ, ബേരോത്ത്, മിസ്പെ, കെഫീര, മോസ,
27 രേക്കെം, ഇർപ്പേൽ, തരല, സേല ഏലെഫ്,
28 യെറൂശലേം എന്ന യെബുസ്യ നഗരം,
ഗിബെയത്ത്, കുര്യത്ത്; ഇങ്ങനെ പതിനാലു
പട്ടണവും അവയുടെ ഗ്രാമങ്ങളും. ഇത്
ബെന്യാമിൻ മക്കൾക്കു കുടുംബം കുടുംബ
മായി കിട്ടിയ അവകാശം.

അദ്ധ്യായം 19

1 രണ്ടാമത്തെ നറുക്ക് ശെമഗാന്യർക്കു
കുടുംബം കുടുംബമായി ശെമയോൻ മക്ക
ളുടെ ഗോത്രത്തിനു വന്നു; അവരുടെ അവ
കാശം യഹൂദമക്കളുടെ അവകാശത്തി
2 ന്റെ ഇടയിൽ ആയിരുന്നു. അവർക്കു
തങ്ങളുടെ അവകാശത്തിൽ ബേർശേബ, ,
3 ശേബ, മോലാദ, ഹസർ - ശൂവാൽ, ബാലാ,
4 ഏസെം, എല്തോലദ്, ബേഥൂൽ, ഹൊർമ്മ,
5 സിക്ലാഗ്, ബേത്ത് മർക്കാബോത്ത്, ഹസർ-
6 സൂസ, ബേർത്ത്-ലെബായോത്ത്, ശാരു
7 ഹെൻ; ഇങ്ങനെ പതിനാലു പട്ടണവും
അവയുടെ ഗ്രാമങ്ങളും; അയീൻ, രിമ്മോൻ,
എഥെർ, ആശാൻ ഇങ്ങനെ നാലുപട്ടണ
8 വും അവയുടെ ഗ്രാമങ്ങളും; ഈ പട്ടണ
ങ്ങൾക്കു ചുററും തെക്കെ ദേശത്തിലെ രാമ
എന്ന ബാലത്ത്-ബേർ വരെയുള്ള സകല
ഗ്രാമങ്ങളും ഉണ്ടായിരുന്നു. ഇതു ശെമഗാൻ
മക്കളുടെ ഗോത്രത്തിന്നു കുടുംബം കുടുംബ
9 മായി കിട്ടിയ അവകാശം. ശെമഗാൻ മക്ക
ളുടെ അവകാശം യഹൂദാമക്കളുടെ ഓഹ
രിയിൽ ഉൾപ്പെട്ടിരുന്നു; യഹൂദാമക്കളുടെ
ഓഹരി അവർക്ക് അധികമായിരുന്നതു
കൊണ്ട് അവരുടെ അവകാശത്തിന്റെ
ഇടയിൽ ശെമഗാൻ മക്കൾക്ക് അവകാശം
ലഭിച്ചു.
10 സെബ്ലൂൻ മക്കൾക്കു കുടുംബം
കുടുംബമായി മൂന്നാമത്തെ നറുക്കു വന്നു;
അവരുടെ അവകാശത്തിന്റെ അതിർ അ
11 ശ്ദൂദ് വരെ ആയിരുന്നു. അവരുടെ അതിർ
പടിഞ്ഞാറോട്ടു മലയിലേക്കു കയറി ദബ്ബേ
ശെത്ത് വരെ ചെന്നു യൊക്നയാമിന്നെതി
രെയുള്ള സമതലം വരെ എത്തുന്നു.
12 അശ്ദൂദിൽ നിന്ന് അതു കിഴക്കോട്ടു
സൂര്യോദയത്തിന്റെ നേരെ കിസ്ലോത്ത്
താബോരിന്റെ അതിരിലേക്കു തിരിഞ്ഞു
ദാബെരത്തിന്നു ചെന്നു യാഫീയയിലേക്കു
13 കയറുന്നു. അവിടെ നിന്നു കിഴക്കോട്ടു
ഗത്ത്- ഹേഫെരിലേക്കും ഏത്ത്- കാസീനി
ലേക്കും കടന്നു നേയാവരെ നീണ്ടു കിട
14 ക്കുന്ന രിമ്മോനിലേക്കു ചെല്ലുന്നു. പിന്നെ
ആ അതിർ ഹന്നാഥോന്റെ വടക്കുവശ
ത്തു തിരിഞ്ഞു യിഫ്താഹ് ഏൽ താഴ്വര
യിൽ അവസാനിക്കുന്നു. കത്താത്ത്, നഹ 15
ല്ലാൽ, ശൊമറീൻ, യിറലാ, ബേത്ത്- ലേഹെം
മുതലായ പന്ത്രണ്ടു പട്ടണവും അവയുടെ
ഗ്രാമങ്ങളും അവർക്കുണ്ടായിരുന്നു. ഇതു 16
സെബ്ലൂൻ മക്കൾക്കു കുടുംബംകുടുംബ
മായി കിട്ടിയ അവകാശമായ പട്ടണങ്ങളും
അവയുടെ ഗ്രാമങ്ങളും തന്നേ.
നാലാമത്തെ നറുക്കു ഇസ്സാ 17
ഖാറിനു, കുടുംബം കുടുംബമായി
വന്നു. അവരുടെ ദേശം ഇസ്രായേൽ, 18
കെസുല്ലോത്ത്, ശൂനേം, ഹഫാരയീം, 19
ശീനോൻ, അഹത്താർ, രബ്ബീത്ത്, കീശോൻ, 20
ഏബെസ്, രേമെത്ത്, ഏൻഗന്നീം, ഏൻഹദ്ദ, 21
ബേത്ത് പസ്സേസ് എന്നിവ ആയിരുന്നു.
അവരുടെ അതിർ താബോർ, ശഹസൂമ, 22
ബേത്ത് ശേമെശ് എന്നിവയിൽ എത്തി
യോർദാങ്കൽ അവസാനിക്കുന്നു. ഇങ്ങനെ
പതിനാറു പട്ടണവും അവയുടെ ഗ്രാമങ്ങളും
ഉണ്ടായിരുന്നു. ഇതു ഇസ്സാഖാർ മക്കളുടെ 23
ഗോത്രത്തിന്നു കുടുംബം കുടുംബമായി
കിട്ടിയ അവകാശം; ഈ പട്ടണങ്ങളും അവ
യുടെ ഗ്രാമങ്ങളും തന്നെ.
ആശേർ മക്കളുടെ ഗോത്രത്തിനു 24
കുടുംബംകുടുംബമായി അഞ്ചാമത്തെ
നറുക്കു വീണു. അവരുടെ ദേശം ഹ്ക്ല 25
ത്ത്, ഹലി, ബേതെൻ, അക്ശാഫ്, അ
മ്മേലെക്, അമാദ്, മിശാൽ എന്നിവ ആയി
രുന്നു; അതു പടിഞ്ഞാറോട്ട് കർമ്മേലും 26
ശീഹോർ ലിബ്നാത്തും വരെ എത്തി, കിഴ 27
ക്കു ബേത്ത് ദാഗോനിലേക്കു തിരിഞ്ഞു
വടക്കു സെബ്ലൂനിലും ബേത്ത് ഏമെ
ക്കിലും നെയീയേലിലും യിഫ്താഹ് ഏൽ
താഴ്വരയിലും എത്തി ഇടത്തോട്ടു കാ 28
ബൂൽ, ഹെബ്രോൻ, രെഹോബ്, ഹമ്മോൻ,
കാനാ എന്നിവയിലും മഹാനഗരമായ
സീദോൻവരെയും എത്തുന്നു. പിന്നെ ആ 29
അതിർ രാമായിലേക്കും ഉറപ്പുള്ള പട്ടണ
മായ സോരിലേക്കും തിരിയുന്നു. പിന്നെ
ആ അതിർ ഹോസയിലേക്കു തിരിഞ്ഞു
അക്സീബ് ദേശത്തു സമുദ്രത്തിൽ അവ
സാനിക്കുന്നു. ഉമ്മ, അഫേക്ക്, രെഹോബ് 30
മുതലായ ഇരുപത്തിരണ്ടു പട്ടണവും അവ
യുടെ ഗ്രാമങ്ങളും അവർക്കുണ്ടായിരുന്നു.
ഇതു ആശേർ മക്കളുടെ ഗോത്രത്തിനു 31
കുടുംബം കുടുംബമായി കിട്ടിയ അവകാശം;
ഈ പട്ടണങ്ങളും അവയുടെ ഗ്രാമങ്ങളും.
ആറാമത്തെ നറുക്കു നഫ്താലിമക്കൾ 32
ക്കു കുടുംബം കുടുംബമായി നഫ്താലി
മക്കൾക്കു തന്നെ വന്നു. അവരുടെ അതിർ 33

ലഫും സാനന്നീമിലെ കരുവേലകവും
ദി അദാമീ നേക്കെബിലും യബ്നോ
കൂടി ലക്കൂം വരെ ചെന്നു യോർദ്ദാ
അവസാനിക്കുന്നു. പിന്നെ ആ അതിർ
ന്താറോട്ടു അസ്നോത്ത്-താബോരി
ു തിരിഞ്ഞു അവിടെ നിന്നു ഹൂക്കോ
ക്കു ചെന്നു തെക്കുവശത്തു സെബൂ
ാടും പടിഞ്ഞാറു വശത്തു ആശേരി
ും കിഴക്കുവശത്തു യോർദ്ദാന്യ
ൂദയോടും തൊട്ടിരിക്കുന്നു. ഉറപ്പുള്ള
ങ്ങളായ സിദ്ദീം, സേർ ഹമ്മത്ത്,
ത്, കിന്നേരത്ത്, അദമ, രാമ, ഹാ
, കേദെശ്, എദ്രെയി, ഏൻഹാസോർ,
ൻ, മഗ്ദലേൽഹൊരേം , ബേത്ത്-
ത്ത്, ബേത്ത്- ശേമെശ് ഇങ്ങനെ
ാമ്പതു പട്ടണവും അവയുടെ ഗ്രാമ
.. ഇവ നഫ്താലിമക്കളുടെ ഗോത്ര
ു കുടുംബംകുടുംബമായി കിട്ടിയ
ാശത്തിലെ പട്ടണങ്ങളും ഗ്രാമങ്ങളും.
ൻമക്കളുടെ ഗോത്രത്തിന്നു കുടുംബം
ബമായി ഏഴാമത്തെ നറുക്കു വീണു.
ുടെ അവകാശദേശം സൊരാ, എ
യൽ, ക്രീസ് ശേമെശ്, ശാലബ്ബീൻ,
ലേ, യിസ്ലാ, ഏലോൻ, തിമ്ന,
ാൻ, എൽതെക്കേ, ഗിബ്ബഥോൻ,
ാത്ത്, യിഹൂദിത്ത്, ബെനേ-ബെരാക്
രിമ്മോൻ, മേയർക്കോൻ, രാക്കോൻ
വയും യാഫോവിന്നെതിരെയുള്ള
ും ആയിരുന്നു. എന്നാൽ, ദാൻ മക്ക
ദേശം അവർക്കു നഷ്ടപ്പെട്ടു. അതു
ട് ദാൻമക്കൾ പുറപ്പെട്ടു ഈനുവിലെ
കളോട് യുദ്ധം ചെയ്ത് അതിനെ
ു വാളിൻെറ വായ്ത്തലയാൽ സംഹ
കൈവശമാക്കി അവിടെ പാർത്തു;
വിനു തങ്ങളുടെ അപ്പനായ ദാൻെറ
ൽ പ്രകാരം ദാൻ എന്നു പേരിട്ടു. ഇതു
മക്കളുടെ ഗോത്രത്തിന്നു കുടുംബം
ബമായി കിട്ടിയ അവകാശപട്ടണ
ഗ്രാമങ്ങളും ആകുന്നു.
വർ ദേശത്തെ അതിർ തിരിച്ചു കഴി
ശേഷം ഇസ്രായേൽ മക്കൾ നൂൻെറ
യ യോശുവയ്ക്കും തങ്ങളുടെ ഇട
ഒരു അവകാശം കൊടുത്തു. അവൻ
ച്ച പട്ടണമായി എഫ്രയീം മലനാട്ടിലു
മ്നത്ത് - സേരഹ് അവർ ദൈവകല്പ
ാരം അവന്നു കൊടുത്തു; അവൻ ആ
ം പണിത് അവിടെ താമസിച്ചു.
വ പുരോഹിതനായ എലെയാസാരും
ാ മകനായ യോശുവയും ഇസ്രാ
മക്കളുടെ ഗോത്രപിതാക്കന്മാരിൽ
പ്രധാനികളും ശീലോവിൽ സമാഗമന
കൂടാരത്തിൻെറ വാതില്ക്കൽ ദൈവത്തി
ൻെറ സന്നിധിയിൽ വച്ചു ചീട്ടിട്ടു അവ
കാശമായി ഭാഗിച്ചുകൊടുത്ത അവകാശ
ങ്ങൾ ആകുന്നു. ഇങ്ങനെ ദേശവിഭാഗം
അവസാനിച്ചു.

അദ്ധ്യായം 20

പിന്നെ ദൈവം യോശുവയോടു അരുളി 1
ച്ചെയ്തു: നീ ഇസ്രായേൽ മക്കളോടു പറയേ 2
ണ്ടതു എന്തെന്നാൽ അറിയാതെ അബദ്ധ
വശാൽ ഒരാളെ കൊന്നുപോയാൽ ഓടി
പ്പോയി കഴിയേണ്ടതിന്നു ഞാൻ മോശ
മുഖാന്തരം നിങ്ങളോടു കല്പിച്ച സങ്കേത
നഗരങ്ങൾ നിശ്ചയിക്കണം. രക്തപ്രതി 3
കാരകൻ കൊല്ലാതിരിപ്പാൻ അവ നിങ്ങൾ 4
ക്കു സങ്കേതമായിരിക്കണം. ആ പട്ടണങ്ങ
ളിൽ ഒന്നിലേക്കു ഓടിച്ചെല്ലുന്നവൻ പട്ടണ
ത്തിൻെറ പടിവാതിൽക്കൽ നിന്നുകൊണ്ട്
തൻെറ കാര്യം നഗരപ്രമാണികളെ അറിയി
ക്കുകയും അവർ അവനെ പട്ടണത്തിൽ
സ്വീകരിച്ച് തങ്ങളുടെ ഇടയിൽ പാർക്കു
വാൻ അവന് ഒരു സ്ഥലം കൊടുക്കു
കയും വേണം. രക്തപ്രതികാരകൻ അവ 5
നെ പിന്തുടർന്നു ചെന്നാൽ കൊലചെയ്ത
വൻ മനസ്സറിയാതെയും പൂർവ്വദ്വേഷം കൂടാ
തെയും തൻെറ കൂട്ടുകാരനെ കൊന്നു
പോയതാകയാൽ അവർ അവനെ അവ
ൻെറ കയ്യിൽ ഏൽപ്പിക്കരുത്. അവൻ ന്യായ 6
സഭയുടെ മുമ്പാകെ ന്യായവിസ്താരത്തി
ന്നു നില്ക്കുംവരെയോ അന്നുള്ള പുരോ
ഹിതൻെറ മരണംവരെയോ ആ പട്ടണ
ത്തിൽ പാർക്കണം; അതിൻെറ ശേഷം
കൊലചെയ്തവന്നു താൻ വിട്ടോടിപ്പോ
ന്ന സ്വന്തപട്ടണത്തിലേക്കും തൻെറ വീട്ടി
ലേക്കും മടങ്ങിച്ചെല്ലാം. അങ്ങനെ അവർ 7
നഫ്താലി മലനാട്ടിൽ ഗലീലയിലെ റ്കേ
മും എഫ്രയീം മലനാട്ടിൽ ശെഖേമും
യെഹൂദാമലനാട്ടിൽ ഹെബ്രോൻ എന്ന
കുര്യത്ത് അർബ്ബയും കിഴക്കു യെരീഹോയ്
ക്കെതിരെ യോർദ്ദാന്നക്കരെ മരുഭൂമിയിൽ 8
രൂബേൻ ഗോത്രത്തിൽ സമഭൂമിയിലുള്ള
ബേസെരുഗിലെയാദിൽ ഗാദ് ഗോത്രത്തിൽ
രാമോത്തും ബാശാനിൽ മനശ്ശെഗോത്ര
ത്തിൽ ഗോലാനും നിശ്ചയിച്ചു. അബദ്ധ 9
വശാൽ ഒരുത്തനെ കൊന്നുപോയവൻ
ന്യായസഭയുടെ മുമ്പാകെ നില്ക്കുംവരെ
രക്തപ്രതികാരകൻെറ കയ്യാൽ മരിക്കാതെ
ഓടിപ്പോയി കഴിയേണ്ടതിന്നു ഇസ്രായേൽ
മക്കൾക്കെല്ലാം അവരുടെ ഇടയിൽ വന്നു

പാർക്കുന്ന പരദേശിക്കും വേണ്ടി നിശ്ച
യിച്ച പട്ടണങ്ങൾ അവതന്നെ.

അദ്ധ്യായം 21

1 അനന്തരം ലേവ്യരുടെ കുടുംബത്തലവ
ന്മാർ പുരോഹിതനായ എലെയാസാരി
ൻെറയും നൂൻെറ മകനായ യോശുവയു
ടെയും ഇസ്രായേൽ ഗോത്രങ്ങളിലെ
കുടുംബത്തലവന്മാരുടെയും അടുക്കൽ
2 വന്നു. കനാൻദേശത്തു ശീലോവിൽ വച്ചു
അവരോടു ദൈവം ഞങ്ങൾക്കു പാർപ്പാൻ
പട്ടണങ്ങളും ഞങ്ങളുടെ കന്നുകാലികൾ
ക്കു പുല്പുറങ്ങളും തരുവാൻ മോശമുഖാ
ന്തരം കല്പിച്ചിട്ടുണ്ടല്ലോ എന്നു പറഞ്ഞു.
3 ഇസ്രായേൽമക്കൾ തങ്ങളുടെ അവകാശ
ത്തിൽ നിന്നു കർത്താവിൻെറ കല്പന പ്ര
കാരം ഈ പട്ടണങ്ങളും അവയുടെ പുല്പുറ
ങ്ങളും ലേവ്യർക്കു കൊടുത്തു.
4 കെഹാത്യരുടെ കുടുംബങ്ങൾക്കു വന്ന
നറുക്കു പ്രകാരം ലേവ്യരിൽ പുരോഹി
തനായ അഹരോൻെറ മക്കൾക്കു യെഹൂദാ
ഗോത്രത്തിലും ശെമഓൻ ഗോത്രത്തിലും
ബെന്യാമീൻ ഗോത്രത്തിലും കൂടെ പതി
മ്മൂന്നു പട്ടണം കിട്ടി.
5 കെഹാത്തിൻെറ ശേഷം മക്കൾക്കു
എഫ്രയീം ഗോത്രത്തിലും ദാൻ ഗോത്രത്തി
ലും മനശ്ശെയുടെ പാതിഗോത്രത്തിലും
നറുക്കു പ്രകാരം പത്തു പട്ടണം കിട്ടി.
6 ഗേർശോൻെറ മക്കൾക്കു ഇസ്സാഖാർ
ഗോത്രത്തിലും ആശേർ ഗോത്രത്തിലും
നഫ്താലിഗോത്രത്തിലും ബാശാനിലെ
മനശ്ശെയുടെ പാതിഗോത്രത്തിലും നറുക്കു
പ്രകാരം പതിമൂന്നു പട്ടണം കിട്ടി.
7 മെരാരിയുടെ മക്കൾക്കു കുടുംബം
കുടുംബമായി രൂബേൻ ഗോത്രത്തിലും
ഗാദ്ഗോത്രത്തിലും സെബൂലൂൻ ഗോത്ര
ത്തിലും കൂടെ പന്ത്രണ്ടു പട്ടണം കിട്ടി.
8 ദൈവം മോശമുഖാന്തരം കല്പിച്ചതു
പോലെ ഇസ്രായേൽ മക്കൾ ലേവ്യർക്ക്
ഈ പട്ടണങ്ങളും അവയുടെ പുല്പുറ
9 ങ്ങളും നറുക്കുപ്രകാരം കൊടുത്തു. അവൻ
യെഹൂദമക്കളുടെ ഗോത്രത്തിലും ശെമഓൻ
10 മക്കളുടെ ഗോത്രത്തിലും താഴെ പേർ
പറയുന്ന പട്ടണങ്ങളെ കൊടുത്തു. അവ
ലേവി മക്കളിൽ കെഹാത്യരുടെ കുടുംബ
ങ്ങളിൽ അഹരോൻെറ മക്കൾക്കു കിട്ടി.
അവർക്കായിരുന്നു ഒന്നാമത്തെ നറുക്കു
11 വന്നത്. യഹൂദ മലനാട്ടിൽ അവർ മല്ലന്മാ
രുടെ പിതാവിൻെറ 'കുരിയാസ് അർബ്ബാ'
പട്ടണമായ ഹെബ്രോനും അതിന്നു ചുററു
മുള്ള പുല്പുറങ്ങളും അവർക്കു കൊടുത്തു.
എന്നാൽ പട്ടണത്തോടു ചേർന്ന നിലങ്ങളും
ഗ്രാമങ്ങളും അവർ യെഫുന്നെയുടെ
മകനായ കാലേബിന്നു അവകാശമായി
കൊടുത്തു.
ഇങ്ങനെ അവർ പുരോഹിതനായ
അഹറോൻെറ മക്കൾക്കു, കൊല ചെയ്ത
വനു സങ്കേതനഗരമായ ഹെബ്രോനും
അതിൻെറ പുല്പുറങ്ങളും ലിബ്നയും
അതിൻെറ പുല്പുറങ്ങളും യത്ഥീരും അതി
ൻെറ പുല്പുറങ്ങളും എസ്തെമോവയും
അതിൻെറ പുല്പുറങ്ങളും ഹോലോനും
അതിൻെറ പുല്പുറങ്ങളും ദെബീരും അതി
ൻെറ പുല്പുറങ്ങളും അയീനും അതിൻെറ
പുല്പുറങ്ങളും യുത്തയും അതിൻെറ
പുല്പുറങ്ങളും ബേത്ത്- ശേമെശും അതി
ൻെറ പുല്പുറങ്ങളും ഇങ്ങനെ ആ രണ്ടു
ഗോത്രങ്ങളിൽ ഒമ്പതു പട്ടണവും, ബെന്യാ
മീൻ ഗോത്രത്തിൽ ഗിബെയോനും അതി
ൻെറ പുല്പുറങ്ങളും ഗേബയും അതിൻെറ
പുല്പുറങ്ങളും അനാഥോത്തും അതിൻെറ
പുല്പുറങ്ങളും അൽമോനും അതിൻെറ
പുല്പുറങ്ങളും ഇങ്ങനെ നാലു പട്ടണവും
കൊടുത്തു. അഹറോൻെറ മക്കളായ
പുരോഹിതന്മാർക്കു എല്ലാംകൂടി പതി
മൂന്നു പട്ടണവും അവയുടെ പുല്പുറ
ങ്ങളും കിട്ടി.
കെഹാത്തിൻെറ ശേഷം മക്കളായ
ലേവ്യർക്കു, കെഹാത്യ കുടുംബങ്ങൾക്കു
തന്നെ, നറുക്കുപ്രകാരം കിട്ടിയ പട്ടണങ്ങൾ
എഫ്രയീം ഗോത്രത്തിൽ ആയിരുന്നു.
എഫ്രയീം നാട്ടിൽ കൊലചെയ്തവനു
സങ്കേതനഗരമായ ശെഖേമും അതിൻെറ
പുല്പുറങ്ങളും ഗേസെരും അതിൻെറ
പുല്പുറങ്ങളും കിബ്സയീമും അതിൻെറ
പുല്പുറങ്ങളും ബേത്ത് - ഹോരോനും
അതിൻെറ പുല്പുറങ്ങളും ഇങ്ങനെ നാലു
പട്ടണവും, ദാൻ ഗോത്രത്തിൽ എൽതെ
ക്കേയും അതിൻെറ പുല്പുറങ്ങളും ഗിബ്ബെ
ഥോനും അതിൻെറ പുല്പുറങ്ങളും അയ്യാ
ലോനും അതിൻെറ പുല്പുറങ്ങളും ഗത്ത്-
രിമ്മോനും അതിൻെറ പുല്പുറങ്ങളും
ഇങ്ങനെ നാലു പട്ടണവും, മനശ്ശെയുടെ
പാതിഗോത്രത്തിൽ താനാക്കും അതി
ൻെറ പുല്പുറങ്ങളും ഗത്ത്-രിമ്മോനും
അതിൻെറ പുല്പുറങ്ങളും ഇങ്ങനെ രണ്ടു
പട്ടണവും അവർക്കു കൊടുത്തു. ഇങ്ങനെ
കെഹാത്തിൻെറ ശേഷം മക്കളുടെ കുടുംബ
ങ്ങൾക്കു എല്ലാം കൂടി പത്തു പട്ടണവും
അവയുടെ പുല്പുറങ്ങളും കിട്ടി.

ലേവ്യരുടെ കുടുംബങ്ങളിൽ ഗെർശോ
ൻ മക്കൾക്കു മനശ്ശെയുടെ പാതിഗോത്ര
ിൽ, കൊല ചെയ്തവനു സങ്കേത
രമായ ബാശാനിലെ ഗോലാനും അതി
ൻ പുല്പുറങ്ങളും ബെയെസ്തെരയും
തിൻെറ പുല്പുറങ്ങളും ഇങ്ങനെ രണ്ടു
ണവും ഇസ്സാഖാർ ഗോത്രത്തിൽ കീ
ോനും അതിൻെറ പുല്പുറങ്ങളും ദാബെ
ത്തും അതിൻെറ പുല്പുറങ്ങളും യർമ്മൂ
ും അതിൻെറ പുല്പുറങ്ങളും ഏൻ-ഗ
മും അതിൻെറ പുല്പുറങ്ങളും ഇങ്ങനെ
ലു പട്ടണവും, ആശേർ ഗോത്രത്തിൽ
ാലും അതിൻെറ പുല്പുറങ്ങളും അക്
നും അതിൻെറ പുല്പുറങ്ങളും ഹെല്ക്ക
ും അതിൻെറ പുല്പുറങ്ങളും രെഹോ
ം അതിൻെറ പുല്പുറങ്ങളും ഇങ്ങനെ
ലു പട്ടണവും, നഫ്താലി ഗോത്രത്തിൽ,
ാല ചെയ്തവനു സങ്കേതനഗരമായ
ീലയിലെ കേദെശും അതിൻെറ പുല്പു
ങളും ഹമ്മോത്ത്-ദോരും അതിൻെറ
ല്പുറങ്ങളും കർത്ഥാനും അതിൻെറ
ല്പുറങ്ങളും ഇങ്ങനെ മൂന്നു പട്ടണവും
ാടുത്തു. ഗേർശോന്യർക്കു കുടുംബം
ടുംബമായി എല്ലാംകൂടി പതിമൂന്നു
ണവും അവയുടെ പുല്പുറങ്ങളും കിട്ടി.
ശേഷം ലേവ്യരിൽ മെരാര്യ കുടുംബ
ൾക്കു രൂബേൻ ഗോത്രത്തിൽ യൊക്
യാമും അതിൻെറ പുല്പുറങ്ങളും കർമൂ
ും അതിൻെറ പുല്പുറങ്ങളും കർയാ
ീമും അതിൻെറ പുല്പുറങ്ങളും നഹ
ലും അതിൻെറ പുല്പുറങ്ങളും ഇങ്ങനെ
ലു പട്ടണവും സെബ്ലൂൻ ഗോത്രത്തിൽ
ബെസെരും അതിൻെറ പുല്പുറങ്ങളും
ഹ്സയും അതിൻെറ പുല്പുറങ്ങളും
ദേമോത്തും അതിൻെറ പുല്പുറങ്ങളും
ഫാത്തും അതിൻെറ പുല്പുറങ്ങളും
ങ്ങനെ നാലു പട്ടണവും, ഗാദ്ഗോത്ര
ിൽ, കൊല ചെയ്തവനു സങ്കേതനഗര
യ ഗിലെയാദിലെ രാമോത്തും അതിൻെറ
ല്പുറങ്ങളും മഹനയീമും അതിൻെറ
ല്പുറങ്ങളും ഹെശ്ബോനും അതിൻെറ
ല്പുറങ്ങളും യസേരും അതിൻെറ
ല്പുറങ്ങളും ഇങ്ങനെ എല്ലാം കുടി നാലു
ണവും കൊടുത്തു. അങ്ങനെ ശേഷം ലേ
കുടുംബങ്ങളായ മെരാര്യർക്ക് നറുക്കു
കാരം കുടുംബംകുടുംബമായി കിട്ടിയ പട്ട
ങ്ങൾ എല്ലാം കൂടി പന്ത്രണ്ട് ആയിരുന്നു.
ഇസ്രായേൽ മക്കളുടെ അവകാശ
ിൽ ലേവ്യർക്കു എല്ലാംകൂടി നാല്പ
ട്ടു പട്ടണവും പുല്പുറങ്ങളും കിട്ടി. ഈ
പട്ടണങ്ങളിൽ ഓരോന്നിന്നു ചുറ്റും പുല്പു
റങ്ങൾ ഉണ്ടായിരുന്നു; ഈ പട്ടണങ്ങൾ
ക്കെല്ലാം അങ്ങനെതന്നെ ഉണ്ടായിരുന്നു.
ദൈവം ഇസ്രായേലിന്നു താൻ അവ 43
രുടെ പിതാക്കന്മാർക്കു കൊടുക്കുമെന്നു
സത്യം ചെയ്ത ദേശമെല്ലാം കൊടുത്തു;
അവർ അതു കൈവശമാക്കി അവിടെ
വസിച്ചു. ദൈവം അവരുടെ പിതാക്കന്മാ 44
രോടു സത്യം ചെയ്തതുപോലെ സർവ്വത്ര
അവർക്കു സ്വസ്ഥത നല്കി. ശത്രുക്കളിൽ
ഒരുവനും അവരുടെ മുമ്പിൽ നിന്നിട്ടില്ല;
ദൈവം സകല ശത്രുക്കളെയും അവരുടെ
കൈയിൽ ഏല്പിച്ചു. ദൈവം ഇസ്രായേൽ
ഗൃഹത്തോട് അരുളിച്ചെയ്ത വാഗ്ദാന
ങ്ങളിൽ ഒന്നും വൃഥാവാകാതെ സകലവും
നിവൃത്തിയായി.

അദ്ധ്യായം 22

അക്കാലത്തു യോശുവ രൂബേന്യരെ 1
യും ഗാദ്യരെയും മനശ്ശെയുടെ പാതിഗോത്ര
ത്തെയും വിളിച്ചു; അവരോടു പറഞ്ഞു:
കർത്താവിൻെറ ദാസനായ മോശ നിങ്ങ 2
ളോടു കല്പിച്ചതെല്ലാം നിങ്ങൾ പ്രമാ
ണിക്കുകയും ഞാൻ നിങ്ങളോടു കല്പിച്ച
സകലത്തിലും എൻെറ വാക്ക് അനുസരി
ക്കയും ചെയ്തിരിക്കുന്നു. നിങ്ങൾ ഈ 3
കാലമെല്ലാം നിങ്ങളുടെ സഹോദര
ന്മാരെ ഇന്നുവരെ വിട്ടുപിരിയാതെ നിങ്ങ
ളുടെ ദൈവമായ കർത്താവിൻെറ കല്പന
അനുസരിച്ചു നടന്നിരിക്കുന്നു. ഇപ്പോൾ 4
നിങ്ങളുടെ ദൈവമായ കർത്താവു നിങ്ങ
ളുടെ സഹോദരന്മാർക്കു താൻ വാഗ്ദത്തം
ചെയ്തതുപോലെ സ്വസ്ഥത നല്കിയിരി
ക്കുന്നു; ആകയാൽ നിങ്ങൾ ഇപ്പോൾ
നിങ്ങളുടെ ഗ്രാമങ്ങളിലേക്കും ദൈവദാസ
നായ മോശ യോർദ്ദാന്ന് കിഴക്കു നിങ്ങൾക്കു
തന്നിട്ടുള്ള നിങ്ങളുടെ അവകാശദേശത്തേ
ക്കും മടങ്ങിപ്പൊയ്ക്കൊൾവിൻ. എന്നാൽ 5
നിങ്ങളുടെ ദൈവമായ കർത്താവിനെ
സ്നേഹിക്കുകയും അവൻെറ എല്ലാ വഴിക
ളിലും നടന്ന് അവൻെറ കല്പനകൾ അനു
സരിക്കുകയും അവനോടു ചേർന്നു പൂർണ്ണ
ഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ
അവനെ സേവിക്കുകയും ചെയ്യണമെന്നു
ദൈവദാസനായ മോശ നിങ്ങളോടു കല്പി
ച്ചിട്ടുള്ള കല്പനയും ന്യായപ്രമാണവും
ആചരിപ്പാൻ ഏററവും ഉത്സാഹിപ്പിൻ.
ഇങ്ങനെ യോശുവ അവരെ അനുഗ്രഹിച്ചു 6
യാത്ര അയച്ചു. അവർ തങ്ങളുടെ ഗ്രാമങ്ങ
ളിലേക്കു പോകുകയും ചെയ്തു.

7 മനശ്ശെയുടെ പാതിഗോത്രത്തിന്നു
മോശ ബാശാനിൽ അവകാശം കൊടുത്തി
രുന്നു; മററെ പാതിഗോത്രത്തിന്നു യോർദ്ദാ
ന്നു പടിഞ്ഞാറു അവരുടെ സഹോദരന്മാ
രുടെ ഇടയിൽ യോശുവ കൊടുത്തു; അവ
രെ അവരുടെ ഗ്രാമങ്ങളിലേക്കു അയച്ച
പ്പോൾ യോശുവ അവരെ അനുഗ്രഹിച്ചു
8 അവരോടു പറഞ്ഞതു: വളരെ നാല്ക്കാലി
കൾ, വെള്ളി, പൊന്ന്, ചെമ്പ്, ഇരുമ്പ്,
വളരെ വസ്ത്രം എന്നിങ്ങനെ അനവധി
സമ്പത്തോടുംകൂടെ നിങ്ങൾ നിങ്ങളുടെ
വീടുകളിലേക്കു മടങ്ങിപ്പോകയും നിങ്ങളു
ടെ ശത്രുക്കളിൽനിന്നു കിട്ടിയ കൊള്ള
നിങ്ങളുടെ സഹോദരന്മാരുമായി പങ്കിട്ടു
കൊൾകയും ചെയ്വിൻ.
9 അങ്ങനെ രൂബേന്യരും ഗാദ്യരും മനശ്ശെ
യുടെ പാതിഗോത്രവും മോശമുഖാന്തരം
കർത്താവു കല്പിച്ചതുപോലെ അവർ കീഴ
ടക്കിയിരുന്ന അവകാശദേശമായ ഗിലെ
യാദ് ദേശത്തേക്കു മടങ്ങിപ്പോകേണ്ടതിന്നു
കനാൻദേശത്തിലെ ശീലോവിൽനിന്നു
10 ഇസ്രായേൽ മക്കളെ വിട്ടു പുറപ്പെട്ടു. അവർ
കനാൻദേശത്തിലെ യോർദ്ദാന്യപ്രദേശ
മായ ഗിൽഗാലിൽ എത്തിയപ്പോൾ രൂബേ
ന്യരും ഗാദ്യരും മനശ്ശെയുടെ പാതിഗോത്ര
വും യോർദ്ദാന്നു സമീപത്തു കാഴ്ചയ്ക്കു
11 വലുതായ ഒരു യാഗപീഠം പണിതു. രൂബേ
ന്യരും ഗാദ്യരും മനശ്ശെയുടെ പാതിഗോത്ര
വും കനാൻദേശത്തിൻെറ കിഴക്കു പുറത്തു
യോർദ്ദാന്യപ്രദേശങ്ങളിൽ ഇസ്രായേൽ
മക്കൾക്കു നേരേ ഇതാ, ഒരു യാഗപീഠം
പണിതിരിക്കുന്നു എന്നു ഇസ്രായേൽ
12 മക്കൾ കേട്ടു. ഇസ്രായേൽ മക്കൾ അതു
കേട്ടപ്പോൾ ഇസ്രായേൽ മക്കളുടെ സഭ
മുഴുവനും അവരോടു യുദ്ധത്തിന്നു പുറ
പ്പെടുവാൻ ശീലോവിൽ കൂടി.
13 ഇസ്രായേൽ മക്കൾ ഗിലെയാദ് ദേശ
ത്തു രൂബേന്യരുടെയും ഗാദ്യരുടെയും
മനശ്ശെയുടെ പാതിഗോത്രത്തിൻെറയും
അടുക്കൽ പുരോഹിതനായ എലെയാ
14 സാറിൻെറ മകനായ ഫീനെഹാസിനെയും
അവനോടുകൂടെ ഇസ്രായേലിൻെറ സകല
ഗോത്രങ്ങളിൽനിന്നും ഓരോ പിതൃഭവന
ത്തിന്നു ഓരോ പ്രഭു വീതം പത്തു പ്രഭുക്ക
ന്മാരെയും അയച്ചു; അവരിൽ ഓരോരു
ത്തനും താന്താൻെറ പിതൃഭവനത്തിൽ
ഇസ്രായേല്യ സഹസ്രങ്ങൾക്കു തലവനാ
15 യിരുന്നു. അവർ ഗിലെയാദ് ദേശത്തു രൂബേ
ന്യരുടെയും ഗാദ്യരുടെയും മനശ്ശെയുടെ
പാതിഗോത്രത്തിൻെറയും അടുക്കൽ
ചെന്ന് അവരോടു പറഞ്ഞതെന്തെന്നാൽ:
കർത്താവിൻെറ സഭ മുഴുവനും ഇപ്രകാരം 16
പറയുന്നു: നിങ്ങൾ ദൈവത്തിൽനിന്നു
പിൻവാങ്ങി ഒരു യാഗപീഠം പണിതു. ഇന്നു
ദൈവത്തെ വിട്ടുമാറുവാൻ തക്കവണ്ണം
നിങ്ങൾ ഇസ്രായേലിൻെറ ദൈവത്തോടു
ചെയ്തിരിക്കുന്ന ഈ വഞ്ചന എന്ത്?
പെയോറിൽ നാം ചെയ്ത അകൃത്യം നമുക്കു 17
പോരായോ? അതു നിമിത്തം കർത്താ
വിൻെറ സഭയ്ക്കു ബാധ ഉണ്ടായിട്ടും നാം
ഇന്നുവരെ അതു നീക്കി നമ്മെത്തന്നെ
ശുദ്ധീകരിച്ചു തീർന്നിട്ടില്ലല്ലോ. നിങ്ങൾ 18
ഇന്നു കർത്താവിനെ വിട്ടുമാറി കർത്താവി
നോടു മത്സരിക്കുന്നു; നാളെ അവൻ ഇസ്രാ
യേലിൻെറ സർവ്വസഭയോടും കോപിപ്പാൻ
സംഗതിയാകും. നിങ്ങളുടെ അവകാശദേശം 19
അശുദ്ധമെങ്കിൽ കർത്താവിൻെറ തിരുനിവാ
സം ഇരിക്കുന്നതായ കർത്താവിൻെറ അവ
കാശദേശത്തേക്കു കടന്നുവന്നു ഞങ്ങ
ളുടെ ഇടയിൽ അവകാശം വാങ്ങുവിൻ;
എന്നാൽ നമ്മുടെ ദൈവമായ കർത്താ
വിൻെറ യാഗപീഠം ഒഴികെ ഒരു യാഗപീഠം
പണിതു കർത്താവിനോട് മത്സരിക്കരുത്;
ഞങ്ങളോടും മത്സരിക്കരുത്. കർമ്മിയുടെ 20
മകനായ ആഖാർ ശാപവസ്തു സംബ
ന്ധിച്ചു ഒരു കുററം ചെയ്കയാൽ കോപം
ഇസ്രായേലിൻെറ സർവ്വസഭയുടെയും മേൽ
വീണില്ലയോ? അവൻ ഒരുവൻ- അവൻെറ
പാപത്തിൽ നാം എല്ലാവരും നശിച്ചു.
അതിന്നു രൂബേന്യരും ഗാദ്യരും മനശ്ശെ 21
യുടെ പാതിഗോത്രവും എലിയാസാറിൻെറ
മകനായ ഫീനെഹാസിനോടും ഇസ്രായേ
ല്യ സഹസ്രങ്ങളുടെ തലവന്മാരോടും
ഉത്തരം പറഞ്ഞതു: കർത്താവ് ദൈവാധി 22
ദൈവവും കർത്താധികർത്താവുമാകുന്നു.
അവൻ തന്നെയാകുന്നു ഞങ്ങൾക്കും ഇ
സ്രായേലിനും ദൈവം. ഞങ്ങൾ കർത്താവി
നോടുള്ള മത്സരത്താലോ ദ്രോഹത്താലോ
- ഇങ്ങനെ ഞങ്ങൾ ചെയ്തുവെങ്കിൽ ഇന്നു
തന്നെ അവൻ ഞങ്ങളെ രക്ഷിക്കാതെ പോ
കട്ടെ. കർത്താവിനെ വിട്ടുമാറേണ്ടതിന്നു ഞ 23
ങ്ങൾ ഒരു യാഗപീഠം പണിതു എങ്കിൽ, അല്ല
അതിന്മേൽ ഹോമയാഗവും ഭോജനയാഗ
വും അർപ്പിപ്പാനോ സമാധാനയാഗങ്ങൾ
കഴിപ്പാനോ ആകുന്നു എങ്കിൽ കർത്താവ്
തന്നെ പകരം ചോദിച്ചുകൊള്ളട്ടെ. നാളെ 24
നിങ്ങളുടെ മക്കൾ ഞങ്ങളുടെ മക്കളോടു
ഇസ്രായേലിൻെറ ദൈവമായ കർത്താവു
മായി നിങ്ങൾക്കു എന്തു കാര്യമുള്ളു?
ഞങ്ങളുടെയും രൂബേന്യരും ഗാദ്യരുമായ 25

ങ്ങളുടെയും മദ്ധ്യേ ദൈവം യോർദ്ദാനെ
തിരാക്കിയിരിക്കുന്നു; നിങ്ങൾക്കു ദൈവ
ിൽ ഒരു ഓഹരിയില്ല എന്നു പറഞ്ഞു
ങ്ങളുടെ മക്കൾ ഞങ്ങളുടെ മക്കൾക്കു
വത്തെ ഭജിക്കാതിരിപ്പാൻ സംഗതി വരു
ും എന്നുള്ള ഭീതികൊണ്ടത്രെ ഞങ്ങൾ
ു ചെയ്തത്. അതുകൊണ്ടു നാം ഒരു
ഗപീഠം പണിയുക എന്നു ഞങ്ങൾ പറ
ു; ഹോമയാഗത്തിന്നല്ല ഹനനയാഗ
ിന്നുമല്ല. ഞങ്ങൾ തന്റെ നാമം വസി
ൻ തിരഞ്ഞെടുക്കുന്ന സ്ഥലത്ത്
ങ്ങളുടെ ഹോമയാഗങ്ങളാലും ഹനന
ഗങ്ങളാലും സമാധാന യാഗങ്ങളാലും
വന്റെ ശുശ്രൂഷ അനുഷ്ഠിക്കുകയും
ങ്ങളുടെ മക്കൾ നാളെ ഞങ്ങളുടെ
ളോടു: നിങ്ങൾക്കു ദൈവത്തിൽ ഒരു
ഹരിയില്ല എന്നു പറയാതിരിക്കുകയും
യ്യേണ്ടതിനും ഞങ്ങൾക്കും നിങ്ങൾക്കും
ുടെ ശേഷം നമ്മുടെ സന്തതികൾക്കും
ധ്യ ഒരു സാക്ഷിയായിരിക്കേണ്ടതിന്നു
ത. അതുകൊണ്ടു ഞങ്ങൾ പറഞ്ഞതു:
ളെ അവർ നമ്മോടോ നമ്മുടെ സന്തതി
ളോടോ അങ്ങനെ പറയുമ്പോൾ: ഹോമ
ഗത്തിനെന്നല്ല ഹനനയാഗത്തിനുമല്ല
ങ്ങൾക്കും നിങ്ങൾക്കും മദ്ധ്യേ സാക്ഷി
യിരിക്കേണ്ടതിന്നു തന്നേ ഞങ്ങളുടെ പി
ക്കന്മാർ ഉണ്ടാക്കീട്ടുള്ള ദൈവത്തിന്റെ
ഗപീഠത്തിന്റെ പ്രതിരൂപം കാൺമിൻ
ന്നു മറുപടി പറവാൻ ഇടയാകും. ഞങ്ങൾ
ുടെ ദൈവമായ കർത്താവിന്റെ
ുനിവാസത്തിന്റെ മുമ്പാകെയുള്ള
വന്റെ യാഗപീഠം ഒഴികെ ഹോമയാഗ
ിനോ ഭോജനയാഗത്തിനോ ഹനന
ഗത്തിനോ വേറൊരു യാഗപീഠം ഉണ്ടാ
ദൈവത്തോട് മത്സരിക്കുകയും ഇന്നു
വത്തെ വിട്ടുമാറുകയും ചെയ്‌വാൻ
ങ്ങൾക്കിടയാകരുതേ.
രൂബേന്യരും ഗാദ്യരും മനശ്ശെയുടെ മക്ക
പറഞ്ഞ വാക്കുകൾ പുരോഹിതനായ
നെഹാസും അവനോടുകൂടെ സഭയുടെ
ഭുക്കന്മാരായി ഇസ്രായേല്യസഹസ്ര
ൾക്കു തലവന്മാരും കേട്ടപ്പോൾ
വർക്കു സന്തോഷമായി. പുരോഹി
ായ എലെയാസാരിന്റെ മകൻ ഫീനെ
സ് രൂബേന്റെ മക്കളോടും ഗാദിന്റെ മ
ളോടും മനശ്ശെയുടെ മക്കളോടും നിങ്ങൾ
ത്താവിനോട് അകൃത്യം ചെയ്തിട്ടില്ലാ
കൊണ്ടു കർത്താവ് നമ്മുടെ മദ്ധ്യേ
ട് എന്നു ഞങ്ങൾ ഇന്ന് അറിഞ്ഞിരി
ന്നു; അങ്ങനെ നിങ്ങൾ ഇസ്രായേൽ
മക്കളെ കർത്താവിന്റെ കോപത്തിൽനിന്നു
രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു. പിന്നെ 32
പുരോഹിതനായ എലെയാസാരിന്റെ
മകൻ ഫീനെഹാസും പ്രഭുക്കന്മാരും രൂബേ
ന്യരെയും ഗാദ്യരെയും വിട്ടു ഗിലെയാദ്
ദേശത്തുനിന്നു കനാൻദേശത്ത് ഇസ്രാ
യേൽ മക്കളുടെ അടുക്കൽ മടങ്ങിച്ചെന്ന്
അവരോടു കാര്യം അറിയിച്ചു. ഇസ്രായേൽ 33
മക്കൾക്ക് ആ കാര്യം സന്തോഷമായി;
അവർ ദൈവത്തെ സ്തുതിച്ചു; രൂബേന്യ
രും ഗാദ്യരും പാർത്ത ദേശം നശിപ്പിക്കേണ്ട
തിന്നു അവരോടു യുദ്ധത്തിന്നു പുറപ്പെടു
ന്നതിനെപ്പററി പിന്നെ മിണ്ടിയതേയില്ല.
രൂബേന്യരും ഗാദ്യരും “കർത്താവ് തന്നേ 34
ദൈവം എന്നതിന്നു ഇതു നമ്മുടെ മദ്ധ്യേ
സാക്ഷി” എന്നു പറഞ്ഞ് ആ യാഗപീഠത്തി
ന്നു സാക്ഷിയിൻ യാഗപീഠം എന്നു പേരു
വിളിച്ചു.

അദ്ധ്യായം 23

കർത്താവ് ചുററുമുള്ള സകല ശത്രുക്ക 1
ളെയും കീഴടക്കി ഇസ്രായേലിന്നു സ്വസ്ഥ
ത നല്കി ഏറെക്കാലം കഴിഞ്ഞു യോശുവ
വൃദ്ധൻ ആയശേഷം യോശുവ എല്ലാ 2
ഇസ്രായേലിനെയും അവരുടെ മൂപ്പന്മാ
രെയും പ്രധാനികളെയും ന്യായാധിപന്മാരെ
യും പ്രമാണികളെയും വിളിച്ച് അവ
രോടു പറഞ്ഞതെന്തെന്നാൽ: ഞാൻ
വൃദ്ധൻ ആയിരിക്കുന്നു. നിങ്ങളുടെ 3
ദൈവമായ കർത്താവ് നിങ്ങളുടെ നിമിത്തം
ഈ സകല ജാതികളോടും ചെയ്തതെല്ലാം
നിങ്ങൾ കണ്ടിരിക്കുന്നു; നിങ്ങളുടെ ദൈവ
മായ കർത്താവ് തന്നെയല്ലോ നിങ്ങൾക്കു
വേണ്ടി യുദ്ധം ചെയ്തത്. ഇതാ, യോർദ്ദാൻ 4
മുതൽ പടിഞ്ഞാറോട്ടു മഹാസമുദ്രം വരെ
ശേഷിപ്പുള്ള ജാതികളുടെയും ഞാൻ സംഹ
രിച്ചു കളഞ്ഞിട്ടുള്ള സകലജാതികളുടെ
യും ദേശം നിങ്ങളുടെ ഗോത്രങ്ങൾക്കു
അവകാശമായി നറുക്കിട്ടു വിഭാഗിച്ചു
തന്നിരിക്കുന്നു. നിങ്ങളുടെ ദൈവമായ 5
കർത്താവ് തന്നെ അവരെ നിങ്ങളുടെ
മുമ്പിൽ നിന്ന് ഓടിച്ചു നിങ്ങളുടെ ദൃഷ്ടി
യിൽ നിന്നു നീക്കിക്കളയും; നിങ്ങളുടെ
ദൈവമായ കർത്താവ് നിങ്ങൾക്കു വാ
ഗ്ദാനം ചെയ്തതു പോലെ നിങ്ങൾ അവ
രുടെ ദേശം കൈവശ മാക്കുകയും ചെയ്യും.
ആകയാൽ മോശയുടെ ന്യായപ്രമാണ 6
പുസ്തകത്തിൽ എഴുതിയിരിക്കുന്നതെല്ലാം
അനുസരിച്ചു നടപ്പാനും അതിൽനിന്നു
വലത്തോട്ടോ ഇടത്തോട്ടോ മാറാതിരി

7 ക്കുവാനും കരുതിക്കൊള്ളണം. നിങ്ങ
ളുടെ ഇടയിൽ ശേഷിച്ചിരിക്കുന്ന ഈ
ജാതികളോടു നിങ്ങൾക്കു സമ്പർക്കം
അരുത്; അവരുടെ ദേവന്മാരുടെ നാമം
ജപിക്കുകയും അതു ചൊല്ലി സത്യം ചെയ്ക
8 യും അരുത്; അവയെ സേവിക്കുകയും നമ
സ്കരിക്കയും അരുത്. നിങ്ങൾ ഇന്നുവരെ
ചെയ്തതുപോലെ നിങ്ങളുടെ ദൈവമായ
9 കർത്താവിനോടു ചേർന്നിരിപ്പിൻ. കർത്താ
വ് നിങ്ങളുടെ മുമ്പിൽനിന്നു വലുതും ശക്ത
വുമായ ജാതികളെ നീക്കിക്കളഞ്ഞു; ഒരു
മനുഷ്യനും ഇന്നുവരെ നിങ്ങളുടെ നേരെ
10 നില്പാൻ കഴിഞ്ഞിട്ടില്ല. നിങ്ങളുടെ ദൈവ
മായ കർത്താവ് നിങ്ങൾക്കു വാഗ്ദാനം
ചെയ്തതുപോലെ താൻ തന്നെ നിങ്ങൾക്കു
വേണ്ടി യുദ്ധം ചെയ്തതുകൊണ്ടു നിങ്ങ
ളിൽ ഒരുവൻ ആയിരം പേരെ ഓടിച്ചിരി
11 ക്കുന്നു. അതുകൊണ്ടു നിങ്ങളുടെ ദൈവ
മായ കർത്താവിനെ ആരാധിപ്പാൻ പൂർണ്ണ
12 മനസ്സോടെ കരുതിക്കൊൾവിൻ. അല്ലാതെ
നിങ്ങൾ പിന്തിരിഞ്ഞു നിങ്ങളുടെ ഇടയി
ലുള്ള ഈ ശേഷം ജാതികളോടു ചേർന്നു
വിവാഹബന്ധം നടത്തുകയും നിങ്ങൾ
13 അവരോടും അവർ നിങ്ങളോടും ഇടകല
രുകയും ചെയ്താൽ നിങ്ങളുടെ ദൈവമായ
കർത്താവ് ഇനിയും ഈ ജാതികളെ നിങ്ങ
ളുടെ മുമ്പിൽനിന്നു നീക്കിക്കളയുകയി
ല്ലെന്നും നിങ്ങളുടെ ദൈവമായ കർത്താവ്
നിങ്ങൾക്കു തന്നിരിക്കുന്ന ഈ നല്ല ദേശ
ത്തുനിന്നു നിങ്ങൾ നശിച്ചുപോകുംവരെ
അവർ നിങ്ങൾക്കു കുടുക്കും കെണിയും
പുറത്തു ചമ്മട്ടിയും കണ്ണിൽ മുള്ളും
ആയിരിക്കുമെന്നും അറിഞ്ഞുകൊള്ളണം.
14 ഇതാ, ഞാൻ സകല ഭൂവാസികളുടെയും
വഴിപോലെ പോകുന്നു; നിങ്ങളുടെ ദൈവ
മായ കർത്താവ് നിങ്ങളെക്കുറിച്ചു അരുളി
ച്ചെയ്തിട്ടുള്ള സകല നന്മകളിൽ ഒന്നിന്നും
വീഴ്ച വന്നിട്ടില്ലെന്നു നിങ്ങൾക്കു പൂർണ്ണ
ഹൃദയത്തിലും പൂർണ്ണ മനസ്സിലും ബോദ്ധ്യ
മായിരിക്കുന്നു; സകലവും നിങ്ങൾക്കു
സംഭവിച്ചു, ഒന്നിനും വീഴ്ച വന്നിട്ടില്ല.
15 നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങ
ളോട് അരുളിച്ചെയ്തിട്ടുള്ള എല്ലാ നന്മകളും
നിങ്ങൾക്കു സംഭവിച്ചതുപോലെ തന്നെ നി
16 ങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളോടു
കല്പിച്ചിട്ടുള്ള അവന്റെ നിയമം നിങ്ങൾ
ലംഘിക്കുകയും ചെന്നു അന്യദൈവങ്ങളെ
നമസ്കരിക്കുകയും ചെയ്താൽ നിങ്ങളു
ടെ ദൈവമായ കർത്താവ് നിങ്ങൾക്കു
തന്നിരിക്കുന്ന ഈ നല്ല ദേശത്തുനിന്നു
നിങ്ങളെ നശിപ്പിക്കുംവരെ കർത്താവ് എല്ലാ
ശാപങ്ങളും നിങ്ങളുടെമേൽ വരുത്തും.
കർത്താവിന്റെ കോപം നിങ്ങളുടെ നേരെ
ജ്വലിക്കും; അവൻ നിങ്ങൾക്കു തന്നിട്ടുള്ള
ഈ നല്ല ദേശത്തുനിന്നു നിങ്ങൾ വേഗം
നശിച്ചുപോകും.

അദ്ധ്യായം 24

അനന്തരം യോശുവ ഇസ്രായേൽ 1
ഗോത്രങ്ങളെയെല്ലാം ശെഖേമിൽ കൂട്ടി;
ഇസ്രായേലിന്റെ മൂപ്പന്മാരെയും തലവന്മാ
രെയും ന്യായാധിപന്മാരെയും പ്രമാണിക
ളെയും വിളിച്ചു; അവർ ദൈവത്തിന്റെ
സന്നിധിയിൽ തിരുനിവാസമുമ്പിൽ വന്നു
നിന്നു. അപ്പോൾ യോശുവാ സർവ്വജന 2
ത്തോടും പറഞ്ഞതെന്തെന്നാൽ: ഇസ്രായേ
ലിന്റെ ദൈവമായ കർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു: നിങ്ങളുടെ പിതാക്കന്മാ
രായ അബ്രാഹാമിന്റെയും നാഹോരിന്റെ
യും പിതാവായ തേറഹ് പണ്ടു നദിക്കക്കരെ
പാർത്തു അന്യദൈവങ്ങളെ സേവിച്ചു
പോന്നു. എന്നാൽ ഞാൻ നിങ്ങളുടെ 3
പിതാവായ അബ്രാഹാമിനെ നദിക്കക്കരെ
നിന്നു കൊണ്ടുവന്നു കനാൻദേശത്തൊ
ക്കെയും നടത്തി അവന്റെ സന്തതിയെ വർ
ദ്ധിപ്പിക്കുകയും അവനു ഇസ്ഹാക്കിനെ
കൊടുക്കുകയും ചെയ്തു. ഇസ്ഹാക്കിനു 4
ഞാൻ യാക്കോബിനെയും ഏശാവിനെയും
കൊടുത്തു; ഏശാവിനു ഞാൻ സേയീർ
പർവ്വതം അവകാശമായി കൊടുത്തു; യാ
ക്കോബും അവന്റെ മക്കളും മെസ്രേനി
ലേക്കു പോയി. പിന്നെ ഞാൻ മോശയെയും 5
അഹരോനെയും അയച്ചു; ഞാൻ മെസ്രേ
ന്യർക്കു ബാധ വരുത്തി അത്ഭുതങ്ങൾ
പ്രവർത്തിച്ചു; അതിന്റെ ശേഷം നിങ്ങളെ
പുറപ്പെടുവിച്ചു. അങ്ങനെ ഞാൻ നിങ്ങളുടെ 6
പിതാക്കന്മാരെ മെസ്രേനിൽനിന്നു പുറപ്പെ
ടുവിച്ചു; അവരെ കടലിന്നരികെ എത്തിച്ചു;
മെസ്രേന്യർ രഥങ്ങളോടും കുതിരകളോടും
കൂടെ ചെങ്കടൽവരെ നിങ്ങളുടെ പിതാക്ക
ന്മാരെ പിന്തുടർന്നു; അവർ ദൈവത്തോട് 7
നിലവിളിച്ചപ്പോൾ അവൻ അവർക്കും മെ
സ്രേന്യർക്കും മദ്ധ്യേ അന്ധകാരം വരുത്തി.
ദൈവം ചെങ്കടൽ വിഭജിക്കുകയും നിങ്ങളു
ടെ പിതാക്കന്മാരെ അതിലൂടെ നടത്തുക
യും ചെയ്തു. എന്നാൽ മെസ്രേന്യരുടെ മേൽ
കടൽ വരുത്തി അവരെ മുക്കിക്കളഞ്ഞു; ഇ
ങ്ങനെ ഞാൻ മെസ്രേന്യരോടു ചെയ്തതു നി
ങ്ങൾ കണ്ണാലെ കണ്ടു; ഞാൻ നിങ്ങളെ ഏ
റിയകാലം മരുഭൂമിയിൽ കഴിപ്പിച്ചു. പിന്നെ 8

ൻ നിങ്ങളെ യോർദ്ദാന്നക്കരെ പാർത്തി
അമോര്യരുടെ ദേശത്തേക്കു കൊണ്ടു
ു; അവർ നിങ്ങളോടു യുദ്ധം ചെയ്തു;
ങ്ങൾ അവരുടെ ദേശം കൈവശമാക്കേ
തിന്നു ഞാൻ അവരെ നിങ്ങളുടെ കയ്യിൽ
ിപ്പിച്ചു, നിങ്ങളുടെ മുമ്പിൽനിന്നു നശി
ച്ചുകളഞ്ഞു. അനന്തരം സിപ്പോരിന്റെ മ
മോവാബ്യ രാജാവായ ബാലാക് പുറ
ട്ടു ഇസ്രായേലിനോടു യുദ്ധം ചെയ്തു;
ങ്ങളെ ശപിപ്പാൻ ബെയോരിന്റെ മക
യ ബിലെയാമിനെ വിളിപ്പിച്ചു. എങ്കിലും
റിക്കു ബിലെയാമിന്റെ അപേക്ഷ കേൾ
ൻ മനസ്സില്ലാതിരുന്നതിനാൽ അവൻ
ങ്ങളെ അനുഗ്രഹിച്ചു; ഇങ്ങനെ ഞാൻ
ങ്ങളെ അവന്റെ കൈയിൽനിന്നു
ുവിച്ചു. പിന്നെ നിങ്ങൾ യോർദ്ദാൻ
ന്നു യറീഹോയിലേക്കു വന്നു; യറീഹോ
വാസികൾ, അമോര്യർ, പെരിസ്യർ,
ാന്യർ, ഹിത്യർ, ഗിർഗ്ഗസ്യർ, ഹിവ്യർ,
ബൂസ്യർ എന്നിവർ നിങ്ങളോടു യുദ്ധം
യ്തു; ഞാനോ അവരെ നിങ്ങളുടെ
കയിൽ ഏല്പിച്ചു. ഞാൻ നിങ്ങളുടെ
വിൽ കടുന്നലിനെ അയച്ചു; ഞാൻ
ങ്ങളുടെ മുമ്പിൽനിന്നു അമോര്യരുടെ ആ
ു രാജാക്കന്മാരെ ഓടിച്ചുകളഞ്ഞു;
ങ്ങളുടെ വാളുകൊണ്ടല്ല നിങ്ങളുടെ
ല്ലുകൊണ്ടും അല്ല. നിങ്ങൾ പ്രയത്നം
യ്യാത്ത ദേശവും നിങ്ങൾ പണിയാത്ത
ങ്ങളും ഞാൻ നിങ്ങൾക്കു തന്നു;
ങ്ങൾ അവയിൽ പാർക്കുന്നു; നിങ്ങൾ
ട്ടില്ലാത്ത മുന്തിരിത്തോട്ടങ്ങളും ഒലിവു
ട്ടങ്ങളും നിങ്ങൾക്ക് അനുഭവമായിരി
ന്നു. ആകയാൽ നിങ്ങൾ കർത്താവിനെ
പ്പെട്ടു അവനെ പരമാർത്ഥതയോടും
സ്തതയോടുംകൂടെ സേവിപ്പിൻ. നി
ളുടെ പിതാക്കന്മാർ നദിക്കക്കരെയും
സ്രേനിലും വച്ചു സേവിച്ച ദേവന്മാരെ
ക്ഷിക്കുകയും കർത്താവിനെത്തന്നെ
വിക്കുകയും ചെയ്യണം. കർത്താവിനെ
വിക്കുന്നതു നന്നല്ലെന്നു നിങ്ങൾക്കു
ന്നുന്നുവെങ്കിൽ നദിക്കക്കരെ വച്ചു
ങ്ങളുടെ പിതാക്കന്മാർ സേവിച്ച ദേവന്മാ
യോ നിങ്ങൾ പാർത്തുവരുന്ന ദേശത്തി
അമോര്യരുടെ ദേവന്മാരെയോ ആരെ
വിക്കും എന്ന് ഇന്നു തിരഞ്ഞെടുത്തു
ാൾവിൻ. ഞാനും എന്റെ കുടുംബവു
, ഞങ്ങൾ കർത്താവിനെ സേവിക്കും.
തിനു ജനം ഉത്തരം പറഞ്ഞത്; കർത്താ
ന ഉപേക്ഷിച്ചു അന്യ ദൈവങ്ങളെ സേ
പ്പാൻ ഞങ്ങൾക്കു സംഗതി വരരുത്.

ഞങ്ങളെയും ഞങ്ങളുടെ പിതാക്കന്മാരെ 17
യും ദാസ്യഭവനമായ മെസ്രേൻ ദേശത്തു
നിന്നു പുറപ്പെടുവിച്ചു ഞങ്ങൾ കാൺകെ
ആ വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കു
കയും ഞങ്ങൾ നടന്ന എല്ലാ വഴിയിലും ഞ
ങ്ങൾ കടന്നു പോന്ന സകല ജാതികളുടെ
ഇടയിലും ഞങ്ങളെ രക്ഷിക്കുകയും ചെയ്ത
വൻ ഞങ്ങളുടെ ദൈവമായ കർത്താവ്
തന്നേയല്ലോ. ദേശത്തു പാർത്തിരുന്ന 18
അമോര്യർ മുതലായ സകലജാതികളെയും
കർത്താവ് ഞങ്ങളുടെ മുമ്പിൽനിന്നു നശി
പ്പിച്ചു; ആകയാൽ ഞങ്ങളും കർത്താവിനെ 19
സേവിക്കും; അവൻ മാത്രമാണ് ദൈവം. യോ
ശുവ ജനത്തോടു പറഞ്ഞതു: നിങ്ങൾക്കു
കർത്താവിനെ സേവിപ്പാൻ കഴിയാതെ
വന്നേക്കാം. അവൻ പരിശുദ്ധ ദൈവം; അ
വൻ തീക്ഷ്ണതയുള്ള ദൈവം; അവൻ
നിങ്ങളുടെ അതിക്രമങ്ങളെയും പാപങ്ങ
ളെയും ക്ഷമിക്കുകയില്ല. നിങ്ങൾ കർത്താ 20
വിനെ ഉപേക്ഷിച്ചു അന്യദൈവങ്ങളെ
സേവിച്ചാൽ മുമ്പെ നിങ്ങൾക്കു നന്മചെയ്ത
തുപോലെ അവൻ തിരിഞ്ഞു നിങ്ങൾക്കു
തിന്മ ചെയ്തു നിങ്ങളെ സംഹരിക്കും. ജനം 21
യോശുവയോടു: അല്ല, ഞങ്ങൾ കർത്താവി
നെത്തന്നേ സേവിക്കും, മററാരെയും സേവി
ക്കുകയില്ല എന്നു പറഞ്ഞു. യോശുവ 22
ജനത്തോടു: കർത്താവിനെ സേവിക്കേ
ണ്ടതിന്നു നിങ്ങൾ അവനെ തിരഞ്ഞെടു
ത്തിരിക്കുന്നു എന്നതിന്നു നിങ്ങൾ തന്നെ
സാക്ഷികൾ എന്നു പറഞ്ഞു. അതേ,
ഞങ്ങൾ തന്നെ സാക്ഷികൾ എന്ന് അവർ
പറഞ്ഞു. ആകയാൽ ഇപ്പോൾ നിങ്ങളുടെ 23
ഇടയിലുള്ള അന്യദൈവങ്ങളെ നീക്കി
ക്കളഞ്ഞു ഇസ്രായേലിന്റെ ദൈവമായ
കർത്താവിങ്കലേക്കു നിങ്ങളുടെ ഹൃദയം
ഒരുക്കുവിൻ എന്ന് അവൻ പറഞ്ഞു. ജനം 24
യോശുവയോടു: ഞങ്ങളുടെ ദൈവമായ
കർത്താവിനെ ഞങ്ങൾ സേവിക്കും; അവ
ന്റെ വാക്കു ഞങ്ങൾ അനുസരിക്കും എന്നു
പറഞ്ഞു. അങ്ങനെ യോശുവ അന്നു ജന 25
വുമായി ഒരു നിയമം ചെയ്തു; അവർ
ശെഖേമിൽവച്ചു കല്പനകളും വിധികളും
പഠിപ്പിച്ചു.

പിന്നെ യോശുവ ഈ വചനങ്ങൾ 26
മോശയുടെ ന്യായപ്രമാണ പുസ്തകത്തിൽ
എഴുതി; ഒരു വലിയ കല്ലെടുത്തു അവിടെ
കർത്താവിന്റെ വിശുദ്ധ മന്ദിരത്തിന്നരികെ
യുള്ള കരുവേലകത്തിൻ കീഴെ നാട്ടി.
യോശുവ സകല ജനത്തോടും: ഇതാ, ഈ 27
ശില നമുക്കു സാക്ഷിയായിരിക്കട്ടെ; അതു

കർത്താവ് നമ്മോടു കല്പിച്ചിട്ടുള്ള വചന
ങ്ങളൊക്കെയും കേട്ടിരിക്കുന്നു; ആകയാൽ
നിങ്ങളുടെ ദൈവത്തോട് നിങ്ങൾ വ്യാജം
കാണിക്കാതിരിക്കുവാൻ അതു നിങ്ങൾക്കു
സാക്ഷിയായിരിക്കട്ടെ എന്നു പറഞ്ഞു.
28 ഇങ്ങനെ യോശുവ ജനത്തെ താന്താങ്ങ
ളുടെ അവകാശത്തിലേക്കു പറഞ്ഞയച്ചു.
29 അതിന്റെ ശേഷം ദൈവത്തിന്റെ
ദാസനായി നൂന്റെ മകനായ യോശുവ
നൂററിപ്പത്തു വയസ്സുള്ളവനായി മരിച്ചു.
30 അവനെ എഫ്രയീം പർവ്വതത്തിലുള്ള തി
മ്നാത്ത് സേരഹിൽ ഗായശ് മലയുടെ വട
ക്കു വശത്ത് അവന്റെ അവകാശഭൂമിയിൽ
31 അടക്കം ചെയ്തു. യോശുവയുടെ കാല
ത്തും യോശുവ കഴിഞ്ഞ് ജീവിച്ചിരുന്നവ
രായി കർത്താവ് ഇസ്രായേലിന്നുവേണ്ടി
ചെയ്തിട്ടുള്ള സകല പ്രവൃത്തികളും അറി
ഞ്ഞവരായ മൂപ്പന്മാരുടെ കാലത്തും ഇസ്രാ
യേൽ കർത്താവിനെ സേവിച്ചു. ഇസ്രാ 32
യേൽ മക്കൾ മെസ്രേനിൽനിന്നു കൊണ്ടു
പോന്ന യോസേഫിന്റെ അസ്ഥികളെ
അവർ ശെഖേമിൽ, യാക്കോബ് ശെഖേ
മിന്റെ അപ്പനായ ഹാമോരിന്റെ മക്കളോടു
*നൂറു ആടുകളെ കൊടുത്തു വാങ്ങിയിരുന്ന
നിലത്തു അടക്കം ചെയ്തു; അതു യോസേ
ഫിന്റെ മക്കൾക്ക് അവകാശമായിത്തീർ
ന്നു. അഹറോന്റെ മകൻ എലെയാസാറും 33
മരിച്ചു; അവനെ അവന്റെ മകനായ
ഫീനെഹാസിനു എഫ്രയീം പർവ്വതത്തിൽ
കൊടുത്തിരുന്ന കുന്നിൽ അടക്കം ചെയ്തു.

ഇരുപത്തേഴു സംവത്സരം ജനത്തിനു ഭരണാധിപനായിരുന്ന യോശുവായുടെ പുസ്തകം സമാപ്തം.

* നൂറു വെള്ളിക്കാശ് എന്നു ചില പതിപ്പുകളിൽ. K.J.V യിൽ ആടുകൾ.

ന്യായാധിപന്മാർ

അദ്ധ്യായം 1

യോശുവായുടെ മരണശേഷം ഇസ്രാ
ൽക്കാരിൽ ആരാകുന്നു കനാന്യരോട്
ധം ചെയ്യുവാൻ ആദ്യം പുറപ്പെടേണ്ട
ന്ന് കർത്താവിനോട് ചോദിച്ചു.
"യഹൂദാ പുറപ്പെടട്ടെ; ഞാൻ ദേശം അ
ൻെറ കയ്യിൽ ഏല്പിച്ചിരിക്കുന്നു" എന്ന്
വം കല്പിച്ചു. യഹൂദാ തൻെറ സ
ോദരനായ ശിമെയോനോട്: എൻെറ
കാശദേശത്തു കനാന്യരോടു യുദ്ധം
യ്‌വാൻ നീ എന്നോടുകൂടെ വരണം,
ുപോലെ നിൻെറ അവകാശദേശത്തു
ന്നോടുകൂടെ ഞാനും വരാം എന്നു പറ
ു. ശിമെയോൻ അവനോടുകൂടെ
യി. അങ്ങനെ യഹൂദാ പുറപ്പെട്ടു:
വം കനാന്യരെയും പെരിസ്യരെയും
രുടെ കയ്യിൽ ഏല്പിച്ചു. അവർ
സെക്കിൽവച്ച് അവരിൽ പതിനായിരം
െര സംഹരിച്ചു. ബേസെക്കിൽവച്ച്
ർ അദോനീ-ബേസെക്കിനോടു യുദ്ധം
യ്തു കനാന്യരെയും പെരിസ്യരെയും
ഹരിച്ചു. അദോനീബേസെക് ഓടിപ്പോ
അവർ അവനെ പിന്തുടർന്നു പിടിച്ച്
ൻെറ കൈകാലുകളുടെ പെരുവിരൽ
ച്ചുകളഞ്ഞു. 'കൈകാലുകളുടെ പെരു
ൽ മുറിച്ച എഴുപതു രാജാക്കന്മാർ
ൻെറ മേശയിൻകീഴിൽനിന്നു പെറുക്കി
ിരുന്നു; ഞാൻ ചെയ്തതുപോലെ
ന്ന ദൈവം എനിക്ക് പകരം ചെയ്തിരി
ന്നു' എന്ന് അദോനീ ബേസെക് പറ
ു. അവർ അവനെ യറുശലേമിലേക്കു
ണ്ടുപോയി അവിടെവച്ച് അവൻ
ച്ചു. യഹൂദാമക്കൾ യറുശലേമിനെ
 യുദ്ധം ചെയ്തു അതിനെ പിടിച്ചു
ിൻെറ വായ്ത്തലയാൽ വെട്ടി ഗ്രാമ
ൽ ദഹിപ്പിച്ചു. അതിൻെറ ശേഷം യഹൂദാ
ൾ മലനാട്ടിലും തെക്കെ ദേശത്തിലും
വീഥിയിലും പാർത്തിരുന്ന കനാന്യ
ു യുദ്ധം ചെയ്‌വാൻ പോയി. യഹൂദാ
ബ്രോനിൽ പാർത്തിരുന്ന കനാന്യരുടെ
നേരെ ചെന്നു; ഹെബ്രോന്നു പണ്ടു കുറി
യാത് അർബ്ബാ എന്നു പേർ. അവർ ശേശാ 11
യി, അഹിമാൻ, തൽമായി എന്നിവരെ സംഹ
രിച്ചു. അവിടെനിന്ന് അവർ ദെബീർ നി
വാസികളുടെ നേരെ ചെന്നു; ദെബീരി
ന്നു പണ്ടു കുര്യത്ത് - സേഫെർ എന്നു
പേർ. അപ്പോൾ കാലേബ്: കുര്യത്ത് 12
സേഫെർ ജയിച്ചടക്കുന്നവന്നു ഞാൻ
എൻെറ മകൾ അക്സയെ ഭാര്യയായി
കൊടുക്കും എന്നു പറഞ്ഞു. കാലേബിൻെറ 13
അനുജനായ കെനസിൻെറ മകൻ
ഒത്നീയേൽ അതു പിടിച്ചു; അവൻ തൻെറ
മകൾ അക്സയെ അവന്നു ഭാര്യയായി 14
കൊടുത്തു. അവൾ വന്നപ്പോൾ തൻെറ
അപ്പനോട് ഒരു വയൽ ചോദിപ്പാൻ ഉത്സാ
ഹിപ്പിച്ചു; അവൾ കഴുതപ്പുറത്തുനിന്നു
ഇറങ്ങിയപ്പോൾ കാലേബ് അവളോടു നിന
ക്ക് എന്തു വേണം എന്നു ചോദിച്ചു. അവൾ 15
അവനോടു: ഒരു അനുഗ്രഹം എനിക്കു
തരേണമേ; നീ എന്നെ തെക്കൻ നാട്ടിലേ
ക്കല്ലോ വിവാഹംകഴിച്ചു കൊടുത്തത്;
നീരുറവകളും എനിക്കു തരേണമേ എന്നു
പറഞ്ഞു, കാലേബ് അവൾക്കു മലയിലും
താഴ്‌വരയിലും നീരുറവുകൾ കൊടുത്തു.
മോശയുടെ അമ്മായപ്പനായ കേനി 16
ൻെറ മക്കൾ യഹൂദാ മക്കളോടുകൂടെ
ഈന്തപ്പട്ടണത്തിൽനിന്നു അരാദിന്നു
തെക്കുള്ള യഹൂദാ മരുഭൂമിയിലേക്കു
പോയി; അവർ ചെന്നു അവിടുത്തെ ജന
ത്തോടുകൂടെ പാർത്തു. പിന്നെ, യഹൂദാ 17
തൻെറ സഹോദരനായ ശിമെയോനോടു
കൂടെ പോയി, അവർ സെഫാത്തിൽ
പാർത്തിരുന്ന കനാന്യരെ വീഴ്ത്തി അതി
നെ ശാപഗ്രസ്തമാക്കി; ആ പട്ടണത്തിന്നു
ഹേർമ (ശാപം) എന്നു പേർ ഇട്ടു. യഹൂദാ 18
ഗസ്സയും അതിൻെറ അതിർപ്രദേശവും
അസ്കലോനും അതിൻെറ അതിർനാടും
എക്രോനും അതിൻെറ അതിർനാടും പിടി
ച്ചു. കർത്താവു യഹൂദയോടുകൂടെ ഉണ്ടാ 19
യിരുന്നു; അവൻ മലനാടു കൈവശമാക്കി;
എന്നാൽ, താഴ്‌വരയിലെ നിവാസികൾക്കു

ഇരുമ്പുരഥങ്ങൾ ഉണ്ടായിരുന്നതുകൊണ്ട്
20 അവരെ നീക്കിക്കളഞ്ഞില്ല. മോശ കല്പി
ച്ചതുപോലെ അവർ കാലേബിന്നു ഹെ
ബ്രോൻ കൊടുത്തു; അവൻ അവിടെനിന്നു
21 മൂന്നു മല്ലന്മാരെ നീക്കിക്കളഞ്ഞു. ബെന്യാ
മീൻ മക്കൾ യെറുശലേമിൽ പാർത്തിരുന്ന
യെബൂസ്യരെ നീക്കിക്കളഞ്ഞില്ല; യെബൂ
സ്യർ ഇന്നുവരെ ബെന്യാമീൻ മക്കളോടു
കൂടെ യറൂശലേമിൽ പാർത്തുവരുന്നു.
22 യോസേഫിൻെറ കുടുംബം ബേഥേലി
ലേക്കു കയറിച്ചെന്നു; കർത്താവ് അവരോടു
23 കൂടെ ഉണ്ടായിരുന്നു. യോസേഫ് കുടുംബം
ബേഥേലിൽ പാർത്തു, ആ പട്ടണത്തിനു
24 മുമ്പെ ലൂസ് എന്നു പേരായിരുന്നു. പട്ടണ
ത്തിൽനിന്ന് ഇറങ്ങിവരുന്ന ഒരുവനെ
കാവൽക്കാർ കണ്ടു അവനോടു: നഗര
ത്തിൽ കടപ്പാൻ ഒരു വഴി കാണിച്ചുതരണം;
എന്നാൽ ഞങ്ങൾ നിന്നോടു ദയ ചെയ്യും
25 എന്നു പറഞ്ഞു. അവൻ പട്ടണത്തിൽ കടപ്പാ
നുള്ള വഴി അവർക്കു കാണിച്ചുകൊടുത്തു;
അവർ പട്ടണത്തെ വാളിൻെറ വായ്ത്തല
യാൽ വെട്ടിയരിഞ്ഞു, ആ മനുഷ്യനെയും
26 അവൻെറ സകല കുടുംബത്തെയും വിട്ട
യച്ചു. അവൻ ഹിത്യരുടെ ദേശത്തു ചെന്നു
ഒരു പട്ടണം പണിതു. അതിന്നു ലൂസ് എന്നു
പേരിട്ടു; അതിന്നു ഇന്നുവരെ അതുതന്നെ
യാണു പേര്.
27 മനശ്ശെ ബേത്ത്-ശെയാനിലും അതി
ൻെറ ഗ്രാമങ്ങളിലും താനാക്കിലും അതി
ൻെറ ഗ്രാമങ്ങളിലും ദോരിലും അതിൻെറ
ഗ്രാമങ്ങളിലും യിബ്ലെയാമിലും അതിൻെറ
ഗ്രാമങ്ങളിലും മെഗിദ്ദോയിലും അതിൻെറ
ഗ്രാമങ്ങളിലും പാർത്തിരുന്നവരെ നീക്കി
ക്കളഞ്ഞില്ല. കനാന്യർക്ക് ആ ദേശത്തു
തന്നെ പാർപ്പാനുള്ള താല്പര്യം സാധിച്ചു.
28 എന്നാൽ, ഇസ്രായേലിന്നു ശക്തി കൂടിയ
പ്പോൾ അവർ കനാന്യരെ മുഴുവനും നീക്കി
ക്കളയാതെ അവരെക്കൊണ്ടു ദാസ്യവേല
ചെയ്യിച്ചു.
29 എഫ്രയീം ഗേസെരിൽ വസിച്ചിരുന്ന
കനാന്യരെ നീക്കിക്കളഞ്ഞില്ല. കനാന്യർ
ഗേസെരിൽ അവരുടെ ഇടയിൽ വസിച്ചു.
30 സെബുലൂൻ കിത്രോനിലും നഹലോലിലും
പാർത്തിരുന്നവരെ നീക്കിക്കളഞ്ഞില്ല;
കനാന്യർ ദാസ്യവേലക്കാരായിത്തീർന്നു
അവരുടെ ഇടയിൽ പാർത്തു.
31 ആശേർ അക്കോവിലും സീദോനിലും
അഹ്ലാബിലും അക്സീബിലും ഹെൽബ
യിലും അഫീക്കിലും രെഹോബിലും വസി
32 ച്ചിരുന്നവരെ നീക്കിക്കളഞ്ഞില്ല. അവരെ
നീക്കിക്കളയാതെ ആശേര്യർ ദേശനിവാസി
കളായ കനാന്യരുടെ ഇടയിൽ പാർത്തു.
നഫ്താലി, ബേത്ത്-ശേമെശ് 33
ബേത്ത്-അനാത്ത് വാസികളെ പുറ
ത്താക്കാതെ ദേശനിവാസികളായ കനാ
ന്യരുടെ ഇടയിൽ പാർത്തു. ബേത്ത്-
ശേമെശിലെയും ബേത്ത്-അനാത്തിലെയും
നിവാസികൾ അവർക്ക് ദാസ്യവേലക്കാ
രായിത്തീർന്നു.
അമോര്യരെ ദാൻമക്കൾ ഓടിച്ചു മല 34
നാട്ടിൽ കയററി; താഴ്വരയിലേക്കു ഇറങ്ങു
വാൻ അവരെ സമ്മതിച്ചില്ല. അങ്ങനെ 35
അമോര്യർ ഹർഹേരെസിലും അയ്യാലോനി
ലും ശാൽബിമിലും പാർക്കുവാൻ അനുവദി
ക്കപ്പെട്ടു. യോസേഫിൻെറ ഗൃഹത്തിനു
ബലം വർദ്ധിച്ചു. അവരെ ദാസ്യവേല
ക്കാരാക്കിത്തീർത്തു. അമോര്യരുടെ അതിർ 36
അക്രോൻ കയററം മുതൽ പിന്നെയും
മേലോട്ടുണ്ടായിരുന്നു.

അദ്ധ്യായം 2

അനന്തരം കർത്താവിൻെറ മാലാഖ 1
ഗില്ഗാലിൽനിന്നു ബോഖിമിലേക്കു വന്നു
പറഞ്ഞതു: ഞാൻ നിങ്ങളെ മെസ്രേനിൽ
നിന്നു പുറപ്പെടുവിച്ചു; നിങ്ങളുടെ പിതാക്ക
ന്മാർക്കു വാഗ്ദാനം ചെയ്ത ദേശത്തേക്കു
നിങ്ങളെ കൊണ്ടുവന്നു: നിങ്ങളോടുള്ള
എൻെറ ഉടമ്പടി ഞാൻ ഒരിക്കലും ലംഘി 2
ക്കയില്ല എന്നും നിങ്ങൾ ഈ ദേശനിവാസി
കളോടു ഉടമ്പടി ചെയ്യാതെ അവരുടെ ബലി
പീഠങ്ങൾ ഇടിച്ചുകളയണമെന്നും കല്പി
ച്ചു; എന്നാൽ നിങ്ങൾ എൻെറ വാക്ക്
അനുസരിച്ചില്ല. ഇങ്ങനെ നിങ്ങൾ ചെയ്ത
തു എന്ത്? അതുകൊണ്ടു ഞാൻ അവരെ 3
നിങ്ങളുടെ മുമ്പിൽനിന്നു നീക്കിക്കളയുക
യില്ല; അവർ നിങ്ങളുടെ ഹൃദയത്തിൽ
മുള്ളായിരിക്കും; അവരുടെ ദേവന്മാർ
നിങ്ങൾക്കു കെണിയായും ഇരിക്കും എന്നു
ഞാൻ പറയുന്നു. കർത്താവിൻെറ മാലാഖ 4
ഈ വചനം എല്ലാ ഇസ്രായേല്യരോടും
പറഞ്ഞപ്പോൾ ജനം ഉച്ചത്തിൽ കരഞ്ഞു.
അവർ ആ സ്ഥലത്തിന്നു ബോഖീം (കര 5
യുന്നവർ) എന്നു പേരിട്ടു; അവിടെ ദൈവ
ത്തിനു യാഗം കഴിച്ചു.
യോശുവ ജനത്തെ പറഞ്ഞയച്ചു. 6
ഇസ്രായേൽ മക്കൾ ദേശം കൈവശമാക്കു
വാൻ ഓരോരുവൻ താന്താൻെറ അവ
കാശത്തിലേക്കു പോയി. യോശുവയുടെ 7
കാലമെല്ലാം യോശുവ കഴിഞ്ഞിട്ടും ജീവി
ച്ചിരുന്നവർ ദൈവം ഇസ്രായേലിന്നു

...ടി ചെയ്ത വീര്യപ്രവൃത്തിക
...ാം കണ്ടിട്ടുള്ള മൂപ്പന്മാരുടെ കാല
...ല്ലാം ജനം കർത്താവിനെ സേവിച്ചു.
...ത്യദാസനായി നൂന്റെ മകനായ
...ശുവ നൂററിപ്പത്തു വയസ്സുള്ളവ
...ി മരിച്ചു. അവനെ എഫ്രയീം പർവത
...ല തിമ്നാത്ത്-ഹേരെസിൽ ഗായശ്മ
...ടെ വടക്കുവശത്ത് അവന്റെ അവ
...ഭൂമിയിൽ അടക്കംചെയ്തു. പിന്നെ,
...തലമുറ മുഴുവൻ തങ്ങളുടെ പിതാക്ക
...രാടു ചേർന്നു; അവരുടെ ശേഷം
...ത്താവിനേയും അവൻ ഇസ്രായേലിന്നു
...ടി ചെയ്തിട്ടുള്ള പ്രവൃത്തികളെയും
...യാത്ത വേറൊരു തലമുറ ഉണ്ടായി.
...ായേല്യർ ദൈവമുമ്പാകെ തിന്മയാ
...ചെയ്തു. ബാൽവിഗ്രഹങ്ങളെ സേവി
...അവരുടെ പിതാക്കന്മാരെ മെസ്രേനിൽ
...ു കൊണ്ടുവന്ന ദൈവമായ കർത്താ
...ഉപേക്ഷിച്ചു ചുററുമുള്ള ജാതി
...ടെ ദേവന്മാരായ അന്യദൈവങ്ങളെ
...ാധിച്ച് കർത്താവിനെ കോപിപ്പിച്ചു. അ
...കർത്താവിനെ ഉപേക്ഷിച്ചു ബാലി
...യും അസ്കോരെത്ത് പ്രതിഷ്ഠക
...ും സേവിച്ചു. ദൈവകോപം ഇസ്രാ
...ിന്റെ നേരെ ജ്വലിച്ചു; അവരെ കവർച്ച
...ുവാൻ അവൻ അവരെ കവർച്ചക്കാരു
...യ്യിൽ ഏല്പിച്ചു, അവർ അവരെ കവർ
...യ്തു ശത്രുക്കൾക്ക് അവരെ വിററു
...ത്തു; ശത്രുക്കളുടെ മുമ്പാകെ നില്പാൻ
...ർക്കു കഴിഞ്ഞില്ല. കർത്താവ് അരുളി
...്തിരുന്നതുപോലെയും താൻ അവ
...ു സത്യം ചെയ്തിരുന്നതുപോലെയും
...ത്തിന്റെ കൈ അവർ ചെന്നേടത്തൊ
...യും അനർഥം വരത്തക്കവണ്ണം അവർ
...വിരോധമായിരുന്നു; അവർക്കു മഹാ
...ം ഉണ്ടായി. ദൈവം ന്യായാധിപന്മാ
...എഴുന്നേല്പിച്ചു; അവർ കർവച്ചക്കാരു
...യ്യിൽനിന്ന് അവരെ രക്ഷിച്ചു. അവരോ
...ളുടെ ന്യായാധിപന്മാരെയും അനുസ
...ാതെ അന്യദൈവങ്ങളുടെ കൂടെ
...റിപ്പോയി അവയെ നമസ്കരിച്ചു,
...ാക്കന്മാർ നടന്ന വഴിയിൽ നിന്നു
...ം മാറിക്കളഞ്ഞു; അവർ കർത്തു
...നകൾ അനുസരിച്ചുനടന്നതുപോലെ
...തുമില്ല. ദൈവം അവർക്കു ന്യായാ
...ന്മാരെ എഴുന്നേല്പിച്ചപ്പോൾ താൻ
...തു ന്യായാധിപനോടുകൂടെയിരുന്നു
...ന്റെ കാലത്തെല്ലാം അവരെ ശത്രു
...ടെ കയ്യിൽനിന്നു രക്ഷിച്ചു. തങ്ങളെ
...വിച്ചു പീഡിപ്പിക്കുന്നവരുടെ നിമിത്തം
ഉള്ള അവരുടെ നിലവിളി കർത്താവ് കേട്ടി
രുന്നു. എന്നാൽ ആ ന്യായാധിപർ മരിച്ച 19
ശേഷം അവർ തിരിഞ്ഞു അന്യദൈവങ്ങളെ
ചെന്നു സേവിച്ചും ആരാധിച്ചുംകൊണ്ടും
തങ്ങളുടെ പിതാക്കന്മാരെക്കാൾ അധികം
വഷളത്വം പ്രവർത്തിച്ചു. അവർ തങ്ങളുടെ
പ്രവൃത്തികളും ദുർനടപ്പും വിടാതിരുന്നു.
അങ്ങനെ ദൈവകോപം ഇസ്രായേ 20
ലിന്റെ നേരെ ജ്വലിച്ചു: ഈ ജാതി അവ
രുടെ പിതാക്കന്മാരോടു ഞാൻ കല്പിച്ചി
ട്ടുള്ള എന്റെ ഉടമ്പടി ലംഘിച്ചു എന്റെ
വാക്കു കേൾക്കായ്കയാൽ അവരുടെ പിതാ
ക്കന്മാർ അനുസരിച്ചുനടന്ന ദൈവത്തിന്റെ
വഴിയിൽ ഇവരും അനുസരിച്ചു നടക്കുമോ 21
ഇല്ലയോ എന്നു ഇസ്രായേലിനെ പരീക്ഷി
ക്കേണ്ടതിന്നു ഞാനും, യോശുവ മരിക്കു 22
മ്പോൾ വിട്ടേച്ചുപോയ ജാതികളിൽ ഒന്നി
നെയും ഇനി അവരുടെ മുമ്പിൽ നിന്നു
നീക്കിക്കളകയില്ല എന്നു അവൻ അരുളി
ച്ചെയ്തു. അങ്ങനെ കർത്താവ് ആ ജാതി
കളെ വേഗത്തിൽ നീക്കിക്കളയാതെയും
യോശുവയുടെ കയ്യിൽ ഏല്പിക്കാതെയും
വച്ചിരുന്നു.

അദ്ധ്യായം 3

കനാനിലെ യുദ്ധങ്ങളൊന്നും അറി 1
ഞ്ഞിട്ടില്ലാത്ത ഇസ്രായേലിനെ പരീക്ഷി 2
ക്കേണ്ടതിന്നും യുദ്ധം അറിഞ്ഞിട്ടില്ലാത്ത
ഇസ്രായേൽമക്കളുടെ തലമുറകളെ യുദ്ധം
അഭ്യസിപ്പിക്കേണ്ടതിന്നുമായി ദൈവം നി
ശ്ചയിച്ച ജാതികൾ: ഫെലിസ്ത്യരുടെ അ 3
ഞ്ചു ദുഷ്പ്രഭുക്കന്മാരും എല്ലാ കനാന്യരും
സീദോന്യരും ബാൽഹെർമോൻ പർവതം
മുതൽ ഹമാത്തിലേക്കുള്ള പ്രവേശനംവരെ
ലെബാനോൻ പർവതത്തിൽ പാർത്തിരു
ന്ന ഹിവ്യരും തന്നെ. മോശ മുഖാന്തിരം 4
കർത്താവ് അവരുടെ പിതാക്കന്മാരോടു
കല്പിച്ച കല്പനകൾ അനുസരിക്കുമോ
എന്നു അവരെക്കൊണ്ടു ഇസ്രായേലിനെ
പരീക്ഷിച്ചറിയുവാൻ ആയിരുന്നു ഇവരെ
വച്ചിരുന്നത്. കനാന്യർ, ഹിത്യർ, അമോ 5
ര്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ
എന്നിവരുടെ ഇടയിൽ ഇസ്രായേൽമക്കൾ
വസിച്ചിരുന്നു. അവരുടെ പുത്രിമാരെ 6
തങ്ങൾക്കു ഭാര്യമാരായി എടുക്കയും
തങ്ങളുടെ പുത്രിമാരെ അവരുടെ പുത്ര
ന്മാർക്കു കൊടുക്കയും അവരുടെ ദേവ
ന്മാരെ ആരാധിക്കയും ചെയ്തു.

ഇങ്ങനെ ഇസ്രായേല്യർ കർത്താ 7
വിന് അനിഷ്ടമായുള്ളതു ചെയ്തു തങ്ങ

ളുടെ ദൈവമായ കർത്താവിനെ മറന്നു
ബാൽ വിഗ്രഹങ്ങളെയും അശേരപ്രതി
8 ഷ്ഠകളെയും സേവിച്ചു. അതുകൊണ്ടു
ദൈവകോപം ഇസ്രായേലിൻെറ നേരെ
ജ്വലിച്ചു; അവൻ അവരെ മെസോപൊത്താ
മ്യയിലെ ഒരു രാജാവായ അനീതിക്കാ
രനായ കൂശന് വിററുകളഞ്ഞു; ഇസ്രാ
യേല്യർ അവനെ എട്ടു സംവത്സരം സേവി
9 ച്ചു. എന്നാൽ, ഇസ്രായേല്യർ ദൈവ
ത്തോടു നിലവിളിച്ചപ്പോൾ ദൈവം കാലേ
ബിൻെറ അനുജനായ കെനസിൻെറ മകൻ
ഒത്നീയേലിനെ ഇസ്രായേൽമക്കൾക്കു രക്ഷ
10 കനായി എഴുന്നേല്പിച്ചു; അവൻ അവരെ
രക്ഷിച്ചു. അവൻെറമേൽ ദൈവത്തിൻെറ
11 കൈ ഉണ്ടായിരുന്നു; അവൻ ഇസ്രാ
യേലിന്നു ന്യായാധിപനായി യുദ്ധത്തിന്നു
പുറപ്പെട്ടപ്പോൾ ദൈവം മെസൊപൊത്താമ്യ
യിലെ രാജാവായ അനീതിക്കാരൻ കൂശ
നെ അവൻെറ കയ്യിൽ ഏല്പിച്ചു; അവൻ
കൂശനെ ജയിച്ചു. ദേശത്തിന്നു നാല്പതു
സംവത്സരം സ്വസ്ഥത ഉണ്ടായി.

12 കെനസിൻെറ മകനായ ഒത്നീയേൽ
മരിച്ചശേഷം ഇസ്രായേൽമക്കൾ വീണ്ടും
കർത്താവിന് അനിഷ്ടമായുള്ളതു ചെയ്തു:
അവർ തനിക്ക് അനിഷ്ടമായുള്ളതു
ചെയ്കകൊണ്ടു മോവാബ് രാജാവായ
എഗ്ലോനെ ഇസ്രായേലിന്നു വിരോധമായി
13 ബലപ്പെടുത്തി. അവൻ അമ്മോന്യരെയും
അമാലേക്യരെയും കൂട്ടിക്കൊണ്ടു വന്നു
ഇസ്രായേലിനെ തോല്പിച്ചു, അവർ
14 ഈന്തപട്ടണവും കൈവശമാക്കി. അങ്ങനെ
ഇസ്രായേൽ മക്കൾ മോവാബ് രാജാവായ
എഗ്ലോനെ പതിനെട്ടു സംവത്സരം സേവി
15 ച്ചു. ഇസ്രായേൽ മക്കൾ ദൈവത്തോടു
നിലവിളിച്ചപ്പോൾ താൻ അവർക്കു
ബെന്യാമീന്യനായ ഗേരയുടെ മകനായി
വലങ്കൈ സ്വാധീനമില്ലാതിരുന്ന* ഏഹു
റിനെ രക്ഷകനായി എഴുന്നേല്പിച്ചു;
അവൻെറ കൈവശം ഇസ്രായേൽ മക്കൾ
മോവാബ് രാജാവായ എഗ്ലോന്നു കാഴ്ച
16 കൊടുത്തയച്ചു. എന്നാൽ, ഇരുവായ്ത്ത
ലയും ഒരു മുഴം നീളവും ഉള്ള ഒരു വാൾ
ഉണ്ടാക്കി; അതു വസ്ത്രത്തിൻെറ ഉള്ളിൽ
17 വലത്തെ തുടയ്ക്കു കെട്ടി, അവൻ
മോവാബ് രാജാവായ എഗ്ലോൻെറ അടു
ക്കൽ കാഴ്ച കൊണ്ടുചെന്നു; എഗ്ലോൻ
18 ഏററവും സ്ഥൂലിച്ചവൻ ആയിരുന്നു. കാഴ്ച
വച്ചു കഴിഞ്ഞശേഷം കാഴ്ച ചുമന്നുകൊ
19 ണ്ടുവന്നവരെ അവൻ അയച്ചുകളഞ്ഞു.
എന്നാൽ, അവൻ ഗില്ഗാലിന്നരികെയുള്ള
വിഗ്രഹങ്ങളുടെ അടുക്കൽനിന്നു മടങ്ങി
ച്ചെന്നു; രാജാവേ, എനിക്കു നിന്നോടു മാത്ര
മായി ഒരു സ്വകാര്യം പറയുവാനുണ്ട് എന്നു
പറഞ്ഞു. എല്ലാവരും പുറത്തു പോകൂ എന്ന്
അവൻ പറഞ്ഞു; ഉടനെ അടുക്കൽ നിന്നി
രുന്ന എല്ലാവരും അവനെ വിട്ടു പുറത്തു
പോയി. ഏഹൂർ അടുത്തു ചെന്നു. അവൻ 20
തൻെറ ഗ്രീഷ്മമാളികയിൽ തനിച്ച്
ഇരിക്കുകയായിരുന്നു. എനിക്കു ദൈവത്തി
ൻെറ അരുളപ്പാട് അറിയിപ്പാൻ ഉണ്ട് എന്നു
ഏഹൂർ പറഞ്ഞു; ഉടനെ അവൻ പീഠത്തിൽ
നിന്ന് എഴുന്നേററു. ഏഹൂർ ഇടങ്കൈ നീട്ടി
വലത്തെ തുടയിൽ നിന്നു വാൾ ഊരി 21
അവൻെറ വയററിൽ കുത്തിക്കടത്തി. അല
കോടുകൂടെ പിടിയും അകത്തുചെന്നു; 22
അവൻെറ വയററിൽനിന്നു വാൾ അവൻ
വലിച്ചെടുക്കായ്കയാൽ മേദസ്സു അലകി
ന്മേൽ പൊതിഞ്ഞടഞ്ഞു. പിന്നെ ഏഹൂർ 23
പൂമുഖത്തു ഇറങ്ങി മാളികയുടെ വാതിൽ
അടച്ചുപൂട്ടി. അവൻ പുറത്തു ഇറങ്ങിപ്പോയ 24
ശേഷം എഗ്ലോൻെറ ഭൃത്യന്മാർ വന്നു; അവർ
നോക്കി മാളികയുടെ വാതിൽ പൂട്ടിയിരി
ക്കുന്നതു കണ്ടപ്പോൾ: അവൻ ഗ്രീഷ്മ
ഗൃഹത്തിൽ വിസർജനത്തിന്നു ഇരിക്ക
യായിരിക്കും എന്നു അവർ പറഞ്ഞു. അവർ
കാത്തിരുന്നു വിഷമിച്ചു; അവൻ മുറിയുടെ 25
വാതിൽ തുറക്കായ്കകൊണ്ടു അവർ
താക്കോൽ എടുത്തു തുറന്നു; യജമാനൻ
നിലത്തു മരിച്ചുകിടക്കുന്നതു കണ്ടു.
എന്നാൽ, അവർ കാത്തിരുന്നതിന്നിടയിൽ 26
ഏഹൂർ ഓടിപ്പോയി കൽഖനികൾ കടന്നു
സെയീരയിൽ ചെന്നുചേർന്നു. അവിടെ 27
എത്തിയശേഷം അവൻ എഫ്രയീം പർവത
ത്തിൽ കാഹളം ഊതി; ഇസ്രായേല്യർ അവ
നോടുകൂടെ പർവതത്തിൽനിന്നു ഇറങ്ങി.
അവൻ അവർക്കു നായകനായി. അവൻ 28
അവരോടു: എൻെറ പിന്നാലെ വരുവിൻ;
ശത്രുക്കളായ മോവാബ്യരെ ദൈവം
നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്നു
എന്നു പറഞ്ഞു; അവർ അവൻെറ പിന്നാലെ
ഇറങ്ങിച്ചെന്നു മോവാബിന്നു നേരെയുള്ള
യോർദാൻെറ കടവുകൾ പിടിച്ചു; ആരെയും
കടപ്പാൻ സമ്മതിച്ചില്ല. അവർ ആ സമയം 29
മോവാബ്യരിൽ ഏകദേശം പതിനായിരം
പേരെ സംഹരിച്ചു; അവർ എല്ലാവരും
ബലവാന്മാരും യുദ്ധവീരന്മാരും ആയിരു
ന്നു; ഒരുത്തനും രക്ഷപ്പെട്ടില്ല. അങ്ങനെ ആ 30
കാലത്തു മോവാബ് ഇസ്രായേലിന്നു കീഴ
ടങ്ങി; ദേശത്തിന്നു എൺപതു സംവത്സരം
സ്വസ്ഥതയുണ്ടാകയും ചെയ്തു.

* ഇടങ്കൈയനായിരുന്നു

വൻെറ ശേഷം അനാത്തിൻെറ മക
ശംഗർ എഴുന്നേററു; അവൻ ഒരു
ുടെ ചാട്ടകൊണ്ടു ഫെലിസ്ത്യരിൽ
ൂറുപേരെ കൊന്നു; അവനും ഇസ്രാ
ന്നെ രക്ഷിച്ചു.

അദ്ധ്യായം 4

ഹൂർ മരിച്ചശേഷം ഇസ്രായേൽ
വീണ്ടും ദൈവത്തിന് അനിഷ്ടമാ
ചെയ്തു. ദൈവം അവരെ ഹാ
ൽ വാണ കനാന്യരാജാവായ യാബീ
ിററുകളഞ്ഞു; അവൻെറ നായകൻ
കളുടെ ഹരോശെത്തിൽ പാർത്തി
സീസെരാ ആയിരുന്നു. അവനു
ളായിരം ഇരിമ്പുരഥം ഉണ്ടായിരുന്നു.
ഇസ്രായേല്യരെ ഇരുപതു സംവ
കഠിനമായി ഞെരുക്കിയതു
ടു ഇസ്രായേല്യർ ദൈവത്തോടു നില
.
കാലത്തു ലപ്പീദോത്തിൻെറ ഭാര്യ
ദെബോരാ എന്ന പ്രവാചകി ഇസ്രാ
ൽ ന്യായപാലനം ചെയ്തു. അവൾ
യീംപർവതത്തിൽ റാമെക്കും ബേഥേ
മദ്ധ്യേയുള്ള ദെബോരയുടെ ഈന്ത
ടെ തോട്ടത്തിൽ പാർത്തിരുന്നു;
യേല്യർ ന്യായപാലനത്തിനു അവ
ടുക്കൽ ചെല്ലുക പതിവായിരുന്നു.
അബീനോവാമിൻെറ മകനായ
ക്കിനെ റ്ക്കഎം നഫ്താലിയിൽ
വിളിപ്പിച്ചു അവനോടു: നീ പുറപ്പെട്ടു
ബോർപർവതത്തിൽ ചെന്നു നഫ്താലി
യും സെബൂലൂൻെറയും മക്കളിൽ
ായിരം പേരെ കൂട്ടുക; ഞാൻ യാബീ
സേനാപതി സിസെരയെയും അവ
രഥങ്ങളെയും സൈന്യത്തെയും കീ
തോട്ടിന്നരികെ നിൻെറ അടുക്കൽ
ടുവന്ന് നിൻെറ കയ്യിൽ ഏല്പി
ന്നു ഇസ്രായേലിൻെറ ദൈവമായ
ാവ് നിന്നോടു കല്പിച്ചില്ലയോ എ
ഞ്ഞു. ബാരാക് അവളോടു നീ എ
കൂടെ വരുന്നെങ്കിൽ ഞാൻ പോകാം;
ുന്നില്ല എങ്കിൽ ഞാൻ പോകയില്ല
പറഞ്ഞു. അതിന്നു അവൾ: ഞാൻ
ടുകൂടെ പോരാം; എന്നാൽ നീ പോ
യാത്രയാൽ ഉണ്ടാകുന്ന ബഹുമാനം
വരികയില്ല; കർത്താവ് സീസെര
സ്ത്രീയുടെ കയ്യിൽ ഏല്പിച്ചുകൊ
എന്നു പറഞ്ഞു. അങ്ങനെ ദെബോ
ുന്നേററു ബാരാക്കിനോടുകൂടെ കേ
ലക്കു പോയി. ബാരാക് സെബൂലൂ

നെയും നഫ്താലിയെയും റ്ക്കഎമിൽ
വിളിച്ചുകൂട്ടി; അവനോടുകൂടെ പതിനാ
യിരം പേർ ചെന്നു; ദെബോരയും കൂടെ
കയറിച്ചെന്നു. എന്നാൽ, കേന്യനായ ഹേ 11
ബർ മോശയുടെ അമ്മായപ്പൻ ഹോബാ
ബിൻെറ മക്കളായ കേന്യരെ വിട്ടുപിരിഞ്ഞു
കേദെശിന്നരികെയുള്ള സാനന്നീമിലെ
കരുവേലകംവരെ കൂടാരം അടിച്ചിരുന്നു.
അബിനോവാമിൻെറ മകനായ ബാരാക് 12
താബോർ മലയിൽ കയറിയിരിക്കുന്നു
എന്നു സീസെരായ്ക്കു അറിവു കിട്ടി. സീ 13
സെരാ തൻെറ തൊള്ളായിരം ഇരിമ്പുരഥ
വുമായി എല്ലാ സൈന്യത്തെയും ജാതിക
ളുടെ ഹരോശെത്തിൽനിന്നു കീശോൻ
തോട്ടിന്നരികെ വിളിച്ചുകൂട്ടി. അപ്പോൾ 14
ദെബോരാ ബാരാക്കിനോടു: പുറപ്പെട്ടു
കൊൾക; കർത്താവ് ഇന്നു സീസെരയെ
നിൻെറ കയ്യിൽ ഏല്പിക്കും; താൻ
നിനക്കുമുമ്പായി പുറപ്പെട്ടിരിക്കുന്നു എന്നു
പറഞ്ഞു. അങ്ങനെ ബാരാക്കും അവൻെറ
പിന്നാലെ പതിനായിരം പേരും താബോർ
മലയിൽനിന്നു ഇറങ്ങിച്ചെന്നു, കർത്താവ് 15
സീസെരയെയും അവൻെറ സകല രഥ
ങ്ങളെയും സൈന്യത്തെയും ബാരാക്കിൻെറ
മുമ്പിൽ വാളിൻെറ വായ്ത്തലയാൽ
തോല്പിച്ചു; സീസെരാ രഥത്തിൽ നിന്നു
ഇറങ്ങി ഓടിപ്പോയി. ബാരാക് രഥങ്ങളെയും 16
സൈന്യത്തെയും ജാതികളുടെ ഹരോ
ശെത്ത്വരെ ഓടിച്ചു, സീസെരയുടെ
സൈന്യമെല്ലാം വാളിൻെറ വായ്ത്തലയാൽ
നശിച്ചു; ഒരുവനും അവശേഷിച്ചില്ല.
എന്നാൽ, സീസെരാ കേന്യനായ ഹേ 17
ബരിൻെറ ഭാര്യ ആനിയേലിൻെറ കൂടാര
ത്തിലേക്കു ഓടിപ്പോയി; കേന്യനായ
ഹേബരിൻെറ ഗൃഹവും ഹാസോർരാജാ
വായ യാബീനും തമ്മിൽ സമാധാനം
ആയിരുന്നു. ആനിയേൽ സീസെരയെ എതി 18
രേററു ചെന്നു അവനോടു: ഇങ്ങോട്ടു
കയറിക്കൊൾക; യജമാനനേ, ഇങ്ങോട്ടു
കയറിക്കൊൾക; ഭയപ്പെടേണ്ടാ എന്നു പറ
ഞ്ഞു. അവൻ അവളുടെ അടുക്കൽ കൂടാര
ത്തിൽ ചെന്നു; അവൾ അവനെ ഒരു പരവ 19
താനികൊണ്ടു മൂടി. അവൻ അവളോടു:
എനിക്കു ദാഹിക്കുന്നു; കുടിപ്പാൻ കുറെ
വെള്ളം തരണം എന്നു പറഞ്ഞു; അവൾ
പാൽതുരുത്തി തുറന്നു അവന്നു കുടിപ്പാൻ
കൊടുത്തു; പിന്നെയും അവനെ മൂടി. അ
വൻ അവളോടു: നീ കൂടാരവാതില്ക്കൽ 20
നില്ക്കുക; വല്ലവനും വന്നു ഇവിടെ ആരെ
ങ്കിലും ഉണ്ടോ എന്നു ചോദിച്ചാൽ ഇല്ല

21 എന്നു പറയണം എന്നു പറഞ്ഞു. എന്നാൽ,
ഹേബരിൻെറ ഭാര്യ ആനിയേൽ കൂടാരത്തി
ൻെറ ഒരു കുററി എടുത്തു കയ്യിൽ ചുററി
കയും പിടിച്ചു പതുക്കെ അവൻെറ അടു
ക്കൽ ചെന്നു കുററി അവൻെറ ചെന്നിയിൽ
തറച്ചു; അതു നിലത്തു ചെന്നു ഉറച്ചു; അ
22 വനു ഗാഢനിദ്ര ആയിരുന്നു; അവൻ ബോ
ധംകെട്ടു മരിച്ചുപോയി. ബാരാക് സീസെര
യെ തിരഞ്ഞു ചെല്ലുമ്പോൾ ആനിയേൽ
അവനെ എതിരേററു അവനോടു: വരിക,
നീ അന്വേഷിക്കുന്ന ആളെ ഞാൻ കാണിച്ചു
23 തരാം എന്നു പറഞ്ഞു. അവൻ അവളുടെ
അടുക്കൽ ചെന്നപ്പോൾ സീസെരാ ചെന്നി
യിൽ കുററിയുമായി മരിച്ചുകിടക്കുന്നതു
കണ്ടു. ഇങ്ങനെ ദൈവം അന്നു കനാന്യ
രാജാവായ യാബീനെ ഇസ്രായേൽമക്കൾ
24 ക്കു കീഴടക്കി. ഇസ്രായേൽ മക്കൾ കനാന്യ
രാജാവായ യാബീനെ നിർമ്മൂലമാക്കുംവരെ
അവരുടെ കൈ കനാന്യരാജാവായ യാബീ
ന്നു മേല്ക്കുമേൽ ഭാരമായിരുന്നു.

അദ്ധ്യായം 5

1 അന്നു ദെബോരയും അബീനോ
മിൻെറ മകനായ ബാരാക്കും പാട്ടുപാടിയതു
എന്തെന്നാൽ:

2 നായകന്മാർ ഇസ്രായേലിനെ നയിച്ചതി
ന്നും ജനം സ്വമേധയാ സമർപ്പിച്ചതിന്നും
ദൈവത്തെ വാഴ്ത്തുവിൻ.

3 രാജാക്കന്മാരേ, കേൾപ്പിൻ; പ്രഭുക്കന്മാരേ,
ശ്രദ്ധിപ്പിൻ
ഞാൻ പാടും, കർത്താവിനു പാടും;
ഇസ്രായേലിൻ ദൈവമായ കർത്താവിനു
കീർത്തനം ചെയ്യും

4 കർത്താവേ, നീ സേയീരിൽനിന്നു പുറപ്പെട്ട
പ്പോൾ,
ഏദോമ്യദേശത്തുകൂടി നീ നടന്നപ്പോൾ,
ഭൂമി കുലുങ്ങി, ആകാശം പൊഴിച്ചു,
മേഘങ്ങൾ വെള്ളം ചൊരിഞ്ഞു.

5 ദൈവസന്നിധിയിൽ മലകൾ കുലുങ്ങി,
ഇസ്രായേലിൻ ദൈവമായ കർത്താവിനു
മുമ്പിൽ ആ സീനായി തന്നേ.

6 അനാത്തിൻെറ പുത്രനായ ശംഗരിൻെറ
കാലത്തും,
യായേലിൻ കാലത്തും പാതകൾ ശൂന്യമായി.
പഥികർ വളഞ്ഞ വഴികളിൽ നടന്നു.

7 ദെബോരയായ ഞാൻ എഴുന്നേല്ക്കുംവരെ,
ഇസ്രായേലിൽ മാതാവായെഴുന്നേല്ക്കും
വരെ

8 ഇസ്രായേലിൻെറ നാല്പതിനായിരത്തിൻ
മദ്ധ്യേ
പരിചയും കുന്തവും കണ്ടതേയില്ല.
എൻെറ ഹൃദയം ഇസ്രായേൽ നായകന്മാ 9
രോടു ചേരുന്നു;
ജനത്തിലെ പ്രതിഷ്ഠാസേവകരേ, കർ
ത്താവിനെ വാഴ്ത്തുവിൻ.
വെള്ളക്കഴുതപ്പുറത്തു കയറുന്നവരേ, 10
ഭവനങ്ങളിൽ ഇരിക്കുന്നവരേ,
കാൽനടയായി പോകുന്നവരേ, വർണി
പ്പിൻ! 11
വില്ലാളികളുടെ ഞാണൊലിയോടകലേ
നീർപ്പാത്തിക്കിടയിൽ
അവിടെ അവർ ദൈവനീതികളെ
ഇസ്രായേലിലെ ഭരണനീതികളെ പറയും.
ദൈവജനം അന്നു ഗോപുരദ്വാരത്തിൽ
ചെന്നു.
ഉണരുക, ദെബോരയേ, ഉണരുക, 12
ഉണരുക, ഉണർന്നു പാട്ടുപാടുക.
എഴുന്നേല്ക്ക, ബാരാക്കേ, അബീനോവി
ൻെറ പുത്രാ,
നിൻെറ ബദ്ധരെ പിടിച്ചുകൊണ്ടുപോകുക.
അന്നു ശ്രേഷ്ഠന്മാരുടെ കൂട്ടവും സൈന്യ 13
വും ഇറങ്ങിവന്നു.
വീരന്മാരുടെ മദ്ധ്യേ കർത്താവും എനി
ക്കായി ഇറങ്ങിവന്നു.
എഫ്രയീമിൽ നിന്നു അമാലേക്കിൽ വേരു 14
ള്ളവരും,
ബെന്യാമിനേ, നിൻെറ പിന്നാലെ നിൻെറ
ജനസമൂഹത്തിൽ
മാഖീരിൽനിന്നു അധിപന്മാരും
സെബൂലൂനിൽനിന്നു ഉല്ലേഖകരും
വന്നു
ഇസ്സാഖാർ പ്രഭുക്കന്മാർ ദെബോരയോടു 15
കൂടെ
ഇസ്സാഖാർ ബാരക്കിനോടുകൂടെ
രൂബേൻെറ നീർച്ചാലുകൾക്കരികെ
ശക്തമായ മനോനിശ്ചയം ഉണ്ടായി.
ആട്ടിൻകൂട്ടങ്ങൾക്കരികെ കുഴലൂത്തു 16
കേൾപ്പാൻ
നീ തൊഴുത്തുകൾക്കിടയിൽ പാർക്കുന്ന
തെന്ത്?
രൂബേൻെറ അണികളിൽ
ഘനമേറിയ ഹൃദയപരിശോധന ഉണ്ടായി.
ഗാദ് യോർദാന്നക്കരെ പാർത്തു. 17
ദാൻ കപ്പലുകൾ, തുറമുഖത്ത്
ആശേർ സമുദ്രതീരത്തു ഇരുന്നു
തുറമുഖങ്ങളിൽ പാർത്തുകൊണ്ടിരുന്നു.
സെബൂലൂൻ പ്രാണനെ ത്യജിച്ച ജനം; 18
നഫ്താലി വയലിൻെറ ഉന്നതഭാഗങ്ങളിലും
പ്രാണൻ ത്യജിച്ചു.
രാജാക്കന്മാർ വന്നു പൊരുതു: 19

ാക്കിൽവച്ചു മെഗിദ്ദോവെള്ളത്തിന്ന
കെ
ന്യരാജാക്കന്മാർ അന്നു യുദ്ധം
ചയ്തു,
ളി അവർക്കു കൊള്ളയായിത്തീർന്നില്ല.
ശത്തുനിന്നു നക്ഷത്രങ്ങൾ പൊരുതു.
സീസെരയുമായി ഗതികളിൽ
തിർത്തു.
ാൻതോട്, പുരാതന നദിയാകുന്ന കീ
ശാൻ തോട്.
ര തള്ളി ഒഴുക്കിക്കൊണ്ടുപോയി.
മനമേ നീ ബലത്തോടു നടന്നു.
ശൂരന്മാരുടെ ശക്തിയുടെ നിശ്വാസ
താൽ കുതിരക്കുളമ്പുകൾ ശബ്ദ
യർത്തി.
ാസ്നഗരത്തെ ശപിക്കുവിൻ.
ലെ നിവാസികളെ ഉഗ്രമായി ശപിപ്പിൻ
ന്നു കർത്തൃദൂതൻ അരുളിച്ചെയ്തു.
കർത്താവിൻെറ ഭാഗത്തു വന്നി
ല്ലോ;
ാർക്കെതിരെ കർത്താവിൻെറ ഭാഗ
തു വന്നില്ല.
നായ ഹേബരിൻ ഭാര്യയായ ആനി
യലേ!
ജനത്തിൽ നീ അനുഗ്രഹം ലഭിച്ചവൾ
ായിരിക്കും
വാസിനീ, ജനത്തിൽ അനുഗ്രഹം
ഭിച്ചവൾ,
അവൻ ചോദിച്ചു, പാൽ അവൾ
കാടുത്തു;
ീയപാത്രത്തിൽ അവൾ വെണ്ണ
കാടുത്തു.
യെടുപ്പാൻ അവൾ കൈ നീട്ടി
വലങ്കൈ പണിക്കാരുടെ ചുററി
യ്ക്കു നീട്ടി;
സരയെ അടിച്ച് അവൻെറ തല
കർത്തു
ൻെറ ചെന്നി കുത്തിത്തുളച്ചു.
ുടെ കാല്ക്കൽ അവൻ കുനിഞ്ഞു
ിണു,
ുടെ കാല്ക്കൽ അവൻ കുനിഞ്ഞു
ിണുകിടന്നു;
ിടത്തു തന്നെ അവൻ മരിച്ചു
ടന്നു.
സരയുടെ അമ്മ കിളിവാതിലിലൂടെ
ത്തു നോക്കിക്കൊണ്ടിരുന്നു.
ത്തൂടെ വിളിച്ചുപറഞ്ഞതു:
മകൻെറ തേര് വരുവാൻ വൈകു
തു എന്തു?
കങ്ങൾക്കു താമസം എന്തു?

ജ്ഞാനമേറിയ നായകിമാർ അതിന്നുത്തരം 29
പറഞ്ഞു;
അവളും തന്നോടു ആ മറുപടി ആവർത്തിച്ചു:
കിട്ടിയ കൊള്ള അവർ പങ്കിടുകയല്ലയോ? 30
പ്രഭുക്കന്മാർക്കു ഒന്നോ രണ്ടോ പെൺകിടാ
ങ്ങൾ,
സീസെരെക്കു കൊള്ള വിചിത്രവസ്ത്രം
വിചിത്രത്തയ്യലായ കൊള്ളയും കൂടെ.
കൊള്ളക്കാരുടെ കഴുത്തിൽ രണ്ടുവശത്തും
വിചിത്രത്തയ്യലുള്ള ശീലകൾ ഓരോന്നും
കാണും
കർത്താവേ, നിൻെറ ശത്രുക്കൾ എല്ലാം 31
ഇവ്വണ്ണം നശിക്കട്ടെ.
നിന്നെ സ്നേഹിക്കുന്നവരോ സൂര്യപ്രതാപ
ത്തോടെ ഉദിക്കും.
ദേശത്തിന്നു നാല്പതു സംവത്സരം സ്വ
സ്ഥത ഉണ്ടായി.

അദ്ധ്യായം 6

ഇസ്രായേല്യർ വീണ്ടും ദൈവത്തിന് അ 1
നിഷ്ടമായതു ചെയ്തു; താൻ അവരെ ഏഴു
സംവത്സരം മിദ്യാൻെറ കയ്യിൽ ഏല്പിച്ചു.
മിദ്യാൻ ഇസ്രായേലിൻമേൽ ആധിപത്യം 2
പ്രാപിച്ചു; ഇസ്രായേല്യർ മിദ്യാന്യരുടെ നിമി
ത്തം പർവതങ്ങളിലെ ഗഹ്വരങ്ങളിലും ഗുഹ
കളിലും ദുർഗങ്ങളിലുമായി കഴിഞ്ഞു. ഇ 3
സ്രായേല്യർ വിതയ്ക്കുമ്പോൾ മിദ്യാന്യരും
അമാലേക്യരും കിഴക്കുദേശക്കാരും വന്നു
അവർക്കു വിരോധമായി പോരാടി ഗസ്സാവ 4
രെ നാട്ടിലെ വിളവു നശിപ്പിക്കും; ഇസ്രായേ
ലിന്നു ആഹാരമോ ആടോ മാടോ കഴുത
യോ ഒന്നും ശേഷിപ്പിക്കയില്ല. അവർ തങ്ങളു 5
ടെ കന്നുകാലികളും കൂടാരങ്ങളുമായി വെ
ട്ടുക്കിളിപോലെ കൂട്ടമായി വരും; അവരും അ
വരുടെ ഒട്ടകങ്ങളും വളരെ ആയിരുന്നു; അ
വർ ദേശത്തു നാശം ചെയ്യും. ഇങ്ങനെ മിദ്യാ 6
ന്യരാൽ ഇസ്രായേൽ ഏററവും ക്ഷയിച്ചു;
ഇസ്രായേല്യർ ദൈവത്തോടു നിലവിളിച്ചു.
ഇസ്രായേൽമക്കൾ മിദ്യാന്യരുടെ 7
നിമിത്തം ദൈവത്തോടു നിലവിളിച്ച 8
പ്പോൾ താൻ ഒരു പ്രവാചകനെ ഇസ്രാ
യേല്യരുടെ അടുക്കൽ അയച്ചു; അവൻ
അവരോടു പറഞ്ഞതു: ഇസ്രായേലിൻെറ
ദൈവമായ കർത്താവ് ഇപ്രകാരം അരുളി
ച്ചെയ്യുന്നു: ഞാൻ നിങ്ങളെ മെസ്രേനിൽ
നിന്നു പുറപ്പെടുവിച്ചു, ദാസ്യഭവനത്തിൽ
നിന്നു നിങ്ങളെ കൊണ്ടുവന്നു; മെസ്രേന്യ 9
രുടെ കയ്യിൽനിന്നും നിങ്ങളെ പീഡിപ്പിച്ച
എല്ലാവരുടെയും കയ്യിൽനിന്നും ഞാൻ
നിങ്ങളെ രക്ഷിച്ചു. അവരെ നിങ്ങളുടെ

മുമ്പിൽനിന്നു നീക്കിക്കളഞ്ഞു, അവരുടെ
10 ദേശം നിങ്ങൾക്കു തന്നു. ദൈവമായ ഞാൻ
നിങ്ങളുടെ ദൈവം ആകുന്നു എന്നും
നിങ്ങൾ പാർക്കുന്ന ദേശത്തുള്ള അമോര്യ
രുടെ ദേവന്മാരെ ആരാധിക്കരുതു എന്നും
ഞാൻ നിങ്ങളോടു കല്പിച്ചു; നിങ്ങളോ
എന്റെ ശബ്ദം കേട്ടില്ല.
11 അനന്തരം ഒരു ദൈവദൂതൻ വന്നു
ഒഫ്രയിൽ അബീയേസ്ര്യനായ യോ
വാശിന്റെ കരുവേലകത്തിൻ കീഴെ ഇരു
ന്നു; അവന്റെ മകനായ ഗിദെയോൻ
ഗോതമ്പു മിദ്യാന്യരുടെ കയ്യിൽ പെടാതിരി
12 ക്കേണ്ടതിന്നു ഗാഥിന്നരികെവച്ചു മെതി
ക്കയായിരുന്നു. ദൈവദൂതൻ അവന്നു പ്രത്യ
ക്ഷനായി: അല്ലയോ യോദ്ധാവേ, ദൈവം
നിന്നോടുകൂടെ ഉണ്ട് എന്നു അവനോടു
13 പറഞ്ഞു. ഗിദെയോൻ അവനോടു: അയ്യോ,
യജമാനനേ, ദൈവം ഞങ്ങളോടു കൂടെ
ഉണ്ടെങ്കിൽ ഞങ്ങൾക്കു ഇങ്ങനെ സംഭ
വിച്ചതു എന്തു? ദൈവം ഞങ്ങളെ മെസ്രേ
നിൽനിന്നു കൊണ്ടുവന്നു എന്നു നമ്മുടെ
പിതാക്കന്മാർ ഞങ്ങളോട് അറിയിച്ചിട്ടുള്ള
അവന്റെ അത്ഭുതങ്ങൾ എല്ലാം എവിടെ?
ഇപ്പോൾ ദൈവം ഞങ്ങളെ ഉപേക്ഷിച്ചു
മിദ്യാന്യരുടെ കയ്യിൽ ഏല്പിച്ചിരിക്കുന്നു
14 വല്ലോ എന്നു പറഞ്ഞു. അപ്പോൾ ദൈവം
അവനെ നോക്കി: നിന്റെ ഈ ബലത്തോ
ടെ പൊയ്ക്കൊള്ളുക; നീ ഇസ്രായേലിനെ
മിദ്യാന്യരുടെ കയ്യിൽനിന്നു രക്ഷിക്കും;
ഞാനല്ലയോ നിന്നെ അയയ്ക്കുന്നതു
15 എന്നു പറഞ്ഞു. അവൻ അവനോടു: അയ്യോ
കർത്താവേ, ഞാൻ ഇസ്രായേലിനെ
എന്തിനാൽ രക്ഷിക്കും? മനശ്ശെയിൽ
എന്റെ കുലം നിസാരവും എന്റെ കുടുംബ
ത്തിൽ ഞാൻ ചെറിയവനും അല്ലോ എന്നു
16 പറഞ്ഞു. കർത്താവ് അവനോടു: ഞാൻ
നിന്നോടുകൂടെ ഇരിക്കും; നീ മിദ്യാന്യരെ
ഒരു ഒററ മനുഷ്യനെപ്പോലെ നശിപ്പിക്കും
17 എന്നു കല്പിച്ചു. അതിന്നു അവൻ: അങ്ങേ
ക്കു എന്നോടു കൃപയുണ്ടെങ്കിൽ എന്നോടു
സംസാരിക്കുന്നതു അങ്ങു തന്നേ എന്ന്
ഞാൻ അറിയുവാൻ ഒരു അടയാളം കാണി
18 ച്ചുതരേണമേ. ഞാൻ പോയി എന്റെ കാഴ്ച
കൊണ്ടുവന്നു അങ്ങെ മുമ്പാകെ വയ്ക്കു
വോളം ഇവിടെനിന്നു പോകരുതേ എന്ന്
അവനോടു പറഞ്ഞു. നീ മടങ്ങിവരുവോളം
ഞാൻ ഇരിക്കാം എന്നു അവൻ അരുളി
19 ച്ചെയ്തു. അങ്ങനെ ഗിദെയോൻ ചെന്നു ഒരു
കോലാട്ടിൻകുട്ടിയെയും ഒരുപടി മാവുകൊ
ണ്ടു പുളിപ്പില്ലാത്ത അപ്പവും ഒരുക്കി മാംസം
ഒരു പാത്രത്തിൽവെച്ചു ചാറ് ഒരു പാത്ര
ത്തിൽ പകർന്നു കരുവേലകത്തിൻകീഴെ
കൊണ്ടുവന്നു അവന്റെ മുമ്പിൽ വച്ചു.
അപ്പോൾ ദൈവത്തിന്റെ ദൂതൻ അവ 20
നോടു: മാംസവും പുളിപ്പില്ലാത്ത അപ്പവും
എടുത്തു ഈ പാറമേൽ വച്ച് ചാറു അതി
ന്മേൽ ഒഴിക്കുക എന്നു കല്പിച്ചു; അവൻ
അങ്ങനെ ചെയ്തു. ദൈവദൂതൻ കയ്യി 21
ലുള്ള വടിയുടെ അററംകൊണ്ടു മാംസവും
പുളിപ്പില്ലാത്ത അപ്പവും തൊട്ടു; ഉടനെ
പാറയിൽനിന്നു തീ പുറപ്പെട്ടു മാംസവും
പുളിപ്പില്ലാത്ത അപ്പവും ദഹിപ്പിച്ചു;
ദൈവദൂതൻ അപ്രത്യക്ഷനായി. അവൻ 22
യഹോവയുടെ ദൂതൻ എന്നു ഗിദെ
യോൻ അറിഞ്ഞപ്പോൾ: അയ്യോ, ദൈവ
മായ കർത്താവേ, ഞാൻ ദൈവദൂതനെ
അഭിമുഖമായി കണ്ടുപോയല്ലോ എന്നു
പറഞ്ഞു. കർത്താവ് അവനോടു: നിനക്കു 23
സമാധാനം; ഭയപ്പെടേണ്ടാ, നീ മരിക്കയില്ല
എന്ന് അരുളിച്ചെയ്തു. ഗിദെയോൻ അവിടെ 24
കർത്താവിന് ഒരു യാഗപീഠം പണിതു
അതിന്നു യഹോവശ്ലോം എന്നു പേരിട്ടു;
അതു ഇന്നുവരെയും അബിഎസ്രയരുടെ
വയലായ ഒഫ്രയിൽ ഉണ്ട്.
രാത്രിയിൽ ദൈവം അവനോടു കല്പി 25
ച്ചതു: നിന്റെ പിതാവിന്റെ കാളയേയും
ഏഴു വയസ്സുള്ള മറെറാരു കാളയേയും കൊ
ണ്ടു ചെന്നു നിന്റെ പിതാവിനുള്ള ബാലി
ന്റെ ബലിപീഠം ഇടിച്ചു അതിന്നരികെയു
ള്ള പ്രതിഷ്ഠയെ നശിപ്പിക്കുക. ഈ 26
ദുർഗത്തിന്റെ മുകളിൽ നിന്റെ ദൈവമായ
കർത്താവിന് നിയമപ്രകാരം ഒരു യാഗ
പീഠം പണിതു ആ രണ്ടാമത്തെ കാളയെ
എടുത്തു നീ നശിപ്പിക്കുന്ന പ്രതി
ഷ്ഠയുടെ വിറകുകൊണ്ടു ഹോമയാഗം
കഴിക്ക. ഗിദെയോൻ തന്റെ വേലക്കാരിൽ 27
പത്തുപേരെക്കൂട്ടി, കർത്താവ് തന്നോടു
കല്പിച്ചതുപോലെ ചെയ്തു; എന്നാൽ
അവൻ തന്റെ കുടുംബക്കാരെയും പട്ടണ
ക്കാരെയും ഭയന്ന് പകൽസമയത്തു അതു
ചെയ്യാതെ രാത്രിയിൽ അത് ചെയ്തു.
പട്ടണക്കാർ രാവിലെ എഴുന്നേററപ്പോൾ 28
ബാലിന്റെ ബലിപീഠം ഇടിഞ്ഞുകിടക്കു
ന്നതു കണ്ടു. അതിന്നരികെയുള്ള പ്രതി
ഷ്ഠയും നശിച്ചിരിക്കുന്നതും പണിതിരി
ക്കുന്ന യാഗപീഠത്തിങ്കൽ ആ രണ്ടാമത്തെ
കാളയെ യാഗം കഴിച്ചിരിക്കുന്നതും കണ്ടു.
ഇതു ചെയ്തതു ആരെന്നു അവർ അന്യോന്യം 29
ചോദിച്ചു, അന്വേഷണത്തിൽ യോവാ
ശിന്റെ മകൻ ഗിദെയോൻ ആകുന്നു

ാതത് എന്ന് അറിഞ്ഞു. പട്ടണക്കാർ
ാശിനോടു: നിൻെറ മകനെ പുറത്തു
ഒുവരിക; അവൻ മരിക്കണം; അവൻ
ൻെറ ബലിപീഠം ഇടിച്ചു അതിന്നരി
ഉണ്ടായിരുന്ന പ്രതിഷ്ഠയെയും
ളഞ്ഞിരിക്കുന്നു എന്നു പറഞ്ഞു.
ാശ് തൻെറ ചുററും നില്ക്കുന്ന
വരോടും: ബാലിന്നു വേണ്ടി നിങ്ങ
ാ വ്യവഹരിക്കുന്നതു? നിങ്ങളോ
ന രക്ഷിക്കുന്നത്? അവന്നു വേണ്ടി
റരിക്കുന്നവൻ ഇന്നു രാവിലെതന്നെ
ണം; അവൻ ഒരു ദൈവം എങ്കിൽ
ബലിപീഠം ഒരുത്തൻ ഇടിച്ചുകള
്ടുകൊണ്ടു താൻ തന്നെ തൻെറ കാര്യം
റരിക്കട്ടെ. ഇവൻ അവൻെറ ബലി
ഇടിച്ചുകളഞ്ഞതിനാൽ ബാൽ ഇവ
നരെ വ്യവഹരിക്കട്ടെ എന്നു പറഞ്ഞു
ു അന്നു നെദുബ്ബാൽ എന്നു പേരിട്ടു.
നന്തരം മിദ്യാന്യരും അമാലേക്യരും
ദേശക്കാർ എല്ലാവരും കൂടി ഇക്കരെ
യെസ്രീൽ താഴ്വരയിൽ പാളയം
. അപ്പോൾ ദൈവത്തിൻെറ ആത്മാ
ദെയോൻെറ മേൽ വന്നു, അവൻ
ം ഊതി അബീയേസ്യരെ തൻെറ
ൽ കൂട്ടി. അവൻ മനശ്ശെയിൽ എല്ലാ
ദൂതന്മാരെ അയച്ചു, അവരെയും
അടുക്കൽ കൂട്ടി; ആശേരിൻെറയും
ൂലൂൻെറയും നഫ്താലിയുടെയും
ലും ദൂതന്മാരെ അയച്ചു; അവരും
അവരോടു ചേർന്നു. അപ്പോൾ ഗിദെ
ദൈവത്തോടു: അങ്ങ് അരുളി
ുപോലെ ഇസ്രായേലിനെ എൻെറ
രക്ഷിക്കുമെങ്കിൽ ഇതാ, ഞാൻ
ള്ള ഒരു ആട്ടിൻതോൽ കളത്തിൽ
ത്തിയിടുന്നു; മഞ്ഞു തോലിന്മേൽ
ഇരിക്കയും നിലമൊക്കെയും ഉണങ്ങി
യും ചെയ്താൽ അങ്ങ് അരുളിച്ചെ
പാലെ ഇസ്രായേലിനെ എൻെറ
രക്ഷിക്കുമെന്നു ഞാൻ അറിയും
പറഞ്ഞു. അങ്ങനെ തന്നെ സംഭവി
വൻ പിറ്റെന്നു അതികാലത്തു എഴു
തോൽ പിഴിഞ്ഞു. മഞ്ഞുവെള്ളം ഒരു
നിറച്ചെടുത്തു. ഗിദെയോൻ പിന്നെ
ദവത്തോടു: അങ്ങയുടെ കോപം
നേരെ ജ്വലിക്കരുതേ; ഞാൻ ഒരി
ൂടെ സംസാരിച്ചുകൊള്ളട്ടെ; തോൽ
ു ഒരു പരീക്ഷകൂടെ കഴിച്ചുകൊ
തോൽമാത്രം ഉണങ്ങിയും നിലമൊ
മഞ്ഞുകൊണ്ടു നനഞ്ഞുമിരിപ്പാൻ
ണമേ എന്നു പറഞ്ഞു. അന്നു രാത്രി
ദൈവം അങ്ങനെ തന്നെ ചെയ്തു; തോൽ
മാത്രം ഉണങ്ങിയും നിലമൊക്കെയും
മഞ്ഞുകൊണ്ടു നനഞ്ഞുമിരുന്നു.

അദ്ധ്യായം 7

അനന്തരം ഗിദെയോൻ എന്ന നെദു 1
ബ്ബാലും അവനോടുകൂടെയുള്ള ജനമെല്ലാം
പ്രഭാതത്തിൽ പുറപ്പെട്ടു ഹറോദ് ഉറവിന്ന
രികെ പാളയമിറങ്ങി; മിദ്യാന്യരുടെ പാള
യമോ അവർക്കു വടക്കു മോരേ കുന്നിന്ന
രികെ താഴ്വരയിൽ ആയിരുന്നു.
ദൈവം ഗിദെയോനോടു: നിന്നോടു 2
കൂടെയുള്ള ജനം അധികമാകുന്നു; എൻെറ
കൈ എന്നെ രക്ഷിച്ചു എന്നു ഇസ്രായേൽ
എൻെറ നേരെ വമ്പു പറയാതിരിക്കേണ്ട
തിന്നു ഞാൻ മിദ്യാന്യരെ ഇവരുടെ കയ്യിൽ
ഏല്പിക്കയില്ല. ആകയാൽ നീ ചെന്നു 3
ആർക്കെങ്കിലും ഭയവും ഭീരുത്വവുമുണ്ടെ
ങ്കിൽ അവൻ ഗിലെയാദ് പർവ്വതത്തിൽ
നിന്നു മടങ്ങിപ്പൊയ്ക്കൊള്ളട്ടെ എന്നു
പ്രസിദ്ധപ്പെടുത്തുക എന്നു കല്പിച്ചു.
അപ്പോൾ ജനത്തിൽ ഇരുപത്തീരായിരം
പേർ മടങ്ങിപ്പോയി; പതിനായിരം പേർ
ശേഷിച്ചു.
ദൈവം പിന്നെയും ഗിദെയോനോടു: 4
ജനം ഇനിയും അധികം ആകുന്നു; അവരെ
വെള്ളത്തിങ്കലേക്കു കൊണ്ടുപോകുക;
അവിടെവച്ചു ഞാൻ അവരെ പരിശോധിച്ചു
തരാം; ഇവൻ നിന്നോടുകൂടെ പോരട്ടെ
എന്നു ഞാൻ കല്പിക്കുന്നവൻ പോരട്ടെ;
ഇവൻ നിന്നോടുകൂടെ പോരണ്ടാ എന്നു
ഞാൻ കല്പിക്കുന്നവൻ പോരണ്ടാ എന്നു
കല്പിച്ചു. അങ്ങനെ അവൻ ജനത്തെ 5
വെള്ളത്തിങ്കലേക്കു കൊണ്ടുപോയി;
കർത്താവ് ഗിദെയോനോടു: നായ നക്കി
ക്കുടിക്കുംപോലെ നാവുകൊണ്ടു വെള്ളം
നക്കിക്കുടിക്കുന്നവരെയെല്ലാം വേറെയും
കുടിപ്പാൻ മുട്ടുകുത്തി കുനിയുന്നവരെ
യെല്ലാം വേറെയും നിർത്തുക എന്നു
കല്പിച്ചു. കൈ വായ്ക്കു വച്ചു നക്കിക്കു 6
ടിച്ചവർ ആകെ മുന്നൂറുപേർ ആയിരുന്നു;
ശേഷം ജനമെല്ലാം വെള്ളം കുടിപ്പാൻ
മുട്ടുകുത്തി കുനിഞ്ഞു. കർത്താവ് ഗിദെ 7
യോനോടു: നക്കിക്കുടിച്ച മുന്നൂറുപേരെ
ക്കൊണ്ടു ഞാൻ നിങ്ങളെ രക്ഷിച്ച്
മിദ്യാന്യരെ നിൻെറ കയ്യിൽ ഏല്പിക്കും:
ശേഷം ജനമെല്ലാം സ്വന്ത സ്ഥലത്തേക്കു
പോകട്ടെ എന്നു കല്പിച്ചു. അങ്ങനെ 8
അവർ ഭക്ഷണസാധനങ്ങളും കാഹള
ങ്ങളും എടുത്തു; ശേഷം ഇസ്രായേല്യരെ

യൊക്കെയും അവൻ വീട്ടിലേക്കു പറഞ്ഞ
യയ്ക്കയും ആ മുന്നൂറുപേരെ നിർത്തു
കയും ചെയ്തു. മിദ്യാന്യരുടെ പാളയം താഴെ
സമ ഭൂമിയിൽ ആയിരുന്നു.
9 അന്നു രാത്രി ദൈവം അവനോടു
കല്പിച്ചതു: എഴുന്നേറ്റു പാളയത്തിന്റെ
നേരെ ഇറങ്ങിച്ചെല്ലുക; ഞാൻ അതു നിന്റെ
10 കയ്യിൽ ഏല്പിച്ചിരിക്കുന്നു. ഇറങ്ങിച്ചെല്ലു
വാൻ നിനക്കു ഭയമുണ്ടെങ്കിൽ നീയും
നിന്റെ ബാല്യക്കാരനായ പൂരയും കൂടെ
11 പാളയത്തിലേക്കു ചെല്ലുക. എന്നാൽ അവർ
സംസാരിക്കുന്നതു എന്തെന്നു നീ കേൾ
ക്കും; അതിന്റെശേഷം പാളയത്തിനുനേരെ
ചെല്ലുവാൻ നിനക്കു ധൈര്യം വരും. അങ്ങ
നെ അവനും അവന്റെ ബാല്യക്കാരനായ
പൂരയും പാളയത്തിൽ ആയുധപാണിക
ളുടെ സമീപത്തോളം ഇറങ്ങിച്ചെന്നു.
12 എന്നാൽ മിദ്യാന്യരും അമാലേക്യരും പൂർവ്വ
ദേശക്കാരെല്ലാം വെട്ടുക്കിളി എന്നപോലെ
അസംഖ്യമായി താഴ്വരയിൽ കിടന്നിരുന്നു;
അവരുടെ ഒട്ടകങ്ങളും കടൽക്കരയിലെ
മണൽപോലെ അസംഖ്യം ആയിരുന്നു.
13 ഗിദെയോൻ ചെല്ലുമ്പോൾ ഒരുത്തൻ
മറ്റൊരുത്തനോടു ഒരു സ്വപ്നം വിവരിക്കു
കയായിരുന്നു: ഞാൻ ഒരു സ്വപ്നം കണ്ടു;
ഒരു യവയപ്പം മിദ്യാന്യരുടെ പാളയത്തി
ലേക്കു ഉരുണ്ടുവന്നു കൂടാരംവരെ എത്തി
അതിനെ തള്ളി മറിച്ചിട്ടു അങ്ങനെ കൂടാരം
വീണുകിടന്നു എന്നു പറഞ്ഞു. അതിന്നു
14 ഒരുവൻ: ഇതു യോവാശിന്റെ മകനായ
ഗിദെയോൻ എന്ന ഇസ്രായേലിലെ ശക്ത
ന്റെ വാളല്ലാതെ മറ്റൊന്നുമല്ല; ദൈവം
മിദ്യാന്യപാളയത്തെ മുഴുവൻ അവന്റെ
കയ്യിൽ ഏല്പിച്ചിരിക്കുന്നു എന്നു ഉത്തരം
പറഞ്ഞു.
15 ഗിദെയോൻ സ്വപ്നവും പൊരുളും
കേട്ടപ്പോൾ നമസ്കരിച്ചു; ഇസ്രായേലി
ന്റെ പാളയത്തിൽ മടങ്ങിച്ചെന്നു എഴു
ന്നേല്പിൻ, ദൈവം മിദ്യാന്റെ പാളയത്തെ
നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്നു
16 എന്നു പറഞ്ഞു. അനന്തരം അവൻ ആ
മുന്നൂറുപേരെ മൂന്നു കൂട്ടമായി വിഭാഗിച്ചു.
ഓരോരുവന്റെ കയ്യിൽ ഓരോ കാഹളവും
വെറും കുടവും കുടത്തിനകത്തു ഓരോ
17 പന്തവും കൊടുത്തു, അവരോടു പറഞ്ഞതു
ഞാൻ ചെയ്യുന്നതു നോക്കി അതുപോലെ
ചെയ്വിൻ; പാളയത്തിന്റെ അടുത്തു
എത്തുമ്പോൾ ഞാൻ ചെയ്യുന്നതുപോലെ
18 നിങ്ങളും ചെയ്യണം. ഞാനും എന്നോടു
കൂടെയുള്ളവരും കാഹളം ഊതുമ്പോൾ
നിങ്ങളും പാളയത്തിന്റെ ചുറ്റും നിന്നു
കാഹളം ഊതി, ദൈവത്തിനും ഗിദെ
യോന്നും വേണ്ടി എന്നു പറയുവിൻ.
മദ്ധ്യയാമത്തിന്റെ ആരംഭത്തിൽ അവർ 19
കാവൽ മാറി നിർത്തിയ ഉടനെ ഗിദെയോ
നും കൂടെയുള്ള നൂറുപേരും പാളയത്തി
ന്റെ അടുത്ത് എത്തി കാഹളം ഊതി ക
യ്യിൽ ഉണ്ടായിരുന്ന കുടങ്ങൾ ഉടച്ചു. മൂന്നു
സംഘവും കാഹളം ഊതി കുടങ്ങൾ ഉടച്ചു; 20
ഇടത്തുകയ്യിൽ പന്തവും വലത്തു കയ്യിൽ
ഊതുവാൻ കാഹളവും പിടിച്ചു. ദൈവ
ത്തിനും ഗിദെയോന്നും വേണ്ടി വാൾ എന്ന്
ആർത്തു. അവർ പാളയത്തിന്റെ ചുറ്റും 21
ഓരോരുവൻ താന്താന്റെ നിലയിൽ തന്നെ
നിന്നു; സൈന്യമെല്ലാം ഓട്ടം തുടങ്ങി; അവർ
നിലവിളിച്ചുകൊണ്ടു ഓടിപ്പോയി. ആ
മുന്നൂറുപേരും കാഹളം ഊതിയപ്പോൾ 22
ദൈവം പാളയത്തിലെല്ലാം ഓരോരു
വന്റെ വാൾ അവന്റെ കൂട്ടുകാരന്റെ
നേരെ തിരിപ്പിച്ചു; സൈന്യം സെരേരാ വഴി
യായി ബേത്ത്-ശിത്താവരെയും തബ്ബത്തി
ന്നരികെയുള്ള ആബേൽ മെഹോലയുടെ
അതിർവരെയും ഓടിപ്പോയി. ഇസ്രായേ 23
ല്യർ നഫ്താലിയിൽനിന്നും ആശേരിൽ നി
ന്നും മനശ്ശെയിൽനിന്നുമെല്ലാം ഒരുമിച്ചു കൂടി
മിദ്യാന്യരെ പിന്തുടർന്നു. ഗിദെയോൻ എ 24
ഫ്രയീം മലനാട്ടിൽ എല്ലായിടവും ദൂതന്മാരെ
അയച്ചു: മിദ്യാന്യരുടെ നേരെ ഇറങ്ങിച്ചെന്നു
ബേത്ത് - ബാരാവരെയുള്ള വെള്ളത്തെയും
യോർദ്ദാനെയും അവർക്കുമുമ്പെ കൈവശ
മാക്കിക്കൊൾവിൻ എന്നു പറയിച്ചു. അങ്ങ
നെ എഫ്രയീമ്യർ എല്ലാം ഒരുമിച്ചുകൂടി
ബേത്ത് ബാരാവരെയുള്ള വെള്ളവും
യോർദ്ദാനും കൈവശമാക്കി. ഓരേബ്, 25
സേബ് എന്ന രണ്ടു മിദ്യാന്യപ്രഭുക്കന്മാരെ
അവർ പിടിച്ചു, ഓരേബിനെ ഓരേബ്
പാറമേലും സേബിനെ സേബ് മുന്തിരിച്ച
ക്കിന്നരികെയും വച്ചു വധിച്ചിട്ട് മിദ്യാന്യരെ
പിന്തുടർന്നു, ഓരേബിന്റെയും സേബി
ന്റെയും തല യോർദ്ദാന്നക്കരെ ഗിദെ
യോന്റെ അടുക്കൽ കൊണ്ടുവന്നു.

അദ്ധ്യായം 8

എന്നാൽ എഫ്രയീമ്യർ: നീ മിദ്യാന്യ 1
രോടു യുദ്ധം ചെയ്വാൻ പോയപ്പോൾ
ഞങ്ങളെ വിളിക്കാഞ്ഞതെന്ത്? ഇങ്ങനെ
ഞങ്ങളോടു ചെയ്വാൻ എന്താണു കാര
ണം എന്നു ചോദിച്ച് അവനോടു ശക്തി
യായി കോപിച്ചു. അതിന്നു അവൻ: നിങ്ങ 2
ളോടു ഒത്തുനോക്കിയാൽ ഞാൻ ഈ

ുതു എന്തുള്ളു? അബീയേസരിൻെറ
ിരിശേഖരണത്തെക്കാൾ എഫ്രയീ
ൻെറ കാലാപെറുക്കലല്ലയോ നല്ലതു?
ങ്ങളുടെ കയ്യിലല്ലോ ദൈവം മിദ്യാന്യ
ക്കളായ ഓരേബിനെയും സേബിനെ
ഏല്പിച്ചതു; നിങ്ങളോടു താരതമ്യം
ാൽ എന്നെക്കൊണ്ടു സാധിച്ചതു എ
ള്ളു. എന്നു അവരോടു പറഞ്ഞു. ഇതു
ത്തപ്പോൾ അവർക്കു അവനോടുള്ള
പം ശമിച്ചു. അനന്തരം ഗിദെയോൻ
ർദ്ദാങ്കൽ എത്തി; അവനും കൂടെയുള്ള
ുറുപേരും ക്ഷീണിച്ചിരുന്നിട്ടും അവരെ
ുടരുവാൻ അക്കരെ കടന്നു. അവൻ
ക്കോത്തിലെ നിവാസികളോടു എൻെറ
ടയുള്ള സൈന്യത്തിനു അപ്പം കൊടു
നമേ; അവർ ക്ഷീണിച്ചിരിക്കുന്നു;
ൻ മിദ്യാന്യരാജാക്കന്മാരായ സേബഹി
യും സൽമുന്നയേയും പിന്തുടരുകയാ
നു എന്നു പറഞ്ഞു. നിൻെറ സൈന്യ
ന്നു ഞങ്ങൾ അപ്പം കൊടുക്കേണ്ട
നു സേബഹിൻെറയും സൽമുന്നയു
ും കൈകൾ നിൻെറ കൈയിൽ ആകു
വാ എന്നു സുക്കോത്തിലെ പ്രഭുക്ക
ചോദിച്ചു. അതിന്നു ഗിദെയോൻ:
ട്ടെ; ദൈവം സേബഹിനെയും സൽ
യെയും എൻെറ കയ്യിൽ ഏല്പിച്ച
ഷം ഞാൻ നിങ്ങളുടെ മാംസം കാട്ടിലെ
ള്ളുകൊണ്ടും പറക്കാരകൊണ്ടും കുത്തി
ും എന്നു പറഞ്ഞു. അവിടെനിന്നു
ൻ പെനൂവേലിലേക്കു ചെന്നു അവ
ും അങ്ങനെ ചോദിച്ചു; സുക്കോത്ത്
ാസികൾ ഉത്തരം പറഞ്ഞതുപോലെ
ന പെനൂവേൽ നിവാസികളും പറഞ്ഞു.
ൻ പെനൂവേൽ നിവാസികളോടു:
ൻ സമാധാനത്തോടെ മടങ്ങി വരു
ൾ ഈ കോട്ട ഇടിച്ചുകളയും എന്നു
ത്തു.

എന്നാൽ സേബഹും സൽമുന്നയും
രോടുകൂടെ കിഴക്കുദേശക്കാരുടെ
ന്യത്തിൽ ശേഷിച്ചിരുന്ന ഏകദേശം
നയ്യായിരം പേരായ അവരുടെ സൈ
ും കർക്കോറിൽ ആയിരുന്നു; വാൾധാ
ളായ ലക്ഷത്തിരുപതിനായിരം പേർ
നുപോയിരുന്നു. ഗിദെയോൻ നോബഹി
യൊഗ്ബെഹെക്കും കിഴക്കുള്ള കൂടാര
ികളുടെ വഴിയായി ചെന്നു നിർഭയ
ിരുന്ന ആ സൈന്യത്തെ തോല്പിച്ചു.
ബഹും സൽമുന്നയും ഓടിപ്പോയി; അ
അവരെ പിന്തുടർന്നു, സേബഹ് സൽ
എന്ന രണ്ടു മിദ്യാന്യരാജാക്കന്മാരെ
യും പിടിച്ചു, സൈന്യത്തെയെല്ലാം ഭ്രമിപ്പിച്ചു
ചിതറിച്ചു. അനന്തരം യോവാശിൻെറ മകനാ 13
യ ഗിദെയോൻ യുദ്ധം കഴിഞ്ഞിട്ടു ഹേരെ
സ്കയറ്റത്തിൽനിന്നു പ്രഭാതത്തിൽ മടങ്ങി
വരുമ്പോൾ സുക്കോത്ത് നിവാസികളിൽ 14
ഒരു ബാല്യക്കാരനെ പിടിച്ചു അവനോടു
അന്വേഷിച്ചു; അവൻ സുക്കോത്തിലെ
പ്രഭുക്കന്മാരും മൂപ്പന്മാരുമായ എഴുപത്തേഴു
പേരുടെ പേർ അവന്നു എഴുതിക്കൊടുത്തു.
അവൻ സുക്കോത്തു നിവാസികളുടെ 15
അടുക്കൽ ചെന്നു: ക്ഷീണിച്ചിരിക്കുന്ന
നിൻെറ ആളുകൾക്കു ഞങ്ങൾ അപ്പം കൊടു
ക്കേണ്ടതിന്നു സേബഹിൻെറയും സൽമു
ന്നയുടെയും കൈകൾ നിൻെറ കൈയിൽ
ആകുന്നുവോ എന്നു നിങ്ങൾ എന്നെ ധിക്ക
രിച്ചു പറഞ്ഞ സേബഹും സൽമുന്നയും
ഇതാ എന്നു പറഞ്ഞു. അവൻ പട്ടണത്തിലെ 16
മൂപ്പന്മാരെ പിടിച്ചു കാട്ടിലെ മുള്ളും പറ
ക്കാരയുംകൊണ്ടു സുക്കോത്തു നിവാസി
കളെ ബുദ്ധി പഠിപ്പിച്ചു. അവൻ പെനൂവേ 17
ലിലെ കോട്ട ഇടിച്ചു പട്ടണത്തിലുള്ളവരെ
കൊന്നു. പിന്നെ അവൻ സേബഹിനോടും 18
സൽമുന്നയോടും: നിങ്ങൾ താബോരിൽ
വച്ചു കൊന്ന പുരുഷന്മാർ എങ്ങനെയുള്ള
വർ ആയിരുന്നു എന്നു ചോദിച്ചു. അവർ
നിന്നെപ്പോലെ ഓരോരുത്തൻ രാജകുമാ
രന്നു തുല്യൻ ആയിരുന്നു എന്നു അവർ
ഉത്തരം പറഞ്ഞു. അതിന്നു അവൻ: അവർ 19
എൻെറ സഹോദരന്മാർ, എൻെറ അമ്മ
യുടെ മക്കൾ തന്നെ ആയിരുന്നു; അവരെ
നിങ്ങൾ ജീവനോടെ വച്ചിരുന്നു എങ്കിൽ,
കർത്താവിനാണ, ഞാൻ നിങ്ങളെ കൊല്ലുക
യില്ലായിരുന്നു എന്നു പറഞ്ഞു. പിന്നെ 20
അവൻ തൻെറ ആദ്യജാതനായ യേഥെരി
നോടു: എഴുന്നേറ്റു അവരെ കൊല്ലുക എന്നു
പറഞ്ഞു; എന്നാൽ അവൻ ചെറുപ്പക്കാര
നാകകൊണ്ടു പേടിച്ചു വാൾ ഊരാതെ
നിന്നു. അപ്പോൾ സേബഹും സൽമുന്നയും: 21
നീ തന്നെ എഴുന്നേറ്റു ഞങ്ങളെ വെട്ടുക;
ആളെപ്പോലെയല്ലോ അവൻെറ ബലം
എന്നു പറഞ്ഞു. അങ്ങനെ ഗിദെയോൻ
എഴുന്നേറ്റു സേബഹിനെയും സൽമുന്ന
യെയും കൊന്നു; അവരുടെ ഒട്ടകങ്ങളുടെ
കഴുത്തിലെ ചന്ദ്രക്കലകൾ എടുത്തു.

അനന്തരം ഇസ്രായേല്യർ ഗിദെയോ 22
നോടു: നീ ഞങ്ങളെ മിദ്യാൻെറ കയ്യിൽ
നിന്നു രക്ഷിച്ചിരിക്കകൊണ്ടു ഞങ്ങൾക്കു
അധിപനായിരിക്കണം; അങ്ങനെതന്നെ
നിൻെറ മകനും മകൻെറ മകനും എന്നു
പറഞ്ഞു. ഗിദെയോൻ അവരോടു: ഞാൻ 23

നിങ്ങൾക്കു അധിപനാകയില്ല; എന്റെ
മകനും ആകയില്ല; കർത്താവത്രേ നിങ്ങ
24 ളുടെ രാജാവു എന്നു പറഞ്ഞു: പിന്നെ
ഗിദെയോൻ അവരോടു: ഞാൻ നിങ്ങളോടു
ഒന്ന് അപേക്ഷിക്കുന്നു; നിങ്ങൾ ഓരോ
രുത്തൻ കൊള്ളയിൽ കിട്ടിയ ആഭരണം
എനിക്കു തരണം എന്നു പറഞ്ഞു. അവർ
ഇശ്മായേല്യർ ആയിരുന്നതുകൊണ്ടു
അവർക്കു പൊൻകടുക്കൻ ഉണ്ടായിരുന്നു.
25 ഞങ്ങൾ സന്തോഷത്തോടെ തരാം എന്നു
അവർ പറഞ്ഞു, ഒരു വസ്ത്രം വിരിച്ചു ഓരോ
രുത്തനു കൊള്ളയിൽ കിട്ടിയ കടുക്കൻ
26 അതിൽ ഇട്ടു. അവൻ ചോദിച്ചുവാങ്ങിയ
പൊൻകടുക്കന്റെ തൂക്കം ആയിരത്തെഴു
നൂറു ശേക്കെൽ ആയിരുന്നു; ഇതല്ലാതെ
ചന്ദ്രക്കലകളും കുണ്ഡലങ്ങളും മിദ്യാന്യ
രാജാക്കന്മാർ ധരിച്ചിരുന്ന രക്താംബരങ്ങളും
അവരുടെ ഒട്ടകങ്ങളുടെ കഴുത്തിലെ മാല
27 കളും ഉണ്ടായിരുന്നു. ഗിദെയോൻ അതു
കൊണ്ടു ഒരു എഫോദ് ഉണ്ടാക്കി തന്റെ
പട്ടണമായ ഒഫ്രയിൽ പ്രതിഷ്ഠിച്ചു; ഇസ്രാ
യേലെല്ലാം അതിന്റെ അടുക്കൽ ചെന്നു;
അതു ഗിദെയോന്നും അവന്റെ കുടുംബ
28 ത്തിന്നും ഒരു കെണിയായി തീർന്നു. എ
ന്നാൽ മിദ്യാൻ തലപൊക്കാതവണ്ണം ഇസ്രാ
യേല്യർക്കു കീഴടങ്ങിപ്പോയി. ഗിദെയോ
ന്റെ കാലത്തു ദേശത്തിന്നു നാല്പതു
സംവത്സരം സ്വസ്ഥതയുണ്ടായി.
29 യോവാശിന്റെ മകനായ യെരുബ്ബാൽ
തന്റെ വീട്ടിൽ ചെന്നു സുഖമായി പാർ
30 ത്തു. ഗിദെയോന്നു വളരെ ഭാര്യമാരുണ്ടാ
യിരുന്നതുകൊണ്ടു സ്വന്ത മക്കളായിട്ടു
തന്നെ എഴുപതു പുത്രന്മാർ ഉണ്ടായിരുന്നു.
31 ശെഖേമിലുള്ള അവന്റെ വെപ്പാട്ടിയും
അവന്നു ഒരു മകനെ പ്രസവിച്ചു. അവന്നു
അബീമേലെക് എന്നു അവൻ പേരിട്ടു.
32 യോവാശിന്റെ മകനായ ഗിദെയോൻ നല്ല
വാർദ്ധക്യത്തിൽ മരിച്ചു; അവനെ അബീ
യേസ്രിയർക്കുള്ള ഒഫ്രയിൽ അവന്റെ
പിതാവായ യോവാശിന്റെ വയലിൽ
അടക്കം ചെയ്തു.
33 ഗിദെയോൻ മരിച്ചശേഷം ഇസ്രായേൽ
ക്കാർ വീണ്ടും വഴിപിഴച്ച് ബാൽ വിഗ്രഹ
ങ്ങളുടെ അടുക്കൽ ചെന്നു ബാൽബെരീ
ത്തിനെ തങ്ങൾക്കു ദേവനായി പ്രതിഷ്ഠി
34 ച്ചു. ഇസ്രായേൽക്കാർ ചുറ്റുമുള്ള സകല
ശത്രുക്കളുടെയും കയ്യിൽനിന്നു തങ്ങളെ ര
ക്ഷിച്ച തങ്ങളുടെ ദൈവമായ കർത്താവിനെ
35 സ്മരിച്ചില്ല. ഗിദെയോൻ എന്ന യെരുബ്ബാൽ
ഇസ്രായേലിന്നു ചെയ്ത എല്ലാ നന്മയ്ക്കും
തക്കവണ്ണം അവന്റെ കുടുംബത്തോടു
അവർ ദയ ചെയ്തതുമില്ല.

അദ്ധ്യായം 9

അനന്തരം യെരുബ്ബാലിന്റെ മകനായ 1
അബീമേലെക് ശെഖേമിൽ തന്റെ അമ്മ
യുടെ സഹോദരന്മാരുടെ അടുക്കൽ ചെന്നു
അവരോടും തന്റെ അമ്മയുടെ പിതൃഭവന
മായ സർവ്വകുടുംബത്തോടും സംസാരിച്ചു:
യെരുബ്ബാലിന്റെ എഴുപതു പുത്രന്മാരും 2
കൂടെ നിങ്ങളെ ഭരിക്കുന്നതോ ഒരുവൻ
നിങ്ങളെ ഭരിക്കുന്നതോ ഏതാണ് നിങ്ങൾ
ക്കു നല്ലത്? ഞാൻ നിങ്ങളുടെ അസ്ഥിയും
മാംസവും ആകുന്നു എന്നു ഓർത്തുകൊൾ
വിൻ എന്നു ശെഖേമിലെ സകല പൌര
ന്മാരോടും പറയുവിൻ എന്നു പറഞ്ഞു.
അങ്ങനെ അവന്റെ അമ്മയുടെ സഹോ 3
ദരന്മാർ ശെഖേമിലെ സകല പൌരന്മാ
രോടും ഈ വാക്കുകളെല്ലാം സംസാരിച്ച
പ്പോൾ അവരുടെ ഹൃദയം അബീമേലെ
ക്കിനോടു ചേർന്നു; അവൻ നമ്മുടെ സഹോ
ദരനല്ലോ എന്നു അവർ പറഞ്ഞു. പിന്നെ 4
അവർ ബാൽബെരീത്തിന്റെ ക്ഷേത്രത്തിൽ
നിന്നു എഴുപതു വെള്ളിക്കട്ടകൾ എടുത്ത്
അവന്നു കൊടുത്തു; ആ പണം കൊണ്ടു
അബീമേലെക് ഭോഷരും നിസ്സാരന്മാരുമായ
ആളുകളെ കൂലിക്കു വാങ്ങി അവർക്കു
നായകനായിത്തീർന്നു. അവൻ ഒഫ്രയിൽ 5
തന്റെ പിതാവിന്റെ വീട്ടിൽ ചെന്നു യെരു
ബ്ബാലിന്റെ പുത്രന്മാരായി തന്റെ സഹോ
ദരന്മാരായ എഴുപതുപേരെയും ഒരു കല്ലി
ന്മേൽ വച്ചു കൊന്നു; എന്നാൽ യെരുബ്ബാ
ലിന്റെ ഇളയമകനായ യോഥാം ഒളിച്ചു
പോയതുകൊണ്ടു അവശേഷിച്ചു.
അതിന്റെശേഷം ശെഖേമിലെ സകല 6
പൌരന്മാരും മില്ലോഗൃഹവും ഒരുമിച്ചുകൂടി
ചെന്നു ശെഖേമിലെ ജ്ഞാപകസ്തംഭത്തി
ന്നരികെയുള്ള കരുവേലകത്തിങ്കൽ വെച്ചു
അബീമേലെക്കിനെ രാജാവാക്കി. ഇതിനെ 7
ക്കുറിച്ചു യോഥാമിന്നു അറിവു കിട്ടിയ
പ്പോൾ അവൻ ഗെരിസ്സീം മലമുകളിൽ
ചെന്നു ഉച്ചത്തിൽ അവരോടു വിളിച്ചു
പറഞ്ഞു: ശെഖേം പൌരന്മാരേ, ദൈവം നിങ്ങ
ളുടെ സങ്കടം കേൾക്കേണ്ടതിന്നു നിങ്ങൾ
എന്റെ സങ്കടം കേൾപ്പിൻ. പണ്ടൊരിക്കൽ 8
വൃക്ഷങ്ങൾ തങ്ങൾക്കു ഒരു രാജാവിനെ
അഭിഷേകം ചെയ്‌വാൻ പോയി; അവ
ഒലിവുവൃക്ഷത്തോടു: നീ ഞങ്ങൾക്കു
രാജാവായിരിക്ക എന്നു പറഞ്ഞു. അതിന്നു 9
ഒലിവുവൃക്ഷം: ദൈവവും മനുഷ്യരും

ാന്ന പുകഴ്ത്തുവാൻ ഹേതുവായിരി
ന്ന എന്റെ പുഷ്ടി ഞാൻ ഉപേക്ഷിച്ചു
ക്ഷങ്ങളുടെമേൽ വാഴുവാൻ പോകുമോ
ന്നു പറഞ്ഞു. പിന്നെ വൃക്ഷങ്ങൾ അത്തി
ക്ഷത്തോടു: നീ വന്നു ഞങ്ങൾക്കു
ാവായിരിക്ക എന്നു പറഞ്ഞു. അതിന്നു
ത്തിവൃക്ഷം: എന്റെ മധുരവും വിശേഷ
ട്ട പഴവും ഞാൻ ഉപേക്ഷിച്ചു വൃക്ഷങ്ങ
ട മേൽ വാഴുവാൻ പോകുമോ എന്നു
ഞ്ഞു. പിന്നെ വൃക്ഷങ്ങൾ മുന്തിരി
ള്ളിയോടു: നീ വന്നു ഞങ്ങൾക്കു രാജാ
യിരിക്ക എന്നു പറഞ്ഞു. മുന്തിരിവള്ളി
വയോടു: ദൈവത്തെയും മനുഷ്യനെയും
ന്ദിപ്പിക്കുന്ന എന്റെ രസം ഞാൻ
ക്ഷിച്ച് വൃക്ഷങ്ങളുടെ മേൽ വാഴുവാൻ
ാകുമോ എന്നു പറഞ്ഞു.
പിന്നെ വൃക്ഷങ്ങളെല്ലാംകൂടെ മുൾപ
പ്പിനോടു: നീ വന്നു ഞങ്ങൾക്കു രാജാ
യിരിക്കുക എന്നു പറഞ്ഞു.
മുൾപടർപ്പു വൃക്ഷങ്ങളോടു: നിങ്ങൾ
ാർത്ഥമായി എന്നെ നിങ്ങൾക്കു രാജാ
യി അഭിഷേകം ചെയ്യുന്നു എങ്കിൽ വന്നു
ന്റെ നിഴലിൽ ആശ്രയിപ്പിൻ; അല്ലെങ്കിൽ
പടർപ്പിൽനിന്നു തീ പുറപ്പെട്ടു ലെബാ
ാനിലെ ദേവദാരുക്കളെ ദഹിപ്പിക്കട്ടെ
ന്നു പറഞ്ഞു.
നിങ്ങൾ ഇപ്പോൾ അബീമേലെക്കിനെ
ാവാക്കിയതിൽ വിശ്വസ്തതയും പരമാർ
ത്ഥയുമാകുന്നുവോ പ്രവർത്തിച്ചതു?
ങ്ങൾ നെദുബ്ബാലിനോടും അവന്റെ
ുംബത്തോടും നന്മയാകുന്നുവോ ചെയ്തു
അദ്ദേഹത്തിന്റെ പ്രവൃത്തിയുടെ യോ
തയ്ക്കു തക്കവണ്ണമോ അദ്ദേഹത്തോടു
ർത്തിച്ചതു? എന്റെ പിതാവ് തന്റെ
നെ ഗണ്യമാക്കാതെ നിങ്ങൾക്കുവേ
യുദ്ധംചെയ്തു മിദ്യാന്റെ കയ്യിൽനിന്നു
ങ്ങളെ രക്ഷിച്ചിരിക്കെ നിങ്ങൾ ഇന്നു എ
പിതാവിന്റെ ഗൃഹത്തിന്നു വിരോധ
യി എഴുന്നേറ്റു അവന്റെ പുത്രന്മാരായ
ുപതുപേരെയും ഒരു കല്ലിന്മേൽ വച്ചു
ാല്ലുകയും അവന്റെ ദാസിയുടെ മക
യ അബീമേലെക് നിങ്ങളുടെ സഹോ
ൻ ആകയാൽ അവനെ ശെഖേം പൗര
ർക്ക് രാജാവാക്കുകയും ചെയ്തുവല്ലോ.
ങ്ങനെ നിങ്ങൾ ഇന്നു നെദുബ്ബാലിനോടും
ന്റെ കുടുംബത്തോടും ചെയ്തതു വിശ്വ
തയും പരമാർത്ഥതയും ആണെങ്കിൽ
ങ്ങൾ അബീമേലെക്കിൽ സന്തോഷി
ൻ; അവൻ നിങ്ങളിലും സന്തോഷിക്കട്ടെ.
ല്ലെങ്കിൽ അബീമേലെക്കിൽനിന്നു തീ
പുറപ്പെട്ടു ശെഖേം പൗരന്മാരെയും മില്ലോ
ഗൃഹത്തെയും ദഹിപ്പിക്കട്ടെ; ശെഖേം
പൗരന്മാരിൽനിന്നും മില്ലോഗൃഹത്തിൽ
നിന്നും തീ പുറപ്പെട്ടു അബീമേലെക്കി
നെയും ദഹിപ്പിക്കട്ടെ. ഇങ്ങനെ പറഞ്ഞിട്ടു 21
യോഥാം ബേരിലേക്കു പോയി തന്റെ സ
ഹോദരനായ അബീമേലെക്കിനെ പേടിച്ച്
അവിടെ പാർത്തു.
അബീമേലെക് ഇസ്രായേലിനെ മൂന്നു 22
സംവത്സരം ഭരിച്ചശേഷം ദൈവം അബീമേ 23
ലെക്കിന്നും ശെഖേം പൗരന്മാർക്കും തമ്മിൽ
ഭിന്നത വരുത്തി; ശെഖേം പൗരന്മാർ അബീ
മേലെക്കിനോടു മത്സരം തുടങ്ങി; അങ്ങനെ 24
നെദുബ്ബാലിന്റെ എഴുപതു പുത്രന്മാരോടും
ചെയ്ത പാതകത്തിന്നു പ്രതികാരം വരുകയും
അവരുടെ രക്തം അവരെ കൊന്നവനായ
അവരുടെ സഹോദരൻ അബീമേലെക്കും
അവന്റെ സഹോദരന്മാരെ കൊല്ലുവാൻ
അവന്നു തുണയായിരുന്ന ശെഖേം പൗര
ന്മാരും വഹിക്കയും ചെയ്തു.
ശെഖേം പൗരന്മാർ മലമുകളിൽ അവ 25
നു വിരോധമായി ഒളിപ്പോരുകാരെ ആക്കി,
ഇവർ സമീപത്തുകൂടി പോകുന്ന എല്ലാ
വരോടും കവർച്ച തുടങ്ങി; ഇതിനെക്കുറിച്ചു
അബീമേലെക്കിന്നു അറിവു കിട്ടി.
അപ്പോൾ ഏബെദിന്റെ മകനായ 26
ഗാലും അവന്റെ സഹോദരന്മാരും വന്നു
ശെഖേമിൽ കടന്നു; ശെഖേം പൗരന്മാർ
അവനെ വിശ്വസിച്ചു. അവർ വയലിൽ 27
ചെന്നു തങ്ങളുടെ മുന്തിരിത്തോട്ടങ്ങളിലെ
കുല അറുത്തു ഉത്സവം കൊണ്ടാടി;
തങ്ങളുടെ ദേവന്റെ ക്ഷേത്രത്തിൽ ചെന്നു
തിന്നുകുടിക്കയും അബീമേലെക്കിനെ ശപി
ക്കയുംചെയ്തു.
ഏബെദിന്റെ മകനായ ഗാൽ പറഞ്ഞ 28
തു: അബീമേലെക്കിനെ നാം സേവിക്കേണ്ട
തിന്നു അവൻ ആർ? ശേഖേം ആർ? അവൻ
നെദുബ്ബാലിന്റെ മകനും സെബൂൽ അവ
ന്റെ കാര്യസ്ഥനും അല്ലയോ? അവൻ
ശെഖേമിന്റെ പിതാവായ ഹാമോരിന്റെ
ആളുകളുമായി അവനെ സേവിക്കട്ടെ;; നാം
അവനെ സേവിക്കുന്നത് എന്തിന്? ഈ 29
ജനം എന്റെ കൈക്കീഴായിരുന്നെങ്കിൽ
ഞാൻ അബീമേലെക്കിനെ നീക്കിക്കള
കയും അബീമേലെക്കിനോടു: നിന്റെ
സൈന്യത്തെ വർദ്ധിപ്പിച്ചു പുറപ്പെട്ടുവരിക
എന്നു പറകയും ചെയ്യുമായിരുന്നു. ഏബെ 30
ദിന്റെ മകനായ ഗാലിന്റെ വാക്കുകളെ
കേട്ടപ്പോൾ നഗരാധിപനായ സെബുലി
ന്റെ കോപം ജ്വലിച്ചു. അവൻ രഹസ്യ 31

മായി അബീമേലെക്കിന്റെ അടുക്കൽ
ദൂതന്മാരെ അയച്ചു: ഇതാ, ഏബെദിന്റെ
മകനായ ഗാലും അവന്റെ സഹോദരന്മാരും
ശെഖേമിൽ വന്നിരിക്കുന്നു; അവർ പട്ടണ
32 ത്തെ വളഞ്ഞിരിക്കുന്നു. ആകയാൽ നീയും
നിന്നോടുകൂടെയുള്ള സൈന്യവും രാത്രി
യിൽ പുറപ്പെട്ടു വയലിൽ പതിയിരുന്നു
33 കൊൾവിൻ. രാവിലെ സൂര്യൻ ഉദിക്കു
മ്പോൾ എഴുന്നേറ്റു പട്ടണത്തെ ആക്രമിക്ക;
എന്നാൽ അവനും കൂടെയുള്ള സൈന്യവും
നിന്റെനേരെ പുറപ്പെടുമ്പോൾ യഥാവിധി
അവരോടു പ്രവർത്തിക്കാം എന്നു പറയിച്ചു.
34 അങ്ങനെ അബീമേലെക്കും കൂടെയു
ള്ള സൈന്യവുമെല്ലാം രാത്രിയിൽ പുറപ്പെട്ടു
ശേഖെമിന്നരികെ നാലു കൂട്ടമായി പതിയി
35 രുന്നു. ഏബെദിന്റെ മകനായ ഗാൽ പുറ
പ്പെട്ടു പട്ടണത്തിന്റെ ഗോപുരത്തിങ്കൽ
നിന്നപ്പോൾ അബീമേലെക്കും കൂടെ ഉള്ള
സൈന്യവും ഒളിവിടത്തിൽനിന്ന് എഴു
36 ന്നേറ്റു. ഗാൽ സൈന്യത്തെ കണ്ടപ്പോൾ:
അതാ, പർവ്വതങ്ങളുടെ മുകളിൽനിന്നു
സൈന്യം ഇറങ്ങിവരുന്നു എന്നു സെബൂലി
നോടു പറഞ്ഞു. സെബൂൽ അവനോടു:
പർവ്വതങ്ങളുടെ നിഴൽ കണ്ടിട്ടു മനുഷ്യ
രെന്നു നിനക്കു തോന്നുകയാകുന്നു എന്നു
37 പറഞ്ഞു. ഗാൽ പിന്നെയും: അതാ, സൈന്യം
ദേശമദ്ധ്യേ ഇറങ്ങിവരുന്നു; മറ്റൊരു കൂട്ടവും
സമതലത്തുകൂടെ വരുന്നു എന്നു പറഞ്ഞു.
38 സെബൂൽ അവനോടു: നാം അബീമേലെ
ക്കിനെ സേവിക്കേണ്ടതിന്നു അവൻ ആരെ
ന്നു പറഞ്ഞ നിന്റെ വായ് ഇപ്പോൾ എവി
ടെ? ഇതു നീ പുച്ഛിച്ച സൈന്യം അല്ലയോ?
ഇപ്പോൾ പുറപ്പെട്ട് അവരോടു പൊരുതുക
39 എന്നു പറഞ്ഞു. അങ്ങനെ ഗാൽ ശെഖേം
പൗരന്മാരുമായി പുറപ്പെട്ടു അബീമേലെ
40 ക്കിനോടു യുദ്ധം ചെയ്തു. അബീമേലെ
ക്കിന്റെ മുമ്പിൽ അവൻ തോറ്റോടി; അവൻ
അവനെ പിന്തുടർന്നു. പടിവാതിൽ വരെ.
41 അനേകം പേർ ഹതരായി വീണു. അബീ
മേലെക് അരൂമയിൽ താമസിച്ചു; സെബൂൽ
ഗാലിനെയും സഹോദരന്മാരെയും ശെഖേ
മിൽ പാർപ്പാൻ സമ്മതിക്കാതെ അവിടെ
42 നിന്നു ഓടിച്ചു. പിറ്റെദിവസം ജനം വയലി
ലേക്കു പുറപ്പെട്ടു; അബീമേലെക്കിന്നു
43 അതിനെക്കുറിച്ച് അറിവു കിട്ടി. അവൻ
സൈന്യത്തെ മൂന്നായി ഭാഗിച്ചു വിജനസ്ഥ
ലത്ത് പതിയിരുന്നു; ജനം പട്ടണത്തിൽ
നിന്നു പുറപ്പെട്ടുവരുന്നതു കണ്ട് അവരുടെ
44 നേരെ ചെന്നു അവരെ സംഹരിച്ചു. പിന്നെ
അബീമേലെക്കും കൂടെയുള്ള തലവന്മാരും
പാഞ്ഞുചെന്നു പട്ടണത്തിന്റെ പടിവാതി
ല്ക്കൽ നിന്നു; മറ്റെ കൂട്ടം രണ്ടും വിജന
സ്ഥലത്തുള്ള സകല ജനത്തിന്റെയും
നേരെ പാഞ്ഞുചെന്നു അവരെ സംഹരിച്ചു.
അബീമേലെക് അന്നു മുഴുവനും പട്ടണ 45
ത്തോടു പൊരുതി പട്ടണം പിടിച്ചു അതിലെ
ജനത്തെ കൊന്നു, പട്ടണത്തെ ഇടിച്ചുകള
ഞ്ഞ് അതിൽ ഉപ്പു വിതറി.

ശെഖേം കോട്ടവാസികൾ എല്ലാവരും 46
ഇതു കേട്ടപ്പോൾ ഏൽബെരീത്തിന്റെ
ക്ഷേത്രമണ്ഡപത്തിൽ കടന്നു. ശെഖേം 47
വാസികൾ എല്ലാവരും ഒന്നിച്ചുകൂടിയിരി
ക്കുന്നു എന്നു അബീമേലെക്കിന്നു അറിവു
കിട്ടി. അബീമേലെക്കും കൂടെയുള്ള സൈ 48
ന്യവും സല്മോൻ മലയിൽ കയറി; അബീ
മേലെക് കോടാലി എടുത്ത് ഒരു മരക്കൊ
മ്പു വെട്ടി ചുമലിൽ വെച്ചു; തന്റെ സേന
യോട് ഞാൻ ചെയ്തതു നോക്കി നിങ്ങളും
വേഗം അതുപോലെ ചെയ്‌വിൻ എന്നു
പറഞ്ഞു. സൈന്യമെല്ലാം അതുപോലെ 49
ഓരോരുത്തൻ ഓരോ കൊമ്പുവെട്ടി അബീ
മേലെക്കിന്റെ പിന്നാലെ ചെന്നു മണ്ഡപ
ത്തിന്നരികെ ഇട്ടു തീ കൊടുത്തു മണ്ഡപ
ത്തോടുകൂടെ അവരെ ദഹിപ്പിച്ചു. അങ്ങനെ
ശെഖേംവാസികളെല്ലാം പുരുഷന്മാരും
സ്ത്രീകളുമായി ഏകദേശം ആയിരംപേർ
മരിച്ചുപോയി.

അനന്തരം അബീമേലെക് തേബെസി 50
ലേക്കു ചെന്നു പാളയമിറങ്ങി അതിനെ
പിടിച്ചു. പട്ടണത്തിന്നകത്ത് ഉറപ്പുള്ള ഒരു 51
ഗോപുരം ഉണ്ടായിരുന്നു; അവിടേക്കു
സകല പുരുഷന്മാരും സ്ത്രീകളും പട്ടണത്തി
ലുള്ളവർ എല്ലാം ഓടിക്കടന്നു വാതിൽ
അടച്ചു ഗോപുരത്തിന്റെ മുകളിൽ കയറി.
അബീമേലെക് ഗോപുരത്തിന്നരികെ 52
എത്തി അതിനെ ആക്രമിച്ചു; അതിന്നു തീ
കൊടുത്തു ചുട്ടുകളയേണ്ടതിന്നു ഗോപുര
വാതിലിന്നടുത്തു ചെന്നു. അപ്പോൾ ഒരു 53
സ്ത്രീ തിരികല്ലിന്റെ മേൽക്കല്ല് അബീമേ
ലെക്കിന്റെ തലയിൽ ഇട്ട് അവന്റെ തല
യോടു തകർത്തു.

ഉടനെ അവൻ തന്റെ ആയുധവാഹ 54
കനായ ബാല്യക്കാരനെ വിളിച്ചു: ഒരു സ്ത്രീ
എന്നെ കൊന്നു എന്നു പറയാതിരിക്കേ
ണ്ടതിനു നിന്റെ വാൾ ഊരി എന്നെ കൊ
ല്ലുക എന്നു അവനോടു പറഞ്ഞു. അവന്റെ
ബാല്യക്കാരൻ അവനെ കുത്തി. അങ്ങനെ
അവൻ മരിച്ചു. അബീമേലെക് മരിച്ചുപോയി 55
എന്നു കണ്ടപ്പോൾ ഇസ്രായേല്യർ മടങ്ങി
പ്പോയി. അബീമേലെക് തന്റെ എഴുപതു 56

ഹോദരന്മാരെ കൊന്നതിനാൽ തൻെറ
താവിനോടു ചെയ്ത പാതകത്തിന്നു
ദവം ഇങ്ങനെ പകരം ചെയ്തു.
ശെഖേം നിവാസികളുടെ സകല പാത
ങ്ങളും ദൈവം അവരുടെ തലമേൽ
രുത്തി; അങ്ങനെ നെദുമ്പാലിൻെറ
കനായ യോഥാമിൻെറ ശാപം അവരുടെ
ൽ വന്നു.

അദ്ധ്യായം 10

അബീമേലെക്കിൻെറ ശേഷം അവൻെറ
റ്റപ്പനായ ദോദാവിൻെറ മകനായ പൂവാ
ൻെറ മകൻ തോലാ എന്ന ഇസ്സാഖാർ
ാത്രക്കാരൻ ഇസ്രായേലിനെ രക്ഷിപ്പാൻ
ഴുന്നേറ്റു; എഫ്രയീംനാട്ടിലെ ശാമീരിൽ
യിരുന്നു അവൻെറ വാസം. അവൻ
സ്രായേലിന്നു ഇരുപത്തിമൂന്നു സംവ
രം ന്യായാധിപനായിരുന്നശേഷം മരിച്ചു;
ാമീരിൽ അവനെ അടക്കംചെയ്തു.
അവൻെറ ശേഷം ഗിലെയാദ്യനായ
ായീർ എഴുന്നേറ്റു ഇസ്രായേലിന്നു ഇരു
ത്തിരണ്ടു സംവത്സരം ന്യായാധിപനായി
ന്നു. അവന്നു മുപ്പതു കഴുതപ്പുറത്തു
യറി ഓടിക്കുന്ന മുപ്പതു പുത്രന്മാർ
ണ്ടായിരുന്നു; അവർക്കു മുപ്പതു ഊരു
ളും ഉണ്ടായിരുന്നു; അവയ്ക്കു ഇന്നുവ
യും യായീർ ഗ്രാമങ്ങൾ എന്നു പേർ പറ
യുന്നു; അവ ഗിലെയാദ് ദേശത്ത് ആകുന്നു.
ായീർ മരിച്ചു കാമോനിൽ അവനെ
ടക്കം ചെയ്തു.
ഇസ്രായേൽക്കാർ പിന്നെയും ദൈവ
മ്പാകെ അനിഷ്ടമായുള്ളതു ചെയ്തു.
ാൽ വിഗ്രഹങ്ങളെയും അസ്തോരെത്ത്
തിഷ്ഠകളെയും അരാമ്യദേവന്മാരെയും
ിദോന്യദേവന്മാരെയും മോവാബ്യദേവ
ാരെയും അമ്മോന്യദേവന്മാരെയും ഫെ
ിസ്ത്യദേവന്മാരെയും സേവിച്ചു, കർത്താ
ിനെ സേവിക്കാതെ അവനെ ഉപേക്ഷിച്ചു.
പ്പോൾ കർത്താവിൻെറ കോപം ഇസ്രാ
യലിൻെറ നേരെ ജ്വലിച്ചു, അവൻ അവരെ
ഫലിസ്ത്യരുടെ കയ്യിലും അമ്മോന്യരുടെ
യ്യിലും ഏല്പിച്ചു. അവർ അന്നുമുതൽ
തിനെട്ടു സംവത്സരത്തോളം ഇസ്രായേൽ
ക്കളെ, യോർദ്ദാന്നക്കരെ ഗിലെയാദ് എന്ന
മോര്യദേശത്തുള്ള എല്ലാ ഇസ്രായേൽ
ക്കളേയും ഉപദ്രവിച്ചു ഞെരുക്കി. അമ്മോ
്യർ യെഹൂദയോടും ബെന്യാമിനോടും
ഫ്രയീംഗൃഹത്തോടും യുദ്ധംചെയ്‌വാൻ
യാർദ്ദാൻ കടന്നു; അങ്ങനെ ഇസ്രാ
യൽ വളരെ ദുരിതത്തിലായി. ഇസ്രായേൽ
മക്കൾ കർത്താവിനോടു നിലവിളിച്ചു: ഞ
ങ്ങൾ ഞങ്ങളുടെ ദൈവത്തെ ഉപേക്ഷിക്കു
കയും ബാൽവിഗ്രഹങ്ങളെ സേവിക്കുകയും
ചെയ്തതുകൊണ്ടു നിന്നോടു പാപം ചെ
യ്തിരിക്കുന്നു എന്നു പറഞ്ഞു. കർത്താവ് 11
ഇസ്രായേൽ മക്കളോടു അരുളിച്ചെയ്തു:
മിസ്രയീമ്യർ, അമോര്യർ, അമ്മോന്യർ, ഫെ
ലിസ്ത്യർ എന്നിവരുടെ കയ്യിൽനിന്നു ഞാൻ
നിങ്ങളെ രക്ഷിച്ചിട്ടില്ലയോ? സീദോന്യരും 12
അമാലേക്യരും മാവോബ്യരും അമോന്യരും
നിങ്ങളെ ഞെരുക്കി; നിങ്ങൾ എന്നോടു
നിലവിളിച്ചു; ഞാൻ നിങ്ങളെ അവരുടെ
കയ്യിൽ നിന്നും രക്ഷിച്ചു. എങ്കിലും നിങ്ങൾ 13
എന്നെ ഉപേക്ഷിച്ചു. അന്യദൈവങ്ങളെ സേ
വിച്ചു; അതുകൊണ്ട് ഇനി ഞാൻ നിങ്ങളെ
രക്ഷിക്കയില്ല. നിങ്ങൾ തിരഞ്ഞെടുത്തിട്ടു 14
ള്ള ദേവന്മാരോടു നിലവിളിപ്പിൻ; അവർ നി
ങ്ങളുടെ കഷ്ടകാലത്തു നിങ്ങളെ രക്ഷിക്ക
ട്ടെ. ഇസ്രായേൽമക്കൾ കർത്താവിനോട്: 15
ഞങ്ങൾ പാപം ചെയ്തിരിക്കുന്നു; നിൻെറ
ഇഷ്ടം പോലെയെല്ലാം ഞങ്ങളോടു
ചെയ്തുകൊൾക; ഇന്നുമാത്രം ഞങ്ങളെ
വിടുവിക്കേണമേ എന്നു പറഞ്ഞു. അവർ 16
തങ്ങളുടെ ഇടയിൽനിന്നു അന്യദൈവ
ങ്ങളെ നീക്കിക്കളഞ്ഞു കർത്താവിനെ
സേവിച്ചു; ഇസ്രായേൽ വലിയ അരിഷ്ട
തയിൽ ആയിരുന്നു. അപ്പോൾ അമ്മോന്യർ 17
ഒന്നിച്ചുകൂടി ഗിലെയാദിൽ പാളയമിറങ്ങി;
ഇസ്രായേൽ മക്കളും ഒരുമിച്ചുകൂടി മിസ്പ
യിൽ പാളയമിറങ്ങി. ഗിലെയാദിലെ പ്രഭു 18
ക്കന്മാരും ജനവും തമ്മിൽ തമ്മിൽ: അമ്മോ
ന്യരോടു യുദ്ധം ആരംഭിക്കുന്നവൻ ആർ?
അവൻ ഗിലെയാദിലെ സകല നിവാസി
കൾക്കും തലവനാകും എന്നു പറഞ്ഞു.

അദ്ധ്യായം 11

ഗിലെയാദ്യനായ നഫ്താഹ് പരാക്രമ 1
ശാലി എങ്കിലും വേശ്യാപുത്രൻ ആയിരുന്നു;
നഫ്താഹിൻെറ ജനകനോ ഗിലെയാദ്
ആയിരുന്നു. ഗിലെയാദിൻെറ ഭാര്യയും 2
അവന്നു പുത്രന്മാരെ പ്രസവിച്ചു; അവൻെറ
ഭാര്യയുടെ പുത്രന്മാർ വളർന്നശേഷം അവർ
നഫ്താഹിനോടു: നീ ഞങ്ങളുടെ പിതൃ
ഭവനത്തിൽ അവകാശം പ്രാപിക്കയില്ല; നീ
പരസ്ത്രീയുടെ മകൻ എന്നു പറഞ്ഞ് അവ
നെ നീക്കിക്കളഞ്ഞു. അങ്ങനെ നഫ്താഹ് 3
തൻെറ സഹോദരന്മാരെ വിട്ടു നല്ലൊരു
ദേശത്തു (തോബിൽ) ചെന്നു പാർത്തു.
നിസ്സാരന്മാരായ ചിലരെ നഫ്താഹ് അവ
നോടുകൂടെ ചേർത്ത് സഞ്ചരിച്ചു.

4 കുറെക്കാലം കഴിഞ്ഞ് അമ്മോന്യർ
5 ഇസ്രായേലിനോട് യുദ്ധം ചെയ്തു. അമ്മോ
ന്യർ ഇസ്രായേലിനോടു യുദ്ധം തുടങ്ങി
യപ്പോൾ ഗിലെയാദിലെ മൂപ്പന്മാർ നഫ്താ
ഹിനെ തോബ് ദേശത്തുനിന്നു കൊണ്ടു
6 വരാൻ ചെന്നു. അവർ നഫ്താഹിനോട്:
അമ്മോന്യരോടു യുദ്ധം ചെയ്യേണ്ടതിന്നു നീ
വന്നു ഞങ്ങളുടെ സേനാപതിയായിരിക്ക
7 എന്നു പറഞ്ഞു. നഫ്താഹ് ഗിലെയാദ്യ
രോട്: നിങ്ങൾ എന്നെ പകച്ചു പിതൃഭവന
ത്തിൽ നിന്ന് നീക്കിക്കളഞ്ഞില്ലയോ?
ഇപ്പോൾ നിങ്ങൾ വിഷമിച്ചപ്പോൾ
എന്റെ അടുക്കൽ എന്തിനു വരുന്നു? എന്നു
8 പറഞ്ഞു. ഗിലെയാദിലെ മൂപ്പന്മാർ നഫ്താ
ഹിനോടു: നീ ഞങ്ങളോടു കൂടെ വന്ന്
അമ്മോന്യരോടു യുദ്ധം ചെയ്കയും ഗിലെ
യാദിലെ സകല നിവാസികൾക്കും തലവ
നായിരിക്കയും ചെയ്യേണ്ടതിന്നു ഞങ്ങൾ
ഇപ്പോൾ നിന്റെ അടുക്കൽ ഇങ്ങോട്ടു
വന്നിരിക്കുന്നു എന്നു പറഞ്ഞു.
9 നഫ്താഹ് ഗിലെയാദിലെ മൂപ്പന്മാ
രോട്: അമ്മോന്യരോടു യുദ്ധം ചെയ്വാൻ
നിങ്ങൾ എന്നെ കൊണ്ടു പോയിട്ടു
കർത്താവ് അവരെ എന്റെ കയ്യിൽ ഏല്പി
ച്ചാൽ നിങ്ങൾ എന്നെ തലവനാക്കുമോ?
10 എന്നു ചോദിച്ചു. ഗിലെയാദിലെ മൂപ്പന്മാർ
അവനോട്: കർത്താവ് നമ്മുടെ മദ്ധ്യേ
സാക്ഷി; നീ പറഞ്ഞതുപോലെ ഞങ്ങൾ
11 ചെയ്യും എന്നു പറഞ്ഞു. അങ്ങനെ നഫ്താ
ഹ് ഗിലെയാദിലെ മൂപ്പന്മാരോടു കൂടെ
പോയി; ജനം അവനെ തലവനും സേനാ
പതിയുമാക്കി; നഫ്താഹ് മിസ്പയിൽ വച്ചു
കർത്താവിന്റെ സന്നിധിയിൽ തന്റെ
കാര്യമെല്ലാം പ്രസ്താവിച്ചു.
12 അനന്തരം നഫ്താഹ് അമ്മോന്യരുടെ
രാജാവിന്റെ അടുക്കൽ ദൂതന്മാരെ അയച്ചു:
നീ എന്നോടു യുദ്ധം ചെയ്വാൻ എന്റെ
ദേശത്തു വരേണ്ടതിന്ന് എനിക്കും നിനക്കും
13 എന്ത്? എന്നു പറയിച്ചു. അമ്മോന്യരുടെ രാ
ജാവു നഫ്താഹിന്റെ ദൂതന്മാരോടു: ഇ
സ്രായേൽ മെസ്രേനിൽ നിന്നു പുറപ്പെട്ടു വ
ന്നപ്പോൾ അവർ അർന്നോൻ മുതൽ യബ്ബോ
ക്വരെയും യോർദ്ദാൻവരെയും ഉള്ള എ
ന്റെ ദേശം കീഴടക്കിയതുകൊണ്ടുതന്നേ;
ഇപ്പോൾ ആ ദേശങ്ങളെ സമാധാനത്തോടെ
മടക്കിത്തരിക എന്നു പറഞ്ഞു. നഫ്താഹ്
14 പിന്നെയും അമ്മോന്യരുടെ രാജാവിന്റെ
അടുക്കൽ ദൂതന്മാരെ അയച്ചു, അവനോടു
15 പറയിച്ചതെന്തെന്നാൽ: നഫ്താഹ് ഇപ്രകാ
രം പറയുന്നു: ഇസ്രായേൽ മോവാബുദേശ
മോ അമ്മോന്യരുടെ ദേശമോ കീഴടക്കിയിട്ടി 16
ല്ല. ഇസ്രായേൽ മെസ്രേനിൽനിന്നു പുറപ്പെ
ട്ടു മരുഭൂമിയിൽകൂടി ചെങ്കടൽവരെ സഞ്ച
രിച്ചു റ്ക്ക്ഏമീൽ എത്തി. ഇസ്രായേൽ 17
എദോംരാജാവിന്റെ അടുക്കൽ ദൂതന്മാരെ
അയച്ചു: ഞാൻ നിന്റെ ദേശത്തുകൂടി കട
ന്നുപോകുവാൻ അനുവാദം തരണമെന്നു
പറയിച്ചു എങ്കിലും; എദോംരാജാവു കേട്ടില്ല;
മോവാബ് രാജാവിന്റെ അടുക്കലും അവർ
പറഞ്ഞയച്ചു, അവനും സമ്മതിച്ചില്ല; അങ്ങ
നെ ഇസ്രായേൽ റ്ക്ക്ഏമിൽ പാർത്തു.
അവർ മരുഭൂമിയിൽക്കൂടി സഞ്ചരിച്ചു 18
എദോംദേശവും മോവാബ്ദേശവും ചുററി
ച്ചെന്നു മോവാബ്ദേശത്തിന്റെ കിഴക്ക്
എത്തി. അർന്നോന്നക്കരെ പാളയമിറങ്ങി;
അർന്നോൻ മോവാബിന്റെ അതിരായിരു
ന്നു. മോവാബിന്റെ അതിർക്കകത്തു അവർ
കടന്നില്ല. പിന്നെ ഇസ്രായേൽ ഹെശ്ബാ 19
നിൽ വാണിരുന്ന അമോര്യരാജാവായ
സീഹോന്റെ അടുക്കൽ ദൂതന്മാരെ അയ
ച്ചു: നിന്റെ ദേശത്തുകൂടി എന്റെ സ്ഥല
ത്തേക്കു കടന്നു പോകുവാൻ അനുവാദം
തരണമെന്നു പറയിച്ചു. എങ്കിലും സീ 20
ഹോൻ ഇസ്രായേൽ തന്റെ ദേശത്തുകൂടി
കടന്നു പോകുവാൻ തക്കവണ്ണം അവരെ
വിശ്വസിക്കാതെ തന്റെ ജനത്തെയെല്ലാം
വിളിച്ചുകൂട്ടി, യഹസിൽ പാളയമിറങ്ങി
ഇസ്രായേലിനോടു യുദ്ധം ചെയ്തു. ഇസ്രാ 21
യേലിന്റെ ദൈവമായ കർത്താവ് സീഹോ
നെയും അവന്റെ സകല ജനത്തെയും ഇ
സ്രായേലിന്റെ കയ്യിൽ ഏല്പിച്ചു; അവർ
അവരെ തോല്പിച്ചു; ഇങ്ങനെ ഇസ്രായേൽ
ആ ദേശനിവാസികളായ അമോര്യരുടെ
ദേശം മുഴുവൻ കൈവശമാക്കി. അർന്നോൻ 22
മുതൽ യബ്ബോക്വരെയും മരുഭൂമി മുതൽ
യോർദ്ദാൻവരെയുമുള്ള അമോര്യരുടെ
ദേശമെല്ലാം അവർ പിടിച്ചടക്കി. ഇസ്രാ 23
യേലിന്റെ ദൈവമായ കർത്താവ് തന്റെ
ജനമായ ഇസ്രായേലിന്റെ മുമ്പിൽ നിന്നു
അമോര്യരെ നീക്കിക്കളഞ്ഞിരിക്കെ നീ
അവരുടെ അവകാശം അടക്കുവാൻ പോകു
ന്നുവോ? നിന്റെ ദേവനായ കെമോശ് നിന 24
ക്കു അവകാശമായി തരുന്ന ദേശത്തെ നീ
അടക്കി അനുഭവിക്കുകയല്ലയോ? അങ്ങനെ
തന്നെ ഞങ്ങളുടെ ദൈവമായ കർത്താവ്
ഞങ്ങളുടെ മുമ്പിൽനിന്നു നീക്കിക്കളയുന്ന
വരുടെ അവകാശം ഞങ്ങളും അടക്കി അനു
ഭവിക്കും. സിപ്പോരിന്റെ മകനായ ബാലാക് 25
എന്ന മോവാബ് രാജാവിനെക്കാളും നീ
യോഗ്യനോ? അവൻ ഇസ്രായേലിനോടു

ാഴെങ്കിലും വാഗ്വാദം ചെയ്തിട്ടുണ്ടോ?
ാഴെങ്കിലും അവരോടു യുദ്ധം ചെയ്തി
ാ? ഇസ്രായേൽ ഹെശ്ബോനിലും
ന്റെ പട്ടണങ്ങളിലും അരോവേരിലും
ന്റെ പട്ടണങ്ങളിലും അർന്നോൻസമീ
ള്ള എല്ലാ പട്ടണങ്ങളിലും മുന്നൂറു
സരത്തോളം പാർത്തിരിക്കെ ആ
ത്തിന്നിടയിൽ നിങ്ങൾ അവയെ ഒഴി
തിരുന്നതു എന്ത്? ആകയാൽ ഞാൻ
ാടു അന്യായം ചെയ്തിട്ടില്ല; എന്നോടു
ചെയ്യുന്നതിനാൽ നീ എന്നോടാ
അന്യായം ചെയ്യുന്നതു: ന്യായാധി
യ കർത്താവ് ഇന്നു ഇസ്രായേൽ
ടെയും അമ്മോന്യരുടെയും മദ്ധ്യേ
വിധിക്കട്ടെ. എന്നാൽ നഫ്താഹ്
യച്ചവാക്ക് അമ്മോന്യരുടെ രാജാവു
ിയില്ല.
പ്പോൾ കർത്താവിന്റെ ആത്മാവു
ാഹിൻമേൽ വന്നു; അവൻ ഗിലെ
ും മനശ്ശെയിലും കൂടി കടന്നു ഗിലെ
ലെ മിസ്പയിൽ എത്തി ഗിലെയാദി
ിസ്പയിൽനിന്നു അമ്മോന്യരുടെ
ചെന്നു. നഫ്താഹ് കർത്താവിന്
ർച്ച നേർന്നു പറഞ്ഞതു: നീ അമ്മോ
എന്റെ കയ്യിൽ ഏല്പിക്കുമെങ്കിൽ
അമ്മോന്യരെ ജയിച്ചു സമാധാന
ാട മടങ്ങിവരുമ്പോൾ എന്റെ വീട്ടു
ല്ക്കൽ നിന്ന് എന്നെ എതിരേററു വരു
എന്തോ, അത് കർത്താവിനുള്ളതാ
തു ഞാൻ ഹോമയാഗമായി അർപ്പി
ങ്ങനെ നഫ്താഹ് അമ്മോന്യരോട്
ചെയ്‌വാൻ അവരുടെ നേരെ ചെന്നു;
ാവ് അവരെ അവന്റെ കയ്യിൽ ഏല്
അവൻ അവർക്കു അരോവേർ മുതൽ
ത്തവരെയും ആബേൽ കെരാമീം
ും ഒരു മഹാസംഹാരം വരുത്തി, ഇരു
പട്ടണം ജയിച്ചടക്കി.
ന്നാൽ നഫ്താഹ് മിസ്പയിൽ
വീട്ടിലേക്കു ചെല്ലുമ്പോൾ ഇതാ,
ന്റെ മകൾ തപ്പോടും നൃത്തത്തോടും
അവനെ എതിരേററുവരുന്നു; അവൾ
ു ഏകപുത്രി ആയിരുന്നു; അവളല്ലാ
വന്നു മകനുമില്ല മകളുമില്ലായിരുന്നു.
ള കണ്ടയുടനെ അവൻ തന്റെ വസ്ത്രം
അയ്യോ, എന്റെ മകളേ, നീ എന്റെ
ുനിയിച്ചു. നീ എന്നെ വ്യസനിപ്പിക്കു
ടെ കൂട്ടത്തിൽ ആയല്ലോ; കർത്താവി
ഞാൻ പറഞ്ഞുപോയി; എനിക്കു പി
ൂടാ എന്നു പറഞ്ഞു. അവൾ അവ
അപ്പാ, നീ കർത്താവിനോട് പറ

ഞ്ഞുപോയിട്ടുണ്ടെങ്കിൽ കർത്താവ് നിന
ക്കുവേണ്ടി നിന്റെ ശത്രുക്കളായ അമ്മോന്യ
രോടു പ്രതികാരം നടത്തിയിരിക്കയാൽ
നിന്റെ വായിൽനിന്നു പുറപ്പെട്ടതുപോലെ
എന്നോടു ചെയ്ക എന്നു പറഞ്ഞു. എ 37
ന്നാൽ ഒരു കാര്യം എനിക്കു വേണം; ഞാൻ
മലകളിൽ ചെന്ന് എന്റെ സഖിമാരുമായി
എന്റെ കന്യാത്വത്തെക്കുറിച്ചു വിലാപം ക
ഴിക്കേണ്ടതിന്നു എനിക്കു രണ്ടു മാസത്തെ
അവധി തരണം എന്നു അവൾ തന്റെ പിതാ 38
വിനോടു പറഞ്ഞു. അതിന്നു അവൻ: പൊയ്
ക്കൊള്ളുക എന്നു പറഞ്ഞു അവളെ രണ്ടു
മാസത്തേക്കു അയച്ചു; അവൾ തന്റെ സഖി
മാരുമായി ചെന്നു തന്റെ കന്യാത്വത്തെക്കു 39
റിച്ചു മലകളിൽ വിലാപം കഴിച്ചു. രണ്ടു മാ
സം കഴിഞ്ഞിട്ട് അവൾ തന്റെ പിതാവിന്റെ
അടുക്കലേക്കു മടങ്ങി വന്നു; അവൻ നേർ
ന്നിരുന്ന നേർച്ചപോലെ അവളോടു ചെയ്തു;
അവൾ ഒരു പുരുഷനെ അറിഞ്ഞവളല്ലായി
രുന്നു. പിന്നെ ആണ്ടുതോറും ഇസ്രായേലി 40
ലെ കന്യകമാർ നാലുദിവസം ഗിലെയാദ്യ
നായ നഫ്താഹിന്റെ മകളെക്കുറിച്ച് കര
ഞ്ഞു വിലപിക്കുവാൻ പോകുന്നതു ഇസ്രാ
യേലിൽ ഒരു ആചാരമായിത്തീർന്നു.

അദ്ധ്യായം 12

അനന്തരം എഫ്രയീമ്യർ ഒന്നിച്ചുകൂടി 1
വടക്കോട്ടു ചെന്നു നഫ്താഹിനോടു: നീ
അമ്മോന്യരോടു യുദ്ധം ചെയ്‌വാൻ പോയ
പ്പോൾ കൂടെ പോരേണ്ടതിന്നു ഞങ്ങളെ
വിളിക്കാഞ്ഞതു എന്ത്? ഞങ്ങൾ നിന്നെ
അകത്തിട്ടു വീടിനു തീവച്ചു ചുട്ടുകളയും
എന്നു പറഞ്ഞു. നഫ്താഹ് അവരോടു: 2
എനിക്കും എന്റെ ജനത്തിനും അമ്മോന്യ
രോടു വലിയ കലഹം ഉണ്ടായി; ഞാൻ
നിങ്ങളെ വിളിച്ചപ്പോൾ നിങ്ങൾ അവരുടെ
കയ്യിൽനിന്നു എന്നെ രക്ഷിച്ചില്ല. നിങ്ങൾ 3
എന്നെ രക്ഷിക്കയില്ലെന്നു കണ്ടപ്പോൾ
ഞാൻ എന്റെ ജീവനെ ഉപേക്ഷിച്ചുകൊ
ണ്ടു അമ്മോന്യരുടെ നേരെ ചെന്നു;
കർത്താവ് അവരെ എന്റെ കയ്യിൽ ഏല്പി
ച്ചു. ഇങ്ങനെയിരിക്കെ നിങ്ങൾ എന്നോടു
യുദ്ധം ചെയ്‌വാൻ ഇന്നു എന്റെ നേരെ വ
രുന്നത് എന്ത് എന്നു പറഞ്ഞു. അനന്തരം 4
നഫ്താഹ് ഗിലെയാദ്യരെയെല്ലാം വിളി
ച്ചുകൂട്ടി, എഫ്രയീമ്യരോടു യുദ്ധം ചെയ്തു
അവരെ തോല്പിച്ചു; ഗിലെയാദ്യരായ
നിങ്ങൾ എഫ്രയീമിന്റെയും മനശ്ശെയുടെ
യും മദ്ധ്യേ എഫ്രയീമ്യപലായിതന്മാർ ആകു
ന്നു എന്നു എഫ്രയീമ്യർ പറയുകയാൽ

ഗിലെയാദ്യർ അവരെ സംഹരിച്ചു കള
5 ഞ്ഞു. ഗിലെയാദ്യർ എഫ്രയീംഭാഗത്തുള്ള
യോർദ്ദാൻെറ കടവുകൾ പിടിച്ചു എഫ്രയീ
മ്യപലായിതന്മാരിൽ ഒരുവൻ: ഞാൻ അക്ക
6 രയ്ക്കു കടക്കട്ടെ എന്നു പറഞ്ഞപ്പോൾ ഗി
ലെയാദ്യർ അവനോടു നീ എഫ്രയീമ്യനോ
എന്നു ചോദിക്കും; അല്ല എന്നു അവൻ പറ
ഞ്ഞാൽ അവർ അവനോടു “ശിബ്ബോ
ലെത്ത്” എന്നു പറയുക എന്നു പറയും.
അപ്പോൾ അവൻ ‘സിബ്ബോലെത്ത്’ എന്നു
പറയും. അപ്പോൾ അവർ അവനെ പിടിച്ചു
യോർദ്ദാൻെറ കടവുകളിൽ വച്ചു കൊന്നു;
അങ്ങനെ ആ കാലത്തു എഫ്രയീമ്യരിൽ
നാല്പത്തീരായിരം പേർ വീണു.
7 നഫ്താഹ് ഇസ്രായേലിന്നു ആറു സംവ
ത്സരം ന്യായാധിപനായിരുന്നു; പിന്നെ
ഗിലെയാദ്യനായ നഫ്താഹ് മരിച്ചു, ഗിലെ
യാദ്യപട്ടണങ്ങളിൽ ഒന്നിൽ അവനെ
അടക്കംചെയ്തു.
8 അവൻെറശേഷം ബേത്ലഹെമ്യനായ
ഇബ്സാൻ ഇസ്രായേലിന്നു ന്യായാധിപനാ
യിരുന്നു; അവന്നു മുപ്പതു പുത്രന്മാർ ഉണ്ടാ
9 യിരുന്നു; അവൻ മുപ്പതു പുത്രിമാരെ വിവാ
ഹം ചെയ്തയയ്ക്കയും തൻെറ പുത്രന്മാർക്കു
മുപ്പതു കന്യകമാരെ കൊണ്ടുവരികയും
10 ചെയ്തു. അവൻ ഇസ്രായേലിന്നു ഏഴു
സംവത്സരം ന്യായാധിപനായിരുന്നു. പിന്നെ
ഇബ്സാൻ മരിച്ചു. ബേത്ലഹെമിൽ
അവനെ അടക്കംചെയ്തു.
11 അവൻെറശേഷം സെബൂലുന്യനായ
ഏലോൻ ഇസ്രായേലിന്നു ന്യായാധിപനാ
യി പത്തു സംവത്സരം ഇസ്രായേലിൽ ന്യാ
12 യപാലനം ചെയ്തു. പിന്നെ സെബൂലൂന്യനാ
യ ഏലോൻ മരിച്ചു; അവനെ സെബൂലൂൻ
നാട്ടിൽ അയ്യാലോനിൽ അടക്കംചെയ്തു.
13 അവൻെറശേഷം ഹില്ലേലിൻെറ മക
നായ അബ്ദോൻ എന്ന ഒരു അഫ്രാത്യൻ
ഇസ്രായേലിന്നു ന്യായാധിപനായിരുന്നു.
14 എഴുപതു കഴുതപ്പുറത്തു കയറി ഓടിക്കുന്ന
നാല്പതു പുത്രന്മാരും മുപ്പതു പൌത്രന്മാ
രും അവനുണ്ടായിരുന്നു; അവൻ ഇസ്രാ
യേലിന്നു എട്ടു സംവത്സരം ന്യായാധിപനാ
യിരുന്നു; പിന്നെ പ്രാത്യനായ ഹില്ലേലിൻെറ
മകനായ അബ്ദോൻ മരിച്ചു; അവനെ
എഫ്രയീംദേശത്തു അമാലേക്യരുടെ മല
നാട്ടിലെ പിരാതോനിൽ അടക്കം ചെയ്തു.

അദ്ധ്യായം 13

1 ഇസ്രായേൽമക്കൾ പിന്നെയും കർത്താ
വിന് അനിഷ്ടമായുള്ളതു ചെയ്തു;
കർത്താവ് അവരെ നാല്പതു സംവത്സര
ത്തോളം ഫെലിസ്ത്യരുടെ കയ്യിൽ ഏല്പിച്ചു.
എന്നാൽ ദാൻഗോത്രത്തിൽ ഉള്ളവ
നായി സോരാദ്യനായ ഒരുവൻ ഉണ്ടാ
യിരുന്നു; അവന്നു മനോഹ എന്നു പേർ;
അവൻെറ ഭാര്യ വന്ധ്യയായിരുന്നതിനാൽ
പ്രസവിച്ചിരുന്നില്ല. ആ സ്ത്രീക്കു കർത്താ
വിൻെറ ദൂതൻ പ്രത്യക്ഷനായി അവളോടു
പറഞ്ഞതു: “നീ വന്ധ്യയല്ലോ, പ്രസവിച്ചിട്ടു
മില്ല; എങ്കിലും നീ ഗർഭംധരിച്ചു ഒരു മകനെ
പ്രസവിക്കും. ആകയാൽ നീ സൂക്ഷിച്ചു
കൊൾക; വീഞ്ഞും മദ്യവും കുടിക്കരുത്;
അശുദ്ധമായതു ഒന്നും തിന്നുകയുമരുതു.
നീ ഗർഭംധരിച്ചു ഒരു മകനെ പ്രസവിക്കും;
അവൻെറ തലയിൽ ക്ഷൌരക്കത്തി തൊടു 5
വിക്കരുത്; ബാലൻ ഗർഭം മുതൽ ദൈവ
ത്തിന്നു നാസീരായിരിക്കും; അവൻ ഇസ്രാ
യേലിനെ ഫെലിസ്ത്യരുടെ കയ്യിൽ നിന്നു
രക്ഷിപ്പാൻ തുടങ്ങും.” സ്ത്രീ ചെന്നു
ഭർത്താവിനോടു പറഞ്ഞു: ഒരു ദൈവ
പുരുഷൻ എൻെറ അടുക്കൽ വന്നു;
അവൻെറ ആകൃതി ഒരു ദൈവദൂതൻെറ
ആകൃതിപോലെ ആയിരുന്നു; ഞാൻ
പരിഭ്രമിച്ചു അവൻ എവിടെ നിന്നെന്നു
ഞാൻ അവനോടു ചോദിച്ചില്ല; തൻെറ പേർ
അവൻ എന്നോടു പറഞ്ഞതും ഇല്ല. അവൻ 7
എന്നോടു: നീ ഗർഭംധരിച്ചു ഒരു മകനെ
പ്രസവിക്കും; ആകയാൽ നീ വീഞ്ഞും മദ്യ
വും കുടിയ്ക്കരുത്; അശുദ്ധമായതൊന്നും
തിന്നുകയും അരുതു; ബാലൻ ഗർഭം മുതൽ
ജീവപര്യന്തം ദൈവത്തിന്നു നാസീരായി
രിക്കും എന്നു പറഞ്ഞു. മനോഹ, കർത്താവി 8
നോടു പ്രാർത്ഥിച്ചു: കർത്താവേ, നീ അയച്ച
ദൈവപുരുഷൻ വീണ്ടും ഞങ്ങളുടെ അടു
ക്കൽ വന്ന്, ജനിപ്പാനിരിക്കുന്ന ബാലൻെറ
കാര്യത്തിൽ ഞങ്ങൾക്ക് ഉപദേശിച്ചുതരു
മാറാകണമേ എന്നു പറഞ്ഞു. ദൈവം മനോ 9
ഹയുടെ പ്രാർത്ഥന കേട്ടു; ദൈവദൂതൻ
വീണ്ടും അവളുടെ അടുക്കൽ വന്നു; അവൾ
വയലിൽ ഇരിക്കുകയായിരുന്നു; അവളുടെ
ഭർത്താവു മനോഹ കൂടെ ഉണ്ടായിരുന്നില്ല.
ഉടനെ ആ സ്ത്രീ ഓടിച്ചെന്നു ഭർത്താവിനെ 10
അറിയിച്ചു; അന്നു എൻെറ അടുക്കൽ വന്ന
ആൾ ഇതാ, എനിക്കു പ്രത്യക്ഷനായി
വന്നിരിക്കുന്നു എന്നു അവനോടു പറഞ്ഞു.
മനോഹ ഉടനെ എഴുന്നേററു ഭാര്യയോടു 11
കൂടെ ചെന്നു ആ പുരുഷൻെറ അടുക്കൽ
എത്തി; ഈ സ്ത്രീയോടു സംസാരിച്ച ആൾ
അങ്ങോ? എന്നു അവനോടു ചോദിച്ചു;
ഞാൻ തന്നെ എന്ന് അവൻ പറഞ്ഞു.

ോഹ അവനോടു: നിൻെറ വചനം
ത്തിയാകുമ്പോൾ ബാലൻെറ കാര്യ
ൽ ഞങ്ങൾ എങ്ങനെ ആചരിക്കണം?
നെ സംബന്ധിച്ചു എന്തു ചെയ്യണം
ു ചോദിച്ചു.
ർത്താവിൻെറ ദൂതൻ മനോഹ
ടു: ഞാൻ സ്ത്രീയോടു പറഞ്ഞതെല്ലാം
ും സൂക്ഷിച്ചുകൊള്ളണം. മുന്തിരിവ
ിൽ ഉണ്ടാകുന്ന യാതൊന്നും നീ തിന്ന
വീഞ്ഞും മദ്യവും കുടിക്കരുത്; അശുദ്ധ
തൊന്നും തിന്നുകയും അരുതു; ഞാൻ
ളോടു കല്പിച്ചതൊക്കെയും നീയും
രിക്കണം എന്നു പറഞ്ഞു. മനോഹ
ത്താവിൻെറ ദൂതനോട്: ഞങ്ങൾ ഒരു
ലാട്ടിൻകുട്ടിയെ നിനക്കായി പാകം
ുംവരെ നീ താമസിക്കണമെന്നു പറ
. കർത്താവിൻെറ ദൂതൻ മനോഹ
ടു: നീ എന്നെ താമസിപ്പിച്ചാലും ഞാൻ
ൻെറ ആഹാരം കഴിക്കയില്ല; ഒരു ഹോമ
ം കഴിക്കുമെങ്കിൽ അതു കർത്താ
കഴിച്ചുകൊൾക എന്നു പറഞ്ഞു.
ൻ കർത്താവിൻെറ ദൂതൻ എന്നു
ോഹ അറിഞ്ഞിരുന്നില്ല. മനോഹ
ത്താവിൻെറ ദൂതനോടു: നിൻെറ വചനം
ത്തിയാകുമ്പോൾ ഞങ്ങൾ നിന്നെ
ുമാനിക്കേണ്ടതിന്നു നിൻെറ പേരെന്തു
ു ചോദിച്ചു. കർത്താവിൻെറ ദൂതൻ
നോടു: എൻെറ പേർ ചോദിക്കുന്നതു
ു? അതു സ്തുത്യമായത് എന്നു പറഞ്ഞു.
ങനെ മനോഹ ഒരു കോലാട്ടിൻകുട്ടിയെ
ഭോജനയാഗത്തെയും കൊണ്ടുവന്നു
പാറമേൽ കർത്താവിനു യാഗം കഴിച്ചു
ിച്ചു; മനോഹയും ഭാര്യയും നോക്കി
ണ്ടിരിക്കെ അവർ കണ്ടത് അഗ്നിജ്വാല
പീഠത്തിന്മേൽനിന്ന് ആകാശത്തി
ു പൊങ്ങിയപ്പോൾ കർത്താവിൻെറ
ൻ യാഗപീഠത്തിൻെറ ജ്വാലയോടു
കയറിപ്പോയി; മനോഹയും ഭാര്യയും
ു സാഷ്ടാംഗം വീണു. കർത്താവിൻെറ
ൻ മനോഹയ്ക്കും ഭാര്യക്കും പിന്നെ
ക്ഷനായില്ല; അങ്ങനെ അതു കർത്താ
ൻെറ ദൂതൻ എന്നു അവർ അറിഞ്ഞു.
വത്തെ കണ്ടതുകൊണ്ടു നാം മരിച്ചു
കും എന്നു മനോഹ ഭാര്യയോടു പറ
. ഭാര്യ അവനോടു: നമ്മെ കൊല്ലുവാൻ
ത്താവിന് ഇഷ്ടമായിരുന്നു എങ്കിൽ
ൻ നമ്മുടെ കയ്യിൽനിന്നു ഹോമയാഗ
ഭോജനയാഗവും കൈക്കൊൾകയോ
ഒക്കെയും നമുക്കു കാണിച്ചു തരി
ാ ഈ സമയത്തു ഇതുപോലെയുള്ള
കാര്യം നമ്മെ അറിയിക്കുകയോ ചെയ്ക
യില്ലായിരുന്നു എന്നു പറഞ്ഞു. അനന്തരം 24
സ്ത്രീ ഒരു മകനെ പ്രസവിച്ചു, അവനു ശിം
ശോൻ എന്നു പേരിട്ടു. ബാലൻ വളർന്നു;
കർത്താവ് അവനെ അനുഗ്രഹിച്ചു. സോരെ
ക്കും എസ്കായോലിന്നും മദ്ധ്യേയുള്ള 25
മഹനേ-ദാനിൽവച്ചു കർത്താവിൻെറ
ആത്മാവ് അവനെ നടത്തുവാൻ തുടങ്ങി.

അദ്ധ്യായം 14

അനന്തരം ശിംശോൻ തിമ്നയിലേക്കു 1
ചെന്നു തിമ്നയിൽ ഒരു ഫെലിസ്ത്യകന്യ
കയെ കണ്ടു. അവൻ വന്നു തൻെറ അപ്പ 2
നേയും അമ്മയേയും അറിയിച്ചു: ഞാൻ
തിമ്നയിൽ ഒരു ഫെലിസ്ത്യകന്യകയെ കണ്ടി
രിക്കുന്നു; അവളെ എനിക്കു ഭാര്യയാക്കി
തരണം എന്നു പറഞ്ഞു. അവൻെറ 3
അപ്പനും അമ്മയും അവനോടു: അഗ്രചർമ്മി
കളായ ഫെലിസ്ത്യരിൽ നിന്നു നീ ഒരു ഭാര്യ
യെ എടുപ്പാൻ പോകേണ്ടതിന്നു നിൻെറ
പിതൃഭവനത്തിലും നമ്മുടെ സകല ജനത്തി
ലും യാതൊരുസ്ത്രീയും ഇല്ലയോ എന്നു
ചോദിച്ചതിന്നു ശിംശോൻ തൻെറ പിതാ
വിനോടു അവളെ എനിക്കു ഭാര്യയാക്കി
തരണം; അവളെ എനിക്കു ബോധിച്ചി
രിക്കുന്നു എന്നു പറഞ്ഞു. ഇതു കർത്താവി 4
നാൽ ഉണ്ടായതു എന്നു അവൻെറ അപ്പനും
അമ്മയും അറിഞ്ഞില്ല; അവൻ ഫെലിസ്ത്യ
രുടെ നേരെ അവസരം അന്വേഷിക്കയാ
യിരുന്നു. ആ കാലത്തു ഫെലിസ്ത്യരായി
രുന്നു ഇസ്രായേലിനെ വാണിരുന്നത്.

അങ്ങനെ ശിംശോനും അവൻെറ അപ്പ 5
നും അമ്മയും തിമ്നയിലേക്കു പോയി.
തിമ്നയ്ക്കരികെയുള്ള മുന്തിരിത്തോട്ടങ്ങ
ളിൽ എത്തിയപ്പോൾ ഒരു ബാലസിംഹം
അവൻെറ നേരെ അലറിവന്നു. അപ്പോൾ 6
കർത്താവിൻെറ ആത്മാവു അവൻെറ മേൽ
വന്നു; കയ്യിൽ ഒന്നും ഇല്ലാതിരിക്കെ അവൻ
അതിനെ ഒരു ആട്ടിൻകുട്ടിയെപ്പോലെ
കീറിക്കളഞ്ഞു; താൻ ചെയ്തതു അപ്പനോടും
അമ്മയോടും പറഞ്ഞില്ല. പിന്നെ അവർ 7
ചെന്നു ആ സ്ത്രീയോടു സംസാരിച്ചു; അവളെ
ശിംശോന്നു ബോധിച്ചു. കുറെക്കാലം കഴി 8
ഞ്ഞശേഷം അവൻ അവളെ വിവാഹംകഴി
പ്പാൻ തിരികെ പോകുമ്പോൾ സിംഹത്തി
ൻെറ ഉടൽ നോക്കേണ്ടതിന്നു മാറിച്ചെന്നു;
സിംഹത്തിൻെറ ഉടലിന്നകത്തു ഒരു തേനീ
ച്ചക്കൂട്ടവും തേനും കണ്ടു. അത് അവൻ 9
കയ്യിൽ എടുത്തു തിന്നുംകൊണ്ടു നടന്നു,
അപ്പൻെറയും അമ്മയുടെയും അടുക്കൽ

ചെന്നു അവർക്കും കൊടുത്തു. അവരും
തിന്നു; എന്നാൽ തേൻ ഒരു സിംഹത്തിന്റെ
ഉടലിൽ നിന്നു എടുത്തു എന്നു അവൻ
10 അവരോടു പറഞ്ഞില്ല. അവന്റെ
പിതാവ് ആ സ്ത്രീയുടെ വീട്ടിൽ ചെന്നു;
ശിംശോൻ അവിടെ ഏഴുദിവസം വിരുന്നു
കഴിച്ചു; യൌവനക്കാർ അങ്ങനെ ചെയ്ക
11 പതിവായിരുന്നു. അവർ അവനെ കണ്ട
പ്പോൾ അവനോടുകൂടെ ഇരിപ്പാൻ മുപ്പതു
12 തോഴന്മാർ വന്നു. ശിംശോൻ അവരോടു:
ഞാൻ നിങ്ങളോടു ഒരു കടങ്കഥ പറയാം;
വിരുന്നിന്റെ ഏഴു ദിവസത്തിന്നകം
നിങ്ങൾ അതു വീട്ടിയാൽ ഞാൻ നിങ്ങൾ
ക്കു മുപ്പതു ഉള്ളങ്കിയും മുപ്പതു വിശേഷ
13 വസ്ത്രവും തരാം; വീട്ടുവാൻ നിങ്ങൾക്കു
കഴിഞ്ഞില്ലെങ്കിലോ, നിങ്ങൾ എനിക്കു
മുപ്പതു ഉള്ളങ്കിയും മുപ്പതു വിശേഷവസ്ത്ര
വും തരണം എന്നു പറഞ്ഞു. അവർ അവ
നോടു: നിന്റെ കടങ്കഥ പറയുക; ഞങ്ങൾ
14 കേൾക്കട്ടെ എന്നു പറഞ്ഞു. അവൻ
അവരോടു:

ഭോക്താവിൽനിന്നു ഭോജനവും
ഘോരനിൽനിന്നു മധുരവും പുറപ്പെട്ടു

എന്നു പറഞ്ഞു. എന്നാൽ കടങ്കഥ അർത്ഥം
15 പറയുവാൻ മൂന്നു ദിവസത്തോളം അവർ
ക്കു കഴിഞ്ഞില്ല. നാലാം ദിവസമോ
അവർ ശിംശോന്റെ ഭാര്യയോടു: ഞങ്ങൾ
ക്കു പറഞ്ഞുതരുവാൻ തക്കവണ്ണം നിന്റെ
ഭർത്താവിനെ വശീകരിക്ക; അല്ലെങ്കിൽ
ഞങ്ങൾ നിന്നെയും നിന്റെ പിതൃഭവന
ത്തെയും തീവച്ചു ചുട്ടുകളയും; അവന്റെ
വസ്തു ഞങ്ങൾ കരസ്ഥമാക്കും എന്നു പറ
16 ഞ്ഞു. ശിംശോന്റെ ഭാര്യ അവന്റെ മുമ്പിൽ
കരഞ്ഞു: നീ എന്നെ സ്നേഹിക്കുന്നില്ല,
എന്നെ ദ്വേഷിക്കുന്നു; എന്റെ അസ്മാദി
കളോടു ഒരു കടങ്കഥ പറഞ്ഞിട്ടു എനിക്കു
അതു പറഞ്ഞു തന്നില്ലല്ലോ എന്നു പറഞ്ഞു.
അവൻ അവളോടു: എന്റെ അപ്പന്നും
അമ്മയ്ക്കും ഞാൻ അതു പറഞ്ഞു കൊടു
ത്തിട്ടില്ല; പിന്നെ നിനക്കു പറഞ്ഞുതരുമോ
17 എന്നു പറഞ്ഞു. വിരുന്നിന്റെ ഏഴുദിവസ
വും അവൾ അവന്റെ മുമ്പിൽ കരഞ്ഞു
18 കൊണ്ടിരുന്നു; ഏഴാംദിവസം അവൾ അവ
നെ അസഹ്യപ്പെടുത്തുകകൊണ്ടു അവൻ
പറഞ്ഞുകൊടുത്തു; അവൾ തന്റെ ആളു
കൾക്കും കടങ്കഥ പറഞ്ഞുകൊടുത്തു.
ഏഴാം ദിവസം സൂര്യൻ അസ്തമിക്കുംമുമ്പെ
പട്ടണക്കാർ അവനോടു: തേനിനെക്കാൾ
മധുരമുള്ളതു എന്തു? സിംഹത്തെക്കാൾ
ബലമുള്ളതു എന്തു എന്നു പറഞ്ഞു.
അതിന്നു അവൻ അവരോടു: നിങ്ങൾ
എന്റെ പശുക്കിടാവിനെ വശീകരിച്ചില്ലാ
യിരുന്നെങ്കിൽ എന്റെ കടം വീട്ടുകയില്ലാ
യിരുന്നു എന്നു പറഞ്ഞു. പിന്നെ, കർത്താ 19
വിന്റെ ആത്മാവ് അവന്റെ മേൽ വന്നു;
അവൻ അസ്കലോനിലേക്കു ചെന്നു
മുപ്പതു പേരെ കൊന്നു അവരുടെ ഉടുപ്പൂരി
കടംവീട്ടിയവർക്കു വസ്ത്രം കൊടുത്തു. അവ
ന്റെ കോപം ജ്വലിച്ചു; അവൻ തന്റെ പിതൃ
ഭവനത്തിൽ പോയി. ശിംശോന്റെ പ്രിയ
ഭാര്യ അവന്റെ കൂട്ടുകാരനായിരുന്ന
തോഴന്നു ഭാര്യയായിത്തീർന്നു.

അദ്ധ്യായം 15

കുറെക്കാലം കഴിഞ്ഞ് ഗോതമ്പു 1
കൊയ്ത്തു കാലത്തു ശിംശോൻ അവന്റെ
ഭാര്യയെ ഓർത്തു ഒരു കോലാട്ടിൻകുട്ടി
യെയുംകൊണ്ടു തന്റെ ഭാര്യയെ കാണ്മാൻ
ചെന്നു: ശയനഗൃഹത്തിൽ എന്റെ ഭാര്യ
യുടെ അടുക്കൽ ഞാൻ കടന്നുചെല്ലട്ടെ
എന്നു പറഞ്ഞു. അവളുടെ പിതാവ്
അവനെ അകത്തുകടക്കാൻ സമ്മതിക്കാ
തെ: നിനക്ക് അവളോട് തീരെ അനിഷ്ട 2
മായി എന്നു ഞാൻ വിചാരിച്ചതുകൊണ്ടു
അവളെ നിന്റെ തോഴന്നു കൊടുത്തു
പോയി; അവളുടെ അനുജത്തി അവളെ
ക്കാൾ സുന്ദരിയത്രെ, അവൾ മററവൾക്കു
പകരം നിനക്കു ഇരിക്കട്ടെ എന്നു പറഞ്ഞു.
അതിന്നു ശിംശോൻ: ഇപ്പോൾ ഫെലിസ്ത്യർ 3
ക്കു ഒരു ദോഷം ചെയ്താൽ ഞാൻ കുററ
ക്കാരനല്ല എന്നു പറഞ്ഞു. ശിംശോൻ 4
പോയി മുന്നൂറു കുറുക്കന്മാരെ പിടിച്ചു
വാലോടുവാൽ ചേർത്തു പന്തം എടുത്തു
ഈരണ്ടു വാലിന്നിടയിൽ ഓരോ പന്തം
വെച്ചുകെട്ടി. പന്തത്തിനു തീ കൊളുത്തി 5
ഫെലിസ്ത്യരുടെ വിളവിലേക്കു വിട്ടു, കററ
യും വിളവും ഒലിവുതോട്ടങ്ങളും എല്ലാം
ചുട്ടുകളഞ്ഞു. ഇതു ചെയ്തതു ആർ എന്നു 6
ഫെലിസ്ത്യർ അന്വേഷിച്ചപ്പോൾ തിമ്നക്കാ
രന്റെ മരുമകൻ ശിംശോൻ; അവന്റെ
ഭാര്യയെ അവൻ എടുത്തു തോഴന്നു
കൊടുത്തുകളഞ്ഞു എന്നു അവർക്കു
അറിവുകിട്ടി; ഫെലിസ്ത്യർ ചെന്നു അവ 7
ളെയും അവളുടെ പിതാവിനെയും വീട്ടുകാ
രെയും തീയിലിട്ടു ചുട്ടുകളഞ്ഞു. അപ്പോൾ
ശിംശോൻ അവരോടു: നിങ്ങൾ ഈ വിധം
ചെയ്യുന്നു എങ്കിൽ ഞാൻ നിങ്ങളെ പ്രതി
കാരംചെയ്യാതെ വിടുകയില്ല എന്നു പറ
ഞ്ഞു, അവരെ കഠിനമായി അടിച്ചു തുടയും 8
നടുവും തകർത്തുകളഞ്ഞു. പിന്നെ അവൻ

എത്താം പാറയുടെ ഗഹ്വരത്തിൽ
ു.
ലിസ്ത്യർ ചെന്നു യഹൂദയിൽ പാളയ
നിങ്ങൾ ഞങ്ങളുടെ നേരെ വന്നിരി
തു എന്തിന് എന്നു യെഹൂദ്യർ ചോ
ശിംശോൻ ഞങ്ങളോടു ചെയ്തതു
ഞങ്ങൾ അവനോടും ചെയ്യേണ്ട
അവനെ പിടിച്ചുകെട്ടുവാൻ വന്നിരി
എന്നു അവർ ഉത്തരം പറഞ്ഞു.
ൾ യഹൂദയിൽ നിന്നു മൂവായിരം
എത്താംപാറയുടെ ഗഹ്വരത്തിങ്കൽ
ശിംശോനോടു: ഫെലിസ്ത്യർ നമ്മെ
ു എന്നു നീ അറിയുന്നില്ലയോ? നീ
ളാടു ഇച്ചെയ്തതു എന്തു എന്നു
ു. അവർ എന്നോടു ചെയ്തതുപോ
ൻ അവരോടും ചെയ്തു എന്നു അവൻ
ാടു പറഞ്ഞു. അവർ അവനോടു:
സ്ത്യരുടെ കയ്യിൽ ഏല്പിക്കേണ്ടതി
ന്നെ പിടിച്ചുകെട്ടുവാൻ ഞങ്ങൾ
ക്കുന്നു എന്നു പറഞ്ഞു. ശിംശോൻ
ാടു: നിങ്ങൾ തന്നെ എന്നെ കൊല്ലു
എന്നു എന്നോടു സത്യം ചെയ്വിൻ
പറഞ്ഞു. അവർ അവനോടു: ഇല്ല;
നിന്നെ കൊല്ലുകയില്ല; നിന്നെ പി
ട്ടി അവരുടെ കയ്യിൽ ഏല്പിക്കുക
ു എന്നു പറഞ്ഞു. അങ്ങനെ അവർ
തിയ കയർ കൊണ്ടു അവനെ കെട്ടി
ൽനിന്നു കൊണ്ടുപോയി. അവൻ
ിൽ എത്തിയപ്പോൾ ഫെലിസ്ത്യർ
ാതിരെ ആർത്തുവിളിച്ചു. അ
കർത്താവിൻെറ ആത്മാവു അവ
ൽ വന്നു അവൻെറ കൈ കെട്ടിയി
യർ തീകൊണ്ടു കരിഞ്ഞ ചണ
ാലെ ആയി; അവൻെറ ബന്ധന
കെമേൽനിന്നു ദ്രവിച്ചുപോയി.
ഒരു കഴുതയുടെ പച്ചത്താടിയെല്ലു
കൈ നീട്ടി എടുത്തു അതുകൊണ്ടു
പേരെ കൊന്നുകളഞ്ഞു:
തയുടെ താടിയെല്ലുകൊണ്ടു
ു കുന്നായിട്ടു
തയുടെ താടിയെല്ലുകൊണ്ടു
യിരം പേരെ ഞാൻ സംഹരിച്ചു
ു ശിംശോൻ പറഞ്ഞു. ഇങ്ങനെ
കഴിഞ്ഞിട്ടു അവൻ താടിയെല്ലു
നിന്നു എറിഞ്ഞുകളഞ്ഞു. ആ
തിന്നു "ദ്മോദ്ഫാക്കോ" എന്നു
. പിന്നെ അവൻ വളരെ ദാഹിച്ചിട്ടു
വിനോടു നിലവിളിച്ചു; അടിയൻെറ
ഈ മഹാജയം നീ നല്കിയല്ലോ;
ഞാൻ ദാഹംകൊണ്ടു മരിച്ചു
അഗ്രചർമ്മികളുടെ കയ്യിൽ വീഴേണമോ എ
ന്നു പറഞ്ഞു. അപ്പോൾ ദൈവം അവിടെ ഒ
രു കുഴി പിളരുമാറാക്കി, അതിൽനിന്നു വെ 19
ള്ളം പുറപ്പെട്ടു; അവൻ കുടിച്ചു ചൈതന്യം
പ്രാപിച്ചു വീണ്ടും സജീവനായി. അതുകൊ
ണ്ട് അതിന്നു കഴുതയുടെ താടിയെല്ലിൻെറ
എൻ-കർനൊ എന്നു പേരായി; അതു ഇന്നു
വരെയും ഉണ്ട്. അവൻ ഫെലിസ്ത്യരുടെ 20
കാലത്തു ഇസ്രായേലിന്നു ഇരുപതു സംവ
ത്സരം ന്യായപാലനം ചെയ്തു.

അദ്ധ്യായം 16

അനന്തരം ശിംശോൻ എസ്സാത്തിൽ ചെ 1
ന്നു അവിടെ ഒരു വേശ്യയെ കണ്ടു അവളു 2
ടെ അടുക്കൽ ചെന്നു. ശിംശോൻ ഇവിടെ
വന്നിരിക്കുന്നു എന്നു എസ്സാത്ത്യർക്കു അറി
വു കിട്ടി; അവർ വന്നു വളഞ്ഞു അവനെ
പിടിക്കുവാൻ രാത്രി മുഴുവനും പട്ടണവാതി
ല്ക്കൽ കാവലിരുന്നു; നേരം വെളുക്കു
മ്പോൾ അവനെ കൊന്നുകളയാം എന്നു
പറഞ്ഞു രാത്രി മുഴുവനും അനങ്ങാതി
രുന്നു. ശിംശോൻ അർദ്ധരാത്രിവരെ കിട 3
ന്നുറങ്ങി. അർദ്ധരാത്രിയിൽ എഴുന്നേററു
പട്ടണവാതിലിൻെറ കതകും കട്ടളക്കാൽ
രണ്ടും ഓടാമ്പലോടുകൂടെ പറിച്ചെടുത്തു
ചുമലിൽ വച്ചു പുറപ്പെട്ടു ഹെബ്രോന്നെ
തിരെയുള്ള മലമുകളിൽ കൊണ്ടുപോയി.

അതിൻെറശേഷം അവൻ സോരേക് 4
താഴ്വരയിൽ ദെലീലാ എന്നു പേരുള്ള ഒരു
സ്ത്രീയെ സ്നേഹിച്ചു, ഫെലിസ്ത്യപ്രഭുക്ക 5
ന്മാർ അവളുടെ അടുക്കൽ വന്നു അവ
ളോടു: നീ അവനെ വശീകരിച്ചു അവൻെറ
മഹാശക്തി ഏതിൽ എന്നും ഞങ്ങൾക്ക്
അവനെ എങ്ങനെ പിടിച്ചുകെട്ടി ഒതു
ക്കുവാൻ സാധിക്കും എന്നും അറിയണം;
ഞങ്ങൾ ഓരോരുത്തൻ ആയിരത്തിമു
ന്നൂറു വെള്ളിപ്പണം വീതം നിനക്കു തരാം
എന്നു പറഞ്ഞു. അങ്ങനെ ദെലീലാ ശിംശോ 6
നോടു: നിൻെറ മഹാശക്തി ഏതിൽ ആകു
ന്നു? ഏതിനാൽ നിന്നെ ബന്ധിച്ചു ഒതു
ക്കാം? എനിക്കു പറഞ്ഞു തരണം എന്നു
പറഞ്ഞു. ശിംശോൻ അവളോടു: ഒരിക്കലും 7
ഉണങ്ങാതെ പച്ചയായ ഏഴു ഞാണുകൊ
ണ്ടു എന്നെ ബന്ധിച്ചാൽ എൻെറ ബലം
ക്ഷയിച്ചു ഞാൻ ശേഷം മനുഷ്യരെപ്പോലെ
ആകും എന്നു പറഞ്ഞു. ഫെലിസ്ത്യപ്രഭുക്ക 8
ന്മാർ ഉണങ്ങാത്ത ഏഴു പച്ചഞാണ് അവ
ളുടെ അടുക്കൽ കൊണ്ടുവന്നു; അവ
കൊണ്ട് അവൾ അവനെ ബന്ധിച്ചു. അവ 9
ളുടെ ഉൾമുറിയിൽ പതിയിരിപ്പുകാർ

ഉണ്ടായിരുന്നു. അവൾ അവനോടു: ശിംശോ
നേ, ഫെലിസ്ത്യർ ഇതാ വരുന്നു എന്നു പറ
ഞ്ഞു. ഉടനെ അവൻ കത്തിയ ചണനൂൽ
പോലെ ഞാണുകളെ പൊട്ടിച്ചുകളഞ്ഞു;
അവൻെറ ശക്തിയുടെ രഹസ്യം വെളിപ്പെട്ട
10 തുമില്ല. പിന്നെ ദെലീലാ ശിംശോനോടു:
നീ എന്നെ ചതിച്ചു എന്നോടു കള്ളം
പറഞ്ഞു; നിന്നെ ഏതിനാൽ ബന്ധിക്കാം
എന്നു ഇപ്പോൾ എനിക്കു പറഞ്ഞുതരണം
11 എന്നു പറഞ്ഞു. അവൻ അവളോടു: ഒരി
ക്കലും ഉപയോഗിച്ചിട്ടില്ലാത്ത പുതിയ കയർ
കൊണ്ടു എന്നെ ബന്ധിച്ചാൽ എൻെറ ബലം
ക്ഷയിച്ചു ഞാൻ ശേഷം മനുഷ്യരെപ്പോലെ
12 ആകും എന്നു പറഞ്ഞു. ദെലീലാ പുതിയ
കയർ വാങ്ങി അവനെ ബന്ധിച്ചിട്ടു: ശിംശോ
നേ, ഫെലിസ്ത്യർ ഇതാ വരുന്നു എന്നു
അവനോടു പറഞ്ഞു. പതിയിരിപ്പുകാർ
ഉൾമുറിയിൽ ഉണ്ടായിരുന്നു. അവനോ ഒരു
നൂൽപോലെ തൻെറ കൈമേൽ നിന്നു
13 അതു പൊട്ടിച്ചുകളഞ്ഞു. ദെലീലാ ശിംശോ
നോടു: ഇതുവരെ നീ എന്നെ ചതിച്ചു
എന്നോടു കള്ളം പറഞ്ഞു; നിന്നെ ഏതി
നാൽ ബന്ധിക്കാമെന്ന് എനിക്കു പറഞ്ഞു
തരണം എന്നു പറഞ്ഞു. അവൻ അവ
ളോടു: എൻെറ തലയിലെ ഏഴു ജട നൂല്പാ
വിൽ ചേർത്തു നെയ്താൽ സാധിക്കും എന്നു
14 പറഞ്ഞു. അവൾ അങ്ങനെ ചെയ്തു കുററി
അടിച്ചുറപ്പിച്ചും വെച്ചു. അവനോടു: ശിംശോ
നേ, ഫെലിസ്ത്യർ ഇതാ വരുന്നു എന്നു പറ
ഞ്ഞു. അവൻ ഉറക്കമുണർന്നു നെയ്ത്തു
തടിയുടെ കുററിയും പാവും പറിച്ചെടുത്തു
15 കളഞ്ഞു. അപ്പോൾ അവൾ അവനോടു:
നിൻെറ ഹൃദയം എന്നോടുകൂടെ ഇല്ലാതിരി
ക്കെ നീ എന്നെ സ്നേഹിക്കുന്നു എന്നു
പറയുന്നതെങ്ങനെ? ഈ മൂന്നു പ്രാവശ്യം
നീ എന്നെ ചതിച്ചു. നിൻെറ മഹാശക്തി
ഏതിൽ ആകുന്നു എന്നു എനിക്കു പറഞ്ഞു
16 തന്നില്ല എന്നു പറഞ്ഞു. ഇങ്ങനെ അവൾ
അവനെ ദിവസംപ്രതി വാക്കുകളാൽ ബുദ്ധി
മുട്ടിച്ചു അസഹ്യപ്പെടുത്തി; അവൻ മരിപ്പാൻ
തക്കവണ്ണം വ്യസനപരവശനായി തീർന്നി
ട്ടു തൻെറ ഉള്ളം മുഴുവനും അവളെ അറി
17 യിച്ചു: ക്ഷൌരക്കത്തി എൻെറ തലയിൽ
തൊട്ടിട്ടില്ല; ഞാൻ അമ്മയുടെ ഗർഭം മുതൽ
ദൈവത്തിന്നു വ്രതസ്ഥൻ ആകുന്നു;
ക്ഷൌരം ചെയ്താൽ എൻെറ ബലം എന്നെ
വിട്ടുപോകും; ഞാൻ ബലഹീനനായി
ശേഷം മനുഷ്യരെപ്പോലെ ആകും എന്നു
18 അവളോടു പറഞ്ഞു. തൻെറ മനസ്സു മുഴു
വനും അവൻ അറിയിച്ചു എന്നു കണ്ടപ്പോൾ
ദെലീലാ ഫെലിസ്ത്യപ്രഭുക്കന്മാരെ വിളി
ക്കാൻ ആളയച്ചു: ഇന്നു വരുവിൻ; അവൻ
തൻെറ ഹൃദയം മുഴുവനും എന്നെ അറിയി
ച്ചിരിക്കുന്നു എന്നു പറയിച്ചു. ഫെലിസ്ത്യ
പ്രഭുക്കന്മാർ അവളുടെ അടുക്കൽ വന്നു,
പണവും കയ്യിൽ കൊണ്ടുവന്നു. അവൾ അ
വനെ മടിയിൽ ഉറക്കി, ഒരു ക്ഷുരകനെ
വിളിപ്പിച്ചു തലയിലെ ജട ഏഴും കളയിച്ചു;
അവൾ അവനെ മടിയിൽ ഉറക്കി; അവ
ൻെറ ശക്തി അവനെ വിട്ടുപോയി. പിന്നെ
അവൾ: ശിംശോനേ, ഫെലിസ്ത്യർ ഇതാ
വരുന്നു എന്നു പറഞ്ഞു. ഉടനെ അവൻ
ഉറക്കമുണർന്നു; കർത്താവ് തന്നെ വിട്ടു
എന്നറിയാതെ: ഞാൻ മുമ്പിലത്തെപ്പോലെ
കുടഞ്ഞൊഴിഞ്ഞുകളയാം എന്നു വിചാരി
ച്ചു. ഫെലിസ്ത്യരോ അവനെ പിടിച്ചു
കണ്ണുകുത്തിപ്പൊട്ടിച്ചു എസ്സാത്തിലേക്കു
കൊണ്ടുപോയി ചങ്ങലകൊണ്ടു ബന്ധിച്ചു;
അവൻ കാരാഗൃഹത്തിൽ മാവുപൊടിച്ചു
കൊണ്ടിരുന്നു. അവൻെറ തലമുടി വടിച്ച
ശേഷം വീണ്ടും വളർന്നുതുടങ്ങി.

അനന്തരം ഫെലിസ്ത്യപ്രഭുക്കന്മാർ:
നമ്മുടെ വൈരിയായ ശിംശോനെ നമ്മുടെ
ദേവൻ നമ്മുടെ കയ്യിൽ ഏല്പിച്ചിരിക്കുന്നു
എന്നു പറഞ്ഞു. തങ്ങളുടെ ദേവനായ
ദാഗോന്നു ഒരു വലിയ ബലി കഴിപ്പാനും
ഉത്സവം ഘോഷിപ്പാനും ഒരുമിച്ചുകൂടി.
പുരുഷാരം അവനെ കണ്ടപ്പോൾ: നമ്മുടെ
ദേശം ശൂന്യമാക്കുകയും നമ്മിൽ അനേ
കരെ കൊല്ലുകയും ചെയ്ത നമ്മുടെ വൈ
രിയെ നമ്മുടെ ദേവൻ നമ്മുടെ കയ്യിൽ
ഏല്പിച്ചിരിക്കുന്നു എന്നു പറഞ്ഞു തങ്ങ
ളുടെ ദേവനെ പുകഴ്ത്തി. അവർ ആനന്ദ
ത്തിലായപ്പോൾ: നമ്മുടെ മുമ്പിൽ കളിപ്പാൻ
ശിംശോനെ കൊണ്ടുവരുവിൻ എന്നു പറ
ഞ്ഞു ശിംശോനെ കാരാഗൃഹത്തിൽനിന്നു
വരുത്തി; അവൻ അവരുടെ മുമ്പിൽ കളിച്ചു;
തൂണുകളുടെ ഇടയിലായിരുന്നു അവനെ
നിർത്തിയിരുന്നത്. ശിംശോൻ തന്നെ കൈ
ക്കു പിടിച്ച ബാല്യക്കാരനോടു: ക്ഷേത്രം
നില്ക്കുന്ന തൂണു ചാരിയിരിക്കേണ്ടതിന്നു
ഞാൻ അവയെ തപ്പിനോക്കട്ടെ എന്നു
പറഞ്ഞു. ക്ഷേത്രത്തിൽ പുരുഷന്മാരും
സ്ത്രീകളും നിറഞ്ഞിരുന്നു; സകല ഫെലിസ്ത്യ
പ്രഭുക്കന്മാരും അവിടെ ഉണ്ടായിരുന്നു;
ശിംശോൻ കളിക്കുന്നതു കണ്ടുകൊണ്ടി
രുന്ന പുരുഷന്മാരും സ്ത്രീകളുമായി ഏക
ദേശം മൂവായിരം പേർ മാളികയിൽ ഉണ്ടായി
രുന്നു. അപ്പോൾ ശിംശോൻ കർത്താവിനോ
ടു പ്രാർത്ഥിച്ചു: കർത്താവായ കർത്താവേ,

ഓർക്കേണമേ; ദൈവമേ,ഞാൻ
രണ്ടു കണ്ണിന്നുംവേണ്ടി ഫെലിസ്ത്യ
പതികാരം ചെയ്യേണ്ടതിന്ന് ഈ ഒരു
്യം മാത്രം എനിക്കു ശക്തി നല്കേണ
ന്നു പറഞ്ഞു. ക്ഷേത്രം നില്ക്കുന്ന
നടുത്തൂണും ഒന്നു വലങ്കൈകൊ
റ്റതു ഇടങ്കൈകൊണ്ടും ശിംശോൻ
അവയോടു ചാരി: ഞാൻ ഫെലിസ്ത്യ
ൂടെ മരിക്കട്ടെ എന്നു ശിംശോൻ
ു ശക്തിയോടെ കുനിഞ്ഞു; ഉടനേ
ം അതിലുള്ള പ്രഭുക്കന്മാരുടെയും
ജനത്തിന്റെയും മേൽ വീണു.
ന്ന അവൻ മരണസമയത്തു കൊന്ന
ീവകാലത്തു കൊന്നവരെക്കാൾ
മായിരുന്നു. അവന്റെ സഹോദര
പിതൃഭവനമൊക്കെയും ചെന്ന്
ാ എടുത്തു സോരെക്കും എസ്കാ
ന്നും മദ്ധ്യേ അവന്റെ പിതാവായ
റയുടെ ശ്മശാനസ്ഥലത്ത് അടക്കം
അവൻ ഇസ്രായേലിന്നു ഇരുപതു
ഷരം ന്യായപാലനം ചെയ്തിരുന്നു.

അദ്ധ്യായം 17

ഫ്രയീംമലനാട്ടിൽ മീഖാ എന്നു
ള്ള ഒരുവൻ ഉണ്ടായിരുന്നു.
തന്റെ അമ്മയോടു: നിനക്കു
പായതും നീ ഒരു ശപഥം ചെയ്തു
കേൾക്കെ പറഞ്ഞതുമായ ആയിര
ൂനൂറു വെള്ളിപ്പണം ഇതാ, എന്റെ
ം ഉണ്ട്; ഞാനാകുന്നു അതു എടു
എന്നു പറഞ്ഞു. എന്റെ മകനേ, നീ
ാവിനാൽ അനുഗ്രഹിക്കപ്പെട്ടവൻ
അവന്റെ അമ്മ പറഞ്ഞു. അവൻ
യിരത്തൊരുനൂറു വെള്ളിപ്പണം
ക്കു മടക്കിക്കൊടുത്തപ്പോൾ അവ
അമ്മ: കൊത്തുപണിയും വാർപ്പു
്പുമുള്ള ഒരു വിഗ്രഹം ഉണ്ടാക്കുവാൻ
ഈ വെള്ളി എന്റെ മകന്നു വേണ്ടി
ാവിനു നേർന്നിരിക്കുന്നു; ആക
ഞാൻ അതു നിനക്കു മടക്കിത്തരുന്നു
പറഞ്ഞു. അവൻ വെള്ളി തന്റെ
ക്കു മടക്കിക്കൊടുത്തപ്പോൾ അവ
മ്മ ഇരുനൂറു വെള്ളിപ്പണം എടുത്തു
റ കയ്യിൽ കൊടുത്തു; അവൻ അതു
ു കൊത്തുപണിയും വാർപ്പുപണി
ഒരു വിഗ്രഹം ഉണ്ടാക്കി; അതു
ുടെ വീട്ടിൽ ഉണ്ടായിരുന്നു.
ക്ക് ഒരു ദേവമന്ദിരം ഉണ്ടായിരുന്നു;
ഒരു ഏഫോദും ഗൃഹബിംബവും
ിച്ചു. തന്റെ പുത്രന്മാരിൽ ഒരു
വനെ കരപൂരണം കഴിച്ചു; അവൻ അവന്റെ 6
പുരോഹിതനായിത്തീർന്നു. അക്കാലത്തു
ഇസ്രായേലിൽ രാജാവില്ലായിരുന്നു; ഓരോ
രുത്തൻ ബോധിച്ചതുപോലെ നടന്നു.
യഹൂദയിലെ ബേത്-ലെഹെമ്യ 7
നായി യഹൂദാഗോത്രത്തിൽനിന്നു വന്നി
രുന്ന ഒരു യുവാവ് ഉണ്ടായിരുന്നു; അവൻ
ലേവി എന്നു പേരുള്ളവനും അവിടെ വന്നു
പാർത്തവനുമത്രേ. സൗകര്യം കിട്ടുന്നേട 8
ത്തു ചെന്നു പാർപ്പാൻ വേണ്ടി അവൻ യ
ഹൂദയിലെ ബേത്ലഹെം പട്ടണംവിട്ടു പുറ
പ്പെട്ട് തന്റെ പ്രയാണത്തിൽ എഫ്രയീം
മലനാട്ടിൽ മീഖായുടെ വീടുവരെ എത്തി.
മീഖാ അവനോടു: നീ എവിടെനിന്നു വ 9
രുന്നു എന്നു ചോദിച്ചു. ഞാൻ യഹൂദയി
ലെ ബേത്ലെഹെമിൽനിന്നു വരുന്ന ഒരു
ലേവ്യൻ ആകുന്നു; സൗകര്യം കിട്ടുന്നേട
ത്തു പാർപ്പാൻ പോകയാകുന്നു എന്ന് ഉത്ത
രം പറഞ്ഞു. മീഖാ അവനോടു: നീ എന്നോ 10
ടുകൂടെ പാർത്ത് എനിക്കു പിതാവും പുരോ
ഹിതനുമായിരിക്ക; ഞാൻ നിനക്കു പത്തു
വെള്ളിപ്പണവും ഉടുപ്പും ഭക്ഷണവും തരാം
എന്നു പറഞ്ഞു. അങ്ങനെ ലേവ്യൻ അക
ത്തുചെന്നു. അവനോടുകൂടെ പാർക്കാൻ 11
ലേവ്യൻ സമ്മതിച്ചു. ആ യുവാവു
അവന് സ്വന്തപുത്രന്മാരിൽ ഒരുത്തനെ
പ്പോലെ ആയിത്തീർന്നു. മീഖാ ലേവ്യനെ
കരപൂരണം കഴിപ്പിച്ചു; യുവാവ് അവന് 12
പുരോഹിതനായിത്തീർന്നു. മീഖായുടെ
വീട്ടിൽ പാർത്തു. ഒരു ലേവ്യൻ എനിക്കു 13
പുരോഹിതനായിരിക്കയാൽ കർത്താവ്
എനിക്കു നന്മചെയ്യുമെന്നു ഇപ്പോൾ
നിശ്ചയം; എന്നു മീഖാ പറഞ്ഞു.

അദ്ധ്യായം 18

അക്കാലത്ത് ഇസ്രായേലിൽ രാജാവ് 1
ഇല്ലായിരുന്നു. ദാൻഗോത്രക്കാർ അക്കാലം
തങ്ങൾക്കു വാസത്തിന് ഒരു അവകാശം
അന്വേഷിച്ചു; ഇസ്രായേൽ ഗോത്രങ്ങളുടെ
ഇടയിൽ അവർക്കു അന്നുവരെ അവകാശം
സ്വാധീനമായ് ലഭിച്ചിരുന്നില്ല. അങ്ങനെ 2
യിരിക്കെ ദേശം ഒററുനോക്കി പരിശോധി
ക്കേണ്ടതിന്നു ദാന്യർ തങ്ങളുടെ ഗോത്ര
ത്തിൽനിന്നു കൂട്ടത്തിൽ പരാക്രമശാലി
കളായ അഞ്ചുപേരെ സോരയിൽനിന്നും
എസ്കായോലിൽനിന്നും അയച്ചു, അവ
രോടു: നിങ്ങൾ ചെന്നു ദേശം ശോധന ചെ
യ്‌വിൻ എന്നു പറഞ്ഞു. അവർ എഫ്രയീം 3
മലനാട്ടിൽ മീഖായുടെ വീടുവരെ എത്തി
രാത്രി അവിടെ പാർത്തു. മീഖായുടെ

വീടിന്നരികെ എത്തിയപ്പോൾ അവർ
ലേവ്യയുവാവിന്റെ ശബ്ദം കേട്ടറിഞ്ഞു
അവിടെ കയറിച്ചെന്നു അവനോടു: നിന്നെ
ഇവിടെ കൊണ്ടുവന്നതു ആർ? നീ ഇവിടെ
4 എന്തു ചെയ്യുന്നു? നിനക്കു ഇവിടെ എന്തു
കിട്ടും എന്നു ചോദിച്ചു. അവൻ അവരോടു:
മീഖാ എനിക്കു ഇന്നിന്നതു ചെയ്തിരി
ക്കുന്നു; അവൻ എന്നെ ശമ്പളത്തിന്നു
നിർത്തി; ഞാൻ അവന്റെ പുരോഹിതൻ
5 ആകുന്നു എന്നു പറഞ്ഞു. അവർ അവ
നോടു: ഞങ്ങൾ പോകുന്ന യാത്ര ശുഭമാ
കുമോ എന്നു അറിയേണ്ടതിന്നു ദൈവ
ത്തോടു ചോദിക്കണം എന്നു പറഞ്ഞു.
6 പുരോഹിതൻ അവരോടു: സമാധാന
ത്തോടെ പോകുവിൻ; നിങ്ങൾ പോകുന്ന
യാത്ര കർത്താവിനു സമ്മതം തന്നേ എന്നു
പറഞ്ഞു.
7 അങ്ങനെ ആ അഞ്ചു പുരുഷന്മാരും
പുറപ്പെട്ടു ലയീശിലേക്കു ചെന്നു; അവിട
ത്തെ ജനം സീദോന്യരെപ്പോലെ സ്വൈ
ര്യവും സ്വസ്ഥതയും ഉള്ളവരായി നിർഭയം
വസിക്കുന്നു; യാതൊരു കാര്യത്തിലും
അവർക്കു ദോഷം ചെയ്വാൻ പ്രാപ്തിയുള്ള
വൻ ദേശത്തു ആരുമില്ല; അവർ സീദോ
ന്യർക്കു അകലെ പാർക്കുന്നു, മററുള്ള മനു
ഷ്യരുമായി അവർക്കു സംസർഗ്ഗവും ഇല്ല
8 എന്നു കണ്ടു. പിന്നെ അവർ സോരയിലും
എസ്കാനോലിലും തങ്ങളുടെ സഹോദര
ന്മാരുടെ അടുക്കൽ വന്നു; സഹോദരന്മാർ
അവരോടു: നിങ്ങൾ എവിടെനിന്നു വരുന്നു
9 എന്നു ചോദിച്ചു. അതിന്നു അവർ: ലയീ
ശിൽനിന്ന് എന്നു പറഞ്ഞു. എഴുന്നേല്
പിൻ; നാം അവരുടെ നേരെ ചെല്ലുക; ആ
ദേശം ബഹുവിശേഷം എന്നു ഞങ്ങൾ
കണ്ടിരിക്കുന്നു; നിങ്ങൾ മടിച്ച് അനങ്ങാതി
രിക്കുന്നതു എന്തു? ആ ദേശം കൈവശമാ
10 ക്കേണ്ടതിന്നു പോകുവാൻ മടിക്കരുതു. നി
ങ്ങൾ ചെല്ലുമ്പോൾ പുഷ്ടിയുള്ള ഒരു ജന
ത്തെ കാണും; ദേശം വിശാലമാകുന്നു;
ദൈവം അതു നിങ്ങളുടെ കയ്യിൽ തന്നിരി
ക്കുന്നു; അതു ഭൂമിയിൽ യാതൊന്നിനും
നിങ്ങൾക്കു കുറവ് വരുത്തുകയില്ല എന്നു
പറഞ്ഞു.
11 അനന്തരം സോരയിലും എസ്കാനോ
ലിലും ഉള്ള ദാൻഗോത്രക്കാരിൽ അറുനൂറു
പേർ യുദ്ധസന്നദ്ധരായി അവിടെനിന്നു
12 പുറപ്പെട്ടു. അവർ ചെന്നു യഹൂദയിലെ
കുര്യത്ത് -യയാരീമിൽ പാളയം ഇറങ്ങി;
അതുകൊണ്ടു ആ സ്ഥലത്തിന്നു ഇന്നു
വരെയും മഹ്ഹനേ ദാൻ എന്നു പേർ പറ

യുന്നു; അതു കുര്യത്ത്-യയാരീമിന്റെ
പിന്നിൽ സ്ഥിതിചെയ്യുന്നു. അവിടെനിന്നു 13
അവർ എഫ്രയീം മലനാട്ടിലേക്കു ചെന്നു
മീഖയുടെ വീടിന്നരികെ എത്തി. അ 14
പ്പോൾ ലയീശ്ദേശം ഒററുനോക്കുവാൻ
പോയിരുന്ന ആ അഞ്ചു പുരുഷന്മാരും
തങ്ങളുടെ സഹോദരന്മാരോടു: ഈ കുന്നു
കളിൽ ഒരു ഏഫോദും ഒരു ഗൃഹബിംബവും
കൊത്തുപണിയും വാർപ്പുപണിയുമുള്ള
ഒരു വിഗ്രഹവും ഉണ്ടു എന്നു അറിഞ്ഞു
വോ? ആകയാൽ നിങ്ങൾ ചെയ്യേണ്ടതു
എന്തെന്നു വിചാരിച്ചുകൊൾവിൻ. അവർ 15
അങ്ങോട്ടു തിരിഞ്ഞു മീഖായുടെ വീടി
നോടു ചേർന്ന ലേവ്യയുവാവിന്റെ വീട്ടിൽ
ചെന്നു അവനോടു കുശലം ചോദിച്ചു.
യുദ്ധസന്നദ്ധരായ ദാന്യർ അറുനൂറുപേരും 16
വാതില്ക്കൽ നിന്നു. ദേശം ഒററുനോക്കു 17
വാൻ പോയിരുന്നവർ അഞ്ചുപേരും അക
ത്തു കടന്നു കൊത്തുപണിയായ വിഗ്രഹ
വും ഏഫോദും ഗൃഹബിംബവും വാർപ്പുപ
ണിയായ വിഗ്രഹവും ആഭരണങ്ങളും എടു
ത്തു; പുരോഹിതൻ യുദ്ധസന്നദ്ധരായ അറു
നൂറുപേരുടെ അടുക്കൽ നിന്നിരുന്നു. ഇവർ 18
മീഖായുടെ വീടിന്നകത്തു കടന്നു കൊത്തു
പണിയായ വിഗ്രഹവും ഏഫോദും ഗൃഹ
ബിംബവും വാർപ്പുപണിയായ വിഗ്രഹവും
എടുത്തപ്പോൾ പുരോഹിതൻ അവരോടു:
നിങ്ങൾ എന്തു ചെയ്യുന്നു എന്നു ചോദിച്ചു.
അവർ അവനോടു: മിണ്ടരുത്; നിന്റെ 19
വായ്പൊത്തി ഞങ്ങളോടുകൂടെ വന്നു
ഞങ്ങൾക്കു പിതാവും പുരോഹിതനുമായി
രിക്ക; ഒരുവന്റെ വീടിന്നു മാത്രം പുരോ
ഹിതനായിരിക്കുന്നതോ ഇസ്രായേലിൽ
ഒരു ഗോത്രത്തിന്നും കുലത്തിന്നും പുരോ
ഹിതനായിരിക്കുന്നതോ ഏതാണ് നിനക്കു
നല്ലതു? എന്നു ചോദിച്ചു. അപ്പോൾ പുരോ 20
ഹിതന്റെ മനം തെളിഞ്ഞു; അവൻ
ഏഫോദും ഗൃഹബിംബവും കൊത്തുപണി
യായ വിഗ്രഹവും എടുത്തു സേനയുടെ
നടുവിൽ നടന്നു. ഇങ്ങനെ അവർ 21
പുറപ്പെട്ടു കുഞ്ഞുകുട്ടികളെയും ആടുമാടു
കളെയും സമ്പത്തുകളെയും തങ്ങളുടെ
മുമ്പിലാക്കി പ്രയാണം ചെയ്തു. അവർ മീഖാ 22
യുടെ വീട്ടിൽനിന്നു കുറെ ദൂരത്തായ
പ്പോൾ മീഖായുടെ വീടിനോടു ചേർന്ന
വീടുകളിലുള്ളവർ ഒരുമിച്ചുകൂടി ദാന്യരെ
പിന്തുടർന്നു. അവർ ദാന്യരെ കൂകിവിളിച്ച
പ്പോൾ അവർ തിരിഞ്ഞുനോക്കി. മീഖാ 23
യോട്: നീ ഇങ്ങനെ ആൾക്കൂട്ടത്തോടു
കൂടെ വരുന്നത് എന്ത് എന്നു ചോദിച്ചു.

ഉണ്ടാക്കിയ എൻെറ ദേവന്മാരെയും
റ പുരോഹിതനെയും നിങ്ങൾ അപ
ുകൊണ്ടുപോകുന്നു; ഇനി എനിക്കു
ള്ളു? നിനക്കു എന്തു? എന്നു നിങ്ങൾ
ാടു ചോദിക്കുന്നതു എങ്ങനെ എന്നു
25 പറഞ്ഞു. ദാന്യർ അവനോടു: നി
ശബ്ദം ഇവിടെ കേൾക്കരുത്: അല്ലെ
കോപിഷ്ഠർ നിങ്ങളോടു എതിർത്തി
ൻെറ ജീവനും നിൻെറ വീട്ടുകാരുടെ
ും നഷ്ടമാകുവാൻ നീ സംഗതി വരു
എന്നു പറഞ്ഞു. അങ്ങനെ ദാന്യർ
ുടെ വഴിക്കുപോയി; അവർ തന്നിലും
ാന്മാർ എന്നു മീഖാ കണ്ടു വീട്ടി
ു മടങ്ങിപ്പോന്നു. മീഖാ തീർപ്പി
യയും അവന്നു ഉണ്ടായിരുന്ന പുരോ
നെയും അവർ കൊണ്ടുപോയി,
ിൽ സ്വൈര്യവും നിർഭയവുമായി
ജനത്തിൻെറ അടുക്കൽ എത്തി
ാ വാളിൻെറ വായ്ത്തലയാൽ വെട്ടി,
തീ വച്ചു ചുട്ടുകളഞ്ഞു. അതു
ന്നു അകലെ ആയിരുന്നു; മററു
്യരുമായി അവർക്കു സംസർഗ്ഗം ഇല്ലാ
ാൽ അവരെ വിടുവിപ്പാൻ ആരും
യിരുന്നില്ല. അതു ബേത്ത്-രെഹോബ്
രയിൽ ആയിരുന്നു. അവർ പട്ടണം
ം പണിതു അവിടെ താമസിക്കയും
യേലിന്നു ജനിച്ച തങ്ങളുടെ പിതാ
ാൻെറ പേരിൻപ്രകാരം നഗരത്തിന്നു
ന്നു പേരിടുകയും ചെയ്തു; പണ്ട് ആ
ത്തിന്നു ലയീശ് എന്നു പേർ ആയി
ദാന്യർ കൊത്തുപണിയായ ആ
ഹം പ്രതിഷ്ഠിച്ചു; മനശ്ശെയുടെ
യ ഗേർശോമിൻെറ മകൻ യോനാഥാ
അവൻെറ പുത്രന്മാരും ആ ദേശത്തി
പ്രവാസകാലം വരെ ദാൻഗോത്ര
ക്കു പുരോഹിതന്മാരായിരുന്നു. ദൈവ
ൻെറ ആലയം ശീലോവിൽ ആയിരുന്ന
ത്താക്കെയും മീഖാ തീർപ്പിച്ച
ം അവർ വച്ചു പൂജിച്ചുപോന്നു.

അദ്ധ്യായം 19

സ്രായേലിൽ രാജാവില്ലാത്ത ആ
ത്തു എഫ്രയീം മലനാട്ടിൽ താഴ്വര
ത്തു വന്നു പാർത്തിരുന്ന ഒരു
ൻ ഉണ്ടായിരുന്നു; അവൻ യഹൂദ
ബേത്ത്ലഹെമിൽ നിന്ന് ഒരു വെപ്പാ
പരിഗ്രഹിച്ചു. അവൻെറ വെപ്പാട്ടി
നാടു വിട്ടു വ്യഭിചാരം ചെയ്തു
ന വിട്ടു യഹൂദയിലെ ബേത്ത്ലഹെ
ൻെറ അപ്പൻെറ വീട്ടിൽ പോയി നാലു
മാസത്തോളം അവിടെ പാർത്തു. അവളുടെ 3
ഭർത്താവു അവളോടു നല്ലവാക്കു പറ
ഞ്ഞു കൂട്ടിക്കൊണ്ടു വരുവാൻ അവളെ
അന്വേഷിച്ചു ചെന്നു; അവനോടുകൂടെ
ഒരു ബാല്യക്കാരനും രണ്ടു കഴുതയും ഉണ്ടാ
യിരുന്നു; അവൾ അവനെ തൻെറ അപ്പൻെറ
വീട്ടിൽ കൈക്കൊണ്ടു; യുവതിയുടെ 4
പിതാവ് അവനെ കണ്ടപ്പോൾ അവൻെറ വര
വിങ്കൽ സന്തോഷിച്ചു. യുവതിയുടെ പിതാ
വായ അവൻെറ അമ്മാവിയപ്പൻ അവനെ
സ്വീകരിച്ചു; അങ്ങനെ അവൻ മൂന്നു ദിവ
സം അവനോടുകൂടെ പാർത്തു; അവർ തി
ന്നു കുടിച്ച് അവിടെ രാപാർത്തു. നാലാം 5
ദിവസം അവൻ അതികാലത്ത് എഴുന്നേററു
യാത്ര പുറപ്പെടുവാൻ തുടങ്ങിയപ്പോൾ
യുവതിയുടെ അപ്പൻ മരുമകനോടു: അല്പം
വല്ലതും കഴിച്ചിട്ടു പോകാമല്ലോ എന്നു പറ
ഞ്ഞു. അങ്ങനെ അവർ ഇരുന്നു രണ്ടുപേരും 6
കൂടെ തിന്നുകയും കുടിക്കയും ചെയ്തു;
യുവതിയുടെ പിതാവ് അവനോടു: ദയ
ചെയ്തു രാപാർത്തു സുഖിച്ചുകൊൾക
എന്നു പറഞ്ഞു. അവൻ പോകേണ്ടതിന്നു 7
എഴുന്നേററപ്പോൾ അവൻെറ അമ്മാവിയപ്പൻ
അവനെ നിർബ്ബന്ധിച്ചു; ആ രാത്രിയും
അവൻ അവിടെ പാർത്തു. അഞ്ചാം ദിവസം 8
അവൻ പോകുവാൻ അതികാലത്തു
എഴുന്നേററപ്പോൾ യുവതിയുടെ പിതാവ്:
അല്പം വല്ലതും കഴിച്ചിട്ടു വെയിലാറുംവരെ
താമസിച്ചുകൊൾക എന്നു പറഞ്ഞു. അവർ
രണ്ടുപേരും ഭക്ഷണം കഴിച്ചു. പിന്നെ 9
അവനും അവൻെറ വെപ്പാട്ടിയും ബാല്യ
ക്കാരനും എഴുന്നേററപ്പോൾ യുവതിയുടെ
പിതാവായ അവൻെറ അമ്മാവിയപ്പൻ അവ
നോടു: ഇതാ, നേരം അസ്തമിക്കാറായി,
ഈ രാത്രിയും താമസിക്ക; നേരം വൈകി
യല്ലോ; രാപാർത്തു സുഖിക്ക; നാളെ അതി
രാവിലെ എഴുന്നേററു വീട്ടിലേക്കു പോകാം
എന്നു പറഞ്ഞു. എന്നാൽ അന്നും രാപാർ 10
പ്പാൻ മനസ്സില്ലാതെ അവൻ എഴുന്നേററു
പുറപ്പെട്ടു; യറുശലേമെന്ന യെബൂസിന്നു
സമീപം എത്തി; കോപ്പിട്ട രണ്ടു കഴുതയും
അവൻെറ വെപ്പാട്ടിയും അവനോടുകൂടെ
ഉണ്ടായിരുന്നു. അവൻ യെബൂസിന്നു 11
സമീപം എത്തിയപ്പോൾ നേരം നന്നാ
വൈകിയിരുന്നു; ബാല്യക്കാരൻ യജമാന
നോടു: നാം ഈ യെബൂസ്യനഗരത്തിൽ
കയറി രാപാർക്കരുതോ എന്നു ചോദിച്ചു.
യജമാനൻ അവനോടു: ഇസ്രായേൽ മക്ക 12
ളില്ലാത്ത ഈ അന്യനഗരത്തിൽ നാം
കയറരുതു; നമുക്കു ഗിബെയയിലേക്കു

13 പോകാം എന്നു പറഞ്ഞു. അവൻ പിന്നെയും
തൻെറ ബാല്യക്കാരനോടു: നമുക്ക് ഈ
ഊരുകളിൽ ഒന്നിൽ ഗിബെയയിലോ റാമ
14 യിലോ രാപാർക്കാം എന്നു പറഞ്ഞു. അങ്ങ
നെ അവർ മുന്നോട്ടു പോയി ബെന്യാമീൻ
ദേശത്തിലെ ഗിബെയെക്കു സമീപം എത്തി
15 യപ്പോൾ സൂര്യൻ അസ്തമിച്ചു. അവർ
ഗിബെയയിൽ രാപാർക്കാൻ കയറി; അവൻ
ചെന്നു നഗരവീഥിയിൽ ഇരുന്നു; രാപാർ
ക്കേണ്ടതിന്നു അവരെ വീട്ടിൽ സ്വീകരിക്കു
16 വാൻ ആരെയും കണ്ടില്ല. അനന്തരം ഇതാ,
ഒരു വൃദ്ധൻ വൈകുന്നേരം വേല കഴിഞ്ഞിട്ടു
വയലിൽനിന്നു വരുന്നു; അവൻ എഫ്രയീം
മലനാട്ടുകാരനും ഗിബെയയിൽ വന്നു
പാർക്കുന്നവനും ആയിരുന്നു; ആ ദേശക്കാ
17 രോ ബെന്യാമീന്യർ ആയിരുന്നു. വൃദ്ധൻ
തലയുയർത്തി നോക്കിയപ്പോൾ നഗര
വീഥിയിൽ വഴിയാത്രക്കാരനെ കണ്ടു: നീ
18 എവിടെനിന്നു വരുന്നു? എവിടേക്കു പോകു
ന്നു എന്നു ചോദിച്ചു. അതിന്ന് അവൻ:
ഞങ്ങൾ യെഹൂദയിലെ ബേത്ലഹെമിൽ
നിന്നു എഫ്രയീം മലനാട്ടിൽ ഉൾപ്രദേശ
ത്തേക്കു പോകുന്നു; ഞാൻ അവിടത്തു
കാരൻ ആകുന്നു; ഞാൻ യഹൂദയിലെ
ബേത്‌ലഹെം വരെ പോയിരുന്നു;
ഇപ്പോൾ ദൈവാലയത്തിലേക്കു പോക
യാകുന്നു; എന്നെ വീട്ടിൽ കൈക്കൊൾ
19 വാൻ ഇവിടെ ആരും ഇല്ല. ഞങ്ങളുടെ കഴു
തകൾക്കു വൈക്കോലും തീനും ഉണ്ട്: എനി
ക്കും നിൻെറ ദാസിക്കും അടിയങ്ങളോടു
കൂടെയുള്ള ബാല്യക്കാരനും അപ്പവും വീ
ഞ്ഞും കൈവശം ഉണ്ട്. ഒന്നിനും കുറവില്ല
20 എന്നു പറഞ്ഞു. അതിന്നു വൃദ്ധൻ: നിനക്കു
സമാധാനം; നിനക്കു വേണ്ടതെല്ലാം
21 ഞാൻ തരും; വീഥിയിൽ രാപാർക്ക മാത്ര
മരുതു എന്നു പറഞ്ഞു: അവനെ തൻെറ
വീട്ടിൽ കൂട്ടിക്കൊണ്ടു പോയി കഴുതകൾ
22 ക്കു തീൻ കൊടുത്തു; അവരും കാലുകൾ
കഴുകി ഭക്ഷണപാനീയങ്ങൾ കഴിച്ചു. ഇങ്ങ
നെ അവർ സുഖിച്ചുകൊണ്ടിരിക്കുമ്പോൾ
പട്ടണത്തിലെ ചില നീചന്മാർ വീടു വള
ഞ്ഞു വാതിലിന്നു മുട്ടി: നിൻെറ വീട്ടിൽ
വന്നിരിക്കുന്ന പുരുഷനെ പുറത്തു കൊണ്ടു
വരിക; ഞങ്ങൾ അവനെ ഭോഗിക്കട്ടെ എന്നു
23 വീട്ടുടയവനായ വൃദ്ധനോടു പറഞ്ഞു.
വീട്ടുടയവനായ പുരുഷൻ അവരുടെ അടു
ക്കൽ പുറത്തു ചെന്നു അവരോട്: അരുതേ,
എൻെറ സഹോദരന്മാരെ, ഇങ്ങനെ ദോഷം
ചെയ്യരുതേ; ഈ ആൾ എൻെറ വീട്ടിൽ
വന്നിരിക്കകൊണ്ടു ഈ വഷളത്വം പ്രവർ
ത്തിക്കരുതേ. ഇതാ, കന്യകയായ എൻെറ 24
മകളും ഈയാളുടെ വെപ്പാട്ടിയും ഇവിടെ
ഉണ്ട്; അവരെ ഞാൻ പുറത്തു കൊണ്ടു
വരാം; അവരെ എടുത്തു നിങ്ങൾക്കു
ബോധിച്ചതുപോലെ അവരോടു ചെയ്‌വിൻ;
ഈ ആളോടോ ഈ വഷളത്വം പ്രവർ
ത്തിക്കരുതേ എന്നു പറഞ്ഞു. എന്നാൽ 25
അവർ അവനെ കൂട്ടാക്കിയില്ല; ആകയാൽ
ആ പുരുഷൻ തൻെറ വെപ്പാട്ടിയെ പിടിച്ചു
അവളെ അവരുടെ അടുക്കൽ പുറത്താക്കി
ക്കൊടുത്തു. അവർ അവളെ പുണർന്നു;
രാത്രി മുഴുവനും പ്രഭാതംവരെ അവളെ
ബലാല്ക്കാരം ചെയ്തു; നേരം വെളുക്കാറാ
യപ്പോൾ അവളെ വിട്ടുപോയി. പ്രഭാതത്തി 26
ങ്കൽ സ്ത്രീ വന്നു തൻെറ യജമാനൻ പാർത്ത
ആ മനുഷ്യൻെറ വീട്ടുവാതില്ക്കൽ വീണു
കിടന്നു. അവളുടെ യജമാനൻ രാവിലെ 27
എഴുന്നേറ്റു വീട്ടിൻെറ വാതിൽ തുറന്നു
തൻെറ വഴിക്കു പോകുവാൻ പുറത്തിറങ്ങി
യപ്പോൾ ഇതാ, അവൻെറ വെപ്പാട്ടി വീട്ടു
വാതില്ക്കൽ കൈ ഉമ്മരപ്പടിമേലായി
വീണുകിടക്കുന്നു. അവൻ അവളോട്: എഴു 28
ന്നേല്ക്ക, നാം പോക എന്നു പറഞ്ഞു.
അതിന്നു മറുപടി ഉണ്ടായില്ല. അവൻ
അവളെ കഴുതപ്പുറത്തു വെച്ചു പുറപ്പെട്ടു
തൻെറ സ്ഥലത്തേക്കു പോയി, വീട്ടിൽ 29
എത്തിയശേഷം ഒരു കത്തിയെടുത്ത് അംഗ
മംഗമായി തൻെറ വെപ്പാട്ടിയെ പന്ത്രണ്ടു
ഖണ്ഡമാക്കി വിഭാഗിച്ചു ഇസ്രായേലിൻെറ
സകല ദിക്കുകളിലും കൊടുത്തയച്ചു. അതു
കണ്ടവർ എല്ലാവരും: ഇസ്രായേൽമക്കൾ 30
മിസ്രേൻ ദേശത്തു നിന്നു പുറപ്പെട്ടുവന്ന
നാൾമുതൽ ഇന്നുവരെയും ഇങ്ങനെയുള്ള
പ്രവൃത്തി നടന്നിട്ടില്ല; കണ്ടിട്ടുമില്ല; ഇതിനെ
പ്പറ്റി ചിന്തിച്ചു ആലോചിച്ചു അഭിപ്രായം
പറയുവിൻ എന്നു പറഞ്ഞു.

അദ്ധ്യായം 20

അനന്തരം ഇസ്രായേൽ മക്കൾ പുറ 1
പ്പെട്ടു ദാൻ മുതൽ ബേർശേബവരെയും
ഗിലെയാദ് ദേശത്തും ഉള്ള സംഘമെല്ലാം
ഏകമനസ്സോടെ മിസ്പയിൽ ദൈവ
സന്നിധിയിൽ വന്നുകൂടി ഇസ്രായേലി
ൻെറ സകല ഗോത്രങ്ങളുമായ സർവ്വ 2
ജനത്തിൻെറയും പ്രധാനികളും ആയുധ
പാണികളായ നാലുലക്ഷം കാലാളും
ദൈവത്തിൻെറ ജനസംഘത്തിൽ വന്നു
നിന്നു — ഇസ്രായേൽ മക്കൾ മിസ്പ 3
യിലേക്കു പോയി എന്നു ബെന്യാമീന്യർ
കേട്ടു- അപ്പോൾ ഇസ്രായേൽ മക്കൾ: ഈ 4

ം എങ്ങനെ സംഭവിച്ചു എന്നു പറയു
എന്നു പറഞ്ഞതിന്നു കൊല്ലപ്പെട്ട സ്ത്രീ
ഭർത്താവായ ലേവ്യൻ ഉത്തരം പറ
ു: ഞാനും എന്റെ വെപ്പാട്ടിയും
്യാമീൻദേശത്തു ഗിബെയയിൽ
ർപ്പാൻ ചെന്നു. അപ്പോൾ ഗിബെയാ
സികൾ എന്റെ നേരെ എഴുന്നേറ്റു
യിൽ എന്റെ നിമിത്തം വീടു വളഞ്ഞു
ന കൊല്ലുവാൻ ഭാവിച്ചു; എന്റെ
ാട്ടിയെ അവർ ബലാല്ക്കാരം ചെയ്ത
ൽ അവൾ മരിച്ചുപോയി. അവർ
ായേലിൽ ദുഷ്കർമ്മവും വഷളത്വവും
ത്തിച്ചതുകൊണ്ടു ഞാൻ എന്റെ
ാട്ടിയെ ഖണ്ഡംഖണ്ഡമാക്കി ഇസ്രാ
ന്റെ അവകാശദേശത്തൊക്കെയും
ുത്തയച്ചു. നിങ്ങൾ എല്ലാവരും ഇസ്രാ
രല്ലോ; ഇതിൽ നിങ്ങളുടെ അഭിപ്രാ
ആലോചനയും പറയുവിൻ. അ
ർ സർവ്വജനവും ഒന്നായിട്ടു എഴുന്നേറ്റു
തതു: നമ്മിൽ ആരും തന്റെ കൂടാര
ലക്കു പോകരുതു; ആരും വീട്ടിലേക്കു
യുമരുതു. നാം ഇപ്പോൾ ഗിബെയ
ു ചെയ്യേണ്ടുന്ന കാര്യം: നാം അതു
ഡിച്ചു ചീട്ടിടണം; അവർ ഇസ്രാ
ിൽ പ്രവർത്തിച്ച സകല വഷള
ിന്നും പകരം ചെയ്യേണ്ടതിന്നു ജനം
യയിലേക്കു ചെല്ലുമ്പോൾ അവർക്കു
ി ഭക്ഷണസാധനങ്ങൾ പോയി കൊ
ുവാൻ ഇസ്രായേൽ ഗോത്രങ്ങളിൽ
ു പത്തു പേരെയും ആയിരത്തിന്
പേരെയും പതിനായിരത്തിന് ആയിരം
യും എടുക്കണം. അങ്ങനെ ഇസ്രാ
ർ ആ പട്ടണത്തിന്നു വിരോധമായി
നസ്സോടെ യോജിച്ചു.
ിന്നെ ഇസ്രായേൽ ഗോത്രങ്ങൾ
്യാമീൻ ഗോത്രത്തിലെങ്ങും ആളയച്ചു:
ളുടെ ഇടയിൽ ഇങ്ങനെ ഒരു പാപം
തു എന്തു? ഗിബെയയിലെ ആ നീച
ഞങ്ങൾ കൊന്ന് ഇസ്രായേലിൽ
ദോഷം നീക്കിക്കളയേണ്ടതിന്നു
ഏല്പിച്ചുതരുവിൻ എന്നു പറയി
ബന്യാമീന്യരോ ഇസ്രായേൽ മക്ക
ങ്ങളുടെ സഹോദരന്മാരുടെ വാക്കു
ുസരിപ്പാൻ മനസ്സില്ലാതെ ഇസ്രാ
മക്കളോടു യുദ്ധത്തിന്നു പുറപ്പെട
വണ്ണം തങ്ങളുടെ പട്ടണങ്ങളിൽ
ഗിബെയയിൽ വന്നുകൂടി. അന്നു
യാനിവാസികളിൽ വേർതിരിച്ച
നൂറു സമർത്ഥരെ കൂടാതെ പട്ടണ
ൽനിന്നു വന്ന ബെന്യാമീന്യർ ഇരുപ
ത്താറായിരം ആയുധപാണികൾ ഉണ്ടെന്ന്
കണ്ടു. ഈ ജനത്തിലെല്ലാം ഇടത്തു 16
കയ്യന്മാരായ എഴുന്നൂറു വിരുതന്മാർ ഉണ്ടാ
യിരുന്നു; അവർ എല്ലാവരും ഒരു രോമത്തി
ന്നുപോലും ഏറു പിഴയ്ക്കാത്ത കവിണ
ക്കാർ ആയിരുന്നു.

ബെന്യാമീൻ ഒഴികെയുള്ള ഇസ്രായേ 17
ല്യരോ നാലുലക്ഷം ആയുധപാണികൾ
ആയിരുന്നു; അവർ എല്ലാവരും യോദ്ധാ
ക്കളും. അനന്തരം ഇസ്രായേൽ മക്കൾ 18
പുറപ്പെട്ടു ബേഥേലിലേക്കു ചെന്നു: ബെ
ന്യാമീന്യരോടു പോരാടുവാൻ ഞങ്ങളിൽ
ആർ മുമ്പനായി ചെല്ലേണ്ടു എന്നു ദൈവ
ത്തോടു അരുളപ്പാടു ചോദിച്ചു. യഹൂദ
മുമ്പനായി ചെല്ലട്ടെ എന്ന് കർത്താവ്
അരുളിച്ചെയ്തു. അങ്ങനെ ഇസ്രായേൽ 19
മക്കൾ രാവിലെ എഴുന്നേറ്റു ഗിബെയയ്ക്കു
നേരെ പാളയം ഇറങ്ങി. ഇസ്രായേല്യർ 20
ബെന്യാമീന്യരോടു യുദ്ധം ചെയ്വാൻ
പുറപ്പെട്ടു ഗിബെയയിൽ അവരുടെ നേരെ
അണിനിരന്നു. ബെന്യാമീന്യരോ ഗിബെയ 21
യിൽ നിന്നു പുറപ്പെട്ടു ഇസ്രായേല്യരിൽ
ഇരുപത്തീരായിരം പേരെ അന്നു സംഹരിച്ചു
വീഴിച്ചു. ഇസ്രായേൽ മക്കൾ കർത്താവി 22
ന്റെ സന്നിധിയിൽ ചെന്നു സന്ധ്യവരെ
കരഞ്ഞു: ഞങ്ങളുടെ സഹോദരന്മാരായ
ബെന്യാമീന്യരോടു ഞങ്ങൾ ഇനിയും
യുദ്ധത്തിന്നു പോകണമോ എന്നു കർത്താ
വിനോടു ചോദിച്ചു. അവരുടെ നേരെ ചെല്ലു
വിൻ എന്നു കർത്താവ് അരുളിച്ചെയ്തു.
അങ്ങനെ ഇസ്രായേല്യസേന ധൈര്യ 23
പ്പെട്ടു ഒന്നാം ദിവസം അണിനിരന്ന സ്ഥ
ലത്തുതന്നെ പിന്നെയും യുദ്ധത്തിന് അണി
നിരന്നു.

ഇസ്രായേൽ മക്കൾ രണ്ടാം ദിവസവും 24
ബെന്യാമീന്യരോടു അടുത്തു. ബെന്യാമീ 25
ന്യർ രണ്ടാം ദിവസവും ഗിബെയയിൽനിന്നു
അവരുടെ നേരെ പുറപ്പെട്ടു ഇസ്രായേൽ
മക്കളിൽ പിന്നെയും പതിനെണ്ണായിരം
പേരെ സംഹരിച്ചു വീഴിച്ചു; അവർ എല്ലാ
വരും യോദ്ധാക്കൾ ആയിരുന്നു. അപ്പോൾ 26
ഇസ്രായേൽ മക്കൾ എല്ലാവരും സർവ്വ
ജനവും കയറി ബേഥേലിലേക്കു ചെന്നു;
അവിടെ കർത്താവിന്റെ സന്നിധിയിൽ
കരഞ്ഞുകൊണ്ട് അന്നു സന്ധ്യവരെ ഉപ
വസിച്ചു പാർത്തു. കർത്തൃസന്നിധി
യിൽ ഹോമയാഗങ്ങളും സമാധാന യാഗ
ങ്ങളും അർപ്പിച്ചു. പിന്നെ ഇസ്രായേൽ 27
മക്കൾ കർത്താവിനോട് ചോദിച്ചു; അക്കാ
ലത്തു ദൈവത്തിന്റെ നിയമപെട്ടകം

28 അവിടെ ഉണ്ടായിരുന്നു. ആചാര്യനായ അ
ഹറോന്റെ മകനായ എലെയാസാരിന്റെ
മകൻ ഫീനെഹാസ് ആയിരുന്നു അക്കാല
ത്തു തിരുസന്നിധിയിൽ നിന്നിരുന്നത്. ഞ
ങ്ങളുടെ സഹോദരന്മാരായ ബെന്യാമീന്യ
രോടു ഞങ്ങൾ ഇനിയും പൊരുതണമോ?
ഒഴിഞ്ഞുകളയേണമോ എന്ന് അവർ ചോദി
ച്ചതിന്നു: "ചെല്ലുവിൻ; നാളെ ഞാൻ അവരെ
നിങ്ങളുടെ കയ്യിൽ ഏല്പിക്കും" എന്നു
കർത്താവ് അരുളിച്ചെയ്യുന്നു എന്നു പറ
29 ഞ്ഞു. അങ്ങനെ ഇസ്രായേല്യർ ഗിബെയെ
ക്കു ചുറ്റും ഒളിപ്പോരുകാരെ ആക്കി.
30 ഇസ്രായേൽ മക്കൾ മൂന്നാം ദിവസവും
ബെന്യാമീന്യരുടെ നേരെ പുറപ്പെട്ടു മുമ്പി
ലത്തെപ്പോലെ ഗിബെയയുടെ നേരെ
31 അണിനിരന്നു. ബെന്യാമീന്യർ സേന
യുടെ നേരെ പുറപ്പെട്ടു പട്ടണം വിട്ടു
പുറത്തായി; ബേഥേലിലേക്കും വയ
ലിൽക്കൂടി ഗിബെയയിലേക്കും പോകുന്ന
രണ്ടു പെരുവഴികളിൽ വച്ചു മുമ്പിലത്തെ
പ്പോലെ സൈന്യത്തിൽ ചിലരെ വെട്ടിത്തു
ടങ്ങി; ഇസ്രായേലിൽ ഏകദേശം മുപ്പതു
32 പേരെ കൊന്നു. അവർ മുമ്പിലത്തെപ്പോലെ
നമ്മുടെ മുമ്പിൽ തോറ്റോടുന്നു എന്നു
ബെന്യാമീന്യർ പറഞ്ഞു- ഇസ്രായേൽ
മക്കളോ: നാം ഓടി അവരെ പട്ടണത്തിൽ
നിന്നു പെരുവഴികളിലേക്കു ആകർഷിക്ക
33 എന്നു പറഞ്ഞിരുന്നു. ഇസ്രായേല്യർ
തങ്ങളുടെ സ്ഥലത്തുനിന്നും പുറപ്പെട്ടു
ബാൽ-താമാരിൽ പടയ്ക്ക് അണി
നിരന്നു; ഇസ്രായേല്യരുടെ പതിയിരിപ്പു
കാരും ഗിബെയയുടെ പുല്പുറത്തു തങ്ങൾ
ഇരുന്നേടത്തു നിന്നു പുറപ്പെട്ടു. എല്ലാ
34 ഇസ്രായേലിൽ നിന്നും തിരഞ്ഞെടുത്തി
രുന്ന പതിനായിരംപേർ ഗിബെയയുടെ
നേരെ ചെന്നു; യുദ്ധം കഠിനമായി മുറുകി:
എങ്കിലും ആപത്ത് അടുത്തിരിക്കുന്നു
35 എന്ന് അവർ അറിഞ്ഞില്ല. ദൈവം
ബെന്യാമീന്യരെ ഇസ്രായേലിന്റെ മുമ്പിൽ
തകർത്തു; അന്നു ഇസ്രായേൽമക്കൾ
ബെന്യാമീന്യരിൽ ഇരുപത്തയ്യായിരത്തൊ
രുനൂറു പേരെ സംഹരിച്ചു; അവർ എല്ലാ
വരും ആയുധപാണികൾ ആയിരുന്നു.
36 ഇങ്ങനെ ബെന്യാമീന്യർ തങ്ങൾ തോറ്റു
എന്നു കണ്ടു; എന്നാൽ ഇസ്രായേല്യർ
ഗിബെയയ്ക്കരികെ ആക്കിയിരുന്ന ഒളി
പ്പോരുകാരെ വിശ്വസിച്ചിരുന്നതുകൊണ്ടു
ബെന്യാമീന്യർക്കു സ്ഥലം കൊടുത്തു.
37 ഉടനെ പതിയിരിപ്പുകാർ ഗിബെയയിൽ
പാഞ്ഞു കയറി; പതിയിരിപ്പുകാർ നീളെ
നടന്നു പട്ടണത്തെയാകെ വാളിന്റെ
വായ്ത്തലയാൽ സംഹരിച്ചുകളഞ്ഞു.
പട്ടണത്തിൽ നിന്ന് അടയാളമായിട്ടു ഒരു 38
വലിയ പുക പൊങ്ങുമാറാക്കണമെന്നു
ഇസ്രായേല്യർ പതിയിരിപ്പുകാരുമായി
ഏർപ്പാടു ചെയ്തിരുന്നു. ഇസ്രായേല്യർ 39
പിൻവാങ്ങിയപ്പോൾ ബെന്യാമീന്യർ ഇസ്രാ
യേല്യരെ വെട്ടിത്തുടങ്ങി. ഏകദേശം മുപ്പതു
പേരെ കൊന്നു; മുൻ കഴിഞ്ഞതുപോലെ
അവർ നമ്മുടെ മുമ്പിൽ തോറ്റോടുന്നു
എന്ന് അവർ പറഞ്ഞു. എന്നാൽ പട്ടണ 40
ത്തിൽനിന്നു അടയാളം ഒരു വലിയ പുക
ത്തൂണായി പൊങ്ങിത്തുടങ്ങിയപ്പോൾ
ബെന്യാമീന്യർ പിന്നോട്ടു നോക്കി; പട്ടണം
മുഴുവനും ആകാശത്തോളം കത്തിപ്പൊങ്ങു
ന്നതു കണ്ടു. ഇസ്രായേല്യർ തിരിഞ്ഞ 41
പ്പോൾ ബെന്യാമീന്യർ തങ്ങൾക്ക് ആപത്തു
ഭവിച്ചു എന്നു കണ്ടു. അവർ ഇസ്രായേൽ 42
മക്കളുടെ മുമ്പിൽനിന്നു മരുഭൂമിയിലേ
ക്കുള്ള വഴിക്കു തിരിഞ്ഞു; സൈന്യം
അവരെ പിന്തുടർന്നു; പട്ടണങ്ങളിൽനിന്നു
ള്ളവരെ അവർ അതതിന്റെ മദ്ധ്യേവച്ചു
സംഹരിച്ചു. അവർ ബെന്യാമീന്യരെ വള
ഞ്ഞ് ഓടിച്ചു ഗിബെയയ്ക്കെതിരെ കിഴക്ക് 43
അവരുടെ വിശ്രമസ്ഥലത്തു വച്ചു പിടി
കൂടി. അങ്ങനെ ബെന്യാമീന്യരിൽ പതിനെ 44
ണ്ണായിരം പേർ മരിച്ചു വീണു; അവർ എല്ലാ
വരും പരാക്രമശാലികൾ ആയിരുന്നു.
അപ്പോൾ അവർ തിരിഞ്ഞു മരുഭൂമിയിൽ 45
രിമ്മോൻ പാറ വരെ ഓടി; അവരിൽ അയ്യാ
യിരം പേരെ പെരുവഴികളിൽ വച്ച് ഒറ്റയൊ
റ്റയായി പിടിച്ചു കൊന്നു; മറ്റവരെ ഗിബയോ
നോളം പിന്തുടർന്നു അവരിലും രണ്ടായിരം
പേരെ വെട്ടിക്കളഞ്ഞു. അങ്ങനെ ബെന്യാ 46
മീന്യരിൽ ആകെ ഇരുപത്തയ്യായിരം ആയു
ധപാണികൾ അന്നു മരിച്ചുപോയി; അവർ
എല്ലാവരും പരാക്രമശാലികളായിരുന്നു.
എന്നാൽ അറുനൂറു പേർ തിരിഞ്ഞു മരു 47
ഭൂമിയിൽ രിമ്മോൻ പാറവരെ ഓടി, അവിടെ
നാലുമാസം പാർത്തു. ഇസ്രായേല്യർ 48
പിന്നെയും ബെന്യാമീന്യരുടെ നേരെ തിരി
ഞ്ഞു ഓരോ പട്ടണം മുഴുവനെയും മൃഗങ്ങ
ളെയും കണ്ട സകലത്തെയും വാളിന്റെ വാ
യ്ത്തലയാൽ സംഹരിച്ചു; അവർ കണ്ട എ
ല്ലാ പട്ടണങ്ങളും തീ വച്ചു ചുട്ടുകളഞ്ഞു.

അദ്ധ്യായം 21

നമ്മിൽ ആരും തന്റെ മകളെ ഒരു 1
ബെന്യാമീന്യന്നു ഭാര്യയായി കൊടുക്ക
രുതു എന്നു ഇസ്രായേല്യർ മിസ്പയിൽ

ശപഥം ചെയ്തു. ആകയാൽ ജനം
ഥേലിൽ ചെന്നു അവിടെ ദൈവസന്നി
ിൽ സന്ധ്യവരെ ഇരുന്ന് ഉച്ചത്തിൽ
വിലാപം കഴിച്ചു: ഇസ്രായേലിൻെറ
വമായ കർത്താവേ, ഇന്നു ഇസ്രായേ
ഒരു ഗോത്രം ഇല്ലാതെ പോകുവാൻ
വണ്ണം ഇസ്രായേലിൽ ഇങ്ങനെ സംഭ
ുവല്ലോ എന്നു പറഞ്ഞു. പിറ്റെന്നാൾ
അതികാലത്ത് എഴുന്നേറ്റു അവിടെ
യാഗപീഠം പണിതു ഹോമയാഗങ്ങളും
ധാനയാഗങ്ങളും അർപ്പിച്ചു. പിന്നെ
ായേൽ മക്കൾ: എല്ലാ ഇസ്രായേൽ
ത്രങ്ങളിലും കർത്താവിൻെറ അടുക്കൽ
യ്ക്കു വരാതെ ആരെങ്കിലും ഉണ്ടോ
ു ചോദിച്ചു. മിസ്പയിൽ കർത്താ
ൻെറ അടുക്കൽ വരാത്തവൻ മരണശിക്ഷ
ുഭവിക്കണം എന്ന് അവർ ഒരു ഉഗ്ര
ഥം ചെയ്തിരുന്നു. എന്നാൽ ഇസ്രാ
ൽ മക്കൾ തങ്ങളുടെ സഹോദരന്മാരായ
ന്യാമീന്യരെക്കുറിച്ചു അനുതപിച്ചു:
ു ഇസ്രായേലിൽനിന്നു ഒരു ഗോത്രം
ുപോയിരിക്കുന്നു. ശേഷിച്ചിരിക്കുന്ന
ക്കു നമ്മുടെ പുത്രിമാരെ ഭാര്യമാരായി
ടുക്കരുത് എന്നു നാം കർത്താവിൻെറ
ത്തിൽ സത്യം ചെയ്തിരിക്കകൊണ്ടു
ർക്കു ഭാര്യമാരെ കിട്ടുവാൻ നാം എന്തു
യ്യേണ്ടു എന്നു പറഞ്ഞു. ഇസ്രായേൽ
ത്രങ്ങളിൽനിന്നു മിസ്പയിൽ കർത്താ
ൻെറ അടുക്കൽ വരാതെ ആരെങ്കിലും
ോ എന്ന് അവർ അന്വേഷിച്ചപ്പോൾ
ലയാദിലെ യാബേശിൽനിന്ന് ആരും
യത്തിൽ സഭയ്ക്കു വന്നിട്ടില്ല എന്നു
ു. ജനത്തെ എണ്ണിനോക്കി ഗിലെ
ിലെ യാബേശ് നിവാസികളിൽ ആരും
ിടെ ഇല്ല എന്നു കണ്ടു. അപ്പോൾ സഭ
ക്രമശാലികളായ പന്തീരായിരം പേരെ
ിടേക്കു അയച്ചു അവരോടു കല്പി
ു: നിങ്ങൾ ചെന്നു ഗിലെയാദിലെ
ബേശ് നിവാസികളെ സ്ത്രീകളും പൈത
ും ഉൾപ്പെടെ വാളിൻെറ വായ്ത്തല
ൽ കൊല്ലുവിൻ. അതിൽ നിങ്ങൾ
ർത്തിക്കേണ്ടതു: സകല പുരുഷ
രയും പുരുഷനോടുകൂടെ ശയിച്ച
ല സ്ത്രീകളെയും നിങ്ങൾ നിർമ്മൂലമാ
ണം. അങ്ങനെ ചെയ്തതിൽ ഗിലെ
ിലെ യാബേശ് നിവാസികളുടെ ഇട
പുരുഷസംസർഗ്ഗം ചെയ്തിട്ടില്ലാത്ത
ൂറു കന്യകമാരെ കണ്ടെത്തി അവരെ
ൻ ദേശത്തിലെ ശീലോവിൽ പാളയ
ലേക്കു കൊണ്ടുവന്നു.

സർവ്വസഭയും രിമ്മോൻ പാറയിലെ 13
ബെന്യാമീന്യരോടു സംസാരിച്ചു സമാ
ധാനം അറിയിപ്പാൻ ആളയച്ചു. അപ്പോൾ 14
ബെന്യാമീന്യർ മടങ്ങിവന്നു; ഗിലെയാദിലെ
യാബേശിലുള്ള സ്ത്രീകളിൽ വച്ചു അവർ
ജീവനോടെ രക്ഷിച്ചിരുന്നവരെ അവർക്കു
കൊടുത്തു; അവർക്ക് അവരെക്കൊണ്ടു
തികഞ്ഞില്ല. കർത്താവ് ഇസ്രായേൽ 15
ഗോത്രങ്ങളിൽ ഒരു ഛേദം വരുത്തിയിരിക്ക
കൊണ്ടു ജനം ബെന്യാമീന്യരെക്കുറിച്ചു
ദുഃഖിച്ചു. ശേഷിച്ചവർക്കു സ്ത്രീകളെ കിട്ടേ 16
ണ്ടതിന്നു നാം എന്തു ചെയ്യേണ്ടു? ബെന്യാ
മീൻ ഗോത്രത്തിൽ നിന്നു സ്ത്രീകൾ അറ്റു
പോയിരിക്കുന്നുവല്ലോ എന്നു സഭയിലെ
മൂപ്പന്മാർ പറഞ്ഞു. ഇസ്രായേലിൽ നിന്നു 17
ഒരു ഗോത്രം നശിച്ചുപോകാതിരിക്കേണ്ട
തിന്നു ബെന്യാമീന്യരിൽ രക്ഷപ്പെട്ടവർക്കു
അവരുടെ അവകാശം നില്ക്കണം. എങ്കിലും 18
നമുക്കു നമ്മുടെ പുത്രിമാരെ അവർക്കു
ഭാര്യമാരായി കൊടുത്തുകൂടാ; ബെന്യാമീ
ന്യർക്കു സ്ത്രീയെ കൊടുക്കുന്നവൻ ശപി
ക്കപ്പെട്ടവൻ എന്നു ഇസ്രായേൽ മക്കൾ
ശപഥം ചെയ്തിരിക്കുന്നുവല്ലോ എന്നും
അവർ പറഞ്ഞു. അപ്പോൾ അവർ: ബേഥേ 19
ലിന്നു വടക്കും ബേഥേലിൽനിന്നു ശെഖേമി
ലേക്കു പോകുന്ന പെരുവഴിക്കു കിഴക്കും
ലെബോനെക്കു തെക്കും ശീലോവിൽ
ആണ്ടുതോറും കർത്താവിൻെറ പെരുനാൾ
ഉണ്ടല്ലോ എന്നു പറഞ്ഞു. ആകയാൽ 20
അവർ ബെന്യാമീന്യരോടു: നിങ്ങൾ ചെന്നു
മുന്തിരിത്തോട്ടങ്ങളിൽ പതിയിരിപ്പിൻ.
ശീലോവിലെ കന്യകമാർ നിരനിരയായി 21
നൃത്തം ചെയ്‌വാൻ പുറപ്പെട്ടുവരുന്നതു
നിങ്ങൾ കാണുമ്പോൾ മുന്തിരിത്തോ
ട്ടങ്ങളിൽനിന്നു പുറപ്പെട്ടു ഓരോരുത്തൻ
ശീലോവിലെ കന്യകമാരിൽനിന്നു ഭാര്യ
യെ പിടിച്ചു ബെന്യാമീൻ ദേശത്തേക്കു
പൊയ്ക്കൊൾവിൻ എന്നു കല്പിച്ചു.
അവരുടെ അപ്പന്മാരോ സഹോദരന്മാരോ 22
ഞങ്ങളുടെ അടുക്കൽ വന്നു സങ്കടം
പറഞ്ഞാൽ ഞങ്ങൾ അവരോടു: നിങ്ങൾ
അവരോടു കരുണ കാണിപ്പിൻ; നാം യുദ്ധ
ത്തിൽ അവർക്കെല്ലാവർക്കും ഭാര്യമാരെ
പിടിച്ചു കൊണ്ടുവന്നില്ല; നിങ്ങൾ കുറ്റ
ക്കാരാകുവാൻ നിങ്ങൾ ഇക്കാലത്ത്
അവർക്കു കൊടുത്തിട്ടും ഇല്ലല്ലോ എന്നു
പറഞ്ഞുകൊള്ളാം.

ബെന്യാമീന്യർ അങ്ങനെ ചെയ്തു; 23
നർത്തകിമാരെ തങ്ങളുടെ എണ്ണത്തിന്ന്
ഒത്തവണ്ണം പിടിച്ചു, തങ്ങളുടെ അവകാശ

ത്തിലേക്കു മടങ്ങിച്ചെന്നു പട്ടണങ്ങളെ
വീണ്ടും പണിതു അവയിൽ പാർത്തു.
24 ഇസ്രായേൽ മക്കളും ആ കാലത്ത് അവിടം
വിട്ടു ഓരോരുത്തൻ താന്താൻെറ ഗോത്ര
ത്തിലേക്കും വീട്ടിലേക്കും പോയി; അങ്ങനെ
അവർ അവിടംവിട്ടു ഓരോരുത്തൻ താന്താ
ൻെറ അവകാശത്തിലേക്കു ചെന്നു. ആ 25
കാലത്തു ഇസ്രായേലിൽ രാജാവില്ലായി
രുന്നു; ഓരോരുവൻ തനിക്കു ബോധിച്ചതു
പോലെ നടന്നു.

എബ്രായർ എന്നു വിളിക്കപ്പെടുന്ന ഗോത്രങ്ങളുടെ പുസ്തകം—
ന്യായാധിപന്മാരുടെ പുസ്തകം—സമാപ്തം.

ദീർഘദർശിയായ ശമുവേൽ
(ഒന്നാം പുസ്തകം)

അദ്ധ്യായം 1

എഫ്രയീം മലനാട്ടിലെ റാംതൊദ്ദൗ
യിൽ എല്ക്കാനാ എന്നു പേരുള്ള ഒരു
ഉണ്ടായിരുന്നു; അവൻ എലീഹൂവി
മകനായ യെരോഹാമിന്റെ മകൻ
ിരുന്നു; എലീഹു എഫ്രാത്തുകാരൻ
ിന്റെ മകനായ തോഹൂവിന്റെ മകൻ
ിരുന്നു. എല്ക്കാനയ്ക്കു രണ്ടു ഭാര്യ
ഉണ്ടായിരുന്നു; ഒരുത്തിക്കു ഹന്നാ
ും മറ്റേവൾക്കു പെനിന്നാ എന്നും പേർ;
ിനയ്ക്കു മക്കൾ ഉണ്ടായിരുന്നു; ഹന്ന
ാ മക്കൾ ഇല്ലായിരുന്നു. അവൻ ശീ
വിൽ ബലവാനായ കർത്താവിന്
്കരിപ്പാനും അവനു യാഗം കഴിപ്പാ
തന്റെ പട്ടണത്തിൽനിന്ന് ആണ്ടു
ും ശീലോവിലേക്കു പോകുക പതി
ിരുന്നു. ഏലിയുടെ രണ്ടു പുത്രന്മാ
കർത്താവിനു പുരോഹിതന്മാരായി
ഹൊഫ്നിയും, ഫീനെഹാസും അവി
ണ്ടായിരുന്നു. എല്ക്കാനാ യാഗം കഴി
മ്പോൾ എല്ലാം തന്റെ ഭാര്യയായ
ിനെയ്ക്കും അവളുടെ സകല പുത്ര
ക്കും പുത്രിമാർക്കും ഓഹരി കൊടു
ഹന്നയ്ക്കോ, അവൻ ഹന്നയെ സ്നേ
കൊണ്ടു ഇരട്ടി ഓഹരി കൊടുത്തു.
ാൽ കർത്താവ് അവളുടെ ഗർഭം അട
ന്നു. കർത്താവ് അവളുടെ ഗർഭം അട
ന്നതിനാൽ അവളുടെ പ്രതിയോഗി
ളെ വ്യസനിപ്പിപ്പാൻ തക്കവണ്ണം വളരെ
നപ്പെടുത്തി. അവൾ കർത്താവിന്റെ
യത്തിലേക്കു പോകുന്ന സമയത്തെ
ആണ്ടുതോറും അവൾ അങ്ങനെ തന്നെ
ു പോന്നു. അവൾ അവളെ ദുഃഖിപ്പിച്ച
ാണ്ട് ഹന്നാ കരഞ്ഞു. പട്ടിണികിടന്നു.
ളുടെ ഭർത്താവായ എല്ക്കാനാ അവ
ു: ഹന്നായേ, നീ എന്തിനു കരയുന്നു?
ിനു പട്ടിണികിടക്കുന്നു? നീ വ്യസനി
ന്നതു എന്ത്? ഞാൻ നിനക്കു പത്തു
ന്മാരെക്കാൾ വിശിഷ്ടനല്ലയോ എന്നു
ന്നു. അവർ ശീലോവിൽവച്ചു ഭക്ഷി

ക്കയും കുടിക്കയും ചെയ്തശേഷം ഹന്നാ
എഴുന്നേറ്റു പോയി. പുരോഹിതനായ ഏലി
കർത്താവിന്റെ മന്ദിരത്തിന്റെ വാതി
ല്ക്കൽ പീഠത്തിന്മേൽ ഇരിക്കയായിരുന്നു.
അവൾ മനോവ്യസനത്തോടെ കർത്താവി 10
നോടു പ്രാർത്ഥിച്ചു വളരെ കരഞ്ഞു. അ
വൾ ഒരു നേർച്ച നേർന്നു: ബലവാനായ 11
കർത്താവേ, അടിയന്റെ സങ്കടം നോക്കി
അടിയനെ ഓർക്കയും അടിയനെ മറക്കാ
തെ ഒരു പുരുഷസന്താനത്തെ നല്കുകയും
ചെയ്താൽ അടിയൻ അവനെ അവന്റെ
ജീവപര്യന്തം കർത്താവിനു കൊടുക്കും;
അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടു
കയുമില്ല എന്നു പറഞ്ഞു. ഇങ്ങനെ അവൾ 12
കർത്താവിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു
കൊണ്ടിരിക്കുമ്പോൾ ഏലി അവളുടെ
വായെ സൂക്ഷിച്ചുനോക്കി. ഹന്നാ ഹൃദയം 13
കൊണ്ടു സംസാരിച്ചതിനാൽ അവളുടെ
അധരം അനങ്ങിയതല്ലാതെ ശബ്ദം കേൾ
പ്പാനില്ലായിരുന്നു; ആകയാൽ അവൾക്കു
ലഹരി പിടിച്ചിരിക്കുന്നു എന്ന് ഏലി വിചാ
രിച്ചു. ഏലി അവളോടു: നീ എത്രത്തോളം 14
ലഹരി പിടിച്ചിരിക്കും? നിന്റെ വീഞ്ഞ്
ഇറങ്ങട്ടെ എന്നു പറഞ്ഞു. അതിന്നു ഹന്നാ
ഉത്തരം പറഞ്ഞതു: അങ്ങനെയല്ല, യജമാ 15
നനേ; ഞാൻ മനോവ്യസനമുള്ളൊരു സ്ത്രീ;
ഞാൻ വീഞ്ഞോ മദ്യമോ കുടിച്ചിട്ടില്ല;
കർത്താവിന്റെ സന്നിധിയിൽ എന്റെ
ഹൃദയം പകരുകയത്രേ ചെയ്തതു. അടിയനെ 16
ഒരു നീചസ്ത്രീയായി വിചാരിക്കരുതേ;
അടിയൻ സങ്കടത്തിന്റെയും വ്യസനത്തി
ന്റെയും ആധിക്യംകൊണ്ടാകുന്നു സംസാ
രിച്ചത്. അതിന്നു ഏലി: സമാധാനത്തോടെ 17
പൊയ്ക്കൊൾക; ഇസ്രായേലിന്റെ ദൈവ
ത്തോടു നീ കഴിച്ച അപേക്ഷ അവൻ നിന
ക്കു നല്കുമാറാകട്ടെ എന്നു ഉത്തരം പറ
ഞ്ഞു. അടിയന്നു തൃക്കണ്ണിൽ കൃപ ലഭിക്കു
മാറാകട്ടെ എന്നു പറഞ്ഞു സ്ത്രീ തന്റെ വഴി 18
ക്കു പോയി. അവളുടെ മുഖം പിന്നെ വാടി
യതുമില്ല. അനന്തരം അവർ അതികാലത്ത് 19
എഴുന്നേറ്റു കർത്താവിന്റെ സന്നിധിയിൽ

ആരാധിച്ചശേഷം റാമയിൽ തങ്ങളുടെ വീ
ട്ടിലേക്കു പോയി. എല്ക്കാനാ തന്റെ ഭാര്യ
20 യായ ഹന്നയെ പരിഗ്രഹിച്ചു; കർത്താവ്
അവളെ ഓർത്തു. ഹന്നാ ഗർഭംധരിച്ച് ഒരു
മകനെ പ്രസവിച്ചു: ഞാൻ അവനെ കർത്താ
വിനോടു അപേക്ഷിച്ചുവാങ്ങി എന്നു പറ
ഞ്ഞു അവന്നു ശമൂവേൽ എന്നു പേരിട്ടു.
21 പിന്നെ എല്ക്കാനായും അവന്റെ കുടുംബ
മെല്ലാം കർത്താവിനു യാഗവും നേർച്ചയും
കഴിപ്പാൻ പോയി. എന്നാൽ ഹന്നാ കൂടെ
22 പോയില്ല; അവൾ ഭർത്താവിനോടു: ശിശു
വിന്റെ മുലകുടി മാറട്ടെ; പിന്നെ അവൻ
കർത്തൃസന്നിധിയിൽ ചെന്നു അവിടെ
എന്നും പാർക്കേണ്ടതിന്നു ഞാൻ അവ
നെയും കൊണ്ടുപോരാം എന്നു പറഞ്ഞു.
23 അവളുടെ ഭർത്താവായ എല്ക്കാനാ അവ
ളോടു: നിന്റെ ഇഷ്ടംപോലെയാകട്ടെ;
അവന്റെ മുലകുടി മാറുംവരെ താമസിക്ക;
കർത്താവ് തന്റെ വചനം നിവർത്തിക്കുമാ
റാകട്ടെ എന്നു പറഞ്ഞു. അങ്ങനെ അവൾ
വീട്ടിൽ താമസിച്ചു മുലകുടി മാറുംവരെ
24 മകനു മുലകൊടുത്തു. അവനു മുലകുടി
മാറിയശേഷം അവൾ മൂന്നുവയസ്സു പ്രായ
മുള്ള ഒരു കാളക്കുട്ടിയും ഒരുപറ മാവും ഒരു
25 തുരുത്തി വീഞ്ഞുമായി അവനെ ശീലോ
വിൽ കർത്താവിന്റെ ആലയത്തിലേക്കു
കൊണ്ടുചെന്നു; ബാലനോ ചെറുപ്പമായി
രുന്നു. അവർ കാളയെ അറുത്തിട്ടു ബാല
നെ ഏലിയുടെ അടുക്കൽ കൊണ്ടു ചെന്നു.
26 അവൾ അവനോടു പറഞ്ഞതു: യജമാനനേ,
യജമാനനാണ, കർത്താവിനോടു പ്രാർത്ഥി
ച്ചുകൊണ്ടു ഇവിടെ സമീപത്തുനിന്നിരുന്ന
27 സ്ത്രീ ഞാൻ ആകുന്നു. ഈ ബാലനുവേണ്ടി
ഞാൻ പ്രാർത്ഥിച്ചു; ഞാൻ കഴിച്ച അപേക്ഷ
ദൈവം എനിക്കു നല്കിയിരിക്കുന്നു. അതു
കൊണ്ടു ഞാൻ അവനെ കർത്താവിനു നി
വേദിച്ചിരിക്കുന്നു; അവൻ ജീവപര്യന്തം
കർത്താവിനു നിവേദിതനായിരിക്കും.
അവർ അവിടെ കർത്താവിനെ നമസ്ക
രിച്ചു.

അദ്ധ്യായം 2

1 അനന്തരം ഹന്നാ പ്രാർത്ഥിച്ചു പറഞ്ഞ
തെന്തെന്നാൽ:
എന്റെ ഹൃദയം ദൈവത്തിൽ ശക്തിപ്പെ
ട്ടിരിക്കുന്നു;
എന്റെ കൊമ്പു ദൈവത്താൽ ഉയർന്നി
രിക്കുന്നു;
എന്റെ വായ് ശത്രുക്കളുടെ നേരെ വിശാല
മാകുന്നു;
നിന്റെ രക്ഷയാൽ നീ എന്നെ സന്തോഷി
പ്പിച്ചിരിക്കുന്നു.
കർത്താവിനെപ്പോലെ പരിശുദ്ധൻ ഇല്ല; 2
നീ അല്ലാതെ ഒരുത്തനുമില്ല;
നമ്മുടെ ദൈവത്തെപ്പോലെ ഒരു ശക്തനും
ഇല്ല.
ഡംഭിച്ചു അഹങ്കരിച്ച് ഇനി സംസാരിക്ക 3
രുത്;
നിങ്ങളുടെ വായിൽനിന്നു അഹങ്കാരം പുറ
പ്പെടരുതു.
കർത്താവ് ജ്ഞാനമുള്ള ദൈവം; അവന്റെ
മുമ്പിൽ തന്ത്രങ്ങൾ സാദ്ധ്യമല്ല
വീരന്മാരുടെ വില്ല് ഒടിഞ്ഞുപോകുന്നു; 4
എളിയവരോ ബലം ധരിക്കുന്നു.
സമ്പന്നർ ആഹാരത്തിന്നായി കൂലിക്കു 5
നില്ക്കുന്നു;
വിശന്നവർ വിശ്രമം പ്രാപിക്കുന്നു;
വന്ധ്യ പ്രസവിക്കുന്നു; തൃപ്തയാകുന്നു;
പുത്രസമ്പന്നയോ ക്ഷയിച്ചുപോകുന്നു.
ദൈവം കൊല്ലുകയും ജീവിപ്പിക്കയും 6
ചെയ്യുന്നു;
പാതാളത്തിൽ ഇറക്കുകയും ഉദ്ധരിക്കു
കയും ചെയ്യുന്നു.
അവൻ ദാരിദ്ര്യവും ഐശ്വര്യവും നല്കുന്നു; 7
അവൻ താഴ്ത്തുകയും ഉയർത്തുകയും
ചെയ്യുന്നു.
അവൻ ദരിദ്രനെ പൊടിയിൽനിന്നു എഴു 8
ന്നേല്പ്പിക്കുന്നു
അഗതിയെ കുപ്പയിൽ നിന്നു ഉയർത്തുന്നു;
പ്രഭുക്കന്മാരോടു കൂടെ ഇരുത്തുവാനും
മഹിമാസനം അവകാശമായി നല്കു
വാനും തന്നേ
ഭൂതലം ദൈവത്തിനുള്ളത്;
ഭൂമണ്ഡലത്തെ അവയുടെ മേൽ വെച്ചി
രിക്കുന്നു.
തന്റെ വിശുദ്ധന്മാരുടെ കാലുകളെ അവൻ 9
കാക്കുന്നു:
ദുഷ്ടന്മാർ അന്ധകാരത്തിൽ മിണ്ടാതെ
യാകുന്നു;
സ്വശക്തിയാൽ ഒരുത്തനും ജയിക്കയില്ല.
തന്നോട് എതിർക്കുന്നവനെ അവൻ 10
തകർക്കും;
അവൻ ആകാശത്തുനിന്നു അവരുടെമേൽ
ഇടിമുഴക്കും.
ദൈവം ഭൂവാസികളെ വിധിക്കുന്നു;
തന്റെ രാജാവിന്നു ശക്തി കൊടുക്കുന്നു;
തന്റെ അഭിഷിക്തന്റെ കൊമ്പു ഉയർ
ത്തുന്നു.
പിന്നെ എല്ക്കാനായും ഹന്നായും 11
റാമയിൽ തന്റെ വീട്ടിലേക്കു പോയി.

ൻ പുരോഹിതനായ ഏലിയുടെ
ൽ ദൈവശുശ്രൂഷ ചെയ്തു പോന്നു.
എന്നാൽ ഏലിയുടെ പുത്രന്മാർ നീച
ം ദൈവത്തെ അറിയാത്തവരും ആയി
. അവർ ഒരു മുപ്പല്ലി ഉണ്ടാക്കി. ഈ
ോഹിതന്മാർ ജനത്തോടു പെരുമാറിയ
എങ്ങനെയെന്നാൽ: വല്ലവരും ഒരു
ം കഴിക്കുമ്പോൾ മാംസം വേവിക്കുന്ന
ത്തു പുരോഹിതന്റെ വേലക്കാരൻ
ൽ മുപ്പല്ലിയുമായി വന്നു കലത്തിലോ
യിലോ കുട്ടകത്തിലോ ചട്ടിയിലോ
ും; മുപ്പല്ലിയിൽ പിടിച്ചതൊക്കെയും
ോഹിതൻ എടുക്കും. ശീലോവിൽ
ന എല്ലാ ഇസ്രായേല്യരോടും അവർ
നെ ചെയ്തു. മേദസ്സു ദഹിപ്പിക്കുംമുമ്പെ
ോഹിതന്റെ വേലക്കാരൻ വന്നു
ം കഴിക്കുന്നവനോടു: പുരോഹിതന്നു
പ്പാൻ മാംസം തരിക; പച്ചമാംസമല്ലാതെ
ിച്ചതു അവൻ വാങ്ങുകയില്ല എന്നു
ും. മേദസ്സു ദഹിപ്പിച്ചുകഴിയട്ടെ;
ിന്റെശേഷം നീ ആഗ്രഹിക്കുന്നി
ോളം എടുത്തുകൊൾക എന്നു അവ
ു പറഞ്ഞാൽ അവൻ അവനോടു:
ഇപ്പോൾ തന്നെ തരണം; അല്ലെങ്കിൽ
ൽ ബലമായി എടുക്കും എന്നു പറയും.
നെ ആ യൗവനക്കാർ ദൈവത്തിന്റെ
ാടു നിന്ദിച്ചതുകൊണ്ടു അവരുടെ
ം ദൈവത്തിന്റെ സന്നിധിയിൽ ഏറ്റ
വലിയതായിരുന്നു.
ശമൂവേൽ എന്ന ബാലനോ പഞ്ഞി
കൊണ്ടുള്ള അങ്കി ധരിച്ചു ദൈവത്തി
സന്നിധിയിൽ ശുശ്രൂഷ ചെയ്തുപോ
അവന്റെ അമ്മ ആണ്ടുതോറും ഒരു
യ അങ്കി ഉണ്ടാക്കി തന്റെ ഭർത്താ
ോടുകൂടെ വർഷാന്തരയാഗം കഴിപ്പാൻ
മ്പോൾ അവന്നു കൊണ്ടുവന്നു
ുക്കുമായിരുന്നു.
ഏലി എല്ക്കാനയെയും അവന്റെ
യെയും അനുഗ്രഹിച്ചു: ഈ സ്ത്രീ
വത്തിനു കഴിച്ച നിവേദ്യത്തിന്നു
ം ദൈവം അവളിൽ നിന്നു നിനക്കു
തിയെ നല്കുമാറാകട്ടെ എന്നു പറ
. പിന്നെ അവർ തങ്ങളുടെ വീട്ടിലേ
പോയി. ദൈവം ഹന്നയെ കടാക്ഷിച്ചു;
ൾ ഗർഭം ധരിച്ചു മൂന്നു പുത്രന്മാരെയും
പുത്രിമാരെയും പ്രസവിച്ചു. ശമൂവേൽ
ലനോ ദൈവസന്നിധിയിൽ വളർന്നു
.
ഏലി വൃദ്ധനായി. അവന്റെ പുത്ര
എല്ലാ ഇസ്രായേലിനോടും ചെയ്തു
ന്നതെല്ലാം, സമാഗമനകൂടാരത്തിന്റെ
വാതില്ക്കൽ പ്രാർത്ഥിക്കുന്ന സ്ത്രീകളുടെ
കൂടെ ശയിക്കുന്നതും അവൻ കേട്ടു. അവൻ 23
അവരോടു: നിങ്ങൾ ഈവക ചെയ്യുന്നതു
എന്തു? നിങ്ങളുടെ ദുഷ്പ്രവൃത്തികളെ
ക്കുറിച്ചു ഈ ജനമൊക്കെയും പറഞ്ഞു
ഞാൻ കേൾക്കുന്നു. അങ്ങനെ അരുതു, 24
എന്റെ മക്കളേ; ദൈവജനം നിങ്ങളെക്കു
റിച്ചു പ്രചരിപ്പിക്കുന്നതായി ഞാൻ കേൾ
ക്കുന്ന വാർത്ത നന്നല്ല. മനുഷ്യൻ മനുഷ്യ 25
നോടു പാപം ചെയ്താൽ അവനുവേണ്ടി
ദൈവത്തോടു അപേക്ഷിക്കാം; മനുഷ്യൻ
ദൈവത്തോടു പാപം ചെയ്താലോ അവ
നു വേണ്ടി ആർ അപേക്ഷിക്കും എന്നു
പറഞ്ഞു. എങ്കിലും അവരെ കൊല്ലുവാൻ
ദൈവം നിശ്ചയിച്ചതുകൊണ്ടു അവർ
പിതാവിന്റെ വാക്കു വകവെച്ചില്ല.
ശമൂവേൽ ബാലനോ വളരുന്തോറും ദൈവ 26
ത്തിന്നും മനുഷ്യർക്കും പ്രീതിയുള്ളവനായി
വളർന്നു.

അനന്തരം ഒരു ദൈവപുരുഷൻ ഏലി 27
യുടെ അടുക്കൽ വന്ന് അവനോടു പറ
ഞ്ഞതു: ദൈവം ഇപ്രകാരം അരുളിച്ചെ
യ്യുന്നു: നിന്റെ പിതൃഭവനം മിസ്രയീമിൽ
ഫറവോന്റെ ഗൃഹത്തിന്നു അടിമകളായി
രുന്നപ്പോൾ ഞാൻ അവർക്കു വെളിപ്പെട്ടു.
എന്റെ യാഗപീഠത്തിന്മേൽ ബലികരേറ്റു 28
വാനും ധൂപം കാട്ടുവാനും എന്റെ സന്നിധി
യിൽ ഏഫോദ് ധരിപ്പാനും ഞാൻ അവനെ
ഇസ്രായേലിന്റെ സകല ഗോത്രങ്ങളിൽ
നിന്നും എനിക്കു പുരോഹിതനെ തിരഞ്ഞെ
ടുത്തു; ഇസ്രായേൽ മക്കളുടെ സകല
ദഹനയാഗങ്ങളെയും ഞാൻ നിന്റെ പിതൃ
ഭവനത്തിന്നു കൊടുത്തു. തിരുനിവാസ 29
ത്തിൽ അർപ്പിപ്പാൻ ഞാൻ കല്പിച്ചിട്ടുള്ള
എന്റെ യാഗവും വഴിപാടും നിങ്ങൾ ചവി
ട്ടുകയും എന്റെ ജനമായ ഇസ്രായേലിന്റെ
എല്ലാ നേർച്ചകളിലും പ്രധാനഭാഗം
കൊണ്ടു നിങ്ങളെത്തന്നെ കൊഴുപ്പിപ്പാൻ
തക്കവണ്ണം നീ നിന്റെ പുത്രന്മാരെ എന്നെ
ക്കാൾ ബഹുമാനിക്കുകയും ചെയ്യുന്നതു
എന്ത്? ആകയാൽ ഇസ്രായേലിന്റെ 30
ദൈവമായ കർത്താവ് ഇപ്രകാരം അരുളി
ച്ചെയ്യുന്നു: നിന്റെ ഭവനവും നിന്റെ 31
പിതൃഭവനവും എന്റെ സന്നിധിയിൽ
നിത്യം പരിചരിക്കുമെന്നു ഞാൻ കല്പിച്ചി
രുന്നു നിശ്ചയം; എങ്കിലും ദൈവം
അരുളിച്ചെയ്യുന്നതു: അങ്ങനെ ഒരിക്കലും
ആകയില്ല; എന്നെ മാനിക്കുന്നവരെ ഞാൻ
മാനിക്കും; എന്നെ നിന്ദിക്കുന്നവർ നിന്ദിത

രാകും. നിൻെറ ഭവനത്തിൽ ഒരു വൃദ്ധനും
ഉണ്ടാകാതവണ്ണം ഞാൻ നിൻെറ ഭുജവും
നിൻെറ പിതൃഭവനത്തിൻെറ ഭുജവും
തകർത്തുകളയുന്ന നാളുകൾ ഇതാ വരു
32 ന്നു, ഇസ്രായേലിന്നു ലഭിപ്പാനുള്ള എല്ലാ
നന്മകളുടെയും മദ്ധ്യേ നീ തിരുനിവാസ
ത്തിൽ ഒരു പ്രതിയോഗിയെ കാണും;
നിൻെറ ഭവനത്തിൽ ഒരുനാളും ഒരു വൃദ്ധൻ
33 ഉണ്ടാകുകയുമില്ല. നിൻെറ കണ്ണു ക്ഷയിപ്പി
പ്പാനും നിൻെറ ഹൃദയം വ്യസനിപ്പാനും
ഞാൻ നിൻെറ ഭവനത്തിൽ ഒരുത്തനെ
എൻെറ യാഗപീഠത്തിൽനിന്നു ഛേദിച്ചു
കളയാതെ വച്ചേക്കും; നിൻെറ ഭവനത്തി
ലെ സന്താനമെല്ലാം പുരുഷപ്രായത്തിൽ
34 മരിക്കും. നിൻെറ രണ്ടു പുത്രന്മാരായ
ഹൊഫ്നിക്കും ഫീനെഹാസിനും ഭവിപ്പാ
നിരിക്കുന്നതു നിനക്കു ഒരു അടയാളമാകും;
അവർ ഇരുവരും ഒരു ദിവസത്തിൽതന്നെ
35 മരിക്കും. എന്നാൽ എൻെറ പ്രസാദവും
ഹിതവും അനുഷ്ഠിക്കുന്ന ഒരു വിശ്വസ്ത
പുരോഹിതനെ ഞാൻ എനിക്കു എഴുന്നേ
ല്പിക്കും; അവനു ഞാൻ സ്ഥിരമായൊരു
ഭവനം പണിയും; അവൻ അഭിഷിക്തനായി
എൻെറ മുമ്പാകെ നിത്യം പരിചരിക്കും.
36 നിൻെറ ഭവനത്തിൽ ശേഷിച്ചിരിക്കുന്നവ
നെല്ലാം അവൻെറ അടുക്കൽ വന്നു ഒരു
വെള്ളിക്കാശിന്നും ഒരു അപ്പത്തിന്നുമായിട്ടു
അവനെ കുമ്പിട്ടു: ഒരു കഷണം അപ്പം
തിന്മാൻ ഇടവരേണ്ടതിന്നു എന്നെ ഒരു
പുരോഹിതൻെറ ജോലിക്കാക്കേണമേ
എന്ന് അപേക്ഷിക്കും.

അദ്ധ്യായം 3

1 ബാലനായ ശമൂവേൽ ഏലിയുടെ
മുമ്പാകെ ദൈവത്തിനു ശുശ്രൂഷ ചെയ്തു
പോന്നു; ആ കാലത്തു ദൈവത്തിൻെറ
2 വചനം വിശിഷ്ടമായിരുന്നു; ദർശനം ഏറെ
ഇല്ലായിരുന്നു. ആ കാലത്തു ഒരിക്കൽ ഏലി
തൻെറ സ്ഥലത്തു കിടന്നുറങ്ങി; കാണ്മാൻ
വഹിയാതവണ്ണം അവൻെറ കണ്ണു മങ്ങി
3 ത്തുടങ്ങിയിരുന്നു. ശമൂവേൽ ദൈവത്തി
ൻെറ പെട്ടകം ഇരിക്കുന്ന ദൈവമന്ദിര
ത്തിൽ ദൈവത്തിൻെറ വിളക്കു കെടു
4 ന്നതിനു മുമ്പെ ചെന്നു കിടന്നു. ദൈവം
ശമുവേലിനെ വിളിച്ചു; അടിയൻ എന്നു
അവൻ വിളി കേട്ടു ഏലിയുടെ അടുക്കൽ
ഓടിച്ചെന്നു: അടിയൻ ഇതാ; എന്നെ വിളി
5 ച്ചുവല്ലോ എന്നു പറഞ്ഞു. ഞാൻ വിളിച്ചില്ല;
പോയി കിടന്നുകൊൾക എന്നു അവൻ
പറഞ്ഞു; അവൻ പോയി കിടന്നു. ദൈവം
പിന്നെയും: ശമൂവേലേ എന്നു വിളിച്ചു.
ശമൂവേൽ എഴുന്നേറ്റു ഏലിയുടെ അടുക്കൽ 6
ചെന്നു: അടിയൻ ഇതാ; എന്നെ വിളിച്ചു
വല്ലോ എന്നു പറഞ്ഞു. ഞാൻ വിളിച്ചില്ല,
മകനേ, പോയി കിടന്നുകൊൾക എന്നു
അവൻ പറഞ്ഞു. ശമൂവേൽ അന്നുവരെ 7
ദൈവത്തെ അറിഞ്ഞിരുന്നില്ല; ദൈവ
വചനം അവനു അന്നുവരെ വെളി
പ്പെട്ടിരുന്നില്ല. ദൈവം ശമൂവേലിനെ 8
മൂന്നാം പ്രാവശ്യം വിളിച്ചു. അവൻ എഴു
ന്നേറ്റു ഏലിയുടെ അടുക്കൽ ചെന്നു:
അടിയൻ ഇതാ; എന്നെ വിളിച്ചുവല്ലോ
എന്നു പറഞ്ഞു. അപ്പോൾ ദൈവമായി
രുന്നു ബാലനെ വിളിച്ചതു എന്നു ഏലിക്കു
മനസ്സിലായി. ഏലി ശമുവേലിനോടു: 9
പോയി കിടന്നുകൊൾക; ഇനിയും നിന്നെ
വിളിച്ചാൽ: ദൈവമേ, അരുളിച്ചെയ്യേണമേ;
അടിയൻ കേൾക്കുന്നു എന്നു പറഞ്ഞു
കൊള്ളണം എന്നു പറഞ്ഞു. അങ്ങനെ
ശമൂവേൽ തൻെറ സ്ഥലത്തു ചെന്നുകിട
ന്നു. അപ്പോൾ ദൈവം വന്നുനിന്നു 10
മുമ്പത്തെപ്പോലെ രണ്ടുപ്രാവശ്യം: ശമൂവേ
ലേ, ശമൂവേലേ എന്നു വിളിച്ചു. അതിന്നു
ശമൂവേൽ: അരുളിച്ചെയ്യണമേ; അടിയൻ
കേൾക്കുന്നു എന്നു പറഞ്ഞു. കർത്താവ് 11
ശമൂവേലിനോടു അരുളിച്ചെയ്തതു: "ഇതാ,
ഞാൻ ഇസ്രായേലിൽ ഒരു കാര്യം ചെയ്യും;
അതു കേൾക്കുന്നവൻെറ ചെവി രണ്ടും
മുഴങ്ങും. ഞാൻ ഏലിയുടെ ഭവനത്തെ 12
ക്കുറിച്ചു അരുളിച്ചെയ്തതെല്ലാം ഞാൻ
അന്നു അവൻെറമേൽ ആദ്യന്തം വരുത്തും.
അവൻെറ പുത്രന്മാർ ദൈവദൂഷണം പറ 13
യുന്ന അകൃത്യം അവൻ അറിഞ്ഞിട്ടും
അവരെ ശാസിച്ചമർത്തായ്കകൊണ്ടു
ഞാൻ അവൻെറ ഭവനത്തിന്നു എന്നേക്കും
ശിക്ഷ വിധിക്കും എന്നു ഞാൻ അവനോടു
കല്പിച്ചിരിക്കുന്നു. ഏലിയുടെ ഭവനത്തി 14
ൻെറ അകൃത്യത്തിന്നു യാഗത്താലും
വഴിപാടിനാലും ഒരുനാളും പരിഹാരം വരി
കയില്ല എന്നു ഞാൻ ഏലിയുടെ ഭവന
ത്തോടു സത്യം ചെയ്തിരിക്കുന്നു." പിന്നെ 15
ശമൂവേൽ രാവിലെവരെ കിടന്നുറങ്ങി;
രാവിലെ ദൈവത്തിൻെറ ആലയത്തിൻെറ
വാതിലുകൾ തുറന്നു. എന്നാൽ ഈ
ദർശനം ഏലിയെ അറിയിപ്പാൻ ശമുവേൽ
ശങ്കിച്ചു. ഏലി ശമുവേലിനെ വിളിച്ചു: ശമൂ 16
വേലേ, മകനേ, എന്നു പറഞ്ഞു. അടിയൻ
ഇതാ എന്ന് അവൻ പറഞ്ഞു. അപ്പോൾ 17
അവൻ: നിനക്കുണ്ടായ അരുളപ്പാട് എന്ത്?
എന്നെ ഒന്നും മറയ്ക്കരുതേ; നിന്നോടു

ിച്ചെയ്ത സകലത്തിലും ഒരു വാക്കെ
മറച്ചാൽ ദൈവം നിന്നോടു തക്ക
ും അധികവും ചെയ്യട്ടെ എന്നു പറ
അങ്ങനെ ശമൂവേൽ സകലവും
ന അറിയിച്ചു; ഒന്നും മറച്ചില്ല.
ൽ അവൻ: ദൈവമല്ലോ; തൻെറ
പോലെ ചെയ്യട്ടെ എന്നു പറഞ്ഞു.
ൽ ശമൂവേൽ ദൈവം അവനോടു
ഉണ്ട് എന്ന് അറിഞ്ഞു; അവൻെറ
ങ്ങളിൽ ഒന്നും നിഷ്ഫലമാകുവാൻ
ുത്തിയില്ല. ദാൻ മുതൽ ബേർ-ശേബ
ുള്ള ഇസ്രായേലൊക്കെയും ശമൂ
ദൈവത്തിൻെറ വിശ്വസ്തപ്രവാചകൻ
ഗ്രഹിച്ചു. ഇങ്ങനെ ദൈവം
ാവിൽ വച്ചു ശമൂവേലിന്നു ദൈവത്തി
വചനത്താൽ വെളിപ്പെട്ടശേഷം
വീണ്ടും വീണ്ടും ശീലോവിൽ വച്ചു
ക്ഷനായി.

അധ്യായം 4

മൂവേലിൻെറ വചനം എല്ലാ ഇസ്രാ
ന്നും വന്നിട്ടു: ഇസ്രായേൽ ഫെലിസ്ത്യ
നേരെ യുദ്ധത്തിന്നു പുറപ്പെട്ടു,
യപാറയുടെ അടുക്കൽ പാളയം
ി, ഫെലിസ്ത്യർ അഫേക്കിലും
മിറങ്ങി. ഫെലിസ്ത്യർ ഇസ്രായേലി
നേരെ അണിനിരന്നു; ഇസ്രായേൽ
ന്യം ഫെലിസ്ത്യരോടു തോറ്റുപോയി;
ന്യത്തിൽ ഏകദേശം നാലായിരം
അവർ യുദ്ധഭൂമിയിൽ വച്ചു സംഹ
സൈന്യം പാളയത്തിൽ വന്നപ്പോൾ
യേൽ മൂപ്പന്മാർ: ഇന്നു ദൈവം
ഫെലിസ്ത്യരോടു തോല്ക്കുമാറാ
തു എന്തു? നാം ശീലോവിൽ നിന്നു
ത്തിൻെറ നിയമപെട്ടകം നമ്മുടെ
ൽ വരുത്തുക; അതു നമ്മുടെ
ൽ വന്നാൽ നമ്മെ നമ്മുടെ ശത്രുക്ക
കയ്യിൽനിന്നു രക്ഷിക്കും എന്നു പറ
അങ്ങനെ ജനം ശീലോവിലേക്കു
ച്ചു, അവർ കെരൂബുകളുടെ മദ്ധ്യേ
വസിക്കുന്നവനായ സർവ്വശക്തനായ
ാവിൻെറ നിയമപെട്ടകം അവിടെനി
കാണ്ടുവന്നു. ഏലിയുടെ രണ്ടു പുത്ര
യ ഹൊഫ്നിയും ഫീനെഹാസും
ത്തിൻെറ നിയമപെട്ടകത്തോടുകൂടെ
യിരുന്നു. ദൈവത്തിൻെറ നിയമ പെട്ട
ളയത്തിൽ എത്തിയപ്പോൾ ഭൂമി കുലു
ണ്ണം ഇസ്രായേലെല്ലാം ഉച്ചത്തിൽ
ിട്ടു. ഫെലിസ്ത്യർ ആർപ്പിൻെറ ശബ്ദം
ു എബ്രായരുടെ പാളയത്തിൽ ഈ

വലിയ ആർപ്പിൻെറ കാരണം എന്തു എന്നു
അന്വേഷിച്ചു, ദൈവത്തിൻെറ പെട്ടകം പാള
യത്തിൽ വന്നിരിക്കുന്നു എന്നു ഗ്രഹിച്ചു.
ദൈവം പാളയത്തിൽ വന്നിരിക്കുന്നു എന്നു 7
ഫെലിസ്ത്യർ പറഞ്ഞു ഭയപ്പെട്ടു: നമുക്കു
അയ്യോ കഷ്ടം! ശക്തിയുള്ള ഈ ദൈവ
ത്തിൻെറ കയ്യിൽ നിന്നു നമ്മെ ആർ രക്ഷി
ക്കും? മിസ്രയീമ്യരേ, ഫെലിസ്ത്യരേ, ധൈര്യം 8
പൂണ്ടു പുരുഷത്വം കാണിപ്പിൻ; എബ്രായർ
നിങ്ങൾക്കു ദാസന്മാർ ആയിരിക്കുന്നതു 9
പോലെ നിങ്ങൾ അവർക്കു ആകരുത്;
പുരുഷത്വം കാണിച്ചു പൊരുതുവിൻ എന്നു
പറഞ്ഞു. അങ്ങനെ ഫെലിസ്ത്യർ യുദ്ധം 10
തുടങ്ങിയപ്പോൾ ഇസ്രായേൽ തോറ്റു;
ഓരോരുത്തൻ താന്താൻെറ വീട്ടിലേക്കു
ഓടി; ഇസ്രായേലിൽ മുപ്പതിനായിരം
കാലാൾ വീണുപോകത്തക്കവണ്ണം ഒരു
മഹാസംഹാരം ഉണ്ടായി. ദൈവത്തിൻെറ 11
പെട്ടകം പിടിക്കപ്പെട്ടു; ഏലിയുടെ രണ്ടു
പുത്രന്മാരായ ഹൊഫ്നിയും ഫീനെഹാ
സും മരിച്ചു. യുദ്ധഭൂമിയിൽ നിന്നു ഒരു ബെ 12
ന്യാമീന്യൻ വസ്ത്രം കീറിയും തലയിൽ പൂഴി
വാരിയിട്ടും കൊണ്ടു ഓടി അന്നു തന്നേ ശീ
ലോവിൽ വന്നു. അവൻ വരുമ്പോൾ ഏലി 13
നോക്കിക്കൊണ്ടു വഴിയരികെ തൻെറ പീഠ
ത്തിന്മേൽ ഇരിക്കുകയായിരുന്നു. ദൈവ
ത്തിൻെറ പെട്ടകത്തെക്കുറിച്ചു അവൻെറ
ഹൃദയം വ്യാകുലപ്പെട്ടിരുന്നു; ആ മനുഷ്യൻ
പട്ടണത്തിൽ എത്തി വസ്തുത പറഞ്ഞപ്പോൾ
പട്ടണത്തിലെല്ലാം നിലവിളിയായി. ഏലി 14
നിലവിളി കേട്ടപ്പോൾ ഈ ആരവം എന്തു
എന്നു ചോദിച്ചു. ആ മനുഷ്യൻ ബദ്ധപ്പെട്ടു
വന്നു ഏലിയോടും അറിയിച്ചു. ഏലിയോ 15
തൊണ്ണൂറ്റെട്ടു (എഴുപത്തെട്ടു എന്നും കാ
ണുന്നു) വയസ്സുള്ളവനും കാണ്മാൻ വഹി
യാതവണ്ണം കണ്ണു മങ്ങിയവനും ആയിരു
ന്നു. ആ മനുഷ്യൻ ഏലിയോടു: ഞാൻ 16
യുദ്ധഭൂമിയിൽനിന്നു വന്നവനാകുന്നു;
ഇന്നു തന്നേ ഞാൻ പോർക്കളത്തിൽനിന്നു
ഓടിപ്പോന്നു എന്നു പറഞ്ഞു. വാർത്ത
എന്താകുന്നു, മകനേ, എന്നു അവൻ ചോ
ദിച്ചു. അതിന്നു ആ ദൂതൻ: ഇസ്രായേൽ 17
ഫെലിസ്ത്യരുടെ മുമ്പിൽ തോറ്റോടി; ജന
ത്തിൽ ഒരു മഹാസംഹാരം ഉണ്ടായി; അങ്ങ
യുടെ രണ്ടു പുത്രന്മാരായ ഹൊഫ്നിയും
ഫീനെഹാസും മരിച്ചു; ദൈവത്തിൻെറ
പെട്ടകവും പിടിപെട്ടുപോയി എന്നു പറ
ഞ്ഞു. അവൻ ദൈവത്തിൻെറ പെട്ടക 18
ത്തിൻെറ വസ്തുത പറഞ്ഞപ്പോൾ ഏലി
പടിവാതില്ക്കൽ പീഠത്തിന്മേൽ നിന്നു

പിറകോട്ടു വീണു കഴുത്തൊടിഞ്ഞു മരിച്ചു;
അവൻ വൃദ്ധനും സ്ഥൂലിച്ചവനും ആയി
രുന്നു. അവൻ നാല്പതു സംവത്സരം
ഇസ്രായേലിന്നു ന്യായപാലനം ചെയ്തു.
19 അവന്റെ മരുമകൾ ഫിനെഹാസിന്റെ
ഭാര്യ പ്രസവിക്കാറായ ഗർഭിണിയായിരുന്നു;
ദൈവത്തിന്റെ പെട്ടകം പിടിപെട്ടുപോ
യതും അമ്മാവിയപ്പനും ഭർത്താവും മരിച്ച
തും കേട്ടപ്പോൾ അവൾക്കു പ്രസവവേദന
20 തുടങ്ങി; അവൾ നിലത്തുവീണു പ്രസവിച്ചു.
അവൾ മരിപ്പാറായപ്പോൾ അരികെനിന്ന
സ്ത്രീകൾ അവളോടു: ഭയപ്പെടേണ്ട; നീ ഒരു
മകനെ പ്രസവിച്ചുവല്ലോ എന്നു പറഞ്ഞു.
എന്നാൽ അവൾ ഉത്തരം പറഞ്ഞില്ല,
21 ശ്രദ്ധിച്ചതുമില്ല. ദൈവത്തിന്റെ പെട്ടകം
പിടിപെട്ടു പോകകൊണ്ടും അമ്മാവിയപ്പ
നെയും ഭർത്താവിനെയും ഓർത്തിട്ടും: മഹ
ത്വം ഇസ്രായേലിൽ നിന്നു പൊയ്പോയി
എന്നു പറഞ്ഞു അവൾ കുഞ്ഞിന്നു ഈഖാ
ബോദ് എന്നു പേർ ഇട്ടു. ദൈവത്തിന്റെ
പെട്ടകം പിടിപെട്ടുപോകകൊണ്ടു മഹത്വം
ഇസ്രായേലിൽനിന്നു പൊയ്പോയി എന്നു
അവൾ പറഞ്ഞു.

അദ്ധ്യായം 5

1 ഫെലിസ്ത്യർ ദൈവത്തിന്റെ പെട്ടകം
എടുത്തു. അതിനെ സഹായപാറയിൽ
നിന്നു അസ്തോദിലേക്കു കൊണ്ടുപോയി.
2 ഫെലിസ്ത്യർ ദൈവത്തിന്റെ പെട്ടകം എടു
ത്തു ദാഗോന്റെ ക്ഷേത്രത്തിൽ കൊണ്ടു
3 ചെന്നു ദാഗോന്റെ അരികെ വച്ചു. പിറ്റെ
ദിവസം രാവിലെ അസ്തോദ്യർ എഴുന്നേറ്റ
പ്പോൾ ദാഗോൻ ദൈവത്തിന്റെ പെട്ടക
ത്തിന്റെ മുമ്പിൽ കവിണ്ണു വീണു കിടക്കു
ന്നതു കണ്ടു. അവർ ദാഗോനെ എടുത്തു
വീണ്ടും അവന്റെ സ്ഥാനത്തു നിർത്തി.
4 പിറ്റെ ദിവസം രാവിലെ അവർ വന്നപ്പോൾ
ദാഗോൻ ദൈവത്തിന്റെ പെട്ടകത്തിന്റെ
മുമ്പിൽ കവിണ്ണുവീണു കിടക്കുന്നതു
കണ്ടു. ദാഗോന്റെ തലയും അവന്റെ
കൈപ്പത്തികളും ഉമ്മരപ്പടിമേൽ മുറിഞ്ഞു
കിടന്നു; ദാഗോന്റെ ഉടൽമാത്രം ശേഷിച്ചി
5 രുന്നു. അതുകൊണ്ട് ദാഗോന്റെ പുരോ
ഹിതന്മാരും ദാഗോന്റെ ക്ഷേത്രത്തിൽ
കടക്കുന്നവരും അസ്തോദിൽ ദാഗോന്റെ
ഉമ്മരപ്പടിമേൽ ചവിട്ടുമാറില്ല.
6 ദൈവത്തിന്റെ കൈ അസ്തോദ്യരുടെ
മേൽ ഭാരമായിരുന്നു; അവൻ അവരെ
ശൂന്യമാക്കി അസ്തോദിലും അതിന്റെ
അതിരുകളിലും ഉള്ളവരെ "മൂലരോഗ"
ത്താൽ ബാധിച്ചു. അങ്ങനെ ഭവിച്ചതു 7
അസ്തോദ്യർ കണ്ടിട്ടു: ഇസ്രായേലിന്റെ
ദൈവത്തിന്റെ പെട്ടകം നമ്മുടെ അടുക്കൽ
ഇരിക്കരുതു; അവന്റെ കൈ നമ്മുടെമേലും
നമ്മുടെ ദേവനായ ദാഗോന്റെ മേലും
കഠിനമായിരിക്കുന്നു എന്നു പറഞ്ഞു.
അവർ ആളയച്ചു ഫെലിസ്ത്യരുടെ സകല 8
പ്രഭുക്കന്മാരെയും വിളിച്ചുകൂട്ടി: ഇസ്രായേ
ല്യരുടെ ദൈവത്തിന്റെ പെട്ടകം സംബന്ധി
ച്ചു നാം എന്തുചെയ്യേണ്ടു എന്നു ചോദിച്ചു.
അതിന്നു അവർ: ഇസ്രായേല്യരുടെ
ദൈവത്തിന്റെ പെട്ടകം ഗത്തിലേക്കു കൊ
ണ്ടുപോകട്ടെ എന്നു പറഞ്ഞു. അങ്ങനെ
അവർ ഇസ്രായേല്യരുടെ ദൈവത്തിന്റെ
പെട്ടകം കൊണ്ടുപോയി. അവർ അതു കൊ 9
ണ്ടുചെന്നശേഷം ഏററവും വലിയൊരു
പരിഭ്രമം ഉണ്ടാകത്തക്കവണ്ണം ദൈവത്തി
ന്റെ കൈ ആ പട്ടണത്തിന്നും വിരോധ
മായിത്തീർന്നു; അവൻ പട്ടണക്കാരെ
ആബാലവൃദ്ധം ശിക്ഷിച്ചു; അവർക്കും
മൂലരോഗം തുടങ്ങി. അതുകൊണ്ടു അവർ 10
ദൈവത്തിന്റെ പെട്ടകം എക്രോനിലേക്കു
കൊടുത്തയച്ചു. ദൈവത്തിന്റെ പെട്ടകം
എക്രോനിൽ എത്തിയപ്പോൾ എക്രോന്യർ:
നമ്മെയും നമുക്കുള്ളവരെയും കൊല്ലുവാൻ
അവർ ഇസ്രായേല്യരുടെ ദൈവത്തിന്റെ
പെട്ടകം നമ്മുടെ അടുക്കൽ കൊണ്ടുവന്നി
രിക്കുന്നു എന്നു പറഞ്ഞു നിലവിളിച്ചു.
അവർ ആളയച്ചു ഫെലിസ്ത്യരുടെ സകല 11
പ്രഭുക്കന്മാരെയും കൂട്ടിവരുത്തി: ഇസ്രായേ
ല്യരുടെ ദൈവത്തിന്റെ പെട്ടകം നമ്മെയും
നമ്മുടെ ജനത്തെയും കൊല്ലാതിരിക്കേണ്ട
തിന്നു അതിനെ വിട്ടയച്ചുകളയണം; അതു
വീണ്ടും അതിന്റെ സ്ഥലത്തേക്കു പോ
കട്ടെ എന്നു പറഞ്ഞു. ആ പട്ടണത്തിലെ
ങ്ങും മരണകരമായ പരിഭ്രമം ഉണ്ടായി;
ദൈവത്തിന്റെ കൈ അവിടെയും അതി
ഭാരമായിരുന്നു. മരിക്കാതിരുന്നവർ മൂല 12
രോഗത്താൽ ബാധിതരായി; പട്ടണത്തിലെ
നിലവിളി ആകാശത്തിലേക്കു ഉയർന്നു.

അദ്ധ്യായം 6

ദൈവത്തിന്റെ പെട്ടകം ഏഴുമാസം 1
ഫെലിസ്ത്യദേശത്ത് ആയിരുന്നു. എ 2
ന്നാൽ, ഫെലിസ്ത്യർ പുരോഹിതന്മാരെ
യും പ്രമാണികളേയും വരുത്തി: നാം ദൈവ
ത്തിന്റെ പെട്ടകം സംബന്ധിച്ചു എന്തു ചെ
യ്യേണ്ടു? അതിനെ അതിന്റെ സ്ഥലത്തേ
ക്കു വിട്ടയക്കേണ്ടതെങ്ങനെ എന്നു ഞങ്ങൾ
ക്കു പറഞ്ഞുതരുവിൻ എന്നു പറഞ്ഞു.

ന്നു അവർ: നിങ്ങൾ ഇസ്രായേല്യരുടെ
ത്തിൻെറ പെട്ടകം വിട്ടയയ്ക്കുന്നു എ
വെറുതെ അയയ്ക്കാതെ ഒരു പ്രായ
ത്തവും അവന്നു കൊടുത്തയയ്ക്കണം;
ൽ നിങ്ങൾക്കു സൌഖ്യം വരും;
ൻെറ കൈ നിങ്ങളെ വിട്ടു നീങ്ങാതെ
ുന്നതു എന്തുകൊണ്ട് എന്നു നിങ്ങൾ
റിയാം എന്നു പറഞ്ഞു. ഞങ്ങൾ
ു കൊടുത്തയക്കേണ്ട പ്രായ
തം എന്തു എന്നു ചോദിച്ചതിന്നു,
പറഞ്ഞതു: ഫെലിസ്ത്യപ്രഭുക്കന്മാ
എണ്ണത്തിന്നു ഒത്തവണ്ണം പൊന്നു
ു അഞ്ചു മൂലക്കുരുവും പൊന്നു
ു അഞ്ചു എലിയുംതന്നേ; നിങ്ങൾ
വർക്കും നിങ്ങളുടെ പ്രഭുക്കന്മാർ
രേ ബാധയല്ലോ ഉണ്ടായിരുന്നതു.
ാൽ നിങ്ങൾ നിങ്ങളുടെ മൂലക്കുരു
യും നിങ്ങളുടെ ദേശത്തെ ശൂന്യമാ
എലിയുടെയും രൂപങ്ങൾ ഉണ്ടാക്കി,
യേല്യരുടെ ദൈവത്തിന്നു തിരു
ാഴ്ച വയ്ക്കണം; പക്ഷേ അവൻ
കൈ നിങ്ങളുടെമേൽ നിന്നും നിങ്ങ
ദവന്മാരുടെമേൽനിന്നും നിങ്ങളുടെ
ത്തിന്മേൽനിന്നും നീക്കും. മിസ്രയീ
ഫറവോനും തങ്ങളുടെ ഹൃദയത്തെ
ാക്കിയതുപോലെ നിങ്ങളുടെ ഹൃദ
കഠിനമാക്കരുതു. അവരുടെ ഇട
ത്ഭുതം പ്രവർത്തിച്ചശേഷമല്ലയോ
അവരെ വിട്ടയയ്ക്കയും അവർ പോ
ചെയ്തതു? ആകയാൽ നിങ്ങൾ ഇ
ഒരു പുതിയ വണ്ടി ഉണ്ടാക്കി നുകം
ല്ലാത്ത കറവയുള്ള രണ്ടു പശുക്കളെ
ുവന്നു വണ്ടിക്കു കെട്ടി അവയുടെ
ളെ അവയുടെ അടുക്കൽനിന്നു
മടക്കിക്കൊണ്ട് പോകുവിൻ. പിന്നെ
വയുടെ പെട്ടകം എടുത്തു വണ്ടി
വപ്പിൻ; നിങ്ങൾ അവന്നു പ്രായശ്ചി
യി കൊടുത്തയക്കുന്ന പൊന്നുരു
ും ഒരു ചെപ്പിൽ അതിന്നരികെ വച്ചു
തനിച്ചു പോകുവാൻ വിടുവിൻ.
നോക്കുവിൻ: അതു ബേത്ത്ശേമെ
ക്കുള്ള വഴിയായി സ്വദേശത്തേക്കു
ന്നു എങ്കിൽ അവൻ തന്നെയാകുന്നു
ഈ വലിയ അനർത്ഥം വരുത്തിയതു;
കിൽ നമ്മെ ബാധിച്ചതു അവൻെറ
യദൃച്ഛയാ നമുക്കു ഭവിച്ചതത്രെ
അറിഞ്ഞുകൊള്ളാം. അവർ അങ്ങ
ന്ന ചെയ്തു; കറവയുള്ള രണ്ടു പശു
വരുത്തി വണ്ടിക്കുകെട്ടി, അവയുടെ
ളെ വീട്ടിൽ കെട്ടി ഇട്ടു. പിന്നെ

അവർ ദൈവത്തിൻെറ പെട്ടകവും പൊന്നു
കൊണ്ടുള്ള എലികളും മൂലക്കുരുവിൻെറ
രൂപങ്ങളും ഇട്ടിരുന്ന പാത്രവും വണ്ടിയിൽ
വച്ചു. ആ പശുക്കൾ നേരെ ബേത്ത്ശേമെ 12
ശിലേക്കുള്ള വഴിക്കു പോയി: അവ കര
ഞ്ഞുംകൊണ്ടു വലത്തോട്ടോ ഇടത്തോട്ടോ
മാറാതെ പെരുവഴിയിൽകൂടി തന്നേ പോയി;
ഫെലിസ്ത്യപ്രഭുക്കന്മാരും ബേത്ത്ശേമെ
ശിൻെറ അതിർവരെ പിന്നാലെ ചെന്നു.
അപ്പോൾ ബേത്ത്ശേമെശ്യർ താഴ്വര 13
യിൽ ഗോതമ്പു കൊയ്യുകയായിരുന്നു:
അവർ തല ഉയർത്തി പെട്ടകം കണ്ടു;
കണ്ടിട്ടു സന്തോഷിച്ചു. വണ്ടി ബേത്ത്- 14
ശേമെശ്യനായ യോശുവയുടെ വയലിൽ
വന്നുനിന്നു: അവിടെ ഒരു വലിയ കല്ലു
ണ്ടായിരുന്നു; അവർ വണ്ടിയുടെ മരം
വെട്ടിക്കീറി. പശുക്കളെ ദൈവത്തിനു ഹോമ 15
യാഗം കഴിച്ചു. ലേവ്യർ ദൈവത്തിൻെറ
പെട്ടകവും പൊന്നുരുപ്പടികൾ ഉള്ള ചെപ്പും
ഇറക്കി ആ വലിയ കല്ലിന്മേൽ വച്ചു;
ബേത്ത്ശെമെശ്യർ അന്നു ദൈവത്തിനു
ഹോമയാഗങ്ങളും ഹനനയാഗങ്ങളും
അർപ്പിച്ചു. ഫെലിസ്ത്യപ്രഭുക്കന്മാർ അഞ്ചു 16
പേരും ഇതു കണ്ടശേഷം അന്നുതന്നേ
എക്രോനിലേക്കു മടങ്ങിപ്പോയി.

ഫെലിസ്ത്യർ ദൈവത്തിനു പ്രായ 17
ശ്ചിത്തമായി കൊടുത്തയച്ച പൊന്നുകൊ
ണ്ടുള്ള മൂലക്കുരുക്കൾ അസ്തോദിൻെറ
പേർക്കു ഒന്നു, ഗസ്സയുടെ പേർക്കു ഒന്നു,
അസ്കലോൻെറ പേർക്കു ഒന്നു, ഗത്തിൻെറ
പേർക്കു ഒന്നു, ഗസ്സയുടെ പേർക്കു ഒന്നു
ഇങ്ങനെയായിരുന്നു. പൊന്നുകൊണ്ടുള്ള 18
എലികൾ ഉറപ്പുള്ള പട്ടണങ്ങളിലും നാട്ടു
മ്പുറങ്ങളിലെ ഗ്രാമങ്ങളിലും ആയി അഞ്ചു
പ്രഭുക്കന്മാർക്കുള്ള സകല ഫെലിസ്ത്യ
പട്ടണങ്ങളുടെയും എണ്ണത്തിന്ന് ഒത്ത വണ്ണം
ആയിരുന്നു. അവർ ദൈവത്തിൻെറ പെട്ടകം
ഇറക്കിവച്ച വലിയ കല്ലു ബേത്ത്-ശേമെ 19
ശ്യനായ യോശുവയുടെ വയലിൽ ഇന്നു
വരെയും ഉണ്ടു. ബേത്ത്-ശേമെശ്യർ ദൈവ
ത്തിൻെറ പെട്ടകത്തെ ഭയപ്പെട്ടതു
കൊണ്ടു അവൻ അവരെ സംഹരിച്ചു;
അവൻ ജനത്തിൽ അയ്യായിരത്തെഴുപതു
പേരെ സംഹരിച്ചു. ഇങ്ങനെ ദൈവം ജന
ത്തിൽ ഒരു മഹാസംഹാരം ചെയ്തതുകൊ
ണ്ടു ജനം വിലപിച്ചു; ഈ പരിശുദ്ധദൈവ 20
മായ കർത്താവിൻെറ മുമ്പാകെ നില്പാൻ
ആർക്കു കഴിയും? ഈ പെട്ടകം ആരു
നമ്മുടെ ഇടയിൽനിന്ന് കൊണ്ടുപോകും
എന്നു ബേത്ത്ശേമെശ്യർ പറഞ്ഞു. അവർ 21

കുര്യത്ത് യെയാരീം നിവാസികളുടെ
അടുക്കൽ ദൂതന്മാരെ അയച്ചു: ഫെലി
സ്ത്യർ ദൈവത്തിൻെറ പെട്ടകം മടക്കി
അയച്ചിരിക്കുന്നു; നിങ്ങൾ വന്നു അതിനെ
നിങ്ങളുടെ അടുക്കൽ കൊണ്ടുപോകുവിൻ
എന്നു പറയിച്ചു.

അദ്ധ്യായം 7

1 കുര്യത്ത്-യെയാരീംകാർ വന്നു ദൈവ
ത്തിൻെറ പെട്ടകം എടുത്തു കുന്നിന്മേൽ
അബീനാദാബിൻെറ വീട്ടിൽ കൊണ്ടുപോ
യി; അവൻെറ മകനായ എലെയാസാരിനെ
ദൈവത്തിൻെറ പെട്ടകം സൂക്ഷിക്കേണ്ട
തിന്നു ശുദ്ധീകരിച്ചു.
2 പെട്ടകം കുര്യത്ത്-യെയാരീമിൽ ആയ
ശേഷം ഏറിയ നാൾ, ഇരുപതു സംവത്സരം
കഴിഞ്ഞു; ഇസ്രായേൽ ഗൃഹമെല്ലാം
3 ദൈവത്തോടു വിലപിച്ചു. അപ്പോൾ ശമൂ
വേൽ എല്ലാ ഇസ്രായേൽ ഗൃഹത്തോടും:
നിങ്ങൾ പൂർണഹൃദയത്തോടെ ദൈവത്തി
ങ്കലേക്കു തിരിയുന്നു എങ്കിൽ അന്യ
ദൈവങ്ങളെയും പ്രതിഷ്ഠകളേയും നിങ്ങ
ളുടെ ഇടയിൽനിന്നു നീക്കിക്കളഞ്ഞു നിങ്ങ
ളുടെ ഹൃദയം ദൈവത്തിങ്കലേക്കു തിരിക്ക
യും അവനെ മാത്രം സേവിക്കുകയും ചെയ്യ
ണം; എന്നാൽ അവൻ നിങ്ങളെ ഫെലി
സ്ത്യരുടെ കയ്യിൽനിന്നു വിടുവിക്കും എന്നു
4 പറഞ്ഞു. അങ്ങനെ ഇസ്രായേൽമക്കൾ
ബാൽവിഗ്രഹങ്ങളെയും പ്രതിഷ്ഠകളെയും
നീക്കിക്കളഞ്ഞു, ദൈവത്തെ മാത്രം
സേവിച്ചു.
5 അനന്തരം ശമുവേൽ: എല്ലാ ഇസ്രായേ
ലിനെയും മിസ്പയിൽ കൂട്ടുവിൻ; ഞാൻ നി
ങ്ങൾക്കുവേണ്ടി ദൈവത്തോട് പ്രാർഥിക്കും
6 എന്നു പറഞ്ഞു. അവർ മിസ്പയിൽ ഒന്നി
ച്ചുകൂടി; വെള്ളം കോരി ദൈവത്തിൻെറ
സന്നിധിയിൽ ഒഴിച്ചു ആ ദിവസം ഉപവസി
ച്ചു: ഞങ്ങൾ ദൈവത്തോട് പാപം ചെയ്തി
രിക്കുന്നു എന്ന് അവിടെവച്ചു പറഞ്ഞു.
പിന്നെ ശമുവേൽ മിസ്പയിൽ വച്ചു ഇസ്രാ
7 യേല്യർക്കു ന്യായപാലനം ചെയ്തു. ഇസ്രാ
യേല്യർ മിസ്പയിൽ കൂടി എന്നു ഫെലി
സ്ത്യർ കേട്ടപ്പോൾ ഫെലിസ്ത്യപ്രഭുക്ക
ന്മാർ ഇസ്രായേലിൻെറ നേരെ വന്നു;
ഇസ്രായേല്യർ അതു കേട്ട് ഫെലിസ്ത്യരെ
8 ഭയപ്പെട്ടു. ഇസ്രായേൽ മക്കൾ ശമുവേലി
നോട്: നമ്മുടെ ദൈവമായ കർത്താവ് ഞ
ങ്ങളെ ഫെലിസ്ത്യരുടെ കയ്യിൽ നിന്നു
രക്ഷിക്കേണ്ടതിന്നു ഞങ്ങൾക്കുവേണ്ടി
അവനോടു പ്രാർഥിക്കുന്നതു മതിയാക്ക
രുതേ എന്നു പറഞ്ഞു. അപ്പോൾ ശമൂവേൽ 9
പാൽ കുടിക്കുന്ന ഒരു ആട്ടിൻകുട്ടിയെ
എടുത്തു ദൈവത്തിനു സർവാംഗഹോമം
കഴിച്ചു. ശമൂവേൽ ഇസ്രായേലിന്നുവേണ്ടി 10
ദൈവത്തോട് പ്രാർഥിച്ചു; ദൈവം ഉത്ത
രമരുളി. ശമൂവേൽ ഹോമയാഗം കഴി
ച്ചുകൊണ്ടിരിക്കുമ്പോൾ ഫെലിസ്ത്യർ
ഇസ്രായേലിനോടു യുദ്ധത്തിന്നു വന്നു;
എന്നാൽ ദൈവം അന്നു ഫെലിസ്ത്യരുടെ
മേൽ വലിയ ഇടിമുഴക്കി അവരെ ഭ്രമിപ്പിച്ചു;
അവർ ഇസ്രായേലിനോടു തോററു. ഇസ്രാ 11
യേല്യർ മിസ്പയിൽനിന്നു പുറപ്പെട്ടു ഫെലി
സ്ത്യരെ പിന്തുടർന്നു; ബേത്ത്-യാശിൻെറ
താഴെവരെ അവരെ സംഹരിച്ചു. പിന്നെ ശമൂ 12
വേൽ ഒരു കല്ല് എടുത്തു മിസ്പെക്കും
യാശിന്നും മദ്ധ്യേ നാട്ടി: ഇത്രത്തോളം
ദൈവം നമ്മെ സഹായിച്ചു എന്നു പറഞ്ഞു
അതിന്നു "സഹായത്തിൻപാറ" എന്നു പേ
രിട്ടു. ഇങ്ങനെ ഫെലിസ്ത്യർ തകർക്കപ്പെട്ടു. 13
പിന്നെ ഇസ്രായേൽ ദേശത്തേക്കു വന്നില്ല;
ശമൂവേലിൻെറ കാലത്തെല്ലാം ദൈവത്തി
ൻെറ കൈ ഫെലിസ്ത്യർക്കു വിരോധ
മായിരുന്നു. എക്രോൻ മുതൽ ഗത്തവരെ 14
ഫെലിസ്ത്യർ ഇസ്രായേലിനോടു പിടിച്ചി
രുന്ന നഗരങ്ങൾ ഇസ്രായേലിന്നു തിരികെ
കിട്ടി; അവയുടെ അതിർനാടുകളും ഇസ്രാ
യേൽ ഫെലിസ്ത്യരുടെ കൈയിൽനിന്നും
വീണ്ടെടുത്തു. ഇസ്രായേലും അമോര്യരും
തമ്മിൽ സമാധാനമായിരുന്നു. ശമൂവേൽ 15
ജീവപര്യന്തം ഇസ്രായേലിന്നു ന്യായപാ
ലനം ചെയ്തു. അവൻ ആണ്ടുതോറും 16
ബേഥേലിലും ഗില്ഗാലിലും മിസ്പയിലും
സഞ്ചരിച്ചു, അവിടങ്ങളിൽ ഇസ്രായേലിന്നു
ന്യായപാലനം ചെയ്തിട്ടു റാമയിലേക്കു
മടങ്ങിപ്പോരും; അവിടെയായിരുന്നു അവ
ൻെറ വീട്; അവിടെവച്ചും അവൻ ഇസ്രാ 17
യേലിന്നു ന്യായപാലനം നടത്തിവന്നു;
ദൈവത്തിനു അവിടെ ഒരു യാഗപീഠവും
പണിതിരുന്നു.

അദ്ധ്യായം 8

ശമൂവേൽ വൃദ്ധനായപ്പോൾ തൻെറ 1
പുത്രന്മാരെ ഇസ്രായേലിന്നു ന്യായാധിപ
ന്മാരാക്കി. അവൻെറ ആദ്യജാതന്നു യോ 2
വേൽ എന്നും രണ്ടാമത്തവന്നു അബീയാ
എന്നും പേർ. അവർ ബേർ-ശേബയിൽ
ന്യായപാലനം ചെയ്തുപോന്നു. അവൻെറ 3
പുത്രന്മാർ അവൻെറ വഴിവിട്ട് ദുരാഗ്രഹി
കളായി കൈക്കൂലി വാങ്ങി ന്യായം മറിച്ചു
കളഞ്ഞു.

ൗകയാൽ ഇസ്രായേൽ മൂപ്പന്മാർ
വരും ഒന്നിച്ചുകൂടി, റാമയിൽ ശമൂ
ൻെറ അടുക്കൽ വന്നു, അവനോടു:
വൃദ്ധനായിരിക്കുന്നു; അങ്ങേയുടെ
ന്മാർ അങ്ങേയുടെ വഴിയിൽ നടക്കു
ആകയാൽ സകല ജാതികൾക്കുമു
പോലെ ഞങ്ങളെ ഭരിക്കേണ്ടതിന്നു
ൾക്കു ഒരു രാജാവിനെ നിയമിച്ചു
മെന്നു പറഞ്ഞു. ഞങ്ങളെ ഭരിക്കേ
ന്നു രാജാവിനെ തരണമെന്നു അവർ
ത കാര്യം ശമൂവേലിന്നു അനിഷ്ട
ശമൂവേൽ ദൈവത്തോട് പ്രാർഥിച്ചു.
ം ശമൂവേലിനോടു അരുളിച്ചെയ്തത
തന്നാൽ: ജനം നിന്നോടു പറയുന്ന
ത്തിലും അവരുടെ അപേക്ഷ കേൾ
അവർ നിന്നെയല്ല, ഞാൻ അവരെ
ാതവണ്ണം എന്നെയാകുന്നു ഉപേക്ഷി
കുന്നതു. ഞാൻ അവരെ മെസ്രേ
ിന്നു പുറപ്പെടുവിച്ച നാൾമുതൽ
ചരെ അവർ എന്നെ ഉപേക്ഷിച്ചും
ദൈവങ്ങളെ സേവിച്ചുംകൊണ്ടു
ാടു ചെയ്തതുപോലെ നിന്നോടും
ന്നു. ആകയാൽ അവരുടെ അപേക്ഷ
ക; എങ്കിലും അവരോടു കാര്യമായി
ീകരിച്ചു അവരെ വാഴുവാനിരി
രാജാവിൻെറ പ്രമാണം അവരോട്
ിക്കണം.
ങ്ങനെ രാജാവിന്നായി അപേക്ഷിച്ച
ന്തോടു ശമൂവേൽ ദൈവത്തിൻെറ
ങ്ങളെ എല്ലാം അറിയിച്ചു. നിങ്ങളെ
ാനിരിക്കുന്ന രാജാവിൻെറ ന്യായം
ിരിക്കും: അവൻ നിങ്ങളുടെ പുത്ര
തനിക്കു തേരാളികളും കുതിരപ്പടയാ
ം ആക്കും; അവൻെറ രഥങ്ങൾക്കുമു
വർ ഓടേണ്ടിയുംവരും. അവൻ അവ
യിരത്തിന്നും നൂറിനും അമ്പതിനും
നും അധിപന്മാരാക്കും; തൻെറ നിലം
ചെയ്‌വാനും തൻെറ വിള കൊയ്‌വാ
ൻെറ പടക്കോപ്പും തേർകോപ്പും
ക്കുവാനും അവരെ നിയമിക്കും.
നിങ്ങളുടെ പുത്രിമാരെ തൈലക്കാ
ം വെപ്പുകാരികളും അപ്പക്കാരികളും
എടുക്കും. നിങ്ങളുടെ വിശേഷമായ
ങ്ങളും മുന്തിരിത്തോട്ടങ്ങളും ഒലിവു
ങ്ങളും എടുത്തു തൻെറ ഭൃത്യന്മാർ
ാടുക്കും. നിങ്ങളുടെ വിളവുകളിലും
ിത്തോട്ടങ്ങളിലും ദശാംശം എടുത്തു
ഷണ്ഡന്മാർക്കും ഭൃത്യന്മാർക്കും
ക്കും. നിങ്ങളുടെ ദാസന്മാരെയും
ാരെയും നിങ്ങളുടെ സുന്ദരരായ
യുവാക്കളെയും നിങ്ങളുടെ കഴുതകളെയും
പിടിച്ച് തൻെറ വേലയ്ക്കു ആക്കും. നിങ്ങ
ളുടെ ആടുകളിൽ പത്തിലൊന്നു എടുക്കും;
നിങ്ങൾ അവന്നു ദാസന്മാരായിത്തീരും. 18
നിങ്ങൾ തിരഞ്ഞെടുത്തിരിക്കുന്ന രാജാ
വിൻെറ നിമിത്തം നിങ്ങൾ അന്നു നിലവിളി
ക്കും; എന്നാൽ ദൈവം അന്നു ഉത്തര
മരുളുകയില്ല. എന്നാൽ ശമൂവേലിൻെറ 19
വാക്കു കൈക്കൊൾവാൻ ജനത്തിന്നു
മനസ്സില്ലാതെ: അല്ല, ഞങ്ങൾക്കു ഒരു
രാജാവു വേണം. മററു സകല ജാതിക 20
ളെയുംപോലെ ഞങ്ങളും ആകേണ്ടതിന്നു
ഞങ്ങളുടെ രാജാവു ഞങ്ങളെ ഭരിക്കുകയും
ഞങ്ങൾക്കു നായകനായി പുറപ്പെടുകയും
ഞങ്ങളുടെ യുദ്ധങ്ങൾ നടത്തുകയും
വേണം എന്നു അവർ പറഞ്ഞു. ശമൂവേൽ 21
ജനത്തിൻെറ വാക്കെല്ലാം കേട്ടു ദൈവ
ത്തോടു അറിയിച്ചു. ദൈവം ശമൂവേലിനോ 22
ടു: അവരുടെ വാക്കു കേട്ട് അവർക്കു ഒരു
രാജാവിനെ വാഴിച്ചുകൊടുക്കുക എന്നു
കല്പിച്ചു. ശമൂവേൽ ഇസ്രായേല്യരോടു:
നിങ്ങൾ ഓരോരുത്തൻ താന്താൻെറ
പട്ടണത്തിലേക്കു പൊയ്ക്കൊൾവിൻ
എന്നു പറഞ്ഞു.

അദ്ധ്യായം 9

ബന്യാമിൻ ഗോത്രത്തിൽ കീശ് എന്നു 1
പേരുള്ള ഒരു ശക്തിമാൻ ഉണ്ടായിരുന്നു;
അവൻ ബന്യാമീന്യനായ അഫീഹിൻെറ
മകനായ ബെഖോറത്തിൻെറ മകനായ
സെറോറിൻെറ മകനായ അബീയേലിൻെറ
മകൻ ആയിരുന്നു. അവന്നു ശൌൽ എന്ന 2
പേരോടെ യൌവനവും സൌന്ദര്യവുമുള്ള
ഒരു മകൻ ഉണ്ടായിരുന്നു; ഇസ്രായേൽ
മക്കളിൽ അവനെക്കാൾ കോമളനായ
പുരുഷൻ ഇല്ലായിരുന്നു; അവൻ എല്ലാ
വരെക്കാളും തോൾ മുതൽ പൊക്കമേറി
യവൻ ആയിരുന്നു. ശൌലിൻെറ പിതാ 3
വായ കീശിൻെറ കഴുതകൾ കാണാതെ
പോയി. കീശ് തൻെറ മകൻ ശൌലിനോടു:
നീ ഒരു ഭൃത്യനെയും കൂട്ടിക്കൊണ്ടുപോയി
കഴുതകളെ അന്വേഷിക്ക എന്നു പറഞ്ഞു.
അവൻ എഫ്രയീം മലനാട്ടിലും ശാലീശാ 4
ദേശത്തുംകൂടി സഞ്ചരിച്ചു; അവയെ കണ്ടി
ല്ല; അവർ ശാലീംദേശത്തുകൂടി സഞ്ചരിച്ചു;
അവിടെയും ഇല്ലായിരുന്നു; അവൻ ബന്യാ
മിൻ ദേശത്തുകൂടിയും സഞ്ചരിച്ചു; എങ്കിലും
കണ്ടുകിട്ടിയില്ല. സൂർ ദേശത്തു എത്തിയ 5
പ്പോൾ ശൌൽ കൂടെയുള്ള ഭൃത്യനോടു:
വരിക, നമുക്കു മടങ്ങിപ്പോകാം; അല്ലെങ്കിൽ

പിതാവ് കഴുതകളെക്കുറിച്ചുള്ള ചിന്ത വിട്ട്
നമ്മെക്കുറിച്ചു വിഷാദിക്കും എന്നു പറ
6 ഞ്ഞു. അതിനു അവൻ: ഈ പട്ടണത്തിൽ
ഒരു ദൈവപുരുഷൻ ഉണ്ട്; അവൻ ശ്രേ
ഷ്ഠൻ ആകുന്നു; അവൻ പറയുന്നതെല്ലാം
ഒത്തുവരുന്നുണ്ട്; നമുക്കു അവിടെ
പോകാം; നാം പോകുവാനുള്ള വഴി അയാൾ
പക്ഷെ പറഞ്ഞുതരും എന്നു അവനോടു
7 പറഞ്ഞു. ശൌൽ തന്റെ ഭൃത്യനോടു: നാം
പോകുന്നു എങ്കിൽ ആ പുരുഷന് എന്തു
കൊണ്ടുപോകണം? നമ്മുടെ ഭാണ്ഡത്തിലെ
അപ്പം തീർന്നുപോയല്ലോ; ദൈവപുരുഷനു
കൊണ്ടുചെല്ലുവാൻ ഒരു സമ്മാനവും ഇല്ല
ല്ലോ; നമുക്കു എന്തുള്ളു എന്നു ചോദിച്ചു.
8 ഭൃത്യൻ ശൌലിനോടു: എന്റെ കയ്യിൽ
കാൽ ശേക്കെൽ വെള്ളിയുണ്ട്; ഇതു ഞാൻ
ദൈവപുരുഷനു കൊടുക്കാം. അവൻ നമു
ക്കു വഴി പറഞ്ഞുതരും എന്നു ഉത്തരം
9 പറഞ്ഞു - പണ്ടു ഇസ്രായേലിൽ ഒരുത്തൻ
ദൈവത്തോടു ചോദിപ്പാൻ പോകുമ്പോൾ:
വരുവിൻ; നാം ദർശകന്റെ അടുക്കൽ
പോക എന്നു പറയും; ഇപ്പോൾ പ്രവാചകൻ
എന്നു പറയുന്നവനെ അന്നു ദർശകൻ
എന്നു പറഞ്ഞു വന്നു—ശൌൽ ഭൃത്യനോ
10 ടു: കൊള്ളാം, വരിക, നമുക്കു പോകാം
എന്നു പറഞ്ഞു. അങ്ങനെ അവർ ദൈവ
പുരുഷൻ താമസിച്ചിരുന്ന പട്ടണത്തിലെ
11 ത്തി. അവർ പട്ടണത്തിലേക്കുള്ള കയററം
കയറിച്ചെല്ലുമ്പോൾ വെള്ളം കോരുവാൻ
പോകുന്ന യുവതികളെ കണ്ടു അവരോടു:
ദർശകൻ ഇവിടെ ഉണ്ടോ എന്നു ചോദിച്ചു.
12 അവർ അവരോടു: ഉണ്ട്; അതാ, നിങ്ങളുടെ
മുമ്പിൽ; വേഗം ചെല്ലുവിൻ; ഇന്നു ആരാ
ധനാലയത്തിൽ ജനത്തിന്റെ വക ഒരു
യാഗം ഉള്ളതുകൊണ്ടു അയാൾ ഇന്നു
13 പട്ടണത്തിൽ വന്നിട്ടുണ്ടു. നിങ്ങൾ പട്ടണ
ത്തിൽ കടന്ന ഉടനെ അയാൾ ആരാധനാ
പർവതത്തിൽ ഭക്ഷണത്തിനു പോകുംമു
മ്പെ നിങ്ങൾ അയാളെ കാണണം; അയാൾ
യാഗത്തെ അനുഗ്രഹിക്കേണ്ടതാകകൊ
ണ്ടു അയാൾ ചെല്ലുവോളം ജനം ഭക്ഷിക്ക
യില്ല; അതിന്റെ ശേഷം മാത്രമേ ക്ഷണി
ക്കപ്പെട്ടവർ ഭക്ഷിക്കുകയുള്ളു; വേഗം ചെല്ലു
വിൻ; ഇപ്പോൾ അയാളെ കാണാം എന്നു
14 ത്തരം പറഞ്ഞു. അങ്ങനെ അവർ പട്ടണ
ത്തിൽ ചെന്നു; പട്ടണത്തിൽ കടന്നപ്പോൾ
ഇതാ, ശമൂവേൽ അവിടെക്കു പോകുവാൻ
അവരുടെ നേരെ വരുന്നു.
15 എന്നാൽ ശൌൽ വരുന്നതിനു ഒരു
ദിവസം മുമ്പെ ദൈവം അതു ശമൂവേ
ലിനു വെളിപ്പെടുത്തി: നാളെ ഇന്നേരത്തു 16
ബെന്യാമീൻ ദേശക്കാരനായ ഒരാളെ ഞാൻ
നിന്റെ അടുക്കൽ അയയ്ക്കും; എന്റെ ജന
മായ ഇസ്രായേലിനെ ഭരിക്കേണ്ടതിനു നീ
അവനെ അഭിഷേകം ചെയ്യേണം; അവൻ
എന്റെ ജനത്തെ ഫെലിസ്ത്യരുടെ കയ്യിൽ
നിന്നു രക്ഷിക്കും. എന്റെ ജനത്തിന്റെ
നിലവിളി എന്റെ അടുക്കൽ എത്തിയി
രിക്കകൊണ്ടു ഞാൻ അവരെ കടാക്ഷിച്ചി
രിക്കുന്നു എന്നു അരുളിച്ചെയ്തിരുന്നു. ശമൂ 17
വേൽ ശൌലിനെ കണ്ടപ്പോൾ ദൈവം
അവനോടു: ഞാൻ നിന്നോടു അരുളി
ച്ചെയ്ത ആൾ ഇതാ; ഇവനാകുന്നു എന്റെ
ജനത്തെ ഭരിപ്പാനുള്ളവൻ എന്നു കല്പി
ച്ചു. അന്നേരം ശൌൽ പടിവാതില്ക്കൽ 18
ശമൂവേലിന്റെ അടുക്കൽ എത്തി: ദർശ
കന്റെ വീടു എവിടെ എന്നു പറഞ്ഞുതരേ
ണമേ എന്നു ചോദിച്ചു. ശമൂവേൽ ശൌ 19
ലിനോടു: ദർശകൻ ഞാൻതന്നെ; എന്റെ
കൂടെ ആരാധനാലയത്തിൽ പോരുവിൻ; നി
ങ്ങൾ ഇന്നു എന്നോടുകൂടെ ഭക്ഷണം കഴി
ക്കണം; പ്രഭാതത്തിൽ ഞാൻ നിന്നെ യാത്ര
അയയ്ക്കാം; നിന്റെ ഹൃദയത്തിൽ ഉള്ള
തെല്ലാം പറഞ്ഞുതരാം. മൂന്നുദിവസം മുമ്പെ 20
കാണാതെപോയ കഴുതകളെക്കുറിച്ചു
ചിന്തിക്കേണ്ട; അവയെ കണ്ടുകിട്ടിയിരി
ക്കുന്നു. എന്നാൽ ഇസ്രായേലിന്റെ ആഗ്ര
ഹമൊക്കെയും ആരുടെമേൽ? നിന്റെ
മേലും നിന്റെ സർവ പിതൃഭവനത്തിന്മേലും
അല്ലയോ എന്നു പറഞ്ഞു. അതിന്നു 21
ശൌൽ: ഞാൻ ഇസ്രായേൽ ഗോത്രങ്ങളിൽ
ഏററവും ചെറുതായ ബെന്യാമിൻ ഗോത്ര
ത്തിലുള്ളവനും എന്റെ കുടുംബം ബെന്യാ
മിൻ ഗോത്രത്തിലെ സകല കുടുംബങ്ങളി
ലുംവച്ചു ഏററവും ചെറിയതുമായിരിക്കെ
നീ ഇങ്ങനെ എന്നോടു പറയുന്നതു എന്തു
എന്നു ഉത്തരം പറഞ്ഞു. പിന്നെ ശമൂവേൽ 22
ശൌലിനെയും അവന്റെ ഭൃത്യനെയും
കൂട്ടി വിരുന്നുശാലയിൽ കൊണ്ടുചെന്നു
ക്ഷണിക്കപ്പെട്ടവരുടെ ഇടയിൽ അവർക്കു
പ്രധാനസ്ഥലം കൊടുത്തു; ക്ഷണിക്കപ്പെട്ട
വർ ഏകദേശം മുപ്പതുപേർ ഉണ്ടായിരുന്നു.
ശമൂവേൽ വെപ്പുകാരനോടു: നിന്റെ കൈ 23
വശം സൂക്ഷിച്ചുകൊള്ളുക എന്നു പറഞ്ഞു
ഞാൻ തന്നിട്ടുള്ള ഓഹരി കൊണ്ടുവരിക
എന്നു പറഞ്ഞു. വെപ്പുകാരൻ കൈക്കുറ 24
കും അതിന്മേൽ ഉള്ളതും കൊണ്ടുവന്നു
ശൌലിന്റെ മുമ്പിൽ വച്ചു. നിനക്കായി
സൂക്ഷിച്ചുവച്ചിരിക്കുന്നതു ഇതാ; തിന്നു
കൊൾക; എന്നു ശമൂവേൽ പറഞ്ഞു.

നെ ശൌൽ അന്നു ശമൂവേലിനോടു
ഭക്ഷണം കഴിച്ചു. അവർ ആരാധനാ
ത്തിൽനിന്നു പട്ടണത്തിലേക്കു ഇറങ്ങി
ശേഷം അവൻ വീടിന്റെ മേൽത്തട്ടിൽ
ശൌലുമായി സംസാരിച്ചു. അവർ
കാലത്തു സൂര്യോദയത്തിങ്കൽ എഴു
ന്നു; ശമൂവേൽ മുകളിൽനിന്നു ശൌലി
വിളിച്ചു: എഴുന്നേല്ക്ക, ഞാൻ നിന്നെ
അയയ്ക്കാം എന്നു പറഞ്ഞു, ശൌൽ
ന്നേററു, അവർ രണ്ടുപേരും, അവനും
വേലും പുറത്തുവന്നു, പട്ടണത്തിന്റെ
ത്തിയിൽ എത്തിയപ്പോൾ ശമൂവേൽ
ലിനോടു: ഭൃത്യൻ മുമ്പെ കടന്നുപോ
ൻ പറക;— അവൻ കടന്നുപോയി;—
നിന്നോടു ദൈവത്തിന്റെ അരുള
അറിയിക്കേണ്ടതിന്നു നീ അല്പം
എന്നു പറഞ്ഞു.

അദ്ധ്യായം 10

പ്പോൾ ശമൂവേൽ തൈലപാത്രം
ത്തു അവന്റെ തലയിൽ ഒഴിച്ചു
നെ ചുംബിച്ചു പറഞ്ഞതു: ദൈവം
അവകാശത്തിന്നു രാജാവായി
അഭിഷേകം ചെയ്തിരിക്കുന്നു. നീ
എന്നെ വിട്ടുപോകുമ്പോൾ ബെന്യാ
അതിരിൽ സെൽസഹിൽ റാഹേ
ന്റെ കല്ലറയ്ക്കരികെവെച്ചു രണ്ടാളെ
ും; നീ അന്വേഷിപ്പാൻ പുറപ്പെട്ടു
കഴുതകളെ കണ്ടുകിട്ടിയിരിക്കുന്നു;
ന്റെ അപ്പൻ കഴുതകളെക്കുറിച്ചുള്ള
വിട്ടു: എന്റെ മകനുവേണ്ടി ഞാൻ
ചെയ്യേണ്ടു എന്നു പറഞ്ഞു നിങ്ങളെ
ച്ചു വിഷാദിച്ചിരിക്കുന്നു എന്നു അവർ
ോടു പറയും. അവിടെനിന്നു നീ
ോട്ടു ചെന്നു താബോരിലെ കരുവേ
ത്തിന്നരികെ എത്തുമ്പോൾ ഒരുത്തൻ
ആട്ടിൻകുട്ടിയെയും വേറൊരുത്തൻ
അപ്പവും വേറൊരുത്തൻ ഒരു തുരു
വീഞ്ഞും ചുമന്നുകൊണ്ടു ഇങ്ങനെ
പേർ ബേഥേലിൽ ദൈവത്തിന്റെ
ക്കൽ പോകുന്നവരായി നിനക്കു
വരും. അവർ നിന്നോടു കുശലം
ിക്കും; നിനക്കു രണ്ടു അപ്പവും തരും;
തു അവരുടെ കൈയിൽനിന്നു വാ
ൊള്ളണം. അതിന്റെശേഷം നീ ഫെ
രുടെ പട്ടാളം ഉള്ള ദൈവഗിരിയിൽ
ും; അവിടെ പട്ടണത്തിൽ കടക്കു
ൾ മുമ്പിൽ വീണ, തപ്പു, കുഴൽ,
ം എന്നിവയോടുകൂടെ ആരാധനാ
ത്തിൽനിന്നു ഇറങ്ങിവരുന്ന ഒരു
പ്രവാചകഗണത്തെ കാണും; അവർ പ്രവചി
ച്ചുകൊണ്ടിരിക്കും. ദൈവത്തിന്റെ ആത്മാ 6
വു ശക്തിയോടെ നിന്റെമേൽ വന്നിട്ടു
നീയും അവരോടുകൂടെ പ്രവചിക്കുകയും
ആൾ മാറിയതുപോലെ ആകുകയും
ചെയ്യും. ഈ അടയാളങ്ങൾ നിനക്കു സംഭ 7
വിക്കുമ്പോൾ യുക്തമെന്നു തോന്നുന്നതു
ചെയ്ക; ദൈവം നിന്നോടു കൂടെ ഉണ്ട്.
എന്നാൽ നീ എനിക്കുമുമ്പെ ഗില്ഗാലി 8
ലേക്കു പോകണം; ഹോമയാഗങ്ങളും
സമാധാനയാഗങ്ങളും കഴിപ്പാൻ ഞാൻ
നിന്റെ അടുക്കൽ വരും; ഞാൻ നിന്റെ
അടുക്കൽ വന്നു നീ ചെയ്യേണ്ടതെന്തെന്നു
പറഞ്ഞുതരുന്നതുവരെ ഏഴുദിവസം അ
വിടെ കാത്തിരിക്കണം. ഇങ്ങനെ അവൻ 9
ശമൂവേലിനെ വിട്ടുപിരിഞ്ഞപ്പോൾ ദൈവം
അവനു വേറൊരു ഹൃദയം കൊടുത്തു;
ആ അടയാളങ്ങളെല്ലാം അന്നുതന്നെ
സംഭവിച്ചു.
അവർ അവിടെ ഗിരിയിൽ എത്തിയ 10
പ്പോൾ ഒരു പ്രവാചകഗണം ഇതാ, അവനു
നേരെ വരുന്നു; ദൈവത്തിന്റെ ആത്മാവു
ശക്തിയോടെ അവന്റെമേൽ വന്നു;
അവൻ അവരുടെ ഇടയിൽ പ്രവചിച്ചു.
അവനെ മുമ്പെ അറിഞ്ഞവർ അവൻ പ്രവാ 11
ചകന്മാരുടെ കൂട്ടത്തിൽ പ്രവചിക്കുന്നതു
കണ്ടപ്പോൾ: "കീശിന്റെ മകനു എന്തു
സംഭവിച്ചു? ശൌലും പ്രവാചകന്മാരുടെ
കൂട്ടത്തിൽ ആയോ" എന്നു ജനം തമ്മിൽ
തമ്മിൽ പറഞ്ഞു. അതിനു അവിടത്തു 12
കാരിൽ ഒരുത്തൻ; ആരാകുന്നു അവന്റെ
പിതാവ് എന്നു പറഞ്ഞു. ആകയാൽ
ശൌലും ഉണ്ടോ പ്രവാചകഗണത്തിൽ
എന്നുള്ളതു പഴഞ്ചൊല്ലായി തീർന്നു.
അവൻ പ്രവചിച്ചുകഴിഞ്ഞശേഷം ഗിബെ 13
യയിൽ എത്തി.
ശൌലിന്റെ ഇളയപ്പൻ അവനോടും 14
അവന്റെ ഭൃത്യനോടും: നിങ്ങൾ എവിടെ
പോയിരുന്നു എന്നു ചോദിച്ചു. കഴുതകളെ
തിരയുവാൻ പോയിരുന്നു; അവയെ കാണാ
യ്കയാൽ ഞങ്ങൾ ശമൂവേലിന്റെ അടു
ക്കൽ പോയി എന്ന് അവൻ പറഞ്ഞു. ശമൂ 15
വേൽ നിങ്ങളോടു പറഞ്ഞതു എന്നെ അറി
യിക്കണം എന്നു ശൌലിന്റെ ഇളയപ്പൻ
പറഞ്ഞു. ശൌൽ തന്റെ ഇളയപ്പനോടു: 16
കഴുതകളെ കണ്ടുകിട്ടിയിരിക്കുന്നു എന്നു
അവൻ ഞങ്ങളോടു കൃത്യമായി അറിയിച്ചു
എന്നു പറഞ്ഞു; എങ്കിലും ശമൂവേൽ
രാജത്വം സംബന്ധിച്ചു പറഞ്ഞതു അവൻ
അവനോടു അറിയിച്ചില്ല.

17 അനന്തരം ശമൂവേൽ ജനത്തെ മിസ്പ
യിൽ ദൈവസന്നിധിയിൽ വിളിച്ചു കൂട്ടി,
18 ഇസ്രായേല്യരോടു പറഞ്ഞു: ഇസ്രായേ
ലിൻെറ ദൈവമായ കർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു: ഞാൻ ഇസ്രായേലിനെ
മെസ്രേമിൽനിന്നു കൊണ്ടുവന്നു മെസ്രേ
ന്യരുടെ കയ്യിൽനിന്നും നിങ്ങളെ ഉപദ്ര
വിച്ച സകല രാജ്യക്കാരുടെയും കയ്യിൽ
19 നിന്നും നിങ്ങളെ വിടുവിച്ചു. നിങ്ങളോ
സകല അനർഥങ്ങളിൽനിന്നും കഷ്ടങ്ങ
ളിൽനിന്നും നിങ്ങളെ രക്ഷിച്ച നിങ്ങളുടെ
ദൈവത്തെ ഇന്നു ത്യജിച്ചു: ഈ രീതി പോ
രാ, ഞങ്ങൾക്കു ഒരു രാജാവിനെ നിയമിച്ചു
തരണമെന്നു അവനോടു പറഞ്ഞിരിക്കു
ന്നു. ആകയാൽ നിങ്ങൾ ഇപ്പോൾ ഗോത്രം
ഗോത്രമായും സഹസ്രം സഹസ്രമായും
20 ദൈവസന്നിധിയിൽ നില്പിൻ. അങ്ങനെ
ശമൂവേൽ ഇസ്രായേൽ ഗോത്രങ്ങളെയെ
ല്ലാം അടുത്തു വരുത്തി; ബെന്യാമീൻ ഗോ
21 ത്രത്തിനു ചീട്ടുവീണു. അവൻ ബെന്യാമീൻ
ഗോത്രത്തെ കുടുംബം കുടുംബമായി അടു
ത്തു വരുത്തി; മത്രി കുടുംബത്തിനു ചീട്ടു
വീണു; കീശിൻെറ മകൻ ശൗലിനു ചീട്ടു
22 വീണു. അവർ അവനെ അന്വേഷിച്ചപ്പോൾ
കണ്ടില്ല. ശമുവേൽ പിന്നെയും ദൈവത്തോ
ട്: അയാൾ ഇവിടെ വന്നിട്ടുണ്ടോ എന്നു
ചോദിച്ചു. അതിന്നു ദൈവം: അവൻ
സാമാനങ്ങളുടെ ഇടയിൽ ഒളിച്ചിരിക്കുന്നു
എന്നു ശമൂവേലിനോട് അരുളിച്ചെയ്തു.
23 അവർ ഓടിച്ചെന്ന് അവിടെനിന്നു അവനെ
കൊണ്ടുവന്നു. ജനമദ്ധ്യേ നിന്നപ്പോൾ
അവൻ ജനത്തിൽ എല്ലാവരെക്കാളും
തോൾമുതൽ ഉയരമേറിയവനായിരുന്നു.
24 അപ്പോൾ ശമുവേൽ സർവജനത്തോടും:
ദൈവം തിരഞ്ഞെടുത്തവനെ നിങ്ങൾ
കാണുന്നുവോ? സർവജനത്തിലും അവ
നെപ്പോലെ ഒരുത്തനും ഇല്ലല്ലോ എന്നു
പറഞ്ഞു. ജനമെല്ലാം: രാജാവേ, ജയ ജയ
എന്നു ആർത്തു.
25 അതിൻെറ ശേഷം ശമുവേൽ രാജധർമം
ജനത്തെ പറഞ്ഞു കേൾപ്പിച്ചു; അതു
ഒരു പുസ്തകത്തിൽ എഴുതി ദൈവ
സന്നിധിയിൽ വച്ചു. പിന്നെ ശമുവേൽ
ജനത്തെയെല്ലാം വീട്ടിലേക്കു പറഞ്ഞയച്ചു.
26 ശൌലും റാമയിൽ തൻെറ വീട്ടിലേക്കു
പോയി; ദൈവം മനസ്സിൽ തോന്നിച്ച ഒരു
ജനസമൂഹവും അവനോടുകൂടെ പോയി.
27 എന്നാൽ ചില നീചന്മാർ: ഇവൻ നമ്മെ
എങ്ങനെ രക്ഷിക്കും എന്നു പറഞ്ഞു
അവനെ ധിക്കരിച്ചു, അവനു കാഴ്ച
കൊണ്ടുവരാതിരുന്നു. അവനോ അതു
ഗണ്യമാക്കിയില്ല.

അദ്ധ്യായം 11

അനന്തരം അമ്മോന്യനായ നാഹാശ് 1
പുറപ്പെട്ടു വന്നു ഗിലെയാദിലെ യാബേ
ശിന്നു നേരെ പാളയം ഇറങ്ങി; യാബേശ്
നിവാസികൾ എല്ലാം നാഹാശിനോടു: ഞ
ങ്ങളോടു ഒരു ഉടമ്പടി ചെയ്യണം; എന്നാൽ
ഞങ്ങൾ നിന്നെ സേവിക്കാം എന്നു പറ
ഞ്ഞു. അമ്മോന്യനായ നാഹാശ് അവ 2
രോട്: നിങ്ങളുടെ വലങ്കണ്ണൊക്കെയും
ചുഴന്നെടുക്കയും എല്ലാ ഇസ്രായേലി
ന്മേലും ഈ നിന്ദ വരുത്തുകയും ചെയ്യും
എന്നുള്ള സമ്മതത്തിന്മേൽ ഞാൻ നിങ്ങ
ളോടു ഉടമ്പടി ചെയ്യാം എന്നു പറഞ്ഞു.
യാബേശിലെ മൂപ്പന്മാർ അവനോടു: 3
ഞങ്ങൾ ഇസ്രായേൽ ദേശത്തെല്ലാടവും
ദൂതന്മാരെ അയപ്പാൻ തക്കവണ്ണം ഞങ്ങൾ
ക്കു ഏഴുദിവസത്തെ സമയം തരണം; ഞങ്ങ
ളെ രക്ഷിപ്പാൻ ആരുമില്ലെങ്കിൽ ഞങ്ങൾ
നിൻെറ അടുക്കൽ ഇറങ്ങിവരാം എന്നു പറ
ഞ്ഞു. ദൂതന്മാർ ശൌലിൻെറ റാമയിൽ 4
ചെന്നു ആ വർത്തമാനം ജനത്തെ പറഞ്ഞു
കേൾപ്പിച്ചു; ജനമെല്ലാം ഉറക്കെ കരഞ്ഞു.
അപ്പോൾ ഇതാ, ശൌൽ കന്നുകാലിക 5
ളെയുംകൊണ്ടു വയലിൽനിന്നു വരുന്നു.
ജനം കരയുന്ന സംഗതി എന്തു എന്നു
ശൌൽ ചോദിച്ചു. അവർ യാബേശ്യരുടെ
ആവശ്യം അവനെ അറിയിച്ചു. ശൌൽ 6
അതു കേട്ടപ്പോൾ ദൈവത്തിൻെറ ആത്മാ
വു അവൻെറമേൽ ശക്തിയോടെ വന്നു;
അവൻെറ കോപം ഏററവും ജ്വലിച്ചു. അവൻ 7
ഒരേർ കാളയെ പിടിച്ചു കഷണം കഷണ
മായി ഖണ്ഡിച്ചു ദൂതന്മാരുടെ കയ്യിൽ ഇസ്രാ
യേൽ ദേശത്തെല്ലാം കൊടുത്തയച്ചു: ആരെ
ങ്കിലും ശൌലിൻെറയും ശമുവേലിൻെറയും
പിന്നാലെ പുറപ്പെട്ടുവരാതിരുന്നാൽ അവ
ൻെറ കാളകളെ ഇങ്ങനെ ചെയ്യും എന്നു
പറയിച്ചു. അപ്പോൾ, ദൈവത്തെക്കുറി
ച്ചുള്ള ഭയം ജനത്തിന്മേൽ വീണു, അവർ
ഏകമനസ്സോടെ പുറപ്പെട്ടു. അവൻ ബേസെ 8
ക്കിൽവച്ചു അവരെ എണ്ണി; ഇസ്രായേല്യർ
മൂന്നുലക്ഷവും യഹൂദ്യർ മുപ്പതിനായിരവും
ഉണ്ടായിരുന്നു. വന്ന ദൂതന്മാരോടു അവർ: 9
നിങ്ങൾ ഗിലെയാദിലെ യാബേശ്യരോടു:
നാളെ വെയിൽ മൂക്കുമ്പോഴേക്കു നിങ്ങൾ
ക്കു രക്ഷ ഉണ്ടാകും എന്നു പറയുവിൻ
എന്നു പറഞ്ഞു. ദൂതന്മാർ ചെന്നു യാബേ
ശ്യരോടു അറിയിച്ചപ്പോൾ അവർ സന്തോ

പിന്നെ യാബേശ്യർ: നാളെ ഞങ്ങൾ
ുടെ അടുക്കൽ വരും; നിങ്ങൾക്കു
ിച്ചതെല്ലാം ഞങ്ങളോടു ചെയ്തു
വിൻ എന്നു പറഞ്ഞയച്ചു. പിറെറ
ം ശൌൽ ജനത്തെ മൂന്നുകൂട്ടമായി
ിച്ചു; അവർ പ്രഭാതയാമത്തിൽ
ത്തിൻെറ നടുവിലേക്കു ചെന്നു.
ൽ മൂക്കും വരെ അമ്മോന്യരെ സംഹ
ശേഷിച്ചവരോ രണ്ടുപേർ ഒന്നിച്ചി
വണ്ണം ചിതറിപ്പോയി. അനന്തരം
മൂവേലിനോടു: ശൌൽ ഞങ്ങൾക്കു
ായിരിക്കുമോ എന്നു പറഞ്ഞതു
അവരെ ഏല്പിച്ചു തരണം; ഞങ്ങൾ
കൊന്നുകളയും എന്നു പറഞ്ഞു.
ു ശൌൽ: ഇന്ന് ഒരു മനുഷ്യനെയും
രുതു: ഇന്നു ദൈവം ഇസ്രായേ
രക്ഷവരുത്തിയിരിക്കുന്നുവല്ലോ
പറഞ്ഞു.
ന്ന ശമൂവേൽ ജനത്തോടു: വരു
ാം ഗില്ഗാലിൽ ചെന്ന്, അവിടെ
ജത്വം പുതുക്കുക എന്നു പറഞ്ഞു.
ന ജനമെല്ലാം ഗില്ഗാലിൽ ചെന്നു;
ശൌലിനെ ഗില്ഗാലിൽ കർത്താ
സന്നിധിയിൽവച്ചു രാജാവാക്കി.
അവിടെ ദൈവസന്നിധിയിൽ
ാനയാഗങ്ങൾ കഴിച്ചു; ശൌലും
യല്യരൊക്കെയും ഏററവും സന്തോ

അദ്ധ്യായം 12

വേൽ എല്ലാ ഇസ്രായേല്യരോടും
ത്: നിങ്ങൾ എന്നോടു പറഞ്ഞതിൽ
ഞാൻ നിങ്ങളുടെ അപേക്ഷ കേട്ടു,
ക്കു ഒരു രാജാവിനെയും വാഴിച്ചു
പ്പോൾ രാജാവു നിങ്ങളുടെ നായക
ക്കുന്നു; ഞാനോ വൃദ്ധനും നരച്ചവ
എൻെറ മക്കൾ നിങ്ങളോടുകൂടെ
ൻെറ ബാല്യം മുതൽ ഇന്നുവരെയും
നിങ്ങൾക്കു നായകനായിരുന്നു.
ിതാ, ഇവിടെ നില്ക്കുന്നു: ഞാൻ
ൻെറ കാളയെ അപഹരിച്ചിട്ടുണ്ടോ?
വല്ലവനെയും ചതിച്ചിട്ടുണ്ടോ?
യും പീഡിപ്പിച്ചിട്ടുണ്ടോ? ഞാൻ
ൻെറയും കയ്യിൽനിന്നു കൈക്കൂലി
എൻെറ കണ്ണു കുരുടാക്കീട്ടുണ്ടോ?
നിൻേറയും അവൻെറ അഭിഷിക്ത
മുമ്പാകെ എൻെറ നേരേ സാക്ഷീ
; ഞാൻ അതു മടക്കിത്തരാം. അതി
ർ: നീ ഞങ്ങളെ ചതിക്കുകയോ
ക്കുകയോ യാതൊരുത്തൻെറയും
കയ്യിൽനിന്നു വല്ലതും അപഹരിക്കുകയോ
ചെയ്തിട്ടില്ല എന്നു പറഞ്ഞു. അവൻ പിന്നെ 5
യും അവരോടു: നിങ്ങൾ എൻെറ പേരിൽ
ഒന്നും കണ്ടില്ല എന്നുള്ളതിനു ദൈവം
സാക്ഷി; അവൻെറ അഭിഷിക്തനും ഇന്നു
സാക്ഷി എന്നു പറഞ്ഞു. അതേ, അവർ 6
സാക്ഷി എന്നു അവർ പറഞ്ഞു. അപ്പോൾ
ശമൂവേൽ ജനത്തോടു പറഞ്ഞതെന്തെ
ന്നാൽ: മോശയെയും അഹറോനെയും
കല്പിച്ചാക്കുകയും നിങ്ങളുടെ പിതാക്ക
ന്മാരെ മിസ്രയീംദേശത്തുനിന്നു കൊണ്ടു
വരികയും ചെയ്ത കർത്താവ് മാത്രമാണ്
ദൈവം. ആകയാൽ ഇപ്പോൾ ഒന്നിച്ചു 7
നില്പിൻ; ദൈവം നിങ്ങൾക്കും നിങ്ങളുടെ
പിതാക്കന്മാർക്കും ചെയ്തിട്ടുള്ള സകല
നീതിയേയും കുറിച്ചു ഞാൻ ദൈവത്തിൻെറ
മുമ്പാകെ നിങ്ങളോടു വിവരിക്കും. യാക്കോ 8
ബ് മെസ്രേനിൽ ചെന്നുപാർത്തു; അവിടെ
വച്ചു നിങ്ങളുടെ പിതാക്കന്മാർ ദൈവ
ത്തോട് നിലവിളിച്ചപ്പോൾ ദൈവം മോശ
യെയും അഹറോനെയും അയച്ചു; അവർ
നിങ്ങളുടെ പിതാക്കന്മാരെ മെസ്രേനിൽ
നിന്നു കൊണ്ടുവന്നു ഈ സ്ഥലത്തു വസി
പ്പിച്ചു. എന്നാൽ അവർ തങ്ങളുടെ ദൈവ 9
മായ കർത്താവിനെ മറന്നപ്പോൾ അവൻ
അവരെ ഹാസോരിലെ സേനാപതിയായ
സീസെരയുടെ കയ്യിലും ഫെലിസ്ത്യരുടെ
കയ്യിലും മോവാബ് രാജാവിൻെറ കയ്യിലും
ഏല്പിച്ചു, അവർ അവരോടു യുദ്ധം
ചെയ്തു. അപ്പോൾ അവർ ദൈവത്തോടു
നിലവിളിച്ചു: ഞങ്ങൾ ദൈവത്തെ ഉപേ 10
ക്ഷിച്ചു ബാൽവിഗ്രഹങ്ങളെയും അസ്തോ
രെത്ത് പ്രതിഷ്ഠകളെയും സേവിച്ചു പാപം
ചെയ്തിരിക്കുന്നു; ഇപ്പോൾ ഞങ്ങളെ ശത്രു
ക്കളുടെ കയ്യിൽനിന്നു രക്ഷിക്കണമേ;
എന്നാൽ ഞങ്ങൾ നിന്നെ സേവിക്കും എന്നു
പറഞ്ഞു. അപ്പോൾ ദൈവം ദെബോറായേ 11
യും, ബാറാക്കിനേയും ഗിദ്യോനേയും, നഫ്
താഹിനേയും ശിംശോനേയും അയച്ചു ചുറ്റു
മുള്ള ശത്രുക്കളുടെ കയ്യിൽ നിന്നു നിങ്ങളെ
വിടുവിച്ചു; നിങ്ങൾ നിർഭയമായി വസിച്ചു.
പിന്നെ അമ്മോന്യരുടെ രാജാവായ നാഹാ 12
ശ് നിങ്ങളുടെ നേരെ വരുന്നതു കണ്ടപ്പോൾ
നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾ
ക്കു രാജാവായിരിക്കെ നിങ്ങൾ എന്നോട്:
ഒരു രാജാവു ഞങ്ങളുടെമേൽ വാഴണം
എന്നു പറഞ്ഞു. ഇപ്പോൾ ഇതാ, നിങ്ങൾ 13
തിരഞ്ഞെടുത്തവനും ആഗ്രഹിച്ചവനു
മായ ദൈവം: നിങ്ങൾക്കു ഒരു രാജാവിനെ
കല്പിച്ചാക്കിയിരിക്കുന്നു. നിങ്ങൾ ദൈവ 14

കല്പനയെ മറുക്കാതെ ദൈവത്തെ
ഭയപ്പെട്ടു അവനെ സേവിച്ചു അവൻെറ
വാക്ക് അനുസരിക്കുകയും നിങ്ങളും നിങ്ങ
ളെ ഭരിക്കുന്ന രാജാവും നിങ്ങളുടെ ദൈ
വമായ കർത്താവിനോടു ചേർന്നിരിക്കു
15 കയും ചെയ്താൽ നന്ന്. എന്നാൽ നിങ്ങൾ
ദൈവത്തിൻെറ വാക്ക് അനുസരിക്കാതെ
ദൈവത്തിൻെറ കല്പനയോടു മത്സരി
ച്ചാൽ ദൈവത്തിൻെറ കൈ നിങ്ങളുടെ
പിതാക്കന്മാർക്കു വിരോധമായിരുന്നതു
16 പോലെ നിങ്ങൾക്കും വിരോധമായിരിക്കും.
ആകയാൽ ഇപ്പോൾ ദൈവം നിങ്ങൾ
കാൺകെ ചെയ്വാൻ പോകുന്ന ഈ
വലിയ കാര്യം കണ്ടു കൊൾവിൻ. ഇത്
17 ഗോതമ്പുകൊയ്ത്തിൻെറ കാലമല്ലോ;
ഞാൻ ദൈവത്തോട് അപേക്ഷിക്കും;
അവൻ ഇടിയും മഴയും അയയ്ക്കും; നിങ്ങൾ
ഒരു രാജാവിനെ ചോദിക്കുകയാൽ ദൈവ
ത്തോട് ചെയ്ത ദോഷം എത്ര വലുതെന്നു
18 നിങ്ങൾ അതിനാൽ കണ്ടറിയും. അങ്ങനെ
ശമുവേൽ ദൈവത്തോട് അപേക്ഷിച്ചു;
ദൈവം അന്നു ഇടിയും മഴയും അയച്ചു;
ജനമെല്ലാം ദൈവത്തേയും ശമൂവേലിനേ
19 യും ഏററവും ഭയപ്പെട്ടു. ജനമെല്ലാം ശമൂവേ
ലിനോട്: അടിയങ്ങൾക്കുവേണ്ടി നിൻെറ
ദൈവമായ കർത്താവിനോട് പ്രാർഥിക്ക
ണമേ; ഞങ്ങൾ മരിച്ചു പോകരുതെ; ഒരു
രാജാവിനെ അപേക്ഷിച്ചതിൽ ഞങ്ങളുടെ
സകല പാപങ്ങളോട് ഞങ്ങൾ ഈ ഒരു
ദോഷവും കൂട്ടിയിരിക്കുന്നു എന്നു പറഞ്ഞു.
20 ശമുവേൽ ജനത്തോടു പറഞ്ഞതു: ഭയപ്പെ
ടേണ്ട; നിങ്ങൾ ഈ ദോഷമെല്ലാം ചെയ്തിരി
ക്കുന്നു; എങ്കിലും ദൈവത്തെ വിട്ടുമാറാ
തെ പൂർണഹൃദയത്തോടെ ദൈവത്തെ
21 സേവിപ്പിൻ. വഴിതെററി, ഉപകാരമില്ലാത്ത
വയും രക്ഷിപ്പാൻ കഴിയാത്തവയുമായ
മിഥ്യാമൂർത്തികളോടു നിങ്ങൾ ചേരരുത്;
22 അവ മിഥ്യാവസ്തുക്കളത്രെ. ദൈവം
തൻെറ മഹത്തായ നാമംനിമിത്തം തൻെറ
ജനത്തെ കൈവിടുകയില്ല; നിങ്ങളെ തൻെറ
ജനമാക്കിക്കൊൾവാൻ ദൈവത്തിന് ഇഷ്ടം
23 തോന്നിയിരിക്കുന്നു. ഞാനോ, നിങ്ങൾ
ക്കുവേണ്ടി പ്രാർഥിക്കാതിരിക്കുന്ന തിനാൽ
ദൈവത്തോട് പാപം ചെയ്വാൻ ഇട
വരരുതെ; ഞാൻ നിങ്ങൾക്കു നല്ലതും
ചൊവ്വുള്ളതുമായ മാർഗം ഉപദേശിക്കും.
24 ദൈവത്തെ ഭയപ്പെട്ടു പൂർണഹൃദയ
ത്തോടും പരമാർഥതയോടും കൂടെ സേവി
ക്കുകമാത്രം ചെയ്വിൻ; അവൻ നിങ്ങൾക്കു
എത്ര വലിയ കാര്യം ചെയ്തിരിക്കുന്നു
എന്ന് ഓർത്തുകൊള്ളണം. എന്നാൽ 25
നിങ്ങൾ ഇനിയും തിന്മ ചെയ്താൽ നിങ്ങ
ളും നിങ്ങളുടെ രാജാവും മരിച്ചുപോകും.

അദ്ധ്യായം 13

ശൌൽ ഇസ്രായേലിൽ രണ്ടു സംവ 1
ത്സരം വാണു. ശൌൽ ഇസ്രായേലിൽ മൂവാ 2
യിരം പേരെ തിരഞ്ഞെടുത്തു; രണ്ടായിരം
പേർ ശൌലിനോടുകൂടെ മിക്മാസിലും
ബേഥേൽ മലയിലും ആയിരംപേർ യോനാ
ഥാനോടുകൂടെ ബെന്യാമീനിലെ ഗിബെയ
യിലും ആയിരുന്നു; ശേഷം ജനത്തെ അ
വൻ അവനവൻെറ വീട്ടിലേക്കു പറഞ്ഞ
യച്ചു. പിന്നെ യോനാഥാൻ ഗേബയിൽ 3
ഉണ്ടായിരുന്ന ഫെലിസ്ത്യപ്പട്ടാളത്തെ
തോല്പിച്ചു; ഫെലിസ്ത്യർ അതു കേട്ടു.
എബ്രായർ കേൾക്കട്ടെ എന്നു പറഞ്ഞു
ശൌൽ ദേശത്തെല്ലാം കാഹളം ഊതിച്ചു.
ശൌൽ ഫെലിസ്ത്യ പട്ടാളത്തെ തോല്പി 4
ച്ചു എന്നും ഇസ്രായേൽ ഫെലിസ്ത്യർക്കു
ഭീതിയായി എന്നും ഇസ്രായേലെല്ലാം
കേട്ടിട്ടു ജനം ശൌലിൻെറ അടുക്കൽ
ഗില്ഗാലിൽ വന്നുകൂടി.

ഫെലിസ്ത്യർ ഇസ്രായേലിനോടു 5
യുദ്ധം ചെയ്വാൻ മൂവായിരം രഥവും
ആറായിരം കുതിരപ്പടയും കടൽപ്പുറത്തെ
മണൽപോലെ അസംഖ്യം ജനവുമായി
ഒരുമിച്ചുകൂടി; അവർ വന്ന് ബേത്ത്-
ആവെന്നു കിഴക്കു മിക്മാസിൽ പാളയം
ഇറങ്ങി. എന്നാൽ ജനം ഉപദ്രവിക്കപ്പെട്ടതു 6
കൊണ്ട് തങ്ങൾ വിഷമത്തിലായി എന്നു
ഇസ്രായേല്യർ കണ്ടപ്പോൾ ജനം ഗുഹക
ളിലും കാടുകളിലും പാറകളുടെ ഗഹ്വര
ങ്ങളിലും കുഴികളിലും ചെന്ന് ഒളിച്ചു.
എബ്രായർ യോർദ്ദാൻ കടന്നു ഗാദ്ദേശ 7
ത്തും ഗിലെയാദിലും പോയി; ശൌലോ
ഗില്ഗാലിൽ താമസിച്ചിരുന്നു; ജനമെല്ലാം
അവൻെറ പിന്നാലെ ചെന്നു.

ശമൂവേൽ നിശ്ചയിച്ചിരുന്ന അവധി 8
അനുസരിച്ചു അവൻ ഏഴുദിവസം കാത്തി
രുന്നു എങ്കിലും ശമൂവേൽ ഗില്ഗാലിൽ
എത്തിയില്ല; ജനവും അവനെ വിട്ടു ചിതറി
പ്പോയി. അപ്പോൾ ശൌൽ: ഹോമയാഗവും 9
സമാധാനയാഗവും ഇവിടെ എൻെറ അടു
ക്കൽ കൊണ്ടുവരുവിൻ എന്നു കല്പിച്ചു;
അവൻ തന്നെ ഹോമയാഗം കഴിച്ചു. ഹോമ 10
യാഗം കഴിച്ചുതീർന്ന ഉടനെ ഇതാ, ശമൂ
വേൽ വരുന്നു; ശൌൽ അവനെ വന്ദനം
ചെയ്വാൻ എതിരേറ്റു ചെന്നു. നീ ചെയ്തതു 11
എന്ത് എന്നു ശമൂവേൽ ചോദിച്ചു. അതിനു

ൽ: ജനം എന്നെ വിട്ടുചിതറുന്നു
ം നിശ്ചയിച്ച അവധിക്ക് അങ്ങ്
ിയില്ല എന്നും ഫെലിസ്ത്യർ മിക്മാ
കൂടിയിരിക്കുന്നു എന്നും ഞാൻ
ട്ട്: ഫെലിസ്ത്യർ ഇപ്പോൾ ഇവിടെ
ാലിൽ വരെ എന്നെ ആക്രമിക്കും;
ദൈവത്തോടു കൃപയ്ക്കായി
ക്ഷിച്ചുമില്ലല്ലോ എന്നുകരുതി ഞാൻ
്യപ്പെട്ടു ഹോമയാഗം കഴിച്ചുപോയി
പറഞ്ഞു. ശമൂവേൽ ശൌലിനോടു
തതു: നീ ചെയ്തതു തെററ്; നിന്റെ
മായ കർത്താവ് നിന്നോടു കല്പിച്ച
ന നീ പ്രമാണിച്ചില്ല; ദൈവം
യേലിന്മേൽ നിന്റെ രാജത്വം
ക്കുമായി സ്ഥിരമാക്കുമായിരുന്നു.
ഴോ നിന്റെ രാജത്വം നിലനില്ക്ക
അവൻ നിന്നോടു കല്പിച്ചതിനെ
ാനുസരിക്കായ്കയാൽ തനിക്കു
റപ്പെട്ട ഒരു പുരുഷനെ ദൈവം അന്വേ
ട്ടുണ്ട്; അവനെ തന്റെ ജനത്തെ
ൻ നിയമിച്ചിരിക്കുന്നു.
മൂവേൽ എഴുന്നേററു ഗില്ഗാലിൽ
ബെന്യാമീനിലെ ഗിബെയയിലേക്കു
ി. ശൌൽ തന്നോടുകൂടെയുള്ള
്യത്തെ എണ്ണി ഏകദേശം അറുനൂറു
എന്നു കണ്ടു. ശൌലും അവന്റെ
യോനാഥാനും കൂടെയുള്ള ജനവും
ാമീനിലെ ഗിബയയിൽ താമസിച്ചു;
സ്ത്യരോ മിക്മാസിൽ പാളയമി
ഫെലിസ്ത്യരുടെ പാളയത്തിൽനിന്നു
ച്ചക്കാർ മൂന്നു സംഘമായി പുറപ്പെട്ടു;
ട്ടം ഒഫ്രെക്കുള്ള വഴിയായി ശൂവാൽ
ത്തക്കു തിരിഞ്ഞു; മറെറാരു കൂട്ടം
്-ഹോരോനിലേക്കുള്ള വഴിക്കു
ത്തു; മറെറ കൂട്ടം മരുഭൂമിക്കുനേരെ
ബായീം താഴ്വരയ്ക്കെതിരെയുള്ള
വഴിയായും തിരിഞ്ഞു.
ന്നാൽ ഇസ്രായേൽ ദേശത്തെങ്ങും
കൊല്ലനെ കാൺമാനില്ലായിരുന്നു;
യർ വാളോ കുന്തമോ ഉണ്ടാക്ക
ന്നു ഫെലിസ്ത്യർ പറഞ്ഞു. ഇസ്രാ
തങ്ങളുടെ കൊഴു, കലപ്പ, മഴു, മൺ
എന്നിവ കാച്ചിക്കുവാൻ ഫെലി
ുടെ അടുക്കൽ ചെല്ലേണ്ടിവന്നു.
ട്ടി, കലപ്പ, മുപ്പല്ലി, മഴു എന്നിവ
യും കുന്തം കൂർപ്പിപ്പാനും അവർക്കു
ഉണ്ടായിരുന്നു. ആകയാൽ യുദ്ധ
ത്തു ശൌലിനോടും യോനാഥാ
കൂടെയുള്ള ജനത്തിൽ ഒരുവനും
കുന്തവും ഉണ്ടായിരുന്നില്ല;
ശൌലിനും അവന്റെ മകൻ യോനാഥാ
നും മാത്രമേ അവ ഉണ്ടായിരുന്നുള്ളു. 23
ഫെലിസ്ത്യരുടെ പട്ടാളമോ മിക്മാസിലെ
കടൽവരെ പുറപ്പെട്ടു വന്നു.

അദ്ധ്യായം 14

ഒരു ദിവസം ശൌലിന്റെ മകൻ യോ 1
നാഥാൻ തന്റെ ആയുധവാഹകനായ
യുവാവിനോടു: വരിക, നാം അങ്ങോട്ടു
ഫെലിസ്ത്യരുടെ പട്ടാളത്തിന്റെ നേരെ
പോകാം എന്നു പറഞ്ഞു; അവൻ അപ്പ
നോടു പറഞ്ഞില്ലായിരുന്നു. ശൌൽ റാമാ 2
യുടെ അതിരിങ്കൽ മിഗ്രോനിലെ മാതള
നാരകത്തിൻ കീഴിൽ ഇരിക്കയായിരുന്നു.
അവനോടുകൂടെ ഉണ്ടായിരുന്ന സൈന്യം
ഏകദേശം അറുനൂറു പേർ. ശീലോ 3
വിൽ കർത്തൃപുരോഹിതനായിരുന്ന
ഏലിയുടെ മകനായ ഫീനെഹാസിന്റെ
മകനായ ഈഖാബോദിന്റെ സഹോദ
രനായ അഹീതൂബിന്റെ മകൻ അഹീയാ
ആയിരുന്നു അന്ന് ഏഫോദ് ധരി
ച്ചിരുന്നത്. യോനാഥാൻ പോയതു ജനം
അറിഞ്ഞില്ല. യോനാഥാൻ ഫെലിസ്ത്യ 4
രുടെ പട്ടാളത്തിന്റെ നേരെ പോയ
വഴിയിൽ ഇപ്പുറവും അപ്പുറവും കടുന്തൂക്ക
മായ ഓരോ പാറ ഉണ്ടായിരുന്നു; ഒന്നിനു
ബോസേസ് എന്നും മറ്റേതിനു സേനെ
എന്നും പേർ. ഒന്നു വടക്കുവശം മിക്മാസി 5
നു നേരെയും മറ്റേതു തെക്കുവശം ഗിബെ
യെക്കു നേരെയും നിന്നിരുന്നു. യോനാ 6
ഥാൻ തന്റെ ആയുധവാഹകനായ ബാല്യ
ക്കാരനോടു വരിക, നമുക്ക് ഈ അഗ്ര
ചർമ്മികളുടെ പട്ടാളത്തിന്റെ നേരെ
ചെല്ലാം; ദൈവം നമുക്കുവേണ്ടി പ്രവർ
ത്തിച്ചേക്കും; അധികം കൊണ്ടോ അല്പം
കൊണ്ടോ രക്ഷിപ്പാൻ ദൈവത്തിനു പ്രയാ
സമില്ലല്ലോ; എന്നു പറഞ്ഞു. ആയുധവാഹ 7
കൻ അവനോടു: നിന്റെ ഇഷ്ടംപോലെ
ചെയ്ക; നടന്നുകൊൾക; നിന്റെ ഇഷ്ടം
പോലെ ഞാൻ നിന്നോടുകൂടെ ഉണ്ട് എന്നു
പറഞ്ഞു. അതിനു യോനാഥാൻ പറഞ്ഞതു: 8
നാം അവരുടെ നേരെ ചെന്നു അവർക്കു
നമ്മെത്തന്നെ കാണിക്കാം. ഞങ്ങൾ നിങ്ങ 9
ളുടെ അടുക്കൽ വരുവോളം നില്പിൻ
എന്നു അവർ പറഞ്ഞാൽ നാം അവരുടെ
അടുക്കൽ കയറിപ്പോകാതെ നിന്നേടത്തു
തന്നെ നില്ക്കണം. ഇങ്ങോട്ടു കയറിവരു 10
വിൻ എന്നു പറഞ്ഞാലോ നമുക്കു കയറി
ച്ചെല്ലാം; ദൈവം അവരെ നമ്മുടെ കയ്യിൽ
ഏല്പിച്ചിരിക്കുന്നു എന്നതിനു ഇതു

11 നമുക്കു അടയാളം ആയിരിക്കും. ഇങ്ങനെ
അവർ ഇരുവരും ഫെലിസ്ത്യരുടെ പട്ടാള
ത്തിനു തങ്ങളെത്തന്നെ കാണിച്ചപ്പോൾ:
ഇതാ, എബ്രായർ ഒളിച്ചിരുന്ന കുഴികളിൽ
നിന്നു പുറത്തുവരുന്നു എന്നു ഫെലിസ്ത്യർ
12 പറഞ്ഞു. പട്ടാളക്കാർ യോനാഥാനോടും
അവന്റെ ആയുധവാഹകനോടും: ഇങ്ങോ
ട്ടു കയറിവരുവിൻ; ഞങ്ങൾ ഒന്നു കാണിച്ചു
തരാം എന്നു പറഞ്ഞു. അപ്പോൾ യോനാ
ഥാൻ തന്റെ ആയുധവാഹകനോടു:
എന്റെ പിന്നാലെ കയറി വരിക; ദൈവം
അവരെ ഇസ്രായേലിന്റെ കയ്യിൽ ഏല്പി
13 ച്ചിരിക്കുന്നു എന്നു പറഞ്ഞു. അങ്ങനെ
യോനാഥാനും അവന്റെ പിന്നാലെ ആയു
ധവാഹകനും തത്തിപ്പിടിച്ചു കയറി; അവർ
യോനാഥാന്റെ മുമ്പിൽ വീണു; ആയുധ
വാഹകൻ അവന്റെ പിന്നാലെ കൊന്നും
14 കൊണ്ടു നടന്നു. യോനാഥാനും ആയുധ
വാഹകനും ചെയ്ത ഈ ആദ്യസംഹാര
ത്തിൽ വയലിലെ ഉഴവിനുള്ള കൊഴു
പോലെ അവർ വീണു.
15 പാളയത്തിലും പോർക്കളത്തിലും
സർവ്വജനത്തിലും നടുക്കമുണ്ടായി. പട്ടാള
വും കവർച്ചക്കാരും വിറച്ചു, ഭൂമി കുലുങ്ങി,
16 വലിയോരു നടുക്കം ഉണ്ടായി. അപ്പോൾ
ബെന്യാമീനിലെ ഗിബെയയിൽനിന്നു ശൌ
ലിന്റെ കാവല്ക്കാർ നോക്കി പുരുഷാരം
ചിതറി അങ്ങുമിങ്ങും ഓടുന്നതു കണ്ടു.
17 ശൌൽ കൂടെയുള്ള ജനത്തോടു:
എണ്ണി നോക്കി നമ്മിൽ നിന്നു പോയവർ
ആരെന്നറിവിൻ എന്നു കല്പിച്ചു. അവർ
എണ്ണി നോക്കിയപ്പോൾ യോനാഥാനും
അവന്റെ ആയുധവാഹകനും ഇല്ലായി
18 രുന്നു. ശൌൽ അഹീയായോടു: ദൈവ
ത്തിന്റെ പെട്ടകം ഇവിടെ കൊണ്ടുവരിക
എന്നു പറഞ്ഞു. ദൈവത്തിന്റെ പെട്ടകം
ആ കാലത്തു ഇസ്രായേൽ മക്കളുടെ
19 അടുക്കൽ ഉണ്ടായിരുന്നു. ശൌൽ
പുരോഹിതനോടു സംസാരിച്ചുകൊണ്ടിരി
ക്കുമ്പോൾ ഫെലിസ്ത്യരുടെ പാളയത്തിലെ
കലാപം മേല്ക്കുമേൽ വർദ്ധിച്ചുവന്നു.
അപ്പോൾ ശൌൽ പുരോഹിതനോടു:
നിന്റെ കൈ വലിക്ക എന്നു പറഞ്ഞു.
20 ശൌലും കൂടെയുള്ള ജനമെല്ലാം ഒന്നി
ച്ചുകൂടി യുദ്ധത്തിനു ചെന്നു, അവിടെ
അവർ അന്യോന്യം വെട്ടി വലിയ
21 തകർച്ചയാക്കിയതു കണ്ടു. മുമ്പെ ഫെലി
സ്ത്യരോടു ചേർന്നു ചുറ്റുമുള്ള ദേശത്തു
നിന്നു അവരോടുകൂടെ പാളയത്തിൽ
വന്നിരുന്ന എബ്രായരും ശൌലിനോടും
യോനാഥാനോടും കൂടെ ഉണ്ടായിരുന്ന
ഇസ്രായേല്യരുടെ പക്ഷം തിരിഞ്ഞു.
അങ്ങനെ തന്നെ എഫ്രയീം മലനാട്ടിൽ 22
ഒളിച്ചിരുന്ന ഇസ്രായേല്യർ എല്ലാം.
ഫെലിസ്ത്യർ തോറ്റോടി എന്നു കേട്ടയുടനെ
അവരും സൈന്യത്തിൽ ചേർന്നു അവരെ
പിന്തുടർന്നു. അങ്ങനെ ദൈവം അന്നു 23
ഇസ്രായേലിനെ രക്ഷിച്ചു; സൈന്യം ബേത്ത്
ആവെൻവരെ വ്യാപിച്ചു. സന്ധ്യക്കു മുമ്പും 24
ഞാൻ എന്റെ ശത്രുക്കളോടു പ്രതികാരം
ചെയ്യുവോളവും ആഹാരം കഴിക്കുന്നവൻ
ശപിക്കപ്പെട്ടവൻ എന്നു ശൌൽ പറഞ്ഞു.
ജനത്തിൽ ഒരുവനും ആഹാരം കഴിച്ചില്ല.
ജനമൊക്കെയും ഒരു കാട്ടുപ്രദേശത്തു 25
എത്തി; അവിടെ നിലത്തു തേൻ ഉണ്ടായി
രുന്നു. ജനം കാട്ടിൽ കടന്നപ്പോൾ തേൻ 26
ഇറ്റിറ്റു വീഴുന്നതു കണ്ടു; എങ്കിലും സത്യ
ത്തെ ഭയപ്പെട്ടു. ആരും തന്റെ കൈ വായി
ലേക്കു കൊണ്ടുപോയില്ല. യോനാഥാനോ 27
തന്റെ അപ്പൻ ജനത്തെക്കൊണ്ടു സത്യം
ചെയ്യിച്ചതു അറിയാതിരുന്നതിനാൽ വടി
യുടെ അറ്റം നീട്ടി ഒരു തേൻകട്ടയിൽ കുത്തി
അത് എടുത്തു തന്റെ കൈ വായിലേക്കു
കൊണ്ടുപോയി, അവന്റെ കണ്ണു തെളി
ഞ്ഞു, അപ്പോൾ ജനത്തിൽ ഒരുവൻ: ഇന്നു 28
യാതൊരു ആഹാരമെങ്കിലും കഴിക്കുന്നവൻ
ശപിക്കപ്പെട്ടവൻ എന്നു പറഞ്ഞ് നിന്റെ
പിതാവ് ജനത്തെക്കൊണ്ടു സത്യം ചെയ്യി
ച്ചിട്ടുണ്ട്; ജനം ക്ഷീണിച്ചുമിരിക്കുന്നു എന്നു
പറഞ്ഞു. അതിനു യോനാഥാൻ: എന്റെ 29
പിതാവ് ദേശത്തെ ദുരിതത്തിലാക്കി; ഞാൻ
ഈ തേൻ ഒരല്പം ആസ്വദിക്കകൊണ്ടു
എന്റെ കണ്ണു തെളിഞ്ഞതു കണ്ടില്ലയോ?
ജനത്തിനു കണ്ടുകിട്ടിയ ശത്രുക്കളുടെ 30
കൊള്ളയിൽ നിന്നു അവർ എടുത്തു ഇന്നു
വേണ്ടുംപോലെ ഭക്ഷിച്ചിരുന്നു എങ്കിൽ
എത്ര നന്നായിരുന്നു. എന്നാൽ ഇപ്പോൾ
ഫെലിസ്ത്യരുടെ പരാജയം അത്ര വലുതാ
യില്ലല്ലോ എന്നു പറഞ്ഞു.
അവർ അന്നു മിക്മാസ് തുടങ്ങി 31
അയ്യാലോൻവരെ ഫെലിസ്ത്യരെ സംഹരിച്ചു,
ജനം ഏറ്റവും തളർന്നുപോയി. ആകയാൽ 32
ജനം കൊള്ളയ്ക്ക് ഓടിച്ചെന്നു ആടുക
ളെയും കാളകളെയും കിടാക്കളെയും പിടി
ച്ചു നിലത്തുവച്ചു അറുത്തു രക്തത്തോടു
കൂടെ തിന്നു. ജനം രക്തത്തോടെ തിന്നു 33
ന്നതിനാൽ ദൈവത്തോടു പാപം ചെയ്യുന്നു
എന്നു ശൌലിനു അറിവുകിട്ടിയപ്പോൾ
അവൻ, നിങ്ങൾ ഇന്നു ദ്രോഹം ചെയ്യു
ന്നു; ഒരു വലിയ കല്ല് എന്റെ അടുക്കൽ

ക്കൊണ്ടു വരുവിൻ എന്നു പറഞ്ഞു.
നയും ശൌൽ: നിങ്ങൾ ജനത്തിൻെറ
ിൽ എല്ലായിടവും ചെന്നു അവരോട്
ാരുത്തൻ താന്താൻെറ കാളയേയും
നയും എൻെറ അടുക്കൽ കൊണ്ടു
ഇവിടെവച്ചു അറുത്തു തിന്നുകൊൾ
രക്തത്തോടെ തിന്നുന്നതിനാൽ
ത്തോടു പാപം ചെയ്യരുതു എന്നു
ുവിൻ എന്നു കല്പിച്ചു. അങ്ങനെ ജന
ം കാളകളെ അന്നു രാത്രി കൊണ്ടു
അവിടെവച്ചു അറുത്തു. ശൌൽ
ാവിന് ഒരു യാഗപീഠം പണിതു.
നന്തരം ശൌൽ: നാം രാത്രിയിൽ
ഫെലിസ്ത്യരെ പിന്തുടർന്നു പുലരു
ം അവരെ കൊള്ളയിടുക; അവരിൽ
നെയും ശേഷിപ്പിക്കരുതു എന്നു
ിച്ചു. നിനക്കു ബോധിച്ചതുപോലെ
ാം ചെയ്തുകൊള്ളാം എന്നു അവർ
ത്തു. അങ്ങനെ ശൌൽ ദൈവത്തോടു:
ഫെലിസ്ത്യരെ പിന്തുടരേണമോ? നീ
രെ ഇസ്രായേലിൻെറ കയ്യിൽ ഏല്പി
മാ എന്നു അരുളപ്പാടു ചോദിച്ചു.
ാൽ അന്നു അവനു അരുളപ്പാടു
ില്ല. അപ്പോൾ ശൌൽ ജനത്തിൻെറ
നികൾ മുഴുവൻ ഇവിടെ അടുത്തു
; ഇന്നു പാപം സംഭവിച്ചതു ഏതു
ത്തിൽ എന്നു അന്വേഷിച്ചറിവിൻ;
ായേലിനെ രക്ഷിക്കുന്ന കർത്താവാ
അതു എൻെറ മകൻ യോനാഥാനിൽ
ന ആയിരുന്നാലും അവൻ മരിക്കണം
ചയം എന്നു പറഞ്ഞു. എന്നാൽ അവ
ു ഉത്തരം പറവാൻ സർവ്വജനത്തിലും
ത്തനും ധൈര്യപ്പെട്ടില്ല. അവൻ എല്ലാ
ായേലിനോടും നിങ്ങൾ ഒരു ഭാഗത്തു
പിൻ; ഞാനും എൻെറ മകനായ യോ
ാനും മറുഭാഗത്തു നില്ക്കാം എന്നു
ത്തു. നിൻെറ ഇഷ്ടംപോലെ ആകട്ടെ
ു ജനം ശൌലിനോടു പറഞ്ഞു.
ങനെ ശൌൽ ഇസ്രായേലിൻെറ ദൈവ
കർത്താവിനോടു: സത്യം വെളിപ്പെടു
ത്തരേണമേ എന്നു പറഞ്ഞു. അപ്പോൾ
ലിനും യോനാഥാനും ചീട്ടുവീണു; ജ
ഴിഞ്ഞുപോയി. പിന്നെ ശൌൽ: എനി
എൻെറ മകനായ യോനാഥാനും ചീട്ടി
ൻ എന്നു പറഞ്ഞു; ചീട്ടു യോനാഥാനു
നു. ശൌൽ യോനാഥാനോടു: നീ എ
ചെയ്തു? എന്നോടു പറയുക എന്നു
ത്തു. യോനാഥാൻ അവനോടു: ഞാൻ
ൻെറ വടിയുടെ അറ്റംകൊണ്ടു അല്പം
ആസ്വദിച്ചതേയുള്ളു; അതുകൊണ്ടു

ഇതാ, ഞാൻ മരിക്കേണ്ടിവന്നിരിക്കുന്നു
എന്നു പറഞ്ഞു.
അതിനു ശൌൽ: ദൈവം എന്നോടു 44
തക്കവണ്ണവും അധികവും ചെയ്യട്ടെ: യോനാ
ഥാനേ, നീ മരിക്കണം എന്നു ഉത്തരം
പറഞ്ഞു. എന്നാൽ ജനം ശൌലിനോടു: 45
ഇസ്രായേലിൽ ഈ മഹാരക്ഷ പ്രവർത്തി
ച്ചിരിക്കുന്ന യോനാഥാൻ മരിക്കണമോ?
ഒരിക്കലും അരുതു; കർത്താവാണ, അവ
ൻെറ തലയിലെ ഒരു രോമവും നിലത്തു
വീഴുകയില്ല; അവൻ ഇന്നു ദൈവത്തോടു
കൂടെയല്ലോ പ്രവർത്തിച്ചിരിക്കുന്നതു എന്നു
പറഞ്ഞു. അങ്ങനെ ജനം യോനാഥാനെ
വീണ്ടെടുത്തു; അവൻ മരിക്കേണ്ടിവന്നതു
മില്ല. ശൌൽ ഫെലിസ്ത്യരെ പിന്തുടരാതെ 46
മടങ്ങിപ്പോയി; ഫെലിസ്ത്യരും തങ്ങളുടെ
സ്ഥലത്തേക്കു പോയി.
ശൌൽ ഇസ്രായേലിൽ രാജത്വം ഏറ്റ 47
ശേഷം മോവാബ്യർ, അമ്മോന്യർ, ഏദോ
മ്യർ, സോബാ രാജാക്കന്മാർ, ഫെലിസ്ത്യർ
എന്നിങ്ങനെ ചുറ്റുമുള്ള സകല ജാതി
കളോടും യുദ്ധം ചെയ്തു; അവൻ ചെന്നിട
ത്തെല്ലാം ജയം പ്രാപിച്ചു. അവൻ ശക്തി 48
യോടെ അമാലേക്യരെ ജയിച്ചു, ഇസ്രാ
യേല്യരെ കവർച്ചക്കാരുടെ കയ്യിൽ നിന്നു
വിടുവിക്കയും ചെയ്തു.
ശൌലിൻെറ പുത്രന്മാർ യോനാഥാൻ, 49
യിശ്വി, മൽക്കീശുവ എന്നിവർ ആയിരുന്നു;
അവൻെറ രണ്ടു പുത്രിമാർക്കോ, മൂത്തവൾ
ക്കു മേരബ് എന്നും ഇളയവൾക്കു മീഖൾ
(മിൽമീൾ) എന്നും പേരായിരുന്നു. ശൌലി 50
ൻെറ ഭാര്യയ്ക്കു അഹീനോവം എന്നു പേർ;
അവൾ അഹീമാസിൻെറ മകൾ, അവൻെറ
സേനാപതി അബ്നേർ; അവൻ ശൌലി
ൻെറ ഇളയപ്പനായ നേരിൻെറ മകൻ
ആയിരുന്നു. ശൌലിൻെറ പിതാവായ 51
കീശും അബ്നേരിൻെറ പിതാവായ നേരും
അബീയേലിൻെറ മക്കൾ ആയിരുന്നു.
ശൌലിൻെറ കാലത്തെല്ലാം ഫെലിസ്ത്യ 52
രോടു കഠിനയുദ്ധം ഉണ്ടായിരുന്നു; എന്നാൽ
ശൌൽ യാതൊരു വീരനെയോ ശൂരനെ
യോ കണ്ടാൽ അവനെ തന്നോടു ചേർത്തു
കൊള്ളുമായിരുന്നു.

അദ്ധ്യായം 15

അനന്തരം ശമൂവേൽ ശൌലിനോടു 1
പറഞ്ഞു: ദൈവം നിന്നെ തൻെറ ജനമായ
ഇസ്രായേലിനു രാജാവായി അഭിഷേകം
ചെയ്വാൻ എന്നെ നിയോഗിച്ചു; അതു
കൊണ്ടു ഇപ്പോൾ ദൈവവചനങ്ങളെ

2 കേൾക്കുക. ബലവാനായ ദൈവം
ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇസ്രായേൽ
മെസ്രേനിൽ നിന്നു വരുമ്പോൾ വഴിയിൽ
വച്ചു അമാലേക് അവരെ ആക്രമിച്ച്
അവരോടു ചെയ്തതിനെ ഞാൻ ഓർത്തി
3 രിക്കുന്നു. ആകയാൽ നീ ചെന്നു അമാലേ
ക്യരെ തോല്പിച്ചു അവർക്കുള്ളതെല്ലാം
നിർമ്മൂലമാക്കുക; അവരോടു കനിവു
തോന്നരുതു; പുരുഷന്മാരെയും സ്ത്രീകളെ
യും കുട്ടികളെയും മുല കുടിക്കുന്നവരെയും
കാള, ആടു, ഒട്ടകം, കഴുത എന്നിവയെയും
സംഹരിച്ചുകളയണം.
4 ശൌൽ ജനത്തെ കൂട്ടി തെലായീമിൽ
വച്ചു അവരെ എണ്ണി; യെഹൂദാഗോത്രക്കാ
രായ പതിനായിരം പേർ ഒഴികെ രണ്ടു ലക്ഷം
5 കാലാൾ ഉണ്ടായിരുന്നു. പിന്നെ ശൌൽ
അമാലേക്യരുടെ പ്രധാന നഗരംവരെ
ചെന്നു തോട്ടിന്നടുത്ത് കേന്ദ്രീകരിച്ചു.
6 ശൌൽ കേന്യരോടു: ഞാൻ നിങ്ങളെ
അമാലേക്യരോടു കൂടെ നശിപ്പിക്കാതിരി
ക്കേണ്ടതിനു അവരുടെ ഇടയിൽ നിന്നു
പോകുവിൻ; ഇസ്രായേൽ മക്കൾ മെസ്രേ
നിൽനിന്നു വന്നപ്പോൾ നിങ്ങൾ അവർക്കു
ദയ ചെയ്തുവല്ലോ എന്നു പറഞ്ഞു. അങ്ങ
നെ കേന്യർ അമാലേക്യരുടെ ഇടയിൽ
7 നിന്നു മാറിപ്പോയി. പിന്നെ ശൌൽ ഹവീ
ലാ മുതൽ മെസ്രേനിനു കിഴക്കുള്ള ശൂർ
8 വരെ അമാലേക്യരെ സംഹരിച്ചു. അമാലേ
ക്യരുടെ രാജാവായ ആഗാഗിനെ ജീവ
നോടെ പിടിച്ചു, ജനങ്ങളെയെല്ലാം വാളി
ന്റെ വായ്ത്തലയാൽ നിർമ്മൂലമാക്കി.
9 ശൌലും ജനവും ആഗാഗിനേയും ആട്,
മാട്, തടിച്ച മൃഗം എന്നിവയിൽ വിശിഷ്ട
മായവയെയും കുഞ്ഞാടുകളെയും ഉത്തമ
മായവയെ എല്ലാം നിർമ്മൂലമാക്കുവാൻ
മനസ്സില്ലാതെ ജീവനോടെ സൂക്ഷിച്ചു;
ഹീനവും നിസ്സാരവുമായതെല്ലാം അവർ
നിർമ്മൂലമാക്കി.
10 അപ്പോൾ കർത്താവിന്റെ അരുളപ്പാടു
ശമുവേലിനുണ്ടായി: “ഞാൻ ശൌലിനെ
രാജാവായി വാഴിച്ചതിനാൽ എനിക്കു
മനസ്താപമായിരിക്കുന്നു; അവൻ എന്നെ
വിട്ടുമാറിയിരിക്കുന്നു; എന്റെ കല്പനക
ളെ നിവർത്തിച്ചതുമില്ല.” ഇതിങ്കൽ ശമു
11 വേലിനു വ്യസനമായി; അവൻ രാത്രി
മുഴുവനും കർത്താവിനോടു നിലവിളിച്ചു.
12 ശമൂവേൽ ശൌലിനെ കാണുവാൻ അതി
രാവിലെ എഴുന്നേറ്റപ്പോൾ ശൌൽ കർമ്മേ
ലിൽ എത്തിയെന്നും ഒരു ഓർമ്മസ്തംഭം നാട്ടി
ഘോഷയാത്ര കഴിച്ചു തിരിഞ്ഞു ഗിൽഗാ
ലിലേക്കു പോയി എന്നും ശമൂവേലിനു
അറിവു കിട്ടി. പിന്നെ ശമൂവേൽ ശൌലി 13
ന്റെ അടുക്കൽ എത്തിയപ്പോൾ ശൌൽ
അവനോടു: കർത്താവിനാൽ അങ്ങ് അനു
ഗൃഹീതൻ; ഞാൻ കർത്താവിന്റെ കല്പന
നിവർത്തിച്ചിരിക്കുന്നു എന്നു പറഞ്ഞു.
അതിനു ശമൂവേൽ: എന്റെ ചെവിയിൽ 14
എത്തുന്ന ആടുകളുടെ ഈ കരച്ചിലും
ഞാൻ കേൾക്കുന്ന കാളകളുടെ മുക്കുറയും
എന്ത് എന്നു ചോദിച്ചു. അവയെ അമാ 15
ലേക്യരുടെ പക്കൽനിന്നു അവർ കൊണ്ടു
വന്നതാകുന്നു; ജനം ആടുകളിലും കാള
കളിലും വിശിഷ്ടമായവയെ അങ്ങയുടെ
ദൈവമായ കർത്താവിനു യാഗം കഴിപ്പാൻ
ജീവനോടെ സൂക്ഷിച്ചു; ശേഷമുള്ളവയെ
ഞങ്ങൾ നിർമ്മൂലമാക്കിക്കളഞ്ഞു എന്നു
ശൌൽ പറഞ്ഞു. ശമൂവേൽ ശൌലിനോടു: 16
നില്ക്ക; കർത്താവു ഈ കഴിഞ്ഞരാത്രി
എന്നോടു അരുളിച്ചെയ്തതു ഞാൻ നിന്നെ
അറിയിക്കും എന്നു പറഞ്ഞു. അവൻ അവ
നോടു: പറഞ്ഞാലും എന്നു പറഞ്ഞു.
അപ്പോൾ ശമൂവേൽ പറഞ്ഞു: നിന്റെ 17
സ്വന്ത കാഴ്ചയിൽ നീ ചെറിയവനായിരു
ന്നിട്ടും ദൈവം നിന്നെ ഇസ്രായേൽ ഗോത്ര
ങ്ങൾക്കു തലവനാക്കുകയും ഇസ്രായേ
ലിന്റെ രാജാവായി നിന്നെ അഭിഷേകം
കഴിക്കയും ചെയ്തില്ലയോ? പിന്നെ കർത്താവ് 18
നിന്നെ ഒരു വഴിക്കു അയച്ചു: നീ ചെന്നു
അമാലേക്യരായ പാപികളെ നിർമ്മൂലമാ
ക്കുകയും അവർ നശിക്കുംവരെ അവരോടു
പൊരുതുകയും ചെയ്ക എന്നു കല്പിച്ചു.
അങ്ങനെയിരിക്കെ നീ കർത്താവിന്റെ 19
കല്പന അനുസരിക്കാതെ കൊള്ളയ്ക്കു
മോഹിച്ച് കർത്താവിന്നു അനിഷ്ടമായതു
ചെയ്തതെന്തു? ശൌൽ ശമൂവേലിനോടു: 20
ഞാൻ കർത്താവിന്റെ കല്പന അനുസ
രിച്ചു കർത്താവ് എന്നെ അയച്ച വഴിക്കു
പോയി അമാലേക്ക് രാജാവായ ആഗാഗിനെ
കൊണ്ടുവന്നു. അമാലേക്യരെ നിർമ്മൂല
മാക്കിക്കളഞ്ഞു. എന്നാൽ ജനം ശാപവസ്തു 21
ക്കളിൽ വിശേഷമായ ആടുമാടുകളെ
കൊള്ളയിൽനിന്നു എടുത്ത് ഗിൽഗാലിൽ
അങ്ങയുടെ ദൈവമായ കർത്താവിനു
യാഗം കഴിപ്പാൻ കൊണ്ടുവന്നിരിക്കയാണ്
എന്നു പറഞ്ഞു. ശമൂവേൽ പറഞ്ഞു:
കർത്താവിന്റെ കല്പന അനുസരിക്കു 22
ന്നതുപോലെ ഹോമയാഗങ്ങളും ഹനന
യാഗങ്ങളും കർത്താവിനു പ്രസാദമാ
കുമോ? ഇതാ, അനുസരണം യാഗത്തെ
ക്കാളും കേൾക്കുന്നതു മുട്ടാടുകളുടെ

ിനെക്കാളും നല്ലതു. മത്സരം ആഭി
ദോഷംപോലെയും അഹങ്കാരം തിന്മ
ഗ്രഹാരാധനയുംപോലെയും ആകു
ീ കർത്താവിൻെറ വചനത്തെ തള്ളി
ത്തതുകൊണ്ടു അവൻ നിന്നെയും
സ്ഥാനത്തിൽ നിന്നു തള്ളിക്കളയും.
ൽ ശമൂവേലിനോടു: ഞാൻ ജനത്തെ
പ്പെട്ടു അവരുടെ വാക്കു അനുസരി
നാൽ കർത്താവിൻെറ കല്പനയും
ദയുടെ വാക്കും ലംഘിച്ചു പാപം
രിക്കുന്നു. എങ്കിലും എൻെറ പാപം
ച്ചു ഞാൻ കർത്താവിനെ ആരാധി
ദതിനു എന്നോടുകൂടെ വരണമെ
പറഞ്ഞു. ശമൂവേൽ ശൌലിനോടു:
വരികയില്ല; നീ കർത്താവിൻെറ വച
തള്ളിക്കളഞ്ഞതുകൊണ്ട് കർത്താ
ിന്നെയും ഇസ്രായേലിലെ രാജസ്ഥാ
ുനിന്നു തള്ളിക്കളഞ്ഞിരിക്കുന്നു.
ശമൂവേൽ പോകുവാൻ തിരിഞ്ഞ
അവൻ അവൻെറ നിലയങ്കിയുടെ
വു പിടിച്ചുവലിച്ചു; അതു കീറിപ്പോയി.
വേൽ അവനോടു: കർത്താവു ഇന്നു
ായേലിൻെറ രാജത്വം നിങ്കൽ നിന്നു
നിന്നെക്കാൾ ഉത്തമനായ നിൻെറ
കാരനു കൊടുത്തിരിക്കുന്നു. ഇസ്രാ
ിൻെറ മഹത്വമായവൻ വ്യാജം പറക
അനുതപിക്കയുമില്ല; അനുതപി
അവൻ മനുഷ്യനല്ല എന്നു പറഞ്ഞു.
പ്പോൾ അവൻ, ഞാൻ പാപം ചെയ്തിരിക്കു
എങ്കിലും ജനത്തിൻെറ മൂപ്പന്മാരു
ം ഇസ്രായേലിൻെറയും മുമ്പാകെ
ാൾ എന്നെ മാനിച്ചു, ഞാൻ അങ്ങ
ദൈവമായ കർത്താവിനെ നമസ്കരി
ദതിന്നു എന്നോടുകൂടെ പോരണമേ
ു അപേക്ഷിച്ചു. അങ്ങനെ ശമൂവേൽ
ലിൻെറ പിന്നാലെ ചെന്നു; ശൌൽ
ത്താവിനെ നമസ്കരിച്ചു.
അനന്തരം ശമൂവേൽ: അമാലേക്
വായ ആഗാഗിനെ ഇവിടെ എൻെറ
ക്കൽ കൊണ്ടുവരുവിൻ എന്നു
ിച്ചു. ആഗാഗ് "മരണഭീതി" എന്നു
ു. നിൻെറ വാൾ സ്ത്രീകളെ മക്കളി
വരാക്കിയതുപോലെ നിൻെറ അമ്മ
സ്ത്രീകളുടെ ഇടയിൽ മക്കളില്ലാത്തവ
ം എന്നു ശമൂവേൽ പറഞ്ഞു, ഗില്ഗാ
വച്ചു കർത്താവിൻെറ സന്നിധിയിൽ
ാഗിനെ പല കഷണങ്ങളായി വെട്ടി
ത്തു.
പിന്നെ ശമൂവേൽ റാമയിലേക്കു പോയി;
ും ഗിബെയയിലെ അരമനയിലേക്കു
പോയി. ശമൂവേൽ ജീവപര്യന്തം ശൌലിനെ 35
പിന്നെ കണ്ടില്ല; എങ്കിലും ശമൂവേൽ
ശൌലിനെക്കുറിച്ചു ദുഃഖിച്ചു; കർത്താവും
താൻ ശൌലിനെ ഇസ്രായേലിനു രാജാവാ
ക്കിയതുകൊണ്ടു പശ്ചാത്തപിച്ചു.

അദ്ധ്യായം 16

ദൈവം ശമൂവേലിനോടു: ഇസ്രായേ 1
ലിലെ രാജസ്ഥാനത്തിൽനിന്നു ഞാൻ
ശൌലിനെ തള്ളിയെന്നറിഞ്ഞിരിക്കെ നീ
അവനെക്കുറിച്ചു എത്രത്തോളം ദുഃഖിക്കും?
കൊമ്പിൽ തൈലം നിറച്ചു പുറപ്പെടുക;
ഞാൻ നിന്നെ ബേത്ലേഹേമ്യനായ ഇശ്ശാ
യിയുടെ അടുക്കൽ അയയ്ക്കും; അവൻെറ
മക്കളിൽ ഞാൻ ഒരു രാജാവിനെ കണ്ടി
ട്ടുണ്ട് എന്നു കല്പിച്ചു. അതിനു ശമൂവേൽ: 2
ഞാൻ എങ്ങനെ പോകും? ശൌൽ കേട്ടാൽ
എന്നെ കൊല്ലും എന്നു പറഞ്ഞു. അപ്പോൾ
ദൈവം: നീ ഒരു പശുക്കിടാവിനെയും
കൊണ്ടുചെന്നു: ഞാൻ കർത്താവിന്
യാഗം കഴിപ്പാൻ വന്നിരിക്കുന്നു എന്നു പറ
യുക. യിശ്ശായിയെയും യാഗത്തിനു ക്ഷണി 3
ക്ക; നീ ചെയ്യേണ്ടതു എന്തെന്നു ഞാൻ
അപ്പോൾ നിന്നോടു അറിയിക്കും; ഞാൻ
പറഞ്ഞുതരുന്നവനെ നീ എനിക്കായിട്ടു അ
ഭിഷേകം ചെയ്യണം. കർത്താവു കല്പിച്ച 4
തുപോലെ ശമൂവേൽ ചെയ്തു, ബേത്ലേഹേ
മിൽ ചെന്നു; പട്ടണത്തിലെ മൂപ്പന്മാർ
അവൻെറ വരവിങ്കൽ അവനെ എതിരേറ്റു:
നിൻെറ വരവിന് സമാധാനം എന്നു പറ
ഞ്ഞു. അതിന്നു അവൻ: സമാധാനം; ഞാൻ 5
കർത്താവിനു യാഗം കഴിപ്പാൻ വന്നിരി
ക്കുന്നു; നിങ്ങളെ തന്നേ ശുദ്ധീകരിച്ചു
എന്നോടുകൂടെ യാഗത്തിനു വരുവിൻ
എന്നു പറഞ്ഞു. അവൻ ഇശ്ശായിയെയും
അവൻെറ മക്കളേയും ശുദ്ധീകരിച്ചു അവ
രെയും യാഗത്തിനു ക്ഷണിച്ചു. അവർ വന്ന 6
പ്പോൾ അവൻ എലയാബിനെ കണ്ടിട്ട്:
കർത്താവിൻെറ മുമ്പിൽ അവൻെറ അഭിഷി
ക്തൻ ഇതാ എന്നു പറഞ്ഞു. കർത്താവു ശ 7
മൂവേലിനോടു: അവൻെറ മുഖമോ ഉയരമോ
നോക്കേണ്ട; ഞാൻ അവനെ തള്ളിയിരി
ക്കുന്നു. മനുഷ്യൻ നോക്കുന്നതുപോലെ
യല്ല; മനുഷ്യൻ കാഴ്ചപ്രകാരം നോക്കുന്നു;
കർത്താവു ഹൃദയത്തെ നോക്കുന്നു
എന്നു പറഞ്ഞു. പിന്നെ ഇശ്ശായി അബീ 8
നാദാബിനെ വിളിച്ചു ശമൂവേലിൻെറ
മുമ്പിൽ വരുത്തി; അപ്പോൾ അവൻ:
കർത്താവ് ഇവനെയും തിരഞ്ഞെടുത്തിട്ടില്ല
എന്നു പറഞ്ഞു. പിന്നെ ഇശ്ശായി ശമ്മ 9

യെയും വരുത്തി. ഇവനെയും കർത്താവ്
തിരഞ്ഞെടുത്തിട്ടില്ല എന്നു അവൻ പറ
10 ഞ്ഞു. അങ്ങനെ ഇശ്ശായി ഏഴു പുത്രന്മാരെ
ശമൂവേലിന്റെ മുമ്പിൽ വരുത്തി; എന്നാൽ
ശമൂവേൽ ഇശ്ശായിയോടു: കർത്താവ് ഇവ
രെ തിരഞ്ഞെടുത്തിട്ടില്ല എന്നു പറഞ്ഞു.
11 നിന്റെ പുത്രന്മാർ എല്ലാവരുമായോ എന്നു
ശമൂവേൽ ചോദിച്ചതിന്നു അവൻ: ഇനി,
ഏറ്റം ഇളയവൻ ഉണ്ട്; അവൻ ആടുകളെ
മേയ്ക്കയാകുന്നു എന്നു പറഞ്ഞു. ശമൂവേൽ
ഇശ്ശായിയോടു: ആളയച്ചു അവനെ വരു
ത്തുക; അവൻ വന്നിട്ടല്ലാതെ ഞാൻ തിരി
12 കെ പോകയില്ല എന്നു പറഞ്ഞു. ഉടനെ അ
വൻ ആളയച്ചു അവനെ വരുത്തി; അവൻ
പവിഴനിറമുള്ളവനും സുനേത്രനും കോമള
രൂപിയും ആയിരുന്നു. അപ്പോൾ കർത്താവ്:
എഴുന്നേറ്റു ഇവനെ അഭിഷേകം ചെയ്ക;
ഇവൻ തന്നേ ആകുന്നു എന്നു കല്പിച്ചു.
13 അങ്ങനെ ശമൂവേൽ തൈലക്കൊമ്പ് എടു
ത്തു അവന്റെ സഹോദരന്മാരുടെ നടുവിൽ
വെച്ച് അവനെ അഭിഷേകം ചെയ്തു. അ
ന്നുതൽ കർത്താവിന്റെ ആത്മാവ് അവ
നിൽ വന്നു. ശമുവേൽ എഴുന്നേററ്
റാമായിൽ സ്വഭവനത്തിലേക്കു പോയി.
14 കർത്താവിന്റെ ആത്മാവു ശൌലിനെ
വിട്ടുമാറി; കർത്താവ് അയച്ച ഒരു ദുരാത്മാ
15 വു അവനെ ബാധിച്ചു. അപ്പോൾ ശൌലി
ന്റെ ഭൃത്യന്മാർ അവനോട്: ഇതാ, അങ്ങേ
16 ദാസർ തിരുമുമ്പിൽ. കിന്നരവായനയിൽ
നിപുണനായ ഒരുവനെ അന്വേഷിപ്പാൻ
തിരുമനസ്സുകൊണ്ടു അടിയങ്ങൾക്കു കല്
പന തരണം; എന്നാൽ ദുരാത്മാവു അങ്ങ
യുടെമേൽ വരുമ്പോൾ അവൻ കിന്നരം
വായിക്കയും അങ്ങേക്കു സൗഖ്യം വരികയും
17 ചെയ്യും എന്നു പറഞ്ഞു. ശൌൽ തന്റെ
ഭൃത്യന്മാരോടു: കിന്നരവായനയിൽ നിപു
ണനായ ഒരുവനെ അന്വേഷിച്ചുകൊണ്ടു
18 വരുവിൻ എന്നു കല്പിച്ചു. ഭൃത്യരിൽ ഒരുവൻ:
ബേത്‌ലേഹേമ്യനായ ഇശ്ശായിയുടെ ഒരു
മകനെ ഞാൻ കണ്ടിട്ടുണ്ട്; അവൻ കിന്നര
വായനയിൽ നിപുണനും പരാക്രമിയും
യോദ്ധാവും വാക്ചാതുര്യമുള്ളവനും കോമ
ളനും ആകുന്നു, കർത്താവും അവനോടു
19 കൂടെ ഉണ്ട് എന്നു പറഞ്ഞു. ശൌൽ ഇശ്ശായി
യുടെ അടുക്കൽ ദൂതന്മാരെ അയച്ചു: ആടു
മേയിക്കുന്ന നിന്റെ മകൻ ദാവീദിനെ എ
20 ന്റെ അടുക്കൽ അയയ്ക്കണം എന്നു പറയി
ച്ചു. ഇശ്ശായി ഒരു കഴുതയെ വരുത്തി, അതി
ന്റെ പുറത്തു അപ്പം, ഒരു തുരുത്തി വീഞ്ഞ്,
ഒരു കോലാട്ടിൻകുട്ടി എന്നിവ കയറ്റി തന്റെ
മകൻ ദാവീദ് വശം ശൌലിനു കൊടുത്തയ
ച്ചു. ദാവീദ്, ശൌലിന്റെ അടുക്കൽ ചെന്നു
അവന്റെ മുമ്പാകെ നിന്നു; അവനു അവ 21
നോടു വളരെ സ്നേഹം തോന്നി; അവൻ
അവന്റെ ആയുധവാഹകനായിത്തീർന്നു.
ആകയാൽ ശൌൽ ഇശ്ശായിയുടെ അടു 22
ക്കൽ ആളയച്ചു: ദാവീദിനോടു എനിക്കു
ഇഷ്ടം തോന്നിയിരിക്കകൊണ്ടു അവൻ എ
ന്റെ അടുക്കൽ താമസിക്കട്ടെ എന്നു പറ
യിച്ചു. ദൈവത്തിങ്കൽനിന്നു ദുരാത്മാവു
ശൌലിന്മേൽ വരുമ്പോൾ ദാവീദ് കിന്നരം 23
മെടുത്തു വായിക്കും; ശൌലിനു ആശ്വാ
സവും സുഖവും ഉണ്ടാകും; ദുരാത്മാവ്
അവനെ വിട്ടുമാറുകയും ചെയ്തിരുന്നു.

അദ്ധ്യായം 17

അനന്തരം ഫെലിസ്ത്യർ സൈന്യത്തെ
യുദ്ധത്തിനു കൂട്ടി. അവർ യെഹൂദെക്കുള്ള 1
സോഖോവിൽ ഒരുമിച്ചു കൂടി. സോഖോ
യ്ക്കും അസേക്കെക്കും മദ്ധ്യേ ഏഫെസ്
ദമ്മീമിൽ പാളയമിറങ്ങി. ശൌലും ഇസ്രാ
യേല്യരും കൂടി, ഏലാ താഴ്വരയിൽ പാളയ 2
മിറങ്ങി ഫെലിസ്ത്യരോടു യുദ്ധത്തിന് അണി
നിരത്തി. ഫെലിസ്ത്യർ ഇപ്പുറത്തു ഒരു മല
ഞ്ചെരിവിലും ഇസ്രായേല്യർ അപ്പുറത്തു 3
ഒരു മലഞ്ചെരുവിലും നിന്നു; അവരുടെ
മദ്ധ്യേ ഒരു താഴ്വര ഉണ്ടായിരുന്നു. അ
പ്പോൾ ഫെലിസ്ത്യരുടെ പാളയത്തിൽ നിന്നു 4
ഗത്ഥ്യനായ ഗോല്യാത്ത് എന്ന ഒരു മല്ലൻ
മുന്നോട്ടു വന്നു; അവൻ ആറുമുഴവും ഒരു
ചാണും നീളമുള്ളവൻ ആയിരുന്നു. അവ 5
ന്റെ തലയിൽ ഒരു താമ്രശിരസ്ത്രം ഉണ്ടായി
രുന്നു; അവൻ അയ്യായിരം ശേക്കെൽ തൂക്ക
മുള്ള ഒരു താമ്രകവചവും ധരിച്ചിരുന്നു.
അവനു താമ്രംകൊണ്ടുള്ള കാൽചട്ടയും 6
ചുമലിൽ താമ്രംകൊണ്ടുള്ള ഒരു കുന്തവും
ഉണ്ടായിരുന്നു. അവന്റെ കുന്തത്തിന്റെ 7
തണ്ടു നെയ്ത്തുകാരന്റെ പടപ്പുതടി
പോലെ ആയിരുന്നു; കുന്തത്തിന്റെ അല
ക് അറുനൂറു ശേക്കെൽ ഇരിമ്പു ആയിരു
ന്നു; ഒരു പരിചക്കാരൻ അവന്റെ മുമ്പെ
നടന്നു. അവൻ നിന്നു ഇസ്രായേൽ നിര 8
യോടു വിളിച്ചു പറഞ്ഞത്: നിങ്ങൾ വന്നു
അണിനിരന്നിരിക്കുന്നതു എന്തിന്? ഞാൻ
ഫെലിസ്ത്യനും നിങ്ങൾ ശൌലിന്റെ സേവ
കരും അല്ലയോ? നിങ്ങൾ ഒരുവനെ തിര
ഞ്ഞെടുത്തുകൊൾവിൻ; അവൻ എന്റെ
അടുക്കൽ ഇറങ്ങിവരട്ടെ. അവൻ എന്നോടു 9
മല്ലയുദ്ധം ചെയ്ത് എന്നെ കൊല്ലുവാൻ
പ്രാപ്തനായാൽ ഞങ്ങൾ നിങ്ങൾക്ക് അടിമ
കൾ ആകാം; ഞാൻ അവനെ ജയിച്ചു
കൊന്നാൽ നിങ്ങൾ ഞങ്ങൾക്ക് അടിമ

ഞങ്ങളെ സേവിക്കണം. ഫെലി
ിന്നെയും: ഞാൻ ഇന്നു ഇസ്രായേൽ
വെല്ലുവിളിക്കുന്നു; ഞങ്ങൾ തമ്മിൽ
തേണ്ടതിന് ഒരുവനെ വിട്ടുതരു
ന്നു പറഞ്ഞു. ഫെലിസ്ത്യൻെറ ഈ
കൾ ശൌലും എല്ലാ ഇസ്രായേല്യരും
ാൾ ഭ്രമിച്ചുപോയി.
വീദ് യെഹൂദയിലെ ബേത്ലേഹേ
ശ്ശായി എന്നു പേരുള്ള ഒരു അഫ്രാ
മകൻ ആയിരുന്നു; ഇശ്ശായിക്ക് എട്ടു
ഉണ്ടായിരുന്നു; അവൻ ശൌലി
ാലത്തു പ്രായംചെന്ന് വൃദ്ധനായി
ഇശ്ശായിയുടെ മൂത്തമക്കൾ മൂവരും
ിൻെറ കൂടെ യുദ്ധത്തിനു ചെന്നിരു
ദ്ധത്തിനു പോയ മൂന്നു മക്കൾ ആദ്യ
എലീയാബും അവൻെറ അനുജൻ
നാദാബും മൂന്നാമത്തവൻ ശമ്മയും
ുന്നു. ദാവീദോ എല്ലാവരിലും ഇള
മൂത്തവർ മൂവരും ശൌലിൻെറകൂടെ
ുന്നു. ദാവീദ് ശൌലിൻെറ അടു
ന്നു തൻെറ അപ്പൻെറ ആടുകളെ
ാൻ ബേത്ലേഹേമിൽ പോയിവരിക
യിരുന്നു. ആ ഫെലിസ്ത്യൻ നാല്പ
സം മുടങ്ങാതെ രാവിലെയും വൈകു
ും മുമ്പോട്ടു വന്നുനിന്നു.
ായി തൻെറ മകനായ ദാവീദിനോ
ത്തു: ഈ ഒരു പറ മലരും പത്ത് അപ്പ
ുത്തു പാളയത്തിൽ നിൻെറ സഹോ
ുടെ അടുക്കൽ വേഗം കൊണ്ടു
കൊടുക്കുക. ഈ പാൽക്കട്ട പത്തും
ധാധിപനു കൊടുക്കുക; നിൻെറ
ദരന്മാരുടെ ക്ഷേമം ചോദിച്ചു വിവരം
രിക. ശൌലും അവരും ഇസ്രായേ
ല്ലാം ഏലാ താഴ്വരയിൽ ഫെലിസ്ത്യ
യുദ്ധം ചെയ്യുകയാണ്." അങ്ങനെ
അതികാലത്തെ എഴുന്നേറ്റു ആടു
ാവല്ക്കാരൻെറ അടുക്കൽ വിട്ടിട്ട്
തന്നോടു കല്പിച്ചതെല്ലാം എടു
ാണ്ടു ചെന്നു രണഭൂമിയിൽ എത്തി
സൈന്യം യുദ്ധത്തിനു ആർത്തു
കൊണ്ടു പുറപ്പെടുകയായിരുന്നു.
യേലും ഫെലിസ്ത്യരും നേർക്കു
അണിനിരന്നുനിന്നു. ദാവീദ് തൻെറ
ങ്ങൾ പടക്കോപ്പുകളുടെ അടുക്കൽ
അണിയിൽ ഓടിച്ചെന്നു തൻെറ
ദരന്മാരോടു കുശലം ചോദിച്ചു.
അവരോടു സംസാരിച്ചുകൊണ്ടു
ുമ്പോൾ ഗഥ്യനായ ഗൊല്യാത്ത്
ഫെലിസ്ത്യമല്ലൻ ഫെലിസ്ത്യരുടെ
ൽ നിന്നു വന്നു മുൻവാക്കുകൾ

തന്നെ പറയുന്നതു ദാവീദ് കേട്ടു. അവനെ 24
കണ്ടപ്പോൾ ഇസ്രായേല്യരെല്ലാം ഏറ്റവും
ഭയപ്പെട്ടു. അവൻെറ മുമ്പിൽനിന്ന് ഓടി. 25
ഇസ്രായേല്യർ: വന്നു നില്ക്കുന്ന ഇവനെ
കണ്ടുവോ? അവൻ ഇസ്രായേലിനെ നിന്ദി
പ്പാൻ വന്നിരിക്കുന്നു; അവനെ കൊല്ലുന്ന
വനെ രാജാവു മഹാസമ്പന്നനാക്കുകയും
തൻെറ മകളെ അവനു കൊടുക്കുകയും
അവൻെറ പിതൃഭവനത്തിനു ഇസ്രായേലിൽ
കരമൊഴിവു കല്പിച്ചുകൊടുക്കുകയും
ചെയ്യും എന്നു പറഞ്ഞു. അപ്പോൾ ദാവീദ് 26
തൻെറ അടുക്കൽ നില്ക്കുന്നവരോട്: ഈ
ഫെലിസ്ത്യനെ കൊന്നു ഇസ്രായേലിൽ
നിന്നു അപമാനം നീക്കിക്കളയുന്നവന്
എന്തു കൊടുക്കും? ജീവനുള്ള ദൈവത്തി
ൻെറ സേനയെ നിന്ദിപ്പാൻ ഈ അഗ്രചർമ്മി
യായ ഫെലിസ്ത്യൻ ആർ എന്നു പറഞ്ഞു.
അതിനു ജനം: അവനെ കൊല്ലുന്നവന് 27
ഇന്നിന്നതൊക്കെയും കൊടുക്കും എന്നു
അവനോടു പറഞ്ഞു. അവരോടു അവൻ 28
സംസാരിക്കുന്നതു അവൻെറ മൂത്ത ജ്യേ
ഷ്ഠൻ എലീയാബ് കേട്ടു ദാവീദിനോടു
കോപിച്ചു: നീ ഇവിടെ എന്തിനു വന്നു?
മരുഭൂമിയിൽ കുറെ ആടുള്ളതു നീ ആരുടെ
കൈയിൽ വിട്ടേച്ചുപോന്നു? നിൻെറ അഹ
ങ്കാരവും നിഗളഭാവവും എനിക്കറിയാം;
യുദ്ധം കാണാനല്ലേ നീ വന്നത്? എന്നു
പറഞ്ഞു. അതിനു ദാവീദ്: ഞാൻ ഇപ്പോൾ 29
എന്തു ചെയ്തു? ഒരു വാക്കല്ലേ പറഞ്ഞുള്ളു
എന്നു പറഞ്ഞു. അവൻ അവനെ വിട്ടുമാറി 30
മറ്റൊരുവനോടു അങ്ങനെതന്നെ ചോദിച്ചു.
ജനം മുൻപോലെതന്നെ ഉത്തരം പറഞ്ഞു.
ദാവീദ് പറഞ്ഞ വാക്കുകൾ പരസ്യമായ 31
പ്പോൾ ശൌലിനും അറിവു കിട്ടി; അവൻ 32
അവനെ വിളിച്ചുവരുത്തി. ദാവീദ് ശൌലി
നോട്: ഇവൻെറ നിമിത്തം ആരും അധൈര്യ
പ്പെടേണ്ട; അടിയൻ ചെന്ന് ഈ ഫെലിസ്ത്യ
നോടു യുദ്ധം ചെയ്യും എന്നു പറഞ്ഞു.
ശൌൽ ദാവീദിനോടു: ഈ ഫെലിസ്ത്യ 33
നോടു ചെന്നു പൊരുതുവാൻ നിനക്കു
കഴിവില്ല; നീ ബാലൻ അത്രേ; അവനോ,
ബാല്യംമുതൽ യോദ്ധാവാകുന്നു എന്നു
പറഞ്ഞു. ദാവീദ് ശൌലിനോടു പറഞ്ഞതു: 34
അടിയൻ അപ്പൻെറ ആടുകളെ മേയിച്ചു
കൊണ്ടിരിക്കുമ്പോൾ ഒരിക്കൽ ഒരു സിംഹ
വും ഒരിക്കൽ ഒരു കരടിയും വന്നു കൂട്ട
ത്തിൽനിന്നു ആട്ടിൻകുട്ടിയെ പിടിച്ചു.
ഞാൻ പിന്തുടർന്നു അതിനെ അടിച്ചു അതി 35
ൻെറ വായിൽനിന്നു ആട്ടിൻകുട്ടിയെ
വിടുവിച്ചു, അത് എൻെറ നേരെ വന്നപ്പോൾ

ഞാൻ അതിനെ താടിക്കു പിടിച്ചു അടിച്ചു
36 കൊന്നു. ഇങ്ങനെ അടിയൻ സിംഹത്തെ
യും കരടിയെയും കൊന്നു; ഈ അഗ്രചർമ്മി
യായ ഫെലിസ്ത്യൻ ജീവനുള്ള ദൈവത്തി
ൻെറ സൈന്യത്തെ നിന്ദിച്ചിരിക്കകൊണ്ടു
അവനും അവയിൽ ഒന്നിനെപ്പോലെ
37 ആകും. ദാവീദ് പിന്നെയും: സിംഹത്തിൻെറ
കയ്യിൽനിന്നും കരടിയുടെ കയ്യിൽനിന്നും
എന്നെ രക്ഷിച്ച ദൈവം ഈ ഫെലിസ്ത്യ
ൻെറ കയ്യിൽനിന്നും എന്നെ രക്ഷിക്കും
എന്നു പറഞ്ഞു. ശൌൽ ദാവീദിനോടു:
പൊയ്ക്കൊള്ളുക, ദൈവം നിന്നോടു
38 കൂടെ ഇരിക്കും എന്നു പറഞ്ഞു. ശൌൽ
തൻെറ പടച്ചട്ട ദാവീദിനെ ധരിപ്പിച്ചു. അവ
ൻെറ തലയിൽ താമ്രശിരസ്ത്രം വച്ചു; തൻെറ
39 കവചവും അവനെ ഇടുവിച്ചു. പടച്ചട്ടമേൽ
അവൻെറ വാളും കെട്ടി ദാവീദ് നടന്നു
നോക്കി; എന്നാൽ അവനു ശീലമില്ലായി
രുന്നു. ദാവീദ് ശൌലിനോടു: ഞാൻ പരിച
യിച്ചിട്ടില്ലായ്കയാൽ ഇവ ധരിച്ചുംകൊണ്ടു
നടപ്പാൻ എനിക്കു കഴികയില്ല എന്നു പറ
40 ഞ്ഞു, അവ ഊരിവച്ചു. പിന്നെ അവൻ
തൻെറ വടി എടുത്തു, തോട്ടിൽനിന്നു മിനു
സമുള്ള അഞ്ചു കല്ലും തിരഞ്ഞെടുത്തു
ഇടയസ്സഞ്ചിയിൽ ഇട്ടു, കയ്യിൽ കവിണയു
41 മായി ഫെലിസ്ത്യനോട് അടുത്തു. ഫെലിസ്ത്യ
നും ദാവീദിനോടു അടുത്തു: പരിചക്കാ
42 രനും അവൻെറ മുമ്പെ നടന്നു. ഫെലിസ്ത്യൻ
നോക്കി ദാവീദിനെ കണ്ടപ്പോൾ അവനെ
നിന്ദിച്ചു; അവൻ തീരെ ബാലനും പവിഴ
നിറമുള്ളവനും കോമളരൂപനും ആയിരുന്നു.
43 ഫെലിസ്ത്യൻ ദാവീദിനോടു: നീ വടികളു
മായി എൻെറ നേരെ വരുവാൻ ഞാൻ
നായോ എന്നു ചോദിച്ചു, തൻെറ ദേവന്മാ
രുടെ നാമം ചൊല്ലി ദാവീദിനെ ആക്ഷേ
44 പിച്ചു. ഫെലിസ്ത്യൻ പിന്നെയും ദാവീദി
നോടു: ഇങ്ങോട്ടു വരിക; ഞാൻ നിൻെറ
മാംസം ആകാശത്തിലെ പക്ഷികൾക്കും
കാട്ടിലെ മൃഗങ്ങൾക്കും ഇരയാക്കുന്നുണ്ട്
45 എന്നു പറഞ്ഞു. ദാവീദ് ഫെലിസ്ത്യനോടു
പറഞ്ഞു: നീ വാളും കുന്തവും വേലുമായി
എൻെറ നേരെ വരുന്നു; ഞാനോ നീ നിന്ദി
ച്ചിട്ടുള്ള ഇസ്രായേൽ നിരയുടെ ദൈവമായ
ബലവാനായ കർത്താവിൻെറ നാമത്തിൽ
46 നിൻെറ നേരെ വരുന്നു. അവൻ ഇന്നു
നിന്നെ എൻെറ കയ്യിൽ ഏല്പിക്കും; ഞാൻ
നിന്നെ കൊന്നു നിൻെറ തല ഛേദി
ച്ചുകളയും; തന്നെയുമല്ല ഞാൻ ഇന്നു
ഫെലിസ്ത്യസൈന്യങ്ങളുടെ ശവങ്ങളെ
ആകാശത്തിലെ പക്ഷികൾക്കും ഭൂമിയിലെ

മൃഗങ്ങൾക്കും ഇരയാക്കും; ഇസ്രായേലിൽ
ഒരു ദൈവം ഉണ്ടെന്നു സർവ്വഭൂമിയും അറി
യും. ദൈവം വാൾകൊണ്ടും കുന്തംകൊണ്ടു 47
മല്ല രക്ഷിക്കുന്നതു എന്നു ഈ സംഘമെ
ല്ലാം അറിയുവാൻ ഇടവരും. യുദ്ധം ദൈവ
ത്തിനുള്ളത്. അവൻ നിങ്ങളെ ഞങ്ങളുടെ
കയ്യിൽ ഏല്പിച്ചുതരും. പിന്നെ ഫെലിസ്ത്യൻ 48
ദാവീദിനോടു എതിർപ്പാൻ നേരിട്ടടുത്ത
പ്പോൾ ദാവീദ് ധൃതിയിൽ ഫെലിസ്ത്യനോടു
എതിർപ്പാൻ നേരെ ഓടി. ദാവീദ് സഞ്ചിയിൽ 49
കയ്യിട്ടു ഒരു കല്ലു എടുത്തു കവിണയിൽ
വച്ചു വീശി ഫെലിസ്ത്യൻെറ നെറ്റിക്കു എറി
ഞ്ഞു; കല്ല് അവൻെറ നെറ്റിയിൽ കൊണ്ടു
പതിഞ്ഞു; അവൻ കവിണ്ണുവീണു. ഇങ്ങനെ 50
ദാവീദ് ഒരു കവിണയും ഒരു കല്ലും കൊണ്ടു
ഫെലിസ്ത്യനെ ജയിച്ചു, ഫെലിസ്ത്യനെ
കൊന്നു; എന്നാൽ ദാവീദിൻെറ കയ്യിൽ
വാൾ ഇല്ലായിരുന്നു. ആകയാൽ ദാവീദ് ഓടി 51
ച്ചെന്നു ഫെലിസ്ത്യൻെറ പുറത്തു കയറി
നിന്നു അവൻെറ വാൾ ഉറയിൽനിന്നു ഊരി
യെടുത്തു അവനെ കൊന്നു, അവൻെറ തല
വെട്ടിക്കളഞ്ഞു. തങ്ങളുടെ മല്ലൻ മരിച്ചു
എന്നു ഫെലിസ്ത്യർ കണ്ടിട്ടു ഓടിപ്പോയി.
ഇസ്രായേല്യരും യെഹൂദ്യരും പുറപ്പെട്ടു 52
ആർപ്പുവിളിച്ചു എക്രോൻ വാതിലുകൾ
വരെ ഫെലിസ്ത്യരെ പിന്തുടർന്നു; ഫെലിസ്ത്യ
ഹതന്മാർ ശയരയീമിന്നുള്ള വഴിയിൽ
ഗത്തും എക്രോനുംവരെ വീണു കിടന്നു.
ഇങ്ങനെ ഇസ്രായേൽമക്കൾ ഫെലിസ്ത്യരെ 53
ഓടിക്കുകയും മടങ്ങിവന്ന് അവരുടെ
പാളയം കൊള്ളയിടുകയും ചെയ്തു. ദാവീദ്
ഫെലിസ്ത്യൻെറ തല എടുത്തു അത് 54
യെറുശലേമിലേക്കു കൊണ്ടുവന്നു; അവ
ൻെറ ആയുധവർഗ്ഗമോ തൻെറ കൂടാര
ത്തിൽ സൂക്ഷിച്ചുവച്ചു.

ദാവീദ് ഫെലിസ്ത്യൻെറ നേരെ ചെല്ലു 55
ന്നതു ശൌൽ കണ്ടപ്പോൾ സേനാധിപതി
യായ അബ്നേരിനോടു: അബ്നേരേ, ഈ
യുവാവ് ആരുടെ മകൻ എന്നു ചോദിച്ച
തിനു അബ്നേർ: രാജാവേ, തിരുമേനി
യാണ എനിക്കറിയില്ല എന്നു പറഞ്ഞു.
ഈ യുവാവ് ആരുടെ മകൻ എന്നു നീ 56
അന്വേഷിക്കണം എന്നു രാജാവു കല്പിച്ചു.
ദാവീദ് ഫെലിസ്ത്യനെ സംഹരിച്ചു മടങ്ങി 57
വരുമ്പോൾ അബ്നേർ അവനെക്കൂട്ടി
ശൌലിൻെറ മുമ്പാകെ കൊണ്ടുചെന്നു;
ഫെലിസ്ത്യൻെറ തലയും അവൻെറ കയ്യിൽ
ഉണ്ടായിരുന്നു. ശൌൽ അവനോടു:
യുവാവെ, നീ ആരുടെ മകൻ എന്നു ചോദി 58
ച്ചു; ഞാൻ ബേത്‌ലേഹേമ്യനായ നിൻെറ

ഇശ്ശായിയുടെ മകൻ എന്നു ദാവീദ്
.

അദ്ധ്യായം 18

ൻ ശൌലിനോടു സംസാരിച്ചു
പ്പോൾ യോനാഥാൻെറ മനസ്സു
ൻെറ മനസ്സോടു ചേർന്നു; യോനാ
അവനെ സ്വന്തപ്രാണനെപ്പോലെ
ിച്ചു. ശൌൽ അന്നു അവനെ
കൂടെയാക്കി; അവൻെറ പിതൃഭവന
ക്കു മടങ്ങിപ്പോകുവാൻ അനുവദി
യാനാഥാൻ ദാവീദിനെ സ്വന്ത
നെപ്പോലെ സ്നേഹിക്കകൊണ്ടു
ായി സഖ്യംചെയ്തു. യോനാഥാൻ
രിച്ചിരുന്ന മേലങ്കി ഊരി അതും
വസ്ത്രവും വാളും വില്ലും അരക്കച്ചയും
ന്നു കൊടുത്തു. ശൌൽ അയ
സ്ഥലത്തെല്ലാം ദാവീദ് പോയി
കൾ വിവേകത്തോടെ നടത്തിയി
അതുകൊണ്ടു ശൌൽ അവനെ
ത്തിനു മേലധികാരി ആക്കി; ഇതു
ജനത്തിനും ശൌലിൻെറ ഭൃത്യ
സന്തോഷമായി.
ീദ് ഫെലിസ്ത്യനെ സംഹരിച്ചശേഷം
മടങ്ങിവരുമ്പോൾ ഇസ്രായേല്യ
ളിൽ നിന്നെല്ലാം സ്ത്രീകൾ പാടിയും
ചയ്തുംകൊണ്ടു തപ്പും തംബുരുവു
ന്തോഷത്തോടെ ശൌൽ രാജാവി
രേറ്റുചെന്നു. സ്ത്രീകൾ വാദ്യഘോ
ാട ഗാനപ്രതിഗാനമായി:
ൽ ആയിരത്തെ കൊന്നു
ദോ പതിനായിരത്തെ
ാടി. അപ്പോൾ ശൌൽ ഏറ്റവും
; ഈ വാക്ക് അവനു അനിഷ്ട
വർ ദാവീദിനു പതിനായിരം കൊടു
ിക്കു ആയിരം മാത്രമേ തന്നുള്ളു;
ജത്വമല്ലാതെ അവനു കിട്ടുവാൻ
? എന്നു അവൻ പറഞ്ഞു. അന്നു
ശൌലിനു ദാവീദിനോടു അസൂയ

ന്നാൾ ദൈവത്തിൻെറ അടുക്കൽ
ദുരാത്മാവു ശൌലിൻെറമേൽ
വൻ അരമനയിൽ ഇരുന്ന് അട്ടഹ
വീദോ പതിവുപോലെ കിന്നരം
കാണ്ടിരുന്നു, ശൌലിൻെറ കൈ
കുന്തം ഉണ്ടായിരുന്നു. ദാവീദിനെ
ു ചേർത്തു കുത്തും എന്നു പറ
ണ്ട് ശൌൽ കുന്തം എറിഞ്ഞു,
ദാവീദ് രണ്ടു പ്രാവശ്യം അവൻെറ
ിന്നു ഒഴിഞ്ഞുമാറി. ദൈവം
ദാവീദിനോടുകൂടെ ഇരിക്കയും ശൌലിനെ
വിട്ടുമാറുകയും ചെയ്തതുകൊണ്ട് ശൌൽ 13
ദാവീദിനെ ഭയപ്പെട്ടു. അതുകൊണ്ട് ശൌൽ
അവനെ തൻെറ അടുക്കൽനിന്നു മാറ്റി
സഹസ്രാധിപനാക്കി; അങ്ങനെ അവൻ
ജനത്തിനു നായകനായി പെരുമാറിപ്പോ
ന്നു; ദാവീദ് തൻെറ എല്ലാ വഴികളിലും 14
വിവേകത്തോടെ നടന്നു; കർത്താവ് അവ
നോടുകൂടെ ഉണ്ടായിരുന്നു. അവൻ ഏറ്റവും 15
വിവേകത്തോടെ നടക്കുന്നു എന്നു ശൌൽ
കണ്ടിട്ടു ഭീതനായിത്തീർന്നു. എന്നാൽ 16
ദാവീദ് ഇസ്രായേലിന്നും യെഹൂദെക്കും
നായകനായി പെരുമാറിയതുകൊണ്ടു
അവരെല്ലാം അവനെ സ്നേഹിച്ചു.
അനന്തരം ശൌൽ ദാവീദിനോടു: 17
എൻെറ മൂത്ത മകൾ മേരബുണ്ടല്ലോ; ഞാൻ
അവളെ നിനക്കു ഭാര്യയായി തരും; നീ ശൂര
നായി എനിക്കുവേണ്ടി ദൈവത്തിൻെറ
യുദ്ധങ്ങൾ നടത്തിയാൽ മതി എന്നു പറ
ഞ്ഞു. എൻെറ കയ്യല്ല ഫെലിസ്ത്യരുടെ കൈ
അവൻെറമേൽ വീഴുവാൻ സംഗതി വരട്ടെ
എന്നാണ് ശൌൽ വിചാരിച്ചത്. ദാവീദ് 18
ശൌലിനോടു: രാജാവിൻെറ മരുമകനായി
രിപ്പാൻ ഞാൻ ആരാണ്? ഇസ്രായേലിൽ
എൻെറ ബന്ധുക്കളും എൻെറ പിതൃഭവ
നവും എന്തുള്ളു എന്നു പറഞ്ഞു. ശൌലി 19
ൻെറ മകളായ മേരബിനെ ദാവീദിനു കൊടു
ക്കേണ്ടിയിരുന്ന സമയത്തു അവളെ മെഹോ
ല്യാത്യനായ അദ്രിയേലിനു ഭാര്യയായി
കൊടുത്തു. ശൌലിൻെറ മകളായ മീഖളോ 20
ദാവീദിനെ സ്നേഹിച്ചു. അതു ശൌലിനു
അറിവു കിട്ടി; കാര്യം അവനു ബോധിച്ചു.
അവൾ അവന്നു ഒരു കെണിയായിരിക്കേണ്ട 21
തിനും ഫെലിസ്ത്യരുടെ കൈ അവൻെറമേൽ
വീഴേണ്ടതിനും ഞാൻ അവളെ അവനു
കൊടുക്കും എന്നു ശൌൽ വിചാരിച്ചു
ദാവീദിനോടു: നീ ഈ രണ്ടാം പ്രാവശ്യം
എനിക്കു മരുമകനായി തീരണം എന്നു
പറഞ്ഞു. പിന്നെ ശൌൽ തൻെറ ഭൃത്യന്മാ 22
രോടു: നിങ്ങൾ സ്വകാര്യമായി ദാവീദി
നോടു സംസാരിച്ചു: ഇതാ, രാജാവിനു
നിന്നെ പ്രിയമാകുന്നു; അവൻെറ ഭൃത്യന്മാർ
എല്ലാം നിന്നെ സ്നേഹിക്കുന്നു; ആകയാൽ
നീ രാജാവിൻെറ മരുമകനായിത്തീരണം
എന്നു പറയുവിൻ എന്നു കല്പിച്ചു. ശൌലി 23
ൻെറ ഭൃത്യന്മാർ ആ വാക്കു ദാവീദിനോടു
പറഞ്ഞപ്പോൾ ദാവീദ്: രാജാവിൻെറ മരു
മകനാകുന്നതു അല്പകാര്യമെന്നു നിങ്ങൾ
ക്കു തോന്നുന്നുവോ? ഞാൻ ദരിദ്രനും എളി
യവനും ആകുന്നു എന്നു പറഞ്ഞു. ശൌ 24

ലിന്റെ ഭൃത്യന്മാർ: ദാവീദ് ഇപ്രകാരം
25 പറഞ്ഞു എന്നു ബോധിപ്പിച്ചു. അതിനു
ശൌൽ: രാജാവിന്റെ ശത്രുക്കൾക്കു പ്രതി
കാരം ആകുവാൻ തക്കവണ്ണം ഫെലിസ്ത്യ
രുടെ നൂറു അഗ്രചർമ്മമല്ലാതെ രാജാവു
യാതൊരു സ്ത്രീധനവും ആഗ്രഹിക്കുന്നില്ല
എന്ന് നിങ്ങൾ ദാവീദിനോടു പറയണം
എന്നു കല്പിച്ചു; ഫെലിസ്ത്യരുടെ കയ്യാൽ
ദാവീദിനെ വീഴുമാറാക്കേണമെന്നു ശൌൽ
26 ചിന്തിച്ചിരുന്നു. ഭൃത്യന്മാർ ദാവീദിനോട്
ഈ വാക്കു അറിയിച്ചപ്പോൾ രാജാവിന്റെ
മരുമകനാകുവാൻ ദാവീദിനു സന്തോഷ
27 മായി; അവധി കഴിയുന്നതിനുമുമ്പെ
ദാവീദും അവന്റെ ആളുകളും പുറപ്പെട്ടു
ചെന്നു ഫെലിസ്ത്യരിൽ ഇരുനൂറു പേരെ
കൊന്നു; അവരുടെ അഗ്രചർമ്മം കൊണ്ടു
വന്നു താൻ രാജാവിന്റെ മരുമകനാകേ
ണ്ടതിനു രാജാവിന് എണ്ണി ഏല്പിച്ചു.
ശൌൽ തന്റെ മകളായ മീഖളിനെ അവനു
28 ഭാര്യയായി കൊടുത്തു. ദൈവം ദാവീദി
നോടുകൂടെ ഉണ്ടെന്നും ശൌലിന്റെ മക
ളായ മീഖൾ അവനെ സ്നേഹിച്ചു എന്നും
29 ശൌൽ അറിഞ്ഞപ്പോൾ, ശൌൽ ദാവീ
ദിനെ അധികം ഭയപ്പെട്ടു; ശൌൽ ദാവീദി
ന്റെ നിത്യശത്രുവായിത്തീർന്നു.
30 ഫെലിസ്ത്യപ്രഭുക്കന്മാർ യുദ്ധത്തിനു
പുറപ്പെട്ടു; അവർ വരുമ്പോൾ എല്ലാം ദാവീദ്
ശൌലിന്റെ സകല ഭൃത്യന്മാരെക്കാളും
ബഹുമാന്യനായിരുന്നു; അവന്റെ പേർ
വിശ്രുതമായിത്തീർന്നു.

അദ്ധ്യായം 19

1 അനന്തരം ശൌൽ തന്റെ മകനായ
യോനാഥാനോടും സകല ഭൃത്യന്മാരോടും
ദാവീദിനെ കൊല്ലണം എന്നു കല്പിച്ചു.
2 എങ്കിലും ശൌലിന്റെ മകനായ യോനാ
ഥാനു ദാവീദിനോടു വളരെ സ്നേഹമാ
യിരുന്നതിനാൽ യോനാഥാൻ ദാവീദി
നോടു: എന്റെ അപ്പനായ ശൌൽ നിന്നെ
കൊല്ലുവാൻ നോക്കുന്നു; ആകയാൽ നീ
സൂക്ഷിച്ചു ഗൂഢമായ സ്ഥലത്തു ഒളിച്ചു
3 പാർക്കണം. ഞാൻ പുറപ്പെട്ടു നീ ഇരിക്കുന്ന
വയലിൽ എന്റെ അപ്പന്റെ അടുക്കൽ
നിന്നെക്കുറിച്ചു എന്റെ അപ്പനോടു
സംസാരിക്കും; ഞാൻ ഗ്രഹിക്കുന്നതു
നിന്നെ അറിയിക്കാം എന്നു പറഞ്ഞു.
4 യോനാഥാൻ തന്റെ പിതാവായ ശൌലി
നോടു ദാവീദിനെക്കുറിച്ചു ഗുണമായി
സംസാരിച്ചുപറഞ്ഞതു: രാജാവു തന്റെ
ഭൃത്യനായ ദാവീദിനോടു ദോഷം ചെയ്യ
രുതേ; അവൻ അങ്ങയോടു കുറ്റം ചെയ്തി
ട്ടില്ല; അവന്റെ പ്രവൃത്തികൾ അങ്ങേക്കു
ഏറ്റവും ഗുണകരമായിരുന്നതേയുള്ളു.
അവൻ തന്റെ ജീവനെ ഉപേക്ഷിച്ചുംകൊ 5
ണ്ടല്ലോ ആ ഫെലിസ്ത്യനെ സംഹരിക്കയും
അങ്ങനെ കർത്താവ് എല്ലാ ഇസ്രായേലിനും
വലിയ രക്ഷ വരുത്തുകയും ചെയ്തതു;
അങ്ങു അതു കണ്ടു സന്തോഷിച്ചു. ആക
യാൽ അങ്ങു വെറുതെ ദാവീദിനെ കൊന്നു
കുറ്റമില്ലാത്ത രക്തം ചൊരിഞ്ഞ് പാപം
ചെയ്യുന്നതു എന്തിന്? യോനാഥാന്റെ
വാക്കു കേട്ടു: കർത്താവാണ, അവനെ 6
കൊല്ലുകയില്ല എന്നു ശൌൽ സത്യം ചെയ്തു.
പിന്നെ യോനാഥാൻ ദാവീദിനെ വിളിച്ചു 7
കാര്യമെല്ലാം അറിയിച്ചു. യോനാഥാൻ ദാവീ
ദിനെ ശൌലിന്റെ അടുക്കൽ കൊണ്ടു
വന്നു: അവൻ മുൻപെന്നപോലെ അവന്റെ
സന്നിധിയിൽ നില്ക്കയും ചെയ്തു.
പിന്നെയും യുദ്ധം ഉണ്ടായി. ദാവീദ് പുറ 8
പ്പെട്ട് ഫെലിസ്ത്യരോടു യുദ്ധംചെയ്ത് അവ
രെ കഠിനമായി തോല്പിച്ചു. അവർ അ
വന്റെ മുമ്പിൽനിന്നു ഓടി. ദൈവത്തിങ്കൽ 9
നിന്നു ദുരാത്മാവു പിന്നെയും ശൌലിന്റെ
മേൽ വന്നു; അവൻ കയ്യിൽ കുന്തവും
പിടിച്ചു തന്റെ അരമനയിൽ ഇരിക്കയാ
യിരുന്നു; ദാവീദ് കിന്നരം വായിച്ചുകൊണ്ടി
രുന്നു. അപ്പോൾ ശൌൽ ദാവീദിനെ കുന്തം 10
കൊണ്ടു ചുവരോടു ചേർത്തു കുത്തുവാൻ
നോക്കി; അവനോ ശൌലിന്റെ മുമ്പിൽ
നിന്നു മാറിക്കളഞ്ഞു. കുന്തം ചുവരിൽ
തറച്ചു; ദാവീദ് ആ രാത്രിയിൽ തന്നേ ഓടി
പ്പോയി രക്ഷപെട്ടു. ദാവീദിനെ കാത്തു 11
നിന്നു രാവിലെ കൊന്നുകളയുവാൻ
ശൌൽ അവന്റെ വീട്ടിലേക്കു ദൂതന്മാരെ
അയച്ചു; ദാവീദിന്റെ ഭാര്യയായ മീഖൾ
അവനോടു: ഈ രാത്രിയിൽ അങ്ങേ
യുടെ ജീവനെ രക്ഷിച്ചില്ലെങ്കിൽ നാളെ
അങ്ങു മരിച്ചുപോകും എന്നു പറഞ്ഞു.
അങ്ങനെ മീഖൾ ദാവീദിനെ ജാലകത്തിൽ 12
കൂടി ഇറക്കിവിട്ടു; അവൻ ഓടിപ്പോയി
രക്ഷപെട്ടു. മീഖൾ ഒരു ബിംബം എടുത്തു 13
കട്ടിലിന്മേൽ കിടത്തി, അതിന്റെ തലയ്ക്കു
കോലാട്ടുരോമംകൊണ്ടുള്ള മൂടിയും ഇട്ടു
ഒരു വസ്ത്രംകൊണ്ടു പുതപ്പിച്ചു. ദാവീദിനെ 14
പിടിക്കാൻ ശൌൽ ദൂതന്മാരെ അയച്ച
പ്പോൾ അവൻ ദീനമായി കിടക്കുന്നു എന്നു
അവൾ പറഞ്ഞു. ശൌൽ: ഞാൻ അവനെ 15
കൊല്ലേണ്ടതിനു കിടക്കയോടെ എന്റെ
അടുക്കൽ കൊണ്ടുവരുവിൻ എന്നു
കല്പിച്ചു, ദാവീദിനെ ചെന്നു നോക്കുവാൻ

...രെ അയച്ചു. ദൂതന്മാർ ചെന്നപ്പോൾ
...ന്മേൽ ഒരു ബിംബം തലയ്ക്കു
...ാട്ടുരോമംകൊണ്ടുള്ള ഒരു മൂടി
...ി കിടക്കുന്നതു കണ്ടു. ശൌൽ
...നോടു: നീ ഇങ്ങനെ എന്നെ ചതി
... എൻെറ ശത്രു ചാടിപ്പോകുവാൻ
...ന വിട്ടയയ്ക്കയും ചെയ്തതു എന്തു
...ചോദിച്ചതിനു: എന്നെ വിട്ടയയ്ക്ക;
...കിൽ ഞാൻ നിന്നെ കൊല്ലും എന്നു
... എന്നോടു പറഞ്ഞു എന്നു മീഖൾ
...ിനോടു പറഞ്ഞു.
...ങ്ങനെ ദാവീദ് ഓടിപ്പോയി രക്ഷ
...റാമയിൽ ശമൂവേലിൻെറ അടുക്കൽ
... ശൌൽ തന്നോടു ചെയ്തതെല്ലാം
...നാടു അറിയിച്ചു. പിന്നെ അവനും
...ലും പുറപ്പെട്ടു നയ്യോത്തിൽ ചെന്നു
...തു. അനന്തരം ദാവീദ് റാമയിലെ
...ത്തിൽ ഉണ്ട് എന്നു ശൌലിനു
...ുകിട്ടി. ശൌൽ ദാവീദിനെ പിടിപ്പാൻ
...ാരെ അയച്ചു; അവർ പ്രവാചക
... പ്രവചിക്കുന്നതും ശമൂവേൽ അവ
...ലവനായിരിക്കുന്നതും കണ്ടപ്പോൾ
...ത്തിൻെറ ആത്മാവു ശൌലിൻെറ
...രുടെമേലും വന്നു, അവരും പ്രവചി
...ൗൽ അതു അറിഞ്ഞപ്പോൾ വേറെ
...ാരെ അയച്ചു; അവരും അങ്ങനെ
... പ്രവചിച്ചു. ശൌൽ പിന്നെയും
... പ്രാവശ്യം ദൂതന്മാരെ അയച്ചു;
... പ്രവചിച്ചു. പിന്നെ അവൻതന്നേ
...ലേക്കു പോയി, സേക്കൂവിലെ വലിയ
...ിങ്കൽ എത്തി: ശമൂവേലും ദാവീദും
...ടയാകുന്നു എന്നു ചോദിച്ചു. അവർ
...ലെ നയ്യോത്തിൽ ഉണ്ടു എന്നു ഒരു
...ഞ്ഞു. അങ്ങനെ അവൻ റാമയിലെ
...ത്തിൽ ചെന്നു; ദൈവത്തിൻെറ
...ാവു അവൻെറമേലും വന്നു; അവൻ
...ിലെ നയ്യോത്തിൽ എത്തുംവരെ
...ിച്ചുകൊണ്ടു നടന്നു. അവൻ തൻെറ
...ഉരിഞ്ഞുകളഞ്ഞു അങ്ങനെ ശമൂവേ
... മുമ്പാകെ പ്രവചിച്ചുകൊണ്ടു അന്നു
...ൽ മുഴുവനും നഗ്നനായി കിടന്നു.
...ാൽ ശൌലും ഉണ്ടോ പ്രവാചക
...തിൽ എന്നു പറഞ്ഞുവരുന്നു.

അദ്ധ്യായം 20

...വീദ് റാമയിലെ നയ്യോത്തിൽനിന്നു
...പ്പോയി യോനാഥാൻെറ അടുക്കൽ
...: ഞാൻ എന്തു ചെയ്തു? എൻെറ കുറ്റം
... നിൻെറ പിതാവ് എന്നെ കൊല്ലു
...അന്വേഷിക്കുന്നു, അദ്ദേഹത്തോടു
ഞാൻ ചെയ്ത പാപം എന്ത് എന്നു ചോദിച്ചു.
അവൻ അവനോടു: അങ്ങനെ സംഭവിക്കാ 2
തിരിക്കട്ടെ, നീ മരിക്കയില്ല; എൻെറ പിതാവ്
എന്നെ അറിയിക്കാതെ വലുതോ ചെറുതോ
യാതൊന്നും ചെയ്കയില്ല; പിന്നെ ഈ
കാര്യം എന്നിൽനിന്നു മറച്ചുവെക്കുവാൻ
കാരണം എന്ത്? അങ്ങനെ വരികയില്ല
എന്നു പറഞ്ഞു. ദാവീദ് പിന്നെയും അവ 3
നോടു: എന്നോടു നിനക്കു സ്നേഹമാകു
ന്നുവെന്നു നിൻെറ പിതാവ് നല്ലവണ്ണം അറി
യുന്നതിനാൽ യോനാഥാൻ ദുഃഖിക്കാതിരി
ക്കേണ്ടതിനു അവൻ ഇതു ഗ്രഹിക്കരുതു
എന്നു അവൻ വിചാരിക്കുന്നു; എന്നാൽ
കർത്താവാണ, നിന്നാണ, എനിക്കും മരണ
ത്തിനും മദ്ധ്യേ ഒരടി അകലം മാത്രമെ ഉള്ളു
എന്നു സത്യം ചെയ്തു പറഞ്ഞു. അപ്പോൾ
യോനാഥാൻ ദാവീദിനോടു: നിൻെറ ആഗ്ര 4
ഹം എന്തു? ഞാൻ അതു ചെയ്തു തരും എന്നു
പറഞ്ഞു. ദാവീദ് യോനാഥാനോടു പറ 5
ഞ്ഞു: നാളെ അമാവാസിയാകുന്നു; ഞാനും
രാജാവിനോടു കൂടെ ഭോജനത്തിനു ഇരി
ക്കേണ്ടതല്ലോ; എങ്കിലും മറ്റെന്നാൾ സന്ധ്യ
വരെ വയലിൽ ഒളിച്ചിരിപ്പാൻ എനിക്കു
അനുവാദം തരണം. നിൻെറ പിതാവ് എന്നെ 6
കാണാഞ്ഞിട്ടു അന്വേഷിച്ചാൽ: ദാവീദ്
സ്വന്തനഗരമായ ബേത്ലേഹേമിലേക്കു
ഒന്നു പോയിവരേണ്ടതിനു എന്നോടു കാര്യ
മായി അനുവാദം ചോദിച്ചു; അവൻെറ കുല
ത്തിന് അവിടെ പ്രതിവർഷയാഗം ഉണ്ടു
എന്നു ബോധിപ്പിക്കണം. കൊള്ളാമെന്നു 7
അദ്ദേഹം പറഞ്ഞാൽ അടിയനു ശുഭം; അല്ല,
കോപിച്ചാൽ; അവൻ ദോഷം നിർണ്ണയിച്ചി
രിക്കുന്നു എന്നു അറിഞ്ഞുകൊള്ളണം.
എന്നാൽ അങ്ങ് അടിയനോടു ദയ ചെയ്യേ 8
ണം; അടിയനുമായി ദൈവത്തെ സാക്ഷി
യാക്കി സഖ്യം ചെയ്തിട്ടുണ്ടല്ലോ; വല്ല കുറ്റ
വും എന്നിൽ ഉണ്ടെങ്കിലോ അങ്ങ് തന്നെ
എന്നെ കൊല്ലുക; പിതാവിൻെറ അടുക്കൽ
എന്നെ കൊണ്ടുപോകുവാൻ എന്താവശ്യം?
അതിനു യോനാഥാൻ: അങ്ങനെ നിനക്കു 9
വരാതിരിക്കട്ടെ; എൻെറ അപ്പൻ നിനക്കു
ദോഷം വരുത്തുവാൻ ഉറച്ചിരിക്കുന്നു എന്നു
ഞാൻ അറിഞ്ഞാൽ നിന്നെ അറിയിക്കാതി
രിക്കുമോ എന്നു പറഞ്ഞു. ദാവീദ് യോനാ
ഥാനോടു: നിൻെറ പിതാവു നിന്നോടു 10
കഠിനമായി ഉത്തരം പറഞ്ഞാലോ അതു
ആർ എന്നെ അറിയിക്കും എന്നു ചോദിച്ചു.
യോനാഥാൻ ദാവീദിനോടു: വരു നമുക്കു 11
വയലിലേക്കു പോകാം എന്നു പറഞ്ഞു;
അവർ ഇരുവരും വയലിലേക്കു പോയി.

12 പിന്നെ യോനാഥാൻ ദാവീദിനോടു
പറഞ്ഞു: ഇസ്രായേലിൻെറ ദൈവമായ
കർത്താവ് സാക്ഷി: നാളെ ഈ നേരത്തോ
മറ്റെന്നാളോ എൻെറ പിതാവിൻെറ മനസ്സ
റിഞ്ഞു നിനക്കു ഗുണമെന്നു കണ്ടാൽ
ഞാൻ ആളയച്ചു നിന്നെ അറിയിക്കാം.
13 എന്നാൽ നിന്നോടു ദോഷം ചെയ്വാനാകു
ന്നു എൻെറ പിതാവിൻെറ ഭാവമെങ്കിൽ
ഞാൻ അതു നിന്നെ അറിയിച്ചു നീ സമാ
ധാനത്തോടെ പോകേണ്ടതിനു നിന്നെ പറ
ഞ്ഞയയ്ക്കാതിരുന്നാൽ ദൈവം യോനാ
ഥാനോടു തക്കവണ്ണവും അധികവും ചെയ്യ
ട്ടെ; ദൈവം എൻെറ പിതാവിനോടുകൂടെ
ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരി
14 ക്കുമാറാകട്ടെ. ഞാൻ ഇനി ജീവനോടിരിക്കു
15 മെങ്കിൽ ഞാൻ മരിക്കാതവണ്ണം കർത്താ
വിൻെറ ദയ നീ കാണിക്കേണ്ടതു എന്നോടു
മാത്രമല്ല; എൻെറ ഗൃഹത്തോടും. നിൻെറ
ദയ ഒരിക്കലും ഇല്ലാതാകരുതു; ദൈവം
ദാവീദിൻെറ ശത്രുക്കളെ മുഴുവനും ഭൂമി
യിൽനിന്നും ഛേദിച്ചുകളയുന്ന കാലത്തും
16 അറ്റുപോകരുതു. ഇങ്ങനെ യോനാഥാൻ
ദാവീദിൻെറ ഗൃഹത്തോടു സഖ്യം ചെയ്തു.
ദാവീദിൻെറ ശത്രുക്കളോടു കർത്താവ്
17 ചോദിച്ചുകൊള്ളും. യോനാഥാൻ സ്വന്ത
പ്രാണനെപ്പോലെ ദാവീദിനെ സ്നേഹിക്ക
യാൽ തന്നോടുള്ള സ്നേഹത്തെപ്രതി
അവനെക്കൊണ്ടു പിന്നെയും സത്യംചെയ്യി
18 ച്ചു. പിന്നെ യോനാഥാൻ ദാവീദിനോടു
പറഞ്ഞു: നാളെ മാസാരംഭമാകുന്നല്ലോ;
നിൻെറ ഇരിപ്പിടം ഒഴിഞ്ഞിരിക്കുമ്പോൾ നീ
19 അന്വേഷിക്കപ്പെടും. മൂന്നു നാഴിക കഴി
ഞ്ഞിട്ടു കാര്യം നടന്ന അന്നു നീ ഒളിച്ചിരുന്ന
സ്ഥലത്തേക്കു നാളെ ഇറങ്ങിവന്നു ഏ
സെൽ കല്ലിൻെറ അരികെ കാത്തിരിക്കണം.
20 അപ്പോൾ ഞാൻ അതിൻെറ ഒരുവശത്തു
ഒരു ലക്ഷ്യം വെച്ചു എയ്യുന്ന ഭാവത്തിൽ
21 മൂന്നു അമ്പു എയ്യും. നീ പോയി അമ്പു
നോക്കി എടുത്തുകൊണ്ടു വരിക എന്നു
പറഞ്ഞു ഒരു ഭൃത്യനെ അയയ്ക്കും. അമ്പു
കൾ നിൻെറ ഇപ്പുറത്തു ഇതാ, എടുത്തു
കൊണ്ടുവരിക; എന്നു ഞാൻ ഭൃത്യ
നോടു പറഞ്ഞാൽ നീ പുറത്തുവരിക;
കർത്താവാണ, നിനക്കു ശുഭമ ല്ലാതെ
22 മറ്റൊന്നും വരികയില്ല. എന്നാൽ ഞാൻ
ഭൃത്യനോടു: അമ്പു നിൻെറ അപ്പുറത്തു
ദൂരെ എന്നു പറഞ്ഞാൽ നിൻെറ വഴിക്കു
പൊയ്ക്കൊള്ളണം; ദൈവം നിന്നെ
23 പറഞ്ഞയച്ചിരിക്കുന്നു. ഞാനും നീയും
തമ്മിൽ പറഞ്ഞിരിക്കുന്ന കാര്യത്തിൽ
കർത്താവ് എനിക്കും നിനക്കും മദ്ധ്യേ
എന്നേക്കും സാക്ഷി.
ഇങ്ങനെ ദാവീദ് വയലിൽ ഒളിച്ചു; 24
അമാവാസിയായപ്പോൾ രാജാവു ഭോജന
ത്തിനു ഇരുന്നു. രാജാവു പതിവുപോലെ 25
ചുവരിന്നരികെയുള്ള തൻെറ സിംഹാസന
ത്തിന്മേൽ ഇരുന്നു; യോനാഥാൻ എഴു
ന്നേറ്റു നിന്നു. അബ്നേർ ശൌലിൻെറ
അരികെ ഇരുന്നു; ദാവീദിൻെറ സ്ഥലമോ
ഒഴിഞ്ഞുകിടന്നു. അന്നു ശൌൽ ഒന്നും പറ 26
ഞ്ഞില്ല; അവനു എന്തോ സംഭവിച്ചു അവനു
ശുദ്ധിയില്ലായിരിക്കും; അതേ, അവൻ ശുദ്ധ
നല്ല എന്നു അവൻ വിചാരിച്ചു. അമാവാസി
യുടെ പിറ്റേദിവസവും ദാവീദിൻെറ സ്ഥലം 27
ഒഴിഞ്ഞുകിടന്നു; ശൌൽ തൻെറ മകനായ
യോനാഥാനോടു: ഇശ്ശായിയുടെ മകൻ
ഇന്നലെയും ഇന്നും ഭോജനത്തിനു വരാ
തിരിക്കുന്നതു എന്തു എന്നു ചോദിച്ചു.
യോനാഥാൻ ശൌലിനോടു: ദാവീദ് 28
ബേത്ലേഹേമിൽ പോകുവാൻ എന്നോടു
കാര്യമായ അനുവാദം ചോദിച്ചു: ഞങ്ങ
ളുടെ കുടുംബത്തിന് പട്ടണത്തിൽ ഒരു യാഗ
മുള്ളതുകൊണ്ടു എന്നെ വിട്ടയക്കേണമേ;
എൻെറ ജ്യേഷ്ഠൻ തന്നെ എന്നോടു
കല്പിച്ചിരിക്കുന്നു; ആകയാൽ നിനക്കു
എന്നോടു കൃപയുണ്ടെങ്കിൽ ഞാൻ എൻെറ
സഹോദരന്മാരെ ചെന്നു കാണ്മാൻ അനു
വദിക്കേണമേ എന്നു പറഞ്ഞു. അതുകൊ 29
ണ്ടാകുന്നു അവൻ രാജാവിൻെറ ഭോജന
ത്തിനു വരാതിരിക്കുന്നതു എന്നു ഉത്തരം
പറഞ്ഞു. അപ്പോൾ ശൌലിൻെറ കോപം 30
യോനാഥാൻെറ നേരെ ജ്വലിച്ചു; അവൻ
അവനോടു: വക്രതയും ദുശ്ശാഠ്യവും ഉള്ളവ
ളുടെ മകനേ, നിൻെറ സ്വന്ത ലജ്ജയ്ക്കും
നിൻെറ അമ്മയുടെ നഗ്നതയുടെ ലജ്ജ
യ്ക്കുമായി നീ ഇശ്ശായിയുടെ മകനോടു
കൂടിയിരിക്കുന്നു എന്നു എനിക്കു അറിഞ്ഞു
കൂടയോ? ഇശ്ശായിയുടെ മകൻ ഭൂമിയിൽ 31
ജീവിച്ചിരിക്കുന്ന കാലത്തൊരിക്കലും
നീയും നിൻെറ രാജത്വവും ഉറയ്ക്കയില്ല.
ഞാൻ ഉടനെ ആളയച്ചു അവനെ എൻെറ
അടുക്കൽ വരുത്തും. അവൻ മരണയോഗ്യ
നാകുന്നു എന്നു പറഞ്ഞു. യോനാഥാൻ 32
പിതാവായ ശൌലിനോടു: അവനെ എന്തി
നു കൊല്ലുന്നു? അവൻ എന്തു ചെയ്തു എന്നു
ചോദിച്ചു. അപ്പോൾ ശൌൽ അവനെ 33
കൊല്ലുവാൻ അവൻെറ നേരെ കുന്തം
എറിഞ്ഞു; അതിനാൽ തൻെറ അപ്പൻ
ദാവീദിനെ കൊല്ലുവാൻ നിശ്ചയിച്ചിരി
ക്കുന്നു എന്നു യോനാഥാൻ അറിഞ്ഞു.

ഥാൻ അതികോപത്തോടെ ഭോജ
ൽനിന്നു എഴുന്നേറ്റു; അമാവാസി
പിറ്റെന്നാൾ ഭക്ഷണം ഒന്നും കഴിച്ച
; തൻെറ പിതാവ് ദാവീദിനെ
നിച്ചതുകൊണ്ടു അവനെക്കുറിച്ചു
വ്യസനിച്ചിരുന്നു.
റ്റെന്നാൾ രാവിലെ, ദാവീദുമായി
യിച്ചിരുന്ന സമയത്ത്, യോനാഥാൻ
ചറിയ ഭൃത്യനോടുകൂടെ വയലിലേ
പായി. അവൻ തൻെറ ഭൃത്യനോടു:
ന്നു ഞാൻ എയ്യുന്ന അമ്പു എടുത്തു
ു വരൂ എന്നു പറഞ്ഞു. വേലക്കാരൻ
വാൾ അവൻെറ അപ്പുറത്തേക്കു ഒരു
എയ്തു. യോനാഥാൻ എയ്ത അമ്പു
ടത്തു ഭൃത്യൻ എത്തിയപ്പോൾ
ഥാൻ അവനോടു: അമ്പു നിൻെറ
ത്തു എന്നു വിളിച്ചു പറഞ്ഞു: പിന്നെ
യാനാഥാൻ ഭൃത്യനോടു: ഓടിവരിക,
രുതു എന്നു വിളിച്ചു പറഞ്ഞു. യോ
ൻെറ ഭൃത്യൻ അമ്പുകൾ പെറുക്കി
നൻെറ അടുക്കൽ കൊണ്ടുവന്നു.
ൽ യോനാഥാനും ദാവീദും അല്ലാതെ
കാര്യമൊന്നും അറിഞ്ഞില്ല. പിന്നെ
ഥാൻ തൻെറ ആയുധങ്ങൾ ഭൃത്യ
ക്കൽ കൊടുത്തു: പട്ടണത്തിലേക്കു
ുപോക എന്നു പറഞ്ഞു. ഭൃത്യൻ
ഉടനെ ദാവീദ് കല്ലിൻെറ അടുക്കൽ
എഴുന്നേറ്റു വന്നു മൂന്നു പ്രാവശ്യം
ാംഗം വീണു നമസ്കരിച്ചു; അവർ
ചുംബനംചെയ്തു കരഞ്ഞു; ദാവീദോ
ിൽ കരഞ്ഞുപോയി. യോനാഥാൻ
നോടു: കർത്താവ് എനിക്കും നിന
ൻെറ സന്തതിക്കും നിൻെറ സന്തതി
ധ്യേ എന്നേക്കും സാക്ഷി എന്നി
നാം ഇരുവരും കർത്താവിൻെറ
തിൽ സത്യം ചെയ്തിരിക്കകൊണ്ടു
ാനത്തോടെ പോക എന്നു പറഞ്ഞു.
ന അവൻ എഴുന്നേറ്റു പോയി;
ഥാൻ പട്ടണത്തിലേക്കു പോന്നു.

അദ്ധ്യായം 21

വീദ് നോബിൽ പുരോഹിതനായ
മലെക്കിൻെറ അടുക്കൽ ചെന്നു;
മലെക് ദാവീദിനെ അത്ഭുതത്തോ
തിരേറ്റു അവനോട്: ആരും കൂടെ
ത തനിച്ചു വരുന്നതു എന്തു എന്നു
ച്ചു. ദാവീദ് പുരോഹിതനായ അഹീ
ക്കിനോടു: രാജാവു എന്നെ ഒരു രഹ
ല്പിച്ചു: ഞാൻ നിന്നെ അയയ്ക്കു
നിന്നോടു കല്പിക്കുന്നതുമായ
കാര്യം ഒന്നും ആരും അറിയരുതു എന്നു
കല്പിച്ചിരിക്കുന്നു. എൻെറ ബാല്യക്കാർ
ഒരു പ്രത്യേക സ്ഥലത്തു വരണമെന്നും
ഞാൻ പറഞ്ഞിട്ടുണ്ട്. ആകയാൽ നിൻെറ
കൈവശം വല്ലതുമുണ്ടോ? ഒരഞ്ചപ്പം അല്ലെ 3
ങ്കിൽ തല്ക്കാലം കൈവശമുള്ളതെന്തെ
ങ്കിലും എനിക്കു തരണം എന്നു പറഞ്ഞു.
അതിനു പുരോഹിതൻ ദാവീദിനോടു:
വിശുദ്ധ അപ്പം അല്ലാതെ സാമാന്യമായതു 4
കൈവശം ഇല്ല; ബാല്യക്കാർ സ്ത്രീകളോടു
അകന്നിരിക്കയാണെങ്കിൽ തരാമെന്നു
ഉത്തരം പറഞ്ഞു. ദാവീദ് പുരോഹിത 5
നോടു: ഈ മൂന്നു ദിവസമായി സ്ത്രീകൾ
ഞങ്ങളോടകന്നിരിക്കുന്നു. ഇതു ഒരു സാമാ
ന്യയാത്ര എങ്കിലും ഞാൻ പുറപ്പെടുമ്പോൾ
തന്നേ ഭൃത്യന്മാരുടെ യാത്രസാമഗ്രികൾ
ശുദ്ധമായിരുന്നു; ഇന്നോ അവരുടെ സാധന
ങ്ങൾ എത്ര അധികം ശുദ്ധമായിരിക്കും
എന്നു പറഞ്ഞു. അങ്ങനെ പുരോഹിതൻ 6
അവനു വിശുദ്ധ അപ്പം കൊടുത്തു; അപ്പം
മാറ്റുന്ന ദിവസം ചൂടുള്ള അപ്പം വയ്ക്കേണ്ട
തിനു കർത്തൃസന്നിധിയിൽ നിന്നു നീക്കിയ
കാഴ്ചയപ്പം അല്ലാതെ അവിടെ വേറെ
അപ്പം ഇല്ലായിരുന്നു. എന്നാൽ അന്നു 7
ശൌലിൻെറ ഭൃത്യന്മാരിൽ ദോവേഗ് എന്നു
പേരുള്ള ഒരു ഏദോമ്യനെ അവിടെ
കർത്തൃസന്നിധിയിൽ പിടിച്ചിട്ടിരുന്നു;
അവൻ ശൌലിൻെറ ഇടയന്മാർക്കു തല
വൻ ആയിരുന്നു. ദാവീദ് അഹീമേലെകി 8
നോടു: ഇവിടെ നിൻെറ കൈവശം കുന്തമോ
വാളോ ഉണ്ടോ? രാജാവിൻെറ കാര്യം തിടു
ക്കമായിരുന്നതുകൊണ്ടു ഞാൻ എൻെറ
വാളും ആയുധങ്ങളും കൊണ്ടുപോന്നില്ല
എന്നു പറഞ്ഞു. അപ്പോൾ പുരോഹിതൻ: 9
ഏലാ താഴ്വരയിൽ വച്ചു നീ കൊന്ന
ഫെലിസ്ത്യനായ ഗൊല്യാത്തിൻെറ വാൾ
എഫോദിൻെറ പിമ്പിൽ ഒരു ശീലയിൽ
പൊതിഞ്ഞു വെച്ചിട്ടുണ്ട്. അതു വേണമെ
ങ്കിൽ എടുത്തുകൊൾക; അതല്ലാതെ വേറെ
ഒന്നുമില്ല എന്നു പറഞ്ഞു. അതിനു തുല്യം
മറ്റൊന്നുമില്ല; അതു എനിക്കു തരണം
എന്നു ദാവീദ് പറഞ്ഞു.
പിന്നെ ദാവീദ് പുറപ്പെട്ടു അന്നുതന്നെ 10
ശൌലിൻെറ നിമിത്തം ഗത്ത് രാജാ
വായ ആഖീശിൻെറ അടുക്കൽ ചെന്നു.
എന്നാൽ ആഖീശിൻെറ ഭൃത്യന്മാർ അവ 11
നോടു; ഇവൻ ദേശത്തിലെ രാജാവായ
ദാവീദ് അല്ലയോ?

ശൌൽ ആയിരത്തെ കൊന്നു
ദാവീദോ പതിനായിരത്തെ

എന്ന് അവർ നൃത്തങ്ങളിൽ ഗാനപ്രതി
ഗാനം ചെയ്തതു ഇവനെക്കുറിച്ചല്ലയോ
12 എന്നു പറഞ്ഞു. ദാവീദ് ഈ വാക്കുകൾ
മനസ്സിലാക്കി ഗത്ത് രാജാവായ ആഖീശി
13 നെ ഭയപ്പെട്ടു. അവരുടെ മുമ്പാകെ തൻെറ
സ്വഭാവം മാറ്റി, അവരുടെ കൈകളിൽ ഇരി
ക്കെ ബുദ്ധിഭ്രമം നടിച്ചു വാതിലിൻെറ
കതകുകളിൽ വരച്ചു താടിമേൽ തുപ്പൽ
14 ഒലിപ്പിച്ചുകൊണ്ടിരുന്നു. ആഖീശ് തൻെറ
ഭൃത്യന്മാരോടു: ഈ മനുഷ്യൻ ഭ്രാന്തൻ
എന്നു നിങ്ങൾ കാണുന്നില്ലയോ? അവനെ
എൻെറ അടുക്കൽ കൊണ്ടുവന്നതു എന്തി
15 നു? എൻെറ മുമ്പാകെ ഭ്രാന്തുകളിപ്പാൻ
ഇവനെ കൊണ്ടുവരേണ്ടതിനു എനിക്കു
ഇവിടെ ഭ്രാന്തന്മാർ കുറവുണ്ടോ? എൻെറ
അരമനയിലോ ഇവൻ വരേണ്ടതു എന്നു
പറഞ്ഞു.

അദ്ധ്യായം 22

1 അങ്ങനെ ദാവീദ് അവിടം വിട്ടു അദു
ല്ലാം ഗുഹയിലേക്കു ഓടിപ്പോയി; അവൻെറ
സഹോദരന്മാരും അവൻെറ പിതൃഭവന
മെല്ലാം അതു കേട്ടു അവൻെറ അടുക്കൽ
2 എത്തി. ഞെരുക്കമുള്ളവർ, കടക്കാർ, അസ
ന്തുഷ്ടർ എന്നിവരെല്ലാം അവൻെറ അടു
ക്കൽ വന്നുകൂടി; അവൻ അവർക്കു തല
വനായിത്തീർന്നു; അവനോടുകൂടെ ഏക
ദേശം നാനൂറുപേർ ഉണ്ടായിരുന്നു.
3 അനന്തരം ദാവീദ് അവിടം വിട്ടു മോവാ
ബിലെ മിസ്പയിൽ ചെന്നു, മോവാബ്
രാജാവിനോടു: ദൈവം എനിക്കുവേണ്ടി
എന്തു ചെയ്യും എന്നു അറിയുന്നതുവരെ
എൻെറ മാതാപിതാക്കൾ നിങ്ങളുടെ അടു
ക്കൽ വന്നു താമസിപ്പാൻ അനുവദിക്ക
4 ണമേ എന്നു അപേക്ഷിച്ചു. അവൻ അവരെ
മോവാബ് രാജാവിൻെറ സന്നിധിയിൽ
കൊണ്ടുചെന്നു; ദാവീദ് ദുർഗ്ഗത്തിൽ താമ
സിച്ച കാലമൊക്കെയും അവർ അവിടെ
5 പാർത്തു. എന്നാൽ ഗാദ് പ്രവാചകൻ
ദാവീദിനോടു: മിസ്പയിൽ പാർക്കാതെ
യെഹൂദാദേശത്തേക്കു പൊയ്ക്കൊൾക
എന്നു പറഞ്ഞു. അപ്പോൾ ദാവീദ് പുറപ്പെട്ടു
ഹസ്യൂത് കാട്ടിൽ വന്നു.
6 ദാവീദിനെയും കൂടെയുള്ളവരെയും
കണ്ടിരിക്കുന്നു എന്നു ശൌൽ കേട്ടു; അന്നു
ശൌൽ കയ്യിൽ കുന്തവുമായി ഗിബെയ
യിലെ കുന്നിന്മേലുള്ള പിചുലവൃക്ഷത്തിൻ
ചുവട്ടിൽ ഇരിക്കയായിരുന്നു; അവൻെറ
ഭൃത്യന്മാർ എല്ലാവരും അവൻെറ ചുറ്റും
7 നിന്നിരുന്നു. ശൌൽ ചുറ്റും നില്ക്കുന്ന
തൻെറ ഭൃത്യന്മാരോടു പറഞ്ഞു: ബെന്യാമീ
നൃരേ, കേട്ടുകൊൾവിൻ; ഇശ്ശായിയുടെ
മകൻ നിങ്ങൾക്കെല്ലാം നിലങ്ങളും മുന്തിരി
ത്തോട്ടങ്ങളും തന്നു നിങ്ങളെ എല്ലാവ
രെയും സഹസ്രാധിപന്മാരും ശതാധിപ
ന്മാരും ആക്കുമോ? നിങ്ങൾ എല്ലാവരും 8
എനിക്കു വിരോധമായി കൂട്ടുകെട്ടുണ്ടാക്കി
യിരിക്കുന്നു. എൻെറ മകൻ ഇശ്ശായിയുടെ
മകനോടു സഖ്യം ചെയ്തതു എന്നെ അറിയി
പ്പാൻ ആരും ഉണ്ടായിരുന്നില്ല. എൻെറ മകൻ
എൻെറ ദാസനെ ഇന്നു എനിക്കായി ഒളിച്ചി
രിപ്പാൻ ഉത്സാഹിപ്പിച്ചിരിക്കുന്നതിൽ മന
സ്താപമുള്ളവരോ അതിനെക്കുറിച്ചു എനി
ക്കു അറിവു തരുന്നവരോ നിങ്ങളിൽ ആരും
ഉണ്ടായിരുന്നില്ല. അപ്പോൾ ശൌലിൻെറ 9
ഭൃത്യന്മാരുടെ കൂട്ടത്തിൽ നിന്നിരുന്ന എദോ
മ്യനായ ദോവേഗ്: നോബിൽ അഹീതൂബി
ൻെറ മകൻ അഹീമേലെക്കിൻെറ അടുക്കൽ
ഇശ്ശായിയുടെ മകൻ വന്നതു ഞാൻ കണ്ടു.
അവൻ അവനുവേണ്ടി കർത്താവിനോടു 10
അരുളപ്പാടു ചോദിച്ചു, അവനു ഭക്ഷണ
സാധനവും ഫെലിസ്ത്യനായ ഗൊല്യാത്തി
ൻെറ വാളും കൊടുത്തു എന്നു ഉത്തരം പറ
ഞ്ഞു. ഉടനെ രാജാവു അഹീതുബിൻെറ 11
മകനായ അഹീമേലെക് പുരോഹിതനെ
യും അവൻെറ പിതൃഭവനക്കാരായ നോബി
ലെ സകല പുരോഹിതന്മാരെയും വിളിപ്പി
ച്ചു; അവർ എല്ലാവരും രാജാവിൻെറ അടു
ക്കൽ വന്നു. അപ്പോൾ ശൌൽ: അഹീതു 12
ബിൻെറ മകനേ, കേൾക്ക എന്നു കല്പിച്ചു.
തിരുമേനീ, അടിയൻ എന്നു അവൻ ഉത്തരം
പറഞ്ഞു. ശൌൽ അവനോടു: ഇശ്ശായി 13
യുടെ മകൻ ഇന്നു എനിക്കായി ഒളിച്ചിരി
ക്കത്തക്കവണ്ണം അവനു അപ്പവും വാളും
കൊടുക്കയും അവനുവേണ്ടി ദൈവത്തോടു
ചോദിക്കയും ചെയ്തതിനാൽ നീയും അവനും
എനിക്കു വിരോധമായി ഗൂഢാലോചന
ചെയ്തതു എന്തു എന്നു ചോദിച്ചു. അഹീ 14
മേലെക് രാജാവിനോടു: തിരുമനസ്സിലെ
സകല ഭൃത്യന്മാരിലും വച്ചു ദാവീദിനോളം
വിശ്വസ്തൻ മറ്റാരുണ്ട്? അവൻ രാജാവിൻെറ
മരുമകനും അവിടത്തെ ആലോചനയിൽ
പങ്കെടുക്കുന്നവനും രാജഗൃഹത്തിൽ മാന്യ
നും ആകുന്നുവല്ലോ. അവനുവേണ്ടി ദൈവ 15
ത്തോടു ചോദിപ്പാൻ ഞാൻ ഇപ്പോഴോ
തുടങ്ങിയതു? അങ്ങനെയല്ല. രാജാവു
അടിയൻെറ മേലും അടിയൻെറ പിതൃഭവന
ത്തിന്മേലും കുറ്റം ഒന്നും ചുമത്തരുതേ; അടി
യൻ ഇതിലെങ്ങും വലുതും ചെറുതും ഒന്നും
അറിഞ്ഞവനല്ല എന്നു ഉത്തരം പറഞ്ഞു.

ൾ രാജാവു: അഹീമേലെക്കേ,
നിന്റെ പിതൃഭവനമെല്ലാം മരി
എന്നു കല്പിച്ചു. പിന്നെ രാജാവു
നില്ക്കുന്ന ഭൃത്യരോടു: ചെന്നു
ത്തിന്റെ പുരോഹിതന്മാരെ കൊല്ലു
അവരും ദാവീദിനോടു ചേർന്നി
നു; അവൻ ഓടിപ്പോയതു അവർ
ത്തിട്ടും എന്നെ അറിയിച്ചില്ല എന്നു
ച്ചു. എന്നാൽ ദൈവത്തിന്റെ
ഹിതന്മാരെ കൊല്ലുവാൻ കൈ
തിനു രാജാവിന്റെ ഭൃത്യന്മാർ
പ്പെട്ടില്ല. അപ്പോൾ രാജാവു ദോവേ
ടു: നീ ചെന്നു പുരോഹിതന്മാരെ
ക എന്നു കല്പിച്ചു. എദോമ്യനായ
ഗ് ചെന്നു പുരോഹിതന്മാരെ വെട്ടി
നൂൽകൊണ്ടുള്ള ഏഫോദ് ധരിച്ച
ത്തഞ്ചു പേരെ അന്നു വധിച്ചു.
ഹിതനഗരമായ നോബിലെ പുരുഷ
സ്ത്രീകൾ, ബാലന്മാർ, ശിശുക്കൾ, കാള,
ആട് എന്നിങ്ങനെ ആസകലം
ന്റെ വായ്ത്തലയാൽ അവൻ
ിച്ചു. എന്നാൽ അഹീതൂബിന്റെ
യ അഹീമേലെക്കിന്റെ പുത്രന്മാ
അബ്യാഥാർ എന്നൊരുവൻ തെറ്റി
ത്തു ദാവീദിന്റെ അടുക്കലേക്കു
ായി. ശൌൽ ദൈവത്തിന്റെ പുരോ
ാരെ കൊന്ന വിവരം അബ്യാഥാർ
നെ അറിയിച്ചു. ദാവീദ് അബ്യാഥാ
ു: എദോമ്യനായ ദോവേഗ് അവിടെ
ിരുന്നതുകൊണ്ടു അവൻ ശൌലി
ിയിക്കും എന്നു ഞാൻ അന്നുതന്നേ
യിച്ചതാണ്. നിന്റെ പിതൃഭവന
ല്ലാം ഞാൻ മരണത്തിനു കാരണ
ാ. എന്റെ അടുക്കൽ പാർത്തു
ുക; ഭയപ്പെടേണ്ടാ; എനിക്കു ജീവ
വരുത്തുവാൻ നോക്കുന്നവർ നിന
ീവഹാനിവരുത്തുവാൻ നോക്കും;
ും എന്റെ അടുക്കൽ നിനക്കു
വാസം ഉണ്ടാകും എന്നു പറഞ്ഞു.

അദ്ധ്യായം 23

ഫെലിസ്ത്യർ കെയീലയുടെ നേരെ
ചെയ്യുന്നു എന്നും അവർ കളങ്ങൾ
ചെയ്യുന്നു എന്നും ദാവീദിനു അറി
ട്ടി. ദാവീദ് ദൈവത്തോടു: ഞാൻ
ഫെലിസ്ത്യരെ ചെന്ന് തോല്പിക്കേ
എന്നു ചോദിച്ചു. ദൈവം ദാവീദി
ചെന്നു ഫെലിസ്ത്യരെ തോല്പിച്ചു
ലയെ രക്ഷിച്ചുകൊൾക എന്നു
ച്ചു. എന്നാൽ ദാവീദിന്റെ ആളുകൾ
അവനോടു: നാം ഇവിടെ യഹൂദയിൽ തന്നേ
ഭയന്ന് പാർക്കുന്നു; പിന്നെ കെയീലയിൽ
ഫെലിസ്ത്യരുടെ സൈന്യത്തിന്റെ നേരെ
എങ്ങനെ ചെല്ലും? എന്നു പറഞ്ഞു. ദാവീദ്
വീണ്ടും ദൈവത്തോടു ചോദിച്ചു. ദൈവം 4
അവനോടു എഴുന്നേറ്റു കെയീലയി
ലേക്കു ചെല്ലുക; ഞാൻ ഫെലിസ്ത്യരെ
നിന്റെ കയ്യിൽ ഏല്പിക്കും എന്നു അരുളി
ച്ചെയ്തു. അങ്ങനെ ദാവീദും അവന്റെ ആളു 5
കളും കെയീലയിലേക്കു പോയി ഫെലിസ്ത്യ
രോടു യുദ്ധം ചെയ്ത് അവരുടെ ആടുമാടു
കളെ അപഹരിച്ചു അവരെ കഠിനമായി
തോല്പിച്ചു കെയീലാനിവാസികളെ
രക്ഷിച്ചു.
അഹീമേലെക്കിന്റെ മകനായ അബ്യാ 6
ഥാർ കെയീലയിൽ ദാവീദിന്റെ അടുക്കൽ
ഓടിവന്നപ്പോൾ കൈവശം ഏഫോദ് കൂടെ
കൊണ്ടുവന്നിരുന്നു. ദാവീദ് കെയീലയിൽ 7
വന്നിരിക്കുന്നു എന്നു ശൌലിനു അറിവു
കിട്ടി; ദൈവം അവനെ എന്റെ കയ്യിൽ
ഏല്പിച്ചിരിക്കുന്നു; വാതിലും ഓടാമ്പലും
ഉള്ള പട്ടണത്തിൽ കടന്നിരിക്കകൊണ്ടു
അവൻ കുടുങ്ങിയിരിക്കുന്നു എന്നു ശൌൽ
പറഞ്ഞു. ശൌൽ ദാവീദിനെയും അവന്റെ 8
ആളുകളെയും വളയേണ്ടതിനു കെയീലയി
ലേക്കു പോകുവാൻ സകല ജനത്തെയും
യുദ്ധത്തിനു വിളിച്ചുകൂട്ടി.
ശൌൽ തന്റെ നേരെ ദോഷം ആലോ 9
ചിക്കുന്നു എന്നു ദാവീദ് അറിഞ്ഞപ്പോൾ
പുരോഹിതനായ അബ്യാഥാരിനോടു:
ഏഫോദ് ഇവിടെ കൊണ്ടുവരിക എന്നു
പറഞ്ഞു. പിന്നെ ദാവീദ്: ഇസ്രായേലിന്റെ 10
ദൈവമായ കർത്താവേ, ശൌൽ കെയീല
യിലേക്കു വന്നു എന്റെ നിമിത്തം ഈ
പട്ടണം നശിപ്പിപ്പാൻ പോകുന്നു എന്നു
അടിയൻ കേട്ടിരിക്കുന്നു. കെയീലപൌര 11
ന്മാർ എന്നെ അവന്റെ കയ്യിൽ ഏല്പിച്ചു
കൊടുക്കുമോ? അടിയൻ കേട്ടിരിക്കുന്നതു
പോലെ ശൌൽ വരുമോ? ഇസ്രായേലിന്റെ
ദൈവമായ കർത്താവേ, അടിയനെ അറിയി
ക്കേണമേ എന്നു പറഞ്ഞു. അവൻ വരും
എന്നു കർത്താവ് അരുളിച്ചെയ്തു. ദാവീദ് 12
പിന്നെയും: കെയീലപൌരന്മാർ എന്നെയും
എന്റെ ആളുകളെയും ശൌലിന്റെ
കയ്യിൽ ഏല്പിച്ചുകൊടുക്കുമോ എന്നു
ചോദിച്ചു. അവർ ഏല്പിച്ചുകൊടുക്കും.
എഴുന്നേററു പട്ടണത്തിൽനിന്നു ഓടിപ്പോ
കുക എന്നു കർത്താവ് അരുളിച്ചെയ്തു.
അപ്പോൾ ദാവീദും അറുനൂറുപേരോളം 13
ഉള്ള അവന്റെ ആളുകളും കെയീലയെ

വിട്ടു പുറപ്പെട്ടു സൗകര്യം കണ്ടിടത്തു
സഞ്ചരിച്ചു. ദാവീദ് കെയീല വിട്ടു ഓടി
പ്പോയി എന്നു ശൌൽ അറിഞ്ഞപ്പോൾ
അവൻ യാത്ര നിർത്തിവച്ചു.
14 ദാവീദ് മരുഭൂമിയിലെ ദുർഗങ്ങളിൽ
താമസിച്ചു. സീഫ് മരുഭൂമിയിലെ മലനാ
ട്ടിലും പാർത്തു; ഇക്കാലമെല്ലാം ശൌൽ
അവനെ അന്വേഷിച്ചുകൊണ്ടിരുന്നു; എങ്കി
ലും ദൈവം അവനെ അവൻെറ കയ്യിൽ
15 ഏല്പിച്ചില്ല. തൻെറ ജീവനെ തേടി ശൌൽ
പുറപ്പെട്ടിരിക്കുന്നു എന്നു ദാവീദ് കണ്ടു;
16 അന്നു ദാവീദ് സീഫ്മരുഭൂമിയിലെ ഒരു
കാട്ടിൽ ആയിരുന്നു. അനന്തരം ശൌലി
ൻെറ മകനായ യോനാഥാൻ പുറപ്പെട്ട് ആ
കാട്ടിൽ ദാവീദിൻെറ അടുക്കൽ ചെന്നു
അവനെ ദൈവത്തിൽ ധൈര്യപ്പെടുത്തി
17 അവനോടു: ഭയപ്പെടേണ്ടാ, എൻെറ പിതാ
വായ ശൌലിനു നിന്നെ പിടികിട്ടുകയില്ല;
നീ ഇസ്രായേലിനു രാജാവാകും; അന്നു
ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും;
അതു എൻെറ പിതാവായ ശൌലും അറി
18 യുന്നു എന്നു പറഞ്ഞു. ഇങ്ങനെ അവർ
തമ്മിൽ ദൈവസന്നിധിയിൽ ഉടമ്പടി
ചെയ്തു; ദാവീദ് കാട്ടിൽ താമസിക്കയും
യോനാഥാൻ വീട്ടിലേക്കു പോകയും
19 ചെയ്തു. അനന്തരം സീഫ്യർ ഗിബെയയിൽ
ശൌലിൻെറ അടുക്കൽ വന്നു: ദാവീദ്
ഞങ്ങളുടെ സമീപം മരുഭൂമിക്കു തെക്കുള്ള
ഹഖീലാമലയിലെ വനദുർഗങ്ങളിൽ ഒളി
20 ച്ചിരിക്കുന്നു. ആകയാൽ രാജാവേ, തിരുമന
സ്സിലെ ആഗ്രഹംപോലെ വന്നുകൊള്ള
ണം; അവനെ രാജാവിൻെറ കയ്യിൽ ഏല്പി
ച്ചു തരുന്ന കാര്യം ഞങ്ങൾ ഏററിരിക്കുന്നു
21 എന്നു പറഞ്ഞു. അതിനു ശൌൽ പറഞ്ഞ
തു: നിങ്ങൾക്കു എന്നോടു മനസ്സലിവു
തോന്നിയിരിക്കകൊണ്ടു നിങ്ങൾ ദൈവ
22 ത്താൽ അനുഗ്രഹിക്കപ്പെട്ടവർ; നിങ്ങൾ
പോയി ഇനിയും സൂക്ഷ്മമായി അന്വേഷി
ച്ചു അവൻെറ സഞ്ചാരം എവിടെയെല്ലാമാ
ണെന്നും അവിടങ്ങളിൽ അവനെ കണ്ടവർ
ആരെല്ലാമെന്നും അറിയണം; അവൻ വലിയ
ഉപായി ആകുന്നു എന്നു ഞാൻ കേട്ടിരിക്കു
23 ന്നു. ആകയാൽ അവൻ ഒളിച്ചിരിക്കുന്ന ഒളി
വിടങ്ങളെല്ലാം കണ്ടറിഞ്ഞുവന്നു സൂക്ഷ്മ
വിവരം എന്നെ അറിയിക്കണം; ഞാൻ നിങ്ങ
ളോടു കൂടെ പോരും; അവൻ ദേശത്തു
വല്ലിടത്തും ഉണ്ടെങ്കിൽ ഞാൻ അവനെ
യെഹൂദാസഹസ്രങ്ങളിലൊക്കെയും അന്വേ
24 ഷിച്ചുപിടിക്കും. അങ്ങനെ അവർ പുറപ്പെട്ടു
ശൌലിനു മുമ്പെ സീഫിലേക്കു പോയി;
എന്നാൽ ദാവീദും അവൻെറ ആളുകളും
മരുഭൂമിയുടെ തെക്കു സമതലത്ത് മാവോൻ
മരുഭൂമിയിൽ ആയിരുന്നു. ശൌലും അവ 25
ൻെറ സേനയും അവനെ തിരയുവാൻ പുറ
പ്പെട്ടു. അതു ദാവീദിനു അറിവു കിട്ടിയ
പ്പോൾ അവൻ മാവോൻ മരുഭൂമിയിലെ
സേലയിൽ ചെന്നു താമസിച്ചു. ശൌൽ 26
അതു കേട്ടപ്പോൾ മാവോൻമരുഭൂമിയിൽ
ദാവീദിനെ പിന്തുടർന്നു. ശൌൽ പർവത
ത്തിൻെറ ഇപ്പുറത്തും ദാവീദും ആളുകളും
പർവതത്തിൻെറ അപ്പുറത്തും കൂടി നടന്നു;
ശൌലിനെ ഒഴിഞ്ഞുപോകുവാൻ ദാവീദ്
ബദ്ധപ്പെട്ടു; ശൌലും സേനയും ദാവീദിനേ
യും അവൻെറ ആളുകളേയും വളഞ്ഞുപിടി
ക്കുവാൻ അടുത്തു. അപ്പോൾ ശൌലിൻെറ 27
അടുക്കൽ ഒരു ദൂതൻ വന്നു: ക്ഷണം വര
ണം; ഫെലിസ്ത്യർ ദേശത്തെ ആക്രമിച്ചിരി
ക്കുന്നു എന്നു പറഞ്ഞു. ഉടനെ ശൌൽ 28
ദാവീദിനെ പിന്തുടരുന്നതു നിർത്തി ഫെലി
സ്ത്യരുടെ നേരെ പോയി; ആകയാൽ ആ
സ്ഥലത്തിനു സെമ ആർ പൊൽശൂത്തോ
എന്നു പേരായി. ദാവീദോ അവിടം വിട്ടു 29
പോയി ഏൻഗെദിയിലെ ദുർഗങ്ങളിൽ
ചെന്നുപാർത്തു.

അദ്ധ്യായം 24

ശൌൽ ഫെലിസ്ത്യരെ തോല്പിച്ചു 1
മടങ്ങിവന്നപ്പോൾ ദാവീദ് ഏൻഗെദിമരുഭൂമി
യിൽ ഉണ്ടെന്നു അറിവു കിട്ടി. അപ്പോൾ 2
ശൌൽ എല്ലാ ഇസ്രായേലിൽനിന്നും തിര
ഞ്ഞെടുത്തിരുന്ന മൂവായിരം പേരെ കൂട്ടി
ക്കൊണ്ടു ദാവീദിനേയും അവൻെറ ആളു
കളെയും തിരയുവാൻ കാട്ടാട്ടിൻ മലയിൽ
ചെന്നു. അവൻ വഴിയരികെയുള്ള ആട്ടിൻ 3
തൊഴുത്തിങ്കൽ എത്തി; അവിടെ ഒരു ഗുഹ
ഉണ്ടായിരുന്നു; ശൌൽ അതിൽ കിടന്നു
റങ്ങി; എന്നാൽ ദാവീദും അവൻെറ ആളു
കളും ഗുഹയുടെ അരികിൽ പാർത്തിരുന്നു.
ദാവീദിൻെറ ആളുകൾ അവനോടു: ഞാൻ 4
നിൻെറ ശത്രുവിനെ നിൻെറ കയ്യിൽ ഏല്പി
ക്കും; നിനക്കു ബോധിച്ചതുപോലെ അവ
നോടു ചെയ്യാം എന്നു ദൈവം നിന്നോടു
അരുളിച്ചെയ്ത ദിവസം ഇതാ എന്നു പറ
ഞ്ഞു. അപ്പോൾ ദാവീദ് എഴുന്നേററു ശൌ
ലിൻെറ മേലങ്കിയുടെ അററം സാവധാനം
മുറിച്ചെടുത്തു. ശൌലിൻെറ വസ്ത്രാഗ്രം 5
മുറിച്ചുകളഞ്ഞതുകൊണ്ടു പിന്നീട് ദാവീദി
ൻെറ മനസ്സാക്ഷി വിഷമിച്ചു. അവൻ
തൻെറ ആളുകളോടു: കർത്താവിൻെറ 6
അഭിഷിക്തനായ എൻെറ യജമാനൻെറ

കയ്യെടുക്കുന്നതായ ഈ കാര്യം
ചാൻ ദൈവം എനിക്കു ഇടവരുത്ത
അവൻ ദൈവത്തിൻെറ അഭി
ാനത്രേ എന്നു പറഞ്ഞു. ഇങ്ങനെ
തൻെറ ആളുകളെ ശാസിച്ചു അമർ
ശൌലിനെ ദ്രോഹിപ്പാൻ അവരെ
ദിച്ചതുമില്ല. ശൌൽ ഗുഹയിൽ
എഴുന്നേററു തൻെറ വഴിക്കു പോയി.
ും എഴുന്നേററു ഗുഹയിൽനിന്നു പുറ
ങ്ങി ശൌലിനെ വിളിച്ചു: എൻെറ
നനായ രാജാവേ എന്നു പറഞ്ഞു.
ൽ തിരിഞ്ഞുനോക്കിയപ്പോൾ ദാവീദ്
ടാംഗം വീണു നമസ്കരിച്ചു. ദാവീദ്
ിനോട് പറഞ്ഞു: ദാവീദ് അങ്ങേയ്ക്ക്
വിചാരിക്കുന്നു എന്നു പറയുന്നവരു
ക്ക് അങ്ങു കേൾക്കരുതെ. ദൈവം
ഗുഹയിൽ വച്ചു അങ്ങയെ എൻെറ
ഏല്പിച്ചിരുന്നു എന്നു അങ്ങയുടെ
ലെ കാണുന്നുവല്ലോ; അങ്ങയെ
ുവാൻ ചിലർ പറഞ്ഞു; എൻെറ യജ
ൻെറ നേരെ ഞാൻ കയ്യെടുക്കയില്ല;
കർത്താവിൻെറ അഭിഷിക്തനല്ലോ
ഞാൻ പറഞ്ഞു. എൻെറ പിതാവേ,
കയ്യിൽ അങ്ങയുടെ മേലങ്കിയുടെ
ഇതാ കണ്ടാലും; അങ്ങയുടെ മേലങ്കി
അററം ഞാൻ മുറിക്കയും അങ്ങയെ
ാതിരിക്കയും ചെയ്യതിനാൽ എൻെറ
ദോഷവും ദ്രോഹവും ഇല്ല; ഞാൻ
യോടു പാപം ചെയ്തിട്ടുമില്ല; എന്നു
ിഞ്ഞുകൊൾക. അങ്ങോ എനിക്കു
ഹാനി വരുത്തുവാൻ തേടി നടക്കു
ദൈവം എനിക്കും അങ്ങേക്കും മദ്ധ്യേ
ം വിധിക്കട്ടെ; ദൈവം എനിക്കു
അങ്ങയോടു പ്രതികാരം ചെയ്യട്ടെ;
ൽ എൻെറ കൈ അങ്ങയുടെ മേൽ
യില്ല. ദുഷ്ടത ദുഷ്ടനിൽനിന്നു
ടുന്നു എന്നല്ലയോ പഴഞ്ചൊല്ല് പറ
ത്. എന്നാൽ എൻെറ കൈ അങ്ങ
മേൽ വീഴുകയില്ല. ആരെ തേടിയാ
ഇസ്രായേൽ രാജാവു പുറപ്പെട്ടിരി
ത്? ആരെയാകുന്നു പിന്തുടരുന്നതു?
ത്ത നായെ, ഒരു ചെള്ളിനെ അല്ല
ആകയാൽ ദൈവം ന്യായാധിപ
എനിക്കും അങ്ങേക്കും മദ്ധ്യേ ന്യായം
യെും എൻെറ കാര്യം നോക്കി വ്യവ
ു എന്നെ അങ്ങയുടെ കയ്യിൽനിന്നു
ിക്കയും ചെയ്യും. ദാവീദ് ശൌലി
ഈ വാക്കുകൾ സംസാരിച്ചശേഷം
ൽ: എൻെറ മകനേ, ദാവീദ്, ഇതു
ശബ്ദമോ എന്നു ചോദിച്ചു

പൊട്ടിക്കരഞ്ഞു. പിന്നെ അവൻ ദാവീദി 17
നോടു പറഞ്ഞതു: നീ എന്നെക്കാൾ നീതി
മാൻ; ഞാൻ നിനക്കു തിന്മ ചെയ്തതിനു നീ
എനിക്കു നന്മ പകരം ചെയ്തിരിക്കുന്നു.
ദൈവം എന്നെ നിൻെറ കയ്യിൽ ഏല്പി 18
ച്ചിട്ടും നീ എന്നെ കൊല്ലാതെ വിട്ടതിനാൽ
നീ എനിക്കു ഗുണം ചെയ്തതായി ഇന്നു
കാണിച്ചിരിക്കുന്നു. ശത്രുവിനെ കണ്ടു കിട്ടി 19
യാൽ ആരെങ്കിലും അവനെ വെറുതെ വിട്ടയ
യ്ക്കുമോ? നീ ഇന്നു എനിക്കു ചെയ്തതിനു
ദൈവം നിനക്കു നന്മ പകരം ചെയ്യട്ടെ. നീ 20
രാജാവാകും; ഇസ്രായേൽ രാജത്വം നിൻെറ
കയ്യിൽ സ്ഥിരമാകും എന്നു ഞാൻ അറി
യുന്നു. ആകയാൽ നീ എൻെറ ശേഷം 21
എൻെറ സന്തതിയെ നിർമ്മൂലമാക്കി
എൻെറ പേര് എൻെറ പിതൃഭവനത്തിൽ
നിന്നു തുടച്ചുകളകയില്ല എന്നു ദൈവ
നാമത്തിൽ ഇപ്പോൾ എന്നോടു സത്യം
ചെയ്യണം. അങ്ങനെ ദാവീദ് ശൌലിനോടു 22
സത്യം ചെയ്തു; ശൌൽ അരമനയിലേക്കു
പോയി; ദാവീദും അവൻെറ ആളുകളും
മിസ്പയിലേക്കും പോയി.

അദ്ധ്യായം 25

ശമൂവേൽ മരിച്ചു; ഇസ്രായേല്യർ ഒരു 1
മിച്ചുകൂടി അവനെക്കുറിച്ചു വിലപിച്ചു,
റാമയിൽ അവൻെറ വീടിനടുത്ത് അവനെ
സംസ്കരിച്ചു, ദാവീദ് പാരാൻ മരുഭൂമിയിൽ
പോയി പാർത്തു.

കർമ്മേലിൽ വ്യാപാരമുള്ള ഒരു മാവോ 2
ന്യൻ ഉണ്ടായിരുന്നു; അവൻ മഹാ ധനിക
നായിരുന്നു; അവനു മൂവായിരം ചെമ്മരി
യാടും ആയിരം കോലാടും ഉണ്ടായിരുന്നു;
അവനു കർമ്മേലിൽ ആടുകളെ രോമം
കത്രിക്കുന്ന ഉത്സവം ഉണ്ടായിരുന്നു. അവനു 3
നാബാൽ എന്നും അവൻെറ ഭാര്യക്കു
അബീഗയിൽ എന്നും പേർ. അവൾ നല്ല
വിവേകമുള്ളവളും സുന്ദരിയും; അവനോ
നിഷ്ഠുരനും ദുഷ്കർമ്മിയും ആയിരുന്നു.
അവൻ കാലേബ്വംശക്കാരൻ ആയിരുന്നു.
നാബാലിൻെറ ആടുകളെ രോമം കത്രിക്കു 4
ന്ന ഉത്സവം ഉണ്ടെന്നു ദാവീദ് മരുഭൂമിയിൽ
കേട്ടു. ദാവീദ് പത്തു ഭൃത്യന്മാരെ അയച്ചു, 5
അവരോടു പറഞ്ഞു: നിങ്ങൾ കർമ്മേലിൽ
നാബാലിൻെറ അടുക്കൽ ചെന്നു എൻെറ
പേരിൽ അവനു വന്ദനം ചൊല്ലി: നന്മവരട്ടെ;
നിനക്കും നിൻെറ ഭവനത്തിനും നന്മവരട്ടെ; 6
നിനക്കുള്ള സകലത്തിനും നന്മ വരട്ടെ.
നിനക്കു ആടുകളെ രോമം കത്രിക്കുന്ന 7
ഉത്സവം ഉണ്ടെന്നു ഞാൻ കേട്ടിരിക്കുന്നു.

നിൻെറ ഇടയന്മാർ ഞങ്ങളോടുകൂടെ ഇരു
ന്നപ്പോൾ ഞങ്ങൾ അവരെ ഉപദ്രവിച്ചില്ല;
അവർ കർമ്മേലിൽ ഇരുന്ന കാലത്തെല്ലാം
അവർക്ക് ഒരാടും കാണാതെ പോയതുമില്ല.
8 നിൻെറ ഭൃത്യന്മാരോടു ചോദിച്ചാൽ അവ
രും നിന്നോടു പറയും; അതുകൊണ്ടു ഈ
ബാല്യക്കാരോടു ദയ തോന്നണം; നല്ല ദിവ
സമാണല്ലോ ഞങ്ങൾ വന്നിരിക്കുന്നതു;
നിൻെറ കയ്യിൽനിന്നും അടിയങ്ങൾക്കും
നിൻെറ മകനായ ദാവീദിനും തരേണമേ
9 എന്നു അവനോടു പറവിൻ. ദാവീദിൻെറ
ബാല്യക്കാർ ചെന്നു നാബാലിനോടു ഈ
വാക്കുകളെല്ലാം ദാവീദിൻെറ പേരിൽ അറി
10 യിച്ചു കാത്തുനിന്നു. നാബാൽ ദാവീദിൻെറ
ഭൃത്യന്മാരോടു: ദാവീദ് ആർ? ഇശ്ശായിയുടെ
മകൻ ആർ? യജമാനന്മാരെ വിട്ടു പൊയ്ക്ക
ളയുന്ന ദാസന്മാർ ഇക്കാലത്തു വളരെ
11 ഉണ്ടു. ഞാൻ എൻെറ അപ്പവും വെള്ളവും
എൻെറ ആടുകളെ രോമം കത്രിക്കുന്നവർ
ക്കായി തയ്യാർ ചെയ്ത മാംസവും എടുത്തു
എവിടത്തുകാർ എന്നു അറിയാത്തവർക്കു
കൊടുക്കുമോ എന്ന് ഉത്തരം പറഞ്ഞു.
12 ദാവീദിൻെറ ഭൃത്യന്മാർ മടങ്ങിവന്നു വിവര
മെല്ലാം അവനെ അറിയിച്ചു. അപ്പോൾ
13 ദാവീദ് തൻെറ ആളുകളോടു: എല്ലാവരും
വാൾ അരയ്ക്കു കെട്ടുവിൻ എന്നു പറ
ഞ്ഞു. അവർ എല്ലാവരും വാൾ അരയ്ക്കു
കെട്ടി; ദാവീദും വാൾ അരെയ്ക്കു കെട്ടി;
ഏകദേശം നാനൂറുപേർ ദാവീദിൻെറ
പിന്നാലെ പോയി; ഇരുനൂറു പേർ സാമാന
14 ങ്ങളുടെ അടുക്കൽ പാർത്തു. എന്നാൽ
ഭൃത്യന്മാരിൽ ഒരുവൻ നാബാലിൻെറ
ഭാര്യയായ അബീഗയിലിനോടു പറഞ്ഞു:
ദാവീദ് നമ്മുടെ യജമാനനു വന്ദനം ചൊല്ലു
വാൻ മരുഭൂമിയിൽനിന്നു ദൂതന്മാരെ അയ
ച്ചു; അവനോ അവരെ ശകാരിച്ച് അയച്ചു.
15 എന്നാൽ ആ ആളുകൾ ഞങ്ങൾക്കു ഏററ
വും ഉപകാരമുള്ളവരായിരുന്നു; ഞങ്ങൾ
വയലിൽ അവരുമായി സഹവാസം ചെയ്തി
രുന്ന കാലത്തൊരിക്കലും അവർ ഞങ്ങളെ
ഉപദ്രവിച്ചില്ല; ഞങ്ങൾക്കു ഒന്നും കാണാതെ
16 പോയതുമില്ല. ഞങ്ങൾ ആടുകളെ മേയിച്ചു
കൊണ്ടു അവരോടുകൂടെ ആയിരുന്നപ്പോ
ഴെല്ലാം രാവും പകലും അവർ ഞങ്ങൾക്കു
17 ഒരു മതിൽ ആയിരുന്നു. ആകയാൽ
ഇപ്പോൾ ചെയ്യേണ്ടതു എന്തെന്നു ആലോ
ചിക്കണം; നമ്മുടെ യജമാനനും അവൻെറ
സകല ഭവനത്തിനും ദോഷം നിർണ്ണയിച്ചു
പോയിരിക്കുന്നു; നാബാൽ ഇടയന്മാരുടെ
18 അടുത്ത് ആയിരുന്നു. ഉടനെ അബീഗയിൽ
ഇരുനൂറ് അപ്പവും രണ്ടു തുരുത്തി വീഞ്ഞും
പാകം ചെയ്ത അഞ്ചു ആടും അഞ്ചു പറ
മലരും നൂറ് ഉണക്കമുന്തിരിക്കുലയും
ഇരുന്നൂറു അത്തിയടയും എടുത്തു കഴുത 19
പ്പുറത്തു കയററി ഭൃത്യരോടു: നിങ്ങൾ
എനിക്കു മുമ്പായി പോകുവിൻ; ഞാൻ
ഇതാ, പിന്നാലെ വരുന്നു എന്നു പറഞ്ഞു.
തൻെറ ഭർത്താവായ നാബാലിനോടു
അവൾ ഒന്നും അറിയിച്ചില്ല. അവൾ 20
കഴുതപ്പുറത്തു കയറി മലയുടെ മറവിൽ
കൂടി ഇറങ്ങിച്ചെല്ലുമ്പോൾ ഇതാ, ദാവീദും
അവൻെറ ആളുകളും അവളുടെ നേരെ
വരുന്നു; അവൾ അവരെ എതിരേററു.
എന്നാൽ ദാവീദ്: മരുഭൂമിയിൽ അവനു 21
ഉണ്ടായിരുന്നതൊക്കെയും ഞാൻ വെറുതെ
യല്ലോ കാത്തതു; അവൻെറ വക ഒന്നും
കാണാതെപോയതുമില്ല; അവനോ നന്മ
യ്ക്കു പകരം എനിക്കു തിന്മ ചെയ്തു. അവ
നുള്ള സകലത്തിലും പുരുഷപ്രജയായ 22
ഒന്നിനെയെങ്കിലും പുലരുംവരെ ഞാൻ
ജീവനോടെ വെച്ചാൽ ദൈവം ദാവീദിൻെറ
ശത്രുക്കൾക്കു തക്കവണ്ണവും അധികവും
ചെയ്യട്ടെ എന്നു പറഞ്ഞിരുന്നു. അബീഗ 23
യിൽ ദാവീദിനെ കണ്ടപ്പോൾ ക്ഷണത്തിൽ
കഴുതപ്പുറത്തുനിന്നു ഇറങ്ങി ദാവീദിൻെറ
മുമ്പിൽ സാഷ്ടാംഗം വീണു നമസ്കരിച്ചു.
അവൾ അവൻെറ കാല്ക്കൽ വീണു പറ 24
ഞ്ഞതു: യജമാനനേ, കുററം എൻെറമേൽ
ഇരിക്കട്ടെ; അടിയൻ ഒന്നു ബോധിപ്പിച്ചു
കൊള്ളട്ടെ; അടിയൻെറ വാക്കുകളെ
കേൾക്കേണമേ. ദുഃസ്വഭാവിയായ ഈ 25
നാബാലിനെ യജമാനൻ ഗണ്യമാക്കരുതേ;
അയാൾ തൻെറ പേർ പോലെതന്നെ
ആകുന്നു; നാബാൽ എന്നല്ലോ അയാളുടെ
പേര്, ഭോഷത്വം അത്രേ അയാൾക്കുള്ളതു.
അടിയനോ, യജമാനൻ അയച്ച ഭൃത്യരെ
കണ്ടിരുന്നില്ല, ആകയാൽ യജമാനനേ, 26
കർത്താവാണ, നിന്നാണ, രക്തപാതകവും
സ്വന്തകയ്യാൽ പ്രതികാരവും ചെയ്യാത
വണ്ണം കർത്താവ് നിന്നെ തടുത്തിരിക്കുന്നു;
നിൻെറ ശത്രുക്കളും യജമാനനു ദോഷം
വിചാരിക്കുന്നവരും നാബാലിനെപ്പോലെ
ആകട്ടെ. ഇപ്പോൾ യജമാനൻെറ അടുക്കൽ 27
അടിയൻ കൊണ്ടുവന്നിരിക്കുന്ന ഈ കാഴ്ച
യജമാനൻെറ പരിചാരകരായ ഭൃത്യന്മാർ
ക്കു ഇരിക്കട്ടെ.

അടിയൻെറ കുററം ക്ഷമിക്കേണമേ; 28
കർത്താവ് യജമാനനു സ്ഥിരമായോരു
ഭവനം പണിയും; കർത്താവിൻെറ യുദ്ധങ്ങ
ളെയാണല്ലോ യജമാനൻ നടത്തുന്നത്.

ുഷ്കാലത്തൊരിക്കലും അങ്ങയിൽ
ം കാണുകയില്ല. മനുഷ്യൻ പിന്തു
ു അങ്ങേക്കു ജീവഹാനി വരുത്തു
നോക്കിയാലും യജമാനന്റെ പ്രാ
അങ്ങയുടെ ദൈവമായ കർത്താവി
പക്കൽ ജീവഭാണ്ഡത്തിൽ കെട്ടപ്പെട്ടി
ം; അങ്ങയുടെ ശത്രുക്കളുടെ ജീവനെ
അവൻ കവിണയുടെ തടത്തിൽ നിന്ന്
പോലെ എറിഞ്ഞുകളയും. എന്നാൽ
ം യജമാനനു വാഗ്ദാനം ചെയ്തിരി
ാ എല്ലാ നന്മയും നിവർത്തിച്ചു തന്നു
യെ ഇസ്രായേലിനു രാജാവാക്കി
ുമ്പോൾ അകാരണമായി രക്തം ചിന്തു
, യജമാനൻ താൻ തന്നേ പ്രതികാരം
തുകയും ചെയ്തുപോയി എന്നുള്ള
ലവും മനോവ്യഥയും യജമാനനു
കയില്ല; എന്നാൽ കർത്താവ് യജമാ
നന്മ ചെയ്യുമ്പോൾ ഈ ദാസിയെയും
തുകൊള്ളേണമേ. ദാവീദു അബീഗ
നോടു പറഞ്ഞതു: എന്നെ എതിരേ
ൻ നിന്നെ ഇന്നു അയച്ചിരിക്കുന്ന
ായേലിന്റെ ദൈവമായ കർത്താവി
സ്തോത്രം. നിന്റെ വിവേകം വിശിഷ്ടം;
ാതകവും സ്വന്തകയ്യാൽ പ്രതികാരവും
ാതവണ്ണം എന്നെ ഇന്നു തടുത്തിരി
ാ നീയും അനുഗ്രഹിക്കപ്പെട്ടവൾ.
ോടു ദോഷം ചെയ്യാതവണ്ണം എന്നെ
ത്തിരിക്കുന്ന ഇസ്രായേലിന്റെ ദൈവ
കർത്താവാണ, നീ ബദ്ധപ്പെട്ടു എന്നെ
രേററു വന്നിരുന്നില്ലെങ്കിൽ നേരം
ുമ്പോഴേക്കു പുരുഷപ്രജയൊന്നും
ാലിനു ശേഷിക്കയില്ലായിരുന്നു.
ാ അവൾ കൊണ്ടുവന്നതു ദാവീദു
ളുടെ കയ്യിൽ നിന്നു വാങ്ങി അവളോടു:
ധാനത്തോടെ വീട്ടിലേക്കു പോക;
, ഞാൻ നിന്റെ വാക്കു കേട്ടു നിന്നെ
ിച്ചിരിക്കുന്നു എന്നു പറഞ്ഞു. അബീ
ൽ നാബാലിന്റെ അടുക്കൽ എത്തിയ
ൾ അവൻ തന്റെ വീട്ടിൽ രാജവിരുന്നു
ലെ ഒരു വിരുന്നു കഴിക്കുന്നതു കണ്ടു;
ാലിന്റെ ഹൃദയം ആനന്ദത്തിലായി.
ു നന്നാ ലഹരി പിടിച്ചിരുന്നു; അതു
ണ്ടു അവൾ നേരം വെളുക്കുംവരെ
ം ഒന്നും അവനെ അറിയിച്ചില്ല.
ാൽ രാവിലെ നാബാലിന്റെ വീഞ്ഞ്
ിയശേഷം അവന്റെ ഭാര്യ അവ
ു വിവരം അറിയിച്ചപ്പോൾ അവന്റെ
യം അവന്റെ ഉള്ളിൽ നിർജ്ജീവമായി.
ൻ ഭ്രമിച്ചുപോയി. പത്തുദിവസം
ത്തശേഷം ദൈവം നാബാലിനെ
ശിക്ഷിച്ചു. അവൻ മരിച്ചുപോയി. നാബാൽ 39
മരിച്ചു എന്നു ദാവീദു കേട്ടപ്പോൾ: എന്നെ
നിന്ദിച്ച നിന്ദയ്ക്കായിട്ടു നാബാലിനോടു
വ്യവഹരിക്കയും തന്റെ ദാസനെ തിന്മ
ചെയ്യാതവണ്ണം തടുക്കയും ചെയ്ത കർത്താവി
നു സ്തോത്രം. നാബാലിന്റെ ദുഷ്ടത
കർത്താവ് അവന്റെ തലയിൽ തന്നേ വരു
ത്തിയിരിക്കുന്നു എന്നു പറഞ്ഞു. പിന്നെ
ദാവീദ് അബീഗയിലിനെ തനിക്കു ഭാര്യ
യായി പരിഗ്രഹിക്കേണ്ടതിനു അവളോടു
സംസാരിപ്പാൻ ആളയച്ചു. ദാവീദിന്റെ 40
ഭൃത്യന്മാർ കർമ്മേലിൽ അബീഗയിലിന്റെ
അടുക്കൽ ചെന്നു അവളോടു: നീ ദാവീദി
ന്റെ ഭാര്യയായി തീരുവാൻ നിന്നെ കൊ
ണ്ടു ചെല്ലേണ്ടതിനു ഞങ്ങളെ നിന്റെ അ
ടുക്കൽ അയച്ചിരിക്കുന്നു എന്നു പറഞ്ഞു.
അവൾ എഴുന്നേററു നിലംവരെ തലകുനി 41
ച്ചു: ഇതാ, അടിയൻ യജമാനന്റെ ദാസ
ന്മാരുടെ കാലുകളെ കഴുകുന്ന ദാസി എന്നു
പറഞ്ഞു. ഉടനെ അബീഗയിൽ എഴുന്നേററു 42
തന്റെ പരിചാരികകളായ അഞ്ചു ബാല്യ
ക്കാരത്തികളുമായി കഴുതപ്പുറത്തു കയറി
ദാവീദിന്റെ ദൂതന്മാരോടു കൂടെ ചെന്നു
അവനു ഭാര്യയായിത്തീർന്നു. യെസ്രീലിൽ 43
നിന്നു ദാവീദ് അഹീനോവമിനെയും കൊ
ണ്ടുവന്നു; അവർ ഇരുവരും അവനു ഭാര്യ
മാരായിത്തീർന്നു. ശൌലോ തന്റെ മക 44
ളും ദാവീദിന്റെ ഭാര്യയുമായിരുന്ന മീഖ
ളിനെ (മിൽമീളിനെ) ഗല്ലീമ്യനായ ലയീശി
ന്റെ മകൻ ഫല്തിക്കു കൊടുത്തിരുന്നു.

അദ്ധ്യായം 26

സീഫ്യർ ഗിബെയയിൽ ശൌലിന്റെ 1
അടുക്കൽ വന്നു: ദാവീദ് മരുഭൂമിക്കു തെക്കു
ള്ള ഹഖീലാക്കുന്നിൽ ഒളിച്ചിരിക്കുന്നു
എന്നു അറിയിച്ചു. ശൌൽ ദാവീദിനെ തിര 2
യുവാൻ സീഫ് മരുഭൂമിയിലേക്കു ചെന്നു;
ഇസ്രായേലിൽ നിന്നു തിരഞ്ഞെടുത്തി
രുന്ന മൂവായിരം പേരും അവനോടു കൂടെ
ഉണ്ടായിരുന്നു. ശൌൽ മരുഭൂമിക്കു തെക്കു 3
ള്ള ഹഖീലാക്കുന്നിൽ പെരുവഴിക്കരികെ
പാളയമിറങ്ങി. ദാവീദോ മരുഭൂമിയിൽ
പാർത്തു, ശൌൽ തന്നെ അന്വേഷിച്ച്
മരുഭൂമിയിൽ വന്നിരിക്കുന്നു എന്നു ഗ്രഹി
ച്ചതുകൊണ്ടു ദാവീദ് ചാരന്മാരെ അയച്ചു 4
ശൌൽ ഇന്നേടത്തു വന്നിരിക്കുന്നു എന്നു
അറിഞ്ഞു. ദാവീദ് ശൌൽ പാളയം ഇറങ്ങി 5
യിരുന്ന സ്ഥലത്തു ചെന്നു; ശൌലും
അവന്റെ സേനാപതിയായ നേരിന്റെ
മകൻ അബ്നേരും കിടക്കുന്ന സ്ഥലം

ദാവീദ് കണ്ടു; ശൌൽ കാവൽക്കുഴിയിൽ
കിടന്നുറങ്ങി; സൈന്യം അവൻെറ ചുററും
6 പാളയമിറങ്ങിയിരുന്നു. ദാവീദ് ഹിത്യനായ
അഹീമേലെക്കിനോടും സെരൂയയുടെ
മകനും യോവാബിൻെറ സഹോദരനുമായ
അബീശായിയോടു: പാളയത്തിൽ ശൌലി
ൻെറ അടുക്കലേക്കു ആർ എന്നോടുകൂടെ
പോരും എന്നു ചോദിച്ചു. ഞാൻ നിന്നോടു
കൂടെ പോരും എന്നു അബീശായി പറഞ്ഞു.
7 ഇങ്ങനെ ദാവീദും അബീശായിയും രാത്രി
യിൽ സൈന്യത്തിൻെറ അടുക്കൽ ചെന്നു;
ശൌൽ കാവൽക്കുഴിക്കകത്തു കിടന്നുറ
ങ്ങുകയായിരുന്നു; അവൻെറ കുന്തം അവ
ൻെറ ഒരു വശത്തു നിലത്തു തറച്ചിരുന്നു;
അബ്നേരും സൈന്യവും അവനു ചുററും
8 കിടന്നിരുന്നു. അബീശായി ദാവീദിനോടു:
ദൈവം നിൻെറ ശത്രുവിനെ ഇന്നു നിൻെറ
കയ്യിൽ ഏല്പിച്ചിരിക്കുന്നു; ഞാൻ അവനെ
കുന്തംകൊണ്ടു നിലത്തോടു ചേർത്തു
കുത്തട്ടെ; രണ്ടാമതു കുത്തുകയില്ല എന്നു
9 പറഞ്ഞു. ദാവീദ് അബീശായിയോട്:
അവനെ നശിപ്പിക്കരുതു; കർത്താവിൻെറ
അഭിഷിക്തൻെറ മേൽ കൈവച്ചിട്ടു ആർ
ശിക്ഷ അനുഭവിക്കാതെ പോകും എന്നു പറ
10 ഞ്ഞു. കർത്താവാണ, കർത്താവ് അവനെ
സംഹരിക്കും; അല്ലെങ്കിൽ അവൻ യുദ്ധ
11 ത്തിൽ വച്ചു നശിക്കും; ഞാൻ കർത്താ
വിൻെറ അഭിഷിക്തൻെറ മേൽ കൈവെപ്പാൻ
കർത്താവു സംഗതി വരുത്തരുതേ; എങ്കിലും
അവൻെറ വശത്തുള്ള കുന്തവും ജലപാത്ര
വും എടുത്തുകൊൾക; നമുക്കു പോകാം
12 എന്നു ദാവീദ് പറഞ്ഞു. ഇങ്ങനെ ദാവീദ്
കുന്തവും ജലപാത്രവും ശൌലിൻെറ വശ
ത്തുനിന്നു എടുത്തുകൊണ്ടു പോകയും
ചെയ്തു; ആരും കണ്ടില്ല.ആരും അറിഞ്ഞില്ല,
ആരും ഉണർന്നതുമില്ല; അവർ എല്ലാവരും
ഉറങ്ങുകയായിരുന്നു; ദൈവത്താൽ ഗാഢ
13 നിദ്ര അവരുടെമേൽ വീണിരുന്നു.ദാവീദ്
അപ്പുറം കടന്നുചെന്നു ദൂരത്തു ഒരു മലമുക
ളിൽ നിന്നു; അവർക്കു മദ്ധ്യേ മതിയായ
14 അകലമുണ്ടായിരുന്നു. ദാവീദ് രാജാവി
നോടും നേരിൻെറ മകനായ അബ്നേരി
നോടും: അബ്നേരേ, നീ ഉത്തരം പറയുന്നി
ല്ലയോ എന്നു വിളിച്ചുപറഞ്ഞു; അതിനു
അബ്നേർ: രാജാവിനെ വിളിക്കുന്ന നീ
15 ആർ എന്നു അങ്ങോട്ടു ചോദിച്ചു. ദാവീദ്
അബ്നേരിനോടു പറഞ്ഞതു: നീ ഒരു പുരു
ഷൻ അല്ലയോ? ഇസ്രായേലിൽ നിനക്കു
തുല്യൻ ആരുള്ളു? അങ്ങനെയിരിക്കെ
നിൻെറ യജമാനനായ രാജാവിനെ നീ
കാത്തുകൊള്ളാതിരുന്നതു എന്തു? നിൻെറ
യജമാനനായ രാജാവിനെ നശിപ്പിപ്പാൻ
ജനത്തിൽ ഒരുത്തൻ ഇന്ന് അവിടെ വന്നിരു
ന്നുവല്ലോ. നീ ചെയ്ത കാര്യം നന്നായില്ല; 16
കർത്താവിൻെറ അഭിഷിക്തനായ നിങ്ങളുടെ
യജമാനനെ കാത്തുകൊള്ളാതിരിക്കയാൽ
കർത്താവാണ നിങ്ങൾ മരണയോഗ്യർ
ആകുന്നു. രാജാവിൻെറ കുന്തവും അദ്ദേഹ
ത്തിൻെറ തലയ്ക്കൽ ഇരുന്ന ജലപാത്ര
വും എവിടെ എന്നു നോക്കുക. അപ്പോൾ 17
ശൌൽ ദാവീദിൻെറ ശബ്ദം തിരിച്ചറിഞ്ഞു:
എൻെറ മകനേ, ദാവീദേ, ഇതു നിൻെറ
ശബ്ദമോ എന്നു ചോദിച്ചതിനു ദാവീദ്:
എൻെറ ശബ്ദം തന്നേ, യജമാനനായ രാജാ
വേ എന്നു പറഞ്ഞു. യജമാനൻ ഇങ്ങനെ 18
അടിയനെ തേടിനടക്കുന്നതു എന്തിനു?
അടിയൻ എന്തു ചെയ്തു? അടിയൻെറ പക്കൽ 19
എന്തു ദോഷം ഉള്ളു? ആകയാൽ യജമാ
നനായ രാജാവു അടിയൻെറ വാക്കു കേൾ
ക്കേണമേ; തിരുമേനിയെ അടിയനു വിരോ
ധമായി ഉദ്യോഗിപ്പിക്കുന്നതു കർത്താവാ
കുന്നു എങ്കിൽ താൻ ഒരു വഴിപാടു ഏററു
പ്രസാദിക്കുമാറാകട്ടെ; മനുഷ്യർ എങ്കിലോ
അവർ ദൈവത്തിൻെറ മുമ്പാകെ ശപിക്ക
പ്പെട്ടിരിക്കട്ടെ. നീ പോയി അന്യദൈവങ്ങളെ
സേവിക്ക എന്നു പറഞ്ഞു ദൈവത്തിൻെറ 20
അവകാശത്തിൽ എനിക്ക് പങ്കില്ലാതാകും
വണ്ണം അവർ എന്നെ ഇന്നു പുറത്തു തള്ളി
യിരിക്കുന്നു. എൻെറ രക്തം കർത്താവിൻെറ
മുമ്പാകെ നിലത്തു വീഴരുതെ; ഒരുവൻ
മലകളിൽ ഒരു കാട്ടുകോഴിയെ തേടുന്നതു
പോലെ ഇസ്രായേൽ രാജാവ് ഒരു ഒററ
ചെള്ളിനെ തിരഞ്ഞു പുറപ്പെട്ടിരിക്കുന്നു
എന്നും അവൻ പറഞ്ഞു. അതിനു ശൌൽ: 21
ഞാൻ പാപം ചെയ്തിരിക്കുന്നു; എൻെറ
മകനേ, ദാവീദേ, മടങ്ങിവരിക; എൻെറ
ജീവൻ ഇന്നു നിനക്കു വിലയേറിയതായി
തോന്നിയതുകൊണ്ടു ഞാൻ ഇനി നിനക്കു
ദോഷം ചെയ്കയില്ല; ഞാൻ ഭോഷത്വം
പ്രവർത്തിച്ചു അത്യന്തം തെററിപ്പോയിരി
ക്കുന്നു എന്നു പറഞ്ഞു. ദാവീദ് ഉത്തരം 22
പറഞ്ഞതു: രാജാവേ, കുന്തം ഇതാ; ഒരു ഭൃ
ത്യൻ വന്നു കൊണ്ടുപോകട്ടെ. കർത്താവു 23
ഓരോരുത്തനു അവനവൻെറ നീതിക്കും
വിശ്വസ്തതയ്ക്കും ഒത്തവണ്ണം പകരം നല്ക
ട്ടെ; കർത്താവു ഇന്നു അങ്ങയെ എൻെറ ക
യ്യിൽ ഏല്പിച്ചു; എങ്കിലും കർത്താവിൻെറ
അഭിഷിക്തൻെറ മേൽ കൈവെപ്പാൻ എനി
ക്കു മനസ്സായില്ല. എന്നാൽ അങ്ങയുടെ 24
ജീവൻ ഇന്നു എനിക്കു വിലയേറിയതായി

പോലെ എൻെറ ജീവൻ കർത്താ
വിലയേറിയതായിരിക്കട്ടെ; അവൻ
സകല കഷ്ടതയിൽനിന്നും രക്ഷി
കട്ടെ. അപ്പോൾ ശൌൽ ദാവീദി
എൻെറ മകനേ, ദാവീദേ, നീ അനുഗ്ര
പ്പെട്ടവൻ; നീ കൃതാർത്ഥനാകും; നീ
പാപിക്കും എന്നു പറഞ്ഞു. പിന്നെ
തൻെറ വഴിക്കുപോയി; ശൌലും
സ്ഥലത്തേക്കു മടങ്ങിപ്പോയി.

അദ്ധ്യായം 27

നന്തരം ദാവീദ്: ഞാൻ ഒരു ദിവസം
ൻെറ കയ്യാൽ നശിക്കും; ഫെലിസ്ത്യ
ദേശത്തേക്കു ഓടിപ്പോകയല്ലാതെ
ു വേറെ മാർഗ്ഗമില്ല; ശൌൽ
ൾ ഇസ്രായേൽ ദേശത്തെല്ലാം
അന്വേഷിക്കുന്നതു മതിയാക്കും;
അവൻെറ കയ്യിൽനിന്ന് ഒഴിഞ്ഞു
എന്നു നിശ്ചയിച്ചു. അങ്ങനെ
പുറപ്പെട്ടു; താനും കൂടെയുള്ള അറു
ഷരും ഗത്ത് രാജാവായ മാവോ
മകൻ ആഖീശിൻെറ അടുക്കൽ
യെസ്രീൽകാരിയായ അഹീ
നാബാലിൻെറ ഭാര്യയായിരുന്ന
റയിൽ എന്ന രണ്ടു ഭാര്യമാരുമായി
കുടുംബസഹിതം അവൻെറ എല്ലാ
ളും ഗത്തിൽ ആഖീശിൻെറ അടു
ാർത്തു. ദാവീദ് ഗത്തിലേക്കു ഓടി
എന്നു ശൌലിനു അറിവുകിട്ടി;
പിന്നെ അവനെ അന്വേഷിച്ചില്ല.
വീദ് ആഖീശിനോടു: അങ്ങേക്കു
ടു കൃപയുണ്ടെങ്കിൽ നാട്ടുംപുറ
ു ഗ്രാമത്തിൽ എനിക്കു ഒരു സ്ഥലം
ു തരുവിക്കണം; അവിടെ ഞാൻ
ുകൊള്ളാം. രാജനഗരത്തിൻെറ
ൽ അടിയൻ പാർക്കുന്നില്ല എന്നു
ു. ആഖീശ് അന്നുതന്നേ അവനു
് കല്പിച്ചുകൊടുത്തു; അതുകൊ
ിക്ലാഗ് ഇന്നുവരെയും യെഹൂദാ
ന്മാർക്കുള്ളതായിരിക്കുന്നു.
വീദ് ഫെലിസ്ത്യദേശത്തു കഴിഞ്ഞ
രു ആണ്ടും നാലുമാസവും ആയി
ാവീദും അവൻെറ ആളുകളും ഗെശൂ
ും ഗെസ്രിയരെയും അമാലേക്യ
ചെന്നു ആക്രമിച്ചു. ഇവർ ശൂർവരെ
സ്രേൻദേശം വരെയുമുള്ള നാട്ടിലെ
നിവാസികളായിരുന്നു. എന്നാൽ
ആ ദേശത്തെ ആക്രമിച്ചു; പുരുഷ
ും സ്ത്രീകളെയും ജീവനോടെ വച്ചി
ുമാടുകൾ, കഴുതകൾ, ഒട്ടകങ്ങൾ,
വസ്ത്രങ്ങൾ എന്നിവയൊക്കെയും അപഹ
രിച്ചുകൊണ്ടു അവൻ ആഖീശിൻെറ അടു
ക്കൽ മടങ്ങിവന്നു. നിങ്ങൾ ഇന്നു എവിടെ 10
യായിരുന്നു പോയത് എന്നു ആഖീശ്
ചോദിച്ചതിനു: യെഹൂദയ്ക്കു തെക്കും യെര
ഹ്മേല്യർക്കു തെക്കും കേന്യർക്കു തെക്കും
എന്നു ദാവീദ് പറഞ്ഞു. ദാവീദ് ഇങ്ങനെ 11
യെല്ലാം ചെയ്തു, അവൻ ഫെലിസ്ത്യരുടെ
ദേശത്തു പാർത്ത കാലമെല്ലാം അവൻെറ
പതിവു ഇതായിരുന്നു എന്നു അവർ നമ്മെ
ക്കുറിച്ചു പറയരുതു എന്നുവിചാരിച്ച്
ഗത്തിൽ വിവരമറിയിപ്പാൻ തക്കവണ്ണം
ദാവീദ് പുരുഷനെയാകട്ടെ സ്ത്രീയെയാ
കട്ടെ ജീവനോടെ വിട്ടില്ല. ദാവീദിനെ 12
സ്വജനമായ ഇസ്രായേൽ ഉപേക്ഷിച്ചതു
കൊണ്ടു അവൻ എന്നും എൻെറ ദാസനായി
രിക്കും എന്നു പറഞ്ഞു ആഖീശ് അവനിൽ
വിശ്വാസം സമർപ്പിച്ചു.

അദ്ധ്യായം 28

ആ കാലത്തു ഫെലിസ്ത്യർ ഇസ്രായേ 1
ലിനോടു യുദ്ധം ചെയ്യുവാൻ തങ്ങളുടെ
സേനകളെ ഒന്നിച്ചുകൂട്ടി; അപ്പോൾ
ആഖീശ് ദാവീദിനോടു: നീയും നിൻെറ
ആളുകളും എന്നോടുകൂടെ യുദ്ധത്തിനു
പോരണം എന്നു അറിഞ്ഞുകൊൾക എന്നു
പറഞ്ഞു. അപ്പോൾ ദാവീദ് ആഖീശിനോടു: 2
അടിയൻ എന്തു ചെയ്യും എന്നു അങ്ങ്
കണ്ടറിയും എന്നു പറഞ്ഞു. ആഖീശ്
ദാവീദിനോടു: അതുകൊണ്ടു ഞാൻ നിന്നെ
എപ്പോഴും എൻെറ പ്രധാന കാവൽക്കാര
നാക്കും എന്നു പറഞ്ഞു.

ശമൂവേൽ മരിച്ചുപോയിരുന്നു. ഇസ്രാ 3
യേലെല്ലാം അവനെക്കുറിച്ചു വിലപിച്ചു.
അവൻെറ സ്വന്തപട്ടണമായ റാമയിൽ
അവനെ അടക്കംചെയ്തിരുന്നു. ശൌലോ
വെളിച്ചപ്പാടന്മാരെയും മന്ത്രവാദികളെയും
ദേശത്തുനിന്നു നീക്കിക്കളഞ്ഞിരുന്നു. ഫെ 4
ലിസ്ത്യർ ഒന്നിച്ചുകൂടി ശേഖേമിൽ പാളയം
ഇറങ്ങി; ശൌലും എല്ലാ ഇസ്രായേലിനേ
യും ഒന്നിച്ചുകൂട്ടി ഗിൽബോവയിൽ പാളയം
ഇറങ്ങി. ശൌൽ ഫെലിസ്ത്യരുടെ സൈന്യ 5
ത്തെ കണ്ടു ഭയപ്പെട്ടു അവൻെറ ഹൃദയം
നടുങ്ങി. ശൌൽ കർത്താവിനോടു ചോദിച്ച 6
പ്പോൾ കർത്താവു അവനോടു സ്വപ്നംകൊ
ണ്ടോ അഗ്നികൊണ്ടോ വെള്ളംകൊണ്ടോ
ഉത്തരം അരുളിയില്ല. അപ്പോൾ ശൌൽ 7
തൻെറ ഭൃത്യന്മാരോടു: എനിക്കു ഒരു വെളി
ച്ചപ്പാടത്തിയെ അന്വേഷിപ്പിൻ; ഞാൻ
അവളുടെ അടുക്കൽ ചെന്നു ചോദിക്കും

എന്നു പറഞ്ഞു. അവൻെറ ഭൃത്യന്മാർ
അവനോടു: ഏൻദോരിൽ ഒരു വെളിച്ചപ്പാ
8 ടത്തി ഉണ്ട് എന്നു പറഞ്ഞു. ശൌൽ വേഷം
മാറി വേറെ വസ്ത്രം ധരിച്ചു രണ്ടാളെയും കൂട്ടി
പോയി രാത്രിയിൽ ആ സ്ത്രീയുടെ അടുക്കൽ
എത്തി: വെളിച്ചപ്പാടാത്മാവുകൊണ്ടു നീ
എനിക്കായി പ്രശ്നം നോക്കുകയും ഞാൻ
പറയുന്നവനെ വരുത്തിത്തരുകയും ചെയ്യ
9 ണം എന്നു പറഞ്ഞു. സ്ത്രീ അവനോടു:
ശൌൽ വെളിച്ചപ്പാടന്മാരെയും മന്ത്രവാദി
കളെയും ദേശത്തുനിന്നു ഛേദിച്ചുകളഞ്ഞ
തു നീ അറിഞ്ഞല്ലോ, എന്നെ വധിപ്പാൻ നീ
എൻെറ ജീവനു കെണിവയ്ക്കുന്നതു
10 എന്തിനു എന്നു പറഞ്ഞു. കർത്താവാണ
ഈ കാര്യംകൊണ്ടു നിനക്കു ഒരു ദോഷ
വും ഭവിക്കയില്ല എന്നു ശൌൽ കർത്താവി
ൻെറ നാമത്തിൽ അവളോടു സത്യം ചെയ്തു
11 പറഞ്ഞു. താൻ ആരെ വരുത്തിത്തരേണ്ടു
12 എന്നു സ്ത്രീ ചോദിച്ചതിനു: ശമൂവേലിനെ
വരുത്തിത്തരണം എന്നു അവൻ പറഞ്ഞു;
സ്ത്രീ ശമൂവേലിനെ കണ്ടപ്പോൾ ഉച്ചത്തിൽ
നിലവിളിച്ചു, ശൌലിനോടു: അങ്ങ് എന്നെ
ചതിച്ചതു എന്ത്? അങ്ങ് ശൌൽ ആകുന്നു
13 വല്ലോ എന്നു പറഞ്ഞു. രാജാവു അവളോടു:
ഭയപ്പെടേണ്ട; നീ കാണുന്നതു എന്തു എന്നു
ചോദിച്ചതിനു: ദേവന്മാർ ഭൂമിയിൽനിന്നു
കയറിവരുന്നതു ഞാൻ കാണുന്നു എന്നു
14 സ്ത്രീ ശൌലിനോടു പറഞ്ഞു. അവൻ അവ
ളോടു: അവൻെറ രൂപം എന്തു എന്നു ചോദി
ച്ചതിനു അവൾ: ഒരു വൃദ്ധൻ കയറിവരുന്നു;
അവൻ ഒരു അങ്കിയും ധരിച്ചിരിക്കുന്നു
എന്നു പറഞ്ഞു; അതു ശമൂവേൽ എന്നറി
15 ഞ്ഞു ശൌൽ സാഷ്ടാംഗം വീണു നമസ്ക
രിച്ചു. ശമൂവേൽ ശൌലിനോടു: നീ എന്നെ
വിളിച്ചതിനാൽ എൻെറ സ്വസ്ഥതയ്ക്കു
ഭംഗം വരുത്തിയതു എന്തു എന്നു ചോദിച്ചു.
അതിനു ശൌൽ: ഞാൻ മഹാകഷ്ട
ത്തിലായിരിക്കുന്നു; ഫെലിസ്ത്യർ എന്നോടു
യുദ്ധം ചെയ്യുന്നു; ദൈവം എന്നെ വിട്ടുമാ
റിയിരിക്കുന്നു; പ്രവാചകന്മാരെക്കൊണ്ടാ
കട്ടെ, സ്വപ്നം കൊണ്ടാകട്ടെ എന്നോടു
ഉത്തരമരുളുന്നില്ല; അതുകൊണ്ടു ഞാൻ
എന്തു ചെയ്യേണമെന്നു എനിക്കു പറഞ്ഞു
തരേണ്ടതിനു ഞാൻ നിന്നെ വിളിപ്പിച്ചു
16 എന്നു ഉത്തരം പറഞ്ഞു. അതിനു ശമൂവേൽ
പറഞ്ഞതു: ദൈവം നിന്നെ വിട്ടുമാറി നിൻെറ
കൂട്ടുകാരനോടുകൂടെ ആയിത്തീർന്നിരി
ക്കെ, നീ എന്തിനു എന്നോടു ചോദിക്കുന്നു?
17 കർത്താവു എന്നെക്കൊണ്ടു പറയിച്ചതു
പോലെ അവൻ നിന്നോടു ചെയ്തിരിക്കുന്നു;
രാജത്വം കർത്താവു നിൻെറ കയ്യിൽ നിന്നു
പറിച്ചെടുത്തു നിൻെറ കൂട്ടുകാരനായ
ദാവീദിനു കൊടുത്തിരിക്കുന്നു. നീ കർത്താ 18
വിൻെറ കല്പന കേട്ടില്ല; അമാലേക്കിൻെറ
മേൽ അവൻെറ ഉഗ്രകോപം നടത്തിയതു
മില്ല; അതുകൊണ്ടു കർത്താവ് ഈ കാര്യം
ഇന്നു നിന്നോടു ചെയ്തിരിക്കുന്നു. കർത്താവ് 19
നിന്നെയും ഇസ്രായേലിനേയും ഫെലിസ്ത്യ
രുടെ കയ്യിൽ ഏല്പിക്കും; നാളെ നീയും
നിൻെറ പുത്രന്മാരും എന്നോടുകൂടെ
ആകും; ഇസ്രായേൽ പാളയത്തെ കർത്താവ്
ഫെലിസ്ത്യരുടെ കയ്യിൽ ഏല്പിക്കും. പെട്ടെ 20
ന്നു ശൌൽ നെടുനീളത്തിൽ നിലത്തു
വീണു ശമൂവേലിൻെറ വാക്കുകൾ നിമിത്തം
ഏററവും ഭയപ്പെട്ടു; അവനിൽ ഒട്ടും ബല
മില്ലാതെയായി; അന്നു രാവും പകലും മുഴു
വൻ അവൻ ഒന്നും ഭക്ഷിച്ചിട്ടില്ലായിരുന്നു.
അപ്പോൾ ആ സ്ത്രീ ശൌലിൻെറ അടുക്കൽ 21
വന്നു, അവൻ ഏററവും പരിഭ്രമിച്ചിരിക്കു
ന്നതു കണ്ടു അവനോടു: അടിയൻ നിൻെറ
വാക്കു കേട്ടു, ജീവനെ ഉപേക്ഷിച്ചുംകൊ
ണ്ടു, നീ എന്നോടു പറഞ്ഞ വാക്കു അനു
സരിച്ചിരിക്കുന്നുവല്ലോ. ആകയാൽ അടി
യൻെറ വാക്കു അങ്ങ് കേൾക്കേണമേ.
ഞാൻ ഒരു കഷണം അപ്പം അങ്ങയുടെ 22
മുമ്പിൽ കൊണ്ടുവരട്ടെ; അങ്ങു ഭക്ഷിക്ക
ണം; എന്നാൽ അങ്ങയുടെ വഴിക്കു പോകു
വാൻ അങ്ങേക്കു ബലം ഉണ്ടാകും എന്നു
പറഞ്ഞു. അതിനു അവൻ: വേണ്ടാ, ഞാൻ
തിന്നുകയില്ല എന്നു പറഞ്ഞു; എങ്കിലും 23
അവൻെറ ഭൃത്യന്മാരും ആ സ്ത്രീയും അവനെ
നിർബ്ബന്ധിച്ചു; അവൻ അവരുടെ വാക്കു
കേട്ടു നിലത്തുനിന്നും എഴുന്നേററു മെത്ത
മേൽ ഇരുന്നു. സ്ത്രീയുടെ വീട്ടിൽ ഒരു തടിച്ച 24
പശുക്കിടാവു ഉണ്ടായിരുന്നു; അവൾ ക്ഷണ
ത്തിൽ അതിനെ അറുത്തു മാവും എടുത്തു
കുഴച്ചു പുളിപ്പില്ലാത്ത അപ്പം ചുട്ടു. അവൾ 25
അതു ശൌലിൻെറയും ഭൃത്യന്മാരുടെയും
മുമ്പിൽ വിളമ്പി, അവർ തിന്നു എഴുന്നേററു
രാത്രിയിൽതന്നെ പോയി.

അദ്ധ്യായം 29

ഫെലിസ്ത്യർ തങ്ങളുടെ സേനകളെ 1
യെല്ലാം അഫേക്കിൽ ഒന്നിച്ചുകൂട്ടി; ഇസ്രാ
യേല്യരും യെസ്രീലിൽ ഉള്ള ഉറവിന്നരികെ
പാളയം ഇറങ്ങി. അപ്പോൾ ഫെലിസ്ത്യപ്രഭു 2
ക്കന്മാർ നൂറുനൂറായും ആയിരം ആയിരമാ
യും കടന്നു; എന്നാൽ ദാവീദും അവൻെറ
ആളുകളും പിൻപടയിൽ ആഖീശിനോടു
കൂടെ കടന്നു. ഫെലിസ്ത്യപ്രഭുക്കന്മാർ: ഇവർ 3

ു കടക്കുന്നു എന്നു ചോദിച്ചപ്പോൾ
ൻ ഫെലിസ്ത്യപ്രഭുക്കന്മാരോട്: ഇവൻ
യേൽ രാജാവായ ശൌലിന്റെ
ായിരുന്ന ദാവീദല്ലയോ? ഒരാണ്ടും
മാസവുമായി അവൻ എന്നോടു
ാർക്കുന്നു. അവൻ എന്നെ ആശ്രയി
ുതൽ ഇന്നുവരെ ഞാൻ അവനിൽ
ുറ്റവും കണ്ടിട്ടില്ല എന്നു പറഞ്ഞു.
ൽ ഫെലിസ്ത്യപ്രഭുക്കന്മാർ അവ
കോപിച്ചു: അങ്ങ് അവനു കല്പിച്ചു
ത്ത സ്ഥലത്തേക്കു പൊയ്ക്കൊൾ
അവനെ മടക്കി അയയ്ക്ക; അവൻ
ടുകൂടെ യുദ്ധത്തിനു പോരരുതു;
ത്തിൽ അവൻ നമുക്കു ദ്രോഹിയായി
നക്കാം; ഞങ്ങളുടെ തലകളെക്കൊ
ത മറെറന്തുകൊണ്ട് അവൻ തന്റെ
നനെ പ്രസാദിപ്പിക്കും?
ൌൽ ആയിരത്തെ കൊന്നു
വീദോ പതിനായിരത്തെ
ചൊല്ലി അവർ നൃത്തത്തിൽ ഗാന
ാനം പാടിയ ദാവീദ് ഇവനല്ലയോ
ഫെലിസ്ത്യപ്രഭുക്കന്മാർ അവനോടു
ു. അപ്പോൾ ആഖീശ് ദാവീദിനെ
അവനോടു: കർത്താവാണ, നീ
ാനും പാളയത്തിൽ എന്നോടുകൂടെ
നിന്റെ ഗമനാഗമനങ്ങൾ എനിക്കു
പ്പട്ടതും ആകുന്നു. നീ എന്റെ അടു
വന്ന നാൾ മുതൽ ഇന്നുവരെയും
നിന്നിൽ ഒരു ദോഷവും കണ്ടിട്ടില്ല;
ൽ പ്രഭുക്കന്മാർക്കു നിന്നെ ഇഷ്ടമല്ല.
ാൽ നീ ചെയ്യുന്നതു ഫെലിസ്ത്യപ്രഭു
ക്ക് അനിഷ്ടമായി തോന്നാതിരി
തിനു സമാധാനത്തോടെ മടങ്ങി
ക്കൊൾക എന്നു പറഞ്ഞു. ദാവീദ്
ശിനോടു: ഞാൻ എന്തു ചെയ്തു?
യജമാനനായ രാജാവിന്റെ ശത്രു
ടെ നേരെ ഞാൻ ചെന്നു പൊരുതു
വണ്ണം അങ്ങയോടുകൂടെ ഇരുന്ന
ുതൽ ഇന്നുവരെ അങ്ങ് അടിയനിൽ
കണ്ടിരിക്കുന്നു എന്നു ചോദിച്ചു.
ശ് ദാവീദിനോടു: എനിക്കറിയാം;
ു നിന്നെ ഒരു ദൈവദൂതനെപ്പോലെ
ിച്ചിരിക്കുന്നു; എന്നാൽ ഫെലിസ്ത്യ
ന്മാർ; അവൻ ഞങ്ങളോടുകൂടെ
ത്തിനു പോരരുതു എന്നു പറഞ്ഞിരി
. ആകയാൽ നിന്നോടുകൂടെ വന്നി
ന നിന്റെ യജമാനന്റെ ഭൃത്യന്മാർ
ു വെളിച്ചം കാണിച്ചുതരും, നന്നാ
ല എഴുന്നേററുകൊൾക; ഉടനെ
ക്കൊൾവിൻ എന്നു ഉത്തരം പറഞ്ഞു.

ഇങ്ങനെ ദാവീദും അവന്റെ ആളുകളും 11
ഫെലിസ്ത്യദേശത്തേക്കു മടങ്ങിപ്പോകുവാൻ
രാവിലെ എഴുന്നേററു; ഫെലിസ്ത്യരോ
യെസ്രീലിലേക്കു പോയി.

അദ്ധ്യായം 30

ദാവീദും അവന്റെ ആളുകളും മൂന്നാം 1
ദിവസം സിക്ലാഗിൽ എത്തിയപ്പോൾ അമാ
ലേക്യർ തെക്കെദേശവും സിക്ലാഗും ആക്ര
മിച്ചു സിക്ലാഗിനെ ജയിച്ചു അതിനെ തീവച്ചു
ചുട്ടുകളഞ്ഞിരുന്നു. അവിടെയുള്ള വലിയ 2
വരും ചെറിയവരുമായവരെ അടിമകളായി
പിടിച്ചുകൊണ്ടു തങ്ങളുടെ വഴിക്കുപോയി,
പുരുഷന്മാരെ കൊന്നു. ദാവീദും അവന്റെ 3
ആളുകളും പട്ടണത്തിലേക്കു വന്നപ്പോൾ
അതു തീവച്ചു ചുട്ടിരിക്കുന്നതും ഭാര്യ
മാരേയും പുത്രീപുത്രന്മാരേയും അടിമ
കളായി കൊണ്ടുപോയിരിക്കുന്നതും കണ്ടു.
അപ്പോൾ ദാവീദും കൂടെയുള്ള ജനവും 4
കരയുവാൻ ബലമില്ലാതാകുവോളം ഉറക്കെ
കരഞ്ഞു. യെസ്രീൽകാരി അഹീനോവം, 5
കർമ്മേൽക്കാരൻ നാബാലിന്റെ ഭാര്യയാ
യിരുന്ന അബീഗയിൽ എന്നീ ദാവീദിന്റെ
രണ്ടു ഭാര്യമാരെയും അവർ പിടിച്ചു കൊണ്ടു
പോയിരുന്നു. ദാവീദ് വലിയ കഷ്ടത്തിലാ 6
യി; ജനത്തിൽ ഓരോരുത്തന്റെ ഹൃദയം
താന്താന്റെ പുത്രന്മാരെയും പുത്രിമാരെ
യും കുറിച്ചു വ്യസനിച്ചിരിക്കകൊണ്ടു
അവനെ കല്ലെറിയേണമെന്നു ജനം പറ
ഞ്ഞു; ദാവീദോ തന്റെ ദൈവമായ കർത്താ
വിൽ ധൈര്യപ്പെട്ടു.
ദാവീദ് അഹീമേലെക്കിന്റെ മകനായ 7
അബ്യാഥാർ പുരോഹിതനോടു: ഏഫോദ്
ഇവിടെ കൊണ്ടുവരിക എന്നു പറഞ്ഞു.
അബ്യാഥാർ ഏഫോദ് ദാവീദിന്റെ അടു
ക്കൽ കൊണ്ടുവന്നു. ദാവീദ് ദൈവത്തോട്: 8
ഞാൻ ഈ കൊള്ളസംഘത്തെ പിന്തുട
രേണമോ? അവരെ ജയിക്കുമോ എന്നു
ചോദിച്ചു. പിന്തുടരുക; നീ അവരെ നിശ്ച
യമായും ജയിക്കും; സകലവും വീണ്ടെ
ടുക്കും എന്നു അരുളപ്പാടു ഉണ്ടായി.
അങ്ങനെ ദാവീദും കൂടെയുള്ള അറുനൂറു 9
പേരും പുറപ്പെട്ടു ബെസോർ തോട്ടിങ്കൽ
എത്തി; ശേഷമുള്ളവർ അവിടെ താമസിച്ചു.
ബെസോർതോടു കടക്കുവാൻ സാധിക്കാ 10
തെ ക്ഷീണിച്ചുപോയ ഇരുനൂറുപേർ പുറ
കിൽ താമസിച്ചതുകൊണ്ടു ദാവീദും
നാനൂറുപേരും പിന്തുടർന്നു ചെന്നു. അവർ 11
വയലിൽ വെച്ചു ഒരു മിസ്രയീമ്യനെ കണ്ടു
ദാവീദിന്റെ അടുക്കൽ കൊണ്ടുചെന്നു;

അവന് കുടിപ്പാൻ വെള്ളം കൊടുത്തു.
12 അവർ അവനു ഒരു കഷണം അത്തിയട
യും രണ്ടു ഉണക്ക മുന്തിരിക്കുലയും
കൊടുത്തു; അതു തിന്നപ്പോൾ അവനു
ക്ഷീണം മാറി; മൂന്നു രാവും മൂന്നു പകലും
അവൻ ആഹാരം കഴിക്കയോ വെള്ളം
13 കുടിക്കയോ ചെയ്തിട്ടില്ലായിരുന്നു. ദാവീദ്
അവനോടു: നീ എവിടുത്തുകാരൻ എന്നു
ചോദിച്ചതിനു അവൻ: ഞാൻ ഒരു മിസ്രയീ
മ്യൻ; ഒരു അമാലേക്യന്റെ ഭൃത്യൻ. മൂന്നു
ദിവസം മുമ്പെ എനിക്കു രോഗം ബാധിച്ചതു
കൊണ്ട് എന്റെ യജമാനൻ എന്നെ ഉപേ
14 ക്ഷിച്ചു. ഞങ്ങൾ ക്രേത്യരുടെ തെക്കെ നാടും
യെഹൂദ്യദേശവും കാലേബിന്റെ തെക്കെ
ദിക്കും ആക്രമിച്ചു; സിക്ലാഗ് ഞങ്ങൾ തീ
15 വച്ചു ചുട്ടുകളഞ്ഞു. ദാവീദ് അവനോടു:
കൊള്ളക്കാരുടെ അടുക്കലേക്കു നീ വഴി
കാണിച്ചുതരുമോ എന്നു ചോദിച്ചതിനു
അവൻ: അങ്ങ് എന്നെ കൊല്ലുകയോ
എന്റെ യജമാനന്റെ കയ്യിൽ ഏല്പി
ക്കയോ ചെയ്കയില്ലെന്നു ദൈവനാമത്തിൽ
എന്നോടു സത്യം ചെയ്താൽ അവരുടെ അടു
ക്കലേക്കുള്ള വഴി കാണിച്ചുതരാം എന്നു
16 പറഞ്ഞു. അങ്ങനെ അവൻ അവനെ കൂട്ടി
ക്കൊണ്ടു ചെന്നപ്പോൾ അവർ ദേശമെങ്ങും
വ്യാപിച്ച് തിന്നുകയും കുടിക്കയും ഫെലിസ്ത്യ
ദേശത്തുനിന്നും യെഹൂദദേശത്തുനിന്നും
അപഹരിച്ചുകൊണ്ടുവന്ന വലിയ കൊള്ള
നിമിത്തം ജയഘോഷം നടത്തുകയും ചെ
17 യ്യുന്നതു കണ്ടു. ദാവീദ് അവരെ പ്രഭാതം
മുതൽ വൈകുന്നേരം വരെ സംഹരിച്ചു;
ഒട്ടകപ്പുറത്തുകയറി ഓടിച്ചുപോയ നാനൂറു
യുവാക്കൾ അല്ലാതെ അവരിൽ ഒരുത്തനും
18 രക്ഷപെട്ടില്ല. അമാലേക്യർ അപഹരിച്ചു
കൊണ്ടുപോയിരുന്നതെല്ലാം തന്റെ രണ്ടു
ഭാര്യമാരെയും ദാവീദ് വീണ്ടുകൊണ്ടു.
19 അവർ അപഹരിച്ചുകൊണ്ടുപോയതിൽ
ചെറുതോ വലുതോ പുത്രന്മാരോ പുത്രി
മാരോ കൊള്ളയോ യാതൊന്നും കിട്ടാതി
രുന്നില്ല; ദാവീദ് എല്ലാം മടക്കി കൊണ്ടു
20 പോന്നു. ദാവീദ് ആടുമാടുകളെയെല്ലാം
പിടിച്ചു; അവയെ അവർ തങ്ങളുടെ
നാല്ക്കാലികൾക്കു മുമ്പായി തെളിച്ചു നട
ത്തി: ഇതു ദാവീദ് വീണ്ടെടുത്തവ എന്നു
21 പറഞ്ഞു. ദാവീദിനോടു കൂടെ പോകുവാൻ
കഴിയാതവണ്ണം ക്ഷീണിച്ച് ബെസോർ തോട്ടി
ങ്കൽ താമസിപ്പിച്ചിരുന്ന ഇരുനൂറു പേരുടെ
അടുക്കൽ ദാവീദ് എത്തിയപ്പോൾ അവർ
ദാവീദിനെയും കൂടെയുള്ള ജനത്തെയും
എതിരേററുചെന്നു; ദാവീദ് ജനത്തിന്റെ
സമീപത്തുവന്നു അവരോടു കുശലം ചോദി
ച്ചു. എന്നാൽ ദാവീദിനോടു കൂടെ പോയി 22
രുന്നവരിൽ ദുഷ്ടരും ബെലായാലിന്റെ
മക്കളുമായ ചിലർ: ഇവർ നമ്മോടുകൂടെ
പോരാഞ്ഞതിനാൽ നാം ഉദ്ധരിച്ചുകൊണ്ടു
വന്ന കൊള്ളയിൽ ഓരോരുത്തന്റെ ഭാര്യ
യെയും മക്കളെയും അല്ലാതെ അവർക്കു
ഒന്നും കൊടുക്കരുതു, അവരെ അവർ കൂട്ടി
ക്കൊ ണ്ടുപൊയ്ക്കൊള്ളട്ടെ എന്നു പറ
ഞ്ഞു. അപ്പോൾ ദാവീദ്: എന്റെ സഹോദര 23
ന്മാരെ, നമ്മെ രക്ഷിക്കയും നമ്മുടെ നേരെ
വന്നിരുന്ന കൊള്ളക്കാരെ നമ്മുടെ കയ്യിൽ
ഏല്പിക്കയും ചെയ്ത കർത്താവു നമുക്ക്
തന്നിട്ടുള്ളതിനെക്കൊണ്ടു നിങ്ങൾ ഇങ്ങനെ
ചെയ്യരുതു. ഈ കാര്യത്തിൽ നിങ്ങളുടെ 24
വാക്ക് ആർ സമ്മതിക്കും? യുദ്ധത്തിനു
പോകുന്നവന്റെ ഓഹരിയും സാമാനങ്ങൾ
ക്കരികെ കാവലിരിക്കുന്നവന്റെ ഓഹരി
യും ഒരുപോലെ ആയിരിക്കണം; അവർ സമ
മായി ഭാഗിച്ചെടുക്കണം എന്നു പറഞ്ഞു. 25
അന്നു മുതൽ കാര്യം അങ്ങനെ തന്നെ നട
പ്പായി; അവൻ അതു ഇസ്രായേലിനു ഇന്നു
വരെയുള്ള ചട്ടവും നിയമവും ആക്കി.
ദാവീദ് സിക്ലാഗിൽ വന്നശേഷം യെ 26
ഹൂദാമൂപ്പന്മാരായ തന്റെ സ്നേഹിതർക്കു
കൊള്ളയിൽ ഒരുഭാഗം കൊടുത്തയച്ചു:
ഇതാ, യഹോവയുടെ ശത്രുക്കളെ കൊള്ള
യിട്ടതിൽനിന്നു നിങ്ങൾക്കു ഒരു സമ്മാനം
എന്നു പറഞ്ഞു. ബേഥേലിൽ ഉള്ളവർക്കും 27
തെക്കെ റാമോത്തിലുള്ളവർക്കും യത്ഥീ
രിൽ ഉള്ളവർക്കും അരോവേരിൽ ഉള്ളവർ
ക്കും സിഫ്മോത്തിലുള്ളവർക്കും എസ്തെ 28
മോവയിലുള്ളവർക്കും രാഖാലിലുള്ളവർ 29
ക്കും യെരഹ്മേല്യരുടെ പട്ടണങ്ങളിലുള്ള
വർക്കും കേന്യരുടെ പട്ടണങ്ങളിലുള്ള 30
വർക്കുംഹൊർമ്മയിലുള്ളവർക്കും കോർ
ആശാനിൽ ഉള്ളവർക്കും അഥാക്കിലുള്ള
വർക്കും ഹെബ്രോനിലുള്ളവർക്കും ദാവീ
ദും അവന്റെ ആളുകളും സഞ്ചരിച്ചുവന്ന
സകല സ്ഥലങ്ങളിലേക്കും കൊടുത്തയച്ചു.

അദ്ധ്യായം 31

ഫെലിസ്ത്യർ ഇസ്രായേലിനോടു യുദ്ധം 1
ചെയ്തു; ഇസ്രായേല്യർ ഫെലിസ്ത്യരുടെ
മുമ്പിൽനിന്ന് ഓടി ഗിൽബോവ പർവ്വത
ത്തിൽ ഹതന്മാരായി വീണു. ഫെലിസ്ത്യർ 2
ശൌലിനെയും അവന്റെ പുത്രന്മാരെയും
പിന്തുടർന്നു; ഫെലിസ്ത്യർ ശൌലിന്റെ
പുത്രന്മാരായ യോനാഥാൻ, അബീനാ
ദാബ്, മെല്ക്കീശൂവ എന്നിവരെ കൊന്നു.

ശൗലിൻെറ നേരെ ഏററവും മുറുകി;
കൾ അവനിൽ ദൃഷ്ടിവച്ചു, വില്ലാ
ൽ അവൻ ഏറ്റവും വിഷമത്തിലായി.
തൻെറ ആയുധവാഹക നോട്: ഈ
ർമ്മികൾ വന്നു എന്നെ കുത്തി
കയും അപമാനിക്കയും ചെയ്യാ
ണ്ടതിനു നിൻെറ വാൾ ഊരി
കുത്തുക എന്നു പറഞ്ഞു. ആയുധ
ൻ ഏററവും ഭയപ്പെട്ടതുകൊണ്ടു
മനസ്സു വന്നില്ല; അതുകൊണ്ടു
വാൾ പിടിച്ചു അതിന്മേൽ വീണു.
മരിച്ചു എന്നു അവൻെറ ആയുധ
ൻ കണ്ടപ്പോൾ താനും അങ്ങനെ
തൻെറ വാളിന്മേൽ വീണു അവ
ൂടെ മരിച്ചു. ഇങ്ങനെ ശൌലും അവ
ന്നു പുത്രന്മാരും അവൻെറ ആയുധ
നും അവൻെറ ആളുകൾ മുഴുവനും
ന്നിച്ചു മരിച്ചു. ഇസ്രായേല്യർ ഓടി
ശൌലും പുത്രന്മാരും മരിച്ചു എന്നു
യുടെ അപ്പുറത്തും യോർദ്ദാന്നക്ക
ഉള്ള ഇസ്രായേല്യർ കണ്ടപ്പോൾ
ട്ടണങ്ങൾ വിട്ട് ഓടിപ്പോകയും ഫെ
വന്നു അവിടെ പാർക്കയും ചെയ്തു.

പിറെറദിവസം ഫെലിസ്ത്യർ ഹതന്മാ 8
രുടെ വസ്ത്രം ഉരിവാൻ വന്നപ്പോൾ ശൌലും
പുത്രന്മാരും ഗിൽബോവ പർവ്വതത്തിൽ
വീണുകിടക്കുന്നതു കണ്ടു. അവർ അവ 9
ൻെറ തല വെട്ടി, അവൻെറ ആയുധവർഗ്ഗവും
അഴിച്ചെടുത്തു തങ്ങളുടെ വിഗ്രഹക്ഷേത്ര
ങ്ങളിലും ജനമദ്ധ്യേയും വിവരം അറിയിക്കേ
ണ്ടതിനു ഫെലിസ്ത്യദേശത്തെല്ലാം ആളയ
ച്ചു. അവൻെറ ആയുധവർഗ്ഗം അവർ അസ്തോ 10
രത്തിൻെറ ക്ഷേത്രത്തിൽ വച്ചു; അവൻെറ
ഉടൽ അവർ ബേത്ത്ശാൻെറ ചുവരിന്മേൽ
തൂക്കി. എന്നാൽ ഫെലിസ്ത്യർ ശൌലി 11
നോടു ചെയ്തതു ഗിലെയാദിലെ യാബേശ്
നിവാസികൾ കേട്ടപ്പോൾ ശൂരന്മാരായ
എല്ലാവരും പുറപ്പെട്ടു രാത്രി മുഴുവനും 12
നടന്നുചെന്നു ബേത്ത്ശാൻെറ ചുവരിൽ
നിന്നു ശൌലിൻെറ ശവവും അവൻെറ
പുത്രന്മാരുടെ ശവങ്ങളും എടുത്തു യാബേ
ശിൽ കൊണ്ടുവന്നു അവിടെവെച്ചു ദഹി
പ്പിച്ചു. അവരുടെ അസ്ഥികളെ അവർ എടു 13
ത്തു യാബേശിലെ പിചുലവൃക്ഷത്തിൻെറ
ചുവട്ടിൽ കുഴിച്ചിട്ടു; ഏഴു ദിവസം ഉപ
വസിച്ചു.

ശമുവേൽ: രണ്ടാം പുസ്തകം

അദ്ധ്യായം 1

1 ശൌൽ മരിക്കയും ദാവീദ് അമാലേ
ക്യരെ സംഹരിച്ചു മടങ്ങിവന്ന് സിക്ലാഗിൽ
2 രണ്ടു ദിവസം പാർക്കയും ചെയ്തശേഷം
മൂന്നാംദിവസം ഒരാൾ വസ്ത്രം കീറിയും
തലയിൽ പുഴി വാരിയിട്ടുംകൊണ്ടു ശൌ
ലിൻെറ പാളയത്തിൽ വന്നു, ദാവീദിൻെറ
അടുക്കൽ എത്തി സാഷ്ടാംഗം വീണു നമ
3 സ്ക്കരിച്ചു. ദാവീദ് അവനോടു: നീ എവിടെ
നിന്നു വരുന്നു എന്നു ചോദിച്ചതിനു: ഞാൻ
ഇസ്രായേൽ പാളയത്തിൽ നിന്ന് ഓടി
പ്പോരികയാകുന്നു എന്നു അവൻ പറഞ്ഞു.
4 ദാവീദ് അവനോടു: കാര്യം എന്തായി? പറയു
ക എന്നു പറഞ്ഞു. അതിനു അവൻ: ജനം
യുദ്ധത്തിൽ തോറേറാടി; ജനത്തിൽ അനേ
കർ മരിച്ചുവീണു; ശൌലും അവൻെറ മക
നായ യോനാഥാനും കുടെ മരിച്ചുപോയി
എന്നു ഉത്തരം പറഞ്ഞു. വാർത്ത കൊണ്ടു
5 വന്ന ബാല്യക്കാരനോടു ദാവീദ്: ശൌലും
അവൻെറ മകനായ യോനാഥാനും മരിച്ചു
പോയതു നീ എങ്ങനെ അറിഞ്ഞു എന്നു
ചോദിച്ചതിനു വാർത്ത കൊണ്ടുവന്നവൻ
6 പറഞ്ഞതു: ഞാൻ യദൃച്ഛയാ ഗിൽബോവ
പർവ്വതത്തിലേക്കു ചെന്നപ്പോൾ ശൌൽ
തൻെറ കുന്തത്തിന്മേൽ ചാരിനില്ക്കുന്ന
തും തേരും കുതിരപ്പടയും അവനെ പിൻതുടർ
7 ന്നടുക്കുന്നതും കണ്ടു; അവൻ പിറകോട്ടു
നോക്കി എന്നെ കണ്ടു വിളിച്ചു; അടിയൻ
8 ഇതാ എന്നു ഞാൻ ഉത്തരം പറഞ്ഞു. നീ
ആരെന്നു അവൻ എന്നോടു ചോദിച്ചതിനു:
ഞാൻ ഒരു അമാലേക്യൻ എന്നു ഉത്തരം
9 പറഞ്ഞു. അവൻ എന്നോടു: നീ അടുത്തു
വന്നു എന്നെ കൊല്ലണം; എൻെറ ജീവൻ
മുഴുവനും എന്നിൽ ഇരിക്കകൊണ്ടു എനി
ക്കു പരിഭ്രമം പിടിച്ചിരിക്കുന്നു എന്നു പറ
10 ഞ്ഞു. അതുകൊണ്ടു ഞാൻ അടുത്തു
ചെന്നു അദ്ദേഹത്തെ കൊന്നു; അദ്ദേഹത്തി
ൻെറ വീഴ്ചയുടെ ശേഷം അദ്ദേഹം ജീവിക്ക
യില്ല എന്നു ഞാൻ അറിഞ്ഞിരുന്നു; അദ്ദേഹ
ത്തിൻെറ തലയിലെ കിരീടവും ഭുജത്തിലെ
കടകവും ഞാൻ എടുത്തു ഇവിടെ യജമാ
നൻെറ അടുക്കൽ കൊണ്ടുവന്നിരിക്കുന്നു.
ഉടനെ ദാവീദ് തൻെറ വസ്ത്രം പറിച്ചുകീറി; 11
കൂടെയുള്ളവരും അങ്ങനെതന്നെ ചെയ്തു.
അവർ ശൌലിനേയും അവൻെറ മകനായ 12
യോനാഥാനെയും ദൈവജനത്തെയും ഇ
സ്രായേൽ ഗൃഹത്തെയും കുറിച്ചു വാളാൽ
അവർ വീണുപോയതുകൊണ്ടു വിലപി
ച്ചു കരഞ്ഞു സന്ധ്യവരെ ഉപവസിച്ചു.
ദാവീദ് വാർത്ത കൊണ്ടുവന്ന ബാല്യക്കാര 13
നോടു: നീ എവിടുത്തുകാരൻ എന്നു ചോദി
ച്ചതിനു: ഞാൻ ഒരു അന്യജാതിക്കാരൻെറ
മകൻ, ഒരു അമാലേക്യൻ എന്നു അവൻ
ഉത്തരം പറഞ്ഞു. ദാവീദു അവനോടു: 14
കർത്താവിൻെറ അഭിഷിക്തനെ സംഹരിക്കേ
ണ്ടതിനു കയ്യോങ്ങുവാൻ നിനക്കു ഭയം
തോന്നാഞ്ഞതു എന്ത്? എന്നു പറഞ്ഞു.
പിന്നെ ദാവീദ് ബാല്യക്കാരിൽ ഒരുവനെ 15
വിളിച്ചു: നീ ചെന്നു അവനെ കൊല്ലുക
എന്നു പറഞ്ഞു. അവൻ അവനെ വെട്ടി 16
ക്കൊന്നു. ദാവീദ് അവനോടു: നിൻെറ രക്തം
നിൻെറ തലമേൽ; കർത്താവിൻെറ അഭിഷി
ക്തനെ ഞാൻ കൊന്നു എന്നു നീ നിൻെറ
വായ്കൊണ്ടുതന്നെ നിനക്കു വിരോധമായി
സാക്ഷീകരിച്ചുവല്ലോ എന്നു പറഞ്ഞു.
അനന്തരം ദാവീദ് ശൌലിനേയും 17
അവൻെറ മകനായ യോനാഥാനെയും
കുറിച്ചു ഈ വിലാപഗീതം ചൊല്ലി. അവൻ 18
യെഹൂദാമക്കളെ ഈ ഗീതം അഭ്യസിപ്പി
പ്പാൻ കല്പിച്ചു; അതു ശൂരന്മാരുടെ പുസ്തക
ത്തിൽ എഴുതിയിരിക്കുന്നു:
ഇസ്രായേലേ, നിൻെറ മഹത്വമായവർ 19
നിൻെറ ഗിരികളിൽ ഹതന്മാരായി;
വീരന്മാർ വീണുപോയതു എങ്ങനെ!
ഗത്തിൽ അതു പ്രസിദ്ധമാക്കരുതേ; 20
അസ്കലോൻ വീഥികളിൽ ഘോഷിക്ക
രുതേ;
ഫെലിസ്ത്യപുത്രിമാർ സന്തോഷിക്കരുതേ;
അഗ്രചർമ്മികളുടെ കന്യകമാർ ഉല്ലസിക്ക
രുതേ.
ഗിൽബോവ പർവ്വതങ്ങളേ, 21

..ുടെ മേൽ മഞ്ഞോ മഴയോ പെയ്യാ
..യും
..ടുനിലങ്ങൾ ഇല്ലാതെയും പോകട്ടെ.
..യല്ലോ വീരന്മാരുടെ പരിച തകർക്ക
..ട്ടത്;
..ന്റെ തൈലാഭിഷേകമുള്ള പരിച
..ന്ന.
..രുടെ രക്തവും
..രുടെ മേദസ്സും വിട്ടു
..ഥാന്റെ വില്ലു പിന്തിരിഞ്ഞില്ല;
..ന്റെ വാൾ വൃഥാ പോന്നതുമില്ല.
..ും യോനാഥാനും ജീവകാലത്തു
..തിയും വാത്സല്യവും പൂണ്ടിരുന്നു;
..തിലും അവർ വേർപിരിഞ്ഞില്ല.
..കഴുകനിലും വേഗതയുള്ളവർ,
..ത്തിലും വീര്യമുള്ളവർ.
..യൽ പുത്രിമാരേ,
..നെച്ചൊല്ലി കരയുവിൻ
നിങ്ങളെ ഭംഗിയായി രക്താംബരം
..പ്പിച്ചു
..ടെ വസ്ത്രത്തിന്മേൽ പൊന്നാഭരണം
..ണിയിച്ചു.
..ദ്ധ്യ വീരന്മാർ മരിച്ചുപോയതെ
..ന!
ഗിരികളിൽ യോനാഥാൻ ഹത
..യല്ലോ.
..ഥാനേ, എന്റെ സഹോദരാ,
..യാർത്തു ഞാൻ ദുഃഖിക്കുന്നു;
..ിക്ക് അതിവത്സലൻ ആയിരുന്നു;
സ്നേഹം കളത്രപ്രേമത്തിലും
..സ്മയമേറിയതു.
..ൽ മരിച്ചുപോയതു എങ്ങനെ;
..ുധങ്ങൾ നശിച്ചുപോയല്ലോ!

അദ്ധ്യായം 2

..നന്തരം ദാവീദ് ദൈവത്തോട്:
..യഹൂദ്യനഗരങ്ങളിൽ ഒന്നിലേക്കു
..മോ എന്നു ചോദിച്ചു. കർത്താവ്
..ാട്: ചെല്ലുക എന്നു കല്പിച്ചു.
..വിടേക്കു ചെല്ലേണ്ടു എന്നു ദാവീദ്
..തിനു: ഹെബ്രോനിലേക്കു എന്നു
..ാടുണ്ടായി. അങ്ങനെ ദാവീദ്
..ൽകാരി അഹീനോവം, കർമ്മേല്യൻ
..ിന്റെ ഭാര്യയായിരുന്ന അബീഗ
..ന്നീ രണ്ടു ഭാര്യമാരുമായി അവി
..ന്നു. ദാവീദ് തന്നോടുകൂടെ ഉണ്ടാ
ആളുകളെ എല്ലാം കുടുംബസ
..കൂട്ടിക്കൊണ്ടുപോയി; അവർ ഹെ
..പട്ടണങ്ങളിൽ പാർത്തു. അപ്പോൾ
..പുരുഷന്മാർ വന്നു അവിടെവച്ചു
ദാവീദിനെ യെഹൂദാ ഗൃഹത്തിനു രാജാ
വായി അഭിഷേകം ചെയ്തു.
ഗിലെയാദിലെ യാബേശ് നിവാസികൾ 5
ആയിരുന്നു ശൌലിനെ അടക്കം ചെയ്തതു
എന്നു ദാവീദിനെ അവർ അറിയിച്ചു. ദാവീദ്
ഗിലെയാദിലെ യാബേശ് നിവാസികളുടെ
അടുക്കൽ ദൂതന്മാരെ അയച്ചു: നിങ്ങളുടെ
യജമാനനായ ശൌലിനോടു ഇങ്ങനെ ദയ
കാണിച്ചു അവനെ അടക്കം ചെയ്കകൊ
ണ്ടു നിങ്ങൾ കർത്താവിനാൽ അനുഗ്രഹി
ക്കപ്പെട്ടവർ. താൻ നിങ്ങളോടു ദയയും 6
വിശ്വസ്തതയും കാണിക്കുമാറാകട്ടെ; നി
ങ്ങൾ ഈ കാര്യം ചെയ്തിരിക്കകൊണ്ടു
ഞാനും നിങ്ങൾക്കു നന്മചെയ്യും. ആക 7
യാൽ നിങ്ങൾ ധൈര്യപ്പെട്ടു ശൂരന്മാരായി
രിപ്പിൻ; നിങ്ങളുടെ യജമാനനായ ശൌൽ
മരിച്ചുപോയല്ലോ; യെഹൂദാഗൃഹം എന്നെ
തങ്ങൾക്കു രാജാവായിട്ടു അഭിഷേകം
ചെയ്തിരിക്കുന്നു എന്നു പറയിച്ചു.
എന്നാൽ ശൌലിന്റെ സേനാപതി 8
യായ നേരിന്റെ മകൻ അബ്നേർ ശൌ
ലിന്റെ മകനായ ഈശ്ബോശെത്തിനെ-
മഹനയീമിലേക്കു കൂട്ടിക്കൊണ്ടുപോയി,
അവനെ ഗിലെയാദ്, അശൂരി, യെസ്രീൽ, 9
എഫ്രയീം, ബെന്യാമീൻ എന്നിങ്ങനെ എല്ലാ 10
ഇസ്രായേല്യർക്കും രാജാവാക്കി. ശൌലി
ന്റെ മകനായ ഈശ്ബോശെത്ത് ഇസ്രാ
യേലിൽ രാജാവായപ്പോൾ അവനു നാല്പ
തു വയസ്സായിരുന്നു; അവൻ രണ്ടു സംവ
ത്സരം വാണു. യെഹൂദാഗൃഹമോ ദാവീദി 11
നോടു ചേർന്നുനിന്നു. ദാവീദ് ഹെബ്രോ
നിൽ യെഹൂദാഗൃഹത്തിനു രാജാവായിരു
ന്ന കാലം ഏഴു സംവത്സരവും ആറുമാസ
വും അത്രെ.
നേരിന്റെ മകൻ അബ്നേരും ശൌലി 12
ന്റെ മകനായ ഈശ്ബോശെത്തിന്റെ-
സൈന്യവും മഹനയീമിൽ നിന്നു ഗിബെ
യോനിലേക്കു വന്നു. അപ്പോൾ സെരൂയ 13
യുടെ മകനായ യോവാബും ദാവീദിന്റെ
സൈന്യവും പുറപ്പെട്ടു ഗിബെയോനിലെ
കുളത്തിന്നരികെ വച്ചു അവരെ നേരിട്ടു;
അവർ കുളത്തിന്റെ ഇപ്പുറത്തും മററവർ
കുളത്തിന്റെ അപ്പുറത്തും ഇരുന്നു.
അബ്നേർ യോവാബിനോടു: യുവാക്കൾ 14
എഴുന്നേററു നമ്മുടെ മുമ്പാകെ ഒന്നു കളി
ക്കട്ടെ എന്നു പറഞ്ഞു. അങ്ങനെയാകട്ടെ
എന്നു യോവാബും പറഞ്ഞു. അങ്ങനെ 15
ബെന്യാമീന്യരുടെയും ശൌലിന്റെ മക
നായ ഈശ്ബോശെത്തിന്റെയും ഭാഗ
ത്തുനിന്നു പന്ത്രണ്ടുപേരും ദാവീദിന്റെ

സേവകരിൽ പന്ത്രണ്ടുപേരും എണ്ണമൊത്ത്
16 എഴുന്നേററു തമ്മിൽ അടുത്തു. ഓരോരു
വൻ താന്താൻെറ എതിരാളിയെ മുടിക്കു
പിടിച്ചു വിലാപ്പുറത്തു വാൾ കുത്തിക്കടത്തി
ഒരുമിച്ചു വീണു; അതുകൊണ്ടു ഗിബെയോ
നിലെ ആ സ്ഥലത്തിനു ഹക്ക്ലത്തു
17 സോറാൻ എന്നു പേരായി. അന്നു യുദ്ധം
ഏററവും കഠിനമായി, അബ്നേരും ഇസ്രായേ
ല്യരും ദാവീദിൻെറ സേവകരോടു തോററു
18 പോയി. അവിടെ യോവാബ്, അബീശയി,
അസാഹേൽ ഇങ്ങനെ സെരൂയയുടെ മൂന്നു
പുത്രന്മാരും ഉണ്ടായിരുന്നു; അസാഹേൽ
കാട്ടുകലയെപ്പോലെ ശീഘ്രഗാമി ആയിരു
19 ന്നു. അസാഹേൽ അബ്നേരിനെ പിന്തുടർ
ന്നു; അബ്നേരിനെ പിന്തുടരുന്നതിൽനിന്നു
വലത്തോട്ടോ ഇടത്തോട്ടോ മാറിയില്ല.
20 അബ്നേർ പിറകോട്ടു നോക്കി; നീ അസാ
ഹേലോ എന്നു ചോദിച്ചതിന്; അതേ എന്നു
21 അവൻ ഉത്തരം പറഞ്ഞു. അബ്നേർ
അവനോട്; നീ വലത്തോട്ടോ ഇടത്തോട്ടോ
തിരിഞ്ഞു ബാല്യക്കാരിൽ ഒരുവനെ
പിടിച്ച് അവൻെറ ആയുധവർഗ്ഗം എടുത്തു
കൊൾക എന്നു പറഞ്ഞു; എങ്കിലും അസാ
ഹേലിനു അവനെ വിട്ടു മാറുവാൻ മനസ്സാ
22 യില്ല. അബ്നേർ അസാഹേലിനോട്;
എന്നെ വിട്ടുപോകുക; ഞാൻ നിന്നെ വെട്ടി
വീഴിക്കുന്നതു എന്തിന്? പിന്നെ ഞാൻ
നിൻെറ സഹോദരനായ യോവാബിൻെറ
മുഖത്ത് എങ്ങനെ നോക്കും എന്നു പറ
23 ഞ്ഞു. എന്നാലും വിട്ടുമാറുവാൻ അവനു
മനസ്സായില്ല; അബ്നേർ അവനെ കുന്തം
കൊണ്ടു പിറകോട്ടു വയററത്തു കുത്തി;
കുന്തം മറുവശത്തു ചെന്നു; അവൻ അവിടെ
തന്നെ വീണു മരിച്ചു. അസാഹേൽ മരിച്ചു
കിടന്നേടത്തു വന്നവർ എല്ലാം നിന്നു
24 പോയി. യോവാബും അബീശായിയും
അബ്നേരിനെ പിന്തുടർന്നു; അവർ ഗിബെ
യോൻ മരുഭൂമിയിലെ വഴിയരികെ ഗീഹി
ൻെറ മുമ്പിലുള്ള അമ്മാക്കുന്നിൽ എത്തി
25 യപ്പോൾ സൂര്യൻ അസ്തമിച്ചു. ബെന്യാമീ
ന്യർ അബ്നേരിൻെറ അടുക്കൽ ഒറ്റ കൂട്ട
മായി കുടി ഒരു കുന്നിൻമുകളിൽ നിന്നു.
26 അപ്പോൾ അബ്നേർ യോവാബിനോടു:
വാൾ എന്നും സംഹരിച്ചുകൊണ്ടിരിക്ക
ണമോ? ഒടുവിൽ കൈപ്പുണ്ടാകുമെന്നു നീ
അറിയുന്നില്ലയോ? സഹോദരന്മാരെ പിന്തു
ടരുന്നതു മതിയാക്കേണ്ടതിനു ജനത്തോടു
കല്പിപ്പാൻ നീ എത്രത്തോളം താമസിക്കും?
27 എന്നു വിളിച്ചുപറഞ്ഞു. അതിനു യോവാ
ബ്: ദൈവത്താണ, നീ പറഞ്ഞില്ലെങ്കിൽ
ജനം രാവിലെ തങ്ങളുടെ സഹോദരന്മാരെ
പിന്തുടരാതെ മടങ്ങിപ്പോകുമായിരുന്നു
എന്നു പറഞ്ഞു. ഉടനെ യോവാബ് കാഹളം 28
ഊതിച്ചു, ജനം ഒക്കെയും നിന്നു, ഇസ്രാ
യേലിനെ പിന്തുടർന്നില്ല; പൊരുതതുമില്ല.
അബ്നേരും അവൻെറ ആളുകളും അന്നു 29
രാത്രി മുഴുവനും സമതലത്തിൽ കൂടി നട
ന്നു യോർദ്ദാൻ കടന്നു ബിത്രോനിൽ കൂടി
ചെന്നു മഹനയീമിൽ എത്തി. യോവാബും 30
അബ്നേരിനെ പിന്തുടരുന്നതു വിട്ടു മടങ്ങി,
ജനത്തെയെല്ലാം വിളിച്ചു കൂട്ടിയപ്പോൾ
ദാവീദിൻെറ സേവകരിൽ പത്തൊമ്പതു
പേരും അസാഹേലും ഇല്ലായിരുന്നു.
എന്നാൽ ദാവീദിൻെറ സേവകർ ബെന്യാ 31
മീന്യരെയും അബ്നേരിൻെറ ആളുകളെയും
തോല്പിക്കയും അവരിൽ മുന്നൂറററുപതു
പേരെ സംഹരിക്കയും ചെയ്തിരുന്നു. അസാ 32
ഹേലിനെ അവർ എടുത്തു ബേത്ലേഹെ
മിൽ അവൻെറ അപ്പൻെറ കല്ലറയിൽ
അടക്കംചെയ്തു; യോവാബും അവൻെറ
ആളുകളും രാത്രി മുഴുവനും നടന്നു പ്രഭാത
ത്തിൽ ഹെബ്രോനിൽ എത്തി.

അദ്ധ്യായം 3

ശൌലിൻെറ ഗൃഹവും ദാവീദിൻെറ 1
ഗൃഹവും തമ്മിൽ ദീർഘകാലം യുദ്ധം നട
ന്നു; എന്നാൽ ദാവീദിനു ബലം കൂടിക്കൂടി
യും ശൌലിൻെറ ഗൃഹം ക്ഷയിച്ചു ക്ഷയി
ച്ചും വന്നു.

ദാവീദിനു ഹെബ്രോനിൽ വച്ചു 2
പുത്രന്മാർ ജനിച്ചു; യെസ്രീൽക്കാരിയായ
അഹീനോവം പ്രസവിച്ച അമ്നോൻ അവ
ൻെറ ആദ്യജാതൻ. കർമ്മേല്യൻ നാബാലി 3
ൻെറ ഭാര്യയായിരുന്ന അബീഗയിൽ പ്രസ
വിച്ച കിലെയാബ് രണ്ടാമത്തവൻ; ഗെശൂർ
രാജാവായ തൽമയിയുടെ മകൾ മയഖ
യുടെ മകനായ അബ്ശാലോം മൂന്നാമത്ത
വൻ; ഹഗ്ഗീത്തിൻെറ മകനായ അദോനീ 4
യാവു നാലാമത്തവൻ; അബീതാലിൻെറ
മകനായ ശെഫത്യാവു അഞ്ചാമത്തവൻ;
ദാവീദിൻെറ ഭാര്യയായ എഗ്ലാ പ്രസവിച്ച 5
യിത്രെയാം ആറാമത്തവൻ. ഇവരാകുന്നു
ഹെബ്രോനിൽവെച്ചു ദാവീദിനു ജനിച്ചവർ.

ശൌലിൻെറ ഗൃഹവും ദാവീദിൻെറ 6
ഗൃഹവും തമ്മിൽ യുദ്ധം ഉണ്ടായിരുന്ന
കാലത്തു അബ്നേർ ശൌലിൻെറ ഗൃഹ
ത്തിൽ സ്വയം ശക്തനായി. എന്നാൽ, ശൌലി
നു അനാവിൻെറ മകളായി രിസ്പാ എന്നു 7
പേരുള്ള ഒരു വെപ്പാട്ടി ഉണ്ടായിരുന്നു;
ഈശ്ബോശെത്ത് അബ്നേരിനോടു: നീ

റ പിതാവിൻെറ വെപ്പാട്ടിയുമായി
ിക്കുന്നതു എന്തു എന്നു ചോദിച്ചു,
നർ ഈശ്ബോശെത്തിൻെറ വാക്കു
ഠം ഏററവും കോപിച്ചു പറഞ്ഞതു:
യെഹൂദാ പക്ഷത്തിലുള്ള ഒരു
ലവനോ? ഇന്നു ഞാൻ നിൻെറ
ായ ശൌലിൻെറ ഗൃഹത്തോടും
ൻെറ സഹോദരന്മാരോടും സ്നേഹി
രാടും ദയ കാണിക്കയും നിന്നെ
ിൻെറ കയ്യിൽ ഏല്പി ക്കാതിരിക്ക
ചയ്തിരിക്കെ ഇന്ന് ഈ സ്ത്രീ
ത്തം നീ എന്നെ കുററം ചുമത്തു
ാ? ശൌലിൻെറ ഗൃഹത്തിൽ നിന്നു
ം മാററുകയും ദാവീദിൻെറ സിംഹാ
ദാൻ മുതൽ ബേർ-ശേബ വരെ
യേലിലും യെഹൂദയിലും സ്ഥാപി
ചെയ്യുവാൻ തക്കവണ്ണം കർത്താവ്
ിനോടു സത്യം ചെയ്തതുപോലെ
അവനു സാധിപ്പിച്ചുകൊടുക്കാതിരു
ദൈവം അബ്നേരിനോടു തക്ക
ും അധികവും ചെയ്യട്ടെ. ഈശ്-ബോ
അബ്നേരിനെ ഭയപ്പെടുകകൊണ്ട്
നാടു പിന്നെ ഒരു വാക്കും പറയുവാൻ
തില്ല.
നന്തരം അബ്നേർ ഹെബ്രോനിൽ
ൻെറ അടുക്കൽ ദൂതന്മാരെ അയച്ചു:
ആർക്കുള്ളതു? എന്നോടു ഉടമ്പടി
ക; എന്നാൽ എല്ലാ ഇസ്രായേലി
നിൻെറ പക്ഷത്തിൽ വരുത്തേണ്ട
എൻെറ സഹായം നിനക്ക് ഉണ്ടാകും
പറയിച്ചു. അതിനു അവൻ: നല്ലതു;
ചെയ്യാം; എന്നാൽ ഞാൻ ഒരു കാര്യം
ാടു ആവശ്യപ്പെടുന്നു: നീ എന്നെ
വാൻ വരുമ്പോൾ ആദ്യംതന്നെ ശൌ
മകളായ മീഖളിനെ കൂട്ടിക്കൊണ്ടു
രുന്നാൽ നീ എൻെറ മുഖം കാണു
എന്നുപറഞ്ഞു. ദാവീദ് ശൌലിൻെറ
യ ഈശ്-ബോശെത്തിൻെറ അടു
ദൂതന്മാരെ അയച്ചു: ഞാൻ വിവാഹ
യത്തിനു ഫെലിസ്ത്യരുടെ നൂറു
ർമം കൊടുത്തു വാങ്ങിയ എൻെറ
ായ മീഖളിനെ ഏല്പിച്ചുതരിക
പറയിച്ചു. ഈശ്-ബോശെത്ത് അവ
യീശിൻെറ മകനായി അവളുടെ
വായ ഫല്തിയേലിൻെറ അടുക്കൽ
വരുത്തി. അവളുടെ ഭർത്താവു കര
കാണ്ടു ബഹൂരീംവരെ അവളുടെ
ല വന്നു. അബ്നേർ അവനോടു:
ങ്ങിപ്പോക എന്നു പറഞ്ഞു, അവൻ
പ്പായി.

അബ്നേർ ഇസ്രായേൽ മൂപ്പന്മാരോടു 17
സംസാരിച്ചു: ദാവീദിനെ രാജാവായി
കിട്ടുവാൻ കുറെ കാലമായല്ലോ നിങ്ങൾ
ആഗ്രഹിക്കുന്നത്. ഇപ്പോൾ അങ്ങനെ 18
ചെയ്യുവിൻ; ഞാൻ എൻെറ ദാസനായ ദാവീ
ദിൻെറ കൈകൊണ്ടു എൻെറ ജനമായ
ഇസ്രായേലിനെ ഫെലിസ്ത്യർ മുതലായ
എല്ലാ ശത്രുക്കളുടെ കയ്യിൽനിന്നും രക്ഷി
ക്കുമെന്നു കർത്താവു ദാവീദിനെക്കുറിച്ച്
അരുളിച്ചെയ്തിരിക്കുന്നു എന്നു പറഞ്ഞു.
അങ്ങനെതന്നെ അബ്നേർ ബെന്യാമീന്യ 19
രോടും പറഞ്ഞു; പിന്നെ അബ്നേർ ഇസ്രാ
യേലിനും ബെന്യാമീൻ ഗൃഹത്തിനെല്ലാം
സമ്മതമായ കാര്യങ്ങൾ ദാവീദിനെ അറിയി
ക്കേണ്ടതിനു ഹെബ്രോനിൽ പോയി. 20
അബ്നേരും അവനോടുകൂടെ ഇരുപതു
പേരും ഹെബ്രോനിൽ ദാവീദിൻെറ അടു
ക്കൽ ചെന്നു. ദാവീദ് അബ്നേരിനും കൂടെ
യുള്ളവർക്കും വേണ്ടി ഒരു വിരുന്നുകഴിച്ചു.
അബ്നേർ ദാവീദിനോടു: ഞാൻ ചെന്നു 21
ഇസ്രായേലെല്ലാം യജമാനനായ രാജാവി
നോടു ഉടമ്പടി ചെയ്യേണ്ടതിനു അവരെ
അങ്ങയുടെ അടുക്കൽ വരു ത്തും; അപ്പോൾ
അങ്ങ് ആഗ്രഹിക്കുന്നതുപോലെ എല്ലാവരു
ടെയും രാജാവായിരിക്കാം എന്നു പറഞ്ഞു.
ദാവീദ് അബ്നേരിനെ യാത്രയയച്ചു; അവൻ
സമാധാനത്തോടെ പോയി. അപ്പോൾ ദാവീ 22
ദിൻെറ സേവകരും യോവാബും ഒരു കവർച്ച
കഴിഞ്ഞു വളരെ കൊള്ളയുമായി മടങ്ങിവ
ന്നു; ദാവീദ് അബ്നേരിനെ യാത്ര അയ
യ്ക്കുകയും അവൻ സമാധാനത്തോടെ
പോകുകയും ചെയ്തിരുന്നതിനാൽ അവൻ
അപ്പോൾ ദാവീദിൻെറ അടുക്കൽ ഇല്ലാ
യിരുന്നു. യോവാബും കൂടെയുള്ള സൈന്യ 23
മെല്ലാം വന്നപ്പോൾ, നേരിൻെറ മകനായ
അബ്നേർ രാജാവിൻെറ അടുക്കൽ വന്നു.
അവൻ അവനെ യാത്രയയച്ചു, അവൻ
സമാധാനത്തോടെ പോയി എന്നിങ്ങനെ
യോവാബിനു അറിവുകിട്ടി. യോവാബ് 24
രാജാവിൻെറ അടുക്കൽ ചെന്നു: എന്താകു
ന്നു ഈ ചെയ്തത്? അബ്നേർ അങ്ങയുടെ
അടുക്കൽ വന്നിരുന്നല്ലോ; അവനെ പറഞ്ഞ
യച്ചതു എന്ത്? അവൻ പോയല്ലോ? നേരി 25
ൻെറ മകനായ അബ്നേരിനെ അങ്ങ് അറി
യുകയില്ലേ? അങ്ങയെ ചതിപ്പാനും അങ്ങ്
ചെയ്യുന്നതെല്ലാം ഗ്രഹിപ്പാനും അങ്ങ് ചെയ്യു
ന്നതെല്ലാം അറിയുവാനും അല്ലേ, അവൻ
വന്നതു എന്നു പറഞ്ഞു.

യോവാബ് ദാവീദിൻെറ അടുക്കൽ 26
നിന്നും പുറത്തിറങ്ങി അബ്നേരിൻെറ

പിന്നാലെ ദൂതന്മാരെ അയച്ചു; അവർ അവ
നെ സീരാ കിണററിങ്കൽനിന്നു തിരികെ
കൊണ്ടുവന്നു; ദാവീദ് അതു അറിഞ്ഞില്ല.
27 അബ്നേർ ഹെബ്രോനിലേക്കു മടങ്ങി
വന്നപ്പോൾ യോവാബ് സ്വകാര്യം പറയു
വാൻ അവനെ പടിവാതില്ക്കൽ ഒരു ഭാഗ
ത്തേക്ക് കൂട്ടിക്കൊണ്ടുപോയി തൻെറ
സഹോദരനായ അസാഹേലിൻെറ രക്ത
പ്രതികാരത്തിനായി അവിടെവച്ചു അവനെ
28 വയററത്തു കുത്തിക്കൊന്നു. ദാവീദു
പിന്നീട് അതു കേട്ടപ്പോൾ: നേരിൻെറ
മകനായ അബ്നേരിൻെറ രക്തം സംബ
ന്ധിച്ചു എനിക്കും എൻെറ രാജത്വത്തിനും
കർത്താവിൻെറ മുമ്പാകെ ഒരിക്കലും കുററ
29 മില്ല. അതു യോവാബിൻെറ തലമേലും
അവൻെറ പിതൃഭവനത്തിന്മേലും ഇരിക്കട്ടെ;
യോവാബിൻെറ ഗൃഹത്തിൽ സ്രവക്കാ
രനോ കുഷ്ഠരോഗിയോ വടികുത്തിനട
ക്കുന്നവനോ വാളിനാൽ വീഴുന്നവനോ
ആഹാരത്തിനു മുട്ടുള്ളവനോ എന്നും
30 ഉണ്ടായിരിക്കും എന്നു പറഞ്ഞു. അബ്നേർ
ഗിബെയോനിലെ യുദ്ധത്തിൽ തങ്ങളുടെ
അനുജനായ അസാഹേലിനെ കൊന്നതു
നിമിത്തം യോവാബും അവൻെറ സഹോ
ദരനായ അബീശായിയും ഇങ്ങനെ അവനെ
കൊന്നുകളഞ്ഞു.
31 ദാവീദ് യോവാബിനോടും അവനോടു
കൂടെയുള്ള സകല ജനത്തോടും: നിങ്ങളു
ടെ വസ്ത്രം കീറി ചാക്കുശീല ഉടുത്ത്
അബ്നേരിൻെറ മുമ്പിൽ നടന്നു വിലപി
പ്പിൻ എന്നു പറഞ്ഞു, ദാവീദു രാജാവു ശവ
32 മഞ്ചത്തിൻെറ പിന്നാലെ നടന്നു. അവർ
അബ്നേരിനെ ഹെബ്രോനിൽ അടക്കം
ചെയ്തപ്പോൾ രാജാവ് അബ്നേരിൻെറ
ശവക്കുഴിക്കരികെ നിന്ന് ഉറക്കെ കരഞ്ഞു;
33 സകല ജനവും കരഞ്ഞു. രാജാവു അബ്നേ
രിനെക്കുറിച്ചു വിലാപഗീതം ചൊല്ലിയതെ
ന്തെന്നാൽ.
അബ്നേർ ഒരു നീചനെപ്പോലെയോ മരി
ക്കേണ്ടത്?
34 നിൻെറ കൈ ബന്ധിച്ചിരുന്നില്ല;
നിൻെറ കാലിനു ചങ്ങല ഇട്ടിരുന്നില്ല,
നീതികെട്ടവരുടെ മുമ്പിൽ വീണുപോകു
മ്പോലെ നീ വീണുപോയല്ലോ.
35 സകല ജനവും അവനെക്കുറിച്ചു കരഞ്ഞു
കൊണ്ടിരുന്നു. നേരം വൈകുംമുമ്പെ ജന
മെല്ലാം ദാവീദിനെ ഭക്ഷണം കഴിപ്പിക്കേണ്ട
തിനു വന്നപ്പോൾ: സൂര്യൻ അസ്തമിക്കും
മുമ്പെ ഞാൻ അപ്പമോ മററ് എന്തെങ്കി
ലുമോ ആസ്വദിച്ചാൽ ദൈവം എന്നോടു
തക്കവണ്ണവും അധികവും ചെയ്യട്ടെ എന്നു
ദാവീദ് സത്യം ചെയ്തു പറഞ്ഞു. ഇതു ജന 36
മെല്ലാം അറിഞ്ഞപ്പോൾ: രാജാവു ചെയ്ത
തെല്ലാം സർവ്വ ജനത്തിനും ബോധിച്ചിരു
ന്നതുപോലെ ഇതും അവർക്കു ബോധിച്ചു.
നേരിൻെറ പുത്രനായ അബ്നേരിനെ 37
കൊന്നതു രാജാവിൻെറ അറിവോടെയല്ല
എന്നു സകല ജനത്തിനും ഇസ്രായേലി
നെല്ലാം അന്നു ബോധ്യമായി.
രാജാവു തൻെറ ഭൃത്യന്മാരോട്: ഇന്നു 38
ഇസ്രായേലിൽ ഒരു പ്രഭുവും മഹാനുമായ
വൻ വീണുപോയി എന്നു നിങ്ങൾ അറിയു
ന്നില്ലേ? ഞാൻ രാജാഭിഷേകം പ്രാപിച്ചവൻ 39
എങ്കിലും ഇന്നു ബലഹീനനാകുന്നു; സെരൂ
യയുടെ പുത്രന്മാരായ ഈ പുരുഷന്മാർ
എനിക്കു കീഴടങ്ങാത്ത കഠിനന്മാരത്രെ;
തിന്മ പ്രവർത്തിച്ചവനു അവൻെറ തിന്മ
യ്ക്കു തക്കവണ്ണം ദൈവം പകരം കൊടു
ക്കും എന്നു പറഞ്ഞു.

അദ്ധ്യായം 4

അബ്നേർ ഹെബ്രോനിൽ വച്ചു മരിച്ചു 1
പോയതു ശൌലിൻെറ മകൻ കേട്ടപ്പോൾ
അവൻെറ ധൈര്യമെല്ലാം ക്ഷയിച്ചു. ഇസ്രാ
യേല്യരെല്ലാം സംഭ്രമിച്ചു. എന്നാൽ ശൌലി 2
ൻെറ മകനു രണ്ടു സേനാധിപന്മാർ ഉണ്ടാ
യിരുന്നു; ഒരുത്തനു ബാനാ എന്നും മററ
വനു രേഖാബ് എന്നും പേർ. അവർ ബെന്യാ
മീന്യരിൽ ബെരോത്യനായ രിമ്മോൻെറ
പുത്രന്മാർ ആയിരുന്നു; ബെരോത്ത്
ബെന്യാമീനിൽ ഉൾപ്പെട്ടതായി വിചാരിച്ചു
വരുന്നു. ബെരോത്യർ ഗിത്ഥയീമിലേക്കു 3
ഓടിപ്പോയി, ഇന്നുവരെയും അവിടെ പര
ദേശികളായി പാർക്കുന്നു.
ശൌലിൻെറ മകനായ യോനാഥാനു 4
രണ്ടു കാലും മുടന്തായിട്ടു ഒരു മകൻ ഉണ്ടാ
യിരുന്നു; യെസ്രീയേലിൽനിന്നു ശൌലി
ൻെറയും യോനാഥാൻെറയും വാർത്ത
എത്തിയ സമയം അവനു അഞ്ചു വയസ്സായി
രുന്നു. അപ്പോൾ അവൻെറ ധാത്രി അവനെ
എടുത്തുകൊണ്ട് ഓടി, അവൾ ബദ്ധപ്പെട്ടു
ഓടുമ്പോൾ അവൻ വീണു മുടന്തനായി
പ്പോയി. അവൻെറ പേര് മെഫീബോശെത്ത്
എന്നായിരുന്നു.
ബെരോത്യൻ രിമ്മോൻെറ പുത്രന്മാ 5
രായ രേഖാബും ബാനയും വെയിൽ ഉറച്ച
പ്പോൾ ഈശ്ബോശെത്തിൻെറ വീട്ടിൽ
ചെന്നെത്തി; അവൻ ഉച്ചസമയത്തു വിശ്രമി
ച്ചു കിടക്കുകയായിരുന്നു. അവർ കോതമ്പു 6
എടുക്കുവാൻ വരുന്ന ഭാവത്തിൽ വീടിൻെറ

ത്തു കടന്ന് അവനെ വയറ്റത്തു കുത്തി;
ാബും സഹോദരനായ ബാനയും ഓടി
യി. അവർ അകത്തു കടന്നപ്പോൾ അ
ശയനഗൃഹത്തിൽ കട്ടിലിന്മേൽ കിട
ംയായിരുന്നു; ഇങ്ങനെ അവർ അവനെ
തിക്കൊന്നു തല വെട്ടിക്കളഞ്ഞു. തല
എടുത്തു രാത്രി മുഴുവനും സമതല
ൽകൂടി നടന്നു ഹെബ്രോനിൽ ദാവീദി
അടുക്കൽ ഈശ്-ബോശെത്തിൻെറ
കൊണ്ടുവന്നു രാജാവിനോടു: അങ്ങേ
ജീവാപായം വരുത്തുവാൻ ശ്രമിച്ച
ദയുടെ ശത്രുവായ ശൌലിൻെറ മകൻ
ശ്-ബോശെത്തിൻെറ തല ഇതാ; ഇന്നു
ാനനായ രാജാവിനു വേണ്ടി ശൌലി
ും അവൻെറ സന്തതിയോടും ദൈവം
കാരം ചെയ്തിരിക്കുന്നു എന്നു പറഞ്ഞു.
ാൽ ദാവീദ് ബെരോത്യനായ രിമ്മോ
പുത്രന്മാരായ രേഖാബിനോടും അവ
സഹോദരൻ ബാനയോടും ഉത്തരം
ഞ്ഞതു: എൻെറ പ്രാണനെ സകല
ത്തിൽനിന്നും വീണ്ടെടുത്ത കർത്താ
ാ, ശൌൽ മരിച്ചുപോയി എന്ന് ഒരു
എന്നെ അറിയിച്ചു. താൻ ശുഭവർത്ത
കൊണ്ടുവന്നു എന്നു വിചാരിക്കു
ൽ ഞാൻ അവനെ പിടിച്ചു സിക്ലാ
വച്ചു കൊന്നു. ഇതായിരുന്നു ഞാൻ
ൻെറ വാർത്തയ്ക്കു പകരം അവനു
ുത്ത പ്രതിഫലം. എന്നാൽ ദുഷ്ടന്മാർ
നെ അവൻെറ വീട്ടിൽ മെത്തയിൽ
ു കൊലചെയ്താൽ എത്ര അധികം?
് അവൻെറ രക്തം നിങ്ങളോടു ചോദി
ിങ്ങളെ ഭൂമിയിൽ നിന്നു ഛേദിച്ചുകള
രിക്കുമോ? പിന്നെ ദാവീദ് തൻെറ
കർക്കു കല്പന കൊടുത്തു: അവർ
രെ കൊന്ന് അവരുടെ കൈകാലുകൾ
അവരെ ഹെബ്രോനിലെ കുന്നിന്നരി
തൂക്കി. ഈശ്ബോശെത്തിൻെറ തല
എടുത്തു ഹെബ്രോനിൽ അബ്നേരി
ശവക്കുഴിയിൽ അടക്കം ചെയ്തു.

അദ്ധ്യായം 5

ഇസ്രായേൽ ഗോത്രങ്ങളെല്ലാം ഹെ
ിനിൽ ദാവീദിൻെറ അടുക്കൽ വന്നു:
ൾ അങ്ങയുടെ അസ്ഥിയും മാംസവും
ന്നുവല്ലോ. മുമ്പു ശൌൽ ഞങ്ങളുടെ
വായിരുന്നപ്പോഴും നായകനായി
യേലിനെ നടത്തിയത് അങ്ങ് ആയി
നീ എൻെറ ജനമായ ഇസ്രായേലിനെ
യും ഇസ്രായേലിനു രാജാവായിരി
ചെയ്യുമെന്നു കർത്താവു അങ്ങയോ
ടു അരുളിച്ചെയ്തിട്ടുമുണ്ട് എന്നു പറഞ്ഞു. ഇ 3
ങ്ങനെ ഇസ്രായേൽ മൂപ്പന്മാരെല്ലാം ഹെ
ബ്രോനിൽ രാജാവിൻെറ അടുക്കൽ വന്നു;
ദാവീദു രാജാവു ഹെബ്രോനിൽ വച്ചു ദൈവ
സന്നിധിയിൽ അവരോടു ഉടമ്പടി ചെയ്തു;
അവർ ദാവീദിനെ ഇസ്രായേലിനു രാജാവാ
യി അഭിഷേകം ചെയ്തു.

ദാവീദ് വാഴ്ച തുടങ്ങിയപ്പോൾ അവനു 4
മുപ്പതു വയസ്സായിരുന്നു; അവൻ നാല്പതു
സംവത്സരം വാണു. അവൻ ഹെബ്രോനിൽ 5
യഹൂദയ്ക്ക് ഏഴു സംവത്സരവും ആറു മാസ
വും യെറുശലേമിൽ എല്ലാ ഇസ്രായേലിനും
യഹൂദയ്ക്കും മുപ്പത്തിമൂന്നു സംവത്സരവും
രാജാവായി വാണു. രാജാവും അവൻെറ 6
ആളുകളും യറുശലേമിലേക്കു ആ ദേശ
ത്തെ നിവാസികളായ യബൂസ്യരുടെ നേരെ
പുറപ്പെട്ടു. ദാവീദിനു അവിടെ കടപ്പാൻ
കഴികയില്ലെന്നു വിചാരിച്ച് അവർ ദാവീദി
നോടു: നീ ഇവിടെ കടക്കുകയില്ല; നിന്നെ
തടുക്കുവാൻ കുരുടരും മുടന്തരും മതി
എന്നു പറഞ്ഞു. എന്നിട്ടും ദാവീദ് സെഹി 7
യോൻ കോട്ട പിടിച്ചു; അതുതന്നേ ദാവീദി 8
ൻെറ നഗരം. അന്നു ദാവീദ്: ആരെങ്കിലും
യബൂസ്യരെ തോല്പിച്ചാൽ അവൻ നീർ
തോട്ടിൽ കൂടി കയറി ദാവീദിനു വെറുപ്പായു
ള്ള മുടന്തരെയും കുരുടരെയും പിടിക്കട്ടെ
എന്നു പറഞ്ഞു. അതുകൊണ്ടു കുരുടരും
മുടന്തരും വീട്ടിൽ വരരുത് എന്നൊരു ചൊ
ല്ലു നാട്ടുനടപ്പായി. ദാവീദ് കോട്ടയിൽ വസി 9
ച്ചു. അതിനു ദാവീദിൻെറ നഗരം എന്നു പേ
രിട്ടു. ദാവീദ് അതിനെ മില്ലോ തുടങ്ങി ചു
റ്റിലും ഉള്ളിലേക്കും പണിതുറപ്പിച്ചു. ബല 10
വാനായ കർത്താവ് തന്നോടുകൂടെയുണ്ടാ
യിരുന്നതുകൊണ്ടു ദാവീദ് മേല്ക്കുമേൽ
പ്രബലനായിത്തീർന്നു.

സോർ രാജാവായ ഹീരാം ദാവീദിൻെറ 11
അടുക്കൽ ദൂതന്മാരെയും ദേവദാരുതടിയും
ആശാരികളെയും കല്പണിക്കാരെയും
അയച്ചു; അവർ ദാവീദിന് ഒരു അരമന
പണിതു. ഇങ്ങനെ ദൈവം ഇസ്രായേലിൽ 12
തന്നെ രാജാവായി സ്ഥിരപ്പെടുത്തുകയും
അവൻെറ ജനമായ ഇസ്രായേൽ നിമിത്തം
തൻെറ രാജത്വം മഹിമപ്പെടുത്തുകയും
ചെയ്തു എന്നു ദാവീദ് അറിഞ്ഞു.

ഹെബ്രോനിൽനിന്നും വന്നശേഷം 13
ദാവിദ് യറുശലേമിൽവച്ചു അധികം
വെപ്പാട്ടികളെയും ഭാര്യമാരെയും പരിഗ്ര
ഹിച്ചു; ദാവീദിനു പിന്നെയും പുത്രന്മാരും
പുത്രിമാരും ജനിച്ചു. യറുശലേമിൽ വച്ച് 14
അവനു ജനിച്ചവരുടെ പേരുകൾ: ശമ്മൂവ,

15 ശോബാബ്, നാഥാൻ, ശലോമോൻ,
യിബ്ഹാർ, എലീശൂവ, നേഫെഗ്, യാഫീയ,
16 എലീശാമാ, എല്യാദാ, എലീഫേലെത്ത്.
17 ദാവീദിനെ ഇസ്രായേലിനു രാജാവായി
അഭിഷേകം ചെയ്തു എന്നു ഫെലിസ്ത്യർ കേട്ട
പ്പോൾ ഫെലിസ്ത്യർ ദാവീദിനെ പിടിപ്പാൻ
വന്നു; ദാവീദ് അതു കേട്ട് ദുർഗ്ഗത്തിൽ കട
18 ന്നുപാർത്തു. ഫെലിസ്ത്യർ വന്നു രെഫായീം
19 താഴ്വരയിൽ നിരന്നു. അപ്പോൾ ദാവീദ്
കർത്താവിനോടു: ഞാൻ ഫെലിസ്ത്യരുടെ
നേരെ പുറപ്പെടണമോ? അവരെ എൻെറ
കയ്യിൽ ഏല്പിച്ചുതരുമോ എന്നു ചോദിച്ചു.
പുറപ്പെടുക, ഞാൻ ഫെലിസ്ത്യരെ നിൻെറ
കയ്യിൽ ഏല്പിക്കും എന്നു കർത്താവു ദാവീ
20 ദിനോട് അരുളിച്ചെയ്തു. അങ്ങനെ ദാവീദ്
ബാൽ-പെരാസീമിൽ ചെന്നു; അവിടെ
വച്ചു ദാവീദ് അവരെ തോല്പിച്ചു: വെള്ള
ച്ചാട്ടംപോലെ കർത്താവു എൻെറ മുമ്പിൽ
എൻെറ ശത്രുക്കളെ തകർത്തുകളഞ്ഞു
എന്നു പറഞ്ഞു. അതുകൊണ്ട് ആ സ്ഥല
ത്തിനു ബാൽ-പെരാസീം എന്നു പേർ
21 പറഞ്ഞുവരുന്നു. അവിടെ അവർ തങ്ങളുടെ
വിഗ്രഹങ്ങൾ ഉപേക്ഷിച്ചുപോയി; ദാവീദും
അവൻെറ ആളുകളും അവയെ എടുത്തു
കൊണ്ടുപോന്നു.
22 ഫെലിസ്ത്യർ പിന്നെയും വന്നു രെഫാ
23 യീം താഴ്വരയിൽ നിരന്നു. ദാവീദ് കർത്താ
വിനോടു ചോദിച്ചപ്പോൾ, നീ നേരെ പോകാ
തെ അവരുടെ പിമ്പിൽക്കൂടി വളഞ്ഞു
ചെന്നു ബാഖാവൃക്ഷങ്ങൾക്കു എതിരെ വ
24 ച്ച് അവരെ നേരിടുക. ബാഖാവൃക്ഷങ്ങളു
ടെ മുകൾഭാഗത്തു കൂടി സൈന്യം നടക്കുന്ന
ശബ്ദംപോലെ കേൾക്കും; അപ്പോൾ വേഗം
ചെല്ലുക; ഫെലിസ്ത്യസൈന്യത്തെ തോല്പി
പ്പാൻ കർത്താവു നിനക്കു മുമ്പായി പുറ
പ്പെട്ടിരിക്കുന്നു എന്ന് അരുളപ്പാടുണ്ടായി.
25 കർത്താവു കല്പിച്ചതുപോലെ ദാവീദ്
ചെയ്തു, ഫെലിസ്ത്യരെ ഗേബമുതൽ ഗേദെർ
വരെ തോല്പിച്ചു.

അദ്ധ്യായം 6

1 അനന്തരം ദാവീദ് ഇസ്രായേലിൽനിന്നു
യുവാക്കളായ മുപ്പതിനായിരം പേരെ കൂട്ടി
2 വരുത്തി.കെരൂബുകളുടെ മീതെ അധിവസി
ക്കുന്നവനായ ബലവാനായ കർത്താവ്
എന്ന നാമത്താൽ വിളിക്കപ്പെട്ടിരിക്കുന്ന
ദൈവത്തിൻെറ പെട്ടകം ബാലേ-യെഹുദ
യിൽനിന്നു കൊണ്ടുവരേണ്ടതിനു ദാവീദും
കൂടെയുള്ള സകല ജനവും അവിടേക്കു
3 പുറപ്പെട്ടു. അവർ ദൈവത്തിൻെറ പെട്ടകം
ഒരു പുതിയ വണ്ടിയിൽ കയററി, കുന്നി 4
ന്മേലുള്ള അബീനാദാബിൻെറ വീട്ടിൽ നി
ന്നു കൊണ്ടുവന്നു; അബീനാദാബിൻെറ
പുത്രന്മാരായ ഉസ്സയും അഹ്യോയും ആ
പുതിയ വണ്ടി തെളിച്ചു. കുന്നിന്മേലുള്ള
അബീനാദാബിൻെറ വീട്ടിൽ നിന്ന് അവർ
ദൈവത്തിൻെറ പെട്ടകവുമായി പോരു
മ്പോൾ അഹ്യോ പെട്ടകത്തിനു മുമ്പായി
നടന്നു. ദാവീദും ഇസ്രായേൽ ഗൃഹമെല്ലാം 5
സരള മരംകൊണ്ടുള്ള സകലവിധ വാദ്യ
ത്തോടും കിന്നരം, വീണ, തപ്പ്, മുരശ്,
കൈത്താളം എന്നിവയോടുംകൂടെ കർത്താ
മുമ്പാകെ നൃത്തംചെയ്തു. അവർ നാഖോ 6
ൻെറ കളത്തിങ്കൽ എത്തിയപ്പോൾ കാള
വിരണ്ടതുകൊണ്ടു ഉസ്സാ കൈ നീട്ടി ദൈവ
ത്തിൻെറ പെട്ടകം പിടിച്ചു. അപ്പോൾ 7
കർത്താവിൻെറ കോപം ഉസ്സയുടെ നേരെ
ജ്വലിച്ചു; അവൻെറ അവിവേകം നിമിത്തം
ദൈവം അവിടെ വച്ച് അവനെ സംഹരിച്ചു;
അവൻ അവിടെ ദൈവത്തിൻെറ പെട്ടക
ത്തിൻെറ അടുക്കൽവച്ചു മരിച്ചു. കർത്താ 8
വു ഉസ്സയെ ശിക്ഷിച്ചതു നിമിത്തം ദാവീദിനു
വ്യസനമായി. അവൻ ആ സ്ഥലത്തിനു
പേരെസ്-ഉസ്സാ എന്നു പേർ വിളിച്ചു. അതു 9
ഇന്നുവരെയും പറഞ്ഞുവരുന്നു. അന്നു
ദാവീദ് കർത്താവിനെ അത്യധികം ഭയപ്പെട്ടു.
കർത്താവിൻെറ പെട്ടകം എൻെറ അടുക്കൽ
എങ്ങനെ കൊണ്ടുവരേണ്ടു എന്ന് അവൻ
പറഞ്ഞു. ഇങ്ങനെ കർത്താവിൻെറ പെട്ടകം 10
ദാവീദിൻെറ നഗരത്തിൽ തൻെറ അടുക്കൽ
വരുത്തുവാൻ മനസ്സില്ലാതെ ദാവീദ് അതി
നെ ഗിത്യനായ ഓബേദ്-എദോമിൻെറ വീ
ട്ടിൽ കൊണ്ടുപോയി വച്ചു. കർത്താ 11
വിൻെറ പെട്ടകം ഗിത്യനായ ഓബേദ്-എദോ
മിൻെറ വീട്ടിൽ മൂന്നുമാസം ഇരുന്നു;
കർത്താവ് ഓബേദ്-എദോമിനേയും അവ
ൻെറ കുടുംബത്തെ എല്ലാം അനുഗ്ര
ഹിച്ചു. ദൈവത്തിൻെറ പെട്ടകം നിമിത്തം 12
കർത്താവ് ഓബേദ്-എദോമിൻെറ കുടുംബ
ത്തേയും അവനുള്ള സകലത്തേയും അനു
ഗ്രഹിച്ചു എന്നു ദാവീദ് രാജാവ് അറിഞ്ഞ
പ്പോൾ ദാവീദ് ചെന്ന് ദൈവത്തിൻെറ
പെട്ടകം ഓബേദ്-എദോമിൻെറ വീട്ടിൽ
നിന്നു ദാവീദിൻെറ നഗരത്തിലേക്കു
സന്തോഷപൂർവ്വം കൊണ്ടുവന്നു. കർത്താ 13
വിൻെറ പെട്ടകം ചുമന്നവർ ആറു ചുവടു
നടന്നശേഷം അവൻ ഒരു കാളയെയും തടി
പ്പിച്ച കിടാവിനെയും യാഗം കഴിച്ചു. ദാവീദ്
പഞ്ഞിനൂലങ്കി ധരിച്ചുകൊണ്ടു പൂർണ്ണ 14
ശക്തിയോടെ കർത്താവിൻെറ മുമ്പാകെ

ം ചെയ്തു. അങ്ങനെ ദാവീദും ഇസ്രാ
ഗൃഹമെല്ലാം ആർപ്പോടും കാഹളനാ
ാടുംകൂടെ കർത്താവിൻെറ പെട്ടകം
ുവന്നു. എന്നാൽ കർത്താവിൻെറ
കം ദാവീദിൻെറ നഗരത്തിൽ കട
വാൾ ശൌലിൻെറ മകളായ മീഖൾ
ിൽകൂടി നോക്കി, ദാവീദ്‌രാജാവു
ാവിൻെറ മുമ്പാകെ കുതിച്ചു
ംചെയ്യുന്നതു കണ്ടു. തൻെറ ഹൃദയ
അവനെ നിന്ദിച്ചു. അവർ കർത്താ
റ പെട്ടകം കൊണ്ടുവന്നു ദാവീദ് അതി
ഉണ്ടാക്കിയ കൂടാരത്തിൻെറ നടു
അതിൻെറ സ്ഥാനത്തു വച്ചു; പിന്നെ
കർത്താവിൻെറ സന്നിധിയിൽ ഹോ
ങ്ങളും സമാധാനയാഗങ്ങളും അർപ്പി
ാവീദ് ഹോമയാഗങ്ങളും സമാധാന
ങ്ങളും അർപ്പിച്ചുതീർന്നശേഷം അവൻ
ത്ത ബലവാനായ കർത്താവിൻെറ
ിൽ അനുഗ്രഹിച്ചു. പിന്നെ അവൻ
ായേലിൻെറ സകല ജനത്തിലും
ന്മാർക്കും സ്ത്രീകൾക്കും ആളൊന്നി
ു അപ്പവും ഒരു കഷണം മാംസവും
ുന്തിരിയടയും വീതം കൊടുത്തു,
ല്ലാം സ്വഭവനങ്ങളിലേക്കു പോയി.
രം ദാവീദ് തൻെറ കുടുംബത്തെ
ഹിക്കേണ്ടതിനു മടങ്ങിവന്നപ്പോൾ
ിൻെറ മകളായ മീഖൾ ദാവീദിനെ
രേററുചെന്നു: സാധാരണക്കാരനായ
ൻ സ്വയം അനാവൃതനാക്കുന്നപോ
ന്നു തൻെറ ദാസന്മാരുടെ ദാസികൾ
കെ സ്വയം അനാവൃതനാക്കിയ
യേൽ രാജാവു ഇന്ന് എത്ര മഹത്വ
ൻ എന്നു പറഞ്ഞു. ദാവീദ് മീഖളി
കർത്താവിൻെറ ജനമായ ഇസ്രായേ
പ്രഭുവായി നിയമിപ്പാൻ തക്കവണ്ണം
അപ്പനിലും അവൻെറ സകല ഗൃഹ
ഉപരിയായി എന്നെ തിരഞ്ഞെടു
ക്കുന്ന കർത്താവിൻെറ മുമ്പാകെ,
കർത്താവിൻെറ മുമ്പാകെ ഞാൻ
ചെയ്യും. ഞാൻ ഇനിയും ഇതില
നിസ്സാരനും എൻെറ കാഴ്ചയ്ക്കു
വനുമായിരിക്കും; നീ പറഞ്ഞ ദാസി
ാ എനിക്കു മഹത്വമുണ്ടാകും എന്നു
ു. എന്നാൽ ശൌലിൻെറ മകളായ
നു ജീവാവസാനംവരെ ഒരുകുട്ടിയും
ില്ല.

അദ്ധ്യായം 7

ത്താവു ചുററുമുള്ള സകല ശത്രുക്ക
തോല്പിച്ച് രാജാവിനു സ്വസ്ഥത
നൽകിയശേഷം രാജാവു തൻെറ അരമന
യിൽ വസിക്കുമ്പോൾ ഒരിക്കൽ രാജാവു 2
നാഥാൻ പ്രവാചകനോട്: ഇതാ, ഞാൻ
ദേവദാരുകൊണ്ടുള്ള അരമനയിൽ വസി
ക്കുന്നു; ദൈവത്തിൻെറ പെട്ടകമോ കൂടാര
ത്തിനകത്ത് ഇരിക്കുന്നു! എന്നു പറഞ്ഞു.
നാഥാൻ രാജാവിനോട്: അങ്ങു ചെന്നു 3
അങ്ങയുടെ മനസ്സിലുള്ളതു ചെയ്തുകൊൾ
ക; കർത്താവു അങ്ങയോടുകൂടെ ഉണ്ടു
എന്നു പറഞ്ഞു. എന്നാൽ അന്നു രാത്രി കർ 4
ത്താവിൻെറ അരുളപ്പാടു നാഥാന് ഉണ്ടായ
ത്: എൻെറ ദാസനായ ദാവീദിനോടു നീ 5
ചെന്നു പറയുക: കർത്താവു ഇപ്രകാരം അ
രുളിച്ചെയ്യുന്നു: ഞാൻ അധിവസിക്കേണ്ടതി
നു നീ എനിക്കു ഒരു ആലയം പണിയുമോ?
ഞാൻ ഇസ്രായേൽമക്കളെ മെസ്രേനിൽ 6
നിന്നു പുറപ്പെടുവിച്ച നാൾ മുതൽ ഇന്നു
വരെയും ഞാൻ ഒരു ആലയത്തിൽ അധി
വസിക്കാതെ കൂടാരത്തിലും നിവാസത്തി
ലും അല്ലോ സഞ്ചരിച്ചുവരുന്നതു. എൻെറ 7
ജനമായ ഇസ്രായേലിനെ മേയ്പാൻ ഞാൻ
കല്പിച്ചാക്കിയ ഇസ്രായേൽ ഗോത്രങ്ങ
ളിൽ ഒന്നിനോടു എനിക്കു ദേവദാരുകൊ
ണ്ടു ഒരു ആലയം പണിയാതിരിക്കുന്നതു
എന്തു? എന്നു എല്ലാ ഇസ്രായേല്യരോടും
കൂടെ ഞാൻ സഞ്ചരിച്ചുവന്ന സ്ഥലങ്ങ
ളിൽ എവിടെവച്ചെങ്കിലും ഒരു വാക്കു കല്പി
ച്ചിട്ടുണ്ടോ? ആകയാൽ നീ എൻെറ ദാസ 8
നായ ദാവീദിനോടു പറയേണ്ടത്: ബല
വാനായ കർത്താവ് ഇപ്രകാരം അരുളി
ച്ചെയ്യുന്നു: എൻെറ ജനമായ ഇസ്രായേ
ലിന്മേൽ ഭരണാധിപൻ ആയിരിക്കേണ്ട
തിനു ഞാൻ നിന്നെ പുൽമേട്ടിൽ ആടുക
ളെ മേയിച്ചുനടക്കുമ്പോൾ എടുത്തു. നീ 9
സഞ്ചരിച്ചുവന്ന എല്ലായിടത്തും ഞാൻ
നിന്നോടുകൂടെ ഇരുന്നു നിൻെറ സകല
ശത്രുക്കളെയും നിൻെറ മുമ്പിൽ നിന്നു
ഛേദിച്ചു കളഞ്ഞിരിക്കുന്നു; ഭൂമിയിലുള്ള
മഹാന്മാരുടെ പേരുപോലെ ഞാൻ നിൻെറ
പേരു വലുതാക്കും. ഞാൻ പ്രസാദിച്ച് 10
എൻെറ ജനമായ ഇസ്രായേലിനു ഒരു
സ്ഥലം കല്പിച്ചുകൊടുക്കയും അവർ
സ്വന്തസ്ഥലത്തു പാർത്ത് അവിടെനിന്നു
ഇളകാതിരിക്കത്തക്കവണ്ണം അവരെ നടു
കയും ചെയ്യും. പണ്ടത്തെപ്പോലെയും
എൻെറ ജനമായ ഇസ്രായേലിനു ഞാൻ
ന്യായാധിപന്മാരെ കല്പിച്ചാക്കിയ കാല
ത്തെപ്പോലെയും ഇനി ദുഷ്ടന്മാർ അവരെ
പീഡിപ്പിക്കുകയില്ല. ഞാൻ നിൻെറ സകല 11
ശത്രുക്കളെയും തോല്പിച്ച് നിനക്കു സമാ

ധാനം നൽകും. അത്രയുമല്ല, കർത്താവു നി
നക്ക് ഒരു ഗൃഹം ഉണ്ടാക്കുമെന്നു കർത്താ
12 വു നിന്നോടു അറിയിക്കുന്നു. നിന്റെ കടി
പ്രദേശത്തു(ബീജത്തിൽ) നിന്നു പുറപ്പെടു
വാനിരിക്കുന്ന സന്തതിയെ നിന്റെ ആയു
ഷ്കാലം തികഞ്ഞ് നിന്റെ പിതാക്കന്മാ
രോടു കൂടെ നീ നിദ്രകൊള്ളുമ്പോൾ ഞാൻ
നിനക്കു പിൻഗാമിയായി സ്ഥിരപ്പെടുത്തു
കയും അവന്റെ രാജത്വം ഉറപ്പിക്കുകയും
13 ചെയ്യും. അവൻ എന്റെ നാമത്തിനു ഒരു
ആലയം പണിയും; അവന്റെ രാജത്വത്തി
ന്റെ സിംഹാസനം ഞാൻ എന്നേക്കും
14 സുസ്ഥിരമാക്കും. ഞാൻ അവനു പിതാവും
അവൻ എനിക്കു പുത്രനും ആയിരിക്കും;
അവൻ കുററം ചെയ്താൽ ഞാൻ അവനെ
മനുഷ്യരുടെ വടികൊണ്ടും മനുഷ്യപുത്ര
15 ന്മാരുടെ അടികൊണ്ടും ശിക്ഷിക്കും. എങ്കി
ലും നിന്റെ മുമ്പിൽ നിന്നു ഞാൻ തള്ളിക്ക
ളഞ്ഞ ശൌലിൽനിന്നു ഞാൻ എന്റെ ദയ
നീക്കിയതുപോലെ അതു അവനിൽ നിന്നു
16 നീങ്ങിപ്പോകുകയില്ല. നിന്റെ ഗൃഹവും
നിന്റെ രാജത്വവും എന്റെ മുമ്പാകെ
എന്നേക്കും സ്ഥിരമായിരിക്കും; നിന്റെ
സിംഹാസനവും എന്നേക്കും ഉറച്ചിരിക്കും."
17 ഈ സകല വാക്കുകളും ദർശനവും അനു
സരിച്ച് നാഥാൻ ദാവീദിനോടു സംസാരിച്ചു.
18 അപ്പോൾ ദാവീദ് രാജാവു അക
ത്തു ചെന്നു കർത്തൃസന്നിധിയിൽ
ഇരുന്നുകൊണ്ടു പറഞ്ഞു: കർത്താവായ
ദൈവമേ, നീ എന്നെ ഇത്രത്തോളം
19 കൊണ്ടുവരുവാൻ ഞാൻ ആർ? എന്റെ
ഗൃഹവും എത്ര നിസ്സാരം? കർത്താവായ
ദൈവമേ, ഇതും പോരാ എന്നു നിനക്കു
തോന്നിയിട്ടു വരുവാനുള്ള ദീർഘകാല
ത്തേക്കു അടിയന്റെ ഗൃഹത്തെക്കുറിച്ചും
നീ അരുളിച്ചെയ്തിരിക്കുന്നു. കർത്താവായ
ദൈവമേ, ഇതു മനുഷ്യർക്കു ഉപദേശ
20 മല്ലോ? ദാവീദ് ഇനി നിന്നോടു എന്തു
21 പറയേണ്ടു? കർത്താവായ ദൈവമേ, നീ
അടിയനെ അറിയുന്നു. നിന്റെ വചനം
നിമിത്തവും നിന്റെ പ്രസാദപ്രകാരവും
ആണല്ലോ നീ ഈ വലിയ കാര്യം എല്ലാം
ചെയ്തു അടിയനെ അറിയിച്ചിരിക്കുന്നതു.
22 അതുകൊണ്ടു കർത്താവായ ദൈവമേ, നീ
വലിയവൻ ആകുന്നു; നിന്നെപ്പോലെ ആരു
മില്ല; ഞങ്ങൾ സ്വന്ത ചെവികൊണ്ടു കേട്ട
തെല്ലാം ഓർത്താൽ നീ അല്ലാതെ ഒരു
23 ദൈവവും ഇല്ല. നിനക്കു ജനമായി വീണ്ടെ
ടുപ്പാനും നിനക്കു ഒരു നാമം നിലനിർത്തു
വാനും നിന്റെ ജനമായ ഇസ്രായേലിനു
തുല്യമായി ഭൂമിയിൽ ഏതൊരു ജാതി
യുള്ളു? ദൈവമേ, നീ മെസ്രേനിൽനിന്നും
ജാതികളുടെയും അവരുടെ ദേവന്മാരു
ടെയും കീഴിൽനിന്നും നിനക്കായി വീണ്ടെടു
ത്തിരിക്കുന്ന നിന്റെ ജനം കാൺകെ അവർ
ക്കുവേണ്ടി വലിയ കാര്യവും അവരുടെ
ദേശത്തിനുവേണ്ടി ഭയങ്കര കാര്യങ്ങളും
പ്രവർത്തിച്ചുവല്ലോ. നിന്റെ ജനമായ 24
ഇസ്രായേലിനെ നിനക്ക് എന്നേക്കും ജന
മായിരിപ്പാൻ നീ നിനക്കായി സ്ഥിരപ്പെടു
ത്തി. കർത്താവേ, നീ അവർക്കു ദൈവമായി
ത്തീർന്നു. ഇപ്പോഴും കർത്താവായ ദൈവ 25
മേ, നീ അടിയനേയും അടിയന്റെ ഗൃഹ
ത്തേയും കുറിച്ചു അരുളിച്ചെയ്ത വചനത്തെ
എന്നേക്കും ഉറപ്പാക്കി അരുളപ്പാടുപോലെ
ചെയ്യണമെ. "ബലവാനായ കർത്താവു, 26
ഇസ്രായേലിനു ദൈവം" എന്നിങ്ങനെ
നിന്റെ നാമം മഹത്വീകരിക്കപ്പെടുമാറാ
കട്ടെ; നിന്റെ ദാസനായ ദാവീദിന്റെ
ഗൃഹം നിന്റെ മുമ്പാകെ സ്ഥിരമായിരി
ക്കട്ടെ. ഞാൻ നിനക്കു ഒരു ഗൃഹം പണി 27
യുമെന്നു നീ അടിയനു വെളിപ്പെടുത്തി
യതുകൊണ്ടു, ഇസ്രായേലിന്റെ ദൈവമാ
യ ബലവാനായ കർത്താവേ, നിന്നോട് ഈ
പ്രാർത്ഥന കഴിപ്പാൻ അടിയൻ ധൈര്യ 28
പ്പെട്ടു. കർത്താവായ ദൈവമേ, നീ തന്നെ
ദൈവം; നിന്റെ വചനങ്ങൾ സത്യം ആകു
ന്നു; അടിയനു ഈ നന്മയെ നീ വാഗ്ദാനം
ചെയ്യുമിരിക്കുന്നു. ആകയാൽ അടിയന്റെ 29
ഗൃഹം തിരുമുമ്പിൽ എന്നേക്കും ഇരിക്കേ
ണ്ടതിനു പ്രസാദം തോന്നി അനുഗ്രഹിക്ക
ണമേ; കർത്താവായ ദൈവമേ, നീ അങ്ങ
നെ അരുളിച്ചെയ്തിട്ടുണ്ടല്ലോ; നിന്റെ അനു
ഗ്രഹത്താൽ അടിയന്റെ ഗൃഹം എന്നേക്കും
അനുഗ്രഹിക്കപ്പെട്ടിരിക്കും.

അദ്ധ്യായം 8

അനന്തരം ദാവീദ് ഫെലിസ്ത്യരെ ജയിച്ച് 1
അവരെ തകർത്തു, മെത്തേഗ് അമ്മാ ഫെലി
സ്ത്യരുടെ കയ്യിൽ നിന്നു കരസ്ഥമാക്കി. 2
അവൻ മോവാബ്യരേയും തോല്പിച്ചു;
അവരെ നിലത്തു കിടത്തി ചരടുകൊണ്ട്
അളന്നു; കൊല്ലുവാൻ രണ്ടു ചരടും ജീവ
നോടെ രക്ഷിപ്പാൻ ഒരു ചരടുമായി അവൻ
അള ന്നു. അങ്ങനെ മോവാബ്യർ ദാവീദിനു 3
ദാസന്മാരായി കപ്പം കൊടുത്തുവന്നു.
രെഹോബിന്റെ മകനായി സോബ
രാജാവായ ഹദദസർ യൂഫ്രട്ടീസ് നദീതീര
ത്തുള്ള തന്റെ ആധിപത്യം ഉറപ്പിക്കുവാൻ
പോയപ്പോൾ ദാവീദ് അവനെ തോല്പിച്ചു.

ന്റെ ആയിരംരഥങ്ങളും എഴുനൂറു
ാപ്പടയേയും ഇരുപതിനായിരം കാലാ
ളയും ദാവീദ് പിടിച്ചു; രഥങ്ങളിൽ
ാത്രം നീക്കിവച്ച് ശേഷം എല്ലാം നശി
സോബരാജാവായ ഹദദേസരിനെ
ായിപ്പാൻ ദമസ്ക്കോസിനോടു
ന് അരാമ്യർ വന്നപ്പോൾ ദാവീദ് അരാ
ഇരുപത്തീരായിരം പേരെ സംഹരി
ിന്നെ ദാവീദ് ദമസ്ക്കോസിനോടു
ന്ന അരാമിൽ കാവൽ പട്ടാളത്തെ
ിച്ചു; അരാമ്യരും ദാവീദിനു ദാസന്മാ
ത്തീർന്നു കപ്പം കൊടുത്തുവന്നു.
ാന ദാവീദ് ചെന്നേടത്തെല്ലാം
ാവു അവനു വിജയം നൽകി. ഹദദേ
ന്റെ ഭൃത്യന്മാർക്കു ഉണ്ടായിരുന്ന
പരിചകളെ ദാവീദ് എടുത്തു യെറു
ിലേക്കു കൊണ്ടുവന്നു. ഹദദേസ
പട്ടണങ്ങളായ ബേതഹിൽനിന്നും
ാതായിൽ നിന്നും ദാവീദ് രാജാവു
താമ്രവും കൊണ്ടുവന്നു. ദാവീദ്
സരിന്റെ സർവ്വസൈന്യത്തെയും
പിച്ചു എന്നു ഹമാത്ത് രാജാവായ
ി, കേട്ടപ്പോൾ ദാവീദ് രാജാവിനോടു
ം ചോദിപ്പാനും അവൻ ഹദദേസരി
യുദ്ധം ചെയ്തു അവനെ തോല്പിച്ചതു
ടു അവനെ അഭിനന്ദിപ്പാനും തോയി
മകൻ യോരാമിനെ രാജാവിന്റെ
ൽ അയച്ചു; ഹദദേസരിന്നു തോയി
പലപ്പോഴും യുദ്ധമുണ്ടായിരുന്നു.
ം വെള്ളി, പൊന്നു, താമ്രം എന്നിവ
ടുള്ള സാധനങ്ങൾകൊണ്ടു വന്നു.
രാജാവു ഇവയെ അരാമ്യർ, മോവാ
അമ്മോന്യർ, ഫെലിസ്ത്യർ, അമാലേ
ന്നിങ്ങനെ താൻ കീഴടക്കിയ സകല
കളുടെയും പക്കൽനിന്നും രെഹോബി
കനായി സോബ രാജാവായ ഹദദസേ
യും കൊള്ളയിൽനിന്നും എടുത്തു
ധീകരിച്ച വെള്ളിയോടും പൊന്നി
ംകൂടെ കർത്താവിന്നു വിശുദ്ധീക
പിന്നെ ദാവീദ് ഉപ്പുതാഴ്വരയിൽ
പതിനെണ്ണായിരം അരാമ്യരെ സംഹ
അവൻ എദോമിൽ കാവൽപട്ടാളത്തെ
സിച്ചു; എദോമിൽ എല്ലാ സ്ഥലത്തും
കാവൽപട്ടാളത്തെ പാർപ്പിച്ചു;
മ്യരെല്ലാം ദാവീദിനു ദാസന്മാരായി
ന്നു; ദാവീദ് ചെന്നിടത്തെല്ലാം
ാവു അവനു വിജയം നൽകി.
ങ്ങനെ ദാവീദ് എല്ലാ ഇസ്രായേലി
ഭരിച്ചു; ദാവീദ് തന്റെ സകല ജന
ം നീതിയും ന്യായവും നടത്തി. സെരു
യയുടെ മകൻ യോവാബ് സേനാധിപനും
അഹീലൂദിന്റെ മകൻ യെഹോശാഫാത്
മന്ത്രിയും ആയിരുന്നു. അഹീതൂബിന്റെ 17
മകൻ സാദോക്കും അബ്യാഥാരിന്റെ മകൻ
അഹീമേലെക്കും പുരോഹിതന്മാരും സെരാ
യാ എഴുത്തുകാരനും ആയിരുന്നു. യെ 18
ഹോയാദയുടെ മകൻ ബെനായാ ക്രേ
ത്യർക്കും പ്ലേത്യർക്കും അധിപതി ആയിരു
ന്നു; ദാവീദിന്റെ പുത്രന്മാരോ പ്രധാനികളാ
യിരുന്നു.

അദ്ധ്യായം 9

അനന്തരം ദാവീദ്: ഞാൻ യോനാഥാനെ 1
പ്രതി ദയ കാണിക്കേണ്ടതിനു ശൌലിന്റെ
കുടുംബത്തിൽ ആരെങ്കിലും ശേഷിച്ചിരി
ക്കുന്നുവോ എന്ന് അന്വേഷിച്ചു. ശൌലി 2
ന്റെ ഗൃഹത്തിൽ സീബാ എന്നു പേരുള്ള
ഒരു ഭൃത്യൻ ഉണ്ടായിരുന്നു; അവനെ ദാവീ
ദിന്റെ അടുക്കൽ വിളിച്ചുവരുത്തി; രാജാവ്
അവനോടു: നീ സീബയോ? എന്നു ചോദി
ച്ചു. അടിയൻ എന്നു അവൻ പറഞ്ഞു. ഞാൻ 3
ദൈവത്തിന്റെ ദയ കാണിക്കേണ്ടതിനു
ശൌലിന്റെ കുടുംബത്തിൽ ആരെങ്കിലും
ഉണ്ടോ? എന്നു രാജാവു ചോദിച്ചു: രണ്ടു
കാലും മുടന്തായിട്ടു യോനാഥാന്റെ ഒരു
മകൻ ഉണ്ട് എന്നു സീബാ രാജാവിനോടു
പറഞ്ഞു. അവൻ എവിടെ? എന്നു രാജാവു 4
ചോദിച്ചു: ലോദെബാരിൽ അമ്മീയേലിന്റെ
മകനായ മാഖീരിന്റെ വീട്ടിൽ ഉണ്ട് എന്നു
സീബാ, രാജാവിനോടു പറഞ്ഞു. അപ്പോൾ 5
ദാവീദ് രാജാവു ആളയച്ചു, ലോദെബാരിൽ
അമ്മീയേലിന്റെ മകനായ മാഖീരിന്റെ
വീട്ടിൽനിന്ന് അവനെ വരുത്തി. ശൌലി 6
ന്റെ മകനായ യോനാഥാന്റെ മകൻ
മെഫീബോശെത്ത് ദാവീദിന്റെ അടുക്കൽ
വന്നു സാഷ്ടാംഗം വീണു നമസ്ക്കരിച്ചു.
ദാവീദ്: മെഫീബോശെത്തേ എന്നു വിളിച്ച
തിന് അടിയൻ എന്നു അവൻ പറഞ്ഞു.
ദാവീദ് അവനോടു: ഭയപ്പെടേണ്ടാ; നിന്റെ 7
പിതാവായ യോനാഥാനെ ഓർത്ത് ഞാൻ
നിന്നോടു ദയ കാണിച്ച് നിന്റെ പിതാവായ
ശൌലിന്റെ നിലം എല്ലാം നിനക്കു മടക്കി
ത്തരുന്നു; നീയോ ദിവസവും എന്റെ മേശ
യിങ്കൽ ഭക്ഷണം കഴിച്ചുകൊള്ളണം എന്നു
പറഞ്ഞു. അവൻ നമസ്ക്കരിച്ചുംകൊണ്ടു: 8
ചത്ത നായെപ്പോലെ ഇരിക്കുന്ന അടിയനെ
അങ്ങ് കടാക്ഷിപ്പാൻ അടിയൻ എന്തുള്ളു
എന്നു പറഞ്ഞു. അപ്പോൾ രാജാവു ശൌലി 9
ന്റെ ഭൃത്യനായ സീബയെ വിളിപ്പിച്ച് അവ
നോടു കല്പിച്ചു: ശൌലിനും അവന്റെ

സകല ഗൃഹത്തിനും ഉള്ളതെല്ലാം ഞാൻ
നിൻെറ യജമാനൻെറ മകനു കൊടുത്തിരി
10 ക്കുന്നു. നീയും നിൻെറ പുത്രന്മാരും വേല
ക്കാരും നിൻെറ യജമാനൻെറ മകനു ഭക്ഷി
പ്പാൻ ആഹാരമുണ്ടാകേണ്ടതിനു അവനു
വേണ്ടി ആ നിലം കൃഷിചെയ്തു അനുഭവം
എടുക്കണം; നിൻെറ യജമാനൻെറ മകനാ
യ മെഫീബോശെത്ത് എന്നും എൻെറ മേശ
യിങ്കൽ ഭക്ഷണം കഴിച്ചുകൊള്ളും. സീബെ
ക്കു പതിനഞ്ചു പുത്രന്മാരും ഇരുപതു വേല
11 ക്കാരും ഉണ്ടായിരുന്നു. രാജാവായ യജമാ
നൻ അടിയനോടു കല്പിക്കുന്നതെല്ലാം
അടിയൻ ചെയ്യും എന്നു സീബാ രാജാ
12 വിനോടു പറഞ്ഞു. മെഫീബോശെത്തോ
രാജകുമാരന്മാരിൽ ഒരുവൻ എന്നപോലെ
ദാവീദിൻെറ മേശയിങ്കൽ ഭക്ഷണം കഴിച്ചു
പോന്നു. മെഫീബോശെത്തിന് ഒരു ബാല
നായ മകൻ ഉണ്ടായിരുന്നു; അവനു മീഖാ
എന്നു പേർ. സീബയുടെ വീട്ടിലുള്ളവരെ
ല്ലാം മെഫീബോശെത്തിനു ഭൃത്യന്മാരായി
13 ത്തീർന്നു. ഇങ്ങനെ മെഫീബോശെത്ത്
യെറുശലേമിൽതന്നെ വസിച്ചു രാജാവി
ൻെറ മേശയിങ്കൽ ഭക്ഷണം കഴിച്ചുപോന്നു;
അവൻെറ രണ്ടു കാലും മുടന്തായിരുന്നു.

അദ്ധ്യായം 10

1 അതിൻെറ ശേഷം അമ്മോന്യരുടെ
രാജാവു മരിച്ചു; അവൻെറ മകനായ ഹാ
2 നൂൻ അവനു പകരം രാജാവായി. അപ്പോൾ
ദാവീദ്: ഹാനൂൻെറ പിതാവായ നാഹാശ്
എന്നോടു ദയ ചെയ്തതുപോലെ അവൻെറ
മകനു ഞാനും ദയ ചെയ്യും എന്നു പറഞ്ഞു.
അവൻെറ പിതാവിനെക്കുറിച്ചു അവനോടു
ആശ്വാസവാക്കു പറയുവാൻ തൻെറ
3 ഭൃത്യന്മാരെ പറഞ്ഞയച്ചു. ദാവീദിൻെറ
ഭൃത്യന്മാർ അമ്മോന്യരുടെ ദേശത്ത്
എത്തിയപ്പോൾ അമ്മോന്യപ്രഭുക്കന്മാർ
തങ്ങളുടെ യജമാനനായ ഹാനൂനോടു:
ദാവീദ് നിൻെറ പിതാവിനെ ബഹുമാനി
ച്ചാകുന്നു ആശ്വസിപ്പിക്കുന്നവരെ നിൻെറ
അടുക്കൽ അയച്ചത് എന്നു തോന്നുന്നു
വോ? പട്ടണത്തെ ശോധനചെയ്തു ഒററു
നോക്കുവാനും അതിനെ നശിപ്പിച്ചുകളയു
വാനും അല്ലയോ ദാവീദ് ഭൃത്യന്മാരെ നി
ൻെറ അടുക്കൽ അയച്ചതു? എന്നു പറ
4 ഞ്ഞു. അപ്പോൾ ഹാനൂൻ ദാവീദിൻെറ ഭൃ
ത്യന്മാരെ പിടിച്ചു അവരുടെ താടി പകുതി
വടിപ്പിച്ചു അവരുടെ അങ്കികൾ നടുവിൽ
ആസനംവരെ മുറിപ്പിച്ച് അവരെ അയച്ചു.
5 ദാവീദ്‌രാജാവു ഇതു അറിഞ്ഞപ്പോൾ ആ
പുരുഷന്മാർ ഏററവും ലജ്ജിച്ചിരുന്നതു
കൊണ്ടു അവരുടെ അടുക്കൽ ആളയച്ചു:
നിങ്ങളുടെ താടി വളരുംവരെ യെരീഹോ
യിൽ താമസിപ്പിൻ; പിന്നെ മടങ്ങിവരാം
എന്നു പറയിച്ചു. തങ്ങൾ ദാവീദിനു വെറു 6
പ്പുള്ളവരായിത്തീർന്നു എന്നു അമ്മോന്യർ
കണ്ടപ്പോൾ അവർ ആളയച്ചു ബേത്ത്-
രെഹോബിലെ അരാമ്യരിൽനിന്നും സോ
ബയിലെ അരാമ്യരിൽനിന്നും ഇരുപതി
നായിരം കാലാളുകളെയും ആയിരം പേരു
മായി മാഖാരാജാവിനെയും തോബിൽ
നിന്നു പന്തീരായിരം പേരെയും കൂലിക്കു
വരുത്തി. ദാവീദ് അതു കേട്ടപ്പോൾ യോവാ 7
ബിനെയും രണശൂരന്മാരുടെ സൈന്യത്തെ
യും അയച്ചു. അമ്മോന്യരും പുറപ്പെട്ടു പട്ട 8
ണവാതില്ക്കൽ യുദ്ധസന്നദ്ധരായി;
എന്നാൽ സോബയിലെയും രെഹോബി
ലെയും അദോമ്യരും തോബ്യരും മാഖ്യരും
തനിച്ചു വെളിമ്പ്രദേശത്തായിരുന്നു. തൻെറ 9
മുമ്പിലും പിമ്പിലും സൈന്യം നിരന്നിരി
ക്കുന്നു എന്നു കണ്ടപ്പോൾ യോവാബ്
ഇസ്രായേലിൻെറ സകല വീരന്മാരിൽ
നിന്നും ഒരു വ്യൂഹത്തെ തിരഞ്ഞെടുത്തു
അദോമ്യരുടെ നേരെ അണിനിരത്തി. ശേഷം 10
സൈന്യത്തെ അമ്മോന്യരുടെ നേരെ
നിർത്തേണ്ടതിനു തൻെറ സഹോദരനായ
അബീശായിയെ ഏല്പിച്ച് അവനോടു: അ
ദോമ്യർ എൻെറ നേരെ പ്രബലപ്പെട്ടാൽ നീ 11
എന്നെ സഹായിക്കണം; അമ്മോന്യർ നി
ൻെറ നേരെ പ്രാബല്യം പ്രാപിച്ചാൽ ഞാൻ
വന്നു നിനക്കു സഹായം ചെയ്യും, ധൈര്യ
മായിരിക്കുക; നാം നമ്മുടെ ജനത്തിനും 12
നമ്മുടെ ദൈവത്തിൻെറ പട്ടണങ്ങൾക്കും
വേണ്ടി പുരുഷത്വം കാണിക്കുക; ദൈവം
തനിക്കു ഇഷ്ടമായതു ചെയ്യുമാറാകട്ടെ
എന്നു പറഞ്ഞു. പിന്നെ യോവാബും 13
കൂടെയുള്ള ജനവും അരാമ്യരോടു
യുദ്ധത്തിന് അടുത്തു; അവർ അവൻെറ
മുമ്പിൽനിന്ന് ഓടിപ്പോയി. അരാമ്യർ
ഓടിപ്പോയി എന്നു കണ്ടപ്പോൾ അമ്മോന്യ 14
രും അബീശായിയുടെ മുമ്പിൽനിന്നു ഓടി
പട്ടണത്തിൽ കടന്നു. യോവാബ് അമ്മോ
ന്യരെ വിട്ടു യെറുശലേമിലേക്കു മടങ്ങി
പ്പോന്നു. തങ്ങൾ ഇസ്രായേലിനോടു 15
തോററു പോയി എന്നു അരാമ്യർ കണ്ടിട്ടു
അവർ ഒന്നിച്ചുകൂടി. ഹദദേസർ ആളയച്ചു 16
നദിക്കു അക്കരെയുള്ള അരാമ്യരെ വരുത്തി;
അവർ ഹേലാമിലേക്കു വന്നു; ഹദദേസ
രിൻെറ സേനാപതിയായ ശോബക് അവ
രുടെ നായകനായിരുന്നു. അതു ദാവീദ് 17

...ത്തപ്പോൾ അവൻ എല്ലാ ഇസ്രാ
...രേയും കൂട്ടി വരുത്തി യോർദ്ദാൻ
...ു ഹേലാമിൽ ചെന്നു. അപ്പോൾ
...മ്യർ ദാവീദിന്റെ നേരെ അണി
...ു യുദ്ധം തുടങ്ങി. അരാമ്യർ ഇസ്രാ
...ന്റെ മുമ്പിൽനിന്നു ഓടിപ്പോയി;
...് അരാമ്യരിൽ എഴുനൂറു തേരാളി
...യും നാല്പതിനായിരം കുതിരപ്പടയാ
...യും കൊന്നു, അവരുടെ സേനാപതി
...ക്കിനെയും വെട്ടിക്കൊന്നു. എന്നാൽ
...സരിന്റെ ആശ്രിതന്മാരായ സകല
...ക്കന്മാരും തങ്ങൾ ഇസ്രായേലിനോടു
...ു എന്നു കണ്ട് ഇസ്രായേല്യരുമായി
...ി ചെയ്തു അവരെ സേവിച്ചു. അതിൽ
... അമ്മോന്യർക്കു സഹായം ചെ
...് അരാമ്യർ ഭയപ്പെട്ടു.

അദ്ധ്യായം 11

...ടുത്ത വർഷം രാജാക്കന്മാർ യുദ്ധ
... പുറപ്പെടുന്ന കാലത്ത് ദാവീദ് യോ
...നെയും അവനോടുകൂടെ തന്റെ
...കരെയും എല്ലാ ഇസ്രായേലിനെയും
...ു; രബ്ബാ പട്ടണം നിരോധിച്ചു. ദാവീ
...യറുശലേമിൽതന്നെ താമസിച്ചു.
...ു ദിവസം സന്ധ്യാസമയത്തു ദാവീദ്
...യിൽനിന്ന് എഴുന്നേററു രാജഗൃഹ
...ന്റെ മാളികയിൽ നടന്നുകൊണ്ടിരി
...പാൾ ഒരു സ്ത്രീ കുളിക്കുന്നതു മാളി
... നിന്നു കണ്ടു; ആ സ്ത്രീയോ അതി
...ി ആയിരുന്നു; ദാവീദ് ആളയച്ച് ആ
...പ്പററി അന്വേഷിച്ചു. അവൾ എലീ
...ന്റെ മകളും ഹിത്യനായ ഊരിയാ
... ഭാര്യയുമായ ബത്ത്-ശേബയാണ്
...അറിഞ്ഞു. ദാവീദ് ദൂതന്മാരെ അയച്ചു
...ു വരുത്തി; അവൾ അവന്റെ അടു
...വന്നു; അവൾക്കു ഋതുശുദ്ധി വന്നി
...ുകൊണ്ടു അവൻ അവളോടുകൂടെ
...; അവൾ തന്റെ വീട്ടിലേക്കു മടങ്ങി
... ആ സ്ത്രീ ഗർഭം ധരിച്ചു, താൻ ഗർഭി
...ായിരിക്കുന്നു എന്നു ദാവീദിനെ
...റിയിച്ചു. അപ്പോൾ ദാവീദ് ഹിത്യ
...ഊരിയായെ തന്റെ അടുക്കൽ അയ
...യോവാബിനു കല്പന അയച്ചു.
... തന്റെ അടുക്കൽ വന്നപ്പോൾ
... അവനോടു യോവാബിന്റെയും
...ത്തിന്റെയും സുഖവർത്തമാനവും
...തിന്റെ വസ്തുതയും ചോദിച്ചു.
... ദാവീദ് ഊരിയായോടു: നീ വീട്ടിൽ
... കാലുകളെ കഴുകുക എന്നു പറ
...ഊരീയ രാജഗൃഹത്തിൽനിന്നു

പുറപ്പെട്ടപ്പോൾ രാജാവിന്റെ സമ്മാനം
അവന്റെ പിന്നാലെ ചെന്നു. ഊരിയാ 9
തന്റെ വീട്ടിൽ പോകാതെ യജമാനന്റെ
സകല ഭൃത്യന്മാരോടുംകൂടെ രാജഗൃഹ
ത്തിന്റെ വാതില്ക്കൽ കിടന്നുറങ്ങി.
ഊരിയാ വീട്ടിൽ പോയില്ല എന്നറിഞ്ഞ 10
പ്പോൾ ദാവീദ് ഊരിയായോടു: നീ യാത്ര
ചെയ്തു വന്നവനല്ലയോ? നിന്റെ വീട്ടിൽ
പോകാതെ ഇരുന്നതു എന്തു എന്നു ചോദി
ച്ചു. ഊരീയാ ദാവീദിനോടു: നിയമപെട്ടക 11
വും ഇസ്രായേലും യെഹൂദയും കൂടാരങ്ങ
ളിൽ വസിക്കുന്നു; എന്റെ യജമാനനായ
യോവാബും യജമാനന്റെ ഭൃത്യന്മാരും
വെളിമ്പ്രദേശത്തു പാളയമിറങ്ങിക്കിട
ക്കുന്നു; അങ്ങനെയിരിക്കെ ഞാൻ ഭക്ഷി
പ്പാനും കുടിപ്പാനും എന്റെ ഭാര്യയോടു
കൂടെ ശയിപ്പാനും എന്റെ വീട്ടിൽ കടക്കു
മോ? അങ്ങയാണ, അങ്ങയുടെ ജീവനാണ,
അതു ഞാൻ ചെയ്യുകയില്ല എന്നു പറഞ്ഞു.
അപ്പോൾ ദാവീദ് ഊരിയായോടു: നീ ഇന്നും 12
ഇവിടെ താമസിക്കുക; നാളെ ഞാൻ നിന്നെ
പറഞ്ഞയയ്ക്കും എന്നു പറഞ്ഞു. അങ്ങനെ
ഊരിയാ അന്നും യറുശലേമിൽ താമസി
ച്ചു. പിറ്റെന്നാൾ ദാവീദ് അവനെ വിളിച്ചു; 13
അവൻ അവന്റെ മുമ്പാകെ ഭക്ഷിച്ചു പാനം
ചെയ്തു; അവൻ അവനെ ലഹരിപിടിപ്പിച്ചു;
എങ്കിലും അവൻ വീട്ടിലേക്കു പോകാതെ
സന്ധ്യക്കു ചെന്നു യജമാനന്റെ ഭൃത്യന്മാ
രോടുകൂടെ കിടന്നു. രാവിലെ ദാവീദ് യോ 14
വാബിനു ഒരു എഴുത്തു എഴുതി ഊരിയാ
യുടെ കയ്യിൽ കൊടുത്തയച്ചു. എഴുത്തിൽ: 15
യുദ്ധം കഠിനമായിരിക്കുന്നേടത്തു ഊരി
യായെ മുന്നണിയിൽ നിർത്തി അവൻ
വെട്ടുകൊണ്ടു മരിക്കത്തക്കവണ്ണം അവനെ
വിട്ടു പിന്മാറിക്കൊള്ളണം എന്ന് എഴുതി
യിരുന്നു. അങ്ങനെ തന്നെ യോവാബ് ആ 16
പട്ടണത്തെ സൂക്ഷിച്ചുനോക്കി ശൂരന്മാർ
നില്ക്കുന്നതായി കണ്ട സ്ഥലത്തു ഊരീ
യായെ നിർത്തി, പട്ടണക്കാർ പുറപ്പെട്ട് 17
യോവാബിനോടു യുദ്ധം ചെയ്തപ്പോൾ
ദാവീദിന്റെ സേവകരായ സൈന്യത്തിൽ
ചിലർ മരിച്ചുപോയി; ഹിത്യനായി ഊരീ
യായും മരിച്ചു. പിന്നെ യോവാബ് ആ 18
യുദ്ധവർത്തമാനമെല്ലാം ദാവീദിനെ അറി
യിപ്പാൻ ആളയച്ചു. അവൻ ദൂതനോടു 19
കല്പിച്ചത് എന്തെന്നാൽ: നീ യുദ്ധവാർത്ത
എല്ലാം രാജാവിനോടു പറഞ്ഞുതീരുമ്പോൾ
രാജാവിന്റെ കോപം ജ്വലിച്ചു: നിങ്ങൾ 20
പട്ടണത്തോടു ഇത്ര അടുത്തുചെന്നു യുദ്ധം
ചെയ്തത് എന്ത്? മതിലിന്മേൽ നിന്നു അവർ

എയ്യുമെന്നു നിങ്ങൾക്കു അറിഞ്ഞുകൂട
21 യോ? നെദുബ്ബേലിൻെറ മകനായ അബീ
മേലെക്കിനെ കൊന്നതു ആർ? ഒരു സ്ത്രീ
മതിലിന്മേൽനിന്നു തിരികല്ലിൻപിള്ള അവ
ൻെറ മേൽ ഇട്ടതുകൊണ്ടല്ലയോ അവൻ
തേബെസിൽവെച്ചു മരിച്ചതു? നിങ്ങൾ
മതിലിനോടു ഇത്ര അടുത്തു ചെന്നതു
എന്തു എന്നിങ്ങനെ നിന്നോടു പറഞ്ഞാൽ:
നിൻെറ ഭൃത്യൻ ഹിത്യനായ ഊരിയായും
22 മരിച്ചുപോയി എന്നു പറക. ദൂതൻ ചെന്നു
യോവാബു പറഞ്ഞയച്ച വാർത്തയെല്ലാം
23 ദാവീദിനെ അറിയിച്ചു. ദൂതൻ ദാവീദിനോടു
പറഞ്ഞതെന്തെന്നാൽ: ആ കൂട്ടർ പ്രാബല്യം
പ്രാപിച്ചു വെളിമ്പ്രദേശത്തേക്കു ഞങ്ങളുടെ
നേരെ പുറപ്പെട്ടു വന്നതിനാൽ ഞങ്ങൾ
പട്ടണവാതില്ക്കലോളം അവരെ പിന്തു
24 ടർന്നടുത്തുപോയി. അപ്പോൾ വില്ലാളികൾ
മതിലിന്മേൽ നിന്നു അങ്ങയുടെ സേവകരെ
എയ്തു, രാജാവിൻെറ സേവകരിൽ ചിലർ
മരിച്ചു. അങ്ങയുടെ ഭൃത്യൻ ഹിത്യനായ
25 ഊരിയായും മരിച്ചു. അതിനു ദാവീദ് ദൂത
നോടു: ഈ കാര്യത്തിൽ വ്യസനിക്കേണ്ട;
വാൾ അങ്ങും ഇങ്ങും നാശംചെയ്യും; പട്ടണ
ത്തിൻെറ നേരെ ശക്തിയോടെ പൊരുതു
അതിനെ നശിപ്പിച്ചുകളയുക എന്നു നീ യോ
വാബിനോടു പറഞ്ഞ് അവനെ ധൈര്യ
26 പ്പെടുത്തണം എന്നു കല്പിച്ചു. ഊരിയാ
യുടെ ഭാര്യ തൻെറ ഭർത്താവായ ഊരീയാ
മരിച്ചുപോയി എന്നു കേട്ടപ്പോൾ ഭർത്താ
27 വിനെ ഓർത്തു വിലപിച്ചു. വിലാപകാലം
കഴിഞ്ഞശേഷം ദാവീദ് ആളയച്ചു അവളെ
അരമനയിൽ വരുത്തി; അവൾ അവൻെറ
ഭാര്യയായി, അവന് ഒരു മകനെ പ്രസവിച്ചു.
എന്നാൽ ദാവീദ് ചെയ്തതു കർത്താവിനു
അനിഷ്ടമായിരുന്നു.

അദ്ധ്യായം 12

1 കർത്താവു നാഥാനെ ദാവീദിൻെറ അടു
ക്കൽ അയച്ചു. അവൻ അവൻെറ അടുക്കൽ
ചെന്ന് അവനോടു പറഞ്ഞു: ഒരു പട്ടണ
ത്തിൽ രണ്ടു പുരുഷന്മാർ ഉണ്ടായിരുന്നു;
2 ഒരുത്തൻ ധനവാൻ, മററവൻ ദരിദ്രൻ. ധന
വാനു ആടുമാടുകൾ അനവധി ഉണ്ടായി
3 രുന്നു. ദരിദ്രനോ താൻ വിലയ്ക്കു വാങ്ങി
വളർത്തിയ ഒരു പെൺകുഞ്ഞാടല്ലാതെ
ഒന്നും ഇല്ലായിരുന്നു; അതു അവൻെറ അടു
ക്കലും അവൻെറ മക്കളുടെ അടുക്കലും
വളർന്നുവന്നു; അതു അവൻ തിന്നുന്നതിൽ
ഓഹരി തിന്നുകയും അവൻ കുടിക്കുന്ന
തിൽ ഓഹരി കുടിക്കയും അവൻെറ മടി
യിൽ കിടക്കയും ചെയ്തു; അത് അവന് ഒരു
മകളെപ്പോലെ ആയിരുന്നു. ധനവാ 4
ൻെറ അടുക്കൽ ഒരു വഴിയാത്രികൻ വന്നു;
തൻെറ അടുക്കൽ വന്ന വഴിയാത്രക്കാ
രനുവേണ്ടി പാകം ചെയ്യുവാൻ സ്വന്തം ആ
ടുമാടുകളിൽ ഒന്നിനെ എടുക്കുവാൻ തുനി
യാതെ, അവൻ ആ ദരിദ്രൻെറ കുഞ്ഞാടിനെ
പിടിച്ചു തൻെറ അടുക്കൽ വന്ന ആൾക്കു
വേണ്ടി പാകം ചെയ്തു. അപ്പോൾ ദാവീദി 5
ൻെറ കോപം ആ മനുഷ്യൻെറ നേരെ ഏററ
വും ജ്വലിച്ചു; അവൻ നാഥാനോടു: കർത്താ
വാണ, ഇതു ചെയ്തവൻ മരണയോഗ്യൻ.
അവൻ ദയയില്ലാതെ ഈ കാര്യം ചെയ്തതു 6
കൊണ്ടു ആ ആടിനുവേണ്ടി നാലിരട്ടി
പകരം കൊടുക്കണം എന്നു പറഞ്ഞു.

നാഥാൻ ദാവീദിനോടു പറഞ്ഞു: ആ 7
മനുഷ്യൻ നീതന്നെ; ഇസ്രായേലിൻെറ
ദൈവമായ കർത്താവ് ഇപ്രകാരം അരുളി
ച്ചെയ്യുന്നു: ഞാൻ നിന്നെ ഇസ്രായേലിനു
രാജാവായി അഭിഷേകം ചെയ്തു, നിന്നെ
ശൗലിൻെറ കയ്യിൽനിന്നു വിടുവിച്ചു. ഞാൻ
നിനക്കു നിൻെറ യജമാനൻെറ ഗൃഹ 8
ത്തെയും നിൻെറ മാർവ്വിടത്തിലേക്കു
നിൻെറ യജമാനൻെറ ഭാര്യമാരെയും തന്നു;
ഇസ്രായേൽ ഗൃഹത്തെയും യഹൂദാഗൃഹ
ത്തെയും നിനക്കു തന്നു; പോരായെങ്കിൽ
ഇന്നിന്നതും കൂടെ ഞാൻ നിനക്കു തരുമാ
യിരുന്നു. നീ കർത്താവിൻെറ കല്പന നിര 9
സിച്ച് അവനു അനിഷ്ടമായുള്ളതു ചെയ്ത
ത് എന്തിന്? ഹിത്യനായ ഊരിയായെ വാൾ
കൊണ്ടു വെട്ടി അവൻെറ ഭാര്യയെ നിനക്കു
ഭാര്യയായി എടുത്തു, അവനെ അമ്മോന്യ
രുടെ വാൾകൊണ്ടു കൊല്ലിച്ചു. നീ എന്നെ 10
നിരസിച്ചു ഹിത്യനായ ഊരിയായുടെ
ഭാര്യയെ നിനക്കു ഭാര്യയായി എടുത്തതു
കൊണ്ടു 'വാൾ' നിൻെറ ഗൃഹത്തെ ഒരി
ക്കലും വിട്ടുമാറുകയില്ല. കർത്താവ് ഇപ്ര 11
കാരം അരുളിച്ചെയ്യുന്നു: നിൻെറ സ്വന്ത
ഗൃഹത്തിൽനിന്നുതന്നെ ഞാൻ നിനക്കു
അനർത്ഥം വരുത്തും; നീ കാൺകെ ഞാൻ
നിൻെറ ഭാര്യമാരെ എടുത്തു നിൻെറ കൂട്ടു
കാരനു കൊടുക്കും; അവൻ ഈ സൂര്യൻെറ
വെളിച്ചത്തിൽതന്നെ നിൻെറ ഭാര്യമാരോടു
കൂടെ ശയിക്കും. നീ അതു രഹസ്യത്തിൽ
ചെയ്തു; ഞാനോ ഈ കാര്യം ഇസ്രായേലെ 12
ല്ലാം കാൺകെ സൂര്യൻെറ വെളിച്ചത്തു
തന്നെ ചെയ്യും. ദാവീദ് നാഥാനോടു: ഞാൻ
കർത്താവിനോടു പാപം ചെയ്തിരിക്കുന്നു 13
എന്നു പറഞ്ഞു. അതിനു നാഥാൻ ദാവീദി
നോടു: കർത്താവു നിൻെറ പാപം മോചിച്ചി

നീ മരിക്കയില്ല. എങ്കിലും നിൻെറ
ൃത്തി കർത്താവിൻെറ ശത്രുക്കൾ
ഷണം പറയുവാൻ കാരണമാക്കി
ാണ്ടു നിനക്കു ജനിച്ചിരിക്കുന്ന
മരിച്ചുപോകും എന്നു പറഞ്ഞു
തൻെറ വീട്ടിലേക്കു പോയി.
ിയായുടെ ഭാര്യ ദാവീദിനു പ്രസ
ഞ്ഞിനെ കർത്താവു ശിക്ഷിച്ചു, അ
ിനരോഗം പിടിച്ചു. ദാവീദ് കുഞ്ഞി
ി ദൈവത്തോടു അപേക്ഷിച്ചു;
ഉപവസിക്കയും അകത്തു കടന്നു
ുഴുവനും നിലത്തു കിടക്കുകയും
അവൻെറ ഗൃഹവിചാരകർ അവനെ
ുനിന്ന് എഴുന്നേല്പിപ്പാൻ ഉത്സാ
അടുത്തുനിന്നു; എന്നാൽ അവനു
യില്ല. അവരോടുകൂടെ ഭക്ഷണം
ില്ല. ഏഴാംദിവസം കുഞ്ഞു മരി
യി. കുഞ്ഞു മരിച്ചു എന്നു ദാവീ
അറിയിപ്പാൻ ഭൃത്യന്മാർ ഭയപ്പെട്ടു:
ജീവനോടിരുന്ന സമയം നാം
ിച്ചിട്ടു അദ്ദേഹം നമ്മുടെ വാക്കു
ാതിരിക്കെ കുഞ്ഞു മരിച്ചുപോയി
ാം അദ്ദേഹത്തോട് എങ്ങനെ പറ
ദ്ദേഹം തനിക്കുതന്നേ വല്ല ആപ
ുത്തും എന്നു അവർ പറഞ്ഞു. ഭൃത്യ
ിൽ മന്ത്രിക്കുന്നതു കണ്ടപ്പോൾ
മരിച്ചുപോയി എന്നു ദാവീദ് ഗ്രഹി
ൻെറ ഭൃത്യന്മാരോടു: കുഞ്ഞു മരിച്ചു
ാ? എന്നു ചോദിച്ചു; മരിച്ചുപോയി
ാവർ പറഞ്ഞു. ഉടനെ ദാവീദ് നില
ന്നു എഴുന്നേററു കുളിച്ചു തൈലം
സ്ത്രം മാറി കർത്താവിൻെറ ആല
ചെന്നു നമസ്കരിച്ചു; അരമനയിൽ
അവൻെറ കല്പനപ്രകാരം അവർ
അവൻെറ മുമ്പിൽ വച്ചു. അവൻ
. അവൻെറ ഭൃത്യന്മാർ അവനോട്:
എന്താണ് ഇങ്ങനെ ചെയ്തത്?
ജീവനോടിരുന്ന സമയം അങ്ങ്
വേണ്ടി ഉപവസിച്ചു കരഞ്ഞു;
മരിച്ചശേഷം അങ്ങ് എഴുന്നേററു
കഴിച്ചുവല്ലോ എന്നു ചോദിച്ചു.
അവൻ: കുഞ്ഞു ജീവനോടിരുന്ന
ഞാൻ ഉപവസിച്ചു കരഞ്ഞു:
ജീവിച്ചിരിക്കേണ്ടതിനു ദൈവം
ടു ദയ ചെയ്യുമോ ഇല്ലയോ? ആർക്ക്
ാം എന്നു ഞാൻ വിചാരിച്ചു.
ഴാ അവൻ മരിച്ചുപോയി; ഇനി
ഉപവസിക്കുന്നതു എന്തിന്? അവ
ി വരുത്തുവാൻ എനിക്കു കഴിയു
താൻ അവൻെറ അടുക്കലേക്കു

പോകുകയല്ലാതെ അവൻ എൻെറ അടുക്ക
ലേക്കു മടങ്ങി വരികയില്ലല്ലോ എന്നു
പറഞ്ഞു. പിന്നെ ദാവീദ് തൻെറ ഭാര്യയായ 24
ബത്ത്ശേബയെ ആശ്വസിപ്പിച്ചു അവളുടെ
അടുക്കൽ ചെന്നു അവളോടുകൂടെ ശയി
ച്ചു; അവൾ ഒരു മകനെ പ്രസവിച്ചു; അവൻ 25
അവനു ശലോമോൻ എന്നു പേരിട്ടു.
കർത്താവ് അവനെ സ്നേഹിച്ചു. അവൻ
നാഥാൻ പ്രവാചകനെ വരുത്തി; അവൻ
കർത്താവിൻെറ പ്രീതിനിമിത്തം അവനു
യാദീദോ എന്നു പേർ വിളിച്ചു.

യോവാബ് അമ്മോന്യരുടെ റബ്ബയോടു 26
യുദ്ധം ചെയ്തു രാജനഗരം പിടിച്ചു. യോവാ 27
ബ് ദാവീദിൻെറ അടുക്കൽ ദൂതന്മാരെ
അയച്ചു: ഞാൻ റബ്ബയോടു പൊരുതു രാജ
നഗരം പിടിച്ചിരിക്കുന്നു. ആകയാൽ ഞാൻ 28
നഗരം പിടിച്ചിട്ടു കീർത്തി എനിക്കാകാതിരി
ക്കേണ്ടതിനു അങ്ങ് ശേഷം ജനത്തെ ഒരു
മിച്ചു കൂട്ടി നഗരത്തിനു നേരെ പാളയം ഇറ
ങ്ങി അതിനെ പിടിക്കുക എന്നു പറയിച്ചു.
അങ്ങനെ ദാവീദ് ജനത്തെ എല്ലാം ഒന്നിച്ചു 29
കൂട്ടി റബ്ബയിലേക്കു ചെന്നു യുദ്ധം ചെയ്ത്
അതിനെ പിടിച്ചു. അവൻ അവരുടെ 30
രാജാവിൻെറ കിരീടം അവൻെറ തലയിൽ
നിന്നും എടുത്തു; അതിൻെറ തൂക്കം ഒരു
താലന്തു സ്വർണ്ണം; അതിന്മേൽ രത്നം പതി
ച്ചിരുന്നു; അവൻ അതു ദാവീദിൻെറ തല
യിൽ വെച്ചു; അവൻ നഗരത്തിൽനിന്ന്
അനവധി കൊള്ളയും കൊണ്ടുപോന്നു. 31
അവിടുത്തെ ജനത്തെയും അവൻ പുറത്തു
കൊണ്ടുവന്നു അവരെ ഈർച്ചവാളിനും
മെതിവണ്ടിക്കും കോടാലിക്കും ഇരയാക്കി;
അവരെക്കൊണ്ടു ഇഷ്ടികച്ചൂളയിലും വേല
ചെയ്യിച്ചു; അമ്മോന്യരുടെ എല്ലാ പട്ടണങ്ങ
ളോടും അവൻ അങ്ങനെതന്നെ ചെയ്തു.
പിന്നെ ദാവീദും സകല ജനവും യെറുശലേ
മിലേക്കു മടങ്ങിപ്പോന്നു.

അദ്ധ്യായം 13

പിന്നീട് സംഭവിച്ചതു: ദാവീദിൻെറ മക 1
നായ അബ്ശാലോമിനു സുന്ദരിയായ ഒരു
സഹോദരി ഉണ്ടായിരുന്നു; അവൾക്കു
താമാർ എന്നു പേർ; ദാവീദിൻെറ മകനായ
അമ്നോന് അവളിൽ പ്രേമം ജനിച്ചു. തൻെറ 2
സഹോദരിയായ താമാർ നിമിത്തം ദുഃഖ
പരവശനായി അമ്നോൻ രോഗിയായി
ത്തീർന്നു. അവൾ കന്യകയാകയാൽ അവ
ളോടു വല്ലതും ചെയ്വാൻ അമ്നോനു പ്ര
യാസം തോന്നി. എന്നാൽ അമ്നോനു 3
ദാവീദിൻെറ ജ്യേഷ്ഠനായ ശിമെയയുടെ

മകനായി യോനാദാബ് എന്നു പേരുള്ള ഒരു
സ്നേഹിതൻ ഉണ്ടായിരുന്നു; യോനാദാബ്
4 വലിയ സൂത്രശാലി ആയിരുന്നു. അവൻ
അവനോടു: രാജകുമാരാ, നീ നാൾക്കുനാൾ
ഇങ്ങനെ ക്ഷീണിച്ചുവരുന്നതു എന്ത്? എ
ന്നോടു പറഞ്ഞുകൂടെയോ? എന്നു ചോദി
ച്ചു. അമ്നോൻ അവനോടു: എൻെറ സഹോ
ദരനായ അബ്ശാലോമിൻെറ സഹോദരി
താമാരിൽ എനിക്കു പ്രേമം ജനിച്ചിരിക്കുന്നു
5 എന്നു പറഞ്ഞു. യോനാദാബ് അവനോടു:
നീ രോഗം നടിച്ചു കിടക്കയിൽ കിടന്നു
കൊൾക; നിന്നെ കാണുവാൻ നിൻെറ
പിതാവു വരുമ്പോൾ നീ അവനോടു:
എൻെറ സഹോദരിയായ താമാർ വന്ന്
എന്നെ ഒന്നു ഭക്ഷണം കഴിപ്പിക്കണം; അവ
ളുടെ കൈയിൽനിന്നു വാങ്ങി ഭക്ഷിക്കേണ്ട
തിനു ഞാൻ കാൺകെ അവൾ എൻെറ
മുമ്പിൽ വച്ചുതന്നെ ഭക്ഷണം ഒരുക്കണം
എന്നു അപേക്ഷിക്കണം എന്നു പറഞ്ഞു.
6 അങ്ങനെ അമ്നോൻ രോഗം നടിച്ചു കിട
ന്നു; രാജാവ് അവനെ കാണുവാൻ വന്ന
പ്പോൾ അമ്നോൻ രാജാവിനോടു: എൻെറ
സഹോദരിയായ താമാർ വന്നു ഞാൻ
അവളുടെ കൈയിൽ നിന്നു എടുത്തു ഭക്ഷി
ക്കേണ്ടതിനു എൻെറ മുമ്പിൽവച്ചുതന്നെ
ഒന്നു രണ്ടു വടകൾ ഉണ്ടാക്കിത്തരട്ടെ എന്നു
7 പറഞ്ഞു. ഉടനെ ദാവീദ് അരമനയിൽ താമാ
റിൻെറ അടുക്കൽ ആളയച്ചു; നിൻെറ
സഹോദരനായ അമ്നോൻെറ വീട്ടിൽ
ചെന്നു അവനു ഭക്ഷണം ഉണ്ടാക്കിക്കൊ
8 ടുക്കുക എന്നു പറയിച്ചു. താമാർ തൻെറ
സഹോദരനായ അമ്നോൻെറ വീട്ടിൽ
ചെന്നു; അവൻ കിടക്കുകയായിരുന്നു.
അവൾ മാവു എടുത്തു കുഴച്ചു അവൻെറ
9 മുമ്പിൽ വച്ചുതന്നെ വടകളുണ്ടാക്കി. എടു
ത്ത് അവൻെറ മുമ്പിൽ വിളമ്പി; എന്നാൽ
ഭക്ഷിപ്പാൻ അവനു ഇഷ്ടമായില്ല. എല്ലാവ
രെയും എൻെറ അടുക്കൽനിന്നു പുറത്താ
ക്കുവിൻ എന്നു അമ്നോൻ പറഞ്ഞു. എല്ലാ
വരും അവൻെറ അടുക്കൽ നിന്നു പുറത്തു
10 പോയി. അപ്പോൾ അമ്നോൻ താമാറി
നോടു: ഞാൻ നിൻെറ കയ്യിൽനിന്നു വാങ്ങി
ഭക്ഷിക്കേണ്ടതിനു ഭക്ഷണം ഉൾമുറിയിൽ
കൊണ്ടുവരിക എന്നു പറഞ്ഞു. താമാർ
താൻ ഉണ്ടാക്കിയ വടകൾ എടുത്തു ഉൾമുറി
യിൽ സഹോദരനായ അമ്നോൻെറ അടു
11 ക്കൽ കൊണ്ടുചെന്നു. അവൻ ഭക്ഷിക്കേണ്ട
തിനു അവൾ അവയെ അവൻെറ അടുക്കൽ
കൊണ്ടുചെന്നപ്പോൾ അവൻ അവളെ
പിടിച്ചു. അവളോടു: സഹോദരീ, വന്നു
എന്നോടുകൂടെ ശയിക്ക എന്നു പറഞ്ഞു.
അവൾ അവനോടു: എൻെറ സഹോദരാ, 12
അരുതേ; എന്നെ അപമാനിക്കരുതേ;
ഇസ്രായേലിൽ ഇതു കൊള്ളരുതാത്തത
ല്ലയോ; ഈ വഷളത്വം ചെയ്യരുത്. എൻെറ 13
അപമാനം ഞാൻ എവിടെ മറയ്ക്കും? നീയും
ഇസ്രായേലിൽ വഷളന്മാരുടെ കൂട്ടത്തിൽ
ആയിപ്പോകുമല്ലോ. നീ രാജാവിനോടു പ
റയുക; അവൻ എന്നെ നിനക്കു തരാതിരിക്ക 14
യില്ല എന്നു പറഞ്ഞു. എന്നാൽ അവൻ
അവളുടെ വാക്കു കേൾപ്പാൻ മനസ്സില്ലാതെ,
ബലാല്ക്കാരം ചെയ്തു അവളോടുകൂടെ
ശയിച്ചു അപമാനിച്ചു. പിന്നെ അമ്നോൻ 15
അവളെ വെറുത്തു; അവൻ അവളെ സ്നേ
ഹിച്ച സ്നേഹത്തെക്കാൾ അവളെ വെറു
ത്ത വെറുപ്പു വലുതായിരുന്നു. എഴുന്നേററു
പോകൂ എന്ന് അമ്നോൻ അവളോടു പറ
ഞ്ഞു. അവൾ അവനോടു: അങ്ങനെയരുതു; 16
നീ എന്നോടു ചെയ്ത മററെ ദോഷത്തെക്കാൾ
എന്നെ പുറത്താക്കിക്കളയുന്ന ഈ ദോഷം
ഏററവും വലുതായിരിക്കുന്നു എന്നു പറ
ഞ്ഞു. എന്നാൽ അവനു അവളുടെ വാക്കു
കേൾപ്പാൻ മനസ്സായില്ല. അവൻ തന്നെ പരി 17
ചരിക്കുന്ന ഭൃത്യനെ വിളിച്ച് അവനോടു: ഇ
വളെ ഇവിടെനിന്നു പുറത്താക്കി വാതിൽ
അടച്ചുകളക എന്നു പറഞ്ഞു. അവൾ നില 18
യങ്കി ധരിച്ചിരുന്നു; രാജകുമാരികളായ
കന്യകമാർ ഇങ്ങനെയുള്ള വസ്ത്രം ധരിക്ക
പതിവായിരുന്നു. ഭൃത്യൻ അവളെ പുറത്തി
റക്കി വാതിൽ അടച്ചു. അപ്പോൾ താമാർ 19
തലയിൽ വെണ്ണീർ വാരിയിട്ടു താൻ ധരിച്ചി
രുന്ന നിലയങ്കി കീറി തലയിൽ കയ്യും വച്ചു
നിലവിളിച്ചുകൊണ്ടുനടന്നു. അവളുടെ 20
സഹോദരനായ അബ്ശാലോം അവളോടു:
നിൻെറ സഹോദരനായ അമ്നോൻ നിൻെറ
അടുക്കൽ ആയിരുന്നുവോ? നിൽക്കൂ,
സഹോദരീ, മിണ്ടാതിരിക്ക; അവൻ നിൻെറ
സഹോദരനല്ലോ; ഈ കാര്യം ഓർക്കരുതു
എന്നു പറഞ്ഞു. അങ്ങനെ താമാർ തൻെറ
സഹോദരനായ അബ്ശാലോമിൻെറ
വീട്ടിൽ തനിച്ചു പാർത്തു. ദാവീദ് രാജാവു 21
ഈ കാര്യം കേട്ടപ്പോൾ അവൻെറ കോപം
ഏററം ജ്വലിച്ചു. എന്നാൽ അബ്ശാലോം 22
അമ്നോനോടു ഗുണവും ദോഷവും ഒന്നും
സംസാരിച്ചില്ല; തൻെറ സഹോദരിയായ
താമാറിനെ അമ്നോൻ അപമാനിച്ചതു
കൊണ്ടു അബ്ശാലോം അവനെ വെറുത്തു.
രണ്ടു സംവത്സരം കഴിഞ്ഞശേഷം 23
അബ്ശാലോമിനു എഫ്രയീമിന്നു സമീപ
ത്തുള്ള ബാൽഹാസോരിൽ ആടുകളെ

ത്രിക്കുന്ന ആഘോഷം ഉണ്ടായിരു
ബ്ശാലോം രാജകുമാരന്മാരെയെ
നിച്ചു. അബ്ശാലോം രാജാവിന്റെ
ലും ചെന്നു: അടിയനു ആടുകളെ
ത്രിക്കുന്ന ഉത്സവം ഉണ്ട്; രാജാവും
നും അടിയനോടുകൂടെ വരേണമേ
ക്ഷിച്ചു. രാജാവു അബ്ശാലോമി
വേണ്ടാ മകനേ, ഞങ്ങൾ എല്ലാവരും
നിനക്കു ഭാരമാകും എന്നു പറ
രവൻ അവനെ നിർബ്ബന്ധിച്ചിട്ടും
ാൻ മനസ്സാകാതെ അവൻ അവനെ
ഹിച്ചു. അപ്പോൾ അബ്ശാലൊം:
ായെങ്കിൽ എന്റെ സഹോദരൻ
ൻ ഞങ്ങളോടുകൂടെ പോരട്ടെ
പറഞ്ഞു. രാജാവു അവനോടു:
എന്തിനു വരുന്നു? എന്നു പറഞ്ഞു.
ം അബ്ശാലോം നിർബ്ബന്ധിച്ച
രവൻ അമ്നോനെയും രാജകുമാര
എല്ലാം അവനോടുകൂടെ അയച്ചു.
അബ്ശാലോം തന്റെ ഭൃത്യരോടു:
ൻ; അമ്നോൻ വീഞ്ഞു കുടിച്ചു
കുമ്പോൾ ഞാൻ നിങ്ങളോടു: അ
അടിച്ചുകൊല്ലുവിൻ എന്നു പറ
പ്പോൾ നിങ്ങൾ അവനെ കൊല്ലണം;
ുതു; ഞാനല്ലയോ നിങ്ങളോടു
തു? നിങ്ങൾ ധൈര്യപ്പെട്ടു ശൂര
രിപ്പിൻ എന്നു കല്പിച്ചു. അബ്ശാ
ല്പിച്ചതുപോലെ അബ്ശാലോ
വേലക്കാർ അമ്നോനോടു ചെയ്തു.
രാജകുമാരന്മാരെല്ലാം എഴുന്നേറ്റു
ന്റെ കോവർകഴുതപ്പുറത്തുകയറി
യി. അവർ വഴിയിൽ ആയിരിക്കു
ന്നേ: അബ്ശാലോം, രാജകുമാര
എല്ലാം കൊന്നുകളഞ്ഞിരിക്കുന്നു;
ഒരുവനും ശേഷിച്ചില്ല എന്നു ദാ
രു വാർത്ത കിട്ടി. അപ്പോൾ രാജാ
ന്നേററു വസ്ത്രംകീറി നിലത്തു കിട
വന്റെ സകല ഭൃത്യന്മാരും വസ്ത്രം
ികെ നിന്നു. എന്നാൽ ദാവീദിന്റെ
ായ ശിമെയയുടെ മകനായ യോ
പറഞ്ഞതു: അവർ രാജകുമാരന്മാ
ാക്കളെ എല്ലാം കൊന്നുകളഞ്ഞു
ജമാനൻ വിചാരിക്കരുതു: അമ്
ാത്രമേ മരിച്ചിട്ടുള്ളു; തന്റെ സ
ായ താമാറിനെ അവൻ അപമാ
ൾ മുതൽ അബ്ശാലോമിന്റെ
ഈ നിശ്ചയം കാണാമായിരുന്നു.
ൾ രാജകുമാരന്മാർ എല്ലാം മരി
എന്നുള്ള വാർത്ത യജമാനനായ
ഗണ്യമാക്കരുതേ; അമ്നോൻ
മാത്രമേ മരിച്ചിട്ടുള്ളു. അബ്ശാലോം ഓടി 34
പ്പോയി. കാവൽ നിന്നിരുന്ന ഭൃത്യൻ തല
ഉയർത്തിനോക്കിയപ്പോൾ വളരെ ജനം
അവന്റെ പിമ്പിലുള്ള മലഞ്ചെരിവു വഴി
യായി വരുന്നതു കണ്ടു. അപ്പോൾ യോനാ 35
ദാബ് രാജാവിനോടു: ഇതാ, രാജകുമാര
ന്മാർ വരുന്നു; അടിയന്റെ വാക്ക് ഒത്തു
വല്ലോ എന്നു പറഞ്ഞു. അവൻ സംസാരിച്ചു 36
തീർന്നപ്പോഴേക്കു രാജകുമാരന്മാർ വന്ന്
ഉറക്കെ കരഞ്ഞു. രാജാവും സകല ഭൃത്യ
ന്മാരും വാവിട്ടുകരഞ്ഞു. എന്നാൽ അബ്ശാ 37
ലോം ഓടിപ്പോയി അമ്മീഹൂദിന്റെ മക
നായ ഗെശൂർ രാജാവ് തല്മായിയുടെ അടു
ക്കൽ ചെന്നു. ദാവീദോ ഇടവിടാതെ തന്റെ
മകനെക്കുറിച്ചു ദുഃഖിച്ചു.

ഇങ്ങനെ അബ്ശാലോം ഗെശൂരിലേക്ക് 38
ഓടിപ്പോയി മൂന്നു സംവത്സരം അവിടെ താ
മസിച്ചു. എന്നാൽ ദാവീദ് രാജാവു അബ്
ശാലോമിനെ കാണുവാൻ ആഗ്രഹിച്ചു;
മരിച്ചുപോയ അമ്നോനെക്കുറിച്ചുള്ള ദുഃഖ
ത്തിന് ആശ്വാസം വന്നിരുന്നു.

അദ്ധ്യായം 14

രാജാവിന്റെ മനസ്സ് അബ്ശാലോമി 1
നോടു ചാഞ്ഞിരിക്കുന്നു എന്നു സെരൂയ
യുടെ മകനായ യോവാബ് അറിഞ്ഞപ്പോൾ 2
തെക്കോവയിലേക്കു ആളയച്ചു അവിടെ
നിന്നു ബുദ്ധിമതിയായ ഒരു സ്ത്രീയെ വരു
ത്തി അവളോടു: മരിച്ചുപോയവനെ
ക്കുറിച്ചു ഏറിയനാളായി ദുഃഖിച്ചിരി
ക്കുന്ന ഭാര്യയുടെ ഭാവത്തിൽ നീ ദുഃഖം
നടിച്ചും ദുഃഖവസ്ത്രം ധരിച്ചും തൈലം പൂശാ 3
തെയും രാജാവിന്റെ അടുക്കൽ ചെന്നു
അദ്ദേഹത്തോടു സംസാരിക്കണം എന്നു
പറഞ്ഞു; യോവാബ് വാചകം അവൾക്കു
ഉപദേശിച്ചുകൊടുത്തു. ഇങ്ങനെ തെക്കോ 4
വക്കാരി സ്ത്രീ രാജാവിനോടു സംസാരിപ്പാൻ
ചെന്നു സാഷ്ടാംഗം വീണു നമസ്കരിച്ചു:
രാജാവേ, രക്ഷിക്കേണമേ എന്നു പറഞ്ഞു.
രാജാവു അവളോടു: നിനക്കു എന്തു വേണം 5
എന്നു ചോദിച്ചു. അവൾ പറഞ്ഞു: അടിയൻ
ഒരു വിധവയാണ്; ഭർത്താവ് മരിച്ചുപോയി.
എന്നാൽ അടിയനു രണ്ടു പുത്രന്മാർ ഉണ്ടാ 6
യിരുന്നു; അവർ വയലിൽവെച്ചു തമ്മിൽ
കലഹിച്ചു; അവരെ പിടിച്ചുമാററുവാൻ
ആരും ഇല്ലായ്കകൊണ്ടു ഒരുത്തൻ മററ
വനെ അടിച്ചുകൊന്നു. കുലം മുഴുവനും 7
അടിയന്റെ നേരെ എഴുന്നേററു: സഹോ
ദരഘാതകനെ ഏല്പിച്ചുതരിക; അവൻ
കൊന്ന സഹോദരന്റെ ജീവനു പകരം

അവനെ കൊന്ന് അങ്ങനെ അവകാശി
യെയും നശിപ്പിക്കട്ടെ എന്നു പറയുന്നു;
ഇങ്ങനെ അവർ എൻെറ ഭർത്താവിനു
പേരും സന്തതിയും ഭൂമിയിൽ വച്ചേക്കാതെ
എനിക്കു ശേഷിച്ചിരിക്കുന്ന തീപ്പൊ
രിയും കെടുത്തിക്കളയുവാൻ ഭാവിക്കുന്നു.
8 രാജാവു സ്ത്രീയോടു: നിൻെറ വീട്ടിലേക്കു
പോക; ഞാൻ നിൻെറ കാര്യത്തിൽ കല്പന
9 കൊടുക്കും എന്നു പറഞ്ഞു. ആ തെക്കോ
വക്കാരി രാജാവിനോടു: എൻെറ യജമാ
നനായ രാജാവേ, കുററം എൻെറമേലും
എൻെറ പിതൃഭവനത്തിന്മേലും ഇരിക്കട്ടെ;
രാജാവിനും സിംഹാസനത്തിനും കുററമി
10 ല്ലാതെ ഇരിക്കട്ടെ എന്നു പറഞ്ഞു. അതിനു
രാജാവു: നിന്നോടു വല്ലതും പറയുന്നവനെ
എൻെറ അടുക്കൽ കൊണ്ടുവരിക; അവൻ
പിന്നെ നിന്നെ തൊടുകയില്ല എന്നു പറ
11 ഞ്ഞു. രക്തപ്രതികാരകൻ അധികം സംഹാരം
ചെയ്കയും എൻെറ മകനെ അവർ നശിപ്പി
ക്കയും ചെയ്യാതിരിക്കേണ്ടതിനു രാജാവു
ദൈവമായ കർത്താവിനെ ഓർക്കണമേ
എന്നു അവൾ പറഞ്ഞു. അതിനു അവൻ
കർത്താവാണ, നിൻെറ മകൻെറ ഒരു
രോമംപോലും നിലത്തുവീഴുകയില്ല എന്നു
12 പറഞ്ഞു. അപ്പോൾ ആ സ്ത്രീ: യജമാനനായ
രാജാവിനോടു ഒരു വാക്കു ബോധിപ്പിച്ചു
കൊള്ളട്ടെ എന്നു പറഞ്ഞു. പറഞ്ഞുകൊ
13 ള്ളുക എന്നു അവൻ പറഞ്ഞു. ആ സ്ത്രീ
പറഞ്ഞതു: ഇങ്ങനെയുള്ള കാര്യം അങ്ങ്
ദൈവത്തിൻെറ ജനത്തിനു വിരോധമായി
വിചാരിക്കുന്നതു എന്ത്? രാജാവു തൻെറ
ഭ്രഷ്ടനെ മടക്കിവരുത്താഞ്ഞതിനാൽ
ഇപ്പോൾ കല്പിച്ച വചനംകൊണ്ടു രാജാവു
14 തന്നെ കുററക്കാരനെന്നു വന്നുവല്ലോ. നാം
മരിക്കേണ്ടവരല്ലോ; നിലത്തു ഒഴിച്ചുകള
ഞ്ഞതും വീണ്ടും ചേർത്തുകൂടാത്തതുമായ
വെള്ളംപോലെ ഇരിക്കുന്നു; ദൈവം ജീവ
നെ എടുത്തുകളയാതെ ഭ്രഷ്ടനായവൻ
തനിക്കു ഇനിയും ഭ്രഷ്ടനായിരിക്കാത
15 വണ്ണം മാർഗ്ഗം ചിന്തിക്കുന്നു. ഞാൻ ഇപ്പോൾ
യജമാനനായ രാജാവിനെ ഈ കാര്യം
ഉണർത്തിപ്പാൻ വന്നതു ജനം എന്നെ ഭയ
പ്പെടുത്തുകകൊണ്ടാകുന്നു; അതുകൊണ്ടു
ഞാൻ രാജാവിനോടു ഉണർത്തിക്കും;
പക്ഷെ രാജാവു അടിയൻെറ അപേക്ഷ
16 പ്രകാരം ചെയ്യുമായിരിക്കും; രാജാവു കേട്ടു
എന്നെയും എൻെറ മകനെയും ഒന്നിച്ചു
ദൈവത്തിൻെറ അവകാശത്തിൽനിന്നു
നശിപ്പിപ്പാൻ ഭാവിക്കുന്നവൻെറ കയ്യിൽ
നിന്നു വിടുവിക്കുമല്ലോ എന്നു അടിയൻ
വിചാരിച്ചു. യജമാനനായ രാജാവിൻെറ 17
കല്പന ആശ്വാസമായിരിക്കട്ടെ; ഗുണവും
ദോഷവും തിരിച്ചറിയുവാൻ യജമാനനായ
രാജാവ് ഒരു ദൈവദൂതനെപ്പോലെ ഇരി
ക്കുന്നു എന്നും അടിയൻ വിചാരിച്ചു. അതു
കൊണ്ടു അങ്ങയുടെ ദൈവമായ കർത്താവ്
അങ്ങയുടെ കൂടെ ഇരിക്കുമാറാകട്ടെ.
രാജാവു സ്ത്രീയോടു: ഞാൻ നിന്നോടു ഒരു 18
കാര്യം ചോദിക്കുന്നു; അതു എന്നോടു
മറച്ചുവയ്ക്കരുത് എന്നു പറഞ്ഞു. യജമാ
നനായ രാജാവു കല്പിച്ചാലും എന്നു സ്ത്രീ
പറഞ്ഞു. അപ്പോൾ രാജാവു: ഇതിലൊക്കെ 19
യും യോവാബിൻെറ കൈ ഇല്ലയോ എന്നു
ചോദിച്ചതിനു സ്ത്രീ ഉത്തരം പറഞ്ഞതു:
യജമാനനായ രാജാവേ, അങ്ങേ ജീവനാ
ണ, യജമാനനായ രാജാവു അരുളിച്ചെയ്താൽ
വലത്തോട്ടോ ഇടത്തോട്ടോ അടിയൻ
മാറിയിട്ടില്ല; നിൻെറ ഭൃത്യനായ യോവാബ്
തന്നെ ആകുന്നു ഇതു അടിയനോടു കല്പി
ച്ചതു; അവൻതന്നെയാണ് ഈ വാചകമൊ
ക്കെയും അടിയനു ഉപദേശിച്ചുതന്നതു.
കാര്യത്തിൻെറ രൂപം മാറേറണ്ടതിനു അങ്ങ 20
യുടെ ഭൃത്യനായ യോവാബ് ഇതു ചെയ്തി
രിക്കുന്നു; എന്നാൽ ഭൂമിയിലുള്ളതൊക്കെ
യും അറിയുവാൻ ഒരു ദൈവദൂതൻെറ
ജ്ഞാനത്തിനൊത്തവണ്ണം എൻെറ യജമാ
നൻ ജ്ഞാനമുള്ളവനാകുന്നു. രാജാവു 21
യോവാബിനോടു: ഞാൻ ഈ കാര്യം സമ്മ
തിച്ചിരിക്കുന്നു; അതുകൊണ്ടു നീ ചെന്നു
അബ്ശാലോം കുമാരനെ കൊണ്ടുവരിക
എന്നു കല്പിച്ചു. യോവാബ് സാഷ്ടാംഗം 22
വീണു നമസ്ക്കരിച്ചു രാജാവിനെ അഭിന
ന്ദിച്ചു: യജമാനനായ രാജാവേ, അടിയൻെറ
വാക്കുപോലെ രാജാവു ചെയ്തതുകൊണ്ടു
അടിയനു തിരുമുമ്പിൽ കൃപ ലഭിച്ചു എന്നു
അടിയൻ ഇന്നു അറിയുന്നു എന്നു യോവാ
ബ് പറഞ്ഞു. അങ്ങനെ യോവാബ് പുറ 23
പ്പെട്ടു ഗെശൂരിൽ ചെന്നു അബ്ശാലോമിനെ
യെറുശലേമിലേക്കു കൂട്ടിക്കൊണ്ടുവന്നു.
എന്നാൽ രാജാവ്: അവൻ തൻെറ വീട്ടി 24
ലേക്കു പോകട്ടെ; എൻെറ മുഖം അവൻ
കാണരുതു എന്നു കല്പിച്ചു. അങ്ങനെ
അബ്ശാലോം തൻെറ വീട്ടിൽ പോയി;
രാജാവിൻെറ മുഖം കണ്ടതുമില്ല.

എല്ലാ ഇസ്രായേലിലും സൌന്ദര്യ 25
ത്തിൽ അബ്ശാലോമിനോളം സുമുഖനായ
ഒരുവനും ഉണ്ടായിരുന്നില്ല; അടിതൊട്ടു
മുടിവരെ അവനു ഒരു കുറവും ഇല്ലായിരു
ന്നു. അവൻ തൻെറ തലമുടി ആണ്ടുതോറും 26
വെട്ടിച്ചുകളയുമായിരുന്നു. അതു തനിക്കു

യിരിക്കയാൽ അത്രേ വെട്ടിച്ചതു;
ളഞ്ഞ അവൻെറ തലമുടി തൂക്ക
ഇരുനൂറു ശേക്കൽ വരും. അ
ലാമിനു മൂന്നു പുത്രന്മാരും താമാർ
പരുള്ള ഒരു മകളും ജനിച്ചിരുന്നു;
സൌന്ദര്യവതി ആയിരുന്നു.
ാവിൻെറ മുഖം കാണാതെ അബ്
രണ്ടു സംവത്സരം യെറുശലേമിൽ
ു. ആകയാൽ അബ്ശാലോം യോ
ന രാജാവിൻെറ അടുക്കൽ അയ
തതിനു വിളിക്കുവാൻ ആളയച്ചു. എ
നവൻ അവൻെറ അടുക്കൽ ചെന്നി
ാമതു പറഞ്ഞയച്ചിട്ടും അവൻ ചെ
തുകൊണ്ടു അവൻ തൻെറ ഭൃത്യ
ു: യോവാബിനു ഒരു നിലം ഉണ്ട
തിൽ യവം വിളഞ്ഞുകിടക്കയാണ്;
അതു തീവെച്ചു ചുട്ടുകളവിൻ
പറഞ്ഞു. അങ്ങനെ അബ്ശാലോ
ഭൃത്യന്മാർ ആ കൃഷി ചുട്ടെരിച്ചു.
ൽ യോവാബ് അബ്ശാലോമിൻെറ
ചെന്നു അവനോടു: നിൻെറ ഭൃത്യ
ൻെറ കൃഷി ചുട്ടുകളഞ്ഞതു എന്തി
ു ചോദിച്ചു. അബ്ശാലോം യോവാ
ടു: ഞാൻ ഗെശൂരിൽനിന്നു എന്തി
വന്നത്? ഞാൻ അവിടെത്തന്നെ
ിരുന്നെങ്കിൽ കൊള്ളായിരുന്നു
ാജാവിനോടു പറയുവാൻ നിന്നെ
ന്നിധിയിൽ അയയ്ക്കേണ്ടതിനു നീ
വരണം എന്നു ഞാൻ പറഞ്ഞയച്ചു
എനിക്കു ഇപ്പോൾ രാജാവിൻെറ
ാണണം; എന്നിൽ കുററമുണ്ടെങ്കിൽ
എന്നെ കൊല്ലട്ടെ എന്നു പറഞ്ഞു.
ബ് രാജാവിൻെറ അടുക്കൽ ചെന്നു
അറിയിച്ചു; രാജാവ് അബ്ശാലോ
ിളിപ്പിച്ചു; അവൻ രാജാവിൻെറ
ൽ ചെന്നു രാജാവിൻെറ മുമ്പാകെ
ംഗം വീണു നമസ്കരിച്ചു; രാജാവു
ാലോമിനെ ചുംബിച്ചു.

അദ്ധ്യായം 15

ന്തരം അബ്ശാലോം ഒരു രഥവും
കളും തൻെറ മുമ്പിൽ ഓടുവാൻ
അംഗരക്ഷകരെയും സമ്പാദിച്ചു.
ാലോം രാവിലെ എഴുന്നേററു പടി
ക്കൽ വഴിയരികെ നില്ക്കും; ആരെ
്യവഹാരം ഉണ്ടായിട്ടു രാജാവിൻെറ
ൽ വിസ്താരത്തിനായി വരുമ്പോൾ
ാലോം അവനെ വിളിച്ചു: നീ ഏതു
ാരൻ എന്നു ചോദിക്കും; അടിയൻ
യലിൽ ഇന്ന ഗോത്രക്കാരൻ എന്നു
അവൻ പറയുമ്പോൾ അബ്ശാലോം അവ 3
നോടു: നിൻെറ കാര്യം ന്യായവും നേരുമു
ള്ളത്; എങ്കിലും നിൻെറ കാര്യം കേൾക്കു
വാൻ രാജാവു ആരെയും നിയമിച്ചിട്ടില്ലല്ലോ
എന്നു പറയും. വഴക്കും വ്യവഹാരവും ഉള്ള 4
വരെല്ലാം എൻെറ അടുക്കൽ വന്നിട്ടു ഞാൻ
അവർക്കു ന്യായപാലനം ചെയ്യുവാനായി
എന്നെ രാജ്യത്തു ന്യായാധിപനാക്കിയെ
ങ്കിൽ കൊള്ളായിരുന്നു എന്നും അബ്ശാ
ലോം പറയും. ആരെങ്കിലും അവനെ നമ 5
സ്ക്കരിപ്പാൻ അടുത്തു ചെന്നാൽ അവൻ
കൈ നീട്ടി അവനെ പിടിച്ചു ചുംബനം
ചെയ്യും. രാജാവിൻെറ അടുക്കൽ ന്യായവി 6
സ്താരത്തിനു വരുന്ന എല്ലാ ഇസ്രായേലി
നോടും അബ്ശാലോം ഇങ്ങനെ ചെയ്തിരു
ന്നു; അങ്ങനെ അബ്ശാലോം ഇസ്രായേ
ല്യരുടെ ഹൃദയം വശീകരിച്ചു.

നാലു സംവത്സരം കഴിഞ്ഞപ്പോൾ അബ് 7
ശാലോം രാജാവിനോടു പറഞ്ഞു: ഞാൻ
കർത്താവിനു നേർന്ന ഒരു നേർച്ച ഹെ
ബ്രോനിൽ ചെന്നു കഴിപ്പാൻ അനുവാദം
തരേണമേ. ദൈവം എന്നെ യെറുശലേമി 8
ലേക്കു മടക്കിവരുത്തിയാൽ തനിക്കു ഒരു
ആരാധന കഴിക്കും എന്നു അടിയൻ
അരാമിലെ ഗെശൂരിൽവെച്ച് ഒരു നേർച്ച
നേർന്നിരുന്നു. രാജാവു അവനോടു: സമാ 9
ധാനത്തോടെ പോകുക എന്നു പറഞ്ഞു.
അവൻ ഹെബ്രോനിലേക്കു പോയി. എ 10
ന്നാൽ അബ്ശാലോം ഇസ്രായേൽ ഗോത്ര
ങ്ങളിൽ എല്ലായിടത്തും ചാരന്മാരെ അയച്ചു:
നിങ്ങൾ കാഹളനാദം കേൾക്കുമ്പോൾ അ
ബ്ശാലോം ഹെബ്രോനിൽ രാജാവായിരി
ക്കുന്നു എന്നു വിളിച്ചു പറയണം എന്നു അ
റിയിച്ചിരുന്നു. അബ്ശാലോമിനോടുകൂടെ 11
യെറുശലേമിൽനിന്നു ഇരുനൂറുപേർ പോ
യിരുന്നു; അവർ ഒന്നും അറിയാതെ പരമാർ
ത്ഥതയിലായിരുന്നു പോയത്. അബ്ശാ 12
ലോം യാഗം കഴിക്കുമ്പോൾ ദാവീദിൻെറ മ
ന്ത്രിയായ അഹീഥോഫെൽ എന്ന ഗീലോ
ന്യനെയും അവൻെറ പട്ടണമായ ഗീലോ
നിൽ നിന്നു ആളയച്ചു വരുത്തി; ഇങ്ങനെ
ജനം നിത്യം അബ്ശാലോമിൻെറ അടുക്കൽ
വന്നുകൂടുകയാൽ ഗൂഢാലോചന ശക്തി
പ്രാപിച്ചു.

ഒരു ദൂതൻ ദാവീദിൻെറ അടുക്കൽ
വന്നു: ഇസ്രായേല്യരുടെ ഹൃദയം അബ്ശാ 13
ലോമിനോടു യോജിച്ചുപോയി എന്നറി
യിച്ചു. അപ്പോൾ ദാവീദ് യറുശലേമിൽ
തന്നോടുകൂടെയുള്ള സകല ഭൃത്യന്മാ 14
രോടും: നമുക്കു എഴുന്നേററു ഓടിപ്പോകാം;
അല്ലെങ്കിൽ നമ്മിൽ ആരും അബ്ശാലോ

മിൻെറ കയ്യിൽനിന്നു രക്ഷപ്പെടുകയില്ല;
അവൻ പെട്ടെന്നു വന്നു നമ്മെ പിടിച്ചു
നമുക്ക് അനർത്ഥം വരുത്തും, പട്ടണത്തെ
വാളിൻെറ വായ്ത്തലയാൽ നശിപ്പിക്കയും
ചെയ്യും, വേഗം പുറപ്പെടുവിൻ എന്നു പറ
15 ഞ്ഞു. രാജഭൃത്യന്മാർ രാജാവിനോടു: യജ
മാനനായ രാജാവിൻെറ ഹിതമെല്ലാം അടി
16 യങ്ങൾ നിവർത്തിക്കും എന്നു പറഞ്ഞു. അ
ങ്ങനെ രാജാവു പുറപ്പെട്ടു; അവൻെറ ഗൃഹ
മെല്ലാം അവനെ അനുഗമിച്ചു, എന്നാൽ
രാജഗൃഹം സൂക്ഷിക്കുവാൻ രാജാവു
പത്തു വെപ്പാട്ടികളെ താമസിപ്പിച്ചിരുന്നു.
17 രാജാവു പുറപ്പെട്ടു. ജനമെല്ലാം അനുഗമി
18 ച്ചു; അവർ ദൂരെ നിന്നു; അവൻെറ സകല
ഭൃത്യന്മാരും അവൻെറ അടുത്തുകൂടി കട
ന്നുപോയി; എല്ലാ പ്രമാണികളും അവ
നോടു കൂടെ ഗത്തിൽനിന്നു പോന്നി
രുന്ന അറുനൂറു ഗത്യരും രാജാവിൻെറ
മുമ്പാകെ കടന്നുപോയി. രാജാവു
ഗത്യനായ ഇത്ഥായിയോടു പറഞ്ഞു:
19 നീയും ഞങ്ങളുടെ കൂടെ വരുന്നതു എന്തി
ന്? നീ തിരികെ ചെന്നു രാജാവിനോടു
കൂടെ പാർക്കുക. നീ പരദേശിയും സ്വദേശ
ഭ്രഷ്ടനുമല്ലേ? നിൻെറ സ്ഥലത്തേക്കു
തന്നെ പൊയ്ക്കൊൾക; നീ ഇന്നലെ വന്ന
20 തേയുള്ളു; ഇന്നു ഞാൻ നിന്നെ ഞങ്ങ
ളോടുകൂടെ അലഞ്ഞു നടക്കുമാറാക്കു
ന്നത് എന്തിന്? ഞാൻ സൌകര്യമുള്ളിട
ത്തേക്കു പോകുന്നു; നീ നിൻെറ സഹോദര
21 ന്മാരെയും കൂട്ടി മടങ്ങിപ്പോകുക. അതിനു
ഇത്ഥായി രാജാവിനോടു: കർത്താവാണ,
യജമാനനായ രാജാവാണ, യജമാനനായ
രാജാവു എവിടെയോ അവിടെത്തന്നെ മര
ണമോ ജീവനോ എന്തു വന്നാലും അടി
22 യനും ഇരിക്കും എന്നു പറഞ്ഞു. ദാവീദ്
ഇത്ഥായിയോടു: നീയും കൂടെ പോരുക
എന്നു പറഞ്ഞു; അങ്ങനെ ഗത്യനായ
ഇത്ഥായിയും അവൻെറ ആളുകളും അവ
നോടുകൂടെയുള്ള കുഞ്ഞുകുട്ടികളും
23 എല്ലാം പോയി. ദേശത്തെല്ലാം വലിയ വിലാ
പമായി; ജനമെല്ലാം കടന്നുപോയി; രാജാവു
കിദ്രോൻതോടു കടന്നു; ജനമെല്ലാം മരു
ഭൂമിയിലേക്കുള്ള വഴിയേ പോയി സാദോ
24 ക്കും അവനോടുകൂടെ ദൈവത്തിൻെറ
നിയമപെട്ടകം ചുമന്നുകൊണ്ട് എല്ലാ
ലേവ്യരും വന്നു. അവർ ദൈവത്തിൻെറ
പെട്ടകം താഴെ വച്ചു, ജനമെല്ലാം പട്ടണ
ത്തിൽ നിന്നു കടന്നു. അബ്യാഥാർ മല
25 കയറി ചെന്നു. രാജാവു സാദോക്കിനോടു:
നീ ദൈവത്തിൻെറ പെട്ടകം നഗരത്തി
ലേക്കു തിരികെ കൊണ്ടുപൊയ്ക്കൊ
ള്ളുക; കർത്താവിനു എന്നോടു കൃപ
തോന്നിയാൽ അവൻ എന്നെ തിരികെ
വരുത്തും; ഇതും തിരുനിവാസവും കാണ്മ
വാൻ എനിക്ക് ഇടയാക്കും. അല്ല, എനിക്കു 26
നിന്നിൽ പ്രസാദമില്ല എന്നാണ് അവൻ
കല്പിക്കുന്നതെങ്കിൽ ഇതാ, ഞാൻ ഒരുങ്ങി
യിരിക്കുന്നു; അവൻ തൻെറ ഇഷ്ടാനു
സരണം എന്നോടു ചെയ്യട്ടെ എന്നു പറ
ഞ്ഞു. രാജാവു പിന്നെയും പുരോഹിതനായ 27
സാദോക്കിനോടു: നീ സമാധാനത്തോടെ
നഗരത്തിലേക്കു മടങ്ങിപ്പോകുക; നിങ്ങളു
ടെ രണ്ടു പുത്രന്മാർ, നിൻെറ മകൻ അഹീ
മാസും അബ്യാഥാരിൻെറ മകൻ യോനാ
ഥാനും നിങ്ങളോടുകൂടെ ഉണ്ടല്ലോ. എനി 28
ക്കു നിങ്ങളിൽനിന്നും യഥാർത്ഥ വിവരം
കിട്ടുന്നതുവരെ ഞാൻ സമഭൂവിൽ താമസി
ക്കും എന്നു പറഞ്ഞു. അങ്ങനെ പുരോഹിത 29
രായ സാദോക്കും അബ്യാഥാരും ദൈവ
ത്തിൻെറ പെട്ടകം യെറുശലേമിലേക്കു തിരി
കെ കൊണ്ടുപോയി, അവിടെ താമസിച്ചു.
ദാവീദ് തല മൂടി നടന്നു കരഞ്ഞും 30
കൊണ്ടു ഒലിവുമലയുടെ കയററം കയറി;
കൂടെയുള്ള ജനമെല്ലാം തല മൂടി കരഞ്ഞും
കൊണ്ടു കയറിച്ചെന്നു. അബ്ശാലോമി 31
നോടു കൂടെയുള്ള മത്സരികളിൽ അഹീ
ഥോഫെലും ഉണ്ടെന്നു ദാവീദിന് അറിവു
കിട്ടിയപ്പോൾ: കർത്താവേ, അഹീഥോഫെ
ലിൻെറ ആലോചനയെ തെററിക്കുമാറാക
ണമേ എന്നു പറഞ്ഞു. പിന്നെ ദാവീദ് മല 32
മുകളിൽ ദൈവത്തെ ആരാധിച്ചുവന്ന
സ്ഥലത്ത് എത്തിയപ്പോൾ അർഖ്യനായ
ഹൂശായി അങ്കി കീറിയും തലയിൽ മണ്ണു
വാരിയിട്ടുംകൊണ്ടു വരുന്നതു കണ്ടു. അവ 33
നോടു ദാവീദ് പറഞ്ഞു: നീ എന്നോടുകൂടെ
പോന്നാൽ എനിക്കു ഭാരമായിരിക്കും.
എന്നാൽ നീ നഗരത്തിലേക്കു മടങ്ങിച്ചെന്നു 34
അബ്ശാലോമിനോടു: രാജാവേ, ഞാൻ
അങ്ങയുടെ ദാസനായിരുന്നുകൊള്ളാം;
ഞാൻ ഇതുവരെ അങ്ങയുടെ പിതാവിൻെറ
ദാസൻ ആയിരുന്നതുപോലെ ഇപ്പോൾ
അങ്ങയുടെ ദാസനായിരിക്കാം എന്നു പറ
ഞ്ഞാൽ നിനക്കു അഹീഥോഫെലിൻെറ 35
ആലോചന തകർക്കുവാൻ കഴിയും.
അവിടെ നിന്നോടുകൂടെ പുരോഹിതന്മാ
രായ സാദോക്കും അബ്യാഥാരും ഉണ്ട്.
അതുകൊണ്ടു രാജഗൃഹത്തിൽ നിന്നു
കേൾക്കുന്ന വിവരമെല്ലാം നീ പുരോഹിത
ന്മാരായ സാദോക്കിനെയും അബ്യാഥാരി
നെയും അറിയിക്കണം. അവിടെ അവരോടു 36

വരുടെ രണ്ടു പുത്രന്മാർ, സാദോ
മകൻ അഹീമാസും അബ്യാഥാ
കൻ യോനാഥാനും ഉണ്ട്; നിങ്ങൾ
ന്ന വിവരമെല്ലാം അവർ മുഖാന്തരം
അറിയിക്കണം. അങ്ങനെ ദാവീദി
നേഹിതനായ ഹൂശായി പട്ടണ
ന്നു. അബ്ശാലോമും യെറുശലേ
വശിച്ചു.

അദ്ധ്യായം 16

ദ് താൻ ആരാധന നടത്തിയിരു
ലം കടന്നു കുറെ അപ്പുറം ചെന്ന
ാഫീബോശെത്തിൻെറ ഭൃത്യനായ
കോപ്പിട്ട രണ്ടു കഴുതയുമായി
ു കണ്ടു; അവയുടെ പുറത്തു ഇരു
പ്പവും നൂറു ഉണക്കമുന്തിരിക്കുല
ു അത്തിയടയും ഒരു തുരുത്തി
കയററിയിരുന്നു. രാജാവു സീബ
വ നിനക്കു എവിടെ നിന്ന്? എന്നു
. അതിനു സീബാ: കഴുതകൾ
ൻെറ കുടുംബക്കാർക്കു കയറുവാ
വും പഴവും ബാല്യക്കാർക്കു തി
ം വീഞ്ഞു, മരുഭൂമിയിൽ ക്ഷീണി
കുടിപ്പാനും എന്നു പറഞ്ഞു.
ജമാനൻെറ മകൻ എവിടെ എന്നു
ചോദിച്ചതിനു സീബാ രാജാവി
വൻ യെറുശലേമിൽ പാർക്കുന്നു;
യൽ ഗൃഹം എൻെറ അപ്പനായ
ൻെറ രാജത്വം ഇന്നു എനിക്കു തിരി
മെന്നു അവൻ പറയുന്നു എന്നു
രാജാവു സീബായോടു: ഇതാ,
ബോശെത്തിനുള്ളതെല്ലാം നിനക്കു
ന്നു എന്നു പറഞ്ഞു. അതിനു
യജമാനനായ രാജാവേ, എനിക്കു
ണ്ട്; തിരുമുമ്പിൽ എനിക്കു ദയ
റാകട്ടെ എന്നു പറഞ്ഞു.
ദ് രാജാവു ബഹൂരീമിൽ എത്തി
ശൌലിൻെറ കുലത്തിൽ ഗേര
ൻ ശിമെയി എന്നു പേരുള്ള ഒരു
ിടെനിന്നു പുറപ്പെട്ടു ദാവീദിനെ
കാണ്ടു വരുന്നതു കണ്ടു. അവൻ
നയും രാജഭൃത്യന്മാരെ എല്ലാവരെ
മാരെയും ജനത്തെയും കല്ലുവാരി
. ശിമെയി ശപിച്ചുംകൊണ്ടു പറ
പാതകനേ, നീചാ, പോകുക, പോ
ൌൽ ഗൃഹത്തിൻെറ രക്തം കർത്താ
മേൽ വരുത്തിയിരിക്കുന്നു; അവ
ല്ലോ നീ രാജാവായതു; കർത്താ
ം നിൻെറ മകനായ അബ്ശാലോ
യ്യിൽ ഏല്പിച്ചിരിക്കുന്നു; നീ രക്ത

പാതകനായിരിക്കയാൽ ഇപ്പോൾ ഇതാ,
നിൻെറ പാപത്തിൻെറ ഫലം നിനക്കു
വന്നിരിക്കുന്നു. അപ്പോൾ സെരൂയയുടെ 9
മകനായ അബീശായി രാജാവിനോടു: ഈ
ചത്ത നായ എൻെറ യജമാനനായ രാജാ
വിനെ ശപിക്കുന്നതു എന്തു? ഞാൻ ചെന്നു
അവൻെറ തല വെട്ടിക്കളയട്ടെ എന്നു പറ
ഞ്ഞു. അതിനു രാജാവു: സെരൂയയുടെ 10
പുത്രന്മാരേ, എനിക്കും നിങ്ങൾക്കും എന്ത്?
അവൻ ശപിക്കട്ടെ; ദാവീദിനെ ശപിക്കുക
എന്നു കർത്താവ് അവനോടു കല്പിച്ചിരി
ക്കുന്നു; പിന്നെ നീ ഇങ്ങനെ ചെയ്യുന്നതു 11
എന്തു എന്ന് ആരും ചോദിക്കും എന്നു
പറഞ്ഞു. പിന്നെ ദാവീദ് അബീശായി
യോടും തൻെറ സകല ഭൃത്യന്മാരോടും
പറഞ്ഞത്: എൻെറ ബീജത്തിൽ നിന്നു പുറ
പ്പെട്ട മകൻ എനിക്കു പ്രാണഹാനി വരു
ത്തുവാൻ ശ്രമിക്കുന്നുവെങ്കിൽ ഈ ബെ
ന്യാമീന്യൻ ചെയ്യുന്നതു ആശ്ചര്യമോ?
അവനെ വിടുവിൻ; അവൻ ശപിക്കട്ടെ;
ദൈവം അവനോടു കല്പിച്ചിരിക്കുന്നു.
പക്ഷെ ദൈവം എൻെറ സങ്കടം കണ്ട് 12
ഇന്നത്തെ ഇവൻെറ ശാപത്തിനു പകരം
എനിക്ക് അനുഗ്രഹം നൽകും. ഇങ്ങനെ 13
ദാവീദും അവൻെറ ആളുകളും നടന്നു
പോകുമ്പോൾ ശിമെയിയും മലഞ്ചരിവിൽ
കൂടി അടുത്തു നടന്നു; നടന്നുകൊണ്ടു
ശപിക്കുകയും കല്ലും പൂഴിയും വാരി അവനെ
എറിയുകയും ചെയ്തു. രാജാവും കൂടെയുള്ള 14
സകല ജനവും ക്ഷീണിച്ച് അവിടെ എത്തി
ആശ്വസിച്ചു.

അബ്ശാലോമും ഇസ്രായേല്യരായ 15
ജനമെല്ലാം അഹീഥോഫെലുമായി യെറുശ
ലേമിൽ എത്തി. ദാവീദിൻെറ സ്നേഹിതൻ 16
അർഖ്യനായ ഹൂശായി അബ്ശലോമിൻെറ
അടുക്കൽ വന്നിട്ട് അബ്ശാലോമിനോടു:
രാജാവേ, ജയ ജയ എന്നു പറഞ്ഞു. അ 17
പ്പോൾ അബ്ശാലോം ഹൂശായിയോടു:
ഇതാണോ നിൻെറ സ്നേഹിതനോടു നിന
ക്കുള്ള സ്നേഹം? സ്നേഹിതനോടു കൂടെ
പോകാതിരുന്നത് എന്തു എന്നു ചോദിച്ചു.
അതിനു ഹൂശായി അബ്ശാലോമിനോടു: 18
അങ്ങനെയല്ല, ദൈവവും ഈ ജനവും
ഇസ്രായേല്യരെല്ലാം ആരെ തിരഞ്ഞെടുക്കു
ന്നുവോ അവനുള്ളവൻ ആകുന്നു ഞാൻ;
അവൻെറ പക്ഷത്തിൽ ഞാൻ ഇരിക്കും.
ഞാൻ ആരെ ആണ് സേവിക്കേണ്ടതു? 19
അവൻെറ മകനെ അല്ലയോ? ഞാൻ നിൻെറ
പിതാവിനെ സേവിച്ചതുപോലെ നിന്നെ
യും സേവിക്കും എന്നു പറഞ്ഞു. അനന്തരം 20

അബ്ശാലോം അഹീഥോഫെലിനോടു:
നാം എന്താണു ചെയ്യേണ്ടത് എന്നു നീ
ആലോചിച്ചു പറയുക എന്നു പറഞ്ഞു:
21 അഹീഥോഫെൽ അബ്ശാലോമിനോടു:
രാജഗൃഹം സൂക്ഷിപ്പാൻ നിൻെറ പിതാവ്
പാർപ്പിച്ചിട്ടുള്ള അവൻെറ വെപ്പാട്ടികളുടെ
അടുക്കൽ നീ ചെല്ലുക; എന്നാൽ നീ നിൻെറ
പിതാവിന് നിന്നെത്തന്നെ വെറുപ്പാക്കി
എന്ന് എല്ലാ ഇസ്രായേലും കേൾക്കും;
നിന്നോടു കൂടെയുള്ളവർ എല്ലാം ധൈര്യ
22 പ്പെടും എന്നു പറഞ്ഞു. അങ്ങനെ അവർ
അബ്ശാലോമിനു വെൺമാടത്തിന്മേൽ ഒരു
കൂടാരം അടിച്ചു; അവിടെ അബ്ശാലോം
എല്ലാ ഇസ്രായേലും കാൺകെ തൻെറ
പിതാവിൻെറ വെപ്പാട്ടികളുടെ അടുക്കൽ
23 ചെന്നു. അക്കാലത്തു അഹീഥോഫെൽ
കൊടുക്കുന്ന ആലോചന ദൈവത്തിൻെറ
അരുളപ്പാടുപോലെ ആയിരുന്നു; ദാവീദി
നും അബ്ശാലോമിനും അഹീഥോഫെലി
ൻെറ ആലോചനയെല്ലാം അങ്ങനെതന്നെ
ആയിരുന്നു.

അദ്ധ്യായം 17

1 അഹീഥോഫെൽ അബ്ശാലോമി
നോടു പറഞ്ഞു: ഞാൻ പന്തീരായിരം പേരെ
തിരഞ്ഞെടുത്തു പുറപ്പെട്ടു ഇന്നു രാത്രി
തന്നെ ദാവീദിനെ ലെയ്വരെ പിന്തുടരട്ടെ.
2 ക്ഷീണിച്ചും അധൈര്യപ്പെട്ടും ഇരിക്കുന്ന
അവനെ ഞാൻ ആക്രമിച്ചു ഭയപ്പെടുത്തും.
അപ്പോൾ അവനോടു കൂടെയുള്ള ജനമെ
ല്ലാം ഓടിപ്പോകും; ഞാൻ രാജാവിനെ മാത്രം
3 കൊന്നുകളയും. പിന്നെ ഞാൻ സകല ജന
ത്തെയും അങ്ങയുടെ അടുക്കൽ വരുത്തും;
അങ്ങ് ആഗ്രഹിക്കുന്നതുപോലെ എല്ലാ
വരും മടങ്ങിവരുമ്പോൾ ജനമെല്ലാം സമാ
4 ധാനത്തോടെ ഇരിക്കും. ഈ വാക്ക് അബ്
ശാലോമിനും ഇസ്രായേൽ മൂപ്പന്മാർ
ക്കെല്ലാം വളരെ തൃപ്തിയായി.
5 എന്നാൽ അബ്ശാലോം: അർഖ്യനായ
ഹൂശായിയെ വിളിക്ക; അവൻെറ അഭിപ്രാ
യവും കേൾക്കാമല്ലോ എന്നു പറഞ്ഞു.
6 ഹൂശായി അബ്ശാലോമിൻെറ അടുത്തു
വന്നപ്പോൾ അബ്ശലോം അവനോടു: ഇന്നി
ന്നപ്രകാരം അഹീഥോഫെൽ പറഞ്ഞിരിക്കു
ന്നു; അവൻ പറഞ്ഞതുപോലെ നാം ചെയ്യ
7 ട്ടെ? നീ പറയുക എന്നു പറഞ്ഞു. ഹൂശായി
അബ്ശാലോമിനോടു പറഞ്ഞു: അഹീഥോ
ഫെൽ ഈ പ്രാവശ്യം പറഞ്ഞ ആലോചന
8 നന്നല്ല. അങ്ങയുടെ പിതാവും അവൻെറ
ആളുകളും വീരന്മാരും കാട്ടിൽ കുട്ടികൾ
നഷ്ടപ്പെട്ട കരടിയെപ്പോലെ ഉഗ്രമാന
സർ ആകുന്നു എന്നു അങ്ങ് അറിയുമ
ല്ലോ. അങ്ങയുടെ പിതാവ് യോദ്ധാവ്
ആകുന്നു. അവൻ ജനത്തോടുകൂടെ രാപാർ
ക്കയില്ല. അവൻ ഇപ്പോൾ ഒരു ഗുഹയിലോ
മറ്റു വല്ല സ്ഥലത്തോ ഒളിച്ചിരിക്കയായി
രിക്കും; ആരംഭത്തിൽതന്നെ നമ്മിൽ ചിലർ
മരിച്ചുപോയാൽ അതു കേൾക്കുന്ന എല്ലാ
വരും അബ്ശാലോമിൻെറ പക്ഷക്കാരിൽ
നാശമുണ്ടായി എന്നു പറയുമല്ലോ. അ
പ്പോൾ സിംഹത്തിൻെറതുപോലെ ഹൃദയ
മുള്ള ശൂരനുംകൂടെ അശേഷം തളർന്നു
പോകും. അങ്ങയുടെ പിതാവ് യുദ്ധവീരനും
അവനോടുകൂടെയുള്ളവർ ശൂരന്മാരും
എന്നു എല്ലാ ഇസ്രായേലും അറിയുന്നു.
ആകയാൽ ഞാൻ പറയുന്ന ആലോചന
എന്തെന്നാൽ: ദാൻമുതൽ ബേർ-ശേബ
വരെ കടൽക്കരയിലെ മണൽപോലെ
അസംഖ്യമായിരിക്കുന്ന ഇസ്രായേലെല്ലാം
അങ്ങയുടെ അടുക്കൽ ഒന്നിച്ചു കൂടുകയും
അവിടുന്നുതന്നെ യുദ്ധത്തിനു എഴുന്നെ
ള്ളുകയും വേണം. അവനെ കാണുന്നേടത്തു
ത്തു നാം അവനെ ആക്രമിച്ച് മഞ്ഞു ഭൂമി
യിൽ പൊഴിയുന്നതുപോലെ അവൻെറ
മേൽ ചെന്നു വീഴും; പിന്നെ അവനാകട്ടെ
അവനോടു കൂടെയുള്ളവരിൽ ഒരുവൻ
പോലും ശേഷിക്കയില്ല. അവൻ ഒരു പട്ടണ
ത്തിൽ കടന്നുകൂടിയാൽ ഇസ്രായേ
ലെല്ലാം ആ നഗരത്തിനു വേലികെട്ടി
അവിടെ ഒരു ചെറിയ കല്ലുപോലും കാണാ
താകുംവരെ അതിനെ തരിപ്പണമാക്കും.
അപ്പോൾ അബ്ശാലോമും എല്ലാ ഇസ്രാ
യേല്യരും: അഹീഥോഫെലിൻെറ ആലോച
നയെക്കാൾ അർഖ്യനായ ഹൂശായിയുടെ
ആലോചന നല്ലത് എന്നു പറഞ്ഞു. അബ്
ശാലോമിനു അനർത്ഥം വരേണ്ടതിന്,
അഹിഥോഫെലിൻെറ നല്ല ആലോചനയെ
വ്യർത്ഥമാക്കുവാൻ കർത്താവു നിശ്ചയി
ച്ചിരുന്നു.
അനന്തരം ഹൂശായി പുരോഹിതന്മാ
രായ സാദോക്കിനോടും അബ്യാഥാരി
നോടും: ഇന്നതുപോലെ അഹീഥോഫെൽ
അബ്ശാലോമിനോടും ഇസ്രായേൽ മൂപ്പ
ന്മാരോടും ആലോചന പറഞ്ഞു; ഇതു
പോലെ ഞാനും ആലോചന പറഞ്ഞിരി
ക്കുന്നു. ആകയാൽ നിങ്ങൾ വേഗത്തിൽ
ആളയച്ച്: ഈ രാത്രി മരുഭൂമിയിലേക്കുള്ള
സമതലത്തിൽ പാർക്കരുതു, രാജാവിനും
കൂടെയുള്ള സകല ജനത്തിനും നാശം
വരാതിരിക്കേണ്ടതിനു ഏതു വിധേനയും

പോകേണം എന്നു ദാവീദിനെ അറി
ാം എന്നു പറഞ്ഞു. എന്നാൽ നാഥാ
ഹീമാസും പട്ടണത്തിൽ ചെന്നു
കാണിപ്പാൻ പാടില്ലാതിരുന്നതുകൊ
ൻരോഗെലിന്നരികെ കാത്തുനിന്നു;
ലക്കാരി ചെന്ന് അവരെ അറിയിച്ചു;
ചെന്നു ദാവീദ് രാജാവിനെയും അറി
എന്നാൽ ഒരു യുവാവ് അവരെ കണ്ടി
ശാലോമിനു അറിവു കൊടുത്തു.
ാൽ അവർ ഇരുവരും വേഗം പോയി
ീമിൽ ഒരു വീട്ടിൽ കയറി; മുറ്റത്ത്
ണറുണ്ടായിരുന്നു; അവർ അതിൽ
വീട്ടുകാരി വിരി എടുത്തു കിണറി
ായിന്മേൽ വിരിച്ചു അതിൽ കോത
ക്കി; ഇങ്ങനെ കാര്യം അറിയുവാൻ
യില്ല. അബ്ശാലോമിൻെറ ഭൃത്യന്മാർ
യുടെ വീട്ടിൽ വന്നു: അഹീമാസും
ും എവിടെ എന്നു ചോദിച്ചു: അവർ
നിന്നു കടന്നുപോയി എന്നു സ്ത്രീ
ു. അവർ അന്വേഷിച്ചിട്ടു കാണായ്ക
യറുശലേമിലേക്കു മടങ്ങിപ്പോയി.
പായശേഷം അവർ കിണറ്റിൽനിന്നു
ച്ചന്നു ദാവീദ് രാജാവിനെ വിവരം
ച്ചു: നിങ്ങൾ എഴുന്നേറ്റു വേഗം നദി
പോകുവിൻ; ഇന്നിന്നപ്രകാരം
ഥാഫെൽ നിങ്ങൾക്കു വിരോധ
ആലോചന പറഞ്ഞിരിക്കുന്നു എന്നു
ു. ഉടനെ ദാവീദും കൂടെയുള്ള ജന
എഴുന്നേറ്റു യോർദ്ദാൻ കടന്നു; നേരം
ുമ്പോഴേക്കു യോർദ്ദാൻ കടക്കാതെ
പോലും ശേഷിച്ചില്ല. എന്നാൽ
ഥാഫെൽ തൻെറ ആലോചന
ല്ല എന്നു കണ്ടപ്പോൾ കഴുതപ്പുറ
ാപ്പിട്ടു കയറി തൻെറ വീട്ടിലേക്കു
വീട്ടുകാര്യം ക്രമപ്പെടുത്തിയശേഷം
ൂങ്ങി മരിച്ചു; അവൻെറ അപ്പൻെറ
ൽ അവനെ അടക്കം ചെയ്തു.
ന്ന ദാവീദ് മഹനയീമിൽ എത്തി.
ാലോമും കുടെയുള്ള ഇസ്രായേൽ
ാം യോർദ്ദാൻ കടന്നു. അബ്ശാ
യോവാബിനു പകരം അമാസയെ
ിപൻ ആക്കി; അമാസയോ നാഹാ
മകളും യോവാബിൻെറ അമ്മ
യുടെ സഹോദരിയും ആയ അബീ
അടുക്കൽ യിത്രാ എന്നു പേരുള്ള
ായേല്യൻ ചെന്നിട്ടു ഉണ്ടായ മകൻ.
യലും അബ്ശാലോമും ഗിലെയാദ്
ു പാളയമിറങ്ങി.
ീദ് മഹനയീമിൽ എത്തിയപ്പോൾ
ന്യരുടെ റബ്ബയിൽനിന്നു നാഹാ

ശിൻെറ മകൻ ശോബി, ലോ-ദെബാരിൽ
നിന്നു അമ്മീയേലിൻെറ മകൻ മാഖീർ,
രോഗെലീമിൽ നിന്നു ഗിലെയാദ്യൻ ബർസി
ല്ലായി എന്നിവർ കിടക്കകളും പാത്രങ്ങളും
ദാവീദിനും കൂടെയുള്ള ജനത്തിനും ഭക്ഷി
ക്കുവാൻ കോതമ്പ്, യവം, മാവ്, മലർ,
അമരക്ക, പയർ, പരിപ്പു, തേൻ, വെണ്ണ, ആട്,
പാല്ക്കട്ട എന്നിവയും കൊണ്ടുവന്നു; ജനം
മരുഭൂമിയിൽ വിശന്നും ദാഹിച്ചും ഇരിക്കു
മല്ലോ എന്ന് അവർ പറഞ്ഞു.

അദ്ധ്യായം 18

അനന്തരം ദാവീദ് തന്നോടു കൂടെയുള്ള 1
ജനത്തെ എണ്ണിനോക്കി; അവർക്കു സഹ
സ്രാധിപരെയും ശതാധിപരെയും നിയമിച്ചു.
ദാവീദ് ജനത്തിൽ മൂന്നിൽ ഒരു ഭാഗം 2
യോവാബിൻെറ കീഴിലും മൂന്നിൽ ഒരു ഭാഗം
സെരൂയയുടെ മകനും യോവാബിൻെറ
സഹോദരനും ആയ അബീശായിയുടെ
കീഴിലും മൂന്നിൽ ഒരു ഭാഗം ഗത്യനായ
ഇത്ഥായിയുടെ കീഴിലും അയച്ചു: ഞാനും
നിങ്ങളോടുകൂടെ വരും എന്നു രാജാവും
ജനത്തോടു പറഞ്ഞു. എന്നാൽ ജനം:
അങ്ങു വരേണ്ട; ഞങ്ങൾ തോറ്റോടേണ്ടി 3
വന്നാൽ ഞങ്ങളുടെ കാര്യം ആരും ഗണ്യ
മാക്കുകയില്ല; ഞങ്ങളിൽ പകുതിപ്പേർ
മരിച്ചുപോയി എന്നു വന്നാലും അതാരും
ഗണ്യമാക്കുകയില്ല; അങ്ങോ ഞങ്ങളിൽ
പതിനായിരം പേർക്കു തുല്യൻ. ആകയാൽ
അങ്ങ് പട്ടണത്തിൽ ഇരുന്നുകൊണ്ടു
ഞങ്ങൾക്കു സഹായം ചെയ്യുന്നതാണ്
നല്ലത് എന്നു പറഞ്ഞു. രാജാവു അവ 4
രോടു: നിങ്ങൾക്കു ഉത്തമം എന്നു തോന്നു
ന്നതു ഞാൻ ചെയ്യാം എന്നു പറഞ്ഞു.
പിന്നെ രാജാവു പടിവാതില്ക്കൽ നിന്നു;
ജനമെല്ലാം നൂറുനൂറായും ആയിരമായിര
മായും പുറപ്പെട്ടു. അബ്ശാലോം കുമാരനെ 5
ജീവനോടെ കൊണ്ടുവരണം എന്നു രാജാ
വു യോവാബിനോടും അബീശായിയോടും
ഇത്ഥായിയോടും കല്പിച്ചു. രാജാവു
സേനാധിപന്മാരോടെല്ലാം അബ്ശാലോ
മിനെക്കുറിച്ചു കല്പിച്ചത് ജനമെല്ലാം കേട്ടു.
പിന്നെ ജനം യുദ്ധസ്ഥലത്തേക്ക് ഇസ്രാ 6
യേലിൻെറ നേരെ പുറപ്പെട്ടു; എഫ്രയീം വന 7
ത്തിൽവെച്ചു യുദ്ധമുണ്ടായി. ഇസ്രായേൽ
ജനം ദാവീദിൻെറ സേവകരോടു തോറ്റു.
അന്ന് അവിടെ ഒരു മഹാസംഹാരം നടന്നു.
ഇരുപതിനായിരം പേർ മരിച്ചു. യുദ്ധം ആ 8
ദേശമെല്ലാം വ്യാപിച്ചു; അന്നു വാളിന്നിര
യായതിലും അധികം പേർ വന്യമൃഗങ്ങൾ

9 ക്കിരയായി. അബ്ശാലോം ദാവീദിന്റെ
സേവകരോട് എതിർത്തു; അബ്ശാലോം
കോവർകഴുതപ്പുറത്തു ഓടിച്ചു പോകു
മ്പോൾ കോവർകഴുത കൊമ്പുതിങ്ങി
നില്ക്കുന്ന ഒരു വലിയ കരുവേലകത്തിൻ
കീഴെ എത്തി; അവന്റെ തലമുടി കരുവേ
ലകത്തിൽ പിടിപെട്ടിട്ടു അവൻ ആകാശ
ത്തിനും ഭൂമിക്കും മദ്ധ്യേ തൂങ്ങി; അവന്റെ
കീഴിൽനിന്നു കോവർകഴുത ഓടിപ്പോയി.
10 ഒരുവൻ അതു കണ്ടിട്ട്: അബ്ശാലോം ഒരു
കരുവേലകത്തിൽ തൂങ്ങിക്കിടക്കുന്നതു
ഞാൻ കണ്ടു എന്നു യോവാബിനോടു അറി
11 യിച്ചു. യോവാബു തന്നെ അറിയിച്ചവ
നോടു: നീ അവനെ കണ്ടിട്ടു അവിടെ വെച്ചു
തന്നെ വെട്ടിക്കളയാഞ്ഞതു എന്തു? ഞാൻ
12 നിനക്കു പത്തു ശേക്കെൽ വെള്ളിയും ഒരു
വസ്ത്രവും തരുമായിരുന്നുവല്ലോ എന്നു പറ
ഞ്ഞു. അവൻ യോവാബിനോടു പറഞ്ഞതു:
ആയിരം ശേക്കെൽ വെള്ളി എനിക്കു തന്നാ
ലും ഞാൻ രാജകുമാരന്റെ നേരെ കൈ
നീട്ടുകയില്ല; അബ്ശാലോം കുമാരനെ
ആരും തൊടാതിരിപ്പാൻ സൂക്ഷിച്ചുകൊൾ
വിൻ എന്നു രാജാവു അങ്ങയോടും അബീ
ശായിയോടും ഇത്ഥായിയോടും ഞങ്ങൾ
13 കേൾക്കെയല്ലോ കല്പിച്ചതു. അല്ല, ഞാൻ
അവന്റെ പ്രാണനെ ദ്രോഹിച്ചിരുന്നെ
ങ്കിൽ—രാജാവിനു ഒന്നും മറവായിരിക്കയി
ല്ലല്ലോ—അങ്ങുതന്നെ എന്നോടു അകന്നു
14 നില്ക്കുമായിരുന്നു. എന്നാൽ യോവാബ്:
ഞാൻ ഇങ്ങനെ നിന്നോടു സംസാരിച്ചു
നേരം കളയുകയില്ല എന്നു പറഞ്ഞു മൂന്നു
കുന്തം കയ്യിൽ എടുത്തു അബ്ശാലോം
കരുവേലകത്തിൽ ജീവനോടെ തൂങ്ങിക്കിട
ക്കുമ്പോൾ തന്നെ അവയെ അവന്റെ
നെഞ്ചിനകത്തു കുത്തിക്കടത്തി. അപ്പോഴും
15 അവനു ജീവനുണ്ടായിരുന്നു. യോവാബി
ന്റെ ആയുധവാഹകരായ പത്തു യുവാ
ക്കൾ ചുറ്റും നിന്നു അബ്ശാലോമിനെ അടി
16 ച്ചു കൊന്നു. പിന്നെ യോവാബ് കാഹളം
ഊതി; യോവാബ് ജനത്തെ വിലക്കിയ
തുകൊണ്ടു അവർ ഇസ്രായേലിനെ പിന്തു
17 ടരുന്നതു വിട്ടു മടങ്ങി. അബ്ശാലോമിനെ
അവർ എടുത്തു വനത്തിൽ ഒരു വലിയ
കുഴിയിൽ ഇട്ടു; അവന്റെമേൽ ഏറ്റവും
വലിയോരു കല്ക്കൂമ്പാരം കൂട്ടി; ഇസ്രാ
യേലെല്ലാം അവരുടെ വീട്ടിലേക്കു ഓടി
18 പ്പോയി. അബ്ശാലോം ജീവനോടിരുന്ന
സമയം: എന്റെ പേർ നിലനിർത്തേണ്ടതിനു
എനിക്കു മകനില്ലല്ലോ എന്നു പറഞ്ഞു,
രാജാവിൻ താഴ്വരയിലെ തൂൺ എടുത്തു
നാട്ടി അതിനു തന്റെ പേർ വിളിച്ചിരുന്നു;
അതിന് ഇന്നുവരെ അബ്ശാലോമിന്റെ
ഓർമ്മസ്തംഭം എന്നു പറഞ്ഞുവരുന്നു.
അനന്തരം സാദോക്കിന്റെ മകനായ അ 19
ഹീമാസ്: ഞാൻ ഓടിച്ചെന്നു രാജാവിനോ
ടു: യഹോവ അവനുവേണ്ടി ശത്രുക്കളോടു
പ്രതികാരം ചെയ്തിരിക്കുന്ന സദ്വാർത്ത
അറിയിക്കട്ടെ എന്നു പറഞ്ഞു. യോവാബ് 20
അവനോടു: നീ ഇന്നു സദ്വാർത്തമാന
ദൂതൻ ആകുകയില്ല; ഇനി ഒരു ദിവസം
സദ്വാർത്തമാനം കൊണ്ടുപോകാം; രാജ
കുമാരൻ മരിച്ചിരിക്കകൊണ്ടു നീ ഇന്നു
സദ്വാർത്തമാനദൂതനാകുകയില്ല എന്നു പ
റഞ്ഞു. പിന്നെ യോവാബ് കൂശിയോട്: നീ 21
കണ്ടതു രാജാവിനെ ചെന്നു അറിയിക്കുക
എന്നു പറഞ്ഞു. കൂശി യോവാബിനെ വണ
ങ്ങി ഓടി. സാദോക്കിന്റെ മകനായ അഹീ 22
മാസ് പിന്നെയും യോവാബിനോടു: ഏതാ
യാലും ഞാനും കൂശിന്റെ പിന്നാലെ ഓടട്ടെ
എന്നു പറഞ്ഞു. അതിനു യോവാബ്:
എന്റെ മകനേ, നീ എന്തിനു ഓടുന്നു?
നിനക്കു പ്രതിഫലം കിട്ടുകയില്ലല്ലോ എന്നു
പറഞ്ഞു. അവൻ പിന്നെയും: ഏതായാലും 23
ഞാൻ ഓടും എന്നു പറഞ്ഞതിനു: എന്നാൽ
ഓടിക്കൊൾക എന്ന് അവൻ പറഞ്ഞു.
അങ്ങനെ അഹീമാസ് സമഭൂമിവഴിയായി
ഓടി കൂശിയെ കടന്നുപോയി.
ദാവീദ് രണ്ടു പടിവാതിലിനും മദ്ധ്യേ 24
ഇരിക്കയായിരുന്നു. കാവല്ക്കാരൻ പടി
വാതിലിനുമേൽ മതിലിന്റെ മുകളിൽ
കയറി തല ഉയർത്തിനോക്കി ഒരുവൻ
തനിച്ച് ഓടിവരുന്നതു കണ്ടു. കാവല്ക്കാ 25
രൻ രാജാവിനോടു വിളിച്ച് അറിയിച്ചു.
അവൻ ഏകൻ എങ്കിൽ സദ്വാർത്തമാനവും
കൊണ്ടാകുന്നു വരുന്നതു എന്നു രാജാവു
പറഞ്ഞു. അവൻ നടന്നു അടുത്തു. പിന്നെ 26
കാവല്ക്കാരൻ മറ്റൊരുവൻ ഓടിവരുന്നതു
കണ്ടു; കാവല്ക്കാരൻ ദ്വാരപാലകനോട്:
ഇതാ, പിന്നെയും ഒരാൾ തനിച്ച് ഓടിവരു
ന്നു എന്നു വിളിച്ചുപറഞ്ഞു. അവനും
സദ്വാർത്തമാനദൂതനാകുന്നു എന്നു രാജാ
വു പറഞ്ഞു. ഒന്നാമന്റെ ഓട്ടം സാദോക്കി 27
ന്റെ മകനായ അഹീമാസിന്റെ ഓട്ടം
പോലെ എനിക്കു തോന്നുന്നു എന്നു കാവ
ല്ക്കാരൻ പറഞ്ഞു. അതിനു രാജാവു:
അവൻ നല്ലവൻ; നല്ല വർത്തമാനംകൊണ്ടു
വരുന്നു എന്നു പറഞ്ഞു. രാജാവ് അവ
നോടു സമാധാനത്തോടെയോ വരുന്നതു
എന്നു ചോദിച്ചു. അഹീമാസ് രാജാവിന്റെ 28
മുമ്പിൽ സാഷ്ടാംഗം വീണു നമസ്കരിച്ചു:

നനായ രാജാവിൻെറ നേരെ കൈ
യവരെ ഏല്പിച്ചുതന്ന അങ്ങയുടെ
ായ കർത്താവു സ്തുതിക്കപ്പെട്ടവൻ
പറഞ്ഞു. അപ്പോൾ രാജാവു അബ്
ാം കുമാരൻ സുഖമായിരിക്കുന്നുവോ
ചോദിച്ചു. അതിനു അഹീമാസ്:
ാബ് രാജാവിൻെറ ഭൃത്യനെയും അടി
യും അയയ്ക്കുമ്പോൾ വലിയൊരു
കണ്ടു: എന്നാൽ അതു എന്തെന്നു
അറിഞ്ഞില്ല എന്നു പറഞ്ഞു. നീ
ട മാറി നില്ക്ക എന്നു രാജാവു പറ
അവൻ മാറിനിന്നു. ഉടനെ കൂശി
യജമാനനായ രാജാവിനു ഇതാ നല്ല
മാനം; അങ്ങയോടു എതിർത്ത എ
ാടും കർത്താവ് ഇന്നു അങ്ങേക്കു
പ്രതികാരം ചെയ്തിരിക്കുന്നു എന്നു
പറഞ്ഞു. അപ്പോൾ രാജാവു കൂശി
അബ്ശാലോം കുമാരൻ സുഖമാ
ുന്നുവോ എന്നു ചോദിച്ചു. അതിനു
യജമാനനായ രാജാവിൻെറ ശത്രുക്ക
ങ്ങയോടു ദോഷം ചെയ്യുവാൻ എഴു
ക്കുന്ന എല്ലാവരും ആ കുമാരനെപ്പോ
കട്ടെ എന്നു പറഞ്ഞു. ഉടനെ രാജാ
ുങ്ങി പടിപ്പുരമാളികയിൽ കയറി:
മകനേ, അബ്ശാലോമേ, എൻെറ
എൻെറ മകനേ, അബ്ശാലോമേ,
ു പകരം എന്നെ ആരെങ്കിലും കൊ
കൊള്ളായിരുന്നു; അബ്ശാലോമേ,
മകനേ, എൻെറ മകനേ! എന്നി
പറഞ്ഞു കരഞ്ഞുംകൊണ്ടു നടന്നു.

അദ്ധ്യായം 19

ജാവ് അബ്ശാലോമിനെ ഓർത്തു
ു കരഞ്ഞുകൊണ്ടിരുന്നു എന്നു
ാബ് കേട്ടു. എന്നാൽ രാജാവു തൻെറ
യോർത്തു ദുഃഖിച്ചിരിക്കുന്നു എന്ന്
വസം ജനം കേട്ടപ്പോൾ അന്നത്തെ
ജനത്തിനെല്ലാം ദുഃഖമായി
ആകയാൽ യുദ്ധത്തിൽ തോറ്റിട്ടു
ച്ചു ഒളിച്ചുവരുന്നതുപോലെ ജനം
പട്ടണത്തിലേക്കു ഒളിച്ചുകടന്നു.
ു മുഖം മൂടി: എൻെറ മകനേ, അബ്
ാമേ, അബ്ശാലോമേ, എൻെറ മക
ന്നു ഉറക്കെ നിലവിളിച്ചുകൊണ്ടി
അപ്പോൾ യോവാബ് അരമനയിൽ
ിൻെറ അടുക്കൽ ചെന്നു പറഞ്ഞതു:
അങ്ങയുടെയും അങ്ങയുടെ പുത്രീ
ാരുടെയും അങ്ങയുടെ ഭാര്യമാരു
വെപ്പാട്ടികളുടെയും ജീവനെ രക്ഷിച്ച
യുടെ സകല ഭൃത്യന്മാരെയും
അങ്ങ് ലജ്ജിപ്പിച്ചിരിക്കുന്നു; അങ്ങയെ
എതിർക്കുന്നവരെ അങ്ങ് സ്നേഹിക്കുന്നു.
അങ്ങയെ സ്നേഹിക്കുന്നവരെ അങ്ങ് വെറു
ക്കുന്നു. പ്രഭുക്കന്മാരും ഭൃത്യന്മാരും അങ്ങേ 6
ക്ക് ഏതുമില്ല എന്ന് അങ്ങ് ഇന്നു കാണി
ച്ചിരിക്കുന്നു; അബ്ശാലോം ജീവിച്ചിരിക്കു
കയും ഞങ്ങൾ എല്ലാവരും ഇന്ന് മരിക്കു
കയും ചെയ്തിരുന്നു എങ്കിൽ അങ്ങേയ്ക്ക്
നല്ല പ്രസാദമാകുമായിരുന്നു എന്നു
എനിക്കു ഇന്നു മനസ്സിലായി. ആകയാൽ 7
ഇപ്പോൾ എഴുന്നേറ്റു പുറത്തു വന്നു അങ്ങ
യുടെ ഭൃത്യന്മാരോടു സന്തോഷപൂർവ്വം
സംസാരിക്കുക; അങ്ങ് പുറത്തു വരാത്ത
പക്ഷം കർത്താവാണ, ഈ രാത്രി ആരും
അങ്ങയുടെ കൂടെ താമസിക്കയില്ല; അതു
അങ്ങയുടെ ബാല്യംമുതൽ ഇതുവരെ
ഭവിച്ചിട്ടുള്ള സകല അനർത്ഥത്തെക്കാളും
വലിയ അനർത്ഥമായിത്തീരും. അങ്ങനെ 8
രാജാവു എഴുന്നേറ്റു പടിവാതില്ക്കൽ ഇരു
ന്നു. രാജാവു പടിവാതില്ക്കൽ ഇരിക്കുന്നു
എന്നു ജനത്തിനെല്ലാം അറിവു കിട്ടി; സകല
ജനവും രാജാവിൻെറ മുമ്പിൽ വന്നു.

ഇസ്രായേല്യർ അവരുടെ വീടുകളി 9
ലേക്കു ഓടിപ്പോയിരുന്നു. എല്ലാ ഇസ്രാ
യേൽ ഗോത്രങ്ങളിലുമുള്ള ജനമെല്ലാം
തമ്മിൽ പറഞ്ഞു: രാജാവു നമ്മെ ശത്രുക്ക
ളുടെ കയ്യിൽനിന്നു രക്ഷിച്ചു; ഫെലിസ്ത്യ
രുടെ കയ്യിൽനിന്നു നമ്മെ വിടുവിച്ചതും
അവൻതന്നെ. ഇപ്പോഴോ അബ്ശാലോം
നിമിത്തം അദ്ദേഹം നാടുവിട്ട് ഓടിപ്പോയിരി
ക്കുന്നു. നമുക്കു രാജാവായി നാം അഭി 10
ഷേകം ചെയ്തിരുന്ന അബ്ശാലോമോ യുദ്ധ
ത്തിൽ മരിച്ചുപോയി. ആകയാൽ രാജാവി
നെ തിരികെ കൊണ്ടുവരുന്ന കാര്യത്തിൽ
നിങ്ങൾ മൌനമായിരിക്കുന്നത് എന്ത്?
എന്നു പറഞ്ഞു.

അനന്തരം ദാവീദ് രാജാവു സാദോക്ക്, 11
അബ്യാഥാർ എന്നീ പുരോഹിതരോടു പറ
ഞ്ഞു: നിങ്ങൾ യെഹൂദാമൂപ്പന്മാരോടു പറ
യേണ്ടതു: രാജാവിനെ അരമനയിലേക്കു
തിരികെ കൊണ്ടുവരുന്ന കാര്യത്തിൽ നി
ങ്ങൾ അലസന്മാരായി നില്ക്കുന്നതു എന്ത്?
രാജാവിനെ അരമനയിലേക്കു തിരികെ
കൊണ്ടുവരുന്ന കാര്യത്തിൽ എല്ലാ ഇസ്രാ
യേലിൻെറയും സംസാരം അവൻെറ അടു
ക്കൽ എത്തിയിരിക്കുന്നു. നിങ്ങൾ എൻെറ 12
സഹോദരന്മാർ; എൻെറ അസ്ഥിയും മാംസ
വും അല്ലോ. രാജാവിനെ മടക്കിവരുത്തുന്ന
കാര്യത്തിൽ നിങ്ങൾ അലസരായി നില്ക്കു
ന്നതെന്ത്? നിങ്ങൾ അമാസയോടു: നീ 13

എൻെറ അസ്ഥിയും മാംസവും അല്ലോ? നീ
യോവാബിൻെറ സ്ഥാനത്തു എപ്പോഴും
എൻെറ മുമ്പിൽ സേനാപതിയായിരിക്കുന്നി
ല്ല എങ്കിൽ ദൈവം തക്കവണ്ണവും അധികവും
14 എന്നോടു ചെയ്യട്ടെ എന്നു പറവിൻ. ഇങ്ങ
നെ അവൻ സകല യഹൂദാപുരുഷന്മാരുടെ
യും ഹൃദയം മുഴുവൻ ആകർഷിച്ചു. ആക
യാൽ അവർ: അങ്ങയും അങ്ങയുടെ സകല
ഭൃത്യന്മാരും മടങ്ങിവരണമേ എന്നു രാജ
15 സന്നിധിയിൽ അറിയിച്ചു. അങ്ങനെ രാജാ
വു മടങ്ങി യോർദ്ദാങ്കൽ എത്തി. രാജാവിനെ
എതിരേറ്റു യോർദ്ദാൻ കടത്തിക്കൊണ്ടു
പോരുവാൻ യഹൂദ്യർ ഗില്ഗാലിൽ ചെന്നു.
16 ബഹുരീമിലെ ബെന്യാമീന്യനായ
ഗേരയുടെ മകൻ ശിമെയിയും യഹൂദ്യ
രോടുകൂടെ ദാവീദ് രാജാവിനെ എതിരേ
17 ല്പാൻ ചെന്നു. അവനോടുകൂടെ ആയിരം
ബെന്യാമീന്യരും ശൌലിൻെറ ഗൃഹവിചാര
കനായ സീബയും അവൻെറ പതിനഞ്ചു
പുത്രന്മാരും ഇരുപതു ഭൃത്യന്മാരും ഉണ്ടായി
18 രുന്നു; അവർ രാജാവ് കാൺകെ യോർദ്ദാൻ
കടന്നുചെന്നു: രാജാവിൻെറ കുടുംബത്തെ
ഇക്കരെ കടത്തേണ്ടതിനും അവൻെറ
ഇഷ്ടംപോലെ ചെയ്യേണ്ടതിനും ചങ്ങാടം
അക്കരെ ചെന്നിരുന്നു. അപ്പോൾ ഗേരയുടെ
മകനായ ശിമെയി യോർദ്ദാൻ കടപ്പാൻ
19 പോകുന്ന രാജാവിൻെറ മുമ്പിൽ വീണു
രാജാവിനോടു: എൻെറ യജമാനൻ എൻെറ
കുറ്റം എന്നോടു ഓർക്കരുതേ; യജമാനനാ
യ രാജാവു യെറുശലേമിൽനിന്നു പുറപ്പെട്ട
ദിവസം അടിയൻ ചെയ്ത ദോഷം രാജാവു
20 മനസ്സിൽ ഓർക്കയും അരുതേ. അടിയൻ
പാപം ചെയ്തിരിക്കുന്നു എന്നു അറിയുന്നു;
അതുകൊണ്ടു ഇതാ, യജമാനനായ രാജാ
വിനെ എതിരേല്ക്കേണ്ടതിനു ഇറങ്ങിവരു
വാൻ യോസേഫിൻെറ സകല ഗൃഹത്തിലും
വച്ചു അടിയൻ ഇന്നു മുമ്പനായി വന്നിരി
21 ക്കുന്നു എന്നു പറഞ്ഞു. എന്നാൽ സെരു
യയുടെ മകനായ അബീശായി: കർത്താവി
ൻെറ അഭിഷിക്തനെ ശപിച്ചിരിക്കുന്ന
ശിമെയി അതു നിമിത്തം മരണശിക്ഷ അനു
22 ഭവിക്കേണ്ടയോ എന്നു ചോദിച്ചു. അതിനു
ദാവീദ്: സെരൂയയുടെ പുത്രന്മാരേ, ഇന്നു
നിങ്ങൾ എന്നെ തെറ്റിക്കുന്നവർ ആകു
ന്നത് എന്ത്? ഇന്ന് ഇസ്രായേലിൽ ഒരുവനെ
കൊല്ലാമോ? ഇന്നു ഞാൻ ഇസ്രായേലിനു
രാജാവെന്നു നീ അറിയുന്നില്ലയോ
23 എന്നു പറഞ്ഞു. പിന്നെ ശിമെയിയോടു: നീ
മരിക്കയില്ല എന്നു പറഞ്ഞു. രാജാവു
അവനോടു സത്യം ചെയ്തു.

ശൌലിൻെറ മകനായ മെഫീബോശെ 24
ത്തും രാജാവിനെ എതിരേല്പാൻ വന്നു;
രാജാവു പോയ ദിവസംമുതൽ സമാധാന
ത്തോടെ മടങ്ങിവന്ന ദിവസംവരെ അവൻ
തൻെറ കാലിനു രക്ഷ ചെയ്കയോ താടി
ചീകുകയോ വസ്ത്രം അലക്കിക്കുകയോ
ചെയ്തിരുന്നില്ല. എന്നാൽ അവൻ രാജാവി 25
നെ എതിരേല്പാൻ യെറുശലേമിൽനിന്നു
വന്നപ്പോൾ രാജാവു അവനോടു: മെഫീ
ബോശെത്തേ, നീ എന്നോടു കൂടെ വരാതെ
യിരുന്നതു എന്ത് എന്നു ചോദിച്ചു. അതിനു 26
അവൻ ഉത്തരം പറഞ്ഞതു: യജമാനനായ
രാജാവേ, എൻെറ ഭൃത്യൻ എന്നെ ചതിച്ചു;
കഴുതപ്പുറത്തു കയറി, രാജാവിനോടുകൂടെ
പോകേണ്ടതിനു തയ്യാറാകണമെന്നു അടി 27
യൻ പറഞ്ഞു; അടിയൻ മുടന്തനല്ലോ.
അവൻ യജമാനനായ രാജാവിനോടു അടി
യനെക്കൊണ്ടു നുണയും പറഞ്ഞു; എങ്കി
ലും യജമാനനായ രാജാവു ദൈവദൂത
സമൻ ആകുന്നു; തിരുമനസ്സിലെ ഇഷ്ടം
പോലെ ചെയ്തുകൊള്ളുക. യജമാനനായ 28
രാജാവിൻെറ മുമ്പാകെ അടിയൻെറ പിതൃ
ഭവനമൊക്കെയും മരണയോഗ്യർ ആയി
രുന്നു; എങ്കിലും അടിയനെ അവിടത്തെ
മേശയിങ്കൽ ഭക്ഷിക്കുന്നവരുടെ കൂട്ടത്തിൽ
ആക്കി; രാജാവിനോടു ഉത്തരം പറയുവാൻ
അടിയനു ഇനി എന്തു അവകാശമുള്ളു?
രാജാവ് അവനോടു: നീ നിൻെറ കാര്യം 29
ഇനി അധികം പറയുന്നതെന്തിനു? നീയും
സീബയും നിലം പകുത്തെടുത്തുകൊൾ
വിൻ എന്നു ഞാൻ കല്പിക്കുന്നു എന്നു
പറഞ്ഞു. മെഫീബോശെത്ത് രാജാവി 30
നോടു: അല്ല, അവൻതന്നെ മുഴുവനും എടു
ത്തുകൊള്ളട്ടെ; യജമാനനായ രാജാവു
സമാധാനത്തോടെ അരമനയിൽ എത്തിയി
രിക്കുന്നുവല്ലോ എന്നു പറഞ്ഞു.

ഗിലെയാദ്യനായ ബർസില്ലായിയും 31
രോഗെലീമിൽനിന്നു വന്നു, രാജാവിനെ
യോർദ്ദാന്നക്കരെ കടത്തി യാത്ര അയപ്പാൻ
അവനോടുകൂടെ യോർദ്ദാൻ കടന്നു.
ബർസില്ലായിയോ എൺപതു വയസ്സുള്ള 32
ഒരു വയോധികനായിരുന്നു, രാജാവു മഹ
നയീമിൽ പാർത്തിരുന്ന കാലത്തു അവൻ
ഭക്ഷണസാധനങ്ങൾ അയച്ചുകൊടുത്തു;
അവൻ മഹാധനികൻ ആയിരുന്നു. രാജാവു 33
ബർസില്ലായിയോടു: എന്നോടുകൂടെ
വരിക; ഞാൻ നിന്നെ യെറുശലേമിൽ
എൻെറ അടുത്ത് പാർപ്പിച്ചു രക്ഷിക്കും
എന്നു പറഞ്ഞു. ബർസില്ലായി രാജാവി 34
നോടു പറഞ്ഞു: ഞാൻ രാജാവിനോടുകൂടെ

ഃലമിൽ വരുന്നതെന്തിന്? ഞാൻ
ഇത്രനാൾ ജീവിച്ചിരിക്കും? എനിക്കു
എൺപതു വയസ്സായിരിക്കുന്നു;
ം ചീത്തയും എനിക്കു തിരിച്ചറിയാ
ക്ഷണപാനീയങ്ങളുടെ സ്വാദ് അടി
ന്നറിയാമോ? സംഗീതക്കാരുടെയും
തക്കാരികളുടെയും സ്വരം എനിക്കു
കേട്ടു രസിക്കാമോ? അടിയൻ യജമാ
രാജാവിനു ഭാരമായിത്തീരുന്നതു
റു? അടിയൻ രാജാവിനോടുകൂടെ
ദ്ദാൻ കടപ്പാനേ വിചാരിച്ചുള്ളു;
ു ഇതിനായി എനിക്കു ഈവിധം
പകാരം ചെയ്യുന്നതു എന്തിനു?
പട്ടണത്തിൽ എന്റെ അപ്പന്റെയും
ുടെയും കല്ലറയുടെ അടുക്കൽവച്ചു
ണ്ടതിനു അടിയൻ പൊയ്ക്കൊ
എന്നാൽ അങ്ങയുടെ ദാസനായ
ാം ഇതാ; അവൻ യജമാനനായ
ിന്റെ കൂടെ പോരട്ടെ; അങ്ങേക്കു
മായതു അവനു ചെയ്തുകൊടുത്താ
തിനു രാജാവു: ബെംഹാം എന്നോടു
പോരട്ടെ; നിന്റെ ഇഷ്ടപ്രകാരം
അവനു ചെയ്തുകൊടുക്കാം; നീ
ാടു ആവശ്യപ്പെടുന്നതെല്ലാം ഞാൻ
ായി ചെയ്യും എന്നു പറഞ്ഞു. സകല
ം യോർദ്ദാൻ കടന്നു. രാജാവു
ാൻ കടന്നശേഷം ബർസില്ലായിയെ
നം ചെയ്തു അനുഗ്രഹിച്ചു; അവൻ
ത്തേക്കു മടങ്ങിപ്പോയി.
ജാവു ഗില്ഗാലിൽ ചെന്നു; ബെംഹാ
വനോടു കൂടെ പോയി; യഹൂദാ
ല്ലാം ഇസ്രായേൽ ജനത്തിൽ പകു
രാജാവിനെ ഇക്കര കൊണ്ടുവന്നു.
ൾ ഇസ്രായേൽ പുരുഷന്മാർ എല്ലാം
ിന്റെ അടുക്കൽ വന്നു രാജാവി
ഞങ്ങളുടെ സഹോദരന്മാരായ
ാപുരുഷന്മാർ രാജാവിനെയും
ന്റെ കുടുംബത്തെയും ദാവീദിന്റെ
പരിചാരകന്മാരെയും മോഷ്ടിച്ചു
ുവന്നു യോർദ്ദാൻ കടത്തിയതു
എന്നു പറഞ്ഞു. അതിനു യഹൂദാ
ന്മാർ ഇസ്രായേൽ പുരുഷന്മാരോടു:
ു ഞങ്ങൾക്ക് അടുത്ത ചാർച്ചക്കാ
കകൊണ്ടു തന്നേ; അതിനു നിങ്ങൾ
ക്കുന്നതു എന്തിനു? ഞങ്ങൾ രാജാ
വക വല്ലതും തിന്നുവോ? അദ്ദേഹം
ൾക്കു വല്ല സമ്മാനവും തന്നുവോ
ചോദിച്ചു. ഇസ്രായേൽ പുരുഷന്മാർ
ാപുരുഷന്മാരോടു: രാജാവിങ്കൽ
ൾക്കു പത്തു ഓഹരി ഉണ്ട്; ദാവീദിൽ

ഞങ്ങൾക്കു നിങ്ങളെക്കാൾ അധികം അവ
കാശവും ഉണ്ടു; നിങ്ങൾ ഞങ്ങളെ ധിക്ക
രിച്ചതു എന്തു? ഞങ്ങളുടെ രാജാവിനെ
തിരികെ കൊണ്ടുവരേണ്ടതിനു ഞങ്ങളല്ല
യോ ആദ്യം ആവശ്യപ്പെട്ടതു എന്നു ഉത്തരം
പറഞ്ഞു. എന്നാൽ യഹൂദാപുരുഷന്മാരുടെ
വാക്ക് ഇസ്രായേൽ പുരുഷന്മാരുടെ വാക്കി
നെക്കാൾ അധികം ഭീകരമായിരുന്നു.

അദ്ധ്യായം 20

ബെന്യാമീന്യനായ, ബിക്രിയുടെ മക 1
നായ ശേമ എന്നു പേരുള്ള ഒരു നീചൻ
അവിടെ ഉണ്ടായിരുന്നു; അവൻ കാഹളം
ഊതി: ദാവീദിൽ നമുക്കു ഓഹരി ഇല്ല;
ഇശ്ശായിയുടെ മകനോടു അവകാശവും
ഇല്ല; ഇസ്രായേലേ, നിങ്ങൾ വീട്ടിലേക്കു
പൊയ്ക്കൊൾവിൻ എന്നു പറഞ്ഞു.
അപ്പോൾ ഇസ്രായേൽ ദാവീദിനെ വിട്ടു പി 2
ന്മാറി ബിക്രിയുടെ മകനായ ശേമയുടെ
പക്ഷം ചേർന്നു; യഹൂദാ പുരുഷന്മാരോ
യോർദ്ദാൻ തുടങ്ങി യെറുശലേംവരെ
തങ്ങളുടെ രാജാവിനോടു ചേർന്നുനടന്നു.
ദാവീദ് യെറുശലേമിൽ അരമനയിൽ 3
എത്തി; അരമന സൂക്ഷിപ്പാൻ പാർപ്പിച്ചി
രുന്ന പത്തു വെപ്പാട്ടികളെയും രാജാവ്
അന്തഃപുരത്തിൽ ആക്കി രക്ഷിച്ചു എങ്കിലും
അവരുടെ അടുക്കൽ പോയില്ല. അങ്ങനെ
അവർ ജീവപര്യന്തം കാവലിലിരുന്നു വൈ
ധവ്യം അനുഭവിച്ചു.
അനന്തരം രാജാവ് അമാസായോടു: നീ 4
മൂന്നു ദിവസത്തിനകം യഹൂദാപുരുഷ
ന്മാരെ വിളിച്ചുകൂട്ടി അവരുമായി ഇവിടെ
വരിക എന്നു പറഞ്ഞു. അങ്ങനെ അമാസാ 5
യഹൂദാപുരുഷന്മാരെ വിളിച്ചുകൂട്ടുവാൻ
പോയി; എന്നാൽ കല്പിച്ച അവധിയില
ധികം അവൻ താമസിച്ചുപോയി. അപ്പോൾ 6
ദാവീദ് അബീശായിയോടു: അബ്ശാലോം
ചെയ്തതിനെക്കാളും ബിക്രിയുടെ മകനായ
ശേമ ഇപ്പോൾ നമുക്കു അധികം ദോഷം
ചെയ്യും; അവൻ ഉറപ്പുള്ള വല്ല പട്ടണത്തി
ലും കടന്നു നമ്മുടെ ദൃഷ്ടിയിൽനിന്നു
തെറ്റിപ്പോകാതിരിക്കേണ്ടതിനു നീ നിന്റെ
യജമാനന്റെ സേവകരെ കൂട്ടിക്കൊണ്ട്
അവനെ പിന്തുടരുക എന്നു പറഞ്ഞു.
അങ്ങനെ യോവാബിന്റെ ആളുകളും പ്രഭു 7
ക്കളും ദാസരുമായ സകല വീരന്മാരും
ബിക്രിയുടെ മകനായ ശേമയെ പിന്തു
ടരുവാൻ യെറുശലേമിൽനിന്നു പുറപ്പെട്ടു.
അവർ ഗിബെയോനിലെ വലിയ പാറയുടെ 8
അടുക്കൽ എത്തിയപ്പോൾ അമാസാ അവർ

ക്കെതിരെ വന്നു. എന്നാൽ യോവാബ് ധരി
ച്ചിരുന്ന പടയങ്കിമേൽ ഒരു കച്ചയിൽ ഉറ
യോടുകൂടെ ഒരു വാൾ അരയ്ക്കു കെട്ടിയി
രുന്നു; അവൻ നടക്കുമ്പോൾ അവൻെറ
9 കൈ അതിന്മേൽ വച്ചു. യോവാബ് അമാ
സയോടു: സഹോദരാ, സുഖംതന്നെയോ
എന്നു പറഞ്ഞു അമാസയെ ചുംബനം ചെ
യ്‌വാൻ കൈകൊണ്ടു അവൻെറ താടിക്കു
10 പിടിച്ചു. എന്നാൽ യോവാബിൻെറ കയ്യിൽ
വാൾ ഇരിക്കുന്നത് അമാസാ അറിഞ്ഞില്ല;
യോവാബ് അവനെ അതുകൊണ്ടു വയറ്റ
ത്തു കുത്തി കുടൽ ചോർത്തി; രണ്ടാമതു
കുത്തേണ്ടിവന്നില്ല; അവൻ മരിച്ചുപോയി.
യോവാബും അവൻെറ സഹോദരനായ
അബീശായിയും ബിക്രിയുടെ മകനായ
11 ശോമുവിനെ പിന്തുടർന്നു. യോവാബിൻെറ
ബാല്യക്കാരിൽ ഒരുവൻ അതിനരികെ
നിന്നുകൊണ്ടു യോവാബിനോടു സ്നേഹ
മുള്ളവനും ദാവീദിൻെറ പക്ഷക്കാരനും
യോവാബിൻെറ പിന്നാലെ ചെല്ലട്ടെ എന്നു
12 പറഞ്ഞു. അമാസാ വഴിയുടെ നടുവിൽ ര
ക്തത്തിൽ മുഴുകി കിടക്കുന്നതുകൊണ്ടു
ജനമെല്ലാം നില്ക്കുന്നു എന്നു കണ്ടിട്ട് അ
വൻ അമാസായെ വഴിയിൽനിന്നു വയലി
ലേക്കു മാറ്റി; അവിടെ എത്തുന്നവനെല്ലാം
നില്ക്കുന്നു എന്നു കാൺകകൊണ്ടു അ
13 വൻ ഒരു വസ്ത്രം അവൻെറമേൽ ഇട്ടു. അവ
നെ പെരുവഴിയിൽനിന്നു മാറ്റിയശേഷം
എല്ലാവരും ബിക്രിയുടെ മകനായ ശോമുവി
നെ പിന്തുടരുവാൻ യോവാബിൻെറ പിന്നാ
14 ലെ പോയി. എന്നാൽ ശോമു എല്ലാ ഇസ്രാ
യേൽ ഗോത്രങ്ങളിലും കൂടി കടന്ന് ആബേ
ലിലും ബേത്ത്-മാഖയിലും എല്ലാ ബേര്യരു
ടെ അടുക്കലും ചെന്നു; അവരും ഒന്നിച്ചുകൂ
15 ടി അവനെ അനുഗമിച്ചു. മറ്റവർ വന്നു ബേ
ത്ത്-മാഖയോടു അടുത്ത് ആബേലിൽ അവ
നെ നിരോധിച്ചു പട്ടണത്തിനു നേരെ വാട
കോരി; അതു കിടങ്ങിൻെറ വക്കത്തായി
രുന്നു; യോവാബിനോടുകൂടെയുള്ള എല്ലാ
സൈന്യവും മതിൽ തള്ളിയിടുവാൻ തക്ക
16 വണ്ണം ഇടിച്ചുതുടങ്ങി. അപ്പോൾ ജ്ഞാന
മുള്ള ഒരു സ്ത്രീ: കേൾപ്പിൻ, കേൾപ്പിൻ; ഞാൻ
യോവാബിനോടു സംസാരിക്കേണ്ടതിന്
ഇവിടെ അടുത്തുവരുവാൻ അവനോടു പ
റയുവിൻ എന്നു പട്ടണത്തിൽനിന്നു വിളിച്ചു
17 പറഞ്ഞു. അവൻ അടുത്തുചെന്നപ്പോൾ നീ
യോവാബോ എന്ന് ആ സ്ത്രീ ചോദിച്ചു.
അതേ എന്നു അവൻ പറഞ്ഞു. അവൾ അവ
നോട്: അടിയൻെറ വാക്കു കേൾക്കേണമേ
എന്നു പറഞ്ഞു. ഞാൻ കേൾക്കാം എന്നു
അവൻ പറഞ്ഞു. അപ്പോൾ അവൾ: പ്രവാ 18
ചകരുടെ അടുക്കൽ ചെന്നു ചോദിക്കണം
എന്നു പണ്ടുകാലങ്ങളിൽ പറയുകയും
അങ്ങനെ കാര്യം തീർക്കുകയും ചെയ്യുക
പതിവായിരുന്നു. ഞാൻ ഇസ്രായേലിൽ 19
സമാധാനവും വിശ്വസ്തതയും ഉള്ളവരിൽ
ഒരുവൾ ആകുന്നു; നീ ഇസ്രായേലിൽ
ഒരു പട്ടണത്തെയും ഒരു മാതാവിനെയും ന
ശിപ്പിപ്പാൻ നോക്കുന്നു; നീ കർത്താവിൻെറ
അവകാശം നശിപ്പിച്ചുകളയുന്നത് എന്ത്
എന്നു പറഞ്ഞു. അതിനു യോവാബ്: 20
മുടിച്ചുകളകയോ നശിപ്പിക്കയോ ചെയ്യു
വാൻ എനിക്ക് ഒരിക്കലും സംഗതിയാക
രുതേ. കാര്യം അങ്ങനെയല്ല; ബിക്രിയുടെ 21
മകനായ ശോമു എന്നൊരു എഫ്രയീം
മലനാട്ടുകാരൻ ദാവീദുരാജാവിനോടു
മത്സരിച്ചിരിക്കുന്നു; അവനെ ഏല്പിച്ചു
തന്നാൽ മാത്രം മതി; ഞാൻ പട്ടണത്തെ
വിട്ടുപോകും എന്നു പറഞ്ഞു. സ്ത്രീ യോവാ
ബിനോട്: അവൻെറ തല മതിലിൻെറ
മുകളിൽനിന്നു നിൻെറ അടുക്കൽ ഇട്ടു
തരാം എന്നു പറഞ്ഞു. അങ്ങനെ സ്ത്രീ 22
ചെന്നു തൻെറ ജ്ഞാനത്താൽ സകല
ജനത്തെയും സമ്മതിപ്പിച്ചു; അവർ ബിക്രി
യുടെ മകനായ ശോമുവിൻെറ തലവെട്ടി
യോവാബിൻെറ അടുക്കൽ ഇട്ടുകൊടുത്തു;
അപ്പോൾ അവൻ കാഹളം ഊതി. എല്ലാ
വരും പട്ടണം വിട്ടു വീടുകളിലേക്കു പോയി.
യോവാബ് യെറുശലേമിൽ രാജാവിൻെറ
അടുക്കൽ മടങ്ങിപ്പോയി.

യോവാബ് ഇസ്രായേൽ സൈന്യത്തി 23
നെല്ലാം അധിപൻ ആയിരുന്നു; യെഹോ
യാദയുടെ മകനായ ബെനായാ സ്വതന്ത്ര
രുടെയും ദാസരുടെയും നായകൻ ആയിരു
ന്നു. അദോരാം വേലക്കാർക്കു മേൽവിചാര 24
കൻ; അഹീലൂദിൻെറ മകനായ യെഹോ
ശാഫാത്ത് മന്ത്രി; ശെവാ എഴുത്തുകാരൻ;
സാദോക്കും അബ്യാഥാരും പുരോഹിത 25
ന്മാർ. യായീര്യനായ ആസായും ദാവീദി 26
ൻെറ പുരോഹിതൻ ആയിരുന്നു.

അദ്ധ്യായം 21

ദാവീദിൻെറ കാലത്തു മൂന്നു സംവ 1
ത്സരം തുടരെ ക്ഷാമം ഉണ്ടായി; ദാവീദ്
ദൈവത്തിൻെറ അരുളപ്പാടു ചോദിച്ചു;
ശൗൽ ഗിബെയോന്യരെ കൊല്ലുകകൊ
ണ്ടു അതു അവൻ നിമിത്തവും രക്തപാതക
മുള്ള അവൻെറ ഗൃഹംനിമിത്തവും എന്നു
കർത്താവ് അരുളിച്ചെയ്തു. രാജാവു ഗിബെ 2
യോന്യരെ വിളിച്ച് അവരോടു പറഞ്ഞു:

യാന്യർ ഇസ്രായേല്യരല്ല, അമോര്യ
ശഷിച്ചവരത്രെ, അവരോടു ഇസ്രാ
ക്കൾ സത്യം ചെയ്തിരുന്നു; എങ്കിലും
ഇസ്രായേല്യർക്കും യഹൂദ്യർക്കും
തനിക്കുണ്ടായിരുന്ന തീക്ഷ്ണത
അവരെ സംഹരിക്കുവാൻ ശ്രമിച്ചു-
ഗിബെയോന്യരോടു: ഞാൻ നിങ്ങൾ
ന്തു ചെയ്തുതരണം; നിങ്ങൾ ദൈവ
റ അവകാശത്തെ അനുഗ്രഹിക്കേ
ു ഞാൻ എന്തു പ്രതിശാന്തി ചെയ്യ
ന്നു ചോദിച്ചു. ഗിബെയോന്യർ അവ
ശൌലിനോടും അവന്റെ ഗൃഹ
ും ഞങ്ങൾക്കുള്ള കാര്യം പൊന്നും
യുംകൊണ്ടു തീരുന്നതല്ല; ഇസ്രാ
ൽ ഒരുവനെ കൊല്ലുന്നതും ഞങ്ങൾ
മല്ല എന്നു പറഞ്ഞു. നിങ്ങൾ പറ
ു ഞാൻ ചെയ്തു തരാം എന്ന് അവൻ
ു. അവർ രാജാവിനോടു: ഞങ്ങളെ
ക്കുകയും ഇസ്രായേൽ ദേശത്തെ
ങ്ങൾ ശേഷിക്കാതെ നശിച്ചു പോക
ണ്ണം തന്ത്രം ആവിഷ്കരിക്കുകയും
ന്റെ മക്കളിൽ ഏഴുപേരെ ഞങ്ങൾ
ല്പിച്ചുതരണം. ഞങ്ങൾ അവരെ
വ് തിരഞ്ഞെടുത്ത ശൌലിന്റെ
യയിൽ കർത്താവിന്നായി തൂക്കി
ും എന്നു ഉത്തരം പറഞ്ഞു. ഞാൻ
 തരാമെന്നു രാജാവു പറഞ്ഞു.
ൽ ദാവീദും ശൌലിന്റെ മകനായ
ാഥാനും തമ്മിൽ ദൈവനാമ
ചെയ്ത സത്യം നിമിത്തം രാജാവു
ിന്റെ മകനായ യോനാഥാന്റെ
മെഫീബോശെത്തിനെ ഒഴിച്ചു
ി. അയ്യായുടെ മകൾ രിസ്പാ
ിനു പ്രസവിച്ച രണ്ടു പുത്രന്മാ
അർമ്മോനിയെയും മെരിബാലി
ശൌലിന്റെ മകളായ മീഖൾ
ലാത്യൻ ബർസില്ലായിയുടെ മകനാ
ീയേലിനു പ്രസവിച്ച അഞ്ചു പുത്ര
യും രാജാവു പിടിച്ചു ഗിബെയോന്യ
കയ്യിൽ ഏല്പിച്ചു. അവർ അവരെ
ൽ കർത്താവിന്റെ മുമ്പാകെ തൂക്കി
ു. അങ്ങനെ അവർ ഏഴുപേരും
ു മരിച്ചു; യവ കൊയ്ത്തുകാലത്തി
ആദ്യദിവസങ്ങളിലായിരുന്നു അവ
ന്നത്. അയ്യായുടെ മകളായ രിസ്പാ
ശീല എടുത്തു പാറമേൽ വിരിച്ചു
ത്തുകാലത്തിന്റെ ആരംഭം മുതൽ
ശത്തുനിന്നു അവരുടെമേൽ മഴ
ുവരെ പകൽ ആകാശത്തിലെ
കളോ രാത്രി കാട്ടുമൃഗങ്ങളോ

അവരെ തൊടുവാൻ സമ്മതിക്കാതിരുന്നു.
ശൌലിന്റെ വെപ്പാട്ടിയായ അയ്യായുടെ 11
മകൾ രിസ്പാ ചെയ്തതു ദാവീദ് കേട്ടിട്ടു 12
ദാവീദ് ചെന്നു ഫെലിസ്ത്യർ ഗിൽബോവ
യിൽ വെച്ചു ശൌലിനെ കൊന്നപ്പോൾ
ബേത്ത്-ശാൻ നഗരവീഥിയിൽ ഫെലിസ്ത്യർ
തൂക്കിക്കളകയും ഗിലെയാദിലെ യാബേശ്
പൌരന്മാർ അവിടെനിന്നു മോഷ്ടിച്ചു
കൊണ്ടുവരികയും ചെയ്തിരുന്ന ശൌലി
ന്റെയും അവന്റെ മകൻ യോനാഥാന്റെ
യും അസ്ഥികളെ അവരുടെ അടുക്കൽ
നിന്നും എടുത്തു. അങ്ങനെ അവൻ ശൌലി 13
ന്റെയും അവന്റെ മകൻ യോനാഥാന്റെ
യും അസ്ഥികളെ അവിടെനിന്നു വരുത്തി;
തൂക്കിക്കൊന്നവരുടെ അസ്ഥികളെയും
അവർ പെറുക്കിയെടുത്തു. ശൌലിന്റെ 14
യും അവന്റെ മകൻ യോനാഥാന്റെയും
അസ്ഥികളെ അവർ ബെന്യാമീൻ ദേശത്തു
സേലയിൽ അവന്റെ പിതാവായ കീശി
ന്റെ കല്ലറയിൽ അടക്കംചെയ്തു; രാജാവു
കല്പിച്ചതെല്ലാം അവർ ചെയ്തു. അതിന്റെ
ശേഷം ദൈവം ദേശത്തിന്റെ പ്രാർത്ഥനയെ
കേട്ടരുളി.

ഫെലിസ്ത്യർക്കു ഇസ്രായേലിനോടു 15
വീണ്ടും യുദ്ധമുണ്ടായി; ദാവീദ് തന്റെ
ഭൃത്യന്മാരുമായി ചെന്ന് ഫെലിസ്ത്യരോടു
യുദ്ധം ചെയ്തു; ദാവീദു തളർന്നുപോയി.
അപ്പോൾ മുന്നൂറു ശേക്കെൽ തൂക്കമുള്ള 16
താമ്രശൂലം പിടിച്ചവനും പുതിയ വാൾ
അരയ്ക്കു കെട്ടിയവനുമായി രാഫാമക്ക
ളിൽ യിശ്ബീബെനോബ് എന്നൊരുവൻ
ദാവീദിനെ കൊല്ലുവാൻ ഭാവിച്ചു. എന്നാൽ 17
സെരൂയയുടെ മകനായ അബീശായി
അവനു സഹായമായി വന്നു ഫെലിസ്ത്യനെ
വെട്ടിക്കൊന്നു; അപ്പോൾ ദാവീദിന്റെ
ഭൃത്യന്മാർ അവനോടു: അങ്ങ് ഇസ്രായേ
ലിന്റെ ദീപം കെട്ടുപോകാതിരിക്കേണ്ട
തിനു മേലാൽ ഞങ്ങളോടുകൂടെ യുദ്ധ
ത്തിനു പുറപ്പെടരുതു എന്നു സത്യം ചെയ്തു
പറഞ്ഞു.

അതിന്റെ ശേഷം ഗേഥിൽവച്ചു വീണ്ടും 18
ഫെലിസ്ത്യരോടു യുദ്ധം ഉണ്ടായി; അപ്പോൾ
ഹൂശാത്യനായ സിബ്ബെഖായി മല്ലന്മാരുടെ
മക്കളിൽ ഒരുത്തനായ സഫിനെ വെട്ടിക്കൊ
ന്നു. ഗോബിൽവച്ചു പിന്നെയും ഫെലിസ്ത്യരോ 19
ടു യുദ്ധം ഉണ്ടായി; അവിടെ വച്ചു ബേത്ലേ
ഹെമ്യനായ യാരെ-ഓരെഗീമിന്റെ മകൻ
എൽഹാനാൻ ഗിത്യനായ ഗൊല്യാത്തി
ന്റെ സഹോദരനെ വെട്ടിക്കൊന്നു; അവ
ന്റെ കുന്തത്തണ്ടു നെയ്ത്തുകാരുടെ തടി

20 പോലെ ആയിരുന്നു. പിന്നെയും ഗത്തിൽവച്ചു
യുദ്ധം ഉണ്ടായി; അവിടെ ഒരു ദീർഘകായൻ
ഉണ്ടായിരുന്നു; അവന്റെ ഓരോ കൈയ്ക്കു
ആറാറു വിരലും ഓരോ കാലിനു ആറാറു
വിരലും ആകെ ഇരുപത്തിനാലു വിരൽ
ഉണ്ടായിരുന്നു; ഇവനും രാഫെക്കു ജനിച്ച
21 വനായിരുന്നു. അവൻ ഇസ്രായേലിനെ
ധിക്കരിച്ചപ്പോൾ ദാവീദിന്റെ സഹോദ
രനായ ശിമെയയുടെ മകൻ യോനാഥാൻ
22 അവനെ കൊന്നുകളഞ്ഞു. ഈ നാലുപേരും
ഗത്തിൽ രാഫെക്കു ജനിച്ചവരായിരുന്നു.
അവർ ദാവീദിന്റെയും അവന്റെ ഭൃത്യ
ന്മാരുടെയും കയ്യാൽ കൊല്ലപ്പെട്ടു.

അദ്ധ്യായം 22

1 ദൈവം ദാവീദിനെ സകല ശത്രുക്കളു
ടെ കയ്യിൽനിന്നും ശൌലിന്റെ കയ്യിൽനി
ന്നും വിടുവിച്ചശേഷം അവൻ ദൈവത്തിന്ന്
സ്തുതി പാടിയതെന്തെന്നാൽ:

എന്റെ ബലവും പ്രത്യാശയുമായ
2 കർത്താവേ
നിന്നെ ഞാൻ സ്നേഹിക്കും.
കർത്താവു എന്റെ ശൈലവും എന്റെ കോട്ടയും
എന്റെ രക്ഷകനും ആകുന്നു.
3 എന്റെ പാറയായ ദൈവം;
അവനിൽ ഞാൻ ആശ്രയിക്കും;
എന്റെ പരിചയും എന്റെ രക്ഷയായ കൊമ്പും
എന്റെ ഗോപുരവും എന്റെ സങ്കേതവും അവൻതന്നെ.
എന്റെ രക്ഷകനേ, നീ എന്നെ അക്രമത്തിൽനിന്നു രക്ഷിക്കുന്നു.
4 സ്തുത്യനായ കർത്താവിനെ ഞാൻ വിളിച്ചപേക്ഷിക്കും;
എന്റെ ശത്രുക്കളിൽനിന്നു താൻ എന്നെ രക്ഷിക്കും.
5 മരണത്തിന്റെ പാശങ്ങൾ എന്നെ ചുറ്റി
ദുഷ്ടതയുടെ പ്രവാഹങ്ങൾ എന്നെ ഭ്രമിപ്പിച്ചു.
6 പാതാളപാശങ്ങൾ എന്നെ ചുഴന്നു;
മരണത്തിന്റെ കെണികൾ എന്റെമേൽ വീണു.
7 എന്റെ കഷ്ടതയിൽ ഞാൻ കർത്താവിനെ വിളിച്ചു,
എന്റെ ദൈവത്തോടു നിലവിളിച്ചു;
അവൻ തന്റെ മന്ദിരത്തിൽനിന്നു എന്റെ അപേക്ഷ കേട്ടു;
എന്റെ നിലവിളി അവന്റെ ചെവികളിൽ എത്തി.
ഭൂമി ഞെട്ടി വിറച്ചു,
ആകാശത്തിന്റെ അടിസ്ഥാനങ്ങൾ ഇളകി,
അവൻ കോപിക്കയാൽ അവ കുലുങ്ങിപ്പോയി.
അവന്റെ മൂക്കിൽനിന്നു പുക ഉയർന്നു,
അവന്റെ വായിൽനിന്നു തീ പുറപ്പെട്ട് ദഹിപ്പിച്ചു,
തീക്കനൽ അവനിൽനിന്നു ജ്വലിച്ചു.
അവൻ ആകാശം ചായിച്ചിറങ്ങി;
കൂരിരുൾ അവന്റെ കാല്ക്കീഴുണ്ടായിരുന്നു.
അവൻ ക്രൂബയെ വാഹനമാക്കി പറന്നു,
കാറ്റിൻ ചിറകിന്മേൽ പ്രത്യക്ഷനായി.
അവൻ അന്ധകാരം തനിക്കു ചുറ്റും മണ്ഡപമാക്കി;
ജലാശയവും കനത്ത മേഘങ്ങളുംകൊണ്ട്
മേഘങ്ങൾ കൽമഴയും
തീക്കനലും പെയ്തു
കർത്താവ് ആകാശത്തിൽ ഇടിമുഴക്കി,
അത്യുന്നതൻ തന്റെ നാദം കേൾപ്പിച്ചു.
അവൻ അസ്ത്രം എയ്തു അവരെ ചിതറിച്ചു,
മിന്നൽ അയച്ചു അവരെ തോല്പിച്ചു.
കർത്താവിന്റെ ക്രോധത്താൽ,
അവന്റെ മൂക്കിലെ ശ്വാസത്തിന്റെ ഊത്തിനാൽ
കടൽപാതകൾ കാണാറായി.
ഭൂതലത്തിന്റെ അടിസ്ഥാനങ്ങൾ വെളിപ്പെട്ടു.
അവൻ ഉയരത്തിൽനിന്ന് കൈ നീട്ടി എന്നെ പിടിച്ചു,
പെരുവെള്ളത്തിൽനിന്നു എന്നെ വലിച്ചെടുത്തു.
ബലമുള്ള ശത്രുവിന്റെ കയ്യിൽനിന്നും
എന്നെ വെറുത്തവരുടെ അടുത്തുനിന്നും എന്നെ വിടുവിച്ചു;
അവർ എന്നിലും ബലവാന്മാർ ആയിരുന്നു.
എന്റെ അനർത്ഥദിവസത്തിൽ അവർ 19
എന്നെ ആക്രമിച്ചു;
എന്നാൽ കർത്താവ് എനിക്കു സഹായമായിരുന്നു.
അവൻ എന്നെ വിശാലതയിലേക്കു 20
കൊണ്ടുവന്നു,
എന്നിൽ പ്രസാദിച്ചിരുന്നതുകൊണ്ടു എന്നെ വിടുവിച്ചു.
കർത്താവ് എന്റെ നീതിക്കു തക്കവണ്ണം 21
എനിക്കു പ്രതിഫലം നൽകി,
എന്റെ കൈകളുടെ നൈർമ്മല്യത്തിനൊത്തവണ്ണം എനിക്കു പകരം തന്നു.
ഞാൻ കർത്താവിന്റെ വഴികളെ അനുസ 22
രിച്ചു,

ദൈവത്തോടു ദ്രോഹം ചെയ്തതുമില്ല.
ൻെറ വിധികൾ എല്ലാം എൻെറ മുമ്പി
ന്ന്;
ൻെറ നിയമങ്ങൾ ഞാൻ വിട്ടുനടന്നി
l.
അവൻെറ മുമ്പാകെ നിഷ്കളങ്കനാ
ുന്നു,
്യം ചെയ്യാതെ എന്നെ തന്നേ കാത്തു.
വു എൻെറ നീതിക്കു തക്കവണ്ണം
ൻെറ കാഴ്ചയിൽ എൻെറ നിർമ്മലത
ക്കാത്തവണ്ണവും എനിക്കു പകരം
ി.
വോടു നീ ദയാലുവാകുന്നു;
ങ്കനോടു നീ നിഷ്കളങ്കൻ.
നോടു നീ നിർമ്മലനാകുന്നു;
ാടു നീ വക്രത കാണിക്കുന്നു
ജനത്തെ നീ രക്ഷിക്കും;
ു നടക്കുന്നവരെ നീ താഴ്ത്തും.
വേ; നീ എൻെറ ദീപം ആകുന്നു;
വ് എൻെറ അന്ധകാരത്തെ പ്രകാ
ാക്കും.
ഞാൻ സൈന്യത്തിൻെറ നേരെ
ത്തുചെന്നു;
ദൈവത്താൽ ഞാൻ മതിൽ
ിക്കടന്നു.
തിൻെറ വഴി നിർമ്മലം;
വിൻെറ വചനം ഊതിക്കഴിച്ചതു;
പത്യാശിക്കുന്ന ഏവർക്കും അവൻ
ായം ആകുന്നു
വല്ലാതെ ദൈവം ആരുള്ളു?
ദൈവം ഒഴികെ പാറ ആരുള്ളു?
എന്നെ ശക്തി ധരിപ്പിച്ചു;
ങ്കനെ അവൻ വഴി നടത്തുന്നു.
എൻെറ കാലുകളെ മാൻപേടക്കാ
ു തുല്യമാക്കി
ളിൽ എന്നെ നില്ക്കുമാറാക്കുന്നു.
എൻെറ കൈകൾക്കു യുദ്ധാഭ്യാസം
ത്തുന്നു;
ഭുജങ്ങൾ താമ്രചാപംപോലെ
ുള്ളതാക്കി,
ന്ന പരിചയെ നീ എനിക്കു തന്നി
ുന്നു;
അഭ്യസനം എന്നെ വലിയവനാക്കി.
കാലടിവെക്കേണ്ടതിനു നീ വിശാ
വരുത്തി;
പാദങ്ങൾ വഴുതിപ്പോയതുമില്ല
എൻെറ ശത്രുക്കളെ പിന്തുടർന്നൊ
ി
സംഹരിക്കുവോളം ഞാൻ പിന്തിരി
ല്ല.

അവർക്കു എഴുന്നേറ്റുകൂടാതവണ്ണം ഞാൻ 39
അവരെ തകർത്തൊടുക്കും;
അവർ എൻെറ കാല്ക്കീഴിൽ വീഴും
യുദ്ധത്തിനായി നീ എൻെറ അരയ്ക്കു 40
ശക്തി കെട്ടിയിരിക്കുന്നു;
എന്നോടു എതിർത്തവരെ എനിക്കു കീഴട
ക്കിയിരിക്കുന്നു.
എന്നെ വെറുക്കുന്നവരെ ഞാൻ സംഹരി 41
ക്കേണ്ടതിനു
നീ എൻെറ ശത്രുക്കളെ എൻെറ മുമ്പിൽ
നിന്നും ഓടിച്ചു
അവർ ചുറ്റും നോക്കിയെങ്കിലും രക്ഷിപ്പാൻ 42
ആരും ഉണ്ടായിരുന്നില്ല;
ദൈവത്തിങ്കലേക്കു നോക്കി, അവൻ
ഉത്തരമരുളിയതുമില്ല.
ഞാൻ അവരെ നിലത്തെ പൊടിപോലെ 43
പൊടിച്ചു;
വീഥികളിലെ ചെളിപോലെ ഞാൻ അവരെ
ചവിട്ടി ചിതറിച്ചു.
എൻെറ ജനത്തിൻെറ കലഹങ്ങളിൽനിന്നും 44
നീ എന്നെ വിടുവിച്ചു,
ജാതികൾക്ക് എന്നെ തലവനാക്കി;
ഞാൻ അറിയാത്ത ജനം എന്നെ സേവി
ക്കുന്നു
അന്യജാതിക്കാർ എന്നോടു അനുസരണ 45
ഭാവം കാണിക്കും;
അവർ കേൾക്കുമ്പോൾതന്നെ എന്നെ
അനുസരിക്കും
അന്യജാതിക്കാർ ക്ഷയിച്ചു പോകുന്നു. 46
അവരുടെ കോട്ടകളിൽനിന്ന് അവർ വിറ
ച്ചുകൊണ്ടുവരുന്നു.
കർത്താവു ജീവിക്കുന്നു; എന്നെ ശക്തനാ 47
ക്കുന്നവൻ വാഴ്ത്തപ്പെട്ടവൻ
എൻെറ രക്ഷയുടെ പാറയായ ദൈവം
ഉന്നതൻതന്നേ.
ദൈവം എനിക്കുവേണ്ടി പ്രതികാരം ചെ 48
യ്കയും
ജാതികളെ എനിക്കു കീഴാക്കുകയും
ചെയ്യുന്നു.
അവൻ ശത്രുവിൽനിന്നു എന്നെ വിടുവിച്ചു; 49
എന്നോടു എതിർക്കുന്നവർക്കുമേൽ നീ
എന്നെ ഉയർത്തുന്നു;
അക്രമിയുടെ കയ്യിൽനിന്നു നീ എന്നെ
വിടുവിച്ചു
അതുകൊണ്ടു, കർത്താവേ, ഞാൻ ജാതി 50
കളുടെ മദ്ധ്യേ നിനക്കു സ്തോത്രം
ചെയ്യും;
നിൻെറ നാമത്തെ ഞാൻ പുകഴ്ത്തും.
അവൻ തൻെറ രാജാവിനു വലിയ രക്ഷ 51
നൽകുന്നു;

തൻെറ അഭിഷിക്തനു ദയ കാണിക്കുന്നു;
ദാവീദിനും അവൻെറ സന്തതിക്കും എന്നെ
ന്നേക്കുംതന്നേ.

അദ്ധ്യായം 23

1 ദാവീദിൻെറ അന്ത്യവാക്യങ്ങളാണിത്
ഇശ്ശായിമകൻ ദാവീദ് പാടുന്നു;
ഔന്നത്യം പ്രാപിച്ച പുരുഷൻ പാടുന്നു;
യാക്കോബിൻെറ ദൈവത്താൽ അഭിഷി
ക്തൻ,
2 ഇസ്രായേലിൻെറ മധുരഗായകൻതന്നെ
യഹോവയുടെ ആത്മാവു എന്നിൽ സംസാ
രിച്ചു;
അവൻെറ വചനം എൻെറ നാവിന്മേൽ
ഇരിക്കുന്നു.
3 ഇസ്രായേലിൻെറ ദൈവം കല്പിച്ചു;
ഇസ്രായേലിൻെറ ബലവാൻ എന്നോടു
അരുളിച്ചെയ്തു:
മനുഷ്യരെ നീതിയായി ഭരിക്കുന്നവൻ,
ദൈവഭയത്തോടെ വാഴുന്നവൻ,
4 മേഘമില്ലാത്ത പ്രഭാതകാലത്തു
സൂര്യോദയത്തിലെ പ്രകാശത്തിനു
തുല്യൻ;
മഴയ്ക്കു പിമ്പു സൂര്യകാന്തിയാൽ
ഭൂമിയിൽ മുളയ്ക്കുന്ന ഇളമ്പുല്ലിനു
സമാനൻ:
5 ദൈവസന്നിധിയിൽ എൻെറ ഗൃഹം
അതുപോലെയല്ലയോ?
അവൻ എന്നോടു ഒരു ശാശ്വതനിയമം
ചെയ്തു:
അതു എല്ലാറ്റിലും ഉറച്ചതും സ്ഥിരവുമായി
രിക്കുന്നു.
അവൻെറ എല്ലാ കല്പനയും ഇഷ്ടവും
അവനല്ലോ പൂർത്തിയാക്കുന്നത്!
6 എന്നാൽ സകല നീചന്മാരും തകർന്നു
കിടക്കുന്നതും
കൈകൊണ്ടു പിടിച്ചുകൂടാത്തതുമായ
മുള്ളുപോലെ ആകുന്നു.
7 അവയെ തൊടുവാൻ തുനിയുന്നവൻ ഇ
രിമ്പും കുന്തപ്പിടിയും ധരിച്ചിരിക്കണം;
അവയെ അവ കിടക്കുന്നേടത്തുതന്നേ
അഗ്നി ചുട്ടുകളയും.
8 ദാവീദിനു ഉണ്ടായിരുന്ന വീരന്മാരുടെ
പേരുകൾ: തഹ്കെമോന്യൻ യോശേബ്-
ബശ്ശേബെത്ത്; അവൻ; നായകന്മാരിൽ തല
വൻ; എണ്ണൂറുപേരെ ഒറ്റ നാഴികയിൽ ആക്ര
9 മിച്ചുകൊന്നവൻ. അവൻെറ ശേഷം പിതൃ
സഹോദരൻെറ മകനായ ദോദായിയുടെ
മകൻ എലെയാസാർ; അവൻ ഫെലിസ്ത്യർ
യുദ്ധത്തിനു കൂടിയിരുന്ന സ്ഥലത്തുനിന്നു
ഇസ്രായേല്യർ പൊയ്ക്കളഞ്ഞപ്പോൾ ദാവീ
ദിനോടുകൂടെ നിന്നു ഫെലിസ്ത്യരെ വെല്ലു
വിളിച്ച മൂന്നു വീരന്മാരിൽ ഒരുത്തനായിരു
ന്നു. അവൻ എഴുന്നേറ്റു കൈതളർന്നു വാ 10
ളോടു പറ്റിപ്പോകുന്നതുവരെ ഫെലിസ്ത്യരെ
വെട്ടി; അന്നു ദൈവം വലിയോരു ജയം
നൽകി; വധിതരെ കൊള്ളയിടുവാൻ മാത്ര
മെ സൈന്യം അവൻെറ അടുക്കൽ മടങ്ങി
വന്നുള്ളു. അവൻെറശേഷം ഹാരാര്യനായ 11
ആഗേയുടെ മകനായ ശമ്മാ; ഒരിക്കൽ
ചെറുപയർ ഉള്ളോരു വയലിൽ മാടുകളെ
മോഷ്ടിപ്പാൻ ഫെലിസ്ത്യർ വന്നപ്പോൾ ജനം
ഫെലിസ്ത്യരുടെ മുമ്പിൽനിന്നു ഓടിപ്പോയി.
അവനോ വയലിൻെറ നടുവിൽനിന്നു 12
അതിനെ കാത്തു ഫെലിസ്ത്യരെ വെട്ടി;
കർത്താവ് അവൻ മൂലം വലിയോരു ജയം
നൽകി. മുപ്പതു നായകന്മാരിൽ മൂന്നുപേർ 13
കൊയ്ത്തുകാലത്തു അദുല്ലാംഗുഹയിൽ
ദാവീദിൻെറ അടുക്കൽ ചെന്നു; ഫെലിസ്ത്യ
രുടെ സൈന്യം രെഫായീം താഴ്വരയിൽ
പാളയമിറങ്ങിയിരുന്നു. അന്നു ദാവീദ് 14
ദുർഗ്ഗത്തിൽ ആയിരുന്നു; ഫെലിസ്ത്യർക്കു
ബേത്‌ലേഹെമിൽ അക്കാലത്ത് ഒരു കാവൽ 15
പട്ടാളം ഉണ്ടായിരുന്നു. ബേത്‌ലേഹെം പട്ടണ
വാതില്ക്കലെ കിണറ്റിൽനിന്നു വെള്ളം
എനിക്കു കുടിപ്പാൻ ആർ കൊണ്ടുവന്നു
തരും എന്നു ദാവീദ് ആർത്തി പൂണ്ടു പറ
ഞ്ഞു. അപ്പോൾ ആ മൂന്നു വീരന്മാരും ഫെലി 16
സ്ത്യരുടെ പാളയത്തിൽക്കൂടി കടന്നുചെന്നു
ബേത്‌ലേഹെം പട്ടണവാതില്ക്കലെ കിണ
റ്റിൽനിന്നു വെള്ളം കോരി ദാവീദിൻെറ
അടുക്കൽ കൊണ്ടുവന്നു; അവനോ അതു
കുടിപ്പാൻ മനസ്സില്ലാതെ കർത്താവിനു
നിവേദിച്ചു ഒഴിച്ചു: കർത്താവേ, തങ്ങളുടെ 17
പ്രാണനെ ഉപേക്ഷിച്ചുപോയ പുരുഷന്മാ
രുടെ രക്തം ഞാൻ കുടിക്കയോ? ഇതു
ചെയ്യുവാൻ എനിക്കിടയാകാതിരിക്കട്ടെ
എന്നു പറഞ്ഞു; അതു കുടിപ്പാൻ അവനു
മനസ്സില്ലായിരുന്നു. ഇതാകുന്നു ഈ മൂന്നു
വീരന്മാർ ചെയ്തതു. യോവാബിൻെറ സഹോ 18
ദരനും സെരൂയയുടെ മകനുമായ അബീ
ശായി മൂന്നുപേരിൽ തലവൻ ആയിരുന്നു.
അവൻ തൻെറ കുന്തം മുന്നൂറുപേരുടെ
നേരെ പ്രയോഗിച്ചു, അവരെ കൊന്നു; അതു
കൊണ്ടു അവൻ മൂവരിൽവച്ചു കീർത്തി 19
പ്രാപിച്ചു. അവൻ മൂവരിലും ബഹുമാനം
ഏറിയവൻ ആയിരുന്നു; അവർക്കു തലവ 20
നായിത്തീർന്നു. കബ്സേലിൽ ഒരു പരാക്രമ
ശാലിയുടെ മകനായ യെഹോയാദായുടെ
മകൻ ബെനായായും വീരപ്രവൃത്തികൾ

അവൻ മോവാബിലെ രണ്ടുപേരെ
ച്ചതിനും പുറമെ ഹിമകാലത്ത് ഒരു
ൽ ചെന്ന് ഒരു സിംഹത്തെയും
കളഞ്ഞു. അവൻ സുന്ദരനായ ഒരു
്യനെയും കൊന്നു; മിസ്രയീമ്യന്റെ
ഒരു കുന്തം ഉണ്ടായിരുന്നു; അവനോ
ടിയുമായി അവന്റെ അടുക്കൽ
മിസ്രയീമ്യന്റെ കയ്യിൽനിന്നു കുന്തം
പറിച്ചു കുന്തംകൊണ്ട് അവനെ
. ഇതു യെഹോയാദയുടെ മകനായ
യായാണ് ചെയ്തത്. മൂന്നു വീരന്മാ
വൻ കീർത്തി പ്രാപിച്ചു. അവൻ
പേരിൽ ബഹുമാന്യനായിരുന്നു.
അവനെ അകമ്പടി നായകനാക്കി.
വാബിന്റെ സഹോദരനായ അ
ൽ മുപ്പതുപേരിൽ ഒരുവൻ ആയി
വർ ആരെന്നാൽ: ബേത്ലേഹെമ്യ
ദോവിന്റെ മകൻ എൽഹാനാൻ,
ൻ ശമ്മാ, ഹരോദ്യൻ എലീക്കാ,
ൽ ഹേലെസ്, തെക്കോവ്യനായ
ന്റെ മകൻ ഈരാ, അനാഥോത്യൻ
യസെർ, ഹൂശാത്യൻ മെബുന്നായി,
ഹ്യൻ സൽമോൻ, നെത്തോഫാ
ഹരായി, നെത്തോഫാത്യനായ
ടെ മകൻ ഹേലെബ്, ബെന്യാമീ
ഗിബെയയിൽനിന്നുള്ള രീബായി
ൻ ഇത്ഥായി, പിരാതോന്യൻ ബെ
നഹലേഗാശുകാരൻ ഹിദ്ദായി,
്യൻ അബീ-അല്ബോൻ, ബർഹു
സ്മാവെത്ത്, ശാൽബോന്യൻ
ബാ യാശേന്റെ പുത്രന്മാർ: യോ
ഹരാര്യൻ ശമ്മാ, അരാര്യനായ
ന്റെ മകൻ അഹീരാം, മാഖാത്യ
നായ അഹശ്ബായിയുടെ മകൻ
ലെത്, ഗിലോന്യനായ അഹീഥോ
റ മകൻ എലീയാം, കർമ്മേല്യൻ
, അർബ്യൻ പാറായി, സോബാ
യ നാഥാന്റെ മകൻ യിഗാൽ,
ബാനി, സെരൂയയുടെ മകനായ
വിന്റെ ആയുധവാഹകന്മാരായ
്യൻ സേലെക്ക്, ബെരോത്യൻ
ി, യിത്രിയൻ ഈരാ, യിത്രിയൻ
ഹിത്യൻ ഊരിയാ ഇങ്ങനെ ആകെ
ു പേർ.

അദ്ധ്യായം 24

ത്താവിന്റെ കോപം വീണ്ടും
ലിന്റെ നേരെ ജ്വലിച്ചു: നീ
സ്രായേലിനെയും യഹൂദയെയും
എന്നിങ്ങനെ അവർക്കു വിരോധ
മായി ദാവീദിനു തോന്നിച്ചു. അങ്ങനെ 2
രാജാവു തന്റെ സേനാധിപനായ യോവാ
ബിനോടു: ദാൻ മുതൽ ബേർ-ശേബവരെ
ഇസ്രായേൽ ഗോത്രങ്ങളിൽ എല്ലാം നിങ്ങൾ
സഞ്ചരിച്ചു. ജനത്തെ എണ്ണി ജനസംഖ്യ എ
ന്നെ അറിയിക്കണം എന്നു കല്പിച്ചു. അതി
നു യോവാബ് രാജാവിനോട്: യജമാനനായ 3
രാജാവിന്റെ കാലത്തുതന്നേ അങ്ങയുടെ
ദൈവമായ കർത്താവ് ജനത്തെ ഇപ്പോൾ
ഉള്ളതിൽ നൂറിരട്ടി വർദ്ധിപ്പിക്കട്ടെ; എങ്കിലും
യജമാനനായ രാജാവു ഈ കാര്യത്തിനു
ആഗ്രഹിക്കുന്നതു എന്തിനു എന്നു പറ
ഞ്ഞു. എങ്കിലും യോവാബും സേനാനായക 4
ന്മാരും രാജാവിന്റെ കല്പന അനുസരിക്കേ
ണ്ടിവന്നു. അങ്ങനെ യോവാബും സേനാനാ
യകന്മാരും ഇസ്രായേൽ ജനത്തെ എണ്ണു
വാൻ രാജസന്നിധിയിൽനിന്നു പുറപ്പെട്ടു.
അവർ യോർദാൻ കടന്നു ഗാദ്താഴ്വരയുടെ 5
മദ്ധ്യേയുള്ള പട്ടണത്തിനു വലതു വശത്തു
അരോവേരിലും യസേരിനുനേരെയും കൂ
ടാരം അടിച്ചു. പിന്നെ അവർ ഗിലെയാദിലും 6
തഹ്ലീം ഹൊദ്ശിദേശത്തും ചെന്നു; അവർ
ദാൻയാനിലും ചുറ്റി സീദോനിലും ചെന്നു;
പിന്നെ അവർ സോർ കോട്ടയ്ക്കും ഹിവ്യ 7
രുടെയും കനാന്യരുടെയും എല്ലാ പട്ടണങ്ങ
ളിലും ചെന്നു, യഹൂദയുടെ തെക്കുഭാഗത്തു
ബേർ-ശേബയിലേക്കു പുറപ്പെട്ടു. ഇങ്ങനെ 8
അവർ ദേശമെല്ലാം സഞ്ചരിച്ചു, ഒൻപതു
മാസവും ഇരുപതു ദിവസവും കഴിഞ്ഞശേ
ഷം യറുശലേമിൽ എത്തി. യോവാബ് ജന 9
ത്തെ എണ്ണിയതിന്റെ ആകത്തുക രാജാവി
നു കൊടുത്തു: ഇസ്രായേലിൽ ആയുധപാ
ണികളായ യോദ്ധാക്കൾ എട്ടുലക്ഷവും
യഹൂദ്യർ അഞ്ചുലക്ഷവും ഉണ്ടായിരുന്നു.
എന്നാൽ ദാവീദ് ജനത്തെ എണ്ണിയ ശേ 10
ഷം തന്റെ മനസ്സു വിഷമിച്ച് കർത്താവി
നോട്: ഞാൻ ഈ ചെയ്തതു മഹാപാപം;
എന്നാൽ കർത്താവേ, അടിയന്റെ കുറ്റം
ക്ഷമിക്കണമേ; ഞാൻ വലിയ ഭോഷത്വം
ചെയ്തുപോയി എന്നു പറഞ്ഞു. ദാവീദ് രാവി 11
ലെ എഴുന്നേറ്റപ്പോൾ ഗാദ് പ്രവാചകനു
കർത്താവിന്റെ അരുളപ്പാടുണ്ടായി: നീ 12
ചെന്നു ദാവീദിനോടു ഞാൻ മൂന്നു കാര്യ
ങ്ങൾ നിന്റെ മുമ്പിൽ വയ്ക്കുന്നു; അതിൽ
ഒന്നു തിരഞ്ഞെടുത്തുകൊൾക; അതു
ഞാൻ നിന്നോടു ചെയ്യും എന്നിങ്ങനെ
കർത്താവ് അരുളിച്ചെയ്യുന്നു എന്നു പറയു
ക. ഗാദ് ദാവീദിന്റെ അടുക്കൽ ചെന്ന് അവ 13
നോടു അറിയിച്ചു: നിന്റെ ദേശത്തു ഏഴു
സംവത്സരത്തെ ക്ഷാമം ഉണ്ടാകുകയോ?

അല്ലെങ്കിൽ മൂന്നുമാസം നിന്റെ ശത്രുക്കൾ
നിന്നെ പിന്തുടരുകയും നീ അവരുടെ
മുമ്പിൽനിന്നു ഓടിപ്പോകുകയും ചെയ്യുക
യോ? അല്ലെങ്കിൽ നിന്റെ ദേശത്തു മൂന്നു
ദിവസത്തെ വസന്ത ഉണ്ടാകുകയോ? എന്തു
വേണം? എന്നെ അയച്ചവനോടു ഞാൻ
മറുപടി പറയേണ്ടതിനു നീ ആലോചിച്ചു
14 നോക്കുക എന്നു പറഞ്ഞു. ദാവീദ് ഗാദി
നോടു: ഞാൻ വലിയ വിഷമത്തിൽ ആയി
രിക്കുന്നു; നാം കർത്താവിന്റെ കയ്യിൽ ത
ന്നെ വീഴട്ടെ; അവന്റെ കരുണ വലിയത
ത്രേ; മനുഷ്യന്റെ കയ്യിൽ ഞാൻ വീഴരുതേ
എന്നു പറഞ്ഞു. ദാവീദു വസന്ത തിരഞ്ഞെ
ടുത്തു. ജനത്തിൽ വസന്ത പടർന്നത് കൊ
15 യ്ത്തുകാലത്തായിരുന്നു. അങ്ങനെ കർ
ത്താവ് ഇസ്രായേലിൽ രാവിലെ തുടങ്ങി
നിശ്ചയിച്ച അവധിവരെ വസന്ത അയച്ചു;
ദാൻ മുതൽ ബേർശേബവരെ ജനത്തിൽ
16 എഴു പതിനായിരം പേർ മരിച്ചുപോയി. എ
ന്നാൽ ദൈവദൂതൻ യറുശലേമിനെ ബാധി
പ്പാൻ അതിന്മേൽ കൈ നീട്ടിയപ്പോൾ
കർത്താവ് അനർത്ഥത്തെക്കുറിച്ചു വിഷാദി
ച്ചു സംഹാരദൂതനോടു: മതി, നിന്റെ കൈ
പിൻവലിക്ക എന്നു കല്പിച്ചു. അപ്പോൾ
കർത്താവിന്റെ ദൂതൻ, യെബൂസ്യൻ അര
വ്നയുടെ കളത്തിന്നടുത്ത് ആയിരുന്നു.
17 ജനത്തെ ബാധിക്കുന്ന ദൂതനെ ദാവീദ്
കണ്ടിട്ട് കർത്താവിനോടു: ഇടയനായ ഞാ
നല്ലോ പാപം ചെയ്തതു; ഞാനല്ലോ കുറ്റം
ചെയ്തതു; ഈ ആടുകൾ എന്തു ചെയ്തു?
നിന്റെ കൈ എനിക്കും എന്റെ പിതൃഭവന
ത്തിനും വിരോധമായിരിക്കട്ടെ എന്നു
പ്രാർത്ഥിച്ചു പറഞ്ഞു.
18 അന്നുതന്നെ ഗാദ് ദാവീദിന്റെ അടു
ക്കൽ വന്ന് അവനോടു: നീ ചെന്നു യെബൂ

സ്യനായ അരവ്നായുടെ കളത്തിൽ കർ
ത്താവിന്റെ ഒരു യാഗപീഠം ഉണ്ടാക്കുക എ
ന്നു പറഞ്ഞു. കർത്താവിന്റെ കല്പനപ്ര 19
കാരം ഗാദ് പറഞ്ഞതുപോലെ ദാവീദ് അവി
ടെ പോയി. അരവ്നാ നോക്കി; രാജാവും 20
അവന്റെ ഭൃത്യന്മാരും തന്റെ അടുക്കൽ
വരുന്നതു കണ്ടപ്പോൾ അരവ്നാ ചെന്നു
രാജാവിന്റെ മുമ്പിൽ സാഷ്ടാംഗം വീണു
നമസ്കരിച്ചു. യജമാനനായ രാജാവ് അടി 21
യന്റെ അടുക്കൽ വരുന്നതു എന്തു? എന്നു
അരവ്നാ ചോദിച്ചതിനു ദാവീദ്: ബാധ ജ
നത്തെ വിട്ടുമാറുവാൻ തക്കവണ്ണം കർത്താ
വിനു ഒരു യാഗപീഠം പണിയേണ്ടതിനു ഈ
കളം നിന്നോടു വിലയ്ക്കു വാങ്ങുവാൻ അ
ത്രെ എന്നു പറഞ്ഞു. അരവ്നാ രാജാവി 22
നോടു: യജമാനനായ രാജാവിനു ബോധിച്ച
തു എടുത്തു യാഗം കഴിച്ചാലും; ഹോമയാഗ
ത്തിനു കാളകളും വിറകിനു മെതിവണ്ടി
കളും നുകങ്ങളും ഇതാ. രാജാവേ, ഇതെല്ലാം 23
അരവ്നാ രാജാവിനു തരുന്നു എന്നു പറ
ഞ്ഞു. അങ്ങയുടെ ദൈവമായ കർത്താവു
അങ്ങയിൽ പ്രസാദിക്കുമാറാകട്ടെ എന്നും
അരവ്നാ രാജാവിനോടു പറഞ്ഞു. രാജാവു
അരവ്നായോടു: അങ്ങനെയല്ല, ഞാൻ അ 24
തു നിന്നോടു വിലയ്ക്കേ വാങ്ങുകയുള്ളു;
എനിക്ക് ഒന്നും ചെലവില്ലാതെ ഞാൻ എ
ന്റെ ദൈവമായ കർത്താവിനു ഹോമയാഗം
കഴിക്കയില്ല എന്നു പറഞ്ഞു. അങ്ങനെ ദാ
വീദ് തോട്ടവും കാളകളെയും അമ്പതു ശേ
ക്കെൽ വെള്ളിക്കു വാങ്ങി. ദാവീദ് കർത്താ 25
വിനു അവിടെ ഒരു യാഗപീഠം പണിതു
ഹോമയാഗങ്ങളും സമാധാനയാഗങ്ങളും
കഴിച്ചു. അപ്പോൾ കർത്താവ് ദേശത്തിന്റെ
പ്രാർത്ഥന കേട്ടു; ബാധ ഇസ്രായേലിനെ
വിട്ടുമാറി.

രാജാക്കന്മാർ: ഒന്നാം പുസ്തകം

അദ്ധ്യായം 1

വീദ് രാജാവു പ്രായമേറി വൃദ്ധനായ
അവനെ കമ്പിളി പുതപ്പിച്ചിട്ടും കുളിർ
ല്ല. ആകയാൽ അവന്റെ ഭൃത്യന്മാർ
ാട്: യജമാനനായ രാജാവിനുവേ
ന്യകയായൊരു യുവതിയെ അന്വേ
ട്ടു; അവൾ രാജസന്നിധിയിൽ ശുശ്രൂ
നില്ക്കയും യജമാനനായ രാജാവി
കുളിർ മാറേണ്ടതിനു തിരുമാർവ്വിൽ
യും ചെയ്യട്ടെ എന്നു പറഞ്ഞു. അങ്ങ
വർ സുന്ദരിയായ ഒരു യുവതിയെ
യൽ ദേശത്തെല്ലാടവും അന്വേഷി
നേംകാരിയായ അബീശഗിനെ കണ്ടു
ന്റെ അടുക്കൽ കൊണ്ടുവന്നു.
അതിസുന്ദരിയായിരുന്നു; അവൾ
നു പരിചാരികയായി ശുശ്രൂഷ
ന്നു; എന്നാൽ രാജാവ് അവളെ
ിച്ചില്ല. അനന്തരം ഹഗ്ഗീത്തിന്റെ
അദോനീയാ നിഗളിച്ച് ഞാൻ രാ
ുമെന്നു പറഞ്ഞു രഥങ്ങളെയും കു
ളത്തേയും തനിക്കു മുമ്പായി
ൽ അൻപതു അകമ്പടിക്കാരെയും
വന്റെ പിതാവാകട്ടെ അവനെ പി
തന്നു കരുതി അവന്റെ ജീവകാ
ിക്കലും: നീ ഇങ്ങനെ ചെയ്യത് എ
നു അവനോടു ചോദിച്ചിരുന്നില്ല;
വഹുസുന്ദരനായിരുന്നു. അബ്ശാ
ന്റ ശേഷം ആയിരുന്നു അവൻ
. അവൻ സെരൂയയുടെ മകനായ
ബിനോടും പുരോഹിതനായ
ാരിനോടും ആലോചിച്ചു വന്നു;
അദോനിയായ്ക്കു തുണ നിന്നു.
പുരോഹിതൻ സാദോക്കും
യാദയുടെ മകൻ ബെനായായും
കനായ നാഥാനും ശിമെയിയും
ദാവീദിന്റെ യുദ്ധവീരന്മാരും
യായുടെ കൂടെ ചേർന്നിരുന്നില്ല.
ീയ ഏൻ-രോഗേലിനു സമീപം
ലെത്ത് എന്ന കല്ലിനരികെവച്ച്
ുകളെയും തടിപ്പിച്ച മൃഗങ്ങളെയും

അറുത്തു രാജകുമാരന്മാരായ തന്റെ
സകല സഹോദരന്മാരെയും രാജഭൃത്യ
ന്മാരായ യഹൂദാപുരുഷന്മാരെയും ക്ഷണി
ച്ചു. എങ്കിലും നാഥാൻ പ്രവാചകനെയും 10
ബെനെയായേയും വീരന്മാരെയും തന്റെ
സഹോദരനായ ശലോമോനെയും അവൻ
ക്ഷണിച്ചില്ല. നാഥാൻ ശലോമോന്റെ 11
അമ്മയായ ബത്ത്- ശേബയോടു പറഞ്ഞു:
ഹഗ്ഗീത്തിന്റെ മകനായ അദോനീയാ
രാജാവായിരിക്കുന്നു എന്നു കേട്ടില്ലയോ?
നമ്മുടെ യജമാനനായ ദാവീദ് അറിഞ്ഞിട്ടു
മില്ല: ആകയാൽ വരിക; നിന്റെ ജീവനെയും 12
നിന്റെ മകൻ ശലോമോന്റെ ജീവനെയും
രക്ഷിക്കേണ്ടതിനു ഞാൻ നിനക്കു ആലോ
ചന പറഞ്ഞുതരാം. നീ ദാവീദുരാജാവി 13
ന്റെ അടുക്കൽ ചെന്ന്: യജമാനനായ
രാജാവേ, അങ്ങയുടെ മകനായ ശലോ
മോൻ എന്റെ പിൻഗാമിയായി വാണു
എന്റെ സിംഹാസനത്തിൽ ഇരിക്കും എന്നു
അങ്ങ് അടിയനോടു സത്യം ചെയ്തിട്ടില്ലയോ?
പിന്നെ അദോനീയാ വാഴുന്നതു എന്തുകൊ
ണ്ട്? എന്നു അദ്ദേഹത്തോട് ചോദിക്കുക.
നീ അവിടെ രാജാവിനോടു സംസാരിച്ചു 14
കൊണ്ടിരിക്കുമ്പോൾ, ഞാനും നിന്റെ
പിന്നാലെ വന്ന് നിന്റെ വാക്കിനു പിൻ
ബലം തന്നുകൊള്ളാം. അങ്ങനെ ബത്ത്- 15
ശേബ പള്ളിയറയിൽ രാജാവിന്റെ അടു
ക്കൽ ചെന്നു. രാജാവു വയോധികനായി
രുന്നു; ശൂനേംകാരിയായ അബീശഗ് രാജാ
വിനു ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നു.
ബത്ത്-ശേബ കുനിഞ്ഞു രാജാവിനെ ന 16
മസ്കരിച്ചു. നിനക്ക് എന്തു വേണം? എന്നു
രാജാവു ചോദിച്ചു. അവൾ അദ്ദേഹത്തോടു 17
പറഞ്ഞു: എന്റെ യജമാനനേ, അങ്ങയുടെ
മകൻ ശലോമോൻ എന്റെ പിൻഗാമിയാ
യി വാണ് എന്റെ സിംഹാസനത്തിൽ
ഇരിക്കും എന്നു അങ്ങ് അങ്ങയുടെ ദൈവ
മായ കർത്താവിന്റെ നാമത്തിൽ അടിയ
നോടു സത്യം ചെയ്തിട്ടുണ്ടല്ലോ. ഇപ്പോൾ 18
ഇതാ, അദോനീയാ രാജാവായിരിക്കുന്നു;
എന്റെ യജമാനനായ രാജാവു അറിയു

19 ന്നതുമില്ല. അവൻ അനവധി കാളകളെയും
തടിപ്പിച്ച മൃഗങ്ങളെയും ആടുകളെയും
അറുത്തു രാജകുമാരന്മാരേയും പുരോഹി
തനായ അബ്യാഥാരിനെയും സേനാധി
പനായ യോവാബിനെയും ക്ഷണിച്ചു.
എങ്കിലും അങ്ങയുടെ ദാസനായ ശലോമോ
20 നെ അവൻ ക്ഷണിച്ചില്ല. യജമാനനായ
രാജാവേ, യജമാനനായ രാജാവിന്റെ
പിൻഗാമിയായി സിംഹാസനത്തിൽ ഇരി
ക്കേണ്ടതു ആരെന്നു അങ്ങ് അറിയിക്കേണ്ട
തിനു എല്ലാ ഇസ്രായേലിന്റെയും കണ്ണ്
21 അങ്ങയിൽ പതിഞ്ഞിരിക്കുകയാണ്. യജ
മാനനായ രാജാവു തന്റെ പിതാക്കന്മാരെ
പ്പോലെ നിദ്രപ്രാപിച്ചശേഷം ഞാനും
എന്റെ മകൻ ശലോമോനും കുറ്റക്കാരായി
22 രിക്കും. അവൾ രാജാവിനോടു സംസാരിച്ചു
23 കൊണ്ടിരിക്കുമ്പോൾ ഇതാ, നാഥാൻ
പ്രവാചകൻ വരുന്നു. നാഥാൻ പ്രവാചകൻ
വന്നിരിക്കുന്നു എന്നു രാജാവിനോടു അറി
യിച്ചു. അവൻ രാജസന്നിധിയിൽ ചെന്നു
രാജാവിനെ സാഷ്ടാംഗം വീണു നമസ്ക
24 രിച്ചു. നാഥാൻ പറഞ്ഞതെന്തെന്നാൽ: യജ
മാനനായ രാജാവേ, അദോനീയ എന്റെ
പിൻഗാമിയായി വാണു എന്റെ സിംഹാ
സനത്തിൽ ഇരിക്കും എന്നു അങ്ങു കല്പി
25 ച്ചിട്ടുണ്ടോ? അവൻ ഇന്നു അനവധി കാള
കളെയും തടിപ്പിച്ച മൃഗങ്ങളെയും ആടുക
ളെയും അറുത്തു രാജകുമാരന്മാരെയെല്ലാ
വരെയും സേനാധിപതിമാരെയും പുരോഹി
തനായ അബ്യാഥാരിനെയും ക്ഷണിച്ചു.
അവർ അവന്റെ മുമ്പാകെ ഭക്ഷിച്ചു പാനം
ചെയ്തു: അദോനീയരാജാവേ, ജയ ജയ
26 എന്നു പറയുന്നു. എന്നാൽ അടിയനെയും
പുരോഹിതനായ സാദോക്കിനെയും
യഹോയാദയുടെ മകനായ ബെനായായെ
യും അങ്ങയുടെ ദാസനായ ശലോമോനെ
27 യും ക്ഷണിച്ചില്ല. യജമാനനായ രാജാവി
ന്റെ പിൻഗാമിയായി സിംഹാസനത്തിൽ
ഇരിക്കേണ്ടതു ആരെന്നു അടിയങ്ങളെ
അവിടന്ന് അറിയിക്കാതെ ഇരിക്കെ ഈ
കാര്യം യജമാനനായ രാജാവിന്റെ കല്പ
28 നയാലോ നടന്നത്? ബത്ത്-ശേബയെ വിളി
പ്പിൻ എന്നു ദാവീദുരാജാവു കല്പിച്ചു.
അവൾ രാജസന്നിധിയിൽ ചെന്നു രാജാ
29 വിന്റെ മുമ്പാകെ നിന്നു. അപ്പോൾ രാജാ
വ്: എന്റെ ജീവനെ സകല കഷ്ടത്തിൽ
നിന്നും വീണ്ടെടുത്തിരിക്കുന്ന കർത്താ
30 വാണ, നിന്റെ മകനായ ശലോമോൻ
എന്റെ പിൻഗാമിയായി വാണു എനിക്കു
പകരം എന്റെ സിംഹാസനത്തിൽ ഇരിക്കും

എന്നു ഞാൻ നിന്നോടു ഇസ്രായേലിന്റെ
ദൈവമായ കർത്താവിന്റെ നാമത്തിൽ
സത്യം ചെയ്തതുപോലെതന്നെ ഞാൻ ഇന്നു
നിവർത്തിക്കും എന്നു സത്യം ചെയ്തു പറ
ഞ്ഞു. അപ്പോൾ ബത്ത്-ശേബ സാഷ്ടാംഗം 31
വീണു രാജാവിനെ നമസ്കരിച്ചു: എന്റെ
യജമാനനായ ദാവീദ്‌രാജാവു ദീർഘായു
സ്സായിരിക്കട്ടെ എന്നു പറഞ്ഞു. പിന്നെ 32
ദാവീദ്: പുരോഹിതനായ സാദോക്കിനെ
യും പ്രവാചകനായ നാഥാനെയും യഹോ
യാദയുടെ മകനായ ബെനായായേയും വിളി
പ്പിൻ എന്നു കല്പിച്ചു. അവർ രാജസന്നിധി
യിൽ ചെന്നു നിന്നു. രാജാവു അവരോടു 33
കല്പിച്ചു: നിങ്ങളുടെ യജമാനന്റെ ഭൃത്യ
ന്മാരെ കൂട്ടിക്കൊണ്ടു എന്റെ മകനായ
ശലോമോനെ എന്റെ കോവർകഴുതപ്പുറ
ത്തു കയറ്റി താഴെ ശീലോഹായിലേക്കു
കൊണ്ടുപോകുവിൻ. അവിടെവെച്ചു സാ 34
ദോക് പുരോഹിതനും നാഥാൻ പ്രവാചക
നും അവനെ ഇസ്രായേലിനു രാജാവായിട്ടു
അഭിഷേകം ചെയ്യണം; പിന്നെ കാഹളം
ഊതി: ശലോമോൻ രാജാവേ, ജയ ജയ
എന്നു ഘോഷിച്ചു പറയുവിൻ. അതിന്റെ 35
ശേഷം നിങ്ങൾ അവന്റെ പിന്നാലെ വരു
വിൻ; അവൻ വന്ന് എന്റെ സിംഹാസന
ത്തിൽ ഇരുന്ന് എനിക്കു പകരം ഭരിക്കണം;
ഇസ്രായേലിനും യഹൂദയ്ക്കും അധിപനാ
യിരിക്കേണ്ടതിനു ഞാൻ അവനെ നിയമിച്ചി
രിക്കുന്നു. അപ്പോൾ യഹോയാദയുടെ 36
മകൻ ബെനായാ രാജാവിനോടു: ആമെൻ;
യജമാനനായ രാജാവിന്റെ ദൈവമായ
കർത്താവ് അങ്ങനെതന്നെ കല്പിക്കു
മാറാകട്ടെ. കർത്താവ് യജമാനനായ രാജാ 37
വിനോടുകൂടെ ഇരുന്നതുപോലെ ശലോ
മോനോടും കൂടെ ഇരിക്കയും യജമാനനായ
ദാവീദ് രാജാവിന്റെ സിംഹാസനത്തെ
ക്കാളും അവന്റെ സിംഹാസനത്തെ ശ്രേ
ഷ്ഠമാക്കുകയും ചെയ്യുമാറാകട്ടെ എന്നു
ഉത്തരം പറഞ്ഞു. സാദോക്പുരോഹിതനും 38
നാഥാൻ പ്രവാചകനും യഹോയാദയുടെ
മകനായ ബെനായായും ചെന്നു ദാവീദ്
രാജാവിന്റെ കോവർകഴുതപ്പുറത്തു ശലോ
മോനെ കയറ്റി ശീലോഹായിലേക്ക് കൊ
ണ്ടുപോയി, സാദോക് പുരോഹിതനും 39
നാഥാനും വിശുദ്ധകൂടാരത്തിൽനിന്നു
തൈലക്കൊമ്പു കൊണ്ടുചെന്നു ശലോമോ
നെ അഭിഷേകം ചെയ്തു. അവർ കാഹളം
ഊതി, ജനമെല്ലാം: ശലോമോൻ രാജാവേ,
ജയ ജയ എന്നു ഘോഷിച്ചു പറഞ്ഞു.
പിന്നെ ജനമെല്ലാം അവന്റെ പിന്നാലെ 40

ജനം കുഴലൂതി; അവരുടെ ഘോഷം
ഭൂമി കുലുങ്ങുമാറു അത്യന്തം
ഷിച്ചു. അദോനീയായും കൂടെ
ുന്ന സകല വിരുന്നുകാരും ഭക്ഷ
ിഞ്ഞിരിക്കുമ്പോൾ അതു കേട്ടു.
ാദം കേട്ടപ്പോൾ യോവാബ്: പട്ട
ങ്ങിയിരിക്കുന്ന ഈ ആരവം എന്ത്
ചോദിച്ചു. അവൻ പറയുമ്പോൾ
താ, പുരോഹിതനായ അബ്യാഥാ
മകൻ നാഥാൻ വരുന്നു; അദോ
അവനോട്: അകത്തു വരിക; നീ
ുരുഷൻ; നീ നല്ല വാർത്ത കൊണ്ടു
എന്നു പറഞ്ഞു. നാഥാൻ അദോ
ാടു ഉത്തരം പറഞ്ഞു: നമ്മുടെ
നായ ദാവീദുരാജാവു ശലോമോ
ജാവാക്കിയിരിക്കുന്നു. രാജാവു
്പുരോഹിതനെയും നാഥാൻ പ്ര
നയും യഹോയാദായുടെ മക
വനായായെയും വില്ലാളികളെയും
ടുകൂടെ അയച്ചു. അവർ അവനെ
ന്റെ കോവർകഴുതപ്പുറത്തു
ാദോക് പുരോഹിതനും നാഥാൻ
നും അവനെ ശീലോഹായിൽ
ാജാവായി അഭിഷേകം ചെയ്തു.
ട്ടണം ഇളകത്തക്കവണ്ണം സന്തോ
കാണ്ട് അവിടെ നിന്നു മടങ്ങി
ുതാകുന്നു നിങ്ങൾ കേട്ട ആരവം.
ല്ല ശലോമോൻ രാജസിംഹാസന
ഇരിക്കുന്നു; രാജഭൃത്യന്മാരും
യജമാനനായ ദാവീദുരാജാ
ഭിവന്ദനം ചെയ്‌വാൻ ചെന്നു;
ട ദൈവം ശലോമോന്റെ നാമ
ങ്ങയുടെ നാമത്തെക്കാൾ മഹത്തും
സിംഹാസനത്തെ അങ്ങയുടെ
നത്തെക്കാൾ ശ്രേഷ്ഠവും ആക്ക
പറഞ്ഞു. രാജാവു തന്റെ കട്ടിലി
ഇരുന്നു നമസ്കരിച്ചു: ഇന്നു
സിംഹാസനത്തിൽ എന്റെ സന്ത
ുന്നതു എന്റെ കണ്ണുകൊണ്ടു
ൻ സംഗതി വരുത്തിയ ഇസ്രായേ
ദവമായ കർത്താവ് സ്തുതിക്കപ്പെ
ട്ട എന്നു പറഞ്ഞു. ഉടനെ അദോ
ട വിരുന്നുകാർ എല്ലാം ഭയപ്പെട്ടു
റ്റ് ഓരോരുവൻ താന്താന്റെ
പായി. അദോനീയായും ശലോ
ടിച്ചു ചെന്നു യാഗപീഠത്തിന്റെ
ളെ പിടിച്ചു. അദോനീയാ ശലോ
ജാവിനെ ഭയപ്പെടുന്നു; ശലോ
ജാവു അടിയനെ വാൾകൊണ്ടു
യില്ല എന്നു ഇന്നു എന്നോടു

സത്യം ചെയ്യട്ടെ എന്നു പറഞ്ഞു: അവൻ
യാഗപീഠത്തിന്റെ കൊമ്പുകളെ പിടിച്ചിരി
ക്കുന്നു എന്നു ശലോമോൻ കേട്ടു. അവൻ 52
യോഗ്യനായിരുന്നാൽ അവന്റെ തലയിലെ
ഒരു രോമവും നിലത്തു വീഴുകയില്ല; അവ
നിൽ കുറ്റം കണ്ടാലോ അവൻ മരിക്കണം
എന്നു ശലോമോൻ കല്പിച്ചു. അങ്ങനെ 53
ശലോമോൻ രാജാവു ആളയച്ചു; അവർ
അവനെ യാഗപീഠത്തിങ്കൽനിന്നു ഇറക്കി
ക്കൊണ്ടുവന്നു. അവൻ വന്നു ശലോമോൻ
രാജാവിനെ നമസ്കരിച്ചു. ശലോമോൻ
അവനോടു: നിന്റെ വീട്ടിൽ പൊയ്
ക്കൊൾക എന്നു കല്പിച്ചു.

അദ്ധ്യായം 2

ദാവീദിനു മരണകാലം അടുത്തുവന്ന 1
പ്പോൾ അവൻ തന്റെ മകനായ ശലോമോ
നോടു കല്പിച്ചത്: ഞാൻ സകല ഭൂവാസി 2
കളുടെയും വഴിക്കു പോകുന്നു; നീ ധൈര്യ
പ്പെട്ടു പൌരുഷം കാണിക്കുക. നീ എന്തു 3
ചെയ്താലും എവിടേക്കു തിരിഞ്ഞാലും
സകലത്തിലും നീ കൃതാർത്ഥനാകേണ്ട
തിനും നിന്റെ മക്കൾ പൂർണ്ണഹൃദയ
ത്തോടും പൂർണ്ണ മനസ്സോടുംകൂടെ എന്റെ
മുമ്പാകെ സത്യമായി നടന്നു തങ്ങളുടെ വഴി
സൂക്ഷിച്ചാൽ ഇസ്രായേലിന്റെ സിംഹാ
സനത്തിൽ ഇരിപ്പാൻ ഒരു പുരുഷൻ നിന
ക്ക് ഇല്ലാതെ പോകയില്ല എന്നു കർത്താവ്
എന്നോടു അരുളിച്ചെയ്ത വചനം താൻ
ഉറപ്പിക്കേണ്ടതിനുമായി മോശെയുടെ 4
ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതു
പോലെ നിന്റെ ദൈവമായ കർത്താവിന്റെ
വഴികളിൽ നടന്ന് അവന്റെ നിയമങ്ങളും
കല്പനകളും വിധികളും സാക്ഷ്യങ്ങളും
പ്രമാണിച്ചുംകൊണ്ട് അവന്റെ ആജ്ഞ
അനുസരിച്ചുകൊള്ളണം. വിശേഷിച്ചു 5
സെരൂയയുടെ മകൻ യോവാബ് എന്നോടു
ചെയ്തതും, ഇസ്രായേലിന്റെ രണ്ടു സേനാ
ധിപന്മാരായ നേരിന്റെ മകൻ അബ്നേരി
നോടും യേഥെരിന്റെ മകൻ അമാസ
യോടും ചെയ്തത് നീയും അറിയുന്നുവല്ലോ;
അവൻ അവരെ കൊന്നു സമാധാനസമയ
ത്തു അവന്റെ അരയിലെ വാൾകൊണ്ടു
രക്തം ചൊരിഞ്ഞു കാലിലെ ചെരുപ്പുകൊ 6
ണ്ടു ചവിട്ടി. ആകയാൽ നീ ജ്ഞാനത്തോടെ
പ്രവർത്തിക്കുക, അവന്റെ നരയെ സമാധാ
നത്തോടെ പാതാളത്തിൽ ഇറങ്ങുവാൻ
സമ്മതിക്കരുത്. എന്നാൽ ഗിലെയാദ്യനായ 7
ബർസില്ലായിയുടെ മക്കളോട് നീ ദയ
കാണിക്കണം; അവർ നിന്റെ മേശയിങ്കൽ

ഭക്ഷണം കഴിക്കുന്നവരുടെ കൂട്ടത്തിൽ ഇരി
ക്കട്ടെ; നിന്റെ സഹോദരനായ അബ്ശാ
ലോമിന്റെ മുമ്പിൽനിന്നു ഞാൻ ഓടിപ്പോ
യപ്പോൾ അവർ അങ്ങനെതന്നെ എന്നോ
8 ടും പെരുമാറിയതാണ്. പിന്നെ ബഹൂരീമി
ലെ ബന്യാമീന്യനായ ഗേരയുടെ മകൻ
ശിമെയി എന്നൊരുവൻ ഉണ്ടല്ലോ; ഞാൻ
മഹനയീമിലേക്കു പോകുന്ന ദിവസം അ
വൻ എന്നെ കഠിനശാപത്തോടെ ശപിച്ചു;
എങ്കിലും അവൻ യോർദ്ദാങ്കൽ എന്നെ എതി
രേറ്റു വന്നതുകൊണ്ടു അവനെ വാൾകൊ
ണ്ടു കൊല്ലുകയില്ല എന്നു ഞാൻ കർത്തൃ
നാമത്തിൽ അവനോടു സത്യം ചെയ്തിട്ടുണ്ട്.
9 എന്നാൽ നീ അവനെ ശിക്ഷിക്കാതെ വിട
രുതു: നീ ബുദ്ധിമാനല്ലോ; അവനോടു എ
ന്തു ചെയ്യണമെന്നു നീ അറിയും; അവന്റെ
വാർദ്ധക്യത്തെ രക്തത്തോടെ പാതാളത്തി
10 ലേക്കു അയയ്ക്കുക. പിന്നെ ദാവീദ് തന്റെ
പിതാക്കന്മാരെപ്പോലെ നിദ്രപ്രാപിച്ചു;
ദാവീദിന്റെ നഗരത്തിൽ അവനെ അടക്കം
11 ചെയ്തു. ദാവീദ് ഇസ്രായേലിൽ വാണ കാലം
നാല്പതു സംവത്സരമായിരുന്നു. അവൻ
ഹെബ്രോനിൽ ഏഴു സംവത്സരവും യെറു
ശലേമിൽ മുപ്പത്തിമൂന്നു സംവത്സരവും
ഭരിച്ചു.

12 ശലോമോൻ തന്റെ പിതാവായ ദാവീദി
ന്റെ സിംഹാസനത്തിൽ ഇരുന്നു; അവ
ന്റെ രാജത്വം ഏറ്റവും സുസ്ഥിരമായി.
13 എന്നാൽ ഹഗ്ഗീത്തിന്റെ മകനായ അദോ
നീയാ ശലോമോന്റെ അമ്മയായ ബത്ത്
ശേബയെ ചെന്നു കണ്ടു; നിന്റെ വരവു
സമാധാനത്തോടെയോ? എന്നു അവൾ
ചോദിച്ചതിനു: അതെ എന്നു അവൻ പറ
14 ഞ്ഞു. എനിക്കു നിന്നോടു ഒരു കാര്യം പറയു
15 വാനുണ്ട് എന്നു അവൻ പറഞ്ഞു. പറഞ്ഞാ
ലും എന്നു അവൾ പറഞ്ഞു. അവൻ പറ
ഞ്ഞു: രാജത്വം എനിക്കുള്ളതായിരുന്നു;
ഞാൻ വാഴേണ്ടതിനു ഇസ്രായേലെല്ലാം
പ്രതീക്ഷിച്ചിരുന്നു എന്നു അവിടന്ന് അറിയു
ന്നുവല്ലോ; എന്നാൽ രാജത്വം എന്റെ സ
ഹോദരന് ആയിപ്പോയി; കർത്താവിനാൽ
16 അതു അവനു ലഭിച്ചു. എന്നാൽ ഇപ്പോൾ
ഞാൻ അവിടത്തോട് ഒരു കാര്യം അപേ
17 ക്ഷിക്കുന്നു; അതു തള്ളിക്കളയരുതേ. നീ
പറയുക എന്നു അവൾ പറഞ്ഞു. അപ്പോൾ
അവൻ: ശൂനേംകാരിയായ അബീശഗിനെ
എനിക്കു ഭാര്യയായിട്ടു തരുവാൻ ശലോ
മോൻ രാജാവിനോടു പറയേണമേ; അ
വൻ നിന്റെ അപേക്ഷ തള്ളുകയില്ല
18 ല്ലോ എന്നു പറഞ്ഞു. ആകട്ടെ; ഞാൻ
നിനക്കുവേണ്ടി രാജാവിനോടു സംസാരി
ക്കാം എന്നു ബത്ത്ശേബ പറഞ്ഞു. അങ്ങ
നെ ബത്ത്ശേബ അദോനീയായ്ക്കുവേ
ണ്ടി ശലോമോൻ രാജാവിനോടു സംസാരി
പ്പാൻ അവന്റെ അടുക്കൽ ചെന്നു. രാജാവു 19
എഴുന്നേറ്റു അവളെ എതിരേറ്റു ചെന്നു
വന്ദനം ചെയ്തു തന്റെ സിംഹാസനത്തിൽ
ഇരുന്നു രാജമാതാവിനു ഇരിപ്പാൻ സിംഹാ
സനം കൊടുപ്പിച്ചു; അവൾ അവന്റെ വല
ത്തുഭാഗത്തു ഇരുന്നു. ഞാൻ നിന്നോടു ഒരു 20
ചെറിയ കാര്യം അപേക്ഷിക്കുന്നു; എന്റെ
അപേക്ഷ തള്ളിക്കളയരുതു എന്നു അവൾ
പറഞ്ഞു. രാജാവു അവളോടു: എന്റെ
അമ്മേ, ചോദിച്ചാലും; ഞാൻ നിന്റെ
അപേക്ഷ തള്ളുകയില്ല എന്നു പറഞ്ഞു.
അപ്പോൾ അവൾ: ശൂനേംകാരിയായ 21
അബീശഗിനെ നിന്റെ സഹോദരനായ
അദോനീയായ്ക്കു ഭാര്യയായി കൊടുക്ക
ണം എന്നു പറഞ്ഞു. ശലോമോൻ രാജാവു 22
തന്റെ അമ്മയോടു: ശൂനേംകാരി അബീശ
ഗിനെ അദോനീയായ്ക്കുവേണ്ടി ചോദിക്കു
ന്നതു എന്തു? രാജത്വത്തെയും അവനുവേ
ണ്ടി ചോദിക്കരുതോ? അവൻ എന്റെ
ജ്യേഷ്ഠനല്ലോ; അവനും പുരോഹിതൻ
അബ്യാഥാരിനും സെരൂയയുടെ മകൻ യോ
വാബിനും വേണ്ടിത്തന്നെ എന്നു ഉത്തരം
പറഞ്ഞു. അദോനീയ ഈ കാര്യം ചോദിച്ച 23
തു തന്റെ ജീവനാശത്തിനായിട്ടല്ലെങ്കിൽ
ദൈവം തക്കവണ്ണവും അധികവും എന്നോടു
ചെയ്യട്ടെ, ആകയാൽ എന്നെ സ്ഥിരപ്പെടു 24
ത്തിയവനും എന്നെ എന്റെ പിതാവായ
ദാവീദിന്റെ സിംഹാസനത്തിൽ ഇരുത്തി
തന്റെ വാഗ്ദാനപ്രകാരം എനിക്കു ഒരു
ഗൃഹം പണിതവനുമായ കർത്താവാണ
ഇന്നു തന്നെ അദോനീയാ മരിക്കണം എന്നു
ശലോമോൻ രാജാവു കല്പിച്ചു ദൈവ
നാമത്തിൽ സത്യം ചെയ്തു. പിന്നെ ശലോ 25
മോൻ രാജാവു യഹോയാദയുടെ മകനായ
ബെനായായെ അയച്ചു; അവൻ അവ
നെ വെട്ടിക്കൊന്നു. അബ്യാഥാർ പുരോ
ഹിതനോടു രാജാവ്: നീ അനാഥോ 26
ത്തിലെ നിന്റെ ജന്മഭൂമിയിലേക്കു പൊ
യ്ക്കൊൾക; നീ മരണയോഗ്യനാകുന്നു;
എങ്കിലും നീ എന്റെ പിതാവായ ദാവീദി
ന്റെ മുമ്പാകെ കർത്താവായ ദൈവത്തി
ന്റെ പെട്ടകം ചുമന്നതുകൊണ്ടും എന്റെ
പിതാവ് അനുഭവിച്ച സകല ദുരിതങ്ങളും
നീയും കൂടെ അനുഭവിച്ചതുകൊണ്ടും
ഞാൻ ഇന്നു നിന്നെ കൊല്ലുന്നില്ല എന്നു
പറഞ്ഞു. ഇങ്ങനെ ദൈവം ശീലോവിൽ 27

ഏലിയുടെ കുടുംബത്തെക്കുറിച്ച്
ചെയ്ത വചനത്തിനു നിവൃത്തി വരേ
നു ശലോമോൻ അബ്യാഥാരിനെ
ാവിന്റെ പൌരോഹിത്യത്തിൽനി
ക്കിക്കളഞ്ഞു. ഈ വാർത്ത യോവാ
എത്തിയപ്പോൾ—യോവാബ് ശലോ
ാട് ചേർന്നിരുന്നില്ല—അവൻ ദൈവ
ന്റ കൂടാരത്തിൽ ഓടിച്ചെന്നു യാഗ
ിന്റെ കൊമ്പുകൾ പിടിച്ചു. യോവാ
ദവത്തിന്റെ കൂടാരത്തിൽ ഓടിച്ചെ
ഗപീഠത്തിന്റെ അടുക്കൽ നില്ക്കു
ന്നു ശലോമോൻ രാജാവിനു അറിവു
അപ്പോൾ ശലോമോൻ യഹോയാദ
മകനായ ബെനായയെ അയച്ചു: നീ
അവനെ നേരിടുക എന്നു കല്പിച്ചു.
യാ ദൈവത്തിന്റെ കൂടാരത്തിൽ
: നീ പുറത്തു വരിക എന്നു രാജാവു
ക്കുന്നു എന്നു അവനോടു പറഞ്ഞു.
ഞാൻ ഇവിടെത്തന്നെ മരിക്കും എന്നു
പറഞ്ഞു. ബെനായാ ചെന്നു:
ാബ് ഇങ്ങനെ പറയുന്നു; ഇങ്ങനെ
എന്നോടു ഉത്തരം പറഞ്ഞു എന്നു
ിനെ ബോധിപ്പിച്ചു. രാജാവു അവ
കല്പിച്ചു: അവൻ പറഞ്ഞതുപോലെ
യ്ക; അവനെ വെട്ടിക്കൊല്ലുക; യോ
കാരണം കൂടാതെ ചിന്തിയ രക്തം
ങ്ങനെ എങ്കൽനിന്നും എന്റെ പിതൃ
ത്തിൽനിന്നും നീക്കിക്കളയുക. അവ
ക്തപാതകം ദൈവം അവന്റെ തല
വരുത്തും; ഇസ്രായേലിന്റെ സേനാ
യായ നേരിന്റെ മകൻ അബ്നേർ,
യുടെ സേനാധിപതിയായ യേഥെരി
കൻ അമാസാ എന്നിങ്ങനെ തന്നെ
നീതിയും സൽഗുണവുമുള്ള രണ്ടു
ന്മാരെ അവൻ എന്റെ പിതാവായ
അറിയാതെ വാൾകൊണ്ടു വെട്ടി
ുകളഞ്ഞു. അവരുടെ രക്തം എന്നേ
യാവാബിന്റെയും അവന്റെ സന്ത
ടയും തലമേൽ ഇരിക്കും; ദാവീദിനും
ന്റെ സന്തതിക്കും ഗൃഹത്തിനും
ാസനത്തിനും ദൈവത്തിങ്കൽ
എന്നേക്കും സമാധാനം ഉണ്ടാകും.
ന്ന യഹോയാദയുടെ മകനായ
യാ ചെന്നു അവനെ വെട്ടിക്കൊന്നു;
ിയിലെ അവന്റെ കല്ലറയിൽ അവ
ടക്കം ചെയ്തു. രാജാവു അവനു പകരം
യാദയുടെ മകനായ ബെനായായെ
ധിപതിയാക്കി. അബ്യാഥാരിനു
സാദോക്ക് പുരോഹിതനെയും നിയ
പിന്നെ രാജാവു ആളയച്ചു ശിമെ

യിയെ വരുത്തി അവനോടു: നീ യെറുശലേ
മിൽ നിനക്ക് ഒരു വീടു പണിതു പാർത്തു
കൊൾക; അവിടെനിന്നു പുറത്തെങ്ങും
പോകരുതു. പുറത്തിറങ്ങി കിദ്രോൻതോടു 37
കടക്കുന്ന നാളിൽ നീ മരിക്കേണ്ടിവരും
എന്നു തീർച്ചയായി അറിഞ്ഞുകൊള്ളണം;
നിന്റെ രക്തം നിന്റെ തലമേൽതന്നെ
ഇരിക്കും എന്നു കല്പിച്ചു, ശിമെയി രാജാ 38
വിനോടു: അതു നല്ല വാക്കു; യജമാനനായ
രാജാവു കല്പിച്ചതുപോലെ അടിയൻ
ചെയ്തുകൊള്ളാം എന്നു പറഞ്ഞു, അങ്ങനെ
ശിമെയി കുറെക്കാലം യെറുശലേമിൽ
പാർത്തു. മൂന്നു സംവത്സരം കഴിഞ്ഞപ്പോൾ 39
ശിമെയിയുടെ രണ്ട് അടിമകൾ മാഖയുടെ
മകനായ ആഖീശ് എന്ന ഗത്ത് രാജാവിന്റെ
അടുക്കൽ ഓടിപ്പോയി; തന്റെ അടിമകൾ
ഗത്തിൽ ഉണ്ടെന്നു ശിമെയിക്കു അറിവു
കിട്ടി. അപ്പോൾ ശിമെയി എഴുന്നേറ്റു കഴുത 40
യ്ക്കു കോപ്പിട്ടു പുറപ്പെട്ടു അടിമകളെ
അന്വേഷിപ്പാൻ ഗത്തിൽ ആഖീശിന്റെ
അടുക്കൽ പോയി; അങ്ങനെ ശിമെയി
ചെന്നു അടിമകളെ ഗത്തിൽനിന്നു കൊണ്ടു
വന്നു. ശിമെയി യെറുശലേം വിട്ടു ഗത്തിൽ 41
പോയി മടങ്ങി വന്നു എന്നു ശലോമോനു
അറിവു കിട്ടി. അപ്പോൾ രാജാവു ആളയ 42
ച്ചു ശിമെയിയെ വരുത്തി അവനോടു: നീ
പുറത്തിറങ്ങി എവിടെയെങ്കിലും പോകു
ന്ന നാളിൽ മരിക്കേണ്ടിവരുമെന്നു തീർച്ച
യായി അറിഞ്ഞുകൊള്ളണം എന്നു
ഞാൻ നിന്നെക്കൊണ്ടു ദൈവനാമത്തിൽ
സത്യം ചെയ്യിച്ചു സാക്ഷിക്കയും ഞാൻ
കേട്ട വാക്കു നല്ലതെന്നു നീ എന്നോടു പറ
യുകയും ചെയ്തിരുന്നില്ലയോ? അങ്ങനെ 43
യിരിക്കെ നീ ദൈവത്തോടുള്ള ആണയും
ഞാൻ നിന്നോടു കല്പിച്ച കല്പനയും
ഗണിക്കാതെ ഇരുന്നതു എന്തു? എന്നു
ചോദിച്ചു. പിന്നെ രാജാവു ശിമെയിയോടു: 44
നീ എന്റെ പിതാവായ ദാവീദിനോടു ചെ
യ്തതും നിനക്കു ഓർമ്മയുള്ളതും ആയ
ദോഷമെല്ലാം നിനക്കറിയാമല്ലോ; ദൈവം
നിന്റെ കുറ്റം നിന്റെ തലമേൽതന്നെ വരു
ത്തും. എന്നാൽ ശലോമോൻ രാജാവു 45
അനുഗ്രഹിക്കപ്പെട്ടവനും ദാവീദിന്റെ
സിംഹാസനം ദൈവമുമ്പാകെ എന്നേ
ക്കും സുസ്ഥിരവുമായിരിക്കും എന്നു പറ 46
ഞ്ഞിട്ടു രാജാവു യഹോയാദയുടെ
മകൻ ബെനായായോടു കല്പിച്ചു; അവൻ
ചെന്നു അവനെ വെട്ടിക്കൊന്നു. അങ്ങ
നെ രാജത്വം ശലോമോന്റെ കയ്യിൽ സ്ഥി
രമായി.

അദ്ധ്യായം 3

1 അനന്തരം ശലോമോൻ മെസ്രേൻ രാജാ
വായ ഫറവോനുമായി ബന്ധപ്പെട്ടു, ഫറ
വോന്റെ മകളെ വിവാഹംചെയ്തു; തന്റെ
അരമനയും കർത്താവിന്റെ ആലയവും
യെറുശലേമിനു ചുറ്റും കോട്ടയും പണിതു
തീരുവോളം അവളെ ദാവീദിന്റെ നഗര
2 ത്തിൽ കൊണ്ടുവന്നു പാർപ്പിച്ചു. എന്നാൽ
ആ കാലംവരെ ദൈവത്തിന്റെ നാമത്തിനു
ഒരു ആലയം പണിയാതെ ഇരുന്നതുകൊ
ണ്ടു ജനം ബലിപീഠങ്ങളിൽ വച്ചു യാഗം ക
3 ഴിച്ചുപോന്നു. ശലോമോൻ കർത്താവിനെ
സ്നേഹിച്ചു, തന്റെ പിതാവായ ദാവീദി
ന്റെ നിയമങ്ങൾ അനുസരിച്ചു നടന്നു എ
ങ്കിലും അവൻ പൂജാഗിരികളിൽവച്ചു യാഗം
കഴിക്കയും ധൂപമർപ്പിക്കുകയും ചെയ്തു.
4 രാജാവു ഗിബെയോനിൽ യാഗം കഴി
പ്പാൻ പോയി; അതു പ്രധാന പൂജാഗിരി
യായിരുന്നു; അവിടത്തെ യാഗപീഠത്തി
ന്മേൽ ശലോമോൻ ആയിരം ഹോമയാഗം
5 അർപ്പിച്ചു. ഗിബെയോനിൽ വെച്ചു കർത്താ
വ് രാത്രിയിൽ ശലോമോനു സ്വപ്നത്തിൽ
പ്രത്യക്ഷനായി; നിനക്കിഷ്ടമുള്ള വരം
ചോദിച്ചുകൊള്ളുക എന്ന് അരുളിച്ചെയ്തു.
6 അതിനു ശലോമോൻ പറഞ്ഞത്: "എന്റെ
പിതാവായ ദാവീദ് എന്ന നിന്റെ ദാസൻ
സത്യത്തോടും നീതിയോടും ഹൃദയപര
മാർത്ഥതയോടും കൂടെ നിന്റെ മുമ്പാകെ
നടന്നതു നിമിത്തം നീ അവനു വലിയ കൃപ
ചെയ്തു ഈ വലിയ കൃപ അവനായി പാലി
ക്കുകയും ഇന്നുള്ളതുപോലെ അവന്റെ
സിംഹാസനത്തിൽ ഇരിപ്പാൻ അവന് ഒരു
മകനെ നൽകുകയും ചെയ്തിരിക്കുന്നു.
7 എന്റെ ദൈവമായ കർത്താവേ, നീ അടിയ
നെ ഇപ്പോൾ എന്റെ പിതാവായ ദാവീദിനു
പകരം രാജാവാക്കിയിരിക്കുന്നു. ഞാനോ
ഒരു ബാലനത്രേ; കാര്യങ്ങൾ നടത്തുവാൻ
8 എനിക്കറിവില്ല. നീ തിരഞ്ഞെടുത്തതും
ബാഹുല്യം മൂലം എണ്ണവും കണക്കും ഇല്ലാ
ത്തതുമായി വലിയോരു ജാതിയായ നിന്റെ
ജനത്തിന്റെ മദ്ധ്യേ അടിയൻ ഇരിക്കുന്നു.
9 ആകയാൽ ഗുണവും ദോഷവും തിരിച്ചറി
ഞ്ഞ് നിന്റെ ജനത്തിനു ന്യായപാലനം
ചെയ്യുവാൻ വിവേകമുള്ളൊരു ഹൃദയം
എനിക്കു തരേണമേ; അതില്ലാതെ നിന്റെ
ഈ വലിയ ജനത്തിനു ന്യായപാലനം
10 ചെയ്‌വാൻ ആർക്കു കഴിയും?" ശലോമോൻ
ഈ കാര്യം ചോദിച്ചതു കർത്താവിനു
11 പ്രസാദമായി. ദൈവം അവനോടു അരുളി
ച്ചെയ്തു: "നീ ദീർഘായുസ്സോ സമ്പത്തോ
ശത്രുസംഹാരമോ ഒന്നും അപേക്ഷിക്കാതെ
ന്യായപാലനത്തിനുള്ള വിവേകം എന്ന ഈ
കാര്യം മാത്രം അപേക്ഷിച്ചതുകൊണ്ടു 12
ഞാൻ നിന്റെ അപേക്ഷപ്രകാരം ചെയ്തിരി
ക്കുന്നു; ജ്ഞാനവും വിവേകവുമുള്ള
ഹൃദയം ഞാൻ നിനക്കു തന്നിരിക്കുന്നു;
നിനക്കു സമനായവൻ നിനക്കു മുമ്പു
ഉണ്ടായിട്ടില്ല; നിനക്കു സമനായവൻ നിന്റെ
ശേഷം ഉണ്ടാവുകയും ഇല്ല; ഇതിനു പുറമെ 13
നീ അപേക്ഷിക്കാത്തതായ സമ്പത്തും മഹ
ത്വവും കൂടെ ഞാൻ നിനക്കു തന്നിരിക്കുന്നു;
നിന്റെ ആയുഷ്പര്യന്തം രാജാക്കന്മാരിൽ
ഒരുവനും നിനക്കു സമനാകയില്ല. നിന്റെ 14
പിതാവായ ദാവീദ് നടന്നതുപോലെ നീ
എന്റെ നിയമങ്ങളും കല്പനകളും പ്രമാ
ണിച്ചു എന്റെ വഴികളിൽ നടന്നാൽ ഞാൻ
നിനക്കു ദീർഘായുസ്സു തരും." ശലോമോൻ 15
ഉറക്കം ഉണർന്നപ്പോൾ അതു ദർശനം
എന്നു മനസ്സിലാക്കി. പിന്നെ അവൻ യറുശ
ലേമിൽ മടങ്ങിവന്നു ദൈവത്തിന്റെ നിയമ
പെട്ടകത്തിന്റെ മുമ്പാകെ നിന്നു ഹോമ
യാഗങ്ങൾ കഴിച്ചു സമാധാനയാഗങ്ങളും
അർപ്പിച്ചു തന്റെ സകല ഭൃത്യന്മാർക്കും
വിരുന്നു കഴിച്ചു.

അനന്തരം രണ്ടു വേശ്യകൾ രാജാവി 16
ന്റെ അടുക്കൽ വന്ന് അവന്റെ മുമ്പാകെ
നിന്നു. അവരിൽ ഒരുവൾ പറഞ്ഞു: യജമാ 17
നനേ, അടിയനും ഇവളും ഒരു വീട്ടിൽ
പാർക്കുന്നു; ഞങ്ങൾ പാർക്കുന്ന വീട്ടിൽ
വച്ചു ഞാൻ ഒരു കുഞ്ഞിനെ പ്രസവിച്ചു.
ഞാൻ പ്രസവിച്ചതിന്റെ മൂന്നാം ദിവസം 18
ഇവളും പ്രസവിച്ചു; ഞങ്ങൾ ഒന്നിച്ചായി
രുന്നു; ഞങ്ങൾ രണ്ടുപേരും ഒഴികെ ആ
വീട്ടിൽ മറ്റാരും ഞങ്ങളോടുകൂടെ ഉണ്ടായി
രുന്നില്ല. എന്നാൽ രാത്രി ഇവൾ തന്റെ 19
മകന്റെ മേൽ കിടന്നുപോയതുകൊണ്ടു
അവൻ മരിച്ചുപോയി, അവൾ അർദ്ധരാത്രി 20
എഴുന്നേറ്റു, അടിയൻ ഉറങ്ങുന്ന സമയം,
അടിയന്റെ അരികെ നിന്നു അടിയന്റെ
മകനെ എടുത്തു അവളുടെ വശത്തും അവ
ളുടെ മരിച്ച മകനെ അടിയന്റെ വശത്തും
കിടത്തി. രാവിലെ കുഞ്ഞിനു മുല കൊടു 21
പ്പാൻ അടിയൻ എഴുന്നേറ്റപ്പോൾ അതു
മരിച്ചിരിക്കുന്നതായി കണ്ടു. വെളിച്ചമായ
ശേഷം അടിയൻ സൂക്ഷിച്ചുനോക്കിയ
പ്പോൾ അതു അടിയൻ പ്രസവിച്ച കുഞ്ഞല്ല.
അപ്പോൾ മറ്റെ സ്ത്രീ: അങ്ങനെയല്ല; ജീവ 22
നുള്ളതു എന്റെ കുഞ്ഞു; മരിച്ചതു നിന്റെ
കുഞ്ഞു എന്നു പറഞ്ഞു. ഇവളോ: മരിച്ചതു

കുഞ്ഞ്; ജീവനുള്ളതു എൻെറ
എന്നു പറഞ്ഞു. ഇങ്ങനെ അവർ
ിൻെറ മുമ്പിൽ തമ്മിൽ വാദിച്ചു.
ൾ രാജാവു കല്പിച്ചു: ജീവനുള്ളതു
കുഞ്ഞു, മരിച്ചതു നിൻെറ കുഞ്ഞ്
ഇവൾ പറയുന്നു; അങ്ങനെയല്ല,
ു നിൻെറ കുഞ്ഞു ജീവനുള്ളതു
കുഞ്ഞ് എന്നു മറ്റേവൾ പറയുന്നു.
ൾ കൊണ്ടുവരുവിൻ എന്നു രാജാവു
ച്ചു. അവർ ഒരു വാൾ രാജസന്നിധി
കൊണ്ടുവന്നു. അപ്പോൾ രാജാവു:
ുള്ള കുഞ്ഞിനെ രണ്ടായി പിളർന്നു
ഒരുവൾക്കും പകുതി മറ്റേവൾക്കും
പ്പിൻ എന്നു കല്പിച്ചു. ഉടനെ ജീവ
കുഞ്ഞിൻെറ അമ്മ തൻെറ കുഞ്ഞി
റിച്ച് മനം നൊന്തുകൊണ്ടു രാജാ
ടു: അയ്യോ! എൻെറ യജമാനനേ,
ുള്ള കുഞ്ഞിനെ കൊല്ലരുതേ; അതി
അവൾക്കു കൊടുത്തുകൊൾക
പറഞ്ഞു. മറ്റേവളോ: എനിക്കും
, നിനക്കും വേണ്ടാ; അതിനെ പിളർ
എന്നു പറഞ്ഞു. അപ്പോൾ രാജാവു:
ുള്ള കുഞ്ഞിനെ കൊല്ലരുതു; അവൾ
ാടുപ്പിൻ; അവൾ തന്നെ അതിൻെറ
എന്നു കല്പിച്ചു. രാജാവു കല്പിച്ച
ിസ്രായേൽ എല്ലാം അറിഞ്ഞു. ന്യായ
ം ചെയ്യുവാൻ ദൈവത്തിൻെറ
നം രാജാവിൻെറ ഹൃദയത്തിൽ ഉണ്ട്
കണ്ടു അവനെ ഭയപ്പെട്ടു.

അദ്ധ്യായം 4

ലോമോൻ രാജാവു എല്ലാ ഇസ്രായേ
രാജാവായി. അവനുണ്ടായിരുന്ന
ികൾ ആരെന്നാൽ: സാദോക്കിൻെറ
അസര്യാ പുരോഹിതൻ. ശീശയുടെ
ാരായ എലീഹോരെഫും അഹീയാ
ഴുത്തുകാർ; അഹീലൂദിൻെറ മകൻ
ാശാഫാത്ത് മന്ത്രി; യെഹോയാദ
മകൻ ബെനായാ സേനാധിപതി,
ാക്കും അബ്യാഥാരും പുരോഹിത
നാഥാൻെറ മകനായ അസര്യാ,
ിചാരകക്കാരുടെ മേലധികാരി;
ൻെറ മകനായ സാബൂദ് പുരോഹി
രാജാവിൻെറ സ്നേഹിതനുമായി
അഹീശാർ രാജഗൃഹവിചാരകൻ;
യുടെ മകൻ അദോനീരാം വേല
ടെ മേധാവി. രാജാവിനും രാജഗൃഹ
ം ഭോജനപദാർത്ഥങ്ങൾ എത്തിച്ചു
ക്കുവാൻ ശലോമോനു ഇസ്രായേ
ല്ലാം പന്ത്രണ്ടു കാര്യസ്ഥന്മാർ ഉണ്ടാ

യിരുന്നു. അവരിൽ ഓരോരുവൻ ആണ്ടിൽ
ഓരോ മാസത്തേക്കു ഭക്ഷ്യപദാർത്ഥങ്ങൾ
എത്തിച്ചുകൊടുക്കും. അവരുടെ പേരുകൾ: 8
എഫ്രയീം മലനാട്ടിൽ ബെൻ-ഹൂർ; മാക്കസ്,
ശാൽബീം, ബേത്ത്-ശേമെശ്, ഏലോൻ 9
ബേത്ത് ഹാനാൻ എന്നീ സ്ഥലങ്ങളിൽ
ബെൻ-ദേക്കെർ; അരുബ്ബോത്തിൽ ബെൻ- 10
ഹേസെർ; സോഖൊവും ഹേഫെർദേശം
മുഴുവനും അവൻെറ സീമ ആയിരുന്നു;
നാഫത്ത് ദോറിൽ ബെൻ-അബീനാദാബ്; 11
അവൻ ശലോമോൻെറ മകളായ താഫത്തി
നെ വിവാഹം കഴിച്ചിരുന്നു; അഹീലൂദിൻെറ 12
മകനായ ബാനയുടെ സീമ താനാക്കും
മെഗിദ്ദോവും സാരെഥാന്നരികെ ഇസ്രായേ
ലിനു താഴെ ബേത്ത്-ശെയാൻ മുതൽ
ആബേൽ-മെഹോലാവരെയും യൊക്മെ
യാമിൻെറ അപ്പുറംവരെയുമുള്ള ബേത്ത്
ശെയാൻ മുഴുവനും ആയിരുന്നു; ഗിലെയാ 13
ദിലെ റാമോത്തിൽ ബെൻ ഗേബെർ; അവ
ൻെറ അതിർത്തി മനശ്ശെയുടെ മകനായ
യായീരിനു ഗിലെയാദിലുള്ള പട്ടണങ്ങളും
കോട്ടകളും ചെമ്പോടാമ്പലുകൾ ഉള്ള അറു
പതു വലിയ പട്ടണങ്ങൾ ഉൾപ്പെട്ട ബാശാ
നിലെ അർഗ്ഗോബ്ദേശവും ആയിരുന്നു;
മഹനയീമിൽ ഇദ്ദോയുടെ മകൻ അഹീനാ 14
ദാബ്; നഫ്താലിയിൽ അഹീമാസ്; അവൻ 15
ശലോമോൻെറ മകളായ ബാശെമത്തിനെ
ഭാര്യയായി പരിഗ്രഹിച്ചു; ആശേരിലും 16
ബെയാലോത്തിലും ഹൂശയിയുടെ മകൻ 17
ബാനാ; ഇസ്സാഖാരിൽ പാരൂഹിൻെറ മക
നായ യെഹോശാഫാത്ത്; ബെന്യാമീനിൽ 18
ഏലയുടെ മകനായ ശിമെയി; അമോര്യ 19
രാജാവായ സീഹോൻെറയും ബാശാൻ
രാജാവായ ഓഗിൻെറയും രാജ്യമായിരുന്ന
ഗിലെയാദ് ദേശത്തു ഹൂരിൻെറ മകൻ
ഗേബെർ; ആ ദേശത്തു ഒരു കാര്യസ്ഥൻ 20
മാത്രമെ ഉണ്ടായിരുന്നുള്ളു. യഹൂദയും
ഇസ്രായേലും കടൽക്കരയിലെ മണൽപോ
ലെ അസംഖ്യം ആയിരുന്നു; അവർ തിന്നു
കുടിച്ച് സന്തോഷിച്ചിരുന്നു.

നദിമുതൽ ഫെലിസ്ത്യദേശംവരെയും 21
മിസ്രയീമിൻെറ അതിർവരെയും ഉള്ള
സകല രാജ്യങ്ങളെയും ശലോമോൻ ഭരിച്ചു;
അവർ കപ്പം കൊണ്ടുവന്നു ശലോമോനെ
അവൻെറ ജീവപര്യന്തം സേവിച്ചു. ശലോ 22
മോൻെറ നിത്യച്ചെലവു ദിവസം ഒന്നിനു
മുപ്പതു പറ നേരിയ മാവും അറുപതു പറ 23
സാധാരണ മാവും മാൻ, ഇളമാൻ, മ്ലാവു,
പുഷ്ടിവരുത്തിയ പക്ഷികൾ എന്നിവ
കൂടാതെ തടിപ്പിച്ച പത്തു കാളയും മേച്ചിൽ

പുറത്തെ ഇരുപതു കാളയും നൂറു ആടും
24 ആയിരുന്നു. നദിക്ക് ഇക്കരെ തിപ്സഹ
മുതൽ ഗസ്സാവരെയുള്ള സകല ദേശത്തെ
യും നദിക്കു ഇക്കരെയുള്ള സകല രാജാ
ക്കന്മാരെയും അവൻ ഭരിച്ചു. ചുറ്റുമുള്ള
സ്ഥലങ്ങളിൽ എല്ലാം അവനു സമാധാനം
25 ഉണ്ടായിരുന്നു. ശലോമോന്റെ കാലത്തെ
ല്ലാം യഹൂദയും ഇസ്രായേലും ദാൻ മുതൽ
ബേർശേബവരെയും ഓരോരുവൻ താന്താ
ന്റെ മുന്തിരിവള്ളിയുടെ കീഴിലും അത്തി
വൃക്ഷത്തിൻ കീഴിലും നിർഭയം വസിച്ചു.
26 ശലോമോന് തന്റെ രഥങ്ങൾക്കു നാല്പ
തിനായിരം കുതിരലായവും പന്തീരായിരം
27 കുതിരപ്പട്ടാളവും ഉണ്ടായിരുന്നു. കാര്യസ്ഥ
ന്മാർ ഓരോരുവൻ ഓരോ മാസത്തേക്കു
ശലോമോൻ രാജാവിന്റെ അരമനമേശ
യിൽ കൂടുന്ന എല്ലാവർക്കും വേണ്ടുന്ന
ഭക്ഷ്യപദാർത്ഥങ്ങൾ കുറവുകൂടാതെ
28 എത്തിച്ചുകൊടുത്തിരുന്നു. അവർ കുതിര
കൾക്കു വേണ്ടുന്ന യവവും വയ്ക്കോലും
താന്താന്റെ മുറപ്രകാരം അവ ഇരിക്കുന്ന
സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കു
മായിരുന്നു.
29 ദൈവം ശലോമോന് അത്യധിക
ജ്ഞാനവും ബുദ്ധിയും വളരെയേറെ
30 ഹൃദയവിശാലതയും കൊടുത്തു. സകല
പൂർവ്വദിഗ്വാസികളുടെയും ജ്ഞാനത്തെ
ക്കാളും മിസ്രയീമ്യരുടെ സകല ജ്ഞാന
ത്തെക്കാളും ശലോമോന്റെ ജ്ഞാനം ശ്രേ
31 ഷ്ഠമായിരുന്നു. സകല മനുഷ്യരെക്കാളും
എസ്രാഹ്യനായ ഏഥാൻ, മഹോലിന്റെ
പുത്രന്മാരായ ഹേമാൻ, കൽക്കോൽ, ദർദ്ദ
എന്നിവരെക്കാളും അവൻ ജ്ഞാനിയായിരു
ന്നു; അവന്റെ കീർത്തി ചുറ്റുമുള്ള സകല
32 ജാതികളിലും വ്യാപിച്ചു. അവൻ മൂവായിരം
സദൃശവാക്യങ്ങൾ പറഞ്ഞു; അവന്റെ
ഗീതങ്ങൾ ആയിരത്തഞ്ച് ആയിരുന്നു.
33 ലെബാനോനിലെ ദേവദാരു മുതൽ ചുവരി
ന്മേൽ മുളയ്ക്കുന്ന ഈസോപ്പുവരെയുള്ള
വൃക്ഷാദികളെക്കുറിച്ചും മൃഗം, പക്ഷി, ഇഴ
ജാതി, മത്സ്യം എന്നിവയെക്കുറിച്ചും അവൻ
34 എഴുതി. ശലോമോന്റെ ജ്ഞാനത്തെപ്പറ്റി
കേട്ട സകല രാജാക്കന്മാരുടെയും അടു
ക്കൽനിന്നു നാനാജാതിക്കാരായ അനേകർ
അവന്റെ ജ്ഞാനം കേൾക്കുവാൻ വന്നു.
അവർ അവനു കാഴ്ചകളും അർപ്പിച്ചു.

അദ്ധ്യായം 5

1 ശലോമോനെ അവന്റെ പിതാവിനു
പകരം രാജാവായി അഭിഷേകം ചെയ്തു
എന്നു സോർ രാജാവായ ഹീരാം കേട്ട്
ദൂതന്മാരെ അവന്റെ അടുക്കൽ അയച്ചു.
അവനെ അനുമോദിച്ചു. ഹീരാം എപ്പോഴും 2
ദാവീദിന്റെ സ്നേഹിതനായിരുന്നു. ശലോ
മോൻ ഹീരാമിന്റെ അടുക്കൽ ആളയച്ചു
പറയിച്ചു: "എന്റെ പിതാവായ ദാവീദിന്റെ 3
ശത്രുക്കളെ കർത്താവ് അവന്റെ കാൽക്കീ
ഴാക്കുംവരെ ചുറ്റുമുള്ള യുദ്ധം നിമിത്തം
തന്റെ ദൈവമായ കർത്താവിന്റെ നാമ
ത്തിനു ഒരു ആലയം പണിയുവാൻ അദ്ദേഹ
ത്തിനു കഴിഞ്ഞില്ല എന്ന് അങ്ങ് അറിയുന്നു
വല്ലോ. എന്നാൽ ഇപ്പോൾ ഒരു പ്രതിയോഗി 4
യോ വിഘ്നമോ ഇല്ല; എന്റെ ദൈവമായ
കർത്താവ് എല്ലായിടത്തും എനിക്കു സ്വ
സ്ഥത നൽകിയിരിക്കുന്നു. ആകയാൽ ഇതാ, 5
ഞാൻ നിനക്കു പകരം നിന്റെ സിംഹാസന
ത്തിൽ ഇരുത്തുന്ന നിന്റെ മകൻ എന്റെ
നാമത്തിനു ഒരു ആലയം പണിയുമെന്നു
ദൈവം എന്റെ പിതാവായ ദാവീദിനോടു
അരുളിച്ചെയ്തതുപോലെ എന്റെ ദൈവ
മായ കർത്താവിന്റെ നാമത്തിനു ഒരു
ആലയം പണിയുവാൻ ഞാൻ വിചാരിക്കു
ന്നു. ആകയാൽ ലെബാനോനിൽനിന്നു 6
എനിക്കായി ദേവദാരുമരം മുറിപ്പാൻ
കല്പന കൊടുക്കണം; എന്റെ വേലക്കാർ
അങ്ങയുടെ വേലക്കാരോടുകൂടി ഉണ്ടായി
രിക്കും; അങ്ങയുടെ വേലക്കാർക്കു അങ്ങു
പറയുന്ന കൂലി ഞാൻ എത്തിച്ചുതന്നുകൊ
ള്ളാം; സീദോന്യരെപ്പോലെ മരം മുറിപ്പാൻ
പരിചയമുള്ളവർ ഞങ്ങളുടെ ഇടയിൽ
ആരും ഇല്ല എന്നു അങ്ങേക്കു അറിയാമ
ല്ലോ". ഹീരാം ശലോമോന്റെ വാക്കു കേട്ട 7
പ്പോൾ ഏറ്റവും സന്തോഷിച്ചു: ഈ മഹാ
ജനത്തെ വാഴുവാൻ ദാവീദിനു ജ്ഞാനമു
ള്ളോരു മകനെ കൊടുത്ത കർത്താവ് ഇന്നു
വാഴ്ത്തപ്പെടുമാറാകട്ടെ എന്നു പറഞ്ഞു.
ഹീരാം ശലോമോന്റെ അടുക്കൽ ആള 8
യച്ചു പറയിച്ചു: അങ്ങ് പറഞ്ഞയച്ച വസ്തുത
ഞാൻ കേട്ടു; ദേവദാരുവിന്റെയും സരള
മരത്തിന്റെയും കാര്യത്തിൽ അങ്ങ് ആഗ്ര
ഹിച്ചതു എല്ലാം ഞാൻ ചെയ്യാം. എന്റെ 9
വേലക്കാർ ലെബാനോനിൽനിന്നു കടലി
ലേക്കു അവയെ ഇറക്കിയശേഷം ഞാൻ
ചെങ്ങാടം കെട്ടിച്ച് അങ്ങു പറയുന്ന സ്ഥ
ലത്തേക്കു കടൽവഴിയായി എത്തിച്ചു
കെട്ടഴിപ്പിച്ചുതരാം; അങ്ങ് ഏറ്റുവാങ്ങണം;
എന്നാൽ എന്റെ ഗൃഹത്തിനു ആഹാരം
എത്തിച്ചുതരുന്ന കാര്യത്തിൽ അങ്ങ് എന്റെ
ഇഷ്ടവും നിവർത്തിക്കണം. അങ്ങനെ 10
ഹീരാം ശലോമോനു ദേവദാരുവും സരള

അവൻെറ ഇഷ്ടംപോലെ കൊടു
ാന്നു. ശലോമോൻ ഹീരാമിൻെറ
തിലേക്കു ആഹാരം വകയ്ക്കു ഇരു
യിരം പറ ഗോതമ്പും ഇരുപതു പറ
ടുത്ത എണ്ണയും കൊടുത്തു; ഇങ്ങ
ലോമോൻ ഹീരാമിനു ആണ്ടുതോറും
ത്തിരുന്നു. ദൈവം ശലോമോനോടു
ിച്ചെയ്തിരുന്നതുപോലെ അവനു
ം നൽകി; ഹീരാമും ശലോമോനും
സമാധാനമായിരുന്നു; അവർ
ും തമ്മിൽ സഖ്യവും ചെയ്തു.
ലോമോൻ രാജാവു ഇസ്രായേലിൽ
ല്ലാം വേലക്കാരെ നറുക്കിട്ട് എടുത്തു;
ാർ മുപ്പതിനായിരം പേർ ആയിരു
ാവൻ അവരെ മാസംതോറും പതി
ംപേരെ വീതം മാറിമാറി ലെബാ
ലേക്ക് അയച്ചു; അവർ ഒരു മാസം
നോനിലും രണ്ടുമാസം വീട്ടിലും
ുന്നു; അദോനീറാം വേലക്കാർക്കു
ാരി ആയിരുന്നു. വേല ചെയ്യുന്ന
ത ഭരിച്ചു വേല നടത്തുന്ന മൂവായിര
ന്നൂറു പ്രധാന കാര്യസ്ഥരെ കൂടാ
ലോമോനു എഴുപതിനായിരം ചുമട്ടു
മലയിൽ എൺപതിനായിരം കല്ലു
ാരും ഉണ്ടായിരുന്നു. ആലയത്തിന്,
ിയ കല്ലുകൊണ്ടു അടിസ്ഥാനം
ാൻ അവർ രാജകല്പനപ്രകാരം
ഷപ്പെട്ട വലിയ കല്ലു വെട്ടി. ശലോ
ാശില്പികളും, ഹീരാമിൻെറ ശില്പി
ഗെബാല്യരും ആലയപ്പണിക്കായി
കല്ലും ചെത്തി ഒരുക്കി.

അദ്ധ്യായം 6

സ്രായേൽമക്കൾ മെസ്രേൻ ദേശത്തു
പുറപ്പെട്ടതിൻെറ നാനൂറ്റെൺപതാം
സരത്തിൽ ഇസ്രായേലിൽ ശലോമോ
ാഴ്ചയുടെ നാലാം ആണ്ടിൽ രണ്ടാം
യ ഈയോർ മാസത്തിൽ അവൻ
ാവിൻെറ ആലയം പണിയുവാൻ
ി. ശലോമോൻ രാജാവു കർത്താവി
നിത ആലയം അറുപതു മുഴം നീള
ുപതു മുഴം വീതിയും മുപ്പതു മുഴം
ും ഉള്ളതായിരുന്നു. ആലയമായ
തിൻെറ മുഖമണ്ഡപം ആലയവീതി
ത്തവണ്ണം ഇരുപതുമുഴം നീളവും
ത്തിൻെറ മുൻവശത്തു പത്തു മുഴം
ും ഉള്ളതായിരുന്നു. അവൻ ആല
നു ഇണങ്ങിയ ജനലുകളും
ി. മന്ദിരവും അന്തർമന്ദിരവും കൂടിയ
ത്തിൻെറ ചുവരിനോടു ചേർത്തു
ചുറ്റും തട്ടുതട്ടായി പുറവാരങ്ങളും പണിത്
അവയിൽ ചുറ്റും അറകളും ഉണ്ടാക്കി.
താഴത്തെ പുറവാരം അഞ്ചു മുഴവും നടു 6
വിലത്തേതു ആറുമുഴവും മൂന്നാമത്തേതു
ഏഴു മുഴവും വീതിയുള്ളതായിരുന്നു;
തുലാങ്ങൾ ആലയഭിത്തികളിൽ അകത്തു
ചെല്ലാതിരിപ്പാൻ അവൻ ആലയത്തിൻെറ
ചുറ്റും പുറമെ താങ്ങുകളും പണിതു. വെട്ടു 7
കുഴിയിൽവച്ചു തന്നെ ചെത്തിത്തീർത്ത
കല്ലുകൊണ്ടു ആലയം പണിതതിനാൽ
അതു പണിയുന്ന സമയത്തു ചുറ്റിക, മഴു
മുതലായ യാതൊരു ഇരുമ്പായുധത്തി
ൻെറയും ശബ്ദം ആലയത്തിങ്കൽ കേൾപ്പാ
നില്ലായിരുന്നു; താഴത്തെ പുറവാരത്തിൻെറ 8
വാതിൽ ആലയത്തിൻെറ വലത്തുഭാഗത്തു
ആയിരുന്നു; വളഞ്ഞുവളഞ്ഞു കയറുന്ന
കോവണിയിൽകൂടി നടുവിലെ പുറവാര
ത്തിലേക്കും നടുവിലത്തേതിൽനിന്നു മൂ
ന്നാമത്തെ പുറവാരത്തിലേക്കും കയറാം.
അങ്ങനെ അവൻ ആലയം പണിതീർത്തു; 9
ദേവദാരുത്തുലാങ്ങളും ദേവദാരുപ്പലകയും
കൊണ്ടു ആലയത്തിനു മച്ചിട്ടു. ആലയത്തി 10
ൻെറ ചുറ്റുമുള്ള തട്ടുകൾ അയ്യഞ്ചു മുഴം
ഉയരത്തിൽ പണിതു ദേവദാരുത്തുലാങ്ങൾ
കൊണ്ടു ആലയത്തോടു ചേർത്തു.

ശലോമോനു കർത്താവിൻെറ കല്പന 11
ഉണ്ടായി: “നീ ഈ ആലയം പണിയുന്നു; 12
നീ എൻെറ ചട്ടങ്ങളെ ആചരിച്ച് എൻെറ
വിധികളെ അനുസരിച്ച് എൻെറ കല്പന
കളെല്ലാം പ്രമാണിച്ചു നടന്നാൽ ഞാൻ
നിൻെറ പിതാവായ ദാവീദിനോടു അരുളി
ച്ചെയ്ത വചനം നിന്നിൽ നിവർത്തിക്കും.
ഞാൻ ഇസ്രായേൽ മക്കളുടെ മദ്ധ്യേ വസി 13
ക്കും; എൻെറ ജനമായ ഇസ്രായേലിനെ
ഉപേക്ഷിക്കയില്ല.”

അങ്ങനെ ശലോമോൻ ആലയം പണി 14
തീർത്തു അലങ്കരിച്ചു. അവൻ ആലയത്തി 15
ൻെറ ചുവർ അകത്തെ വശം ദേവദാരു
പ്പലകകൊണ്ടു പണിതു; ഇങ്ങനെ അവൻ
ആലയത്തിൻെറ നിലംമുതൽ മച്ചുവരെ
അകത്തെ വശം തടികൊണ്ടു നിർമ്മിച്ചു;
ആലയത്തിൻെറ നിലം സരളപ്പലകകൊ
ണ്ടായിരുന്നു. ആലയത്തിൻെറ പിൻവശം 16
ഇരുപതു മുഴം നീളത്തിൽ നിലംമുതൽ
ഉത്തരംവരെ ദേവദാരുപ്പലകകൊണ്ടു
പണിതു; ഇങ്ങനെയാകുന്നു അന്തർമന്ദിര
മായ അതിവിശുദ്ധസ്ഥലത്തിൻെറ ഉൾവ
ശം പണിതത്. അന്തർമന്ദിരത്തിൻെറ മുൻ 17
ഭാഗത്തുള്ള മന്ദിരമായ ആലയത്തിനു
നാല്പതു മുഴം നീളം. ആലയത്തിൻെറ 18

അകത്തെ ചുവരിന്മേൽ ദേവദാരുകൊണ്ടു
ള്ള കുമിഴകളും വിടർന്ന പുഷ്പങ്ങളും
കൊത്തുപണി ചെയ്തു; എല്ലാം ദേവദാരു
കൊണ്ടായിരുന്നു; കല്ല് അശേഷം കാണു
19 വാനുണ്ടായിരുന്നില്ല. ആലയത്തിൻെറ
അകത്തു കർത്താവിൻെറ നിയമപെട്ടകം
വയ്ക്കേണ്ടതിനു അവൻ ഒരു വിശുദ്ധ
20 സ്ഥലം ഉണ്ടാക്കി. അതിൻെറ അകം ഇരു
പതു മുഴം നീളവും ഇരുപതു മുഴം വീതിയും
ഇരുപതു മുഴം ഉയരവും ഉള്ളതായിരുന്നു;
അവൻ അതു തങ്കംകൊണ്ടു പൊതിഞ്ഞു;
ദേവദാരുമരംകൊണ്ടുള്ള ധൂപപീഠവും
21 സ്വർണ്ണം പൊതിഞ്ഞു. ആലയത്തിൻെറ
അകം ശലോമോൻ തങ്കംകൊണ്ടു പൊതി
22 ഞ്ഞു; അന്തർമന്ദിരത്തിൻെറ മുൻവശത്തു
വീതിയിൽ പൊൻചങ്ങല കൊളുത്തി
വിശുദ്ധസ്ഥലം പൊന്നുകൊണ്ടു പൊതി
ഞ്ഞു. അങ്ങനെ അവൻ ആലയം ആസകലം
23 പൊന്നുകൊണ്ടു പൊതിഞ്ഞു; വിശുദ്ധ
സ്ഥലത്തുള്ള പീഠം മുഴുവനും പൊന്നു
കൊണ്ടു പൊതിഞ്ഞു; വിശുദ്ധസ്ഥലത്ത്
അവൻ ഒലിവുമരംകൊണ്ട് പത്തു മുഴം ഉയര
മുള്ള രണ്ടു കെരൂബുകളെയും ഉണ്ടാക്കി.
24 ഒരു കെരൂബിൻെറ ഒരു ചിറകു അഞ്ചു മുഴം,
കെരൂബിൻെറ മറ്റെ ചിറകു അഞ്ചു മുഴം;
ഇങ്ങനെ ഒരു ചിറകിൻെറ അറ്റം മുതൽ മറ്റെ
25 ചിറകിൻെറ അറ്റംവരെ പത്തുമുഴം. മറ്റെ
കെരൂബിനും പത്തു മുഴം; കെരൂബു രണ്ടി
26 നും അളവും ആകൃതിയും ഒരുപോലെ. ഒരു
കെരൂബിൻെറ ഉയരം പത്തു മുഴം, മറ്റെ
27 കെരൂബിനും അങ്ങനെതന്നെ. അവൻ
കെരൂബുകളെ വിശുദ്ധസ്ഥലത്തിൻെറ
നടുവിൽ നിർത്തി; കെരൂബുകളുടെ ചിറക്
വിടർന്നിരുന്നു; ഒന്നിൻെറ ചിറകു ഒരു
ചുവരിനെയും മറ്റേതിൻെറ ചിറകു മറ്റെ
ചുവരിനേയും സ്പർശിച്ചിരുന്നു. ആലയ
ത്തിൻെറ നടുവിൽ അവയുടെ ചിറകു
28 ഒന്നോടൊന്നു തൊട്ടിരുന്നു. കെരൂബുക
ളെയും അവൻ പൊന്നുകൊണ്ടു പൊതി
29 ഞ്ഞു. അന്തരാലയവും ബഹിരാലയവുമായ
ആലയത്തിൻെറ ചുവരുകളിലെല്ലാം ചുറ്റും
കെരൂബ്, ഈന്തപ്പന, വിടർന്ന പുഷ്പം
എന്നിവയുടെ രൂപം കൊത്തി ഉണ്ടാക്കി.
30 അന്തരാലയവും ബഹിരാലയവുമായ
ആലയത്തിൻെറ തളവും അവൻ പൊന്നു
31 കൊണ്ടു പൊതിഞ്ഞു. അവൻ വിശുദ്ധ
സ്ഥലത്തിൻെറ വാതിലിനു ഒലിവുമരം
കൊണ്ടു കതകുണ്ടാക്കി; കുറുമ്പടിയും
കട്ടിളക്കാലും ചുവരിൻെറ അഞ്ചിൽ ഒരു
32 അംശമായിരുന്നു. ഒലിവുമരംകൊണ്ടുള്ള
കതകു രണ്ടിലും കെരൂബ്, ഈന്തപ്പന,
വിടർന്ന പുഷ്പം എന്നിവയുടെ രൂപങ്ങൾ
കൊത്തി പൊന്നു പൊതിഞ്ഞു; കെരൂബു
കളിലും ഈന്തപ്പനകളിലും പൊന്നു പൊ
തിഞ്ഞു. അങ്ങനെതന്നെ അവൻ മന്ദിരത്തി 33
ൻെറ വാതിലിനും ഒലിവുമരം കൊണ്ടുള്ള
കട്ടിള ഉണ്ടാക്കി, അതു ചുവരിൻെറ നാലിൽ
ഒരു ഭാഗമായിരുന്നു. അതിൻെറ കതകു 34
രണ്ടും സരളമരംകൊണ്ടായിരുന്നു. ഒരു കത
കിനു രണ്ടു മടക്കുപാളിയും മറ്റെ കതകിനു
രണ്ടു മടക്കുപാളിയും ഉണ്ടായിരുന്നു. അ 35
വൻ അവയിൽ കെരൂബ്, ഈന്തപ്പന, വിടർ
ന്ന പുഷ്പം എന്നിവയുടെ രൂപങ്ങൾ കൊ
ത്തി രൂപങ്ങളുടെ മേൽ പൊന്നു പൊതി
ഞ്ഞു. അവൻ അകത്തെ പ്രാകാരം ചെത്തിയ 36
കല്ലുകൊണ്ടു മൂന്നുവരിയും ദേവദാരുകൊ
ണ്ടു ഒരു വരിയുമായിട്ടു പണിതു. നാലാം 37
ആണ്ടു ഈയോർ മാസത്തിൽ കർത്താവി 38
ൻെറ ആലയത്തിനു അടിസ്ഥാനം ഇടുകയും
പതിനൊന്നാം ആണ്ടു എട്ടാം മാസമായ ബൂ
ൽമാസത്തിൽ ആലയം അതി
ൻെറ സകല ഭാഗങ്ങളുമായി അതിൻെറ മാ
തൃകപ്രകാരമൊക്കെയും പണിതു തീർക്കു
കയുംചെയ്തു. അങ്ങനെ അവൻ ഏഴ് വർഷം
കൊണ്ടു അതു പണിതുതീർത്തു.

അദ്ധ്യായം 7

ശലോമോൻ തൻെറ അരമന പതി 1
മൂന്നു സംവത്സരംകൊണ്ടു പണിതു
തീർത്തു. അവൻ ലെബാനോൻ വനഗൃഹ 2
വും പണിതു; അതിനു നൂറുമുഴം നീളവും
അമ്പതുമുഴം വീതിയും മുപ്പതു മുഴം ഉയര
വും ഉണ്ടായിരുന്നു; ദേവദാരുകൊണ്ടുള്ള
മൂന്നു നിര തൂണിന്മേൽ ദേവദാരു ഉത്തരം
വെച്ചു പണിതു. ഓരോ നിരയിൽ പതിന 3
ഞ്ചു തൂണുവീതം നാല്പത്തഞ്ചു തൂണി
ന്മേൽ തുലാം വെച്ചു ദേവദാരുപ്പലക
കൊണ്ടു തട്ടിട്ടു: മൂന്നു നിര ജനൽ 4
ഉണ്ടായിരുന്നു; മൂന്നു നിരയിലും അവ
നേർക്കുനേരെ ആയിരുന്നു. വാതിലും 5
കട്ടിളയും എല്ലാം സമചതുരവും ജനൽ
മൂന്നു നിരയായി നേർക്കുനേരെയും ആയി
രുന്നു. അവൻ അമ്പതു മുഴം നീളവും മുപ്പതു 6
മുഴം വീതിയുമുള്ള ഒരു തൂൺമണ്ഡപവും
അതിൻെറ മുൻവശത്തു തൂണും ഉമ്മര
പ്പടിയുമായി ഒരു പൂമുഖവും ഉണ്ടാക്കി.
ന്യായം വിധിക്കേണ്ടതിനു ആസ്ഥാന 7
മണ്ഡപമായി ഒരു സിംഹാസനമണ്ഡപവും
പണിതു: അതിനു ആസകലം ദേവദാരു
പ്പലകകൊണ്ടു തട്ടിട്ടു. ഇതിൻെറ പണി 8

ന്നെ അവൻ മണ്ഡപത്തിനപ്പു
പ്രാകാരത്തിൽ തനിക്കു വസി
അരമന പണിതു; ശലോമോൻ
ച്ചിരുന്ന ഫറവോൻെറ മകൾക്കും
ഈ മണ്ഡപംപോലെയുള്ള ഒരു
പണിതു. ഇവ ഒക്കെയും അടി
മുതൽ ഉത്തരകല്ലുവരെയും പുറ
ലിയ പ്രാകാരംവരെയും കണക്ക
ു വെട്ടി അകവും പുറവും വാൾ
അറുത്ത് എടുത്ത വിശേഷപ്പെട്ട
ണ്ടായിരുന്നു. അടിസ്ഥാനം
ഴവും എട്ടു മുഴവുമുള്ള വിശേഷ
ലിയ കല്ലുകൊണ്ടു ആയിരുന്നു.
നി കണക്കിനു വെട്ടിയ വിശേഷ
കല്ലുകൊണ്ടും ദേവദാരുകൊ
യിരുന്നു. ദൈവാലയത്തിൻെറ
ത പ്രാകാരത്തിനും ആലയ
മണ്ഡപത്തിനും ഉണ്ടായിരുന്നതു
വലിയ പ്രാകാരത്തിൻെറ ചുറ്റും
ി ചെത്തിയ കല്ലും ഒരുവരി ദേവ
ഉണ്ടായിരുന്നു.
ലാമോൻ രാജാവു സോരിൽനിന്നും
എന്നൊരുവനെ വരുത്തി. അവൻ
ലിഗോത്രത്തിൽ ഒരു വിധവയുടെ
യിരുന്നു; അവൻെറ പിതാവ് സോ
ായ ഒരു മൂശാരിയത്രേ; അവൻ
ാണ്ടു സകലവിധ പണിയും ചെ
ജ്ഞാനവും ബുദ്ധിയും സാമർത്ഥ്യ
വനായിരുന്നു. അവൻ ശലോമോൻ
ൻെറ അടുക്കൽ വന്നു, അവൻ
പണി എല്ലാം തീർത്തു. അവൻ
ാമ്രസ്തംഭം ഉണ്ടാക്കി; ഓരോന്നിനു
ട്ടു മുഴം ഉയരവും പന്ത്രണ്ടുമുഴം
ഉണ്ടായിരുന്നു. സ്തംഭങ്ങളുടെ തല
വെപ്പാൻ അവൻ താമ്രംകൊണ്ടു
ാതിക വാർത്തുണ്ടാക്കി; പോതിക
ും അയ്യഞ്ചുമുഴം ഉയരമുള്ളതായി
സ്തംഭങ്ങളുടെ അഗ്രത്തിലെ പോ
ു വലപോലെയുള്ള വിചിത്രപ്പണി
ലയും ഉണ്ടായിരുന്നു. പോതിക
ിനും ഇങ്ങനെ ഏഴേഴ് ഉണ്ടായിരു
ങനെ അവൻ സ്തംഭങ്ങളെ ഉണ്ടാക്കി;
ട അഗ്രത്തുള്ള പോതിക മൂട
ും ഒരു പോതികയുടെ വലപ്പണി
രണ്ടു വരി മാതളപ്പഴം ഉണ്ടാക്കി;
ാതികയ്ക്കും അവൻ അങ്ങനെത
ണ്ടാക്കി. മണ്ഡപത്തിലുള്ള സ്തംഭ
തലയ്ക്കലെ പോതിക താമരപ്പൂ
ആകൃതിയിൽ നാലുമുഴം ആയിരു
ു സ്തംഭത്തിൻെറയും അഗ്രത്തിൽ

പോതിക ഉണ്ടായിരുന്നു. ഒരു പോതിക
യ്ക്കു വലപ്പണിക്കരികെ കുംഭത്തോടു
ചേർന്നു ചുറ്റും വരിവരിയായി ഇരുന്നൂറു
മാതളപ്പഴം ഉണ്ടായിരുന്നു; മറ്റെ പോതിക
യ്ക്കും അങ്ങനെതന്നെ അവൻ സ്തംഭങ്ങ 21
ളെ മന്ദിരത്തിൻെറ മണ്ഡപവാതില്ക്കൽ
നിർത്തി; അവൻ വലത്തെ സ്തംഭം ഉയർത്തി.
അതിനു യാഖീൻ എന്നും ഇടത്തെ സ്തംഭം
ഉയർത്തി അതിനു ബോവസ് എന്നും പേ
രിട്ടു. സ്തംഭങ്ങളുടെ അഗ്രം താമരപ്പൂവിൻെറ 22
ആകൃതിയിൽ ആയിരുന്നു; ഇങ്ങനെ സ്തംഭ
ങ്ങളുടെ പണി തീർന്നു. അവൻ ഒരു കടൽ 23
വാർത്തുണ്ടാക്കി; അതു വൃത്താകാരമായി
രുന്നു; അതിനു വക്കോടുവക്കു പത്തു
മുഴവും ഉയരം അഞ്ചു മുഴവും ചുറ്റ് മുപ്പതു
മുഴവും ഉണ്ടായിരുന്നു. അതിൻെറ വക്കിനു 24
താഴെ, പുറത്തു, മുഴം ഒന്നിനു പത്തു കുമിഴ്
വീതം കടലിനു ചുറ്റും ഉണ്ടായിരുന്നു; അതു
വാർത്തപ്പോൾതന്നെ കുമിഴും രണ്ടു നിര
യായി വാർത്തിരുന്നു. അതു പന്ത്രണ്ടു 25
കാളയുടെ പുറത്തു വച്ചിരുന്നു: അവയിൽ
മൂന്നു വടക്കോട്ടും, മൂന്നു പടിഞ്ഞാറോട്ടും,
മൂന്നു തെക്കോട്ടും, മൂന്നു കിഴക്കോട്ടും തിരി
ഞ്ഞിരുന്നു; കടൽ അവയുടെ പുറത്തു
വച്ചിരുന്നു; അവയുടെ പൃഷ്ഠഭാഗം ഒക്കെ
യും അകത്തോട്ടു ആയിരുന്നു. അതിൻെറ 26
കനം നാലംഗുലം; അതിൻെറ വക്കു പാന
പാത്രത്തിൻെറ വക്കുപോലെ താമരപ്പൂവി
ൻെറ ആകൃതിയിൽ ആയിരുന്നു. അതിൽ
രണ്ടായിരം ബത്ത് വെള്ളം സംഭരിക്കാം. അ 27
വൻ താമ്രംകൊണ്ടു പത്തു പീഠം ഉണ്ടാക്കി;
ഓരോ പീഠത്തിനു നാലു മുഴം നീളവും
നാലു മുഴം വീതിയും മൂന്നുമുഴം ഉയരവു
മുണ്ടായിരുന്നു. പീഠങ്ങളുടെ പണിയോ:
അവയ്ക്കു ചട്ടപ്പലക ഉണ്ടായിരുന്നു; ചട്ട 28
പ്പലക ചട്ടങ്ങളിൽ ആയിരുന്നു. ചട്ടങ്ങളിൽ 29
ഇട്ടിരുന്ന പലകമേൽ സിംഹങ്ങളും കാള
കളും കെരൂബുകളും ഉണ്ടായിരുന്നു; ചട്ടങ്ങ
ളിൽ അതുപോലെ സിംഹങ്ങൾക്കും കാള
കൾക്കും മീതെയും താഴെയും തോരണപ്പ
ണിയും ഉണ്ടായിരുന്നു. ഓരോ പീഠത്തിനും 30
താമ്രംകൊണ്ടുള്ള നന്നാലു ചക്രവും താമ്രം
കൊണ്ടുള്ള അച്ചുതണ്ടുകളും ഉണ്ടായിരു
ന്നു; അതിൻെറ നാലു കോണിലും കാലു
കളും. തൊട്ടിയുടെ കീഴെ കാൽ ഓരോന്നും
പുറവശത്തു തോരണപ്പണിയോടുകൂടി
വാർത്തിരുന്നു. അതിൻെറ വായ് ചട്ടക്കൂട്ടി 31
നു അകത്തും മേലോട്ടും ഒരു മുഴം ഉയരമു
ള്ളതും ആയിരുന്നു; അതിൻെറ വായ്
പീഠത്തിൻെറ പണിപോലെയും ഒന്നരമുഴം

വൃത്തത്തിലും ആയിരുന്നു; അതിന്റെ
വായയ്ക്കു കൊത്തുപണി ഉണ്ടായിരുന്നു;
അതിന്റെ ചട്ടപ്പലക വൃത്താകാരമല്ല.
32 ചതുരം ആയിരുന്നു. ചക്രം നാലും ചട്ടങ്ങ
ളുടെ കീഴും ചക്രങ്ങളുടെ അച്ചുതണ്ടുകൾ
33 പീഠത്തിലും ആയിരുന്നു. ഓരോ ചക്രത്തി
ന്റെ ഉയരം ഒന്നരമുഴം. ചക്രങ്ങളുടെ പണി
രഥചക്രത്തിന്റെ പണിപോലെ; അവയു
ടെ അച്ചുതണ്ടുകളും വട്ടുകളും അഴികളും
ചക്രനാഭികളും എല്ലാം വാർപ്പുപണി ആയി
34 രുന്നു. ഓരോ പീഠത്തിന്റെ നാലു കോണി
ലും നാലു കാലുണ്ടായിരുന്നു; കാലുകൾ
പീഠത്തിൽനിന്നുതന്നെ ഉള്ളവ ആയിരു
35 ന്നു. ഓരോ പീഠത്തിന്റെയും തലയ്ക്കൽ
അരമുഴം ഉയരമുള്ള വളയവും ഓരോ പീഠ
ത്തിന്റെയും മേൽഭാഗത്തു അതിന്റെ
താങ്ങുകളും അതിന്റെ വക്കുകളും അതിൽ
36 നിന്നുതന്നെ ആയിരുന്നു. അതിന്റെ
താങ്ങുകളുടെ തട്ടുകളിലും വക്കുകളിലും
അതതിൽ ഇടം ഉണ്ടായിരുന്നതുപോലെ
അവൻ കെരൂബ്, സിംഹം, ഈന്തപ്പന
എന്നിവയുടെ രൂപം ചുറ്റും തോരണപ്പണി
യോടുകൂടെ കൊത്തി. ഇങ്ങനെ അവൻ
37 പീഠം പത്തും തീർത്തു; അവയ്ക്ക് എല്ലാം
വാർപ്പും കണക്കും അളവും ഒരുപോലെ
ആയിരുന്നു. അവൻ താമ്രംകൊണ്ടു പത്തു
38 തൊട്ടിയും ഉണ്ടാക്കി; ഓരോ തൊട്ടിയിൽ
നാല്പതു ബത്ത് വെള്ളം കൊള്ളും; ഓരോ
തൊട്ടി നന്നാലു മുഴം. പത്തു പീഠത്തിൽ
ഓരോന്നിന്മേൽ ഓരോ തൊട്ടി വച്ചു.
39 അവൻ അഞ്ചു പീഠം ആലയത്തിന്റെ
വലത്തുഭാഗത്തും അഞ്ചു പീഠം ആലയത്തി
ന്റെ ഇടത്തുഭാഗത്തും വച്ചു; കടലോ
അവൻ ആലയത്തിന്റെ വലത്തുഭാഗത്തു
40 തെക്കുകിഴക്കായി വച്ചു. പിന്നെ ഹീരാം
കലങ്ങളും ചട്ടുകങ്ങളും കലശങ്ങളും
ഉണ്ടാക്കി; അങ്ങനെ ഹീരാം കർത്താവിന്റെ
ആലയം സംബന്ധിച്ച് ശലോമോൻ രാജാ
വിനുവേണ്ടി ചെയ്ത പണികളെല്ലാം തീർത്തു.
41 രണ്ടു സ്തംഭം, രണ്ടു സ്തംഭത്തിന്റെയും
തലയ്ക്കലുള്ള ഗോളാകാരമായ രണ്ടു
പോതിക, സ്തംഭങ്ങളുടെ തലയ്ക്കലുള്ള
42 പോതികകളുടെ രണ്ടു ഗോളം മൂടുവാൻ
രണ്ടു വലപ്പണി, സ്തംഭങ്ങളുടെ തലയ്ക്ക
ലുള്ള പോതികകളുടെ രണ്ടു ഗോളം മൂടുന്ന
ഓരോ വലപ്പണിയിലും ഈരണ്ടു നിര
43 മാതളപ്പഴമായി രണ്ടു വലപ്പണിയിലും കൂടെ
നാനൂറു മാതളപ്പഴം, പത്തു പീഠം, പീഠങ്ങ
44 ളിന്മേലുള്ള പത്തു തൊട്ടി, ഒരു കടൽ,
45 കടലിന്റെ കീഴെയുള്ള പന്ത്രണ്ടു കാള
കൾ, കലങ്ങൾ, ചട്ടുകങ്ങൾ, കലശങ്ങൾ
എന്നിവ തന്നെ. ദൈവാലയത്തിൽ ശലോ
മോൻ രാജാവിനുവേണ്ടി ഹീരാം ഉണ്ടാ
ക്കിയ ഈ ഉപകരണങ്ങളെല്ലാം മിനുക്കിയ
താമ്രംകൊണ്ടായിരുന്നു. യോർദാൻ സമ 46
ഭൂമിയിൽ സുക്കോത്തിനും സാറെഥാനും
മദ്ധ്യേ കളിമണ്ണുള്ള സ്ഥലത്തു വച്ചു
രാജാവു അവയെ വാർപ്പിച്ചു. ഉപകര 47
ണങ്ങൾ അനവധി ആയിരുന്നതുകൊണ്ടു
ശലോമോൻ അവയൊന്നും തൂക്കിയില്ല;
താമ്രത്തിന്റെ തൂക്കത്തിനു നിശ്ചയമില്ലാ
യിരുന്നു. ശലോമോൻ കർത്താവിന്റെ 48
ആലയത്തിനുള്ള സകല ഉപകരണങ്ങളും
ഉണ്ടാക്കി; പൊൻപീഠം, കാഴ്ചയപ്പം വയ്ക്കു 49
ന്ന പൊൻമേശ, അന്തർമന്ദിരത്തിന്റെ
മുമ്പിൽ വലത്തുഭാഗത്തു അഞ്ചും ഇടത്തു
ഭാഗത്തു അഞ്ചുമായി പൊന്നുകൊണ്ടുള്ള
വിളക്കുതണ്ടുകൾ, പൊന്നുകൊണ്ടുള്ള
പുഷ്പങ്ങൾ, ദീപങ്ങൾ, ചവണകൾ, തങ്കം 50
കൊണ്ടുള്ള പാനപാത്രങ്ങൾ, കത്രികകൾ,
കലശങ്ങൾ, തവികൾ, തീച്ചട്ടികൾ, മഹാ
വിശുദ്ധസ്ഥലമായ അന്തരാലയത്തിന്റെ
വാതിലുകൾക്കും മന്ദിരമായ ആലയത്തി
ന്റെ വാതിലുകൾക്കും പൊന്നുകൊണ്ടുള്ള
കെട്ടുകൾ എന്നിവതന്നെ. അങ്ങനെ ശലോ 51
മോൻ രാജാവു ദൈവത്തിന്റെ ആലയം
പണി എല്ലാം തീർത്തു. ശലോമോൻ തന്റെ
പിതാവായ ദാവീദ് നിവേദിച്ചിരുന്ന വെള്ളി
യും പൊന്നും ഉപകരണങ്ങളും കൊണ്ടുവ
ന്നു ദൈവാലയത്തിലെ ഭണ്ഡാരത്തിൽ
സൂക്ഷിച്ചു.

അദ്ധ്യായം 8

പിന്നെ ദൈവത്തിന്റെ നിയമപെട്ടകം 1
സെഹിയോൻ എന്ന ദാവീദിന്റെ നഗര
ത്തിൽനിന്നു കൊണ്ടുവരേണ്ടതിനു ശലോ
മോൻ ഇസ്രായേൽ മൂപ്പന്മാരെയും ഇസ്രാ
യേൽ മക്കളുടെ പിതൃഭവനങ്ങളിലെ തല
വന്മാരായ സകല ഗോത്രപ്രധാനികളെ
യും യറുശലേമിൽ ശലോമോൻ രാജാവി
ന്റെ അടുക്കൽ വരുത്തി. ഇസ്രായേൽ 2
ക്കാരെല്ലാം ഏഴാം മാസമായ ഏഥാനീം
മാസത്തിലെ പെരുന്നാളിൽ ശലോമോൻ
രാജാവിന്റെ അടുക്കൽ വന്നുകൂടി. ഇസ്രാ 3
യേൽ മൂപ്പന്മാർ എല്ലാം വന്നപ്പോൾ പുരോ
ഹിതന്മാർ ദൈവത്തിന്റെ പെട്ടകം എടു
ത്തു. അവർ ദൈവത്തിന്റെ പെട്ടകവും 4
സമാഗമനകൂടാരവും കൂടാരത്തിലെ വിശു
ദ്ധ ഉപകരണങ്ങളെല്ലാം കൊണ്ടുവന്നു;
പുരോഹിതന്മാരും ലേവ്യരുമാണ് അവ

വന്നത്. ശലോമോൻ രാജാവും
റ അടുക്കൽ വന്നുകൂടിയ ഇസ്രാ
സഭ മുഴുവനും അവനോടുകൂടെ
ത്തിനു മുമ്പിൽ എണ്ണവും കണക്കു
അനവധി ആടുകളേയും കാളക
യാഗം കഴിച്ചു. പുരോഹിതന്മാർ
ിന്റെ നിയമപെട്ടകം അതിന്റെ
തു, ആലയത്തിലെ അന്തർമന്ദിര
ഹാ വിശുദ്ധസ്ഥലത്തു, കെരൂബു
ചിറകിൻകീഴെ കൊണ്ടുചെന്നു
കരൂബുകൾ പെട്ടകത്തിന്റെ സ്ഥ
മീതെ ചിറകു വിരിച്ചു പെട്ടക
അതിന്റെ തണ്ടുകളെയും മൂടിനി
ടുകൾ നീണ്ടിരിക്കയാൽ തണ്ടുക
ററങ്ങൾ അന്തർമന്ദിരത്തിന്റെ
ള്ള വിശുദ്ധമന്ദിരത്തിൽനിന്നു
എങ്കിലും പുറത്തുനിന്നു കാണുക
അവ ഇന്നുവരെയും അവിടെ
ു. ഇസ്രായേൽ മക്കൾ മെസ്രേ
ിന്നു പുറപ്പെട്ടശേഷം ദൈവം
ു ഉടമ്പടി ചെയ്തപ്പോൾ മോശ
മ്പിൽ വച്ചു അതിൽ വച്ചിരുന്ന
ല്പലകയല്ലാതെ പെട്ടകത്തിൽ
ും ഉണ്ടായിരുന്നില്ല. പുരോഹിത
ശുദ്ധമന്ദിരത്തിൽനിന്നും പുറ
ാൾ മേഘം ദൈവാലയത്തിൽ
. ദൈവതേജസ്സു ദൈവാലയ
റിഞ്ഞിരുന്നതുകൊണ്ടു മേഘം
നിന്ന് ശുശ്രൂഷ ചെയ്യേ
പുരോഹിതന്മാർക്കു കഴി

പ്പോൾ ശലോമോൻ: താൻ കൂരിരു
ിക്കുമെന്നു യഹോവ അരുളി
ുന്നു; എങ്കിലും ഞാൻ നിനക്കു
ാസാലയം, നിനക്കു എന്നേക്കും
ൻ ഒരു സ്ഥലം, പണിതിരിക്കുന്നു
റഞ്ഞു. പിന്നെ ഇസ്രായേൽ സഭ
നില്ക്കുമ്പോൾ രാജാവു മുഖം
സ്രായേലിന്റെ സർവ്വസഭയേയും
ിച്ചു പറഞ്ഞത്: എന്റെ പിതാവാ
നോടു തിരുവായ്കൊണ്ടു അരുളി
ത്യക്കൈകൊണ്ടു നിവർത്തിച്ചിരി
ഇസ്രായേലിന്റെ ദൈവമായ
വാഴ്ത്തപ്പെട്ടവൻ. എന്റെ ജന
സായേലിനെ മെസ്രേനിൽനിന്നു
ന്ന നാൾ മുതൽ എന്റെ നാമം
ത്തിനു ഒരു ആലയം പണിയു
ാൻ ഇസ്രായേലിന്റെ സകല
ളിലും ഒരു പട്ടണം തിരഞ്ഞെടു
ന്നാൽ എന്റെ ജനമായ ഇസ്രാ

യേലിനു രാജാവായിരിപ്പാൻ ഞാൻ ദാവീദി
നെ തിരഞ്ഞെടുത്തു എന്ന് അവൻ അരുളി
ച്ചെയ്തു: ഇസ്രായേലിന്റെ ദൈവമായ 17
കർത്താവിന്റെ നാമത്തിനു ഒരു ആലയം
പണിയണം എന്ന് എന്റെ പിതാവായ
ദാവീദിനു താല്പര്യം ഉണ്ടായിരുന്നു.
എന്നാൽ കർത്താവ് എന്റെ പിതാവായ 18
ദാവീദിനോടു: എന്റെ നാമത്തിനു ഒരു
ആലയം പണിയണമെന്നു നിനക്കു താല്പ
ര്യം ഉണ്ടായല്ലോ; അങ്ങനെ താല്പര്യം 19
ഉണ്ടായതു നല്ലതു. എങ്കിലും ആലയം
പണിയേണ്ടതു നീയല്ല, നിന്റെ ബീജ
ത്തിൽനിന്നുത്ഭവിക്കുന്ന മകൻ എന്റെ
നാമത്തിനു ആലയം പണിയും എന്നു
കല്പിച്ചു. അങ്ങനെ ദൈവം താൻ അരുളി 20
ച്ചെയ്ത വചനം നിവർത്തിച്ചിരിക്കുന്നു;
താൻ വാഗ്ദാനം ചെയ്തതുപോലെ എന്റെ
പിതാവായ ദാവീദിനു പകരം ഞാൻ
ഇസ്രായേലിന്റെ സിംഹാസനത്തിൽ
ഇരിക്കുന്നു; ഇസ്രായേലിന്റെ ദൈവമായ
കർത്താവിന്റെ നാമത്തിനു ഒരു ആലയവും
പണിതിരിക്കുന്നു. കർത്താവു നമ്മുടെ പി 21
താക്കന്മാരെ മെസ്രേൻ ദേശത്തുനിന്നു
കൊണ്ടുവന്നപ്പോൾ, അവരോടു ചെയ്ത
നിയമം ഇരിക്കുന്ന പെട്ടകത്തിനു ഞാൻ
അതിൽ ഒരു സ്ഥലം ഒരുക്കിയിരിക്കുന്നു.
അനന്തരം ശലോമോൻ കർത്താവിന്റെ 22
യാഗപീഠത്തിനു മുമ്പിൽ ഇസ്രായേലിന്റെ
സർവ്വസഭയുടെയും മുമ്പിൽ നിന്നുകൊണ്ടു
ആകാശത്തിലേക്കു കൈ മലർത്തി പറഞ്ഞ
ത്: “ഇസ്രായേലിന്റെ ദൈവമായ കർത്താ 23
വേ, പൂർണ്ണഹൃദയത്തോടെ നിന്റെ മു
മ്പാകെ നടക്കുന്ന നിന്റെ ദാസന്മാർക്കായി
നിയമവും ദയയും പാലിക്കുന്ന നിന്നെ
പ്പോലെ മേൽ സ്വർഗ്ഗത്തിലും താഴെ ഭൂമി
യിലും യാതൊരു ദൈവവും ഇല്ല. നീ എന്റെ 24
പിതാവായ ദാവീദ് എന്ന നിന്റെ ദാസനു
ചെയ്ത വാഗ്ദാനം പാലിച്ചിരിക്കുന്നു; തിരു
വായ്കൊണ്ടു അരുളിച്ചെയ്തതു ഇന്നു
കാണുംപോലെ തൃക്കൈകൊണ്ടു നിവർ
ത്തിച്ചുമിരിക്കുന്നു. ആകയാൽ ഇസ്രായേ 25
ലിന്റെ ദൈവമായ കർത്താവേ, നീ എന്റെ
പിതാവായ ദാവീദ് എന്ന നിന്റെ ദാസ
നോടു: നീ എന്റെ മുമ്പാകെ നടന്നതു
പോലെ നിന്റെ പുത്രന്മാരും എന്റെ
മുമ്പാകെ നടക്കത്തക്കവണ്ണം തങ്ങളുടെ
വഴി സൂക്ഷിക്ക മാത്രം ചെയ്താൽ ഇസ്രായേ
ലിന്റെ സിംഹാസനത്തിൽ ഇരിപ്പാൻ
നിനക്കു ഒരു പുരുഷൻ എന്റെ മുമ്പാകെ
ഇല്ലാതെ വരികയില്ല എന്നു അരുളിച്ചെയ്തി

രിക്കുന്നതു നിവർത്തിക്കേണമെ. ഇപ്പോൾ
26 ഇസ്രായേലിൻെറ ദൈവമേ, എൻെറ പിതാ
വായ ദാവീദ് എന്ന നിൻെറ ദാസനോടു നീ
അരുളിച്ചെയ്ത വചനം സഫലമാകട്ടെ.
27 എന്നാൽ ദൈവം യഥാർത്ഥമായി ഭൂമി
യിൽ വസിച്ചു. സ്വർഗ്ഗത്തിലും സ്വർഗ്ഗാധി
സ്വർഗ്ഗത്തിലും നീ അടങ്ങുകയില്ലല്ലോ;
പിന്നെ ഞാൻ പണിതിരിക്കുന്ന ഈ ആല
28 യത്തിൽ അടങ്ങുന്നതു എങ്ങനെ? എങ്കിലും
എൻെറ ദൈവമായ കർത്താവേ, അടിയൻ
ഇന്നു തിരുമുമ്പിൽ കഴിക്കുന്ന നിലവിളി
യും പ്രാർത്ഥനയും കേൾക്കേണ്ടതിനു
29 അടിയൻെറ പ്രാർത്ഥനയിലേക്കും യാചന
യിലേക്കും തിരിഞ്ഞു കടാക്ഷിക്കേണമേ.
അടിയൻ ഈ സ്ഥലത്തു വെച്ചു കഴിക്കുന്ന
പ്രാർഥന കേൾക്കേണ്ടതിനു നിൻെറ നാമം
ഉണ്ടായിരിക്കുമെന്നു നീ അരുളിച്ചെയ്ത
സ്ഥലമായ ഈ ആലയത്തിലേക്കു രാവും
30 പകലും തൃക്കൺപാർക്കണമെ. ഈ സ്ഥ
ലത്തുവച്ചു പ്രാർത്ഥിപ്പാനിരിക്കുന്ന അടി
യൻെറയും നിൻെറ ജനമായ ഇസ്രായേ
ലിൻേറയും യാചന കേൾക്കണമേ. നിൻെറ
വാസസ്ഥലമായ സ്വർഗ്ഗത്തിൽ കേൾക്കണ
31 മേ; കേട്ടു ക്ഷമിക്കേണമേ. ഒരുത്തൻ തൻെറ
കൂട്ടുകാരനോടു കുററം ചെയ്കയും അവൻ
അവനെക്കൊണ്ടു സത്യം ചെയ്യിക്കേണ്ട
തിനു കാര്യം സത്യത്തിനു വയ്ക്കുകയും
അവൻ ഈ ആലയത്തിൽ നിൻെറ യാഗ
പീഠത്തിനു മുമ്പാകെ വന്നു സത്യം ചെയ്ക
യും ചെയ്താൽ നീ സ്വർഗ്ഗത്തിൽ കേട്ടു
32 പ്രവർത്തിച്ച്, ദുഷ്ടൻെറ നടപ്പു അവൻെറ
തലമേൽ വരുത്തി അവനെ ശിക്ഷിപ്പാനും
നീതിമാൻെറ നീതിക്കു തക്കവണ്ണം അവനു
നൽകി അവനെ നീതീകരിപ്പാനും ഞങ്ങൾ
33 ക്കു ന്യായപാലനം ചെയ്യണമേ. നിൻെറ
ജനമായ ഇസ്രായേൽ നിന്നോടു പാപം
ചെയ്ക നിമിത്തം അവർ ശത്രുവിനോടു
തോററ് നിങ്കലേക്കു തിരിഞ്ഞു നിൻെറ
നാമത്തെ സ്വീകരിച്ചുകൊണ്ട് ഈ ആലയ
ത്തിൽ വച്ചു നിന്നോടു പ്രാർത്ഥിക്കയും
34 യാചിക്കയും ചെയ്താൽ നീ സ്വർഗ്ഗത്തിൽ
കേട്ടു നിൻെറ ജനമായ ഇസ്രായേലിൻെറ
പാപം ക്ഷമിച്ച് അവരുടെ പിതാക്കന്മാർക്കു
കൊടുത്ത ദേശത്തേക്കു അവരെ മടക്കി
35 വരുത്തേണമേ. അവർ നിന്നോടു പാപം
ചെയ്കകൊണ്ടു ആകാശം അടഞ്ഞു മഴ
പെയ്യാതിരിക്കുമ്പോൾ അവർ ഈ സ്ഥല
ത്തേക്കു തിരിഞ്ഞു പ്രാർത്ഥിച്ചു നിൻെറ
നാമത്തെ സ്വീകരിക്കയും നീ അവരെ
36 താഴ്ത്തിയതുകൊണ്ടു അവർ തങ്ങളുടെ
പാപങ്ങളെ വിട്ടു തിരിയുകയും ചെയ്താൽ
നീ സ്വർഗ്ഗത്തിൽ കേട്ടു നിൻെറ ദാസന്മാരു
ടെയും നിൻെറ ജനമായ ഇസ്രായേലി
ൻെറയും പാപം ക്ഷമിച്ച്, അവർ നടക്കേണ്ട
നല്ല വഴി അവർക്ക് ഉപദേശിക്കയും നിൻെറ
ജനത്തിനു അവകാശമായി കൊടുത്ത
നിൻെറ ദേശത്തു മഴ പെയ്യിക്കയും ചെയ്യേ
ണമേ. ദേശത്തു ക്ഷാമമോ വസന്തയോ 37
വെൺകതിർ, വിഷമഞ്ഞു, വെട്ടുക്കിളി,
തുള്ളൻ എന്നിവയോ ഉണ്ടായാൽ, അവ
രുടെ ശത്രു അവരുടെ പട്ടണങ്ങളുള്ള ദേശ
ത്തു അവരെ നിരോധിച്ചാൽ, വല്ല വ്യാധി
യോ വല്ല രോഗമോ ഉണ്ടായാൽ, യാതൊരു 38
വനോ നിൻെറ ജനമായ ഇസ്രായേൽ
മുഴുവനുമോ വല്ല പ്രാർത്ഥനയും യാചന
യും കഴിക്കയും ഓരോരുവൻ താന്താൻെറ
മനഃപീഡ അറിഞ്ഞ് ഈ ആലയത്തിങ്ക
ലേക്കു കൈ മലർത്തുകയും ചെയ്താൽ, നീ 39
നിൻെറ വാസസ്ഥലമായ സ്വർഗ്ഗത്തിൽ
കേട്ടു ക്ഷമിക്കയും ഞങ്ങളുടെ പിതാക്ക 40
ന്മാർക്കു നീ കൊടുത്ത ദേശത്തു അവർ
ജീവിച്ചിരിക്കുന്ന കാലമെല്ലാം നിന്നെ ഭയ
പ്പെടേണ്ടതിനു നീ ഓരോരുവൻെറ ഹൃദയ
ത്തെ അറിയുന്നതുപോലെ ഓരോരുവനും
അവനവൻെറ നടപടിപോലെയെല്ലാം ചെയ്യേ
ണമേ; നീ മാത്രമല്ലോ സകല മനുഷ്യ
പുത്രന്മാരുടെയും ഹൃദയത്തെ അറിയുന്ന
വൻ. അത്രയുമല്ല, നിൻെറ ജനമായ ഇസ്രാ 41
യേലിലുള്ളവനല്ലാത്ത ഒരു അന്യജാതിക്കാ
രൻ ദൂരദേശത്തുനിന്നു നിൻെറ നാമം നിമി 42
ത്തം വരികയും—അവർ നിൻെറ മഹത്വ
മുള്ള നാമത്തെയും ബലമുള്ള ഭുജത്തെയും
നീട്ടിയിരിക്കുന്ന കയ്യെയും കുറിച്ചു കേൾക്കു
മല്ലോ—ഈ ആലയത്തിങ്കലേക്കു നോക്കി 43
പ്രാർത്ഥിക്കുകയും ചെയ്താൽ നീ നിൻെറ
വാസസ്ഥലമായ സ്വർഗ്ഗത്തിൽ കേട്ടു, ഭൂമി
യിലെ സകല വിജാതീയരും നിൻെറ ജന
മായ ഇസ്രായേൽ എന്നപോലെ നിന്നെ
ഭയപ്പെടുവാനും ഞാൻ പണിതിരിക്കുന്ന
ഈ ആലയത്തിനു നിൻെറ നാമം വിളിക്ക
പ്പെട്ടിരിക്കുന്നു എന്നു ഗ്രഹിപ്പാനും നിൻെറ
നാമത്തെ അറിയുവാനും തക്കവണ്ണം വിജാ
തിയൻ നിന്നോടു പ്രാർത്ഥിക്കുന്നതെല്ലാം
നീ ചെയ്തു കൊടുക്കണമേ. നീ നിൻെറ ജന 44
ത്തെ അയയ്ക്കുന്ന വഴിയിൽ അവർ തങ്ങ
ളുടെ ശത്രുവിനോടു യുദ്ധം ചെയ്യുവാൻ
പുറപ്പെടുമ്പോൾ നീ തിരഞ്ഞെടുത്ത നഗര
ത്തിലേക്കും നിൻെറ നാമത്തിനു ഞാൻ
പണിതിരിക്കുന്ന ഈ ആലയത്തിലേക്കും 45
തിരിഞ്ഞു ദൈവത്തോടു പ്രാർത്ഥിച്ചാൽ നീ

ത്തിൽ അവരുടെ പ്രാർത്ഥനയും
ും കേട്ട് അവർക്കു ന്യായം പാലി
ക്കണമെ. അവർ നിന്നോടു പാപം
യും - പാപം ചെയ്യാത്ത മനുഷ്യൻ
- നീ അവരോടു കോപിച്ചു അവരെ
നു ഏല്പിക്കുകയും അവർ അവരെ
സമീപത്തോ ഉള്ള ശത്രുവിന്റെ
ക്കു അടിമകളാക്കി കൊണ്ടുപോ
ചെയ്താൽ അവരെ പിടിച്ചുകൊണ്ടു
ിക്കുന്ന ദേശത്തുവെച്ചു അവർ
മനംതിരിഞ്ഞു, അവരെ കീഴടക്കി
പോയ ദേശത്തുവെച്ചു: ഞങ്ങൾ
ചെയ്തു അകൃത്യവും ദുഷ്ടതയും
ിച്ചിരിക്കുന്നു എന്നു പറഞ്ഞു
യാചിക്കയും അവരെ പിടിച്ചു
പോയ ശത്രുക്കളുടെ ദേശത്തു
അവർ പൂർണ്ണഹൃദയത്തോടും
നസ്സോടും കൂടെ നിങ്കലേക്കു
്, നീ അവരുടെ പിതാക്കന്മാർക്കു
ദേശത്തേക്കും നീ തിരഞ്ഞെ
രത്തിങ്കലേക്കും ഞാൻ നിന്റെ
നു പണിതിരിക്കുന്ന ഈ ആലയ
ക്കും നോക്കി നിന്നോടു പ്രാർത്ഥി
ചെയ്താൽ നീ നിന്റെ വാസസ്ഥല
ഗ്ഗത്തിൽ അവരുടെ പ്രാർത്ഥനയും
ും കേട്ടു അവർക്കു ന്യായം പാലി
ത്ത്, നിന്നോടു പാപം ചെയ്ത
നത്തോടു, അവർ നിന്നോടു ചെയ്ത
ളെല്ലാം ക്ഷമിക്കയും അവരെ
ായി കൊണ്ടുപോയവർക്കു അവ
രുണ തോന്നത്തക്കവണ്ണം അവർ
രോടു കരുണ ലഭിക്കുമാറാക്കു
യ്യണമേ. അവർ മെസ്രേൻ എന്ന
ൂളയുടെ നടുവിൽനിന്നു നീ കൊ
നിന്റെ ജനവും നിന്റെ അവകാ
കുന്നുവല്ലോ. അവർ നിന്നെ
പക്ഷിക്കുമ്പോൾ എല്ലാം നീ
ണ്ടതിനു അടിയന്റെ യാചനയും
നമായ ഇസ്രായേലിന്റെ യാചന
ൺ പാർക്കണമെ. കർത്താവായ
നീ ഞങ്ങളുടെ പിതാക്കന്മാരെ
ിൽനിന്നു കൊണ്ടുവന്നപ്പോൾ
ദാസനായ മോശ മുഖാന്തിരം
തുപോലെ ഭൂമിയിലെ സകല
ൽനിന്നും നീ അവരെ നിനക്ക്
മായി വേർതിരിച്ചുവല്ലോ.”
മോൻ ദൈവത്തോട് ഈ പ്രാർ
യാചനയും എല്ലാം കഴിച്ചശേഷം
ർത്താവിന്റെ യാഗപീഠത്തിൻ
ഴങ്കാൽ കുത്തിയിരുന്നതും കൈ
ആകാശത്തേക്കു മലർത്തിയിരുന്നതും
വിട്ട് എഴുന്നേററു. അവൻ നിന്നുകൊണ്ടു 55
ഇസ്രായേൽ സഭയെ എല്ലാം ആശീർവദിച്ചു
ഉച്ചത്തിൽ പറഞ്ഞതു: “താൻ വാഗ്ദാനം 56
ചെയ്തതുപോലെ എല്ലാം തന്റെ ജനമായ
ഇസ്രായേലിനു സ്വസ്ഥത നൽകിയിരി
ക്കുന്ന ദൈവം വാഴ്ത്തപ്പെട്ടവൻ; അവൻ
തന്റെ ദാസനായ മോശമുഖാന്തിരം അരുളി
ച്ചെയ്ത അവന്റെ നല്ല വാഗ്ദാനങ്ങളെല്ലാ
ററിലും വച്ച് ഒന്നെങ്കിലും നിഷ്ഫലമാ
യിട്ടില്ല. നമ്മുടെ ദൈവമായ കർത്താവു 57
നമ്മുടെ പിതാക്കന്മാരോടുകൂടെ ഇരുന്നതു
പോലെ നമ്മോടുകൂടെയും ഇരിക്കുമാറാ
കട്ടെ; അവൻ നമ്മെ കൈവിടുകയോ ഉപേ
ക്ഷിക്കുകയോ ചെയ്യുകയില്ല. നാം അവന്റെ 58
എല്ലാ വഴികളിലും നടക്കേണ്ടതിനും അവൻ
നമ്മുടെ പിതാക്കന്മാരോടു കല്പിച്ച അവ
ന്റെ കല്പനകളും ചട്ടങ്ങളും വിധികളും
പ്രമാണിച്ചു നടക്കേണ്ടതിനും നമ്മുടെ
ഹൃദയത്തെ തങ്കലേക്കു ചായിക്കട്ടെ.
കർത്താവു തന്നെ ദൈവം; മറ്റൊരുത്തനു 59
മില്ല എന്നു ഭൂമിയിലെ സകല വിജാതി
കളും അറിയേണ്ടതിനു അവൻ തന്റെ 60
ദാസനും തന്റെ ജനമായ ഇസ്രായേലിനും
അന്നന്നു ആവശ്യമുള്ളതുപോലെ ന്യായം
പാലിച്ചു കൊടുക്കുവാൻ തക്കവണ്ണം ഞാൻ
ദൈവമുമ്പാകെ അപേക്ഷിച്ചിരിക്കുന്ന
എന്റെ ഈ വചനങ്ങൾ രാവും പകലും
നമ്മുടെ ദൈവമായ കർത്താവിന്റെ
സന്നിധിയിൽ ഇരിക്കുമാറാകട്ടെ. ആക
യാൽ ഇന്നുള്ളതുപോലെ നിങ്ങൾ അവ 61
ന്റെ ചട്ടങ്ങൾ അനുസരിച്ചു നടപ്പാനും
അവന്റെ കല്പനകൾ പ്രമാണിപ്പാനും
നിങ്ങളുടെ ഹൃദയം നമ്മുടെ ദൈവമായ
കർത്താവിങ്കൽ ചേർന്നിരിക്കട്ടെ.” പിന്നെ 62
രാജാവും എല്ലാ ഇസ്രായേലും ദൈവ
സന്നിധിയിൽ യാഗം കഴിച്ചു. ശലോ 63
മോൻ ഇരുപത്തീരായിരം കാളയെയും
ലക്ഷത്തിരുപതിനായിരം ആടിനെയും
സമാധാനയാഗമായിട്ടു അർപ്പിച്ചു. ഇ
ങ്ങനെ രാജാവും ഇസ്രായേൽ മക്ക
ളെല്ലാം ദൈവത്തിന്റെ ആലയത്തെ
പ്രതിഷ്ഠിച്ചു. ദൈവസന്നിധിയിൽ ഉണ്ടാ 64
യിരുന്ന താമ്രയാഗപീഠം, ഹോമയാഗം,
ഭോജനയാഗം, സമാധാനയാഗങ്ങളുടെ
മേദസ്സ് എന്നിവ കൊള്ളുന്നതിനു മതി
യാകാതിരുന്നതിനാൽ രാജാവു അന്നു
ദൈവത്തിന്റെ ആലയത്തിന്റെ മുമ്പി
ലുള്ള പ്രാകാരത്തിന്റെ മദ്ധ്യഭാഗം ശുദ്ധീ
കരിച്ച് അവിടെ ഹോമയാഗവും ഭോജന

യാഗവും സമാധാനയാഗങ്ങളുടെ മേദസ്സും
65 അർപ്പിച്ചു. ശലോമോനും അവനോടുകൂടെ
ഹമാത്തിൻെറ അതിർ മുതൽ മെസ്രേൻ
തോടുവരെയുള്ള എല്ലാ ഇസ്രായേലും
വലിയൊരു സഭയായി ആ സമയത്തു
നമ്മുടെ ദൈവമായ കർത്താവിൻെറ സന്നി
ധിയിൽ ഏഴു ദിവസവും പിന്നെയും ഏഴു
ദിവസവും ഇങ്ങനെ പതിന്നാലു ദിവസം
66 പെരുന്നാൾ ആചരിച്ചു, എട്ടാം ദിവസം
അവൻ ജനത്തെ പറഞ്ഞയച്ചു; അവർ
രാജാവിനെ അഭിനന്ദിച്ചു, ദൈവം തൻെറ
ദാസനായ ദാവീദിനും തൻെറ ജനമായ
ഇസ്രായേലിനും ചെയ്ത എല്ലാ നന്മയെയും
കുറിച്ചു സന്തോഷവും ആനന്ദവുമുള്ള
വരായി തങ്ങളുടെ കൂടാരങ്ങളിലേക്കു
പോയി.

അദ്ധ്യായം 9

1 ദൈവാലയവും രാജഗൃഹവും മററും
തനിക്കു ഉണ്ടാക്കുവാൻ മനസ്സും താ
ല്പര്യവും ഉണ്ടായിരുന്നതെല്ലാം ശലോ
2 മോൻ പണിതുതീർന്നശേഷം കർത്താവ്
ഗിബെയോനിൽവച്ചു ശലോമോനു പ്രത്യ
ക്ഷനായതുപോലെ രണ്ടാം പ്രാവശ്യവും
അവനു പ്രത്യക്ഷനായി. അവനോടു
3 അരുളിച്ചെയ്തു: നീ എൻെറ മുമ്പാകെ
കഴിച്ചിരിക്കുന്ന നിൻെറ പ്രാർത്ഥനയും
യാചനയും ഞാൻ കേട്ടു; നീ പണി
തിരിക്കുന്ന ഈ ആലയത്തെ എൻെറ
നാമം അതിൽ എന്നേക്കും സ്ഥാപിപ്പാൻ
തക്കവണ്ണം ഞാൻ വിശുദ്ധീകരിച്ചിരിക്കുന്നു;
എൻെറ കണ്ണും ഹൃദയവും എല്ലായ്പോഴും
4 അവിടെ ഇരിക്കും. ഞാൻ നിന്നോടു
കല്പിച്ചതെല്ലാം ചെയ്യുവാൻ തക്കവണ്ണം
എൻെറ മുമ്പാകെ ഹൃദയനിർമ്മലത
യോടും പരമാർത്ഥതയോടും കൂടെ നിൻെറ
പിതാവായ ദാവീദ് നടന്നതുപോലെ നട
5 ക്കുകയും എൻെറ ചട്ടങ്ങളും വിധികളും
പ്രമാണിക്കയും ചെയ്താൽ ഇസ്രായേലി
ൻെറ സിംഹാസനത്തിൽ ഇരിപ്പാൻ ഒരു
പുരുഷൻ നിനക്കു ഇല്ലാതെ പോകുകയില്ല
എന്നു ഞാൻ നിൻെറ പിതാവായ ദാവീദി
നോടു അരുളിച്ചെയ്തതുപോലെ ഇസ്രാ
യേലിലുള്ള നിൻെറ രാജത്വത്തിൻെറ
സിംഹാസനം ഞാൻ എന്നേക്കും സ്ഥിര
6 മാക്കും. നിങ്ങളോ നിങ്ങളുടെ പുത്രന്മാരോ
എന്നെ വിട്ടുമാറി നിങ്ങളുടെ മുമ്പിൽ
വച്ചിരിക്കുന്ന എൻെറ കല്പനകളും ചട്ട
ങ്ങളും പ്രമാണിക്കാതെ ചെന്നു അന്യ
ദൈവങ്ങളെ സേവിച്ചു നമസ്കരിച്ചാൽ
ഞാൻ ഇസ്രായേലിനു കൊടുത്തിരിക്കുന്ന 7
ദേശത്തുനിന്നു അവരെ പറിച്ചുകളയും;
എൻെറ നാമത്തിനു വേണ്ടി ഞാൻ വിശുദ്ധീ
കരിച്ചിരിക്കുന്ന ഈ ആലയവും ഞാൻ
എൻെറ മുമ്പിൽനിന്നു നീക്കിക്കളയും;
ഇസ്രായേൽ സകല ജാതികളുടെയും
ഇടയിൽ പഴഞ്ചൊല്ലും പരിഹാസവും
ആയിരിക്കും. ഈ ആലയം ശൂന്യമാകും, 8
വഴിയെ പോകുന്ന ഏവനും അതിനെ കണ്ടു
സ്തംഭിച്ചു ചൂളംകുത്തി: കർത്താവ് ഈ
ദേശത്തിനും ഈ ആലയത്തിനും ഇങ്ങനെ
വരുത്തിയതു എന്തു എന്നു ചോദിക്കും.
അവർ തങ്ങളുടെ പിതാക്കന്മാരെ മെസ്രേൻ 9
ദേശത്തുനിന്നു കൊണ്ടുവന്ന തങ്ങളുടെ
ദൈവമായ കർത്താവിനെ ഉപേക്ഷിക്കയും
അന്യദൈവങ്ങളോടു ചേർന്നു അവയെ
നമസ്കരിച്ചു സേവിക്കയും ചെയ്തതുകൊ
ണ്ടു ദൈവം ഈ അനർത്ഥമെല്ലാം അവർക്കു
വരുത്തിയിരിക്കുന്നു എന്ന് അതിനു
ഉത്തരം പറയും."
ശലോമോൻ ദൈവാലയം, രാജ 10
ഗൃഹം എന്നീ രണ്ടു ഭവനവും പണിത
ശേഷം ഇരുപതുവർഷം കഴിഞ്ഞ് സോർ 11
രാജാവായ ഹീരാം ശലോമോനു അവൻെറ
ഇഷ്ടംപോലെ ദേവദാരുവും സരളമരവും
സ്വർണ്ണവും കൊടുത്തിരുന്നതുകൊണ്ട്
ശലോമോൻ രാജാവു ഹീരാമിനു ഗലീലാ
ദേശത്തു ഇരുപതു പട്ടണം കൊടുത്തു.
ശലോമോൻ ഹീരാമിനു കൊടുത്ത പട്ടണ 12
ങ്ങളെ കാണുവാൻ അവൻ സോറിൽ നിന്നു
വന്നു; എന്നാൽ അവ അവനു ഇഷ്ട
പ്പെട്ടില്ല. സഹോദരാ, നീ എനിക്കു തന്ന 13
ഈ പട്ടണങ്ങൾ എന്തു എന്നു പറഞ്ഞു.
അവയ്ക്കു ഇന്നുവരെയും കാബൂൽ ദേശം
എന്നു പേരായിരിക്കുന്നു. ഹീരാമോ രാജാ 14
വിനു നൂററിരുപതു താലന്തു പൊന്നു
കൊടുത്തയച്ചു.
ശലോമോൻ രാജാവു ദൈവത്തിൻെറ 15
ആലയം, അരമന, മില്ലോ, യറുശലേമിൻെറ
കോട്ട, ഹാസോർ, മെഗിദ്ദോ, ഗേസെർ
എന്നിവ പണിയേണ്ടതിനു വേല ചെയ്യിച്ച
വിവരം: മെസ്രേൻരാജാവായ ഫറവോൻ 16
ചെന്നു, ഗേസെർ പിടിച്ചു തീവെച്ചു ചുട്ടു
കളഞ്ഞു, അതിൽ പാർത്തിരുന്ന കനാന്യ
രെ കൊന്നു, അതിനെ ശലോമോൻെറ
ഭാര്യയായ തൻെറ മകൾക്കു സ്ത്രീധനമായി
കൊടുത്തു. അങ്ങനെ ശലോമോൻ ഗേ 17
സെരും താഴത്തെ ബേത്ത് - ഹോരോനും
ബാലാത്തും ദേശത്തിലെ മരുഭൂമിയിലുള്ള 18
തദ്മോരും ശലോമോനു ഉണ്ടായിരുന്ന 19

പ്രധാന നഗരങ്ങളും രഥനഗരങ്ങളും
ട്ടയ്ക്കുള്ള പട്ടണങ്ങളും ശലോ
യറുശലേമിലും ലെബാനോനിലും
രാജ്യത്തിൽ എല്ലായിടവും പണി
ഗ്രഹിച്ചതെല്ലാം പണിതു. അമോ
ര്യർ, പെരിസ്യർ, ഹിവ്യർ, യെബൂ
ന്നിങ്ങനെ ഇസ്രായേൽ മക്കളിൽ
ാത്ത ശേഷിപ്പുള്ള സകല ജാതിയെ
ായേൽ മക്കൾക്കു നിർമ്മൂലമാക്കു
ിയാതെ പിന്നീടും ദേശത്തു ശേഷി
അവരുടെ മക്കളെയും ശലോമോൻ
ാക്കി; അവർ ഇന്നുവരെ അങ്ങനെ
ന്നു. ഇസ്രായേൽ മക്കളിൽനിന്നോ
ാൻ ആരെയും ദാസ്യവേലയ്ക്കാ
അവർ അവന്റെ യോദ്ധാക്കളും
ും പ്രഭുക്കന്മാരും സേനാനായക
അവന്റെ രഥങ്ങൾക്കും കുതിരപ്പട
ധിപന്മാരും ആയിരുന്നു: അഞ്ഞൂ
ർ ശലോമോന്റെ വേലയെ
ന്നതിനു മേലുദ്യോഗസ്ഥന്മാരാ
ഫറവോന്റെ മകൾ ദാവീദി
ഗരത്തിൽനിന്നു ശലോമോൻ
ുവേണ്ടി പണിതിരുന്ന അരമന
ാർപ്പാൻ വന്നശേഷം അവൻ മില്ലോ
ശലോമോൻ കർത്താവിനു
ുന്ന യാഗപീഠത്തിന്മേൽ അവൻ
മൂന്നുപ്രാവശ്യം ഹോമയാഗ
മാധാനയാഗങ്ങളും അർപ്പിച്ചു
ന്നിധിയിൽ ധൂപം അർപ്പിച്ചി
ങ്ങനെ അവൻ ദൈവാലയം

ോമോൻ രാജാവു എദോംദേശത്തു
ക്കരയിൽ ഏലോത്തിനു സമീപ
എസ്യോൻ-ഗേബെരിൽ വച്ചു
ൻ പണിതു. ആ കപ്പലുകളിൽ
ാന്റെ ദാസന്മാരോടുകൂടെ
സമുദ്രപരിചയമുള്ള കപ്പൽക്കാ
ന്റെ ദാസന്മാരെ അയച്ചു. അവർ
ലക്കു ചെന്നു അവിടെനിന്നു
ുപതു താലന്തു സ്വർണ്ണം ശലോ
ാവിന്റെ സന്നിധിയിൽ കൊണ്ടു

അദ്ധ്യായം 10

രാജ്ഞി കർത്താവിന്റെ നാമം
ച്ച് ശലോമോനുള്ള കീർത്തി
മൊഴികളാൽ അവനെ പരീക്ഷി
വന്നു. അവൾ അതിമഹത്തായ
ത്തോടും സുഗന്ധവർഗ്ഗവും അന
ന്നും രത്നവും ചുമന്ന ഒട്ടകങ്ങ
ളോടും കൂടെ യറുശലേമിൽ വന്നു; അവൾ
ശലോമോന്റെ അടുക്കൽ വന്നശേഷം
തന്റെ ഹൃദയത്തിലുള്ളവയെല്ലാംകൊ
ണ്ടു അവനെ പരീക്ഷിച്ചു. അവളുടെ 3
സകല ചോദ്യങ്ങൾക്കും ശലോമോൻ സമാ
ധാനം പറഞ്ഞു. സമാധാനം പറയുവാൻ
കഴിയാതെ ഒന്നും രാജാവിനു അജ്ഞാത
മായിരുന്നില്ല. ശേബാരാജ്ഞി ശലോമോ 4
ന്റെ സകല ജ്ഞാനവും അവൻ പണിത
അരമനയും അവന്റെ മേശയിലെ ഭക്ഷ 5
ണവും അവന്റെ ഭൃത്യന്മാരുടെ ഇരിപ്പും
അവന്റെ ശുശ്രൂഷകന്മാരുടെ നില്പും
അവരുടെ ഉടുപ്പും അവന്റെ പാന
പാത്രവാഹകന്മാരെയും ദൈവാലയത്തി
ലേക്കുള്ള അവന്റെ എഴുന്നുള്ളത്തും ക
ണ്ടിട്ടു അമ്പരന്നുപോയി. അവൾ രാജാവി 6
നോടു പറഞ്ഞു: "നിന്റെ കാര്യങ്ങളെയും
ജ്ഞാനത്തെയും കുറിച്ചു ഞാൻ എന്റെ 7
ദേശത്തുവച്ചു കേട്ട വാർത്ത സത്യംതന്നെ.
ഞാൻ വന്നു എന്റെ കണ്ണുകൊണ്ടു കാണു
ന്നതുവരെ ആ വാർത്ത വിശ്വസിച്ചില്ല.
എന്നാൽ പകുതിപോലും ഞാൻ അറിഞ്ഞി
രുന്നില്ല. ഞാൻ കേട്ട കീർത്തിയെക്കാൾ
നിന്റെ ജ്ഞാനവും ധനവും അധികമത്രെ.
നിന്റെ ഭാര്യമാർ ഭാഗ്യവതികൾ; നിന്റെ 8
മുമ്പിൽ എപ്പോഴും നിന്നു നിന്റെ ജ്ഞാനം
കേൾക്കുന്ന ഈ നിന്റെ ഭൃത്യന്മാരും 9
ഭാഗ്യവാന്മാർ. നിന്നെ ഇസ്രായേലിന്റെ
രാജാസനത്തിൽ ഇരുത്തുവാൻ നിന്നിൽ
പ്രസാദിച്ച നിന്റെ ദൈവമായ കർത്താവ്
വാഴ്ത്തപ്പെട്ടവൻ; ദൈവം ഇസ്രായേ
ലിനെ എന്നേക്കും സ്നേഹിക്കുകയാൽ
നീതിയും ന്യായവും നടത്തേണ്ടതിനു
നിന്നെ രാജാവാക്കിയിരിക്കുന്നു." അവൾ 10
രാജാവിനു നൂററിരുപതു താലന്ത് പൊന്നും
അനവധി സുഗന്ധവർഗ്ഗവും രത്നവും കൊടു
ത്തു; ശേബാരാജ്ഞി ശലോമോൻ രാജാ
വിനു കൊടുത്ത സുഗന്ധവർഗ്ഗംപോലെ
അത്രയേറെ പിന്നെ ഒരിക്കലും വന്നിട്ടില്ല.
ഓഫീരിൽനിന്നു സ്വർണ്ണം കൊണ്ടുവന്ന 11
ഹീരാമിന്റെ കപ്പലുകൾ ഓഫീരിൽനിന്നു
അനവധി ചന്ദനവും രത്നവും കൊണ്ടു
വന്നു. രാജാവു ചന്ദനംകൊണ്ടു ദൈവാ 12
ലയത്തിനും രാജധാനിക്കും അഴികളും
സംഗീതക്കാർക്കു കിന്നരങ്ങളും വീണകളും
ഉണ്ടാക്കി; അങ്ങനെയുള്ള ചന്ദനമരം ഇന്നു
വരെ വന്നിട്ടുമില്ല; കണ്ടിട്ടുമില്ല. ശലോ 13
മോൻ രാജാവു സ്വമേധയാ ശേബാരാജ്ഞി
ക്കു രാജോചിതം കൊടുത്തതു കൂടാതെ
അവൾ ആഗ്രഹിച്ചു ചോദിച്ചതുമെല്ലാം

ശലോമോൻ രാജാവു അവൾക്കു കൊടു
ത്തു. അങ്ങനെ അവൾ തൻെറ ഭൃത്യന്മാരു
മായി സ്വദേശത്തേക്കു മടങ്ങിപ്പോയി.
14 ശലോമോനു സഞ്ചാരവ്യാപാരിക
ളാലും വർത്തകന്മാരുടെ കച്ചവടത്താലും
15 സമ്മിശ്രജാതികളുടെ സകല രാജാക്കന്മാ
രാലും ദേശാധിപതിമാരാലും വന്നതു കൂടാ
തെ ആണ്ടുതോറും ലഭിച്ച പൊന്നിൻെറ
തൂക്കം അറുനൂറ്ററുപത്താറു താലന്തായി
16 രുന്നു. ശലോമോൻ രാജാവു, അടിച്ചു
പരത്തിയ പൊന്നുകൊണ്ടു ഇരുന്നൂറ് വൻ
പരിച ഉണ്ടാക്കി; ഓരോ പരിചയ്ക്കു അറു
17 നൂറു ശേക്കെൽ സ്വർണ്ണം ചിലവായി. അടി
ച്ചുപരത്തിയ പൊന്നുകൊണ്ടു അവൻ മു
ന്നൂറു ചെറുപരിചയും ഉണ്ടാക്കി; ഓരോ ചെ
റുപരിചയ്ക്കു മൂന്നു മാനേ പൊന്നു ചെല
വായി. അവയെ രാജാവു ലെബാനോൻ ഉ
18 ദ്യാനഗൃഹത്തിൽ വച്ചു. രാജാവു ദന്തംകൊ
ണ്ടു ഒരു വലിയ സിംഹാസനം ഉണ്ടാക്കി
ഓഫീർ തങ്കംകൊണ്ടു പൊതിഞ്ഞു.
സിംഹാസനത്തിനു ആറു പതനം ഉണ്ടായി
19 രുന്നു. സിംഹാസനത്തിൻെറ അഗ്രം പുറ
കോട്ടു വളഞ്ഞിരുന്നു; ഇരിപ്പിടത്തിൻെറ
ഇരുഭാഗത്തും കൈത്താങ്ങലും കൈത്താ
ങ്ങലിന്നരികെ നില്ക്കുന്ന രണ്ടു സിംഹവും
20 ഉണ്ടായിരുന്നു. ആറു പതനത്തിൽ ഇപ്പുറ
ത്തും അപ്പുറത്തുമായി പന്ത്രണ്ടു സിംഹം
നിന്നിരുന്നു. ഒരു രാജ്യത്തും ഇങ്ങനെ ഉണ്ടാ
21 ക്കിയിരുന്നില്ല. ശലോമോൻ രാജാവിൻെറ
സകല പാനപാത്രങ്ങളും പൊന്നുകൊണ്ടും
ലെബാനോൻ ഉദ്യാനഗൃഹത്തിലെ ഉപകര
ണങ്ങളെല്ലാം തങ്കംകൊണ്ടും ആയിരുന്നു;
ഒന്നും വെള്ളികൊണ്ടല്ല; അതിനു ശലോ
മോൻെറ കാലത്തു വിലയില്ലായിരുന്നു.
22 രാജാവിനു സമുദ്രത്തിൽ ഹീരാമിൻെറ
കപ്പലുകളോടുകൂടെ തർശീശ് കപ്പലുകൾ
ഉണ്ടായിരുന്നു; തർശീശ് കപ്പലുകൾ മൂന്നു
സംവത്സരത്തിൽ ഒരിക്കൽ പൊന്ന്, വെള്ളി,
ആനക്കൊമ്പു, കുരങ്ങു, മയിൽ എന്നിവ
23 കൊണ്ടുവന്നു. ഇങ്ങനെ ശലോമോൻ
രാജാവ് ഭൂമിയിലെ സകല രാജാക്കന്മാരി
ലും ധനംകൊണ്ടും ജ്ഞാനംകൊ
24 ണ്ടും ഒന്നാമനായിരുന്നു. ദൈവം ശലോമോ
ൻെറ ഹൃദയത്തിൽ കൊടുത്ത ജ്ഞാനം
കേൾക്കുവാൻ സകല രാജാക്കന്മാരും
അവൻെറ മുഖദർശനം അന്വേഷിച്ചുവന്നു.
25 അവരിൽ ഓരോരുവനും ആണ്ടുതോറും
താന്താൻെറ കാഴ്ചയായി വെള്ളിപ്പാത്രം,
പൊൻപാത്രം, വസ്ത്രം, ആയുധം, സുഗന്ധ
വർഗ്ഗം, കുതിര, കോവർകഴുത എന്നിവ

കൊണ്ടുവന്നു. ശലോമോൻ രഥങ്ങളും
കുതിരപ്പടയും ശേഖരിച്ചു: അവനു ആയിര
ത്തി നാനൂറു രഥങ്ങളും പന്തീരായിരം
കുതിരപ്പടയും ഉണ്ടായിരുന്നു. അവരെ
അവൻ രാജാവിൻെറ രഥനഗരങ്ങളിലും
യറുശലേമിൽ രാജാവിൻെറ അടുക്കലും
പാർപ്പിച്ചിരുന്നു. രാജാവു യറുശലേമിൽ
വെള്ളിയെ ബാഹുല്യംകൊണ്ടു കല്ലുപോ
ലെയും ദേവദാരുവിനെ താഴ്വീഥിയിലെ
കാട്ടത്തിമരംപോലെയും ആക്കി. ശലോ
മോനു കുതിരകളെ കൊണ്ടുവന്നതു മെ
സ്രേനിൽനിന്നായിരുന്നു; രാജാവിൻെറ
കച്ചവടക്കാർ അവയെ കൂട്ടമായി വില
യ്ക്കു വാങ്ങിക്കൊണ്ടുവരും. അവർ മെസ്രേ
നിൽനിന്നു രഥം ഒന്നിനു അറുനൂറും
കുതിര ഒന്നിനു നൂററമ്പതും വെള്ളിശേ
ക്കൽ വില കൊടുത്തു വാങ്ങിക്കൊണ്ടു
വരും; അങ്ങനെതന്നെ ഹിത്യരുടെ സകല
രാജാക്കന്മാർക്കും അറാംരാജാക്കന്മാർക്കും
കൊണ്ടുവന്നു കൊടുക്കുമായിരുന്നു.

അദ്ധ്യായം 11

ശലോമോൻ രാജാവു ഫറവോൻെറ
മകളെ കൂടാതെ മോവാബ്യർ, അമ്മോന്യർ,
ഏദോമ്യർ, സീദോന്യർ, ഹിത്യർ എന്നി
ങ്ങനെ അന്യജാതിക്കാരികളായ അനേകം
സ്ത്രീകളെയും സ്നേഹിച്ചു. നിങ്ങൾക്കു
അവരോടു ബാന്ധവം അരുത്; അവർക്കു
നിങ്ങളോടു ബാന്ധവം അരുതു; അവർ
നിങ്ങളുടെ ഹൃദയത്തെ തങ്ങളുടെ ദേവ
ന്മാരിലേക്കു വശീകരിച്ചുകളയും എന്നു
ദൈവം ഇസ്രായേൽ മക്കളോടു അരുളി
ച്ചെയ്ത പുറജാതികളിൽനിന്നുള്ളവരെ ത
ന്നെ; അവരോടു ശലോമോൻ സസ്നേഹം
പറ്റിച്ചേർന്നിരുന്നു. അവനു എഴുന്നൂറു
കുലീന പത്നികളും മുന്നൂറു വെപ്പാട്ടികളും
ഉണ്ടായിരുന്നു; അവൻെറ ഭാര്യമാർ അവ
ൻെറ ഹൃദയത്തെ വശീകരിച്ചു. എങ്ങ
നെയെന്നാൽ ശലോമോൻ വയോധികനാ
യപ്പോൾ ഭാര്യമാർ അവൻെറ ഹൃദയത്തെ
അന്യദേവന്മാരിലേക്കു വശീകരിച്ചു; അവ
ൻെറ ഹൃദയം പിതാവായ ദാവീദിൻെറ
ഹൃദയംപോലെ തൻെറ ദൈവമായ കർത്താ
വിങ്കൽ ഏകാഗ്രമായിരുന്നില്ല. ശലോ
മോൻ സീദോന്യദേവിയായ അസ്തോരത്തി
നെയും അമ്മോന്യരുടെ മ്ലേച്ഛവിഗ്രഹ
മായ മിൽക്കോമിനെയും ചെന്നു സേവിച്ചു;
തൻെറ പിതാവായ ദാവീദിനെപ്പോലെ
കർത്താവിനെ പൂർണ്ണമായി അനുസരി
ക്കാതെ ശലോമോൻ കർത്താവിനു

ടമായുള്ളതു ചെയ്തു. അന്നു ശലോ
യറുശലേമിനു എതിരെയുള്ള
മോവാബ്യരുടെ മ്ലേച്ഛവിഗ്രഹ
ാമോശിനും അമ്മോന്യരുടെ മ്ലേച്
ഹമായ മോലേക്കിനും ഓരോ പൂജാ
ന്നിതു. തങ്ങളുടെ ദേവന്മാർക്കു
ർപ്പിച്ചും ബലികഴിച്ചുംപോന്ന അ
ക്കാരികളായ സകല ഭാര്യമാർക്കും
ാണ് അവൻ അങ്ങനെ ചെയ്തത്.
ക്കു രണ്ടു പ്രാവശ്യം പ്രത്യക്ഷ
യും അന്യദേവന്മാരെ സേവിക്കരു
ാര്യത്തെക്കുറിച്ചു തന്നോടു കല്പി
ം ചെയ്യാതിരുന്ന ഇസ്രായേലിൻെറ
യ കർത്താവിനെ വിട്ടു ശലോ
ൻെറ ഹൃദയം തിരിക്കയും കർത്താ
ിച്ചതു അനുസരിക്കാതെ ഇരിക്ക
യ്യുകകൊണ്ടു കർത്താവ് അവനോ
ിച്ചു. കർത്താവ് ശലോമോനോ
ിച്ചെയ്തു: എൻെറ നിയമവും ഞാൻ
ു കല്പിച്ച കല്പനകളും നീ
ിച്ചില്ല എന്നുള്ള സംഗതി നിൻെറ
ഇരിക്കകൊണ്ടു ഞാൻ രാജത്വം
നിന്നു നിശ്ചയമായി നീക്കി
ദാസനു കൊടുക്കും. എങ്കിലും
പിതാവായ ദാവീദിനെയോർത്ത്
ൻെറ ജീവകാലത്ത് അതു ചെയ്യു
എന്നാൽ നിൻെറ മകൻെറ കയ്യിൽ
ത്തിനെ നീക്കിക്കളയും. എങ്കിലും
മുഴുവനും നീക്കിക്കളയാതെ
ാസനായ ദാവീദിൻെറ നിമിത്തവും
ിരഞ്ഞെടുത്ത യറുശലേമിൻെറ
ും ഒരു ഗോത്രത്തെ ഞാൻ നിൻെറ
ൊടുക്കും.
ം എദോമ്യനായ ഹദദ് എന്ന
ുവിനെ ശലോമോന് എതിരെ
്പിച്ചു. അവൻ എദോം രാജസന്ത
ൽപ്പെട്ടവൻ ആയിരുന്നു. ദാവീദ്
ര നിഗ്രഹിച്ച കാലത്തു സേനാധി
യോവാബ് മരിച്ചുപോയവരെ
ചെയ്യുവാൻ ചെന്നു എദോമിലെ
ജയെ എല്ലാം നിഗ്രഹിച്ചപ്പോൾ—
ള പുരുഷപ്രജയെ എല്ലാം നിഗ്ര
ാളം യോവാബും എല്ലാ ഇസ്രാ
ാവിടെ ആറു മാസം പാർത്തിരു
ദ് എന്നവൻ തൻെറ പിതാവിൻെറ
ൽ ചില എദോമ്യരുമായി മെസ്രേ
ഓടിപ്പോയി; ഹദദ് അന്നു
ആയിരുന്നു. അവർ മിദ്യാനിൽ
ുറപ്പെട്ടു പാറാനിൽ എത്തി;
ർനിന്ന് ആളുകളെയും കൂട്ടി

ക്കൊണ്ടു മെസ്രേനിൽ രാജാവായ ഫറവോ
ൻെറ അടുക്കൽ ചെന്നു; അവൻ അവന് ഒരു
വീടു കൊടുത്തു. ആഹാരത്തിനുള്ളതു 19
കൊടുത്തു. ഒരു ദേശവും കൊടുത്തു. ഫറ
വോനു ഹദദിനോടു വളരെ സ്നേഹം
തോന്നി; അതുകൊണ്ടു അവൻ തൻെറ
ഭാര്യയായ തഹ്പെനേസ് രാജ്ഞിയുടെ
സഹോദരിയെ അവനു ഭാര്യയായി കൊടു
ത്തു. തഹ്പെനേസിൻെറ സഹോദരി അവ 20
നു ഗെനൂബത്ത് എന്നൊരു മകനെ പ്രസ
വിച്ചു; അവനെ തഹ്പെനേസ് മുലകുടി
മാറ്റി ഫറവോൻെറ അരമനയിൽ വളർത്തി;
അങ്ങനെ ഗെനൂബത്ത് ഫറവോൻെറ അര
മനയിൽ ഫറവോൻെറ പുത്രന്മാരോടു
കൂടെ കഴിഞ്ഞു. ദാവീദ് തൻെറ പിതാക്ക 21
ന്മാരെപോലെ നിദ്രപ്രാപിച്ചു എന്നും
സേനാധിപതിയായ യോവാബ് മരിച്ചു
എന്നും ഹദദ് മെസ്രേനിൽ കേട്ടിട്ടു ഫറവോ
നോടു: ഞാൻ എൻെറ ദേശത്തേക്കു യാത്ര
ആകേണ്ടതിനു എന്നെ അയയ്ക്കണം
എന്നു പറഞ്ഞു. ഫറവോൻ അവനോടു: നീ 22
സ്വദേശത്തേക്കു പോകുവാൻ താല്പര്യ
പ്പെടേണ്ടതിനു എൻെറ അടുക്കൽ നിനക്ക്
എന്താണ് കുറവുള്ളത്? എന്നു ചോദിച്ചു;
അതിനു അവൻ: ഒന്നുമുണ്ടായിട്ടല്ല; എങ്കി
ലും എന്നെ ഒന്നയയ്ക്കണം എന്നു പറഞ്ഞു.

ദൈവം അവൻെറ നേരെ എല്യാദാവി 23
ൻെറ മകനായ രെസോൻ എന്ന മറ്റൊരു
ശത്രുവിനെയും എഴുന്നേല്പിച്ചു; അവൻ
സോബാരാജാവായ ഹദദേസെർ എന്ന
തൻെറ യജമാനനെ വിട്ടു ഓടിപ്പോയവനാ
യിരുന്നു. ദാവീദ് സോബക്കാരെ നിഗ്രഹിച്ച 24
പ്പോൾ അവൻ തനിക്കു ആളുകളെ ശേഖ
രിച്ചു അവരുടെ സംഘത്തിനു നായകനായി
ത്തീർന്നു; അവർ ദമസ്കോസിൽ ചെന്നു അ
വിടെ ഭരിച്ചു. ഹദദ് ചെയ്ത ദ്രോഹത്തിനും 25
പുറമെ ഇവനും ശലോമോൻെറ കാലത്തെ
ല്ലാം ഇസ്രായേലിനു പ്രതിയോഗി ആയിരു
ന്നു; അവൻ ഇസ്രായേലിനെ വെറുത്തു.
അരാമിൽ രാജാവായി വാണു.

സെരേദയിൽനിന്നുള്ള എഫ്രയീമ്യനാ 26
യ നെബാത്തിൻെറ മകൻ യെരോബെയാം
എന്ന ശലോമോൻെറ ദാസനും രാജാവി
നോടു മത്സരിച്ചു; അവൻെറ അമ്മ സെരൂയാ
എന്നു പേരുള്ള ഒരു വിധവ ആയിരുന്നു. അ
വൻ രാജാവിനോടു മത്സരിക്കുവാനുള്ള കാ 27
രണം എന്തെന്നാൽ: ശലോമോൻ മില്ലോ പ
ണിതു, തൻെറ പിതാവായ ദാവീദിൻെറ നഗ
രത്തിൻെറ അറ്റകുറ്റം തീർത്തു. എന്നാൽ 28
യെരോബെയാം പ്രാപ്തിയുള്ള പുരുഷൻ

ആയിരുന്നു; ഈ യുവാവ് പരിശ്ര
മശീലൻ എന്നു കണ്ടിട്ടു ശലോമോൻ
യോസേഫ് ഗൃഹത്തിന്റെ കാര്യങ്ങളെല്ലാം
29 അവന്റെ നടത്തിപ്പിന് ഏല്പിച്ചു. ആ
കാലത്തു ഒരിക്കൽ യെരോബെയാം യറു
ശലേമിൽനിന്നു വരുമ്പോൾ ശീലോന്യ
നായ അഹീയാ പ്രവാചകൻ വഴിയിൽ വച്ചു
അവനെ കണ്ടു; അവൻ ഒരു പുതിയ അങ്കി
ധരിച്ചിരുന്നു; രണ്ടുപേരും വയലിൽ
30 തനിച്ചായിരുന്നു. അഹീയാ താൻ ധരിച്ചി
രുന്ന പുതിയ അങ്കി പിടിച്ചു പന്ത്രണ്ടു
ഖണ്ഡമായി കീറി; യെരോബെയാമിനോടു
31 പറഞ്ഞത്: പത്തു ഖണ്ഡം നീ എടുത്തു
കൊൾക; ഇസ്രായേലിന്റെ ദൈവമായ
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു:
ഇതാ, ഞാൻ രാജത്വം ശലോമോന്റെ
കയ്യിൽനിന്നു പറിച്ചുകീറി, പത്തു ഗോത്രം
32 നിനക്കു തരുന്നു. എന്നാൽ എന്റെ ദാസ
നായ ദാവീദിനെ ഓർത്തും ഞാൻ എല്ലാ
ഇസ്രായേൽ ഗോത്രങ്ങളിൽനിന്നും തിര
ഞ്ഞെടുത്ത യറുശലേം നഗരം നിമിത്തവും
33 ഒരു ഗോത്രം അവനു ഇരിക്കും. അവർ
എന്നെ ഉപേക്ഷിച്ചു, സീദോന്യദേവിയായ
അസ്റ്റോരെത്തിനെയും മോവാബ്യദേവ
നായ കെമോശിനെയും അമ്മോന്യദേവ
നായ മിൽക്കോമിനെയും ആരാധിക്കയും
അവന്റെ പിതാവായ ദാവീദ് എന്ന
പോലെ എനിക്കു പ്രസാദമുള്ളതു ചെയ്ത്
എന്റെ ചട്ടങ്ങളും വിധികളും അനുസരിച്ച്
അവർ എന്റെ വഴികളിൽ നടക്കാതി
രിക്കയും ചെയ്തതുകൊണ്ടുതന്നെ. എന്നാൽ
34 രാജത്വം മുഴുവനും ഞാൻ അവന്റെ
കയ്യിൽനിന്ന് എടുക്കുകയില്ല; ഞാൻ തിര
ഞ്ഞെടുത്തവനും എന്റെ കല്പനകളെയും
ചട്ടങ്ങളെയും പ്രമാണിച്ചവനും ആയ
എന്റെ ദാസൻ ദാവീദ് നിമിത്തം ഞാൻ
അവനെ അവന്റെ ജീവകാലമെല്ലാം
35 രാജാവായി വച്ചിരിക്കും. എങ്കിലും അവ
ന്റെ മകന്റെ കയ്യിൽ നിന്നു ഞാൻ രാജ
ത്വം എടുത്തു നിനക്കു തരും; പത്തു ഗോത്ര
36 ങ്ങൾ. എന്റെ നാമം സ്ഥാപിക്കേണ്ടതിനു
ഞാൻ തിരഞ്ഞെടുത്ത യറുശലേം നഗര
ത്തിൽ എന്റെ മുമ്പാകെ എന്റെ ദാസ
നായ ദാവീദിനു എന്നേക്കും ഒരു ദീപം
ഉണ്ടായിരിക്കത്തക്കവണ്ണം ഞാൻ അവന്റെ
37 മകനു ഒരു ഗോത്രത്തെ കൊടുക്കും. നീയോ
നിന്റെ ഇഷ്ടംപോലെ വാണ് ഇസ്രായേ
ലിനു രാജാവായിരിക്കേണ്ടതിനു ഞാൻ
38 നിന്നെ എടുത്തിരിക്കുന്നു. ഞാൻ നിന്നോടു
കല്പിക്കുന്നതെല്ലാം നീ കേട്ടു എന്റെ
വഴികളിൽ നടന്ന് എന്റെ ദാസനായ
ദാവീദു ചെയ്തതുപോലെ എന്റെ ചട്ടങ്ങളും
കല്പനകളും പ്രമാണിച്ചു എനിക്കു
പ്രസാദമുള്ളതു ചെയ്താൽ ഞാൻ നിന്നോടു
കൂടെ ഇരിക്കും; ഞാൻ ദാവീദിനു പണി
തതുപോലെ നിനക്കു സ്ഥിരമായൊരു
ഗൃഹം പണിത് ഇസ്രായേലിനെ നിനക്കു
തരും. ദാവീദിന്റെ സന്തതിയെയോ ഞാൻ
ഇതുനിമിത്തം താഴ്ത്തും; സദാ കാലത്തേ
ക്കുമല്ല. അതുകൊണ്ടു ശലോമോൻ യെരോ
ബെയാമിനെ കൊല്ലുവാൻ ആഗ്രഹിച്ചു.
യെരോബെയാമോ എഴുന്നേറ്റു മെസ്രേ
നിൽ ശീശക്ക് എന്ന മെസ്രേൻ രാജാവി
ന്റെ അടുക്കൽ ഓടിപ്പോയി; ശലോമോ
ന്റെ മരണംവരെ അവൻ മെസ്രേനിൽ
ആയിരുന്നു.

ശലോമോന്റെ മറ്റുള്ള വൃത്താന്ത
ങ്ങളും അവൻ ചെയ്തതെല്ലാം അവന്റെ
ജ്ഞാനവും ശലോമോന്റെ വൃത്താന്ത
പുസ്തകത്തിൽ എഴുതിയിരിക്കുന്നു. ശലോ
മോൻ യറുശലേമിൽ എല്ലാ ഇസ്രായേ
ലിനെയും വാണകാലം നാല്പതുസംവ
ത്സരം ആയിരുന്നു. ശലോമോൻ തന്റെ
പിതാക്കന്മാരെപ്പോലെ നിദ്ര പ്രാപിച്ചു;
അവന്റെ പിതാവായ ദാവീദിന്റെ നഗര
ത്തിൽ അവനെ അടക്കം ചെയ്തു; അവന്റെ
മകനായ രെഹബെയാം അവനു പകരം
രാജാവായി.

അദ്ധ്യായം 12

രെഹബെയാമിനെ രാജാവാക്കുവാൻ
എല്ലാ ഇസ്രായേലും ശെഖേമിൽ വന്നി
രുന്നതുകൊണ്ടു അവനും ശെഖേമിൽ
ചെന്നു. നെബാത്തിന്റെ മകനായ യെരോ
ബെയാം മെസ്രേനിൽ അതു കേട്ടപ്പോൾ—
ശലോമോൻ രാജാവിന്റെ സന്നിധിയിൽ
നിന്നു യെരോബെയാം മെസ്രേനിൽ ഓടി
പ്പോയി അവിടെ പാർത്തിരിക്കുമ്പോൾ
അവർ ആളയച്ചു അവനെ വിളിപ്പിച്ചിരുന്നു
—യെരോബെയാമും ഇസ്രായേൽസഭ
യെല്ലാം വന്നു രെഹബെയാമിനോടു സം
സാരിച്ചു. അങ്ങയുടെ പിതാവ് ഭാരമുള്ള
നുകം ഞങ്ങളുടെമേൽ വച്ചു; അങ്ങയുടെ
പിതാവിന്റെ കഠിനവേലയും അദ്ദേഹം
ഞങ്ങളുടെ മേൽ വെച്ചിരിക്കുന്ന ഭാരമു
ള്ള നുകവും അങ്ങ് ഭാരം കുറച്ചുതരണം;
എന്നാൽ ഞങ്ങൾ നിന്നെ സേവിക്കാം
എന്നു പറഞ്ഞു. അവൻ അവരോടു: നിങ്ങൾ
പോയി മൂന്നു ദിവസം കഴിഞ്ഞ് എന്റെ
അടുക്കൽ വരുവിൻ എന്നു പറഞ്ഞു.

ജനം പോയി. രെഹബെയാം
ാൻെറ പിതാവായ ശലോമോൻെറ
ത്തു അവൻെറ സന്നിധിയിൽ സേ
വയോധികരോടു ആലോചിച്ചു:
ത്തോടു ഉത്തരം പറയേണ്ടതിനു
എന്താലോചന പറയുന്നു എന്നു
അതിനു അവർ അവനോടു: നീ
ജനത്തിനു വഴിപ്പെട്ടു അവരെ
അവരോടു നല്ല വാക്കു പറ
ാവർ എന്നും നിനക്കു ദാസന്മാരാ
എന്നു പറഞ്ഞു. എന്നാൽ വയോ
ന്നോടു പറഞ്ഞ ആലോചന
്യജിച്ചു, തന്നോടുകൂടെ വളർന്ന
തൻെറ മുമ്പിൽ നില്ക്കുന്ന
ക്കാരോടു ആലോചിച്ചു: നിൻെറ
ഞങ്ങളുടെമേൽ വച്ചിരിക്കുന്ന
ം കുറച്ചുതരണം എന്നിങ്ങനെ
സംസാരിച്ചിട്ടുള്ള ഈ ജന
നാം ഉത്തരം പറയേണ്ടതിനു
എന്താലോചന പറയുന്നു എന്നു
ു ചോദിച്ചു. അവനോടുകൂടെ
ുന്ന യുവാക്കൾ അവനോടു:
ിതാവ് ഭാരമുള്ള നുകം ഞങ്ങ
വച്ചു; നീ അതു ഞങ്ങൾക്കു ഭാരം
രണമെന്നു നിന്നോടു പറഞ്ഞ
ത്തോടു: എൻെറ ചെറുവിരൽ
പിതാവിൻെറ അരയെക്കാൾ
ത്തായിരിക്കും. എൻെറ പിതാവ്
മേൽ ഭാരമുള്ള നുകം വച്ചിരി
ൻ നിങ്ങളുടെ നുകത്തിനു ഭാരം
ൻെറ പിതാവ് നിങ്ങളെ ചമ്മട്ടി
ണ്ഡിപ്പിച്ചു; ഞാനോ തേളുകളെ
നിങ്ങളെ ദണ്ഡിപ്പിക്കും. എന്നി
ഉത്തരം പറയണം എന്നു പറ
നാംദിവസം എൻെറ അടുക്കൽ
ുവിൻ എന്നു രാജാവു പറഞ്ഞ
യെരോബെയാമും സകലജ
നാംദിവസം രെഹബെയാമിൻെറ
ചെന്നു. രാജാവു ജനത്തോടു
ഉത്തരം പറഞ്ഞു; വയോധികർ
പറഞ്ഞ ആലോചനയെ അവൻ
യുവാക്കന്മാരുടെ ആലോചന
അവരോടു: എൻെറ പിതാവ്
നുകം നിങ്ങളുടെമേൽ വച്ചു;
നിങ്ങളുടെ നുകത്തിനു ഭാരം
ൻെറ പിതാവ് നിങ്ങളെ ചമ്മട്ടി
ണ്ഡിപ്പിച്ചു; ഞാനോ തേളുകളെ
നിങ്ങളെ ദണ്ഡിപ്പിക്കും. എന്നു
റഞ്ഞു. ഇങ്ങനെ രാജാവു ജന
അപേക്ഷ നിരസിച്ചു; ദൈവം

ശീലോന്യനായ അഹീയ മുഖാന്തിരം
നെബാത്തിൻെറ മകനായ യെരോബെയാ
മിനോടു അരുളിച്ചെയ്ത വചനം നിവൃത്തി
യാകേണ്ടതിനു ഈ കാര്യം ദൈവ
ഹിതത്താൽ സംഭവിച്ചു. രാജാവു തങ്ങളുടെ 16
അപേക്ഷ കേൾക്കയില്ലെന്ന് എല്ലാ ഇസ്രാ
യേലും കണ്ടപ്പോൾ ജനം രാജാവിനോടു:
ദാവീദിങ്കൽ ഞങ്ങൾക്കു എന്തു ഓഹരി
ഉള്ളു? യിശ്ശായിയുടെ മകനിൽ ഞങ്ങൾക്കു
അവകാശമില്ലല്ലോ; ഇസ്രായേലേ, നിങ്ങളു
ടെ കൂടാരങ്ങളിലേക്കു പൊയ്ക്കൊൾവിൻ;
ദാവീദേ, നിൻെറ ഗൃഹം നോക്കിക്കൊൾക
എന്നുത്തരം പറഞ്ഞു, ഇസ്രായേൽ തങ്ങളു
ടെ കൂടാരങ്ങളിലേക്കു പോയി. യഹൂദാ 17
നഗരങ്ങളിൽ പാർത്തിരുന്ന ഇസ്രായേല്യർ
ക്കോ രെഹബെയാം രാജാവായിത്തീർന്നു.
പിന്നെ രെഹബെയാം രാജാവു ജോലികൾ 18
ക്കു മേൽവിചാരകനായ അദോരാമിനെ അ
യച്ചു; എന്നാൽ ഇസ്രായേലെല്ലാം അവനെ
കല്ലെറിഞ്ഞു കൊന്നുകളഞ്ഞു; രെഹബെ
യാം രാജാവോ വേഗത്തിൽ രഥം കയറി
യറുശലേമിലേക്കു ഓടിപ്പോന്നു. ഇങ്ങനെ 19
ഇസ്രായേൽ ഇന്നുവരെ ദാവീദ്ഗൃഹ
ത്തോടു മത്സരിച്ചുനില്ക്കുന്നു. യെരോ 20
ബെയാം മടങ്ങിവന്നു എന്നു ഇസ്രായേ
ലെല്ലാം കേട്ടപ്പോൾ അവർ ആളയച്ചു
അവനെ സഭയിലേക്കു വിളിപ്പിച്ചു. അവനെ
എല്ലാ ഇസ്രായേലിനും രാജാവാക്കി;
യഹൂദാഗോത്രം മാത്രം അല്ലാതെ മററാരും
ദാവീദു ഗൃഹത്തിൻെറ ഭാഗത്തു നിന്നില്ല.
രെഹബെയാം യറുശലേമിൽ വന്ന 21
ശേഷം ഇസ്രായേൽ ഗൃഹത്തോടു യുദ്ധം
ചെയ്തു. രാജത്വം ശലോമോൻെറ മകനായ
രെഹബെയാമിനു വീണ്ടുകൊള്ളേണ്ടതി
നു അവൻ യഹൂദാഗൃഹം മുഴുവനിലും
ബെന്യാമീൻെറ ഗോത്രത്തിലുംനിന്നു
വീരയോദ്ധാക്കളായ ഒരു ലക്ഷത്തെൺ
പതിനായിരം പേരെ ശേഖരിച്ചു. എന്നാൽ, 22
ദൈവപുരുഷനായ ശെമയ്യായ്ക്കു ദൈവ
ത്തിൻെറ അരുളപ്പാടു ഉണ്ടായി: നീ ശലോ 23
മോൻെറ മകനായി യഹൂദാരാജാവായ
രെഹബെയാമിനോടും യഹൂദയുടെയും
ബെന്യാമീൻെറയും സകല ഗൃഹത്തോടും
ശേഷം ജനത്തോടും പറയുക: നിങ്ങൾ 24
പുറപ്പെടരുത്; നിങ്ങളുടെ സഹോദരന്മാ
രായ ഇസ്രായേൽ മക്കളോടു യുദ്ധം ചെ
യ്കയുമരുതു; ഓരോരുവൻ താന്താൻെറ
വീട്ടിലേക്കു മടങ്ങിപ്പോകുവിൻ; ഈ കാര്യം
എൻെറ ഹിതത്താൽ ഉണ്ടായിരിക്കുന്നു എ
ന്നിപ്രകാരം കർത്താവ് അരുളിച്ചെയ്യുന്നു.

അവർ ദൈവകല്പന അനുസരിച്ചു തന്റെ
കല്പനപ്രകാരം മടങ്ങിപ്പോയി.
അനന്തരം യെരോബെയാം എഫ്രയീം
25 മലനാട്ടിൽ ശെഖേം പണിതു അവിടെ
പാർത്തു. അവൻ അവിടെനിന്നു പുറപ്പെട്ടു
പെനൂവേലും പണിതു. എന്നാൽ യെരോ
ബെയാം തന്റെ മനസ്സിൽ: രാജത്വം വീണ്ടും
26 ദാവീദു ഗൃഹത്തിനു ആയിപ്പോകും; ഈ
27 ജനം യറുശലേമിൽ കർത്താവിന്റെ ആല
യത്തിൽ യാഗം കഴിക്കുവാൻ ചെന്നാൽ
ഈ ജനത്തിന്റെ ഹൃദയം യഹൂദാരാജാ
വായ രെഹബെയാം എന്ന തങ്ങളുടെ യജ
മാനനിലേക്കു തിരിയുകയും അവർ എന്നെ
കൊന്ന് യഹുദാരാജാവായ രെഹബെയാ
മിന്റെ പക്ഷം ചേരുകയും ചെയ്യും എന്നു
പറഞ്ഞു. ആകയാൽ രാജാവു ആലോചിച്ചു
28 പൊന്നുകൊണ്ടു രണ്ടു കാളക്കുട്ടികളെ
ഉണ്ടാക്കി: നിങ്ങൾ യറുശലേമിൽ പോയതു
മതി; ഇസ്രായേലേ, ഇതാ, നിന്നെ മെസ്രേൻ
ദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ
ദൈവം എന്നു അവരോടു പറഞ്ഞു. അവൻ
ഒന്നിനെ ബേഥേലിലും മറേറതിനെ
29 ദാനിലും പ്രതിഷ്ഠിച്ചു. ഈ കാര്യം പാപ
30 ഹേതുവായിത്തീർന്നു; ജനം ഒന്നിന്റെ
മുമ്പിൽ നമസ്കരിക്കുവാൻ ദാൻവരെ
ചെന്നു. അവൻ പൂജാഗിരിക്ഷേത്രങ്ങളും
31 ഉണ്ടാക്കി സർവജനത്തിൽനിന്നും ലേവ്യ
രല്ലാത്തവരെ പുരോഹിതന്മാരായി നിയമി
ച്ചു. യഹൂദയിൽ ആചരിച്ചുവന്ന പെരുന്നാൾ
32 പോലെ യെരോബെയാം എട്ടാം മാസം
പതിനഞ്ചാം തീയതി ഒരു ഉത്സവം നിശ്ച
യിച്ചു യാഗപീഠത്തിങ്കൽ ചെന്നു; താൻ
ഉണ്ടാക്കിയ കാളക്കുട്ടികൾക്കു യാഗം കഴി
ക്കേണ്ടതിനു അവൻ ബേഥേലിലും അങ്ങ
നെ തന്നെ ചെയ്തു; താൻ നിയമിച്ച പൂജാ
ഗിരി പുരോഹിതന്മാരെ അവൻ ബേഥേ
33 ലിൽ നിയമിച്ചു. അവൻ സ്വമേധയായി
നിശ്ചയിച്ച എട്ടാം മാസം പതിനഞ്ചാം
തീയതി താൻ ബേഥേലിൽ ഉണ്ടാക്കിയ
യാഗപീഠത്തിങ്കൽ ചെന്നു ഇസ്രായേൽ
മക്കൾക്കു ഒരു ഉത്സവം നിശ്ചയിച്ചു,
പീഠത്തിനരികെ ചെന്നു ധൂപം അർപ്പിച്ചു.

അദ്ധ്യായം 13

1 യെരോബെയാം ധൂപം അർപ്പി
ക്കുവാൻ പീഠത്തിന്നടുത്ത് നില്ക്കു
മ്പോൾതന്നെ ഒരു ദൈവപുരുഷൻ
കർത്താവിന്റെ കല്പനയാൽ യ
2 ഹൂദയിൽനിന്നു ബേഥേലിലേക്കു വ
ന്നു. അവൻ ദൈവകല്പനയാൽ യാഗ

പീഠത്തോടു: യാഗപീഠമേ, യാഗപീഠമേ, കർ
ത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു:
ദാവീദ് ഗൃഹത്തിൽ യോശീയാ എന്നു
പേരുള്ള ഒരു മകൻ ജനിക്കും; അവൻ നി
ന്റെ മേൽ ധൂപം അർപ്പിക്കുന്ന പൂജാഗിരി
പുരോഹിതന്മാരെ നിന്റെ മേൽ വച്ചു അറു
ക്കയും മനുഷ്യാസ്ഥികളെ നിന്റെമേൽ
ചുട്ടുകളയുകയും ചെയ്യും എന്നു വിളിച്ചു
പറഞ്ഞു. അവൻ അന്ന് ഒരു അടയാളവും
കൊടുത്തു; ഇതാ, ഈ യാഗപീഠം പിളർന്നു
അതിന്മേലുള്ള ചാരം തൂകിപ്പോകും; ഇതു
ദൈവം കല്പിച്ച അടയാളം എന്നു പറഞ്ഞു.
ദൈവപുരുഷൻ ബേഥേലിലെ യാഗപീഠ
ത്തിനു വിരോധമായി വിളിച്ചുപറഞ്ഞ വച
നം യെരോബെയാം രാജാവു കേട്ടപ്പോൾ,
അവൻ, യാഗപീഠത്തിങ്കൽനിന്നു കൈനീട്ടി;
അവനെ പിടിപ്പിൻ എന്നു കല്പിച്ചു; എങ്കി
ലും അവന്റെ നേരെ നീട്ടിയ അവന്റെ കൈ
വരണ്ടുപോയി, തിരികെ മടക്കുവാൻ കഴി
വില്ലാതെ ആയി. ദൈവപുരുഷൻ ദൈവ
കല്പനയാൽ കൊടുത്തിരുന്ന അട
യാളപ്രകാരം യാഗപീഠം പിളർന്നു ചാരം
യാഗപീഠത്തിൽനിന്നു തൂകിപ്പോയി. രാജാ
വു ദൈവപുരുഷനോടു: നീ നിന്റെ ദൈവ
മായ കർത്താവിനോടു കൃപയ്ക്കായി അപേ
ക്ഷിച്ച് എന്റെ കൈ മടങ്ങുവാൻ തക്ക
വണ്ണം എനിക്കുവേണ്ടി പ്രാർഥിക്കണം
എന്നു പറഞ്ഞു. ദൈവപുരുഷൻ കർത്താവി
നോട് അപേക്ഷിച്ചു; അപ്പോൾ രാജാവി
ന്റെ കൈ മടങ്ങി മുമ്പിലത്തെപ്പോലെ
ആയി. രാജാവു ദൈവപുരുഷനോടു: നീ
എന്നോടുകൂടെ അരമനയിൽ വന്നു അല്പം
ആശ്വസിച്ചുകൊൾക; ഞാൻ നിനക്കു ഒരു
സമ്മാനം തരും എന്നു പറഞ്ഞു. ദൈവ
പുരുഷൻ രാജാവിനോടു: നിന്റെ അരമന
യിൽ പകുതി തന്നാലും ഞാൻ നിന്നോടു
കൂടെ വരികയില്ല; ഈ സ്ഥലത്തുവച്ചു
ഞാൻ അപ്പം തിന്നുകയില്ല, വെള്ളം കുടി
ക്കയുമില്ല. നീ അപ്പം തിന്നരുത്, വെള്ളം
കുടിക്കരുത്, പോയവഴിയായി മടങ്ങിവരി
കയും അരുത് എന്നു കർത്താവ് എന്നോടു
കല്പിച്ചിരിക്കുന്നു എന്നു പറഞ്ഞു. അങ്ങ
നെ അവൻ ബേഥേലിലേക്കു വന്ന വഴി
യായി മടങ്ങാതെ മറെറാരു വഴിയായി
പോയി.
ബേഥേലിൽ വൃദ്ധനായൊരു പ്രവാച
കൻ പാർത്തിരുന്നു; അവന്റെ പുത്രന്മാർ
വന്നു ദൈവപുരുഷൻ ബേഥേലിൽ ചെയ്ത
കാര്യമെല്ലാം അവനോടു പറഞ്ഞു; അവൻ
രാജാവിനോടു പറഞ്ഞ വാക്കുകളും അവർ

ട പിതാവിനെ അറിയിച്ചു. അവ
താവു അവരോടു: അവൻ ഏതു
പോയി എന്നു ചോദിച്ചു. യഹൂദ
നു വന്ന ദൈവപുരുഷൻ പോയ
വൻെറ പുത്രന്മാർ കണ്ടിരുന്നു.
തൻെറ പുത്രന്മാരോടു: കഴുതയെ
ുവിൻ എന്നു പറഞ്ഞു. അവർ
ക്കു കോപ്പിട്ടുകൊടുത്തു; അവൻ
റ പുറത്തു കയറി ദൈവപുരുഷ
ന്നാലെ ചെന്നു; അവൻ ഒരു കരു
ത്തിൻെറ കീഴെ ഇരിക്കുന്നതു
ീ യഹൂദയിൽ നിന്നു വന്ന ദൈവ
നാ എന്നു അവനോടു ചോദിച്ചു.
അതേ എന്നു പറഞ്ഞു. അവൻ
ടു: നീ എന്നോടുകൂടെ വീട്ടിൽ
ക്ഷണം കഴിക്കണം എന്നു പറ
തിനു അവൻ: എനിക്കു നിന്നോടു
ാരികയോ നിൻെറ വീട്ടിൽ കയറു
ചയ്തുകൂടാ; ഞാൻ ഈ സ്ഥല
നിന്നോടുകൂടെ അപ്പം തിന്നുക
ള്ളം കുടിക്കയുമില്ല. നീ അവിടെ
പ്പം തിന്നരുതു; വെള്ളം കുടിക്ക
ായ വഴി മടങ്ങിവരികയും അരുത്
കർത്താവ് എന്നോടു കല്പി
ന്നു എന്നു പറഞ്ഞു. അതിനു
ഞാനും നിന്നെപ്പോലെ ഒരു
ൻ ആകുന്നു; അപ്പം തിന്നുകയും
കുടിക്കയും ചെയ്യേണ്ടതിനു നീ
നിൻെറ വീട്ടിൽ കൂട്ടിക്കൊണ്ടു
എന്നു ഒരു ദൂതൻ ദൈവ
യാൽ എന്നോടു പറഞ്ഞിരിക്കുന്നു
പറഞ്ഞു. അവൻ പറഞ്ഞതു
യിരുന്നു. അങ്ങനെ അവൻ അവ
ടെ ചെന്നു, അവൻെറ വീട്ടിൽ
പ്പം തിന്നുകയും വെള്ളം കുടിക്ക
്തു. അവർ ഭക്ഷണത്തിനിരിക്കു
അവനെ കൂട്ടിക്കൊണ്ടുവന്ന പ്രവാ
ർത്താവിൻെറ അരുളപ്പാടുണ്ടായി.
യഹൂദയിൽനിന്നു വന്ന ദൈവ
നാടു: നീ ദൈവവചനം മറു
ൻെറ ദൈവമായ കർത്താവ്
; കല്പിച്ചിരുന്ന കല്പന പ്രമാണി
അപ്പം തിന്നുകയും വെള്ളം കുടി
ചയ്യരുതെന്നു അവൻ നിന്നോട്
സ്ഥലത്തു നീ മടങ്ങിവന്നു അപ്പം
ും വെള്ളം കുടിക്കയും ചെയ്തതു
നിൻെറ ശവം നിൻെറ പിതാക്ക
കല്ലറയിൽ വരികയില്ല എന്നു
അരുളിച്ചെയ്യുന്നു എന്നു വിളിച്ചു
അപ്പം തിന്നുകയും വെള്ളം കുടി

ക്കുകയും ചെയ്തശേഷം താൻ കൂട്ടിക്കൊ
ണ്ടുവന്ന പ്രവാചകനുവേണ്ടി കഴുതയ്ക്കു
കോപ്പിട്ടു കൊടുത്തു. അവൻ പോകു 24
മ്പോൾ വഴിയിൽ ഒരു സിംഹം അവനെ
കണ്ടു അവനെ കൊന്നു; അവൻെറ ശവം
വഴിയിൽ കിടന്നു, കഴുത അതിൻെറ
അടുത്തു നിന്നു; സിംഹവും ശവത്തിൻെറ 25
അടുത്തു നിന്നു. വഴി പോകുന്ന ആളുകൾ
ശവം വഴിയിൽ കിടക്കുന്നതും ശവത്തിൻെറ
അടുക്കൽ സിംഹം നില്ക്കുന്നതും കണ്ടു:
വൃദ്ധനായ പ്രവാചകൻ പാർക്കുന്ന പട്ടണ
ത്തിൽ ചെന്ന് അറിയിച്ചു. അവനെ വഴി 26
യിൽ നിന്നു കൂട്ടിക്കൊണ്ടുവന്ന പ്രവാച
കൻ അതു കേട്ടപ്പോൾ: അവൻ ദൈവ
വചനം ലംഘിച്ച ദൈവപുരുഷൻ
തന്നെ; ദൈവം അവനോടു അരുളി
ച്ചെയ്ത വചനപ്രകാരം അവനെ സിംഹ
ത്തിനു ഏല്പിച്ചു; അതു അവനെ കീറി
കൊന്നുകളഞ്ഞു എന്നു പറഞ്ഞു.
പിന്നെ, അവൻ തൻെറ പുത്രന്മാരോടു: 27
കഴുതയ്ക്കു കോപ്പിട്ടു തരുവിൻ എന്നു പറ
ഞ്ഞു. അവർ അതു ചെയ്തു. അവൻ 28
ചെന്നപ്പോൾ ശവം വഴിയിൽ കിടക്കുന്നതും
ശവത്തിൻെറ അടുത്ത് കഴുതയും സിംഹ
വും നില്ക്കുന്നതും കണ്ടു; സിംഹം ശവത്തെ
തിന്നുകയോ കഴുതയെ കടിച്ചുകീറിക്കളയു
കയോ ചെയ്തില്ല. പ്രവാചകൻ ദൈവപുരുഷ 29
ൻെറ ശവം എടുത്ത് കഴുതപ്പുറത്തുവച്ച്
കൊണ്ടുവന്നു; വൃദ്ധനായ പ്രവാചകൻ
തൻെറ പട്ടണത്തിൽ എത്തി അവനെക്കു
റിച്ചു വിലപിച്ചു അവനെ അടക്കംചെയ്തു.
അവൻെറ ശവം അവൻ തൻെറ സ്വന്തകല്ലറ 30
യിൽ വച്ചിട്ടു അവനെക്കുറിച്ചു: അയ്യോ
എൻെറ സഹോദരാ എന്നിങ്ങനെ പറഞ്ഞു
അവർ വിലാപം കഴിച്ചു. അവനെ അടക്കം 31
ചെയ്തശേഷം അവൻ തൻെറ പുത്രന്മാ
രോടു: ഞാൻ മരിച്ചശേഷം നിങ്ങൾ എന്നെ
ദൈവപുരുഷനെ അടക്കം ചെയ്തിരിക്കുന്ന
കല്ലറയിൽ തന്നെ അടക്കംചെയ്യണം;
അവൻെറ അസ്ഥികളുടെ അരികെ എൻെറ
അസ്ഥികളും ഇടണം. അവൻ ബേഥേലി 32
ലെ യാഗപീഠത്തിനും ശമര്യപട്ടണങ്ങളി
ലെ സകല പൂജാഗിരിക്ഷേത്രങ്ങൾക്കും
വിരോധമായി ദൈവകല്പനപ്രകാരം
വിളിച്ചുപറഞ്ഞ വചനം നിശ്ചയമായി
സംഭവിക്കും എന്നു പറഞ്ഞു.
ഈ കാര്യം കഴിഞ്ഞിട്ടും യെരോബെ 33
യാം തൻെറ ദുർമാർഗം വിട്ടു തിരിയാതെ
പിന്നെയും സർവജനത്തിൽനിന്നും പൂജാ
ഗിരി പുരോഹിതന്മാരെ നിയമിച്ചു; പുരോ

ഹിത സ്ഥാനമോഹികൾ സമ്മാനം സമർ
34 പ്പിച്ചു പുരോഹിതരായി തീർന്നു. യെരോ
ബെയാം ഗൃഹത്തെ ഭൂമിയിൽനിന്നു ഉന്മൂല
നാശം ചെയ്യത്തക്കവണ്ണം ഈ കാര്യം
അവർക്കു പാപമായിത്തീർന്നു.

അദ്ധ്യായം 14

1 ആ കാലത്തു യെരോബെയാമിൻെറ
മകനായ അബീയാ രോഗബാധിതനായി.
2 യെരോബെയാം തൻെറ ഭാര്യയോടു: നീ
യെരോബെയാമിൻെറ ഭാര്യ എന്നു ആരും
അറിയാതെ വേഷം മാറി ശീലോവിലേക്കു
പോകണം; ഈ ജനത്തിനു ഞാൻ രാജാ
വാകും എന്നു എന്നോടു പറഞ്ഞ അഹീയാ
3 പ്രവാചകൻ അവിടെ ഉണ്ടല്ലോ. നിൻെറ
കയ്യിൽ പത്തു അപ്പവും കുറെ അടകളും
ഒരു തുരുത്തി തേനും എടുത്തു അവൻെറ
അടുക്കൽ ചെല്ലുക. കുട്ടിയുടെ കാര്യം
എന്താകും എന്നു അവൻ നിന്നെ അറിയി
4 ക്കും എന്നു പറഞ്ഞു. യെരോബെയാമി
ൻെറ ഭാര്യ അങ്ങനെതന്നെ ചെയ്തു; അവൾ
പുറപ്പെട്ടു ശീലോവിൽ അഹീയായുടെ
വീട്ടിൽ ചെന്നു; എന്നാൽ അഹീയായ്ക്കു
വാർദ്ധക്യം നിമിത്തം കണ്ണു മങ്ങിയിരുന്നതു
കൊണ്ടു കാണുവാൻ സാദ്ധ്യമല്ലായിരുന്നു.
5 എന്നാൽ കർത്താവ് അഹീയായോടു: യെ
രോബെയാമിൻെറ ഭാര്യ തൻെറ മകനെ
ക്കുറിച്ചു നിന്നോടു ചോദിക്കുവാൻ വരുന്നു;
അവൻ രോഗിയായി കിടക്കുന്നു; നീ അവ
ളോടു ഇന്നിന്നപ്രകാരം സംസാരിക്കണം;
6 അവൾ അകത്തു വരുമ്പോൾ അന്യസ്ത്രീ
യുടെ ഭാവം നടിക്കും എന്നു അരുളിച്ചെയ്തു.
അവൾ വാതിൽ കടക്കുമ്പോൾ അവളുടെ
കാലൊച്ച അഹീയാ കേട്ടിട്ടു പറഞ്ഞത്:
യെരോബെയാമിൻെറ ഭാര്യയേ, അകത്തു
വരിക; നീ ഒരു അന്യസ്ത്രീ എന്നു നടിക്കു
ന്നതു എന്തിന്? കഠിനവർത്തമാനം. നിന്നെ
അറിയിക്കുന്നതിനു എനിക്കു നിയോഗം
7 ഉണ്ട്. നീ ചെന്നു യെരോബെയാമി
നോടു ഇങ്ങനെ പറയുക: ഇസ്രായേ
ലിൻെറ ദൈവമായ കർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു: ഞാൻ ജനത്തിൻെറ
ഇടയിൽനിന്നു നിന്നെ ഉയർത്തി, എൻെറ
ജനമായ ഇസ്രായേലിനു രാജാവാക്കി,
8 രാജത്വം ദാവീദുഗൃഹത്തിൽനിന്നു കീറി
എടുത്തു നിനക്കു തന്നു; എങ്കിലും എൻെറ
കല്പനകളെ പ്രമാണിക്കുകയും എനിക്കു
പ്രസാദമുള്ളതു മാത്രം ചെയ്യുവാൻ പൂർണ്ണ
മനസ്സോടെ എന്നെ അനുസരിക്കുകയും
ചെയ്ത എൻെറ ദാസനായ ദാവീദിനെ
പ്പോലെ നീ ഇരിക്കാതെ നിനക്കു മുമ്പു 9
ണ്ടായിരുന്ന എല്ലാവരെക്കാളും അധികം
ദോഷംചെയ്തു; എന്നെ കോപിപ്പിക്കേ
ണ്ടതിനു ചെന്നു നിനക്കു അന്യദേവന്മാ
രെയും വിഗ്രഹങ്ങളെയും വാർത്ത് ഉണ്ടാ
ക്കി എന്നെ നിൻെറ പുറകിൽ എറിഞ്ഞു
കളഞ്ഞു. അതുകൊണ്ട് ഇതാ, ഞാൻ യെ 10
രോബെയാമിൻെറ ഗൃഹത്തിനു അനർത്ഥം
വരുത്തും, യെരോബെയാമിനുള്ള സ്വത
ന്ത്രനും അസ്വതന്ത്രനും ആയ പുരുഷപ്രജ
യെ എല്ലാം ഇസ്രായേലിൽനിന്നു ഛേദി
ക്കും. മുന്തിരിക്കുലകൾ പറിക്കപ്പെടുന്ന
തുപോലെ യെരോബെയാമിൻെറ ഗൃഹം
തീരെ നശിച്ചുപോകും. യെരോബെയാ 11
മിൻെറ സന്തതിയിൽ പട്ടണത്തിൽവെച്ചു
മരിക്കുന്നവനെ നായ്ക്കൾ തിന്നും; വയ
ലിൽ വച്ചു മരിക്കുന്നവനെ ആകാശത്തിലെ
പക്ഷികൾ തിന്നും; കർത്താവ് അതു
അരുളിച്ചെയ്തിരിക്കുന്നു. ആകയാൽ, നീ 12
എഴുന്നേററു വീട്ടിലേക്കു പോകുക; നിൻെറ
കാൽ പട്ടണത്തിനകത്തു ചവിട്ടുമ്പോൾ
കുട്ടി മരിച്ചുപോകും. ഇസ്രായേലെല്ലാം 13
അവനെക്കുറിച്ചു വിലപിച്ചു അവനെ
അടക്കംചെയ്യും; യെരോബെയാമിൻെറ
ഗൃഹത്തിൽവച്ചു അവനിൽ മാത്രം ഇസ്രാ
യേലിൻെറ ദൈവമായ കർത്താവിനു
പ്രസാദമുള്ള കാര്യം അല്പം കാണുകയാൽ
യെരോബെയാമിൻെറ സന്തതിയിൽ അവ
നെ മാത്രം കല്ലറയിൽ അടക്കംചെയ്യും.
ദൈവം തനിക്കു ഇസ്രായേലിൽ ഒരു 14
രാജാവിനെ എഴുന്നേല്പിക്കും; അവൻ
അന്നു യെരോബെയാമിൻെറ ഗൃഹത്തെ
ഛേദിച്ചുകളയും; എന്നാൽ ഇപ്പോൾത്തന്നെ
എന്ത്? ഇസ്രായേൽ അശേരാപ്രതിഷ്ഠകളെ 15
ഉണ്ടാക്കി ദൈവത്തെ കോപിപ്പിച്ചതു
കൊണ്ടു ഓട കാററിനാൽ ആടുന്നതുപോ
ലെ അവർ ആടത്തക്കവണ്ണം ദൈവം
അവരെ ആടിച്ചു. അവരുടെ പിതാക്കന്മാർ
ക്കു താൻ കൊടുത്ത ഈ നല്ല ദേശത്തു
നിന്നു ഇസ്രായേലിനെ പറിച്ചെടുത്തു
നദിക്കക്കരെ ചിതറിച്ചുകളയും. പാപം ചെ 16
യ്യുകയും ഇസ്രായേലിനെക്കൊണ്ടു പാപം
ചെയ്യിക്കുകയും ചെയ്ത യെരോബെയാ
മിൻെറ പാപം നിമിത്തം അവൻ ഇസ്രായേ
ലിനെ ഉപേക്ഷിച്ചുകളയും. യെരോബെ 17
യാമിൻെറ ഭാര്യ എഴുന്നേററു പുറപ്പെട്ടു
തിസ്സയിൽ വന്നു; അവൾ അരമനയുടെ
ഉമ്മരപ്പടി കടക്കുമ്പോൾ കുട്ടി മരിച്ചു;
കർത്താവ് തൻെറ ദാസനായ അഹീയാ 18
പ്രവാചകൻ മുഖാന്തിരം അരുളിച്ചെയ്ത

കാരം അവർ അവനെ അടക്കം
ഇസ്രായേലെല്ലാം അവനെക്കുറി
ാപം കഴിച്ചു. യെരോബെയാം
യ്തതും രാജ്യം വാണതുമായ അവ
ുള്ള വൃത്താന്തങ്ങൾ ഇസ്രായേൽ
ന്മാരുടെ വൃത്താന്തപുസ്തകത്തിൽ
യിരിക്കുന്നു. യെരോബെയാം
ലം ഇരുപത്തിരണ്ടു സംവത്സരം
ന്നു; അവൻ തൻെറ പിതാക്കന്മാരെ
ിദ്ര പ്രാപിച്ചു; അവൻെറ മകനായി
അവനുപകരം രാജാവായി.
ാമോൻെറ മകനായ രെഹബെയാം
ൽ ഭരിച്ചു. രെഹബെയാം വാഴ്ച
പ്പോൾ അവനു നാല്പത്തൊന്നു
ിരുന്നു; കർത്താവ് തൻെറ നാമം
ക്കുവാൻ എല്ലാ ഇസ്രായേൽ
ദളിൽനിന്നും തിരഞ്ഞെടുത്ത
യറുശലേമിൽ അവൻ പതിനേഴു
ം വാണു. അമ്മോന്യസ്ത്രീയായ
അമ്മയ്ക്കു നയമാ എന്നു പേർ.
ദൈവത്തിന് അനിഷ്ടമായുള്ളതു
അവർ ചെയ്ത പാപങ്ങൾമൂലം
പിതാക്കന്മാർ ചെയ്തതിനെ
ാധികം അവനെ കോപിപ്പിച്ചു.
ായന്നാൽ അവർ ഉയർന്ന കുന്നി
ക്കയും പച്ചമരത്തിൻ കീഴിലൊ
പൂജാഗിരികളും സ്തംഭവിഗ്രഹ
ശേരാപ്രതിഷ്ഠകളും ഉണ്ടാക്കി.
കളും ദേശത്തു ഉണ്ടായിരുന്നു;
ഇസ്രായേൽ മക്കളുടെ മുമ്പിൽ
ിക്കിക്കളഞ്ഞ ജാതികളുടെ സക
ന്തതകളും അവർ അനുകരിച്ചു.
യാം രാജാവിൻെറ അഞ്ചാം
മെസ്രേൻ രാജാവായ ശീശ
ലേമിന്നെതിരെ വന്നു, ദൈവാ
ല ഭണ്ഡാരവും രാജഭണ്ഡാരവും
വർന്നു; അവൻ മുഴുവനും
ചയ്തു; ശലോമോൻ ഉണ്ടാക്കിയ
ിചകളും എടുത്തു കൊണ്ടു
വയ്ക്കു പകരം രെഹബെയാം
താമ്രംകൊണ്ടു പരിചകൾ
രാജഗൃഹവാതിൽ കാക്കുന്ന
ായകന്മാരുടെ കയ്യിൽ ഏല്പി
ാവു ദൈവാലയത്തിൽ ചെ
അകമ്പടികൾ അവയെ ധരി
ന്നെ അകമ്പടികളുടെ അറയിൽ
കൊണ്ടുചെന്നു വയ്ക്കുകയും
രെഹബെയാമിൻെറ മററുള്ള
ങ്ങളും അവൻ ചെയ്തതെല്ലാം
ജാക്കന്മാരുടെ വൃത്താന്തപുസ്തക
ത്തിൽ എഴുതിയിരിക്കുന്നു. രെഹബെയാ 30
മിനും യെരോബെയാമിനും തമ്മിൽ ജീവ
പര്യന്തം യുദ്ധം ഉണ്ടായിരുന്നു. രെഹ 31
ബെയാം തൻെറ പിതാക്കന്മാരെപ്പോലെ
നിദ്രപ്രാപിച്ചു; അവൻെറ പിതാക്കന്മാ
രോടുകൂടെ ദാവീദിൻെറ നഗരത്തിൽ അവ
നെ അടക്കംചെയ്തു. അവൻെറ മകനായ
അബീയാ അവനു പകരം രാജാവായി.

അദ്ധ്യായം 15

നെബാത്തിൻെറ മകനായ യെരോബെ 1
യാം രാജാവിൻെറ പതിനെട്ടാം ആണ്ടിൽ
അബീയാ യഹൂദയിൽ ഭരണമാരംഭിച്ചു.
അവൻ മൂന്നു സംവത്സരം യറുശലേമിൽ 2
ഭരിച്ചു; അവൻെറ അമ്മയ്ക്കു മയഖാ എന്നു
പേർ; അവൾ അബേദ്ശെയുടെ മകൾ
ആയിരുന്നു. സ്വപിതാവ് മുമ്പ് ചെയ്തിരുന്ന 3
സകല പാപങ്ങളിലും അവൻ നടന്നു;
അവൻെറ ഹൃദയം അവൻെറ പിതാവായ
ദാവീദിൻെറ ഹൃദയംപോലെ അവൻെറ
ദൈവമായ കർത്താവിൽ ഏകാഗ്രമായിരു
ന്നില്ല. എങ്കിലും ദാവീദിൻ നിമിത്തം അവ 4
ൻെറ ദൈവമായ കർത്താവ് അവൻെറ
മകനെ അവൻെറ പിൻഗാമിയായി ഉയർത്തി
യെറുശലേമിനെ നിലനിർത്തിക്കൊണ്ടു
അവനു യറുശലേമിൽ ഒരു ദീപം നൽകി.
ദാവീദ് കർത്താവിനു പ്രസാദമായുള്ളതു 5
ചെയ്തു; ഹിത്യനായ ഊരീയായുടെ കാര്യ
ത്തിൽ മാത്രമല്ലാതെ അവൻ തന്നോടു
കല്പിച്ചതിൽ ഒന്നിലും തൻെറ ആയുഷ്കാ
ലത്തൊരിക്കലും വിട്ടുമാറിയില്ല. രെഹബെ 6
യാമും യെരോബെയാമും തമ്മിൽ ജീവ
പര്യന്തം യുദ്ധം ഉണ്ടായിരുന്നു. അബീയാ 7
മിൻെറ മററുള്ള വിവരങ്ങളും അവൻ
ചെയ്തതെല്ലാം യഹൂദാരാജാക്കന്മാരുടെ
ചരിത്രപുസ്തകത്തിൽ എഴുതിയിരിക്കു
ന്നു. അബീയാമും യെരോബെയാമും 8
തമ്മിലും യുദ്ധം ഉണ്ടായിരുന്നു. അബീയാം
സ്വപിതാക്കന്മാരെപ്പോലെ നിദ്രപ്രാപിച്ചു;
അവർ ദാവീദിൻെറ നഗരത്തിൽ അവനെ
സംസ്ക്കരിച്ചു; അവൻെറ മകനായ ആസാ
അവനു പകരം രാജാവായി.

ഇസ്രായേൽ രാജാവായ യെരോബെ 9
യാമിൻെറ ഇരുപതാം ആണ്ടിൽ ആസാ
യഹൂദയിൽ രാജാവായി. അവൻ നാല്പ 10
ത്തൊന്നു സംവത്സരം യറുശലേമിൽ
വാണു; അവൻെറ അമ്മയ്ക്കു മയഖാ എന്നു
പേർ; അവൾ അബ്ശാലോമിൻെറ മകൾ
ആയിരുന്നു. ആസാ തൻെറ പിതാവായ 11
ദാവീദിനെപ്പോലെ ദൈവത്തിനു പ്രസാദ

12 മായത് ചെയ്തു. അവൻ വ്യഭിചാരികളെ
ദേശത്തുനിന്നു പുറത്താക്കി, തൻെറ പിതാ
ക്കന്മാർ ഉണ്ടാക്കിയിരുന്ന സകല വിഗ്രഹ
13 ങ്ങളെയും നീക്കി, തൻെറ അമ്മയായ മയഖാ
അശേരയ്ക്കു ഒരു മ്ലേച്ഛവിഗ്രഹം ഉണ്ടാ
ക്കിയിരുന്നതുകൊണ്ട് അവൻ അവളെ
ശ്രേഷ്ഠസ്ഥാനത്തിൽനിന്നു നീക്കി; ആസാ
അവളുടെ മ്ലേഛവിഗ്രഹം വെട്ടിമുറിച്ചു കി
ദ്രോൻ തോട്ടിന്നരികെ വച്ചു ചുട്ടുകളഞ്ഞു.
14 എന്നാൽ പൂജാഗിരികൾക്കു നീക്കം വന്നില്ല.
എങ്കിലും ആസയുടെ ഹൃദയം അവൻെറ
ജീവകാലമെല്ലാം ദൈവത്തിങ്കൽ ഏകാഗ്ര
15 മായിരുന്നു. വെള്ളി, പൊന്ന്, ഉപകരണ
ങ്ങൾ എന്നിങ്ങനെ തൻെറ പിതാവ് കാഴ്ച
വച്ചതും താൻതന്നെ കാഴ്ചവച്ചതു
മായ വസ്തുക്കൾ അവൻ ദൈവാല
16 യത്തിലേക്കു കൊണ്ടുവന്നു. ആസയും
ഇസ്രായേൽ രാജാവായ ബയെശയും
തമ്മിൽ ജീവപര്യന്തം യുദ്ധം ഉണ്ടായിരുന്നു.
17 ഇസ്രായേൽ രാജാവായ ബയെശാ യഹൂദ
യുടെ നേരെ വന്നു, യഹൂദാരാജാവായ
ആസയുടെ അടുക്കൽ പോകുവാനും
വരുവാനും ആരെയും അനുവദിക്കാതിരി
18 ക്കാൻ റാമയെ പണിതുറപ്പിച്ചു. അപ്പോൾ,
ആസാ ദൈവാലയത്തിലെ ഭണ്ഡാ
രത്തിൽ ശേഷിച്ചിരുന്ന വെള്ളിയും
പൊന്നും രാജഗൃഹത്തിലെ ഭണ്ഡാരവും
എടുത്തു തൻെറ ഭൃത്യന്മാരുടെ കയ്യിൽ
ഏല്പിച്ചു; ആസാ രാജാവു ദമസ്കോസിൽ
പാർത്ത ഹെസ്യോൻെറ മകനായ തബ്രി
മ്മോൻെറ മകൻ ബെൻഹദദ് എന്ന അരാം
19 രാജാവിനു അവയെ കൊടുത്തയച്ചു: എനി
ക്കും നിനക്കും, എൻെറ പിതാവിനും നിൻെറ
പിതാവിനും തമ്മിൽ സഖ്യം ഉണ്ടല്ലോ;
ഇതാ, ഞാൻ നിനക്കു സമ്മാനമായി വെള്ളി
യും പൊന്നും കൊടുത്തയയ്ക്കുന്നു; ഇസ്രാ
യേൽ രാജാവായ ബയേശാ എന്നെ വിട്ടു
പോകേണ്ടതിനു നീ ചെന്നു അവനോടുള്ള
നിൻെറ സഖ്യം ഉപേക്ഷിക്കണം എന്നു പറ
20 യിച്ചു. ബെൻ-ഹദദ് ആസാ രാജാവിൻെറ
അപേക്ഷ കേട്ടു. തൻെറ സേനാധിപരെ
ഇസ്രായേൽ പട്ടണങ്ങൾക്കു നേരെ അയ
ച്ചു ഈയോനും ദാനും ആബേൽ ബേത്ത്
മയഖയും കിന്നെരോത്ത് മുഴുവനും നഫ്
21 താലിദേശമെല്ലാം പിടിച്ചടക്കി. ബയെശാ
അതു കേട്ടപ്പോൾ റാമ പണിയുന്നതു അവ
സാനിപ്പിച്ച് തിർസയിൽതന്നെ താമസി
22 ച്ചു. ആസാരാജാവു ഒരു വിളംബരം പ്രസി
ദ്ധമാക്കി, സർവയഹൂദയെയും വിളിച്ചുകൂട്ടി;
അവർ ചെന്നു ബയെശാ പണിതുറപ്പിച്ച
റാമയുടെ കല്ലും മരവും എടുത്തുകൊണ്ടു
വന്നു; ആസാരാജാവു അവകൊണ്ടു ബെ
ന്യാമീനിലെ ഗേബയും മിസ്ഫയും പണി
ത് ഉറപ്പിച്ചു. ആസയുടെ മററുള്ള സകല 23
കാര്യങ്ങളും അവൻെറ സകല വീര്യപ്രവൃ
ത്തികളും അവൻ ചെയ്തതെല്ലാം അവൻ
പട്ടണങ്ങൾ പണിതതും യഹൂദരാജാക്ക
ന്മാരുടെ ചരിത്രപുസ്തകത്തിൽ എഴുതി
യിരിക്കുന്നു. അവൻെറ വാർദ്ധക്യത്തിൽ
അവൻെറ കാലുകൾക്കു രോഗംബാധിച്ചു.
ആസാ തൻെറ പിതാക്കന്മാരെപ്പോലെ നിദ്ര 24
പ്രാപിച്ചു; തൻെറ പിതാവായ ദാവീദിൻെറ
നഗരത്തിൽ അവൻെറ പിതാക്കന്മാരുടെ
അടുക്കൽ അവനെ സംസ്കരിച്ചു; അവ
ൻെറ മകൻ യെഹോശാഫാത്ത് അവനു
പകരം രാജാവായി.

യഹൂദാരാജാവായ ആസയുടെ രണ്ടാം 25
ആണ്ടിൽ യെരോബെയാമിൻെറ മകനായ
നാദാബ് ഇസ്രായേലിൽ രാജാവായി;
അവൻ രണ്ടു സംവത്സരം ഇസ്രായേലിൽ
ഭരിച്ചു. അവൻ ദൈവത്തിനു അനിഷ്ട 26
മായതു ചെയ്തു; തൻെറ പിതാവിൻെറ വഴി
യിലും അവൻ ഇസ്രായേലിനെക്കൊണ്ടു
ചെയ്യിച്ച പാപത്തിലും ജീവിച്ചു. എന്നാൽ 27
ഇസ്സാഖാർ ഗോത്രക്കാരനായ അഹീയാ
യുടെ മകനായ ബയെശാ അവനു വിരോധ
മായി സംഘടിച്ചു; ഫെലിസ്ത്യർക്കുള്ള
ഗിബ്ബെഥോനിൽ വച്ചു അവനെ കൊന്നു;
നാദാബും എല്ലാ ഇസ്രായേലും ഗിബ്ബെഥോ
നെ വളഞ്ഞിരിക്കയായിരുന്നു. ബയെശാ 28
അവനെ യഹൂദാരാജാവായ ആസയുടെ
മൂന്നാം ആണ്ടിലാണ് കൊന്നത്. അവനു 29
പകരം രാജാവായി. അവൻ രാജാവായ ഉട
നെ യെരോബെയാം കുടുംബത്തെ മുഴു
വനും നിഗ്രഹിച്ചു; ദൈവം ശീലോന്യനാ
യ അഹീയാ എന്ന തൻെറ ദാസൻ മുഖാ
ന്തിരം അരുളിച്ചെയ്ത വചനപ്രകാരം അവൻ
യെരോബെയാമിനു, ശ്വാസമുള്ള ഒന്നി
നെയും ശേഷിപ്പിക്കാതെ അശേഷം സംഹ
രിച്ചു. യെരോബെയാം ചെയ്തതും ഇസ്രാ 30
യേലിനെക്കൊണ്ടു ചെയ്യിച്ചതുമായ പാപ
ങ്ങൾ നിമിത്തവും അവൻ ഇസ്രായേലി
ൻെറ ദൈവത്തെ കോപിപ്പിച്ചതു നിമി
ത്തവും അത്രെ. നാദാബിൻെറ മററുള്ള 31
കാര്യങ്ങളും അവൻ ചെയ്തതെല്ലാം
ഇസ്രായേൽ രാജാക്കന്മാരുടെ ചരിത്ര
പുസ്തകത്തിൽ എഴുതിയിരിക്കുന്നു;
ആസയും ഇസ്രായേൽ രാജാവായ ബയെ 32
ശയും തമ്മിൽ ആജീവനാന്തം യുദ്ധമുണ്ടാ
യിരുന്നു.

ദാരാജാവായ ആസയുടെ മൂന്നാം
അഹീയായുടെ മകനായ ബയെ
ാ ഇസ്രായേലിനും രാജാവായി
ൽ ഇരുപത്തിനാലു സംവത്സരം
അവൻ കർത്താവിനു അനിഷ്ട
ചയ്തു. യെരോബെയാമിൻെറ
അവൻ ഇസ്രായേലിനെക്കൊ
ിച്ച പാപത്തിലും ജീവിച്ചു.

അദ്ധ്യായം 16

ശയ്ക്കു വിരോധമായി ഹനാനി
ൻ യേഹൂവിനു കർത്താവിൻെറ
ുണ്ടായി: ഞാൻ നിന്നെ പൊടി
ുയർത്തി എൻെറ ജനമായ ഇസ്രാ
അധിപനാക്കി; നീയോ യെരോ
ാൻെറ വഴിയിൽ നടക്കയും തങ്ങ
ചങ്ങളാൽ എന്നെ കോപിപ്പിക്ക
ും എൻെറ ജനമായ ഇസ്രായേ
ാണ്ടു പാപംചെയ്യിക്കയും ചെയ്ക
ാ, ഞാൻ ബയെശയെയും അവ
ുംബത്തെയും മുഴുവൻ തൂത്തു
യും; നിൻെറ ഗൃഹത്തെ നെബാ
മകനായ യെരോബെയാമിൻെറ
പാലെ ആക്കും. ബയെശയുടെ
ൽ പട്ടണത്തിൽവെച്ചു മരിക്കു
ായ്ക്കൾ തിന്നും; വയലിൽവച്ചു
വനെ ആകാശത്തിലെ പക്ഷി
ും. ബയെശയുടെ മററു കാര്യ
ൻ ചെയ്തതും അവൻെറ വീര
ളും ഇസ്രായേൽ രാജാക്കന്മാ
്രപുസ്തകത്തിൽ എഴുതിയിരി
യെശാ തൻെറ പിതാക്കന്മാരെ
ിദ്രപ്രാപിച്ചു; അവനെ തിർസ്സ
ക്കംചെയ്തു; അവൻെറ മകൻ
നു പകരം രാജാവായി. ബയെശാ
വയാം കുടുംബത്തെപ്പോലെ
ൻെറ കൈകളുടെ പ്രവൃത്തി
വത്തെ കോപിപ്പിച്ചു തനിക്ക്
മായുള്ളവ ചെയ്യുകയും അ
ന്നുകളകയും ചെയ്തതുകൊ
നും അവൻെറ ഗൃഹത്തിനും
ായി ഹനാനിയുടെ മകനായ
വാചകൻ മുഖാന്തരം ദൈവ
ണ്ടായി.
ാരാജാവായ ആസയുടെ ഇരുപ
ആണ്ടിൽ ബയെശയുടെ മകൻ
ായേലിൽ രാജാവായി തിർസ
സംവത്സരം വാണു. എന്നാൽ,
പകുതിക്കു അധിപനായ സിമ്രി
ൻെറ സേവകൻ അവനു വിരോധ
മായി ഗൂഢാലോചനചെയ്തു, അവൻ തിർ
സയിൽ തിർസാരാജധാനി വിചാരകനായ
അർസയുടെ വീട്ടിൽ കുടിച്ചു ലഹരിക്കു
മ്പോൾ സിമ്രി അകത്തുകടന്നു യഹൂദാ 10
രാജാവായ ആസയുടെ ഇരുപത്തേഴാം
ആണ്ടിൽ അവനെ വധിച്ച് അവനു പകരം
രാജാവായി. അവൻ രാജാവായി സിംഹാ 11
സനത്തിൽ ഇരുന്ന ഉടനെ ബയെശയുടെ
കുടുംബത്തെ മുഴുവനും നിഗ്രഹിച്ചു; അവ
നാകട്ടെ അവൻെറ ചാർച്ചക്കാർക്കാകട്ടെ
പുരുഷപ്രജയായ ഒന്നിനെയും അവൻ
ശേഷിപ്പിച്ചില്ല. അങ്ങനെ ബയെശയും അവ 12
ൻെറ മകൻ ഏലയും അവരുടെ വ്യാജ
മൂർത്തികളാൽ ഇസ്രായേലിൻെറ ദൈവ
മായ കർത്താവിനെ കോപിപ്പിച്ചു, അവർ
ചെയ്തതും ഇസ്രായേലിനെക്കൊണ്ടു ചെ
യ്യിച്ചതുമായ സകല പാപങ്ങളും നിമിത്തം 13
കർത്താവ് യേഹൂ പ്രവാചകൻ മുഖാന്തരം
ബയെശയ്ക്കു വിരോധമായി അരുളിച്ചെയ്ത
വചനപ്രകാരം സിമ്രി ബയെശയുടെ കുല
ത്തെ മുഴുവനും നിഗ്രഹിച്ചു. ഏലയുടെ 14
മററുള്ള കാര്യങ്ങളും അവൻ ചെയ്തതെ
ല്ലാം ഇസ്രായേൽ രാജാക്കന്മാരുടെ ചരിത്ര
പുസ്തകത്തിൽ എഴുതിയിരിക്കുന്നു.

യഹൂദാ രാജാവായ ആസയുടെ ഇരു 15
പത്തേഴാം ആണ്ടിൽ സിമ്രി തിർസയിൽ
ഏഴു ദിവസം രാജാവായിരുന്നു; അന്നു
സൈന്യം ഫെലിസ്ത്യർക്കുള്ള ഗിബ്ബെഥോൻ
നിരോധിച്ചിരിക്കയായിരുന്നു. സിമ്രി സംഘം 16
ചേർന്നു രാജാവിനെ കൊന്നു എന്നു
സൈന്യം കേട്ടപ്പോൾ എല്ലാ ഇസ്രായേലും
അന്നുതന്നെ പാളയത്തിൽവച്ചു സേനാധി
പനായ ഒമ്രിയെ ഇസ്രായേലിനു രാജാ
വാക്കി വാഴിച്ചു. ഉടനെ ഒമ്രി എല്ലാ ഇസ്രാ 17
യേലുമായി ഗിബ്ബെഥോൻ വിട്ടുചെന്നു
തിർസയെ നിരോധിച്ചു. പട്ടണം പിടിപെട്ടു 18
എന്നു സിമ്രി കണ്ടപ്പോൾ രാജഗൃഹത്തി
ൻെറ ഉൾമുറിയിൽ കടന്ന് അരമനയ്ക്കു തീ
വച്ചു അതിൽ മരിച്ചു. അവൻ യെരോബെ 19
യാമിൻെറ വഴിയിലും അവൻ ഇസ്രായേലി
നെക്കൊണ്ടു ചെയ്യിച്ച പാപത്തിലും നടന്നു
കർത്താവിന് അനിഷ്ടമായവ പ്രവർത്തിച്ചു.
സിമ്രിയുടെ മററുള്ള കാര്യങ്ങളും അവൻ ഉ 20
ണ്ടാക്കിയ ഗൂഢാലോചനയും ഇസ്രായേൽ
രാജാക്കന്മാരുടെ ചരിത്രപുസ്തകത്തിൽ
എഴുതിയിരിക്കുന്നു.

അന്നു ഇസ്രായേൽ ജനം രണ്ടു 21
ഭാഗമായി പിരിഞ്ഞു; പകുതി ജനം
ഗീനത്തിൻെറ മകൻ തിബ്നിയുടെ
പക്ഷം ചേർന്നു. മററെ പകുതി ഒമ്രിയുടെ

22 പക്ഷത്തുമായി. എന്നാൽ ഒമ്രിയുടെ കൂടെ
ചേർന്ന ജനം ഗീനത്തിൻെറ മകൻ തിബ്നി
യുടെ കൂടെ ചേർന്ന ജനത്തെ തോല്പിച്ചു;
അങ്ങനെ തിബ്നി മരിച്ചുപോകുകയും
23 ഒമ്രി രാജാവാകുകയും ചെയ്തു. യഹൂദാരാജാ
വായ ആസയുടെ മുപ്പത്തൊന്നാം ആണ്ടിൽ
ഒമ്രി ഇസ്രായേലിൽ രാജാവായി പന്തീരാണ്ട്
ഭരിച്ചു; തിർസയിൽ അവൻ ആറു സംവ
24 ത്സരം ഭരിച്ചു. പിന്നെ അവൻ ശേമെറിനോടു
ശമറീൻമല രണ്ടു താലന്തു വെള്ളിക്കു വാ
ങ്ങി ആ മലമുകളിൽ പട്ടണം പണിതു; താൻ
പണിത പട്ടണത്തിനു മലയുടമസ്ഥനായി
രുന്ന ശേമെരിൻെറ പേരിൻപ്രകാരം ശമര്യാ
25 എന്നു പേരിട്ടു. ഒമ്രീ കർത്താവിന് അനി
ഷ്ടമായവ പ്രവർത്തിച്ചു; തനിക്കു മുമ്പു
26 ണ്ടായിരുന്ന എല്ലാവരെക്കാളും അധികം
ദോഷം ചെയ്തു. എങ്ങനെയെന്നാൽ അ
വൻ നെബാത്തിൻെറ മകനായ യെരോബെ
യാമിൻെറ എല്ലാ വഴിയിലും ഇസ്രായേലി
ൻെറ ദൈവമായ കർത്താവിനെ തങ്ങളുടെ
വിഗ്രഹങ്ങളാൽ കോപിപ്പിക്കത്തക്കവണ്ണം
ഇസ്രായേലിനെക്കൊണ്ടു പാപംചെയ്യിച്ച
27 പാപങ്ങ ളിലും നടന്നു. ഒമ്രി ചെയ്ത മററുള്ള
കാര്യങ്ങളും അവൻ ചെയ്ത വീര്യപ്രവൃത്തി
കളും ഇസ്രായേൽ രാജാക്കന്മാരുടെ ചരിത്ര
28 പുസ്തകത്തിൽ എഴുതിയിരിക്കുന്നു. ഒമ്രി
തൻെറ പിതാക്കന്മാരെപ്പോലെ നിദ്രപ്രാപി
ച്ചു; ശമര്യയിൽ അവനെ അടക്കംചെയ്തു.
അവൻെറ മകനായ ആഹാബ് അവനു
പകരം രാജാവായി.

29 യഹൂദാരാജാവായ ആസയുടെ മുപ്പ
ത്തെട്ടാം ആണ്ടിൽ ഒമ്രിയുടെ മകനായ
ആഹാബ് ഇസ്രായേലിൽ രാജാവായി;
ഒമ്രിയുടെ മകനായ ആഹാബ് ശമര്യയിൽ
30 ഇസ്രായേലിനെ ഇരുപത്തിരണ്ടു സംവ
ത്സരം ഭരിച്ചു. ഒമ്രിയുടെ മകനായ ആഹാബ്
അവൻെറ പൂർവികരായിരുന്ന എല്ലാവരെ
31 ക്കാളും അധികം ദൈവത്തിന് അനിഷ്ട
മായവ ചെയ്തു. നെബാത്തിൻെറ മകനായ
യെരോബെയാമിൻെറ പാപങ്ങളിൽ നട
ക്കുന്നതു പോരാ എന്നു തോന്നുമാറു
അവൻ സീദോന്യരാജാവായ എത്ത്-ബാലി
ൻെറ മകൾ ഇസബേലിനെ ഭാര്യയായി പരി
32 ഗ്രഹിക്കയും ബാലിനെ സേവിച്ചു നമസ്ക
രിക്കയും ചെയ്തു. താൻ ശമര്യയിൽ പണിത
ബാലിൻെറ ക്ഷേത്രത്തിൽ അവൻ ബാലി
33 നു ഒരു ബലിപീഠം ഉണ്ടാക്കി. ആഹാബ് ഒ
രു അശേരാ പ്രതിഷ്ഠയും ഉണ്ടാക്കി; അങ്ങ
നെ, ആഹാബ് ഇസ്രായേലിൻെറ ദൈവ
മായ കർത്താവിനെ കോപിപ്പിക്കത്തക്കവ
ണ്ണം തൻെറ പൂർവികരായ എല്ലാ ഇസ്രാ
യേൽ രാജാക്കന്മാരെക്കാളും അധികം ദോ
ഷംചെയ്തു. അവൻെറ കാലത്തു ബേഥേല്യ
നായ ഹീയേൽ, യെരീഹോ പണിതു: ദൈ
വം നൂൻെറ മകനായ യോശുവ മുഖാന്തിരം
അരുളിച്ചെയ്ത വചനപ്രകാരം അതിൻെറ
അടിസ്ഥാനം ഇട്ടപ്പോൾ അവനു അബീറാം
എന്ന മൂത്തമകനും അതിൻെറ പടിവാതിൽ
വച്ചപ്പോൾ ശെഹൂബ് എന്ന ഇളയ മകനും
നഷ്ടപ്പെട്ടു.

അദ്ധ്യായം 17

ഏലിയായും ഏലീശായും

ഗിലെയാദിലെ തിശ്ബിയിൽനിന്നുള്ള
തിശ്ബ്യനായ ഏലിയാ ആഹാബിനോടു:
ഞാൻ ആരാധിക്കുന്ന ഇസ്രായേലിൻെറ
ദൈവമായ കർത്താവിനാണ, ഞാൻ പറ
ഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴ
യും ഉണ്ടാകയില്ല എന്നു പറഞ്ഞു. പിന്നെ
അവനു ദൈവത്തിൻെറ അരുളപ്പാട് ഉണ്ടാ
യി. നീ ഇവിടെനിന്നു പുറപ്പെട്ടു കിഴക്കോട്ടു
ചെന്നു യോർദ്ദാനു കിഴക്കുള്ള കെരീത്ത്
തോട്ടിനരികെ ഒളിച്ചിരിക്കണം. തോട്ടിൽ
നിന്നു നീ കുടിച്ചുകൊള്ളണം; അവിടെനിന്ന
ക്കു ഭക്ഷണം തരുവാൻ ഞാൻ കാക്കയോടു
കല്പിച്ചിട്ടുണ്ട്. അങ്ങനെ അവൻ പോയി
ദൈവത്തിൻെറ കല്പനാനുസരണം ചെയ്തു;
അവൻ ചെന്നു യോർദ്ദാനു കിഴക്കുള്ള
കെരീത്ത് തോട്ടിനരികെ പാർത്തു. കാക്ക
അവനു രാവിലെ അപ്പവും ഇറച്ചിയും സന്ധ്യ
ക്കും അപ്പവും ഇറച്ചിയും കൊണ്ടുവന്നുകൊ
ടുത്തു; തോട്ടിൽനിന്നു അവൻ കുടിച്ചു.
എന്നാൽ, ദേശത്തു മഴ പെയ്യായ്കയാൽ
കുറെ ദിവസം കഴിഞ്ഞ് തോട് വററിപ്പോയി.
അപ്പോൾ അവനു ദൈവത്തിൻെറ
അരുളപ്പാടുണ്ടായി: നീ എഴുന്നേററു സീ
ദോനോടു ചേർന്ന സാരെഫാത്തിലേക്കു
പോയി അവിടെ താമസിക്കുക; നിന്നെ
പുലർത്തുവാൻ അവിടെയുള്ള ഒരു വിധവ
യോടു ഞാൻ കല്പിച്ചിരിക്കുന്നു. അങ്ങ
നെ അവൻ എഴുന്നേററു സാരെഫാത്തി
ലേക്കു പോയി. അവൻ പട്ടണവാതിൽക്കൽ
എത്തിയപ്പോൾ അവിടെ ഒരു വിധവ വിറകു
പെറുക്കിക്കൊണ്ടിരുന്നു. അവൻ അവളെ
വിളിച്ചു: എനിക്കു കുടിക്കുവാൻ ഒരു പാത്ര
ത്തിൽ കുറെ വെള്ളം കൊണ്ടുവരണമേ
എന്നു പറഞ്ഞു. അവൾ കൊണ്ടുവരുവാൻ
പോകുമ്പോൾ: ഒരു കഷണം അപ്പവും കൂടി
നിൻെറ കയ്യിൽ കൊണ്ടുപോരണമേ എന്നു

അവളോടു വിളിച്ചുപറഞ്ഞു. അതി
ൾ: അങ്ങയുടെ ദൈവമായ കർത്താ
കലത്തിൽ ഒരുപിടി മാവും തുരു
ൽ അല്പം എണ്ണയും മാത്രമല്ലാതെ
ഒരു അപ്പവും ഇല്ല. ഞാൻ ഇതാ,
പെറുക്കുന്നു; ഇതു കൊണ്ടുചെന്നു
ും മകനും വേണ്ടി പാകംചെയ്ത്
ഞങ്ങൾ തിന്നിട്ട് മരിപ്പാനിരിക്കയാ
നു പറഞ്ഞു. ഏലിയാ അവളോടു:
ടണ്ടാ; നീ ചെന്നു പറഞ്ഞതുപോ
യ്യുക; എന്നാൽ ആദ്യം എനിക്കു
ഒരു അട ഉണ്ടാക്കിക്കൊണ്ടുവര
ന്നെ നിനക്കും നിന്റെ മകനുംവേ
ണ്ടാക്കുക. ദൈവം ഭൂമിയിൽ മഴ
ുന്ന നാൾവരെ കലത്തിലെ മാവു
പോകുകയില്ല; ഭരണിയിലെ എണ്ണ
ുപോകുകയുമില്ല എന്നു ഇസ്രാ
ന്റെ ദൈവമായ ദൈവം അരുളി
ു എന്നു പറഞ്ഞു. അവൾ ചെന്നു
ാ പറഞ്ഞതുപോലെ ചെയ്തു;
ന അവളും അവനും അവളുടെ
ും ഏറിയ കാലം ആഹാരം കഴിച്ചു.
ഏലീയാമുഖാന്തിരം അരുളി
വചനപ്രകാരം കലത്തിലെ മാവു
ുപോയില്ല, ഭരണിയിലെ എണ്ണ
ുപോയുമില്ല. അനന്തരം വീട്ടുടമ
സ്ത്രീയുടെ മകൻ രോഗിയായി കിട
; രോഗം കഠിനപ്പെട്ടു. അവനിൽ
ഇല്ലാതെയായി. അപ്പോൾ അവൾ
ായോടു: അയ്യോ ദൈവപുരുഷാ,
ും നിനക്കും എന്തു? എന്റെ പാപം
ക്കുവാനും എന്റെ മകനെ കൊല്ലേ
ും ആണോ നീ എന്റെ അടുക്കൽ
എന്നു ചോദിച്ചു. അവൻ അവ
നിന്റെ മകനെ എനിക്കു തരിക
പറഞ്ഞു. അവനെ അവളുടെ മടി
ന്നെടുത്തു താൻ പാർത്തിരുന്ന
ുറിയിൽ കൊണ്ടുചെന്നു തന്റെ
ന്മേൽ കിടത്തി. അവൻ ദൈവ
: എന്റെ ദൈവമായ കർത്താവേ,
ന്നു പാർക്കുന്ന ഇവിടത്തെ വിധവ
കനെ കൊല്ലുവാൻ തക്കവണ്ണം നീ
ക്കു അനർത്ഥം വരുത്തിയല്ലോ
പ്രാർത്ഥിച്ചു പറഞ്ഞു. പിന്നെ അ
ാലന്റെ മേൽ മൂന്നു പ്രാവശ്യം
കിടന്നുരുമ്മി: എന്റെ ദൈവമായ
ാവേ, ഈ ബാലന്റെ പ്രാണൻ
ൽ മടങ്ങി വരുമാറാകണമെ എന്നു
വിനോടു പ്രാർത്ഥിച്ചു: കർത്താവ്
യുടെ പ്രാർത്ഥന കേട്ടു; ബാലന്റെ
പ്രാണൻ അവനിൽ മടങ്ങിവന്നു അവൻ
ജീവിച്ചു. ഏലീയാ ബാലനെ എടുത്തു 23
മാളികയിൽനിന്നു താഴെ കൊണ്ടുചെന്നു
അവന്റെ അമ്മയ്ക്കു കൊടുത്തു: ഇതാ,
നിന്റെ മകൻ ജീവിച്ചിരിക്കുന്നു എന്നു
ഏലീയാ പറഞ്ഞു. സ്ത്രീ ഏലീയായോടു: 24
അങ്ങ് ദൈവപുരുഷൻ എന്നും അങ്ങയു
ടെ നാവിന്മേൽ സത്യമായും കർത്താവിന്റെ
വചനം ഉണ്ടെന്നും ഞാൻ ഇതിനാൽ
അറിയുന്നു എന്നു പറഞ്ഞു.

അദ്ധ്യായം 18

വളരെ കാലം കഴിഞ്ഞ് മൂന്നാം സംവ 1
ത്സരത്തിൽ ഏലീയായ്ക്കു കർത്താവിന്റെ
അരുളപ്പാടുണ്ടായി: നീ ചെന്നു ആഹാബി
നു നിന്നെത്തന്നെ കാണിക്കുക; ഞാൻ ഭൂമി
യിൽ മഴ പെയ്യിക്കുവാൻ പോകുന്നു എന്നു
പറഞ്ഞു. ഏലീയാ ആഹാബിനു തന്നെ 2
ത്തന്നെ കാണിക്കുവാൻ പോയി; ക്ഷാമം
ശമര്യയിൽ കഠിനമായിരുന്നു. ആകയാൽ 3
ആഹാബ് തന്റെ ഗൃഹവിചാരകനായ
ഒബേദ്യാവിനെ ആളയച്ചുവരുത്തി; ഒബേ
ദ്യാ ദൈവത്തിങ്കൽ മഹാഭക്തനായി
രുന്നു. ഇസബേൽ ദൈവത്തിന്റെ പ്രവാച 4
കന്മാരെ കൊല്ലുമ്പോൾ ഒബേദ്യാ നൂറു
പ്രവാചകന്മാരെ കൂട്ടിക്കൊണ്ടു ചെന്നു
ഓരോ ഗുഹയിൽ അമ്പതു വീതം ഒളിപ്പിച്ചു
അപ്പവും വെള്ളവും കൊടുത്തു രക്ഷിച്ചു.
ആഹാബ് ഒബേദ്യായോട്: നീ നാട്ടിലുള്ള 5
എല്ലാ നീരുറവുകളുടെയും തോടുകളുടെ
യും അരികെ ചെന്നു നോക്കുക; മൃഗങ്ങൾ
എല്ലാം നശിച്ചുപോകാതെ കുതിരകളെയും
കോവർ കഴുതകളെയും എങ്കിലും ജീവ
നോടെ രക്ഷിക്കുവാൻ നമുക്കു പുല്ലു കിട്ടി
യേക്കും എന്നു പറഞ്ഞു. അവർ ദേശത്തു 6
കൂടി സഞ്ചരിക്കേണ്ടതിനു അതിനെ
തമ്മിൽ വിഭജിച്ചു; ആഹാബ് തനിച്ച് ഒരു
വഴിക്കു പോയി, ഒബേദ്യായും തനിച്ചു
മറ്റൊരു വഴിക്കു പോയി. ഒബേദ്യാ വഴിയിൽ 7
ഇരിക്കുമ്പോൾ ഏലീയാ നേരേ വരുന്നതു
കണ്ടു അവനെ അറിഞ്ഞ്, സാഷ്ടാംഗം
വീണു: എന്റെ യജമാനനായ ഏലിയായോ
എന്നു ചോദിച്ചു. അവൻ അവനോടു: അതേ, 8
ഞാൻ തന്നേ; നീ ചെന്നു ഏലീയാ ഇവിടെ
ഉണ്ടെന്നു നിന്റെ യജമാനനോടു ബോധി
പ്പിക്ക എന്നു പറഞ്ഞു. അതിനു അവൻ 9
പറഞ്ഞു: അടിയനെ കൊല്ലുവാൻ ആഹാ
ബിന്റെ കയ്യിൽ ഏല്പിക്കുവാൻ അടിയൻ
എന്തു പാപം ചെയ്തു? അങ്ങയുടെ ദൈവ 10
മായ കർത്താവിനാണ അങ്ങയെ അന്വേഷി

ക്കുവാൻ എൻെറ യജമാനൻ ആളെ അയ
യ്ക്കാത്ത ജാതിയും രാജ്യവും ഇല്ല; അങ്ങ്
അവിടെ ഇല്ല എന്നു അവർ പറഞ്ഞപ്പോൾ
അവൻ ആ രാജ്യത്തെയും ജാതിയെയും
കൊണ്ടു അങ്ങയെ കണ്ടിട്ടില്ല എന്നു
11 സത്യം ചെയ്യിച്ചു. ഇങ്ങനെയിരിക്കെ അങ്ങ്
എന്നോടു: ചെന്നു നിൻെറ യജമാനനോടു:
ഏലീയാ ഇവിടെ ഉണ്ടെന്നു ബോധിപ്പിക്ക
12 എന്നു കല്പിക്കുന്നുവല്ലോ. ഞാൻ അങ്ങ
യെ പിരിഞ്ഞുപോയ ഉടനെ കർത്താവിൻെറ
ആത്മാവു അങ്ങയെ ഞാൻ അറിയാത്ത
ഒരു സ്ഥലത്തേക്കു എടുത്തു കൊണ്ടു പോ
യേക്കും; ഞാൻ ആഹാബിനോടു ചെന്നറി
യിക്കയും അവൻ അങ്ങയെ കണ്ടെത്താതെ
ഇരിക്കയും ചെയ്താൽ അയാൾ എന്നെ
കൊല്ലുമല്ലോ; അടിയനോ ബാല്യം മുതൽ
13 ദൈവഭക്തൻ ആകുന്നു. ഇസബേൽ
കർത്താവിൻെറ പ്രവാചകന്മാരെ കൊല്ലു
മ്പോൾ ഞാൻ കർത്താവിൻെറ പ്രവാചക
ന്മാരിൽ നൂറുപേരെ ഓരോ ഗുഹയിൽ
അമ്പതു പേരായി ഒളിപ്പിച്ചു അപ്പവും
വെള്ളവും കൊടുത്തു രക്ഷിച്ച കാര്യം
14 യജമാനൻ അറിഞ്ഞിട്ടില്ലയോ? അങ്ങനെ
യിരിക്കെ അങ്ങ് എന്നോടു: ചെന്നു നിൻെറ
യജമാനനോടു: ഏലീയാ ഇവിടെ ഉണ്ടെന്നു
ബോധിപ്പിക്ക എന്നു കല്പിക്കുന്നുവോ?
15 അയാൾ എന്നെ കൊല്ലുമല്ലോ. അതിനു
ഏലീയാ: ഞാൻ ആരാധിക്കുന്ന ബല
വാനായ ദൈവം, ഞാൻ ഇന്നു അ
വനു എന്നെത്തന്നെ കാണിക്കും എന്നു
16 പറഞ്ഞു. അങ്ങനെ ഓബദ്യാ ആഹാബിനെ
ചെന്നുകണ്ടു വസ്തുത അറിയിച്ചു: ആഹാ
ബ് ഏലീയായെ കാണുവാൻ ചെന്നു.
17 ആഹാബ് ഏലിയായെ കണ്ടപ്പോൾ അവ
നോടു: ആർ ഇതു? ഇസ്രായേലിനെ കഷ്ട
പ്പെടുത്തുന്നവനോ എന്നു ചോദിച്ചു. അതി
18 നു അവൻ പറഞ്ഞതു: ഇസ്രായേലിനെ
കഷ്ടപ്പെടുത്തുന്നതു ഞാനല്ല, നീയും
നിൻെറ പിതൃഭവനവുമത്രെ. നിങ്ങൾ
ദൈവത്തിൻെറ കല്പനകളെ ഉപേക്ഷിക്കു
കയും നീ ബാൽവിഗ്രഹങ്ങളെ ചെന്നു
ആരാധിക്കുകയും ചെയ്യുന്നതുകൊണ്ടു
19 തന്നെ. എന്നാൽ ഇപ്പോൾ ആളയച്ച് എല്ലാ
ഇസ്രായേല്യരെയും ബാലിൻെറ നാനൂറ്റ
മ്പതു പ്രവാചകന്മാരെയും ഇസബേലിൻെറ
മേശയിങ്കൽ ഭക്ഷിച്ചു വരുന്ന നാനൂറു
അശേരാ പ്രവാചകന്മാരെയും കർമ്മേൽ
പർവ്വതത്തിൽ എൻെറ അടുക്കൽ കൂട്ടി
20 വരുത്തണം. അങ്ങനെ ആഹാബ് എല്ലാ
ഇസ്രായേൽ മക്കളുടെയും അടുക്കൽ
ആളയച്ചു കർമ്മേൽ പർവ്വതത്തിൽ ആ പ്ര
വാചകന്മാരെ കൂട്ടി. അപ്പോൾ ഏലീയാ അ 21
ടുത്തു ചെന്നു സർവ്വജനത്തോടും: നിങ്ങൾ
എത്രത്തോളം ഭാഗമായി പിരിഞ്ഞു നി
ല്ക്കും? കർത്താവാണ് ദൈവം എങ്കിൽ അവ
നെ അനുഗമിപ്പിൻ; ബാൽ എങ്കിലോ
അവനെ അനുഗമിപ്പിൻ എന്നു പറഞ്ഞു;
എന്നാൽ ജനം അവനോടു ഉത്തരം ഒന്നും
പറഞ്ഞില്ല. പിന്നെ ഏലീയാ ജനത്തോടു 22
പറഞ്ഞു: ദൈവത്തിൻെറ പ്രവാചകനായി
ഞാൻ ഒരുത്തൻ മാത്രമേ ശേഷിച്ചിരിക്കു
ന്നുള്ളു; ബാലിൻെറ പ്രവാചകന്മാരോ
നാനൂറ്റമ്പതു പേരുണ്ട്. ഞങ്ങൾക്കു രണ്ടു 23
കാളയെ തരണം; ഒരു കാളയെ അവർ
തിരഞ്ഞെടുത്തു കഷണങ്ങളായി മുറിച്ച് തീ
ഇടാതെ വിറകിന്മേൽ വയ്ക്കട്ടെ; മറ്റെ
കാളയെ ഞാനും ഒരുക്കി തീ ഇടാതെ വിറ
കിന്മേൽ വയ്ക്കാം. നിങ്ങൾ നിങ്ങളുടെ 24
ദേവൻെറ നാമത്തെ വിളിച്ചപേക്ഷിപ്പിൻ;
ഞാൻ ദൈവത്തിൻെറ നാമത്തെ വിളിച്ചപേ
ക്ഷിക്കും; തീ കൊണ്ടു ഉത്തരം അരുളുന്ന
ദൈവം തന്നെ ദൈവമെന്നു സമ്മതിക്കണം.
അതിനു ജനം എല്ലാം: സമ്മതിച്ചിരിക്കു
ന്നു എന്നു ഉത്തരം പറഞ്ഞു. പിന്നെ 25
ഏലീയാ ബാലിൻെറ പ്രവാചകരോടു:
നിങ്ങൾ ഒരു കാളയെ തിരഞ്ഞെടുത്തു
ആദ്യം ഒരുക്കിക്കൊള്ളുവിൻ; നിങ്ങൾ
അധികം പേരുണ്ടല്ലോ; എന്നിട്ടു തീ ഇടാതെ
നിങ്ങളുടെ ദേവൻെറ നാമത്തെ വിളിച്ചപേ
ക്ഷിപ്പിൻ എന്നു പറഞ്ഞു. അങ്ങനെ അവർ 26
ക്കു കൊടുത്ത കാളയെ അവർ എടുത്തു
ഒരുക്കി: ബാലേ, ഉത്തരമരുളേണമേ എന്നു
രാവിലെ തുടങ്ങി ഉച്ചവരെ ബാലിൻെറ
നാമത്തെ വിളിച്ചപേക്ഷിച്ചു. ഒരു ശബ്ദവും
ഉത്തരവും ഉണ്ടായില്ല! തങ്ങൾ ഉണ്ടാക്കിയ
ബലിപീഠത്തിനു ചുറ്റും അവർ തുള്ളിച്ചാടി
ക്കൊണ്ടിരുന്നു. ഉച്ചയായപ്പോൾ ഏലീയാ 27
അവരെ പരിഹസിച്ചു: ഉറക്കെ വിളിപ്പിൻ;
അവൻ ദേവനല്ലോ; അവൻ ധ്യാനിക്കയാ
യിരിക്കാം; അല്ലെങ്കിൽ വെളിക്കു പോയിരി
ക്കയാകുന്നു; അല്ലെങ്കിൽ യാത്രയിലാ
യിരിക്കും; അല്ലെങ്കിൽ പക്ഷേ ഉറങ്ങുകയാ
യിരിക്കാം; അവനെ ഉണർത്തണം എന്നു
പറഞ്ഞു. അവർ ഉറക്കെ വിളിച്ചു പതിവു 28
പോലെ രക്തം ഒഴുകുവോളം വാളുകൊ
ണ്ടും കുന്തംകൊണ്ടും തങ്ങളെത്തന്നെ
മുറിവേല്പിച്ചു. ഉച്ചകഴിഞ്ഞ് ഭോജനയാഗം 29
കഴിക്കുന്ന സമയംവരെ അവർ വെളിച്ചപ്പാടു
തുള്ളി; എന്നാൽ ഒരു ശബ്ദമോ ഉത്തരമോ
ശ്രദ്ധയോ ഉണ്ടായില്ല. അപ്പോൾ ഏലീയാ 30

പ്രവാചകന്മാരോട്: ഇനിയും നിങ്ങൾ
ൻ, ഞാനും എൻെറ യാഗം കഴിക്കട്ടെ
പറഞ്ഞു. അവർ മാറിപ്പോയി.
ാ; എൻെറ അടുക്കൽ വരുവിൻ
സർവ്വ ജനത്തോടും പറഞ്ഞു. സർവ്വ
അവൻെറ അടുക്കൽ ചെന്നു.
ദൈവത്തിൻെറ ഇടിഞ്ഞു കിടന്ന
ാം നന്നാക്കി; നിനക്കു ഇസ്രായേൽ
പേരുവരും എന്നു ദൈവത്തിൻെറ
ലഭിച്ച യാക്കോബിൻെറ പുത്രന്മാ
ാത്രസംഖ്യയ്ക്ക് ഒത്തവണ്ണം പന്ത്ര
ല്ല് എടുത്തു, കല്ലുകൊണ്ടു ദൈവ
ാ നാമത്തിൽ ഒരു യാഗപീഠം പണി
ാപീഠത്തിൻെറ ചുറ്റും രണ്ടു സെയാ
ിതയ്ക്കുവാൻ മതിയായ വിസ്താ
ഒരു തോട് ഉണ്ടാക്കി. പിന്നെ
വിറകു അടുക്കി കാളയെ കഷണ
ി വിറകിൻ മീതെ വച്ചു; നാലു
ിൽ വെള്ളം നിറച്ചു ഹോമയാഗ
ലും വിറകിന്മേലും ഒഴിപ്പിൻ എന്നു
. രണ്ടാമതും അങ്ങനെ ചെയ്യുവിൻ
ാവൻ പറഞ്ഞു. അവർ രണ്ടാമതും
ന ചെയ്തു; അതിൻെറ ശേഷം:
തും അങ്ങനെ ചെയ്യുവിൻ എന്നു
പറഞ്ഞു. അവർ മൂന്നാമതും
. വെള്ളം യാഗപീഠത്തിൻെറ ചുറ്റും
അവർ തോട്ടിലും വെള്ളം നിറച്ചു.
യാഗം കഴിക്കുന്ന നേരമായപ്പോൾ
ാ പ്രവാചകൻ അടുത്തു ചെന്നു:
ഹാമിൻെറയും ഇസഹാക്കിൻെറയും
യലിൻെറയും ദൈവമായ കർത്താ
ായേലിൽ നീ ദൈവമെന്നും ഞാൻ
ദാസൻ എന്നും ഈ കാര്യങ്ങളെല്ലാം
നിൻെറ കല്പനപ്രകാരം ആണ്
ത് എന്നും ഇന്നു വെളിപ്പെട്ടു വര
കർത്താവേ, എന്നോടു ഉത്തരമരു
; നീയാണ് ദൈവം; നീ തങ്ങളുടെ
വീണ്ടും തിരിച്ചു എന്നു ഈ ജനം
ണ്ടതിനു എന്നോട് ഉത്തരമരുളേ
എന്നു പറഞ്ഞു. ഉടനെ ദൈവ
ാ അഗ്നി ഇറങ്ങി ഹോമയാഗവും
മണ്ണും ദഹിപ്പിച്ചു തോട്ടിലെ വെള്ള
ിച്ചുകളഞ്ഞു. ജനമെല്ലാം അതു
വിണ്ണുവീണു: കർത്താവ് തന്നെ
കർത്താവ് തന്നെ ദൈവം എന്നു
. ഏലീയാ അവരോടു: ബാലിൻെറ
ന്മാരെ പിടിപ്പിൻ; അവരിൽ ഒരു
ാടിപ്പോകരുത് എന്നു പറഞ്ഞു.
അവരെ പിടിച്ചു; ഏലീയാ അവരെ
ീശോൻ തോട്ടിനരികെ കൊണ്ടു

ചെന്നു അവിടെവച്ചു വെട്ടിക്കൊന്നു. പിന്നെ
ഏലീയാ ആഹാബിനോടു: നീ ചെന്നു 41
ഭക്ഷിച്ചു പാനം ചെയ്തുകൊൾക; വലിയ
മഴയുടെ മുഴക്കം ഉണ്ട് എന്നു പറഞ്ഞു.
ആഹാബ് ഭക്ഷിച്ചു പാനം ചെയ്യുവാൻ മല 42
കയറിപ്പോയി. ഏലീയാ കർമ്മേൽ
പർവ്വതത്തിൻെറ മുകളിൽ കയറി നിലത്തു
കുനിഞ്ഞു മുഖം തൻെറ മുഴങ്കാലുകളുടെ
നടുവിൽ വച്ചു, തൻെറ ഭൃത്യനോടു: നീ 43
ചെന്നു കടലിനു നേരെ നോക്കു എന്നു പറ
ഞ്ഞു. അവൻ ചെന്നു നോക്കിയിട്ട്: ഒന്നും
ഇല്ല എന്നു പറഞ്ഞു. അതിനു അവൻ: ഏഴു
പ്രാവശ്യം ചെല്ലുക എന്നു പറഞ്ഞു. ഏഴാം
പ്രാവശ്യമോ അവൻ: ഇതാ, കടലിൽനിന്ന് 44
ഒരു മനുഷ്യൻെറ കൈപോലെ ഒരു ചെറിയ
മേഘം പൊങ്ങുന്നുണ്ട് എന്നു പറഞ്ഞു.
അതിനു അവൻ: നീ ചെന്നു ആഹാബി
നോടു: മഴ നിന്നെ വിഘ്നപ്പെടുത്താതിരി
ക്കേണ്ടതിനു രഥം തയാറാക്കി ഇറങ്ങിപ്പോ
കുക എന്നു ബോധിപ്പിക്ക എന്നു പറഞ്ഞു,
ക്ഷണത്തിൽ ആകാശം, മേഘവും കാറ്റും 45
കൊണ്ടു ഇരുണ്ടു, വന്മഴ പെയ്തു. ആഹാ
ബ് രഥം കയറി ജെസ്രീലിലേക്കു പോയി.
എന്നാൽ കർത്താവിൻെറ കൈ ഏലീയാ 46
യുടെ മേൽ വന്നു; അവൻ അര മുറുക്കി
ക്കൊണ്ടു ജെസ്രിയേലിൽ എത്തുന്നതു
വരെ ആഹാബിനു മുമ്പായി ഓടി.

അദ്ധ്യായം 19

ഏലീയാ ചെയ്തതെല്ലാം അവൻ സകല 1
പ്രവാചകന്മാരെയും വാൾകൊണ്ടു കൊന്ന
വിവരവും ആഹാബ് ഇസബേലിനോടു
പറഞ്ഞു. ഇസബേൽ ഏലിയായുടെ അടു 2
ക്കൽ ഒരു ദൂതനെ അയച്ചു: നാളെ ഈ
നേരത്തു ഞാൻ നിൻെറ ജീവനെ അവരിൽ
ഒരുത്തൻെറ ജീവനെപ്പോലെ ആക്കുന്നില്ല
എങ്കിൽ ദേവന്മാർ എന്നോടു തക്കവണ്ണവും
അധികവും ചെയ്യുമാറാകട്ടെ എന്നു പറ
യിച്ചു. അവൻ ഭയപ്പെട്ടു എഴുന്നേറ്റു ജീവ 3
രക്ഷയ്ക്കായി പുറപ്പെട്ടു യഹൂദ്യയിൽ പെട്ട
ബേർശേബയിൽ ചെന്നു അവിടെ തൻെറ
ഭൃത്യനെ താമസിപ്പിച്ചു. താനോ, മരുഭൂമി 4
യിൽ ഒരു ദിവസത്തെ വഴി ചെന്നു ഒരു ചൂര
ച്ചെടിയുടെ തണലിൽ ഇരുന്നു മരിക്കുവാൻ
ഇച്ഛിച്ചു: എനിക്കു മതിയായി, കർത്താ
വേ, എൻെറ പ്രാണനെ എടുത്തുകൊള്ളണ
മേ; ഞാൻ എൻെറ പിതാക്കന്മാരെക്കാൾ
നല്ലവനല്ലല്ലോ എന്നു പറഞ്ഞു. അങ്ങനെ 5
അവൻ ചൂരച്ചെടിയുടെ തണലിൽ കിടന്നുറ
ങ്ങുമ്പോൾ പെട്ടെന്ന് ഒരു ദൂതൻ അവനെ

തൊട്ട് അവനോട് എഴുന്നേറ്റു ഭക്ഷിക്കുക
6 എന്നു പറഞ്ഞു. അവൻ ഉണർന്നു നോക്കി
യപ്പോൾ കനലിന്മേൽ ചുട്ട ഒരു അടയും
ഒരു തുരുത്തി വെള്ളവും തലയ്ക്കൽ
ഇരിക്കുന്നതു കണ്ടു; അവൻ തിന്നു കുടിച്ചു
7 പിന്നെയും കിടന്നുറങ്ങി. ദൈവത്തിന്റെ
ദൂതൻ രണ്ടാമതും വന്ന് അവനെ തൊട്ടു:
എഴുന്നേറ്റു ഭക്ഷിക്കുക; നിനക്കു ദൂരയാത്ര
8 ചെയ്യുവാനുണ്ടല്ലോ എന്നു പറഞ്ഞു. അ
വൻ എഴുന്നേറ്റു തിന്നു കുടിച്ചു; ആ ആഹാ
രത്തിന്റെ ബലംനിമിത്തം നാല്പതു പക
ലും നാല്പതു രാവും ദൈവത്തിന്റെ പർവ്വ
തമായ ഹോരേബ്‌വരെ നടന്നു. അവിടെ
9 അവൻ ഒരു ഗുഹയിൽ കടന്നു രാപാർത്തു:
അപ്പോൾ അവനു ദൈവത്തിന്റെ അരുള
പ്പാടുണ്ടായി, അവനോടു: ഏലീയായേ,
ഇവിടെ നീ എന്തു ചെയ്യുകയാകുന്നു എന്നു
10 ചോദിച്ചു. അവൻ: സൈന്യങ്ങളുടെ ദൈവ
മായ കർത്താവിനു വേണ്ടി ഞാൻ വളരെ
ഉത്സാഹിച്ചിരിക്കുന്നു; ഇസ്രായേൽ മക്കൾ
നിന്റെ നിയമത്തെ ഉപേക്ഷിച്ച് നിന്റെ
യാഗപീഠങ്ങളെ ഇടിച്ചു നിന്റെ പ്രവാച
കന്മാരെ വാൾകൊണ്ടു കൊന്നുകളഞ്ഞു;
ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു;
അവർ എനിക്കും ജീവഹാനി വരുത്തുവാൻ
11 നോക്കുന്നു എന്നു പറഞ്ഞു. നീ പുറത്തു
വന്നു പർവ്വതത്തിൽ ദൈവത്തിന്റെ മു
മ്പാകെ നില്ക്ക എന്ന് അവൻ കല്പിച്ചു.
അപ്പോൾ ഇതാ, ദൈവം കടന്നു പോകു
ന്നു; ശക്തിയുള്ള ഒരു കൊടുങ്കാറ്റു ദൈവ
ത്തിന്റെ മുൻപിൽ പർവ്വതങ്ങളെ കീറി പാറ
കളെ തകർത്തു. എന്നാൽ കാറ്റിൽ ദൈവം
ഇല്ലായിരുന്നു; കാറ്റിന്റെ ശേഷം ഒരു
12 ഭൂകമ്പം ഉണ്ടായി; ഭൂകമ്പത്തിലും ദൈവം
ഇല്ലായിരുന്നു. ഭൂകമ്പത്തിന്റെ ശേഷം ഒരു
അഗ്നി; അഗ്നിയിലും ദൈവം ഇല്ലായിരു
ന്നു; അഗ്നിയുടെ ശേഷം സാവധാനത്തിൽ
13 ഒരു മൃദുസ്വരം ഉണ്ടായി. ഏലീയാ അതു
കേട്ടിട്ടു തന്റെ പുതപ്പു കൊണ്ടു മുഖംമൂടി
പുറത്തു വന്നു ഗുഹാമുഖത്തു നിന്നു:
ഏലീയാ, ഇവിടെ നീ എന്തു ചെയ്യുന്നു
എന്നു ചോദിക്കുന്ന ഒരു ശബ്ദം അവൻ
14 കേട്ടു. അതിന് അവൻ: ബലവാനായ
ദൈവമായ കർത്താവിനു വേണ്ടി ഞാൻ
വളരെ ഉത്സാഹിച്ചിട്ടുണ്ട്; ഇസ്രായേൽ
മക്കൾ നിന്റെ നിയമത്തെ ഉപേക്ഷിച്ചു,
നിന്റെ യാഗപീഠങ്ങളെ ഇടിച്ചു, നിന്റെ
പ്രവാചകന്മാരെ വാൾകൊണ്ടു കൊന്നുകള
ഞ്ഞു; ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരി
ക്കുന്നു; എനിക്കും അവർ ജീവഹാനി
വരുത്തുവാൻ നോക്കുന്നു എന്നു പറഞ്ഞു.
ദൈവം അവനോട് അരുളിച്ചെയ്തു: നീ 15
പുറപ്പെട്ടു ദമസ്ക്കോസിന്റെ മരുഭൂമിവഴി
യായി മടങ്ങിപ്പോകുക; നീ ചെന്നെത്തു
മ്പോൾ ഹസായേലിനെ അരാമിനു രാജാ
വായിട്ട് അഭിഷേകം ചെയ്യുക. നിംശിയുടെ 16
മകൻ യേഹൂവിനെ ഇസ്രായേലിനു രാജാ
വായി അഭിഷേകം ചെയ്യണം; ആബേൽ
മെഹോലയിൽ നിന്നുള്ള സാഫാത്തിന്റെ
മകനായ എലീശയെ നിനക്കു പകരം പ്രവാ
ചകനായിട്ട് അഭിഷേകം ചെയ്യുകയും
വേണം. ഹസായേലിന്റെ വാളിൽനിന്നു 17
രക്ഷപെടുന്നവനെ യേഹൂ കൊല്ലും; യേഹൂ
വിന്റെ വാളിൽനിന്നു തെറ്റിപ്പോകുന്നവ
നെ എലീശാ കൊല്ലും. എന്നാൽ ബാലിനു 18
മടങ്ങാത്ത മുഴങ്കാലും അവനെ ചുംബനം
ചെയ്യാത്ത വായുമുള്ളവരായി ആകെ ഏഴാ
യിരം പേരെ ഞാൻ ഇസ്രായേലിൽ ശേഷി
പ്പിച്ചിട്ടുണ്ട്. അങ്ങനെ അവൻ അവിടെ 19
നിന്നു പുറപ്പെട്ടു സാഫാത്തിന്റെ മകനായ
എലീശയെ കണ്ടെത്തി; അവൻ പന്ത്രണ്ടു
ഏർ കാളപൂട്ടി ഉഴുവിച്ചുകൊണ്ടിരുന്നു;
പന്ത്രണ്ടാമത്തേതിനോടു കൂടെ അവൻ
തന്നെ ആയിരുന്നു; ഏലീയാ അവന്റെ
അരികെ ചെന്നു തന്റെ പുതപ്പു അവന്റെ
മേൽ ഇട്ടു. അവൻ കാളയെ വിട്ടു ഏലീയാ 20
യുടെ പിന്നാലെ ഓടി: ഞാൻ എന്റെ
അപ്പനെയും അമ്മയെയും ചുംബിച്ചുകൊ
ള്ളട്ടെ; അതിനു ശേഷം ഞാൻ അങ്ങയുടെ
പിന്നാലെ വരാം എന്നു പറഞ്ഞു. അതിനു
അവൻ: പോയി വരിക; എന്നാൽ ഞാൻ
നിനക്കു എന്തു ചെയ്തിരിക്കുന്നു എന്നോർ
ക്കണം എന്നു പറഞ്ഞു. അങ്ങനെ അവൻ 21
അവനെ വിട്ടുപോയി ഒരു ഏർ കാളയെ
പിടിച്ചു അറുത്തു കാളയുടെ മരക്കോപ്പു
കൊണ്ടു മാംസം പാകം ചെയ്തു ജനത്തിനു
കൊടുത്തു; അവർ തിന്നു; പിന്നെ അവൻ
എഴുന്നേറ്റു ഏലീയായെ അനുഗമിച്ചു
അവനു ശുശ്രൂഷകനായിത്തീർന്നു.

അദ്ധ്യായം 20

അരാം രാജാവായ ബെൻ-ഹദദ് സൈ 1
ന്യത്തെ ശേഖരിച്ചു; അവനോടു കൂടെ മുപ്പ
ത്തിരണ്ടു രാജാക്കന്മാരും കുതിരകളും രഥ
ങ്ങളും ഉണ്ടായിരുന്നു; അവൻ വന്നു ശമ
ര്യയെ നിരോധിച്ചു അതിനെതിരെ യുദ്ധം
ചെയ്തു. അവൻ ഇസ്രായേൽ രാജാവായ 2
ആഹാബിന്റെ അടുക്കൽ പട്ടണത്തിലേ
ക്കു ദൂതന്മാരെ അയച്ചു, നിന്റെ വെള്ളിയും 3
പൊന്നും എനിക്കുള്ളതു, നിന്റെ സുന്ദരിക

ാര്യമാരും പുത്രന്മാരും എനിക്കുള്ള
ന്നിങ്ങനെ ബെൻഹദദ് പറയുന്നു
പറയിച്ചു. അതിനു ഇസ്രായേൽ
എൻെറ യജമാനനായ രാജാവേ,
പറഞ്ഞതുപോലെ ഞാനും എനി
താക്കെയും അങ്ങയ്ക്കുള്ളതുത
ന്നു പറഞ്ഞയച്ചു. ദൂതന്മാർ വീണ്ടും
ബെൻഹദദ് ഇപ്രകാരം പറയുന്നു:
പൊന്നും വെള്ളിയും നിൻെറ ഭാര്യ
ം നിൻെറ പുത്രന്മാരെയും എനിക്കു
മെന്നു ഞാൻ പറഞ്ഞയച്ചുവല്ലോ;
ഈ നേരത്തു ഞാൻ എൻെറ ഭൃത്യ
നിൻെറ അടുക്കൽ അയയ്ക്കും;
നിൻെറ അരമനയും നിൻെറ ഭൃത്യ
വീടുകളും പരിശോധിച്ച് അവർക്കു
ള്ളതെല്ലാം കൊണ്ടുപോരും എന്നു
. അപ്പോൾ ഇസ്രായേൽ രാജാവു
ത എല്ലാ മൂപ്പന്മാരെയും വരുത്തി:
ദോഷം ഭാവിക്കുന്നതു കാണ്മിൻ;
ഭാര്യമാരെയും പുത്രന്മാരെയും
വെള്ളിയും പൊന്നും അവൻ ആള
ാദിച്ചു; എന്നാൽ ഞാൻ വിരോധി
ന്നു പറഞ്ഞു. എല്ലാ മൂപ്പന്മാരും
ജനവും അവനോടു: നീ കേൾക്ക
സമ്മതിക്കയും അരുതു എന്നു പറ
കയാൽ അവൻ ബെൻഹദദിൻെറ
രോടു: നിങ്ങൾ എൻെറ യജമാ
രാജാവിനോടു: നീ ആദ്യം അടിയ
ടുക്കൽ പറഞ്ഞയച്ചതെല്ലാം ചെയ്യു
ം; എന്നാൽ ഈ കാര്യം എനിക്കു
ാൻ സാദ്ധ്യമല്ല എന്നു ബോധിപ്പി
എന്നു പറഞ്ഞു. ദൂതന്മാർ ചെന്നു
പടി അറിയിച്ചു. ബെൻ-ഹദദ് അവ
ടുക്കൽ ആളയച്ചു: എന്നോടു കൂടെ
ല്ലാ സൈന്യത്തിനും ഓരോ കൈ
രുവാൻ ശമര്യയിലെ മണ്ണ് മതിയാ
ൽ ദേവന്മാർ എന്നോടു തക്കവണ്ണ
ികവും ചെയ്യട്ടെ എന്നു പറയിച്ചു.
ഇസ്രായേൽ രാജാവു: വാൾ അര
കെട്ടുന്നവൻ അഴിച്ചു കളയുന്നവനെ
വമ്പു പറയരുതു എന്ന് അവനോടു
ം എന്നു പറഞ്ഞു. എന്നാൽ അവ
ജാക്കന്മാരും മണിപ്പന്തലിൽ മദ്യ
കാണ്ടിരിക്കുമ്പോൾ ഈ വാക്കു
തൻെറ ഭൃത്യന്മാരോടു: ഒരുങ്ങി
ിൻ എന്നു കല്പിച്ചു; അങ്ങനെ
ട്ടണത്തിനു നേരെ യുദ്ധത്തിനൊ
രു പ്രവാചകൻ ഇസ്രായേൽ രാജാ
ആഹാബിൻെറ അടുക്കൽ വന്നു:
ഇപ്രകാരം അരുളിച്ചെയ്യുന്നു: ഈ

വലിയ കൂട്ടത്തെ നീ കണ്ടുവോ? ഞാൻ
ഇന്ന് അതിനെ നിൻെറ കയ്യിൽ ഏല്പി
ക്കും; ഞാൻ ദൈവം എന്നു നീ അറിയും
എന്നു പറഞ്ഞു. ആരെക്കൊണ്ടു എന്നു 14
ആഹാബ് ചോദിച്ചതിനു അവൻ: ദേശാധി
പതികളേയും ബാല്യക്കാരെയുംകൊണ്ടു
എന്നു ദൈവം അരുളിച്ചെയ്യുന്നു എന്നു
പറഞ്ഞു. ആർ യുദ്ധം തുടങ്ങേണം എന്നു
ചോദിച്ചതിനു: നീ തന്നെ എന്നു അവൻ
ഉത്തരം പറഞ്ഞു. അവൻ ദേശാധിപതിക 15
ളുടെ യുവാക്കളെ എണ്ണിനോക്കി; അവർ
ഇരുന്നൂററിമുപ്പത്തിരണ്ടു പേരായിരുന്നു:
പിന്നീട് അവൻ ഇസ്രായേൽ മക്കളുടെ
സൈന്യത്തെയെല്ലാം എണ്ണി ഏഴായിരം
എന്നു കണ്ടു. അവർ ഉച്ചയ്ക്കു പുറപ്പെട്ടു; 16
എന്നാൽ ബെൻ-ഹദദ് തനിക്കു സഹായമാ
യിരുന്ന മുപ്പത്തിരണ്ടു രാജാക്കന്മാരോടു
കൂടെ മണിപ്പന്തലിൽ മദ്യമത്തനായിരുന്നു.
ദേശാധിപതികളുടെ ബാല്യക്കാരും ആദ്യം 17
പുറപ്പെട്ടു; ബെൻ-ഹദദ് ആളയച്ചു അന്വേ
ഷിച്ചപ്പോൾ ശമര്യയിൽ നിന്നു ആളുകൾ
വരുന്നുണ്ടെന്നു അറിഞ്ഞു. അപ്പോൾ 18
അവൻ: അവർ സമാധാനത്തിനാണ് വരു
ന്നതെങ്കിലും അവരെ ജീവനോടെ പിടിക്ക
ണം; അവർ യുദ്ധത്തിനു വരുന്നെങ്കിലും
അവരെ ജീവനോടെ പിടിക്കണം എന്നു
കല്പിച്ചു. പട്ടണത്തിൽ നിന്നു പുറപ്പെട്ടു 19
വന്നതോ, ദേശാധിപതികളും ബാല്യക്കാരും
അവരെ തുടർന്നു പോന്ന സൈന്യവും
ആയിരുന്നു. അവർ ഓരോരുവൻ നേരെ 20
വരുന്നവനെ കൊന്നു; അരാമ്യർ ഓടി
പ്പോയി; ഇസ്രായേൽ അവരെ പിന്തുടർന്നു;
അരാം രാജാവായ ബെൻ-ഹദദ് കുതിരപ്പുറ
ത്തു കയറി കുതിരപ്പട്ടാളക്കാരോടുകൂടെ
ഓടിപ്പോയി. പിന്നെ ഇസ്രായേൽ രാജാവു 21
പുറപ്പെട്ടു കുതിരകളെയും രഥങ്ങളെയും
പിടിച്ചു; അരാമ്യരെ കഠിനമായി തോല്പി
ച്ചു. അതിൻെറ ശേഷം ആ പ്രവാചകൻ 22
ഇസ്രായേൽ രാജാവിൻെറ അടുക്കൽ
ചെന്നു അവനോടു: ധൈര്യപ്പെട്ടു പോകുക.
നീ ചെയ്യുന്നതു കരുതിക്കൊൾക; ഇനിയ
ത്തെ ആണ്ടിൽ അരാം രാജാവു നിൻെറ
നേരെ വരും എന്നു പറഞ്ഞു. അരാം രാജാ 23
വിനോടു അവൻെറ ഭൃത്യന്മാർ പറഞ്ഞു:
അവരുടെ ദേവന്മാർ പർവ്വതദേവന്മാരാ
കുന്നു. അതുകൊണ്ടാണ് അവർ നമ്മെ
തോല്പിച്ചത്; സമഭൂമിയിൽ വച്ചാണ് അവ
രോടു യുദ്ധം ചെയ്യുന്നതെങ്കിൽ നാം അവ
രെ തോല്പിക്കും. അതുകൊണ്ട് അങ്ങ് 24
ഒരു കാര്യം ചെയ്യണം; ആ രാജാക്കന്മാരെ

അവനവന്റെ സ്ഥാനത്തുനിന്നും മാറ്റി
അവർക്കു പകരം ദേശാധിപതിമാരെ നിയമി
25 ക്കണം. പിന്നെ അങ്ങേയ്ക്കു നഷ്ടമായ
സൈന്യത്തിനു സമം സൈന്യത്തെയും
കുതിരപ്പടയ്ക്കു സമം കുതിരപ്പടയേയും
രഥങ്ങൾക്കു സമം രഥങ്ങളെയും ഒരുക്കി
ക്കൊൾക; എന്നിട്ടു നാം സമഭൂമിയിൽ
വച്ചു അവരോടു യുദ്ധം ചെയ്യുക; നാം അ
വരെ തോല്പിക്കും നിശ്ചയം. അവൻ അവ
രുടെ വാക്കു കേട്ടു അങ്ങനെ തന്നെ ചെയ്തു.
26 പിറ്റെ ആണ്ടിൽ ബെൻ-ഹദദ് അരാമ്യരെ
എണ്ണി നോക്കി ഇസ്രായേലിനോടു യുദ്ധം
27 ചെയ്യുവാൻ അഫേക്കിലേക്ക് വന്നു. ഇസ്രാ
യേല്യരെയും എണ്ണിനോക്കി; അവർ ഭക്ഷ
ണപദാർത്ഥങ്ങൾ കരുതി അവർക്കെതിരെ
പുറപ്പെട്ടു; ഇസ്രായേല്യർ ആട്ടിൻകുട്ടിക
ളുടെ രണ്ടു ചെറിയ കൂട്ടംപോലെ അവരുടെ
നേരെ പാളയം ഇറങ്ങി; അരാമ്യരോ ദേശം
28 നിറഞ്ഞിരുന്നു. ഒരു ദൈവപുരുഷൻ വന്നു
ഇസ്രായേൽ രാജാവിനോടു: ദൈവം ഇപ്ര
കാരം അരുളിച്ചെയ്യുന്നു: ദൈവം പർവ്വത
ദേവനാകുന്നു; താഴ്വരദേവനല്ല എന്നു
അരാമ്യർ പറയുന്നതുകൊണ്ടു ഞാൻ ഈ
മഹാസംഘത്തെ എല്ലാം നിന്റെ കയ്യിൽ
ഏല്പിക്കും; ഞാൻ ദൈവംതന്നെ എന്നു
29 നിങ്ങൾ അറിയും എന്നു പറഞ്ഞു. അവർ
അവരുടെ നേരെ ഏഴു ദിവസം പാളയമിറ
ങ്ങിയിരുന്നു; ഏഴാം ദിവസം യുദ്ധമുണ്ടായി,
ഇസ്രായേല്യർ അരാമ്യരിൽ ഒരു ലക്ഷം
കാലാളുകളെ ഒറ്റ ദിവസം തന്നെ കൊന്നു.
30 ശേഷിച്ചവർ അഫേക്പട്ടണത്തിലേക്കു
ഓടിപ്പോയി; ശേഷിച്ചിരുന്ന ഇരുപത്തേ
ഴായിരം പേരുടെ മേൽ പട്ടണമതിൽ വീണു.
ബെൻ-ഹദദും ഓടി പട്ടണത്തിനകത്തു
31 കടന്നു ഒരു ഉള്ളറയിൽ ഒളിച്ചു. അവന്റെ
ഭൃത്യന്മാർ അവനോട്: ഇസ്രായേൽ രാജാ
ക്കന്മാർ ദയയുള്ള രാജാക്കന്മാർ എന്നു
ഞങ്ങൾ കേട്ടിട്ടുണ്ട്; ഞങ്ങൾ അരയ്ക്കു
കയറും തലയിൽ രട്ടും കെട്ടി ഇസ്രായേൽ
രാജാവിന്റെ അടുക്കൽ ചെല്ലാം, പക്ഷെ
അവൻ അങ്ങയെ ജീവനോടെ രക്ഷിക്കും
32 എന്നു പറഞ്ഞു. അങ്ങനെ അവർ അരയ്ക്കു
കയറും തലയിൽ രട്ടും കെട്ടി ഇസ്രായേൽ
രാജാവിന്റെ അടുക്കൽ ചെന്നു; എന്റെ
ജീവൻ രക്ഷിക്കേണമേ എന്നു അങ്ങയുടെ
ദാസനായ ബെൻ-ഹദദ് അപേക്ഷിക്കുന്നു
എന്നു പറഞ്ഞു. അതിനു അവൻ: അവൻ
ജീവനോടെ ഇരിക്കുന്നുവോ? അവൻ
എന്റെ സഹോദരൻ തന്നെ, അവൻ ബല
33 വാൻതന്നെ എന്നു പറഞ്ഞു. ആ പുരുഷ
ന്മാർ അതു ശുഭലക്ഷണം എന്നു ധരിച്ചു
വേഗം അവന്റെ വാക്ക് വിശ്വസിച്ചു: അതേ,
നിന്റെ സഹോദരൻ ബെൻ-ഹദദ് എന്നു
പറഞ്ഞു. അതിനു അവൻ: നിങ്ങൾ ചെന്ന്
അവനെ കൂട്ടിക്കൊണ്ടു വരുവിൻ എന്നു
പറഞ്ഞു. ബെൻ-ഹദദ് അവന്റെ അടുക്ക
ലേയ്ക്കു പുറപ്പെട്ടു; അവൻ അവനെ രഥ
ത്തിൽ കയറ്റി. അവൻ അവനോടു: എന്റെ 34
പിതാവ് നിന്റെ പിതാവിനോടു പിടിച്ചട
ക്കിയ പട്ടണങ്ങൾ ഞാൻ മടക്കിത്തരാം;
എന്റെ പിതാവ് ശമര്യയിൽ ഉണ്ടാക്കിയതു
പോലെ നീ ദമസ്ക്കോസിൽ നിനക്കു വീഥി
കൾ ഉണ്ടാക്കിക്കൊൾക എന്നു പറഞ്ഞു.
അതിനു ആഹാബ്: ഈ ഉടമ്പടിയിന്മേൽ
ഞാൻ നിന്നെ വിട്ടയയ്ക്കാം എന്നു പറഞ്ഞു.
അങ്ങനെ അവൻ അവനോടു ഉടമ്പടി
ചെയ്ത് അവനെ വിട്ടയച്ചു.
എന്നാൽ പ്രവാചകശിഷ്യന്മാരിൽ 35
ഒരുവൻ ദൈവത്തിന്റെ കല്പനപ്രകാരം
തന്റെ കൂട്ടുകാരനോട്: എന്നെ അടിക്കേ
ണമേ എന്നു പറഞ്ഞു. എന്നാൽ അവന്
അവനെ അടിക്കുവാൻ മനസ്സുവന്നില്ല.
അവൻ അവനോടു: നീ ദൈവത്തിന്റെ 36
വാക്കു അനുസരിക്കായ്കകൊണ്ടു നീ
എന്നെ വിട്ടുപോയാലുടനെ ഒരു സിംഹം
നിന്നെ കൊല്ലും എന്നു പറഞ്ഞു. അവൻ
അവനെ വിട്ടു പുറപ്പെട്ട ഉടനെ ഒരു സിംഹം
അവനെ കൊന്നുകളഞ്ഞു. പിന്നെ അവൻ 37
മറ്റൊരുവനെ കണ്ടു: എന്നെ അടിക്കേണമേ
എന്നു പറഞ്ഞു. അവൻ അവനെ അടിച്ചു
മുറിവേൽപ്പിച്ചു. പ്രവാചകൻ ചെന്നു വഴി 38
യിൽ രാജാവിനെ കാത്തിരുന്നു; അവൻ
തലപ്പാവു കണ്ണുവരെ താഴ്ത്തിക്കെട്ടി
വേഷം മാറി നിന്നു. രാജാവു കടന്നുപോകു 39
മ്പോൾ അവൻ രാജാവിനോടു വിളിച്ചുപറ
ഞ്ഞതു: അടിയൻ സൈന്യമദ്ധ്യേ ചെന്നി
രുന്നു; അപ്പോൾ ഇതാ, ഒരുവൻ തിരിഞ്ഞു
എന്റെ അടുക്കൽ ഒരാളെ കൊണ്ടുവന്നു:
ഇവനെ സൂക്ഷിക്കണം; ഇവനെ കാണാ
തെ പോയാൽ നിന്റെ ജീവൻ അവന്റെ
ജീവനു പകരം ഇരിക്കും; അല്ലെങ്കിൽ നീ
ഒരു താലന്ത് വെള്ളി തൂക്കിത്തരേണ്ടിവരും
എന്നു പറഞ്ഞു. എന്നാൽ അടിയൻ അങ്ങു 40
മിങ്ങും പോയപ്പോൾ അവനെ കാണാതെ
പോയി. അതിനു ഇസ്രായേൽ രാജാവു
അവനോടു: നിന്റെ വിധി അങ്ങനെതന്നെ
ആയിരിക്കട്ടെ; നീതന്നെ തീർച്ചയാക്കി
യല്ലോ എന്നു പറഞ്ഞു. തൽക്ഷണം അവൻ 41
കണ്ണിന്മേൽ നിന്നു കെട്ടു നീക്കി;
അപ്പോൾ അവൻ ഒരു പ്രവാചകനെന്നു

യൽ രാജാവു അറിഞ്ഞു. അവൻ
ാടു: ദൈവം ഇപ്രകാരം അരുളി
ു: നാശത്തിനായി ഞാൻ നിയമി
ള നീ വിട്ടയച്ചതുകൊണ്ടു നിന്റെ
അവന്റെ ജീവനും നിന്റെ ജനം
റ ജനത്തിനും പകരമായിരിക്കും
റഞ്ഞു. അതു കേട്ട് ഇസ്രായേൽ
വ്യസനവും നീരസവും നിറഞ്ഞ്
യിലേക്കു പുറപ്പെട്ടു ശമര്യയിൽ

അദ്ധ്യായം 21

ന്തരം യസ്രീല്യനായ നാബോത്തി
ധീലിൽ ശമര്യരാജാവായ ആഹാ
അരമനയുടെ സമീപത്തു ഒരു
ത്താട്ടം ഉണ്ടായിരുന്നു. ആഹാബ്
ത്തിനോടു: നിന്റെ മുന്തിരിത്തോ
ക്കു പച്ചക്കറിത്തോട്ടമാക്കുവാൻ
അതു എന്റെ അരമനയ്ക്കു സമീ
ല്ലാ. അതിനു പകരം ഞാൻ അതി
ൽ വിശേഷമായൊരു മുന്തിരിത്തോ
ക്കു തരാം; അല്ല, നിനക്കു സമ്മത
ഞാൻ അതിന്റെ വില നിനക്കു
യിട്ടു തരാം എന്നു പറഞ്ഞു. നാ
ആഹാബിനോട്: ഞാൻ എന്റെ
ന്മാരുടെ അവകാശം അങ്ങേയ്ക്കു
ൽ ദൈവം സംഗതി വരുത്തരുതേ
പറഞ്ഞു. യസ്രീല്യനായ നാ
: എന്റെ പിതാക്കന്മാരുടെ അവ
ാൻ അങ്ങേക്കു തരികയില്ല എന്നു
വാക്കു മൂലം ആഹാബ് വ്യസനവും
ും പൂണ്ട് തന്റെ അരമനയിലേക്കു
ക്ഷണം ഒന്നും കഴിക്കാതെ കിടക്ക
ം തിരിച്ചു കിടന്നു. അപ്പോൾ അവ
്യ ഇസബെൽ അവന്റെ അടുക്കൽ
ക്ഷണം ഒന്നും കഴിക്കാതെ ഇത്ര
ിക്കുന്നതു എന്തു എന്നു അവ
ചോദിച്ചു. അവൻ അവളോടു:
സ്രീല്യനായ നാബോത്തിനോടു:
മുന്തിരിത്തോട്ടം എനിക്കു വില
രണം; അല്ല, നിനക്കു സമ്മതമെ
തിനു പകരം വേറെ മുന്തിരിത്തോട്ടം
നിനക്കു തരാം എന്നു പറഞ്ഞു;
അവൻ: ഞാൻ എന്റെ മുന്തിരി
അങ്ങേക്കു തരികയില്ല എന്നു
ുകൊണ്ടത്രെ എന്നു പറഞ്ഞു.
ഭാര്യ ഇസബെൽ അവനോടു:
ന്നു ഇസ്രായേലിൽ രാജ്യഭാരം
ന്നുവോ? എഴുന്നേറ്റു ഭക്ഷണം
അങ്ങയുടെ മനസ്സു തെളിയട്ടെ;

യസ്രീല്യനായ നാബോത്തിന്റെ മു
ന്തിരിത്തോട്ടം ഞാൻ അങ്ങയ്ക്കു തരും 8
എന്നു പറഞ്ഞു. അങ്ങനെ അവൾ ആഹാ
ബിന്റെ പേരു വച്ചു എഴുത്തു എഴുതി
അവന്റെ മോതിരം കൊണ്ടു മുദ്രയിട്ടു;
എഴുത്തു നാബോത്തിന്റെ പട്ടണത്തിലെ
മൂപ്പന്മാർക്കും പ്രധാനികൾക്കും അയച്ചു.
എഴുത്തിൽ അവൾ എഴുതി: നിങ്ങൾ ഒരു 9
ഉപവാസം പ്രസിദ്ധമാക്കണം; നാബോ
ത്തിന് ജനത്തിന്റെ മദ്ധ്യെ പ്രധാനസ്ഥലം
കൊടുത്ത് ഇരുത്തണം. നീചന്മാരായ രണ്ടു 10
പേരെ അവനെതിരെ നിർത്തി: അവൻ
ദൈവത്തെയും രാജാവിനെയും ദുഷിച്ചു
എന്നു അവനു വിരോധമായി സാക്ഷ്യം
പറയിക്കണം; പിന്നെ നിങ്ങൾ അവനെ
പുറത്തു കൊണ്ടുപോയി കല്ലെറിഞ്ഞു
കൊല്ലണം. അവന്റെ പട്ടണത്തിലെ മൂപ്പ 11
ന്മാരും പ്രധാനികളുമായ പൗരന്മാർ ഇസ
ബെൽ പറഞ്ഞയച്ചതുപോലെയും അവൾ
കൊടുത്തയച്ച എഴുത്തിൽ എഴുതിയിരു
ന്നതുപോലെയും പ്രവർത്തിച്ചു. അവർ 12
ഉപവാസം പ്രസിദ്ധംചെയ്തു, നാബോത്തി
നെ മദ്ധ്യേ പ്രധാനസ്ഥലത്തിരുത്തി. നീച 13
രായ രണ്ടു ആളുകൾ വന്നു അവന്റെ നേരെ
ഇരുന്നു; നാബോത്ത് ദൈവത്തെയും രാജാ
വിനെയും ദുഷിച്ചു എന്നു ആ നീചന്മാർ
ജനത്തിന്റെ മുമ്പിൽ നാബോത്തിനു
വിരോധമായി സാക്ഷ്യം പറഞ്ഞു. അവർ
അവനെ പട്ടണത്തിനു പുറത്തു കൊണ്ടു
പോയി കല്ലെറിഞ്ഞു കൊന്നുകളഞ്ഞു. 14
നാബോത്ത് കല്ലേറു കൊണ്ടു മരിച്ചു എന്നു
അവർ ഇസബെലിനു വിവരം പറഞ്ഞയച്ചു.
നാബോത്ത് കല്ലേറു കൊണ്ടു മരിച്ചു എന്നു 15
ഇസബെൽ കേട്ടപ്പോൾ അവൾ ആഹാബി
നോടു: അങ്ങ് എഴുന്നേറ്റു അങ്ങേയ്ക്കു
വിലയ്ക്കു തരുവാൻ മനസ്സില്ലാത്ത യസ്രീ
ല്യനായ നാബോത്തിന്റെ മുന്തിരി
ത്തോട്ടം കൈവശമാക്കിക്കൊൾക; നാബോ
ത്ത് ജീവനോടെയില്ല, മരിച്ചുപോയി എന്നു
പറഞ്ഞു. നാബോത്ത് മരിച്ചു എന്നു കേട്ട 16
പ്പോൾ ആഹാബ് എഴുന്നേറ്റു യസ്രീ
ല്യനായ നാബോത്തിന്റെ മുന്തിരിത്തോട്ടം
കൈവശപ്പെടുത്തുവാൻ അവിടേക്കു
പോയി.

എന്നാൽ ദൈവത്തിന്റെ അരുളപ്പാടു 17
തിശ്ബനായ ഏലീയായ്ക്കു ഉണ്ടായി; നീ 18
എഴുന്നേറ്റു ശമര്യയിലെ ഇസ്രായേൽ രാജാ
വായ ആഹാബിന്റെ നേരെ ചെല്ലുക; ഇതാ,
അവൻ നാബോത്തിന്റെ മുന്തിരിത്തോട്ടം
കൈവശമാക്കുവാൻ അവിടേക്കു പോയിരി

19 ക്കുന്നു. നീ അവനോടു: നീ കൊല ചെയ്യുക
യും കൈവശമാക്കുകയും ചെയ്തുവോ
എന്നു ദൈവം ചോദിക്കുന്നു. നായ്ക്കൾ
നാബോത്തിന്റെ രക്തം നക്കിയ സ്ഥല
ത്തുവച്ചുതന്നെ നിന്റെ രക്തവും അവ
നക്കിക്കളയും എന്നു ദൈവം കല്പിക്കുന്നു
20 എന്നു നീ അവനോടു പറയുക. ആഹാബ്
ഏലീയാവിനോടു: എന്റെ ശത്രുവേ, നീ
എന്നെ കണ്ടെത്തിയോ എന്നു പറഞ്ഞു.
അതിനു അവൻ: അതേ, ഞാൻ കണ്ടെത്തി.
ദൈവത്തിന് അനിഷ്ടമായതു ചെയ്യു
വാൻ നീ നിന്നെ വിറ്റുകളഞ്ഞതുകൊണ്ടു
ഞാൻ നിന്റെമേൽ അനർത്ഥം വരുത്തും;
21 നിന്നെ പാടെ നിർമ്മൂലമാക്കി ഇസ്രായേ
ലിൽ ആഹാബിനുള്ള സ്വതന്ത്രനും അസ്വ
തന്ത്രനുമായ പുരുഷപ്രജയെ എല്ലാം ഞാൻ
22 നിഗ്രഹിച്ചുകളയും. നീ എന്നെ കോപിപ്പി
ക്കയും ഇസ്രായേലിനെക്കൊണ്ടു പാപം
ചെയ്യിക്കയും ചെയ്തതുകൊണ്ടു ഞാൻ
നിന്റെ കുടുംബത്തെ നെബാത്തിന്റെ
മകൻ യെരോബെയാമിന്റെ കുടുംബത്തെ
പ്പോലെയും അഹീയാവിന്റെ മകൻ ബയെ
ശയുടെ കുടുംബത്തെപ്പോലെയും ആക്കും.
23 ഇസബെലിനെക്കുറിച്ചു ദൈവം അരുളി
ച്ചെയ്തതു: നായ്ക്കൾ ഇസബെലിനെ
യെസ്രയേലിന്റെ മതിലിനടുത്തു വച്ചു
24 തിന്നുകളയും. ആഹാബിന്റെ സന്തതി
യിൽ പട്ടണത്തിൽ വച്ചു മരിക്കുന്നവനെ
നായ്ക്കൾ തിന്നും; വയലിൽവച്ചു മരി
ക്കുന്നവനെ ആകാശത്തിലെ പക്ഷികൾ
25 തിന്നും. എന്നാൽ കർത്താവിന് അനിഷ്ട
മായതു ചെയ്യുവാൻ തന്നെത്താൻ വിറ്റുകള
ഞ്ഞ ആഹാബിനെപ്പോലെ ആരും ഉണ്ടായി
ട്ടില്ല; അവന്റെ ഭാര്യ ഇസബെൽ അവനെ
26 അതിനായി ഉത്സാഹിപ്പിച്ചിരുന്നു. ദൈവം
ഇസ്രായേൽ മക്കളുടെ മുമ്പിൽനിന്നു
നീക്കിക്കളഞ്ഞ അമോര്യർ ചെയ്തതുപോ
ലെയെല്ലാം അവൻ വിഗ്രഹസേവ ചെയ്തു
27 വലിയ മ്ലേച്ഛത പ്രവർത്തിച്ചു. ആഹാബ്
ആ വാക്കു കേട്ടപ്പോൾ വസ്ത്രം കീറി, തന്റെ
ദേഹം പറ്റെ രട്ടുടുത്തുകൊണ്ടു ഉപവസിച്ചു,
രട്ടിൽതന്നെ കിടക്കുകയും സാവധാനം നട
28 ക്കയും ചെയ്തു. അപ്പോൾ ദൈവത്തിന്റെ
അരുളപ്പാടു തിശ്ബനായ ഏലീയായ്ക്ക്
29 ഉണ്ടായി: ആഹാബ് എന്റെ മുമ്പാകെ
തന്നെത്താൻ താഴ്ത്തിയതുകൊണ്ടു ഞാൻ
അവന്റെ ജീവകാലത്തു അനർത്ഥം വരു
ത്താതെ അവന്റെ മകന്റെ കാലത്തു
അവന്റെ കുടുംബത്തിനു അനർത്ഥം
വരുത്തും എന്നു കല്പിച്ചു.

അദ്ധ്യായം 22

അരാമും ഇസ്രായേലും മൂന്നു സംവ 1
ത്സരം തമ്മിൽ യുദ്ധം കൂടാതെ കഴിഞ്ഞു.
മൂന്നാം ആണ്ടിൽ യഹൂദാ രാജാവായ യെ 2
ഹോശാഫാത്ത് ഇസ്രായേൽ രാജാവിന്റെ
അടുക്കൽ ചെന്നു. ഇസ്രായേൽ രാജാവു
തന്റെ ഭൃത്യന്മാരോടു: ഗിലെയാദിലെ രാ
മോത്ത് നമ്മുടേതെന്നു നിങ്ങൾ അറിയു
ന്നില്ലേ? നാം അതിനെ അരാം രാജാവിന്റെ 3
കയ്യിൽ നിന്നു പിടിക്കാതെ അടങ്ങിയിരി
ക്കുന്നുവല്ലോ എന്നു പറഞ്ഞു. അവൻ 4
യെഹോശാഫാത്തിനോടു: നീ എന്നോടു
കൂടെ ഗിലെയാദിലെ രാമോത്തിൽ യുദ്ധ
ത്തിനു പോരുമോ എന്നു ചോദിച്ചു. അതിനു
യെഹോശാഫാത്ത് ഇസ്രായേൽ രാജാവി
നോടു: ഞാനും നീയും എന്റെ ജനവും
നിന്റെ ജനവും എന്റെ കുതിരകളും
നിന്റെ കുതിരകളും ഒരുപോലെയത്രേ
എന്നു പറഞ്ഞു. യഹോശാഫാത്ത് ഇസ്രാ 5
യേൽ രാജാവിനോടു: ഇന്നു ദൈവത്തിന്റെ
അരുളപ്പാടു ചോദിക്കാം എന്നു പറഞ്ഞു.
അങ്ങനെ ഇസ്രായേൽ രാജാവു ഏകദേശം 6
നാനൂറു പ്രവാചകന്മാരെ വരുത്തി അവ
രോടു: ഞാൻ ഗിലെയാദിലെ രാമോത്തി
ലേക്കു യുദ്ധത്തിനു പോകയോ പോകാ
തിരിക്കയോ വേണ്ടതു എന്നു ചോദിച്ചു.
അതിനു അവർ: പുറപ്പെടുക; കർത്താവു
അതു രാജാവിന്റെ കയ്യിൽ ഏല്പിക്കും
എന്നു പറഞ്ഞു. എന്നാൽ യെഹോശാ 7
ഫാത്ത്: നാം അരുളപ്പാടു ചോദിക്കേണ്ട
തിനു ദൈവത്തിന്റെ പ്രവാചകനായി ഇവി
ടെ ഇനി ആരും ഇല്ലയോ എന്നു ചോദിച്ചു 8
അതിനു ഇസ്രായേൽ രാജാവു യെഹോ
ശാഫാത്തിനോടു: നാം ദൈവത്തിന്റെ
അരുളപ്പാടു ചോദിപ്പാൻ തക്കവണ്ണം ഇനി
യിമ്ലയുടെ മകനായ മീഖായാ എന്നൊരു
ത്തൻ ഉണ്ട്. എന്നാൽ അവൻ എന്നെക്കു
റിച്ചു ഗുണമല്ല ദോഷം തന്നെ പ്രവചിക്കു
ന്നതുകൊണ്ടു എനിക്കു അവനോടു ഇഷ്ട
മില്ല എന്നു പറഞ്ഞു. രാജാവു അങ്ങനെ പ
റയരുതേ എന്നു യെഹോശാഫാത്ത് പറ
ഞ്ഞു. അങ്ങനെ ഇസ്രായേൽ രാജാവു ഒരു 9
ഉദ്യോഗസ്ഥനെ വിളിച്ചു, യിമ്ലയുടെ മക
നായ മീഖായായെ വേഗം കൂട്ടിക്കൊണ്ടു വ
രുവാൻ കല്പിച്ചു. ഇസ്രായേൽ രാജാവും 10
യഹൂദാ രാജാവായ യെഹോശാഫാത്തും
രാജവസ്ത്രം ധരിച്ചു ശമര്യയുടെ പടിവാ
തിൽ പ്രവേശനത്തിങ്കൽ ഒരു മെതിക്കാ
ളത്തിൽ സിംഹാസനത്തിൽ ഇരുന്നു;

കന്മാർ എല്ലാം അവരുടെ സന്നിധി
പവചിച്ചുകൊണ്ടിരുന്നു. കെനാന
കനായ സിദെക്കീയാ തനിക്കു ഇരു
ാണ്ടു കൊമ്പു ഉണ്ടാക്കി: ഇവകൊ
ി അരാമ്യരെ അവർ നശിക്കുംവരെ
ക്കളയും എന്നിപ്രകാരം ദൈവം
ച്ചെയ്യുന്നു എന്നു പറഞ്ഞു. പ്രവാച
എല്ലാം അങ്ങനെതന്നെ പ്രവചിച്ചു:
യാദിലെ രാമോത്തിലേക്കു പുറപ്പെ
അങ്ങ് വിജയിക്കും; ദൈവം
രാജാവിൻെറ കയ്യിൽ ഏല്പിക്കും
പറഞ്ഞു. മീഖായായെ വിളിപ്പാൻ
ദൂതൻ അവനോടു: നോക്കൂ, പ്രവാ
രുടെ വാക്കുകൾ ഒരുപോലെ രാജാ
ുണമായിരിക്കുന്നു; നിൻെറ വാക്കും
ൽ ഒരുത്തൻെറതുപോലെ ഇരിക്ക
ീയും ഗുണമായി പറയണമെ എന്നു
ു. അതിനു മീഖായാ: കർത്താവാ
ദൈവം എന്നോടു അരുളിച്ചെയ്യു
ന്നെ ഞാൻ പ്രസ്താവിക്കും എന്നു
ു. അവൻ രാജാവിൻെറ അടുക്കൽ
പ്പോൾ രാജാവു അവനോടു: മീഖായാ
ങ്ങൾ ഗിലെയാദിലെ രാമോത്തി
യുദ്ധത്തിനു പോകയോ പോകാതി
യാ എന്തു വേണം എന്നു ചോദിച്ചു.
ു അവൻ: പുറപ്പെടുവിൻ; നിങ്ങൾ
ിക്കും; ദൈവം അതു രാജാവിൻെറ
ിൽ ഏല്പിക്കും എന്നു പറഞ്ഞു.
വു അവനോടു: നീ ദൈവത്തി
നാമത്തിൽ സത്യമല്ലാതെ യാതൊ
എന്നോടു പറയരുതെന്നു എത്ര പ്രാ
ഞാൻ നിന്നോടു സത്യം ചെയ്യു
നം എന്നു ചോദിച്ചു. അതിനു അവൻ:
ില്ലാത്ത ആടുകളെപ്പോലെ ഇസ്രാ
എല്ലാം പർവ്വതങ്ങളിൽ ചിതറിയിരി
തു ഞാൻ കണ്ടു; അപ്പോൾ ദൈവം:
ക്കു നാഥനില്ല; അവർ ഓരോരുത്തൻ
വീട്ടിലേക്കു സമാധാനത്തോടെ
പ്പോകട്ടെ എന്നു കല്പിച്ചു എന്നു
ു. അപ്പോൾ ഇസ്രായേൽ രാജാവു
ാശാഫാത്തിനോടു: ഇവൻ എന്നെ
ച്ചു ദോഷമല്ലാതെ ഗുണം പ്രവചിക്ക
ന്നു ഞാൻ നിന്നോടു പറഞ്ഞില്ലയോ
പറഞ്ഞു. അതിനു അവൻ പറഞ്ഞ
ന്നാൽ നീ ദൈവത്തിൻെറ വചനം
ുക: ദൈവം സിംഹാസനത്തിൽ
ുന്നതും സ്വർഗ്ഗസൈന്യമെല്ലാം അവ
ടുക്കൽ വലത്തും ഇടത്തും നില്ക്കു
ഞാൻ കണ്ടു. ആഹാബ് ചെന്നു
യാദിലെ രാമോത്തിൽ വച്ചു മരിക്ക

ത്തക്കവണ്ണം അവനെ ആർ വശീകരിക്കും
എന്നു ദൈവം ചോദിച്ചതിനു ഒരുത്തൻ
ഇങ്ങനെയും ഒരുത്തൻ അങ്ങനെയും പറ
ഞ്ഞു. അപ്പോൾ ഒരു ആത്മാവു മുമ്പോട്ടു 21
വന്നു ദൈവത്തിൻെറ സന്നിധിയിൽ നിന്നു:
ഞാൻ അവനെ വശീകരിക്കും എന്നു പറ
ഞ്ഞു. എങ്ങനെ എന്നു ദൈവം ചോദിച്ച 22
തിനു അവൻ: ഞാൻ പുറപ്പെട്ടു അവൻെറ
സകല പ്രവാചകന്മാരുടെയും വായിൽ
വ്യാജത്തിൻെറ ആത്മാവായിരിക്കും എന്നു
പറഞ്ഞു. നീ അവനെ വശീകരിക്കും, നിന
ക്കു സാധിക്കും; നീ ചെന്നു അങ്ങനെ
ചെയ്ക എന്നു അവൻ കല്പിച്ചു. ആക 23
യാൽ ഇതാ, ദൈവം വ്യാജത്തിൻെറ
ആത്മാവിനെ നിൻെറ ഈ സകല പ്രവാ
ചകന്മാരുടെയും വായിൽ കൊടുത്തിരിക്കു
ന്നു; ദൈവം നിന്നെക്കുറിച്ചു അനർത്ഥം
കല്പിച്ചുമിരിക്കുന്നു എന്നു പറഞ്ഞു.
അപ്പോൾ കെനാനയുടെ മകനായ സിദെ 24
ക്കീയാ അടുത്തു ചെന്നു മീഖായായുടെ
ചെകിട്ടത്ത് അടിച്ചു: നിന്നോടു അരുളി
ച്ചെയ്യുവാൻ ദൈവത്തിൻെറ ആത്മാവ്
എന്നെ വിട്ടു ഏതു വഴിക്കാണ് കടന്നുവ
ന്നത് എന്നു ചോദിച്ചു. അതിനു മീഖായാ: 25
നീ മറഞ്ഞിരിക്കുവാൻ സ്ഥലം അന്വേഷിച്ചു
നടക്കുന്ന ദിവസത്തിൽ നീ കാണും എന്നു
പറഞ്ഞു. അപ്പോൾ ഇസ്രായേൽ രാജാവു 26
പറഞ്ഞതു: മീഖായായെ പിടിച്ചു നഗരാധി
പതിയായ ആമോൻെറയും രാജകുമാരനാ
യ യോവാശിൻെറയും അടുക്കൽ കൊണ്ടു
ചെന്നു: ഇവനെ കാരാഗൃഹത്തിൽ ആക്കി, 27
ഞാൻ സമാധാനത്തോടെ വരുവോളം
ഞെരുക്കത്തിൻെറ അപ്പവും ഞെരുക്കത്തി
ൻെറ വെള്ളവും കൊടുത്തു പോഷിപ്പിക്കേ
ണ്ടതിനു രാജാവു കല്പിച്ചിരിക്കുന്നു
എന്നു അവരോടു പറയുക. അതിനു 28
മീഖായാ: നീ സമാധാനത്തോടെ മടങ്ങി
വരുന്നുണ്ടെങ്കിൽ ദൈവം എന്നെ
ക്കൊണ്ടു അരുളിച്ചെയ്തിട്ടുമില്ല എന്നു
പറഞ്ഞു.

അങ്ങനെ ഇസ്രായേൽ രാജാവും യ 29
ഹൂദാ രാജാവായ യെഹോശാഫാത്തും
ഗിലെയാദിലെ രാമോത്തിലേക്കു പോയി.
ഇസ്രായേൽ രാജാവു യെഹോശാഫാത്തി 30
നോടു: ഞാൻ വേഷം മാറി യുദ്ധത്തിൽ
കടക്കും; നീയോ രാജവസ്ത്രം ധരിച്ചുകൊൾ
ക എന്നു പറഞ്ഞു. അങ്ങനെ ഇസ്രായേൽ
രാജാവു വേഷം മാറി സേനയിൽ കടന്നു.
എന്നാൽ അരാംരാജാവു തൻെറ മുപ്പത്തി 31
രണ്ടു രഥനായകന്മാരോടു: നിങ്ങൾ ഇസ്രാ

യേൽ രാജാവിനോടു മാത്രമല്ലാതെ ചെറിയ
വരോടോ വലിയവരോടോ യുദ്ധം ചെയ്യ
32 രുതു എന്നു കല്പിച്ചിരുന്നു. ആകയാൽ
രഥനായകന്മാർ യെഹോശാഫാത്തിനെ
കണ്ടപ്പോൾ: ഇവൻ തന്നെ ഇസ്രായേൽ
രാജാവു എന്നു പറഞ്ഞു അവനോടു യുദ്ധം
ചെയ്യുവാൻ തുടങ്ങി. എന്നാൽ യഹോശാ
33 ഫാത്ത് നിലവിളിച്ചു. അവൻ ഇസ്രായേൽ
രാജാവല്ല എന്നു രഥനായകന്മാർ കണ്ടിട്ട്
34 അവനെ വിട്ടുമാറി. എന്നാൽ ഒരുവൻ യദൃ
ച്ഛയാ വില്ലു കുലച്ചു ഇസ്രായേൽ രാജാ
വിനെ കവചത്തിനും പതക്കത്തിനും ഇട
യ്ക്കു എയ്തു. രാജാവ് തന്റെ സാരഥി
യോടു: എന്നെ സൈന്യത്തിൽനിന്നു കൊ
ണ്ടുപോക; ഞാൻ കഠിനമായി മുറിവേറ്റിരി
35 ക്കുന്നു എന്നു പറഞ്ഞു. അന്നു യുദ്ധം കഠി
നമായിത്തീർന്നതുകൊണ്ടു രാജാവു അരാ
മ്യർക്കു എതിരെ രഥത്തിൽ നിവർന്നു
നിന്നു; സന്ധ്യയ്ക്ക് അവൻ മരിച്ചു. മുറിവിൽ
നിന്നു രക്തം രഥത്തിനകത്തു ഒഴുകിയി
36 രുന്നു. സൂര്യൻ അസ്തമിക്കുമ്പോൾ: ഓരോ
രുവൻ സ്വന്ത പട്ടണത്തിലേക്കും സ്വന്ത
ദേശത്തേക്കും പോകട്ടെ എന്നു പാളയ
37 ത്തിൽ പരസ്യം ചെയ്തു. അങ്ങനെ രാജാവു
മരിച്ചു; അവനെ ശമര്യയിലേക്കു കൊണ്ടു
വന്നു; രാജാവിനെ ശമര്യയിൽ അടക്കം
38 ചെയ്തു. രഥം ശമര്യയിലെ കുളത്തിൽ കഴു
കിയപ്പോൾ ദൈവം കല്പിച്ചിരുന്ന വചനം
പോലെ നായ്ക്കൾ അവന്റെ രക്തം നക്കി;
വേശ്യാസ്ത്രീകളും അവിടെ കുളിച്ചിരുന്നു.
39 ആഹാബിന്റെ മറ്റുള്ള കാര്യങ്ങളും അവൻ
ചെയ്തതെല്ലാം അവൻ ആനക്കൊമ്പു
കൊണ്ടു പണിത അരമനയുടെയും അവൻ
പണിത എല്ലാ പട്ടണങ്ങളുടെയും വിവരവും
ഇസ്രായേൽ രാജാക്കന്മാരുടെ ചരിത്രത്തിൽ
40 എഴുതിയിരിക്കുന്നു. ആഹാബ് തന്റെ
പിതാക്കന്മാരെപ്പോലെ നിദ്ര പ്രാപിച്ചു;
അവന്റെ മകൻ അഹസ്യാ അവനു പകരം
രാജാവായി.

41 ആസയുടെ മകനായ യെഹോശാഫാ
ത്ത് ഇസ്രായേൽ രാജാവായ ആഹാബി
ന്റെ നാലാം ആണ്ടിൽ യഹൂദ്യയിൽ രാജാ
42 വായി. യെഹോശാഫാത്ത് വാഴ്ച തുടങ്ങി
യപ്പോൾ അവനു മുപ്പത്തഞ്ചു വയസ്സായി
രുന്നു; അവൻ ഇരുപത്തഞ്ചു സംവത്സരം
യറുശലേമിൽ വാണു; അവന്റെ അമ്മ
യ്ക്കു അസൂബാ എന്നു പേർ; അവൾ
ശിൽഹിയുടെ മകൾ ആയിരുന്നു. അവൻ
തന്റെ പിതാവായ ആസയുടെ എല്ലാ വഴി 43
യിലും നടന്നു; അതു വിട്ടുമാറാതെ ദൈവ
ത്തിനു പ്രസാദമായതു ചെയ്തു. പൂജാഗിരി
കൾക്കു നീക്കം വന്നില്ല; ജനം പൂജാഗിരിക
ളിൽ യാഗം കഴിക്കയും ധൂപം അർപ്പിക്കുക 44
യും ചെയ്തുപോന്നു. യെഹോശാഫാത്ത്
ഇസ്രായേൽ രാജാവിനോടു സഖ്യം ചെയ്തു.
യെഹോശാഫാത്തിന്റെ മറ്റുള്ള കാര്യ 45
ങ്ങളും അവന്റെ വീരോചിതപ്രവൃത്തികളും
അവൻ ചെയ്ത യുദ്ധവും യഹൂദാ രാജാക്ക
ന്മാരുടെ പുസ്തകത്തിൽ എഴുതിയിരിക്കു
ന്നു. തന്റെ പിതാവായ ആസയുടെ കാല 46
ത്തു ശേഷിച്ചിരുന്ന വ്യഭിചാരികളെ അവൻ
ദേശത്തു നിന്നു നീക്കിക്കളഞ്ഞു. ആ കാല 47
ത്തു എദോമിൽ രാജാവില്ലായ്കകൊണ്ടു
ഒരു ദേശാധിപതി ഭരണം നടത്തി. ഓഫീരി 48
ലെ സ്വർണ്ണം കൊണ്ടുവരുവാൻ യെഹോ
ശാഫാത്ത് തർശീശ് കപ്പലുകൾ ഉണ്ടാക്കി;
എന്നാൽ കപ്പലുകൾ എസ്യോൻ ഗേബെ
രിൽ വച്ചു ഉടഞ്ഞുപോയതുകൊണ്ടു അവ
യ്ക്കു പോകുവാൻ സാധിച്ചില്ല. ആഹാബി 49
ന്റെ മകനായ അഹസ്യാ യെഹോശാഫാ
ത്തിനോടു: എന്റെ ദാസന്മാർ നിന്റെ
ദാസന്മാരോടുകൂടെ കപ്പലുകളിൽ പോരട്ടെ
എന്നു പറഞ്ഞു. എന്നാൽ യെഹോശാഫാ
ത്തിനു മനസ്സില്ലായിരുന്നു. യെഹോശാഫാ 50
ത്ത് തന്റെ പിതാക്കന്മാരെപ്പോലെ നിദ്രപ്രാ
പിച്ചു; അവന്റെ പിതാവായ ദാവീദിന്റെ
നഗരത്തിൽ അവന്റെ പിതാക്കന്മാരോടുകൂ
ടെ അവനെ സംസ്കരിച്ചു; അവന്റെ
മകൻ യെഹോരാം അവനു പകരം രാജാ
വായി.

ആഹാബിന്റെ മകനായ അഹസ്യാ 51
യഹൂദാരാജാവായ യെഹോശാഫാത്തി
ന്റെ പതിനേഴാം ആണ്ടിൽ ശമര്യയിൽ
ഇസ്രായേലിനു രാജാവായി; ഇസ്രായേലിൽ
രണ്ടു സംവത്സരം വാണു. അവൻ തന്റെ 52
പിതാവിന്റെ വഴിയിലും അമ്മയുടെ
വഴിയിലും ഇസ്രായേലിനെക്കൊണ്ടു പാപം
ചെയ്യിച്ച നെബാത്തിന്റെ മകനായ യെ
രോബെയാമിന്റെ വഴിയിലും നടന്നു
ദൈവത്തിന് അനിഷ്ടമായതു ചെയ്തു.
അവൻ ബാലിനെ സേവിച്ചു നമസ്കരിച്ചു; 53
തന്റെ പിതാവ് ചെയ്തതുപോലെ എല്ലാം
ഇസ്രായേലിന്റെ ദൈവമായ കർത്താ
വിനെ കോപിപ്പിച്ചു.

രാജാക്കന്മാർ: രണ്ടാം പുസ്തകം

അദ്ധ്യായം 1

ാാബിന്റെ മരണശേഷം മോവാ
ഉസ്രായേലിനോടു മത്സരിച്ചു.
യാ, ശമരിയായിലെ കൊട്ടാരത്തി
നലിൽക്കൂടി വീണു രോഗാതുര
ഭവന്റെ രോഗം സൌഖ്യമാകുമോ
എക്രോനിലെ ദേവനായ ബേൽ
ിനോടു ചെന്നു ചോദിപ്പിൻ എന്നു
അവന്റെ ദൂതന്മാരെ അയച്ചു.
ഞാവിന്റെ ദൂതൻ തീശ്ബ്യനായ
യോട് കല്പിച്ചു: നീ എഴുന്നേററു
ാജാവിന്റെ ദൂതന്മാർക്കു നേരെ
അവരോടു: ഇസ്രായേലിൽ ദൈവം
തിട്ടോ നിങ്ങൾ എക്രോനിലെ
യ ബേൽസെബൂബിനോടു അരുള
ചാദിക്കുവാൻ പോകുന്നതു? ഇതു
ം നീ കയറിയിരിക്കുന്ന കട്ടിലിൽ
നീ ഇറങ്ങുകയില്ല, നിശ്ചയമായി
എന്നു ദൈവം അരുളിച്ചെയ്യുന്നു
റയുക. അങ്ങനെ ഏലീയാ പോയി.
മടങ്ങിവന്നപ്പോൾ അവൻ അവ
ിങ്ങൾ മടങ്ങിവന്നതു എന്തു എന്നു
. അവർ അവനോടു പറഞ്ഞതു:
ഞങ്ങളുടെ നേരെ വന്നു ഞങ്ങ
നിങ്ങളെ അയച്ചിരിക്കുന്ന രാജാവി
ടുക്കൽ മടങ്ങിച്ചെന്നു: ഇസ്രായേ
ദവം ഇല്ലാഞ്ഞിട്ടോ നീ എക്രോനി
നായ ബേൽസെബൂബിനോടു അ
ു ചോദിപ്പാൻ ആളയയ്ക്കുന്നതു?
മിത്തം നീ കയറിയിരിക്കുന്ന കട്ടി
ന്നു ഇറങ്ങാതെ നിശ്ചയമായി മരി
ന്നു ദൈവം അരുളിച്ചെയ്യുന്നു എന്നു
ാടു പറയുവിൻ എന്നു പറഞ്ഞു.
അവരോടു: നിങ്ങളുടെ നേരെ വന്നു
ക്കു നിങ്ങളോടു പറഞ്ഞ ആളുടെ
എന്തു എന്നു ചോദിച്ചു. അവൻ
സ്മം ധരിച്ചു അരയിൽ തോൽവാറു
ആളായിരുന്നു എന്നു അവർ
ാടു പറഞ്ഞു. അവൻ തിശ്ബ്യനായ
തന്നെ എന്നു അവൻ പറഞ്ഞു.

പിന്നെ രാജാവു അൻപതുപേർക്കു അധി
പനായ ഒരുവനെയും അവന്റെ അൻപതു
ആളെയും അവന്റെ അടുക്കൽ അയച്ചു;
അവൻ അവന്റെ അടുക്കൽ ചെന്നു;
അവൻ ഒരു മലമുകളിൽ ഇരിക്കുകയായി
രുന്നു; അവർ അവനോടു: ദൈവപുരുഷാ,
ഇറങ്ങിവരുവാൻ രാജാവു കല്പിക്കുന്നു എ
ന്നു പറഞ്ഞു. ഏലീയാ അൻപതുപേർക്കു 10
അധിപനോടു: ഞാൻ ദൈവപുരുഷനെ
ങ്കിൽ ആകാശത്തുനിന്നു തീ ഇറങ്ങി നി
ന്നെയും നിന്റെ അൻപതു ആളെയും ദഹി
പ്പിക്കും എന്നു പറഞ്ഞു. ഉടനെ ആകാശ
ത്തുനിന്നു തീ ഇറങ്ങി അവനെയും അവ
ന്റെ അൻപതുപേരെയും ദഹിപ്പിച്ചുകള
ഞ്ഞു. അവൻ അൻപതുപേർക്കു അധിപനാ 11
യ മറെറാരുവനെയും അവന്റെ അൻപതു
ആളെയും അവന്റെ അടുക്കൽ അയച്ചു;
അവനും അവനോടു: ദൈവപുരുഷാ, വേഗം
ഇറങ്ങിവരുവാൻ രാജാവു കല്പിക്കുന്നു
എന്നു പറഞ്ഞു. ഏലീയാ അവരോടു: 12
ഞാൻ ദൈവപുരുഷനെങ്കിൽ ആകാശത്തു
നിന്നു തീ ഇറങ്ങി നിന്നെയും നിന്റെ
അൻപതുപേരെയും ദഹിപ്പിക്കും എന്നു
ത്തരം പറഞ്ഞു. ഉടനെ ദൈവത്തിന്റെ തീ
ആകാശത്തുനിന്നു ഇറങ്ങി അവനെയും
അവന്റെ അൻപതു ആളെയും ദഹിപ്പിച്ചു
കളഞ്ഞു. മൂന്നാമതും അവൻ അൻപതു 13
പേർക്കു അധിപനായ ഒരുവനെയും അവ
ന്റെ അൻപതു ആളെയും അയച്ചു; ഈ മൂ
ന്നാമത്തെ അൻപതുപേർക്കു അധിപതി
ചെന്നു ഏലീയായുടെ മുമ്പിൽ മുട്ടുകുത്തി
അവനോടു: ദൈവപുരുഷനായുള്ളോവേ,
എന്റെ പ്രാണനെയും നിന്റെ ദാസന്മാ
രായ ഈ അൻപതുപേരുടെ ജീവനെയും
ആദരിക്കണമേ. ആകാശത്തുനിന്നു തീ 14
ഇറങ്ങി അൻപതു പേർക്കു അധിപതിമാ
രായ രണ്ടുപേരെയും അവരുടെ അൻപതു
വീതം ആളുകളെയും ദഹിപ്പിച്ചുകളഞ്ഞ
ല്ലോ; എന്നാൽ എന്റെ പ്രാണനെ ആദരി
ക്കേണമേ എന്നു അപേക്ഷിച്ചു. അപ്പോൾ 15
ദൈവത്തിന്റെ ദൂതൻ ഏലിയായോടു:

ഇവനോടുകൂടെ പോകുക; അവനെ ഭയ
പ്പെടേണ്ടാ എന്നു പറഞ്ഞു. അങ്ങനെ
അവൻ എഴുന്നേററു അവനോടുകൂടെ രാജാ
വിൻെറ അടുക്കൽ ചെന്നു അവനോടു:
16 ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു:
അരുളപ്പാടു ചോദിപ്പാൻ ഇസ്രായേലിൽ
ദൈവം ഇല്ലാഞ്ഞിട്ടോ നീ എക്രോനിലെ
ദേവനായ ബേൽസെബൂബിനോടു അരുള
പ്പാടു ചോദിപ്പാൻ ദൂതന്മാരെ അയച്ചതു?
ഇതുനിമിത്തം നീ കയറിയിരിക്കുന്ന കട്ടി
ലിൽനിന്നു ഇറങ്ങാതെ നിശ്ചയമായി
17 മരിക്കും. ഏലീയാ പറഞ്ഞ ദൈവ
വചനപ്രകാരംതന്നെ അവൻ മരിച്ചുപോയി;
അവന് പുത്രനില്ലായ്കയാൽ അവനു പകരം
(സഹോദരനായ) യെഹോരാം, യെഹൂദാ
രാജാവായ യെഹോശാഫാത്തിൻെറ മക
നായ യെഹോരാമിൻെറ രണ്ടാം ആണ്ടിൽ
18 രാജാവായി. അഹസ്യാ ചെയ്ത മററുള്ള
കാര്യങ്ങൾ ഇസ്രായേൽ രാജാക്കന്മാരുടെ
പുസ്തകത്തിൽ എഴുതിയിരിക്കുന്നു.

അദ്ധ്യായം 2

1 ദൈവം ഏലീയായെ ചുഴലിക്കാററി
ലൂടെ സ്വർഗ്ഗത്തിലേക്കു എടുത്തുകൊള്ളു
വാനിരിക്കുമ്പോൾ ഏലീയാ എലീശയോടു
കൂടെ ഗിൽഗാലിൽനിന്നു പുറപ്പെട്ടു.
2 ഏലീയാ എലീശയോടു: നീ ഇവിടെ താമ
സിച്ചുകൊൾക; ദൈവം എന്നെ ബേഥേ
ലിലേക്കു അയച്ചിരിക്കുന്നു എന്നു പറഞ്ഞു.
എലീശാ അവനോടു: ദൈവമാണ, അങ്ങേ
ജീവനാണ, ഞാൻ അങ്ങയെ വിട്ടു
മാറുകയില്ല എന്നു പറഞ്ഞു. അങ്ങനെ
3 അവർ ബേഥേലിലേക്കു പോയി. ബേഥേലി
ലെ പ്രവാചകശിഷ്യന്മാർ എലീശയുടെ
അടുക്കൽ വന്നു അവനോടു: ദൈവം ഇന്നു
അങ്ങയുടെ യജമാനനെ അങ്ങയുടെ
അടുക്കൽനിന്നു എടുത്തുകൊള്ളും എന്ന്
അങ്ങ് അറിയുന്നുവോ? എന്നു ചോദിച്ചു.
അതിനു അവൻ: ഉവ്വ്, ഞാൻ അറിയുന്നു;
നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നു പറഞ്ഞു.
4 ഏലീയാ അവനോടു: എലീശയേ, നീ
ഇവിടെ താമസിക്കുക; ദൈവം എന്നെ
യെരീഹോയിലേക്കു അയച്ചിരിക്കുന്നു
എന്നു പറഞ്ഞു. അതിനു അവൻ: ദൈവ
മാണ, നിൻെറ ജീവനാണ, ഞാൻ നിന്നെ
വിട്ടുമാറുകയില്ല എന്നു പറഞ്ഞു. അങ്ങനെ
അവർ യെരീഹോയിലേക്കു പോയി.
5 യെരീഹോയിലെ പ്രവാചകശിഷ്യന്മാർ
എലീശയുടെ അടുക്കൽ വന്നു അവനോടു:
ദൈവം ഇന്നു അങ്ങയുടെ യജമാനനെ
അങ്ങയുടെ അടുക്കൽനിന്നു എടുത്തു
കൊള്ളും എന്നു അറിയുന്നുവോ എന്നു
ചോദിച്ചു. അതിനു അവൻ: ഉവ്വ്, ഞാൻ
അറിയുന്നു; നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നു
പറഞ്ഞു. ഏലീയാ അവനോടു: നീ ഇവിടെ 6
താമസിക്കുക; ദൈവം എന്നെ യോർദ്ദാ
നിലേക്കു അയച്ചിരിക്കുന്നു എന്നു പറഞ്ഞു;
അതിനു അവൻ: ദൈവമാണ, നിൻെറ
ജീവനാണ, ഞാൻ നിന്നെ വിട്ടുമാറുകയില്ല
എന്നു പറഞ്ഞു. അങ്ങനെ അവർ ഇരുവരും
ഒരുമിച്ചു പോയി. പ്രവാചകശിഷ്യന്മാരിൽ 7
അൻപതുപേർ ചെന്നു അവർക്കെതിരെ
ദൂരത്തു നിന്നു; അവർ ഇരുവരും യോർദ്ദാ
ന്നരികെ നിന്നു. അപ്പോൾ ഏലീയാ തൻെറ 8
പുതപ്പു എടുത്തു മടക്കി വെള്ളത്തെ അടി
ച്ചു; അതു അങ്ങോട്ടും ഇങ്ങോട്ടും മാറി!
അങ്ങനെ അവർ ഇരുവരും ഉണങ്ങിയ
നിലത്തുകൂടി അക്കരെ കടന്നു. അവർ 9
അക്കരെ കടന്നശേഷം ഏലീയാ എലീശാ
യോടു: ഞാൻ നിങ്കൽനിന്നും എടുത്തു
കൊള്ളപ്പെടുന്നതിനുമുമ്പ് ഞാൻ നിനക്കു
എന്തു ചെയ്യുതരണം? ചോദിച്ചുകൊൾക
എന്നു പറഞ്ഞു. അതിനു എലീശാ: അങ്ങ
യുടെ ആത്മാവിൽ ഇരട്ടി പങ്കു എൻെറ
മേൽ വരുമാറാകണം എന്നു പറഞ്ഞു.
അതിനു അവൻ: നീ പ്രയാസമുള്ള കാര്യ 10
മാണ് ചോദിച്ചതു; ഞാൻ നിങ്കൽനിന്നു
എടുത്തുകൊള്ളപ്പെടുമ്പോൾ നീ എന്നെ
കാണുന്നുവെങ്കിൽ നിനക്കു അങ്ങനെ
ഉണ്ടാകും; ഇല്ലെങ്കിൽ ഉണ്ടാകയില്ല എന്നു
പറഞ്ഞു. അവർ സംസാരിച്ചുകൊണ്ടു 11
നടക്കുമ്പോൾ അഗ്നിരഥവും അഗ്ന്യശ്വങ്ങ
ളും വന്നു അവരെ തമ്മിൽ വേർപിരിച്ചു.
അങ്ങനെ ഏലീയാ ചുഴലിക്കാററിലൂടെ
സ്വർഗ്ഗത്തിലേക്കു കയറി. എലീശാ അതു 12
കണ്ട്: എൻെറ പിതാവേ, എൻെറ പിതാവേ,
ഇസ്രായേലിൻെറ രഥവും തേരാളികളും
എന്നു നിലവിളിച്ചു, പിന്നെ അവനെ
കണ്ടില്ല; അപ്പോൾ അവൻ തൻെറ വസ്ത്രം
രണ്ടു ഖണ്ഡമായി കീറിക്കളഞ്ഞു. അവൻ 13
ഏലീയായുടെ മേൽനിന്നു വീണ പുതപ്പു
എടുത്തു മടങ്ങിച്ചെന്നു യോർദ്ദാന്നരികെ
നിന്നു. ഏലീയായിൽനിന്നു വീണ പുതപ്പു 14
കൊണ്ടു അവൻ വെള്ളത്തെ അടിച്ചു: ഏലീ
യായുടെ ദൈവമായ കർത്താവ് എവിടെ
എന്നു പറഞ്ഞു: അവൻ വെള്ളത്തെ അടി
ച്ചപ്പോൾ അതു അങ്ങോട്ടും ഇങ്ങോട്ടും
പിരിഞ്ഞു. എലീശാ ഇക്കരയ്ക്കു കടന്നു.
യെരീഹോയിൽ നിന്നിരുന്ന പ്രവാചക 15
ശിഷ്യന്മാർ അവനെ കണ്ട്: ഏലീയായുടെ

ു എലീശയുടെ മേൽ അധിവസി
ന്നു പറഞ്ഞു അവനെ എതിരേറ്റു
അവന്റെ മുമ്പിൽ സാഷ്ടാംഗം
നവർ അവനോടു: ഇതാ, അടിയ
കൂടെ അൻപതു ശക്തന്മാർ ഉണ്ടു;
പന്നു നിന്റെ യജമാനനെ അന്വേ
പക്ഷെ ദൈവത്തിന്റെ ആത്മാ
ന എടുത്തു വല്ല മലയിലോ താഴ്
ാ ഇരുത്തിയിരിക്കാം എന്നു പറ
ിനു അവൻ: നിങ്ങൾ അയയ്ക്കരു
പറഞ്ഞു. അവർ അവനെ വളരെ
ധിച്ചപ്പോൾ അവൻ: എന്നാൽ
കാൾവിൻ എന്നു പറഞ്ഞു. അവർ
ുപേരെ അയച്ചു; അവർ മൂന്നു
അന്വേഷിച്ചിട്ടും അവനെ കണ്ടെ
അവൻ യെരീഹോയിൽ ആയി
ാൽ അവർ അവന്റെ അടുക്കൽ
ന്നു; അവൻ അവരോടു: പോകേണ്ട
ാൻ നിങ്ങളോടു പറഞ്ഞില്ലയോ
റഞ്ഞു.
ന്തരം ആ പട്ടണക്കാർ എലീശ
ഈ പട്ടണത്തിന്റെ സ്ഥാനം
മെന്ന് യജമാനൻ കാണുന്നുവ
ന്നാൽ വെള്ളം ചീത്തയും ദേശം
കവും ആകുന്നു എന്നു പറഞ്ഞു.
അവൻ: ഒരു പുതിയ കുടം കൊണ്ടു
തിൽ ഉപ്പു ഇടുവിൻ എന്നു പറ
വർ അതു അവന്റെ അടുക്കൽ
ന്നു. അവൻ ഉറവിങ്കൽ ചെന്നു
ഉപ്പ് ഇട്ടു. ഞാൻ ഈ വെള്ളം
ിയിരിക്കുന്നു; ഇനി ഇതിനാൽ
ഫലശൂന്യതയും ഉണ്ടാകയില്ല
ദവം അരുളിച്ചെയ്യുന്നു എന്നു
എലീശാ പറഞ്ഞതുപോലെ ആ
ഇന്നുവരെ നന്നായിത്തന്നെ
ു.
ന അവൻ അവിടെനിന്നു ബേഥേ
പോയി; അവൻ വഴിയിൽ നടക്കു
ബാലന്മാർ പട്ടണത്തിൽ നിന്നു വ
നെ പരിഹസിച്ചു അവനോടു: കഷ
യാ, കയറി വാ; കഷണ്ടിത്തലയാ,
എന്നു പറഞ്ഞു. അവൻ പിന്നോ
ത്തു. അവരെ നോക്കി ദൈവത്തി
നാമത്തിൽ അവരെ ശപിച്ചു;
കാട്ടിൽനിന്നു രണ്ടു പെൺകരടി
ങ്ങിവന്നു അവരിൽ നാല്പത്തി
ാലന്മാരെ കടിച്ചുകീറി. അവൻ
ിട്ടു കർമ്മേൽ പർവ്വതത്തിലേക്കു
അവിടെനിന്നു ശമര്യയിലേക്കു
ന്നു.

അദ്ധ്യായം 3

യെഹൂദ്യരാജാവായ യെഹോശാഫാ 1
ത്തിന്റെ പതിനെട്ടാം ആണ്ടിൽ ആഹാബി
ന്റെ മകനായ യെഹോരാം ശമര്യയിൽ
ഇസ്രായേലിനു രാജാവായി; അവൻ പന്ത്ര
ണ്ടു സംവത്സരം ഭരിച്ചു. അവൻ ദൈവത്തി 2
ന് അനിഷ്ടമായതു ചെയ്തു; തന്റെ
അപ്പനേയും അമ്മയേയുംപോലെ അല്ലതാ
നും; തന്റെ പിതാവ് ഉണ്ടാക്കിയ ബാൽ
വിഗ്രഹം അവൻ നീക്കിക്കളഞ്ഞു. എന്നാ 3
ലും ഇസ്രായേലിനെക്കൊണ്ടു പാപംചെ
യ്യിച്ച നെബോത്തിന്റെ മകനായ യെരോ
ബെയാമിന്റെ പാപങ്ങളെ അവൻ വിട്ടു
മാറാതെ മുറുകെ പിടിച്ചുമിരുന്നു.
മോവാബ്‌രാജാവായ മീശോയ്ക്ക് 4
അനവധി ആടുണ്ടായിരുന്നു; അവൻ ഇസ്രാ
യേൽ രാജാവിനു ഒരു ലക്ഷം കുഞ്ഞാടുക
ളെയും കമ്പിളിരോമമുള്ള ഒരുലക്ഷം ആട്ടു
കൊററന്മാരെയും കൊടുത്തു. എന്നാൽ 5
ആഹാബ് മരിച്ചശേഷം മോവാബ് രാജാവു
ഇസ്രായേൽ രാജാവിനോടു മത്സരിച്ചു. ആ 6
കാലത്തു യെഹോരാംരാജാവു ശമര്യയിൽ
നിന്നു പുറപ്പെട്ടു ഇസ്രായേലിനെ എല്ലാം
എണ്ണി. പിന്നെ അവൻ: മോവാബുരാജാവ് 7
എന്നോടു മത്സരിച്ചിരിക്കുന്നു; മോവാബ്യ
രോടു യുദ്ധത്തിനു അങ്ങു കൂടെ പോരുമോ
എന്നു യഹൂദാരാജാവായ യെഹോശാഫാ
ത്തിനോടു ആളയച്ചു ചോദിപ്പിച്ചു. അതിനു
അവൻ: ഞാൻ പോരാം; നീയും ഞാനും
എന്റെ ജനവും നിന്റെ ജനവും എന്റെ
കുതിരകളും നിന്റെ കുതിരകളും ഒരു
പോലെ എന്നു പറഞ്ഞു. നാം ഏതു വഴി 8
യായി പോകണം എന്നു അവൻ ചോദിച്ചു;
എദോം മരുഭൂമിവഴിയായിത്തന്നെ എന്നു
അവൻ പറഞ്ഞു. അങ്ങനെ ഇസ്രായേൽ 9
രാജാവും യെഹൂദാരാജാവും എദോം രാജാ
വുമായി പുറപ്പെട്ടു; അവർ ഏഴു ദിവസത്തെ
വഴി നടന്നശേഷം അവരോടു കൂടെയുള്ള
സൈന്യത്തിനും മൃഗങ്ങൾക്കും വെള്ളം
കിട്ടാതെയായി. അപ്പോൾ ഇസ്രായേൽ 10
രാജാവു: അയ്യോ, ഈ മൂന്നു രാജാക്കന്മാ
രെയും ദൈവം വിളിച്ചുവരുത്തിയതു അവ
രെ മോവാബ്യരുടെ കയ്യിൽ ഏല്പിക്കേ
ണ്ടതിനാണോ എന്നു പറഞ്ഞു. എന്നാൽ 11
യെഹോശാഫാത്ത്: നാം ദൈവത്തോട്
അരുളപ്പാടു ചോദിക്കേണ്ടതിനു ഇവിടെ
ദൈവത്തിന്റെ പ്രവാചകൻ ആരുമില്ലയോ
എന്നു ചോദിച്ചു. ഇസ്രായേൽ രാജാവിന്റെ
ഭൃത്യന്മാരിൽ ഒരുവൻ: ഏലീയായുടെ

കൈയ്ക്കു വെള്ളം ഒഴിച്ചു കൊടുത്തിരുന്ന
ശാഫാത്തിൻെറ മകൻ എലീശാ ഇവിടെ
12 ഉണ്ട് എന്നു പറഞ്ഞു. അവന് കർത്താവി
ൻെറ അരുളപ്പാട് ഉണ്ട് എന്നു യെഹോശാ
ഫാത്ത് പറഞ്ഞു. അങ്ങനെ ഇസ്രായേൽ
രാജാവും യെഹോശാഫാത്തും എദോം
രാജാവും കൂടെ അവൻെറ അടുക്കൽ
ചെന്നു. എലീശാ ഇസ്രായേൽ രാജാവി
13 നോടു: എനിക്കും നിനക്കും എന്തു? നീ
നിൻെറ പിതാവിൻെറ പ്രവാചകന്മാരുടെ
അടുക്കലും നിൻെറ അമ്മയുടെ പ്രവാചക
ന്മാരുടെ അടുക്കലും പോകുക എന്നു പറ
ഞ്ഞു. അതിനു ഇസ്രായേൽ രാജാവു അവ
നോടു: അങ്ങനെയല്ല; ഈ മൂന്നു രാജാ
ക്കന്മാരെയും മോവാബ്യരുടെ കയ്യിൽ
ഏല്പിക്കേണ്ടതിനു ദൈവം അവരെ
കൂട്ടിവരുത്തിയിരിക്കുന്നു എന്നു പറഞ്ഞു.
14 അതിനു എലീശാ: ഞാൻ ആരാധിക്കുന്ന
സൈന്യങ്ങളുടെ ദൈവമാണ, യഹൂദാ
രാജാവായ യെഹോശാഫാത്തിൻെറ മുഖം
ഞാൻ വകവെച്ചില്ലായിരുന്നു എങ്കിൽ ഞാൻ
നിന്നെ നോക്കുകയോ കടാക്ഷിക്കുകയോ
15 ഇല്ലായിരുന്നു; എന്നാൽ ഇപ്പോൾ ഒരു
വീണവായനക്കാരനെ എൻെറ അടുക്കൽ
കൊണ്ടുവരുവിൻ എന്നു പറഞ്ഞു. വീണ
വായനക്കാരൻ വായിച്ചുകൊണ്ടിരിക്കു
മ്പോൾ കർത്താവിൻെറ കൈ അവൻെറ
16 മേൽ വന്നു. അവൻ പറഞ്ഞത്: കർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു: ഈ താഴ്വര
17 യിൽ അനേകം കുഴികൾ വെട്ടുവിൻ. നി
ങ്ങൾ കാററു കാണുകയില്ല, മഴയും കാണു
കയില്ല; എന്നാൽ നിങ്ങളും നിങ്ങളുടെ
ആടുമാടുകളും നിങ്ങളുടെ വാഹനമൃഗ
ങ്ങളും കുടിക്കത്തക്കവണ്ണം ഈ താഴ്വര
18 വെള്ളംകൊണ്ടു നിറയും. ഇതു പോരാ
എന്നു കർത്താവിനു തോന്നി അവൻ
മോവാബ്യരെയും നിങ്ങളുടെ കയ്യിൽ
19 ഏല്പിച്ചുതരും. നിങ്ങൾ ഉറപ്പുള്ള പട്ടണ
ങ്ങളും ശ്രേഷ്ഠനഗരങ്ങളും ജയിച്ചടക്കു
കയും നല്ല വൃക്ഷങ്ങളെല്ലാം മുറിക്കുകയും
ഉറവുകളെല്ലാം അടച്ചുകളയുകയും നല്ല
നിലങ്ങളെല്ലാം കല്ലു വാരിയിട്ടു ചീത്തയാ
20 ക്കുകയും ചെയ്യും. പിറെറദിവസം രാവിലെ
ഭോജനയാഗത്തിൻെറ സമയത്തു വെള്ളം
എദോം വഴിയായി വരുന്നതു കണ്ടു; ദേശം
21 വെള്ളംകൊണ്ടു നിറഞ്ഞു. ഈ രാജാക്ക
ന്മാർ തങ്ങളോടു യുദ്ധം ചെയ്യുവാൻ പുറ
പ്പെട്ടു വന്നു എന്നു മോവാബ്യർ കേട്ടപ്പോൾ
അവർ ആയുധം ധരിപ്പാൻ തക്ക പ്രായത്തി
ലും മേലോട്ടുമുള്ളവരെ വിളിച്ചുകൂട്ടി അതിർ
ത്തിയിൽ എത്തി. രാവിലെ അവർ എഴു 22
ന്നേററ് സൂര്യൻ ഉദിച്ചപ്പോൾ മോവാബ്യർക്കു
തങ്ങളുടെ മുമ്പിലുള്ള വെള്ളം രക്തംപോലെ
ചുവപ്പായി തോന്നി: അതു രക്തമാകുന്നു;
ആ രാജാക്കന്മാർ തമ്മിൽ പൊരുതി 23
അന്യോന്യം സംഹരിച്ചുകളഞ്ഞിരിക്കാം;
ആകയാൽ മോവാബ്യരേ, കൊള്ളയ്ക്കായി
വരുവിൻ എന്നു അവർ പറഞ്ഞു. അവർ 24
ഇസ്രായേൽ പാളയത്തിൽ എത്തിയപ്പോൾ
ഇസ്രായേല്യർ എഴുന്നേററു മോവാബ്യരെ
തോല്പിച്ചോടിച്ചു; അവർ ദേശത്ത് കടന്നു
ചെന്ന് മോവാബ്യരെ പിന്നെയും സംഹരി
ച്ചു. പട്ടണങ്ങൾ അവർ ഇടിച്ചു, നല്ല നില 25
മൊക്കെയും ഓരോരുവനും കല്ലുകളിട്ട്
നികത്തി ഉറവുകളെല്ലാം അടച്ച് നല്ല വൃക്ഷ
ങ്ങളെല്ലാം മുറിച്ചുകളഞ്ഞു; അവർ മതിലി
ൻെറ കല്ലു അങ്ങനെതന്നെ വിട്ടു. എന്നാൽ
കവിണക്കാർ അതിനെ വളഞ്ഞു നശിപ്പിച്ചു.
മോവാബുരാജാവു യുദ്ധം തനിക്കു പ്രതികൂ 26
ലമായി എന്നു കണ്ടപ്പോൾ എദോം രാജാ
വിനെ അണിമുറിച്ചാക്രമിക്കേണ്ടതിനു
എഴുനൂറു ആയുധപാണികളെ കൂട്ടിക്കൊ
ണ്ടു ചെന്നു; എങ്കിലും സാധിച്ചില്ല. ആക 27
യാൽ അവൻ തൻെറ അനന്തരാവകാശി
യായ ആദ്യജാതനെ പിടിച്ചു മതിലിന്മേൽ
ദഹനയാഗം കഴിച്ചു. അപ്പോൾ ഇസ്രായേല്യ
രുടെ മേൽ മഹാകോപം വന്നതുകൊണ്ടു
അവർ അവനെ വിട്ടു സ്വദേശത്തേക്കു
മടങ്ങിപ്പോയി.

അദ്ധ്യായം 4

പ്രവാചകശിഷ്യന്മാരുടെ ഭാര്യമാരിൽ 1
ഒരുവൾ എലീശയോടു നിലവിളിച്ചു: അങ്ങ
യുടെ ദാസനായ എൻെറ ഭർത്താവു മരിച്ചു
പോയി; അങ്ങയുടെ ദാസൻ ദൈവഭക്ത
നായിരുന്നു എന്ന് അങ്ങേയ്ക്കു അറിയാ
മല്ലോ; ഇപ്പോൾ കടക്കാരൻ എൻെറ രണ്ടു
മക്കളെ അടിമകളാക്കുവാൻ വന്നിരിക്കുന്നു
എന്നു പറഞ്ഞു. എലീശ അവളോടു: ഞാൻ 2
നിനക്കുവേണ്ടി എന്തു ചെയ്യണം? പറഞ്ഞു
കൊൾക; വീട്ടിൽ നിനക്കു എന്തുണ്ട് എന്നു
ചോദിച്ചു. ഒരു ഭരണി എണ്ണ അല്ലാതെ അടി
യൻെറ വീട്ടിൽ മറെറാന്നും ഇല്ല എന്നു
അവൾ പറഞ്ഞു. അതിനു അവൻ: നീ 3
ചെന്നു നിൻെറ അയല്ക്കാരോടെല്ലാം
ഒഴിഞ്ഞ പാത്രങ്ങൾ വായ്പ വാങ്ങുക;
പാത്രങ്ങൾ കുറവായിരിക്കരുത്. പിന്നെ 4
നീയും നിൻെറ മക്കളും അകത്തുകയറി
വാതിലടച്ചു പാത്രങ്ങളിലെല്ലാം എണ്ണ
പകർന്നു, നിറഞ്ഞതു നിറഞ്ഞതു ഒരു

മാററി വയ്ക്കുക എന്നു പറഞ്ഞു.
അവൻെറ അടുക്കൽനിന്ന് പോയി
മക്കളോടുകൂടെ അകത്തു കടന്നു
അടച്ചു; അവർ അവളുടെ
ൽ പാത്രങ്ങൾ വച്ചുകൊടുത്തു.
പകരുകയും ചെയ്തു. പാത്രങ്ങൾ
ശേഷം അവൾ തൻെറ മകനോടു:
പാത്രം കൊണ്ടുവരിക എന്നു
. അവൻ അവളോടു: പാത്രം ഒന്നും
എന്നു പറഞ്ഞു. അപ്പോൾ എണ്ണ
പായി. അവൾ ചെന്നു ദൈവപുരുഷ
വിവരം അറിയിച്ചു. നീ പോയി എണ്ണ
ടംവീട്ടി ബാക്കിയുള്ളതുകൊണ്ടു
ക്കളും ഉപജീവനം കഴിച്ചുകൊൾക
റഞ്ഞു.
ദിവസം എലീശാ ശൂനേമിലേക്കു
അവിടെ ഒരു ധനിക ഉണ്ടായിരുന്നു;
അവനെ ഭക്ഷണത്തിനു വരണം
ിർബ്ബന്ധിച്ചു. പിന്നീട് അവൻ ആ
ാകുമ്പോഴെല്ലാം ഭക്ഷണത്തിനു
കയറുമായിരുന്നു. അവൾ തൻെറ
വിനോടു: നമ്മുടെ വഴിയേ പല
കടന്നുപോകുന്ന ഈയാൾ വിശുദ്ധ
ു ദൈവപുരുഷൻ എന്നു എനിക്കു
ന്നു. നമുക്കു ചെറിയ ഒരു മാളിക
ിതുണ്ടാക്കാം; അതിൽ അയാൾക്ക്
ലും ഒരു മേശയും ഒരു പീഠവും ഒരു
ക്കും കൊടുക്കാം; അയാൾ നമ്മുടെ
ൽ വരുമ്പോൾ അവിടെ കയറി
ക്കാമല്ലോ എന്നു പറഞ്ഞു. പിന്നെ
സം അവൻ അവിടെ വരുവാനിട
അവൻ ആ മാളികമുറിയിൽ കയറി
ങ്ങി. അവൻ തൻെറ ഭൃത്യ
ഗേഹാസിയോടു: ശൂനേംകാരിയെ
ക എന്നു പറഞ്ഞു. അവൻ അവളെ
. അവൾ അവൻെറ മുമ്പിൽ
ന്നു. അവൻ ഗേഹാസിയോടു: നീ
ല്പര്യപൂർവ്വം ഞങ്ങൾക്കുവേണ്ടി
ല്ലോ; നിനക്കുവേണ്ടി എന്തു
? രാജാവിനോടോ സേനാധിപ
നിനക്കുവേണ്ടി വല്ലതും പറയേ
ോ എന്നു നീ അവളോടു ചോദിക്ക
റഞ്ഞു. അതിനു അവൾ: ഞാൻ
തിൻെറ മദ്ധ്യേ സുഖമായി വസി
എന്നു പറഞ്ഞു. എന്നാൽ അവൾ
ി എന്തു ചെയ്യാമെന്ന് അവൻ
തിനു ഗേഹാസി: അവൾക്കു
ല്ലാ; അവളുടെ ഭർത്താവു വൃദ്ധനും
എന്നു പറഞ്ഞു. അവളെ വിളി
ന്നു അവൻ പറഞ്ഞു. അവൻ

അവളെ വിളിച്ചപ്പോൾ അവൾ വാതിൽക്കൽ
വന്നുനിന്നു. അപ്പോൾ അവൻ: വരുന്ന 16
ആണ്ടിൽ ഈ സമയമാകുമ്പോഴേക്കു നീ
ഒരു മകനെ ആലിംഗനം ചെയ്യുകൊള്ളും
എന്നു പറഞ്ഞു. അതിനു അവൾ: അല്ല,
ദൈവപുരുഷനായ എൻെറ യജമാനനേ,
അടിയനോടു വ്യാജം പറയരുതേ എന്നു
പറഞ്ഞു. ആ സ്ത്രീ ഗർഭംധരിച്ചു പിറെറ 17
ആണ്ടിൽ എലീശാ അവളോടു പറഞ്ഞ
സമയത്തു തന്നെ ഒരു മകനെ പ്രസവിച്ചു.
ബാലൻ വളർന്നു. ഒരു ദിവസം അവൻ 18
കൊയ്ത്തുകാരുടെ കൂടെ ഇരുന്ന തൻെറ
പിതാവിൻെറ അടുക്കൽ ചെന്നു. അവൻ 19
പിതാവിനോടു: എൻെറ തല, എൻെറ തല
എന്നു പറഞ്ഞു. അവൻ ഒരു വേലക്കാര
നോടു: ഇവനെ എടുത്തു അമ്മയുടെ
അടുക്കൽ കൊണ്ടുപോകുക എന്നു
പറഞ്ഞു. അവൻ അവനെ എടുത്തു അവ 20
ൻെറ അമ്മയുടെ അടുക്കൽ കൊണ്ടു
ചെന്നു; അവൻ ഉച്ചവരെ അവളുടെ മടിയിൽ
ഇരുന്നശേഷം മരിച്ചുപോയി. അപ്പോൾ 21
അവൾ കയറിച്ചെന്ന് അവനെ ദൈവപുരു
ഷൻെറ കട്ടിലിന്മേൽ കിടത്തി വാതിൽ
അടച്ചു പുറത്തിറങ്ങി. പിന്നെ അവൾ തൻെറ 22
ഭർത്താവിനെ വിളിച്ചു: ഞാൻ വേഗം
ദൈവപുരുഷൻെറ അടുക്കൽ പോയി
വരേണ്ടതിനു എനിക്കു ഒരു ഭൃത്യനെയും
ഒരു കഴുതയെയും അയച്ചുതരണമെ എന്നു
പറഞ്ഞു. അതിനു അവൻ: ഇന്നു നീ 23
അദ്ദേഹത്തിൻെറ അടുക്കൽ പോകുന്നതെ
ന്തിന്? ഇന്നു അമാവാസിയല്ല, ശാബത്തു
മല്ലല്ലോ എന്നു പറഞ്ഞു. സാരമില്ല എന്നു
അവൾ പറഞ്ഞു. അങ്ങനെ അവൾ കഴുത 24
പ്പുറത്തു കയറി ഭൃത്യനോടു: നല്ലപോലെ
തെളിച്ചുവിടുക; ഞാൻ പറഞ്ഞല്ലാതെ
വഴിയിൽ ഒരിടത്തും നിർത്തരുതെന്നു
പറഞ്ഞു. അവൾ കർമ്മേൽ പർവ്വതത്തിൽ 25
ദൈവപുരുഷൻെറ അടുക്കൽ എത്തി;
ദൈവപുരുഷൻ അവളെ ദൂരെ കണ്ടപ്പോൾ
തൻെറ ഭൃത്യനായ ഗേഹാസിയോടു:
അതാ, ശൂനേംകാരി വരുന്നു; നീ ഓടിച്ചെ 26
ന്നു അവളെ എതിരേററു: സുഖംതന്നെ
യോ? ഭർത്താവു സുഖമായിരിക്കുന്നോ?
ബാലനു സുഖമുണ്ടോ എന്നു അവ
ളോടു ചോദിക്കുക എന്നു പറഞ്ഞു.
സുഖംതന്നെ എന്നു അവൾ പറഞ്ഞു.
അവൾ പർവ്വതത്തിൽ ദൈവപുരുഷൻെറ 27
അടുക്കൽ എത്തി അവൻെറ കാൽ പിടിച്ചു;
ഗേഹാസി അവളെ മാററുവാൻ അടുത്തു
ചെന്നപ്പോൾ ദൈവപുരുഷൻ: അവളെ

വിടുക; അവൾക്കു വലിയ മനോവ്യഥ
ഉണ്ട്; ദൈവം അതു എന്നെ അറിയി
ക്കാതെ മറച്ചിരിക്കുന്നു എന്നു പറഞ്ഞു.
28 ഞാൻ യജമാനനോടു ഒരു മകനെ
ചോദിച്ചിരുന്നുവോ? എന്നെ ചതിക്കരുതെ
എന്നു ഞാൻ പറഞ്ഞില്ലയോ എന്നു
29 അവൾ പറഞ്ഞു. ഉടനെ അവൻ ഗേഹാ
സിയോടു: നീ അര കെട്ടി എന്റെ വടിയും
എടുത്തു പോകുക; ആരെ എങ്കിലും
കണ്ടാൽ വന്ദനം ചെയ്യരുതു; നിന്നെ വന്ദനം
ചെയ്താൽ പ്രതിവന്ദനം ചെയ്യുകയും അരുത്;
എന്റെ വടി ബാലന്റെ മുഖത്തു വയ്ക്ക
30 ണം എന്നു പറഞ്ഞു. എന്നാൽ ബാലന്റെ
അമ്മ: ദൈവമാണ, അങ്ങേ ജീവനാണ,
ഞാൻ അങ്ങയെ വിടുകയില്ല എന്നു
പറഞ്ഞു. അവൻ എഴുന്നേററു അവളുടെ
31 കൂടെ പോയി. ഗേഹാസി അവർക്കുമുമ്പെ
ചെന്നു വടി ബാലന്റെ മുഖത്തു വച്ചു;
എങ്കിലും ഒരു അനക്കമോ ഉണർവ്വോ
ഉണ്ടായില്ല; അതുകൊണ്ടു അവൻ മടങ്ങി
വന്നു: ബാലൻ ഉണർന്നില്ല എന്നു അറി
32 യിച്ചു. എലീശാ, വീട്ടിൽ വന്നപ്പോൾ തന്റെ
കട്ടിലിന്മേൽ ബാലൻ മരിച്ചുകിടക്കുന്നതു
33 കണ്ടു. താനും ബാലനും മാത്രം അകത്തായി
അവൻ വാതിൽ അടച്ചു ദൈവത്തോടു
34 പ്രാർത്ഥിച്ചു. പിന്നെ അവൻ കയറി
ബാലന്റെമേൽ കിടന്നു;തന്റെ വായ്
ബാലന്റെ വായ്മേലും തന്റെ കണ്ണ്
അവന്റെ കണ്ണിന്മേലും തന്റെ ഉള്ളം
കൈകൾ അവന്റെ ഉള്ളംകൈകളിന്മേലും
വച്ചു. അവന്റെ മേൽ കവിണ്ണുകിടന്നപ്പോൾ
ബാലന്റെ ദേഹത്തിനു ചൂടുപിടിച്ചു.
35 അവൻ എഴുന്നേററു മുറിയിൽ അങ്ങുമിങ്ങും
ഒന്നു നടന്നിട്ടു പിന്നെയും കയറി അവന്റെ
മേൽ കവിണ്ണുകിടന്നു; അപ്പോൾ ബാലൻ
36 ഏഴു പ്രാവശ്യം തുമ്മി കണ്ണു തുറന്നു. അവൻ
ഗേഹാസിയെ വിളിച്ചു: ശൂനേംകാരിയെ
വിളിക്ക എന്നു കല്പിച്ചു; അവൻ അവളെ
വിളിച്ചു. അവൾ അവന്റെ അടുക്കൽ
വന്നപ്പോൾ അവൻ: നിന്റെ മകനെ
എടുത്തുകൊണ്ടു പൊയ്ക്കൊൾക എന്നു
37 പറഞ്ഞു. അവൾ അകത്തു ചെന്നു
അവന്റെ കാൽക്കൽ സാഷ്ടാംഗം വീണു
നമസ്കരിച്ചു, തന്റെ മകനെ എടുത്തു
കൊണ്ടുപോയി.
38 എലീശാ ഗിൽഗാലിൽ പോയി; ദേശ
ത്തു ക്ഷാമം ഉണ്ടായിരുന്നു; പ്രവാചക
ശിഷ്യന്മാർ അവന്റെ മുമ്പിലിരിക്കുമ്പോൾ
അവൻ തന്റെ ഭൃത്യനോടു: നീ വലിയ
കലം അടുപ്പത്തു വച്ച് പ്രവാചക ശിഷ്യ
ന്മാർക്കു പായസം ഉണ്ടാക്കുക എന്നു
പറഞ്ഞു. ഒരുത്തൻ ചീരപറിക്കുവാൻ 39
വയലിൽ ചെന്നു, ഒരു കാട്ടുവള്ളി കണ്ടു
മടി നിറച്ച് പേച്ചുര പറിച്ചുകൊണ്ടുവന്നു;
അവന് അറിവില്ലാതിരുന്നതിനാൽ അരി
ഞ്ഞു പായസക്കലത്തിൽ ഇട്ടു. അവർ അതു 40
ആളുകൾക്കു വിളമ്പി; അവർ പായസം
കുടിച്ചപ്പോൾ നിലവിളിച്ചു: ദൈവപുരുഷ
നായുള്ളോവേ, കലത്തിൽ മരണമുണ്ട്
എന്നു പറഞ്ഞു. അവർക്കു കുടിക്കുവാൻ 41
കഴിഞ്ഞില്ല. മാവു കൊണ്ടുവരുവിൻ എന്ന്
അവൻ പറഞ്ഞു. അതു കലത്തിൽ ഇട്ടു;
ആളുകൾക്കു വിളമ്പിക്കൊടുക്കുക എന്നു
പറഞ്ഞു. പിന്നെ ദൂഷ്യമൊന്നും കലത്തിൽ
ഉണ്ടായിരുന്നില്ല.
ബാൽ-ശാലീശയിൽനിന്നു ഒരാൾ 42
ദൈവപുരുഷനു ആദ്യഫലമായി ഇരു
പതു യവഅപ്പവും മലരും ഭാണ്ഡത്തിൽ
കൊണ്ടുവന്നു. ജനത്തിനു അതു തിന്നു
വാൻ കൊടുക്കുക എന്നു അവൻ കല്പിച്ചു.
അതിനു അവന്റെ ഭൃത്യൻ: ഞാൻ 43
ഇതു നൂറുപേർക്കു എങ്ങനെയാണു
വിളമ്പുന്നത് എന്നു പറഞ്ഞു. അവൻ
പിന്നെയും: ജനത്തിനു അതു തിന്നുവാൻ
കൊടുക്കുക; അവർ തിന്നുകയും ബാക്കി
വരുകയും ചെയ്യും എന്നു ദൈവം അരുളി
ച്ചെയ്യുന്നു എന്നു പറഞ്ഞു. അങ്ങനെ അവൻ 44
അവർക്കു വിളമ്പിക്കൊടുത്തു; ദൈവവചന
പ്രകാരം അവർ തിന്നു, ബാക്കി വരികയും
ചെയ്തു.

അദ്ധ്യായം 5

ആരാംരാജാവിന്റെ സേനാധിപൻ 1
നയമാൻ മുഖാന്തരം ദൈവം ആരാമിനു
ജയം നൽകിയതുകൊണ്ടു അവന്റെ യജമാ
നൻ അവനെ മഹാനും മാന്യനും ആയി
കരുതി; അവൻ പരാക്രമശാലി എങ്കിലും
കുഷ്ഠരോഗി ആയിരുന്നു. ആരാമ്യർ 2
കവർച്ചയ്ക്കായി വന്നിരുന്നപ്പോൾ ഇസ്രാ
യേൽ ദേശത്തു നിന്നു ഒരു പെൺകുട്ടിയെ
പിടിച്ചുകൊണ്ടു പോയിരുന്നു; അവൾ
നയമാന്റെ ഭാര്യയ്ക്കു ശുശ്രൂഷചെയ്തു.
അവൾ തന്റെ യജമാനസ്ത്രീയോടു: യജ 3
മാനൻ ശമര്യയിലെ പ്രവാചകന്റെ അടു
ക്കൽ ഒന്നു ചെന്നെങ്കിൽ അദ്ദേഹം യജ
മാനന്റെ കുഷ്ഠരോഗം മാററിക്കൊടുക്കു
മായിരുന്നു എന്നു പറഞ്ഞു. ആളുകൾ 4
ചെന്നു യജമാനനോടു: ഇസ്രായേൽക്കാരി
പെൺകുട്ടി ഇന്നിന്നപ്രകാരം സംസാരിച്ചു
എന്നു ബോധിപ്പിച്ചു. നീ പോയി വരിക; 5

സായേൽ രാജാവിനു ഒരു എഴുത്ത
എന്നു ആരാംരാജാവു പറഞ്ഞു.
അവൻ പത്തു താലന്തു
ും ആറായിരം ശേക്കെൽ പൊന്നും
ും വസ്ത്രവും എടുത്തു പുറപ്പെട്ടു.
ഇസ്രായേൽ രാജാവിന്റെ
ൽ എഴുത്തു കൊണ്ടുചെന്നു;
ഈ എഴുത്തു കൊണ്ടുവരുന്ന
ൃത്യൻ നയമാന്റെ കുഷ്ഠരോഗം
മാററിക്കൊടുക്കേണ്ടതിനു ഞാൻ
താങ്കളുടെ അടുക്കൽ അയച്ചി
എന്നെഴുതിയിരുന്നു. ഇസ്രാ
ാജാവു എഴുത്തുവായിച്ച് വസ്ത്രം
വൻ ഇതാ, കുഷ്ഠരോഗം മാററി
ക്കേണ്ടതിനു ഒരാളെ എന്റെ
ൽ അയച്ചിരിക്കുന്നു! മരിപ്പിക്കു
വിപ്പിക്കുകയും ചെയ്യുവാൻ ഞാൻ
ാ? നോക്കണം, അവൻ ഇതിനാൽ
ു വഴക്കിനു കാരണം അന്വേഷിക്ക
എന്നു പറഞ്ഞു.
ായേൽ രാജാവു വസ്ത്രംകീറി എന്നു
ുഷനായ എലീശാ കേട്ടപ്പോൾ
ന്റെ അടുക്കൽ ആളയച്ചു: അങ്ങ്
കീറിക്കളഞ്ഞതെന്തിന്? അവൻ
അടുക്കൽ വരട്ടെ; എന്നാൽ
ലിൽ ഒരു പ്രവാചകൻ ഉണ്ട് എന്നു
അറിയും എന്നു പറയിച്ചു. അങ്ങനെ
രഥത്തോടും കുതിരകളോടും
ലീശായുടെ വീട്ടുവാതിൽക്കൽ
ു. എലീശാ ആളയച്ചു: നീ ചെന്നു
നിൽ ഏഴു പ്രാവശ്യം കുളിക്കുക;
നിന്റെ ദേഹം മുൻരീതിയിൽ
ീ ശുദ്ധനാകും എന്നു പറയിച്ചു.
നയമാൻ ഏററം കോപിച്ചു പുറ
വൻ തന്നെ പുറത്തുവന്ന് എന്റെ
ുനിന്ന് തന്റെ ദൈവത്തിന്റെ
വിളിച്ചു പ്രാർത്ഥിച്ചു തന്റെ കൈ
ലത്തിൻമീതെ വെച്ചു കുഷ്ഠ
സൗഖ്യമാക്കും എന്നു ഞാൻ
ു. ദമസ്ക്കോസിലെ നദികളായ
യും പർപ്പരും ഇസ്രായേൽ ദേശ
എല്ലാ വെള്ളത്തെക്കാളും നല്ല
എനിക്കു അവയിൽ കുളിച്ചു
കരുതോ എന്നു പറഞ്ഞു. അവൻ
ത്തോടെ പോയി. എന്നാൽ അവന്റെ
ർ അടുത്തു വന്നു അവനോടു:
, പ്രവാചകൻ വലിയോരു കാര്യം
ോടു കല്പിച്ചിരുന്നെങ്കിൽ ചെയ്യാ
മോ? പിന്നെ അദ്ദേഹം: കുളിച്ചു
ക എന്നു അങ്ങയോടു കല്പിച്ചാൽ

എത്ര അധികം എന്നു പറഞ്ഞു. അപ്പോൾ 14
അവൻ ചെന്നു ദൈവപുരുഷന്റെ വചന
പ്രകാരം യോർദ്ദാനിൽ ഏഴു പ്രാവശ്യം
കുളിച്ചു; അവന്റെ ദേഹം ഒരു ബാലന്റെ
ദേഹംപോലെ ആയി; അവൻ ശുദ്ധനായി.
പിന്നെ അവൻ തന്റെ സകല പരിവാരവു 15
മായി ദൈവപുരുഷന്റെ അടുക്കൽ മടങ്ങി
വന്നു അവന്റെ മുമ്പിൽ നിന്നു: ഇസ്രാ
യേലിൽ അല്ലാതെ ഭൂമിയിൽ എങ്ങും ഒരു
ദൈവമില്ല എന്നു ഞാൻ ഇപ്പോൾ അറി
യുന്നു; ആകയാൽ അടിയന്റെ കയ്യിൽ
നിന്നു ഒരു ഭക്തികാഴ്ച കൈക്കൊള്ളേണമേ
എന്നു പറഞ്ഞു. അതിനു അവൻ: ഞാൻ 16
സേവിച്ചുനിൽക്കുന്ന ദൈവമാണ, ഞാൻ
ഒന്നും സ്വീകരിക്കുകയില്ല എന്നു പറഞ്ഞു.
സ്വീകരിക്കുവാൻ നിർബ്ബന്ധിച്ചിട്ടും അവൻ
വാങ്ങിയില്ല. അപ്പോൾ നയമാൻ: എന്നാൽ 17
രണ്ടു കോവർകഴുതച്ചുമടു മണ്ണു അടിയനു
തരുവിക്കേണമേ; അടിയൻ ഇനിയും
ദൈവത്തിനല്ലാതെ അന്യദൈവങ്ങൾക്കു
ഹോമയാഗവും ഹനനയാഗവും കഴിക്ക
യില്ല. ഒരു കാര്യത്തിൽമാത്രം ദൈവം അടിയ 18
നോടു ക്ഷമിക്കുമാറാകട്ടെ: എന്റെ
യജമാനൻ നമസ്ക്കരിപ്പാൻ രിമ്മോന്റെ
ക്ഷേത്രത്തിൽ ചെന്ന് എന്റെ കൈത്താ
ങ്ങലോടെ കുമ്പിടുമ്പോൾ ഞാനും
രിമ്മോന്റെ ക്ഷേത്രത്തിൽ നമസ്ക്കരിച്ചു
പോകുന്ന ഈ കാര്യത്തിൽ ദൈവം
അടിയനോടു ക്ഷമിക്കുമാറാകട്ടെ. അവൻ 19
അവനോടു: സമാധാനത്തോടെ പോകുക
എന്നു പറഞ്ഞു.

അവൻ കുറെ ദൂരം പോയശേഷം 20
ദൈവപുരുഷനായ എലീശയുടെ ഭൃത്യൻ
ഗേഹസി: ആരാമ്യനായ നയമാൻ കൊണ്ടു
വന്നതു എന്റെ യജമാനൻ അവന്റെ
കയ്യിൽനിന്നു വാങ്ങിക്കാതെ വിട്ടുകളഞ്ഞു;
കർത്താവിനാണ, ഞാൻ അവന്റെ
പിന്നാലെ ഓടിച്ചെന്നു അവനോടു അല്പ
മെങ്കിലും വാങ്ങുമെന്നു പറഞ്ഞു. അങ്ങനെ 21
അവൻ നയമാനെ പിന്തുടർന്നു. അവൻ
തന്റെ പിന്നാലെ ഓടിവരുന്നതു നയമാൻ
കണ്ടപ്പോൾ രഥത്തിൽനിന്നിറങ്ങി അവ
ന്റെ നേരെ ചെന്നു: സുഖംതന്നെയോ
എന്നു ചോദിച്ചു. അതിനു അവൻ: സുഖം 22
തന്നെ; ഇപ്പോൾ പ്രവാചകശിഷ്യരിൽ രണ്ടു
യുവാക്കൾ എഫ്രയീംമലനാട്ടിൽനിന്നു
എന്റെ അടുക്കൽ വന്നിരിക്കുന്നു;
അവർക്ക് ഒരു താലന്തു വെള്ളിയും രണ്ടു
കൂട്ടം വസ്ത്രവും തരണം എന്നു പറയു
വാൻ എന്റെ യജമാനൻ എന്നെ പറ

ഞ്ഞയച്ചിരിക്കയാണ് എന്നു പറഞ്ഞു.
23 ദയചെയ്ത് രണ്ടു താലന്ത് വാങ്ങണമേ എന്നു
നയമാൻ പറഞ്ഞു. അവൻ അവനെ
നിർബ്ബന്ധിച്ച് രണ്ടു സഞ്ചിയിൽ രണ്ടു
താലന്ത് വെള്ളിയും രണ്ടുകൂട്ടം വസ്ത്രവും
കെട്ടി തൻെറ ഭൃത്യന്മാരിൽ രണ്ടുപേരുടെ
പക്കൽ കൊടുത്തു; അവർ അതു ചുമന്നു
24 കൊണ്ടു അവനു മുമ്പെ നടന്നു. കുന്നിന്
അരികെ എത്തിയപ്പോൾ അവൻ അതു
അവരുടെ കയ്യിൽനിന്നു വാങ്ങി വീട്ടിൽ
സൂക്ഷിച്ചുവച്ചിട്ടു ഭൃത്യന്മാരെ അയച്ചു;
25 അവർ പോയി. പിന്നെ അവൻ അകത്തു
യജമാനൻെറ മുമ്പിൽ നിന്നു. എലീശാ
അവനോടു: ഗേഹസീ, നീ എവിടെനിന്നു
വരുന്നു എന്നു ചോദിച്ചു. അടിയൻ എങ്ങും
26 പോയില്ല എന്നു അവൻ പറഞ്ഞു. അതിനു
അവൻ: ആ പുരുഷൻ രഥത്തിൽനിന്നു
ഇറങ്ങി നിന്നെ എതിരേററപ്പോൾ എൻെറ
ഹൃദയം അത് എന്നെ കാണിച്ചു. ദ്രവ്യം
സമ്പാദിക്കുവാനും വസ്ത്രം, ഒലിവുതോട്ടം,
മുന്തിരിത്തോട്ടം, ആടുമാടുകൾ, ദാസീ
ദാസന്മാർ എന്നിവ സമ്പാദിക്കുവാനും
27 ഇതാണോ സമയം? ആകയാൽ നയമാൻെറ
കുഷ്ഠം നിനക്കും നിൻെറ സന്തതിക്കും
എന്നേക്കും ഉണ്ടായിരിക്കും എന്നു അവ
നോടു പറഞ്ഞു. അവൻ ഹിമംപോലെ
വെളുത്തു കുഷ്ഠരോഗിയായി, അവനെ
വിട്ടുപോയി.

അദ്ധ്യായം 6

1 പ്രവാചകശിഷ്യന്മാർ എലീശായോടു:
ഞങ്ങൾ പാർക്കുന്ന ഈ സ്ഥലം
ഞങ്ങൾക്കു തീരെ ഇടുക്കമായിരിക്കുന്നു
2 എന്നു അങ്ങ് കാണുന്നുവല്ലോ. ഞങ്ങൾ
യോർദ്ദാനോളം ചെന്നു അവിടെനിന്നു
ഓരോരുവൻ ഓരോ തടി കൊണ്ടുവന്നു
ഞങ്ങൾക്കു പാർക്കേണ്ടതിനു ഒരു സ്ഥലം
ഉണ്ടാക്കട്ടെ എന്നു ചോദിച്ചു. പൊയ്ക്കൊൾ
3 വിൻ എന്നു അവൻ പറഞ്ഞു. അവരിൽ
ഒരുവൻ: ദയവായി അടിയങ്ങളോടുകൂടെ
വരണമേ എന്നു അപേക്ഷിച്ചതിനു വരാം
4 എന്നു അവൻ പറഞ്ഞു. അങ്ങനെ അവൻ
അവരോടു കൂടെ പോയി; അവർ യോർദ്ദാ
5 നിൽ എത്തി മരം മുറിച്ചു. എന്നാൽ ഒരുവൻ
ഒരു മരം മുറിക്കുമ്പോൾ മഴു ഊരി വെള്ള
ത്തിൽ വീണു; അയ്യോ യജമാനനേ, അതു
വായ്പ വാങ്ങിയതായിരുന്നു എന്നു അവൻ
6 നിലവിളിച്ചു. അതു എവിടെയാണ് വീണത്
എന്നു ദൈവപുരുഷൻ ചോദിച്ചു; അവൻ
ആ സ്ഥലം കാണിച്ചുകൊടുത്തു; അവൻ
ഒരു കോൽ വെട്ടി അവിടെ എറിഞ്ഞു; ആ
ഇരുമ്പു പൊങ്ങിവന്നു! അതു എടുത്തു 7
കൊൾക എന്നു അവൻ പറഞ്ഞു. അവൻ
കൈ നീട്ടി അതു എടുത്തു.
ആരാംരാജാവ് ഇസ്രായേലിനോട് 8
യുദ്ധം ചെയ്തു; ഇന്നിന്ന സ്ഥലത്ത് പാള
യമിറങ്ങണം എന്നിങ്ങനെ അവൻ തൻെറ
ഭൃത്യന്മാരുമായി ആലോചന ചെയ്തു.
എന്നാൽ ദൈവപുരുഷൻ ഇസ്രായേൽ 9
രാജാവിനോടു: ഇന്ന സ്ഥലത്തുകൂടി
കടക്കാതിരിക്കുവാൻ സൂക്ഷിക്കുക; ആരാ
മ്യർ അവിടെ പതിയിരിക്കുന്നുണ്ട് എന്നു
പറയിച്ചു. ദൈവപുരുഷൻ അറിയിച്ചിരുന്ന 10
സ്ഥലത്തേക്കു ഇസ്രായേൽ രാജാവു
ആളയച്ചു; അങ്ങനെ അവൻ ഒരു പ്രാവശ്യ
മല്ല, രണ്ടു പ്രാവശ്യവുമല്ല തന്നത്താൻ
രക്ഷിച്ചതു. തന്മൂലം ആരാംരാജാവിൻെറ 11
മനസ്സു കലങ്ങി; അവൻ ഭൃത്യന്മാരെ വിളിച്ചു
അവരോടു: നമ്മുടെ കൂട്ടത്തിൽ ഇസ്രാ
യേൽ രാജാവിൻെറ പക്ഷക്കാരൻ ആരാ
ണെന്നു നിങ്ങൾ പറഞ്ഞുതരികയില്ലേ
എന്നു ചോദിച്ചു. അവൻെറ ഭൃത്യന്മാരിൽ 12
ഒരുവൻ: യജമാനനായ രാജാവേ, കാര്യം
അങ്ങനെയല്ല; അങ്ങ് ശയനഗൃഹത്തിൽ
സംസാരിക്കുന്ന വാക്കുകൾപോലും ഇസ്രാ
യേലിലെ പ്രവാചകനായ എലീശാ ഇസ്രാ
യേൽരാജാവിനെ അറിയിക്കുന്നു എന്നു
പറഞ്ഞു. നിങ്ങൾ ചെന്നു അവൻ എവിടെ 13
യാണ് എന്നു നോക്കുവിൻ; ഞാൻ ആളയച്ച്
അവനെ പിടിപ്പിക്കും എന്നു അവൻ
കല്പിച്ചു. അവൻ ദോഥാനിൽ ഉണ്ടെന്ന്
അവന് അറിവു കിട്ടി. അവൻ അവിടേക്കു 14
സുശക്തമായ സൈന്യത്തെ കുതിരകളും
രഥങ്ങളുമായി അയച്ചു; അവർ രാത്രിയിൽ 15
ചെന്നു പട്ടണം വളഞ്ഞു. ദൈവപുരുഷ
ൻെറ ഭൃത്യൻ രാവിലെ എഴുന്നേററു
പുറത്തിറങ്ങിയപ്പോൾ ഒരു സൈന്യം കുതി
രകളും രഥങ്ങളുമായി പട്ടണം വളഞ്ഞി
രിക്കുന്നതു കണ്ടു; ഭൃത്യൻ അവനോടു:
അയ്യോ യജമാനനേ, നാം എന്തു ചെയ്യും?
എന്നു പറഞ്ഞു. അതിനു അവൻ: പേടി 16
ക്കേണ്ട; നമ്മോടുകൂടെയുള്ളവർ അവ
രോടുകൂടെയുള്ളവരെക്കാൾ അധികമു
ണ്ട് എന്നു പറഞ്ഞു. പിന്നെ എലീശാ: 17
ദൈവമേ, ഇവൻ കാണത്തക്കവണ്ണം
ഇവൻെറ കണ്ണു തുറക്കണമേ എന്നു
പ്രാർത്ഥിച്ചു. ദൈവം ആ ഭൃത്യൻെറ കണ്ണു
തുറന്നു; എലീശായുടെ ചുററും അഗ്നി
മയമായ കുതിരകളും രഥങ്ങളുംകൊണ്ടു
മല നിറഞ്ഞിരിക്കുന്നതു അവൻ കണ്ടു.

അവൻെറ അടുക്കൽ വന്നപ്പോൾ
ാ ദൈവത്തോടു: ഈ ജാതിയെ
ാക്കണമേ എന്നു പ്രാർത്ഥിച്ചു.
ായുടെ അപേക്ഷ പ്രകാരം അവൻ
അന്ധരാക്കി. എലീശാ അവ
ഇതല്ല വഴി; പട്ടണവും ഇതല്ല;
പിന്നാലെ വരുവിൻ; നിങ്ങൾ
ഷിക്കുന്നവൻെറ അടുക്കൽ ഞാൻ
കൊണ്ടുപോകാം എന്നു പറഞ്ഞു.
അവരെ ശമര്യയിലേക്കു കൂട്ടി
ുപോയി. ശമര്യയിൽ എത്തിയ
എലീശാ: ദൈവമേ, കാണത്തക്ക
വരുടെ കണ്ണു തുറക്കണമേ എന്നു
ദൈവം അവരുടെ കണ്ണു തുറന്നു;
നാക്കിയപ്പോൾ തങ്ങൾ ശമര്യയുടെ
ൽ നില്ക്കുന്നതാണ് കണ്ടത്:
യൽ രാജാവു അവരെ കണ്ടിട്ടു
യോടു: എൻെറ പിതാവേ, ഞാൻ
വെട്ടിക്കളയട്ടെ എന്നു ചോദിച്ചു.
അവൻ: വെട്ടിക്കളയരുത്; നിൻെറ
ാണ്ടും വില്ലുകൊണ്ടും പിടിച്ചവരെ
ിക്കളയുമോ? ഇവർ തിന്നുകുടിച്ചു
ടെ യജമാനൻെറ അടുക്കൽ
ന്നതിന് അവർക്ക് അപ്പവും വെള്ള
ടുക്കുക എന്നു പറഞ്ഞു. അങ്ങനെ
അവർക്കു വലിയൊരു വിരുന്ന്
അവർ തിന്നുകുടിച്ചശേഷം അവൻ
വിട്ടയച്ചു; അവർ തങ്ങളുടെ യജ
ാ അടുക്കൽ പോയി. ആരാമ്യ
ഇസ്രായേൽ ദേശത്തേക്കു പിന്നെ

ാം രാജാവായ ബെൻ-ഹദദ് തൻെറ
ത്തെ സജ്ജീകരിച്ചു ചെന്ന് ശമറി
ളഞ്ഞു. അവർ ശമറിയയെ വള
ുമ്പോൾ അവിടെ മഹാക്ഷാമം
ഒരു കഴുതത്തലയ്ക്കു എൺപതു
ാശും കാൽകബ് പ്രാവിൻ ചങ്കിന്
വെള്ളിക്കാശുംവരെ വില കയറി.
ഇസ്രായേൽരാജാവു കോട്ടമതി
നടക്കുമ്പോൾ ഒരു സ്ത്രീ അവ
യജമാനനായ രാജാവേ, രക്ഷി
എന്നു നിലവിളിച്ചു. അതിനു
ദൈവം നിന്നെ രക്ഷിക്കുന്നി
ഞാൻ എങ്ങനെ തന്നു നിന്നെ
ം? കളപ്പുരയിൽനിന്നോ മുന്തിരി
ിന്നോ എന്നു ചോദിച്ചു. രാജാവു
ും അവളോടു: നിൻെറ സങ്കടം
ന്നു ചോദിച്ചതിനു അവൾ: ഈ
ന്നാടു: നിൻെറ മകനെ കൊണ്ടു
ന്നു നമുക്കു അവനെ തിന്നാം;

നാളെ എൻെറ മകനെ തിന്നാം എന്നു
പറഞ്ഞു. അങ്ങനെ ഞങ്ങൾ എൻെറ മകനെ 29
പുഴുങ്ങിത്തിന്നു; പിറെറ ദിവസം ഞാൻ
അവളോടു: നിൻെറ മകനെ കൊണ്ടുവരിക,
നമുക്കു അവനെയും തിന്നാം എന്നു പറഞ്ഞ
പ്പോൾ അവൾ സ്വപുത്രനെ ഒളിപ്പിച്ചു
കളഞ്ഞു എന്നു പറഞ്ഞു. സ്ത്രീയുടെ വാക്കു 30
കേട്ടപ്പോൾ രാജാവു വസ്ത്രം കീറി; അവൻ
മതിലിന്മേൽ നടന്നുപോകുകയായിരുന്നു;
ജനം അവനെ നോക്കിയപ്പോൾ അവൻ
അടിക്കുപ്പായമായി രട്ടു ഉടുത്തിരിക്കുന്നതു
കണ്ടു. ശാഫാത്തിൻെറ മകനായ എലീ 31
ശായുടെ തല ഇന്നു അവൻെറ ഉടലിന്മേൽ
ഇരുന്നാൽ ദൈവം എന്നോടു തക്കവണ്ണവും
അധികവും ചെയ്യട്ടെ എന്നു അവൻ പറ
ഞ്ഞു. എലീശാ സ്വഭവനത്തിൽ മൂപ്പന്മാ 32
രോടുകൂടെ ഇരിക്കുമ്പോൾ രാജാവു ഒരാളെ
തനിക്കു മുമ്പായി അയച്ചു; ദൂതൻ
എലീശായുടെ അടുക്കൽ എത്തുന്നതിനു
മുമ്പെ അവൻ മൂപ്പന്മാരോടു: എൻെറ തല
വെട്ടുവാൻ ആ കൊലപാതകപുത്രൻ
ആളയച്ചിരിക്കുന്നതു നിങ്ങൾ കണ്ടുവോ?
ദൂതൻ വരുമ്പോൾ നിങ്ങൾ വാതിൽ അടച്ചു
വാതിൽക്കൽ അവനെ തടുത്തുകൊള്ള
ണം; അവൻെറ യജമാനൻെറ പാദശബ്ദം
അവൻെറ പിമ്പിൽ കേൾക്കുന്നുണ്ടല്ലോ
എന്നു പറഞ്ഞു. അവൻ അവരോടു സംസാ 33
രിച്ചുകൊണ്ടിരിക്കുമ്പോൾ ദൂതൻ അവൻെറ
അടുക്കൽ എത്തി; ഇതാ, ഈ അനർത്ഥം
ദൈവത്താൽ വരുന്നു; ഞാൻ ഇനിയും
ദൈവത്തെ കാത്തിരിക്കുന്നതു എന്തിനു
എന്നു രാജാവു പറഞ്ഞു.

അദ്ധ്യായം 7

അപ്പോൾ എലീശാ: ദൈവത്തിൻെറ 1
അരുളപ്പാടു ശ്രദ്ധിപ്പിൻ: നാളെ ഈ
സമയത്തു ശമറിയായുടെ പടിവാതിൽക്കൽ
ശേക്കലിനു ഒരു സെയാ ഗോതമ്പുമാവും
ശേക്കലിനു രണ്ടു സെയാ യവവും വില്ക്കും
എന്നു ദൈവം അരുളിച്ചെയ്യുന്നു എന്നു
പറഞ്ഞു. രാജാവിനു സേവനം ചെയ്യുന്ന 2
അകമ്പടിനേതാവ് ദൈവപുരുഷനോടു,
ദൈവം ആകാശത്തിൽ കിളിവാതിലുകൾ
ഉണ്ടാക്കിയാലും ഈ കാര്യം സാധിക്കുമോ?
എന്നു പറഞ്ഞു. അതിനു അവൻ: നിൻെറ
കണ്ണുകൊണ്ടു നീ അതു കാണും; എങ്കിലും
നീ അതിൽനിന്നു തിന്നുകയില്ല എന്നു
പറഞ്ഞു.

അന്നു കുഷ്ഠരോഗികളായ നാലുപേർ 3
പടിവാതിൽക്കൽ ഉണ്ടായിരുന്നു; അവർ

പരസ്പരം: നാം ഇവിടെ കിടന്നു മരിക്കു
4 ന്നതു എന്തിനു? പട്ടണത്തിൽ ചെന്നാൽ
പട്ടണത്തിൽ ക്ഷാമമായിരിക്കയാൽ നാം
അവിടെവെച്ചു മരിക്കും; ഇവിടെ ഇരുന്നാലും
മരിക്കും. അതുകൊണ്ടു വരിക; നമുക്കു
ആരാമ്യപാളയത്തിൽ പോകാം; അവർ
നമ്മെ ജീവനോടെ വെച്ചാൽ നാം ജീവിക്കും;
അവർ നമ്മെ കൊന്നാൽ നാം മരിക്കും
5 എന്നു പറഞ്ഞു. അങ്ങനെ അവർ ആരാം
പാളയത്തിൽ പോകുവാൻ സന്ധ്യക്കു
പുറപ്പെട്ടു. ആരാംപാളയത്തിൻെറ ഒരു
ഭാഗത്തു വന്നപ്പോൾ അവിടെ ആരെയും
6 കണ്ടില്ല. കർത്താവു ആരാമ്യസൈന്യത്തെ
രഥങ്ങളുടെയും കുതിരകളുടെയും മഹാ
സൈന്യത്തിൻെറയും ആരവം കേൾപ്പിച്ചിരു
ന്നതിനാൽ അവർ പരസ്പരം: ഇതാ,
നമ്മുടെ നേരേ വരേണ്ടതിനു ഇസ്രായേൽ
രാജാവു ഹിത്യരാജാക്കന്മാരെയും മെ
സ്രേൻ രാജാക്കന്മാരെയും നമുക്കു വിരോ
ധമായി കൂലിക്കെടുത്തിരിക്കുന്നു എന്നു
7 പറഞ്ഞു. അതുകൊണ്ടു അവർ സന്ധ്യ
യ്ക്കുതന്നെ ഓടിപ്പോയി; കൂടാരങ്ങൾ,
കുതിരകൾ, കഴുതകൾ എന്നിവയെ പാള
യത്തിൽ ഇരുന്നവിധംതന്നെ ഉപേക്ഷിച്ചു
8 ജീവരക്ഷയ്ക്കായി ഓടിപ്പോയി. ആ
കുഷ്ഠരോഗികൾ പാളയത്തിൻെറ അററ
ത്തു ഒരു കൂടാരത്തിനകത്തു കയറി തിന്നു
കുടിച്ചശേഷം അവിടെനിന്നു വെള്ളിയും
പൊന്നും വസ്ത്രങ്ങളും എടുത്തുകൊണ്ടു
9 പോയി ഒളിച്ചുവെച്ചു. പിന്നെ അവർ
പരസ്പരം: നാം ചെയ്യുന്നതു ശരിയല്ല;
ഇന്നു സദ്വർത്തമാനദിവസമല്ലോ; നാമോ
മിണ്ടാതിരിക്കുന്നു; നേരം പുലരുംവരെ നാം
താമസിച്ചാൽ നാം കുററക്കാരാകും; അതി
നാൽ വരുവിൻ; നാം ചെന്നു രാജധാനിയിൽ
അറിവു കൊടുക്കണം എന്നു പറഞ്ഞു.
10 അങ്ങനെ അവർ പട്ടണവാതിൽക്കൽ ചെ
ന്നു കാവൽക്കാരനെ വിളിച്ചു: ഞങ്ങൾ ആ
രാംപാളയത്തിൽ പോയിരുന്നു; അവിടെ
ഒരു മനുഷ്യനും ഇല്ല; ഒരു മനുഷ്യൻെറയും
ശബ്ദം കേൾക്കാനുമില്ല; കുതിരകളും
കഴുതകളും കെട്ടിയിരിക്കുന്ന രീതിയിൽ
തന്നെ ഇരിക്കുന്നു, കൂടാരങ്ങളും അതു
പോലെതന്നെ ഇരിക്കുന്നു എന്നു പറഞ്ഞു.
11 അവൻ കാവൽക്കാരെ വിളിച്ചു; അവർ
12 രാജധാനിയിൽ അറിയിച്ചു. രാജാവു
രാത്രിയിൽതന്നെ എഴുന്നേററു ഭൃത്യന്മാരോ
ടു: ആരാമ്യർ നമ്മോടു ചെയ്തതു എന്തെ
ന്നു ഞാൻ പറഞ്ഞുതരാം; നാം വിശന്നിരി
ക്കുന്നു എന്നു അവർ അറിഞ്ഞിട്ടു: അവർ
പട്ടണത്തിൽനിന്നു പുറത്തുവരും; അപ്പോൾ
നമുക്ക് അവരെ ജീവനോടെ പിടിക്കു
കയും പട്ടണത്തിൽ കടക്കുകയും ചെയ്യാം
എന്നുറച്ചു അവർ പാളയം വിട്ടുപോയി
വയലിൽ ഒളിച്ചിരിക്കയാകുന്നു എന്നു
പറഞ്ഞു. അതിനു അവൻെറ ഭൃത്യന്മാ 13
രിൽ ഒരുവൻ: പട്ടണത്തിൽ ശേഷിച്ച
കുതിരകളിൽ അഞ്ചെണ്ണം കൊണ്ടുവരാം;
അവ പിടിക്കപ്പെട്ടാൽ നശിച്ചുപോയി
രിക്കുന്ന ഇസ്രായേലിൻെറ സകലജനവും
എന്നപോലെയേയുള്ളു. എന്നു ഉത്തരം
പറഞ്ഞു. അങ്ങനെ അവർ കുതിരയെ 14
കെട്ടി രണ്ടു രഥം കൊണ്ടുവന്നു; രാജാവു
അവരെ ആരാമ്യസൈന്യത്തിൻെറ പിന്നാ
ലെ അയച്ചു: നിങ്ങൾ ചെന്നു നോക്കു
വിൻ എന്നു കല്പിച്ചു. അവർ യോർദ്ദാൻ 15
വരെ അവരുടെ പിന്നാലെ ചെന്നു;
എന്നാൽ ആരാമ്യർ ധൃതിയിൽ എറി
ഞ്ഞുകളഞ്ഞ വസ്ത്രങ്ങളും മററു സാധന
ങ്ങളുംകൊണ്ടു വഴി നിറഞ്ഞിരുന്നു;
ദൂതന്മാർ മടങ്ങിവന്നു രാജാവിനെ അറി
യിച്ചു. അങ്ങനെ ജനം പുറപ്പെട്ടു ആരാം 16
പാളയം കൊള്ളയിട്ടു. ദൈവവചനപ്രകാരം
അന്നു ശേക്കലിനു ഒരു സെയാ ഗോതമ്പു
മാവും ശേക്കലിനു രണ്ടു സെയാ യവവും
വിററു. രാജാവു തനിക്കു സേവനം ചെയ്യുന്ന 17
അകമ്പടിനേതാവിനെ വാതിൽക്കൽ കാര്യ
സ്ഥനായി നിയമിച്ചിരുന്നു; ജനം അവനെ
ചവിട്ടിക്കളഞ്ഞു;രാജാവു ദൈവപുരു
ഷൻെറ അടുക്കൽ വന്നപ്പോൾ അവൻ പറ
ഞ്ഞിരുന്നതുപോലെ അവൻ മരിച്ചുപോയി.
നാളെ ഈ നേരത്തു ശമറിയയുടെ പടി 18
വാതിൽക്കൽ ശേക്കലിനു രണ്ടു സെയാ
യവവും ശേക്കലിനു ഒരു സെയാ ഗോത
മ്പുമാവും വില്ക്കുമെന്നു ദൈവപുരുഷൻ
രാജാവിനോടു പറഞ്ഞപ്പോൾ ഈ അക
മ്പടിനായകൻ ദൈവപുരുഷനോടു: ദൈവം 19
ആകാശത്തിൽ കിളിവാതിലുകൾ ഉണ്ടാ
ക്കിയാലും ഈ വാക്കുപോലെ സംഭവി
ക്കുമോ എന്നുത്തരം പറഞ്ഞിരുന്നു.
അതിനു അവൻ: നിൻെറ കണ്ണുകൊണ്ടു നീ
അതു കാണും; എങ്കിലും നീ അതിൽനിന്നു
തിന്നുകയില്ല എന്നു പറഞ്ഞിരുന്നു.
അങ്ങനെതന്നെ അവനു ഭവിച്ചു; പടിവാ 20
തിൽക്കൽവെച്ചു ജനം അവനെ ചവിട്ടി
മെതിച്ചു; അവൻ മരിച്ചുപോയി.

അദ്ധ്യായം 8

എലീശാ താൻ മകനെ ജീവിപ്പിച്ചുകൊ 1
ടുത്ത സ്ത്രീയോട്: നീയും നിൻെറ ഭവനവും

ഏതെങ്കിലും വിദേശത്ത് പാർക്കു
വം ഒരു ക്ഷാമം വരുത്തുവാൻ
ന്നു; അതു ഏഴു സംവത്സരം ദേശ
ഭായിരിക്കും എന്നു പറഞ്ഞു. ആ
ദവപുരുഷൻ പറഞ്ഞതുപോലെ
അവളും ഭവനവും ഫെലിസ്ത്യദേ
പായി ഏഴു സംവത്സരം വിദേശ
ചെയ്തു. ഏഴു സംവത്സരം കഴിഞ്ഞ്
ഫെലിസ്ത്യദേശത്തുനിന്നു മടങ്ങി
ന്ന അവൾ തൻെറ വീടും വയലും
ിച്ചു രാജാവിനോടു സങ്കടം
പ്പിക്കുവാൻ ചെന്നു. അപ്പോൾ
ദൈവപുരുഷൻെറ ഭൃത്യനായ
ിയോടു സംസാരിക്കയിൽ:
ചെയ്ത വൻകാര്യങ്ങളെല്ലാം നീ
ു വിവരിച്ചുപറയണം എന്നു
. മരിച്ചുപോയവനെ ജീവിപ്പിച്ച
അവൻ രാജാവിനെ കേൾപ്പിക്കു
ന്ന അവൻ മകനെ ജീവിപ്പിച്ചു
ിരുന്ന സ്ത്രീ വന്നു തൻെറ വീടും
സംബന്ധിച്ചു രാജാവിനോടു
ബോധിപ്പിച്ചു. അപ്പോൾ ഗേഹസി:
ായ രാജാവേ, ഇവൾതന്നെയാണ്
എലീശാ ജീവിപ്പിച്ചുകൊടുത്ത
അവൻതന്നെ എന്നു പറഞ്ഞു.
സ്ത്രീയോടു ചോദിച്ചപ്പോൾ അവളും
ശദമായി പറഞ്ഞു. രാജാവു ഒരു
ഥനോട്: അവൾക്കുണ്ടായിരുന്ന
അവൾ ദേശം വിട്ടുപോയ നാൾ
തുവരെയുള്ള നിലത്തിൻെറ
ും അവൾക്കു കൊടുപ്പിക്കണം
ിപ്പിച്ചു.
ശാ ദമസ്ക്കോസിൽ ചെന്നു;
രാം രാജാവായ ബെൻ-ഹദദ്
യി കിടക്കുകയായിരുന്നു; ദൈവ
വന്നിട്ടുണ്ട് എന്ന് അവനു അറിവു
ജാവു ഹസായേലിനോടു: ഒരു
എടുത്തുകൊണ്ടു ദൈവപുരു
ന്നു കണ്ട്: ഈ രോഗം മാറി എനി
ൗഖ്യം വരുമോ എന്നു അവൻ
ദൈവത്തോടു ചോദിക്ക എന്നു
ങ്ങനെ ഹസായേൽ ദമസ്ക്കോ
ിശേഷവസ്തുക്കളിൽനിന്നെല്ലാം
നാല്പതു ഒട്ടകച്ചുമടുമായി
ചെന്നു കണ്ടു അവൻെറ മുമ്പിൽ
ങ്ങേ മകൻ ആരാംരാജാവായ
ദദ് എന്നെ അങ്ങയുടെ അടുക്കൽ
ക്കുന്നു: ഈ രോഗം മാറി എനിക്കു
വരുമോ എന്നു ചോദിക്കുന്നു
ഞ്ഞു. അതിനു എലീശാ: നീ

ചെന്നു അയാളോടു: നിനക്കു നിശ്ചയ
മായും സൌഖ്യം ലഭിക്കും എന്നു പറയുക;
എന്നാൽ അവൻ നിശ്ചയമായും മരിച്ചു
പോകുമെന്നു ദൈവം എനിക്കു വെളിപ്പെടു
ത്തിത്തന്നിരിക്കുന്നു എന്നു പറഞ്ഞു.
പിന്നെ അവനു ലജ്ജ തോന്നുവോളം 11
അവൻ കണ്ണുപറിക്കാതെ അവനെ ഉററു
നോക്കി ദൈവപുരുഷൻ കരഞ്ഞു. യജമാ 12
നൻ എന്തിനു കരയുന്നു? എന്നു ഹസാ
യേൽ ചോദിച്ചതിനു അവൻ: നീ ഇസ്രാ
യേൽ മക്കളോടു ചെയ്യുവാനിരിക്കുന്ന
ദോഷം ഞാൻ അറിയുന്നതുകൊണ്ടുതന്നെ;
നീ അവരുടെ ദുർഗ്ഗങ്ങളെ ചുട്ടുകളയും,
അവരുടെ യൌവനക്കാരെ വാൾകൊണ്ടു
കൊല്ലുകയും അവരുടെ കുഞ്ഞുങ്ങളെ
അടിച്ചുതകർക്കുകയും അവരുടെ ഗർഭി
ണികളെ പിളർക്കുകയും ചെയ്യും എന്നു
പറഞ്ഞു. ഈ വലിയ കാര്യം ചെയ്യുവാൻ
വെറും നായായിരിക്കുന്ന അടിയൻ എന്തു 13
ള്ളു എന്നു ഹസായേൽ പറഞ്ഞതിനു
എലീശാ: നീ ആരാമിൽ രാജാവാകും എന്നു
ദൈവം എനിക്കു വെളിപ്പെടുത്തിത്തന്നി
രിക്കുന്നു എന്നു പറഞ്ഞു. അവൻ എലീ 14
ശയെ വിട്ടു തൻെറ യജമാനൻെറ അടുക്കൽ
വന്നപ്പോൾ: എലീശാ നിന്നോടു എന്തു
പറഞ്ഞു എന്നു അവൻ ചോദിച്ചു. നിനക്കു
നിശ്ചയമായി സൌഖ്യം വരും എന്നു
അദ്ദേഹം എന്നോടു പറഞ്ഞു എന്നു അവൻ
ഉത്തരം പറഞ്ഞു. പിറെറദിവസം അവൻ ഒരു 15
കമ്പിളി എടുത്തു വെള്ളത്തിൽ മുക്കി
അവൻെറ മുഖത്തിട്ടു; അതിനാൽ അവൻ
മരിച്ചുപോയി; ഹസായേൽ അവനു പകരം
രാജാവായി.

ഇസ്രായേൽ രാജാവായ ആഹാ 16
ബിൻെറ മകൻ യോരാമിൻെറ അഞ്ചാം
ആണ്ടിൽ യെഹോശാഫാത്ത് യഹൂദയിൽ
രാജാവായിരിക്കുമ്പോൾതന്നെ യഹൂദാ
രാജാവായ യഹോശാഫാത്തിൻെറ മകൻ
യെഹോരാ രാജാവായി. അവൻ വാഴ്ചതുട 17
ങ്ങിയപ്പോൾ അവനു മുപ്പത്തിരണ്ടു വയ
സ്സായിരുന്നു; അവൻ എട്ടു സംവത്സരം
യറുശലേമിൽ വാണു. അവൻെറ ഭാര്യ 18
ആഹാബിൻെറ മകൾ ആയിരുന്നതിനാൽ
അവൻ ആഹാബിൻെറ കുലം ചെയ്തതു
പോലെ ഇസ്രായേൽ രാജാക്കന്മാരുടെ
വഴിയിൽ നടന്നു ദൈവത്തിനു അനിഷ്ട
മായതു ചെയ്തു. എങ്കിലും ദൈവം തൻെറ 19
ദാസനായ ദാവീദിനോടു അവനും അവ
ൻെറ മക്കൾക്കും എന്നേക്കും ഒരു ദീപം
നൽകും എന്നു വാഗ്ദാനം ചെയ്തിരുന്നതു

കൊണ്ടു അവൻെറ നിമിത്തം യഹൂദയെ
നശിപ്പിക്കുവാൻ തനിക്കു മനസ്സായില്ല.
20 അവൻെറ കാലത്തു എദോമ്യർ യഹൂദ
യുടെ മേലധികാരത്തോടു മത്സരിച്ചു
21 തങ്ങൾക്കു ഒരു രാജാവിനെ വാഴിച്ചു.
അപ്പോൾ യൂരാം രഥങ്ങളുമായി
സായിരിലേക്കു ചെന്നു; രാത്രിയിൽ
അവൻ എഴുന്നേററു തന്നെ വളഞ്ഞി
രുന്ന എദോമ്യരെയും രഥനായകന്മാരെയും
തോല്പിച്ചു; ജനം തങ്ങളുടെ കൂടാരങ്ങ
22 ളിലേക്കു ഓടിപ്പോയി. അങ്ങനെ എദോമ്യർ
യഹൂദയുടെ മേലധികാരത്തോടു ഇന്നു
വരെ മത്സരിച്ചു നില്ക്കുന്നു; ആ കാല
ത്തുതന്നെ ലിബ്നയും മത്സരിച്ചു. യൂരാ
മിൻെറ മററുള്ള വിവരങ്ങളും അവൻ
ചെയ്തതെല്ലാം യഹൂദാരാജാക്കന്മാരുടെ
23 ചരിത്രത്തിൽ എഴുതിയിരിക്കുന്നു. യൂരാം
24 തൻെറ പിതാക്കന്മാരെപ്പോലെ നിദ്രപ്രാ
പിച്ചു. അവൻെറ പിതാക്കന്മാരോടുകൂടെ
ദാവീദിൻെറ നഗരത്തിൽ അവനെ അടക്കം
ചെയ്തു; അവൻെറ മകൻ അഹസ്യാ അവനു
പകരം രാജാവായി.
25 ഇസ്രായേൽ രാജാവായ ആഹാ
ബിൻെറ മകൻ യൂരാമിൻെറ പന്ത്രണ്ടാം
ആണ്ടിൽ യഹൂദാരാജാവായ യെഹോരാ
മിൻെറ മകൻ അഹസ്യാ രാജാവായി.
26 അഹസ്യാ വാഴ്ച തുടങ്ങിയപ്പോൾ അവനു
ഇരുപത്തിരണ്ടു വയസ്സായിരുന്നു; അവൻ
ഒരു സംവത്സരം യറുശലേമിൽ വാണു.
അവൻെറ അമ്മയുടെ പേര് അഥല്യാ;
അവൾ ഇസ്രായേൽരാജാവായ ഒമ്രിയുടെ
പൗത്രി ആയിരുന്നു. അവൻ ആഹാബ്ഗൃഹ
ത്തിൻെറ രീതി തുടർന്നു. ആഹാബ്
കുടുംബം ചെയ്തതുപോലെ ദൈവത്തിന്
27 അനിഷ്ടമായതു ചെയ്തു; അവൻ ആഹാ
ബിൻെറ ഗൃഹത്തോടു ബന്ധമുള്ളവൻ
28 ആയിരുന്നു. അവൻ ആഹാബിൻെറ മകൻ
യോരാമിനോടുകൂടെ ഗിലെയാദിലെ രാമോ
ത്തിലേക്കു ആരാം രാജാവായ ഹസായേ
ലിനോടു യുദ്ധത്തിനു പോയി; എന്നാൽ
ആരാമ്യർ യോരാമിനെ മുറിവേല്പിച്ചു.
29 ആരാം രാജാവായ ഹസായേലിനോടുള്ള
യുദ്ധത്തിൽ രാമയിൽവച്ചു ആരാമ്യർ തന്നെ
വെട്ടിയ മുറിവുകൾക്കു ഇസ്രായേലിൽവച്ചു
ചികിത്സ ചെയ്യേണ്ടതിനു യോരാംരാജാവു
മടങ്ങിപ്പോയി; ആഹാബിൻെറ മകൻ
യോരാം രോഗിയായതിനാൽ യഹൂദാരാജാ
വായ യെഹോരാമിൻെറ മകൻ അഹസ്യാ
ഇസ്രായേലിൽ അവനെ കാണുവാൻ
ചെന്നിരുന്നു.

അദ്ധ്യായം 9

എലീശാ പ്രവാചകൻ ഒരു പ്രവാചക 1
ശിഷ്യനെ വിളിച്ചു അവനോടു പറഞ്ഞു: നീ
അര കെട്ടി ഈ തൈലപാത്രം എടുത്തു
കൊണ്ട് ഗിലെയാദിലെ രാമോത്തിലേക്കു
പോകുക. അവിടെ എത്തി നിംശിയുടെ 2
മകൻ യെഹോശാഫാത്തിൻെറ മകൻ
യേഹു എവിടെ ഇരിക്കുന്നു എന്നു നോക്കി
അകത്തു ചെന്നു അവൻെറ സഹോദര
ന്മാരുടെ നടുവിൽനിന്നു അവനെ എഴു
ന്നേൽപ്പിച്ചു ഉൾമുറിയിൽ കൊണ്ടുപോ
കണം. പിന്നെ തൈലപാത്രം എടുത്ത് 3
അവൻെറ തലയിൽ ഒഴിച്ച്: ഞാൻ നിന്നെ
ഇസ്രായേലിനു രാജാവായി അഭിഷേകം
ചെയ്തിരിക്കുന്നു എന്നു ദൈവം അരുളിച്ചെ
യ്യുന്നു എന്നു പറഞ്ഞിട്ടു വാതിൽ തുറന്നു
താമസിയാതെ ഓടിപ്പോരണം. അങ്ങനെ 4
പ്രവാചകനായ ആ യൌവനക്കാരൻ ഗിലെ
യാദിലെ രാമോത്തിലേക്കു പോയി. അവൻ 5
അവിടെ എത്തിയപ്പോൾ സൈന്യാധിപ
ന്മാർ ഒരുമിച്ചു ഇരിക്കുന്നതു കണ്ടു:
നേതാവേ, എനിക്കു നിന്നോടു ഒരു കാര്യം
അറിയിക്കുവാനുണ്ട് എന്നു അവൻ പറ
ഞ്ഞതിനു: ഞങ്ങളിൽ ആരോടു എന്നു
യേഹു ചോദിച്ചു. നിന്നോടുതന്നെ,
നേതാവേ എന്നു അവൻ ഉത്തരം പറഞ്ഞു.
അവൻ എഴുന്നേററു മുറിക്കകത്തു കടന്നു; 6
അപ്പോൾ അവൻ തൈലം അവൻെറ തല
യിൽ ഒഴിച്ചു അവനോടു പറഞ്ഞു:
ഇസ്രായേലിൻെറ ദൈവം ഇപ്രകാരം
അരുളിച്ചെയ്യുന്നു: ഞാൻ നിന്നെ ദൈവ
ത്തിൻെറ ജനമായ ഇസ്രായേലിനു രാജാ
വായി അഭിഷേകം ചെയ്തിരിക്കുന്നു. എൻെറ 7
ദാസന്മാരായ പ്രവാചകന്മാരുടെ രക്തത്തി
നും ദൈവത്തിൻെറ സകല ദാസന്മാരുടെ
യും രക്തത്തിനും ഇസബെലിനോടു ഞാൻ
പ്രതികാരം ചെയ്യേണ്ടതിനു നിൻെറ യജമാ
നനായ ആഹാബിൻെറ കുടുംബത്തെ നീ
സംഹരിച്ചുകളയണം. ആഹാബ്ഗൃഹം മുഴു 8
വൻ നശിക്കണം; ഇസ്രായേലിൽ ആഹാ
ബിനുള്ള സ്വതന്ത്രനും അസ്വതന്ത്രനും
ആയ പുരുഷപ്രജയെ എല്ലാം ഞാൻ ഛേദി
ച്ചുകളയും. ഞാൻ ആഹാബ്ഗൃഹത്തെ 9
നെബാത്തിൻെറ മകൻ യെരോബെയാ
മിൻെറ ഗൃഹത്തെപ്പോലെയും അഹീയാ
യുടെ മകൻ ബയെശയുടെ ഗൃഹത്തെപ്പോ
ലെയും ആക്കും. ഇസബെലിനെ യസ്രീൽ 10
പ്രദേശത്തുവച്ച് നായ്ക്കൾ തിന്നുകളയും;
അവളെ സംസ്കരിക്കുവാൻ ആരും ഉണ്ടാ

പിന്നെ അവൻ വാതിൽ തുറന്നു
യി. യേഹൂ തന്റെ യജമാനന്റെ
ുടെ അടുക്കൽ പുറത്തു വന്ന
രുവൻ അവനോടു: എന്തുണ്ട്
" ആ ഭ്രാന്തൻ നിന്റെ അടുക്കൽ
തിനു എന്നു ചോദിച്ചു. അതിനു
അവരോടു: നിങ്ങൾ ആ പുരുഷ
അവൻ പറഞ്ഞ കാര്യവും അറിയു
എന്നു പറഞ്ഞു. അപ്പോൾ അവർ:
ര്യമല്ല; നീ ഞങ്ങളോടു പറയണം
ഞ്ഞതിനു അവൻ: ഞാൻ നിന്നെ
ലിനു രാജാവായിട്ടു അഭിഷേകം
ുന്നു എന്നു ദൈവം അരുളിച്ചെ
ു എന്നിങ്ങനെ പല കാര്യങ്ങൾ
ന്നോടു സംസാരിച്ചു എന്നു പറ
ന്ന അവർ ബദ്ധപ്പെട്ട് ഓരോരു
ന്ത മേലങ്കി എടുത്തു കോവ
ളിൽ അവന്റെ കാൽക്കൽ
ാഹളം ഊതി: യേഹൂ രാജാവായി
റഞ്ഞു. അങ്ങനെ നിംശിയുടെ
യെഹോശാഫാത്തിന്റെ മകൻ
യാരാമിനു വിരോധമായി കൂട്ടു
ക്കി. യോരാമും എല്ലാ ഇസ്രാ
ുരാം രാജാവായ ഹസായേൽ
ഗിലെയാദിലെ രാമോത്തിനെ
ക്കി സൂക്ഷിച്ചിരിക്കയായിരുന്നു.
ാവായ ഹസായേലിനോടുള്ള
ട് ആരാമ്യർ തനിക്കു ഏല്പിച്ച
ൽക്കു യസ്രീയേലിൽ വച്ചു
ചയ്യേണ്ടതിനു യോരാംരാജാവു
ന്നിരുന്നു. എന്നാൽ യേഹൂ:
സമ്മതമെങ്കിൽ യസ്രീയേലിൽ
തു അറിയിക്കുവാൻ ആരും
ട്ടുപോകാതെ സൂക്ഷിക്കണം
ഞ്ഞു. അങ്ങനെ യേഹൂ രഥം
ീയേലിലേക്കു പോയി; യോരാം
ിടക്കുകയായിരുന്നു. യോരാ
ന്നുവാൻ യഹൂദാരാജാവായ
യും അവിടെ വന്നിരുന്നു.
ിലെ ഗോപുരമുകളിൽ ഒരു
രൻ നിന്നിരുന്നു; അവൻ
ന്റെ സംഘം വരുന്നതു കണ്ടിട്ടു:
വലിയ കൂട്ടം കാണുന്നു എന്നു
പ്പോൾ യോരാം: നീ ഒരു കുതി
വിളിച്ചു അവരുടെ നേരെ അയ
അവൻ ചെന്നു: സമാധാനമോ
ാദിക്കട്ടെ എന്നു കല്പിച്ചു.
രുവൻ കുതിരപ്പുറത്തു കയറി
രെ ചെന്നു: സമാധാനമോ
വു ചോദിക്കുന്നു എന്നു പറ
ഞ്ഞു. സമാധാനംകൊണ്ടു നിനക്കു എന്തു
കാര്യം? തിരിഞ്ഞു എന്റെ പുറകിൽ വരുക
എന്നു യേഹൂ പറഞ്ഞു. അപ്പോൾ കാവൽ
ക്കാരൻ: ദൂതൻ അവരുടെ അടുക്കൽ ചെന്ന്
മടങ്ങിവരുന്നില്ല എന്ന് അറിയിച്ചു. അവൻ 19
മറെറാരുവനെ കുതിരപ്പുറത്ത് അയച്ചു;
അവനും അവരുടെ അടുക്കൽ ചെന്നു:
സമാധാനമോ എന്നു രാജാവു ചോദി
ക്കുന്നു എന്നു പറഞ്ഞു. സമാധാനംകൊ
ണ്ടു നിനക്കെന്തു കാര്യം? തിരിഞ്ഞു എന്റെ
പുറകിൽ വരിക എന്നു യേഹൂ പറഞ്ഞു.
അപ്പോൾ കാവൽക്കാരൻ: അവനും 20
അവരുടെ അടുക്കൽ ചെന്നിട്ട് മടങ്ങിവരു
ന്നില്ല; ആ രഥം തെളിക്കുന്നത് നിംശിയുടെ
മകനായ യേഹൂ ഓടിക്കുന്നതുപോലെ
ഇരിക്കുന്നു; ഭ്രാന്തനെപ്പോലെയാണല്ലോ
അവൻ ഓടിച്ചുവരുന്നത് എന്നു പറഞ്ഞു.
ഉടനെ യോരാം: രഥം ഒരുക്കുക എന്നു 21
കല്പിച്ചു; രഥം ഒരുക്കിയശേഷം ഇസ്രാ
യേൽ രാജാവായ യോരാമും യഹൂദാ രാജാ
വായ അഹസ്യായും അവരുടെ രഥത്തിൽ
കയറി യേഹുവിന്റെ നേരെ ചെന്നു,
യസ്രീയേല്യനായ നാബോത്തിന്റെ നില
ത്തിൽവച്ചു അവനെ എതിരേററു. യേഹു 22
വിനെ കണ്ടപ്പോൾ യോരാം: യേഹൂ, സമാ
ധാനമോ എന്നു ചോദിച്ചു. അതിനു യേഹു:
നിന്റെ അമ്മയായ ഇസബെലിന്റെ
പരസംഗവും ക്ഷുദ്രവും ഇത്ര അധിക
മായിരിക്കുമ്പോൾ എന്തു സമാധാനം എന്നു
പറഞ്ഞു. അപ്പോൾ യോരാം രഥം തിരിച്ചു 23
ഓടിച്ചുകൊണ്ടു അഹസ്യായോട്: അഹ
സ്യാ, ഇതു ദ്രോഹം എന്നു പറഞ്ഞു. യേഹൂ 24
വില്ലുകുലച്ചു യോരാമിനെ ഭുജങ്ങളുടെ
നടുവെ എയ്തു; അമ്പു അവന്റെ ഹൃദയം
തുളച്ചു മറുപുറം കടന്നു; അവൻ രഥത്തിൽ
മറിഞ്ഞുവീണു. യേഹൂ തന്റെ സേനാ 25
നായകനായ ബിദ്കാരോടു: അവനെ
എടുത്തു യസ്രീയേല്യനായ നാബോ
ത്തിന്റെ നിലത്തിൽ എറിഞ്ഞുകളയുക;
ഞാനും നീയും ഒരുമിച്ചു അവന്റെ
പിതാവായ ആഹാബിന്റെ പിന്നാലെ
കുതിരപ്പുറത്തു പോകുമ്പോൾ: നാബോ 26
ത്തിന്റെ രക്തവും അവന്റെ മക്കളുടെ
രക്തവും ഇന്നലെ ഞാൻ കണ്ടിരിക്കുന്നു
സത്യം എന്നു ദൈവം അരുളിച്ചെയ്യുന്നു; ഈ
നിലത്തുവച്ചു ഞാൻ നിനക്കു പകരം
വീട്ടുമെന്നും ദൈവം അരുളിച്ചെയ്യുന്നു
എന്നിങ്ങനെ ദൈവത്തിന്റെ അരുളപ്പാട്
അവനു വിരോധമായി ഉണ്ടായെന്നു
ഓർത്തുകൊൾക; അവനെ എടുത്തു

ദൈവവചനപ്രകാരം ഈ നിലത്തിൽ എറി
27 ഞ്ഞുകളയുക എന്നു പറഞ്ഞു. യഹൂദാ
രാജാവായ അഹസ്യാ ഇതു കണ്ടിട്ടു
ഉദ്യാനഗൃഹം വഴിയായി ഓടിപ്പോയി.
യേഹു അവനെ പിന്തുടർന്നു: അവനെയും
രഥത്തിൽ വെട്ടിക്കളയുവിൻ എന്നു
കല്പിച്ചു. അവർ യിബ്ലെയാമിനു സമീപം
ഗൂർ കയററത്തിൽവെച്ചു അവനെ വെട്ടി;
അവൻ മെഗിദ്ദോയിലേക്കു ഓടിപ്പോയി
28 അവിടെവച്ചു മരിച്ചുപോയി. അവൻെറ
ഭൃത്യന്മാർ അവനെ രഥത്തിൽവച്ചു യറു
ശലേമിലേക്കു കൊണ്ടുപോയി ദാവീദിൻെറ
നഗരത്തിൽ അവൻെറ പിതാക്കന്മാരോടു
കൂടി അവൻെറ കല്ലറയിൽ സംസ്ക്കരിച്ചു.
29 ആഹാബിൻെറ മകനായ യോരാമിൻെറ
പതിനൊന്നാം ആണ്ടിൽ ആയിരുന്നു
അഹസ്യാ യഹൂദയിൽ രാജാവായത്.
30 യേഹൂ യസ്രീയേലിൽ വന്നതു
ഇസബെൽ കേട്ടിട്ടു തൻെറ കണ്ണിൽ മഷി
എഴുതി തല ചീകി മിനുക്കിക്കൊണ്ടു
31 കിളിവാതിൽക്കൽ കൂടി നോക്കി. യേഹൂ
പടിവാതിൽ കടന്നപ്പോൾ അവൾ: യജമാ
നനെ കൊന്നവനായ സിമ്രിക്കു സമാധാ
32 നമോ എന്നു ചോദിച്ചു. അവൻ തൻെറ മുഖം
കിളിവാതിൽക്കലേക്കു ഉയർത്തി: ആരുള്ളു
എൻെറ കൂടെ? ആരുള്ളു എന്നു ചോദിച്ചു.
അപ്പോൾ രണ്ടുമൂന്നു ഷണ്ഡന്മാർ പുറ
33 ത്തേക്കു നോക്കി. അവളെ താഴെ തള്ളി
യിടുവിൻ എന്നു അവൻ കല്പിച്ചു. ഉടനെ
അവർ അവളെ താഴെ തള്ളിയിട്ടു; അവളുടെ
രക്തം ചുമരിന്മേലും കുതിരകളിന്മേലും
തെറിച്ചു; അവൻ അവളെ ചവിട്ടിക്കളഞ്ഞു.
34 അവൻ ചെന്നു ഭക്ഷിച്ചു പാനംചെയ്തശേഷം:
ആ ശപിക്കപ്പെട്ടവളെ ചെന്നു അടക്കം
ചെയ്യുവിൻ; അവൾ രാജകുമാരിയല്ലോ
35 എന്നു പറഞ്ഞു. അവർ അവളെ അടക്കം
ചെയ്യുവാൻ ചെന്നപ്പോൾ അവളുടെ
തലയും കാലുകളും കൈപ്പത്തികളും
36 അല്ലാതെ മറെറാന്നും കണ്ടില്ല. അവർ
മടങ്ങിവന്നു അവനോടു അതു അറിയിച്ചു.
അപ്പോൾ അവൻ: യസ്രീയേൽ പ്രദേശത്തു
വച്ചു നായ്ക്കൾ ഇസബെലിൻെറ മാംസം
37 തിന്നുകളയും; അതു ഇസബെൽ എന്നു
പറയുവാൻ കഴിയാത്തതുപോലെ ഇസ
ബെലിൻെറ മൃതദേഹം യസ്രീയേൽ
പ്രദേശത്തു വയലിലെ ചാണകംപോലെ
ആകും എന്നിങ്ങനെ ദൈവം തിശ്ബ്യനായ
ഏലീയാ എന്ന തൻെറ ദാസൻമൂലം
അരുളിച്ചെയ്ത വചനം തന്നെ ഇതു എന്നു
പറഞ്ഞു.

അദ്ധ്യായം 10

ആഹാബിനു ശമറിയായിൽ എഴുപതു
പുത്രന്മാർ ഉണ്ടായിരുന്നു. യേഹൂ ഇസ്രാ
യേൽ പ്രഭുക്കന്മാർക്കും മൂപ്പന്മാർക്കും
ആഹാബിൻെറ പുത്രപാലകന്മാർക്കും
ശമറിയായിലേക്കു എഴുത്തുകൾ എഴുതി
അയച്ചതു എന്തെന്നാൽ: നിങ്ങളുടെ യജ
മാനൻെറ പുത്രന്മാരും രഥങ്ങളും കുതിര
കളും ഉറപ്പുള്ള പട്ടണവും ആയുധങ്ങളും
നിങ്ങളുടെ കൈവശം ഉണ്ടല്ലോ. അതിനാൽ
ഈ എഴുത്തു നിങ്ങളുടെ അടുക്കൽ
എത്തിയാലുടനെ നിങ്ങളുടെ യജമാനൻെറ
പുത്രന്മാരിൽ ഉത്തമനും യോഗ്യനുമായ
വനെ തിരഞ്ഞെടുത്തു അവൻെറ പിതാ
വിൻെറ സിംഹാസനത്തിൽ ഇരുത്തി നിങ്ങ
ളുടെ യജമാനൻെറ ഗൃഹത്തിനുവേണ്ടി
യുദ്ധം ചെയ്യുവിൻ. അവരോ ഏററം ഭയ
പ്പെട്ടു: രണ്ടു രാജാക്കന്മാർക്കു അവനോടു
എതിർത്തുനില്ക്കുവാൻ കഴിഞ്ഞില്ല;
പിന്നെ നാം എങ്ങനെ നില്ക്കും എന്നു
പറഞ്ഞു. അതിനാൽ രാജധാനി വിചാര
കനും നഗരാധിപതിയും മൂപ്പന്മാരും പുത്രാ
ദ്ധ്യാപകന്മാരും യേഹൂവിൻെറ അടുക്കൽ
ആളയച്ചു: ഞങ്ങൾ നിൻെറ ദാസന്മാർ
ഞങ്ങളോടു കല്പിക്കുന്നതെല്ലാം ഞങ്ങൾ
ചെയ്യാം; ഞങ്ങൾ ഒരുവനെയും രാജാ
വാക്കുന്നില്ല; നിൻെറ ഇഷ്ടംപോലെ
ചെയ്തുകൊൾക എന്നു പറയിച്ചു. അവൻ
രണ്ടാമതും എഴുത്തു എഴുതിയതു: നിങ്ങൾ
എൻെറ പക്ഷം ചേർന്നു എൻെറ കല്പന
കേൾക്കുമെങ്കിൽ നിങ്ങളുടെ യജമാനൻെറ
പുത്രന്മാരുടെ തല നാളെ ഈ നേരത്തു
യസ്രീയേലിൽ എൻെറ അടുക്കൽ കൊണ്ടു
വരുവിൻ. രാജകുമാരന്മാർ എഴുപതുപേരും
തങ്ങളെ വളർത്തുന്ന നഗരപ്രധാനിക
ളോടുകൂടെ ആയിരുന്നു. ഈ എഴുത്തു
അവരുടെ അടുക്കൽ എത്തിയപ്പോൾ അവർ
രാജകുമാരന്മാരെ എഴുപതുപേരെയും
പിടിച്ചുകൊന്നു അവരുടെ തല കൊട്ടയിൽ
ആക്കി യസ്രീയേലിൽ അവൻെറ അടുക്കൽ
കൊടുത്തയച്ചു. ഒരു ദൂതൻ വന്നു അവ
നോടു: അവർ രാജകുമാരന്മാരുടെ തല
കൊണ്ടുവന്നിരിക്കുന്നു എന്നു അറിയിച്ചു.
അവയെ പടിപ്പുര വാതില്ക്കൽ രണ്ടു
കുമ്പാരമായി കൂട്ടി രാവിലെവരെ വച്ചേക്കു
വിൻ എന്നു അവൻ കല്പിച്ചു. പിറെറ
ദിവസം രാവിലെ അവൻ പുറത്തു ചെന്നു
നിന്നു സർവ്വജനത്തോടും പറഞ്ഞതെന്തെ
ന്നാൽ: നിങ്ങൾ നീതിമാന്മാർ; ഞാനോ

യജമാനനു വിരോധമായി കൂട്ടു
ാക്കി അവനെ കൊന്നുകളഞ്ഞു;
ഇവരെയെല്ലാം കൊന്നതു ആർ?
ൽ ദൈവം ആഹാബ്ഗൃഹത്തെ
അരുളിച്ചെയ്ത ദൈവവചനങ്ങ
ന്നും നിഷ്ഫലമാകയില്ല എന്നു
ിൻ: ദൈവം തന്റെ ദാസനായ
ാ മുഖാന്തരം അരുളിച്ചെയ്തതു
ിച്ചിരിക്കുന്നു. അങ്ങനെ യേഹു
യലിൽ ആഹാബ് ഭവനത്തിൽ
വരെ എല്ലാം അവന്റെ സകല മഹ
ളയും ബന്ധുക്കളെയും പുരോഹി
യും ആരും ശേഷിക്കാതെ സംഹ
ഞ്ഞു. പിന്നെ അവൻ ശമറിയയിൽ
വഴിയിൽ ഇടയന്മാർ രോമം കത്രി
ീടിന് അടുത്ത് എത്തിയപ്പോൾ
ഹൂദാരാജാവായ അഹസ്യായുടെ
രന്മാരെ കണ്ടിട്ടു: നിങ്ങൾ ആർ
ോദിച്ചു. ഞങ്ങൾ അഹസ്യായുടെ
രന്മാർ; രാജാവിന്റെ മക്കളെയും
യുടെ മക്കളെയും അഭിവന്ദനം
ാൻ പോകുന്നു എന്നു അവർ
. അപ്പോൾ അവൻ: അവരെ
ടെ പിടിക്കുക എന്നു കല്പിച്ചു;
വരെ ജീവനോടെ പിടിച്ചു; അവരെ
തിരണ്ടു പേരെയും രോമം കത്രി
ടിന്റെ കളത്തിൽ വെച്ചു കൊന്നു;
ഒരുവനെയും ശേഷിപ്പിച്ചില്ല.
ൻ അവിടെനിന്നു പുറപ്പെട്ടപ്പോൾ
എതിരേല്പാൻ വരുന്ന രേഖാ
മകൻ യോനാദാബിനെ കണ്ടു
ചെയ്തു അവനോടു: എന്റെ ഹൃദയം
ഹൃദയത്തോടു ചേർന്നിരിക്കുന്ന
ല നിന്റെ ഹൃദയം പരമാർത്ഥമാ
ന്നോ എന്നു ചോദിച്ചു. അതിനു
ാബ് അതേ എന്നു പറഞ്ഞു.
യെങ്കിൽ കൈ തരിക. അവൻ
ൊടുത്തു; അവൻ അവനെ തന്റെ
കയററി. നീ എന്നോടുകൂടെ
ാദവത്തെക്കുറിച്ചു എനിക്കുള്ള
്യം കാണുക എന്നു അവൻ
അങ്ങനെ അവനെ രഥത്തിൽ
അവർ ഓടിച്ചുപോയി. ശമറിയയിൽ
പ്പോൾ അവൻ ശമറിയയിൽ
ിനു ശേഷിച്ചവരെയെല്ലാം ദൈവം
യോടു അരുളിച്ചെയ്ത വചനം
ുഴുവൻ സംഹരിച്ചു. പിന്നെ യേഹു
നത്തെയും കൂട്ടി അവരോടു:
ബാലിനെ അല്പമേ സേവി
യേഹൂവോ അവനെ അധികം

സേവിക്കും. ആകയാൽ ബാലിന്റെ സകല 19
പ്രവാചകന്മാരെയും എല്ലാ പൂജാരികളെയും
സകല പുരോഹിതന്മാരെയും എന്റെ അടു
ക്കൽ കൊണ്ടുവരുവിൻ; ഒരുത്തനും
വരാതിരിക്കരുതു; ഞാൻ ബാലിനു ഒരു
മഹായാഗം കഴിക്കുവാൻ പോകുന്നു;
വരാത്തവർ ആരും ജീവനോടെയിരിക്കയില്ല
എന്നു കല്പിച്ചു; ബാലിന്റെ പൂജാരികളെ
നശിപ്പിക്കത്തക്കവണ്ണം യേഹു ഈ ഉപായം
പ്രയോഗിച്ചു. ബാലിനു ഒരു വിശുദ്ധ 20
സഭായോഗം ഘോഷിപ്പിൻ എന്നു യേഹൂ
കല്പിച്ചു. അവർ അങ്ങനെ ഘോഷിച്ചു.
യേഹൂ ഇസ്രായേൽ ദേശത്തു എല്ലാ 21
സ്ഥലത്തും ആളയച്ചതുകൊണ്ടു ബാലി
ന്റെ സകല പൂജാരികളും വന്നു; ഒരുവനും
വരാതിരുന്നില്ല; അവർ ബാലിന്റെ
ക്ഷേത്രത്തിൽ കൂടി; ബാൽക്ഷേത്രം ഒരു
അററംമുതൽ മററെ അററംവരെ തിങ്ങിനി
റഞ്ഞു. അവൻ വസ്ത്രവിചാരകനോടു: 22
ബാലിന്റെ സകല പൂജാരികൾക്കും വസ്ത്രം
കൊണ്ടുവന്നു കൊടുക്കുക എന്നു
കല്പിച്ചു. അവൻ വസ്ത്രം കൊണ്ടുവന്നു
കൊടുത്തു. പിന്നെ യേഹൂവും രേഖാ 23
ബിന്റെ മകനായ യോനാദാബും ബാലി
ന്റെ ക്ഷേത്രത്തിൽ കടന്നു ബാലിന്റെ
പൂജാരികളോടു: ബാലിന്റെ പൂജാരികൾ
മാത്രമല്ലാതെ ദൈവത്തിന്റെ പൂജാരികൾ
ആരും ഇവിടെ നിങ്ങളോടുകൂടെ ഇല്ലാതി
രിക്കേണ്ടതിനു പരിശോധിപ്പിൻ എന്നു
കല്പിച്ചു. അവർ ഹനനയാഗങ്ങളും ഹോമ 24
യാഗങ്ങളും കഴിക്കുവാൻ അകത്തുചെന്ന
ശേഷം യേഹൂ പുറത്തു എൺപതുപേരെ
നിർത്തി: ഞാൻ നിങ്ങളുടെ കൈയിൽ
ഏല്പിക്കുന്ന ആളുകളിൽ ഒരുവൻ
രക്ഷപെട്ടാൽ അവന്റെ ജീവനുപകരം
അവനെ വിട്ടയച്ചവന്റെ ജീവൻ ആയിരി
ക്കും എന്നു കല്പിച്ചു. ഹോമയാഗം 25
കഴിച്ചുതീർന്നപ്പോൾ യേഹൂ അകമ്പടി
ക്കാരോടും സേനാനായകന്മാരോടും: അക
ത്തു കടന്നു അവരെ കൊല്ലുവിൻ: ഒരുവനും
പുറത്തുപോകരുത് എന്നു കല്പിച്ചു.
അങ്ങനെ അവർ വാളാൽ അവരെ കൊന്നു;
അകമ്പടിക്കാരും സേനാനായകന്മാരും
അവരെ പുറത്തു എറിഞ്ഞുകളഞ്ഞു;
ബാൽക്ഷേത്രത്തിന്റെ നഗരത്തിൽ ചെന്നു 26
ബാൽക്ഷേത്രത്തിലെ സ്തംഭവിഗ്രഹങ്ങളെ
പുറത്തുകൊണ്ടുവന്നു ചുട്ടുകളഞ്ഞു.
അവർ ബാൽസ്തംഭത്തെ തകർത്തു ബാൽ 27
ക്ഷേത്രത്തെ ഇടിച്ചു അതിനെ മറപ്പുര
യാക്കി; അതു ഇന്നുവരെ അങ്ങനെതന്നെ

28 ഇരിക്കുന്നു. ഇങ്ങനെ യേഹൂ ബാലിനെ
29 ഇസ്രായേലിൽനിന്നു നശിപ്പിച്ചു. എങ്കിലും
ബേഥേലിലും ദാനിലും ഉണ്ടായിരുന്ന
പൊൻകാളക്കുട്ടികളെക്കൊണ്ടു ഇസ്രാ
യേലിനെ പാപം ചെയ്യിച്ച് നെബാത്തി
ന്റെ മകനായ യെരോബെയാമിന്റെ
30 പാപങ്ങളെ യേഹു വിട്ടുമാറിയില്ല. ദൈവം
യേഹുവിനോടു: എനിക്കു ഇഷ്ടമുള്ളതു
നീ നന്നായി അനുഷ്ഠിച്ചതുകൊണ്ടും
എന്റെ ഇഷ്ടാനുസരണം എല്ലാം ആഹാ
ബ് ഗൃഹത്തോടു ചെയ്കതിനാലും നിന്റെ
പുത്രന്മാർ ഇസ്രായേലിന്റെ സിംഹാസ
നത്തിൽ നാലാം തലമുറവരെ ഇരിക്കും
31 എന്നു അരുളിച്ചെയ്തു. എങ്കിലും യേഹു
ഇസ്രായേലിന്റെ ദൈവത്തിന്റെ ന്യായ
പ്രമാണപ്രകാരം പൂർണ്ണമനസ്സോടെ നടക്കു
ന്നതിനു താല്പര്യം കാണിച്ചില്ല; ഇസ്രാ
യേലിനെക്കൊണ്ടു പാപം ചെയ്യിച്ച യെരോ
ബെയാമിന്റെ പാപങ്ങളെ അവൻ വിട്ടു
മാറിയില്ല.
32 ആ കാലത്തു ദൈവം ഇസ്രായേലിനെ
അല്പമാക്കുവാൻ തുടങ്ങി; ഹസായേൽ
ഇസ്രായേലിന്റെ അതിരുകളിലെല്ലാം
33 അവരെ തോല്പിച്ചു. അവൻ യോർദ്ദാനു
കിഴക്കു ഗാദ്യർ, രൂബേന്യർ, മനശ്ശേയർ
എന്നിവരുടെ ദേശമായ ഗിലെയാദ്
മുഴുവനും അർന്നോൻ തോട്ടിനരികെയുള്ള
അരോവേർ മുതൽ ഗിലെയാദും ബാശാനും
34 ജയിച്ചടക്കി. യേഹുവിന്റെ മററുള്ള വിവര
ങ്ങളും അവൻ ചെയ്തതെല്ലാം അവന്റെ
സകല വീര്യപ്രവൃത്തികളും ഇസ്രായേൽ
രാജാക്കന്മാരുടെ ചരിത്രത്തിൽ എഴുതി
35 യിരിക്കുന്നു. യേഹു തന്റെ പിതാക്കന്മാ
രെപ്പോലെ നിദ്രപ്രാപിച്ചു; അവനെ ശമരി
യയിൽ അടക്കി. അവന്റെ മകനായ
യെഹോവാഹാസ് അവനു പകരം രാജാ
36 വായി. യേഹു ശമരിയയിൽ ഇസ്രായേലിനെ
ഇരുപത്തെട്ടു സംവത്സരം ഭരിച്ചു.

അദ്ധ്യായം 11

1 അഹസ്യായുടെ അമ്മ അഥല്യാ തന്റെ
മകൻ മരിച്ചുപോയി എന്നറിഞ്ഞപ്പോൾ
എഴുന്നേററു രാജസന്തതിയെ എല്ലാം നശി
2 പ്പിച്ചു. എന്നാൽ യൂരാം രാജാവിന്റെ
മകളും അഹസ്യായുടെ സഹോദരിയുമായ
യെഹോശേബ വധിക്കപ്പെടുന്ന രാജകുമാ
രന്മാരുടെ ഇടയിൽനിന്നു അഹസ്യായുടെ
മകനായ യോവാശിനെ മോഷ്ടിച്ചെടുത്തു
അവനെയും അവന്റെ ധാത്രിയെയും
അഥല്യാ കാണാതെ ഒരു ശയനഗൃഹത്തിൽ
കൊണ്ടുപോയി ഒളിപ്പിച്ചു; അതിനാൽ
അവനെ കൊല്ലുവാൻ കഴിഞ്ഞില്ല. അവനെ 3
അവളോടുകൂടെ ആറു സംവത്സരം ദൈവാ
ലയത്തിൽ ഒളിപ്പിച്ചിരുന്നു. അഥല്യാ ദേശം
വാണു.
ഏഴാം ആണ്ടിൽ യെഹോയാദാ 4
ആളയച്ചു കാര്യക്കാരുടെയും അകമ്പടിക
ളുടെയും ശതാധിപന്മാരെ വിളിപ്പിച്ചു തന്റെ
അടുക്കൽ ദൈവാലയത്തിൽ വരുത്തി
അവരോടു സഖ്യം ചെയ്തു; അവൻ അവരെ 5
ക്കൊണ്ടു ദൈവത്തിന്റെ ആലയത്തിൽ
വച്ചു സത്യം ചെയ്യിച്ചിട്ടു അവർക്കു രാജ
കുമാരനെ കാണിച്ച് അവരോടു കല്പിച്ചു:
നിങ്ങൾ ചെയ്യേണ്ടത്: ശാബതിൽ തവണ
മാറി വരുന്ന നിങ്ങളിൽ മൂന്നിൽ ഒരു ഭാഗം 6
രാജഗൃഹത്തിനും മൂന്നിൽ ഒരുഭാഗം സൂർ
പടിവാതിൽക്കലും മൂന്നിൽ ഒരു ഭാഗം
അകമ്പടികളുടെ സ്ഥലത്തിന്റെ പിൻപി
ലുള്ള പടിവാതിൽക്കലും കാവൽ നില്ക്ക
ണം; ഇങ്ങനെ നിങ്ങൾ അരമനയ്ക്കു
കിടങ്ങുപോലെ കാവലായിരിക്കണം. ശാബ 7
തിൽ തവണ മാറിപ്പോകുന്ന നിങ്ങളിൽ
രണ്ടുകൂട്ടം രാജാവിന്റെ അടുക്കൽ ദൈവ
ത്തിന്റെ ആലയത്തിൽ കാവലായിരി
ക്കണം. നിങ്ങൾ എല്ലാവരും താന്താന്റെ 8
ആയുധം ധരിച്ച് രാജാവിന്റെ ചുററും
നില്ക്കണം; ഭേദിച്ചുകടക്കുന്നവനെ
കൊന്നുകളയണം; രാജാവു പോകുമ്പോഴും
വരുമ്പോഴുമെല്ലാം നിങ്ങൾ അവനോടു
കൂടെ ഉണ്ടായിരിക്കണം. യെഹോയാദാ 9
പുരോഹിതൻ കല്പിച്ചതുപോലെ ശതാ
ധിപന്മാർ ചെയ്തു; അവർ ശാബതിൽ
തവണമാറി വരുന്നവരിലും ശാബതിൽ
തവണമാറി പോകുന്നവരിലും താന്താന്റെ
ആളുകളെ യെഹോയാദ പുരോഹിതന്റെ
അടുക്കൽ കൂട്ടിക്കൊണ്ടുവന്നു. പുരോഹി 10
തൻ ദാവീദുരാജാവിന്റെ വകയായി
ദൈവത്തിന്റെ ആലയത്തിൽ ഉണ്ടായി
രുന്ന കുന്തങ്ങളും പരിചകളും ശതാധിപ
ന്മാർക്കു കൊടുത്തു. അകമ്പടികളെല്ലാം 11
കയ്യിൽ ആയുധവുമായി ആലയത്തിന്റെ
വലതുവശം മുതൽ ഇടതുവശംവരെ യാഗ
പീഠത്തിനും ആലയത്തിനും നേരെ രാജാവി
ന്റെ ചുററും നിന്നു. അവൻ രാജകുമാരനെ 12
പുറത്തുകൊണ്ടുവന്നു കിരീടം ധരിപ്പിച്ചു
സാക്ഷ്യപത്രവും അവനു കൊടുത്തു; ഇങ്ങ
നെ അവർ അവനെ രാജാവായി അഭിഷേകം
ചെയ്തിട്ടു കൈകൊട്ടി: രാജാവേ, ജയ ജയ
എന്നു ആർത്തു. അഥല്യാ അകമ്പടികളു 13
ടെയും ജനത്തിന്റെയും ആരവം കേട്ടു

ത്തിൻെറ ആലയത്തിൽ ജനത്തിൻെറ
ൽ വന്നു. ആചാരപ്രകാരം തൂണി
ാടുക്കൽ രാജാവും രാജാവിൻെറ
ൽ പ്രഭുക്കന്മാരും കാഹളക്കാരും
ന്നതും ദേശത്തെ ജനം ഉല്ലസിച്ചു
ഊതുന്നതും കണ്ട് അഥല്യാ വസ്ത്രം
ദ്രോഹം, ദ്രോഹം എന്നു പറഞ്ഞു.
ൾ യഹോയാദാപുരോഹിതൻ
യകന്മാരായ ശതാധിപന്മാർക്കു
കൊടുത്തു: അവളെ സേനയിലൂടെ
ുകൊണ്ടുപോകുവിൻ; അവളെ
മിക്കുന്നവനെ വാൾകൊണ്ടു
ിൻ എന്നു അവരോടു പറഞ്ഞു.
ത്തിൻെറ ആലയത്തിൽ വച്ചു അവളെ
ുതു എന്നു പുരോഹിതൻ കല്പി
. അവർ അവൾക്കു വഴി ഉണ്ടാക്കി
ത്തു; അവൾ കുതിരവാതിൽ വഴി
ഹത്തിൽ എത്തിയപ്പോൾ അവളെ

ന്തരം അവർ ദൈവത്തിൻെറ ജന
ക്കുമെന്നു യെഹോയാദ ദൈവ
രാജാവിനും ജനത്തിനും മദ്ധ്യേയും
നും ജനത്തിനും മദ്ധ്യേയും നിയമം
പിന്നെ ദേശത്തെ ജനമെല്ലാം
ക്ഷേത്രത്തിൽ ചെന്ന് അതു ഇടിച്ച്
ാങ്ങളും വിഗ്രഹങ്ങളും മുഴുവൻ
ളഞ്ഞു; ബാലിൻെറ പുരോഹി
മത്ഥാനെ ബലിപീഠങ്ങളുടെ
വച്ചു കൊന്നുകളഞ്ഞു. പുരോ
ദൈവത്തിൻെറ ആലയത്തിൽ
ഥന്മാരെയും നിയമിച്ചു. അവൻ
പന്മാരെയും കാര്യക്കാരെയും അക
ളെയും ദേശത്തെ സകല ജന
വിളിച്ചുകൂട്ടി രാജാവിനെ ദൈവ
റ ആലയത്തിൽ നിന്നു ഇറക്കി
ടികളുടെ പടിവാതിൽ വഴി രാജ
ിലേക്കു കൂട്ടിക്കൊണ്ടുപോയി;
സിംഹാസനാരോഹണം ചെയ്തു.
ുള്ള സകലജനവും സന്തോഷിച്ചു;
ാന്തമായിരുന്നു; അഥല്യയെ അവർ
ിക്കരികെ വച്ചു വാൾ കൊണ്ടു

ഹോവാശ് രാജാവായപ്പോൾ അവ
വയസ്സായിരുന്നു.

അദ്ധ്യായം 12

ഹൂവിൻെറ ഏഴാം ആണ്ടിൽ
വാശ് ഭരണമാരംഭിച്ചു; അവൻ
മിൽ നാല്പതു സംവത്സരം ഭരിച്ചു.
ശബക്കാരിയായ അവൻെറ അമ്മ
യ്ക്കു സിബ്യാ എന്നു പേർ. യഹോയാദാ 2
പുരോഹിതൻ യഹോവാശിനെ ഉപദേ
ശിച്ചുപോന്ന കാലമെല്ലാം അവൻ ദൈവ
ത്തിന് ഇഷ്ടമായതു ചെയ്തു. എങ്കിലും 3
പൂജാഗിരികൾക്കു നീക്കം വന്നില്ല; ജനം
പൂജാഗിരികളിൽ യാഗം കഴിച്ചും ധൂപ
മർപ്പിച്ചും പോന്നു.
യഹോവാശ് പുരോഹിതന്മാരോട്: 4
കർത്താവിൻെറ ആലയത്തിൽ നേർച്ച
വരുന്ന പണവും ഓരോ ആൾക്കു നിശ്ച
യിച്ച വീതവും കർത്താവിൻെറ ആലയ
ത്തിൽ ഓരോരുവൻ കൊണ്ടുവരുന്ന സ്വമേ
ധാദാനമായ പണമെല്ലാം ഓരോ പുരോ 5
ഹിതനും താന്താൻെറ പരിചയക്കാരോടു
വാങ്ങി ആലയത്തിനു കേടുപാടുകൾ കാ
ണുന്നിടത്തെല്ലാം അററകുററം തീർക്കണം
എന്നു കല്പിച്ചു. എന്നാൽ യഹോവാശ് 6
രാജാവിൻെറ ഇരുപത്തിമൂന്നാം ആണ്ടിൽ
പുരോഹിതന്മാർ ആലയത്തിൻെറ അറ്റ
കുറ്റം തീർത്തിട്ടില്ലായിരുന്നു. അതിനാൽ യ 7
ഹോവാശ് രാജാവ് യഹോയാദ പുരോഹി
തനെയും മററു പുരോഹിതന്മാരെയും
വരുത്തി അവരോടു നിങ്ങൾ ആലയ
ത്തിൻെറ അററകുററം തീർക്കാതിരിക്കു
ന്നത് എന്ത്? ഇനിയും നിങ്ങൾ നിങ്ങളുടെ
പരിചയക്കാരോടു പണം വാങ്ങാതെ
ആലയത്തിൻെറ അററകുററം തീർക്കേണ്ട
തിനു നിങ്ങൾ അതു കൊടുപ്പിൻ എന്നു
പറഞ്ഞു. അങ്ങനെ പുരോഹിതന്മാർ 8
തങ്ങൾ മേലാൽ ജനത്തോടു പണം
വാങ്ങാതിരിപ്പാനും ആലയത്തിൻെറ
അററകുററം തീർക്കുവാനും സമ്മതിച്ചു.
അപ്പോൾ യഹോയാദപുരോഹിതൻ ഒരു 9
പെട്ടി എടുത്തു അതിൻെറ മൂടിയിൽ ഒരു
ദ്വാരം ഉണ്ടാക്കി യാഗപീഠത്തിനരികെ
ദൈവത്തിൻെറ ആലയത്തിലേക്കുള്ള
പ്രവേശനത്തിൻെറ വലതുഭാഗത്തു വച്ചു;
വാതിൽകാക്കുന്ന പുരോഹിതന്മാർ ദൈവാ
ലയത്തിലേക്കു വരുന്ന പണം എല്ലാം
അതിൽ ഇടും. പെട്ടിയിൽ ദ്രവ്യം വളരെ 10
ആയി എന്നു കാണുമ്പോൾ രാജാവിൻെറ
എഴുത്തുകാരനും മഹാപുരോഹിതനും
ചെന്നു ദൈവത്തിൻെറ ആലയത്തിൽ കണ്ട
പണം എണ്ണി സഞ്ചികളിൽ കെട്ടിവയ്ക്കും.
അവർ ദ്രവ്യം ദൈവത്തിൻെറ ആലയ 11
ത്തിൻെറ പണി നടത്തുന്ന വിചാരകന്മാ
രുടെ കയ്യിൽ തൂക്കിക്കൊടുക്കും; അവർ
അതു ദൈവത്തിൻെറ ആലയത്തിൽ പണി
ചെയ്യുന്ന ആശാരിമാർക്കും ശില്പികൾക്കും
കല്പണിക്കാർക്കും കല്ലുവെട്ടുകാർക്കും 12

ദൈവത്തിന്റെ ആലയത്തിന്റെ അററ
കുററം തീർക്കുവാൻ ആവശ്യമായ തടിയും
ചെത്തിയ കല്ലും വാങ്ങുന്നതിനും ആലയ
ത്തിന്റെ അററകുററം തീർക്കുവാൻ ആവ
ശ്യമായ ചെലവെല്ലാം ചെയ്യുന്നതിനും കൊ
13 ടുത്തുവന്നു. ദൈവത്തിന്റെ ആലയത്തിൽ
പിരിഞ്ഞുകിട്ടിയിരുന്ന ദ്രവ്യം കൊണ്ടു
വെള്ളിക്കിണ്ണം, കത്രിക, കലം, കാഹളം
എന്നിങ്ങനെ പൊന്നും വെള്ളിയും
കൊണ്ടുള്ള യാതൊരു ഉപകരണങ്ങളും
അവർ ദൈവത്തിന്റെ ആലയം വകയ്ക്കു
14 ഉണ്ടാക്കാതെ പണിചെയ്യുന്നവർക്കുമാത്രം
അതു കൊടുത്തുവന്നു. അങ്ങനെ ദൈവ
ത്തിന്റെ ആലയത്തിനു അററകുററം
15 തീർക്കും. എന്നാൽ പണിക്കാർക്കു കൊടു
ക്കുവാൻ ദ്രവ്യം ഏററുവാങ്ങിയവരോടു
അവർ കണക്കുചോദിച്ചില്ല; വിശ്വാസ
ത്തിന്മേൽ ആയിരുന്നു അവർ പ്രവർത്തി
16 ച്ചുപോന്നതു. അകൃത്യയാഗത്തിന്റെ
ദ്രവ്യവും പാപയാഗത്തിന്റെ ദ്രവ്യവും
ദൈവത്തിന്റെ ആലയത്തിൽ കൊണ്ടു
വന്നില്ല; അതു പുരോഹിതന്മാർക്കുള്ളതാ
യിരുന്നു.
17 ആ കാലത്ത് ആരാംരാജാവായ ഹസാ
യേൽ ഗത്തിനെ യുദ്ധത്തിൽ പിടിച്ചു;
ഹസായേൽ യറുശലേമിന്റെ നേരെയും
വരേണ്ടതിനു ദൃഷ്ടിവച്ചപ്പോൾ യഹൂദാ
18 രാജാവായ യഹോവാശ് തന്റെ പിതാക്ക
ന്മാരായ യഹോശാഫാത്ത്, യഹോരാം,
അഹസ്യാ എന്നീ യഹൂദാരാജാക്കന്മാർ
സമർപ്പിച്ചിരുന്ന സകല നിവേദിത വസ്തു
ക്കളും താൻ സമർപ്പിച്ചിരുന്ന വസ്തുക്കളും
ദൈവത്തിന്റെ ആലയത്തിലെ ഭണ്ഡാര
ത്തിലും രാജധാനിയിലും ഉള്ള സ്വർണ്ണം
എല്ലാം എടുത്തു ആരാംരാജാവായ ഹസാ
യേലിനു കൊടുത്തു, അങ്ങനെ അവൻ
19 യറുശലേമിനെ വിട്ടുപോയി. യഹോവാ
ശിന്റെ മററുള്ള കാര്യങ്ങളും അവൻ
ചെയ്തതെല്ലാം യഹൂദാരാജാക്കന്മാരുടെ ചരി
20 ത്രത്തിൽ എഴുതിയിരിക്കുന്നു. യഹോവാ
ശിന്റെ ഭൃത്യന്മാർ അവനോടു മത്സരിച്ച്
കൂട്ടുകെട്ടുണ്ടാക്കി സില്ലയിലേക്കു പോ
കുന്ന വഴിയിലുള്ള മില്ലോഗൃഹത്തിൽ
21 വച്ചു അവനെ കൊന്നു. ശിമെയാത്തിന്റെ
മകൻ യോസാഖാർ, ശോമേരിന്റെ മകൻ
യഹോസാബാദ് എന്നീ ഭൃത്യന്മാരായിരുന്നു
അവനെ വെട്ടിക്കൊന്നത്. ദാവീദിന്റെ
നഗരത്തിൽ അവന്റെ പിതാക്കന്മാരോടു
കൂടെ അവനെ സംസ്ക്കരിച്ചു; അവന്റെ
മകൻ അമസ്യാ അവനു പകരം രാജാവായി.

അദ്ധ്യായം 13

യഹൂദാരാജാവായ അഹസ്യായുടെ 1
മകനായ യഹോവാശിന്റെ ഇരുപത്തിമൂ
ന്നാം ആണ്ടിൽ യേഹുവിന്റെ മകൻ യഹോ
വാഹാസ് ഇസ്രായേലിനു രാജാവായി ശമറി
യയിൽ പതിനേഴു സംവത്സരം ഭരിച്ചു.
അവൻ ദൈവത്തിനു അനിഷ്ടമായതു 2
ചെയ്തു; ഇസ്രായേലിനെക്കൊണ്ടു പാപം
ചെയ്യിച്ച നെബാത്തിന്റെ മകൻ യെരോ
ബെയാമിന്റെ പാപങ്ങളെ വിട്ടുമാറാതെ
അവയിൽതന്നെ ചരിച്ചു. ആകയാൽ 3
ദൈവത്തിന്റെ കോപം ഇസ്രായേലിന്റെ
നേരെ ജ്വലിച്ചു; അവൻ അവരെ ആരാം
രാജാവായ ഹസായേലിന്റെ കയ്യിലും
ഹസായേലിന്റെ മകനായ ബെൻ-ഹദ
ദിന്റെ കയ്യിലും പലപ്പോഴായി വിട്ടുകൊ
ടുത്തു. എന്നാൽ യഹോവാഹാസ് ദൈവ 4
ത്തോടു കൃപയ്ക്കായി അപേക്ഷിച്ചു;
ആരാംരാജാവു ഇസ്രായേലിനെ ഞെരു
ക്കിയ ഞെരുക്കം ദൈവം കണ്ട് അവന്റെ
അപേക്ഷ കേട്ടു. ദൈവം ഇസ്രായേലിനു 5
ഒരു രക്ഷകനെ കൊടുത്തതുകൊണ്ടു
അവർ അരാമ്യരുടെ അധികാരത്തിൽനിന്നു
രക്ഷപ്പെട്ടു; ഇസ്രായേല്യർ പണ്ടത്തെ
പ്പോലെ തങ്ങളുടെ കൂടാരങ്ങളിൽ താമ
സിക്കുവാനിടയായി. എങ്കിലും ഇസ്രായേ 6
ലിനെക്കൊണ്ടു പാപം ചെയ്യിച്ച യെരോ
ബെയാംഗൃഹത്തിന്റെ പാപങ്ങളെ അവർ
വിട്ടുമാറാതെ അവയിൽത്തന്നെ കഴിഞ്ഞു.
അശേരാപ്രതിഷ്ഠ ശമറിയയിൽനിന്നും
നീക്കം ചെയ്തില്ല. അവൻ യഹോവാഹാ 7
സിനു അമ്പതു കുതിരപ്പടയേയും പത്തു
രഥങ്ങളും പതിനായിരം കാലാളുകളും
അല്ലാതെ മററു യാതൊരു സൈന്യത്തെയും
ശേഷിപ്പിച്ചില്ല; ആരാംരാജാവു അവരെ
നശിപ്പിച്ചു കളത്തിലെ പൊടിപോലെ
ആക്കിയിരുന്നു. യഹോവാഹാസിന്റെ 8
മററുള്ള വിവരങ്ങളും അവൻ ചെയ്തതെല്ലാം
അവന്റെ വീര്യപ്രവൃത്തികളും ഇസ്രാ
യേൽ രാജാക്കന്മാരുടെ പുസ്തകത്തിൽ
എഴുതിയിരിക്കുന്നു. യഹോവാഹാസ് 9
തന്റെ പിതാക്കന്മാരെപ്പോലെ നിദ്രപ്രാ
പിച്ചു; അവനെ ശമറിയയിൽ സംസ്ക്കരിച്ചു;
അവന്റെ മകൻ യോവാശ് അവനു പകരം
രാജാവായി.
യഹൂദാരാജാവായ യഹോവാശി 10
ന്റെ മുപ്പത്തേഴാം ആണ്ടിൽ യഹോവാ
ഹാസിന്റെ മകൻ യോവാശ് ഇസ്രായേ
ലിനു രാജാവായി ശമറിയയിൽ പതിനൊ

ംവത്സരം ഭരിച്ചു. അവൻ കർത്താ
ന്നനിഷ്ടമായതു ചെയ്തു; ഇസ്രായേ
ക്കാണ്ടു പാപം ചെയ്യിച്ച നെബാ
റ മകനായ യെരോബെയാമിന്റെ
പാപങ്ങളെയും അവൻ വിട്ടുമാറാതെ
ൽതന്നെ ജീവിച്ചു. യഹോവായാ
മററുള്ള വിവരങ്ങളും അവൻ
ല്ലാം യഹൂദരാജാവായ അമസ്യാ
യുദ്ധത്തിൽ കാണിച്ച വീര്യവും
യൽ രാജാക്കന്മാരുടെ ചരിത്ര
ത്തിൽ എഴുതിയിരിക്കുന്നു. യഹോ
ാ് തന്റെ പിതാക്കന്മാരെപ്പോലെ
ാപിച്ചു.; യെരോബെയാം സിംഹാ
ൂഢനായി; യഹോയാവാശിനെ
യിൽ ഇസ്രായേൽ രാജാക്കന്മാരുടെ
ടക്കം ചെയ്തു.
കാലത്തു എലീശാ മരണാസന്ന
ാധിതനായി. അപ്പോൾ ഇസ്രാ
ാജാവായ യഹോവായാശ് അവ
ടുക്കൽ ചെന്നു അവന്റെ മുഖ
ത കുനിഞ്ഞു കരഞ്ഞു: എന്റെ
വ, എന്റെ പിതാവേ, ഇസ്രായേ
തേരും തേരാളികളുമായവനേ,
പറഞ്ഞു. എലീശാ അവനോടു:
വില്ലും എടുക്കുക എന്നു പറഞ്ഞു;
അമ്പും വില്ലും എടുത്തു. അപ്പോൾ
ഇസ്രായേൽരാജാവിനോടു: നിന്റെ
ല്ലിന്മേൽ വയ്ക്കുക എന്നു പറഞ്ഞു.
കൈവച്ചപ്പോൾ എലീശാ തന്റെ
ജാവിന്റെ കൈമേൽ വച്ചു. കിഴക്കെ
തുറക്കുക എന്നു അവൻ പറഞ്ഞു.
അതു തുറന്നപ്പോൾ: എയ്യുക എന്ന്
പറഞ്ഞു. എയ്തു കഴിഞ്ഞപ്പോൾ
അതു ദൈവത്തിന്റെ ജയാസ്ത്രം,
ർക്കു നേരെയുള്ള ജയത്തിന്റെ
തന്നെ; നീ അഫേക്കിൽവച്ചു
രെ തോല്പിച്ചു അവരെ സംഹ
എന്നു പറഞ്ഞു. അമ്പു എടുക്കുക
അവൻ പറഞ്ഞു. അവൻ എടുത്തു;
ടിക്കുക എന്നു അവൻ ഇസ്രായേൽ
നോടു പറഞ്ഞു. അവൻ മൂന്നു
ം അടിച്ചിട്ട് നിർത്തി. അപ്പോൾ
രുഷൻ അവനോടു കോപിച്ചു. നീ
പ്രാവശ്യം അടിക്കേണ്ടിയിരുന്നു;
നീ ആരാമ്യരെ തോല്പിച്ചു
ും സംഹരിക്കുമായിരുന്നു;
ാ നീ അരാമ്യരെ മൂന്നു പ്രാവശ്യം
താല്പിക്കും എന്നു പറഞ്ഞു.
ീശാ മരിച്ചു; അവർ അവനെ
ചെയ്തു; പിറെറ ആണ്ടിൽ മോവാ
ബ്യരുടെ സൈന്യം ദേശത്തെ ആക്രമിച്ചു.
ചിലർ ഒരു മനുഷ്യനെ സംസ്ക്കരിക്കു 21
മ്പോൾ ഒരു സൈന്യത്തെ കണ്ടിട്ടു അയാളെ
എലീശായുടെ കല്ലറയിൽ ഇട്ടു; അവൻ
അതിൽ വീണു എലീശയുടെ അസ്ഥികളെ
തൊട്ടപ്പോൾ ജീവിച്ചു കാലൂന്നി എഴു
ന്നേററു.
യഹോവാഹാസിന്റെ കാലമെല്ലാം 22
ആരാമ്യരാജാവായ ഹസായേൽ ഇസ്രാ
യേലിനെ ഞെരുക്കിക്കൊണ്ടിരുന്നു. ദൈവ 23
ത്തിനു അവരോടു കരുണയും മനസ്സ
ലിവും തോന്നി, അബ്രാഹാം, ഇസ്ഹാക്,
യാക്കോബ് എന്നിവരോടുള്ള തന്റെ
ഉടമ്പടി നിമിത്തം അവൻ അവരെ കടാ
ക്ഷിച്ചു; അവരെ നശിപ്പിക്കുവാൻ അവനു
മനസ്സായില്ല; ഇതുവരെ തന്റെ മുമ്പിൽ
നിന്നു അവരെ തള്ളിക്കളഞ്ഞുമില്ല. ആരാം
രാജാവായ ഹസായേൽ മരിച്ചപ്പോൾ 24
അവന്റെ മകനായ ബെൻഹദദ് അവനു
പകരം രാജാവായി. യഹോവാഹാസിന്റെ 25
മകൻ യഹോവാശ് തന്റെ പിതാവായ
യഹോവാഹാസിനോടു ഹസായേൽ യുദ്ധ
ത്തിൽ പിടിച്ചിരുന്ന നഗരങ്ങളെ അവന്റെ
മകനായ ബെൻഹദദിൽനിന്നും പിടിച്ചു.
മൂന്നു പ്രാവശ്യം യോവാശ് അവനെ
തോല്പിക്കുകയും ഇസ്രായേലിന്റെ
പട്ടണങ്ങളെ വീണ്ടെടുക്കുകയും ചെയ്തു.

അദ്ധ്യായം 14

ഇസ്രായേൽരാജാവായ യഹോവാഹാ 1
സിന്റെ മകനായ യോവാശിന്റെ രണ്ടാം
ആണ്ടിൽ യഹൂദാരാജാവായ യോവാശി
ന്റെ മകൻ അമസ്യാ രാജാവായി. അവൻ 2
ഭരണമേററപ്പോൾ ഇരുപത്തഞ്ചു വയസ്സാ
യിരുന്നു; അവൻ യറുശലേമിൽ ഇരുപ
ത്തൊമ്പതു സംവത്സരം ഭരിച്ചു. യറുശ
ലേംകാരിയായ അവന്റെ അമ്മയ്ക്കു
യോഹൂ അദ്ദോൻ എന്നു പേർ. അവൻ ദൈ 3
വത്തിനു പ്രസാദമായതു ചെയ്തുവെങ്കിലും
തന്റെ പിതാവായ ദാവീദിനെപ്പോലെ
അല്ലായിരുന്നു; തന്റെ പിതാവായ യഹോ
വായാശ് ചെയ്തതുപോലെയെല്ലാം അവൻ
ചെയ്തു. എങ്കിലും പൂജാഗിരികൾ നീക്കിയില്ല; 4
ജനം പൂജാഗിരികളിൽ യാഗം കഴിച്ചും ധൂപം
അർപ്പിച്ചുംപോന്നു. രാജത്വം അവനു സ്ഥിര 5
മായപ്പോൾ തന്റെ പിതാവായ രാജാവിനെ
കൊന്ന ഭൃത്യന്മാരെ അവൻ കൊന്നുകള
ഞ്ഞു. എന്നാൽ പുത്രന്മാർക്കു പകരം 6
പിതാക്കന്മാരും പിതാക്കന്മാർക്കു പകരം
പുത്രന്മാരും മരണശിക്ഷ അനുഭവിക്കരുത്;

താന്താന്റെ പാപത്തിനു താന്താൻ മരണ
ശിക്ഷ അനുഭവിക്കണം എന്നു ദൈവം
കല്പിച്ചതായി മോശയുടെ ന്യായപ്രമാണ
പുസ്തകത്തിൽ എഴുതിയിരിക്കുന്നതു
അനുസരിച്ചു അവൻ ആ കൊലപാതകന്മാ
7 രുടെ മക്കളെ കൊന്നില്ല. അവൻ ഉപ്പു
താഴ്വരയിൽവച്ചു എദോമ്യരിൽ പതിനാ
യിരംപേരെ കൊന്നു, സേലയെ യുദ്ധത്തിൽ
പിടിച്ചു അതിനു യൊക്തെയേൽ എന്നു പേർ
വിളിച്ചു; അതു ഇന്നുവരെയും പറഞ്ഞു
വരുന്നു.
8 ആ കാലത്തു അമസ്യാ യേഹൂവിന്റെ
മകൻ യഹോവാഹാസിന്റെ മകൻ യഹോ
വാശ് എന്ന ഇസ്രായേൽ രാജാവിന്റെ
അടുക്കൽ ദൂതന്മാരെ അയച്ചു: വരിക, നാം
തമ്മിൽ ഒന്നു നോക്കുക എന്നു പറയിച്ചു.
9 അതിനു ഇസ്രായേൽ രാജാവായ യഹോ
വാശ് യഹൂദാരാജാവായ അമസ്യായ്ക്കു
മറുപടി പറഞ്ഞയച്ചത്: ലെബനോനിലെ
മുൾപ്പടർപ്പു ലെബനോനിലെ ദേവദാരു
വിനോടു: നിന്റെ മകളെ എന്റെ മകനു
ഭാര്യയായി തരുക എന്നു ആളയച്ചുപറ
യിച്ചു; എന്നാൽ ലബനോനിലെ ഒരു
10 കാട്ടുമൃഗം കടന്നുപോകുമ്പോൾ മുൾപ്പ
ടർപ്പിനെ ചവുട്ടി ഞെരിച്ചു. എദോമ്യരെ
തോല്പിച്ചതുകൊണ്ടു നീ നിഗളിച്ചിരി
ക്കുന്നു; അഹങ്കാരവുമായി നിന്റെ വീട്ടിൽ
ഇരുന്നുകൊൾക; നീയും നിന്നോടുകൂടെ
യഹൂദ്യയും വീഴുവാൻ വേണ്ടി അനർത്ഥ
11 ത്തിൽ ചെന്നു ചാടുന്നതെന്തിന്? എന്നാൽ
അമസ്യാ കേട്ടില്ല. അതിനാൽ ഇസ്രായേൽ
രാജാവായ യഹോവാശ് ചെന്നു, യഹൂദ
യ്ക്കുള്ള ബേത്ത്-ശേമെശിൽവച്ചു അവനും
യഹൂദാരാജാവായ അമസ്യായും തമ്മിൽ
12 ഏററുമുട്ടി. യഹൂദാ ഇസ്രായേലിനോടു
തോററു. ഓരോരുവൻ താന്താന്റെ കൂടാ
13 രത്തിലേക്കു ഓടിപ്പോയി. അഹസ്യായും
മകനായ യഹോവാശിന്റെ മകൻ അമസ്യാ
എന്ന യഹൂദരാജാവിനെ ഇസ്രായേൽ
രാജാവായ യഹോവാശ് ബേത്ത്-
ശേമെശിൽ വച്ചു പിടിച്ചു യറുശലേമി
ലേക്കു വന്നു, യറുശലേമിന്റെ മതിൽ
എഫ്രയീംപടിവാതിൽ മുതൽ കോൺപടി
വാതിൽവരെ നാനൂറുമുഴം ഇടിച്ചുകളഞ്ഞു.
14 അവൻ ദൈവത്തിന്റെ ആലയത്തിലും
രാജഗൃഹത്തിലെ ഭണ്ഡാരത്തിലും കണ്ട
മുഴുവൻ പൊന്നും വെള്ളിയും സകല ഉപ
കരണങ്ങളും എടുത്ത് ബന്ദികളെയും
പിടിച്ചുകൊണ്ട് ശമറിയയിലേക്കു മടങ്ങി
15 പ്പോയി. യഹോവാശ് ചെയ്ത മററുള്ള

കാര്യങ്ങളും അവന്റെ വീര്യപ്രവൃത്തി
കളും അവൻ യഹൂദാരാജാവായ അമസ്യാ
യോടു യുദ്ധം ചെയ്തതും ഇസ്രായേൽ
രാജാക്കന്മാരുടെ ചരിത്രപുസ്തകത്തിൽ
എഴുതിയിരിക്കുന്നു. പിന്നെ യഹോവാശ് 16
തന്റെ പിതാക്കന്മാരെപ്പോലെ നിദ്ര
പ്രാപിച്ചു; അവനെ ശമറിയയിൽ ഇസ്രാ
യേൽ രാജാക്കന്മാരുടെ അടുക്കൽ
അടക്കംചെയ്തു; അവന്റെ മകനായ
യെരോബെയാം അവന്റെ സ്ഥാനത്തു
രാജാവായി.
ഇസ്രായേൽരാജാവായ യഹോവാഹാ 17
സിന്റെ മകനായ യഹോവാശിന്റെ
മരണശേഷം യഹൂദാരാജാവായ യോവാ
ശിന്റെ മകൻ അമസ്യാ പതിനഞ്ചു
സംവത്സരം ജീവിച്ചിരുന്നു. അമസ്യായുടെ 18
മററുള്ള കാര്യങ്ങൾ യഹൂദാരാജാക്കന്മാ
രുടെ ചരിത്രത്തിൽ എഴുതിയിരിക്കുന്നു.
യറുശലേമിൽ അവനു വിരോധമായി ഒരു 19
ഗൂഢാലോചന ഉണ്ടായി അവൻ ലാഖീശി
ലേക്കു ഓടിപ്പോയി; എന്നാൽ അവർ
അവന്റെ പിന്നാലെ ലാഖീശിലേക്കു
ആളയച്ചു അവിടെ വച്ചു അവനെ കൊന്നു.
അവനെ കുതിരപ്പുറത്തു കൊണ്ടുവന്നു 20
യറുശലേമിൽ ദാവീദിന്റെ നഗരത്തിൽ
തന്റെ പിതാക്കന്മാരുടെ അടുക്കൽ
സംസ്ക്കരിച്ചു. യഹൂദാജനമെല്ലാം കൂടി 21
പതിനാറു വയസ്സു പ്രായമുള്ള അസര്യാവി
നെ കൊണ്ടുവന്നു അവന്റെ പിതാവായ
അമസ്യായ്ക്കു പകരം രാജാവാക്കി.
രാജാവു തന്റെ പിതാക്കന്മാരെപ്പോലെ 22
നിദ്രപ്രാപിച്ചശേഷം ഏലത്ത് പണിതതും
അതിനെ യഹൂദയ്ക്കു വീണ്ടുകൊണ്ടതും
ഇവൻ തന്നെ.
യഹൂദാരാജാവായ യോവാശിന്റെ 23
മകൻ അമസ്യായുടെ പതിനഞ്ചാം ആണ്ടിൽ
ഇസ്രായേൽ രാജാവായ യോവാശിന്റെ
മകൻ യെരോബെയാം രാജാവായി ശമറി
യയിൽ നാല്പത്തൊന്നു സംവത്സരം ഭരിച്ചു.
അവൻ ദൈവത്തിനു അനിഷ്ടമായവ 24
ചെയ്തു. ഇസ്രായേലിനെക്കൊണ്ടു പാപം
ചെയ്യിച്ച നെബാത്തിന്റെ മകനായ
യെരോബെയാമിന്റെ പാപങ്ങളൊന്നും
വിട്ടുമാറിയില്ല. ഗത്ത്- ഹേഫെർകാരനായ 25
അമിത്ഥായിയുടെ മകനായ യോനാ പ്രവാ
ചകൻ എന്ന തന്റെ ദാസൻ മൂലം ഇസ്രാ 26
യേലിന്റെ ദൈവം അരുളിച്ചെയ്ത വചനപ്ര
കാരം അവൻ ഹമാത്തിന്റെ അതിർത്തി മു
തൽ സമതലത്തിലെ കടൽവരെ ഇസ്രായേ
ലിന്റെ ദേശത്തെ വീണ്ടെടുത്തു. ഇസ്രാ

ൻെറ ദുരിതം എത്രയും കഠിനം, സ്വത
അസ്വതന്ത്രനോ ഇല്ല. ഇസ്രായേ
ഹായം ചെയ്യുന്നവനുമില്ല എന്നു
കണ്ടു, ഇസ്രായേലിൻെറ പേര്
ത്തിൻകീഴിൽനിന്നു മായിച്ചുക
ന്നു ദൈവം അരുളിച്ചെയ്യാതെ
ിൻെറ മകനായ യെരോബെയാം
വരെ രക്ഷിച്ചു. യെരോബെ
മററുള്ള കാര്യങ്ങളും അവൻ
ല്ലാം അവൻ യുദ്ധം ചെയ്തതും
ക്കു ഉണ്ടായിരുന്ന ദമസ്ക്കോസും
ം ഇസ്രായേലിനു വീണ്ടെടുത്ത
വൻ കാണിച്ച വീര്യവും ഇസ്രാ
ാജാക്കന്മാരുടെ പുസ്തകത്തിൽ
യിരിക്കുന്നു. യെരോബെയാം
യൽ രാജാക്കന്മാരായ തൻെറ
ന്മാരെപ്പോലെ നിദ്രപ്രാപിച്ചു;
മകനായ സഖര്യാ അവനു പകരം
യി.

അദ്ധ്യായം 15

ായേൽ രാജാവായ യെരോബെ
ാ ഇരുപത്തേഴാം ആണ്ടിൽ യഹൂദാ
യ അമസ്യായുടെ മകൻ അസര്യാ
യി. അവൻ വാഴ്ച തുടങ്ങിയ
വനു പതിനാറു വയസ്സായിരുന്നു;
അൻപത്തിരണ്ടു സംവത്സരം
മിൽ വാണു; യറുശലേംകാരി
വൻെറ അമ്മയ്ക്കു യെഖൊന്യാ
പർ. അവൻ തൻെറ പിതാവായ
ചെയ്തതുപോലെ ദൈവത്തിനു
ായതു ചെയ്തു. എങ്കിലും പൂജാഗിരി
ക്കിയില്ല; ജനം പൂജാഗിരികളിൽ
ഷിച്ചും ധൂപം അർപ്പിച്ചും പോന്നു.
ൗ രാജാവിനെ ശിക്ഷിച്ചു. അവൻ
ന്തം കുഷ്ഠരോഗിയായി ഒരു
കൂടാരത്തിൽ പാർത്തു; രാജ
യ യോഥാം രാജഗൃഹവിചാരക
ശത്തു ജനത്തിന്നു ന്യായപാലനം
അസര്യായുടെ മററുള്ള കാര്യങ്ങ
അവൻ ചെയ്തതെല്ലാം യഹൂദാ
ാരുടെ പുസ്തകത്തിൽ എഴുതിയി
അസര്യാ തൻെറ പിതാക്കന്മാരെ
നിദ്ര പ്രാപിച്ചു; അവർ അവനെ
ൻെറ നഗരത്തിൽ അവൻെറ പിതാ
ട അടുക്കൽ സംസ്കരിച്ചു; അവ
നായ യോഥാം അവന്നു പകരം
യി.
ദാരാജാവായ അസര്യായുടെ
ട്ടാം ആണ്ടിൽ യെരോബെയാമി

ൻെറ മകനായ സഖര്യാ ഇസ്രായേലിന്നു
രാജാവായി ശമര്യയിൽ ആറു മാസം വാണു.
അവൻ തൻെറ പിതാക്കന്മാരെപ്പോലെ 9
ദൈവത്തിന് അനിഷ്ടമായതു ചെയ്തു;
ഇസ്രായേലിനെക്കൊണ്ടു പാപം ചെയ്യിച്ച
നെബാത്തിൻെറ മകനായ യെരോബെ
യാമിൻെറ പാപങ്ങളെ വിട്ടുമാറിയില്ല.
യാബേശിൻെറ മകനായ ശല്ലൂം അവനെ 10
തിരെ ഗൂഢാലോചന ചെയ്തു ജനത്തിൻെറ
മുമ്പിൽവച്ചു അവനെ വെട്ടിക്കൊന്ന്
അവന്നു പകരം രാജാവായി. സഖര്യാ 11
യുടെ മററുള്ള കാര്യങ്ങൾ ഇസ്രായേൽ
രാജാക്കന്മാരുടെ പുസ്തകത്തിൽ എഴുതി
യിരിക്കുന്നു. ദൈവം യേഹുവിനോട് 12
നിൻെറ പുത്രന്മാർ നാലാം തലമുറവരെ
ഇസ്രായേലിൻെറ സിംഹാസനത്തിൽ
ഇരിക്കും എന്നു അരുളിച്ചെയ്ത വചനം
അങ്ങനെതന്നെ സംഭവിച്ചു.
യഹൂദാരാജാവായ ഉസ്സീയായുടെ 13
മുപ്പത്തൊമ്പതാം ആണ്ടിൽ യാബേശിൻെറ
മകനായ ശല്ലൂം രാജാവായി ശമര്യയിൽ ഒരു
മാസം വാണു. എന്നാൽ ഗാദിയുടെ മക 14
നായ മെനഹേം തിർസ്സയിൽനിന്നു പുറ
പ്പെട്ടു ശമര്യയിൽ വന്നു; യാബേശിൻെറ
മകനായ ശല്ലൂമിനെ ശമര്യയിൽ വച്ചു
വെട്ടിക്കൊന്നു അവന്നു പകരം രാജാവായി.
ശല്ലൂമിൻെറ മററുള്ള കാര്യങ്ങളും അവൻ 15
നടത്തിയ ഗൂഢാലോചനയും ഇസ്രായേൽ
രാജാക്കന്മാരുടെ പുസ്തകത്തിൽ എഴുതി
യിരിക്കുന്നു. മെനഹേം തിപ്സഹും അതി 16
ലുള്ള സകലവും തിർസ്സാ മുതൽ അതിന്നു
ചേർന്ന പ്രദേശങ്ങളും ശൂന്യമാക്കി; അവർ
പട്ടണവാതിൽ തുറന്നു കൊടുക്കായ്ക
യാൽ അവൻ അതിനെ ശൂന്യമാക്കി അതി
ലുണ്ടായിരുന്ന ഗർഭിണികളെയെല്ലാം
പിളർന്നു കളയുകയുംചെയ്തു.
യഹൂദാരാജാവായ അസര്യായുടെ 17
മുപ്പത്തൊമ്പതാം ആണ്ടിൽ ഗാദിയുടെ
മകൻ മെനഹേം ഇസ്രായേലിന്നു രാജാ
വായി ശമര്യയിൽ പത്തു സംവത്സരം വാണു.
അവൻ ദൈവത്തിന് അനിഷ്ടമായതു 18
ചെയ്തു; ഇസ്രായേലിനെക്കൊണ്ടു പാപം
ചെയ്യിച്ച നെബാത്തിൻെറ മകനായ യെ
രോബെയാമിൻെറ പാപങ്ങളെ ജീവപര്യ
ന്തം വിട്ടുമാറിയതുമില്ല. ആസൂർ രാജാവായ 19
പൂൽ, ദേശത്തെ ആക്രമിച്ചു; പൂൽ തന്നെ
സഹായിക്കുവാനും രാജത്വം തനിക്കു ഉറ
യ്ക്കേണ്ടതിന്നുമായി മെനഹേം അവന്നു
ആയിരം താലന്തു വെള്ളി കൊടുത്തു.
ആസൂർ രാജാവിന്നു കൊടുപ്പാൻ മെനഹേം 20

ഈ ദ്രവ്യം ഇസ്രായേലിലെ ധനവാന്മാരോ
ടെല്ലാം അമ്പതു ശേക്കെൽ വെള്ളിവീതം
പിരിച്ചു; അങ്ങനെ ആസൂർ രാജാവു ദേശ
21 ത്തു താമസിക്കാതെ മടങ്ങിപ്പോയി. മെന
ഹേമിൻെറ മററുള്ള കാര്യങ്ങളടക്കം അവൻ
ചെയ്തതെല്ലാം ഇസ്രായേൽ രാജാക്കന്മാ
രുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു.
22 മെനഹേം തൻെറ പിതാക്കന്മാരെപ്പോലെ
നിദ്ര പ്രാപിച്ചു; അവൻെറ മകനായ പെക്ക
ഹ്യാ അവന്നു പകരം രാജാവായി.
23 യഹൂദാരാജാവായ അസര്യായുടെ
അൻപതാം ആണ്ടിൽ മെനഹേമിൻെറ മക
നായ പെക്കഹ്യാ ഇസ്രായേലിന്നു രാജാ
വായി ശമര്യയിൽ രണ്ടു വർഷം ഭരിച്ചു.
24 അവൻ ദൈവത്തിന് അനിഷ്ടമായതു
ചെയ്തു; ഇസ്രായേലിനെക്കൊണ്ടു പാപം
ചെയ്യിച്ച നെബാത്തിൻെറ മകനായ യെരോ
ബെയാമിൻെറ പാപങ്ങളെ വിട്ടുമാറിയുമില്ല.
25 എന്നാൽ അവൻെറ അകമ്പടിനായകനായി
രെമല്യാവിൻെറ മകനായ പേക്കഹ് അവനെ
തിരെ കൂട്ടുകെട്ടുണ്ടാക്കി, ഗിലെയാദ്യരിൽ
അൻപതുപേരെ കൂട്ടി ശമര്യാ രാജധാ
നിയുടെ കോട്ടയിൽവച്ചു അവനെ അർഗ്ഗോ
ബിനോടും അര്യേയോടും കൂടെ വെട്ടിക്കൊ
26 ന്നു അവന്നു പകരം രാജാവായി. പെക്കഹ്യാ
യുടെ മററുള്ള കാര്യങ്ങളും അവൻ ചെ
യ്തതെല്ലാം ഇസ്രായേൽ രാജാക്കന്മാരുടെ
പുസ്തകത്തിൽ എഴുതിയിരിക്കുന്നു.
27 യഹൂദാരാജാവായ അസര്യായുടെ
അൻപത്തിരണ്ടാം ആണ്ടിൽ രെമല്യായുടെ
മകനായ പേക്കഹ് ഇസ്രായേലിന്നു രാജാ
വായി ശമര്യയിൽ ഇരുപതു സംവത്സരം
28 വാണു. അവൻ ദൈവത്തിന് അനിഷ്ടമാ
യതു ചെയ്തു; ഇസ്രായേലിനെക്കൊണ്ടു
പാപംചെയ്യിച്ച നെബാത്തിൻെറ മകനായ
യെരോബെയാമിൻെറ പാപങ്ങളെ വിട്ടു
29 മാറിയില്ല. ഇസ്രായേൽ രാജാവായ പേക്ക
ഹിൻെറ കാലത്തു ആസൂർ രാജാവായ
തിഗ്ലാത്ത്-പിലേസർ വന്നു ഈയോനും
ആബേൽബേത്ത്-മയഖയും യാനോവഹും
കേദെശും ഹാസോരും ഗിലെയാദും ഗെലീ
ലയും നഫ്താലിദേശം മുഴുവനും പിടിച്ചടക്കി
നിവാസികളെ ബദ്ധരാക്കി ആസൂറിലേക്കു
30 കൊണ്ടുപോയി. എന്നാൽ ഏലായുടെ മക
നായ ഹോശേയ, രെമല്യാവിൻെറ മക
നായ പേക്കഹിന്നെതിരെ കൂട്ടുകെട്ടുണ്ടാ
ക്കി. അവനെ ഉസ്സിയായുടെ മകനായ
യോഥാമിൻെറ ഇരുപതാം ആണ്ടിൽ വെട്ടി
ക്കൊന്നു അവന്നു പകരം രാജാവായി.
31 പേക്കഹിൻെറ മററുള്ള കാര്യങ്ങളും
അവൻ ചെയ്തതെല്ലാം ഇസ്രായേൽ രാജാക്ക
ന്മാരുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു.
ഇസ്രായേൽ രാജാവായ രെമല്യാവി 32
ൻെറ മകനായ പേക്കഹിൻെറ രണ്ടാം
ആണ്ടിൽ യഹൂദാരാജാവായ ഉസ്സീയായു
ടെ മകൻ യോഥാം രാജാവായി. അവൻ 33
വാഴ്ച തുടങ്ങിയപ്പോൾ ഇരുപത്തഞ്ചു വയ
സ്സായിരുന്നു; അവൻ യെറുശലേമിൽ പതി
നാറു സംവത്സരം വാണു; അവൻെറ അമ്മ
യ്ക്കു യെരൂശാ എന്നു പേർ; അവൾ സാദോ
ക്കിൻെറ മകൾ ആയിരുന്നു. അവൻ ദൈവ 34
ത്തിന് പ്രസാദമായതു ചെയ്തു; തൻെറ
പിതാവായ ഉസ്സീയാ ചെയ്തതുപോലെ
എല്ലാം ചെയ്തു. എങ്കിലും പൂജാഗിരികൾക്കു 35
നീക്കം വന്നില്ല; ജനം പൂജാഗിരികളിൽ
യാഗം കഴിച്ചും ധൂപം അർപ്പിച്ചുംപോന്നു;
അവൻ ദൈവത്തിൻെറ ആലയത്തിൻെറ
മുകളിലുള്ള വാതിൽ പണിതു. യോഥാമി 36
ൻെറ മററു കാര്യങ്ങളും അവൻ ചെയ്ത
തെല്ലാം യഹൂദാരാജാക്കന്മാരുടെ പുസ്തക
ത്തിൽ എഴുതിയിരിക്കുന്നു. ആ കാലത്തു 37
ദൈവം ആരാംരാജാവായ രെസീനെയും
രെമല്യാവിൻെറ മകനായ പേക്കഹിനെയും
യെഹൂദയ്ക്കു നേരെ അയച്ചു. യോഥാം 38
തൻെറ പിതാക്കന്മാരെപ്പോലെ നിദ്ര പ്രാ
പിച്ചു; അവൻെറ പിതാവായ ദാവീദിൻെറ
നഗരത്തിൽ അവൻെറ പിതാക്കന്മാരുടെ
അടുക്കൽ അവനെ സംസ്കരിച്ചു; അവൻെറ
മകനായ ആഹാസ് അവന്നു പകരം രാജാ
വായി.

അദ്ധ്യായം 16

രെമല്യാവിൻെറ മകൻ പേക്കഹിൻെറ 1
പതിനേഴാം ആണ്ടിൽ യഹൂദരാജാവായ
യോഥാമിൻെറ മകൻ ആഹാസ് രാജാവായി.
ആഹാസ് വാഴ്ച തുടങ്ങിയപ്പോൾ ഇരുപ 2
തു വയസ്സായിരുന്നു; അവൻ യറുശലേമിൽ
പതിനാറുവർഷം വാണു, തൻെറ പിതാ
വായ ദാവീദ് ചെയ്തതുപോലെ തൻെറ
ദൈവമായ കർത്താവിന് പ്രസാദമായതു
ചെയ്തില്ല. അവൻ ഇസ്രായേൽ രാജാക്ക 3
ന്മാരുടെ പാതയിൽ നടന്നു; ദൈവം ഇസ്രാ
യേൽ മക്കളുടെ മുമ്പിൽ നിന്നു നീക്കിക്കള
ഞ്ഞ ജാതികളുടെ മ്ലേച്ഛതകൾക്കനു
സരിച്ച് തൻെറ മകനെ അഗ്നിപ്രവേശവും
ചെയ്യിച്ചു. അവൻ പൂജാഗിരികളിലും 4
കുന്നുകളിലും പച്ചവൃക്ഷത്തിൻകീഴിലെ
ല്ലാം ബലികഴിച്ചും ധൂപിച്ചും പോന്നു. അക്കാ 5
ലത്തു ആരാം രാജാവായ രെസീനും
ഇസ്രായേൽ രാജാവായ രെമല്യാവിൻെറ

ക്കഹും യറുശലേമിനുനേരെ
ന്നു പുറപ്പെട്ടുവന്ന ആഹാസിനെ
ള്ളു; അവനെ ജയിപ്പാൻ അവർക്കു
ായില്ല. അന്നു ആരാം രാജാവായ
ഏലത്ത് വീണ്ടെടുത്തു ആരാമി
ർത്തു യഹൂദന്മാരെ ഏലത്തിൽ
ക്കിക്കളഞ്ഞു; ആരാമ്യർ ഏല
ന്നു ഇന്നുവരെയും അവിടെ
ു. ആഹാസ് ആസൂർ രാജാവായ
പിലേസരിൻെറ അടുക്കൽ ദൂത
ച്ചു: ഞാൻ അങ്ങയുടെ ദാസനും
പുത്രനും ആകുന്നു; അങ്ങു
നാട് എതിർത്തിരിക്കുന്ന ആരാം
ൻെറ കയ്യിൽനിന്നും ഇസ്രായേൽ
ൻെറ കയ്യിൽനിന്നും എന്നെ രക്ഷി
ന്നു പറയിച്ചു. അതിന്നായിട്ടു
ദൈവാലയത്തിലും രാജധാനി
ണ്ഡാരത്തിലും കണ്ട വെള്ളിയും
എടുത്തു ആസൂർ രാജാവിന്നു
യി കൊടുത്തയച്ചു. ആസൂർ
വൻെറ അപേക്ഷ കേട്ടു; ആസൂർ
മസ്കോസിലേക്കു ചെന്നു അതി
ച്ചു അതിലെ നിവാസികളെ
ു അടിമകളാക്കി കൊണ്ടുപോയി
കൊന്നുകളഞ്ഞു. ആഹാസ്
ആസൂർ രാജാവായ തിഗ്ലത്ത്-
നെ എതിരേല്പാൻ ദമസ്കോ
ന്നു, ദമസ്കോസിലെ ബലിപീഠം
ഹാസ് രാജാവു ബലിപീഠത്തി
രൂപവും അതിൻെറ എല്ലാ
ടുംകൂടിയുള്ള മാതൃകയും
ുരോഹിതന്നു കൊടുത്തയച്ചു.
ുരോഹിതൻ ഒരു യാഗപീഠം
ആഹാസ് രാജാവ് ദമസ്കോസിൽ
യച്ച പ്രകാരമെല്ലാം ആഹാസ്
ദമസ്കോസിൽ നിന്നു വരും
ഊറീയാ പുരോഹിതൻ
ത്തു. രാജാവു ദമസ്കോസിൽ
നപ്പോൾ ആ യാഗപീഠം കണ്ടു;
ാഗപീഠത്തിങ്കൽ ചെന്നു അതി
ി കരേററി. ഹോമയാഗവും ഭോജ
ദഹിപ്പിച്ചു പാനീയയാഗവും
സമാധാനയാഗങ്ങളുടെ രക്തവും
ത്തിന്മേൽ തളിച്ചു. ദൈവസന്നി
താമ്രയാഗപീഠം അവൻ ആലയ
മുൻവശത്തു തൻെറ യാഗപീഠ
ദവാലയത്തിന്നും മദ്ധ്യേ നിന്നു
ൻെറ യാഗപീഠത്തിൻെറ വടക്കു
കാണ്ടുപോയി വച്ചു. ആഹാസ്
ഊറീയാ പുരോഹിതനോട്

കല്പിച്ചതു: മഹായാഗപീഠത്തിന്മേൽ നീ
രാവിലത്തെ ഹോമയാഗവും വൈകുന്നേ
രത്തെ ഭോജനയാഗവും രാജാവിൻെറ
ഹോമയാഗവും ഭോജനയാഗവും ദേശത്തെ
സകല ജനത്തിൻെറയും ഹോമയാഗവും
ഭോജനയാഗവും ദഹിപ്പിക്കുകയും അവ
രുടെ പാനീയയാഗങ്ങൾ കഴിക്കുകയും
ഹോമയാഗങ്ങളുടെയും ഹനനയാഗങ്ങളു
ടെയും രക്തമെല്ലാം തളിക്കുകയും ചെയ്യണം;
താമ്രയാഗപീഠത്തെപ്പററിയോ ഞാൻ
ആലോചിച്ചുകൊള്ളാം. ആഹാസ് രാജാവു 16
കല്പിച്ചതുപോലെ എല്ലാം ഊറീയാ
പുരോഹിതൻ ചെയ്തു. ആഹാസ് രാജാവു 17
പീഠങ്ങളുടെ ചട്ടപ്പലക കണ്ടിച്ചു തൊട്ടിയെ
അവയുടെമേൽനിന്നു നീക്കി; താമ്രക്കട
ലിനെയും അതിൻെറ കീഴെ നിന്ന താമ്രക്കാ
ളപ്പുറത്തുനിന്നു ഇറക്കി ഒരു കല്ത്തള
ത്തിന്മേൽ വച്ചു. ആലയത്തിൽ ഉണ്ടാക്കിയി 18
രുന്ന ശാബത്ത് താഴ്വാരവും രാജാവിന്നു
പ്രവേശിപ്പാനുള്ള പുറത്തെ നടയും ആസൂർ
രാജാവിനെ ആദരിച്ചു ദൈവാലയത്തിൽ
നിന്നു മാററിക്കളഞ്ഞു. ആഹാസ് ചെയ്ത 19
മററുള്ള കാര്യങ്ങൾ യഹൂദാ രാജാക്കന്മാ
രുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു.
ആഹാസ് തൻെറ പിതാക്കന്മാരെപ്പോലെ 20
നിദ്രപ്രാപിച്ചു; ദാവീദിൻെറ നഗരത്തിൽ
അവൻെറ പിതാക്കന്മാരുടെ അടുക്കൽ അ
വനെ അടക്കം ചെയ്തു; അവൻെറ മകൻ
ഹെസകിയാ അവന്നു പകരം രാജാവായി.

അദ്ധ്യായം 17

യഹൂദാരാജാവായ ആഹാസിൻെറ 1
പന്ത്രണ്ടാം ആണ്ടിൽ ഏലയുടെ മകനായ
ഹോശേയ ഇസ്രായേലിന്നു രാജാവായി
ശമര്യയിൽ ഒൻപതു സംവത്സരം വാണു.
അവൻ ദൈവത്തിന് അനിഷ്ടമായതു ചെ 2
യ്തു; തനിക്കു മുമ്പുള്ള ഇസ്രായേൽ രാജാ
ക്കന്മാരെപ്പോലെ അല്ലതാനും. അവനെ 3
തിരെ ആസൂർ രാജാവായ ശൽമനേസെർ
പുറപ്പെട്ടുവന്നു; ഹാശേയ അവന്നു ആശ്രി
തനായിത്തീർന്നു കപ്പം കൊടുത്തുവന്നു.
എന്നാൽ ഹോശേയ മെസ്രേൻ രാജാവായ 4
സോവിൻെറ അടുക്കൽ ദൂതന്മാരെ അയ
യ്ക്കുകയും ആസൂർ രാജാവിന്നു ആണ്ടു
തോറുമുള്ള കപ്പം കൊടുത്തയയ്ക്കാതിരി
ക്കയും ചെയ്തതുമൂലം ആസൂർ രാജാവു 5
അവനിൽ രാജദ്രോഹം കണ്ട് അവനെ
പിടിച്ചു ബന്ധിച്ചു കാരാഗൃഹത്തിലിട്ടു.
ആസൂർ രാജാവു രാജ്യത്തുകൂടി കടന്നു .
ശമര്യയിലേക്കു വന്നു അതിനെ മൂന്നു

6 സംവത്സരം നിരോധിച്ചു. ഹോശേയയുടെ
ഒൻപതാം ആണ്ടിൽ ആസൂർ രാജാവു ശമ
ര്യയെ പിടിച്ചു ഇസ്രായേലിനെ ബദ്ധരാക്കി
ആസൂരിലേക്കു കൊണ്ടുപോയി, ഹലഹി
ലും ഗോസാൻ നദീതീരത്തിലെ ഹാബോരി
ലും മേദ്യരുടെ പട്ടണങ്ങളിലും പാർപ്പിച്ചു.
7 ഇസ്രായേൽ മക്കൾ തങ്ങളെ മെസ്രേൻ രാ
ജാവായ ഫറവോൻെറ കൈക്കീഴിൽനിന്നു
വിടുവിച്ചു. മെസ്രേൻ ദേശത്തുനിന്നു പുറ
പ്പെടുവിച്ചുകൊണ്ടുവന്ന തങ്ങളുടെ ദൈവ
8 മായ കർത്താവിനോട് പാപംചെയ്തു, അന്യ
ദൈവങ്ങളെ ആരാധിക്കയും ദൈവം ഇസ്രാ
യേൽ മക്കളുടെ മുമ്പിൽനിന്നു നീക്കിക്കള
ഞ്ഞിരുന്ന ജാതികളുടെ ചട്ടങ്ങളെയും അവ
യെ നടപ്പാക്കിയ ഇസ്രായേൽ രാജാക്കന്മാരു
ടെ നിയമങ്ങളെയും അനുസരിച്ചു നടക്കുക
യും ചെയ്തതുകൊണ്ടു ഇങ്ങനെ സംഭവിച്ചു.
9 ഇസ്രായേൽ മക്കൾ തങ്ങളുടെ ദൈവമായ
കർത്താവിന് വിരോധമായി കൊള്ളരു
താത്ത കാര്യങ്ങൾ രഹസ്യമായി ചെയ്തു
കാവല്ക്കാരുടെ ഗോപുരം മുതൽ ഉറപ്പുള്ള
പട്ടണംവരെ തങ്ങളുടെ എല്ലാ പട്ടണങ്ങ
10 ളിലും പൂജാഗിരികൾ പണിതു. അവർ
ഉയർന്ന കുന്നിന്മേലെല്ലാം, പച്ച വൃക്ഷ
ത്തിൻകീഴിലെല്ലാം വിഗ്രഹസ്തംഭങ്ങളും
അശേരാ പ്രതിഷ്ഠകളും സ്ഥാപിച്ചു.
11 ദൈവം അവരുടെ മുമ്പിൽനിന്നു നീക്കി
ക്കളഞ്ഞിരുന്ന ജാതികളെപ്പോലെ അവർ
സകല പൂജാഗിരികളിലും ധൂപം അർപ്പിച്ചു
ദൈവത്തെ കോപിപ്പിക്കത്തക്ക അശുദ്ധ
12 കാര്യങ്ങൾ പ്രവർത്തിച്ചു. ഈ കാര്യം ചെയ്യ
രുതു എന്നു ദൈവം അവരോടു വിലക്കി
യിരുന്നു. വിഗ്രഹങ്ങളെ അവർ
13 ആരാധിച്ചു. എന്നാൽ ദൈവം സകല
പ്രവാചകന്മാരും ദർശകന്മാരും മുഖാന്തരം
ഇസ്രായേലിനോടും യഹൂദയോടും: നിങ്ങ
ളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു ഞാൻ നിങ്ങ
ളുടെ പിതാക്കന്മാരോടു കല്പിച്ചതും എ
ൻെറ ദാസന്മാരായ പ്രവാചകന്മാർ മുഖാ
ന്തരം നിങ്ങൾക്കു അയച്ചു തന്നതുമായ
ന്യായപ്രമാണത്തിന്നൊത്തവണ്ണം എൻെറ
14 കല്പനകളും ചട്ടങ്ങളും പ്രമാണിച്ചു നട
പ്പിൻ എന്നു സാക്ഷിപ്പിച്ചു എങ്കിലും അവർ
കേൾക്കാതെ തങ്ങളുടെ ദൈവമായ
കർത്താവിൽ വിശ്വസിക്കാതിരുന്ന പിതാക്ക
15 ന്മാരെപ്പോലെ ദുശ്ശാഠ്യം കാണിച്ചു. അവ
ൻെറ ചട്ടങ്ങളെയും അവരുടെ പിതാക്കന്മാ
രോടു അവൻ ചെയ്ത ഉടമ്പടിയും അവൻ
അവരോടു സാക്ഷിച്ച സാക്ഷ്യങ്ങളെയും
നിരസിച്ചു അവർ വ്യാജത്തെ പിന്തുടർന്നു
വ്യർത്ഥരായിത്തീർന്നു; അവരെപ്പോലെ
ആചരിക്കരുതു എന്നു ദൈവം കല്പിച്ചി
രുന്ന ചുററുമുള്ള ജാതികളെത്തന്നെ അവർ
അനുകരിച്ചു. അവർ തങ്ങളുടെ ദൈവമായ 16
കർത്താവിൻെറ കല്പനകളെ എല്ലാം ഉപേ
ക്ഷിച്ചു തങ്ങൾക്കായി രണ്ടു കാളക്കുട്ടിക
ളുടെ വിഗ്രഹങ്ങൾ വാർപ്പിച്ചു അശേരാ
പ്രതിഷ്ഠയും ഉണ്ടാക്കി; ആകാശത്തിലെ
സർവ്വ സൈന്യത്തെയും നമസ്കരിച്ചു
ബാലിനെയും സേവിച്ചുപോന്നു. അവർ 17
തങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും
അഗ്നിപ്രവേശം ചെയ്യിച്ചു പ്രശ്നവും ആഭി
ചാരവും പ്രയോഗിച്ചു കർത്താവിനെ കോപി
പ്പിക്കേണ്ടതിനു അവന്നു അനിഷ്ടമായതു
ചെയ്യാൻ തങ്ങളെത്തന്നേ വിററുകളഞ്ഞു.
തന്മൂലം കർത്താവ് ഇസ്രായേലിനോട് 18
ഏററം കോപിച്ചു അവരെ തൻെറ സന്നിധി
യിൽനിന്നു നീക്കിക്കളഞ്ഞു; യഹൂദാഗോ
ത്രം മാത്രമല്ലാതെ ആരും ശേഷിച്ചില്ല.
യഹൂദയും തങ്ങളുടെ ദൈവമായ കർത്താ 19
വിൻെറ കല്പനകളെ പ്രമാണിക്കാതെ
ഇസ്രായേൽ ഉണ്ടാക്കിയ ചട്ടങ്ങളെ അനു
സരിച്ചു നടന്നു. ആകയാൽ കർത്താവ് ഇ 20
സ്രായേൽ സന്തതിയെ മുഴുവനും തള്ളി അ
വരെ താഴ്ത്തി, അപഹാരികളുടെ കയ്യിൽ
ഏല്പിച്ചു, ഒടുവിൽ അവരെ തൻെറ സന്നി
ധിയിൽനിന്നു നീക്കിക്കളഞ്ഞു. അവൻ 21
ഇസ്രായേലിനെ ദാവീദ് ഗൃഹത്തിൽനിന്നു
പറിച്ചുകളഞ്ഞു; അവർ നെബാത്തിൻെറ
മകനായ യെരോബെയാമിനെ രാജാവാക്കി;
യെരോബെയാം ഇസ്രായേലിനെ കർത്താ
വിനെ ഉപേക്ഷിക്കുമാറാക്കി അവരെക്കൊ
ണ്ടു വലിയൊരു പാപം ചെയ്യിച്ചു. അങ്ങനെ 22
ഇസ്രായേൽ മക്കൾ യെരോബെയാം ചെയ്ത
സകല പാപങ്ങളിലും നടന്നു. അവർ 23
അവയെ വിട്ടുമാറാതിരുന്നതിനാൽ കർത്താ
വ് പ്രവാചകന്മാരായ തൻെറ സകല ദാസ
ന്മാരും മുഖാന്തരം അരുളിച്ചെയ്ത പ്രകാരം
ഒടുവിൽ ഇസ്രായേലിനെ തൻെറ സന്നി
ധിയിൽനിന്നു നീക്കിക്കളഞ്ഞു. ഇങ്ങനെ
ഇസ്രായേൽ സ്വദേശം വിട്ടു ആസൂരിലേക്കു
പോകേണ്ടിവന്നു; ഇന്നുവരെ അവിടെ
ഇരിക്കുന്നു.

ആസൂർ രാജാവു ബാബേൽ, കൂഥാ, 24
അവ്വാ, ഹമാത്ത്, സെഫർവ്വയീം എന്നി
വിടങ്ങളിൽനിന്നു ആളുകളെ വരുത്തി
ഇസ്രായേൽ മക്കൾക്കു പകരം ശമര്യാ പട്ട
ണങ്ങളിൽ പാർപ്പിച്ചു; അവർ ശമര്യ
കൈവശമാക്കി അതിൻെറ നഗരങ്ങളിൽ
പാർത്തു. അവർ അവിടെ വാസം തുടങ്ങിയ 25

ർത്താവിനെ ആരാധിച്ചില്ല; അതി
ത്താവ് അവരുടെ ഇടയിൽ സിംഹ
രയച്ചു; അവ അവരിൽ ചിലരെ
ളഞ്ഞു. അപ്പോൾ അവർ ആസൂർ
ന അറിയിച്ചതു: നീ ശമര്യപട്ടണ
മാററി പാർപ്പിച്ച ജാതികൾ ആ
ല ദൈവത്തിൻെറ മാർഗ്ഗം അറി
കാണ്ടു അവൻ അവരുടെ ഇടയിൽ
ളെ അയച്ച; അവർ ആ ദേശത്തി
മാർഗ്ഗം അറിയാതിരുന്നതിനാൽ
രെ കൊന്നുകളയുന്നു. അ തിന്നു
ാജാവു: നിങ്ങൾ അവിടെ നിന്നു
വന്ന പുരോഹിതന്മാരിൽ ഒരു
വിടേക്കു കൊണ്ടുപോകുവിൻ;
ന്നു അവിടെ വസിക്കയും അവർ
ത്തെ ദൈവത്തിൻെറ മാർഗ്ഗം
ഉപദേശിക്കയും ചെയ്യട്ടെ എന്നു
. അങ്ങനെ അവർ ശമര്യയിൽ
കാണ്ടുപോയിരുന്ന പുരോഹിത
ഒരുവൻ വന്നു ബേഥേലിൽ
ദൈവത്തെ ആരാധിക്കേണ്ട രീതി
ഉപദേശിച്ചുകൊടുത്തു. എങ്കിലും
ജാതി താന്താൻെറ ദേവന്മാരെ
. ഓരോ ജാതി പാർത്തുവന്ന
ളിൽ ശമര്യർ ഉണ്ടാക്കിയിരുന്ന
ി ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചു.
ൽകാർ സുക്കോത്ത്-ബെനോ
ിർമ്മിച്ചു; കൂഥക്കാർ നേർഗാലിനെ
; അവ്വക്കാർ നിബ്ഹസിനെയും
ിനെയും നിർമ്മിച്ചു; സെഫർവ്വ
സഫർവ്വയീം ദേവന്മാരായ അദ്ര
നും അനമേലെക്കിന്നും തങ്ങ
ളെ അഗ്നിപ്രവേശം ചെയ്യിച്ചു.
ദവത്തെ ത്യജിക്കയും തങ്ങളുടെ
ിന്നുതന്നെ പൂജാഗിരി പുരോ
ര നിയമിക്കയും അവർ അവർക്കു
ൂജാഗിരിക്ഷേത്രങ്ങളിൽ യാഗം
യും ചെയ്തു. അങ്ങനെ അവർ
ത ത്യജിക്കുകയും തങ്ങൾ വിട്ടു
പോന്ന ജാതികളുടെ ആചാരപ്ര
ന്തം ദേവന്മാരെ സേവിക്കുകയും
ന്നു. ഇന്നുവരെയും അവർ മുൻ
നുസരിച്ചുതന്നെ ചെയ്യുന്നു;
ത ഭജിക്കുന്നില്ല; തങ്ങളുടെ
ാണങ്ങളെയും മാർഗ്ഗവിധിക
ദവം ഇസ്രായേൽ എന്നു പേർ
യാക്കോബിൻെറ മക്കളോടു
ന്യായപ്രമാണത്തെയും കല്പന
അനുസരിച്ച് നടക്കുന്നുമില്ല.
അവരോടു ഒരു നിയമം ചെയ്തു

കല്പിച്ചതു എന്തെന്നാൽ: നിങ്ങൾ അന്യ 36
ദൈവങ്ങളെ ഭജിക്കുകയും അവർക്കു യാഗം
കഴിക്കുകയും ചെയ്യാതെ, നിങ്ങളെ മഹാ
ശക്തി കൊണ്ടും നീട്ടിയ ഭുജംകൊണ്ടും
മെസ്രേൻ ദേശത്തുനിന്നു കൊണ്ടുവന്ന
ദൈവത്തെ മാത്രം ആരാധിക്കുകയും അവ
നെമാത്രം നമസ്കരിക്കുകയും അവന്നു
മാത്രം യാഗം കഴിക്കുകയും വേണം. അവൻ 37
നിങ്ങൾക്കു എഴുതിത്തന്ന നിയമങ്ങളെയും
ന്യായങ്ങളെയും ന്യായപ്രമാണത്തെയും
കല്പനയെയും നിങ്ങൾ എല്ലാക്കാലവും
അനുസരിച്ചു നടക്കണം; അന്യദൈവങ്ങളെ
ഭജിക്കരുത്. ഞാൻ നിങ്ങളോടു ചെയ്ത 38
നിയമം നിങ്ങൾ മറക്കരുതു; അന്യദൈവ
ങ്ങളെ ആരാധിക്കുകയുമരുതു. നിങ്ങളുടെ 39
ദൈവമായ കർത്താവിനെ മാത്രം നിങ്ങൾ
ആരാധിക്കണം; എന്നാൽ അവൻ നിങ്ങളെ
നിങ്ങളുടെ സകല ശത്രുക്കളുടെയും കയ്യിൽ
നിന്നു വിടുവിക്കും. എങ്കിലും അവർ അനു 40
സരിക്കാതെ തങ്ങളുടെ മുൻരീതി അനുസ
രിച്ചു നടന്നു. അങ്ങനെ ഈ ജാതികൾ ദൈ 41
വത്തെ ത്യജിക്കുകയും തങ്ങളുടെ വിഗ്രഹ
ങ്ങളെ സേവിക്കുകയും ചെയ്തു, പിതാക്ക
ന്മാർ ചെയ്തതുപോലെ പുത്രന്മാരും പൌത്ര
ന്മാരും ഇന്നുവരെ ചെയ്തുവരുന്നു.

അദ്ധ്യായം 18

ഇസ്രായേൽ രാജാവായ ഏലയുടെ 1
മകനായ ഹോശേയയുടെ മൂന്നാം ആണ്ടിൽ
യഹൂദാരാജാവായ ആഹാസിൻെറ മകൻ
ഹെസകിയാ രാജാവായി. അവൻ വാഴ്ച 2
തുടങ്ങിയപ്പോൾ ഇരുപത്തഞ്ചു വയസ്സാ
യിരുന്നു; അവൻ യറുശലേമിൽ ഇരുപ
ത്തൊമ്പതു സംവത്സരം വാണു. അവൻെറ
അമ്മയ്ക്കു അബി എന്നു പേർ; അവൾ
സഖര്യായുടെ മകൾ ആയിരുന്നു. അവൻ 3
തൻെറ പിതാവായ ദാവീദ് ചെയ്തതുപോലെ
എല്ലാം ദൈവത്തിനു പ്രസാദമായതു ചെ
യ്തു. അവൻ പൂജാഗിരികളെ നീക്കി വിഗ്രഹ 4
സ്തംഭങ്ങളെ തകർത്തു അശേരാ പ്രതി
ഷ്ഠയെ വെട്ടിമുറിച്ചു മോശ ഉണ്ടാക്കിയ
താമ്രസർപ്പത്തെയും ഉടച്ചുകളഞ്ഞു; ആ
കാലംവരെ ഇസ്രായേൽ മക്കൾ അതിനു
ധുപം അർപ്പിച്ചുവന്നു; അതിന്നു നെഹു
ഷ്ഠാൻ എന്നു പേരായിരുന്നു. അവൻ 5
ഇസ്രായേലിൻെറ ദൈവമായ കർത്താവിൽ
ആശ്രയിച്ചു; അവന്നു മുമ്പും പിമ്പും ഉണ്ടാ
യിരുന്ന സകല യഹൂദാരാജാക്കന്മാരിലും
ആരും അവനോടു തുല്യനായിരുന്നില്ല.
അവൻ ദൈവത്തോട് ചേർന്നിരുന്നു 6

അവനെ വിട്ടു പിന്മാറാതെ ദൈവം മോശ
യോടു കല്പിച്ച കല്പനകളെ പ്രമാ
7 ണിച്ചു നടന്നു. കർത്താവ് അവനോ
ടുകൂടെ ഉണ്ടായിരുന്നു; അവൻ പോയ
സ്ഥലത്തെല്ലാം കൃതാർത്ഥനായി; അവൻ
ആസൂർ രാജാവിനോടു എതിർത്ത് അവനെ
8 സേവിക്കാതിരുന്നു. അവൻ ഫെലിസ്ത്യരെ
ഗസ്സയോളം തോല്പിച്ചു; കാവല്ക്കാരുടെ
ഗോപുരംമുതൽ ഉറപ്പുള്ള പട്ടണംവരെ
യുള്ള അതിൻെറ പ്രദേശം ശൂന്യമാക്കി
ക്കളഞ്ഞു.
9 ഇസ്രായേൽ രാജാവായ ഏലയുടെ മ
കൻ ഹോശേയയുടെ ഏഴാം ആണ്ടായ ഹെ
സകിയാ രാജാവിൻെറ നാലാം ആണ്ടിൽ
ആസൂർ രാജാവായ ശല്മനേസെർ ശമര്യ
ക്കെതിരെ വന്നു അതിനെ നിരോധിച്ചു.
മൂന്നു സംവത്സരം കഴിഞ്ഞ് അവർ അതു പി
10 ടിച്ചു; ഹെസകിയായുടെ ആറാം ആണ്ടിൽ,
ഇസ്രായേൽ രാജാവായ ഹോശേയയുടെ
ഒൻപതാം ആണ്ടിൽ തന്നെ, ശമര്യ പിടിക്ക
11 പ്പെട്ടു. ആസൂർ രാജാവു ഇസ്രായേലിനെ
ആസൂരിലേക്കു പിടിച്ചുകൊണ്ടുപോയി
ഹലഹിലും ഗോസാൻ നദീതീരത്തുള്ള
ഹാബോരിലും മേദ്യരുടെ പട്ടണങ്ങളിലും
12 പാർപ്പിച്ചു. അവർ തങ്ങളുടെ ദൈവമായ
കർത്താവിൻെറ ശബ്ദം കേട്ടനുസരിക്കാ
തെ അവൻെറ നിയമവും കർത്താവിൻെറ
ദാസനായ മോശ കല്പിച്ചതെല്ലാം ലംഘി
ച്ചു, അവർ അതു കേൾക്കുകയോ അനുസരി
ക്കുകയോ ചെയ്യിരുന്നില്ല.
13 യഹൂദാരാജാവായ ഹെസകിയായുടെ
പതിന്നാലാം ആണ്ടിൽ ആസൂർ രാജാവായ
സൻഹേരീബ് യഹൂദയിലെ ശക്തമായ
എല്ലാ പട്ടണങ്ങളുടെയും നേരെ പുറപ്പെട്ടു
14 അവയെ കീഴടക്കി. അപ്പോൾ യഹൂദാ രാജാ
വായ ഹെസകിയാ ലാഖീശിൽ ആസൂർ
രാജാവിന് ആളയച്ചു: ഞാൻ കുററം ചെയ്തു;
എന്നെ വിട്ടു മടങ്ങിപ്പോകണം; നീ എനിക്ക്
കല്പിക്കുന്ന പിഴ ഞാൻ അടച്ചുകൊള്ളാം
എന്നു പറയിച്ചു. ആസൂർ രാജാവ് യഹൂദാ
രാജാവായ ഹെസകിയായ്ക്ക് മുന്നൂറു താല
ന്ത് വെള്ളിയും മുപ്പതു താലന്ത് പൊന്നും
15 പിഴ കല്പിച്ചു. ഹെസകിയാ ദൈവാലയ
ത്തിലും രാജധാനിയിലെ ഭണ്ഡാരത്തി
16 ലുമുള്ള വെള്ളിയെല്ലാം കൊടുത്തു. ആ
കാലത്തു യഹൂദാരാജാവായ ഹെസകിയാ
ദൈവത്തിൻെറ മന്ദിരത്തിൻെറ വാതിലുക
ളിലും കട്ടിളകളിലും താൻ പൊതിഞ്ഞിരുന്ന
സ്വർണ്ണവും പറിച്ചെടുത്തു ആസൂർ രാജാ
17 വിന്നു കൊടുത്തയച്ചു. എങ്കിലും ആസൂർ
രാജാവു തർത്ഥാനെയും റബ്സീസക്കി
നെയും റബ്-ശാക്കേയെയും ലാഖീശിൽ
നിന്നു ഹെസകിയാ രാജാവിൻെറ അടു
ക്കൽ ഒരു വലിയ സൈന്യവുമായി യറുശ
ലേമിനെതിരെ അയച്ചു; അവർ പുറപ്പെട്ടു
യറുശലേമിൽ എത്തി. അവിടെ എത്തിയ
പ്പോൾ അവർ അലക്കുകാരൻെറ വയലിലെ
പെരുവഴിക്കുള്ള മുകളിലെ കുളത്തിൻെറ
കല്പാത്തിക്കരികെ ചെന്നുനിന്നു. അവർ
രാജാവിനെ വിളിച്ചപ്പോൾ (ഹല്കിയാ
യുടെ) മകൻ എല്യാക്കീം എന്ന രാജധാനി
വിചാരകനും എഴുത്തുകാരനായ ശെബ്ന
യും ആസാഫിൻെറ മകൻ യോവാഹ് എന്ന
മന്ത്രിയും അവരുടെ അടുക്കൽ പുറത്തുചെ
ന്നു. റബ്-ശാക്കേ അവരോടു പറഞ്ഞത്:
നിങ്ങൾ ഹെസകിയായോടു പറയേണ്ടത്:
മഹാരാജാവായ ആസൂർ രാജാവു ഇപ്രകാ
രം കല്പിക്കുന്നു: നീ ആശ്രയിച്ചിരിക്കുന്ന
ഈ ആശ്രയം എന്തു? യുദ്ധത്തിന്നു വേണ്ട
ആലോചനയും ബലവും ഉണ്ടെന്നു നീ
പറയുന്നതു വെറും വാക്കത്രേ. ആരെ ആശ്ര
യിച്ചാണ് നീ എന്നോടു മത്സരിച്ചിരിക്കു
ന്നത്? ചതഞ്ഞ ഓടയായ ഈ മെസ്രേനി
ലല്ലോ നീ ആശ്രയിക്കുന്നതു; അതിന്മേൽ
ഒരുത്തൻ ഊന്നിയാൽ അതു അവൻെറ
ഉള്ളംകൈ കുത്തിക്കീറും; മെസ്രേൻ രാജാ
വായ ഫറവോൻ തന്നിൽ ആശ്രയിക്കുന്ന
ഏവർക്കും അങ്ങനെതന്നെ. അല്ല, നിങ്ങൾ
എന്നോട്: ഞങ്ങളുടെ ദൈവമായ കർത്താ
വിൽ ഞങ്ങൾ ആശ്രയിക്കുന്നു എന്നു
പറയുന്നു എങ്കിൽ, അവൻെറ പൂജാഗിരി
കളും യാഗപീഠങ്ങളും ഹെസകിയാ നീക്കി
ക്കളഞ്ഞിട്ടല്ലയോ യഹൂദയോടും യറുശലേ
മ്യരോടും യറുശലേമിലുള്ള ഈ യാഗപീഠ
ത്തിൻെറ മുമ്പിൽ നമസ്കരിപ്പിൻ എന്നു
കല്പിച്ചതു. ആകട്ടെ, എൻെറ യജമാനനാ
യ ആസൂർ രാജാവുമായി വാക്കു പറയുക.
നിനക്കു കുതിരപ്പട്ടാളം ഒരുക്കുവാൻ കഴി
യുമെങ്കിൽ ഞാൻ നിനക്കു രണ്ടായിരം
കുതിരയെ തരാം. നീ പിന്നെ എങ്ങനെ
എൻെറ യജമാനൻെറ എളിയ ദാസന്മാരിൽ
ഒരുവനെയെങ്കിലും മടക്കും? രഥങ്ങൾക്കാ
യിട്ടും കുതിരപ്പട്ടാളത്തിനായിട്ടും നീ
മെസ്രേനെ ആശ്രയിക്കുന്നു. ഞാൻ
ഇപ്പോൾ ഈ സ്ഥലം നശിപ്പിപ്പാൻ ദൈവ
ത്തെ കൂടാതെയോ അതിൻെറ നേരെ പുറ
പ്പെട്ടുവന്നിരിക്കുന്നതു? ദൈവം എന്നോടു:
ഈ ദേശത്തിൻെറ നേരെ പുറപ്പെട്ടു ചെന്നു
അതിനെ നശിപ്പിക്ക എന്നു കല്പി
ച്ചിരിക്കുന്നു. അപ്പോൾ ഹല്കിയായുടെ

എല്യാക്കീമും ശെബ്നയും
ും റബ്-ശാക്കേയോടു: അടിയ
സുറിയാനി ഭാഷയിൽ സംസാരി
അതു ഞങ്ങൾക്കു അറിയാം;
ലുള്ള ജനം കേൾക്കെ ഞങ്ങ
ഹൂദാഭാഷയിൽ സംസാരിക്കരുതേ
ഞ്ഞു. റബ്-ശാക്കേ അവരോടു:
ജമാനനോടും നിന്നോടും ഈ
റയുവാനാണോ എന്റെ യജ
ന്നെ അയച്ചിരിക്കുന്നതു? നിങ്ങ
ട സ്വന്ത മലം തിന്നുകയും സ്വന്ത
ക്കുകയും ചെയ്യാനിടയാകത്തക്ക
ലിന്മേൽ ഇരിക്കുന്നവരുടെ അടു
യോ എന്നു പറഞ്ഞു. അങ്ങനെ
ന്നു നിന്നുകൊണ്ട് യഹൂദാഭാഷ
ക്ക വിളിച്ചുപറഞ്ഞു: മഹാരാജാ
സൂർ രാജാവിന്റെ വാക്കു കേൾ
വ് ഇപ്രകാരം കല്പിക്കുന്നു: ഹെ
നിങ്ങളെ ചതിക്കരുതു; നിങ്ങളെ
യ്യിൽനിന്നു വിടുവിപ്പാൻ അവന്നു
. ദൈവം നമ്മെ നിശ്ചയമായി
ം; ഈ നഗരം ആസൂർ രാജാവി
ൽ ഏല്പിക്കുകയില്ല എന്നു പറ
സകിയാ നിങ്ങളെ ദൈവത്തിൽ
ുമാറാക്കുകയും അരുതു. ഹെസ
നിങ്ങൾ ശ്രദ്ധിക്കരുതു; ആസൂർ
പ്രകാരം കല്പിക്കുന്നു: നിങ്ങൾ
സഖ്യം ചെയ്തു എന്റെ അടുക്കൽ
രുവിൻ; നിങ്ങൾ ഓരോരുവൻ
ന്റെ മുന്തിരിവള്ളിയുടെയും അ
ത്തിന്റെയും ഫലം തിന്നുകയും
ന്റെ കിണററിലെ വെള്ളം കുടിക്കു
യ്തുകൊൾവിൻ. പിന്നെ ഞാൻ
ങ്ങളുടെ ദേശത്തിനു തുല്യമായി
ഞ്ഞും അപ്പവും മുന്തിരിത്തോട്ട
ിവെണ്ണയും തേനും ഉള്ള ഒരു
ക് നിങ്ങളെ കൊണ്ടുപോകും;
നിങ്ങൾ മരിക്കാതെ ജീവിച്ചിരി
വം നമ്മെ വിടുവിക്കും എന്നു
ങ്ങളെ ചതിക്കുന്ന ഹെസകിയാ
രുതു. ജാതികളുടെ ദേവന്മാർ
ം തന്റെ ദേശത്തെ ആസൂർ
ന്റെ കയ്യിൽനിന്നു വിടുവിച്ചിട്ടു
ാത്തിലെയും അർപ്പാദിലെയും
എവിടെ? സെഫർവ്വയീമിലെയും
യും ഇവ്വയിലെയും ദേവന്മാർ
മര്യയെ അവർ എന്റെ കയ്യിൽ
ുവിച്ചിട്ടുണ്ടോ? അങ്ങനെയിരി
ം യറുശലേമിനെ എന്റെ കൈ
വിടുവിക്കുമോ? ജനം മിണ്ടാ

തിരുന്നു. അവനോടു ഒന്നും ഉത്തരം പറ
ഞ്ഞില്ല; അവനോടു ഉത്തരം പറയരുതെന്നു
കല്പന ഉണ്ടായിരുന്നു. ഹല്ക്കിയായുടെ 37
മകനായ എല്യാക്കീം എന്ന രാജധാനി
വിചാരകനും എഴുത്തുകാരനായ ശെബ്ന
യും ആസാഫിന്റെ മകനായ യോവാഹ്
എന്ന മന്ത്രിയും വസ്ത്രം കീറി ഹെസകിയാ
യുടെ അടുക്കൽ വന്നു റബ്-ശാക്കേയുടെ
വാക്കുകൾ അവനെ അറിയിച്ചു.

അദ്ധ്യായം 19

ഹെസകിയാ രാജാവു അതു കേട്ട 1
പ്പോൾ വസ്ത്രം കീറി രട്ടുടുത്തുകൊണ്ടു ദൈ
വാലയത്തിൽ ചെന്നു. പിന്നെ അവൻ 2
രാജധാനി വിചാരകനായ എല്യാക്കീമിനെ
യും എഴുത്തുകാരനായ ശെബ്നയേയും
പുരോഹിതന്മാരുടെ മൂപ്പന്മാരെയും രട്ടു
ടുത്തവരായി ആമോസിന്റെ മകൻ ഏശായ
പ്രവാചകന്റെ അടുക്കൽ അയച്ചു. അവർ 3
അവനോടു പറഞ്ഞു: ഹെസകിയ ഇപ്ര
കാരം പറയുന്നു: ഇതു കഷ്ടവും ശാസന
യും നിന്ദയും ഉള്ള ദിവസം അത്രേ; കുഞ്ഞു
ങ്ങൾ ജനിക്കാറായിരിക്കുന്നു; പ്രസവിപ്പാ
നോ ശക്തിയില്ല. ജീവനുള്ള ദൈവത്തെ 4
നിന്ദിപ്പാൻ റബ്ശാക്കേയെ അവന്റെ യജ
മാനനായ ആസൂർ രാജാവു അയച്ചു പറയി
ക്കുന്ന വാക്കു ഒക്കെയും നിന്റെ ദൈവ
മായ കർത്താവ് കേൾക്കും; നിന്റെ ദൈവ
മായ കർത്താവ് കേട്ട വാക്കിന്നു പ്രതികാരം
ചെയ്യും; ആകയാൽ ഇനിയും ശേഷിച്ചിരിക്കു
ന്നവർക്കു വേണ്ടി പ്രാർത്ഥിക്കണമെ.
ഹെസകിയാരാജാവിന്റെ ഭൃത്യന്മാർ ഏശാ 5
യായുടെ അടുക്കൽ വന്നപ്പോൾ ഏശായ
അവരോടു പറഞ്ഞു: നിങ്ങൾ നിങ്ങളുടെ 6
യജമാനനോടു പറയുക: ദൈവം ഇപ്രകാരം
അരുളിച്ചെയ്യുന്നു: ആസൂർ രാജാവിന്റെ
ഭൃത്യന്മാർ എന്നെ നിന്ദിച്ചതായി നീ കേട്ടി
രിക്കുന്ന വാക്കുകൾ നിമിത്തം ഭയപ്പെടേണ്ട.
ഞാൻ അവന്റെ മനസ്സിൽ പരിഭ്രമം വരു
ത്തും; അവൻ ഒരു ശ്രുതി കേട്ട് സ്വദേശ
ത്തേക്കു മടങ്ങിപ്പോകും; ഞാൻ അവനെ 7
അവന്റെ സ്വന്തദേശത്തുവച്ചു വാൾ
കൊണ്ടു വീഴുമാറാക്കും.

റബ്-ശാക്കേ മടങ്ങിച്ചെന്നു. ആസൂർ 8
രാജാവു ലിബ്നയുടെ നേരെ യുദ്ധം ചെയ്യു
ന്നതു കണ്ടു; അവൻ ലാഖീശ് വിട്ടുപോയി
എന്നു അവൻ കേട്ടിരുന്നു. എത്യോപ്യാ രാ 9
ജാവായ തിർഹാക്ക തന്റെ നേരെ യുദ്ധം
ചെയ്വാൻ പുറപ്പെട്ടിരിക്കുന്നു എന്നു കേട്ടി
ട്ടു അവൻ പിന്നെയും ഹെസകിയായുടെ

10 അടുക്കൽ ദൂതന്മാരെ അയച്ചു പറയിച്ചു. നി
ങ്ങൾ യഹൂദാരാജാവായ ഹെസകിയായോ
ടു പറയേണ്ടതു: യറുശലേം ആസൂർ രാജാ
11 വിന്റെ കയ്യിൽ ഏല്പിക്കുകയില്ല എന്നു
പറഞ്ഞു നീ ആശ്രയിക്കുന്ന നിന്റെ ദൈവം
നിന്നെ ചതിക്കരുതു. ആസൂർ രാജാക്കന്മാർ
സകല ദേശങ്ങളോടു ചെയ്തതും അവയ്ക്കു
ഉന്മൂലനാശം വരുത്തിയതും നീ കേട്ടിട്ടുണ്ട
12 ല്ലോ; നീ രക്ഷപെടുമോ? ഗോസാൻ,
ഹാരാൻ, രേസെഫ്,. തെലസ്സാരിലെ എദേ
ന്യർ ആദിയായി എന്റെ പിതാക്കന്മാർ
നശിപ്പിച്ചിരിക്കുന്ന ജാതികളുടെ ദേവന്മാർ
13 അവരെ വിടുവിച്ചിട്ടുണ്ടോ? ഹമാത്ത്
രാജാവും അർപ്പാദ് രാജാവും സെഫർവ്വയീം
പട്ടണം ഹേന ഇവ്വ എന്നിവയ്ക്കു രാജാവാ
14 യിരുന്നവനും എവിടെ? ഹെസകിയാ ദൂത
ന്മാരുടെ കയ്യിൽനിന്നു എഴുത്തു വാങ്ങി
15 വായിച്ചു; ഹെസകിയാ ദൈവാലയത്തിൽ
ചെന്നു ദൈവസന്നിധിയിൽ അതു വി
ടർത്തിവച്ചു. ഹെസകിയാ ദൈവമുമ്പാകെ
പ്രാർത്ഥിച്ചു പറഞ്ഞു: കെരൂബുകൾക്കു
മീതെ അധിവസിക്കുന്ന ഇസ്രായേലിന്റെ
ദൈവമായ കർത്താവേ, നീ ഒരുവൻ മാത്രം
ഭൂമിയിലെ സകല രാജ്യങ്ങൾക്കും ദൈവം
ആകുന്നു; നീ ആകാശത്തെയും ഭൂമിയെയും
16 സൃഷ്ടിച്ചു. ദൈവമേ, ചെവി ചായിച്ചു കേൾ
ക്കേണമേ; ദൈവമേ, തൃക്കണ്ണു തുറന്നു
നോക്കേണമേ; ജീവനുള്ള ദൈവത്തെ
നിന്ദിപ്പാൻ അയച്ചിരിക്കുന്ന സൻഹേരീ
17 ബിന്റെ വാക്കു കേൾക്കേണമേ. ദൈവമേ,
ആസൂർ രാജാക്കന്മാർ ആ ജാതികളെയും
അവരുടെ ദേശത്തെയും ശൂന്യമാക്കിയതു
18 സത്യംതന്നെ. അവരുടെ ദേവന്മാരെ അവർ
തീയിലിട്ടു ചുട്ടുകളഞ്ഞു; അവ ദേവന്മാരല്ല,
മനുഷ്യരുടെ കൈപ്പണിയായ മരവും കല്ലും
മാത്രം ആയിരുന്നുവല്ലോ; ആകയാൽ അവർ
19 അവയെ നശിപ്പിച്ചുകളഞ്ഞു. ഇപ്പോഴോ
ഞങ്ങളുടെ ദൈവമായ കർത്താവേ, നീ
ഒരുവൻ മാത്രം കർത്താവായ ദൈവം എന്നു
ഭൂമിയിലെ സകല രാജ്യങ്ങളും അറി
യേണ്ടതിന്നു ഞങ്ങളെ അവന്റെ കയ്യിൽ
നിന്നു രക്ഷിക്കേണമേ.
20 ആമോസിന്റെ മകനായ ഏശായ ഹെ
സകിയായുടെ അടുക്കൽ പറഞ്ഞയച്ചതു
എന്തെന്നാൽ: ഇസ്രയേലിന്റെ ദൈവ
മായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യു
ന്നു: നീ ആസൂർ രാജാവായ സൻഹേരീ
ബിന്റെ നിമിത്തം എന്നോടു പ്രാർത്ഥിച്ചതു
21 ഞാൻ കേട്ടു. അവനെക്കുറിച്ചു കർത്താവ്
അരുളിച്ചെയ്ത വചനം: സീയോൻ പുത്രിയായ

കന്യക നിന്നെ നിന്ദിച്ചു പരിഹസിക്കുന്നു;
യറുശലേം പുത്രി നിന്റെ പിന്നാലെ തലക
ലുക്കുന്നു. നീ ആരെയാകുന്നു നിന്ദിച്ചു ദൂ
ഷിച്ചതു? ആർക്കു വിരോധമായിട്ടാകുന്നു
നീ ശബ്ദം ഉയർത്തി തല ഉന്നതമായി പൊ
ക്കിയത്? ഇസ്രായേലിന്റെ പരിശുദ്ധന്നു
വിരോധമായിട്ടുതന്നെ. നിന്റെ ദൂതന്മാ
മുഖാന്തരം നീ കർത്താവിനെ നിന്ദിച്ചു
എന്റെ അസംഖ്യരഥങ്ങളോടു കൂടെ ഞാൻ
മലമുകളിലും ലെബാനോന്റെ ശിഖരങ്ങ
ളിലും കയറിയിരിക്കുന്നു; അതിലെ ഉയ
മുള്ള ദേവദാരുക്കളും വിശിഷ്ടമായ സരള
വൃക്ഷങ്ങളും ഞാൻ മുറിക്കും; അതിന്റെ
അതിർത്തിയിലെ പാർപ്പിടംവരെയും കാടു
വരെയും ഞാൻ കടന്നുചെല്ലും. ഞാൻ അന്യ
ജലം കുഴിച്ചെടുത്തു കുടിക്കും; എന്റെ കാ
ലടികളാൽ മെസ്രേനിലെ സർവ്വ നദികളെ
യും വററിക്കും എന്നു നീ പറഞ്ഞു. ഞാൻ
പണ്ടേ അതിനെ ഉണ്ടാക്കി, പൂർവ്വകാലത്തു
തന്നെ അതിനെ നിർമ്മിച്ചു എന്നു നീ കേട്ട
ട്ടില്ലയോ? ഉറപ്പുള്ള പട്ടണങ്ങളെ ശൂന്യകൂ
മ്പാരങ്ങളാക്കുവാൻ ഞാൻ ഇപ്പോൾ ഇടയാ
ക്കിയിരിക്കുന്നു. ആകയാൽ അവയിലെ നി
വാസികൾ ദുർബ്ബലരായി ഭ്രമിച്ച് അമ്പരന്നു
പോയി; അവർ വയലിലെ പുല്ലും പച്ച
സസ്യങ്ങളും പുരപ്പുറങ്ങളിലെ പുല്ലും
വളരാതെ കരിഞ്ഞുപോയ കതിരും
പോലെ ആയിത്തീർന്നു. എന്നാൽ നിന്റെ
ഇരിപ്പും നിന്റെ ഗമനവും ആഗമനവും
എന്റെ നേരെയുള്ള നിന്റെ കോപഭ്രാന്തും
ഞാൻ അറിയുന്നു. എന്റെ നേരെയുള്ള
നിന്റെ കോപഭ്രാന്തുകൊണ്ടും നിന്റെ
അഹങ്കാരം എന്റെ ചെവിയിൽ എത്തിയി
രിക്കയാലും ഞാൻ എന്റെ കൊളുത്തു
നിന്റെ മൂക്കിലും എന്റെ കടിഞ്ഞാൺ
നിന്റെ അധരങ്ങളിലും ഇട്ടു നീ വന്നവഴി
ക്കു നിന്നെ തിരികെ കൊണ്ടുപോകും. ഇതു
നിനക്കു അടയാളമായിരിക്കും. നിങ്ങൾ ഈ
വർഷം വിത്തു വിളയുന്നതും രണ്ടാം വർഷം
താനേ കിളുത്തു വിളയുന്നതും തിന്നും;
മൂന്നാം വർഷം നിങ്ങൾ വിതച്ചു കൊയ്യു
കയും മുന്തിരിത്തോട്ടം ഉണ്ടാക്കി അവയുടെ
പഴം തിന്നുകയും ചെയ്യും. യഹൂദാഗൃഹ
ത്തിൽ ശേഷിച്ചിരിക്കുന്ന ഒരു രക്ഷിതഗണം
വീണ്ടും താഴെ വേരൂന്നി മുകളിൽ ഫലം
കായ്ക്കും. ഒരു ശേഷിപ്പു യറുശലേമിൽ നി
ന്നും ഒരു രക്ഷിതഗണം സെഹിയോൻ പർവ്വ
തത്തിൽനിന്നും വരും; ദൈവത്തിന്റെ
തീക്ഷ്ണത അതു നിർവ്വഹിക്കും. അതി
നാൽ ദൈവം ആസൂർ രാജാവിനെക്കുറിച്ച്

ം അരുളിച്ചെയ്യുന്നു: അവൻ ഈ
ലേക്കു വരികയില്ല; ഒരു അമ്പു
എയ്കയില്ല; അതിൻെറ നേരെ പരി
കൂടെ വരികയില്ല; അതിന്നു എതി
ന്ന് കുഴിക്കുകയില്ല. അവൻ വന്ന
ടങ്ങിപ്പോകും; ഈ നഗരത്തിലേ
കയില്ല. എൻെറ നിമിത്തവും
ാസനായ ദാവീദിൻെറ നിമിത്തവും
ാ നഗരത്തെ സംരക്ഷിക്കും എന്നു
ിൻെറ അരുളപ്പാടു.
ു രാത്രി ദൈവത്തിൻെറ ദൂതൻ
ആസൂർ പാളയത്തിൽ ഒരു ലക്ഷ
ത്തയ്യായിരം പേരെ കൊന്നു; ജനം
എഴുന്നേററപ്പോൾ അവർ എല്ലാം
യി കിടക്കുന്നതു കണ്ടു. അങ്ങനെ
ാജാവായ സൻഹേരീബ് മടങ്ങി
ിനവേയിൽ പാർത്തു. അവൻ
വനായ നിസ്രോക്കിൻെറ ക്ഷേത്ര
മസ്കരിക്കുന്ന സമയത്തു അവ
ന്മാരായ അദ്രമേലെക്കും ശരേ
ാവനെ വാൾകൊണ്ടു കൊന്നിട്ടു
ത് ദേശത്തേക്കു ഓടിപ്പോയി.
മകനായ സ്രഹ്ദും അവന്നു
ജാവായി.

അദ്ധ്യായം 20

ാലത്തു ഹെസകിയായ്ക്കു മാരക
ഗം ബാധിച്ചു; ആമോസിൻെറ
ഏശായാ പ്രവാചകൻ അവൻെറ
വന്ന് അവനോടു: നിൻെറ ഗൃഹ
മപ്പെടുത്തുക; നീ മരിച്ചുപോകും,
കയില്ല എന്നു കർത്താവ് അരു
ു എന്നു പറഞ്ഞു. അപ്പോൾ
മുഖം ചുവരിനു നേരെ തിരിച്ചു
ാടു പ്രാർത്ഥിച്ചു: കർത്താവേ.
ശ്വസ്തതയോടും ഏകാഗ്രഹൃദയ
തിരുമുമ്പിൽ നടന്നു നിനക്കു
യതു ചെയ്തിരിക്കുന്നു എന്നു
ാമേ എന്നു പറഞ്ഞു. ഹെസകിയ
ാഞ്ഞു. എന്നാൽ ഏശായ നടു
പോകുംമുമ്പേ അവന്നു കർത്താ
രുളപ്പാടു ഉണ്ടായതെന്തെന്നാൽ:
ിച്ചെന്നു എൻെറ ജനത്തിൻെറ
ഹെസകിയായോടു പറയേണ്ട
പിതാവായ ദാവീദിൻെറ ദൈവ
ത്താവ് ഇപ്രകാരം അരുളിച്ചെയ്യു
നിൻെറ പ്രാർത്ഥന കേട്ടു നിൻെറ
കണ്ടിരിക്കുന്നു; ഞാൻ നിന്നെ
ാക്കും; മൂന്നാം ദിവസം നീ
ിൻെറ ആലയത്തിൽ പോകും.

ഞാൻ നിൻെറ ആയുസ്സിനോടു പതിനഞ്ചു 6
സംവത്സരം കൂട്ടും; ഞാൻ നിന്നെയും ഈ ന
ഗരത്തെയും ആസൂർ രാജാവിൻെറ കയ്യിൽ
നിന്നു വിടുവിക്കും. എൻെറ നിമിത്തവും
എൻെറ ദാസനായ ദാവീദിൻെറ നിമിത്ത
വും ഈ നഗരം ഞാൻ സംരക്ഷിക്കും. പിന്നെ 7
ഏശായ: ഒരു അത്തിപ്പഴം കൊണ്ടുവരുവിൻ
എന്നു പറഞ്ഞു. അവർ അതു കൊണ്ടുവന്നു
പരുവിന്മേൽ ഇട്ടു. അവനു സൌഖ്യം ലഭി
ച്ചു. ഹെസകിയാ ഏശായായോടു: കർത്താ 8
വ് എന്നെ സൌഖ്യമാക്കുകയും ഞാൻ
മൂന്നാം ദിവസം ദൈവാലയത്തിൽ പോക
യും ചെയ്യുമെന്നതിന്നു എന്താണ് അടയാളം
എന്നു ചോദിച്ചു. 'കർത്താവ് അരുളിച്ചെയ്ത 9
കാര്യം നിവർത്തിക്കുമെന്നുള്ളതിന്നു
ദൈവത്തിൽനിന്നു ഇതു നിനക്കു അട
യാളം ആകും. നിഴൽ പത്തു പടി മുമ്പോട്ടു
പോകേണമോ പത്തുപടി പിന്നോക്കം
തിരിയണമോ എന്നു ഏശായ ചോദിച്ചു.
അതിന്നു ഹെസകിയ: നിഴൽ പത്തു പടി 10
ഇറങ്ങിപ്പോകുന്നതു എളുപ്പം ആകുന്നു;
അങ്ങനെയല്ല, നിഴൽ പത്തു പടി പിന്നോ
ക്കം തിരിയട്ടെ എന്നു പറഞ്ഞു. അപ്പോൾ
ഏശായ പ്രവാചകൻ ദൈവത്തെ വിളിച്ച
പേക്ഷിച്ചു; അവൻ ആഹാസിൻെറ സൂര്യ 11
ഘടികാരത്തിൽ ഇറങ്ങിപ്പോയിരുന്ന
നിഴലിനെ പത്തുപടി പിന്നോക്കം തിരിയു
മാറാക്കി.

ആ കാലത്തു ബലദാൻെറ മകനായ 12
ബെരോദാക്- ബലദാൻ എന്ന ബാബേൽ
രാജാവു ഹെസകിയാ രോഗിയായിരുന്നു
എന്നു കേട്ടിട്ടു ഹെസകിയായ്ക്ക് എഴുത്തും
സമ്മാനവും കൊടുത്തയച്ചു. ഹെസകിയ, 13
അവരുടെ വാക്കു കേട്ടു തൻെറ ഭണ്ഡാര
ഗൃഹം മുഴുവനും പൊന്നും വെള്ളിയും
സുഗന്ധവർഗ്ഗവും പരിമളതൈലവും തൻെറ
ആയുധശാലയും തൻെറ ഭണ്ഡാരങ്ങളിൽ
ഉള്ളതെല്ലാം അവരെ കാണിച്ചു. രാജഗൃഹ
ത്തിലും തൻെറ ആധിപത്യസ്ഥലത്തും
ഹെസകിയാ അവരെ കാണിക്കാത്ത ഒന്നും
ഇല്ലായിരുന്നു. എന്നാൽ ഏശായാ പ്രവാച 14
കൻ ഹെസകിയാരാജാവിൻെറ അടു
ക്കൽ വന്ന് അവനോടു: ഈ പുരുഷന്മാർ
എന്തു പറഞ്ഞു? അവർ എവിടെനിന്നു
നിൻെറ അടുക്കൽ വന്നു? എന്നു ചോദിച്ച
തിന്നു ഹെസകിയാ: അവർ ദൂരദേശത്തു
നിന്നു, ബാബേലിൽനിന്നു വന്നു എന്നു
പറഞ്ഞു. അവർ രാജഗൃഹത്തിൽ എന്തെ 15
ല്ലാം കണ്ടു എന്നു ചോദിച്ചതിന്നു ഹെസകി
യാ: രാജഗൃഹത്തിലുള്ളതെല്ലാം അവർ

കണ്ടു; എൻെറ ഭണ്ഡാരത്തിൽ ഞാൻ
അവർക്കു കാണിക്കാത്ത ഒന്നും ഇല്ല എന്നു
16 പറഞ്ഞു. ഏശായ ഹെസകിയായോടു
പറഞ്ഞത്: ദൈവവചനം കേൾക്ക:
17 രാജഗൃഹത്തിലുള്ളതെല്ലാം നിൻെറ പിതാ
ക്കന്മാർ ഇന്നുവരെ ശേഖരിച്ചു വച്ചതും
സർവ്വവും ബാബേലിലേക്കു എടുത്തുകൊ
18 ണ്ടുപോകുന്ന കാലം വരുന്നു. നീ ജനിപ്പിച്ച
വരായി നിന്നിൽനിന്നുത്ഭവിക്കുന്ന നിൻെറ
പുത്രന്മാരിലും ചിലരെ അവർ കൊണ്ടുപോ
കും; അവർ ബാബേൽ രാജാവിൻെറ അര
മനയിൽ ദാസരായിരിക്കും എന്നു കർത്താവ്
19 അരുളിച്ചെയ്യുന്നു. അതിന്നു ഹെസകിയാ
ഏശായായോടു: നീ പറഞ്ഞിരിക്കുന്ന
ദൈവവചനം നല്ലത് എന്നു പറഞ്ഞു;
എൻെറ ജീവകാലത്തു സമാധാനവും
സത്യവും ഉണ്ടായിരിക്കുമല്ലോ എന്നും
20 അവൻ പറഞ്ഞു. ഹെസകിയായുടെ മറ്റുള്ള
കാര്യങ്ങളും അവൻെറ സകല വീര്യപ്രവൃ
ത്തികളും അവൻ ഒരു കുളവും കല്പാ
ത്തിയും ഉണ്ടാക്കി വെള്ളം നഗരത്തിന്നക
ത്തു വരുത്തിയതും യഹൂദാ രാജാക്കന്മാരു
ടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു. ഹെ
21 സകിയാ തൻെറ പിതാക്കന്മാരെപ്പോലെ
നിദ്രപ്രാപിച്ചു; അവൻെറ മകനായ മനശ്ശ
അവന്നു പകരം രാജാവായി.

അദ്ധ്യായം 21

1 മനശ്ശ വാഴ്ച തുടങ്ങിയപ്പോൾ അവന്നു
പന്ത്രണ്ടു വയസ്സായിരുന്നു; അവൻ അൻപ
ത്തഞ്ചു സംവത്സരം യറുശലേമിൽ വാണു.
അവൻെറ അമ്മയ്ക്കു ഹെഫ്സീബാ എന്നു
2 പേർ, എന്നാൽ കർത്താവ് ഇസ്രായേൽ
മക്കളുടെ മുമ്പിൽനിന്നു നിക്കിക്കളഞ്ഞ
ജാതികളുടെ മ്ലേച്ഛതകൾ പ്രകാരം അവൻ
കർത്താവിനു അനിഷ്ടമായതു ചെയ്തു.
3 തൻെറ പിതാവായ ഹെസകിയാ നശിപ്പിച്ചു
കളഞ്ഞിരുന്ന പൂജാഗിരികളെ അവൻ
വീണ്ടും പണിതു; ബാലിന്നു ബലിപീഠങ്ങൾ
ഉണ്ടാക്കി, ഇസ്രായേൽ രാജാവായ ആഹാ
ബ് ചെയ്തതുപോലെ ഒരു അശേരാപ്രതി
ഷ്ഠ പ്രതിഷ്ഠിച്ചു ആകാശത്തിലെ സർവ്വ
സൈന്യത്തെയും നമസ്കരിച്ചു സേവിച്ചു.
4 യറുശലേമിൽ ഞാൻ എൻെറ നാമം സ്ഥാ
പിക്കുമെന്നു ദൈവം കല്പിച്ചിരുന്ന ദൈവാ
ലയത്തിലും അവൻ ബലിപീഠങ്ങൾ പണി
5 തു. ദൈവാലയത്തിൻെറ രണ്ടു പ്രാകാരങ്ങ
ളിലും അവൻ ആകാശത്തിലെ സർവ്വ സൈ
ന്യത്തിനും ബലിപീഠങ്ങൾ പണിതു. അവൻ
6 തൻെറ മകനെ അഗ്നിപ്രവേശം ചെയ്യിക്കയും

മുഹൂർത്തം നോക്കുകയും ആഭിചാരം
പ്രയോഗിക്കുകയും വെളിച്ചപ്പാടന്മാരെയും
ലക്ഷണം പറയുന്നവരെയും നിയമിക്കയും
ചെയ്തു. ദൈവം കോപിക്കത്തക്കവണ്ണം
അവനു അനിഷ്ടമായതു പലതും ചെയ്തു.
ഈ ആലയത്തിലും ഇസ്രായേലിൻെറ
സകല ഗോത്രങ്ങളിൽനിന്നും ഞാൻ തിര
ഞ്ഞെടുത്തിരിക്കുന്ന യറുശലേമിലും ഞാൻ
എൻെറ നാമം എന്നേക്കും സ്ഥാപിക്കും
എന്നു ദൈവം ദാവീദിനോടും അവൻെറ
മകനായ ശലോമോനോടും അരുളിച്ചെയ്ത
ആലയത്തിൽ താൻ ഉണ്ടാക്കിയ അശേരാ
പ്രതിഷ്ഠ അവൻ പ്രതിഷ്ഠിച്ചു. ഞാൻ അവ
രോടു കല്പിച്ചതെല്ലാം എൻെറ ദാസനായ
മോശ അവരോടു കല്പിച്ച സകല ന്യായ
പ്രമാണവും അനുസരിച്ചു നടക്കേണ്ടതിന്നു
അവർ ശ്രദ്ധിക്കുകമാത്രം ചെയ്താൽ ഇനി
ഇസ്രായേലിൻെറ കാൽ, അവരുടെ പിതാ
ക്കന്മാർക്കു ഞാൻ കൊടുത്ത ദേശം വിട്ടല
യുവാൻ ഇടയാകയില്ല എന്നു ദൈവം
കല്പിച്ചിരുന്നു. എന്നാൽ അവർ അനുസരി
ച്ചില്ല; കർത്താവ് ഇസ്രായേൽ മക്കളുടെ
മുമ്പിൽ നിന്നു നശിപ്പിച്ച ജാതികളെക്കാളും
അധികം ദോഷം ചെയ്വാൻ മനശ്ശ അവരെ
വഴിതെറ്റിച്ചു. ആകയാൽ ദൈവം, പ്രവാ
ചകന്മാരായ തൻെറ ദാസന്മാർ മുഖാന്തരം
അരുളിച്ചെയ്തതെന്തെന്നാൽ: യഹൂദാ
രാജാവായ മനശ്ശ തനിക്കു മുമ്പെ ഉണ്ടാ
യിരുന്ന അമോര്യർ ചെയ്ത സകലത്തെ
ക്കാളും അധികം ദോഷമായി ഈ മ്ലേച്ഛത
കൾ പ്രവർത്തിച്ചിരിക്കുകയാലും തൻെറ
വിഗ്രഹങ്ങളെക്കൊണ്ടു യഹൂദയെയും
പാപം ചെയ്യിക്കയാലും ഇസ്രായേലിൻെറ
ദൈവമായ കർത്താവ് ഇപ്രകാരം അരുളി
ച്ചെയ്യുന്നു: കേൾക്കുന്ന ഏവൻെറയും ചെവി
രണ്ടും മുഴങ്ങത്തക്കവിധമുള്ള അനർത്ഥം
ഞാൻ യറുശലേമിന്നും യഹൂദയ്ക്കും വരു
ത്തും. ഞാൻ യറുശലേമിന്മേൽ ശമര്യയുടെ
അളവുനൂലും ആഹാബ് ഗൃഹത്തിൻെറ
തൂക്കുകട്ടയും പിടിക്കും; ഒരുവൻ ഒരു തളിക
തുടച്ചശേഷം അതു കമിഴ്ത്തി വെക്കുന്നതു
പോലെ ഞാൻ യറുശലേമിനെ തുടച്ചു
കളയും. എൻെറ അവകാശത്തിൻെറ ശേഷി
പ്പു ഞാൻ ത്യജിച്ചു അവരെ അവരുടെ
ശത്രുക്കളുടെ കയ്യിൽ ഏല്പിക്കും; അവർ
തങ്ങളുടെ സകല ശത്രുക്കൾക്കും കവർച്ച
യും കൊള്ളയും ആയിത്തീരും. അവരുടെ
പിതാക്കന്മാർ മിസ്രേനിൽനിന്നു പുറപ്പെട്ട
നാൾ മുതൽ ഇന്നുവരെ അവർ എനിക്കു
അനിഷ്ടമായതു ചെയ്തു എന്നെ കോപി

...ുന്നു. അത്രയുമല്ല കർത്താവിനു
...മായതു ചെയ്യേണ്ടതിന്നു മനശ്ശ
...യക്കൊണ്ടു ചെയ്യിച്ച പാപം കൂടാ
...ചൻ യറുശലേമിൽ ഒരറ്റംമുതൽ
...ംവരെ നിറയ്ക്കത്തക്കവണ്ണം നിര
...ക്തവും വളരെയേറെ ചിന്തി.
...ടെ മറ്റുള്ള കാര്യങ്ങളും അവൻ
...തെല്ലാം അവന്റെ പാപവും യഹൂദാ
...മാരുടെ പുസ്തകത്തിൽ എഴുതി
...നു. മനശ്ശ തന്റെ പിതാക്കന്മാരെ
...നിദ്ര പ്രാപിച്ചു; അരമനയുടെ
...ിൽ: ഉസ്സയുടെ തോട്ടത്തിൽ,
...അടക്കം ചെയ്തു; അവന്റെ
...അമ്മോൻ അവന്നു പകരം രാജാ

...മോൻ വാഴ്ച തുടങ്ങിയപ്പോൾ
...രുപത്തിരണ്ടു വയസ്സായിരുന്നു;
...ണ്ടു സംവത്സരം യറുശലേമിൽ
...അവന്റെ അമ്മയ്ക്കു മെശുല്ലേ
...ന്നു പേർ; അവൾ യൊത്ബക്കാ
...ാരൂസിന്റെ മകൾ ആയിരുന്നു.
...ന്റെ പിതാവായ മനശ്ശ ചെയ്ത
...കർത്താവിന് അനിഷ്ടമായതു
...തന്റെ പിതാവ് നടന്ന വഴിയി
...ടന്നു; തന്റെ പിതാവ് സേവിച്ച
...ളെയും നമസ്കരിച്ചു. അങ്ങനെ
...ന്റെ പിതാക്കന്മാരുടെ ദൈവ
...ത്താവിനെ ഉപേക്ഷിച്ചു ദൈവത്തി
...ിൽ നടന്നില്ല. എന്നാൽ അമ്മോ
...ന്മാർ അവനെതിരെ ഗൂഢാലോ
...ിതു രാജാവിനെ അരമനയിൽ
...ന്നു. ദേശത്തെ ജനം അമ്മോൻ
...തിരെ ഗൂഢാലോചന നടത്തി
...ല്ലാം കൊന്നു; രാജ്യത്തെ ജനം
...കനായ യോശീയായെ അവന്നു
...ജാവാക്കി. അമ്മോൻ ചെയ്ത
...ര്യങ്ങൾ യഹൂദാരാജാക്കന്മാ
...തകത്തിൽ എഴുതിയിരിക്കുന്നു.
...ാതോട്ടത്തിലെ അവന്റെ കല്ലറ
...ന അടക്കം ചെയ്തു: അവന്റെ
...ാശീയാ അവന്നു പകരം രാജാ

അദ്ധ്യായം 22

...യാ ഭരണം ആരംഭിച്ചപ്പോൾ
...ട്ടു വയസ്സായിരുന്നു; അവൻ
...ു സംവത്സരം യറുശലേമിൽ
...വന്റെ അമ്മയ്ക്കു യെദീദാ
... അവൾ ബൊസ്കത്ത്കാര
...യാമിന്റെ മകൾ ആയിരുന്നു.
അവൻ ദൈവത്തിനു പ്രസാദമായതു ചെ 2
യ്തു; തന്റെ പിതാവായ ദാവീദിന്റെ വഴിയി
ലൂടെ വലത്തോട്ടും ഇടത്തോട്ടും മാറാതെ
നടന്നു.

യോശീയാ രാജാവിന്റെ പതിനെട്ടാം 3
ആണ്ടിൽ രാജാവു മെശുല്ലാമിന്റെ മക
നായ അസല്യാമിന്റെ മകനായ ശാഫാൻ
എന്ന എഴുത്തുകാരനെ ദൈവാലയത്തിലേ
ക്കു അയച്ചു പറഞ്ഞു: നീ മഹാപുരോഹി 4
തനായ ഹില്ക്കീയായുടെ അടുക്കൽ ചെല്ലു
ക: ദൈവാലയത്തിൽ വഴിപാടുവന്നതും
വാതിൽകാവല്ക്കാർ ജനത്തോടു പിരിച്ചെ
ടുത്തതുമായ പണത്തിന്റെ കണക്ക്
അവൻ നോക്കട്ടെ. അവർ അതു ദൈവാ 5
ലയത്തിലെ വിചാരകരായി പണി നടത്തു
ന്നവരുടെ കയ്യിൽ കൊടുക്കട്ടെ; അവർ
അതു ദൈവാലയത്തിന്റെ കേടുപാടുകൾ 6
തീർക്കേണ്ടതിന്നു അതിൽ പണിചെയ്യുന്ന
ആശാരിമാർക്കും ശില്പികൾക്കും കല്പ
ണിക്കാർക്കും ആലയത്തിന്റെ അറ്റകുറ്റപ്പ
ണിക്കു മരവും ചെത്തിയ കല്ലും വാങ്ങുവാ
നും കൊടുക്കട്ടെ. എന്നാൽ ദ്രവ്യം കയ്യേറ്റു 7
വാങ്ങിയവരോടു കണക്കു ചോദിക്കേണ്ട;
അവർ വിശ്വാസത്തിന്മേലല്ലോ പ്രവർത്തി
ക്കുന്നതു. മഹാപുരോഹിതനായ ഹല്ക്കീ 8
യാ എഴുത്തുകാരനായ ശാഫാനോടു:
ഞാൻ ന്യായപ്രമാണപുസ്തകം ദൈവാ
ലയത്തിൽ കണ്ടെത്തിയിരിക്കുന്നു എന്നു
പറഞ്ഞു. ഹല്ക്കിയ ആ പുസ്തകം ശാഫാ
ന്റെ കയ്യിൽ കൊടുത്തു; അവൻ അതു
വായിച്ചു. എഴുത്തുകാരനായ ശാഫാൻ 9
രാജാവിന്റെ അടുക്കൽ ചെന്നു രാജാവി
നോടു: ആലയത്തിൽ കണ്ട പണം ഞങ്ങൾ
പെട്ടിയിൽനിന്നെടുത്തു ദൈവാലയത്തിൽ
വിചാരകരായി പണി നടത്തുന്നവരുടെ
കയ്യിൽ കൊടുത്തിരിക്കുന്നു എന്നു
ബോധിപ്പിച്ചു. ഹല്ക്കിയാ പുരോഹിതൻ 10
എന്റെ കയ്യിൽ ഒരു പുസ്തകം തന്നു എന്നും
എഴുത്തുകാരനായ ശാഫാൻ രാജാവി
നോടു ബോധിപ്പിച്ചു. ശാഫാൻ അതു രാജ
സന്നിധിയിൽ വായിച്ചു കേൾപ്പിച്ചു. രാജാവു 11
ന്യായപ്രമാണപുസ്തകത്തിലെ വാക്യങ്ങ
ളെ കേട്ടിട്ടു വസ്ത്രം കീറി; രാജാവു പുരോ 12
ഹിതനായ ഹല്ക്കിയായോടും ശാഫാന്റെ
മകൻ അഹീക്കാമിനോടും മീഖായായുവി
ന്റെ മകൻ അക്ബോരിനോടും എഴുത്തു
കാരനായ ശാഫാനോടും രാജഭൃത്യനായ
അസായായോടും: നിങ്ങൾ ചെന്നു കണ്ടെ 13
ത്തിയിരിക്കുന്ന ഈ പുസ്തകത്തിലെ
വാക്യങ്ങളെക്കുറിച്ചു എനിക്കും ജനത്തിനും

എല്ലാ യഹൂദയ്ക്കുംവേണ്ടി കർത്താവിനോ
ട് അരുളപ്പാടു ചോദിപ്പിൻ; നമുക്കുവേണ്ടി
എഴുതിയിരിക്കുന്നതെല്ലാം അനുസരിച്ചു
നടപ്പാൻ തക്കവണ്ണം നമ്മുടെ പിതാക്കന്മാർ
ഈ പുസ്തകത്തിലെ വാക്യങ്ങളെ കേൾക്കാ
യ്കകൊണ്ടു നമ്മുടെ നേരെ ജ്വലിച്ചിരി
ക്കുന്ന ദൈവകോപം വലിയത്, എന്നു
14 കല്പിച്ചു. അങ്ങനെ ഹല്ക്കിയാ പുരോഹി
തനും അഹീക്കാമും അക്ബോരും ശാഫാ
നും അസായായും അർഹസിൻെറ മകനായ
തിക്വയുടെ മകനായി രാജവസ്ത്രവിചാര
കനായ ശല്ലൂമിൻെറ ഭാര്യ ഹുൽദാ പ്രവാ
ചകിയുടെ അടുക്കൽ ചെന്നു - അവൾ യറു
ശലേമിൽ രണ്ടാം ഭാഗത്തു പാർത്തിരുന്നു -
15 അവളോടു സംസാരിച്ചു. അവൾ അവരോടു
പറഞ്ഞു: ഇസ്രായേലിൻെറ ദൈവമായ
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു:
നിങ്ങളെ എൻെറ അടുക്കൽ അയച്ചവ
നോടു നിങ്ങൾ പറയേണ്ടതു എന്തെന്നാൽ:
16 ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ
ഈ സ്ഥലത്തിനും നിവാസികൾക്കും
യഹൂദാരാജാവു വായിപ്പിച്ച പുസ്തക
ത്തിൽ വിവരിച്ചിരിക്കുന്നതുപോലെ
17 അനർത്ഥം വരുത്തും. അവർ എന്നെ ഉപേ
ക്ഷിച്ച് തങ്ങളുടെ എല്ലാ പ്രവൃത്തികളാലും
എനിക്കു കോപം വരത്തക്കവണ്ണം അന്യ
ദേവന്മാർക്കു ധൂപം അർപ്പിച്ചതുകൊണ്ട്
എൻെറ കോപം ഈ സ്ഥലത്തിൻെറ നേരെ
ജ്വലിക്കും; അതു കെട്ടുപോകുകയുമില്ല.
18 എന്നാൽ കർത്താവിനോടു ചോദിപ്പാൻ
നിങ്ങളെ അയച്ച യഹൂദാരാജാവിനോടു
നിങ്ങൾ പറയേണ്ടതു: നീ കേട്ടിരിക്കുന്ന
വാക്യങ്ങളെക്കുറിച്ചു ഇസ്രായേലിൻെറ
ദൈവമായ കർത്താവ് ഇപ്രകാരം അരുളി
19 ച്ചെയ്യുന്നു: അവർ സ്തംഭനത്തിന്നും ശാപ
ത്തിന്നും പാത്രമായിത്തീരുമെന്നു ഞാൻ
ഈ സ്ഥലത്തിന്നും നിവാസികൾക്കും വി
രോധമായി പറഞ്ഞതു നീ കേട്ടപ്പോൾ നി
20 ൻെറ ഹൃദയം അലിഞ്ഞു, നീ കർത്താവി
ൻെറ മുമ്പാകെ നിന്നെത്തന്നെ താഴ്ത്തി
നിൻെറ വസ്ത്രം കീറി എൻെറ മുമ്പാകെ
കരഞ്ഞതുകൊണ്ടു ഞാനും നിൻെറ അപേ
ക്ഷ കേട്ടിരിക്കുന്നു എന്നു കർത്താവിൻെറ
അരുളപ്പാടു ആകയാൽ ഞാൻ നിന്നെ നി
ൻെറ പിതാക്കന്മാരോടു ചേർത്തുകൊള്ളും;
നീ സമാധാനത്തോടെ നിൻെറ കല്ലറയിൽ
സംസ്കരിക്കപ്പെടും; ഞാൻ ഈ സ്ഥലത്തി
നു വരുത്തുവാൻ പോകുന്ന അനർത്ഥമൊ
ന്നും നിൻെറ കണ്ണു കാണുകയില്ല; അവർ
രാജാവിനെ ഈ കാര്യം അറിയിച്ചു.

അദ്ധ്യായം 23

അനന്തരം രാജാവു ആളയച്ചു; അവർ 1
യഹൂദയിലും യറുശലേമിലുമുള്ള എല്ലാ
മൂപ്പന്മാരെയും അവൻെറ അടുക്കൽ വരു
ത്തി. രാജാവും സകല യഹൂദാപുരുഷ 2
ന്മാരും യറുശലേമിലെ സകല നിവാസി
കളും പുരോഹിതന്മാരും പ്രവാചകന്മാരും
ആബാലവൃദ്ധം ജനമെല്ലാം ദൈവാലയ
ത്തിലേക്കു ചെന്നു; ദൈവാലയത്തിൽ വച്ചു
കണ്ടുകിട്ടിയ നിയമപുസ്തകത്തിലെ
വാക്യങ്ങളെയെല്ലാം അവർ കേൾക്കെ
അവൻ വായിച്ചു. രാജാവു തൂണിന്നരികെ
നിന്നുകൊണ്ടു താൻ കർത്താവിനെ അനു
സരിച്ചു നടക്കുകയും അവൻെറ കല്പന
കളും സാക്ഷ്യങ്ങളും ചട്ടങ്ങളും പൂർണ്ണഹൃദ
യത്തോടും പൂർണ്ണമനസ്സോടും കൂടെ പ്രമാ
ണിക്കയും ഈ പുസ്തകത്തിൽ എഴുതിയി
രിക്കുന്ന നിയമത്തിൻെറ വാക്യങ്ങൾ നിവ
ർത്തിക്കയും ചെയ്യുമെന്നു ദൈവസന്നിധി
യിൽ ഒരു ഉടമ്പടി ചെയ്തു. ജനമെല്ലാം ഈ
ഉടമ്പടിയിൽ ചേർന്നു. രാജാവു മഹാ
പുരോഹിതനായ ഹല്ക്കിയായോടും
രണ്ടാം തരത്തിലുള്ള പുരോഹിതന്മാരോടും
വാതിൽ കാക്കുന്നവരോടും ബാലിനും
അശേരയ്ക്കും ആകാശത്തിലെ സർവ്വ
സൈന്യത്തിന്നും വേണ്ടി ഉണ്ടാക്കിയ
ഉപകരണങ്ങളെല്ലാം കർത്തൃമന്ദിരത്തിൽ
നിന്നു പുറത്തു കൊണ്ടുപോകുവാൻ
കല്പിച്ചു; യറുശലേമിന്നു പുറത്തു
കിദ്രോൻ പ്രദേശത്തു വച്ചു അവയെ ചുട്ടു
ചാരം ബേഥേലിലേക്കു കൊണ്ടുപോയി.
യഹൂദാ പട്ടണങ്ങളിലും യറുശലേമിൻെറ
ചുറ്റുമുള്ള പൂജാഗിരികളിൽ ധൂപം അർപ്പി
ക്കുവാൻ യഹൂദാരാജാക്കന്മാർ നിയമിച്ചി
രുന്ന പൂജാരികളെയും ബാലിന്നും സൂര്യനും
ചന്ദ്രനും ഗ്രഹങ്ങൾക്കും ആകാശത്തിലെ
സർവ്വസൈന്യത്തിനും ധൂപം അർപ്പിച്ചവരെ
യും അവൻ നീക്കിക്കളഞ്ഞു. അശേരാപ്രതി
ഷ്ഠയെയും അവൻ ദൈവാലയത്തിൽ
നിന്നു യറുശലേമിന്നു പുറത്തു കിദ്രോൻ
തോട്ടിങ്കലേക്കു കൊണ്ടുചെന്നു കിദ്രോൻ
താഴ്വരയിൽ വച്ചു ചുട്ടു പൊടിയാക്കി
പൊടി സാമാന്യജനത്തിൻെറ ശവക്കുഴിക
ളിൽ ഇട്ടുകളഞ്ഞു. അശേരയ്ക്കു കൂടാ
ശീലകൾ നെയ്ത സ്ത്രീകളുടെയും ദൈവാ
ലയത്തിങ്കലുള്ള വ്യഭിചാരികളുടെയും വീടു
കളെയും അവൻ ഇടിച്ചുകളഞ്ഞു. അവൻ
യഹൂദാ പട്ടണങ്ങളിൽനിന്നു സകല പുരോ
ഹിതന്മാരെയും വരുത്തി, ഗേബമുതൽ

ബവരെ പൂജാരികൾ ധൂപം അർപ്പി
പൂജാഗിരികളെ അശുദ്ധമാക്കി പട്ട
ൽ പ്രവേശനത്തിങ്കൽ ഇടത്തുഭാഗ
ാരാധിപതിയായ യോശുവയുടെ
ലുള്ള പടിവാതിലുകളുടെ പൂജാ
ളയും അവൻ ഇടിച്ചുകളഞ്ഞു.
പൂജാഗിരി പൂജാരികൾ യറുശ
ള ദൈവത്തിന്റെ യാഗപീഠത്തി
നില്ല; അവർ തങ്ങളുടെ സഹോ
ട കൂട്ടത്തിൽ പുളിപ്പില്ലാത്ത അപ്പം
യുള്ളു. ആരും തന്റെ മകനെയോ
ാ മോലേക്കിനു അഗ്നിപ്രവേശം
ാതിരിക്കേണ്ടതിനു ബെൻഹി
ഴ്‌വരയിലെ ദഹനസ്ഥലവും നശി
ദവാലയത്തിലേക്കുള്ള പ്രവേശന
വളപ്പിനകത്തുള്ള നാഥാൻ എന്ന
റ അറയ്ക്കരികെ യഹൂദാരാജാ
ൂര്യനു പ്രതിഷ്ഠിച്ചിരുന്ന അശ്വാ
അവൻ കൊന്ന് സൂര്യരഥങ്ങളെ
ചുട്ടുകളഞ്ഞു. യഹൂദാ രാജാക്ക
ാസിന്റെ മാളികയുടെ മേൽപുര
ാക്കിയിരുന്ന ബലിപീഠങ്ങളെയും
ദവാലയത്തിന്റെ രണ്ടു പ്രാകാ
ഉണ്ടാക്കിയിരുന്ന ബലിപീഠങ്ങ
ജാവു തകർത്തു അവിടെനിന്നു
യുടെ പൊടി കിദ്രോൻതോട്ടിൽ
ു. യറുശലേമിനെതിരെ നാശ
ിന്റെ വലത്തു ഭാഗത്ത് ഇസ്രാ
ാവായ ശലോമോൻ സീദോന്യ
ുദ്ധബിംബമായ അസ്തോരെ
ോവാബ്യരുടെ അശുദ്ധബിംബ
ാശിനും അമ്മോന്യരുടെ മ്ലേച്ഛ
മില്ക്കോമിനും പണിതിരുന്ന
കളെയും രാജാവു നശിപ്പിച്ചു.
ിഗ്രഹസ്തംഭങ്ങളെ തകർത്തു
തിഷ്ഠകളെ വെട്ടിക്കളഞ്ഞു,
ിരുന്ന സ്ഥലങ്ങളെ മനുഷ്യാ
കൊണ്ടു നിറച്ചു. അത്രയുമല്ല
ിനെക്കൊണ്ടു പാപം ചെയ്യിച്ച
ന്റെ മകനായ യെരോബെയാം
ഉണ്ടാക്കിയിരുന്ന യാഗപീഠ
ിരിയും അവൻ ഇടിച്ചുകളഞ്ഞു;
അവൻ ചുട്ടുപൊടിയാക്കി,
തിഷ്ഠയും ചുട്ടുകളഞ്ഞു.
യാശീയാ തിരിഞ്ഞുനോക്കി
വിടെ മലയിൽ ഉണ്ടായിരുന്ന
കണ്ടിട്ടു ആളയച്ചു കല്ലറക
അസ്ഥികൾ എടുപ്പിച്ചു, ഈ
റിയിച്ചിരുന്ന ദൈവപുരുഷൻ
ദൈവവചനപ്രകാരം ആ

യാഗപീഠത്തിന്മേൽ ഇട്ടു ചുട്ടു അതു
അശുദ്ധമാക്കിക്കളഞ്ഞു. ഞാൻ കാണുന്ന 17
ആ സ്മാരക സ്തംഭം എന്തു? എന്നു അവൻ
ചോദിച്ചു. അതിനു ആ പട്ടണക്കാർ അവ
നോടു: അതു യഹൂദായിൽനിന്നു വരി
കയും ബേഥേലിലെ യാഗപീഠത്തെക്കു
റിച്ച് അറിയിക്കുകയും ചെയ്ത ദൈവപുരു
ഷന്റെ കല്ലറയാകുന്നു എന്നു പറഞ്ഞു.
അപ്പോൾ അവൻ: അതു ഇരിക്കട്ടെ, 18
അവന്റെ അസ്ഥികളെ ആരും അനക്ക
രുത് എന്നു കല്പിച്ചു. അങ്ങനെ അവർ
അവന്റെ അസ്ഥികളെയും ശമര്യയിൽ
നിന്നു വന്ന പ്രവാചകന്റെ അസ്ഥികളെ
യും വിട്ടിട്ടു പോയി. ദൈവത്തിനു കോപഹേ 19
തുകമായി ഇസ്രായേൽ രാജാക്കന്മാർ
ശമര്യാപട്ടണങ്ങളിൽ ഉണ്ടാക്കിയിരുന്ന
സകല പൂജാഗിരിക്ഷേത്രങ്ങളെയും യോശി
യാ നീക്കിക്കളഞ്ഞു. ബേഥേലിൽ അവൻ
ചെയ്തതുപോലെയെല്ലാം അവയോടും
ചെയ്തു. അവൻ അവിടെയുള്ള പൂജാഗിരി 20
പുരോഹിതന്മാരെയെല്ലാം ബലിപീഠങ്ങളി
ന്മേൽ വെട്ടിക്കൊല്ലിക്കയും അവയുടെമേൽ
മനുഷ്യാസ്ഥികൾ ചുടുകയും ചെയ്തിട്ടു
യറുശലേമിലേക്കു മടങ്ങിപ്പോന്നു.
രാജാവു സർവ്വജനത്തോടും: ഈ 21
നിയമഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നതു
പോലെ നിങ്ങളുടെ ദൈവമായ കർത്താ
വിനു പെസഹ ആചരിക്കണം എന്നു
കല്പിച്ചു. ഇസ്രായേലിനെ ഭരിച്ചിരുന്ന 22
ന്യായാധിപന്മാരുടെ കാലം മുതൽ ഇസ്രാ
യേൽ രാജാക്കന്മാരുടെയും യഹൂദാരാജാ
ക്കന്മാരുടെയും കാലത്തും ഇതുപോലെ
ഒരു പെസഹ ആചരിച്ചിട്ടില്ല. യോശീയാ 23
രാജാവിന്റെ പതിനെട്ടാം ആണ്ടിൽ യറുശ
ലേമിൽ കർത്താവിന് ഈ പെസഹ ആച
രിച്ചു. ഹല്ക്കീയാപുരോഹിതൻ ദൈവാ 24
ലയത്തിൽ കണ്ടെത്തിയ ഗ്രന്ഥത്തിൽ
എഴുതിയിരുന്ന ന്യായപ്രമാണത്തിന്റെ
വാക്യങ്ങളെ നിവർത്തിപ്പാൻ തക്കവണ്ണം
യോശീയാ വെളിച്ചപ്പാടന്മാരെയും ലക്ഷണം
പറയുന്നവരെയും ഗൃഹബിംബങ്ങളെയും
മറ്റു വിഗ്രഹങ്ങളെയും യഹൂദാദേശത്തും
യറുശലേമിലും കണ്ട സകല അശുദ്ധി
യേയും മുഴുവൻ നശിപ്പിച്ചുകളഞ്ഞു. അവ 25
നെപ്പോലെ പൂർണ്ണഹൃദയത്തോടും പൂർണ്ണ
മനസ്സോടും പൂർണ്ണ ശക്തിയോടും മോശെ
യുടെ ന്യായപ്രമാണ പ്രകാരം കർത്താവിങ്ക
ലേക്കു തിരിഞ്ഞ ഒരു രാജാവു മുമ്പുണ്ടാ
യിട്ടില്ല, പിമ്പു ഒരുത്തൻ എഴുന്നേറ്റിട്ടുമില്ല.
എങ്കിലും മനശ്ശെ കർത്താവിനെ കോപിപ്പിച്ച 26

സകല കോപഹേതുക്കളും നിമിത്തം യഹൂ
ദയുടെ നേരെ ജ്വലിച്ച തൻെറ മഹാ
കോപത്തിൻെറ കാഠിന്യം കർത്താവ് വിട്ടു
27 മാറാതെ: ഞാൻ ഇസ്രായേലിനെ നീക്കി
ക്കളഞ്ഞതുപോലെ യഹൂദയെയും എൻെറ
സന്നിധിയിൽനിന്നു നീക്കുകയും ഞാൻ
തിരഞ്ഞെടുത്ത ഈ യറുശലേംനഗരത്തെ
യും എൻെറ നാമം അവിടെ സ്ഥിതിചെയ്യും
എന്നു ഞാൻ പറഞ്ഞ ആലയത്തെയും
ത്യജിച്ചുകളയുകയും ചെയ്യും എന്നു
28 കർത്താവ് കല്പിച്ചു. യോശീയായുടെ
മറ്റുള്ള കാര്യങ്ങളും അവൻ ചെയ്തതെല്ലാം
യഹൂദാരാജാക്കന്മാരുടെ പുസ്തകത്തിൽ
29 എഴുതിയിരിക്കുന്നു. അവൻെറ കാലത്തു
മെസ്രേൻ രാജാവായ ഫറവോൻ നെഖോ
ആസൂർ രാജാവിനെതിരെ ഫ്രാത്ത് നദിവരെ
പുറപ്പെട്ടു. യോശീയാരാജാവു അവൻെറ
നേരെ ചെന്നു; അവൻ അവനെ കണ്ട്
30 മെഗിദ്ദോവിൽ വച്ച് കൊന്നുകളഞ്ഞു. അവ
ൻെറ ഭൃത്യന്മാർ മൃതനെ രഥത്തിൽ കയറ്റി
മെഗിദ്ദോവിൽ നിന്നു യറുശലേമിലേക്കു
കൊണ്ടുവന്നു അവൻെറ സ്വന്തകല്ലറയിൽ
സംസ്ക്കരിച്ചു. പിന്നെ ദേശത്തെ ജനം യോ
ശീയായുടെ മകൻ യെഹോവാഹാസിനെ
കൊണ്ടുവന്നു അഭിഷേകം കഴിച്ചു അവ
ൻെറ പിതാവിനു പകരം രാജാവാക്കി.
31 യെഹോവാഹാസ് ഭരണമേറ്റപ്പോൾ അ
വനു ഇരുപത്തിമൂന്നു വയസ്സായിരുന്നു; അ
വൻ മൂന്നുമാസം യറുശലേമിൽ വാണു. അ
വൻെറ അമ്മയ്ക്കു ഹമൂതൽ എന്നു പേർ;
അവൾ ലിബ്നക്കാരനായ യറമിയായുടെ
32 മകൾ ആയിരുന്നു. അവൻ തൻെറ പിതാക്ക
ന്മാർ ചെയ്തതുപോലെ എല്ലാം കർത്താ
33 വിന് അനിഷ്ടമായതു ചെയ്തു. അവൻ
യറുശലേമിൽ വാഴാതിരിക്കേണ്ടതിനു
ഫറവോൻ നെഖൊ, ഹമാത്ത്ദേശത്തിലെ
രിബ്ലയിൽ വച്ചു അവനെ ബന്ധനസ്ഥ
നാക്കി ദേശത്തിനു നൂറു താലന്തു വെള്ളി
യും ഒരു താലന്തു പൊന്നും പിഴ കല്പിച്ചു.
34 ഫറവോൻ നെഖോ യോശീയായുടെ മകൻ
എല്യാക്കീമിനെ അവൻെറ പിതാവായ
യോശീയായ്ക്കു പകരം രാജാവാക്കി; അവ
ൻെറ പേർ യെഹോയാക്കീം എന്നു മാറ്റി;
യെഹോവാഹാസിനെ അവൻ കൊണ്ടു
പോയി; അവൻ മെസ്രേനിൽ ചെന്നു
35 അവിടെ വച്ചു മരിച്ചുപോയി. ആ വെള്ളി
യും പൊന്നും യെഹോയാക്കീം ഫറവോ
ന്നു കൊടുത്തു; ഫറവോൻെറ കല്പ
നപ്രകാരം വെള്ളി കൊടുക്കേണ്ട
തിനു അവൻ ദേശത്തു പിരിവു നടത്തി;
അവൻ ജനത്തിൽ ഓരോരുവൻെറയും
പേരിൽ നിശ്ചയിച്ചതുപോലെ വെള്ളിയും
പൊന്നും അവരവരോടു പിരിച്ചെടുത്തു
ഫറവോൻ നെഖോവിനു കൊടുത്തു.
യെഹോയാക്കീം വാഴ്ച തുടങ്ങിയ
പ്പോൾ അവന് ഇരുപത്തഞ്ചു വയസ്സായി
രുന്നു; അവൻ പതിനൊന്നു സംവത്സരം യറു
ശലേമിൽ വാണു. അവൻെറ അമ്മയ്ക്കു
സെബിദാ എന്നു പേർ; അവൾ രൂമക്കാ
രനായ പെദായാവിൻെറ മകൾ ആയിരു
ന്നു. അവൻ തൻെറ പിതാക്കന്മാർ ചെയ്ത
തുപോലെ കർത്താവിന് അനിഷ്ടമായതു
ചെയ്തു.

അദ്ധ്യായം 24

അവൻെറ കാലത്തു ബാബേൽരാജാ
വായ നെബുഖദ്നേസർ യറുശലേമിനെ
തിരെ വന്നു; യെഹോയാക്കീം മൂന്നു സംവ
ത്സരം അവനു അടിമയായി ഇരുന്നു; അതി
ൻെറ ശേഷം അവൻ തിരിഞ്ഞു അവനോടു
മത്സരിച്ചു. അപ്പോൾ കർത്താവ് കൽദയരു
ടെ സൈന്യങ്ങളെയും അരാമ്യർ, മോവാ
ബ്യർ, അമ്മോന്യർ എന്നിവരുടെ സൈന്യ
ങ്ങളെയും അവൻെറ നേരെ അയച്ചു; പ്രവാ
ചകന്മാരായ തൻെറ ദാസന്മാർ മുഖാന്തരം
കർത്താവ് അരുളിച്ചെയ്തിരുന്ന വചനപ്ര
കാരം അവൻ അവരെ, യഹൂദയെ നശിപ്പി
ക്കത്തക്കവണ്ണം അതിൻെറ നേരെ അയച്ചു.
മനശ്ശ ചെയ്ത സകല പാപങ്ങളും നിമിത്തം
യഹൂദയെ തൻെറ സന്നിധിയിൽനിന്നു
നീക്കിക്കളയുവാൻ ഇതു കർത്താവിൻെറ
കല്പനപ്രകാരംതന്നെ അവർക്കു സംഭ
വിച്ചു. അവൻ കുറ്റമില്ലാത്ത രക്തം ചിന്തി
യെറുശലേമിനെ കുറ്റമില്ലാത്ത രക്തം
കൊണ്ടു നിറച്ചതും ക്ഷമിപ്പാൻ കർത്താവ്
ഇഷ്ടപ്പെട്ടില്ല. യെഹോയാക്കീമിൻെറ
മറ്റുള്ള കാര്യങ്ങളും അവൻ ചെയ്തതെല്ലാം
യഹൂദാരാജാക്കന്മാരുടെ പുസ്തകത്തിൽ
എഴുതിയിരിക്കുന്നു. യെഹോയാക്കീം
തൻെറ പിതാക്കന്മാരെപ്പോലെ നിദ്രപ്രാപി
ച്ചു; അവൻെറ മകൻ യെഹോയാഖീൻ അവ
നു പകരം രാജാവായി. മെസ്രേൻ രാജാവി
നു മെസ്രേൻ തോടുമുതൽ യൂഫ്രത്തീസ്
നദിവരെ ഉണ്ടായിരുന്നതെല്ലാം ബാബേൽ
രാജാവു പിടിച്ചതുകൊണ്ടു മെസ്രേൻ
രാജാവു പിന്നെ തൻെറ ദേശത്തുനിന്നു
വന്നില്ല.
യെഹോയാഖീൻ ഭരണമേറ്റപ്പോൾ അവ
നു പതിനെട്ടു വയസ്സായിരുന്നു; അവൻ യ
ശലേമിൽ മൂന്നു മാസം വാണു. അവൻെറ

ു നെഹുഷ്ഠാ എന്നു പേർ;
യറുശലേമ്യനായ എൽനാഥാന്റെ
യിരുന്നു. അവൻ തന്റെ അപ്പൻ
തുപോലെയെല്ലാം കർത്താവിന്
മായതു ചെയ്തു. ആ കാലത്തു
ൽ രാജാവായ നെബൂഖദ്നേസ
ൃത്യന്മാർ യറുശലേമിന്റെ നേരെ
ഗരത്തെ പീഡിപ്പിച്ചു. സൈന്യം
ച്ചിരിക്കുമ്പോൾ ബാബേൽ രാജാ
ബൂഖദ്നേസറും നഗരത്തിന്റെ
ന്നു. യഹൂദാരാജാവായ യെഹോ
. അവന്റെ അമ്മയും അവന്റെ
രും പ്രഭുക്കന്മാരും ഷണ്ഡന്മാരും
ൽരാജാവിന്റെ അടുക്കലെത്തി.
ൽ രാജാവു തന്റെ വാഴ്ചയുടെ
ണ്ടിൽ അവനെ പിടിച്ചു. അവൻ
ത്തിലെ സകല നിക്ഷേപങ്ങളും
ത്തിലെ നിക്ഷേപങ്ങളും എടുത്തു
പോയി, ഇസ്രായേൽ രാജാവായ
ാൻ കർത്താവിന്റെ മന്ദിരത്തിൽ
വച്ചിരുന്ന പൊന്നുകൊണ്ടുള്ള
ങ്ങളെല്ലാം കർത്താവ് അരുളി
ുന്നതുപോലെ അവൻ നശിപ്പി
ന്നു. എല്ലാ യറുശലേമ്യരെയും
ഭുക്കന്മാരും സർവ്വ പരാക്രമശാലി
യി പതിനായിരം പേരെയും എല്ലാ
ന്മാരെയും കൊല്ലന്മാരെയും അവൻ
ക്കി കൊണ്ടുപോയി; ദേശത്തു
മാത്രമല്ലാതെ ആരും ശേഷിച്ചില്ല.
യാഖീമിനെ അവൻ ബാബേലി
കൊണ്ടുപോയി; രാജമാതാവിനെ
ഭാര്യമാരെയും അവന്റെ ഷണ്ഡ
ും ദേശത്തെ പ്രധാനികളെയും
ബദ്ധരാക്കി യറുശലേമിൽനിന്നു
ലിലേക്കു കൊണ്ടുപോയി. ബല
ായ ഏഴായിരം പേരെയും ആശാ
കൊല്ലന്മാരുമായ ആയിരംപേരെ
ദനെ യുദ്ധപ്രാപ്തന്മാരായ സകല
രയും ബാബേൽരാജാവു ബദ്ധ
ബാബേലിലേക്കു കൊണ്ടുപോയി.
പകരം ബാബേൽരാജാവു അവ
ത്യവ്യനായ മത്ഥന്യായെ രാജാ
അവനു സെദെക്കീയാ എന്നു പേർ
. സെദെക്കീയാ ഭരണം തുടങ്ങി
അവനു ഇരുപത്തൊന്നു
യിരുന്നു; അവൻ പതിനൊന്നു
രം യറുശലേമിൽ വാണു; അവ
മ്മയ്ക്കു ഹമൂതൽ എന്നു പേർ;
ലിബ്നക്കാരനായ യറമിയായുടെ
യിരുന്നു. യെഹോയാക്കീം ചെയ്ത
തുപോലെ അവൻ കർത്താവിന് അനി
ഷ്ടമായതു ചെയ്തു.
കർത്തൃകോപം നിമിത്തം യറുശലേ 20
മിനും യഹൂദയ്ക്കും അങ്ങനെ സംഭവിച്ചു;
അവൻ അവസാനം അവരെ തന്റെ സന്നി
ധിയിൽനിന്നു തള്ളിക്കളഞ്ഞു: സെദെ
ക്കീയായും ബാബേൽരാജാവിനോടു
മത്സരിച്ചു.

അദ്ധ്യായം 25

അവന്റെ വാഴ്ചയുടെ ഒമ്പതാം 1
ആണ്ടിൽ പത്താം മാസം പത്താം തീയതി
ബാബേൽ രാജാവായ നെബൂഖദ്നേസർ
തന്റെ സർവ്വസൈന്യവുമായി യറുശലേ
മിനെതിരെ വന്നു പാളയം ഇറങ്ങി; അതി 2
നെതിരെ ചുറ്റും വാടകോരി സെദക്കീയാ
രാജാവിന്റെ പതിനൊന്നാം ആണ്ടുവരെ
നഗരം നിരോധിക്കപ്പെട്ടിരുന്നു. നാലാം 3
മാസം ഒമ്പതാം തീയതി നഗരത്തിൽ ക്ഷാമം
വർദ്ധിച്ചു ദേശത്തെ ജനത്തിനു ആഹാരം
ഇല്ലാതെയായി. അപ്പോൾ നഗരമതിൽ 4
ഒരിടം പൊളിച്ചു കൽദയർ നഗരം വളഞ്ഞി
രിക്കെ അവന്റെ പടയാളികൾ എല്ലാം
രാത്രിയിൽ രാജാവിന്റെ തോട്ടത്തിന്നടു
ത്തു രണ്ടു മതിലുകൾക്കു മദ്ധ്യേയുള്ള പടി
വാതിൽ വഴിയായി ഓടിപ്പോയി; രാജാവും
സമഭൂമിയിലേക്കുള്ള വഴിയായി പുറത്തു
പോയി. എന്നാൽ കൽദയരുടെ സൈന്യം 5
രാജാവിനെ പിന്തുടർന്നു യരീഹോ സമ
ഭൂമിയിൽ വച്ചു അവനോടു അടുത്തു;
അവന്റെ സൈന്യമെല്ലാം അവനെ വിട്ടു
ചിതറിപ്പോയി. അവർ രാജാവിനെ പിടിച്ചു 6
റിബ്ലയിൽ ബാബേൽ രാജാവിന്റെ അടു
ക്കൽ കൊണ്ടുചെന്നു; അവർ അവനു വിധി
കല്പിച്ചു. അവർ സെദക്കീയായുടെ പുത്ര 7
ന്മാരെ അവന്റെ മുമ്പിൽവച്ചു കൊന്നു;
സെദക്കീയായുടെ കണ്ണുപൊട്ടിച്ച് രണ്ടു
ചങ്ങലകൊണ്ടു അവനെ ബന്ധിച്ചു ബാബേ
ലിലേക്കു കൊണ്ടുപോയി.
അഞ്ചാം മാസം ഒമ്പതാം തീയതി, 8
നെബൂഖദ്നേസർ എന്ന ബാബേൽ രാജാ
വിന്റെ പത്തൊമ്പതാം ആണ്ടിൽ, ബാ
ബേൽ രാജാവിന്റെ ഭൃത്യനായ അകമ്പടി
നായകൻ നെബൂസരദാൻ യറുശലേമിൽ
വന്നു. അവൻ ദേവാലയവും രാജഗൃഹവും 9
ചുട്ടുകളഞ്ഞു; യറുശലേമിലെ എല്ലാ
വീടുകളും പ്രധാന ഭവനങ്ങളെല്ലാം അവൻ
തീവച്ചു ചുട്ടു. അകമ്പടിനായകനോടു 10
കൂടെ ഉണ്ടായിരുന്ന കൽദയസൈന്യം
യറുശലേമിനു ചുറ്റുമുള്ള മതിലുകൾ

11 ഇടിച്ചുകളഞ്ഞു. നഗരത്തിൽ ശേഷിച്ച
ജനത്തെയും ബാബേൽരാജാവിനെ അഭ
യം പ്രാപിച്ചവരെയും ജനത്തിൽ ശേഷിച്ച
വരെയും അകമ്പടിനായകനായ നെബു
12 സരദാൻ കൊണ്ടുപോയി. എന്നാൽ അക
മ്പടിനായകൻ ദേശത്തെ ദരിദ്രരിൽ ചിലരെ
മുന്തിരിത്തോട്ടക്കാരായിട്ടും കൃഷിക്കാരാ
13 യിട്ടും വിട്ടു. ദേവാലയത്തിലെ താമ്രസ്തംഭ
ങ്ങളും പീഠങ്ങളും ദേവാലയത്തിലെ താമ്രം
കൊണ്ടുള്ള കടലും കൽദയർ ഉടച്ചുകള
ഞ്ഞു. അവയുടെ താമ്രം ബാബേലിലേക്കു
14 കൊണ്ടുപോയി. കലങ്ങളും ചട്ടുകങ്ങളും
കത്രികകളും തവികളും ശുശ്രൂഷയ്ക്കുള്ള
താമ്രോപകരണങ്ങളെല്ലാം അവർ കൊണ്ടു
15 പോയി. തീച്ചട്ടികളും കലശങ്ങളും പൊന്നും
വെള്ളിയുംകൊണ്ടുള്ളതെല്ലാം അകമ്പടി
16 നായകൻ കൊണ്ടുപോയി. ശലോമോൻ
ദേവാലയത്തിനുവേണ്ടി ഉണ്ടാക്കിയ രണ്ടു
സ്തംഭം, ഒരു കടൽ, പീഠങ്ങൾ മുതലായ
സകല ഉപകരണങ്ങളുടെയും താമ്ര
17 ത്തിനു തൂക്കത്തിനതിരില്ലായിരുന്നു. ഒരു
സ്തംഭത്തിന്റെ ഉയരം പതിനെട്ടു മുഴം;
അതിന്മേലുള്ള പോതിക താമ്രംകൊണ്ട്
ആയിരുന്നു; പോതികയുടെ ഉയരം മൂന്നു
18 മുഴം; പോതികയുടെ ചുറ്റുമുള്ള വലപ്പണി
യും മാതളപ്പഴവും മുഴുവൻ താമ്രംകൊണ്ടാ
യിരുന്നു; ഇതുപോലെ മറ്റെ സ്തംഭത്തിനും
വലപ്പണിയും മറ്റും ഉണ്ടായിരുന്നു. അകമ്പടി
നായകൻ മഹാപുരോഹിതനായ സെര
യാവിനെയും രണ്ടാം പുരോഹിതനായ
സെഫന്യാവിനെയും മൂന്നു വാതിൽകാവ
ല്ക്കാരെയും പിടിച്ചുകൊണ്ടു പോയി.
19 നഗരത്തിൽനിന്നു അവൻ യോദ്ധാക്കളുടെ
മേൽവിചാരകനായ ഒരു ഷണ്ഡനെയും
നഗരത്തിൽ കണ്ടെത്തിയ രാജപരിചാരക
ന്മാരിൽ അഞ്ചുപേരെയും ദേശത്തെ ജന
ത്തെ സൈന്യത്തിൽ ചേർക്കുന്ന സേനാ
പതിയുടെ എഴുത്തുകാരനെയും നഗര
ത്തിൽ കണ്ട ദേശത്തെ ജനത്തിൽ അറു
പതുപേരെയും പിടിച്ചുകൊണ്ടുപോയി.
20 ഇവരെ അകമ്പടിനായകനായ നെബുസര
ദാൻ പിടിച്ചു രിബ്ലയിൽ ബാബേൽ രാജാ
21 വിന്റെ അടുക്കൽ കൊണ്ടുചെന്നു. ബാ
ബേൽ രാജാവു ഹമാത്ത് ദേശത്തിലെ
രിബ്ലയിൽ വച്ചു അവരെ വെട്ടിക്കൊന്നു.
ഇങ്ങനെ യഹൂദാ സ്വദേശം വിട്ടു പോകേ
ണ്ടിവന്നു. ബാബേൽ രാജാവായ നെബൂ 22
ഖദ്നേസർ യഹൂദാദേശത്തു ശേഷിപ്പിച്ച
ജനത്തിനു ശാഫാന്റെ മകനായ അഹീ
ക്കാമിന്റെ മകനായ ഗെദല്യാവെ അധിപ
തിയാക്കി.

ബാബേൽ രാജാവു ഗെദല്യാവെ 23
അധിപതിയാക്കി എന്നു നെഥന്യാവുടെ
മകൻ യിശ്മായേൽ, കാരേഹിന്റെ മകൻ
യോഹാനാൻ, നെതോഫാത്യനായ തൻഹു
മെത്തിന്റെ മകൻ സെരായ്യാ, മാഖാത്യന്റെ
മകൻ യാസന്യാ എന്നിങ്ങനെ സകല
സേനാപതികളും അവരുടെ ജനങ്ങളും
കേട്ടപ്പോൾ അവർ മിസ്പെയിൽ ഗെദല്യാ 24
യുടെ അടുക്കൽ വന്നു. ഗെദല്യാ അവ
രോടും അവരുടെ ആളുകളോടും സത്യം
ചെയ്തു അവരോടു: നിങ്ങൾ കൽദയരുടെ
ഭടന്മാർ നിമിത്തം ഭയപ്പെടരുത്; ദേശത്തു
പാർത്തു ബാബേൽ രാജാവിനെ സേവി
പ്പിൻ; അതു നിങ്ങൾക്കു നന്മയായിരിക്കും.
എന്നാൽ ഏഴാംമാസത്തിൽ രാജവംശ 25
ക്കാരനായ എലീശയുടെ മകനായ നെഥ
ന്യായുടെ മകനായ ഇശ്മായേൽ പത്തു
ആളുകളുമായി വന്നു ഗെദല്യാവെയും
അവനോടുകൂടെ മിസ്പയിൽ ഉണ്ടായി
രുന്ന യഹൂദ്യരെയും കൽദയരെയും വെട്ടി
ക്കൊന്നു. അപ്പോൾ ആബാലവൃദ്ധം ജനവും 26
സേനാധിപന്മാരും കൽദയരെ ഭയപ്പെട്ട്
മെസ്രേനിലേക്കു പോയി.

യഹൂദാരാജാവായ യെഹോയാഖീ 27
മിന്റെ പ്രവാസത്തിന്റെ മുപ്പത്തേഴാം
ആണ്ടിൽ പന്ത്രണ്ടാം മാസം ഇരുപത്തേഴാം
തീയതി ബാബേൽരാജാവായ എവീൽ-
മെരോദക് താൻ രാജാവായ ആണ്ടിൽ
യഹൂദാരാജാവായ യെഹോയാഖീമിനെ
കടാക്ഷിച്ചു കാരാഗൃഹത്തിൽ നിന്നു വിടു
വിച്ചു. അവനോടു ആദരവായി സംസാ 28
രിച്ചു അവന്റെ ഇരിപ്പിടം തന്നോടുകൂടെ
ബാബേലിൽ ഉണ്ടായിരുന്ന രാജാക്ക
ന്മാരുടെ ഇരിപ്പിടങ്ങൾക്കു മേലായി
ക്രമീകരിച്ചു; അവന്റെ കാരാഗൃഹ 29
വസ്ത്രം മാറ്റി; അവൻ ജീവപര്യന്തം
ദിവസംതോറും അവന്റെ സന്നിധിയിൽ
ഭക്ഷണം കഴിച്ചുപോന്നു. അവന്റെ ഭക്ഷ 30
ണത്തിനും രാജാവു അവന് അവന്റെ
മരണംവരെ ദിവസംപ്രതിയുള്ള ഓഹരി
കൊടുത്തുപോന്നു.

രാജാക്കന്മാർ രണ്ടാം പുസ്തകം സമാപ്തം.

ദിനവൃത്താന്തം: ഒന്നാം പുസ്തകം

അദ്ധ്യായം 1

ാം, ശേത്ത്, ഏനോശ്, കേയനാൻ,
ലൽ, യാരേദ്; ഹനോക്, മെഥൂശേല
ലക്; നോഹ, ശേം, ഹാം, യാഫെത്ത്.
ഫെത്തിന്റെ പുത്രന്മാർ: ഗോമെർ,
, മാദായി, യാവാൻ, തൂബാൽ,
, തീരാസ്. ഗോമെരിന്റെ പുത്ര
ശ്കേനസ്, രീഫത്ത്, തോഗർമ്മാ.
ന്റെ പുത്രന്മാർ: എലീശാ, തർശീശ്,
ദോദാനീം.
മിന്റെ പുത്രന്മാർ: കൂശ്, മെസ്രേൻ,
കനാൻ. കൂശിന്റെ പുത്രന്മാർ:
ഹവീലാ, സബ്താ, റാമാ, സബ്തെയാ.
ട പുത്രന്മാർ: ശെബാ, ദെദാൻ. കൂശ്
നെ ജനിപ്പിച്ചു. അവൻ ഭൂമിയിൽ
ന്ത വീരനായിരുന്നു. മെസ്രേൻ:
നാമീം, ലെഹാബീം, നഫ്തൂഹീം,
, കസ്ലൂഹീം- ഇവരിൽനിന്നു ഫെലി
ഭവിച്ചു- കഫ്തോരീം എന്നിവരെ
ച്ചു. കനാൻ തന്റെ ആദ്യജാതനായ
ൻ, ഹേത്ത്, യെബൂസി, അമോരി,
, ഹിവ്വി, അർക്കി, സീനി, അർവ്വാദി,
, ഹമാത്തി എന്നിവരെ ജനിപ്പിച്ചു.
ിന്റെ പുത്രന്മാർ: ഏലാം, ആശൂർ,
സാദ്, ലൂദ്, അരാം, ഊസ്, ഹൂൻ,
മേശെക്. അർപ്പക്സാദ് സേലഹി
പ്പിച്ചു. സേലഹ് ഓബെരിനെ ജനി
ബെരിനു രണ്ടു പുത്രന്മാർ ജനിച്ചു;
ു പേലെഗ് എന്നു പേർ; അവന്റെ
ാണ് ഭൂവാസികൾ പിരിഞ്ഞു
; അവന്റ സഹോദരനു യൊക്താൻ
പർ. യൊക്താൻ അല്മോദാദ്,
ഫ്, ഹസർമ്മാവെത്ത്, യാരഹ്,
ാം, ഊസാൽ, ദിക്ലാ, ഏബാൽ,
ായേൽ, ശെബാ, ഓഫീർ, ഹവീലാ,
ബ് എന്നിവരെ ജനിപ്പിച്ചു; ഇവ
രും യൊക്താന്റെ പുത്രന്മാർ.
, അർപ്പക്സാദ്, സേലഹ്, ഓബെർ,
ഗ്, രെയു; ശെരൂഗ്, നാഹോർ,
അബ്രാം, അതായത് അബ്രഹാം.

അബ്രഹാമിന്റെ പുത്രന്മാർ: യിസ്ഹാക്, 28
ഇശ്മായേൽ.
അവരുടെ വംശപാരമ്പര്യമാവിതു: 29
ഇശ്മായേലിന്റെ ആദ്യജാതൻ നെബാ
യോത്ത്, കേദാർ, അദ്ബെയേൽ, മിബ്ശാം,
മിശ്മാ, ദൂമാ, മസ്സാ, ഹദദ്, തേമാ, യെതൂർ, 30
നാഫീഷ്, കേദമാ: ഇവർ ഇശ്മായേലിന്റെ 31
പുത്രന്മാർ.
അബ്രഹാമിന്റെ വെപ്പാട്ടിയായ കെതു 32
രയുടെ പുത്രന്മാർ: സിമ്രാൻ, യൊക്ശാൻ,
മേദാൻ, മിദ്യാൻ, യിശ്ബാക്, ശൂവഹ്
എന്നിവരെ അവൾ പ്രസവിച്ചു. യൊക്ശാ
ന്റെ പുത്രന്മാർ: ശെബാ, ദെദാൻ. മിദ്യാ 33
ന്റെ പുത്രന്മാർ: ഏഫാ, ഏഫെർ ഹനോക്,
അബീദാ, എൽദയാ; ഇവരെല്ലാവരും
കെതൂരയുടെ പുത്രന്മാർ.
അബ്രഹാം യിസ്ഹാക്കിനെ ജനിപ്പിച്ചു. 34
യിസ്ഹാക്കിന്റെ പുത്രന്മാർ: ഏശാവ്,
ഇസ്രായേൽ.
ഏശാവിന്റെ പുത്രന്മാർ: എലീഫാസ്, 35
രെയൂവേൽ, യെയൂശ്, യലാം, കോരഹ്.
എലീഫാസിന്റെ പുത്രന്മാർ: തേമാൻ, 36
ഓമാർ, സെഫീ, ഗഥാം, കെനസ്, തിമ്നാ,
അമാലേക്. രെയൂവേലിന്റെ പുത്രന്മാർ: 37
നഹത്ത്, സേറഹ്, ശമ്മാ, മിസ്സാ. സേയീ 38
രിന്റെ പുത്രന്മാർ: ലോതാൻ, ശോബാൽ,
സിബെയോൻ, അനാ, ദീശോൻ, ഏസെർ,
ദീശാൻ. ലോതാന്റെ പുത്രന്മാർ: ഹോരി, 39
ഹോമാം. തിമ്നാ ലോതാന്റെ സഹോദരി
ആയിരുന്നു. ശോബാലിന്റെ പുത്രന്മാർ: 40
അലീയാൻ, മാനഹത്ത്, ഏബാൽ, ശെഫീ,
ഓനാം. സിബെയോന്റെ പുത്രന്മാർ: അയ്യാ,
അനാ. അനയുടെ പുത്രന്മാർ: ദീശോൻ.
ദീശോന്റെ പുത്രന്മാർ: ഹമ്രാൻ എശ്ബാൽ, 41
യിത്രാൻ, കെരാൻ. ഏസെരിന്റെ പുത്ര 42
ന്മാർ: ബിൽഹാൻ, സാവാൻ, യാക്കാൻ.
ദീശാന്റെ പുത്രന്മാർ: ഊസ്, അരാൻ. 43
ഇസ്രായേലിൽ രാജവാഴ്ചയ്ക്കുമുമ്പെ
ഏദോംദേശത്തു വാണ രാജാക്കന്മാർ: ബെ
യോരിന്റെ മകനായ ബേല; അവന്റെ
പട്ടണത്തിന് ദയ്ഹാബാ എന്നു പേർ. ബേല 44

മരിച്ചശേഷം ബൊസ്രാക്കാരനായ സേരഹി
ൻെറ മകൻ യോവാബ് അവനു പകരം
45 രാജാവായി. യോവാബിനുശേഷം ദക്ഷിണ
ദേശക്കാരനായ ഹുശാം അവനു പകരം
46 രാജാവായി. ഹുശാം മരിച്ചശേഷം ബദദി
ൻെറ മകൻ ഹദദ് അവനു പകരം രാജാ
വായി; അവൻ മോവാബ് സമഭൂമിയിൽ
ഏദോമ്യരെ തോല്പിച്ചു; അവൻെറ പട്ടണ
47 ത്തിനു അവീത്ത് എന്നുപേർ. ഹദദിൻെറ
മരണശേഷം മസ്രേക്കാക്കാരനായ സല്മാ
48 അവനു പകരം രാജാവായി. സല്മായ്ക്കു
ശേഷം നദീതീരത്തുള്ള രെഹോബോത്ത്
പട്ടണക്കാരനായ ശൌൽ അവനു പകരം
49 രാജാവായി. ശൌലിൻെറ മരണശേഷം
അക്ബോരിൻെറ മകൻ ബാൽഹാനാൻ
50 അവനു പകരം രാജാവായി. ബാൽഹാനാൻ
മരിച്ചപ്പോൾ ഹദദ് അവനു പകരം രാജാ
വായി. അവൻെറ പട്ടണത്തിനു പായീ
എന്നും ഭാര്യയ്ക്കു മെഹത്വേലായേ എന്നും
പേർ. അവർ മേസാഹാബിൻെറ മകനായ
മത്രേദിൻെറ മകളായിരുന്നു. ഹദദും മരിച്ചു.
51 എദോമ്യ പ്രഭുക്കന്മാർ: തിമ്നാ, അല്വാ,
52 യെഥേത്ത്, ഒഹൊലീബാമാ, ഏലാ,
പീനോൻ, കെനസ്, തേമാൻ, മിബ്സാർ,
53 മഗ്ദീയേൽ, ഈരാം; ഇവരത്രേ ഏദോമ്യ
പ്രഭുക്കന്മാർ.

അദ്ധ്യായം 2

1 ഇസ്രായേലിൻെറ പുത്രന്മാർ: രൂബേൻ,
2 ശിമെയോൻ, ലേവി, യഹൂദാ, യിസ്സാഖാർ,
സെബൂലൂൻ, ദാൻ, യോസേഫ്, ബെൻയാ
മീൻ, നഫ്താലി, ഗാദ്, ആശേർ.
3 യഹൂദയുടെ പുത്രന്മാർ: ഏർ, ഓനാൻ,
ശേലാ; ഇവർ മൂവരും കനാന്യസ്ത്രീയായ
ബത്ശൂബയിൽനിന്നു അവനു ജനിച്ചു.
യഹൂദയുടെ ആദ്യജാതനായ ഏർ ദൈവ
ത്തിനു അനിഷ്ടനായിരുന്നതുകൊണ്ട്
4 അവൻ അവനെ കൊന്നു. അവൻെറ മരു
മകൾ താമാർ അവനു പേരെസ്സിനെയും
സേരഹിനെയും പ്രസവിച്ചു. യഹൂദയുടെ
5 പുത്രന്മാർ അഞ്ച്. പേരെസ്സിൻെറ പുത്ര
ന്മാർ: ഹെസ്രോൻ, ഹാമൂൽ. സേരഹിൻെറ
പുത്രന്മാർ; സിമ്രി, ഏഥാൻ, ഹേമാൻ,
കല്ക്കോൽ, ദാരാ; ഇങ്ങനെ അഞ്ചുപേർ.
6 കർമ്മിയുടെ പുത്രന്മാർ: ശാപഗ്രസ്തവസ്തു
വിൽ അകൃത്യം ചെയ്ത് ഇസ്രായേലിനെ
7 ദുരിതത്തിലാക്കിയ ആഖാൻ. ഏഥാ
8 ൻെറ പുത്രന്മാർ: അസര്യാ. ഹെസ്രോന്നു
9 ജനിച്ച പുത്രന്മാർ: ഹരമേയൽ, റാം, കെലു
10 ബായി. റാം അമ്മീനാദാബിനെ ജനിപ്പിച്ചു;
അമ്മീനാദാബ് യഹൂദാമക്കൾക്കു പ്രഭു
വായ നഹശോനെ ജനിപ്പിച്ചു. നഹശോൻ 11
സൽമോനെ ജനിപ്പിച്ചു; സൽമോൻ ബോവ
സിനെ ജനിപ്പിച്ചു. ബോവസ് ഊബീദിനെ
ജനിപ്പിച്ചു. ഊബീദ് യിശായിയെ ജനിപ്പിച്ചു. 12
യിശായി തൻെറ ആദ്യജാതൻ എലീയാബി 13
നെയും രണ്ടാമൻ അബീനാദാബിനെയും
മൂന്നാമൻ ശിമെയയെയും നാലാമൻ നഥന 14
യേലിനെയും അഞ്ചാമൻ ദാറായിയെയും 15
ആറാമൻ ഓസെമിനെയും ഏഴാമൻ എലീ
ഹുവിനേയും എട്ടാമൻ ദാവീദിനെയും ജനി
പ്പിച്ചു. അവരുടെ സഹോദരിമാർ സെരൂയ 16
യും അബീഗയിലും ആയിരുന്നു. സെരൂയയു
ടെ പുത്രന്മാർ: അബീശായി യോവാബ്,
അസാഹേൽ എന്നിങ്ങനെ മൂന്നു പേർ.
അബീഗയിൽ അമാസയെ പ്രസവിച്ചു. 17
അമാസയുടെ പിതാവ് ഇശ്മായേല്യനായ
യേഥെർ ആയിരുന്നു. ഹെസ്രോൻെറ മകൻ 18
കാലേബ് തൻെറ ഭാര്യയായ അസൂബയി
ലും യെരിയോത്തിലും മക്കളെ ജനിപ്പിച്ചു. 19
അവളുടെ പുത്രന്മാർ: ഏശെർ, ശോബാബ്,
അദ്ദോൻ. അസൂബാ മരിച്ചശേഷം കാലേബ്
എഫ്രാത്തിനെ പരിഗ്രഹിച്ചു; അവൾ
അവനു ഹൂരിനെ പ്രസവിച്ചു. ഹൂർ ഊരിയെ 20
ജനിപ്പിച്ചു; ഊരി ബെസലേലിനെ ജനി
പ്പിച്ചു. അതിൻെറ ശേഷം ഹെസ്രോൻ ഗിലെ 21
യാദിൻെറ പിതാവായ മാഖീരിൻെറ മകളെ
വിവാഹം ചെയ്തപ്പോൾ അവന് അറുപതു
വയസ്സായിരുന്നു. അവർ അവനു സെഗൂബി
നെ പ്രസവിച്ചു. സെഗൂബ് യായീരിനെ ജനി 22
പ്പിച്ചു; അവനു ഗിലെയാദ് ദേശത്തു ഇരുപ
ത്തിമൂന്നു പട്ടണം ഉണ്ടായിരുന്നു. എന്നാൽ
ഗെരൂരും അരാമും യായീരിൻെറ പട്ടണ 23
ങ്ങളെയും കെനാത്തിനെയും അതിൻെറ
ഗ്രാമങ്ങളെയും അങ്ങനെ അറുപതു പട്ടണം
അവരുടെ കയ്യിൽ നിന്നു പിടിച്ചു. ഇവരെ
ല്ലാവരും ഗിലെയാദിൻെറ പിതാവായ
മാഖീരിൻെറ പുത്രന്മായിരുന്നു. ഹെസ്രോൻ 24
കാലേബ് - എഫ്രാത്തിയിൽ വച്ച് മരിച്ച
ശേഷം ഹെസ്രോൻെറ ഭാര്യ അബീയാ
അവനു തെക്കോവയുടെ പിതാവായ
അഹൂരിനെ പ്രസവിച്ചു. ഹെസ്രോൻെറ 25
ആദ്യജാതനായ യെരഹ്മയേലിൻെറ പുത്ര
ന്മാർ: ആദ്യജാതൻ റാം, ബൂന, ഓരെൻ,
ഓസെം, അഹീയാ. യെരഹ്മലേനു മറ്റൊരു 26
ഭാര്യ ഉണ്ടായിരുന്നു; അവൾക്കു അതാര
എന്നു പേർ; അവൾ ഓനാമിൻെറ അമ്മ.
യെരഹ്മയേലിൻെറ ആദ്യജാതനായ റാമി 27
ൻെറ പുത്രന്മാർ: മയസ്, യാമീൻ, ഏക്കെർ. 28
ഓനാമിൻെറ പുത്രന്മാർ: ശമ്മായി, യാദാ.

ടെ പുത്രന്മാർ: നാദാബ്, അബീ
ീശൂരിന്റെ ഭാര്യക്കു അബീഹ
പേർ; അവൾ അവനു അഹ്ബാ
ാലീദിനെയും പ്രസവിച്ചു. നാദാ
ുത്രന്മാർ: സേലെദ്, അപ്പയീം;
സേലെദ് മക്കളില്ലാതെ മരിച്ചു.
ന്റെ പുത്രന്മാർ: യിശി. യിശി
ന്മാർ: ശേശാൻ. ശേശാന്റെ
: അഹ്ലയീം. ശമ്മായിയുടെ
നായ യാദയുടെ പുത്രന്മാർ:
യോനാഥാൻ; ഏഥെർ മക്കളി
ച്ചു. യോനാഥാന്റെ പുത്രന്മാർ:
സാസാ. ഇവർ യെരപ്മയേ
ത്രന്മാർ. ശേശാനു പുത്രിമാർ
പുത്രന്മാർ ഇല്ലായിരുന്നു.
മെസ്രേന്യനായ ഒരു ഭൃത്യൻ
ന്നു; അവനു യർഹാ എന്നുപേർ.
ന്റെ മകളെ തന്റെ ഭൃത്യനായ
ഭാര്യയായി കൊടുത്തു; അവൾ
ത്ഥായിയെ പ്രസവിച്ചു. അത്ഥാ
ന ജനിപ്പിച്ചു; നാഥാൻ ദാബീ
പ്പിച്ചു; ദാബീർ എഫ്ലാലിനെ
എഫ്ലാൽ ഓബേദിനെ ജനിപ്പിച്ചു;
യഹൂവിനെ ജനിപ്പിച്ചു; യെഹൂ
ാ ജനിപ്പിച്ചു; അസര്യാ ഹേലെ
നിപ്പിച്ചു. ഹേലെസ് എലെയാ
പ്പിച്ചു; എലെയാശാ സിസ്മാ
നിപ്പിച്ചു; സിസ്മായി ശല്ലൂമിനെ
ശല്ലൂം, യെക്കമ്യാനെ ജനിപ്പിച്ചു;
എലീശാമയെ ജനിപ്പിച്ചു. യെര
ന്റെ സഹോദരനായ കാലേബി
ന്മാർ: അവന്റെ ആദ്യജാതനും
പിതാവുമായ മേരേശാ;
യുടെ പുത്രന്മാർ ഹെബ്രോൻ.
ന്റെ പുത്രന്മാർ: കോരഹ്,
ക്കെം, ശേമാ. ശേമാ യൊക്കെ
പിതാവായ രഹമിനെ ജനിപ്പിച്ചു;
മ്മായിയെ ജനിപ്പിച്ചു. ശമ്മായി
മാവോൻ. മാവോൻ ബേത്ത്
പിതാവ്. കാലേബിന്റെ വെപ്പാ
ാ ഹാരാനെയും മോസയെയും
നയും പ്രസവിച്ചു; ഹാരാൻ
ന ജനിപ്പിച്ചു. യാദയുടെ
രേഗെ, യോഥാം, ഗേശാൻ,
ഏഫാ, ശയഫ്. കാലേബിന്റെ
ഖാ ശേബെരിനെയും തിർഹ
സവിച്ചു. അവൾ മദ്മന്നയുടെ
ശയഫ്, മക്ബേനയുടെയും
യുടെയും പിതാവായ ശെവാ
യും പ്രസവിച്ചു; കാലേബിന്റെ

മകൾ അക്സാ ആയിരുന്നു. ഇവരത്രേ
കാലേബിന്റെ മക്കൾ. എഫ്രാത്തയുടെ 50
ആദ്യജാതനായ ഹൂരിന്റെ പുത്രന്മാർ: 51
കുര്യത്ത്-യയാറിമിൽ വച്ച് ബാലിനെ ജനി
പ്പിച്ചു. ശൽമാ ബേത്‌ലഹേമിലും ആബി
ഗദാറിലും ജനിച്ചു.. കുര്യത്ത്-യെയാരിമിലെ 52
ശോബാലിനു പുത്രന്മാർ ഉണ്ടായിരുന്നു;
ഹാരോവ, മെനൂഹോത്തിന്റെ പാതി.
കുര്യത്ത്-യെയാരീമിലെ കുലങ്ങളാവിതു: 53
യിത്രീയർ, പൂത്യർ, ശൂമാത്യർ, മിശ്രായർ;
ഇവരിൽനിന്നു സൊരാത്യരും എസ്താവോ
ല്യരും ഉത്ഭവിച്ചു. ശല്മയുടെ പുത്രന്മാർ: 54
ബേത്‌ലേഹെം, നെതോഫാത്യർ, അത്രോ
ത്ത്-ബേത്ത്-യോവാബ്, മാനഹത്യരിൽ
പാതി സൊര്യർ. യബ്ബേസിൽ പാർത്തുവന്ന
ശാസ്ത്രികളുടെ കുലങ്ങളാവിതു. രാത്യർ, 55
ശിമെയാത്യർ, സുഖാത്യർ; ഇവർ രേഖാബ്
ഗൃഹത്തിന്റെ പിതാവായ ഹമാത്തിൽ
നിന്നുത്ഭവിച്ച കേന്യരാകുന്നു.

അദ്ധ്യായം 3

ഹെബ്രോനിൽവെച്ചു ദാവീദിനു ജനിച്ച 1
പുത്രന്മാരാവിതു: ജെസ്രീല്ക്കാരിയായ അ
ഹീനോവാം പ്രസവിച്ച അമ്നോൻ ആദ്യജാ
തൻ; കർമ്മേല്ക്കാരിയും നാബാലിന്റെ ഭാ
ര്യയുമായ അബീഗയിൽ പ്രസവിച്ച കാലേ
ബ് രണ്ടാമൻ; ഗെശൂർ രാജാവായ തൽമായി 2
യുടെ മകളായ മയഖയുടെ മകൻ അബ്ശാ
ലോം മൂന്നാമൻ; ഹഗ്ഗീത്തിന്റെ മകൻ
അദോനിയാ നാലാമൻ; അബീതാ പ്രസവി 3
ച്ച ശെഫത്യാ അഞ്ചാമൻ; അവന്റെ ഭാര്യ
എഗ്ലാ പ്രസവിച്ച യിത്രെറാം ആറാമൻ. ഈ
ആറുപേരും അവനു ഹെബ്രോനിൽ വച്ചു 4
ജനിച്ചു; അവിടെ അവൻ ഏഴു സംവത്സ
രവും ആറുമാസവും വാണു; യറുശലേമിൽ
അവൻ മുപ്പത്തിമൂന്നു സംവത്സരം വാണു.
യറുശലേമിൽ വച്ച് അവനു ജനിച്ചവർ: ശി 5
മെയാ, ശോബാബ്, നാഥാൻ, ശലോമോൻ, 6
യിബ്ഹാർ, എലീശാമാ, എലീഫേലെത്ത്, 7
നോഗഹ്, നേഫെഗ്, യാഫീയ, എലീശാമാ,
എല്യാദാ, എലീശാ, താമാർ അവരുടെ സ 8
ഹോദരി. ശലോമോന്റെ മകൻ രെഹബെ 9
യാം; അവന്റെ മകൻ അബീയാ; അവന്റെ 10
മകൻ യെഹോശാഫാത്ത്, അവന്റെ മകൻ
ആസാ, അവന്റെ മകൻ യോരാം; അവന്റെ 11
മകൻ അഹസ്യാ; അവന്റെ മകൻ യോവാ
ശ്; അവന്റെ മകൻ അമസ്യാ; അവന്റെ
മകൻ അസര്യാ; അവന്റെ മകൻ യോഥാം; 12
അവന്റെ മകൻ ആഹാസ്; അവന്റെ മകൻ 13
ഹിസ്കീയാ; അവന്റെ മകൻ മനശ്ശെ; 14

15 അവൻെറ മകൻ ആമോൻ; അവൻെറ മകൻ
യോശീയാ. യോശീയായുടെ പുത്രന്മാർ:
ആദ്യജാതൻ യോഹന്നാൻ; രണ്ടാമൻ
യെഹോയാക്കീം; മൂന്നാമൻ സിദെക്കിയാ;
നാലാമൻ ശല്ലൂം. യെഹോയാക്കീമിൻെറ
16 പുത്രന്മാർ: അവൻെറ മകൻ യെക്കൊന്യാ;
17 അവൻെറ മകൻ സിദെക്കിയാ. ബദ്ധനായ
18 സെക്കൊന്യായുടെ പുത്രന്മാർ: അവൻെറ
മകൻ ശെയത്രല്ത്തീയേൽ, മല്ക്കീരാം,
പെദായാ, ശെനസ്സർ, യെക്കമ്യാ, ഹോശാ
19 മാ, നെദബ്യാവു. പെദായാവിൻെറ മക്കൾ
സെരുബ്ബാബേൽ, ശിമെയി, സെരുബ്ബാബേ
20 ലിൻെറ മക്കൾ: മെശുല്ലാം, ഹനന്യാ, അവ
രുടെ സഹോദരി ശെലോമീത്ത് എന്നിവരും
ഹരൂബാ, ഓഹെൽ, ബേരെഖ്യാ, ഹസദ്യാ,
യൂശബ്—ഹേസെദ് എന്നീ അഞ്ചു പേരും
21 തന്നെ. ഹനന്യായുടെ മക്കൾ: പെലത്യാ;
ഏശായാ, അവൻെറ മകൻ രെഫായാ,
22 അവൻെറ മകൻ അന്നാൻ, അവൻെറ മകൻ
ഓബദ്യാ, അവൻെറ മകൻ ശെഖന്യാ,
അവൻെറ മകൻ ശെമയാ; ശെമയ്യായുടെ
മക്കൾ: ഹത്തൂശ്, യിഗാൽ, ബാരീഹ്, നെരി,
23 ശാഫാത്ത് ഇങ്ങനെ ആറു പേർ. നെരിയുടെ
മക്കൾ: എല്യോവേനായി, ഹിസ്കീയാ,
24 അസ്രീക്കാം ഇങ്ങനെ മൂന്നു പേർ. എല്യോ
വേനായിയുടെ മക്കൾ: ഹോദവ്യാ, എല്യാ
ശീബ്, പെലായാ, യാക്കൂബ്, യോഹാനാൻ,
ദേലായാ, അനാനി ഇങ്ങനെ ഏഴുപേർ.

അദ്ധ്യായം 4

1 യെഹൂദയുടെ പുത്രന്മാർ: പേരെസ്,
ഹെസ്രോൻ, കർമ്മി, ഹൂർ, ശോബൽ. ശോ
ബലിൻെറ മകനായ രെയായാവു നഹത്തി
2 നെ ജനിപ്പിച്ചു; നഹത്ത് അഹൂമായിയെയും
3 ലാദിനെയും ജനിപ്പിച്ചു. ഇവർ സൊരാത്യരു
ടെ കുലങ്ങൾ. ഏതാമിൻെറ പിതാവിൽ
നിന്നുത്ഭവിച്ചവർ ഇവർ: യിസ്രെയേൽ,
4 യിശ്മാ, യിദ്ബാശ്; അവരുടെ സഹോദരി
ക്ക് ഹസ്സെലൊല്പേനി എന്നുപേർ. പെനൂ
വേൽ ഗെദോരിൻെറ പിതാവും ഏസെർ
5 ഹൂശയുടെ പിതാവും ആയിരുന്നു. ഇവർ
ബേത്ത്ലേഹെമ്യനായ എഫ്രാത്തയുടെ
ആദ്യജാതനായ ഹൂരിൻെറ പുത്രന്മാർ.
തെക്കോവയുടെ പിതാവായ അശ്ഹൂരിനു
6 രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു. ഒരുവൾ
അവനു അഹുസ്സാം, ഹേഫെർ, തേമനി,
7 ഹാഹശ്താരി എന്നിവരെ പ്രസവിച്ചു. ഹേല
യുടെ പുത്രന്മാർ: സേരെത്ത്, യെസോഹർ,
8 എത്നാൻ, കോസ്. കോസ് ആനൂബിനെയും
സോബേബയെയും ഹാരൂമിൻെറ മകനായ
അഹർഹേലിൻെറ കുലങ്ങളെയും ജനിപ്പി
ച്ചു. അയനായ് തൻെറ സഹോദരന്മാരെ
ക്കാൾ ഏറ്റവും മാന്യൻ ആയിരുന്നു; ഞാൻ
അവനെ സങ്കടത്തോടെ പ്രസവിച്ചു എന്നു
പറഞ്ഞുകൊണ്ട് അവൻെറ മാതാവ് അവന്
യാബേശ് എന്നു പേരിട്ടു. പിതാവ് അവ
നോട്, കർത്താവ് നിന്നെ നിശ്ചയമായി
അനുഗ്രഹിക്കും. നിൻെറ അതിർ വിസ്താര
മാക്കുകയും തൻെറ കൈ നിന്നോടുകൂടെ
ഇരുന്നു അനർഥം നിനക്കു വ്യസനകാരണ
മായി തീരാതവണ്ണം നിന്നെ കാക്കുകയും
ചെയ്യും. നീ അപേക്ഷിച്ചതിനെ ദൈവ
നിനക്കു നല്കും. ആഹിയയുടെ സഹോദ
നായ കൊലോബ് മെഹീരിനെ ജനിപ്പിച്ചു
ഇവൻ എസ്തോൻെറ പിതാവ്. എസ്തോൻ
രാഫയെയും പാസഹിയെയും വസഹി
താഹായിയേയും അവൻ യാസീറിനേയും
ജനിപ്പിച്ചു. ഇവർ രേഖാനിവാസികൾ ആകു
ന്നു. കെനസ്സിൻെറ പുത്രന്മാർ: ഒത്നീയേൽ
സെരായാ; ഒത്നീയേലിൻെറ പുത്രന്മാർ
ഹഥത്ത്, മെയ്നാതായ് ഒഫ്രയെ ജനിപ്പിച്ചു
സെരായാ, ഗേഹരാശീമിൻെറ പിതാവായ
യോവാബിനെ ജനിപ്പിച്ചു; അവർ കരകൌ
ശല വിദഗ്ദ്ധർ ആയിരുന്നു. യെഫുന്നെ
യുടെ മകനായ കാലേബിൻെറ പുത്രന്മാർ
ഈർ, ഏലാ, നായം; ഏലയുടെ പുത്രൻ
കെനസ്. യെഹലലേലിൻെറ പുത്രന്മാർ
സീഫ്, സീഫാ, തീര്യാ, അസരെയേൽ.
എസ്രയുടെ പുത്രന്മാർ: യേഥെർ, മേരെദ്,
ഏഫെർ, യാലോൻ എന്നിവരായിരുന്നു;
മേരെദ് ഫറവോൻെറ മകൾ ബിഥിയായെ
പരിഗ്രഹിച്ചു. അവൾ മിര്യാമിനെയും ശമ്മ
യെയും എസ്തമോവയുടെ പിതാവ് യിശ്ബ
ഹിനെയും പ്രസവിച്ചു. മേരെദിൻെറ മറ്റൊരു
ഭാര്യയായ യഹൂദീയക്കാരി ഗെദോരിൻെറ
പിതാവായ യേരെദിനെയും സോഖോയുടെ
പിതാവായ ഹേബെരിനെയും സാനോഹ
യുടെ പിതാവായ യെക്കൂഥീയേലിനെയും
പ്രസവിച്ചു. നഹോമിൻെറ സഹോദരിയും
കോലിയായുടെ ഭാര്യയുമായവളുടെ പുത്ര
ന്മാർ: സമ്രിയും എസ്തു മോയും മാഖീത്ത്യ
എസ്തമായും ആശീമോനും തന്നെ. ആശീ
മോൻെറ പുത്രന്മാർ: അമ്നോൻ, ദുലിയാ
സോറഹ് ശേലാ, തീലോൻ. യിശിയുടെ
പുത്രന്മാർ: സോഹേത്ത്, ബെൻ-സോഹേ
ത്ത്. യഹൂദയുടെ മകനായ ശേലയുടെ
പുത്രന്മാർ: ലേഖയുടെ പിതാവായ ഏരും
മാരേശയുടെ പിതാവായ ലദയും ബേത്ത്
അശ്ബെയയിൽ നെയ്ത്തുതൊഴിൽക്കാ
രുടെ കുലങ്ങളും; യോക്കീമും കോസേബാ

ളും മോവാബിൽ അധികാരം
ന്ന യോവാശ്, സാരാഫ് എന്നി
ാുബീ-ലേഹെമും—ഇവ പുരാ
ങ്ങൾ. ഇവർ നെതായീമിലും
ും പാർത്ത കുശവന്മാർ ആയി
ർ രാജാവിൻെറ വേല ചെയ്തു
ടെ പാർത്തു.
യോൻെറ പുത്രന്മാർ: നെമൂവേൽ,
യാരീബ്, സേരഹ്, ശൌൽ;
മകൻ ശല്ലൂം; അവൻെറ മകൻ
അവൻെറ മകൻ മിശ്മ, മിശ്മ
ന്മാർ: അവൻെറ മകൻ ഹമ്മൂ
ൻെറ മകൻ, സക്കൂർ; അവൻെറ
മയി. ശിമെയിക്കു പതിനാറു
ആറു പുത്രിമാരും ഉണ്ടായി
ിലും അവൻെറ സഹോദരന്
ക്കളില്ലായ്കയാൽ അവരുടെ
യഹൂദാമക്കളോളം വർദ്ധിച്ചില്ല.
ർശേബയിലും മോലാദയിലും
ാലിലും ബിൽഹയിലും ഏസെ
ാലാദിലും ബെഥൂവേലിലും
ിലും സിക്ലാഗിലും ബേത്ത്
ത്തിലും ഹസർ-സൂസീമിലും,
ബിരിയിലും ശയരയീമിലും
ഇവ ദാവീദിൻെറ വാഴ്ചക്കാലം
ുടെ നഗരങ്ങൾ ആയിരുന്നു.
ഗ്രാമങ്ങൾ: ഏതാം, അയീൻ,
താഖെൻ, ആശാൻ ഇങ്ങനെ
പട്ടണങ്ങളുടെ ചുറ്റും ബാൽ
യ്ക്കുള്ള സകല ഗ്രാമങ്ങളും
അവരുടെ വാസസ്ഥലങ്ങൾ.
സ്വന്ത വംശാവലിയും ഉണ്ടായി
ശോബാബ്, യമ്ലേക്, അമസ്യാ
യോശാ, യോവേൽ, അസീ
മകനായ സെരായാവിൻെറ
ാശിബ്യാവിൻെറ മകൻ യേഹു,
ായി, യയക്കോബാ, യെശോ
സായാ, അദീയേൽ, യസീമീ
ായാ, ശെമയായുടെ മകനായ
മകനായ യെദായായുടെ മക
ാൻെറ മകനായ ശിഫിയുടെ
സാ; പേർ വിവരം പറഞ്ഞിരി
തങ്ങളുടെ കുടുംബപ്രഭുക്ക
ു; അവരുടെ പിതൃഭവനങ്ങൾ
ച്ചിരുന്നു. അവർ തങ്ങളുടെ
ങ്ങൾക്കു മേച്ചിലിനുവേണ്ടി
താഴ്‌വരയുടെ കിഴക്കുവശം
ചെയ്തു. അവർ പുഷ്ടിയുള്ള നല്ല
ത്തി; ദേശം വിസ്താരവും സ്വ
മാധാനവും ഉള്ളതായിരുന്നു.

ഹാമിൻെറ മക്കൾ പണ്ടു മുതൽ അവിടെ
പാർത്തിരുന്നു. പേർവിവരം എഴുതിയിരി
ക്കുന്ന ഇവർ യഹൂദ്യരാജാവായ ഹെസ 41
ക്കിയായുടെ കാലത്തു അവിടെ ചെന്നു
അവരുടെ കൂടാരങ്ങളെയും അവിടെ ഉണ്ടാ
യിരുന്ന ജലഉറവകളേയും നശിപ്പിച്ചു. ആക്ര
മിച്ചു. അവരെ നിർമ്മൂലം നശിപ്പിക്കുകയും
അവിടെ തങ്ങളുടെ ആട്ടിൻകൂട്ടങ്ങൾക്കു
മേച്ചിൽ ഉണ്ടായിരുന്നതിനാൽ അവിടെ
സ്ഥിരമായി പാർക്കുകയും ചെയ്തു. ശിമെ
യോന്യരായ ഇവരിൽ അഞ്ഞൂറുപേർ,
യിശിയുടെ പുത്രന്മാരായ പെലത്യാ, 42
നെയര്യാ, രെഫായാ, ഉസ്സീയേൽ എന്നീ
തലവന്മാരോടുകൂടെ സേയീർ പർവ്വതത്തി
ലേക്കു യാത്ര ചെയ്തു. അവർ അമാലേക്യ 43
രിൽ ശേഷം ജനത്തെ വെട്ടിക്കൊന്നു
ഇന്നുവരെ അവിടെ പാർക്കുന്നു.

അദ്ധ്യായം 5

ഇസ്രായേലിൻെറ ആദ്യജാതനായ 1
രൂബേൻെറ പുത്രന്മാർ:—അവനല്ലോ ആദ്യ
ജാതൻ; എങ്കിലും അവൻ തൻെറ പിതാവി
ൻെറ ശയ്യയെ അശുദ്ധമാക്കിയതുകൊണ്ട്
അവൻെറ ജ്യേഷ്ഠാവകാശം ഇസ്രായേലി
ൻെറ മകനായ യോസേഫിൻെറ മക്കൾക്കു
ലഭിച്ചു; അങ്ങനെ അവൻ വംശാവലിയിൽ
ജ്യേഷ്ഠാവകാശപ്രകാരം എണ്ണപ്പെടുന്നില്ല.
യഹൂദാ തൻെറ സഹോദരന്മാരെക്കാൾ 2
പ്രബലനായിത്തീർന്നു; അവനിൽനിന്നു
അഭിഷിക്തൻ ഉത്ഭവിച്ചു; ജ്യേഷ്ഠാവകാ
ശമോ യോസേഫിനു ലഭിക്കും. ഇസ്രായേ 3
ലിൻെറ ആദ്യജാതനായ രൂബേൻെറ പുത്ര
ന്മാർ: ഹാനോക്, പല്ലു, ഹെസ്രോൻ, കർമ്മി.
കർമ്മിയുടെ പുത്രന്മാർ: അവൻെറ മകൻ 4
ശെമയ്യാവു; അവൻെറ മകൻ ഗോഗ്;
അവൻെറ മകൻ ശിമെയി; അവൻെറ മകൻ
മീഖാ; അവൻെറ മകൻ ഊരിയാ; അവൻെറ 5
മകൻ ബാൽ; അവൻെറ മകൻ അബ്ബിയാ;
അവനെ ആസൂർ രാജാവായ തെഗ്ലത്ത്-
പലീസർ ബദ്ധനാക്കി കൊണ്ടുപോയി;
അവൻ രൂബേന്യരിൽ നേതാവായിരുന്നു.
അവരുടെ വംശാവലി തലമുറ തലമുറയായി 6
എഴുതിയിരുന്ന പ്രകാരം കുലംകുലമായി
അവൻെറ സഹോദരന്മാർ: തലവനായ 7
യയീയേൽ, സഖര്യാ, അരോവേരിൽ 8
നെബോവും ബാൽ-മെയോനുംവരെ
പാർത്ത ബേല. അവരുടെ കന്നുകാലികൾ 9
ഗിലെയാദ്ദേശത്തു വർദ്ധിച്ചിരുന്നതിനാൽ
അവർ കിഴക്കോട്ടു യൂഫ്രാത്തീസ് നദി
മുതൽ മരുഭൂമിവരെ പാർത്തു. ശൌലിൻെറ 10

കാലത്ത് അവർ കൂടാരവാസികളായ
അറേബ്യരോട് യുദ്ധം ചെയ്തു; അവർ വിജ
യിച്ച് ഗിലെയാദിനു കിഴക്ക് എല്ലാടവും
കൂടാരം അടിച്ചു പാർത്തു.
11 ഗാദിന്റെ പുത്രന്മാർ അവർക്കു നേരെ
ബാശാൻദേശത്തു സൽക്കാവരെ പാർത്തു.
12 അവരുടെ തലവൻ യോവേൽ. രണ്ടാമനായ
13 ശാഫാം, യനായി, ബാശാനിലെ ശാഫാത്ത്.
അവരുടെ പിതൃഭവനത്തിലെ സഹോദര
ന്മാർ: മീഖായേൽ, മെശുല്ലാം, ശേബ, യോ
രായി, യക്കാൻ, സീയ, ഏബെർ ഇങ്ങനെ
14 ഏഴു പേർ. ഇവർ ഹൂരിയുടെ മകനായ
അബീഹയിലിന്റെ പുത്രന്മാരായിരുന്നു.
ഹൂരി യാരോഹയുടെ മകൻ; അവൻ
ഗിലെയാദിന്റെ മകൻ; അവൻ മീഖായേലി
ന്റെ മകൻ; അവൻ യെശീശയുടെ മകൻ;
15 അവൻ യഹദോവിന്റെ മകൻ; അവൻ
ബൂസിന്റെ മകൻ; ഗൂനിയുടെ മകനായ
16 അബ്ദീയേലിന്റെ മകനായ അഹി അവ
രുടെ പിതൃഭവനത്തിൽ തലവനായിരുന്നു.
അവർ ഗിലെയാദിലെ ബാശാനിലും അതി
നുൾപ്പെട്ട പട്ടണങ്ങളിലും അവരുടെ അതി
രുകളോളം ശാരോനിലെ എല്ലാ പുല്പുറ
17 ങ്ങളിലും പാർത്തു. ഇവരുടെ വംശാവലി
യഹൂദാരാജാവായ യോഥാമിന്റെ കാല
ത്തും ഇസ്രായേൽ രാജാവായ യെരോബെ
യാമിന്റെ കാലത്തും എഴുതിയിരിക്കുന്നു.
18 രൂബേന്യരും ഗാദ്യരും മനശ്ശെയുടെ പാ
തിഗോത്രക്കാരും ശൂരന്മാരും വാളും പരി
ചയും എടുക്കുവാനും വില്ലുകുലച്ച് എയ്യു
വാനും പ്രാപ്തിയുള്ളവരും യുദ്ധസാമർത്ഥ്യ
മുള്ളവരുമായ യോദ്ധാക്കൾ നാല്പത്തിനാ
ലായിരത്തെറുനൂറ്ററുപത്താറ്* പേരുണ്ടാ
19 യിരുന്നു. അവർ കൂടാരവാസികളോട്
യുദ്ധം ചെയ്തു. എല്ലാവരും അവരുടെ കയ്യിൽ
അകപ്പെട്ടു; അവർ യുദ്ധത്തിൽ ദൈവ
20 ത്തോടു നിലവിളിച്ചു. അവനിൽ ആശ്രയിച്ച
തിനാൽ അവൻ അവരുടെ പ്രാർത്ഥന കേട്ട
21 രുളി. അവർ അമ്പതിനായിരം ഒട്ടകം, രണ്ടു
ലക്ഷത്തമ്പതിനായിരം ആട്, രണ്ടായിരം
കഴുത എന്നിങ്ങനെ അവരുടെ കന്നുകാലി
കളെയും ഒരു ലക്ഷം ആളുകളെയും പിടിച്ചു
22 കൊണ്ടു പോയി. യുദ്ധം ദൈവഹിതത്താൽ
ഉണ്ടായതുകൊണ്ടു അധികം പേർ ഹതന്മാ
രായി വീണു. അവർ അവരുടെ കൂടാരങ്ങ
ളിൽ പ്രവാസകാലംവരെ പാർത്തു.
23 മനശ്ശെയുടെ പാതിഗോത്രക്കാർ ദേശ
ത്തു പാർത്തു ബാശാൻമുതൽ ബാൽ-ഹെർ
മ്മോനും, സെനീരും, ഹെർമ്മോൻ പർവ്വ
വുംവരെ വ്യാപിച്ചു. അവരുടെ പിതൃഭവ
ങ്ങളുടെ തലവന്മാർ: ഏഫെർ,
യിശി, എലീയേൽ, അസ്രീയേൽ, യിരെമ്യാ,
യഹദീയേൽ; ഇവർ ശൂരന്മാരും പ്രസിദ്ധരും
തങ്ങളുടെ പിതൃഭവനങ്ങൾക്കു തലവ
ന്മാരും ആയിരുന്നു.
എന്നാൽ അവർ തങ്ങളുടെ പിതാക്ക
ന്മാരുടെ ദൈവത്തോടു വ്യാജം ചെയ്തു
ദൈവം അവരുടെ മുമ്പിൽനിന്നു നശിപ്പി
ച്ചുകളഞ്ഞ ദേശത്തെ ജാതികളുടെ ദേവ
ന്മാരോടു ചേർന്നു തെറ്റിപ്പോയി. ആകയാൽ
ഇസ്രായേലിന്റെ ദൈവം ആസൂർ രാജാ
വായ പൂലിന്റെയും ആസൂർ രാജാവായ
തെഗ്ലത്ത് പലീസറിന്റെയും മനസ്സു
ണർത്തി; അവൻ രൂബേന്യരെയും ഗാദ്യ
രെയും മനശ്ശെയുടെ പാതിഗോത്രത്തെയും
പിടിച്ചു ഹലഹിലേക്കും ഹാബോരിലേക്കും
ഹാരയിലേക്കും ഗോസാൻ നദീതീരത്തേ
ക്കും കൊണ്ടുപോയി; അവിടെ അവർ ഇന്നു
വരെയും പാർക്കുന്നു.

അദ്ധ്യായം 6

ലേവിയുടെ പുത്രന്മാർ: ഗേർശോൻ,
കെഹാത്ത്, മെരാരി. കെഹാത്തിന്റെ
പുത്രന്മാർ: അമ്രാം, യിസ്ഹാർ, ഹെബ്രോൻ,
ഉസ്സീയേൽ. അമ്രാമിന്റെ മക്കൾ: അഹ
റോൻ, മോശ, മര്യാം. അഹറോന്റെ പുത്ര
ന്മാർ: നാദാബ്, അബീഹു, എലെയാസാർ,
ഈഥാമാർ. എലെയാസാർ ഫീനെഹാസി
നെ ജനിപ്പിച്ചു; ഫീനെഹാസ് അബീശൂവി
നെ ജനിപ്പിച്ചു; അബീശൂ അബീക്കാറിനെ
ജനിപ്പിച്ചു; അവൻ ഉസ്സിയെ ജനിപ്പിച്ചു. ഉസ്സി
സെരഹ്യായെ ജനിപ്പിച്ചു; സെരഹ്യാ മെരാ
യോത്തിനെ ജനിപ്പിച്ചു; മെരായോത്ത്
അമര്യായെ ജനിപ്പിച്ചു; അമര്യാ അഹീത്തു
ബിനെ ജനിപ്പിച്ചു; അഹീത്തൂബ് സാദോ
ക്കിനെ ജനിപ്പിച്ചു; സാദോക് അഹീമാ
സിനെ ജനിപ്പിച്ചു; അഹീമാസ് അസര്യായെ
ജനിപ്പിച്ചു; അസര്യാ യോഹാനാനെ ജനി
പ്പിച്ചു; യോഹാനാൻ അസര്യായെ ജനി
പ്പിച്ചു. ഇവനാകുന്നു ശലോമോൻ യെരൂ
ലേമിൽ പണിത ആലയത്തിൽ പൌരോ
ഹിത്യം നടത്തിയത്. അസര്യാ അമര്യായെ
ജനിപ്പിച്ചു; അമര്യാ അഹീത്തൂബിനെ
ജനിപ്പിച്ചു; അഹീത്തൂബ് സാദോക്കിനെ
ജനിപ്പിച്ചു; സാദോക് ശല്ലൂമിനെ ജനി
പ്പിച്ചു; ശല്ലൂം ഹില്കീയായെ ജനിപ്പിച്ചു;

-44760 എന്ന് ചില പതിപ്പുകളിൽ കാണുന്നു.

യാ അസര്യായെ ജനിപ്പിച്ചു;
സെരായായെ ജനിപ്പിച്ചു; സെ
ാദോക്കിനെ ജനിപ്പിച്ചു. ദൈവം
നേസർ മുഖാന്തരം യഹൂദയെ
ലേമിനെയും പ്രവാസത്തിലേക്ക്
പായപ്പോൾ സാദോക്കും പോ
ന്നു.
യുടെ പുത്രന്മാർ: ഗേർശോം, കെ
മരാരി. ഗേർശോനിൻെറ പുത്ര
ബ്നി, ശിമെയി. കെഹാത്തിൻെറ
അമ്രാം, യിസ്ഹാർ, ഹെബ്രോൻ,
. മെരാരിയുടെ പുത്രന്മാർ: മഹ്ലി,
വ്യരുടെ പിതൃഭവനങ്ങളിൻപ്ര
വരുടെ കുലങ്ങൾ ഇവതന്നെ.
ിൻെറ മകൻ ലിബ്നി; അവൻെറ
ഹത്ത്; അവൻെറ മകൻ സിമ്മാ;
മകൻ യോവാഹ്; അവൻെറ
ദ്ദോ; അവൻെറ മകൻ സേരഹ്; അവ
ൻ യെയത്രായി. കെഹാത്തിൻെറ
: അവൻെറ മകൻ അമ്മീനാദാബ്;
മകൻ കോരഹ്; അവൻെറ മകൻ
അവൻെറ മകൻ എല്ക്കാനാ;
മകൻ എബ്യാസാഫ്; അവൻെറ
സ്സീർ; അവൻെറ മകൻ തഹത്ത്;
മകൻ ഊരീയേൽ; അവൻെറ
സീയാ; അവൻെറ മകൻ ശൌൽ.
നയുടെ പുത്രന്മാർ: അവൻെറ
മാസായി; അവൻെറ മകൻ അഹീ
എല്ക്കാനയുടെ പുത്രന്മാർ: അവ
ൻ സോഫായി; അവൻെറ മകൻ
അവൻെറ മകൻ എലീയാബ്;
മകൻ യെരോഹാം; അവൻെറ
ല്ക്കാനാ. ശമൂവേലിൻെറ പുത്ര
ദ്യജാതൻ യോവേൽ, രണ്ടാമൻ
. മെരാരിയുടെ പുത്രന്മാർ: മഹ്ലി;
മകൻ ലിബ്നി; അവൻെറ മകൻ
അവൻെറ മകൻ ഉസ്സാ; അവൻെറ
മയാ; അവൻെറ മകൻ ഹഗ്ഗീയാ;
മകൻ അസായാ.
കം വച്ചിരുന്ന ദൈവഭവനത്തിൽ
കരായിരിപ്പാൻ ദാവീദ് ദൈവാല
കീർത്തനാലാപശുശ്രൂഷയ്ക്കു
വർ ഇവരാകുന്നു. അവർ, ശലോ
നുശലേമിൽ ദൈവാലയം പണിത
തിരുനിവാസമായ സമാഗമന
ിനു മുമ്പിൽ ശുശ്രൂഷ ചെയ്തു;
ങ്ങളുടെ തവണപ്രകാരം ശുശ്രൂഷ
ന്നു. തങ്ങളുടെ പുത്രന്മാരോടും കൂ
ുഷിച്ചവർ, കെഹാത്യരുടെ പുത്ര
സംഗീതക്കാരനായ ഹേമാൻ;

അവൻ യോവേലിൻെറ മകൻ; അവൻ
ശമൂവേലിൻെറ മകൻ; അവൻ എല്ക്കാന 34
യുടെ മകൻ; അവൻ യെരോഹാമിൻെറ
മകൻ; അവൻ എലീയേലിൻെറ മകൻ;
അവൻ തോഹയുടെ മകൻ; അവൻ സൂഫി 35
ൻെറ മകൻ; അവൻ എല്ക്കാനയുടെ മകൻ; 36
അവൻ മഹത്തിൻെറ മകൻ; അവൻ അമാ
സിയിയുടെ മകൻ; അവൻ എല്ക്കാനയുടെ
മകൻ; അവൻ യോവേലിൻെറ മകൻ, അവൻ 37
അസര്യായുടെ മകൻ; അവൻ സെഫന്യാ
യുടെ മകൻ; അവൻ തഹത്തിൻെറ മകൻ;
അവൻ അസ്സീരിൻെറ മകൻ; അവൻ എബ്യാ
സാഫിൻെറ മകൻ; അവൻ കോരഹിൻെറ
മകൻ; അവൻ യിസ്ഹാരിൻെറ മകൻ; 38
അവൻ കെഹാത്തിൻെറ മകൻ; അവൻ
ലേവിയുടെ മകൻ; അവൻ ഇസ്രായേലിൻെറ
മകൻ; അവൻെറ വലത്തു ഭാഗത്തുനിന്ന 39
അവൻെറ സഹോദരൻ ആസാഫ്: ആസാ
ഫ് ബേരെഖ്യായുടെ മകൻ; അവൻ ശിമെയ
യുടെ മകൻ; അവൻ മീഖായേലിൻെറ മകൻ; 40
അവൻ ബയശേയായുടെ മകൻ; അവൻ 41
മല്ക്കിയുടെ മകൻ; അവൻ എത്നിയുടെ
മകൻ; അവൻ സേരഹിൻെറ മകൻ; അവൻ
അദായായുടെ മകൻ; അവൻ ഏഥാൻെറ 42
മകൻ; അവൻ സിമ്മയുടെ മകൻ; അവൻ
ശിമെയിയുടെ മകൻ; അവൻ യഹത്തിൻെറ 43
മകൻ; അവൻ ഗേർശോനിൻെറ മകൻ; അ
വൻ ലേവിയുടെ മകൻ. അവരുടെ സഹോ 44
ദരന്മാരായ മെരാരിയുടെ പുത്രന്മാർ ഇടത്തു
ഭാഗത്തുനിന്നു; കീശിയുടെ മകൻ ഏഥാൻ;
അവൻ അബ്ദിയുടെ മകൻ; അവൻ മല്ലൂ 45
ക്കിൻെറ മകൻ; അവൻ ഹശബ്യായുടെ
മകൻ; അവൻ അമസ്യായുടെ മകൻ; അവൻ 46
ഹില്ക്കീയായുടെ മകൻ; അവൻ അംസിയു
ടെ മകൻ; അവൻ ബാനിയുടെ മകൻ; അവൻ 47
ശാമെരിൻെറ മകൻ; അവൻ മഹ്ലിയുടെ
മകൻ; അവൻ മൂശിയുടെ മകൻ; അവൻ
മെരാരിയുടെ മകൻ; അവൻ ലേവിയുടെ
മകൻ. അവരുടെ സഹോദരന്മാരായ ലേ 48
വ്യർ ദൈവാലയമായ തിരുനിവാസത്തി
ലെ സകല ശുശ്രൂഷയ്ക്കും നിയമിക്കപ്പെ
ട്ടിരിക്കുന്നു.

അഹരോനും അവൻെറ പുത്രന്മാരും 49
ഹോമയാഗപീഠത്തിന്മേലും ധൂപപീഠത്തി
ന്മേലും അർപ്പണം ചെയ്തു; അവർ മഹാ
വിശുദ്ധസ്ഥലത്ത് സകല ശുശ്രൂഷയ്ക്കും
ദൈവത്തിൻെറ ദാസനായ മോശ കല്പിച്ച
പ്രകാരമെല്ലാം ഇസ്രായേലിനുവേണ്ടി പ്രായ
ശ്ചിത്തം വരുത്തുവാനും നിയമിക്കപ്പെട്ടി
രുന്നു. അഹരോൻെറ പുത്രന്മാർ: അവൻെറ 50

മകൻ എലെയാസാർ; അവൻെറ മകൻ
51 ഫിനെഹാസ്; അവൻെറ മകൻ അബീശൂവ;
അവൻെറ മകൻ ബുക്കി; അവൻെറ മകൻ
52 ഉസ്സി; അവൻെറ മകൻ സെരഹ്യാ; അവൻെറ
മകൻ മെരായോത്ത്; അവൻെറ മകൻ
അമര്യാ; അവൻെറ മകൻ അഹിത്തൂബ്;
53 അവൻറ മകൻ സാദോക്; അവൻെറ മകൻ
അഹീമാസ്.
54 അവരുടെ ദേശത്ത് ഗ്രാമംഗ്രാമമായി
അവരുടെ വാസസ്ഥലങ്ങൾ: കൊഹാത്യ
രുടെ കുലമായ അഹരോന്യർക്കു —
55 അവർക്കല്ലോ ഒന്നാമതു ചീട്ടു വീണത് —
അവർക്കു യഹൂദാദേശത്തു ഹെബ്രോനും
ചുറ്റുമുള്ള പുല്പുറങ്ങളും കൊടുത്തു.
56 എന്നാൽ പട്ടണത്തിൻെറ വയലുകളും
അതിനോടു ചേർന്ന ഗ്രാമങ്ങളും യെഫു
ന്നെയുടെ മകനായ കാലേബിനു കൊടു
57 ത്തു. അഹരോൻെറ മക്കൾക്കു അവർ സങ്കേ
തനഗരമായ ഹെബ്രോനും ലിബ്നയും
അതിൻെറ പുല്പുറങ്ങളും യത്ഥീരും
എസ്തെമോവയും അവയുടെ പുല്പുറ
58 ങ്ങളും ഹീലേനും പുല്പുറങ്ങളും ദെബീരും
പുല്പുറങ്ങളും, ആശാനും പുല്പുറങ്ങളും
59 ബേത്ത് ശേമെശ് പുല്പുറങ്ങളും; ബെൻയാ
60 മീൻ ഗോത്രത്തിൽ ഗേബയും പുല്പുറ
ങ്ങളും അല്ലേമെത്തും പുല്പുറങ്ങളും
അനാഥോത്തും പുല്പുറങ്ങളും കൊടുത്തു.
കുലം കുലമായി അവർക്കു കിട്ടിയ പട്ടണ
61 ങ്ങൾ ആകെ പതിമ്മൂന്ന്. കൊഹാത്തിൻെറ
ശേഷമുള്ള മക്കൾക്കു ഗോത്രത്തിൻെറ
കുലത്തിൽ, മനശ്ശെയുടെ പാതി ഗോത്ര
62 ത്തിൽ, ചീട്ടിട്ടു പത്തു പട്ടണം കൊടുത്തു.
ഗേർശോനിൻെറ മക്കൾക്കു കുലംകുലമായി
ഇസ്സാഖാർ ഗോത്രത്തിലും ആശേർ ഗോത്ര
ത്തിലും നഫ്താലിഗോത്രത്തിലും ബാശാ
നിലെ മനശ്ശെ ഗോത്രത്തിലും പതിമൂന്നു
പട്ടണം കൊടുത്തു. മെരാരിയടെ മക്കൾക്ക്
63 കുലം കുലമായി രൂബേൻ ഗോത്രത്തിലും
ഗാദ് ഗോത്രത്തിലും സെബൂലൂൻ ഗോത്ര
ത്തിലും ചീട്ടിട്ടു പന്ത്രണ്ടു പട്ടണം കൊടു
64 ത്തു. ഇസ്രായേൽമക്കൾ ഈ പട്ടണങ്ങളും
പുല്പുറങ്ങളും ലേവ്യർക്കു കൊടുത്തു.
65 യഹൂദമക്കളുടെ ഗോത്രത്തിലും ശിമെ
യോൻ മക്കളുടെ ഗോത്രത്തിലും ബെൻയാ
മീൻ മക്കളുടെ ഗോത്രത്തിലും പേർ പറ
ഞ്ഞിരിക്കുന്ന ഈ പട്ടണങ്ങളെ നറുക്കിട്ട്
കൊടുത്തു. കൊഹാത്ത് മക്കളുടെ ചില
66 കുലങ്ങൾക്കോ എഫ്രയീംഗോത്രത്തിൽ
തങ്ങൾക്കു അധീനമായ പട്ടണങ്ങൾ ഉണ്ടാ
യിരുന്നു. അവർക്കു, സങ്കേതനഗരങ്ങളായ
എഫ്രയീംമലനാട്ടിലെ ശെഖേമും പുല്പുറ
ങ്ങളും ഗേസെരും പുല്പുറങ്ങളും യൊക്മെ
യാമും പുല്പുറങ്ങളും ബേത്ത്ഹോരോനും
പുല്പുറങ്ങളും അയ്യാലോനും പുല്പുറ
ങ്ങളും ഗത്ത്രിമ്മോനും പുല്പുറങ്ങളും
മനശെയുടെ പാതിഗോത്രത്തിൽ ആനേരും 70
പുല്പുറങ്ങളും ബിലെയാമും പുല്പുറ
ങ്ങളും കെഹാത്യരുടെ ശേഷം കുലങ്ങൾ
ക്കും കൊടുത്തു. ഗേർശോമിൻെറ പുത്ര 71
ന്മാർക്കു മനശ്ശെയുടെ പാതിഗോത്രത്തി
ൻെറ കുലത്തിൽ ബാശാനിൽ ഗോലാനും
പുൽമേടുകളും അസ്തരോത്തും പുൽമേടു
കളും; ഇസ്സാഖാർഗോത്രത്തിൽ കേദെശും 72
പുല്പുറങ്ങളും ദാബെരത്തും പുല്പുറ
ങ്ങളും രാമോത്തും പുല്പുറങ്ങളും ആനേ 73
മും പുല്പുറങ്ങളും; ആശേർഗോത്രത്തിൽ 74
മാശാലും പുല്പുറങ്ങളും അബ്ദോനും
പുൽമേടുകളും ഹൂക്കോക്കും പുല്പുറങ്ങ 75
ളും രെഹോബും പുല്പുറങ്ങളും; നഫ്താ
ലി ഗോത്രത്തിൽ ഗലീലയിലെ കേദെശും 76
പുൽമേടുകളും ഹമ്മോനും പുല്പുറങ്ങളും
കുര്യഥയീമും പുൽമേടുകളും കൊടുത്തു.
മെരാരിപുത്രന്മാരിൽ ശേഷമുള്ളവർക്കു 77
സെബൂലൂൻ ഗോത്രത്തിൽ രിമ്മോനോയും
പുല്പുറങ്ങളും താബോരും പുല്പുറങ്ങളും;
യെറീഹോയുടെ സമീപത്തു യോർദ്ദാന്ന 78
ക്കരെ യോർദ്ദാനു കിഴക്കു രൂബൻ ഗോത്ര
ത്തിൽ മരുഭൂമിയിലെ ബേസെരും പുല്പു
റങ്ങളും യഹസയും പുല്പുറങ്ങളും 79
കെദേമോത്തും പുല്പുറങ്ങളും മേഫാത്തും
പുല്പുറങ്ങളും മഹനയീമും പുല്പുറ
ങ്ങളും; ഗാദ്ഗോത്രത്തിൽ ഗിലെയാദിലെ 80
രാമോത്തും പുല്പുറങ്ങളും മഹനയീമും
പുല്പുറങ്ങളും ഹെശ്ബോനും പുല്പു 81
റങ്ങളും യാസേരും പുല്പുറങ്ങളും
കൊടുത്തു.

അദ്ധ്യായം 7

ഇസ്സാഖാരിൻെറ പുത്രന്മാർ: തോലാ, 1
പൂവാ, യാശൂബ്, ശിമ്രോൻ ഇങ്ങനെ നാലു
പേർ. തോലയുടെ പുത്രന്മാർ: ഉസ്സി, 2
രെഫായാ, യെരിയേൽ, യഹ്മായി, യി
ബ്സാം, ശെമുവേൽ എന്നിവർ അവരുടെ
പിതാവായ തോലയുടെ ഭവനത്തിനു തല
വന്മാരും അവരുടെ തലമുറകളിൽ വീര
ന്മാരും ആയിരുന്നു; അവരുടെ സംഖ്യ
ദാവീദിൻെറ കാലത്തു ഇരുപത്തീരായിര
ത്തറുന്നൂറ്. ഉസ്സിയുടെ പുത്രന്മാർ: യിസ്ര 3
ഹ്യാ; യിസ്രഹ്യായുടെ പുത്രന്മാർ: മീഖാ
യേൽ, ഓബദ്യാ, യോവേൽ, യിശ്യാ

ാലുപേർ; ഇവർ എല്ലാവരും
ാരായിരുന്നു. അവരോടുകൂടെ
വംശാവലിപ്രകാരം കുടുംബം
യി സൈന്യഗണങ്ങളായി അറു
രം പേരുണ്ടായിരുന്നു; അവർ
ക ഭാര്യമാരും പുത്രന്മാരും
ന്നു. അവരുടെ സഹോദരന്മാ
ാഖാർ കുലങ്ങളിൽ വംശാവലി
എണ്ണപ്പെട്ട വീരന്മാർ ആകെ
ഴായിരം പേർ.
ാമീന്യർ: ബേല, ബേഖെർ, യെദീ
ങ്ങനെ മൂന്നുപേർ. ബേലയുടെ
എസ്ബോൻ, ഉസ്സി, ഉസ്സീയേൽ,
ന്ത്, ഈരി ഇങ്ങനെ അഞ്ചുപേർ;
പിതൃഭവനങ്ങൾക്കു നേതാക്ക
മശാലികളുമായി വംശാവലി
ണ്ണപ്പെട്ടവർ ഇരുപത്തീരായിര
തിനാലു പേർ. അക്ബോറിന്റെ
സെമീരാ, യോവാശ്, എലീയേ
ല്യോവേനായി, ഒമ്രി, യെരേമോ
ീയാ, അനാഥോത്ത്, ആലേമെ
രെല്ലാവരും അക്ബോറിന്റെ
. വംശാവലിപ്രകാരം തലമുറ
ായി അവരുടെ പിതൃഭവന
തലവന്മാരായി ഗണിക്കപ്പെട്ട
ാലികൾ ഇരുപതിനായിരത്തിരു
. യെദീയയേലിന്റെ പുത്രന്മാർ:
ൻ; ബിൽഹാന്റെ പുത്രന്മാർ:
ബെന്യാമീൻ, ഏഹൂദ്, കെനാനാ,
തർശീശ്, അഹീശാഹർ. ഇവ
ും യെദീയയേലിന്റെ പുത്ര
തൃഭവനങ്ങൾക്കു തലവന്മാരും
ശാലികളുമായി യുദ്ധത്തിനു
വാൻ തക്ക പടയാളികൾ പതി
ത്തിരുന്നൂറു പേർ. ഈരിന്റെ
ശൂപ്പീം, ഹുപ്പീം. അഹേരിന്റെ
ഹൂശീം.
ാലിയുടെ പുത്രന്മാർ: യഹ്സീ
ൂനി, യേസെർ, ശല്ലൂം; ഇവർ
ുടെ പുത്രന്മാർ.
ശ്ശെയുടെ പുത്രന്മാർ: അവന്റെ
അരാമ്യസ്ത്രീ പ്രസവിച്ച അസ്രീ
വൾ ഗിലെയാദിന്റെ പിതാവായ
നയും പ്രസവിച്ചു. മാഖീർ ഹുപ്പീമി
ശുപ്പീമിന്റെയും സഹോദരിയെ
ി പരിഗ്രഹിച്ചു; അവരുടെ സഹോ
പേർ മയഖാ എന്ന് ആയിരുന്നു;
ന്റെ പേർ ശെലോഫെഹാദ് എന്നു
ന്നു; ശെലോഫെഹാദിനു പുത്രി
ായിരുന്നു. മാഖീരിന്റെ ഭാര്യ

മയഖാ ഒരു മകനെ പ്രസവിച്ചു, അവനു
പേരെശ് എന്നു പേർ വിളിച്ചു; അവന്റെ
സഹോദരനു ശെരെശ് എന്നു പേർ; അവ
ന്റെ പുത്രന്മാർ ഊലാമും രേക്കെമും ആയി
രുന്നു. ഊലാമിന്റെ പുത്രന്മാർ ബെദാൻ. 17
ഇവർ മനശ്ശെയുടെ മകനായ മാഖീരിന്റെ
മകനായ ഗിലെയാദിന്റെ പുത്രന്മാർ ആയി
രുന്നു. അവന്റെ സഹോദരിയായ ഹമ്മോ 18
ലേഖെത്ത് ഈശ്-ഹോദ്, അബീയേസെർ,
മഹ്ലാ എന്നിവരെ പ്രസവിച്ചു. ശെമീദയുടെ 19
പുത്രന്മാർ: അഹ്യാൻ, ശേഖെം, ലിക്കെഹി,
അനീയാം.

എഫ്രയീമിന്റെ പുത്രന്മാർ: ശൂഥേലഹ്; 20
അവന്റെ മകൻ ബേരെദ്; അവന്റെ മകൻ
തഹത്ത്; അവന്റെ മകൻ എലാദാ; അവ
ന്റെ മകൻ തഹത്ത്; അവന്റെ മകൻ
സബാദ്, അവന്റെ മകൻ ശൂഥേലഹ്, 21
ഏസെർ, ഏലാദാ; ഇവർ ആ ദേശവാസി
കളായ ഗത്യരുടെ കന്നുകാലികളെ അപ
ഹരിപ്പാൻ ചെന്നതുകൊണ്ടു അവർ അവരെ
കൊന്നുകളഞ്ഞു. അവരുടെ പിതാവായ 22
എഫ്രയീം വളരെ നാൾ കരഞ്ഞുകൊണ്ടി
രുന്നു; അവന്റെ സഹോദരന്മാർ അവനെ
ആശ്വസിപ്പിപ്പാൻ വന്നു. അവൻ തന്റെ 23
ഭാര്യയുടെ അടുക്കൽ ചെന്നു; അവൾ ഗർഭം
ധരിച്ചു ഒരു മകനെ പ്രസവിച്ചു; തന്റെ
ഭവനത്തിന് അനർത്ഥം ഭവിച്ചതുകൊണ്ടു
അവൻ അവനു ബെരീയാ എന്നു പേർ
വിളിച്ചു. അവന്റെ മകൾ ശെയെരാ; അവൾ 24
താഴത്തെയും മേലത്തെയും ബേത്ത്-
ഹോരോനും ഉസ്സേൻ-ശെയെരയും പണി
തു. അവന്റെ മകൻ രേഫഹും, രേശെഫും; 25
അവന്റെ മകൻ തേലഹ്; അവന്റെ മകൻ 26
തഹൻ; അവന്റെ മകൻ ലദാൻ; അവന്റെ
മകൻ അമ്മീഹൂദ്; അവന്റെ മകൻ എലീ 27
ശാമാ; അവന്റെ മകൻ നൂൻ; അവന്റെ 28
മകൻ യെഹോശുവ. അവരുടെ അവകാശ
ങ്ങളും വാസസ്ഥലങ്ങളും; ബേഥേലും
അതിനോടു ചേർന്ന ഗ്രാമങ്ങളും; കിഴ
ക്കോട്ടു നയരാനും, പടിഞ്ഞാറോട്ടു ഗേസെ
രും അതിനോടു ചേർന്ന ഗ്രാമങ്ങളും, ഗസ്സ 29
യും അതിനോടു ചേർന്നുള്ള ഗ്രാമങ്ങളും
വരെയുള്ള ശെഖേമും അതിനോടു ചേർന്ന
ഗ്രാമങ്ങളും, മനശെയരുടെ ദേശത്തിനരികെ
ബേത്ത്-ശെയാനും അതിന്റെ ഗ്രാമങ്ങളും
താനാക്കും അതിന്റെ ഗ്രാമങ്ങളും മെഗി
ദ്ദോയും അതിന്റെ ഗ്രാമങ്ങളും ദോരും
അതിന്റെ ഗ്രാമങ്ങളും; അവയിൽ ഇസ്രാ
യേലിന്റെ മകനായ യോസേഫിന്റെ
പുത്രന്മാർ പാർത്തു.

30 ആശേരിന്റെ പുത്രന്മാർ: യിമ്നാ,
31 യിശ്വാ, യിശ്വി, ബെരീയാ ഇവരുടെ സഹോ
ദരി സേരഹ്, ബെരീയായുടെ പുത്രന്മാർ:
32 ഹേബെർ, ബിസയീത്തിന്റെ പിതാവായ
മല്ക്കീയേൽ. ഹേബെർ യഫ്ളേത്തിനെയും
ശേമേരിനെയും ഹോഥാമിനെയും അവ
രുടെ സഹോദരിയായ ശൂവയെയും ജനി
33 പ്പിച്ചു. യഫ്ളേത്തിന്റെ പുത്രന്മാർ: പാസാക്
ബിംഹാൽ, അശ്വാത്ത്; ഇവർ യഫ്ളേത്തി
34 ന്റെ പുത്രന്മാർ. ശേമേരിന്റെ പുത്രന്മാർ:
അഹീരൊഹ്ഗാ, യെഹുബ്ബാ, അരാം.
35 അവന്റെ സഹോദരനായ ഹേലെമിന്റെ
36 പുത്രന്മാർ: സോഫഹ്, യിമ്നാ, ശേലെശ്,
37 ആമാൽ, സോഫഹിന്റെ പുത്രന്മാർ: സൂഹ്,
ഹർന്നേഫെർ, ശൂവാൽ, ബേരി, യിമ്രാ,
ബേസെർ, ഹോദ്, ശമ്മാ, ശിൽശാ, യിഗ്രാൻ,
38 ബെയേരാ. യേഥെരിന്റെ പുത്രന്മാർ:
39 യെഫുന്നെ, പിസ്പാ, അരാ. ഉല്ലയുടെ പുത്ര
40 ന്മാർ: ആരഹ്, ഹന്നീയേൽ, രിസ്യാ, ഇവർ
എല്ലാവരും ആശേരിന്റെ പുത്രന്മാർ. പിതൃ
ഭവനങ്ങൾക്കു തലവന്മാരും ശ്രേഷ്ഠന്മാരും
വീരന്മാരും പ്രഭുക്കന്മാരിൽ പ്രധാനികളും
ആയിരുന്നു. വംശാവലി പ്രകാരം യുദ്ധ
സേവയ്ക്കു പ്രാപ്തന്മാരായി എണ്ണപ്പെട്ടവ
രുടെ സംഖ്യ ഇരുപത്താറായിരം.

അദ്ധ്യായം 8

1 ബെന്യാമീൻ ആദ്യജാതനായ ബേല
2 യെയും രണ്ടാമനായ അശ്ബേലിനെയും
മൂന്നാമനായ അഹ്രഹിനെയും നാലാമനായ
നോഹയെയും അഞ്ചാമനായ രഫായെയും
3 ജനിപ്പിച്ചു. ബേലയുടെ പുത്രന്മാർ: അദ്ദാർ,
4 ഗേരാ, അബീഹൂദ്, അബീശൂ, നയമാൻ,
5 അഹോഹ്. ഗേരാ, ശെഫൂഫാൻ, ഹൂരാം
6 ഏഹൂദിന്റെ പുത്രന്മാർ — അവർ ഗേബ
നിവാസികളുടെ പിതൃഭവനങ്ങളുടെ തല
വന്മാർ; ഇവരെ മാനഹത്തിലേക്കു പിടിച്ചു
7 കൊണ്ടുപോകപ്പെട്ടു; നയമാൻ, അഹീയാ,
ഗേരാ എന്നിവരെ അവൻ പിടിച്ചുകൊണ്ടു
പോയി—പിന്നെ അവൻ ഹുസ്സയെയും
8 അഹീഹൂദിനെയും ജനിപ്പിച്ചു. ശഹരയീം
തന്റെ ഭാര്യമാരായ ഹൂശീമിനെയും ബയ
രയെയും ഉപേക്ഷിച്ചശേഷം മോവാബ്
ദേശത്തുവച്ചു പുത്രന്മാരെ ജനിപ്പിച്ചു.
9 അവൻ തന്റെ ഭാര്യയായ ഹോദേശിൽ
10 യോബാബ്, സിബ്യാ, മേശാ, മൽക്കാം,
യെവൂസ്, സാഖ്യാ, മിർമ്മാ എന്നിവരെ
ജനിപ്പിച്ചു. ഇവർ അവന്റെ പുത്രന്മാരായി
പിതൃഭവനങ്ങൾക്കു തലവന്മാർ ആയിരു
11 ന്നു. ഹൂശീമിൽ അവൻ അബീത്തൂബി
നെയും എല്പയലിനെയും ജനിപ്പിച്ചു;
എല്പയലിന്റെ പുത്രന്മാർ: ഏബെർ,
മിശാം, ശേമെർ; ഇവൻ ഓനോയും ലോദും
അതിനോടു ചേർന്ന പട്ടണങ്ങളും പണിതു;
ബെരീയാ, ശേമ —ഇവർ അയ്യാലോൻ
നിവാസികളുടെ പിതൃഭവനങ്ങൾക്കു തല
വന്മാരായിരുന്നു. ഗത്ത് നിവാസികളെ
ബഹിഷ്ക്കരിച്ചു; അഹ്യേശാശക്, യെരേ
മോത്ത്, സെബദ്യാ, അരാദ്, ഏദെർ,
മീഖായേൽ, യിശ്പാ, യോഹാ എന്നിവർ
ബെരീയായുടെ പുത്രന്മാർ. സെബദ്യാ
മെശുല്ലാം, ഹിസ്കി, ഹേബെർ, യിശ്മെ
രായി, യിസ്ലീയാ, യോവാബ് എന്നിവർ
എല്പയലിന്റെ പുത്രന്മാർ. യാക്കീ
സിക്രി, സബ്ദി, എലിയേനായി, സില്ലെഥ
യി, എലിയേൽ, അദായാ, ബെരായാ, ശി
ത്ത് എന്നിവർ ശിമിയുടെ പുത്രന്മാർ; യി
ശ്ഫാൻ, ഏബെർ, എലീയേൽ, അബ്ദോൻ,
സിക്രി, ഹാനാൻ, ഹനന്യാ, ഏലാം, അന്ഥോ
ഥ്യാ, യിഫ്ദേയാ, പെനൂവേൽ എന്നിവർ
ശാശക്കിന്റെ പുത്രന്മാർ. ശംശെരായി,
ശെഹര്യാ, അഥല്യാ, യാരെശ്യാ, എലിയാ,
സിക്രി എന്നിവർ യെരോഹാമിന്റെ പുത്ര
ന്മാർ. ഇവർ തങ്ങളുടെ തലമുറകളിൽ
കുടുംബങ്ങൾക്കു തലവന്മാരും പ്രധാനി
കളും ആയിരുന്നു; അവർ യറുശലേമിൽ
പാർത്തു. ഗിബെയോനിൽ ഗിബെയോൻ
പിതാവായ യെയീയേലും—അവന്റെ ഭാര്യ
യ്ക്കു മയഖാ എന്നു പേർ—അവന്റെ ആദ്യ
ജാതൻ അബ്ദോൻ, സൂർ, കീശ്, ബാൽ,
നാദാബ്, ഗെദോർ, അഹ്യോ, സേഖെർ
എന്നിവരും വസിച്ചു. മിക്ലോത്ത് ശിമെയയെ
ജനിപ്പിച്ചു; ഇവരും തങ്ങളുടെ സഹോദ
ന്മാരോടുകൂടെ യറുശലേമിൽ തങ്ങളുടെ
സഹോദരന്മാർക്കു നേരെ പാർത്തു. നേർ
കീശിനെ ജനിപ്പിച്ചു, കീശ് ശൌലിനെ ജനി
പ്പിച്ചു. ശൌൽ യോനാഥാനെയും മൽക്കീശു
വയെയും അബീനാദബിനെയും എശ്ബാ
ലിനെയും ജനിപ്പിച്ചു. യോനാഥാന്റെ മകൻ
മെരിബ്ബാൽ; മെരിബ്ബാൽ മീഖയെ ജനിപ്പിച്ചു. 34
മീഖയുടെ പുത്രന്മാർ: പീഥോൻ, മേലെക്, 35
തരേയ, ആഹാസ്. ആഹാസ് യഹോവദ്ദാ
യെ ജനിപ്പിച്ചു; യഹോവദ്ദാ അലേമെത്ത്,
അസ്മാവെത്ത്, സിമ്രി എന്നിവരെ ജനിപ്പി
ച്ചു; സിമ്രി ഓസയെ ജനിപ്പിച്ചു; ഓസബിനെ
യയെ ജനിപ്പിച്ചു; അവന്റെ മകൻ രാഫാ;
അവന്റെ മകൻ എലാസാ; അവന്റെ മകൻ
ആസേൽ; ആസേലിന് ആറു പുത്രന്മാർ
ഉണ്ടായിരുന്നു; അവരുടെ പേരുകൾ: അസ്രി
ക്കാം, ബൊഖ്രൂം, യിശ്മായേൽ, ശെര്യാ,

ഹാനാൻ. ഇവർ എല്ലാം ആസേലി
ന്മാർ. അവന്റെ സഹോദരനായ
ിന്റെ പുത്രന്മാർ: അവന്റെ ആദ്യ
ഊലാം; രണ്ടാമൻ യെവൂശ്,
എലീഫേലെത്ത്. ഊലാമിന്റെ
വീരന്മാരും വില്ലാളികളും ആയി
അവർക്ക് അനേകം പുത്രന്മാരും
ാരും ഉണ്ടായിരുന്നു. അവരുടെ
നൂറ്റമ്പത്. അവർ എല്ലാവരും
മീൻ ഗോത്രക്കാർ.

അദ്ധ്യായം 9

ായേൽ മുഴുവനും വംശാവലി
ാർത്തപ്പെട്ടിരുന്നു; അതു ഇസ്രാ
ാജാക്കന്മാരുടെ പുസ്തകത്തിൽ
ിരിക്കുന്നു. യഹൂദയെയോ അവ
്യത്യം നിമിത്തം അടിമകളാക്കി
ിലേക്കു കൊണ്ടുപോയി. അവ
വകാശത്തിലുള്ള പട്ടണങ്ങളിൽ
ന്ന ആദ്യനിവാസികൾ ഇസ്രായേ
രോഹിതന്മാരും ലേവ്യരും ദൈവാ
ലിക്കാരും ആയിരുന്നു. യറുശലേ
ല യഹൂദ്യരും ബെൻയാമീന്യരും
്യരും മനശ്ശേയരും പാർത്തു.
ഹൂദയുടെ മകനായ പേരസ്സിന്റെ
ബാനിയുടെ മകനായ ഇമ്രിയുടെ
ഇമ്രിയുടെ മകനായ അമ്മീഹൂദി
ഊഥായി; ശീലോന്യരിൽ ആദ്യ
അസായായും അവന്റെ പുത്ര
സരഹിന്റെ പുത്രന്മാരിൽ യെയൂ
അവരുടെ സഹോദരന്മാരുമായ
ത്തൊണ്ണൂറുപേരും; ബെൻയാമീൻ
ിൽ ഹസ്സെനൂവിന്റെ മകൻ
യുടെ മകനായ മെശുല്ലാമിന്റെ
സല്ലൂവും യെരോഹാമിന്റെ
യിബ്നെയായും മിക്രിയുടെ
ഉസ്സിയുടെ മകൻ ഏലയും
യാവിന്റെ മകനായ രെയൂവേ
കനായ ശെഫത്യായുടെ മകൻ
ും തലമുറതലമുറയായി അവ
ഹോദരന്മാർ ആകെ തൊള്ളായിര
ിയാറുപേർ. ഈ പുരുഷന്മാർ
ളുടെ പിതൃഭവനങ്ങളിൽ കുടും
ന്മാരായിരുന്നു.
ോഹിതന്മാരിൽ യെദയായും
ോരീബും യാഖീനും അഹീത്തൂ
മകനായ മെരായോത്തിന്റെ
സാദോക്കിന്റെ മകനായ മെശു
മകനായ ഹില്ക്കീയായുടെ
ദൈവാലയാധിപനായ അസ
ര്യാവും മല്ക്കീയാവിന്റെ മകനായ പശ്ഹൂ 12
രിന്റെ മകനായ യെരോഹാമിന്റെ മകൻ
അദായായും ഇമ്മേരിന്റെ മകനായ മെശി
ല്ലേമീത്തിന്റെ മകനായ മെശുല്ലാമിന്റെ
മകനായ യഹ്സേരയുടെ മകനായ അദീ 13
യേലിന്റെ മകൻ മയശായിയും പിതൃഭവന
ങ്ങൾക്കു തലവന്മാരായ അവരുടെ സഹോ
ദരന്മാരും ആകെ ആയിരത്തെഴുന്നൂറ്ററുപതു
പേർ. ഇവർ ദൈവാലയത്തിലെ ശുശ്രൂഷ
യ്ക്ക് സമർത്ഥന്മാർ ആയിരുന്നു. ലേവ്യരിൽ 14
മെരാര്യരിൽ ഹശബ്യായുടെ മകനായ
അസ്രീക്കാമിന്റെ മകനായ ഹശൂബിന്റെ
മകനായ ശെമയ്യായും ബക്ബക്കരും ഹേറെ 15
ശും ഗാലാലും ആസാഫിന്റെ മകനായ
സിക്രിയുടെ മകനായ മീഖയുടെ മകൻ
മത്ഥന്യായും യെദൂഥൂന്റെ മകനായ ഗാലാ 16
ലിന്റെ മകനായ ശെമയ്യായുടെ മകൻ
ഓബദ്യായും നെതോഫാത്യരുടെ ഗ്രാമ
ങ്ങളിൽ പാർത്ത എല്ക്കാനയുടെ മകനായ
ആസയുടെ മകൻ ബേരെഖ്യായും. വാതിൽ 17
കാവൽക്കാർ: ശല്ലൂമും അക്കൂബും തൽ
മോനും അഹീമാനും അവരുടെ സഹോദര
ന്മാരും; ശല്ലൂവായിരുന്നു തലവൻ. ലേവ്യ 18
പാളയത്തിൽ വാതിൽകാവൽക്കാരായ
ഇവർ കിഴക്കുവശത്തു രാജപടിവാതി
ല്ക്കൽ ഇന്നുവരെ കാവൽ ചെയ്തുവന്നു.
കോരഹിന്റെ മകനായ എബ്യാസാഫി 19
ന്റെ മകനായ കോരേയുടെ മകൻ ശല്ലൂമും
അവന്റെ പിതൃഭവനത്തിലെ അവന്റെ
സഹോദരന്മാരായ കോരഹ്യരും കൂടാര
ത്തിന്റെ വാതിൽക്കൽ കാവല്ക്കാരായി
ശുശ്രൂഷയ്ക്കു മേൽവിചാരകന്മാരായി
രുന്നു; അവരുടെ പിതാക്കന്മാരും കർത്താവി
ന്റെ പാളയത്തിനു മേൽവിചാരകന്മാരായി
ദ്വാരപാലകരായിരുന്നു. എലയാസാരിന്റെ 20
മകനായ ഫീനെഹാസ് പണ്ടു അവരുടെ
അധിപനായിരുന്നു; കർത്താവ് അവനോ
ടുകൂടെ ഉണ്ടായിരുന്നു. മെശേലെമ്യായുടെ 21
മകനായ സഖര്യാ സമാഗമനകൂടാരത്തി
ന്റെ വാതിൽ കാവൽക്കാരനായിരുന്നു.
വാതിൽകാവൽക്കാരായി നിയമിക്കപ്പെട്ടി 22
രുന്ന ഇവർ ആകെ ഇരുന്നൂറ്റിപ്പന്ത്രണ്ടു
പേർ. അവർ തങ്ങളുടെ ഗ്രാമങ്ങളിൽ
വംശാവലിപ്രകാരം ചാർത്തപ്പെട്ടിരുന്നു;
ദാവീദും ശമുവേലും ആയിരുന്നു അവരെ
അതതു ഉദ്യോഗത്തിലാക്കിയതു. ഇങ്ങനെ 23
അവരും അവരുടെ പുത്രന്മാരും കൂടാരനിവാ
സമായ ദൈവാലയത്തിന്റെ വാതിലു
കൾക്കു കാവൽമുറപ്രകാരം കാവല്ക്കാരാ
യിരുന്നു. കിഴക്കും പിടിഞ്ഞാറും വടക്കും 24

തെക്കും നാലുവശത്തും കാവല്ക്കാരുണ്ടാ
25 യിരുന്നു. ഗ്രാമങ്ങളിലെ അവരുടെ സഹോ
ദരന്മാർ ഏഴാംദിവസംതോറും മാറിമാറി
വന്നു അവരോടുകൂടെ ജോലി ചെയ്തു.
26 വാതിൽകാവല്ക്കാരിൽ പ്രധാനികളായ
ഈ നാലു ലേവ്യരും ഉദ്യോഗസ്ഥന്മാരായി
ദൈവാലയത്തിലെ അറകൾക്കും ഭണ്ഡാര
27 ത്തിനും ഭരണം നടത്തി. കാവലും രാവിലെ
തോറും വാതിൽ തുറക്കുന്ന ജോലിയും
അവർക്കുള്ളതുകൊണ്ടു അവർ ദൈവാല
28 യത്തിൻെറ ചുറ്റും രാപാർത്തു. അവരിൽ
ചിലർക്കു ശുശ്രൂഷയ്ക്കുള്ള ഉപകരണങ്ങ
ളുടെ മേൽനോട്ടം ഉണ്ടായിരുന്നു. അവയെ
എണ്ണി അകത്തുകൊണ്ടുപോകുകയും
പുറത്തുകൊണ്ടുവരുകയും ചെയ്യുമായിരു
29 ന്നു. അവരിൽ ചിലരെ ഉപകരണങ്ങൾക്കും
സകല വിശുദ്ധ പാത്രങ്ങൾക്കും എണ്ണ, വീ
ഞ്ഞു, കുന്തുരുക്കം, സുഗന്ധവർഗ്ഗം എന്നിവ
യ്ക്കും മേൽനോട്ടക്കാരായി നിയമിച്ചിരു
30 ന്നു. പുരോഹിതപുത്രന്മാരിൽ ചിലർ ധൂപ
31 ത്തിനുള്ള സുഗന്ധവർഗ്ഗം ഉണ്ടാക്കും. ലേവ്യ
രിൽ ഒരുവനായി കോരഹ്യനായ ശല്ലൂമി
ൻെറ ആദ്യജാതൻ മത്ഥിഥ്യായ്ക്കു അന്തർ
കാര്യങ്ങളുടെ മേൽനോട്ടം ഉണ്ടായിരുന്നു.
32 കൊഹാത്യരായ അവരുടെ സഹോദരന്മാ
രിൽ ചിലർക്കു ശാബതുതോറും കാഴ്ചയ
പ്പം ഒരുക്കുവാനുള്ള ചുമതല ഉണ്ടായിരു
33 ന്നു. ലേവ്യരുടെ പിതൃഭവനങ്ങളിൽ പ്രധാ
നികളായ ഇവർ സംഗീതക്കാരായി പ്രത്യേക
മുറികളിൽ പാർത്തിരുന്നു; അവർ രാവും
പകലും തങ്ങളുടെ പണിയിൽ വ്യാപൃതരാ
യിരുന്നതുകൊണ്ട് മറ്റു ശുശ്രൂഷകളിൽ
34 നിന്നു ഒഴിവുള്ളവരായിരുന്നു. ഈ പ്രധാ
നികൾ ലേവ്യരുടെ പിതൃഭവനങ്ങൾക്കു
തലമുറതലമുറയായി തലവന്മാരായിരുന്നു.
അവർ യറുശലേമിൽ പാർത്തുവന്നു.
35 ഗിബെയോനിൽ ഗിബെയോൻെറ
36 പിതാവായ യെയീയേലും—അവൻെറ ഭാര്യ
ക്കു മയഖാ എന്നുപേർ—അവൻെറ മൂത്ത
37 മകൻ അബ്ദോൻ, സൂർ, കീശ്, ബാൽ, നേർ,
നാദാബ്, ഗെദോർ, അഹ്യോ, സഖര്യാ,
38 മിക്ലോത്ത് എന്നിവരും പാർത്തു. മിക്ലോത്ത്
ശാമാസിനെ ജനിപ്പിച്ചു; അവർ തങ്ങളുടെ
സഹോദരന്മാരുടെ കൂടെ യറുശലേമിൽ
തങ്ങളുടെ സഹോദരന്മാർക്കു അടുത്തു
പാർത്തു. നേർ കീശിനെ ജനിപ്പിച്ചു, കീശ്
39 ശൌലിനെ ജനിപ്പിച്ചു; ശൌൽ യോനാഥാ
നെയും മൽക്കീശുവയെയും അബീനാദാ
ബിനെയും എശ്-ബാലിനെയും ജനിപ്പിച്ചു.
40 യോനാഥാൻെറ മകൻ മെരിബ്ബാൽ; മെരി
ബ്ബാൽ മീഖയെ ജനിപ്പിച്ചു. മീഖയുടെ 41
പുത്രന്മാർ: പീഥോൻ, മേലെക്, തഹ്രേയ,
ആഹാസ്; ആഹാസ് യാരയെ ജനിപ്പിച്ചു; 42
യാരാ അലേമെത്തിനെയും അസ്മാവെ
ത്തിനെയും സിമ്രിയെയും ജനിപ്പിച്ചു; സിമ്രി
ഓസയെ ജനിപ്പിച്ചു; ഓസ ബിനയയെ ജനി 43
പ്പിച്ചു; അവൻെറ മകൻ രെഫയാ; അവൻെറ
മകൻ എലാസാ; അവൻെറ മകൻ ആസേൽ.
ആസേലിനു ആറു മക്കൾ ഉണ്ടായിരുന്നു; 44
അവരുടെ പേരുകൾ: അസ്രീക്കാം, ബെക്രു,
ഇശ്മായേൽ, ശെയര്യാ, ഓബദ്യാ, ഹാ
നാൻ; ഇവർ ആസേലിൻെറ മക്കൾ.

അദ്ധ്യായം 10

ഫെലിസ്ത്യർ ഇസ്രായേലിനോട് യുദ്ധം 1
ചെയ്തു; ഇസ്രായേല്യർ ഫെലിസ്ത്യരുടെ
മുമ്പിൽ നിന്ന് ഓടി ഗിൽബോവ പർവ്വത
ത്തിൽ ഹതന്മാരായി വീണു. ഫെലിസ്ത്യർ 2
ശൌലിനെയും മക്കളെയും പിന്തുടർന്നു;
ഫെലിസ്ത്യർ ശൌലിൻെറ മക്കളായ
യോനാഥാനെയും അബീനാദാബിനെയും
മല്ക്കീശുവയെയും വധിച്ചു. യുദ്ധം ശൌ
ലിൻെറ നേരെ മുറുകി, വില്ലാളികൾ അവനെ 3
കണ്ടു. വില്ലാളികളാൽ അവൻ വിഷമ
ത്തിലായി. അപ്പോൾ ശൌൽ തൻെറ
ആയുധവാഹകനോടു: ഈ അഗ്രചർമ്മി 4
കൾ വന്നു എന്നെ അപമാനിക്കാതിരി
ക്കാനായി നിൻെറ വാൾ ഊരി എന്നെ
കുത്തുക എന്നു പറഞ്ഞു; അവൻെറ
ആയുധവാഹകൻ ഏറ്റം ഭീതിദനായതി
നാൽ അവനു മനസ്സുവന്നില്ല. അതു
കൊണ്ട് ശൌൽ തന്നെ ഒരു വാൾ പിടിച്ചു 5
അതിന്മേൽ വീണു. ശൌൽ മരിച്ചു എന്നു
അവൻെറ ആയുധവാഹകൻ കണ്ടപ്പോൾ
താനും അങ്ങനെ തന്നെ തൻെറ വാളിന്മേൽ
വീണു മരിച്ചു. ഇങ്ങനെ ശൌലും മൂന്നു 6
മക്കളും അവൻെറ ആയുധവാഹകരും
അവൻെറ വീരന്മാരും ആ ദിവസം ഒരുമിച്ചു
മരിച്ചു. ശൌലും മക്കളും മരിച്ചു എന്നു 7
താഴ്വരയിലുള്ള ഇസ്രായേല്യർ കണ്ടിട്ടു
അവർ തങ്ങളുടെ പട്ടണങ്ങൾ വിട്ട്
ഓടിപ്പോയി; ഫെലിസ്ത്യർ വന്നു അവയിൽ
കുടിയേറി.

പിറ്റെ ദിവസം ഫെലിസ്ത്യർ ഹതന്മാ 8
രുടെ വസ്ത്രം ഉരിയുവാൻ വന്നപ്പോൾ
ശൌലും പുത്രന്മാരും ഗിൽബോവ പർവ്വത
ത്തിൽ മരിച്ചു കിടക്കുന്നതു കണ്ടു. അവർ 9
അവൻെറ വസ്ത്രാദികൾ ഉരിഞ്ഞു അവ
ൻെറ തലയും ആയുധങ്ങളും എടുത്തു
അവരുടെ ക്ഷേത്രങ്ങളിലും ജനത്തിൻെറ

വിവരം അറിയിക്കേണ്ടതിനു
ത്യദേശത്തെല്ലാം ആളയച്ചു.
ആയുധങ്ങൾ അവർ തങ്ങളുടെ
ക്ഷേത്രത്തിൽ വച്ചു; അവൻെറ
ഗാൻെറ ക്ഷേത്രത്തിലും തൂക്കി.
ൃർ ശൌലിനോടു ചെയ്തതെല്ലാം
ലെ യാബേശിലെങ്ങും കേട്ട
ന്മാരെല്ലാവരും പുറപ്പെട്ടു ശൌ
വവും അവൻെറ പുത്രന്മാരുടെ
എടുത്തു യാബേശിലേക്കു
ന്നു; അവരുടെ അസ്ഥികൾ യാ
കരുവേലകത്തിൻകീഴിൽ കുഴി
ദിവസം ഉപവസിച്ചു. ഇങ്ങനെ
ർത്താവിനോടു ചെയ്ത പാപം
ർത്താവിൻെറ വചനം അനുസരി
ലും ആഭിചാരകരോടു അരുള
ദിച്ചതിനാലും മരിക്കേണ്ടിവന്നു.
ദവത്തോട് അരുളപ്പാട് ചോദി
ാതിനാൽ താൻ അവന് അന്ത്യം
ാജത്വം ഇശായിയുടെ മകനായ
നൽകി.

അദ്ധ്യായം 11

ായല്യർ ഹെബ്രോനിൽ ദാവീദി
ക്കൽ കൂടി പറഞ്ഞതു: ഞങ്ങൾ
സ്ഥിയും മാംസവും ആണല്ലോ.
ൽ രാജാവായിരുന്ന കാലത്തും
ുന്നു നായകനായി ഇസ്രായേ
യിച്ചത്. നീ എൻെറ ജനമായ
ലിനെ നയിക്കുകയും മേയ്ക്കയും
നമായ ഇസ്രായേലിനു രാജാ
യും ചെയ്യുമെന്നു നിൻെറ ദൈവ
ത്താവ് നിന്നോടു അരുളിച്ചെയ്തിട്ടു
സായേൽ മൂപ്പന്മാരെല്ലാം ഹെ
വച്ചു അടുത്തെത്തി. അവിടെ
ദ് ദൈവസന്നിധിയിൽ അവരോട്
ചയ്തു; ശമുവേൽ മൂലം കർത്താവ്
യ്തതുപോലെ അവർ ദാവീദിനെ
ലിനു രാജാവായി നിശ്ചയിച്ചു.
ാവീദും എല്ലാ ഇസ്രായേലും
എന്ന യറുശലേമിലേക്ക് ചെന്നു.
ദശവാസികളായ യെബൂസ്യർ
ുന്നു. യെബൂസ്നിവാസികൾ
ാടു: നീ ഇവിടെ കടക്കുകയില്ല
ഞ്ഞുവെങ്കിലും സെഹിയോൻ
ച്ചു; അതു ആകുന്നു ദാവീദിൻെറ
ന്നാൽ ദാവീദ്: ആരെങ്കിലും
രെ ആദ്യം തോല്പിച്ചാൽ അവൻ
യും സേനാധിപനും ആയിരിക്കും
ഞ്ഞു. സെരൂയയുടെ മകൻ

യോവാബ് ആദ്യം കയറിച്ചെന്നു അധികാ
രിയായിത്തീർന്നു. ദാവീദ് ആ കോട്ടയിൽ 7
പാർത്തതുമൂലം അതിനു ദാവീദിൻെറ നഗ
രം എന്നു പേരുണ്ടായി. പിന്നെ അവൻ 8
നഗരത്തെ മില്ലോ മുതൽ ചുററും പണിതു
ഉറപ്പിച്ചു; നഗരത്തിൽ ശേഷിച്ചവർക്ക്
വലതു ഭാഗം കൊടുത്തു. സൈന്യങ്ങളുടെ 9
ബലവാനായ കർത്താവ് തന്നോടുകൂടെ
ഉണ്ടായിരുന്നതിനാൽ ദാവീദ് മേല്ക്കു
മേൽ പ്രബലനായി.

ദാവീദിന് ഉണ്ടായിരുന്ന പ്രധാന വീര 10
ന്മാർ: ഇസ്രായേലിനെക്കുറിച്ചുള്ള കർത്താ
വിൻെറ വചനപ്രകാരം അവനെ രാജാവാ
ക്കുവാൻ അവർ എല്ലാ ഇസ്രായേലുമായി
രാജത്വം സംബന്ധിച്ച് അവൻെറ പക്ഷത്തു
നിലയുറപ്പിച്ചു. ദാവീദിനുണ്ടായിരുന്ന വീര 11
ന്മാരുടെ മുപ്പതുപേരിൽ പ്രധാനിയായി
ഗദഈ; അവൻ മുന്നൂറു പേരെ കുന്തം
കൊണ്ട് കുത്തിക്കൊന്നു. അവൻെറ ശേഷം
അഹോഹ്യനായ ദോദോവിൻെറ മകൻ 12
എലെയാസാർ; അവൻ മൂന്നു വീരന്മാരിൽ
ഒരുത്തൻ ആയിരുന്നു. ഫെലിസ്ത്യർ പസ്-
ദമ്മീയിൽ യുദ്ധത്തിനു വന്നപ്പോൾ അവൻ 13
അവിടെ ദാവീദിനോടുകൂടെ ഉണ്ടായിരുന്നു;
അവിടെ ഒരു യവംവയൽ ഉണ്ടായിരുന്നു;
പടയാളികൾ ഫെലിസ്ത്യരുടെ മുമ്പിൽ നിന്ന്
ഓടിപ്പോയി. എന്നാൽ അവർ ആ വയലി 14
ൻെറ മദ്ധ്യേ നിന്നു അതിനെ സംരക്ഷിച്ചു
ഫെലിസ്ത്യരെ കൊന്നുകളഞ്ഞു; കർത്താവ്
അവർക്കു വലിയ വിജയം നൽകി. ഒരിക്കൽ 15
ഫെലിസ്ത്യരുടെ സൈന്യം രെഫയീം താഴ്വര
യിൽ പാളയമിറങ്ങിയിരിക്കുമ്പോൾ മുപ്പതു
തലവന്മാരിൽ മൂന്നുപേർ അദുല്ലാം ഗുഹ
യിൽ ദാവീദിൻെറ അടുക്കൽ ചെന്നു. അന്നു 16
ദാവീദ് ദുർഗ്ഗത്തിൽ ആയിരുന്നു; ഫെലി
സ്ത്യർക്കു അക്കാലത്തു ബേത്ലഹെമിൽ
ഒരു കാവൽസൈന്യം ഉണ്ടായിരുന്നു.
ബേത്ലഹെം പട്ടണവാതില്ക്കലുള്ള കിണ 17
റ്റിൽ നിന്ന് എനിക്കു കുടിപ്പാൻ വെള്ളം
ആർ കൊണ്ടുവന്നുതരും എന്നു ദാവീദ്
ആർത്തിയോടെ പറഞ്ഞു. അപ്പോൾ ആ 18
മൂന്നുപേരും ഫെലിസ്ത്യപാളയത്തിൽക്കൂടി
കടന്ന് ബേത്ലഹെം പട്ടണവാതില്ക്കലെ
കിണറ്റിൽനിന്നു വെള്ളം കോരി ദാവീദി
ൻെറ അടുക്കൽ കൊണ്ടുവന്നു; ദാവീദിനു
അതു കുടിക്കുവാൻ മനസ്സ് വന്നില്ല. അവൻ
അതു കർത്താവിന് സമർപ്പിച്ച് ഒഴിച്ചു: ഇതു 19
ചെയ്യുവാൻ എൻെറ ദൈവം എനിക്കു
ഇടയാക്കരുതേ; തങ്ങളുടെ ജീവൻ ത്യജിച്ചു
പോയ പുരുഷന്മാരുടെ രക്തം ഞാൻ കുടി

ക്കയോ ? അവർ തങ്ങളുടെ ജീവൻ കരുതാ
തെയല്ലോ അതു കൊണ്ടുവന്നിരിക്കുന്നതു
എന്നു പറഞ്ഞു; അതിനാൽ അവന് അത്
കുടിക്കുവാൻ മനസ്സായില്ല; ഇതാകുന്നു ഈ
20 മൂന്നു വീരന്മാർ ചെയ്തത്. യോവാബിൻെറ
സഹോദരനായ അബീശായി മുപ്പതു
പേരിൽ തലവനായിരുന്നു; അവൻ മുന്നൂറു
പേരെ കുന്തം കൊണ്ട് കൊന്നു; അതു
കൊണ്ട് അവൻ ആ മുപ്പതുപേരിൽ വച്ചു
21 കീർത്തി പ്രാപിച്ചു; അധിക ബഹുമാനം
അവൻ പ്രാപിച്ചു അവർക്കു നായകനായി
22 ത്തീർന്നു. കബ്സേലിലെ ഒരു രണവീര
ൻെറ മകനായ യെഹോയാദയുടെ മകനായ
ബെനായായും വീര്യപ്രവൃത്തികൾ ചെയ്തു.
അവൻ മോവാബിലെ രണ്ടു വീരരെ
സംഹരിച്ചു. തണുപ്പുകാലത്തു ഒരു
ഗുഹയിൽ ചെന്നു ഒരു സിംഹത്തെയും
23 കൊന്നുകളഞ്ഞു. അവൻ അഞ്ചു മുഴം
പൊക്കമുള്ള ദീർഘകായനായ ഒരു
മെസ്രേന്യനെയും സംഹരിച്ചു; ആ മെസ്രേ
ന്യൻെറ കയ്യിൽ നെയ്ത്തുകാരൻെറ
പടപ്പു തടിപോലെ ഒരു കുന്തം ഉണ്ടായി
രുന്നു; ഇവൻ ഒരു വടിയുമായി അവൻെറ
അടുക്കൽ ചെന്നു മെസ്രേന്യൻെറ കയ്യിൽ
നിന്നു കുന്തം പിടിച്ചുപറിച്ച് ആ കുന്തം
24 കൊണ്ടു അവനെ കൊന്നുകളഞ്ഞു. ഇവ
യെഹോയാദയുടെ മകനായ ബെനായാ
25 ചെയ്തു, മൂന്നു വീരന്മാരിൽ വച്ചു കീർത്തി
പ്രാപിച്ചു. അവൻ മുപ്പതുപേരിലും ബഹു
മാനമേറിയവനായിരുന്നു. ദാവീദ് അവനെ
അകമ്പടി നായകനാക്കി.
26 സൈന്യത്തിലെ വീരന്മാർ: യോവാ
27 ബിൻെറ സഹോദരനായ അസാഹേൽ,
ബേത്ലേഹെമ്യനായ ദോദോവിൻെറ മകൻ
28 എൽഹാനാൻ, ഹരോര്യനായ ശമ്മോത്ത്,
പെലോന്യനായ ഹേലെസ്, തെക്കോവ്യ
29 നായ ഇക്കേശിൻെറ മകൻ ഈരാ, അനാ
30 ഥോത്യനായ അബീയേസെർ, ഹുശാത്യ
നായ സിബെഖായി, അഹോഹ്യനായ
ഈലായി, നെതോഫാത്യനായ മഹരായി,
നെതോഫാത്യനായ ബാനയുടെ മകൻ
31 ഹേലെദ്, ബെൻയാമീന്യരുടെ ഗിബെയ
32 യിൽനിന്നുള്ള രീബായിയുടെ മകൻ
ഈഥായി, പരാഥോന്യനായ ബെനായാ,
33 നഹലേഗാശിൽനിന്നുള്ള ഹൂരായി, അബാ
ത്യനായ അബീയേൽ, ബഹരുമ്യനായ
34 അസ്മാവെത്ത്, ശയൽബോന്യനായ എല്യ
ഹ്ബാ, ഗീസോന്യനായ ഹശേമിൻെറ
പുത്രന്മാർ, ഹരാര്യനായ ശാഗേയുടെ മകൻ
35 യോനാഥാൻ, ഹരാര്യനായ സാഖാരിൻെറ
മകൻ അഹീയാം, ഊരിൻെറ മകൻ എലി
ഫാൽ, മെഖേരാത്യനായ ഹേഫെർ, പെ
ലോന്യനായ അഹീയാ, കർമ്മേല്യനാ
ഹെസ്രോ, എസ്ബായിയുടെ മകൻ ന
രായി, നാഥാൻെറ സഹോദരൻ യോവേൽ
ഹഗ്രിയുടെ മകൻ മിബ്ഹാർ, അമ്മോന്യ
നായ സേലക്, സെരൂയയുടെ മകനായ
യോവാബിൻെറ ആയുധവാഹകനായ
ബെരോത്യൻ നഹ്രായി, യിത്രീയനായ
ഈരാ, യിത്രീയനായ ഗാരേബ്, ഹിത്യനായ
ഊരിയാ, അഹ്ലായിയുടെ മകൻ സാബാദ്
രൂബേന്യരുടെ സേനാപതിയും മുപ്പതുപേർ
അകമ്പടിയുള്ളവനുമായി രൂബേന്യനായ
ശീസയുടെ മകൻ അദീനാ, മയഖയുടെ
മകൻ ഹാനാൻ, മിത്തിയനായ യോശാ
ഫാത്ത്, അസ്തെരാത്യനായ ഉസ്സിയാ, അരോ
വേര്യനായ ഹോഥാമിൻെറ പുത്രന്മാരായ
ശാമാ, യെയിയേൽ, ശിമ്രിയുടെ മകനായ
യെദീയയേൽ, തീസ്യനായി അവൻെറ
സഹോദരനായ യോഹാ, മഹവ്യനായ
എലീയേൽ, എൽനാമിൻെറ പുത്രന്മാരായ
യെരീബായി, യോശവ്യാ, മോവാബ്യൻ
യിത്ത്മാ, എലീയേൽ, ഓബേദ്, മെസോ
ബ്യനായ യാസീയേൽ എന്നിവർ അത്രെ.

അദ്ധ്യായം 12

കീശിൻെറ മകനായ ശൌലിൻെറ
നിമിത്തം ദാവീദ് ഒളിച്ചു പാർത്തിരുന്ന
പ്പോൾ ദൈവം അരുളിച്ചെയ്ത ശമൂവേ
ലിൻെറ വചനപ്രകാരം ശൌലിൻെറ
രാജത്വം ദാവീദിനു നൽകുവാനായി
ദാവീദിൻെറ അടുക്കൽ സീക്ലാഗിൽ വന്ന
വ് വീരോചിതമായി അവന് യുദ്ധത്തിൽ
സഹായം ചെയ്തു; അവർ വില്ലാളികളും 2
വലങ്കൈകൊണ്ടും ഇടങ്കൈകൊണ്ടും കല്ലെ
റിയുവാനും അമ്പെയ്യുവാനും സമർത്ഥ
ന്മാരുമായിരുന്നു. ദാവീദ് ആഗ്രഹിച്ചിരു
ന്നെങ്കിൽ കീശിൻെറ മകൻ ശൌലിനെ,
ശക്തരും യുദ്ധവീരരുമായ അവർ കൊല്ലുമാ
യിരുന്നു. ദാവീദോ, ശൌലിനെ കൊല്ലു
വാൻ ആഗ്രഹിച്ചില്ല. അവർ: ബെൻയാമീ
ന്യരായ ശൌലിൻെറ സഹോദരന്മാരുടെ
കൂട്ടത്തിൽ തലവനായ അഹീയേസെർ,
യോവാശ്, ഗിബെയാത്യനായ ശെമായ 3
യുടെ പുത്രന്മാർ, അസ്മാവെത്തിൻെറ
പുത്രന്മാർ യസീയേൽ, പേലെത്ത്,
ബെരാഖാ, അനാഥോത്യൻ യേഹൂ. മുപ്പതു 4
പേരിൽ ശക്തനും മുപ്പതുപേർക്കു നായകനു
മായി ഗിബെയോന്യനായ യിശ്മായാ, യിരെ
മ്യാ, യഹസീയേൽ, യോഹാനാൻ, ഗെദേരാ

യോസാബാദ്, എലൂസായി,
ത്ത്, ബെയല്യാ, ശെമര്യാ, ഹരു
ശഫത്യാ, എല്ക്കാനാ, യിശ്ശീയാ,
കോരഹ്യരായ യോവേസെർ,
ശ്യാം; ഗെദോരിൽനിന്നുള്ള യെ
ന്റെ പുത്രന്മാരായ യോവേലാ,
പരിചയും കുന്തവും എടുക്കു
പ്പിയുള്ള വീരന്മാരും യുദ്ധാഭ്യാ
ാദ്യരെ പിരിഞ്ഞുവന്നു മരുഭൂമി
ത്തിൽ ദാവീദിനോടു ചേർന്നു;
ഹമുഖന്മാരും യുദ്ധസമയത്തു
ള്ളക്കുന്നവരും ആയിരുന്നു.
ലവൻ ഏസെർ, രണ്ടാമൻ ഓ
ന്നാമൻ എലീയാബ്, നാലാമൻ
അഞ്ചാമൻ യിരെമ്യാ, ആറാമൻ
ഏഴാമൻ എലീയേൽ, എട്ടാമൻ
ൻ, ഒമ്പതാമൻ എൽസാബാദ്,
യിരെമ്യാ, പതിനൊന്നാമൻ
യി. ഇവർ ഗാദ്യരിൽ സേനാ
ർ ആയിരുന്നു; അവരിൽ ഒരു
പേർക്കും മറ്റുള്ളവർ ആയിരം
അധികാരികൾ. അവർ നീസാൻ
യോർദ്ദാൻ കവിഞ്ഞൊഴുകു
തിനെ കടന്നു താഴ്വരനിവാസി
ം കിഴക്കോട്ടും പടിഞ്ഞാറോട്ടും
ല ബെൻയാമീന്യരും യഹൂദ്യരും
ിൽ ദൈവം അരുളിച്ചെയ്ത ശമൂ
വചനപ്രകാരം ശൌലിന്റെ
വീദിനു നൽകുവാനായി ദാവീ
ടുത്തെത്തി. ദാവീദ് അവരെ
ചെന്നു അവരോടു: നിങ്ങൾ
ഹായിക്കുവാൻ സമാധാന
ന്നിരിക്കുന്നു എങ്കിൽ ഹൃദയാ
ാധിപ്പിക്കട്ടെ; എന്റെ കയ്യിൽ
ഒന്നും ഇല്ലാതിരിക്കെ എന്റെ
ക്ക് എന്നെ കാണിച്ചുകൊടു
ലാ നമ്മുടെ പിതാക്കന്മാരുടെ
ന്ദു ശിക്ഷിക്കട്ടെ എന്നു പറ
പ്പാൾ മുപ്പതുപേരിൽ തലവ
സായിയുടെമേൽ ആത്മാവു

ീക
ാ, വരിക, ഞാൻ നിന്നോടു

മാധാനം; ഭയപ്പെടേണ്ട.
ഹായിയിൽ നിന്നു നിനക്ക്
നം അയയ്ക്കപ്പെട്ടിരിക്കുന്നു;
ദവമല്ലോ എപ്പോഴും നിന്നെ
ിക്കുന്നത്
ർ പറഞ്ഞു.

ദാവീദ് അവരെ സ്വീകരിച്ച് സൈന്യതല 19
വന്മാരാക്കി. ദാവീദ് ഫെലിസ്ത്യരോടുകൂടെ
ശൌലിന്റെ നേരെ യുദ്ധത്തിനു ചെന്ന
പ്പോൾ മനശ്ശെയരിൽ ചിലരും അവനോടു
ചേർന്നു; എന്തെന്നാൽ ശൌലിനെ സഹാ
യിക്കുവാൻ അവർക്കു മനസ്സില്ലായിരുന്നു;
ഫെലിസ്ത്യപ്രഭുക്കന്മാരുമായി അവർ ആലോ
ചിച്ചിട്ടു: ഞങ്ങൾ ആദ്യം ശൌലിനോടു യുദ്ധം
ചെയ്യാം. അവൻ സീക്ലാഗിൽ വരുമ്പോൾ
അവനെ ജീവനോടെ പിടികൂടാം എന്നു
പറഞ്ഞു. മനശ്ശെയിൽനിന്നു അദ്നാഹ്, 20
യോസാബാദ്, യെദീയയേൽ, മീഖായേൽ,
യോസാബാദ്, എലീഹൂ, സില്ലെഥായി
എന്നീ മനശ്ശെയ സഹസ്രാധിപന്മാർ അവ
നോടു ചേർന്നു. അവർ സർവ്വസേനയ്ക്കും 21
അധിപന്മാരായിരുന്നതിനാൽ ഇഷ്ടാനു
സരണം പ്രവർത്തിച്ചിരുന്നു. ദിവസംപ്രതി 22
അവർ അവന്റെ അടുക്കൽ ഭക്ഷണത്തിനു
വന്നു. അവൻ അവരെ ഏററവും സ്നേഹി 23
ച്ചു വന്നു.

പരിചയും കുന്തവും എടുത്തു യുദ്ധ 24
സന്നദ്ധരായ യഹൂദ്യർ ആറായിരത്തെ
ണ്ണൂറുപേർ. ശിമെയോന്യരിൽ ശൌര്യമുള്ള 25
യുദ്ധവീരന്മാർ എണ്ണായിരത്തൊരുനൂറു
പേർ. ലേവ്യരിൽ നാലായിരത്തറുന്നൂറു 26
പേർ. അഹരോന്യരിൽ നേതാവ് യെഹോ
യാദാ; അവനോടുകൂടെ മൂവായിരത്തെഴു 27
ന്നൂറു പേർ. വീരനും യുവാവുമായ സാ
ദോക്, അവന്റെ പിതൃഭവനത്തിലെ ഇരു 28
പത്തിരണ്ടു പ്രഭുക്കന്മാർ. ശൌലിന്റെ 29
സഹോദരന്മാരായ ബെന്യാമീന്യരിൽ
മൂവായിരം പേർ; അവരിൽ ഭൂരിപക്ഷം
ശൌൽ കൊല്ലപ്പെട്ടതുവരെ ശൌലിന്റെ
ഗൃഹകാര്യം നോക്കി വന്നിരുന്നു. എഫ്രയീ 30
മ്യരിൽ വീരന്മാരായി തങ്ങളുടെ പിതൃഭവന
ങ്ങളിൽ പ്രസിദ്ധരായ ഇരുപതിനായിര
ത്തെണ്ണൂറു പേർ. മനശ്ശെയുടെ പാതി 31
ഗോത്രത്തിൽ പതിനെണ്ണായിരം പേർ.
ദാവീദിനെ രാജാവാക്കുവാനായി കൂടു
വാൻ ഇവരെ പേരു പേരായി നിശ്ചയി
ച്ചിരുന്നു. ഇസ്സാഖാര്യരിൽ ഇസ്രായേൽ 32
ദൈവമുമ്പാകെ ഇന്നതു ചെയ്യേണം എന്നു
അറിയിപ്പാൻ തക്കവണ്ണം കാലജ്ഞരായ
നേതാക്കന്മാർ ഇരുന്നൂറുപേർ; അവരുടെ
സഹോദരന്മാരെല്ലാം അവരുടെ കല്പന
യ്ക്ക് വിധേയരായിരുന്നു. സെബുലൂന്യ 33
രിൽ യുദ്ധസന്നദ്ധരായി എല്ലാ ആയുധ
ങ്ങൾ ധരിച്ചു നിരനിരയായി ഒരുമിച്ചു
ദാവീദിനോട് വിഘടിച്ചു നിന്നവരോട്
യുദ്ധത്തിനു പുറപ്പെട്ടവർ അൻപതിനാ

34 യിരംപേർ. നഫ്താലിയിൽ നായകന്മാർ
ആയിരം പേർ; അവരോടുകൂടെ പരിചയും
35 കുന്തവും എടുത്തവർ മുപ്പത്തേഴായിരം
പേർ. ദാന്യരിൽ യുദ്ധസന്നദ്ധർ ഇരുപ
36 ത്തെണ്ണായിരത്തറുനൂറുപേർ. ആശേരിൽ
യുദ്ധസന്നദ്ധരായി പുറപ്പെട്ടവർ നാല്പതി
37 നായിരം പേർ. യോർദ്ദാന് അക്കരെ രൂബേ
ന്യരിലും ഗാദ്യരിലും മനശ്ശെയുടെ പാതിഗോ
ത്രത്തിലും എല്ലാ യുദ്ധായുധങ്ങളോടും
38 കൂടെ ലക്ഷത്തിരുപതിനായിരം പേർ. അണി
നിരക്കുവാൻ കഴിവുള്ള യോദ്ധാക്കളായ
ഇവരെല്ലാവരും ദാവീദിനെ എല്ലാ ഇസ്രാ
യേലിനും രാജാവാക്കുവാൻ ഏകമനസ്സോ
ടെ ഹെബ്രോനിലേക്ക് വന്നു; ശേഷമുള്ള
ഇസ്രായേല്യരും ദാവീദിനെ രാജാവാക്കു
വാൻ യോജിച്ചുനിന്നു. അവർ അവിടെ
39 ഭക്ഷിച്ചും പാനം ചെയ്തും ദാവീദിനോടുകൂ
ടെ മൂന്നു ദിവസം പാർത്തു; അവരുടെ സ
ഹോദരന്മാർ അവർക്കുവേണ്ടി ഭക്ഷണം
40 ഒരുക്കിയിരുന്നു. ഇസ്രായേലിൽ സന്തോഷ
മുണ്ടായിരുന്നതിനാൽ സമീപവാസികൾ,
ഇസ്സാഖാർ, സെബൂലൂൻ, നഫ്താലി എന്നി
വരും, കഴുതപ്പുറത്തും ഒട്ടകപ്പുറത്തും കോ
വർ കഴുതപ്പുറത്തും കാളപ്പുറത്തും അപ്പം,
മാവ്, അത്തിപ്പഴക്കട്ട, ഉണക്കമുന്തിരിപ്പഴം,
വീഞ്ഞ്, എണ്ണ എന്നിവയെയും കാളകളെ
യും വളരെ ആടുകളെയും കൊണ്ടുവന്നു.

അദ്ധ്യായം 13

1 ദാവീദ് സഹസ്രാധിപന്മാരോടും ശതാ
ധിപന്മാരോടും എല്ലാ നേതാക്കളോടും
ആലോചിച്ച് ഇസ്രായേലിൻെറ സർവ്വസഭ
2 യോടും പറഞ്ഞത്: നിങ്ങൾക്കു സമ്മതമെ
ങ്കിൽ, നമ്മുടെ ദൈവത്തോടു നമുക്കു
പ്രാർത്ഥിക്കുകയും ഇസ്രായേൽ നഗരങ്ങ
ളിൽ ചിതറിപ്പാർക്കുന്ന നമ്മുടെ സഹോ
ദരന്മാരേയും, പുരോഹിതരേയും ലേവ്യരേ
യും കുടിപാർപ്പിക്കുകയും ചെയ്യാം. അവർ
നമ്മുടെ അടുക്കൽ വന്നുകൂടി ദൈവമായ
കർത്താവിനോടു പ്രാർത്ഥിക്കുകയും പാപ
ങ്ങളെയോർത്തു പ്രാർത്ഥിക്കുകയും ചെ
3 യ്യട്ടെ. ശൌലിൻെറ കാലത്തു നാം ഇക്കാര്യം
അത്ര ഗണ്യമായി വിചാരിച്ചില്ല. ഈ കാര്യം
4 ജനത്തിനു സമ്മതമായതിനാൽ അങ്ങനെ
തന്നെ ചെയ്യണമെന്ന് സർവ്വ സഭയും
5 പറഞ്ഞു. ഇങ്ങനെ ദാവീദ് ദൈവത്തിൻെറ
പെട്ടകം കുര്യത്ത്-യെയാരീമിൽനിന്നു
കൊണ്ടുവരേണ്ടതിനു മെസ്രേനിലെ നദി
മുതൽ അന്ത്യോക്യാവരെയുള്ള എല്ലാ
ഇസ്രായേലിനെയും കൂട്ടി വരുത്തി. കെരൂ
ബുകളുടെ മദ്ധ്യേ അധിവസിക്കുന്ന ദൈവ
മായ കർത്താവിൻെറ തിരുനാമം വിളിക്ക
പ്പെടുന്ന പെട്ടകം കൊണ്ടുവരേണ്ടതിന്
ദാവീദും എല്ലാ ഇസ്രായേല്യരും യഹൂദ
യോടു ചേർന്ന കുര്യത്ത് യെയാരീമെന്ന
ബയലയിൽ ചെന്നു. അവർ ദൈവത്തിൻെറ
പെട്ടകം അബീനാദാബിൻെറ വീട്ടിൽ
നിന്നെടുത്ത് ഒരു പുതിയ വണ്ടിയിൽ കയറ്റി;
ഉസ്സയും സഹോദരരും വണ്ടി തെളിച്ചു;
ദാവീദും എല്ലാ ഇസ്രായേലും ദൈവസന്നി
ധിയിൽ പൂർണ്ണശക്തിയോടെ പാട്ടുപാടിയും,
കിന്നരം, വീണ, തപ്പ്, കൈത്താളം, കാഹളം
എന്നീ വാദ്യങ്ങൾ ഘോഷിച്ചുംകൊണ്ടു
നൃത്തം ചെയ്തു.അവർ കീദോൻ കളത്തിനു
സമീപം എത്തിയപ്പോൾ കാള വിരണ്ടതി
നാൽ ഉസ്സ പെട്ടകം പിടിപ്പാൻ കൈ നീട്ടി.
അപ്പോൾ ദൈവത്തിൻെറ കോപം ഉസ്സയു
ടെ നേരെ ജ്വലിച്ചു; അവൻ തൻെറ കൈ
പെട്ടകത്തിങ്കലേക്ക് നീട്ടിയതിനാൽ അവ
നെ ശിക്ഷിച്ചു, അവൻ അവിടെ പെട്ടക
സന്നിധിയിൽ തന്നെ മരിച്ചുവീണു.
ദൈവം ഉസ്സയെ ശിക്ഷിച്ചതിനാൽ ദാവീ
ദിനു വ്യസനമായി; അവൻ ആ സ്ഥലത്തി
നു തൂരാത്ത്-ഉസ്സാ എന്നു പേർ വിളിച്ചു.
ഇത് ഇന്നുവരെയും പറഞ്ഞുവരുന്നു. അന്നു
ദാവീദ് ദൈവത്തെ ഭയപ്പെട്ടുപോയി; ഞാൻ
ദൈവത്തിൻെറ പെട്ടകം എങ്ങനെ എൻെറ
അടുക്കൽ കൊണ്ടുവരേണ്ടു എന്നു പറ
ഞ്ഞു. ദാവീദ് പെട്ടകം തൻെറ അടുക്കൽ
ദാവീദിൻെറ നഗരത്തിൽ കൊണ്ടുവരാതെ
ഗിത്യനായ ഓബോർ-എദോമിൻെറ വീട്ടി
ലേക്കു കൊണ്ടുപോയി. ദൈവത്തിൻെറ
പെട്ടകം ഓബേദ്-എദോമിൻെറ കുടുംബ
ത്തിൽ മൂന്നുമാസം ഇരുന്നു; ദൈവം
ഓബോർ-ഏദോമിൻെറ കുടുംബത്തെയും
അവനുള്ള സകലത്തെയും അനുഗ്രഹിച്ചു.

അദ്ധ്യായം 14

സോർ രാജാവായ ഹീരാം, ദാവീദിൻെറ
അടുക്കൽ ദൂതന്മാരെയും അവന് ഒരു അ
മന പണിയേണ്ടതിനു ദേവദാരു തടികളും
കൽപണിക്കാരെയും ആശാരിമാരെയും
അയച്ചു. ദൈവത്തിൻെറ ജനമായ ഇസ്രാ
യേൽ നിമിത്തം തൻെറ രാജത്വം ഉയർച്ച
പ്രാപിച്ചതിൽനിന്നും ദൈവം ഇസ്രായേ
ലിനു തന്നെ രാജാവായി സ്ഥിരപ്പെടുത്തി
എന്നു ദാവീദിനു മനസ്സിലായി.
ദാവീദ് ഹെബ്രോനിൽനിന്നും വന്ന
ശേഷം യറുശലേമിൽവച്ചു വേറെയും
ഭാര്യമാരെ പരിഗ്രഹിച്ചു, വളരെ പുത്രന്മാ

ുത്രിമാരെയും ജനിപ്പിച്ചു. യറൂശ
വച്ചു അവനു ജനിച്ച മക്കളുടെ
ട: ശമ്മുവ, ശോബാബ്, നാഥാൻ,
ഹാൻ, യിബ്ഹാർ, എലീശൂവാ,
ലെത്ത്, നോഗഹ്, നേഫെഗ്,
, എലീശാമാ, ബെല്യാദാ, എലീ
ത്ത്.
ീദ് ഇസ്രായേലിനെല്ലാം രാജാവാ
ഷിക്തനായി എന്നു ഫെലിസ്ത്യർ
ൾ, ഫെലിസ്ത്യർ ദാവീദിനെ
ുവാൻ ചെന്നു; ദാവീദ് അതു കേട്ട്
എതിർക്കുവാൻ പുറപ്പെട്ടു. ഫെലി
ന്നു രഫായീം താഴ്‌വരയിൽ വിന്യ
അപ്പോൾ ദാവീദ് ദൈവത്തോടു:
ഫെലിസ്ത്യരുടെ നേരെ പുറപ്പെട
അവരെ എന്റെ കയ്യിൽ ഏല്പിച്ചു
എന്നു ചോദിച്ചു. ദൈവം അവ
ുറപ്പെടുക; ഞാൻ അവരെ നിന്റെ
ഏല്പിക്കും എന്നു പറഞ്ഞു. അ
ൽ-പെരാസീമിൽ ചെന്നു; അവിടെ
വീദ് അവരെ തോല്പിച്ചു: വെള്ള
ാലെ ദൈവം എന്റെ ശത്രുക്കളെ
കയ്യാൽ തകർത്തുകളഞ്ഞു എന്നു
പറഞ്ഞു; അതുകൊണ്ട് ആ സ്ഥ
പ്കാ തുരാഥാ എന്നു പേർ പറ
ുന്നു. അവർ അവരുടെ ബിംബങ്ങ
ടെ വിട്ടേച്ചുപോയി; അവയെ ചുട്ടു
പൊടി കാറ്റിൽ പറത്തുവാൻ
കല്പിച്ചു. ഫെലിസ്ത്യർ പിന്നെയും
യിൽ വന്നു പരന്നു. ദാവീദ് പിന്നെ
വത്തോടു അരുളപ്പാടു ചോദിച്ച
ദൈവം അവനോടു: നീ കയററം
ത അവരെ വിട്ടു തിരിഞ്ഞു അവ
രെ ചെല്ലുക. മലമുകളിൽ മാൻ
ടെ ശബ്ദം കേട്ടാൽ നീ പടയ്ക്കു
ുക; ഫെലിസ്ത്യരുടെ സൈന്യ
ാല്പിക്കുവാൻ ദൈവം നിനക്കു
പുറപ്പെടും എന്നു പറഞ്ഞു
കല്പിച്ചതുപോലെ ദാവീദ് ചെയ്തു;
ഗിബെയോൻ മുതൽ ഗേസെർ
ഫെലിസ്ത്യസൈന്യത്തെ തോ
ദാവീദിന്റെ കീർത്തി സർവ്വദേശ
വ്യാപിച്ചു. ദൈവം അവനെയുള്ള
ർവ്വ ജാതികൾക്കും വരുത്തുക
ു.

അദ്ധ്യായം 15

ൻ തനിക്കു ദാവീദിന്റെ നഗര
അരമനകൾ ഉണ്ടാക്കി; ദൈവത്തി
ട്ടകത്തിനും സാധനങ്ങൾക്കുമായി
ഒരു സ്ഥലം ഒരുക്കി, അതിനു ഒരു കൂടാര
വും അടിച്ചു. അന്നു ദാവീദ്: പെട്ടകവും 2
അതിന്റെ സാധനങ്ങളും വഹിപ്പാൻ
ലേവ്യരോടു പറഞ്ഞു. ദൈവത്തിന്റെ
പെട്ടകം ചുമപ്പാനും തനിക്ക് എന്നും
ശുശ്രൂഷ ചെയ്യുവാനും ദൈവം തിര
ഞ്ഞെടുത്തിരിക്കുന്നതു ലേവ്യരെയല്ലോ
എന്നു പറഞ്ഞു. ദാവീദ് ദൈവത്തിന്റെ 3
പെട്ടകം താൻ അതിനു ഒരുക്കിയ സ്ഥല
ത്തേക്കു കൊണ്ടുവരുവാൻ എല്ലാ ഇസ്രാ
യേലിനെയും യറുശലേമിൽ വരുത്തി.
ദാവീദ് അഹറോന്റെ പുത്രന്മാരെയും 4
ലേവ്യരെയും വരുത്തി. കൊഹാത്യരിൽ 5
പ്രധാനിയായ ഊരിയേലിനെയും അവന്റെ
സഹോദരന്മാരായ നൂറ്റിരുപതുപേരെയും
മെരാര്യരിൽ പ്രധാനിയായ അസായാ 6
യെയും അവന്റെ സഹോദരന്മാരായ ഇരു
നൂററിരുപതുപേരെയും ഗേർശോമ്യരിൽ 7
പ്രധാനിയായ യോവേലിനെയും അവന്റെ
സഹോദരന്മാരായ നൂറ്റിമുപ്പതു പേരെയും
എലീസാഫാന്യരിൽ പ്രധാനിയായ ശെമ 8
യായെയും അവന്റെ സഹോദരന്മാരായ
ഇരുന്നൂറുപേരെയും ഹെബ്രോന്യരിൽ 9
പ്രധാനിയായ എലീയേലിനെയും അവന്റെ
സഹോദരന്മാരായ എൺപതുപേരെയും
ഉസ്സീയേല്യരിൽ പ്രധാനിയായ അമ്മീനാ
ദാബിനെയും അവന്റെ സഹോദരന്മാരായ 10
നൂറ്റിപ്പന്ത്രണ്ടുപേരെയും തിരഞ്ഞെടുത്തു.
ദാവീദ് പുരോഹിതന്മാരായ സാദോക്കി 11
നെയും അബ്യാഥാരേയും ഊരിയേൽ, അ
സായാ, യോവേൽ, ശെമയാ, എലീയേൽ,
അമ്മീനാദാബ് എന്നീ ലേവ്യരെയും വിളി
പ്പിച്ചു അവരോടു പറഞ്ഞു: നിങ്ങൾ ലേവ്യ 12
രുടെ പിതൃഭവനങ്ങളിൽ തലവന്മാർ; നിങ്ങ
ളും നിങ്ങളുടെ സഹോദരന്മാരും ഇസ്രാ
യേലിന്റെ ദൈവമായ ദൈവത്തിന്റെ
പെട്ടകം ഞാൻ അതിനു ഒരുക്കിയിരിക്കുന്ന
സ്ഥലത്തു കൊണ്ടുവരുവാൻ നിങ്ങളെ
ത്തന്നെ ശുദ്ധീകരിപ്പിൻ. മുമ്പ് നിങ്ങൾ 13
അതു ചെയ്യായ്കകൊണ്ടു നമ്മുടെ ദൈവ
മായ ദൈവം നമുക്കു ഛേദം ഉണ്ടാക്കി; നാം
അവനെ പ്രമാണപ്രകാരമല്ലല്ലോ അന്വേഷി
ച്ചതു. അങ്ങനെ പുരോഹിതന്മാരും ലേവ്യ 14
രും ഇസ്രായേലിന്റെ ദൈവത്തിന്റെ
പെട്ടകം കൊണ്ടുവരുവാൻ തങ്ങളെത്തന്നെ
ശുദ്ധീകരിച്ചു. ലേവ്യരുടെ പുത്രന്മാർ
ദൈവത്തിന്റെ വചനപ്രകാരം മോശ 15
കല്പിച്ചതുപോലെ ദൈവത്തിന്റെ പെട്ടക
ത്തിന്റെ തണ്ടുകൾ തങ്ങളുടെ ചുമലിൽ
ചുമന്നു. പിന്നെ ദാവീദ് ലേവ്യരിലെ 16

പ്രധാനന്മാരോടു വീണ, കിന്നരം, കൈ
ത്താളം എന്നീ വാദ്യങ്ങളാൽ സന്തോഷ
നാദം ഉച്ചത്തിൽ ധ്വനിപ്പിക്കേണ്ടതിനു
സംഗീതക്കാരായ തങ്ങളുടെ സഹോദര
17 ന്മാരെ നിർത്തുവാൻ കല്പിച്ചു. ലേവ്യർ.
യോവേലിൻെറ മകനായ ഹേമാനെയും
അവൻെറ സഹോദരന്മാരിൽ ബേരെഖ്യാ
യുടെ മകനായ ആസാഫിനെയും അവ
രുടെ സഹോദരന്മാരായ മെരാര്യരിൽ
കൂശായായുടെ മകനായ ഏഥാനെയും
18 അവരോടുകൂടെ രണ്ടാം തരത്തിലെ തങ്ങ
ളുടെ സഹോദരന്മാരായ സെഖര്യാ, ബേൻ,
യാസീയേൽ, ശെമീരാമോത്ത്, യെഹീ
യേൽ, ഉന്നി, എലീയാബ്, ബെനായാ,
മയസേയാ, മത്ഥിഥ്യാ, എലീഫെലേഹു,
മിക്നേയാ, ഓബേദ്—എദാം, യെയീയേൽ
എന്നിവരെ വാതിൽ കാവല്ക്കാരായും
19 നിയമിച്ചു. സംഗീതക്കാരായ ഹേമാനും
ആസാഫും ഏഥാനും താമ്രംകൊണ്ടുള്ള
20 കൈത്താളങ്ങളും സെഖര്യാ, അസീയേൽ,
ശെമീരാമോത്ത്, യെഹീയേൽ, ഉന്നി, എലീ
യാബ്, മയസേയാ, ബെനായാ എന്നിവർ
21 വീണകളെയും ധ്വനിപ്പിപ്പാനും മത്ഥിഥ്യാ,
എലീഫെലേഹു, മിക്നേയാ, ഓബേദ്-
എദോം, യെയീയേൽ, അസസ്യ എന്നിവർ
കിന്നരംവായിക്കുവാനും നിയമിക്കപ്പെട്ടിരു
ന്നു. ദിവസവും അവർ മൂന്നാം മണി, ആറാം
മണി, ഒമ്പതാംമണി നേരങ്ങളിൽ സ്തുതിപ്പു
22 കൾ അർപ്പിച്ചു. വാഹകന്മാരായ ലേവ്യരിൽ
പ്രധാനിയായ ബന്യാ പെട്ടകം വഹിക്കു
ന്നതിനു മേലധികാരിയായിരുന്നു; അവനു
സ്ഥലം ക്രമീകരിച്ചിരുന്നു. ബ്രെഖ്യായും
23 എല്ക്കാനയും പെട്ടകത്തിനു കാവൽക്കാർ
ആയിരുന്നു. ശെബന്യാ, യോശാഫാത്ത്,
24 നെഥനയേൽ, അമാസായി, സെഖര്യാ,
ബെനായാ, എലെയാസാർ എന്നീ പുരോ
ഹിതന്മാർ ദൈവത്തിൻെറ പെട്ടകത്തിനു
മുമ്പിൽ കാഹളം ഊതിയിരുന്നു; ഓബേദ്-
എദോമും യെഹീയായും പെട്ടകത്തിനു
കാവൽക്കാർ ആയിരുന്നു. ഇങ്ങനെ
25 ദാവീദും ഇസ്രായേൽ മൂപ്പന്മാരും സഹ
സ്രാധിപന്മാരും ദൈവത്തിൻെറ നിയമ
പെട്ടകം ഓബോദ്- എദോമിൻെറ വീട്ടിൽ
നിന്നു ദാവീദിൻെറ പട്ടണത്തിലേക്ക്
സന്തോഷത്തോടെ കൊണ്ടുവരുവാൻ
26 പോയി. ദൈവത്തിൻെറ നിയമപെട്ടക
ത്തിൻെറ വാഹകന്മാരായ ലേവ്യരെ ദൈവം
സഹായിച്ചതിനാൽ അവർ ഏഴു കാളയെ
യും ഏഴ് ആട്ടുകൊറ്റനെയും യാഗം കഴിച്ചു.
27 ദാവീദും പെട്ടകവാഹകന്മാരായ ലേവ്യരും
സംഗീതക്കാരും സംഗീതക്കാരോടുകൂടെ
വാഹകപ്രമാണിയായ ബെനനായും ചണം
കൊണ്ടുള്ള അങ്കി ധരിച്ചു; ദാവീദ് ചണം
കൊണ്ടുള്ള വസ്ത്രം ധരിച്ചു. അങ്ങനെ 28
ഇസ്രായേൽ ആർപ്പോടും കാഹളനാദ
ത്തോടും കിന്നരങ്ങളുടെയും കൈത്താള
ങ്ങളുടെയും ധ്വനിയോടുംകൂടി കിന്നരവും
വീണയും വായിച്ചുകൊണ്ടു ദൈവത്തിൻെറ
നിയമപെട്ടകം കൊണ്ടുവന്നു. ദൈവത്തി 29
ൻെറ നിയമപെട്ടകം ദാവീദിൻെറ നഗര
ത്തിൽ എത്തിയപ്പോൾ ശൌലിൻെറ മക
ളായ മീഖൾ ജനലിൽ കൂടി നോക്കി,
ദാവീദുരാജാവു നൃത്തം ചെയ്യുന്നതും
പാടുന്നതും കണ്ടു. ഹൃദയത്തിൽ അവനെ
പരിഹസിച്ചു.

അദ്ധ്യായം 16

അവർ ദൈവത്തിൻെറ പെട്ടകം കൊണ്ടു 1
വന്നു ദാവീദ് അതിനായി ഒരുക്കിയിരുന്ന
കൂടാരത്തിനകത്തു വച്ചു; പിന്നെ അവർ
ദൈവസന്നിധിയിൽ ഹോമയാഗങ്ങളും
സമാധാനയാഗങ്ങളും അർപ്പിച്ചു. ദാവീദ് 2
ഹോമയാഗവും സമാധാനയാഗങ്ങളും
കഴിച്ചു തീർന്നശേഷം ജനത്തെ ദൈവത്തി
ൻെറ നാമത്തിൽ അനുഗ്രഹിച്ചു. അവൻ 3
ഇസ്രായേലിൽ ഓരോ പുരുഷനും സ്ത്രീക്കും
കുഞ്ഞിനും ആളൊന്നിന് ഒരു അപ്പവും ഒരു
ഖണ്ഡം ഇറച്ചിയും ഒരു മുന്തിരിങ്ങാക്കട്ടയും
വീതം വിഭാഗിച്ചുകൊടുത്തു. അവർ
സ്വഭവനങ്ങളിലേക്ക് തിരികെപ്പോയി.
അവൻ ദൈവത്തിൻെറ പെട്ടകത്തിൻെറ 4
മുമ്പിൽ ഇസ്രായേലിൻെറ ദൈവമായ
ദൈവത്തിനു കീർത്തനവും വന്ദനവും
സ്തോത്രവും അർപ്പിക്കുവാൻ ലേവ്യരിൽ
നിന്നു ശുശ്രൂഷകരെ നിയമിച്ചു. ആസാഫ് 5
തലവൻ; രണ്ടാമൻ സെഖര്യാ; പിന്നെ
യെയീയേൽ, ശെമീരാമോത്ത്, യെഹീ
യേൽ, മത്ഥിഥ്യാ, എലീയാബ്, ബെനായാ,
ഓബേദ്- എദോം, യെയീയേൽ എന്നിവർ
വീണയും കിന്നരവും വായിച്ചു; ആസാഫ് 6
കൈത്താളം കൊട്ടി. പുരോഹിതന്മാരായ
ബെനായായും യെഹസീയേലും ദൈവ
ത്തിൻെറ നിയമപെട്ടകത്തിൻെറ മുമ്പിൽ
നിരന്തരം കാഹളം ഊതി.
അന്നു, ആ ദിവസംതന്നെ, ദാവീദ് 7
ആസാഫും അവൻെറ സഹോദരന്മാരും
മുഖാന്തരം പെട്ടകത്തിനു മുമ്പിൽ സ്തോത്രം
ചെയ്യേണ്ടതിനു ദാവീദു പാടിയതിൻെറ
ആരംഭം. ദൈവത്തിനു സ്തോത്രം പാടി 8
അവൻെറ നാമത്തെ ആരാധിപ്പിൻ;

ാട ഇടയിൽ അവൻെറ പ്രവൃത്തി
ാറിയിപ്പിൻ.
ിർത്തനം പാടുവിൻ;
അത്ഭുതങ്ങളെ വർണ്ണിപ്പിൻ.
വിശുദ്ധ നാമത്തിൽ പുകഴുവിൻ;
െ അന്വേഷിക്കുന്നവരുടെ
ം സന്തോഷിക്കട്ടെ.
ായും അവൻെറ ശക്തിയെയും
ഷിപ്പിൻ;
മുമ്പാകെ നിരന്തരം പ്രാർത്ഥി

ദാസനായ അബ്രഹാമിൻെറ
നമേ,
തെരഞ്ഞെടുക്കപ്പെട്ട യാക്കോ
റ പുത്രന്മാരേ,
യ്ത അത്ഭുതങ്ങളും
യ്ത അടയാളങ്ങളും വിധികളും
ുകൊൾവിൻ.
നമ്മുടെ ദൈവമായ കർത്താവ്;
വിധികൾ സർവ്വ ഭൂമിയിലുമുണ്ട്.
വചനം ആയിരം തലമുറ
ച്ചും
നിയമം എന്നേക്കും ഓർത്തു
ദ്രുവിൻ.
മിനോടു അവൻ ചെയ്ത ഉടമ്പ
ഇസ്ഹാക്കിനോട് ചെയ്ത
ുംതന്നെ.
അവൻ യാക്കോബിനു ഒരു
ാമായും
ലിനൊരു ശാശ്വതനിയമമായും
ു.
ക്ക് അവകാശമായി
ശത്തെ തരും എന്നു കല്പിച്ചു.
ണ്ണത്തിൽ ചുരുക്കംപേരും
ാദേശികളും ആയിരിക്കുമ്പോഴും
ജാതിവിട്ടു മറ്റൊരു ജാതിയി

വിട്ടു മറ്റൊരു വംശത്തിലേക്കും
മ്പോഴും.
വരെ പീഡിപ്പിപ്പാൻ അവൻ
ിച്ചില്ല;
ിമിത്തം രാജാക്കന്മാരെയും
ച്ചു:
ഭിഷിക്തന്മാരെ തൊടരുത്;
വാചകർക്കു ദോഷം ചെയ്ക
ത് എന്നു പറഞ്ഞു.
സികളേ, ദൈവത്തിനു പാടു

അവൻെറ രക്ഷയെ പ്രസ്താവി

ജാതികളുടെ നടുവിൽ അവൻെറ മഹത്വവും 24
സർവ്വവംശങ്ങളുടെയും മദ്ധ്യേ അവൻെറ
അത്ഭുതങ്ങളും പ്രഖ്യാപിക്കുവിൻ.
ദൈവം വലിയവനും അത്യന്തം സ്തുത്യനും 25
സർവ്വ ദേവന്മാരുടെ മേലും അതിഭയങ്കര
നുമല്ലോ.
ജാതികളുടെ സകല ദേവന്മാരും വിഗ്രഹ 26
ങ്ങൾ അത്രേ;
ദൈവമോ ആകാശത്തെ നിർമ്മിച്ചവൻ.
യശസ്സും തേജസ്സും അവൻെറ സന്നിധിയിലും 27
ബലവും ആനന്ദവും അവൻെറ വിശുദ്ധ
സ്ഥലത്തും ഉണ്ട്.
ജാതികളുടെ കുടുംബങ്ങളേ, ദൈവത്തെ 28
സ്തുതിപ്പിൻ;
ദൈവത്തിന് അവൻെറ നാമത്തിൻെറ 29
മഹത്വം കൊടുപ്പിൻ;
കാഴ്ചയുമായി അവൻെറ സന്നിധിയിൽ
ചെല്ലുവിൻ;
നിങ്ങളുടെ വായ്കളുടെ പ്രാർത്ഥനയാൽ
ദൈവത്തെ നമസ്ക്കരിപ്പിൻ.
ഭൂമിയേ, അവൻെറ സന്നിധിയിൽ നടുങ്ങുക; 30
ഭൂതലം കുലുങ്ങാതവണ്ണം സ്ഥാപിത
മാകുന്നു.
ആകാശം ആനന്ദിക്കട്ടെ; ഭൂമി ഉല്ലസിക്കട്ടെ; 31
ദൈവം വാഴുന്നു എന്നു ജാതികളുടെ മദ്ധ്യേ
ഘോഷിക്കട്ടെ.
സമുദ്രവും അതിൻെറ പൂർണ്ണതയും 32
മുഴങ്ങട്ടെ;
വയലും അതിലുള്ളതെല്ലാം ആഹ്ലാദിക്കട്ടെ.
അന്നു വനത്തിലെ വൃക്ഷങ്ങൾ ദൈവ
ത്തിൻെറ മുമ്പിൽ ആർക്കും;
അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു 33
വല്ലോ.
ദൈവത്തിനു സ്തോത്രം ചെയ്‌വിൻ; 34
അവൻ നല്ലവനല്ലോ; അവൻെറ കൃപ
എന്നേക്കുമുള്ളതു.
ഞങ്ങളുടെ രക്ഷയായ ദൈവമേ, ഞങ്ങളെ 35
രക്ഷിക്കേണമേ;
തിരുനാമത്തെ വാഴ്ത്തി നിൻെറ മഹത്വം
പുകഴുവാൻ,
ജാതികളുടെ ഇടയിൽനിന്നു വിടുവിച്ചു
ശേഖരിക്കേണമേ എന്നു പറവിൻ.
ഇസ്രായേലിൻെറ ദൈവമായ ദൈവം 36
എന്നും എന്നേക്കും വാഴ്ത്തപ്പെട്ടവൻ.
സകല ജനവും നിർമ്മലവും ഇമ്പമുള്ളതു
മായ ശബ്ദത്തോടെ
ദൈവത്തെ സ്തുതിച്ച് അവർ ആമീൻ എന്നു
പറയട്ടെ.
ഇങ്ങനെ പെട്ടകത്തിൻെറ മുമ്പിൽ 37
ദിവസംതോറുമുള്ള ആവശ്യാനുസരണം

നിത്യം ശുശ്രൂഷിക്കേണ്ടതിനു ആസാഫി
നെയും അവൻെറ സഹോദരന്മാരെയും
38 ഓബേദ്- എദോമിനെയും അവരുടെ
സഹോദരന്മാരായ അറുപത്തെട്ടുപേരെയും
ദൈവത്തിൻെറ പെട്ടകത്തിനു മുമ്പിലും
യെദൂഥൂൻെറ മകനായ ഓബേദ്- എദോ
മിനെയും ഹോസയെയും വാതിൽകാവ
39 ല്ക്കാരായും നിർത്തി. പുരോഹിതനായ
സാദോക്കിനെയും അവൻെറ സഹോദര
ന്മാരായ പുരോഹിതന്മാരെയും ഗിബെയോ
നിലെ നഗരങ്ങളിലും ദൈവത്തിൻെറ
40 തിരുനിവാസത്തിനു മുമ്പിൽ ദൈവം ഇസ്രാ
യേലിനോടു കല്പിച്ച അവൻെറ ന്യായ
പ്രമാണത്തിൽ എഴുതിയിരിക്കുന്ന പ്രകാര
മെല്ലാം രാവിലെയും വൈകുന്നേരവും
നിത്യം ഹോമപീഠത്തിന്മേൽ ദൈവത്തിനു
41 ഹോമയാഗം കഴിക്കുവാനും നിയമിച്ചു. അവ
രോടുകൂടെ ഹേമാൻ, യെദൂഥൂൻ മുതലായ
വരേയും പേർ വിവരം പറഞ്ഞിട്ടില്ലാത്ത
ശേഷമുള്ളവരെയും അവൻെറ ദയ എന്നേ
ക്കുമുള്ളത് എന്നിങ്ങനെ ദൈവത്തിനു
42 സ്തോത്രം ചെയ്യുവാനും നിയമിച്ചു. ഈ
നീതിമാന്മാരായ മനുഷ്യർ കീർത്തനോപ
കരണങ്ങളോ, തപ്പും താളവും കിന്നരവു
മായിട്ടല്ല പിന്നെയോ ഇമ്പമുള്ള ശബ്ദ
ത്തോടും നിർമ്മലവും പൂർണ്ണവുമായ
പ്രാർത്ഥനയോടും, നീതിയോടും നിഷ്കള
ങ്കതയോടും സർവ്വസൃഷ്ടിനാഥനായ ഇ
സ്രായേലിൻെറ ബലവാനായ ദൈവത്തിനു
സ്തുതി പാടി. അവരോടുകൂടെ ഹേമാനെയും
യെദൂഥൂനെയും കാഹളം, കൈത്താളം എ
ന്നിങ്ങനെ ദിവ്യസംഗീതത്തിനായുള്ള വാദ്യ
ങ്ങളെ ധ്വനിപ്പിക്കേണ്ടതിനു നിയമിച്ചു; യെ
ദൂഥൂൻെറ പുത്രന്മാർ വാതിൽ കാവൽക്കാർ
ആയിരുന്നു. ദാവീദ് ജനത്തെ പിരിച്ചയച്ചു.
43 സർവ്വജനവും താന്താൻെറ വീട്ടിലേക്ക്
പോയി; ദാവീദും തൻെറ കുടുംബത്തെ
അനുഗ്രഹിപ്പാൻ മടങ്ങിപ്പോയി.

അദ്ധ്യായം 17

1 ദാവീദ് തൻെറ അരമനയിൽ കഴിയു
മ്പോൾ ഒരു ദിവസം നാഥാൻ പ്രവാചക
നോടു: ഇതാ, ഞാൻ ദേവദാരുകൊണ്ടുള്ള
അരമനയിൽ വസിക്കുന്നു; ദൈവത്തിൻെറ
നിയമപെട്ടകമോ തിരശ്ശീലകൾക്കു കീഴെ
2 ഇരിക്കുന്നു എന്നു പറഞ്ഞു. നാഥാൻ
ദാവീദിനോടു: നിൻെറ താല്പര്യംപോലെ
യെല്ലാം ചെയ്താലും; ദൈവം നിന്നോടു
3 കൂടെ ഉണ്ടു എന്നു പറഞ്ഞു. എന്നാൽ
അന്നു രാത്രി നാഥാനു ദൈവത്തിൻെറ

അരുളപ്പാടുണ്ടായി: നീ ചെന്ന് എൻെറ
ദാസനായ ദാവീദിനോടു പറയുക:
ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു:
എനിക്കു വസിക്കുവാനുള്ള ആലയം
പണിയേണ്ടതു നീയല്ല. ഞാൻ ഇസ്രായേ
ലിനെ കൊണ്ടുവന്ന നാൾ മുതൽ ഇന്നുവ
രെയും ഞാൻ ഒരു ആലയത്തിൽ വാസം
ചെയ്യാതെ കൂടാരത്തിൽനിന്നു കൂടാരത്തി
ലേക്കും നിവാസത്തിൽനിന്നു നിവാസത്തി
ലേക്കും സഞ്ചരിച്ചു. എല്ലാ ഇസ്രായേലി
നോടുംകൂടെ സഞ്ചരിച്ചുവന്ന സ്ഥലങ്ങ
ളിൽ എവിടെവച്ചെങ്കിലും എൻെറ ജന
ത്തെ മേയിപ്പാൻ ഞാൻ നിയമിച്ച ഇസ്രാ
യേൽ ന്യായാധിപന്മാരിൽ ആരോടെങ്കിലും:
നിങ്ങൾ എനിക്കു ദേവദാരുകൊണ്ട് ഒരു
ആലയം പണിയാതെയിരിക്കുന്നതു എന്ത്
എന്നു ഒരു വാക്കു ഞാൻ ചോദിച്ചിട്ടുണ്ടോ?
ആകയാൽ നീ എൻെറ ഭൃത്യനായ ദാവീദി
നോടു പറയേണ്ടത്: ബലവാനായ കർത്താ
വ് ഇപ്രകാരം അരുളിച്ചെയ്യുന്നു: നീ എൻെറ
ജനമായ ഇസ്രായേലിനു രാജാവാ
യിരിക്കുവാൻ ഞാൻ നിന്നെ പുൽമേട്ടിൽ
ആടുകളെ മേയിക്കുമ്പോൾ എടുത്തു. നീ
സഞ്ചരിച്ചുവന്ന എല്ലാ സ്ഥലത്തും ഞാൻ
നിന്നോടുകൂടെ ഇരുന്നു നിൻെറ സകല
ശത്രുക്കളെയും നിൻെറ മുമ്പിൽനിന്നു
ഛേദിച്ചുകളഞ്ഞിരിക്കുന്നു; ഭൂമിയിലുള്ള
മഹാന്മാരുടെ നാമംപോലെ ഒരു നാമം
ഞാൻ നിനക്ക് ഉണ്ടാക്കും. ഞാൻ എൻെറ
ജനമായ ഇസ്രായേലിനു ഒരു സ്ഥലം
കല്പിച്ചു കൊടുക്കുകയും അവർ സ്വന്ത
സ്ഥലത്തു പാർത്തു അവിടെനിന്നു ഇള
കാതെ അവരെ നടുകയും ചെയ്യും; മുമ്പെ
പ്പോലെയും എൻെറ ജനമായ ഇസ്രായേ
ലിനു ഞാൻ ന്യായാധിപന്മാരെ നിയമി
ച്ചാക്കിയ കാലത്തെപ്പോലെയും ഇനി ദുഷ്ട
ന്മാർ അവരെ ക്ഷയിപ്പിക്കയില്ല. ഞാൻ
നിൻെറ സകല ശത്രുക്കളെയും അടക്കും;
കർത്താവ് നിനക്കു ഒരു ഗൃഹം പണിയു
മെന്നും ഞാൻ നിന്നോട് അറിയിക്കുന്നു
നീ നിൻെറ പിതാക്കന്മാരോടു ചേരേണ്ട
തിനു നിൻെറ ജീവകാലം തികയുമ്പോൾ
ഞാൻ നിൻെറ ശേഷം നിൻെറ പുത്രന്മാ
രിൽ ഒരുവനായ നിൻെറ സന്തതിയെ എഴു
ന്നേല്പിക്കും, അവൻെറ രാജത്വം സ്ഥിര
മാക്കും. അവൻ എനിക്കു ഒരു ആലയം പ
ണിയും; ഞാൻ അവൻെറ സിംഹാസനം എ
ന്നേക്കും സുസ്ഥിരമാക്കും. ഞാൻ അവനു
പിതാവും അവൻ എനിക്കു പുത്രനും ആയി
രിക്കും. നിൻെറ മുൻഗാമിയായ ശൗലിൽ

ഞാൻ എൻെറ കൃപ എടുത്തു
തുപോലെ അവനിൽനിന്നും അതു
കളയുകയില്ല. ഞാൻ അവനെ
ആലയത്തിലും എൻെറ രാജത്വ
എന്നേക്കും നിലനിർത്തും; അവ
ംഹാസനവും എന്നേക്കും സുസ്ഥി
ക്കും. ഈ വാക്കുകളും ഈ ദർശ
ാഥാൻ ദാവീദിനെ അറിയിച്ചു.
പ്പാൾ ദാവീദു രാജാവു അകത്തു
ർത്താവിൻെറ സന്നിധിയിൽ ഇരു
ഞ്ഞത്: കർത്താധികർത്താവേ,
ന ഇത്രത്തോളം കൊണ്ടുവരുവാൻ
ആർ? എൻെറ കുടുംബവും എന്തു
ദവമേ ഇതും പോരാ എന്നു തോ
കർത്താധികർത്താവേ, വരുവാ
ീർഘകാലത്തേക്കു അടിയൻെറ
ക്കുറിച്ചും നീ അരുളിച്ചെയ്കയും
ദവിയിലുള്ള മനുഷ്യൻെറ സ്ഥി
ത്തതുപോലെ എന്നെ ബഹുമാനി
ം ചെയ്തിരിക്കുന്നു. അടിയനു തന്ന
നത്തെക്കുറിച്ചു ദാവീദ് ഇനി എന്തു
ു? നീ അടിയനെ അറിയുന്നു. കർ
ർത്താവേ, അടിയൻ നിമിത്തവും
പ്രസാദപ്രകാരവും നീ ഈ വൻ
ല്ലാം പ്രവർത്തിച്ചു ഈ വൻ കാര്യം
അറിയിച്ചുതന്നിരിക്കുന്നു. ഞങ്ങൾ
ചെവികൊണ്ടു കേട്ടതെല്ലാം ഓർ
കർത്താധികർത്താവേ, നിന്നെപ്പോ
വനുമില്ല; നീ അല്ലാതെ ഒരു ദൈവ
മെസ്രേനിൽനിന്നു നീ ഉദ്ധരിച്ച
ജനത്തിൻെറ മുമ്പിൽനിന്നു ജാതി
ിക്കിക്കളഞ്ഞു വലുതും ഭയങ്കരവു
്യങ്ങളാൽ നിനക്ക് ഒരു നാമം സ്ഥാ
ാൻ, ദൈവമേ, നീ നിനക്കു സ്വന്ത
വീണ്ടെടുത്ത നിൻെറ ജനമായ ഇ
ലിനെപ്പോലെ ഭൂമിയിൽ ഏതൊരു
ള്ളു? നിൻെറ ജനമായ ഇസ്രായേലി
എന്നേക്കും നിനക്ക് സ്വന്തജനമാക്കു
ീ അവർക്കു ദൈവമായിത്തീരുക
ു. ആകയാൽ കർത്താധികർത്താ
പ്പാൾ നീ അടിയനെയും അടിയൻെറ
യും കുറിച്ച് അരുളിച്ചെയ്ത വചനം
ും സ്ഥിരമായിരിക്കട്ടെ; അരുളി
പോലെതന്നെ ചെയ്യേണമേ. ബല
കർത്താധികർത്താവ് ഇസ്രായേലി
ദവമാകുന്നു; ഇസ്രായേലിൻെറ
ന്നെ എന്നിങ്ങനെ നിൻെറ നാമം
ും സ്ഥിരമായി മഹത്വപ്പെടുകയും
ദാസനായ ദാവീദിൻെറ ഗൃഹം നി
ാകെ നിലനില്ക്കുകയും ചെയ്യുമാ

റാകണമെ. എൻെറ ദൈവമേ, അടിയനു നീ 25
ഒരു കുടുംബം പണിയുമെന്നു വെളിപ്പെടു
ത്തിത്തന്നിരിക്കുന്നു; ആകയാൽ അടിയൻ
തിരുസന്നിധിയിൽ പ്രാർത്ഥിപ്പാൻ ധൈര്യ
പ്പെട്ടു. ദൈവമേ, നീ തന്നെ ദൈവം; അടി 26
യനു ഈ നന്മയെ നീ വാഗ്ദാനം ചെയ്തി
രിക്കുന്നു. അടിയൻെറ കുടുംബം തിരുമു 27
മ്പാകെ എന്നേക്കും ഇരിക്കേണ്ടതിനു
അതിനെ അനുഗ്രഹിക്കുവാൻ നീ പ്രസാദി
ച്ചിരിക്കുന്നു; ദൈവമേ, നീ അനുഗ്രഹിച്ചി
രിക്കുന്നു; അത് എന്നേക്കും അനുഗ്രഹി
ക്കപ്പെട്ടും ഇരിക്കും.

അദ്ധ്യായം 18

പിന്നീട് ദാവീദ് ഫെലിസ്ത്യരെ തോല്പി 1
ച്ച് അടക്കി, ഗത്തും അതിനോടു ചേർന്ന
ഗ്രാമങ്ങളും ഫെലിസ്ത്യരിൽനിന്നു പിടിച്ച
ടക്കി. പിന്നെ അവൻ മോവാബിനെ തോ
ല്പിച്ചു; മോവാബ്യർ ദാവീദിൻെറ 2
ദാസന്മാരായി കാഴ്ച കൊണ്ടുവന്നു. 3
സോബാ രാജാവായ ഹദദേസെർ യൂഫ്ര
ത്തീസ് നദീതീരത്ത് അവൻെറ ആധിപത്യം
ഉറപ്പിക്കുവാൻ പോയപ്പോൾ ദാവീദ്
അവനെയും ഹമാത്തിൽ വച്ച് തോല്പി
ച്ചു. അവൻെറ വക ആയിരം രഥങ്ങളും 4
ഏഴായിരം കുതിരപ്പടയാളികളെയും
ദാവീദ് പിടിച്ചു; ദാവീദ് അവയിൽ നൂറു
രഥക്കുതിരകളെ, കൈവശം വെച്ചിട്ട്
ശേഷം രഥക്കുതിരകളെയെല്ലാം നശി
പ്പിച്ചു. സോബാ രാജാവായ ഹദദേസെ 5
രിനെ സഹായിക്കുവാൻ ദമസ്ക്കോ
സിലെ ആരാമ്യർ വന്നപ്പോൾ ദാവീദ്
ആരാമ്യരിൽ ഇരുപത്തീരായിരം പേരെ
നിഗ്രഹിച്ചു. പിന്നെ ദാവീദ് ദമസ്കോ 6
സിൽ അധികാരികളെ പാർപ്പിച്ചു; ദമ
സ്കോസുകാരും ദാവീദിൻെറ അടിമക
ളായി കപ്പം കൊണ്ടുവന്നു; ഇങ്ങനെ
ദാവീദ് പോയ സ്ഥലത്തെല്ലാം ദൈവം
അവനു ജയം നൽകി. ഹദദേസെരിൻെറ 7
ദാസന്മാർക്കുണ്ടായിരുന്ന പൊൻ പരിച
കൾ ദാവീദ് എടുത്തു യറുശലേമിലേക്ക്
കൊണ്ടുവന്നു. ഹദദേസെരിൻെറ പട്ടണ 8
ങ്ങളായ തിബ്ഹത്തിൽനിന്നും കൂനിൽ
നിന്നും വളരെ താമ്രവും കൊണ്ടുവന്നു;
അതുകൊണ്ട് ശലോമോൻ താമ്രക്കടലും
സ്തംഭങ്ങളും താമ്രപാത്രങ്ങളും ഉണ്ടാക്കി.
ദാവീദ് ന്സീബിൻ രാജാവായ ഹദദേസെ 9
രിൻെറ സൈന്യത്തെയെല്ലാം തോല്പിച്ചു
കളഞ്ഞു എന്നു അന്ത്യോക്യൻ രാജാവായ 10
ഫോൽ കേട്ടപ്പോൾ അവൻ ദാവീദ് രാജാ

വിനു ക്ഷേമം ആശംസിപ്പാനും അവൻ
ഹദദേസെരിനോടു യുദ്ധം ചെയ്ത് അവനെ
തോല്പിച്ചതിനാൽ അവനെ അഭിനന്ദി
പ്പാനും തന്റെ മകനായ യൂരാമിനെ
അയച്ചു; ഹദദേസെരും ഫോലും തമ്മിൽ
പലപ്പോഴും യുദ്ധം ഉണ്ടായിരുന്നു; അവൻ
പൊന്ന്, വെള്ളി, താമ്രം ഇവകൊണ്ടുള്ള
സകലവിധ സാധനങ്ങളും കൊണ്ടുവന്നു.
11 ദാവീദ് രാജാവ് അവയെ താൻ ഏദോം,
മോവാബ്, അമ്മോന്യർ, ഫെലിസ്ത്യർ,
അമാലേക് മുതലായ സകല ജാതികളിൽ
നിന്നും പിടിച്ചെടുത്ത വെള്ളിയോടും പൊ
ന്നിനോടും കൂടെ വിശുദ്ധീകരിച്ചു. യോവാ
12 ബിന്റെ സഹോദരൻ സെരൂയയുടെ മക
നായ അബീശായി ഉപ്പുതാഴ്വരയിൽ വെച്ചു
എദോമ്യരിൽ പതിനെണ്ണായിരം പേരെ
13 സംഹരിച്ചു. ദാവീദ് എദോമിൽ കാവൽപ്പട്ടാ
ളത്തെ നിർത്തി; എദോമ്യർ എല്ലാവരും
അവനു ദാസന്മാർ ആയിത്തീർന്നു. അങ്ങ
നെ ദാവീദ് പോയ എല്ലാ സ്ഥലത്തും
ദൈവം അവനു ജയം നല്കി.
14 ദാവീദ് എല്ലാ ഇസ്രായേലിനും രാജാ
വായി വാണു; തന്റെ സകല ജനത്തിനും
15 നീതിയും ന്യായവും നടത്തി. സെരൂയയുടെ
മകനായ യോവാബ് സേനാധിപൻ ആയി
രുന്നു; അഹീലൂദിന്റെ മകനായ യെഹോ
16 ശാഫാത്ത് മന്ത്രിയും. അഹീത്തൂബിന്റെ
മകനായ സാദോക്കും അബ്യാഥാരിന്റെ
മകനായ അബീമേലെക്കും പുരോഹിത
ന്മാരും ശവ്ശാ എഴുത്തുകാരനും യെഹോ
17 യാദയുടെ മകനായ ബെനായ പ്രഭുക്കൾ
ക്കും സാധാരണക്കാർക്കും അധിപനും
ആയിരുന്നു; ദാവീദിന്റെ പുത്രന്മാർ
രാജാവിന്റെ അടുക്കൽ പ്രഭുക്കന്മാരാ
യിരുന്നു.

അദ്ധ്യായം 19

1 അമ്മോന്യരുടെ രാജാവായ നാഹാശ്
മരിച്ചു; അവന്റെ മകൻ അവനു പകരം
2 രാജാവായി. അപ്പോൾ ദാവീദ്: നാഹാശ്
എന്നോടു ദയ കാണിച്ചതിനാൽ അവന്റെ
മകനായ ഹാനൂനോട് ഞാനും ദയ കാണി
ക്കും എന്നു പറഞ്ഞു. അങ്ങനെ അവന്റെ
പിതാവിനെക്കുറിച്ചു അവനോടു ആശ്വാസ
വാക്കു പറയുവാൻ ദാവീദ് ദൂതന്മാരെ
3 അയച്ചു. ദാവീദിന്റെ ദൂതന്മാർ അമ്മോ
ന്യരുടെ ദേശത്തു ഹാനൂന്റെ അടുക്കൽ
അവനെ ആശ്വസിപ്പിക്കുവാൻ വന്നപ്പോൾ
അമ്മോന്യപ്രഭുക്കന്മാർ ഹാനൂനോടു:
ദാവീദ് നിന്റെ പിതാവിനെ ബഹുമാനി
ച്ചാകുന്നു നിന്റെ അടുക്കൽ ആശ്വാസദായ
കരെ അയച്ചിരിക്കുന്നതു എന്നു നിനക്കു
തോന്നുന്നുവോ? ദേശത്തെ പരിശോധിക്കു
വാനും നശിപ്പിക്കുവാനും ഒറ്റുനോക്കു
വാനും അല്ലയോ അവന്റെ ഭൃത്യന്മാർ
നിന്റെ അടുക്കൽ വന്നിരിക്കുന്നത് എന്നു
പറഞ്ഞു. അപ്പോൾ ഹാനൂൻ ദാവീദിന്റെ 4
ഭൃത്യന്മാരെ പിടിച്ച് ക്ഷൌരം ചെയ്യിച്ച് അവ
രുടെ അങ്കികളെ നടുവിൽ ആസനം വരെ
മുറിച്ച് വിട്ടയച്ചു. ചിലർ ചെന്ന് ആ വിവരം 5
ദാവീദിനെ അറിയിച്ചു; അവർ ഏറ്റവും
ലജ്ജിച്ചിരിക്കയാൽ അവൻ അവരെ എതി
രേല്ക്കുവാൻ ആളയച്ചു; നിങ്ങളുടെ താടി
വളരുന്നതുവരെ യറീഹോയിൽ പാർത്തിട്ടു
മടങ്ങിവരുവിൻ എന്നു രാജാവു പറയിച്ചു.
തങ്ങൾ ദാവീദിനു വെറുപ്പായി എന്നു 6
അമ്മോന്യർ കണ്ടപ്പോൾ ഹാനൂനും അമ്മോ
ന്യരും മെസൊപൊതാമ്യയിൽ നിന്നും
മയഖയോടു ചേർന്ന അരാമിൽനിന്നും
സോബയിൽനിന്നും രഥങ്ങളെയും കുതിര
പ്പടയാളികളെയും ആയിരം താലന്ത് വെള്ളി
കൊടുത്തു കൂലിക്കെടുത്തു. അവർ മുപ്പ 7
ത്തീരായിരം രഥങ്ങളും മയഖാരാജാവി
നെയും അവന്റെ സൈന്യത്തെയും കൂലി
ക്കു വാങ്ങി; അവർ വന്നു മെദേബെയിൽ
പാളയമിറങ്ങി; അമ്മോന്യരും അവരുടെ
പട്ടണങ്ങളിൽ നിന്നു വന്നുകൂടി യുദ്ധത്തി
നു പുറപ്പെട്ടു. ദാവീദ് അതു കേട്ടപ്പോൾ 8
യോവാബിനെയും വീരന്മാരായ സൈന്യ
ത്തെയും അയച്ചു. അമ്മോന്യർ പുറപ്പെട്ടു 9
പട്ടണവാതില്ക്കൽ അണിനിരന്നു; വന്ന
രാജാക്കന്മാരോ തനിച്ച് വെളിമ്പ്രദേശ
ത്തായിരുന്നു. തന്റെ മുമ്പിലും പിമ്പിലും 10
സൈന്യം നിരന്നിരിക്കുന്നു എന്നു കണ്ട
പ്പോൾ യോവാബ് എല്ലാ ഇസ്രായേൽ വീര
ന്മാരിൽനിന്നും ആളുകളെ തിരഞ്ഞെടുത്ത്
ആരാമ്യർക്കെതിരെ അണിനിരത്തി. ശേഷം 11
പടയാളികളെ അവൻ തന്റെ സഹോദ
രനായ അബീശായിയെ ഏല്പിച്ചു; അവർ
അമ്മോന്യർക്കെതിരെ അണിനിരന്നു.
പിന്നെ അവൻ: ആരാമ്യർ എന്റെ നേരെ 12
ശക്തിപ്പെട്ടാൽ നീ എനിക്കു സഹായം
ചെയ്യണം; അമ്മോന്യർ നിന്റെ നേരെ
ശക്തിപ്പെട്ടാൽ ഞാൻ നിന്നെയും സഹാ
യിക്കാം. ധൈര്യമായിരിക്ക; നാം നമ്മുടെ 13
ജനത്തിനും നമ്മുടെ ദൈവത്തിന്റെ
പട്ടണങ്ങൾക്കും വേണ്ടി പൌരുഷം കാണി
ക്കുക; ദൈവം തനിക്കു ഇഷ്ടമായതു
ചെയ്യുമാറാകട്ടെ എന്നു പറഞ്ഞു. പിന്നെ 14
യോവാബും കൂടെയുള്ള ജനവും ആരാമ്യ

ദ്ധത്തിന് അടുത്തു; അവർ അവ
ബിൽനിന്ന് ഓടി. ആരാമ്യർ ഓടി
എന്നു കണ്ടപ്പോൾ അമ്മോന്യരും
രം അവൻെറ സഹോദരനായ
ായിയുടെ മുമ്പിൽനിന്ന് ഓടി,
ിൽ കടന്നു; യോവാബ് യറുശ
ക്കു പോന്നു. തങ്ങൾ ഇസ്രായേലി
തോറ്റുപോയി എന്നു ആരാമ്യർ
ന്നവർ ദൂതന്മാരെ അയച്ച് നദിക്കു
യുള്ള ആരാമ്യരെ വരുത്തി; ഹദദേ
റ സേനാധിപൻ ശോഫക് അവ
യകനായിരുന്നു. ദാവീദ് അതു
പ്പോൾ അവൻ എല്ലാ ഇസ്രായേ
കൂട്ടി യോർദ്ദാൻ കടന്ന് അവർ
ചെന്ന് അവരുടെ നേരെ അണി
ദാവീദ് ആരാമ്യർക്കു നേരെ അണി
ശേഷം അവർ അവനോടു യുദ്ധം
എന്നാൽ ആരാമ്യർ ഇസ്രായേ
മ്പിൽനിന്ന് ഓടിപ്പോയി; ദാവീദ്
ൽ ഏഴായിരം തേരാളികളെയും
നായിരം കാലാളുകളെയും നിഗ്ര
നാപതിയായ ശോഫക്കിനെയും
ഹദദേസെരിൻെറ ഭൃത്യന്മാർ,
സ്രായേലിനോടു തോറ്റുപോയി
ണ്ടിട്ടു ദാവീദിനോടു സഖ്യം ചെയ്തു
കീഴടങ്ങി; അമ്മോന്യരെ സഹാ
ൻ ആരാമ്യർ പിന്നീട് ശ്രമിച്ചില്ല.

അദ്ധ്യായം 20

ന്ത വർഷം രാജാക്കന്മാർ യുദ്ധ
റപ്പെടുന്ന കാലത്തു യോവാബ്
ലത്തോടെ പുറപ്പെട്ടു അമ്മോന്യ
ദത്തെ ശൂന്യമാക്കി. റബ്ബയെ
ദാവീദ് യറുശലേമിൽതന്നെ
ുന്നു. യോവാബ് റബ്ബയെ പിടിച്ച്
ദാവീദ് അവരുടെ രാജാവിൻെറ
വൻെറ തലയിൽനിന്നു എടുത്തു;
തൂക്കം ഒരു താലന്തു സ്വർണ്ണ
; അതിൽ രത്നങ്ങളും പതിച്ചിരു
; ദാവീദിൻെറ തലയിൽ വച്ചു;
ആ പട്ടണത്തിൽനിന്നു വളരെ
സ്തുക്കളും കൊണ്ടുപോന്നു.
ിവിടത്തെ ജനത്തെ പുറത്തു
ന്നു ഈർച്ചവാളിനും മെതിവണ്ടി
നും ഇരയാക്കി; ഇങ്ങനെ ദാവീദ്
ുടെ എല്ലാ പട്ടണങ്ങളോടും
ച്ചു; പിന്നീട് ദാവീദും സകല
ുശലേമിലേക്ക് മടങ്ങിപ്പോന്നു.
ൻെറ ശേഷം ഗേസെരിൽവച്ചു
രോടു യുദ്ധം ഉണ്ടായി; ആ
സമയത്തു ഹൂശാത്യനായ സിബ്ബെഖായി
മല്ലന്മാരുടെ മക്കളിൽ ഒരുവനായ സിപ്പാ
യിയെ വെട്ടിക്കൊന്നു. അവർ കീഴടങ്ങി.
പിന്നെയും ഫെലിസ്ത്യരോടു യുദ്ധം ഉണ്ടാ 5
യപ്പോൾ യായീരിൻെറ മകനായ എൽഹാ
നാൻ ഗിത്യനായ ഗൊല്യാത്ഥിൻെറ സഹോ
ദരനായ ലഹ്മിയെ വെട്ടിക്കൊന്നു. അവ
ൻെറ കുന്തപ്പിടി നെയ്ത്തുകാരൻെറ പടപ്പു
തടിപോലെ ആയിരുന്നു. വീണ്ടും ഗത്തിൽ 6
വച്ചു യുദ്ധം ഉണ്ടായി; അവിടെ ദീർഘ
കായനായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു;
അവന് ഓരോ കൈയ്ക്കു ആറാറു വിരലും
ഓരോ കാലിനു ആറാറു വിരലും ആകെ
ഇരുപത്തിനാലു വിരൽ ഉണ്ടായിരുന്നു;
അവനും റാഫെയുടെ മകനായിരുന്നു.
അവൻ ഇസ്രായേലിനെ ധിക്കരിച്ചപ്പോൾ 7
ദാവീദിൻെറ സഹോദരനായ ശിമെയയുടെ
മകനായ യോനാഥാൻ അവനെ വെട്ടിക്കൊ
ന്നു. ഇവർ ഗത്തിൽ റാഫെക്കു ജനിച്ചവർ 8
ആയിരുന്നു; അവർ ദാവീദിൻെറയും
അവൻെറ ദാസന്മാരുടെയും കയ്യാൽ
വധിക്കപ്പെട്ടു.

അദ്ധ്യായം 21

അനന്തരം സാത്താൻ ഇസ്രായേലിനു 1
വിരോധമായി എഴുന്നേറ്റ് ഇസ്രായേലിനെ
എണ്ണുവാൻ ദാവീദിനു തോന്നിച്ചു. ദാവീദ് 2
യോവാബിനോടും ജനത്തിൻെറ പ്രഭുക്ക
ന്മാരോടും; നിങ്ങൾ ചെന്നു ബേർശേബ
മുതൽ ദാൻ വരെ ഇസ്രായേലിനെ എണ്ണി
അവരുടെ സംഖ്യ ഞാൻ അറിയേണ്ടതിനു 3
കൊണ്ടുവരണം എന്നു പറഞ്ഞു. അതിനു
യോവാബ്: കർത്താവ് തൻെറ ജനത്തെ
ഉള്ളതിൽ നൂറിരട്ടിയായി വർദ്ധിപ്പിക്കട്ടെ;
എങ്കിലും, എൻെറ യജമാനനായ രാജാവേ,
അവർ എല്ലാം യജമാനൻെറ ദാസന്മാരല്ല
യോ? യജമാനൻ ഈ കാര്യം ആലോചിക്കു
ന്നതു എന്തു? ഇസ്രായേലിനു കുറ്റകാര
ണമായിത്തീരുന്നതു എന്തിനു? എന്നു പറ
ഞ്ഞു. യോവാബ് രാജാവിൻെറ കല്പന അ 4
നുസരിക്കേണ്ടിവന്നു. അതിനാൽ യോവാ
ബു പുറപ്പെട്ടു ഇസ്രായേലിൽ എല്ലായിടവും
സഞ്ചരിച്ചു യറുശലേമിലേക്കു മടങ്ങിവന്നു.
യോവാബ് ജനത്തെ എണ്ണിയ സംഖ്യ ദാവീ 5
ദിനു കൊടുത്തു; ഇസ്രായേലിൽ ആയുധ
പാണികൾ പതിനൊന്ന് ലക്ഷംപേർ. യഹൂദ
യിൽ ആയുധപാണികൾ നാലു ലക്ഷ
ത്തെഴുപതിനായിരം പേർ. എന്നാൽ രാജാ 6
വിൻെറ കല്പന യോവാബിനു ഇഷ്ടമി
ല്ലാതിരുന്നതുകൊണ്ടു അവൻ ലേവിയെയും

ബെൻയാമീനെയും അവരുടെ കൂടെ എണ്ണി
7 യില്ല. ദൈവത്തിനു ഈ കാര്യം അനിഷ്ട
മായിരുന്നതുകൊണ്ട് അവൻ ഇസ്രായേ
8 ലിനെ ശിക്ഷിച്ചു. അപ്പോൾ ദാവീദ് ദൈവ
ത്തോടു: ഈ കാര്യം ചെയ്കതിനാൽ ഞാൻ
മഹാപാപം ചെയ്തിരിക്കുന്നു; എന്നാൽ
അടിയൻെറ അകൃത്യം ക്ഷമിക്കേണമേ;
ഞാൻ വലിയ കുറ്റം ചെയ്തുപോയി എന്നു
9 പറഞ്ഞു. ദൈവം ദാവീദിൻെറ ദർശകനായ
10 ഗാദിനോട് അരുളിച്ചെയ്തു: നീ ചെന്നു
ദാവീദിനോട്: ഞാൻ മൂന്നു കാര്യം നിൻെറ
മുമ്പിൽ വയ്ക്കുന്നു; അവയിൽ ഒന്നു തിര
ഞ്ഞെടുത്തുകൊള്ളണം; അതു ഞാൻ
നിന്നോട് ചെയ്യും എന്നു കർത്താവ് അരുളി
11 ച്ചെയ്യുന്നു എന്നു പറയുക. അങ്ങനെ ഗാദ്
ദാവീദിൻെറ അടുക്കൽ ചെന്ന് അവനോട്:
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു:
12 മൂന്നു സംവത്സരം നീണ്ടുനിൽക്കുന്ന
ക്ഷാമമോ, നിൻെറ ശത്രുക്കളുടെ വാൾ
നിന്നെ പിന്തുടർന്ന് നീ മൂന്നു മാസം നിൻെറ
ശത്രുക്കളാൽ നശിക്കയോ, ദേശത്തു
മൂന്നു ദിവസം ദൈവത്തിൻെറ വാളായി
വസന്ത ഉണ്ടായി ഇസ്രായേൽ ദേശ
ത്തെല്ലാം ദൈവദൂതൻ സംഹാരം ചെയ്തു
കയോ ഇവയിൽ ഒന്നു തിരഞ്ഞെടുത്തു
കൊൾക. എന്നെ അയച്ചവനോട് ഞാൻ
എന്തു മറുപടി പറയേണ്ടു എന്നു നീ ആലോ
13 ചിക്കുക എന്നു പറഞ്ഞു. ദാവീദ് ഗാദിനോട്:
ഞാൻ വലിയ വിഷമത്തിലായിരിക്കുന്നു;
ഞാൻ ഇപ്പോൾ കർത്താവിൻെറ കയ്യിൽ
വീഴട്ടെ; അവൻെറ കരുണ ഏറ്റവും വലിയ
തല്ലോ; മനുഷ്യൻെറ കയ്യിൽ ഞാൻ വീഴ
14 രുതേ എന്നു പറഞ്ഞു. അങ്ങനെ ദൈവം
ഇസ്രായേലിൽ വസന്ത അയച്ചു; ഇസ്രാ
യേലിൽ എഴുപതിനായിരം പേർ വീണു
15 പോയി. ദൈവം യറുശലേമിനെ നശിപ്പിക്കേ
ണ്ടതിനു ഒരു ദൂതനെ അവിടെ അയച്ചു;
അവൻ നശിപ്പിപ്പാൻ ഭാവിക്കുമ്പോൾ
കർത്താവ് കണ്ട് ആ അനർത്ഥത്തെ
ക്കുറിച്ച് ദുഃഖിച്ച് സംഹാരദൂതനോടു:
മതി, നിൻെറ കൈ പിൻവലിക്ക എന്നു
കല്പിച്ചു: ദൈവദൂതൻ യെബൂസ്യനായ
ഒർന്നാൻെറ കളത്തിനരികെ നില്ക്കുക
16 യായിരുന്നു. ദാവീദ് തലയുയർത്തി,
ദൈവദൂതൻ വാൾ ഊരി യറുശലേ
മിനു മീതെ നീട്ടിപ്പിടിച്ചുംകൊണ്ടു ഭൂമിക്കും
ആകാശത്തിനും മദ്ധ്യേ നില്ക്കുന്നതു
കണ്ടു. ദാവീദും മൂപ്പന്മാരും രട്ടുടുത്തു
17 സാഷ്ടാംഗം വീണു. ദാവീദ് ദൈവത്തോട്:
ജനത്തെ എണ്ണുവാൻ പറഞ്ഞവൻ ഞാന

ല്ലയോ? കുറ്റം ചെയ്ത പാപി ഞാൻ ആകുന്നു;
ഈ ആടുകൾ എന്തു തെറ്റു ചെയ്തിരി
ക്കുന്നു? കർത്താവേ, എൻെറ ദൈവമേ,
നിൻെറ കൈ ശിക്ഷയ്ക്കായി നിൻെറ ജന
ത്തിന്മേൽ അല്ല, എൻെറ മേലും എൻെറ
പിതൃഭവനത്തിന്മേലും ഇരിക്കട്ടെ എന്നു പറ
ഞ്ഞു. അപ്പോൾ ദൈവദൂതൻ ഗാദിനോടു 18
ദാവീദ് ചെന്നു യെബൂസ്യനായ ഒർന്നാൻെറ
കളത്തിൽ ദൈവത്തിന് ഒരു യാഗപീഠം
പണിയണമെന്നു ദാവീദിനോടു പറയുവാൻ 19
കല്പിച്ചു. ദൈവനാമത്തിൽ ഗാദ് പറഞ്ഞ
വചനമനുസരിച്ച് ദാവീദ് ചെന്നു. ഒർന്നാൻ 20
ദാവീദിനെക്കണ്ടു. അവനും കണ്ടു. തൻെറ
നാലു പുത്രന്മാർക്കും മനസ്സിലായില്ല.
ഒർന്നാൻ കോതമ്പു മെതിച്ചുകൊണ്ടിരി 21
ക്കയായിരുന്നു. ദാവീദ് ഒർന്നാൻെറ അടു
ക്കൽ വന്നപ്പോൾ ഒർന്നാൻ ദാവീദിനെ ക
ണ്ടു കളത്തിൽനിന്നു പുറത്തു ചെന്ന് ദാവീ
ദിൻെറ മുമ്പിൽ സാഷ്ടാംഗം വീണു നമസ് 22
കരിച്ചു. ദാവീദ് ഒർന്നാനോട്: ഈ കളത്തി
ൻെറ സ്ഥലത്തു ഞാൻ ദൈവത്തിന് ഒരു
യാഗപീഠം പണിയേണ്ടതിനു അതു എനി
ക്കു തരണം; ശിക്ഷ ജനത്തെ വിട്ടുമാറേണ്ട
തിനു നീ അതു പൂർണ്ണവിലയ്ക്ക് എനിക്കു 23
തരണം എന്നു പറഞ്ഞു. അതിനു ഒർന്നാൻ
ദാവീദിനോടു: അതു എടുത്തുകൊള്ളുക;
യജമാനനായ രാജാവിൻെറ ഇഷ്ടംപോലെ
ചെയ്തുകൊണ്ടാലും; ഇതാ, ഞാൻ ഹോമ
യാഗത്തിനു കാളകളെയും വിറകിനു മെതി
വണ്ടികളും ഭോജന യാഗത്തിനു ഗോതമ്പും
തരുന്നു; എല്ലാം ഞാൻ തരുന്നു എന്നു
പറഞ്ഞു. ദാവീദു രാജാവു ഒർന്നാനോട്: 24
അങ്ങനെ അല്ല; ഞാൻ വിലയ്ക്കേ അതു
വാങ്ങുകയുള്ളു; നിനക്കുള്ളതു ഞാൻ
യഹോവയ്ക്കായി എടുക്കയില്ല ചെലവു
കൂടാതെ ഹോമയാഗം കഴിക്കയും ഇല്ല
എന്നു പറഞ്ഞു. അങ്ങനെ ദാവീദ് ആ 25
സ്ഥലത്തിനു അറുനൂറു ശേക്കൽ പൊന്ന്
ഒർന്നാനു കൊടുത്തു. ദാവീദ് അവിടെ 26
കർത്താവിനു ഒരു യാഗപീഠം പണിതു
ഹോമയാഗങ്ങളും സമാധാനയാഗങ്ങളും
അർപ്പിച്ചു തന്നോടു പ്രാർത്ഥിച്ചു; ദൈവം
ആകാശത്തുനിന്നു ഹോമപീഠത്തിന്മേൽ
തീ ഇറക്കി അവന് ഉത്തരം അരുളി. കർത്താ
വു ദൂതനോടു കല്പിച്ചു; അവൻ തൻെറ
വാൾ വീണ്ടും ഉറയിൽ ഇട്ടു.

ആ കാലത്ത് യെബൂസ്യനായ ഒർന്നാ
ൻെറ കളത്തിൽ വച്ചു ദൈവം തൻെറ
പ്രാർത്ഥനയ്ക്കു ഉത്തരമരുളി എന്നു ദാവീ
കണ്ട് അവിടെ യാഗം കഴിച്ചു. മോശ മരു

വച്ച് ഉണ്ടാക്കിയിരുന്ന ദൈവത്തി
രുനിവാസവും ഹോമപീഠവും
ിബെയോനിലെ പൂജാഗിരിയിൽ
ന്നു. ദൈവത്തിന്റെ ദൂതന്റെ
ഭയപ്പെട്ടതുകൊണ്ടു ദൈവ
അരുളപ്പാടു ചോദിക്കേണ്ടതിനു
ചെല്ലുവാൻ ദാവീദിനു കഴിഞ്ഞില്ല.

അദ്ധ്യായം 22

കർത്താവായ ദൈവത്തിന്റെ
ഇതു ഇസ്രായേലിനു ഹോമയാഗ
ന്നു ദാവീദ് പറഞ്ഞു.
ന്തരം ദാവീദ് ഇസ്രായേൽ ദേശ
ന്യജാതിക്കാരെ വിളിച്ചുവരുത്തു
ിപ്പിച്ചു; ദൈവത്തിന്റെ ആലയം
ാൻ ചതുരക്കല്ല് ചെത്തേണ്ടതിന്
ല്പണിക്കാരെ നിയമിച്ചു. ദാവീദ്
ിൽ കതകുകളുടെ ആണികൾ
കൊളുത്തുകൾക്കായും വളരെ
തൂക്കമില്ലാതെ വളരെ താമ്രവും
ദേവദാരുവും ഒരുക്കിവച്ചു.
രും സോര്യരും അനവധി ദേവ
വീദിന്റെ അടുക്കൽ എത്തിച്ചു.
കൻ ശലോമോൻ ചെറുപ്പവും
വുമുള്ളവനും ആകുന്നു; ദൈവ
ി പണിയേണ്ടുന്ന ആലയമോ
ും ശോഭയുംകൊണ്ടു സർവ്വദേശ
അതിമഹത്വമുള്ളതുമായിരി
ആകയാൽ ഞാൻ അതിനു തക്ക
വരിക്കും എന്നു ദാവീദ് പറഞ്ഞു.
ദാവീദ് തന്റെ മരണത്തിനു
ാളം ശേഖരിച്ചുവച്ചു.
തന്റെ മകനായ ശലോമോനെ
ഇസ്രായേലിന്റെ ദൈവമായ
നു ഒരു ആലയം പണിയുവാൻ
കൊടുത്തു. ദാവീദ് ശലോമോ
റഞ്ഞു: മകനേ, ഞാൻ തന്നെ
ദൈവമായ കർത്താവിന്റെ
ു ഒരു ആലയം പണിയുവാൻ
പ്പെട്ടിരുന്നു. എങ്കിലും എനിക്കു
രുളപ്പാടുണ്ടായതെന്തെന്നാൽ:
രക്തം ചിന്തി വലിയ യുദ്ധങ്ങളും
; നീ എന്റെ നാമത്തിനു ഒരു
ണിയരുത്; നീ എന്റെ മുമ്പാകെ
ളരെ രക്തം ചിന്തിയിരിക്കുന്നു;
നിനക്കു ഒരു മകൻ ജനിക്കും;
മാധാനപുരുഷനായിരിക്കും;
ുമുള്ള അവന്റെ സകല ശത്രു
ീക്കി അവനു വിശ്രമം കൊടു
ന്റെ പേർ ശലോമോൻ എന്ന്

ആയിരിക്കും; അവന്റെ കാലത്തു ഞാൻ
ഇസ്രായേലിനു സമാധാനവും സ്വസ്ഥത
യും നൽകും. അവൻ എന്റെ നാമത്തിന് 10
ഒരു ആലയം പണിയും; അവൻ എനിക്കു
മകനായും ഞാൻ അവനു പിതാവായും ഇരി
ക്കും; ഇസ്രായേലിൽ അവന്റെ സിംഹാസ
നം ഞാൻ എന്നേക്കും നിലനിർത്തും. ആക 11
യാൽ എന്റെ മകനേ, ദൈവം നിന്നോടു
കൂടെ ഇരിക്കുമാറാകട്ടെ. നിന്റെ ദൈവമാ
യ ദൈവം നിന്നെക്കുറിച്ച് അരുളിച്ചെയ്ത
തുപോലെ നീ കൃതാർത്ഥനായി അവന്റെ
ആലയം പണിയുക. നിന്റെ ദൈവമായ 12
കർത്താവിന്റെ ന്യായപ്രമാണം നീ ആചരി
ക്കേണ്ടതിനു താൻ നിനക്കു ജ്ഞാനവും
വിവേകവും തന്ന് നിന്നെ ഇസ്രായേലിനു
നിയമിക്കുമാറാകട്ടെ. താൻ ഇസ്രായേ 13
ലിനു വേണ്ടി മോശയോട് കല്പിച്ച പ്രമാ
ണങ്ങളും വിധികളും നീ അനുസരിച്ചാചരി
ക്കുമെങ്കിൽ നീ കൃതാർത്ഥനാകും; ധൈര്യ
പ്പെട്ട് ഉറച്ചിരിക്ക; ഭയപ്പെടരുതു; ഭ്രമി 14
ക്കയും അരുത്. ഇതാ, ഞാൻ പരിശ്ര
മിച്ച് ദൈവാലയത്തിനായി ഒരു ലക്ഷം
താലന്ത് പൊന്നും പത്തുലക്ഷം താ
ലന്ത് വെള്ളിയും ബഹുലതമൂലം തൂക്ക
മില്ലാത്ത താമ്രവും ഇരുമ്പും ശേഖരിച്ചിട്ടുണ്ട്;
മരവും കല്ലുംകൂടെ ഞാൻ ഒരുക്കിവച്ചിട്ടു
ണ്ട്; നിനക്ക് ഇനിയും അതിനോടു ചേർത്തു
കൊള്ളാം. നിന്റെ സ്വാധീനത്തിൽ കല്ലു 15
വെട്ടുകാർ, കല്പണിക്കാർ, ആശാരികൾ
എന്നിങ്ങനെ അനവധി പണിക്കാരും സക
ലവിധ കരകൗശലവിദഗ്ദ്ധരും ഉണ്ടല്ലോ; 16
പൊന്ന്, വെള്ളി, താമ്രം, ഇരുമ്പ് എന്നിവ
ധാരാളം ഉണ്ട്; ഉത്സാഹിച്ചു പ്രവർത്തിച്ചു
കൊൾക; ദൈവം നിന്നോടുകൂടെ ഇരിക്കു
മാറാകട്ടെ. ദാവീദ് ഇസ്രായേലിന്റെ സകല 17
പ്രഭുക്കന്മാരോടും തന്റെ മകനായ ശലോ
മോനെ സഹായിക്കുവാൻ കല്പിച്ചു. നിങ്ങ 18
ളുടെ ദൈവമായ കർത്താവു നിങ്ങളോടു
കൂടെ ഉണ്ടല്ലോ; അവൻ നിങ്ങൾക്കു വിശ്രമം
വരുത്തിയിരിക്കുന്നു. അവൻ ദേശനിവാ
സികളെ എന്റെ കയ്യിൽ ഏല്പിച്ചു. ദേശം
ദൈവത്തിനും അവന്റെ ജനത്തിനും കീഴ
ടങ്ങിയുമിരിക്കുന്നു. ആകയാൽ നിങ്ങ 19
ളുടെ ദൈവമായ കർത്താവിനെ കണ്ടെ
ത്തുവാൻ നിങ്ങളുടെ ഹൃദയവും മനസ്സും
ഏല്പിച്ചു കൊടുക്കുവിൻ. എഴുന്നേ
ല്പിൻ; കർത്താവിന്റെ നിയമപെട്ടകവും
ദൈവത്തിന്റെ വിശുദ്ധപാത്രങ്ങളും
തന്റെ നാമത്തിനു പണിയുവാനുള്ള
ആലയത്തിലേക്കു കൊണ്ടുവരേണ്ടതി

നായി കർത്താവായ ദൈവത്തിൻെറ
വിശുദ്ധമന്ദിരം പണിയുവിൻ.

അദ്ധ്യായം 23

1 ദാവീദ് വയോധികനായി ജീവിതാന്ത്യം
അടുത്തപ്പോൾ തൻെറ മകനായ ശലോ
മോനെ ഇസ്രായേലിനു രാജാവാക്കി.
2 അവൻ ഇസ്രായേലിലെ പ്രഭുക്കന്മാരെയും
പുരോഹിതന്മാരെയും ലേവ്യരെയും എല്ലാം
3 വരുത്തി, ലേവ്യരിൽ മുപ്പതു വയസ്സുമുതൽ
മേലോട്ടുള്ളവരെ എണ്ണി. ആളെണ്ണം പേരു
പേരായി അവർ മുപ്പത്തെണ്ണായിരം ആയിരു
4 ന്നു. അവരിൽ ഇരുപത്തിനാലായിരം പേർ
ദൈവാലയത്തിലെ ജോലി നടത്തേണ്ട
5 വരും ആറായിരം പേർ പ്രധാനികളും ന്യായാ
ധിപന്മാരും നാലായിരം പേർ വാതിൽ
കാവൽക്കാരും നാലായിരം പേർ സ്തോത്രം
ചെയ്യേണ്ടതിനു ദാവീദ് നിശ്ചയിച്ച വാദ്യ
ങ്ങളാൽ കർത്താവിനെ സ്തുതിക്കുന്നവരും
6 ആയിരുന്നു. ദാവീദ് അവരെ ലേവിപുത്ര
ന്മാരായ ഗേർശോൻ, കെഹാത്ത്, മെരാരി
എന്നീ ക്രമപ്രകാരം കുറുകളായി വിഭാഗിച്ചു.
7 ഗേർശോന്യർ ലദ്ദാൻ, ശിമെയി. ലദ്ദാൻെറ
8 പുത്രന്മാർ: തലവനായ യെഹീയേൽ,
സേഥാം, യോവേൽ എന്നു മൂന്നുപേർ.
9 ശിമെയിയുടെ പുത്രന്മാർ: ശെലോമീത്ത്,
ഹസീയേൽ, ഹാരാൻ എന്നു മൂന്നുപേർ;
ഇവർ ലദ്ദാൻെറ കുടുംബത്തലവന്മാർ
10 ആയിരുന്നു. ശിമെയിയുടെ പുത്രന്മാർ:
യഹത്ത്, സീനാ, യെയൂശ്, ബെരീയാം; ഈ
നാലുപേർ ശിമെയിയുടെ പുത്രന്മാർ. യഹ
ത്ത് തലവനും സീനാ രണ്ടാമനും ആയി
11 രുന്നു; യെയൂശിനും ബെരിയെക്കും അധികം
പുത്രന്മാർ ഇല്ലാതിരുന്നതുകൊണ്ട് അവർ
12 ഏകകുടുംബമായി എണ്ണപ്പെട്ടിരുന്നു. കെ
ഹാത്തിൻെറ പുത്രന്മാർ: അമ്രാം, യിസ്ഹാർ,
ഹെബ്രോൻ, ഉസ്സീയേൽ ഇങ്ങനെ നാലു
13 പേർ. അമ്രാമിൻെറ പുത്രന്മാർ: അഹരോൻ,
മോശ; അഹരോനും പുത്രന്മാരും മഹാ
വിശുദ്ധവസ്തുക്കളെ ശുദ്ധീകരിക്കുവാനും
ദൈവസന്നിധിയിൽ ധൂപം അർപ്പിപ്പാനും
ശുശ്രൂഷ ചെയ്യുവാനും എപ്പോഴും അവ
ൻെറ നാമത്തിൽ അനുഗ്രഹിക്കുവാനും
എല്ലാ കാലത്തേക്കും വേർതിരിക്കപ്പെട്ടി
14 രുന്നു. ദൈവപുരുഷനായ മോശയുടെ
പുത്രന്മാരെയോ ലേവിഗോത്രത്തിൽ എണ്ണി
15 യിരുന്നു. മോശെയുടെ പുത്രന്മാർ: ഗേർ
16 ശോം, എലീയസർ. ഗേർശോമിൻെറ പുത്ര
ന്മാരിൽ ശെബൂവേൽ മൂത്തവനായിരുന്നു.
17 എലീയസരിൻെറ പുത്രന്മാർ: റഹബ്യാ തല
വൻ; എലീയസരിനു വേറെ പുത്രന്മാർ
ഉണ്ടായിരുന്നില്ല; എങ്കിലും രെഹബ്യായ്ക്കു
വളരെ പുത്രന്മാർ ഉണ്ടായിരുന്നു. യിസ്ഹാ 18
രിൻെറ പുത്രന്മാരിൽ ശെലോമീത്ത് തല
വൻ. ഹെബ്രോൻെറ പുത്രന്മാർ യെരീയാ 19
തലവനും അമര്യാ രണ്ടാമനും യഹസീ
യേൽ മൂന്നാമനും, യെക്കമെയാം നാലാ
മനും ആയിരുന്നു. ഉസ്സീയേലിൻെറ പുത്ര 20
ന്മാരിൽ മീഖാ തലവനും യിശ്ശീയാ രണ്ടാ
മനും. മെരാരിയുടെ പുത്രന്മാർ: മഹ്ലി, മൂശി. 21
മഹ്ലിയുടെ പുത്രന്മാർ: എലിയാസാർ, കീശ്.
എലിയാസാർ മരിച്ചു; അവനു പുത്രിമാര 22
ല്ലാതെ പുത്രന്മാർ ഉണ്ടായിരുന്നില്ല. കീശി
ൻെറ പുത്രന്മാരായ അവരുടെ സഹോദര
ന്മാർ അവരെ വിവാഹം ചെയ്തു. മൂശിയുടെ 23
പുത്രന്മാർ: മഹ്ലി, ഏദെർ, യെരേമോത്ത്
ഇങ്ങനെ മൂന്നുപേർ. ഇവർ കുടുംബം കുടും 24
ബമായി ആളെണ്ണം പേരുപേരായി എണ്ണ
പ്പെട്ട പ്രകാരം തങ്ങളുടെ കുടുംബങ്ങൾക്കു
തലവന്മാരായ ലേവി പുത്രന്മാർ. അവർ ഇരു
പതു വയസ്സുമുതൽ മേലോട്ടു ദൈവാലയ
ത്തിലെ ശുശ്രൂഷ ചെയ്തുവന്നു. ഇസ്രായേ 25
ലിൻെറ ദൈവമായ കർത്താവു തൻെറ ജ
നത്തിനു വിശ്രമം കൊടുത്തു. യറുശലേമിൽ
എന്നേക്കും വസിക്കുന്നു. ആകയാൽ ലേ 26
വ്യർക്ക് ഇനി തിരുനിവാസവും അതിലെ
ശുശ്രൂഷയ്ക്കുള്ള ഉപകരണങ്ങൾ ഒന്നും 27
ചുമപ്പാൻ ആവശ്യമില്ല എന്നു ദാവീദ്
പറഞ്ഞു. ദാവീദിൻെറ അന്ത്യകല്പനക
ളാൽ ലേവ്യരെ ഇരുപതു വയസ്സുമുതൽ
മേലോട്ട് എണ്ണിയിരുന്നു. അവരുടെ മുറ 28
യോ, ദൈവാലയത്തിലെ ശുശ്രൂഷയ്ക്കായി
പ്രാകാരങ്ങളിലും അറകളിലും സകല
വിശുദ്ധ വസ്തുക്കളും ശുദ്ധീകരിക്കുന്നതിലും
ദൈവാലയത്തിലെ ശുശ്രൂഷയ്ക്ക് അഹ 29
രോൻെറ പുത്രന്മാരെ സഹായിക്കുന്നതും
കാഴ്ചയപ്പവും പുളിപ്പില്ലാത്ത ദോശകളാ
യും ചട്ടിയിൽ ചുടുന്നതായും കുതിർക്കുന്ന
തായും അർപ്പിക്കുന്ന ഭോജനയാഗത്തി
നുള്ള നേരിയ മാവും സകലവിധ തൂക്കവും 30
അളവും നോക്കുന്നതും രാവിലെയും വൈ
കുന്നേരവും ദൈവത്തെ വാഴ്ത്തി സ്തുതി
ക്കേണ്ടതിനു ഒരുങ്ങി നില്ക്കുന്നതും
കർത്താവിനു ശാബതുകളിലും അമാവാ
സ്യകളിലും ഉത്സവങ്ങളിലും തൻെറ 31
സന്നിധിയിൽ നിരന്തരം അവയെക്കുറി
ച്ചുള്ള നിയമത്തിനനുസരണമായ സംഖ്യ
പ്രകാരം ഹോമയാഗങ്ങൾ അർപ്പിക്കുന്ന 32
തും സമാഗമനകൂടാരത്തിൻെറ കാര്യവും
വിശുദ്ധ സ്ഥലത്തിൻെറ കാര്യവും ദൈവാ

ിൻെറ ശുശ്രൂഷയിൽ അവരുടെ
ദരന്മാരായ അഹരോൻെറ പുത്രന്മാ
ാര്യവും നോക്കുന്നതുമായിരുന്നു.

അദ്ധ്യായം 24

ഹറോൻെറ പുത്രന്മാരുടെ കൂറുകൾ:
ാൻെറ പുത്രന്മാർ: നാദാബ്, അബീ
ലിയാസാർ, ഈഥാമാർ. നാദാബും
ഹൂയും അവരുടെ പിതാവിനുമുമ്പ്
പായി; അവർക്കു പുത്രന്മാർ
ിരുന്നില്ല; അതുകൊണ്ട് ഏലിയാ
ഈഥാമാരും പൌരോഹിത്യം നട
ാവീദ് ഏലിയാസാരിൻെറ പുത്ര
സാദോക്, ഈഥാമാരിൻെറ പുത്ര
അഹീമേലെക്ക് എന്നിവരുമായി
അവരുടെ ശുശ്രൂഷയുടെ മുറ
വിഭാഗിച്ചു. ഈഥാമാരിൻെറ പുത്ര
ുള്ളതിനെക്കാൾ എലിയാസാരി
ുത്രന്മാരിൽ അധികം തലവന്മാരെ
നാൽ എലിയാസാരിൻെറ പുത്രന്മാ
തിനാറു കുടുംബത്തലവന്മാരും
ാരിൻെറ പുത്രന്മാരിൽ എട്ടു
ബത്തലവന്മാരുമായി വിഭാഗിച്ചു.
സാരിൻെറ പുത്രന്മാരിലും ഈഥാ
പുത്രന്മാരിലും വിശുദ്ധസ്ഥല
നേതാക്കന്മാരും ദൈവാലയ
പ്രധാനികളും ഉള്ളതുകൊണ്ട്
വ്യത്യാസം കൂടാതെ നറുക്കിട്ടു
ച്ചു. ലേവ്യരിൽ നഥനീയേലിൻെറ
ശെമയാശാസ്ത്രി രാജാവിനും
ന്മാർക്കും പുരോഹിതനായ സാ
നും അബ്യാഥാരിൻെറ മകനായ
ാലെക്കിനും പുരോഹിതരുടെയും
ടെയും കുടുംബത്തലവന്മാർക്കും
ഒരു പിതൃഭവനം ഏലിയാസാ
മറ്റൊന്നു ഈഥാമാരിനുമായി
ന്നതു എഴുതിവച്ചു. ഒന്നാമത്തെ
യെഹോയാദായ്ക്കും രണ്ടാമ
യെദായായ്ക്കും മൂന്നാമത്തേതു
ിനും നാലാമത്തേതു ശെയോരി
ഞ്ചാമത്തേതു മല്ക്കീയായ്ക്കും
ത്തേതു മീയാമിനും ഏഴാമത്തേതു
സിനും എട്ടാമത്തേതു അബീ
ും ഒൻപതാമത്തേതു ഏലീശാ
പത്താമത്തേതു ശെഖന്യായ്ക്കും
ന്നാമത്തേതു ഏലീശാഫിനും
ാമത്തേതു ഏലിയക്രാബിനും
നാമത്തേതു ഹുപ്പെക്കും പതി
ത്തേതു അഹസ്യായ്ക്കും പതിന
ത്തേതു ബല്ഗെക്കും പതിനാറാമത്തേ

തു ഇമ്മേരിനും പതിനേഴാമത്തേതു അഹ
സ്യായ്ക്കും പതിനെട്ടാമത്തേതു ഹപിസേ
സിനും പത്തൊൻപതാമത്തേത് പെതഹ്യാ 16
യ്ക്കും ഇരുപതാമത്തേതു ഹസ്കിയേലി
നും ഇരുപത്തൊന്നാമത്തേതു യാഖീനും 17
ഇരുപത്തിരണ്ടാമത്തേതു ഗാമൂലിനും
ഇരുപത്തിമൂന്നാമത്തേതു ദെലായായ്ക്കും 18
ഇരുപത്തിനാലാമത്തേതു മയസ്യായ്ക്കും 19
വന്നു. ഇസ്രായേലിൻെറ ദൈവമായ
കർത്താവ് അവരുടെ പിതാവായ അഹരോ
നോടു കല്പിച്ചതുപോലെ അവൻ
അവർക്കു കൊടുത്ത നിയമപ്രകാരം അവ
രുടെ ശുശ്രൂഷയ്ക്കായി ദൈവാലയത്തി
ലേക്ക് അവർ വരേണ്ട ക്രമം ഇതായി
രുന്നു.

ശേഷം ലേവിപുത്രന്മാരോ: അമ്രാമി 20
ൻെറ പുത്രന്മാരിൽ ശൂബായേൽ; ശൂബാ
യേലിൻെറ പുത്രന്മാരിൽ യെഹ്ദെയാ,
രെഹബ്യാ. രെഹബ്യായുടെ പുത്രന്മാരിൽ 21
തലവൻ യിശ്യാ. യിസ്ഹാര്യരിൽ ശെലോ
മോത്ത്; ശെലോമോത്തിൻെറ പുത്രന്മാ 22
രിൽ യഹത്ത്. ഹെബ്രോൻെറ പുത്രന്മാർ: 23
യെരിയാ തലവൻ; അമര്യാ രണ്ടാമൻ; യഹ
സീയേൽ മൂന്നാമൻ; യെക്കമെയാ നാലാ
മൻ. ഉസ്സീയേലിൻെറ പുത്രന്മാർ: മീഖാ; 24
മീഖായുടെ പുത്രന്മാർ: ശാമീർ. മീഖയുടെ 25
സഹോദരൻ യിശ്യാ; യിശ്യായുടെ പുത്ര
ന്മാരിൽ സെഖര്യാ. മെരാരിയുടെ പുത്രന്മാർ: 26
മഹ്ലി, മൂശി; യയസ്യായുടെ പുത്രന്മാർ:
ബെനോ. മെരാരിയുടെ പുത്രന്മാർ: യയ 27
സ്യായിൽനിന്നുത്ഭവിച്ച ബെനോ, ശോഹം,
സക്കൂർ, ഇബ്രി. മഹ്ലിയുടെ മകൻ എലിയാ 28
സാർ; അവനു പുത്രന്മാർ ജനിച്ചില്ല. കീശ്: 29
കീശിൻെറ പുത്രന്മാർ യരഹ്മയേൽ. മൂശി 30
യുടെ പുത്രന്മാർ: മഹ്ലി, ഏദെർ, യെരീമോ
ത്ത്; ഇവർ പിതൃഭവനം പിതൃഭവനമായി
ലേവിയുടെ പുത്രന്മാർ. അവരും അഹരോ 31
ൻെറ പുത്രന്മാരായ അവരുടെ സഹോ
ദരന്മാരെപ്പോലെതന്നെ ദാവീദുരാജാവി
ൻെറയും സാദോക്കിൻെറയും അഹീമേലെ
ക്കിൻെറയും പുരോഹിതന്മാരുടെയും
ലേവ്യരുടെയും പിതൃഭവനത്തലവന്മാ
രുടെയും മുമ്പാകെ അതതു പിതൃഭവ
നത്തിൽ ഓരോ തലവൻ അവനവ
ൻെറ ഇളയ സഹോദരനെപ്പോലെ തന്നെ
ചീട്ടിട്ടു.

അദ്ധ്യായം 25

ദാവീദും സേനാധിപന്മാരും കിന്നരം, 1
വീണ, കൈത്താളം എന്നിവകൊണ്ടു പ്രവർ

ത്തിക്കുന്നവരായ ആസാഫിൻെറയും ഹേ
മാൻെറയും യെദൂഥൂൻെറയും പുത്രന്മാരെ
2 ശുശ്രൂഷയ്ക്കായി വേർതിരിച്ചു; ഈ ശുശ്രൂ
ഷ ചെയ്തവരുടെ സംഖ്യ: ആസാഫിൻെറ പു
ത്രന്മാരോ: രാജാവിൻെറ കല്പനയാൽ
പ്രവർത്തിച്ച ആസാഫിൻെറ കീഴിൽ ആസാ
ഫിൻെറ പുത്രന്മാരായ സക്കൂർ, യോസേ
3 ഫ്, നെഥന്യ, അശരേലാ. യെദൂഥൂന്യരോ:
ദൈവത്തെ വാഴ്ത്തി സ്തുതിക്കുന്നതിൽ
കിന്നരംകൊണ്ടു പ്രവർത്തിച്ച തങ്ങളുടെ
പിതാവായ യെദൂഥൂൻെറ കീഴിൽ ഗെദല്യാ,
സെരി, യെശയ്യാ, ഹശബ്യാ, മത്ഥിഥ്യാ
എന്നിങ്ങനെ യെദൂഥൂൻെറ പുത്രന്മാർ
4 ആറുപേർ. ഹേമാന്യരോ: ബുക്കിയാ,
മത്ഥന്യാ, ഉസ്സീയേൽ, ശെബൂവേൽ, യെരീ
മോത്ത്, ഹനന്യാ, ഹനാനി, എലീയാഥാ,
ഗിദ്ദൽതി, രോമംതി ഏസെർ, യൊശ്ബെ
ക്കാശ, മല്ലോഥി, ഹോഥീർ, മഹസീയോത്ത്
5 എന്നിവർ ഹേമാൻെറ പുത്രന്മാർ. ഇവർ
എല്ലാവരും ദൈവവചനങ്ങളിൽ രാജാവി
ൻെറ ദർശകനായ ഹേമാൻെറ പുത്രന്മാർ.
അവൻെറ കൊമ്പുയർത്തേണ്ടതിനു ദൈവം
ഹേമാനു പതിനാലു പുത്രന്മാരെയും
മൂന്നു പുത്രിമാരെയും കൊടുത്തിരുന്നു.
6 ഇവർ എല്ലാവരും ദൈവാലയശുശ്രൂഷ
യ്ക്കു കൈത്താളങ്ങളാലും വീണകളാലും
കിന്നരങ്ങളാലും ദൈവാലയത്തിൽ സംഗീത
ത്തിനായി അവരുടെ പിതാവിൻെറ കീഴിലും
ആസാഫും യെദൂഥൂനും ഹേമാനും നേരെ
രാജാവിൻെറ കീഴിലും ആയിരുന്നു. ദൈവ
7 ത്തിനു കീർത്തനം പാടുവാൻ നിപുണന്മാ
രായവരുടെ സഹോദരന്മാരുമായി അവരു
ടെ സംഖ്യ ഇരുനൂറ്റെൺപത്തെട്ട്. അവരുടെ
8 ജോലിക്രമം നിശ്ചയിക്കുവാൻ അവൻ
ചെറിയവനും വലിയവനും ഗുരുവിനും
9 ശിഷ്യനും ഒരുപോലെ ചീട്ടിട്ടു. ഒന്നാമത്തെ
ചീട്ട് ആസാഫിനു വേണ്ടി യോസേഫിനു
10 വന്നു; രണ്ടാമത്തേതു ഗെദല്യായ്ക്കു വന്നു;
അവനും സഹോദരന്മാരും അവൻെറ പുത്ര
11 ന്മാരും കൂടി പന്ത്രണ്ടുപേർ. മൂന്നാമത്തേതു
സക്കൂരിനു വന്നു; അവനും പുത്രന്മാരും
സഹോദരന്മാരും കൂടി പന്ത്രണ്ടുപേർ.
12 നാലാമത്തേതു നസ്രിക്കു വന്നു; അവനും
പുത്രന്മാരും സഹോദരന്മാരും കൂടി പന്ത്ര
13 ണ്ടുപേർ. അഞ്ചാമത്തേതു നെഥന്യായ്ക്കു
വന്നു; അവനും പുത്രന്മാരും സഹോദര
14 ന്മാരും കൂടി പന്ത്രണ്ടുപേർ. ആറാമത്തേതു
ബുക്കീയായ്ക്കു വന്നു; അവനും പുത്ര
ന്മാരും സഹോദരന്മാരും കൂടി പന്ത്രണ്ടു
15 പേർ. ഏഴാമത്തേതു യെശരേലെക്കു വന്നു;
അവനും പുത്രന്മാരും സഹോദരന്മാരും കൂടി
പന്ത്രണ്ടുപേർ. എട്ടാമത്തേതു ഏശായ 16
യ്ക്കു വന്നു; അവനും പുത്രന്മാരും സഹോ
ദരന്മാരും കൂടി പന്ത്രണ്ടുപേർ. ഒമ്പതാമ
ത്തേതു മത്ഥന്യായ്ക്കു വന്നു; അവനും
പുത്രന്മാരും സഹോദരന്മാരും കൂടി പന്ത്ര
ണ്ടുപേർ. പത്താമത്തേതു ശിമെയിക്കു 17
വന്നു. അവനും പുത്രന്മാരും സഹോദര
ന്മാരും കൂടി പന്ത്രണ്ടുപേർ, പതിനൊന്നാമ 18
ത്തേതു അസരേലിനു വന്നു; അവനും
പുത്രന്മാരും സഹോദരന്മാരും കൂടി പന്ത്ര
ണ്ടുപേർ. പന്ത്രണ്ടാമത്തേതു ഹശബ്യയ്ക്കു 19
വന്നു; അവനും പുത്രന്മാരും സഹോദര
ന്മാരും കൂടി പന്ത്രണ്ടുപേർ. പതിമൂന്നാമ 20
ത്തേതു ശൂബായേലിനു വന്നു; അവനും
പുത്രന്മാരും സഹോദരന്മാരും കൂടി പന്ത്ര
ണ്ടുപേർ. പതിനാലാമത്തേതു മത്ഥിഥ്യ 21
യ്ക്ക് വന്നു; അവനും പുത്രന്മാരും സഹോ
ദരന്മാരും കൂടി പന്ത്രണ്ടുപേർ. പതിനഞ്ചാമ 22
ത്തേതു യെർമോത്തിനു വന്നു; അവനും
പുത്രന്മാരും സഹോദരന്മാരും കൂടി പന്ത്ര
ണ്ടു പേർ. പതിനാറാമത്തേതു ഹനന്യാ 23
യ്ക്കു വന്നു; അവനും പുത്രന്മാരും സഹോ
ദരന്മാരും കൂടി പന്ത്രണ്ടുപേർ. പതിനേഴാമ 24
ത്തേതു എലിശോബെയ്ക്ക് വന്നു; അവനും
പുത്രന്മാരും സഹോദരന്മാരും കൂടി
പന്ത്രണ്ടുപേർ. പതിനെട്ടാമത്തേതു ഹനാ 25
നിക്കു വന്നു; അവനും പുത്രന്മാരും സഹോ
ദരന്മാരും കൂടി പന്ത്രണ്ടുപേർ. പത്തൊമ്പ 26
താമത്തേതു മല്ലോഥിക്കു വന്നു; അവനും
പുത്രന്മാരും സഹോദരന്മാരും കൂടി പന്ത്ര
ണ്ടുപേർ. ഇരുപതാമത്തേതു എലീയാ 27
ഥെക്കു വന്നു; അവനും പുത്രന്മാരും
സഹോദരന്മാരുംകൂടി പന്ത്രണ്ടുപേർ.
ഇരുപത്തൊന്നാമത്തേതു ഹോഥീരിനു 28
വന്നു; അവനും പുത്രന്മാരും സഹോദര
ന്മാരും കൂടി പന്ത്രണ്ടുപേർ. ഇരുപത്തി 29
രണ്ടാമത്തേതു ഗിദ്ദൽതിക്കു വന്നു; അവനും
പുത്രന്മാരും സഹോദരന്മാരും കൂടി പന്ത്ര
ണ്ടുപേർ. ഇരുപത്തിമൂന്നാമത്തേതു മഹ 30
സീയോത്തിനു വന്നു; അവനും പുത്രന്മാരും
സഹോദരന്മാരും കൂടി പന്ത്രണ്ടുപേർ.
ഇരുപത്തിനാലാമത്തേതു റൂമാനു വന്നു; 31
അവനും പുത്രന്മാരും സഹോദരന്മാരും കൂടി
പന്ത്രണ്ടുപേർ.

അദ്ധ്യായം 26

വാതിൽ കാവല്ക്കാരുടെ കൂറുകൾ: 1
കോരഹ്യർ: ആസാഫിൻെറ പുത്രന്മാരിൽ
കോരെയുടെ മകനായ മെശേലെമ്യാ.

ലമ്യായുടെ പുത്രന്മാർ; സെഖര്യാ
ാതൻ; യെദിയയേൽ രണ്ടാമൻ,
്യാ മൂന്നാമൻ, യത്നിയേൽ നാലാ
ുലാം അഞ്ചാമൻ, യോഹന്നാൻ
ൻ, എല്യെഹോവേനായി ഏഴാമൻ,
-എദോമിന്റെ പുത്രന്മാർ: ശെമയ്യാ
തൻ; യെഹോസാബാദ് രണ്ടാമൻ;
ഹ് മൂന്നാമൻ; സാഖാർ നാലാമൻ;
യേൽ അഞ്ചാമൻ; അമ്മീയേൽ
ൻ; ഇസ്സാഖാർ ഏഴാമൻ; പോലീ
ൻ. ദൈവം അവനെ അനുഗ്ര
ന്നു. അവന്റെ മകനായ ശെമയ്യാ
പുത്രന്മാർ ജനിച്ചിരുന്നു; അവർ
ായിരുന്നതുകൊണ്ടു തങ്ങളുടെ
നത്തിനു പ്രമാണികൾ ആയിരു
മയ്യായുടെ പുത്രന്മാർ: ഒത്നി, രെഫാ
ാബേദ്, എൽസാബാദ്; അവന്റെ
ദരന്മാർ സമർത്ഥന്മാർ ആയിരുന്നു
ഹൂ, സെമഖ്യാ. ഇവർ എല്ലാവരും
-എദോമിന്റെ പുത്രന്മാരുടെ
ലുള്ളവർ; അവരും പുത്രന്മാരും
രന്മാരും ശുശ്രൂഷയ്ക്കു സമർത്ഥ
രുന്നു. ഇങ്ങനെ ഓബേദ്-എദോ
വർ അറുപത്തിരണ്ടുപേർ. മെശേ
ക്കു പ്രാപ്തന്മാരായ പുത്രന്മാരും
രന്മാരും പതിനെട്ടുപേർ. മെരാരി
ാരിൽ ഹോസെക്കു പുത്രന്മാർ
രുന്നു; ശിമ്രി തലവൻ; ഇവൻ
തനല്ലെങ്കിലും അവന്റെ പിതാവ്
തലവനാക്കി; ഹില്ക്കീയ രണ്ടാ
തബല്യാ മൂന്നാമൻ, സഖര്യാ
ൻ; ഹോസയുടെ പുത്രന്മാരും
രന്മാരും എല്ലാംകൂടി പതിമൂന്നു
ാതിൽ കാവല്ക്കാരുടെ ഈ
ർക്ക് അവരുടെ തലവന്മാർക്കു
ദൈവാലയത്തിൽ ശുശ്രൂഷ ചെയ്യു
തങ്ങളുടെ സഹോദരന്മാർക്ക്
ാലെ ജോലി ഉണ്ടായിരുന്നു. അവർ
നും വലിയവനും ഒരുപോലെ
ന്നം പിതൃഭവനമായി അതതു വാതി
ട്ടിട്ടു. കിഴക്കെ വാതിലിന്റെ ചീട്ടു
ായ്ക്കു വന്നു; പിന്നെ അവർ
മകനായി വിവേകിയായ സഖ
വേണ്ടി ചീട്ടിട്ടു; അവന്റെ ചീട്ടു
വാതിലിനു വന്നു. തെക്കു വാതി
ു ഓബേദ്- എദോമിനും സംഭര
ുടേതു അവന്റെ പുത്രന്മാർക്കും
ള വഴിയിൽ ശല്ലേഖെത്ത് പടി
ന്നരികെ പടിഞ്ഞാറെ വാതിലി
ൂപ്പീമിനും ഹോസെക്കും വന്നു.

ഇങ്ങനെ കാവലുകൾ അടുത്തടുത്തു 17
ണ്ടായിരുന്നു. കിഴക്കെ വാതിൽക്കൽ ആറു
ലേവ്യരും വടക്കെ വാതിൽക്കൽ ദിനം
തോറും നാലുപേരും തെക്കെ വാതിൽക്കൽ
പ്രതിദിനം നാലുപേരും സംഭരണശാലയ്ക്ക്
ഈരണ്ടുപേരും ഉണ്ടായിരുന്നു. പർബാ 18
രിനു* പടിഞ്ഞാറു വഴിയിൽ നാലുപേരും
പർബാരിൽ രണ്ടു പേരും ഉണ്ടായിരുന്നു.
കോരഹ്യരിലും മെരാര്യരിലും ഉള്ള വാതിൽ 19
കാവൽക്കാരുടെ കൂറുകൾ ഇവയത്രെ.

അവരുടെ സഹോദരന്മാരായ ലേവ്യർ 20
ദൈവാലയത്തിലെ ഭണ്ഡാരത്തിനും വിശു
ദ്ധവസ്തുക്കളുടെ ഭണ്ഡാരത്തിനും ഭരണ
ക്കാരായിരുന്നു. ലയെദാന്റെ പുത്രന്മാർ: 21
ലയെദാന്റെ കുടുംബത്തിലുള്ള ഗേർശോ
ന്യരുടെ പുത്രന്മാർ: ഗേർശോന്യനായ
ലയെദാന്റെ പിതൃഭവനത്തലവന്മാർ
യെഹീയേല്യർ ആയിരുന്നു. യെഹീയേലി 22
ന്റെ പുത്രന്മാർ: സേഥാം; അവന്റെ സഹോ
ദരൻ യോവേൽ; ഇവർ കർത്താവിന്റെ
ആലയത്തിലെ ഭണ്ഡാരത്തിനു ഭരണക്കാ
രായിരുന്നു. അമ്രാമ്യർ, ഇസ്ഹാര്യർ, 23
ഹെബ്രോന്യർ, ഉസ്സീയേല്യർ എന്നിവർ:
മോശെയുടെ മകനായ ഗേർശോന്റെ 24
മകൻ ശെബൂവേൽ ഭണ്ഡാരത്തിനു ഭരണാ
ധിപനായിരുന്നു. ഏലീയേസെർ വഴി 25
യായി അവന്റെ സഹോദരന്മാർ: മകൻ
രെഹബ്യാ, അവന്റെ മകൻ ഏശയാ,
അവന്റെ മകൻ യോരാം; അവന്റെ മകൻ
സിക്രി; അവന്റെ മകൻ ശെലോമീത്ത്.
ദാവീദു രാജാവും പിതൃഭവനത്തലവന്മാരും 26
സഹസ്രാധിപന്മാരും ശതാധിപന്മാരും
സേനാധിപന്മാരും അർപ്പണം ചെയ്ത വിശുദ്ധ
വസ്തുക്കളുടെ സകല ഭണ്ഡാരത്തിനും
ശെലോമീത്തും അവന്റെ സഹോദര
ന്മാരും മേൽവിചാരകരായിരുന്നു. യുദ്ധ 27
ത്തിൽ കിട്ടിയ കൊള്ളയിൽനിന്ന് ദൈവാ
ലയഅറ്റകുറ്റപ്പണികൾ ചെയ്യുവാൻ അവർ
അവയെ സമർപ്പിച്ചിരുന്നു. ദർശകനായ 28
ശമൂവേലും കീശിന്റെ മകൻ ശൌലും
നേരിന്റെ മകൻ അബ്നേരും സെരൂയയുടെ
മകൻ യോവാബും സമർപ്പിച്ച സകല
നിവേദിതവസ്തുക്കളും ശെലോമീത്തിന്റെ
യും അവന്റെ സഹോദരന്മാരുടെയും
മേൽനോട്ടത്തിലായിരുന്നു. ഇസ്ഹാര്യരിൽ 29
കെനന്യായും അവന്റെ പുത്രന്മാരും പുറ
മെയുള്ള പ്രവൃത്തിക്കു ഇസ്രായേലിൽ
പ്രമാണികളും ന്യായാധിപന്മാരും ആയിരു
ന്നു. ഹെബ്രോന്യരിൽ ഹശബ്യായും അവ 30
ന്റെ സഹോദരന്മാരുമായി ആയിരത്തെഴു

* വലിയ കെട്ടിടം.

ന്നൂറു സമർത്ഥന്മാർ യോർദ്ദാനിക്കരെ പടി
ഞ്ഞാറു കർത്താവിന്റെ കാര്യങ്ങൾക്കും
രാജാവിന്റെ ശുശ്രൂഷയ്ക്കും ഇസ്രായേ
31 ലിൽ അധികാരികളായിരുന്നു. ഹെബ്രോ
ന്യരിൽ കുലം കുലമായും കുടുംബം കുടും
ബമായുമുള്ള ഹെബ്രോന്യർക്കു യെരീയാ
യായിരുന്നു തലവൻ; ദാവീദിന്റെ വാഴ്ച
യുടെ നാല്പതാം ആണ്ടിൽ അവരുടെ
വിവരം അന്വേഷിച്ചപ്പോൾ അവരുടെ ഇട
യിൽ ഗിലെയാദിലെ യസേരിൽ സമർത്ഥ
32 ന്മാരെ കണ്ടു. അവന്റെ സഹോദരന്മാരായി
പ്രാപ്തന്മാരും പിതൃഭവനത്തലവന്മാരു
മായി രണ്ടായിരത്തെഴുന്നൂറു പേരുണ്ടാ
യിരുന്നു; അവരെ ദാവീദു രാജാവു ദൈവ
കാര്യത്തിനും രാജാവിന്റെ കാര്യാദികൾ
ക്കും രൂബേന്യർ, ഗാദ്യർ, മനശ്ശെയുടെ
പാതിഗോത്രം എന്നിവർക്കും മേലധികാരി
കളായി നിയമിച്ചു.

അദ്ധ്യായം 27

1 ഇസ്രായേൽ പുത്രന്മാർ എണ്ണപ്രകാരം
പിതൃഭവനത്തലവന്മാരും സഹസ്രാധിപ
ന്മാരും ശതാധിപന്മാരും സംവത്സരത്തിലെ
എല്ലാ മാസങ്ങളിലും മാസംതോറും വരി
കയും പോകയും ചെയ്യുന്ന അതതു കൂറു
കളുടെ ഓരോ പ്രവൃത്തിയിലും രാജാവിനു
സേവ ചെയ്യുപോന്ന അവരുടെ പ്രമാണി
കളും ആകെ ഇരുപത്തിനാലായിരംപേർ.
2 ഒന്നാം മാസത്തേക്കുള്ള ഒന്നാം കൂറിനു
നേതാവ് സബ്ദീയേലിന്റെ മകൻ യിസ്
ബാൽ: അവന്റെ കൂറിൽ ഇരുപത്തി
3 നാലായിരംപേർ. അവൻ പേരെസ്സിന്റെ
പുത്രന്മാരിൽ പെട്ടവനും ഒന്നാം മാസത്തെ
സകല സേനാപതികൾക്കു തലവനും
4 ആയിരുന്നു. രണ്ടാം മാസത്തേക്കുള്ള
കൂറിനു അഹോഹ്യനായ ദോദായിയുടെ
മകൻ ഏലിയാസർ നേതാവും അവന്റെ
5 കൂറിൽ ഇരുപത്തിനാലായിരം പേർ.
മൂന്നാം മാസത്തേക്കുള്ള മൂന്നാമത്തെ
സേനാപതി മഹാപുരോഹിതനായ യെ
6 ഹോയാദയുടെ മകൻ ബെനായാ; അ
വന്റെ കൂറിലും ഇരുപത്തിനാലായിരം
പേർ. മുപ്പതുപേരിൽ വീരനും മുപ്പതു
പേർക്കു തലവനുമായ ബെനായാ ഇവൻ
അത്രേ; അവന്റെ കൂറിന് അവന്റെ
മകനായ അമ്മീസാബാദ് പ്രധാനിയായി
7 രുന്നു. നാലാം മാസത്തേക്കുള്ള നാലാമ
ത്തവൻ യോവാബിന്റെ സഹോദരനായ
അസാഹേലും അവന്റെ ശേഷം അവന്റെ
മകനായ സെബദ്യായും ആയിരുന്നു;

അവന്റെ കൂറിലും ഇരുപത്തിനാലായിരം
പേർ. അഞ്ചാംമാസത്തേക്കുള്ള അഞ്ചാമ 8
ത്തവൻ യിസ്രാഹ്യനായ ശംഹൂത്ത്; അവ
ന്റെ കൂറിലും ഇരുപത്തിനാലായിരം പേർ.
ആറാം മാസത്തേക്കുള്ള ആറാമത്തവൻ 9
തെക്കോവ്യനായ ഇക്കേശിന്റെ മകൻ
ഈരാ; അവന്റെ കൂറിലും ഇരുപത്തി
നാലായിരം പേർ. ഏഴാം മാസത്തേക്കുള്ള 10
ഏഴാമത്തവൻ എഫ്രയീമ്യരിൽ പെലോന്യ
നായ ഹേലെസ്; അവന്റെ കൂറിലും ഇരു
പത്തിനാലായിരം പേർ. എട്ടാം മാസത്തേ 11
ക്കുള്ള എട്ടാമത്തവൻ സർഹ്യരിൽ ഹൂശാ
ത്യനായ സിബ്ബെഖായി; അവന്റെ കൂറിലും
ഇരുപത്തിനാലായിരം പേർ. ഒമ്പതാം മാസ 12
ത്തേക്കുള്ള ഒമ്പതാമത്തവൻ ബെന്യാമീ
ന്യരിൽ അനാഥോത്യനായ അബീയേസർ;
അവന്റെ കൂറിലും ഇരുപത്തിനാലായിരം
പേർ. പത്താം മാസത്തേക്കുള്ള പത്താമത്ത 13
വൻ സർഹ്യരിൽ നെതോഫാത്യനായ
മഹരായി; അവന്റെ കൂറിലും ഇരുപത്തി
നാലായിരം പേർ. പതിനൊന്നാം മാസത്തേ 14
ക്കുള്ള പതിനൊന്നാമത്തവൻ എഫ്രയീമി
ന്റെ പുത്രന്മാരിൽ പിരാഥോന്യനായ
ബെനായാ; അവന്റെ കൂറിലും ഇരുപത്തി
നാലായിരം പേർ. പന്ത്രണ്ടാം മാസത്തേ 15
ക്കുള്ള പന്ത്രണ്ടാമത്തവൻ ഒത്നീയേലിൽ
നിന്നു ജനിച്ച നെതോഫാത്യനായ ഹെൽ
ദായി; അവന്റെ കൂറിലും ഇരുപത്തി
നാലായിരം പേർ.

ഇസ്രായേൽ ഗോത്രങ്ങളുടെ തലവ 16
ന്മാർ: രൂബേന്യർക്കു നേതാവ് സിക്രിയുടെ
മകൻ എലീയസർ; ശിമെയോന്യർക്കു മയ
ഖയുടെ മകൻ ശെഫത്യാ; ലേവ്യർക്കു കെമൂ 17
വേലിന്റെ മകൻ ഹശബ്യാ; അഹറോന്യർ
ക്കു സാദോക്, യഹൂദയ്ക്കു ദാവീദിന്റെ 18
സഹോദരന്മാരിൽ ഒരുവനായ എലീയാവ്;
ഇസ്സാഖാരിനു മീഖായേലിന്റെ മകൻ ഒമ്രി;
സെബൂലൂനു ഓബദ്യായുടെ മകൻ യിശ്മ 19
യാ; നഫ്താലിക്കു അസ്രീയേലിന്റെ മകൻ
യെരീമോത്ത്; എഫ്രയീമ്യർക്കു അസസ്യാ 20
യുടെ മകൻ ഹോശേയ; മനശ്ശെയുടെ പാതി
ഗോത്രത്തിനു പെദായായുടെ മകൻ യോ
വേൽ. ഗിലെയാദിലെ മനശ്ശെയുടെ പാതി 21
ഗോത്രത്തിനു സഖര്യായുടെ മകൻ യിദ്ദോ;
ബെന്യാമീനു അബ്നേരിന്റെ മകൻ
യാസീയേൽ; ദാനു യെരോഹാമിന്റെ 22
മകൻ അസരെയേൽ. ഇവർ ഇസ്രായേൽ
ഗോത്രങ്ങൾക്കു തലവന്മാർ ആയിരുന്നു.
എന്നാൽ ദൈവം ഇസ്രായേലിനെ ആകാ 23
ശത്തിലെ നക്ഷത്രങ്ങളെപ്പോലെ വർദ്ധി

എന്ന് അരുളിച്ചെയ്തിരുന്നതുകൊ
വീദ് ഇരുപതു വയസ്സിനു കീഴുള്ള
എണ്ണം എടുത്തില്ല. സെരൂയയുടെ
യോവാബ് എണ്ണുവാൻ തുടങ്ങി
ും അവൻ തീർത്തില്ല; അതുനിമി
സായേലിന്മേൽ മഹാകോപം വന്ന
ന്ന് ആ സംഖ്യ ദാവീദ് രാജാവിന്റെ
ത്തിലെ കണക്കിൽ ചേർത്തിട്ടില്ല.
ാവിന്റെ ഭണ്ഡാരത്തിനു അദീയേ
മകനായ അസ്മാവെത്ത് മേൽ
നായിരുന്നു. നിലങ്ങളിലും പട്ടണ
ഗ്രാമങ്ങളിലും കോട്ടകളിലും ഉള്ള
ാശാലകൾക്ക് ഉസ്സീയായുടെ മകൻ
ഥാൻ മേൽനോട്ടം വഹിച്ചു.
വേല ചെയ്യുന്ന കൃഷിക്കാർക്ക്
ിന്റെ മകൻ എസ്രി മേൽവിചാര
ന്തിരിത്തോട്ടങ്ങൾക്കു രാമാത്യനാ
യിയും മുന്തിരിത്തോട്ടങ്ങളിലെ
മായ വീഞ്ഞു സൂക്ഷിക്കുന്ന നില
കു ശിഫ്മനായ സബ്ദിയും മേൽ
ാർ. ഒലിവു വൃക്ഷങ്ങൾക്കും
ിയിലെ കാട്ടത്തികൾക്കും ഗാദേ
ബാൽഹാനാനും എണ്ണ സൂക്ഷിച്ചു
ന നിലവറകൾക്കു യോവാശും
ചാരകർ. ശാരോനിൽ മേയുന്ന
ാലികൾക്കു ശാരോന്യനായ
ിയും താഴ്വരയിലെ മാടുകൾ
ായിയുടെ മകനായ ശാഫാത്തും
ന്നക്കാർ. ഒട്ടകങ്ങൾക്കു യിശ്മാ
ായ ഓബീലും, കഴുതകൾക്കു
ാന്യനായ യഹ്ദെയായും അധി
ആടുകൾക്കു ഹാഗാറിയനായ
മേൽവിചാരകൻ; ഇവർ എല്ലാ
വീദ് രാജാവിന്റെ വസ്തുവക
അധിപതിമാരായിരുന്നു.
ദിന്റെ പിതൃവ്യനായ യോനാ
ദ്ധിമാനായ മന്ത്രിയും ശാസ്ത്രിയും
ന്നു; ഹഖ്മോനിയുടെ മകനായ
ൽ രാജകുമാരന്മാരുടെ അദ്ധ്യാ
യിരുന്നു. അഹീഥോഫെൽ രാജ
ർഖ്യനായ ഹൂശായി രാജവിശ്വ
അഹീഥോഫെലിന്റെ ശേഷം
യുടെ മകനായ യെഹോയാദയും
ാരും മന്ത്രിമാർ; രാജാവിന്റെ
ി യോവാബ്.

അദ്ധ്യായം 28

രം ദാവീദ് ഇസ്രായേലിന്റെ
ാത്രപ്രഭുക്കന്മാരെയും രാജാവി
ഷ ചെയ്ത കൂറുകളുടെ തലവന്മാ
രെയും സഹസ്രാധിപന്മാരെയും ശതാധി
പന്മാരെയും രാജാവിന്റെയും അവന്റെ
പുത്രന്മാരുടെയും സകല വസ്തുവകകൾക്കും
ആടുമാടുകൾക്കും ഉള്ള മേൽവിചാരക
ന്മാരെയും ഷണ്ഡന്മാരെയും വീരന്മാരെയും
സകല പരാക്രമശാലികളെയും യറുശലേ
മിൽ കൂട്ടി. ദാവീദ് രാജാവു എഴുന്നേറ്റു 2
നിന്നു പറഞ്ഞത്: എന്റെ സഹോദരന്മാരും
എന്റെ ജനവുമായുള്ളോരേ, എന്റെ
വാക്കു കേൾപ്പിൻ; കർത്താവിന്റെ നിയമ
പെട്ടകത്തിനും നമ്മുടെ ദൈവത്തിന്റെ
പാദപീഠത്തിനുമായി ഒരു വിശ്രമാലയം
പണിയുവാൻ എനിക്കു താല്പര്യമുണ്ടാ
യിരുന്നു; പണിക്കുവേണ്ടി ഞാൻ ശേഖരി
ച്ചുമിരുന്നു. എന്നാൽ ദൈവം എന്നോട്: നീ 3
എന്റെ നാമത്തിനു ഒരു ആലയം പണിയ
രുത്; നീ ഒരു യോദ്ധാവാകുന്നു; രക്തവും
ചൊരിയിച്ചിരിക്കുന്നു എന്നു കല്പിച്ചു.
എങ്കിലും ഞാൻ എന്നേക്കും ഇസ്രായേലിനു 4
രാജാവായിരിക്കുവാൻ ഇസ്രായേലിന്റെ
ദൈവമായ കർത്താവ് എന്റെ സർവ്വ പിതൃ
ഭവനത്തിൽനിന്നും എന്നെ തിരഞ്ഞെടു
ത്തു; രാജാവായിരിക്കുവാൻ യഹൂദയെ
യും യഹൂദാഗൃഹത്തിൽ എന്റെ പിതൃ
ഭവനത്തെയും തിരഞ്ഞെടുത്തിരിക്കുന്നു;
എന്റെ പിതാവിന്റെ പുത്രന്മാരിൽവച്ച്
എന്നെ എല്ലാ ഇസ്രായേലിനും രാജാവാ
ക്കുവാൻ അവനു പ്രസാദം തോന്നി. എന്റെ
എല്ലാ പുത്രന്മാരിൽനിന്നും—കർത്താവ് 5
എനിക്കു വളരെ പുത്രന്മാരെ തന്നിരിക്കുന്നു
— അവൻ എന്റെ മകനായ ശലോമോനെ
ഇസ്രായേലിൽ കർത്താവിന്റെ സിംഹാസ
നത്തിലിരിക്കുവാൻ തിരഞ്ഞെടുത്തിരിക്കു
ന്നു. അവൻ എന്നോട്: നിന്റെ മകനായ 6
ശലോമോൻ എന്റെ ആലയവും എന്റെ
പ്രാകാരങ്ങളും പണിയും; ഞാൻ അവനെ
എനിക്കു പുത്രനായി തിരഞ്ഞെടുത്തിരി
ക്കുന്നു; ഞാൻ അവനു പിതാവായിരിക്കും.
അവൻ ഇന്നു ചെയ്യുന്നതുപോലെ എന്റെ 7
കല്പനകളും വിധികളും സ്ഥിരമായി ആച
രിക്കുമെങ്കിൽ ഞാൻ അവന്റെ രാജത്വം
എന്നേക്കും സുസ്ഥിരമാക്കും എന്ന് അരുളി
ച്ചെയ്തിരിക്കുന്നു. ആകയാൽ ദൈവത്തി 8
ന്റെ സഭയായ എല്ലാ ഇസ്രായേലിന്റെ
മുമ്പിലും നമ്മുടെ ദൈവം കേൾക്കെയും
ഞാൻ പറയുന്നതു: നിങ്ങൾ ഈ നല്ല ദേശം
അനുഭവിക്കുകയും പിന്നീട് അതു നിങ്ങ
ളുടെ മക്കൾക്ക് ശാശ്വതാവകാശമാക്കു
കയും ചെയ്യേണ്ടതിനു നിങ്ങളുടെ ദൈവ
മായ കർത്താവിന്റെ കല്പനകളെയെല്ലാം

ആചരിക്കണം, അന്വേഷിച്ചറിയണം. നീയോ
9 എൻെറ മകനേ, ശലോമോനേ, നിൻെറ
പിതാവിൻെറ ദൈവത്തെ അറിയുകയും
അവനെ പൂർണ്ണഹൃദയത്തോടും നല്ല മന
സ്സോടും കൂടെ സേവിക്കുകയും ചെയ്യണം;
കർത്താവ് സർവ്വ ഹൃദയങ്ങളെയും പരി
ശോധിക്കുകയും വിചാരങ്ങളും നിരൂപണ
ങ്ങളും എല്ലാം ഗ്രഹിക്കുകയും ചെയ്യുന്നു;
നീ അവനെ അന്വേഷിക്കുന്നു എങ്കിൽ
അവനെ കണ്ടെത്തും; ഉപേക്ഷിക്കുന്നു
എങ്കിലോ അവൻ നിന്നെ എന്നേക്കും
10 തള്ളിക്കളയും. ആകയാൽ സൂക്ഷിച്ചുകൊ
ള്ളണം; വിശുദ്ധ മന്ദിരമായൊരു ആലയം
പണിയുവാൻ കർത്താവ് നിന്നെ തിരഞ്ഞെ
ടുത്തിരിക്കുന്നു; ധൈര്യപൂർവം അതു നട
ത്തിക്കൊളളണം.
11 പിന്നെ ദാവീദ് തൻെറ മകനായ ശലോ
മോനു ദൈവാലയത്തിൻെറ മണ്ഡപം, ഉപ
ഗൃഹങ്ങൾ, ഭണ്ഡാരഗൃഹങ്ങൾ, മാളികമുറി
കൾ, അറകൾ, കൃപാസനഗൃഹം എന്നിവ
12 യുടെ രൂപരേഖ കൊടുത്തു. കർത്താവി
ൻെറ ആലയം, പ്രാകാരങ്ങൾ, ചുറ്റുമുള്ള
എല്ലാ അറകൾ, ദൈവാലയത്തിൻെറ
ഭണ്ഡാരഗൃഹങ്ങൾ, സമർപ്പിത വസ്തുക്കളു
13 ടെ ഭണ്ഡാരം, പുരോഹിതന്മാരുടെയും
ലേവ്യരുടെയും കൂറുകൾ, കർത്താവിൻെറ
ആലയത്തിലെ സകല ശുശ്രൂഷയുടെയും
ക്രമം, കർത്താവിൻെറ ആലയത്തിലെ ശു
ശ്രൂഷയ്ക്കുള്ള സകല പാത്രങ്ങൾ എന്നി
വയെക്കുറിച്ചു തൻെറ മനസ്സിൽ ഉണ്ടായി
രുന്ന മാതൃകാവിവരവും അവനു കൊടു
14 ത്തു. അതതു ശുശ്രൂഷയ്ക്കുള്ള ഉപകരണ
ങ്ങൾക്കു പൊന്നുകൊണ്ടുള്ള ഉപകരണ
ങ്ങൾക്കു തൂക്കപ്രകാരം പൊന്നും അതതു
ശുശ്രൂഷയ്ക്കുള്ള ഉപകരണങ്ങൾക്കു
വെള്ളികൊണ്ടുള്ള ഉപകരണങ്ങൾക്കു
15 തൂക്കപ്രകാരം വെള്ളിയും പൊൻവിളക്കു
തണ്ടുകൾക്കും അവയുടെ സ്വർണ്ണ ദീപ
ങ്ങൾക്കും വേണ്ടുന്ന തൂക്കമായി ഓരോ വി
ളക്കുതണ്ടിനും അതിൻെറ ദീപങ്ങൾക്കും
തൂക്കപ്രകാരം പൊന്നും വെള്ളികൊണ്ടുള്ള
വിളക്കുതണ്ടുകൾക്കു ഓരോ തണ്ടിൻെറ
യും ആവശ്യത്തിനു തക്കവണ്ണം അതതു
തണ്ടിനും അതതിൻെറ ദീപങ്ങൾക്കും തൂക്ക
16 പ്രകാരം വെള്ളിയും കൊടുത്തു. കാഴ്ചയപ്പ
ത്തിൻെറ മേശകൾക്ക് ഓരോ മേശയ്ക്കാവ
ശ്യമായ പൊന്നും വെള്ളികൊണ്ടുള്ള മേശ
കൾക്കു ആവശ്യമായ വെള്ളിയും തൂക്കപ്ര
17 കാരം കൊടുത്തു. മുൾകൊളുത്തുകൾക്കും
കലശങ്ങൾക്കും കുടങ്ങൾക്കും ആവശ്യ

മുള്ള തങ്കവും പൊൻകിണ്ടികൾക്ക് ഓരോ
കിണ്ടിക്കു തൂക്കപ്രകാരം വേണ്ടതായ
വെള്ളിയും കൊടുത്തു. ധൂപപീഠത്തിനു 18
തൂക്കപ്രകാരം വേണ്ടുന്ന ശുദ്ധിചെയ്ത
പൊന്നും ചിറകു വിരിച്ചു കർത്താവിൻെറ
നിയമപെട്ടകം മൂടുന്ന കെരൂബുകളായ
രഥമാതൃകയ്ക്കാവശ്യമുള്ള പൊന്നും
കൊടുത്തു. ഇവയെല്ലാം ഈ മാതൃകയുടെ 19
എല്ലാ പണികളും കർത്താവ് എനിക്കുവേ
ണ്ടി തൻെറ കൈ കൊണ്ടു എഴുതിയ രേഖ
മൂലം എന്നെ ഗ്രഹിപ്പിച്ചിരിക്കുന്നു എന്നു
ദാവീദ് പറഞ്ഞു. പിന്നെയും ദാവീദ് തൻെറ 20
മകനായ ശലോമോനോടു പറഞ്ഞു: വേഗം
ധൈര്യം പൂണ്ടു പ്രവർത്തിച്ചുകൊൾക; ഭയ
പ്പെടരുത്, ഭ്രമിക്കുകയും അരുത്; കർത്താ
വായ ദൈവം, എൻെറ ദൈവം, നിന്നോടു
കൂടെ ഉണ്ട്. കർത്താവിൻെറ ആലയത്തി
ലെ ശുശ്രൂഷയ്ക്കുള്ള എല്ലാ പണിയും
തീർക്കുംവരെ അവൻ നിന്നെ കൈവിടുക
യില്ല, ഉപേക്ഷിക്കുകയും ഇല്ല. ഇതാ 21
ദൈവാലയത്തിലെ സകല ശുശ്രൂഷയ്ക്കും
വേണ്ടി പുരോഹിതന്മാരുടെയും ലേവ്യരു
ടെയും കൂറുകൾ ഉണ്ടല്ലോ; ഓരോവിധ
ശുശ്രൂഷയ്ക്കും മനസ്സും സാമർത്ഥ്യവും
ഉള്ള ഏവരും എല്ലാ ജോലിയ്ക്കായും
നിന്നോടുകൂടെ ഉണ്ട്; പ്രഭുക്കന്മാരും
സർവ്വജനവും നിൻെറ കല്പനയ്ക്കെല്ലാം
വിധേയരായിരിക്കും. ആവശ്യമുള്ള എല്ലാ
പ്രവൃത്തികളും അവർ ചെയ്യും.

അദ്ധ്യായം 29

ദാവീദുരാജാവു സർവ്വ സഭയോടും 1
പറഞ്ഞു: ദൈവം തെരഞ്ഞെടുത്തി
രിക്കുന്ന എൻെറ മകൻ ശലോമോൻ ചെറു
പ്പവും ബുദ്ധിയും ഉള്ളവൻ; പ്രവൃത്തിയോ
ചെറുതല്ല വലിയതും ആകുന്നു; എന്നെ
ന്നാൽ ഒരു മനുഷ്യനും ഇപ്രകാരം നൽക
പ്പെട്ടിട്ടില്ല. നിങ്ങൾ ശക്തിപ്പെടുവിൻ, ഇതു
നമ്മുടെ ദൈവത്തിന്നാകുന്നു. എന്നാൽ 2
ഞാൻ എൻെറ സർവ്വ കഴിവോടും കൂടെ
എൻെറ ദൈവത്തിൻെറ ആലയത്തിനുവേ
ണ്ടി പൊന്നുകൊണ്ടുള്ളവയ്ക്കു പൊന്നും
വെള്ളികൊണ്ടുള്ളവയ്ക്കു വെള്ളിയും
താമ്രംകൊണ്ടുള്ളവയ്ക്കു താമ്രവും ഇരുമ്പു
കൊണ്ടുള്ളവയ്ക്കു ഇരുമ്പും മരം കൊണ്ടു
ള്ളവയ്ക്കു മരവും ഗോമേദകക്കല്ലും പതിപ്പാ
നുള്ള കല്ലും പാകുവാനുള്ള കല്ലും വിവിധ
നിറമുള്ള കല്ലും അമൂല്യമായ രത്നവും
അനവധി വെള്ളക്കല്ലും എൻെറ ദാരിദ്ര്യ
ത്തിൽനിന്നും ശേഖരിച്ചുവെച്ചിരിക്കുന്നു.

്റ ദൈവത്തിന്റെ ആലയത്തോട്
ുള്ള ഭക്തിനിമിത്തം വിശുദ്ധമന്ദിര
വേണ്ടി ഞാൻ ശേഖരിച്ചതെല്ലാം
ത ദരിദ്രനായ എന്റെ പൊന്നും
യും ഞാൻ എന്റെ ദൈവത്തിന്റെ
ത്തിനു കൊടുത്തിരിക്കുന്നു.
ഭിത്തികളെ സ്വർണ്ണംകൊണ്ടു
തു സ്വർണ്ണംകൊണ്ടും വെള്ളികൊ
വണ്ടതു വെള്ളികൊണ്ടും പൊതി
ും ശില്പികളുടെ എല്ലാ പണി
ും ഓഫീർ പൊന്നായി പതിനായിരം
് പൊന്നും ഇരുപതിനായിരം
ഊതിക്കഴിച്ച വെള്ളിയും പൊന്നു
ത്ത് പൊന്നും, വെള്ളിക്കു വെള്ളി
ണിക്കാവശ്യമായതു ഈ മാസ
ന്നെ വേണം. താമസം പാടില്ല.
ൾ പിതൃഭവനപ്രഭുക്കന്മാരും ഇസ്രാ
ന്റെ ഗോത്രപ്രഭുക്കന്മാരും സഹസ്രാ
ും ശതാധിപന്മാരും രാജാവിന്റെ
ക്കു മേൽവിചാരകന്മാരും മനഃപൂർവ്വ
ൾ കൊണ്ടുവന്നു. ദൈവാലയത്തി
ണിയ്ക്കായി അവർ അയ്യായിരം
പൊന്നും പതിനായിരം തങ്കക്കാശും
യിരം താലന്ത് വെള്ളിയും പതി
യിരം താലന്ത് താമ്രവും നൂറായിരം
ഇരുമ്പും കൊടുത്തു. രത്നങ്ങൾ
മുള്ളവർ അവയെ ഗേർശോന്യ
യഹീയേൽ മുഖാന്തരം ദൈവാ
ലെ ഭണ്ഡാരത്തിലേക്കു കൊ
അങ്ങനെ ജനം മനഃപൂർവ്വമായി
തതുകൊണ്ട് അവർ സന്തോഷിച്ചു;
സ്സോടെ മനഃപൂർവ്വമായിട്ടായിരു
ർ കർത്താവിനു കൊടുത്തതു.
ാജാവും അത്യന്തം സന്തോഷിച്ചു.
ാവീദ് സർവ്വസഭയുടെയും മുമ്പാ
ത്താവിനെ സ്തുതിച്ചുപാടി: ഞങ്ങ
ത്താവായ ഇസ്രായേലിന്റെ ദൈവ
ത്താവേ, നീ എന്നും എന്നേക്കും
പ്പട്ടവൻ. കർത്താവേ, മഹത്വവും
തേജസ്സും യശസ്സും മഹിമയും
ള്ളതു; സ്വർഗ്ഗത്തിലും ഭൂമിയിലു
ല്ലാം നിന്റെ അധികാരത്തിൽ
കർത്താവേ, രാജത്വവും ജനവും
ള്ളതാകുന്നു; നീ സകലത്തിനും
ികാരിയാകുന്നു. ധനവും ബഹു
നിങ്കൽനിന്നു വരുന്നു. നീ സർവ്വ
ുന്നു; ശക്തിയും ബലവും നിന്റെ
ിക്കുന്നു; നിന്റെ പ്രവൃത്തിയായ,
തയും വലുതാക്കുന്നതും ശക്തീക
ും നീ തന്നെ. ആകയാൽ ഞങ്ങ

ളുടെ ദൈവമേ, ഞങ്ങൾ നിനക്കു സ്തോത്രം
ചെയ്ത് നിന്റെ മഹത്വമുള്ള നാമത്തെ
സ്തുതിക്കുന്നു. എന്നാൽ ഞങ്ങൾ ഇങ്ങനെ 14
ഇത്ര മനഃപൂർവമായി ദാനം ചെയ്യേണ്ടതിനു
പ്രാപ്തരാകുവാൻ ഞാൻ ആർ? എന്റെ
ജനവും എന്തുള്ളു? നിന്റെ കയ്യിൽനിന്നു
വാങ്ങി ഞങ്ങൾ നിനക്കു തന്നതേയുള്ളു.
ഞങ്ങൾ നിന്റെ മുമ്പാകെ ഞങ്ങളുടെ 15
സകല പിതാക്കന്മാരെയുംപോലെ അഗതി
കളും പരദേശികളും ആകുന്നു; ഭൂമിയിൽ
ഞങ്ങളുടെ ആയുഷ്കാലം ആവിപോ
ലെയത്രെ; യാതൊരു സ്ഥിരതയുമില്ല.
ആദിമുതൽ നീ ഞങ്ങളുടെ പിതാക്കന്മാ 16
രുടെ മേൽ അധികാരപ്പെട്ടു. അവർ പോയി
ജീവിക്കേണ്ട മാർഗ്ഗവും നീ കല്പിച്ചുകൊ
ടുത്തു. നിങ്ങൾ ആരാധിക്കുന്ന നിങ്ങളുടെ
ദൈവം എവിടെ എന്നു ചോദിച്ചു ഞങ്ങളെ
ആക്ഷേപിച്ച് ഉപദ്രവിക്കുന്ന ജാതിക
ളിൽനിന്നും ഞങ്ങളെ രക്ഷിച്ചതിനാൽ
നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. എന്റെ 17
ദൈവമേ, നീ ഹൃദയത്തെ ശോധനചെയ്തു
വിശ്വാസത്തിൽ പ്രസാദിക്കുന്നു എന്നു
ഞാൻ അറിയുന്നു; ഞാനോ എന്റെ
ഹൃദയപരമാർത്ഥതയോടെ ഇവയെല്ലാം
മനഃപൂർവ്വമായി സമർപ്പിച്ചിരിക്കുന്നു;
ഇപ്പോൾ ഇവിടെ കൂടിയിരിക്കുന്ന നിന്റെ
ജനം നിനക്കു മനഃപൂർവ്വമായി സമർപ്പി
ച്ചിരിക്കുന്നതു ഞാൻ സന്തോഷത്തോടെ
കണ്ടുമിരിക്കുന്നു. ഞങ്ങളുടെ പിതാക്കന്മാ 18
രായ അബ്രഹാമിന്റെയും ഇസഹാക്കി
ന്റെയും ഇസ്രായേലിന്റെയും ദൈവമായ
കർത്താവേ, നിന്റെ ജനത്തിന്റെ ഹൃദയ
ത്തിൽ ഈ വിചാരങ്ങളും ഭാവവും എന്നേ
ക്കും കാത്ത് അവരുടെ ഹൃദയത്തെ നിങ്ക
ലേക്കു തിരിക്കണമേ. എന്റെ മകനായ 19
ശലോമോൻ നിന്റെ കല്പനകളും സാക്ഷ്യ
ങ്ങളും ചട്ടങ്ങളും പ്രമാണിക്കേണ്ടതിനും
നീ കല്പിച്ചതെല്ലാം ചെയ്യുവാനും, നീ
ഒരുക്കിയ ഭവനം പണിയുവാനും, നിന്റെ
ഭക്തർക്കായി നീ സൃഷ്ടിച്ച ലോകത്തിൽ
നിന്റെ ശ്രേഷ്ഠനാമം സ്തുതിക്കപ്പെടുവാനും
തക്കവണ്ണം അവന് ഒരു ഏകാഗ്രഹൃദയം
നൽകണമേ. പിന്നെ ദാവീദ് സർവ്വസഭ 20
യോടും: ഇപ്പോൾ നിങ്ങളുടെ ദൈവമായ
കർത്താവിനെ വാഴ്ത്തുവിൻ എന്നു പറ
ഞ്ഞു. അങ്ങനെ സഭ മുഴുവനും തങ്ങ
ളുടെ പിതാക്കന്മാരുടെ ദൈവമായ
കർത്താവിനെ വാഴ്ത്തി. കർത്താവി
നെയും രാജാവിനെയും വീണു വണങ്ങി.
പിന്നെ അവർ കർത്താവിന് ഹനനയാഗ 21

ങ്ങളെ അർപ്പിച്ചു; പിറ്റെദിവസം കർത്താ
വിന് ഹോമയാഗമായി ആയിരം കാളയെ
യും ആയിരം ആട്ടുകൊറ്റനെയും ആയിരം
കുഞ്ഞാടിനെയും അവയുടെ പാനീയ
യാഗങ്ങളെയും എല്ലാ ഇസ്രായേലിനും
വേണ്ടി അനവധി ഹനനയാഗങ്ങളും കഴി
22 ച്ചു. അവർ അന്നു കർത്താവിൻെറ സന്നിധി
യിൽ മഹാസന്തോഷത്തോടെ ഭക്ഷിച്ചു
പാനം ചെയ്തു ദാവീദിൻെറ മകനായ ശലോ
മോനെ രാജാവാക്കി; അവനെ കർത്താവിന്
രാജാവായും സാദോക്കിനെ പുരോഹിത
നായും നിയമിച്ചു. അങ്ങനെ ശലോമോൻ
23 തൻെറ പിതാവായ ദാവീദിനു പകരം കർ
ത്താവിൻെറ സിംഹാസനത്തിൽ രാജാവാ
യിരുന്നു കൃതാർത്ഥനായി. ഇസ്രായേലെ
ല്ലാം അവൻെറ വാക്കു കേട്ടനുസരിച്ചു. സക
24 ല പ്രഭുക്കന്മാരും വീരന്മാരും ദാവീദ് രാജാ
വിൻെറ സകല പുത്രന്മാരും ശലോമോൻ
രാജാവിനു കീഴ്പെട്ടു. ഇസ്രായേലെല്ലാം
കാൺകെ കർത്താവ് ശലോമോനെ അത്യ
25 ന്തം മഹിമപ്പെടുത്തി, ഇസ്രായേലിൽ അവ
നു മുമ്പുണ്ടായിരുന്ന ഒരു രാജാവിനും ലഭി
ച്ചിട്ടില്ലാത്ത രാജമഹിമയും അവനു നൽകി.

ഇങ്ങനെ ഇശായിയുടെ മകനായ 26
ദാവീദ് എല്ലാ ഇസ്രായേലിനും രാജാവായി
ശലോമോനെ നിയമിച്ചു. ദാവീദ് ഇസ്രായേ 27
ലിനെ വാണ കാലം നാല്പതു സംവത്സരം
ആയിരുന്നു; അവൻ ഏഴു സംവത്സരം ഹെ
ബ്രോനിലും മുപ്പത്തിമൂന്നു സംവത്സരം
യറുശലേമിലും വാണു. അവൻ നന്നാ 28
വയസ്സുചെന്നവനും ആയുസ്സും ധനവും
മാനവും തികഞ്ഞവനുമായി മരിച്ചു;
അവൻെറ മകനായ ശലോമോൻ അവനു
പകരം രാജാവായി. ദാവീദ് രാജാവിൻെറ 29
ആരംഭം മുതലുള്ള കാര്യങ്ങളും അവൻെറ
ഭരണവും അവൻെറ വീര്യപ്രവൃത്തികളും
അവനും ഇസ്രായേലിനും അന്യദേശങ്ങ
ളിലെ സകല രാജ്യങ്ങൾക്കും ഭവിച്ച കാല 30
വ്യത്യാസങ്ങളും പ്രവാചകനായ ശമൂവേലി
ൻെറ ഗ്രന്ഥത്തിലും നാഥാൻ പ്രവാചകൻെറ
പുസ്തകത്തിലും പ്രവാചകനായ ഗാദിൻെറ
ഗ്രന്ഥത്തിലും എഴുതിയിരിക്കുന്നു. അവൻ
ദൈവസന്നിധിയിൽ നന്മ ചെയ്യുകയും അവ
നോട് കല്പിച്ചതൊന്നും ലംഘിക്കാതെ
ആയുഷ്ക്കാലമെല്ലാം ജീവിക്കുകയും
ചെയ്തു.

ദിനവൃത്താന്തം ഒന്നാം പുസ്തകം സമാപ്തം

ദിനവൃത്താന്തം: രണ്ടാം പുസ്തകം

അദ്ധ്യായം 1

ീദിൻെറ മകനായ ശലോമോൻ
ൻെറ രാജത്വത്തിൽ സ്ഥിരപ്പെട്ടു;
ൻെറ ദൈവമായ കർത്താവ് അവ
ൂടെ ഇരുന്നു. അവനെ എല്ലാ രാജാ
രക്കാളും അധികം മഹിമപ്പെടുത്തി.
മാൻ എല്ലാ ഇസ്രായേലിനോടും
ാധിപന്മാരോടും ശതാധിപന്മാ
ന്യായാധിപന്മാരോടും എല്ലാ
യലിൻെറയും പിതൃഭവനത്തലവ
സകല പ്രഭുക്കന്മാരോടും സംസാ
ഷം സർവ്വ സഭയുമായി ഗിബെയോ
പരുന്നാളിനു പോയി. ദൈവത്തി
സനായ മോശ മരുഭൂമിയിൽവച്ചു
ിയ ദൈവത്തിൻെറ സമാഗമന
അവിടെ ആയിരുന്നു. എന്നാൽ
ിൻെറ പെട്ടകം ദാവീദ് കുര്യത്ത്-
ീമിൽനിന്നു താൻ അതിനായി
ിരുന്ന സ്ഥലത്തേക്ക് കൊണ്ടു
അവൻ അതിനായി യറുശലേമിൽ
ാരം നിർമ്മിച്ചിരുന്നു. ഹൂരിൻെറ
ഊരിയുടെ മകൻ ബെസലേൽ
ിയ താമ്രയാഗപീഠവും അവിടെ
ിൻെറ തിരുനിവാസത്തിൻെറ
ഉണ്ടായിരുന്നു; അവിടെ ശലോ
സഭയും ദൈവത്തോടു പ്രാർത്ഥിച്ചു.
മാൻ അവിടെ ദൈവസന്നി
സമാഗമനകൂടാരത്തിലെ താമ്ര
ാത്തിങ്കലേക്ക് ചെന്ന് അതിന്മേൽ
ഹോമയാഗം കഴിച്ചു.
ു രാത്രി ദൈവം ശലോമോനു
ിൽ പ്രത്യക്ഷനായി അവനോടു:
ിനക്കു എന്തു തരണം? ചോദിച്ചു
എന്നു പറഞ്ഞു. ശലോമോൻ
ാടു പറഞ്ഞു: എൻെറ പിതാവായ
നാട് നീ മഹാദയ കാണിച്ച് അവനു
എന്നെ രാജാവാക്കിയിരിക്കുന്നു.
ൽ ദൈവമായ കർത്താവേ, എൻെറ
ായ ദാവീദിനോടുള്ള നിൻെറ
ം നിവർത്തിക്കണമെ; ഭൂമിയിലെ
പൊടിപോലെ അസംഖ്യമായുള്ള ജനത്തി
നു നീ എന്നെ രാജാവാക്കിയിരിക്കുന്നു
വല്ലോ. ആകയാൽ ഈ ജനത്തിനു നേതാ 10
വായിരിക്കുവാൻ എനിക്കു ജ്ഞാനവും
വിവേകവും തരണമേ; അല്ലാതെ നിൻെറ
ഈ വലിയ ജനത്തിനു ന്യായപാലനം ചെ
യ്യുവാൻ ആർക്കു കഴിയും? അതിനു ദൈവം 11
ശലോമോനോട്: ഈ കാര്യം നിനക്കു
താല്പര്യമായിരിക്കുകയാലും ധനം, സമ്പ
ത്ത്, മാനം, ശത്രുനിഗ്രഹം എന്നിവയോ
ദീർഘായുസ്സോ ചോദിക്കാതെ ഞാൻ നി
ന്നെ രാജാവാക്കിവച്ച എൻെറ ജനത്തിനു
ന്യായപാലനം ചെയ്യുവാൻ ജ്ഞാനവും വി
വേകവും ചോദിച്ചിരിക്കുകയാലും ജ്ഞാന
വും വിവേകവും നിനക്കു നൽകിയിരിക്കു
ന്നു; അതല്ലാതെ ചോദിച്ചിട്ടില്ലാത്തതും നിന 12
ക്കു മുമ്പുള്ള രാജാക്കന്മാരിൽ ആർക്കും
ലഭിച്ചിട്ടില്ലാത്തതും നിൻെറ ശേഷം ആർക്കും
ലഭിക്കാവതല്ലാത്തതുമായ ധനവും സമ്പ
ത്തും മാനവും ഞാൻ നിനക്കു തരും എന്ന്
അരുളി ച്ചെയ്തു. പിന്നെ ശലോമോൻ ഗിബെ 13
യോനിലെ പുജാഗിരിയിൽ നിന്നു, സമാഗ
മന കൂടാരത്തിൻെറ മുമ്പിൽ നിന്ന് യറുശ
ലേമിലേക്ക് വന്ന് ഇസ്രായേലിൽ വാണു.
ശലോമോൻ രഥങ്ങളും കുതിരപ്പട 14
യെയും ശേഖരിച്ചു; അവനു ആയിരത്തി
നാനൂറു രഥങ്ങളും പന്തീരായിരം കുതിര
പ്പടയും ഉണ്ടായിരുന്നു; അവരെ അവൻ
രഥനഗരങ്ങളിലും യറുശലേമിൽ രാജാവി
ൻെറ അടുക്കലും പാർപ്പിച്ചു. രാജാവു 15
യറുശലേമിൽ പൊന്നും വെള്ളിയും
ബാഹുല്യംകൊണ്ടു കല്ലുപോലെയും
ദേവദാരു താഴ്വരയിലെ കാട്ടത്തിമരം
പോലെയും ആക്കി. ശലോമോനു കുതിര 16
കളെ കൊണ്ടുവന്നതു മെസ്രേനിൽനിന്നും
ആയിരുന്നു; രാജാവിൻെറ കച്ചവടക്കാർ
അവയെ കൂട്ടമായി വിലയ്ക്ക് വാങ്ങിക്കൊ
ണ്ടുവരും. അവർ മെസ്രേനിൽനിന്നു രഥ 17
മൊന്നിനു അറുനൂറും കുതിര ഒന്നിനു
നൂറ്റമ്പതും വെള്ളി ശേക്കൽ വിലകൊടുത്തു
വാങ്ങിക്കൊണ്ടുവരും, അങ്ങനെ തന്നെ

അവർ ഹിത്യരുടെ സകല രാജാക്കന്മാർ
ക്കും ആരാം രാജാക്കന്മാർക്കും കൊണ്ടു
വന്നു കൊടുക്കുമായിരുന്നു.

അദ്ധ്യായം 2

1 അനന്തരം ശലോമോൻ ദൈവനാമ
ത്തിന് ഒരു ആലയവും തനിക്ക് ഒരു അര
2 മനയും പണിയുവാൻ കല്പിച്ചു. ശലോ
മോൻ എഴുപതിനായിരം ചുമട്ടുകാരെയും
മലയിൽ എൺപതിനായിരം കല്ലുവെട്ടു
കാരെയും അവർക്കു മേൽവിചാരകന്മാ
രായി മൂവായിരത്തറുനൂറുപേരെയും നിയ
3 മിച്ചു. പിന്നെ ശലോമോൻ സോർ രാജാ
വായ ഹീരാമിന്റെ അടുക്കൽ ആളയച്ചു
പറയിച്ചത് എന്തെന്നാൽ: എന്റെ പിതാ
വായ ദാവീദ് തനിക്കു പാർപ്പാൻ ഒരു അര
മന പണിയേണ്ടതിനു ദേവദാരു കൊടു
ത്തയച്ചതിൽ നീ അവനോടു പെരുമാറിയ
4 തുപോലെ എന്നോടും ചെയ്യണം. ഞാൻ
എന്റെ ദൈവത്തിന്റെ നാമത്തിന് ഒരു
ആലയം പണിയുവാൻ പോകുന്നു; അതു
അവനു പ്രതിഷ്ഠിച്ചിട്ടു അതിൽ അവന്റെ
സന്നിധിയിൽ സുഗന്ധധൂപം അർപ്പിക്കു
വാനും കെടാവിളക്കു കത്തിക്കുവാനും
കാലത്തും വൈകുന്നേരത്തും ശാബതു
കളിലും അമാവാസ്യകളിലും ഞങ്ങളുടെ
ദൈവമായ കർത്താവിന്റെ പെരുന്നാളു
കളിലും ഹോമയാഗം കഴിക്കുവാനും തന്നെ.
ഇതു ഇസ്രായേലിന് ഒരു ശാശ്വതനിയമം
5 ആകുന്നു. ഞങ്ങളുടെ ദൈവം സകല
രാജാക്കന്മാരെക്കാളും വലിയവനാകയാൽ
ഞാൻ പണിയുവാൻ ഉദ്ദേശിക്കുന്ന ആലയം
6 വലിയതുതന്നെ. എന്നാൽ അവനു ആലയം
പണിയുവാൻ പ്രാപ്തിയുള്ളവൻ ആർ?
സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും
അവൻ അടങ്ങാതിരിക്കെ അവന്റെ സന്നി
ധിയിൽ ധൂപം അർപ്പിക്കുവാൻ അവന് ഒരു
7 ആലയം പണിയുവാൻ ഞാൻ ആർ? ആക
യാൽ എന്റെ പിതാവായ ദാവീദ് കരുതി
യവരായി എന്റെ അടുക്കൽ യഹൂദയിലും
യറുശലേമിലും ഉള്ള കരകൗശലപ്പണി
ക്കാരോടുകൂടെ പൊന്ന്, വെള്ളി, താമ്രം, ഇ
രുമ്പ്, ധൂമ്രനൂൽ, ചുവപ്പുനൂൽ, നീല നൂൽ
എന്നിവകൊണ്ടു പണി ചെയ്യുവാൻ
സമർത്ഥനും കൊത്തുപണിവിദഗ്ദ്ധനു
മായ ഒരു ആളെ എനിക്കായി അയച്ചു
8 തരണം. ലെബാനോനിൽനിന്നു ദേവദാരു
വും സരളമരവും ചന്ദനവും കൂടെ എനിക്കു
അയച്ചുതരണം. നിന്റെ വേലക്കാർ ലെബാ
നോനിൽ മരം വെട്ടുവാൻ സമർത്ഥന്മാ
ണെന്ന് എനിക്കറിയാം; എനിക്കു വേണ്ടു
വോളം തടി ശേഖരിക്കുവാൻ എന്റെ
വേലക്കാർ നിന്റെ വേലക്കാരോട് കൂടെ
ഇരിക്കും. ഞാൻ പണിയുവാനിരിക്കുന്ന 9
ആലയം വലിയതും അത്ഭുതകരവും ആയി
രിക്കണം. മരം വെട്ടുകാരായ നിന്റെ വേല 10
ക്കാർക്കു ഞാൻ ഇരുപതിനായിരം കോർ
ഗോതമ്പും ഇരുപതിനായിരം കോർ യവവും
ഇരുപതിനായിരം ബത്ത് വീഞ്ഞും ഇരു
പതിനായിരം ബത്ത് എണ്ണയും കൊടുക്കും.
സോർ രാജാവായ ഹീരാം ശലോമോന്: 11
ദൈവം തന്റെ ജനത്തെ സ്നേഹിക്കുക
കൊണ്ടു നിന്നെ അവർക്കു രാജാവാ
ക്കിയിരിക്കുന്നു എന്നു മറുപടി എഴുതി
അയച്ചു. ഹീരാം പിന്നെയും പറഞ്ഞു: 12
കർത്താവിന് ഒരു ആലയവും തനിക്കു
ഒരു അരമനയും പണിയേണ്ടതിനു ജ്ഞാ
നവും ബുദ്ധിയും വിവേകവും ഉള്ള ഒരു
മകനെ ദാവീദ് രാജാവിനു നൽകിയവ
നായ, ആകാശവും ഭൂമിയും ഉണ്ടാക്കിയ
വനായ ഇസ്രായേലിന്റെ ദൈവം വാഴ്ത്ത
പ്പെട്ടവൻ. ഇപ്പോൾ ഞാൻ ജ്ഞാനവും 13
വിവേകവും ഉള്ള പുരുഷനായ ഹീരാം-
ആബിയെ അയച്ചിരിക്കുന്നു. അവൻ ഒരു
ദാന്യവിധവയുടെ മകൻ; അവന്റെ
പിതാവ് ടൈർ ദേശക്കാരൻ. പൊന്ന്,
വെള്ളി, താമ്രം, ഇരുമ്പ്, കല്ല്, മരം, 14
ധൂമ്രനൂൽ, നീലനൂൽ, ചണനൂൽ, ചുവപ്പു
നൂൽ എന്നിവകൊണ്ടു പണി ചെയ്യുവാ
നും നിന്റെ കരകൗശലവിദഗ്ദ്ധരോടും
നിന്റെ പിതാവും എന്റെ യജമാന
നുമായ ദാവീദിന്റെ കരകൗശലപ്പണി
ക്കാരോടുംകൂടെ അവനു ഏല്പിക്കുന്ന
ഏതു കൗശലപ്പണിയും തീർക്കുവാനും
അവൻ സമർത്ഥനാകുന്നു. ആകയാൽ 15
യജമാനൻ പറഞ്ഞ ഗോതമ്പും യവവും
എണ്ണയും വീഞ്ഞും വേലക്കാർക്കു കൊടു
ത്തയയ്ക്കുക. ഞങ്ങൾ നിന്റെ ആവശ്യം 16
പോലെയെല്ലാം ലെബാനോനിൽനിന്നു
മരംവെട്ടി ചെങ്ങാടം കെട്ടി കടൽവഴി
യായി യേഫായിൽ എത്തിച്ചുതരും; നീ
അതു യറുശലേമിലേക്കു കൊണ്ടുപോ
കണം. ശലോമോൻ ഇസ്രായേൽ ദേശ 17
ത്തിലെ അന്യന്മാരെയെല്ലാം തന്റെ
പിതാവായ ദാവീദ് സംഖ്യ എടുത്തതു
പോലെ എണ്ണം എടുത്തു. ഒരു ലക്ഷത്ത
മ്പത്തിമൂവായിരത്തറുനൂറുപേർ എന്നു
കണ്ടു. അവരിൽ എഴുപതിനായിരം പേരെ 18
ചുമട്ടുകാരായും എൺപതിനായിരം പേരെ
മലയിൽ കല്ലുവെട്ടുകാരായും മൂവായിരം

റുറുപേരെ ജനത്തെക്കൊണ്ടു വേല
ക്കുവാൻ മേൽവിചാരകരായും
ച്ചു.

അദ്ധ്യായം 3

നന്തരം ശലോമോൻ യറുശലേമിൽ
പിതാവായ ദാവീദിനു ദൈവം
ഷനായ മോരീയമലയിൽ യെബൂ
യ ഒർന്നാൻെറ കളത്തിൽ ദാവീദ്
ച്ചിരുന്ന സ്ഥലത്തു ദൈവത്തിൻെറ
പണിയുവാൻ തുടങ്ങി. തൻെറ
യുടെ നാലാം ആണ്ടിൽ രണ്ടാം മാസം
തീയതി ആയിരുന്നു അവൻ പണി
യത്. ദൈവാലയം പണിയേണ്ട
ശലോമോൻ ഇട്ട അടിസ്ഥാനത്തി
അളവ്: മുൻവശത്തെ അളവിൻ
അതിൻെറ നീളം അറുപതു മുഴം,
രുപതു മുഴം. മുൻഭാഗത്തുള്ള മണ്ഡ
ആലയത്തിൻെറ വീതിക്കു ഒത്ത
രുപതു മുഴം നീളവും നൂറ്റിരുപതു
യരവും ഉണ്ടായിരുന്നു; അതിൻെറ
അവൻ തങ്കംകൊണ്ടു പൊതിഞ്ഞു.
ആലയത്തിനു അവൻ സരളമരം
മച്ചിട്ടു, അതിനെ തങ്കംകൊണ്ടു
ത്തു. അതിന്മേൽ ഈന്തപ്പനയും
കൊത്തിച്ചു. അവൻ ഭംഗിക്കായി
ത്ത രത്നംകൊണ്ടു അലങ്കരിച്ചു;
മാ പർവ്വയീം പൊന്ന് ആയിരുന്നു.
ആലയവും തുലാങ്ങളും കാലുകളും
ളും കതകുകളും പൊന്നുകൊണ്ടു
ത്തു. ചുവരിന്മേൽ കെരൂബുകളെ
ാത്തിച്ചു. അവൻ മഹാവിശുദ്ധ
ും ഉണ്ടാക്കി; അതിൻെറ നീളം
ത്തിൻെറ വീതിക്കു ഒത്തവണ്ണം
മുഴവും ആയിരുന്നു; അവൻ
താലന്ത് തങ്കംകൊണ്ടു അതു
ത്തു. ആണികളുടെ തൂക്കം അമ്പതു
പൊന്ന് ആയിരുന്നു. മുകൾ മുറി
അവൻ പൊന്നുകൊണ്ടു പൊതി
ഹാവിശുദ്ധ സ്ഥലത്ത് അവൻ
പണിയായ രണ്ടു കെരൂബുകളെ
പൊന്നുകൊണ്ടു പൊതിഞ്ഞു.
കളുടെ ചിറകുകളുടെ നീളം ഇരു
. ഒന്നിൻെറ ഒരു ചിറകു ആലയ
ചുവരോടു തൊടുന്നതായി
വും മറ്റെ ചിറകു മറ്റെ കെരൂബി
കോടു തൊടുന്നതായി അഞ്ചു
ആയിരുന്നു. മറ്റെ കെരൂബിൻെറ
കു ആലയത്തിൻെറ ചുവരോടു
തായി അഞ്ചുമുഴവും മറ്റെ ചിറകു
മറ്റെ കെരൂബിൻെറ ചിറകോടു തൊടുന്ന
തായി അഞ്ചു മുഴവും ആയിരുന്നു. ഈ 13
കെരൂബുകളുടെ ചിറകുകൾ ഇരുപതുമുഴം
നീളത്തിൽ വിടർന്നിരുന്നു. അവ കാൽ
ഊന്നിയും മുഖം അകത്തോട്ടു തിരിഞ്ഞും
നിന്നിരുന്നു. അവൻ നീലനൂൽ, ധൂമ്രനൂൽ, 14
ചുവപ്പുനൂൽ, ചണനൂൽ എന്നിവകൊണ്ടു
തിരശ്ശീല ഉണ്ടാക്കി അതിന്മേൽ കെരൂബു
കളെയും നെയ്യുണ്ടാക്കി. അവൻ ആലയ 15
ത്തിൻെറ മുമ്പിൽ മുപ്പത്തഞ്ചു മുഴം ഉയര
മുള്ള രണ്ടു സ്തംഭങ്ങളുണ്ടാക്കി; അവയുടെ
അഗ്രത്തിലുള്ള പോതികയ്ക്കു അയ്യഞ്ചു
മുഴം ഉയരം ഉണ്ടായിരുന്നു. ഉൾമന്ദിരത്തിൽ 16
ഉള്ളതുപോലെ മാലകളും ഉണ്ടാക്കി സ്തംഭ
ങ്ങളുടെ അഗ്രത്തിൽ വച്ചു; നൂറു മാതളപ്പഴ
വും ഉണ്ടാക്കി മാലകളിൽ കോർത്തിട്ടു. 17
അവൻ സ്തംഭങ്ങൾ മന്ദിരത്തിൻെറ മുമ്പിൽ
ഒന്നു വലത്തും മറ്റേതു ഇടത്തും ഉയർത്തി;
വലത്തേതിനു യാഖീൻ എന്നും ഇടത്തേ
തിനു ബോവസ് എന്നും പേരു വിളിച്ചു.

അദ്ധ്യായം 4

അവൻ താമ്രംകൊണ്ടു ഒരു യാഗപീഠം 1
ഉണ്ടാക്കി; അതിൻെറ നീളം ഇരുപതു
മുഴവും വീതി ഇരുപതു മുഴവും ഉയരം
പത്തുമുഴവും ആയിരുന്നു. അവൻ ഒരു 2
വാർപ്പു കടലും ഉണ്ടാക്കി; അതു വൃത്താ
കാരമായിരുന്നു; അതിനു വക്കോടു വക്കു
പത്തു മുഴവും ഉയരം അഞ്ചുമുഴവും ചുറ്റു
മുപ്പതു മുഴവും ഉണ്ടായിരുന്നു. അതിനു 3
കീഴെ ചുറ്റിലും കുമിഴുകൾ മുഴത്തിനു
പത്തുവീതം കടലിനെ ചുറ്റിയിരുന്നു. അതു
വാർത്തപ്പോൾതന്നെ കുമിഴുകളും രണ്ടു
നിരയായി വാർത്തുണ്ടാക്കിയിരുന്നു. അതു 4
പന്ത്രണ്ടു കാളകളുടെ പുറത്തു വെച്ചിരു
ന്നു: മൂന്നു വടക്കോട്ടും മൂന്നു പടിഞ്ഞാറോ
ട്ടും മൂന്നു തെക്കോട്ടും മൂന്നു കിഴക്കോട്ടും
തിരിഞ്ഞിരുന്നു. കടൽ അവയുടെ പുറത്തു
വച്ചിരുന്നു; അവയുടെ പൃഷ്ഠഭാഗമൊ
ക്കെയും അകത്തേക്ക് ആയിരുന്നു. അതി 5
ൻെറ കനം നാലു അംഗുലവും അതിൻെറ
വക്കു പാനപാത്രത്തിൻെറ വക്കുപോലെ
യും വിടർന്ന താമരപ്പൂപോലെയും ആയി
രുന്നു; അതിൽ മൂവായിരം ബത്ത് വെള്ളം
കൊള്ളും. അവൻ പത്തു തൊട്ടിയും ഉണ്ടാ
ക്കി; പ്രക്ഷാളനത്തിനായി അഞ്ചു വലത്തു 6
ഭാഗത്തും അഞ്ചു ഇടത്തു ഭാഗത്തും വച്ചു.
ഹോമയാഗത്തിനുള്ള സാധനങ്ങൾ അവർ
അവയിൽ കഴുകും; കടൽ പുരോഹിത
ന്മാർക്ക് കഴുകുവാനുള്ളതായിരുന്നു.

7 അവൻ പൊന്നുകൊണ്ടു പത്തു വിളക്കും
അതതു മാതൃകപ്രകാരം ഉണ്ടാക്കി, മന്ദിര
ത്തിൽ വലത്തുഭാഗത്തു അഞ്ചും ഇടത്തു
8 ഭാഗത്തു അഞ്ചുമായി വച്ചു. അവൻ പത്തു
മേശ ഉണ്ടാക്കി; മന്ദിരത്തിൽ വലത്തു
ഭാഗത്തു അഞ്ചും ഇടത്തുഭാഗത്തു അഞ്ചു
മായി വച്ചു; പൊന്നുകൊണ്ടു നൂറു കലശ
9 വും ഉണ്ടാക്കി. അവൻ പുരോഹിതന്മാരുടെ
പ്രാകാരവും വലിയ പ്രാകാരവും പ്രാകാര
ത്തിനു വാതിലുകളും ഉണ്ടാക്കി; കതകു
10 താമ്രംകൊണ്ടു പൊതിഞ്ഞു. അവൻ കടലി
നെ വലത്തു ഭാഗത്തു തെക്കു കിഴക്കായിട്ടു
11 വച്ചു. ഹീരാം, കലങ്ങളും ചട്ടുകങ്ങളും കല
ശങ്ങളും ഉണ്ടാക്കി; ഇങ്ങനെ ഹീരാം ദൈവാ
ലയത്തിൽ ശലോമോൻ രാജാവിനു വേണ്ടി
12 ചെയ്ത പണി എല്ലാം തീർത്തു. സ്തംഭങ്ങൾ,
രണ്ടു സ്തംഭങ്ങളുടെ അഗ്രത്തിലുള്ള ഗോളാ
13 കാരമായ പോതികകൾ, സ്തംഭങ്ങളുടെ
അഗ്രത്തിലുള്ള പോതികകളുടെ ഗോളങ്ങ
ളെ മൂടുവാൻ രണ്ടു വലപ്പണി, സ്തംഭങ്ങളുടെ
തലക്കലുള്ള പോതികകളുടെ രണ്ടു ഗോള
ങ്ങളെ മൂടുന്ന ഓരോ വലപ്പണിയിൽ
ഈരണ്ടു നിര മാതളപ്പഴമായി രണ്ടു വല
പ്പണിയിലും കൂടെ നാനൂറു മാതളപ്പഴം,
14 പീഠങ്ങൾ, പീഠങ്ങളിന്മേൽ തൊട്ടികൾ,
15 കടൽ, അതിനു കീഴെ പന്ത്രണ്ടു കാള,
16 കലങ്ങൾ, ചട്ടുകങ്ങൾ, മുൾക്കൊളുത്തു
കൾ എന്നീ ഉപകരണങ്ങളെല്ലാം ഹീരാം
മിനുക്കിയ താമ്രംകൊണ്ടു ദൈവത്തിൻെറ
ആലയത്തിനുവേണ്ടി ശലോമോൻ രാജാ
17 വിനു ഉണ്ടാക്കിക്കൊടുത്തു. യോർദ്ദാൻ
സമഭൂമിയിൽ സുക്കോത്തിനും സെരേദാ
ഥെക്കും മദ്ധ്യേ കളിമണ്ണുള്ള നിലത്തിൽ വച്ച്
18 രാജാവ് അവയെ വാർപ്പിച്ചു. ശലോമോൻ
ഈ ഉപകരണങ്ങളെല്ലാം ധാരാളമായി
ഉണ്ടാക്കി; താമ്രത്തിൻെറ തൂക്കത്തിനു
19 കണക്കില്ലായിരുന്നു. ശലോമോൻ ദൈവാ
20 ലയത്തിലെ ഉപകരണങ്ങൾ പൊന്നുകൊ
ണ്ടുള്ള പീഠവും കാഴ്ചയപ്പം വയ്ക്കുന്ന
21 മേശകളും അന്തർമന്ദിരത്തിനു മുമ്പാകെ
നിയമപ്രകാരം കത്തേണ്ടതിനു നിർമ്മല
മായ തങ്കംകൊണ്ടുള്ള നിലവിളക്കും ദീപ
ങ്ങളും പൊന്നുകൊണ്ടും, നിർമ്മലമായ
22 തങ്കം കൊണ്ടുംതന്നെ. പുഷ്പങ്ങളും ദീപ
ങ്ങളും ചവണകളും തങ്കംകൊണ്ടു കത്രിക
കളും കലശങ്ങളും തവികളും, തീച്ചട്ടികളും
ഉണ്ടാക്കി. ആലയത്തിൻെറ വാതിലുകൾ,
മഹാവിശുദ്ധ സ്ഥലത്തേക്കുള്ള അകത്തെ
കതകുകളും മന്ദിരമായ ആലയത്തിൻെറ
കതകുകളും സ്വർണ്ണംകൊണ്ടു ആയിരുന്നു.

അദ്ധ്യായം 5

ഇങ്ങനെ ശലോമോൻ ദൈവാലയ 1
ത്തിനുവേണ്ടി ചെയ്ത പണിയെല്ലാം തീർന്നു;
പിന്നെ ശലോമോൻ തൻെറ പിതാവായ
ദാവീദ് സമർപ്പിച്ചിരുന്ന വസ്തുക്കളായ
വെള്ളിയും പൊന്നും ഉപകരണങ്ങൾ
കൊണ്ടുവന്നു ദൈവാലയത്തിലെ ഭണ്ഡാര
ഗൃഹങ്ങളിൽ വച്ചു.
ശലോമോൻ ദൈവത്തിൻെറ നിയമ 2
പെട്ടകം ഹെബ്രോൻ എന്ന ദാവീദിൻെറ
നഗരത്തിൽനിന്നു കൊണ്ടുവരുവാൻ
ഇസ്രായേൽ മൂപ്പന്മാരേയും ഇസ്രായേൽ
മക്കളുടെ പിതൃഭവനത്തലവന്മാരായ ഗോത്ര
പ്രമാണികളെയും യറുശലേമിൽ കൂട്ടി.
ഇസ്രായേൽ പുരുഷന്മാരെല്ലാവരും ഏഴാം 3
മാസത്തിലെ പെരുന്നാളിൽ രാജാവിൻെറ
അടുക്കൽ വന്നുകൂടി. ഇസ്രായേൽ മൂപ്പന്മാ 4
രെല്ലാവരും വന്നശേഷം ലേവ്യർ പെട്ടകം
എടുത്തു. പെട്ടകവും സമാഗമനകൂടാരവും 5
കൂടാരത്തിലെ സകല വിശുദ്ധോപകരണ
ങ്ങളും കൊണ്ടുവന്നു; പുരോഹിതന്മാരും
ലേവ്യരുമാണ് അവ കൊണ്ടുവന്നത്.
ശലോമോൻ രാജാവും അവൻെറ അടുക്കൽ 6
വന്നിരുന്ന ഇസ്രായേൽ സഭ മുഴുവനും
എണ്ണി കണക്കെടുക്കുവാൻ കഴിയാതവണ്ണം
അസംഖ്യം ആടുകളെയും കാളകളെയും
പെട്ടകത്തിനു മുമ്പിൽ യാഗം കഴിച്ചു.
പുരോഹിതന്മാർ ദൈവത്തിൻെറ നിയമ 7
പെട്ടകം അതിൻെറ സ്ഥലത്തു, ആലയത്തി
ലെ അന്തർമന്ദിരത്തിൽ മഹാ വിശുദ്ധ
സ്ഥലത്തേക്കു കെരൂബുകളുടെ ചിറകിൻ
കീഴെ കൊണ്ടുചെന്നുവച്ചു. കെരൂബുകൾ 8
പെട്ടകത്തിൻെറ സ്ഥലത്തിനു മീതെ
ചിറകു വിരിച്ചു. പെട്ടകത്തെയും അതിൻെറ
തണ്ടുകളെയും മൂടി നിന്നു. തണ്ടുകൾ 9
നീണ്ടിരിക്കയാൽ തണ്ടുകളുടെ അറ്റങ്ങൾ
അന്തർമന്ദിരത്തിനു മുമ്പിൽ പെട്ടകത്തെ
കവിഞ്ഞു കാണും എങ്കിലും പുറത്തുനിന്നു
കാണുകയില്ല; അവ ഇന്നുവരെ അവിടെ
ഉണ്ട്. ഇസ്രായേൽ മക്കൾ മെസ്രേനിൽനി 10
ന്നു പുറപ്പെട്ടശേഷം അവരോടു നിയമം
ചെയ്തപ്പോൾ മോശ സീനായ്മലയിൽ വച്ച്
ഇറക്കിക്കൊണ്ടുവന്ന് പെട്ടകത്തിൽ വച്ചിരു
ന്ന രണ്ടു കല്പലകയല്ലാതെ അതിൽ മ
റ്റൊന്നും ഉണ്ടായിരുന്നില്ല. അവർ ഉച്ചത്തിൽ 11
പാടി ദൈവത്തെ സ്തുതിച്ചപ്പോൾ ദൈവ
ത്തിൻെറ ആലയമായ മന്ദിരത്തിൽ ഒരു
മേഘം നിറഞ്ഞു. ദൈവതേജസ്സ് ദൈവാലയ
ത്തിൽ നിറഞ്ഞിരുന്നതുകൊണ്ട് പുരോ

ാർക്കു മേഘം നിമിത്തം ശുശ്രൂഷ
ണ്ടതിനു നില്ക്കുവാൻ കഴിഞ്ഞില്ല.

യാനിയിൽ 2 ദിനവൃത്താന്തം ഇവിടെ
ആരംഭിക്കുന്നു.)

അദ്ധ്യായം 6

ലോമോൻ പറഞ്ഞു: താൻ കൂരി
വസിക്കുമെന്നു ദൈവം അരുളി
ിരിക്കുന്നു; എങ്കിലും ഞാൻ നിനക്കു
ുവാൻ ഒരു ആലയം, നിനക്കു
ക്കും വസിക്കുവാൻ ഒരു സ്ഥലം
ിരിക്കുന്നു. പിന്നെ ഇസ്രായേൽ
ുവനും നില്ക്കെ രാജാവു തന്റെ
ിരിച്ചു ഇസ്രായേലിന്റെ സർവ്വസഭ
അനുഗ്രഹിച്ചു പറഞ്ഞത്: എന്റെ
ായ ദാവീദിനോട് തിരുവായ്കൊ
രുളിച്ചെയ്തതു തൃക്കൈകൊണ്ടു
ത്തിച്ചിരിക്കുന്ന ഇസ്രായേലിന്റെ
വാഴ്ത്തപ്പെട്ടവൻ. എന്റെ
മെസ്രേൻ ദേശത്തുനിന്നു
വന്നപ്പോൾ മുതൽ എന്റെ നാമം
ചെയ്യേണ്ടതിന് ഒരു ആലയം
വാൻ ഞാൻ ഇസ്രായേലിന്റെ
ഗോത്രങ്ങളിലും ഒരു പട്ടണവും
ത്തടുത്തില്ല; എന്റെ ജനമായ
യേലിനു നേതാവായിരിക്കുവാൻ
രുവനെയും തെരഞ്ഞെടുത്തില്ല.
എന്റെ നാമം ഇരിക്കേണ്ടതിനു
മിനെയും എന്റെ ജനമായ ഇസ്രാ
ഭരിക്കുവാൻ ദാവീദിനെയും
തരഞ്ഞെടുത്തിരിക്കുന്നു എന്നു
അരുളിച്ചെയ്തു. ഇസ്രായേലിന്റെ
കർത്താവിന്റെ നാമത്തിനു ഒരു
പണിയണം എന്നു എന്റെ പിതാ
വീദിനു ആഗ്രഹം ഉണ്ടായിരുന്നു.
ദൈവം എന്റെ പിതാവായ
ാട്: എന്റെ നാമത്തിനു ഒരു
പണിയണമെന്നു നിനക്കു ആഗ്ര
ായല്ലോ; ഇങ്ങനെ താല്പര്യം
ു നല്ലതു; എങ്കിലും ആലയം
ണ്ടതു നീയല്ല; നിന്നിൽനിന്നുത്ഭ
മകൻ എന്റെ നാമത്തിനു ആല
യും എന്നു കല്പിച്ചു. അങ്ങനെ
താൻ അരുളിച്ചെയ്ത വചനം
ച്ചിരിക്കുന്നു; ദൈവം വാഗ്ദാനം
പാലെ എന്റെ പിതാവായ ദാവീ
രം ഞാൻ തുടർന്ന് ഇസ്രായേ
ംഹാസനത്തിൽ ഇരുന്നു. ഇസ്രാ
ദൈവമായ കർത്താവിന്റെ
ഒരു ആലയം പണിതിരിക്കുന്നു.

ദൈവം മെസ്രേൻ ദേശത്തുനിന്ന് അവരെ 11
പുറപ്പെടുവിച്ചപ്പോൾ നമ്മുടെ പിതാക്കന്മാ
രോട് ചെയ്ത നിയമം ഉള്ള പെട്ടകം ഞാൻ
അതിൽ വച്ചിട്ടുണ്ട്.

അനന്തരം അവൻ ദൈവത്തിന്റെ യാഗ 12
പീഠത്തിൻ മുമ്പിൽ ഇസ്രായേലിന്റെ
സർവ്വസഭയുടെയും മുമ്പിൽ നിന്നുകൊണ്ടു
കൈമലർത്തി; ശലോമോൻ അഞ്ചു മുഴം 13
നീളവും അഞ്ചുമുഴം വീതിയും ആയിട്ടു
താമ്രംകൊണ്ടു ഒരു പീഠം ഉണ്ടാക്കി
പ്രാകാരത്തിന്റെ നടുവിൽ സ്ഥാപിച്ചി
രുന്നു; അതിൽ അവൻ കയറി നിന്നു
ഇസ്രായേലിന്റെ സർവ്വസഭയ്ക്കും മുമ്പാ
കെ മുട്ടുകുത്തി ആകാശത്തേക്കു കൈ
മലർത്തി പറഞ്ഞതു എന്തെന്നാൽ: ഇസ്രാ 14
യേലിന്റെ ദൈവമേ, മേൽ സ്വർഗ്ഗത്തിൽ
നീ ഇരിക്കുന്നു. താഴെ ഭൂമിയിൽ തിരു
വിഷ്ടം ചെയ്യപ്പെടുന്നു. പൂർണ്ണഹൃദയ
ത്തോടെ നിന്റെ മുമ്പാകെ നടക്കുന്ന
നിന്റെ ദാസർക്കായി നിയമവും ദയയും
പാലിക്കുന്നു. നീ എന്റെ പിതാവായ ദാവീദ് 15
എന്ന നിന്റെ ദാസനോടു ചെയ്ത വാഗ്ദാനം
പാലിച്ചിരിക്കുന്നു. തിരുവായ്കൊണ്ടു
അരുളിച്ചെയ്തതു ഇന്നു കാണുന്നതുപോലെ
തൃക്കൈകൊണ്ടു നിവർത്തിച്ചുമിരിക്കുന്നു.
ആകയാൽ ഇസ്രായേലിന്റെ ദൈവമായ 16
കർത്താവേ, നീ എന്റെ പിതാവായ ദാവീദ്
എന്ന നിന്റെ ദാസനോട്: നീ എന്റെ
മുമ്പാകെ നടന്നതുപോലെ നിന്റെ പുത്ര
ന്മാരും എന്റെ ന്യായപ്രമാണപ്രകാരം നട
ക്കേണ്ടതിനു അവരുടെ വഴി സൂക്ഷിക്ക
മാത്രം ചെയ്താൽ ഇസ്രായേലിന്റെ സിംഹാ
സനത്തിൽ ഇരിക്കുവാൻ നിനക്ക് ഒരു പുരു
ഷൻ എന്റെ മുമ്പാകെ ഇല്ലാതെ വരിക
യില്ല എന്നു അരുളിച്ചെയ്തിരിക്കുന്നതു
നിവർത്തിക്കേണമേ. ഇസ്രായേലിന്റെ 17
ദൈവമായ കർത്താവേ എന്റെ പിതാവും
നിന്റെ ദാസനുമായ ദാവീദിനോടു നീ
കല്പിച്ച വചനം സഫലമാകുമാറാകട്ടെ.
ദൈവം യഥാർത്ഥമായി ഭൂമിയിൽ തന്റെ 18
ജനമായ ഇസ്രായേലിനോടുകൂടെ വസി
ച്ചു, സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തി
ലും നീ അടങ്ങുകയില്ല; പിന്നെ ഞാൻ
പണിതിരിക്കുന്ന ഈ ആലയത്തിൽ അട
ങ്ങുന്നത് എങ്ങനെ? എങ്കിലും എന്റെ 19
ദൈവമായ കർത്താവേ തിരുമുമ്പിലുള്ള
അടിയന്റെ നിലവിളിയും പ്രാർത്ഥനയും
കേൾക്കേണ്ടതിനു അടിയന്റെ പ്രാർത്ഥന
യിലേക്കും യാചനയിലേക്കും തിരിഞ്ഞു
നോക്കണമേ. ഒരുവൻ ഈ സ്ഥലത്തു വച്ചു 20

കഴിക്കുന്ന പ്രാർത്ഥന കേൾക്കേണ്ടതിനു
നിൻെറ നാമം സ്ഥാപിക്കുമെന്നു നീ അരുളി
ച്ചെയ്ത സ്ഥലമായ ഈ ആലയത്തിന്മേൽ
21 രാവും പകലും തൃക്കൺപാർക്കണമേ. ഈ
സ്ഥലത്തുവച്ചു പ്രാർത്ഥിപ്പാനിരിക്കുന്ന
അടിയൻെറയും നിൻെറ ജനമായ ഇസ്രാ
യേലിൻെറയും യാചനകൾ കേൾക്കണമേ;
നിൻെറ വാസസ്ഥലമായ സ്വർഗ്ഗത്തിൽ
22 നിന്നു കേൾക്കണമേ; കേട്ടു ക്ഷമിക്കണമേ.
ഒരുവൻ തൻെറ കൂട്ടുകാരനോട് തെറ്റു
ചെയ്യുകയും അവൻ അവനെക്കൊണ്ടു
23 സത്യം ചെയ്യിക്കുവാൻ കാര്യം സത്യത്തിനു
വയ്ക്കുകയും അവൻ ഈ ആലയത്തിൽ
നിൻെറ യാഗപീഠത്തിനു മുമ്പാകെ വന്നു
സത്യം ചെയ്യുകയും ചെയ്താൽ നീ സ്വർഗ്ഗ
ത്തിൽ കേട്ടു പ്രവർത്തിച്ചു ദുഷ്ടൻെറ നടപ്പു
അവൻെറ തലമേൽതന്നെ വരുത്തി പ്രതി
കാരം ചെയ്യുവാനും നീതിമാൻെറ നീതിക്കു
തക്കവണ്ണം അവനു നൽകി നീതീകരിക്കു
വാനും അടിയങ്ങൾക്കു ന്യായം പാലിച്ചു
24 തരണമേ. നിൻെറ ജനമായ ഇസ്രായേൽ
നിന്നോടു പാപം ചെയ്യുകമൂലം അവർ
ശത്രുവിനോടു തോറ്റോടി നിൻെറ നാമ
25 ത്തെ സ്തുതിച്ചുകൊണ്ട് ഈ ആലയ
ത്തിൽവച്ചു നിൻെറ മുമ്പാകെ പ്രാർത്ഥി
ക്കുകയും യാചിക്കുകയും ചെയ്താൽ നീ
സ്വർഗ്ഗത്തിൽ കേട്ടു നിൻെറ ജനമായ ഇസ്രാ
യേലിൻെറ പാപം ക്ഷമിച്ച് നീ അവർക്കും
അവരുടെ പിതാക്കന്മാർക്കും കൊടുത്ത
ദേശത്തേക്കു അവരെ തിരിച്ചു വരുത്തണ
26 മേ. അവർ നിന്നോടു പാപം ചെയ്യുകകൊ
ണ്ടു ആകാശം അടഞ്ഞു മഴ പെയ്യാതിരി
ക്കുമ്പോൾ അവർ ഈ സ്ഥലത്തേക്കു
തിരിഞ്ഞു പ്രാർത്ഥിച്ചു നിൻെറ നാമത്തെ
സ്തുതിക്കയും നീ അവരെ താഴ്ത്തിയതു
കൊണ്ട് അവർ തങ്ങളുടെ പാപങ്ങളെ
27 വിട്ടുമാറുകയും ചെയ്താൽ, നീ സ്വർഗ്ഗ
ത്തിൽ കേട്ടു നിൻെറ ദാസരുടെയും നിൻെറ
ജനമായ ഇസ്രായേലിൻെറയും പാപം ക്ഷമി
ച്ച് അവർ നടക്കേണ്ട നല്ലവഴി അവർക്ക്
ഉപദേശിക്കുകയും നിൻെറ ജനത്തിനു അവ
കാശമായി കൊടുത്ത നിൻെറ ദേശത്തു
28 മഴപെയ്യിക്കയും ചെയ്യണമേ. ദേശത്തു
ക്ഷാമമോ വസന്ത, വെൺകതിർ, വിഷ
മഞ്ഞു, വെട്ടുക്കിളി, തുള്ളൻ എന്നിവയോ
ഉണ്ടായാൽ, അവരുടെ ശത്രുക്കൾ അവ
രുടെ പട്ടണങ്ങളുള്ള ദേശത്തിൽ അവരെ
സങ്കടപ്പെടുത്തിയാൽ, ഏതെങ്കിലും വ്യാധി
യോ രോഗമോ ഉണ്ടായാൽ, ഓരോരുവനും
നിൻെറ ജനമായ ഇസ്രായേൽ മുഴുവനും

പ്രാർത്ഥനയും യാചനയും കഴിക്കയും
ഓരോരുവൻ താന്താൻെറ വ്യാധിയും 29
ദുഃഖവും അറിഞ്ഞു ഈ ആലയത്തിങ്ക
ലേക്ക് തിരിഞ്ഞു കൈമലർത്തുകയും
ചെയ്താൽ, നീ നിൻെറ വാസസ്ഥലമായ 30
സ്വർഗ്ഗത്തിൽ കേട്ടു ക്ഷമിക്കുകയും ഞങ്ങ 31
ളുടെ പിതാക്കന്മാർക്കു കൊടുത്ത ദേശ
ത്തു അവർ ജീവിച്ചിരിക്കുന്ന കാലമെല്ലാം
നിൻെറ വഴികളിൽ നടക്കുവാൻ തക്കവണ്ണം
നിന്നെ ഭയപ്പെടുവാൻ നീ ഓരോരുവൻെറ
ഹൃദയം അറിയുന്നതുപോലെ ഓരോരു
വനും അവനവൻെറ പ്രവൃത്തിപോലെ
നൽകുകയും ചെയ്യണമേ; നീ മാത്രമാണ
ല്ലോ മനുഷ്യരുടെ ഹൃദയങ്ങൾ അറിയു
ന്നതു. നിൻെറ ജനമായ ഇസ്രായേലിൽ 32
ഉൾപെടാത്ത അന്യജാതിക്കാരൻ നിൻെറ
മഹത്വമുള്ള നാമവും ബലമുള്ള കയ്യും
നീട്ടിയിരിക്കുന്ന ഭുജവും മൂലം വിദൂരദേശ
ത്തുനിന്നു വന്നാൽ—അവൻ ഈ ആലയ
ത്തിൽ വന്നു പ്രാർത്ഥിച്ചാൽ — നീ നിൻെറ 33
വാസസ്ഥലമായ സ്വർഗ്ഗത്തിൽ കേട്ട്
ഭൂമിയിലെ സകല ജാതികളും നിൻെറ ജന
മായ ഇസ്രായേൽ എന്നപോലെ നിൻെറ
നാമത്തെ അറിഞ്ഞ് നിന്നെ ഭയപ്പെടുകയും
ഞാൻ പണിതിരിക്കുന്ന ഈ ആലയത്തിനു
തിരുനാമം വിളിക്കപ്പെട്ടിരിക്കുന്നു എന്നു
അറിയുകയും ചെയ്യേണ്ടതിനു അന്യജാതി
ക്കാരൻ നിന്നോടു പ്രാർത്ഥിക്കുന്നതെല്ലാം
ചെയ്തുകൊടുക്കണമേ. നീ നിൻെറ ജന 34
ത്തെ അയയ്ക്കുന്ന വഴിയിൽ അവർ
ശത്രുക്കളോട് യുദ്ധം ചെയ്യുവാൻ പുറപ്പെ
ടുമ്പോൾ നീ തെരഞ്ഞെടുത്ത ഈ നഗര
ത്തിലേക്കും ഞാൻ തിരുനാമത്തിനു പണി
തിരിക്കുന്ന ഈ ആലയത്തിലേക്കും തിരി
ഞ്ഞ് നിന്നോടു പ്രാർത്ഥിച്ചാൽ നീ സ്വർഗ്ഗ 35
ത്തിൽ അവരുടെ പ്രാർത്ഥനയും യാചനയും
കേട്ട് അവർക്ക് ന്യായം പാലിക്കണമേ.
അവർ നിന്നോട് പാപം ചെയ്യുകയും നീ 36
അവരോടു കോപിച്ച് അവരെ ശത്രുക്കൾ
ക്കു ഏല്പിക്കുകയും അവൻ അവരെ
ദൂരത്തോ സമീപത്തോ ഉള്ള രാജ്യത്തേക്കു
ബദ്ധരാക്കി കൊണ്ടുപോകുകയും ചെയ്താൽ 37
അവരെ പിടിച്ചുകൊണ്ടുപോയിരിക്കുന്ന
രാജ്യത്തുവച്ചു അവർ തങ്ങളുടെ ഹൃദയം
ഉണർത്തി പ്രവാസദേശത്തുവച്ചു: ഞ
ങ്ങൾ പാപം ചെയ്തു. അധർമ്മവും തിന്മയും
പ്രവർത്തിച്ചിരിക്കുന്നു എന്നു പറഞ്ഞു
നിന്നോടു യാചിക്കുകയും അവരെ പിടിച്ചു 38
കൊണ്ടുപോയ പ്രവാസദേശത്തുവച്ചു
അവർ പൂർണ്ണഹൃദയത്തോടും പൂർണ്ണമന

കൂടെ നിങ്കലേക്കു തിരിഞ്ഞു നീ
ടെ പിതാക്കന്മാർക്കു കൊടുത്ത
നക്കും നീ തെരഞ്ഞെടുത്ത നഗര
ക്കും ഞാൻ നിൻെറ നാമത്തിനു
ിക്കുന്ന ഈ ആലയത്തിലേക്കും
പ്രാർത്ഥിക്കുകയും ചെയ്താൽ നീ
വാസസ്ഥലമായ സ്വർഗ്ഗത്തിൽ
പ്രാർത്ഥനയും യാചനകളും കേട്ടു
ു ന്യായം പാലിച്ചുകൊടുക്കണമെ.
ു പാപം ചെയ്ത നിൻെറ ജനത്തോടു
ണമേ. ഇപ്പോഴും എൻെറ ദൈവ
സ്ഥലത്തുവെച്ചു കഴിക്കുന്ന
യ്ക്കു നിൻെറ കണ്ണു തുറന്നും
ചെവി ശ്രദ്ധിച്ചും ഇരിക്കേണമേ.
ൽ ദൈവമായ കർത്താവേ, നീയും
മഹത്വത്തിൻെറ പെട്ടകവും
ു നിൻെറ വിശ്രമത്തിലേക്കു
ദൈവമായ കർത്താവേ, നിൻെറ
ന്മാർ രക്ഷാവസ്ത്രം ധരിക്കുകയും
ക്തന്മാർ നന്മയിൽ സന്തോഷി
ചെയ്യുമാറാകട്ടെ. ദൈവമായ
വ, നിൻെറ അഭിഷിക്തൻെറ മുഖം
ളയരുതേ; നിൻെറ ദാസനായ
ോടുള്ള കൃപകളെ ഓർക്കണമേ.

അദ്ധ്യായം 7

മോൻ പ്രാർത്ഥിച്ചു കഴിഞ്ഞ
ആകാശത്തുനിന്നു തീ ഇറങ്ങി
വും ഹനനയാഗവും ദഹിപ്പിച്ചു
ൻെറ തേജസ്സും ആലയത്തിൽ
കർത്തൃതേജസ്സു ആലയത്തിൽ
ിക്കുകകൊണ്ടു പുരോഹിത
ദൈവാലയത്തിൽ കടക്കുവാൻ
തീ ഇറങ്ങിയതും ആലയത്തിൽ
ൻെറ തേജസ്സും ഇസ്രായേൽ മ
കണ്ടപ്പോൾ അവർ കൽത്തള
ഷ്ടാംഗം വീണു ദൈവത്തെ നമ
അവൻ നല്ലവനല്ലോ; അവൻെറ
ക്കുമുള്ളതു എന്നു പാടി സ്തുതി
രാജാവും സർവ്വ ജനവും ദൈവ
സന്നിധിയിൽ യാഗം കഴിച്ചു.
രാജാവു ഇരുപത്തീരായിരം
ഒരു ലക്ഷത്തിരുപതിനായിരം
യാഗം കഴിച്ചു; രാജാവും സർവ്വ
ദവാലയത്തെ പ്രതിഷ്ഠിച്ചു.
ന്മാരും ലേവ്യരും അവരുടെ
ചയ്തുകൊണ്ട്, ദാവീദിൻെറ
ന്ന, “കർത്താവിനെ സ്തുതിപ്പിൻ.
യ എന്നേക്കുമുള്ളത്” എന്ന
ാടി. പുരോഹിതർ കർത്താ
വിൻെറ വാദ്യങ്ങളോടു കൂടെയും നിന്നു,
എല്ലാ ഇസ്രായേലും നില്ക്കെ പുരോഹി
തന്മാർ അവരുടെ മുമ്പിൽ കാഹളം ഊതി.
ശലോമോൻ ഉണ്ടാക്കിയിരുന്ന താമ്രയാഗ 7
പീഠത്തിന്മേൽ ഹോമയാഗം, ഭോജന
യാഗം, മേദസ്സ് എന്നിവ കൊള്ളാതിരു
ന്നതുകൊണ്ടു ശലോമോൻ ദൈവാലയ
ത്തിനു മുമ്പിലുള്ള പ്രാകാരത്തിൻെറ മദ്ധ്യ
ഭാഗം ശുദ്ധീകരിച്ചു, അവിടെ ഹോമയാഗ
ങ്ങളും സമാധാനയാഗങ്ങളുടെ മേദസ്സും
അർപ്പിച്ചു. ശലോമോനും അന്ത്യോക്യാ 8
യുടെ അതിരുമുതൽ മെസ്രേൻ തോടു
വരെയുള്ള എല്ലാ ഇസ്രായേലും ഏററവും
വലിയ സംഘമായി ഏഴു ദിവസം പെരു
ന്നാൾ ആചരിച്ചു. എട്ടാം ദിവസം അവർ 9
വിശുദ്ധ സഭായോഗം കൂടി; എഴു ദിവസം
അവർ യാഗപീഠപ്രതിഷ്ഠ ആഘോഷിച്ചു,
ഏഴു ദിവസം പെരുന്നാൾ ആചരിച്ചു,
അങ്ങനെ പതിന്നാലു ദിവസം. ഏഴാം മാസം 10
ഇരുപത്തിമൂന്നാം തീയതി ദൈവം ദാവീ
ദിനും ശലോമോനും തൻെറ ജനമായ
ഇസ്രായേലിനു ചെയ്ത നന്മയെക്കുറിച്ചു
സന്തോഷവും ആനന്ദവും ഉള്ളവരായി
ജനത്തെ അവരുടെ കൂടാരങ്ങളിലേക്ക്
അവൻ പറഞ്ഞയച്ചു.

ശലോമോൻ ദൈവാലയവും രാജ 11
ഗൃഹവും പണിതീർത്തു; ദൈവാലയ
ത്തിലും തൻെറ അരമനയിലും ഉണ്ടാ
ക്കുവാൻ ശലോമോന് താല്പര്യം ഉണ്ടാ
യിരുന്നതെല്ലാം അവൻ ഭംഗിയായി
നിവർത്തിച്ചു. അതിൻെറ ശേഷം കർത്താവു 12
രാത്രിയിൽ ശലോമോനു പ്രത്യക്ഷനായി
അവനോടു അരുളിച്ചെയ്തതു എന്തെന്നാൽ:
ഞാൻ നിൻെറ പ്രാർത്ഥന കേട്ടു ഈ സ്ഥലം
എനിക്കു യാഗത്തിനുള്ള ആലയമായി
തിരഞ്ഞെടുത്തിരിക്കുന്നു. മഴ പെയ്യാതിരി 13
ക്കേണ്ടതിനു ഞാൻ ആകാശം അടയ്ക്കു
കയോ ദേശത്തെ ശൂന്യമാക്കുവാൻ വെട്ടു
ക്കിളിയോടു കല്പിക്കുകയോ എൻെറ ജന
ത്തിൻെറ ഇടയിൽ വസന്ത വരുത്തുകയോ
ചെയ്താൽ, എൻെറ നാമം വിളിക്കപ്പെട്ടിരി 14
ക്കുന്ന എൻെറ ജനം സ്വയം താഴ്ത്തി
പ്രാർത്ഥിച്ചു എൻെറ മുഖം അന്വേഷിച്ചു
തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിയു
മെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ കേട്ടു
അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശ
ത്തിനു ശാന്തി വരുത്തും. ഈ സ്ഥലത്തു 15
കഴിക്കുന്ന പ്രാർത്ഥനയ്ക്കു എൻെറ കണ്ണു
തുറന്നിരിക്കും, എൻെറ ചെവി ശ്രദ്ധിച്ചി
രിക്കുകയും ചെയ്യും. എൻെറ നാമം ഈ 16

ആലയത്തിൽ എന്നേക്കും ഇരിക്കേണ്ടതിന്
ഞാൻ ഇപ്പോൾ അതിനെ തിരഞ്ഞെടുത്തു
വിശുദ്ധീകരിച്ചിരിക്കുന്നു; എൻെറ ദൃഷ്ടി
യും എൻെറ ഹൃദയവും എപ്പോഴും ഇവിടെ
17 ഇരിക്കും. നീയോ നിൻെറ പിതാവായ
ദാവീദ് നടന്നതുപോലെ എൻെറ മുമ്പാകെ
നടക്കുകയും ഞാൻ നിന്നോട് കല്പിച്ചതു
പോലെയെല്ലാം ചെയ്യുകയും എൻെറ
നിയമങ്ങളും വിധികളും അനുസരിച്ചു നട
18 ക്കുകയും ചെയ്താൽ; ഇസ്രായേലിൽ വാഴു
വാൻ നിനക്കു ഒരു പുരുഷൻ ഇല്ലാതെ
വരികയില്ല എന്നു ഞാൻ നിൻെറ പിതാ
വായ ദാവീദിനോടു ഒരു നിയമം ചെയ്തതു
പോലെ ഞാൻ നിൻെറ സിംഹാസനത്തെ
19 സ്ഥിരമാക്കും. എന്നാൽ നിങ്ങൾ തിരിഞ്ഞ്,
ഞാൻ നിങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്ന
എൻെറ നിയമങ്ങളും കല്പനകളും ഉപേ
ക്ഷിക്കുകയും അന്യദേവന്മാരെ ആരാധിച്ച്
നമസ്കരിക്കുകയും ചെയ്താൽ, ഞാൻ
അവർക്കു കൊടുത്ത എൻെറ ദേശത്തു
20 നിന്നു അവരെ പറിച്ചുകളയും; എൻെറ
നാമത്തിനായി ഞാൻ വിശുദ്ധീകരിച്ചിരി
ക്കുന്ന ഈ ആലയത്തെയും ഞാൻ എൻെറ
മുമ്പിൽനിന്ന് നീക്കിക്കളഞ്ഞ് സകല ജാതി
കളുടെയും ഇടയിൽ ഒരു പഴഞ്ചൊല്ലും
21 പരിഹാസവും ആക്കിത്തീർക്കും. ഈ
ആലയം എത്ര ഉന്നതമായിരുന്നാലും കടന്നു
പോകുന്ന ഏവനും അതിനെപ്പറ്റി അത്ഭുത
പ്പെട്ടു: ദൈവം ഈ ദേശത്തിനും ഈ
ആലയത്തിനും ഇങ്ങനെ വരുത്തുവാൻ
22 കാരണമെന്ത്? എന്നു ചോദിക്കും. അതിനു
അവർ: തങ്ങളുടെ പിതാക്കന്മാരെ മെസ്രേ
നിൽനിന്നു കൊണ്ടുവന്ന അവരുടെ
ദൈവമായ കർത്താവിനെ അവർ ഉപേക്ഷി
ക്കുകയും അന്യദൈവങ്ങളോടു ചേർന്നു
അവയെ നമസ്കരിച്ചു ആരാധിക്കുകയും
ചെയ്തതുകൊണ്ടാകുന്നു അവൻ ഈ
അനർത്ഥമൊക്കെയും അവർക്കു വരുത്തി
യിരുക്കുന്നതു എന്നു ഉത്തരം പറയും.

അദ്ധ്യായം 8

1 ശലോമോൻ കർത്താവിൻെറ ആലയ
വും തൻെറ അരമനയും ഇരുപതു സംവ
2 ത്സരംകൊണ്ടു പണി തീർത്തശേഷം ഹീരാം
ശലോമോനു കൊടുത്ത പട്ടണങ്ങളെ
ശലോമോൻ പണിതുറപ്പിച്ചു അവിടെ
ഇസ്രായേല്യരെ പാർപ്പിച്ചു.
3 അനന്തരം ശലോമോൻ അന്ത്യോക്യാ
4 യിലേക്കു പോയി അതിനെ ജയിച്ചു; അവൻ
മരുഭൂമിയിൽ തദ്മോരും ഹമാത്തിൽ അവൻ
പണിതിരുന്ന സംഭരണനഗരങ്ങളുമെല്ലാം
ശക്തമാക്കി. — അവൻ മേലുള്ള ബേത്ത്-
ഹോരോനും താഴെയുള്ള ബേത്ത്- ഹോ
രോനും കോട്ടകളോടും വാതിലുകളോടും
ഓടാമ്പലുകളോടും കൂടിയ സുശക്ത പട്ടണ
ങ്ങളായും ബാലാത്തും ശലോമോനുണ്ടായി
രുന്ന സകല സംഭരണനഗരങ്ങളും സകല
രഥനഗരങ്ങളും കുതിരപ്പടയ്ക്കുള്ള പട്ടണ
ങ്ങളും യറുശലേമിലും ലെബാനോനിലും
തൻെറ രാജ്യത്തു എല്ലായിടത്തും പണി
യുവാൻ ശലോമോൻ ആഗ്രഹിച്ചതെല്ലാം
പണിതു. ഹിത്യർ, അമോര്യർ, പെരിസ്യർ,
ഹിവ്യർ, യെബൂസ്യർ മുതലായി ഇസ്രാ
യേലിൽ ഉൾപ്പെടാത്ത ശേഷിച്ച സകല
ജനത്തെയും ഇസ്രായേല്യർ സംഹരിക്കാ
തെ പിന്നീടും ദേശത്തു ശേഷിച്ചിരുന്ന
അവരുടെ മക്കളെയും ശലോമോൻ ഇന്നു
വരെയും അടിമവേലക്കാരാക്കി. ഇസ്രായേ
ല്യരിൽനിന്നോ ശലോമോൻ ആരെയും
തൻെറ ദാസന്മാരാക്കിയില്ല. അവർ യോദ്ധാ
ക്കളും അവൻെറ സേനാനായകശ്രേഷ്ഠ
ന്മാരും രഥങ്ങൾക്കും കുതിരപ്പടയ്ക്കും അധി
പന്മാരും ആയിരുന്നു. ശലോമോൻ രാജാ
വിൻെറ പ്രധാന ഉദ്യോഗസ്ഥന്മാരും ജന
ത്തിൻെറ മേൽഭരണക്കാരുമായ ഇവർ
ഇരുനൂറ്റൻപതു പേർ ആയിരുന്നു. ശലോ
മോൻ ഫറവോൻെറ മകളെ ദാവീദിൻെറ
നഗരത്തിൽനിന്നു താൻ അവൾക്കുവേണ്ടി
പണിത അരമനയിൽ കൊണ്ടുപോയി
താമസിപ്പിച്ചു; ഇസ്രായേൽ രാജാവായ
ദാവീദിൻെറ അരമനയിൽ എൻെറ ഭാര്യ
പാർക്കരുത്; ദൈവത്തിൻെറ പെട്ടകം അവി
ടെ വന്നിരിക്കയാൽ അതു വിശുദ്ധമത്രെ
എന്നു അവൻ പറഞ്ഞു.

ശലോമോൻ മണ്ഡപത്തിനു മുമ്പിൽ
പണിത കർത്താവിൻെറ യാഗപീഠത്തി
ന്മേൽ അതതു ദിവസത്തേക്കു വേണ്ടതു
പോലെ മോശയുടെ കല്പനപ്രകാരം ശാബ
തുകളിലും ഉപവാസകാലത്തും പെരുന്നാളു
കളിലും പുളിപ്പില്ലാത്ത അപ്പത്തിൻെറ പെരു
ന്നാളുകളിൽ, വാരോത്സവത്തിൽ, കൂടാര
ങ്ങളുടെ പെരുന്നാളുകളിൽ ഇങ്ങനെ
ആണ്ടിൽ മൂന്നു പ്രാവശ്യവും കർത്താവി
നു ഹോമയാഗങ്ങളെ കഴിച്ചുപോന്നു.
അവൻ ദാവീദിൻെറ നിയമപ്രകാരം പുരോ
ഹിതന്മാരുടെ കൂറുകളെ അവരുടെ ശുശ്രൂ
ഷയ്ക്കും അതതു ദിവസം വേണ്ടതുപോ
ലെ സ്തോത്രം പാടുവാനും പുരോഹിതന്മാ
രുടെ മുമ്പിൽ ശുശ്രൂഷിക്കുവാനും ലേവ്യ
രെ അവരുടെ പ്രവൃത്തികൾക്കും വാതി

ക്കാരെ അവരുടെ കൂറുകൾക്കൊ
ന്നും അതതു വാതിലിനും നിയമിച്ചു;
നയായിരുന്നു ദൈവപുരുഷനായ
ന്റെ കല്പന. യാതൊരു കാര്യത്തി
ണ്ഡാരത്തെ സംബന്ധിച്ചും പുരോഹി
രെയും ലേവ്യരെയും സംബന്ധിച്ചു
രാജകല്പന ലംഘിച്ചില്ല. ദൈവാ
നിനു അടിസ്ഥാനമിട്ട നാൾ മുതൽ
തീരുംവരെ ശലോമോന്റെ പ്രവൃത്തി
സാദ്ധ്യമായി; അങ്ങനെ ദൈവാലയം
തീർന്നു.
കാലത്ത് ശലോമോൻ എദോംദേശ
ൽക്കരയിലുള്ള എസ്യോൻ ഗേബെ
ും ഏലോത്തിലേക്കും പോയി.
ദാസന്മാർ മുഖാന്തിരം കപ്പലുകളും
രിചയമുള്ള ആളുകളെയും അവ
ടുക്കൽ അയച്ചു; അവർ ശലോമോ
സന്മാരോടു കൂടെ ഓഫീരിലേക്കു
നാനൂറ്റൻപതു താലന്ത് സ്വർണ്ണം
ശലോമോൻ രാജാവിന്റെ അടു
കാണ്ടുവന്നു.

അദ്ധ്യായം 9

ബാരാജ്ഞി ശലോമോന്റെ കീർ
ട്ട് കടമൊഴികളാൽ ശലോമോനെ
ക്കുവാൻ അതിമഹത്തായ പരി
ോടും സുഗന്ധവർഗ്ഗവും അനവധി
വും രത്നവും ചുമന്ന ഒട്ടകങ്ങളോ
ട യറുശലേമിൽ വന്നു; അവൾ ശ
ന്റെ അടുക്കൽ വന്നശേഷം തന്റെ
മെല്ലാം അവനോടു പ്രസ്താവിച്ചു.
ട സകല ചോദ്യങ്ങൾക്കും ശലോ
പടി പറഞ്ഞു. മറുപടി പറയുവാൻ
ത ഒന്നും ശലോമോനു അശ
രുന്നില്ല. ശേബാരാജ്ഞി ശലോ
ജ്ഞാനവും അവൻ പണിത അര
അവന്റെ മേശയിലെ ഭക്ഷണവും
ഭൃത്യന്മാരുടെ ഇരിപ്പും അവന്റെ
കരുടെ നിലയും അവരുടെ ഉടുപ്പും
പാനപാത്രവാഹകന്മാരെയും
ട വേഷവും ദൈവാലയത്തി
അവന്റെ എഴുന്നള്ളത്തും കണ്ട്
പോയി. അവൾ രാജാവിനോടു
: "നിന്റെ കാര്യങ്ങളെയും ജ്ഞാ
ം കുറിച്ച് ഞാൻ എന്റെ ദേശത്തു
ട്ടവ സത്യംതന്നെ; ഞാൻ വന്നു
ണ്ണുകൊണ്ടു കാണുംവരെ അവ
ില്ല; എന്നാൽ നിന്റെ ജ്ഞാന
ത്തിന്റെ പകുതിപോലും ഞാൻ
രുന്നില്ല.; ഞാൻ കേട്ടതിനെക്കാൾ
അങ്ങു ശ്രേഷ്ഠനാകുന്നു. അങ്ങയുടെ 7
ഭാര്യമാർ ഭാഗ്യവതികൾ; തിരുമുമ്പിൽ സദാ
നിന്നു നിന്റെ ജ്ഞാനം കേൾക്കുന്ന ഈ
നിന്റെ ഭൃത്യന്മാരും ഭാഗ്യവാന്മാർ. നിന്റെ 8
ദൈവമായ കർത്താവിനുവേണ്ടി രാജാ
വായി തന്റെ സിംഹാസനത്തിൽ നിന്നെ
ഇരുത്തുവാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്ന
നിന്റെ ദൈവമായ കർത്താവ് വാഴ്ത്ത
പ്പെട്ടവൻ; നിന്റെ ദൈവം ഇസ്രായേലിനെ
എന്നേക്കും നിലനില്ക്കത്തക്കവണ്ണം അവ
രെ സ്നേഹിച്ചതിനാൽ നീതിയും ന്യായവും
നടത്തുവാൻ നിന്നെ അവർക്കു രാജാവാ
ക്കിയിരിക്കുന്നു." അവൾ രാജാവിനു നൂറ്റിരു 9
പതു താലന്ത് സ്വർണ്ണവും വളരെ സുഗന്ധ
വർഗ്ഗവും രത്നവും കൊടുത്തു; ശേബാ
രാജ്ഞി ശലോമോൻ രാജാവിനു കൊടു
ത്തതുപോലെയുള്ള സുഗന്ധവർഗ്ഗം
പിന്നെ ഉണ്ടായിട്ടില്ല. ഓഫീരിൽനിന്നു 10
പൊന്നു കൊണ്ടുവന്ന ഹീരാമിന്റെ ദാസ
ന്മാരും ശലോമോന്റെ ദാസന്മാരും ചന്ദന
വും രത്നവും കൊണ്ടുവന്നു. രാജാവു ചന്ദന 11
മരംകൊണ്ടു ദേവാലയത്തിനും രാജഗൃഹ
ത്തിനും അഴികളും സംഗീതക്കാർക്ക് കിന്നര
ങ്ങളും വീണകളും ഉണ്ടാക്കി. ഈ രീതിയി
ലുള്ളവ മുമ്പ് യഹൂദാദേശത്തു അശേഷം
കണ്ടിട്ടില്ല. ശേബാരാജ്ഞി രാജാവിനു 12
കൊണ്ടുവന്നതിൽ കൂടുതലായി അവൾ
ആഗ്രഹിച്ചതും ചോദിച്ചതുമെല്ലാം ശലോ
മോൻ രാജാവ് അവൾക്കു കൊടുത്തു;
അങ്ങനെ അവൾ തന്റെ ഭൃത്യന്മാരുമായി
സ്വദേശത്തേക്കു മടങ്ങിപ്പോയി.

സഞ്ചാരവ്യാപാരികളും കച്ചവടക്കാരും 13
കൊണ്ടുവന്നതു കൂടാതെ ശലോമോനു
ഓരോ ആണ്ടിൽ വന്നിരുന്ന സ്വർണ്ണത്തി
ന്റെ തൂക്കം അറുനൂറ്ററുപത്താറു താലന്ത്
ആയിരുന്നു. അറേബ്യ രാജാക്കന്മാരെല്ലാ 14
വരും ദേശാധിപതിമാരും ശലോമോനു
സ്വർണ്ണവും വെള്ളിയും കൊണ്ടുവന്നു.
ശലോമോൻരാജാവു പൊൻപലകകൊണ്ടു 15
ഇരുനൂറു വലിയ പരിചകൾ ഉണ്ടാക്കി;
ഓരോ പരിചയ്ക്കു അറുനൂറു ശേക്കൽ
പൊൻതകിടായി-അവൻ പൊൻതകിടു 16
കൊണ്ടു മുന്നൂറു ചെറുപരിചയും ഉണ്ടാക്കി;
ഓരോ ചെറുപരിചയ്ക്കും മുന്നൂറു ശേക്കൽ
പൊന്നു ചെലവായി. രാജാവു അവ 17
ലെബാനോൻ വനഗൃഹത്തിൽ സൂക്ഷിച്ചു.
രാജാവു ദന്തംകൊണ്ടു ഒരു വലിയ സിംഹാ
സനം ഉണ്ടാക്കി തങ്കംകൊണ്ടു പൊതിഞ്ഞു.
സിംഹാസനത്തോടു ചേർത്തുറപ്പിച്ചതായി 18
ആറു പടികളും പൊന്നുകൊണ്ടു ഒരു പാദ

പീഠവും ഉണ്ടായിരുന്നു; സിംഹാസനത്തി
ൻെറ ഇരുഭാഗത്തും ഓരോ കൈത്താങ്ങ
ലും കൈത്താങ്ങലിനടുത്തു നില്ക്കുന്ന
19 രണ്ടു സിംഹവും ഉണ്ടായിരുന്നു. ആറു പടി
കളിൽ ഇപ്പുറത്തും അപ്പുറത്തുമായി പന്ത്ര
ണ്ടു സിംഹങ്ങൾ നിന്നിരുന്നു. ഒരു രാജ്യ
20 ത്തും ഇങ്ങനെ ഉണ്ടായിരുന്നില്ല. ശലോ
മോൻ രാജാവിൻെറ സകല പാനപാത്രങ്ങ
ളും പൊന്നുകൊണ്ടും ലെബാനോൻ ഗൃഹ
ത്തിലെ ഉപകരണങ്ങളെല്ലാം തങ്കംകൊ
21 ണ്ടും ആയിരുന്നു; ശലോമോൻെറ കാല
ത്തു വെള്ളിക്കു വിലയില്ലായിരുന്നു. രാജാ
വിൻെറ കപ്പലുകളെ ഹീരാമിൻെറ ദാസ
ന്മാരോടുകൂടെ തർശീശിലേക്ക് അയച്ചിരു
ന്നു; മുവാണ്ടിലൊരിക്കൽ തർശീശ് കപ്പ
ലുകൾ പൊന്ന്, വെള്ളി, ആനക്കൊമ്പ്,
കുരങ്ങു, മയിൽ എന്നിവ കൊണ്ടുവന്നു.
22 ഇങ്ങനെ ശലോമോൻ രാജാവു ലോക
ത്തിലെ സർവ രാജാക്കന്മാരെക്കാളും
ധനംകൊണ്ടും ജ്ഞാനംകൊണ്ടും മികച്ച
23 വനായി. ദൈവം ശലോമോൻെറ ഹൃദയ
ത്തിൽ കൊടുത്ത ജ്ഞാനം കേൾക്കുവാൻ
ലോകത്തിലെ സകല രാജാക്കന്മാരും അവ
24 ൻെറ മുഖദർശനത്തിനായി വന്നു. അവരിൽ
ഓരോരുവനും ആണ്ടുതോറും താന്താൻെറ
കാഴ്ചയായി വെള്ളിപ്പാത്രം, പൊൻപാത്രം,
വസ്ത്രം, ആയുധം, സുഗന്ധവർഗ്ഗം, കുതിര,
കോവർകഴുത എന്നിവ കൊണ്ടുവന്നു.
25 ശലോമോനു കുതിരകൾക്കും രഥങ്ങൾക്കും
നാലായിരം ലായവും പന്തീരായിരം കുതിര
ക്കാരും ഉണ്ടായിരുന്നു; അവരെ അവൻ
രഥനഗരങ്ങളിലും യറുശലേമിൽ രാജാവി
26 ൻെറ അടുക്കലും പാർപ്പിച്ചിരുന്നു. അവൻ
നദിമുതൽ ഫെലിസ്ത്യദേശംവരെയും
മെസ്രേനിൻെറ അതിർത്തിവരെയും ഉള്ള
സർവ്വ രാജാക്കന്മാരുടെമേലും വാഴ്ച
27 നടത്തി. രാജാവു യറുശലേമിൽ വെള്ളിയെ,
ബാഹുല്യംമൂലം കല്ലുപോലെയും ദേവദാരു
വിനെ താഴ്‌വീതിയിലെ കാട്ടത്തിമരംപോ
28 ലെയും ആക്കി. മെസ്രേനിൽനിന്നും സകല
രാജ്യങ്ങളിൽനിന്നും ശലോമോന് കുതിര
കളെ വാങ്ങി കൊണ്ടുവരുമായിരുന്നു.
29 ശലോമോൻെറ മററുള്ള കാര്യങ്ങൾ
ആദ്യവസാനം നാഥാൻ പ്രവാചകൻെറ
ഗ്രന്ഥത്തിലും ശീലോന്യനായ അഹീയായു
ടെ പ്രവചനത്തിലും നെബാത്തിൻെറ മക
നായ യെരോബെയാമിനെപ്പററിയുള്ള ഇദ്ദോ
പ്രവാചകൻെറ ദർശനങ്ങളിലും എഴുതിയി
30 ട്ടുണ്ട്. ശലോമോൻ യറുശലേമിൽ എല്ലാ
ഇസ്രായേൽമേലും നാല്പതു സംവത്സരം
രാജാവായിരുന്നു. പിന്നെ ശലോമോൻ
തൻെറ പിതാക്കന്മാരെപ്പോലെ നിദ്ര പ്രാപി 31
ച്ചു; അവനെ തൻെറ പിതാവായ ദാവീദി
ൻെറ നഗരത്തിൽ സംസ്കരിച്ചു; അവൻെറ
മകനായ റെഹബെയാം അവനു പകരം
രാജാവായി.

അദ്ധ്യായം 10

റെഹബെയാമിനെ രാജാവാക്കാൻ 1
ഇസ്രായേല്യരെല്ലാം ശെഖേമിൽ വന്നിരുന്ന
തുകൊണ്ടു അവനും ശെഖേമിൽ ചെന്നു.
എന്നാൽ ശലോമോൻ രാജാവിൻെറ സന്നി 2
ധിയിൽനിന്നു ഓടിപ്പോയി മെസ്രേനിൽ
പാർത്തിരുന്ന നെബാത്തിൻെറ മകനായ
യെരോബെയാം അതു കേട്ട് മെസ്രേനിൽ
നിന്നു മടങ്ങിവന്നു. അവർ ആളയച്ചു അവ 3
രെ വിളിപ്പിച്ചു; യെരോബെയാമും എല്ലാ
ഇസ്രായേല്യരും വന്നു റെഹബെയാമിനോ
ടു: നിൻെറ പിതാവ് ഭാരമുള്ള നുകം ഞങ്ങ 4
ളുടെമേൽ വച്ചു; ആകയാൽ നിൻെറ പിതാവ്
ഞങ്ങളുടെമേൽ വച്ചിരിക്കുന്ന ഭാരമുള്ള
നുകവും കഠിനവേലയും നീ ഭാരം കുറച്ചു
തരണം; എന്നാൽ ഞങ്ങൾ നിന്നെ സേവി
ക്കാം എന്നു പറഞ്ഞു. അവൻ അവരോടു: 5
മൂന്നു ദിവസം കഴിഞ്ഞു വീണ്ടും എൻെറ 6
അടുക്കൽ വരുവിൻ എന്നു പറഞ്ഞു. അങ്ങ
നെ ജനം പോയി. റെഹബെയാം രാജാവു
തൻെറ പിതാവായ ശലോമോൻെറ കാല
ത്തു അവൻെറ സന്നിധിയിൽ നിന്നിരുന്ന
വൃദ്ധന്മാരോട് ആലോചിച്ചു ഈ ജനത്തോ
ടു ഉത്തരം പറയുവാൻ നിങ്ങൾ എന്താലോ
ചനയാണ് പറയുന്നത് എന്നു ചോദിച്ചു.
അതിനു അവർ അവനോട്: നീ ജനത്തോട് 7
ദയ കാണിച്ച് അവരെ പ്രസാദിപ്പിച്ച് അവ
രോട് നല്ല വാക്കു പറഞ്ഞാൽ അവർ എന്നും
നിനക്കു ദാസന്മാരായിരിക്കും എന്നു പറ
ഞ്ഞു. എന്നാൽ വൃദ്ധന്മാർ കൊടുത്ത ആ 8
ലോചന അവൻ ത്യജിച്ചു. തന്നോടുകൂടെ
വളർന്നവരായി തൻെറ മുമ്പിൽ നില്ക്കുന്ന
യൌവനക്കാരോടു ആലോചിച്ചു: നിൻെറ 9
പിതാവ് ഞങ്ങളുടെ മേൽ വച്ചിരിക്കുന്ന
നുകം ഭാരം കുറച്ചു തരണം എന്ന് എന്നോടു
സംസാരിച്ച ഈ ജനത്തോട് നാം ഉത്തരം
പറയേണ്ടതിന് നിങ്ങൾ എന്താലോചന
പറയുന്നു എന്നു അവരോട് ചോദിച്ചു.
അവനോടുകൂടെ വളർന്നിരുന്ന യുവാ 10
ക്കൾ അവനോട്: നിൻെറ പിതാവ് ഭാര
മുള്ള നുകം ഞങ്ങളുടെ മേൽ വച്ചു; നീ
അതു ഭാരം കുറച്ചു തരണം എന്നു നിന്നോട്
പറഞ്ഞ ജനത്തോടു എൻെറ ചെറുവിരൽ

ൻറ പിതാവിൻെറ അരയെക്കാൾ വണ്ണ
തായിരിക്കും. എൻെറ പിതാവ് നിങ്ങ
മേൽ ഭാരമുള്ള നുകം വച്ചിരിക്കെ
നിങ്ങളുടെ നുകത്തിനു ഭാരം കൂട്ടും;
ൻറ പിതാവ് നിങ്ങളെ ചമ്മട്ടികൊണ്ടു
പ്പിച്ചു; ഞാനോ നിങ്ങളെ തേളിനെ
ണ്ട് വേദനിപ്പിക്കും എന്ന് ഉത്തരം പറ
എന്നു പറഞ്ഞു. മൂന്നാം ദിവസം
ും എൻെറ അടുക്കൽ വരുവിൻ എന്നു
വു പറഞ്ഞതുപോലെ യെരോബെ
സകല ജനവും മൂന്നാംദിവസം റെഹ
ാമിൻെറ അടുക്കൽ വന്നു. രാജാവ്
രോട് കഠിനമായി ഉത്തരം പറഞ്ഞു;
ബെയാം രാജാവ് വൃദ്ധന്മാരുടെ
ാചന ത്യജിച്ചു യുവാക്കളുടെ ആലോ
കാരം അവരോട്: എൻെറ പിതാവ്
ള്ള നുകം നിങ്ങളുടെ മേൽ വച്ചു;
ാ അതിനു ഭാരം കൂട്ടും; എൻെറ
വ് നിങ്ങളെ ചമ്മട്ടികൊണ്ട് അടിപ്പിച്ചു;
ാ തേളിനെക്കൊണ്ടു നിങ്ങളെ ദണ്ഡി
എന്നു ഉത്തരം പറഞ്ഞു. ഇങ്ങനെ
ജനത്തിൻെറ അപേക്ഷ കേട്ടില്ല;
ശീലോന്യനായ അഹീയാ വഴി
നെബാത്തിൻെറ മകനായ യെരോ
ാമിനോടു അരുളിച്ചെയ്ത വചനം
ത്തികമാക്കുവാൻ ഈ കാര്യം ദൈവ
ത്താൽ സംഭവിച്ചു. രാജാവു അപേക്ഷ
യില്ല എന്നു എല്ലാ ഇസ്രായേല്യരും
പ്പാൾ ജനം രാജാവിനോടു: ദാവീ
ഞങ്ങൾക്കു എന്തോഹരിയുള്ളു?
യിയുടെ പുത്രനിൽ ഞങ്ങൾക്കു
ാശം ഇല്ല; ഇസ്രായേലേ, ഓരോരു
ാന്താൻെറ കൂടാരങ്ങളിലേക്ക് പൊ
ൾവിൻ; ദാവീദേ, നിൻെറ കുടുംബം
ിക്കോൾക എന്നു പറഞ്ഞു. ഇസ്രാ
ല്ലാം തങ്ങളുടെ കൂടാരങ്ങളിലേക്ക്
യഹൂദാനഗരങ്ങളിൽ പാർത്തിരുന്ന
യേല്യർക്ക് റെഹബെയാം രാജാവാ
ന്നു. പിന്നെ റെഹബെയാം രാജാവു
ക്കു മേൽവിചാരകനായ അദോനി
അയച്ചു; എന്നാൽ ഇസ്രായേല്യർ
കല്ലെറിഞ്ഞുകൊന്നു, റെഹബെ
ജാവ് പെട്ടെന്നു രഥം കയറി യറുശ
ക്കു ഓടിപ്പോയി. ഇങ്ങനെ ഇസ്രാ
ഇന്നുവരെ ദാവീദ്ഗൃഹത്തോടു
ു നില്ക്കുന്നു.

അദ്ധ്യായം 11

ാബെയാം യറുശലേമിൽ വന്ന
ഇസ്രായേലിനോടു യുദ്ധം ചെയ്തു
രാജത്വം റെഹബെയാമിനു വീണ്ടെടുക്കു
വാൻ യഹൂദയുടെയും ബെന്യാമിൻെറയും
ഗോത്രത്തിൽനിന്നു ശ്രേഷ്ഠയോദ്ധാക്ക
ളായ ലക്ഷത്തെൺപതിനായിരംപേരെ
ശേഖരിച്ചു. എന്നാൽ ദൈവപുരുഷനായ 2
ശെമയ്യായ്ക്കു ദൈവത്തിൻെറ അരുളപ്പാടു
ണ്ടായി: ശലോമോൻെറ മകനായ യഹൂദാ 3
രാജാവായ റെഹബെയാമിനോടും യഹൂദ
യിലും ബെന്യാമീനിലും ഉള്ള എല്ലാ
ഇസ്രായേല്യരോടും പറയുക: നിങ്ങൾ 4
പുറപ്പെടരുത്; നിങ്ങളുടെ സഹോദരന്മാ
രോടു യുദ്ധം ചെയ്യരുത്; ഓരോരുവൻ
താന്താൻെറ വീട്ടിലേക്കു മടങ്ങിപ്പോകു
വിൻ; ഈ കാര്യം എൻെറ ഹിതത്താൽ സംഭ
വിച്ചിട്ടുള്ളതാകുന്നു എന്നിങ്ങനെ കർത്താ
വ് അരുളിച്ചെയ്യുന്നു. അവർ അരുള
പ്പാടു അനുസരിക്കുകയും യെരോബെയാ
മിൻെറ നേരെ ചെല്ലാതെ മടങ്ങിപ്പോകു
കയും ചെയ്തു. റെഹബെയാം യറുശലേമിൽ 5
പാർത്തു യഹൂദയിൽ സുശക്ത നഗരങ്ങൾ
പണിതു. അവൻ യഹൂദയിലും ബെന്യാ 6
മീനിലുമുള്ള ബേത്ലഹേം, ഏതാം,
തെക്കോവ, ബേത്ത്സുർ, സോഖോ, 7
അദുല്ലാം, ഗത്ത്, മാരേശാ, സീഫ്, അദോ 8
രയീം, ലാഖീശ്, അസേക്കാ, സോരാ, അയ്യാ 9
ലോൻ, ഹെബ്രോൻ എന്നിവയെ സുശക്ത 10
നഗരങ്ങളായി പണിതു. അവൻ കോട്ടകളെ
യും ബലപ്പെടുത്തി, അവയിൽ സേനാ 11
നായകന്മാരെ നിയമിച്ചു, ഭക്ഷണസാധന
ങ്ങളും എണ്ണയും വീഞ്ഞും ശേഖരിച്ചുവച്ചു.
അവൻ ഓരോ പട്ടണത്തിലും വൻപരിച 12
കളും കുന്തങ്ങളും ശേഖരിച്ച് അവയെ നല്ല
വണ്ണം ഉറപ്പിച്ചു; യഹൂദയും ബെന്യാമീനും
അവൻെറ ഭാഗത്തു ഉണ്ടായിരുന്നു. എല്ലാ 13
ഇസ്രായേലിലും ഉള്ള പുരോഹിതന്മാരും
ലേവ്യരും സകല ഭാഗങ്ങളിൽനിന്നും അവ
ൻെറ അടുക്കൽ എത്തി. യെരോബെയാമും 14
പുത്രന്മാരും ലേവ്യരെ കർത്താവിൻെറ
പൌരോഹിത്യത്തിൽനിന്നു നീക്കിക്കള
ഞ്ഞു, താൻ ഉണ്ടാക്കിയ പൂജാഗിരികൾ
ക്കും മേഷവിഗ്രഹങ്ങൾക്കും കാളക്കുട്ടി
കൾക്കും വേറെ പുരോഹിതന്മാരെ നിയമി
ച്ചതുകൊണ്ട്, ലേവ്യർ തങ്ങളുടെ പുല്പു 15
റങ്ങളും അവകാശങ്ങളും വിട്ടൊഴിഞ്ഞു
യഹൂദയിലേക്കും യറുശലേമിലേക്കും
വന്നു. അവരുടെ പിന്നാലെ ഇസ്രായേലി 16
ൻെറ സകല ഗോത്രങ്ങളിൽനിന്നും ഇസ്രാ
യേലിൻെറ ദൈവമായ കർത്താവിനെ ആരാ
ധിക്കാനാഗ്രഹിച്ചവരും തങ്ങളുടെ പിതാക്ക
ന്മാരുടെ ദൈവമായ കർത്താവിനു യാഗം

17 കഴിക്കുവാൻ യറുശലേമിൽ വന്നു. ഇങ്ങനെ
അവർ മൂന്നു സംവത്സരംകൊണ്ടു യഹൂദാ
രാജ്യത്തിനു ഉറപ്പുവരുത്തുകയും ശലോ
മോൻെറ മകനായ റെഹബെയാമിനെ
18 ശക്തിപ്പെടുത്തുകയും ചെയ്തു. റെഹബെയാം
ദാവീദിൻെറ മകനായ യെരീമോത്തിൻെറ
മകളായ മഹലാത്തിനെയും ഇശായിയുടെ
മകനായ എലീയാബിൻെറ മകളായ അബി
19 ഗയീലിനെയും വിവാഹംകഴിച്ചു. അവൾ
അവനു യെയൂശ്, ശെമര്യാ, സാഹം എന്നീ
20 പുത്രന്മാരെ പ്രസവിച്ചു. അവളുടെ ശേഷം
അവൻ അബ്ശാലോമിൻെറ മകളായ
മയഖയെ വിവാഹംകഴിച്ചു; അവൾ അവനു
അബീയാ, അത്ഥായി, സീസാ, ശെലോമീ
21 ത്ത് എന്നിവരെ പ്രസവിച്ചു. റെഹബെയാം
തൻെറ സകല ഭാര്യമാരിലും വെപ്പാട്ടിക
ളിലും അധികമായി അബ്ശാലോമിൻെറ
മകളായ മയഖയെ കൂടുതൽ സ്നേഹിച്ചു.
അവൻ പതിനെട്ടു ഭാര്യമാരെയും അറുപതു
വെപ്പാട്ടികളെയും പരിഗ്രഹിച്ചിരുന്നു; ഇരു
പത്തെട്ടു പുത്രന്മാരെയും അറുപതു പുത്രി
22 മാരെയും ജനിപ്പിച്ചു. റെഹബെയാം മയഖ
യുടെ മകനായ അബീയായെ രാജാവാ
ക്കുവാൻ ഒരുങ്ങി, അവനെ അവൻെറ
സഹോദരന്മാരിൽ തലവനും പ്രധാനിയു
23 മായി നിയമിച്ചു. അവൻ ബുദ്ധിയോടെ
പ്രവർത്തിച്ചു; യഹൂദയുടെയും ബെന്യാ
മീൻെറയും ദേശങ്ങളിലെല്ലാം, ഉറപ്പുള്ള
പട്ടണങ്ങളിലേക്കെല്ലാം തൻെറ പുത്രന്മാ
രെയെല്ലാം അയച്ചു, അവർക്കു വളരെ
ഭക്ഷണസാധനങ്ങൾ കൊടുക്കുകയും
അവർക്കുവേണ്ടി അനേകം ഭാര്യമാരെ
അന്വേഷിക്കുകയുംചെയ്തു.

അദ്ധ്യായം 12

1 റെഹബെയാമിൻെറ രാജത്വം സ്ഥിര
മായി അവൻ ശക്തി പ്രാപിച്ചശേഷം അവനും
എല്ലാ ഇസ്രായേലും ദൈവത്തിൻെറ ന്യായ
2 പ്രമാണം ഉപേക്ഷിച്ചു. അവർ ദൈവത്തോ
ടു തെറ്റു ചെയ്യുകയാൽ റെഹബെയാം
3 രാജാവിൻെറ അഞ്ചാം ആണ്ടിൽ മെസ്രേൻ
രാജാവായ ശീശക് ആയിരത്തറുനൂറു
രഥങ്ങളോടും അറുപതിനായിരം കുതിര
പ്പടയോടും കൂടെ യറുശലേമിനെ ആക്ര
മിച്ചു; അവനോടുകൂടെ മെസ്രേനിൽനിന്നു
വന്നിരുന്ന ലിബ്യർ, സുക്യർ, എത്യോപ്യർ
എന്നിങ്ങനെയുള്ള സൈന്യം അസംഖ്യമാ
4 യിരുന്നു. അവർ യഹൂദയോടു ചേർന്ന ഉറ
പ്പുള്ള പട്ടണങ്ങൾ പിടിച്ചു, യറുശലേംവരെ
5 യും വന്നു. അപ്പോൾ ശെമയാപ്രവാചകൻ
റെഹബെയാമിൻെറയും ശീശക് നിമിത്തം
യറുശലേമിൽ കൂടിയിരുന്ന യഹൂദാപ്രഭുക്ക
ന്മാരുടെയും അടുക്കൽ വന്നു. അവരോട്
ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു:
നിങ്ങൾ എന്നെ ഉപേക്ഷിച്ചതുകൊണ്ടു
ഞാനും നിങ്ങളെ ശീശക്കിൻെറ കയ്യിൽ
ഏല്പിച്ചിരിക്കുന്നു എന്നു പറഞ്ഞു. അതി 6
നു ഇസ്രായേൽ പ്രഭുക്കന്മാരും രാജാവും
സ്വയം താഴ്ത്തി: ദൈവം നീതിമാൻ ആകു
ന്നു എന്നു പറഞ്ഞു. അവർ സ്വയം താഴ്ത്തി 7
എന്നു ദൈവം കണ്ടപ്പോൾ ദൈവത്തിൻെറ
അരുളപ്പാട് ശെമയായ്ക്കു ഉണ്ടായത്:
അവർ തങ്ങളെത്തന്നെ താഴ്ത്തിയിരി
ക്കയാൽ ഞാൻ അവരെ നശിപ്പിക്കാതെ
അവർക്കു സ്വല്പം രക്ഷ നൽകും. എൻെറ
കോപം ശീശക് മുഖാന്തരം യറുശലേമിൽ
ചൊരിയുകയുമില്ല. എങ്കിലും അവർ 8
എൻെറ ആരാധനയും അന്യദേശങ്ങളിലെ
രാജത്വത്തിൻെറ സേവയും തിരിച്ചറിയേ
ണ്ടതിനു അവർ അവനു അധീനരായി
ത്തീരും. ഇങ്ങനെ മെസ്രേൻ രാജാവായ 9
ശീശക് യറുശലേമിനെ ആക്രമിച്ച് ദൈവാ
ലയത്തിലെ ഭണ്ഡാരവും രാജഗൃഹഭണ്ഡാ
രവും അപഹരിച്ച് മുഴുവൻ കൊണ്ടുപോയി;
ശലോമോൻ ഉണ്ടാക്കിയ പൊൻപരിചകളും
അവൻ കൊണ്ടുപോയി. അവയ്ക്കു പകരം 10
റെഹബെയാം രാജാവു താമ്രംകൊണ്ടു
പരിചകൾ ഉണ്ടാക്കി രാജധാനിയുടെ
വാതിൽ കാക്കുന്ന സേനാനായകരുടെ
കയ്യിൽ ഏല്പിച്ചു. രാജാവു ദൈവാലയ 11
ത്തിലേക്ക് ചെല്ലുമ്പോൾ അകമ്പടിക്കാർ
അവയെ കൊണ്ടുവന്നു പിടിക്കുകയും
പിന്നെ സേവകരുടെ അറയിൽ കൊണ്ടു
പോയി വയ്ക്കുകയും ചെയ്യുമായിരുന്നു.
അവൻ സ്വയം താഴ്ത്തിയപ്പോൾ ദൈവ 12
കോപം അവനെ മുഴുവനായി നശിപ്പിക്കാ
തെ വിട്ടുമാറി; യഹൂദയിൽ കുറെ നന്മ
ഉണ്ടായിരുന്നു. ഇങ്ങനെ റെഹബെയാം 13
രാജാവു യറുശലേമിൽ ശക്തിപ്രാപിച്ച്
വാണു. വാഴ്ച തുടങ്ങിയപ്പോൾ റെഹബെ
യാമിനു നാല്പത്തൊന്നു വയസ്സായിരുന്നു;
ദൈവം തൻെറ നാമം സ്ഥാപിക്കേണ്ടതിനു
ഇസ്രായേലിൻെറ സകല ഗോത്രങ്ങളിൽ
നിന്നും തെരഞ്ഞെടുത്ത നഗരമായ യറുശ
ലേമിൽ അവൻ പതിനേഴു സംവത്സരം
വാണു. അവൻെറ അമ്മയ്ക്കു നയമാ എന്നു
പേർ. അവൾ അമ്മോന്യസ്ത്രീ ആയിരുന്നു.
ദൈവത്തെ അന്വേഷിക്കേണ്ടതിനു ശ്രമി 14
ക്കാതിരുന്നതിനാൽ അവൻ തിന്മ ചെയ്തു. 15
റെഹബെയാമിൻെറ കാര്യങ്ങൾ മുഴുവനും

യാ പ്രവാചകൻെറയും ഇദ്ദോ പ്രവാച
റയും ഗ്രന്ഥങ്ങളിൽ വംശാവലിയായി
തിയിരിക്കുന്നു; റെഹബെയാമിനും
ാബെയാമിനും തമ്മിൽ എപ്പോഴും
ം ഉണ്ടായിരുന്നു. റെഹബെയാം
ന പിതാക്കന്മാരെപ്പോലെ നിദ്രപ്രാപി
വീദിൻെറ നഗരത്തിൽ അവനെ അട
ചെയ്തു; അവൻെറ മകനായ അബീയ
ു പകരം രാജാവായി.

അദ്ധ്യായം 13

യരോബെയാം രാജാവിൻെറ പതി
ം ആണ്ടിൽ അബീയാ യഹൂദയിൽ
വായി. അവൻ മൂന്നു സംവത്സരം
ലേമിൽ വാണു. അവൻെറ അമ്മ
മീഖായാ എന്നു പേർ; അവൾ ഗിബെ
രനായ ഊരിയേലിൻെറ മകൾ. അബീ
ം യെരോബെയാമും തമ്മിൽ യുദ്ധം
യി. അബീയാ നാലുലക്ഷം യുദ്ധവീര
ള്ളോരു സൈന്യത്തെ അണിനിരത്തി;
ാബെയാം അവൻെറ നേരെ എട്ടു
വിശിഷ്ട യുദ്ധവീരന്മാരെ അണി
തി. എന്നാൽ അബീയാ എഫ്രയീംമല
ല സെമാരയീൻ മലമുകളിൽ നിന്നു
ടു പറഞ്ഞത്: യെരോബെയാമും
ഇസ്രായേലുമേ, എൻെറ വാക്കു
ക്കുവിൻ. ഇസ്രായേലിൻെറ ദൈവ
കർത്താവ് ഇസ്രായേലിലെ രാജത്വം
സത്യത്താൽ ദാവീദിനും അവൻെറ
ാർക്കും എല്ലാ കാലത്തേക്കുമായി
യിരിക്കുന്നു എന്നു നിങ്ങൾ അറി
എന്നാൽ ദാവീദിൻെറ മകനായ
മോൻെറ ദാസനും നെബാത്തിൻെറ
മായ യെരോബെയാം എഴുന്നേറ്റു
യജമാനനോടു മത്സരിച്ചു- നീച
യ സാധാരണക്കാർ അവൻെറ അടു
ന്നുകൂടി, ശലോമോൻെറ മകനായ
ബെയാമിനോടു ധിക്കാരം കാണിച്ചു;
ബെയാമോ യുവാവും മനശ്ശക്തി
ത്തവനുമായിരുന്നതിനാൽ അവ
എതിർത്തു നില്ക്കുവാൻ അവനു
ില്ല. നിങ്ങൾ ഇപ്പോൾ ദാവീദിൻെറ
ാരുടെ കൈവശമുള്ള കർത്താവി
ാജത്വത്തോടെതിർക്കുവാൻ വിചാ
ു; നിങ്ങൾ വലിയൊരു സമൂഹം
യെരോബെയാം നിങ്ങൾക്കു
ായി ഉണ്ടാക്കിയ പൊൻ കാളക്കുട്ടി
ിങ്ങളോടുകൂടെ ഉണ്ടല്ലോ. നിങ്ങൾ
ാൻെറ പുത്രന്മാരായ ദൈവത്തി
ുരോഹിതന്മാരെയും ലേവ്യരെയും

തള്ളിക്കളഞ്ഞു അന്യദേശങ്ങളിലെ ജാതി
കളുടെ രീതി അനുസരിച്ച് നിങ്ങൾക്കു
പുരോഹിതന്മാരെ നിയമിച്ചിട്ടില്ലയോ? ഒരു
കാളക്കുട്ടിയോടും ഏഴു ആട്ടുകൊറ്റന്മാരോ
ടും കൂടെ പൂജയ്ക്കു വന്ന ഏവനും ദൈവമ
ല്ലാത്തവർക്കു പുരോഹിതനായിത്തീരുന്നു.
ഞങ്ങളുടെ ദൈവമോ കർത്താവാകുന്നു; 10
അവനെ ഞങ്ങൾ ഉപേക്ഷിച്ചിട്ടില്ല: കർത്താ
വിനു ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്മാ
രായിട്ടു അഹറോൻെറ പുത്രന്മാർ ഞങ്ങൾ
ക്കുണ്ട്; ലേവ്യരും തങ്ങളുടെ ജോലി ചെയ്യു
ന്നു. അവർ പ്രതിദിനം രാവിലെയും സന്ധ്യ 11
യ്ക്കും ദൈവത്തിന് ഹോമയാഗങ്ങളും
പരിമളധൂപവും അർപ്പിക്കുന്നു; കാഴ്ചയപ്പം
വിശുദ്ധ മേശമേൽ അടുക്കുന്നു; പൊൻനില
വിളക്കും അതിൻെറ ദീപങ്ങളും സന്ധ്യാ
സമയത്ത് കത്തിക്കുന്നു; ഇങ്ങനെ ഞങ്ങൾ
ഞങ്ങളുടെ ദൈവമായ കർത്താവിൻെറ
കല്പന ആചരിക്കുന്നു; നിങ്ങളോ അവനെ
ഉപേക്ഷിച്ചിരിക്കുന്നു. ഇതാ, ഞങ്ങ 12
ളോടുകൂടെ ഞങ്ങളുടെ അധികാരിയായി
ദൈവവും നിങ്ങൾക്കെതിരെ ധ്വനിപ്പിക്കേ
ണ്ടതിനു കാഹളങ്ങളോടുകൂടെ അവൻെറ
പുരോഹിതന്മാരും ഉണ്ട്; ഇസ്രായേല്യരേ,
നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ
കർത്താവിനോടു നിങ്ങൾ യുദ്ധം ചെയ്യരുത്;
നിങ്ങൾ വിജയിക്കുകയില്ല. എന്നാൽ യെ 13
രോബെയാം ആകട്ടെ അവരുടെ പിന്നിൽ
വളഞ്ഞു ചെല്ലുവാൻ പതിയിരുപ്പുകാരെ
അയച്ചു; അങ്ങനെ അവർ യഹൂദ്യരുടെ
മുമ്പിലും പതിയിരിപ്പുകാർ പിമ്പിലും
ആയി. യഹൂദ്യർ തിരിഞ്ഞുനോക്കിയ 14
പ്പോൾ സേനയെ മുമ്പിലും പുറകിലും
കണ്ടു. കർത്താവിനോടു നിലവിളിച്ചു,
പുരോഹിതന്മാർ കാഹളം ഊതി, യഹൂദ്യർ
ആർത്തുവിളിച്ചു. യഹൂദാ പുരുഷന്മാർ 15
ആർത്തുവിളിച്ചപ്പോൾ ദൈവം യെരോബെ
യാമിനെയും എല്ലാ ഇസ്രായേലിനെയും
അബീയായോടും യഹൂദ്യരോടും തോല്ക്കു
മാറാക്കി. ഇസ്രായേല്യർ യഹൂദ്യരുടെ 16
മുമ്പിൽ നിന്നു തോറ്റോടി. ദൈവം അവരെ
അവരുടെ കയ്യിൽ ഏല്പിച്ചു; അബീയായും 17
അവൻെറ ജനവും അവരെ കഠിനമായി
തോല്പിച്ചു; ഇസ്രായേലിൽ അഞ്ചുലക്ഷം
വീരയോദ്ധാക്കന്മാർ ഹതരായി വീണു.
ഇങ്ങനെ ഇസ്രായേല്യർക്കു ആ കാലത്തു 18
അധഃപതനമായി; യഹൂദ്യരോ തങ്ങളുടെ
പിതാക്കന്മാരുടെ ദൈവമായ കർത്താവിൽ
ആശ്രയിച്ചതുകൊണ്ടു ജയം പ്രാപിച്ചു.
അബീയാ യെരോബെയാമിനെ പിന്തു 19

ടർന്നു അവൻെറ പട്ടണങ്ങളായ ബേഥേലും
അതിനോടു ചേർന്ന ഗ്രാമങ്ങളും എഫ്രോ
നും അതിനോടു ചേർന്ന ഗ്രാമങ്ങളും
യെശാനയും അതിനോടു ചേർന്ന ഗ്രാമങ്ങ
20 ളും പിടിച്ചു. യെരോബെയാം അബീയാ
യുടെ കാലത്തു ശക്തി പ്രാപിച്ചില്ല; ദൈവം
അവനെ ശിക്ഷിച്ചു, അവൻ മരിച്ചുപോയി.
21 അബീയാ ബലവാനായിത്തീർന്നു; അവൻ
പതിന്നാലു ഭാര്യമാരെ വിവാഹംകഴിച്ചു.
ഇരുപത്തിരണ്ടു പുത്രന്മാരെയും പതി
22 നാറു പുത്രിമാരെയും ജനിപ്പിച്ചു. അബീ
യായുടെ മറ്റുള്ള കാര്യങ്ങളും അവൻെറ
പ്രവർത്തനവും വാക്കുകളും ഇദ്ദോ പ്രവാ
ചകൻെറ ചരിത്രഗ്രന്ഥത്തിൽ എഴുതി
യിരിക്കുന്നു.

അദ്ധ്യായം 14

1 അബീയാ തൻെറ പിതാക്കന്മാരെപ്പോ
ലെ നിദ്ര പ്രാപിച്ചു; ദാവീദിൻെറ നഗരത്തിൽ
അവനെ അടക്കംചെയ്തു; അവൻെറ മക
നായ ആസാ അവനു പകരം രാജാവായി.
അവൻെറ കാലത്തു രാജ്യം ഇരുപതു സംവ
2 ത്സരം സമാധാനത്തിൽ കഴിഞ്ഞു. ആസാ
തൻെറ ദൈവമായ കർത്താവിന് പ്രസാദ
3 വും ഹിതവും ആയതു ചെയ്തു. അവൻ അന്യ
ദേവന്മാരുടെ ബലിപീഠങ്ങളും പൂജാഗിരി
കളും നീക്കി, സ്തംഭവിഗ്രഹങ്ങൾ ഉടച്ചു,
അശേരാ പ്രതിഷ്ഠകളെ വെട്ടിക്കളഞ്ഞു,
4 യഹൂദയോടു അവരുടെ പിതാക്കന്മാരുടെ
ദൈവമായ കർത്താവിനെ ആശ്രയിപ്പാനും
ന്യായപ്രമാണവും കല്പനയും ആചരിച്ചു
5 നടക്കുവാനും കല്പിച്ചു. അവൻ എല്ലാ
യഹൂദപ്പട്ടണങ്ങളിൽനിന്നും പൂജാഗിരി
കളും സൂര്യവിഗ്രഹങ്ങളും നീക്കി; രാജ്യം
6 അവൻെറ കീഴിൽ സമാധാനത്തോടിരുന്നു.
ദൈവം അവനു വിശ്രമം നൽകിയതുകൊ
ണ്ടു ദേശത്ത് സമാധാനം ഉണ്ടാകയാലും
ആ സംവത്സരങ്ങളിൽ അവനു യുദ്ധം ഇല്ലാ
7 യ്കയാലും അവൻ യഹൂദയിൽ സുശക്ത
നഗരങ്ങൾ പണിതു. അവൻ യഹൂദ്യരോടു:
നാം ഈ പട്ടണങ്ങളെ പണിതു അവയ്ക്കു
ചുറ്റും കോട്ടകളും ഗോപുരങ്ങളും വാതിലു
കളും ഓടാമ്പലുകളും ഉണ്ടാക്കുക; നാം
നമ്മുടെ ദൈവമായ കർത്താവിനെ അന്വേ
ഷിച്ചതുകൊണ്ടു രാജ്യം നമുക്കു സ്വാധീനമാ
യിരിക്കുന്നു; നാം അവനെ അന്വേഷിക്ക
യാൽ അവൻ നമുക്കു വിശ്രമം നൽകുകയും
ചെയ്തിരിക്കുന്നു എന്നു പറഞ്ഞു. അവൻ
8 നമ്മെ രക്ഷിച്ചിരിക്കുന്നു. ആസയ്ക്കു വൻ
പരിചയും കുന്തവും എടുത്തവരായി മൂന്നു
ലക്ഷം യഹൂദ്യരും ചെറുപരിച എടുക്കുവാ
നും വില്ലു കുലയ്ക്കുവാനും പ്രാപ്തരായി
രണ്ടു ലക്ഷത്തെൺപതിനായിരം ബെന്യാ
മീന്യരും അടങ്ങുന്ന സൈന്യം ഉണ്ടായിരു
ന്നു; അവരെല്ലാവരും വീരന്മാരുമായിരുന്നു.
അനന്തരം ഇന്ത്യനായ* സേരഹ് പത്തു 9
ലക്ഷം കാലാളും മുന്നൂറു രഥവും ഉള്ള
സൈന്യത്തോടുകൂടെ അവരുടെ നേരെ
മാരേശാവരെ വന്നു. ആസാ അവനെ 10
എതിർത്തു; അവർ മാരേശെക്കു സമീപം
സെഫാഥാതാഴ്വരയിൽ യുദ്ധത്തിനു തയ്യാ
റായി. ആസാ തൻെറ ദൈവമായ കർത്താവി 11
നെ വിളിച്ചപേക്ഷിച്ചു: കർത്താവേ, ബല
വാനും ബലഹീനനും തമ്മിൽ കാര്യം ഉണ്ടാ
യാൽ സഹായിക്കുവാൻ നീ അല്ലാതെ മറ്റാ
രുമില്ല; ഞങ്ങളുടെ ദൈവമായ കർത്താവേ,
ഞങ്ങളെ സഹായിക്കേണമേ; നിന്നിൽ
ഞങ്ങൾ ആശ്രയിക്കുന്നു; നിൻെറ നാമ
ത്തിൽ ഞങ്ങൾ ഈ സേനയ്ക്കു നേരെ
വന്നിരിക്കുന്നു; കർത്താവേ, നീ ഞങ്ങളുടെ
ദൈവം; നിൻെറ ശക്തി ഞങ്ങളിൽനിന്നു മാറ്റ
രുതേ എന്നു പറഞ്ഞു. അപ്പോൾ കർത്താവ് 12
ആസയുടെയും യഹൂദ്യരുടെയും മുമ്പിൽ
ഇന്ത്യരെ തോല്പിച്ചു; ഇന്ത്യർ ഓടി
പ്പോയി. ആസയും അവനോടുകൂടെ ഉണ്ടാ 13
യിരുന്ന സൈന്യവും അവരെ ഗെരാർ വരെ
പിന്തുടർന്നു; ഇന്ത്യർ ആരും ജീവനോടെ
ശേഷിക്കാതെ മരിച്ചു; അവർ കർത്താ
വിൻെറയും അവൻെറ സൈന്യത്തിൻെറയും
മുമ്പിൽ നശിച്ചുപോയി; യഹൂദ്യർ വളരെ
കവർച്ചയും എടുത്തുകൊണ്ടു പോന്നു. അ 14
വർ ഗെരാറിനു ചുറ്റുമുള്ള എല്ലാ പട്ടണങ്ങ
ളും നശിപ്പിച്ചു; ദൈവത്തിൽനിന്നു ഒരു ഭീതി
അവയുടെ മേൽ വീണിരുന്നു; അവർ എല്ലാ
പട്ടണങ്ങളെയും കൊള്ളയിട്ടു; അവയിൽ
കൊള്ളമുതൽ വളരെ ഉണ്ടായിരുന്നു. അവർ
അറേബ്യരുടെ കൂടാരങ്ങളെയും ആക്രമിച്ചു,
അനവധി ആടുകളെയും ഒട്ടകങ്ങളെയും 15
അപഹരിച്ചു യറുശലേമിലേക്കു മടങ്ങി
പ്പോന്നു.

അദ്ധ്യായം 15

അനന്തരം ആസൂറിൻെറ മകനായ അസ 1
ര്യായുടെ മേൽ ദൈവത്തിൻെറ ആത്മാവു
വന്നു. അവൻ ആസയെ എതിരേറ്റു അവ 2
നോടു പറഞ്ഞു: “ആസയും എല്ലാ യഹൂദ്യ
രും ബെന്യാമീന്യരും ആയവരേ, എൻെറ
വാക്കു കേൾക്കുവിൻ; നിങ്ങൾ കർത്താവി
ൻെറ കൂടെ ഇരിക്കുന്ന കാലമെല്ലാം അവൻ
നിങ്ങളോടു കൂടെ ഇരിക്കും; അവനെ

*ഹെൻദ്വോയോ (എത്യോപൻ) എന്നു ചില പതിപ്പുകളിൽ

ഷിക്കുന്നു എങ്കിൽ നിങ്ങൾ അവനെ
ത്തും; ഉപേക്ഷിക്കുന്നു എങ്കിലോ
നിങ്ങളെയും ഉപേക്ഷിക്കും. ഇസ്രാ
ഇപ്പോൾ ബഹുകാലമായി സത്യ
ലും ഉപദേശിക്കുന്ന പുരോഹിതനും
പ്രമാണവും ഇല്ലാതിരിക്കുന്നു;
ൽ അവർ തങ്ങളുടെ ദുരിതത്തിൽ
യേലിൻെറ ദൈവമായ കർത്താവി
ു തിരിഞ്ഞു അവനെ അന്വേഷിച്ച
അവർ അവനെ കണ്ടെത്തി. ആദ്യ
ു നാം ദൈവത്തെ ഭയപ്പെടാതിരു
ാൽ സമാധാനമില്ലായിരുന്നു, ദേശ
ികൾക്കെല്ലാം ആപത്തു സംഭവിച്ചു.
അവരെ സകലവിധ ദുരിതങ്ങളാ
ഡിപ്പിച്ചതുകൊണ്ട് പരസ്പരവും
ാതിയെയും പട്ടണം പട്ടണത്തെയും
തുകളഞ്ഞു. നാം നമ്മുടെ പ്രവാചക
ശബ്ദം കേൾക്കുവാൻ മനസ്സില്ലാ
ുന്നു. നമ്മുടെ പ്രവൃത്തിക്കനുസ
ദെവം നമ്മോടു പ്രതികാരം ചെയ്യു."
ഈ വാക്കുകളും ഓദേദ് പ്രവാചക
വചനവും കേട്ടപ്പോൾ ധൈര്യപ്പെട്ടു,
യുടെയും ബെന്യാമീൻെറയും ദേശ
ന്നെല്ലാം എഫ്രയീം മലനാട്ടിൽ
പിടിച്ചിരുന്ന പട്ടണങ്ങളിൽനിന്നും
വിഗ്രഹങ്ങൾ നീക്കിക്കളയുകയും
വിൻെറ മണ്ഡപത്തിൻ മുമ്പിലുള്ള
വിൻെറ യാഗപീഠം നവീകരിക്കു
ചയ്തു. അവൻ എല്ലാ യഹൂദ്യരെയും
മീന്യരെയും എഫ്രയീമിൽനിന്നും
ിൽനിന്നും ശിമെയോനിൽനിന്നും
ട അടുക്കൽ വന്നു പാർക്കുന്നവരെ
ളിച്ചു വരുത്തി; അവൻെറ ദൈവ
ർത്താവ് അവനോടുകൂടെയുണ്ട്
ണ്ട് ഇസ്രായേലിൽനിന്നു അനേ
ന് അവനോട് ചേർന്നു. അവർ
ുടെ വാഴ്ചയുടെ പതിനഞ്ചാം
മൂന്നാം മാസത്തിൽ യറുശലേ
ന്നുകൂടി. തങ്ങൾ കൊണ്ടുവന്ന
യിൽനിന്ന് അവർ എഴുന്നൂറു കാള
ഏഴായിരം ആടിനെയും അന്നു
വിനു യാഗം കഴിച്ചു. പിന്നെ അവർ
ട പിതാക്കന്മാരുടെ ദൈവമായ
വിനോട് പൂർണഹൃദയത്തോടും
നസ്സോടുംകൂടെ പ്രാർത്ഥിച്ചുകൊ
ന്നും ചെറിയവനോ വലിയവനോ
നാ സ്ത്രീയോ ആരായാലും ഇസ്രാ
റ ദൈവമായ കർത്താവിനോട്
ിക്കാത്തവർ മരണശിക്ഷ അനുഭ
മന്നും ഒരു നിയമംചെയ്തു. അവർ

മഹാഘോഷത്തോടെ ആർത്തു കാഹള
ങ്ങളും കുഴലുകളും ഊതി കർത്താവി
നോടു സത്യം ചെയ്തു. എല്ലാ യഹൂദ്യരും 15
ഈ വാർത്തയിൽ സന്തോഷിച്ചു; അവർ
പൂർണ്ണഹൃദയത്തോടെ സത്യം ചെയ്തു
പൂർണ്ണതാല്പര്യത്തോടുകൂടെ അവനോടു
അപേക്ഷിച്ചതുകൊണ്ട് അവർ അവനെ ക
ണ്ടെത്തുകയും കർത്താവ് അവർക്കു ചുറ്റു
മുള്ള ശത്രുക്കളിൽനിന്നു വിശ്രമം നൽകു
കയും ചെയ്തു. ആസാ രാജാവു തൻെറ അമ്മ 16
യായ മയഖയെ അവൾ അശേരെക്കു ഒരു
അശുദ്ധവിഗ്രഹം ഉണ്ടാക്കിയിരുന്നതു
കൊണ്ട് രാജ്ഞിസ്ഥാനത്തിൽനിന്നു
നീക്കിക്കളഞ്ഞു; അവളുടെ അശുദ്ധവിഗ്ര
ഹം ആസാ വെട്ടിത്തകർത്തു കെദ്രോൻ
തോട്ടിങ്കൽ ചുട്ടുകളഞ്ഞു. എന്നാൽ 17
പൂജാഗിരികൾക്കു ഇസ്രായേലിൽ നീക്കം
വന്നില്ല; എങ്കിലും ആസയുടെ ഹൃദയം
അവൻെറ ജീവകാലമെല്ലാം ദൈവമായ
കർത്താവിനോട് ഭക്തിയുള്ളതായിരുന്നു. 18
വെള്ളി, പൊന്ന്, ഉപകരണങ്ങൾ എന്നി
ങ്ങനെ തൻെറ പിതാവു നിവേദിച്ചതും താൻ
തന്നെ നിവേദിച്ചതുമായ പൊന്നും വെള്ളി
യും വസ്തുക്കൾ അവൻ ദൈവാലയത്തി
ലേക്കു കൊണ്ടുവന്നു. ആസയുടെ വാഴ്ച 19
യുടെ മുപ്പത്തഞ്ചാം സംവത്സരം, പിന്നെയും
യുദ്ധം ഉണ്ടായി.

അദ്ധ്യായം 16

ആസയുടെ വാഴ്ചയുടെ മുപ്പത്താറാം 1
ആണ്ടിൽ ഇസ്രായേൽ രാജാവായ ബയെ
ശാ യഹൂദയെ ആക്രമിച്ചു യഹൂദാരാജാ
വായ ആസയുടെ അടുക്കൽ ആരും വന്നു
പോകാൻ സമ്മതിക്കാതെ റാമയെ പണിതു
റപ്പിച്ചു. അപ്പോൾ ആസാ ദൈവാലയത്തി 2
ലെയും രാജഗൃഹത്തിലെയും ഭണ്ഡാരങ്ങ
ളിൽനിന്നു വെള്ളിയും പൊന്നും എടുത്ത്
ദമസ്ക്കോസിൽ അറാം രാജാവായ ബെൻ
-ഹദദിനു കൊടുത്തയച്ചു; എനിക്കും നിന 3
ക്കും എൻെറ പിതാവിനും നിൻെറ പിതാ
വിനും തമ്മിൽ സഖ്യമുണ്ടായിരുന്നല്ലോ;
ഇതാ, ഞാൻ നിനക്കു വെള്ളിയും പൊന്നും
കൊടുത്തയയ്ക്കുന്നു; ഇസ്രായേൽ രാജാ
വായ ബയെശാ എന്നെ വിട്ടു പോകുവാ
നായി, നീ ചെന്നു അവനോടുള്ള നിൻെറ
സഖ്യം ഉപേക്ഷിക്കണം എന്നു പറഞ്ഞു.
ബെൻഹദദ് ആസാരാജാവിൻെറ വാക്കു 4
കേട്ടു തൻെറ സേനാധിപന്മാരെ ഇസ്രാ
യേൽ പട്ടണങ്ങൾക്കു നേരെ അയച്ചു;
അവർ ഈയോനും ദാനും ആബേൽമയീമും

നഫ്താലിയുടെ സകല സംഭരണനഗര
5 ങ്ങളും പിടിച്ചടക്കി. ബയെശാ അതു കേട്ട
6 പ്പോൾ റാമയെ പണിയുന്ന തൻെറ ജോലി
നിർത്തിവച്ചു. അപ്പോൾ ആസാ രാജാവു
യഹൂദ്യരെ എല്ലാം കൂട്ടി, ബയെശാ പണിത
റാമയുടെ കല്ലും തടിയും എടുത്തുകൊണ്ടു
പോയി; അവൻ അവകൊണ്ടു ഗേബയും
7 മിസ്പയും പണിതു ഉറപ്പിച്ചു. ആ കാലത്തു
പ്രവാചകനായ ഹനാനിയ യഹൂദരാജാ
വായ ആസയുടെ അടുക്കൽ വന്നു അവ
നോട്: നീ നിൻെറ ദൈവമായ കർത്താവിൽ
ആശ്രയിക്കാതെ അറാം രാജാവിൽ ആശ്ര
യിക്കയാൽ അറാം രാജാവിൻെറ സൈന്യം
നിൻെറ കയ്യിൽനിന്നു തെറ്റിപ്പോകും. എത്ത്യോ
8 പ്യരും ഇന്ത്യരും* അനവധി രഥങ്ങളോടും
കുതിരപ്പടയോടും കൂടിയ ഒരു മഹാസൈന്യ
മായിരുന്നില്ലേ? എന്നാൽ നീ ദൈവത്തിൽ
ആശ്രയിക്കകൊണ്ടു അവൻ അവരെ
9 നിൻെറ കയ്യിൽ ഏല്പിച്ചുതന്നു. ദൈവത്തി
ൻെറ ദൃഷ്ടി തന്നിൽ വച്ചിരിക്കുന്നവർക്കു
വേണ്ടി തന്നെത്താൻ ബലവാനെന്നു കാണി
ക്കേണ്ടതിനു ഭൂമിയിലെല്ലാടവും സഞ്ചരി
ച്ചുകൊണ്ടിരിക്കുന്നു; നീ ശക്തിപ്പെട്ട് തന്നോ
ടുള്ള ഭക്തിയാൽ സമാധാനം പ്രാപിക്കുക.
അവൻെറ അത്ഭുതപ്രവർത്തനങ്ങൾ ഗ്രഹി
ക്കുക. ദൈവമാണ് നിങ്ങൾക്കുവേണ്ടി
10 യുദ്ധം നടത്തുന്നത്. അപ്പോൾ ആസാ
പ്രവാചകനോടു കോപിച്ചു അവനെ കാരാ
ഗൃഹത്തിൽ ആക്കി; ഈ കാര്യം നിമിത്തം
അവന് അവനോടു ഉഗ്രകോപമുണ്ടായി;
എന്തെന്നാൽ അവൻ കാണാത്തത്
പ്രസ്താവിക്കുകയും ജനത്തെ ഇളക്കു
11 കയും ചെയ്തു. ആസാ ജനത്തിൽനിന്നും
ഓടിപ്പോയി. ആസയുടെ കാര്യങ്ങൾ മുഴു
വനും യഹൂദയിലെയും ഇസ്രായേലിലെ
യും രാജാക്കന്മാരുടെ ഗ്രന്ഥത്തിൽ എഴു
12 തിയിരിക്കുന്നു. ആസായ്ക്കു തൻെറ വാഴ്ച
യുടെ മുപ്പത്തൊമ്പതാം ആണ്ടിൽ കാലിൽ
രോഗം ബാധിച്ചു; രോഗം കഠിനമായിരുന്നു.
13 ആസാ തൻെറ പിതാക്കന്മാരെപ്പോലെ
നിദ്രപ്രാപിച്ചു. തൻെറ വാഴ്ചയുടെ നാല്പ
14 ത്തൊന്നാം ആണ്ടിൽ മരിച്ചു. ദാവീദിൻെറ
നഗരത്തിൽ കല്ലറയിൽ അവനെ അടക്കം
ചെയ്തു; സുഗന്ധവർഗ്ഗവും പലതരം പരി
മളവസ്തുക്കളും നിറച്ചിരുന്ന ശയ്യമേൽ
അവനെ കിടത്തുകയും അവനുവേണ്ടി
എത്രയും വലിയൊരു യാഗം കഴിക്കുകയും
ചെയ്തു.

അദ്ധ്യായം 17

അവൻെറ മകൻ യഹോശാഫാത്ത് 1
അവൻെറ സ്ഥാനത്ത് രാജാവായി; അവൻ
ഇസ്രായേലിനെതിരെ ശക്തനായിത്തീർന്നു.
അവൻ യഹൂദയിലെ ഉറപ്പുള്ള പട്ടണങ്ങളി 2
ലെല്ലാം സൈന്യങ്ങളെ നിർത്തി. യഹൂദാ
ദേശത്തും തൻെറ പിതാവായ ആസാ പിടിച്ച
എഫ്രയീം പട്ടണങ്ങളിലും അധികാരിക
ളെയും ആക്കി. യഹോശാഫാത്ത് തൻെറ 3
പിതാവായ ദാവീദിൻെറ ആദ്യത്തെ വഴി
കളിൽ നടക്കുകയും ബാൽവിഗ്രഹങ്ങളെ
ആശ്രയിക്കാതെ തൻെറ പിതാവിൻെറ 4
ദൈവത്തെ അന്വേഷിക്കുകയും ഇസ്രായേ
ലിൻെറ ആചാരപ്രകാരം നടക്കാതെ ദൈവ
ത്തിൻെറ കല്പനകൾ അനുസരിച്ചുനടക്കു
കയും ചെയ്തതിനാൽ കർത്താവു അവനോ
ടുകൂടെ ഉണ്ടായിരുന്നു. കർത്താവ് അവനു 5
സ്ഥാനം ഉറപ്പിച്ചുകൊടുത്തു; എല്ലാ യഹൂ
ദയും യഹോശാഫാത്തിനു കാഴ്ച കൊണ്ടു
വന്നു. അവനു ധനവും മാനവും വളരെ ഉ
ണ്ടായി. അവൻെറ ഹൃദയം കർത്തൃമാർഗ്ഗ 6
ങ്ങളിൽ ചേർന്ന് അവൻ പൂജാഗിരികളെ
യും അശേരാ പ്രതിഷ്ഠകളെയും യഹൂദ്യ
യിൽനിന്നു നീക്കിക്കളഞ്ഞു. അവൻ തൻെറ 7
വാഴ്ചയുടെ മൂന്നാം ആണ്ടിൽ യഹൂദാനഗര
ങ്ങളിൽ ഉപദേശിപ്പാൻ ബെൻഹയീൽ,
ഓബദ്യാ, സഖറിയാ, നാഥാനിയേൽ, മീഖാ 8
എന്നീ തൻെറ പ്രഭുക്കന്മാരെയും അവരോടു
കൂടെ ശെമയാ, നെഥന്യാ, സെബദ്യാ,
അസായേൽ, ശെമീറാമോത്ത്, യെഹോ
നാഥാൻ, അദോനീയാ, തോബീയ, തോബ്-
അദോനീയാ എന്നീ ലേവ്യരെയും അവരോ
ടുകൂടെ എലീശാമാ, യെഹോരാം എന്നീ
പുരോഹിതന്മാരെയും അയച്ചു. അവർ
യഹൂദ്യയിൽ ഉപദേശിച്ചു; ദൈവത്തിൻെറ 9
ന്യായപ്രമാണഗ്രന്ഥവും അവരുടെ കൈ
വശം ഉണ്ടായിരുന്നു; അവർ യഹൂദാനഗര
ങ്ങളിലെല്ലാം സഞ്ചരിച്ചു ജനത്തോടു ഉപദേ
ശിച്ചു. ദൈവത്തെക്കുറിച്ചുള്ള ഭീതി യഹൂ 10
ദയ്ക്കു ചുറ്റുമുള്ള ദേശങ്ങളിലെ സകല
രാജ്യങ്ങളിലും വീണിരുന്നതിനാൽ അവർ
യഹോശാഫാത്തിനോടു യുദ്ധം ചെയ്തില്ല.
ഫെലിസ്ത്യനഗരങ്ങളിൽനിന്നും യഹോ 11
ശാഫാത്തിനു കാഴ്ചയും കപ്പമായി വെള്ളി
യും കൊണ്ടുവന്നു; അരാബ്യരും അവനു
ഏഴായിരത്തെഴുനൂറു ആട്ടുകൊറ്റനും ഏഴാ
യിരത്തെഴുനൂറു വെള്ളാട്ടുകൊറ്റനുമുള്ള

* ലുബ്യരും എന്നു ചില പതിപ്പുകളിൽ

കൂട്ടത്തെ കൊണ്ടുവന്നു. യഹോശാ
മേല്ക്കുമേൽ പ്രബലനായി; യഹൂദ
കൊട്ടാരങ്ങളും സംഭരണ നഗരങ്ങളും
. അവനു യഹൂദാദേശത്ത് വളരെ
ം ഉണ്ടായിരുന്നു; ശൂരരായ യോദ്ധാ
റുശലേമിൽ ഉണ്ടായിരുന്നു. പിതൃ
പിതൃഭവനമായുള്ള അവരുടെ
യഹൂദയുടെ സഹസ്രാധിപന്മാർ:
ദ്ബു, അവനോടുകൂടെ മൂന്നു ലക്ഷം
; അവനെ തുടർന്ന് യഹോഹാ
ദു; അവനോടുകൂടെ രണ്ടു ലക്ഷ
പതിനായിരം പേർ; അവന്റെ പി
സ്വയം മനഃപൂർവ്വമായി കർത്താവി
പ്പിച്ച സിക്രിയുടെ മകൻ അമസ്യാ,
ടുകൂടെ രണ്ടു ലക്ഷം പരാക്രമ
ൾ; ബെന്യാമീനിൽനിന്ന് യുദ്ധ
യ എല്യാദാ, അവനോടുകൂടെ
ിചയും ധരിച്ച രണ്ടു ലക്ഷംപേർ;
റ പിന്നാലെ യഹോസാബാദ്,
ടുകൂടെ യുദ്ധസന്നദ്ധരായ ലക്ഷ
പതിനായിരം പേർ. രാജാവു യഹൂദ
ം ഉറപ്പുള്ള പട്ടണങ്ങളിൽ ആക്കി
രെ കൂടാതെ രാജാവിനു സേവ
ന്നവർ ഇവരായിരുന്നു.

അദ്ധ്യായം 18

ശാഫാത്തിനു ധനവും ബഹു
വളരെ ഉണ്ടായിരുന്നു; അവൻ
ിനോടു സഹകരിച്ചു. രണ്ടു സംവ
ഴിഞ്ഞ് അവൻ ശമര്യയിൽ ആഹാ
അടുക്കൽ ചെന്നു; ആഹാബ്
കൂടെയുണ്ടായിരുന്ന ജനത്തിനും
രെ ആടുകളെയും കാളകളെയും
ഗിലെയാദിലെ റാമോത്തിലേക്കു
കൂടെ ചെല്ലുവാൻ അവനെ പ്രേരി
സ്രായേൽ രാജാവായ ആഹാബ്
ജാവായ യഹോശാഫാത്തി
എന്നോടുകൂടെ ഗിലെയാദിലെ
ലേക്കു പോരുമോ എന്നു ചോദി
അവനോടു: ഞാനും നീയും
നവും നിന്റെ ജനവും ഒരുപോ
; ഞങ്ങൾ നിന്നോടുകൂടെ
ു വരാം എന്നു പറഞ്ഞു. യഹോ
ഇസ്രായേൽ രാജാവിനോട്:
ത്താവിന്റെ അരുളപ്പാട് ചോദി
ു പറഞ്ഞു. ഇസ്രായേൽ രാജാവു
വാചകന്മാരെ വരുത്തി അവ
ങ്ങൾ ഗിലെയാദിലെ റാമോത്തി
ദ്ധത്തിനു പോകുകയോ പോകാ
യാ എന്തു വേണം എന്നു ചോ
ദിച്ചു. അതിനു അവർ: പുറപ്പെടുക; ദൈവം
അതു രാജാവിന്റെ കയ്യിൽ ഏല്പിക്കും
എന്നു പറഞ്ഞു. എന്നാൽ യഹോശാഫാ 6
ത്ത്: നാം അരുളപ്പാടു ചോദിക്കേണ്ടതിനു
ഇവിടെ ദൈവത്തിന്റെ സത്യപ്രവാചക
നായി ആരും ഇല്ലയോ എന്നു ചോദിച്ചു.
അതിന് ഇസ്രായേൽ രാജാവു യഹോശാ 7
ഫാത്തിനോടു: നാം ദൈവത്തോട് അരുള
പ്പാടു ചോദിക്കുവാൻ ഇനി ഒരുത്തനുണ്ട്;
എന്നാൽ അവൻ എന്നെക്കുറിച്ചു ഒരിക്കലും
ഗുണമല്ല എപ്പോഴും ദോഷമേ പ്രവചിക്കൂ,
എനിക്കു അവനെ ഇഷ്ടമില്ല; അവൻ
ഇമ്ലയുടെ മകനായ മീഖായാണു എന്നു പറ
ഞ്ഞു. രാജാവ് അങ്ങനെ പറയരുത് എന്നു
യഹോശാഫാത്ത് പറഞ്ഞു. അങ്ങനെ 8
ഇസ്രായേൽരാജാവ് ഒരു ഭൃത്യനെ വിളിച്ചു:
ഇമ്ലയുടെ മകൻ മീഖായെ വേഗം കൂട്ടി
ക്കൊണ്ടുവരിക എന്നു കല്പിച്ചു. ഇസ്രാ 9
യേൽ രാജാവും യഹൂദാരാജാവുമായ
യഹോശാഫാത്തും രാജവസ്ത്രം ധരിച്ചു
ശമര്യയുടെ പടിവാതിൽ പ്രവേശനത്തിങ്കൽ
ഒരു വിശാലസ്ഥലത്തു താന്താന്റെ
സിംഹാസനത്തിൽ ഇരുന്നു; പ്രവാചകന്മാർ
എല്ലാം അവരുടെ സന്നിധിയിൽ പ്രവചിച്ചു
കൊണ്ടിരുന്നു. കെനയനയുടെ മകനായ 10
സെദെക്കിയാ തനിക്കു ഇരുമ്പുകൊണ്ടു
കൊമ്പുണ്ടാക്കി: നീ ഇവകൊണ്ടു അരാമ്യ
രെ അവർ നശിക്കുന്നതുവരെ കുത്തിക്ക
ളയും എന്ന് കർത്താവ് അരുളിച്ചെയ്യുന്നു
എന്നു പറഞ്ഞു. പ്രവാചകന്മാർ എല്ലാം 11
അങ്ങനെതന്നെ പ്രവചിച്ചു; ഗിലെയാദിലെ
റാമോത്തിലേക്ക് പുറപ്പെടുക; നീ കൃതാർ
ത്ഥനാകും; കർത്താവ് അതു രാജാവിന്റെ
കയ്യിൽ ഏല്പിക്കും എന്നു പറഞ്ഞു. മീഖാ 12
യെ വിളിക്കുവാൻ പോയ ദൂതൻ അവ
നോടു: നോക്കൂ, പ്രവാചകന്മാരുടെ
വാക്കുകൾ ഒരുപോലെ രാജാവിനു ഗുണ
മായിരിക്കുന്നു; നിന്റെ വാക്കും അവരിൽ
ഒരുത്തന്റേതുപോലെ ഇരിക്കണം; നീയും
ഗുണമായി പറയണമേ എന്നു പറഞ്ഞു.
അതിനു മീഖാ, കർത്താവാണ, എന്റെ 13
ദൈവം അരുളിച്ചെയ്യുന്നതുതന്നെ ഞാൻ
പ്രസ്താവിക്കും എന്നു പറഞ്ഞു. അവൻ 14
രാജാവിന്റെ അടുക്കൽ വന്നപ്പോൾ
രാജാവു അവനോടു: മീഖായേ, ഞങ്ങൾ
ഗിലെയാദിലെ റാമോത്തിലേക്കു യുദ്ധത്തി
നു പോകുകയോ പോകാതിരിക്കയോ
എന്തു വേണം എന്നു ചോദിച്ചു. അതിനു
അവൻ: പുറപ്പെടുവിൻ; നിങ്ങൾ കീഴടക്കും;
അവർ നിങ്ങളുടെ കയ്യിൽ ഏല്പിക്കപ്പെടും.

15 എന്നു പറഞ്ഞു. രാജാവ് അവനോടു: നീ
ദൈവനാമത്തിൽ സത്യമല്ലാതെ യാതൊ
ന്നും എന്നോടു പറയരുതെന്നു എത്ര പ്രാവ
ശ്യം ഞാൻ നിന്നോടു സത്യം ചെയ്യു പറ
16 യണം എന്നു ചോദിച്ചു. അതിനു അവൻ:
“ഇടയനില്ലാത്ത ആടുകളെപ്പോലെ ഇസ്രാ
യേലെല്ലാം പർവ്വതങ്ങളിൽ ചിതറിയിരിക്കു
ന്നതു ഞാൻ കണ്ടു; അപ്പോൾ കർത്താവ്:
ഇവർക്കു നാഥനില്ല; ഇവർ ഓരോരുവൻ
താന്താൻെറ വീട്ടിലേക്കു സമാധാനത്തോ
ടെ മടങ്ങിപ്പോകട്ടെ എന്നു കല്പിച്ചു” എന്നു
17 പറഞ്ഞു. അപ്പോൾ ഇസ്രായേൽ രാജാവു
യഹോശാഫാത്തിനോടു: ഇവൻ എന്നെക്കു
റിച്ചു ദോഷമല്ലാതെ ഗുണം പ്രവചിക്കയില്ല
എന്നു ഞാൻ നിന്നോടു പറഞ്ഞില്ലയോ
18 എന്നു പറഞ്ഞു. അതിനു മീഖാ പറഞ്ഞതു:
എന്നാൽ ദൈവവചനം കേട്ടുകൊൾവിൻ!
“ദൈവം തൻെറ സിംഹാസനത്തിൽ ഇരി
ക്കുന്നതും സ്വർഗ്ഗത്തിലെ സൈന്യമെല്ലാം
അവൻെറ വലത്തും ഇടത്തും നില്ക്കുന്ന
19 തും ഞാൻ കണ്ടു. ഇസ്രായേൽ രാജാവായ
ആഹാബ് ചെന്നു ഗിലെയാദിലെ റാമോ
ത്തിൽ മരിച്ചുപോകേണ്ടതിനു അവനെ
ആർ വശീകരിക്കും എന്നു ദൈവം ചോദി
ച്ചതിനു ഒരുവൻ ഞാൻ എന്നും ഒരുവൻ
20 ഞാൻ എന്നും പറഞ്ഞു. അപ്പോൾ ഒരു
ആത്മാവു മുന്നോട്ടു വന്നു ദൈവ
സന്നിധിയിൽ നിന്നു: ഞാൻ അവനെ വശീ
കരിക്കാം എന്നു പറഞ്ഞു. കർത്താവ് അവ
21 നോടു: എങ്ങനെ എന്നു ചോദിച്ചു. അതിനു
അവൻ: ഞാൻ ചെന്നു അവൻെറ സകല
പ്രവാചകന്മാരുടെയും വായിൽ വ്യാജത്തി
ൻെറ ആത്മാവായിരിക്കും എന്നു പറഞ്ഞു.
നീ അവനെ വശീകരിക്കും; നിനക്കു സാധി
ക്കും; നീ ചെന്നു അങ്ങനെ ചെയ്യുക എന്നു
22 അവൻ കല്പിച്ചു. ആകയാൽ ഇതാ,
ദൈവം വ്യാജ ആത്മാവിനെ നിൻെറ ഈ
പ്രവാചകന്മാരുടെ വായിൽ കൊടുത്തിരി
ക്കുന്നു; ദൈവം നിന്നെക്കുറിച്ചു അനർത്ഥം
23 കല്പിച്ചുമിരിക്കുന്നു”. അപ്പോൾ കെന
യനയുടെ മകനായ സെദെക്കീയാ അടുത്തു
ചെന്നു മീഖായായെ ചെകിട്ടത്തു അടിച്ചു;
നിന്നോടു സംസാരിക്കുവാൻ ദൈവത്തി
ൻെറ ആത്മാവു എന്നെ വിട്ടു ഏതു വഴി
യാണ് കടന്നുവന്നത്? എന്നു ചോദിച്ചു.
24 അതിനു മീഖാ: നീ ഒളിക്കുവാൻ സ്ഥലം
തേടി നടക്കുന്ന ദിവസത്തിൽ നീ കാണും
25 എന്നു പറഞ്ഞു. അപ്പോൾ ഇസ്രായേൽ
രാജാവു പറഞ്ഞു: നിങ്ങൾ മീഖായെ
പിടിച്ചു നഗരാധിപതിയായ ആമോ
ൻെറയും രാജകുമാരനായ യോവാശി
ൻെറയും അടുക്കൽ കൊണ്ടുചെന്നു:
ഇവനെ കാരാഗൃഹത്തിൽ ആക്കി, ഞാൻ
സമാധാനത്തോടെ മടങ്ങിവരുവോളം
ജീവിച്ചിരിക്കുവാൻ മാത്രം അപ്പവും ജീവി
ച്ചിരിക്കുവാൻ മാത്രം വെള്ളവും കൊടുപ്പിൻ
എന്നു രാജാവു കല്പിച്ചിരിക്കുന്നു എന്നു
പറയുവിൻ. അതിനു മീഖാ: നീ സമാ
ധാനത്തോടെ മടങ്ങിവരുന്നുണ്ടെങ്കിൽ
ദൈവം ഞാൻ മുഖാന്തരം അരുളിച്ചെ
യ്തിട്ടില്ല എന്നു പറഞ്ഞു. സകല ജാതികളു
മായുള്ളോരേ, കേട്ടുകൊൾവിൻ എന്നും
അവൻ പറഞ്ഞു.

ഇസ്രായേൽ രാജാവും യഹൂദാരാജാ
വായ യഹോശാഫാത്തും ഗിലെയാദിലെ
റാമോത്തിലേക്കു പോയി. ഇസ്രായേൽ
രാജാവു യഹോശാഫാത്തിനോടു: ഞാൻ
വേഷം മാറി സേനയിൽ കടക്കും; അങ്
രാജവസ്ത്രം ധരിച്ചുകൊൾക എന്നു പറ
ഞ്ഞു. അങ്ങനെ ഇസ്രായേൽ രാജാവു
വേഷം മാറി; അവർ യുദ്ധഭൂമിയിൽ കടന്നു.
അറാം രാജാവു തൻെറ മുപ്പത്തിരണ്ടു
രഥനായകന്മാരോടു: നിങ്ങൾ ഇസ്രായേൽ
രാജാവിനോടു മാത്രമല്ലാതെ ചെറിയവ
രോടോ വലിയവരോടോ യുദ്ധം ചെയ്യരുത്
എന്നു കല്പിച്ചിരുന്നു. ആകയാൽ രഥനായ
കന്മാർ യഹോശാഫാത്തിനെ കണ്ടപ്പോൾ:
ഇവൻതന്നെ ഇസ്രായേൽ രാജാവു എന്നു
പറഞ്ഞു അവനോടു ഏറ്റുമുട്ടുവാൻ തിരി
ഞ്ഞു; അപ്പോൾ യഹോശാഫാത്ത് നില
വിളിച്ചു; കർത്താവ് അവനെ സഹായിച്ചു;
അവനെ വിട്ടു പോകുവാൻ ദൈവം അവ
ക്കു തോന്നിച്ചു. അവൻ ഇസ്രായേൽ രാജാ
വല്ല എന്ന് രഥനായകന്മാർ കണ്ട് അവ
അവനെ പിന്തുടരാതെ മടങ്ങിപ്പോയി.
എന്നാൽ ഒരുവൻ യദൃച്ഛയാ വില്ലു
കുലച്ചു ഇസ്രായേൽ രാജാവിനെ കവച
ത്തിനും പതക്കത്തിനും ഇടയ്ക്കു എയ്തു;
അവൻ തൻെറ സാരഥിയോടു: നിൻെറ
കൈ നീട്ടി എന്നെ പിടിച്ച് യുദ്ധഭൂമിയിൽ
നിന്നു കൊണ്ടുപോകുക; ഞാൻ കഠിനമാ
യി മുറിവേററിരിക്കുന്നു എന്നു പറഞ്ഞു;
അന്നു യുദ്ധം കഠിനമായിത്തീർന്നതിനാൽ
ഇസ്രായേൽ രാജാവു സന്ധ്യവരെ അറാ
മ്യർക്കെതിരെ രഥത്തിൽ ഇരുന്നു പോരാടി;
സൂര്യാസ്തമനത്തിൽ അവൻ മരിച്ചുപോയി

അദ്ധ്യായം 19

യഹൂദരാജാവായ യഹോശാഫാത്ത്
സന്ധ്യയ്ക്ക് യറുശലേമിൽ തൻെറ അരമന

സമാധാനത്തോടെ മടങ്ങിവന്ന
നാനിയുടെ മകനായ പ്രവാചകൻ
എതിരേറ്റു ചെന്നു യഹോശാഫാ
ാവിനോടു: ദുഷ്ടന് സഹായം
തു ശരിയോ? ദൈവത്തെ പക
രോടു നീ സ്നേഹം കാണിക്കു
അതുകൊണ്ട് ദൈവത്തിൽ നിന്നു
നിൻെറമേൽ വന്നിരിക്കുന്നു.
നീ കുററമില്ലാത്ത രക്തം ചിന്താ
യും ദൈവത്തെ അന്വേഷിക്കു
ുവെക്കുകയും ചെയ്യതിനാൽ
ിന്നിൽ കണ്ടിരിക്കുന്നു എന്നു

ാശാഫാത്ത് യറുശലേമിൽ താമ
ബർശേബ മുതൽ എഫ്രയീം
ര ജനത്തിൻെറ ഇടയിൽ ഏഴു
ൽ വീണ്ടും സഞ്ചരിച്ചു അവരെ
പിതാക്കന്മാരുടെ ദൈവമായ
ിലേക്കു തിരികെ വരുത്തി.
ശത്തു നഗരംതോറും യഹൂദയി
ള്ള പട്ടണങ്ങളിലെല്ലാം ന്യായാ
നിയമിച്ചു. നിങ്ങൾ ചെയ്യുന്നതു
വേണം; നിങ്ങൾ മനുഷ്യർക്കല്ല
ുവേണ്ടിയത്രേ ന്യായപാലനം
; ന്യായപാലനത്തിൽ അവൻ
കൂടെ ഇരിക്കുന്നു. ആകയാൽ
നിങ്ങളിൽ വേണം; സൂക്ഷിച്ചു
ുകൊള്ളണം; നമ്മുടെ ദൈവ
ാവിൻെറ പക്കൽ അന്യായവും
ും കൈക്കൂലിയും ഇല്ല.
ൽ യഹോശാഫാത്ത് ലേവ്യ
ാഹിതന്മാരിലും ഇസ്രായേലി
വനത്തലവന്മാരിലും ചിലരെ
ൻെറ ന്യായപാലനത്തിനായും
തീർക്കേണ്ടതിനായും നിയമി
യറുശലേമിൽ മടങ്ങിവന്നു.
രോടു കല്പിച്ചതു: നിങ്ങൾ
ാടും വിശ്വസ്തതയോടും
യത്തോടും കൂടെ ഇങ്ങനെ
കൊള്ളണം. ഓരോ പട്ടണ
ൽക്കുന്ന നിങ്ങളുടെ സഹോ
വിധ രക്തപാതകങ്ങളെയും
നത്തെയും കല്പനയെയും
വിധികളെയും സംബന്ധിച്ചു
വഹാരവും നിങ്ങളുടെ മുമ്പാ
വന്നാൽ, അവർ ദൈവത്തോ
ചെയ്തിട്ടു നിങ്ങളുടെ മേലും
സഹോദരന്മാരുടെ മേലും
തിരിക്കേണ്ടതിനു നിങ്ങൾ
ുദ്ധിയുപദേശിച്ചു കൊടു

ക്കണം. നിങ്ങൾ കുറ്റക്കാരാകാതിരിക്കേ
ണ്ടതിനു അങ്ങനെ ചെയ്തുകൊള്ളണം.
ഇതാ മഹാപുരോഹിതനായ അമര്യാ ദൈവ 11
ത്തിൻെറ എല്ലാ കാര്യത്തിലും യഹൂദാ
ഗൃഹത്തിൻെറ പ്രഭുവായ യിശ്മായേലി
ൻെറ മകൻ സെബദ്യാ, രാജാവിൻെറ എല്ലാ
കാര്യത്തിലും നിങ്ങൾക്കു തലവന്മാരായിരി
ക്കുന്നു; ലേവ്യരും, ഉദ്യോഗസ്ഥന്മാരായി
നിങ്ങൾക്കുണ്ട്. ധൈര്യപ്പെട്ടു പ്രവർത്തിച്ചു
കൊൾവിൻ; ദൈവം നിങ്ങളുടെ സഹായ
ത്തിനുണ്ടായിരിക്കും.

അദ്ധ്യായം 20

പിന്നീട് മോവാബ്യരും അമ്മോന്യരും 1
അവരോടുകൂടെ യുദ്ധവീരന്മാരും യഹോ
ശാഫാത്തിനെതിരെ യുദ്ധത്തിനു വന്നു.
ചിലർ വന്നു യഹോശാഫാത്തിനോടു: 2
വലിയൊരു ജനസമൂഹം ചെങ്കടലിനക്കരെ
നിന്നു, അറാമിൽനിന്നു നിൻെറ നേരെ വരു
ന്നു; ഇതാ, അവർ ഏൻ-ഗെദിയെന്ന യറി
ഹോയിൽ ഉണ്ട് എന്ന് അറിയിച്ചു. യഹോ 3
ശാഫാത്ത് ഭയപ്പെട്ടു ദൈവത്തോടു
പ്രാർത്ഥിപ്പാൻ താൽപര്യപ്പെട്ടു. യഹൂദാ
മുഴുവനും ഒരു ഉപവാസം പ്രസിദ്ധം
ചെയ്തു. ദൈവസഹായം ചോദിക്കുവാൻ 4
യഹൂദ്യർ ഒന്നിച്ചുകൂടുവാൻ അവൻ കല്പി
ച്ചു; സകല യഹൂദാനഗരങ്ങളിലുംനിന്ന്
അവർ ദൈവത്തെ അന്വേഷിക്കുവാൻ
വന്നു, യഹോശാഫാത്ത് യറുശലേമിൽ 5
ദൈവാലയത്തിൽ പുതിയ പ്രാകാരത്തി
ൻെറ മുമ്പിൽ യഹൂദസഭാമദ്ധ്യേ നിന്നു 6
കൊണ്ട് പറഞ്ഞത്: "ഞങ്ങളുടെ പിതാക്ക
ന്മാരുടെ ദൈവമായ കർത്താവേ, അങ്ങ്
സ്വർഗ്ഗസ്ഥനായ ദൈവമല്ലോ; നീ ലോക
ത്തിലെ സകല രാജ്യങ്ങളെയും ഭരിക്കുന്നു;
ആർക്കും എതിർക്കുവാൻ കഴിയാത്ത
ശക്തിയും പരാക്രമവും നിൻെറതല്ലോ. ഞാൻ 7
തിരുമുമ്പിൽ നിന്നുകൊണ്ടു പ്രാർത്ഥിക്കു
ന്നു, ഞങ്ങളുടെ ദൈവമേ, നീ നിൻെറ ജന
മായ ഇസ്രായേലിൻെറ മുമ്പിൽനിന്നു ഈ
ദേശത്തിലെ നിവാസികളെ നീക്കിക്കള
ഞ്ഞു. അതു നിൻെറ സ്നേഹിതനായ
അബ്രഹാമിൻെറ സന്തതിക്കു ശാശ്വത
മായി കൊടുത്തുവല്ലോ. അവർ അതിൽ 8
വിശുദ്ധാലയം നിർമ്മിച്ചു; ന്യായവിധിയുടെ
വാൾ, സാംക്രമികരോഗം, ക്ഷാമം ആദിയായ
വല്ല അനർത്ഥവും ഞങ്ങൾക്കു വരുമ്പോൾ,
ഞങ്ങൾ ഈ ആലയത്തിൻെറ മുമ്പിലും
നിൻെറ സന്നിധിയിലും നിന്നു—നിൻെറ
നാമം ഈ ആലയത്തിൽ ഉണ്ടല്ലോ—ഞങ്ങ

ളുടെ സങ്കടത്തിൽ നിന്നോടു നിലവിളിക്കു
കയും നീ കേട്ടു രക്ഷ വരുത്തുകയും ചെയ്യും
9 എന്നു പറഞ്ഞു. ഇസ്രായേൽ മെസ്രേൻ
ദേശത്തുനിന്നു അടിമത്വത്തിൽനിന്നു വരു
മ്പോൾ അവർ അമ്മോന്യരെയും മോവാ
10 ബ്യരെയും സേയീർ പർവ്വതക്കാരെയും
ഇസ്രായേല്യരോട് സമ്മിശ്രപ്പെടുവാൻ നീ
11 സമ്മതിപ്പില്ല. ഇപ്പോൾ ഇതാ, നീ ഞങ്ങൾ
ക്കു കൈവശമാക്കിത്തന്ന നിന്റെ അവകാ
ശത്തിൽനിന്നു ഞങ്ങളെ നീക്കിക്കളയു
വാൻ അവർ വന്നു ഞങ്ങൾക്കു ഇങ്ങനെ
12 പ്രതികാരം തരുന്നു. ഞങ്ങളുടെ ദൈവമേ,
നീ അവരെ ന്യായംവിധിക്കണമെ, ഞങ്ങ
ളുടെനേരെ വരുന്ന ഈ വലിയ സമൂഹ
ത്തോടെതിർക്കുവാൻ ഞങ്ങൾക്കു ശക്തിയി
ല്ല; എന്തു ചെയ്യണമെന്ന് അറിയുന്നുമില്ല;
എങ്കിലും ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു
13 തിരിഞ്ഞിരിക്കുന്നു." അങ്ങനെ യഹൂദ്യർ
എല്ലാവരും അവരുടെ കുഞ്ഞുങ്ങളോടും
ഭാര്യമാരോടും മക്കളോടും കൂടെ ദൈവ
14 സന്നിധിയിൽ നിന്നു. അപ്പോൾ സഭാമദ്ധ്യേ
വച്ചു ദൈവാത്മാവു ആസാഫിന്റെ
പുത്രന്മാരിൽ മത്ഥന്യായുടെ മകനായ
യെയീയേലിന്റെ മകനായ ബെനായാ
യുടെ മകനായ സഖറിയായുടെ മകൻ
യഹസീയേൽ എന്ന ഒരു ലേവ്യന്റെ മേൽ
15 വന്നു. അവൻ പറഞ്ഞത്: യഹൂദ്യർ എല്ലാം
യറുശലേം നിവാസികളും യഹോശാഫാ
ത്ത് രാജാവും ആയുള്ളോരേ, കേട്ടുകൊൾ
വിൻ: ദൈവം ഇപ്രകാരം നിങ്ങളോട്
അരുളിച്ചെയ്യുന്നു; ഈ വലിയ സമൂഹം
നിമിത്തം ഭയപ്പെടരുത്, ഭ്രമിക്കയും അരുത്;
യുദ്ധം നിങ്ങളുടേതല്ല, ദൈവത്തിന്റേത
16 ത്രെ. നാളെ അവരുടെ നേരെ ചെല്ലുവിൻ;
ഇതാ അവർ സീസ് കയറ്റത്തിൽ കൂടി
കയറിവരുന്നു; നിങ്ങൾ അവരെ മരുഭൂമി
ക്കെതിരെ സമതലത്തുവെച്ചു കാണും.
17 അവർ എതിരേ വരുന്നു; യഹൂദയും യറു
ശലേമും ആയുള്ളോരേ, നിങ്ങൾ സ്ഥിര
മായി നിന്ന് ദൈവം നിങ്ങൾക്കു വരുത്തുന്ന
രക്ഷ കണ്ടുകൊൾവിൻ; ഭയപ്പെടരുത്,
ഭ്രമിക്കയും അരുത്; നാളെ അവരുടെ നേരെ
ചെല്ലുവിൻ; കർത്താധികർത്താവായ
18 ദൈവം നിങ്ങളോടുകൂടെ ഉണ്ട്. അപ്പോൾ
യഹോശാഫാത്ത് സാഷ്ടാംഗം വണങ്ങി,
യഹൂദ്യർ എല്ലാം യറുശലേം നിവാസികളും
ദൈവമുമ്പാകെ വീണു നമസ്കരിച്ചു.
19 കെഹാത്യരും കോരഹ്യരുമായ ലേവ്യർ
എഴുന്നേറ്റു ഇസ്രായേലിന്റെ ദൈവമായ
കർത്താവിനെ അത്യുച്ചത്തിൽ സ്തുതിച്ചു.

അവർ അതിരാവിലെ എഴുന്നേറ്റു തെക്കോ
വ മരുഭൂമിയിലേക്കു പുറപ്പെട്ടു; അവർ പു
പ്പെട്ടപ്പോൾ യഹോശാഫാത്ത് "യഹൂദ്യ
യറുശലേം നിവാസികളും ആയുള്ളോ
എന്റെ വാക്കു കേൾക്കുവിൻ; നിങ്ങളു
ദൈവമായ കർത്താവിൽ വിശ്വസിപ്പി
എന്നാൽ നിങ്ങൾ ഉറച്ചു നില്ക്കു
അവന്റെ പ്രവാചകന്മാരെയും വിശ്വ
പ്പിൻ; എന്നാൽ നിങ്ങൾ കൃതാർ
രാകും" എന്നു പറഞ്ഞു. പിന്നെ അവ
ജനമദ്ധ്യേ നിന്നുകൊണ്ട്: വരുവിൻ ന
ക്ക് ദൈവത്തെ സ്തുതിക്കാം. അവന്റെ
വിശുദ്ധിയെ വാഴ്ത്താം. അവൻ നമ്മു
സൈന്യങ്ങളുടെ മുമ്പെ നടന്നു നമ്മു
ശത്രുക്കളോടു യുദ്ധം ചെയ്യും, കർത്താ
വിനെ സ്തുതിപ്പിൻ, അവന്റെ ദയ എ
ക്കും ഉള്ളതല്ലോ എന്നു പാടി സ്തുതി
അവർ പാടി സ്തുതിച്ചു തുടങ്ങിയപ്പോ
ദൈവം, യഹൂദയ്ക്കു വിരോധമായി വ
അമ്മോന്യരുടെയും മോവാബ്യരുടെയു
സേയീം പർവ്വതക്കാരുടെയും നേരെ പ
തിരിപ്പുകാരെ വരുത്തി; അങ്ങനെ അവ
തോറ്റുപോയി. അവരെ നിർമൂലമാക്കി
നശിപ്പിച്ചു; സേയീർ നിവാസികളെ സം
രിച്ചു. യഹൂദ്യർ മരുഭൂമിയിലെ കാവ
ഗോപുരത്തിനടുത്ത് എത്തിയപ്പോ
അവർ പുരുഷാരത്തെ നോക്കി, അവ
നിലത്തു ശവങ്ങളായി കിടക്കുന്നതു ക
ഒരുവനും രക്ഷപെട്ടിരുന്നില്ല. യഹോ
ഫാത്തും അവന്റെ സൈന്യവും അവ
കൊള്ളയിടുവാൻ വന്നപ്പോൾ അവരു
ഇടയിൽ വളരെ സമ്പത്തും വസ്ത്ര
വിശേഷവസ്തുക്കളും കണ്ടെത്തി; തങ്ങ
ക്കുവേണ്ടി അവർ അവ ഊരി എടു
കൊള്ള അധികമുണ്ടായിരുന്നതിനാ
അവർ മൂന്നു ദിവസം കൊള്ളയി
കൊണ്ടിരുന്നു. നാലാം ദിവസം അ
വാഴ്വ് താഴ്വരയിൽ ഒന്നിച്ചുകൂടി; അ
അവിടെ ദൈവത്തിനു സ്തോത്രം ചെ
കൊണ്ട് ആ സ്ഥലത്തിനു ഇന്നു
ബ്രീഖാ താഴ്വര എന്നു പേർ പറ
വരുന്നു. ദൈവം അവർക്കു ശത്രുക്ക
മേൽ ജയസന്തോഷം നൽകിയതുകൊ
യഹൂദ്യരും യറുശലേമ്യരും യഹോശാ
ത്തുമായി സന്തോഷത്തോടെ യറുശലേ
ലേക്കു മടങ്ങിപ്പോന്നു; അവർ വീണ
കിന്നരങ്ങളും കാഹളങ്ങളുമായി യ
ലേമിൽ ദൈവാലയത്തിലേക്ക് ചെ
ദൈവം ഇസ്രായേലിന്റെ ശത്രുക്കളോ
യുദ്ധം ചെയ്യുന്നു എന്നു കേട്ടപ്പോൾ

ള ഭീതി ആ ദേശങ്ങളിലെ സകല
ളിലും വന്നു. ഇങ്ങനെ അവൻെറ
സർവത്ര സമാധാനം നൽകിയ
യഹോശാഫാത്തിൻെറ രാജ്യം
ായിരുന്നു.
ാശാഫാത്ത് യഹൂദയിൽ വാണു;
ുടങ്ങിയപ്പോൾ അവനു മുപ്പത്ത
സ്സായിരുന്നു; അവൻ ഇരുപത്തഞ്ചു
ാം യറുശലേമിൽ വാണു; അവ
മ്മയ്ക്കു അസൂബ എന്നു പേർ;
ിൽഹിയുടെ മകൾ ആയിരുന്നു.
ൻെറ പിതാവായ ആസയുടെ
നടന്നു. അതു വിട്ടുമാറാതെ ദൈവ
യുള്ളവ ചെയ്തു. എങ്കിലും പൂജാ
ു നീക്കം വന്നില്ല; ജനം തങ്ങളു
ങ്ങളെ തങ്ങളുടെ പിതാക്കന്മാ
ദവത്തിങ്കലേക്ക് തിരിച്ചുമില്ല.
ഫാത്തിൻെറ മറ്റുള്ള കാര്യങ്ങൾ
ഇസ്രായേൽ രാജാക്കന്മാരുടെ
ിൽ ചേർത്തിരിക്കുന്ന ഹനനി
ായ യേഹൂവിൻെറ ഗ്രന്ഥത്തിൽ
ിക്കുന്നു.
ൻെറ ശേഷം യഹൂദാരാജാവായ
ഫാത്ത് ഇസ്രായേൽ രാജാവായ
യോടു സഖ്യം ചെയ്തു. അവൻ
നായിരുന്നു. അവൻ തർശീശി
ടിക്കുവാൻ കപ്പലുണ്ടാക്കുന്ന
നോടു യോജിച്ചു; അവർ എ
ഗബെരിൽവെച്ചു കപ്പലുകളു
എന്നാൽ മാരേശക്കാരനായ
ടെ മകൻ എലീയാസർ യഹോ
ു വിരോധമായി പ്രവചിച്ചു: നീ
യോടു സഖ്യം ചെയ്തതിനാൽ
ൻെറ പണികൾ തകർത്തുകള
ു എന്നു പറഞ്ഞു. കപ്പലുകൾ
ക്കു ഓടുവാൻ കഴിയാതെ
യി.

അദ്ധ്യായം 21

ശാഫാത്ത് തൻെറ പിതാക്ക
ല നിദ്രപ്രാപിച്ചു. ദാവീദിൻെറ
അവൻെറ പിതാക്കന്മാരോടു
െന സംസ്കരിച്ചു; അവൻെറ
ഹാരാം അവനു പകരം രാജാ
ന് യഹോശാഫാത്തിൻെറ
ി അസര്യാ, യെഹീയേൽ, സഖ
ിയ, മീഖായേൽ, ശെഫത്യാ
ാദരന്മാർ ഉണ്ടായിരുന്നു; ഇവ
ഇസ്രായേൽരാജാവായ യഹോ
ൻെറ പുത്രന്മാർ. അവരുടെ

പിതാവ് അവർക്ക് വെള്ളിയും പൊന്നും
വിശേഷവസ്തുക്കളുമായ വലിയ ദാന
ങ്ങളും യഹൂദയിൽ സുശക്ത പട്ടണങ്ങളും
കൊടുത്തു; യെഹോരാം ആദ്യജാതനാക
യാൽ രാജത്വം അവനു കൊടുത്തു. യെ 4
ഹോരാം തൻെറ പിതാവിൻെറ രാജത്വം
ഏറ്റു സ്വയം ശക്തനായശേഷം തൻെറ
സഹോദരന്മാരെ എല്ലാവരെയും ഇസ്രാ
യേൽ പ്രഭുക്കന്മാരിൽ പലരെയും വാൾ
കൊണ്ടു കൊന്നു. യെഹോരാം വാഴ്ച 5
തുടങ്ങിയപ്പോൾ അവനു മുപ്പത്തിരണ്ടു
വയസ്സായിരുന്നു; അവൻ എട്ടു സംവത്സരം
യറുശലേമിൽ വാണു. ആഹാബ്ഗൃഹം 6
ചെയ്തതുപോലെ അവൻ ഇസ്രായേൽ
രാജാക്കന്മാരുടെ വഴിയിൽ നടന്നു; ആഹാ
ബിൻെറ സഹോദരിയായിരുന്നു അവൻെറ
ഭാര്യ; അവൻ ദൈവത്തിനു അപ്രിയമായതു
ചെയ്തു. എന്നാൽ ദൈവം ദാവീദിനോടു 7
ചെയ്തിരുന്ന ഉടമ്പടി നിമിത്തവും അവനും
അവൻെറ പുത്രന്മാർക്കും ഒരു ദീപം
കൊടുക്കുമെന്നു വാഗ്ദാനം ചെയ്തി
രിക്കുക നിമിത്തവും ദാവീദ് ഗൃഹത്തെ
നശിപ്പിക്കുവാൻ അവനു മനസ്സില്ലായിരു
ന്നു. അവൻെറ കാലത്തും എദോം യഹൂദ 8
യുടെ മേലധികാരത്തോട് മത്സരിച്ചു
തങ്ങൾക്കു ഒരു രാജാവിനെ വാഴിച്ചു.
യെഹോരാം തൻെറ പ്രഭുക്കന്മാരോടും 9
രഥങ്ങളോടും കൂടെ ചെന്നു രാത്രിയിൽ
തന്നെ വളഞ്ഞിരുന്ന എദോമ്യരെയും
തേരാളികളെയും തോല്പിച്ചുകളഞ്ഞു.
എദോം ഇന്നുവരെ യഹൂദയുടെ മേലധികാ 10
രത്തോടു മത്സരിച്ചു നില്ക്കുന്നു; അവൻ
തൻെറ പിതാക്കന്മാരുടെ ദൈവമായ
കർത്താവിനെ ഉപേക്ഷിച്ചതുകൊണ്ട് ആ
കാലത്തു തന്നെ ലെബ്നാനോനും അവൻെറ
മേലധികാരത്തോടു മത്സരിച്ചു. അവൻ 11
യഹൂദാ പർവ്വതങ്ങളിൽ പൂജാഗിരികളെ
ഉണ്ടാക്കി; യറുശലേമിലെ വൃതന്മാരെ
വീഞ്ഞു കുടിപ്പിച്ചു. യഹൂദയെ വഴിതെറ്റിച്ചു.
അവനു ഏലീയാ പ്രവാചകൻെറ ഒരു എഴു 12
ത്തു വന്നതെന്തെന്നാൽ; "നിൻെറ പിതാ
വായ ദാവീദിൻെറ ദൈവമായ കർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു; നീ നിൻെറ
പിതാവായ യഹോശാഫാത്തിൻെറ വഴി
കളിലും യഹൂദാരാജാവായ ആസയുടെ
വഴികളിലും നടക്കാതെ ഇസ്രായേൽ 13
രാജാക്കന്മാരുടെ വഴിയിൽ നടക്കുകയും
ആഹാബ്ഗൃഹത്തിൻെറ വിശ്വാസത്യാഗം
യഹൂദയെയും യറുശലേം നിവാസിക
ളെയും വഴിതെററിക്കുകയും നിന്നെക്കാൾ

നല്ലവരായ നിൻെറ പിതൃഭവനത്തിലുള്ള
നിൻെറ സഹോദരന്മാരെ കൊല്ലുകയും
14 ചെയ്തതിനാൽ കർത്താവ് നിൻെറ ജന
ത്തെയും നിൻെറ മക്കളെയും നിൻെറ ഭാര്യ
മാരെയും നിൻെറ സകല വസ്തുവകകളെ
യും വലിയ ബാധകൊണ്ടു ശിക്ഷിക്കും.
15 നിനക്കോ, നിൻെറ കുടൽ കാലക്രമേണ
പുറത്തു ചാടുംവരെ കുടലിൽ വ്യാധി പിടിച്ച്
കഠിനരോഗമുണ്ടാകും. വളരെ ആണ്ടുകൾ
16 നീ ദുരിതത്തിൽ ആയിരിക്കും. ദൈവം ഫെ
ലിസ്ത്യരുടെയും എത്യോപ്യരുടെ സമീപത്തു
ള്ള അറബികളുടെയും മനസ്സു യഹോരാമി
17 ൻെറ നേരെ ഉണർത്തും, അവർ യഹൂദയി
ലേക്കു വന്ന് അതിനെ ആക്രമിച്ച് രാജ
ഗൃഹത്തിൽ കണ്ട സർവ്വവും അവൻെറ
പുത്രന്മാരെയും അവൻെറ ഭാര്യമാരെയും
അപഹരിച്ചുകൊണ്ടുപോകും; അവൻെറ
ഇളയ മകനായ അഹസ്യായല്ലാതെ
18 ഒരു മകനും അവനു ശേഷിക്കയില്ല. ഇതെ
ല്ലാം കഴിഞ്ഞു കർത്താവ് അവനെ കുട
ലിൽ പൊറുക്കാത്ത വ്യാധി ബാധിപ്പി
ക്കും. അവനു സൌഖ്യമുണ്ടാകുകയില്ല."
19 പ്രവാചകവചനംപോലെ രണ്ടു സംവത്സരം
കഴിഞ്ഞ് അവൻെറ കുടൽ പുറത്തു ചാടി
അവൻ കഠിനവ്യാധിയാൽ മരിച്ചു. അവൻെറ
ജനം അവൻെറ പിതാക്കന്മാർക്കു അർപ്പിച്ച
ബഹുമാനംപോലെ അവനു ബഹുമാനം
20 അർപ്പിച്ചില്ല. അവൻ വാഴ്ച തുടങ്ങിയ
പ്പോൾ അവനു മുപ്പത്തിരണ്ടു വയസ്സായി
രുന്നു; അവൻ എട്ടു സംവത്സരം യറുശലേ
മിൽ വാണു. ആർക്കും സ്നേഹമില്ലാതെ
കഴിഞ്ഞു; അവനെ ദാവീദിൻെറ നഗരത്തിൽ
അടക്കം ചെയ്തു. രാജോചിത സംസ്കാരം
അല്ലായിരുന്നു.

അദ്ധ്യായം 22

1 യറുശലേം നിവാസികൾ അവൻെറ
ഇളയ മകനായ അഹസ്യായെ അവനു
പകരം രാജാവാക്കി; അറബികളോടുകൂടെ
പാളയത്തിൽ വന്ന സൈന്യം മൂത്തവരെ
യെല്ലാം കൊന്നുകളഞ്ഞിരുന്നു; ഇങ്ങനെ
യഹൂദാരാജാവായ യെഹോരാമിൻെറ
2 മകൻ അഹസ്യാ രാജാവായി. അഹസ്യാ
വാഴ്ച തുടങ്ങിയപ്പോൾ അവനു ഇരുപത്തി
രണ്ടു വയസ്സായിരുന്നു; അവൻ ഒരു സംവ
ത്സരം യറുശലേമിൽ വാണു; അവൻെറ
അമ്മയ്ക്കു അഥല്യാ എന്നു പേർ; അവൾ
3 ഒമ്രിയുടെ മകളായിരുന്നു. അവനും ആഹാ
ബ് ഗൃഹത്തിൻെറ വഴികളിൽ നടന്നു; അവ
ൻെറ അമ്മ ആഹാബിൻെറ സഹോദരീ
പുത്രിയായിരുന്നു. അതുകൊണ്ടു അവ
ആഹാബ് ഗൃഹത്തെപ്പോലെ ദൈവത്തി
നു അനിഷ്ടമായതു ചെയ്തു; അവ
അവൻെറ പിതാവ് മരിച്ചശേഷം അവൻെ
നാശത്തിനായി അവൻെറ ആലോച
ക്കാരായി. അവരുടെ ആലോചനപ്രകാ
അവൻ നടന്നു; ഇസ്രായേൽ രാജാവാ
ആഹാബിൻെറ മകൻ യോരാമനോടു കൂ
അവൻ ഗിലെയാദിലെ റാമോത്തി
അരാം രാജാവായ ഹസായേലിനോട
യുദ്ധത്തിനു പോയി; എന്നാൽ അരാമ്യ
യോരാമിനെ മുറിവേല്പിച്ചു. അരാ
രാജാവായ ഹസായേലിനോടുള്ള യുദ്ധ
ത്തിൽ റാമയിൽവച്ചു ഏറ്റ മുറിവുകൾക്കു
ചികിത്സ ചെയ്യേണ്ടതിനു അവൻ യെസ്രീ
ലിൽ മടങ്ങിപ്പോയി; യഹൂദാരാജാവാ
യെഹോരാമിൻെറ മകൻ അസറിയാ ആഹാ
ബിൻെറ മകനായ യെഹോരാം സുഖമില്ലാ
തെ കിടക്കുകയാൽ അവനെ കാണുവാ
നായി യെസ്രീയേലിൽ ചെന്നു. യോരാ
മിൻെറ അടുക്കൽ ചെന്നതു അഹസ്യാ
യ്ക്കു ദൈവഹിതത്താൽ നാശഹേതുവായി
ഭവിച്ചു; അവൻ ചെന്ന സമയം ആഹാബ്
ഗൃഹത്തിനു നിർമ്മൂലനാശം വരുത്തുവാൻ
ദൈവം അഭിഷേകം ചെയ്തവനായി നിംശി
യുടെ മകനായ യേഹുവിൻെറ നേരെ
അവൻ യെഹോരാമിനോടുകൂടെ പുറപ്പെട്ടു.
യേഹു ആഹാബ് ഗൃഹത്തോടു ന്യായവിധി
നടത്തുമ്പോൾ അവൻ യഹൂദാപ്രഭുക്കന്മാ
രെയും അഹസ്യായ്ക്കു ശുശ്രൂഷ ചെയ്യുന്ന
വരായ അഹസ്യായുടെ സഹോദരന്മാരുടെ
പുത്രന്മാരെയും കണ്ടു അവരെ കൊന്നു;
പിന്നെ അവൻ അഹസ്യായെ അന്വേഷിച്ചു;
അവൻ ശമര്യയിൽ ഒളിച്ചിരിക്കുകയായി
രുന്നു; അവർ അവനെ പിടിച്ചു യേഹുവി
ൻെറ അടുക്കൽ കൊണ്ടുവന്നു കൊന്നു;
പൂർണ്ണഹൃദയത്തോടെ ദൈവത്തോട്
പ്രാർത്ഥിച്ചിരുന്ന യഹോശാഫാത്തിൻെ
മകനല്ലോ എന്നു പറഞ്ഞു അവർ അവ
അടക്കം ചെയ്തു. ഇങ്ങനെ അഹസ്യായുടെ
ഗൃഹത്തിൽ ആർക്കും രാജത്വം വഹിക്ക
വാൻ ശക്തിയില്ലാതെയായി.

അഹസ്യായുടെ അമ്മയായ അഥല്യാ
തൻെറ മകൻ മരിച്ചുപോയി എന്നു കണ്ടിട്ടു
യഹൂദാഗൃഹത്തിലെ രാജസന്തതിയെ
എല്ലാം നശിപ്പിച്ചു. എന്നാൽ രാജകുമാരി
യായ യഹോശബത്ത് കൊല്ലപ്പെടുന്ന
രാജകുമാരന്മാരുടെ ഇടയിൽനിന്നു അ
സ്യായുടെ മകനായ യോവാശിനെ മോഷ്ടി
ച്ചെടുത്തു അവനെയും അവൻെറ ധാത്രി

ഒരു ശയനഗൃഹത്തിൽ ആക്കി.
യെഹോരാം രാജാവിൻെറ മകളും
ാദാ പുരോഹിതൻെറ ഭാര്യയുമായ
ശബത്ത് — അവൾ അഹസ്യാ
ഹോദരി— അഥല്യാ അവനെ
ിരിക്കുവാൻ അവനെ ഒളിപ്പിച്ചു.
വരോടുകൂടെ ആറു സംവത്സരം
യത്തിൽ ഒളിച്ചിരുന്നു; അഥല്യാ
ണു.

അദ്ധ്യായം 23

ം ആണ്ട് യഹോയാദാ ശക്തിപ്പെട്ട്,
ാമിൻെറ മകൻ അസറിയാ, യെ
നാൻെറ മകൻ ഇശ്മായേൽ, ഓ
റ മകൻ അസറിയാ, അദായായു
മയശേയാ, സിക്രിയുടെ മകൻ
ഫാത്ത് എന്നീ ശതാധിപന്മാരോടു
ചെയ്തു. അവർ യഹൂദയിൽ ചുറ്റി
ു സകല യഹൂദാനഗരങ്ങളിൽ
ലേവ്യരെയും ഇസ്രായേലിൻെറ
തലവന്മാരെയും കൂട്ടി യറുശലേ
ു. സർവ്വ സഭയും ദൈവാലയ
ു രാജാവിനോടു സഖ്യം ചെയ്തു;
വരോട് പറഞ്ഞു: ദാവീദിൻെറ
ക്കുറിച്ചു ദൈവം അരുളിച്ചെ
ല രാജപുത്രൻ തന്നെ രാജാ
നിങ്ങൾ ചെയ്യേണ്ടത്: പുരോഹി
ലേവ്യരുമായ നിങ്ങളിൽ ശാബ
ന്ന മാറിവരുന്ന മൂന്നിൽ ഒരു ഭാഗം
ാവൽക്കാരായിരിക്കണം. മൂന്നിൽ
രാജഗൃഹത്തിലും മൂന്നിൽ ഒരു
സ്ഥാനവാതിൽക്കലും നിൽക്ക
മെല്ലാം ദൈവാലയത്തിൻെറ
ളിൽ ആയിരിക്കണം. എങ്കിലും
ന്മാരും ലേവ്യരിൽ ശുശ്രൂഷ
രും അല്ലാതെ ആരും ദൈവാ
കടക്കരുത്; അവർ വിശുദ്ധരാക
അവർക്കു കടക്കാം; എന്നാൽ
ദൈവാലയകാവൽ സൂക്ഷി
വ്യരോ, ഓരോരുവൻ ആയുധം
ജാവിനു ചുറ്റും നില്ക്കണം;
ും ആലയത്തിൽ കടന്നാൽ
ണശിക്ഷ അനുഭവിക്കണം;
കത്തു വരുമ്പോഴും പുറത്തു
ഴും നിങ്ങൾ അവനോടുകൂടെ
ണം. ലേവ്യരും എല്ലാ യഹൂദ
യാദാ പുരോഹിതൻ കല്പിച്ച
എല്ലാം ചെയ്തു; ഓരോരുവൻ
ആളുകളെ, ശാബതിൽ തവണ
ന്നവരെയും ശാബതിൽ തവണ
മാറി വരുന്നവരെയും, കൂട്ടിക്കൊണ്ടുവന്നു;
യഹോയാദാ പുരോഹിതൻ കൂറുകളെ വിട്ട
യച്ചിരുന്നില്ല. അയാൾ ദാവീദ് രാജാവിൻെറ 9
വകയായി ദൈവാലയത്തിൽ ഉണ്ടായിരുന്ന
ശൂലങ്ങളും ചെറുപരിചകളും വൻ പരിച
കളും ശതാധിപന്മാർക്കു കൊടുത്തു.
അവൻ സകല ജനത്തെയും താന്താൻെറ 10
കയ്യിൽ ആയുധവുമായി ആലയത്തിൻെറ
വലതുവശം മുതൽ ആലയത്തിൻെറ ഇടതു
വശംവരെ യാഗപീഠത്തിനും ആലയത്തി
നും നേരെ രാജാവിൻെറ ചുറ്റും നിർത്തി.
അവർ രാജകുമാരനെ പുറത്തു കൊണ്ടു 11
വന്ന് കിരീടം ധരിപ്പിച്ച് സാക്ഷ്യപത്രവും
കൊടുത്ത് അവനെ രാജാവാക്കി. യഹോ
യാദയും പുത്രന്മാരും അവനെ അഭിഷേകം
ചെയ്തു: രാജാവേ, ജയ ജയ എന്നു ആർത്തു
വിളിച്ചു. ജനം വരുകയും രാജാവിനെ പുക 12
ഴ്ത്തുകയും ചെയ്യുന്ന ഘോഷം അഥല്യാ
കേട്ട് ദൈവാലയത്തിൽ ജനത്തിൻെറ അടു
ക്കൽ വന്നു. പ്രവേശനത്തിങ്കൽ രാജാവു 13
തൻെറ തൂണിൻെറ അടുത്തു നില്ക്കു
ന്നതും രാജാവിൻെറ അടുക്കൽ പ്രഭുക്ക
ന്മാരും കാഹളക്കാരും നില്ക്കുന്നതും ദേശ
ത്തെ ജനമെല്ലാം സന്തോഷിച്ച് കാഹളം
ഊതുന്നതും സംഗീതക്കാർ വാദ്യങ്ങളോടെ
പാടുന്നതും സ്തോത്രഗാനം നയിക്കുന്നതും
കണ്ടപ്പോൾ അഥല്യാ, വസ്ത്രം കീറി: രാജ 14
ദ്രോഹം, ദ്രോഹം! എന്നു പറഞ്ഞു. യഹോ
യാദാ പുരോഹിതൻ സേനാനായകന്മാ
രായ ശതാധിപന്മാരെ പുറത്തു വരുത്തി
അവരോടു: അവളെ അണികളിൽ കൂടി
പുറത്തു കൊണ്ടുപോകുവിൻ; ആരെങ്കിലും
അവളെ അനുഗമിച്ചാൽ അവൻ വാളാൽ
മരിക്കണം എന്നു കല്പിച്ചു. അവളെ ദൈവാ
ലയത്തിൽവെച്ചു കൊല്ലരുതു എന്നു പുരോ
ഹിതൻ കല്പിച്ചിരുന്നു. അങ്ങനെ അവർ 15
അവൾക്കു വഴി ഉണ്ടാക്കിക്കൊടുത്തു;
അവൾ രാജഗൃഹത്തിനു സമീപം കുതിര
വാതിലിൻെറ പ്രവേശനത്തിങ്കലെത്തിയ
പ്പോൾ അവിടെവച്ചു അവർ അവളെ
കൊന്നുകളഞ്ഞു.

അനന്തരം യഹോയാദാ തങ്ങൾ ദൈവ 16
ത്തിൻെറ ജനം ആയിരിക്കും എന്നു താനും
സർവ്വ ജനവും രാജാവും തമ്മിൽ ഒരു ഉട
മ്പടി ചെയ്തു. പിന്നെ ജനമെല്ലാം ബാലി 17
ൻെറ ക്ഷേത്രത്തിലേക്ക് ചെന്ന് അതിടിച്ച്
അവൻെറ ബലിപീഠങ്ങളെയും വിഗ്രഹങ്ങ
ളെയും തകർത്തു. ബാലിൻെറ പുരോഹിത
നായ മത്ഥാനെ ബലിപീഠങ്ങളുടെ മുമ്പിൽ
വച്ചു കൊന്നു. ദാവീദ് കല്പിച്ചതുപോലെ 18

സന്തോഷത്തോടും സംഗീതത്തോടും കൂടെ
മോശയുടെ ന്യായപ്രമാണത്തിൽ എഴുതി
യിരിക്കുന്ന പ്രകാരം ദൈവത്തിന്റെ ഹോമ
യാഗങ്ങളെ അർപ്പിക്കേണ്ടതിനു യഹോ
യാദാ ദൈവാലയത്തിനു ദാവീദ് വിഭാ
ഗിച്ചു കൊടുത്തിരുന്ന ലേവ്യരുടെയും
പുരോഹിതന്മാരുടെയും കീഴിൽ ദൈവാ
19 ലയത്തിൽ ആളുകളെ നിയമിച്ചു. എങ്ങനെ
യെങ്കിലും അശുദ്ധനായ ഒരുവനും അകത്തു
കടക്കാതിരിക്കുവാൻ അവൻ ദൈവാലയ
ത്തിന്റെ വാതിൽക്കൽ കാവൽക്കാരെ
20 നിയമിച്ചു. അവൻ ശതാധിപന്മാരെയും
പ്രഭുക്കന്മാരെയും ജനത്തിന്റെ പ്രമാണി
കളെയും ദേശത്തുള്ള സർവ്വ ജനത്തെയും
കൂട്ടി രാജാവിനെ ദൈവാലയത്തിൽ നിന്നു
ഇറക്കി മേലത്തെ പടിവാതിൽ വഴിയായി
രാജഗൃഹത്തിൽ കൊണ്ടുവന്നു സിംഹാ
21 സനത്തിൽ ഇരുത്തി. രാജ്യത്തുള്ള സകല
ജനവും സന്തോഷിച്ചു; നഗരം സ്വസ്ഥമാ
യിരുന്നു; അഥല്യയെ അവർ വാൾ കൊണ്ടു
കൊന്നുകളഞ്ഞു.

അദ്ധ്യായം 24

1 യോവാശ് വാഴ്ച തുടങ്ങിയപ്പോൾ
അവനു ഏഴു വയസ്സായിരുന്നു; അവൻ
നാല്പതു സംവത്സരം യറുശലേമിൽ
വാണു. ബേർ-ശേബക്കാരിയായ അവന്റെ
2 അമ്മയ്ക്കു സിബ്യാ എന്നു പേർ. യഹോ
യാദാ പുരോഹിതന്റെ ആയുഷ്ക്കാല
ത്തെല്ലാം യോവാശ് കർത്താവിനു പ്രസാദ
3 മായതു ചെയ്തു. അവൻ രണ്ടു ഭാര്യമാരെ
വിവാഹംകഴിച്ചു, അവൻ പുത്രന്മാരെയും
4 പുത്രിമാരെയും ജനിപ്പിച്ചു. അനന്തരം
യോവാശ് ദൈവാലയത്തിന്റെ കേടുപാടു
5 കൾ തീർക്കുവാൻ നിശ്ചയിച്ചു. അവൻ
പുരോഹിതന്മാരെയും ലേവ്യരെയും വരു
ത്തി അവരോടു: യഹൂദാനഗരങ്ങളിലേക്കു
ചെന്നു നിങ്ങളുടെ ദൈവത്തിന്റെ ആലയം
ആണ്ടുതോറും അറ്റകുറ്റം തീർക്കുവാൻ
എല്ലാ ഇസ്രായേലിലും നിന്നു ധനം ശേഖ
രിക്കുവിൻ; ഈ കാര്യം വേഗം നിവർത്തി
ക്കണം എന്നു കല്പിച്ചു. ലേവ്യരോ അതിനു
6 ബദ്ധപ്പെട്ടില്ല. ആകയാൽ രാജാവു തലവ
നായ യഹോയാദയെ വിളിപ്പിച്ചു അവ
നോടു: സാക്ഷ്യകൂടാരത്തിനു ദൈവ
ദാസനായ മോശ കല്പിച്ചിരിക്കുന്ന പിരിവു
യഹൂദയിൽനിന്നും യറുശലേമിൽ നിന്നും
കൊണ്ടുവരുവാൻ നീ ലേവ്യരോടും
ഇസ്രായേൽ സഭയോടും ആവശ്യപ്പെടാ
7 തിരിക്കുന്നതു എന്തു? ദുഷ്ടസ്ത്രീയായ
അഥല്യാ ദൈവാലയം പൊളിച്ചു കളഞ്ഞു,
ദൈവാലയത്തിലെ സകല നേർച്ച
വസ്തുവും ബാൽവിഗ്രഹങ്ങൾക്കു കൊടു
ത്തുവല്ലോ എന്നു പറഞ്ഞു. നിങ്ങൾ 8
ഒരു പേടകം ഉണ്ടാക്കി ദൈവാലയ
ത്തിന്റെ വാതിൽക്കൽ പുറത്തു വയ്ക്ക
ണം എന്നു രാജാവു പറഞ്ഞു. ദൈവ 9
ത്തിന്റെ ദാസനായ മോശ മരുഭൂമിയിൽ
വച്ചു ഇസ്രായേലിന്മേൽ ചുമത്തിയ പിരി
വു ദൈവസന്നിധിയിൽ കൊണ്ടുവരു
വാൻ അവർ യഹൂദയിലും യറുശലേമിലും
പരസ്യം ചെയ്തു. സകല പ്രഭുക്കന്മാരും 10
സർവ്വ ജനവും സന്തോഷിച്ചു; പേടകം നിറ
യുന്നതുവരെ അവർ കൊണ്ടുവന്നു പേടക
ത്തിൽ ഇട്ടു. ലേവ്യർ പേടകം എടുത്തു രാജാ 11
വിന്റെ ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ
കൊണ്ടുവരുന്ന സമയം ദ്രവ്യം വളരെ
ഉണ്ടെന്നു കണ്ടാൽ രാജാവിന്റെ എഴുത്തു
കാരനും മഹാപുരോഹിതന്റെ കാര്യസ്ഥ
നും വന്നു ഭണ്ഡാരം ഒഴിക്കയും പിന്നെയും
എടുത്ത് അതിന്റെ സ്ഥലത്തു കൊണ്ടു
ചെന്നു വയ്ക്കുകയും ചെയ്യുമായിരുന്നു.
ഇങ്ങനെ അവർ പ്രതിദിനം വളരെ പണം
ശേഖരിച്ചു. രാജാവും യഹോയാദയും 12
അതു ദൈവാലയത്തിൽ വേല ചെയ്തി
ക്കുന്നവർക്കു കൊടുത്തു; അവർ ദൈവാ
ലയത്തിന്റെ അറ്റകുറ്റം തീർക്കുവാൻ
കല്പണിക്കാരെയും ആശാരിമാരെയും
ദൈവാലയം കേടുപോക്കുവാൻ ഇരുമ്പും
താമ്രവുംകൊണ്ടു പണിചെയ്യുന്നവരെ
യും കൂലിക്കു വച്ചു അങ്ങനെ പണി
ക്കാർ വേല ചെയ്തു അറ്റകുറ്റം തീർത്തു
ദൈവാലയം യഥാസ്ഥാനത്താക്കി ഉറപ്പിച്ചു.
പണിതീർത്തിട്ടു ശേഷിച്ച പണം അവർ
രാജാവിന്റെയും യഹോയാദയുടെയും
മുമ്പിൽ കൊണ്ടുവന്നു; അവർ അതുകൊ
ണ്ടു ദൈവാലയം വകയ്ക്കു ഉപകരണ
ങ്ങളുണ്ടാക്കി; ശുശ്രൂഷയ്ക്കായും ഹോമ
യാഗത്തിനായുമുള്ള ഉപകരണങ്ങളും
തവികളും പൊന്നും വെള്ളിയുംകൊണ്ടുള്ള
ഉപകരണങ്ങളും ഉണ്ടാക്കി അവർ യഹോ
യാദയുടെ കാലത്തെല്ലാം ഇടവിടാതെ
ദൈവാലയത്തിൽ ഹോമയാഗം അർപ്പിച്ചു
വന്നു. യഹോയാദാ വയോധികനും കാല
സമ്പൂർണ്ണനും ആയി മരിച്ചു; മരിക്കുമ്പോൾ
അവനു നൂറ്റിമുപ്പതു വയസ്സായിരുന്നു.
അവൻ ഇസ്രായേലിൽ ദൈവത്തിന്റെയും
അവന്റെ ആലയത്തിന്റെയും കാര്യത്തിൽ
നന്മ ചെയ്തിരിക്കുകകൊണ്ടു അവർ അവനെ
ദാവീദിന്റെ നഗരത്തിൽ രാജാക്കന്മാരുടെ

ൗ അടക്കം ചെയ്തു. ഇസ്രായേലിലും
വനത്തിലും നന്മ ചെയ്യുന്നവന്
ൗ പ്രതിഫലം കിട്ടും എന്ന് അവർ
ു. യഹോയാദാ മരിച്ചശേഷം
പ്രഭുക്കന്മാർ വന്നു രാജാവിനെ
ി; രാജാവു അവരുടെ വാക്കു കേട്ടു.
തങ്ങളുടെ പിതാക്കന്മാരുടെ ദൈവ
ർത്താവിന്റെ ആലയം ഉപേക്ഷിച്ചു
ാ പ്രതിഷ്ഠകളെയും വിഗ്രഹങ്ങ
സേവിച്ചു. അവരുടെ ഈ കുറ്റം
യഹൂദയുടെ മേലും യറുശലേമി
കോപം വന്നു. അവരെ കർത്താവി
തിരിച്ചു വരുത്തുവാൻ അവൻ
കന്മാരെ അവരുടെ അടുക്കൽ
അവർ അവരോട് സാക്ഷീകരിച്ചു;
അവർ അനുസരിച്ചില്ല. അപ്പോൾ
ിന്റെ ആത്മാവു യഹോയാദാ
ിതന്റെ മകനായ സഖറിയായുടെ
ന്നു; അവൻ ജനത്തോടു പറഞ്ഞു:
ഇപ്രകാരം അരുളിച്ചെയ്യുന്നു:
ക്കു ശുഭം വരുവാൻ സാദ്ധ്യ
വണ്ണം നിങ്ങൾ ദൈവകല്പന
ഘിക്കുന്നതു എന്തു? നിങ്ങൾ
ന്ത ഉപേക്ഷിച്ചതുകൊണ്ടു അ
ങ്ങളെയും ഉപേക്ഷിച്ചിരിക്കുന്നു.
അവർ അവനെതിരെ മത്സരിച്ചു.
ന്റെ കല്പനപ്രകാരം ദൈവാലയ
പ്രാകാരത്തിൽവച്ചു അവനെ
ന്തു. അങ്ങനെ യോവാശ് രാജാവു
പിതാവായ യഹോയാദാ തനി
ദയ ഓർക്കാതെ അവന്റെ മക്ക
ുകളഞ്ഞു; അവർ മരിക്കുമ്പോൾ
"ദൈവം നോക്കി ചോദിച്ചു
." ആ വർഷം കഴിഞ്ഞപ്പോൾ
ൈസന്യം അവനെതിരെ വന്ന്
ും യറുശലേമിലും ജനത്തിന്റെ
ുക്കന്മാരെയും ജനമദ്ധ്യേ നിന്നു
കൊള്ളയെല്ലാം ദമസ്ക്കോസ്
ു കൊടുത്തയച്ചു. അറാമ്യ
ആൾ ചുരുക്കമായിട്ടാണ് വന്നി
ലും ദൈവം അവരുടെ കയ്യിൽ
ലിയൊരു സൈന്യത്തെ ഏല്പി
തങ്ങളുടെ പിതാക്കന്മാരുടെ
കർത്താവിനെ ഉപേക്ഷിച്ചിരുന്ന
നെ യോവാശിനോടു അവർ
നടത്തി. അവർ അവനെ മഹാ
യിരുന്നു വിട്ടുപോയതു. യഹോ
ാഹിതന്റെ പുത്രന്മാരുടെ രക്തം
അവന്റെ സ്വന്ത ഭൃത്യന്മാർ
െര ഗൂഢാലോചന നടത്തി

അവനെ കിടക്കയിൽ വച്ചു കൊന്നുകള
ഞ്ഞു. അങ്ങനെ അവൻ മരിച്ചു; അവനെ
ദാവീദിന്റെ നഗരത്തിൽ സംസ്ക്കരിച്ചു;
രാജാക്കന്മാരുടെ കല്ലറകളിൽ അടക്കം ചെ
യ്തില്ല. അവന്റെ നേരെ ഗൂഢാലോചന 26
ചെയ്തവരോ, അമ്മോന്യസ്ത്രീയായ ശിമെയാ
ത്തിന്റെ മകൻ സാബാദും മോവാബ്യ
സ്ത്രീയായ ശിമ്രീത്തിന്റെ മകൻ യെഹോ
സാബാദും അത്രെ. അവന്റെ പുത്രന്മാരു 27
ടെയും അവനു വിരോധമായുണ്ടായ പ്രവച
നങ്ങളുടെയും ദൈവാലയം അറ്റകുറ്റം
തീർത്തതിന്റെയും കാര്യങ്ങൾ രാജാക്ക
ന്മാരുടെ ചരിത്രപുസ്തകത്തിൽ എഴുതിയി
രിക്കുന്നു. അവന്റെ മകനായ അമസ്യാ
അവനു പകരം രാജാവായി.

അദ്ധ്യായം 25

അമസ്യാ വാഴ്ച തുടങ്ങിയപ്പോൾ അവ 1
നു ഇരുപത്തഞ്ചു വയസ്സായിരുന്നു. അവൻ
ഇരുപത്തൊൻപതു സംവത്സരം യറുശലേ
മിൽ ഭരിച്ചു. അവന്റെ അമ്മയ്ക്കു യെഹോ
വദ്ദാൻ എന്നു പേർ; അവൾ യറുശലേംകാരി
യായിരുന്നു. അവൻ ദൈവത്തിനു പ്രസാദ 2
മായവ പ്രവർത്തിച്ചു; പൂർണ്ണമനസ്സോടെ
അല്ലായിരുന്നു. രാജത്വം അവനു ഉറച്ച 3
ശേഷം അവൻ തന്റെ പിതാവായ രാജാ
വിനെ കൊന്ന തന്റെ ഭൃത്യന്മാർക്കു മരണ
ശിക്ഷ നൽകി. എങ്കിലും അവരുടെ പുത്ര 4
ന്മാരെ അവൻ കൊല്ലിച്ചില്ല; പിതാക്കന്മാർ
പുത്രന്മാരുടെ നിമിത്തം മരിക്കരുതു; പുത്ര
ന്മാർ പിതാക്കന്മാരുടെ നിമിത്തവും മരിക്ക
രുതു; ഓരോരുവൻ താന്താന്റെ സ്വന്ത
പാപം നിമിത്തമേ മരിക്കാവൂ എന്നു ദൈവം
കല്പിച്ചിരിക്കുന്നതായി മോശയുടെ പുസ്ത
കത്തിലെ ന്യായപ്രമാണത്തിൽ എഴുതി
യിരിക്കുന്നതുപോലെതന്നെ. എന്നാൽ 5
അമസ്യാ യഹൂദ്യരെ വരുത്തി; എല്ലാ
യഹൂദയും ബെന്യാമീന്യരെയും സഹ
സ്രാധിപന്മാർക്കും ശതാധിപന്മാർക്കും
കീഴെ കുടുംബം കുടുംബമായി നിർത്തി,
ഇരുപതു വയസ്സുമുതൽ മേലോട്ടുള്ളവരെ
എണ്ണി, കുന്തവും പരിചയും എടുപ്പാൻ പ്രാ
പ്തിയുള്ള ശ്രേഷ്ഠയോദ്ധാക്കൾ മൂന്നുലക്ഷം
എന്നു കണ്ടു. അവൻ ഇസ്രായേലിൽനിന്നു 6
ഒരു ലക്ഷം വീരന്മാരെ നൂറു താലന്ത് വെള്ളി
കൊടുത്ത് കൂലിക്കു വാങ്ങി. എന്നാൽ ഒരു 7
ദൈവപുരുഷൻ അവന്റെ അടുക്കൽ വന്നു:
രാജാവേ ഇസ്രായേലിന്റെ സൈന്യം
നിന്നോടുകൂടെ പോരരുതു; ദൈവം ഇസ്രാ
യേലിനോടുകൂടെ, എല്ലാ എഫ്രയീമ്യരോടും.

8 രോടും കൂടെ ഇല്ല. നീ തന്നെ ചെന്നു
ധൈര്യമായി യുദ്ധം ചെയ്യുക; നീ ദൈവ
ത്തെ സ്തുതിക്കായ്കയാൽ ദൈവം നിന്നെ
ശത്രുവിൻെറ മുമ്പിൽ വീഴിച്ചേക്കാം; സഹാ
യിക്കുവാനും ഉയർത്തുവാനും ദൈവത്തിനു
9 ശക്തിയുണ്ടല്ലോ എന്നു പറഞ്ഞു. അമസ്യാ
ദൈവപുരുഷനോടു: എന്നാൽ ഞാൻ
ഇസ്രായേൽ സൈന്യത്തിനു കൊടുത്ത
നൂറു താലന്തിനു എന്തു ചെയ്യേണ്ടു എന്നു
ചോദിച്ചു. അതിനു ദൈവപുരുഷൻ: അതി
നെക്കാൾ അനേകമടങ്ങു നിനക്കു തരു
10 വാൻ ദൈവത്തിനു കഴിയും എന്നു പറ
ഞ്ഞു. അമസ്യാ, എഫ്രയീമിൽനിന്നു
അവൻെറ അടുക്കൽ വന്ന സൈന്യത്തെ,
അവരുടെ നാട്ടിലേക്കു മടങ്ങിപ്പോകേണ്ട
തിനു വേർതിരിച്ചു; അവൻെറ കോപം
ഇസ്രായേലിനു നേരെ ജ്വലിച്ചു; അവൻ
11 കോപിച്ച് തങ്ങളുടെ നാട്ടിലേക്കു തിരിച്ച
യച്ചു. അനന്തരം അമസ്യാ ധൈര്യപ്പെട്ടു
തൻെറ സൈന്യത്തെ കൂട്ടി ഉപ്പുതാഴ്വ
12 രയിൽ ചെന്നു സേയീര്യരിൽ പതിനായിരം
പേരെ നിഗ്രഹിച്ചു. വേറെ പതിനായിരം
പേരെ യഹൂദ്യർ ജീവനോടെ പിടിച്ചു
13 ചങ്ങലയിട്ട് പാറമുകളിൽ കൊണ്ടുപോയി.
അമസ്യാ കീഴ്പെടുത്തിയ യോദ്ധാക്കളെ
ശമര്യയിലും ജാതികളിലും അധികാരി
കളാക്കി. ശമര്യ മുതൽ ബേത്ത്-ഹോരോൻ
വരെയുള്ള യഹൂദാനഗരങ്ങളെ ആക്ര
മിച്ചു മുവായിരം ആളുകളെ കൊന്നു; വളരെ
കൊള്ളയിട്ടു.

14 അമസ്യാ ഏദോമ്യരെ സംഹരിച്ചു
മടങ്ങിവന്നശേഷം അവൻ സേയീര്യരുടെ
ദേവന്മാരെ കൊണ്ടുവന്നു അവയെ തനിക്കു
ദേവന്മാരായി നിർത്തി അവയുടെ മുമ്പാകെ
നമസ്കരിക്കുകയും അവയ്ക്കു ധൂപം അർ
15 പ്പിക്കുകയും ചെയ്തു. തന്മൂലം ദൈവകോപം
അമസ്യായുടെ നേരെ ജ്വലിച്ചു. അവൻ ഒരു
പ്രവാചകനെ അവൻെറ അടുക്കൽ അയച്ചു:
നിൻെറ കയ്യിൽനിന്നു തങ്ങളുടെ സ്വന്ത
ജനത്തെ രക്ഷിക്കുവാൻ കഴിയാത്ത ജാതി
കളുടെ ദേവന്മാരെ നീ അന്വേഷിച്ചതു
16 എന്തു എന്നു അവനോടു പറയിച്ചു. അവൻ
സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ രാജാ
വു അവനോടു: ഞങ്ങൾ നിന്നെ രാജാവിനു
മന്ത്രിയാക്കി വെച്ചിട്ടുണ്ടോ? മതി. അങ്ങനെ
പ്രവാചകൻ നിർത്തി: നീ എൻെറ ആലോ
ചന കേൾക്കാതെ ഇതു ചെയ്തതുകൊണ്ട്
ദൈവം നിന്നെ നശിപ്പിക്കുവാൻ നിശ്ചയി
ച്ചിരിക്കുന്നു എന്നു ഞാൻ അറിയുന്നു
എന്നു അയാൾ പറഞ്ഞു.

അനന്തരം യഹൂദാരാജാവായ അമസ്യാ 17
ആലോചന ചെയ്തു. ഇസ്രായേൽ രാജാവായ
യേഹൂവിൻെറ മകനായ യഹോവാഹാ
സിൻെറ മകൻ യോവാശിൻെറ അടുക്കൽ
ആളയച്ചു: വരിക നാം തമ്മിൽ ഒന്നു നോ
ക്കുക എന്നു പറയിച്ചു. അതിനു ഇസ്രാ 18
യേൽ രാജാവായ യോവാശ് യഹൂദരാജാ
വായ അമസ്യായുടെ അടുക്കൽ പറഞ്ഞയ
ച്ചത്: ലബാനോനിലെ മുൾപടർപ്പ് ലെബാ
നോനിലെ ദേവദാരുവിൻെറ അടുക്കൽ
ആളയച്ചു: നിൻെറ മകളെ എൻെറ മകനു
ഭാര്യയായി തരിക എന്നു പറയിച്ചു; എന്നാൽ
ലെബാനോനിലെ ഒരു കാട്ടുമൃഗം കടന്നു
ചെന്ന് മുൾപടർപ്പിനെ ചവിട്ടിക്കളഞ്ഞു.
ഏദോമ്യരെ തോല്പിച്ചു എന്നു നീ വിചാരി
ക്കുന്നു; വൻപു പറയത്തക്കവണ്ണം നിൻെറ 19
മനസ്സു നിഗളിച്ചിരിക്കുന്നു; വീട്ടിൽ അടങ്ങി
പാർത്തുകൊൾക, നീയും യഹൂദയും
വീഴുവാൻ തക്കവണ്ണം അനർത്ഥത്തിൽ ഇട
പെടുന്നതു എന്തിനു? എന്നാൽ അമസ്യാ 20
കേട്ടില്ല; അവർ ഏദോമ്യദേവന്മാരെ ആശ്ര
യിക്കുകകൊണ്ടു അവരെ ശത്രുവിൻെറ
കയ്യിൽ ഏല്പിക്കേണ്ടതിനു അതു ദൈവ
ഹിതത്താൽ സംഭവിച്ചു. അങ്ങനെ ഇസ്രാ 21
യേൽ രാജാവായ യോവാശ് ചെന്നു;
അവനും യഹൂദാരാജാവായ അമസ്യായും
യഹൂദയ്ക്കുള്ള ബേത്ത്- ശേമെശിൽ വച്ചു
തമ്മിൽ നേരിട്ടു. യഹൂദാ ഇസ്രായേലി 22
നോടു തോറ്റു ഓരോരുവൻ താന്താൻെറ
കൂടാരത്തിലേക്കു ഓടിപ്പോയി. ഇസ്രായേൽ 23
രാജാവായ യോവാശ്, യഹോവാഹാസി
ൻെറ മകനായ യോവാശിൻെറ മകനായി.
യഹൂദരാജാവായ അമസ്യായെ ബേത്ത്-
ശേമെശിൽവെച്ചു പിടിച്ചു യറുശലേമിൽ
കൊണ്ടുവന്നു; യറുശലേമിൻെറ മതിൽ
എഫ്രയീമിൻെറ പടിവാതിൽ മുതൽ
കോൺ പടിവാതിൽവരെ നാനൂറു മുഴം
ഇടിച്ചുകളഞ്ഞു. അവൻ ദൈവാലയത്തിൽ 24
ഓബേദ്- എദോമിൻെറ സൂക്ഷിപ്പിൽ കണ്ട
എല്ലാ പൊന്നും വെള്ളിയും സകല പാത്ര
ങ്ങളും രാജധാനിയിലെ ഭണ്ഡാരവും എടു
ത്തു തടവുകാരെയും പിടിച്ചു ശമര്യയി
ലേക്ക് മടങ്ങിപ്പോയി.

ഇസ്രായേൽ രാജാവായ യഹോവാഹാ 25
സിൻെറ മകൻ യോവാശ് മരിച്ചശേഷം
യഹൂദാരാജാവായ യോവാശിൻെറ മകൻ
അമസ്യാ പതിനഞ്ചു സംവത്സരം ജീവിച്ചി
രുന്നു. അമസ്യായുടെ മററുള്ള കാര്യങ്ങൾ 26
ആദ്യവസാനം യഹൂദയിലെയും ഇസ്രായേ
ലിലെയും രാജാക്കന്മാരുടെ പുസ്തകത്തിൽ

ിരിക്കുന്നു. അമസ്യാ ദൈവത്തെ
യ കാലം മുതൽ അവർ യറുശലേ
വൻെറ നേരെ ഗൂഢാലോചന
തന്മൂലം അവൻ ലാഖീശിലേക്കു
യി; എന്നാൽ അവർ ലാഖീശി
അവൻെറ പിന്നാലെ ആളയച്ചു
വച്ചു അവനെ കൊന്നുകളഞ്ഞു.
കുതിരപ്പുറത്തു കൊണ്ടുവന്നു
ടെ പിതൃനഗരത്തിൽ അവൻെറ
ന്മാരുടെ അടുക്കൽ അടക്കം

അദ്ധ്യായം 26

ാജനമെല്ലാംകൂടി പതിനാറു വയ
മുള്ള ഉസ്സീയായെ കൊണ്ടുവന്നു
പിതാവായ അമസ്യായ്ക്കു
ാജാവാക്കി. രാജാവു തൻെറ
ാരെപ്പോലെ നിദ്രപ്രാപിച്ചശേഷം
ിനെ പണിതതും അതിനെ യഹൂ
ീണ്ടെടുത്തതും ഇവൻ ആയി
സ്സീയാ വാഴ്ച തുടങ്ങിയപ്പോൾ
തിനാറു വയസ്സായിരുന്നു; അവൻ
ിരണ്ടു സംവത്സരം യറുശലേമിൽ
അവൻെറ അമ്മയ്ക്കു യഖൊല്യാ
ൾ. അവൾ യറുശലേംകാരി ആയി
വൻ തൻെറ പിതാവായ അമസ്യാ
പോലെ ദൈവത്തിനു പ്രസാദ
യ്തു. ദൈവഭയത്തിൽ അവനെ
ുവന്ന സഖറിയായുടെ ആയു
ു അവൻ ദൈവത്തെ അന്വേഷി
ദൈവത്തെ അന്വേഷിച്ച കാല
ദൈവം അവനു അഭിവൃദ്ധി നല്കി.
പ്പെട്ടു ഫെലിസ്ത്യരോട് യുദ്ധം
തിൻെറ കോട്ടയും യബ്നെയുടെ
അസ്തോദിൻെറ കോട്ടയും ഇടിച്ചു
അസ്തോദ് നാട്ടിലും ഫെലിസ്ത്യരു
ും പട്ടണങ്ങൾ പണിതു. ദൈവം
ർക്കും ഗൂർബാലിൽ പാർത്ത
ക്കും മെയൂന്യർക്കും വിരോധ
നെ സഹായിച്ചു. അമ്മോന്യരും
ക്കു കാഴ്ച കൊണ്ടുവന്നു;
ന ശക്തനായി, അവൻെറ ശ്രുതി
രെ വ്യാപിച്ചു. ഉസ്സീയാ യറുശ
ാൺ വാതിൽക്കലും താഴ്വര
ും തിരിവിങ്കലും ഗോപുരങ്ങൾ
പ്പിച്ചു. അവനു താഴ്‌വീതിയിലും
ലും വളരെ കന്നുകാലികൾ
ന്നതുകൊണ്ട് അവൻ മരുഭൂമി
പുരങ്ങൾ പണിതു, അനേകം
ും കുഴിപ്പിച്ചു; അവൻ
കൃഷിതല്പരനായിരുന്നതിനാൽ അവനു
മലകളിലും കർമ്മേലിലും കൃഷിക്കാരും
മുന്തിരിത്തോട്ടക്കാരും ഉണ്ടായിരുന്നു. 11
ഉസ്സീയായ്ക്കു ഒരു മഹാസൈന്യവും ഉണ്ടാ
യിരുന്നു; എഴുത്തുകാരനായ യെയീയേലും
പ്രമാണിയായ മയശേയായും എടുത്ത
കണക്കനുസരിച്ച് ഗണംഗണമായി രാജാവി
ൻെറ സേനാപതികളിൽ ഒരുവനായ ഹന
ന്യായുടെ കീഴിൽ യുദ്ധത്തിനു പുറപ്പെടുന്ന
യുദ്ധവീരന്മാരായ പിതൃഭവനത്തലവന്മാർ 12
ആകെ രണ്ടായിരത്തറുനൂറ്. അവരുടെ 13
അധികാരത്തിൻ കീഴിൽ ശത്രുക്കളുടെ
നേരെ രാജാവിനെ സഹായിക്കുവാൻ
മഹാവീര്യത്തോടെ യുദ്ധം ചെയ്തുവന്ന
വരായി മൂന്നു ലക്ഷത്തേഴായിരത്ത
ഞ്ഞൂറു പേരുള്ള ഒരു സൈന്യവും ഉണ്ടാ
യിരുന്നു.
എന്നാൽ അവൻ ശക്തനായപ്പോൾ അവ 14
ൻെറ ഹൃദയം അവൻെറ നാശത്തിനായി
നിഗളിച്ചു; അവൻ തൻെറ ദൈവമായ
കർത്താവിനോടു പാപം ചെയ്ത് ധൂപപീഠ
ത്തിന്മേൽ ധൂപാർപ്പണത്തിന് ദൈവാലയ
ത്തിൽ കടന്നുചെന്നു. അസറിയാ പുരോഹി 15
തനും അവൻെറ പിന്നാലെ അകത്തു
ചെന്നു ഉസ്സീയാ രാജാവിനെ വിലക്കി അവ 16
നോടു: ഉസ്സീയായേ, കർത്താവിന് ധൂപാർ
പ്പണം നിനക്കു വിഹിതമല്ല; (ധൂപം അർപ്പി
ക്കേണ്ടതു വിശുദ്ധീകരിക്കപ്പെട്ട അഹരോ
ന്യരായ പുരോഹിതന്മാർ അത്രെ); വിശുദ്ധ
മന്ദിരത്തിൽനിന്നു പൊയ്ക്കൊൾക;
ലംഘനമാകുന്നു നീ ചെയ്തിരിക്കുന്നതു;
അതു നിൻെറ ദൈവമായ കർത്താവിൻെറ
മുമ്പാകെ നിനക്കു ഗുണമായിരിക്കയില്ല
എന്നു പറഞ്ഞു. ധൂപം അർപ്പിവാൻ കയ്യിൽ 17
ധൂപകലശം പിടിച്ചിരിക്കെ ഉസ്സീയാ കോ
പിച്ചു; അവൻ പുരോഹിതന്മാരോട് കോ
പിച്ചുകൊണ്ടിരിക്കവെ തന്നെ ദൈവാ
ലയത്തിൽ ധൂപപീഠത്തിൻെറ സമീപം വച്ചു
പുരോഹിതന്മാർ കാൺകെ അവൻെറ
നെറ്റിമേൽ കുഷ്ഠം പൊങ്ങിവന്നു. മഹാ 18
പുരോഹിതനായ അസറിയായും സകല
പുരോഹിതന്മാരും അവനെ നോക്കി,
അവൻെറ നെറ്റിയിൽ കുഷ്ഠം പിടിച്ചിരിക്കു
ന്നതു കണ്ടിട്ട് അവനെ ക്ഷണം അവിടെ
നിന്നും പുറത്താക്കി; ദൈവം തന്നെ ശിക്ഷി
ച്ചതുകൊണ്ട് അവൻ തന്നെ പുറത്തുപോ
കാൻ ധൃതിപ്പെട്ടു. അങ്ങനെ ഉസ്സീയാ 19
രാജാവു ജീവപര്യന്തം കുഷ്ഠരോഗിയായി
രുന്നു. അവൻ ദൈവാലയത്തെ ദുഷിച്ചതി
നാൽ ഒരു പ്രത്യേകഭവനത്തിൽ കുഷ്ഠരോ

ഗിയായി താമസിച്ചു. അവൻെറ മകനായ
20 യോഥാം രാജഗൃഹത്തിന് മേൽനോട്ടം
വഹിച്ച് ദേശത്തിലെ ജനത്തിന് ന്യായപാ
ലനം ചെയ്തുവന്നു. ഉസ്സീയായുടെ മറ്റുള്ള
കാര്യങ്ങൾ മുഴുവൻ ആമോസിൻെറ മക
നായ ഏശായ പ്രവാചകൻ എഴുതിയിരി
21 ക്കുന്നു. ഉസ്സീയ അവൻെറ പിതാക്കന്മാരെ
പ്പോലെ നിദ്രപ്രാപിച്ചു; അവൻ കുഷ്ഠരോ
ഗിയാണല്ലോ എന്നു പറഞ്ഞ് അവർ രാജാ
ക്കന്മാർക്കുള്ള ശ്മശാനഭൂമിയിൽ അവൻെറ
പിതാക്കന്മാരുടെ അടുക്കൽ അവനെ അട
ക്കം ചെയ്തില്ല; അവൻെറ മകനായ യോഥാം
അവനു പകരം രാജാവായി.

അദ്ധ്യായം 27

1 യോഥാം വാഴ്ച തുടങ്ങിയപ്പോൾ അവ
നു ഇരുപത്തഞ്ചു വയസ്സായിരുന്നു; അവൻ
പതിനാറു വർഷം യറുശലേമിൽ വാണു;
അവൻെറ അമ്മയ്ക്കു യെരൂശാ എന്നു പേർ;
അവൾ സാദോക്കിൻെറ മകൾ ആയിരുന്നു.
2 അവൻ തൻെറ പിതാവായ ഉസ്സീയാ ചെയ്ത
തുപോലെ എല്ലാം ദൈവത്തിനു പ്രസാദ
മായവ ചെയ്തു എങ്കിലും ദൈവാലയ
ത്തിങ്കലേക്കു അവൻ കടന്നില്ല; ജനമോ
മ്ലേച്ഛത പ്രവർത്തിച്ചുകൊണ്ടിരുന്നു.
3 അവൻ ദൈവാലയത്തിൻെറ മേലത്തെ
പടിവാതിൽ പണിതു മററു മതിലുകളും
4 അവൻ പണിതുറപ്പിച്ചു. അവൻ യഹൂദ
മലനാട്ടിൽ പട്ടണങ്ങളും അരമനകളും
5 ഗോപുരങ്ങളും പണിതു. അവൻ അമ്മോ
ന്യരുടെ രാജാവിനോടു യുദ്ധം ചെയ്തു
അവരെ ജയിച്ചു; അമ്മോന്യർ അവനു
ആ ആണ്ടിൽത്തന്നെ നൂറു താലന്തു
വെള്ളിയും പതിനായിരം കോർ ഗോതമ്പും
പതിനായിരം കോർ യവവും കൊടുത്തു;
അത്രയുംതന്നെ അമ്മോന്യർ രണ്ടാം ആണ്ടി
ലും മൂന്നാം ആണ്ടിലും കൊടുക്കേണ്ടി
6 വന്നു. ഇങ്ങനെ യോഥാം തൻെറ ദൈവ
മായ കർത്താവിൻെറ മുമ്പാകെ ക്രമമായി
നടന്നതിനാൽ അവൻ ശക്തനായിത്തീർന്നു.
7 യോഥാമിൻെറ മറ്റുള്ള കാര്യങ്ങളും അവ
ൻെറ സകല യുദ്ധങ്ങളും അവൻെറ പ്രവൃ
ത്തികളും ഇസ്രായേലിലെയും യഹൂദയി
ലെയും രാജാക്കന്മാരുടെ പുസ്തകത്തിൽ
8 എഴുതിയിരിക്കുന്നു. വാഴ്ച തുടങ്ങിയ
പ്പോൾ അവനു ഇരുപത്തഞ്ചു വയസ്സായി
രുന്നു; അവൻ പതിനാറു സംവത്സരം യറു
9 ശലേമിൽ വാണു. യോഥാം തൻെറ പിതാ
ക്കന്മാരെപ്പോലെ നിദ്രപ്രാപിച്ചു; അവനെ
ദാവീദിൻെറ നഗരത്തിൽ സംസ്ക്കരിച്ചു;
അവൻെറ മകനായ ആഹാസ് അവൻെറ
സ്ഥാനത്തു രാജാവായി.

അദ്ധ്യായം 28

ആഹാസ് വാഴ്ച തുടങ്ങിയപ്പോൾ അ
വനു ഇരുപത്തഞ്ചു വയസ്സായിരുന്നു; അ
വൻ പതിനാറു സംവത്സരം യറുശലേമിൽ
വാണു; എന്നാൽ തൻെറ പിതാവായ ദാവീദ്
ചെയ്തതുപോലെ ദൈവത്തിനു പ്രസാദമാ
യല്ല അവൻ പ്രവർത്തിച്ചത്. അവൻ ഇസ്രാ
യേൽ രാജാക്കന്മാരുടെ വഴികളിൽ നടന്നു;
ബാൽ വിഗ്രഹങ്ങൾക്കു ബലിപീഠമുണ്ടാ
ക്കി. അവൻ ബെൻഹിന്നോം താഴ്വരയിൽ
ധൂപം അർപ്പിക്കുകയും ഇസ്രായേൽ മക്ക
ളുടെ മുമ്പിൽ നിന്നു ദൈവം നീക്കിക്കള
ഞ്ഞ ജാതികളുടെ മേച്ഛാചാരപ്രകാരം
തൻെറ പുത്രനെ അഗ്നിപ്രവേശം ചെയ്യിക്ക
യും ചെയ്തു. അവൻ പൂജാഗിരികളിലും
മലകളിലും ഓരോ പച്ചവൃക്ഷത്തിൻകീഴി
ലും ബലികഴിച്ചും ധൂപം വച്ചും പോന്നു.
ആകയാൽ അവൻെറ ദൈവമായ കർത്താവ്
അവനെ അറാം രാജാവിൻെറ കയ്യിൽ
ഏല്പിച്ചു; അവർ അവനെ തോല്പിച്ചു;
അവരിൽ അസംഖ്യംപേരെ പിടിച്ചു ദമ
സ്ക്കോസിലേക്കു കൊണ്ടുപോയി. അവൻ
ഇസ്രായേൽ രാജാവിൻെറ കയ്യിലും ഏല്പി
ക്കപ്പെട്ടു. അവനും അവനെ അതികഠിന
മായി തോല്പിച്ചു. അവർ തങ്ങളുടെ പിതാ
ക്കന്മാരുടെ ദൈവമായ കർത്താവിനെ ഉപേ
ക്ഷിച്ചതുമൂലം രെമല്യയുടെ മകനായ
പെക്കഹ് യഹൂദയിൽ ഒരു ലക്ഷത്തിരുപ
തിനായിരം പേരെ ഒറ്റദിവസം സംഹരിച്ചു;
അവരെല്ലാവരും വീരന്മാർ ആയിരുന്നു.
എഫ്രയീമ്യവീരനായ സിക്രി രാജകുമാ
നായ മയശേയായെയും രാജധാനിവിചാ
കനായ അസ്രീക്കാമിനെയും രാജാവിനു
രണ്ടാമനായിരുന്ന എല്ക്കാനയെയും
കൊന്നുകളഞ്ഞു. ഇസ്രായേല്യർ തങ്ങളുടെ
സഹോദരജനത്തിൽ സ്ത്രീകളും പുത്രന്മാരും
പുത്രിമാരുമായി രണ്ടു ലക്ഷം പേരെ പിടി
ച്ചുകൊണ്ടുപോയി, വളരെ കൊള്ളയിട്ടു;
കൊള്ളയും ശമര്യയിലേക്കു കൊണ്ടുപോ
യി. എന്നാൽ ഓദേദ് എന്നു പേരുള്ള
ദൈവത്തിൻെറ ഒരു പ്രവാചകൻ അവിടെ
ഉണ്ടായിരുന്നു; അവൻ ശമര്യയിലേക്കു
വന്ന സൈന്യത്തിനു നേരെ ചെന്നു അവ
രോടു പറഞ്ഞു: നിങ്ങളുടെ പിതാക്കന്മാ
രുടെ ദൈവമായ കർത്താവ് യഹൂദയോടു
കോപിച്ചിരിക്കുകകൊണ്ടു അവരെ നിങ്ങ
ളുടെ കയ്യിൽ ഏല്പിച്ചു; നിങ്ങൾ അവരെ

ത സംഹരിച്ചിരിക്കുന്നു. ഇപ്പോ
ൾ യഹൂദ്യരെയും യറുശലേമ്യ
ടീദാസന്മാരായി കീഴടക്കുവാൻ
നു; നിങ്ങളിലും നിങ്ങളുടെ
കർത്താവിനോടുള്ള കുറ്റങ്ങൾ
ആകയാൽ ഞാൻ പറയുന്നതു
! നിങ്ങളുടെ സഹോദരന്മാ
നിങ്ങൾ പിടിച്ചുകൊണ്ടുവന്ന
വിട്ടയപ്പിൻ; അല്ലെങ്കിൽ ദൈവ
ഉഗ്രകോപം നിങ്ങളുടെ മേൽ
അപ്പോൾ യോഹാനാൻെറ മകൻ
, മെശില്ലേമോത്തിൻെറ മകൻ
, ശല്ലൂമിൻെറ മകൻ യഹ
ഹല്ലായിയുടെ മകൻ അമാസാ
ന എഫ്രയീമ്യതലവന്മാരിൽ
ദ്ധത്തിൽ നിന്നു വന്നവരോടു:
ദ്ധന്മാരെ ഇവിടെ കൊണ്ടുവര
തന്നെ ദൈവത്തോടു അകൃത്യം
നമ്മുടെ പാപങ്ങളെയും അകൃ
ം ഇനിയും വർദ്ധിപ്പിക്കുവാൻ
വിചാരിക്കുന്നു; നമുക്കു വലി
കൃത്യം ഉണ്ടു; ഉഗ്രകോപം ഇസ്രാ
ഇരിക്കുന്നു എന്നു പറഞ്ഞു.
പ്രഭുക്കന്മാരും സർവ്വസഭയും
ആയുധപാണികൾ ബദ്ധന്മാ
ാള്ളയെയും വിട്ടയച്ചു.
ലത്തു ആഹാസ്‌രാജാവ് തന്നെ
ടുവാൻ ആസൂർ രാജാക്കന്മാ
ുക്കൽ ആളയച്ചു. എദോമ്യർ
വന്ന് യഹൂദ്യരെ തോല്പിക്കു
ന്മാരെ പിടിച്ചുകൊണ്ടു പോകു
ു. ഫെലിസ്ത്യരും താഴ്‌വീതിയി
യുടെ തെക്കും ഉള്ള പട്ടണങ്ങളെ
ബേത്ത്-ശേമെശും അയ്യാലോ
രോത്തും സോഖോവും അതി
ന്ന ഗ്രാമങ്ങളും തിമ്നയും അതി
ന്ന ഗ്രാമങ്ങളും ഗിംസോവും
ചേർന്ന ഗ്രാമങ്ങളും പിടിച്ചു
ർത്തു. ഇസ്രായേൽ രാജാവായ
യഹൂദയിൽ അകൃത്യം ചെയ്ത
ാടു മഹാപാപം ചെയ്തതിനാൽ
നിമിത്തം ദൈവം യഹൂദയെ
ആസൂർ രാജാവായ തിഗ്‌ലത്തു
അവൻെറ അടുക്കൽ വന്ന്
ഡിപ്പിച്ചു ഞെരുക്കി. ആഹാസ്
ത്തിൽ നിന്നും രാജധാനിയിൽ
ഭുക്കന്മാരിൽനിന്നും പിരിച്ചെ
സൂർ രാജാവിന് കൊടുത്തു
അവന് സഹായം ഉണ്ടായില്ല.
രാജാവ് തൻെറ കഷ്ടകാലത്തും

ദൈവത്തോടു അധികം തെറ്റു ചെയ്തു.
എങ്ങനെയെന്നാൽ: അറാം രാജാക്കന്മാ 22
രുടെ ദേവന്മാർ അവരെ സഹായിച്ചതു
കൊണ്ടു അവർ എന്നെയും സഹായിക്കു
വാൻ ഞാൻ അവർക്കു ബലി കഴിക്കും
എന്നു പറഞ്ഞു അവൻ തന്നെ തോല്പിച്ച
ദമസ്ക്കോസിലെ ദേവന്മാർക്കു ബലികഴി
ച്ചു; എന്നാൽ അതു അവനും എല്ലാ ഇസ്രാ
യേലിനും നാശകാരണമായി ഭവിച്ചു.
ആഹാസ് ദൈവാലയത്തിലെ ഉപകരണ 23
ങ്ങൾ എടുത്ത് ഉടച്ചു, ദൈവാലയത്തിൻെറ
വാതിലുകൾ അടച്ചുകളഞ്ഞു, യെറുശലേ
മിൻെറ ഓരോ മൂലയിലും ബലിപീഠങ്ങൾ
ഉണ്ടാക്കി. അന്യദേവന്മാർക്ക് ധൂപാർപ്പണ 24
ത്തിനു അവൻ യഹൂദയിലെ ഓരോ പട്ടണ
ത്തിലും പൂജാഗിരികൾ ഉണ്ടാക്കി തൻെറ
പിതാക്കന്മാരുടെ ദൈവമായ കർത്താവിനെ
കോപിപ്പിച്ചു. അവൻെറ മറ്റുള്ള കാര്യങ്ങളും 25
സകല പ്രവൃത്തികളും എല്ലാം യഹൂദയി
ലെയും ഇസ്രായേലിലെയും രാജാക്കന്മാ
രുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു.
ആഹാസ് തൻെറ പിതാക്കന്മാരെപ്പോലെ 26
നിദ്ര പ്രാപിച്ചു; അവനെ യറുശലേം നഗര
ത്തിൽ സംസ്ക്കരിച്ചു; ഇസ്രായേൽ രാജാ
ക്കന്മാരുടെ കല്ലറകളിൽ കൊണ്ടുവന്നില്ല;
അവൻെറ മകനായ ഹെസക്കിയാ അവനു
പകരം രാജാവായി.

അദ്ധ്യായം 29

ഹെസക്കിയാ ഇരുപത്തഞ്ചാം വയ 1
സ്സിൽ വാഴ്ച തുടങ്ങി; ഇരുപത്തൊൻപതു
സംവത്സരം യറുശലേമിൽ വാണു; അവ
ൻെറ അമ്മയ്ക്കു അബീയാ എന്നു പേർ.
അവൾ സഖറിയായുടെ മകൾ ആയിരുന്നു.
അവൻ തൻെറ പിതാവായ ദാവീദ് ചെയ്തതു 2
പോലെ കർത്താവിനു പ്രസാദമായവ
ചെയ്തു. അവൻ തൻെറ വാഴ്ചയുടെ ഒന്നാം 3
ആണ്ടിൽ ഒന്നാം മാസത്തിൽ ദൈവാലയ
ത്തിൻെറ വാതിലുകൾ തുറന്നു അറ്റകുറ്റം
തീർത്തു. അവൻ പുരോഹിതന്മാരെയും 4
ലേവ്യരെയും വരുത്തി കിഴക്കെ വിശാല
സ്ഥലത്തു ഒന്നിച്ചുകൂട്ടി അവരോടു പറ 5
ഞ്ഞതെന്തെന്നാൽ: ലേവ്യരേ, എൻെറ
വാക്കു കേൾപ്പിൻ: ഇപ്പോൾ നിങ്ങളെത്ത
ന്നെ ശുദ്ധീകരിച്ചു നിങ്ങളുടെ പിതാക്ക
ന്മാരുടെ ദൈവമായ കർത്താവിൻെറ ആല
യത്തെയും ശുദ്ധീകരിച്ചു നിങ്ങളുടെ ഹൃദ
യങ്ങളിൽനിന്നു മലിനത നീക്കിക്കളവിൻ.
നമ്മുടെ പിതാക്കന്മാർ അകൃത്യം ചെയ്തു, 6
നമ്മുടെ ദൈവമായ കർത്താവിന് അനിഷ്ട

മായവ പ്രവർത്തിച്ചു അവനെ ഉപേക്ഷി
ക്കുകയും ദൈവത്തിൻെറ നിവാസത്തിങ്കൽ
നിന്നു മുഖം തിരിച്ച് അതിനു പുറം കാട്ടുക
7 യും ചെയ്തു. അവർ മണ്ഡപത്തിൻെറ വാതി
ലുകൾ അടച്ചു, വിളക്കു കെടുത്തി വിശുദ്ധ
മന്ദിരത്തിൽ ഇസ്രായേലിൻെറ ദൈവത്തിനു
ധൂപം അർപ്പിക്കാതെയും ഹോമയാഗം കഴി
8 ക്കാതെയും ഇരുന്നു. അതുകൊണ്ടു ദൈവ
കോപം യഹൂദയുടെയും യറുശലേ
മിൻെറയുംമേൽ വന്നു. നിങ്ങൾ സ്വന്ത
കണ്ണാൽ കാണുന്നതുപോലെ അവൻ
അവരെ ശാപത്തിനും പരിഭ്രമത്തിനും
പരിഹാസത്തിനും പാത്രമാക്കിത്തീർത്തിരി
9 ക്കുന്നു. നമ്മുടെ പിതാക്കന്മാർ വാളിനാൽ
വീഴുകയും നമ്മുടെ പുത്രന്മാരും പുത്രിമാരും
നമ്മുടെ ഭാര്യമാരും ഇതു നിമിത്തം പ്രവാ
സത്തിൽ ആകുകയും ചെയ്തിരിക്കുന്നു.
10 ഇപ്പോൾ ഇസ്രായേലിൻെറ ദൈവമായ
കർത്താവിൻെറ ഉഗ്രകോപം നമ്മെ വിട്ടു
മാറേണ്ടതിനു അവനോടു ഒരു നിയമം
11 ചെയ്യുവാൻ ഞാൻ കാംക്ഷിക്കുന്നു.
എൻെറ മക്കളേ, ഇപ്പോൾ ഉപേക്ഷ
കാണിക്കരുത്; തന്നെ ശുശ്രൂഷിക്കുവാൻ
തൻെറ സന്നിധിയിൽ നില്ക്കുവാനും
തനിക്കു ശുശ്രൂഷക്കാരായി ധൂപം അർപ്പി
ക്കുവാനും ദൈവം നിങ്ങളെ തെരഞ്ഞെടു
ത്തിരിക്കുന്നു.
12 അപ്പോൾ കെഹാത്യരിൽ അമാസായി
യുടെ മകൻ മഹത്ത്, അസര്യായുടെ മകൻ
യോവേൽ, മെരാര്യരിൽ അബ്ദിയുടെ മകൻ
കീശ്, യെഹല്ലെലേലിൻെറ മകൻ അസറി
യാ; ഗേർശോന്യരിൽ സിമ്മയുടെ മകൻ
13 യോവാഹ്, യോവാഹിൻെറ മകൻ ഏദെൻ;
എലീസാഫാന്യരിൽ സിമ്രി, യെയൂവേൽ;
14 ആസാഫ്യരിൽ സഖെറിയാ, മത്ഥന്യാ; ഹേമാ
ന്യരിൽ യെഹുവേൽ, ശിമെയി; യെദുഥൂന്യ
രിൽ ശിമയാ, ഉസ്സീയേൽ എന്നീ ലേവ്യർ
15 എഴുന്നേറ്റു. തങ്ങളുടെ സഹോദരന്മാരെ
ഒന്നിച്ചുകൂട്ടി തങ്ങളെത്തന്നെ വിശുദ്ധീക
രിച്ചു ദൈവത്തിൻെറ വചനപ്രകാരം രാജാ
വിൻെറ കല്പന അനുസരിച്ചു ദൈവാലയ
16 ത്തെ വെടിപ്പാക്കുവാൻ വന്നു. പുരോഹിത
ന്മാർ ദൈവാലയത്തിൻെറ അകം വെടി
പ്പാക്കുവാൻ അതിൽ കടന്നു. ദൈവാലയ
ത്തിൽ കണ്ട മലിനതയെല്ലാം പുറത്തു
ദൈവത്തിൻെറ ആലയത്തിൻെറ പ്രാകാര
ത്തിൽ കൊണ്ടുവന്നു; ലേവ്യർ അതു
കൊണ്ടുപോയി കിദ്രോൻ തോട്ടിൽ ഇട്ടു
17 കളഞ്ഞു. ഒന്നാം മാസം ഒന്നാം തീയതി
അവർ വിശുദ്ധീകരണം തുടങ്ങി; എട്ടാം
തീയതി അവർ ദൈവത്തിൻെറ മണ്ഡപ
ത്തിങ്കൽ എത്തി; ഇങ്ങനെ അവർ എട്ടു
ദിവസംകൊണ്ടു യഹോവയുടെ ആലയം
വിശുദ്ധീകരിച്ചു; ഒന്നാം മാസം പതിനാറാം
തീയതി തീർത്തു, ഹെസക്കിയാ രാജാ
വിൻെറ അടുക്കൽ അകത്തു ചെന്നു;
ഞങ്ങൾ ദൈവാലയം മുഴുവനും ഹോമ
പീഠവും അതിൻെറ ഉപകരണങ്ങൾ
എല്ലാം കാഴ്ചയപ്പത്തിൻെറ മേശയും
അതിൻെറ ഉപകരണങ്ങൾ എല്ലാം വെടി
പ്പാക്കി, ആഹാസ് രാജാവു തൻെറ വാഴ്ച
ക്കാലത്തു തൻെറ തെറ്റുമൂലം നീക്കിക്കള
ഞ്ഞ ഉപകരണങ്ങൾ എല്ലാം നന്നാക്കി
വിശുദ്ധീകരിച്ചിരിക്കുന്നു; അവ ദൈവത്തി
ൻെറ യാഗപീഠത്തിൻ മുമ്പിൽ ഉണ്ട് എന്നു
പറഞ്ഞു.
ഹെസക്കിയാ രാജാവു രാവിലെ
എഴുന്നേറ്റു, നഗരാധിപതികളെ കൂട്ടി
ദൈവാലയത്തിലേക്കു ചെന്നു. അവർ
രാജത്വത്തിനും വിശുദ്ധമന്ദിരത്തിനും
യഹൂദയ്ക്കും വേണ്ടി ഏഴു കാളയെയും
ഏഴു ആട്ടുകൊറ്റനെയും ഏഴു കുഞ്ഞാടി
നെയും പാപയാഗത്തിനായിട്ടു ഏഴു
വെള്ളാട്ടുകൊറ്റനെയും കൊണ്ടുവന്നു;
അവയെ കർത്താവിൻെറ യാഗപീഠത്തി
ന്മേൽ യാഗം കഴിക്കുവാൻ അവൻ അഹ
റോന്യരായ പുരോഹിതന്മാരോടു കല്പി
ച്ചു. അവർ കാളകളെ അറുത്തു; പുരോഹി
തന്മാർ രക്തം വാങ്ങി യാഗപീഠത്തിന്മേൽ
തളിച്ചു; ആട്ടുകൊറ്റന്മാരെ അറുത്തു രക്തം
യാഗപീഠത്തിന്മേൽ തളിച്ചു; കുഞ്ഞാടു
കളെ അറുത്തു രക്തം യാഗപീഠത്തിന്മേൽ
തളിച്ചു. പിന്നെ അവർ പാപയാഗത്തിനുള്ള
വെള്ളാട്ടുകൊറ്റന്മാരെ രാജാവിൻെറയും
സഭയുടെയും മുമ്പിൽ കൊണ്ടുവന്നു;
അവർ അവയുടെ മേൽ കൈവച്ചു. പുരോ
ഹിതന്മാർ അവയെ അറുത്തു എല്ലാ
ഇസ്രായേലിനും പ്രായശ്ചിത്തം വരുത്തേ
ണ്ടതിനു അവയുടെ രക്തം യാഗപീഠത്തി
ന്മേൽ പാപയാഗമായി അർപ്പിച്ചു. എല്ലാ
ഇസ്രായേലിനു വേണ്ടി ഹോമയാഗവും
പാപയാഗവും കഴിക്കണം എന്നു രാജാവു
കല്പിച്ചിരുന്നു. അവൻ ദാവീദിൻെറയും
രാജാവിൻെറ പ്രവാചകനായ ഗാദിൻെറയും
നാഥാൻപ്രവാചകൻെറയും കല്പനപ്ര
കാരം ലേവ്യരെ കൈത്താളങ്ങളോടും
വീണകളോടും കിന്നരങ്ങളോടുംകൂടെ
ദൈവാലയത്തിൽ നിർത്തി. അങ്ങനെ
പ്രവാചകന്മാർ മുഖാന്തരം ദൈവം കല്പി
ച്ചിരുന്നു. ലേവ്യർ ദാവീദിൻെറ വാദ്യങ്ങ

ുരോഹിതന്മാർ കാഹളങ്ങളോടും
ന്നു. പിന്നെ ഹെസക്കിയാ യാഗ
ന്മേൽ ഹോമയാഗം കഴിക്കുവാൻ
ഹോമയാഗം തുടങ്ങിയപ്പോൾ
രവർ കാഹളങ്ങളോടും ഇസ്രാ
ജാവായ ദാവീദിന്റെ വാദ്യങ്ങ
കൂടെ ദൈവത്തിനു കീർത്തനം
ൽ തുടങ്ങി. ഉടനെ സർവ്വ സഭയും
ിച്ചു, സംഗീതക്കാർ പാടുകയും
ാർ ഊതുകയും ചെയ്തു; ഇതെല്ലാം
ഗം കഴിയുന്നതുവരെ ചെയ്തുകൊ
. യാഗം കഴിച്ചു തീർന്നപ്പോൾ
കൂടെ ഉണ്ടായിരുന്ന എല്ലാവരും
ി നമസ്കരിച്ചു. പിന്നെ ഹെസ
ജാവും പ്രഭുക്കന്മാരും ലേവ്യരോടു
ന്റെയും ആസാഫ് പ്രവാചക
വചനങ്ങളാൽ ദൈവത്തിനു
ം ചെയ്യുവാൻ കല്പിച്ചു. അവർ
ത്തോടെ സ്തോത്രം ചെയ്തു തല
നമസ്കരിച്ചു. നിങ്ങൾ ഇപ്പോൾ
ിനു നിങ്ങളെത്തന്നെ സമർപ്പി
ു; അടുത്തു വന്നു ദൈവാലയ
നനയാഗങ്ങളും സ്തോത്രയാഗ
കൊണ്ടുവരുവിൻ എന്നു ഹെസ
റഞ്ഞു; അങ്ങനെ സഭ ഹനന
ും സ്തോത്രയാഗങ്ങളും നല്ല
വർ എല്ലാവരും ഹോമയാഗ
കൊണ്ടുവന്നു. സഭ കൊണ്ടുവന്ന
ഗങ്ങളുടെ എണ്ണം: കാള എഴു
ട്ടുകൊറ്റൻ നൂറു, കുഞ്ഞാടു
ു, ഇവയെല്ലാം ദൈവത്തിനു
ഗത്തിനായിരുന്നു. സമർപ്പിത
ാ അറുനൂറു കാളയും മൂവായിരം
യിരുന്നു. പുരോഹിതന്മാർ കുറ
തിനാൽ ഹോമയാഗങ്ങളെല്ലാം
പ്പാൻ അവർക്കു കഴിഞ്ഞില്ല;
ണ്ടു അവരുടെ സഹോദരന്മാ
്യർ ആ ജോലി തീരുന്നതുവരെ
തന്മാരെല്ലാം തങ്ങളെത്തന്നെ
രിക്കുന്നതുവരെ അവരെ സഹാ
ങ്ങളെത്തന്നെ വിശുദ്ധീകരിക്കു
ലേവ്യർ പുരോഹിതന്മാരെക്കാൾ
ഉത്സാഹമുള്ളവരായിരുന്നു.
ഗങ്ങൾ, സമാധാനയാഗങ്ങൾ
ദസ്സിനോടും ഹോമയാഗങ്ങൾ
പാനീയയാഗങ്ങളോടുംകൂടെ
ണ്ടായിരുന്നു. ഇങ്ങനെ ദൈവാ
ല ആരാധന മുമ്പെപ്പോ
ദൈവം ജനത്തിനു ധാരാള
ാടുത്തതിൽ ഹെസക്കിയായും
സകല ജനവും സന്തോഷിച്ചു; കാര്യം വേഗം
പൂർത്തിയായി.

അദ്ധ്യായം 30

അനന്തരം ഹെസക്കിയാ ഇസ്രായേ 1
ലിന്റെ ദൈവമായ കർത്താവിനു
പെരുന്നാൾ ആചരിക്കുവാൻ യറുശ
ലേമിൽ ദൈവാലയത്തിലേക്കു വരു
വാൻ എല്ലാ ഇസ്രായേലിന്റെയും യഹൂദ
യുടെയും അടുക്കൽ ആളയച്ചു; എഫ്രയീ
മിനും മനശ്ശെയ്ക്കും എഴുത്തും എഴുതി.
രണ്ടാം മാസത്തിൽ പെരുന്നാൾ ആചരിക്ക 2
ണമെന്നു രാജാവും അവന്റെ പ്രഭുക്കന്മാ
രും യറുശലേമിലെ സർവ്വ സഭയും നിശ്ച
യിച്ചിരുന്നു. പുരോഹിതന്മാർ വേണ്ടത്ര 3
തങ്ങളെത്തന്നെ വിശുദ്ധീകരിക്കാതെയും
ജനം യറുശലേമിൽ ഒരുമിച്ചു കൂടാതെയും
ഇരുന്നതിനാൽ യഥാസമയത്തു അതു
ആചരിക്കുവാൻ അവർക്കു കഴിഞ്ഞിരു
ന്നില്ല. ആ കാര്യം രാജാവിനും സർവ്വസഭ 4
യ്ക്കും സമ്മതമായി. ഇങ്ങനെ അവർ യറു 5
ശലേമിൽ ഇസ്രായേലിന്റെ ദൈവമായ
കർത്താവിനു പെരുന്നാൾ ആചരിക്കുവാൻ
വരേണ്ടതിനു ബേർ-ശേബ മുതൽ ദാൻ
വരെ എല്ലാ ഇസ്രായേലിലും പരസ്യമാ
ക്കേണമെന്നു ഒരു നിശ്ചയം ചെയ്തു.
അവർ വളരെ കാലമായി അതു നിയമാനു
സൃതം ആചരിച്ചിരുന്നില്ല. അങ്ങനെ 6
ഓട്ടക്കാർ രാജാവിന്റെയും പ്രഭുക്കന്മാരു
ടെയും എഴുത്തുകൾ എല്ലാ ഇസ്രായേലി
ന്റെയും യഹൂദയുടെയും അടുക്കൽ കൊ
ണ്ടുപോയി രാജകല്പനപ്രകാരം പറഞ്ഞ
തു: "ഇസ്രായേൽ മക്കളേ, അബ്രഹാമി
ന്റെയും ഇസഹാക്കിന്റെയും യാക്കോബി
ന്റെയും ദൈവമായ കർത്താവ് നിങ്ങളിൽ
ആസൂർ രാജാക്കന്മാരുടെ കയ്യിൽനിന്നു
തെറ്റിഒഴിഞ്ഞ ശേഷിപ്പിന്റെ അടുക്കലേ
ക്കു തിരിയേണ്ടതിനു നിങ്ങൾ അവന്റെ
അടുക്കലേയ്ക്കു തിരിഞ്ഞുകൊൾവിൻ.
തങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ 7
കർത്താവിനോട് അകൃത്യം ചെയ്ത നിങ്ങളു
ടെ പിതാക്കന്മാരെയും നിങ്ങളുടെ സഹോദ
രന്മാരെയുംപോലെ നിങ്ങൾ ആകരുതു;
അവൻ അവരെ നാശത്തിനു ഏല്പിച്ചു
കളഞ്ഞതു നിങ്ങൾ കാണുന്നുവല്ലോ. ആക 8
യാൽ നിങ്ങളുടെ പിതാക്കന്മാരെപ്പോലെ
നിങ്ങൾ ദുശ്ശാഠ്യം കാണിക്കരുതു; ദൈവത്തി
നു നിങ്ങളെത്തന്നെ സമർപ്പിക്കുവിൻ;
അവൻ എന്നേക്കും വിശുദ്ധീകരിച്ചിരിക്കു
ന്ന അവന്റെ വിശുദ്ധ മന്ദിരത്തിലേയ്ക്കു

വന്നു നിങ്ങളുടെ ദൈവമായ കർത്താ
വിൻെറ കോപം നിങ്ങളെ വിട്ടുമാറുവാൻ
9 അവനെ ആരാധിപ്പിൻ. നിങ്ങൾ ദൈവത്തി
ങ്കലേക്കു തിരിയുന്നു എങ്കിൽ നിങ്ങളുടെ
സഹോദരന്മാരും പുത്രന്മാരും തങ്ങളെ
ബദ്ധരാക്കി കൊണ്ടുപോയവരിൽനിന്നു
കരുണ പ്രാപിച്ച് ഈ ദേശത്തിലേക്ക് മടങ്ങി
വരും; നിങ്ങളുടെ ദൈവമായ കർത്താവ്
കൃപയും കരുണയും ഉള്ളവൻ; നിങ്ങൾ അ
വങ്കലേക്ക് തിരിഞ്ഞുവരുന്നു എങ്കിൽ അ
വൻ നിങ്ങളെ നോക്കാതെ മുഖം തിരിച്ചു
10 കളയുകയില്ല." അങ്ങനെ ദൂതന്മാർ എഫ്ര
യീമിൻെറയും മനശ്ശെയുടെയും ദേശത്തു
പട്ടണം തോറും സെബൂലൂൻവരെ സഞ്ചരി
11 ച്ചു; അവരോ അവരെ പരിഹസിച്ചു നിന്ദിച്ചു.
എങ്കിലുംആശേരിലും മനശ്ശെയിലും സെബൂ
ലൂനിലും ചിലർ സ്വയം താഴ്ത്തി യറുശലേ
12 മിലേക്കു വന്നു. യഹൂദയിലും ദൈവവചന
പ്രകാരം രാജാവും പ്രഭുക്കന്മാരും കൊടു
ത്ത കല്പന അനുസരിച്ചു നടക്കുവാൻ
അവർക്കു ഐക്യം നൽകുവാൻ ദൈവത്തി
13 ൻെറ കൈ പ്രവർത്തിച്ചു. അങ്ങനെ രണ്ടാം
മാസത്തിൽ പുളിപ്പില്ലാത്ത അപ്പത്തിൻെറ
പെരുന്നാൾ ആചരിക്കുവാൻ അവർ ഏറ്റവും
വലിയൊരു സഭയായി യറുശലേമിൽ വന്നു
14 കൂടി. അവർ യറുശലേമിൽ ഉണ്ടായിരുന്ന
ബലിപീഠങ്ങളെ നീക്കിക്കളഞ്ഞു. സകല
ധൂപകലശങ്ങളും എടുത്തു കിദ്രോൻ
15 തോട്ടിൽ എറിഞ്ഞു. രണ്ടാം മാസം പതിന്നാ
ലാം തീയതി അവർ പെസഹ അറുത്തു;
പുരോഹിതന്മാരും ലേവ്യരും തങ്ങളെത്ത
ന്നെ വിശുദ്ധീകരിച്ചു. ദൈവാലയത്തിൽ
16 ഹോമയാഗങ്ങൾ കൊണ്ടുവന്നു. അവർ
ദൈവപുരുഷനായ മോശയുടെ ന്യായപ്രമാ
ണപ്രകാരം തങ്ങൾക്കുള്ള നിയമം അനുസ
രിച്ചു അവരവരുടെ സ്ഥാനത്തു നിന്നു;
പുരോഹിതന്മാർ ലേവ്യരുടെ കയ്യിൽനിന്നു
17 രക്തം വാങ്ങി തളിച്ചു. തങ്ങളെത്തന്നെ ശുദ്ധീ
കരിക്കാത്തവർ പലരും സഭയിൽ ഉണ്ടായി
രുന്നു; ആകയാൽ ശുദ്ധിയില്ലാത്തവർക്കു
വേണ്ടി പെസഹ അറുത്തു യഹോവയ്ക്കു
സമർപ്പിക്കുവാൻ ലേവ്യർ ഭരമേറ്റിരുന്നു.
18 വലിയൊരു ജനക്കൂട്ടം, എഫ്രയീമിൽനി
ന്നും മനശ്ശെയിൽനിന്നും ഇസ്സാഖാരിൽ
നിന്നും സെബൂലൂനിൽനിന്നും ഉള്ള അനേ
കർ; തങ്ങളെത്തന്നെ ശുദ്ധീകരിക്കാതെ
എഴുതിയിരിക്കുന്ന രീതി വിട്ടു മറ്റൊരു
വിധത്തിൽ പെസഹ ഭക്ഷിച്ചു. എന്നാൽ
ഹെസക്കിയാ അവർക്കുവേണ്ടി പ്രാർത്ഥി
19 ച്ചു: വിശുദ്ധമന്ദിരത്തിനു ആവശ്യമായ
വിശുദ്ധീകരണാനുസരണം ശുദ്ധനായി
ല്ലെങ്കിലും തൻെറ പിതാക്കന്മാരുടെ ദൈവ
മായ കർത്താവിനെ അന്വേഷിക്കുവാൻ
ആഗ്രഹിക്കുന്ന എല്ലാവനോടും ദയാലു
വായ ദൈവമേ, ക്ഷമിക്കേണമേ എന്നു
പറഞ്ഞു. ദൈവം ഹെസക്കിയായുടെ 20
പ്രാർത്ഥന കേട്ടു ജനത്തെ സൌഖ്യമാക്കി.
അങ്ങനെ യറുശലേമിൽ വന്നുകൂടിയിരു 21
ന്ന ഇസ്രായേല്യർ പുളിപ്പില്ലാത്ത അപ്പത്തി
ൻെറ ഉത്സവം ഏഴു ദിവസം മഹാസന്തോഷ
ത്തോടെ ആചരിച്ചു. ലേവ്യരും പുരോഹി
തന്മാരും ഗംഭീരനാദമുള്ള വാദ്യങ്ങളാൽ
കർത്താവിനു പാടി ദിവസംതോറും ദൈവ
ത്തെ സ്തുതിച്ചു. ഹെസക്കിയാ കർത്താ 22
വിൻെറ ശുശ്രൂഷയിൽ ഉത്സാഹം പ്രദർശിപ്പി
ച്ച എല്ലാ ലേവ്യരോടും ഹൃദ്യമായി സംസാരി
ച്ചു; അവർ സമാധാനയാഗങ്ങൾ അർപ്പിച്ചും
തങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ
കർത്താവിനെ സ്തുതിച്ചുംകൊണ്ടു ഏഴു
ദിവസം പെരുന്നാൾ ഘോഷിച്ചു ഭക്ഷണം
കഴിച്ചു. പിന്നെയും ഏഴുദിവസം ഉത്സവം 23
ആചരിക്കുവാൻ സർവ്വ സഭയും നിശ്ചയി
ച്ചു. അങ്ങനെ അവർ വീണ്ടും ഏഴു ദിവസ
വും കൂടെ സന്തോഷത്തോടെ ആചരിച്ചു.
യഹൂദാരാജാവായ ഹെസക്കിയാ സഭയ്ക്കു 24
ആയിരം കാളയെയും ഏഴായിരം ആടിനെ
യും കൊടുത്തു; പ്രഭുക്കന്മാരും സഭയ്ക്കു
ആയിരം കാളകളെയും പതിനായിരം ആടി
നെയും കൊടുത്തു; അനേകം പുരോഹിത
ന്മാർ തങ്ങളെത്തന്നെ വിശുദ്ധീകരിച്ചു.
യഹൂദയുടെ സർവ്വ സഭയും പുരോഹിത 25
ന്മാരും ലേവ്യരും ഇസ്രായേലിൽനിന്നു വന്ന
സർവ്വസഭയും ഇസ്രായേൽ ദേശത്തുനിന്നു
വന്നു യഹൂദയിൽ പാർത്തിരുന്ന പരദേശി
കളും സന്തോഷിച്ചു. യറുശലേമിൽ മഹാ 26
സന്തോഷം ഉണ്ടായി; ഇസ്രായേൽ രാജാ
വായ ദാവീദിൻെറ മകൻ ശലോമോൻെറ
കാലംമുതൽ ഇതുപോലെ യറുശലേമിൽ
സംഭവിച്ചിട്ടില്ല. ഒടുവിൽ ലേവ്യരായ പുരോ 27
ഹിതന്മാർ എഴുന്നേറ്റു ജനത്തെ അനുഗ്ര
ഹിച്ചു; അവരുടെ അപേക്ഷ കേൾക്കപ്പെടു
കയും അവരുടെ പ്രാർത്ഥന അവൻെറ
വിശുദ്ധ വാസസ്ഥലമായ സ്വർഗ്ഗത്തിൽ
എത്തുകയുംചെയ്തു.

അദ്ധ്യായം 31

ഇതെല്ലാം കഴിഞ്ഞ് വന്നുകൂടിയിരുന്ന 1
എല്ലാ ഇസ്രായേലും യഹൂദാനഗരങ്ങളി
ലേക്കു ചെന്നു സ്തംഭവിഗ്രഹങ്ങളെ
തകർത്തു യഹൂദയിലും ബെന്യാമീനിലും

മിലും മനശ്ശെയിലും ഉള്ള പ്രതി
വെട്ടി. പൂജാഗിരികളെയും ബലി
ളയും തകർത്തു നശിപ്പിച്ചു.
ൽ മക്കൾ എല്ലാവരും ഓരോരു
താൻെറ പട്ടണത്തിലേക്കും അവ
ലേക്കും മടങ്ങിപ്പോയി. അനന്തരം
ിയാ പുരോഹിതന്മാരുടെയും
ടയും കൂറുകൂറായി ഓരോരുത്ത
നവൻെറ ശുശ്രൂഷപ്രകാരം പുരോ
രയും ലേവ്യരെയും ഹോമയാഗ
ാമാധാനയാഗങ്ങളും കഴിക്കുവാ
താവിൻെറ പാളയത്തിൻെറ വാതി
ശുശ്രൂഷിക്കുവാനും സ്തോത്രം
ഴ്ത്തുവാനും നിയമിച്ചു. രാജാവ്
ഗങ്ങൾക്കായി, ദൈവത്തിൻെറ
ാണത്തിൽ എഴുതിയിരിക്കുന്ന
ല കാലത്തെയും വൈകുന്നേര
ഹോമയാഗങ്ങൾക്കായും ശാബ
അമാവാസ്യകളിലും ഉത്സവങ്ങ
ഹോമയാഗങ്ങൾക്കായും സ്വന്ത
ിന്നു ഒരു ഓഹരി നിശ്ചയിച്ചു.
ിൽ പാർത്ത ജനത്തോടു അവൻ
തന്മാരും ലേവ്യരും ദൈവത്തി
പ്രമാണത്തിൽ ജാഗരൂകരായിരി
നു അവരുടെ ഓഹരി കൊടുക്കു
പിച്ചു. ഈ കല്പന പ്രസിദ്ധ
ന ഇസ്രായേൽ മക്കൾ ധാന്യം,
ണ്ണ, മൃഗങ്ങൾ, വയലിലെ എല്ലാ
ന്നിവയുടെ ആദ്യഫലം വളരെ
ന്നു, എല്ലാറ്റിൻെറയും ദശാംശ
ളുമായി കൊണ്ടുവന്നു. യഹൂദാ
ൽ പാർത്ത ഇസ്രായേല്യരും
കാളകളിലും ആടുകളിലും
തങ്ങളുടെ ദൈവമായ കർത്താ
പ്പിച്ചിരുന്ന സമർപ്പിത വസ്തുക്ക
ശവും കൊണ്ടുവന്നു കൂട്ടി.
സത്തിൽ അവർ ശേഖരിച്ചു
ഏഴാം മാസത്തിൽ ഹെസക്കി
ഭുക്കന്മാരും വന്ന് ഇവ കണ്ട
വർ ദൈവത്തെയും അവൻെറ
ഇസ്രായേലിനെയും വാഴ്ത്തി.
യാ പുരോഹിതന്മാരെയും
ശ്ലാഘിച്ചു. സാദോക്ക് കുടുംബ
ാപുരോഹിതനായ അസറിയാ
ു അവനോടു: ജനം ഈ വഴി
ദൈവാലയത്തിലേക്കു കൊണ്ടു
ന്ദിയതുമുതൽ നിങ്ങൾ തിന്നു
വളരെ ശേഷിപ്പിച്ചുമിരിക്കുന്നു;
ൻെറ ജനത്തെ അനുഗ്രഹിച്ചി
ശേഷിച്ചവ ദരിദ്രർക്കും അഗതി

കൾക്കും കൊടുപ്പിൻ എന്നു പറഞ്ഞു.
ഹെസക്കിയാ ദൈവാലയത്തിൽ അറകൾ 11
തയാറാക്കുവാൻ കല്പിച്ചു; അങ്ങനെ
അവർ ചെയ്തശേഷം വഴിപാടുകളും 12
ദശാംശങ്ങളും സമർപ്പിതവസ്തുക്കളും
വിശ്വസ്തതയോടെ അകത്തു കൊണ്ടുവന്നു:
ലേവ്യനായ കോനന്യാ അവയ്ക്കു
മേൽനോട്ടക്കാരനും അവൻെറ അനുജൻ
ശിമെയി രണ്ടാമനും ആയിരുന്നു. ഹെസ 13
ക്കിയാ രാജാവിൻെറയും ദൈവാലയപ്രമാ
ണിയായ അസര്യായുടെയും ആജ്ഞാനു
സരണം യെഹീയേൽ, അസസ്യാ, നഹത്ത്,
അസാഹേൽ, യെരീമോത്ത്, യോസാബാദ്,
എലീയേൽ, യിസ്മഖ്യാ, മഹത്ത്, ബെനാ
യാ എന്നിവർ കോനന്യായുടെയും അവ
ൻെറ അനുജൻ ശിമെയിയുടെയും കീഴിൽ
ജോലി ചെയ്തു. കിഴക്കേ വാതിൽ കാവല്ക്കാ 14
രനായി ലേവ്യനായ യിമ്നയുടെ മകൻ
കോരേ ദൈവത്തിനുള്ള വഴിപാടുകളെയും
അതിവിശുദ്ധ വസ്തുക്കളെയും വിഭാഗിച്ചു
കൊടുപ്പാൻ ദൈവത്തിനുള്ള ഔദാര്യ
ദാനങ്ങൾക്കു വിചാരകനായിരുന്നു. അവ 15
ൻെറ കീഴിൽ തങ്ങളുടെ സഹോദരന്മാർ
ക്കു, വലിയവർക്കും ചെറിയവർക്കും കൂറു
കൂറായി കൊടുപ്പാൻ ഏദെൻ, മിന്യാമീൻ,
യേശുവ, ശെമയാ, അമര്യാ, ശെഖന്യാ
എന്നിവർ പുരോഹിത നഗരങ്ങളിൽ
ഉദ്യോഗസ്ഥരായിരുന്നു. മൂന്നു വയസ്സു
മുതൽ മേലോട്ടുള്ളവർക്കും ഓരോ ദിവസ 16
ത്തിൻെറ ആവശ്യംപോലെ കൂറുകൂറായി
താന്താങ്ങളുടെ തവണയ്ക്കു ശുശ്രൂഷ
യ്ക്കായി ആലയത്തിൽ വരുന്നവർക്കും
പുരോഹിതന്മാരുടെ വംശാവലിയിൽ 17
കുടുംബം കുടുംബമായി എഴുതപ്പെട്ട
വർക്കും ഇരുപതു വയസ്സുമുതൽ മേലോട്ടു
കൂറുകൂറായി താന്താങ്ങളുടെ തവണമുറ
യ്ക്കു എഴുതപ്പെട്ട ലേവ്യർക്കും കൊടുത്തു.
സർവ്വ സഭയിലും അവരുടെ എല്ലാ 18
കുഞ്ഞുങ്ങളും ഭാര്യമാരും പുത്രന്മാരും
പുത്രിമാരുമായി വംശാവലിയിൽ എഴുത
പ്പെട്ടവർക്കും കൂടെ ഓഹരി കൊടുക്കേണ്ടി
യിരുന്നു. അവർ തങ്ങളുടെ ഉദ്യോഗങ്ങൾ
ക്കനുസരിച്ച് തങ്ങളെത്തന്നെ വിശുദ്ധി
യിൽ വിശുദ്ധീകരിച്ചുപോന്നു. പുരോഹി 19
തന്മാരുടെ സകല പുരുഷപ്രജയ്ക്കും
ലേവ്യരിൽ വംശാവലിയായി പേർ ചാർത്ത
പ്പെട്ട എല്ലാവർക്കും ഓഹരി കൊടുക്കു
വാനായി അവരുടെ പട്ടണങ്ങളുടെ
ചുറ്റുമുള്ള പുൽപ്രദേശങ്ങളിലെ അഹരോ
ന്യരായ പുരോഹിതന്മാർക്കും ഓരോ പട്ട

ണത്തിൽ പേർ വിവരം പറഞ്ഞിരുന്ന പുരു
20 ഷന്മാരുണ്ടായിരുന്നു. ഹെസക്കിയ യഹൂദ
യിൽ ഇപ്രകാരം ചെയ്തു; തൻെറ ദൈവമായ
കർത്താവിൻെറ സന്നിധിയിൽ നന്മയും
21 ന്യായവും സത്യവും പ്രവർത്തിച്ചു. അവൻ
ദൈവാലയത്തിലെ ശുശ്രൂഷ സംബന്ധി
ച്ചും ന്യായപ്രമാണവും കല്പനയും സംബ
ന്ധിച്ചും തൻെറ ദൈവത്തെ അന്വേഷിക്കേ
ണ്ടതിനു ആരംഭിച്ച സകല പ്രവൃത്തിയിലും
പൂർണ്ണഹൃദയത്തോടെ പ്രവർത്തിച്ചു
കൃതാർത്ഥനായി.

അദ്ധ്യായം 32

1 ഈ കാര്യങ്ങളും ഈ വിശ്വസ്ത
പ്രവർത്തനങ്ങളും കഴിഞ്ഞപ്പോൾ ആസൂർ
രാജാവായ സൻഹേരീബ് വന്നു യഹൂദ
യിൽ കടന്നു ഉറപ്പുള്ള പട്ടണങ്ങളെ നിരോ
ധിച്ചു. വലകൈ തരുവിൻ എന്നു അവൻ
2 പറഞ്ഞു. സൻഹേരീബ് വന്നു യറുശലേ
മിനെ ആക്രമിക്കുവാൻ ഒരുങ്ങുന്നു എന്നു
ഹെസക്കിയ കണ്ട് പട്ടണത്തിനു പുറത്തു
3 ള്ള ഉറവുകളിലെ വെള്ളം നിർത്തിക്കള
യുവാൻ തൻെറ പ്രഭുക്കന്മാരോടും യുദ്ധ
വീരന്മാരോടും ആലോചന നടത്തി. അവർ
4 അവനെ സഹായിച്ചു. അങ്ങനെ വളരെ ജനം
ഒന്നിച്ചുകൂടി; ആസൂർ രാജാക്കന്മാർ വന്നു
ഏറിയ വെള്ളം കാണുന്നതു എന്തിനു
എന്നു പറഞ്ഞു. എല്ലാ ഉറവുകളും ദേശത്തി
ൻെറ നടുവിൽക്കൂടി ഒഴുകിയ തോടും അട
5 ച്ചു. അവൻ ധൈര്യപ്പെട്ടു, ഇടിഞ്ഞുപോയ
കോട്ടകളെല്ലാം പണിതു, ഗോപുരങ്ങളും
പുറത്തു വേറൊരു മതിലും കെട്ടി ഉയർത്തി.
അനവധി കുന്തവും പരിചയും ഉണ്ടാക്കി.
6 അവൻ ജനത്തിനു സേനാനായകന്മാരെ
നിയമിച്ചു. അവരെ നഗരവാതില്ക്കലുള്ള
വിശാലസ്ഥലത്തു തൻെറ അടുക്കൽ
ഒന്നിച്ചുകൂട്ടി അവരോടു സംസാരിച്ചു; ഉറ
7 പ്പും ധൈര്യവും ഉള്ളവരായിരിപ്പിൻ; ആസൂർ
രാജാവിനെയും അവനോടുകൂടെയുള്ള
സകല സമൂഹത്തെയും ഭയപ്പെരുത്;
8 നിങ്ങൾ ഭ്രമിക്കരുതു, അവനോടുകൂടെയു
ള്ളതിലും വലിയവൻ നമ്മോടു കൂടെ ഉണ്ട്.
അവനോടുകൂടെ മാംസഭുജമേയുള്ളു;
നമ്മോടുകൂടെയോ നമ്മെ സഹായിക്കുവാ
നും നമ്മുടെ യുദ്ധങ്ങളെ നടത്തുവാനും ന
മ്മുടെ ദൈവമായ കർത്താവ് ഉണ്ടു എന്നു
പറഞ്ഞു; ജനം യഹൂദാരാജാവായ ഹെസ
ക്കിയായുടെ വാക്കുകളിൽ ആശ്രയിച്ചു.
9 ആസൂർ രാജാവായ സൻഹേരീബ്—
അവനും അവനോടുകൂടെയുള്ള സൈന്യ
മെല്ലാം ലാഖീശിനരികെ പാളയമിറങ്ങി—
തൻെറ ദാസന്മാരെ യറൂശലേമിലേക്കു
യഹൂദരാജാവായ ഹെസക്കിയായുടെയു
യറുശലേമിലെ സകല യഹൂദ്യരുടെയു
അടുക്കൽ അയച്ചു പറയിച്ചതു: ആസൂർ
രാജാവായ സൻഹേരീബ് ഇപ്രകാരം
പറയുന്നു: നിങ്ങൾ യറുശലേമിൽ നിരോധം
സഹിച്ചു കഴിയുവാൻ എന്തിലാണ് ആശ്ര
യിക്കുന്നതു? നമ്മുടെ ദൈവമായ കർത്താവ്
നമ്മെ ആസൂർ രാജാവിൻെറ കയ്യിൽനിന്നു
വിടുവിക്കും എന്നു ഹെസക്കിയാ പറ
ഞ്ഞു തെറ്റിച്ച് വിശപ്പും ദാഹവുംകൊണ്ടു
മരിക്കേണ്ടതിനു നിങ്ങളെ പ്രലോഭിപ്പിക്ക
യല്ലയോ? അവൻെറ പൂജാഗിരികളും യാഗ
പീഠങ്ങളും നീക്കിക്കളയുകയും യഹൂദ
യോടും യറുശലേമിനോടും നിങ്ങൾ ഒരേ
പീഠത്തിനു മുമ്പിൽ നമസ്ക്കരിച്ച് അതി
ന്മേൽ ധൂപം അർപ്പിക്കണം എന്നു കല്പി
ക്കയും ചെയ്തതു ഈ ഹെസക്കിയാതന്നെ
യല്ലേ? ഞാനും എൻെറ പിതാക്കന്മാരും
അതതു ദേശങ്ങളിലെ സകല ജാതിക
ളോടു എന്തു ചെയ്തുവെന്നു നിങ്ങൾക്കു
അറിഞ്ഞുകൂടെ? ആ ദേശങ്ങളിലെ ജാതി
കളുടെ ദേവന്മാർക്കു അവരുടെ ദേശങ്ങൾ
എൻെറ കയ്യിൽനിന്നു വിടുവിപ്പാൻ കഴി
ഞ്ഞുവോ? എൻെറ പിതാക്കന്മാർ നിർമ്മൂല
നാശം വരുത്തിയിരിക്കുന്ന ജാതികളുടെ
സകല ദേവന്മാരിൽ ഒരുവനും തൻെറ
ജനത്തെ എൻെറ കയ്യിൽനിന്നു വിടുവി
പ്പാൻ കഴിയാതിരിക്കെ നിങ്ങളുടെ ദൈവ
ത്തിനും നിങ്ങളെ എൻെറ കയ്യിൽനിന്നു
വിടുവിപ്പാൻ കഴിയുമോ? ആകയാൽ ഹെ
സക്കിയ നിങ്ങളെ ചതിക്കരുത്; ഇങ്ങനെ
നിങ്ങളെ പ്രലോഭിപ്പിക്കരുത്; നിങ്ങൾ
അവനെ വിശ്വസിക്കരുത്; യാതൊരു ജാതി
യുടെയോ രാജ്യത്തിൻെറയോ ദേവനും
തൻെറ ജനത്തെ എൻെറ കയ്യിൽനിന്നും
എൻെറ പിതാക്കന്മാരുടെ കയ്യിൽനിന്നും
വിടുവിക്കാനും കഴിഞ്ഞിട്ടില്ല; നിങ്ങളുടെ
ദൈവത്തിനു നിങ്ങളെ എൻെറ കയ്യിൽ
നിന്നു വിടുവിക്കുവാൻ കഴിയുകയില്ല.
അവൻെറ ദാസന്മാർ ദൈവമായ കർത്താ
വിനും അവൻെറ ദാസനായ ഹെസ
ക്കിയായ്ക്കും വിരോധമായി പിന്നെയും
പലതും സംസാരിച്ചു. അതതു ദേശങ്ങളിലെ
ജാതികളുടെ ദേവന്മാർ തങ്ങളുടെ ജന
ത്തെ എൻെറ കയ്യിൽ നിന്നു വിടുവിക്കാ
തിരിക്കുന്നതുപോലെ ഹെസക്കിയായുടെ
ദൈവവും തൻെറ ജനത്തെ എൻെറ കയ്യിൽ
നിന്നും വിടുവിക്കയില്ല എന്നിങ്ങനെ അവ

യലിന്റെ ദൈവമായ കർത്താവി
ന്ദിപ്പാനും അവനു വിരോധമായി
പ്പാനും എഴുത്തും എഴുതി അയച്ചു.
കീഴടക്കുവാൻ അവർ യറുശലേ
ലിന്മേൽ ഉള്ള ജനത്തെ ഭയവിഹ്വ
വാൻ യഹൂദ്യഭാഷയിൽ അവരോ
ക്ക വിളിച്ചു പറഞ്ഞു. മനുഷ്യരുടെ
നിയായ ജാതികളുടെ ദേവന്മാരെ
ച്ചന്നപോലെ യറുശലേമിന്റെ
ത്തെക്കുറിച്ചു സംസാരിച്ചു. ഇതു
ഹെസക്കിയാ രാജാവും ആമോ
മകനായ ഏശായ പ്രവാചകനും
ച്ചു. സ്വർഗ്ഗത്തിലേക്കു നിലവിളി
പ്പാൾ ദൈവം ഒരു ദൂതനെ അയച്ചു;
അശൂർ രാജാവിന്റെ പാളയ
സകല വീരന്മാരെയും പ്രഭുക്കന്മാ
സനാധിപന്മാരെയും സംഹരിച്ചു;
ാണ്ടു അവൻ ലജ്ജയോടെ സ്വദേ
ു മടങ്ങിപ്പോകേണ്ടിവന്നു; അ
ന്റെ ദേവന്റെ ക്ഷേത്രത്തിൽ ചെന്ന
അവന്റെ ബീജത്തിൽനിന്നു ഉത്ഭ
അവനെ അവിടെവെച്ചു വാൾകൊ
ാന്നുകളഞ്ഞു. ഇങ്ങനെ ദൈവം
ിയായെയും യറുശലേം നിവാസി
ആസൂർ രാജാവായ സൻഹേരീ
കയ്യിൽനിന്നും മറ്റെല്ലാവരുടെയും
ന്നും രക്ഷിച്ചു അവർക്കു വിശ്രമം
പലരും യറുശലേമിൽ ദൈവത്തി
കളും യഹൂദാരാജാവായ ഹെസ
ക്ക് വിശേഷവസ്തുക്കളും കൊണ്ടു
വൻ അന്നുമുതൽ സകല ജാതി
ും ദൃഷ്ടിയിൽ ഉന്നതനായി

കാലത്തു ഹെസക്കിയായ്ക്കു
ായ രോഗം ബാധിച്ചു; അവൻ
ോടു പ്രാർത്ഥിച്ചു: നീ വളരെ
ങ്ങൾ എനിക്കായി ചെയ്തു, എന്റെ
കൾക്കനുസരിച്ചല്ലയോ നീ പ്രതി
തു എന്നു പറഞ്ഞു. എന്നാൽ
യാ തനിക്കു ലഭിച്ച ഉപകാരത്തി
ം നടക്കാതെ നിഗളിച്ചു; അതു
അവന്റെ മേലും യഹൂദയുടെ
ുശലേമിന്മേലും കോപം ഉണ്ടാ
ലും തന്റെ ഗർവ്വത്തെക്കുറിച്ചു
യായും യറുശലേം നിവാസിക
ുളത്തന്നെ താഴ്ത്തി; അതുകൊ
കോപം ഹെസക്കിയായുടെ
അവരുടെ മേൽ വന്നില്ല.
യായ്ക്ക് വേണ്ടത്ര ധനവും
ണ്ടായിരുന്നു; അവൻ വെള്ളി,
പൊന്നു, രത്നം, സുഗന്ധവർഗ്ഗം, പരിച, സക
ലവിധ മനോഹരവസ്തുക്കൾ എന്നിവയ്ക്കാ
യി ഭണ്ഡാരഗൃഹങ്ങളും ധാന്യം, വീഞ്ഞ്, 28
എണ്ണ എന്നിവയ്ക്കായി സംഭരണശാല
കളും സകലവിധ മൃഗങ്ങൾക്കും ആലയ
ങ്ങളും ആട്ടിൻകൂട്ടങ്ങൾക്കു തൊഴുത്തു
കളും ഉണ്ടാക്കി. ദൈവം അവന് ഏറെ 29
സമ്പത്തു കൊടുത്തിരുന്നതിനാൽ അവൻ
പട്ടണങ്ങളെയും ആടുമാടുകളെയും
വളരെയേറെ സമ്പാദിച്ചു. ഹെസക്കിയാ 30
ഗീഹോൻ വെള്ളത്തിന്റെ മേലത്തെ
ഒഴുക്കു തടുത്തു ദാവീദിന്റെ നഗര
ത്തിന്റെ പടിഞ്ഞാറുഭാഗത്തു താഴോട്ടു
വരുത്തി. അങ്ങനെ ഹെസക്കിയാ തന്റെ
എല്ലാ പ്രവൃത്തികളിലും കൃതാർത്ഥനായി. 31
എങ്കിലും ദേശത്തിൽ സംഭവിച്ചിരുന്ന
അത്ഭുതത്തെക്കുറിച്ചു ചോദിക്കുവാൻ
ബാബേൽ പ്രഭുക്കന്മാർ അവന്റെ അടു
ക്കൽ അയച്ച ദൂതന്മാരുടെ കാര്യത്തിൽ
അവന്റെ ഹൃദയത്തിലുള്ളതെല്ലാം അറി
യുവാൻ തക്കവണ്ണം അവനെ പരീക്ഷി
ക്കേണ്ടതിനു ദൈവം അവനെ വിട്ടു 32
കൊടുത്തു. ഹെസക്കിയായുടെ മറ്റുള്ള
കാര്യങ്ങളും അവന്റെ സൽപ്രവൃത്തി
കളും ആമോസിന്റെ മകനായ ഏശായ
പ്രവാചകന്റെ ദർശനത്തിലും യഹൂദയി
ലെയും ഇസ്രായേലിലെയും രാജാക്കന്മാ
രുടെ പുസ്തകത്തിലും എഴുതിയിരിക്കുന്നു. 33
ഹെസക്കിയാ തന്റെ പിതാക്കന്മാരെ
പ്പോലെ നിദ്രപ്രാപിച്ചു; ദാവീദിന്റെ
പുത്രന്മാരുടെ കല്ലറകളിലേക്കുള്ള കയറ്റ
ത്തിൽ അവനെ സംസ്ക്കരിച്ചു; അവന്റെ
മരണസമയത്തു എല്ലാ യഹൂദയും യറു
ശലേം നിവാസികളും അവനെ ബഹുമാ
നിച്ചു. അവന്റെ മകനായ മനശ്ശ അവനു
പകരം രാജാവായി.

അദ്ധ്യായം 33

മനശ്ശ വാഴ്ച തുടങ്ങിയപ്പോൾ അവനു 1
പന്ത്രണ്ടു വയസ്സായിരുന്നു; അവൻ അൻപ
ത്തഞ്ചു സംവത്സരം യറുശലേമിൽ വാണു.
ദൈവം ഇസ്രായേൽമക്കളുടെ മുമ്പിൽ 2
നിന്നു നീക്കിക്കളഞ്ഞ ജാതികളുടെ അശു
ദ്ധിയെ അനുകരിച്ച് അവൻ ദൈവത്തിന്
അനിഷ്ടമായതു ചെയ്തു. അവൻ തന്റെ 3
പിതാവായ ഹെസക്കിയാ ഇടിച്ചുകളഞ്ഞ
പൂജാഗിരികളെ വീണ്ടും പണിതു. വിഗ്രഹ
ങ്ങൾക്കു ബലിപീഠങ്ങൾ തീർത്തു, പ്രതി
ഷ്ഠകളും ഉണ്ടാക്കി, ആകാശത്തിലെ
സർവ്വ സൈന്യത്തെയും നമസ്ക്കരിച്ചു

4 ആരാധിച്ചു. യറുശലേമിൽ എൻെറ നാമം
ഇരിക്കുമെന്നു ദൈവം അരുളിച്ചെയ്ത
ദൈവാലയത്തിലും അവൻ ബലിപീഠ
5 ങ്ങൾ പണിതു. ദൈവാലയത്തിൻെറ
പ്രാകാരം രണ്ടിലും അവൻ ആകാശത്തിലെ
സൈന്യത്തിനു ബലിപീഠങ്ങൾ പണിതു.
6 അവൻ തൻെറ പുത്രനെ ബെൻ-ഹിന്നോം
താഴ്‌വരയിൽ അഗ്നിപ്രവേശം ചെയ്യിച്ചു;
മുഹൂർത്തം നോക്കി, ആഭിചാരവും
ക്ഷുദ്രവും പ്രയോഗിച്ചു, ദർശകന്മാരെയും
ലക്ഷണം പറയുന്നവരെയും നിയമിച്ചു,
ദൈവത്തിനു അനിഷ്ടമായവ പലതും
7 ചെയ്തു അവനെ പ്രകോപിപ്പിച്ചു. താൻ
ഉണ്ടാക്കിയ നാലു മുഖമുള്ള വിഗ്രഹപ്രതിമ
അവൻ ദൈവാലയത്തിൽ പ്രതിഷ്ഠിച്ചു;
ഈ ആലയത്തെക്കുറിച്ചോ: "ഈ ആലയ
ത്തിലും ഞാൻ എല്ലാ ഇസ്രായേൽ ഗോത്ര
ങ്ങളിലുംനിന്നു തിരഞ്ഞെടുത്തിരിക്കുന്ന
യറുശലേമിലും ഞാൻ എൻെറ നാമം
8 എന്നേക്കും സ്ഥാപിക്കും എന്നും ഞാൻ
മോശ മുഖാന്തരം ഇസ്രായേലിനോടു
കല്പിച്ച സകല ന്യായപ്രമാണത്തെയും
ചട്ടങ്ങളെയും ന്യായങ്ങളെയും അനുസ
രിച്ചു നടപ്പാൻ അവർ സൂക്ഷിക്കുമെങ്കിൽ
ഞാൻ നിങ്ങളുടെ പിതാക്കന്മാർക്കായി
നിശ്ചയിച്ച ദേശത്തുനിന്നു അവരുടെ
കാൽ ഞാൻ ഇനി നീക്കിക്കളകയില്ല"
എന്നും ദൈവം ദാവീദിനോടും അവൻെറ
മകനായ ശലോമോനോടും അരുളിച്ചെ
9 യ്തിരുന്നു. ദൈവം ഇസ്രായേൽ പുത്രന്മാ
രുടെ മുമ്പിൽനിന്നു നശിപ്പിച്ച ജാതികൾ
ചെയ്തതിലും അധികം തിന്മ ചെയ്യുവാൻ
തക്കവണ്ണം മനശ്ശെ യഹൂദയെയും യറു
ശലേം നിവാസികളെയും തെറ്റിച്ചു. ദൈവം
10 മനശ്ശെയോടും അവൻെറ ജനത്തോടും
സംസാരിച്ചു; എങ്കിലും അവർ ശ്രദ്ധിച്ചില്ല.
11 ആകയാൽ ദൈവം ആസൂർ രാജാവിൻെറ
സേനാധിപന്മാരെ അവരുടെ നേരെ
വരുത്തി; അവൻ മനശ്ശെയെ ജീവനോടെ
പിടിച്ചു ചങ്ങലയിട്ടു ബാബേലിലേക്കു
12 കൊണ്ടുപോയി. ദുരിതത്തിൽ പെട്ടപ്പോൾ
അവൻ തൻെറ ദൈവമായ കർത്താവി
നോടു അപേക്ഷിച്ചു, തൻെറ പിതാക്കന്മാ
രുടെ ദൈവത്തിൻെറ മുമ്പിൽ സ്വയം
താഴ്ത്തി അവനോടു പ്രാർത്ഥിച്ചു. അവൻ
13 അവൻെറ പ്രാർത്ഥന സ്വീകരിച്ചു, അവൻെറ
യാചന കേട്ടു അവനെ വീണ്ടും യറുശലേ
മിൽ അവൻെറ രാജത്വത്തിലേക്ക് തിരികെ
വരുത്തി; കർത്താവു തന്നെ ദൈവം എന്നു
മനശ്ശെയ്ക്കു ബോധ്യമായി.

പിന്നീട് അവൻ ഗീഹോനു പടിഞ്ഞാറു 14
താഴ്‌വരയിൽ മീൻവാതിലിൻെറ പ്രവേ
ശനംവരെ ദാവീദിൻെറ നഗരത്തിനു ഒരു
പുറംകോട്ട പണിതു; അവൻ അതു ഓഫേ
ലിനു ചുറ്റും വളരെ ഉയർത്തി പണിയുകയും
യഹൂദയിലെ സുശക്തപട്ടണങ്ങളിൽ സേനാ
ധിപന്മാരെ പാർപ്പിക്കയും ചെയ്തു. അവൻ
ദൈവത്തിൻെറ ആലയത്തിൽനിന്നു അന്യ 15
ദൈവങ്ങളെയും വിഗ്രഹത്തെയും ദൈവാ
ലയം നില്ക്കുന്ന പർവ്വതത്തിലും യറു
ശലേമിലും താൻ പണിതിരുന്ന സകല
ബലിപീഠങ്ങളെയും നീക്കി നഗരത്തിനു
പുറത്തു എറിഞ്ഞുകളഞ്ഞു. അവൻ 16
ദൈവത്തിൻെറ യാഗപീഠം നന്നാക്കി, അതി
ന്മേൽ സമാധാനയാഗങ്ങളും സ്തോത്രയാഗ
ങ്ങളും അർപ്പിച്ചു; ദൈവമായ കർത്താ
വിനല്ലാതെ മറ്റു ബലികൾ കഴിക്കരുതു
എന്നു കല്പിച്ചു. മനശ്ശെയുടെ മറ്റുള്ള കാര്യ 17
ങ്ങളും അവൻ തൻെറ ദൈവത്തോടു കഴി
ച്ച പ്രാർത്ഥനയും ഇസ്രായേലിൻെറ ദൈവ
മായ കർത്താവിൻെറ നാമത്തിൽ അവനോ
ടു സംസാരിച്ച പ്രവാചകന്മാരുടെ വചനങ്ങ
ളും ഇസ്രായേൽ രാജാക്കന്മാരുടെ പുസ്തക
ത്തിൽ എഴുതിയിരിക്കുന്നു. അവൻെറ 18
പ്രാർത്ഥനയും ദൈവം അവൻെറ പ്രാർത്ഥന
കേട്ടതും അവൻ സ്വയം താഴ്ത്തിയതിനു
മുമ്പെയുള്ള അവൻെറ സകല പാപവും
അകൃത്യവും അവൻ പൂജാഗിരികളെ പണി
യുകയും പ്രതിഷ്ഠകളെയും വിഗ്രഹങ്ങ
ളെയും പ്രതിഷ്ഠിക്കുകയും ചെയ്ത സ്ഥല
ങ്ങളും ഹന്നാൻ പ്രവാചകൻെറ പുസ്തക
ത്തിൽ എഴുതിയിരിക്കുന്നു. മനശ്ശെ തൻെറ 19
പിതാക്കന്മാരെപ്പോലെ നിദ്രപ്രാപിച്ചു;
അവനെ അവൻെറ അരമനയിലാണ്
സംസ്കരിച്ചത്; അവൻെറ മകനായ
ആമോൻ അവനു പകരം രാജാവായി.

ആമോൻ വാഴ്ച തുടങ്ങിയപ്പോൾ 20
അവന് ഇരുപത്തിരണ്ടു വയസ്സായിരുന്നു;
അവൻ രണ്ടു സംവത്സരം യറുശലേമിൽ
വാണു. അവൻ തൻെറ പിതാവായ മനശ്ശെ 21
ചെയ്തതുപോലെ ദൈവത്തിനു വെറുപ്പാ
യതു ചെയ്തു; തൻെറ പിതാവായ മനശ്ശെ 22
ഉണ്ടാക്കിയ സകല വിഗ്രഹങ്ങൾക്കും
ആമോൻ ബലികഴിച്ചു അവയെ സേവിച്ചു;
തൻെറ പിതാവായ മനശ്ശെ തന്നെത്താൻ
ദൈവമുമ്പാകെ താഴ്ത്തിയതുപോലെ
അവൻ സ്വയം താഴ്ത്തിയില്ല; ആമോൻ
മേൽക്കുമേൽ പാപം ചെയ്തു. അവൻെറ
ഭൃത്യന്മാർ അവനെതിരെ ഗൂഢാ 23
ലോചന നടത്തി അവനെ അവൻെറ

യിൽവച്ചു കൊന്നു. എന്നാൽ
ത്ത ജനം ആമോൻ രാജാവിനെതിരെ
ലോചന നടത്തിയവരെ കൊന്നു
ു; ദേശത്തെ ജനം അവൻെറ മക
യോശീയായെ അവനു പകരം
ാക്കി.

അദ്ധ്യായം 34

ാശീയാ വാഴ്ച തുടങ്ങിയപ്പോൾ
എട്ടു വയസ്സായിരുന്നു; അവൻ
ാന്നു സംവത്സരം യറുശലേമിൽ
അവൻ ദൈവത്തിനു പ്രസാദമാ
യ്തു; തൻെറ പിതാവായ ദാവീദി
ഴികളിൽ വലത്തോട്ടോ ഇടത്തോ
ാതെ നടന്നു. അവൻെറ എട്ടാം
ൽ അവൻെറ ബാല്യത്തിൽതന്നെ,
തൻെറ പിതാവായ ദാവീദിൻെറ
ത്ത അന്വേഷിച്ചുതുടങ്ങി; പന്ത്ര
ണ്ടിൽ അവൻ പൂജാഗിരികളെയും
ഠകളെയും വിഗ്രഹങ്ങളെയും
ങ്ങളെയും നീക്കി യഹൂദയെയും
ലം നിവാസികളെയും വെടിപ്പാക്കു
ുടങ്ങി. അവൻ ബാൽവിഗ്രഹങ്ങ
ലിപീഠങ്ങളെ ഇടിച്ചുകളഞ്ഞു; അവ
മേലുള്ള സൂര്യസ്തംഭങ്ങളെ അവൻ
ഞ്ഞു; പ്രതിഷ്ഠകളെയും വിഗ്രഹ
ംബിംബങ്ങളെയും തകർത്തു പൊ
, അവയ്ക്കു ബലികഴിച്ചവരുടെ
ിന്മേൽ വിതറി. അവൻ പൂജാരിക
സ്ഥികളെ അവരുടെ ശവകുടീര
നിന്നു എടുത്ത് ദഹിപ്പിക്കയും
യയും യറുശലേമിനെയും വെടിപ്പാ
ചെയ്തു. അങ്ങനെതന്നെ അവൻ
ടെയും എഫ്രയീമിൻെറയും ശെമ
ും പട്ടണങ്ങളിൽ നഫ്താലിവരെ
സരങ്ങളിലും അവരുടെ വീഥിക
യ്തു. അവൻ ബലിപീഠങ്ങൾ ഇടിച്ചു
കളെയും വിഗ്രഹങ്ങളെയുമെല്ലാം
പൊടിയാക്കി, ഇസ്രായേൽ ദേശ
ല്ലായിടത്തും സകല സൂര്യസ്തംഭ
ട്ടിക്കളഞ്ഞു യറുശലേമിലേക്കു
ന്നു.
ൻെറ വാഴ്ചയുടെ പതിനെട്ടാം
ദേശത്തെയും ആലയത്തെയും
ിയശേഷം അവൻ അസല്യായു
ായ ശാഫാനെയും നഗരാധിപതി
യശേയായെയും യോവാശിൻെറ
എഴുത്തുകാരൻ യോവാഹിനെ
ൻെറ ദൈവമായ കർത്താവിൻെറ
ിൻെറ കേടുപാടു തീർക്കുവാൻ

നിയോഗിച്ചു. അവർ മഹാപുരോഹിതനായ 9
ഹില്ക്കീയായുടെ അടുക്കൽ ചെന്നപ്പോൾ
വാതിൽ കാവല്ക്കാരായ ലേവ്യർ മനശ്ശ
യോടും എഫ്രയീമിനോടും ശേഷമുള്ള
എല്ലാ ഇസ്രായേലിനോടും എല്ലാ യഹൂദ
യോടും ബെന്യാമീനോടും യറുശലേം നിവാ
സികളോടും പിരിച്ചെടുത്തു ദൈവാലയ
ത്തിൽ സൂക്ഷിച്ചിരുന്ന ദ്രവ്യം ഏല്പിച്ചു
കൊടുത്തു. അവർ അതു ദൈവാ 10
ലയത്തിൽ പണിചെയ്യിക്കുന്ന മേൽവി
ചാരകരുടെ കയ്യിലും അവർ ദൈവാ
ലയത്തിൻെറ അറ്റകുറ്റം തീർത്തു നന്നാ
ക്കുവാൻ ആലയത്തിൽ പണിചെയ്യുന്ന
പണിക്കാർക്കും കൊടുത്തു. ചെത്തിയ 11
കല്ലും ചേർപ്പുപണിക്കു തടിയും വാങ്ങു
വാൻ, യഹൂദാരാജാക്കന്മാർ നശിപ്പിച്ചിരുന്ന
കെട്ടിടങ്ങൾക്കു തുലാങ്ങൾ വേക്കേണ്ട
തിനു ആശാരികൾക്കും പണിക്കാർക്കും
കൊടുത്തു. ആ പുരുഷന്മാർ വിശ്വസ്തതയോ 12
ടെ പ്രവർത്തിച്ചു; മെരാര്യരിൽ യഹത്ത്,
ഓബദ്യാ എന്ന ലേവ്യരും പണിനടത്തുവാൻ
കെഹാത്യരിൽ സഖര്യായും മെശുല്ലാമും.
വാദ്യപ്രയോഗത്തിൽ സാമർത്ഥ്യമുള്ള
സകല ലേവ്യരും അവരുടെ മേൽവിചാര
കന്മാർ ആയിരുന്നു. അവർ ചുമട്ടുകാർക്കും 13
അതതു വേല ചെയ്യുന്ന എല്ലാ പണിക്കാർ
ക്കും മേൽവിചാരകന്മാരായിരുന്നു; ലേവ്യ
രിൽ ചിലർ എഴുത്തുകാരും ഉദ്യോഗസ്ഥ
ന്മാരും വാതിൽ കാവൽക്കാരും ആയിരുന്നു.
അവർ ദൈവാലയത്തിൽ പിരിഞ്ഞു 14
കിട്ടിയവ പുറത്ത് എടുത്തപ്പോൾ ഹി
ല്ക്കീയാ പുരോഹിതൻ ദൈവം മോശ
മുഖാന്തരം കൊടുത്ത ന്യായപ്രമാണപു
സ്തകം കണ്ടെത്തി. ഹില്ക്കീയാ എഴുത്തു 15
കാരനായ ശാഫാനോടു: ഞാൻ ദൈവാ
ലയത്തിൽ ന്യായപ്രമാണപുസ്തകം
കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞു.
ഹില്ക്കീയാ പുസ്തകം ശാഫാൻെറ കയ്യിൽ 16
കൊടുത്തു. ശാഫാൻ പുസ്തകം രാജാവി
ൻെറ അടുക്കൽ കൊണ്ടുചെന്നു. രാജസന്നി
ധിയിൽ ബോധിപ്പിച്ചു: അടിയങ്ങൾക്കു
കല്പന തന്നതുപോലെ എല്ലാം ചെയ്തിരി
ക്കുന്നു. ദൈവാലയത്തിൽ കണ്ട ദ്രവ്യം 17
പുറത്തു എടുത്തു വിചാരകന്മാരുടെ
കൈയിലും വേലക്കാരുടെ കൈയിലും
കൊടുത്തിരിക്കുന്നു. എഴുത്തുകാരനായ
ശാഫാൻ രാജാവിനോടു: ഹില്ക്കീയ പുരോ 18
ഹിതൻ ഒരു പുസ്തകം എൻെറ കൈയിൽ
തന്നിരിക്കുന്നു എന്നും ബോധിപ്പിച്ചു;
ശാഫാൻ രാജസന്നിധിയിൽ വായിച്ചു

19 കേൾപ്പിച്ചു. ന്യായപ്രമാണത്തിലെ വാക്യ
20 ങ്ങൾ കേട്ട് രാജാവു വസ്ത്രം കീറി. രാജാവു
ഹില്ക്കീയാവോടും ശാഫാന്റെ മകൻ
അഹീക്കാമിനോടും മീഖയുടെ മകൻ
അബ്ദോനോടും എഴുത്തുകാരനായ
ശാഫാനോടും രാജഭൃത്യനായ അസായാ
21 യോടും കല്പിച്ചതു എന്തെന്നാൽ: നിങ്ങൾ
ചെന്നു, കണ്ടുകിട്ടിയിരിക്കുന്ന ഈ പു
സ്തകത്തിലെ വാക്യങ്ങളെക്കുറിച്ചു എനി
ക്കും ഇസ്രായേലിലും യഹൂദയിലും ശേഷി
ച്ചിരിക്കുന്നവർക്കും വേണ്ടി ദൈവത്തോടു
പ്രാർത്ഥിപ്പിൻ; ഈ പുസ്തകത്തിൽ എഴുതി
യിരിക്കുന്നതെല്ലാം അനുസരിച്ചു നടക്ക
ത്തക്കവണ്ണം നമ്മുടെ പിതാക്കന്മാർ
ദൈവവചനത്തെ പ്രമാണിക്കാതെയി
രുന്നതിനാൽ നമ്മുടെമേൽ ചൊരിഞ്ഞിരി
ക്കുന്ന ദൈവകോപം വലുതല്ലോ. അങ്ങനെ
22 ഹില്ക്കീയാവും രാജാവു നിയോഗിച്ച
വരും ഹസ്രയുടെ മകനായ തൊക്ഹത്തി
ന്റെ മകനായി രാജവസ്ത്രവിചാരകനായ
ശല്ലൂമിന്റെ ഭാര്യ ഹുൽദാ എന്ന പ്രവാച
കിയുടെ അടുക്കൽ ചെന്നു — അവൾ
യറുശലേമിൽ രണ്ടാം ഭാഗത്തു പാർത്തി
രുന്നു;— അവളോടു ആ കാര്യത്തെ
23 ക്കുറിച്ചു സംസാരിച്ചു. അവൾ അവരോടു
ഉത്തരം പറഞ്ഞു: ഇസ്രായേലിന്റെ ദൈവ
മായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യു
ന്നു: നിങ്ങളെ എന്റെ അടുക്കൽ അയച്ച
പുരുഷനോടു നിങ്ങൾ പറയേണ്ടതു
24 എന്തെന്നാൽ: ദൈവം ഇപ്രകാരം അരുളി
ച്ചെയ്യുന്നു: ഞാൻ ഈ സ്ഥലത്തിനും
നിവാസികൾക്കും, യഹൂദാ രാജാവിന്റെ
മുമ്പാകെ വായിച്ചു കേൾപ്പിച്ച പുസ്തക
ത്തിൽ എഴുതിയിരിക്കുന്ന സകല ശാപ
25 ങ്ങളുമായ അനർത്ഥം വരുത്തും. അവർ
എന്നെ ഉപേക്ഷിച്ചു തങ്ങളുടെ സകല
പ്രവൃത്തികളാലും എനിക്കു കോപം വരത്ത
ക്കവണ്ണം അന്യദൈവങ്ങൾക്കു ധൂപം
അർപ്പിച്ചതുകൊണ്ട് എന്റെ കോപം ഈ
സ്ഥലത്തു ചൊരിയും; അതു കെട്ടുപോകു
26 കയും ഇല്ല. എന്നാൽ ദൈവത്തോടു
ചോദിക്കുവാൻ നിങ്ങളെ അയച്ച യഹൂദാ
രാജാവിനോടു നിങ്ങൾ പറയേണ്ടതു
എന്തെന്നാൽ: നീ കേട്ടിരിക്കുന്ന വചന
ങ്ങളെക്കുറിച്ചു ഇസ്രായേലിന്റെ ദൈവ
മായ കർത്താവ് ഇപ്രകാരം അരുളി
27 ച്ചെയ്യുന്നു: ഈ സ്ഥലത്തിനും നിവാ
സികൾക്കും വിരോധമായുള്ള ദൈവ
ത്തിന്റെ വചനങ്ങൾ നീ കേട്ടപ്പോൾ
നിന്റെ ഹൃദയം അലിഞ്ഞു നീ എന്റെ
മുൻപാകെ സ്വയം താഴ്ത്തുകയു
നിന്റെ വസ്ത്രം കീറി എന്റെ മുമ്പാകെ
കരയുകയും ചെയ്യുകകൊണ്ടു ഞാനു
നിന്റെ അപേക്ഷ കേട്ടിരിക്കുന്നു എന്ന
കർത്താവിന്റെ അരുളപ്പാടു. ഞാ
നിന്നെ നിന്റെ പിതാക്കന്മാരോടു
ചേർത്തുകൊള്ളും; നീ സമാധാനത്തോ
ടെ നിന്റെ കല്ലറയിൽ അടക്കപ്പെടു
ഞാൻ ഈ സ്ഥലത്തിനും നിവാസിക
ക്കും വരുത്തുവാൻ പോകുന്ന അനർത്ഥ
മൊന്നും നിന്റെ കണ്ണു കാണുകയുമില്ല
അവർ രാജാവിനെ ഈ മറുപടി ബോധി
പ്പിച്ചു.

രാജാവു ആളയച്ചു യഹൂദയിലു
യറുശലേമിലുമുള്ള എല്ലാ മൂപ്പന്മാരെയു
വരുത്തി. രാജാവും സകല യഹൂദാപുരുഷ
ന്മാരും യറുശലേം നിവാസികളും പുരോ
ഹിതന്മാരും ലേവ്യരും ആബാലവൃദ്ധ
സർവ്വ ജനവും ദൈവാലയത്തിൽ
ചെന്നു; അവൻ ദൈവാലയത്തിൽവെച്ചു
കണ്ടുകിട്ടിയ നിയമപുസ്തകത്തിലെ വാക്യ
ങ്ങളെല്ലാം അവരെ കേൾപ്പിച്ചു. രാജാവു
തന്റെ സ്ഥാനത്തുനിന്നുകൊണ്ടു താൻ
ദൈവത്തെ അനുസരിക്കുകയും അവ
ന്റെ കല്പനകളും സാക്ഷ്യങ്ങളും നിയമ
ങ്ങളും പൂർണ്ണഹൃദയത്തോടും പൂർണ്ണമ
നസ്സോടും കൂടെ അനുസരിച്ചു നടക്കുകയു
ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന
നിയമത്തിന്റെ വചനങ്ങൾ ആചരിക്കുക
യും ചെയ്യുമെന്നു ദൈവമുമ്പാകെ സത്യം
ചെയ്തു. യറുശലേമിലും ബെന്യാമി
നിലും ഉണ്ടായിരുന്നവരെയെല്ലാം അവൻ
അതിൽ സഹകരിപ്പിച്ചു. യറുശലേം നിവാ
സികൾ തങ്ങളുടെ പിതാക്കന്മാരുടെ ദൈവ
മായ ദൈവത്തിന്റെ നിയമപ്രകാരം ചെയ്തു
യോശീയാ ഇസ്രായേൽ മക്കൾക്കുള്ള
സകല ദേശങ്ങളിൽനിന്നും സകല അശു
ദ്ധിയും നീക്കിക്കളഞ്ഞു. ഇസ്രായേലിൽ
ഉള്ളവരെല്ലാം തങ്ങളുടെ ദൈവമായ
കർത്താവിനെ സേവിക്കാനിടയാക്കി. അവ
ന്റെ കാലത്തെല്ലാം അവർ തങ്ങളുടെ
പിതാക്കന്മാരുടെ ദൈവമായ കർത്താവിനെ
ഉപേക്ഷിച്ചില്ല.

അദ്ധ്യായം 35

അനന്തരം യോശീയാ യറുശലേമിൽ
ദൈവത്തിനു പെസഹ ആചരിച്ചു; ഒന്നാം
മാസം പതിന്നാലാം തീയതി അവർ പെസഹ
അറുത്തു. അവൻ പുരോഹിതന്മാരെ
താന്താങ്ങളുടെ ജോലിയ്ക്കു നിർത്തി;

ചയത്തിലെ ശുശ്രൂഷയ്ക്കായി
നിയമിച്ചു. അവൻ എല്ലാ
ലിലുമുള്ള ലേവ്യരോടു പറഞ്ഞ
ങ്ങൾ ദൈവത്തിനു വിശുദ്ധരാകു
സായേൽ രാജാവായ ദാവീദിന്റെ
ലോമോൻ പണിത ആലയത്തിൽ
പെട്ടകം വെപ്പിൻ; ഇനി അതു നിങ്ങ
ളുകൾക്കു ഭാരമായിരിക്കയില്ല;
ടെ ദൈവമായ കർത്താവിനെയും
ജനമായ ഇസ്രായേലിനെയും
കൊള്ളണം. ഇസ്രായേൽ രാജാ
വീദിന്റെയും അവന്റെ മകൻ
ന്റെയും എഴുത്തുകളിൽ കാണു
ലെ കുടുംബംകുടുംബമായും
യും നിങ്ങളെത്തന്നെ ക്രമപ്പെടു
നിങ്ങളുടെ സഹോദരന്മാരായ
ന്റെ പിതൃഭവനവിഭാഗം അനുസ
രോന്നിനു ലേവ്യരുടെ ഓരോ
ഭാഗം വരുവാൻ തക്കവണ്ണം
ന്ദിരത്തിൽ നിലകൊള്ളുവിൻ.
നിങ്ങൾ പെസഹ അറുത്തു
ത്തന്നെ വിശുദ്ധീകരിക്കുകയും
ന്തരം ഉണ്ടായ ദൈവത്തിന്റെ
ടു നിങ്ങളുടെ സഹോദരന്മാർ
ക്കേണ്ടതിനു അവരെ സജ്ജരാ
ചെയ്യണം. യോശീയാ അവിടെ
ന്ന എല്ലാവർക്കും വേണ്ടി
യാഗങ്ങൾക്കായി രാജാവിന്റെ
ൻകൂട്ടത്തിൽനിന്നു ആകെ മുപ്പ
കുഞ്ഞാടിനെയും വെള്ളാട്ടിൻ
മൂവായിരം കാളയെയും ജന
ടുത്തു. അവന്റെ പ്രഭുക്കന്മാ
ത്തിനും പുരോഹിതന്മാർക്കും
ഔദാര്യത്തോടെ കൊടുത്തു;
പ്രമാണികളായ ഹില്ക്കീയാ
യായും യെഹീയേലും പുരോ
ക്കു പെസഹായാഗങ്ങൾക്കാ
യിരത്തറുനൂറു കുഞ്ഞാടിനെ
കാളയെയും കൊടുത്തു. കോന
അവന്റെ സഹോദരന്മാരായ
നെഥനയേലും ലേവ്യരുടെ
രായ ഹശബ്യായും യെഹീയേ
ബാദും ലേവ്യർക്കു പെസഹാ
ക്കായി അയ്യായിരം കുഞ്ഞാടി
ഞ്ഞൂറു കാളയെയും കൊടുത്തു.
ശുശ്രൂഷ ക്രമത്തിലായി; രാജ
കാരം പുരോഹിതന്മാർ തങ്ങളു
ത്തും ലേവ്യർ കൂറുകൂറായും
വർ പെസഹ അറുത്തു; പുരോ
അവരുടെ കൈയിൽനിന്നു രക്തം

വാങ്ങി തളിക്കുകയും ലേവ്യർ തോലുരി 12
ക്കയും ചെയ്തു. പിന്നെ മോശയുടെ പുസ്തക
ത്തിൽ എഴുതിയിരിക്കുന്നതുപോലെ
കർത്താവിനു പ്രഭാതംതോറും അർപ്പിക്കേ
ണ്ടതിനു അവർ ജനത്തിന്റെ പിതൃഭവന
വിഭാഗം അനുസരിച്ചു കൊടുപ്പാൻ തക്ക
വണ്ണം ഹോമയാഗത്തെയും അങ്ങനെത
ന്നെ കാളകളെയും നീക്കിവെച്ചു. അവർ 13
വിധിപോലെ പെസഹയെ തീയിൽ ചുട്ടു;
സമർപ്പിതസാധനങ്ങൾ കലങ്ങളിലും കുട്ട
കങ്ങളിലും ചട്ടികളിലും വേവിച്ചു സർവ്വ
ജനത്തിനും വേഗം വിളമ്പിക്കൊടുത്തു.
പിന്നെ അവർ തങ്ങൾക്കും പുരോഹിത 14
ന്മാർക്കും വേണ്ടി ഒരുക്കി; അഹറോന്യ
രായ പുരോഹിതന്മാർ ഹോമയാഗങ്ങളും
മേദസ്സും അർപ്പിക്കുന്നതിൽ രാത്രിവരെ
അദ്ധ്വാനിച്ചിരുന്നതുകൊണ്ടു ലേവ്യർ
തങ്ങൾക്കും അഹറോന്യരായ പുരോഹിത
ന്മാർക്കും വേണ്ടി തയാറാക്കി. ആസാഫ്യ 15
രായ സംഗീതക്കാർ ദാവീദിന്റെയും ആസാ
ഫിന്റെയും ഹേമാന്റെയും രാജാവിന്റെ
പ്രവാചകനായ യെദൂഥൂന്റെയും കല്പന
പ്രകാരം തങ്ങളുടെ സ്ഥാനത്തും വാതിൽ
കാവൽക്കാർ അതതു വാതിൽക്കലും
നിന്നു; അവർക്കു തങ്ങളുടെ ശുശ്രൂഷ വിട്ടു
പോകുവാൻ ആവശ്യമില്ലായിരുന്നു; അവ
രുടെ സഹോദരന്മാരായ ലേവ്യർ അവർക്കു
എല്ലാം കൊടുത്തു. ഇങ്ങനെ യോശീയാ 16
രാജാവിന്റെ കല്പനപ്രകാരം പെസഹ
ആചരിക്കുവാനും ദൈവത്തിന്റെ യാഗ
പീഠത്തിന്മേൽ ഹോമയാഗങ്ങൾ അർപ്പിക്കു
വാനും വേണ്ടിയുള്ള ദൈവത്തിന്റെ സകല
ശുശ്രൂഷയും അന്നു ക്രമത്തിലായി. അവിടെ
ഉണ്ടായിരുന്ന ഇസ്രായേൽ മക്കൾ ആ സമ 17
യത്തു പെസഹയും പുളിപ്പില്ലാത്ത അപ്പ
ത്തിന്റെ പെരുന്നാളും ഏഴുദിവസം ആച
രിച്ചു. ശമുവേൽ പ്രവാചകന്റെ കാലം 18
മുതൽ ഇസ്രായേലിൽ ഇതുപോലെ ഒരു
പെസഹ ആചരിച്ചിട്ടില്ല; യോശീയായും
പുരോഹിതന്മാരും ലേവ്യരും അവിടെ ഉണ്ടാ
യിരുന്ന എല്ലാ യഹൂദയും ഇസ്രായേലും
യറുശലേം നിവാസികളും ആചരിച്ച ഈ
പെസഹപോലെ ഇസ്രായേൽ രാജാക്കന്മാ
രാരും ആചരിച്ചിട്ടില്ല. യോശീയായുടെ 19
വാഴ്ചയുടെ പതിനെട്ടാം വർഷം ഈ
പെസഹ ആചരിച്ചു.

യോശീയാ ദൈവാലയത്തെ യഥാ 20
സ്ഥാനത്താക്കുക മുതലായ കാര്യങ്ങളെ
ല്ലാം കഴിഞ്ഞശേഷം മെസ്രേൻ രാജാവായ
നെഖോ, യൂഫ്രത്തിസിനു സമീപമുള്ള

മാബൂഗ് ആക്രമിക്കുവാൻ പോകവെ
യോശീയാ അവൻെറ നേരെ പുറപ്പെട്ടു.
21 എന്നാൽ അവൻ അവൻെറ അടുക്കൽ
ദൂതന്മാരെ അയച്ചു: യഹൂദാരാജാവേ,
എനിക്കും നിനക്കും എന്തു? ഞാൻ
ഇന്നു നിൻെറ നേരെ അല്ല യുദ്ധത്തിനു
പുറപ്പെട്ടിരിക്കുന്നതു; ദൈവം എന്നോടു
ബദ്ധപ്പെടുവാൻ കല്പിച്ചിരിക്കുന്നു;
എൻെറ പക്ഷത്തിലുള്ള ദൈവം നിന്നെ
നശിപ്പിക്കാതെയിരിക്കേണ്ടതിനു അവ
22 നോടു ഇടപെടരുതു എന്നു പറയിച്ചു. എങ്കി
ലും യോശീയാ വിട്ടുതിരിയാതെ അവ
നോടു യുദ്ധം ചെയ്തു. ഫറവോൻ പറഞ്ഞ
വചനങ്ങൾ കേട്ടില്ല, അത് കർത്താവിൽ
നിന്നുണ്ടായതാണെന്നു യോശീയാ അറി
ഞ്ഞില്ല. അവൻ മെഗിദ്ദോ താഴ്വരയിൽ
23 യുദ്ധം ചെയ്യുവാൻ ചെന്നു. ഫറവോൻ രണ്ട്
അമ്പുകൾ യോശീയായുടെ നേരെ എയ്തു;
രാജാവു തൻെറ ഭൃത്യന്മാരോടു: എന്നെ
കൊണ്ടുപോകുവിൻ; ഞാൻ മരണകരമായ
24 മുറിവേറ്റിരിക്കുന്നു എന്നു പറഞ്ഞു. അങ്ങ
നെ അവൻെറ ഭൃത്യന്മാർ അവനെ രഥ
ത്തിൽ നിന്നിറക്കി അവൻെറ രണ്ടാം രഥ
ത്തിൽ ആക്കി യറുശലേമിൽ കൊണ്ടുവന്നു;
അവൻ മരിച്ചു; അവൻെറ പിതാക്കന്മാരുടെ
കല്ലറയിൽ അവനെ അടക്കം ചെയ്തു. എല്ലാ
യഹൂദയും യറുശലേമും യോശീയായെക്കു
25 റിച്ച് വിലപിച്ചു. എറമിയായും യോശീയാ
യെക്കുറിച്ചു വിലപിച്ചു; സകല സംഗീത
ക്കാരും സംഗീതക്കാരികളും ഇന്നുവരെ
അവരുടെ വിലാപങ്ങളിൽ യോശീയായെ
ക്കുറിച്ചു പ്രസ്താവിക്കുന്നു; ഇസ്രായേ
ലിൽ അത് ഒരു ചട്ടമാക്കിയിരിക്കുന്നു;
അവ വിലാപങ്ങളിൽ എഴുതിയിരിക്കുന്നു.
26 യോശീയായുടെ മറ്റുള്ള കാര്യങ്ങളും
ദൈവത്തിൻെറ ന്യായപ്രമാണത്തിൽ എഴു
തിയിരിക്കുന്ന പ്രകാരമുള്ള അവൻെറ
27 സൽപ്രവൃത്തികൾ മുഴുവനും അവൻെറ
ചരിത്രവും ഇസ്രായേലിലെയും യഹൂദയി
ലെയും രാജാക്കന്മാരുടെ പുസ്തകത്തിൽ
എഴുതിയിരിക്കുന്നു.

അദ്ധ്യായം 36

1 ദേശത്തെ ജനം യോശീയായുടെ മക
നായ യെഹോവാഹാസിനെ കൂട്ടിക്കൊ
ണ്ടുവന്നു അവനെ പിതാവിനു പകരം
2 യറുശലേമിൽ രാജാവാക്കി. യെഹോവാ
ഹാസ് വാഴ്ച തുടങ്ങിയപ്പോൾ അവനു
ഇരുപത്തിമൂന്നു വയസ്സായിരുന്നു; അവൻ
മൂന്നു മാസം യറുശലേമിൽ വാണു.

മെസ്രേൻ രാജാവു അവനെ യറുശലേമിൽ
നിന്നു മാറ്റി. (ദേശത്തിനു നൂറു താലന്ത്
വെള്ളിയും ഒരു താലന്ത് പൊന്നും പിഴ
കല്പിച്ചു.) മെസ്രേൻ രാജാവു അവൻെറ
സഹോദരനായ എല്യാക്കീമിനെ യഹൂദ
യ്ക്കും യറുശലേമിനും രാജാവാക്കി; അവ
ൻെറ പേർ യെഹോയാക്കീം എന്നു മാറ്റി.
അവൻെറ സഹോദരനായ യെഹോവാഹാ
സിനെ നെഖോ പിടിച്ചു മെസ്രേനിലേക്കു
കൊണ്ടുപോയി.

യെഹോയാക്കീം വാഴ്ച തുടങ്ങിയ
പ്പോൾ അവനു ഇരുപത്തഞ്ചു വയസ്സായി
രുന്നു; അവൻ പതിനൊന്നു സംവത്സരം
യറുശലേമിൽ വാണു; അവൻ തൻെറ
ദൈവത്തിനു അനിഷ്ടമായവ ചെയ്തു.
അവനെതിരെ ബാബേൽ രാജാവായ
നെബൂഖദ്നേസർ വന്നു അവനെ ചങ്ങല
യിട്ടു ബാബേലിലേക്കു കൊണ്ടുപോയി.
നെബൂഖദ്നേസർ ദൈവാലയത്തിലെ
ഉപകരണങ്ങളും ബാബേലിൽ കൊണ്ടു
പോയി ബാബേലിൽ തൻെറ ദേവൻെറ
ക്ഷേത്രത്തിൽ വച്ചു. യെഹോയാക്കീമിൻെറ
മറ്റുള്ള കാര്യങ്ങളും അവൻ ചെയ്തതും
അവനിൽ കണ്ടതുമായ തിന്മകളും ഇസ്രാ
യേലിലെയും യഹൂദയിലെയും രാജാക്ക
ന്മാരുടെ പുസ്തകത്തിൽ എഴുതിയിരിക്കു
ന്നു. അവൻെറ മകനായ യെഹോയാഖീം
അവനു പകരം രാജാവായി.

യെഹോയാഖീം വാഴ്ച തുടങ്ങിയ
പ്പോൾ അവനു പതിനെട്ടു വയസ്സായിരു
ന്നു; അവൻ നൂറു ദിവസം യറുശലേമിൽ
വാണു; അവൻ ദൈവത്തിന് അനിഷ്ട
മായവ ചെയ്തു. എന്നാൽ പിറ്റെ ആണ്ടിൽ
നെബൂഖദ്നേസർ രാജാവു ആളയച്ച്
അവനെയും ദൈവാലയത്തിലെ മനോഹര
മായ ഉപകരണങ്ങളും ബാബേലിലേക്കു
വരുത്തി. അവൻെറ സഹോദരനായ സെദ
ക്കീയായെ യഹൂദയ്ക്കും യറുശലേമിനും
രാജാവാക്കി.

സെദക്കീയാ വാഴ്ച തുടങ്ങിയപ്പോൾ 11
അവനു ഇരുപത്തൊന്നു വയസ്സായിരുന്നു;
അവൻ പതിനൊന്നു സംവത്സരം യറുശ
ലേമിൽ വാണു. അവൻ തൻെറ ദൈവമായ
കർത്താവിന് അനിഷ്ടമായവ ചെയ്തു.
കർത്താവിന് വായിൽനിന്നുള്ള വചനം
പ്രസ്താവിച്ച എറമിയാ പ്രവാചകൻെറ
മുമ്പിൽ തന്നത്താൻ താഴ്ത്തിയില്ല. അവ
നെക്കൊണ്ടു ദൈവനാമത്തിൽ സത്യം
ചെയ്യിച്ചിരുന്ന നെബൂഖദ്നേസർ രാജാ
വിനോട് അവൻ മത്സരിച്ചു എതിർക്കുകയും

യലിന്റെ ദൈവമായ കർത്താ
ു തിരിയാതെ തന്റെ ഹൃദയം
ാക്കുകയും ചെയ്തു. പുരോഹിത
പ്രധാനികളെല്ലാം, ജനവും ജാതി
സകല അശുദ്ധിയും അനുകരിച്ച്
അകൃത്യം ചെയ്തു; യറുശലേമിൽ
വിശുദ്ധീകരിച്ച അവന്റെ ആല
അശുദ്ധമാക്കി. അവരുടെ പിതാക്ക
ദൈവമായ കർത്താവിന് തന്റെ
ാടും തന്റെ ആടുകളോടും സഹ
തോന്നി. അവൻ കരുതലോടെ
ദൂതന്മാരെ അവരുടെ അടുക്കൽ
അവരോ ദൈവത്തിന്റെ ദൂത
രിഹസിച്ചു അവന്റെ വാക്കുകളെ
ച്ചു പോംവഴിയില്ലാതാകുംവണ്ണം
ാപം തന്റെ ജനത്തിനു നേരെ
ക്കുന്നതുവരെ അവന്റെ ദൂതന്മാ
ച്ചു. അവൻ കൽദായരാജാവിനെ
തിരെ അയച്ചു. അവരുടെ വിശു
ത്തുവച്ച് അവൻ അവരുടെ യുവ
ര വാളിന്നിരയാക്കി. യുവാക്ക
കന്യകമാരോടോ, വൃദ്ധന്മാരോ
ലകുടിക്കുന്ന കുഞ്ഞുങ്ങളോടു
ാ അവൻ കരുണ കാണിച്ചില്ല.
എല്ലാവരെയും അവന്റെ കൈക
പിച്ചു. ദൈവാലയത്തിലെ വലു
തുമായ പാത്രങ്ങളും, ദൈവാലയ
ും രാജാവിന്റെയും പ്രഭുക്കന്മാ
ഭണ്ഡാരങ്ങളും അവൻ ബാബേ
കൊണ്ടുപോയി. അവൻ ദൈവാ
ലയം അഗ്നിക്കിരയാക്കി. യറുശലേമിന്റെ
കോട്ട സമൂലം നശിപ്പിച്ചു. എല്ലാ കൊട്ടാര
ങ്ങളും തീവെച്ചു നശിപ്പിച്ചു. സർവ്വമനോ
ഹര വസ്തുക്കളും നശിപ്പിച്ചു. വാളിന്നിര 20
യാകാതെ അവശേഷിച്ചവരെ അവൻ
ബാബേലിലേക്കു അടിമകളാക്കി കൊണ്ടു
പോയി. പേർഷ്യയ്ക്കു രാജ്യം അധീനമാ
കുന്നതുവരെ അവർ അവനും അവന്റെ
മക്കൾക്കും അടിമവേല ചെയ്തു. ഏറമിയ 21
വഴിയായി കർത്താവ് അരുളിയ വചനം
അങ്ങനെ നിവൃത്തിയായി. ദേശം അതിന്റെ
ശാബത് ആചരിച്ചു. എഴുപതു വർഷം
പൂർത്തിയാകുന്നതുവരെ ദേശം ശൂന്യമായി
ക്കിടന്നു.

പേർഷ്യാരാജാവായ കുറെശി(സൈ 22
റസ്)ന്റെ വാഴ്ചയുടെ ഒന്നാം ആണ്ടിൽ,
ഏറമിയ വഴിയായി ദൈവം കല്പിച്ച വചനം
പൂർത്തിയാകേണ്ടതിന്, ദൈവം അവന്റെ
മനസ്സുണർത്തി. അവന്റെ സാമ്രാജ്യത്തി
ലാകെ വിളംബരം ചെയ്തു. "പേർഷ്യൻ 23
ചക്രവർത്തിയായ സൈറസ് ഇപ്രകാരം
ആജ്ഞാപിക്കുന്നു. ആകാശത്തിന്റെ
ദൈവമായ കർത്താവ്, ഭൂരാജ്യങ്ങളെല്ലാം
എനിക്കു തന്നിരിക്കുന്നു. യഹൂദ്യയിലെ
യറുശലേമിൽ, തനിക്ക് ആലയം നിർമ്മി
ക്കുവാൻ അവൻ എന്നോടു കല്പിച്ചിരി
ക്കുന്നു. ദൈവമായ കർത്താവിന്റെ ജന
ത്തിൽ ഉൾപ്പെട്ടവരായി നിങ്ങളിൽ ആരെങ്കി
ലുമുണ്ടെങ്കിൽ അവൻ എന്റെ അടുക്കൽ
കയറിവരട്ടെ.

ദിനവൃത്താന്തം രണ്ടാം പുസ്തകം സമാപ്തം

രാജാവും ദീർഘദർശിയുമായ ദാവീദിൻെറ
സങ്കീർത്തനങ്ങൾ

1

1 അനീതിയുള്ളവരുടെ വഴിയിൽ നട
ക്കാതെയും, പാപികളുടെ ആലോച
നയിൽ നില്ക്കാതെയും, പരിഹാസികളുടെ
പീഠത്തിന്മേൽ ഇരിക്കാതെയും,
2 കർത്താവിൻെറ പ്രമാണത്തിൽ പ്ര
സാദം തോന്നി രാവും പകലും തൻെറ വേദ
പ്രമാണത്തെ ധ്യാനിക്കയും ചെയ്യുന്ന മനു
ഷ്യനു ഭാഗ്യം.
3 അവൻ ആററരികെ നടപ്പെട്ടിരിക്കു
ന്നതും, തക്കകാലത്തു ഫലം തരുന്നതും,
ഇല പൊഴിഞ്ഞു പോകാത്തതുമായ വൃക്ഷം
പോലെ ആയിരിക്കും. അവൻ ചെയ്യുന്ന
തെല്ലാം പൂർത്തിയാക്കും.
4 ദുഷ്ടന്മാർ ഇങ്ങനെയല്ല; കാററ് പറ
ത്തുന്ന പൊടിപോലെയത്രെ.
5 ആകയാൽ ദുഷ്ടന്മാർ ന്യായവിധി
യിലും പാപികൾ നീതിമാന്മാരുടെ സമൂ
ഹത്തിലും നില്ക്കുകയില്ല.
6 എന്തെന്നാൽ നീതിമാന്മാരുടെ വഴി
കർത്താവ് അറിയുന്നു; ദുഷ്ടന്മാരുടെ വഴി
നശിച്ചുപോകും.

2

1 പുറജാതികൾ കലഹിച്ചതും, സ്വജനം
വ്യർത്ഥകാര്യം ചിന്തിച്ചതും എന്തിന്ന്?
2 ഭൂമിയിലെ രാജാക്കന്മാരും അധികാരി
കളും എഴുന്നേററു കർത്താവിന്നു വിരോധ
മായും തൻെറ അഭിഷിക്തനു വിരോധ
മായും ഒരുമിച്ചു ആലോചിച്ചതു:
3 നാം അവരുടെ പാശത്തെ പൊട്ടിച്ച്
അവരുടെ നുകം നമ്മിൽനിന്നു എറിഞ്ഞു
കളയാം.
4 സ്വർഗ്ഗത്തിൽ ഇരിക്കുന്നവൻ ചിരിക്കും,
കർത്താവ് അവരെ പരിഹസിക്കും.
5 അപ്പോൾ താൻ തൻെറ കോപത്തോടെ
അവരെക്കുറിച്ചു സംസാരിച്ച്, തൻെറ ക്രോ
ധത്താൽ അവരെ പരിഭ്രമിപ്പിക്കും.
6 എൻെറ ഉടമ്പടിയെ വിവരമായി അറിയി
പ്പാൻ എൻെറ വിശുദ്ധപർവ്വതമായ സെഹി
യോനിൽ ഞാൻ എൻെറ രാജാവിനെ വാഴി
ച്ചു. കർത്താവു എന്നോടു നീ എൻെറ പു
ത്രൻ എന്നും ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചു
എന്നും അരുളിച്ചെയ്തു.
നീ എന്നോടു ചോദിക്കുക; നിനക്കവ 7
കാശമായി പുറജാതികളേയും നിനക്കാ
ധീനമായി ഭൂമിയുടെ അതിർത്തികളേയും
ഞാൻ തരും.
നീ അവരെ ഇരുമ്പുവടിയാൽ മേയി 8
ക്കും. കുശവൻെറ പാത്രംപോലെ നീ അവ
രെ ഉടച്ചുകളയും എന്ന് അരുളിച്ചെയ്തു.
രാജാക്കന്മാരെ! നിങ്ങൾ ഇപ്പോൾ ഗ്രഹി 9
പ്പിൻ. ഭൂമിയിലെ ന്യായാധിപന്മാരെ! നി
ങ്ങൾ ഉപദേശം കൈക്കൊൾവിൻ.
ഭക്തിപൂർവ്വം കർത്താവിനെ സേവിച്ച്, 10
വിറയലോടെ തന്നിൽ അഭയം പ്രാപിപ്പിൻ.
പുത്രൻ കോപിക്കാതെയും, തൻെറ 11
മാർഗ്ഗത്തിൽനിന്നു നിങ്ങൾ നശിച്ചു പോ
കാതെയും ഇരിപ്പാൻ അവനെ നിങ്ങൾ
ചുംബിപ്പിൻ.
എന്തെന്നാൽ അവൻെറ കോപം ക്ഷണ 12
ത്തിൽ ജ്വലിക്കുന്നു; അവനിൽ പ്രത്യാശി
ക്കുന്ന എല്ലാവർക്കും ഭാഗ്യം.

3

കർത്താവെ! എന്നെ ഉപദ്രവിക്കുന്ന 1
വർ അത്യധികം വർദ്ധിച്ചു; എനിക്കു
വിരോധമായി നില്ക്കുന്നവർ അനേക
രാകുന്നു.
നിൻെറ ദൈവത്തിൽ നിനക്കു രക്ഷ 2
യില്ല എന്ന് എൻെറ ആത്മാവിനോടു
പറയുന്നവർ പലരുണ്ട്.
കർത്താവെ! നീ എൻെറ സഹായകനും 3
എൻെറ ബഹുമാനവും എൻെറ ശിരസ്
ഉയർത്തുന്നവനും ആകുന്നു.
ഞാൻ എൻെറ ശബ്ദത്തിൽ കർത്താ 4
വിനെ വിളിച്ചു; തൻെറ പരിശുദ്ധ പർവ്വത
ത്തിൽ നിന്നു അവൻ എന്നോടുത്തരമരുളി.
ഞാൻ കിടന്നുറങ്ങി; കർത്താവ് എന്നെ 5
താങ്ങിയതുകൊണ്ടു ഞാൻ ഉണർന്നു.
എന്നെ വളഞ്ഞ് എനിക്കു വിരോധമായി 6
തുനിഞ്ഞിറങ്ങിയിരിക്കുന്ന പതിനായിര
ങ്ങളെ ഞാൻ ഭയപ്പെടുകയില്ല.
എൻെറ ദൈവമായ കർത്താവേ! എഴു 7
ന്നേറ്റു എന്നെ രക്ഷിക്കണമേ; എന്തെന്നാൽ
നീ എൻെറ സകല ശത്രുക്കളുടേയും ചെകി
ട്ടത്തടിച്ചു ദുഷ്ടന്മാരുടെ പല്ലുകൾ തകർത്തു;

കർത്താവിന്നുള്ളതാകുന്നു;
ന്നനുഗ്രഹം എന്നേക്കും നിൻെറ
ന്മേലുണ്ട്.

ൻെറ ദൈവവും എൻെറ നീതി
ുടെ രക്ഷകനുമേ! ഞാൻ നിന്നെ
ുാൾ നീ എന്നോട് ഉത്തരമരുളി
ത്തെരുക്കങ്ങളിൽ എന്നെ ആശ്വസി
ന്നോടു കരുണചെയ്ത് എൻെറ
കേൾക്കണമെ.

ഷ്യപുത്രന്മാരെ! നിങ്ങൾ എത്ര
എൻെറ ബഹുമാനത്തെ മറയ്ക്ക
ർത്ഥതയെ സ്നേഹിക്കുകയും
അന്വേഷിക്കയും ചെയ്യുന്നു.
ദോ?

ാവു അത്ഭുതത്താൽ തിരഞ്ഞെ
വനെ തനിക്കായി വേർതിരിച്ചു
റിഞ്ഞുകൊൾവിൻ; ഞാൻ
ിനെ വിളിക്കുമ്പോൾ താൻ

ൻ കോപിപ്പിൻ, എന്നാൽ പാപം
; നിങ്ങളുടെ ഹൃദയങ്ങളിൽ
നിങ്ങളുടെ കിടക്കകളിന്മേൽ
ും ചെയ്‌വിൻ.

ൻ നീതിയുടെ ബലികൾ കഴിച്ചു
ൽ ആശ്രയിപ്പിൻ.

ന നമുക്ക് ആരു കാണിച്ചുതരു
വൻെറ മുഖപ്രകാശം നമ്മുടെ
ിക്കട്ടെ എന്നും പറയുന്നവർ

ാവെ! അവരുടെ കോതമ്പും
എണ്ണയും ഒരുമിച്ചു സമാധാന
ർദ്ധിച്ച കാലത്തു ഉണ്ടായതി
എൻെറ ഹൃദയത്തിൽ നിൻെറ
നീ തന്നു.

സമാധാനത്തോടെ കിടന്നുറ
ന്നാൽ കർത്താവേ! നീ എന്നെ
ിക്കുമാറാക്കും.

ാവേ! എൻെറ വചനങ്ങളെ
ിച്ച് എൻെറ ധ്യാനത്തെ അറിയ

രാജാവും എൻെറ ദൈവവുമെ!
വിളിയുടെ ശബ്ദം കേൾക്ക

വെ! ഞാൻ പ്രാർത്ഥിക്കുന്നതു
. പ്രഭാതസമയത്ത് എൻെറ
ൾക്കണമെ! പ്രഭാതസമയത്തു
ി നിനക്കു കാണപ്പെടും.
തയിൽ ഇഷ്ടമില്ലാത്ത ദൈവം
; ദുഷ്ടൻ നിന്നോടു കൂടെ
ല്ല.

പ്രശംസക്കാർ നിൻെറ കണ്ണിനു മുമ്പാ 5
കെ നില്ക്കയില്ല; വ്യാജംചെയ്യുന്ന എല്ലാ
വരേയും നീ ദ്വേഷിച്ചു.

വ്യാജം സംസാരിക്കുന്നവരെ നീ നശി 6
പ്പിക്കും; രക്തം ചിന്തുന്നവനേയും വഞ്ചക
നേയും കർത്താവു നിരസിക്കും.

നിൻെറ കൃപയുടെ ബഹുത്വത്താൽ 7
ഞാൻ നിൻെറ ഭവനത്തിലേക്കു പ്രവേശി
ച്ച് നിൻെറ വിശുദ്ധ ആലയത്തിൽ ആരാ
ധിക്കും.

കർത്താവേ! നിന്നെയുള്ള ഭയഭക്തി 8
യിലും, നിൻെറ പുണ്യത്തിലും എന്നെ നട
ത്തേണമെ! എൻെറ ശത്രുക്കൾ നിമിത്തം
എൻെറ മുമ്പിൽ നിൻെറ വഴി ചൊവ്വാക്ക
ണമെ!

എന്തെന്നാൽ അവരുടെ വായിൽ 9
നീതിയില്ല; എന്നാലോ അവരുടെ ഉള്ളിൽ
വഞ്ചനയുണ്ട്. അവരുടെ തൊണ്ട തുറന്ന
ശവക്കുഴികൾപോലെയാകുന്നു. അവരുടെ
നാവുകൾകൊണ്ടു മുഖസ്തുതി പറയു
കയും ചെയ്യുന്നു.

ദൈവമെ! അവരെ കുററപ്പെടുത്തണ 10
മേ! അവർ അവരുടെ ആലോചനകളാൽ
തന്നെ വീഴട്ടെ; അവരുടെ അനീതിയുടെ
ബഹുത്വത്താൽ അവരെ തള്ളിക്കളയ
ണമെ. അവർ നിന്നോടു മത്സരിച്ചു.

നിന്നിൽ ആശ്രയിക്കുന്നവരെല്ലാം 11
നിന്നെക്കുറിച്ച് സന്തോഷിച്ചു എന്നേ
ക്കും നിന്നെ സ്തുതിക്കും; നീ അവരിൽ
വസിക്കും; നിൻെറ തിരുനാമത്തെ സ്നേ
ഹിക്കുന്നവരെല്ലാം നിന്നാൽ ബലം പ്രാ
പിക്കും.

എന്തെന്നാൽ നീ നീതിമാന്മാരെ അനു 12
ഗ്രഹിക്കും. കർത്താവെ! തക്കതായ ഒരു
പരിചകൊണ്ടെന്നപോലെ നീ എന്നെ
മറച്ചുകൊള്ളണമെ!

6 കർത്താവേ! നിൻെറ കോപത്തിൽ 1
എന്നെ ശാസിക്കരുതെ! നിൻെറ
ക്രോധത്തിൽ എന്നെ ശിക്ഷിക്കയും
അരുതെ!

കർത്താവെ! ഞാൻ ബലഹീനനാക 2
യാൽ എന്നോടു കരുണചെയ്യേണമെ!
എൻെറ അസ്ഥികൾ ഇളകിയിരിക്കകൊ
ണ്ട് എന്നെ സൗഖ്യമാക്കണമെ!

എൻെറ ആത്മാവ് എത്രയും ചഞ്ചല 3
പ്പെട്ടു; കർത്താവെ! നീ എത്രത്തോളം?
(താമസിക്കും?)

കർത്താവെ! നീ തിരിഞ്ഞു എൻെറ 4
ആത്മാവിനെ വിടുവിക്കണമെ. നിൻെറ
കൃപയാൽ എന്നെ രക്ഷിക്കണമെ.

5 എന്തെന്നാൽ മൃതാവസ്ഥയിൽ നിന്നെ
ക്കുറിച്ചു ഓർമ്മയില്ല. പാതാളത്തിൽ നിന്നെ
സ്തോത്രം ചെയ്യുന്നവനാരാകുന്നു?
6 എൻെറ നെടുവീർപ്പുകളാൽ ഞാൻ
ക്ഷീണിച്ചു രാത്രിതോറും ഞാൻ എൻെറ
കിടക്കയെ (കണ്ണുനീരിനാൽ) നനച്ചു;
എൻെറ കണ്ണുനീരുകളാൽ എൻെറ കിടക്ക
യെ ഞാൻ ഈറനാക്കി.
7 ദുഃഖം നിമിത്തം എൻെറ കണ്ണിനു വേ
ദനയുണ്ടായി; എൻെറ സകല ശത്രുക്കളും
നിമിത്തം അതു കലങ്ങുകയും ചെയ്തു.
8 ദുഷ്കർമ്മികളായ സകലരുമേ എന്നെ
വിട്ടുമാറുവിൻ; എന്തെന്നാൽ കർത്താവ്
എൻെറ രോദനശബ്ദം കേട്ടു.
9 കർത്താവ് എൻെറ അപേക്ഷ കേട്ടു;
കർത്താവ് എൻെറ പ്രാർത്ഥന കൈ
ക്കൊണ്ടു.
10 എൻെറ ശത്രുക്കളെല്ലാവരും എത്രയും
ലജ്ജിക്കയും ഭ്രമിക്കയുംചെയ്യും; അവർ
പിന്തിരിഞ്ഞു പെട്ടെന്നു നശിച്ചുപോകും.

7

1 എൻെറ ദൈവമായ കർത്താവെ!
ഞാൻ നിന്നിൽ പ്രത്യാശവച്ചു.
എന്നെ രക്ഷിക്കണമെ! എന്നെ പീഡിപ്പി
ക്കുന്ന എല്ലാവരിൽനിന്നും എന്നെ രക്ഷി
ക്കണമെ!
2 രക്ഷകനും വീണ്ടെടുപ്പുകാരനും ഇല്ലെ
ന്നുവന്നിട്ട് എൻെറ പ്രാണനെ സിംഹംപോ
ലെ തകർത്തു കളയാതിരിക്കട്ടെ.
3 എൻെറ ദൈവമായ കർത്താവെ! ഞാൻ
ഇതു ചെയ്തിട്ടുണ്ടെങ്കിൽ, എൻെറ കൈ
കളിൽ അന്യായം ഉണ്ടെങ്കിൽ,
4 എന്നോടു അകൃത്യം ചെയ്തവനോടു
ഞാൻ പ്രതികാരം ചെയ്തിട്ടുണ്ടെങ്കിൽ,
കാരണം കൂടാതെ എൻെറ വൈരികളെ
ഞാൻ ഞെരുക്കിയിട്ടുണ്ടെങ്കിൽ;
5 ശത്രു എൻെറ പ്രാണനെ പിന്തുടർന്നു
പിടിച്ച്, എൻെറ ജീവനെ ഭൂമിയിലിട്ടു ചവിട്ടി,
എൻെറ മഹത്വത്തെ പുഴിയിൽ ആക്കട്ടെ.
6 കർത്താവെ! നിൻെറ കോപത്തോടെ
എഴുന്നേററു, എൻെറ ശത്രുക്കളുടെ കണ്ഠ
ത്തിന്മേൽ നീ പ്രബലപ്പെടണമെ!; നീ
കല്പിച്ചിട്ടുള്ള തീർപ്പനുസരിച്ചു എനി
ക്കായി ഉണർന്നിരിക്കണമെ!
7 സ്വജാതികളുടെ സഭ നിൻെറ ചുററും
നിൽക്കട്ടെ; അതിനു വേണ്ടി നീ ഉയരത്തി
ലേക്കു തിരിച്ചെഴുന്നള്ളണമെ!
8 കർത്താവു പുറജാതികളെ വിധിക്കും;
കർത്താവെ! എൻെറ നീതിക്കും, എൻെറ
പരമാർത്ഥതയ്ക്കും തക്കവണ്ണം എന്നെ
വിധിക്കണമെ.

ദുഷ്ടന്മാരുടെ മേൽ ദോഷം പൂർത്ത
യാകട്ടെ. നീ നീതിമാന്മാരെ സ്ഥിരപ്പെ
ത്തണമെ; നീതിമാനായ ദൈവം ഹൃദ
ത്തെയും അന്തരിന്ദ്രിയങ്ങളേയും പരിശോ
ധിക്കുന്നു.

ഹൃദയനേരുള്ളവരെ രക്ഷിക്കുന്ന
നായ ദൈവം എന്നെ സഹായിക്കുന്ന
നാകുന്നു.

ദൈവം സത്യവാനായ ന്യായാധിപ
കുന്നു. താൻ നിത്യവും കോപിക്കുന്നില്ല.

മാനസാന്തരപ്പെടുന്നില്ലെങ്കിൽ തൻെ
വാൾ മൂർച്ചകൂട്ടി വില്ലു കുലയ്ക്കുന്നു.

താൻ ക്രോധത്തിൻെറ ആയുധങ്ങ
തനിക്ക് ഒരുക്കി ശരിപ്പെടുത്തി; താ
തൻെറ അസ്ത്രങ്ങളെ ജ്വലിക്കുന്നവയാക്ക
ത്തീർത്തു.

ധാർമികൻ വഷളത്വം ചിന്തിച്ചു ദുഷ്
തയെ ഗർഭംധരിച്ച് വ്യാജത്തെ പ്രസവിച്ചു.

അവൻ ഒരു കുഴി അഗാധമായി കുഴി
യും അവൻ കുഴിച്ച കുഴിയിൽ വീഴുകയു
ചെയ്തു.

അവൻെറ അനീതി അവൻെറ തല
ലേക്കു തിരിയുകയും അവൻെറ നേരുകേ
അവൻെറ നിറുകയിൽതന്നെ ഇറങ്ങുകയു
ചെയ്യും.

ഞാൻ എൻെറ നീതിക്കു തക്കവണ്ണ
കർത്താവിനെ സ്തോത്രം ചെയ്യും; അത്യു
ന്നതനായ കർത്താവിൻെറ തിരുനാമത്തി
നു പാടും.

8

ഞങ്ങളുടെ ദൈവമായ കർത്താവേ
നിൻെറ മഹത്വത്തെ നീ ആകാ
ത്തിന്നുപരിയാക്കിയിരിക്കകൊണ്ട് തിരു
നാമം ഭുമിയിൽ ഒക്കെയും എത്ര മഹത്
മുള്ളതാകുന്നു!

പ്രതിയോഗിയായ ശത്രുവിനെ നശി
പ്പിച്ചുകളയേണ്ടതിന്നു നിൻെറ വൈരികൾ
നിമിത്തം യുവാക്കളുടെയും പൈതങ്ങളു
ടേയും വായിൽനിന്നു നിൻെറ മഹത്വത്തെ
സ്പഷ്ടമാക്കി.

നിൻെറ വിരലുകളുടെ ക്രിയയായ ആകാ
ശങ്ങളേയും നീ നിർമ്മിച്ചിട്ടുള്ള ചന്ദ്രനേയു
നക്ഷത്രങ്ങളേയും അവർ കണ്ടിരിക്കയാൽ

നീ ഓർത്തിട്ടുള്ള പുരുഷനും നീ
കല്പിച്ചിട്ടുള്ള മനുഷ്യനും എന്തുള്ളു?

നീ അവനെ മാലാഖമാരേക്കാൾ
അല്പം താഴ്ത്തി. ബഹുമാനവും തേജസ്സു
അവനെ ധരിപ്പിച്ചു.

നിൻെറ കൈകളുടെ പ്രവൃത്തിമേൽ നീ
അവനെ അധികാരപ്പെടുത്തി; സകല
ത്തേയും അവൻെറ പാദത്തിൻകീഴാക്കി.

ല ആടുമാടുകളേയും കാട്ടുമൃഗങ്ങ

ാശത്തിലെ പക്ഷികളേയും സമുദ്ര
സഞ്ചരിക്കുന്ന മത്സ്യങ്ങളേയും

ങ്ങളുടെ ദൈവമായ കർത്താവേ!
തിരുനാമം സകല ഭൂമിയിലും എത്ര
ള്ളതാകുന്നു.
ാൻ എൻെറ പൂർണ്ണഹൃദയത്തോ
ട കർത്താവിനെ സ്തോത്രം ചെയ്യും;
ിൻെറ അത്ഭുതങ്ങളെ വിവരമായി
ിക്കും.
ൻ നിന്നിൽ സന്തോഷിച്ച് ആന
ിൻെറ അത്യുന്നതനാമത്തിനു
ം പാടും.
ൻെറ ശത്രുക്കൾ പിന്തിരിയുമ്പോൾ
ട്ടിവീണു നിൻെറ തിരുസന്നിധി
ു നശിച്ചുപോകും.
ന്നാൽ നീ എനിക്കുവേണ്ടി
വും ന്യായപാലനവും നടത്തി;
ള്ള ന്യായാധിപതിയായി സിംഹാ
ന്മേൽ ഇരുന്നു.
ാതികളെ ശാസിച്ചു ദുഷ്ടന്മാരെ
ു; അവരുടെ നാമം എന്നെന്നേ
നീ മായിച്ചുകളഞ്ഞു.
ൻെറ ശത്രുക്കൾ വാളിനാൽ
ുമായി നശിച്ചുപോയി; പട്ടണ
നീ ഇടിച്ചുകളഞ്ഞു; അവ
മരണയേയും നീ നശിപ്പിച്ചുക

ാവ് എന്നേക്കും നിലനില്ക്കുന്ന
ു.
യോടെ ഭൂലോകത്തേയും, നേ
ാതികളേയും ന്യായം വിധിപ്പാൻ
ത്തിന്നു തൻെറ സിംഹാസനം
ിരിക്കുന്നു.
ാവ് ദരിദ്രന്മാർക്ക് ഉപദ്രവസമയ
ങ്കേതസ്ഥലവും അവരെ സഹാ
നും ആയിരിക്കും.
ാവെ! നിൻെറ തിരുനാമം അറി
ാക്കെയും നിന്നിൽ ആശ്രയിക്കും;
ൽ നിന്നെ അന്വേഷിക്കുന്നവരെ
ിക്കുകയില്ലല്ലൊ.
ിയോനിൽ വസിക്കുന്ന കർത്താ
ത്തനം പാടി തൻെറ പ്രവൃത്തി
ികളിൽ അറിയിപ്പിൻ.
ന്നാൽ അവരുടെ രക്തത്തി
ചോദിപ്പാൻ താൻ ഓർത്തു.
ദൻെറ നിലവിളി മറന്നുകളയു

കർത്താവെ! എന്നോടു കരുണചെയ്യ 13
ണമെ! മരണവാതിലുകളിൽനിന്നു എന്നെ
ഉയർത്തുന്നവനേ! എന്നെ ദ്വേഷിക്കുന്ന
വരിൽനിന്നുണ്ടാകുന്ന എൻെറ അടിമത്വം
കാണണമെ!
ഞാൻ സെഹിയോൻപുത്രിയുടെ 14
വാതിലുകളിൽ നിൻെറ അത്ഭുതങ്ങളെ
ഒക്കെയും അറിയിക്കുകയും നിൻെറ രക്ഷ
യിൽ സന്തോഷിക്കുകയും ചെയ്യും.
ജാതികൾ ഉണ്ടാക്കിയിട്ടുള്ള കുഴിയിൽ 15
അവർ താണുപോയി. അവർ ഒളിച്ചുവച്ച
കെണിയിൽ അവരുടെ കാൽ അകപ്പെട്ടു.
കർത്താവു താൻ ചെയ്യുന്ന ന്യായവിധി 16
അറിയിക്കുന്നു. ദുഷ്ടൻ സ്വന്തം കൈക്രിയ
യാൽ പിടിക്കപ്പെടുന്നു.
ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന 17
സകല ജാതികളും പാതാളത്തിലേക്കു
തിരിയും.
എന്തെന്നാൽ ദരിദ്രൻ എന്നേക്കും 18
വിസ്മരിക്കപ്പെടുകയില്ല. ദരിദ്രരുടെ പ്ര
ത്യാശ എന്നേക്കുമായി നീ നശിപ്പിക്കുക
യുമില്ല!
കർത്താവെ! എഴുനേൽക്കണമെ! മനു 19
ഷ്യൻ പ്രബലപ്പെടരുതെ! ജാതികൾ നിൻെറ
സന്നിധിയിൽ വിധിക്കപ്പെടുമാറാകണമെ!
ജാതികൾ മനുഷ്യരാകുന്നുവെന്നറിവാ
നായിട്ടു അവർക്കു ന്യായദാതാവിനെ
നിയമിക്കണമെ!

10

കർത്താവെ! അനർത്ഥകാലങ്ങ 1
ളിൽ നീ ദൂരെ നിന്നതും തിരുമുഖം
തിരിച്ചുകളഞ്ഞതും എന്ത്?
ദുഷ്ടൻെറ അഹങ്കാരത്താൽ ദരിദ്രൻ 2
ദഹിച്ചുപോകുന്നു; അവർ ആലോചിച്ച
തന്ത്രങ്ങളിൽ അവർതന്നെ അകപ്പെടും.
ദുഷ്ടൻ സ്വന്ത ദുർമ്മോഹങ്ങളിൽ 3
പ്രശംസിക്കുന്നു. ദോഷി തന്നത്താൻ
പുകഴുന്നു. കർത്താവു കോപിക്കുന്നു.
ദുഷ്ടൻ തൻെറ നിഗളത്താൽ ദൈവ 4
ത്തെ അന്വേഷിക്കുന്നില്ല. അവൻെറ യാ
തൊരു ആലോചനകളിലും ദൈവം ഇല്ല.
അവൻെറ വഴികൾ എല്ലായ്പോഴും വിജ 5
യിക്കുന്നു; നിൻെറ വിധികൾ അവൻെറ
ദൃഷ്ടിയിൽ നിന്ന് ഉയർന്നിരിക്കുന്നു. അ
വൻ തൻെറ സകല ശത്രുക്കളേയും ദുഷി
ക്കുന്നു.
ഞാൻ തലമുറകളോളം ഇളകിപ്പോകു 6
കയില്ലെന്ന് അവൻ സ്വഹൃദയത്തിൽ
പറഞ്ഞ് തിന്മ വിചാരിക്കുന്നു.
അവൻെറ വായ് ശാപവും വഞ്ചനയും 7
നേരുകേടും കൊണ്ടു നിറഞ്ഞിരിക്കുന്നു;

അവൻെറ നാവിൻകീഴിൽ വഞ്ചനയും
അന്യായവും ഉണ്ട്.
8 അവൻ വാസസ്ഥലത്തു പതിയിരുന്ന്
നീതിമാനെ രഹസ്യമായി കൊല്ലുന്നു.
9 അവൻെറ കണ്ണുകൾ സാധുവിനെ
ഉററുനോക്കുന്നു; ദരിദ്രനെ വലവച്ചു പിടി
പ്പാൻ അവൻ പതിയിരിക്കുന്നു.
10 അവൻ ക്ഷീണിച്ചു വീണുപോകും;
അവൻെറ അസ്ഥികളിൽ നൊമ്പരങ്ങളും
രോഗങ്ങളും ഉണ്ടാകും.
11 ദൈവം മറന്നു; തൻെറ മുഖവും തിരിച്ചു;
ഒരിക്കലും കാണുകയില്ലെന്ന് അവൻ
ഹൃദയത്തിൽ പറയുന്നു.
12 എൻെറ ദൈവമായ കർത്താവേ! നീ
എഴുന്നേററു തൃക്കൈ ഉയർത്തണമെ!
ദരിദ്രനെ മറന്നുകളയരുതെ!
13 ദൈവത്തെ പാപി കോപിപ്പിക്കുന്നതും
നീ പകരം ചോദിക്കയില്ലെന്നു അവൻ ഹൃദ
യത്തിൽ പറയുന്നതും എന്തിന്?
14 ചതിവും ക്രോധവും ഉണ്ടെന്ന് നീ കാ
ണുന്നുവല്ലൊ; അവൻ നിൻെറ കൈകളിൽ
അകപ്പെടുമെന്നു നീ സൂക്ഷ്മമമായി അറി
യുന്നു. സാധുവിനു നിങ്കൽ അഭയം ഉണ്ടാ
കയും ചെയ്യും. അനാഥന്നു നീ സഹായി
യാകുന്നുവല്ലൊ.
15 നീ പാപിയുടെ ഭുജത്തെ തകർക്ക
ണമെ! ദുഷ്ടൻെറ ദുഷ്ടത ഇല്ലാതാകു
വോളം അവൻെറ പാപത്തിനു പ്രതികാരം
നടത്തണമെ!
16 കർത്താവു ശാശ്വതരാജാവാകുന്നു;
ജാതികൾ തൻെറ ദേശത്തുനിന്നു നശിച്ചു
പോയി.
17 കർത്താവേ! നീ ദരിദ്രന്മാരുടെ പ്രത്യാശ
ശ്രദ്ധിക്കുന്നു. അനാഥന്മാർക്കും സാധു
ക്കൾക്കും വേണ്ടി ന്യായം നടത്തുവാൻ
അവരുടെ ഹൃദയസന്നദ്ധതയെ നിൻെറ
ചെവി സൂക്ഷിച്ചു കേൾക്കും. താൻ ഇനി
ഭൂമിയിൽനിന്നു മനുഷ്യരെ നശിപ്പിക്ക
യില്ല.

11

1 ഞാൻ കർത്താവിൽ ആശ്രയിച്ചിരി
ക്കുന്നു; നിങ്ങൾ എൻെറ ആത്മാ
വിനോടു ഒരു പക്ഷിയെപ്പോലെ പർവ്വതങ്ങ
ളിലേക്കു പറന്നുപോയി പാർത്തുകൊൾക
എന്നു പറയുന്നതു എങ്ങനെ?
2 എന്തെന്നാൽ ഇതാ പാപികൾ ഹൃദയ
പരമാർത്ഥികളെ കൂരിരുട്ടത്തു എയ്യുവാനാ
യിട്ടു വില്ലു കുലച്ച് അസ്ത്രങ്ങൾ തൊടു
ത്തിരിക്കുന്നു.
3 നീ അടിസ്ഥാനം ഇട്ടതു അവർ മറിച്ചു
കളഞ്ഞല്ലോ. നീതിമാൻ എന്തു ചെയ്യും?

കർത്താവു തൻെറ വിശുദ്ധ ആലയ4
ത്തിൽ ഉണ്ട്. കർത്താവിൻെറ സിംഹാസനം
സ്വർഗ്ഗത്തിലാകുന്നു; തൻെറ കണ്ണുകൾ
മനുഷ്യരെ കാണുകയും കൺപോളകൾ
പരിശോധിക്കയും ചെയ്യുന്നു.
കർത്താവു നീതിമാന്മാരെ പരിശോധി
ക്കുന്നു; വഞ്ചകന്മാരെയും ചതിയെ സ്നേ
ഹിക്കുന്നവരെയും തൻെറ ആത്മാവ് വെറു
ക്കുന്നു.
ദുഷ്ടന്മാരുടെ മേൽ മഴപോലെ കെണി
ഇറങ്ങുന്നു; അവരുടെ പാനപാത്രത്തിലെ
ഓഹരി തീയും ഗന്ധകവും ശിക്ഷയുടെ
കാററും ആകുന്നു.
എന്തെന്നാൽ കർത്താവു നീതിമാനാ
കുന്നു; താൻ പുണ്യത്തെ ഇഷ്ടപ്പെടുക
യും തൻെറ മുഖം നേരിനെ കാണുകയും
ചെയ്യുന്നു.

12

കർത്താവേ! രക്ഷിക്കണമെ!
എന്തെന്നാൽ നല്ലവൻ ഇല്ലാതായി;
ഭൂമിയിൽനിന്നു വിശ്വാസം മാഞ്ഞുപോയി.
മനുഷ്യർ വ്യർത്ഥകാര്യം സംസാരിക്കു
ന്നു; ഓരോരുവൻ താന്താൻെറ സഖിയോ
ടു ഭിന്നാധരങ്ങളാലും ഇരുമനസ്സോടും
സംസാരിക്കുന്നു.
കർത്താവു സകല ഭിന്നാധരങ്ങളേയും
വൻപു പറയുന്ന നാവുകളേയും നശിപ്പി
ച്ചുകളയും.
ഞങ്ങളുടെ നാവിനെ ഞങ്ങൾ പുക
ഴ്ത്തും. അധരങ്ങൾ ഞങ്ങളുടെതാകുന്നു;
ഞങ്ങളുടെ അധിപതി ആരാകുന്നു? എന്ന
വർ പറയുന്നു.
ദരിദ്രരെ കൊള്ളയിടുന്നതു നിമിത്ത
വും, എളിയവരുടെ ദീർഘശ്വാസം നിമി
ത്തവും ഇനി ഞാൻ എഴുന്നേററു പരസ്യ
മായി രക്ഷചെയ്യുമെന്നു കർത്താവ് അരുളി
ച്ചെയ്യുന്നു.
കർത്താവിൻെറ വചനം നിർമ്മലവചന
മാകുന്നു; നിലത്ത് ഉലയിൽ ഉരുക്കി ഏഴ്
രട്ടി ശുദ്ധിചെയ്ത വിശേഷമായ വെള്ളി
പോലെയും ആകുന്നു.
കർത്താവെ! നീ ഇവരെ കാത്തുകൊള്ള
ണമെ! ഈ തലമുറയിൽനിന്നു എന്നേക്കു
മായി എന്നെ വീണ്ടെടുത്തു രക്ഷിക്കണമെ!
എന്തെന്നാൽ ആദോംകാരുടെ വ
ളായ ഡംഭംപോലെ ദുഷ്ടന്മാർ ചുററി
നടക്കുന്നു.

13

കർത്താവേ! നീ എത്രത്തോളം
എന്നെ മറക്കും? എന്നേക്കുമോ? നി
എത്രത്തോളം എന്നിൽനിന്നു തിരുമുഖം
തിരിക്കും?

ന്റെ ആത്മാവിൽ ഖേദവും എന്റെ
ത്തിൽ ദിനംതോറും ദുഃഖവും എത്ര
നീ വയ്ക്കും? എത്രത്തോളം എന്റെ
എന്റെ മേൽ ഉയർന്നിരിക്കും?
ന്റെ ദൈവമായ കർത്താവെ! തൃ
പാർത്ത് എന്നോടു ഉത്തരമരുളി
ണമെ; ഞാൻ മരണനിദ്രയെ പ്രാപി
പ്പാൻ എന്റെ കണ്ണുകളെ പ്രകാശി
ണമെ!
ൻ അവനെ ജയിച്ചു എന്ന് എന്റെ
പറയരുതെ; ഞാൻ ചഞ്ചലപ്പെടു
എന്റെ പീഡകർ എന്നെക്കുറിച്ചു
ഷിക്കയും അരുതെ.
നാൽ ഞാൻ നിന്റെ കൃപയിൽ
ച്ചു; എന്റെ ഹൃദയം നിന്റെ രക്ഷ
നന്ദിക്കും.
ന്ന രക്ഷിച്ച കർത്താവിനെ ഞാൻ
ക്കും.
ദൈവം ഇല്ല എന്നു അധർമ്മി ത
ന്റെ ഹൃദയത്തിൽ പറയുന്നു; അ
ളായി തങ്ങളുടെ ഉപായങ്ങളാൽ
പ്പെട്ടു; നന്മ ചെയ്യുന്നവൻ ഇല്ല;
വകത്തോടെ ദൈവത്തെ അന്വേഷി
ൻ ഉണ്ടോ എന്നു കാൺമാൻ
ത്തിൽനിന്നു കർത്താവു മനുഷ്യ
ൽ സൂക്ഷിച്ചു നോക്കി.
വരും ഒരുപോലെ വഴി തെററി
തുതാത്തവരായിത്തീർന്നു. നന്മചെ
ൻ ഇല്ല; ഒരുത്തൻപോലുമില്ല;
ർ അപ്പം ഭക്ഷിക്കുന്നതുപോലെ എ
ത്തെ ഭക്ഷിക്കുന്നവരായി. അന്യാ
ർത്തിക്കുന്ന ഒരുവനും അറിഞ്ഞി
ർ കർത്താവിനെ വിളിച്ചുമില്ല;
ർ അവിടെ വളരെ ഭയപ്പെട്ടു; എന്തെ
ർത്താവു നീതിമാന്മാരുടെ തലമുറ
ള്ളത്.
ർ ദരിദ്രന്റെ വിചാരത്തെ ലജ്ജി
ന്നാലോ കർത്താവു അവന്റെ
യാകുന്നു.
ഹിയോനിൽനിന്നു ഇസ്രായേലി
ആർ നൽകും; കർത്താവു തന്റെ
ന്റെ അടിമയെ തിരിക്കുമ്പോൾ
ബു സന്തോഷിക്കുകയും ഇസ്രാ
നന്ദിക്കുകയും ചെയ്യും;
ർത്താവേ! നിന്റെ കൂടാരത്തിൽ
ർ പാർക്കും? നിന്റെ വിശുദ്ധ
ത്തിൽ ആർ വസിക്കും;
കൂടാതെ നടന്നു നീതി പ്രവർത്തി
യപൂർവ്വം സത്യം സംസാരിക്കു

തന്റെ നാവുകൊണ്ടു വഞ്ചിക്കാത്ത 3
വനും, തന്റെ സഖിയോടു ദോഷം ചെയ്യാ
ത്തവനും തന്റെ അയൽക്കാരനു വിരോധ
മായി കൈക്കൂലി വാങ്ങാത്തവനും,
കോപിപ്പിക്കുന്നവൻ തന്റെ കൺ 4
കളിൽ നിഷിദ്ധനും, കർത്താവിന്റെ ഭക്ത
ന്മാരെ ബഹുമാനിക്കുന്നവനും തന്റെ
സഖിയോടു ആണയിട്ടിട്ടു വ്യാജം ചെയ്യാ
ത്തവനും,
തന്റെ ദ്രവ്യം പലിശയ്ക്കു കൊടുക്കാ 5
ത്തവനും, കുററമില്ലാത്തവനു വിരോധ
മായി കൈക്കൂലി വാങ്ങാത്തവനും തന്നെ;
ഇവയെ ചെയ്യുന്നവൻ നീതിമാനാകുന്നു;
അവൻ ഒരിക്കലും ഇളകുകയില്ല.

16 ദൈവമേ! ഞാൻ നിങ്കൽ പ്രത്യാശി 1
ച്ചിരിക്കയാൽ എന്നെ കാത്തുപാലി
ക്കണമെ.
ഞാൻ കർത്താവിനോടു എന്റെ 2
കർത്താവു നീ ആകുന്നുവെന്നും, എന്റെ
നന്മ നിന്റെ അടുക്കൽനിന്നാകുന്നു എന്നും
പറഞ്ഞു,
ഭൂമിയിലെ ശുദ്ധിമാന്മാരോടും മഹ 3
ത്തുക്കളോടും എന്റെ ഇഷ്ടം എല്ലാം അവ
രിൽ ആകുന്നു എന്നും ഞാൻ പറഞ്ഞു.
അന്യദേവനെ കൈക്കൊള്ളുന്നവരുടെ 4
നൊമ്പരങ്ങൾ വേഗത്തിൽ വർദ്ധിക്കും;
അവരുടെ രക്തപാനീയബലികളെ ഞാൻ
കഴിക്കയില്ല; അവരുടെ നാമങ്ങളെ എന്റെ
അധരങ്ങളിൽ ഓർക്കയില്ല.
എന്റെ അവകാശത്തിന്റെയും പാന 5
പാത്രത്തിന്റെയും ഓഹരിയാകുന്ന
കർത്താവേ! എന്റെ അവകാശത്തെ
എനിക്കു തിരിച്ചു തരുന്നവൻ നീയാകുന്നു.
നല്ല സ്ഥലങ്ങളിൽ എനിക്കു (അളവു) 6
ചരടുകൾ വീണിരിക്കുന്നു, എന്റെ അവകാ
ശം എനിക്കു ഇഷ്ടകരവും ആയിരിക്കുന്നു.
എനിക്കു ബുദ്ധി ഉപദേശിച്ച കർത്താ 7
വിനെ ഞാൻ സ്തുതിക്കും; രാത്രികാലങ്ങ
ളിലും എന്റെ അന്തരിന്ദ്രിയങ്ങൾ എന്നെ
പഠിപ്പിച്ചു.
ഞാൻ കർത്താവിനെ സദാനേരവും 8
എന്റെ മുമ്പിൽ വച്ചു; ഞാൻ ഇളകാതിരി
പ്പാൻ താൻ എന്റെ വലത്തുഭാഗത്തുണ്ട്.
ഇതു നിമിത്തം എന്റെ ഹൃദയം 9
സന്തോഷിച്ചു. എന്റെ മനസ്സും ആനന്ദിച്ചു.
എന്റെ ജഡവും സ്വൈരമായി വസിക്കും.
എന്തെന്നാൽ നീ എന്റെ ആത്മാവിനെ 10
പാതാളത്തിൽ വിട്ടു കളഞ്ഞില്ലാ; നിന്റെ
പുണ്യവാനെ നാശം കാൺമാൻ കൊടുത്തു
മില്ല.

11 നീ, നിന്റെ ജീവവഴി എന്നോടു അറി
യിക്കും; തിരുസന്നിധിയിലെ സന്തോഷം
കൊണ്ടും വലത്തു തൃക്കൈയുടെ ജയാ
നന്ദം കൊണ്ടും ഞാൻ തൃപ്തനാകും.

17

1 പരിശുദ്ധനായ കർത്താവേ! എന്റെ
അപേക്ഷ ശ്രദ്ധിച്ചു കേൾക്കണമേ;
വഞ്ചനയില്ലാത്ത എന്റെ അധരങ്ങളിൽ
നിന്നുള്ള പ്രാർത്ഥന കേൾക്കണമേ;
2 എന്റെ മേലുള്ള വിധി തിരുമുമ്പാകെ
നിന്നു പുറപ്പെടണമേ. നിന്റെ കണ്ണുകൾ
സത്യം കാണണമേ;
3 നീ എന്റെ ഹൃദയത്തെ പരിശോധിച്ചു,
രാത്രിയിൽ എന്നെ ദർശിച്ചു എന്നെ ശോ
ധനചെയ്തു; ദോഷം എന്നിൽ കണ്ടെത്തി
യില്ലല്ലോ.
4 മനുഷ്യരുടെ പ്രവൃത്തികളെ കണ്ടിട്ടു;
അധരസംസാരത്താൽ എന്റെ വായ് അതി
ലംഘിച്ചില്ല.
5 എന്റെ പാദങ്ങൾ ഇളകാതിരിപ്പാൻ
നിന്റെ ഊടുവഴികളിൽ എന്റെ നടപ്പുകൾ
നീ കാത്തു.
6 ഞാൻ നിന്നെ വിളിച്ചു. നീ എന്നോടു
ഉത്തരമരുളി: ദൈവമേ! എങ്കലേക്കു നിന്റെ
ചെവി ചായിച്ചു എന്റെ വചനങ്ങൾ
കേൾക്കണമേ.
7 നിന്റെ വലത്തുകൈക്കു വിരോധമായി
നില്ക്കുന്നവരിൽനിന്നു, നിന്നിൽ ആശ്ര
യിക്കുന്നവരെ രക്ഷിക്കുന്നവനേ! നിന്റെ
പുണ്യവാനെ നീ അത്ഭുതമാക്കിത്തീർക്ക
ണമേ.
8 കണ്ണിലെ കൃഷ്ണമണിപോലെ എന്നെ
കാക്കണമേ.
9 എന്റെ നേരെ വിരോധം വിചാരിച്ച്
എന്റെ ആത്മവൈരികളായി എന്നെ
കവർച്ചചെയ്ത പാപികളുടെ മുമ്പിൽനിന്നു
നിന്റെ ചിറകുകളുടെ നിഴലിൽ എന്നെ
മറയ്ക്കണമേ;
10 നിഗളിച്ച് സംസാരിച്ച അവരുടെ വായ്
പൊത്തണമേ.
11 അവർ എന്നെ സ്തുതിച്ചു; ഇപ്പോൾ
അവർ എന്നെ വളഞ്ഞ്, ഭൂമിയിൽ എന്നെ
ഇട്ടുകളയുവാൻ ദൃഷ്ടിവച്ചിരിക്കുന്നു.
12 എന്തെന്നാൽ അവർ ഇര പിടിപ്പാൻ
അന്വേഷിക്കുന്ന സിംഹംപോലെയും
രഹസ്യസ്ഥലത്തു പതിയിരിക്കുന്ന ബാല
സിംഹം പോലെയും ആകുന്നു.
13 കർത്താവെ! നീ അവരുടെ മുമ്പാകെ
എഴുന്നേററ് അവരെ മുട്ടുകുത്തിക്കണമേ;
ദുഷ്ടന്മാരിൽനിന്നും വാളിൽനിന്നും
എന്റെ ആത്മാവിനെ രക്ഷിക്കണമേ;
കർത്താവെ! തൃക്കൈകളാൽ മരിച്ചു 14
പോയവരിൽനിന്നും പൊടിമണ്ണിലെ മരി
ച്ചവരിൽനിന്നും എന്നെ (രക്ഷിക്കണമെ).
ഈ ആയുസ്സിൽ നീ അവർക്കു ഓഹരി
കൊടുത്തു നിന്റെ നിക്ഷേപങ്ങൾകൊണ്ടു
അവരുടെ വയറിനെ നിറയ്ക്കണമെ; മക്കൾ
സമ്പൂർണ്ണന്മാരായി അവരുടെ മക്കൾക്കു
ശേഷിപ്പിക്കുകയും ചെയ്യട്ടെ.
എന്നാൽ ഞാൻ പുണ്യത്തിൽ തിരു 15
മുഖം കാണുകയും നിന്നിലുള്ള വിശ്വാസ
ത്തിൽ ഉണരുമ്പോൾ തൃപ്തനാകയും ചെയ്യും.

18

എന്റെ ബലമായ കർത്താവെ! 1
ഞാൻ നിന്നെ സ്നേഹിക്കും.
താൻ എന്റെ ശരണവും എന്റെ 2
സങ്കേതസ്ഥലവും എന്നെ രക്ഷിക്കുന്ന
വനും ഞാൻ ആശ്രയിച്ചിരിക്കുന്ന ബലവാ
നായ ദൈവവും, എന്റെ സഹായകനും
എന്റെ രക്ഷയുടെ കൊമ്പും എന്റെ മഹ
ത്വമുള്ള അഭയസ്ഥാനവും ആകുന്നു;
ഞാൻ കർത്താവിനെ വിളിച്ച് എന്റെ 3
വൈരികളിൽനിന്നു രക്ഷപ്പെടും.
എന്തെന്നാൽ മരണപാശങ്ങൾ എന്നെ 4
ചുററി; വഞ്ചകന്മാരുടെ പ്രവാഹം എന്നെ
ഭ്രമിപ്പിച്ചു;
പാതാളപാശങ്ങൾ എന്നെ വളഞ്ഞു; 5
മരണത്തിന്റെ കെണികൾ എനിക്കു എതി
രേ വന്നു.
എന്റെ ഞെരുക്കത്തിൽ ഞാൻ കർത്താ 6
വിനെ വിളിച്ചു; എന്റെ ദൈവത്തോടു
ഞാൻ അപേക്ഷിക്കയും ചെയ്തു. താൻ
തന്റെ ആലയത്തിൽനിന്നു എന്റെ ശബ്ദം
കേട്ടു; തിരുസന്നിധിയിൽ ഞാൻ കഴിച്ച
എന്റെ നിലവിളി തന്റെ ചെവികളിൽ
എത്തി.
ഭൂമി കുലുങ്ങി ഇളകി. താൻ കോപിക്ക 7
യാൽ പർവ്വതങ്ങളുടെ അടിസ്ഥാനങ്ങൾ
പൊട്ടിപ്പിളർന്നു.
തന്റെ കോപത്താൽ പുക കരേറി; 8
തന്റെ തിരുസന്നിധിയിൽനിന്നു അഗ്നി
ജ്വലിച്ചു; തന്നിൽനിന്നു തീക്കനലുകൾ
എരിഞ്ഞു;
താൻ ആകാശം ചായിച്ചിറങ്ങി; തൃപ്പാദ 9
ങ്ങളുടെ കീഴിൽ ഇരുളും ഉണ്ടായിരുന്നു.
താൻ ക്രൂബന്മാരുടെ മേൽ വാഹനമേറി 10
പറന്നു; താൻ കാററിന്റെ ചിറകുകൾമേലും
പറന്നു.
താൻ ഇരുളിനെ തന്റെ മറവാക്കിവച്ചു; 11
ആകാശമണ്ഡലത്തിലെ മേഘങ്ങളിൽ
ജലതമസ്സുകൊണ്ടു തന്റെ ചുററും കൂടാര
മുണ്ടാക്കി.

കുടാരത്തിൻെറ പ്രകാശത്താൽ,
ലങ്ങളെ കൽമഴയും തീക്കനലു
ിത്തീർത്തു.
വു ആകാശത്തിൽ ഇടിമുഴക്കി;
ൻ ശബ്ദിച്ചു; കൽമഴയും തീക്ക
ഉണ്ടായി.
തൻെറ അസ്ത്രങ്ങൾ അയച്ചു
ിതറിച്ചു; താൻ തൻെറ മിന്നലു
ിപ്പിച്ചു അവരെ ഭ്രമിപ്പിച്ചു.
വേ! നിൻെറ ശാസനയാലും നി
ശ്വാസത്തിൻെറ ഊത്തിനാലും
ൾ വെളിപ്പെട്ടു; ഭൂലോകത്തി
സ്ഥാനങ്ങളും കാണുമാറായി.
ഉന്നതത്തിൽനിന്നു ആളയച്ചു
രി എടുത്തു; പെരുവെള്ളത്തിൽ
ന്ന വലിച്ചെടുത്തു;
യ എൻെറ ശത്രുക്കളിൽ നിന്നും
ൾ ശക്തരായ എൻെറ വൈരി
ും താൻ എന്നെ രക്ഷിച്ചു.
അനർത്ഥങ്ങളിൽ അവർ
എതിരായി നിന്നു; കർത്താവ്
ക്ഷകനായിത്തീർന്നു.
എന്നെ ആശ്വാസത്തിലേക്കു
ിച്ചു, താൻ എന്നിൽ ഇഷ്ടപ്പെ
ു എന്നെ രക്ഷിച്ചു.
ാവു എൻെറ നീതിപ്രകാരം
തിഫലം തന്നു; എൻെറ കൈ
ിർമ്മല്യപ്രകാരം നിവർത്തിച്ചു
ചയ്തു.
ന്നാൽ ഞാൻ കർത്താവിൻെറ
ചരിച്ചു; ഞാൻ എൻെറ ദൈവ
സരിച്ചുമില്ല;
ന്നാൽ തൻെറ നീതിയും ന്യായ
മുമ്പിൽ ഉണ്ട്. തൻെറ വേദ
ള എങ്കൽനിന്നു ഞാൻ നീക്കി
ല്ല.
ൻെറ മുമ്പിൽ കുററമില്ലാത്തവ
ഞാൻ പാപങ്ങളിൽനിന്നു
ന്ന കാത്തുസൂക്ഷിച്ചു.
വു എൻെറ നീതിപ്രകാരവും,
മുമ്പിൽ എൻെറ കൈകളുടെ
കാരവും എനിക്കു പ്രതിഫലം
ാനോടു നീ പുണ്യവാനായി
ാർത്ഥിയോടു നീ പരമാർത്ഥി
ാടു നീ ഉത്തമനാകും; വക്ര
ക്രത കാണിക്കും.
ാൽ താഴ്മയുള്ള ജനത്തെ നീ
ഗളമുള്ള കണ്ണുകളെ താഴ്ത്തും.

നീ എൻെറ വിളക്കിനെ ശോഭിപ്പിക്കും; 28
എൻെറ ദൈവമായ കർത്താവ് എൻെറ
അന്ധകാരത്തെ പ്രകാശിപ്പിക്കും;
എന്തെന്നാൽ ഞാൻ നിന്നാൽ ഒരു 29
സൈന്യത്തിൻെറ നേരെ ഓടിക്കയറും;
എൻെറ ദൈവംമൂലം ഞാൻ കോട്ട ചാടി
ക്കടക്കും.
ദൈവത്തിൻെറ വഴി കുററമററതാകു 30
ന്നു; കർത്താവിൻെറ വചനം ശോധനചെയ്യ
പ്പെട്ടതാകുന്നു; തന്നിൽ ആശ്രയിച്ചിരിക്കു
ന്ന എല്ലാവരെയും താൻ സഹായിക്കും.
എന്തെന്നാൽ കർത്താവല്ലാതെ മറ്റൊരു 31
ദൈവമില്ല; നമ്മുടെ ദൈവത്തെപ്പോലെ
ബലവാനും ഇല്ല.
ശക്തികൊണ്ട് എൻെറ അര ബന്ധിച്ചു 32
എൻെറ നടപ്പ് കുററമില്ലാതാക്കിയതു
ദൈവമാകുന്നു.
താൻ എൻെറ കാലുകൾ കലയുടെ 33
കാലുകൾ പോലെ ആക്കി; ഉയരത്തിൽ
എന്നെ നിറുത്തി;
താൻ എൻെറ കൈകളെ യുദ്ധത്തിന്നു 34
അഭ്യസിപ്പിച്ചു; എൻെറ ഭുജങ്ങളെ പിച്ചള
വില്ലുപോലെ ഉറപ്പിച്ചു;
നീ എനിക്കു രക്ഷയുടെ പരിചയെ 35
തന്നു; നിൻെറ വലത്തു കൈ എന്നെ സഹാ
യിക്കും; നിൻെറ ശിക്ഷണം എന്നെ വലിയ
വനാക്കും;
എൻെറ നരിയാണികൾ ഇളകാതിരി 36
പ്പാൻ എൻെറ കീഴിൽ എൻെറ പാദങ്ങളെ
നീ വിശാലമാക്കി.
ഞാൻ എൻെറ ശത്രുക്കളെ പിന്തുടർന്നു 37
അവരെ പിടിക്കും. ഞാൻ അവരെ നിശ്ശേഷ
മാക്കുന്നതുവരെ പിന്തിരിയുകയില്ല.
ഞാൻ അവരെ വെട്ടും; എഴുനേല്പാൻ 38
അവർക്കു കഴികയില്ല; അവർ എൻെറ പാദ
ങ്ങളുടെ കീഴിൽ വീഴും.
യുദ്ധത്തിൽ ശക്തികൊണ്ടു നീ എൻെറ 39
അര കെട്ടും, എനിക്കു വിരോധമായി എഴു
ന്നേല്ക്കുന്നവരെ നീ എൻെറ കീഴിൽ
മുട്ടുകുത്തിക്കും.
നീ എൻെറ ശത്രുക്കളെ എൻെറ 40
മുമ്പാകെ തകർക്കും. എന്നെ പകയ്ക്കു
ന്നവരെ ഞാൻ നിശ്ശബ്ദരാക്കും;
അവർ നിലവിളിക്കും; അവർക്കു രക്ഷക 41
നുണ്ടാകയില്ല. അവർ കർത്താവിനോട
പേക്ഷിക്കും; താൻ അവരോടു ഉത്തരമരുളി
ച്ചെയ്കയില്ല.
ഞാൻ അവരെ കാററത്തെ പൊടി 42
പോലെ ധൂളിയാക്കി, തെരുവീഥികളിലെ
ചെളിപോലെ ചവിട്ടിക്കളയും.

43 നീ, ജനത്തിൻെറ വ്യവഹാരത്തിൽ
നിന്നു എന്നെ രക്ഷിച്ചു എന്നെ പുറജാതി
കൾക്കു തലവനാക്കും. ഞാൻ അറിഞ്ഞി
ട്ടില്ലാത്ത ജനം എന്നെ സേവിക്കും.
44 അവർ കേൾക്കുന്ന ഉടനെതന്നെ
എന്നെ അനുസരിക്കും; അന്യമക്കൾ എനി
ക്കു കീഴ്പെടും.
45 അന്യന്മാർ ക്ഷയിച്ച് അവരുടെ വഴിക
ളിൽനിന്നു വിറച്ചുകൊണ്ടുവരും.
46 കർത്താവു ജീവനുള്ളവനാകുന്നു;
എന്നെ ശക്തിപ്പെടുത്തുന്നവൻ വാഴ്ത്തപ്പെട്ട
വനാകുന്നു; എൻെറ രക്ഷകനായ ദൈവം
ഉന്നതൻ.
47 എനിക്കുവേണ്ടി പകരം ചോദിക്കയും
ജാതികളെ എനിക്കു കീഴാക്കുകയും ചെയ്ത
തു ദൈവമാകുന്നു.
48 താൻ എൻെറ ശത്രുക്കളിൽനിന്നു
എന്നെ രക്ഷിച്ചു എനിക്കെതിരായി നില്ക്കു
ന്നവരിൽനിന്നു എന്നെ ഉയർത്തി; നീതി
യില്ലാത്തവരിൽനിന്നു എന്നെ രക്ഷിക്കു
കയും ചെയ്യും.
49 എൻെറ കർത്താവെ! ഇതു നിമിത്തം
ജാതികളുടെ ഇടയിൽ ഞാൻ നിന്നെ
സ്തോത്രം ചെയ്ത് നിൻെറ തിരുനാമത്തിന്നു
കീർത്തനം പാടും.
50 താൻ തൻെറ രാജാവിൻെറ രക്ഷയെ
വലുതാക്കി; തൻെറ അഭിഷിക്തനായ
ദാവീദിനോടും അവൻെറ സന്തതിയോടും
എന്നേക്കും കൃപ ചെയ്യുന്നു.

1 **19** ആകാശങ്ങൾ ദൈവത്തിൻെറ
മഹത്വം അറിയിക്കുന്നു; ആകാശ
വിതാനം തൻെറ കൈപ്പണിയെ കാണി
ക്കുന്നു;
2 പകൽ പകലിന്നു വാക്കിനെ ഉച്ചരിക്കു
ന്നു; രാത്രി രാത്രിക്കു അറിവിനെ അറിയി
ക്കയും ചെയ്യുന്നു.
3 അവയുടെ ശബ്ദം കേൾക്കപ്പെടാത്ത
ഭാഷയുമില്ല, വാക്കുകളുമില്ല.
4 ഭൂമിയിൽ എല്ലായിടവും അവയുടെ
അറിയിപ്പും ഭൂതലത്തിൻെറ അതിർത്തി
കളോളം അവയുടെ വചനങ്ങളും പുറപ്പെ
ട്ടിരിക്കുന്നു; സൂര്യന്നായിട്ട് അവയുടെ മേൽ
തൻെറ കൂടാരമടിച്ചു.
5 അതു തൻെറ മണവറയിൽ നിന്നു
പുറപ്പെടുന്ന മണവാളൻ എന്നപോലെ
ആകുന്നു. ശക്തൻ എന്നപോലെ തൻെറ വഴി
ഓടുവാൻ സന്തോഷിക്കും.
6 ആകാശത്തിൻെറ ഒരററത്തു നിന്നു
അതിൻെറ ഉദയവും ആകാശത്തിൻെറ
അറുതിയിൽ അതിൻെറ അസ്തമനവും
ആകുന്നു; അതിൻെറ ആവിയിൽനിന്നു
മറവായിരിക്കുന്നത് ഒന്നുമില്ല.
കർത്താവിൻെറ വേദപ്രമാണം കറ 7
യററതും ആത്മാവിനെ തിരിക്കുന്നതും
ആകുന്നു; കർത്താവിൻെറ സാക്ഷ്യം
വിശ്വാസയോഗ്യവും ശിശുക്കളെ വിജ്ഞാ
നികളാക്കുന്നതുമാകുന്നു;
കർത്താവിൻെറ പ്രമാണങ്ങൾ ചൊവ്വു 8
ള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്ന
വയും ആകുന്നു; കർത്താവിൻെറ കല്പന
തിരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാ
ശിപ്പിക്കുന്നതും ആകുന്നു;
കർത്താവിനെക്കുറിച്ചുള്ള ഭക്തി നിർമ 9
ലവും എന്നേക്കും നിലനില്ക്കുന്നതും
ആകുന്നു; കർത്താവിൻെറ ന്യായവിധികൾ
സത്യമായുള്ളവയും സകലത്തിലും നീതി
യുള്ളവയും ആകുന്നു;
അവ തങ്കത്തേക്കാളും നല്ല രത്നങ്ങളെ 1
ക്കാളും ആഗ്രഹിക്കത്തക്കവയും തേനിനെ
ക്കാളും തേൻകട്ടയെക്കാളും മാധുര്യമുള്ള
വയുമാകുന്നു;
അത്രയുമല്ല: നിൻെറ ദാസനു അവ 1
യാൽ പ്രബോധനം ലഭിക്കും; അവൻ
അവയെ ആചരിച്ചാൽ വളരെ പ്രതിഫലം
കിട്ടും;
പിഴകളെ തിരിച്ചറിയുന്നവൻ ആര്?
രഹസ്യകാര്യങ്ങളിൽ നീ എന്നെ കുററ
മില്ലാത്തവനാക്കിത്തീർക്കണമേ!
ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാ
തിരിപ്പാനും പാപങ്ങളിൽനിന്ന് ഞാൻ ഒഴി
ഞ്ഞിരിപ്പാനും വേണ്ടി അന്യായത്തിൽ
നിന്നു നിൻെറ ദാസനെ തടുക്കണമേ.
എൻെറ സഹായകനും, എൻെറ രക്ഷ
കനുമായ കർത്താവേ എൻെറ വായിലെ
വചനങ്ങൾ തിരുവിഷ്ടപ്രകാരവും എൻെറ
ഹൃദയത്തിലെ ധ്യാനം തിരുമുമ്പാകെയും
ഇരിക്കണമേ!

20 കഷ്ടകാലത്തിൽ കർത്താവ് നി
ന്നോട് ഉത്തരമരുളിച്ചെയ്യട്ടെ! യാ
ക്കോബിൻെറ ദൈവത്തിൻ നാമം നിന്നെ
സഹായിക്കട്ടെ;
തൻെറ വിശുദ്ധ സ്ഥലത്തുനിന്ന് താൻ
നിനക്ക് സഹായം അയച്ചു സെഹിയോനിൽ
നിന്ന് നിന്നെ സഹായിക്കട്ടെ.
കർത്താവ് നിൻെറ എല്ലാ വഴിപാടു
കളേയും ഓർത്തു നിൻെറ ഹോമബലികളെ
പുഷ്ടിയാക്കട്ടെ;
കർത്താവ് നിൻെറ ആഗ്രഹാനുസരണം
നിനക്കു നൽകട്ടെ! നിൻെറ സകല ചിന്താ
നുസരണം താൻ നിവർത്തിക്കട്ടെ!

ഞങ്ങൾ നിന്റെ ജയം നിമിത്തം സ്തുതി
ാടി ഞങ്ങളുടെ ദൈവത്തിന്റെ തിരു
ാമത്തിൽ പുകഴും; കർത്താവ് നിന്റെ
ഷ്ടമെല്ലാം സാധിക്കട്ടെ;
ദൈവം ഇപ്പോൾ തന്റെ അഭിഷിക്തനെ
ക്ഷിച്ചിരിക്കുന്നുവെന്നു പ്രസിദ്ധമാകുന്നു;
ാൻ തന്റെ വലങ്കയ്യുടെ ശക്തിയാലും
ക്ഷയാലും തന്റെ വിശുദ്ധിയിൽ സ്വർഗ്ഗ
ിൽ നിന്നു അവനോടുത്തരമരുളി
ച്ചയ്തു.
ചിലർ രഥങ്ങളിലും ചിലർ കുതിരക
ലും ആശ്രയിച്ചു; ഞങ്ങളോ ഞങ്ങളുടെ
ദവമായ കർത്താവിന്റെ നാമത്തിൽ
ബലപ്പെടും.
അവർ മുട്ടുകുത്തി വീണുപോയി.
ങ്ങൾ എഴുന്നേററ് ഒരുങ്ങിനിന്നു.
കർത്താവു ഞങ്ങളെ രക്ഷിക്കയും
ങ്ങൾ അപേക്ഷിക്കുന്ന നാളിൽ ഞങ്ങളു
ട രാജാവു ഞങ്ങളോടുത്തരമരുളുകയും
ചയ്യട്ടെ.

21 കർത്താവെ! രാജാവ് നിന്റെ ശക്തി
യിൽ സന്തോഷിച്ച് നിന്റെ രക്ഷ
ിൽ അധികമായി ആനന്ദിക്കും.
അവന്റെ ഹൃദയത്തിലെ ആഗ്രഹപ്ര
ാരം നീ അവന്നു കൊടുത്തു; അവന്റെ
അധരങ്ങളുടെ അപേക്ഷ നീ വിരോധി
ച്ചതുമില്ല.
എന്തെന്നാൽ നീ ഉത്തമാനുഗ്രഹങ്ങ
ാൽ അവനെ എതിരേററ് അവന്റെ ശിരസ്സി
ന്മൽ മഹത്വകിരീടം വച്ചു;
അവൻ നിന്നോടു ജീവനെ ചോദിച്ചു;
ീ അവനു എന്നെന്നേക്കും ദീർഘായുസ്സ്
കാടുത്തു.
നിന്റെ രക്ഷയാൽ അവന്റെ മഹത്വം
ശ്രേഷ്ഠമായി; നീ അവന്റെ മേൽ മഹ
ത്വവും പ്രഭയും വച്ചു;
എന്തെന്നാൽ നീ അവനെ എന്നെന്നേ
ക്കും ഒരനുഗ്രഹമാക്കിത്തീർത്തു; തിരുമുഖ
പ്രസാദംകൊണ്ടു നീ അവനെ സന്തോ
ഷിപ്പിച്ചു.
എന്തെന്നാൽ രാജാവ് കർത്താവിൽ
ആശ്രയിക്കുന്നു; അത്യുന്നതന്റെ കൃപ
യുള്ളതുകൊണ്ടു അവൻ ഇളകുകയില്ല.
നിന്റെ കൈ നിന്റെ സകല ശത്രുക്ക
ളെയും കണ്ടെത്തും; നിന്റെ വലംകൈ
നിന്നെ പകയ്ക്കുന്നവരെ കണ്ടുപിടിക്കും.
കോപസമയത്തു നീ അവരെ അഗ്നി
ച്ചൂളപോലെ ആക്കും; കർത്താവ് തന്റെ
കോപത്താൽ അവരെ ദഹിപ്പിക്കും; അഗ്നി
അവരെ ഭക്ഷിക്കയും ചെയ്യും;

അവരുടെ ഫലത്തെ ഭൂമിയിൽനിന്നും, 10
അവരുടെ സന്തതിയെ മനുഷ്യരിൽനിന്നും
നശിപ്പിച്ചുകളയും.
എന്തെന്നാൽ അവർ നിനക്കു വിരോധ 11
മായി ദോഷം ചിന്തിച്ച് ദുരാലോചന നടത്തി;
അവർ പ്രാപ്തരായുമില്ല.
നീ അവരിൽ ഒരടയാളം വയ്ക്കും; 12
നിന്റെ യുദ്ധസന്നദ്ധത അവർക്കെതിരായി
നിറുത്തും.
കർത്താവെ! നിന്റെ ശക്തിയാൽ ഉന്നത 13
പ്പെടണമേ! ഞങ്ങൾ നിന്റെ ശക്തിയെ പാടി
സ്തുതിക്കും.

22 എന്റെ ദൈവമേ! എന്റെ ദൈവ 1
മേ! നീ എന്നെ ഉപേക്ഷിച്ചതും
എന്റെ ഭോഷവചനങ്ങളാൽ എന്റെ
രക്ഷയെ എന്നിൽനിന്നു ദൂരത്താക്കിയതും
എന്ത്?
ദൈവമെ! പകൽ സമയത്തു ഞാൻ 2
നിന്നെ വിളിച്ചു. നീ ഉത്തരമരുളുന്നില്ല;
രാത്രിയിൽ വിളിച്ചിട്ടും എനിക്കായി
കാത്തിരിക്കുന്നില്ല.
നീ പരിശുദ്ധനാകുന്നു, ഇസ്രായേൽ 3
നിന്റെ മഹത്വത്തിൽ ഇരിക്കുന്നു.
എന്റെ പിതാക്കന്മാർ നിന്നിൽ ശരണം 4
പ്രാപിച്ചു; അവർ നിന്നിൽ ആശ്രയിച്ചു; നീ
അവരെ രക്ഷിക്കുകയും ചെയ്തു.
അവർ നിന്നോടു നിലവിളിച്ചു; അവർ 5
രക്ഷപെട്ടു. അവർ നിന്നിൽ പ്രത്യാശിച്ചു;
അവർ ലജ്ജിച്ചുമില്ല.
ഞാൻ പുഴുവാകുന്നു, മനുഷ്യനല്ല; 6
മനുഷ്യരുടെ നിന്ദയും ജനത്തിന് ത്യാജ്യനു
മാകുന്നു.
എന്നെ കണ്ടവർ ഒക്കെയും എന്നെ 7
പരിഹസിച്ചു; അവർ അധരങ്ങൾകൊണ്ടു
ഗോഷ്ടി കാണിച്ചു; അവരുടെ തല
കുലുക്കി.
അവനെ രക്ഷിപ്പാൻ കർത്താവിൽ 8
അവൻ ആശ്രയിച്ചുവല്ലൊ; തനിക്കു അവ
നിൽ ഇഷ്ടമുണ്ടെങ്കിൽ അവനെ വിടു
വിച്ചു രക്ഷിക്കട്ടെ(എന്നു പറഞ്ഞു)
എന്നാൽ ഗർഭപാത്രം മുതൽ എന്റെ 9
ശരണവും എന്റെ മാതാവിന്റെ മുലകുടി
ക്കുന്ന കാലം മുതൽ എന്റെ പ്രത്യാശയും
നീ ആയിരുന്നുവല്ലൊ.
ഗർഭപാത്രത്തിൽനിന്നു ഞാൻ നിങ്കലേ 10
ക്കു ഏല്പിക്കപ്പെട്ടു; എന്റെ മാതാവിന്റെ
ഉദരംമുതൽ നീ എന്റെ ദൈവമാകുന്നു.
അനർത്ഥം സമീപിച്ചിരിക്കയാലും 11
സഹായകൻ ഇല്ലായ്കയാലും നീ എന്നിൽ
നിന്നു വിദൂരമായിരിക്കരുതെ!

12 വളരെ കാളകൾ എന്നെ ചുററി, ബൈ
ശാനിലെ കാട്ടുപോത്തുകൾ എന്നെ
വളഞ്ഞു;
13 ഗർജ്ജിച്ചു ചാടിപ്പിടിക്കുന്ന സിംഹം
പോലെ അവർ എൻെറ നേരെ അവരുടെ
വായ് തുറന്നു;
14 ഞാൻ വെള്ളംപോലെ ഒഴിക്കപ്പെട്ടു;
എൻെറ അസ്ഥികൾ ഒക്കെയും ചിതറി;
എൻെറ ഹൃദയം മെഴുകുപോലെ ആയി
ത്തീർന്നു; എൻെറ കുടലുകൾ എൻെറ
ഉള്ളിൽ അഴുകി.
15 എൻെറ ശക്തി കുശവൻെറ ഓടുപോലെ
ഉണങ്ങിപ്പോയി; എൻെറ നാവു എൻെറ
അണ്ണാക്കിനോടു പററി; നീ എന്നെ മരണ
ത്തിൻെറ പൊടിയിലേക്കിട്ടു.
16 എന്തെന്നാൽ നായ്ക്കൾ എന്നെ വള
ഞ്ഞു; ദുഷ്ടന്മാരുടെ കൂട്ടം എന്നെ ചുററി;
അവർ എൻെറ കൈകളേയും കാലുക
ളേയും തുളച്ചു;
17 എൻെറ അസ്ഥികൾ എല്ലാം വിലപി
ച്ചു; അവർ എൻെറ നേരെ സൂക്ഷിച്ചു നോക്കി;
18 അവർ എൻെറ വസ്ത്രങ്ങളെ അവരുടെ
ഇടയിൽ വിഭജിച്ച് എൻെറ ഉടുപ്പിന്മേൽ
ചിട്ടിയിട്ടു.
19 കർത്താവെ! എന്നിൽനിന്നു അകന്നു
പോകരുതെ! എൻെറ ദൈവമെ! എൻെറ
ദൈവമെ! എൻെറ സഹായത്തിനായി
നിൽക്കണമെ!
20 വാളിൽനിന്നു എൻെറ ആത്മാവിനെ
യും, നായ്ക്കളുടെ കയ്യിൽനിന്നു എൻെറ
ദേഹിയെയും വിടുവിക്കണമെ!
21 എന്നെ സിംഹത്തിൻെറ വായിൽ
നിന്നും, എൻെറ എളിമയെ കാണ്ടാമൃഗ
ക്കൊമ്പിൽനിന്നും രക്ഷിക്കണമെ!
22 എന്തെന്നാൽ ഞാൻ നിൻെറ തിരുനാ
മത്തെ എൻെറ സഹോദരന്മാരോടറിയിക്കു
വാനും സഭയുടെ മദ്ധ്യെ ഞാൻ നിന്നെ
സ്തുതിപ്പാനുമായിത്തന്നെ.
23 കർത്താവിൻെറ ഭക്തന്മാരേ! തന്നെ
സ്തുതിപ്പിൻ, യാക്കോബിൻെറ സകല
സന്തതിയുമേ! തന്നെ ബഹുമാനിപ്പിൻ;
ഇസ്രായേലിൻെറ സകല സന്തതിയുമേ!
തന്നെ ഭയപ്പെടുവിൻ;
24 എന്തെന്നാൽ താൻ സാധുവിൻെറ
നിലവിളിയെ വെറുക്കയും, നിരസിക്കയും,
അവനിൽനിന്നു തൻെറ മുഖം തിരിക്കയും
ചെയ്യിട്ടില്ല; അവൻ തന്നോടു നിലവിളിച്ച
പ്പോൾ താൻ അവനെ കേട്ടു.
25 മഹാസഭയിൽ എൻെറ സ്തുതി തിരു
മുമ്പാകെ ആകുന്നു; തൻെറ ഭക്തന്മാരുടെ
മുമ്പാകെ ഞാൻ എൻെറ നേർച്ചകളെ
കഴിക്കും;
ദരിദ്രന്മാർ ഭക്ഷിച്ചു സമ്പൂർണ്ണരാകും; 26
കർത്താവിനെ അന്വേഷിക്കുന്നവർ തന്നെ
സ്തുതിക്കും; അവരുടെ ഹൃദയം എന്നേക്കും
ജീവിക്കയും ചെയ്യും.
ഭൂമിയുടെ അതിർത്തികളെല്ലാം 27
ഓർത്തു കർത്താവിങ്കലേക്കു തിരിച്ചുവരും;
ജാതികളുടെ സകല വംശങ്ങളും തിരു
സന്നിധിയിൽ ആരാധിക്കും.
എന്തെന്നാൽ രാജ്യം കർത്താവിന്നു 2
ള്ളതാകുന്നു, താൻ ജാതികളുടെ മേൽ
അധിപതിയും ആകുന്നു.
ഭൂമിയിലെ പട്ടിണിക്കാർ എല്ലാം 2
കർത്താവിൻെറ സന്നിധിയിൽ ഭക്ഷിച്ച്
ആരാധിക്കും; പൊടിമണ്ണിലേക്കിറങ്ങുന്നവ
രെല്ലാം തിരുസന്നിധിയിൽ മുട്ടുകുത്തും;
എൻെറ ആത്മാവു ജീവിക്കുന്നതു തനി
ക്കായിട്ടാകുന്നു.
കർത്താവിനെ സേവിക്കുന്ന സന്തതി 3
പിൻതലമുറയോട് തന്നെ അറിയിക്കും.
അവർ വന്നു ജനിപ്പാനുള്ള സന്തതി 3
യോട്, കർത്താവു ചെയ്യുന്ന തൻെറ നീതി
യെ അറിയിക്കും.

23

കർത്താവ് എന്നെ മേയിക്കും, എനി
ക്കു യാതൊരു മുട്ടും വരുത്തുക
യില്ല.
താൻ എന്നെ പുഷ്ടിയുള്ള മേച്ചിൽ
സ്ഥലങ്ങളിൽ പാർപ്പിക്കും, ശാന്തമായ
വെള്ളത്തിങ്കലേക്കു എന്നെ കൊണ്ടു
പോകും;
തൻെറ തിരുനാമം നിമിത്തം എൻെറ
ആത്മാവിനെ തിരിച്ചു നേരുള്ള ഊടുവഴി
കളിൽ നടത്തി.
മരണനിഴലിൻ താഴ്‌വരകളിൽ ഞാൻ
നടന്നാലും നീ എന്നോടുകൂടെയുള്ളതു
കൊണ്ടു ഞാൻ ഒരു ദോഷത്തെയും
ഭയപ്പെടുകയില്ല; നിൻെറ വടിയും, നിൻെറ
കോലും എന്നെ ആശ്വസിപ്പിക്കും.
എൻെറ ശത്രുക്കൾ കാൺകെ എൻെറ
മുമ്പിൽ നീ ഒരു മേശയൊരുക്കി; നീ എൻെറ
തല തൈലംകൊണ്ടഭിഷേകം ചെയ്തു;
എൻെറ പാനപാത്രം നിറഞ്ഞു കവിയുന്നു.
ഞാൻ കർത്താവിൻെറ ഭവനത്തിൽ
ദീർഘനാൾ താമസിപ്പാൻ എൻെറ ആയു
ഷ്ക്കാലമെല്ലാം നിൻെറ കൃപയും കരു
ണയും എന്നെ പിന്തുടരുമാറാകണമേ!

24

ഭൂമിയും അതിലെ പരിപൂർണ്ണത
യും, ഭൂതലവും അതിലെ നിവാസി
കളും കർത്താവിന്നുള്ളതാകുന്നു.

എന്തെന്നാൽ താൻ അതിന്റെ അടി
ഥാനങ്ങളെ സമുദ്രത്തിന്മേൽ സ്ഥാപിച്ചു;
ദികളിന്മേൽ അതിനെ ഉറപ്പിച്ചു.
കർത്താവിന്റെ പർവ്വതത്തിലേക്കു
ർ കരേറും? തന്റെ വിശുദ്ധ പർവ്വത
ിൽ ആർ നില്ക്കും?
നിഷ്കളങ്ക കൈകളും നിർമ്മലഹൃദ
വും ഉള്ളവനും, വ്യാജമായിട്ടു തന്നെ
ക്കൊണ്ടു തന്നെ ആണയിടാത്തവനും
ഞ്ചനയോടെ ആണയിടാത്തവനും തന്നെ;
ഇവൻ കർത്താവിൽനിന്നു വാഴ്വും
മ്മുടെ രക്ഷകനായ ദൈവത്തിൽനിന്നു
ുണ്യവും സ്വീകരിക്കും.
യാക്കോബിന്റെ ദൈവമേ! നിന്റെ
ിരുമുഖം അന്വേഷിച്ചു ആശ്രയിക്കുന്ന
ലമുറ ഇതാകുന്നു.
വാതിലുകളേ, നിങ്ങളുടെ തലകൾ
യർത്തുവിൻ; എന്നേക്കുമുള്ള കതകു
ളേ, നിങ്ങൾ ഉയരുവിൻ; മഹത്വത്തിന്റെ
ാജാവ് അകത്തു പ്രവേശിക്കട്ടെ;
മഹത്വത്തിന്റെ ഈ രാജാവ് ആരാ
ുന്നു? ബലവും ശക്തിയും ഉള്ള കർത്താ
വ്; ബലവാനും യുദ്ധശാലിയും ആയ
ർത്താവ്.
വാതിലുകളേ നിങ്ങളുടെ തലകൾ
ഉയർത്തുവിൻ; എന്നേക്കുമുള്ള കതകു
കളേ ഉയർന്നിരിപ്പിൻ; മഹത്വത്തിന്റെ
രാജാവ് അകത്തു പ്രവേശിക്കട്ടെ;
മഹത്വത്തിന്റെ ഈ രാജാവ്, ആരാ
കുന്നു; സൈന്യങ്ങളുടെ കർത്താവ്, താൻ
തന്നെ എന്നേക്കും മഹത്വത്തിന്റെ
രാജാവാകുന്നു.

25 കർത്താവേ! നിങ്കലേക്കു ഞാൻ
എന്റെ ആത്മാവിനെ ഉയർത്തി;
എന്റെ ദൈവമെ! ഞാൻ നിന്നിൽ
ആശ്രയിച്ചു; ഞാൻ ലജ്ജിക്കരുതെ! എന്റെ
ശത്രുക്കൾ എന്റെ നേരെ പ്രശംസിക്ക
രുതെ!
നിന്നിൽ ആശ്രയിക്കുന്ന യാതൊരു
വനും ലജ്ജിക്കയില്ല; അധർമികൾ തങ്ങ
ളുടെ വ്യർത്ഥതയാൽ ലജ്ജിക്കും.
കർത്താവേ! നിന്റെ വഴികൾ എന്നെ
കാണിക്കണമേ!
നിന്റെ സത്യത്തിൽ എന്നെ നടത്തി
എന്നെ പഠിപ്പിക്കണമേ; എന്തെന്നാൽ നീ
എന്റെ ദൈവവും എന്റെ രക്ഷകനും
ആകുന്നു; ഞാൻ നിത്യവും നിനക്കായി
പ്രതീക്ഷിച്ചിരുന്നു;
6 കർത്താവേ! നിന്റെ പൂർവകരുണ
യേയും നിന്റെ കൃപകളേയും ഓർക്കണമെ;
എന്റെ ബാല്യകുററങ്ങളെ എന്നോട് 7
ഓർക്കരുതേ! ദൈവമേ! നിന്റെ കൃപ
നിമിത്തം നിന്റെ ബഹുലമായ കരുണയ്ക്ക
നുസരണം എന്നെ ഓർക്കണമെ;
കർത്താവ് നല്ലവനും നേരുള്ളവനും 8
ആകുന്നു; ഇതു നിമിത്തം താൻ പാപികളെ
നേർവഴിയിൽ നടത്തുന്നു.
താൻ സൌമ്യതയുള്ളവരെ പ്രമാണ 9
പ്രകാരം നടത്തും; സാധുക്കളെ തന്റെ വഴി
പഠിപ്പിക്കും;
കർത്താവിന്റെ നിയമവും, തന്റെ 10
സാക്ഷ്യങ്ങളെയും ആചരിക്കുന്നവർക്കു
കർത്താവിന്റെ വഴികളെല്ലാം കൃപയും
സത്യവുമാകുന്നു;
കർത്താവേ! നിന്റെ തിരുനാമം 11
നിമിത്തം എന്റെ അനീതിയിൽനിന്ന്
എന്നെ നീതീകരിക്കണമേ! എന്തെന്നാൽ
അതു വലിയതാകുന്നു;
കർത്താവിനെ ഭയപ്പെടുന്ന മനുഷ്യന് 12
താൻ തിരഞ്ഞെടുത്ത വഴി താൻ അവനെ
പഠിപ്പിക്കും.
അവന്റെ ആത്മാവ് കൃപയാൽ സുഖ 13
മായി വസിക്കും; അവന്റെ സന്തതി ഭൂമിയെ
അവകാശമാക്കും;
കർത്താവിന്റെ കരുതൽ തന്റെ 14
ഭക്തന്മാരുടെ മേലുണ്ട്; താൻ തന്റെ നിയമം
അവരോട് അറിയിച്ചു.
എന്റെ കണ്ണുകൾ എപ്പോഴും കർത്താവി 15
ങ്കൽ ആകുന്നു; എന്തെന്നാൽ താൻ എന്റെ
കാലുകളെ വലയിൽനിന്നു പുറത്താക്കും;
എങ്കലേക്ക് തിരിഞ്ഞു എന്നെ അനുഗ്ര 16
ഹിക്കണമേ; എന്തെന്നാൽ ഞാൻ ഏകാ
കിയും എളിയവനുമാകുന്നു.
എന്റെ ഹൃദയദുഃഖങ്ങൾ വളരെയാ 17
കുന്നു; എന്റെ ആവലാതികളിൽനിന്നു
എന്നെ ഒഴിവാക്കണമേ!
എന്റെ അടിമത്വവും എന്റെ അദ്ധ്വാ 18
നവും നീ കണ്ട് എന്റെ സർവപാപങ്ങളും
എന്നോടു ക്ഷമിക്കണമേ!
എന്റെ ശത്രുക്കൾ വർദ്ധിച്ചതു കാണ 19
ണമെ! അവർ അനീതിയായ പകയോടു
കൂടെ എന്നെ നിന്ദിച്ചു.
ഞാൻ നിന്നിൽ ആശ്രയിച്ചിരിക്ക 20
കൊണ്ടു എന്റെ ആത്മാവിനെ കാത്ത്
എന്നെ രക്ഷിക്കണമേ!
ഞാൻ നിന്നെ നോക്കി പാർത്തതു 21
കൊണ്ടു പരമാർഥികളും നേരുള്ളവരും
എന്നോടു ചേർന്നു.
ദൈവം ഇസ്രായേലിനെ അവനെ ഉപ 22
ദ്രവിക്കുന്ന എല്ലാവരിൽനിന്നും രക്ഷിച്ചു.

1 **26** കർത്താവേ! എനിക്കുവേണ്ടി
ന്യായം നടത്തണമെ! എന്തെന്നാൽ
ഞാൻ എൻെറ പരമാർത്ഥതയിൽ നടന്നിരി
ക്കുന്നു; ഞാൻ കർത്താവിൽ ആശ്രയിച്ചു,
ഞാൻ ഇളകുകയില്ല.
2 കർത്താവേ! എന്നെ ശോധനചെയ്ത്
എന്നെ പരീക്ഷിക്കണമെ! എൻെറ അന്തരി
ന്ദ്രിയങ്ങളേയും എൻെറ ഹൃദയത്തേയും
പരിശോധിക്കണമെ!
3 എന്തെന്നാൽ, നിൻെറ കരുണ എൻെറ
കൺമുന്നിലുണ്ട്; ഞാൻ വിശ്വാസത്തോടെ
നടന്നു;
4 ഞാൻ ദുഷ്ടന്മാരോടുകൂടെ ഇരുന്നില്ല;
ഭോഷന്മാരോടുകൂടെ സംസർഗം ചെയ്തു
മില്ല;
5 ഞാൻ ദുഷ്ടന്മാരുടെ സമൂഹത്തെ വെ
റുത്തു. പാതകന്മാരോടുകൂടെ ഇരുന്നുമില്ല;
6 കർത്താവേ! ഞാൻ എൻെറ കൈകൾ
വെടിപ്പായി കഴുകി; ഞാൻ നിൻെറ ബലി
പീഠത്തിനു പ്രദക്ഷിണം ചെയ്തു.
7 അതു നിൻെറ മഹത്വത്തിൻ ശബ്ദം
കേൾപ്പിപ്പാനും നിൻെറ എല്ലാ അത്ഭുതങ്ങ
ളേയും വർണിപ്പാനും ആകുന്നു.
8 കർത്താവേ! ഞാൻ നിൻെറ ആലയ
ശുശ്രൂഷയേയും നിൻെറ മഹത്വത്തിൻ
വാസസ്ഥലത്തേയും സ്നേഹിച്ചു;
9 പാപികളോടുകൂടെ എന്നെയും; രക്ത
പ്രിയരോടുകൂടെ എൻെറ ജീവനെയും നശി
പ്പിച്ചു കളയരുതെ!
10 എന്തെന്നാൽ അവരുടെ കൈകളിൽ
വഞ്ചനയുണ്ട്, അവരുടെ വലങ്കൈ കോഴ
കൊണ്ട് നിറഞ്ഞിരിക്കുന്നു.
11 എന്നാൽ ഞാൻ എൻെറ പരമാർത്ഥത
യോടെ നടന്നു; എന്നെ രക്ഷിച്ചു എന്നോടു
കരുണ ചെയ്യണമെ!
12 ഞാൻ സത്യത്തിൽ കാലുറപ്പിച്ചു, ഞാൻ
സഭയിൽ കർത്താവിനെ സ്തോത്രം ചെയ്യും.

1 **27** കർത്താവ് എൻെറ പ്രകാശവും
എൻെറ രക്ഷയും ആകുന്നു; ഞാൻ
ആരെ ഭയപ്പെടും? കർത്താവു എൻെറ
ജീവൻെറ ബലമാകുന്നു, ആരെന്നെ ഭയ
പ്പെടുത്തും?
2 എൻെറ ശത്രുക്കളും എന്നെ വെറുക്കു
ന്നവരുമായ ദുഷ്ടന്മാർ എൻെറ മാംസം
ഭക്ഷിപ്പാൻ എങ്കലേക്ക് അടുത്തപ്പോൾ
അവർ ഒരുമിച്ചു മറിഞ്ഞു വീണുപോയി.
3 ഒരു സൈന്യം എനിക്കു വിരോധമായി
പാളയമടിച്ചാലും എൻെറ ഹൃദയം ഭയപ്പെ
ടുകയില്ല; എൻെറ നേരെ യുദ്ധമുണ്ടായാലും
ഞാൻ ധൈര്യമായിരിക്കും;
ഞാൻ കർത്താവിനൊടൊരു കാര്യം 4
യാചിച്ചു; ഞാൻ അന്വേഷിക്കുന്നതും അതു
തന്നെയാകുന്നു; എൻെറ ആയുഷ്കാല
മെല്ലാം ഞാൻ കർത്താവിൻെറ ഭവനത്തിൽ
വസിച്ച്, കർത്താവിൻെറ സൌന്ദര്യത്തെ
കണ്ട്, തൻെറ ആലയകാര്യം ക്രമീകരിക്ക
ണമെന്നുള്ളതാകുന്നു;
എന്തെന്നാൽ അനർത്ഥനാളിൽ തൻെറ 5
പാർശ്വത്തിൽ താൻ എന്നെ ഒളിപ്പിച്ച്
തൻെറ കൂടാരത്തിൻെറ നിഴലിൽ എന്നെ
മറയ്ക്കും; പാറമേൽ എന്നെ ഉയർത്തുകയും
ചെയ്യും;
ഇനിമേൽ, എന്നെ ചുററിയിരിക്കുന്ന 6
എൻെറ ശത്രുക്കളുടെ നേരെ എൻെറ
ശിരസ്സ് ഉയർത്തപ്പെടും; തൻെറ കൂടാര
ത്തിൽ ഞാൻ മഹത്വബലികൾ അർപ്പിച്ചു
കർത്താവിനെ സ്തുതിച്ചുപാടും;
കർത്താവേ! ഞാൻ നിന്നെ വിളിക്കു 7
മ്പോൾ നീ എൻെറ ശബ്ദം കേട്ട്, എന്നെ
അനുഗ്രഹിച്ച് എന്നോടു കരുണചെയ്ത്
എന്നോടു ഉത്തരമരുളേണമേ!
എൻെറ ഹൃദയം നിന്നെക്കുറിച്ചു 8
സംസാരിക്കുകയും എൻെറ മുഖം തിരുമുഖ
ത്തെ അന്വേഷിക്കയും ചെയ്യുന്നു.
കർത്താവേ! തിരുമുഖം എന്നിൽനിന്നു 9
തിരിച്ചുകളയരുതെ! നിൻെറ ദാസനെ
ക്രോധത്തോടെ ഞെരുക്കുകയും അരുതെ;
കർത്താവെ! നീ എനിക്കു സഹായിയായി
രിക്കണമെ! എൻെറ ദൈവമേ, എൻെറ
രക്ഷകനേ, നീ എന്നെ ത്യജിക്കയും ഉപേ
ക്ഷിക്കുകയും അരുതെ!
എന്തെന്നാൽ എൻെറ പിതാവും 10
എൻെറ മാതാവും എന്നെ ഉപേക്ഷിച്ചിട്ടും
കർത്താവ് എന്നെ സ്വീകരിച്ചു.
കർത്താവെ! നിൻെറ വഴി എന്നെ 11
പഠിപ്പിച്ച് നിൻെറ നേരായ പാതകളിൽ കൂടെ
എന്നെ നടത്തണമെ!
എൻെറ ശത്രുക്കൾക്ക് എന്നെ നീ 12
ഏല്പിക്കരുതെ! എന്തെന്നാൽ കള്ളസാ
ക്ഷികൾ എനിക്കു വിരോധമായി എഴു
ന്നേററു അസത്യം സംസാരിച്ചു.
ജീവനുള്ളവരുടെ ദേശത്തു കർത്താ 13
വിൻെറ നന്മകളെ കാണുമെന്നു ഞാൻ
വിശ്വസിച്ചു;
നിങ്ങൾ കർത്താവിൽ ആശ്രയിപ്പിൻ; 14
നിങ്ങളുടെ ഹൃദയം ശക്തിപ്പെടും; അതെ!
കർത്താവിൽ ആശ്രയിപ്പിൻ;

28 കർത്താവേ! ഞാൻ നിന്നെ വിളിച്ചു; 1
എൻെറ ദൈവമേ! നീ എന്നോടു
മൗനമായിരിക്കരുതെ! നീ എന്നോടു

മായിരുന്നാൽ കുഴിയിൽ ഇറങ്ങുന്ന
ാടുകൂടെ ഞാൻ ചേർന്നുപോകും;
ഞാൻ നിന്നെ നോക്കി നിലവിളിക്കു
ഴും ഞാൻ എന്റെ കൈകൾ നിന്റെ
ുദ്ധ ആലയത്തിലേക്ക് ഉയർത്തു
ഴും എന്റെ അപേക്ഷയുടെ ശബ്ദം
ൾക്കണമേ.
ദുഷ്ടന്മാരോടും അകൃത്യം ചെയ്യു
രോടുംകൂടെ എന്നെ ഗണിക്കരുതെ;
ന്നാൽ അവർ തങ്ങളുടെ കൂട്ടുകാ
ടു സമാധാനം സംസാരിക്കുന്നു. അവ
ട ഹൃദയത്തിലോ ദുഷ്ടതയ്ക്കും.
അവരുടെ ക്രിയകൾക്കുമനുസൃതമാ
അവരുടെ തിന്മയ്ക്കൊത്തതുപോ
യും നീ അവരോടു പ്രതികാരം ചെയ്യ
മ!
അവർ കർത്താവിന്റെ ക്രിയകളെയും
ന്റെ കൈവേലയേയും തിരിച്ചറിയായ്ക
ാണ്ട് താൻ അവരെ മറിച്ചിടും; അവരെ
നിയുകയില്ല;
എന്റെ അപേക്ഷയുടെ ശബ്ദം കേട്ട
ത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു;
കർത്താവ് എന്റെ സഹായകനും
നിക്കു തുണയേകുന്നവനും ആകുന്നു;
ന്റെ ഹൃദയം തന്നിൽ ആശ്രയിച്ചതു
ാണ്ട് എന്റെ ജഡം പുഷ്ടിയുള്ളതായി;
ാൻ കീർത്തനങ്ങളോടുകൂടെ തന്നെ
തോത്രം ചെയ്യും.
കർത്താവ് തന്റെ ജനത്തിന്റെ ബല
ം തന്റെ അഭിഷിക്തന്റെ സഹായക
ം രക്ഷകനും ആകുന്നു.
നീ നിന്റെ ജനത്തെ രക്ഷിച്ച് നിന്റെ
വകാശത്തെ അനുഗ്രഹിക്കണമെ;
ന്നേക്കും നീ അവരെ മേയിച്ചു ഭരിക്കു
യും ചെയ്യണമേ!

29 കർത്താവിന്നു മുട്ടാടുകളെ കൊ
ണ്ടുവരുവിൻ. കർത്താവിന്നു
ുതിയും ബഹുമാനവും കൊണ്ടുവരു
ിൻ;
കർത്താവിന്നു തന്റെ തിരുനാമത്തി
ു തക്ക ബഹുമാനം കൊണ്ടുവന്ന് തന്റെ
ിശുദ്ധ പ്രാകാരത്തിൽ കർത്താവിനെ
രാധിപ്പിൻ.
കർത്താവിന്റെ ശബ്ദം വെള്ളങ്ങളുടെ
മൽ ഉണ്ട്; സ്തുത്യനായ ദൈവം ഇടി
ുഴക്കി; കർത്താവു ഏറിയ വെള്ളങ്ങളുടെ
മൽ ഉണ്ട്.
കർത്താവിന്റെ ശബ്ദം ശക്തിയോടു
ൂടിയതാകുന്നു; കർത്താവിന്റെ ശബ്ദം
ഹത്വത്തോടുകൂടിയതാകുന്നു;
കർത്താവിന്റെ ശബ്ദം കാരകിലുകളെ 5
ഒടിക്കുന്നു; കർത്താവു ലെബാനോനിലെ
കാരകിലുകളെ തകർത്തു.
താൻ അവയെ കാളക്കുട്ടിയെപ്പോ 6
ലെയും, ലെബാനോനേയും സോനീറി
നേയും കണ്ടാമൃഗക്കുട്ടികളെപ്പോലെയും
തുള്ളിച്ചു.
കർത്താവിന്റെ ശബ്ദം അഗ്നിജ്വാല 7
യെ പിളർക്കുന്നു.
കർത്താവിന്റെ ശബ്ദം മരുഭൂമിയെ 8
ഇളക്കുന്നു; കർത്താവ് കാദേശ് വനത്തെ
ഇളക്കുന്നു;
കർത്താവിന്റെ ശബ്ദം മാൻപേടകളെ 9
ഇളക്കി കാടുകളെ പറിക്കുന്നു, എല്ലാവരും
തന്റെ ആലയത്തിൽ സ്തുതിപാടുകയും
ചെയ്യുന്നു.
കർത്താവ് ജലപ്രളയത്തെ തിരിച്ചു 10
കളഞ്ഞു; കർത്താവ് എന്നേക്കും രാജാവാ
യിരിക്കുന്നു;
കർത്താവ് തന്റെ ജനത്തിന്നു ശക്തി 11
നല്കും; കർത്താവ് സമാധാനത്തോടു
കൂടെ തന്റെ ജനത്തെ അനുഗ്രഹിക്കും.

30 കർത്താവെ! നീ എന്നെ ഉയർത്തി 1
യതുകൊണ്ടും, എന്റെ ശത്രുക്ക
ളെ എന്റെ നേരെ സന്തോഷിപ്പിക്കാതിരു
ന്നതുകൊണ്ടും നിന്നെ ഞാൻ പുകഴ്ത്തും.
എന്റെ ദൈവമായ കർത്താവെ! ഞാൻ 2
നിന്നോടു അപേക്ഷിച്ചു; നീ എന്നെ സുഖ
പ്പെടുത്തി;
നീ എന്റെ ആത്മാവിനെ പാതാള 3
ത്തിൽനിന്നു കരേററി; കുഴിയിൽ ഇറങ്ങു
ന്നവരോടുകൂടെ ആകാതവണ്ണം നീ എന്നെ
ജീവനോടെ കാത്തുപാലിച്ചു.
തന്റെ തിരഞ്ഞെടുക്കപ്പെട്ടവരേ, 4
നിങ്ങൾ കർത്താവിന്നു പാടി തന്റെ
വിശുദ്ധിയുടെ ഓർമയ്ക്കായിട്ടു സ്തോത്രം
ചെയ്വിൻ.
എന്തെന്നാൽ തന്റെ കോപത്തിൽ 5
ശാസനയും തന്റെ പ്രസാദത്തിൽ ജീവനും
ഉണ്ട്; സന്ധ്യമുതൽ കരച്ചിൽ ഉണ്ടായാലും
പ്രഭാതം മുതൽ സന്തോഷംവരും.
ഒരു നാളും ഞാൻ ഇളകുകയില്ല എന്നു 6
എന്റെ സുഖാവസ്ഥയിൽ ഞാൻ പറഞ്ഞു.
ദൈവമേ! നിന്റെ പ്രസാദത്താൽ 7
എന്റെ മഹത്വത്തിന്നു നീ ശക്തി കല്പിച്ച
രുളി; നിന്റെ തിരുമുഖം തിരിച്ചു; ഞാൻ
ഭ്രമിച്ചുപോയി.
കർത്താവേ! ഞാൻ നിന്നെ വിളിച്ചു, 8
എന്റെ കർത്താവേ! ഞാൻ നിന്നോടപേ
ക്ഷിച്ചു;

9 ഞാൻ നാശത്തിലേക്കിറങ്ങിപ്പോയാൽ
എൻെറ രക്തംകൊണ്ടെന്തു പ്രയോജനമു
ള്ളു? മണ്ണു നിന്നെ സ്തോത്രം ചെയ്കയില്ല;
അതു നിൻെറ വിശ്വാസം അറിയിക്കയും
ഇല്ലല്ലോ;
10 ദൈവമെ! കേൾക്കണമെ! എന്നോടു
കരുണചെയ്യണമെ! കർത്താവെ! നീ എനി
ക്കു സഹായകനായിരിക്കണമെ!
11 എന്തെന്നാൽ നീ എൻെറ വിലാപങ്ങ
ളെ സന്തോഷമാക്കിത്തീർത്തു; നീ എൻെറ
കരിമ്പടത്തെ അഴിച്ചു നീ എന്നെ സന്തോ
ഷം ധരിപ്പിച്ചു;
12 ഇതു നിമിത്തമായിട്ടു ഞാൻ നിനക്കു
സ്തുതിപാടും; ഞാൻ മൌനമായിരിക്ക
യില്ല; എൻെറ ദൈവമായ കർത്താവേ!
ഞാൻ എന്നേക്കും നിന്നെ സ്തോത്രം
ചെയ്യും.

31

1 കർത്താവേ! ഞാൻ നിന്നിൽ ആശ്ര
യിച്ചു; ഞാൻ ഒരിക്കലും ലജ്ജിക്ക
രുതെ! നിൻെറ നീതിയാൽ എന്നെ രക്ഷി
ക്കണമെ!
2 നിൻെറ ചെവി എൻെറ അടുക്കലേക്ക്
ചായിച്ചു വേഗത്തിൽ എന്നോടുത്തരമരുള
ണമെ! ദൈവമെ! നീ എനിക്കു സഹാ
യകനും സങ്കേതവും ആയിത്തീർന്ന് എന്നെ
രക്ഷിക്കണമെ!
3 കർത്താവെ! നീ എൻെറ ബലവും
എൻെറ സങ്കേതവും ആകകൊണ്ട് തിരു
നാമം നിമിത്തം എന്നെ ആശ്വസിപ്പിക്ക
ണമെ!
4 നീ എൻെറ സഹായകനാകകൊണ്ട്
അവർ എനിക്കായി വച്ചിട്ടുള്ള കെണിയിൽ
നിന്നു എന്നെ പുറത്താക്കണമെ!
5 നീതിയുള്ള ദൈവമായ കർത്താവേ!
ഞാൻ എൻെറ ആത്മാവിനെ നിങ്കൽ
സമർപ്പിച്ചു. നീ എന്നെ രക്ഷിക്കുകയും
ചെയ്തു.
6 വ്യർത്ഥമൂർത്തികളെ ആരാധിക്കുന്ന
വരെ നീ വെറുത്തു; കർത്താവെ! ഞാൻ
നിന്നിൽ ആശ്രയിച്ചു;
7 ഞാൻ നിൻെറ കൃപയിൽ സന്തോഷിച്ചു
ആനന്ദിക്കും; എന്തെന്നാൽ നീ എൻെറ
ക്ഷീണാവസ്ഥയെ കണ്ട് എൻെറ സ്വന്ത
ഞെരുക്കത്തെ ഗ്രഹിച്ചിരിക്കുന്നു;
8 നീ എൻെറ ശത്രുക്കളുടെ കയ്യിൽ
എന്നെ ഏല്പിച്ചില്ല. എൻെറ കാലുകളെ
ആശ്വാസസ്ഥലത്തു നിറുത്തി;
9 കർത്താവെ! എനിക്കു ദുഃഖമായിരിക്ക
കൊണ്ടു എന്നോടു കരുണചെയ്യണമെ!
വ്യസനം നിമിത്തം എൻെറ കണ്ണും എൻെറ
ആത്മാവും എൻെറ ഉദരവും കലങ്ങിയിരി
ക്കുന്നു;
എന്തെന്നാൽ എൻെറ ആയുസ്സ് അരി 10
ഷ്ടതയിലും എൻെറ സംവത്സരങ്ങൾ നെടു
വീർപ്പുകളിലും കഴിച്ചുകൂട്ടി; ദാരിദ്ര്യത്താൽ
എൻെറ ശക്തി ക്ഷയിക്കയും ചെയ്തു.
എൻെറ സർവ ശത്രുക്കളും നിമിത്തം 1
എൻെറ അസ്ഥികൾ ക്ഷയിച്ചു; ഞാൻ
എൻെറ അയൽക്കാർക്കു നിന്ദയും എന്നെ
അറിയുന്നവർക്കു ഭീതിയും ആയിത്തീർന്നു.
തെരുവീഥിയിൽ എന്നെ കാണുന്നവർ
എന്നിൽനിന്ന് അറച്ചുമാറിനിന്നു;
മരിച്ചവൻ എന്നപോലെ ഹൃദയത്തിൽ 1
നിന്ന് എന്നെ മറന്നുകളഞ്ഞു; ഞാൻ
ഉടഞ്ഞ പാത്രംപോലെ ആയിത്തീർന്നു;
എനിക്കു വിരോധമായി ഒരുമിച്ച് ആ 1
ലോചിച്ച് എൻെറ ജീവനെ എടുത്തുകളയു
വാൻ വിചാരിച്ച അനേകരുടേയും ഉദ്ദേശം
ഞാൻ കേട്ടറിഞ്ഞു;
കർത്താവെ! ഞാൻ നിന്നിൽ ആശ്ര 1
യിച്ചു; നീ എൻെറ ദൈവമെന്നു ഞാൻ
പറഞ്ഞു;
എൻെറ സമയങ്ങൾ തൃക്കൈകളിൽ 1
ഇരിക്കുന്നു, എൻെറ ശത്രുക്കളിൽനിന്നും
എന്നെ പീഡിപ്പിക്കുന്നവരിൽനിന്നും
എന്നെ വിടുവിക്കണമെ!
നിൻെറ ദാസൻെറ നേരെ തിരുമുഖം
പ്രകാശിപ്പിച്ച് നിൻെറ കൃപയാൽ എന്നെ
രക്ഷിക്കണമെ!
കർത്താവേ! ഞാൻ നിന്നെ വിളിച്ച
തുകൊണ്ട് ഞാൻ ലജ്ജിക്കയില്ല; ദുഷ്ട
ന്മാർ ലജ്ജിച്ചു പാതാളത്തിലേക്കിറങ്ങി
പ്പോകും.
നീതിമാനു വിരോധമായി വ്യാജവും
ആക്ഷേപവും സംസാരിക്കുന്ന അധർമിക
ളുടെ അധരങ്ങൾ അടഞ്ഞുപോകും.
മനുഷ്യരുടെ മുമ്പാകെ നിന്നിൽ
ആശ്രയിക്കുന്ന നിൻെറ ഭക്തന്മാർക്കു നീ
സംഗ്രഹിച്ചിരിക്കുന്ന നിൻെറ കൃപകൾ
എത്ര ബഹുലമാകുന്നു!
മനുഷ്യരുടെ കലഹത്തിൽനിന്നു തിരു
മുഖത്തിൻെറ മറവിൽ നീ അവരെ മറ
യ്ക്കും; തർക്കത്തിൽനിന്നു നിൻെറ നിഴ
ലിൽ അവരെ ഒളിപ്പിക്കുകയും ചെയ്യും.
ബലമുള്ള നഗരത്തിൽ ഉത്തമന്മാരെ
തനിക്കായി തിരഞ്ഞെടുത്തിട്ടുള്ള കർത്താ
വ് വാഴ്ത്തപ്പെട്ടവൻ.
തൃക്കണ്ണുകളുടെ മുമ്പിൽനിന്നു ഞാൻ
നശിച്ചുപോയി എന്ന് എൻെറ പരിഭ്രമ
കൊണ്ട് ഞാൻ പറഞ്ഞു; ഞാൻ നിന്നെ

ളിച്ചപ്പോൾ നീ എൻെറ അപേക്ഷയുടെ
ബ്ദം കേട്ടു;
കർത്താവിൻെറ വിശുദ്ധന്മാരേ! കർത്താ
നെ സ്നേഹിപ്പിൻ; കർത്താവു വിശ്വാ
ികളെ കാത്തുകൊള്ളുകയും അന്യായ
ാരോടു അവരുടെ പ്രവൃത്തികൾക്കു
ക്കവണ്ണം പ്രതികാരം ചെയ്കയും ചെ
ന്നു;
കർത്താവിൽ ആശ്രയിക്കുന്ന ഏവ
മേ! ധൈര്യപ്പെടുവിൻ, നിങ്ങളുടെ ഹൃദയം
ലപ്പെടട്ടെ!

32 അനീതി ക്ഷമിച്ചും പാപങ്ങൾ
മറച്ചും കിട്ടിയവൻ ഭാഗ്യവാൻ;
കർത്താവ് പാപം കണക്കിടാതെയും,
ൃദയത്തിൽ വഞ്ചന ഇല്ലാതെയും ഇരി
ുന്ന മനുഷ്യൻ ഭാഗ്യവാൻ;
ഞാൻ നിത്യവും ഞരങ്ങിക്കൊണ്ടു
ാനമായിരുന്നതിനാൽ എൻെറ അസ്ഥി
ൾ ക്ഷയിച്ചുപോയി;
എന്തെന്നാൽ രാവും പകലും തൃക്കൈ
ൻെറ മേൽ ഭാരമായിരുന്നു; എന്നെ
ൊല്ലത്തക്ക വേദന എൻെറ നെഞ്ചിൽ
ണ്ടാകയും ചെയ്തു.
ഞാൻ എൻെറ പാപങ്ങളെ നിന്നോട്
റിയിച്ചു; എൻെറ അകൃത്യങ്ങളെ നി
ിൽനിന്നു മറച്ചുവച്ചുമില്ല. എൻെറ അകൃ
ങ്ങളെ കർത്താവിനോടു ഏറ്റു പറയു
ന്നും, അപ്പോൾ എൻെറ പാപങ്ങളെല്ലാം
ീ എന്നോട് ക്ഷമിക്കുമെന്നും ഞാൻ
റഞ്ഞു;
ആയതുകൊണ്ടു നീ തിരഞ്ഞെടുത്തി
ള്ളവനെല്ലാം അംഗീകാരകാലത്തു
ന്നോടു പ്രാർത്ഥിക്കും. പെരുവെള്ള
ിൻെറ ഉഗ്രത അവങ്കലേക്കടുക്കയില്ല.
നീ എന്നെ മറച്ചുകൊള്ളണമേ! എൻെറ
ത്തുക്കളിൽനിന്നു നീ എന്നെ കാത്തു
ൊള്ളണമേ! ഞാൻ നിന്നെ തിരിച്ചറിയേ
തിന്നു മഹത്വവും രക്ഷയും എൻെറ
റ്റും നിറുത്തണമേ!
"നീ നടക്കേണ്ടുന്ന വഴി ഞാൻ നിന്നെ
റിയിക്കും; നിൻെറമേൽ ഞാൻ ദൃഷ്ടി
യ്ക്കുകയും ചെയ്യും;
ചെറുപ്പം മുതൽ കടിഞ്ഞാൺകൊണ്ടു
ീഴ്പെടുത്തിയിട്ടും സ്വാധീനപ്പെടാതിരി
ുന്ന ബുദ്ധിയില്ലാത്ത കുതിരയെപ്പോ
ലയും കോവർകഴുതയെപ്പോലെയും
ങ്ങൾ ആയിരിക്കരുതു."
ദുഷ്ടൻെറ വേദനകൾ വളരെയാകു
ു; കർത്താവിൽ ആശ്രയിക്കുന്നവനെ
ൃപ ചുറ്റിക്കൊള്ളും;
നീതിമാന്മാരേ! കർത്താവിൽ സന്തോ 11
ഷിച്ചാനന്ദിപ്പിൻ, ഹൃദയപരമാർത്ഥികൾ
എല്ലാവരുമേ! തന്നെ സ്തുതിപ്പിൻ;

33 പുണ്യവാന്മാരേ കർത്താവിനെ 1
സ്തുതിപ്പിൻ; സ്തുതിക്കുന്നതു സത്യ
വാന്മാർക്ക് ഉചിതമല്ലോ;
വീണകൊണ്ടു അവനെ സ്തുതിപ്പിൻ; 2
പത്തു കമ്പിയുള്ള തംബുരുകൊണ്ടു തനി
ക്കു പാടുവിൻ;
തനിക്കൊരു പുതിയ പാട്ടു പാടുവിൻ; 3
മാധുര്യസ്വരത്തിൽ പാടുവിൻ;
എന്തെന്നാൽ കർത്താവിൻെറ വചനം 4
നേരുള്ളതാകുന്നു; തൻെറ സകല ക്രിയക
ളും വിശ്വസ്തതയോടുകൂടിയവയാകുന്നു;
താൻ പുണ്യവും ന്യായവും സ്നേഹി 5
ക്കുന്നു; ഭൂമി കർത്താവിൻെറ കൃപകൊണ്ടു
നിറഞ്ഞിരിക്കുന്നു;
കർത്താവിൻെറ വചനത്താൽ ആകാശ 6
വും തൻെറ വായിലെ ശ്വാസത്താൽ അതി
ലെ സകല സൈന്യങ്ങളും ഉണ്ടാക്കപ്പെട്ടു;
താൻ സമുദ്രത്തിലെ വെള്ളത്തെ 7
തോല്കുടങ്ങളിൽ എന്നപോലെ കൂട്ടി
ആഴികളെ ഭണ്ഡാരങ്ങളിൽ സൂക്ഷിച്ചു;
സകല ഭൂമിയും കർത്താവിനെ ഭയ 8
പ്പെടട്ടെ; ഭൂതലനിവാസികളെല്ലാവരും തിരു
സന്നിധിയിൽ ഭ്രമിക്കട്ടെ.
എന്തെന്നാൽ താൻ അരുളിച്ചെയ്തു; അവ 9
ഉണ്ടായി; താൻ കല്പിച്ച് സ്ഥിരപ്പെടുത്തു
കയും ചെയ്തു.
കർത്താവു ജാതികളുടെ ആലോചന 10
യെ അബദ്ധമാക്കും. കർത്താവു ജാതിക
ളുടെ വിചാരങ്ങളെ നിഷ്ഫലമാക്കും;
കർത്താവിൻെറ ആലോചന ശാശ്വത 11
മായും തൻെറ ഹൃദയവിചാരങ്ങൾ തലമുറ
തലമുറയായും നിലനില്ക്കും.
കർത്താവു ദൈവമായിരിക്കുന്ന ജന 12
ത്തിനു-താൻ തനിക്കവകാശമായി തെര
ഞ്ഞെടുത്ത ജനത്തിനുതന്നെ-ഭാഗ്യം;
കർത്താവു ആകാശത്തിൽനിന്നു 13
സൂക്ഷിച്ചുനോക്കി സകല മനുഷ്യരേയും
കണ്ടു;
തൻെറ വാസസ്ഥലത്തുനിന്നു സർവ്വ 14
ഭൂവാസികളേയും കണ്ടു.
എന്തെന്നാൽ താൻ അവരുടെ ഹൃദയ 15
ത്തെ ഒരുപോലെ മനഞ്ഞുണ്ടാക്കി; അവ
രുടെ പ്രവൃത്തികളെയെല്ലാം പരിശോധി
ക്കുന്നു;
രാജാവ് സൈന്യബഹുത്വത്താൽ രക്ഷ 16
പെടുകയില്ല; ബലവാൻ തൻെറ ബലാധി
കൃത്താൽ വിടുവിക്കപ്പെടുകയുമില്ല;

17 ജയത്തിന് കുതിര വ്യർത്ഥമാകുന്നു; എന്തെന്നാൽ അതിൻെറ ബലാധിക്യത്താൽ അതിന്മേൽ ആരൂഢനായവനെ അതു രക്ഷിക്കയില്ല.

18 കർത്താവിൻെറ കണ്ണുകൾ തൻെറ കൃപയ്ക്കായി കാംക്ഷിക്കുന്ന പുണ്യവാന്മാരുടെമേൽ ഉണ്ടു;

19 മരണത്തിൽനിന്നു അവരുടെ ആത്മാവിനെ രക്ഷിപ്പാനും ക്ഷാമത്തിൽ അവരെ ജീവിപ്പിപ്പാനുമായിട്ടുതന്നെ;

20 എന്നാൽ നമ്മുടെ ആത്മാവ് കർത്താവിനെ കാത്തിരുന്നു; താൻ നമുക്കു തുണ ചെയ്യുന്നവനും നമ്മെ സഹായിക്കുന്നവനും ആകുന്നു;

21 തൻെറ പരിശുദ്ധ തിരുനാമത്തിൽ നാം ആശ്രയിച്ചതുകൊണ്ടു നമ്മുടെ ഹൃദയം തന്നിൽ സന്തോഷിക്കും.

22 കർത്താവേ! ഞങ്ങൾ നിനക്കായി കാത്തിരുന്നതുപോലെ നിൻെറ കൃപ ഞങ്ങളുടെ മേൽ ഉണ്ടായിരിക്കണമെ.

34

1 ഞാൻ കർത്താവിനെ എപ്പോഴും വാഴ്ത്തും; തൻെറ സ്തുതികൾ എല്ലാ സമയവും എൻെറ വായിൽ ഉണ്ടായിരിക്കും;

2 എൻെറ ആത്മാവു കർത്താവിൽ പ്രശംസിക്കും; ദരിദ്രന്മാർ കേട്ടു സന്തോഷിക്കുകയും ചെയ്യും;

3 എന്നോടുകൂടെ കർത്താവിനെ പുകഴ്ത്തുവിൻ; നാം ഒരുമിച്ചു തൻെറ തിരുനാമത്തെ ഉയർത്തണം.

4 ഞാൻ കർത്താവിനോടപേക്ഷിച്ചു; താൻ എന്നോടുത്തരമരുളി; എൻെറ സർവ്വ ഞെരുക്കങ്ങളിൽനിന്നും താൻ എന്നെ രക്ഷിച്ചു.

5 നിങ്ങൾ തങ്കലേക്കു നോക്കി തന്നിൽ ആശ്രയിപ്പിൻ; നിങ്ങളുടെ മുഖങ്ങൾ ലജ്ജിക്കയില്ല;

6 ഈ ദരിദ്രൻ തന്നെ വിളിച്ചിട്ടു താൻ അവനെ ചെവിക്കൊണ്ട്; അവൻെറ സകല ഞെരുക്കങ്ങളിൽനിന്നും അവനെ രക്ഷിച്ചു.

7 കർത്താവിൻെറ മാലാഖമാരുടെ സൈന്യം തൻെറ ഭക്തന്മാരെ ചുറ്റിയിരിക്കുന്നു; താൻ അവരെ രക്ഷിക്കും;

8 കർത്താവു നല്ലവനാകുന്നുവോ എന്നു രുചിച്ചുനോക്കുവിൻ; തന്നിൽ ആശ്രയിച്ചിരിക്കുന്ന എല്ലാവർക്കും ഭാഗ്യം.

9 സമ്പന്നന്മാർ ദരിദ്രരായി പട്ടിണി കിടന്നു;

10 കർത്താവിനെ അന്വേഷിക്കുന്നവർക്കു നന്മയ്ക്കു കുറവു വരികയില്ല.

മക്കളെ! വന്നു എന്നെ ശ്രദ്ധിപ്പിൻ; ഞാൻ 11
നിങ്ങളെ ദൈവഭക്തി പഠിപ്പിക്കാം;

ജീവനെ ആഗ്രഹിച്ച് നല്ല ദിവസങ്ങൾ 12
കാണ്മാൻ കാംക്ഷിക്കുന്ന മനുഷ്യൻ ഏതാകുന്നു?

തിന്മയിൽനിന്നു നിൻെറ നാവിനെ 13
കാത്തുകൊൾക; നിൻെറ അധരങ്ങൾ വഞ്ചന സംസാരിക്കരുത്;

ദോഷത്തെ വിട്ടുമാറി ഗുണം ചെയ്ക; 14
സമാധാനത്തെ അന്വേഷിച്ച് അതിനെ പിന്തുടരുക;

കർത്താവിൻെറ കണ്ണുകൾ പുണ്യവാ 15
ന്മാരുടെമേൽ ഉണ്ട്; അവരെ കേൾപ്പാൻ തൻെറ ചെവികൾ തുറന്നിരിക്കുന്നു;

ദുഷ്ടന്മാരുടെ ഓർമ്മ ഭൂമിയിൽനിന്നു 16
മായിച്ചുകളയുവാൻ കർത്താവിൻെറ തിരുമുഖം അവർക്കു വിരോധമായിരിക്കുന്നു;

പുണ്യവാന്മാർ നിലവിളിച്ചു, കർത്താവ് 17
അവരെ കേട്ട് അവരെ രക്ഷിച്ചു.

കർത്താവ് ഹൃദയതകർച്ചയുള്ള 18
വർക്ക് സമീപസ്ഥനാകുന്നു; ആത്മവിനയമുള്ളവരെ താൻ രക്ഷിക്കുകയും ചെയ്യുന്നു.

പുണ്യവാൻെറ അരിഷ്ടതകൾ വളരെ 19
യാകുന്നു; അവ എല്ലാറ്റിൽനിന്നും കർത്താവ് അവനെ രക്ഷിക്കും;

താൻ അവൻെറ സകല അസ്ഥിക 20
ളേയും അവയിലൊന്നും തകർക്കപ്പെടാതിരിക്കത്തക്കവണ്ണം കാക്കുന്നു.

തിന്മ ദുഷ്ടന്മാരെ കൊല്ലുന്നു; നീതിമാനെ ദ്വേഷിക്കുന്നവർ നശിച്ചുപോകും.

കർത്താവ് തൻെറ ദാസന്മാരുടെ ആത്മാക്കളെ രക്ഷിക്കും; തന്നിൽ ആശ്രയിക്കുന്ന ഒരുവനും കുറ്റക്കാരനാകയില്ല.

35

കർത്താവെ! എൻെറ വ്യവഹാരം നടത്തി, എന്നോടു പൊരുതുന്നവരോടു പൊരുതണമെ.

ആയുധവും പരിചയും പിടിച്ച് എൻെറ സഹായത്തിന്നായി നിൽക്കണമെ;

നീ വാൾ ഊരി, എന്നെ പിന്തുടരുന്നവരുടെ നേരെ മിന്നിച്ച്, ഞാൻ നിൻെറ രക്ഷകനാകുന്നുവെന്ന് എൻെറ ആത്മാവിനോടരുളിച്ചെയ്യണമെ!

എൻെറ ജീവനെ അന്വേഷിക്കുന്നവർ ലജ്ജിച്ചു നാണിക്കും; എനിക്കു വിരോധമായി തിന്മ വിചാരിച്ചവർ പിന്തിരിഞ്ഞ നാണിക്കും;

അവർ കാറ്റിൻ മുമ്പിലെ പൊടിപോലെ ആയിത്തീരും; കർത്താവിൻെറ മാലാഖ അവരെ പിന്തുടരും.

അവരുടെ വഴി അന്ധകാരമാകും, അ
ൻ വഴുവഴുപ്പും ഉണ്ടാകും; ദൈവത്തി
റ മാലാഖ അവരെ ഓടിക്കും;
എന്തെന്നാൽ അവർ എനിക്കായി
ണികൾ മറച്ചുവച്ചു; എൻെറ ആത്മാവി
വലയും വിരിച്ചു;
ദോഷം പെട്ടെന്നു അവരുടെ മേൽ വരും;
വർ വിരിച്ച വല അവരെ പിടിക്കും; അവർ
ിച്ച കുഴിയിൽ അവർ വീഴും.
എന്നാൽ എൻെറ ആത്മാവ് ദൈവ
ിൽ സന്തുഷ്ടനായി തൻെറ രക്ഷയിൽ
നന്ദിക്കും;
കർത്താവെ! നിന്നെപ്പോലെ ആരുള്ളു?
ന്ന് എൻെറ അസ്ഥികളെല്ലാം പറയും,
ന്തെന്നാൽ നീ അനാഥനെ അവൻെറ
തുവിൽനിന്നും ദരിദ്രനെയും അനാഥ
യും ബലാൽക്കാരമായി ആക്രമിക്കുന്ന
ിൽനിന്നും രക്ഷിക്കും.
കള്ളസാക്ഷികൾ എനിക്കു വിരോധ
യി എഴുന്നേറ്റു. ഞാൻ അറിയാത്ത കാര്യം
ന്നോട് ചോദിച്ചു.
അവർ മനുഷ്യരുടെ ഇടയിൽനിന്നു
ൻെറ പ്രാണനെ നശിപ്പിച്ചു; നന്മയ്ക്കു
ന്മ എന്നോടു പകരം ചെയ്തു.
എന്നാൽ ഞാനോ അവരുടെ ക്ഷീണ
ലത്തു രട്ടുവസ്ത്രം ധരിച്ചു. ഉപവാസം
കാണ്ട് എൻെറ പ്രാണനെ തപിപ്പിച്ചു;
ൻെറ പ്രാർത്ഥന എൻെറ മാർവ്വിലേക്ക്
രിയുകയും ചെയ്തു.
സ്നേഹിതനെപ്പോലെയും, സഹോദര
നപ്പോലെയും ഞാൻ പ്രവർത്തിച്ചു; പ്രല
ിക്കുന്നവനെപ്പോലെ ഞാൻ അതി ദുഃഖി
നായി;
എൻെറ കഷ്ടതയിൽ അവർ ഒന്നിച്ചു
ൂടി സന്തോഷിച്ചു; അവർ എന്നെക്കുറിച്ച്
ർഘമായി സംഘംകൂടി; ഞാനോ അറി
ത്തില്ല!
അവർ നിഗളത്തോടും പരിഹാസ
ത്താടും കൂടെ എൻെറ നേരെ പല്ലുകടിച്ചു.
എൻെറ കർത്താവേ! നീ മുൻകൂട്ടി
ണ്ടുവല്ലൊ; അവരുടെ കലഹത്തിൽനിന്നു
ൻെറ ആത്മാവിനെയും, സിംഹങ്ങളിൽനി
ന് എൻെറ പ്രാണനേയും വിടുവിക്കണമേ!
ഞാൻ മഹാസഭയിൽ നിന്നെ സ്തോത്രം
ചയ്തു, പല ജാതികളുടെ ഇടയിൽ നിനക്കു
ീർത്തനം പാടും.
കണ്ണുകൾകൊണ്ട് ആംഗ്യം കാണിക്കു
നവരായി കാരണമില്ലാതെ എന്നെ ദ്വേഷി
ക്കുന്ന ദുഷ്ടരായ എൻെറ ശത്രുക്കൾ
എന്നെക്കുറിച്ചു സന്തോഷിക്കരുതെ!

അവർ സമാധാനം സംസാരിക്കുന്നില്ല; 20
ഭൂമിയിലെ എളിയവന് വിരോധമായി
വഞ്ചന വിചാരിക്കുന്നു.
അവർ എനിക്കു വിരോധമായി വായ് 21
തുറന്ന് ഏഹേ! ഏഹേ! ഞങ്ങളുടെ കണ്ണു
കൾ അവനെ കണ്ടു എന്നു പറഞ്ഞു.
ദൈവമെ നീ കണ്ടുവല്ലൊ; നീ മൌന 22
മായിരിക്കരുതെ! എൻെറ കർത്താവെ! നീ
എന്നെ വിട്ടകലുകയുമരുതെ!
എൻെറ ദൈവവും എൻെറ കർത്താ 23
വുമെ! എൻെറ വ്യവഹാരത്തിന്നായി നീ
ഉണർന്ന്, എന്നോടു ചെയ്ത അക്രമത്തെ
നോക്കണമെ;
കർത്താവെ! അവർ എനിക്കെതിരായി 24
സന്തോഷിക്കാതിരിപ്പാൻ നിൻെറ നീതി
ക്കു തക്കവണ്ണം എനിക്കു വേണ്ടി ന്യായം
നടത്തണമെ!
ഞങ്ങൾ സന്തുഷ്ടരായി അവനെ 25
മുക്കിക്കളഞ്ഞു എന്ന് അവരുടെ ഹൃദയ
ത്തിൽ അവർ പറയരുതെ!
എന്നോടു ദോഷം ചെയ്വാൻ ആഗ്രഹി 26
ക്കുന്നവർ ഒരുമിച്ചു നാണിച്ച് ലജ്ജിക്കും;
എനിക്കു വിരോധമായി പ്രതാപം നടിക്കു
ന്നവർ അവമാനം ധരിക്കും;
എൻെറ ജയത്തിന്നാഗ്രഹിക്കുന്നവർ 27
സന്തോഷിക്കും; തൻെറ ദാസൻെറ സമാ
ധാനത്തിന്നു തിരുമനസ്സായ കർത്താവ്
വലിയവനാകുന്നുവെന്ന് അവർ സദാ
നേരവും പറയും;
എൻെറ നാവ് നിൻെറ നീതിയേയും 28
ദിവസം മുഴുവനും നിൻെറ സ്തുതികളേയും
വർണ്ണിക്കും.

36

അധർമ്മിക്ക് സ്വന്ത ദൃഷ്ടിയിൽ 1
ദൈവഭയമില്ലായ്കയാൽ അവൻെറ
ഹൃദയത്തിൽ തിന്മ വിചാരിക്കുന്നു.
എന്തെന്നാൽ അവൻെറ പാപങ്ങളു 2
പേക്ഷിച്ച് വെറുക്കുകയെന്നത് അവൻെറ
ദൃഷ്ടിയിൽ അനിഷ്ടമാകുന്നു.
അവൻെറ വായിലെ വചനം, നൊമ്പ 3
രവും വഞ്ചനയും ആകുന്നു; നന്മ ചെയ്വാൻ
അവനു മനസ്സില്ല;
അവൻ തൻെറ കിടക്കയിന്മേൽ അകൃത്യം 4
ചിന്തിക്കുന്നു; തിന്മ ചെയ്വാനായിട്ട് കൊ
ള്ളരുതാത്ത വഴിയിൽ അവൻ നടക്കുന്നു.
കർത്താവെ! നിൻെറ കരുണ സ്വർഗ്ഗ 5
ത്തിൽ ഇരിക്കുന്നു; നിൻെറ വിശ്വാസം
ആകാശങ്ങളുടെ ആകാശങ്ങളോളം എ
ത്തുന്നു.
ദൈവമേ! നിൻെറ നീതി പർവ്വതങ്ങൾ 6
പോലെയും നിൻെറ വിധികൾ വലിയ അഗാ

ധങ്ങൾപോലെയും ആകുന്നു; കർത്താവെ!
നീ മനുഷ്യരെയും മൃഗങ്ങളെയും രക്ഷി
ക്കുന്നു.
7 ദൈവമെ! നിൻെറ കരുണ എത്ര അധിക
മാകുന്നു; മനുഷ്യർ നിൻെറ ചിറകുകളുടെ
കീഴിൽ മറയ്ക്കപ്പെടും;
8 അവർ നിൻെറ ഭവനത്തിലെ പുഷ്ടി
കൊണ്ടു തൃപ്തരാകും; നിൻെറ ആനന്ദ
ത്തോട്ടിൽ നിന്നു നീ അവരെ കുടിപ്പിക്കും;
9 എന്തെന്നാൽ ജീവൻെറ ഉറവ നിന്നോടു
കൂടെയുണ്ട്; ഞങ്ങൾ പ്രകാശം കാണുന്നത്
നിൻെറ പ്രകാശത്താൽ ആകുന്നു.
10 നിന്നോട് സമീപിച്ചിരിക്കുന്നവർക്ക്
നിൻെറ കരുണയേയും, ഹൃദയപരമാർത്ഥി
കൾക്ക് നിൻെറ നീതിയേയും പാലിക്കണമെ!
11 ബലമുള്ള കാൽ ഞങ്ങൾക്കു വിരോധ
മായി വരുത്തരുതെ! ദുഷ്ടന്മാരുടെ കൈ
ഞങ്ങളെ ഇളക്കുകയും അരുതെ!
12 എന്തെന്നാൽ ദുഷ്പ്രവൃത്തി ചെയ്യുന്ന
വർ എല്ലാം മറിഞ്ഞുവീണുപോകും; എഴു
ന്നേല്പാൻ അവർക്കു കഴികയില്ല.

37

1 ദുഷ്ടന്മാരോടു നീ അസൂയപ്പെട
രുതു; നീതികേടു ചെയ്യുന്നവരോടു
വൈരാഗ്യപ്പെടുകയും അരുത്.
2 എന്തെന്നാൽ അവർ പുല്ലുപോലെ
വേഗത്തിൽ ഉണങ്ങുകയും പച്ച സസ്യം
പോലെ വേഗത്തിൽ വാടുകയും ചെയ്യുന്നു.
3 കർത്താവിൽ ആശ്രയിച്ചു നന്മചെയ്ക;
ഭൂമിയിൽ വസിച്ചു വിശ്വാസത്തെ അന്വേ
ഷിക്കുക;
4 കർത്താവിൽ ആശ്രയിക്കുക; നിൻെറ
ഹൃദയയാചനയെ താൻ നിനക്കു തരും;
5 കർത്താവിൻെറ മുമ്പാകെ നിൻെറ വഴി
നേരെയാക്കി തന്നിൽ ആശ്രയിക്കുക; താൻ
നടത്തും.
6 നിൻെറ നീതിയെ പ്രകാശംപോലെയും,
നിൻെറ ന്യായങ്ങളെ മദ്ധ്യാഹ്നംപോലെ
യും താൻ പുറപ്പെടുവിക്കും;
7 നീ കർത്താവിനോടപേക്ഷിച്ച് തിരു
മുമ്പാകെ പ്രാർത്ഥിക്ക; അന്യായം ചെയ്തിട്ട്
തൻെറ വഴി ശുഭമായിരിക്കുന്ന മനുഷ്യ
നോടു നിനക്ക് അസൂയ തോന്നരുത്;
8 കോപം വിട്ടൊഴിഞ്ഞ് ക്രോധത്തിൽ
നിന്നടങ്ങുക; തിന്മ ചെയ്‌വാൻ താല്പര്യ
പ്പെടരുതു;
9 എന്തെന്നാൽ ദുഷ്ടർ ഒടുങ്ങിപ്പോകും;
കർത്താവിൽ ആശ്രയിക്കുന്നവർ ഭൂമിയെ
അവകാശമായനുഭവിക്കും.
10 അല്പം കഴിഞ്ഞിട്ടു നീ ദുഷ്ടനെ
അന്വേഷിച്ചാൽ അവൻ ഉണ്ടായിരിക്കയില്ല.
അവൻെറ സ്ഥലം നോക്കിയാൽ കണ്ടെ
ത്തുകയുമില്ലാ.
വിനീതർ ഭൂമിയെ അവകാശമായ
നുഭവിച്ചു വളരെ സമാധാനത്തോടുകൂടെ
ആനന്ദിക്കും;
ദുഷ്ടൻ പുണ്യവാൻെറ നേരെ
കോപിച്ച് അവൻെറ നേരെ പല്ലുകടിക്കുന്നു.
അവൻെറ ദിവസം അടുത്തു എന്നു
അറിഞ്ഞതുകൊണ്ടു, കർത്താവു അവനെ
ക്കുറിച്ചു ചിരിക്കും;
ദുഷ്ടന്മാർ ദരിദ്രന്മാരെയും സാധുക്ക
ളേയും സന്മാർഗ്ഗികളേയും കൊല്ലുവാനാ
യിട്ടു വാൾ ഊരി, വില്ലു കുലച്ചു;
അവരുടെ വാൾ അവരുടെ ഹൃദയ
ത്തിൽ പ്രവേശിക്കും; അവരുടെ വില്ലുകൾ
ഒടിഞ്ഞുപോകും;
ദുഷ്ടന്മാരുടെ അധികസമ്പത്തിനെ
ക്കാൾ നീതിമാനുള്ള അല്പം നല്ലതാകുന്നു.
എന്തെന്നാൽ ദുഷ്ടന്മാരുടെ ഭുജങ്ങൾ
ഒടിഞ്ഞുപോകും, കർത്താവ് പുണ്യവാ
ന്മാരെ താങ്ങും.
കർത്താവു പരമാർത്ഥികളുടെ ദിവസ
ങ്ങളെ അറിയുന്നു; അവരുടെ അവകാശം
എന്നേക്കും നിലനില്ക്കും;
അനർത്ഥനാളിൽ അവർ ലജ്ജിക്കയില്ല;
ക്ഷാമദിവസങ്ങളിൽ അവർ സമ്പൂർണ്ണ
ന്മാരാകും.
എന്തെന്നാൽ ദുഷ്ടന്മാർ നശിച്ചു
പോകും. കർത്താവിൻെറ ശത്രുക്കൾ
പുഷ്ടിപ്പെട്ടിരുന്നാലും ഒടുങ്ങി പുകപോലെ
മാഞ്ഞുപോകും;
ദുഷ്ടൻ കടംവാങ്ങുന്നു; വീട്ടുന്നില്ല
എന്നാലും പുണ്യവാൻ ദയ തോന്നി കൊടു
ക്കുന്നു;
എന്തെന്നാൽ കർത്താവിനാൽ അനുഗ്ര
ഹിക്കപ്പെടുന്നവർ ഭൂമിയെ അവകാശിക്കും
ശപിക്കപ്പെട്ടവരാകട്ടെ നശിച്ചുപോകും;
ഒരു മനുഷ്യൻെറ നടപ്പുകൾ കർത്താ
വിൻെറ സന്നിധിയിൽനിന്നു സ്ഥിരമായ
രിക്കുന്നു; താൻ അവൻെറ വഴി തയാറാക്കും;
എന്തെന്നാൽ അവൻ വീണാലു
കർത്താവ് അവൻെറ കൈയ്ക്കു പിടിച്ച
രിക്കകൊണ്ടു അവൻ ഉപദ്രവമേൽക്കയില്ല;
ഞാൻ ബാലനായിരുന്നു; വൃദ്ധനായ
പുണ്യവാൻ കൈ വിടപ്പെടുകയും അവൻെ
സന്തതി അപ്പം യാചിക്കുകയും ചെയ്യുന്ന
ഞാൻ കണ്ടിട്ടില്ലാ
എന്നാലൊ അവൻ നിത്യവും ദ
തോന്നി കടംകൊടുക്കുന്നു; അവൻെ
സന്തതി അനുഗ്രഹിക്കപ്പെടുന്നു;

തിന്മ ഉപേക്ഷിച്ചു നന്മ ചെയ്ക എന്നേ
ം ശുഭമായിരിക്കുക;
എന്തെന്നാൽ കർത്താവു ന്യായത്തെ
നഹിക്കുന്നു; താൻ തൻെറ നീതിമാ
രെ കൈവിടാതെ എന്നേക്കും കാത്തു
ലിക്കുന്നു; ദുഷ്ടന്മാരുടെ സന്തതിയെ
ിപ്പിക്കുകയും ചെയ്യും;
പുണ്യവാന്മാർ ഭൂമിയെ അവകാശ
കി എന്നേക്കും അതിൽ വസിക്കും;
നീതിമാൻെറ വായ്, ജ്ഞാനം ഉച്ചരിക്കും;
ൻെറ നാവു ന്യായം സംസാരിക്കുന്നു;
ദൈവത്തിൻെറ വേദപ്രമാണം അവ
ഹൃദയത്തിൽ ഉണ്ട്. അവൻെറ കാലടി
വഴുതുകയില്ല;
ദുഷ്ടൻ പുണ്യവാനെ കാത്ത് പതിയി
ന്ന് അവനെ കൊല്ലുവാൻ അന്വേഷി
ന്നു;
കർത്താവ് ഇവൻെറ കയ്യിലേക്ക് അവ
വിട്ടുകൊടുക്കുകയില്ല; പിന്നെയോ
യവിധിയിൽ അവനെ കുറ്റപ്പെടുത്തും;
കർത്താവിൽ ആശ്രയിച്ചു തൻെറ വഴി
ത്തുകൊൾക; ഭൂമിയെ അവകാശമായി
നുഭവിപ്പാൻ താൻ നിന്നെ ഉയർത്തും; ദു
ന്മാർ നശിക്കുന്നതു നീ കാണുകയും
യ്യും;
എന്തെന്നാൽ ദുഷ്ടന്മാർ നിഗളിച്ചു
ട്ടുവൃക്ഷംപോലെ തഴച്ചുയരുന്നതു
ൻ കണ്ടിട്ടുണ്ട്;
പിന്നെ ഞാൻ ചെന്നപ്പോൾ അവൻ
ല്ലാ; ഞാൻ അവനെ അന്വേഷിച്ചു.
വനെ കണ്ടെത്തിയതുമില്ല;
പരമാർത്ഥതയെ കാത്ത് സത്യത്തെ
ഞ്ഞെടുത്തുകൊൾക; എന്തെന്നാൽ
മാധാനമുള്ള മനുഷ്യർക്കു നല്ല അവ
നമുണ്ട്;
പാപികൾ ഒരുമിച്ചു നശിച്ചുപോകും; ദു
ന്മാരുടെ അവസാനം നാശമായിരിക്കും;
കർത്താവ് നീതിമാന്മാരുടെ രക്ഷകനും
നർത്ഥകാലങ്ങളിൽ അവരെ സഹായി
ുന്നവനും ആകുന്നു;
കർത്താവ് അവരെ സഹായിച്ച് ഉദ്ധാ
നം ചെയ്യും; അവർ തന്നിൽ പ്രത്യാശി
ുകയാൽ ദുഷ്ടന്മാരിൽനിന്നു അവരെ
വൻ വിടുവിച്ചു രക്ഷിക്കും;

38 കർത്താവെ! കോപത്തോടെ
എന്നെ ശാസിക്കരുതെ! ക്രോധ
ത്തോടെ എന്നെ ശിക്ഷിക്കയുമരുതെ!
എന്തെന്നാൽ നിൻെറ അസ്ത്രങ്ങൾ
ന്നിൽ തറഞ്ഞിരിക്കുന്നു; നിൻെറ
ക്കൈ എൻെറമേൽ ഭാരമായിരിക്കുന്നു;

നിൻെറ കോപം നിമിത്തം എൻെറ ശരീര 3
ത്തിനു സമാധാനമില്ല; എൻെറ പാപങ്ങൾ
നിമിത്തം എൻെറ അസ്ഥികൾക്കു സ്വസ്ഥ
തയില്ല;
എൻെറ അകൃത്യങ്ങൾ എൻെറ തലയ് 4
ക്കുമീതെ കടന്നിരിക്കുന്നു; ഭാരമേറിയ ചുമ
ടുപോലെ അവ എനിക്കു ഭാരമായിരി
ക്കുന്നു;
എൻെറ വ്രണങ്ങൾ ചീഞ്ഞു നാറി; 5
എൻെറ അകൃത്യങ്ങൾ നിമിത്തം ഞാൻ
ഏറ്റവും പരിഭ്രമിച്ചു.
ഞാൻ പ്രതിദിനം ദുഃഖത്തോടെ നടന്നു; 6
എന്തെന്നാൽ എൻെറ മുഴംകാലുകൾ 7
വിറച്ചു; എൻെറ ദേഹത്തിന് സൗഖ്യമില്ല.
ഞാൻ എത്രയും പരിഭ്രമിച്ചു വലഞ്ഞു; 8
മനോവേദന നിമിത്തം ഞാൻ നെടുവീർ
പ്പിട്ടു;
കർത്താവെ! എൻെറ ആഗ്രഹമൊ 9
ക്കെയും തിരുസന്നിധിയിലിരിക്കുന്നു;
എൻെറ നെടുവീർപ്പുകൾ നിന്നിൽനിന്നു
മറഞ്ഞിരിക്കുന്നില്ല;
എൻെറ ഹൃദയം പരിഭ്രമിച്ചു; എൻെറ 10
ശക്തി എന്നിൽനിന്നു വിട്ടുമാറി; എൻെറ
കണ്ണുകളുടെ കാഴ്ച എങ്കൽ ഇല്ലാതായി;
എൻെറ സ്നേഹിതന്മാരും കൂട്ടുകാരും 11
എൻെറ വേദനയ്ക്കെതിരായി നിന്നു;
എൻെറ ചാർച്ചക്കാർ അകലെ നിന്നു;
എൻെറ പ്രാണനെ അന്വേഷിക്കയും, 12
എനിക്കു ദോഷം ആഗ്രഹിക്കുകയും
ചെയ്യുന്നവർ എന്നെ പിടികൂടി; അവർ
ദുഷ്ടതയും വഞ്ചനയും സംസാരിച്ചു
നിത്യവും ദുരാലോചന ചെയ്തു;
ഞാൻ ചെകിടനെന്നപോലെ ശ്രവി 13
ക്കാതെയും, ഊമനെന്നപോലെ വായ് തുറ
ക്കാതെയും ഇരുന്നു;
ഞാൻ ശ്രവിക്കാത്തവനും വായ്കൊണ്ട് 14
ശാസിക്കാത്തവനും ആയ മനുഷ്യനെ
പോലെയും ഇരുന്നു;
എന്തെന്നാൽ കർത്താവേ, ഞാൻ 15
നിനക്കായി കാത്തിരുന്നു. എൻെറ ദൈവ
മായ കർത്താവേ നീ എന്നോടു ഉത്തര
മരുളുകയും ചെയ്തു.
എൻെറ കാലുകൾ ഇളകുമ്പോൾ 16
അവർ എന്നെപ്രതി സന്തോഷിക്കാതെ
യും എനിക്കു വിരോധമായി നിഗളിക്കാ
തെയും ഇരിക്കണമെ എന്നു ഞാൻ
പറഞ്ഞു.
എന്തെന്നാൽ ഞാൻ കഷ്ടതയ്ക്കു 17
ഒരുങ്ങിയിരിക്കുന്നു. എൻെറ വേദന
എപ്പോഴും എൻെറ മുമ്പാകെ ഇരിക്കുന്നു.

18 ഞാൻ എൻെറ അകൃത്യങ്ങളെ നിന്നോ
ടറിയിക്കും. എൻെറ പാപങ്ങളിൽനിന്നു
ഞാൻ വെടിപ്പുള്ളവനായി തീരുകയും
ചെയ്യും.
19 എൻെറ ശത്രുക്കൾ ശക്തരായി എന്നെ
നോക്കിക്കണ്ടു. അന്യായമായി എന്നെ
ദ്വേഷിക്കുന്നവർ വർദ്ധിച്ചിരിക്കുന്നു.
20 അവർ എന്നോടു നന്മയ്ക്കു തിന്മ
പകരം ചെയ്യു. ഞാൻ നന്മ അന്വേഷിച്ചതു
കൊണ്ടു അവർ എനിക്കു വിരോധികളാ
യിരുന്നു.
21 എൻെറ ദൈവമായ കർത്താവെ! നീ
എന്നെ കൈവിടരുതെ. നീ എന്നിൽനിന്നു
അകന്നിരിക്കയും അരുതെ.
22 എന്നാലൊ നീ എൻെറ സഹായത്തിന്നാ
യിട്ടു കാത്തിരുന്നു എന്നെ രക്ഷിക്കേണമെ.

39

1 ഞാൻ നിൻെറ വഴി പാലിക്കും;
എൻെറ നാവുകൊണ്ടു പാപം
ചെയ്കയില്ല എന്നു ഞാൻ പറഞ്ഞു. എനി
ക്കെതിരായുള്ള ദുഷ്ടന്മാർ നിമിത്തം
അന്യായത്തിൽനിന്നു എൻെറ വായെ
ഞാൻ സൂക്ഷിക്കും.
2 ഞാൻ ഊമനായി ക്ഷീണിച്ചു; നന്മ
യിൽ കുറവുള്ളവനായി; എൻെറ ദുഃഖവും
വർദ്ധിച്ചു;
3 എൻെറ ഹൃദയം എൻെറ ഉള്ളിൽ
ചൂടുപിടിച്ചു; എൻെറ ദേഹത്തിൽ തീ
പിടിച്ചു; ഞാൻ എൻെറ നാവുകൊണ്ടു
സംസാരിച്ചു;
4 കർത്താവേ; ഞാൻ എന്തിനായിട്ടു
ജീവിക്കുന്നു എന്നു അറിയേണ്ടതിന്നു
എൻെറ അവസാനത്തേയും എൻെറ ദിവസ
ങ്ങളുടെ സംഖ്യയേയും എന്നോട് അറിയി
ക്കേണമെ;
5 എന്തെന്നാൽ നീ എൻെറ ആയുസ്സ്
അളന്നു തന്നു, എൻെറ ജീവിതം തിരുസ
ന്നിധിയിൽ ഏതുമില്ലാത്തതുപോലെ
ഇരിക്കുന്നു; എന്തെന്നാൽ സകല മനു
ഷ്യരും സ്ഥിതി ചെയ്യുന്നതു ആവിപൊലെ
യാകുന്നു;
6 എന്തെന്നാൽ മനുഷ്യൻ ഒരു സ്വരൂപ
മായി നടന്നു ആവിപോലെ ലയിച്ചുപോ
കുന്നു; അവൻ നിക്ഷേപങ്ങളെ സൂക്ഷി
ക്കുന്നു. ആർക്കായി അവയെ ശേഖരി
ക്കുന്നു എന്നു അവൻ അറിയുന്നില്ല.
7 കർത്താവേ! ഇനി നീയല്ലാതെ എൻെറ
പ്രത്യാശ ആരാകുന്നു?
8 എൻെറ സകല അകൃത്യങ്ങളിൽനിന്നും
എന്നെ രക്ഷിക്കേണമെ; അനീതിക്കാർക്ക്
എന്നെ നിന്ദ്യനാക്കിത്തീർക്കരുതെ;

ഞാൻ ഊമനായി; എൻെറ വായ് 9
തുറന്നില്ല. എന്തെന്നാൽ നീ അപ്രകാര
മാക്കി;
നിൻെറ അടിയും നിൻെറ കൈകളുടെ 1
ശിക്ഷയും എന്നിൽനിന്നു നീക്കണമെ;
എൻെറ പാപങ്ങൾക്കുവേണ്ടിയുള്ള 1
ശാസനയാൽ ഞാൻ ക്ഷയിച്ചു; നീ മനുഷ്യ
നെ ശിക്ഷിച്ചു; അവൻെറ ആഗ്രഹങ്ങളെ
താളടിപോലെ നീക്കിക്കളഞ്ഞു; സകല
മനുഷ്യരും ആവിപോലെയാകുന്നു.
കർത്താവേ, എൻെറ പ്രാർത്ഥനയും 1
അപേക്ഷയും കേട്ട് എൻെറ കണ്ണുനീർ
നോക്കിക്കാണണമേ; നീ മൗനമായിരിക്ക
രുതെ; എന്തെന്നാൽ ഞാൻ നിൻെറ കൂടെ
വസിക്കുന്നവനും, എൻെറ എല്ലാ പിതാക്ക
ന്മാരെയുംപോലെ അന്യദേശവാസിയും
ആകുന്നു.
ഞാൻ പോയി ഇല്ലാതാകുന്നതിനു
മുമ്പു എന്നെ രക്ഷിക്കണമെ; ഞാൻ
ആശ്വസിക്കട്ടെ.

40

ഞാൻ കർത്താവിൽ ബലമായി
ആശ്രയിച്ചു; എന്തെന്നാൽ താൻ
എങ്കലേക്കു തിരിഞ്ഞു എൻെറ അപേക്ഷ
കേട്ടു;
താൻ അരിഷ്ടതയുടെ കുഴിയിൽ
നിന്നും നാശത്തിൻെറ ചെളിയിൽനിന്നും
എന്നെ കരേറ്റി, പാറമേൽ എൻെറ കാലടി
കളെ ഉറപ്പിച്ചു;
പലരും കണ്ടു സന്തോഷിച്ച് കർത്താ
വിൽ ആശ്രയിപ്പാനായിട്ടു, ദൈവത്തിനു
മഹത്വം എന്നൊരു പുതിയ പാട്ടു താൻ
എൻെറ വായിൽ തന്നു;
മായയിലേക്കും വ്യാജസംസാരത്തി
ലേക്കും തിരിയാതെ കർത്താവിൻെറ തിരു
നാമത്തിൽ ആശ്രയിച്ചിരിക്കുന്ന മനുഷ്യൻ
ഭാഗ്യവാൻ;
ഞങ്ങളുടെ ദൈവമായ കർത്താവെ! നീ
ചെയ്തിട്ടുള്ള നിൻെറ അത്ഭുതങ്ങളും, ഞ
ങ്ങളെക്കുറിച്ചുള്ള നിൻെറ വിചാരങ്ങളും
വളരെയാകുന്നു; നിന്നെപ്പോലെ ആരു
ഇല്ല. അവയെക്കുറിച്ചു വിവരിച്ചു പ്രസ്താവി
ക്കാവുന്നതിലധികം അവ അസംഖ്യങ്ങ
ളാകുന്നു;
ബലികളിലും കാഴ്ചകളിലും നീ ഇഷ്ട
പ്പെട്ടില്ല. എന്നാൽ നീ എനിക്കായി ചെവി
കൾ തുളച്ചു; പാപങ്ങൾക്കുവേണ്ടിയുള്ള
സർവ്വാംഗഹോമങ്ങളെ നീ ചോദിച്ചുമില്ല.
അപ്പോൾ ഞാൻ പറഞ്ഞത് തിരുവെ
ത്തുകളിൽ എന്നെക്കുറിച്ചെഴുതിയിരിക്കു
കൊണ്ടു ഇതാ ഞാൻ വന്നിരിക്കുന്നു;

ദൈവമേ! നിൻെറ ഇഷ്ടം ചെയ്‌വാൻ
ാൻ മനസ്സുള്ളവനായിരിക്കുന്നു; നിൻെറ
ദപ്രമാണം എൻെറ ഉള്ളിലുണ്ട്.
ഞാൻ മഹാസഭയിൽ നിൻെറ നീതിയെ
സംഗിച്ചു; എൻെറ അധരങ്ങളെ ഞാൻ അട
ിയില്ല. കർത്താവെ! നീ അറിയുന്നുവല്ലൊ.
ഞാൻ നിൻെറ നീതിയെ എൻെറ
ൃദയത്തിൽ മറച്ചുവച്ചില്ല. എന്നാലൊ,
ിൻെറ രക്ഷയും നിൻെറ വിശ്വാസവും
ാൻ സംസാരിച്ചു. വലിയ സഭയിൽനിന്ന്,
ിൻെറ കൃപയും നിൻെറ വിശ്വാസവും
ാൻ മറച്ചുവച്ചില്ല;
കർത്താവെ! നീയും നിൻെറ കരുണയെ
ന്നിൽനിന്നു മുടക്കരുതെ; എന്നാലൊ,
ിൻെറ മനസ്സലിവും നിൻെറ വിശ്വസ്തതയും
പ്പോഴും എന്നെ കാത്തുകൊള്ളുമാറാക
മെ!
എന്തെന്നാൽ സംഖ്യയില്ലാത്ത അനർ
ങ്ങൾ എന്നെ ചുറ്റി; എനിക്കു കാണ്മാൻ
ഴിയാതവണ്ണം എൻെറ പാപങ്ങൾ എന്നെ
ഞ്ഞു; അവ എൻെറ തലരോമങ്ങളേ
ാൾ വർദ്ധിച്ചിരിക്കുന്നു; എൻെറ ഹൃദയ
ും എന്നെ വിട്ടുമാറി;
കർത്താവെ! എന്നെ രക്ഷിപ്പാൻ തിരു
ള്ളമുണ്ടാകണമെ! കർത്താവെ! എൻെറ
ഹായത്തിനായിട്ടു പാർക്കണമെ;
എൻെറ പ്രാണനെ കൊല്ലുവാൻ അന്വേ
ിക്കുന്നവർ നാണിച്ചു ഭ്രമിക്കട്ടെ. എനി
ു അനർത്ഥം കാംക്ഷിക്കുന്നവർ പിന്തിരി
ന്തു ലജ്ജിക്കട്ടെ.
ആഹാ! ആഹാ! എന്നു എന്നെക്കുറിച്ചു
ഞ്ഞവർ ഇരട്ടി ലജ്ജയോടെ പരിഭ്രമിക്കട്ടെ.
നിന്നെ അന്വേഷിക്കുന്നവർ എല്ലാം
ിന്നിൽ സന്തോഷിക്കട്ടെ. നിൻെറ രക്ഷ
യ സ്നേഹിക്കുന്നവർ കർത്താവു വലി
വനാകുന്നു എന്ന് എപ്പോഴും പറയട്ടെ.
ഞാനോ ദരിദ്രനും എളിയവനും ആകു
ു; എൻെറ കർത്താവെ! അവർ എനി
ക്കതിരായി ആലോചന ചെയ്തിരിക്കുന്നു;
ന്നെ സഹായിക്കുന്നവനും രക്ഷിക്കുന്ന
നും നീ ആകുന്നുവല്ലൊ; എൻെറ ദൈവ
! നീ താമസിക്കരുതെ!

41 ദരിദ്രനെ കടാക്ഷിക്കുന്നവൻ ഭാഗ്യ
വാൻ; അനർത്ഥനാളിൽ കർത്താവ്
അവനെ രക്ഷിക്കും;
കർത്താവ് അവനെ കാത്ത് ജീവനോ 2
ടെ രക്ഷിച്ച്, ഭൂമിയിൽ അവനു നന്മചെയ്യും,
അവൻെറ ശത്രുക്കൾക്ക് അവനെ ഏല്പി
ക്കയില്ല.
അവൻെറ രോഗകിടക്കയിൽ കർത്താവ് 3
അവനെ താങ്ങും, അവൻെറ രോഗാവസ്ഥ
യിൽ അവൻെറ കിടപ്പു സുഖകരമാ
യിരിക്കും;
എൻെറ കർത്താവ് നീയാകുന്നുവെന്നു 4
ഞാൻ പറഞ്ഞു, എന്നോടു കരുണ ചെയ്യ
ണമെ! ഞാൻ നിന്നോടു പാപം ചെയ്തുപോ
യതുകൊണ്ട് എൻെറ ആത്മാവിനെ
സൌഖ്യമാക്കണമെ!
അവൻ എപ്പോൾ മരിച്ച് അവൻെറ നാമം 5
നശിച്ചുപോകുമെന്ന് എൻെറ ശത്രുക്കൾ
എന്നെക്കുറിച്ചു ദോഷം പറഞ്ഞു;
അവർ എന്നെ കാണ്മാൻ വന്നപ്പോൾ 6
വ്യാജം സംസാരിച്ചു; അവരുടെ ഹൃദയ
ത്തിൽ എന്നെക്കുറിച്ചു തിന്മ മന്ത്രിച്ചു;
തെരുവീഥിയിൽ ചെന്ന് അതിനെ സംസാ
രിച്ചു.
എന്നെ പകയ്ക്കുന്നവരെല്ലാം ഒരു 7
മിച്ചു എന്നെക്കുറിച്ചു മന്ത്രിച്ചു, ദോഷം
വിചാരിച്ചു;
അവൻ കിടപ്പായിപ്പോയി; ഇനി അവൻ 8
എഴുന്നേല്ക്കുകയില്ല; എന്നു ദുഷ്ടതയാ
യുള്ള കാര്യം അവർ വിചാരിച്ചിരിക്കുന്നു;
ഞാൻ ആശ്രയിച്ചവനായി എൻെറ 9
സമാധാനം ചോദിക്കുന്നവനും ഞാൻ വിശ്വ
സിച്ചവനായി എൻെറ അപ്പം ഭക്ഷിക്കുന്ന
വനും, ആയ മനുഷ്യൻപോലും, എന്നോടു
വളരെ വഞ്ചനചെയ്തു.
കർത്താവേ! എന്നോടു കരുണചെയ്യണ 10
മെ! ഞാൻ അവരോടു പ്രതികാരം ചെയ്‌വാ
നായിട്ടു എന്നെ എഴുന്നേല്പിക്കണമെ;
ശത്രുവിനു എന്നോടു ദോഷം ചെ 11
യ്‌വാൻ സാധിക്കാത്തതുകൊണ്ടു നിന
ക്കെന്നിൽ പ്രസാദമുണ്ടെന്നു ഞാൻ അറി
ഞ്ഞിരിക്കുന്നു.
എന്നാൽ എൻെറ പരമാർത്ഥതയിൽ നീ 12
എന്നെ താങ്ങി; നിൻെറ തിരുമുമ്പാകെ
എന്നേക്കും എന്നെ നിറുത്തി;
ഇസ്രായേലിൻെറ ദൈവമായ കർത്താ 13
വു ആദിമുതൽ എന്നേയ്ക്കോളവും വാ
ഴ്ത്തപ്പെട്ടവനാകുന്നു; ആമ്മീൻ; ആമ്മീൻ.

രണ്ടാം പുസ്തകം

1 **42** കർത്താവേ! നീർപ്പുഴയെക്കുറിച്ചു
നിലവിളിക്കുന്ന മാനെന്നപോലെ
തന്നെ എന്റെ ആത്മാവു നിനക്കായി
കാംക്ഷിക്കുന്നു.
2 ജീവനുള്ള ദൈവമെ! എന്റെ ആത്മാ
വു നിനക്കായി ദാഹിച്ചിരിക്കുന്നു; ദൈവമെ!
ഞാൻ എപ്പോൾ വന്നു തിരുമുഖം കാണും?
3 നിന്റെ ദൈവം എവിടെയാകുന്നു എന്ന്
അവർ നിത്യവും എന്നോടു പറഞ്ഞപ്പോൾ
പകലും രാവും എന്റെ കണ്ണുനീർ എനിക്കു
ഭക്ഷണമായിത്തീർന്നു.
4 സ്തുതിയുടേയും സ്തോത്രത്തിന്റേയും
ശബ്ദത്താൽ പലരും സന്തോഷിക്കുന്ന
ദൈവഭവനത്തിലേക്കു ബലമുള്ള തിരു
മറവിൽ കൂടി ഞാൻ കടന്നു പൊയ്ക്കൊ
ണ്ടിരുന്നതിനെ ഓർത്ത് എന്റെ ആത്മാവു
വ്യസനിച്ചു.
5 എന്റെ ആത്മാവേ! നീ എന്തിനു ആവ
ലാതിപ്പെടുന്നു; എന്തിനു വിഷാദിക്കുന്നു;
ദൈവത്തെ കാത്തിരിക്കുക; ഞാൻ ഇനി
യും എന്റെ മുഖരക്ഷകനായ ദൈവത്തെ
സ്തോത്രം ചെയ്യും;
6 എന്റെ ആത്മാവ് എന്നിൽ ആവലാ
തിപ്പെട്ടു; ഇതു നിമിത്തമായിട്ടു യോർദ്ദാ
ന്റെ ദേശത്തുനിന്നും, ഹെർമ്മോനിൽ
നിന്നും ചെറിയ (താബോർ) പർവ്വതത്തിൽ
നിന്നും, ഞാൻ നിന്നെ ഓർത്തു;
7 അഗാധം അഗാധത്തെയും, ശബ്ദം ജല
ദ്വാരങ്ങളിലെ വെള്ളങ്ങളുടെ ശബ്ദങ്ങ
ളെയും വിളിക്കുന്നു; നിന്റെ സകല തിര
മാലകളും ഓളങ്ങളും എന്റെ മീതെ
കടന്നുപോയി;
8 കർത്താവു പകലിൽ തന്റെ കരുണ
യെയും, രാത്രിയിൽ തന്റെ സ്തുതികളെ
യും കല്പിക്കും; ജീവനുള്ള ദൈവത്തിങ്ക
ലേക്കു എന്റെ പ്രാർത്ഥന എന്റെ പക്കൽ
ഉണ്ട്;
9 നീ എന്തിനു എന്നെ മറന്നുവെന്നും
എന്റെ ശത്രുക്കളുടെ വിരോധത്തിൽ
ഞാൻ എന്തിനു വിഷാദത്തോടെ നടക്കു
ന്നുവെന്നും ഞാൻ ദൈവത്തോടു പറഞ്ഞു.
10 ദൈവം എവിടെയാകുന്നു എന്ന് അവർ
നിത്യവും എന്നോടു പറഞ്ഞുകൊണ്ടു
എന്റെ അസ്ഥികളെ തകർക്കുന്ന പ്രകാരം
എന്റെ ശത്രുക്കൾ എന്നെ നിന്ദിച്ചു;
11 എന്റെ ആത്മാവെ! നീ എന്തിനു ആവ
ലാതിപ്പെട്ടിരിക്കുന്നു; എന്തിനു വിഷാദിച്ചി
രിക്കുന്നു; ഞാൻ ഇനിയും എന്റെ മുഖര
ക്ഷകനായ ദൈവത്തെ സ്തോത്രം ചെയ്യും;

43 ദൈവമെ! എനിക്കു ന്യായം പാലിച്ച് 1
കരുണയില്ലാത്ത ജനത്തോടു
എനിക്കുവേണ്ടി പ്രതികാരം ചെയ്യണമെ!
ചതിവും വഞ്ചനയും ഉള്ള മനുഷ്യരിൽ
നിന്നു എന്നെ രക്ഷിക്കണമെ!
എന്തെന്നാൽ നീ എന്റെ ശക്തിയുടെ 2
ദൈവമാകുന്നു; നീ എന്തിനെന്നെ മറന്നു?
എന്റെ ശത്രുക്കളുടെ വിരോധത്തിൽ
ഞാനെന്തിനു ദുഃഖത്തോടെ നടക്കുന്നു?
നിന്റെ പ്രകാശവും നിന്റെ വിശ്വാസ 3
വും അയയ്ക്കണമെ; അവ എന്നെ ആശ്വ
സിപ്പിച്ച് നിന്റെ വിശുദ്ധ പർവ്വതത്തി
ലേക്കും നിന്റെ കൂടാരത്തിലേക്കും എന്നെ
കൊണ്ടു വരട്ടെ!
ദൈവത്തിന്റെ ബലിപീഠത്തിങ്കലേ 4
ക്കും എന്റെ പൈതൽപ്രായത്തെ സന്തോ
ഷിപ്പിക്കുന്ന ദൈവത്തിന്റെ അടുക്കലേ
ക്കും ഞാൻ വരും, എന്റെ ദൈവമായ
കർത്താവെ! കിന്നരത്താൽ ഞാൻ നിനക്കു
സ്തോത്രം ചെയ്യും;
എന്റെ ആത്മാവേ! നീ എന്തിനു 5
വിഷമിക്കുന്നു? നീ എന്തിനു ദുഃഖിച്ചിരി
ക്കുന്നു? ദൈവത്തെ കാത്തിരിക്കുക; ഞാൻ
ഇനിയും എന്റെ മുഖരക്ഷകനായ ദൈവ
ത്തെ സ്തോത്രം ചെയ്യും;

44 ദൈവമേ! പൂർവ്വകാലത്ത് ഞങ്ങളു
ടെ പിതാക്കന്മാരുടെ നാളുകളിൽ
നീ ചെയ്ത കാര്യം ഞങ്ങളുടെ ചെവികൾ
കൊണ്ട് ഞങ്ങൾ കേട്ടു. അവർ ഞങ്ങളോ
ടറിയിക്കുകയും ചെയ്തു;
നിന്റെ കൈ പുറജാതികളെ നശിപ്പിച്ച്
അവരെ നട്ടു; നീ രാജ്യങ്ങളെ നശിപ്പിച്ചു
അവരെ ഉറപ്പിച്ചു;
എന്തെന്നാൽ അവർ അവരുടെ വാൾ
കൊണ്ടല്ല ദേശത്തെ അവകാശമാക്കിയതു.
അവരുടെ ഭുജം അവരെ രക്ഷിച്ചില്ല. എന്നാ
ലോ നിനക്കവരോട് പ്രസാദം തോന്നി
യതുകൊണ്ട് നിന്റെ വലത്തു കയ്യും
നിന്റെ ഭുജവും തന്നെ;
യാക്കോബിന്റെ രക്ഷയേക്കുറിച്ച് കല്
പിച്ചിട്ടുള്ള എന്റെ രാജാവായ ദൈവ
നീയാകുന്നു.
നിന്നാൽ ഞങ്ങൾ ഞങ്ങളുടെ ശത്രുക്ക
ളെ കുത്തും; നിന്റെ തിരുനാമം നിമിത്തം ഞ
ങ്ങളെ പകയ്ക്കുന്നവരെ ഞങ്ങൾ ചവിട്ടും

എന്തെന്നാൽ ഞങ്ങളെ രക്ഷിപ്പാനാ
ട്ട് ഞങ്ങളുടെ വില്ലുകളിലും ഞങ്ങളുടെ
യുധത്തിലുമല്ല ഞങ്ങൾ പ്രത്യാശിക്കു
ത്;
ഞങ്ങളെ വെറുക്കുന്നവരിൽനിന്ന്
ങ്ങളെ രക്ഷിച്ച് ഞങ്ങളുടെ ശത്രുക്കളെ
ജിപ്പിച്ചതു നീയാകുന്നു;
ദൈവമെ! ഞങ്ങൾ നിത്യവും നിന്നെ
തിച്ച്; ഞങ്ങൾ എന്നേക്കും നിൻെറ
നാമത്തെ സ്തോത്രം ചെയ്യും;
ഇപ്പോൾ നീ ഞങ്ങളെ മറന്നു ഞങ്ങളെ
ജിപ്പിച്ചു, ഞങ്ങളുടെ സൈന്യത്തോ
ന്നിച്ചു പുറപ്പെട്ടുവരുന്നുമില്ല;
എന്നാലോ നീ ഞങ്ങളെ പിന്തിരിച്ചു;
ങ്ങളുടെ ശത്രുക്കൾ ഞങ്ങളെ കൊള്ള
യ്യു;
ഭക്ഷണത്തിനുള്ള ആടുകളെപ്പോലെ
ഞങ്ങളെ കൊടുത്തു; ജാതികളുടെ
യിൽ നീ ഞങ്ങളെ ചിതറിച്ചു;
നീ നിൻെറ ജനത്തെ വില കൂടാതെ
റ്റു; അവരുടെ വിലകൊണ്ടു വർദ്ധന
ണ്ടാക്കിയുമില്ല.
നീ ഞങ്ങളെ ഞങ്ങളുടെ അയൽ
ാർക്ക് നിന്ദയും ഞങ്ങളുടെ ചുറ്റുമുള്ള
ർക്ക് ആക്ഷേപവും പരിഹാസവും ആക്കി
തീർത്തു.
നീ ഞങ്ങളെ ജാതികളുടെ ഇടയിൽ
ഴഞ്ചൊല്ലും, സ്വജനങ്ങളുടെ ഇടയിൽ
ക്ഷേപവും ആക്കി.
നിന്ദിച്ചു ദുഷിക്കുന്നവൻെറ വാക്കു
ഹതുവായിട്ടും പ്രതികാരം ചെയ്യുന്ന ശത്രു
മിത്തമായിട്ടും;
നിത്യവും എൻെറ ലജ്ജ എൻെറ മുമ്പാ
കയിരിക്കുന്നു; എൻെറ മുഖലജ്ജ എന്നെ
ടി.
ഇവയെല്ലാം ഞങ്ങൾക്കു സംഭവിച്ചിട്ടും
ങ്ങൾ നിന്നെ മറന്നില്ല; നിൻെറ ഉട
ടിയിൽ ഞങ്ങൾ വ്യാജം ചെയ്തില്ല.
ഞങ്ങൾ പിന്മാറിയില്ല. നിൻെറ വഴിയിൽ
ന്നു ഞങ്ങളുടെ കാലടികളെ മാറ്റിയതു
ല്ല.
നീ ഞങ്ങളെ ഇരട്ടിയായി ദണ്ഡിപ്പിക്കുക
ും മരണനിഴൽകൊണ്ട് മൂടുകയും ചെയ്തു.
എന്നിട്ടും ഞങ്ങളുടെ ദൈവത്തിൻെറ
രുനാമത്തെ ഞങ്ങൾ മറന്നില്ല. അന്യ
ദവന്മാരുടെ അടുക്കൽ ഞങ്ങളുടെ കൈ
ൾ നീട്ടിയതുമില്ല;
ദൈവം ഇതിനെ പരിശോധിക്കുന്നവ
ാകുന്നു; എന്തെന്നാൽ താൻ ഹൃദയ
ിചാരങ്ങളെ അറിയുന്നു;

നിൻെറ നിമിത്തം ദിവസംപ്രതി ഞങ്ങൾ 22
കൊല്ലപ്പെടുന്നു; അറക്കുവാനുള്ള ആടു
കളെപ്പോലെ ഞങ്ങളെ ഗണിക്കുന്നു;
കർത്താവെ! നീ ഉണരണമെ! നീ ഉറങ്ങ 23
രുതെ! നീ ഞങ്ങളെ ഓർക്കണമെ, ഞങ്ങളെ
മറന്നുകളയരുതെ!
തിരുമുഖം ഞങ്ങളിൽനിന്നു തിരിച്ചു 24
കളയരുതെ! ഞങ്ങളുടെ എളിമയേയും ഞെ
രുക്കത്തേയും മറന്നുകളകയും അരുതെ;
എന്തെന്നാൽ ഞങ്ങളുടെ ആത്മാവു 25
പൂഴിവരെയും താണു; ഞങ്ങളുടെ വയറു
നിലത്തോടു പററി;
നിൻെറ കരുണ നിമിത്തം നീ എഴു 26
ന്നേറ്റു ഞങ്ങളെ സഹായിച്ചു രക്ഷിക്ക
ണമെ!

45 എൻെറ ഹൃദയമെ! നല്ല കാര്യങ്ങ 1
ളെ ചിന്തിക്കുക; ഞാൻ രാജാവി
നെക്കുറിച്ചുള്ള കൃതികളെ ഉണർത്തിക്കട്ടെ;
എൻെറ നാവു സാമർത്ഥ്യമുള്ള എഴുത്തു
കാരൻെറ എഴുത്തുകോലാകുന്നു;
മനുഷ്യരിൽ അതിസുന്ദരനായവനേ! 2
കൃപകൾ നിൻെറ അധരങ്ങളിൽ ചൊരിയ
പ്പെടുന്നു; ഇതുനിമിത്തമായിട്ടു ദൈവം
എന്നേക്കും നിന്നെ വാഴ്ത്തി;
ബലവാനെ! നിൻെറ അരയിൽ വാൾ 3
കെട്ടുക;
നിൻെറ പ്രഭയും നിൻെറ മഹത്വവും 4
ജയിക്കും; നീതിയുള്ള വചനത്തോടും പു
ണ്യവിനയത്തോടും കൂടെ നീ വാഹനമേറി
വരിക: നിൻെറ രാജകീയ നിയമം, നിൻെറ
വലംകയ്യുടെ ഭയങ്കരത്വത്തിൽ ഉണ്ട്.
നിൻെറ അസ്ത്രങ്ങൾ രാജാവിൻെറ ശത്രു 5
ക്കളുടെ ഹൃദയത്തിൽ മൂർച്ചയുള്ളവയാ
കുന്നു; ജാതികൾ നിൻെറ കീഴിൽ വീഴും;
ദൈവമെ! നിൻെറ സിംഹാസനം എന്നേ 6
ക്കുമുള്ളതാകുന്നു; നിൻെറ രാജ്യത്തിൻെറ
ചെങ്കോൽ നീതിയുള്ള ചെങ്കോൽ;
നീ, നീതിയെ സ്നേഹിച്ചു അനീതിയെ 7
ദ്വേഷിച്ചു; ഇതു നിമിത്തമായി നിൻെറ
ദൈവമായ ദൈവം നിൻെറ സഖികളേ
ക്കാൾ അധികം സന്തോഷതൈലംകൊണ്ടു
നിന്നെ അഭിഷേകം ചെയ്തു;
പ്രധാന ആലയത്തിൽനിന്നും നിൻെറ 8
വസ്ത്രങ്ങളൊക്കെയും മൂറായും ഇലവർങ്ങ
വും ഞെരിയാസ് എന്നീ സുഗന്ധകൂട്ടു
കൊണ്ടും പരിമളമായിരിക്കുന്നു; എങ്കൽ
നിന്ന് അവ നിന്നെ സന്തോഷിപ്പിച്ചു;
രാജപുത്രി മഹത്വത്തോടുകൂടെ നിന്നു; 9
രാജസ്ത്രീ നിൻെറ വലത്തുഭാഗത്തു ഓഫീ
റിലെ തങ്കവസ്ത്രത്തോടുകൂടെ നിന്നു;

10 എൻെറ പുത്രീ! നീ കേട്ടു ഗ്രഹിക്കുക,
നിൻെറ ചെവി ചായിക്കുക; നിൻെറ
ജനത്തേയും നിൻെറ പിതൃഭവനത്തെയും
മറന്നുകളക;
11 എന്നാൽ രാജാവ് നിൻെറ സൗന്ദര്യ
ത്തെ ആഗ്രഹിക്കും; അവൻ നിൻെറ യജ
മാനനാകകൊണ്ടു നീ അവനെ വന്ദിക്കും.
12 സൂറിൻെറ പുത്രി അവനെ വന്ദിക്കും;
ജനങ്ങളിൽ സമ്പന്നന്മാർ കാഴ്ചകളോടു
കൂടെ തിരുമുഖം അന്വേഷിക്കും;
13 രാജപുത്രിയുടെ മഹത്വമൊക്കെയും
അന്തർഭാഗെ ഇരിക്കുന്നു; അവളുടെ വസ്ത്രം
നല്ല തങ്കംകൊണ്ട് അലങ്കരിക്കപ്പെട്ടിരി
ക്കുന്നു;
14 കാഴ്ചവസ്തുക്കളോടുകൂടി രാജാവി
ൻെറ അടുക്കലേക്കു അവൾ പോകും, അവ
ളുടെ സഖിമാരായ കന്യകമാരേയും അവ
ളുടെ പിന്നാലെ കൊണ്ടുചെല്ലും;
15 അവർ സന്തോഷത്തോടും ആനന്ദ
ത്തോടും കൂടെ ചെന്നു രാജഭവനത്തിൽ
പ്രവേശിക്കും;
16 നിൻെറ പുത്രന്മാർ പിതാക്കന്മാർക്കു
പകരമായിരിക്കും;
17 സകല തലമുറകളിലും തിരുനാമത്തെ
ഓർപ്പാനായിട്ടു ഭൂമിയിലൊക്കെയും അവൻ
അവരെ അധികാരികളാക്കും! ഇതു നിമി
ത്തമായിട്ടു ജാതികൾ എന്നെന്നേക്കും
തന്നെ സ്തുതിക്കും.

46

1 ഞങ്ങളുടെ ബലമുള്ള സങ്കേതവും
ആപത്തുകാലത്ത് സഹായകനു
മായ ഞങ്ങളുടെ ദൈവമെ! നീ എപ്പോഴും
ഞങ്ങൾക്കു ദൃശ്യനായിരിക്കുന്നു;
2 ഇതുനിമിത്തമായിട്ടു ഭൂമി ഇളകിയാ
ലും, സമുദ്രങ്ങളുടെ ഉള്ളിൽ പർവ്വതങ്ങൾ
കുലുങ്ങിയാലും;
3 അവയിലെ വെള്ളം ഇളകിമറിഞ്ഞാലും
അവയുടെ കോപം നിമിത്തം പർവ്വതങ്ങൾ
കുലുങ്ങിയാലും ഞങ്ങൾ ഭയപ്പെടുകയില്ല;
4 ഉപനദികൾ നമ്മുടെ ദൈവത്തിൻെറ
നഗരത്തിൽ സന്തോഷമുണ്ടാക്കും; അത്യു
ന്നതൻെറ വാസസ്ഥലം പരിശുദ്ധമാകുന്നു;
5 ദൈവം അതിൻെറ ഉള്ളിലുണ്ട്. അതി
ളകുകയില്ല; പ്രഭാതസമയത്തു ദൈവം
അതിനെ സഹായിക്കും;
6 പുറജാതികൾ കലഹിച്ചു; രാജ്യങ്ങൾ
ഇളകി, താൻ തൻെറ ശബ്ദം ഉയർത്തി;
ഭൂകമ്പം ഉണ്ടായി;
7 ബലവാനായ ദൈവം നമ്മോടുകൂടെ
യുണ്ട്; യാക്കോബിൻെറ ദൈവം നമ്മുടെ
സങ്കേതവുമാകുന്നു;

നിങ്ങൾവന്ന് ഭൂമിയിൽ അതിശയങ്ങളെ 8
ചെയ്യുന്ന ദൈവത്തിൻെറ ക്രിയകളെ
നോക്കുവിൻ!
ഭൂമിയുടെ അതിർത്തിമുതൽ യുദ്ധങ്ങ 9
ളെ ഇല്ലാതാക്കയും; വില്ലുകളെ തകർത്തു
കുന്തങ്ങളെ ഒടിക്കയും രഥങ്ങളെ അഗ്നി
യിൽ ദഹിപ്പിക്കുകയും ചെയ്യുന്നു;
നിങ്ങൾ തിരിച്ചുവന്നു ഞാൻ ദൈവ 1
മാകുന്നു എന്നു അറിഞ്ഞുകൊൾവിൻ;
ഞാൻ ജാതികളുടെ ഇടയിൽ ഉന്നതനായി;
ഭൂമിയിലും ഉന്നതനായി;
ബലവാനായ ദൈവം നമ്മോടുകൂടെ 1
യുണ്ട്; യാക്കോബിൻെറ ദൈവം നമ്മുടെ
സഹായിയുമാകുന്നു;

47

സകല ജാതികളുമെ! കൈകൊട്ടി 1
ജയഘോഷശബ്ദത്തിൽ ദൈവ
ത്തെ സ്തുതിപ്പിൻ;
എന്തെന്നാൽ അത്യുന്നതനും ഭയങ്കര 2
നുമായ കർത്താവ് സകല ഭൂമിയുടേയും
മേൽ മഹാരാജാവാകുന്നു;
താൻ ജാതികളെ നമുക്കു കീഴായും 3
സ്വജനങ്ങളെ നമ്മുടെ പാദങ്ങൾക്കു കീഴാ
യും ആക്കി;
തനിക്കവകാശമായും, താൻ സ്നേഹി 4
ച്ച യാക്കോബിൻെറ ബഹുമാനമായും താൻ
നമ്മെ തിരഞ്ഞെടുത്തു;
ദൈവം മഹത്വത്തോടും കർത്താവ് 5
കാഹളശബ്ദത്തോടുംകൂടി കരേറി;
സ്തുതിയോടെ ദൈവത്തിന്ന് കീർത്തനം 6
പാടുവിൻ, നമ്മുടെ രാജാവിന്നു സ്തുതി
പാടുവിൻ;
എന്തെന്നാൽ ദൈവം സകല ഭൂമിയുടേ 7
യും രാജാവാകുന്നു; തനിക്കു സ്തുതി പാടു
വിൻ;
ദൈവം ജാതികളുടെമേൽ ഭരണം 8
ചെയ്യുന്നു; ദൈവം വിശുദ്ധ സിംഹാസന
ത്തിന്മേൽ ഇരിക്കുന്നു;
ജാതികളുടെ അധികാരികളേ! അബ്രാ 9
ഹാമിൻെറ ദൈവത്തിൻെറ അടുക്ക
ലേക്കു തിരിയുവിൻ; എന്തെന്നാൽ ഭൂമി
യിലെ ആധിപത്യം ദൈവത്തിനുള്ളതാ
കുന്നു; താൻ എത്രയും ഉന്നതനായിരി
ക്കുന്നു.

48

നമ്മുടെ കർത്താവ് വലിയവനും
നമ്മുടെ ദൈവത്തിൻെറ പട്ടണ
ത്തിലും, വിശുദ്ധിയും മഹത്വവുമുള്ള
തൻെറ പർവ്വതത്തിലും ഏററവും സ്തുത്യനും
ആകുന്നു;
സർവ്വദേശത്തിൻേറയും സന്തോഷമാ
യിരിക്കുന്ന വടക്കേ ഭാഗങ്ങളിലുള്ള

സഹിയോൻ പർവ്വതം മഹാരാജാവിൻെറ
ട്ടണമാകുന്നു.
ദൈവം അതിൻെറ കൊട്ടാരങ്ങളിൽ
തൻെറ ബലത്തെ അറിയിക്കുന്നു.
എന്തെന്നാൽ ഇതാ രാജാക്കന്മാർ
ന്നദ്ധരായി ഒരുമിച്ചു കടന്നുപോയി.
അവർ കണ്ട് വിസ്മയിച്ചിളകി.
അവർക്ക് വിറയലും പ്രസവിക്കുന്നവളു
തുപോലെ വേദനകളും പിടിച്ചു.
കൊടുംകാററ് തർസ്സീസിലെ കപ്പലു
ളെ തകർത്തുകളയും.
നമ്മുടെ ദൈവത്തിൻെറ പട്ടണത്തിൽ
—ബലവാനായ കർത്താവിൻെറ പട്ടണ
ത്തിൽ—നാം കേട്ട പ്രകാരം തന്നെ കണ്ടു.
ദെവം അതിനെ എന്നേക്കുമായി സ്ഥിര
പ്പെടുത്തും;
ദൈവമെ! നിൻെറ ആലയത്തിനകത്ത്
നിൻെറ കൃപയെ ഞങ്ങൾ അറിയിച്ചു;
ദൈവമെ! നിൻെറ നാമപ്രകാരംതന്നെ
നിൻെറ സ്തുതികൾ ഭൂമിയുടെ അതിർത്തി
കൾ വരെയും ഇരിക്കുന്നു; നിൻെറ വലങ്കൈ
നീതികൊണ്ട് നിറഞ്ഞിരിക്കുന്നു;
കർത്താവെ! നിൻെറ വിധികൾ നിമി
ത്തം സെഹിയോൻ പർവ്വതം സന്തോഷി
ക്കും; യഹൂദായുടെ പുത്രിമാർ ആനന്ദിക്കും;
നിങ്ങൾ സെഹിയോനു ചുററും നടന്ന്
പ്രദക്ഷിണം ചെയ്ത് അതിൻെറ ഗോപുരങ്ങ
ളെ എണ്ണുവിൻ;
അതിൻെറ സേനാബലത്തെക്കുറിച്ച്
നിങ്ങൾ കരുതിക്കൊള്ളുകയും, അതിൻെറ
കൊട്ടാരങ്ങളെക്കുറിച്ച് തറവരെ ഹൃദിസ്ഥ
മാക്കുകയും ചെയ്‌വിൻ; അതു പിൻതലമുറ
യ്ക്ക് നിങ്ങൾ ഗ്രഹിപ്പിക്കുവാനായിട്ട് അത്രെ!
എന്തെന്നാൽ ഈ ദൈവം എന്നുമെ
ന്നേക്കും നമ്മുടെ ദൈവമാകുന്നു; താൻ
നമ്മെ മരണത്തിനുപരിയായി നടത്തും.

49 സകല ജാതികളുമെ! ഇതു കേൾ
പ്പിൻ! ഭൂവാസികളായ എല്ലാവ
രുമെ! ശ്രദ്ധിച്ചുകേൾപ്പിൻ!
സാമാന്യരും ശ്രേഷ്ഠരും, സമ്പന്നരും
ദരിദ്രരുമായ ഏവരുമെ! (കേൾപ്പിൻ)
എൻെറ വായ് ജ്ഞാനത്തേയും,
എൻെറ ഹൃദയനിരൂപണ, വിവേകത്തേ
യും സംസാരിക്കും;
ഉപമകൾക്ക് എൻെറ ചെവികളെ ഞാൻ
ചായിക്കും; കടങ്കഥകളെ കിന്നരത്തിൽ
ഞാൻ വായിക്കും;
എൻെറ ശത്രുക്കളുടെ വഞ്ചന എന്നെ
ചുററി; ദുർദ്ദിവസങ്ങളിൽ ഞാൻ ഭയപ്പെടു
കയില്ല.

സ്വബലത്തിൽ ശരണപ്പെടുകയും, 6
ധനബാഹുല്യത്തിൽ പ്രശംസിക്കുകയും
ചെയ്യുന്ന യാതൊരുത്തനും,
തൻെറ സഹോദരനെ രക്ഷിപ്പാനൊ, 7
മനുഷ്യൻെറ വീണ്ടെടുപ്പർത്ഥം ദൈവത്തി
നു കൊടുപ്പാനൊ കഴികയില്ല;
എന്തെന്നാൽ അവരുടെ ആത്മാവി 8
ൻെറ വീണ്ടെടുപ്പു വിലയേറിയതാകുന്നു;
നീ നാശം കാണാതെ നിത്യജീവൻ 9
പ്രാപിപ്പാൻ എന്നേക്കും അദ്ധ്വാനിക്കുക;
ജ്ഞാനികൾ മരിക്കയും, ഭോഷന്മാരും 10
ബുദ്ധിഹീനരും ഒന്നുപോലെ നശിച്ച് അവ
രുടെ സമ്പാദ്യത്തെ മററുള്ളവർക്ക് ശേഷി
പ്പിക്കുകയും ചെയ്യുന്നത് നീ കാണുന്നു
ണ്ടല്ലോ,
അവർ ഭൂമിയിൽ കീർത്തിമാന്മാരെ 11
ങ്കിലും അവരുടെ കബറുകൾ എന്നേക്കും
അവരുടെ ഭവനങ്ങളും തലമുറതലമുറവരെ
അവരുടെ വാസസ്ഥലങ്ങളുമാകുന്നു;
മനുഷ്യൻ തൻെറ ബഹുമാനത്തെ 12
വിചാരിച്ചില്ല. എന്നാലോ, മൃഗമാനസനായി
അതിനോടു സാമ്യപ്പെട്ടു.
അവരുടെ ഈ ഗമനം അവരുടെ 13
ആത്മാവിന്നിടർച്ചയാകുന്നു; ഒടുവിൽ
അവർക്കനുഭവമാകയും ചെയ്യും.
അവർ ആടുകളെപ്പോലെ പാതാള 14
ത്തിൽ ഏല്പിക്കപ്പെടും; മരണം അവരെ
മേയിക്കും; നേരുള്ളവർ പ്രഭാതകാലത്ത്
അവരുടെ മേൽ അധികാരം ചെയ്യും.
അവരുടെ സൌന്ദര്യത്തെ പാതാളം 15
വഷളാക്കും, അവരുടെ മഹത്വങ്ങളിൽനിന്ന്
അവരെ തള്ളിക്കളയും; എന്നാൽ ദൈവം
എൻെറ ആത്മാവിനെ രക്ഷിച്ച് പാതാള
ത്തിൻെറ ഭുജബലത്തിൽനിന്ന് എന്നെ
എടുത്തുകൊള്ളും;
ഒരു മനുഷ്യൻ സമ്പന്നനായി അവൻെറ 16
ഭവനത്തിലെ ബഹുമാനം വർദ്ധിക്കുമ്പോൾ
നീ ഭയപ്പെടരുത്;
എന്തുകൊണ്ടെന്നാൽ അവൻെറ മര 17
ണത്തിൽ അവൻ യാതൊന്നും എടുത്തു
കൊണ്ടുപോകുന്നില്ല. അവൻെറ മഹത്വം
അവൻെറ പിന്നാലെ ഇറങ്ങി ചെല്ലുന്നതു
മില്ല.
എന്തെന്നാൽ അവൻെറ ആയുസ്സിൽ 18
അവൻ തന്നത്താൻ പുകഴ്ത്തിയിരുന്നു. നീ
അവനു നന്മ ചെയ്യുമ്പോൾ നിന്നെ അവൻ
പുകഴ്ത്തും.
അവൻെറ പിതാക്കന്മാരുടെ തലമുറ 19
വരെയും നീ അവനെ അടുപ്പിക്കും; എന്നേ
ക്കും അവൻ പ്രകാശം കാണുകയില്ല;

20 മനുഷ്യൻ തന്റെ ബഹുമാനത്തെ
വിചാരിച്ചില്ല. എന്നാലോ മൃഗമാനസനായി
അതിനോടു തുല്യപ്പെട്ടു.

1 **50** ദൈവങ്ങളുടെ ദൈവമായ കർത്താ
വ്സംസാരിച്ചു; സൂര്യോദയംമുതൽ
അതിന്റെ അസ്തമനംവരെയും ഭൂമിയെ
വിളിച്ചു;
2 ദൈവം സെഹിയോനിൽനിന്ന് മഹത്വ
മുള്ള കിരീടം കാണിച്ചു.
3 നമ്മുടെ ദൈവം വരും, മൌനമായിരിക്ക
യില്ല. തിരുസന്നിധിയിൽ അഗ്നി ദഹിപ്പി
ക്കുകയും തന്റെ ചുററും എത്രയും ജ്വലി
ക്കയും ചെയ്യും.
4 തന്റെ ജനത്തെ ന്യായം വിധിക്കേണ്ട
തിന്നു താൻ മേൽ നിന്ന് ആകാശത്തേയും
ഭൂമിയേയും വിളിക്കും;
5 ബലികൊണ്ടു തന്റെ ഉഭയസമ്മത
ത്തെ സ്ഥിരപ്പെടുത്തുന്ന വിശുദ്ധന്മാരേ!
തന്റെ അടുക്കൽ ഒന്നിച്ചു കൂടുവിൻ.
6 സ്വർഗ്ഗങ്ങൾ തന്റെ നീതിയെ അറി
യിക്കും; എന്തെന്നാൽ ദൈവം ന്യായാധി
പതിയാകുന്നു,
7 എന്റെ ജനമേ! കേൾക്ക. ഞാൻ
നിന്നോട് സംസാരിക്കും, ഇസ്രായേലേ!
ഞാൻ നിന്നെക്കുറിച്ച് സാക്ഷിക്കും; നിന്റെ
ദൈവം ഞാനാകുന്നു;
8 നിന്റെ ബലികളെക്കുറിച്ചും, നിന്റെ
ഹോമബലികളെക്കുറിച്ചും അല്ലയോ, ഞാൻ
നിന്നെ ശാസിക്കുന്നത്. അവ എല്ലാ
യ്പോഴും എനിക്കെതിരാകുന്നു.
9 നിന്റെ ഭവനത്തിൽനിന്ന് കാളകളെ
യോ നിന്റെ ആട്ടിൻകൂട്ടത്തിൽനിന്നു
മുട്ടാടുകളെയോ ഞാൻ അംഗീകരിക്കയില്ല.
10 എന്തെന്നാൽ സകല കാട്ടുമൃഗവും
പർവ്വതങ്ങളിലെ മൃഗങ്ങളും കാളകളും എനി
ക്കുള്ളവയാകുന്നു.
11 ആകാശത്തിലെ പക്ഷികളെ എല്ലാം
ഞാൻ അറിയുന്നു. കാട്ടുമൃഗവും എനിക്കു
ള്ളതാകുന്നു.
12 എനിക്കു വിശന്നാൽ ഞാൻ നിന്നോട്
പറകയില്ല. ഭൂതലവും അതിന്റെ പരി
പൂർണ്ണതയും എനിക്കുള്ളതാകുന്നു;
13 ഞാൻ കാട്ടുപോത്തുകളുടെ മാംസം
ഭക്ഷിക്കയില്ല: മുട്ടാടുകളുടെ രക്തം പാനം
ചെയ്കയുമില്ല.
14 ദൈവത്തിന്നു സ്തോത്രബലി അർപ്പിച്ച്
അത്യുന്നതന് നിന്റെ നേർച്ചകളെ കഴിക്ക.
15 അനർത്ഥനാളിൽ എന്നെ വിളിക്ക;
ഞാൻ നിന്നെ ബലപ്പെടുത്തും; നീ എന്നെ
മഹത്വപ്പെടുത്തുകയും ചെയ്യും.

ദൈവം പാപിയോടരുളിച്ചെയ്യുന്നു; 16
നിനക്ക് എന്റെ കല്പനപ്പുസ്തകങ്ങളോട്
എന്തു കാര്യം? എന്തെന്നാൽ എന്റെ ഉടമ്പ
ടിയെ നിന്റെ വായിൽ നീ എടുത്തു.
എന്റെ ഉപദേശത്തെ നീ വെറുത്തു; 17
എന്റെ വചനങ്ങളെ നിന്റെ പിറകിലേക്ക്
എറിഞ്ഞുകളഞ്ഞു.
നീ ഒരു കള്ളനെ കണ്ടാൽ അവനെ 18
അനുഗമിക്കയും വ്യഭിചാരിയോടുകൂടി
ഓഹരിക്കാരനാകുകയും;
നിന്റെ വായ് ദോഷം സംസാരിക്കു 19
കയും, നിന്റെ നാവ് വഞ്ചന പറകയും,
നീ ഇരുന്ന് നിന്റെ സഹോദരനെക്കുറി 20
ച്ച് ദുരാലോചന ചെയ്കയും നിന്റെ മാതൃ
സുതനെ പരിഹസിക്കുകയും ചെയ്യുന്നു;
നീ ഇവയെല്ലാം ചെയ്തിട്ടും ഞാൻ നിന്നോ 21
ടു മൌനമായിരുന്നു; വഞ്ചകാ, ഞാൻ നിന്നെ
പ്പോലെ ആയിരിക്കുമെന്ന് നീ വിചാരിച്ചു.
എന്നാൽ ഞാൻ നിന്നെ ശാസിച്ച് നിന്റെ
കണ്ണുകൾക്ക് നേരെ അവയെ നിരത്തി
വയ്ക്കും;
ദൈവത്തെ മറക്കുന്നവരേ! താൻ 22
നിങ്ങളെ തകർത്തുകളകയും രക്ഷകൻ
ഇല്ലാതെ വരികയും ചെയ്യാതെയിരിപ്പാനാ
യിട്ട് ഇതിനെ ഗ്രഹിച്ചുകൊൾവിൻ;
സ്തോത്രബലി കഴിക്കുന്നവൻ എന്നെ 23
സ്തുതിക്കും; ഞാൻ അവന് അവിടെ നമ്മുടെ
ദൈവത്തിന്റെ രക്ഷാവഴിയെ കാണിക്കു
കയും ചെയ്യും.

51 ദൈവമേ! നിന്റെ കൃപയിൻ പ്രകാരം 1
എന്നോടു കരുണ ചെയ്യണമെ! നി
ന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം
എന്റെ പാപങ്ങളെ മായിച്ചുകളയണമെ!
എന്റെ അനീതിയിൽനിന്ന് എന്നെ 2
നന്നായി കഴുകി എന്റെ പാപങ്ങളിൽനിന്ന്
എന്നെ വെടിപ്പാക്കണമെ!
എന്തെന്നാൽ ഞാൻ എന്റെ കുററ 3
ങ്ങളെ അറിയുന്നു; എന്റെ പാപങ്ങളും
എപ്പോഴും എന്റെ നേരെ ഇരിക്കുന്നു;
നിനക്കു വിരോധമായിത്തന്നെ ഞാൻ 4
പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും
ചെയ്തു, അതിനാൽ നിന്റെ വചനത്തിൽ
നീ നീതീകരിക്കപ്പെടും, നിന്റെ വിധികളിൽ
നീ ജയിക്കും;
എന്തെന്നാൽ അന്യായത്തിൽ ഞാൻ 5
ഉത്ഭവിച്ചു; പാപങ്ങളിൽ എന്റെ മാതാവ്
എന്നെ ഗർഭംധരിക്കുകയുംചെയ്തു;
എങ്കിലും നീതിയിൽ നിനക്ക് തിരുവി 6
ഷ്ടമായി; നിന്റെ ജ്ഞാനരഹസ്യങ്ങൾ നീ
എന്നോടറിയിച്ചു;

സോപ്പാകൊണ്ട് എൻെറ മേൽ നീ തളി
ണമെ! ഞാൻ വെടിപ്പാക്കപ്പെടും;
തിനാൽ എന്നെ നീ വെൺമയാക്കണമെ!
മത്തേക്കാൾ ഞാൻ വെൺമയാകും;
നിൻെറ ആനന്ദവും സന്തോഷവുംകൊ
ട് എന്നെ തൃപ്തനാക്കണമേ! ക്ഷീണിച്ചിരി
ന്ന എൻെറ അസ്ഥികൾ സന്തോഷിക്കും;
എൻെറ പാപങ്ങളിൽനിന്ന് തിരുമുഖം
രിച്ച് എൻെറ കുററങ്ങളെല്ലാം മായിച്ചു
ളയണമെ!
ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ
ന്നിൽ സൃഷ്ടിക്കണമെ! സ്ഥിരതയുള്ള
ിൻെറ ആത്മാവിനെ എൻെറ ഉള്ളിൽ
തുതാക്കണമെ!
തിരുസന്നിധിയിൽനിന്ന് എന്നെ തള്ളി
ളയരുതേ! നിൻെറ വിശുദ്ധാത്മാവിനെ
ന്നിൽനിന്ന് എടുക്കയുമരുതേ!
എന്നാലോ നിൻെറ ആനന്ദവും രക്ഷ
ും എനിക്കു തിരിച്ചുതരണമേ! മഹത്വ
ള്ള നിൻെറ ആത്മാവ് എന്നെ താങ്ങു
റാകണമേ!
അപ്പോൾ ഞാൻ അതിക്രമക്കാരെ
ിൻെറ വഴി പഠിപ്പിക്കും; പാപികൾ നിങ്ക
ലക്കു തിരികയുംചെയ്യും;
എൻെറ രക്ഷയുടെ ദൈവമായ ദൈവ
മ! രക്തത്തിൽനിന്നു എന്നെ രക്ഷിക്ക
ണമെ! എൻെറ നാവ് നിൻെറ നീതിയെ
തുതിക്കും;
കർത്താവേ! എൻെറ അധരങ്ങൾ എനി
ു തുറക്കണമെ! എൻെറ വായ് നിൻെറ
തുതികളെ പാടും;
എന്തെന്നാൽ ബലികളിൽ നീ ഇഷ്ട
പ്പട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിര
ായതുമില്ല;
ദൈവത്തിൻെറ ബലികൾ താഴ്മയുള്ള
ത്മാവാകുന്നു; ദൈവം തകർന്ന ഹൃദയ
ത്ത നിരസിക്കയില്ല;
തിരുവുള്ളമുണ്ടായി സെഹിയോനോ
നന്മചെയ്യണമെ. യറുശലേമിൻെറ മതി
ുകളെ പണിയണമെ!
അപ്പോൾ നീതിയോടുകൂടിയ ബലിക
ിലും സമാധാനഹോമങ്ങളിലും നീ ഇഷ്ട
പ്പടും; അപ്പോൾ നിൻെറ ബലിപീഠത്തി
ന്മേൽ അവർ കാളകളെ ബലികഴിക്കും.

52 ബലവാനെ നീ ദോഷത്തിൽ
പ്രശംസിക്കുന്നതും, പുണ്യവാനു
ിരോധമായി നിത്യവും നിൻെറ നാവു
ഞ്ചന വിചാരിക്കുന്നതും എന്ത്?
മൂർച്ചയുള്ള ക്ഷൌരക്കത്തിപോലെ
ീ വഞ്ചനചെയ്യു.
നീ നന്മകളേക്കാൾ തിന്മകളേയും നീതി 3
യുള്ള സംസാരത്തേക്കാൾ വ്യാജത്തേയും
സ്നേഹിച്ചു.
വഞ്ചന സംസാരിക്കുന്ന എല്ലാവരേ 4
യും വഞ്ചനയുള്ള നാവുകളേയും നീ സ്നേ
ഹിച്ചു.
ഇതു നിമിത്തമായിട്ടു ദൈവം നിന്നെ 5
വേരോടെ പറിക്കും; താൻ എന്നേക്കും
നിൻെറ കൂടാരത്തിൽനിന്നു നിന്നെ മറിച്ചിട്ടു
ജീവനുള്ളവരുടെ ദേശത്തുനിന്നു നിന്നെ
നിർമ്മൂലമാക്കും.
എന്നാൽ പുണ്യവാന്മാർ കണ്ടു സന്തോ 6
ഷിച്ച് കർത്താവിൽ ആശ്രയിക്കും.
ദൈവത്തെ ശരണമാക്കാതെ ദ്രവ്യസമൃ 7
ദ്ധിയിൽ ആശ്രയിച്ചു തൻെറ സമ്പത്തിനെ
ക്കുറിച്ചു നിഗളിച്ച മനുഷ്യൻ ആകുന്നു ഇ
വൻ, എന്നു അന്യർ പറയുകയും ചെയ്യും;
ഞാൻ ദൈവഭവനത്തിൽ തഴച്ച ഒലിവ്
വൃക്ഷംപോലെയാകുന്നു, ദൈവകൃപയിൽ
ഞാൻ എന്നുമെന്നേക്കും ആശ്രയിച്ചു.
നീ അപ്രകാരം ചെയ്തതുകൊണ്ടു 8
ഞാൻ എന്നുമെന്നേക്കും നിന്നെ സ്തോത്രം
ചെയ്യും, നിൻെറ പുണ്യവാന്മാരുടെ മുമ്പാ
കെ തലമുറതോറും നിൻെറ തിരുനാമത്തെ
ഞാൻ അറിയിക്കുകയും ചെയ്യും.

53 ദൈവം ഇല്ലായെന്നു ദുഷ്ടൻ അവ 1
ൻെറ ഹൃദയത്തിൽ പറയുന്നു,
അവർ വഷളന്മാരായി സ്വവഞ്ചനയാൽ
അശുദ്ധപ്പെട്ടു; നന്മ ചെയ്യുന്നവൻ ഇല്ല;
തിരിച്ചറിവുള്ളവനും ദൈവത്തെ 2
അന്വേഷിക്കുന്നവനും ഉണ്ടോ എന്നു
കാണ്മാനായി ദൈവം സ്വർഗ്ഗത്തിൽനിന്നു
മനുഷ്യരുടെ നേരെ സൂക്ഷിച്ചുനോക്കി;
എല്ലാവരും ഒരുപോലെ വഴിതെററി 3
അശുദ്ധരായിത്തീർന്നു; നന്മ ചെയ്യുന്നവൻ
ഇല്ല; ഒരുവൻപോലുമില്ല;
അപ്പം ഭക്ഷിക്കുന്നതുപോലെ എൻെറ 4
ജനത്തെ ഭക്ഷിച്ച് അകൃത്യം ചെയ്യുന്ന
യാതൊരുത്തരും അറിഞ്ഞില്ല; അവർ
ദൈവത്തെ വിളിച്ചുമില്ല;
ഭയമില്ലാതിരുന്നിടത്ത് അവർ എത്രയും 5
ഭയന്നു; എന്തെന്നാൽ മനുഷ്യരെ പ്രീതി
പ്പെടുത്തുന്നവരുടെ അസ്ഥികളെ ദൈവം
ചിതറിക്കും; ദൈവം അവരെ നിരസിച്ചതു
കൊണ്ട് അവർ ലജ്ജിച്ചു.
സെഹിയോനിൽനിന്ന് ഇസ്രായേലിനു 6
രക്ഷ ആരു തരും? കർത്താവു തൻെറ ജന
ത്തിൻെറ അടിമയെ തിരിച്ചു വരുത്തുമ്പോൾ
യാക്കോബ് ആനന്ദിക്കും; ഇസ്രായേൽ
സന്തോഷിക്കും.

1 **54** ദൈവമെ! നിൻെറ തിരുനാമത്താൽ
എന്നെ രക്ഷിക്കണമേ! നിൻെറ
ബലത്താൽ എനിക്കു ന്യായപാലനം ചെയ്യ
ണമേ!
2 ദൈവമെ! എൻെറ പ്രാർത്ഥന കേട്ട്
എൻെറ വായിലെ വചനങ്ങളെ ശ്രദ്ധിക്ക
ണമെ!
3 എന്തെന്നാൽ അന്യജാതിക്കാർ എനി
ക്കു വിരോധമായി എഴുന്നേററു. ബലവാ
ന്മാർ എൻെറ പ്രാണനെ അന്വേഷിച്ചു.
ദൈവമെ! അവർ നിന്നെ ഗണ്യമാക്കിയില്ല.
4 ദൈവം എന്നെ സഹായിക്കുന്നവനും
കർത്താവു എൻെറ ആത്മാവിനെ താങ്ങു
ന്നവനുമാകുന്നു;
5 എൻെറ ശത്രുക്കളുടെ മേൽ അനർത്ഥം
വരുത്തണമെ! നിൻെറ നീതിയാൽ അവരെ
മൌനമാക്കണമെ!
6 ഞാൻ മനപ്പൂർവ്വബലി നിനക്കു കഴി
ക്കും; കർത്താവെ! നീ നല്ലവനാകകൊണ്ടു
ഞാൻ നിൻെറ തിരുനാമത്തെ സ്തോത്രം
ചെയ്യും; എന്തെന്നാൽ സർവ വ്യസന
ത്തിൽ നിന്നും നീ എന്നെ രക്ഷിച്ചു; എൻെറ
കണ്ണ് എൻെറ വൈരികളെ കാണുകയും
ചെയ്തു.

1 **55** ദൈവമെ! എൻെറ പ്രാർത്ഥന
കേൾക്കണമെ! എൻെറ അപേക്ഷ
യെക്കുറിച്ചു മൗനമായിരിക്കരുതെ!
2 എന്നെ കേട്ട് എൻെറ നിലവിളിയിങ്ക
ലേക്കു തിരിയണമെ!
3 എൻെറ വൈരികൾ നിമിത്തമായും,
ദുഷ്ടൻെറ ഞെരുക്കം ഹേതുവായും എന്നെ
കേൾക്കണമെ!
4 എന്തെന്നാൽ ദുഷ്ടന്മാർ എൻെറ നേരെ
തുനിഞ്ഞിറങ്ങി; എന്നെ ഉപദ്രവിച്ചു.
5 എനിക്കു ഭയം തട്ടി; മരണനിഴലുകൾ
എന്നെ മൂടി;
6 അപ്പോൾ ഞാൻ പറഞ്ഞു, പ്രാവിനുള്ള
തുപോലെ എനിക്കു ചിറകുകൾ കിട്ടിയെ
ങ്കിൽ! ഞാൻ പറന്നുപോയി വിശ്രമിക്കു
മായിരുന്നു.
7 ഞാൻ ദൂരെ പറന്നു മരുഭൂമിയിൽ
വസിക്കുമായിരുന്നു;
8 കൊടുങ്കാററിൽനിന്ന് എന്നെ രക്ഷി
ക്കുന്നവനായി ഞാൻ കാത്തിരുന്നു.
9 എൻെറ കർത്താവെ! അവരുടെ നാവു
കളുടെ വികടത്വത്തെ അമർത്തണമെ!
എന്തെന്നാൽ പട്ടണത്തിൽ ശണ്ഠയും
വ്യവഹാരവും ഉണ്ടെന്നു ഞാൻ കണ്ടു;
10 പകലും രാവും അവർ അതിൻെറ കോട്ട
കളെ ചുററിയിരിക്കുന്നു; വഞ്ചനയും, ദുഷ്ട
തയും ദുർഗുണവും അതിൻെറ ഉള്ളിൽ
ഉണ്ട്;
അതിൻെറ തെരുവീഥികളിൽനിന്നു ദു 11
ഷ്ടതയും വഞ്ചനയും മാറിപ്പോകുന്നില്ല;
എന്നെ നിന്ദിച്ചതു എൻെറ ശത്രുവല്ല; 12
അങ്ങിനെയെങ്കിൽ ഞാൻ സഹിക്കുമാ
യിരുന്നു; എനിക്കു വിരോധമായി എഴുന്നേ
ററതു എന്ന പകയ്ക്കുന്നവനുമല്ല; അങ്ങ
നെയെങ്കിൽ ഞാൻ അവനിൽനിന്നു ഒളിക്കു
മായിരുന്നു;
നീയോ എന്നേപ്പോലെയുള്ള മനുഷ്യ 13
നും എനിക്കടുത്തവനും എൻെറ പ്രാണ
സ്നേഹിതനുമാകുന്നു.
നാം ഐക്യതയോടെ ദൈവഭവന 14
ത്തിൽ വെച്ച് ഒരുമിച്ചു മുത്താഴം കഴിച്ചി
ട്ടുണ്ടല്ലോ;
നീ അവരുടെമേൽ മഹാമാരി വരുത്ത 15
ണമെ! അവർ ജീവനോടെ പാതാളത്തി
ലേക്ക് ഇറങ്ങട്ടെ! എന്തെന്നാൽ അവരുടെ
ഉള്ളിൽ അകൃത്യം ഉണ്ട്;
ഞാനോ ദൈവത്തെ വിളിക്കും; ദൈവം 16
എന്നെ രക്ഷിക്കും;
ഞാൻ സന്ധ്യക്കും, കാലത്തും, ഉച്ച 17
യ്ക്കും, ധ്യാനിച്ചും വിലപിച്ചും എൻെറ
ശബ്ദം കേൾപ്പിക്കും;
എന്നോട് കൌശലബുദ്ധി പെരുമാറു 18
ന്നവരിൽ നിന്ന്; എൻെറ ആത്മാവിനെ
രക്ഷിക്കണമെ;
എന്തെന്നാൽ അവർ എന്നോട് തർക്ക 19
ത്തിൽ ആയിരിക്കുന്നു;
ലോകങ്ങൾക്കും മുമ്പുള്ളവനായ 20
ദൈവം കേട്ട് അവരെ താഴ്ത്തും; അവർക്ക്
ഒഴികഴിവില്ല; അവർ ദൈവത്തെ ഭയപ്പെട്ടില്ല.
അവർ തങ്ങളുടെ സമീപസ്ഥനു വിരോ
ധമായി കൈ നീട്ടി. അവർ തൻെറ ഉഭയ
സമ്മതത്തെ ലംഘിച്ചു;
തൻെറ മുഖത്തുള്ള കോപംകൊണ്ടും 21
തൻെറ ഹൃദയത്തിലെ ക്രോധംകൊണ്ടും
അവർ ഭ്രമിച്ചുപോയി; അവൻെറ വചനങ്ങൾ
എണ്ണയേക്കാൾ മൃദുവായുള്ളവയാകുന്നു
എങ്കിലും അവ അസ്ത്രങ്ങളാകുന്നു.
നിൻെറ ചിന്താഭാരം കർത്താവിങ്കൽ 22
സമർപ്പിക്ക; താൻ നിന്നെ പരിപാലിക്കും;
തൻെറ പുണ്യവാന്മാർക്ക് താൻ ഒരുനാളും
ചഞ്ചലം വരുത്തുകയില്ല;
ദൈവമെ! രക്തം ചിന്തുന്നവരും വഞ്ചക 23
ന്മാരുമായ മനുഷ്യരെ നാശക്കുഴിയിലേ
ക്കിറക്കണമെ! അവരുടെ ദിവസങ്ങൾ
തികയരുതെ! ഞാനോ നിന്നിൽ ആശ്ര
യിക്കും;

6 ദൈവമെ! എന്നോടു കരുണ ചെയ്യ
ണമെ! എന്തെന്നാൽ മനുഷ്യൻ
ന്ന ചവിട്ടി, ദിവസം മുഴുവനും പടയാളി
ന്ന ഞെരുക്കി;
എൻെറ ശത്രുക്കൾ അനുദിനം എന്നെ
ിട്ടി; അനേകം യോദ്ധാക്കൾ എനിക്കെ
ായി എഴുന്നേററു;
ഞാൻ നിന്നിൽ ആശ്രയിച്ചിരിക്കകൊ
പകൽ സമയത്തു ഞാൻ ഭയപ്പെടു
ില്ല;
ഞാൻ ദൈവത്തിൽ മഹത്വപ്പെടും,
ാൻ ദൈവത്തിൽ ആശ്രയിച്ചു. ഞാൻ
പ്പെടുകയില്ല; മനുഷ്യന് എന്നോട് എന്ത്
യ്‌വാൻ കഴിയും?
അവർ നിത്യവും എന്നെക്കുറിച്ച് ആലോ
ച്ച് എനിക്കു വിരോധമായി തിന്മ വിചാ
ിക്കുന്നു;
അവർ എൻെറ പ്രാണന്നായിട്ട് പതി
ിക്കുന്നു. ഒളിച്ചു പാർത്ത് എൻെറ
ലടികളെ നോക്കിക്കൊണ്ടിരിക്കുന്നു.
അവന്നു രക്ഷകൻ ഇല്ല എന്ന് അവർ
ഞ്ഞു. ദൈവമെ! ജാതികൾ കോപിക്കു
തിനാൽ അവരെ വിധിക്കണമെ!
എൻെറ സ്തോത്രം ഞാൻ നിന്നെ അറി
ച്ചു; എൻെറ കണ്ണുനീരുകളെ തിരുമുമ്പാ
യും, നിൻെറ പുസ്തകത്തിലും വയ്ക്ക
മെ!
അപ്പോൾ എൻെറ ശത്രുക്കൾ പിൻതി
യും; ദൈവം എനിക്ക് അനുകൂലമെന്ന്
ാൻ അറിയും;
ദൈവവചനത്തെ ഞാൻ സ്തുതിക്കും;
ഞാൻ ദൈവത്തിൽ ആശ്രയിച്ചിരി
ുന്നു; ഞാൻ ഭയപ്പെടുകയില്ല, മനുഷ്യന്
ന്നോടെന്തു ചെയ്‌വാൻ കഴിയും?
ദൈവമെ! ഞാൻ എൻെറ നേർച്ചകളെ
നക്കു കഴിക്കും; ഞാൻ സ്തോത്രത്തോടെ
നക്കു ബലി അർപ്പിക്കും;
എന്തെന്നാൽ ദൈവമെ! ജീവനുള്ളവ
ടെ ദേശത്ത് തിരുസന്നിധിയിൽ പ്രസ
മായി നടപ്പാൻ എൻെറ ആത്മാവിനെ
ണത്തിൽനിന്നും എൻെറ കാലുകളെ
ഘലനങ്ങളിൽ നിന്നും നീ രക്ഷിച്ചു;

57 ദൈവമെ! എൻെറ ആത്മാവ് നി
ന്നിൽ ആശ്രയിച്ചിരിക്കകൊണ്ട്
ന്നോട് കരുണ ചെയ്യണമെ! ആപത്ത്
റിപ്പോകുന്നതുവരെ നിൻെറ ചിറകിൻ
ഴിൽ ഞാൻ മറഞ്ഞിരിക്കും;
ഞാൻ അത്യുന്നതനായ ദൈവത്തെ;
ൻെറ രക്ഷകനായ ദൈവത്തെ തന്നെ
ളിക്കും;

എന്തെന്നാൽ താൻ സ്വർഗ്ഗത്തിൽനി 3
ന്നാളയച്ച് എന്നെ രക്ഷിച്ച് എൻെറ ശത്രു
ക്കളെ പുച്ഛരിച്ചു.
ദൈവം തൻെറ കൃപയും സത്യവും 4
അയച്ച് എൻെറ പ്രാണനെ നായ്ക്കളിൽ
നിന്ന് രക്ഷിച്ചു; എന്തെന്നാൽ ഞാൻ
ചഞ്ചലപ്പെട്ടുറങ്ങി; മനുഷ്യരുടെ പല്ലുകൾ
കുന്തങ്ങളും അസ്ത്രങ്ങളുമാകുന്നു; അവരു
ടെ നാവുകൾ മൂർച്ചയുള്ള വാളുപോലെ
യുമിരിക്കുന്നു;
ദൈവമെ! നീ സ്വർഗ്ഗങ്ങൾക്കു മീതെ 5
ഉന്നതനാകണമെ! സർവ ഭൂമിക്കും മേൽ
നിൻെറ ബഹുമാനം പ്രസിദ്ധമാകണമെ!
അവർ എൻെറ പാദങ്ങൾക്കു വല വിരി 6
ച്ചു; അവർ എൻെറ ആത്മാവിന് കുഴി കുഴി
ച്ചു; അവർതന്നെ അതിൽ വീഴുകയും ചെയ്തു.
എൻെറ ഹൃദയം സ്ഥിരമായിരിക്കുന്നു; 7
ദൈവമെ! എൻെറ ഹൃദയം സ്ഥിരമായിരി
ക്കുന്നു; ഞാൻ ബഹുമതിപൂർവ്വം പാടി
സ്തുതിക്കും.
എൻെറ കിന്നരമേ ഉണരുക; തംബുരു 8
വും വീണയുമേ! ഉണരുവിൻ! ഞാൻ പ്രഭാത
ത്തിൽ ഉണർന്നു;
ദൈവമെ! ജാതികളുടെ ഇടയിൽ ഞാൻ 9
നിനക്കു സ്തോത്രം ചെയ്യും; ജനങ്ങളുടെ ഇട
യിൽ ഞാൻ തിരുനാമത്തിന്നു പാടും;
എന്തെന്നാൽ നിൻെറ കൃപ സ്വർഗ്ഗങ്ങ 10
ളോളവും നിൻെറ വിശ്വസ്തത ആകാശങ്ങ
ളുടെ ആകാശങ്ങൾ വരെയും ഉയർന്നിരി
ക്കുന്നു;
ദൈവമെ! നീ സ്വർഗ്ഗങ്ങൾക്കു മീതെ 11
ഉന്നതനാകണമെ! സർവ്വഭൂമിക്കും മേൽ
നിൻെറ ബഹുമാനം പ്രസിദ്ധമാകണമെ!

58 മനുഷ്യമക്കളേ നിങ്ങൾ സത്യമാ 1
യിട്ടു നീതി സംസാരിക്കുന്നുവോ?
നേരോടെ വിധിക്കുന്നുവോ?
കണ്ടാലും നിങ്ങൾ എല്ലാവരും ഭൂമിയിൽ 2
വഞ്ചന സംസാരിക്കുന്നു. നിങ്ങളുടെ കൈ
കൾ അനീതിയിൽ പിണഞ്ഞുകിടക്കുന്നു;
ദുഷ്ടന്മാർ ഉദരം മുതൽ വേർതിരിക്ക 3
പ്പെട്ടു. ജനനം മുതൽ ഭോഷ്കു സംസാരി
ക്കുന്നവരായി തെറ്റിപ്പോയി.
അവരുടെ കോപം അണലി സർപ്പത്തി 4
ൻേറതുപോലെയും, ചെവി അടഞ്ഞിരിക്കു
ന്ന സർപ്പത്തിൻേറതുപോലെയുമാകുന്നു;
അതു മന്ത്രവാദിയുടെയും വിഷഹാരി 5
യുടെയും വിദ്വാൻെറയും ശബ്ദം കേൾക്ക
യില്ല;
ദൈവം അവരുടെ വായിൽ അവരുടെ 6
പല്ലുകൾ തകർത്തുകളയട്ടെ; കർത്താവെ!

സിംഹങ്ങളുടെ അണപ്പല്ലുകളെ പറിച്ചു
കളയണമെ;
7 ഒഴുകിപ്പോകുന്ന വെള്ളംപോലെ അവർ
നിരസിക്കപ്പെടും; അവർ നിശ്ശേഷമായിപ്പോ
കുന്നതുവരെ അവരുടെ നേരെ താൻ അസ്ത്രം
എയ്യും;
8 തീയുടെ മുമ്പിൽ മെഴുക് ഉരുകിവീഴു
ന്നതുപോലെ അവർ നശിക്കട്ടെ; അഗ്നി
വീണിട്ടും അവർ കണ്ടില്ല. സൂര്യനെ അവർ
ഗ്രഹിച്ചുമില്ല;
9 അവരുടെ മുള്ളുകൾ അഗ്നിമുള്ളുകളാ
യിരിക്കും; കോപം അവരെ ഭ്രമിപ്പിക്കും.
10 ഈ പ്രതിക്രിയ കാണുന്ന നീതിമാൻ
സന്തോഷിക്കും; അവൻെറ കൈകളെ
ദുഷ്ടൻെറ രക്തത്തിൽ അവൻ കഴുകും;
11 നീതിമാന്നു പ്രതിഫലം ഉണ്ടെന്നും
ഭൂമിയിൽ ന്യായം നടത്തുവാൻ ദൈവമു
ണ്ടെന്നും മനുഷ്യൻ പറയും;

59

1 ദൈവമെ! എൻെറ ശത്രുക്കളിൽ
നിന്ന് എന്നെ രക്ഷിക്കണമെ! എനി
ക്കെതിരായി നില്ക്കുന്നവരിൽനിന്നു
എന്നെ ഉയർത്തണമെ!
2 ദുഷ്കർമ്മികളിൽനിന്നു എന്നെ രക്ഷി
ച്ച് രക്തം ചിന്തുന്ന മനുഷ്യരിൽനിന്നു
എന്നെ വിടുവിക്കണമെ!
3 എന്തെന്നാൽ അവർ എൻെറ പ്രാണ
ന്നായി പതിയിരുന്നു എൻെറ മേൽ അവ
രുടെ തിന്മ വർദ്ധിപ്പിച്ചു;
4 എൻെറ കർത്താവെ! എൻെറ അകൃത്യം
നിമിത്തമല്ല; പാപം നിമിത്തവുമല്ല, അകൃത്യ
മില്ലാതെ അവർ എനിക്കു വിരോധമായി
ഓടി വന്നു കൂട്ടംകൂടി; നീ ഉണർന്നു കാണ
ണമെ!
5 ബലവാനായ ദൈവംതമ്പുരാനെ!
ഇസ്രായേലിൻെറ ദൈവമെ! ഉണർന്ന്
സകല ജാതികളെയും സന്ദർശിക്കണമെ!
അനീതിക്കാരായ ഒരുത്തരോടും നീ ക്ഷമി
ക്കരുതെ!
6 അവർ സന്ധ്യാസമയത്ത് തിരിച്ചുവന്ന്
നായ്ക്കളെപ്പോലെ പട്ടണത്തിനു ചുറ്റും
കുരച്ചുകൊണ്ടു നടക്കും;
7 അവരുടെ വായിലെ സംസാരം അവ
രുടെ അധരങ്ങളിൽ ഇരുവായ്ത്തലയുള്ള
വാളാകുന്നു; കേൾപ്പാൻ ആരുണ്ട് എന്നവർ
പറയുന്നു;
8 കർത്താവെ! നീ അവരെക്കുറിച്ച് ചിരി
ക്കും! സകല പുറജാതികളേയും പരിഹ
സിക്കും.
9 ദൈവമെ! നീ എൻെറ സങ്കേതസ്ഥല
മാകകൊണ്ട് ഞാൻ നിന്നെ സ്തുതിക്കും;

ദൈവമെ! നിൻെറ കൃപ എനിക്കു 10
മുമ്പായി പോകണമെ! ദൈവമെ! എൻെറ
ശത്രുക്കളെ കാണിക്കണമെ.
എൻെറ ജനം മറക്കാതിരിക്കേണ്ടുന്ന 11
തിന് അവരെ(ശത്രുക്കളെ) കൊല്ലരുതേ!
എന്നാലോ എൻെറ ശരണമായ കർത്താ
വെ! നിൻെറ ശക്തിയാൽ അവരെ ഇളക്കി
ഭ്രമിപ്പിക്കണമെ!
അവരുടെ വായിലെ പാപം അവരുടെ 12
അധരങ്ങൾ സംസാരിച്ചു, അവർ ശാപവും
വ്യാജവും അറിയിക്കകൊണ്ട് അവരുടെ
അഹങ്കാരത്തിൽ അവർ അകപ്പെടട്ടെ;
ദൈവമെ അവർ കണ്ടെത്തപ്പെടാത 13
വണ്ണം നിൻെറ കോപത്താൽ അവരെ നശി
പ്പിക്കണമെ! അവരെ നശിപ്പിക്കണമെ!
യാക്കോബിന്മേലും ഭൂമിയുടെ അതിർത്തി
കളിന്മേലും ദൈവം അധികാരിയാകുന്നു
വെന്ന് അവർ അറിയട്ടെ!
അവർ സന്ധ്യാസമയത്ത് തിരിച്ചുവന്ന് 14
നായ്ക്കളെപ്പോലെ പട്ടണത്തിനു ചുറ്റും
കുരച്ചുകൊണ്ട് നടക്കും;
അവർ ഭക്ഷിപ്പാൻ അലഞ്ഞു നടക്കും; 1
അവർക്ക് തൃപ്തിയുണ്ടാകയില്ല. രാത്രിയിൽ
ഉറങ്ങുകയുമില്ല.
ഞാൻ നിൻെറ ശക്തിയെ സ്തുതിക്കും; 1
പ്രഭാതത്തിൽ നിൻെറ കൃപയേയും സ്തുതി
ക്കും; എന്തെന്നാൽ ആപത്തുനാളിൽ നീ
എനിക്ക് സങ്കേതസ്ഥലവും രക്ഷകനു
മായിത്തീർന്നു;
ദൈവമെ! ഞാൻ നിനക്കു പാടും, 1
എന്തെന്നാൽ എൻെറ അഭയസ്ഥാനത്തിൻ
ദൈവവും എൻെറ കൃപയിൻ ദൈവവും നീ
ആകുന്നുവല്ലൊ.

60

ദൈവമെ! നീ ഞങ്ങളെ മറന്ന്
തള്ളിക്കളഞ്ഞു; ഞങ്ങളോട് കോ
പിച്ചു;
നീ ഭൂമിയെ നടുക്കി; അതിനെ തകർ
ത്തിരിക്കുന്നു; അതിന്ന് ബലമില്ലാതായ
തുകൊണ്ട് അതിൻെറ തകർച്ചയെ നന്നാ
ക്കണമെ!
നീ നിൻെറ ജനത്തെ കാഠിന്യമുള്ള
കാര്യങ്ങൾ കാണുമാറാക്കി; പരിഭ്രമമാകുന്ന
വീഞ്ഞ് കുടിപ്പിച്ചു;
വില്ലിൻെറ മുമ്പിൽ നിന്ന് ഓടി ഒളിക്കാ
തിരിപ്പാൻ നിൻെറ ഭക്തന്മാർക്ക് നീ ഒരു
കൊടിയടയാളം നൽകി;
നിൻെറ വാത്സല്യവാന്മാർ ആയുധ
പാണികളാകേണ്ടതിന്ന് നിൻെറ വലത്തു
തൃക്കൈകൊണ്ട് എന്നെ രക്ഷിച്ച് ഉത്തര
മരുളണമെ!

ദൈവം തന്റെ വിശുദ്ധിയിൽ സംസാ
ച്ചു: ഞാൻ ശക്തിപ്പെട്ട് ശേഖേമിനെ
ഭാഗിക്കും; സൂഖോത്തിന്റെ താഴ്‌വരയെ
ളക്കും;
ഗിലെയാദ് എന്റേതാകുന്നു; മനശ്ശെയും
ന്റേതു; അഫ്രേം എന്റെ തലയെ
ലപ്പെടുത്തുന്നവനും; യഹൂദാ എന്റെ
ജാവുമാകുന്നു;
മോവാബ് എന്റെ കാൽ കഴുകുന്ന
ാത്രമാകുന്നു; ആദോമിന്റെ നേരെ
ന്റെ ചെരിപ്പഴിക്കും; ഫെലിസ്ത്യയെ
റിച്ച് ഞാൻ അട്ടഹസിക്കും;
ആദോംവരെ എന്നെ ആരു കൂട്ടിക്കൊ
ടു പോകും? ബലമുള്ള നഗരത്തിലേക്ക്
ന്നെ ആരു കൊണ്ടുപോകും?
കണ്ടാലും ദൈവമെ! നീ ഞങ്ങളെ മറ
ുവല്ലോ; ഞങ്ങളുടെ സൈന്യത്തോടൊ
മിച്ച് നീ പുറപ്പെട്ടുവരുന്നുമില്ലല്ലോ;
ഞങ്ങളുടെ ശത്രുക്കൾക്കെതിരായി നീ
ങ്ങളെ സഹായിക്കണമെ! എന്തെന്നാൽ
നുഷ്യന്റെ രക്ഷ വ്യർത്ഥമാകുന്നു.

61 ദൈവമെ! എന്റെ പ്രാർത്ഥന കേട്ടു
എന്റെ അപേക്ഷ ശ്രദ്ധിക്കേണമെ;
ഭൂമിയുടെ അറ്റത്തുനിന്നു എന്റെ
ത്മവ്യസനത്താൽ ഞാൻ നിന്നെ വിളി
ുന്നു, നീ പാറമേൽ എന്നെ ഉയർത്തി
ആശ്വസിപ്പിച്ചിരിക്കുന്നു.
എന്റെ ശത്രുക്കളുടെ മുമ്പാകെ നീ
നിക്കു സങ്കേതസ്ഥലവും ഉയർന്ന
കാട്ടയും ആയിത്തീർന്നു.
ഞാൻ എന്നേക്കും നിന്റെ കൂടാര
ത്തിൽ വസിക്കും; നിന്റെ ചിറകുകളുടെ
ിഴലിൽ മറഞ്ഞിരിക്കും;
എന്തെന്നാൽ ദൈവമെ! നീ എന്റെ
േർച്ചകളെ കേട്ടു; നിന്റെ തിരുനാമത്തെ
ആരാധിക്കുന്നവർക്കു നീ അവകാശം
കാടുത്തു;
നീ രാജാവിന്റെ നാളുകളോടു ദിവസ
ങ്ങൾ കൂട്ടി; അവന്റെ സംവത്സരങ്ങളും
ലമുറ തലമുറവരെയും ഇരിക്കും;
അവൻ ദൈവത്തിന്റെ മുമ്പാകെ
എന്നേയ്ക്കും നിലനില്ക്കേണ്ടതിന്നു
തന്നെ; കൃപയും സത്യവും കാക്കുന്നവൻ
ആർ?
ഞാൻ നിത്യവും എന്റെ നേർച്ചകളെ
കഴിച്ചുകൊണ്ട് ഇപ്രകാരം എന്നെന്നേക്കും
നിന്റെ തിരുനാമത്തിന്നു പാടും;

62 എന്റെ ആത്മാവു ദൈവത്തെ
നോക്കി പാർത്തു. എന്തെന്നാൽ
എന്റെ രക്ഷ തന്നിൽ നിന്നാകുന്നു;
താൻ എന്റെ ദൈവവും എന്റെ രക്ഷ 2
കനും, ഞാൻ ഇളകാതിരിപ്പാൻ എന്റെ
വലിയ സങ്കേതസ്ഥലവുമാകുന്നു;
മനുഷ്യനെ കൊല്ലേണ്ടുന്നതിന്നു അവ 3
ന്റെ നേരെ നിങ്ങൾ എത്രത്തോളം വാശി
പിടിക്കും; നിങ്ങൾ ചാഞ്ഞ ചുമരും ഇടിഞ്ഞ
മതിലുംപോലെയാകും;
അവന്റെ ബഹുമാനത്തിൽനിന്നു 4
അവനെ തള്ളിയിടുവാൻ അവർ വിചാരി
ച്ചു; അവർ വ്യാജഭാവേന അവനെ പിന്തു
ടർന്നു; അവർ വായ്കൊണ്ടു വാഴ്ത്തുകയും
ഹൃദയംകൊണ്ടു ശപിക്കുകയും ചെയ്യുന്നു;
എന്റെ ആത്മാവെ! ദൈവത്തെ 5
നോക്കി പാർക്കുക; എന്റെ രക്ഷ തന്നിൽ
നിന്നാകുന്നു;
താൻതന്നെ എന്റെ ദൈവവും എന്റെ 6
രക്ഷകനും ഞാൻ ഇളകാതിരിപ്പാൻ എന്റെ
സങ്കേതസ്ഥലവുമാകുന്നു;
എന്റെ രക്ഷയും എന്റെ ബഹുമാന 7
വും ദൈവത്തിലാകുന്നു; എന്റെ ബലവും
എന്റെ സഹായവും എന്റെ പ്രത്യാശയും
ദൈവമാകുന്നു.
ജനമെ! എല്ലാ സമയത്തും തന്നിൽ 8
ആശ്രയിപ്പിൻ; തന്റെ മുമ്പാകെ നിങ്ങളുടെ
ഹൃദയങ്ങളെ പകരുവിൻ; എന്തെന്നാൽ
നമുക്കുള്ള അഭയസ്ഥാനം ദൈവമാകുന്നു.
മായാമനുഷ്യരെല്ലാവരും ആവിപോലെ 9
യാകുന്നു; തുലാസിൽ തൂക്കിയാൽ അവർ
വെറും ഇല്ലായ്മയാകുന്നു;
നിങ്ങൾ അപഹാരത്തിൽ ആശ്രയിക്ക 10
രുത്; കവർച്ചയെ സ്നേഹിക്കരുത്; സമ്പ
ത്തു വർദ്ധിക്കുമ്പോൾ അതിൽ നിങ്ങളുടെ
ഹൃദയം സന്തോഷിക്കരുത്;
ദൈവം ഒരിക്കൽ പറഞ്ഞു; രണ്ടാമതും 11
ഞാൻ അവയെ കേട്ടു. ശക്തി ദൈവത്തി
നുള്ളതാകുന്നു;
കർത്താവെ! കൃപ നിനക്കുള്ളതാ 12
കുന്നു; നീ മനുഷ്യരിൽ ഓരോരുത്തന്നു
അവനവന്റെ പ്രവൃത്തികൾക്ക് തക്കവണ്ണം
പകരം കൊടുക്കുന്നു;

63 എന്റെ ദൈവമെ! നീ എന്റെ 1
ദൈവമാകുന്നു; ഞാൻ നിനക്കായി
കാത്തിരിക്കും;
ദാഹിച്ച് വരണ്ട് വെള്ളത്തിന്നായി ആഗ്ര 2
ഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എന്റെ
ആത്മാവു നിനക്കായി ദാഹിച്ചിരിക്കുന്നു;
എന്റെ ജഡവും നിനക്കായി കാത്തിരി
ക്കുന്നു; നിന്റെ ബലവും ബഹുമാനവും
കാണ്മാൻ ഇപ്രകാരം സത്യമായി ഞാൻ
നിന്നെ നോക്കി;

3 എന്തെന്നാൽ നിന്റെ കരുണ ജീവനെ
ക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ
നിന്നെ സ്തുതിക്കും;
4 ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്ര
കാരം നിന്നെ പുകഴ്ത്തുകയും നിന്റെ നാമ
ത്തിൽ എന്റെ കൈകൾ ഉയർത്തുകയും
ചെയ്യും;
5 എന്റെ ആത്മാവ് കൊഴുപ്പും മേദസ്സും
കൊണ്ടെന്നപോലെ പുഷ്ടിയാകും; എന്റെ
വായ് മഹത്വമുള്ള അധരങ്ങൾകൊണ്ട്
നിന്നെ സ്തുതിക്കുകയും ചെയ്യും;
6 എന്റെ ശയ്യമേൽ ഞാൻ നിന്നെ
ഓർത്തു: രാത്രികളിൽ ഞാൻ നിന്നെ ധ്യാനി
ക്കയും ചെയ്യു.
7 എന്തെന്നാൽ നീ എനിക്കു സഹായക
നായിത്തീർന്നു; നിന്റെ ചിറകുകളുടെ
നിഴലിൽ ഞാൻ മറയ്ക്കപ്പെടും;
8 എന്റെ ആത്മാവ് നിന്നെ പിന്തുടർന്നു;
നിന്റെ വലത്തുകൈ എന്നെ താങ്ങുകയും
ചെയ്തു.
9 അവർ എന്റെ ആത്മാവിനെ നശിപ്പി
പ്പാൻ അന്വേഷിച്ചു; അവർ ഭൂമിയുടെ
ആഴത്തിലേക്കു പ്രവേശിക്കും;
10 അവർ വാളിനു ഏല്പിക്കപ്പെടും—
കുറുനരികൾക്കു ഭക്ഷണമായി തീരുകയും
ചെയ്യും;
11 രാജാവു ദൈവത്തിൽ സന്തോഷിക്കും;
അവനെക്കൊണ്ട് സത്യം ചെയ്യുന്ന ഏവനും
പുകഴ്ച്ചയുണ്ടാകും; എന്തെന്നാൽ അസ
ത്യവാദികളുടെ വായ് അടയ്ക്കപ്പെടും.

1 **64** ദൈവമെ! ഞാൻ നിന്നോടു പ്രാർ
ത്ഥിക്കുമ്പോൾ എന്റെ ശബ്ദം
കേൾക്കണമെ; എന്റെ ശത്രുക്കളെ ഓർ
ത്തുള്ള ഭയത്തിൽനിന്നു എന്നെ കാത്തു
കൊള്ളണമെ;
2 ദുഷ്ടന്റെ വഞ്ചനയിൽനിന്നും വഞ്ചന
ചെയ്യുന്നവരുടെ ബന്ധത്തിൽനിന്നും
എന്നെ മറയ്ക്കണമെ;
3 എന്തെന്നാൽ അവരുടെ നാവിനെ വാളു
പോലെയും,
4 പരമാർത്ഥിയെ രഹസ്യമായി എയ്യുന്ന
തിന്നു അവരുടെ വചനത്തെ അസ്ത്രംപോ
ലെയും മൂർച്ചകുട്ടി;
5 അവർ പ്രത്യക്ഷപ്പെടാതെ പെട്ടെന്ന്
അവനെ എയ്യും; നമ്മെ ആരു കാണുമെന്നു
പറഞ്ഞുകൊണ്ട് അവരുടെ ദുഷ്കാര്യത്തെ
ശക്തമാക്കി കെണികളെ മറച്ചുവെപ്പാൻ
ആലോചിച്ചു;
6 മനുഷ്യന്റെ ഉള്ളിൽനിന്നു, അവന്റെ
അഗാധമായ ഹൃദയത്തിൽനിന്നു ഒരന്യായം
കണ്ടുപിടിപ്പാൻ ദുഷ്ടന്മാർ പൂർണ്ണ
ആലോചന ചെയ്യു;
ദൈവം ഉന്നതപ്പെടും; താൻ പെട്ടെന്ന് 7
അവരുടെ നേരെ അസ്ത്രം അയയ്ക്കും;
അവരുടെ നാവുകൾ ക്ഷീണിക്കും; 8
അവരെ കാണുന്നവരെല്ലാം ഭീതരാകും.
എല്ലാ മനുഷ്യരും ഭയപ്പെട്ടു ദൈവത്തി 9
ന്റെ ക്രിയയെ അറിയിക്കയും തന്റെ കൈ
വേലയെ സൂക്ഷിച്ച് കാണുകയും ചെയ്യും.
പുണ്യവാന്മാർ കർത്താവിൽ സന്തോ 10
ഷിച്ചു തന്നിൽ പ്രത്യാശിക്കും. ഹൃദയപര
മാർത്ഥികൾ എല്ലാം അവനെ സ്തുതിക്കയും
ചെയ്യും.

65 ദൈവമെ സെഹിയോനിൽ സ്തുതി 1
നിനക്കു യോഗ്യമാകുന്നു; നിങ്കൽ
നേർച്ച സമർപ്പിക്കപ്പെടുന്നു;
എന്റെ പ്രാർത്ഥന കേൾക്കണമെ! 2
സർവ്വ ജഡവും നിങ്കലേക്കല്ലൊ വരുന്നതു;
വഞ്ചകരുടെ വാക്കുകൾ എന്റെ നേരെ 3
ബലപ്പെട്ടിരിക്കുന്നു, എന്റെ പാപങ്ങൾ
പരിഹരിക്കണമെ!
തിരുനിവാസത്തിൽ പാർക്കേണ്ടതിന്നു; 4
നിനക്കു പ്രസാദം തോന്നി, അടുപ്പിക്കുന്ന
ആ മനുഷ്യന്നു ഭാഗ്യം; നിന്റെ ഭവനത്തി
ലെ നന്മകൾകൊണ്ടും നിന്റെ ആലയ
ത്തിലെ വിശുദ്ധികൊണ്ടും അവൻ തൃപ്ത
നാകും;
ഭൂമിയിലെ സകല അതിർത്തികളുടേ 5
യും ദൂരസ്ഥരായ ജാതികളുടേയും പ്രത്യാശ
യാകുന്ന ഞങ്ങളുടെ രക്ഷകനായ ദൈവ
മെ! നിന്റെ ഭയങ്കരമായ നീതി നിമിത്തം
എന്നോടുത്തരമരുളണമെ!
താൻ തന്റെ ശക്തികൊണ്ട് പർവ്വത 6
ങ്ങളെ വിറപ്പിച്ച് തന്റെ ധീരതയാൽ പ്രബല
പ്പെടുന്നു;
താൻ സമുദ്രത്തിലെ ചുഴലികളേയും 7
അവയിലെ ഓളങ്ങളുടെ ശബ്ദത്തേയും
അടക്കുന്നു; ജാതികൾ അമ്പരന്നുപോകും;
ഭൂവാസികൾ നിന്റെ അത്ഭുതങ്ങൾ 8
കൊണ്ടും ശോഭയുള്ള ഉദയാസ്തമനങ്ങൾ
കൊണ്ടും ഭയപ്പെടും;
നീ ഭൂമിയെ ഓർത്തു അതിന്നു വിശ്രമം 9
നല്കി; ബഹുലമായി ഐശ്വര്യപ്പെടുത്തി;
ദൈവത്തിന്റെ നീർച്ചാലുകൾ വെള്ളം
നിറഞ്ഞിരിക്കുന്നു; നീ യഥാക്രമം അവർക്കു
ഭക്ഷണം തയ്യാറാക്കി;
അതിന്റെ ഫലങ്ങൾ വളരുവാനായി, 10
അതിന്റെ ഉഴവുചാലുകളെ നല്ലവണ്ണം
ചാറ്റൽമഴകൊണ്ടു നനച്ചു; അതിന്റെ മുള
വളർന്നു തഴയ്ക്കും;

നിൻെറ കൃപയാൽ, സംവത്സരത്തെ
ീടം അണിയിക്കണമെ! കാളക്കുട്ടികൾ
ല്ലുകൊണ്ട് സംപൂർണ്ണരാകട്ടെ!
വനത്തിലെ മേച്ചിൽസ്ഥലങ്ങളിൽ
ന്നു അവ സംപൂർണ്ണമാകും; കുന്നുകൾ
ത്വം ധരിക്കും;
അവ പുഷ്ടിയുള്ള ആടുകളെക്കൊ
ു നിറയും; താഴ്‌വരകൾ ധാന്യംകൊണ്ട്
ും, അവ ആനന്ദിച്ചു സ്തുതിപാടും.

66 സകല ഭൂമിയുമേ കർത്താവിനെ
സ്തുതിപ്പിൻ; തൻെറ തിരുനാമ
ഹുമാനത്തിന്നു പാടുവിൻ;
നിൻെറ പ്രവൃത്തികൾ എത്ര ഭയങ്കര
ൾ എന്നു ദൈവത്തോടു പറയുവിൻ;
ിൻെറ ശക്തിയുടെ ബഹുത്വത്താൽ
ിൻെറ ശത്രുക്കൾ നിനക്കു കീഴടങ്ങും;
ഭൂമി മുഴുവനിലും അവർ നിന്നെ വന്ദിച്ച്
ിനക്ക് പാടി നിൻെറ തിരുനാമത്തെ
ന്നേക്കും സ്തുതിക്കും;
വരുവിൻ, ദൈവത്തിൻെറ ക്രിയകളെ
ാണ്മിൻ! മനുഷ്യരുടെ ഇടയിൽ തൻെറ
ാത്ഭുതങ്ങൾ വളരെയാകുന്നു എന്ന് അവർ
റയും;
താൻ സമുദ്രത്തെ കരയാക്കിത്തീർത്തു,
അവർ കാൽനടയായി നദി കടന്നു; അവിടെ
അവനിൽ ഞങ്ങൾ സന്തോഷിക്കുകയും
ചെയ്തു.
താൻ തൻെറ ശക്തിയാൽ എന്നേക്കും
അധികാരം നടത്തുന്നു; തൻെറ കണ്ണുകൾ
ാതികളെ നോക്കുന്നു; മത്സരക്കാർ
എന്നേക്കും ഉയർന്നിരിക്കയില്ല;
ജാതികളെ! ദൈവത്തെ വാഴ്ത്തുവിൻ;
തൻെറ സ്തുതിയുടെ ശബ്ദം പ്രസിദ്ധമാ
ക്കുവിൻ;
എന്തെന്നാൽ താൻ നമ്മുടെ പ്രാണനെ
ജീവനോടെ കാത്തു, നമ്മുടെ കാലിളകു
വാൻ സമ്മതിച്ചതുമില്ല.
ദൈവമെ! നീ ഞങ്ങളെ പരിശോധിച്ചു.
വെള്ളി സ്ഫുടംചെയ്യുന്നതുപോലെ നീ
ഞങ്ങളെ സ്പുടംചെയ്തു.
നീ ഞങ്ങളെ വലയിൽ അകപ്പെടു
ത്തി. ഞങ്ങളുടെ അരകളിൽ ഞെരുക്കമു
ണ്ടാക്കി;
ഞങ്ങളുടെ തലയ്ക്കുമീതെ മനുഷ്യൻ
കയറുമാറാക്കി; ഞങ്ങളെ തീയിലും വെള്ള
ത്തിലും കൂടെ കടത്തി ആശ്വാസത്തിലേക്ക്
കൊണ്ടുവന്നു;
ബഹുമതിപൂർവ്വം ഞാൻ നിൻെറ
ഭവനത്തിലേക്ക് വന്ന് എൻെറ നേർച്ചകളെ
നിനക്കു കഴിക്കും.

അവയെക്കുറിച്ച് ഞാൻ ആപത്തുകാല 13
ത്ത് അധരം തുറന്ന് എൻെറ വായ്കൊണ്ട്
സംസാരിച്ചവയാകുന്നു;
ഞാൻ മുട്ടാടുകളെ സുഗന്ധബലി 14
യോടുകൂടി പുഷ്ടിയുള്ള ഹോമയാഗ
ങ്ങളായി നിനക്ക് കഴിക്കും; ഞാൻ കാള
കളേയും ആട്ടുകൊറ്റന്മാരേയും യാഗം
കഴിക്കും;
വരുവിൻ; ദൈവത്തിൻെറ എല്ലാ ദാസ 15
ന്മാരുമെ കേൾപ്പിൻ! താൻ എൻെറ ആത്മാ
വിന് ചെയ്തിട്ടുള്ള കാര്യങ്ങളെ ഞാൻ നിങ്ങ
ളോടറിയിക്കാം;
ഞാൻ എൻെറ വായ്കൊണ്ടു, തന്നെ 16
വിളിച്ചു; താൻ എന്നോടുത്തരമരുളി; ഞാൻ
എൻെറ നാവുകൊണ്ടു തന്നെ പുകഴ്ത്തു
കയും ചെയ്തു;
കർത്താവെ! നീ എൻെറ ഹൃദയത്തിൽ 17
വഞ്ചന കണ്ടെങ്കിൽ എന്നെ രക്ഷിക്കയില്ലാ
യിരുന്നു;
എന്നാൽ ദൈവം എൻെറ അപേക്ഷ 18
യുടെ ശബ്ദം കേട്ടു;
എൻെറ പ്രാർത്ഥനയും എന്നിൽനിന്നു 19
തൻെറ കൃപയും നീക്കിക്കളയാത്ത കർത്താ
വ് വാഴ്ത്തപ്പെട്ടവനാകുന്നു;

67 നമ്മുടെ ദൈവം നമ്മോടു കരുണ 1
ചെയ്യട്ടെ! നമ്മെ അനുഗ്രഹിച്ചു
തൻെറ തിരുമുഖം നമ്മുടെമേൽ പ്രകാശി
പ്പിക്കട്ടെ;
തൻെറ വഴികൾ ഭൂമിയിലും തൻെറ രക്ഷ 2
സർവ്വ ജാതികളിലും പ്രസിദ്ധമാകും;
ദൈവമെ! ജാതികൾ നിന്നെ സ്തോത്രം 3
ചെയ്യും! സകല ജാതികളും നിന്നെ സ്തോത്രം
ചെയ്യും!
രാജ്യങ്ങൾ സന്തോഷിച്ചു സ്തുതി പാടും! 4
നീ നേരോടെ ജാതികൾക്ക് ന്യായം നടത്തി
ഭൂമിയിലെ രാജ്യങ്ങളെ ഭരിക്കുന്നു;
ദൈവമെ! ജാതികൾ നിന്നെ സ്തോത്രം 5
ചെയ്യും! സകല ജാതികളും നിന്നെ സ്തോത്രം
ചെയ്യും!
ഭൂമി അതിൻെറ ഫലങ്ങളെ തന്നു, 6
നമ്മുടെ ദൈവം നമ്മെ വാഴ്ത്തും.
നമ്മുടെ ദൈവം നമ്മെ അനുഗ്രഹിക്കും; 7
ഭൂമിയുടെ അതിർത്തികൾ ഒക്കെയും തന്നെ
ഭയപ്പെടുകയും ചെയ്യും.

68 ദൈവം എഴുന്നേൽക്കും; തൻെറ 1
ശത്രുക്കൾ ചിതറിപ്പോകും! തന്നെ
പകയ്ക്കുന്നവർ തൻെറ മുമ്പിൽനിന്നു
ഓടിപ്പോകും;
പുക മാഞ്ഞുപോകുന്നതുപോലെ 2
അവർ മാഞ്ഞുപോകും; തീയുടെ മുമ്പിൽ

മെഴുക് ഉരുകുന്നതുപോലെ ദൈവസന്നി
ധിയിൽ ദുഷ്ടന്മാർ നശിച്ചുപോകും;
3 നീതിമാന്മാർ സന്തോഷിച്ചു ദൈവ
ത്തിൽ ബലപ്പെടും! തന്റെ ആനന്ദത്തിൽ
അവർ സന്തോഷിക്കും!
4 ദൈവത്തിനു പാടുവിൻ. തന്റെ തിരു
നാമത്തെ സ്തുതിപ്പിൻ; സൂര്യാസ്തമയത്തിങ്ക
ലേക്കു വാഹനമേറിയിരിക്കുന്നവന്നു
സ്തുതിപാടുവിൻ! തന്റെ നാമം കർത്താവു
എന്നാകുന്നു; തന്റെ മുമ്പാകെ നിങ്ങൾ
ബലപ്പെടുവിൻ!
5 എന്തെന്നാൽ ദൈവം തന്റെ വിശുദ്ധ
തിരുനിവാസത്തിൽ അനാഥരുടെ പിതാ
വും വിധവകളുടെ ന്യായപാലകനുമാ
കുന്നു.
6 ദൈവം ഏകാകിയെ കുടുംബമായി
വസിപ്പിക്കുന്നു; ബന്ധനസ്ഥരെ സ്വൈര
മായി വിട്ടയയ്ക്കുന്നു; മത്സരക്കാരോ ശവ
ക്കല്ലറയിൽ വസിക്കും;
7 ദൈവമെ! നീ നിന്റെ ജനത്തിന്റെ
മുമ്പായി പുറപ്പെട്ടപ്പോഴും മരുഭൂമിയിൽ
ക്കൂടി കടന്നപ്പോഴും ഭൂമി ഇളകി;
8 ആകാശങ്ങളും ദൈവസന്നിധിയിൽ
മഴത്തുള്ളി വീഴ്ത്തി; ഈ പർവ്വതമാകുന്ന
സീനായിപോലും ഇസ്രായേലിൻ ദൈവ
മായ ദൈവസന്നിധിയിൽ ഇളകി;
9 ദൈവമെ! നീ നിന്റെ അവകാശത്തി
ന്നു പ്രസാദമഴ നല്കി. അതു ക്ഷീണിച്ച
പ്പോൾ നീ അതിനെ ബലപ്പെടുത്തി;
10 നിന്റെ ജീവികൾ അതിൽ വസിച്ചു;
ദൈവമെ! നിന്റെ കൃപയാൽ സാധുക്കൾ
ക്കു നീ ശക്തി നല്കി!
11 കർത്താവു സുവിശേഷവചനത്തെ
മഹാശക്തിയോടെ നല്കും;
12 സൈന്യങ്ങളുടെ രാജാക്കന്മാർ ഒന്നി
ച്ചുകൂടും; നിന്റെ ഭവനത്തിന്റെ ഭംഗിയെ
കവർച്ചയായി വിഭാഗിക്കും;
13 നിങ്ങൾ മുള്ളുകളുടെ ഇടയിൽ ഉറ
ങ്ങിയാലും വെള്ളികൊണ്ടു പൊതിഞ്ഞ
പ്രാവിൻ ചിറകുകൾപോലെയും തങ്കംകൊ
ണ്ടുള്ള അതിന്റെ തൂവലുകൾപോലെയും
ഇരിക്കും;
14 ദൈവം അവിടെ രാജാവിനെ നിയമിച്ച
പ്പോൾ സൽമോനിൽ ഹിമം പൊഴിഞ്ഞു.
!5 ദൈവത്തിന്റെ പർവ്വതം, ബൈശാന്റെ
പർവ്വതങ്ങൾ കൊടുമുടിയുള്ള പർവ്വതങ്ങൾ
തന്നെ;
16 ബൈശാന്റെ പർവ്വതങ്ങളെ! കൊടു
മുടിയുള്ള പർവ്വതങ്ങളെ! നിങ്ങൾ എന്തു
ഭാവിക്കുന്നു? ദൈവം തിരുനിവാസത്തിനു
തിരഞ്ഞെടുത്ത പർവ്വതത്തിൽ കർത്താവു
എന്നേക്കും വസിക്കും;
ദൈവം സൈന്യത്തിന്റെ പതിനായിര 1
ങ്ങളിലും ആയിരങ്ങളിലും വാഹനമേറി;
കർത്താവു തന്റെ ശുദ്ധതയിൽ, സീനാ
യിൽ എന്നപോലെ അവരിൽ വസിക്കും;
നീ ഉയരത്തിലേക്കു കരേറി, അടിമത്വ 1
ത്തെ അടിമയാക്കി മനുഷ്യർക്കായി ദാനങ്ങ
ളെ സ്വീകരിച്ചു. മത്സരക്കാർ ദൈവമുമ്പാ
കെ വസിക്കയില്ല.
ഞങ്ങളെ തന്റെ അവകാശമായി തിര 1
ഞ്ഞെടുത്ത കർത്താവ് നിത്യവും വാഴ്ത്ത
പ്പെട്ടവനാകുന്നു;
നമ്മുടെ രക്ഷകനായ ദൈവം, നമ്മുടെ 2
വീണ്ടെടുപ്പുകാരനായ ദൈവം; മരണത്തി
ന്റെയും പുറപ്പാടിന്റെയും നാഥനായ
ദൈവം തമ്പുരാനാകുന്നു;
എന്നാൽ ദൈവം, തന്റെ ശത്രുക്കളുടെ 2
തലയും പാപങ്ങളിൽ ജീവിക്കുന്നവരുടെ
രോമമുള്ള നിറുകയും മുറിക്കും;
ഞാൻ നിന്നെ പല്ലുകളുടെ ഇടയിൽ 2
നിന്നു പുറപ്പെടുവിച്ച് സമുദ്രത്തിലെ
അഗാധങ്ങളിൽനിന്നു തിരിച്ചുകൊണ്ടു
വരുമെന്നു കർത്താവരുളിച്ചെയ്തു.
നിന്റെ ശത്രുക്കളുടെ രക്തത്തിൽ 2
നിന്റെ കാലും നിന്റെ നായ്ക്കളുടെ നാവും
മുക്കേണ്ടതിന്നത്രെ.
ദൈവമെ! അവർ നിന്റെ ഗമനങ്ങളെ
കണ്ടും; എന്റെ ദൈവത്തിന്റെയും വിശുദ്ധ
നായ രാജാവിന്റെയും ഗമനങ്ങളെ തന്നെ;
സമൂഹങ്ങളിൽ തപ്പുകൾ കൊട്ടുന്ന
യുവതികളോടൊന്നിച്ചു പാട്ടുകാരുടെ
പിന്നാലെ പ്രഭുക്കന്മാർ ചെന്നു;
ഇസ്രായേലിന്റെ ഗോത്രങ്ങളാൽ
ദൈവമായ കർത്താവു വാഴ്ത്തപ്പെടുന്നവ
നാകുന്നു.
അവിടെ ചെറിയ ബെന്യാമിനും യഹൂദാ
യുടെ പ്രഭുക്കന്മാരും, അവരുടെ അധികാരി
കളും. സെബുലുന്റെ പ്രഭുക്കന്മാരും;
നഫ്താലിയുടെ പ്രഭുക്കന്മാരും ആദര
വോടെ സന്നിഹിതരായിരുന്നു;
ദൈവമെ! നിന്റെ ബലം പ്രയോഗി
ക്കണമെ! ദൈവമെ! നീ ഞങ്ങൾക്കു തയ്യാ
റാക്കിയതിനെ അഭിവൃദ്ധിപ്പെടുത്തണമെ!
നിന്റെ ആലയം എന്നുള്ള ഭക്തി
നിമിത്തം രാജാക്കന്മാർ യറുശലേമിലേക്ക്
കാഴ്ചകൾ കൊണ്ടുവരും;
കാട്ടുമൃഗത്തെയും കാട്ടുപോത്തു
കളുടെ കൂട്ടത്തെയും പുറജാതികളുടെ
വെള്ളി പൊതിഞ്ഞിരിക്കുന്ന കാളക്കുട്ടി

ളയും ശാസിക്കണമെ! യുദ്ധപ്രിയന്മാ
യ ജാതികളെ ചിതറിക്കണമെ!
സ്ഥാനാപതികൾ മെസ്രേനിൽനിന്നു
രും; എത്യോപ്യ ദൈവത്തോട് കൈയ
ക്കും;
ഭൂമിയിലെ രാജ്യങ്ങളേ, ദൈവത്തെ സ്തു
പ്പിൻ;
ആകാശങ്ങളുടെ ആകാശങ്ങളിൽ വാ
നമേറിയിരിക്കുന്ന കർത്താവിന്നു പാടു
ൻ; ബലമുള്ള ശബ്ദമായ തൻെറ ശബ്ദം
ഴക്കുനിന്നു താൻ പുറപ്പെടുവിച്ചു;
ദൈവത്തിനു സ്തുതിപാടുവിൻ; ആകാശ
ളുടെ ആകാശങ്ങളിൽ ആശ്രയം വച്ചിരി
ുന്ന ഇസ്രായേലിന്നു തക്ക ശ്രേഷ്ഠത
ൊടുപ്പിൻ;
ദൈവമെ! നിൻെറ വിശുദ്ധസ്ഥലത്തു
ന്നു നീ ഭയങ്കരനാകുന്നു; ഇസ്രായേ
ൻെറ ദൈവം തൻെറ ജനത്തിന്നു
ക്തിയും ബലവും കൊടുക്കും; ദൈവം
സ്തോത്രം ചെയ്യപ്പെടട്ടെ!

69 ദൈവമെ! എന്നെ രക്ഷിക്കണമെ;
എന്തെന്നാൽ വെള്ളങ്ങൾ എൻെറ
ാണനോളം അടുത്തിരിക്കുന്നു;
നിലയില്ലാത്ത അഗാധക്കുഴിയിൽ ഞാൻ
ങ്ങി; ആഴമുള്ള വെള്ളത്തിൽ ഞാൻ പെട്ടു.
വാഹങ്ങൾ എന്നെ മുക്കിത്താഴ്ത്തി;
എൻെറ നിലവിളികൊണ്ടു ഞാൻ
ളർന്നു; എൻെറ തൊണ്ടയടച്ചു; എൻെറ
ദവത്തിന്നായിട്ടു ഞാൻ കാത്തിരുന്നു
ൻെറ കണ്ണുകൾ മങ്ങിപ്പോയി;
ഒരു കാരണവും കൂടാതെ എൻെറ
ത്രുക്കളായിത്തീർന്നവർ എൻെറ തലയി
ല രോമങ്ങളെക്കാൾ അധികമാകുന്നു;
ഞ്ചകരായ എൻെറ ശത്രുക്കൾ എൻെറ
സ്ഥികളേക്കാൾ ബലമുള്ളവരാകുന്നു;
ഞാൻ അപഹരിക്കാത്തതിനെ തിരികെ
കാടുത്തു;
ദൈവമെ! എൻെറ അകൃത്യങ്ങളെ നീ
അറിയുന്നു; എൻെറ പാപങ്ങളും നിന്നിൽ
നിന്നു മറഞ്ഞിരിക്കുന്നില്ല;
ബലവാനായ ദൈവംതമ്പുരാനേ നി
ന്നിൽ ആശ്രയിക്കുന്നവർ ഞാൻ നിമിത്തം
ലജ്ജിക്കരുതെ; ഇസ്രായേലിൻെറ ദൈവ
മെ! നിന്നെ അന്വേഷിക്കുന്നവർ ഞാൻ
നിമിത്തം നാണിക്കരുതെ;
നിന്നെ പ്രതി ഞാൻ നിന്ദ സഹിച്ചു;
ലജ്ജ എൻെറ മുഖം മൂടി;
ഞാൻ എൻെറ സഹോദരന്മാർക്ക്
അന്യനും എൻെറ മാതാവിൻെറ പുത്ര
ന്മാർക്ക് പരദേശിയുമായി;

എന്തെന്നാൽ നിൻെറ ഭവനത്തെക്കുറി 9
ച്ചുള്ള തീക്ഷ്ണത എന്നെ ഭക്ഷിച്ചു; നിന്നെ
നിന്ദിക്കുന്നവരുടെ നിന്ദ എൻെറമേൽ
വീണു;
ഞാൻ നോമ്പുകൊണ്ട് എന്നെത്തന്നെ 10
വിനയമുള്ളവനാക്കിയപ്പോൾ ഞാൻ
അവർക്ക് നിന്ദ്യനായിത്തീർന്നു.
എൻെറ വസ്ത്രം കരിമ്പടമാക്കിയാറെ 11
ഞാൻ അവർക്ക് പഴഞ്ചൊല്ലായിത്തീർന്നു.
വാതുക്കൽ ഇരിക്കുന്നവർ എന്നെക്കു 12
റിച്ചു ദുരാലോചന ചെയ്തു; മദ്യപാനികൾ
എന്നെ ഹസിച്ചു;
ദൈവമെ! സുപ്രസാദകാലത്ത് ഞാൻ 13
തിരുമുമ്പാകെ പ്രാർത്ഥിച്ചു; ദൈവമെ
നിൻെറ കൃപയുടെ ബഹുത്വത്താലും
നിൻെറ രക്ഷയുടെ ബഹുത്വത്താലും
എന്നോടുത്തരമരുളണമെ!
ഞാൻ മുങ്ങിപ്പോകാതിരിപ്പാൻ ചെളി 14
യിൽനിന്നെന്നെ രക്ഷിക്കണമെ; എന്നെ
പകയ്ക്കുന്നവരിൽനിന്നും ആഴമുള്ള
വെള്ളത്തിൽനിന്നും ഞാൻ രക്ഷപെടട്ടെ!
വെള്ളത്തിൻെറ ചുഴലി എന്നെ മുക്കി 15
ക്കളയാതെയും അഗാധം എന്നെ വിഴുങ്ങാ
തെയും കുഴി അതിൻെറ വായ് എൻെറ മേൽ
അടയ്ക്കാതെയും ഇരിക്കട്ടെ!
കർത്താവെ! നിൻെറ കൃപ നല്ലതാക 16
കൊണ്ട് എന്നോടുത്തരമരുളണമെ! നിൻെറ
കരുണാധിക്യത്താൽ എന്നിൽ കടാക്ഷിക്ക
ണമെ!
നിൻെറ ഭൃത്യനിൽനിന്ന് തിരുമുഖം 17
തിരിച്ചു കളയരുതേ! എനിക്കു ദുഃഖമാ
യിരിക്കകൊണ്ടു വേഗം എന്നോട് ഉത്തര
മരുളണമെ!
നിൻെറ രക്ഷയിലേക്ക് എൻെറ ആത്മാ 18
വിനെ അടുപ്പിക്കണമെ! എൻെറ ശത്രുക്കൾ
നിമിത്തം എന്നെ രക്ഷിക്കണമെ;
എൻെറ എല്ലാ ശത്രുക്കളും നിമിത്തം 19
ഞാൻ അനുഭവിക്കുന്ന നിന്ദയും ലജ്ജയും
നീ അറിയുന്നുവല്ലൊ;
എൻെറ ഹൃദയത്തകർച്ചയെ നീ കുത്തി 20
ക്കെട്ടി സൌഖ്യമാക്കണമെ! ആർക്കെ
ങ്കിലും ഖേദം തോന്നുമോ എന്നു ഞാൻ
നോക്കി; ആരും ഇല്ല; ആശ്വസിപ്പിക്കുന്ന
വനേയും ഞാൻ നോക്കി; കണ്ടെത്തിയില്ല;
അവർ എൻെറ ഭക്ഷണത്തിൽ കയ്പു 21
തന്നു, എൻെറ ദാഹത്തിനു എന്നെ കാടി
കുടിപ്പിച്ചു;
അവരുടെ മേശ അവരുടെ മുമ്പിൽ 22
കെണിയായും അവരുടെ പ്രതിഫലം ഇടർച്ച
യായും തീരട്ടെ!

23 അവർ കാണാതിരിക്കേണ്ടതിന്നു അവ
രുടെ കണ്ണുകൾ അന്ധതപ്പെടട്ടെ; അവരുടെ
അര സദാനേരവും കുനിയിരിക്കട്ടെ!
24 കോപം അവരുടെ മേൽ ചൊരിയണമെ;
നിൻെറ ഉഗ്രകോപം അവരെ പിടിക്കണമെ;
25 അവരുടെ വാസസ്ഥലം ശൂന്യമായി
ത്തീരട്ടെ; അവരുടെ കൂടാരങ്ങളിൽ വസി
ക്കുന്നവൻ ഉണ്ടാകാതിരിക്കട്ടെ;
26 എന്തെന്നാൽ നീ അടിച്ചവനെ അവർ
ഉപദ്രവിച്ചു; നീ മുറിവേല്പിച്ചവൻെറ വേദന
അവർ അധികമാക്കി.
27 അവരുടെ വഞ്ചനയോടു വഞ്ചനകൂട്ട
ണമെ; അവർ നിൻെറ പുണ്യത്തിലേക്കു
പ്രവേശിക്കരുതെ;
28 നിൻെറ ജീവപുസ്തകത്തിൽനിന്നു
അവർ മായിക്കപ്പെടട്ടെ; നിൻെറ പുണ്യവാ
ന്മാരോടുകൂടെ അവർ എഴുതപ്പെടരുത്;
29 ഞാൻ ദരിദ്രനും ദുഃഖിതനുമാകുന്നു;
ദൈവമെ! നിൻെറ രക്ഷ എന്നെ സഹായിച്ചു;
30 ഞാൻ സംഗീതത്തോടുകൂടി ദൈവ
തിരുനാമം സ്തുതിച്ചു സ്തോത്രത്തോടെ
തന്നെ പുകഴ്ത്തും;
31 കൊമ്പും കുളമ്പും ഉള്ള തടിച്ച കാള
കളെക്കൊണ്ടുള്ള ബലിയേക്കാൾ ഞാൻ
കർത്താവിനെ പ്രസാദിപ്പിക്കും;
32 ദരിദ്രന്മാരേ! കണ്ടു സന്തോഷിപ്പിൻ;
നിങ്ങളുടെ ഹൃദയം ജീവിക്കട്ടെ;
33 എന്തെന്നാൽ കർത്താവു ദരിദ്രന്മാരെ
ചെവിക്കൊള്ളുന്നു; തൻെറ ബദ്ധന്മാരെ
നിരസിക്കുകയില്ല;
34 ആകാശവും ഭൂമിയും സമുദ്രങ്ങളും
അവയിൽ സഞ്ചരിക്കുന്നതൊക്കെയും
തന്നെ സ്തുതിക്കട്ടെ!
35 എന്തെന്നാൽ തൻെറ ദാസന്മാർക്കു
വസിക്കേണ്ടതിന്നു ദൈവം സെഹിയോനെ
രക്ഷിച്ചു; യൂദായുടെ കോട്ടകളെ പണി
യിക്കും;
36 അവർ അതിനെ അവകാശമായനുഭവി
ക്കും; തൻെറ തിരുനാമത്തെ സ്നേഹി
ക്കുന്നവർ അതിൽ വസിക്കും;

70

1 ദൈവമെ! എന്നെ രക്ഷിക്കണമെ!
കർത്താവെ! എൻെറ സഹായത്തി
നായി വരണമെ!
2 എൻെറ പ്രാണനെ അന്വേഷിക്കുന്നവർ
ലജ്ജിച്ചു നാണിക്കും; എനിക്കു ദോഷം
ആഗ്രഹിക്കുന്നവർ പിന്തിരിഞ്ഞു നാണി
ക്കട്ടെ;
3 എന്നെക്കുറിച്ച് ആഹാ; ആഹാ എന്നു
പറഞ്ഞവർ ഇരട്ടി ലജ്ജയോടെ വിഷാദി
ക്കട്ടെ;

നിന്നെ അന്വേഷിക്കുന്നവർ എല്ലാം 4
നിന്നിൽ സന്തോഷിക്കട്ടെ; നിൻെറ രക്ഷ
യെ സ്നേഹിക്കുന്നവർ ദൈവം വലിയവ
നാകുന്നുവെന്നു പറയട്ടെ.
ദൈവമെ ഞാൻ ദരിദ്രനും എളിയവനും 5
ആകുന്നു; എനിക്കായി കാത്തിരിക്കണമെ!
എന്നെ സഹായിക്കുന്നവനും, എന്നെ
രക്ഷിക്കുന്നവനും ആയ എൻെറ ദൈവമെ!
താമസിക്കരുതെ;

71

കർത്താവെ! ഞാൻ നിന്നിൽ ആശ്ര 1
യിച്ചു; ഞാൻ ഒരിക്കലും ലജ്ജിക്ക
രുതെ;
നിൻെറ നീതിയാൽ എന്നെ രക്ഷിക്ക 2
ണമെ! നിൻെറ ചെവി എങ്കലേക്കു ചായിച്ചു
എന്നെ വിടുവിക്കണമെ;
സദാനേരവും ഞാൻ ഉൾപ്രവേശിപ്പാൻ 3
എനിക്കു നീ വാസസ്ഥലമായിരിക്കണമെ!
നീ എന്നെ രക്ഷിപ്പാൻ കല്പിക്കണമെ; നീ
എൻെറ സങ്കേതസ്ഥലവും കോട്ടയും ആകു
ന്നുവല്ലോ.
ദൈവമെ! ദുഷ്ടൻെറ കയ്യിൽ നിന്നും 4
ദോഷിയായ അക്രമിയുടെ കയ്യിൽ നിന്നും
എന്നെ രക്ഷിക്കണമെ!
എന്തെന്നാൽ കർത്താവെ! നീ എൻെറ
ശരണമാകുന്നു; ദൈവമെ, എൻെറ
ബാല്യം മുതൽ നീ എൻെറ ആശ്രയമാ
കുന്നു;
ഗർഭം മുതൽ നീ എന്നെ താങ്ങിയിരി
ക്കുന്നു. എൻെറ മാതാവിൻെറ ഉദരം മുതൽ
നീ എൻെറ ശരണമാകുന്നു; സദാ നേരവും
ഞാൻ നിന്നെ പുകഴ്ത്തും;
നീ എൻെറ ബലമുള്ള ശരണമാക
കൊണ്ട് ഞാൻ പലർക്കും അത്ഭുതമായി
ത്തീർന്നു;
എൻെറ വായ് ദിനംപ്രതി നിൻെറ
സ്തുതികൊണ്ടും നിൻെറ ശ്രേഷ്ഠതകൊ
ണ്ടും നിറഞ്ഞിരിക്കും;
വാർദ്ധക്യകാലത്തു നീ എന്നെ തള്ളി
ക്കളയരുതെ; എൻെറ ബലം ക്ഷയിക്കു
മ്പോൾ നീ എന്നെ ഉപേക്ഷിക്കരുതെ;
എന്തെന്നാൽ എൻെറ വൈരികൾ
എനിക്കു വിരോധമായി സംസാരിച്ചു;
എൻെറ പ്രാണനായി കാത്തിരിക്കുന്നവർ
ഒരുമിച്ചാലോചന ചെയ്തു;
ദൈവം അവനെ ഉപേക്ഷിച്ചു; അവനു
രക്ഷകനില്ലായ്കകൊണ്ടു അവനെ പിന്തു
ടർന്നു പിടിപ്പിൻ എന്ന് അവർ പറഞ്ഞു.
ദൈവമെ! എന്നിൽനിന്നു ദൂരമായിരി
ക്കരുതെ! ദൈവമെ! എൻെറ സഹായത്തി
ന്നായി വേഗം വരണമെ!

എൻെറ പ്രാണൻെറ വിരോധികൾ
ജ്ജിച്ചു നാണിക്കും; എൻെറ ദോഷത്തി
ാഗ്രഹിക്കുന്നവർ ലജ്ജ ധരിക്കും;

ഞാൻ എപ്പോഴും പ്രാർത്ഥിച്ചു നിൻെറ
തികളെ ആവർത്തിച്ചു പാടും.

എൻെറ വായ് നിൻെറ നീതിയേയും
സം തോറും നിൻെറ സ്തുതികളേയും
റിയിക്കും; അവയുടെ സംഖ്യ എനിക്കറി
തുകൂടാ;

ഞാൻ കർത്താവിൻെറ ശക്തിയോടെ
പ്രവേശിച്ചു തനിച്ചിരുന്നു തൻെറ പുണ്യ
ത ഓർക്കും;

ദൈവമെ! എൻെറ ബാല്യം മുതൽ
തുവരെയും എൻെറ അഭ്യസനം നിൻെറ
ത്ഭുതങ്ങളെ അറിയിപ്പാനാകുന്നു;

വരുവാനിരിക്കുന്ന തലമുറയോടു
ൻെറ ഭുജത്തെയും നിൻെറ ബലത്തെയും
ാൻ അറിയിക്കുവോളം വാർദ്ധക്യവും
രയുമുള്ള കാലത്തോളം എന്നെ ഉപേക്ഷി
രുതെ;

ദൈവമെ! നിൻെറ നീതി അത്യുന്നത
കുന്നു. ദൈവമേ! നിന്നെപ്പോലെ വൻ
ര്യങ്ങളെ ചെയ്തിട്ടുള്ളവൻ ആരാകുന്നു!

അധിക ഞെരുക്കവും അരിഷ്ടതയും
ന്നെ കാണിക്കയും വീണ്ടും എന്നെ
വിപ്പിക്കുകയും ചെയ്തവൻ; ഭൂമിയുടെ
ഗാധത്തിൽനിന്നു എന്നെ തിരിയെ
റററും.

നീ എൻെറ ശ്രേഷ്ഠതയെ വർദ്ധിപ്പിച്ചു
ണ്ടും എന്നെ ആശ്വസിപ്പിച്ചു;

ഞാൻ കിന്നരംകൊണ്ടു നിന്നെ
സ്തോത്രം ചെയ്ത് നിൻെറ പുണ്യത്തെക്കു
ച്ചു പാടും; ഇസ്രായേലിൻെറ പരിശുദ്ധ
ായ ദൈവമേ! ഞാൻ കിന്നരത്താൽ
നക്കു പാടും;

ഞാൻ നിനക്കു പാടുമ്പോൾ എൻെറ
ധരങ്ങളും നീ രക്ഷിച്ചിട്ടുള്ള എൻെറ
ത്മാവും നിന്നെ മഹത്വപ്പെടുത്തും;

എൻെറ നാവു നാൾതോറും നിൻെറ
ണ്യത്തെ ഏറ്റുപറയും, എനിക്കു ദോഷം
ഗ്രഹിക്കുന്നവർ നാണിച്ചു ലജ്ജിക്കും.

72 ദൈവമെ! രാജാവിന്നു നിൻെറ
ധർമ്മപ്രമാണവും രാജപുത്രന്നു
ൻെറ നീതിയും നല്കണമെ!

അവൻ നിൻെറ ജനത്തെ നീതിയായും
ൻെറ ദരിദ്രന്മാരെ ന്യായമായും പാലി
ണ്ടതിന്നുതന്നെ;

പർവ്വതങ്ങൾ നിൻെറ ജനത്തിന്നു സമാ
ാനവും, കുന്നുകൾ നീതിയും കൊണ്ടു
രും;

താൻ ജനത്തിലെ ദരിദ്രന്മാർക്കു ന്യായ 4
പാലനം ചെയ്കയും സാധുക്കളുടെ മക്കളെ
സംരക്ഷിക്കുകയും, അക്രമികളെ താഴ്ത്തു
കയും ചെയ്യും;

അവർ ആദിത്യചന്ദ്രന്മാരുള്ള കാല 5
ത്തോളം തലമുറതലമുറയോളം നിന്നെ
സേവിക്കും;

അവൻ രോമക്കെട്ടിന്മേൽ മഴപോലെ 6
യും ഭൂമിയെ ഉറവേല്പിക്കുന്ന ചാറൽ
മഴപോലെയും ഇറങ്ങിവരും;

അവൻെറ നാളുകളിൽ പുണ്യം മുള 7
യ്ക്കും; ചന്ദ്രൻ ഇല്ലാതാകുന്നതുവരെ
മഹാസമാധാനം ഉണ്ടാകും;

അവൻ സമുദ്രം മുതൽ സമുദ്രംവരെയും, 8
നദിമുതൽ ഭൂമിയുടെ അതിർത്തികൾവരെ
യും ആധിപത്യംചെയ്യും;

ദ്വീപുകൾ അവൻെറ മുമ്പാകെ മുട്ടു 9
കുത്തും, അവൻെറ ശത്രുക്കൾ പൊടിമണ്ണു
നക്കും;

തർശ്ശീശിലേയും ദ്വീപുകളിലെയും 10
രാജാക്കന്മാർ അവന്നു വഴിപാടുകൾ
അർപ്പിക്കും; ശേബായിലേയും, സാബായി
ലേയും രാജാക്കന്മാർ അവന്നു വഴിപാടുകൾ
അർപ്പിക്കും;

സകല രാജാക്കന്മാരും അവനെ വന്ദി 11
ക്കും; സകല ജാതികളും അവനെ സേ
വിക്കും;

എന്തെന്നാൽ അവൻ സാധുവിനെയും 12
സഹായമില്ലാത്ത ദരിദ്രനേയും അവനെ
ക്കാൾ ബലവാനിൽനിന്നു രക്ഷിക്കും;

അവൻ ദരിദ്രന്മാരോടും എളിയവരോടും 13
കരുണ ചെയ്ത് ദരിദ്രന്മാരുടെ പ്രാണനെ
രക്ഷിക്കും;

അവൻ വഞ്ചനയിൽനിന്നും, ദുഷ്ടത 14
യിൽനിന്നും അവരുടെ പ്രാണനെ രക്ഷി
ക്കും; അവരുടെ രക്തം തൻെറ കണ്ണുകളിൽ
അമൂല്യമാകുന്നു.

അവൻ ജീവിക്കും; ശേബായിലെ 15
പൊന്നിൽ നിന്നു അവന്നു നൽകപ്പെടും;
അവനെക്കുറിച്ചു എല്ലായ്പോഴും പ്രാർ
ത്ഥന നടത്തപ്പെടും, നിത്യവും അവനെ
പുകഴ്ത്തും.

അവൻ ഭൂമിയിൽ ഗോതമ്പിൻെറ 16
ബഹുത്വം പോലെയാകും; ലബാനോനി
ലെപ്പോലെ പർവ്വതങ്ങളുടെ മുകളിൽ
അവൻെറ ഫലങ്ങൾ പുറപ്പെടുവിക്കും;
ഭൂമിയിലെ പുല്ലുപോലെ അവൻെറ നഗര
ത്തിൽ നിന്ന് അവൻ മുളപ്പിക്കും.

അവൻെറ നാമം എന്നേക്കും നിലനി 17
ല്ക്കും; അവൻെറ നാമം സൂര്യനുള്ള കാലം

ഉണ്ടായിരിക്കും; സകല ജാതികളും അവ
നാൽ വാഴ്ത്തപ്പെടും. സകലരും അവനെ
സ്തുതിക്കും;
18 ഇസ്രായേലിൻെറ ദൈവമായ കർത്താ
വു വാഴ്ത്തപ്പെട്ടവനാകുന്നു; എന്തെന്നാൽ
താൻ മാത്രം വലിയ അത്ഭുതങ്ങളെ ചെയ്യു.
തൻെറ ബഹുമാനമുള്ള നാമം എന്നേ 19
യ്ക്കും വാഴ്ത്തപ്പെട്ടതാകുന്നു; ഭൂമി മുഴു
വനും തൻെറ മഹത്വംകൊണ്ടു നിറയട്ടെ!
ആമീൻ; ആമീൻ.

മൂന്നാം പുസ്തകം

1 **73** ദൈവം ഇസ്രായേലിന്നും ഹൃദയ
പരമാർത്ഥതയുള്ളവർക്കും നല്ലവ
നാകുന്നു;
2 ഞാനാകട്ടെ ക്ഷണത്തിൽ എൻെറ പാദ
ങ്ങൾ തെറ്റുമാറായിരിക്കുന്നു; എൻെറ നട
പ്പുകൾ ഏതുമില്ലാത്തതുപോലെ പതറുന്നു;
3 എന്തെന്നാൽ ദുഷ്ടന്മാരുടെ സമൃദ്ധി
കണ്ടപ്പോൾ ആ വഞ്ചകന്മാരോടു എനിക്കു
അസൂയ തോന്നി.
4 എന്തെന്നാൽ അവരുടെ മരണത്തിന്നു
മുൻകുറിയില്ല. അവരുടെ ഭോഷത്വം
വളരെയാകുന്നു;
5 മനുഷ്യരെപ്പോലെ അവർക്കദ്ധ്വാനമില്ല,
മറ്റു മനുഷ്യരെപ്പോലെ അവർക്കു കഷ്ടത
യുമില്ല;
6 ഇതുകൊണ്ട് നിന്ദ അവരെ ബാധിച്ചു.
അക്രമവും ദുഷ്ടതയും അവരെ മൂടി;
7 അവരുടെ ചതിവ് മേദസ്സ് പോലെ പ്രത്യ
ക്ഷമാകുന്നു; അവർ ഹൃദയവിചാരംപോലെ
ചെയ്തിരിക്കുന്നു.
8 അവർ തിന്മ വിചാരിക്കുകയും സംസാരി
ക്കുകയും ചെയ്തു; അത്യുന്നതന്നു വിരോ
ധമായി അന്യായം സംസാരിച്ചു;
9 അവരുടെ വായ് ആകാശത്തോളം
ഉയർത്തി, അവരുടെ നാവ് ഭൂമിയിൽ കൂടെ
നടക്കുന്നു;
10 ആകയാൽ എൻെറ ജനം ഇങ്ങോട്ടു
തിരിഞ്ഞുകൊള്ളട്ടെ! എന്നാൽ അവർക്കു
പരിപൂർണ്ണത പ്രാപിക്കാം;
11 ദൈവം എങ്ങനെ അറിയും? അത്യുന്നത
നിൽ അറിവുണ്ടോ?എന്നും അവർ പറ
യുന്നു;
12 കണ്ടാലും ഇവർ ദുഷ്ടന്മാരായിരു
ന്നിട്ടും, ലോകത്തിൽ സമൃദ്ധിയുള്ളവരും
ശക്തിയിൽ മല്ലന്മാരും ആകുന്നു.
13 ഞാൻ ഏകനായിരുന്ന് എൻെറ ഹൃദയ
ത്തെ വെടിപ്പാക്കി, എൻെറ കൈകളെ
നന്നായി കഴുകി;
14 ഞാൻ നിത്യവും ശിക്ഷയ്ക്കു പാത്ര
മായി; പ്രഭാതംതോറും ഞാൻ എന്നെ കുറ്റ
പ്പെടുത്തുകയും ചെയ്തു.
ഞാൻ അവരെപ്പോലെ പ്രവർത്തിക്കു 15
മെന്ന് വിചാരിച്ചാൽ അതു എൻെറ കണ്ണു
കളിൽ വഞ്ചനയാകുന്നു. ഇതാ ഞാൻ
നിൻെറ മക്കളുടെ തലമുറയോട് ദ്രോഹം
ചെയ്യുകയുമാകുന്നു.
ഇതു ഗ്രഹിപ്പാൻ ഞാൻ ആഗ്രഹിച്ച 16
പ്പോൾ എനിക്കു പ്രയാസമായി തോന്നി;
ഞാൻ ദൈവത്തിൻെറ ശുദ്ധ സ്ഥല 17
ത്തേക്കു പ്രവേശിച്ച് അവരുടെ അവസാന
ത്തെക്കുറിച്ച് ചിന്തിക്കുന്നതുവരെത്തന്നെ;
അവരുടെ വഞ്ചനപോലെ നീ അവർക്ക് 18
ശിക്ഷ കൽപ്പിക്കും; അവർ അഹങ്കരിക്കു
മ്പോൾ നീ അവരെ തള്ളിയിടും;
അവർ എങ്ങനെ പെട്ടെന്നു വിസ്മയ 19
വിഷയമായി! അവർ നശിച്ചു സംഭ്രമം
നിമിത്തം ശൂന്യമായിപ്പോയി!
കർത്താവെ! സ്വപ്നം കണ്ടുണരുന്ന 20
വനെപ്പോലെ നീ നഗരത്തിൽ അവരുടെ
സ്വരൂപത്തെ തുച്ഛമാക്കും;
എൻെറ ഹൃദയം സംഭ്രമിച്ചു; എൻെറ 21
അന്തരംഗം ഇളകിമാറി;
ഞാൻ ഭോഷനും അറിവില്ലാത്തവനു
മായി, ഞാൻ തിരുമുമ്പാകെ മൃഗംപോലെ
യായി;
നിൻെറ ആലോചനയാൽ എന്നെ
ആശ്വസിപ്പിക്കണമെ! നിൻെറ ബഹുമാന
ത്തിൻ പിന്നാലെ എന്നെ നടത്തണമെ!
ആകാശത്തിൽ തിരുമുമ്പാകെ എനി
ക്കെന്തുള്ളു? ഭൂമിയിലും ഞാൻ എന്തു ഇഷ്ട
പ്പെട്ടു? എന്തെന്നാൽ നീ എൻെറ വലങ്കൈ
യ്ക്കു പിടിച്ചിരിക്കുന്നു;
എൻെറ ഹൃദയവും എൻെറ മാംസവും
എൻെറ മനഃശക്തിയും ക്ഷയിച്ചിരിക്കുന്നു;
എൻെറ ഓഹരി എന്നേക്കും ദൈവത്തിങ്ക
ലാകുന്നു;
എന്തെന്നാൽ കണ്ടാലും നിന്നിൽ നിന്ന്
ദൂരമായിരിക്കുന്നവർ നശിക്കും; നിന്നെ വിട്ടു
തെറ്റുന്ന എല്ലാവനേയും എന്നേക്കും നീ
നശിപ്പിക്കും;
ഞാൻ ദൈവത്തോടു ചേരുവാൻ ഇഷ്ട
പ്പെട്ടു; എൻെറ ശരണമായ കർത്താവെ

ിൻെറ സകല അത്ഭുതങ്ങളെയും വിവര
ായി അറിയിക്കേണ്ടതിന്ന് നിൻെറ നാമം
്നിക്ക് എത്രയും മധുരമുള്ളതാകുന്നു.

74 ദൈവമെ! നീ എന്നേക്കും ഞങ്ങളെ
മറന്നുകളഞ്ഞതും നിൻെറ ആട്ടിൻ
ൂട്ടത്തിലെ ആടുകൾക്കു നേരെ നിൻെറ
ോപം ജ്വലിച്ചതും എന്തിന്നു?
നീ പണ്ടേ സമ്പാദിച്ചതും രക്ഷിച്ചെടു
ത്തതുമായ നിൻെറ സഭയെ, നിൻെറ അവ
ാശത്തിൻഗോത്രത്തെ, നീ നിവസിച്ച ഈ
ീയോൻപർവ്വതത്തെ ഓർക്കണമെ!
നിൻെറ അടിയാരായ ഞങ്ങളുടെ നേരെ
ലമായി അഹങ്കരിക്കുന്നവരുടെ മേൽ
ങ്ങളെ നീ ഉയർത്തണമെ!
നിൻെറ ശത്രുക്കൾ നിൻെറ സഭയുടെ
ുവിൽ പ്രശംസിച്ചു അവരുടെ കൊടികളെ
ടയാളമായി തൂക്കി;
മേലുള്ള ഉന്നതനെപ്പോലെ നീ അറി
ു (വനത്തെപ്പോലെ കോടാലികൾ
ാണ്ടു,)
അവർ വാതിലുകളെ കീറി, അവർ മഴു
ൾകൊണ്ടും വെൺമഴുകൾകൊണ്ടും
ട്ടി,
അവർ നിൻെറ ശുദ്ധസ്ഥലം തീയിട്ടു
ിപ്പിച്ചു; അവർ നിൻെറ തിരുനാമത്തി
െറ കൂടാരത്തെ ഭൂമിയിൽ അശുദ്ധമാക്കി;
നാം അവരെ ഒരുമിച്ചു നശിപ്പിക്കണമെ
ഭൂമിയിൽനിന്നു ദൈവത്തിൻെറ പള്ളി
ളെയെല്ലാം നശിപ്പിക്കണമെന്നും അവ
ട ഉള്ളംകൊണ്ടു പറഞ്ഞു.
ഞങ്ങൾ അടയാളങ്ങളെ കണ്ടില്ല; ഒരു
ലദർശിയുമില്ല. ഞങ്ങളിൽ ഒരു ജ്ഞാ
യുമില്ല;
ദൈവമെ! എത്രത്തോളം ശത്രു നിന്ദിച്ചു
ൻെറ തിരുനാമത്തെ ദുഷിക്കും? എന്നേ
മൊ?
തിരുസഭയുടെ നടുവിൽനിന്നു നിൻെറ
ും നിൻെറ വലങ്കയ്യും എന്തിന്നു നീ
ിച്ചു?
ഞങ്ങളുടെ ദൈവമെ! നീ ആദിമുതൽ
ക്കാബിൻെറ രക്ഷയെക്കുറിച്ചു കല്പി
ിചാരിച്ചിട്ടുള്ള രാജാവാകുന്നു;
നിൻെറ ശക്തികൊണ്ടു സമുദ്രങ്ങളെ
വർതിരിച്ചു; വെള്ളത്തിലെ തിമിംഗല
ുടെ തല നീ തകർത്തു;
ലവിയാതാൻെറ തലയെ നീ ചതച്ച്
നക ജനത്തിന്നു അതിനെ ഭക്ഷണ
കൊടുത്തു;
നീ താഴ്വരകളിൽ ഉറവിനെ ഉണ്ടാക്കി;
നദികളെ വറ്റിച്ചു;

പകൽ നിൻെറതാകുന്നു, രാത്രിയും 16
നിൻെറതാകുന്നു; പ്രകാശത്തേയും സൂര്യ
നേയും നീ സൃഷ്ടിച്ചു;
നീ ഭൂമിയുടെ അതിർത്തികളെല്ലാം 17
സ്ഥാപിച്ചു; വേനലും വർഷവും നീ നിയ
മിച്ചു;
കർത്താവെ! ശത്രുവിൻെറ നിന്ദയെ 18
ഓർക്കണമെ; ഭോഷത്വമുള്ള ജനം നിൻെറ
തിരുനാമത്തെ ദുഷിച്ചുവല്ലോ.
നിന്നെ സ്തോത്രം ചെയ്യുന്ന ആത്മാവി 19
നെ നീ നാശത്തിന്നു കൊടുക്കരുതെ!
നിൻെറ ദരിദ്രന്മാരുടെ ആത്മാക്കളെ എന്നേ
യ്ക്കും മറന്നുകളകയും അരുതെ!
കർത്താവെ! നിൻെറ ഉടമ്പടിയെ 20
സൂക്ഷിക്കണമെ! എന്തെന്നാൽ ഭൂമിയിലെ
വാസസ്ഥലങ്ങൾ അന്ധകാരവും അന്യാ
യവുംകൊണ്ടു നിറഞ്ഞിരിക്കുന്നു;
ദരിദ്രൻ ലജ്ജിച്ചുംകൊണ്ടിരിക്കരുതെ. 21
സാധുക്കളും ദരിദ്രന്മാരും നിൻെറ തിരുനാമ
ത്തെ സ്തുതിക്കട്ടെ.
ദൈവമെ! എഴുന്നേറ്റ് വിധികല്പിക്കണ 22
മെ! ഭോഷന്മാർ നിത്യവും നിന്നെ നിന്ദിക്കു
ന്നതിനെ ഓർക്കണമെ!
നിൻെറ ശത്രുക്കളുടെ ആരവത്തെയും 23
നിനക്കു വിരോധമായി നില്ക്കുന്നവർ സദാ
നേരവും ഉണ്ടാക്കുന്ന കലഹത്തെയും നീ
മറന്നുകളയരുതെ!

75 ദൈവമെ! ഞങ്ങൾ നിന്നെ സ്തോത്രം 1
ചെയ്തു. ഞങ്ങൾ നിന്നെ സ്തോത്രം
ചെയ്തു നിൻെറ തിരുനാമത്തെ വിളിച്ചു;
നിൻെറ സകല അത്ഭുതങ്ങളെയും ഞങ്ങൾ
വിവരമായി അറിയിച്ചു;
എന്തെന്നാൽ എൻെറ സമയം വരു 2
മ്പോൾ ഞാൻ നേരോടെ വിധിക്കും;
ഭൂമിയും അതിലെ നിവാസികളും ക്ഷീ 3
ണിക്കും; നീ അതിലെ വാസികളെ സ്ഥിര
പ്പെടുത്തി;
നിങ്ങൾ ഭോഷത്വം ചെയ്യരുതെന്നു 4
ഭോഷന്മാരോടും നിങ്ങൾ കൊമ്പിനെ
ഉയർത്തരുതെന്നു ദുഷ്ടന്മാരോടും നീ
പറഞ്ഞു;
നിങ്ങളുടെ കൊമ്പിനെ ഉയരത്തിലേ 5
ക്കു ഉയർത്തുകയും കഠിനകണ്ഠത്തോടു
കൂടെ സംസാരിക്കുകയും അരുതു;
എന്തെന്നാൽ പടിഞ്ഞാറുനിന്നും മല 6
കളുടെ വനാന്തരങ്ങളിൽനിന്നും ഉദയം
വരികയില്ല.
ദൈവം ന്യായാധിപതിയാകുന്നു; താൻ 7
ഒരുവനെ താഴ്ത്തുകയും മറ്റൊരുവനെ
ഉയർത്തുകയും ചെയ്യുന്നു;

8 എന്തെന്നാൽ കർത്താവിന്റെ കയ്യിൽ
ഒരു പാനപാത്രമുണ്ട്; അതിൽ കൂട്ടുചേർത്ത
ലഹരിവീഞ്ഞു നിറഞ്ഞിരിക്കുന്നു; അതി
നെ ഓരോരുത്തർക്കും ചായിച്ചു കൊടു
ത്തു; ഭൂമിയിലെ സകല ദുഷ്ടന്മാരും അതി
ലെ ലഹരി വലിച്ചു കുടിക്കും;
9 ഞാൻ എന്നേക്കും ജീവിച്ചു യാക്കോബി
ന്റെ ദൈവത്തിന്നു പാടും.
10 ദുഷ്ടന്മാരുടെ കൊമ്പുകളെല്ലാം ഞാൻ
മുറിച്ചുകളയും, പുണ്യവാന്മാരുടെ കൊമ്പു
കൾ ഉയർത്തപ്പെടും;

76

1 ദൈവം യഹൂദായിൽ പ്രസിദ്ധനും
ഇസ്രായേലിൽ തന്റെ തിരുനാമം
ശ്രേഷ്ഠവുമാകുന്നു;
2 തന്റെ കൂടാരം ശാലേമിലും തന്റെ വാ
സസ്ഥലം സെഹിയോനിലും ആയിരിക്കും;
3 താൻ അവിടെ വച്ചു വില്ലുകളും
അമ്പുകളും ആയുധവും വാളും തകർത്തു
കളഞ്ഞു;
4 നീ നിന്റെ ബലമുള്ള പർവ്വതത്തെ
ക്കാൾ ശോഭയുള്ളവനും അഭിഷേകം ചെയ്യ
പ്പെട്ടവനുമാകുന്നു;
5 ഹൃദയത്തിൽ തിരിച്ചറിവില്ലാത്തവർ
എല്ലാവരും ഭ്രമിച്ചു; പരാക്രമശാലികൾ
ഗാഢനിദ്ര പ്രാപിച്ചു; അവർക്കു കൈക്കരു
ത്തില്ലാതെപോയി;
6 യാക്കോബിന്റെ ദൈവമെ! നിന്റെ
ശാസനയാൽ കുതിരവാഹനക്കാർ ഉറക്കം
തൂങ്ങി.
7 നീ ഭയങ്കരനാകുന്നു; കോപസമയത്തു
തിരുമുമ്പാകെ നില്ക്കാവുന്നവനാരു?
8 നീ ആകാശത്തിൽ നിന്നു വിധി പ്ര
സ്താവിച്ചു;
9 ഭൂമിയിലെ എല്ലാ ദരിദ്രന്മാരേയും
ന്യായം നടത്തി രക്ഷിപ്പാൻ ദൈവം എഴു
ന്നേറ്റു ഭൂമി കണ്ടു ഭയപ്പെട്ടു;
10 എന്തെന്നാൽ മനുഷ്യന്റെ വിചാരം
നിന്നെ സ്തോത്രം ചെയ്കയും, അവന്റെ
കോപമായ ക്രോധത്തെ അശേഷം നീക്കി
ക്കളകയും ചെയ്യും;
11 നിങ്ങളുടെ ദൈവമായ കർത്താവിനു
നിങ്ങൾ നേർച്ചനേർന്നു കഴിപ്പിൻ; ചുറ്റു
മുള്ള എല്ലാവരും ഭയങ്കരന്ന് കാഴ്ചകളെ
കൊണ്ടുവരട്ടെ!
12 എന്തെന്നാൽ താൻ പ്രഭുക്കന്മാരുടെ
ജീവനെ ക്ഷീണിപ്പിക്കുന്നവനും ഭൂമിയിലെ
രാജാക്കന്മാരുടെമേൽ ഭയങ്കരനും ആകുന്നു.

77

1 ഞാൻ എന്റെ ശബ്ദത്തോടെ
ദൈവത്തെ വിളിച്ചു; താൻ എന്നെ
ശ്രദ്ധിച്ചു. തന്റെ അടുക്കലേക്കു എന്റെ
ശബ്ദം ഉയർത്തി, താൻ എന്നോടുത്തര
മരുളി;
ഞാൻ എന്റെ ആപത്തുനാളിൽ 2
കർത്താവിനെ അന്വേഷിച്ചു; തൃക്കൈ
രാത്രിയിൽ എന്നെ ആകർഷിച്ചു; ഞാൻ
വിശ്രമിച്ചില്ല; എന്റെ ആത്മാവിനെ
ആശ്വസിപ്പിക്കുന്നവനുമില്ല;
ഞാൻ ദൈവത്തെ ഓർത്തു വ്യാകുല 3
പ്പെട്ടു; ഞാൻ ധ്യാനിച്ചു; എന്റെ ആത്മാവ്
തളരുകയും ചെയ്തു;
എന്റെ കണ്ണുകളിൽ പടലം പിടിച്ചു; 4
ഞാൻ ഊമനായി; സംസാരിച്ചുമില്ല.
ഞാൻ എന്റെ പൂർവ്വദിവസങ്ങളെ 5
വിചാരിച്ചു; പണ്ടത്തെ സംവത്സരങ്ങളെ
ഓർത്തു;
ഞാൻ രാത്രിയിൽ ചിന്തിച്ച് എന്റെ 6
ഹൃദയത്തിൽ ധ്യാനിച്ചു; ഞാൻ എന്റെ
ആത്മാവിനെ ശോധനചെയ്തു പറഞ്ഞു;
കർത്താവ് എന്നേക്കും എന്നെ മറന്നു 7
വൊ? താൻ ഇനിമേലാൽ എന്നിൽ ഇഷ്ട
പ്പെടുകയില്ലയൊ?
തന്റെ കൃപ എന്നേക്കും എന്നിൽ നിന്ന് 8
നീക്കിക്കളയുമൊ? തന്റെ വാഗ്ദത്തം
തലമുറ തലമുറവരെക്കും ഇല്ലാതാക്കുമൊ?
ദൈവം കരുണചെയ്യുന്നതിന്നു മറക്കു 9
മൊ? തന്റെ കോപത്താൽ തന്റെ കരുണ
കളെ താൻ അടച്ചുകളയുമൊ?
ഇതെന്റെ ബലഹീനതയും അത്യുന്ന 10
തന്റെ വലങ്കയ്യുടെ വേറൊരു പ്രവൃത്തി
യുമാകുന്നു എന്നു ഞാൻ പറഞ്ഞു.
എന്തെന്നാൽ നിന്റെ പണ്ടത്തെ 11
അത്ഭുതങ്ങളെ ഞാൻ ഓർത്തു;
നിന്റെ സകല ക്രിയകളെയും കുറിച്ച് 12
ഞാൻ ധ്യാനിച്ചു; നിന്റെ ഉപദേശങ്ങളെ
ക്കുറിച്ച് ഞാൻ ചിന്തിച്ചു;
ദൈവമെ! നിന്റെ വഴി വിശുദ്ധമാകു 13
ന്നു; നമ്മുടെ ദൈവത്തെപ്പോലെ വലിയവ
നില്ല;
നീ അത്ഭുതങ്ങൾ ചെയ്ത ദൈവമാകു 14
ന്നു; നിന്റെ ബലം ജാതികളിൽ നീ അറി
യിച്ചു;
നിന്റെ ഭുജത്താൽ യാക്കോബിന്റെ 15
യും യൗസേപ്പിന്റെയും മക്കളായ നിന്റെ
ജനത്തെ രക്ഷിച്ചു;
ദൈവമെ! വെള്ളം നിന്നെ കണ്ടു; 16
എന്റെ കർത്താവെ! വെള്ളം നിന്നെ കണ്ടു;
അവ ഭയപ്പെട്ടു; അഗാധങ്ങളും ഇളകി;
മേഘങ്ങൾ വെള്ളം ചൊരിഞ്ഞു; 17
ആകാശങ്ങളുടെ ആകാശങ്ങൾ ശബ്ദം
മുഴക്കി; നിന്റെ അസ്ത്രങ്ങളും പായുന്നു;

ചക്രവാളത്തിൽ ഇടിമുഴക്കവും ഉണ്ടാ
ിരുന്നു; നിന്റെ മിന്നലുകൾ ലോകത്തെ
കാശിപ്പിച്ചു; ഭൂമി കുലുങ്ങി നടുങ്ങി;
നിന്റെ വഴി സമുദ്രത്തിലും നിന്റെ
ാടുവഴികൾ പെരുവെള്ളങ്ങളിലും ഉണ്ടെ
ലും, നിന്റെ കാലടികൾ ഗ്രാഹ്യമല്ല.
മോശയുടെയും അഹറോന്റെയും
സ്സാൽ നിന്റെ ജനത്തെ ആടുകളെ
ാലെ നീ നടത്തി;

78 എന്റെ ജനമേ എന്റെ പ്രമാ
ണത്തിന്നു ചെവി കൊടുത്ത്
വയെ അനുസരിപ്പിൻ; എന്റെ വായി
വചനങ്ങൾക്ക് നിങ്ങൾ ചെവി ചായി
ൻ;
എന്തെന്നാൽ ഇതാ ഞാൻ എന്റെ
യ് ഉപമകളുമായി തുറക്കും; ആദിമുത
ള്ള സാമ്യങ്ങളെ പറയും;
അവ ഞങ്ങൾ കേട്ടറിയുകയും, ഞങ്ങ
ട പിതാക്കന്മാർ ഞങ്ങളോടു വിവരമായി
ിയിക്കുകയും ചെയ്തു;
കർത്താവിന്റെ മഹത്വവും, തന്റെ
തിയും താൻ ചെയ്തിട്ടുള്ള അതിശയ
ളും, നാം അവരുടെ മക്കളിൽനിന്നു മറയ്
തെ പിൻതലമുറയോടു അറിയിക്കേണ്ട
ാകുന്നു;
നമ്മുടെ പിതാക്കന്മാരോടു താൻ കല്പി
കാരം യാക്കോബിൽ തന്റെ സാക്ഷി
നിയമിച്ചു; ഇസ്രായേലിൽ തന്റെ വേദ
ാണത്തെയും കല്പിച്ചു;
അതു അവർ അവരുടെ മക്കളോടറിയി
ും ജനിച്ചുണ്ടാകുന്ന മക്കളായ പിൻതല
അറിഞ്ഞ് അവരുടെ മക്കളോടു അറി
ാനുമാകുന്നു;
ഇപ്രകാരം അവരുടെ ശരണം ദൈവ
ൽ ആകുവാനും, ദൈവത്തിന്റെ ക്രിയ
അവർ മറക്കാതെ, തന്റെ കല്പന
ആചരിപ്പാനും ആകുന്നു;
ഹൃദയം ഒരുക്കാതെയും, ആത്മാവി
ദൈവത്തിൽ വിശ്വസിക്കാതെയും
ന്ന തലമുറയായി ദോഷമുള്ളതും
ുപ്പിക്കുന്നതുമായ തലമുറയാകുന്ന
ാക്കന്മാരെപ്പോലെ അവർ ആകാതിരി
ന്നതിന്നാകുന്നു.
താണു തൊടുത്ത് വില്ലുകൊണ്ട്
ത അപ്രേമിന്റെ പുത്രന്മാർ യുദ്ധ
സത്തിൽ തിരിച്ചുപോയി;
എന്തെന്നാൽ ദൈവത്തിന്റെ ഉടമ്പടി
ർ അനുഷ്ഠിച്ചില്ല, തന്റെ വേദപ്രമാണ
ാരം നടപ്പാൻ അവർക്കനിഷ്ടവുമാ
ന്നു;

അവരെ കാണിച്ചിട്ടുള്ള തന്റെ ക്രിയ 11
കളെയും അത്ഭുതങ്ങളെയും അവർ മറന്നു;
താൻ മെസ്രേൻ ദേശത്തും സോവാൻ 12
വയലുകളിലും വച്ച് അവരുടെ പിതാക്കന്മാ
രുടെ മുമ്പാകെ അത്ഭുതങ്ങൾ പ്രവർത്തിച്ചു;
താൻ കടലിനെ വിഭാഗിച്ച് അവരെ കട 13
ത്തി; വെള്ളത്തെ പാത്രങ്ങളിൽ എന്നപോ
ലെ നിറുത്തി;
താൻ അവരെ പകൽ മേഘത്തിൻ 14
കീഴും രാത്രി മുഴുവനും അഗ്നിശോഭയിൻ
കീഴും നടത്തി;
താൻ മരുഭൂമിയിൽ തീക്കല്ലു പിളർന്ന് 15
വലിയ അഗാധത്തിൽനിന്നെന്നപോലെ
അവരെ കുടിപ്പിച്ചു;
കല്ലിൽനിന്ന് ഒഴുക്കുകളെ പുറപ്പെടു 16
വിച്ചു; നദികൾപോലെ വെള്ളം ഒഴുകി;
പിന്നേയും ജനം ആർത്തി നിമിത്തം 17
പാപം ചെയ്തു അത്യുന്നതനെ വെറുപ്പിച്ചു;
അവരുടെ പ്രാണനായി ഭക്ഷണം ചോ 18
ദിച്ചു, അവരുടെ ഹൃദയംകൊണ്ട് ദൈവത്തെ
പരീക്ഷിച്ചു;
അവർ ദൈവത്തിനു വിരോധമായി 19
പിറുപിറുത്തു വനത്തിൽ നമുക്കു മേശ
ഒരുക്കുവാൻ ദൈവത്തിനു കഴിയുമോ
എന്ന് പറഞ്ഞു;
അവൻ തീക്കല്ലിനെ അടിച്ചു, വെള്ളം 20
ഒഴുകി, തോടുകളായി കവിഞ്ഞൊഴുകി;
എങ്കിലും നമുക്ക് അപ്പം തരുവാൻ തനിക്ക്
കഴിയുമൊ? തന്റെ ജനത്തിനു മാംസം
തയ്യാറാക്കുമൊ?
കർത്താവ് ഇതു കേട്ട് കോപിച്ചു; 21
യാക്കോബിൽ തീ പിടിച്ചു; ഇസ്രായേലിൽ
കോപം ബാധിക്കുകയുംചെയ്തു.
എന്തെന്നാൽ അവർ ദൈവത്തിൽ 22
വിശ്വസിച്ചില്ല; തന്റെ രക്ഷയെ അറിയിച്ചു
മില്ല;
താൻ മേലിൽനിന്ന് മേഘങ്ങളോടു ക 23
ല്പിച്ചു; ആകാശവാതിലുകൾ തുറക്കപ്പെട്ടു;
അവർക്കു ഭക്ഷിപ്പാൻ താൻ മന്നാ 24
വർഷിപ്പിച്ചു; ആകാശത്തിലെ അപ്പം അവർ
ക്കു കൊടുത്തു;
മാലാഖമാരുടെ ആഹാരം മനുഷ്യൻ 25
ഭക്ഷിച്ചു; താൻ അവർക്ക് തൃപ്തിയാവോളം
കാടപ്പക്ഷിയെ അയച്ചു;
താൻ ആകാശത്തിൽ കാററ് ഊതിച്ചു, 26
തന്റെ ശക്തികൊണ്ടു തെക്കൻ കാററി
നെയും അടിപ്പിച്ചു;
താൻ പൊടിപോലെ മാംസവും സമുദ്ര 27
തീരത്തിലെ മണൽപോലെ ചിറകുള്ള
പക്ഷിയെയും വർഷിപ്പിച്ചു;

28 അവരുടെ പാളയങ്ങളിലും അവരുടെ
കൂടാരങ്ങൾക്കു ചുററും അവ വീണു;
29 അവർ ഭക്ഷിച്ച് എത്രയും തൃപ്തന്മാ
രായി; അവരുടെ ആർത്തിപോലെ താൻ
അവർക്കു കൊടുത്തു.
30 അവരുടെ കൊതിക്കു മതിവന്നില്ല. അവ
രുടെ ഭക്ഷണം അവരുടെ വായിൽ ഇരിക്കു
മ്പോൾതന്നെ,
31 ദൈവകോപം അവരുടെ നേരെ ജ്വലി
ച്ചു; പുഷ്ടിയുള്ളവരിൽ ചിലരെ കൊന്നു;
ഇസ്രായേലിൽ തിരഞ്ഞെടുക്കപ്പെട്ടവരെ
സംഹരിച്ചു;
32 ഇവയിലെല്ലാം അവർ പാപം ചെയ്തു.
പിന്നെയും തന്റെ അത്ഭുതങ്ങളെ വിശ്വസി
ക്കാതിരുന്നു;
33 അവർ അവരുടെ ദിവസങ്ങളെ നിഷ്ഫ
ലമായും അവരുടെ സംവത്സരങ്ങളെ ക്ഷണ
ത്തിലും കഴിച്ചുകൂട്ടി;
34 താൻ അവരെ കൊന്നപ്പോൾ അവർ
തന്നെ അന്വേഷിക്കയും അതിവേഗത്തിൽ
തിരുസന്നിധിയിൽ തിരിച്ച് ചെല്ലുകയും
ചെയ്തു;
35 ദൈവം അവരുടെ സഹായകനും അത്യു
ന്നതനായ ദൈവം അവരുടെ രക്ഷകനും
എന്ന് അവർ ഓർത്തു;
36 അവർ വായ്കൊണ്ടു തന്നെ സ്നേഹി
ച്ചു; അവരുടെ നാവുകൊണ്ട് തന്നോടു
വ്യാജം പറഞ്ഞു;
37 അവർ അവരുടെ ഹൃദയം തങ്കൽ സ്ഥി
രമാക്കിയില്ല; തന്റെ ഉടമ്പടിയോടു അവർ
വിശ്വസ്തത കാണിച്ചില്ല,
38 കരുണയുള്ളവനും, പാപങ്ങളെ മോചി
ക്കുന്നവനും, നശിപ്പിക്കാത്തവനും, തന്റെ
കോപം വളരെ അടക്കുന്നവനും; തന്റെ
കോപമെല്ലാം ഉണർത്താത്തവനും ആയ
വൻ;
39 അവർ ജഡവും തിരിച്ചു വരാതെ കടന്നു
പോകുന്ന കാററും ആകുന്നു എന്ന് ഓർത്തു.
40 അവർ മരുഭൂമിയിൽ വച്ചു അവനെ
വെറുപ്പിച്ചു; വിജനദേശത്തു വച്ചു തന്നെ
കോപിപ്പിച്ചു;
41 വീണ്ടും അവർ ദൈവത്തെ പരീക്ഷിച്ചു,
ഇസ്രായേലിന്റെ പരിശുദ്ധനെ പ്രകോപി
പ്പിച്ചു;
42 ഞെരുക്കുന്നവന്റെ കൈയിൽനിന്ന്
വിടുവിച്ച തന്റെ തൃക്കൈയേയും ദിവസ
ത്തെയും അവർ ഓർത്തില്ല.
43 മെസ്രേനിൽ തന്റെ അടയാളങ്ങളും
സോവാൻ വയലിൽ തന്റെ അത്ഭുതങ്ങളും
പ്രവർത്തിച്ചതും,

അവർക്കു കുടിപ്പാൻ വഹിയാതവണ്ണം 44
അവരുടെ നദികളിലേയും തോടുകളിലേ
യും വെള്ളം രക്തമാക്കി തീർത്തതും;
പലവിധ പ്രാണികളെ അയച്ച് അവരെ 45
ഉപദ്രവിച്ചതും, തവളകൾകൊണ്ട് അവരെ
നശിപ്പിച്ചതും,
അവരുടെ വിളവു വെട്ടുക്കിളിക്കും, അവ 46
രുടെ അദ്ധ്വാനം കരിമ്പുഴുവിന്നും കൊടു
ത്തതും,
അവരുടെ മുന്തിരിത്തണ്ടുകളെ കൽമഴ 47
കൊണ്ടും അവരുടെ അത്തിവൃക്ഷങ്ങളെ ഹിമ
ക്കട്ടകൾകൊണ്ടും തകർത്തുകളഞ്ഞതും,
അവരുടെ കന്നുകാലികളെ കൽമഴ 48
യ്ക്കും അവരുടെ ആട്ടിൻകൂട്ടത്തെ ഇടിമിന്ന
ലുകൾക്കും ഏല്പിച്ചതും,
അവരുടെ മേൽ തന്റെ ഉഗ്രകോപ 49
ത്തെയും ക്രോധത്തെയും ദ്വേഷത്തെയും
ഞെരുക്കത്തെയും അയച്ചതും,
ദുർദൂതനെ അയച്ചും ദോഷകരമാർഗ്ഗ 50
ങ്ങളെ തുറന്നും, അവരുടെ പ്രാണനെ മരണ
ത്തിൽനിന്നു വിരോധിക്കാതെ ജീവജന്തു
ക്കളെ മൃത്യുവിന്നേല്പിച്ചതും,
ഹാമിന്റെ കൂടാരത്തിൽ സർവ്വസന്താ 51
നങ്ങളുടെയും ആദ്യഫലമായ മെസ്രേനിലെ
ആദ്യജാതന്മാരെ എല്ലാം കൊന്നതും,
എന്നാൽ തന്റെ ജനത്തെ ആടുകളെ 52
പ്പോലെ പുറപ്പെടുവിച്ച്, മരുഭൂമിയിൽ കൂടി
ആട്ടിൻകൂട്ടത്തെപ്പോലെ നടത്തിയതും,
അവരെ ഭയംകൂടാതെ പ്രത്യാശയിൽ 53
വസിപ്പിച്ചതും, അവരുടെ ശത്രുക്കളെ സമു
ദ്രത്തിൽ മുക്കിക്കളഞ്ഞതും,
തന്റെ പരിശുദ്ധസ്ഥലത്തിന്റെ അ 54
തിർത്തിക്കുള്ളിലേക്കും, തന്റെ വലത്തു
കൈ സമ്പാദിച്ച ഈ പർവ്വതത്തിലേക്കും,
അവരെ കൊണ്ടുവന്നതും.
ജാതികളെ അവരുടെ മുമ്പിൽനിന്നു
നശിപ്പിച്ച് ചരടുകൊണ്ട് അവകാശം ഭാഗി
ച്ചുകൊടുത്ത്, ഇസ്രായേൽ ഗോത്രങ്ങളെ
അവരുടെ കൂടാരങ്ങളിൽ വസിപ്പിച്ചതും
അവർ ഓർത്തില്ല.
അവർ അത്യുന്നതനായ ദൈവത്തെ
പരീക്ഷിച്ചു വെറുപ്പിച്ചു; തന്റെ സാക്ഷ്യ
ങ്ങളെ അനുസരിച്ചില്ല.
അവർ അവരുടെ പിതാക്കന്മാരെപ്പോ
ലെ പിന്തിരിഞ്ഞു വ്യാജം പ്രവർത്തിച്ചു;
വഞ്ചനയുള്ള വില്ലുപോലെ അവർ തിരി
ഞ്ഞുകളഞ്ഞു;
അവരുടെ കാവുകൾകൊണ്ടു തന്നെ
കോപിപ്പിച്ചു; അവരുടെ വിഗ്രഹങ്ങൾ
കൊണ്ടു തന്നെ വൈരാഗ്യപ്പെടുത്തി;

ദൈവം കേട്ടു കോപിച്ചു; ഇസ്രായേലി
ൻെറ നേരെ തനിക്കെത്രയും ക്രോധമു
ണ്ടായി;
മനുഷ്യരുടെ ഇടയിൽ താൻ വസിച്ച കൂ
ടാരമായ ശീലോയുടെ കൂടാരത്തെ മറന്നു;
തൻെറ ജനത്തെ അടിമയിലേക്കും
തൻെറ മഹത്വത്തെ ഞെരുക്കുന്നവൻെറ
കയിലേക്കും കൊടുത്തു;
താൻ തൻെറ ജനത്തെ വാളിന്നേ
പിച്ചു; തൻെറ അവകാശത്തെക്കുറിച്ചു
ൻ മൗനമായിരുന്നു;
അവരുടെ യൗവനക്കാരെ അഗ്നി ഭക്ഷി
അവരുടെ കന്യകമാർ വിവാഹപാട്ടി
ാത അഴലുന്നവരായിത്തീർന്നു;
അവരുടെ ആചാര്യന്മാർ വാളുകൊണ്ടു
ന്നു; അവരുടെ വിധവമാർ വിലപിച്ചതു
:
കർത്താവ് ഉറങ്ങിയവനെപ്പോലെയും
ത്തിനാൽ ശക്തി പ്രാപിച്ച മനുഷ്യനെ
ലെയും ഉണർന്നു;
താൻ തൻെറ ശത്രുക്കളെ തൻെറ പിന്നി
ടിച്ചു (വീഴിച്ചു) അവരെ ലോകത്തിനു
യാക്കിത്തീർത്തു;
താൻ യൗസേപ്പിൻെറ കൂടാരത്തെ നിര
ച്ചു, അഫ്റേമിൻെറ ഗോത്രത്തോടു
ക്ക് ആനുകൂല്യമുണ്ടായില്ല,
താൻ സ്നേഹിച്ച സെഹിയോൻ പർവ
ത, യഹൂദായുടെ ഗോത്രത്തെ തിര
ടുത്തു;
യർന്ന സ്ഥലത്തു തൻെറ ശുദ്ധസ്ഥ
ണിതു; ഭൂമിയിൽ എന്നേക്കുമായി അ
ാ സ്ഥിരപ്പെടുത്തി;
ൻെറ ദാസനായ ദാവീദിനെ തിര
ടുത്തു ആട്ടിൻകൂട്ടത്തിൽനിന്നും മുല
പ്പിക്കുന്ന ആടുകളുടെ പിന്നിൽനിന്നും
ന കൊണ്ടുപോയി;
ൻെറ ജനമായ യാക്കോബിനെയും
ാ അവകാശമായ ഇസ്രായേലിനെയും
പ്പാൻതന്നെ;
വൻ തൻെറ ഹൃദയപരമാർത്ഥത
ട അവരെ മേയിച്ചു; അവൻെറ കൈക
സാമർത്ഥ്യംകൊണ്ട് അവരെ ഭരിച്ചു;
ദൈവമെ! ജാതികൾ നിൻെറ അവ
കാശത്തിലേക്കു പ്രവേശിച്ചു;
ാ വിശുദ്ധ ആലയത്തെ അശുദ്ധമാ
റുശലേമിനെ ശൂന്യമാക്കിത്തീർത്തു;
വർ നിൻെറ ഭൃത്യന്മാരുടെ ശവങ്ങളെ
രത്തിലെ പക്ഷിക്കും, നിൻെറ വൃത
ട മാംസത്തെ ഭൂമിയിലെ മൃഗ
ം ഭക്ഷണമായി കൊടുത്തു;

അവർ യറുശലേമിനു ചുററും വെള്ളം 3
പോലെ അവരുടെ രക്തം ചിന്തി; അവരെ
സംസ്കരിക്കുവാൻ ആരും ഉണ്ടായിരുന്നില്ല;
ഞങ്ങൾ ഞങ്ങളുടെ അയൽക്കാർക്കു 4
നിന്ദയും ഞങ്ങളുടെ ചുററുമുള്ളവർക്കു
പരിഹാസവും ഹാസ്യവുമായിത്തീർന്നു;
കർത്താവെ! നീ എത്രത്തോളം! എന്നേ 5
ക്കും നീ കോപിക്കുമൊ? നിൻെറ കോപം
അഗ്നിപോലെ ജ്വലിക്കുമൊ?
നിന്നെ അറിയാത്ത ജാതികൾ മേലും 6
നിൻെറ തിരുനാമം വിളിച്ചപേക്ഷിക്കാത്ത
രാജ്യങ്ങൾമേലും നിൻെറ കോപം ചൊരിയ
ണമെ!
എന്തെന്നാൽ അവർ യാക്കോബിനെ 7
ഭക്ഷിക്കയും അവൻെറ വാസസ്ഥലത്തെ
ശൂന്യമാക്കുകയും ചെയ്തു,
ഞങ്ങളുടെ പൂർവ്വന്മാരുടെ പാപങ്ങൾ 8
ഞങ്ങൾക്ക് എതിരായി ഓർക്കരുതേ;
നിൻെറ കരുണ വേഗം ഞങ്ങളെ മുമ്പിട
ണമേ! എന്തെന്നാൽ ഞങ്ങൾ ഏററം
താഴ്ത്തപ്പെട്ടിരിക്കുന്നു;
ഞങ്ങളുടെ രക്ഷകനായ ദൈവമേ! 9
നിൻെറ മഹത്വതിരുനാമം നിമിത്തം
ഞങ്ങളെ സഹായിക്കണമെ! നിങ്ങളുടെ
ദൈവം എവിടെയാകുന്നുവെന്നു ജാതികൾ
പറയാതിരിപ്പാൻ തിരുനാമം നിമിത്തം
ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരമു
ണ്ടാക്കി ഞങ്ങളെ രക്ഷിക്കണമെ!
നിൻെറ ഭൃത്യന്മാരുടെ രക്തം ചിന്തിയ 10
തൻെറ പ്രതികാരം ഞങ്ങളുടെ മുമ്പാകെ
ജാതികളിൽ കാണട്ടെ;
ബന്ധനസ്ഥൻെറ ദീർഘശ്വാസം തിരു 11
സന്നിധിയിൽ എത്തണമെ! നിൻെറ ഭുജ
വല്ലഭത്വത്താൽ മക്കളെ മരണത്തിൽനിന്നാ
ഴിച്ചുവിടണമെ!
കർത്താവെ! ഞങ്ങളുടെ അയല്ക്കാർ 12
നിന്നെ നിന്ദിച്ച നിന്ദ ഏഴിരട്ടിയായി അവ
രുടെ മാർവ്വിലേക്കു പകരം കൊടുക്കണമെ!
നിൻെറ ജനവും ആട്ടിൻകൂട്ടത്തിലെ 13
ആടുകളും ആകുന്ന ഞങ്ങൾ എന്നേക്കും
നിന്നെ സ്ത്രോത്രംചെയ്യും; പിൻതലമുറ
കളോടു നിൻെറ അത്ഭുതങ്ങളെ വർണ്ണി
ക്കുകയും ചെയ്യും;

80 ഇസ്രായേലിൻെറ ഇടയനേ! ചെവി 1
ക്കൊള്ളണമെ! ആടുകളെപ്പോലെ
യൗസേപ്പിനെ നടത്തണമെ! ക്രൂബകൾ
മേൽ വസിക്കുന്നവനേ പ്രത്യക്ഷമാക
ണമെ!
എപ്രേമിൻെറയും ബന്യാമിൻെറയും 2
മനശ്ശെയുടെയും മുമ്പാകെ നിൻെറ ബലം

കാണിച്ചു ഞങ്ങളുടെ രക്ഷയ്ക്കായി എഴു
ന്നള്ളണമെ!
3 ബലവാനായ ദൈവമേ! ഞങ്ങളെ
യഥാസ്ഥാനപ്പെടുത്തണമെ! തിരുമുഖം
പ്രകാശിപ്പിക്കണമെ! ഞങ്ങൾ രക്ഷപെടട്ടെ!
4 ബലവാനായ ദൈവംതമ്പുരാനേ നീ
എത്രത്തോളം നിന്റെ ദാസന്റെ പ്രാർത്ഥ
നയ്ക്കു വിരോധമായി കോപിക്കും?
5 നീ കണ്ണുനീരോടെ അവരെ അപ്പം തീ
റ്റി, കണ്ണുനീരോടെ അവരെ കുടിപ്പിച്ചു,
6 നീ ഞങ്ങളെ ഞങ്ങളുടെ അയല്ക്കാർ
ക്ക് പഴഞ്ചൊല്ലാക്കിത്തീർത്തു. ഞങ്ങളുടെ
ശത്രുക്കൾ ഞങ്ങളെ പരിഹസിച്ചു;
7 ബലവാനായ ദൈവമേ! ഞങ്ങളെ
യഥാസ്ഥാനപ്പെടുത്തണമെ! തിരുമുഖം
പ്രകാശിപ്പിക്കണമെ! ഞങ്ങൾ രക്ഷപെടട്ടെ!
8 നീ മെസ്രേനിൽനിന്ന് ഒരു മുന്തിരി വ
ള്ളി പുറപ്പെടുവിച്ചു; നീ ജാതികളെ നശി
പ്പിച്ച് അതു നട്ടു;
9 നീ അതിന്ന് തടമെടുത്ത് അത് വേരൂന്നി
അതു ദേശം നിറഞ്ഞു.
10 അതിന്റെ നിഴൽകൊണ്ടു പർവ്വതങ്ങൾ
മൂടി. അതിന്റെ കൊമ്പുകൾ ദൈവത്തി
ന്റെ ദേവദാരുവൃക്ഷങ്ങൾക്കു മുകളി
ലായി;
11 അതിന്റെ വേരുകൾ സമുദ്രംവരെയും
അതിന്റെ വള്ളികൾ നദീതീരംവരെയും
നീട്ടി;
12 നീ അതിന്റെ വേലിയെ പൊളിച്ചതെ
ന്തിന്? വഴിയാത്രക്കാർ അതിനെ ചവിട്ടു
ന്നുവല്ലൊ;
13 കാട്ടുപന്നി തിന്ന് അതിനെ നശിപ്പിച്ചു;
കാട്ടുമൃഗങ്ങൾ അതു ഭക്ഷിച്ചുകളഞ്ഞു.
14 ബലവാനായ ദൈവമേ! നീ തിരിഞ്ഞു
സ്വർഗ്ഗത്തിൽ നിന്നു സുക്ഷിച്ചുനോക്കി ഈ
മുന്തിരിവള്ളിയേയും,
15 നിന്റെ വലങ്കൈ നട്ട മുന്തിരിത്തണ്ടി
നെയും നിനക്കായി നീ ശക്തിപ്പെടുത്തീ
യിട്ടുള്ള മനുഷ്യനേയുംകുറിച്ച് കല്പനയു
ണ്ടാകണമെ!
16 അതിന്റെ മുന്തിരിത്തണ്ടുകളെ തീ
യിൽ ദഹിപ്പിച്ചു; തിരുമുഖശാസനയാൽ
അവ നശിക്കണമൊ?
17 ഞങ്ങൾ നിന്നിൽനിന്നു പിന്മാറാതിരി
പ്പാൻ നിനക്കായി നീ ബലപ്പെടുത്തീട്ടുള്ള
പുരുഷന്റെ മേലും മനുഷ്യപുത്രന്റെമേ
ലും നിന്റെ വലങ്കൈ ഉണ്ടായിരിക്കണമെ.
18 അത്രയുമല്ലാ, നീ ഞങ്ങളെ ജീവിപ്പി
ക്കണമെ. ഞങ്ങൾ നിന്റെ തിരുനാമത്തെ
വിളിച്ചപേക്ഷിക്കും.

ബലവാനായ ദൈവംതമ്പുരാനേ 19
ഞങ്ങളെ യഥാസ്ഥാനപ്പെടുത്തണമെ!
തിരുമുഖം പ്രകാശിപ്പിക്കണമെ! ഞങ്ങൾ
രക്ഷപെടട്ടെ;

81

നമ്മെ ബലപ്പെടുത്തുന്ന ദൈവ 1
ത്തെ സ്തുതിപ്പിൻ; യാക്കോബി
ന്റെ ദൈവത്തിന് ഘോഷിപ്പിൻ;
നന്തുനികളോടുകൂടെ തപ്പുകളെയും 2
സ്വരവിശേഷമുള്ള വീണകളെയും എടു
പ്പിൻ;
പെരുന്നാൾ ദിവസങ്ങളായ മാസാരംഭ 3
ത്തിലും അമാവാസിയിലും കാഹളമൂതുവിൻ,
എന്തെന്നാൽ അതു ഇസ്രായേലിനു 4
നിയമവും യാക്കോബിന്റെ ദൈവം നിശ്ച
യിച്ചിട്ടുള്ളതുമാകുന്നു.
അവൻ മെസ്രേൻ ദേശത്തുനിന്നു പുറ 5
പ്പെട്ടപ്പോൾ യൗസേപ്പിൽ തന്റെ സാക്ഷി
യായി അതിനെ കല്പിച്ചു; അവൻ അറി
യാത്ത ഭാഷ കേട്ടു;
ഞാൻ അവന്റെ തോളിൽനിന്നു നുകം 6
നീക്കി ബന്ധനത്തിൽനിന്നു അവന്റെ
കൈകളെ അഴിച്ചു;
അവൻ ഞെരുക്കത്തിൽ എന്നെ വിളി 7
ച്ചു; ഞാൻ അവനെ രക്ഷിച്ചു. എന്റെ മഹ
ത്വമുള്ള മറവിൽ അവനെ മറച്ചു; തർക്ക
ത്തിന്റെ വെള്ളത്തിങ്കൽ ഞാൻ അവനെ
ശോധന ചെയ്തു;
എന്റെ ജനമേ! കേൾക്ക, ഞാൻ 8
സംസാരിക്കാം; ഇസ്രായേലേ നീ എന്നെ
അനുസരിക്കുമെങ്കിൽ ഞാൻ നിന്നോടു
സാക്ഷ്യപ്പെടുത്തി പറയാം;
നിനക്കു അന്യദൈവമുണ്ടാകരുത്, 9
വിഗ്രഹങ്ങളെ നീ വന്ദിക്കയുമരുത്.
മെസ്രേൻ ദേശത്തുനിന്നു നിന്നെ കരേ
റ്റിക്കൊണ്ടു വന്ന നിന്റെ ദൈവമായ
കർത്താവ് ഞാനാകുന്നു; നിന്റെ വായ്
തുറക്കുക, ഞാൻ അതിനെ നിറയ്ക്കും.
എന്റെ ജനമോ എന്റെ ശബ്ദം കേൾ
ക്കാതെയും ഇസ്രായേൽ എന്നെ അനുസരി
ക്കാതെയും ഇരുന്നു;
അവരുടെ ഹൃദയത്തിന്റെ ഇഷ്ടംപോ
ലെയും സ്വന്തവിചാരപ്രകാരവും അവർ
നടന്നു;
എന്റെ ജനം എന്നെ അനുസരിക്കയും
ഇസ്രായേൽ എന്റെ വഴികളിൽ നടക്കയും
ചെയ്തുവെങ്കിൽ,
ഞാൻ ക്ഷണത്തിൽ അവരുടെ ശത്രു
ക്കളെ നശിപ്പിച്ചു അവരെ പകയ്ക്കുന്ന
വരുടെമേൽ എന്റെ കൈ ഞാൻ തിരിക്കു
മായിരുന്നു;

കർത്താവിനെ ദ്വേഷിക്കുന്നവർ തന്നെ
ക്കാണ്ടു വ്യാജം പറഞ്ഞു; അവർക്ക്
ന്നേക്കും സംഭ്രമം പിടിച്ചു;
താൻ പുഷ്ടിയുള്ള കോതമ്പ് അവരെ
ററിക്കുവാൻ പാറയിൽനിന്നു തേൻകൊ
ു അവരെ സംതൃപ്തരാക്കുമായിരുന്നു.

2
ദൈവം മാലാഖമാരുടെ ഇടയിൽ
നിന്നു; താൻ മാലാഖമാരുടെ മദ്ധ്യേ
ുന്ന് ന്യായം വിധിക്കും;
എത്രത്തോളം നിങ്ങൾ അന്യായമാ
വിധിച്ചു ദുഷ്ടന്മാരോടു മുഖപക്ഷം
യ്യും?
അനാഥരുടെയും സാധുക്കളുടെയും
കടം കേട്ട് ദരിദ്രന്മാർക്കും എളിയവർക്കും
ണ്ടി നീതി നടത്തുവിൻ!
ദുഷ്ടന്മാരുടെ കൈയിൽനിന്നു ദരിദ്ര
യും പാവപ്പെട്ടവരേയും രക്ഷിപ്പിൻ!
എന്തെന്നാൽ അവർ അന്ധകാരത്തിൽ
ക്കുന്നുവെന്നു ഗ്രഹിക്കുന്നില്ല, തിരിച്ച
ുന്നുമില്ല, ഭൂമിയുടെ അടിസ്ഥാനമൊ
യും ഇളകി;
നിങ്ങൾ ദൈവങ്ങൾ എന്നും, നിങ്ങൾ
ാവരും അത്യുന്നതൻെറ മക്കളെന്നും
ൻ പറഞ്ഞിട്ടുണ്ടല്ലോ!
എന്നാൽ ഇനി നിങ്ങൾ മനുഷ്യരെ
ലെ മരിക്കും; പ്രഭുക്കന്മാരിൽ ഒരുവനെ
ലെ വീഴും;
ദൈവമേ! എഴുന്നേററു ഭൂമിയെ വിധി
മെ! സകല ജാതികളും നിൻെറ അവ
മല്ലോ;

3
ദൈവമേ! നിനക്കു സദൃശൻ ആരാ
കുന്നു; നീ മൗനമായും അടങ്ങിയും
രുതെ!
ണ്ടാലും നിൻെറ ശത്രുക്കൾ കലഹി
ു; നിന്നെ പകയ്ക്കുന്നവർ തലയു
ിയിരിക്കുന്നു.
അവർ നിൻെറ ജനത്തിനു വിരോധ
അവരുടെ കൗശലത്താൽ രഹസ്യം
ത് നിൻെറ ശുദ്ധിമാന്മാർക്കു വിരോധ
ആലോചിച്ചു;
ുവിൻ; അവർ ഒരു ജനമായിരിക്കാത
അവരെ നമുക്കു നശിപ്പിക്കാം, ഇനി
യേലെന്ന നാമം ഓർക്കപ്പെടുകയു
എന്നു അവർ പറഞ്ഞു.
ന്തെന്നാൽ അവർ ഏകമാനസരായി
ാചിച്ച് നിനക്കു വിരോധമായി കൂട്ടു
ണ്ടാക്കി;
ദോമിൻെറയും, അറബിക്കാരു
മോവാബിൻെറയും ഗെദറായക്കാരു
കൂടാരവും,

ആമ്മോൻെറയും അമാലേക്കിൻെറയും, 7
സൂർനിവാസികളുടെയും ഫെലിസ്ത്യൻെറ
യും അതിർത്തിയും, (തന്നെ)
അസ്സിറിയനും അവരോടു യോജിച്ച് 8
ലോത്തിൻെറ മക്കൾക്കു സഹായികളായി
ത്തീർന്നു;
നീ അവരെ മിദിയാനെപ്പോലെയും, 9
സിസറായെപ്പോലെയും കീശോൻ സമതല
ത്തിൽ വച്ചു യാബീനെപ്പോലെയും ആക്ക
ണമെ!
അവർ യിൻദോറിൽ വച്ചു നശിച്ചു നില 10
ത്തിനു വളമായിത്തീർന്നു.
നീ അവരേയും അവരുടെ സകല അധി 11
കാരികളെയും ഊറിബിനെയും സീബിനെ
യും, സോബാഹിനെയും, സൽമ്നായെയും
പോലെ വെട്ടിനശിപ്പിക്കണമെ;
എന്തെന്നാൽ നാം ദൈവത്തിൻെറ 12
പട്ടണത്തെ നമുക്കവകാശമാക്കണമെന്നു
അവർ പറഞ്ഞിരിക്കുന്നു;
ദൈവമെ! നീ അവരെ വണ്ടിച്ചക്രംപോ 13
ലെയും കാററിനു മുമ്പിൽ കരടുപോലെയും;
കാട്ടിൽ വയ്ക്കുന്ന അഗ്നിപോലെയും 14
പർവ്വതങ്ങളെ ദഹിപ്പിക്കുന്ന അഗ്നിജ്വാല
പോലെയും ആക്കണമെ!
ഇപ്രകാരം നിൻെറ ചുഴലിക്കാററുകൊ 15
ണ്ടു അവരെ പീഡിപ്പിച്ച് നിൻെറ കൊടു
ങ്കാററുകൊണ്ട് അവരെ ഭ്രമിപ്പിക്കണമെ!
കർത്താവെ! അവർ നിൻെറ തിരുനാമം 16
അന്വേഷിക്കേണ്ടതിനു ലജ്ജകൊണ്ടു
അവരുടെ മുഖങ്ങൾ നിറയ്ക്കണമെ!
അവർ എന്നെന്നേക്കും നാണിച്ചു 17
ഭ്രമിച്ചു ലജ്ജിച്ചു നശിക്കട്ടെ!
കർത്താവെന്നു തിരുനാമമുള്ള നീ 18
മാത്രം സർവ്വഭൂമിയിലും അത്യുന്നതനെന്നു
അവർ അറിയട്ടെ.

84
ബലവാനായ കർത്താവെ! നിൻെറ 1
കൂടാരങ്ങൾ എത്ര മനോഹരമാ
കുന്നു;
എൻെറ ആത്മാവു കർത്താവിൻെറ 2
പ്രാകാരങ്ങൾക്കായി അതിവാഞ്ഛയോടെ
കാംക്ഷിച്ചു; എൻെറ ഹൃദയവും എൻെറ
ജഡവും ജീവനുള്ള ദൈവത്തെ സ്തുതിച്ചു;
പക്ഷി ഒരു കൂടിനെയും ചെങ്ങാലി ഒരു 3
വാസസ്ഥലത്തെയും കണ്ടെത്തി, എൻെറ
രാജാവും എൻെറ ബലവാനുമായ കർത്താ
വേ! അവ നിൻെറ ബലിപീഠത്തിന്നരികെ
കുഞ്ഞുങ്ങളെ വളർത്തി.
നിൻെറ ഭവനത്തിൽ വസിക്കുന്നവർക്കു 4
ഭാഗ്യം; അവർ എന്നേക്കും നിന്നെ സ്തു
തിക്കും;

5 നീ സഹായിക്കയും ഹൃദയത്തിൽ നി
ൻെറ ഊടുവഴികൾ ഉണ്ടായിരിക്കയും ചെയ്യു
ന്ന മനുഷ്യന്നു ഭാഗ്യം;
6 അവർ വിലാപതാഴ്വരയിൽക്കൂടി
കടന്ന് അതിനെ വാസസ്ഥലമാക്കി; ന്യായ
പ്രമാണദാതാവു വാഴ്വു ധരിക്കും.
7 അവർ ബലത്തിൽനിന്നു ബലത്തിലേ
ക്കു പോകും; ദൈവങ്ങളുടെ ദൈവം സെഹി
യോനിൽ കാണപ്പെടും;
8 ബലവാനായ ദൈവംതമ്പുരാനേ!
എൻെറ പ്രാർത്ഥന കേൾക്കണമെ! യാക്കോ
ബിൻെറ ദൈവമേ! ചെവിക്കൊള്ളണമെ.
9 ഞങ്ങളെ സഹായിക്കുന്ന ദൈവമെ! നീ
തൃക്കൺ പാർത്തു നിൻെറ അഭിഷിക്ത
ൻെറ മുഖം കടാക്ഷിക്കണമെ!
10 എന്തെന്നാൽ നിൻെറ ഭവനത്തിലെ
ഒരു ദിവസം ആയിരം ദിവസത്തേക്കാൾ
നല്ലതാകുന്നു; ദുഷ്ടന്മാരുടെ കൂടാരത്തിൽ
വസിക്കുന്നതിനേക്കാൾ ദൈവഭവനത്തിൽ
വസിപ്പാൻ എനിക്കിഷ്ടമായിരിക്കുന്നു;
11 എന്തെന്നാൽ ദൈവമായ കർത്താവ്
ആകുന്നു ഞങ്ങളെ പുലർത്തുന്നതും
ഞങ്ങളെ സഹായിക്കുന്നതും; കർത്താവു
കരുണയും ബഹുമാനവും നല്കും; പരമാർ
ത്ഥികളിൽനിന്നു തൻെറ നന്മകളെ വിരോ
ധിക്കയില്ല.
12 ബലവാനായ ദൈവം തമ്പുരാനേ, നി
ന്നിൽ ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.

85

1 കർത്താവെ! നീ നിൻെറ ദേശത്തോ
ടിഷ്ടപ്പെട്ടു യാക്കോബിൻെറ അടി
മയെ തിരിയെ കൊണ്ടുവന്നു;
2 നീ നിൻെറ ജനത്തിൻെറ അന്യായം
ക്ഷമിച്ച്, അവരുടെ സകല പാപങ്ങളെയും
മൂടി.
3 നീ നിൻെറ സകല കോപത്തെയും
നീക്കിക്കളകയും നിൻെറ ഉഗ്രകോപത്തെ
മാററുകയും ചെയ്തു.
4 ഞങ്ങളുടെ രക്ഷകനായ ദൈവമേ!
ഞങ്ങളെ തിരിയെ കൊണ്ടുപോകണമെ!
ഞങ്ങളിൽനിന്നു നിൻെറ കോപം ശമിപ്പി
ക്കണമെ!
5 നീ എന്നേക്കും ഞങ്ങളുടെ നേരെ കോ
പിക്കരുതെ, നിൻെറ കോപം തലമുറ തല
മുറകളായി സംഗ്രഹിക്കുകയും അരുതെ!
6 എന്നാലൊ ഞങ്ങളെ വീണ്ടെടുത്തു
ജീവിപ്പിക്കണമെ! നിൻെറ ജനം നിന്നിൽ
സന്തോഷിക്കട്ടെ!
7 കർത്താവേ! നിൻെറ കൃപ ഞങ്ങളെ
കാണിച്ചു നിൻെറ രക്ഷ ഞങ്ങൾക്കു നല്ക
ണമെ!
ഞങ്ങളുടെ ദൈവമായ കർത്താവ് 8
പറയുന്നതു ഞങ്ങൾ കേൾക്കും, അവർ
പിന്തിരിയാതിരിപ്പാൻ താൻ തൻെറ ജന
ത്തോടും തൻെറ നീതിമാന്മാരോടും സമാ
ധാനം സംസാരിക്കുന്നു;
തന്നെ ഭയപ്പെടുന്നവർക്കു തൻെറ രക്ഷ 9
സമീപമാകുന്നു; താൻ തൻെറ ബഹുമാനം
നമ്മുടെ ദേശത്തു വസിക്കുമാറാക്കും;
കൃപയും സത്യവും എതിരേററ് പുണ്യ 1
വും സമാധാനവും ചുംബിക്കും;
വിശ്വാസം ഭൂമിയിൽനിന്നു മുളയ്ക്കും, 1
നീതി സ്വർഗ്ഗത്തിൽനിന്നു സൂക്ഷിച്ചു
നോക്കി;
കർത്താവു തൻെറ നന്മകളെയും ഭൂമി 1
അതിൻെറ വിളവുകളെയും തരും;
നീതിമാൻ തൻെറ മുമ്പാകെ നടക്കും; 1
അവൻ തൻെറ നടപ്പുകളെ ഭൂമിയിൽ
ക്രമപ്പെടുത്തുകയും ചെയ്യും.

86

കർത്താവെ! ഞാൻ ദരിദ്രനും എളി
യവനും ആയതുകൊണ്ടു നിൻെറ
ചെവി ചായിച്ചെന്നോടുത്തരമരുളണമെ!
നീ നല്ലവനാകകൊണ്ടു എൻെറ ആത്മാ
വിനെ കാത്തു പാലിക്കണമെ ദൈവമേ!
നിന്നിൽ ആശ്രയിക്കുന്ന നിൻെറ ദാസനെ
രക്ഷിക്കണമെ!
കർത്താവേ! എന്നോടു കരുണചെയ്യ
ണമെ! ഞാൻ ദിനംപ്രതി നിന്നെ വിളിക്കും;
കർത്താവേ! ഞാൻ എൻെറ ആത്മാ
വിനെ നിങ്കലേക്കുയർത്തിയതുകൊണ്ടു
അടിയൻെറ ആത്മാവിനെ സന്തോഷിപ്പി
ക്കണമെ!
കർത്താവേ! നീ നല്ലവനാകുന്നു, നിന്നെ
വിളിക്കുന്ന ഏവർക്കും നിൻെറ കൃപ
വളരെയുമാകുന്നു.
കർത്താവേ! എൻെറ പ്രാർത്ഥന ശ്രദ്ധി
ച്ച് എൻെറ നിലവിളിയുടെ ശബ്ദം കേൾ
ക്കണമെ!
എൻെറ ആപത്തുനാളിൽ ഞാൻ നിന്നെ
വിളിച്ചു; നീ എന്നോടുത്തരമരുളി;
ദൈവമായ കർത്താവേ! നിന്നെപ്പോലെ
ഒരുത്തനുമില്ല; നിൻെറ ക്രിയകൾപോലെ
യും ഇല്ല.
കർത്താവേ! നീ നിർമ്മിച്ച സകല ജാതി
കളും വന്നു നിന്നെ വന്ദിച്ചു നിൻെറ തി
നാമം സ്തുതിക്കും;
എന്തെന്നാൽ നീ വലിവയവനും
മാത്രം അത്ഭുതങ്ങളെ പ്രവർത്തിക്കു
വനുമായ ദൈവമാകുന്നു;
കർത്താവേ! നിൻെറ വഴി എന്നെ കാ
ക്കണമെ! ഞാൻ സത്യത്തിൽ നടക്ക

ൻെറ തിരുനാമത്തെ ഭയപ്പെടുന്നവരിൽ
ൻെറ ഹൃദയം സന്തോഷിക്കും;
എൻെറ ദൈവമായ കർത്താവേ! ഞാൻ
ൻെറ പൂർണ്ണഹൃദയത്തോടെ നിന്നെ
തോത്രം ചെയ്ത് എന്നേക്കും നിൻെറ
ുനാമത്തെ മഹത്വപ്പെടുത്തും.
നിൻെറ കൃപ എൻെറ മേൽ വർദ്ധിച്ചിരി
ുന്നു; അഗാധമായ പാതാളത്തിൽനിന്നു
ൻെറ ആത്മാവിനെ രക്ഷിക്കുകയും
യ്തു.
ദൈവമേ! ദുഷ്ടന്മാർ എനിക്കു വിരോ
ായി എഴുന്നേററു, ബലവാന്മാരുടെ കൂട്ടം
ൻെറ പ്രാണനെ അന്വേഷിച്ചു; അവർ
ന്ന ഓർത്തില്ല.
ദൈവമായ കർത്താവേ! നീ കരുണയും
യും ദീർഘക്ഷമയും വളരെ കൃപയും
്യവും ഉള്ളവനാകുന്നു,
എൻെറ നേരെ തിരിഞ്ഞു എന്നോടു
ുണ ചെയ്യണമെ! നിൻെറ ദാസന്നു
തി തന്നു നിൻെറ ദാസിയുടെ പുത്രനെ
ിക്കണമെ!
കർത്താവേ! നി എന്നെ സഹായിച്ചു
്വസിപ്പിച്ചുവെന്ന് എന്നെ പകയ്ക്കുന്ന
കണ്ടു ലജ്ജിക്കേണ്ടതിന്നു ഒരു നല്ല
യാളം എന്നിൽ വയ്ക്കണമെ.

7 കർത്താവിൻെറ സ്ഥാപനം തൻെറ
വിശുദ്ധപർവ്വതത്തിലാകുന്നു;
യാക്കോബിൻെറ എല്ലാ കൂടാരത്തേ
ലും അധികം സെഹിയോൻെറ വാതിലു
! താൻ സ്നേഹിച്ചു!
ന്തങ്ങളുടെ ദൈവത്തിൻെറ നഗരമെ!
ന്നക്കുറിച്ചു മഹൽക്കാര്യങ്ങൾ പറയ
ിരിക്കുന്നു;
ണ്ടാലും എന്നെ അറിയുന്നവരായ
ാബിനെയും ബാബേലിനെയും, ഫെലി
്യർ, സൂറുകാർ, എത്യോപ്യർ എന്നിവ
ും നീ ഓർക്കണമെ! ഇവൻ അവിടെ
ച്ചു;
വലവാനായ മനുഷ്യൻ അതിൽ ജനി
ന്നും അവൻ അതിനെ ഉറപ്പിച്ചുവെ
സെഹിയോനോടു പറഞ്ഞു;
ർത്താവു ജാതികളെ പുസ്തകത്തിൽ
ുമ്പോൾ ഇവൻ അവിടെ ജനിച്ചു
എണ്ണും;
ിന്നിൽ വസിക്കുന്ന പ്രഭുക്കന്മാരും
ലക്കു വിനയപ്പെട്ടു വന്ന്, എല്ലാവരും
ൽ സന്തോഷിക്കും;
എൻെറ രക്ഷയുടെ ദൈവമായ
കർത്താവേ! ഞാൻ രാവും പകലും
ുമ്പാകെ നിലവിളിച്ചു;

എൻെറ പ്രാർത്ഥന തിരുമുമ്പാകെ 2
പ്രവേശിക്കണമെ! എൻെറ അപേക്ഷ
യ്ക്കായി നിൻെറ ചെവി ചായിക്കണമെ;
എന്തെന്നാൽ എൻെറ ആത്മാവു അരി 3
ഷ്ടതകളാൽ നിറഞ്ഞു; എൻെറ ആയസ്സു
പാതാളത്തോടടുത്തു;
കുഴിയിൽ ഇറങ്ങുന്നവരോടുകൂടെ 4
ഞാൻ എണ്ണപ്പെട്ടു; ഞാൻ സഹായമില്ലാത്ത
മനുഷ്യനെപ്പോലെ ആയിത്തീർന്നു. മൃത
മദ്ധ്യത്തിൽ സ്വതന്ത്രൻ.
നീ വീണ്ടും ഓർക്കാത്തവരും തൃക്കൈ 5
യിൽനിന്നു നഷ്ടപ്പെട്ടവരും ആയി കബറു
കളിൽ കിടക്കുന്ന നിഹതന്മാരെപ്പോലെ
ഞാൻ ഉപേക്ഷിക്കപ്പെട്ടവനായിത്തീർന്നു;
അന്ധകാരവും മരണനിഴലും ഉള്ള 6
താണ കുഴിയിൽ നീ എന്നെ ഇറക്കിയിരി
ക്കുന്നു;
നിൻെറ കോപം എൻെറ മേൽ കഠിന 7
മായിരിക്കുന്നു; നിൻെറ തിരമാലകൾ എല്ലാം
എൻെറ മേൽ വരുത്തിയിരിക്കുന്നു;
എന്നെ അറിയുന്നവരെ നീ എന്നിൽ 8
നിന്നു ദൂരത്താക്കി; അവർക്ക് എന്നെ
അശുദ്ധനാക്കിത്തീർത്തു; പുറത്തിറങ്ങാത
വണ്ണം എന്നെ വിരോധിച്ചു;
എൻെറ ദുഃഖംകൊണ്ടു എൻെറ കണ്ണു 9
ക്ഷയിച്ചു; കർത്താവെ! ഞാൻ ദിനംതോറും
നിന്നെ വിളിച്ചു നിങ്കലേക്ക് എൻെറ കൈ
കളെ ഞാൻ നീട്ടി;
കണ്ടാലും മരിച്ചവർക്കു നീ അത്ഭുത 10
ങ്ങളെ പ്രവർത്തിക്കുന്നു; ബലവാന്മാരെഴു
ന്നേററു നിന്നെ സ്തോത്രം ചെയ്യും.
കബറുകളിലുള്ളവർ നിൻെറ കൃപ 11
യേയും, നാശത്തിൽ നിൻെറ വിശ്വസ്തത
യേയും വിവരമായി അറിയിക്കും;
അന്ധകാരത്തിൽ നിൻെറ അത്ഭുതവും 12
മറന്നുകളഞ്ഞ ഭൂമിയിൽ നിൻെറ നീതിയും
പ്രസിദ്ധമാകും;*
കർത്താവേ നിങ്കലേക്കു ഞാൻ നില 13
വിളിച്ചു; പ്രഭാതത്തിൽ എൻെറ പ്രാർത്ഥന
തിരുസന്നിധിയിലെത്തും;
കർത്താവേ! നീ എൻെറ ആത്മാവിനെ 14
മറക്കരുതെ! എന്നിൽനിന്നു തിരുമുഖം
തിരിച്ചുകളയരുതെ!
ഞാൻ എളിയവനും എൻെറ ബാല്യം 15
മുതൽ അരിഷ്ടനും ആകുന്നു; ഞാൻ
ഉയർത്തപ്പെട്ടു എങ്കിലും താഴ്ത്തപ്പെട്ടു
വിഷാദത്തിലായിരിക്കുന്നു;
നിൻെറ കോപം എൻെറ മീതെ കടന്നു; 16
നിൻെറ ക്രോധം എന്നെ മൗനിയാക്കിയിരി
ക്കുന്നു;

ീർത്തനത്തിൻെറ അവസാനത്തിൽ സുറിയാനി കാണുക. സങ്കീ. 141:7; ഹെസ്കി. 37:1-10, മത്താ. 27:52, 1 പ. 3:19.

17 അവ നിത്യവും വെള്ളംപോലെ എന്നെ
ചുററി, ഒരുമിച്ചെന്നെ വളഞ്ഞു,
18 എൻെറ സ്നേഹിതന്മാരേയും എൻെറ
സഖികളേയും എന്നിൽനിന്നു ദൂരത്താക്കു
കയും എന്നെ അറിയുന്നവരെ എന്നിൽ
നിന്നകററുകയും ചെയ്തിരിക്കുന്നു.

89

1 ഞാൻ കർത്താവിൻെറ കൃപയെ
ക്കുറിച്ച് എന്നേക്കും പാടും, ഞാൻ
എൻെറ വായ്കൊണ്ട് തൻെറ വിശ്വസ്തത
യെ തലമുറതലമുറവരെയും അറിയിക്കും;
2 എന്തെന്നാൽ കൃപയാൽ ലോകം പണി
യപ്പെടുമെന്നും നിൻെറ വിശ്വസ്തതയെ
സ്വർഗ്ഗം സ്ഥിരപ്പെടുത്തുമെന്നും നീ അരുളി
ച്ചെയ്തു.
3 ഞാൻ എൻെറ തിരഞ്ഞെടുക്കപ്പെട്ടവ
നോടു ഒരു ഉഭയസമ്മതം ചെയ്തു, എൻെറ
ദാസനായ ദാവീദിനോടാണയിട്ടു;
4 ഞാൻ നിൻെറ സന്തതിയെ എന്നേക്കും
സ്ഥിരപ്പെടുത്തി, നിൻെറ സിംഹാസനത്തെ
തലമുറതലമുറവരെയും പണിതുറപ്പിക്കും;
5 കർത്താവെ! സ്വർഗ്ഗങ്ങൾ നിൻെറ
അത്ഭുതങ്ങളെയും വിശുദ്ധന്മാരുടെ സഭ
യിൽ നിൻെറ വിശ്വസ്തതയേയും ഏററു
പറയും;
6 സ്വർഗ്ഗങ്ങളുടെ സ്വർഗ്ഗങ്ങളിൽ കർത്താ
വിനോടു സമൻ ആർ? മാലാഖമാരുടെ ഇട
യിൽ കർത്താവിനോടു സദൃശൻ ആർ?
7 ദൈവം ശുദ്ധിമാന്മാരുടെ സഭയിൽ
നിന്നു; താൻ വലിയവനും തനിക്കു ചുററു
മുള്ള എല്ലാവർക്കും ഭയങ്കരനും ആകുന്നു;
8 ബലവാനായ ദൈവംതമ്പുരാനേ
നിന്നെപ്പോലെ ശക്തിയുള്ളവൻ ആരാകു
ന്നു? നിൻെറ വിശ്വസ്തത നിൻെറ ചുററും
ഉണ്ട്.
9 നീ സമുദ്രത്തിൻെറ പ്രാബല്യത്തെ
ഭരിക്കുന്നു; അതിൻെറ തിരകളുടെ കോപം
നീ അടക്കുന്നു.
10 നീ നിഗളികളെ മരിച്ചവരെപ്പോലെ
താഴ്ത്തുന്നു; നിൻെറ ശത്രുക്കളെ നിൻെറ
ബലമുള്ള ഭുജംകൊണ്ടു ചിതറിക്കുന്നു;
11 ആകാശങ്ങൾ നിനക്കുള്ളതാകുന്നു;
ഭൂമിയും നിനക്കുള്ളതാകുന്നു; ഭൂലോക
ത്തെ അതിൻെറ പരിപൂർണ്ണതയോടെ നീ
സ്ഥാപിച്ചു;
12 വടക്കും തെക്കും നീ നിർമ്മിച്ചു; താ
ബോറും ഹെർമ്മോനും നിൻെറ തിരുനാമം
സ്തുതിക്കും.
13 ഭുജം നിനക്കുള്ളതു, ബലവും നിനക്കു
ള്ളതു. നിൻെറ വലങ്കൈ ഉന്നതപ്പെടുകയും
ചെയ്യും;

നീതിയും ന്യായവുംകൊണ്ടു നിൻെറ
സിംഹാസനം സ്ഥാപിച്ചിരിക്കുന്നു; കൃപ
യും സത്യവും നിമിത്തം അവർ തിരുമുമ്പാ
കെ വന്നെത്തും;
നിൻെറ മഹത്വങ്ങൾ അറിയുന്ന ജന
ത്തിന്നു ഭാഗ്യം; കർത്താവെ അവർ തിരു
മുഖപ്രകാശത്തിൽ നടക്കും;
അവർ നിത്യവും നിൻെറ തിരുനാമ
ത്തിൽ ആനന്ദിച്ചു നിൻെറ നീതിയിൽ
ഉയർന്നുവരും;
എന്തെന്നാൽ നീ ഞങ്ങളുടെ ശക്തി
യുടെ മഹത്വമാകുന്നു; തിരുവിഷ്ടത്താൽ
ഞങ്ങളുടെ കൊമ്പുയരും;
കർത്താവു ഞങ്ങളുടെ ശരണവും
ഇസ്രായേലിൻെറ പരിശുദ്ധൻ ഞങ്ങളുടെ
രാജാവുമാകുന്നു;
അപ്പോൾ ദർശനങ്ങളിൽ തൻെറ
നീതിമാന്മാരോടു താൻ സംസാരിച്ചു;
ഞാൻ മനുഷ്യന്നു സഹായം നിയമിക്കയും
ജനത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട
വനെ ഉയർത്തുകയും ചെയ്തു എന്നരുളി
ച്ചെയ്തു;
ഞാൻ എൻെറ ദാസനായ ദാവീദിനെ
കണ്ടെത്തി, എൻെറ വിശുദ്ധ തൈലംകൊ
ണ്ട് അവനെ അഭിഷേകംചെയ്തു;
എൻെറ കൈ അവനെ സഹായിച്ചു;
എൻെറ ഭുജം അവനെ ശക്തിപ്പെടുത്തു
കയും ചെയ്തു;
അവൻെറ ശത്രുവിന്നു യാതൊരു
ഗുണവും ലഭിച്ചില്ല. ദോഷിയുടെ പുത്രൻ
അവനെ കീഴടക്കിയുമില്ല.
ഞാൻ അവൻെറ ശത്രുക്കളെ അവൻെറ
മുമ്പിൽനിന്നു നശിപ്പിച്ച് അവനെ പക
യ്ക്കുന്നവരെ ഛിന്നഭിന്നമാക്കും;
എൻെറ വിശ്വസ്തതയും എൻെറ കൃപ
യും അവനോടുകൂടെയിരിക്കും; എൻെറ
നാമത്തിൽ അവൻെറ കൊമ്പുയരുകയും
ചെയ്യും;
അവൻെറ കൈ സമുദ്രത്തിന്മേലും
അവൻെറ വലംകൈ നദികളിന്മേലും ഞാൻ
വയ്ക്കും;
അവൻ എന്നെ എൻെറ പിതാവു
എൻെറ ദൈവവും, എൻെറ ബലമുള്ള രക്ഷ
കനും എന്നു വിളിക്കും;
വിശേഷിച്ചും, ഞാൻ അവനെ ആദ്യ
ജാതനാക്കുകയും ഭൂരാജാക്കന്മാരുടെ മേൽ
ഉയർത്തുകയും ചെയ്യും;
ഞാൻ എൻെറ കൃപയെ അവന്നായ്
എന്നേക്കും സൂക്ഷിക്കും, എൻെറ ഉഭയ
സമ്മതം അവൻ മൂലം സ്ഥിരമായിരിക്കും;

ഞാൻ അവൻെറ സന്തതിയെ എന്നേ
ക്കും സ്ഥിരപ്പെടുത്തും; അവൻെറ സിംഹാ
സനം ആകാശമുള്ള കാലത്തോളം നില
നിർത്തുകയും ചെയ്യും;
അവൻെറ പുത്രന്മാർ എൻെറ വേദപ്ര
മാണം ഉപേക്ഷിക്കുകയും എൻെറ കല്പന
കളിൻപ്രകാരം നടക്കാതെയും ഇരുന്നാൽ;
അവരുടെ അന്യായത്തിന്നു വടി
കൊണ്ടും;
അവരുടെ പാപങ്ങൾക്കു ദണ്ഡനംകൊ
ണ്ടും ഞാൻ ശിക്ഷ കല്പിക്കും;
എന്നാലും എൻെറ കൃപയെ ഞാൻ
അവനിൽനിന്നു നീക്കിക്കളയുകയില്ല.
എൻെറ വിശ്വസ്തതയ്ക്കു ഞാൻ ഭംഗം
വരുത്തുകയുമില്ല;
ഞാൻ എൻെറ ഉഭയസമ്മതം ലംഘിക്ക
യില്ല. എൻെറ അധരങ്ങളിൽനിന്ന് പുറപ്പെ
ട്ടതു വ്യത്യാസപ്പെടുത്തുകയുമില്ലാ.
ഞാൻ എൻെറ വിശുദ്ധിയിൽ ദാവീദി
നോട് ഒരാണയിട്ടിട്ടുണ്ട്; ഞാൻ വ്യാജം
പറകയില്ല;
അവൻെറ സന്തതി എന്നേക്കും അവ
ൻെറ സിംഹാസനം എൻെറ മുമ്പാകെ
സൂര്യൻ ഉള്ളിടത്തോളവും ഇരിക്കും;
അതു ആകാശത്തിൽ വിശ്വസ്ത
സാക്ഷിയായി നില്ക്കുന്ന ചന്ദ്രൻ ഉള്ളിട
ത്തോളം ഇരിക്കും;
എന്നാൽ നീ എന്നെ മറന്നു നിരസിച്ചു;
നിൻെറ അഭിഷിക്തനിൽനിന്ന് തിരുമുഖം
മറിച്ചു.
നീ നിൻെറ ദാസനോടുള്ള ഉഭയ
സമ്മതം നിരസിച്ചു; അവൻെറ കിരീടം
നിലത്തിട്ടു,
അവൻെറ വേലി പൊളിച്ചു, അവൻെറ
കോട്ടകൾ ഇടിച്ചുകളഞ്ഞു;

വഴിയേപോകുന്നവർ അവനെ ചവിട്ടി, 41
അവൻ അവൻെറ അയൽക്കാർക്ക് നിന്ദ
യായിത്തീർന്നു.
നീ അവൻെറ ശത്രുക്കളുടെ വലങ്കൈ 42
ഉയർത്തി, അവനെ വെറുക്കുന്ന എല്ലാവ
രെയും സന്തോഷിപ്പിച്ചു;
നീ അവൻെറ വാളിൻെറ വായ്ത്തല 43
മടക്കി; യുദ്ധത്തിൽ അവനെ സഹായിച്ചില്ല;
നീ അവൻെറ ജയവീരന്മാരെ നിർമ്മൂല 44
മാക്കി; അവൻെറ സിംഹാസനം നില
ത്തേക്കു തള്ളിയിട്ടു;
നീ അവൻെറ യൗവനദിവസങ്ങളെ 45
ചുരുക്കി; നീ അവനെ ലജ്ജ ധരിപ്പിച്ചു;
കർത്താവേ നീ നിത്യമായി കോപി 46
ക്കുന്നതും നിൻെറ കോപം അഗ്നിപോലെ
ജ്വലിക്കുന്നതും എത്രത്തോളം?
ഈ ലജ്ജാവസ്ഥയിൽ എന്നെ ഓർക്ക 47
ണമെ. എന്തെന്നാൽ നീ യാതൊരു മനുഷ്യ
നെയും വൃഥാ സൃഷ്ടിച്ചില്ലല്ലോ?
ജീവനുള്ളവരിൽ മരണം കാണാതിരി 48
ക്കയും സ്വന്തപ്രാണനെ പാതാളത്തിൽ
നിന്ന് വിടുവിക്കുകയും ചെയ്യുന്ന മനുഷ്യൻ
ആർ?
കർത്താവെ! നീ വിശ്വസ്തതയോടെ 49
ദാവീദിനോടു ആണയിട്ടിട്ടുള്ള നിൻെറ
പൂർവ്വകൃപ എവിടെ?
കർത്താവെ! അടിയനോടുള്ള നിന്ദ 50
ഓർക്കണമെ, ജാതികളുടെ സകല നിന്ദയും
എൻെറ ആയുഷ്ക്കാലത്തിൽ ഞാൻ
അനുഭവിച്ചുവല്ലൊ;
കർത്താവെ! നിൻെറ ശത്രുക്കൾ എന്നെ 51
നിന്ദിച്ചു; നിൻെറ അഭിഷിക്തൻെറ കാലടി
കളെയും നിന്ദിച്ചു;
കർത്താവു എന്നേക്കും വാഴ്ത്തപ്പെട്ടവ 52
നാകുന്നു; ആമീൻ, അമീൻ.

നാലാം പുസ്തകം

90 കർത്താവെ! നീ തലമുറതലമുറ
യായിട്ട് ഞങ്ങളുടെ വാസസ്ഥലമാ
യിരുന്നു;
പർവ്വതങ്ങൾ ഉണ്ടായതിന്നു മുമ്പെയും
ഭൂമി സ്വരൂപമാകുന്നതിനു മുമ്പെയും
ലോകം നിർമ്മിതമാകുന്നതിനു മുമ്പെയും
ആദിമുതൽ എന്നേയ്ക്കോളവും നീ ദൈവ
മാകുന്നു.
എന്നാൽ നീ മനുഷ്യനെ അഗാധത്തി
ലേക്കു തിരിയുമാറാക്കി; മനുഷ്യരേ നിങ്ങൾ
തിരിച്ചു വരുവിൻ എന്നും കല്പിച്ചു;

എന്തെന്നാൽ ആയിരം സംവത്സര 4
ങ്ങൾ നിൻെറ കണ്ണുകളിൽ കഴിഞ്ഞു
പോയ ഇന്നലത്തെ ദിവസംപോലെ
യും ഒരു രാത്രിയാമംപോലെയും ഇരി
ക്കുന്നു;
അവരുടെ വംശവൃത്താന്തം ഉറക്കം 5
പോലെ ആയിരിക്കും; പ്രഭാതത്തിൽ
പുഷ്പംപോലെ അതു വ്യത്യാസപ്പെടും;
എന്തെന്നാൽ അതു അതികാലത്തെ 6
പുഷ്പിച്ച് വികസിക്കുന്നു, സന്ധ്യയ്ക്ക്
വാടി ഉണങ്ങുകയും ചെയ്യുന്നു;

7 ഞങ്ങളൊ നിൻെറ കോപംകൊണ്ട്
നശിച്ചുപോയി; നിൻെറ ക്രോധം നിമിത്തം
ഭ്രമിക്കയും ചെയ്തു;
8 നീ ഞങ്ങളുടെ പാപങ്ങൾ തിരുമുമ്പാ
കെ വച്ചിരിക്കുന്നു; തിരുമുഖപ്രസാദത്താൽ
ശക്തീകരിക്കണമെ!
9 എന്തെന്നാൽ ഞങ്ങളുടെ ദിവസ
മെല്ലാം ക്രോധത്തിൽ തീർന്നു: ഞങ്ങളുടെ
ആണ്ടുകൾ എട്ടുകാലിവല പോലെ കഴി
ഞ്ഞുപോയി;
10 ഞങ്ങളുടെ ആയുസ്സിൻെറ ദിവസങ്ങൾ
എഴുപതു സംവത്സരങ്ങളും പ്രയാസ
ത്തോടെ എൺപതു സംവത്സരങ്ങളും
ആകുന്നു; അവയിൽ അധികഭാഗവും
അദ്ധ്വാനങ്ങളും വേദനകളും ആകുന്നു;
എന്തെന്നാൽ ഞങ്ങൾക്കു അധഃപതനം
വന്നു, ഞങ്ങൾ വിഷമത്തിലായിത്തീർന്നു;
11 നിൻെറ കോപത്തിൻ ഉഗ്രതയേയും
നിൻെറ ക്രോധത്തിൻ ഭയങ്കരതയേയും
അറിയാവുന്നവൻ ആര്?
12 ഹൃദയത്തെ ജ്ഞാനത്തിൽ അഭ്യസിപ്പി
ക്കേണ്ടതിന്നു ഞങ്ങളുടെ ദിവസങ്ങളുടെ
എണ്ണം ഞങ്ങളോടറിയിക്കണമെ!
13 കർത്താവേ തിരിച്ചു വരണമെ! എത്ര
ത്തോളം നിൻെറ ദാസന്മാരെ ആശ്വസിപ്പി
ക്കാതിരിക്കും?
14 പ്രഭാതസമയത്തു തന്നെ നിൻെറ കൃപ
കൊണ്ട് ഞങ്ങളെ തൃപ്തരാക്കണമെ!
ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും
ഞങ്ങൾ സ്തുതി പാടി സന്തോഷിക്കും;
15 ഞങ്ങളുടെ അന്യായവും ഞങ്ങൾ അരി
ഷ്ടത കണ്ടിട്ടുള്ള സംവത്സരങ്ങളും അവ
സാനിച്ചിരിക്കകൊണ്ട് ഞങ്ങളെ സന്തോഷി
പ്പിക്കണമെ;
16 അടിയങ്ങൾക്ക് നിൻെറ പ്രവൃത്തികളും
മക്കൾക്ക് നിൻെറ പ്രാബല്യവും പ്രത്യക്ഷ
പ്പെടണമെ!
17 ഞങ്ങളുടെ ദൈവമായ കർത്താവി
ൻെറ പ്രസാദം ഞങ്ങളുടെ മേൽ ഉണ്ടായിരി
ക്കട്ടെ! തൻെറ കൈവേലയെ ഞങ്ങളുടെ
മേൽ താൻ സ്ഥിരപ്പെടുത്തി തൻെറ കൈ
പ്പണിയാൽ ഞങ്ങളെ ഉറപ്പിക്കുകയും
ചെയ്തു.

91

1 അത്യുന്നതൻെറ മറവിൽ ഇരിക്കു
ന്നവനും ദൈവത്തിൻെറ നിഴലിൽ
മഹത്വപ്പെടുന്നവനുമായ (മനുഷ്യാ);
2 നീ കർത്താവിനോട് എൻെറ ശരണ
വും എൻെറ സങ്കേതസ്ഥലവും ഞാൻ
ആശ്രയിച്ചിരിക്കുന്ന ദൈവവും (നീ ആകു
ന്നു) എന്നു പറയുക.
എന്തെന്നാൽ താൻ വിരുദ്ധത്തിൻെറ 3
കെണിയിൽനിന്നും വ്യർത്ഥസംസാരത്തിൽ
നിന്നും നിന്നെ രക്ഷിക്കും;
തൻെറ തൂവലുകൾകൊണ്ട് നിന്നെ 4
രക്ഷിക്കും. തൻെറ ചിറകുകളുടെ കീഴിൽ
നീ മറയ്ക്കപ്പെടും, തൻെറ സത്യം നിൻെറ
ചുററിലും ആയുധമായിരിക്കും;
നീ രാത്രിയിലെ ഭയത്തേയും പകൽ 5
പറക്കുന്ന അസ്ത്രത്തേയും;
ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തേയും 6
ഉച്ചയിൽ ഊതുന്ന കാററിനേയും ഭയപ്പെ
ടേണ്ടാ;
നിൻെറ ഒരു ഭാഗത്തു ആയിരങ്ങളും, 7
നിൻെറ വലത്തുഭാഗത്തു പതിനായിര
ങ്ങളും വീഴും; അവ നിങ്കലേക്കടുക്കയില്ല;
എന്നാലൊ നീ സ്വന്ത കണ്ണുകൾകൊ 8
ണ്ടു നോക്കി ദുഷ്ടന്മാർക്കുള്ള പ്രതിഫലം
കാണും;
എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥ 9
ലമാക്കിയ എൻെറ ശരണമായ കർത്താവ്
നീ ആകുന്നു;
ദോഷം നിന്നോടടുക്കുകയില്ല; ശിക്ഷ 10
നിൻെറ കൂടാരത്തെ സമീപിക്കയുമില്ല,
നിൻെറ സകല വഴികളിലും നിന്നെ 11
കാക്കേണ്ടതിന്ന് അവൻ നിന്നെക്കുറിച്ചു
തൻെറ മാലാഖമാരോടു കല്പിക്കും;
നിൻെറ കാല് ഇടറാതിരിപ്പാൻ അവ 12
രുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും;
ഗോർസൊസർപ്പത്തേയും ഹർമ്മോ 13
നോസർപ്പത്തേയും നീ ചവിട്ടും, സിംഹത്തേ
യും പെരുമ്പാമ്പിനേയും നീ മെതിക്കും;
അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് 14
ഞാൻ അവനെ രക്ഷിക്കും; അവൻ എൻെറ
നാമം അറിഞ്ഞതുകൊണ്ട് ഞാൻ അവനെ
ബലപ്പെടുത്തും;
അവൻ എന്നെ വിളിക്കും; ഞാൻ അവ 15
നോടുത്തരം പറയും; ആപത്തുകാലത്ത്
ഞാനവനോടുകൂടെയിരുന്ന് അവനെ
ബലപ്പെടുത്തുകയും ബഹുമാനിക്കയും
ചെയ്യും;
ദീർഘായസ്സുകൊണ്ട് ഞാനവനെ 16
തൃപ്തിപ്പെടുത്തും; എൻെറ രക്ഷ ഞാൻ
അവനെ കാണിക്കയും ചെയ്യും;

92

കർത്താവിനെ സ്തോത്രം ചെയ്യു 1
ന്നതും അത്യുന്നതനേ, തിരുനാമ
ത്തിനു പാടുന്നതും;
പ്രഭാതകാലത്തു നിൻെറ കൃപയെ 2
യും രാത്രിതോറും നിൻെറ വിശ്വസ്തത
യേയും അറിയിക്കുന്നതും എത്ര നല്ലതാ
കുന്നു;

ഞാൻ പത്തു കമ്പിയുള്ള വീണവാ
ിക്കും;
കർത്താവേ നീ നിന്റെ പ്രവൃത്തികൾ
കൊണ്ട് എന്നെ സന്തോഷിപ്പിച്ചു; ഞാൻ
നിന്റെ കൈവേലയിൽ മഹത്വപ്പെടും.
കർത്താവേ! നിന്റെ പ്രവൃത്തികൾ
എത്ര വലിയവയാകുന്നു; നിന്റെ വിചാര
ങ്ങൾ എത്ര അഗാധങ്ങളുമാകുന്നു;
ഭോഷനായ മനുഷ്യൻ അറിയുന്നില്ല;
ഢൻ അതിനെ തിരിച്ചറിയുന്നുമില്ല.
ദുഷ്ടന്മാർ പുല്ലുപോലെ മുളയ്ക്കു
ന്നതും അന്യായം ചെയ്യുന്ന ഏവരും തഴ
ക്കുന്നതും അവർ എന്നെന്നേക്കും നശിച്ചു
പോകേണ്ടതിന്നാകുന്നു.
കർത്താവേ നീ എന്നേക്കും അത്യുന്നത
ാകുന്നു.
എന്തെന്നാൽ കർത്താവേ ഇതാ നിന്റെ
ത്രുക്കൾ, ഇതാ നിന്റെ ശത്രുക്കൾ നശി
ും; അന്യായം പ്രവർത്തിക്കുന്നവരെല്ലാം
തറിപ്പോകും;
നീ എന്റെ കൊമ്പുകളെ കാണ്ടാമൃഗ
കൊമ്പുപോലെ ഉയർത്തി; സുഗന്ധ
തലംകൊണ്ട് നീ എന്നെ അഭിഷേകം
ചെയ്തു.
എന്റെ കൺകൾ എന്റെ വൈരികളെ
ണുകയും എന്റെ ചെവികൾ എനിക്കു
രോധമായി നില്ക്കുന്ന ദുഷ്ടന്മാരെ
റിച്ചു കേൾക്കയും ചെയ്യും,
നീതിമാൻ ദെക്കിലാവൃക്ഷംപോലെ
ിർക്കും; അവൻ ലബാനോനിലെ ദേവ
ു വൃക്ഷങ്ങൾ പോലെ വളരും;
കർത്താവിന്റെ ഭവനത്തിലും നമ്മുടെ
ദവത്തിന്റെ പ്രാകാരങ്ങളിലും നടപ്പെട്ടി
ക്കുന്നവർ വീണ്ടും തളിർക്കും.
അവർ വാർദ്ധക്യത്തിലും വളർന്ന്
ഷ്ടിയും ആനന്ദവും ഉള്ളവരായിത്തീരും;
കർത്താവ് നേരുള്ളവൻ, ബലവാൻ,
ിനയില്ലാത്തവൻ എന്നെല്ലാം അവർ
സിദ്ധമാക്കും.

3 കർത്താവു വാണു. താൻ പ്രാബ
ല്യംധരിച്ചിരിക്കുന്നു, കർത്താവു
ംധരിച്ച്, ശക്തിപ്പെട്ടിരിക്കുന്നു; താൻ
ലാകത്തെ ഇളകാതവണ്ണം സ്ഥിരപ്പെടു
യിരിക്കുന്നു;
നിന്റെ സിംഹാസനം മുമ്പെതന്നെ
സ്ഥിരമാകുന്നു; നീ അനാദിയായു
ളനാകുന്നു;
കർത്താവെ നദികൾ ഉയർന്നു, നദികൾ
യുടെ ശബ്ദം ഉയർത്തി. അവ നിർമ്മ
യോടെ ഉയർന്നു;

പെരുവെള്ളങ്ങളുടെ മുഴക്കംമൂലം 4
സമുദ്രത്തിലെ തിരമാലകൾ ശക്തിയുള്ള
വയാകുന്നു; കർത്താവു അത്യുന്നതങ്ങളിൽ
മഹത്വമുള്ളവനാകുന്നു;
നിന്റെ സാക്ഷികൾ എത്രയും വിശ്വാ 5
സയോഗ്യമാകുന്നു; കർത്താവെ പരിശു
ദ്ധത നിന്റെ ഭവനത്തിന്നു എന്നേക്കും
ചേർച്ചയുള്ളതുമാകുന്നു;

94 പ്രതികാരം ചെയ്യുന്ന ദൈവമായ 1
കർത്താവേ! പ്രതിക്രിയ ചെയ്യുന്ന
ദൈവമേ പ്രകാശിക്കണമെ!
ഭൂമിയുടെ ന്യായാധിപതിയേ നീ ഉയർ 2
ന്ന് നിഗളികളോടു പ്രതികാരം ചെയ്യണമെ!
കർത്താവേ! ദുഷ്ടന്മാർ എത്രത്തോളം 3
പ്രശംസിക്കും?
അന്യായം പ്രവർത്തിക്കുന്നവനെല്ലാം 4
എത്രത്തോളം അന്യായം ആവർത്തിച്ചു
സംസാരിക്കും?
കർത്താവേ അവർ നിന്റെ ജനത്തെ 5
ക്ഷീണിപ്പിച്ചു നിന്റെ അവകാശത്തെ
അടിമയാക്കി;
അവർ വിധവകളേയും പരദേശികളേ 6
യും കൊന്നു; അനാഥരെ ഹിംസിച്ചു;
കർത്താവു കാണുന്നില്ല എന്നും 7
യാക്കോബിന്റെ ദൈവം തിരിച്ചറിയുന്നില്ല
എന്നും അവർ പറഞ്ഞു;
സ്വജനത്തിൽ ഭോഷന്മാരായുള്ളവരേ! 8
തിരിച്ചറിവിൻ; മൂഢന്മാരേ നിങ്ങൾ എത്ര
ത്തോളം തിരിച്ചറിവില്ലാതിരിക്കും;
ചെവികൾ സൃഷ്ടിച്ചവൻ കേൾക്കയില്ല 9
യോ? കണ്ണുകൾ നിർമ്മിച്ചവൻ തിരിച്ചറി
യുകയില്ലയോ?
ജാതികളെ ശിക്ഷിക്കുന്നവൻ ശാസിക്ക 10
യില്ലയോ? മനുഷ്യന്നു ജ്ഞാനം ഉപദേശി
ച്ചവൻ അറികയില്ലയോ?
കർത്താവു മനുഷ്യരുടെ വിചാരങ്ങൾ 11
അറിയുന്നു; എന്തെന്നാൽ അവർ മായയാ
കുന്നു;
കർത്താവേ നീ അഭ്യസിപ്പിക്കയും 12
നിന്റെ വേദപ്രമാണം പഠിപ്പിക്കയും ചെയ്യു
ന്ന മനുഷ്യൻ ഭാഗ്യവാൻ.
ദുഷ്ടന്മാർക്കായി കുഴികുഴിക്കുന്നതു 13
വരെ ദുർദ്ദിവസങ്ങളിൽനിന്നു നീ അവനെ
ആശ്വസിപ്പിക്കും;
കർത്താവു സ്വജനത്തെ കൈവിടുക 14
യില്ല. തന്റെ അവകാശത്തെ ഉപേക്ഷിക്ക
യില്ല.
എന്തെന്നാൽ ന്യായവിധി നീതിമാന്റെ 15
പിന്നാലെ ചെല്ലും; ഹൃദയനേരുള്ളവരെല്ലാം
അതിനെ പിന്തുടരുകയും ചെയ്യും.

16 ദുഷ്ടന്മാർക്ക് എതിരായി എനിക്കു
വേണ്ടി ആർ എഴുന്നേല്ക്കും? അന്യായം
ചെയ്യുന്നവർക്കെതിരായി എനിക്കു വേണ്ടി
ആർ തയ്യാറാകും?
17 കർത്താവു എനിക്കു സഹായകനായിരു
ന്നില്ലെങ്കിൽ എന്റെ ആത്മാവു ക്ഷണത്തിൽ
അരിഷ്ടതയിൽ അകപ്പെടുമായിരുന്നു;
18 എന്റെ കാലുകൾ തെറ്റിയെന്നു
ഞാൻ പറഞ്ഞപ്പോൾ, കർത്താവേ നിന്റെ
കൃപ എന്നെ താങ്ങി;
19 എന്റെ മനോവേദനകളുടെ ആധിക്യ
ത്തിൽ നിന്റെ ആശ്വാസങ്ങൾ എന്റെ
ആത്മാവിനെ രക്ഷിച്ചു.
20 നിന്റെ പ്രമാണത്തിന്നു വിരോധമായി
നേരുകേടു നിർമ്മിച്ചുണ്ടാക്കിയ നേരുകെട്ട
വരുടെ സിംഹാസനത്തിന്നു നിന്നോടു
സഖ്യതയില്ലല്ലോ.
21 അവർ നീതിമാന്റെ ആത്മാവിനെ
അകപ്പെടുത്തുവാൻ കെണിവയ്ക്കുന്നു;
കുറ്റമില്ലാത്തവന്റെ രക്തത്തെ കുറ്റം
വിധിക്കയും ചെയ്യുന്നു.
22 എങ്കിലും ബലവാനായ കർത്താവ്
എനിക്കു ബലമുള്ള ദൈവവും സഹായക
നുമായിത്തീർന്നു;
23 താൻ അവരുടെ അകൃത്യത്തെ അവ
രുടെ മേൽ തന്നെ വരുത്തി അവരുടെ
ദുഷ്ടതയാൽ അവരെ മൗനമാക്കി; ദൈവ
മായ കർത്താവു അവരെ നിശ്ശബ്ദരാക്കി.

95

1 വരുവിൻ! നമുക്കു കർത്താവിനെ
സ്തുതിച്ചു നമ്മുടെ രക്ഷകനായ
ദൈവത്തിന്ന് കീർത്തനം പാടാം.
2 നമുക്കു സ്തോത്രത്തോടുകൂടെ തിരു
മുമ്പാകെ ചെന്നു സങ്കീർത്തനങ്ങളാൽ
തന്നെ മഹത്വപ്പെടുത്താം.
3 എന്തെന്നാൽ കർത്താവ് മഹാദൈവ
വും സകല ദേവന്മാർക്കും മീതെ മഹാരാജാ
വുമാകുന്നു;
4 ഭൂമിയുടെ അടിസ്ഥാനങ്ങളും പർവ്വത
ശിഖരങ്ങളും തന്റെ കൈകളിലാകുന്നു;
5 സമുദ്രം തനിക്കുള്ളതാകുന്നു; താൻ
അതിനെ ഉണ്ടാക്കി, കരയും തന്റെ കൈ
കൾ സൃഷ്ടിച്ചു.
6 വരുവിൻ, നമുക്കു മുട്ടുകുത്തി തന്നെ
ആരാധിക്കാം, നമ്മെ നിർമ്മിച്ച കർത്താ
വിനെ സ്തോത്രംചെയ്യാം;
7 താൻ നമ്മുടെ ദൈവമാകുന്നു, നാം
തന്റെ ജനവും തന്റെ മേച്ചിൽസ്ഥലത്തെ
ആടുകളും ആകുന്നു;
8 ഇന്നു തന്റെ ശബ്ദം നിങ്ങൾ അനുസ
രിക്കുമെങ്കിൽ കലഹക്കാരെപ്പോലെയും,
മരുഭൂമിയിലെ പരീക്ഷാദിവസം പോലെയും
തന്നെ കോപിപ്പിപ്പാൻ നിങ്ങളുടെ ഹൃദയ
ങ്ങൾ കഠിനമാക്കരുതു;
അന്നു നിങ്ങളുടെ പൂർവ്വീകന്മാർ 9
എന്നെ പരീക്ഷിച്ച് എന്റെ പ്രവൃത്തികളെ
ശോധനചെയ്തുകണ്ടു.
നാല്പതുസംവത്സരം ആ വംശത്തോ 10
ടു എനിക്കു നീരസമുണ്ടായി; അവർ
ഹൃദയം തെറ്റുന്ന ജനമെന്നും, അവർ
എന്റെ വഴികളെ അറിഞ്ഞില്ല എന്നും
ഞാൻ പറഞ്ഞു;
ആകയാൽ എന്റെ സ്വസ്ഥതയിലേ 11
ക്ക് അവർ പ്രവേശിക്കയില്ല എന്ന് എന്റെ
ക്രോധത്തിൽ ഞാൻ ആണയിട്ടു.

96

കർത്താവിന്നു ഒരു പുതിയ സ്തുതി 1
സമർപ്പിക്കുവിൻ! ഭൂതലം മുഴുവനുമേ
കർത്താവിനെ സ്തുതിപ്പിൻ;
കർത്താവിനെ സ്തുതിച്ചു തന്റെ തിരു 2
നാമം വാഴ്ത്തുവിൻ; പ്രതിദിനം തന്റെ
രക്ഷയെ അറിയിപ്പിൻ;
ജാതികളിൽ തന്റെ ബഹുമാനവും 3
നാനാജാതികളിലും തന്റെ പ്രവൃത്തികളും
പ്രസിദ്ധമാക്കുവിൻ;
എന്തെന്നാൽ നമ്മുടെ കർത്താവ് വലി 4
യവനും എത്രയം സ്തുത്യനും സർവ്വദേവന്മാ
രുടെയും മേൽ ഭയങ്കരനുമാകുന്നു;
ജാതികളുടെ സകല ദേവന്മാരും മായ 5
യാകുന്നു; എന്നാൽ കർത്താവോ ആകാശ
ങ്ങളെ സൃഷ്ടിച്ചവനാകുന്നു;
പ്രഭയും മഹത്വവും തിരുമുമ്പാകെ 6
യുണ്ട്. ബലവും സ്തുതിയും തന്റെ പരിശുദ്ധ
സ്ഥലത്തും ഉണ്ട്.
ജാതികളുടെ ഗോത്രങ്ങളായുള്ളോരേ! 7
കർത്താവിന്നു കൊടുപ്പിൻ, മഹത്വവും
ബഹുമാനവും കർത്താവിന്നു കൊടുപ്പിൻ.
കർത്താവിന്നു തന്റെ തിരുനാമത്തി 8
ന്നു തക്ക ബഹുമാനം കൊടുപ്പിൻ; കാഴ്ച
കൾ കൊണ്ടുവന്നു തന്റെ പ്രാകാരങ്ങളിൽ
പ്രവേശിപ്പിൻ;
തന്റെ വിശുദ്ധ പ്രാകാരത്തിൽ
കർത്താവിനെ ആരാധിപ്പിൻ. സർവ്വഭൂമിയും
തിരുസന്നിധിയിൽ ഇളകട്ടെ;
കർത്താവു രാജ്യഭരണം ചെയ്യുന്നു
എന്ന് ജാതികളുടെ ഇടയിൽ പറയുവിൻ;
ഭൂലോകം ഇളകാതവണ്ണം താൻ സ്ഥിരപ്പെ
ടുത്തി; താൻ ജാതികൾക്കു നേരോടെ
ന്യായം നടത്തും.
സ്വർഗ്ഗങ്ങൾ സന്തോഷിക്കയും ഭൂമി
ആനന്ദിക്കയും, സമുദ്രം അതിന്റെ പരി
പൂർണ്ണതയോടെ ആഹ്ലാദിക്കയും ചെയ്യട്ടെ!

വയലുകളും അവയിലുള്ളതൊക്കെയും
ക്ലിപ്രാപിക്കട്ടെ, അപ്പോൾ കാട്ടിലെ സകല
ക്ഷങ്ങളും ഭൂമിയെ വിധിപ്പാൻ എഴു
ള്ളുന്ന കർത്താവിൻെറ മുമ്പാകെ
ുതിപാടും.
താൻ ഭൂതലത്തെ നീതിയോടും ജാതി
ാള വിശ്വസ്തതയോടും ന്യായം വിധിക്കും;

97

കർത്താവ് രാജ്യം ഭരിക്കുന്നു, ഭൂമി
ആനന്ദിക്കും, വളരെ ദ്വീപുകളും
ന്തോഷിക്കും.
മേഘങ്ങളും അന്ധതമസ്സുകളും അതി
 െ ചുററുമുണ്ട്; നീതിയും ന്യായവുംകൊ
തൻെറ സിംഹാസനം സ്ഥിരമായി
ുന്നു;
അഗ്നി തിരുമുമ്പാകെ ജ്വലിച്ചു; തൻെറ
ുക്കളെ ദഹിപ്പിക്കും;
തൻെറ മിന്നലുകൾ ലോകത്തെ പ്രകാ
പ്പിച്ചു; ഭൂമി കണ്ടു വിറച്ചു;
പർവ്വതങ്ങൾ സകല ഭൂമിയുടേയും
ഥനായ കർത്താവിൻെറ മുമ്പാകെ
ുകുപോലെ ഉരുകി;
ആകാശങ്ങൾ തൻെറ നീതിയെ അറി
ച്ചു സകലജാതികളും തൻെറ ബഹുമാനം
ണ്ടു;
വിഗ്രഹങ്ങൾ ഉണ്ടാക്കി പ്രതിമകളെ
ിച്ചു പ്രശംസിക്കുന്നവർ എല്ലാം ലജ്ജി
; സകല ദൂതന്മാരുമേ തന്നെ വന്ദിപ്പിൻ;
സെഹിയോൻ കേട്ടു സന്തോഷിക്കും;
ത്താവേ നിൻെറ വിധികൾ ഹേതു
യി യഹൂദായുടെ കുമാരികൾ
ന്ദിക്കും;
എന്തെന്നാൽ കർത്താവേ നീ സർവ്വ
ക്കും മേൽ അത്യുന്നതനാകുന്നു; നീ
വ്വ ദേവന്മാർക്കും മേലായി എത്രയും
ന്നും ഇരിക്കുന്നു;
കർത്താവിനെ സ്നേഹിക്കുന്നവർ
ഷത്തെ വെറുക്കുന്നു; നീതിമാന്മാരുടെ
്മാക്കളെ താൻ കാത്തുകൊള്ളും,
ടന്മാരുടെ കൈയിൽ നിന്നു താൻ
െ രക്ഷിക്കയും ചെയ്യും;
നീതിമാന്മാർക്കു പ്രകാശവും ഹൃദയ
ുള്ളവർക്കു സന്തോഷവും ഉദിച്ചു;
നീതിമാന്മാരെ! കർത്താവിൽ സന്തോ
ു തൻെറ വിശുദ്ധിയുടെ ഓർമ്മ
ായി സ്തോത്രം ചെയ്വിൻ.

98

കർത്താവിന്നു ഒരു പുതിയ പാട്ട്
പാടുവിൻ, എന്തെന്നാൽ താൻ
ുതങ്ങൾ ചെയ്തിരിക്കുന്നു; തൻെറ
കൈയും പരിശുദ്ധഭുജവും രക്ഷനട
ിരിക്കുന്നു;
കർത്താവ് തൻെറ രക്ഷ പ്രസിദ്ധമാക്കി; 2
തൻെറ നീതി ജാതികളുടെ മുമ്പിൽ വെളി
പ്പെടുത്തി;
താൻ ഇസ്രായേൽ ഗൃഹത്തിലുള്ളവർ 3
ക്കായി തൻെറ കൃപയും വിശ്വാസവും
ഓർത്തു. ഭൂമിയുടെ അതിർത്തികളൊക്കെ
യും നമ്മുടെ ദൈവത്തിൻെറ രക്ഷ കണ്ടി
രിക്കുന്നു;
സകല ഭൂമിയുമേ കർത്താവിനെ 4
സ്തുതിപ്പിൻ; സന്തോഷിച്ചു പാടി സ്തുതിപ്പിൻ;
കിന്നരം കൊണ്ടും സംഗീതശബ്ദംകൊ
ണ്ടും കർത്താവിന്നു പാടുവിൻ;
കാഹളനാദത്തോടെ രാജാവായ 5
കർത്താവിൻെറ സന്നിധിയിൽ സ്തുതി
പാടുവിൻ;
സമുദ്രവും അതിലുള്ള സകലവും 6
ഭൂലോകവും അതിലെ നിവാസികളും
ഇളകട്ടെ;
നദികൾ ഒരുമിച്ചു കൈകൊട്ടട്ടെ! പർവ്വ 7
തങ്ങൾ സ്തുതിക്കട്ടെ!
ഭൂമിയെ വിധിപ്പാൻ എഴുന്നള്ളുന്ന 8
കർത്താവിൻെറ സന്നിധിയിൽ തന്നെ. എ
ന്തെന്നാൽ താൻ നീതിയോടെ ഭൂതലത്തേ
യും നേരോടെ ജാതികളേയും വിധിക്കും;

99

കർത്താവ് രാജ്യം ഭരിക്കുന്നു; ജാതി 1
കൾ ഇളകട്ടെ; താൻ ക്രൂബകൾ
മേൽ വസിക്കുന്നു; ഭൂമി ഇളകട്ടെ!
കർത്താവ് സെഹിയോനിൽ വലിയവ 2
നാകുന്നു; സകല ജാതികൾക്കും മീതെ
ഉന്നതനും ആകുന്നു;
അവർ മഹത്തും ഭയങ്കരവും പരിശുദ്ധ 3
വുമായ തിരുനാമത്തെ സ്തോത്രം ചെയ്യട്ടെ:
എന്തെന്നാൽ അതു പരിശുദ്ധമാകുന്നു:
രാജാവിൻെറ ശക്തി ന്യായത്തെ സ്നേ 4
ഹിക്കുന്നു; നേരും ന്യായവും നീ സ്ഥിര
പ്പെടുത്തി; യാക്കോബിൽ നീതീകരണം
ഉണ്ടാക്കയും ചെയ്തു;
നമ്മുടെ ദൈവമായ കർത്താവിനെ 5
പുകഴ്ത്തി തൻെറ പാദപീഠത്തെ വന്ദിപ്പിൻ,
താൻ പരിശുദ്ധനാകുന്നു;
തൻെറ പുരോഹിതന്മാരിൽ മോശയും 6
അഹറോനും, തൻെറ തിരുനാമം ആരാധി
ക്കുന്നവരിൽ ശമുവേലും കർത്താവിനെ
വിളിച്ചപ്പോൾ താൻ അവരോടുത്തരമരുളി;
താൻ അവരോട് മേഘത്തൂണിൽ 7
സംസാരിച്ചു; താൻ അവർക്കു കൊടുത്ത
സാക്ഷ്യവും ഉടമ്പടിയും അവർ പ്രമാണിച്ചു;
ഞങ്ങളുടെ ദൈവമായ കർത്താവെ നീ 8
അവരോടുത്തരമരുളിച്ചെയ്തുവല്ലൊ; നീ
അവർക്ക് പ്രതിഫലം കൊടുക്കണമെ;

അവരുടെ പ്രവൃത്തികൾ പോലെ നീ
അവർക്കു പ്രതിഫലം നൽകണമെ!
9 നമ്മുടെ ദൈവമായ കർത്താവിനെ
നിങ്ങൾ പുകഴ്ത്തി, തന്റെ വിശുദ്ധ
പർവ്വതത്തിൻ നേരെ തന്നെ ആരാധിപ്പിൻ,
എന്തെന്നാൽ നമ്മുടെ ദൈവമായ കർത്താ
വ് പരിശുദ്ധൻ ആകുന്നു.

100

1 സർവ്വ ഭൂമിയുമേ കർത്താവിനെ
സ്തുതിപ്പിൻ;
2 സന്തോഷത്തോടെ കർത്താവിനെ
സേവിപ്പിൻ; തിരുമുമ്പാകെ സ്തുതിയോടു
കൂടെ പ്രവേശിപ്പിൻ;
3 കർത്താവ് നമ്മുടെ ദൈവമാകുന്നുവെ
ന്നറിവിൻ; നമ്മെ സൃഷ്ടിച്ചതു താനാകു
ന്നു, നാമല്ലാ; നാമോ തന്റെ ജനവും
തന്റെ മേച്ചിൽസ്ഥലത്തെ ആടുകളും
ആകുന്നു;
4 തന്റെ വാതിലുകളിലൂടെ സ്തോത്ര
ത്തോടും തന്റെ പ്രാകാരങ്ങളിൽ സ്തുതി
യോടും പ്രവേശിപ്പിൻ! തന്നെ സ്തോത്രം
ചെയ്ത് തിരുനാമം വാഴ്ത്തുവിൻ;
5 എന്തെന്നാൽ കർത്താവു നല്ലവനും
തന്റെ കൃപ എന്നേക്കും തന്റെ വിശ്വാസം
തലമുറ തലമുറയ്ക്കും ഉള്ളതാകുന്നു;

101

1 ഞാൻ കൃപയെക്കുറിച്ചും ന്യായ
പാലനത്തെക്കുറിച്ചും പാടും;
കർത്താവെ ഞാൻ നിനക്കു സ്തുതിപാടും.
2 ഞാൻ നിന്റെ വഴിയിൽ നിഷ്കളങ്ക
നായി നടക്കും, നീ എപ്പോൾ എന്റെ അടു
ക്കൽ വരും? ഞാൻ എന്റെ ഭവനത്തിൽ
ഹൃദയപരമാർത്ഥതയോടെ നടന്നു;
3 ഞാൻ അനീതിയായ കാര്യം എന്റെ
കണ്ണുകൾക്കു മുമ്പിൽ വച്ചില്ല; തിന്മചെയ്യു
ന്നവനെ ഞാൻ വെറുത്തു. അവൻ എന്നെ
അനുഗമിക്കയില്ല.
4 ദുഷ്ടഹൃദയം എന്നിൽനിന്ന് അകന്നു
പോയി, ഞാൻ ദുഷ്ടത അറിഞ്ഞില്ല;
5 തന്റെ സഖിയെക്കുറിച്ച് രഹസ്യ
ത്തിൽ കുരള പറയുന്നവനെ ഞാൻ നശി
പ്പിക്കും; ഉന്നത ഭാവവും ഡംഭഹൃദയവും
ഉള്ളവനോടുകൂടെ ഞാൻ ഭക്ഷിക്കാതെ
യിരുന്നു;
6 എന്നോടൊന്നിച്ചു വസിക്കുന്നവരായ
ദേശത്തിലെ വിശ്വാസികളുടെ മേൽ
എന്റെ ദൃഷ്ടിയുണ്ടായിരിക്കും; കുററമററ
വഴിയിൽ നടക്കുന്നവൻ എന്നെ ശുശ്രൂ
ഷിക്കും;
7 വഞ്ചന ചെയ്യുന്നവൻ എന്റെ ഭവനത്തിൽ
വസിക്കയില്ല; വ്യാജസംസാരം എന്റെ
കണ്ണുകളുടെ മുമ്പിൽ ശുഭപ്പെടുകയില്ല;
ഞാൻ പ്രഭാതത്തിൽ ദേശത്തിലെ സക 8
ല ദുഷ്ടന്മാരെയും മൗനമാക്കും, അനീതി
ചെയ്യുന്നവരെയൊക്കെയും കർത്താവിന്റെ
നഗരത്തിൽ നിന്നു ഞാൻ നശിപ്പിച്ചു
കളയും.

102

കർത്താവേ! എന്റെ പ്രാർത്ഥന 1
കേൾക്കണമെ; എന്റെ നില
വിളി നിന്റെ അടുക്കൽ എത്തണമെ;
എന്റെ ആപത്തുനാളിൽ തിരുമുഖം 2
എന്നിൽനിന്നു മറയ്ക്കരുതേ; ഞാൻ നിന്നെ
വിളിക്കുന്ന ദിവസത്തിൽ എങ്കലേക്കു
ചെവി ചായിച്ച് വേഗത്തിൽ എന്നോടുത്തര
മരുളണമെ!
എന്തെന്നാൽ എന്റെ നാളുകൾ പുക 3
പോലെ കഴിഞ്ഞുപോയി; എന്റെ അസ്ഥി
കൾ വെന്തു വെണ്ണീറായി;
എന്റെ ഹൃദയം പുല്ലുപോലെ വാടി 4
ക്കരിഞ്ഞു; എന്റെ ആഹാരം കഴിപ്പാൻ
ഞാൻ മറന്നുപോയി;
എന്റെ നെടുവീർപ്പുകളുടെ ശബ്ദം 5
നിമിത്തം എന്റെ മാംസം അസ്ഥികളോടു
പററിപ്പോയി;
ഞാൻ വനത്തിലെ കാക്കയ്ക്കു തുല്യനാ 6
യി; ശൂന്യപ്രദേശത്തെ നത്തുപോലെ ആയി;
മേൽപ്പുരയ്ക്കു മേൽ പറക്കുന്ന പക്ഷി 7
പോലെ ഞാൻ തനിച്ചായിത്തീർന്നു.
എന്റെ ശത്രുക്കൾ നിത്യവും എന്നെ 8
നിന്ദിച്ചു; എന്നെ പുകഴ്ത്തുന്നവർ എന്നെ
നശിപ്പിപ്പാൻ ശപഥം ചെയ്തു.
ഞാൻ ആഹാരം പോലെ ചാരം ഭക്ഷി 9
ച്ചു; എന്റെ പാനീയം ഞാൻ കണ്ണുനീരോടു
കൂടെ കലർത്തി;
നിന്റെ കോപവും ക്രോധവും നിമിത്തം 1
തന്നെ; എന്തെന്നാൽ നീ എന്നെ ഉയർത്തി;
പിന്നെ എന്നെ തള്ളിയിട്ടു.
എന്റെ ദിവസങ്ങൾ നിഴൽപോലെ 1
ചാഞ്ഞുപോയി; ഞാൻ പുല്ലുപോലെ
ഉണങ്ങിപ്പോയി;
കർത്താവേ നീ എന്നേയ്ക്കും നില 1
നിൽക്കുന്നു; നിന്നെക്കുറിച്ചുള്ള ഓർമ്മ
തലമുറതലമുറയോളം ഇരിക്കുന്നു;
നീ എഴുന്നേററ് സെഹിയോനോട് 1
കരുണ ചെയ്യണമെ! അതിനോടു കരുണ
ചെയ്‌വാനുള്ള കാലം സമീപിച്ചുവല്ലോ.
നിന്റെ ദാസന്മാർ അതിന്റെ കല്ലുകളെ 1
ഇഷ്ടപ്പെടുകയും അതിന്റെ മണ്ണിനെ
സ്നേഹിക്കയും ചെയ്യു;
കർത്താവേ ജാതികൾ തിരുനാമത്തെ
യും, ഭൂരാജാക്കന്മാരെല്ലാം നിന്റെ ബഹു
മാനത്തെയും ഭയപ്പെടും;

എന്തെന്നാൽ കർത്താവ് സെഹിയോ
ൻ പണിയും, താൻ മഹത്വത്തിൽ പ്രത്യക്ഷ
ാകും;
താൻ അഗതികളുടെ പ്രാർത്ഥനയിങ്ക
ക്കു തിരിയും; അവരുടെ പ്രാർത്ഥനകൾ
രസിക്കുകയുമില്ല,
വരുവാനുള്ള തലമുറയ്ക്കു വേണ്ടി
തഴുതപ്പെടും; സൃഷ്ടിക്കപ്പെടുന്ന ജനം
ർത്താവിനെ സ്തുതിക്കും;
സെഹിയോനിൽ കർത്താവിൻെറ
മത്തെയും ഊർശ്ലേമിൽ തൻെറ മഹത്വ
ളെയും അറിയിപ്പാൻ വേണ്ടി;
ബന്ധനസ്ഥൻെറ നെടുവീർപ്പ് കേൾ
നും മക്കളെ മരണത്തിൽ നിന്നു വിടു
പ്പാനും,
കർത്താവ് തൻെറ വിശുദ്ധിയുടെ ഉന്ന
ത്തിൽ നിന്നു സൂക്ഷിച്ചു നോക്കുകയും
ർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു തൃക്കൺ
ർക്കുകയും ചെയ്തു;
അതു കർത്താവിനെ സേവിപ്പാൻ ജാതി
ും രാജ്യങ്ങളും ഒരുമിച്ചു കൂടിയപ്പോൾ
ന്ന;
അവൻ ഭൂമിയിൽ എൻെറ ശക്തിയെ
യിപ്പിച്ചു, എൻെറ നാളുകളുടെ കുറ
ന എന്നെ അറിയിക്കണമെ!
എൻെറ നാളുകളുടെ മദ്ധ്യത്തിൽ
ന്ന എടുത്തുകളയരുതെ; നിൻെറ
വത്സരങ്ങൾ തലമുറതലമുറയായി ഇരി
ന്നു:
ആദിയിൽ നീ ഭൂമിയെ അടിസ്ഥാന
ുത്തി; ആകാശങ്ങളും നിൻെറ കൈ
യാകുന്നു;
അവ നശിക്കും, നീയോ നിലനിൽക്കും.
യെല്ലാം വസ്ത്രം പോലെ പഴകിപ്പോകും,
കുപ്പായംപോലെ അവ നീങ്ങിപ്പോകും;
നീ യഥാസ്ഥിതി ഇരിക്കുന്നു; നിൻെറ
ത്സരങ്ങൾ അവസാനിക്കയില്ല;
നിൻെറ ദാസന്മാരുടെ മക്കൾ ദേശത്തു
ക്കും; അവരുടെ സന്തതി തിരുസന്നി
ൽ ശുഭമായിരിക്കും.

3 എൻെറ ആത്മാവേ! കർത്താവി
നെ വാഴ്ത്തുക, എൻെറ സകല
ികളുമേ തൻെറ വിശുദ്ധ നാമം
ത്തുവിൻ,
എൻെറ ആത്മാവേ! കർത്താവിനെ
ത്തുക, തൻെറ ഉപകാരങ്ങളെ ഒന്നും
ുകയും അരുത്.
ന്നാൽ താൻ നിൻെറ അകൃത്യമെല്ലാം
ിച്ച് നിൻെറ സർവ്വ നൊമ്പരങ്ങളെയും
്യമാക്കും;

താൻ നാശത്തിൽ നിന്ന് നിന്നെ രക്ഷി 4
ക്കും, കൃപകൊണ്ടും, കരുണകൊണ്ടും
നിന്നെ താങ്ങും;
താൻ നന്മകൾ കൊണ്ട് നിൻെറ ദേഹ 5
ത്തെ പുഷ്ടിപ്പെടുത്തും, നിൻെറ യൗവനം
കഴുകൻേറതുപോലെ പുതുക്കപ്പെടും;
കർത്താവ് ഞെരുങ്ങിയിരിക്കുന്ന 6
എല്ലാവർക്കും വേണ്ടി നീതിയും ന്യായവും
നടത്തുന്നു;
താൻ തൻെറ വഴികളെ മോശയോടും 7
തൻെറ ക്രിയകളെ ഇസ്രായേൽ മക്കളോടും
അറിയിച്ചു;
കർത്താവ് കരുണയും ദയയും ദീർഘ 8
ക്ഷമയും വളരെ കൃപയും ഉള്ളവനാകുന്നു;
താൻ എപ്പോഴും കോപിക്കയില്ല; 9
തൻെറ കോപം എന്നേക്കും സംഗ്രഹിക്ക
യുമില്ല.
താൻ നമ്മുടെ പാപങ്ങൾക്ക് തക്കവണ്ണം 10
നമ്മോടു ചെയ്തിട്ടില്ല: നമ്മുടെ അകൃത്യ
ങ്ങൾക്കു തക്കവണ്ണം നമ്മോടു പ്രതികാരം
ചെയ്തിട്ടുമില്ലാ.
ആകാശം ഭൂമിയിൽ നിന്ന് ഉന്നതമായി 11
രിക്കുന്ന പ്രകാരം തൻെറ കൃപ തൻെറ
ഭക്തന്മാരുടെ മേൽ വർദ്ധിച്ചിരിക്കുന്നു;
കിഴക്കു പടിഞ്ഞാറുനിന്നു ദൂരമായി 12
രിക്കുന്നപ്രകാരം നമ്മുടെ അന്യായത്തെ
നമ്മിൽ നിന്നു ദൂരത്താക്കിയിരിക്കുന്നു;
പിതാവ് മക്കളോട് കരുണ ചെയ്യുന്ന 13
പ്രകാരം കർത്താവ് തൻെറ ഭക്തന്മാരോടു
കരുണ ചെയ്യുന്നു.
എന്തെന്നാൽ താൻ നമ്മെ സൃഷ്ടിച്ച 14
വിധം അറിയുന്നു; നാം മണ്ണാകുന്നു എന്ന്
താൻ ഓർത്തു;
മനുഷ്യൻെറ ദിവസങ്ങൾ പുല്ലുപോലെ 15
ആകുന്നു; വയലിലെ പുഷ്പം പോലെ
അവൻ മുളയ്ക്കുന്നു;
കാററ് അതിന്മേൽ ഊതുമ്പോൾ അതി 16
ല്ലാതെ പോകുന്നു; അതിൻെറ സ്ഥലവും
അറിയപ്പെടുന്നില്ല.
കർത്താവിൻെറ കൃപ ആരംഭം മുതലെ 17
ഉള്ളതാകുന്നു; അതു തൻെറ ഭക്തന്മാരുടെ
മേലും തൻെറ നീതി പൌത്രന്മാരുടെ മേലും
ഉണ്ടായിരിക്കും;
കർത്താവിൻെറ ഉടമ്പടി ആചരിച്ചു 18
തൻെറ കല്പനകൾ ഓർത്ത് അവ അനു
ഷ്ഠിക്കുന്നവരുടെ മേൽ തന്നെ;
കർത്താവു തൻെറ സിംഹാസനം 19
സ്വർഗ്ഗത്തിൽ ഒരുക്കിയിരിക്കുന്നു; തൻെറ
രാജ്യഭാരം സകലത്തിലും അധികാരമുള്ള
താകുന്നു;

20 മഹാശക്തന്മാരും തൻെറ കല്പനകൾ
പ്രമാണിക്കുന്നവരുമായ മാലാഖമാരെ!
കർത്താവിനെ വാഴ്ത്തുവിൻ;
21 സകല സൈന്യങ്ങളും തൻെറ ഇഷ്ടം
ചെയ്യുന്ന ശുശ്രൂഷക്കാരും ആയുള്ളോരെ
കർത്താവിനെ വാഴ്ത്തുവിൻ;
22 തൻെറ സകലഭൃത്യരുമേ കർത്താവിനെ
വാഴ്ത്തുവിൻ; എന്തെന്നാൽ സർവ്വ ഭൂമി
യിലും തൻെറ അധികാരം ഉണ്ട്; എൻെറ
ആത്മാവേ, കർത്താവിനെ വാഴ്ത്തുക;

1 **104** എൻെറ ആത്മാവേ! കർത്താവി
നെ വാഴ്ത്തുക; എൻെറ ദൈവ
മായ കർത്താവു എത്രയും വലിയവനും,
പ്രഭയും പ്രാബല്യവും ധരിച്ചവനുമാകുന്നു;
2 താൻ മാർകവചംപോലെ പ്രകാശം
ധരിച്ചിരിക്കുന്നു; താൻ ആകാശത്തെ ഒരു
വിരിപന്തൽപോലെ വിരിച്ചിരിക്കുന്നു;
3 താൻ തൻെറ തട്ടുകളെ വെള്ളങ്ങളി
ന്മേലുണ്ടാക്കി തൻെറ തേരിനെ മേഘത്തി
ന്മേൽ വച്ചു; താൻ കാററിൻെറ ചിറകുക
ളിന്മേൽ നടക്കുന്നു;
4 താൻ തൻെറ മാലാഖമാരെ ആത്മാ
ക്കളായിട്ടും തൻെറ ശുശ്രൂഷകരെ ജ്വലി
ക്കുന്ന അഗ്നിയായിട്ടും സൃഷ്ടിച്ചു;
5 ഭൂമി എന്നെന്നേക്കും ഇളകാതിരിക്ക
ത്തക്കവണ്ണം, അടിസ്ഥാനങ്ങൾ മേൽ
അതിനെ സ്ഥാപിച്ചു;
6 താൻ ഒരു വസ്ത്രംകൊണ്ടെന്നപോലെ
അഗാധംകൊണ്ടതിനെ മൂടി, വെള്ളങ്ങൾ
പർവ്വതങ്ങൾക്കു മേലായി നിന്നു;
7 നിൻെറ ശാസനയാൽ അവ ഓടി ഒളി
ക്കുന്നു; നിൻെറ ഇടിമുഴക്കത്താൽ അവ
ഭ്രമിക്കുന്നു;
8 അവ പർവ്വതങ്ങൾ വഴി കയറിച്ചെന്നു
നീ ഒരുക്കിയ സ്ഥലമായ താഴ്വരയിലേ
ക്കിറങ്ങുന്നു;
9 അവ കടന്നു വന്നു ഭൂമി മൂടാതിരിപ്പാൻ
നീ അവയ്ക്ക് അതിരും വച്ചു;
10 നീ താഴ്വരകളിൽ അരുവികളെ
അയച്ചു; അവ മലകളുടെ ഇടയിൽ ഒഴു
കുന്നു;
11 അവ സകല കാട്ടുമൃഗങ്ങളേയും കുടി
പ്പിക്കുന്നു; ദാഹിച്ചിരിക്കുന്ന കാട്ടുകഴുത
കളും സംപൂർണ്ണമാകുന്നു;
12 ആകാശത്തിലെ പക്ഷികൾ അവയുടെ
അരികെ കൂടുവയ്ക്കുന്നു; പർവ്വതങ്ങളുടെ
ഇടയിൽ അവ പാടുകയും ചെയ്യുന്നു;
13 തൻെറ തട്ടുകളിൽനിന്നു പർവ്വതങ്ങളെ
നനയ്ക്കുന്നു; നിൻെറ ക്രിയകളുടെ ഫലങ്ങ
ളാൽ ഭൂമി തൃപ്തിപ്പെടുന്നു;

താൻ മൃഗങ്ങൾക്കു പുല്ലും മനുഷ്യന്നു 14
പയോഗത്തിനായി ഭൂമിയിൽ നിന്നു ഭക്ഷ
ണം വരുത്തുന്ന സസ്യങ്ങളും മുളപ്പിക്കുന്നു;
വീഞ്ഞ് മനുഷ്യഹൃദയത്തെ സന്തോഷി 15
പ്പിക്കുന്നു; എണ്ണ അവൻെറ മുഖത്തെ
ആനന്ദിപ്പിക്കയും, അപ്പം അവൻെറ ഹൃദയ
ത്തെ സന്തുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു;
കർത്താവിൻെറ വൃക്ഷങ്ങൾ, താൻ 16
നട്ടിട്ടുള്ള ലബാനോനിലെ ദേവദാരു
വൃക്ഷങ്ങൾ തഴച്ചിരിക്കും;
അവിടെ പക്ഷികൾ കൂടുണ്ടാക്കി, ഞാറ 17
പ്പക്ഷിയുടെ കൂടു ശർവ്വെനാവൃക്ഷങ്ങളി
ന്മേൽ ആകുന്നു;
ഉയർന്ന പർവ്വതങ്ങൾ കാട്ടാടുകൾക്കും 18
പാറപ്പിളർപ്പുകൾ മുള്ളൻപന്നികൾക്കും
രക്ഷാസ്ഥലമാകുന്നു;
കാലനിർണ്ണയത്തിന് ചന്ദ്രനെ നിർമ്മി 19
ച്ചു; ആദിത്യൻ തൻെറ അസ്തമനസമയം
അറിയുന്നു;
താൻ അന്ധകാരം ഉണ്ടാക്കി; രാത്രിയും 20
ഉളവാകുന്നു; അപ്പോൾ സകല കാട്ടുജന്തു
ക്കളും ഇരുട്ടിൽ സഞ്ചരിക്കുന്നു;
സിംഹങ്ങൾ ഇരപിടിപ്പാൻ അലറുന്നു; 21
അവ ദൈവത്തിൽ നിന്നു ഭക്ഷണം അന്വേ
ഷിക്കുന്നു;
ആദിത്യൻ ഉദിക്കുമ്പോൾ അവ ഒരു 22
മിച്ചുകൂടി ഗുഹകളിൽ കിടന്നുകൊള്ളുന്നു;
മനുഷ്യൻ സന്ധ്യവരെക്കും തൻെറ 23
പ്രവൃത്തിക്കും അദ്ധ്വാനത്തിന്നുമായി പുറ
പ്പെടുന്നു;
കർത്താവേ നിൻെറ ക്രിയകൾ എത്ര 24
വളരെയാകുന്നു! അവയെല്ലാം ജ്ഞാന
ത്തോടെ നീ ഉണ്ടാക്കിയിരിക്കുന്നു; ഭൂമി
നിൻെറ ഐശ്വര്യംകൊണ്ടു നിറഞ്ഞുമിരി
ക്കുന്നു;
വലിപ്പവും വിസ്താരവുമുള്ള ഈ സമുദ്ര 25
വും അപ്രകാരം തന്നെയാകുന്നു; അതിൽ
അസംഖ്യം ഇഴജാതികൾ ഉണ്ട്. വലുതും
ചെറുതുമായ ജലജന്തുക്കളുമുണ്ട്;
അതിൽ കപ്പലുകൾ ഓടുന്നു; കളിപ്പാ 26
നായി നീ ഉണ്ടാക്കിയ ലെവിയാതാനും
അവിടെയുണ്ടു;
അവയ്ക്ക് തക്കസമയം ഭക്ഷണം ലഭി 27
പ്പാനായി അവയെല്ലാം നിന്നെ കാത്തിരി
ക്കുന്നു;
നീ അവയ്ക്കു കൊടുക്കുന്നതു അവ 28
ഭക്ഷിക്കുന്നു; നീ നിൻെറ കൈ തുറക്കുന്നു,
അവ തൃപ്തിപ്പെടുന്നു;
നീ നിൻെറ മുഖം തിരിക്കുമ്പോൾ അവ 29
ഭ്രമിക്കുന്നു; നീ അവയുടെ ശ്വാസം എടു

ുമ്പോൾ അവ ചത്തു മണ്ണിലേക്കു തിരി
ന്നു;
നീ നിന്റെ ആത്മാവിനെ അയ
ക്കുന്നു; അവ സൃഷ്ടിക്കപ്പെടുന്നു; നീ
ുഖത്തെ പുതുതാക്കുകയും ചെയ്യുന്നു;
കർത്താവിന്നു മഹത്വം എന്നേക്കും
ണ്ടായിരിക്കട്ടെ, കർത്താവ് തന്റെ പ്രവൃ
ികളിൽ സന്തോഷിക്കട്ടെ;
താൻ ഭൂമിയുടെ മേൽ നോക്കുമ്പോൾ
ിളകുന്നു; താൻ പർവ്വതങ്ങളെ ശാസി
മ്പോൾ അവ പുകയുന്നു;
എന്റെ ആയുഷ്കാലമെല്ലാം ഞാൻ
ത്താവിനെ സ്തുതിക്കും. ഞാനുള്ളപ്പോൾ
ന്റെ ദൈവത്തിന്നു സ്തുതിപാടും;
എന്റെ പാട്ടു തനിക്കു ഇമ്പമായിരി
, ഞാൻ കർത്താവിൽ സന്തോഷിക്കും;
പാപികൾ ഭൂമിയിൽ നിന്നു നിശ്ശേഷ
ി തീരട്ടെ! ദുഷ്ടന്മാർ അതിൽ ശേഷി
ുതേ; എന്റെ ആത്മാവേ കർത്താ
ന വാഴ്ത്തുക.

105 കർത്താവിനെ സ്തോത്രം ചെയ്
വിൻ; തന്റെ നാമം വിളിച്ച് ജാതി
ൽ തന്റെ ക്രിയകളെ അറിയിപ്പിൻ;
തന്നെ സ്തുതിച്ചു തനിക്കു പാടുവിൻ,
ന്റെ സകല അത്ഭുതപ്രവൃത്തികളെയും
ിദ്ധപ്പെടുത്തുവിൻ;
തന്റെ വിശുദ്ധിയുടെ നാമം സ്തുതിപ്പിൻ,
ത്താവിനെ അന്വേഷിക്കുന്നവരുടെ
യം സന്തോഷിക്കട്ടെ!
കർത്താവിനെ അന്വേഷിച്ചു ശക്തിപ്പെടു
സദാനേരവും തിരുമുഖം അന്വേഷി

താൻ ചെയ്ത അത്ഭുതപ്രവൃത്തികളെ
ുവിൻ. തന്റെ അത്ഭുതങ്ങളും തന്റെ
ളപ്പാടുകളും ഓർക്കുവിൻ;
തന്റെ ഭൃത്യനായ അബ്രഹാമിന്റെ
തിയും തന്റെ തിരഞ്ഞെടുക്കപ്പെട്ട
യ യാക്കോബിന്റെ പുത്രന്മാരുമേ!
താൻ നമ്മുടെ ദൈവമായ കർത്താവാ
; സകല ഭൂമിയിലും തന്റെ പ്രമാണ
ഉണ്ട്;
താൻ ആയിരം തലമുറവരെക്കും കല്പി
ള വചനമായ തന്റെ ഉഭയസമ്മത
ഓർത്തിരിക്കുന്നു;
അതു താൻ അബ്രാഹാമിനോടു ചെയ്തി
ഉടമ്പടിയും ഇസഹാക്കിനോടുള്ള
യും ആകുന്നു;
അതിനെ യാക്കോബിനു ഒരു നിയമവും
യേലിന്നു നിത്യ ഉടമ്പടിയുമായി
സ്ഥിരപ്പെടുത്തി;

നിന്റെ അവകാശത്തിന്നോഹരിയായി 11
കനാൻ ദേശം ഞാൻ നിനക്കു തരുമെന്ന്
അരുളിച്ചെയ്തു;
അപ്പോൾ അവർ എണ്ണത്തിൽ ചുരുക്ക 12
മായിരുന്നു; അതേ, ഏററം ചുരുങ്ങിയവരും
പരദേശികളുമായിരുന്നു;
അവർ ഒരു ജനത്തിൽനിന്നു മറ്റൊരു 13
ജനത്തിലേക്കും, ഒരു രാജ്യത്തുനിന്നു മറ്റൊ
രു രാജ്യത്തിലേക്കും നടന്നുകൊണ്ടിരുന്നു;
അവരെ ഞെരുക്കുവാൻ താൻ ഒരുവ 14
നെയും സമ്മതിച്ചില്ല; താൻ അവരുടെ
നിമിത്തം രാജാക്കന്മാരെ ശാസിച്ചു;
എന്റെ അഭിഷിക്തന്മാരെ തൊടരുതെ 15
ന്നും എന്റെ ദീർഘദർശിമാരോടു തിന്മ
ചെയ്യരുതെന്നും കല്പിച്ചു.
പിന്നെ താൻ ദേശത്തു ക്ഷാമം വരു 16
ത്തി, ഗോതമ്പിന്റെ തണ്ടിനെ അശേഷം
തകർത്തു;
താൻ അവർക്കു മുമ്പെ ഒരു മനുഷ്യനെ 17
അയച്ചു, ആയതു അടിമയായി വില്ക്കപ്പെട്ട
യൗസേപ്പിനെത്തന്നെ;
അവന്റെ കാലുകളെ ചങ്ങലകൊണ്ടു 18
ബന്ധിച്ചു; അവനെ ഇരുമ്പുകൂട്ടിലിട്ടു;
കർത്താവിന്റെ വചനം സ്ഥിരപ്പെട്ട 19
തുവരെയും തന്റെ അരുളപ്പാട് അവനെ
പരിശോധിച്ചുകൊണ്ടിരുന്നു;
രാജാവ് ആളയച്ച് അവനെ വിടുവിച്ചു; 20
അവനെ തന്റെ ജനത്തിന്മേലധികാരി
യാക്കി;
അവന്റെ ഇഷ്ടംപോലെ അധികാരി 21
കളെ കുററപ്പെടുത്തുവാനും പ്രധാനിക
ളോട് ഉപദേശിപ്പാനും ആയിട്ടു;
തന്റെ ഭവനത്തിന്മേൽ കർത്താവും 22
തന്റെ സർവ്വസമ്പത്തിന്മേലും അധികാരി
യും ആയിട്ടു അവനെ നിയമിച്ചു;
പിന്നെ ഇസ്രായേൽ മെസ്രേനിലേക്കു 23
പ്രവേശിച്ചു; യാക്കോബ് ഹാമിന്റെ കൂടാര
ത്തിൽ വസിച്ചു;
താൻ തന്റെ ജനത്തെ എത്രയും വർദ്ധി 24
പ്പിച്ചു ശത്രുക്കളെക്കാൾ ബലമുള്ളവരാക്കി
ത്തീർത്തു;
തന്റെ ജനത്തെ ദ്വേഷിപ്പാനും തന്റെ 25
ഭൃത്യന്മാരോടു വഞ്ചനചെയ്‌വാനും തക്ക
വണ്ണം അവരുടെ ഹൃദയം മാറി;
താൻ തന്റെ ഭൃത്യനായ മോശയേയും 26
താൻ തിരഞ്ഞെടുത്ത അഹറോനേയും
അയച്ചു;
താൻ അവർ മുഖാന്തിരം അടയാളങ്ങ 27
ളും ഹാമിന്റെ ദേശത്തു തന്റെ അത്ഭുത
ങ്ങളും പ്രവർത്തിച്ചു;

28 താൻ അന്ധകാരം അയച്ചു ഇരുട്ടാക്കി; അവർ തന്റെ വചനത്തോടു മത്സരിച്ചു;

29 താൻ അവരുടെ വെള്ളം രക്തമാക്കി അവരുടെ മത്സ്യങ്ങളെ കൊന്നു;

30 അവരുടെ ദേശത്തും, രാജഗൃഹങ്ങളിലും തവളകൾ കൊണ്ടു നിറച്ചു.

31 താൻ അരുളിച്ചെയ്തപ്പോൾ അവരുടെ അതിർത്തികളിലെല്ലാം വണ്ടുകളും പേനും വന്നു;

32 അവരുടെ മഴയെ കൽമഴയാക്കി, അവരുടെ ദേശത്ത് അഗ്നി ജ്വലിച്ചു:

33 താൻ അവരുടെ മുന്തിരിവള്ളികളേയും അത്തിപ്പഴങ്ങളേയും തല്ലിക്കളഞ്ഞു. അവരുടെ അതിർത്തികളിലുള്ള വൃക്ഷങ്ങളേയും തകർത്തു.

34 താൻ കല്പിച്ചു, അവരുടെ ദേശത്തൊക്കെയും അസംഖ്യം വെട്ടുക്കിളികളും ചാഴികളും വന്നു;

35 അവ അവരുടെ ദേശത്തിലെ സസ്യങ്ങളേയും ഫലങ്ങളേയും തിന്നൊടുക്കിക്കളഞ്ഞു;

36 താൻ മെസ്രേനിലെ സർവ്വസന്താനങ്ങളുടേയും തലയായ കടിഞ്ഞൂലിനെ എല്ലാം കൊന്നു;

37 താൻ അവരെ വെള്ളിയോടും പൊന്നിനോടും കൂടെ പുറപ്പെടുവിച്ചു; അവരുടെ ഗോത്രങ്ങളിൽ ബലഹീനനായ ഒരുവനും ഇല്ലായിരുന്നു;

38 അവരെക്കുറിച്ചുള്ള ഭയം മെസ്രേന്യരുടെമേൽ വീണിരുന്നതുകൊണ്ടു അവർ പുറപ്പെട്ടപ്പോൾ അവർ സന്തോഷിച്ചു;

39 താൻ മേഘം അവരുടെ മേൽ വിരിച്ചു തണലുണ്ടാക്കി; അഗ്നികൊണ്ടു രാത്രിയിൽ പ്രകാശമുണ്ടാക്കി.

40 അവർ ചോദിച്ചപ്പോൾ താൻ അവർക്കു ഭക്ഷണം വരുത്തി കൊടുത്തു. ആകാശത്തിലെ അപ്പംകൊണ്ട് അവരെ തൃപ്തരാക്കി.

41 താൻ തീക്കല്ലു പിളർന്നു; വെള്ളം പുറപ്പെട്ടു; വരണ്ട നിലത്തുകൂടി വെള്ളം ഒഴുകി;

42 എന്തെന്നാൽ താൻ തന്റെ ഭൃത്യനായ അബ്രാഹാമിനോടുള്ള തന്റെ പരിശുദ്ധ അരുളപ്പാട് ഓർത്തു;

43 താൻ തന്റെ ജനത്തെ സന്തോഷത്തോടും തന്റെ കുഞ്ഞുങ്ങളെ മഹത്വത്തോടും കൂടെ പ്രയാണം ചെയ്യിച്ചു;

44 അവർ തന്റെ കല്പനകളിൽ ജാഗ്രത വച്ചു; തന്റെ വേദപ്രമാണത്തെ ആചരിക്കേണ്ടതിന്നു;

45 താൻ ജാതികളുടെ ദേശത്തെ അവർക്കു കൊടുത്തു; ജനത്തിന്റെ അദ്ധ്വാനം അവകാശമായി അവർ അനുഭവിക്കയും ചെയ്തു.

106 കർത്താവിനെ സ്തോത്രം ചെയ് 1
വിൻ, എന്തെന്നാൽ താൻ നല്ലവനും
തന്റെ കൃപ എന്നേക്കും ഉള്ളതുമാകുന്നു;
കർത്താവിന്റെ അത്ഭുതങ്ങളെ പ്രസി 2
ദ്ധപ്പെടുത്തുവാനും തന്റെ സ്തുതികളെ
ഒക്കെയും വിവരിപ്പാനും ആർക്ക് കഴിയും?
തന്റെ വിധികൾ പ്രമാണിക്കുന്നവരും 3
എപ്പോഴും തന്റെ നീതി പ്രവർത്തിക്കുന്ന
വരും ഭാഗ്യവാന്മാർ;
കർത്താവേ നിന്റെ തിരഞ്ഞെടുക്കപ്പെ 4
ട്ടവരുടെ നന്മകൾ ഞങ്ങൾ കണ്ടു നിന്റെ
സന്തോഷത്തിൽ ആനന്ദിച്ചു നിന്റെ അവ
കാശത്തിൽ മഹത്വപ്പെടേണ്ടതിന്നു,
നിന്റെ ജനത്തോടുള്ള തിരുവുള്ള 5
ത്തിൽ ഞങ്ങളെ ഓർത്തു നിന്റെ രക്ഷ
യാൽ ഞങ്ങളെ സന്ദർശിക്കണമെ;
ഞങ്ങളുടെ പൂർവികന്മാരെപ്പോലെ 6
ഞങ്ങളും പാപം ചെയ്തു കുററക്കാരായി
അകൃത്യം ചെയ്തു;
ഞങ്ങളുടെ പൂർവന്മാർ മെസ്രേനിൽ 7
വച്ചു നിന്റെ അത്ഭുതങ്ങളെ തിരിച്ചറി
ഞ്ഞില്ല; നിന്റെ ബഹുലകൃപകളും ഓർത്തി
ല്ല; എന്നാലൊ ചെങ്കടലിലെ വെള്ളത്തിങ്കൽ
വച്ചു അവർ തർക്കിച്ചു;
തന്റെ വീര്യപരാക്രമത്തെ കാണിപ്പാൻ 8
തിരുനാമം നിമിത്തം അവരെ രക്ഷിച്ചു;
താൻ ചെങ്കടലിനെ ശാസിച്ചു; അതു 9
വററിപ്പോയി; മരുഭൂമിയിലെന്നപോലെ
അഗാധത്തിലൂടെ അവരെ നടത്തി.
താൻ ശത്രുവിന്റെ കൈയിൽനിന്നു 10
അവരെ വീണ്ടെടുത്തു ഞെരുക്കുന്നവന്റെ
കൈയിൽനിന്നു രക്ഷിച്ചു;
വെള്ളം അവരെ പീഡിപ്പിക്കുന്നവരെ
മൂടി, അവരിൽ ഒരുത്തനും ശേഷിച്ചില്ല;
അപ്പോൾ തന്റെ വചനത്തെ അവർ
വിശ്വസിച്ചു; തന്റെ കീർത്തനങ്ങൾ പാടി;
അവർ വേഗത്തിൽ ദൈവത്തെ മറന്നു;
തന്റെ ആലോചനയ്ക്കായി കാത്തിരു
ന്നില്ല.
അവർ മരുഭൂമിയിൽ വച്ചു ദുരാഗ്രഹി
കളായിത്തീർന്നു; വിജനപ്രദേശത്തുവെച്ച
ദൈവത്തെ പരീക്ഷിച്ചു;
അവർ യാചിച്ചതു താൻ അവർക്കു
കൊടുത്തു; അവരുടെ ആത്മാക്കൾക്കു
സംതൃപ്തി വരുത്തി;
പാളയം മോശയോടും കർത്താവിന്റെ
ശുദ്ധിമാനായ അഹറോനോടും നീരസ
പ്പെട്ടു;

ഭൂമി പിളർന്നു ദാഥാനെ വിഴുങ്ങി;
ബീറാമിന്റെ കൂട്ടത്തെ മൂടിക്കളഞ്ഞു;
അഗ്നി അവരുടെ കൂട്ടത്തിൽ കത്തി;
നിജ്വാല ദുഷ്ടന്മാരെ ദഹിപ്പിച്ചു
ഞ്ഞു.
അവർ ഹോറീബിൽവച്ചു ഒരു കാള
ട്ടിയെ ഉണ്ടാക്കി, വാർത്തുണ്ടാക്കിയ
ഹത്തെ ആരാധിച്ചു;
ഇങ്ങനെ അവർ അവരുടെ ബഹുമാനം
ചു തിന്നുന്ന കാളയുടെ സാദൃശ്യത്തിൽ
പ്പെടുത്തി;
മിസ്രേനിൽ മഹൽക്കാര്യങ്ങളും ഹാമി
ദേശത്തു അത്ഭുതങ്ങളും ചെങ്കടലിൽ
കരതകളും പ്രവർത്തിച്ച് അവരെ രക്ഷിച്ച
വത്തെ മറന്നു;
താനാകട്ടെ അവരെ നശിപ്പിക്കുമെന്നു
ളിച്ചെയ്തു.
തന്റെ തിരഞ്ഞെടുക്കപ്പെട്ടവനായ
ആ തിരുവുള്ളക്കേടിൽ തന്റെ
ാകെ നിന്ന് അവരെ നശിപ്പിക്കാതിരി
തന്റെ ക്രോധത്തെ ശമിപ്പിച്ചില്ലായി
ുവെങ്കിൽ നിശ്ചയമായി അവരെ
പ്പിക്കുമായിരുന്നു.
നോഹരദേശത്തെ അവർ നിരസിച്ചു.
റ വചനം വിശ്വസിച്ചതുമില്ല.
അവർ അവരുടെ കൂടാരങ്ങളിൽ പിറു
ത്തു കർത്താവിന്റെ ശബ്ദം അനു
ാതിരുന്നു.
ആയതുകൊണ്ടു മരുഭൂമിയിൽ താൻ
ര നശിപ്പിച്ചു. അവരുടെ സന്തതിയെ
കളിൽ ചിതറിക്കേണ്ടതിന്നും,
ശങ്ങളിൽ അവരെ ശൂന്യമാക്കേണ്ട
മായിട്ടു അവരുടെ നേരെ തന്റെ കൈ
ത്തി.
യോർ വിഗ്രഹങ്ങളോടു അവർ
ു മൃതബലി അവർ ഭക്ഷിച്ചു.
വരുടെ പ്രവൃത്തികൾകൊണ്ടു
കോപിപ്പിച്ചു. അവരുടെ വിഗ്രഹ
കൊണ്ടു തന്നെ വെറുപ്പിച്ചു. താൻ
ന്നു അവരുടെമേൽ കഠിനവസന്ത
ി.
പ്പോൾ ഫിനഹേസ് എഴുന്നേററു
ച്ചു. ആ വസന്ത വിട്ടുമാറി.
തു അവന് എന്നേക്കും തലമുറതല
ും നീതിയായി എണ്ണപ്പെട്ടു.
ാദത്തിന്റെ വെള്ളത്തിങ്കൽവെച്ചു
കോപിപ്പിച്ചു; അവരുടെ നിമിത്തം
ാടും തനിക്കു അനിഷ്ടമായി.
ന്തന്നാൽ അവർ അവന്റെ ആത്മാ
വറുപ്പിക്കയും അവൻ തന്റെ അധര

ങ്ങളാൽ അവിവേകമായി സംസാരിക്കു
കയും ചെയ്തു.
കർത്താവു അവരോടരുളിച്ചെയ്ത 34
ജാതികളെ അവർ നശിപ്പിച്ചില്ല.
എന്നാലോ അവർ ജാതികളോടു 35
കൂടി കലർന്നു അവരുടെ ക്രിയകളെ
പഠിച്ചു.
അവർ അവരുടെ വിഗ്രഹങ്ങളെ ആരാ 36
ധിച്ചു. അവ അവർക്കു ഒരു കെണിയായി
ത്തീർന്നു.
അവർ സ്വന്ത പുത്രന്മാരേയും പുത്രിമാ 37
രേയും പിശാചുകൾക്കു ബലികഴിച്ചു.
അവർ സ്വന്ത പുത്രന്മാരുടെയും പുത്രി 38
മാരുടേയും രക്തമായി കുററമില്ലാത്ത
രക്തം ചിന്തി കനാനിലെ വിഗ്രഹങ്ങൾക്കു
യാഗം കഴിച്ചു. ദേശം രക്തംകൊണ്ടു അശു
ദ്ധമായി.
അവർ സ്വന്തക്രിയകളാൽ മലിനമായി 39
അവരുടെ ദുരാലോചനപ്രകാരം വേശ്യാ
ദോഷം ചെയ്തു.
കർത്താവിന്റെ കോപം ജനത്തിന്റെ 40
നേരെ ജ്വലിച്ചു. താൻ തന്റെ അവകാശ
ത്തെ വെറുക്കയും ചെയ്തു.
താൻ ജാതികളുടെ കയ്യിൽ അവരെ 41
ഏല്പിച്ചു. അവരെ പകയ്ക്കുന്നവർ അവ
രുടെമേൽ അധികാരം ചെയ്തു.
അവരുടെ ശത്രുക്കൾ അവരെ അടിമക 42
ളാക്കി; അവരുടെ കൈക്കീഴിൽ അവർ
കീഴടങ്ങി.
പല പ്രാവശ്യവും താൻ അവരെ രക്ഷി 43
ച്ചു. എങ്കിലും അവർ സ്വന്ത ആലോചന
കൊണ്ടു തന്നെ വെറുപ്പിച്ചു. അന്യായത്തിൽ
അവർ അധഃപതിച്ചു.
താൻ അവരുടെ ഞെരുക്കത്തെ കണ്ടു 44
അവരുടെ അപേക്ഷ കേട്ടു.
താൻ തന്റെ ഉഭയസമ്മതം ഓർത്തു 45
അവരോടു കരുണ ചെയ്തു തന്റെ കൃപാ
ബഹുത്വപ്രകാരം അവരെ നടത്തി.
അവരെ അടിമപ്പെടുത്തിയ എല്ലാവരു 46
ടേയും മുമ്പാകെ അവർക്കു ദയ ലഭിക്കു
മാറാക്കി.
ദൈവമായ കർത്താവേ! ഞങ്ങൾ 47
നിന്റെ വിശുദ്ധ തിരുനാമത്തെ സ്തോത്രം
ചെയ്ത്, നിന്റെ അവകാശത്തിൽ മഹത്വ
പ്പെടുവാനായിട്ടു ഞങ്ങളെ രക്ഷിച്ചു ജാതി
കളിൽനിന്നു കൂട്ടിച്ചേർക്കണമെ.
ഇസ്രായേലിന്റെ ദൈവമായ കർത്താ 48
വു ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ട
വനാകുന്നു. ജനമെല്ലാം ആമീൻ എന്നു
പറയട്ടെ; ആമീൻ.

അഞ്ചാം പുസ്തകം

1 **107** കർത്താവിനെ സ്തോത്രം ചെ
യ്‌വിൻ, എന്തെന്നാൽ താൻ നല്ല
വനും, തൻെറ കൃപ ശാശ്വതവുമാകുന്നു;
2 ഞെരുക്കുന്നവൻെറ കൈയിൽനിന്നു
താൻ രക്ഷിച്ചു എന്നു കർത്താവിനാൽ
രക്ഷപെട്ടവർ പറയട്ടെ;
3 കിഴക്കുനിന്നും പടിഞ്ഞാറുനിന്നും
വടക്കുനിന്നും സമുദ്രത്തിൽനിന്നും സകല
ദേശങ്ങളിൽനിന്നും താൻ അവരെ കൂട്ടി
ച്ചേർത്തു;
4 വിജനപ്രദേശത്തു അവർ അലഞ്ഞു
നടന്നു; വസിപ്പാൻ തക്ക പട്ടണത്തിലേ
ക്കുള്ള വഴി അവർ കണ്ടെത്തിയില്ല;
5 അവർ വിശന്നും ദാഹിച്ചും ഇരുന്നു;
അവരുടെ ജീവൻ തളർന്നുപോയി;
6 അവർ അവരുടെ ആപത്തിൽ കർത്താ
വിനോടപേക്ഷിച്ചു; താൻ അവരെ ദുഃഖ
ങ്ങളിൽ നിന്നു വിടുവിച്ചു;
7 വസിപ്പാൻ നഗരങ്ങളിലേക്കു പോകു
വാനുള്ള നേർവഴിയിൽ അവരെ നടത്തി;
8 മനുഷ്യരോടു കരുണ കാണിക്കുന്ന
കർത്താവിനെ തൻെറ പുണ്യവാന്മാർ
സ്തോത്രം ചെയ്യട്ടെ!
9 എന്തെന്നാൽ ആഗ്രഹിച്ചിരിക്കുന്ന
വർക്കു താൻ തൃപ്തി വരുത്തി; വിശപ്പുള്ള
ആത്മാവിന്ന് സമ്പൂർണത വരുത്തി;
10 അവർ അന്ധകാരത്തിലും മരണനിഴ
ലിലും ഇരുന്നു; ദാരിദ്ര്യത്താലും ഇരുമ്പു
ചങ്ങലകളാലും ബന്ധിക്കപ്പെട്ടിരുന്നു;
11 അവർ ദൈവവചനത്തോടു മത്സരിച്ചു;
അത്യുന്നതൻെറ ആലോചനയെ നിരസിച്ചു;
12 അവരുടെ ഹൃദയത്തെ അദ്ധ്വാനത്താൽ
താൻ തകർത്തു; അവർ ക്ഷീണിച്ചപ്പോൾ
അവരെ സഹായിപ്പാൻ ആരും ഉണ്ടായില്ല;
13 അവർ അവരുടെ ഞെരുക്കത്തിൽ
കർത്താവിനോടു പ്രാർഥിച്ചു, താൻ അവ
രുടെ അനർഥങ്ങളിൽനിന്നു അവരെ
രക്ഷിച്ചു;
14 താൻ അന്ധകാരത്തിൽനിന്നും മരണ
നിഴലുകളിൽനിന്നും അവരെ വിടുവിച്ചു;
അവരുടെ നുകക്കയറുകളെ മുറിച്ചു
കളഞ്ഞു;
15 മനുഷ്യരോടു കരുണകാണിക്കുന്ന
കർത്താവിനെ തൻെറ പുണ്യവാന്മാർ
സ്തോത്രം ചെയ്യട്ടെ!
16 താൻ പിച്ചളവാതിലുകൾ തകർത്തു,
ഇരുമ്പുസാക്ഷാകൾ ഖണ്ഡിച്ചു;

പാപമാർഗങ്ങളാലും അകൃത്യത്താലും 17
ക്ഷീണിച്ചവരെ കർത്താവു സഹായിച്ചു;
അവരുടെ പ്രാണൻ സകലവിധ ഭക്ഷ 18
ണവും വെറുത്തു, മരണവാതുക്കൽവ
രേയും എത്തി;
അവർ അവരുടെ ഞെരുക്കത്തിൽ 19
കർത്താവിനോടു പ്രാർഥിച്ചു; താൻ അവരു
ടെ അനർഥങ്ങളിൽനിന്നു അവരെ രക്ഷിച്ചു;
താൻ തൻെറ വചനം അയച്ചു അവരെ 20
സൌഖ്യമാക്കി നാശത്തിൽനിന്നു അവരെ
ഉദ്ധരിച്ചു;
മനുഷ്യരോടു കരുണകാണിക്കുന്ന 21
കർത്താവിനെ തൻെറ പുണ്യവാന്മാർ
സ്തോത്രം ചെയ്യട്ടെ!
സ്തുതിയാകുന്ന പൂജകളെ തനിക്കു 22
നിങ്ങൾ പൂജിച്ച് തൻെറ അത്ഭുതങ്ങൾ
നിമിത്തം തൻെറ പ്രവൃത്തികളെ സ്തുതി
പ്പിൻ;
കപ്പലുകളിൽ സമുദ്രത്തിലേക്കിറങ്ങു 23
ന്നവരും ഏറിയ വെള്ളത്തിൽ കഷ്ടപ്പെ
ടുന്നവരും,
ഇവർ കർത്താവിൻെറ ക്രിയകളെ 24
കണ്ടു; സമുദ്രത്തിൻെറ അഗാധങ്ങളിൽ
തൻെറ അത്ഭുതങ്ങളേയും കണ്ടു;
താൻ കൊടുങ്കാററു വരുത്തുന്നു; സമുദ്ര 25
ത്തിലെ തിരമാലകൾ ഉയരുന്നു;
അവ ആകാശത്തിലേക്ക് കയറി അഗാ 26
ധത്തിലേക്കിറങ്ങുന്നു; അവരുടെ ജീവൻ
അവയാൽ തളർന്നുപോകുന്നു;
അവർ മദ്യപാനികളെപ്പോലെ ഇളകി 27
മറിയുന്നു; അവർക്കു സുബുദ്ധിയും ഇല്ലാ
താകുന്നു;
അവർ അവരുടെ ഞെരുക്കത്തിൽ 28
കർത്താവിനോടു പ്രാർത്ഥിച്ചു; താൻ
അവരുടെ അനർഥങ്ങളിൽനിന്നു അവരെ
രക്ഷിച്ചു;
താൻ കൊടുങ്കാററ് ശമിപ്പിക്കുന്നു; സമു
ദ്രത്തിലെ തിരമാലകളും ശാന്തമാകുന്നു;
ശാന്തമായപ്പോൾ അവർ സന്തോഷിച്ചു;
അവർ ആഗ്രഹിക്കുന്ന തുറമുഖത്തേക്കു
താൻ അവരെ കൊണ്ടുപോയി;
മനുഷ്യരോടു കരുണ കാണിക്കുന്ന
കർത്താവിനെ തൻെറ പുണ്യവാന്മാർ
സ്തോത്രം ചെയ്യട്ടെ!
ജാതികളുടെ സഭയിൽ തന്നെ സ്തുതി
പ്പിൻ; മൂപ്പന്മാരുടെ സിംഹാസനത്തിന്മേൽ
തന്നെ മഹത്വപ്പെടുത്തുവിൻ.

താൻ നദികളെ മരുഭൂമിപോലെയും
ന്നങ്ങിയ നിലത്തെ നീരുറവയായും
ാക്കി;
നിവാസികളുടെ ദുഷ്പ്രവൃത്തികൾ
ിമിത്തം താൻ ഫലപുഷ്ടിയുള്ള നിലം
ർനിലമാക്കിത്തീർത്തു;
മരുഭൂമിയെ ജലത്തടാകമായിട്ടും
നങ്ങിയ ഭൂമിയെ നീരോട്ടമുള്ളതായിട്ടും
ക്കിത്തീർത്തു;
താൻ വിശന്നവരെ അവിടെ വസിപ്പിച്ചു;
വർ ഗ്രാമങ്ങൾ പണിത് അവിടെ വസിച്ചു;
വയലുകളിൽ വിതയ്ക്കയും മുന്തിരി
തോട്ടങ്ങളെ നട്ടുണ്ടാക്കയും അവയുടെ
ളവിൻെറ ഫലങ്ങൾ ഭക്ഷിക്കുകയും
യ്തു.
താൻ അവരെ വാഴ്ത്തി; അവർ എത്രയും
ദ്ധിച്ചു; അവരുടെ മൃഗജീവികളും കുറ
യിരുന്നില്ല.
പിന്നെയും അവർ തിന്മയുടേയും ഞെരു
ത്തിൻേറയും ബഹുത്വത്താൽ കുറഞ്ഞ്
ിണിച്ചുപോയി;
താൻ പ്രഭുക്കന്മാരുടെമേൽ കഷ്ടത
ുത്തി; അവരെ അപകടസ്ഥലത്തുഴ
ാറാക്കി;
താൻ ദരിദ്രന്മാരെ ബലപ്പെടുത്തി; അവ
െ ഗോത്രങ്ങളെ ആട്ടിൻകൂട്ടം പോലെ
ക്കി;
നീതിമാന്മാർ കണ്ടു സന്തോഷിപ്പാനും,
ാ അധർമ്മികളും അവരുടെ വായ്
ത്തുവാനുംതന്നെ;
ജ്ഞാനമുള്ളവൻ ഇവയെ കരുതിക്കൊ
കയും കർത്താവിൻെറ കരുണയെ അറി
യും ചെയ്യട്ടെ!

08 ദൈവമേ! എൻെറ ഹൃദയം സ്ഥി
രമായിരിക്കുന്നു; എൻെറ ഹൃദ
സ്ഥിരമായിരിക്കുന്നു. ഞാൻ ബഹു
പൂർവം പാടി സ്തുതിക്കും;
എൻെറ കിന്നരമേ ഉണരുക; തംബുരു
വീണയുമെ ഉണരുവിൻ; ഞാൻ പ്രഭാ
ിൽ ഉണർന്നു.
ദെവമേ ജാതികളുടെ ഇടയിൽ ഞാൻ
ക്കു സ്തോത്രം ചെയ്യും, ജനങ്ങളുടെ ഇട
ഞാൻ നിൻെറ തിരുനാമത്തിന്നു
ു;
എന്തെന്നാൽ നിൻെറ ദയ സ്വർഗങ്ങളോ
നിൻെറ വിശ്വസ്തത ആകാശങ്ങളുടെ
ശങ്ങൾവരെയും ഉയർന്നിരിക്കുന്നു;
ദെവമേ! നീ സ്വർഗങ്ങൾക്കു മീതെ
നാകണമെ! സർവ ഭൂമിക്കും മേൽ
ാ ബഹുമാനം പ്രസിദ്ധമാകണമെ!

എന്തെന്നാൽ നിൻെറ വാത്സല്യവാന്മാർ 6
രക്ഷപെടട്ടെ; നിൻെറ വലത്തുകൈകൊ
ണ്ടു എന്നെ രക്ഷിച്ചു എന്നോടുത്തരമരു
ളണമെ!
ദൈവം തൻെറ വിശുദ്ധിയിൽ സംസാ 7
രിച്ചു; ഞാൻ ആനന്ദിച്ച് ശേഖേമിനെ വിഭാ
ഗിച്ച്; സുഖോത്തിൻെറ താഴ്വര അളക്കും;
ഗിലയാദ് എൻേറതാകുന്നു; മനശ്ശെയും 8
എൻേറതു; എഫ്രേം എൻെറ തലയെ ബല
പ്പെടുത്തുന്നവനും, യഹൂദാ എൻെറ രാജാ
വുമാകുന്നു.
മോവാബ് എൻെറ കാല് കഴുകുന്ന 9
പാത്രമാകുന്നു; ആദോമിൻ നേരെ എൻെറ
ചെരിപ്പഴിക്കും; ഫെലിസ്ത്യനെക്കുറിച്ചു
ഞാൻ അട്ടഹസിക്കും;
ആദോംവരെ എന്നെ ആരു കൂട്ടിക്കൊ 10
ണ്ടു പോകും? ബലമുള്ള നഗരത്തിലേക്കു
എന്നെ ആരു കൊണ്ടുപോകും?
കണ്ടാലും ദൈവമേ നീ ഞങ്ങളെ മറ 11
ന്നുവല്ലോ? ഞങ്ങളുടെ സൈന്യത്തോടൊ
രുമിച്ചു നീ പുറപ്പെട്ടു വരുന്നില്ലല്ലോ;
ഞങ്ങളുടെ ശത്രുക്കൾക്കെതിരായി നീ 12
ഞങ്ങളെ സഹായിക്കണമെ! എന്തെന്നാൽ
മനുഷ്യൻെറ രക്ഷ വ്യർഥമാകുന്നു.
ദൈവം നമ്മെ ശക്തിപ്പെടുത്തും; താൻ 13
നമ്മുടെ ശത്രുക്കളെ ചവിട്ടിക്കളയും;

109 എൻെറ മഹത്വത്തിൻെറ ദൈവ 1
മേ! നീ മൗനമായിരിക്കരുതേ!
ഇതാ ദുഷ്ടൻെറ വായും വഞ്ചകൻെറ 2
വായും എനിക്കു വിരോധമായി തുറന്നിരി
ക്കുന്നു; അവർ വ്യാജനാവുകൊണ്ടു
എന്നോടു സംസാരിച്ചു;
അവർ വെറുപ്പായ വാക്കുകൊണ്ടു 3
വൃഥാ എന്നോടു ശണ്ഠയിട്ടു;
എൻെറ സ്നേഹത്തിന്നു പകരം അവർ 4
എന്നോടു വിരോധം ചെയ്തു; ഞാനോ
അവർക്കുവേണ്ടി പ്രാർഥിക്കുന്നു;
അവർ നന്മയ്ക്കു തിന്മയും സ്നേഹത്തി 5
ന്നു ദ്വേഷവും എന്നോടു പകരം ചെയ്തു;
നീ ദുഷ്ടനെ അവരുടെ മേൽ കല്പി 6
ച്ചാക്കണമെ. സാത്താൻ അവരുടെ വലത്തു
ഭാഗത്തു നില്ക്കട്ടെ!
അവർ വിസ്തരിക്കപ്പെടുമ്പോൾ കുററ 7
ക്കാരെന്നു തെളിയട്ടെ; അവരുടെ പ്രാർഥന
പാപമായിത്തീരട്ടെ;
അവരുടെ ദിവസങ്ങൾ ചുരുങ്ങിപ്പോ 8
കട്ടെ; അവർക്കു നല്കപ്പെട്ടതു മററുള്ളവർ
എടുക്കട്ടെ;
അവരുടെ മക്കൾ അനാഥന്മാരായും 9
അവരുടെ ഭാര്യമാർ വിധവമാരായും തീരട്ടെ;

10 കടംകൊടുത്തവൻ അവർക്കുള്ള സക
ലത്തിന്മേലും അധികാരിയാകട്ടെ;
11 അന്യന്മാർ അവരുടെ ശക്തി പരിശോ
ധിക്കട്ടെ;
12 അവരോടു കരുണചെയ്യുന്നവർ ഉണ്ടാ
കരുതെ; അവരുടെ അനാഥക്കുഞ്ഞുങ്ങ
ളോടു കരുണ തോന്നുന്നവൻ ഉണ്ടാകാ
തിരിക്കട്ടെ;
13 അവരുടെ അവസാനം നാശമായി തീര
ട്ടെ; അവരുടെ നാമം അടുത്ത തലമുറയിൽ
തന്നെ മാഞ്ഞുപോകട്ടെ;
14 അവരുടെ പിതാക്കന്മാരുടെ പാപം
ഓർക്കപ്പെടട്ടെ; അവരുടെ മാതാക്കളുടെ
പാപങ്ങൾ മാഞ്ഞുപോകാതെ,
15 അവ എല്ലായ്പോഴും കർത്താവിൻെറ
മുമ്പാകെ ഇരിക്കട്ടെ; ഭൂമിയിൽനിന്നു
അവരുടെ ഓർമ താൻ നശിപ്പിച്ചുകളയട്ടെ;
16 എന്തെന്നാൽ അവർ നന്മചെയ്‌വാൻ
ഓർത്തില്ല; അവർ ദരിദ്രനേയും എളിയ
വനേയും മനോവ്യഥയിൽ ഇരുന്നവനേയും
മരണപര്യന്തം പീഡിപ്പിച്ചു;
17 അവർ ശാപങ്ങൾ സ്നേഹിച്ചു, വാഴ്‌വു
കൾ അവർക്കിഷ്ടമില്ലായിരുന്നു; അവർ
ശാപങ്ങളെ ആയുധംപോലെ ധരിച്ചു;
18 അവ അവരിൽ വെള്ളംപോലെയും
അവരുടെ അസ്ഥികളിൽ എണ്ണപോലെയും
പ്രവേശിച്ചു;
19 അതവർക്കു മൂടുന്ന വസ്ത്രംപോലെ
യും സദാ നേരവും കെട്ടുന്ന അരക്കച്ചപോ
ലെയും ആയിരിക്കും.
20 കർത്താവിന്നു വിരോധം ചെയ്യുന്നവരു
ടേയും എൻെറ ആത്മാവിന്നു വിരോധമായി
സംസാരിക്കുന്നവരുടേയും അനുഭവം ഇതാ
കുന്നു;
21 കർത്താവേ! തിരുനാമം നിമിത്തം
എന്നോടു കരുണചെയ്യണമെ; നിൻെറ കൃപ
നല്ലതാകകൊണ്ടു എന്നെ രക്ഷിക്കണമെ!
22 ഞാൻദരിദ്രനും എളിയവനും ആകുന്നു;
എൻെറ ഹൃദയം എൻെറ ഉള്ളിൽ സംഭ്രമി
ച്ചിരിക്കുന്നു;
23 എൻെറ കാലടികൾ നിഴലുപോലെ
ചാഞ്ഞുപോയി; വെട്ടുക്കിളിപോലെ എന്നെ
ആട്ടിക്കളഞ്ഞു;
24 എൻെറ മുട്ടുകൾ നോമ്പുകൊണ്ടു ക്ഷീ
ണിച്ചു; എൻെറ മാംസം എണ്ണയില്ലായ്ക
യാൽ മെലിഞ്ഞു;
25 ഞാൻ അവർക്കു നിന്ദ്യനായിത്തീർന്നു;
അവർ എന്നെ നോക്കി തലകുലുക്കി;
26 ദൈവമായ കർത്താവെ! എന്നെ സഹാ
യിക്കണമെ; ഇതു നിൻെറ തൃക്കൈയാകു
ന്നുവെന്നും, നീ അതിനെ ചെയ്തുവെന്നും
അവർ അറിയേണ്ടതിന്ന്;
നിൻെറ കൃപപോലെ എന്നെ രക്ഷിക്ക 27
ണമെ;
അവർ ശപിക്കപ്പെടും, നീ വാഴ്ത്ത 28
പ്പെടും; നിൻെറ ദാസൻ സന്തോഷിക്കയും
ചെയ്യും.
എൻെറ വിരോധികൾ ലജ്ജ ധരിക്കും, 29
അവർ ഒരു പുതപ്പുപോലെ അതു പുത
യ്ക്കും;
ഞാൻ എൻെറ വായ്കൊണ്ടു കർത്താ 30
വിനെ സ്തോത്രം ചെയ്യും, ഞാൻ പലരുടേ
യും ഇടയിൽ തന്നെ സ്തുതിക്കും.
എന്തെന്നാൽ താൻ എളിയവൻെറ 31
ആത്മാവിനെ ശിക്ഷാവിധിയിൽനിന്നു
രക്ഷിപ്പാനായി അവൻെറ വലത്തുഭാഗത്തു
നിന്നു.

110

"നിൻെറ ശത്രുക്കളെ നിൻെറ പാ 1
ദപീഠമാക്കുവോളം നീ എൻെറ
വലത്തുഭാഗത്ത് ഇരിക്ക എന്നു കർത്താ
വു എൻെറ കർത്താവിനോടു അരുളി
ച്ചെയ്തു;
കർത്താവ് നിനക്കു സെഹിയോനിൽ 2
നിന്നു ബലമുള്ള ചെങ്കോൽ അയയ്ക്കും;
അതു നിൻെറ ശത്രുക്കളുടെ മേൽ അധി
കാരം ചെയ്യും;
ശക്തിയുടെ ദിവസത്തിൽ നിൻെറ 3
ജനം മഹത്വപ്പെടും; പൈതലേ പൂർവത്തി
ങ്കൽ വിശുദ്ധിയിൻ പ്രഭകളാൽ ഗർഭപാത്ര
ത്തിൽനിന്നു ഞാൻ നിന്നെ ജനിപ്പിച്ചു;
നീ മല്ക്കിസദേക്കിൻെറ സദൃശത്തിൽ 4
എന്നേക്കും മഹാപുരോഹിതനാകുന്നു
എന്നു കർത്താവ് ആണയിട്ടിട്ടുണ്ട്; താൻ
വ്യാജം പറയുകയില്ല;
കർത്താവ് നിൻെറ വലത്തുഭാഗത്തു 5
ണ്ട്; താൻ തൻെറ ക്രോധദിവസത്തിൽ
രാജാക്കന്മാരെ തകർക്കും.
താൻ ജാതികളെ വിധിക്കും; ശവങ്ങൾ 6
കൊണ്ടു സ്ഥലമെല്ലാം നിറയ്ക്കും, ഭൂമി
യിൽ പല ജാതികളുടെ തലവനെ വെട്ടും,
അവൻ വഴിയാത്രയിൽ തോട്ടിൽനിന്നു 7
കുടിക്കും, അതുകൊണ്ട് അവൻെറ തല
ഉയരുകയുംചെയ്യും;

111

ഞാൻ സഭയിൽ നേരുള്ളവരുടെ 1
ഗുണദോഷത്താൽ എൻെറ
പൂർണഹൃദയത്തോടെ കർത്താവിന്
സ്തോത്രം പാടും.
കർത്താവിൻെറ ക്രിയകൾ വലിയവയും 2
അവയിൽ ഇഷ്ടപ്പെടുന്ന എല്ലാവർക്കും
ആവശ്യമുള്ളവയും ആകുന്നു;

കർത്താവിൻെറ പ്രവൃത്തികൾ മഹത്വ
ള്ളവയും വലിയവയും ആകുന്നു; തൻെറ
തി എന്നേക്കും നിലനില്ക്കും;
താൻ തൻെറ അത്ഭുതങ്ങൾക്കു സ്മാ
കം നിലനിർത്തി; കർത്താവു കരുണയും
യയും ഉള്ളവനാകുന്നു;
താൻ തൻെറ ഭക്തന്മാർക്ക് ആഹാരം
കാടുത്തു തൻെറ ഉഭയസമ്മതം എന്നേ
ും ഓർക്കുന്നു:
താൻ ജാതികളുടെ അവകാശത്തെ
ൻെറ ജനത്തിന്നു കൊടുത്ത് തൻെറ
ിയകളുടെ ശക്തി കാണിച്ചു.
തൻെറ കൈകളുടെ പ്രവൃത്തി സത്യ
ം ന്യായവും ആകുന്നു;
അവ എന്നെന്നേയ്ക്കും നിലനില്ക്കും;
ൻെറ കല്പനകളൊക്കെയും നീതിയായും
ത്യമായും സ്ഥാപിക്കപ്പെട്ടവയാകുന്നു;
കർത്താവ് തൻെറ ജനത്തിന്നു രക്ഷ
യച്ചു; തൻെറ ഉഭയസമ്മതത്തെ എന്നേ
ും താൻ ഓർക്കും; താൻ പരിശുദ്ധനും
ുനാമം ഭയങ്കരവുമാകുന്നു;
കർത്താവിനെയുള്ള ഭക്തി ജ്ഞാന
ിൻെറ ആരംഭമാകുന്നു; അതിനെ ആച
ക്കുന്നവർക്കു നല്ല തിരിച്ചറിവുണ്ട്. അവ
റ മഹത്വം എന്നേക്കും നിലനിൽക്കും.

12

കർത്താവിനെ ഭയപ്പെട്ട് തൻെറ
കല്പനകളിൽ താല്പര്യമുള്ള
ുഷ്യൻ ഭാഗ്യവാൻ;
അവൻെറ സന്തതി ഭൂമിയിൽ ശക്തി
ട്ടിരിക്കും; നീതിമാന്മാരുടെ തലമുറയിൽ
ൻ അനുഗ്രഹിക്കപ്പെടും;
സമ്പത്തും ഐശ്വര്യവും അവൻെറ
നത്തിൽ വർദ്ധിക്കും; അവൻെറ നീതി
ന്നക്കും നിലനില്ക്കും.
നേരുള്ളവർക്കു അന്ധകാരത്തിൽ
ാശം ഉദിക്കും; താൻ നീതിമാന്മാരെ
ുഗ്രഹിക്കും;
ദയ തോന്നി കടം കൊടുക്കുകയും വ്യവ
ാത്തിൽ തൻെറ കാര്യം സഹിക്കുകയും
ുന്ന മനുഷ്യൻ നല്ലവനാകുന്നു;
അവൻ ഒരിക്കലും ഇളകുകയില്ല; നീതി
എന്നേക്കും സ്മരണയുണ്ടാകും;
അവൻ ദുഷ്ക്കേൾവിയെ ഭയപ്പെടുക
. അവൻെറ ഹൃദയം ദൈവത്തിൽ
രമായി ആശ്രയിച്ചിരിക്കുന്നു;
അവൻ തൻെറ ശത്രുക്കളെ കാണു
ും തൻെറ ഹൃദയം ഉറപ്പിച്ചു ഭയപ്പെ
രിക്കുന്നു;

അവൻ ദരിദ്രന്മാർക്കു ധാരാളമായി 9
കൊടുത്തു; അവൻെറ നീതി എന്നെന്നേ
ക്കും നിലനില്ക്കും; അവൻെറ കൊമ്പ്
മഹത്വത്തോടെ ഉയരുകയും ചെയ്യും;
ദുഷ്ടൻ കണ്ടു കോപിക്കും, അവൻ 10
തൻെറ പല്ലു കടിച്ചു മാഞ്ഞുപോകും;
ദുഷ്ടന്മാരുടെ ആഗ്രഹം നശിക്കുകയും
ചെയ്യും.

113

കർത്താവിൻെറ ഭൃത്യന്മാരേ 1
സ്തുതിപാടുവിൻ; കർത്താവി
ൻെറ തിരുനാമം സ്തുതിപ്പിൻ;
കർത്താവിൻെറ തിരുനാമം ആദിമുതൽ 2
എന്നെന്നേക്കും വാഴ്ത്തപ്പെട്ടതായിരി
ക്കട്ടെ!
സൂര്യോദയം മുതൽ അതിൻെറ അസ്ത 3
മനംവരെയും കർത്താവിൻെറ തിരുനാമം
വലിയതാകുന്നു;
കർത്താവു സകല ജാതികൾക്കും 4
മേലായി ഉന്നതനും, തൻെറ ബഹുമാനം
സ്വർഗ്ഗങ്ങൾക്കു മീതെയും ആകുന്നു;
ആകാശത്തിലും ഭൂമിയിലും നമ്മുടെ 5
ദൈവമായ കർത്താവിനോടു സദൃശൻ
ആരുള്ളു?
താൻ ഉയരത്തിൽ വസിക്കയും; അഗാധ 6
ത്തിൽ നോക്കുകയും ചെയ്യുന്നു;
ജനത്തിൻെറ പ്രഭുക്കന്മാരോടു കൂടെ 7
ഇരുത്തേണ്ടതിന്നു,
എളിയവനെ കുപ്പയിൽനിന്നു ഉയർ 8
ത്തുന്നു;
താൻ വന്ധ്യയെ മക്കളുടെ മാതാവായി 9
സസന്തോഷം വസിപ്പിക്കുന്നു.

114

ഇസ്രായേൽ മെസ്രേനിൽനി 1
ന്നും, യാക്കോബിൻെറ ഭവന
ക്കാർ അന്യഭാഷ സംസാരിക്കുന്ന ജന
ത്തിൽനിന്നും പുറപ്പെട്ടപ്പോൾ;
യഹൂദാ തൻെറ പരിശുദ്ധസ്ഥലവും 2
ഇസ്രായേൽ തൻെറ മഹത്വവും ആയി
രുന്നു;
സമുദ്രം തന്നെ കണ്ട് ഓടി, യോർദ്ദാൻ 3
പിന്തിരിഞ്ഞു,
പർവതങ്ങൾ കലകൾപോലെയും 4
കുന്നുകൾ ആട്ടിൻകുട്ടികൾപോലെയും
തുള്ളി.
സമുദ്രമേ നീ ഓടിമാറിയതും യോർദ്ദാ 5
നെ നീ പിന്തിരിഞ്ഞതും എന്തിനു?
പർവതങ്ങളേ നിങ്ങൾ കലകൾപോലെ 6
യും കുന്നുകളേ നിങ്ങൾ ആട്ടിൻകുട്ടികൾ
പോലെയും നൃത്തം ചെയ്തതെന്തിന്?

114* 9-ാം വാക്യം 115-ാം സങ്കീർത്തനം 1-ാം വാക്യമായുള്ള പതിപ്പുകൾ ഉണ്ട്.

7 ഭൂമി കർത്താവിൻെറ മുമ്പാകെ,
യാക്കോബിൻെറ ദൈവത്തിൻ മുമ്പാകെ
ഇളകി;
8 എന്തെന്നാൽ താൻ തീക്കല്പാറയെ
വെള്ളത്തടാകമായിട്ടും കരിങ്കല്ലിനെ
നീരുറവയായിട്ടും ആക്കി;*
9 ഞങ്ങൾക്കല്ല കർത്താവെ, ഞങ്ങൾ
ക്കല്ല, എന്നാലോ നിൻെറ കൃപ നിമിത്തവും
നിൻെറ സത്യം നിമിത്തവും തിരുനാമത്തി
ന്നുതന്നെ ബഹുമാനമുണ്ടായിരിക്കട്ടെ;
10 അവരുടെ ദൈവം എവിടെയാകുന്നുവെ
ന്ന് ജാതികൾ പറയാതിരിക്കട്ടെ,
11 നമ്മുടെ ദൈവം സ്വർഗത്തിലാകുന്നു;
താൻ തനിക്കിഷ്ടമുള്ളതെല്ലാം ചെയ്യുന്നു;
12 ജാതികളുടെ വിഗ്രഹങ്ങൾ മനുഷ്യരു
ടെ കൈവേലയായ വെള്ളിയും പൊന്നും
ആകുന്നു;
13 അവയ്ക്കു വായുണ്ട്, സംസാരിക്കുന്നി
ല്ല, അവയ്ക്കു കണ്ണുകളുണ്ട്, കാണുന്നില്ല;
14 അവയ്ക്കു ചെവികളുണ്ട്, കേൾക്കു
ന്നില്ല; അവയ്ക്കു മൂക്കുകൾ ഉണ്ട്, അവ
ശ്വസിക്കുന്നില്ല;
15 അവയുടെ കൈകൾകൊണ്ട് സ്പർശി
ക്കുന്നില്ല, അവയുടെ കാലുകൾകൊണ്ട്
നടക്കുന്നില്ല; അവയുടെ തൊണ്ടകൊണ്ട്
സംസാരിക്കുന്നില്ല; അവയെ ഉണ്ടാക്കുന്ന
വരും അവയിൽ ശരണം വച്ചിരിക്കുന്നവരും
അവയെപ്പോലെ ആയിത്തീരും;
16 എന്നാൽ ഇസ്രായേൽ ഭവനക്കാർ
കർത്താവിൽ ആശ്രയിച്ചിരിക്കുന്നു; താൻ
അവരുടെ സഹായകനും തുണയും
ആകുന്നു;
17 അഹറോൻെറ ഭവനക്കാർ കർത്താവിൽ
ആശ്രയിച്ചിരിക്കുന്നു; താൻ അവരുടെ സ
ഹായകനും അവരുടെ തുണയും ആകുന്നു;
18 കർത്താവിൻെറ ഭക്തന്മാർ തന്നിൽ
ശരണപ്പെട്ടിരിക്കുന്നു; താൻ അവരുടെ
സഹായകനും അവരുടെ തുണയും
ആകുന്നു;
19 കർത്താവ് നമ്മെ ഓർത്ത് അനുഗ്രഹി
ച്ചു; താൻ ഇസ്രായേൽ ഭവനക്കാരെ അനു
ഗ്രഹിക്കും; താൻ അഹറോൻെറ ഭവന
ക്കാരെ അനുഗ്രഹിക്കും;
20 കർത്താവ് വലിയവരും ചെറിയവരു
മായ തൻെറ ഭക്തന്മാരെ അനുഗ്രഹിക്കും;
21 കർത്താവ് നിങ്ങളേയും നിങ്ങളുടെ
മക്കളേയും അധികമായി അനുഗ്രഹിക്കും;
22 ആകാശവും ഭൂമിയും സൃഷ്ടിച്ച
കർത്താവിനാൽ നിങ്ങൾ അനുഗ്രഹിക്ക
പ്പെട്ടവർ ആകുന്നു;

സ്വർഗങ്ങളുടെ സ്വർഗം കർത്താവിൻേറ 23
താകുന്നു; താൻ ഭൂമിയെ മനുഷ്യർക്കു
കൊടുത്തിരിക്കുന്നു;
മരിച്ചവരും അന്ധകാരത്തിലേക്കു ഇറ 24
ങ്ങുന്നവരുമല്ല കർത്താവിനെ സ്തുതി
ക്കുന്നത്.*
നാമോ ഇതുമുതൽ എന്നേക്കും 25
കർത്താവിനെ വാഴ്ത്തും;

115 കർത്താവ് എൻെറ അപേക്ഷ 1
യുടെ ശബ്ദം കേൾക്കണമെന്നു
ഞാൻ ആഗ്രഹിച്ചു.
ഞാൻ തന്നെ വിളിക്കുന്ന ദിവസത്തിൽ 2
തൻെറ ചെവി എൻെറ അടുക്കലേക്കു
ചായിക്കും;
എന്തെന്നാൽ മരണവേദനകൾ എന്നെ 3
ചുററി, പാതാളഞെരുക്കങ്ങൾ എന്നെ
സമീപിച്ചു; കഷ്ടതയും ദുരിതവും എനി
ക്കു ഭവിച്ചു;
അപ്പോൾ, കർത്താവേ! എൻെറ ആത്മാ 4
വിനെ രക്ഷിക്കണമേയെന്നു ഞാൻ കർത്താ
വിൻെറ തിരുനാമം വിളിച്ചപേക്ഷിച്ചു;
കർത്താവേ നീ കാരുണ്യവാനും നീതി 5
മാനും ആകുന്നു, നീ ദയാലുവായ ദൈവ
മാകുന്നു;
കർത്താവ് പരമാർഥികളെ പാലിക്കു 6
ന്നു; ഞാൻ ക്ഷീണിച്ചുപോയി; താൻ എന്നെ
രക്ഷിച്ചു;
എൻെറ ആത്മാവേ നിൻെറ വിശ്രമ 7
ത്തിലേക്കു തിരിഞ്ഞുകൊൾക, എന്തെ
ന്നാൽ കർത്താവ് നിനക്കു പ്രതിഫലം
നൽകിയിരിക്കുന്നു;
എൻെറ ആത്മാവിനെ മരണത്തിൽ 8
നിന്നും; എൻെറ പാദങ്ങളെ പിഴകളിൽ
നിന്നും നീ രക്ഷിച്ചു;
ഞാൻ ദൈവതിരുമുമ്പാകെ ജീവനുള്ള 9
വരുടെ ദേശത്ത് തന്നെ പ്രസാദിപ്പിക്കേണ്ട
തിനു തന്നെ;
ഞാൻ വിശ്വസിച്ചു; അതുകൊണ്ടു 10
ഞാൻ സംസാരിച്ചു; ഞാൻ വളരെ ദണ്ഡനം
സഹിച്ചു;
എല്ലാ മനുഷ്യരും വ്യാജമുള്ളവരെന്ന് 11
ഞാൻ എൻെറ പരിഭ്രമംകൊണ്ട് പറഞ്ഞു;
എന്നോടുള്ള കർത്താവിൻെറ സർവ 12
ഉപകാരങ്ങൾക്കും പകരം ഞാൻ എന്തു
കൊടുക്കും?
ഞാൻ രക്ഷയുടെ പാനപാത്രം എടുത്ത് 13
കർത്താവിൻെറ തിരുനാമം വിളിച്ചപേ
ക്ഷിക്കും;
ഞാൻ കർത്താവിനു എൻെറ നേർച്ച 14
കളെ സകല ജനവും കാൺകെ കഴിക്കും;

* It is not the dead who praise the Lord (International Bible)

തന്റെ നീതിമാന്മാരുടെ മരണം കർത്താ
ിന്റെ മുമ്പാകെ വിലയേറിയതാകുന്നു;
കർത്താവേ ഞാൻ നിന്റെ ദാസനാ
ുന്നു; നിന്റെ ദാസനും നിന്റെ ദാസിയു
പുത്രനും ആകുന്നു; നീ എന്റെ ബന്ധന
ങ്ങളെ അഴിച്ചുവല്ലോ;
ഞാൻ കർത്താവിന് സ്തോത്രബലി
ൾ അർപ്പിച്ചു തന്റെ തിരുനാമം വിളിച്ച
ക്ഷിക്കും;
ഞാൻ കർത്താവിനു എന്റെ നേർച്ച
ൾ സകല ജനവും കാൺകെയും,
കർത്താവിന്റെ ഭവനത്തിൻ പ്രാകാര
ിലും യറുശലേമേ, നിന്റെ ഉള്ളിലും വച്ചു
ിക്കും;

16 സകല ജാതികളുമെ കർത്താവി
നെ സ്തുതിപ്പിൻ; സകല ജന
ളുമെ തന്നെ മഹത്വപ്പെടുത്തുവിൻ;
എന്തെന്നാൽ തന്റെ കൃപ നമ്മുടെ
ൽ വർദ്ധിച്ചിരിക്കുന്നു; താൻ സത്യമായിട്ട്
ന്നേക്കും കർത്താവാകുന്നു.

17 കർത്താവിനെ സ്തോത്രം ചെയ്
വിൻ, എന്തെന്നാൽ താൻ നല്ല
ും തന്റെ കരുണ എന്നേക്കും ഉള്ളതു
ുന്നു;
തന്റെ കരുണകൾ എന്നേക്കുമുള്ള
ന്ന് ഇസ്രായേൽ പറയട്ടെ;
തന്റെ കരുണകൾ എന്നേക്കുമുള്ള
ന്ന് അഹറോന്റെ ഭവനക്കാർ പറയട്ടെ,
തന്റെ കരുണകൾ എന്നേക്കുമുള്ള
ന്ന് കർത്താവിന്റെ ഭക്തന്മാർ പറയട്ടെ;
ഞെരുക്കത്തിൽ ഞാൻ കർത്താവിനെ
ക്കിവിളിച്ചു; കർത്താവു എന്നോടു
മരുളി എന്നെ ആശ്വസിപ്പിച്ചു;
എനിക്കു സഹായകനായി കർത്താവു
ഞാൻ ഭയപ്പെടുകയില്ല, മനുഷ്യൻ
നാടെന്തു ചെയ്യും?
എനിക്കു സഹായകനായി കർത്താവു
എന്നെ പകയ്ക്കുന്നവരുടെ നേരെ
ൾ നോക്കും;
നുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ
ത്താവിൽ ആശ്രയിക്കുന്നതു നല്ലത്.
ധികാരിയിൽ ശരണപ്പെടുന്നതിനേ
ൾ കർത്താവിൽ ശരണപ്പെടുന്നതു
ു;
സകല ജാതികളും എന്നെ വളഞ്ഞു,
കർത്താവിന്റെ നാമത്തിൽ അവരെ
ിച്ചു;
അവർ എന്നെ ചുററിവളഞ്ഞു, കർത്താ
ന്റെ തിരുനാമത്തിൽ ഞാൻ അവരെ
ിച്ചു;

അവർ തേനീച്ചകൾപോലെ എന്നെ 12
വളഞ്ഞു, അവർ കരിയിലത്തീപോലെ
കെട്ടുപോയി; തിരുനാമത്തിൽ ഞാൻ
അവരെ നശിപ്പിച്ചു;
ഞാൻ മറിഞ്ഞുവീഴുവാൻ തക്കവണ്ണം 13
അവർ എന്നെ തള്ളിയെങ്കിലും കർത്താവു
എന്നെ സഹായിച്ചു;
എന്റെ ശക്തിയും എന്റെ മഹത്വവും 14
കർത്താവാകുന്നു; താൻ എനിക്കു രക്ഷക
നായിത്തീർന്നു;
നീതിമാന്മാരുടെ കൂടാരത്തിൽ സ്തുതി 15
യുടെയും രക്ഷയുടെയും ശബ്ദം ഉണ്ട്;
കർത്താവിന്റെ വലങ്കൈ ബലം പ്രവർത്തി
ക്കുന്നു,
കർത്താവിന്റെ വലങ്കൈ എന്നെ 16
ഉയർത്തി; കർത്താവിന്റെ വലതു തൃക്കൈ
ബലം പ്രവർത്തിച്ചു;
ആകയാൽ, ഞാൻ മരിക്കയില്ല, എന്നാ 17
ലോ ഞാൻ ജീവിച്ചു കർത്താവിന്റെ
പ്രവൃത്തികളെ പ്രസിദ്ധപ്പെടുത്തും;
കർത്താവ് എന്നെ അധികം ശിക്ഷിച്ചു; 18
എങ്കിലും മരണത്തിനെന്നെ ഏല്പിച്ചില്ല;
ഞാൻ പ്രവേശിച്ചു കർത്താവിനെ 19
സ്തോത്രം ചെയ്വാനായിട്ടു നീതിയുടെ
വാതിലുകൾ എനിക്കു തുറന്നുതരണമെ!
നീതിമാന്മാർ ഉൾപ്രവേശിക്കുന്ന 20
കർത്താവിന്റെ വാതിൽ ഇതാകുന്നു;
ഞാൻ നിന്നെ സ്തോത്രം ചെയ്യും. 21
എന്തെന്നാൽ നീ എന്നോടുത്തരമരുളി
ച്ചെയ്തു, നീ എനിക്കു രക്ഷകനും ആയി
ത്തീർന്നു;
കല്പണിക്കാർ നിരസിച്ചു തള്ളിയ കല്ലു 22
പണിയുടെ ആണിക്കല്ലായിത്തീർന്നു;
ഇതു കർത്താവിന്റെ തിരുമുമ്പിൽനി 23
ന്നുണ്ടായി; അതു നമ്മുടെ കണ്ണുകളിൽ
അത്ഭുതവും ആകുന്നു;
കർത്താവു രക്ഷ നടത്തിയ ദിവസം 24
ഇതാകുന്നു; വരുവിൻ, ഇന്നു നമുക്കു
സന്തോഷിച്ചാനന്ദിക്കാം.
കർത്താവേ എന്നെ രക്ഷിക്കണമെ; 25
കർത്താവേ എന്നെ വീണ്ടുകൊള്ളണമെ;
കർത്താവിന്റെ തിരുനാമത്തിൽ വരു 26
ന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു; ഞങ്ങൾ
കർത്താവിന്റെ ഭവനത്തിൽനിന്നു നി
ങ്ങളെ വാഴ്ത്തി;
ഞങ്ങളുടെ ദൈവമായ കർത്താവേ, 27
ഞങ്ങളെ പ്രകാശിപ്പിച്ച് ബലിപീഠത്തിന്റെ
കൊമ്പുകൾവരെയും ചങ്ങലകൾകൊണ്ട്
ഞങ്ങളുടെ പെരുന്നാളുകളെ ബന്ധിക്ക
ണമെ;

28 നീ എൻെറ ദൈവമാകുന്നു; ഞാൻ
നിന്നെ സ്തോത്രം ചെയ്യും; നീ എൻെറ
ദൈവമാകുന്നു, ഞാൻ നിന്നെ സ്തുതിക്കും;
29 കർത്താവിനെ സ്തോത്രം ചെയ്‌വിൻ,
എന്തെന്നാൽ താൻ നല്ലവനും, തൻെറ
കരുണ എന്നേക്കും ഉള്ളതും ആകുന്നു;

ഓലാഫ്

1 **118** നടപ്പിൽ കുറ്റമറ്റവരായി കർത്താ
വിൻെറ വേദപ്രമാണത്തിൻ
പ്രകാരം നടക്കുന്നവർ ഭാഗ്യവാന്മാർ;
2 തൻെറ സാക്ഷ്യങ്ങളെ കാത്തു പൂർണ
ഹൃദയത്തോടെ തന്നെ അന്വേഷിക്കുന്നവർ
ഭാഗ്യവാന്മാർ;
3 അവർ അന്യായം ചെയ്തില്ല; അവർ
തൻെറ വഴികളിൽ നടന്നു;
4 നിൻെറ കല്പനകൾ കൃത്യമായി പ്രമാ
ണിപ്പാൻ നീ കല്പിച്ചിരിക്കുന്നു;
5 തൻെറ പ്രമാണങ്ങൾ ആചരിപ്പാൻ
എൻെറ വഴികൾ ഒരുക്കപ്പെട്ടിരുന്നുവെങ്കിൽ
നന്നായിരുന്നു;
6 ഞാൻ നിൻെറ സകല കല്പനകളേയും
ആചരിച്ചാൽ ലജ്ജിക്കയില്ല.
7 ഞാൻ നിൻെറ നീതിയുള്ള ന്യായങ്ങളെ
പഠിച്ച് പരമാർഥഹൃദയത്തോടെ നിന്നെ
സ്തോത്രം ചെയ്യും;
8 ഞാൻ നിൻെറ പ്രമാണങ്ങൾ ആചരിച്ചു;
നീ എന്നേക്കും എന്നെ കൈ വിടരുതേ.

ബേസ്

9 ഒരു ബാലൻ തൻെറ വഴി ഏതിനാൽ
വെടിപ്പാക്കും; നിൻെറ പ്രമാണങ്ങൾ ആചരി
ക്കുന്നതിനാലല്ലയോ?
10 ഞാൻ എൻെറ പൂർണഹൃദയത്തോടെ
നിന്നെ അന്വേഷിച്ചു; നിൻെറ കല്പന
കളിൽ നിന്നു ഞാൻ തെററിപ്പോകരുതേ!
11 ഞാൻ നിനക്കു വിരോധമായി പാപം
ചെയ്യാതിരിക്കേണ്ടതിന്ന് നിൻെറ വചന
ങ്ങൾ എൻെറ ഹൃദയത്തിൽ ഞാൻ സംഗ്ര
ഹിച്ചു;
12 കർത്താവെ നീ വാഴ്ത്തപ്പെട്ടവനാകു
ന്നു; നിൻെറ പ്രമാണങ്ങൾ എന്നെ പഠിപ്പി
ക്കണമെ!
13 ഞാൻ എൻെറ അധരങ്ങൾകൊണ്ടു
നിൻെറ നീതിയുള്ള ന്യായങ്ങളെല്ലാം
ആവർത്തിച്ചു;
14 ഞാൻ സമ്പത്തിനെക്കാളും നിൻെറ
സാക്ഷ്യത്തിൻെറ വഴിയെ സ്നേഹിച്ചു;
15 ഞാൻ നിൻെറ കല്പനകളെ ധ്യാനിച്ച്,
നിൻെറ വഴികളെ അറിഞ്ഞു.
ഞാൻ നിൻെറ വചനങ്ങൾ മറക്കാതിരി 16
പ്പാൻ നിൻെറ വേദപ്രമാണത്തെ ധ്യാനിച്ചു.

ഗോമൽ

ഞാൻ ജീവിച്ച് നിൻെറ വചനങ്ങൾ 17
പ്രമാണിക്കേണ്ടതിന്നു നിൻെറ ഭൃത്യനോടു
ത്തരമരുളണമെ!
ഞാൻ നിൻെറ വേദപ്രമാണത്തിൽനിന്നു 18
അത്ഭുതമുള്ള കാര്യങ്ങൾ കാണേണ്ടതിന്നു
എൻെറ കണ്ണുകളെ പ്രകാശിപ്പിക്കണമെ;
നിന്നെപ്രതി ഞാൻ ഒരു പരദേശിയാ 19
കുന്നു; നിൻെറ കല്പനകൾ എന്നിൽനിന്നു
മറയ്ക്കരുതേ;
എൻെറ ആത്മാവ് എല്ലായ്പോഴും 20
നിൻെറ പ്രമാണങ്ങൾക്കായി അതിവാഞ്ഛ
യോടിരിക്കുന്നു;
നിൻെറ കല്പനകളിൽനിന്നു തെററി 21
പ്പോകുന്ന ജാതികളെ നീ ശാസിച്ചു; അവർ
ശപിക്കപ്പെട്ടവരാകുന്നു;
നിൻെറ സാക്ഷിയെ ഞാൻ പ്രമാണി 22
ച്ചിരിക്കകൊണ്ട് അപമാനം എന്നിൽനിന്നു
നീക്കിക്കളയണമെ;
അധർമികൾ ഇരുന്ന് എനിക്കു വിരോധ 23
മായി സംസാരിച്ചു; ഞാൻ നിൻെറ കല്പന
കൾ ധ്യാനിച്ചുകൊണ്ടിരുന്നു;
ഞാൻ നല്ല വിചാരത്തോടുകൂടെ 24
നിൻെറ സാക്ഷിയെക്കുറിച്ച് ചിന്തിച്ചു;

ദോലദ്

എൻെറ ജീവൻ മണ്ണോടു ചേരുമാറായി; 25
തിരുവചനപ്രകാരം എന്നെ ജീവിപ്പിക്ക
ണമെ;
ഞാൻ എൻെറ വഴികൾ നിന്നോടറിയി 26
ച്ചു; നീ എന്നോടുത്തരമരുളി; നിൻെറ വേദ
പ്രമാണം എന്നെ പഠിപ്പിക്കണമെ,
നിൻെറ കല്പനകളുടെ വഴി എന്നെ 27
കാണിക്കണമെ, ഞാൻ നിൻെറ അത്ഭുത
പ്രവൃത്തികളെക്കുറിച്ചു ധ്യാനിക്കും;
എൻെറ ദേഹി വിഷാദംകൊണ്ടു ഉരു 28
കുന്നു. തിരുവചനപ്രകാരം എന്നെ ജീവിപ്പി
ക്കണമെ.
ദുഷ്ടന്മാരുടെ വഴി എന്നിൽനിന്നു 29
നീക്കി നിൻെറ വേദപ്രമാണം എന്നെ പഠിപ്പി
ക്കണമെ;
ഞാൻ നിന്നിലുള്ള വിശ്വാസമാർഗത്തെ 30
തിരഞ്ഞെടുത്ത്; നിൻെറ ന്യായങ്ങളിൽ
ഇഷ്ടപ്പെട്ടിരിക്കുന്നു;
ഞാൻ നിൻെറ സാക്ഷ്യത്തോടു 31
ചേർന്നിരിക്കുന്നു; കർത്താവേ! എന്നെ
ലജ്ജിപ്പിക്കരുതെ;

നീ എന്നെ സന്തോഷിപ്പിച്ചതിനാൽ
ഞാൻ നിൻെറ പ്രമാണമാർഗത്തിൽ നട
ക്കുന്നു.

ഹെ

കർത്താവെ! നിൻെറ പ്രമാണങ്ങളുടെ
വഴി എന്നെ പഠിപ്പിക്കണമെ; ഞാൻ അവ
പ്രമാണിക്കും;
ഞാൻ നിൻെറ വേദപ്രമാണം ആചരിച്ചു;
പൂർണഹൃദയത്തോടെ അവ ആചരിപ്പാൻ
എന്നെ തിരിച്ചറിവുള്ളവനാക്കണമെ;
നിൻെറ കല്പനയുടെ വഴിയിൽ എന്നെ
നടത്തണമെ; എന്തെന്നാൽ ഞാൻ അതിൽ
ഇഷ്ടപ്പെടുന്നു;
എൻെറ ഹൃദയം നിൻെറ സാക്ഷിയിലേ
ക്കു തിരിക്കണമെ; മായകളിലേക്കല്ല.
വ്യാജം കാണാതിരിപ്പാൻ എൻെറ കണ്ണു
കളെ തിരിച്ച് നിൻെറ വഴികളിൽ എന്നെ
ജീവിപ്പിക്കണമെ.
നിന്നെ ഭയപ്പെടുന്ന നിൻെറ ദാസന്ന്
നിൻെറ വചനം സ്ഥിരമായിരിക്കണമെ!
നിൻെറ ന്യായവിധികൾ നല്ലവയാക
കൊണ്ട് അപമാനം എന്നിൽനിന്നകററി
ക്കളയണമെ;
നിൻെറ കല്പനകളിൽ ഞാൻ ഇഷ്ട
പ്പെട്ടിരിക്കുന്നു; നിൻെറ നീതിയിൽ എന്നെ
ജീവിപ്പിക്കണമെ;

വാവ്

കർത്താവേ! നിൻെറ കരുണയും നീ
വാഗ്ദത്തം ചെയ്ത നിൻെറ രക്ഷയും എങ്കലേക്കു
വരേണമെ;
ഞാൻ നിൻെറ വചനങ്ങളിൽ ശരണ
പ്പെട്ടിരിക്കകൊണ്ട് എന്നെ നിന്ദിക്കുന്ന
വരോട് ഞാൻ ഉത്തരം പറയും.
ഞാൻ നിൻെറ വിധികൾക്കായി കാത്തി
രിക്കകൊണ്ട് നിൻെറ സത്യവചനം എൻെറ
വായിൽനിന്നു മാററരുതെ;
ഞാൻ നിൻെറ വേദപ്രമാണം എന്നന്നേ
ക്കും ആചരിക്കും;
ഞാൻ നിൻെറ കല്പനകൾ ഇഷ്ടപ്പെട്ട
തുകൊണ്ട് ആശ്വാസത്തോടെ നടക്കും;
ഞാൻ രാജാക്കന്മാരുടെ മുമ്പാകെ
സാക്ഷിയെക്കുറിച്ച് സംസാരിക്കും, ഞാൻ
ലജ്ജിക്കയില്ല; ഞാനിഷ്ടപ്പെടുന്ന നിൻെറ
കല്പനകളെക്കുറിച്ചു ഞാൻ ധ്യാനിക്കും.
ഞാൻ സ്നേഹിക്കുന്ന നിൻെറ കല്പ
നകളുടെ അടുക്കലേക്കു ഞാൻ എൻെറ
കൈകളെ ഉയർത്തും; ഞാൻ നിൻെറ വിശ്വാ
സത്താൽ നിൻെറ പ്രമാണങ്ങളെ കുറിച്ചു
ധ്യാനിക്കയും മഹത്വീകരിക്കപ്പെടുകയും
ചെയ്യും;

സായി

നീ നിൻെറ ദാസനെ പ്രത്യാശിക്കു 48
മാറാക്കിയ നിൻെറ വചനം അവനു വേണ്ടി
ഓർക്കണമെ;
അതുമൂലം എൻെറ ക്ഷീണത്തിൽ 49
ഞാൻ ആശ്വസിച്ചു; എന്തെന്നാൽ തിരു
വചനം എന്നെ ജീവിപ്പിച്ചു;
അധർമികൾ എന്നെ ഞെരുക്കി. ഞാൻ 50
നിൻെറ വേദപ്രമാണത്തിൽനിന്നു മാറിയില്ല.
കർത്താവെ! ആദിമുതലുള്ള നിൻെറ 51
ന്യായവിധികളെ ഞാൻ ഓർത്തു ആശ്വസി
ച്ചു; അവ എനിക്കു ബാലശിക്ഷയും ആയി;
നിൻെറ വേദപ്രമാണത്തെ ഉപേക്ഷിച്ച 52
പാപികൾ നിമിത്തം എനിക്കു ദുഃഖമായി
രിക്കുന്നു;
ഞാൻ പരദേശിയായി പാർക്കുന്ന ഭവ 53
നത്തിൽ നിൻെറ പ്രമാണങ്ങൾ എനിക്കു
ഗാനമായിത്തീർന്നു;
കർത്താവേ! രാത്രിയിൽ ഞാൻ തിരു 54
നാമം ഓർത്തു, നിൻെറ വേദപ്രമാണം
പാലിച്ചു;
ഞാൻ നിൻെറ കല്പനകളെ പ്രമാണി 55
ക്കകൊണ്ടു ആശ്വസിച്ചു;

ഹേസ്

നിൻെറ കല്പനകളെ പാലിക്കണമെ 56
ന്നു അർദ്ധരാത്രിയിൽ ഞാൻ വിചാരിച്ചു;
ഞാൻ എൻെറ പൂർണഹൃദയത്തോടെ 57
തിരുമുഖം നോക്കി പാർത്തു. തിരുവചന
പ്രകാരം എന്നെ ജീവിപ്പിക്കണമെ;
ഞാൻ എൻെറ വഴികളെ വിചാരിച്ചു; 58
എൻെറ പാദങ്ങൾ നിൻെറ വഴികളിലേക്കു
തിരിച്ചു;
ഞാൻ തയ്യാറായി; നിൻെറ കല്പന 59
കളെ പ്രമാണിപ്പാൻ താമസിച്ചതുമില്ല;
ദുഷ്ടന്മാരുടെ പാശങ്ങൾ എന്നെ ചുററി 61
ക്കെട്ടിയെങ്കിലും നിൻെറ വേദപ്രമാണ
ത്തിൽ നിന്നു ഞാൻ മാറിയില്ല;
നീതിമാനായുള്ളോവേ നിൻെറ വിധി 62
കളെക്കുറിച്ചു നിന്നെ സ്തോത്രം ചെയ്‌വാൻ
അർദ്ധരാത്രിയിൽ ഞാൻ എഴുന്നേററു.
ഞാൻ, നിന്നെ ഭയപ്പെട്ട് നിൻെറ കല്പ 63
നകളെ പ്രമാണിക്കുന്ന എല്ലാവരുടേയും
സ്നേഹിതനാകുന്നു;
കർത്താവേ! ഭൂമി നിൻെറ കരുണ 64
കൊണ്ടു നിറഞ്ഞിരിക്കുന്നു; നിൻെറ പ്രമാ
ണങ്ങൾ എന്നെ പഠിപ്പിക്കണമെ.

രേസ്

65 കർത്താവേ! നീ അരുളിച്ചെയ്ത പ്ര
കാരം നിൻെറ ഭൃത്യനോടു നന്മ ചെയ്യണമെ;
66 ഞാൻ നിൻെറ കല്പനകളെ വിശ്വ
സിച്ചിരിക്കകൊണ്ട് നല്ല ബുദ്ധിയും കൃപയും
ബോധവും എനിക്കു ഉപദേശിക്കണമെ;
67 ഞാൻ കഷ്ടതയിൽ ആകുന്നതിനു
മുമ്പ് വിശ്വസിച്ച് നിൻെറ തിരുവചനം പ്രമാ
ണിച്ചു;
68 കർത്താവേ! നീ നല്ലവനും നന്മ ചെയ്യു
ന്നവനും ആകുന്നു; നിൻെറ പ്രമാണങ്ങൾ
എന്നെ പഠിപ്പിക്കണമെ;
69 നിഗളികളുടെ അനീതി വളരെയാകു
ന്നു; ഞാൻ എൻെറ പൂർണഹൃദയത്തോടെ
നിൻെറ കല്പനകൾ ആചരിച്ചു;
70 അവരുടെ ഹൃദയം നെയ്പോലെ
പുഷ്ടിയായിരിക്കുന്നു; ഞാൻ നിൻെറ
വേദപ്രമാണത്തെ പ്രമാണിച്ചു;
71 ഞാൻ നിൻെറ പ്രമാണങ്ങളെ പഠിക്കേ
ണ്ടതിന്നു കഷ്ടത സഹിക്കുന്നതു എനിക്കു
നന്നായി;
72 നിൻെറ വായിലെ വേദപ്രമാണം ആയിരം
ആയിരം സ്വർണത്തെക്കാളും വെള്ളിയെ
ക്കാളും എനിക്കു നല്ലതാകുന്നു.

യുദ്

73 തൃക്കൈകൾ എന്നെ സൃഷ്ടിച്ചു. നിൻെറ
വേദപ്രമാണം എന്നെ പഠിപ്പിക്കണമെ.
74 ഞാൻ നിൻെറ വചനത്തിന്നായി
പ്രത്യാശിച്ചു എന്ന് തൻെറ ഭക്തന്മാർ കണ്ടു
ഗ്രഹിക്കട്ടെ.
75 കർത്താവേ! നിൻെറ വിധികൾ നീതി
യുള്ളവയാകുന്നുവെന്നും നിന്നിലുള്ള
വിശ്വാസം എന്നെ വിനയമുള്ളവനാക്കി
എന്നും ഞാൻ അറിഞ്ഞു.
76 നിൻെറ ഭൃത്യനോടു നീ അരുളിച്ചെയ്ത
പ്രകാരം നിൻെറ കരുണ എൻെറ ആശ്വാ
സത്തിന്നായി തീരട്ടെ.
77 നിൻെറ വേദപ്രമാണം ഞാൻ പഠിച്ചതു
കൊണ്ടു നിൻെറ കരുണ എൻെറമേൽ
വരികയും ഞാൻ ജീവിക്കുകയും ചെയ്യട്ടെ.
78 അനീതികൊണ്ട് എന്നെ ക്ഷീണിപ്പിച്ച
ദുഷ്ടന്മാർ ലജ്ജിക്കും. ഞാൻ നിൻെറ
കല്പനകളെ ധ്യാനിച്ചു.
79 നിന്നെ ഭയപ്പെടുന്നവരും നിൻെറ സാ
ക്ഷിയെ അറിയുന്നവരും എൻെറ അടുക്ക
ലേക്കു തിരിയും.
80 എൻെറ ഹൃദയം നിൻെറ കല്പനകൾ
ധ്യാനിക്കും. ഞാൻ ലജ്ജിക്കയില്ല.

കോഫ്

എൻെറ ആത്മാവ് നിൻെറ രക്ഷയ്ക്കാ 81
യി ആഗ്രഹിച്ചു. ഞാൻ നിൻെറ വചനത്തിൽ
ആശ്രയിച്ചു.
നീ എപ്പോൾ എന്നെ ആശ്വസിപ്പിക്കു 82
മെന്ന് തിരുവചനത്തെക്കുറിച്ചു എൻെറ
കണ്ണുകൾ കാത്തിരുന്നു.
എന്തെന്നാൽ ഞാൻ ഉറച്ച വെള്ളത്തിൽ 83
തോൽക്കുടംപോലെയായി; ഞാൻ നിൻെറ
പ്രമാണങ്ങൾ മറന്നില്ല.
നിൻെറ ദാസൻെറ ദിവസങ്ങൾ എത്ര 84
യാകുന്നു; എന്നെ പീഡിപ്പിക്കുന്നവരോടു
എനിക്കുവേണ്ടി നീ എപ്പോൾ ന്യായം
നടത്തും?
നിൻെറ വേദപ്രമാണത്തിൽ ഉൾപ്പെടാ 85
ത്ത ദുഷ്ടന്മാർ എനിക്കു കുഴി കുഴിച്ചു.
നിൻെറ പ്രമാണങ്ങളൊക്കെയും വിശ്വ 86
സനീയങ്ങളാകുന്നു; അന്യായക്കാർ എന്നെ
ഉപദ്രവിച്ചു.
അവർ ഭൂമിയിൽ ക്ഷണത്തിൽ എന്നെ 87
നശിപ്പിക്കുമായിരുന്നു. ഞാൻ നിൻെറ
കല്പനകളെ ഉപേക്ഷിച്ചില്ല.
തിരുവായിലെ സാക്ഷിയെ ഞാൻ 88
പ്രമാണിക്കേണ്ടതിന്നു നിൻെറ കരുണ
യിൻപ്രകാരം എന്നെ ജീവിപ്പിക്കണമെ.

ലോമദ്

കർത്താവേ! നീ എന്നേക്കുമുള്ളവനാ 89
കുന്നു, നിൻെറ വചനം സ്വർഗത്തിൽ നില
നിൽക്കുന്നു.
നിൻെറ വിശ്വാസം തലമുറതലമുറയ്ക്ക് 90
ഇരിക്കുന്നു. നീ ഭൂമിയെ സൃഷ്ടിച്ച്, അതി
നെ സ്ഥാപിച്ചു.
ഇന്നേദിവസംവരേയും അവ നിൻെറ 91
ചട്ടങ്ങളിൻപ്രകാരം നിലനില്ക്കുന്നു.
എന്തെന്നാൽ സകലവും നിൻെറ ദാസ്യ
ത്തിലല്ലോ.
നിൻെറ വേദപ്രമാണം എനിക്കു ധ്യാന 92
മായിരുന്നില്ലെങ്കിൽ എൻെറ ക്ഷീണത്തിൽ
ഞാൻ നശിച്ചുപോകുമായിരുന്നു.
ഞാൻ ഒരിക്കലും നിൻെറ പ്രമാണ 93
ങ്ങളെ മറക്കുകയില്ല; എന്തെന്നാൽ എൻെറ
ജീവൻ അവയിലാകുന്നു.
ഞാൻ നിനക്കുള്ളവൻ ആകുന്നു 94
എന്നെ രക്ഷിക്കണമെ. ഞാൻ നിൻെറ
പ്രമാണങ്ങളെ ആചരിച്ചു;
ദുഷ്ടന്മാർ എന്നെ നശിപ്പിപ്പാൻ എന്നെ 95
നോക്കി കാത്തിരുന്നു, ഞാൻ നിൻെറ
സാക്ഷിയെ തിരിച്ചറിഞ്ഞു.

ഞാൻ സകല പരിപൂർണ്ണതയ്ക്കും അവ
ാനം കണ്ടിരിക്കുന്നു. നിൻെറ കല്പന
ത്രയും വിശാലമാകുന്നു.

മീം

ഞാൻ നിൻെറ വേദപ്രമാണത്തെ ഏററ
ം സ്നേഹിച്ചു; അതു എല്ലാ ദിവസവും
ൻെറ ധ്യാനമായിരുന്നു.
ഞാൻ നിൻെറ കല്പനകളെ ആചരി
തുകൊണ്ട് എൻെറ ശത്രുക്കളെക്കാൾ
ന്നെ ജ്ഞാനമുള്ളവനാക്കണമെ;
എൻെറ സകല ഉപദേഷ്ടാക്കന്മാരെ
ാളും എന്നെ തിരിച്ചറിവുള്ളവനാക്ക
മെ; എന്തെന്നാൽ നിൻെറ സാക്ഷി
നിക്കു ധ്യാനമാകുന്നു.
നിൻെറ കല്പനകളെ ആചരിച്ചതുകൊ
ഞാൻ പൂർവന്മാരേക്കാൾ അധികം
ിച്ചറിവുള്ളവനായിത്തീർന്നു.
നിൻെറ കല്പനകളെ പ്രമാണിക്കേണ്ട
നു സകല ദുർമാർഗത്തിൽനിന്നും ഞാൻ
ൻെറ കാലുകളെ തടഞ്ഞു.
നീ എന്നെ പഠിപ്പിച്ചതുകൊണ്ടു ഞാൻ
ൻെറ ന്യായവിധികളിൽനിന്നു വിട്ടു
യില്ല.
നിൻെറ വചനങ്ങൾ എൻെറ മേലണ്ണാ
ു എത്രയും മാധുര്യമാകുന്നു. വായ്ക്കു
ിനേക്കാൾ നല്ലതാകുന്നു.
ഞാൻ നിൻെറ പ്രമാണങ്ങൾ ധ്യാനിച്ചു.
നിമിത്തം ഞാൻ ദുഷ്ടന്മാരുടെ സകല
കളേയും നിരസിച്ചു.

നൂൻ

ിരുവചനം എൻെറ കാലുകൾക്കു വിള
എൻെറ വഴികൾക്കു പ്രകാശവുമാകുന്നു.
നിൻെറ നീതിയുള്ള ന്യായങ്ങളെ ആച
മെന്നു ഞാൻ ആണയിട്ടുറച്ചു.
ർത്താവെ! ഞാൻ ഏററവും ക്ഷീണി
ർത്താവേ! തിരുവചനപ്രകാരം എന്നെ
പ്പിക്കണമെ.
ർത്താവെ! എൻെറ വായിലെ വചന
ഇഷ്ടപ്പെട്ട് നിൻെറ ന്യായങ്ങൾ
പഠിപ്പിക്കണമെ.
ൻെറ ആത്മാവ് എല്ലായ്പോഴും
റ തൃക്കൈകളിലാകുന്നു, ഞാൻ
വേദപ്രമാണം മറന്നില്ല.
ാപികൾ എനിക്കായി കെണികൾ
ഞാൻ നിൻെറ കല്പനകളിൽനിന്നു
പ്പായില്ല.
ാൻ നിൻെറ സാക്ഷ്യത്തെ എന്നേ
അവകാശമാക്കി, എന്തെന്നാൽ
അതു എൻെറ ഹൃദയത്തിന്നു ആനന്ദ
മാകുന്നു.
നിൻെറ പ്രമാണങ്ങൾ എപ്പോഴും 112
സത്യമായി ആചരിപ്പാൻ ഞാൻ എൻെറ
ഹൃദയത്തെ തിരിച്ചു.

സെമക്കസ്

ഞാൻ ദുഷ്ടന്മാരെ ദ്വേഷിച്ചു; ഞാൻ 113
നിൻെറ വേദപ്രമാണം സ്നേഹിച്ചു;
നീ എൻെറ മറയും സങ്കേതസ്ഥലവും 114
ആകുന്നു; ഞാൻ നിൻെറ വചനത്തിൽ
ആശ്രയിച്ചു;
ദുഷ്ടന്മാരേ! എന്നിൽനിന്നു അകന്നു 115
പോകുവിൻ. ഞാൻ എൻെറ ദൈവത്തിൻെറ
കല്പനകളെ ആചരിക്കട്ടെ;
തിരുവചനത്തിൽ എന്നെ ഉറപ്പിക്കണ 116
മെ; ഞാൻ ജീവിക്കട്ടെ, എൻെറ പ്രത്യാശ
യിൽ എന്നെ ലജ്ജിപ്പിക്കരുതെ;
എന്നെ സഹായിക്കണമെ; ഞാൻ രക്ഷ 117
പ്പെട്ട് എപ്പോഴും നിൻെറ പ്രമാണങ്ങൾ
പഠിക്കട്ടെ;
നിന്നിൽനിന്നകന്നുപോകുന്നവരെ 118
എല്ലാം ഞാൻ ദ്വേഷിച്ചു; അവരുടെ ആലോ
ചന വഞ്ചനയുള്ളതാകുന്നു.
നീ എന്നെ താങ്ങണമെ; ഞാൻ രക്ഷ 119
പെട്ട് എപ്പോഴും നിൻെറ കല്പനകളെ
ധ്യാനിക്കട്ടെ;
നിന്നെക്കുറിച്ചുള്ള ഭയം നിമിത്തമായിട്ട് 120
എൻെറ മാംസം മെലിഞ്ഞു, നിൻെറ ന്യായ
വിധികളെക്കുറിച്ചു ഞാൻ ഭയപ്പെട്ടു;

ഐ

ന്യായവും നീതിയും പ്രവർത്തിക്കുന്ന 121
വനേ! എന്നെ ആക്രമിക്കുന്നവരുടെ കയ്യിൽ
ഏല്പിക്കരുതെ;
നിഗളികൾ എന്നെ ഞെരുക്കാതിരി 122
പ്പാൻ നിൻെറ ദാസനെ നന്മകൾകൊണ്ട്
ആനന്ദിപ്പിക്കണമെ;
എൻെറ കണ്ണുകൾ നിൻെറ രക്ഷയ്ക്കാ 123
യും നിൻെറ നീതിയുടെ വചനത്തിന്നായും
കാംക്ഷിച്ചുകൊണ്ടിരിക്കുന്നു;
നിൻെറ കരുണയിൻപ്രകാരം നിൻെറ 124
ദാസനോടു കൃപചെയ്ത് നിൻെറ വേദപ്ര
മാണം എന്നെ പഠിപ്പിക്കണമെ;
ഞാൻ നിൻെറ ഭൃത്യനാകുന്നു; നിൻെറ 125
സാക്ഷിയെ ഞാൻ ഗ്രഹിക്കേണ്ടതിന്
എനിക്ക് അറിവുതരണമെ!
കർത്താവിനെ ആരാധിപ്പാനുള്ള 126
സമയം ഇതാകുന്നു; കണ്ടാലും അവർ
നിൻെറ വേദപ്രമാണം നിഷ്ഫലമാക്കി;

127 ഞാനോ നിന്റെ കല്പനകൾ തങ്കത്തെ
ക്കാളും നല്ല രത്നങ്ങളെക്കാളും അധികം
സ്നേഹിച്ചു;
128 നിന്റെ സർവ്വ കല്പനകളേയും ഞാൻ
സ്നേഹിച്ചു; ദുഷ്ടന്മാരുടെ സർവ്വ മാർഗ്ഗ
ങ്ങളേയും ഞാൻ ദ്വേഷിച്ചു;

പെ

129 നിന്റെ സാക്ഷ്യങ്ങൾ ശ്രേഷ്ഠതരങ്ങളാ
കകൊണ്ട് എന്റെ മനസ്സ് അവയെ ആചരിച്ചു;
130 നിന്റെ വചനം തുറന്നു ശിശുക്കളെ
പ്രകാശിപ്പിച്ച് ജ്ഞാനം നൽകണമെ;
131 ഞാൻ എന്റെ വായ് തുറന്ന് ശ്വസിച്ചു
നിന്റെ രക്ഷയ്ക്കായി കാത്തിരിക്കുന്നു;
132 തിരുനാമം ഞാൻ സ്നേഹിച്ചതുകൊ
ണ്ട് എങ്കലേക്കു തിരിഞ്ഞു എന്നോടു കരു
ണചെയ്യണമെ;
133 അധർമ്മി എന്റെ മേൽ അധികാര
പ്പെടാതിരിപ്പാൻ നിന്റെ വഴികളിൽ എന്റെ
നടപ്പിനെ സ്ഥിരപ്പെടുത്തണമെ;
134 നിന്റെ കല്പനകളെ ആചരിക്കേണ്ട
തിനു മനുഷ്യന്റെ ഉപദ്രവത്തിൽനിന്നെ
ന്നെ വിടുവിക്കണമെ;
135 നിന്റെ ദാസന്റെ മേൽ തിരുമുഖം
പ്രകാശിപ്പിച്ചു നിന്റെ വേദപ്രമാണം എന്നെ
പഠിപ്പിക്കണമെ;
136 അവർ നിന്റെ വേദപ്രമാണം ആചരി
ക്കായ്ക കൊണ്ടു എന്റെ കണ്ണുകൾ ജല
നദികൾ ഒഴുക്കി;

സോദെ

137 കർത്താവേ! നീ നീതിമാനാകുന്നു;
നിന്റെ വിധികൾ എത്രയും നേരുള്ളവയു
മാകുന്നു;
138 നീ നിന്റെ സാക്ഷ്യത്തെ നീതിയോടും
വിശ്വസ്തതയോടും കല്പിച്ചിരിക്കുന്നു;
139 നിന്റെ ശത്രുക്കൾ തിരുവചനം മറന്ന
തുകൊണ്ടു സദാനേരവും തീക്ഷ്ണത
എന്നെ വേദനപ്പെടുത്തുന്നു;
140 തിരുവചനം എത്രയും തിരഞ്ഞെടു
ക്കപ്പെട്ടതാകുന്നു; നിന്റെ ദാസൻ അതിനെ
സ്നേഹിച്ചു;
141 ഞാൻ എളിയവനും നിന്ദ്യനും ആകുന്നു
വെങ്കിലും നിന്റെ കല്പനകളെ മറന്നില്ല;
142 നിന്റെ നീതി എന്നേക്കും നിലനില്ക്കു
ന്നതാകുന്നു; നിന്റെ വേദപ്രമാണം സത്യ
വുമാകുന്നു;
143 ഞെരുക്കവും സങ്കടവും എനിക്കു സംഭ
വിച്ചിരിക്കുന്നു; നിന്റെ കല്പനകളെ ഞാൻ
ധ്യാനിച്ചു;

നിന്റെ സാക്ഷ്യം എപ്പോഴും നീതിയു 144
ള്ളതാകുന്നു; എനിക്കു ബുദ്ധിതരണമെ;
ഞാൻ ജീവിക്കട്ടെ;

ഖോഫ്

കർത്താവേ! ഞാൻ എന്റെ പൂർണ്ണ 145
ഹൃദയത്തോടെ നിന്നെ വിളിച്ചു;- നിന്റെ
പ്രമാണങ്ങൾ ആചരിക്കേണ്ടതിന്നു എന്നോ
ടുത്തരമരുളണമെ;
ഞാൻ നിന്നെ വിളിച്ചു; ഞാൻ നിന്റെ 146
സാക്ഷ്യത്തെ ആചരിക്കേണ്ടതിന്നു എന്നെ
രക്ഷിക്കണമെ;
ഞാൻ പുലർകാലെ എഴുന്നേറ്റു നിന്നെ 147
വിളിച്ചു; നിന്റെ തിരുവചനത്തിന്നായി
കാത്തിരുന്നു;
ഞാൻ തിരുവചനത്തെക്കുറിച്ചു ധ്യാനി 148
ക്കേണ്ടതിന്നു രാത്രിയാമങ്ങളെ മുൻകൂട്ടി
നോക്കിക്കൊണ്ടിരുന്നു;
കർത്താവേ! നിന്റെ കരുണയിൻ പ്രകാ 149
രം എന്റെ ശബ്ദം കേൾക്കണമെ, നിന്റെ
വിധികളാൽ എന്നെ ജീവിപ്പിക്കണമെ;
അന്യായമായി എന്നെ പീഢിപ്പിക്കുന്ന 150
വർ എനിക്കു സമീപമായിരിക്കുന്നു; അവർ
നിന്റെ വേദപ്രമാണത്തിൽ നിന്നു അക
ന്നിരിക്കുന്നു:
കർത്താവേ! നീ സമീപമായിരിക്കുന്നു, 151
നിന്റെ കല്പനകളെല്ലാം സത്യമുള്ളവയാ
കുന്നു; നിന്റെവചനത്തെക്കുറിച്ചു ധ്യാനി
ക്കേണ്ടതിന്നു എന്റെ കണ്ണുകൾ യാമങ്ങ
ളെ മുൻകൂട്ടി നോക്കിക്കൊണ്ടിരിക്കുന്നു;
ഞാൻ പണ്ടേതന്നെ നിന്റെ സാക്ഷ്യ 152
ത്തെ അറിഞ്ഞിരിക്കുന്നു; എന്തെന്നാൽ നീ
ആദിമുതൽ അതിനെ നിയമിച്ചു;

റീശ്

ഞാൻ നിന്റെ വേദപ്രമാണം മറക്കാ 153
യ്കകൊണ്ടു എന്റെ എളിമയെ കണ്ട്
എന്നെ രക്ഷിക്കണമെ;
എന്റെ വ്യവഹാരം തീർത്ത് എന്നെ 154
വിടുവിച്ചു നിന്റെ വചനപ്രകാരം എന്നെ
ജീവിപ്പിക്കണമെ;
അവർ നിന്റെ പ്രമാണങ്ങൾ അന്വേഷി 155
ക്കായ്കകൊണ്ടു, രക്ഷ, ദുഷ്ടന്മാരിൽ
നിന്നു ദൂരമായിരിക്കുന്നു;
കർത്താവേ! നിന്റെ കരുണ വളരെ 156
യാകുന്നു; നിന്റെ വിധിപ്രകാരം എന്നെ
ജീവിപ്പിക്കണമെ;
എന്നെ പീഡിപ്പിക്കുന്നവരും എന്റെ 157
ശത്രുക്കളും വളരെയാകുന്നു; ഞാൻ നിന്റെ
പ്രമാണത്തിൽ നിന്നു മാറിയില്ല;

ഞാൻ ദുഷ്ടന്മാരെ കണ്ടു. അവർ തിരുവ
ം ആചരിക്കുന്നില്ലെന്നു ഞാൻ അറിഞ്ഞു;
കർത്താവെ! ഞാൻ നിന്റെ പ്രമാണ
ളെ സ്നേഹിച്ചതു കണ്ട് നിന്റെ കൃപ
ൽ എന്നെ ജീവിപ്പിക്കണമെ;
തിരുവചനത്തിന്റെ അടിസ്ഥാനം
ത്യമാകുന്നു; നിന്റെ നീതിയുള്ള ന്യായ
ികളെല്ലാം നിത്യമാകുന്നു;

ശീൻ

പ്രഭുക്കന്മാർ കാരണം കൂടാതെ എന്നെ
ധിപ്പിച്ചു; എന്റെ ഹൃദയം നിന്റെ വച
ത്ത ഭയന്നു;
മഹാവലിയ കവർച്ച കണ്ടെത്തിയവ
നപോലെ തിരുവചനത്തിൽ ഞാൻ
ന്താഷിച്ചു;
ഞാൻ അന്യായത്തെ പകച്ച് നിരസിച്ചു;
ന്റെ വേദപ്രമാണത്തെ സ്നേഹിച്ചു.
നീതിമാനായുള്ളോവേ! നിന്റെ വിധി
ക്കുറിച്ചു ദിവസത്തിൽ ഏഴുപ്രാവശ്യം
ൻ നിന്നെ സ്തുതിച്ചു;
നിന്റെ വേദപ്രമാണത്തെ സ്നേഹിക്കു
ർക്കു വളരെ സമാധാനമുണ്ട്, അവർ
യാതൊരു ക്ഷീണവുമുണ്ടാകയില്ല;
ർത്താവേ! ഞാൻ നിന്റെ രക്ഷ
ായി പ്രത്യാശിച്ചു നിന്റെ കല്പനകൾ
രിച്ചു;
എന്റെ ആത്മാവു നിന്റെ സാക്ഷ്യ
ആചരിക്കുകയും അവയെ ഏറ്റം
ഹിക്കുകയും ചെയ്തു;
നിന്റെ കല്പനകളും നിന്റെ സാക്ഷ്യ
ഞാൻ ആചരിച്ചു, എന്റെ വഴി
ക്കെയും തിരുമുമ്പാകെയാകുന്നു.

താവ്

ർത്താവെ! എന്റെ സ്തുതി തിരുമുമ്പാ
ചവേശിക്കട്ടെ, തിരുവചനത്താൽ
ജീവിപ്പിക്കണമെ;
ന്റെ അപേക്ഷ തിരുമുമ്പാകെ
ിക്കട്ടെ; തിരുവചനത്താൽ എന്നെ
ണമെ
ന്റെ പ്രമാണങ്ങളെല്ലാം നീതിയുള്ള
കൊണ്ടു എന്റെ നാവു തിരുവചനം
ും,
ന്റെ പ്രമാണങ്ങൾ എന്നെ പഠിപ്പി
ാൾ എന്റെ അധരങ്ങൾ നിനക്കു
ചസ്താവിക്കും.
ന്റെ പ്രമാണങ്ങളിൽ ഞാൻ ഇഷ്ട
കൊണ്ടു തൃക്കൈ എന്നെ സഹാ
മെ;

എന്റെ ആത്മാവു നിന്റെ രക്ഷ 174
യ്ക്കായി കാത്തിരുന്നു. നിന്റെ വേദ
പ്രമാണം ഞാൻ ധ്യാനിക്കയും ചെയ്തു;
എന്റെ ആത്മാവു ജീവനോടിരുന്ന് 175
നിന്നെ സ്തുതിക്കട്ടെ, നിന്റെ ന്യായവിധി
എന്നെ സഹായിക്കുകയും ചെയ്യട്ടെ!
കാണാതെപോയ ആടുപോലെ ഞാൻ 176
തെറ്റിപ്പോയി നിന്റെ പ്രമാണങ്ങൾ ഞാൻ
മറക്കായ്കകൊണ്ടു ഈ നിന്റെ ദാസനെ
അന്വേഷിക്കണമെ.

119

ഞാൻ എന്റെ ഞെരുക്കത്തിൽ 1
കർത്താവിനെ വിളിച്ചു; താൻ
എന്നോടു ഉത്തരമരുളിച്ചെയ്തു.
കർത്താവു ദുഷ്ടന്മാരുടെ അധരങ്ങ 2
ളിൽനിന്നും വഞ്ചകന്മാരുടെ നാവുകളിൽ
നിന്നും എന്റെ പ്രാണനെ രക്ഷിച്ചു;
വഞ്ചനയുള്ള നാവുകൾ നിനക്ക് എന്തു 3
തരും? അവ നിനക്ക് എന്തു ലാഭമുണ്ടാക്കും?
പുരുഷത്വമുള്ളവന്റെ അസ്ത്രങ്ങൾ 4
ബാലുത്താമരത്തിൻ തീക്കനൽപോലെ
മൂർച്ചയുള്ളവയാകുന്നു;
എന്റെ പരദേശവാസം ദീർഘിച്ച് 5
കാദോറിൻ കൂടാരത്തിൽ ഞാൻ വസിച്ചതി
നാൽ എനിക്കു ഹാ കഷ്ടം.
എന്റെ ആത്മാവു സമാധാനത്തെ 6
വെറുക്കുന്നവരോടുകൂടെ അധികകാലം
പാർത്തു.
ഞാൻ സമാധാനം സംസാരിച്ചുവെ 7
ങ്കിലും അവർ എന്നോടു പോരാടിക്കൊണ്ടി
രുന്നു;

120

ഞാൻ പർവ്വതത്തിലേക്കു എന്റെ 1
കണ്ണുകൾ ഉയർത്തും, എന്നെ
സഹായിക്കുന്നവൻ എവിടെനിന്നു വരും?
എന്റെ സഹായം ആകാശവും ഭൂമിയും 2
സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ
നിന്നാകുന്നു;
താൻ നിന്റെ കാല് വഴുതുവാൻ സമ്മ 3
തിക്കയില്ല; നിന്റെ കാവൽക്കാരൻ ഉറക്കം
തൂങ്ങുകയില്ല;
എന്തെന്നാൽ ഇസ്രായേലിന്റെ കാവ 4
ല്ക്കാരൻ ഉറക്കംതൂങ്ങുന്നുമില്ല ഉറങ്ങു
ന്നുമില്ല.
നിന്റെ കാവൽക്കാരൻ കർത്താവാകു 5
ന്നു; കർത്താവു വലങ്കൈകൊണ്ടു നിന്നെ
ചൂടും;
പകൽ ആദിത്യനും രാത്രിയിൽ ചന്ദ്രനും 6
നിന്നെ ഉപദ്രവിക്കുകയില്ല,
കർത്താവു സകല ദോഷങ്ങളിൽനി 7
ന്നും നിന്നെ കാത്തുകൊള്ളും, താൻ നിന്റെ
ആത്മാവിനെ കാത്തുകൊള്ളും.

8 കർത്താവു നിൻെറ ഗമനത്തെയും
നിൻെറ ആഗമനത്തെയും ഇതുമുതൽ
എന്നേക്കും കാത്തുകൊള്ളും.

121

1 കർത്താവിൻെറ ഭവനത്തിലേ
ക്കു നാം പോകുന്നു എന്നു
അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ
സന്തോഷിച്ചു;
2 യറുശലേമേ എൻെറ കാലടികൾ
നിൻെറ വാതിലുകൾക്കകത്തു നിന്നിട്ടു
ണ്ടല്ലോ.
3 യറുശലേം ചുറ്റും കോട്ടയുള്ള നഗരം
പോലെ പണിയപ്പെട്ടിരിക്കുന്നു;
4 കർത്താവിൻെറ ഗോത്രങ്ങളായ തല
മുറകൾ തിരുനാമത്തിന്നു സ്തോത്രം ചെ
യ്‌വാൻ ഇസ്രായേലിൻെറ സാക്ഷി നിമിത്തം
അവിടെ കരേറിച്ചെന്നു;
5 എന്തെന്നാൽ ദാവീദുഭവനത്തിലെ
സിംഹാസനങ്ങളായ സിംഹാസനങ്ങൾ
ന്യായവിസ്താരത്തിന്നായി അവിടെ ഇട്ടിരി
ക്കുന്നു;
6 യറുശലേമിൻെറ സമാധാനത്തിന്നു
വേണ്ടി അപേക്ഷിപ്പിൻ; നിൻെറ സ്നേഹി
തന്മാർ സന്തുഷ്ടരായിരിക്കും.
7 നിൻെറ സൈന്യത്തിൽ സമാധാനവും
നിൻെറ കൊട്ടാരങ്ങളിൽ ആനന്ദവും ഉണ്ടാ
കട്ടെ,
8 എൻെറ സഹോദരന്മാരെക്കുറിച്ചും,
എൻെറ സ്നേഹിതന്മാരെക്കുറിച്ചും നി
ന്നിൽ സമാധാനം ഉണ്ടാകട്ടെ എന്നു ഞാൻ
ആശംസിക്കുന്നു;
9 നമ്മുടെ ദൈവമായ കർത്താവിൻെറ
ഭവനം നിമിത്തം ഞാൻ നിൻെറ നന്മകളെ
അന്വേഷിക്കും.

122

1 സ്വർഗ്ഗത്തിൽ വസിക്കുന്നവനേ!
ഞാൻ നിങ്കലേക്കു എൻെറ
കണ്ണുകളെ ഉയർത്തുന്നു;
2 ദാസന്മാരുടെ കണ്ണുകൾ യജമാനന്മാ
രുടെ അടുക്കലേക്കും, ദാസിയുടെ കണ്ണു
കൾ യജമാനസ്ത്രീയുടെ അടുക്കലേക്കും
എന്നപോലെ ഞങ്ങളുടെ ദൈവമേ! നീ
ഞങ്ങളോടു കരുണചെയ്യുന്നതുവരെ
ഞങ്ങളുടെ കൺകൾ നിങ്കലേക്കു നോക്കി
ക്കൊണ്ടിരിക്കുന്നു;
3 കർത്താവേ! ഞങ്ങളോടു കരുണ
ചെയ്യണമെ, ഞങ്ങളോടു കരുണചെയ്യ
ണമെ, ഞങ്ങൾ വളരെ ദൂഷണം കേട്ടിരി
ക്കുന്നു;
4 ഹസിക്കുന്നവരുടെ നിന്ദകൊണ്ടും
നിഗളികളുടെ ദൂഷണംകൊണ്ടും ഞങ്ങളു
ടെ മനസ്സ് എത്രയും മടുത്തിരിക്കുന്നു;

123

ഇസ്രായേൽ പറയേണ്ടതെന്തെ 1
ന്നാൽ കർത്താവ് നമുക്കുവേ
ണ്ടി നില്ക്കാതിരുന്നുവെങ്കിൽ!
മനുഷ്യർ നമുക്കു വിരോധമായി 2
എഴുന്നേറ്റപ്പോൾ കർത്താവു നമുക്കുവേ
ണ്ടി നില്ക്കാതിരുന്നുവെങ്കിൽ!
അവർ ജീവനോടെ നമ്മെ വിഴുങ്ങുമാ 3
യിരുന്നു;
അവരുടെ കോപം നമ്മുടെ നേരെ 4
ജ്വലിച്ചപ്പോൾ നദി നമ്മുടെ പ്രാണങ്ങളെ
ഒഴുക്കിക്കളയുമായിരുന്നു; നീരൊഴുക്കു
നമ്മുടെ പ്രാണനുമേൽ കടന്നുപോകുമാ
യിരുന്നു;
പ്രളയം നമ്മുടെ പ്രാണനു മീതെ കവി 5
യുമായിരുന്നു;
നമ്മെ അവരുടെ പല്ലുകൾക്കു ഇരയാ 6
ക്കിക്കൊടുക്കാതിരുന്ന കർത്താവു വാഴ്ത്ത
പ്പെട്ടവനാകുന്നു;
പക്ഷി, വേട്ടക്കാരൻെറ കെണിയിൽ 7
നിന്ന് എന്നപോലെ നമ്മുടെ ജീവൻ രക്ഷ
പെട്ടു; കെണി പൊട്ടി, നാം വിടുവിക്കപ്പെടു
കയും ചെയ്തു;
നമ്മുടെ സഹായം ആകാശവും ഭൂമിയും 8
സൃഷ്ടിച്ച കർത്താവിൻെറ തിരുനാമത്തി
ലാകുന്നു.

124

കർത്താവിൽ ആശ്രയിക്കുന്നവർ 1
സെഹിയോൻ പർവതംപോലെ
നിൽക്കും, അവർ ഇളകുകയില്ല; അവർ
എന്നേയ്ക്കും സ്ഥിതിചെയ്യും;
പർവതങ്ങൾ യറുശലേമിനെ ചുറ്റിയിരി 2
ക്കുന്ന പ്രകാരം കർത്താവു തൻെറ
ജനത്തെ ഇതുമുതൽ എന്നേക്കും ചുറ്റിയിരി
ക്കുന്നു;
നീതിമാന്മാർ നീതികേടിലേക്കു കൈ 3
നീട്ടാതിരിക്കേണ്ടതിന്നു ദുഷ്ടന്മാരുടെ
ചെങ്കോൽ നീതിമാന്മാരുടെ അവകാശ
ത്തിൽ അധികാരം ചെയ്കയില്ല;
കർത്താവേ! നല്ലവർക്കും നിഷ്കളങ്ക 4
ഹൃദയർക്കും നന്മ ചെയ്യണമെ!
വഴികൾ വികടമാക്കുന്നവരെ കർത്താ 5
വു അധർമ്മികളോടുകൂടെ നടത്തും;
ഇസ്രായേലിന്നു സമാധാനം ഉണ്ടാകട്ടെ.

125

കർത്താവു സെഹിയോൻെറ 1
പ്രവാസികളെ തിരിച്ചുകൊണ്ടു
വന്നപ്പോൾ ഞങ്ങൾ സന്തോഷചിത്തരായി;
അപ്പോൾ ഞങ്ങളുടെ വായ് ചിരികൊ 2
ണ്ടും; ഞങ്ങളുടെ നാവു സ്തുതികൊണ്ടും
നിറഞ്ഞു; കർത്താവു ഇവരുടെ ഇടയിൽ
വൻകാര്യങ്ങൾ ചെയ്തിരിക്കുന്നു എന്നു
ജാതികളുടെ ഇടയിൽ സംസാരമുണ്ടായി;

കർത്താവു ഞങ്ങളുടെ ഇടയിൽ മഹൽ
ാര്യങ്ങൾ ചെയ്തിരിക്കുന്നതുകൊണ്ടു
ങ്ങൾ സന്തോഷചിത്തരായി;
കർത്താവു തെക്കുള്ള നദികൾപോലെ
ങ്ങളുടെ അടിമയെ തിരിയെക്കൊണ്ടു
ാന്നു;
കണ്ണുനീരോടെ വിതയ്ക്കുന്നവൻ സ
ാഷത്തോടെ കൊയ്യും; വിത്തുവഹിച്ചി
ുന്നവൻ കരഞ്ഞുകൊണ്ടു പോകുന്നു;
വഹിക്കുന്നവൻ സന്തോഷിച്ചുകൊ
വരുന്നു;

26 കർത്താവു ഭവനം പണിയാതിരു
ന്നാൽ അതിനെ പണിയുന്നവർ
ാ അദ്ധ്വാനിക്കുന്നു; കർത്താവു പട്ടണം
ാതിരുന്നാൽ അതിൻെറ കാവൽക്കാർ
ാ ജാഗരണം ചെയ്യുന്നു.
അതികാലത്തെ എഴുന്നേൽക്കയും
പ്പാൻ താമസിക്കയും ആകുലചിന്ത
ാടെ അപ്പം ഭക്ഷിക്കുകയും ചെയ്യുന്ന
്യർത്ഥന്മാരാകുന്നു; എന്നാൽ കർത്താ
ൻെറ വാത്സല്യവാന്മാർക്കു ഉറക്കം
ുക്കുന്നു;
ക്കൾ കർത്താവിൽനിന്നുള്ള ഓഹരി
ർഭഫലം തങ്കൽനിന്നുള്ള കൂലിയും
ുന്നു;
ൗവനത്തിലെ മക്കൾ ബലവാൻെറ
ല അസ്ത്രങ്ങൾപോലെയിരിക്കുന്നു;
വയാൽ തൻെറ ആവനാഴിയെ നിറ
ന്നവൻ ഭാഗ്യവാൻ; വാതുക്കൽവച്ചു
ിനോടു സംസാരിക്കുമ്പോൾ അവൻ
ക്കയില്ല;

7 കർത്താവിനെ ഭയപ്പെട്ട് തൻെറ
ഊടുവഴികളിൽ നടക്കുന്ന എല്ലാ
ം ഭാഗ്യം.
ുഷ്യാ! നിൻെറ കൈകളുടെ അദ്ധ്വാ
ഭക്ഷിക്കുമ്പോൾ നിനക്കു ഭാഗ്യം.
ആത്മാവിന്നു നന്മയുണ്ടാകുകയും
;
ൻെറ ഭാര്യ നിൻെറ ഭവനത്തിനു
മഹത്വമുള്ള മുന്തിരിവള്ളിപോ
നിൻെറ മക്കൾ മേശയ്ക്കു ചുറ്റും
ാതൈകൾപോലെയും ഇരിക്കും;
ത്താവിനെ ഭയപ്പെടുന്ന മനുഷ്യൻ
ം അനുഗ്രഹിക്കപ്പെടും.
ത്താവ് സെഹിയോനിൽനിന്നു
അനുഗ്രഹിക്കട്ടെ. നീ നിൻെറ
ക്കാലമെല്ലാം യറുശലേമിൻെറ നന്മ
ാറാകട്ടെ!
ൻെറ മക്കളുടെ മക്കളേയും ഇസ്രായേ
മാധാനവും നീ കാണുമാറാകട്ടെ!

128 എന്നെ ഉപദ്രവിക്കുന്നവർ എൻെറ 1
ബാല്യം മുതൽ വർദ്ധിച്ചു;
എന്നെ ഉപദ്രവിക്കുന്നവർ എൻെറ 2
ബാല്യം മുതൽ വർദ്ധിച്ചു; എങ്കിലും അവർ
എനിക്കു വിരോധമായി പ്രബലപ്പെട്ടില്ല
എന്നു ഇസ്രായേൽ പറയട്ടെ;
അവർ എൻെറ മുതുകത്തു വളരെ 3
അടിച്ചു; അവർ ദീർഘസമയം എന്നെ
ദണ്ഡിപ്പിച്ചു;
കർത്താവു നീതിമാനാകുന്നു; താൻ 4
ദുഷ്ടന്മാരുടെ കൊമ്പുകളെ മുറിച്ചുകളയും;
സെഹിയോനെ പകയ്ക്കുന്ന എല്ലാ 5
വരും പിന്തിരിയും.
അവർ പുരപ്പുറത്തെ പുല്ലുപോലെ 6
ആയിരിക്കും; കാറ്റ് ഊതുമ്പോൾ അതു വാടി
ഉണങ്ങിപ്പോകുന്നു.
അതിനെ കൊയ്യ, കൈകൾക്കാകട്ടെ, 7
കറ്റകെട്ടി, മടി ആകട്ടെ, നിറപ്പാൻ കഴികയില്ല.
കടന്നു പോകുന്നവർ കർത്താവിൻെറ 8
വാഴ്വു നിങ്ങളുടെ മേൽ ഉണ്ടാകട്ടെ എന്നും,
കർത്താവിൻെറ നാമത്തിൽ ഞങ്ങൾ
നിങ്ങളെ അനുഗ്രഹിക്കുന്നു എന്നും പറ
യുന്നതുമില്ല.

129 കർത്താവേ അഗാധത്തിൽനി 1
ന്നു നിന്നെ ഞാൻ വിളിച്ചു;
നീ എൻെറ ശബ്ദം കേട്ടു; നിൻെറ 2
ചെവികൾ എൻെറ പ്രാർത്ഥനാശബ്ദം
ശ്രദ്ധിക്കുമാറാകണമെ;
കർത്താവേ നീ പാപങ്ങളെ കരുതി 3
വയ്ക്കുന്നുവെങ്കിൽ നിലനില്പാൻ കഴി
യുന്നവൻ ആർ?
എന്തെന്നാൽ പാപമോചനം നിൻെറ 4
അടുക്കൽനിന്നാകുന്നു;
ഞാൻ കർത്താവിൽ ആശ്രയിച്ചു; എൻെറ 5
ഉള്ളം തൻെറ വചനത്തെ കാത്തിരുന്നു;
പ്രഭാതംമുതൽ പ്രഭാതംവരെ ഞാൻ 6
കർത്താവിന്നായി കാത്തിരുന്നു;
ഇസ്രായേൽ കർത്താവിനെ കാത്തിരി 7
ക്കട്ടെ; എന്തെന്നാൽ കരുണ തൻെറ അടു
ക്കൽ നിന്നാകുന്നു; തൻെറ അടുക്കൽ രക്ഷ
യും (വളരെയാകുന്നു)
താൻ ഇസ്രായേലിനെ അതിൻെറ സക 8
ല അനീതിയിൽനിന്നും വീണ്ടെടുക്കും;

130 കർത്താവേ! എൻെറ ഹൃദയം 1
നിഗളിച്ചില്ല! എൻെറ കണ്ണുകൾ
ഉന്നതഭാവം കാണിച്ചുമില്ല; എൻെറ സ്ഥിതി
ക്കപ്പുറമായ വൻകാര്യങ്ങളിൽ ഞാൻ ഇട
പെട്ടതുമില്ല,
മുലകുടി മാറിയ പൈതൽ മാതാവി 2
ങ്കൽ എന്നപോലെ ഞാൻ എൻെറ ആത്മാ

വിനെ വിനയപ്പെടുത്തി; എന്റെ ആത്മാ
വു എന്നിൽ മുലകുടി മാറിയ പൈതലെന്ന
പോലെ ആയിത്തീർന്നു.
3 ഇസ്രയേൽ ഇതുമുതൽ എന്നേക്കും
കർത്താവിന്നായി കാത്തിരിക്കട്ടെ.

131

1 കർത്താവേ! ദാവിദിനെയും
അവന്റെ എല്ലാ അരിഷ്ടതക
ളെയും ഓർക്കണമെ.
2 അവൻ കർത്താവിന്നു നേർന്ന്, യാ
ക്കോബിന്റെ ദൈവത്തോടു പറഞ്ഞതെ
ന്തെന്നാൽ,
3 കർത്താവിന്ന് ഒരു വാസസ്ഥലത്തെയും,
യാക്കോബിന്റെ ദൈവത്തിന്നു ഒരു കൂടാ
രത്തെയും ഞാൻ കണ്ടെത്തുന്നതു വരെ,
4 ഞാനെന്റെ ഭവനത്തിനുള്ളിൽ പ്രവേ
ശിക്കയില്ല, എന്റെ കട്ടിലിലെ കിടക്കയി
ലേക്കു കയറി കിടക്കുകയുമില്ല.
5 ഞാൻ എന്റെ കണ്ണുകൾക്കു ഉറക്കവും
എന്റെ കൺപോളകൾക്കു നിദ്രാമയക്കവും
കൊടുക്കയില്ല;
6 കണ്ടാലും ഞങ്ങൾ എഫ്റത്തായിൽ
അതിനെ കുറിച്ചു കേട്ടു, വയലുകളിൽ
അതിനെ കണ്ടെത്തി.
7 ഞങ്ങൾ തന്റെ കുടാരത്തിലേക്കു
പ്രവേശിച്ചു തന്റെ പാദപീഠത്തെ വന്ദിക്കും.
8 കർത്താവേ! നിന്റെ വിശ്രമസ്ഥല
ത്തേക്കു നീ നിന്റെ ശക്തിയുടെ പെട്ടക
വുമായി എഴുന്നള്ളണമെ.
9 നിന്റെ പുരോഹിതന്മാർ നീതിയും നി
ന്റെ പുണ്യവാന്മാർ മഹത്വവും ധരിക്കട്ടെ.
10 നിന്റെ ഭൃത്യനായ ദാവീദിൻ നിമിത്തം
നിന്റെ അഭിഷിക്തന്റെ മുഖം തിരിച്ചു
കളയരുതെ;
11 ഞാൻ, നിന്റെ ഉദരഫലങ്ങളിൽനിന്നു,
നിന്റെ സിംഹാസനത്തിന്മേൽ ഇരുത്തു
മെന്നു കർത്താവ് ദാവീദിനോട് ഉറപ്പായി
ആണയിട്ടു. താൻ അതിൽനിന്ന് മാറുക
യില്ല.
12 നിന്റെ മക്കൾ, എന്റെ ഉഭയസമ്മത
വും, ഞാൻ അവരെ പഠിപ്പിക്കുന്ന ഈ പ്രമാ
ണവും ആചരിച്ചു നിവൃത്തിക്കുമെങ്കിൽ,
അവരുടെ പുത്രന്മാരും നിന്റെ സിംഹാസന
ത്തിന്മേൽ എന്നെന്നേക്കും ഇരിക്കും.
13 എന്തെന്നാൽ കർത്താവു സെഹിയോ
നെ ഇഷ്ടപ്പെട്ടു, തനിക്കു വാസസ്ഥലമായി
അതിനെ തിരഞ്ഞെടുത്തു.
14 ഇതു എന്നന്നേക്കും എന്റെ വിശ്രമ
സ്ഥലമാകുന്നു, ഞാൻ ഇതിനെ ആഗ്രഹി
ച്ചതുകൊണ്ടു ഇവിടെ വസിക്കും.
15 ഞാൻ അതിന്റെ പ്രയത്നങ്ങളെ അനു
ഗ്രഹിക്കും, അതിലെ ദരിദ്രന്മാരെ അപ്പം
കൊണ്ട് സമ്പൂർണ്ണരാക്കും.
അതിലെ പുരോഹിതന്മാരെ രക്ഷയും 16
അതിലെ പുണ്യവാന്മാരെ മഹത്വവും ധരി
പ്പിക്കും.
അവിടെ ഞാൻ ദാവീദിന്നു ഒരു കൊമ്പു 17
മുളപ്പിക്കും, ഞാൻ എന്റെ അഭിഷിക്തന്ന്
ഒരു വിളക്കു തെളിയിക്കയും ചെയ്യും;
ഞാൻ അവന്റെ ശത്രുക്കളെ ലജ്ജ 18
ധരിപ്പിക്കും; എങ്കിലും അവന്റെ മേൽ
എന്റെ വിശുദ്ധത ഇരട്ടിയാകും

132

സഹോദരന്മാർ ഒരുമിച്ചു വസി 1
ക്കുന്നതു എത്ര നന്മയും എത്ര
സൗന്ദര്യവുമാകുന്നു.
അത് അഹറോന്റെ തലയിലും, അവ 2
ന്റെ അങ്കിയുടെ നെഞ്ചിൽ വീണുകിടക്കു
ന്ന താടിയിലും ഒലിക്കുന്ന തൈലംപോ
ലെയും,
സെഹിയോൻമലമേൽ പൊഴിയുന്ന 3
ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു.
എന്തെന്നാൽ അവിടെ കർത്താവ് എന്നേ
ക്കും അനുഗ്രഹത്തെയും ജീവനെയും
കല്പിച്ചു.

133

രാത്രികാലങ്ങളിൽ കർത്താവി 1
ന്റെ ഭവനത്തിൽ നിൽക്കുന്നവ
രായി, കർത്താവിന്റെ സകല ദാസന്മാരുമേ
നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ.
നിങ്ങൾ നിങ്ങളുടെ കൈകൾ ഉയർത്തി 2
കർത്താവിനെ സ്തുതിപ്പിൻ.
ആകാശവും ഭൂമിയും സൃഷ്ടിച്ച 3
കർത്താവ് സെഹിയോനിൽനിന്ന് നിന്നെ
അനുഗ്രഹിക്കും.

134

കർത്താവിന്റെ ഭവനത്തിലും 1
നമ്മുടെ ദൈവഭവനത്തിന്റെ
പ്രാകാരത്തിലും നില്ക്കുന്ന
കർത്താവിന്റെ ഭൃത്യന്മാരേ! കർത്താ 2
വിന്റെ തിരുനാമം സ്തുതിപ്പിൻ.
കർത്താവു നല്ലവനാകയാൽ തന്നെ 3
സ്തുതിപ്പിൻ. താൻ ദയയുള്ളവനാകകൊ
ണ്ടു തിരുനാമത്തിന് പാടുവിൻ.
എന്തെന്നാൽ തനിക്കായി യാക്കോബി 4
നെയും തനിക്കു പ്രത്യേക നിക്ഷേപമായി
ഇസ്രയേലിനേയും താൻ തിരഞ്ഞെടുത്തി
രിക്കുന്നു.
നമ്മുടെ ദൈവം സർവ്വ ദേവന്മാരെ 5
ക്കാളും വലിയവനാകുന്നു എന്നു ഞാൻ
അറിയുന്നു.
കർത്താവു ഇഷ്ടപ്പെടുന്ന സകലവും 6
സ്വർഗ്ഗത്തിലും, ഭൂമിയിലും, സമുദ്രങ്ങളിലും,
സകല അഗാധങ്ങളിലും പ്രവർത്തിക്കുന്നു.

താൻ ഭൂമിയുടെ അതിർത്തികളിൽനിന്ന്
ഘങ്ങൾ കരേറ്റുന്നു. താൻ മഴയ്ക്കു മിന്ന
ങ്ങളെ ഉണ്ടാക്കുന്നു. താൻ ഭണ്ഡാഗാര
ളിൽനിന്ന് കാറ്റുകളെ പുറപ്പെടുവിക്കയും
യ്യുന്നു.
താൻ മെസ്രേനിലെ കടിഞ്ഞൂലുകളെ
ഷ്യർ മുതൽ മൃഗങ്ങൾവരെയും സംഹ
ു.
താൻ മെസ്രേനിൽ ഫറവോൻെറ മേലും
ൻെറ സർവ്വഭൃത്യന്മാരുടെ മേലും തൻെറ
യാളവും അത്ഭുതങ്ങളും അയച്ചു.
താൻ പല ജാതികളെ സംഹരിച്ചു.
മുള്ള രാജാക്കന്മാരെ കൊന്നു.
അമോറിയാക്കാരുടെ രാജാവായ സീ
നെയും ബാശാനിലെ രാജാവായ ഓഗി
യും, സകല കനാന്യരാജാക്ക
ായുംതന്നെ.
അവരുടെ ദേശം സ്വജനമായ ഇസ്രയേ
അവകാശമായിക്കൊടുത്തു.
ർത്താവേ! തിരുനാമം എന്നേക്കും നി
ഓർമ്മ തലമുറതലമുറവരെയും
ും.
ർത്താവു സർവ ജനത്തിനും ന്യായ
നംചെയ്യും, താൻ തൻെറ ഭൃത്യന്മാർ
ആശ്വസിക്കും.
ാതികളുടെ വിഗ്രഹങ്ങൾ, മനുഷ്യ
വലയായ വെള്ളിയും പൊന്നുമാ
.
വയ്ക്കു വായുണ്ട്, അവ സംസാരി
ല്ല. അവയ്ക്കു കണ്ണുകളുണ്ട് അവ
ന്നില്ല.
വയ്ക്കു ചെവികളുണ്ട്, അവ കേൾ
ല്ല. അവയുടെ വായിൽ ശ്വാസവു

വയെ ഉണ്ടാക്കുന്നവരും, അവയിൽ
ിക്കുന്നവരും, അവയെപ്പോലെ

സ്രായേൽ ഭവനക്കാരേ! കർത്താവി
ാഴ്ത്തുവിൻ. അഹറോൻെറ ഭവന
കർത്താവിനെ വാഴ്ത്തുവിൻ.
വിയുടെ ഭവനക്കാരേ! കർത്താവി
ഴ്ത്തുവിൻ. കർത്താവിൻെറ ഭക്ത
കർത്താവിനെ വാഴ്ത്തുവിൻ.
ുശലേമിൽ അധിവസിക്കുന്ന
വ് സെഹിയോനിൽനിന്നു വാഴ്ത്ത
ാകുന്നു.
] കർത്താവിനെ സ്തോത്രം ചെയ്
വിൻ, എന്തെന്നാൽ താൻ നല്ലവ
ൻെറ കരുണ എന്നേക്കുമുള്ളതു
..

ദൈവങ്ങളുടെ ദൈവത്തെ സ്തോത്രം 2
ചെയ്വിൻ; എന്തെന്നാൽ തൻെറ കരുണ
എന്നേക്കുമുള്ളതാകുന്നു.
കർത്തൃകർത്താവിനെ സ്തോത്രം ചെ 3
യ്വിൻ! എന്തെന്നാൽ തൻെറ കരുണ
എന്നേക്കുമുള്ളതാകുന്നു.
താൻ മാത്രം മഹാ അത്ഭുതങ്ങളെ 4
ചെയ്യുന്നവനെ സ്തോത്രം ചെയ്വിൻ;
എന്തെന്നാൽ തൻെറ കരുണ എന്നേക്കു
മുള്ളതാകുന്നു.
തൻെറ ജ്ഞാനത്താൽ സ്വർഗത്തെ 5
സൃഷ്ടിച്ചവനെ— എന്തെന്നാൽ തൻെറ
കരുണ എന്നേക്കുമുള്ളതാകുന്നു.
ഭൂമിയെ വെള്ളത്തിന്മേൽ സ്ഥാപിച്ച 6
വനെ —എന്തെന്നാൽ തൻെറ കരുണ
എന്നേക്കുമുള്ളതാകുന്നു.
വലിയ പ്രകാശഗോളങ്ങളെ സൃഷ്ടി 7
ച്ചവനെ —എന്തെന്നാൽ തൻെറ കരുണ
എന്നേക്കുമുള്ളതാകുന്നു.
പകലിൽ വാഴുവാൻ സൂര്യനേയും — 8
എന്തെന്നാൽ തൻെറ കരുണ എന്നേക്കു
മുള്ളതാകുന്നു.
രാത്രിയിൽ വാഴുവാൻ ചന്ദ്രനേയും 9
നക്ഷത്രങ്ങളെയും — എന്തെന്നാൽ തൻെറ
കരുണ എന്നേക്കുമുള്ളതാകുന്നു.
മെസ്രേനിലെ കടിഞ്ഞൂലുകളെ സംഹ 10
രിച്ചവനെ — എന്തെന്നാൽ തൻെറ കരുണ
എന്നേക്കുമുള്ളതാകുന്നു.
അവരുടെ ഇടയിൽ നിന്നു ഇസ്രായേ 11
ലിനെ പുറപ്പെടുവിച്ചവനെ— എന്തെന്നാൽ
തൻെറ കരുണ എന്നേക്കുമുള്ളതാകുന്നു.
ബലമുള്ള കൈകൊണ്ടും ഉന്നതഭുജം 12
കൊണ്ടും — എന്തെന്നാൽ തൻെറ കരുണ
എന്നേയ്ക്കുമുള്ളതാകുന്നു.
ചെങ്കടലിനെ വിഭാഗിച്ചവനെ —എന്തെ 13
ന്നാൽ തൻെറ കരുണ എന്നേയ്ക്കുമുള്ള
താകുന്നു.
അതിൽകൂടി ഇസ്രായേലിനെ കടത്തി 14
യവനെ —എന്തെന്നാൽ തൻെറ കരുണ
എന്നേക്കുമുള്ളതാകുന്നു.
ഫറവോനെയും സൈന്യത്തെയും 15
ചെങ്കടലിൽ തള്ളിയിട്ടവനെ —എന്തെ
ന്നാൽ തൻെറ കരുണ എന്നേക്കുമുള്ള
താകുന്നു.
മരുഭൂമിയിൽകൂടി തൻെറ ജനത്തെ 16
നടത്തിയവനെ —എന്തെന്നാൽ തൻെറ
കരുണ എന്നേക്കുമുള്ളതാകുന്നു.
മഹാരാജാക്കന്മാരെ സംഹരിച്ചവനെ— 17
എന്തെന്നാൽ തൻെറ കരുണ എന്നേക്കുമു
ള്ളതാകുന്നു.

18 ബലമുള്ള രാജാക്കന്മാരെ കൊന്നവനെ
—എന്തെന്നാൽ തൻെറ കരുണ എന്നേക്കു
മുള്ളതാകുന്നു.
19 ഓമൂറായക്കാരുടെ രാജാവായ സീഹോ
നെയും —എന്തെന്നാൽ തൻെറ കരുണ
എന്നേക്കുമുള്ളതാകുന്നു.
20 ബാശാനിലെ രാജാവായ ഓഗിനെയും
—എന്തെന്നാൽ തൻെറ കരുണ എന്നേക്കു
മുള്ളതാകുന്നു.
21 അവരുടെ ദേശം അവകാശമാക്കിക്കൊ
ടുത്തവനെ—എന്തെന്നാൽ തൻെറ കരുണ
എന്നേക്കുമുള്ളതാകുന്നു.
22 തൻെറ ദാസനായ ഇസ്രയേലിനു അവ
കാശമായിട്ടുതന്നെ—എന്തെന്നാൽ തൻെറ
കരുണ എന്നേക്കുമുള്ളതാകുന്നു.
23 നമ്മുടെ ക്ഷീണാവസ്ഥയിൽ നമ്മെ
ഓർത്തവനെ—എന്തെന്നാൽ തൻെറ
കരുണ എന്നേക്കുമുള്ളതാകുന്നു.
24 നമ്മുടെ ശത്രുക്കളിൽനിന്നു നമ്മെ
രക്ഷിച്ചവനെ —എന്തെന്നാൽ തൻെറ
കരുണ എന്നേക്കുമുള്ളതാകുന്നു.
25 സർവ്വജഡത്തിനും ഭക്ഷണം നൽകുന്ന
വനെ —എന്തെന്നാൽ തൻെറ കരുണ
എന്നേക്കുമുള്ളതാകുന്നു.
26 സ്വർഗ്ഗത്തിലുള്ള ദൈവത്തെ സ്തോത്രം
ചെയ്വിൻ, എന്തെന്നാൽ തൻെറ കരുണ
എന്നേക്കുമുള്ളതാകുന്നു.

136

1 ബാബേലിലെ നദികൾക്ക് അരി
കെ ഞങ്ങൾ ഇരുന്നു. സെഹി
യോനെ ഓർത്തപ്പോൾ ഞങ്ങൾ കരഞ്ഞു.
2 ഞങ്ങൾ അതിൻെറ നടുവിലുള്ള
അലരിവൃക്ഷങ്ങളുടെ മേൽ ഞങ്ങളുടെ
കിന്നരങ്ങളെ തൂക്കി.
3 അവിടെ വച്ചു, ഞങ്ങളെ അടിമയായി
കൊണ്ടുപോകുന്നവർ പാട്ടിൻെറ വാക്യ
ങ്ങൾ ഞങ്ങളോടു ചോദിച്ചു; ഞങ്ങളെ
കൂട്ടിക്കൊണ്ടു പോയവർ സെഹിയോൻെറ
പാട്ടുകളിൽ ചിലതു പാടുവിൻ എന്നു
ഞങ്ങളോടു പറഞ്ഞു.
4 കർത്താവിൻെറ പാട്ടുകളെ അന്യദേശ
ത്തു ഞങ്ങൾ എങ്ങിനെ പാടേണ്ടു?
5 യറുശലേമേ! ഞാൻ നിന്നെ മറക്കുമെ
ങ്കിൽ എൻെറ വലതുകൈ എന്നെ മറക്കട്ടെ.
6 ഞാൻ നിന്നെ ഓർക്കാതെയും എൻെറ
പ്രധാന സന്തോഷദിവസത്തിൽ യറുശ
ലേമിലേക്കു കരേറാതെയും ഇരുന്നാൽ,
എൻെറ നാവു എൻെറ അണ്ണാക്കിനോടു
പററട്ടെ.
7 കർത്താവേ! യറുശലേമിനെ അതിൻെറ
തറവരെയും ഇടിച്ചു കളവിൻ, ഇടിച്ചു
കളവിൻ എന്നു പറഞ്ഞിട്ടുള്ള ആദോമ്യരെ
യറുശലേമിൻെറ നാളിൽ ഓർക്കണമെ.
കവർച്ചക്കാരിയായ ബാബേൽ പുത്രി 8
യേ! നീ ഞങ്ങളോടുചെയ്ത പ്രകാരം
നിന്നോടു പകരം ചെയ്യുന്നവന്നു ഭാഗ്യം.
നിൻെറ കുഞ്ഞുങ്ങളെ പിടിച്ചു കല്ലിൽ 9
അടിക്കുന്നവന്നു ഭാഗ്യം.

137

ഞാൻ എൻെറ പൂർണ്ണഹൃദയ 1
ത്തോടെ കർത്താവിനെ സ്തോത്രം
ചെയ്യും. ഞാൻ രാജാക്കന്മാരുടെ മുമ്പാകെ
നിനക്കു സ്തുതി പാടും.
നിൻെറ കൃപയേയും നീതിയേയും കുറി 2
ച്ചു, നിൻെറ വിശുദ്ധ ആലയത്തിൽ ഞാൻ
വന്ദിച്ച് തിരുനാമത്തെ സ്തോത്രം ചെയ്യും.
എന്തെന്നാൽ സർവ്വനാമത്തിനും മേലായി
തിരുനാമത്തെ നീ ഉയർത്തിയിരിക്കുന്നു.
ഞാൻ നിന്നെ വിളിച്ച നാളിൽ നീ 3
എന്നോടു ഉത്തരമരുളിച്ചെയ്തു. എൻെറ
ആത്മശക്തിയെ നീ വർദ്ധിപ്പിച്ചു.
കർത്താവേ! സർവ്വ ഭൂരാജാക്കന്മാരും, 4
തിരുവായിലെ വചനം കേട്ടതുകൊണ്ടു
നിന്നെ സ്തോത്രം ചെയ്യും.
കർത്താവിൻെറ ബഹുമാനം വലിയ 5
താകകൊണ്ടു, തൻെറ വഴികളെ അവർ
സ്തുതിക്കും.
അഗാധമായി നോക്കിക്കാണുന്ന 6
കർത്താവു ഉന്നതനാകുന്നു. അഹങ്കാരിയെ
ദൂരെനിന്നു താൻ അറിയുന്നു.
ഞാൻ ഞെരുക്കത്തിൽ നടന്നാലും നീ 7
എന്നെ ജീവിപ്പിക്കും; നീ എൻെറ ശത്രു
ക്കളുടെ കോപത്തിനുനേരെ നിൻെറ കൈ
നീട്ടി എന്നെ രക്ഷിക്കണമെ.
കർത്താവേ! നിൻെറ വലതു തൃക്കൈ 8
എൻെറ മേൽ ആവസിപ്പിക്കണമെ. കർത്താ
വേ! നിൻെറ കരുണ എന്നേക്കുമുള്ളതല്ലോ.
നിൻെറ കൈവേലയെ നീ ഉപേക്ഷിക്ക
രുതെ.

138

കർത്താവേ! നീ എന്നെ പരിശോ 1
ധിച്ചറിഞ്ഞു.
എൻെറ ഇരിപ്പും എൻെറ എഴുന്നേല്പും 2
നീ അറിയുന്നു. നീ എൻെറ വിചാരങ്ങൾ
ഉയരത്തിൽനിന്നു ഗ്രഹിച്ചു.
നീ എൻെറ വഴിയും, എൻെറ ഊടുവഴി 3
കളും അറിയുന്നു. എൻെറ സർവ്വവഴികളും
നീ പരിശോധിച്ചുമിരിക്കുന്നുവല്ലോ!
കർത്താവേ! എൻെറ നാവിൽ വ്യത്യാ 4
സം ഉണ്ടെങ്കിൽ അവയെല്ലാം നീ അറി
യുന്നു.
ആപാദചൂഡം നീ എന്നെ ആകൃതി 5
പ്പെടുത്തി, നിൻെറ കൈ എൻെറ മേൽ വച്ചു.

ഈ അറിവ് എന്നിൽ അത്ഭുതമായിരി
ുന്നു. ശക്തിയായി ശ്രമിച്ചിട്ടും അതറി
ൻ എനിക്കു സാധിക്കുന്നില്ല.
ഞാൻ നിൻെറ ആത്മാവിൽനിന്നു
ിടെക്കു പോകും? നിൻെറ സന്നിധി
ൽനിന്നു ഞാനെവിടെ ഒളിക്കും?
ഞാൻ ആകാശത്തിലേക്കു കരേറി
ൽ നീ അവിടെയുണ്ട്. ഞാൻ പാതാള
ലേക്കു ഇറങ്ങുമെങ്കിൽ അവിടെയും
ുണ്ട്.
ഞാൻ കഴുകൻ എന്നപോലെ ചിറകു
വിടർത്തി സമുദ്രത്തിൻെറ അറുതി
ൽ വസിച്ചാലും,
അവിടെയും നിൻെറ കൈ എന്നെ പിടി
നിൻെറ വലങ്കൈ എന്നെ നടത്തും.
ഇരുൾ എന്നെ മൂടട്ടെ എന്നു ഞാൻ പറ
ൽ അതെൻെറ പ്രകാശമായിത്തീരും.
എന്നെ മറയ്ക്കട്ടെ എന്നു ഞാൻ പറ
ൽ അതെൻെറ മുഖത്തു ശോഭിക്കും.
അന്ധകാരം നിൻെറ മുമ്പാകെ ഇരുളാ
ക്കയില്ല.
ൻെറ അന്തരേന്ദ്രിയങ്ങളെ നീയല്ലോ
ിച്ചത്, എൻെറ മാതൃഗർഭത്തിൽനിന്ന്
സ്വീകരിച്ചതും നീയാകുന്നു.
ചെയ്ത ഈ അത്ഭുതം നിമിത്തം
നിന്നെ സ്തോത്രം ചെയ്യും. എന്തെ
നിൻെറ പ്രവൃത്തികൾ അത്യുന്നത
ുന്നു.
ൻെറ അസ്ഥികൾ നിന്നിൽനിന്നു
ിരിക്കുന്നില്ല. അന്തർഭാഗത്തു അവ
ൃഷ്ടിച്ചവൻ നീയല്ലോ. ഞാൻ ഭൂമി
അഗാധത്തിലേക്ക് ഇറങ്ങിച്ചെന്നു
ുള്ള പ്രതിഫലം സ്വന്തകണ്ണുകൾ
കണ്ടു,
യെല്ലാം നിൻെറ പുസ്തകത്തിൽ
പ്പട്ടിരിക്കുന്നുവല്ലോ. ഇതാ! ആയു
ക്കമാകുന്നു. എങ്കിലും ആരും അതു
ുന്നില്ല.
ൻെറ കാരുണ്യവചനങ്ങൾ എനിക്ക്
വിലയേറിയവയാകുന്നു. അവ
ധികമായും ശക്തിമത്തായും ഇരി

ൽ അവയെ എണ്ണിയാൽ മണലിനേ
ധികമാകുന്നു. ഞാൻ ഉണർന്ന
പിന്നെയും നിന്നോടുകൂടെയിരി

പ്രിയരായ മനുഷ്യർ എങ്കൽ
നിപ്പോകേണ്ടതിനു ദൈവമേ നീ
നിഗ്രഹിച്ചെങ്കിൽ കൊള്ളാമാ

എന്തെന്നാൽ അവർ നിനക്കു വിരോധ 20
മായി സംസാരിക്കയും, നിൻെറ പട്ടണത്തെ
വൃഥാ പിടിച്ചടക്കുകയും ചെയ്യു.
കർത്താവേ! നിന്നെ വെറുക്കുന്നവരെ 21
ഞാനും വെറുത്തു. നിനക്കു വിരോധമായി
നില്ക്കുന്നവരോടു ഞാൻ കോപിച്ചു.
ഞാൻ പൂർണ്ണ വെറുപ്പോടെ അവരെ 22
വെറുത്തു. അവർ എനിക്കു ശത്രുക്കളായി
ത്തീർന്നു.
ദൈവമേ! എന്നെ ശോധനചെയ്തു 23
എൻെറ ഹൃദയം അറിയണമെ. എന്നെ പരി
ശോധിച്ചു എൻെറ നടപടികൾ ഗ്രഹിക്ക
ണമെ!
ദുഷ്ടവഴി എന്നിൽ ഉണ്ടൊ എന്നു 24
നോക്കി, നിൻെറ നിത്യവഴിയിൽ എന്നെ
നടത്തണമെ.

139 കർത്താവേ! ദുഷ്ട മനുഷ്യനിൽ 1
നിന്നു എന്നെ വിടുവിക്കണമെ.
അക്രമികളിൽനിന്നു എന്നെ കാത്തുകൊ
ള്ളണമെ.
അവർ ഹൃദയത്തിൽ ദോഷം വിചാരിച്ചു 2
ദിവസം മുഴുവനും കലഹത്തിനായി വെല്ലു
വിളിക്കുന്നു.
അവർ നാവിനെ സർപ്പനാവുപോലെ 3
കൂർപ്പിക്കുന്നു. അവരുടെ അധരങ്ങൾക്കു
കീഴെ അണലിവിഷവുമുണ്ട്.
കർത്താവേ! ദുഷ്ടന്മാരുടെ കൈയിൽ 4
നിന്നു എന്നെ കാത്തുകൊള്ളണമെ. അപ
ഹരിക്കുന്ന മനുഷ്യരിൽനിന്നു എന്നെ പാലി
ക്കണമെ, എന്തെന്നാൽ എൻെറ കാലടി
കളെ മറിച്ചുകളവാൻ അവർ വിചാരിച്ചു.
അഹങ്കാരികൾ എനിക്കായി കെണി 5
കൾ മറച്ചുവച്ചു. അവരുടെ വലച്ചരടുകൾ
എൻെറ ഊടുവഴികൾക്കരികെ വിരിച്ചിരി
ക്കുന്നു. അവർ എൻെറമേൽ വല വിരിച്ചു.
ഞാൻ കർത്താവിനോടു നീ എൻെറ 6
ദൈവമാകുന്നു, എൻെറ അപേക്ഷയുടെ
ശബ്ദം സൂക്ഷിച്ചു കേൾക്കണമെ എന്നു
പറഞ്ഞു.
എൻെറ ബലമുള്ള രക്ഷകനും, യുദ്ധ 7
ദിവസത്തിൽ എൻെറ ശിരസ്ത്രവുമായ
കർത്താവേ!
ദുഷ്ടന് അവൻെറ ആഗ്രഹം നീ നൽക 8
രുതെ; അവൻെറ ദുരുപായം എൻെറമേൽ
പ്രബലപ്പെടരുതെ.
അവരുടെ അധരങ്ങളുടെ വഞ്ചന അവ 9
രെ മൂടട്ടെ.
തീക്കനലുകൾ അവരുടെ മേൽ ഇറ 10
ങ്ങട്ടെ. എഴുന്നേൽപ്പാൻ കഴിയാതവണ്ണം
അവർ അഗ്നിയിൽ വീഴട്ടെ.

11 ദോഷം സംസാരിക്കുന്ന മനുഷ്യൻ
ഭൂമിയിൽ സ്ഥിരപ്പെടുകയില്ല. അധർമ്മി
യുടെ തിന്മ നാശത്തിലേക്ക് അവനെ
വേട്ടയാടും.
12 കർത്താവു ദരിദ്രന്മാരുടെ വ്യവഹാരവും
എളിയവരുടെ വിധിയും നടത്തുമെന്നു
ഞാൻ അറിഞ്ഞു.
13 നീതിമാന്മാർ തിരുനാമത്തെ സ്തോത്രം
ചെയ്യും. നേരുള്ളവർ തിരുമുമ്പാകെ
വസിക്കും.

140

1 കർത്താവെ നിന്നെ ഞാൻ വിളി
ച്ചുവല്ലോ, എന്നോടു നീ ഉത്തര
മരുളണമെ, എൻെറ വചനങ്ങൾ സൂക്ഷിച്ചു
കേട്ടു കൈക്കൊള്ളണമെ.
2 എൻെറ പ്രാർത്ഥന തിരുമുമ്പാകെ
ധൂപംപോലെയും എൻെറ കൈകളിൽ
നിന്നുള്ള കാഴ്ച സന്ധ്യയിലെ വഴിപാടു
പോലെയും ഇരിക്കുമാറാകണമെ.
3 എൻെറ ഹൃദയം ദുഷ്കാര്യത്തിനു
ചായാതെയും ഞാൻ അന്യായക്രിയകളെ
പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം,
4 എൻെറ വായ്ക്കു കാവൽക്കാരനെയും,
എൻെറ അധരങ്ങൾക്കു കാവൽക്കാര
നെയും നിയമിക്കണമെ, ദുഷ്ടമനുഷ്യ
രോടുകൂടി ഞാൻ ചേരുമാറാകരുതെ.
5 നീതിമാൻ എന്നെ പഠിപ്പിക്കയും ശാസി
ക്കയും ചെയ്യട്ടെ, ദുഷ്ടന്മാരുടെ എണ്ണ
എൻെറ തലയ്ക്കു കൊഴുപ്പാകാതിരിക്കട്ടെ.
എന്തെന്നാൽ എൻെറ പ്രാർത്ഥന അവരുടെ
ദോഷത്തെക്കുറിച്ചാകുന്നു.
6 അവരുടെ വിധികർത്താക്കൾ പാറയിൻ
മുനയാൽ നിരോധിക്കപ്പെട്ടു. ഇമ്പമുള്ള
എൻെറ വചനങ്ങളെ അവർ കേട്ടു.
7 കൊഴുവുഭൂമിയെ പിളർക്കുന്നതുപോ
ലെ ശവക്കുഴിയുടെ വായ്ക്കരികിൽ അവ
രുടെ അസ്ഥികൾ ചിതറിപ്പോയി.
8 കർത്താവേ! ഞാൻ എൻെറ കണ്ണു
കൾ നിങ്കലേക്കുയർത്തി നിന്നിൽ ശരണ
പ്പെട്ടു. എൻെറ ആത്മാവിനെ തള്ളിക്കള
യരുതെ.
9 എനിക്കായി കണികൾ മറച്ചു വച്ച പ്രശം
സക്കാരുടെ കയ്യിൽനിന്ന് എന്നെ കാത്തു
കൊള്ളണമെ.
10 ഞാൻ കടന്നുപോകുന്നതുവരെയും
അധർമ്മികൾ സ്വന്തവലകളിൽ ഒരുമിച്ചു
വീഴട്ടെ.

141

1 ഞാൻ എൻെറ ശബ്ദത്തോടെ
കർത്താവിനെ വിളിച്ചു, ഞാൻ
എൻെറ ശബ്ദത്തോടെ കർത്താവിനോടു
പ്രാർത്ഥിച്ചു;
ഞാൻ തിരുമുമ്പാകെ സങ്കടം ബോധി 2
പ്പിച്ചു; എൻെറ ഞെരുക്കം തിരുസന്നിധി
യിൽ അറിയിച്ചു;
എൻെറ ആത്മാവ് വിഷാദിച്ചപ്പോൾ നീ 3
എൻെറ ഊടുവഴികളെ അറിയുന്നുവല്ലൊ;
എൻെറ നടപ്പുകളുടെ വഴിയിൽ എനിക്കു
അവർ കെണികളെ മറച്ചുവച്ചു.
ഞാൻ വലത്തുഭാഗത്തു സൂക്ഷിച്ചുനോ 4
ക്കി; എന്നെ അറിയുന്നവനില്ല, ഓടി ഒളി
ക്കേണ്ടതിന്നു എനിക്കു സ്ഥലമില്ലാതെ
പോയി; എൻെറ ആത്മാവിനു പകരം
ചോദിക്കുന്നവനുമില്ല;
കർത്താവേ! ഞാൻ നിങ്കലേക്കു നില 5
വിളിച്ചു; നീ എൻെറ ശരണവും ജീവനുള്ള
വരുടെ ദേശത്തു എൻെറ ഓഹരിയും ആകു
ന്നു എന്നു ഞാൻ പറഞ്ഞു;
ഞാൻ ഏറ്റം താഴ്ത്തപ്പെട്ടിരിക്കകൊ 6
ണ്ടു എൻെറ അപേക്ഷ സൂക്ഷിച്ചുകേൾക്ക
ണമെ; എന്നെ പീഢിപ്പിക്കുന്നവർ എന്നേ
ക്കാൾ ബലവാന്മാരായതുകൊണ്ട് അവ
രിൽനിന്നെന്നെ വിടുവിക്കണമെ;
ഞാൻ തിരുനാമം സ്തോത്രം ചെയ്യേണ്ട 7
തിന്നു കാരാഗൃഹത്തിൽനിന്നു എൻെറ
ആത്മാവിനെ പുറപ്പെടുവിക്കണമെ; നീ
എനിക്കു പ്രതിഫലം നല്കുമ്പോൾ നിൻെറ
നീതിമാന്മാർ എന്നെക്കാത്തിരിക്കും;

142

കർത്താവേ! എൻെറ പ്രാർത്ഥന 1
കേട്ടു എൻെറ അപേക്ഷ ശ്രദ്ധിക്ക
ണമെ; നിൻെറ വചനപ്രകാരവും നിൻെറ നീതി
പ്രകാരവും എന്നോടുത്തരമരുളണമെ;
നിൻെറ ദാസനെ ന്യായവിസ്താരത്തിൽ 2
പ്രവേശിപ്പിക്കരുതെ. ജീവനുള്ള ഒരുവനും
തിരുസന്നിധിയിൽ കുറ്റമില്ലാത്തവനായിരി
ക്കുകയില്ലല്ലൊ,
ശത്രു എൻെറ പ്രാണനെ പീഡിപ്പി 3
ക്കുകയും എൻെറ ജീവനെ ഭൂമിയോളം
താഴ്ത്തുകയും ചെയ്യുംകൊണ്ട് എന്നേക്കും
മരിച്ചവനെപ്പോലെ എന്നെ അന്ധകാര
ത്തിൽ ഇരുത്തി.
ഞാൻ മനോവ്യസനത്തിലായി എൻെറ 4
ഹൃദയം ചഞ്ചലപ്പെടുകയും ചെയ്യു;
കർത്താവേ ഞാൻ മുമ്പേതന്നെ നിന്നെ 5
ഓർത്തു; നിൻെറ സകല പ്രവൃത്തികളെ
ക്കുറിച്ചും ധ്യാനിച്ചു; നിൻെറ കൈവേലയെ
ക്കുറിച്ചു ചിന്തിക്കുകയുംചെയ്യു.
ഞാൻ എൻെറ കൈകളെ നിങ്കലേ 6
ക്കു നീട്ടി; വരണ്ട നിലംപോലെ എൻെറ
ആത്മാവ് നിനക്കായി ദാഹിച്ചിരിക്കുന്നു;
കർത്താവേ! എൻെറ ജീവൻ അവസാ 7
നിച്ചുപോകുന്നതുകൊണ്ട് വേഗം എന്നോട്

ന്തരമരുളണമെ; ഞാൻ കുഴിയിലിറങ്ങു
ന്നവരോടുകൂടെ ഏല്പിക്കപ്പെടാതിരിപ്പാൻ
ന്നിൽനിന്നു നിന്റെ കടാക്ഷം മാറ്റിക്ക
ളരുതെ;
പ്രഭാതത്തിൽതന്നെ നിന്റെ കൃപ
ന്നെ കേൾപ്പിക്കണമെ; കർത്താവേ!
ാൻ നിന്റെമേൽ ആശ്രയിച്ചിരിക്ക
ാണ്ടു ഞാൻ നടക്കേണ്ടുന്ന നിന്റെ വഴി
ന്നെ കാണിച്ചുതരണമെ; കർത്താവേ!
ാൻ എന്റെ ആത്മാവിനെ നിങ്കലേക്കു
ർത്തിയിരിക്കുന്നു;
എന്റെ ശത്രുക്കളിൽനിന്ന് എന്നെ
ഷിക്കണമെ;
നീ എന്റെ ദൈവമാകകൊണ്ടു നിന്റെ
ഷ്ടം പ്രവർത്തിപ്പാൻ എന്നെ പഠിപ്പിക്ക
മെ; നിന്റെ ദയയുള്ള ആത്മാവ്
ന്റെ ജീവവഴിയിൽ എന്നെ നടത്തു
ാകണമെ;
കർത്താവേ! തിരുനാമം നിമിത്തം
ന്നെ ആശ്വസിപ്പിക്കണമെ; നിന്റെ നീതി
ിത്തം ഞെരുക്കത്തിൽനിന്നു എന്റെ
ത്മാവിനെ ഉദ്ധരിക്കണമെ.
നിന്റെ കൃപയാൽ എന്റെ ശത്രുക്കളെ
മാക്കണമെ; എന്റെ ആത്മാവിന്റെ
ുക്കളെ നശിപ്പിക്കണമെ, ഞാൻ നിന്റെ
നാകുന്നുവല്ലോ.

43 യുദ്ധത്തിന് എന്റെ കൈകളെ
യും, പോരിനു എന്റെ വിരലുക
ും അഭ്യസിപ്പിച്ചിരിക്കുന്ന കർത്താവ്
ത്തപ്പെട്ടവനാകുന്നു.
ാൻ എന്റെ സങ്കേതസ്ഥലവും
ന രക്ഷിക്കുന്നവനും, ഞാൻ ശരണ
ിരിക്കുന്ന എന്റെ സഹായക്കാരനും,
കളെ എനിക്കു കീഴാക്കിത്തന്നവനു
ന്നു.
ർത്താവേ! നീ മനുഷ്യനെ അറിയേ
നും, മനുഷ്യപുത്രനെ വിചാരിക്കേ
നും, അവൻ എന്തുള്ളു?
നുഷ്യൻ ആവിസദൃശമാകുന്നു.
ന്റെ ദിവസങ്ങൾ നിഴൽപോലെ
ുപോകുന്നു.
ർത്താവേ! ആകാശം ചായിച്ചു ഇറ
മെ, പർവ്വതങ്ങൾ പുകയുവാൻ
ണ്ണം അവയെ ശാസിക്കണമെ.
ന്റെ മിന്നലുകൾ അയച്ച്, അവരെ
ണമെ. നിന്റെ അസ്ത്രങ്ങളയച്ചു
ാ ചിതറിക്കണമെ.
രത്തിൽനിന്ന് തൃക്കൈ നീട്ടി, ഏറിയ
ത്തിൽനിന്നും ദുഷ്ടന്മാരുടെ കയ്യിൽ
എന്നെ വീണ്ടെടുക്കണമെ.

എന്തെന്നാൽ അവരുടെ വായ് വ്യർത്ഥ 8
മായവ സംസാരിക്കുന്നു. അവരുടെ വലം
കൈ അന്യായമുള്ള വലംകൈയാകുന്നു.
ദൈവമെ! ഞാൻ നിനക്കു പുതിയ പാട്ടു 9
പാടും. പത്തു കമ്പിയുള്ള കിന്നരം മീട്ടി
ഞാൻ നിനക്കു സ്തുതി പാടും.
എന്തെന്നാൽ നീ രാജാവിന് രക്ഷ 10
നൽകുകയും നിന്റെ ദാസനായ ദാവീദി
നെ ദുഷ്ടവാളിൽനിന്ന് രക്ഷിക്കുകയും
ചെയ്തിരിക്കുന്നു.
ദുഷ്ടന്മാരുടെ കയ്യിൽനിന്ന് എന്നെ 11
രക്ഷിക്കണമെ! അവരുടെ വായ് വ്യാജം
സംസാരിക്കുന്നു. അവരുടെ വലംകൈ
അന്യായമുള്ള വലംകൈ ആകുന്നു.
തങ്ങളുടെ പുത്രന്മാർ, ബാല്യം മുതൽ 12
വളർത്തപ്പെടുന്ന നടുതലപോലെയും,
പുത്രിമാർ ദേവാലയങ്ങളുടെ സദൃശത്തിൽ
അലങ്കരിക്കപ്പെട്ടിരിക്കുന്ന മണവാട്ടികൾ
പോലെയും ആയിരിക്കുന്നവരും
തങ്ങളുടെ അറകൾ നിറഞ്ഞുകവിയുക 13
യും അവരുടെ ആടുകൾ പ്രസവിച്ചു തെരു
വീഥികളിൽ കുഞ്ഞുങ്ങളെ വളർത്തുകയും
മാട്ടിൻകൂട്ടങ്ങൾ ബലമുള്ളവയും 14
വന്ധ്യതയില്ലാത്തവയും ഗർഭം അലസാത്ത
വയും തങ്ങളുടെ തെരുവീഥികളിൽ
വിലാപമില്ലാത്തവരുമായി.
ഇപ്രകാരമുള്ള ജനത്തിനു ഭാഗ്യം; 15
കർത്താവ് ദൈവമായിരിക്കുന്ന ജനത്തിനു
ഭാഗ്യം.

144 എന്റെ യജമാനനായ രാജാവേ, 1
ഞാൻ നിന്നെ പുകഴ്ത്തും. ഞാൻ
തിരുനാമത്തെ എന്നന്നേക്കും വാഴ്ത്തും.
നിത്യവും ഞാൻ നിന്നെ വാഴ്ത്തും. തിരു 2
നാമത്തെ എന്നന്നേക്കും സ്തുതിക്കുകയും
ചെയ്യും.
നമ്മുടെ കർത്താവ് വലിയവനും, ഏറ്റ 3
വും സ്തുത്യനുമാകുന്നു. തന്റെ ശ്രേഷ്ഠ
തയ്ക്ക് അളവില്ല.
ഒരു തലമുറ, മറ്റൊരു തലമുറയോടു, 4
നിന്റെ ക്രിയകളെ വിവരമായി അറിയിച്ച്,
നിന്റെ വല്ലഭത്വത്തെ പ്രസിദ്ധപ്പെടുത്തും.
അവർ നിന്റെ ഭയങ്കര ബലത്തെ 5
കുറിച്ചു വർണ്ണിക്കുകയും, നിന്റെ മഹാ
ശ്രേഷ്ഠതകളെ അറിയിക്കുകയും ചെയ്യും.
അവർ നിന്റെ ബലമുള്ള ഭയങ്കരത 6
യെക്കുറിച്ചു പറയുകയും, നിന്റെ ശ്രേഷ്ഠ
തകളെ വർണ്ണിക്കുകയും ചെയ്യും.
നിന്റെ നീതിമാന്മാർ, നിന്റെ ബഹുല 7
മായ കൃപയിൻ സ്മാരകത്തെ അന്വേഷിച്ചു
കണ്ടെത്തും.

8 കർത്താവു, കരുണയും, ദയയും, ദീർഘ
ക്ഷമയും, മഹാകൃപയും ഉള്ളവനാകുന്നു.
9 കർത്താവു നല്ലവനാകുന്നു. തന്റെ
സകല ക്രിയകളിലും തന്റെ കരുണയുണ്ട്.
10 കർത്താവേ! നിന്റെ ഭൃത്യന്മാർ നിന്നെ
സ്തോത്രം ചെയ്യും, നിന്റെ നീതിമാന്മാർ
നിന്നെ സ്തുതിക്കും.
11 അവർ നിന്റെ രാജ്യമഹത്വത്തെക്കു
റിച്ചു സംസാരിച്ചു, നിന്റെ ബലത്തെക്കു
റിച്ചു പറയും.
12 അവർ നിന്റെ വല്ലഭത്വത്തേയും,
നിന്റെ രാജ്യമഹത്വത്തേയും, മനുഷ്യരോട
റിയിക്കും.
13 നിന്റെ രാജ്യം സകല രാജ്യങ്ങളുടേയും
രാജ്യമാകുന്നു. നിന്റെ അധികാരം എല്ലാ
തലമുറകളിലും ഇരിക്കുന്നു. കർത്താവു
തന്റെ വചനങ്ങളിൽ വിശ്വസ്തനും തന്റെ
എല്ലാ ക്രിയകളിലും നീതിമാനുമാകുന്നു.
14 കർത്താവു വീഴുന്ന എല്ലാവരേയും
താങ്ങുന്നു. കൂനുള്ള എല്ലാവരേയും
നിവർത്തുന്നു.
15 എല്ലാവരുടേയും കണ്ണുകൾ നിങ്കലേക്കു
നോക്കിക്കൊണ്ടിരിക്കുന്നു. നീ തൽസമ
യത്ത് അവർക്കു ഭക്ഷണം കൊടുക്കുന്നു.
16 തൃക്കൈ തുറന്നു ജീവനുള്ള എല്ലാറ്റി
ന്റേയും ആഗ്രഹനിവൃത്തി വരുത്തുന്നു.
17 കർത്താവു തന്റെ സകല വഴികളിലും
നീതിമാനും തന്റെ സകല ക്രിയകളിലും
കാരുണ്യവാനുമാകുന്നു.
18 കർത്താവു പരമാർത്ഥതയോടെ തന്നെ
വിളിക്കുന്ന എല്ലാവർക്കും സമീപസ്ഥനാ
കുന്നു.
19 താൻ, തന്നെ ഭയപ്പെടുന്നവരുടെ ഇഷ്ടം
സാധിപ്പിക്കുകയും, അവരുടെ അപേക്ഷ
കേട്ടു അവരെ രക്ഷിക്കുകയും ചെയ്യുന്നു.
20 കർത്താവു തന്നിൽ ആശ്രയിക്കുന്ന
എല്ലാവരേയും പരിപാലിക്കുന്നു. താൻ
സകല ദുഷ്ടന്മാരേയും നശിപ്പിക്കുന്നു.
21 ഞാൻ എന്റെ വായ്കൊണ്ടു കർത്താ
വിന്റെ സ്തുതികളെ ഉച്ചരിക്കും. സർവ്വ
ജഡവും തന്റെ വിശുദ്ധനാമത്തെ എന്ന
ന്നേക്കും വാഴ്ത്തും.

145

1 എന്റെ ആത്മാവെ, കർത്താവി
നെ സ്തുതിക്ക.
2 ഞാൻ ജീവനുള്ള കർത്താവിനെ സ്തു
തിക്കും. ഞാൻ ഉള്ള കാലത്തോളം എന്റെ
ദൈവത്തിന് പാടും.
3 അധികാരിയിലെങ്കിലും, ഒരു മനുഷ്യ
നിലെങ്കിലും, നിങ്ങൾ ശരണം പ്രാപിക്കരുത്.
എന്തെന്നാൽ അവങ്കൽ രക്ഷയില്ല.
എന്തെന്നാൽ അവന്റെ ശ്വാസം പോ 4
കുന്നു. അവൻ തന്റെ മണ്ണിലേക്കു തിരി
യുന്നു. ആ ദിവസത്തിൽതന്നെ അവന്റെ
വിചാരങ്ങളെല്ലാം നശിക്കുന്നു.
യാക്കോബിന്റെ ദൈവം തന്റെ 5
സഹായമായിരിക്കുകയും തന്റെ ശരണം
ദൈവമായ കർത്താവിങ്കൽ ആയിരിക്കയും
ചെയ്യുന്നവന് ഭാഗ്യം.
എന്തെന്നാൽ താൻ ആകാശവും ഭൂമി
യും സമുദ്രങ്ങളും അവയിലുള്ള സകലവും
സൃഷ്ടിച്ചു. താൻ സത്യത്തെ എന്നേക്കും
കാക്കുന്നു.
താൻ സങ്കടക്കാർക്കു ന്യായം നടത്തു
ന്നു. കർത്താവു വിശന്നവർക്ക് അപ്പം
കൊടുക്കുന്നു. താൻ ബന്ധിതരെ അഴിച്ചു
വിടുന്നു.
കർത്താവ് കുരുടന്മാരുടെ കണ്ണുകൾ
തുറക്കുന്നു. കർത്താവ് കൂനുള്ളവരെ
നിവർത്തുന്നു. താൻ നീതിമാന്മാരെ സ്നേ
ഹിക്കുന്നു.
താൻ ദരിദ്രന്മാരെ കാത്തുകൊള്ളുന്നു.
അനാഥരെയും വിധവകളെയും പുലർത്തു
ന്നു. താൻ ദുഷ്ടന്മാരുടെ വഴി മറിച്ചുകളയും;
കർത്താവ് എന്നേക്കും രാജ്യഭാരം
ചെയ്യും. സെഹിയോനേ, നിന്റെ ദൈവം
തലമുറതലമുറവരെയും ഭരിക്കും;

146

നമ്മുടെ ദൈവത്തിന്നു പാടുന്ന
തു നല്ലതും ആനന്ദകരവുമാകു
ന്നു; സ്തുതി തനിക്കു ചേർച്ചയാകുന്നു;
കർത്താവ് യറുശലേമിനെ പണിയുന്നു;
ഇസ്രയേലിൽ ചിതറിപ്പോയവരെ കൂട്ടി
ച്ചേർക്കുന്നു;
താൻ ഹൃദയത്തകർച്ചയുള്ളവരെ
സൌഖ്യമാക്കി അവരുടെ നൊമ്പരം സൌ
ഖ്യമാക്കുന്നു.
താൻ നക്ഷത്രങ്ങളുടെ സംഖ്യ എണ്ണി
അവയ്ക്കെല്ലാം പേരുവിളിച്ചു.
നമ്മുടെ കർത്താവ് വലിയവനും മഹാ
ബലമുള്ളവനും ആകുന്നു; തന്റെ വിവേക
ത്തിനു അതിർത്തിയില്ല;
കർത്താവ് അഗതികളെ ഉയർത്തുന്നു;
താൻ ദുഷ്ടന്മാരെ നിലംവരെയും താ
ഴ്ത്തുന്നു.
സ്തുതിയോടെ കർത്താവിനെ മഹത്വ
പ്പെടുത്തുവിൻ, കിന്നരത്തോടെ കർത്താ
വിന്ന് പാടുവിൻ;
എന്തെന്നാൽ താൻ ആകാശത്തെ
മേഘങ്ങൾകൊണ്ടു മൂടുന്നു, ഭൂമിക്കു
മഴ കൊടുക്കുന്നു; മലകളിൽ സസ്യം
മുളപ്പിക്കുന്നു;

താൻ മൃഗങ്ങൾക്കും കരയുന്ന കാക്ക
ഞ്ഞുങ്ങൾക്കും ആഹാരം കൊടുക്കുന്നു;
കർത്താവ് അശ്വബലത്തിൽ ഇഷ്ടപ്പെ
ന്നില്ല; താൻ ബലവാന്റെ കാലുകളിൽ
യപ്പെടുന്നതുമില്ല;
കർത്താവ് തന്റെ ഭക്തന്മാരിലും,
ന്റെ കൃപയ്ക്കായി കാത്തിരിക്കുന്നവ
ലും സന്തോഷിക്കുന്നു.

47 യറുശലേമേ, കർത്താവിനെ സ്തു
തിക്ക, സെഹിയോനേ നിന്റെ
ദവത്തെ സ്തുതിക്ക;
താൻ നിന്റെ വാതിലുകളുടെ ഓടാമ്പ
കളെ ബലപ്പെടുത്തി; നിന്റെ ഉള്ളിൽ
ന്റെ പുത്രന്മാരെ അനുഗ്രഹിച്ചു.
താൻ നിന്റെ അതൃത്തികളെ സമാ
നത്തിൽ നിലനിറുത്തി; പുഷ്ടിയുള്ള
തമ്പുകൊണ്ട് നിന്നെ സംതൃപ്തമാക്കി.
താൻ തിരുവചനം ഭൂമിയിൽ അയ
ന്നു; തന്റെ ആജ്ഞ വേഗം ഓടുന്നു;
താൻ പഞ്ഞിപോലെ ഹിമം വർഷിപ്പി
കയും ചാരംപോലെ മൂടൽമഞ്ഞ് വിതറു
ും ചെയ്യുന്നു:
താൻ മഞ്ഞുകട്ടയെ കഷണം കഷണ
ി എറിയുന്നു; തന്റെ കുളിരിനു മുമ്പാ
നില്പാൻ ആർക്കു കഴിയും?
താൻ തിരുവചനം അയച്ചു അവ ഉരു
ന്നു, താൻ കാറ്റ് ഊതിച്ചു വെള്ളം ഒഴു
ന്നു;
താൻ തിരുവചനം യാക്കോബിനെയും
ന്റെ പ്രമാണവും കല്പനകളും ഇസ്രായേ
നെയും അറിയിക്കുന്നു.
താൻ ഇപ്രകാരം ഒരു ജാതിയോടും
ിട്ടില്ല, തന്റെ ന്യായങ്ങൾ അറിയിച്ചി
;

8 ആകാശത്തിൽനിന്നു കർത്താ
വിനെ സ്തുതിപ്പിൻ; അത്യുന്നത
ൽ തന്നെ സ്തുതിപ്പിൻ;
ന്റെ സകല മാലാഖമാരുമേ തന്നെ
പ്പിൻ; തന്റെ സകല സൈന്യങ്ങളുമേ
സ്തുതിപ്പിൻ;
ആദിത്യചന്ദ്രന്മാരേ തന്നെ സ്തുതിപ്പിൻ,
ശമുള്ള സകല നക്ഷത്രങ്ങളുമേ
സ്തുതിപ്പിൻ;
കാശങ്ങളുടെ ആകാശങ്ങളും
ശങ്ങൾക്കുമീതെയുള്ള വെള്ളവുമേ
സ്തുതിപ്പിൻ; അവ കർത്താവിന്റെ
സ്തുതിക്കട്ടെ!
ന്തെന്നാൽ താൻ അരുളിച്ചെയ്തു, അവ
ി, താൻ കല്പിച്ചു, അവ സൃഷ്ടിക്ക

താൻ എന്നേക്കുമായി അവയെ സ്ഥിര 6
പ്പെടുത്തി. താൻ ഒരു നിയമം നിശ്ചയിച്ചു.
അതഴിയുന്നതുമല്ല;
ഭൂമിയിൽനിന്നു മഹാസർപ്പങ്ങളും 7
എല്ലാ ആഴങ്ങളും,
അഗ്നിയും, കൽമഴയും, മഞ്ഞും ഹിമ 8
കണങ്ങളും അവന്റെ വചനപ്രകാരം
പ്രവർത്തിക്കുന്ന കാറ്റുകളും കൊടുംകാറ്റു
കളും;
പർവ്വതങ്ങളും സകല മലകളും ഫല 9
വൃക്ഷങ്ങളും സകല കാരകിലുകളും;
മൃഗങ്ങളും സകല കന്നുകാലികളും 10
ഇഴജന്തുക്കളും പക്ഷികളും പറവകളും,
ഭൂമിയിലെ രാജാക്കന്മാരും, സകല 11
ന്യായാധിപതിമാരും;
ശിശുക്കളും, കന്യകകളും, വൃദ്ധന്മാരും, 12
യൗവ്വനക്കാരും ആയുള്ളോരെ, കർത്താ
വിനെ സ്തുതിപ്പിൻ! ഇവർ കർത്താവിന്റെ
നാമം സ്തുതിക്കട്ടെ!
എന്തെന്നാൽ തന്റെ നാമം മാത്രം വലു 13
താകുന്നു; തന്റെ മഹത്വം ആകാശത്തിലും
ഭൂമിയിലും വ്യാപിച്ചിരിക്കുന്നു;
സ്വജനത്തിന്റെ കൊമ്പിനെയും, 14
തന്റെ സകല നീതിമാന്മാർക്കും സ്വജന
മായ ഇസ്രയേൽക്കാർക്കും മഹത്വത്തെയും
ഉയർത്തുന്നു.

149 കർത്താവിന്ന് ഒരു പുതിയ 1
പാട്ടും, നീതിമാന്മാരുടെ സഭ
യിൽ തന്റെ സ്തുതിയും പാടുവിൻ;
ഇസ്രയേൽ തന്റെ സ്രഷ്ടാവിൽ 2
സന്തോഷിക്കുകയും സെഹിയോൻ പുത്ര
ന്മാർ അവരുടെ രാജാവിൽ ആനന്ദിക്കു
കയും ചെയ്യട്ടെ;
അവർ തപ്പുകളാലും, ചതുരത്തപ്പു 3
കളാലും, തന്റെ നാമം സ്തുതിക്കുകയും
വീണകൾകൊണ്ടു തനിക്കു പാടുകയും
ചെയ്യട്ടെ!
എന്തെന്നാൽ കർത്താവു തന്റെ 4
ജനത്തിൽ ഇഷ്ടപ്പെടുന്നു; ദരിദ്രന്മാർക്കു
രക്ഷ കൊടുക്കുന്നു.
നീതിമാന്മാർ ബഹുമാനത്തിൽ പ്രബ 5
ലപ്പെടും, അവർ സ്വന്തകട്ടിലുകളിന്മേൽ
തന്നെ സ്തുതിക്കയും;
അവരുടെ കണ്ഠങ്ങൾകൊണ്ടു ദൈവ 6
ത്തെ പുകഴ്ത്തുകയും ചെയ്യും;
വിജാതികൾക്കു പ്രതിക്രിയയും സ്വജന 7
ത്തിനു ശിക്ഷയും ചെയ്വാനും,
അവരുടെ രാജാക്കന്മാരെ ആലാത്തു 8
കൾകൊണ്ടും മാന്യന്മാരെ ഇരുമ്പുചങ്ങല
കൾകൊണ്ടും ബന്ധിപ്പാനും,

9 എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവ
രുടെ മേൽ നടത്തുവാനും, സകല നീതി
മാന്മാർക്കും മഹത്വമുണ്ടാകുവാനുമാ
യിട്ടു അവരുടെ കൈകളിൽ ഇരുമുന വാൾ
ഉണ്ട്.

1 **150** കർത്താവിനെ വിശുദ്ധസ്ഥല
ത്ത് സ്തുതിപ്പിൻ, തന്റെ ശക്തി
യുടെ ആകാശത്തട്ടിൽ തന്നെ സ്തുതിപ്പിൻ;
2 തന്റെ വല്ലഭത്വത്തിൽ തന്നെ സ്തുതി
പ്പിൻ, തന്റെ ശ്രേഷ്ഠതയുടെ ബഹുത്വ
ത്തിൽ തന്നെ സ്തുതിപ്പിൻ.

കാഹളശബ്ദത്താൽ തന്നെ സ്തുതി 3
പ്പിൻ; തംബുരുകളാലും വീണകളാലും
തന്നെ സ്തുതിപ്പിൻ,
തപ്പുകളാലും ചതുരത്തപ്പുകളാലും 4
തന്നെ സ്തുതിപ്പിൻ; രസമുള്ള കമ്പികളാൽ
തന്നെ സ്തുതിപ്പിൻ;
നാദമുള്ള കൈത്താളങ്ങളാൽ തന്നെ 5
സ്തുതിപ്പിൻ; ശബ്ദത്താലും ആർപ്പുവിളി
യാലും തന്നെ സ്തുതിപ്പിൻ;
എല്ലാ ശ്വാസവും കർത്താവിനെ സ്തുതി 6
ക്കട്ടെ!

88-ാം സങ്കീർത്തനം, 10-12 വാക്യങ്ങൾ സുറിയാനിയിൽ

"ഹൊ ല്മിസെ ഓബേദ് ആത്ത് തെദ്മ്റോസോ
ഉഗാബോറെ ന്കൂമൂൻ ഉനൌദൂൻ ലോക്ക്
ഉ നെശ്താവൂൻ ബ് കബ്റെ തൈബൂസോക്ക്
ഉ ഹൈമോനൂസോക്ക് ബബ്ദോനോ.."

സദൃശവാക്യങ്ങൾ

അദ്ധ്യായം 1

ഇസ്രായേൽ രാജാവായ ദാവീദിൻെറ
ത്രനായ ശലോമോൻെറ സദൃശവാക്യ
ൾ:
വിജ്ഞാനവും പ്രബോധനവും അറിയു
നും—വിവേകത്തിൻെറ വചനങ്ങൾ
സ്സിലാക്കുവാനും —വിജ്ഞാനം, ഭക്തി,
ത്, നീതി, ന്യായം എന്നിവയ്ക്കായി
ബോധനം സ്വീകരിക്കുവാനും —ബാല
ക്ക് നേരുള്ളവർക്ക് സൂക്ഷ്മബുദ്ധിയും
വാവിനു, അറിവും വകതിരിവും നൽകു
നും ഇവ പ്രയോജകീഭവിക്കുന്നു.
ജ്ഞാനിയായ മനുഷ്യൻ കേൾക്കും; അ
വിദ്യാഭിവൃദ്ധി വരുത്തും. വിവേകിയായ
ഷ്യൻ, വിജ്ഞാനപ്രദമായ ആലോ
കൾ പ്രാപിക്കും. അവൻ സദൃശവാക്യ
ും അവയുടെ അർഥവും, ജ്ഞാനിക
വാക്കുകളും അവരുടെ കടങ്കഥകളും
സ്സിലാക്കും.
ദൈവഭക്തി ജ്ഞാനത്തിൻെറ ആരംഭ
ുന്നു. എന്നാൽ ഭോഷന്മാരോ, ജ്ഞാന
പ്രബോധനവും വെറുക്കുന്നു. എൻെറ
ന, നിൻെറ പിതാവിൻെറ പ്രബോധനം
നുസരിക്കുക. നിൻെറ മാതാവിൻെറ
ം ഉപേക്ഷിക്കരുത്. എന്തെന്നാൽ അവ
ൻെറ ശിരസ്സിന് കൃപയുടെ അലങ്കാര
രിക്കും; നിൻെറ കഴുത്തിനു ചുററു
കിടക്കുന്ന മാലയുമായിരിക്കും.
കനേ, പാപികൾ നിന്നെ വശീകരി
—നീ വഴങ്ങരുത്. അവർ നിന്നോട്—
ളോടൊരുമിച്ചു വരിക. രക്തത്തി
ി നമുക്കു പതിയിരിക്കാം. നിരപരാ
കാരണം കൂടാതെ പിടിപ്പാൻ നമുക്ക്
്യമായി ഒളിച്ചിരിക്കാം. ശവക്കുഴി
ുപോലെ നമുക്ക് അവരെ ജീവനോ
—കുഴിയിലേക്ക് ഇറങ്ങുന്നവരെ
തുപോലെ അവരെ മുഴുവനായും
ിക്കളയാം. അവൻെറ വിലയേറിയ
ുക്കൾ കിട്ടും. കൊള്ളകൊണ്ടു
ട വീടുകൾ നിറയ്ക്കാം. നിൻെറ
ഭാഗവും നമ്മുടെ ഇടയിലാകട്ടെ. നമുക്കെ
ല്ലാവർക്കും കൂടി ഒരൊററ പണസഞ്ചിയായി
രിക്കും, എന്നു പറഞ്ഞാൽ: എൻെറ മകനേ, 15
നീ അവരുടെ വഴിയേ പോകരുത്. അവരുടെ
പാതയിൽനിന്നും നിൻെറ കാലു പിൻവലി
ച്ചുകൊള്ളണം. എന്തെന്നാൽ, അവരുടെ 16
പാദങ്ങൾ തിന്മയിലേക്കാണ് ഓടുന്നത്.
നിർദ്ദോഷരക്തം ചിന്തുവാൻ അവർ ധൃതി
പ്പെടുന്നു. പക്ഷി കാൺകെ വല വിരിക്കു 17
ന്നതു വ്യർഥമല്ലേ, അവർ രക്തത്തിന്നായി 18
പതിയിരിക്കുന്നു. അവർ അവരുടെ സ്വന്ത
പ്രാണഹാനിക്കായി രഹസ്യമായി ഒളിച്ചിരി
ക്കുന്നു! ദുർലാഭത്തിന്നായി ആഗ്രഹിക്കുന്ന 19
എല്ലാവരുടെയും വഴികൾ അങ്ങനെതന്നെ.
അത് ഉടമസ്ഥരുടെ തന്നെ ജീവൻ എടുത്തു
കളയും.

വിജ്ഞാനം തെരുവിൽ മഹിമപ്പെടുന്നു. 20
അതിൻെറ സ്വരം വിശാലവീഥിയിൽ
കേൾപ്പിക്കുന്നു. അവൾ ജനത്തിരക്കുള്ള 21
സ്ഥലത്തും, നഗരവാതിലുകളിലും വിളിച്ചു
പറയുന്നു. നഗരത്തിൽ അതിൻെറ വാക്കു
കൾ പ്രസ്താവിക്കുന്നു. സാധാരണക്കാരെ,
നിങ്ങൾ ബുദ്ധിഹീനതയെ സ്നേഹി 22
ക്കുകയും, പരിഹാസികൾ അവരുടെ
പരിഹാസത്തിൽ രസിക്കുകയും, ഭോഷ
ന്മാർ ജ്ഞാനത്തെ വെറുക്കുകയും ചെയ്യു
ന്നത് എത്രത്തോളം? എൻെറ ശാസനയി 23
ലേക്കു തിരിയുക. ഞാൻ എൻെറ മനസ്സു
നിങ്ങൾക്കു പ്രദർശിപ്പിക്കാം. എൻെറ വചന
ങ്ങൾ നിങ്ങൾ അറിയുമാറാക്കും. എന്തെ 24
ന്നാൽ, ഞാൻ വിളിച്ചു; നിങ്ങളോ ശ്രദ്ധിച്ചില്ല.
ഞാൻ എൻെറ ശബ്ദമുയർത്തി; ആരും വക
വെച്ചില്ല. നിങ്ങളോ, എൻെറ ആലോചന 25
ത്യജിച്ചുകളഞ്ഞു. എൻെറ പ്രബോധനം
ഒന്നും നിങ്ങൾ അനുസരിച്ചില്ല. നിങ്ങളുടെ 26
ആപത്തുകാലത്ത് ഞാൻ ചിരിക്കും.
നിങ്ങൾക്കു ഭയം വരുമ്പോൾ ഞാൻ സന്തോ 27
ഷിക്കും. അതെ നിങ്ങളുടെ ഭയം സംഹാരം
പോലെയും, നിങ്ങളുടെ നാശം ചുഴലിക്കാറ്റു
പോലെയും ദുരിതവും സങ്കടവും നിങ്ങ
ളുടെമേൽ വരുമ്പോൾതന്നെ. അപ്പോൾ 28

അവർ എന്നെ വിളിക്കും, ഞാൻ ഉത്തരം
പറയുകയില്ല; അവർ എന്നെ ഉത്സാഹ
ത്തോടെ അന്വേഷിക്കും; അവർ എന്നെ
29 കണ്ടെത്തുകയുമില്ല. എന്തെന്നാൽ, അറി
വിനെ അവർ വെറുത്തു. ദൈവഭക്തി അ
വർ തിരഞ്ഞെടുത്തുമില്ല. അവർ എൻെറ
30 ആലോചന അവഗണിച്ചു. എൻെറ ശാസന
31 യെല്ലാം വെറുക്കുകയും ചെയ്തു. ആക
യാൽ അവരുടെ സ്വന്തം വഴിയുടെ ഫലം
അവർ തിന്നും. അവരുടെ പ്രവർത്ത
32 നങ്ങളാൽ നിറയുകയും ചെയ്യും. ബുദ്ധിഹീ
നരുടെ പിന്മാററം അവരെ കൊല്ലും, ഭോഷ
ന്മാരുടെ അശുദ്ധി അവരെ നശിപ്പിക്കും.
33 എന്നാൽ, എൻെറ വാക്കു കേൾക്കുന്ന
വനോ, അവൻ നിർഭയം വസിക്കും. ദോഷ
കാലത്തെക്കുറിച്ചുള്ള ഭയത്തിൽനിന്നും
അവർ സൈ്വര്യമായി ഇരിക്കും.

അദ്ധ്യായം 2

1 എൻെറ മകനേ, എൻെറ (ജ്ഞാന
ത്തിൻെറ) വചനങ്ങൾ നീ സ്വീകരിക്കു
കയും, എൻെറ കല്പനകളെ നിന്നിൽ സു
ക്ഷിച്ചു വയ്ക്കുകയും ചെയ്താൽ:
2 ജ്ഞാനത്തിന്നായി നിൻെറ ചെവി
ചായിക്കുകയും വിവേകത്തിന്നായി നിൻെറ
ഹൃദയത്തെ വിനിയോഗിക്കുകയും ചെയ്തു
3 കൊണ്ട്—നീ അറിവിന്നായി വിളിക്കുകയും
വിവേകത്തിന്നായി നിൻെറ ശബ്ദം ഉയർ
4 ത്തുകയും ചെയ്യുമെങ്കിൽ —വെള്ളിക്ക്
എന്നപോലെയും നിഗൂഢമായ നിക്ഷേപ
ങ്ങൾക്ക് എന്നപോലെയും നീ അന്വേ
5 ഷണം നടത്തുമെങ്കിൽ —അപ്പോൾ
നിനക്ക്, ദൈവഭക്തി എന്തെന്നു മനസ്സി
ലാകും; ദൈവത്തിൻെറ പരിജ്ഞാനം നീ
6 കണ്ടെത്തുകയും ചെയ്യും. എന്തെന്നാൽ,
വിജ്ഞാനം തരുന്നതു ദൈവമത്രെ. അവ
ൻെറ വായിൽനിന്ന് അറിവും വിവേകവും
7 വരുന്നു. അവൻ നീതിയുള്ളവർക്കു
പ്രത്യാശ കരുതിവെക്കുന്നു. നേരോടെ നട
ക്കുന്നവർക്ക് അവൻ സഹായകൻ ആകു
8 ന്നു. അവൻ ന്യായവിധിയുടെ പാതകളെ
സൂക്ഷിക്കുന്നു. തൻെറ വിശുദ്ധന്മാരുടെ വ
9 ഴിയെ സംരക്ഷിക്കുന്നു. അപ്പോൾ നീ, നീതി
യും പുണ്യവും എന്തെന്നും, ന്യായവിധിയും,
നേരും, സകല നല്ല മാർഗ്ഗവും ഗ്രഹിക്കും.
10 ജ്ഞാനം നിൻെറ ഹൃദയത്തിൽ പ്രവേശി
ക്കുകയും അറിവ് നിൻെറ ആത്മാവിന്
11 ആനന്ദകരവുമാകുമ്പോൾ വിവേകം നിന്നെ
സംരക്ഷിക്കും; സിദ്ധരുടെ വിവേകം നിന്നെ
സന്തോഷിപ്പിക്കും.

അത് ദുഷ്ടമനുഷ്യൻെറ പാതയിൽ 12
നിന്നും, വികടം സംസാരിക്കുന്ന മനുഷ്യ
നിൽനിന്നും നിന്നെ കാത്തുകൊള്ളും. 13
അവർ നീതിയുള്ള പാതകൾ വിട്ടുമാറി
അന്ധകാരവഴികളിൽകൂടി നടക്കുന്നു. 14
അവർ തിന്മ ചെയ്യുന്നതിൽ ആഹ്ലാദിക്കുന്നു.
ദുഷ്ടൻെറ വികടതയിൽ ഇഷ്ടപ്പെടുന്നു. 15
അവരുടെ പാതകൾ വളഞ്ഞവയാകുന്നു.
അവർ ചൊവ്വല്ലാത്തതു ചെയ്കയും
ചെയ്യുന്നു. 16
അത് (ജ്ഞാനം) പരസ്ത്രീയിൽ നിന്ന്
—അവളുടെ വാക്കുകൾ കൊണ്ടു പുക
ഴ്ത്തുന്ന പരസ്ത്രീയിൽനിന്ന് നിന്നെ 17
രക്ഷിക്കും. അവൾ, അവളുടെ യൗവന
കാന്തനെ ഉപേക്ഷിച്ചവളും അവളുടെ
ദൈവത്തിൻെറ നിയമം മറന്നവളുമത്രെ. 18
അവളുടെ ഭവനത്തേയും, അവളുടെ
ദൈവത്തിൻെറ പാതകളേയും വിട്ടവളത്രേ. 19
അവളുടെ അടുക്കൽ പോകുന്നവരിൽ
ആരും മടങ്ങിവരുന്നില്ല. ജീവൻെറ വഴികളെ
അവർ മുറുകെ പിടിക്കുന്നതുമില്ല. ആക 20
യാൽ നീയോ സജ്ജനത്തിൻെറ വഴിയെ
നടക്കുക; നീതിമാന്മാരുടെ പാതകളെ 21
സൂക്ഷിച്ചുകൊള്ളുക. എന്തെന്നാൽ നേരു
ള്ളവർ ദേശത്തു വസിക്കും. ചൊവ്വുള്ളവർ
അതിൽ നിലനിൽക്കും. എന്നാൽ, ദുഷ്ട 22
ന്മാരോ ഭൂമിയിൽനിന്നു വിച്ഛേദിതരാകും.
അതിക്രമക്കാർ അതിൽനിന്നും വേരോടെ
പറിച്ചുകളയപ്പെടും.

അദ്ധ്യായം 3

എൻെറ മകനേ, എൻെറ നിയമം നീ 1
മറക്കരുത്. നിൻെറ ഹൃദയം എൻെറ കല്പ
നകളെ കാത്തുകൊള്ളണം. അവ ജീവകാ 2
ലവും ദീർഘായുസ്സും സമാധാനവും നിന
ക്കു വർദ്ധിപ്പിച്ചുതരും. സമാധാനവും 3
കരുണയും സത്യവും നിന്നെ വിട്ടുപോക
രുത്. നിൻെറ കഴുത്തിൽ അവ കെട്ടുക.
നിൻെറ ഹൃദയപലകമേൽ നീ അവയെ 4
എഴുതുക. അങ്ങനെ ദൈവത്തിൻെറയും
മനുഷ്യൻെറയും ദൃഷ്ടിയിൽ വാത്സല്യവും,
സൽബുദ്ധിയും പ്രാപിക്കും.
നീ പൂർണഹൃദയത്തോടെ ദൈവ 5
ത്തിൽ വിശ്വസിച്ചാശ്രയിക്കുക—നിൻെറ
സ്വന്ത വിജ്ഞാനത്തിൽ അഹങ്കരിക്കരുത്.
നിൻെറ എല്ലാ വഴികളിലും നീ അവനെ 6
സ്വീകരിക്കുക. അവൻ നിൻെറ വഴികൾ
നേരെയാക്കും. നീ ജ്ഞാനിയാണെന്നു 7
നിനക്കു തന്നെ തോന്നരുത്. ദൈവത്തെ
ഭയപ്പെട്ടു തിന്മ വിട്ടുമാറുക. അതു നിൻെറ 8

ഡത്തിന് ആരോഗ്യവും അസ്ഥികൾക്ക്
ദസ്സും ആയിരിക്കും.
ദൈവത്തെ നിൻെറ ധനംകൊണ്ടും,
ൻെറ എല്ലാ വിളവിൻെറയും ആദ്യഫല
കൊണ്ടും ബഹുമാനിക്കുക. അങ്ങനെ
ൻെറ കളപ്പുരകൾ സമൃദ്ധിയായി നിറയും.
ൻെറ ചക്കുകൾ പുതുവീഞ്ഞു കവി
ഞ്ഞൊഴുക്കും.
എൻെറ മകനേ, ദൈവത്തിൻെറ ശാസ
ത്ത നീ നിസ്സാരമായി വിചാരിക്കരുത്.
ൻ നിന്നെ തിരുത്തുമ്പോൾ നിനക്കു
ഷമം തോന്നരുത്. താൻ വാത്സല്ലിക്കുന്ന
നെ, അപ്പൻ ശിക്ഷിക്കുന്നതുപോലെ
വം സ്നേഹിക്കുന്നവനെ താൻ ശാസി
തിരുത്തുന്നു.
വിജ്ഞാനം കണ്ടെത്തുന്ന മനുഷ്യൻ,
വകം ലഭിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.
നിൻെറ സമ്പാദനം, വെള്ളി സമ്പാദിക്കു
ിലും, അതിൻെറ ലബ്ധി മേൽത്തരം
ണത്തിലും മെച്ചമത്രെ. അതു രത്ന
ളക്കാൾ വിലയേറിയത്! നീ മോഹി
ന യാതൊരു വസ്തുവും അതിനോട്
പ്പെടുത്താവുന്നവയല്ലതന്നെ. അതി
(ജ്ഞാനത്തിൻെറ) വലംകൈയിൽ
ായുസ്സും അതിൻെറ ഇടംകൈയിൽ
ത്തും ബഹുമാനവുമുണ്ട്. അതിൻെറ
ളെല്ലാം സന്തുഷ്ടവും പാതകളെല്ലാം
ാനവുമാകുന്നു. അതിനെ പിടിച്ചു
ള്ളുന്നവർക്ക് അതു ജീവവൃക്ഷം
. അതിനെ പ്രതീക്ഷിക്കുന്നവർ
വാന്മാർ! ജ്ഞാനത്താൽ ദൈവം
ാ സ്ഥാപിച്ചു. വിവേകത്താൽ താൻ
ശത്തെയും ഉറപ്പിച്ചു. തൻെറ പരി
നത്തിൽ അഗാധങ്ങൾ പിളർന്നു.
ങ്ങൾ മഞ്ഞു പൊഴിക്കുന്നു. എൻെറ
ഉറച്ച ജ്ഞാനവും, വിവേചനാ
ിയും കാത്തുകൊള്ളണം. അവ
കൺമുമ്പിൽ നിന്നും മാറിപ്പോകരു
തു നിൻെറ ആത്മാവിനു ജീവനും
കഴുത്തിന് അലങ്കാരവുമായിരിക്കും.
ന, നീ നിർഭയമായി നിൻെറ വഴി
നടക്കും. നിൻെറ കാൽ ഇടറുക

കിടക്കുമ്പോൾ നിനക്കു ഭയമുണ്ടാ
യില്ല. നീ കിടക്കും, നിൻെറ നിദ്ര
രവുമായിരിക്കും. പെട്ടെന്നുണ്ടാ
യം ഓർത്തു നീ ഭീതിപ്പെടേണ്ട.
ാരിൽനിന്നു വരുന്ന സമൂലനാശ
ർത്തും നീ ഭയപ്പെടേണ്ട. എന്തെ
ദവം നിൻെറ പൂർണ ആശ്രയമായി
രിക്കും. അവൻ, നിൻെറ കാൽ വലയിൽ പെ
ടാതെ നിന്നെ സൂക്ഷിച്ചുകൊള്ളും. നന്മ 27
ചെയ്‌വാൻ നിനക്കു കഴിവുള്ളപ്പോൾ അതി
ന് അർഹരായവർക്കു അതു ചെയ്യാതിരി
ക്കരുത്. നിൻെറ കൈവശം (ദാനം ചെയ്യാ 28
നുള്ളപ്പോൾ) നിൻെറ കൂട്ടുകാരനോട്
ഇപ്പോൾ പോകൂ, പിന്നെ വരൂ, നാളെ നിന
ക്കു തരാം എന്ന് നീ പറയരുത്. നിൻെറ 29
കൂട്ടുകാരൻ സമാധാനത്തോടുകൂടെ
നിൻെറ അടുത്തുതന്നെ വസിക്കുമ്പോൾ,
അവനെതിരായി നീ ഗൂഢാലോചന ചെയ്യ
രുത്. നിനക്കു ഒരുപദ്രവവും ചെയ്യാത്ത 30
മനുഷ്യനോട് നീ ഒരു കാരണവുമില്ലാതെ
ശണ്ഠകൂടരുത്. അധർമ്മിയോട് നീ അസൂ 31
യപ്പെടരുത്. അവൻെറ ഒരു മാർഗവും നീ
തെരഞ്ഞെടുക്കരുത്.
വക്രതയുള്ളവൻ ദൈവത്തിനു വെറു 32
പ്പാകുന്നു. നീതിമാന്മാർക്കാകട്ടെ അവൻെറ
സഖ്യതയുണ്ട്. ദുഷ്ടൻെറ വീട്ടിൽ ദൈവ
ശാപമുണ്ട്. എന്നാൽ നീതിമാന്മാരുടെ
വാസസ്ഥലം അവൻ അനുഗ്രഹിക്കുന്നു.
പരിഹാസികളെ അവൻ നിരസിക്കും. 33
വിജ്ഞന്മാർക്കോ കൃപ ലഭിക്കും. വിജ്ഞാ 34
നികൾ ബഹുമാനം അവകാശമാക്കും.
ഭോഷന്മാർക്ക് അപമാനവും.

അദ്ധ്യായം 4

മക്കളേ, പിതാവ് നിങ്ങൾക്കുപദേശിച്ചു 1
പഠിപ്പിക്കുന്നത് കേട്ടനുസരിപ്പിൻ—വി
വേകം എന്തെന്നറിവാൻ ശ്രദ്ധിക്കുവിൻ.
എന്തെന്നാൽ നിങ്ങൾക്കു സദുപദേശം 2
തന്നു. എൻെറ നിയമം നിങ്ങൾ ഉപേക്ഷി
ക്കരുത്. ഞാൻ എൻെറ പിതാവിനു മകനും, 3
എൻെറ അമ്മയ്ക്കു ഏക ഓമന മകനുമായി
രുന്നു. അദ്ദേഹം എന്നെ പഠിപ്പിച്ച് എന്നോടു 4
പറഞ്ഞു: നിൻെറ ഹൃദയം എൻെറ വാക്കു
കൾ സംഗ്രഹിച്ചിരിക്കട്ടെ. എൻെറ കല്പന
കൾ പ്രമാണിച്ച് ജീവിക്കുക. എൻെറ
പ്രമാണം കൃഷ്ണമണിപോലെ കരുതുക.
വിജ്ഞാനം നേടുക, വിവേകം സമ്പാദി 5
ക്കുക, അതു മറക്കരുത്. എൻെറ വായിൽ
നിന്നുള്ള വചനങ്ങൾ വിട്ടുമാറരുത്. അതു
നീ ഉപേക്ഷിക്കരുത്, അതു നിന്നെ കാത്തു 6
സൂക്ഷിക്കും; നീ അതിനെ സ്നേഹിക്കുക.
അതു നിന്നെ സംരക്ഷിക്കും, വിജ്ഞാന 7
മാണ് പ്രധാന കാര്യം. ആകയാൽ വിജ്ഞാ
നം പ്രാപിക്കുക. നിൻെറ സർവ സമ്പാദ്യ
ത്താലും അതിനെ നേടിയെടുക്കുക. നീ 8
അതിനെ ആശ്ലേഷിക്കുക, അതു നിന്നെ
ഉയർത്തും. നീ അതിനെ ആലിംഗനം

ചെയ്താൽ ബഹുമാന്യാവസ്ഥയിലേക്ക്
9 അതു നിന്നെ കൊണ്ടുവരും. അതു നിൻെറ
ശിരസ്സിന് കൃപയുള്ള ഒരാഭരണമായി
രിക്കും. മഹിമയുടെ കിരീടവും അതു നിന
10 ക്കു പ്രദാനം ചെയ്യും. മകനേ, എന്നെ ശ്രദ്ധി
ച്ചാലും! എൻെറ വാക്കുകൾ സ്വീകരിക്കുക.
എന്നാൽ നിനക്കു ദീർഘായുസ്സുണ്ടാകും.
11 വിജ്ഞാനത്തിൻെറ മാർഗം ഞാൻ നിന്നെ
പഠിപ്പിച്ചു. ശരിയായ പാതയിലൂടെ ഞാൻ
12 നിന്നെ നയിച്ചു. നീ പോകുമ്പോൾ നിൻെറ
കാലുകൾ ഇടറുകയില്ല. നീ ഓടുമ്പോൾ
13 നീ തെന്നി വീഴുകയുമില്ല. പ്രബോധനം
മുറുകെ പിടിച്ചുകൊള്ളണം, വിട്ടുകളയരു
ത്. അതിനെ സൂക്ഷിക്കുക. അതാണ് നി
14 ൻെറ ജീവൻ! ദുഷ്ടന്മാരുടെ പാതയിൽ നീ
പ്രവേശിക്കരുത്. കൊള്ളരുതാത്തവരുടെ
15 വഴിക്കു നീ പോകയുമരുത്. അതുപേക്ഷി
ക്കുക. ആ വഴിക്കേ പോകരുത്. അതിൽ
നിന്നും തിരിഞ്ഞുമാറി, ദൂരെ മാറിപ്പോകുക.
16 അവർ എന്തെങ്കിലും തിന്മ പ്രയോഗിച്ചിട്ട
ല്ലാതെ ഉറങ്ങുകയില്ല. ആഗ്രഹം സാധിച്ച
ല്ലാതെ, അവർക്ക് ഉറക്കം വരികയില്ല.
17 എന്തെന്നാൽ അവർ ഭക്ഷിക്കുന്നത് തിന്മ
യുടെ അപ്പമാകുന്നു. 'ഉപദ്രവം ചെയ്ക'
എന്ന വീഞ്ഞാണ് അവർ കുടിക്കുന്നത്.
18 നീതിമാൻെറ പാത പ്രശോഭിക്കുന്ന
പ്രകാശം പോലെയാകുന്നു. പൂർണദിവസ
ത്തിലേക്ക് കൂടുതൽ കൂടുതലായി അതു
19 തെളിഞ്ഞുവരുന്നു. ദുഷ്ടന്മാരുടെ വഴിയോ
അന്ധകാരസമമാണ്. എവിടെയാണ് അവർ
വഴുതി വീഴുന്നതെന്ന് അവർ അറിയുന്നില്ല.
20 എൻെറ മകനേ, എൻെറ വാക്കുകൾ ശ്രദ്ധി
ക്കുക. എൻെറ ചൊല്ലുകൾക്കായി നീ ചെവി
21 ചായിക്ക. നിൻെറ കൺമുമ്പിൽ നിന്നും അവ
മാറിപ്പോകരുത്. നിൻെറ ഹൃദയത്തിൻെറ
നടുവിൽതന്നെ അവ സൂക്ഷിച്ചുകൊള്ള
22 ണം. എന്തെന്നാൽ അതിനെ കണ്ടെത്തുന്ന
വർക്കു അതു 'ജീവൻ' ആകുന്നു; അവരുടെ
ശരീരത്തിനു മുഴുവനും ആരോഗ്യവുമാ
23 കുന്നു. കരുതലോടെ നിൻെറ ഹൃദയം
കാത്തുകൊള്ളണം. എന്തെന്നാൽ ജീവ
ൻെറ സർവകാര്യവും അവനിൽനിന്നുമ
24 ല്ലോ. വക്രതയുള്ള സംസാരം, നിന്നിൽനി
ന്നും പൂർണമായി വിട്ടുകളയുക. അധരങ്ങ
ളുടെ വക്രത നിങ്കൽനിന്നും വിദൂരത്താ
25 ക്കുക. നിൻെറ കണ്ണുകൾ നേരെ നോക്ക
ണം. നിൻെറ കൺപോളകൾ, നേരെ
26 മുമ്പോട്ടു വീക്ഷിക്കട്ടെ. നിൻെറ കാലുകൾ
ദുഷിച്ച പാതയെ വിട്ടുമാറട്ടെ. നിൻെറ
27 വഴികളെല്ലാം സുസ്ഥിരമായിരിക്കട്ടെ. ഇട
ത്തേക്കോ, വലത്തേക്കോ നീ തിരിയരുത്.
തിന്മയിൽനിന്നും കാലുകൾ മാറിപ്പോരട്ടെ.

അദ്ധ്യായം 5

എൻെറ മകനേ, എൻെറ വിജ്ഞാനം 1
ശ്രദ്ധിക്കുക, എൻെറ വചനത്തിന്നായി
നിൻെറ ചെവി ചായിക്കുക. അങ്ങനെ നീ 2
വിവേചനബുദ്ധിയെ കരുതും, നിൻെറ
അധരങ്ങൾ, അറിവിനെ സംരക്ഷിച്ചു
കൊള്ളും. പരസ്ത്രീയുടെ അധരങ്ങൾ 3
തേൻ ഒഴുക്കുന്നു. അവളുടെ വായ് എണ്ണ
യെക്കാൾ മൃദുലവുമാകുന്നു; അവസാന 4
ത്തിലോ കാഞ്ഞിരംപോലെ കയ്പുള്ളതും.
അവൾ ഇരുവായ്തലയുള്ള വാളുപോലെ
മൂർച്ചയേറിയവളാകുന്നു. അവളുടെ കാലു 5
കൾ മരണത്തിലേക്കാണിറങ്ങുന്നത്. അവ 6
ളുടെ പാദങ്ങൾ ജീവനിലേക്ക് ചെല്ലു
ന്നില്ല. അവളുടെ വഴി പിഴച്ചതാകുന്നു.

ആകയാൽ മക്കളേ, ഇപ്പോൾ എനിക്കു 7
ചെവിതരിക. എൻെറ വായിലെ വചനങ്ങ
ളിൽനിന്നു നീ മാറിപ്പോകരുത്. അവളിൽ
നിന്നും നിൻെറ പാത ദൂരത്താക്കുക. അവ 8
ളുടെ വീടിൻെറ വാതിൽവരെ പോലും
പോകരുത്. നിൻെറ ശക്തി നീ അന്യർക്കു 9
കൊടുത്തുകളയരുത്. നിൻെറ ആണ്ടുകൾ
ക്രൂരനും കൊടുക്കരുത്. നിൻെറ പ്രയത്നഫ 10
ലം കൊണ്ട് വല്ല അന്യരും സംതൃപ്തരാകാ
നിടയാക്കരുത്. നിൻെറ പ്രയത്നത്തിൻെറ
ഫലം വല്ലവൻെറയും വീട്ടിലും ആയി
പ്പോകാനിടയാകരുത്. അവസാനം നിൻെറ 11
മാംസവും ശരീരവും ക്ഷയിച്ചിട്ട് —ഞാൻ
എത്രയധികം പ്രബോധനം വെറുത്തു!
എൻെറ ഹൃദയം ശാസനയെ അവഗണി 12
ക്കയും ചെയ്തു! എൻെറ ഗുരുക്കന്മാരുടെ
ശബ്ദം ഞാൻ അനുസരിച്ചില്ല! എനിക്കു
നിർദേശം തന്നവർക്ക് എൻെറ ശ്രദ്ധ കൊടു
ത്തുമില്ലല്ലോ! സഭയുടെയും സമൂഹത്തി 13
ൻെറയും മദ്ധ്യത്തിൽ ഞാൻ മിക്കവാറും 14
എല്ലാ തിന്മയും ചെയ്തല്ലോ! എന്നു നീ
അവസാനം കരഞ്ഞു പറയുവാൻ ഇടയാക
രുത്. നിൻെറ സ്വന്ത ഉറവിൽനിന്നു ജലവും 15
നിൻെറ സ്വന്ത കിണററിൽനിന്നും സ്വച്ഛ
ജലവും കുടിക്കുക. നിൻെറ ഉറവിടങ്ങൾ 16
വെളിയിലേക്കും, നിൻെറ ജലനദികൾ
തെരുവുകളിലേക്കും ഒഴുകിപ്പോകണമോ?
അവ നിൻേറതും മററുള്ളവരുടേതും ആകാ 17
തെ നിൻെറ മാത്രം സ്വന്തമായിരിക്കട്ടെ.
നിൻെറ ഉറവ് അനുഗൃഹീതമായിരിക്കട്ടെ. 18
നിൻെറ യൗവനത്തിലെ ഭാര്യയുമൊത്ത്
നീ ആനന്ദിച്ചുകൊള്ളുക. വാത്സല്യമുള്ള 19

ിനെപ്പോലെയും മാൻപേടയെപ്പോലെ
അവൾ നിനക്കായിരിക്കട്ടെ. എല്ലാ സമ
ത്തും അവളുടെ പ്രേമം നിന്നെ സംതൃ
നാക്കട്ടെ. അവളുടെ പ്രേമത്താൽ നീ
പ്പോഴും ആകൃഷ്ടനായിരിക്കുക. എന്റെ
ന, നീ ഒരു പരസ്ത്രീയെ കണ്ടു ഭ്രമി
നതും ഒരന്യസ്ത്രീയുടെ മാറിടം ആലിം
ചെയ്യുന്നതും എന്തിന്? മനുഷ്യന്റെ
കളെല്ലാം ദൈവത്തിന്റെ ദൃഷ്ടിയിലി
ുന്നു. അവന്റെ നടപ്പെല്ലാം താൻ
വെക്കുന്നു. ദുഷ്ടനെ അവന്റെ
ൃത്യങ്ങൾതന്നെ പിടിക്കും! അവന്റെ
ങ്ങളാകുന്ന പാശങ്ങളാൽ അവൻ
ച്ചുകെട്ടപ്പെടും. പ്രബോധനം കേൾക്കാ
അവൻ മരിക്കും. അവന്റെ ഭോഷത്വാ
ത്താൽ അവൻ വഴി തെറ്റും.

അദ്ധ്യായം 6

ന്റെ മകനേ, കൂട്ടുകാരനുവേണ്ടി നീ
നിൽക്കുകയോ, അന്യനുമായി കയ്യടി
യോ ചെയ്തിട്ടുണ്ടെങ്കിൽ —നിന്റെ
ലെ വചനങ്ങളാൽ നീ കെണിയിൽ
ങ്ങിപ്പോയി. നിന്റെ വായിലെ വാക്കു
ൽ നീ പിടിക്കപ്പെട്ടു.
പ്പോൾ എന്റെ മകനേ, ഇതു ചെയ്യു
ന്റെ സ്നേഹിതനെപ്രതി നീ ശത്രു
ത്തിലായി. നിന്റെ സ്നേഹിതനെ
ക്കുക. നിന്റെ കണ്ണുകൾക്കു നിദ്രയും
റ കൺപോളകൾക്ക് ഉറക്കവും
ക്കരുത്. വേട്ടക്കാരന്റെ കയ്യിൽനിന്ന്
എന്നപോലെയും പക്ഷി പിടിക്കുന്ന
കയ്യിൽനിന്ന് പക്ഷിയെപ്പോലെ
നിന്നെത്തന്നെ രക്ഷിച്ചെടുക്കുക.
ാനായ മനുഷ്യാ, നീ ഉറുമ്പിന്റെ
ൽ ചെല്ലുക. അതിന്റെ വഴികൾ നീ
ിച്ചു മനസ്സിലാക്കുക, അങ്ങനെ
നം പ്രാപിക്കുക. അതിന് കൊ
ല്ല; മാർഗദർശകനും, മേൽവിചാര
ഭരണാധിപനുമില്ലാതിരുന്നിട്ടും —
ക്കാലത്ത് അതിന്റെ ആഹാരം
വെക്കുന്നു. കൊയ്ത്തുകാലത്ത്
ന്റെ ഭക്ഷണം ശേഖരിച്ചുവെയ്ക്കു
ല്ലയോ, അലസനേ, നീ എത്ര
കാലം കിടന്നുറങ്ങും? നിന്റെ
ൽ നിന്നും എപ്പോൾ നീ ഉണരും?
ൂടി മയക്കം! കുറെക്കൂടി ഉറക്കം!
കൂടി കൈ കെട്ടി കിടക്കും! അങ്ങനെ
ദാരിദ്ര്യം, വഴിയാത്രക്കാരനെ
— നിന്റെ കുറവ്, ആയുധപാണി
ലെ വരും.

മര്യാദകെട്ട മനുഷ്യൻ, ദുഷ്ടൻ, വക്രത 12
യുള്ള സംസാരവുമായി നടക്കുന്നു. അവൻ 13
കണ്ണിറുക്കുന്നു. പാദംകൊണ്ട് സംസാരിക്കു
ന്നു. വിരൽകൊണ്ട് ആംഗ്യം കാണിക്കുന്നു.
അവന്റെ ഹൃദയം നിറയെ വക്രത, അവൻ 14
തുടരെ ദോഷം ആലോചിക്കുന്നു. അവൻ
ഇരുവരെ തമ്മിൽ പിണക്കുന്നു. ആക 15
യാൽ പെട്ടെന്നു അവനു ദുഷ്ക്കാലം വരും.
പ്രതിശാന്തിയില്ലാതെ അവൻ പെട്ടെന്നു
തകർക്കപ്പെടും. ഈ ആറു കാര്യം ദൈവം 16
വെറുക്കുന്നു. ഏഴു കാര്യങ്ങൾ അവന് അറ
പ്പാകുന്നു. അഹങ്കാരമുള്ള നോട്ടം—വ്യാജം 17
പറയുന്ന നാവ്—നിരപരാധികളുടെ രക്തം
ചിന്തുന്ന കൈകൾ — ദുരുപായം ആലോ 18
ചിക്കുന്ന ഹൃദയം —ദുഷ്പ്രവൃത്തിക്കായി
ധൃതിയായി ഓടുന്ന കാലുകൾ —വ്യാജം
പറയുന്ന കള്ളസാക്ഷി, സഹോദരന്മാരുടെ 19
ഇടയിൽ വഴക്കുണ്ടാക്കുന്നവൻ!

എന്റെ മകനേ നിന്റെ പിതാവിന്റെ 20
ആജ്ഞാനുസരണം പ്രവർത്തിക്കുക. അമ്മ
യുടെ നിയമം ഉപേക്ഷിക്കരുത്. അത്, 21
എപ്പോഴും നിന്റെ ഹൃദയത്തോടു ചേർത്തു
ബന്ധിക്കുക. നിന്റെ കഴുത്തിൽ അതു
കെട്ടിക്കൊള്ളണം. നീ നടക്കുമ്പോൾ അതു 22
നിന്നെ അനുഗമിക്കും. അതു നിന്നെ കാത്തു
സൂക്ഷിക്കുവാനായി അതു പാലിക്കുക. നീ
ഉണരുമ്പോൾ അതു നിന്നോടു സംസാരി
ക്കും. എന്തെന്നാൽ കല്പന ഒരു വിളക്കും, 23
നിയമം പ്രകാശവും ഉപദേശവും ശാസന
കളും, ജീവന്റെ മാർഗങ്ങളുമാകുന്നു.
അതു ദുഷ്ടയായ സ്ത്രീയിൽ നിന്നും 24
പരസ്ത്രീയുടെ മുഖസ്തുതിയിൽ നിന്നും
നിന്നെ കാത്തു രക്ഷിച്ചുകൊള്ളും. അവ
ളുടെ സൌന്ദര്യത്തെ ഓർത്തു നിന്റെ 25
ഹൃദയം മോഹിക്കരുത്. അവളുടെ കണ്ണി
മക്കൽകൊണ്ട് നിന്നെ വശത്താക്കുകയു
മരുത്.

വേശ്യാസ്ത്രീ ഒരു കഷണം അപ്പത്തിന് 26
തുല്യയാകുന്നു. വ്യഭിചാരിണി അമൂല്യ
മായ ജീവനെ വേട്ടയാടുന്നു. ഒരു മനുഷ്യ
നു തന്റെ വസ്ത്രം കത്തി എരിയാതെ, 27
മാറോടു ചേർത്തു തീ കൊണ്ടുവരാമോ?
കാൽ പൊള്ളാതെ ഒരുവനു തീക്കനലി 28
ന്മേൽ നടക്കാൻ കഴിയുമോ? തന്റെ
കൂട്ടുകാരന്റെ ഭാര്യയുടെ അടുക്കൽ 29
പോകുന്നവൻ ഇങ്ങനെതന്നെ. അവളെ
തൊടുന്ന ഒരുവനും ശിക്ഷ വരാതിരിക്ക
യില്ല. വിശന്നിട്ടു വിശപ്പടക്കുവാൻ വേണ്ടി 30
ഒരുവൻ മോഷണം നടത്തുന്നുവെങ്കിൽ
ആരും വല്ലാതെ അത്ഭുതപ്പെടാറില്ല.

31 എന്നാൽ, അവനെ പിടികിട്ടിയാൽ അവൻ
ഏഴിരട്ടി മടക്കിക്കൊടുക്കേണ്ടിവരും.
അവൻെറ വീട്ടിലുള്ളവയും കൊടുക്കേ
ണ്ടിവരും.
32 സ്ത്രീയോടുകൂടെ വ്യഭിചരിക്കുന്നവൻ
വിവേകമില്ലാത്തവൻ; അതു ചെയ്യുന്നവൻ,
അവൻെറ സ്വന്ത ആത്മാവിനെ നശിപ്പി
33 ക്കുന്നു. അവനു പ്രഹരവും അവമാനവു
മാണു കിട്ടുന്നത്. അവൻെറ അവമാനം
മാഞ്ഞുപോകയില്ല.
34 അസൂയ മനുഷ്യൻെറ ക്രോധഹേതുക
മാകുന്നു. ആകയാൽ പ്രതികാരദിവസ
35 ത്തിൽ അവൻ ഇളയ്ക്കുകയില്ല. അവൻ ഒരു
പ്രതിശാന്തിയും സ്വീകരിക്കുകയില്ല; നീ അ
വനു ഏറെ സമ്മാനങ്ങൾ കൊടുത്താലും
അവനു തൃപ്തി വരികയുമില്ല.

അദ്ധ്യായം 7

1 എൻെറ മകനേ, എൻെറ വചനങ്ങൾ
കാത്തുകൊള്ളുക. എൻെറ കല്പനകൾ
2 നിൻെറ ഹൃദയത്തിൽ ഞാൻ സംഗ്രഹിക്കാം.
നീ എൻെറ കല്പനകൾ പ്രമാണിച്ചുകൊ
ണ്ടു ജീവൻ നേടുക. നിൻെറ കണ്ണിൻെറ കൃ
ഷ്ണമണിപോലെ എൻെറ ആജ്ഞകളെ
3 കരുതുക. അവ നിൻെറ കണ്ഠത്തിൽ ബ
ന്ധിക്കുക. നിൻെറ ഹൃദയമാകുന്ന പലക
4 മേൽ എഴുതുക. ജ്ഞാനത്തോട്—നീ എ
ൻെറ സഹോദരി എന്നു പറയുക. വിവേക
ത്തെ നീ എൻെറ സഖി എന്നു വിളിക്കുക.
5 അവ നിന്നെ പരസ്ത്രീയിൽനിന്നും,
അവളുടെ വാക്കുകളാൽ പുകഴ്ത്തുന്ന
അന്യസ്ത്രീയിൽനിന്നും കാത്തു സൂക്ഷി
6 ച്ചുകൊള്ളും. അവൾ വീടിൻെറ ജനലഴി
7 കളിൽകൂടി നോക്കി: ഭോഷന്മാരുടെ
കൂട്ടത്തിൽപ്പെട്ട ഒരുവനെ—യുവാക്കളുടെ
ഇടയിൽ വിവേകമില്ലാത്ത ഒരു യുവാ
8 വിനെ കണ്ടു. അവൻ വൈകുന്നേരം,
സന്ധ്യക്ക്—കറുത്തിരുണ്ട രാത്രിയിൽ —
9 അവളുടെ വീടിന്നരികിലെ തെരുകോണി
ലൂടെ അവളുടെ വീട്ടിലേക്ക് പോയി.
10 അവിടെ വേശ്യാനുയോജ്യമായ വേഷ
ത്തിൽ, മനസ്സിൽ ഉപായം നിറഞ്ഞവളു
മായ ആ സ്ത്രീ അവനെ എതിരേററു!
11 അവൾ മോഹപരവശയാണ്; തന്നിഷ്ടക്കാ
രിയുമത്രെ. അവളുടെ പാദങ്ങൾ വീട്ടിൽ
12 അടങ്ങിയിരിക്കയില്ല! ഇപ്പോൾ ഇതാ അവൾ
വെളിയിൽ നിൽക്കുന്നു; പിന്നെ ഇതാ
തെരുക്കോണിൽ —ഓരോ മുക്കിലും മൂല
13 യിലും അവൾ പതിയിരിക്കുന്നു. അവൾ
അവനെ കേറി പിടിച്ചു. ചുംബനം കൊടു
ത്തു. ലജ്ജയില്ലാത്ത മുഖത്തോടെ അവ
നോടു പറഞ്ഞു:
എൻെറ കൈവശം സമാധാനയാഗ 14
വസ്തുക്കൾ ഉണ്ടായിരുന്നു. ഇന്നു ഞാൻ
എൻെറ വഴിപാടുകൾ കഴിച്ചിരിക്കുന്നു.
അതിനാൽ ഞാൻ നിന്നെ കാണുവാൻ 15
വന്നിരിക്കുന്നു. നിൻെറ മുഖം കാണുവാൻ
വന്നു! ഇതാ ഞാൻ നിന്നെ കണ്ടെത്തിയി
രിക്കുന്നു! ഞാൻ എൻെറ കിടക്കമേൽ ചിത്ര 16
ത്തയ്യലുള്ള വിരികളും, മനോഹരമായ മെ
സ്രേൻ വിരികളും വിരിച്ചിരിക്കുന്നു. മൂറും, 17
അകിലും, ലവംഗവുംകൊണ്ടുള്ള പരിമള
വസ്തുക്കൾകൊണ്ട് നല്ല സുഗന്ധം വരുത്തി
യിരിക്കുന്നു. വരിക, നേരം വെളുക്കുംവരെ 18
പ്രേമത്തിൽ രമിക്കാം. കാമവികാരങ്ങളു
മായി നമുക്കു സുഖിക്കാം. എന്തെന്നാൽ 19
ഭർത്താവു വീട്ടിൽ ഇല്ല; അയാളൊരു
ദീർഘയാത്ര പോയിരിക്കയാണ്. ഒരു മടി 20
ശീല നിറയെ പണവും കൊണ്ടുപോയി
ട്ടുണ്ട്; വളരെദിവസം കഴിഞ്ഞേ അയാൾ
വരികയുള്ളു. ഇങ്ങനെ ഏറിയ സന്തോഷ 21
വാക്കുകൾകൊണ്ട് അവൾ അവനെ കീഴട
ക്കി! അവളുടെ അധരമാധുര്യംകൊണ്ട്
അവനെ നിർബന്ധിച്ചു.
കാള, അറുക്കുന്നിടത്തേക്കും, നായ 22
ചങ്ങലയിലേക്കും പോകുന്നതുപോലെ,
മാൻ അതിൻെറ കരളിൽ ഒരമ്പ് തറയ്ക്കു 23
ന്നതുവരെയും പക്ഷി അതിൻെറ കെണിയി
ലേക്കു ധൃതിയായി പറക്കുന്നതുപോലെ
യും, സ്വമരണത്തിലേക്കെന്നറിയാതെ!
അവൻ അവളുടെ പിന്നാലെ ചെല്ലുന്നു.
ആകയാൽ മക്കളേ! ഇപ്പോൾ എന്നെ 24
ശ്രദ്ധിക്കുവിൻ. എൻെറ വായിലെ വചന
ങ്ങൾ കേൾപ്പിൻ. നിൻെറ ഹൃദയം അവളുടെ 25
വഴിക്കു ചായരുത്. അവളുടെ പാതയിലേ
ക്കു നീ വഴിപിഴച്ചു ചെല്ലരുത്. അവൾ 26
അനേകരെ മുറിവേൽപ്പിച്ചു വീഴ്ത്തിയവ
ളാണ്. അതേ, അവൾ അനേകം ശക്തന്മാ
രെ കൊന്നവളത്രെ. അവളുടെ വീട്, മരണ
ത്തിൻെറ അറകളിലെത്തുന്ന, പാതാളത്തി
ലേക്കുള്ള വഴിയാകുന്നു!

അദ്ധ്യായം 8

ജ്ഞാനം വിളിച്ചുപറയുക? വിവേകം 1
അതിൻെറ ശബ്ദം ഉയർത്തുന്നു?
അത് (ജ്ഞാനം) വഴിയരികെ ഉയര 2
മുള്ള സ്ഥലത്തു നിൽക്കുന്നു. അത്, പടി 3
വാതിൽക്കലും, നഗരവാതിൽക്കലും നിന്നു
കൊണ്ട് പ്രഘോഷിക്കുന്നു. അല്ലയോ, 4
മർത്യരേ! നിങ്ങളെ ഞാൻ വിളിക്കുന്നു.

ൻെറ ശബ്ദം മനുഷ്യപുത്രന്മാരോടാകു
അല്ലയോ ഭോഷന്മാരേ, ജ്ഞാനം എ
ന്നു മനസ്സിലാക്കുക. മൂഢന്മാരേ, തിരി
വുള്ള ഹൃദയമുള്ളവരാകുവിൻ!! കേട്ടാ
ഞാൻ വിശിഷ്ടമായ കാര്യങ്ങൾ
സാരിക്കും. എൻെറ അധരങ്ങൾ തുറ
ന്നത് ശരിയായ കാര്യങ്ങൾക്കായിരി
എന്തെന്നാൽ എൻെറ വായ സത്യം
ചാരിക്കും. വ്യാജം, എൻെറ അധര
ക്കു വെറുപ്പാകുന്നു. എൻെറ വായിൽ
ള്ള സർവ വചനങ്ങളും 'നീതി'യുള്ള
ുന്നു. അവയിൽ, വക്രതയും വഴി
ിയതും ആയ ഒന്നുമില്ല. അവയെല്ലാം,
റിവുള്ളവന്, സ്പഷ്ടമാണ്. അറിവി
ണ്ടെത്തുന്നവർക്ക് അതു സത്യമായു
മാകുന്നു. വെള്ളിയേക്കാൾ അധികമാ
ൻെറ പ്രബോധനവും പൊന്നിനേ
കൂടുതലായി അറിവും പ്രാപിപ്പിൻ.
ന്നാൽ അതു സ്വർണ്ണത്തിലും
ഷ്ടം —വിജ്ഞാനം രത്നങ്ങളെക്കാൾ
ഷ്ടമത്രെ —ഒന്നും അതിനോടു
പ്പെടുത്താവുന്നതുമല്ല. വിജ്ഞാന
ന ഞാനാണ് സൂക്ഷ്മബുദ്ധിയെ
ച്ചത്. അറിവും ആലോചനയും
ുണ്ട്.
ദവഭക്തി, തിന്മയെ വെറുക്കുന്നു
അഹങ്കാരം, ദുർമ്മാർഗം, വക്രത
ലായ് എന്നിവ ഞാൻ വെറുക്കുന്നു.
ചനയും പരിജ്ഞാനവും എൻെറ
ു. ഞാൻ വിവേകമാകുന്നു; എനി
്തിയുണ്ട്.
ാക്കന്മാർ ഭരണം നടത്തുന്നതും
ാടത്തുന്നതും ഞാൻ (ജ്ഞാനം)
രമാണ്. ഞാൻ മുഖാന്തരംതന്നെ
രാജകുമാരന്മാരും പ്രഭുക്കന്മാരും,
ല സർവന്യായാധിപന്മാരും, ഭര
ത്തുന്നത്. എന്നെ സ്നേഹിക്കു
ഞാൻ സ്നേഹിക്കും. എന്നെ
ിക്കുന്നവർ എന്നെ കണ്ടെത്തും.
ം ബഹുമാനവും എൻെറ കൈ
്. അതെ, ശാശ്വതസമ്പത്തും
എൻെറ ഫലം പൊന്നിലും,—
—തങ്കത്തിലും മേൽത്തരവും,
ആദായം, വിശിഷ്ടമായ വെള്ളി
ച്ചവുമാകുന്നു. ഞാൻ നീതിയുടെ
3 കൂടെയും ന്യായത്തിൻെറ
നടക്കുന്നു. എന്നെ സ്നേഹി
ക്കു ഞാൻ പ്രത്യാശ അവകാശ
ുക്കും. ഞാൻ അവരുടെ ഭണ്ഡാര
യ്ക്കും.

ദൈവം, പണ്ടുപണ്ടേയുള്ള തൻെറ 22
പ്രവൃത്തികൾക്കും മുമ്പെ, തൻെറ നടപടി
യുടെ ആരംഭമായി എന്നെ (ജ്ഞാനത്തെ)
ഉളവാക്കി. ഞാൻ പുരാതനകാലം മുതൽ 23
തന്നെ, ആദിയിൽതന്നെ —ഭൂമിയുണ്ടാകു
ന്നതിനു മുമ്പുതന്നെ ഞാൻ നിയമിക്കപ്പെ
ട്ടിരിക്കുന്നു. ആഴികൾ ഇല്ലാതിരുന്നപ്പോൾ 24
തന്നെ ഞാൻ ജനിച്ചിരിക്കുന്നു. വെള്ളം
നിറഞ്ഞ ഉറവുകൾ ഇല്ലാതിരുന്നപ്പോൾ
തന്നെ പർവതങ്ങൾ സ്ഥാപിക്കപ്പെടുന്ന 25
തിനു മുമ്പെ, അതേ, കുന്നുകൾ ഉണ്ടാകു
ന്നതിനു മുമ്പെ ഞാൻ ജനിച്ചിരിക്കുന്നു. 26
താൻ ഭൂമിയേയോ, വയലുകളെയോ,
ഭൂമിയിലെ പൂഴിയുടെ ഉയരത്തെയോ,
ഉണ്ടാക്കുന്നതിനു മുമ്പുതന്നെ താൻ 27
ആകാശത്തെ ഒരുക്കിയപ്പോൾ, ഞാൻ
(ജ്ഞാനം) അവിടെയുണ്ടായിരുന്നു. അവൻ
ആഴത്തിൻെറ ഉപരിഭാഗത്ത് വൃത്തം 28
നിർമ്മിച്ചപ്പോഴും—അവൻ മുകളിൽ മേഘ
ങ്ങളെ സ്ഥാപിച്ചപ്പോഴും, ആഴത്തിൻെറ
നീരുറവകളെ ശക്തിപ്പെടുത്തിയപ്പോഴും, 29
അവൻ സമുദ്രത്തോട്—അതു തൻെറ
ആജ്ഞയ്ക്ക് അപ്പുറം കേറരുത് എന്നു
കല്പന കൊടുത്തപ്പോഴും അവൻ ഭൂമിയു
ടെ അടിസ്ഥാനങ്ങൾ നിശ്ചയിച്ചപ്പോഴും 30
അപ്പോഴെല്ലാം ഞാൻ അവൻെറ അടുക്കൽ
വളർത്തപ്പെട്ടത് എന്ന വിധത്തിൽ ഉണ്ടായി
രുന്നു. ഞാൻ പ്രതിദിനം അവൻെറ പ്രമോദ
മായിരുന്നു. അവൻെറ സന്നിധിയിൽ 31
ഞാൻ ആനന്ദിച്ചുമിരുന്നു. അവൻെറ
ഭൂതലത്തിൽ ജനങ്ങൾ ആദരിക്കപ്പെട്ട്
ഞാൻ എൻെറ ആനന്ദം മനുഷ്യപുത്രന്മാ
രോടുകൂടെയായിരുന്നു.
ആകയാൽ എൻെറ മക്കളേ, ഇപ്പോൾ 32
എന്നെ ശ്രദ്ധിക്കുവിൻ —എന്തെന്നാൽ
എൻെറ വഴികളെ പ്രമാണിക്കുന്നവൻ
ഭാഗ്യവാൻ. ഉപദേശം കേൾപ്പിൻ. ജ്ഞാനം 33
പ്രാപിപ്പിൻ —അതിനെ നിരസിക്കരുത്.
എന്നെ ചെവിക്കൊള്ളുകയും, എൻെറ 34
പടിവാതിൽ പ്രതിദിനം കാത്തുകൊള്ളു
കയും, എൻെറ കട്ടിളപ്പടികളിൽ കാവൽ
ചെയ്യുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യ
വാൻ. എന്നെ കണ്ടെത്തുന്നവൻ ജീവന 35
ല്ലോ കണ്ടെത്തുന്നത്! അവൻ ദൈവത്തിൽ
നിന്നുള്ള ആനുകൂല്യം പ്രാപിക്കും. എന്നാൽ 36
എനിക്കെതിരായി പാപകർമം ചെയ്യുന്ന
വനോ, അവൻെറ സ്വന്ത പ്രാണനെ
തന്നെയാണ് ഉപദ്രവിക്കുന്നത്. എന്നെ
ദ്വേഷിക്കുന്നവരെല്ലാം, മരണത്തെയത്രെ
സ്നേഹിക്കുന്നത്.

അദ്ധ്യായം 9

1 ജ്ഞാനം അതിൻെറ സ്വന്തം വീടു പണി
2 തു—അതിന് ഏഴു തൂണുകളും തീർത്തു.
അത് (ജ്ഞാനം) മൃഗങ്ങളെ അറുത്തു;
വീഞ്ഞു കലർത്തി; അതിൻെറ മേശയൊ
രുക്കി.
3 അത് തൻെറ ദാസരെ അയച്ച്, നഗര
ത്തിൻെറ ഉയർന്ന സ്ഥാനങ്ങളിൽനിന്നു
കൊണ്ട് വിളിച്ചുപറയുന്നത്: അല്പ ബുദ്ധി
4 യായവൻ ഇവിടെക്കു വരട്ടെ. വിവേകം കുറ
5 ഞ്ഞവനോടു അതു പറയുന്നു: വരിക,
എൻെറ അപ്പത്തിൽനിന്നും ഭക്ഷിക്കുക.
ഞാൻ കലർത്തി വെച്ചിരിക്കുന്ന വീഞ്ഞിൽ
6 നിന്നും പാനംചെയ്യുക. മൂഢത വിട്ടകന്ന്
ജീവിപ്പിൻ, വിവേകത്തിൻെറ പാതയിൽ
7 കൂടെ പോകുവിൻ. ദുഷ്ടനെ ശാസിക്കു
ന്നവനു കിട്ടുന്നത് ലജ്ജയാണ്. ദുഷ്ടനെ
ശാസിക്കുന്നവന് കിട്ടുന്നതു കറയുമത്രെ.
8 ദുഷ്ടൻ നിന്നെ വെറുക്കാതിരിക്കേണ്ടതി
ന്നായി —അവനെ നീ ശാസിക്കരുത്. എ
ന്നാൽ ഒരു ജ്ഞാനിയെ ശാസിക്കുക;
9 അവൻ നിന്നെ സ്നേഹിക്കും. ജ്ഞാനിക്കു
നീ അവസരം നൽകുക; അവൻ കൂടുതൽ
വിജ്ഞനാകും. നീതിയുള്ളവനെ പഠിപ്പിക്കു
ക; അവൻ പഠനത്തിൽ അഭിവൃദ്ധിപ്പെടും.
10 ദൈവഭക്തി, ജ്ഞാനത്തിൻെറ ആരംഭ
മാകുന്നു. പരിശുദ്ധനെക്കുറിച്ചുള്ള പരി
ജ്ഞാനമാണ്, വിവേകം.
11 അതു മൂലം നിൻെറ നാളുകൾ വർദ്ധി
12 ക്കും. നിനക്കു ദീർഘായുസ്സുമുണ്ടാകും. നീ
ജ്ഞാനിയാകുന്നുവെങ്കിൽ നിനക്കുവേണ്ടി
ത്തന്നെയും നിൻെറ മിത്രങ്ങൾക്കും നീ
ജ്ഞാനിയായിരിക്കും. അല്ല, നീ അധർമ്മി
13 യെങ്കിലോ നീ നിന്നെത്തന്നെ സഹിക്കേ
ണ്ടിയുംവരും. ഭോഷിയായവൾ, അല്പബു
ദ്ധിയും ഒന്നും അറിവില്ലാത്തവളുമാകുന്നു.
14 അവൾ നഗരത്തിൻെറ ഉന്നതസ്ഥാന
ങ്ങളിൽ, അവളുടെ വീട്ടു വാതിൽക്കൽ ഇരി
15 ക്കുന്നു. നേരെ തങ്ങളുടെ വഴിയെ പോകു
ന്നവരെ അവൾ വിളിച്ചുപറയുന്നു: ബുദ്ധി
16 ഹീനരേ, ഇതിലെ വരുവിൻ! വിവേകമി
17 ല്ലാത്തവരോട് അവൾ പറയുന്നു: "കട്ടു
കുടിക്കുന്ന വെള്ളത്തിന് മധുരമാണ്;
രഹസ്യത്തിൽ തിന്നുന്ന അപ്പം രുചികര
മത്രേ" എന്ന്.
18 ശക്തർ അവളുടെ അടുക്കൽ നശിക്കു
മെന്നും, അവളുടെ വിരുന്നുകാർ നരക
ത്തിൻെറ അഗാധത്തിലുമാണെന്ന് അവർ
അറിയുന്നില്ല. *നീ അവിടെ നിൽക്കരുത്.
അവളെ നോക്കരുത്. അന്യജലത്തിലും,
അന്യനദിയിലും നീ മാറിപ്പോകണം.
അന്യജലം നീ കുടിക്കരുത്. ഇക്കാര്യം
പാലിച്ചാൽ നിനക്കു ദീർഘായുസ്സുണ്ടാകും.

അദ്ധ്യായം 10

ജ്ഞാനമുള്ള മകൻ പിതാവിനെ 1
സന്തോഷിപ്പിക്കുന്നു. ഭോഷനായ മകൻ
അമ്മയ്ക്കു വ്യസനഹേതുകമാകുന്നു.
തിന്മയാൽ ഉണ്ടാക്കിയ നിക്ഷേപങ്ങൾ 2
പ്രയോജനപ്പെടുകയില്ല. എന്നാൽ, നീതി
യോ, മരണത്തിൽനിന്നും രക്ഷിക്കുന്നു.
നീതിമാൻ പട്ടിണികിടക്കുവാൻ ദൈവം 3
ഇടയാക്കുകയില്ല. എന്നാൽ, ദുഷ്ടൻെറ
വസ്തുക്കളോ അവൻ ദൂരെ എറിഞ്ഞു
കളയും.
അലസമായ കൈകൊണ്ടു പ്രവർത്തി 4
ക്കുന്നവൻ ദരിദ്രനായിരിക്കും, എന്നാലോ
ഉത്സാഹിയുടെ കരമോ സമ്പത്തുണ്ടാക്കു
ന്നു. വേനൽക്കാലത്തു ശേഖരിച്ചു വയ്ക്കു 5
ന്ന മകൻ ജ്ഞാനിയാകുന്നു. എന്നാൽ,
കൊയ്ത്തുകാലത്തു കിടന്നുറങ്ങുന്നവൻ
മാനക്കേടു വരുത്തുന്നു. നീതിമാൻെറ ശിര 6
സ്സിന്മേൽ അനുഗ്രഹം; എന്നാൽ, അധർമ്മം
ദുഷ്ടന്മാരുടെ വായെ മൂടിക്കളയുന്നു.
നീതിമാൻെറ ഓർമ്മ അനുഗ്രഹത്തി 7
ന്നായിരിക്കും. എന്നാൽ, ദുഷ്ടൻെറ നാമ
മോ കെട്ടുപോകും.
ഹൃദയത്തിൽ ജ്ഞാനമുള്ളവൻ കല്പ 8
നകൾ സ്വീകരിക്കുന്നു. എന്നാൽ, വായാടി
യായ ഭോഷനോ പിടിക്കപ്പെടും. നേരോടെ 9
നടക്കുന്നവൻ പ്രത്യാശയോടെ നടക്കുന്നു;
നടപ്പിൽ വക്രതയുള്ളവൻ, വെളിപ്പെടും.
കണ്ണുകൊണ്ട് ആംഗ്യം കാണിക്കുന്നവൻ 10
ദുഃഖം വരുത്തും, പരസ്യമായി ശാസിക്കുന്ന
വൻ സമാധാനദായകൻ.
നീതിമാനായ മനുഷ്യൻെറ വായ്, ജീവൻ 11
നിറഞ്ഞ കിണറത്രെ. എന്നാൽ, അധർമ്മം,
ദുഷ്ടൻെറ വായെ പൊത്തിക്കളയുന്നു.
വെറുപ്പ്, വഴക്കുകൾ കുത്തിപ്പൊക്കു 12
ന്നു; സ്നേഹമോ, സർവപാപങ്ങളേയും മൂടി
ക്കളയുന്നു.
വിവേകമുള്ള മനുഷ്യൻെറ അധരങ്ങ 13
ളിൽ വിജ്ഞാനം കണ്ടെത്തപ്പെടും. അവൻ
വിവേകശൂന്യനെ വിവേകത്താൽ അടിക്കു
ന്നു. ജ്ഞാനികൾ അറിവു ശേഖരിച്ചു സൂക്ഷി 14
ക്കുന്നു. ഭോഷൻെറ വായോ, നാശത്തിൻെറ
അടുത്തിരിക്കുന്നു. ധനികൻെറ ധനം 15

* ഈ ഭാഗം സുറിയാനിയിൽ മാത്രം.

ന്റെ ഉറപ്പുള്ള പട്ടണം; ദരിദ്രരുടെ
ാമോ, അവരുടെ ദാരിദ്ര്യം! നീതിമാന്റെ
ത്തം ജീവദായകം, ദുഷ്ടന്റെ ഫലം
വുമാകുന്നു. പ്രബോധനം പ്രമാണി
ന്നവൻ ജീവന്റെ വഴിയിലാകുന്നു.
ാൽ, ശാസന നിരസിക്കുന്നവൻ തെറ്റു
ല്ലുന്നു. വ്യാജം നിറഞ്ഞ അധരങ്ങൾ
ണ്ട് പകയെ മൂടിവയ്ക്കുന്നവനും, ശാപ
ു പറയുന്നവനും, ഭോഷനാകുന്നു.
വാക്കുകളുടെ ആധിക്യത്താൽ അധർ
ക്ഷിതനാകുകയില്ല. നാവിനെ നിയ
ുന്നവനോ ബുദ്ധിമാൻ.
നീതിമാന്റെ നാവ് മേൽത്തരമായ
ളിയാകുന്നു. ദുഷ്ടന്റെ ഹൃദയം
മത്രെ. നീതിമാന്റെ അധരങ്ങൾ
ന്നയുള്ളതാകുന്നു. ഭോഷന്മാരോ,
താനമില്ലാത്തതിനാൽ മരിക്കും.
ദൈവത്തിന്റെ അനുഗ്രഹം സമ്പത്തു
ിത്തരുന്നു. അവൻ അതിനോടു
കൂട്ടിച്ചേർക്കുകയില്ല. ദോഷം ചെയ്യു
ഭോഷനു വെറും കളിയാണ്. എന്നാൽ,
കമുള്ളവനോ വിജ്ഞാനമുണ്ട്. ദുഷ്ട
ഭയം അവന്റെമേൽ തന്നെ വരും.
ാന്റെ ആഗ്രഹമോ അതവന് അനു
കിട്ടും. ചുഴലിക്കാററ് പെട്ടെന്ന് അടി
തുപോലെ ദുഷ്ടൻ ഇല്ലാതാകും;
ാന് ശാശ്വതമായ അസ്തിവാരമുണ്ട്.
ക്കാ പല്ലിനും, പുക കണ്ണിനും എന്ന
ലെ തന്നെയാണ് മടിയൻ തന്നെ
ക്കുന്നവർക്ക്.
ദവഭക്തി ദീർഘായുസ്സു നൽകും.
ഷ്ടന്റെ സംവത്സരങ്ങളോ—കുറ
ാകും.
തിമാന്റെ പ്രത്യാശ സന്തോഷമായി
എന്നാൽ ദുഷ്ടന്റെ പ്രതീക്ഷയ്ക്കു
ും. ഹൃദയനേരുള്ളവർക്കു ദൈവത്തി
ികൾ ശക്തി നൽകുന്നു. അന്യായം
വർക്കോ നാശമാണുണ്ടാകുന്നത്.
ിമാൻ ഒരിക്കലും കുലുങ്ങിപ്പോക
ുഷ്ടനോ ഭൂമിയെ അവകാശമാ
ില്ലതന്നെ. നീതിമാന്റെ വായ്
നം മുളപ്പിക്കുന്നു; എന്നാൽ ധിക്കാ
നാവ് ഛേദിക്കപ്പെടും. പ്രസാദ
ത് എന്ത് എന്നു നീതിമാന്റെ
ൾക്കറിയാം. ദുഷ്ടന്റെ വായോ
സംസാരിക്കുന്നു.

അദ്ധ്യായം 11

തുലാസ് ദൈവത്തിന് വെറുപ്പുള്ള
ായ തൂക്കമോ, അവനു പ്രസാദം-
മോഹാതുരത വരുമ്പോൾ, നാണക്കേടും 2
വരുന്നു. എന്നാൽ വിനീതനോ, വിജ്ഞാന
മുണ്ട്. നേരുള്ളവരുടെ നിഷ്കളങ്കത 3
അവരെ അഭിവൃദ്ധിപ്പെടുത്തും; എന്നാൽ
ദ്രോഹികളുടെ വികടമായ പ്രവർത്തനം
അവർക്ക് നാശം വരുത്തും. ക്രോധദിവസ 4
ത്തിൽ ധനം കൊണ്ട് ഒരു പ്രയോജനവുമില്ല;
നീതിയോ, മരണത്തിൽനിന്നും വീണ്ടെടു
ക്കും. നേരുള്ളവന്റെ നീതി അവനെ വഴി 5
കാണിക്കും, ദുഷ്ടനോ, അവന്റെ ദുഷ്ടത
യാൽ വീണുപോകും. നീതിമാന്റെ നീതി 6
അവനെ വിടുവിക്കും; അതിക്രമികളോ
അവരുടെ ദുഷ്പ്രവൃത്തികളാൽ പിടിക്ക
പ്പെടും. ദുഷ്ടന്റെ മരണത്തോടുകൂടി 7
അവന്റെ പ്രതീക്ഷ നശിച്ചു. അനീതിയുള്ള
വന്റെ ആശകളെല്ലാം നശിച്ചുപോകും.
നീതിമാൻ പ്രയാസങ്ങളിൽനിന്നും രക്ഷി 8
തനാകും; ദുഷ്ടൻ അവനു പകരം അക
പ്പെടുന്നു. അക്രമം പറയുന്നവൻ അവന്റെ 9
വായ്കൊണ്ട് അയൽക്കാരനെ നശിപ്പിക്കും.
നീതിമാനോ, അവന്റെ പരിജ്ഞാനംമൂലം
ശക്തനാകും. നീതിമാന്റെ നന്മയാൽ 10
നഗരം ആഹ്ലാദിക്കുന്നു. ദുഷ്ടൻ നശി
ക്കുമ്പോഴോ ആർപ്പുവിളിയുയരുന്നു. നേരു
ള്ളവന്റെ അനുഗ്രഹം നിമിത്തം നഗരം,
അഭിവൃദ്ധി നേടുന്നു. പക്ഷേ, ദുഷ്ടന്റെ 11
വായ നിമിത്തം അതു മറിച്ചിടപ്പെടുന്നു.
വിജ്ഞാനമില്ലാത്തവൻ, അയൽക്കാരനെ 12
നിന്ദിക്കുന്നു; വിവേകി നിശ്ശബ്ദനായി
രിക്കും. ഏഷണിക്കാരൻ, രഹസ്യങ്ങൾ 13
പരസ്യമാക്കുന്നു; വിശ്വസ്തനോ കാര്യം 14
മറച്ചുവെക്കുന്നു.
ശരിയായ നേതാവ് ഇല്ലാത്തിടത്ത്— 15
ജനം വീണുപോകും. നല്ല ആലോചനക്കാ
രുടെ ആധിക്യത്തിൽ രക്ഷയുണ്ട്. ദുഷ്ടൻ
എല്ലായിടത്തും നീതിമാനെ ഉപദ്രവിക്കും.
പ്രത്യാശയുള്ളവരെ അവനു വെറുപ്പാണ്.
കരുണയുള്ള സ്ത്രീ ഭർത്താവിന്റെ മാനം 16
കാക്കും. സത്യവിദ്വേഷിയായ സ്ത്രീ അവമാന
ത്തിന്റെ ഇരിപ്പിടമത്രെ. ദയാലുവായ മനു 17
ഷ്യൻ, സ്വപ്രാണനു തന്നെ നന്മ ചെയ്യുന്നു;
ക്രൂരനാകട്ടെ സ്വന്തം ജഡത്തെ ഉപദ്രവിക്കു
ന്നു. ദുഷ്ടൻ ചെയ്യുന്നതു വഞ്ചനാപരമായ 18
ജോലിയാണ്. നീതി വിതയ്ക്കുന്നവനോ
സുനിശ്ചിതമായ പ്രതിഫലമുണ്ട്. നീതി, 19
ജീവനിലേക്കു ആനയിക്കുമ്പോൾ, തിന്മ
ചെയ്യുന്നവൻ സ്വന്ത മരണത്തിലേക്കു പാ
യുകയാണ്. ധിക്കാരഹൃദയമുള്ളവൻ ദൈവ 20
ത്തിനു വെറുപ്പ്; അവരുടെ വഴികളിൽ നേരു
ള്ളവരോ, തന്റെ ആനന്ദമത്രെ. ദുഷ്ടനു 21

ശിക്ഷവരാതിരിക്കയില്ല. അവൻ സഹോദര
നെ ദ്വേഷിച്ചു. നീതിമാൻെറ സന്തതിയോ,
രക്ഷിതരാകും.
22 പന്നിയുടെ മൂക്കിലെ പൊന്നുമൂക്കുത്തി
പോലെതന്നെയാണ്, വിവേകമില്ലാത്ത
23 സുന്ദരിയും. നീതിമാൻെറ ആഗ്രഹം നന്മ
മാത്രമാണ്; ദുഷ്ടൻെറ പ്രതീക്ഷയോ ക്രോ
24 ധമത്രെ. ഒരുവൻ വാരി വിതറിയിട്ടും വർദ്ധി
ച്ചുതന്നെ വരുന്നു; മററൊരുവൻ സ്വന്ത
മല്ലാത്തതു പിടിച്ചുവെച്ചിട്ടും ദാരിദ്ര്യമേ
25 യുള്ളു. ഔദാര്യമായി നൽകുന്നവൻ പുഷ്ടി
26 പ്രാപിക്കും. ശപ്പൻ കൂടുതൽ ശപ്പനാകും.
27 ധാന്യം പൂട്ടിയിട്ടുകൊണ്ടിരിക്കുന്നവൻ
ശത്രുക്കൾക്കായിട്ടാണ് അതു സൂക്ഷിക്കു
ന്നത്. അതു വിൽക്കുന്നവൻെറ ശിരസ്സി
ന്മേലോ അനുഗ്രഹമുണ്ടാകും.
ഉൽസാഹപൂർവം നന്മയെ അന്വേഷി
ക്കുന്നവന് ആനുകൂല്യം കിട്ടും. തിന്മയെ
28 തെരയുന്നവനോ, അതുതന്നെ കിട്ടും. ത
ൻെറ സമ്പത്തിൽ ആശ്രയിക്കുന്നവൻ വീ
ണുപോകും. നീതിമാനോ, പച്ചയായ
29 കൊമ്പുപോലെ തഴച്ചുനിൽക്കും. തൻെറ
സ്വന്ത ഭവനത്തെ വഴക്കിൽ പണിയുന്നവ
ൻെറ മക്കൾക്കു നെടുവീർപ്പാണു ഫലം.
സ്വഭവനക്കാരെ ഉപദ്രവിക്കുന്നവനു കിട്ടു
ന്നത് വായുവത്രെ! ഭോഷൻ ജ്ഞാനഹൃദയ
30 മുള്ളവൻെറ ദാസനായിത്തീരും. നീതിമാനു
കിട്ടുന്ന ഫലം ഒരു ജീവവൃക്ഷത്തിൻെറ
തായിരിക്കും. അധർമ്മികളുടെ ജീവൻ
ചിതറിപ്പോകും.
31 നീതിമാൻ പ്രയാസത്തോടെ ജീവിക്കും.
അങ്ങനെയെങ്കിൽ, ദുഷ്ടനും പാപിക്കും
എവിടെയാണു സ്ഥാനം?

അദ്ധ്യായം 12

1 പ്രബോധനം ഇഷ്ടപ്പെടുന്നവൻ, അതി
നെ സ്നേഹിക്കുന്നു. എന്നാൽ ശാസന
2 വെറുക്കുന്നവനോ ഭോഷൻതന്നെ. ദൈവ
ഭക്തൻ ദൈവത്തിൻെറ പ്രസാദം പ്രാപിക്കും.
ദുരുപായമുള്ളവനെ താൻ ശിക്ഷാർഹ
3 നാക്കും. ഒരു മനുഷ്യനും ദുഷ്ടതകൊണ്ട്
സ്ഥിരപ്പെടുകയില്ല. നീതിമാൻെറ വേരോ
ഇളകിപ്പോകയില്ല.
4 സുകൃതമുള്ള സ്ത്രീ അവളുടെ ഭർത്താ
വിന് ഒരു കിരീടമാകുന്നു. എന്നാൽ ലജ്ജ
വരുത്തുന്നവളോ, തടിയിൽ ചിതൽപോലെ
അവൻെറ അസ്ഥികളെ ഉണക്കിക്കളയുന്ന
5 വളത്രെ. നീതിമാൻെറ ചിന്തകൾ ശരിയായി
രിക്കും; ദുഷ്ടൻെറ ആലോചനകളോ വഞ്ച
6 ന നിറഞ്ഞതായിരിക്കും. ദുഷ്ടൻെറ വാക്കു
കൾ രക്തത്തിന്നായി പതിയിരിക്കുന്നവയാ
കുന്നു; നേരുള്ളവരുടെ വാക്കുകൾ അവരെ 7
രക്ഷിച്ചെടുക്കും. ദുഷ്ടന്മാർ മറിച്ചിടപ്പെടും,
ഇല്ലാതാകും; നീതിമാൻെറ ഭവനമോ നില
നിൽക്കും. ഒരു മനുഷ്യൻ ബഹുമാനിക്കപ്പെ 8
ടുന്നത് അവൻെറ ജ്ഞാനത്തിനനുസര
ണമാണ്. അജ്ഞാതനോ നിന്ദിക്കപ്പെടും. 9
തന്നെത്താൻ മാന്യത കാണിച്ചു നടന്നിട്ടും
—ഭക്ഷണത്തിനു മുട്ടുള്ളവനേക്കാൾ —
തനിക്കു വേണ്ടതുള്ള ഒരു ദരിദ്രനാണ്
ശ്രേഷ്ഠൻ. നീതിമാൻ അവൻെറ മൃഗത്തി 10
ൻെറപോലും ജീവനെ കരുതുന്നു; എന്നാൽ
ദുഷ്ടൻെറ ദയപോലും ക്രൂരതയാകുന്നു. 11
നിലം ഉഴുത് കൃഷിചെയ്യുന്നവൻ അപ്പം
കൊണ്ടു തൃപ്തനാകും. വ്യർത്ഥതയുടെ
പിന്നാലെ പോകുന്നവനോ, വിവേകമില്ലാ
ത്തവൻ. ദുഷ്ടൻ, കൊള്ളരുതായ്മയ്ക്ക് 12
ആഗ്രഹിക്കുന്നു. നീതിമാൻെറ വേരുകളോ 13
മുളച്ചുവരും. ദുഷ്ടൻ അവൻെറ അധ
രങ്ങളുടെ തെററുമൂലം കുടുക്കിൽ പെടും;
എന്നാൽ നീതിമാൻ ഉപദ്രവമേൽക്കാതെ
പുറത്തുവരും. നല്ല മനുഷ്യൻ അവൻെറ 14
വായുടെ ഫലത്താൽ നന്മ അനുഭവിക്കും,
തൃപ്തനാകും. തൻെറ കൈകളുടെ പ്രവൃ
ത്തിക്ക് തക്കവണ്ണം അവനു ലഭിക്കും.
ഭോഷന് അവൻെറ വഴികൾ ശരിയാണ് 15
എന്ന് അവനു തന്നെ തോന്നുന്നു. എന്നാൽ,
ആലോചന കേട്ടനുസരിക്കുന്നവനാണ്
ബുദ്ധിമാൻ. ഭോഷൻെറ കോപം ഉടനെ 16
വെളിപ്പെടുന്നു. വിവേകമുള്ളവനോ, ലജ്ജ
അടക്കിവയ്ക്കുന്നു. നീതിമാൻ വിശ്വസനീ
യമായവ സംസാരിക്കുന്നു. കള്ളസാക്ഷി
യോ വഞ്ചന സംസാരിക്കുന്നു. വാളുകൊ 17
ണ്ടു കുത്തുന്നതുപോലെയാണ് ചിലരുടെ 18
സംസാരം; ജ്ഞാനിയുടെ നാവോ സുഖ
ദായകം. സത്യം പറയുന്ന അധരം എന്നേ 19
ക്കും നിലനിൽക്കും. വ്യാജം പറയുന്ന
നാവോ താൽക്കാലികം! തിന്മയുള്ളവർ 20
വഞ്ചന മെനയുന്നു. സമാധാനാലോചന
ക്കാർക്കോ ആനന്ദമുണ്ട്.
നീതിമാന് വഴക്ക് ഇഷ്ടമല്ല. ദുഷ്ടന്മാ 21
രോ അനർത്ഥം കൊണ്ടു നിറഞ്ഞിരിക്കുന്നു.
വ്യാജമുള്ള അധരങ്ങൾ ദൈവം വെറു 22
ക്കുന്നു. വിശ്വാസ്യമായി പെരുമാറുന്നവ
രിൽ താൻ സന്തോഷിക്കുന്നു. വിവേകി 23
യായവൻ ജ്ഞാനസിംഹാസനമാകുന്നു;
ഭോഷന്മാരുടെ ഹൃദയമോ ഭോഷത്വം വിളി
ച്ചുപറയുന്നു. ഉത്സാഹികളുടെ കൈ ഭരണം
നടത്തും. വഞ്ചകനോ ദാസ്യവേലയ്ക്കു 24
പോകേണ്ടിവരും.

ഭയങ്കരവാക്ക് മനുഷ്യമനസ്സിനെ ഭീതി
പ്പെടുത്തുന്നു. ഒരു നല്ല വാക്ക് ആകട്ടെ
ഹൃദയത്തെ സന്തോഷിപ്പിക്കുന്നു. നീതി
അയൽക്കാരനു നല്ല ആലോചന
കൊടുക്കുന്നു: ദുഷ്ടന്മാരുടെ മാർഗമോ,
അവരെ വഴി തെററിക്കുന്നു.
മടിയൻ ഒന്നും ഭക്ഷണത്തിന്നായി തേടി
പിടിക്കുന്നില്ല; ഉത്തമനായ മനുഷ്യനു വില
യേറിയ സമ്പത്തുണ്ടാകുന്നു.
നീതിയുടെ മാർഗത്തിൽ ജീവനുണ്ട്;
കുഴക്കാളികളുടെ പാത മരണത്തി
ലേക്ക്.

അദ്ധ്യായം 13

ജ്ഞാനമുള്ള മകൻ പിതാവിൻെറ പ്ര
ബോധനം അനുസരിക്കും. ശാസന സഹി
ക്കാത്ത മകൻ നശിക്കും. നല്ല മനുഷ്യൻ
തൻെറ വായയുടെ ഫലത്താൽ നന്മ
അനുഭവിക്കും. ദ്രോഹികളുടെ ആത്മാവ്,
അക്രമം അനുഭവിക്കും.
തൻെറ വായയെ സൂക്ഷിക്കുന്നവൻ
തൻെറ ജീവനെ സൂക്ഷിക്കുന്നു. അധര
ങ്ങൾ വിശാലമായി തുറക്കുന്നവനു നാശ
മുണ്ടാകും. അലസൻ മോഹത്തിൽ പതിച്ചി
രിക്കുന്നു. ഉത്സാഹിയുടെ പ്രാണനു പുഷ്ടി
യുണ്ടാകും. നീതിമാൻ വ്യാജഭാഷണത്തെ
വെറുക്കുന്നു. ദുഷ്ടനോ ലജ്ജിതനും അപ
മാനിതനുമാകുന്നു. നീതി, നേരുള്ളവനെ
കാത്തുകൊള്ളും. തിന്മയോ, പാപിയെ
തകിടംമറിയും. ഒന്നുമില്ലാതിരുന്നിട്ടും
താനൊരു ധനികനെന്ന് നടിക്കുന്നവരുണ്ട്.
വലിയ ധനമുണ്ടായിരുന്നിട്ടും താനൊരു
ദരിദ്രൻ എന്നു കരുതുന്നവനുമുണ്ട്. മനു
ഷ്യന്റെ ജീവനു മറുവില അവൻെറ സമ്പ
ത്താകുന്നു. ദരിദ്രനോ ഭീഷണി കേൾക്കേ
ണ്ടിവരുന്നില്ല.
നീതിമാൻെറ പ്രകാശം ആനന്ദദായകം,
ദുഷ്ടൻെറ വിളക്കോ കെട്ടുപോകും. നിഗളം
കൊണ്ടു മാത്രമാണ് വിവാദം ഉണ്ടാകുന്നത്.
ഉപദേശം കേൾക്കുന്നവർക്കോ വിജ്ഞാ
നമുണ്ടാകും. അന്യായമായി സമ്പാദിച്ച
ധനം കുറഞ്ഞുകുറഞ്ഞു പോകും. നീതി
യായി സമ്പാദിക്കുന്നവന് വർദ്ധിച്ചുവരും.
ആശ കൊടുക്കുന്നവനേക്കാൾ,
ആശ നിറവേററിക്കൊടുക്കുന്നവൻ ഉത്തമൻ. ആഗ്രഹനി
വൃത്തിയോ അതൊരു ജീവവൃക്ഷംതന്നെ.
വചനത്തെ നിന്ദിക്കുന്നവൻ, നാശത്തിൽ
പതിക്കും. കല്പന കരുതുന്നവൻ പ്രതിഫലം
പ്രാപിക്കാതിരിക്കയില്ല. വിജ്ഞാനിയുടെ നിയമം
ജീവന്റെ ഉറവിടമത്രെ. അതുമൂലം മരണ
ത്തിൻെറ കെണികളിൽനിന്നും മാറിപ്പോ
കാം. ഉത്തമമായ വിവേകം ആനുകൂല്യം 15
സമ്പാദിക്കും; അതിക്രമക്കാരൻെറ വഴിയോ 16
വിനാശത്തിലേക്ക്! ബുദ്ധിമാനായവൻ,
ജ്ഞാനപൂർവം പ്രവർത്തിക്കുന്നു: ഭോഷ 17
നോ തൻെറ ഭോഷത്വം പരസ്യമാക്കുന്നു.
ദുഷ്ടനായ സന്ദേശവാഹകൻ, ആപത്തിൽ
വീഴും. വിശ്വസ്തനായ സ്ഥാനപതിയാകട്ടെ 18
സൗഖ്യം വരുത്തുന്നു. പ്രബോധനം നിരസി
ക്കുന്നവന് ദാരിദ്ര്യവും മാനഹാനിയുമു
ണ്ടാകും. ശാസനകളെ മാനിക്കുന്നവനോ 19
ബഹുമാനിതനാകും. ആഗ്രഹസിദ്ധി മനസ്സി
നു മധുരമാകുന്നു. അധർമ്മിയുടെ അശുദ്ധി
വിജ്ഞാനത്തിൽ നിന്നു വീദൂരമത്രെ. 20
ജ്ഞാനികളുമൊരുമിച്ചു നടക്കുന്നവനും
ജ്ഞാനിയാകും. ഭോഷന്മാരുടെ സുഹൃത്ത് 21
നശിച്ചുപോകും. തിന്മ പാപികളെ പിന്തു
ടരും. നീതിമാന്മാരോ നന്മ പ്രാപിക്കും.
ഒരു നല്ല മനുഷ്യൻ, അവൻെറ മക്കളു 22
ടെ മക്കൾക്കും അവകാശം വച്ചുകൊടു
ക്കും. പാപിയുടെ ധനമോ, നീതിമാനുവേ
ണ്ടി സൂക്ഷിക്കപ്പെടുന്നു. പാവപ്പെട്ടവരുടെ 23
കൃഷി വളരെയേറെ ആഹാരം നൽകുന്നു.
എന്നാൽ, പൂർണ്ണമായി നശിച്ചുപോകുന്ന
വരുമുണ്ട്.
മകനു നേരെ വടി ഉപയോഗിക്കാത്ത 24
വൻ, മകനെ വെറുക്കുന്നവനാകുന്നു. മക
നെ സ്നേഹിക്കുന്നവനോ വേണ്ടകാലത്തു
അവനെ ശിക്ഷിച്ചു വളർത്തുന്നു. നീതിമാൻ,
അവനു തൃപ്തിയാകുവോളം ഭക്ഷിക്കുന്നു. 25
ദുഷ്ടന്മാരുടെ ഉദരമോ, വിശന്നു കഴിയും!

അദ്ധ്യായം 14

ജ്ഞാനമുള്ള ഏതു സ്ത്രീയും അവളു 1
ടെ വീടു പണിതുയർത്തുന്നു. ഭോഷിയോ,
സ്വന്തം കൈകൊണ്ടുതന്നെ അതു പൊളി
ച്ചു വീഴ്ത്തുന്നു. ദൈവഭക്തൻ നേരോടെ നട 2
ക്കുന്നു. നടപ്പിൽ വക്രതയുള്ളവൻ ദൈവ
ത്തെ ദുഷിക്കുന്നു. ഭോഷൻെറ വായിൽ 3
അഹങ്കാരവും തിന്മയുമിരിക്കുന്നു. ജ്ഞാനി
യുടെ അധരങ്ങൾ അവനെ കാത്തുപാലി
ക്കും. കാളകൾ ഇല്ലാത്തിടത്തു തൊഴുത്ത് 4
ശുദ്ധം. എന്നാൽ കാളയുടെ ബലംകൊ
ണ്ടോ വളരെ ആദായമുണ്ട്. വിശ്വസ്തനായ
സാക്ഷി വ്യാജം പറകയില്ല. കള്ളസാക്ഷി 5
യോ അസത്യങ്ങൾ മാത്രം ഉച്ചരിക്കുന്നു.
ദുഷ്ടൻ ജ്ഞാനം അന്വേഷിച്ചാലും കണ്ടെ 6
ത്തുകയില്ല. എന്നാൽ ഗ്രഹിക്കുന്നവനോ,
അറിവ് എളുപ്പം ലഭിക്കുന്നു. മൂഢന് എല്ലാം 7
എതിരാണ്. ജ്ഞാനിയുടെ അധരങ്ങൾ

അറിവിൻെറ ആയുധമാണ്. തൻെറ മാർഗ്ഗം
8 തിരിച്ചറിയുന്നതാണ് വിവേകിയുടെ
ജ്ഞാനം. ഭോഷന്മാരുടെ മാർഗ്ഗമോ വഞ്ചന
9 ചെയ്യുകതന്നെ. അധർമ്മികളുടെ ഭവന
ങ്ങൾക്കു ശുദ്ധീകരണം ആവശ്യം. ധാർമ്മി
കരുടേതോ, സ്വീകാര്യം. ഭോഷന്മാർ പാപം
ചെയ്യുന്നു. നീതിമാന്മാരുടെ ഇടയിലോ
ദൈവാനുഗ്രഹമുണ്ട്.
10 ഹൃദയം സ്വന്ത ദുഃഖത്തെ അറിയുന്നു:
അതിൻെറ സന്തോഷത്തിൽ മററൊരുവൻ
ഇടപെടുകയില്ല.
11 ദുഷ്ടന്മാരുടെ വീടു മുടിഞ്ഞുപോകും.
നീതിയുള്ളവൻെറ കൂടാരമോ സന്തുഷ്ട
12 മാകും. ചിലപ്പോൾ ഒരു വഴി മനുഷ്യന്
ചൊവ്വുള്ളതായി തോന്നിയേക്കാം. എന്നാൽ
അതിൻെറ അന്ത്യമോ മരണത്തിലേക്കുള്ള
വഴി ആകുന്നു.
13 ചിരിക്കുമ്പോൾതന്നെയും ഹൃദയം
ദുഃഖം നിറഞ്ഞതായിരിക്കാം. ആ സന്തോഷ
ത്തിൻെറ അന്ത്യമോ ദുഃഖംതന്നെ.
14 പിൻമാററക്കാരൻ തൻെറ സ്വന്ത വഴി
കൾ തന്നെ ചിന്തിച്ചിരിക്കും. നല്ലവനോ,
അവനാൽ തന്നെ അവനു തൃപ്തിവരും.
15 നിഷ്കളങ്കൻ എല്ലാ വാക്കും വിശ്വസിക്കു
ന്നു. ബുദ്ധിമാൻ നന്മതിന്മ തിരിച്ചറിയുന്നു.
16 ജ്ഞാനി തിന്മയെ ഭയപ്പെട്ട് അതിൽനിന്നു
മാറി നിൽക്കുന്നു; ഭോഷൻ ധൈര്യത്തോടെ
17 നടക്കുന്നു. ഭോഷന്മാർ നിന്ദ പ്രാപിക്കുന്നു.
ബുദ്ധിമാന്മാർ വിജ്ഞാനം വിതരണം
18 ചെയ്യുന്നു. അല്പബുദ്ധികൾക്കു ഭോഷത്വ
മാണ് അവകാശം. ബുദ്ധിമാന്മാരോ
19 ജ്ഞാനം കിരീടമായി അണിയുന്നു. ദുഷ്ട
ന്മാർ സജ്ജനമുമ്പിലും തിന്മയുള്ളവർ,
നീതിയുള്ളവരുടെ വാതിൽക്കലും വണങ്ങി
20 നിൽക്കും. ദരിദ്രൻ കൂട്ടുകാർക്കുപോലും
നിഷിദ്ധൻ. ധനവാനോ വളരെയേറെ സ്നേ
21 ഹിതന്മാരുണ്ട്. തൻെറ അയൽക്കാരനെ
അവഗണിക്കുന്നവൻ ചെയ്യുന്നതു പാപ
22 മാണ്. എന്നാൽ, ദരിദ്രരോടു കരുണയു
ള്ളവൻ ഭാഗ്യവാൻ. തിന്മ നിരൂപിക്കുന്നവർ
തെററിയുഴലുന്നില്ലയോ? നന്മചെയ്യുന്നവന്
23 ദയയും സത്യവും ലഭിക്കും. ദുഷ്ടന്മാർക്കു
കരുണയും വിശ്വാസവും അറിഞ്ഞുകൂടാ.
അവ, നന്മചെയ്യുന്നവർക്കുള്ളതാകുന്നു. നീ
പരിശ്രമിക്കുന്നതിൽ ഒന്നുമാത്രം പ്രയോ
ജനപ്പെടുന്നു. തൻെറ ഭവനത്തിൽ നിസ്സാ
രൻ, ശാന്തനും സന്തുഷ്ടനുമായിരിക്കും.
എല്ലാ വേദനയും കർത്താവ് ശമിപ്പിക്കും.
അധർമ്മികളുടെ സംസാരം അവർക്കു
24 കുറവു വരുത്തും. ജ്ഞാനികളുടെ ധനം,
അവർക്കു കിരീടം. ഭോഷന്മാരുടെ ഭോഷ
ത്വമോ വെറും അബദ്ധം തന്നെ.
സത്യം പറയുന്ന സാക്ഷി പ്രാണങ്ങളെ
രക്ഷിക്കുന്നു. വഞ്ചന നിറഞ്ഞ സാക്ഷി 25
വ്യാജം തന്നെ പറയുന്നു. ദൈവഭക്തിയിൽ 26
ഉറച്ച ധൈര്യമുണ്ട്. അവൻെറ മക്കൾക്ക്
ഒരാശ്രയസങ്കേതമുണ്ടായിരിക്കും. ദൈവ
ഭക്തി ജീവൻെറ ഉറവിടമാകുന്നു. അതുള്ള 27
വൻ മരണക്കെണികളിൽനിന്നു രക്ഷപ്പെടും.
പ്രജാബഹുലതയാണ് —രാജാവിൻെറ 28
മഹിമ. പ്രജകളുടെ കുറവിൽ —രാജാ
വിനു നാശം. പെട്ടെന്നു കോപിക്കാത്തവൻ, 29
മഹാ ബുദ്ധിമാൻ; എന്നാൽ ക്ഷിപ്രകോപി
യോ, ഭോഷത്വം ഉയർത്തിക്കാണിക്കുന്നു.
ശാന്തമായ മനസ്സാണ്, ഹൃദയത്തിൻെറ 30
വൈദ്യൻ — അസൂയയാകട്ടെ അസ്ഥികൾ
ഉണക്കിക്കളയുന്നു.
ദരിദ്രനെ പീഡിപ്പിക്കുന്നവൻ, അവ 31
ൻെറ സ്രഷ്ടാവിനെയാണ് നിന്ദിക്കുന്നത്.
എന്നാൽ സ്രഷ്ടാവിനെ ബഹുമാനിക്കു
ന്നവന് പാവങ്ങളോടു മനസ്സലിവുണ്ട്.
ദുഷ്ടൻ അവൻെറ ദുഷ്ടതയാൽ ആട്ടി 32
പ്പായിക്കപ്പെടുന്നു. പാപമില്ലാതെ പ്രത്യാശ
യുള്ളവൻ നീതിമാൻ. വിവേകിയുടെ അന്ത 33
രംഗത്തിൽ വിജ്ഞാനം വിശ്രമിക്കുന്നു.
മൂഢൻെറ ഉള്ളിലോ അതേപ്പററി അറിവില്ല. 34
നീതി ഒരു രാഷ്ട്രത്തെ ഉയർത്തുന്നു;
പാപമോ ഏതു ജനത്തിനും കുറവു വരു
ത്തും. ബുദ്ധിമാനായ ദാസനു രാജപ്രീതി 35
ലഭിക്കുന്നു. ജ്ഞാനിയെന്നുള്ള ഭാവം
അധർമ്മിയെ വീഴ്ത്തുന്നു. പാപമില്ല എന്ന
ബോധമുള്ളവൻ, ധാർമ്മികൻ. കോപം
ജ്ഞാനിയെപ്പോലും നശിപ്പിക്കും.

അദ്ധ്യായം 15

മൃദുവായ മറുപടി കോപം ശമിപ്പിക്കു 1
ന്നു. എന്നാൽ കഠിനവാക്ക് കോപത്തെ
വർദ്ധിപ്പിക്കുന്നു. ജ്ഞാനിയുടെ നാവ്, 2
ജ്ഞാനത്തെ വേണ്ടപോലെ ഉപയോഗി
ക്കുന്നു. ഭോഷൻെറ വായോ ഭോഷത്വങ്ങൾ
മാത്രം ഒഴുക്കുന്നു. ദൈവത്തിൻെറ കണ്ണു 3
കൾ എല്ലാ സ്ഥലത്തുമുണ്ട്. അവൻ തിന്മ
യുള്ളവരേയും നല്ലവരേയും നോക്കിക്കൊ
ണ്ടാണിരിക്കുന്നത്.
ശാന്തമായ നാവ്, ജീവൻെറ ഒരു വൃക്ഷ 4
മാകുന്നു. അതിൻെറ ഫലം ഭക്ഷിച്ചു തൃപ്ത
നാകും. ഭോഷൻ തൻെറ പിതാവിൻെറ 5
നിർദ്ദേശം നിരസിക്കുന്നു. എന്നാൽ ശാസന
ത്തെ മാനിക്കുന്നവൻ ബുദ്ധിമാൻ. നീതി 6
മാൻെറ ഭവനത്തിൽ വളരെയേറെ നിക്ഷേപ

ണ്ട്. എന്നാൽ, ദുഷ്ടൻെറ ആദായം
ൾച്ചുപോകും. ജ്ഞാനികളുടെ അധര
ൾ അറിവു വിതറുന്നു; ഭോഷൻെറ
ദസ്സോ നീതിയുള്ളതല്ല. ദുഷ്ടൻെറ ബലി
വത്തിനു വെറുപ്പാണ്. നേരുള്ളവൻെറ
ർത്ഥന തനിക്കു പ്രസാദമത്രെ.
ദുഷ്ടൻെറ വഴി ദൈവത്തിനു വെറു
ണ്. നീതിയെ പിൻചെല്ലുന്നവനെയോ
ൻ സ്നേഹിക്കുന്നു. വഴിപിഴച്ചു പോകു
ൻെറ തെറ്റു തിരുത്തിക്കൊടുക്കുന്നതു
നു വിരോധമത്രെ. ശാസന അവഗണി
ന്നവൻ മരിക്കും. നരകവും നാശവും
വത്തിൻെറ മുമ്പാകെ ഇരിക്കുന്നു;
ഷ്യപുത്രന്മാരുടെ ഹൃദയം എത്ര
ികം. തന്നെ ശാസിക്കുന്നവനെ, ദു
ൻ ഇഷ്ടപ്പെടുന്നില്ല. അവൻ ജ്ഞാനി
ടെ അടുക്കൽ പോകുകയുമില്ല.
സന്തോഷമുള്ള ഹൃദയം ശരീരത്തിന്
ാദമുണ്ടാക്കുന്നു. എന്നാൽ ഹൃദയ
നയോ ആത്മാവിനെ തകർത്തു
ും. വിവേകമുള്ളവൻെറ ഹൃദയം
നം അന്വേഷിക്കും. മൂഢരുടെ വായ്ക
ട്ട, തിന്മ സംസാരിക്കും. അരിഷ്ടൻെറ
കാലമെല്ലാം കഷ്ടകാലം, സന്തു
ാനസനോ തുടരെയുള്ള ആനന്ദോ
! അധർമ്മികളുടെ വളരെയേറെ
ഷപത്തേക്കാൾ, ദൈവഭക്തിയോടു
യുള്ള അല്പധനമാണ് നല്ലത്. തടിപ്പി
ളയെ കൊണ്ടുള്ള വിരുന്നും അതോ
ട വെറുപ്പും ഉള്ളതിനേക്കാൾ നല്ലത്
ഹമുള്ളിടത്തെ സാധാരണമായ
ഭക്ഷണമത്രെ. കോപിഷ്ഠൻ, കലഹം
ാപ്പൊക്കുന്നു; എന്നാൽ കോപിക്കാൻ
ാമുള്ളവൻ കലഹത്തിനു മുമ്പേ,
ാമിപ്പിക്കുന്നു. അലസൻെറ വഴി മുള്ളു
പോലെയാകുന്നു; നീതിമാന്മാരുടെ
യാ സ്വച്ഛമാക്കപ്പെട്ടതത്രെ.
ഞാനമുള്ള മകൻ പിതാവിനെ സന്തു
ക്കുന്നു; പക്ഷെ, മൂഢനോ അവൻെറ
യെ നിന്ദിക്കുന്നു. വിജ്ഞാനമില്ലാ
ഭോഷത്വമാണ് പ്രിയം. വിവേക
നുഷ്യൻ നേരെ നടക്കും.
ലത്തെ മാനിക്കുന്നവർ ആലോച
കൈമാറുന്നു. ആലോചനക്കാർ
ുണ്ടെങ്കിൽ അവ സാധിതമാകുന്നു.
റ വായിൽനിന്നു വരുന്ന ഉത്തരം
ുഷ്യൻ സന്തോഷിക്കും. തക്ക സമ
പയോഗിക്കുന്ന ഒരു വാക്ക്, ഹാ
നാഹരം! താഴെയുള്ള നരകത്തിൽ
ട്ടുമാറുവാനായി, വിജ്ഞാനിയുടെ

ജീവിതയാത്ര എപ്പോഴും മേലോട്ടാകുന്നു.
നിഗളിയുടെ ഭവനം ദൈവം നശിപ്പിച്ചു 25
കളയും. എന്നാൽ വിധവയുടെ അതിരു
കളോ അവൻ ഉറപ്പാക്കും. ദുഷ്ടൻെറ ചിന്ത 26
കൾ ദൈവത്തിനു വെറുപ്പാകുന്നു. എന്നാൽ
നിർമ്മലരുടെ വാക്കുകൾ സന്തോഷമുള്ള
വാക്കുകൾ. കോഴ വാങ്ങുന്നവൻ, സ്വന്ത 27
ഭവനത്തെപ്പോലും വിഷമിപ്പിക്കുന്നു; കോഴ
വാങ്ങാതിരിക്കുന്നവനോ ജീവിക്കും. ജ്ഞാ
നിയുടെ ഹൃദയം ഉത്തരം വിശ്വസ്തതയോടെ 28
ചിന്തിക്കും. ദുഷ്ടൻെറ വായോ, ദോഷങ്ങൾ 29
സംസാരിക്കുന്നു. ദൈവം ദുഷ്ടനിൽനിന്നും
വളരെ അകലത്താകുന്നു. നീതിമാൻെറ
പ്രാർത്ഥനയോ, താൻ കേൾക്കും. കണ്ണിൻെറ
തിളക്കം ഹൃദയത്തെ സന്തോഷിപ്പിക്കുന്നു. 30
നല്ല ഹൃദയം അസ്ഥികളെ പുഷ്ടിപ്പെടു
ത്തുന്നു. ജീവനെ സംബന്ധിച്ചുള്ള പ്രബോ 31
ധനം കേൾക്കുന്ന ചെവിയുള്ളവൻ, വിജ്ഞ
ന്മാരുടെ മദ്ധ്യേ വസിക്കുന്നു. ശാസന ഇഷ്ട
പ്പെടാത്തവൻ തൻെറ പ്രാണനെത്തന്നെയാ
ണ് നിന്ദിക്കുന്നത്, ശാസന കേൾക്കുന്നവ
നോ, വിവേകം ലഭിക്കും. ദൈവഭക്തി ജ്ഞാ 32
നത്തിൻെറ ഉപദേശമാകുന്നു. വിനയമുള്ള 33
വൻെറ മുമ്പിൽ ബഹുമാനം നടക്കുന്നു.

അദ്ധ്യായം 16

ചിന്ത മനുഷ്യൻെറ ഹൃദയത്തിൽനി 1
ന്നും, വായിൽനിന്നുള്ള ഉത്തരം ദൈവത്തിൽ
നിന്നുള്ളതുമാകുന്നു. ഒരു മനുഷ്യൻെറ
നോട്ടത്തിൽ അവൻെറ വഴികളെല്ലാം വെടി 2
പ്പുള്ളവയായി തോന്നും; ദൈവമോ, വഴികൾ
ക്രമപ്പെടുത്തുന്നു. നിൻെറ പ്രവൃത്തികളെ
ല്ലാം ദൈവത്തിനു സമർപ്പിക്കുക; നിൻെറ 3
ഉദ്ദേശങ്ങൾ സാധിക്കും, ദൈവം എല്ലാററി
നേയും തന്നെ അനുസരിക്കുന്നവർക്കായി 4
ഉണ്ടാക്കിയിരിക്കുന്നു; അനർത്ഥ ദിവസ
ത്തിന്നായി ദുഷ്ടനേയും. നിഗളി ദൈവ 5
ത്തിനു വെറുപ്പാകുന്നു; കൂട്ടുകാരനെ കൈ
യേറ്റം ചെയ്യുന്നവൻെറ തിന്മയ്ക്കു ക്ഷമ 6
യില്ല. കരുണയും സത്യവുംകൊണ്ട് അകൃത്യം
ക്ഷമിക്കപ്പെടുന്നു. ദൈവഭക്തിമൂലം മനുഷ്യർ
തിന്മയിൽനിന്നു വിട്ടകലുന്നു. ഒരു മനുഷ്യ
ൻെറ വഴികൾ, ദൈവത്തിനു പ്രസാദകര
മായിക്കഴിഞ്ഞാൽ—അവൻെറ ശത്രുക്ക 7
ളോട് അവൻ പ്രതികാരം ചെയ്യും.
ന്യായരഹിതമായ വലിയ ആദായത്തെ 8
ക്കാൾ, നീതിയോടുകൂടെയുള്ള അല്പ
മാണ് വിശേഷതരം!
മനുഷ്യൻെറ ഹൃദയം അവൻെറ വഴിയെ 9
കണക്കുകൂട്ടുന്നു. എന്നാൽ ദൈവമത്രെ

10 അവൻെറ കാലടികളെ നിയന്ത്രിക്കുന്നത്.
രാജാവിൻെറ അധരങ്ങളിൽ ഒരു ദിവ്യ
11 വചനമുണ്ട്. വിധി പ്രസ്താവിക്കുമ്പോൾ
അവൻെറ നാവു പിഴയ്ക്കുന്നുമില്ല. ഒത്ത
തൂക്കവും തുലാസും ദൈവത്തിനുള്ളവ.
12 സഞ്ചിയിലെ തൂക്കുകട്ടകളൊക്കെയും,
അവൻെറ പണിയാകുന്നു. ദുഷ്ടത ചെയ്യു
ന്ന രാജാക്കന്മാർ കൊള്ളാവുന്നവരല്ല;
13 എന്തെന്നാൽ നീതിയിലത്രെ സിംഹാസന
ങ്ങൾ ഉറച്ചിരിക്കുന്നത്. നീതിയുള്ള അധര
ങ്ങൾ, രാജാക്കന്മാർക്കു പ്രസാദം; നേരു
14 പറയുന്നവനെ അവർ സ്നേഹിക്കുന്നു.
രാജകോപം മരണദൂതനെപ്പോലെയാകു
15 ന്നു. എന്നാൽ വിജ്ഞനായ മനുഷ്യൻ
ആ കോപം ശമിപ്പിക്കും. രാജാവിൻെറ
മുഖപ്രസന്നതയിൽ ജീവനുണ്ട്. അവൻെറ
16 പ്രസാദം പിൻമഴയ്ക്കുള്ള മേഘതുല്യമാ
കുന്നു. സ്വർണ്ണം സമ്പാദിക്കുന്നതിലും
വിശിഷ്ടമാണ് ജ്ഞാനം സമ്പാദിക്കുന്നത്.
17 വിവേകം ലഭിക്കുന്നത് മേൽതരം വെള്ളി
യേക്കാളും വിശിഷ്ടം. നേരുള്ളവരുടെ
വീഥി തിന്മയിൽനിന്നും വിട്ടുമാറുന്നു
വെന്നതത്രെ. തൻെറ വഴി സൂക്ഷി
ക്കുന്നവൻ തൻെറ പ്രാണനെ കാത്തു
18 കൊള്ളുന്നു. അധഃപതനത്തിനു മുമ്പ്
അഹങ്കാരവും, നാശത്തിനു മുമ്പ് നിഗ
19 ളവും! താണവരോടുകൂടി താഴ്മയുള്ള
ആത്മാവോടെ ഇരിക്കുന്നതാണ് അഹ
ങ്കാരികളോടു കൂടി കവർച്ച പങ്കിടുന്നതിലും
20 മഹത്തരം. ഒരു കാര്യം ബുദ്ധിപൂർവ്വം കൈ
കാര്യം ചെയ്യുന്നവൻ, നന്മ കണ്ടെത്തും.
ദൈവത്തിൽ ആശ്രയിക്കുന്നവനെല്ലാം
21 ഭാഗ്യവാനായിരിക്കും. ഹൃദയത്തിൽ
ജ്ഞാനമുള്ളവൻ വിവേകം അറിയും.
അധരമാധുര്യം വിദ്യയെ വർദ്ധിപ്പിക്കും.
22 വിവേകമുള്ളവന് അത് ജീവൻെറ ഒരു
നീരുറവതന്നെ. ഭോഷന്മാരുടെ ഉപദേശ
23 മോ ഭോഷത്വംതന്നെ. വിജ്ഞൻ അവൻെറ
വദനത്തെ അറിയുന്നു. അവൻെറ അധര
ങ്ങൾക്ക് അറിവു വർദ്ധിപ്പിക്കുകയും
ചെയ്യുന്നു.
24 വിജ്ഞാനമുള്ള വാക്കുകൾ തേൻകട്ട
പോലെയാകുന്നു. മനസ്സിനു മധുരവും അ
25 സ്ഥികൾക്ക് ആരോഗ്യവുംതന്നെ. ചില
പ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായി തോ
ന്നാറുണ്ട്. എന്നാൽ അതിൻെറ അന്ത്യം മൃ
26 ത്യുവിൻെറ പാതകളത്രെ. ദുരിതപൂർണ്ണ
മായ മനസ്സ്, വേദനിക്കുന്നു. സ്വന്തവായിൽ
നിന്നുതന്നെ അവനു നാശം വരുന്നു.
നീതിയില്ലാത്തവൻ, തിന്മയ്ക്കായി ചിന്തി
ക്കുന്നു. അവൻെറ അധരങ്ങളിൽ കത്തുന്ന 27
തീയുണ്ട്! വക്രതയുള്ളവൻ വഴക്കുണ്ടാ 28
ക്കുന്നു. ഏഷണിക്കാരൻ ഉററമിത്രങ്ങളെ
വൃഥാ പീഡിപ്പിക്കുന്നു! ദ്രോഹിയായവൻ
അവൻെറ അയൽക്കാരനെ വശീകരിച്ച് 29
നല്ലതല്ലാത്ത വഴിയിൽ നടത്തുന്നു. അവൻ
വക്രത മെനഞ്ഞുണ്ടാക്കുവാൻ കണ്ണട 30
യ്ക്കുന്നു. അവൻ അധരങ്ങൾ ചലിപ്പിച്ചു
ദോഷം വരുത്തുന്നു. നീതിയുടെ മാർഗ്ഗ
ത്തിലൂടെയുള്ള നരച്ച തല ശോഭയേറിയ 31
കിരീടമാകുന്നു. പെട്ടെന്നു കോപിക്കാ
ത്തവൻ, മഹാ ശക്തനേക്കാളും തൻെറ 32
മനസ്സിനെ ഭരിക്കുന്നവൻ നഗരം പിടിച്ചട
ക്കുന്നവനേക്കാളും വിശിഷ്ടനാകുന്നു.
അത്യാഗ്രഹിയുടെ മടിയിൽ നറുക്കു
വീഴുന്നു. അവൻെറ വിധി ദൈവത്തിൽ 33
നിന്നു വരുന്നു.

അദ്ധ്യായം 17

കലഹത്തോടുകൂടി ഒരു വീടു നിറയെ 1
യാഗഭക്ഷണത്തിലും വിശിഷ്ടം, സമാധാന
ത്തോടെയുള്ള ഒരു കഷണം ഉണങ്ങിയ
അപ്പം തിന്നുന്നതത്രേ. ലജ്ജിക്കാനിടവരു 2
ത്തുന്ന ഒരു മകൻെറ മേൽ ബുദ്ധിമാനായ
ദാസൻ ഭരണം നടത്തും. അവൻ സഹോ
ദരന്മാരുടെ കൂടെ അവകാശം പ്രാപിക്കയും
ചെയ്യും. വെള്ളിക്ക് സ്ഫുടം ചെയ്യുന്നതി 3
നുള്ള ഉപകരണം, സ്വർണ്ണത്തിനു മൂശ -
ഹൃദയങ്ങളെയോ ദൈവം ശോധന ചെയ്യും.
ഒരു ദുഷ്ട പ്രവർത്തകൻ, വ്യാജമുള്ള അധര 4
ങ്ങളെ ശ്രദ്ധിക്കുന്നു. നീതിമാൻ, വഞ്ച
നയുടെ സംസാരത്തിനു ചെവികൊടു
ക്കുന്നില്ല. ദരിദ്രനെ പരിഹസിക്കുന്നവൻ, 5
അവൻെറ സ്രഷ്ടാവിനെയാണ് കോപി
പ്പിക്കുന്നത്. ആപത്തിൽ സന്തോഷിക്കു
ന്നവന് ശിക്ഷ വരാതെ പോകയില്ല. മക്ക 6
ളുടെ മക്കളാണ് വൃദ്ധരുടെ കിരീടം. മക്ക
ളുടെ മഹത്വമോ അവരുടെ പിതാക്കന്മാർ
തന്നെ.

വിശ്വസ്തമായ സംസാരം ഒരു ഭോഷനു 7
ചേരുകയില്ല. അതുപോലെതന്നെ വ്യാജ
മുള്ള അധരം നീതിമാനു ചേരുകയില്ല.
ഒരു സമ്മാനം കിട്ടുന്നവന് അതു രത്ന
മായി തോന്നും; അതു എവിടെക്കു തിരി 8
ഞ്ഞാലും അഭിവൃദ്ധിപ്പെടും. അതിക്രമം 9
മറച്ചുവെക്കുന്നവൻ സ്നേഹം അന്വേഷി
ക്കുന്നു. ശാസന ഇഷ്ടമല്ലാത്തവൻ സ്നേ
ഹിതരിൽനിന്നകലുന്നു. ഒരു ഭോഷനെ 10
അടിക്കുന്നതിനേക്കാൾ ഒരൊററ ശാസന,
ബുദ്ധിമാനു ഫലം ചെയ്യും. ദുഷ്ടൻ, 11

ത്സരമാണ് എപ്പോഴും അന്വേഷിക്കുന്നത്.
ആകയാൽ ക്രൂരനായ ഒരു ദൂതനെ ആയി
ിക്കും അവൻെറ ആടുക്കൽ അയയ്ക്കു
ന്നത്. (ഭോഷനെ അവൻെറ ഭോഷത്വ
ത്തിൽ എതിരിടുന്നതിനെക്കാൾ ഭേദം
രടിക്കുഞ്ഞുങ്ങൾ നഷ്ടപ്പെട്ടുപോയ ഒരു
ടിയെ എതിർക്കുന്നതാണ്.) ഒരുവൻ
ന്മയ്ക്കു പകരമായി തിന്മ ചെയ്യുന്നവനാ
ണെങ്കിൽ തിന്മ അവൻെറ ഭവനത്തിൽ
നിന്നും മാറിപ്പോകയില്ല. (കലഹത്തിൻെറ
ആരംഭം ചിറ പൊളിച്ചു വെള്ളം വിടുന്നതു
പോലെയാകുന്നു: ആകയാൽ കലഹമുണ്ടാ
കുന്നതിനു മുമ്പുതന്നെ തർക്കം അവസാ
നിപ്പിക്കുക.) ദുഷ്ടനെ നീതീകരിക്കുന്ന
നും, നീതിമാനെ കുററം വിധിക്കുന്നവ
ം, രണ്ടു പേരും ദൈവത്തിനു വെറുപ്പാ
ന്നു. ജ്ഞാനം സമ്പാദിപ്പാൻ മൂഢനു
ആഗ്രഹമില്ലാതിരിക്കെ, അവൻെറ കൈ
ൽ ദ്രവ്യം എന്തിനു? സ്നേഹിതൻ എല്ലാ
ലത്തും സ്നേഹിക്കുന്നു, അനർത്ഥ കാ
ത്ത് സഹായത്തിനു സഹോദരനായി ജനി
ിക്കുന്നു. ഭോഷൻ, കൂട്ടുകാരനു വേണ്ടി
യടിച്ചു വാക്കു കൊടുത്തു ജാമ്യം
ൽക്കുന്നു. അനീതിയുള്ളവൻ, വഴക്കും
പാപവും ആഗ്രഹിക്കുന്നു. തൻെറ
ത്തിൽ ഉയർത്തിപ്പണിയുന്നവൻ, തനിക്കു
ന്ന തകർച്ച ആഗ്രഹിക്കുന്നു. വഞ്ചന
ള്ള മനസ്സുള്ളവൻ നന്മ കണ്ടെത്തുക
ല്ല. വാക്കുവ്യത്യാസം വരുത്തുന്നവൻ
പത്തിൽ നിപതിക്കും. വിഡ്ഢിയുടെ
കൻ തനിക്കുതന്നെ അപമാനിതനാ
അവൻമൂലം അവൻെറ പിതാവിനു
ന്തോഷമുണ്ടായിരിക്കുകയില്ല. സന്തുഷ്ട
ദയം, ശരീരത്തിന് പ്രസാദമേകുന്നു;
നയുള്ള മനസ്സ് അസ്ഥികളെ ഉണ
ക്കളയും. കൈക്കൂലി വാങ്ങുന്നവൻ
ർമ്മിയാണ്. എന്തെന്നാൽ അവൻ
ിയുടെ വഴി തെറ്റിക്കുകയാണ്. വിജ്ഞാ
ുടെ ദൃഷ്ടി എപ്പോഴും ജ്ഞാനത്തിങ്ക
ക് ആണ്. ഭോഷൻെറ ദൃഷ്ടിയോ, എ
ഴും നിലത്തേയ്ക്ക് കീഴോട്ടത്രെ. ഭോഷ
മകൻ അവൻെറ പിതാവിനു കോപം
ത്തുന്നു. അവൻെറ അമ്മയെ വേദനപ്പെ
ുന്നു. നീതിമാന് പിഴയിടുന്നതു നന്ന
സത്യം സംസാരിക്കുന്ന നീതിമാനെ
രിക്കുന്നതും നന്നല്ല. മിതമായി
ഷണം നടത്തുന്നവൻ, ജ്ഞാനമെ
ന് അറിയുന്നു. ദീർഘമായി ക്ഷമി
ന്നവൻ വിജ്ഞനാകുന്നു. മൗനമായി
ന്ന മൂഢൻ പോലും, ജ്ഞാനി എന്നു
കരുതപ്പെടുന്നു. അധരങ്ങൾ മൗനമായി
വയ്ക്കുന്നവൻ ജ്ഞാനിയെപ്പോലെ വിചാ
രിക്കപ്പെടുന്നു.

അദ്ധ്യായം 18

മൗനമായ അവസ്ഥയിലും ദുർമ്മോഹ 1
പരമായി ചിന്തിക്കുന്നവനുണ്ട്. സദുപദേ
ശത്തെ അവൻ പുച്ഛരിക്കുന്നു. ഭോഷൻ 2
അവൻെറ ഭോഷത്വം മാത്രം കരുതുന്ന
വനാകയാൽ, വിജ്ഞാനത്തോട് അവന്
ആഗ്രഹമില്ല. തിന്മയുടെ അഗാധതല 3
ത്തോളം അധർമ്മം ചെന്നെത്തുമ്പോൾ,
അവൻെറ മേൽ ഭോഷത്വവും, അനീതിയും
അപമാനവും നിന്ദയും വന്നെത്തുന്നു.
മനുഷ്യൻെറ വായിലെ വചനങ്ങൾ 4
ആഴമുള്ള ജലാശയവും, വിജ്ഞാനം
പൊട്ടിപ്പുറപ്പെടുവിക്കുന്ന ഉറവിടവുമാ
കുന്നു. ദുഷ്ടനോടു മുഖപക്ഷം കാണി 5
ക്കുന്നതും നീതിമാൻെറ നീതി നിഷേധി
ക്കുന്നതും നന്നല്ല. മൂഢൻെറ അധരങ്ങൾ, 6
ശിക്ഷാവിധിക്ക് ഇടയാക്കുന്നു. അവൻെറ
വായ്തന്നെ അവനെ മരണത്തിലേക്കു
കൊണ്ടു ചെന്നെത്തിക്കുന്നു. ഭോഷൻെറ 7
വായ് അവനുതന്നെ നാശമാകുന്നു.
അവൻെറ അധരങ്ങൾ അവനുതന്നെ
കെണിയായിത്തീരുന്നു. അലസൻെറ 8
വാക്കുകൾ അവനെ തിന്മയിൽ തള്ളി
യിടുന്നു; അവ അവനെ പാതാളത്തിൻെറ
ഉള്ളറകളിലേക്കു ഇറക്കിവിടുന്നു. പ്രവൃ 9
ത്തിയിൽ അലസൻ വിനാശകൻെറ
സഹോദരനാണ്. കർത്താവിൻെറ നാമം 10
ശക്തമായ ഗോപുരമാണ്, നീതിമാനും
ശക്തനും അതിലേക്ക് ഓടിച്ചെല്ലും. അവ 11
ൻെറ ബലമുള്ള നഗരത്തിൽ ബഹുമാനവും
ധനവുമുണ്ടായിരിക്കും. അവൻെറ വാസം 12
ബലിഷ്ഠമായ കോട്ടയ്ക്കുള്ളിൽ അത്രെ.
നാശത്തിന്നു മുമ്പായി, മനുഷ്യൻ ഗർവ്വി
ഷ്ഠനാകും. ബഹുമാനത്തിൻെറ മുന്നോ
ടിയോ, വിനയംതന്നെ. മുഴുവനും കേൾക്കു 13
ന്നതിനുമുമ്പ് ഉത്തരം പറയുന്നവൻ, തനി
ഭോഷനും, അപഹാസ്യനുമാണ്. മനുഷ്യ 14
ൻെറ മനസ്സ് അവനുണ്ടാകുന്ന ദുരിതം
സഹിക്കുന്നു. വേദനയുള്ള മനസ്സിനെ
ആർക്കു സഹിപ്പാനാകും? സംസ്ക്കാരമുള്ള 15
ഹൃദയം ജ്ഞാനം ആർജിക്കുന്നു. വിജ്ഞാ
നം ആഗ്രഹിക്കുന്ന ചെവികൾ ഉപദേശം
ശ്രദ്ധിച്ചു കേൾക്കുന്നു. ഒരുവൻെറ സമ്മാ 16
നങ്ങൾ അവനു വിശാല വഴി തുറക്കുന്നു;
പ്രഭുക്കന്മാരുടെ മുമ്പിൽ അവനെ നിർത്തു
വാനിടയാക്കുന്നു. ഒരുവൻ വിസ്താര 17

ത്തിൽ കുററമററവനെന്നു തോന്നും. അവ
ൻെറ കൂട്ടുകാരൻ വരുമ്പോഴോ, അവൻെറ
18 തെറ്റു ബോദ്ധ്യപ്പെടുത്തും. നറുക്ക്, കലഹം
അവസാനിപ്പിക്കുന്നു, ബലവാന്മാരുടെ
മദ്ധ്യേ അതു തീരുമാനം വരുത്തുന്നു.
19 സ്വസഹോദരനാൽ സഹായിക്കപ്പെടുന്ന
സഹോദരൻ, പ്രതിരോധത്തിൽനിന്നു
സുരക്ഷിതമായ നഗരം പോലെയാകുന്നു.
അതുള്ളവർ കോട്ടയുടെ സാക്ഷാപോലെ
20 യും അത്രെ. ഒരുവൻെറ അധരഫലമാണ്
അവൻെറ ഉദരം നിറയ്ക്കുന്നത്. അവൻെറ
അധരം മൂലമുള്ള വരവുകൾ അവനെ
21 സംതൃപ്തനാക്കും. ജീവനും മരണവും
ഒരുവൻെറ നാവിൽ ഇരിക്കുന്നു. അതിനെ
സ്നേഹിക്കുന്നവൻ, അതിൻെറ സൽഫല
22 ങ്ങൾ അനുഭവിക്കും. ഉത്തമയായ ഭാര്യയെ
കണ്ടെത്തുന്നവനു ഭാഗ്യം. അവൻ കർത്താ
വിൽ നിന്നും അനുഗ്രഹം പ്രാപിക്കും. ഉത്ത
മയായ ഭാര്യയെ പുറന്തള്ളുന്നവൻ, അവ
ൻെറ ഭവനത്തിൽനിന്നും നന്മയെയാകുന്നു
23 പുറന്തള്ളുന്നത്! ദരിദ്രൻ മൃദുലമായി
സംസാരിക്കുന്നു; ധനികന്മാർ കഠിനമായും
24 സംസാരിക്കുന്നു. യഥാർത്ഥ സ്നേഹിതന്മാ
രായ സ്നേഹിതന്മാരുണ്ട്. സഹോദരനെ
ക്കാൾ ഉററവരായ സ്നേഹിതന്മാരുമുണ്ട്.

അദ്ധ്യായം 19

1 വക്രമാർഗ്ഗത്തിലൂടെ ചരിക്കുന്ന ധന
വാനേക്കാൾ, താഴ്മയോടെ നടക്കുന്ന
2 ദരിദ്രനാണ് ഉത്തമൻ. തന്നെത്തന്നെ അറി
യാത്തവന് ആ കാര്യം നല്ലതല്ല, ധൃതി
3 കൂട്ടുന്നവനു വഴി തെറ്റുന്നു. ഒരുവൻെറ
ഭോഷത്വം അവൻെറ വഴികൾ വക്രമാക്കു
ന്നു; ദൈവത്തിനെതിരായി സ്വമനസ്സിൽ
4 അവൻ അലറുന്നു. സമ്പത്ത് അനേകം
സ്നേഹിതന്മാരെയുണ്ടാക്കുന്നുണ്ട്. ദരിദ്ര
നെയോ, സ്നേഹിതഗണത്തിൽനിന്നും
5 അകറ്റി മാറ്റുന്നു. കള്ളസാക്ഷിക്ക് ഒരിക്ക
ലും നീതീകരണമുണ്ടാകയില്ല. വ്യാജം
6 പറയുന്നവൻ രക്ഷപെടുകയുമില്ല. വലിയ
വൻെറ മുമ്പിൽ പരിചരിപ്പാനും ദുഷ്ട
ന്മാർക്ക് സമ്മാനം കൊടുപ്പാനും അനേക
7 രുണ്ട്. സ്വന്തസഹോദരന്മാർപോലും ദരിദ്ര
നെ വെറുക്കുന്നു. അവൻെറ സുഹൃത്തു
ക്കളും അവനിൽനിന്നകന്നുപോകുന്നു.
8 തൻെറ വാക്കിൽ വ്യതിയാനം വരുത്തുന്ന
വൻ സത്യവാനല്ല. വിജ്ഞാനം സമ്പാദി
ക്കുന്നവൻ, തന്നെത്തന്നെ സ്നേഹിക്കുന്നു.
വിശ്വാസം കാത്തു പാലിക്കുന്നവൻ നന്മ
9 കണ്ടെത്തും. കള്ളസാക്ഷിക്കു മാപ്പു കിട്ടുക
യില്ല. വ്യാജം പറയുന്നവൻ, നശിക്കും.
ഭോഷൻ സുഖജീവിതം അർഹിക്കുന്നില്ല; 10
പ്രഭുക്കന്മാരുടെ മേൽ വാഴുന്നത് അടിമ
യ്ക്കും യുക്തമല്ല. ദീർഘക്ഷമയാണ് 11
മനുഷ്യൻെറ വിവേകം. അവൻെറ മഹത്വം 12
അനീതിയെ തുടച്ചുമാറ്റും. രാജകോപം 13
സിംഹതുല്യമാണ് അലറുന്നത്. അവൻെറ
പ്രീതി എന്നതോ, പുൽക്കൊടി മേലുള്ള
ഹിമകണംപോലെയത്രെ. ഭോഷനായ 14
മകൻ പിതാവിന് ലജ്ജവരുത്തുന്നു. ഭാര്യ
യുടെ ചിന്ത, ഇറ്റിറ്റു വീഴുന്നപോലെയത്രെ.
ഭവനവും സമ്പത്തും പിതൃഅവകാശമായി 15
കിട്ടുന്നു, പുരുഷനു സ്ത്രീ വിവാഹനിശ്ചയം
ചെയ്യപ്പെടുന്നത് കർത്താവിനാലാകുന്നു.
മയക്കം ഉറക്കം നൽകുന്നു. അഹങ്കാരമുള്ള 16
വൻ പട്ടിണികിടക്കും. കല്പന പാലിക്കു 17
ന്നവൻ ജീവനെക്കുറിച്ചു സൂക്ഷ്മതയുള്ള
വനാകുന്നു. ദൈവവഴികളെ നിന്ദിക്കുന്ന
വൻ നിഹതനാകും. കർത്താവിനെ അനു 18
ഗമിക്കുന്നവന് ദരിദ്രരോടു കനിവുണ്ടാ
യിരിക്കും. അവൻെറ പ്രവൃത്തിക്കനുസര
ണമായി അവനു പ്രതിഫലം കിട്ടും. നന്നാ 19
കുമെന്ന പ്രതീക്ഷയുള്ള സമയത്ത് നിൻെറ
മകനെ നീ ഉപദേശിച്ച് (ശിക്ഷിച്ച്) വളർ
ത്തുക. അവൻെറ അവമാനത്തിന് നീ
കാരണമായിത്തീരരുത്. കോപഭ്രാന്തനായ 20
വൻ ശിക്ഷയേൽക്കും. നീ അവനെ രക്ഷി
ച്ചാലും വീണ്ടും ആവർത്തിക്കും.

ആലോചന ശ്രദ്ധിച്ചു കേൾക്കുക, 21
ശിക്ഷണം അംഗീകരിക്കുക. അങ്ങനെയാ
യാൽ നിൻെറ മാർഗ്ഗങ്ങളിൽ നീ വിജ്ഞാ
നിയായിരിക്കും. മനുഷ്യമനസ്സിലെ ചിന്ത 22
കൾ അനവധിയാണ്. എന്നാൽ നടപ്പിലാ
കുന്നത് ദൈവത്തിൻെറ ആലോചനയത്രെ.
ദൈവത്തിൻെറ കൃപയായിരിക്കണം മനു 23
ഷ്യൻെറ കാമ്യവസ്തു. വ്യാജം ചെയ്യുന്ന
ധനികനേക്കാൾ ഉത്തമൻ ഒരു ദരിദ്രനാണ്.
ദൈവഭക്തിയാണ് ജീവനിലേക്കു നയിക്കു 24
ന്നത്. അതിനാൽ സംതൃപ്തനായവൻ
സുഖമായി കിടന്നുറങ്ങും. അവൻ തിന്മ 25
വിചാരിക്കുകയില്ല. മടിയിൽ കൈയും മറച്ചു
വച്ചിരിക്കുന്ന മടിയൻെറ വായിലേക്കും ആ
കൈ അടുക്കുകയില്ല! ദുഷ്ടൻ ചമ്മട്ടിയടി 26
ഏൽക്കുമ്പോൾ, വിജ്ഞാനി കരുതലോടി
രിക്കും. നീ ബുദ്ധിമാനെ ശാസിച്ചാൽ അവൻ 27
വിവേകം നേടും. പിതാവിനെ കൊള്ളയിടു 28
കയും മാതാവിനെ വേദനിപ്പിക്കുകയും
ചെയ്യുന്ന മകൻ അവമാനവും അധിക്ഷേ
പവും വരുത്തുന്നവനാകുന്നു. നിൽക്കൂ, 29
എൻെറ മകനേ, പ്രബോധനം കേൾക്കുക.

ിരിജ്ഞാനവചനങ്ങൾ നീ മറന്നുപോകരു
. അധർമ്മിയായ സാക്ഷി, വിധിയെ കഠി
മാക്കുന്നു. അനീതിക്കാരൻെറ വായ്, നീ
ിയെ മുക്കിക്കളയുന്നു. വിധി കഠിനമാക്കു
വർക്ക് വേദനകളും, ഭോഷത്വമുള്ള ജന
തിന് പ്രഹരവും തയ്യാറാക്കപ്പെട്ടിരി
ുന്നു.

അദ്ധ്യായം 20

വീഞ്ഞു കടുപ്പമേറിയതും, മദ്യവും ലഹ
ളവും അപഹാസ്യവുമാണ്. അവയ്ക്ക് അടി
ാകുന്നവൻ വിവേകിയല്ല. രാജകോപം
ലറുന്ന സിംഹതുല്യം, അവനെ പ്രകോപി
ക്കുന്നവൻ തന്നെത്തന്നെ അപകടത്തി
ക്കുന്നു. തർക്കത്തിൽനിന്ന് ഒഴിഞ്ഞു
ൽക്കുന്നതാണ് മനുഷ്യനു ബഹുമാനം.
ഷനോ, ശണ്ഠയിട്ടുകൊണ്ടിരിക്കുന്നു.
ലസൻ എന്നും പരിഹാസ്യൻ. അവൻ മി
ങ്ങും. കൊയ്ത്തു കാലത്ത് അവൻ അല
ു നടക്കും. വെള്ളംപോലും കിട്ടുകയില്ല.
മനസ്സിലുള്ള ആലോചന ആഴമേറി
: എന്നാൽ വിജ്ഞാനിയായ മനുഷ്യന്
ിടെനിന്നു കോരി എടുക്കാം. അനേകം
ദയാലുക്കൾ എന്നു വിളിക്കപ്പെടാ
്. എന്നാൽ വിശ്വസ്തനായ മനുഷ്യനെ
ക്കു കണ്ടെത്താൻ കഴിയും? പരമാർ
ൃദയത്തോടെ നീതിമാൻ നടക്കുന്നു.
ൻെറ കാലശേഷം അവൻെറ മക്കൾക്ക്
ാഭാഗ്യം! രാജാവു ന്യായാസനത്തിൽ
ിഷ്ടനാകുന്നു: അവൻെറ സന്നിധി
ദുഷ്കർമ്മികളെല്ലാം ചിതറിപ്പോ
ു. എൻെറ ഹൃദയം കുററമററതാണ്;
3 പാപത്തിൽനിന്നു നിർമ്മലനാക്ക
വനാണെന്ന് പറയുവാൻ ആർക്ക്
ും? വ്യാജതൂക്കുകട്ടകളും, അളവു
ങ്ങളും. ഇവ രണ്ടും കർത്താവിന്
പ്പുള്ളവയത്രെ. അവൻ നിർമ്മലനാ
അവൻെറ പ്രവൃത്തികൾ നേരുള്ള
എന്ന് ബാലൻപോലും അറിയപ്പെ
് അവൻെറ പ്രവൃത്തികളിലൂടെ
കേൾക്കാനുള്ള ചെവിയും, കാഴ്ച
ള്ള കണ്ണും കർത്താവാണു സൃഷ്ടി
ുന്നത്. നീ ഉറക്കത്തെ വല്ലാതെ
റിക്കരുത്. നീ ദരിദ്രനായിപ്പോകും.
കണ്ണുകൾ തുറക്കുക; നീ തൃപ്ത
ത്തീരും. ഞാൻ വളരെ സമ്പാദ്യമു
ാണ് എന്നു സ്നേഹിതൻ കൂട്ടുകാര
പറയുമ്പോൾ അവൻ ആദരിക്കപ്പെ
എനിക്ക് സ്വർണ്ണവും വളരെയേറെ
ല്ലുകളും മനോഹരവസ്ത്രങ്ങളും
ജ്ഞാനത്തിൻെറ വചനങ്ങളും ഉണ്ട് എന്ന്
അവൻ പറയും. അന്യനു ജാമ്യം നിൽക്കുന്ന 16
വൻെറ മേലങ്കി അവർ പിടിച്ചെടുത്തു.
അന്യനു വേണ്ടി അവൻെറ കൂടാരവും
എടുത്തു. വ്യാജത്തിൻെറ അപ്പവുമായി 17
ജാമ്യം നിന്നു; പിന്നീട് അവൻെറ വായിൽ
ചരൽ നിറയും. ആലോചന ചിന്തയാൽ 18
രൂപീകൃതമാകുന്നു. വൈരാഗ്യത്തോടെ
യുദ്ധത്തിൽ ഏററുമുട്ടുന്നു. ഏഷണിക്കാ
രൻ രഹസ്യങ്ങൾ വെളിപ്പെടുത്തും. അധര 19
ധൃതിയുള്ള സംസാരപ്രിയനോടു നീ
സംസർഗ്ഗം ചെയ്യരുത്. മാതാപിതാക്കളെ ശ 20
പിക്കുന്നവൻെറ വിളക്ക് കണ്ണിൻെറ അന്ധ
കാരത്തിൽ കെട്ടുപോകും. ധൃതിയിൽ കൈ 21
വശമാക്കിയ അവകാശം, അവസാനം അനു
ഗൃഹീതമായിരിക്കുകയില്ല. തിന്മയ്ക്ക് 22
ഞാൻ പ്രതികാരം ചെയ്യും, എന്നു നീ പറയ
രുത്. പിന്നെയോ ദൈവത്തിന്നായി കാത്തി
രിക്കുക, അവൻ നിന്നെ രക്ഷിക്കും. കള്ള 23
തൂക്കങ്ങൾ ദൈവം വെറുക്കുന്നു. കള്ള
തുലാസുകൾ നന്നല്ല. മനുഷ്യൻെറ നടപ്പു 24
കളുടെ വഴി ദൈവസന്നിധിയിൽനിന്നാണ്
ക്രമീകരിക്കപ്പെടുന്നത്. തൻെറ വഴി, സ്വയം 25
തയ്യാറാക്കുവാൻ കഴിവുള്ള മനുഷ്യൻ ആർ?
വിശുദ്ധിക്കായി നേർച്ച നേർന്നിട്ട് പിന്നീട് 26
അതേപ്പററി പശ്ചാത്തപിക്കുന്നത് മനു
ഷ്യന് ഒരു കെണിയാണ്. വിജ്ഞാനിയായ
രാജാവ് അധർമ്മികളെ ചിതറിച്ചുകളയും.
അവരുടെ മേൽ രഥചക്രങ്ങൾ പായിക്കും.
മനുഷ്യൻെറ ശ്വാസം കർത്താവ് കൊളു 27
ത്തിയ ദീപമാണ്. അത് അവൻെറ അന്തർ
ഭാഗങ്ങൾ പരിശോധിക്കുന്നു.

കൃപയും സത്യവുമാണ് രാജാവിനെ 28
സംരക്ഷിക്കുന്നത്. അവൻെറ സിംഹാ
സനം കൃപകൊണ്ട് ഉറപ്പിക്കപ്പെടുന്നു.
ശക്തിയാണ്, യുവാക്കളുടെ മഹിമ, നരച്ച 29
മുടിയാണ് വയോധികരുടെ ശോഭ, മനോ 30
വേദനയും ദണ്ഡനവും ദുഷ്ടന്മാർക്കും
കടുത്ത ശിക്ഷ അവരുടെ ഉള്ളറകൾക്കും
നേരിടുന്നു.

അദ്ധ്യായം 21

രാജാവിൻെറ ഹൃദയം ദൈവതൃക്കര 1
ത്താൽ നിയന്ത്രിക്കുന്ന നീർചാലു പോലെ
യാകുന്നു. തനിക്കിഷ്ടമുള്ളിടത്തേക്ക്
അതിനെ തിരിച്ചുവിടുന്നു. ഒരു മനുഷ്യൻെറ 2
എല്ലാ വഴികളും അവൻെറ നോട്ടത്തിൽ
ശരിയാണെന്നു തോന്നുന്നു. ദൈവമാണ്
ഹൃദയത്തെ ക്രമപ്പെടുത്തുന്നത്. പുണ്യവും 3
നീതിയും ചെയ്യുന്നതാണ് ബലിയേക്കാൾ

4 കർത്താവിന് പ്രസാദകരം. ഉന്നതഭാവമുള്ള
കണ്ണുകളും അഹങ്കരിക്കുന്ന ഹൃദയവും,
5 ദുഷ്ടന്മാരുടെ ദീപവും, പാപമത്രെ. തെര
ഞ്ഞെടുക്കപ്പെട്ടവൻെറ ആലോചനകൾ
വിശ്വസ്തങ്ങളാണ്. ദുഷ്ടൻേറതോ നഷ്ടം
6 വരുത്തുന്നവയത്രെ. വ്യാജം പറയുന്ന നാവു
മൂലം ലബ്ധമാകുന്ന നിക്ഷേപം നാശത്തി
ലേക്കും അതു അന്വേഷിച്ചു നടക്കുന്നവർ
7 മരണത്തിലേക്കും മറിച്ചിടപ്പെടും. നീതി
പ്രവർത്തിക്കുവാൻ ആഗ്രഹമില്ലാതിരു
ന്നതിനാൽ അനീതിപരന്മാർക്ക് തകർച്ച
സംഭവിക്കും, തെററു ചെയ്യുന്നവൻ അന്യ
8 നാകുന്നു. നിർമ്മലൻെറ പ്രവർത്തനങ്ങൾ
9 നേരുള്ളവയും ആകുന്നു. കലഹപ്രിയയായ
ഭാര്യയോടു കൂടി വീട്ടിൽ കഴിയുന്നതി
നേക്കാൾ കാമ്യം, മേൽപുരയുടെ അഗ്ര
10 ത്തിൽ കയറി ഇരിക്കുകയാണ്! അനീതി
ക്കാരൻെറ മനസ്സ് അവൻെറ കൂട്ടുകാരുടെ
ദൃഷ്ടിയിൽപോലും കാണപ്പെടുന്നില്ല.
ദുഷ്ടനു വരുന്ന ആപത്തു കണ്ട് ബാലൻ
11 പോലും ജ്ഞാനിയായിത്തീരുന്നു. ബുദ്ധി
മാൻ അവൻെറ മനസ്സിൽ അറിവ് സ്വീകരി
ക്കുന്നു. നീതിമാൻ വിവേകം പ്രാപിക്കുന്നു.
12 അധർമ്മികളുടെ ഹൃദയം അധർമ്മികളെ
13 തിന്മയിലേക്കു തള്ളിമാററുന്നു. ദരിദ്രൻെറ
നിലവിളി കേൾക്കാതിരിക്കുവാൻ ചെവി
പൊത്തുന്നവനോ. അവൻ ദൈവത്തെ
വിളിക്കുമ്പോൾ ദൈവവും ഉത്തരമരുളുക
14 യില്ല. രഹസ്യമായി കൊടുക്കുന്ന ദാനം,
കോപത്തെ അകററുന്നു. കൊടുക്കുവാൻ
മടിക്കുന്നവൻ കോപത്തെ ഉണർത്തുന്നു.
15 നീതിമാൻെറ സന്തോഷം നീതി നിർവഹി
ക്കപ്പെടുന്നതാകുന്നു. അത് അനീതിപരന്മാ
16 രെ തകർത്തുകളയും. പരിജ്ഞാനത്തിൻെറ
മാർഗത്തിൽനിന്നു തെററിപ്പോകുന്നവൻ,
ലോകത്തിൻെറ മക്കളോടു കൂടെ നെടുവീർ
17 പ്പിടും. കുറവുള്ളവനായിരിക്കെ, സന്തോഷ
ത്തെയും, വീഞ്ഞിനേയും സുഗന്ധതൈല
ത്തേയും ആഗ്രഹിക്കുന്നവന് ഐശ്വര്യ
18 മുണ്ടാകുകയില്ല. നീതിമാനു പകരം അനീ
തിപരനും, വിശ്വസ്തനു പകരം, വ്യാജക്കാ
19 രനും നിലകൊള്ളുന്നു. കലഹക്കാരിയും,
പ്രകോപനം വരുത്തുന്നവളുമായ ഭാര്യ
യോടുകൂടെയുള്ള വാസത്തേക്കാൾ നല്ലത്
മരുഭൂമിയിൽ കഴിഞ്ഞുകൂടുന്നതാണ്.
20 ജ്ഞാനമത്രെ വാസസ്ഥലത്തെ മോഹനീ
യനിക്ഷേപവും, സുഗന്ധതൈലവും. മനു
ഷ്യരുടെ വിവേകം അതനുഭവിക്കും. നീതി
21 യും ദയയും അന്വേഷിക്കുന്നവൻ, ജീവ
നേയും പുണ്യത്തേയും മഹത്വത്തേയും
കണ്ടെത്തും. ജ്ഞാനി വീരന്മാരുടെ 22
നഗരത്തിലേക്കു കയറിച്ചെന്ന്, അവർ
ആശ്രയിച്ചിരുന്ന കോട്ട കീഴടക്കും. തൻെറ 23
വായും നാവും നിയന്ത്രിക്കുന്നവൻ, ആപ
ത്തിൽനിന്ന് തന്നെത്തന്നെ രക്ഷിക്കുന്നു.
ശക്തമായ പേരുള്ള ധിക്കാരി, അവൻെറ 24
കലഹത്തിൽ അനീതി പ്രവർത്തിക്കുന്നു.
അലസൻെറ ആഗ്രഹങ്ങൾ അവനെ 25
കൊന്നുകളയുന്നു; എന്തെന്നാൽ അവൻെറ
കൈകൾ ഒരു കാര്യവും ചെയ്വാൻ അവൻ
ഇഷ്ടപ്പെടുന്നില്ല. അവൻ ദിവസം മുഴുവനും
ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതേയുള്ളു.
നീതിമാൻ ദാനം ചെയ്യുന്നു; അതു മുടക്കു 26
ന്നില്ല. ദുഷ്ടൻെറ ബലി അശുദ്ധംതന്നെ. 27
എന്തെന്നാൽ അനീതിയുള്ളവനായി
വർത്തിച്ചുകൊണ്ടാകുന്നു അവൻ അതു
കൊണ്ടുവരുന്നത്. കള്ളസാക്ഷി നശിക്കുക
തന്നെ ചെയ്യും. ഉപദേശം അനുസരിക്കു 28
ന്നവൻ നേരോടെ സംസാരിക്കും. അധർമ്മി
യുടെ മുഖം ധീരമായിരിക്കുന്നു. നേരുള്ള 29
വൻ സ്വന്തവഴികളെ ക്രമപ്പെടുത്തുന്നു.
കർത്താവിൻെറതുപോലുള്ള ജ്ഞാനമോ, 30
തിരിച്ചറിവോ, ആലോചനയോ മററാർക്കു
മില്ല. യുദ്ധദിവസത്തിന്നായി കുതിരയെ 31
ഒരുക്കി നിർത്തുന്നു: എന്നാൽ രക്ഷ നൽകു
ന്നത് കർത്താവാകുന്നു.

അദ്ധ്യായം 22

നല്ല പേര് സമ്പത്തിനേക്കാൾ വിശിഷ്ട 1
മാണ്. കാരുണ്യം പൊന്നിനേക്കാളും വെള്ളി
യേക്കാളും മഹത്തരമാകുന്നു. ധനികനും 2
ദരിദ്രനും ഒരുപോലെയാണ്; ഇരുവരേയും
സൃഷ്ടിച്ചതു ദൈവമാകുന്നു. ദുഷ്ടൻ 3
അടിയേററ് ശക്തിയായി ശിക്ഷിക്കപ്പെടു
ന്നത് ബുദ്ധിമാൻ കാണുന്നു; ഭോഷനോ
മുന്നോട്ടു പോയി കുറവുള്ളവനായിത്തീ
രുന്നു. വിനയത്തിൻെറയും, ദൈവഭക്തിയു 4
ടെയും അനന്തരഫലം ധനവും, മാനവും,
ജീവനുമാകുന്നു. വക്രബുദ്ധികളുടെ മാർഗ്ഗം 5
മുള്ളും കെണികളും നിറഞ്ഞതത്രെ. സ്വയം
സൂക്ഷിക്കുന്നവൻ അവയിൽനിന്നും ഒഴി
ഞ്ഞുമാറും. ബാലൻ നടക്കേണ്ട വഴി, ശൈശ 6
വത്തിൽതന്നെ അവനെ പഠിപ്പിക്കുക.
വൃദ്ധനാകുമ്പോഴും അതിൽനിന്നും തെററി 7
പ്പോകുകയില്ല. ധനികൻെറ മേൽ ദരിദ്രൻ
അധികാരം നടത്തും. തനിക്കു വായ്പ
കൊടുത്തിരുന്നവന് ദാസൻ വായ്പ
കൊടുക്കും. അനീതി വിതയ്ക്കുന്നവൻ 8
അനർത്ഥം കൊയ്യും. അവൻെറ കോപവടി
ഇല്ലാതാകും. തൻെറ കണ്ണ് ഉത്തമമാ 9

ിക്കുന്നവൻ, അനുഗൃഹീതനാകും;
ന്തന്നാൽ അവൻെറ ഭക്ഷണത്തിൽ
ാണല്ലോ അവൻ ദരിദ്രന് കൊടു
ന്! ദുഷ്ടനു നാശം വരുത്തുക; കലഹ
ാനെ ആട്ടിപ്പുറത്താക്കുക. വഴക്കും
മാനവും തൂത്തുമായിച്ചുകളയുക.
തന്നാൽ അവൻ ഒരു കുട്ടത്തിൽ ഇരു
ൻ എല്ലാവരെയും പരിഹസിക്കും.
യശുദ്ധിയുള്ളവൻ ദൈവത്തെ സ്നേ
ും. രാജാവിൻെറ ദയാവാചകം അവ
ാകും. കർത്താവിൻെറ കണ്ണുകൾ അറി
കാത്തു സൂക്ഷിക്കുകയും, വ്യാജ
ങ്ങളെ നശിപ്പിക്കുകയും ചെയ്യും. ഒരു
ാന അയയ്ക്കുമ്പോൾ അവൻ പറയും:
ിൽ സിംഹമുണ്ട് - തെരുവിലോ
പാതകം' എന്ന്. അന്യസ്ത്രീയുടെ
അഗാധക്കുഴിയാണ്, ദൈവം ആരുടെ
കോപിക്കുന്നുവോ, അവൻ അവിടെ
ബാലകൻെറ ഹൃദയത്തിൽ അറി
മ്മയുണ്ട്. ശിക്ഷണത്തിൻെറ വടി
അവനിൽനിന്നും അകററും. ദരിദ്രനെ
ക്കുന്നവൻ, തിന്മ വർദ്ധിപ്പിക്കുന്നു.
ർക്കു കൊടുക്കുന്നവൻ തനിക്കു
കുറവു വരുത്തുന്നു.
ൻെറ ചെവി ചായിച്ച് വിജ്ഞരുടെ
ങ്ങൾ കേൾക്കുക. എൻെറ വിജ്ഞാ
് നിൻെറ മനസ്സുറപ്പിക്കുക. അത് ഇ
തത്രെ. അതു നിൻെറ അന്തർഭാഗ
ക്ഷിച്ചുവയ്ക്കുക. അതിനെ നിൻെറ
ങ്ങളിൽ ക്രമപ്പെടുത്തിവയ്ക്കുക. നി
ശ്രയം ദൈവത്തിൽ വയ്ക്കേണ്ടതി
ഞാൻ അതു നിന്നെ അറിയിച്ചിരി
മൂന്നു പ്രാവശ്യം അവയെല്ലാം നിന
ൻ എഴുതിയിട്ടുണ്ടല്ലോ. നിന്നെ അ
സത്യമായ ഉത്തരം കൊടുക്കേണ്ട
ലോചനയും, അറിവും, ശാന്തിയും
നങ്ങളും നിന്നെ അറിയിപ്പാനത്രെ
ൻ എഴുതിയത്. ഒരുവൻ ദരിദ്രനാ
എന്നതുകൊണ്ട്, നീ ദരിദ്രനെ
രുത്; അനാഥനെ നിൻെറ പടി
ൽവച്ച് അവഗണിക്കുകയും അരു
ന്നാൽ കർത്താവ് അവർക്കു ന്യാ
ചെയ്തുകൊടുക്കും. അവരുടെ
ഉപദ്രവിക്കുന്നവരോട് പകരം
ാപശീലനായ മനുഷ്യനു നീ ഒരി
തമായിരിക്കരുത്. കോപാവിഷ്ട
ട നീ ഇടപെടരുത്, എന്തെന്നാൽ
ചെയ്താൽ അവൻെറ പ്രമാണ
ു പഠിക്കുകയും നിനക്കുതന്നെ
ത്തുകയും ചെയ്യും. നീ ലജ്ജിത
നാകാതിരിക്കുവാൻ വേണ്ടി, അന്യർക്ക് നീ
ജാമ്യം നിൽക്കരുത്. എന്തെന്നാൽ കടം 26
വീട്ടാൻ നിൻെറ കൈവശം ഒന്നുമില്ലെങ്കിൽ
നിൻെറ കീഴിൽ നിന്നും നിൻെറ കിട
ക്കപോലും അവർ എടുക്കും! നിൻെറ പിതാ 27
ക്കന്മാർ പണ്ടു മുതൽക്കേ നിശ്ചയിച്ചിട്ടുള്ള
അതിര് നീ മാററരുത്. തൻെറ ജോലിയിൽ 28
സമർത്ഥനായവൻ രാജസന്നിധിയിൽ നില
കൊള്ളും. അവൻ സാധാരണക്കാരോടൊരു
മിച്ചു നില്ക്കേണ്ടിവരികയില്ല.

അദ്ധ്യായം 23

നീ അധികാരിയുമൊത്ത് ഭക്ഷണത്തിന് 1
ഇരിക്കുമ്പോൾ നിൻെറ മുമ്പിൽ വിളമ്പി
യിരിക്കുന്നതെന്താണ് എന്ന് മനസ്സിലാ
ക്കുക. അതു നിൻെറ വായിൽ കത്തി 2
വയ്ക്കുന്നതുപോലെയായിരിക്കും. ബുദ്ധി 3
മാനായവൻ അവൻെറ ഭക്ഷണത്തെ കൊതി
ക്കുകയില്ല. എന്തെന്നാൽ അവൻെറ അപ്പം,
വ്യാജത്തിൻെറ അപ്പമാകുന്നു. സമ്പന്ന 4
നോടു വളരെയൊന്നും അടുക്കരുത്.
പ്രത്യുത ബുദ്ധിപൂർവ്വം അവനിൽനിന്ന്
അകന്നുമാറിക്കൊള്ളുക. സമ്പത്തിന്മേൽ 5
നിൻെറ കണ്ണു പതിയുമ്പോഴേക്കും അത്
അപ്രത്യക്ഷ്യമാകും. അതു കഴുകനെപ്പോ
ലെ ചിറകു വച്ച് ആകാശത്തിലേക്കു പറന്നു
പോകും! അസൂയാലുവായ ഭോജനപ്രിയ 6
നോടുകൂടെ നീ ആഹാരത്തിനു പോകു
കയോ, അവൻെറ ഭക്ഷണത്തിൽനിന്നും നീ
ആഗ്രഹിക്കുകയോ അരുത്. വിഴുങ്ങുന്നവ
നെപ്പോലെയാണ്, നീ അവനോടു കൂടെ
തിന്നു കുടിക്കുന്നത്. അവൻെറ മനസ്സിനു 7
നിന്നോടടുപ്പമില്ല. നീ കഴിക്കുന്ന ഭക്ഷണം
നീ ഛർദ്ദിച്ചുകളയും. നിൻെറ നല്ല വാക്കു 8
കൾ നിഷ്പ്രയോജനമാകും. ഭോഷൻെറ 9
മുമ്പിൽ നീ സംസാരിക്കരുത്. അവൻ
നിൻെറ വാക്കുകൾ നിന്ദിക്കുകയേ ഉള്ളൂ.
പണ്ടു മുതൽക്കുള്ള അതിരുകൾ നീ മാററു 10
ത്. അനാഥരുടെ വയലുകളിൽ കേറിപ്പററുക
യും അരുത്. എന്തെന്നാൽ അവരുടെ രക്ഷ 11
കൻ ബലവാനാകുന്നു. അവൻ അവർക്കു
നീതി പാലിക്കും. ശിക്ഷണത്തിനായി 12
നിൻെറ ഹൃദയത്തേയും, വിജ്ഞാനപ്രബോ
ധനകേൾവിക്കായി നിൻെറ ചെവികളേയും
ഉപയോഗിക്കുക. ബാലനെ ശിക്ഷിക്കുന്ന 13
തിനു വിഷമിക്കേണ്ട. അവനെ ഒന്നടിച്ചെ
ന്നു വച്ച് അവൻ മരിച്ചുപോകുകയില്ല. വടി 14
കൊണ്ട് നീ അവനെ ഒന്നടിച്ചാൽ അവനെ
അതുമൂലം പാതാളത്തിൽനിന്നും നീ
രക്ഷിക്കുകയായിരിക്കും. എൻെറ മകനേ, 15

നിൻെറ മനസ്സു ജ്ഞാനമുള്ളതായിരിക്കു
മെങ്കിൽ എൻെറ ഹൃദയവും സന്തോഷി
16 ക്കും. നിൻെറ അധരങ്ങൾ ശരിയായ കാര്യ
ങ്ങൾ സംസാരിക്കുമ്പോൾ എൻെറ അന്തരേ
17 ന്ദ്രിയങ്ങൾ ആനന്ദിക്കും. നിൻെറ ഹൃദയം
പാപികളെ നോക്കി അസൂയപ്പെടരുത്.
പിന്നെയോ എന്നുമെന്നും ദൈവഭക്തിയിൽ
18 വൈരാഗ്യമുള്ളവനായിരിക്കുക. നിശ്ച
യമായും നല്ല അവസാനം നിനക്കുണ്ടാകും.
നിൻെറ പ്രത്യാശ നശിച്ചുപോകുകയുമില്ല.
19 എൻെറ മകനേ, അനുസരിക്കുക, വിജ്ഞാ
നിയായിത്തീരുക. എൻെറ ആലോചന
20 നിൻെറ മനസ്സിനു നേരേ നടത്തട്ടെ. നീ
വീഞ്ഞു കുടിച്ചു മദ്യമത്തനാകരുത്. മാംസ
ഭക്ഷണക്കാര്യത്തിൽ ആവേശവും അരുത്.
21 എന്തെന്നാൽ മദ്യമത്തനും ഭക്ഷണക്കാ
ര്യത്തിൽ ആവേശമുള്ളവനും, ക്ഷയിച്ചു
22 പോകും. മത്തുപിടിച്ചുറങ്ങുന്നവൻ കീറ
23 ത്തുണി ധരിക്കേണ്ടിവരും. നിനക്കു ജന്മം
നൽകിയ നിൻെറ പിതാവിനെ നീ അനു
സരിക്കണം; നിൻെറ അമ്മയുടെ വാർദ്ധ
ക്യത്തിൽ അവളോടു നിന്ദ കാണിക്കരുത്.
24 സത്യം സമ്പാദിച്ചു വർദ്ധിപ്പിക്കുക; ജ്ഞാ
നവും വിവേകവും ശിക്ഷണവും വിററു കള
25 യരുത്. നീതിമാൻെറ പിതാവ് സന്തോഷി
ച്ച് ആഹ്ലാദിക്കും. താൻ ജനിപ്പിച്ച വിജ്ഞാ
നിയിൽ അവൻെറ പിതാവ് ആനന്ദിക്കും.
26 നിൻെറ പിതാവും മാതാവും നിന്നിൽ ആന
ന്ദിക്കട്ടെ. നിന്നെ പ്രസവിച്ചവൾ സന്തോ
27 ഷിച്ചുല്ലസിക്കട്ടെ. എൻെറ മകനേ, നിൻെറ
ഹൃദയവും നിൻെറ കണ്ണുകളും എനിക്കായി
തരിക. അവ എൻെറ വഴികൾ പാലിക്കട്ടെ.
28 വേശ്യ, അഗാധമായ പടുകുഴിയാ
കുന്നു. പരസ്ത്രീ ഞെരുക്കങ്ങളുടെ കിണറു
മാകുന്നു. അവൾ പെട്ടെന്നു വിനാശം വരു
ത്തും. അനേകം ആളുകൾ തിന്മ വർദ്ധിപ്പി
ക്കുന്നു.
29 ആർക്കാണ് ദുരിതം! ആർക്കാണ് അതി
വേദന? ആർക്കാണു ശിക്ഷാവിധി?
ആർക്കാണ് അനർത്ഥങ്ങൾ? ആർക്കാണ്
അകാരണമായ മുറിവുകൾ! ആരുടെ കണ്ണു
കളാണ് ചുവന്നു കലങ്ങിയിരിക്കുന്നത്!
30 ദീർഘമായി വീഞ്ഞു കുടിക്കുന്നവർക്കും
മദ്യശാല എവിടെയാണ് എന്നന്വേഷിക്കു
31 ന്നവർക്കും അല്ലയോ? നീയോ വീഞ്ഞു
കുടിച്ച് മത്തനാകരുത്. പിന്നെയോ, പുണ്യ
മുള്ള മനുഷ്യരോടു നീ സംസാരിക്കുക.
അവരുമൊത്ത് നീ നടന്ന് സംഭാഷണം
32 നടത്തിക്കൊണ്ടിരിക്കുക. ചഷകങ്ങളിൽ
വീഞ്ഞു നുരച്ചു പൊങ്ങുന്നത് നീ നോക്കി
ക്കൊണ്ടിരിക്കരുത്. പിന്നെയോ പുണ്യ
ത്തോടെ ചിന്തിക്കുക. എന്തെന്നാൽ അവ 33
സാനം മദ്യം, പാമ്പിനെപ്പോലെയും അണ
ലിയെപ്പോലെയും കടിക്കും. എപ്പോൾ നീ 34
പരസ്ത്രീയെ മോഹത്തോടെ നോക്കുമോ,
അപ്പോൾ മുതൽ നിൻെറ ഹൃദയം വികടത്വം
സംസാരിച്ചുകൊണ്ടിരിക്കും. നീ നടുക്കട
ലിൽ കിടക്കുന്നവനെപ്പോലെയും കൊടു
ങ്കാററിൽ പെട്ട മാലുമിയെപ്പോലെയുമാകും.
നീ പറയും: അവർ എന്നെ അടിച്ചു; എനി 35
ക്കു വേദനിച്ചില്ല. അവരെന്നെ പരിഹസി
ച്ചു; ഞാൻ അതറിഞ്ഞില്ല. ഞാൻ എപ്പോൾ
ഉണരും? വീണ്ടും ഞാൻ അതന്വേഷിച്ചു
പോകും.

അദ്ധ്യായം 24

ദുഷ്ടന്മാരെക്കുറിച്ച് അസൂയ തോന്ന 1
രുത്. അവരോടു ഒത്തു കൂടുവാൻ ആഗ്രഹ
വുമരുത്. അവരുടെ മനസ്സ് അക്രമമമാണ്
ചിന്തിക്കുന്നത്. അവരുടെ അധരങ്ങൾ തിന്മ
സംസാരിക്കുന്നു. ജ്ഞാനത്താൽ ഭവനം 2
പണിയപ്പെടുന്നു. വിവേകത്താൽ അതു
മുഴുവൻ ക്രമത്തിലായിരിക്കുന്നു. പരിജ്ഞാ
നത്താൽ അതിൻെറ അറകളെല്ലാം ധനവും, 3
മാനവും ആനന്ദവും നിറഞ്ഞിരിക്കുന്നു.
ബലവാനേക്കാൾ ഉത്തമൻ ബുദ്ധിമാൻ!
വിജ്ഞാനമുള്ളവൻ ശക്തിപരാക്രമമുള്ള
വനിലും ശ്രേഷ്ഠൻ! വൈരാഗ്യത്തോടെ 4
യുദ്ധം ചെയ്യുന്നു. ആലോചനയുടെ ആധി
ക്യത്താലാണ് വിജയം. വിജ്ഞാനം ഭോഷ
നു അകലെയാണ്. അതിൻെറ വാതിൽ 5
അവൻ തുറക്കുകയില്ല. തിന്മ ചെയ്യു 6
വാൻ ആലോചിച്ചുകൊണ്ടിരിക്കുന്നവൻ,
അധർമ്മി എന്നു വിളിക്കപ്പെടുന്നു. ഭോഷ 7
ൻെറ ആലോചനയെല്ലാം പാപമാകുന്നു:
തിന്മയാണ് മനുഷ്യൻെറ മാലിന്യം. അനീതി 8
പരന്മാരെ ഞെരുക്കകാലത്ത് തിന്മ കൂട്ടി
ക്കൊണ്ടുപോകും—കൊലയ്ക്കായി കൊ
ണ്ടു പോകുന്നവരെ രക്ഷിപ്പിൻ. കൊലയ് 9
ക്കായി പിടിച്ചുവയ്ക്കപ്പെട്ടവരെ വിലയ്ക്കെ
ടുക്കുവാൻ നീ മടിക്കരുത്. എനിക്കറിഞ്ഞു 10
കൂടാ എന്നാണു നീ പറയുന്നതെങ്കിൽ,
ഹൃദയാന്തർഭാഗത്തെ ആലോചന ദൈവം
പരിശോധിക്കുന്നുവെന്നും, നിൻെറ ജീവൻ
കാത്തുകൊൾവാൻ അവനറിയാമെന്നും നി
അറിഞ്ഞുകൊൾക. താൻ ഓരോരുവനും 11
പ്രവൃത്തിക്കൊത്ത പ്രതിഫലം കൊടുക്കും.
എൻെറ മകനേ, തേൻ ആഹരിക്കുക; അതു 12
നല്ലതാണ്, തേൻകട്ട നിൻെറ വായിൽ
മധുരമായിരിക്കും. ഇങ്ങനെതന്നെ നിൻെറ

ാസ്സിന് വിജ്ഞാനത്തേയും കണ്ടെ
ണം. നിനക്കു ശുഭപര്യവസാനമു
ാകും; നിനക്കു നിരാശയുണ്ടാകയില്ല.
ധർമ്മി നീതിമാൻെറ വാസസ്ഥലത്ത്
റിയിരിക്കരുത്; അവൻെറ ഭവനം കൊള്ള
യ്യരുത്. എന്തെന്നാൽ നീതിമാൻ ഏഴു
വശ്യം വീണാലും, അവൻ എഴുന്നേൽ
ം. ദുഷ്ടന്മാർ, തിന്മ മൂലം മറിച്ചിടപ്പെടും.
ൻെറ ശത്രുവിൻെറ പതനത്തിൽ നീ
ന്താഷിക്കരുത് —അവൻ മറിച്ചിടപ്പെടു
ാൾ നിൻെറ മനസ്സ് ആഹ്ളാദിക്കയുമരു
പക്ഷെ, ദൈവം അതു കണ്ടിട്ട് തനിക്ക്
നിഷ്ടം തോന്നി അവനിൽനിന്നു കോപം
റിയേക്കാം. തിന്മപെട്ടവരെക്കുറിച്ച്
ാക്ക് അസൂയയും, അനീതിക്കാരെക്കു
വൈരാഗ്യവും തോന്നരുത്. എന്തെ
ൽ ദുഷ്ടന്മാർക്ക് നല്ല അവസാനം
ാകുകയില്ലതന്നെ. അനീതിപരന്മാരു
ദീപം കെട്ടുപോകും. എൻെറ മകനേ,
വത്തെ ഭയപ്പെട്ടു വാഴുക. അധർമ്മിക
ടു കൂടെ നീ സംസർഗ്ഗം ചെയ്യരുത്.
ന്തന്നാൽ അവരുടെ തകർച്ച പെട്ടെ
ന്ന്. അവരുടെ ആയുസ്സിൻെറ സീമ
റിയുന്നു?
ജ്ഞാനമുള്ളവരോടു ഞാൻ പറയുന്നു.
യിൽ മുഖപക്ഷം നോക്കുന്നതു നന്നല്ല.
മിയോട് നീ നീതിമാനാണെന്നു പറ
തും നന്നല്ല. ജാതികൾ അവനെ
ക്കും, ജനങ്ങൾ അവനെ പരിഹസി
ശിക്ഷണം (ശാസനം) നൽകുന്നവർ
ന്താഷിക്കും. അവരുടെ മേൽ സമൃദ്ധ
വാഴ്വുണ്ടാകും. ശാസനം നൽകുന്ന
ട അധരങ്ങളെ അവർ ചുംബിക്കും.
ം തെരുവിലെ ജോലികൾ ക്രമപ്പെടു
; വയലിലെ പണികളും തീർക്കുക.
ട് വീടു പണിയുക. നിൻെറ സഖാ
തിരായി നീ കള്ള സാക്ഷ്യം പറയരുത്.
റ അധരങ്ങളാൽ അവനെ വഞ്ചിക്ക
അവൻ എന്നോടു ചെയ്തതുപോലെ
അവനോടും ചെയ്യും. അവൻെറ
ത്തിക്കനുസരണമായി ഞാൻ പ്രതി
ാചെയ്യും എന്നു നീ പറയരുത്.
ാലസൻെറ വയലിലൂടെയും ബുദ്ധി
ൻെറ തോപ്പിൽക്കൂടെയും ഞാൻ
പോയി. അവ മുഴുവൻ പറക്കാര
കിടക്കുന്നു! അതു മുഴുവൻ കളകൾ
മൂടിയിരുന്നു. കൽഭിത്തികൾ തകർ
ണു കിടക്കുന്നു! ഞാൻ ഇതു കണ്ട്
ച്ചു. എനിക്കൊരു ഗുണപാഠവും കിട്ടി.
ം കുടി മയങ്ങാം. അല്പം കുടി
ഉറങ്ങാം. അല്പം കൂടി നെഞ്ചത്ത് കൈയും
കെട്ടിയിരിക്കാം. ഇങ്ങനെയായാൽ ദാരിദ്ര്യം
നിൻെറ മുമ്പിൽ നടക്കും. സന്ദേശവാഹക
നെപ്പോലെ നിർദ്ധനാവസ്ഥ നിന്നെ
എത്തിപ്പിടിക്കും.

ശലോമോൻെറ സദൃശവാക്യങ്ങൾ
സമാപ്തം.

അദ്ധ്യായം 25

ഇവയും, ശലോമോൻെറ അഗാധമായ 1
സദൃശവാക്യങ്ങൾതന്നെ. യഹൂദരാജാ
വായ ഹെസക്കിയ രാജാവിൻെറ സ്നേ
ഹിതന്മാർ ഇവ എഴുതിവച്ചു.
വചനം നിഗൂഢമായിവയ്ക്കുകയാണ് 2
ദൈവത്തിൻെറ മഹത്വം. രാജാക്കന്മാരുടെ
മഹത്വം വചനം ആരാഞ്ഞ് അറിയുന്നതും.
ആകാശങ്ങൾ ഉയർന്നിരിക്കുന്നു. ഭൂമി 3
ആഴമുള്ളതും. രാജാക്കന്മാരുടെ മനസ്സും
പരിശോധിക്കാവതല്ല. നിർമ്മലമായ പാത്രം 4
ഉണ്ടാക്കുവാൻ വെള്ളിയിൽനിന്നും കീടം
മാററിക്കളയുന്നു. രാജസന്നിധിയിൽനിന്നും 5
അധർമ്മികൾ ചിതറിക്കപ്പെടും, അപ്പോൾ
തൻെറ സിംഹാസനം നീതിയിൽ സുസ്ഥിര
മായിരിക്കും. രാജസന്നിധിയിൽ നീ നിഗളി 6
ക്കുകയോ, പ്രമാണികളുടെ സ്ഥാനത്ത്
കേറി നിൽക്കുകയോ അരുത്. അധികാരി 7
യുടെ മുമ്പിൽവച്ച് നിന്നെ താഴ്ത്തിക്കെ
ട്ടുന്നതിലും അഭികാമ്യമല്ലേ, മേൽസ്ഥാന
ത്തേക്കു കയറി വരിക! എന്ന് നിന്നോടു പറ
യുന്നത്? നിൻെറ കണ്ണുകൊണ്ട് നീ കണ്ടതു 8
മാത്രമേ പറയാവൂ. ധൃതിയായി വിധി
കല്പിക്കരുത്. അങ്ങനെ ചെയ്താൽ
അവസാനം നിൻെറ മിത്രങ്ങളും നിന്നെ
നിന്ദിക്കും. നിൻെറ കൂട്ടുകാരനുമായുള്ള 9
തർക്കം, തമ്മിൽ പറഞ്ഞു തീർക്കുക.
മററൊരുവൻെറ രഹസ്യം നീ വെളിപ്പെടു
ത്തരുത്, കേൾക്കുന്നവർ നിന്നെ പുച്ഛി 10
ക്കുകയേയുള്ളു. അവർ നിന്നെക്കുറിച്ചു
പലതും ചിന്തിക്കാനിടയാകും. ഉചിതമായ 11
വാക്ക്, വെള്ളിത്തകിടിന്മേൽ സ്വർണ്ണ
നിർമ്മിതമായ മാതളപ്പഴംപോലെയാണ്.
സ്വർണ്ണനിർമ്മിതമായ കർണ്ണാഭരണവും 12
കണ്ഠാഭരണവുംപോലെയാണ്, ജ്ഞാനി
കളുടെ ശാസനം, ശ്രോതാവിൻെറ കർണ്ണ
ത്തിന്. കൊയ്ത്തുകാലത്ത് പനിമഞ്ഞ് 13
പെയ്തു ചൂടു ശമിപ്പിക്കുന്നതുപോലെ
യാണ്, വിശ്വസ്തനായ ദൂതൻ, അവനെ
അയച്ചവർക്കും. അവൻെറ യജമാനന്മാരുടെ
മനസ്സിനെ അവൻ തണുപ്പിക്കുന്നു. വ്യാജ 14
മായ ദാനങ്ങളെക്കുറിച്ച് അഹങ്കരിക്കുന്ന

വൻ, കാർമേഘവും കാററുമുണ്ടായിട്ടും മഴ
15 പെയ്യാതിരിക്കുന്നതുപോലെതന്നെ. ദീർഘ
മായ ക്ഷമകൊണ്ട് അധികാരിയെ ആകർ
ഷിക്കുവാൻ കഴിയും. മൃദുവായ വാക്കു
കൊണ്ട് കടുത്ത അസ്ഥികളെപ്പോലും
16 തകർക്കാം. തേൻ കണ്ടുകിട്ടിയാൽ നിൻെറ
ആവശ്യത്തിനു മാത്രം കഴിക്കുക; അല്ലെ
ങ്കിൽ മതിവന്നശേഷം എല്ലാം കൂടി ഛർദ്ദിച്ചു
17 പോകും. നിൻെറ സുഹൃദ് ഭവനത്തിൽ ചുരു
ക്കമായേ പോകാവൂ. അല്ലെങ്കിൽ അവൻ
നിന്നെ സൽക്കരിക്കാതെ, വെറുത്തു പോ
18 യേക്കാം. തൻെറ കൂട്ടുകാരനെതിരായി
കള്ളസാക്ഷി പറയുന്നവൻ ഇരുമ്പുവടി
യോ, വാളോ കൂരമ്പോ പോലെയത്രെ.
19 വ്യാജമുള്ളവൻെറ ആപൽകാലത്തെ പ്ര
ത്യാശ, ചീത്തയായ പല്ലും ആടുന്ന കാലും
20 പോലെയുമത്രെ. തണുപ്പുള്ള ദിവസത്തിൽ
തൻെറ സ്നേഹിതനിൽനിന്നും അവൻെറ
മേലങ്കി എടുക്കുന്നവൻ, മുറിപ്പാടിൽ വിനാ
ഗിരി ഒഴിക്കുകയും, നൊമ്പരപ്പെടുന്ന മന
21 സ്സിനെ ഞെക്കിപ്പിഴിയുകയും ചെയ്യുന്നവ
നത്രെ. പുഴു, വസ്ത്രത്തേയും, ചിതൽ തടി
യേയും എന്നപോലെ ദുഃഖം മനുഷ്യമന
22 സ്സിനെ അലട്ടുന്നു. നിൻെറ ശത്രു വിശന്നിരി
ക്കയാണെങ്കിൽ നീ അവനു ഭക്ഷണം കൊടു
ക്കണം. അവൻ ദാഹപീഡിതനെങ്കിൽ
23 അവനു കുടിപ്പാൻ കൊടുക്കണം. നീ
ഇങ്ങനെ ചെയ്യുമെങ്കിൽ നീ അവൻെറ തല
യിൽ (പശ്ചാത്താപത്തിൻെറ) തീക്കനൽ
കൂട്ടും. ദൈവം നിനക്ക് പ്രതിഫലവും തരും.
24 വടക്കൻ കാററു മഴ വരുത്തുന്നു; ദുർമ്മുഖ
25 വും നിഗൂഢമായ നാവും ഇതുപോലെ
തന്നെ. കലഹക്കാരിയായ ഭാര്യയോടുകൂടെ
ഭിന്നിച്ചിരിക്കുന്ന വീട്ടിനുള്ളിൽ കഴിയുന്ന
തിലും ഭേദം, പുരയുടെ അഗ്രത്തിന്മേൽ കൂടി
26 പാർക്കുന്നതാണ്. വിദൂരദേശത്തുനിന്നു
കിട്ടുന്ന സദ്വാർത്ത, ദാഹമുള്ളവനു
27 തണുത്ത വെള്ളം കിട്ടുന്നതുപോലെതന്നെ.
അനീതിപരൻെറ മുമ്പിൽ നീതിമാൻ
വീണുപോകുന്നത്, ഒരുവൻ നീരുറവ
28 കെട്ടിയടച്ച് വെള്ളം മലിനമാക്കുന്നതിന്
തുല്യമത്രെ. തേൻ അധികം കഴിക്കുന്നതും
മഹത്വമുള്ള വചനങ്ങളെ അത്യധികം
29 കടന്നു പരിശോധിക്കുന്നതും നല്ലതല്ല.
ക്ഷമയില്ലാത്ത മനുഷ്യൻ കോട്ടയില്ലാതെ
പൊട്ടിപ്പൊളിഞ്ഞ പട്ടണംപോലെയത്രെ.

അദ്ധ്യായം 26

1 വേനൽക്കാലത്ത് മഞ്ഞും കൊയ്ത്തു
കാലത്തു മഴയും എന്നതുപോലെ ഭോഷന്
ബഹുമാനം ചേർച്ചയുള്ളതാകയില്ല. ആകാ 2
ശത്തു പറക്കുന്ന കുരുവിയും, പക്ഷിജാല
വും പോലെ വ്യർത്ഥമായ ശാപം പറന്നു
പോകുകയേയുള്ളു. കുതിരയ്ക്കു വടിയും, 3
കഴുതയ്ക്ക് ചമ്മട്ടിയും എന്നതുപോലെ,
ഭോഷന് ചമ്മട്ടിയേ ചേരൂ. നീയും ഭോഷനു 4
സമനാകാതിരിക്കേണ്ടതിന്, നീ ഭോഷ
നോട് അവൻെറ ഭോഷത്വംപോലെ മറുപടി
പറയരുത്. പ്രത്യുത നിൻെറ ജ്ഞാനത്തിന് 5
ചേരുന്ന രീതിയിലേ നീ ഭോഷനോട്
സംസാരിക്കാവൂ. അല്ലെങ്കിൽ, അവനും
ജ്ഞാനിയാണെന്ന് അവൻ വിചാരിച്ചു
പോകും. ഭോഷൻ വഴിയായി (സന്ദേശം) 6
അയയ്ക്കുന്നവൻ സ്വന്തം കാൽകീഴിൽ
നിന്നും അധർമ്മം പാനംചെയ്യുകയാണ്.
മുടന്തനു നടക്കാൻ പ്രാപ്തി കൊടുക്കാൻ 7
നിനക്ക് കഴിയുമെങ്കിലേ, ഭോഷൻെറ 8
വായിൽനിന്നു വരുന്ന വാക്ക് സ്വീകരി
ക്കാവൂ. ഭോഷനു ബഹുമാനം കൊടുക്കു
ന്നത് കവിണയിൽ വെച്ചിരിക്കുന്ന കല്ലു
പോലെയാണ്. മദ്യമത്തൻെറ കൈയിൽ 9
മുള്ളു തുളഞ്ഞു കയറി; അതുപോലെ
തന്നെ ഭോഷൻെറ വായിൽ, വിവരക്കേടും.
ഭോഷൻെറ ദേഹം വളരെ വേദനിക്കും; 10
മദ്യപൻ കടൽ കടന്നു. ഭോഷത്വംമൂലം 11
ഭോഷ്ക്ക് പറയുന്നവൻ, അതിൻെറ ഛർദ്ദി
യിലേക്കു തിരിയുന്ന നായയെപ്പോലെ
തന്നെ. സ്വന്തദൃഷ്ടിയിൽ താൻ ജ്ഞാനി 12
യെന്നു വിചാരിക്കുന്നവനെ നീ കാണുമെ
ങ്കിൽ അവനേക്കാൾ വളരെ മെച്ചം ഭോഷ
നാണ്. മടിയനെ ഒരു വഴിക്കയയ്ക്കുമ്പോൾ 13
അവൻ പറയും: "വഴിയിൽ സിംഹമുണ്ട്.
തെരുവിലും സിംഹമുണ്ട്" എന്ന്. വാതിൽ 14
അതിൻെറ ചുഴിയിൽ കറങ്ങുന്നതുപോലെ,
അലസൻ അവൻെറ മെത്തമേൽ തിരിഞ്ഞു
മറിയുന്നു. മടിയിൽ കൈയും വച്ചുകൊണ്ടി 15
രിക്കുന്ന മടിയൻ, അവൻെറ കൈ വായി
ലേക്ക് അടുപ്പിക്കുവാൻ വളരെ പ്രയാസ
പ്പെടും. വിവേകികളായ ഏഴു പേരേക്കാൾ 16
താനാണ് വിജ്ഞൻ എന്ന് അലസനു
സ്വയം തോന്നുന്നു. അന്യരുടെ വിധിക്കാര്യ 17
ത്തിൽ, ചെന്നു കേറുന്നവൻ നായയുടെ
ചെവിക്കു കേറിപ്പിടിക്കുന്നവനു തുല്യൻ.
ധിക്കാരികൾ, മാരകമായ മൂർച്ചയേറിയ 18
കൂരമ്പുകൾപോലെ വാക്കുകൾ ചുഴററി
എറിയുന്നതുപോലെയാണ്, ഒരുവൻ അവ
ൻെറ കൂട്ടുകാരനോട് വഞ്ചന ചെയ്യുന്നത്.
അവനെ തിരിച്ചറിഞ്ഞു എന്നു കാണു 19
മ്പോൾ അവൻ പറയും, ഞാൻ വെറും
നേരമ്പോക്കായി ചെയ്തതല്ലേ? എന്ന്!

ല്ലാതിരുന്നാൽ തീ കെടും. കലഹ
ഇല്ലാത്തിടത്ത്, ശാന്തിയുണ്ടാ
ം—കരി തീക്കനലിനേയും, വിറക്
യയും എന്നപോലെ കലഹപ്രിയൻ
യ്ക്കായി പ്രേരിപ്പിക്കുന്നു. കലഹ
റ വാക്കുകൾ കലഹമുണ്ടാക്കുന്നു;
നസ്സിന്റെ ഉള്ളറയിലേക്ക് ഇറങ്ങി
ന്നു. മൺപാത്രത്തിന്റെ പുറത്ത്
ള വെള്ളി പൊതിഞ്ഞതിനു തുല്യ
ലിക്കുന്ന അധരങ്ങളും തിന്മയുള്ള
ചും. അവന്റെ വായിൽനിന്നു
ാണ്, ശത്രു ആരെന്ന് അറിയ
ത്. അവന്റെ ഉള്ളിൽ കെണി
വച്ചിരിക്കുന്നു. അവന്റെ സ്വരം
യാലും നീ അവനിൽ വിശ്വാസ
രുത്, അവന്റെ ഉള്ളിൽ ഏഴു
ഉണ്ട്. അവൻ ശത്രുത, ഹൃദയ
ളിച്ചു വച്ചാലും, സംഘം കൂടു
അവന്റെ തിന്മ പ്രത്യക്ഷമാകും.
കുഴി കുഴിക്കും; അവൻ തന്നെ
വീഴും. അവൻ കല്ലുരുട്ടിക്കൊണ്ടു
ത് അവന്റെ മേൽതന്നെ തിരികെ
ാജമുള്ള നാവ്, സത്യത്തെ വെറു
ലഹമുണ്ടാക്കുന്ന വദനം, കലഹ
ുന്നു.

അദ്ധ്യായം 27

യെക്കുറിച്ച് അഹങ്കരിക്കേണ്ട;
ന്തു സംഭവിക്കുമെന്ന് നിനക്കറി
. നിന്റെ വായല്ല; മററൊരുവ
ം നിന്നെ കീർത്തിക്കട്ടെ, നിന്റെ
ല്ല; വേറൊരുവൻ നിന്നെ പുക
കല്ലിനു ഭാരമുണ്ട്, മണലിനും
എന്നാൽ ഭോഷന്റെ കോപം
നേക്കാളും ഭാരം കൂടിയതാണ്.
ഉഗ്രതയും, ക്രോധവും ധിക്കാര
രാഗ്യമുള്ളവന്റെ മുമ്പിൽ ആരു
ഗൂഢമായ സ്നേഹത്തേക്കാൾ,
ശാസനയാണ് നല്ലത്. സ്നേ
അടിയാണ്, ശത്രുവിന്റെ
ത്തേക്കാൾ വിശിഷ്ടം. തിന്നു
ഞ്ഞയാൾ തേൻകട്ടകളും മാററി
ിശന്നിരിക്കുന്നവനാകട്ടെ, കൈ
അവനു മധുരമായി തോന്നും.
ിന്റെ കൂടുവിട്ട് അലയുന്നതു
ന്ന്, മനുഷ്യൻ അവന്റെ വീടു
ത്. സുഗന്ധതൈലവും, സുഗ
ളും മനസ്സിനു സന്തോഷം
ുപോലെയാണ്, തന്റെ നല്ല
ൊണ്ട് കൂട്ടുകാരനു ആനന്ദം

ഉളവാക്കുന്നവൻ. നിന്റെയും നിന്റെ 10
പിതാവിന്റെയും സുഹൃത്തിനെ ഉപേക്ഷി
ക്കരുത്: നിനക്കു കുറവു വരുമ്പോൾ നിന്റെ 11
സഹോദരഭവനത്തിൽ പോകരുത്. അടു
ത്തുള്ള അയൽക്കാരനാണ് അകലെയുള്ള
സഹോദരനേക്കാളും നല്ലത്. എന്റെ 12
മകനേ, വിജ്ഞാനം പ്രാപിച്ച്, എന്റെ
മനസ്സിന് ആനന്ദം വരുത്തുക.
എന്നെ നിന്ദിക്കുന്നവരുടെ നിന്ദനം 13
എന്നിൽനിന്നും അകററിത്തരിക. ബുദ്ധി 14
മാൻ അനർത്ഥം കണ്ടിട്ട് ഒളിച്ചു മാറി.
ഭോഷനോ അതിലൂടെ കടന്നു; നാശവു
മായി. അന്യനു ജാമ്യം നിൽക്കുന്നവന്റെ 15
കുപ്പായം എടുത്തുപോകും; അന്യനുവേ
ണ്ടി അവന്റെ വാസസ്ഥലവും എടുക്ക
പ്പെടും. വെറും ഭംഗിവാക്കായി ഉച്ചത്തിൽ 16
അന്യനു നേരുന്ന അനുഗ്രഹം, ശപിക്കു
ന്നവന്റേതിൽനിന്നും വ്യത്യസ്തമല്ല.
ദിവസം മുഴുവൻ ഇററിററു വീഴുന്ന ചാറൽ 17
മഴപോലെയാണ് കലഹപ്രിയയായ ഭാര്യ
യും! വടക്കൻ കാററ് ഉഗ്രമാണ്; വലത്തേ 18
തിന്റെ പേരിൽ അതു വിളിക്കപ്പെടുന്നു.
ഇരുമ്പാണ് ഇരുമ്പിനു മൂർച്ച കൂട്ടുന്നത്. 19
ഒരുവൻ അവന്റെ കൂട്ടുകാരന്റെ മുഖ
ത്തിന് മൂർച്ച കൂട്ടുന്നു. അത്തിമരസൂക്ഷി 20
പ്പുകാരൻ അതിന്റെ ഫലത്തിൽ നിന്നും
തിന്നും. യജമാനനെക്കുറിച്ചു കരുതലുള്ള
വൻ ബഹുമാനിതനാകും. ഒരു മുഖത്തിനു 21
മററൊരു മുഖവുമായി സാമ്യമില്ലാത്തതു
പോലെ, ഹൃദയങ്ങൾ തമ്മിലും സാമ്യമു
ണ്ടാകുന്നില്ല. പാതാളത്തിനും വിനാശ
ത്തിനും ഒരിക്കലും തൃപ്തിവരുന്നില്ല;
അതുപോലെ മനുഷ്യന്റെ കണ്ണുകൾക്കും
തൃപ്തിവരുന്നില്ല; വെള്ളിയെ ശുദ്ധി ചെയ്യു 22
ന്നയാളും, സ്വർണ്ണത്തെ മൂശയും പരിശോധി
ക്കുന്നു: മനുഷ്യനോ അവനെ പുകഴ്ത്തു
ന്നവരുടെ വായാൽ ബഹുമാനിതനാകുന്നു.
അധർമ്മിയുടെ മനസ്സ് തിന്മ അന്വേഷി
ക്കുന്നു; നീതിമാന്റെ മനസ്സോ, പരിജ്ഞാ
നവും. ജനങ്ങൾക്കിടയിൽ വച്ച് നീ ഭോഷ 23
നെ അടിച്ചാലും അവനൊരു പ്രയോജനവും
നീ വരുത്തുന്നില്ല. നീ ആടു മേയ്ക്കുമ്പോൾ 24
ആടിന്റെ മുഖം അറിഞ്ഞിരിക്കുക. നിന്റെ
അജഗണത്തിൽ നിന്റെ മനസ്സു മുഴുവനും
അർപ്പിക്കുക. ആധിപത്യം എന്നെന്നേക്കു
മോ തലമുറതലമുറയായോ ഏല്പിക്കാവു
ന്നതോ അല്ല. പുല്ല് മുളച്ചു വന്നു; തളിർ കാ 25
ണപ്പെട്ടു. മലകളിലെ പുല്ലു ശേഖരിക്കപ്പെ
ട്ടു. അപ്പോൾ കുഞ്ഞാടുകൾ നിന്റെ വസ്ത്ര
ത്തിനുള്ളതും, മുട്ടാടുകൾ നിനക്കു ഭക്ഷണ

26 ത്തിനും ആയിത്തീരും. ആട്ടിൻപാൽ നിന
ക്കും നിൻെറ വീട്ടിലുള്ളവർക്കും ഉപ
യോഗിക്കുവാനും ലഭ്ധമാകും.

അദ്ധ്യായം 28

1 ഓടിക്കാൻ ആരുമില്ലെങ്കിലും അധർമ്മി
കൾ ഓടിപ്പോകും. നീതിമാന്മാരോ, സിംഹ
തുല്യം ധൈര്യമായി നിൽക്കും. ദേശത്തെ
2 അനീതിമൂലം, അധികാരികൾ വർദ്ധിക്കു
ന്നു. നീതി അറിഞ്ഞിട്ടുള്ള നീതിമാന്മാർ
3 അതിൽ സുദീർഘമായി വസിക്കും. ദരിദ്ര
നെ വിഷമിപ്പിക്കുന്നവൻ, ഒരു പ്രയോജ
നവും വരുത്താത്ത അതിവർഷംപോലെ
4 യാണ്. നിയമം ലംഘിക്കുന്നവൻ അനീതി
യിൽ പ്രശംസിക്കുന്നു. പ്രമാണം പാലി
ക്കുന്നവനോ സ്വയം ശക്തീകരിക്കുന്നു.
5 അധർമ്മി നീതിന്യായം മനസ്സിലാക്കുന്നില്ല.
ദൈവത്തെ അന്വേഷിക്കുന്നവൻ, സർവ്വ
6 നല്ല കാര്യവും അറിയുന്നു. ദരിദ്രൻ പര
മാർത്ഥതയോടെ പെരുമാറുന്നു. ധനവാ
ൻെറ വഴികൾ വികടമത്രെ.
7 നിയമം പാലിക്കുന്നവൻ, വിവേകമുള്ള
പുത്രനത്രെ. വ്യർത്ഥതയ്ക്ക് സേവനം
ചെയ്യുന്നവൻ, മാതാപിതാക്കൾക്കു ലജ്ജ
8 വരുത്തിവയ്ക്കുന്നു. കൊള്ളലാഭവും പലി
ശയുംകൊണ്ട് സമ്പത്തു വർദ്ധിപ്പിക്കുന്ന
വൻ അത്, ദരിദ്രരോടു സഹതാപമുള്ള
വൻെറ കൈവശം ചെന്നു ചേരത്തക്കവണ്ണം
9 അതുപേക്ഷിച്ചുപോകേണ്ടിവരും. പ്രമാ
ണം കേൾപ്പാൻ മനസ്സില്ലാതെ ചെവി പൊ
ത്തുന്നവൻെറ പ്രാർത്ഥന അശുദ്ധമായിരി
10 ക്കും. പരമാർത്ഥിയെ ദുർമാർഗ്ഗത്തിലേ
ക്കു വഴി തെററിക്കുന്നവൻ കുഴിയിൽ വീഴും.
പരമാർത്ഥികൾ നന്മകൾ അവകാശമായ
11 നുഭവിക്കും. ധനവാൻ അവൻെറ നോട്ട
ത്തിൽ ബുദ്ധിമാനായി തോന്നും; വിവേക
മുള്ള ദരിദ്രൻ അവനെ കുററപ്പെടുത്തുന്നു.
12 നീതിമാന്മാരുടെ ശക്തിമൂലം ബഹുമാനം
വർദ്ധിക്കുന്നു. അനീതിപരൻെറ നിലമൂലം
അവൻെറ ബഹുമാനം കുറഞ്ഞുപോകും.
13 തൻെറ അനീതി സ്വയം മറച്ചുവയ്ക്കുന്ന
വൻ, ശോഭിക്കയില്ല. പാപം ഏററുപറയു
ന്നവനോ, അവ വിട്ടുമാറുന്നു. അവൻെറ
14 മേൽ ദൈവകരുണയുമുണ്ടാകും. എപ്പോഴും
ഭക്തിയോടിരിക്കുന്നവൻ ഭാഗ്യവാൻ;
ഹൃദയം കഠിനമാക്കുന്നവൻ ദുരിതത്തിൽ
15 നിപതിക്കും. സിംഹം ഗർജിക്കുന്നു; ചെ
ന്നായ കുവുന്നു; എളിയ ജനത്തിന്മേൽ
അധർമ്മി അധികാരിയായതുമൂലംതന്നെ.
16 അല്പബുദ്ധിയായ ഭരണാധിപൻെറ പ്രയാ
സങ്ങൾ വർദ്ധിച്ചിരിക്കും. വഞ്ചന നിരസി
ക്കുന്നവനു ദീർഘായുസ്സുണ്ടാകും. രക്ത
പാതകംമൂലം മനസ്സു നീറുന്നവൻ, തിര
ഞ്ഞെടുക്കപ്പെട്ടവരുടെ അടുക്കലേക്ക്ഓടും;
അവരോ അവനെ സഹായിക്കുകയില്ല.
നിർമ്മലനായി ജീവിക്കുന്നവൻ രക്ഷപെടും,
വക്രമാർഗ്ഗമുള്ളവനോ, കുഴിയിൽ വീഴും.
വയലിൽ വേല ചെയ്യുന്നവൻ ഭക്ഷിച്ചു തൃപ്ത 19
നാകും; വ്യർത്ഥതയുടെ പിന്നാലെ പായുന്ന
വൻ ദാരിദ്ര്യംകൊണ്ടും മതിയാകും. വിശ്വ 20
സ്തനായ മനുഷ്യന് വളരെയേറെ അനുഗ്ര
ഹങ്ങളുണ്ടാകും. ദുഷ്ടൻെറ അനീതിക്ക്
പരിഹാരമില്ല. മുഖസ്തുതി പറയുന്നവൻ നല്ല 21
വനല്ല. എന്തെന്നാൽ അപ്പം നുറുക്കിക്കൊടു 22
ക്കുമ്പോൾ പോലും. അവൻ ഏല്പിച്ചു
കൊടുക്കും. ദുഷ്കണ്ണുള്ളവൻ തിടുക്ക 23
ത്തിൽ ധനികനാകുവാനാഗ്രഹിക്കുന്നു.
അവനു വൻ ചേതം വരും എന്ന് അവൻ
അറിയുന്നില്ല. ഒരുവന് ശിക്ഷണം കൊടുക്കു 24
ന്നവന് കരുണ ലഭിക്കും. വാക്കു മാറിപ്പറ
യുന്നവനേക്കാളും അവൻ ഉത്തമനാകുന്നു.
അപ്പനിൽനിന്നോ അമ്മയിൽനിന്നോ 25
ബലമായി അപഹരിച്ചിട്ട് — അതു എനിക്കു
പാപമല്ല എന്നു പറയുന്നവൻ അനീതി
പരൻെറ കൂട്ടുകാരനത്രെ. അത്യാഗ്രഹി 26
യാണ് കലഹത്തിനു പ്രേരിപ്പിക്കുന്നത്.
ദൈവത്തിൽ പ്രത്യാശ വയ്ക്കുന്നവൻ
സംപുഷ്ടനാകും. തന്നിൽതന്നെ ആശ്രയി 27
ക്കുന്നവൻ ഭോഷൻ! പരമാർത്ഥതയോടെ
നടക്കുന്നവൻ, രക്ഷിക്കപ്പെടും. ദരിദ്രനു 28
ദാനംചെയ്യുന്നതുമൂലം ഒരു കുറവുമുണ്ടാ
കയില്ല. എന്നാൽ ദരിദ്രനിൽനിന്നും നോട്ടം
തിരിച്ചുകളയുന്നവൻെറമേൽ ശാപം വർദ്ധി
ക്കും. ദുഷ്ടന്മാർ ഉയർന്നു നില്ക്കുമ്പോൾ,
ആളുകൾ ഓടിമറഞ്ഞിരിക്കും. അവർ
നശിക്കുമ്പോൾ നീതിമാന്മാർ വർദ്ധിക്കും.

അദ്ധ്യായം 29

ശാസനം അംഗീകരിക്കാതെയും, കഠിന 1
കണ്ഠനായും ഇരിക്കുന്നവൻ പെട്ടെന്നു
തകർന്നുപോകും. അവനു ചികിത്സയില്ല.
നീതിമാന്മാരുടെ വർദ്ധനവു മൂലം ജന 2
ത്തിന് അഭിവൃദ്ധിയുണ്ടാകും. അധർമ്മി
കളുടെ ആധിപത്യം മൂലം ജനം നെടുവീർ
പ്പിടും. ജ്ഞാനത്തെ സ്നേഹിക്കുന്നവൻ, 3
അവൻെറ പിതാവിനെ സന്തോഷിപ്പിക്കും.
വ്യഭിചരിച്ചു നടക്കുന്നവൻ തൻെറ സമ്പ
ത്തെല്ലാം നശിപ്പിക്കും. രാജാവ്, നീതിമൂലം 4
ദേശത്തെ ഉയർത്തിനിർത്തുന്നു. അനീതി
പരൻ, നാടിനു ദൗർഭിക്ഷ്യം വരുത്തുന്നു.

ന കൂട്ടുകാരനെതിരായി തെററിപ്പിരിയു
ൽ അവൻെറ കാലുകൾക്ക് വല വിരി
ു. ദുഷ്ടൻ അവൻെറ അനീതിയാൽ
" പിടിക്കപ്പെടും. നീതിമാൻ മഹിമ
സന്തോഷിക്കും - നീതിമാനു പാവ
ക്കായുള്ള നീതിയെ അറിയാം.
തിപരനോ അറിവെന്ത് എന്ന് അറി
ല്ല. പരിഹാസി, കോട്ടകൾ ചുട്ടെരി
; ബുദ്ധിമാന്മാർ കോപം നീക്കിക്കള
ബുദ്ധിമാൻ ഭോഷനുമായി വ്യവ
ാൽ, കോപിക്കും. ആക്ഷേപിക്കും.
ാനമുണ്ടാകയില്ല. രക്തം ചിന്തുന്ന
ുണ്യവാനെ വെറുക്കുന്നു; പുണ്യ
ർ അവരെ സ്നേഹിക്കുന്നു. ഭോഷൻ
ൻെറ കോപം മുഴുവൻ പ്രകടിപ്പിക്കു
ുദ്ധിമാനാകട്ടെ മനസ്സിൽ നന്നായി
ചിക്കുന്നു. അധികാരി വ്യാജവാ
ചെവികൊടുത്താൽ അവൻെറ സേവ
ാം അധർമ്മികളാകും. ദരിദ്രനും
നും പരസ്പരം കണ്ടുമുട്ടി. ദൈവം
ട ഇരുവരുടെയും കണ്ണുകൾ തെളി
സത്യമായി ന്യായപാലനം ചെയ്യു
ാവ്, അവൻെറ സിംഹാസനം നീതി
റപ്പിക്കും. വടിയും ശിക്ഷണവും
ം പ്രദാനംചെയ്യും. സുശിക്ഷിതന
മകൻ അവൻെറ അമ്മയ്ക്കു അവ
ന്. അധർമ്മികളുടെ ആധിക്യം
അധർമ്മം വർദ്ധിക്കും. അവരുടെ
നിൽ നീതിപരന്മാർ സന്തോഷി
ൻെറ മകനു ശിക്ഷണം നൽകുക;
നിനക്ക് ആശ്വാസം നൽകും.
പരന്മാരുടെ ബാഹുല്യത്താൽ ജനം
നമാകും. നിയമം പാലിക്കുന്നവനു
ാക്കുകൊണ്ട് ഭൃത്യൻ ശിക്ഷണം
കുകയില്ല. മനസ്സിലാക്കിയാലും
ിക്കയില്ല. നിറുത്താതെ സംസാരി
ന നോക്കൂ. അവനേക്കാൾ മെച്ചം
ഷനാണ് എന്നറിഞ്ഞുകൊള്ളുക.
ുതൽതന്നെ സുഖഭോഗിയായ
നായിത്തീരും. ഒടുവിൽ അവൻ
പ്പിടും. കോപശീലൻ ശിക്ഷാവിധി
ിപ്പിക്കും; ക്രോധം നിറഞ്ഞവൻ
വർദ്ധിപ്പിക്കും—മനുഷ്യൻെറ
വനെ താഴ്ത്തുകതന്നെ ചെയ്യും;
ഒരുവന് ബഹുമാനം വർദ്ധിപ്പി
ഷ്ടാവിനോടു ചേർന്നു പങ്കു
വൻ, സ്വയം ദുഷിക്കുന്നു. ആണ
റു പറയുന്നുമില്ല. ഒരുവൻെറ
വന് ഇടർച്ചയ്ക്കു കാരണമാ
ദവാശ്രയമുള്ളവൻ ബലവാനാ
കും. അനേകരോ അധികാരിയുടെ സന്മുഖം
അന്വേഷിക്കുന്നു. ഒരുവൻെറ വിധി പുറപ്പെ 25
ടുന്നത് ദൈവസമക്ഷത്തു നിന്നാകുന്നു. അ
ധർമ്മി നീതിമാന് അശുദ്ധനാകുന്നു. ചൊ 26
വ്വായ വഴി അധർമ്മിക്കും വെറുപ്പാകുന്നു.

അദ്ധ്യായം 30

യാക്കിയുടെ മകനായ ആഗൂർ പ്രവ 1
ചനം പ്രാപിച്ച് ശക്തനായി അത്ലിയേലി
നോടു പറഞ്ഞ വചനങ്ങൾ:
എനിക്ക് അറിവു കുറവാണ്. മനുഷ്യർ 2
ക്കുള്ള വിശേഷജ്ഞാനം എന്നിലില്ല.
ജ്ഞാനം എന്തെന്ന് അറിഞ്ഞുകൂടാ; വിശു 3
ദ്ധരുടെ വിജ്ഞാനം ഞാൻ അഭ്യസി
ച്ചിട്ടില്ല. എന്നോടു പറഞ്ഞാലും! ആരാണ് 4
സ്വർഗത്തിലേക്ക് കയറുകയും ഇറങ്ങു
കയും ചെയ്തത്? ആരാണ് കാററിനെ തൻെറ
കൈക്കുള്ളിൽ പിടിച്ചു വച്ചിരിക്കുന്നത്?
വെള്ളത്തെ വസ്ത്രത്തിൽ പൊതിഞ്ഞു
വച്ചിരിക്കുന്നതും ആര്? ഭൂതലാതിരുകൾ
നിശ്ചയിച്ചതാര്? അവൻെറ നാമമെന്ത്?
അവൻെറ പുത്രൻെറ പേരെന്ത്? നിന
ക്കറിയാമോ? ദൈവദത്തവചനങ്ങളെല്ലാം 5
തെരഞ്ഞെടുക്കപ്പെട്ടവയാണ്. അവനിൽ
ആശ്രയിക്കുന്നവരെ അവൻ സഹായി
ക്കുന്നു. അവൻ നിന്നെ ശാസിക്കാതിരി 6
ക്കേണ്ടതിനും, നീ വ്യാജഭാഷി ആകാ
തിരിക്കുവാനുമായി, അവൻെറ വാക്കു
കളോട് ഒന്നും നീ കൂട്ടിച്ചേർക്കരുത്. രണ്ടു 7
കാര്യം ഞാൻ നിന്നോട് അപേക്ഷിച്ചു.
ഞാൻ മരിക്കുന്നതിനു മുമ്പായി അവ
എനിക്കു നിഷേധിക്കരുതേ. എന്നിൽനി 8
ന്നും വ്യർത്ഥതയും വ്യാജഭാഷണവും അക
ററണമെ. ദാരിദ്ര്യവും സമ്പത്തും എനിക്കു
തരരുതേ. ആവശ്യത്തിനുള്ള പാർപ്പിടവും
ആഹാരവും എനിക്കു തരണമേ. ഞാൻ 9
ഭക്ഷിച്ചു തൃപ്തനായി വ്യാജം പറഞ്ഞ് ദൈവം
ആര് എന്നു ഞാൻ പറയുവാനിടയാകരുതേ.
അതുപോലെ ഞാൻ ദരിദ്രനായിത്തീർന്ന്,
മോഷണത്തിനു പോയിട്ട്, ദൈവനാമത്തെ
നിന്ദിക്കുകയും ചെയ്യുവാനിടയാകരുതേ!
ദാസനെ അവൻെറ യജമാനന്മാർക്കു 10
ശിക്ഷയ്ക്കായി ഏല്പിച്ചുകൊടുക്കരുത്.
അങ്ങനെ ചെയ്താൽ അവൻ നിന്നെ ശപി
ക്കും. നീ കുററക്കാരനുമാകും. പിതാക്കന്മാ 11
രുടെ തലമുറയേയും, അവൻെറ മാതാവി
നേയും പുകഴ്ത്താത്തവരുണ്ട്. നിർമ്മല 12
രെന്നു നടിച്ചുകൊണ്ട് സ്വന്തം കറ കഴുകി
ക്കളയാത്ത തലമുറയുണ്ട്. കണ്ണുയർത്തു 13
കയും അഹംഭാവപൂർവ്വം കൺപോളകളു

14 യർത്തുകയും ചെയ്യുന്ന തലമുറ. അവരുടെ
പല്ലുകൾ വാളുകളായും അണപ്പല്ലുകൾ
മൂർച്ചയുള്ള കത്തികളായും കരുതുകയും,
ദേശത്തെ ദരിദ്രരേയും ജനത്തിലുള്ള
അഗതികളേയും തിന്നുകളയുന്ന തലമുറ!
15 കന്നട്ടയ്ക്ക് മൂന്നു പ്രിയപ്പെട്ട പുത്രിമാരുണ്ട്.
തൃപ്തിവരാത്ത മൂന്നു നാലെണ്ണം, ഒരി
16 ക്കലും 'മതി' എന്നു പറയുന്നില്ല. അവ
പാതാളം, വന്ധ്യമായ ഉദരം, വെള്ളംകൊ
ണ്ടു തൃപ്തി വരാത്ത ഭൂമി, മതിവരാത്ത
അഗ്നി. അപ്പനെ പരിഹസിക്കുകയും,
വൃദ്ധയായ അമ്മയെ ശകാരിക്കുകയും
ചെയ്യുന്നവൻെറ കണ്ണുകൾ മലങ്കാക്കകൾ
കൊത്തിപ്പറിച്ചെടുക്കുകയും കഴുകൻെറ
കുഞ്ഞുങ്ങൾ തിന്നു കളയുകയും ചെയ്യും.
17 എനിക്ക് നിഗൂഢമായിരിക്കുന്നവ മൂന്നുണ്ട്.
എനിക്കറിഞ്ഞുകൂടാത്തവ നാലുണ്ട്—
ആകാശത്തിൽ കഴുകൻ പറക്കുന്ന വഴി,
പാറമേൽ പാമ്പിഴയുന്ന വഴി, സമുദ്രത്തി
ലൂടെ കപ്പൽ പോയ വഴി, മനുഷ്യൻെറ
18 യൗവനത്തിലെ വഴി. ഇതുപോലെതന്നെ
യാണ് വ്യഭിചാരിണിയുടെ വഴിയും! അവൾ
ഭക്ഷിക്കുന്നു; മുഖം തുടയ്ക്കുന്നു; എന്നിട്ട്
ഞാനൊന്നും ചെയ്തില്ല എന്നു പറയുന്നു!
19 ത്രിവിധകാര്യങ്ങൾക്കു കീഴെ ഭൂമി വിറ
യ്ക്കുന്നു. നാലു കാര്യങ്ങൾ അതിനു
അസഹനീയമാണ്. അടിമ രാജാവായിത്തീ
രുന്നത്, ഭക്ഷിച്ചു തൃപ്തനായ ഭോഷൻ,
ഭർത്താവിനുണ്ടാകുന്ന വിദ്വേഷം, യജമാന
സ്ത്രീയെ പുറത്താക്കിയ ദാസിയും.
20 എറുമ്പുകൾ—ശക്തിയില്ലാത്ത ഒരു കൂട്ടം.
എങ്കിലും അവ വേനൽക്കാലത്ത് ആഹാരം
21 കരുതിവയ്ക്കുന്നു. കുഴിമുയലും ദുർബ്ബല
മായ ഒരു കൂട്ടം എങ്കിലും അവ പാറയ്ക്കു
22 ള്ളിൽ പാർപ്പിടം നിർമ്മിക്കുന്നു. വെട്ടു
ക്കിളികൾക്കു രാജാവില്ല; എന്നിട്ടും അവ
നിരനിരയായി നീങ്ങുന്നു. അതിൻെറ
കൈകളാൽ ഇഴയുന്ന പല്ലി; എന്നാലും
അത് രാജകൊട്ടാരങ്ങളിലും പാർക്കുന്നു.
23 ഇങ്ങനെ ഭൂമിയിലെ നാലു ജീവികൾ വള
രെ ചെറുതാണ്. എന്നാൽ ബുദ്ധിമാന്മാരെ
24 ക്കാളും ബുദ്ധിയുള്ളവയാണ്. മൂന്നു കൂട്ടർ,
അവരുടെ നടത്തത്തിൽ നേരെ പോകുന്നു.
25 നാലു കൂട്ടരുടെ നടത്തം മനോഹരമാണ്.
26 ഒരു മൃഗത്തെയും കൂസാതെ, മൃഗങ്ങളിൽ
വച്ച് ഗൗരവമുള്ള ബാലസിംഹം, കോഴി
പ്പിടകൾക്കു മദ്ധ്യേ തലയുയർത്തി നട
27 ക്കുന്ന പൂവൻ കോഴി, ആട്ടിൻ പററത്തി
ൻെറ തലയ്ക്കൽ നടക്കുന്ന ആട്ടുകൊററൻ.
ജാതികളുടെ മദ്ധ്യേ സംസാരിക്കുന്ന
രാജാവും. നീ അപമാനിതനാകാതിരിക്ക
ണമോ, മോഹിക്കാതിരിക്കുക. വഴക്കി
ന്നായി നിൻെറ വദനത്തിലേക്കു നീ കൈ
നീട്ടരുത്. പാലിൻെറ കൊഴുപ്പിൽനിന്നു
വെണ്ണയുണ്ടാകും; മൂക്കിനടിച്ചാൽ ചോര
വരും. പരസ്പരശണ്ഠയിൽനിന്ന് ശിക്ഷാ
വിധിയും വരും.

അദ്ധ്യായം 31

പ്രവാചകരാജാവായ മൂയേലിൻെറ
വാക്കുകൾ:
അവൻെറ അമ്മ അവനെ പഠിപ്പിച്ചു
കൊണ്ടു പറഞ്ഞു: എൻെറ മകനേ, എൻെറ
വയററിൽ പിറന്ന മകനേ, എൻെറ നേർച്ച
കളുടെ മകനേ! നിൻെറ ശക്തി, സ്ത്രീകൾ
ക്കായി നീ കൊടുത്തുകളയരുത്. നിൻെറ
മാർഗങ്ങൾ രാജഭോജ്യങ്ങൾക്കായും മാറ്റി
വയ്ക്കരുത്. മൂയേലേ, രാജാക്കന്മാരിൽ
നിന്നും - മദ്യപന്മാരായ രാജാക്കന്മാരിൽ
നിന്നും മദ്യമത്തരായ പ്രഭുക്കളിൽനിന്നും
സൂക്ഷിച്ചുകൊള്ളണം. നീ മദ്യപിക്കരുത്. 4
അങ്ങനെയായാൽ ഉപദേഷ്ടാക്കളെ നീ
മറക്കും. ദരിദ്രന്മാരുടെ മക്കളുടെ ന്യായ
പാലനം തെററിച്ചു കളയുകയും ചെയ്യാ
നിടയാകും. ലഹരിപാനീയം മനോവ്യാകു
ലതയുള്ളവനും വീഞ്ഞു ഹൃദയവേദനയു
ള്ളവർക്കുമല്ലോ നൽകപ്പെടുന്നത്. അത്
അവരുടെ വേദനകൾ മറക്കുവാനും, അവ
രുടെ ദുഃഖം ഓർക്കാതിരിക്കുവാനുമാണ
ല്ലോ. സത്യത്തിൻെറ വചനത്തിന്നായി 7
നിൻെറ വായ തുറക്കുക. അധർമ്മികളായ
എല്ലാവർക്കും ശിക്ഷാവിധി നൽകുക.
നീതിയുള്ള വിധി പറയുവാൻ നിൻെറ വായ 8
തുറക്കുക. ദരിദ്രന്മാർക്കും അനാഥർക്കും
നീതി പാലിച്ചുകൊടുക്കുക.
ഉത്തമയായ ഭാര്യയെ കണ്ടെത്തുവാൻ 9
ആർക്കു കഴിയും! അവൾ, സാമ്യമില്ലാത്ത
രത്നങ്ങളേക്കാൾ വിലയേറിയവളത്രെ.
ഭർത്താവിൻെറ ഹൃദയം അവളിൽ വിശ്വാ
സമർപ്പിച്ചിരിക്കുന്നു. അവൾക്കുള്ള ഉപ
ജീവനത്തിനു അവൻ ഒരു കുറവും വരുത്തു
കയില്ല. അവൻെറ ജീവിതകാലം മുഴുവൻ
അവൾ അവനു ഗുണമല്ലാതെ ദോഷമൊ
ന്നും ചെയ്യുകയില്ല. അവൾ കമ്പിളിയും
ചണവും ശേഖരിച്ച് ഇഷ്ടാനുസരണം
അവൾ കരവിരുതോടെ പ്രവർത്തിക്കുന്നു.
അവൾ വർത്തകൻെറ കപ്പൽപോലെ
വിദൂരത്തുനിന്നു സാധനങ്ങൾ കൊണ്ടു
വരും. ഉഷസ്സിനു മുമ്പേ അവൾ ഉണർന്ന്
വീട്ടുകാർക്ക് ഭക്ഷണം ഉണ്ടാക്കിക്കൊടു

ന്നു. വേലക്കാരികൾക്ക് വേണ്ട നിർദ്ദേശ
ൾ നൽകുന്നു. അവൾ സൂക്ഷ്മതയോടെ
നിലം നോക്കി വാങ്ങി, അവളുടെ കൈ
യുടെ ഫലംകൊണ്ട് മുന്തിരിത്തോപ്പ്
പിടിപ്പിക്കുന്നു. അവൾ അര കെട്ടി
മിടുക്കോടെ ജോലി ചെയ്യുന്നു. അവ
പ്രവർത്തനം ഉത്തമമെന്ന് അവൾ
ച്ചറിയുന്നു. അവളുടെ വിളക്ക് കെടാ
രാത്രി മുഴുവൻ കത്തിക്കൊണ്ടിരി
ു. അവൾ സമൃദ്ധിയോടെ കൈ നീട്ടി
നൂൽക്കുന്നു. അവൾ ദരിദ്രർക്കു
യഹസ്തം നീട്ടി. അനാഥർക്ക് സഹായം
ി. അവളുടെ വീട്ടിലെ അംഗങ്ങൾക്ക്
ിനെക്കുറിച്ച് ഭീതിയില്ല; കാരണം
ക്കെല്ലാം വിശിഷ്ടവസ്ത്രങ്ങളുണ്ട്.
ർ നല്ല വിരിപ്പുകളും പട്ടും മോടിവസ്ത്ര
നിർമ്മിച്ചിരിക്കുന്നു. അവളുടെ
ാവ് നഗരങ്ങളിലാകെ ദേശത്തെ മൂപ്പ
ാടുകൂടെ ഇരിക്കുമ്പോൾ പ്രസിദ്ധ
ന്നു. അവൾ വസ്ത്രങ്ങൾ ഉണ്ടാക്കി
വില്പന നടത്തുന്നു. വ്യാപാരികൾക്കു
അരക്കച്ചകൾ ഏല്പിച്ചുകൊടുക്കുന്നു.
ബലവും മഹിമയുമാണ് അവളുടെ വസ്ത്രം. 25
അന്ത്യനാളിൽ അവൾ സന്തോഷിക്കും.
വിജ്ഞാനത്തോടെ അവൾ വായ് തുറന്നു.
അവളുടെ നാവിന്മേൽ കരുണാപൂർണ്ണമായ 26
പ്രമാണമുണ്ട്. അവളുടെ കുടുംബകാര്യ 27
ങ്ങളെല്ലാം പരസ്യമാണ്. അലസതയോടി
രുന്ന് അവൾ ഭക്ഷണം കഴിക്കുകയില്ല. അവ 28
ളുടെ മക്കൾ എഴുന്നേററുനിന്ന് അവളെ
ഭാഗ്യവതി എന്നു വിളിക്കും. അവളുടെ 29
ഭർത്താവ് അവളെ ഇങ്ങനെ പുകഴ്ത്തും:
"അനേകം പുത്രിമാർ സമ്പത്ത് ആർജിച്ചി
ട്ടുണ്ട് - നീയോ അവരെയെല്ലാം അതിശയി
ച്ചിരിക്കുന്നു" എന്ന്. ഭംഗി, വ്യാജമാകുന്നു.
സൗന്ദര്യം വ്യർത്ഥമാകുന്നു. എന്നാൽ 30
ദൈവഭക്തിയുള്ള സ്ത്രീയോ ബഹുമാ
നിതയാകും. അവളുടെ അദ്ധ്വാനഫലം 31
നൽകുവിൻ. നഗരവാതിൽക്കൽ അവളുടെ
പ്രവർത്തനങ്ങളെ എല്ലാവരും പുകഴ്ത്തും.

ഇസ്രായേൽ രാജാവായ ദാവിദിന്റെ മകൻ ശലോമോന്റെ സദൃശവാക്യങ്ങൾ
സമാപ്തം

സഭാപ്രസംഗി (കൊഹ്ലാത്ത്)

അദ്ധ്യായം 1

1 യറുശലേം രാജാവായ ദാവീദിൻെറ
മകൻ സഭാപ്രസംഗിയുടെ വചനങ്ങൾ:
2 ഹാ മായ, മായ എന്നു സഭാപ്രസംഗി
പറയുന്നു; ഹാ മായ മായ, സകലവും മായ
3 യത്രെ. സൂര്യന്നു കീഴിൽ പ്രയത്നിക്കുന്ന
സകല പ്രയത്നത്താലും മനുഷ്യനു എന്തു
4 ലാഭം? ഒരു തലമുറ പോകുന്നു; മറ്റൊരു
തലമുറ വരുന്നു; ഭൂമിയോ എന്നേക്കും നില്
5 ക്കുന്നു. സൂര്യൻ ഉദിക്കുന്നു; സൂര്യൻ അസ്ത
മിക്കുന്നു; വീണ്ടും ഉദിക്കുവാൻ ഉദിച്ച
6 സ്ഥലത്തേക്കു തന്നെ എത്തുന്നു. കാറ്റു
തെക്കോട്ടു ചെന്ന് വടക്കോട്ട് ചുറ്റിവരുന്നു;
അങ്ങനെ കാറ്റ് ചുറ്റിച്ചുറ്റിത്തിരിഞ്ഞു
7 കൊണ്ട് പരിവർത്തനം ചെയ്യുന്നു. സകല
നദികളും സമുദ്രത്തിലേക്ക് ഒഴുകിവീഴുന്നു;
എന്നിട്ടും സമുദ്രം നിറയുന്നില്ല; നദികൾ
ഒഴുകി വീഴുന്നിടത്തേക്കു പിന്നെയും പി
8 ന്നെയും ചെല്ലുന്നു. സകല കാര്യങ്ങളും ശ്രമ
കരമാകുന്നു; മനുഷ്യൻ പറഞ്ഞാൽ തീരു
കയില്ല; കണ്ടിട്ടു കണ്ണിനു തൃപ്തി വരുന്നില്ല;
9 കേട്ടിട്ടു ചെവി നിറയുന്നതുമില്ല. ഉണ്ടാ
യിരുന്നതു ഉണ്ടാകുവാനുള്ളതും ചെയ്തു
കഴിഞ്ഞതു ചെയ്‌വാനുള്ളതും ആകുന്നു;
സൂര്യനു കീഴിൽ പുതുതായി യാതൊന്നും
10 ഇല്ല. ഇതു പുതിയതു എന്നു പറയത്തക്ക
വണ്ണം വല്ലതും ഉണ്ടോ? നമുക്കുമുമ്പെ, മുൻ
കാലത്തുതന്നെ അതുണ്ടായിരുന്നു.
11 പുരാതനജനത്തെക്കുറിച്ച് ഓർമ്മയില്ലല്ലോ;
വരുവാനുള്ളവരെക്കുറിച്ച് പിന്നീട് വരുവാ
നുള്ളവർക്കും ഓർമ്മയുണ്ടാകയില്ല.
12 സഭാപ്രസംഗിയായ ഞാൻ യറുശലേ
മിൽ ഇസ്രായേലിനു രാജാവായിരുന്നു.
13 ആകാശത്തിൻ കീഴിൽ സംഭവിക്കുന്നതെല്ലാം
ജ്ഞാനത്തോടെ പരിശോധിച്ചറിയുവാൻ
ഞാൻ നിശ്ചയിച്ചു; ഇതു ദൈവം മനു
ഷ്യർക്ക് കഷ്ടപ്പെടുവാൻ കൊടുത്ത വല്ലാ
14 ത്ത കഷ്ടപ്പാടു തന്നെ. സൂര്യനു കീഴെ നട
ക്കുന്ന സകല പ്രവൃത്തികളും ഞാൻ കണ്ടി
15 ട്ടുണ്ട്; അവയെല്ലാം മായയും മനഃപ്രയാ
സവും അത്രെ. വളവുള്ളതു നേരെ ആക്കു
വാൻ സാദ്ധ്യമല്ല; കുറവുള്ളതു എത്രയെന്ന്
എണ്ണിത്തീർക്കുവാനും അസാദ്ധ്യം. ഞാൻ 1
മനസ്സിൽ ആലോചിച്ചു പറഞ്ഞതു: യറുശ
ലേമിൽ എനിക്കു മുമ്പുണ്ടായിരുന്ന എല്ലാ
വരെക്കാളും അധികം ജ്ഞാനം ഞാൻ
സമ്പാദിച്ചിരിക്കുന്നു; എൻെറ ഹൃദയം
ജ്ഞാനവും അറിവും ധാരാളം പ്രാപിച്ചിരി
ക്കുന്നു. ജ്ഞാനം ഗ്രഹിപ്പാനും ഉപമാനങ്ങ 1
ളും വിജ്ഞാനവും അറിയുവാനും ഞാൻ
നിശ്ചയിച്ചു; ഇതും മനഃപ്രയാസമെന്നു
കണ്ടു. ജ്ഞാനബാഹുല്യത്താൽ വ്യസന
ബാഹുല്യം ഉണ്ടു; അറിവു വർദ്ധിപ്പിക്കുന്ന
വൻ ദുഃഖവും വർദ്ധിപ്പിക്കുന്നു.

അദ്ധ്യായം 2

ഞാൻ എന്നോടുതന്നെ പറഞ്ഞു: 1
വരിക, ഞാൻ നിന്നെ സന്തോഷംകൊണ്ട്
പരീക്ഷിക്കും; സുഖം അനുഭവിച്ചുകൊൾക.
എന്നാൽ അതും മായതന്നെ. ഞാൻ ചിരി 2
യെക്കുറിച്ച് അത് ഭ്രാന്ത് എന്നും സന്തോഷ
ത്തെക്കുറിച്ചു അതുകൊണ്ടെന്തു ഫലം എ
ന്നും പറഞ്ഞു. മനുഷ്യർക്ക് ആകാശത്തിൻ
കീഴെ ജീവപര്യന്തം ചെയ്യുവാൻ നല്ലതു 3
ഏതെന്നു ഞാൻ കാണുവോളം എൻെറ
ഹൃദയം എന്നെ ജ്ഞാനത്തോടെ നടത്തി
ക്കൊണ്ടിരിക്കെ, ഞാൻ എൻെറ ദേഹത്തെ
വീഞ്ഞുകൊണ്ടു സന്തോഷിപ്പിക്കാനും
ഭോഷത്വത്തെ ആശ്ലേഷിക്കുവാനും എൻെറ
മനസ്സിൽ ചിന്തിച്ചു. ഞാൻ വലിയ പ്രവൃത്തി 4
കൾ ചെയ്തു; എനിക്കു അരമനകൾ പണി
തു; മുന്തിരിത്തോട്ടങ്ങൾ ഉണ്ടാക്കി. ഞാൻ 5
തോട്ടങ്ങളും ഉദ്യാനങ്ങളും ഉണ്ടാക്കി; അവ
യിൽ സകലവിധ ഫലവൃക്ഷങ്ങളെയും
നട്ടു. വൃക്ഷം വച്ചുപിടിപ്പിച്ചിരുന്ന തോട്ടം 6
നനയ്ക്കുവാൻ കുളങ്ങളും കുഴിപ്പിച്ചു.
ഞാൻ ദാസന്മാരെയും ദാസിമാരെയും
വിലയ്ക്കു വാങ്ങി, വീട്ടിൽ ജനിച്ച ദാസ 7
ന്മാരും എനിക്കുണ്ടായിരുന്നു; യറുശലേ
മിൽ എനിക്കുമുമ്പുണ്ടായിരുന്ന എല്ലാവ
രിലും അധികം ആടുമാടുസമ്പത്തു എനി

ണ്ടായിരുന്നു. ഞാൻ വെള്ളിയും
ന്നും രാജാക്കന്മാർക്കും സംസ്ഥാന
ൾക്കും ഉള്ള ഭണ്ഡാരവും സ്വന്തമാക്കി;
ീതക്കാരെയും സംഗീതക്കാരികളെയും
ഷ്യരുടെ പ്രമോദമായ അനവധി വസ്തു
ളയും സമ്പാദിച്ചു. ഇങ്ങനെ ഞാൻ,
ിക്കുമുമ്പ് യറുശലേമിൽ ഉണ്ടായിരുന്ന
ാവരിലും മഹാനായിത്തീർന്നു അഭി
ിപ്രാപിച്ചു; ജ്ഞാനവും എന്നിൽ സ്ഥി
യി. എന്റെ കണ്ണു ആഗ്രഹിച്ചതൊന്നും
ൾ അതിനു നിഷേധിച്ചില്ല; എന്റെ
യത്തിനു ഒരു സന്തോഷവും വിലക്കി
എന്റെ സകല പ്രയത്നവും നിമിത്തം
ൻറ ഹൃദയം സന്തോഷിച്ചു; എന്റെ
ല പ്രയത്നത്തിലും എനിക്കുണ്ടായ
ഭവം ഇതായിരുന്നു. ഞാൻ എന്റെ
കളുടെ സകല പ്രവൃത്തികളെയും
ചെയ്യുവാൻ ശ്രമിച്ച സകല പരിശ്രമ
യും നോക്കി; എല്ലാം മായയും വൃഥാ
ാവും അത്രെ; സൂര്യന്റെ കീഴിൽ യാ
; പ്രയോജനവും ഇല്ല എന്നു കണ്ടു.
ാൻ ജ്ഞാനവും ഭ്രാന്തും ഭോഷത്വ
ിവേചിക്കുവാൻ തിരിഞ്ഞു; രാജാ
ശേഷം വരുന്ന പിൻഗാമി എന്തു
? പണ്ടു ചെയ്തതുതന്നെ. പ്രകാശം
നെക്കാൾ ശ്രേഷ്ഠമായിരിക്കുന്ന
ലെ ജ്ഞാനം ഭോഷത്വത്തെക്കാൾ
ാമായിരിക്കുന്നു എന്നു എനിക്കു മ
ായി. ജ്ഞാനിക്കു തലയിൽ കണ്ണു
ഷൻ ഇരുളിൽ നടക്കുന്നു; എന്നാൽ
ക് എല്ലാവർക്കും ഗതി ഒന്നുതന്നെ
ഞാൻ ഗ്രഹിച്ചു. ആകയാൽ ഞാൻ
ട്: ഭോഷനും എനിക്കും ഗതി ഒന്നു
പിന്നെ ഞാൻ എന്തിനു അധികം
ം സമ്പാദിക്കുന്നു എന്നു പറഞ്ഞു;
ായയത്രെ എന്നു ഞാൻ മനസ്സിൽ
. ഭോഷനെക്കുറിച്ചാകട്ടെ ജ്ഞാനി
ിച്ചാകട്ടെ ശാശ്വതമായ ഓർമ്മ
ാവികാലത്തു അവരെയെല്ലാം
ാകും; ഭോഷൻ മരിക്കുന്നതുപോ
ഞാനിയും മരിക്കുന്നു! അങ്ങനെ
കീഴെ നടക്കുന്ന കാര്യം എനിക്കും
ല്ലാതായതുകൊണ്ട് ഞാൻ ജീവനെ
ു; എല്ലാം മായയും വൃഥാപ്രയ
ാത്രെ.
്യനു കീഴെ ഞാൻ ചെയ്ത പ്രയ
ഞാൻ വെറുത്തു; എന്റെ ശേഷം
ിരിക്കുന്ന മനുഷ്യനു ഞാൻ അതു
ണ്ടിവരുമല്ലോ. അവൻ ജ്ഞാനി
ുമോ, ഭോഷനായിരിക്കുമോ?

ആർക്കറിയാം? എന്തായാലും ഞാൻ സൂര്യ
നു കീഴെ പ്രയത്നിച്ചതും ജ്ഞാനം പ്രാപി
ച്ചതും ആയ സകല പ്രയത്നഫലത്തിന്മേ
ലും അവൻ അധികാരം പ്രാപിക്കും. അതും 20
മായ അത്രെ. ആകയാൽ സൂര്യനു കീഴെ
പ്രയത്നിച്ച സർവ്വ പ്രയത്നത്തെക്കുറിച്ചും
എന്റെ ഹൃദയത്തിൽ നിരാശയായി. ഒരു 21
വൻ ജ്ഞാനത്തോടും അറിവോടും സാമർ
ത്ഥ്യത്തോടും കൂടെ പ്രയത്നിക്കുന്നു; എങ്കി
ലും അതിൽ പ്രയത്നിക്കാത്ത ഒരുവനു അ
വൻ അതിന്റെ ഓഹരി വിട്ടുകൊടുക്കേണ്ടി
വരുന്നു; അതു മായയും വലിയ തിന്മയും
അത്രെ. സൂര്യനു കീഴെ പ്രയത്നിക്കുന്ന 22
സകല പ്രയത്നംകൊണ്ടും ഹൃദയപരിശ്രമം
കൊണ്ടും മനുഷ്യനു എന്തു ഫലം? അവ 23
ന്റെ നാളുകൾ എല്ലാം ദുഃഖവും അവന്റെ
കഷ്ടപ്പാടു വ്യസനകരവും അല്ലയോ?
രാത്രിയിലും അവന്റെ ഹൃദയത്തിനു സമാ
ധാനമില്ല; അതും മായ അത്രെ.

തിന്നു കുടിച്ചു തന്റെ പ്രയത്നത്താൽ 24
സുഖം അനുഭവിക്കുന്നതല്ലാതെ മനുഷ്യ
നു മറ്റൊരു ഗുണവുമില്ല; അതു ദൈവ
ത്തിന്റെ കൈയിൽനിന്നുള്ളത് എന്നു
ഞാൻ ഗ്രഹിച്ചു. അവൻ നൽകിയാലല്ലാതെ 25
ആർ ഭക്ഷിക്കും? ആർ കുടിക്കും? തനിക്കു
പ്രസാദമുള്ള മനുഷ്യനു അവൻ ജ്ഞാനവും
അറിവും സന്തോഷവും നൽകുന്നു; പാപി
ക്കോ ദൈവം തനിക്കു പ്രസാദമുള്ളവനു 26
അനുഭവമാക്കുവാൻ തക്കവണ്ണം ധനം സ
മ്പാദിക്കുകയും ശേഖരിക്കുകയും ചെയ്യുവാ
നുള്ള ക്ലേശം മാത്രം കൊടുക്കുന്നു. അതും
മായയും വൃഥാ പ്രയത്നവും അത്രെ.

അദ്ധ്യായം 3

എല്ലാറ്റിനും ഒരു സമയമുണ്ട്; ആകാശ 1
ത്തിൻകീഴുള്ള സകല കാര്യത്തിനും ഒരു
കാലം ഉണ്ടു. ജനിപ്പാൻ ഒരു കാലം, മരിപ്പാൻ 2
ഒരു കാലം; നടുവാൻ ഒരു കാലം, നട്ടതു
പറിക്കുവാൻ ഒരു കാലം, കൊല്ലുവാൻ ഒരു 3
കാലം, സൌഖ്യമാക്കുവാൻ ഒരു കാലം;
ഇടിച്ചു കളയുവാൻ ഒരു കാലം, പണിയു
വാൻ ഒരു കാലം; കരയുവാൻ ഒരു കാലം, 4
ചിരിക്കുവാൻ ഒരു കാലം; വിലപിക്കാൻ ഒരു
കാലം, നൃത്തം ചെയ്യുവാൻ ഒരു കാലം; കല്ലു
പെറുക്കിക്കളയുവാൻ ഒരു കാലം, കല്ലു 5
പെറുക്കിക്കൂട്ടുവാൻ ഒരു കാലം; ആലിം
ഗനംചെയ്യുവാൻ ഒരു കാലം, ആലിംഗനം
ചെയ്യാതിരിപ്പാൻ ഒരു കാലം; കെട്ടുവാൻ 6
ഒരു കാലം, അഴിക്കുവാൻ ഒരു കാലം; കീറു 7
വാൻ ഒരു കാലം, തുന്നുവാൻ ഒരു കാലം;

മിണ്ടാതിരിപ്പാൻ ഒരു കാലം, സംസാരിപ്പാൻ
8 ഒരു കാലം; സ്നേഹിപ്പാൻ ഒരു കാലം,
ദ്വേഷിപ്പാൻ ഒരു കാലം; യുദ്ധകാലവും സമാ
9 ധാനകാലവും ഉണ്ട്. പ്രയത്നിക്കുന്നവനു
10 തന്റെ പ്രയത്നംകൊണ്ടു എന്തു മെച്ചം?
ദൈവം മനുഷ്യർക്ക് കഷ്ടപ്പെടുവാൻ
കൊടുത്തിരിക്കുന്ന കഷ്ടപ്പാടു ഞാൻ
11 കണ്ടിട്ടുണ്ട്. അവൻ സകലവും അതതിന്റെ
സമയത്തു ഭംഗിയായി ചെയ്തു നിത്യതയും
മനുഷ്യരുടെ ഹൃദയത്തിൽ വച്ചിരിക്കുന്നു;
എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന
പ്രവൃത്തിയെ ഗ്രഹിപ്പാൻ അവർക്കു കഴി
12 വില്ല. ജീവപര്യന്തം സന്തോഷിക്കുന്നതും
നന്മ ചെയ്യുന്നതും അല്ലാതെ ഒരു നന്മയും
മനുഷ്യർക്ക് ഇല്ല എന്നു ഞാൻ അറിയുന്നു.
13 ഏതു മനുഷ്യനും ഭക്ഷിച്ചു കുടിച്ചു തന്റെ
സകല പ്രയത്നംകൊണ്ടും സുഖം അനുഭവി
ക്കുന്നതും ദൈവത്തിന്റെ ദാനം ആകുന്നു.
14 ദൈവം പ്രവർത്തിക്കുന്നതെല്ലാം ശാശ്വതം
എന്നു ഞാൻ അറിയുന്നു; അതിനോടു
ഒന്നും കൂട്ടുവാനും അതിൽനിന്നും ഒന്നും
കുറയ്ക്കുവാനും കഴിയുന്നതല്ല; മനുഷ്യർ
തന്നെ ഭയപ്പെടേണ്ടതിനു ദൈവം അതു
15 ചെയ്തിരിക്കുന്നു. ഇപ്പോഴുള്ളതു പണ്ടുണ്ടാ
യിരുന്നു; ഉണ്ടാകുവാനുള്ളതും മുമ്പ്
ഉണ്ടായിരുന്നതു തന്നെ; കഴിഞ്ഞുപോയ
തിനെ ദൈവം വീണ്ടും അന്വേഷിക്കുന്നു.
16 പിന്നെയും ഞാൻ സൂര്യനു കീഴെ,
ന്യായാസനത്തിൽ അന്യായവും നീതിയുടെ
17 സ്ഥാനത്ത് നീതികേടും കണ്ടു. ഞാൻ
എന്റെ മനസ്സിൽ: ദൈവം നീതിമാനെയും
ദുഷ്ടനെയും ന്യായം വിധിക്കും; സകല കാര്യ
ത്തിനും സകല പ്രവൃത്തിക്കും ഒരു കാലം
18 ഉണ്ടല്ലോ എന്നു വിചാരിച്ചു. പിന്നെയും
ഞാൻ മനസ്സിൽ വിചാരിച്ചു; ഇതു മനുഷ്യർ
നിമിത്തം അത്രെ; ദൈവം അവരെ പരിശോ
ധിക്കേണ്ടതിനും തങ്ങൾ മൃഗങ്ങൾ മാത്രം
എന്നു അവർ കാണേണ്ടതിനും തന്നെ.
19 മനുഷ്യർക്കു ഭവിക്കുന്നതു മൃഗങ്ങൾക്കും
സംഭവിക്കുന്നു; രണ്ടിനും ഗതി ഒന്നുതന്നെ;
അതു ചാകുന്നതുപോലെ അവനും മരിക്കു
ന്നു; രണ്ടിനും ശ്വാസം ഒന്നത്രെ; അവിടെയും
മനുഷ്യനു മൃഗത്തെക്കാൾ വൈശിഷ്ട്യ
20 മില്ല; സകലവും മായ തന്നെ. എല്ലാം ഒരു
സ്ഥലത്തേക്കു തന്നെ പോകുന്നു; എല്ലാം
പൊടിയിൽനിന്നുണ്ടായി, എല്ലാം വീണ്ടും
21 പൊടിയായിത്തീരുന്നു. മനുഷ്യരുടെ പ്രാ
ണൻ മേലോട്ടു പോകുന്നുവോ? മൃഗങ്ങളു
ടെ പ്രാണൻ ഭൂമിയിൽ കീഴോട്ട് പോകുന്നു
22 വോ? ആർക്കറിയാം! അതുകൊണ്ട് മനു
ഷ്യൻ തന്റെ പ്രവൃത്തികളിൽ സന്തോഷി
ക്കുന്നതല്ലാതെ മറ്റൊരു നന്മയുമില്ല എന്നു
ഞാൻ ഗ്രഹിച്ചു; അതാണ് അവന്റെ ഓഹ
രി, തന്റെ ശേഷം സംഭവിപ്പാനിരിക്കുന്നതു
കാണുവാൻ ആർ അവനെ മടക്കിവരുത്തും?

അദ്ധ്യായം 4

പിന്നെയും ഞാൻ സൂര്യനു കീഴെ നട
ക്കുന്ന പീഡനങ്ങളെല്ലാം കണ്ടു; പീഡിതർ
കണ്ണുനീർ വാർക്കുന്നു; അവർക്കു ആശ്വാ
സപ്രദൻ ഇല്ല; അവരെ പീഡിപ്പിക്കുന്ന
വരുടെ കയ്യാൽ അവർ പീഡനം അനുഭവി
ക്കുന്നു; എന്നിട്ടും അവർക്ക് ആശ്വാസദാ
യകനില്ല. ആകയാൽ ഇപ്പോൾ ജീവനോ 2
ടിരിക്കുന്ന ജീവനുള്ളവരെക്കാൾ മുമ്പെ
തന്നെ മരിച്ചുപോയിരിക്കുന്ന മൃതന്മാരെ
ഞാൻ പ്രശംസിച്ചു. ഈ രണ്ടു കൂട്ടരെക്കാ 3
ളും ഇതുവരെ ജനിക്കാത്തവനും സൂര്യനു
കീഴെ നടക്കുന്ന ദുഷ്പ്രവൃത്തിയെ കാണാ
ത്തവനുമായ മനുഷ്യൻ ഭാഗ്യവാൻ.
സകല പ്രയത്നവും സമർത്ഥമായ പ്രവർ 4
ത്തനം എല്ലാം ഒരുവന് തന്റെ കൂട്ടുകാരനേ
ക്കാൾ തീവ്രമായ ആഗ്രഹത്തിൽനിന്നുള
വാകുന്നു എന്നു ഞാൻ കണ്ടു; അതും മായ
യുടെ വ്യർത്ഥപ്രയത്നം അത്രെ. മൂഢൻ കൈ 5
യും കെട്ടിയിരുന്നു മാംസം തിന്നുന്നു. രണ്ടു
കൈയും നിറയെ അദ്ധ്വാനത്തേയും വൃഥാ 6
പ്രയത്നത്തേയുംകാൾ ഒരു കൈ നിറയെ
വിശ്രമം അധികം നല്ലതു.
ഞാൻ പിന്നെയും സൂര്യനു കീഴെ മിഥ്യ 7
യെ കണ്ടു. ഏകാകിയായ ഒരുവൻ; അവനു 8
ആരുമില്ല, മകനില്ല, സഹോദരനും ഇല്ല;
എങ്കിലും അവന്റെ പ്രയത്നത്തിനു ഒന്നിനും
അവസാനമില്ല; അവന്റെ കണ്ണിനു സമ്പ
ത്തു കണ്ടു തൃപ്തിവരുന്നതുമില്ല; എന്നാൽ
ഞാൻ ആർക്കുവേണ്ടി പ്രയത്നിച്ചു സുഖാ
നുഭവം ത്യജിക്കുന്നു എന്ന് അവൻ ചിന്തി
ക്കുന്നില്ല. ഇതും മായയും വല്ലാത്ത കഷ്ടത
യും അത്രെ. ഒരുവനെക്കാൾ ഇരുവർ ഏറെ
നല്ലതു. അവർക്കു തങ്ങളുടെ പ്രയത്നത്താൽ 9
നല്ല പ്രതിഫലം കിട്ടും. വീണാൽ ഒരുവൻ 10
മറ്റവനെ എഴുന്നേല്പിക്കും; ഏകാകി
വീണാലോ അവനെ എഴുന്നേല്പിപ്പാൻ
ആരുമില്ലായ്മകൊണ്ട് അവനു അയ്യോ
കഷ്ടം! രണ്ടുപേർ ഒന്നിച്ചു കിടന്നാൽ അ 11
വർക്കു ചൂടുകിട്ടും; ഒരുത്തൻ തന്നെ ആയാ 12
ലോ എങ്ങനെ ചൂടുകിട്ടും? ഒരുത്തനെ
ആരെങ്കിലും ആക്രമിച്ചാൽ രണ്ടുപേർക്കും
അവനോട് എതിർത്തു നില്ക്കാം; മുപ്പിരി
ച്ചരട് വേഗത്തിൽ പൊട്ടിപ്പോകയില്ലല്ലോ.

പബോധനം സ്വീകരിക്കാത്ത വൃദ്ധ
മൂഢനുമായ ഒരു രാജാവിനെക്കാൾ
നും ജ്ഞാനിയുമായ ഒരു യുവാവ്
ിഷ്ടൻ. അവൻ ദരിദ്രനായി ജനിച്ചിട്ടും
ാവായി വാഴേണ്ടതിനു കാരാഗൃഹ
ൽനിന്നു വരുന്നു. രാജാവായി ജനിച്ച
നിസ്വനായും തീരുന്നു. മറ്റവനു പകരം
ന്നറ്റ യുവാവിന്റെ പക്ഷത്ത് സൂര്യനു
സഞ്ചരിക്കുന്ന ജീവനുള്ളവർ എല്ലാം
ന്നിരിക്കുന്നതു ഞാൻ കണ്ടു. അവൻ
ംഖ്യ ജനത്തിനു തലവനായിരുന്നു;
ലും പിന്നെയുള്ളവർ അവനിൽ
ാഷിക്കയില്ല. അതും മായയും വൃഥാ
ന്നവും അത്രെ.

അദ്ധ്യായം 5

ദവാലയത്തിലേക്കു പോകുമ്പോൾ
സൂക്ഷിക്ക; മൂഢന്മാർ യാഗം അർപ്പി
തിനെക്കാൾ അടുത്തുചെന്നു കേൾ
ത് നല്ലത്; നന്മ ചെയ്യുവാൻ അവർ
ത്തുകൂടാ. സംസാരിപ്പാൻ ധൃതിപ്പെട
ദൈവസന്നിധിയിൽ ഒരു വാക്കു
പ്പാൻ നിന്റെ ഹൃദയം ബദ്ധപ്പെടരുത്;
സ്വർഗ്ഗത്തിലും നീ ഭൂമിയിലും
; ആകയാൽ നിന്റെ വാക്കു ചുരു
ിരിക്കട്ടെ. ചിന്തയുടെ ആധിക്യം
ു സ്വപ്നവും വാക്കിന്റെ ബഹു
ാണ്ടു ഭോഷന്റെ ജല്പനവും ഉണ്ടാ
ദൈവത്തിനു നേർച്ച നേർന്നാൽ
ൻ താമസിക്കരുത്; മൂഢന്മാരിൽ
പ്രസാദമില്ല; നീ നേർന്നതു കഴി
നേർന്നിട്ടു കഴിക്കാതെയിരിക്കുന്ന
ാൾ നേരാതെയിരിക്കുന്നതു നല്ലത്.
വായ് നിന്റെ ദേഹത്തിനു പാപ
ാകരുത്; അബദ്ധവശാൽ വന്നു
എന്നു നീ ദൈവത്തിന്റെ സന്നിധി
യുകയും അരുത്; ദൈവം നിന്റെ
ലം കോപിച്ചു നിന്റെ കൈകളു
ത്തിയെ നശിപ്പിക്കുന്നതു എന്തി
്നബഹുത്വത്തിലും വഞ്ചനയുള്ള
ഹുലതയിലും വ്യർത്ഥത ഉണ്ട്;
ദൈവത്തെ ഭയപ്പെടുക.
ദേശത്ത് ദരിദ്രനെ പീഡി
തും വിധി വക്രമാക്കുന്നതും
നീ വിസ്മയിച്ചുപോകരുതു.
മേൽ ഒരു ഉന്നതനും അവർക്കു
ത്യുന്നതനും ഉണർന്നിരിക്കുന്നു.
ടെ ആദായം എല്ലാവർക്കും ഉള്ള
. രാജാവ് പോലും വയലിനെ
ുന്നു.

ദ്രവ്യാഗ്രഹിക്കു ദ്രവ്യം കിട്ടിയിട്ടും ധന 10
മോഹിക്ക് ആദായം കിട്ടിയിട്ടും തൃപ്തി വരു
ന്നില്ല. അതും മായ അത്രെ. വസ്തു വർദ്ധി 11
ക്കുമ്പോൾ അതുകൊണ്ടു ജീവിക്കുന്നവരും
വർദ്ധിക്കുന്നു; അതിന്റെ ഉടമസ്ഥനു
കണ്ണുകൊണ്ട് കാണുകയല്ലാതെ മറ്റെന്തു
പ്രയോജനം? വേല ചെയ്യുന്ന മനുഷ്യൻ 12
അല്പമോ അധികമോ ഭക്ഷിച്ചാലും അവ
ന്റെ ഉറക്കം സുഖകരം; ധനികന്റെ സമൃ
ദ്ധിയോ അവനെ ഉറങ്ങുവാൻ സമ്മതി
ക്കുന്നില്ല.

സൂര്യനു കീഴെ ഞാൻ കണ്ടിട്ടുള്ള ഒരു 13
വല്ലാത്ത തിന്മയുണ്ട്: ഉടമസ്ഥൻ തനിക്കു
അനർത്ഥത്തിനായി സൂക്ഷിച്ചുവയ്ക്കുന്ന
സമ്പത്തു തന്നെ. ആ സമ്പത്ത് നിർഭാഗ്യ 14
വശാൽ നശിച്ചുപോകുന്നു. അവന് ഒരു
മകൻ ജനിച്ചാൽ അവന്റെ കയ്യിൽ ഒന്നും
കാണുകയില്ല. അവൻ അമ്മയുടെ ഗർഭ 15
ത്തിൽ നിന്നു പുറപ്പെട്ടുവന്നതുപോലെ
നഗ്നനായിത്തന്നെ മടങ്ങിപ്പോകും. തന്റെ
പ്രയത്നത്തിന്റെ ഫലമായി അവൻ കയ്യിൽ
ഒന്നും കൊണ്ടുപോകയില്ല. അതും ഒരു വ 16
ല്ലാത്ത തിന്മതന്നെ; അവൻ വന്നതുപോലെ
തന്നെ പോകുന്നു; അവന്റെ വൃഥാ പ്രയത്ന
ത്താൽ അവനു എന്തു പ്രയോജനം? അവ 17
ന്റെ ജീവകാലം ഇരുളിലും വ്യസനത്തിലും
രോഗത്തിലും ക്രോധത്തിലും കഴിയുന്നു.
ഞാൻ ഉത്തമവും ഭംഗിയുമായി കണ്ട 18
തു: ദൈവം ഒരുവനു കൊടുക്കുന്ന ആയു
ഷ്കാലമെല്ലാം അവൻ തിന്നു കുടിച്ച്
സൂര്യനു കീഴെ താൻ പ്രയത്നിക്കുന്ന
തന്റെ സകല പ്രയത്നത്തിലും സുഖം
അനുഭവിക്കുന്നതുതന്നെ; അതല്ലയോ
അവന്റെ ഓഹരി. ധനവും ഐശ്വര്യവും 19
അതു അനുഭവിച്ചു തന്റെ ഓഹരി ലഭിച്ചു
തന്റെ പ്രയത്നത്തിൽ സന്തോഷിപ്പാൻ
അധികാരവും ദൈവം കൊടുത്തിരിക്കുന്ന
ഏതു മനുഷ്യനും അതു ദൈവത്തിന്റെ
ദാനംതന്നെ. ദൈവം അവനു ഹൃദയ 20
സന്തോഷം നൽകുന്നതുകൊണ്ടു അവൻ
തന്റെ ജീവകാലം കഴിഞ്ഞു പോകുന്നതി
നെക്കുറിച്ച് ഓർക്കുകയില്ല.

അദ്ധ്യായം 6

സൂര്യന്റെ കീഴെ ഞാൻ കണ്ടിരിക്കുന്ന 1
ഒരു തിന്മ ഉണ്ടു; അതു മനുഷ്യർക്ക് എല്ലാ
വർക്കുമുള്ളതാകുന്നു. ദൈവം ഒരു മനുഷ്യ 2
നു ധനവും ഐശ്വര്യവും ബഹുമാനവും
നൽകുന്നു; അവൻ ആഗ്രഹിക്കുന്നതിനു
ഒന്നിനും അവനു കുറവില്ല; എങ്കിലും അതു

അനുഭവിക്കുവാൻ ദൈവം അവനു അധി
കാരം കൊടുക്കുന്നില്ല; അവനുശേഷം ഒരു
അന്യനത്രേ അതു അനുഭവിക്കുന്നത്;
അതു മായയും വല്ലാത്ത വ്യാധിയുംതന്നെ.
3 ഒരു മനുഷ്യൻ നൂറു മക്കളെ ജനിപ്പിക്കയും
ഏറിയ സംവത്സരം ജീവിച്ചു ദീർഘായു
സ്സായിരിക്കുകയും ചെയ്തിട്ടും അവൻ നന്മ
അനുഭവിച്ചു തൃപ്തനാകാതെയും ഒരു ശവ
സംസ്കാരം പ്രാപിക്കാതെയും പോയാൽ
അകാലപ്രജ അവനെക്കാൾ നന്ന് എന്നു
4 ഞാൻ പറയുന്നു. അവൻ മായയിൽ നിന്നു
വരുന്നു; അന്ധകാരത്തിലേക്ക് പോകുന്നു;
അവന്റെ പേര് അന്ധകാരത്തിൽ മറഞ്ഞി
5 രിക്കുന്നു. സൂര്യനെ അവൻ കണ്ടിട്ടില്ല;
അറിഞ്ഞിട്ടുമില്ല; മറ്റവനെക്കാൾ അധികം
6 വിശ്രമം അവനുണ്ട്. അവൻ രണ്ടായിര
മാണ്ടു ജീവിച്ചിരുന്നിട്ടും നന്മ അനുഭവി
ച്ചില്ലെങ്കിൽ എല്ലാം ഒരു സ്ഥലത്തേക്കല്ല
7 യോ പോകുന്നത്? മനുഷ്യന്റെ പ്രയത്നമെ
ല്ലാം അവന്റെ വായ്ക്കു വേണ്ടിയാകുന്നു;
എങ്കിലും അവന് സ്വയം മതിയാകുന്നില്ല.
8 മൂഢനേക്കാൾ ജ്ഞാനിക്കു എന്തു വിശേഷ
തയുള്ളു? ദരിദ്രനു ജീവനിലേക്ക് പോകാൻ
9 അറിയാം. മനസ്സിന്റെ സഞ്ചാരത്തെക്കാൾ
കണ്ണിന്റെ നോട്ടം നല്ലതു; അതും മായയും
വൃഥാപ്രയത്നവും അത്രെ.
10 മുമ്പ് ഉണ്ടായിരുന്നതു പേർ വിളിക്ക
പ്പെട്ടിട്ടുള്ളതാകുന്നു. അതു മനുഷ്യൻ എന്ന്
അറിയപ്പെടുന്നു. അവന് അവനെക്കാൾ
ബലവാനായവനോടു പോരാടുവാൻ സാ
11 ദ്ധ്യമല്ല. മായയെ വർദ്ധിപ്പിക്കുന്ന വാക്ക്
എത്ര വർദ്ധിച്ചാലും മനുഷ്യനു എന്തു ലാഭം?
12 മനുഷ്യന്റെ ജീവകാലത്ത്, അവൻ നിഴൽ
പോലെ കഴിച്ചുകൂട്ടുന്ന വ്യർത്ഥമായ ആയു
ഷ്ക്കാലത്ത് അവന് എന്താകുന്നു നല്ലത്
എന്ന് ആർക്കറിയാം? അവന്റെ ശേഷം
സൂര്യനു കീഴെ എന്തു സംഭവിക്കും എന്നു
മനുഷ്യനോട് ആർ അറിയിക്കും?

അദ്ധ്യായം 7

1 നല്ല പേര് സുഗന്ധതൈലത്തെക്കാളും
മരണദിവസം ജനനദിവസത്തെക്കാളും
2 ഉത്തമം. വിരുന്നുവീട്ടിൽ പോകുന്നതിനെ
ക്കാൾ വിലാപഭവനത്തിൽ പോകുന്നതാണ്
നല്ലത്; അതാണല്ലോ സകല മനുഷ്യരുടെ
യും അവസാനം; ജീവിച്ചിരിക്കുന്നവൻ അ
3 തു ഹൃദയത്തിൽ കരുതിക്കൊള്ളും. ചിരി
യെക്കാൾ വ്യസനം നല്ലതു; മുഖം മ്ലാനമാ
യിരിക്കുമ്പോൾ ഹൃദയം സുഖമായിരിക്കും.
4 ജ്ഞാനികളുടെ ഹൃദയം വിലാപഭവനത്തിൽ

ഇരിക്കുന്നു; മൂഢന്മാരുടെ ഹൃദയ
സന്തോഷഭവനത്തിലത്രെ. മൂഢ
സംഗീതം കേൾക്കുന്നതിനെക്കാൾ ജ്ഞ
യുടെ ശാസന കേൾക്കുന്നതാണ് മന
ന് നല്ലത്. മൂഢന്റെ ചിരി കലത്തി
കീഴെ കത്തുന്ന മുള്ളിന്റെ പൊടു
പ്പുപോലെ ആകുന്നു; അതും മായ അ
അന്യായ നിർബന്ധം ജ്ഞാനിയെ ന
ക്കുന്നു; കൈക്കൂലി ഹൃദയത്തെ ന
ക്കും. ഒരു കാര്യത്തിന്റെ ആരംഭത്തെക്
അതിന്റെ അവസാനം നല്ലതു; ഗർവ്വ
സനെക്കാൾ ക്ഷമാശീലനാണ് ശ്രേഷ്
നിന്റെ മനസ്സിൽ വേഗം നീരസം ഉണ
രുത്; മൂഢന്മാരുടെ മാർവ്വിലല്ലേ കേ
വസിക്കുന്നത്? പണ്ടത്തെ കാലം ഇ
ത്തേതിനെക്കാൾ നന്നായിരുന്നതി
കാരണം എന്തു എന്നു നീ ചോദിക്ക
നീ അങ്ങനെ ചോദിക്കുന്നതു ജ്ഞ
ല്ലല്ലോ. സൂര്യനെ കാണുന്ന എല്ലാവർ
ജ്ഞാനം ആയുധവർഗ്ഗത്തെക്കാൾ ന
ദ്രവ്യത്തിന്റെ തണൽ പോലെയാക
ജ്ഞാനത്തിന്റെ തണൽ; പരിജ്ഞ
ത്തിന്റെ ആധിക്യം അതിന്റെ ഉടമസ്
ജീവൻ നൽകുന്നു. ദൈവത്തിന്റെ
ത്തി നോക്കുക; അവൻ വളച്ചതിനെ
യാക്കുവാൻ ആർക്കു കഴിയും?
കാലത്തു സുഖമായിരിക്ക; അനർത്ഥ
ത്തോ ചിന്തിച്ചുകൊൾക: മനുഷ്യൻ ത
ശേഷം വരുവാനുള്ളതൊന്നും ആരാ
റിയാതെയിരിക്കേണ്ടതിനു ദൈവം
നെയും ഉണ്ടാക്കിയിരിക്കുന്നു.
ഞാൻ എന്റെ മായാജീവിതകാല
ഇതെല്ലാം കണ്ടു: തന്റെ നീതിയിൽ ന
പോകുന്ന നീതിമാൻ ഉണ്ടു; തന്റെ ദു
തയിൽ ദീർഘായുസ്സോടിരിക്കുന്ന ദു
നും ഉണ്ട്. അതി നീതിമാനായിരിക്ക
അതിജ്ഞാനിയായിരിക്കയും അരുത്.
അധികം ദ്വേഷിക്കപ്പെടാതിരിക്കേണ്ട
നീ അധികം കുറ്റം ചെയ്യരുത്; ഭോഷ
രിക്കരുത്; നീ അകാലത്തിൽ മരിച്ചുപ
ന്നതെന്തിന്? നീ ഇതു ഗ്രഹിച്ചാൽ കൊ
അതിങ്കൽനിന്നു നിന്റെ കൈ വ
കളയരുത്; ദൈവഭക്തൻ ഇവയിൽനി
സുരക്ഷിതനായിരിക്കും.
ഒരു പട്ടണത്തിൽ പത്തു ബലശാല
ഉള്ളതിനേക്കാൾ ജ്ഞാനം ജ്ഞാന
അധികം ബലം. പാപം ചെയ്യാതെ
മാത്രം ചെയ്യുന്ന ഒരു നീതിമാനും
യിൽ ഇല്ല. പറഞ്ഞു കേൾക്കുന്ന സ
വാക്കിനും നീ ശ്രദ്ധ കൊടുക്കരുത്; നി

ദാസൻ നിന്നെ ശപിക്കുന്നതു നീ കേൾക്കാ
തിരിക്കേണ്ടതിനു തന്നെ. നീയും പല
പ്രാവശ്യം മറ്റുള്ളവരെ ശപിച്ചത് നിനക്ക്
ഓർമ്മയുണ്ടല്ലോ.
ഇതെല്ലാം ഞാൻ ജ്ഞാനംകൊണ്ടു
പരീക്ഷിച്ചു നോക്കി; ഞാൻ ജ്ഞാനം സ
മ്പാദിക്കുമെന്നു ഞാൻ പറഞ്ഞു; എന്നാൽ
അതു എനിക്കു വിദൂരമായിരുന്നു. ഉള്ളത്
വിദൂരവും അത്യഗാധവും ആയിരിക്കുന്നു;
അതു കണ്ടെത്തുവാൻ ആർക്കു കഴിയും?
ഞാൻ അറിയുവാനും പരിശോധിപ്പാനും
ജ്ഞാനവും യുക്തിയും അന്വേഷിപ്പാനും
ദുഷ്ടത ഭോഷത്വമെന്നും മൂഢത ഭ്രാന്ത്
എന്നും ഗ്രഹിപ്പാനും നിശ്ചയിച്ചു. മരണ
ത്തെക്കാൾ കയ്പായിരിക്കുന്ന ഒരു കാര്യം
ഞാൻ കണ്ടു: ഹൃദയത്തിൽ കെണികളും
വലകളും കയ്യിൽ പാശങ്ങളും ഉള്ള സ്ത്രീയെ
തന്നെ; ദൈവത്തിനു പ്രസാദമുള്ളവൻ
അവളിൽനിന്നു രക്ഷപ്പെടും; പാപിയോ
അവളാൽ പിടിക്കപ്പെടും. കാര്യം അറിയേ
ണ്ടതിന് ഒന്നോടൊന്ന് ചേർത്ത് പരിശോധി
ച്ചു നോക്കീട്ടു ഞാൻ ഇതാകുന്നു കണ്ടതു
എന്നു സഭാപ്രസംഗി പറയുന്നു: ഞാൻ
താല്പര്യമായി അന്വേഷിച്ചുകൊണ്ടിരി
ക്കുന്നുവെങ്കിലും കണ്ടുകിട്ടാത്തതു;
ആയിരംപേരിൽ ഒരു പുരുഷനെ ഞാൻ
കണ്ടെത്തി എങ്കിലും ഇത്രയും പേരിൽ ഒരു
സ്ത്രീയെ കണ്ടെത്തിയില്ല എന്നതത്രെ. ഒരു
കാര്യം മാത്രം ഞാൻ കണ്ടിരിക്കുന്നു; ദൈവം
മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു;
അവരോ അനേകം സൂത്രങ്ങളെ അന്വേ
ഷിച്ചു വരുന്നു.

അദ്ധ്യായം 8

ജ്ഞാനിക്കു തുല്യനായി ആരുള്ളു?
കാര്യത്തിന്റെ അർത്ഥം അറിയുന്നവൻ
ആർ? മനുഷ്യന്റെ ജ്ഞാനം അവന്റെ
മുഖത്തെ പ്രകാശിപ്പിക്കുന്നു; അവന്റെ
മുഖത്തെ കാഠിന്യം മാറിപ്പോകുന്നു. ദൈവ
സന്നിധിയിൽ ചെയ്ത സത്യം ഓർത്തിട്ടു
രാജാവിന്റെ കല്പന പ്രമാണിച്ചുകൊള്ള
ണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു.
അനിഷ്ടമെങ്കിലും നീ അവന്റെ സന്നിധി
വിട്ടുപോയി അതു ചെയ്യുക. ഒരു ദുഷ്കാര്യ
ത്തിലും ഇടപെടരുതു. അവൻ തനിക്കു
ഇഷ്ടമുള്ളതെല്ലാം ചെയ്യുമല്ലോ. രാജക
ല്പന പ്രബലം; നീ എന്തു ചെയ്യുന്നു എന്നു
അവനോടു ആർ ചോദിക്കും? കല്പന പ്രമാ
ണിക്കുന്നവനു ഒരു ദോഷവും സംഭവിക്കയി
ല്ല; ജ്ഞാനിയുടെ ഹൃദയം കാലത്തെയും
ന്യായത്തെയും വിവേചിക്കുന്നു. സകല 6
കാര്യത്തിനും കാലവും ന്യായവും ഉണ്ടല്ലോ;
മനുഷ്യന്റെ അരിഷ്ടത അവനു ഭാരമായി
രിക്കുന്നു. സംഭവിപ്പാനിരിക്കുന്നത് അവൻ 7
അറിയുന്നില്ലല്ലോ; അവനു ശേഷം അതു
എങ്ങനെ സംഭവിക്കും എന്നു അവനോട്
ആർ അറിയിക്കും? പ്രാണനെ തടുപ്പാൻ 8
പ്രാണന്റെമേൽ അധികാരമുള്ള ഒരു മനു
ഷ്യനുമില്ല; മരണദിവസത്തിന്മേൽ അധികാ
രമുള്ളവനുമില്ല; യുദ്ധത്തിൽ നിന്നു വിടു
തൽ ഇല്ല; ദുഷ്ടത ദുഷ്ടന്മാരെ വിടുവി
ക്കുകയുമില്ല. ഇതെല്ലാം ഞാൻ കണ്ടു; 9
മനുഷ്യനു മനുഷ്യന്റെമേൽ അവന്റെ
ദോഷത്തിനായി അധികാരമുള്ള കാലത്ത്
സൂര്യനു കീഴെ നടക്കുന്ന സകല പ്രവൃത്തി
യിലും ഞാൻ ദൃഷ്ടിവെച്ചു.
ദുഷ്ടന്മാർ സംസ്ക്കരിക്കപ്പെട്ടു വിശ്ര 10
മം പ്രാപിക്കുന്നതു ഞാൻ കണ്ടു. അവൻ
വിശുദ്ധസ്ഥലം വിട്ടുപോകേണ്ടി വരികയും
പട്ടണത്തിൽ വിസ്മൃതരാകുകയും ചെയ്യു.
അതും മായ അത്രെ. ദുഷ്പ്രവൃത്തിക്കുള്ള 11
ശിക്ഷാവിധി തൽക്ഷണം നടക്കായ്ക
യാൽ മനുഷ്യർ ദോഷം ചെയ്യുവാൻ
ധൈര്യപ്പെടുന്നു. പാപി നൂറു പ്രാവശ്യം 12
ദോഷം ചെയ്കയും ദീർഘായുസ്സോടെ
ഇരിക്കയും ചെയ്യുന്നുണ്ടെങ്കിലും ദൈവ
ത്തെ ഭയപ്പെടുന്ന ഭക്തന്മാർക്ക് നന്മ വരു
മെന്നു ഞാൻ നിശ്ചയമായി അറിയുന്നു.
എന്നാൽ ദുഷ്ടനു നന്മ വരികയില്ല; അവൻ 13
ദൈവത്തെ ഭയപ്പെടായ്കയാൽ നിഴൽപോ
ലെ അവന്റെ ആയുസ്സു ദീർഘമാകയില്ല.
ഭൂമിയിൽ നടക്കുന്ന ഒരു മായ ഉണ്ട്: 14
നീതിമാന്മാർക്കും ദുഷ്ടന്മാരുടെ പ്രവൃത്തി
ക്കു യോഗ്യമായതു ഭവിക്കുന്നു; ദുഷ്ട
ന്മാർക്കു നീതിമാന്മാർക്കു ചേരുന്നതും
സംഭവിക്കുന്നു. അതും മായ അത്രേ എന്നു
ഞാൻ പറഞ്ഞു. ആകയാൽ ഞാൻ സന്തോ 15
ഷത്തെ പ്രശംസിച്ചു; തിന്നു കുടിച്ചു
സന്തോഷിക്കുന്നതല്ലാതെ മനുഷ്യനു
സൂര്യന്റെ കീഴിൽ മറ്റൊരു ഭാഗ്യവുമി
ല്ലല്ലോ; ദൈവം സൂര്യന്റെ കീഴിൽ അവനു
നൽകുന്ന ആയുഷ്കാലത്തു അവന്റെ
പ്രയത്നത്തിൽ അവനോടുകൂടെ നിലനി 16
ല്ക്കുന്നതു ഇതു മാത്രമേയുള്ളു.
ഭൂമിയിൽ നടക്കുന്ന കാര്യം കാണു
വാനും ജ്ഞാനം അറിയുവാനും ഞാൻ 17
നിശ്ചയിച്ചു.-മനുഷ്യനു രാവും പകലും
കണ്ണിൽ ഉറക്കം വരുന്നില്ലല്ലോ- സൂര്യന്റെ
കീഴിൽ നടക്കുന്ന പ്രവൃത്തി പരിശോധി
ച്ചറിയുവാൻ മനുഷ്യനു കഴിവില്ല എന്നും

ദൈവത്തിൻെറതാണ് സകല പ്രവൃത്തിയെ
ന്നും ഞാൻ കണ്ടു; മനുഷ്യൻ എത്ര പ്രയാസ
പ്പെട്ടു അന്വേഷിച്ചാലും അതിനെ ഗ്രഹിക്ക
യില്ല; ഒരു ജ്ഞാനി പോലും അതിനെ
ഗ്രഹിപ്പാൻ വിചാരിച്ചാൽ അവനു സാദ്ധ്യ
മാകുകയില്ല.

അദ്ധ്യായം 9

1 ഇതെല്ലാം, അതായത് നീതിമാന്മാരും
ജ്ഞാനികളും അവരുടെ പ്രവൃത്തികളും
ദൈവത്തിൻെറ കയ്യിൽ ഇരിക്കുന്നു എന്നു
ള്ള വസ്തുത തന്നേ, ശോധന ചെയ്‌വാൻ
ഞാൻ നിശ്ചയിച്ചു; സ്നേഹമാകട്ടെ ദ്വേഷ
മാകട്ടെ ഒന്നും മനുഷ്യൻ അറിയുന്നില്ല; സർ
വ്വവും അവരുടെ മുമ്പിൽ തന്നെ ഇരിക്കു
2 ന്നു. എല്ലാവർക്കും എല്ലാം ഒരുപോലെ
സംഭവിക്കുന്നു; നീതിമാനും ദുഷ്ടനും
നല്ലവനും നിർമ്മലനും മലിനനും യാഗം
കഴിക്കുന്നവനും യാഗം കഴിക്കാത്തവനും
ഒരേ ഗതി വരുന്നു; പാപിയും നല്ലവനും
ആണപേടിക്കുന്നവനും ആണയിടുന്ന
3 വനും ഒരുപോലെ ആകുന്നു. എല്ലാവർക്കും
ഒരേ ഗതി വരുന്നു എന്നുള്ളതു സൂര്യൻെറ
കീഴിൽ നടക്കുന്ന എല്ലാറ്റിലും ഒരു തിന്മയ
ത്രേ; മനുഷ്യരുടെ ഹൃദയത്തിൽ തിന്മ
നിറഞ്ഞിരിക്കുന്നു; ജീവപര്യന്തം അവരുടെ
ഹൃദയത്തിൽ അശുദ്ധ പതർച്ച ഉണ്ട്;
അതിൻെറ ശേഷമോ അവർ മരിച്ചവരുടെ
4 അടുക്കലേക്കു പോകുന്നു. ജീവിച്ചിരിക്കു
ന്നവരുടെ കൂട്ടത്തിൽ ഉള്ളവനെല്ലാം പ്രത്യാ
ശ ഉണ്ടു; ചത്ത സിംഹത്തെക്കാൾ ജീവ
5 നുള്ള നായ് നല്ലതല്ലോ. ജീവിച്ചിരിക്കുന്നവർ
തങ്ങൾ മരിക്കും എന്നറിയുന്നു; മരിച്ചവരോ
ഒന്നും അറിയുന്നില്ല; മേലാൽ അവർക്കു ഒരു
പ്രതിഫലവും ഇല്ല; അവരെക്കുറിച്ചുള്ള
6 ഓർമ്മ ഇല്ലാതായി. അവരുടെ സ്നേഹവും
ദ്വേഷവും അസൂയയും നശിച്ചുപോയി;
സൂര്യനു കീഴെ നടക്കുന്ന യാതൊന്നിലും
അവർക്കു ഇനി ഓഹരിയില്ല.
7 നീ ചെന്നു സന്തോഷത്തോടുകൂടെ
അപ്പം തിന്നുക; ആനന്ദഹൃദയത്തോടെ
8 വീഞ്ഞു കുടിക്ക; ദൈവം നിൻെറ പ്രവൃത്തി
കളിൽ പ്രസാദിച്ചിരിക്കുന്നുവല്ലോ. നിൻെറ
വസ്ത്രം എപ്പോഴും വെള്ളയായിരിക്കട്ടെ;
നിൻെറ തലയിൽ സുഗന്ധതൈലം കുറയാ
9 തിരിക്കട്ടെ. സൂര്യനു കീഴെ അവൻ നിനക്കു
നൽകിയിരിക്കുന്ന മായയായുള്ള ആയു
ഷ്ക്കാലമെല്ലാം നീ സ്നേഹിക്കുന്ന ഭാര്യ
യോടുകൂടെ സുഖിച്ചുകൊൾക; അതല്ലോ
ഈ ആയുസ്സിലും സൂര്യൻെറ കീഴിൽ നീ
ചെയ്യുന്ന പ്രയത്നത്തിലും നിനക്കുള്ള 10
ഓഹരി. ചെയ്‌വാൻ നിനക്കു ഇടവരുന്ന
തെല്ലാം ശക്തിയോടെ ചെയ്ക; നീ ചെല്ലുന്ന
പാതാളത്തിൽ പ്രവൃത്തിയോ, ചിന്തയോ,
അറിവോ, ജ്ഞാനമോ ഒന്നും ഇല്ല.
പിന്നെയും ഞാൻ സൂര്യനു കീഴെ ക 11
ണ്ടതു: വേഗതയുള്ളവർ ഓട്ടത്തിലും വീര
ന്മാർ യുദ്ധത്തിലും ജയിക്കുന്നില്ല; ജ്ഞാ
നികൾക്ക് ആഹാരവും വിവേകികൾക്ക്
സമ്പത്തും സാമർത്ഥ്യമുള്ളവർക്ക് പ്രീതി
യും ലഭിക്കുന്നില്ല; അവയ്ക്കെല്ലാം കാല
വും സന്ദർഭവും ഉണ്ട്. മനുഷ്യൻ തൻെറ 12
സമയം അറിയുന്നില്ലല്ലോ; വല്ലാത്ത
വലയിൽ പിടിപെടുന്ന മത്സ്യങ്ങളെപ്പോ
ലെയും കെണിയിൽ അകപ്പെടുന്ന പക്ഷി
കളെപ്പോലെയും മനുഷ്യർ, പെട്ടെന്നു
വന്നുകൂടുന്ന ദുഷ്കാലത്തു കെണിയിൽ
കുടുങ്ങിപ്പോകുന്നു.
ഞാൻ സൂര്യനു കീഴെ ഇങ്ങനെയും 13
ജ്ഞാനം കണ്ടു; അത് എനിക്കു വലുതായി
തോന്നി: ചെറിയൊരു നഗരം ഉണ്ടായിരു 14
ന്നു; അതിൽ മനുഷ്യർ ചുരുക്കമായിരുന്നു;
വലിയൊരു രാജാവു അതിൻെറ നേരെ
വന്നു, അതിനെ നിരോധിച്ചു, അതിനെ
തിരെ വലിയ കൊത്തളങ്ങൾ പണിതു.
എന്നാൽ അവിടെ സാധുവായൊരു 15
ജ്ഞാനി പാർത്തിരുന്നു; അവൻ തൻെറ
ജ്ഞാനത്താൽ നഗരത്തെ രക്ഷിച്ചു;
എങ്കിലും ആ സാധുമനുഷ്യനെ ആരും
ഓർത്തില്ല. ജ്ഞാനം ബലത്തെക്കാൾ 16
നല്ലതുതന്നെ, എങ്കിലും സാധുവിൻെറ
ജ്ഞാനം തുച്ഛീകരിക്കപ്പെടുന്നു; അവ
ൻെറ വാക്ക് ആരും വകവയ്ക്കുന്നുമില്ല
എന്നു ഞാൻ പറഞ്ഞു.
മൂഢന്മാരുടെ ഇടയിൽ ഭരിക്കുന്നവൻെറ 17
അട്ടഹാസത്തെക്കാൾ സാവധാനത്തിൽ
പറയുന്ന ജ്ഞാനികളുടെ വചനങ്ങൾ അനു
സരിക്കപ്പെടുന്നു. യുദ്ധായുധങ്ങളെക്കാളും 18
ജ്ഞാനം നല്ലത്; എന്നാൽ ഒരൊറ്റ പാപം
വളരെ നന്മ നശിപ്പിച്ചുകളയുന്നു.

അദ്ധ്യായം 10

ചത്ത ഈച്ച സുഗന്ധതൈലം നാറ്റി 1
ക്കുന്നു; അങ്ങനെതന്നെ ജ്ഞാനം കൊ
ണ്ടും ബഹുമാനാധിക്യംകൊണ്ടും ശ്രേഷ്ഠ
നായവനെ അല്പം ഭോഷത്വം (നാറ്റുന്നു).
ജ്ഞാനിയുടെ ഹൃദയം അവൻെറ വലത്തോ 2
ട്ടും മൂഢൻെറ ഹൃദയം അവൻെറ ഇടത്തോ
ട്ടും ചാഞ്ഞ് ഇരിക്കുന്നു. ഭോഷൻ നടക്കുന്ന 3
വഴിയിൽ അവൻെറ ഹൃദയം ക്ഷയിച്ചു

കുന്നു; അധിപതിയുടെ മനസ്സ് നിൻെറ
ാ കോപിക്കുന്നുവെങ്കിൽ നീ നിൻെറ
ലം വിട്ടുമാററരുതു. കീഴ്വഴക്കം മഹാ
കങ്ങളെ ക്ഷമിക്കുന്നു. അധിപതി
നിന്നു പുറപ്പെടുന്ന തെറ്റിനെ ഞാൻ
നു കീഴെ തിന്മയായി കണ്ടു; മൂഢ
ശ്രേഷ്ഠപദവിയിൽ എത്തുകയും
ാന്മാർ താണ നിലയിൽ ഇരിക്കുക
ചയ്യുന്നു. ദാസന്മാർ കുതിരപ്പുറത്തി
ന്നതും പ്രഭുക്കന്മാർ ദാസന്മാരെ
ല കാൽനടയായി നടക്കുന്നതും
കണ്ടു. കുഴി കുഴിക്കുന്നവൻ അതിൽ
മതിൽ പൊളിക്കുന്നവനെ പാമ്പു
ും. അതിർത്തിക്കല്ലു മാറ്റുന്നവൻ
ാൽ വേദനപ്പെടും; വിറകു കീറുന്ന
അതിനാൽ ക്ഷീണം വരും. ഇരുമ്പാ
ൂർച്ചയില്ലാത്തതാണെങ്കിൽ അതിനു
കൂട്ടാതിരുന്നാൽ അവൻ അധികം
പയോഗിക്കേണ്ടിവരും; ജ്ഞാനം
നു ഉപയോഗമുള്ളതാകുന്നു. സർപ്പം
ൽ പാമ്പാട്ടിയെ വിളിച്ചിട്ടു പ്രയോജ
ജ്ഞാനിയുടെ വായിലെ വാക്കു
്യമുള്ളതു; മൂഢൻെറ അധരമോ
ത്തന്നെ നശിപ്പിക്കും. അവൻെറ
ല വാക്കുകളുടെ ആരംഭം ഭോഷ
അവൻെറ സംസാരത്തിൻെറ അവ
വല്ലാത്ത ഭ്രാന്തും തന്നെ. ഭോഷൻ
ളെ വർദ്ധിപ്പിക്കുന്നു; സംഭവിപ്പാ
ുന്നതു മനുഷ്യൻ അറിയുന്നില്ല;
ൻെറ ശേഷം ഉണ്ടാകുവാനുള്ളതു
വനെ അറിയിക്കും? പട്ടണത്തിലേ
കുന്ന വഴി അറിയാത്ത മൂഢന്മാർ
ടെ പ്രയത്നത്താൽ ക്ഷീണിച്ചു
നു. ബാലനായ രാജാവും അതി
വിരുന്നു കഴിക്കുന്ന പ്രഭുക്ക
ള്ള ദേശമേ, നിനക്കു കഷ്ടം! കുലീ
രാജാവും, മദ്യപാനത്തിനല്ല,
നുവേണ്ടി മാത്രം തക്ക സമയത്തു
കഴിക്കുന്ന പ്രഭുക്കന്മാരും ഉള്ള
നിനക്കു ഭാഗ്യം! നോട്ടക്കുറവു
മേല്പുര നിലംപരിശാകുന്നു;
ടെ ആലസ്യം കൊണ്ടു വീടു
ു. ജീവനെ സന്തോഷിപ്പിക്കു
്വും വീഞ്ഞും എണ്ണയും സൃഷ്ടി
ിക്കുന്നു. പണം എല്ലാ കാര്യ
രവയെ തരംതാഴ്ത്തി വഴി തെറ്റി
ിൻെറ മനസ്സിൽപോലും രാജാ
പിക്കരുത്; നിൻെറ ശയനഗൃഹ
ച്ചുപോലും ധനവാനെ ശപിക്ക
ാശത്തിലെ പക്ഷി ആ ശബ്ദം
കൊണ്ടുപോകുവാനും പറവജാതി ആ
കാര്യം പ്രസിദ്ധമാക്കുവാനും ഇടയാകും.

അദ്ധ്യായം 11

നിൻെറ അപ്പത്തെ വെള്ളത്തിന്മേൽ 1
എറിയുക; ഏറിയ നാൾ കഴിഞ്ഞിട്ടു നിനക്കു
അതു കിട്ടും. ഒരു ഓഹരിയെ ഏഴായിട്ടോ 2
എട്ടായിട്ടോ വിഭാഗിച്ചുകൊൾക; ഭൂമിയിൽ
എന്തു അനർത്ഥം സംഭവിക്കും എന്നു നീ
അറിയുന്നില്ലല്ലോ. മേഘം വെള്ളംകൊണ്ടു 3
നിറഞ്ഞിരുന്നാൽ ഭൂമിയിൽ പെയ്യും; വൃക്ഷം
തെക്കോട്ടോ വടക്കോട്ടോ വീണാൽ വീണി
ടത്തുതന്നെ കിടക്കും. കാറ്റിനെ വിചാരി 4
ക്കുന്നവൻ വിതയ്ക്കയില്ല; മേഘങ്ങളെ
നോക്കുന്നവൻ കൊയ്യുകയുമില്ല. കാറ്റിൻെറ 5
ഗതി എങ്ങോട്ടെന്നും ഗർഭിണിയുടെ ഉദര
ത്തിൽ അസ്ഥികൾ ഉരുവായ് വരുന്നതു
എങ്ങനെ എന്നും അവൾ അറിയാത്തതു
പോലെ സകലവും ഉണ്ടാക്കുന്ന ദൈവത്തി
ൻെറ പ്രവൃത്തികളെ നീ അറിയുന്നില്ല. 6
രാവിലെ നിൻെറ വിത്തു വിതയ്ക്കുക;
വൈകുന്നേരത്തും നിൻെറ കൈ അടങ്ങി
യിരിക്കരുതു; ഇതോ, അതോ, ഏത് ഫലവ
ത്താകും എന്നും രണ്ടും ഒരുപോലെ നന്നാ
യിരിക്കുമോ എന്നും നീ അറിയുന്നില്ലല്ലോ.
വെളിച്ചം മനോഹരവും സൂര്യനെ കാണു 7
ന്നതു കണ്ണിനു ഇമ്പവുമാകുന്നു. മനുഷ്യൻ 8
ബഹുകാലം ജീവിച്ചിരിക്കുന്നു എങ്കിൽ
അവൻ അതിൽ സന്തോഷിക്കട്ടെ; എങ്കി
ലും അന്ധകാരകാലം ദീർഘമായിരിക്കും
എന്നും അവൻ ഓർത്തുകൊള്ളട്ടെ; വരുന്ന
തൊക്കെയും മായ അത്രെ.

യുവാവേ! നിൻെറ യൌവനത്തിൽ 9
സന്തോഷിക്ക; യൌവനകാലത്തു നിൻെറ
ഹൃദയം ആനന്ദിക്കട്ടെ; നിനക്കു ഇഷ്ട
മുള്ള വഴികളിലും നിനക്കു ബോധിച്ച
വണ്ണവും നടന്നുകൊൾക; എന്നാൽ ഇവ
യെല്ലാം നിമിത്തം ദൈവം നിന്നെ ന്യായ
വിസ്താരത്തിലേക്കു വരുത്തും എന്നറിയുക.
ആകയാൽ നിൻെറ ഹൃദയത്തിൽനിന്നും 10
കോപം അകറ്റി, നിൻെറ ജഡത്തിൽ നിന്നു
തിന്മ നീക്കിക്കളക; ബാല്യവും യൗവനവും
മായ അത്രെ.

അദ്ധ്യായം 12

നിൻെറ യൌവനകാലത്തു നിൻെറ 1
സ്രഷ്ടാവിനെ ഓർത്തുകൊൾക; ദുർദ്ദിവ
സങ്ങൾ വരികയും എനിക്കു ഇഷ്ടമില്ല
എന്നു നീ പറയുന്ന കാലം സമീപിക്കയും
സൂര്യനും വെളിച്ചവും ചന്ദ്രനും നക്ഷത്ര 2

ങ്ങളും ഇരുണ്ടുപോകയും മഴപെയ്തശേഷം
മേഘങ്ങൾ മടങ്ങിവരികയും ചെയ്യും മുമ്പെ
3 തന്നെ. അന്നു വീട്ടുകാവൽക്കാർ വിറ
യ്ക്കും; ബലവാന്മാർ കുനിയും; അരയ്ക്കു
ന്നവർ ചുരുക്കമാകയാൽ അടങ്ങിയിരി
ക്കും; ജനലുകളിൽകൂടി നോക്കുന്നവർ
അന്ധതപ്പെടും; തെരുവിലെ കതകുകൾ
4 അടയും; അരയ്ക്കുന്ന ശബ്ദം മന്ദമാകും;
പക്ഷിയുടെ ശബ്ദത്തിങ്കൽ ഉണർന്നു പോ
കും; കീർത്തനങ്ങൾ തളരുകയും ചെയ്യും;
5 അന്നു അവർ കയററത്തെ പേടിക്കും;
വഴിയിൽ ഭീതികൾ ഉള്ളതായി തോന്നും;
ബദാം വൃക്ഷം പൂക്കും; തുള്ളൻ ഇഴഞ്ഞു
നടക്കും; ഔഷധം ഫലിക്കാതെവരും;
മനുഷ്യൻ തന്റെ ശാശ്വതഭവനത്തിലേക്ക്
പോകും; വിലാപം കഴിക്കുന്നവർ വീഥിയിൽ
6 ചുറ്റി സഞ്ചരിക്കും. അന്നു വെള്ളിച്ചരടു
അറ്റു പോകും; പൊൻപാത്രം തകരും; ഉറ
വിങ്കൽ വച്ചു കുടം ഉടയും; കിണറ്റിങ്കലെ
7 ചക്രം തകരും. മണ്ണ് പണ്ടു ആയിരുന്നതു
പോലെ ഭൂമിയിലേക്കു തിരികെ ചേരും;
ആത്മാവ് അതിനെ നൽകിയ ദൈവത്തി
8 ന്റെ അടുക്കലേക്ക് മടങ്ങിപ്പോകും. ഹാ
മായ, മായ, സകലവും മായ അത്രേ എന്നു
സഭാപ്രസംഗി പറയുന്നു.

സഭാപ്രസംഗി ജ്ഞാനിയായിരുന്നതു 9
കൂടാതെ അവൻ ജനത്തിന്നു പരിജ്ഞാനം
ഉപദേശിച്ചു കൊടുക്കയും ചിന്തിച്ചു ശോ
ധനകഴിച്ചു അനേകം സദൃശവാക്യം പറ
യുകയുംചെയ്തു. ഇമ്പമായുള്ള വാക്കുകളും 10
നേരായി എഴുതിയിരിക്കുന്നവയും സത്യ
മായുള്ള വചനങ്ങളും കണ്ടെത്തുവാൻ
സഭാപ്രസംഗി ഉത്സാഹിച്ചു.

ജ്ഞാനികളുടെ വചനങ്ങൾ ഇടയന്റെ 11
വടി പോലെയും, ഇടയന്റെ വാക്കുകൾ തറ
ച്ചിരിക്കുന്ന ആണികൾപോലെയും ആകു
ന്നു; അവ ഒരു ഇടയനാൽതന്നെ നൽക
പ്പെട്ടിരിക്കുന്നു. എന്നാൽ എന്റെ മകനേ, 12
പ്രബോധനം കൈക്കൊൾക; ഗ്രന്ഥങ്ങൾ
ഉണ്ടാക്കുന്നതിന്നു അവസാനമില്ല; അധിക
പഠനം ശരീരത്തിന്നു ക്ഷീണംതന്നെ.

എല്ലാറ്റിന്റെയും സാരം കേൾക്കുക; 13
ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പന
കളെ പ്രമാണിച്ചുകൊൾക; എന്തെന്നാൽ
എല്ലാവർക്കുമായി ഒരേ നിർമ്മാതാവിനാൽ
നൽകപ്പെട്ടിരിക്കുന്നത് ഇതാകുന്നു; അതു
ആകുന്നു സകല മനുഷ്യരുടെയും ചുമതല.
ദൈവം നല്ലതും ചീത്തയുമായ സകല പ്രവൃ 14
ത്തിയെയും, രഹസ്യവും പരസ്യവുമായവ
യെയും ന്യായവിസ്താരത്തിലേക്ക് വരുത്തും.

മോവാബ്യകാരിയായ രൂത്ത്

അദ്ധ്യായം 1

ന്യായാധിപന്മാർ ന്യായപാലനം നട
ന്ന കാലത്ത് ഒരിക്കൽ ദേശത്തു ക്ഷാമം
ായി; യെഹൂദയിലെ ബേത്ലഹെമി
ൽ ഒരുവൻ തന്റെ ഭാര്യയും രണ്ടു പുത്ര
ന്മാരുമായി മോവാബ് ദേശത്തു പാർപ്പാൻ
ായി: അവന്നു എലീമെലെക് എന്നും ഭാര്യ
ക്കു നവൊമി എന്നും രണ്ടു പുത്രന്മാർക്കു
മഹ്ലോൻ എന്നും കില്യോൻ എന്നും പേർ.
അവർ യെഹൂദയിലെ ബേത്ലഹെമിൽ
നിന്നുള്ള എഫ്രാത്യർ ആയിരുന്നു; അവർ
മോവാബ് ദേശത്തു ചെന്നു അവിടെ താമ
സിച്ചു. നവോമിയുടെ ഭർത്താവായ
എലീമേലെക് മരിച്ചു; അവളും രണ്ടു
പുത്രന്മാരും ശേഷിച്ചു. അവർ മോവാബ്യ
സ്ത്രീകളെ വിവാഹംകഴിച്ചു; ഒരുവൾക്ക്
ഒർപ്പാ എന്നും മറ്റവൾക്കു രൂത്ത് എന്നും
പേർ. അവർ ഏകദേശം പത്തു സംവ
ത്സരം അവിടെ പാർത്തു. മഹ്ലോനും കി
ല്യോനും ഇരുവരും മരിച്ചു; അങ്ങനെ രണ്ടു
പുത്രന്മാരും ഭർത്താവും മരിച്ചിട്ട് ആ സ്ത്രീ
മാത്രം ശേഷിച്ചു. ദൈവം തന്റെ ജനത്തെ
സന്ദർശിച്ചു ആഹാരം കൊടുത്തതായി
അവൾ മോവാബ് ദേശത്തു വച്ചു കേട്ടിട്ടു
മോവാബ് ദേശം വിട്ടു മടങ്ങിപ്പോകുവാൻ
തന്റെ മരുമക്കളോടു കൂടെ പുറപ്പെട്ടു.
അങ്ങനെ അവൾ മരുമക്കളുമായി പാർത്തി
രുന്ന സ്ഥലം വിട്ടു യെഹൂദാദേശത്തേക്കു
മടങ്ങിപ്പോകുവാൻ യാത്രയായി. നവോമി
പിന്നീട് ഇരുവരോടും: നിങ്ങൾ സ്വന്ത
ദേശത്തേക്കും ആളുകളുടെ അടു
ക്കലേക്കും മടങ്ങിപ്പൊയ്ക്കൊൾവിൻ; മരിച്ച
എന്റെ മക്കൾ രണ്ടു പേരോടും എന്നോടും
നിങ്ങൾ ചെയ്തതുപോലെ ദൈവം നിങ്ങ
ളോടു ദയ ചെയ്യുമാറാകട്ടെ. നിങ്ങൾ
ഭർത്താക്കന്മാരുടെ വീട്ടിൽ വിശ്രമം
കണ്ടെത്തിന്നു ദൈവം നിങ്ങൾക്കു കൃ
പ ചെയ്യുമാറാകട്ടെ എന്നു പറഞ്ഞു അവരെ
ചുംബിച്ചു; അവർ ഉച്ചത്തിൽ കരഞ്ഞു. അ
വർ അവളോടു: ഞങ്ങളും നിന്നോടു കൂടെ
നിന്റെ ജനത്തിന്റെ അടുക്കൽ നിന്റെ
ദേശത്തേക്കു പോരുന്നു എന്നു പറഞ്ഞു.
അതിനു നവോമി പറഞ്ഞതു: "എന്റെ 11
മക്കളേ, നിങ്ങൾ മടങ്ങിപ്പൊയ്ക്കൊൾവിൻ;
എന്തിന്ന് എന്നോടുകൂടെ പോരുന്നു?
നിങ്ങൾക്കു ഭർത്താക്കന്മാരായിരിപ്പാൻ
ഇനി എനിക്ക് പുത്രന്മാർ ഉണ്ടാകുമോ?
എന്റെ മക്കളേ, മടങ്ങിപ്പൊയ്ക്കൊൾവിൻ; 12
ഒരു പുരുഷനു ഭാര്യയായിരിപ്പാൻ എനിക്കു
പ്രായം കഴിഞ്ഞുപോയി; അല്ല, അങ്ങനെ
ഒരു ആശ എനിക്കുണ്ടായിട്ടു ഒരു പുരുഷ
ന്നു ഭാര്യയായി പുത്രന്മാരെ പ്രസവിച്ചാലും
അവർക്കു പ്രായമാകുവോളം നിങ്ങൾ
അവർക്കായിട്ടു കാത്തിരിക്കുമോ? നിങ്ങൾ 13
ഭർത്താക്കന്മാരെ എടുക്കാതെ നില്ക്കുമോ?
അതു വേണ്ടാ, എന്റെ മക്കളേ; ദൈവത്തി
ന്റെ കൈ എനിക്കു വിരോധമായി പുറ
പ്പെട്ടിരിക്കയാൽ നിങ്ങളെ വിചാരിച്ചു ഞാൻ
വളരെ വ്യസനിക്കുന്നു." അവർ പിന്നെയും 14
പൊട്ടിക്കരഞ്ഞു; ഒർപ്പാ അമ്മാവിയമ്മയെ
ചുംബിച്ചു പിരിഞ്ഞു; രൂത്തോ അവളോടു 15
ചേർന്ന് നിന്നു. അപ്പോൾ അവൾ: നിന്റെ
സഹോദരി തന്റെ ജനത്തിന്റെയും തന്റെ
ആളുകളുടെയും അടുക്കൽ മടങ്ങിപ്പോയ
ല്ലോ; നീയും നിന്റെ സഹോദരിയുടെ പി
ന്നാലെ പൊയ്ക്കൊൾക എന്നു പറഞ്ഞു.
അതിന്നു രൂത്ത്: "നിന്നെ വിട്ടുപിരിയുവാ 16
നും നിന്റെ കൂടെ വരാതെ മടങ്ങിപ്പോകുവാ
നും എന്നോടു പറയരുതേ; നീ പോകുന്നേട
ത്തു ഞാനും പോരും; നീ പാർക്കുന്നേടത്തു
ഞാനും പാർക്കും; നിന്റെ ജനം എന്റെ
ജനം, നിന്റെ ദൈവം എന്റെ ദൈവം. നീ 17
മരിക്കുന്നേടത്തു ഞാനും മരിച്ച് അടക്ക
പ്പെടും; മരണത്താലല്ലാതെ ഞാൻ നിന്നെ
വിട്ടുപിരിഞ്ഞാൽ ദൈവം തക്കവണ്ണവും
അധികവും എന്നോടു ചെയ്യുമാറാകട്ടെ
എന്നു പറഞ്ഞു. തന്നോടുകൂടെ പോരു 18
വാൻ അവൾ ഉറച്ചിരിക്കുന്നു എന്നു കണ്ട
പ്പോൾ അവൾ അവളോടു മടങ്ങിപ്പോ
കുവാൻ സംസാരിക്കുന്നതു മതിയാക്കി.
അങ്ങനെ അവർ രണ്ടു പേരും ബേത്ലഹെം 19

വരെ നടന്നു; അവർ ബേത്ലഹേമിൽ
എത്തിയപ്പോൾ പട്ടണം മുഴുവനും അവ
രുടെ നിമിത്തം സന്തോഷിച്ചു. ഇവൾ
നവോമിയോ എന്നു സ്ത്രീജനം പറഞ്ഞു.
20 അവൾ അവരോടു പറഞ്ഞത്: നവോമി
എന്നല്ല മാറാ എന്ന് എന്നെ വിളിപ്പിൻ;
സർവ്വശക്തൻ എന്നോടു ഏറ്റവും കൈപ്പാ
21 യുള്ളതു പ്രവർത്തിച്ചിരിക്കുന്നു. ഇവിടെ
നിന്നും നിറഞ്ഞവളായി ഞാൻ പോയി;
ഒഴിഞ്ഞവളായി ദൈവം എന്നെ മടക്കിവരു
ത്തിയിരിക്കുന്നു; ദൈവം എനിക്കു വിരോധ
മായി സാക്ഷീകരിക്കയും സർവ്വശക്തൻ
എന്നെ ദുഃഖിപ്പിക്കയും ചെയ്തിരിക്കെ
നിങ്ങൾ എന്നെ നവോമി എന്നു വിളിക്കു
22 ന്നതു എന്തിന്? ഇങ്ങനെ നവോമി മോവാ
ബ് ദേശത്തു നിന്നു മനസ്സോടെ പോന്ന
മരുമകൾ രൂത്ത് എന്ന മോവാബ്യസ്ത്രീയു
മായി മടങ്ങിവന്നു; അവർ യവക്കൊയ്ത്തി
ന്റെ ആരംഭത്തിൽ ബേത്ലഹേമിൽ
എത്തി.

അധ്യായം 2

1 നവോമിക്കു തന്റെ ഭർത്താവായ
എലീമേലെക്കിന്റെ കുടുംബത്തിൽ മഹാ
ധനികനായ ഒരു ചാർച്ചക്കാരൻ ഉണ്ടായി
രുന്നു; അവന്നു ബോവാസ് എന്നു പേർ.
2 മോവാബ്യയായ രൂത്ത് നവോമിയോടു:
ഞാൻ വയലിൽ ചെന്നു എന്നോടു ദയ
കാണിക്കുന്നവനെ ആശ്രയിച്ചു കൊയ്ത്തു
കാരുടെ പിന്നാലെ കതിർ പെറുക്കട്ടെ
3 എന്നു ചോദിച്ചു. പൊയ്ക്കൊൾക മകളേ
എന്ന് അവൾ അവളോടു പറഞ്ഞു. അങ്ങ
നെ അവൾ പോയി; വയലിൽ കൊയ്ത്തു
കാരുടെ പിന്നാലെ ചെന്നു പെറുക്കി; ഭാഗ്യ
വശാൽ അവൾ എലീമേലെക്കിന്റെ കുടും
ബക്കാരനായ ബോവാസിന്നുള്ള വയലിൽ
4 ആയിരുന്നു ചെന്നത്. അപ്പോൾ, ബോവാ
സ് ബേത്ലഹേമിൽ നിന്നു വന്നു; അവൻ
കൊയ്ത്തുകാരോടു: ദൈവം നിങ്ങളോടു
കൂടെ ഇരിക്കട്ടെ എന്നു പറഞ്ഞു. ദൈവം
അങ്ങയെ അനുഗ്രഹിക്കട്ടെ എന്നു അവർ
5 അവനോടും പറഞ്ഞു. കൊയ്ത്തുകാരുടെ
മേലധികാരിയായിരുന്ന ഭൃത്യനോടു: ഈ
യുവതി ഏത്? എന്നു ബോവാസ് ചോദിച്ചു.
6 കൊയ്ത്തുകാരുടെ തലവനായ ഭൃത്യൻ:
7 ഇവൾ മോവാബ് ദേശത്തുനിന്നു നവോമി
യുടെ കൂടെ വന്ന മോവാബ്യ യുവതിയത്രെ;
ഞാൻ കൊയ്ത്തുകാരുടെ പിന്നാലെ കറ്റക
ളുടെ ഇടയിൽ പെറുക്കിക്കൊള്ളട്ടെ എന്നു
അവൾ ചോദിച്ചു; അങ്ങനെ അവൾ
കാലത്തു വന്നു ഇതുവരെ പെറുക്കിക്കൊ
ണ്ടിരിക്കുന്നു; വീട്ടിൽ അല്പനേരമേ താമ
സിച്ചുള്ളു എന്നുത്തരം പറഞ്ഞു. ബോവാ 8
സ് രൂത്തിനോടു: മകളേ, പെറുക്കുവാൻ
വേറൊരു വയലിൽ പോകേണ്ട; ഇവിടം
വിടുകയും വേണ്ട; ഇവിടെ എന്റെ വേല
ക്കാരികളോടു ചേർന്നുകൊൾക. അവർ 9
കൊയ്യുന്ന നിലത്തിൽ അവരുടെ പിന്നാലെ
പൊയ്ക്കൊൾക; വേലക്കാർ നിന്നെ
തൊടരുതെന്നു ഞാൻ അവരോടു കല്പിച്ചി
ട്ടുണ്ട്. നിനക്കു ദാഹിക്കുമ്പോൾ പാത്രങ്ങൾ
ക്കടുത്തു ചെന്നു വേലക്കാർ കോരി വച്ച
തിൽ നിന്നു കുടിച്ചുകൊൾക എന്നു
പറഞ്ഞു. അവൾ സാഷ്ടാംഗം വീണു അവ 10
നോടു: ഞാൻ അന്യദേശക്കാരി ആയിരി
ക്കെ അങ്ങ് എന്നെ കരുതുവാൻ തക്കവണ്ണം
അങ്ങേക്കു എന്നോടു ദയതോന്നിയതു
എങ്ങനെ? എന്നു പറഞ്ഞു. ബോവാസ് 11
അവളോടു: നിന്റെ ഭർത്താവു മരിച്ച
ശേഷം അമ്മാവിയമ്മെയ്ക്കു നീ ചെയ്തി
രിക്കുന്നതും നിന്റെ അപ്പനെയും അമ്മയെ
യും സ്വദേശത്തെയും വിട്ടു, നേരത്തെ അറി
യാത്ത ജനത്തിന്റെ അടുക്കൽ വന്നിരിക്കു
ന്നതുമായ വിവരമൊക്കെയും ഞാൻ കേട്ടി
ട്ടുണ്ട്. നിന്റെ പ്രവൃത്തിക്കു ദൈവം പകരം 12
നൽകട്ടെ; ഇസ്രായേലിന്റെ ദൈവമായ
കർത്താവിന്റെ ചിറകിൻ കീഴെ ആശ്രയി
പ്പാൻ വന്നിരിക്കുന്ന നിനക്കു അവൻ പൂർണ്ണ
പ്രതിഫലം തരും എന്നുത്തരം പറഞ്ഞു.
അതിന്നു അവൾ: യജമാനനേ, ഞാൻ അങ്ങ 13
യുടെ ദാസിമാരിൽ ഒരുവളെപ്പോലെയല്ല
എന്നു വരികിലും അങ്ങ് എന്നെ ആശ്വസി
പ്പിക്കയും അടിയനോടു ദയയോടെ സംസാ
രിക്കയും ചെയ്വാൻ തക്കവണ്ണം എന്നോടു
അങ്ങേക്കു കൃപ തോന്നിയല്ലോ എന്നു
പറഞ്ഞു. ഭക്ഷണസമയത്തു ബോവാസ് 14
അവളോട്: ഇവിടെ വന്നു ഭക്ഷണം കഴിക്ക
എന്നു പറഞ്ഞു. അങ്ങനെ അവൾ കൊയ്ത്തു
കാരുടെ അരികെ ഇരുന്നു; അവൻ അവൾ
ക്കു മലർ കൊടുത്തു; അവൻ അപ്പം പാലിൽ
മുക്കിയും കൊടുത്തു. അവൾ തിന്നു തൃപ്ത
യായി ശേഷിപ്പിക്കയും ചെയ്തു. അവൾ 15
പെറുക്കുവാൻ എഴുന്നേറ്റപ്പോൾ ബോവാ
സ് തന്റെ വേലക്കാരോടു: അവൾ കറ്റ
കളുടെ ഇടയിൽ തന്നേ പെറുക്കിക്കൊള്ള
ട്ടെ; അവളെ ഉപദ്രവിക്കരുത്. പെറുക്കേണ്ട 16
തിന്നു അവൾക്കായി കറ്റകളിൽനിന്നു
വലിച്ചിട്ടേക്കണം, അവളെ ശകാരിക്കരുതു
എന്നു കല്പിച്ചു. ഇങ്ങനെ അവൾ വൈകു 17
ന്നേരംവരെ പെറുക്കി; പെറുക്കിയതു മെതി

...പ്പാൾ ഏകദേശം ഒരു പറ യവം ഉണ്ടാ
ന്നു. അവൾ അത് എടുത്തുകൊണ്ടു
നത്തിലേക്കു പോയി; അവൾ പെറുക്കി
ാണ്ടു വന്നതു അമ്മാവിയമ്മ കണ്ടു;
ൾ ഭക്ഷിച്ചശേഷം ബാക്കി കൊണ്ടുവ
ും അവൾ എടുത്ത് അവൾക്കു കൊടു
അമ്മാവിയമ്മ അവളോടു: നീ ഇന്ന്
ടെയായിരുന്നു പെറുക്കിയതു? എവി
ായിരുന്നു വേല ചെയ്തതു? നിന്നോടു
വു കാണിച്ചവൻ അനുഗ്രഹിക്കപ്പെട്ട
എന്നു പറഞ്ഞു. താൻ ഇന്ന ആളുടെ
ക്കലായിരുന്നു വേല ചെയ്തതു എന്നു
ൽ അമ്മാവിയമ്മയോടു അറിയിച്ചു:
വാസ് എന്നൊരു ആളുടെ അടുക്കലാ
ന്നു ഞാൻ ഇന്നു വേലചെയ്തതു
പറഞ്ഞു. നവോമി മരുമകളോടു:
ുള്ളവരോടും മരിച്ചവരോടും ദയ
ിരിക്കുന്ന കർത്താവിനാൽ അവൻ
ഗ്രഹിക്കപ്പെട്ടവൻ എന്നു പറഞ്ഞു.
ൾ നമുക്ക് അടുത്ത ചാർച്ചക്കാരനും
ടെ വീണ്ടെടുപ്പുകാരിൽ ഒരുത്തനും
ന്നു എന്നും നവോമി അവളോടു പറ
എന്റെ വേലക്കാർ കൊയ്ത്തെല്ലാം
ുവോളം അവരോടുകൂടെയിരിക്കുക
അയാൾ എന്നോടു പറഞ്ഞു എന്നു
ബ്യസ്ത്രീയായ രൂത്ത് പറഞ്ഞു.
ി തന്റെ മരുമകളായ രൂത്തിനോടു:
വേറൊരു വയലിൽ വച്ചു ആരും
ഉപദ്രവിക്കാതിരിക്കുവാനായി നീ
ന്റെ വേലക്കാരികളോടുകൂടെ തന്നേ
ന്നതു നന്ന് എന്നു പറഞ്ഞു.
ന അവൾ യവക്കൊയ്ത്തും ഗോ
കൊയ്ത്തും തീരുവോളം പെറുക്കു
ബാവാസിന്റെ വേലക്കാരികളോടു
ിരിക്കയും അമ്മാവിയമ്മയോടു
ാർക്കുകയും ചെയ്തു.

അദ്ധ്യായം 3

ന്തരം അവളുടെ അമ്മാവിയമ്മ
വോമി അവളോടു പറഞ്ഞു: മകളേ,
നന്നായിരിക്കേണ്ടതിന്നു ഞാൻ
വേണ്ടി ഒരു വിശ്രമസ്ഥലം അന്വേ
ണ്ടയോ? നീ ചേർന്നിരുന്ന വേല
ളുടെ യജമാനനായ ബോവാസ്
ചാർച്ചക്കാരനല്ലയോ? അവൻ
ത്രി കളത്തിൽ യവം ശരിപ്പെടുത്തു
യാൽ നീ കുളിച്ചു തൈലം പൂശി
ിച്ചു കളത്തിൽ ചെല്ലുക; അയാൾ
ിച്ചു കഴിയുംവരെ നിന്നെ കാണ
ങ്ങുവാൻ പോകുമ്പോൾ അവൻ
കിടക്കുന്ന സ്ഥലം മനസ്സിലാക്കി ചെന്ന്
അവന്റെ കാലിന്മേലുള്ള പുതപ്പു പൊക്കി
അവിടെ കിടന്നുകൊൾക; എന്നാൽ നീ
എന്തു ചെയ്യേണമെന്നു അവൻ നിനക്കു
പറഞ്ഞുതരും. അതിന്നു അവൾ: നീ പറ 5
യുന്നതെല്ലാം ഞാൻ ചെയ്യാം എന്നു അവ
ളോടു പറഞ്ഞു. അങ്ങനെ അവൾ കള 6
ത്തിൽ ചെന്നു അമ്മാവിയമ്മ കല്പിച്ചതു
പോലെ എല്ലാം ചെയ്തു. ബോവാസ് തിന്നു 7
കുടിച്ചു ഹൃദയം തെളിഞ്ഞശേഷം യവ
ക്കൂമ്പാരത്തിന്റെ ഒരുവശത്തു ചെന്നു കിട
ന്നു; അവളും പതുക്കെ ചെന്നു അവന്റെ
കാലിന്മേലുള്ള പുതപ്പു പൊക്കി അവിടെ
കിടന്നു. അർദ്ധരാത്രിയിൽ അവൻ ഞെട്ടി 8
ത്തിരിഞ്ഞു, തന്റെ കാല്ക്കൽ ഒരു സ്ത്രീ 9
കിടക്കുന്നതു കണ്ടു. നീ ആർ എന്നു അവൻ
ചോദിച്ചു. ഞാൻ നിന്റെ ദാസിയായ രൂത്ത്;
നിന്റെ പുതപ്പ് അടിയന്റെ മേൽ ഇടേണ
മേ; നീ വീണ്ടെടുപ്പുകാരനാണല്ലോ എന്നു
അവൾ പറഞ്ഞു. അതിന്നു അവൻ പറഞ്ഞ 10
തു: മകളേ, നീ ദൈവത്താൽ അനുഗ്രഹി
ക്കപ്പെട്ടവൾ; ദരിദ്രരോ ധനവാന്മാരോ ആയ
യുവാക്കളെ നീ പിന്തുടരാതിരിക്കയാൽ
ആദ്യത്തേതിൽ അധികം നന്മ ഒടുവിൽ കാ
ണിച്ചിരിക്കുന്നു. ആകയാൽ മകളേ, ഭയ 11
പ്പെടേണ്ടാ; നീ ചോദിക്കുന്നതെല്ലാം ഞാൻ
ചെയ്തുതരാം; നീ ഉത്തമസ്ത്രീ എന്നു എന്റെ
ജനമായ എല്ലാവർക്കും അറിയാം. ഞാൻ 12
നിന്റെ വീണ്ടെടുപ്പുകാരൻ എന്നതു സത്യം
തന്നേ; എങ്കിലും എന്നെക്കാൾ അടുത്ത ഒരു
വീണ്ടെടുപ്പുകാരൻ ഉണ്ട്. ഈ രാത്രി താമ 13
സിക്ക; നാളെ അവൻ നിനക്കു വീണ്ടെടുപ്പു
കാരന്റെ കടമ നിവർത്തിച്ചാൽ കൊള്ളാം;
അവൻ നിവർത്തിക്കട്ടെ; വീണ്ടെടുപ്പുകാര
ന്റെ കടമ നിവർത്തിപ്പാൻ അവന്നു മനസ്സി
ല്ലെങ്കിലോ കർത്താവാണ ഞാൻ നിനക്കു
വീണ്ടെടുപ്പുകാരന്റെ കടമ നിവർത്തി
ച്ചുതരും; രാവിലെ വരെ കിടന്നുകൊൾക. 14
അങ്ങനെ അവൾ രാവിലെ വരെ അവന്റെ
കാല്ക്കൽ കിടന്നു; ഒരു സ്ത്രീ കളത്തിൽ
വന്നതു ആരും അറിയരുതെന്നും അവൻ
പറഞ്ഞിരുന്നതുകൊണ്ടു ആളറിയാറാകും
മുമ്പെ അവൾ എഴുന്നേറ്റു. നീ ധരിച്ചിരി 15
ക്കുന്ന മേൽവസ്ത്രം കൊണ്ടുവന്നു പിടിക്ക
എന്നു അവൻ പറഞ്ഞു. അവൾ അതു 16
പിടിച്ചപ്പോൾ അവൻ ആറിടങ്ങഴി യവം
അതിൽ അളന്നുകൊടുത്തു; അവൾ പട്ടണ
ത്തിലേക്കു പോയി. അവൾ അമ്മാവിയമ്മ 17
യുടെ അടുക്കൽ വന്നപ്പോൾ: നിന്റെ കാര്യം
എന്തായി മകളേ? എന്നു അവൾ ചോദിച്ചു;

അയാൾ തനിക്കു ചെയ്തതെല്ലാം അവൾ
അറിയിച്ചു. അമ്മാവിയമ്മയുടെ അടുക്കൽ
വെറുങ്കയ്യായി പോകരുത് എന്നു അയാൾ
എന്നോടു പറഞ്ഞു. ഈ ആറിടങ്ങഴി യവ
വും എനിക്കു തന്നു എന്നു അവൾ പറഞ്ഞു.
18 അതിന്നു അവൾ: എന്റെ മകളേ, ഈ
കാര്യം എന്താകുമെന്നു അറിയുവോളം നീ
ശാന്തയായിരിക്ക; ഇന്നു ഈ തീരുമാനം
തീർക്കുംവരെ അയാൾ സ്വസ്ഥമായിരിക്ക
യില്ല എന്നു പറഞ്ഞു.

അദ്ധ്യായം 4

1 ബോവാസ് പട്ടണവാതില്ക്കൽ
ചെന്ന് അവിടെ ഇരുന്നു; ബോവാസ്
പറഞ്ഞിരുന്ന വീണ്ടെടുപ്പുകാരൻ കട
ന്നുപോകുന്നതു കണ്ടു: ഇങ്ങോട്ടു വന്നു
ഇവിടെ ഇരിക്ക എന്നു അവനോടു പറഞ്ഞു.
2 അവൻ ചെന്നു അവിടെ ഇരുന്നു. പിന്നെ
അവൻ പട്ടണത്തിലെ മൂപ്പന്മാരിൽ പത്തു
പേരെ വരുത്തി: ഇവിടെ ഇരിപ്പിൻ എന്നു
3 പറഞ്ഞു; അവരും ഇരുന്നു. അപ്പോൾ അ
വൻ ആ വീണ്ടെടുപ്പുകാരനോടു പറഞ്ഞ
തു: മോവാബ് ദേശത്തുനിന്നു മടങ്ങിവന്നി
രിക്കുന്ന നവോമി നമ്മുടെ സഹോദരനായ
എലീമേലെക്കിന്റെ വയൽ വില്ക്കുന്നു.
4 ആകയാൽ നിന്നോടു അതു അറിയിപ്പാൻ
ഞാൻ വിചാരിച്ചു; ഇവിടെ ഇരിക്കുന്നവരു
ടെയും ജനത്തിന്റെ മൂപ്പന്മാരുടെയും
മുമ്പാകെ നീ അതു വിലയ്ക്കു വാങ്ങുക;
നിനക്കു വീണ്ടെടുപ്പാൻ മനസ്സുണ്ടെങ്കിൽ
വീണ്ടെടുക്ക; വീണ്ടെടുപ്പാൻ നിനക്കു മന
സ്സില്ലെങ്കിൽ ഞാൻ അറിയേണ്ടതിന്നു
എന്നോടു പറയുക! നീയും നീ കഴിഞ്ഞിട്ടു
ഞാനും അല്ലാതെ വീണ്ടെടുപ്പാൻ ആരും
5 ഇല്ല. അതിന്ന് അവൻ ഞാൻ വീണ്ടെടുക്കാം
എന്നു പറഞ്ഞു. അപ്പോൾ ബോവാസ്: നീ
നവോമിയുടെ വയൽ വാങ്ങുന്നതോടൊപ്പം
മരിച്ചവന്റെ അവകാശത്തിന്മേൽ അവന്റെ
പേർ നിലനിർത്തുവാനായി മരിച്ചവന്റെ
ഭാര്യ മോവാബ്യസ്ത്രീയായ രൂത്തിനെയും
6 വാങ്ങണം എന്നു പറഞ്ഞു. അതിന്നു
വീണ്ടെടുപ്പുകാരൻ: എനിക്കു അതു വീണ്ടെ
ടുപ്പാൻ കഴികയില്ല; എന്റെ സ്വന്ത അവ
കാശം നഷ്ടമാക്കേണ്ടിവരും; ആകയാൽ
ഞാൻ വീണ്ടെടുക്കേണ്ടതു നീ വീണ്ടെടു
ത്തുകൊൾക; എനിക്കു വീണ്ടെടുപ്പാൻ കഴി
7 കയില്ല എന്നു പറഞ്ഞു. വീണ്ടെടുപ്പും
കൈമാറ്റവും സംബന്ധിച്ചുള്ള കാര്യം സ്ഥിര
മാക്കുവാൻ ഒരുവൻ തന്റെ ചെരിപ്പൂരി
അപരനു കൊടുക്കുന്നതു ഇസ്രായേലിൽ
പണ്ടുമുതൽ നടപ്പായിരുന്നു; ഇതായിരുന്നു
ഇസ്രായേലിൽ ഉറപ്പാക്കുന്ന വിധം. അങ്ങ 8
നെ ആ വീണ്ടെടുപ്പുകാരൻ ബോവാസി
നോടു: നീ അതു വാങ്ങിക്കൊൾക എന്നു
പറഞ്ഞു തന്റെ ചെരിപ്പൂരിക്കൊടുത്തു.
അപ്പോൾ ബോവാസ് മൂപ്പന്മാരോടും സകല 9
ജനത്തോടും പറഞ്ഞതു: എലീമേലെക്കി
നുള്ളതെല്ലാം, കില്യോന്നും മഹ്ലോന്നും
ഉള്ളതെല്ലാം, ഞാൻ നവോമിയോടു
വാങ്ങിയിരിക്കുന്നു എന്നതിനു നിങ്ങൾ
ഇന്നു സാക്ഷികളാകുന്നു. അത്രയുമല്ല മരി 10
ച്ചവന്റെ പേർ അവന്റെ സഹോദരന്മാ
രുടെ ഇടയിൽനിന്നും അവന്റെ പട്ടണ
ത്തിൽനിന്നും മാഞ്ഞുപോകാതവണ്ണം മരി
ച്ചവന്റെ പേർ അവന്റെ അവകാശത്തി
ന്മേൽ നിലനിർത്തേണ്ടതിന്നു മഹ്ലോന്റെ
ഭാര്യ മോവാബ്യസ്ത്രീയായ രൂത്തിനെയും
എനിക്കു ഭാര്യയായി വാങ്ങിയിരിക്കുന്നു
എന്നതിന്നും നിങ്ങൾ ഇന്നു സാക്ഷികൾ
ആകുന്നു. അതിന്നു പട്ടണകവാടത്തിൽ 11
ഇരുന്ന സകല ജനവും മൂപ്പന്മാരും പറഞ്ഞ
തു: ഞങ്ങൾ സാക്ഷികൾതന്നേ; നിന്റെ
വീട്ടിൽ വന്നിരിക്കുന്ന സ്ത്രീയെ ദൈവം
റാഹേലിനെപ്പോലെയും ലേയയെപ്പോലെ
യും ആക്കട്ടെ; അവർ ഇരുവരുമല്ലോ ഇസ്രാ
യേൽ ഗൃഹം പണിതതു; എഫ്രാത്തയിൽ
നീ ശക്തനും ബേത്ലഹേമിൽ വിശ്രുത
നുമായിരിക്കുക. ഈ യുവതിയിൽനിന്നു 12
ദൈവം നിനക്കു നല്കുന്ന സന്തതിയാൽ
നിന്റെ ഗൃഹം താമാർ യെഹൂദയ്ക്കു
പ്രസവിച്ച ഫേരെസിന്റെ ഗൃഹം പോലെ
ആയിത്തീരട്ടെ. ഇങ്ങനെ ബോവാസ് 13
രൂത്തിനെ പരിഗ്രഹിച്ചു; അവൾ അവന്നു
ഭാര്യയായി; അവൻ അവളുടെ അടുക്കൽ
ചെന്നു. ദൈവം അവൾക്കു ഗർഭം നൽകി,
അവൾ ഒരു മകനെ പ്രസവിച്ചു. സ്ത്രീകൾ
നവോമിയോടു: ഇന്നു നിനക്കു ഒരു വീണ്ടെ 14
ടുപ്പുകാരനെ നൽകിയിരിക്കകൊണ്ടു
ദൈവം വാഴ്ത്തപ്പെട്ടവൻ; അവന്റെ പേർ
ഇസ്രായേലിൽ വിശ്രുതമായിരിക്കട്ടെ.
അവൻ നിനക്കു ആശ്വാസപ്രദനും നിന്റെ 15
വാർദ്ധക്യത്തിൽ പാലകനും ആയിരിക്കും.
നിന്നെ സ്നേഹിക്കുന്നവളും ഏഴു പുത്ര
ന്മാരെക്കാൾ നിനക്കു ഉത്തമയുമായിരി
ക്കുന്ന നിന്റെ മരുമകളല്ലോ അവനെ
പ്രസവിച്ചതു എന്നു പറഞ്ഞു. നവോമി
കുഞ്ഞിനെ എടുത്തു മടിയിൽ കിടത്തി 16
അവന്നു വളർത്തമ്മയായിത്തീർന്നു. അവ
ളുടെ അയല്ക്കാരികൾ നവോമിക്കു ഒരു 17
മകൻ ജനിച്ചു എന്നു പറഞ്ഞു. അവനു

ബീദ് എന്നു പേരു വിളിച്ചു; ദാവീദി
ന്റെ പിതാവായ ഇശ്ശായിയുടെ പിതാവ്
ൻതന്നെ.
ഫെരെസിന്റെ വംശപാരമ്പര്യമാവിതു.
ഫാരസ് ഹെസ്രോനെ ജനിപ്പിച്ചു. ഹെ
ാൻ, ആറാമിനെ ജനിപ്പിച്ചു. ആറാം അ
മ്മീനാദാബിനെ ജനിപ്പിച്ചു. അമ്മീനാദാബ് 20
നഹശോനെ ജനിപ്പിച്ചു: നഹശോൻ സല് 21
മോനെ ജനിപ്പിച്ചു. സല്മോൻ ബോവാസി
നെ ജനിപ്പിച്ചു; ബോവാസ് ഊബീദിനെ
ജനിപ്പിച്ചു. ഊബീദ് ഇശ്ശായിയെ ജനിപ്പിച്ചു; 22
ഇശ്ശായി ദാവീദിനെ ജനിപ്പിച്ചു.

ഉത്തമഗീതം

അദ്ധ്യായം 1

[ഇതിനു 'ശലോമോൻെറ മഹാ
ജ്ഞാനം' (ഹെക്മാസ് ഹെക്മോസോ)
എബ്രായയിൽ 'ശീറാസ് ശീറീൻ' എന്നും
സുറിയാനിയിൽ തെശ്ബ്ഹോസ് തെശ്
ബഹോസോ എന്നും പറയുന്നു.]

1 അവൻ തൻെറ അധരങ്ങളാൽ എന്നെ
ചുംബിക്കട്ടെ, നിൻെറ ആർദ്രത വീഞ്ഞിലും
2 മഹത്താകുന്നു. നിൻെറ തൈലപരിമളം
അതിമോഹനീയം. നിൻെറ പേരോ മൂറിൻ
3 തൈലമെന്നല്ലോ. ആകയാൽ യുവതികൾ
നിന്നെ സ്നേഹിക്കുന്നു. നിൻെറ പിന്നാ
ലെ എന്നെ ആകർഷിച്ചാലും; നമുക്ക്
ഓടിപ്പോകാം.

4 രാജാവേ, നിൻെറ പള്ളിയറയിലേക്കു
എന്നെ പ്രവേശിപ്പിക്കണമേ. ഞങ്ങൾ
നിന്നിൽ സന്തോഷിച്ചാനന്ദിക്കട്ടെ. വീഞ്ഞി
ലും അധികമായി നിൻെറ പ്രേമത്തെ
ഞങ്ങൾ സ്മരിക്കും. നിൻെറ സ്നേഹത്തെ
ഞങ്ങൾ നേരോടെ ഓർക്കും.

5 യറുശലേംപുത്രിമാരേ, ഞാൻ കറുത്ത
വളാണെങ്കിലും കേദാറിലെ കൂടാരങ്ങളെ
പ്പോലെയും ശലോമോൻെറ വിതാനങ്ങൾ
പോലെയും ഞാൻ മനോഹാരിയാകുന്നു.
ഞാൻ കറുത്തവളാകയാൽ എന്നെ തുറിച്ചു
നോക്കരുത്- വെയിലേററാണു ഞാൻ കറു
ത്തുപോയത്. എൻെറ അമ്മയുടെ പുത്ര
ന്മാർ എന്നോടു ശണ്ഠകൂടി, എന്നെ മുന്തിരി
ത്തോപ്പു കാവൽക്കാരിയാക്കി. എൻെറ
സ്വന്ത മുന്തിരിത്തോപ്പു ഞാൻ കാത്തില്ല.
6 എൻെറ ഉള്ളം പ്രേമിച്ചത് ആരെയോ ആയ
7 വനെ എന്നെ കാണിച്ചു തരിക. നീ എങ്ങനെ
യാണ് ആടു മേയിക്കുന്നത്? എവിടെയാണ്
മദ്ധ്യാഹ്നത്തിൽ അവയെ കിടത്തുന്നത്?
8 ഞാൻ നിൻെറ ആട്ടിൻപറ്റത്തിൽ തെറ്റിയവ
ളെപ്പോലെ ആയിരിക്കുന്നതെന്ത്? സ്ത്രീക
ളിൽ അതിസുന്ദരിയായവളേ! നിനക്കറിഞ്ഞു
കൂടെങ്കിൽ, ആട്ടിൻപററത്തിൻെറ കാല്പാടു
കൾ നോക്കിച്ചെന്ന്, ഇടയകൂടാരങ്ങളുടെ
സമീപം നിൻെറ കുഞ്ഞാടുകളെ മേയിക്കുക.

എൻെറ പ്രിയേ, ഫറവോൻെറ രഥത്തി 9
നു കെട്ടുന്ന പെൺകുതിരകളോടു നിന്നെ
ഞാൻ സാമ്യപ്പെടുത്തുന്നു. നിൻെറ കവിൾ 10
ത്തടങ്ങൾ രത്നാഭരണങ്ങൾകൊണ്ടും
നിൻെറ കഴുത്ത് സ്വർണ്ണമാലകൾ കൊ
ണ്ടും മനോഹരമായിരിക്കുന്നു. ഞങ്ങൾ 11
നിനക്ക് സ്വർണ്ണമാലയും വെള്ളിമണികളും
ഉണ്ടാക്കാം.

രാജാവ് ഭക്ഷണത്തിന്നിരിക്കുമ്പോൾ 12
നർദീൻ സുഗന്ധതൈലം അതിൻെറ സുഗ
ന്ധം പുറപ്പെടുവിക്കുന്നു. എൻെറ പ്രിയൻ 13
എനിക്ക് ഒരു മൂറിൻ കെട്ടുപോലെ. എൻെറ
സ്തനമദ്ധ്യേ രാത്രി കഴിച്ചുകൂട്ടും. എൻെറ
പ്രിയൻ എനിക്ക് എൻഗദി തോട്ടത്തിലെ 14
പൂക്കുലപോലെയാകുന്നു. എൻെറ പ്രിയേ
നീ സുന്ദരിതന്നെ. നീ അതികോമളതന്നെ. 15
നിൻെറ കണ്ണുകൾ പ്രാവിൻെറ കണ്ണുകൾ
പോലിരിക്കുന്നു! എൻെറ പ്രിയേ നീ സുന്ദരി
യാകുന്നു. സന്തോഷദായകിയുമാകുന്നു.
നമ്മുടെ ശയ്യയും പച്ചയായിരിക്കുന്നു! 16
നമ്മുടെ വീടിൻെറ ഉത്തരങ്ങൾ ദേവ 17
ദാരുവും കഴുക്കോലുകൾ സരളവൃക്ഷത്തടി
കളുമാകുന്നു.

അദ്ധ്യായം 2

ഞാൻ ശാരോനിലെ പുഷ്പമാകുന്നു. 1
സമതലങ്ങളിലെ ലില്ലിപുഷ്പവുമാകുന്നു.
മുള്ളുകൾക്കിടയിൽ പനിനീർപുഷ്പം 2
പോലെയാകുന്നു പുത്രിമാരുടെ മദ്ധ്യ
ത്തിൽ എൻെറ പ്രിയയും. വനവൃക്ഷങ്ങൾ 3
ക്കിടയിൽ നാരകംപോലെയാണ് എൻെറ
പ്രിയൻ, യുവാക്കന്മാരുടെ മദ്ധ്യത്തിൽ! അവ
ൻെറ തണലിൽ ഇരിപ്പാൻ ഞാൻ മോഹിച്ചു-
ഞാനവിടെ ഇരുന്നു. അതിൻെറ പഴം
എൻെറ അണ്ണാക്കിൽ സുമധുരവുമായിരു
ന്നു. അവൻ എന്നെ വീഞ്ഞുവിരുന്നുഭവന 4
ത്തിലേക്കു പ്രവേശിപ്പിച്ചു. അവർ എനിക്കു 5
മേലായി സ്നേഹം പിടിച്ചിരുന്നു. അവർ
എനിക്കു സുഖഭോജനങ്ങൾ വിളമ്പി. നാര
ങ്ങകൾ എൻെറ ചുററും വച്ചു. എന്തെന്നാൽ
ഞാൻ പ്രേമപരവശയായിരുന്നു. അവൻെറ 6

ുകൈ എന്റെ തലയ്ക്കു കീഴെ വച്ചു
ണ്ട് അവന്റെ വലതുകൈകൊണ്ട്
ന്ന ആലിംഗനം ചെയ്യട്ടെ. യറുശലേം
ിമാരേ! വയലിലെ ചെറുമാനുകളെയും
ാനുകളേയുംകൊണ്ടു നിങ്ങളെ ഞാൻ
ംചെയ്യിക്കുന്നു: പ്രേമത്തിനു മതി
വോളും അതിനെ അനക്കരുതേ,
ത്തരുതേ.
ന്റെ പ്രിയന്റെ സ്വരം! അവൻ
ളിന്മേൽ ചാടിയും കുന്നുകളിന്മേൽ
ച്ചുകൊണ്ടും വരുന്നു! എന്റെ പ്രിയൻ
മാനിനും മാൻകുട്ടിക്കും സമനായ
അവനിതാ നമ്മുടെ ചുമരിനു പുറ
ിൽക്കുന്നു. ജനലുകളിലൂടെ സൂക്ഷി
ാക്കുന്നു! ആഴികൾക്കിടയിലൂടെ
കിനിൽക്കുന്നു! എന്റെ പ്രിയൻ
ാടു പറഞ്ഞു: എന്റെ പ്രിയേ! എഴു
ക്കുക. എന്റെ സുന്ദരീ! വരിക. വർഷ
കഴിഞ്ഞു: പുഷ്പങ്ങളും ഭൂമിയിൽ
ായി. ചെടിത്തലകൾ മുറിക്കുന്ന
ായിരിക്കുന്നു, കുറുപ്രാവിൻ കൂജനം
ട പ്രദേശത്തു കേൾക്കപ്പെട്ടുകഴി
അത്തിവൃക്ഷം തളിർത്തു. മുന്തിരി
സുഗന്ധം വീശുന്നു. എന്റെ പ്രിയേ
റ്റാലും! എന്റെ സുന്ദരീ വന്നാലും!
ടെ പിളർപ്പിലും മറവിലുമിരിക്കുന്ന
പ്രാവേ, നിന്റെ മുഖം എന്നെ ഒന്നു
ച്ചാലും! നിന്റെ ശബ്ദം ഒന്നു
ച്ചാലും! നിന്റെ സ്വരം സുമധുരവും
രൂപം സുന്ദരവുമാകുന്നു.
ിഞ്ഞിരിക്കുന്ന മുന്തിരിത്തോപ്പു
ിപ്പിക്കുന്ന കുറുനരികളെ—കുറു
ത്തുങ്ങളെ പിടിക്കുവിൻ. എന്റെ
എനിക്കും, ഞാൻ അവനുമുള്ള
വൻ ശൂശാന ചെടികളുടെ മദ്ധ്യേ
യ്ക്കുന്നു. വെയിൽ ആറി നിഴൽ
ളം എന്റെ പ്രിയനേ, നീ മടങ്ങി
മലകളിലെ ചെറുമാനിനും മാൻ
തുല്യനായിരിക്കുക.

അദ്ധ്യായം 3

യിൽ എന്റെ ശയ്യമേൽ ഞാൻ
പിയനെ അന്വേഷിച്ചു. ഞാൻ
തിരക്കി. കണ്ടെത്തിയില്ല! ഞാൻ
റു നഗരവീഥികളിൽ ചുററിത്തി
രമനകളിലും എന്റെ പ്രിയനെ
ക്കും എന്നു ഞാൻ പറഞ്ഞു.
ഞാൻ അന്വേഷിച്ചു. കണ്ടുകിട്ടി
രത്തിൽ ചുററുന്ന കാവൽക്കാർ
ു. എന്റെ പ്രിയനെക്കണ്ടുവോ?
എന്നു ഞാൻ അവരോടു ചോദിച്ചു.
അവരിൽനിന്നും കുറെ മുന്നോട്ടു മാറിയ 4
പ്പോൾ ഞാൻ എന്റെ പ്രിയനെ കണ്ടു.
അവനെ ഞാൻ പിടികൂടി എന്റെ അമ്മ
യുടെ വീട്ടിലേക്ക്, എന്റെ ജനനിയുടെ
മുറിയിലേക്കു അവനെ കൊണ്ടുവരുന്നതു
വരെ ഞാൻ പിടിവിട്ടില്ല.
യറുശലേം പുത്രിമാരേ, ചെറുമാനുകളാ 5
ണ, പേടമാനുകളാണ, പ്രേമത്തിനു പൂർത്തി
യാകുവോളം അതിനെ ഇളക്കരുതേ, ഉണർ
ത്തരുതേ! സുഗന്ധചൂർണ്ണങ്ങൾ കൊണ്ട്, 6
മൂറും കുന്തുരുക്കവുംകൊണ്ട് സുഗന്ധവാ
ഹിനിയായ പുകസ്തംഭംപോലെ മരുഭൂവിൽ
നിന്നു കയറിവരുന്നതെന്ത്? ഹാ, അതു
ശലോമോന്റെ പല്ലക്കുതന്നെ! ഇസ്രാ 7
യേൽ വീരന്മാരിൽ അറുപതു രണവീരന്മാർ
അതിന്റെ ചുറ്റിലുമുണ്ട്! അവരെല്ലാം
ഖഡ്ഗധാരികളായ യുദ്ധവീരന്മാർ. രാത്രി
ഭയം നിമിത്തം ഓരോരുവനും വാൾ അരയ്ക്കു 8
കെട്ടിയിരിക്കുന്നു. ശലോമോൻ രാജാവ്
ലബാനോനിലെ ദേവദാരുകൊണ്ട് തനിക്കു 9
സിംഹാസനമുണ്ടാക്കി. അതിന്റെ കാലു
കൾ വെള്ളികൊണ്ടും അതിന്റെ വിതാനം 10
സ്വർണ്ണംകൊണ്ടും അതിന്റെ ഇരിപ്പിടം
രക്താംബരം കൊണ്ടും നിർമ്മിച്ചു. അതിന്റെ
അകഭാഗം യറുശലേം പുത്രിമാരുടെ പ്രേമം 11
കൊണ്ടു അലംകൃതമായിരിക്കുന്നു. അവ
ന്റെ ഹൃദയാനന്ദ ദിവസത്തിൽ, അവന്റെ
വിവാഹദിനത്തിൽ അവന്റെ അമ്മ അവ
നെ അണിയിച്ച കിരീടത്തോടുകൂടി, സെഹി
യോൻ പുത്രിമാരേ, ശലോമോൻ രാജാ
വിനെ കാണുവിൻ.

അദ്ധ്യായം 4

എന്റെ വത്സലയേ! നീ സുന്ദരി, നീ 1
കോമളാംഗിതന്നെ. നിന്റെ കണ്ണുകൾ! ഹാ,
മൂടുപടത്തിൻ നടുവിലൂടെ പ്രാവിൻ കണ്ണു
കൾക്കു സമാനം! നിന്റെ വാർകുന്തൽ ഗെ
ലയാദ് പർവ്വതത്തിൽ നിന്നു ഇറങ്ങിവരുന്ന
ആട്ടിൻപററം പോലെയിരിക്കുന്നു! നിന്റെ 2
ദന്തനിരകളോ രോമം കത്രിക്കലിനുശേഷം
കുളിച്ചു കയറിവരുന്ന ആടുകൾക്കു തുല്യം!
അവയിലൊന്നും വന്ധ്യപ്പെട്ടുപോകാതെ എ
ക്കാലവും പ്രസവിക്കുന്നു. നിന്റെ അധര 3
ങ്ങൾ! കടുംചുമപ്പുനൂൽപോലെയല്ലോ.
നിന്റെ വദനം മാതളപ്പഴംപോലെ മനോഹ
രം! നിന്റെ കഴുത്ത്, നിന്റെ മൂടുപടത്തിൻ
കീഴിൽ ദാവീദിന്റെ ഗോപുരത്തിനു സമാ
നം. നിന്റെ കണ്ഠമോ: അതിൽ ആയിരം 4
പതക്കങ്ങൾ,—ശൂരന്മാരുടെ പരിചകൾ

5 തൂക്കിയിട്ടിരിക്കുന്നതുപോലെ. നിൻെറ
സ്തനങ്ങൾ രണ്ടും, ശുശാനച്ചെടികളുടെ
ഇടയിൽ മേയുന്ന ഇരട്ടപിറന്ന രണ്ടു മാൻ
6 കുഞ്ഞുങ്ങൾപോലിരിക്കുന്നു! വെയിൽ
ആറി, നിഴൽ നീളുന്നതുവരെയും, നീ മൂറിൻ
മലയിലും, കുന്തുരുക്കക്കുന്നിലും കയറി
ഇരുന്നാലും!
7 എൻെറ പ്രിയേ, നീ സർവ്വാംഗസുന്ദരി
തന്നെ. നിന്നിൽ ഒരു മാലിന്യവുമില്ല.
8 മണവാട്ടിയായ എൻെറ സഹോദരീ, നീ
ലബാനോനിൽനിന്നും വന്നാലും; ലബാ
നോനിൽനിന്നു വരിക. അമാനായുടെ
ഗിരിയിൽനിന്നും, സോനീരിൻെറയും
ഹെർമ്മോൻെറയും ശൃംഗത്തിൽനിന്നും
കടന്നുവരിക. സിംഹങ്ങളുടെ ഗുഹകളും,
വ്യാഘ്രങ്ങൾ നിറഞ്ഞ മലകളും വിട്ടുവരിക.
9 എൻെറ വധുവായ സഹോദരി, നിൻെറ ഒററ
നോട്ടംകൊണ്ടും കണ്ഠാഭരണം കൊണ്ടും
നീ എന്നെ സുധീരനാക്കിയിരിക്കുന്നു.
10 എൻെറ വധുവേ, എൻെറ സഹോദരി
നിൻെറ കുചദ്വയം എത്ര അഴകേറിയവ!
വീഞ്ഞിനെക്കാളും നിൻെറ കുചങ്ങൾ എത്ര
മനോഹരം! സർവ്വസുഗന്ധവസ്തുക്കളേ
ക്കാൾ നിൻെറ പരിമളതൈലസുഗന്ധം
11 എത്രയേറെ സുരഭിലം! നിൻെറ അധരങ്ങൾ
തേനാണു പൊഴിക്കുന്നത്. നിൻെറ നാവിൻ
കീഴിലോ, തേനും പാലുമാണുള്ളത്!
നിൻെറ ഉടയാടയുടെ സുഗന്ധം ലബാ
നോൻെറ സുഗന്ധത്തിന്നു സമം!
12 എൻെറ സഹോദരീ, എൻെറ വധു
കെട്ടിയടച്ച തോട്ടമാകുന്നു! മുദ്രിതമായ
നീരുറവ്. നിൻെറ ചെറുകൈകൾ മാതളപ്പഴ
13 ത്തോട്ടം തന്നെ. മൈലാഞ്ചിയും ജടാമാംസി
യും കുങ്കുമവും വയമ്പും ലവംഗവും കുന്തു
രുക്കവൃക്ഷങ്ങളും അകിലും എല്ലാവിധ
14 സുഗന്ധചെടികളും തന്നെ. നീ, തോട്ടങ്ങൾ
ക്കു നീരുറവും, ലബാനോനിൽനിന്നും ഒഴു
കിവരുന്ന സജീവ ജലകൂപവുമാകുന്നു.
15 വടക്കൻ കാറേറ ഉണരുക, തെക്കൻ
കാറേറ വരുക. എൻെറ സുഗന്ധം വ്യാപി
ക്കേണ്ടതിന് എൻെറ തോട്ടത്തിൽ വീശുക!

അദ്ധ്യായം 5

1 എൻെറ പ്രിയൻ, അവൻെറ തോട്ടത്തി
ലേക്കു വരട്ടെ; അവൻ അതിലെ വിശിഷ്ട
2 ഫലങ്ങൾ അനുഭവിക്കട്ടെ! എൻെറ വധൂ,
എൻെറ സഹോദരീ, എൻെറ തോട്ടത്തിൽ
ഞാനിതാ വന്നിരിക്കുന്നു. അതേ, എൻെറ
തോട്ടത്തിലേക്കു വന്നിരിക്കുന്നു. ഞാൻ
എൻെറ മൂറും എൻെറ സുഗന്ധവസ്തുക്കളും
ശേഖരിച്ചു. എനിക്കു മതിവരുവോളം തേൻ
കട്ട ഞാൻ ഭുജിച്ചിരിക്കുന്നു! എൻെറ
വീഞ്ഞും പാലും ഞാൻ കുടിച്ചിരിക്കുന്നു.
എൻെറ സ്നേഹിതന്മാരേ, നിങ്ങൾ ഭക്ഷി 3
ച്ചാലും, എൻ പ്രിയരെ പാനംചെയ്തു ലഹരി
പിടിപ്പിൻ! ഞാൻ ഉറങ്ങുന്നുവെങ്കിലും
എൻെറ മനസ്സ് ഉണർന്നിരിക്കുന്നു. വാതിൽ
ക്കൽ മുട്ടുന്ന എൻെറ പ്രിയൻെറ ശബ്ദം!
'എൻെറ പ്രിയേ, എൻെറ സഹോദരീ,
എൻെറ നിഷ്കളങ്കപ്രാവേ, എനിക്കായി
തുറന്നുതരിക! എൻെറ ശിരസ് മഞ്ഞു മൂടി
യിരിക്കുന്നു. എൻെറ ശിരോരുഹങ്ങൾ
രാത്രിയിലെ ചാററൽമഴകൊണ്ടു നനഞ്ഞി
രിക്കുന്നു. എൻെറ അങ്കി ഞാൻ ഊരിയിരി 4
ക്കുന്നു. അതു ഞാൻ എങ്ങനെ ധരിക്കും?
ഞാൻ എൻെറ കാലുകൾ കഴുകി. അവയെ
ഞാൻ മലിനപ്പെടുത്തുന്നതെങ്ങനെ? എ 5
ൻെറ പ്രിയൻ, ദ്വാരത്തിലൂടെ കൈനീട്ടി. അ
വനെയോർത്ത് എൻെറ ഉള്ളം ഉരുകി. എ 6
ൻെറ പ്രിയനുവേണ്ടി വാതിൽ തുറക്കുവാൻ
ഞാൻ എഴുന്നേററു. എൻെറ കൈയിലെ
മൂറും, എൻെറ അംഗുലികളിലെ മൂറിൻതൈ
ലവും സാക്ഷായിന്മേൽ ഇററിററു വീണു.
എൻെറ പ്രിയനുവേണ്ടി ഞാൻ വാതിൽ 7
തുറന്നു. എൻെറ പ്രിയൻ പൊയ്ക്കളഞ്ഞു!
അവൻ സംസാരിച്ചപ്പോൾ എൻെറ മനസ്സ്
വിവശമായി: ഞാൻ അവനെ തേടി. കണ്ടെ
ത്തിയില്ല! അവനെ ഞാൻ വിളിച്ചു. അവൻ
എന്നോട് ഉത്തരം പറഞ്ഞില്ല! നഗരത്തിൽ 8
ചുററിസ്സഞ്ചരിക്കുന്ന കാവൽക്കാർ എന്നെ
കണ്ടു. അവരെന്നെ അടിച്ച് മുറിവേൽപിച്ചു!
കോട്ടകാവൽക്കാർ എൻെറ മൂടുപടം എടു
ത്തുകളഞ്ഞു. യറുശലേം പുത്രിമാരേ; 9
നിങ്ങളെക്കൊണ്ടു ഞാൻ ആണയിടുവി
ക്കുന്നു: നിങ്ങൾ എൻെറ പ്രിയനെ കണ്ടെ
ത്തുകയാണെങ്കിൽ, ഞാൻ പ്രേമാതുരയാ
യിരിക്കുന്നു എന്ന് അവനോടു പറയണമേ.
സ്ത്രീകളിൽ സുന്ദരിയേ, നിൻെറ പ്രിയന് 10
മറ്റു പ്രിയരേക്കാൾ എന്താണു വിശേഷത?
നീ ഞങ്ങളെക്കൊണ്ട് ഇങ്ങനെ ആണ
യിടീക്കുവാൻ തക്കവിധത്തിൽ നിൻെറ
പ്രിയന് മറ്റു പ്രിയരെക്കാൾ എന്താണു
വൈശിഷ്ട്യം?
എൻെറ പ്രിയൻ വെളുത്തുചെമപ്പുള്ള 11
വൻ! പതിനായിരങ്ങളിൽ അവൻ തിര
ഞ്ഞെടുക്കപ്പെട്ടവൻ! അവൻെറ ശിരസ്സു
തങ്കക്കട്ടിപോലെ; അവൻെറ തലമുടികൾ
നീണ്ടും കാകനെപ്പോലെ കറുത്തുമിരിക്കു
ന്നു. അവൻെറ നയനങ്ങൾ നീർച്ചാലുകൾ
ക്കരികെയിരിക്കുന്ന, പാലിൽ കുളിച്ച് ശാ...

ിരിക്കുന്ന പ്രാവുകളുടെ കണ്ണുകൾ
ാലെ; അവൻെറ കവിളുകൾ സുഗന്ധ
്യങ്ങളുടെ തടംപോലെയും അവൻെറ
ടുകൾ മൂറും നർദീൻ തൈലവും
ിപ്പിക്കുന്ന ചെറുതൈകൾപോലെയു
. അവൻെറ കൈകൾ തങ്കക്കട്ടികൾ
ത്ത സ്വർണ്ണപാണികൾ! അവൻെറ
നീല രത്നഖചിതമായ ദന്തനിർമ്മിതം!
ൻെറ തുടകൾ, തങ്കച്ചുവടിന്മേൽ
ത്തിയിരിക്കുന്ന പളുങ്കുതൂണുകൾ
ല, അവൻെറ മാറിടം, ലബാനോനെ
ല, വിശിഷ്ടമായ ദേവദാരുപോലെ,
ൻെറ വായ തേൻകട്ടപോലെ മാധുര്യ
ത്. അവൻെറ അങ്കികളോ അതിമനോ
യറുശലേം പുത്രിമാരേ, ഇവനത്രെ
റ പ്രിയൻ, ഇവനത്രെ എൻെറ
ഹിതൻ!
ങ്ങൾ നിന്നോടൊരുമിച്ച് അന്വേഷി
തിന് സ്ത്രീകളിൽ സുന്ദരിയേ, നിൻെറ
എവിടേക്കാണു പോയത്? ഏതു
ാണു തിരിച്ചിരിക്കുന്നത്?

അദ്ധ്യായം 6

ാട്ടങ്ങളിൽ മേയിപ്പാനും ശൂശാന
ങ്ങൾ ഇറുത്തെടുക്കുവാനുമായി
പ്രിയൻ സ്വന്തം തോട്ടത്തിൽ,
ച്ചെടികളുടെ ഇടയിലേക്കു ഇറങ്ങി
ിക്കുന്നു. ഞാൻ എൻെറ പ്രിയനു
എൻെറ പ്രിയൻ എനിക്കുള്ള
അവൻ ശൂശാനകളുടെ ഇടയിൽ
ുന്നു.
ൻെറ പ്രിയേ നീ മഹാസുന്ദരിതന്നെ.
ലംപോലെ നീ മനോഹരതയുള്ള
രഞ്ഞെടുക്കപ്പെട്ടവൾപോലെ നീ
ാകുന്നു. എൻെറ മുമ്പിൽ നിന്നു
ൃഷ്ടി തിരിയ്ക്കുക. എന്തെന്നാൽ
ന്നെ പരിഭ്രമിപ്പിച്ചിരിക്കുന്നു.
കേശഭാരം ഗിലയാദുമലയിൽനി
ങ്ങിവരുന്ന കോലാട്ടിൻപററം
ത്രെ. നിൻെറ ദന്തനിരകൾ രോമം
കഴിഞ്ഞു കുളിച്ചുകയറിവരുന്ന
ളപ്പോലെതന്നെ! അവയിൽ
വന്ധ്യത്വമില്ല; തക്കകാലത്തു
ുന്നു. നിൻെറ കണ്ഠമാകട്ടെ
ൂടുപടത്തിൻ കീഴിൽ മാതളപ്പഴ
പോലിരിക്കുന്നു.
ക്ക് അറുപതു രാജ്ഞിമാരും എൺ
ാട്ടികളും എണ്ണമില്ലാതെ യുവതിക
എൻെറ നിഷ്കളങ്കപ്രാവ് ഒരുവൾ
വൾ അമ്മയ്ക്ക് ഒരു മകളും ജന
നിക്ക് വത്സലയുമാകുന്നു. പുത്രിമാർ
അവളെക്കണ്ടു സ്തുതിപാടും. രാജ്ഞികളും
വെപ്പാട്ടികളും അവളെ പുകഴ്ത്തും. പ്രഭാത 10
തുല്യം ശോഭയും, ചന്ദ്രതുല്യം സൌന്ദര്യ
വും, സൂര്യനെപ്പോലെ നൈർമ്മല്യവും
പതിനായിരങ്ങൾക്കുതുല്യം ഭയങ്കരതയു
മുള്ള ഇവൾ ആര്? സമതലത്തുള്ള സസ്യ 11
ത്തോട്ടം കാണുവാനും മുന്തിരിവള്ളികൾ
തളിർക്കുകയും മാതളപ്പഴങ്ങളുണ്ടാകു
കയും ചെയ്തുവോ എന്നു നോക്കുവാനു
മായി ഞാൻ തോട്ടത്തിലേക്കു ചെന്നു.
ഒരുക്കപ്പെട്ടിരുന്ന ജനത്തിൻെറ രഥത്തിൽ 12
ഞാൻ അറിയാതെ നീ എന്നെ ഇരുത്തി.

അദ്ധ്യായം 7

ആനന്ദം പോലെ ഇറങ്ങി വരുന്ന 1
ശൂനേംകാരിയിൽ നിങ്ങൾ എന്തു കാണും?
പാളയങ്ങളിലെ സന്തോഷാരവം പോലെ
തന്നെ. ഒരുങ്ങി വരുന്ന പുത്രിയേ, ചെരി 2
പ്പിട്ടിരിക്കുന്ന നിൻെറ കാലുകൾ എത്ര
മനോഹരം! ശില്പിയുടെ കൈപ്പണിയായ
ആഭരണതുല്യമാണ് നിൻെറ നിതംബം.
നിൻെറ നാഭിയാകട്ടെ, വൃത്താകൃതിയുള്ള 3
പാനപാത്രംപോലെയുമാകുന്നു. അവിടെ
കലർത്തിയ വീഞ്ഞിന് കുറവില്ലാതിരി
ക്കുന്നു. ലിലിപുഷ്പങ്ങൾക്കു നടുവിൽ
കൂട്ടിയിരിക്കുന്ന ഗോതമ്പു കൂമ്പാരംപോ
ലെയാണ് നിൻെറ ഉദരം. നിൻെറ ആ 4
സ്തനങ്ങൾ രണ്ടും ശൂശാനുകൾക്കിടയിൽ
മേയുന്ന ഇരട്ട പിറന്ന രണ്ടു മാൻകുട്ടികൾ
ക്കുതുല്യം. നിൻെറ കണ്ഠമാകട്ടെ, ദന്ത 5
ഗോപുരം പോലെയിരിക്കുന്നു. നിൻെറ
കണ്ണുകൾ ബസ് സാഗിയെയുടെ വാതി
ലിനു സമീപമുള്ള കുളങ്ങൾപോലെയും
നിൻെറ മൂക്ക് ദമസ്കോസിനുനേരെയുള്ള
ലബാനോൻെറ ഗോപുരം പോലെയും ഇരി
ക്കുന്നു. നിൻെറ ശിരസ് കർമ്മേൽപോലെ, 6
നിൻെറ പിന്നിയ തലമുടി, രാജാവിൻെറ
ബന്ധിതമായ രക്താംബരം പോലെതന്നെ.
സുഖഭോഗങ്ങളിൽ പ്രിയേ, നീ എത്ര 7
സുന്ദരി! എത്ര സന്തോഷദായിക! നിൻെറ 8
ഈ ഉയരം പനപോലിരിക്കുന്നു. നിൻെറ
സ്തനങ്ങൾ കുലകൾപോലെയും! ഞാൻ 9
പനമേൽ കയറും, ഞാൻ അതിൻെറ ശിഖര
ങ്ങളിൽ പിടിക്കും. നിൻെറ കുചങ്ങൾ
മുന്തിരിക്കുലകൾപോലെതന്നെ. നിൻെറ
മൂക്കിൻെറ വാസനയോ, നാരങ്ങയുടേതു
പോലെയും! നിൻെറ അധരം നല്ല മേൽ 10
ത്തരമായ വീഞ്ഞിനുതുല്യം. എൻെറ
പ്രിയന് നേരെ എൻെറ അധരങ്ങളും.

പല്ലുകളും ചലിപ്പിച്ച് കൊണ്ടുപോകുന്നു.
11 ഞാൻ എന്റെ പ്രിയനുള്ളവൾ. അവന്റെ
നോട്ടമെല്ലാം എന്മേലാകുന്നു.
12 എന്റെ പ്രിയനേ, വരൂ; നമുക്കു വയലി
ലേക്കു പോകാം. നമുക്ക് ഗ്രാമത്തിൽ രാത്രി
കഴിച്ചുകൂട്ടാം. അതിരാവിലെ എഴുന്നേററ്
13 തോട്ടത്തിൽ പോയി മുന്തിരി പൂവിട്ടുവോ,
തളിർത്തുവോ, മാതളനാരകം പൂവിട്ടുവോ
എന്നു നോക്കാം. അവിടെവച്ച് ഞാൻ
14 നിനക്ക് എന്റെ മാർവ്വിടം തരാം. ദൂദായ്
പഴം സുഗന്ധം വീശുന്നു. നമ്മുടെ വാതിൽ
ക്കൽ പഴയതും പുതിയതുമായ സർവ്വവിധ
മധുരഫലങ്ങളും ഉണ്ട്. നിനക്കായി അവ
ഞാൻ സൂക്ഷിച്ചുവച്ചിരിക്കുന്നു.

അദ്ധ്യായം 8

1 എന്റെ അമ്മയുടെ സ്തന്യപാനം ചെയ്ത
സഹോദരനായി നിന്നെ എനിക്കു ആരു
തരും? ഞാൻ നിന്നെ തെരുവിൽ വച്ചു കണ്ട്
ചുംബിച്ചാലും ആരും എന്നെ കുററപ്പെടു
2 ത്തുകയില്ലായിരുന്നു! ഞാൻ നിന്നെ എന്റെ
മാതൃഭവനത്തിലേക്ക് എന്റെ ജനനിയുടെ
മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി പ്രവേ
ശിപ്പിക്കുമായിരുന്നു! എന്റെ സുഗന്ധമുള്ള
വീഞ്ഞും മാതളപ്പഴത്തിന്റെ മധുരമുള്ള
ചാറും ഞാൻ നിനക്കു കുടിപ്പാൻ തരുമാ
3 യിരുന്നു. അവന്റെ ഇടതുകരം എന്റെ
തലയ്ക്കുകീഴെ വച്ചുകൊണ്ട് അവന്റെ
4 വലങ്കൈ എന്നെ ആശ്ലേഷിക്കട്ടെ. യറു
ശലേം പുത്രിമാരേ, പ്രേമത്തിനു മതിയാ
കുവോളം അതിനെ അനക്കരുത് ഉണർത്ത
രുത് എന്നു നിങ്ങളെക്കൊണ്ട് ആണയിടു
5 വിച്ച് അപേക്ഷിക്കുന്നു. തന്റെ പ്രിയന്റെ
മേൽ ചാരി മരുഭൂമിയിൽനിന്നു കയറി
വരുന്ന ഇവൾ ആര്? നാരകത്തിൻ
ചുവട്ടിൽവച്ച് ഞാൻ നിന്നെ ഉണർത്തി.
അവിടെവച്ചാണല്ലോ നിന്റെ മാതാവ്
നിന്നെ പ്രസവിച്ചത്. അവിടെവച്ചാണല്ലോ
നിന്റെ ജനനി നിന്നെ പ്രസവിച്ചത്. എന്നെ 6
ഒരു മുദ്രയായി നിന്റെ ഹൃദയത്തിന്മേലും
ഒരു മുദ്രയായി നിന്റെ ഭുജത്തിന്മേലും
പതിക്കണമെ. എന്തെന്നാൽ പ്രേമം മരണം
പോലെ ബലവത്തും; വൈരാഗ്യം പാതാളം
പോലെ കഠിനവുമാകുന്നു. അതിന്റെ
ജ്വാലകൾ അഗ്നിജ്വാലകളാകുന്നു. ഏറിയ 7
വെള്ളത്തിനും പ്രേമത്തെ കെടുത്തുവാൻ
കഴിയുകയില്ല. നദികൾ അതിനെ മൂടുകയി
ല്ല. ഒരുവൻ അവന്റെ ഭവനത്തിലെ സർവ്വ
സമ്പത്തും പ്രേമത്തിനുവേണ്ടി കൊടുത്താ
ലും ആളുകൾ അവനെ പരിഹസിക്കും.
നമുക്കൊരു കൊച്ചു സഹോദരിയുണ്ട്. 8
അവൾക്കു സ്തനങ്ങൾ ആയിട്ടില്ല. അവളു
ടെ വിവാഹനാളിൽ നമ്മുടെ സഹോദരി
ക്കുവേണ്ടി നാം എന്തുചെയ്യും? അവൾ ഒരു 9
കോട്ടയായിരുന്നെങ്കിൽ നമുക്ക് അതിന്മേൽ
ഒരു വെള്ളിത്തട്ട് പണിയാമായിരുന്നു.
അവൾ ഒരു വാതിലായിരുന്നെങ്കിൽ ദേവ
ദാരു പലകയിൽ ചിത്രപ്പണിചെയ്യാമായി
രുന്നു. ഞാൻ കോട്ടയും എന്റെ സ്തനങ്ങൾ 10
ഗോപുരങ്ങളും ആയിരുന്നു. അന്ന് ഞാൻ
അവന്റെ ദൃഷ്ടിയിൽ സമാധാനം കണ്ടെ
ത്തിയവളെപ്പോലെയായിരുന്നു. ശലോ
മോന് ഒരു മുന്തിരിത്തോപ്പ് ഉണ്ടായിരുന്നു.
അതിൽ വളരെയേറെ തൈകൾ മുളപ്പിച്ചു. 11
എന്റെ മുന്തിരിത്തോട്ടം ഞാൻ കാവൽ
ക്കാരെ ഏല്പിച്ചു. അതിന്റെ ഫലമായി
ഓരോരുവനും ആയിരം പണംവീതം തന്നു.
എന്റെ സ്വന്ത മുന്തിരിത്തോട്ടം എന്റെ 12
കൈവശം തന്നെ. ശലോമോനേ! നിനക്കു
ആയിരവും വിളവുസൂക്ഷിപ്പുകാർക്കു
ഇരുന്നൂറുവീതവും ഇരിക്കട്ടെ, തോട്ടങ്ങ 13
ളിൽ ഇരിക്കുന്നവർ നിന്റെ ശബ്ദം
കേൾക്കുന്നു. അത് എന്നെയും കേൾപ്പി
ക്കണമെ. എന്റെ പ്രിയനേ, നീ സുഗന്ധ 14
പർവ്വതങ്ങളിലെ ചെറിയ മാനിനും മാൻ
കുട്ടിക്കും തുല്യൻതന്നെ.

എസ്ഥേർ

അദ്ധ്യായം 1

ൻഡ്യാ മുതൽ എത്യോപ്യാവരെ
ുപത്തേഴു സംസ്ഥാനങ്ങളുടെ അധി
യിരുന്ന അഹശ്വേരോശിൻെറ കാല
വൻ ശൂശൻ അരമനയിൽ സിംഹാ
ഥനായിരുന്നുകൊണ്ട്, വാഴ്ചയുടെ
വർഷം അവൻെറ എല്ലാ പ്രഭുക്ക
ും ദാസന്മാർക്കുമായി ഒരു വലിയ
ു കഴിച്ചു. പേർഷ്യയിലെയും മേദ്യാ
യും സേനാധിപന്മാരും അവനോടു
ഉണ്ടായിരുന്നു. തൻെറ രാജകീയ
യുടെ മേന്മയും മഹിമയുടെ ആധി
പതാപവും കാണിച്ചുകൊണ്ട് നൂററി
ചതു ദിവസം വിരുന്നു നടത്തി,
രാജഗൃഹത്തിൽ കൂടിയിരുന്ന
ുക്കളും സാധാരണക്കാരുമായ
നത്തിനുമായിട്ട് രാജഗൃഹോദ്യാന
വച്ചും വിരുന്നു കഴിച്ചു. അവിടെ
ൽസ്തംഭങ്ങളിന്മേൽ ചണനൂലും
ലുംകൊണ്ട് വെള്ളയും പച്ചയും
ായ തുണിത്തരങ്ങൾ വെള്ളിവളയ
തൂക്കിയിട്ടിരുന്നു. ചുവപ്പും വെളു
യും കറുപ്പും ഉള്ള ശിലകൾ പടു
അകത്തളത്തിൽ പൊന്നും വെള്ളി
ധവുകളുള്ള മെത്തകളുണ്ടായിരു
ർക്ക് പാനം ചെയ്യുവാൻ കൊടു
ത് വിവിധ ആകൃതികളിലുള്ള
ാത്രങ്ങളിലായിരുന്നു. രാജപദവി
സൃതമായ രീതിയിൽ കൊട്ടാര
ീഞ്ഞും വളരെയുണ്ടായിരുന്നു.
ൻെറ ഭവനകാര്യസ്ഥനോടു ഇ
ഞ്ഞു: ആരെയും നിർബന്ധിക്ക
ാരുവനും ഇഷ്ടംപോലെ ചെയ്യു
അങ്ങനെ എല്ലാം ക്രമപ്രകാര
. വസ്ഥിരാജ്ഞിയും രാജഗൃഹ
സ്ത്രീകൾക്ക് ഒരു വിരുന്നു ക
ം ദിവസം വീഞ്ഞു കുടിച്ചു രസി
വാൾ രാജാവ്, ഷണ്ഡന്മാരായ[1],
തീറാശ്, അർബോനാ, ബഗ്ധാ,
സേഥർ, കർക്കസ് എന്ന രാജഗൃ

ഹസേവകരായ ഏഴു ഷണ്ഡന്മാരോട്: വസ്
ഥി രാജ്ഞിയുടെ സൗന്ദര്യം ജനങ്ങളേയും
പ്രഭുക്കന്മാരേയും കാണിക്കേണ്ടതിനു രാജ
സന്നിധിയിൽ കൊണ്ടുവരുവാൻ കല്പി
ച്ചു. അവൾ സുന്ദരിയായിരുന്നു. എന്നാൽ 12
ഷണ്ഡന്മാർ വഴി വന്ന കല്പന മറുത്തു
വസ്ഥിരാജ്ഞി പോകാതിരുന്നു. രാജാവ്
അത്യധികം കോപിച്ചു. അവൻെറ കോപം
ഉള്ളിൽ ജ്വലിച്ചു. ആ സമയത്ത് അരമന 13
പ്രമുഖരും രാജ്യത്ത് പ്രധാനസ്ഥാനങ്ങളിൽ
സ്ഥിതിചെയ്യുന്നവരുമായ ബർനാശായ്,
എശ്തീർ, അർമൂത്തു, റോമൂസ്, തർശീശ്,
മാസറിയാ, മൗഖാൻ[2] എന്നിങ്ങനെ പേർഷ്യ
യിലേയും മേദ്യയിലെയും ഏഴു പ്രഭുക്കന്മാർ
അവൻെറ അടുത്തു ഇരിക്കുകയായിരുന്നു.
രാജ്യപാലനത്തിലും ന്യായത്തിലും പരിജ്ഞാ 14
നികളായ എല്ലാവരോടും രാജാവ് ആലോ
ചിക്കുക പതിവായിരുന്നതിനാൽ അഭിജ്ഞ
ന്മാരായ ആ വിദ്വാന്മാരോടു രാജാവ്: ഷണ്ഡ 15
ന്മാർ മുഖാന്തരം അഹശ്വേരോശ് രാജാവ്
അയച്ച കല്പന വസ്ഥിരാജ്ഞി അനുസരി
ക്കായ്കയാൽ രാജ്യനീതിപ്രകാരം അവളോ
ടു എന്തു ചെയ്യണം എന്നു ചോദിച്ചു. അതി 16
നു മൗഖാൻ രാജാവിനോടും പ്രഭുക്കന്മാരോ
ടും ഉത്തരം പറഞ്ഞു: വസ്ഥി രാജ്ഞി രാജാ
വിനോടു മാത്രമല്ല, അഹശ്വേരോശ് രാജാ
വിൻെറ സർവ്വ സംസ്ഥാനങ്ങളിലുള്ള സക
ല പ്രഭുക്കന്മാരോടും ജാതികളോടും തെറ്റു
ചെയ്തിരിക്കുന്നു. രാജ്ഞിയുടെ ഈ പ്രവൃ 17
ത്തി സകല സ്ത്രീകളും അറിയും; അഹശ്വേ
രോശ് രാജാവു വസ്ഥിരാജ്ഞിയെ തൻെറ
മുമ്പാകെ ആനയിക്കുവാൻ കല്പിച്ചയച്ച
പ്പോൾ അവൾ ചെന്നില്ലല്ലോ എന്നു പറഞ്ഞു
അവർ തങ്ങളുടെ ഭർത്താക്കന്മാരെ പുച്ഛരി
ക്കും, ഇന്നുതന്നെ രാജ്ഞിയുടെ പ്രവൃത്തി 18
കേട്ട പേർഷ്യയിലെയും മേദ്യയിലെയും
പ്രഭുപത്നിമാർ രാജാവിൻെറ എല്ലാ പ്രഭുക്ക
ന്മാരോടും അങ്ങനെ തന്നെ പറയും; ഇങ്ങ
നെ നിന്ദയും നീരസവും വർദ്ധിക്കും. രാജാ 19
വിനു സമ്മതമെങ്കിൽ വസ്ഥി ഇനി അഹ
ശ്വേരോശ് രാജാവിൻെറ സന്നിധിയിൽ

ാൻ' പേരല്ല (ചില പതിപ്പുകളിൽ പേരായി കാണുന്നു) "മ്ഹറയ്മ്നെ" (ഷണ്ഡന്മാർ)
2. ഈ പേരുകൾ പല പതിപ്പുകളിലും ഇല്ല.

വരരുതു എന്നു അവിടെനിന്നു ഒരു രാജക
ല്പന പ്രസിദ്ധപ്പെടുത്തുകയും അതു മാററാ
വതല്ലാത്തവണ്ണം പേർഷ്യരുടെയും മേദ്യ
രുടെയും രാജ്യനിയമത്തിൽ എഴുതിക്കു
കയും രാജാവ് അവളുടെ രാജ്ഞിസ്ഥാനം
അവളെക്കാൾ നല്ലവളായ മററൊരുവൾക്കു
20 കൊടുക്കുകയും വേണം. രാജാവു കല്പി
ക്കുന്ന വിധി രാജ്യത്തെല്ലാം - ഇതു മഹാ
രാജ്യമല്ലോ - പരസ്യമാകുമ്പോൾ സകല
ഭാര്യമാരും വലിയവരോ ചെറിയവരോ ആയ
തങ്ങളുടെ ഭർത്താക്കന്മാരെ ബഹുമാനി
21 ക്കും. ഈ വാക്കു രാജാവിനും പ്രഭുക്കന്മാർ
ക്കും തൃപ്തിയായി; രാജാവു മെമൂഖാന്റെ
22 ഉപദേശാനുസരണം ചെയ്തു. ഏതു പുരു
ഷനും തന്റെ വീട്ടിൽ അധികാരം നടത്തു
കയും സ്വന്ത ഭാഷ സംസാരിക്കുകയും
വേണമെന്നു രാജാവ് തന്റെ സകല
സംസ്ഥാനങ്ങളിലേക്കും അതതു സംസ്ഥാ
നത്തേക്കു അതതിന്റെ ഭാഷയിലും അത
തു ജാതിക്കു അവരവരുടെ ഭാഷയിലും
എഴുത്തയച്ചു.

അദ്ധ്യായം 2

1 പിന്നീട് അഹശ്വേരോശ് രാജാവിന്റെ
ക്രോധം ശമിച്ചപ്പോൾ അവൻ വസ്ഥിയേ
യും അവൾ ചെയ്തതിനേയും അവളെ
ക്കുറിച്ചു കല്പിച്ച വിധിയേയും ഓർത്തു.
2 അപ്പോൾ സേവകന്മാരായ ഭൃത്യന്മാർ പറ
ഞ്ഞു: രാജാവിനു വേണ്ടി സൗന്ദര്യമുള്ള
യുവതികളായ കന്യകമാരെ അന്വേഷി
3 ക്കട്ടെ; രാജാവു രാജ്യത്തിലെ സകല
സംസ്ഥാനങ്ങളിലും ഉദ്യോഗസ്ഥരെ നിയ
മിക്കണം; അവർ സൗന്ദര്യമുള്ള യുവതി
കളായ സകല കന്യകമാരെയും ശേഖരിച്ചു
ശൂശൻ രാജധാനിയിലെ അന്തഃപുരത്തിൽ
രാജാവിന്റെ ഷണ്ഡനായി അന്തഃപുരപാ
ലകനായ ഹേഗായിയുടെ ചുമതലയിൽ
ഏല്പിക്കുകയും അവർക്ക് ശുദ്ധീകരണ
ത്തിനു വേണ്ട എല്ലാ വസ്തുക്കളും കൊടു
4 ക്കുകയും ചെയ്യണം. രാജാവിനു ബോധിച്ച
യുവതി വസ്ഥിക്കു പകരം രാജ്ഞിയാ
യിരിക്കട്ടെ. ഈ കാര്യം രാജാവിനു ഇഷ്ട
പ്പെട്ടു; അവൻ അങ്ങനെ ചെയ്തു.
5 ശൂശൻ രാജധാനിയിൽ ബെന്യാമീ
ന്യനായ കീശിന്റെ മകനായ ശിമെയിയുടെ
മകനായ യായീരിന്റെ മകൻ മൊർദ്ദെഖാ
യി എന്നു പേരുള്ള ഒരു യഹൂദൻ ഉണ്ടാ
6 യിരുന്നു. ബാബേൽ രാജാവായ നെബൂഖദ്
നേസർ പിടിച്ചുകൊണ്ടുപോയ യഹൂദാ
രാജാവായ യെഖൊന്യായോടുകൂടെ
കൊണ്ടുപോയിരുന്ന പ്രവാസികളുടെ കൂട്ട
ത്തിൽ അവനെയും യറുശലേമിൽനിന്നു
കൊണ്ടുപോയിരുന്നു. അവൻ, തന്റെ ചിറ്റ 7
പ്പന്റെ മകളായ എസ്ഥേർ എന്ന ഹദസ്സെ
ക്കു അമ്മയപ്പന്മാർ ഇല്ലായ്കകൊണ്ടു
അവളെ വളർത്തിയിരുന്നു. ഈ യുവതി
സുന്ദരിയും സുമുഖിയും ആയിരുന്നു;
അവളുടെ പിതാവും അമ്മയും മരിച്ചശേഷം
മൊർദ്ദെഖായി അവളെ തനിക്കു മകളായി
സ്വീകരിച്ചു. രാജാവിന്റെ കല്പനയും 8
നിശ്ചയവും പരസ്യമായപ്പോൾ അനേകം
യുവതികളെ ശേഖരിച്ചു ശൂശൻ രാജധാനി
യിൽ ഹേഗായിയുടെ വിചാരണയിൽ
ഏല്പിച്ച കൂട്ടത്തിൽ എസ്ഥേരിനെയും
രാജധാനിയിലെ അന്തഃപുരപാലകനായ
ഹേഗായിയുടെ സൂക്ഷിപ്പിൽ കൊണ്ടുവ
ന്നു. ആ യുവതിയെ അവനു ഇഷ്ടപ്പെട്ടു; 9
അവളോടു പ്രത്യേകത തോന്നി; അവൻ
അവളുടെ ശുദ്ധീകരണത്തിനു വേണ്ടവയെ
യും ചെലവിനു രാജധാനിയിൽനിന്നു കൊ
ടുക്കേണ്ടവയും സ്ത്രീകളിലേറ്റം സുന്ദരിക
ളായ ഏഴു ബാല്യക്കാരികളെയും അവൾക്കു
വേഗം കൊടുത്തു; അവളെയും അവളുടെ
ബാല്യക്കാരികളെയും അന്തഃപുരത്തിലെ
ശ്രേഷ്ഠമായ സ്ഥലത്തു പാർപ്പിച്ചു.
എസ്ഥേർ തന്റെ ജാതിയും കുലവും 10
അറിയിച്ചില്ല; അത് അറിയിക്കരുത് എന്ന്
മൊർദ്ദെഖായി അവളോടു കല്പിച്ചിരുന്നു.
എന്നാൽ എസ്ഥേരിന്റെ സുഖവിവരവും 11
അവൾക്കു എന്തു സംഭവിക്കും എന്നും അറി
യേണ്ടതിനു മൊർദ്ദെഖായി പ്രതിദിനം
അന്തഃപുരത്തിന്റെ മുററത്തിനു മുമ്പിൽ
നടന്നുകൊണ്ടിരുന്നു. ഓരോ യുവതിയ്ക്കു 12
പന്ത്രണ്ടു ദിവസം സ്ത്രീകൾക്കു വേണ്ടി
യുള്ള നിയമപ്രകാരം ചെയ്തുകഴിഞ്ഞ
ശേഷം - ആറു ദിവസം മൂർതൈലവും ആറു
ദിവസം സുഗന്ധവർഗ്ഗവും സ്ത്രീകൾക്ക്
ശുദ്ധീകരണത്തിനു വേണ്ടിയുള്ള മററു
വസ്തുക്കളുംകൊണ്ടു അവരുടെ ശുദ്ധീകര
ണകാലം തികയും - ഓരോരുവൾക്ക് അഹ
ശ്വേരോശ് രാജാവിന്റെ സന്നിധിയിൽ ചെ 13
ല്ലുവാൻ തവണ വരുമ്പോൾ ഓരോ യുവതി
രാജസന്നിധിയിൽ ചെല്ലും; അന്തഃപുര
ത്തിൽനിന്നു രാജഗൃഹംവരെ കൊണ്ടുപോ
കേണ്ടതിനു അവൾ ചോദിക്കുന്ന സക
ലവും അവൾക്കു കൊടുക്കുമായിരുന്നു.
സന്ധ്യാസമയത്ത് അവൾ ചെല്ലുകയും പ്ര 14
ഭാതകാലത്തു രാജാവിന്റെ ഷണ്ഡനും വെ
പ്പാട്ടികളുടെ പാലകനുമായ ശൻഗാശ്ഗീറി
ന്റെ നോട്ടത്തിലുള്ള രണ്ടാമത്തെ അന്തഃപു

ിലേക്കു മടങ്ങിപ്പോകുകയും ചെയ്യും.
ാവിനു അവളോടു താല്പര്യം തോന്നി
ളെ പേരു പറഞ്ഞു വിളിച്ചല്ലാതെ
ന്ന അവൾക്കു രാജസന്നിധിയിൽ
ശിച്ചുകൂടാ. എന്നാൽ മൊർദ്ദെഖായി
ക്കു മകളായെടുത്തിരുന്ന അവന്റെ
പ്പൻ അബീഹയീലിന്റെ മകളായ
ഥേരിനു രാജസന്നിധിയിൽ ചെല്ലു
തവണ വന്നപ്പോൾ അവൾ രാജാ
റ ഷണ്ഡനും അന്തഃപുരപാലകനു
ഹേഗായി പറഞ്ഞതു മാത്രമല്ലാതെ
ൃകം ഒന്നും ചോദിച്ചില്ല. എന്നാൽ
ഥേരിനെ കണ്ട എല്ലാവർക്കും അവ
പ്രീതി തോന്നി. അങ്ങനെ എസ്ഥേർ
ശ്വേരോശ് രാജാവിന്റെ വാഴ്ചയുടെ
ആണ്ടു കോനൂൻ ഫ്രേയായി മാസ
ത്താം മാസത്തിൽ രാജധാനിയിൽ
ന്റെ അടുക്കലേക്ക് ചെന്നു. രാജാവ്
ഥേരിനെ എല്ലാ സ്ത്രീകളെക്കാളും
ം സ്നേഹിച്ചു; എല്ലാ കന്യകമാരിലും
ം കൃപയും പ്രത്യേകതയും അവളോ
നീട്ടു അവൻ രാജകിരീടം അവളുടെ
ൽ വച്ചു അവളെ വസ്ഥിക്കു പകരം
യാക്കി. രാജാവു തന്റെ സകല
മാർക്കും ഭൃത്യന്മാർക്കും എസ്ഥേ
ായിട്ടു ഒരു വലിയ വിരുന്നു കഴിച്ചു;
സംസ്ഥാനങ്ങൾക്ക് ഒരു വിമോച
ല്പിച്ചു; രാജപദവിക്കനുസരിച്ച്
ങ്ങളും കൊടുത്തു. രണ്ടാം പ്രാവ
കമാരെ ശേഖരിച്ചപ്പോൾ മൊർദ്ദെ
ജാവിന്റെ വാതിൽക്കൽ ഇരുന്നി
മാർദ്ദെഖായി നിർദ്ദേശിച്ചതുപോ
ഥേർ തന്റെ കുലവും ജാതിയും
ാതെയിരുന്നു; എസ്ഥേർ മൊർദ്ദെ
ടെ അടുക്കൽ വളർന്നപ്പോഴത്തെ
ുടർന്നും അവന്റെ കല്പന അനു
ാന്നു. ആ കാലത്തു മൊർദ്ദെ
ജാവിന്റെ വാതില്ക്കൽ ഇരിക്കു
ാതിൽ കാവൽക്കാരിൽ രാജാവി
ു ഷണ്ഡന്മാരായ ബഗ്ഥാനും
മത്സരിച്ച് അഹശ്വേരോശ് രാജാ
ന്നഹം ചെയ്യുവാൻ തക്കം അന്വേ
ാർദ്ദെഖായി കാര്യം അറിഞ്ഞു
രാജ്ഞിക്കു അറിവു കൊടുത്തു;
അതു മൊർദ്ദെഖായിയുടെ നാമ
ാവിനെ ഗ്രഹിപ്പിച്ചു. അന്വേഷ
പ്പാൾ കാര്യം സത്യമെന്നു കണ്ട്
ുപേരെയും കഴുവിന്മേൽ തൂക്കി
തുരാജാവിന്റെ ദിനവൃത്താന്ത
തിൽ എഴുതിവച്ചു.

അദ്ധ്യായം 3

അനന്തരം അഹശ്വേരോശ് രാജാവ് 1
ആഗാഗ്യനായ ഹമ്മെദാഥയുടെ മകൻ
ഹാമാനു സ്ഥാനക്കയററവും ഉന്നതപദ
വിയും കൊടുത്ത് അവന്റെ സ്ഥാനം
തന്നോടുകൂടെ ഇരിക്കുന്ന സകല പ്രഭുക്ക
ന്മാരുടെയും ഇരിപ്പിടങ്ങൾക്ക് ഉപരിയായി
വച്ചു. രാജാവിന്റെ വാതില്ക്കലെ രാജ 2
ഭൃത്യന്മാർ എല്ലാം ഹാമാനെ കുമ്പിട്ടു നമ
സ്കരിച്ചു; രാജാവു അവനെ സംബന്ധിച്ച്
അങ്ങനെ കല്പിച്ചിട്ടുണ്ടായിരുന്നു. എങ്കി
ലും മൊർദ്ദെഖായി അവനെ കുമ്പിട്ടില്ല,
നമസ്കരിച്ചുമില്ല. അപ്പോൾ രാജാവിന്റെ 3
വാതില്ക്കലെ രാജഭൃത്യന്മാർ മൊർദ്ദെഖാ
യിയോടു: നീ രാജകല്പന ലംഘിക്കുന്നത്
എന്ത് എന്നു ചോദിച്ചു. അവർ ഇങ്ങനെ 4
പ്രതിദിനം അവനോടു പറഞ്ഞിട്ടും അവൻ
അവരുടെ വാക്കു കേൾക്കാതിരുന്നതി
നാൽ മൊർദ്ദെഖായിയുടെ വാക്കു
സത്യമോ എന്നു കാണേണ്ടതിനു അവർ
അതു ഹാമാനെ അറിയിച്ചു; താൻ യഹൂദൻ
എന്നു അവരോടു പറഞ്ഞിട്ടുണ്ടായിരുന്നു.
മൊർദ്ദെഖായി തന്നെ കുമ്പിട്ടു നമസ്കരി 5
ക്കുന്നില്ലെന്നു കണ്ട് ഹാമാൻ കോപാവി
ഷ്ടനായി. എന്നാൽ മൊർദ്ദെഖായിയെ 6
മാത്രം ശിക്ഷിക്കുന്നതു അവനു പുച്ഛ
മായി തോന്നി; മൊർദ്ദെഖായിയുടെ ജാതി
ഇന്നതെന്നു അവൻ അറിഞ്ഞു; അതുകൊ
ണ്ടു അഹശ്വേരോശിന്റെ രാജ്യത്തെല്ലാ
ടവും ഉള്ള മൊർദ്ദെഖായിയുടെ ജനമായ
യഹൂദന്മാരെയെല്ലാം നശിപ്പിക്കുവാൻ
ഹാമാൻ അവസരം അന്വേഷിച്ചു. അഹശ്വേ 7
രോശ് രാജാവിന്റെ പന്ത്രണ്ടാം ആണ്ടിൽ
നീസാൻമാസമായ ഒന്നാം മാസത്തിൽ
അവർ ആദാർ എന്ന പന്ത്രണ്ടാം മാസം
വരെയുള്ള ഓരോ ദിവസത്തെയും ഓരോ
മാസത്തെയും കുറിച്ചു ഹാമാന്റെ
മുമ്പിൽ വെച്ച് ചീട്ടിട്ടു നോക്കി. പിന്നെ 8
ഹാമാൻ അഹശ്വേരോശ് രാജാവിനോട്:
അങ്ങയുടെ രാജ്യത്തിലെ എല്ലാ സംസ്ഥാ
നങ്ങളിലുമുള്ള ജാതികളുടെ ഇടയിൽ ഒരു
ജാതി ചിന്നിച്ചിതറിക്കിടപ്പുണ്ട്; അവരുടെ
ന്യായപ്രമാണങ്ങൾ മററുള്ള സകല ജാതി
കളുടേതിനോടും വ്യത്യാസമുള്ളതാണ്;
അവർ രാജകല്പനകൾ അനുസരിക്കുന്ന
തുമില്ല; അതുകൊണ്ടു അവരെ അങ്ങനെ
വിടുന്നതു രാജാവിനു പാടുള്ളതല്ല. രാജാ 9
വിനു സമ്മതമുണ്ടെങ്കിൽ അവരെ നശിപ്പി
ക്കുവാൻ ശാസനം എഴുതി അയയ്ക്കണം;

എന്നാൽ ഞാൻ കാര്യവിചാരകന്മാർ വഴി
പതിനായിരം താലന്ത് വെള്ളി രാജാവിന്റെ
ഭണ്ഡാരത്തിലേക്കു കൊടുത്തയയ്ക്കാം
10 എന്നു പറഞ്ഞു. അപ്പോൾ രാജാവു തന്റെ
മോതിരം ഊരി ആഗാഗ്യനായ ഹമ്മെദാഥ
യുടെ മകനായി യഹൂദന്മാരുടെ ശത്രുവായ
11 ഹാമാനു കൊടുത്തു. രാജാവു ഹാമാ
നോടു: ഞാൻ ആ വെള്ളിയും ആ ജാതി
യെയും നിനക്കു ദാനം ചെയ്യുന്നു; ഇഷ്ടം
പോലെ ചെയ്തുകൊൾക എന്നു പറഞ്ഞു.
12 അങ്ങനെ ഒന്നാം മാസം പതിമൂന്നാം തീയതി
രാജാവിന്റെ എഴുത്തുകാരെ വിളിച്ചു;
ഹാമാൻ കല്പിച്ചതുപോലെയെല്ലാം അവർ
രാജപ്രതിനിധികൾക്കും ഓരോ സംസ്ഥാ
നത്തിലെ ദേശാധിപതികൾക്കും അതതു
ജനത്തിന്റെ പ്രഭുക്കന്മാർക്കും അതതു
സംസ്ഥാനത്തിലേക്കു അവിടത്തെ ഭാഷ
യിലും അതതു ജനത്തിനു അവരുടെ ഭാഷ
യിലും എഴുതി; അഹശ്വേരോശ് രാജാവി
ന്റെ നാമത്തിൽ അതെഴുതി രാജമോതിരം
13 കൊണ്ടു മുദ്ര വച്ചു. ആദാർ മാസമായ
പന്ത്രണ്ടാം മാസം പതിമൂന്നാം തീയതി
തന്നെ സകല യഹൂദന്മാരെയും ആബാല
വൃദ്ധം കുഞ്ഞുങ്ങളെയും സ്ത്രീകളെയും
നശിപ്പിച്ചു സംഹരിക്കുകയും അവരുടെ
വസ്തുവക കൊള്ളയിടുകയും ചെയ്യണ
മെന്നു രാജാവിന്റെ സകല സംസ്ഥാന
ങ്ങളിലേക്കും സന്ദേശവാഹകർ വശം
14 എഴുത്തു അയച്ചു. അന്നത്തേക്കു ഒരുങ്ങി
യിരിക്കണമെന്ന് സകല ജാതികൾക്കും
പരസ്യം ചെയ്യുവാൻ കൊടുത്ത തീർപ്പി
ന്റെ പകർപ്പു ഓരോ സംസ്ഥാനത്തിലും
15 പ്രസിദ്ധപ്പെടുത്തി. വാഹകർ രാജകല്പന
അനുസരിച്ചു ക്ഷണത്തിൽ പുറപ്പെട്ടു;
ശൂശൻ രാജധാനിയിലും ആ തീരുമാനം
പരസ്യം ചെയ്തു; രാജാവും ഹാമാനും
കുടിപ്പാൻ ഇരുന്നു; ശൂശൻ പട്ടണമോ
സംഭ്രമിച്ചു.

അദ്ധ്യായം 4

1 സംഭവിച്ചതെല്ലാം അറിഞ്ഞപ്പോൾ
മൊർദ്ദെഖായി വസ്ത്രം കീറി ചാക്കുടുത്തു
ചാരം വാരി ഇട്ടുംകൊണ്ടു പട്ടണത്തിന്റെ
നടുവിൽ ചെന്നു വേദനയോടെ അത്യുച്ച
2 ത്തിൽ നിലവിളിച്ചു. അവൻ രാജാവിന്റെ
പടിവാതിൽവരെ വന്നു; എന്നാൽ ചാക്കു
ടുത്തുകൊണ്ടു ആർക്കും രാജാവിന്റെ
പടിവാതിലിനകത്തു കടന്നുകൂടായിരുന്നു.
3 രാജാവിന്റെ കല്പനയും തീരുമാനവു
മെത്തിയ ഓരോ സംസ്ഥാനത്തും യൂഹൂദ
ന്മാരുടെ ഇടയിൽ മഹാദുഃഖവും ഉപവാ
സവും കരച്ചിലും വിലാപവും ഉണ്ടായി;
പലരും ചാക്കുടുത്തു ചാരത്തിൽ കിടന്നു.
എസ്ഥേരിന്റെ ബാല്യക്കാരികളും ഷണ്ഡ
ന്മാരും വന്നു അതു രാജ്ഞിയെ അറിയി
ച്ചപ്പോൾ അവൾ അത്യന്തം വ്യസനിച്ചു
മൊർദ്ദെഖായിയുടെ ചാക്കുവസ്ത്രം നീക്കി
അവനെ ഉടുപ്പിക്കുവാൻ വസ്ത്രം കൊടു
ത്തയച്ചു; എന്നാൽ അവൻ വാങ്ങിയില്ല.
അപ്പോൾ എസ്ഥേർ തന്റെ ശുശ്രൂഷയ്ക്കു
രാജാവു ആക്കിയിരുന്ന ഷണ്ഡന്മാരിൽ
ഒരുവനായ ഹഥാക്കിനെ വിളിച്ചു, അതു
എന്തുകൊണ്ടെന്നും അതിന്റെ കാരണം
എന്തെന്നും അറിയുവാൻ മൊർദ്ദെഖായി
യുടെ അടുക്കൽ പോയിവരുവാൻ അവനു
കല്പന കൊടുത്തു. അങ്ങനെ ഹഥാക്ക് 6
രാജാവിന്റെ പടിവാതിലിനു മുമ്പിൽ പട്ടണ
ത്തിന്റെ വിശാലസ്ഥലത്തു മൊർദ്ദെഖാ 7
യിയുടെ അടുക്കൽ ചെന്നു. മൊർദ്ദെഖായി
തനിക്കു സംഭവിച്ചതെല്ലാം, യഹൂദന്മാരെ
നശിപ്പിക്കത്തക്കവണ്ണം ഹാമാൻ രാജഭണ്ഡാ
രത്തിലേക്കു കൊടുക്കാമെന്നു വാഗ്ദാനം
ചെയ്ത പണക്കാര്യവും അവനോടു അറി
യിച്ചു. അവരെ നശിപ്പിക്കുവാൻ ശൂശനിൽ 8
പരസ്യമാക്കിയിരുന്ന തീർപ്പിന്റെ പകർപ്പ്
അവൻ അവന്റെ കയ്യിൽ കൊടുത്തു, ഇതു
എസ്ഥേരിനെ കാണിച്ചു വിവരം അറിയി
ക്കുവാനും അവൾ രാജസന്നിധിയിൽ
ചെന്നു തന്റെ ജനത്തിനു വേണ്ടി അപേ
ക്ഷയും അഭയയാചനയും അർപ്പിക്കുവാൻ
അവളോടു പറയുവാനും പറഞ്ഞു. ഹഥാക്ക് 9
ചെന്ന് മൊർദ്ദെഖായിയുടെ വാക്കു എസ്ഥേ
രിനെ അറിയിച്ചു. എസ്ഥേർ മൊർദ്ദെഖാ 10
യിയോടു ചെന്നു പറയുവാൻ ഹഥാക്കിനു
കല്പന കൊടുത്തു: ഒരു പുരുഷനും 11
സ്ത്രീയും വിളിക്കപ്പെടാതെ രാജാവിന്റെ
അടുക്കൽ അകത്തെ പ്രാകാരത്തിൽ
ചെന്നിട്ട് ജീവനോടിരിക്കത്തക്കവണ്ണം
രാജാവു പൊൻ ചെങ്കോൽ അയാളുടെ
നേരെ നീട്ടാതിരുന്നാൽ അയാളെ കൊല്ല
ണമെന്ന് ഒരു നിയമം ഉള്ളപ്രകാരം രാജാ
വിന്റെ സകല ഭൃത്യന്മാരും രാജാവിന്റെ
സംസ്ഥാനങ്ങളിലെ ജനവും അറിയുന്നു;
എന്നാൽ എന്നെ ഈ മൂന്നു ദിവസമായി
രാജാവിന്റെ അടുക്കൽ ചെല്ലുവാൻ
വിളിച്ചിട്ടില്ല. അവൻ എസ്ഥേരിന്റെ വാക്ക്
മൊർദ്ദെഖായിയെ അറിയിച്ചു. മൊർദ്ദെ
ഖായി എസ്ഥേരിനോടു മറുപടി പറയു
വാൻ കല്പിച്ചതു: നീ അന്തഃപുരത്തിൽ ഇരി
ക്കയാൽ എല്ലാ യഹൂദരിലുംനിന്നു രക്ഷ

ട്ടുകൊള്ളാമെന്നു നീ വിചാരിക്കേണ്ട.
ഈ സമയത്തു മിണ്ടാതെയിരുന്നാൽ
ൂദന്മാർക്കു മറെറാരു സ്ഥലത്തു നിന്നു
ാരണവും രക്ഷയും ഉണ്ടാകും; എന്നാൽ
ും നിന്റെ പിതൃഭവനവും നശിച്ചു
ക്കും; ഇങ്ങനെയുള്ളൊരു കാലത്തി
ിട്ടല്ലയോ നീ രാജസ്ഥാനത്തു വന്നിരി
ന്നത്? ആർക്കു അറിയാം? അതിനു
ഥേർ മൊർദ്ദെഖായിയോടു മറുപടി
ുവാൻ കല്പിച്ചതു: നീ ചെന്നു ശൂശ
ുള്ള എല്ലാ യഹൂദന്മാരെയും ഒന്നിച്ചു
നിങ്ങൾ മൂന്നു ദിവസം രാവും പകലും
ുകയോ കുടിക്കുകയോ ചെയ്യാതെ
ക്കു വേണ്ടി ഉപവസിപ്പിൻ; ഞാനും
ബാല്യക്കാരികളും അങ്ങനെ തന്നെ
സിക്കും; പിന്നെ ഞാൻ നിയമപ്രകാര
ിലും രാജാവിന്റെ അടുക്കൽ ചെല്ലും;
നശിക്കുന്നു എങ്കിൽ നശിക്കട്ടെ.
ന മൊർദ്ദെഖായി ചെന്നു എസ്ഥേർ
ച്ചതുപോലെയെല്ലാം ചെയ്തു.

അദ്ധ്യായം 5

ന്നാം ദിവസം എസ്ഥേർ രാജവസ്ത്രം
ഗൃഹത്തിന്റെ അകത്തെ പ്രാകാര
ചെന്നു രാജഗൃഹത്തിന്റെ നേരെ
രാജാവു അരമനയിൽ രാജ
ിന്റെ വാതിലിനു നേരെ തന്റെ
സനത്തിൽ ഇരിക്കയായിരുന്നു.
ർരാജ്ഞി പ്രാകാരത്തിൽ നില്ക്കു
ജാവു കണ്ടപ്പോൾ അവനു അവ
യ തോന്നി തന്റെ കൈയിൽ
പൊൻചെങ്കോൽ രാജാവ് എസ്ഥേ
നരെ നീട്ടി; എസ്ഥേർ അടുത്തു
ചെങ്കോലിന്റെ അഗ്രം തൊട്ടു.
അവളോടു: എസ്ഥേർ രാജ്ഞിയേ,
വേണം? എന്താകുന്നു നിന്റെ
? രാജ്യത്തിൽ പകുതിയോളമാ
നിനക്കു തരാം എന്നു പറഞ്ഞു.
എസ്ഥേർ: രാജാവിനു തിരുമനസ്സു
ഞാൻ ഒരുക്കിയിരിക്കുന്ന വിരു
ജാവും ഹാമാനും ഇന്നു വരണം
പേക്ഷിച്ചു. എസ്ഥേർ പറഞ്ഞതു
ചെയ്യുവാൻ ഹാമാനെ വേഗം
ൻ എന്നു രാജാവ് കല്പിച്ചു;
രാജാവും ഹാമാനും എസ്ഥേർ
വിരുന്നിനു ചെന്നു. വിരുന്നിൽ
സ്ഥേരിനോടു: നിന്റെ അപേ
അതു നിനക്കു ലഭിക്കും; നിന്റെ
ന്ത്? രാജ്യത്തിൽ പകുതിയോള
അതു സാധിപ്പിച്ചുതരാം എന്നു
പറഞ്ഞു. അതിനു എസ്ഥേർ: എന്റെ 7
അപേക്ഷയും ആഗ്രഹവും ഇതാകുന്നു:
രാജാവിനു എന്നോടു കൃപയുണ്ടെങ്കിൽ, 8
എന്റെ അപേക്ഷ നൽകുവാനും എന്റെ
ആഗ്രഹം നിവർത്തിപ്പാനും രാജാവിനു
തിരുമനസ്സുണ്ടെങ്കിൽ, രാജാവും ഹാമാനും
ഞാൻ ഇനിയും ഒരുക്കുന്ന വിരുന്നിനു
വരണം; നാളെ ഞാൻ രാജാവു കല്പിച്ചതു
പോലെ ചെയ്തുകൊള്ളാം എന്നു പറഞ്ഞു.
അങ്ങനെ ഹാമാൻ സന്തോഷവും ആനന്ദ 9
വും നിറഞ്ഞ് തിരിച്ചുപോയി; എന്നാൽ
രാജാവിന്റെ വാതിൽക്കൽ മൊർദ്ദെഖായി
എഴുന്നേല്ക്കാതെയും തന്നെ ബഹുമാനി
ക്കാതെയും ഇരിക്കുന്നതു കണ്ട് ഹാമാന്
മൊർദ്ദെഖായിയുടെ നേരെ കോപം നിറ
ഞ്ഞു എങ്കിലും ഹാമാൻ സ്വയം നിയന്ത്രിച്ച് 10
വീട്ടിൽ ചെന്നു സ്നേഹിതന്മാരെയും
ഭാര്യയായ സേരെശിനെയും വിളിപ്പിച്ചു.
ഹാമാൻ അവരോടു തന്റെ ധനമാഹാ 11
ത്മ്യവും പുത്രബഹുത്വവും രാജാവ് തനി
ക്കു നൽകിയ ഉന്നത പദവിയും പ്രഭുക്ക
ന്മാർക്കും രാജഭൃത്യന്മാർക്കും മേലായി
തന്നെ ഉയർത്തിയിരിക്കുന്നതും വിവരിച്ചു
പറഞ്ഞു. എസ്ഥേർ രാജ്ഞിയും താൻ 12
ഒരുക്കിയ വിരുന്നിനു എന്നെയല്ലാതെ മററാ
രെയും രാജാവിനോടു കൂടെ ചെല്ലുവാൻ
അനുവദിച്ചില്ല; നാളെയും രാജാവിനോടു
കൂടെ വിരുന്നിനു ചെല്ലുവാൻ എന്നെ
ക്ഷണിച്ചിട്ടുണ്ട്. എങ്കിലും യഹൂദനായ 13
മൊർദ്ദെഖായി രാജാവിന്റെ വാതില്ക്കൽ
ഇരിക്കുന്നതു കാണുന്നെടത്തോളം ഇതൊ
ന്നുംകൊണ്ടും എനിക്കു ഒരു തൃപ്തിയും
ഇല്ല എന്ന് ഹാമാൻ പറഞ്ഞു. അതിനു അവ 14
ന്റെ ഭാര്യ സേരെശും അവന്റെ എല്ലാ
സ്നേഹിതരും അവനോടു: അമ്പതു മുഴം
ഉയരമുള്ള ഒരു കഴുമരം ഉണ്ടാക്കുക;
മൊർദ്ദെഖായിയെ അതിന്മേൽ തൂക്കിലിടു
വാൻ നാളെ രാവിലെ നീ രാജാവിനോടു
അപേക്ഷിക്കണം; പിന്നെ നിനക്കു സന്തോ
ഷമായി രാജാവിനോടുകൂടെ വിരുന്നിനു
പോകാം എന്നു പറഞ്ഞു. ഈ കാര്യം
ഹാമാനു തൃപ്തിയായി; അവൻ കഴുമരം
ഉണ്ടാക്കിച്ചു.

അദ്ധ്യായം 6

അന്നു രാത്രി രാജാവിനു ഉറക്കം 1
വന്നില്ല. ദിനവൃത്താന്തങ്ങൾ കുറിച്ചുവച്ചി
രിക്കുന്ന ചുരുൾ കൊണ്ടുവരുവാൻ കല്പി
ച്ചു; അതു രാജാവിനെ വായിച്ചു കേൾപ്പിച്ചു.
വാതിൽകാവൽക്കാരായ രാജാവിന്റെ 2

ഷണ്ഡന്മാരിൽ ബിഗ്ഥാൻ, തേരെശ് എന്നി
രണ്ടുപേർ അഹശ്വേരോശ് രാജാവിനെ
കയ്യേററം ചെയ്യുവാൻ ശ്രമിച്ചിരുന്ന കാര്യം
മൊർദ്ദെഖായി മുന്നറിയിപ്പ് കൊടുത്ത
വിവരം അതിൽ എഴുതിയിരിക്കുന്നതു
3 കണ്ടു. ഇതിനു പ്രതിഫലമായി മൊർദ്ദെഖാ
യിക്കു എന്തു ബഹുമാനവും പദവിയും കൊ
ടുത്തു? എന്നു രാജാവു ചോദിച്ചു. ഒന്നും
കൊടുത്തിട്ടില്ല എന്നു സേവകർ പറഞ്ഞു.
4 പ്രാകാരത്തിൽ ആരുണ്ട് എന്ന് രാജാവു
ചോദിച്ചു. എന്നാൽ ഹാമാൻ മൊർദ്ദെഖാ
യിക്കു വേണ്ടി താൻ ഉണ്ടാക്കിയ കഴുവി
ന്മേൽ അവനെ തൂക്കിക്കളയുവാൻ രാജാവി
നോട് അപേക്ഷിപ്പാൻ രാജഗൃഹത്തിനു
പുറത്തെ പ്രാകാരത്തിൽ വന്നു നില്ക്കുന്നു
5 ണ്ടായിരുന്നു. രാജാവിൻെറ ഭൃത്യന്മാർ
അവനോടു: ഹാമാൻ പ്രാകാരത്തിൽ
നില്ക്കുന്നുണ്ട് എന്നു പറഞ്ഞു. അവൻ
അകത്തു വരട്ടെ എന്നു രാജാവ് കല്പിച്ചു.
6 ഹാമാൻ അകത്തു വന്നപ്പോൾ രാജാവു
അവനോടു: "രാജാവു ബഹുമാനിക്കുവാൻ
ആഗ്രഹിക്കുന്ന മനുഷ്യന് എന്തെല്ലാമാകു
ന്നു ചെയ്യുകൊടുക്കേണ്ടത്?" എന്നു ചോദി
ച്ചു. എന്നെയല്ലാതെ ആരെ രാജാവു അത്ര
അധികം ബഹുമാനിപ്പാൻ ആഗ്രഹിക്കും
എന്നു ഹാമാൻ മനസ്സിൽ വിചാരിച്ചു.
7 ഹാമാൻ രാജാവിനോടു: രാജാവു ബഹുമാ
നിപ്പാൻ ഇച്ഛിക്കുന്ന മനുഷ്യനു വേണ്ടി
8 രാജാവു ധരിച്ചു വരുന്ന രാജവസ്ത്രവും രാജാ
വു കയറുന്ന കുതിരയും അവൻെറ തല
യിൽ വയ്ക്കുന്ന രാജകിരീടവും കൊണ്ടു
9 വരട്ടെ. വസ്ത്രവും കുതിരയും രാജാവിൻെറ
അതിശ്രേഷ്ഠപ്രഭുക്കന്മാരിൽ ഒരുവനെ
ഏല്പിക്കണം; രാജാവു ബഹുമാനിപ്പാൻ
ഇച്ഛിക്കുന്ന പുരുഷനു ഇങ്ങനെ ചെയ്യും
എന്നു അവൻെറ മുമ്പിൽ വിളിച്ചു പറയണം
10 എന്നു പറഞ്ഞു. രാജാവു ഹാമാനോടു: നീ
വേഗം ചെന്നു വസ്ത്രവും കുതിരയും നീ
പറഞ്ഞതുപോലെ കൊണ്ടുവന്ന് രാജാവി
ൻെറ വാതില്ക്കൽ ഇരിക്കുന്ന യഹൂദനായ
മൊർദ്ദെഖായിക്ക് അങ്ങനെയെല്ലാം ചെ
യ്യുക; നീ പറഞ്ഞതിൽ ഒന്നും കുറയ്ക്കരു
11 തു എന്നു കല്പിച്ചു. അപ്പോൾ ഹാമാൻ
വസ്ത്രവും കുതിരയും കൊണ്ടുവന്ന്
മൊർദ്ദെഖായിയെ വസ്ത്രം ധരിപ്പിച്ചു
കുതിരപ്പുറത്തു കയററി പട്ടണവീഥിയിൽ
കൂടെ കൊണ്ടുനടന്നു: രാജാവു ബഹുമാനി
പ്പാൻ ഇച്ഛിക്കുന്ന പുരുഷനു ഇങ്ങനെ
ചെയ്യും എന്നു അവൻെറ മുമ്പിൽ വിളിച്ചു
12 പറഞ്ഞു. മൊർദ്ദെഖായി രാജാവിൻെറ
വാതില്ക്കൽ മടങ്ങിവന്നു. ഹാമാനോ
ദുഃഖിതനായി തലമൂടിക്കൊണ്ടു വേഗം
വീട്ടിലേക്കു പോയി. തനിക്കു സംഭവിച്ച
തെല്ലാം ഹാമാൻ ഭാര്യയായ സേരെശി
നോടും തൻെറ സകല സ്നേഹിതരോടും
വിവരിച്ചുപറഞ്ഞു. അവൻെറ ജ്ഞാനികളും
അവൻെറ ഭാര്യ സേരെശും അവനോട്:
മൊർദ്ദെഖായിയുടെ മുമ്പിൽ നീ വീഴുവാൻ
തുടങ്ങി; അവൻ യഹൂദ്യവംശക്കാരനാ
കുന്നു എങ്കിൽ നീ അവനെ ജയിക്കയില്ല
അവനോടു തോററുപോകും എന്നു പ
ഞ്ഞു. അവർ അവനോടു സംസാരിച്ചുകൊ
ണ്ടിരിക്കുമ്പോൾ രാജാവിൻെറ ദൂതന്മാർ
വന്നു എസ്ഥേർ ഒരുക്കിയ വിരുന്നിനു
ഹാമാനെ വേഗം കൂട്ടിക്കൊണ്ടുപോയി.

അദ്ധ്യായം 7

അങ്ങനെ രാജാവും ഹാമാനും
എസ്ഥേർ രാജ്ഞിയുടെ വിരുന്നിനു
ചെന്നു. രണ്ടാം ദിവസവും വീഞ്ഞു വിരുന്നി
ൻെറ സമയത്ത് രാജാവു എസ്ഥേരിനോടു
എസ്ഥേർ രാജ്ഞിയേ, നിൻെറ അപേക്ഷ
എന്ത്? അതു നിനക്ക് ലഭിക്കും; നിൻെറ
ആഗ്രഹം എന്ത്? രാജ്യത്തിൽ പകുതിയോ
ളമായാലും അതു നിവർത്തിച്ചു തരാം എന്ന്
പറഞ്ഞു.

അതിനു എസ്ഥേർ രാജ്ഞി: രാജാവേ
എന്നോടു കൃപയുണ്ടെങ്കിൽ രാജാവി
തിരുവുള്ളമുണ്ടെങ്കിൽ എൻെറ അപേക്ഷ
കേട്ട് എൻെറ ജീവനെയും എൻെറ ആഗ്രഹ
ഓർത്ത്, എൻെറ ജനത്തെയും എനിക്കു
നൽകണമേ. ഞങ്ങളെ നശിപ്പിച്ചു കൊന്നു
മുടിക്കുവാൻ എന്നെയും എൻെറ ജ
ത്തെയും വിററുകളഞ്ഞിരിക്കുന്നുവല്ലോ
എന്നാൽ ഞങ്ങളെ വൈരിക്കു ദാസീദാ
ന്മാരായി വിററിരുന്നു എങ്കിൽ രാജാ
ൻെറ നഷ്ടത്തിനു തക്ക പ്രതിശാ
കൊടുപ്പാൻ കഴിവില്ലെങ്കിലും ഞാൻ മിണ്ടാ
തിരിക്കുമായിരുന്നു എന്നു ഉത്തരം പ
ഞ്ഞു. അഹശ്വേരോശ് രാജാവു എസ്ഥേ
രാജ്ഞിയോടു: അവൻ ആര്? ഇങ്ങനെ ചെ
യ്യുവാൻ ധൈര്യപ്പെട്ടവൻ എവിടെ? എന്ന
ചോദിച്ചു. അതിനു എസ്ഥേർ: വൈരി
ശത്രുവും ഈ ദുഷ്ടനായ ഹാമാൻ ത
എന്നു പറഞ്ഞു. അപ്പോൾ ഹാമാൻ രാ
വിൻെറയും രാജ്ഞിയുടെയും മുമ്പി
ഭയന്നു വിറച്ചു. രാജാവു ക്രോധത്തോ
വീഞ്ഞുവിരുന്നിൽനിന്നും എഴുന്നേ
ഉദ്യാനത്തിലേക്കു പോയി; എന്നാ
രാജാവു തനിക്കു അനർത്ഥം നിശ്ചയി

ന്നു കണ്ട് ഹാമാൻ തന്റെ ജീവരക്ഷ
ായായി എസ്ഥേർ രാജ്ഞിയോടു അപേ
ക്കുവാൻ നിന്നു. രാജാവ് ഉദ്യാനത്തിൽ
ന്നു വീണ്ടും വീഞ്ഞുവിരുന്നുശാലയി
ക്കു വന്നപ്പോൾ എസ്ഥേർ ഇരിക്കുന്ന
ത്തമേൽ ഹാമാൻ വീണുകിടന്നിരുന്നു;
പ്പോൾ രാജാവു: ഇവൻ എന്റെ മുമ്പാ
അരമനയിൽ വച്ച് രാജ്ഞിയെ
ാല്ക്കാരം ചെയ്യുമോ? എന്നു പറഞ്ഞു.
വാക്കു രാജാവിന്റെ വായിൽ നിന്നു
ഉടനെ ഭൃത്യന്മാർ ഹാമാന്റെ മുഖം
അപ്പോൾ രാജാവിന്റെ ഷണ്ഡന്മാരിൽ
ന്നനായ റഹ്ബൂനാ: ഇതാ, രാജാവി
രക്ഷയ്ക്കായി സംസാരിച്ച മൊർദ്ദെഖാ
ു ഹാമാൻ ഉണ്ടാക്കിയതായി അമ്പതു
ഉയരമുള്ള കഴുമരം നില്ക്കുന്നു എന്നു
സന്നിധിയിൽ ബോധിപ്പിച്ചു. അതി
ൽതന്നെ അവനെ തൂക്കിക്കളവിൻ
ു രാജാവ് കല്പിച്ചു. അവർ ഹാമാനെ
ൻ മൊർദ്ദെഖായിക്കു വേണ്ടി നാട്ടിയി
കഴുമരത്തിന്മേൽ തൂക്കി. അങ്ങനെ
വിന്റെ ക്രോധം ശമിച്ചു.

അദ്ധ്യായം 8

ന്ന് അഹശ്വേരോശ് രാജാവു യഹൂദ
ടെ ശത്രുവായ ഹാമാന്റെ വീട്
ഥേർ രാജ്ഞിക്കു കൊടുത്തു;
ദ്ദെഖായിക്കു തന്നോടുള്ള ബന്ധം
തന്നു എസ്ഥേർ അറിയിച്ചതിനാൽ
ർ രാജസന്നിധിയിൽ പ്രവേശം പ്രാപി
രാജാവു ഹാമാന്റെ പക്കൽനിന്നു
ത തന്റെ മോതിരം ഊരി മൊർദ്ദെ
ക്കു കൊടുത്തു. എസ്ഥേർ മൊർദ്ദെ
ായ ഹാമാന്റെ വീടിന് മേൽവിചാര
ി നിയമിച്ചു. എസ്ഥേർ പിന്നെയും
വിനോടു സംസാരിച്ചു. അവന്റെ
ക്കൽ വീണു, ആഗാഗ്യനായ ഹാമാ
ുഷ്ടതയും അവൻ യഹൂദന്മാർക്കു
ധമായി ആലോചിച്ച തന്ത്രവും
ലമാക്കണമെന്നു കരഞ്ഞ് അപേ
. രാജാവു പൊൻ ചെങ്കോൽ
ഥേരിന്റെ നേരെ നീട്ടി; എസ്ഥേർ
ന്നററ് രാജസന്നിധിയിൽ നിന്നു പറ
രാജാവിനു തിരുവുള്ളമുണ്ടായി
മ്പാകെ എനിക്കു കൃപ ലഭിച്ച്
ന് കാര്യം ന്യായമെന്നു ബോധിച്ചു
ദൃഷ്ടിയിൽ ഞാൻ പ്രിയയായി
ുവെങ്കിൽ രാജാവിന്റെ സകല
ാനങ്ങളിലും യഹൂദന്മാരെ നശിപ്പി
ണമെന്നു ആഗാഗ്യനായ ഹമ്മെദാ
ഥയുടെ മകൻ ഹാമാൻ എഴുതിയ തന്ത്രലേ
ഖനങ്ങളെ ദുർബലപ്പെടുത്തുവാൻ കല്പന
അയയ്ക്കണമേ. എന്റെ ജനത്തിനു 6
വരുന്ന അനർത്ഥം ഞാൻ എങ്ങനെ കണ്ടു
സഹിക്കും? എന്റെ വംശത്തിന്റെ നാശ
വും ഞാൻ എങ്ങനെ കണ്ടു സഹിക്കും?
അപ്പോൾ അഹശ്വേരോശ് രാജാവു 7
എസ്ഥേർ രാജ്ഞിയോടും യഹൂദനായ
മൊർദ്ദെഖായിയോടും കല്പിച്ചത്: ഞാൻ
ഹാമാന്റെ വീടു എസ്ഥേരിനു കൊടുത്തു
വല്ലോ; അവൻ യഹൂദന്മാരെ കയ്യേററം
ചെയ്യുവാൻ പോയതുകൊണ്ടു അവനെ
കഴുമരത്തിന്മേൽ തൂക്കിക്കളഞ്ഞു. നിങ്ങൾ 8
ക്കു ഇഷ്ടമുള്ളതുപോലെ നിങ്ങളും രാജാ
വിന്റെ നാമത്തിൽ യഹൂദന്മാർക്കു വേണ്ടി
എഴുതി രാജാവിന്റെ മോതിരംകൊണ്ടു
മുദ്രയിടുവിൻ; രാജനാമത്തിൽ എഴുതുക
യും രാജമോതിരം കൊണ്ടു മുദ്രയിടുകയും
ചെയ്ത രേഖയെ ദുർബ്ബലപ്പെടുത്തുവാൻ
ആർക്കും പാടില്ലല്ലോ. അങ്ങനെ സീവാൻ 9
മാസമായ മൂന്നാം മാസം ഇരുപത്തിമൂന്നാം
തീയതി തന്നെ രാജാവിന്റെ എഴുത്തു
കാരെ വിളിച്ചു; മൊർദ്ദെഖായി കല്പിച്ചതു
പോലെ എല്ലാം അവർ യഹൂദന്മാർക്കും
ഇൻഡ്യാദേശം മുതൽ എത്യോപ്യാവരെ
യുള്ള നൂററിരുപത്തേഴു സംസ്ഥാനങ്ങ
ളിലെ രാജപ്രതിനിധികൾക്കും ദേശാധി
പതിമാർക്കും സംസ്ഥാന പ്രഭുക്കന്മാർക്കും
അതതു സംസ്ഥാനത്തിലേക്കു അവിട
ത്തെ അക്ഷരത്തിലും അതതു ജാതിക്ക്
അതതു ഭാഷയിലും യഹൂദന്മാർക്ക് അവ
രുടെ അക്ഷരത്തിലും ഭാഷയിലും എഴുതി.
അവൻ അഹശ്വേരോശ് രാജാവിന്റെ നാമ 10
ത്തിൽ എഴുതിച്ച് രാജമോതിരംകൊണ്ടു
മുദ്രയിട്ട ലേഖനങ്ങളെ രാജാവിന്റെ
അശ്വഗണത്തിൽ വളർന്നു, രാജകാര്യ
ത്തിനു ഉപയോഗിക്കുന്ന കുതിരകളുടെ
പുറത്ത് കയറി ഓടിക്കുന്ന സന്ദേശവാഹക
രുടെ കൈവശം കൊടുത്തയച്ചു. അവയിൽ 11
രാജാവു അഹശ്വേരോശ് രാജാവിന്റെ
സകല സംസ്ഥാനങ്ങളിലും ആദാർമാസ
മായ പന്ത്രണ്ടാം മാസം പതിമൂന്നാം തീയതി 12
തന്നേ, അതതു പട്ടണത്തിലെ യഹൂദന്മാർ
ഒന്നിച്ചു കൂടി തങ്ങളുടെ ജീവരക്ഷയ്ക്കു
വേണ്ടി പൊരുതിനില്പാനും തങ്ങളെ
ഉപദ്രവിപ്പാൻ വരുന്ന ജാതിയുടെയും
സംസ്ഥാനത്തിന്റെയും സകല സൈന്യ
ത്തെയും കുഞ്ഞുങ്ങളെയും സ്ത്രീകളെയും
നശിപ്പിച്ചു സംഹരിക്കുവാനും അവരുടെ
സമ്പത്തു കൊള്ളയിടുവാനും യഹൂദ

13 ന്മാർക്ക് അധികാരം കൊടുത്തു. അന്ന്
യഹൂദന്മാർ തങ്ങളുടെ ശത്രുക്കളോടു
പ്രതികാരം ചെയ്യുവാൻ ഒരുങ്ങിയിരിക്ക
ണമെന്ന് സകല ജാതികൾക്കും പരസ്യം
ചെയ്യേണ്ടതിനു കൊടുത്ത തീർപ്പിൻെറ
പകർപ്പു ഓരോ സംസ്ഥാനത്തിലും പ്രസി
14 ദ്ധമാക്കി. അങ്ങനെ സന്ദേശവാഹകർ രാജ
കീയാശ്വങ്ങളുടെ പുറത്തു കയറി രാജാ
വിൻെറ കല്പനയാൽ ധൃതിയായി
ഓടിച്ചുപോയി. ശൂശൻ രാജധാനിയിലും
15 തീർപ്പു പരസ്യം ചെയ്തു. മൊർദ്ദെഖായി
നീലവും ശുഭ്രവുമായ രാജവസ്ത്രവും
വലിയ പൊൻകിരീടവും ചണനൂൽകൊണ്ടു
ള്ള രക്താംബരവും ധരിച്ച് രാജസന്നിധി
യിൽനിന്ന് പുറപ്പെട്ടു; ശൂശൻ പട്ടണം
16 ആർത്ത് സന്തോഷിച്ചു. യഹൂദന്മാർക്ക്
പ്രകാശവും സന്തോഷവും ആനന്ദവും
17 ബഹുമാനവും ഉണ്ടായി. രാജാവിൻെറ
കല്പനയും തീർപ്പും എത്തിയ സകല
സംസ്ഥാനങ്ങളിലും പട്ടണങ്ങളിലും
യഹൂദന്മാർക്ക് ആനന്ദവും സന്തോഷവും
വിരുന്നും ആഘോഷവും ഉണ്ടായി; യഹൂദ
ന്മാരെയുള്ള ഭയം ദേശത്തെ ജാതികളി
ന്മേൽ വീണിരുന്നതുകൊണ്ട് അവർ അനേ
കരും അതുതപ്പെട്ടു.

അദ്ധ്യായം 9

1 ആദാർമാസമായ പന്ത്രണ്ടാം മാസം
പതിമൂന്നാം തീയതി രാജാവിൻെറ കല്പ
നയും തീരുമാനവും നടത്താറായപ്പോൾ
യഹൂദന്മാരുടെ ശത്രുക്കൾ അവരുടെ
നേരെ ശക്തിപ്പെടും എന്നു ആശിച്ചതും
നേരെ മറിച്ചു യഹൂദന്മാർക്ക് അവരുടെ
വൈരികളുടെ നേരെ പ്രാബല്യം പ്രാപിച്ച
2 തുമായ ദിവസത്തിൽ അഹശ്വേരോശ്
രാജാവിൻെറ സകല സംസ്ഥാനങ്ങളിലും
യഹൂദന്മാർ തങ്ങളുടെ പട്ടണങ്ങളിൽ
തങ്ങളോടു ദ്രോഹം ചെയ്യുവാൻ ശ്രമിച്ച
വരെ കയ്യേററം ചെയ്യുവാൻ സംഘടിച്ചു;
അവരെയുള്ള ഭയം സകല ജാതികളുടേ
യും മേൽ വീണിരുന്നതുകൊണ്ട് ആർക്കും
അവരോടു എതിർത്തു നില്പാൻ കഴി
3 ഞ്ഞില്ല. സകല സംസ്ഥാന പ്രഭുക്കന്മാരും
രാജപ്രതിനിധികളും ദേശാധിപതികളും
രാജാവിൻെറ കാര്യക്കാരന്മാരും മൊർദ്ദെഖാ
യിയെയുള്ള ഭയം നിമിത്തം യഹൂദന്മാർക്കു
4 സഹായം ചെയ്തു. മൊർദ്ദെഖായി രാജ
ധാനിയിൽ മഹാൻ ആയിരുന്നു; മൊർദ്ദെ
ഖായി എന്ന പുരുഷൻ മേല്ക്കുമേൽ
മഹാനായിത്തീർന്നതുകൊണ്ട് അവൻെറ
കീർത്തി സകല സംസ്ഥാനങ്ങളിലും പര
ന്നു. യഹൂദന്മാർ തങ്ങളുടെ ശത്രുക്കളെ 5
യെല്ലാം വെട്ടിക്കൊന്നു സംഹരിച്ചു; തങ്ങളെ
ദ്വേഷിച്ചവരോടു തങ്ങൾക്കു ബോധിച്ചതു
പോലെ പ്രവർത്തിച്ചു. ശൂശൻ രാജധാനി 6
യിൽ യഹൂദന്മാർ അഞ്ഞൂറു പേരെ കൊന്നു
കളഞ്ഞു. പർശൻദാഥാ, ദല്ഫോൻ, അസ് 7
പാഥാ, പോറാഥാ, അദല്യാ, അരീദാഥാ, പർ 8
മ്മസ്ഥാ, അരീസായി, അരീദായി, വയെസാ 9
ഥാ എന്നിങ്ങനെ ഹമ്മെദാഥയുടെ മക 10
നായി യഹൂദന്മാരുടെ ശത്രുവായ ഹാമാ
ൻെറ പത്തു പുത്രന്മാരേയും അവർ വധിച്ചു.
എന്നാൽ കൊള്ളചെയ്തില്ല. ശൂശൻ രാജ 11
ധാനിയിൽ അന്നു നടത്തിയ വധത്തിൽ
പെട്ടവരുടെ സംഖ്യ അന്നുതന്നെ രാജാവി
നെ അറിയിച്ചു. രാജാവ് എസ്ഥേർ രാജ്ഞി 12
യോട് യഹൂദന്മാർ ശൂശാൻ രാജധാനിയിൽ
തന്നെ അഞ്ഞൂറു പേരേയും ഹാമാൻെറ
പത്തു പുത്രന്മാരേയും വധിച്ചുകഴിഞ്ഞു.
രാജാവിൻെറ മററു സംസ്ഥാനങ്ങളിൽ
അവർ എന്തെല്ലാം ചെയ്തിരിക്കും? ഇനിയും 13
എന്തെങ്കിലും അപേക്ഷയുണ്ടോ? അതും
നിനക്കു ചെയ്തുതരും' എന്ന് പറഞ്ഞു.
എസ്ഥേർ ഉത്തരമായി, രാജാവിനു തിരു
വിഷ്ടമെങ്കിൽ, ഇന്നത്തെ നിശ്ചയംപോ
ലെ നാളെയും യഹൂദന്മാർ പ്രവർത്തിക്കു
വാൻ അനുവദിക്കണമേ. ഹാമാൻെറ പത്തു
പുത്രന്മാരെയും കഴുമരത്തിൽ തൂക്കിയി
ടണമേ! എന്നു പറഞ്ഞു. അതനുവദിച്ച് 14
രാജാവ് ശൂശനിൽ കല്പന വിളംബരം
ചെയ്തു. ഹാമാൻെറ പത്തു പുത്രന്മാ
രെയും അവർ തൂക്കിലിട്ടു. ഓദോർ മാസം 15
പതിന്നാലാം തീയതിയും, ശൂശനിലെ
യഹൂദന്മാർ, ശൂശാനിൽ മുന്നൂറു പേരെ
വധിച്ചു. എങ്കിലും കൊള്ള ചെയ്തില്ല.
രാജാവിൻെറ ഇതര സംസ്ഥാനങ്ങളിലെ 16
യഹൂദന്മാർ, ഓദോർ മാസം പതിമൂന്നാം
തീയതി ഒത്തുകൂടി, ജീവരക്ഷാർത്ഥം
ശത്രുക്കളോട് ഏററുമുട്ടി, രക്ഷപ്പെട്ടു.
ശത്രുക്കളിൽ എഴുപത്തയ്യായിരം പേരെ
കൊന്നു. കൊള്ളചെയ്തില്ല. ആ മാസം പതി 17
ന്നാലിന് അവർ വിശ്രമിച്ചിരുന്ന്, വിരുന്നും
ആഘോഷവുമായിക്കഴിഞ്ഞു. ശൂശനിലെ 18
യഹൂദന്മാർ ആ മാസം പതിമൂന്നും, പതി
ന്നാലും തീയതികളിൽ സമ്മേളിച്ച്, വിരു
ന്നും ആഹ്ളാദവുമായി ആഘോഷിച്ചു.
അങ്ങനെ, കോട്ടയില്ലാത്ത നാട്ടുംപുറങ്ങ 19
ളിൽ പാർത്തിരുന്ന യഹൂദർ, ഓദോർ
പതിന്നാലാം തീയതിയെ സന്തോഷവും
വിരുന്നുസൽക്കാരവുമുള്ള പെരുന്നാ

ും ആചരിക്കുകയും പരസ്പരം സമ്മാന
ർ കൈമാറുകയും ചെയ്യുന്നു.
യഹൂദന്മാർ, ശത്രുക്കളുടെ കൈയിൽ
ും രക്ഷപ്പെട്ടു വിശ്രമിച്ച ദിവസങ്ങൾ
തിനാൽ പ്രതിവർഷം ഓദോർമാസം
ന്നാലും പതിനഞ്ചും തീയതികളെ
മദിനങ്ങളായി ആചരിക്കണമെന്നും,
ം അവർക്കു സന്തോഷമായും, വിലാപം
ഘോഷമായും പരിണമിച്ചതിനാൽ
ന്നാചരിക്കണമെന്നും; അവ, വിരുന്നു
ക്കാരവും ആഹ്ലാദവുമുള്ള ദിവസങ്ങ
പരസ്പരം സമ്മാനങ്ങളും ദരിദ്രർക്ക്
വും കൊടുക്കുന്ന ദിവസങ്ങളുമായി
രിക്കണമെന്നും അഹശ്വേരോശ് രാജാ
ന്റെ സർവ്വ സംസ്ഥാനങ്ങളിലും അടു
അകലെയുമുള്ള എല്ലാ യഹൂദർക്കും
നിയമമായിരിക്കണമെന്നും മൊർദ്ദെ
ി അവർക്കു എഴുതി അറിയിച്ചു.
ന, യഹൂദർ തുടങ്ങിയിരുന്നതും
ദ്ദെഖായി നിയമമായി എഴുതിയിരു
മായ കാര്യം നിയമമായിത്തന്നെ
രിച്ചു.
ഗാഗ്യനായ ഹമ്മദാഥായുടെ
, യൂദവൈരിയുമായിരുന്ന ഹാമാൻ
ദർക്ക് ഉന്മൂലനാശം വരുത്തുവാൻ
ങ്ങൾ ആലോചിക്കുകയും, ചീട്ട്
ക്കുകയും ചെയ്ത വസ്തുത രാജാവ്
ത്തപ്പോൾ, ഹാമാൻ യഹൂദർ
രായി ആലോചിച്ചിരുന്ന അതേ
അവന്റെ തലയിലേക്കുതന്നെ തിരി
ും, അവനെയും പുത്രന്മാരേയും കഴു
ൽ തൂക്കുവാനും രാജാവ് കല്പന
ം ചെയ്യുകയും ചെയ്തതിനാൽ
ആ ദിവസങ്ങൾക്ക് "പൂരീം" (പൂർ
ദത്തിൽനിന്ന്) എന്നു പേരു വിളിച്ചു.
എഴുത്തിലെ സർവ്വകാര്യങ്ങൾ
നേരിട്ടു കണ്ടവയും അവർക്കു സംഭ
വും ആകയാൽ യഹൂദന്മാർ ഈ
ങ്ങൾ രണ്ടും അവയുടെ നിയമവും
മനുസരിച്ച് ആണ്ടുതോറും നിർവി
ന്ദഘോഷിക്കേണ്ടതിന്, അവരുടെ
ഗോത്രങ്ങളിലും ദേശങ്ങളിലും
ളിലും തലമുറതോറും ഓർക്കു
വാനും ആയിരിക്കും; ഈ "പൂരീം" ദിവസ
ങ്ങൾ യഹൂദരുടെ മദ്ധ്യെ നിന്ന് ഇല്ലാതാ
കുകയോ, അവരുടെ സന്തതികാലത്തും
അതിന്റെ സ്മരണ മാഞ്ഞുപോകുകയോ,
ചെയ്യാതിരിപ്പാനായും ഇത് അവർക്കും
സർവ്വ സന്തതിക്കും അവരോടു ചേരുവാ
നുള്ള എല്ലാവർക്കും നിയമമായി എഴുതി
വച്ചു. പൂരിമിനെക്കുറിച്ചുള്ള ഈ രണ്ടാം 29
ലേഖനം, ഉറപ്പിക്കുവാനായി അബിഹയേ
ലിന്റെ മകൾ എസ്ഥേർ രാജ്ഞിയും,
മൊർദ്ദെഖായിയും കൂടി അധികാരപൂർവ്വം
ഇവ എഴുതി, യഹൂദനായ മൊർദ്ദെഖാ 30
യിയും, എസ്ഥേർ രാജ്ഞിയും അവർക്കു
നിയമമാക്കിയിരുന്നതുപോലെയും, അവർ
തന്നെ അവരുടെ ഉപവാസത്തിന്റെയും
വിലാപത്തിന്റെയും വസ്തുതകൾ അവർ
ക്കും സന്തതിക്കും നിയമമായി നിശ്ചയി
ച്ചിരുന്നതുപോലെയും, ഈ പൂരീം ദിവസ
ങ്ങളെ നിശ്ചിത സമയത്തുതന്നെ നടപ്പി
ലാക്കേണ്ടതിന്, അവർ അഹശ്വേരോശി 31
ന്റെ രാജ്യത്തുള്ള നൂററി ഇരുപത്തേഴു
സംസ്ഥാനങ്ങളിലെ എല്ലാ യഹൂദന്മാർക്കും
സമാധാനം നേർന്നു. സത്യമായുള്ള
ലേഖനങ്ങൾ അയച്ചു.

എസ്ഥേറിന്റെ കല്പനയാൽ പൂരീം 32
സംബന്ധമായ കാര്യങ്ങൾ ഇപ്രകാരം
സ്ഥിരമായി. അതു ചുരുളിൽ എഴുതി വച്ചു.

അദ്ധ്യായം 10

അഹശ്വേരോശ് രാജാവ് രാജ്യം മുഴു
വനും സമുദ്രത്തിലെ ദ്വീപുകൾക്കും ഒരു
കരം നിശ്ചയിച്ചു. അവന്റെ ശക്തിയുടെ 2
യും വീര്യത്തിന്റെയും എല്ലാ കാര്യങ്ങൾ
ക്കും പുറമേ രാജാവ് മൊർദ്ദെഖായിക്കു
നൽകിയ മഹോന്നത സ്ഥാനത്തിന്റെ
വിവരവും മേദ്യയിലെയും പേർഷ്യയിലെ
യും രാജാക്കന്മാരുടെ ചരിത്രത്തിൽ എഴു
തിയിട്ടുണ്ട്. യഹൂദനായ മൊർദ്ദെഖായി 3
അഹശ്വേരോശ് രാജാവിന്റെ അടുത്ത
സ്ഥാനിയും യഹൂദരിൽവച്ച് മഹാനും
സ്വജനത്തിനു അഭ്യുദയകാംക്ഷിയും
തന്റെ സർവ്വ ജനത്തിനും വേണ്ടി സംസാരി
ക്കുന്നവനും ആയിരുന്നു.

എസ്രാ

അദ്ധ്യായം 1

1 ഏററമിയാ മുഖാന്തിരം ഉണ്ടായ ദൈവ
ത്തിൻെറ അരുളപ്പാട് നിവൃത്തിയാകേണ്ട
തിന്നു പാർസി രാജാവായ കോരേശിൻെറ
2 ഒന്നാം ആണ്ടിൽ ദൈവം പാർസി രാജാ
വായ കോരേശിനെ പ്രചോദിപ്പിച്ചു. അ
വൻ തൻെറ രാജ്യത്ത് എല്ലായിടവും ഒരു
വിളംബരം പ്രസിദ്ധം ചെയ്യു രേഖാമൂലവും
3 പരസ്യം ചെയ്യതെന്തെന്നാൽ, പാർസി രാജാ
വായ കോരേശ് ഇപ്രകാരം കല്പിക്കുന്നു:
“സ്വർഗ്ഗത്തിലെ ദൈവം ഭൂമിയിലെ സകല
രാജ്യങ്ങളേയും എനിക്കു തന്നിരിക്കുന്നു.
യഹൂദയിലെ യറൂശലേമിൽ അവന്ന് ഒരു
ആലയം പണിയുവാൻ എന്നോട് കല്പിച്ചു
മിരിക്കുന്നു. നിങ്ങളിൽ തൻെറ ദൈവം
തന്നോടുകൂടെയുള്ള ആരെങ്കിലും ഉണ്ടെ
ങ്കിൽ അവൻ യഹൂദയിലെ യറൂശലേമി
ലേക്ക് പുറപ്പെട്ട് ഇസ്രായേലിൻെറ ദൈവ
ത്തിന്ന് ആലയം പണിയട്ടെ. അദ്ദേഹമാണ
4 ല്ലോ യറൂശലേമിലെ ദൈവം. ശേഷിച്ചിരി
ക്കുന്ന ഏവനും അവൻ പ്രവാസിയായി
പാർക്കുന്ന സ്ഥലത്തെല്ലാം അതതു സ്ഥല
ത്തെ സ്വദേശികൾ പൊന്ന്, വെള്ളി, മററ്
സാധനങ്ങൾ, കന്നുകാലികൾ എന്നിവയാ
ലും യറൂശലേമിലെ ദൈവാലയത്തിന്നായി
ഔദാര്യദാനങ്ങളാലും സഹായം ചെയ്യണം.”
5 അങ്ങനെ യഹൂദയുടേയും ബന്യാമിൻെറ
യും കുടുംബത്തലവന്മാരും പുരോഹിത
ന്മാരും ലേവ്യരും, ദൈവം ഉണർത്തിയ
ഏവനും യറൂശലേമിൽ ദൈവാലയം പണി
യുവാൻ പോകേണ്ടതിന്ന് യാത്ര പുറപ്പെട്ടു.
6 അവരുടെ ചുറ്റുമുള്ള എല്ലാവരും കൊടുത്ത
ഔദാര്യദാനങ്ങൾ കൂടാതെ വെള്ളികൊ
ണ്ടുള്ള ഉപകരണങ്ങൾ, പൊന്നു, മറ്റു
വിശിഷ്ടവസ്തുക്കൾ എന്നിവകൊണ്ടും അവ
7 രെ സഹായിച്ചു. നെബുഖദ്നേസർ യറൂ
ശലേമിൽനിന്ന് കൊണ്ടുപോയി തൻെറ
ദേവന്മാരുടെ ക്ഷേത്രത്തിൽ വച്ചിരുന്ന
ദൈവാലയം വക ഉപകരണങ്ങളും കോ
രേശ് രാജാവ് പുറത്ത് എടുപ്പിച്ചു
[1]പാർസി രാജാവായ[2] കോരേശ് ഭണ്ഡാര 8
വിചാരകനായ മിത്രെദാത്ത് മുഖാന്തിരം
അവ പുറത്ത് എടുപ്പിച്ചു. യഹൂദാ പ്രഭുവായ
ശേശ്ബസ്സരിന്നു എണ്ണിക്കൊടുപ്പിച്ചു. അവ 9
യുടെ എണ്ണം ഇങ്ങനെയായിരുന്നു. പൊൻ
താലം മുപ്പത്, വെള്ളിത്താലം ആയിരം, 10
അങ്കികൾ ഇരുപത്തിഒൻപത്, പൊൻ
പാത്രം മുപ്പത്, രണ്ടാം തരത്തിൽ വെള്ളി
പ്പാത്രം നാനൂറ്റിപ്പത്ത്, മറ്റുള്ള ഉപകരണ 11
ങ്ങൾ ആയിരം; പൊന്നും വെള്ളിയുംകൊ
ണ്ടുള്ള ഉപകരണങ്ങൾ ആകെ അയ്യാ
യിരത്തി നാനൂറ്. പ്രവാസികളെ ബാബേ
ലിൽനിന്ന് യറൂശലേമിലേക്ക് ആനയിച്ച
പ്പോൾ ഇവയെല്ലാം ശേശ്ബസ്സർ കൊണ്ടു
പോയി.

അദ്ധ്യായം 2

ബാബേൽ രാജാവായ നെബൂഖദ് 1
നേസർ ബാബേലിലേക്ക് കൊണ്ടുപോയി
രുന്ന പ്രവാസികളിൽനിന്ന് യറൂശലേമി
ലേക്കും യഹൂദയിലേക്കും താന്താങ്ങളുടെ
പട്ടണങ്ങളിലേക്ക് മടങ്ങിവന്നവർ: സെരു 2
ബ്ബാബേലിനോടുകൂടെ വന്നവർ: യോശുവ,
നെഹമ്യാ, സെരായാ, രെയേലയാ, മോർദ്ദെ
ഖായി, ബിൽശാൻ, മിസ്പാർ, ബിഗ്വായി,
രെഹൂം, ബാനാ എന്നിവർ. ഇസ്രായേൽ
ജനത്തിലെ പുരുഷന്മാരുടെ എണ്ണം
പോറശിൻെറ മക്കൾ രണ്ടായിരത്തൊരു 3
നൂറ്റെഴുപത്തിരണ്ട്. ശെഫത്യായുടെ മക്കൾ 4
മുന്നൂറ്റെഴുപത്തിരണ്ട്. ആരഹിൻെറ മക്കൾ 5
എഴുനൂറ്റെഴുപത്തിയഞ്ച്, യോശുവയു 6
ടേയും യോവാബിൻെറയും മക്കളിൽ പഹത്
മോവാബിൻെറ മക്കൾ രണ്ടായിരത്തെണ്ണൂ
റ്റിപ്പന്ത്രണ്ട്. ഏലാമിൻെറ മക്കൾ ആയിര 7
ത്തിരുനൂറ്റമ്പത്തിനാല്. സത്ഥുവിൻെറ 8
മക്കൾ തൊള്ളായിരത്തിനാല്പത്തി അഞ്ച്;
സക്കായിയുടെ മക്കൾ എഴുനൂറ്ററുപത്. 9
ബാനിയുടെ മക്കൾ അറുനൂറ്റി നാല്പത്തി 10
രണ്ട്; ബേബായിയുടെ മക്കൾ അറുനൂറ്റിരു 11
പത്തിമൂന്ന്. അസ്ഗാദിൻെറ മക്കൾ ആയിര 12
ത്തിരുന്നൂറ്റിരുപത്തിരണ്ട്.

1. പേർഷ്യൻ 2. സൈറസ്

അദോനിക്കാമിന്റെ മക്കൾ അറുനൂറ്ററു
ാറ്. ബിഗ്വായിയുടെ മക്കൾ രണ്ടായിര
ത്താറ്; ആദീന്റെ മക്കൾ നാനൂറ്റമ്പ
ാല്; യെഹസ്ക്കീയായുടെ സന്ത
യ ആതേരിന്റെ മക്കൾ തൊണ്ണൂ
ബേസായിയുടെ മക്കൾ മുന്നൂറ്റിരു
മൂന്ന്. യോരയുടെ മക്കൾ നൂറ്റി
ണ്ട്. ഹാശൂമിന്റെ മക്കൾ ഇരുനൂറ്റിരു
മൂന്ന്. ഗിബ്ബാരിന്റെ മക്കൾ തൊണ്ണൂ
ബേത്ലേഹേമ്യർ നൂററിരുപത്തി
നെതോഫാത്യർ അമ്പത്താറ്. അനാ
്യർ നൂറ്റിരുപത്തെട്ട്. അസ്മാവെത്യർ
ത്തിരണ്ട്. കുറിയത്ത് യെയാരീം
ിരാ ബെയറോത്ത് എന്നിവയിലെ
സികൾ എഴുന്നൂറ്റി നാല്പത്തി മൂന്ന്.
ലേയും ഗേബയിലേയും നിവാസി
അറുനൂറ്റിരുപത്തൊന്ന്. മിഖ്മാശ്യർ
പത്തിരണ്ട്. ബേഥേലിലേയും ഹായി
യും നിവാസികൾ ഇരുനൂറ്റിരുപത്തി
നെബോ നിവാസികൾ അമ്പത്തി
ഗ്ബീശിന്റെ മക്കൾ നൂറ്റമ്പത്താറ്.
ഏലാമിന്റെ മക്കൾ ആയിരത്തിരു
ത്തിനാല്. ഹാരീമിന്റെ മക്കൾ
രുപത്. ലോദ്, ഹാദീദ്, ഓനോ
യിലെ നിവാസികൾ എഴുന്നൂറ്റി
ഞ്ച്. യറീഹോ നിവാസികൾ
നാല്പത്തഞ്ച്. സെനായാ നിവാ
മൂവായിരത്തറുനൂറ്റിമുപ്പത്. പുരോ
ാർ യോശുവയുടെ ഗൃഹത്തിലെ
യുടെ മക്കൾ തൊള്ളായിരത്തെ
മൂന്ന്; ഇമ്മേരിന്റെ മക്കൾ ആയിര
തിരണ്ട് പശ്ഹൂരിന്റെ മക്കൾ
ത്തിരുനൂറ്റിനാല്പത്തേഴ്. ഹാരീ
മക്കൾ ആയിരത്തിപ്പതിനേഴ്.
ഹോദവ്യായുടെ മക്കളിൽ യേശു
യും കദ്മീയേലിന്റേയും മക്കൾ
തിനാല്. സംഗീതക്കാർ: ആസാ
ൂറ്റിരുപത്തെട്ട്. വാതിൽ കാവ
ടെ മക്കൾ: ശല്ലൂമിന്റെ മക്കൾ,
ാന്റെ മക്കൾ, തല്മോന്റെ മക്കൾ,
യിയുടെ മക്കൾ. ഇങ്ങനെ ആകെ
ത്താമ്പത്.
ാലയദാസന്മാർ: സീഹയുടെ
സുഫയുടെ മക്കൾ, തബ്ബായോ
മക്കൾ, കേരോസിന്റെ മക്കൾ,
യുടെ മക്കൾ, പാർദോന്റെ
ബാനയുടെ മക്കൾ, ഹഗാബയു
, അക്കൂബിന്റെ മക്കൾ. ഹാഗാ
മക്കൾ, ശൽമായിയുടെ മക്കൾ,
ന മക്കൾ, ഗിദ്ദേലിന്റെ മക്കൾ,

ഗഹരിന്റെ മക്കൾ, രെയായായുടെ 48
മക്കൾ, രെസീന്റെ മക്കൾ, നെക്കോദയുടെ
മക്കൾ, ഗസ്സാമിന്റെ മക്കൾ, ഉസ്സയുടെ മ
ക്കൾ, പാസേഹയുടെ മക്കൾ, ബേസായിയു 49
ടെ മക്കൾ, അസ്നയുടെ മക്കൾ, മെയൂന്യർ, 50
നെഫീസ്യർ, ബക്ക്ബൂക്കിന്റെ മക്കൾ,
ഹക്കൂഫയുടെ മക്കൾ, ഹർഹൂരിന്റെ 51
മക്കൾ, ബസ്ലൂത്തിന്റെ മക്കൾ, മെഹീദയു 52
ടെ മക്കൾ, ഹർശയുടെ മക്കൾ, ബർക്കോ 53
സിന്റെ മക്കൾ, സീസെരയുടെ മക്കൾ,
തേമഹിന്റെ മക്കൾ, നെസീഹയുടെ 54
മക്കൾ, ഹതീഫയുടെ മക്കൾ, ശലോമോ 55
ന്റെ ദാസന്മാരുടെ മക്കൾ, സോതായി
യുടെ മക്കൾ, ഹസോഫേരത്തിന്റെ മക്കൾ,
പെരൂദയുടെ മക്കൾ, യാലയുടെ മക്കൾ, 56
ദർക്കോന്റെ മക്കൾ, ഗിദ്ദേലിന്റെ മക്കൾ,
ശെഫത്യാവിന്റെ മകൾ, ഹത്തീലിന്റെ 57
മക്കൾ, പോക്കേരെത്ത് ഹസ്സെബയീമിന്റെ
മക്കൾ, ആമിയുടെ മക്കൾ, ദൈവാലയ 58
ദാസന്മാരും ശലോമോന്റെ ദാസന്മാരുടെ
മക്കളും ആകെ മുന്നൂററി തൊണ്ണൂറ്റിരണ്ട്.
തേൽമേലഹ്, തേൽഹർശ, കെരൂബ്, 59
അദ്ദാൻ, ഇമ്മേർ എന്നീ സ്ഥലങ്ങളിൽ
നിന്നു ഇവർ പുറപ്പെട്ടു, എങ്കിലും തങ്ങൾ
ഇസ്രായേല്യർ തന്നെയോ എന്നു തങ്ങ
ളുടെ പിതൃഭവനവും വംശാവലിയും പറയു
വാൻ അവർക്കു കഴിഞ്ഞില്ല. ദെലായായുടെ 60
മക്കൾ, തോബീയായുടെ മക്കൾ, നെക്കോർ
ദയുടെ മക്കൾ ആകെ അറുനൂറ്റമ്പത്തിരണ്ടു.
പുരോഹിതന്മാരുടെ മക്കളിൽ ഹബ്ബയാ 61
യുടെ മക്കൾ, ഹക്കോസിന്റെ മക്കൾ,
ഗിലെയാദ്യനായ ബസില്ലായിയുടെ പുത്രി
മാരിൽ ഒരുവളെ വിവാഹം കഴിച്ച് അവ
രുടെ പേരിനാൽ വിളിക്കപ്പെട്ട ബസില്ലായി
യുടെ മക്കൾ. ഇവർ തങ്ങളുടെ വംശാവലി 62
രേഖ അന്വേഷിച്ചു. അതു കണ്ടുകിട്ടി
യില്ല. അതുകൊണ്ട് അവരെ പൗരോ
ഹിത്യത്തിൽ നിന്നു നീക്കിക്കളഞ്ഞു.
മഹാപുരോഹിതൻ എഴുന്നേല്ക്കുംവരെ 63
അതിപരിശുദ്ധസ്ഥലത്തു നിന്ന് അനുഭവി
ക്കരുത് എന്ന് ഇസ്രായേൽ തലവന്മാർ അവ 64
രോട് കല്പിച്ചു. സമൂഹം ആകെ നാല്പ
ത്തീരായിരത്തി മൂന്നൂറ്ററുപതുപേർ ആയി
രുന്നു. അവരുടെ ദാസീദാസന്മാരായ ഏഴാ 65
യിരത്തി മുന്നൂറ്റി മുപ്പത്തേഴുപേരെ കൂടാ
തെയത്രേ ഈ സംഖ്യ. അവർക്ക് ഇരുന്നൂറു
ശുശ്രൂഷകർ ഉണ്ടായിരുന്നു. എഴുന്നൂറ്റി 66
മുപ്പത്താറു കുതിരയും ഇരുന്നൂറ്റി നാല്പ 67
ത്തിയഞ്ചു കോവർകഴുതയും നാനൂറ്റി
മുപ്പത്തിയഞ്ചു ഒട്ടകവും, ആറായിരത്തെഴു

ന്നൂറ്റിരുപത് കഴുതയും അവർക്കുണ്ടാ
68 യിരുന്നു. ചില കുടുംബത്തലവന്മാരോ
യറൂശലേമിലെ ദൈവാലയത്തിങ്കൽ
എത്തിയപ്പോൾ അവർ ദൈവാലയം
അതിന്റെ സ്ഥാനത്ത് പണിയുവാനായി
69 ഔദാര്യദാനങ്ങൾ കൊടുത്തു. അവർ
തങ്ങളുടെ പ്രാപ്തിക്കു തക്കവണ്ണം പണി
ക്കുള്ള ഭണ്ഡാരത്തിലേക്ക് അറുപത്തോ
രായിരം തങ്കക്കാശും അയ്യായിരം മാനേ
വെള്ളിയും നൂറു പുരോഹിതവസ്ത്രവും
70 കൊടുത്തു. പുരോഹിതന്മാരും ലേവ്യരും
ജനത്തിൽ ചിലരും ശുശ്രൂഷകരും വാതിൽ
കാവല്ക്കാരും ദൈവാലയദാസന്മാരും
അവരുടെ പട്ടണങ്ങളിൽ പാർത്തു എല്ലാ
ഇസ്രായേല്യരും അവരുടെ പട്ടണങ്ങളിൽ
പാർത്തു.

അദ്ധ്യായം 3

1 അങ്ങനെ ഇസ്രായേൽ മക്കൾ പട്ടണ
ങ്ങളിൽ ഒരുമിച്ചു പാർക്കുമ്പോൾ ഏഴാം
മാസത്തിൽ ജനം യറൂശലേമിൽ വന്നുകൂടി.
2 യൂസോദേക്കിന്റെ മകനായ യോശുവയും
അവന്റെ സഹോദരന്മാരായ പുരോഹിത
ന്മാരും ശെലതീയേലിന്റെ മകനായ സുർ
ബാബേലും അവന്റെ സഹോദരന്മാരും
എഴുന്നേറ്റു ദൈവപുരുഷനായ മോശ
യുടെ ന്യായപ്രമാണത്തിൽ എഴുതിയിരി
ക്കുന്നതുപോലെ ഹോമയാഗങ്ങൾ അർപ്പി
ക്കേണ്ടതിന്ന് ഇസ്രായേലിന്റെ ദൈവത്തി
3 ന്റെ യാഗപീഠം പണിതു. അവർ ദേശത്തെ
നിവാസികളെ പേടിച്ച് യാഗപീഠത്തെ അതി
ന്റെ മുൻനിലയിൽ പണിതു. അതിന്മേൽ
കർത്താവിന് ഹോമയാഗങ്ങളെ, കാല
ത്തും വൈകുന്നേരത്തുമുള്ള ഹോമയാഗ
4 ങ്ങളെ അർപ്പിച്ചു. എഴുതിയിരിക്കുന്നതു
പോലെ അവർ കൂടാരപ്പെരുന്നാൾ ആച
രിച്ചു. ഓരോ ദിവസത്തേക്കുള്ള നിയമ
പ്രകാരം അതതു ദിവസത്തിന്റെ ആവശ്യം
പോലെ അവർ ഹോമയാഗം കഴിച്ചു.
5 അതിന്റെ ശേഷം അവർ നിരന്തര ഹോമ
യാഗങ്ങളും അമാവാസികൾക്കും ദൈവ
ത്തിന്നു വിശുദ്ധീകരിച്ചിരുന്ന പെരുന്നാളു
കൾക്കും എല്ലാം കർത്താവിന് ഔദാര്യ
ദാനങ്ങൾ കൊടുക്കുന്ന ഏവർക്കും ഉള്ള
6 യാഗങ്ങളും അർപ്പിച്ചു. ഏഴാംമാസം ഒന്നാം
തീയതി മുതൽ അവർ കർത്താവിന്
ഹോമയാഗം കഴിപ്പാൻ തുടങ്ങി; എന്നാൽ
കർത്താവിന്റെ മന്ദിരം അതുവരെ പൂർത്തി
7 യാക്കപ്പെട്ടിരുന്നില്ല. അവർ കല്പണി
ക്കാർക്കും ആശാരിമാർക്കും ദ്രവ്യമായും
പാർസിരാജാവായ കോരേശിന്റെ കല്പന
പ്രകാരം ലെബാനോനിൽനിന്നു ദേവദാരു
കടൽവഴി യോഫേയിലേക്ക് കൊണ്ടുവരേ
ണ്ടതിന്ന് സീദോന്യർക്കും സോര്യർക്കും
ഭക്ഷണവും പാനീയവും എണ്ണയും ആയും
കൂലികൊടുത്തു.
അവർ യറൂശലേമിലെ ദൈവാലയ 8
ത്തിൽ എത്തിയതിന്റെ രണ്ടാമാണ്ട്,
രണ്ടാംമാസം ശെലതീയേലിന്റെ മകനായ
സുർബാബേലും യൂസോദേക്കിന്റെ മക
നായ യോശുവയും അവരുടെ മറ്റു സഹോ
ദരന്മാരും പുരോഹിതന്മാരും ലേവ്യരും
പ്രവാസത്തിൽനിന്ന് യറൂശലേമിലേക്ക്
വന്നവർ എല്ലാവരും കൂടി പണി തുടങ്ങി.
ഇരുപതു വയസ്സു മുതൽ മേലോട്ടു പ്രായ
മുള്ള ലേവ്യരെ ദൈവാലയത്തിന്റെ പണി
നടത്തുവാൻ നിയമിച്ചു. അങ്ങനെ യോശു 9
വയും അവന്റെ പുത്രന്മാരും സഹോദര
ന്മാരും കദ്മീയേലും അവന്റെ പുത്രന്മാരും
ഹോദവ്യായുടെ പുത്രന്മാരും ഹെനാദാദി
ന്റെ പുത്രന്മാരും അവരുടെ പുത്രന്മാരും
സഹോദരന്മാരുമായ ലേവ്യരും ദൈവാല
യത്തിൽ വേല ചെയ്യുന്നവരെ മേൽനോട്ടം
വഹിപ്പാൻ ഉത്സുകരായി നിന്നു. പണിയു 10
ന്നവർ കർത്താവിന്റെ മന്ദിരത്തിന് അടി
സ്ഥാനം ഇട്ടപ്പോൾ ഇസ്രായേൽ രാജാ
വായ ദാവീദിന്റെ നിയമപ്രകാരം കർത്താ
വിന് സ്തോത്രം ചെയ്യേണ്ടതിന്ന് വിശുദ്ധ
വസ്ത്രം ധരിച്ച പുരോഹിതന്മാരെ കാഹള
ങ്ങളോടും ആസാഫ്യരായ ലേവ്യരെ കൈ
ത്താളങ്ങളോടുംകൂടെ നിർത്തി. അവർ 11
കർത്താവിനെ: "അവൻ നല്ലവൻ: ഇസ്രായേ
ലിനോട് അവന്റെ ദയ എന്നേക്കും ഉള്ളത്"
എന്നിങ്ങനെ വാഴ്ത്തി സ്തുതിച്ചുംകൊണ്ട്
ഗാനപ്രതിഗാനം നടത്തി. അവർ കർത്താവി
നെ സ്തുതിക്കുമ്പോൾ ദൈവാലയത്തിന്റെ
അടിസ്ഥാനം ഇട്ടതുകൊണ്ട് ജനമെല്ലാം
അത്യുച്ചത്തിൽ ആർത്തുവിളിച്ചു. പുരോ 12
ഹിതന്മാരിലും ലേവ്യരിലും കുടുംബത്ത
ലവന്മാരിലും പൂർവ്വ ആലയം കണ്ടിട്ടുള്ള
വയോധികരായ അനേകർ ഈ ആലയ
ത്തിന്റെ അടിസ്ഥാനം ഇട്ടു കണ്ടപ്പോൾ
ഉച്ചത്തിൽ കരഞ്ഞുപോയി; മറ്റു പലരും 13
സന്തോഷത്തോടെ ഉച്ചത്തിൽ ആർത്തു.
അങ്ങനെ ജനത്തിൽ സന്തോഷഘോഷ
ത്തിന്റെ ശബ്ദവും കരച്ചിലിന്റെ ശബ്ദ
വും തമ്മിൽ തിരിച്ചറിയുവാൻ കഴിയാ
തിരുന്നു. ജനം അത്യുച്ചത്തിൽ ഘോഷി
ച്ചതുകൊണ്ട് ഘോഷശബ്ദം വളരെ
അകലെയും കേട്ടു.

അദ്ധ്യായം 4

പവാസികൾ ഇസ്രായേലിൻെറ ദൈവ
കർത്താവിന് മന്ദിരം പണിയുന്നു
യഹൂദയുടേയും ബന്യാമീൻേറയും
ികൾ കേട്ടപ്പോൾ അവർ സുർബാ
ിൻെറയും കുടുംബത്തലവന്മാരു
അടുക്കൽ വന്നു അവരോട്: ഞങ്ങൾ
ളോടുകൂടെ പണിയട്ടെ. നിങ്ങളുടെ
ത്തെ നിങ്ങളെന്നപോലെ ഞങ്ങളും
ഷിക്കുകയും ഞങ്ങൾ അവന്, ഞ
ഇവിടെ കൊണ്ടുവന്ന ആസൂർ രാജാ
സെൻഹെരിബിൻെറ കാലം മുതൽ
കഴിക്കുകയും ചെയ്യുപോരുന്നു
പറഞ്ഞു. അതിന്ന് സുർബ്ബാബേലും,
ുവയും മറ്റ് ഇസ്രായേൽ കുടുംബ
ന്മാരും അവരോട് ഞങ്ങളുടെ
ത്തിൻെറ ആലയം പണിയുന്നതിൽ
ക്ക് ഞങ്ങളുമായി കാര്യമൊന്നുമില്ല.
ീ രാജാവായ കോരേശു രാജാവു
ളാട് കല്പിച്ചതുപോലെ ഞങ്ങൾ
ഇസ്രായേലിൻെറ ദൈവമായ
ാവിന് അതു പണിതുകൊള്ളാം
പറഞ്ഞു. ആകയാൽ ദേശനിവാസി
ഹൂദാജനത്തിന് അധൈര്യം വരു
ന്നിയാതിരിക്കേണ്ടതിന്ന് അവരെ
ുത്തി. അവരുടെ ഉദ്ദേശ്യം നിഷ്ഫല
ാൻ അവർ പാഴ്സി രാജാവായ
ശിൻെറ കാലത്തെല്ലാം പാർസി
യ ദാരിയൂസിൻെറ വാഴ്ചവരെ
ർക്കു വിരോധമായ കാര്യസ്ഥരെ
ലികൊടുത്തു വശത്താക്കി അഹ
തിൻെറ കാലത്ത്, അവൻെറ വാഴ്ച
രംഭത്തിൽ അവർ യഹൂദയിലേയും
മിലേയും നിവാസികൾക്ക് വിരോ
പരാതികൾ എഴുതി അയച്ചു.
ഥഹ്ശശ്തിൻെറ കാലത്ത്
ത്തും താബെയേലും ശേഷം
പക്ഷക്കാരും പാർസിരാജാവായ
ശശ്തിന്ന് കുശലം ചൊല്ലി ഒരു
എഴുതി അയച്ചു. അപേക്ഷ അറ
ിയാനി) ഭാഷയിൽ തന്നെ എഴു
ു. സേനാധിപനായ രെഹൂമും
കാരനായ ശിംശായിയും യറൂശ
് അർത്ഥഹ്ശശ്ത്രാജാവിന്ന്
ക്ഷ എഴുതി അയച്ചു. ധർമ്മാദ്ധ്യ
ൂമും എഴുത്തുകാരൻ ശിംശായി
അവരുടെ അനുയായികളായ
ർപ്പേല്യർ, അഫർസ്യർ, അറേ
ബല്യർ, ശൂശന്യർ, ദേഹാവ്യർ,
ഏലാമ്യർ എന്നിവരും മഹാനും ശ്രേഷ്ഠ
നുമായ അസ്ഫീദ് പിടിച്ചുകൊണ്ടുവന്നു
ശമര്യപട്ടണങ്ങളിലും നദിക്ക് ഇക്കരെ മറ്റു
ദിക്കുകളിലും പാർപ്പിച്ചിരിക്കുന്ന ശേഷം
ജാതികൾ മുതലായവർ. അവർ അർത്ഥ
ഹ്ശശ്ത്രാജാവിന്ന് അയച്ച അപേക്ഷയു 11
ടെ പകർപ്പ് എന്തെന്നാൽ: "നദിക്ക് ഇക്കരെ
യുള്ള നിൻെറ ദാസന്മാർ മുതലായവർ—
രാജാവു ബോധിപ്പാൻ: തിരുമുമ്പിൽ 12
നിന്നു പുറപ്പെട്ടു ഞങ്ങളുടെ അടുക്കൽ
യറൂശലേമിൽ വന്നിരിക്കുന്ന യഹൂദന്മാർ
മത്സരവും ദുഷ്ടതയുമുള്ള ആ പട്ടണം
പണിയുകയും അതിൻെറ കോട്ടകൾ
കെട്ടുകയും, അടിസ്ഥാനങ്ങൾ നന്നാക്കു
കയും ചെയ്യുന്നു. പട്ടണം പണിത് കോട്ട 13
കൾ കെട്ടിത്തീർന്നാൽ അവർ കരമോ നി
കുതിയോ ചുങ്കമോ ഒന്നും തീർക്കുകയില്ല.
ഒടുവിൽ അവർ രാജാക്കന്മാർക്ക് നഷ്ടം
വരുത്തും എന്ന് രാജാവ് അറിയണമേ.
ഞങ്ങൾ രാജഗൃഹത്തിലെ ഉപ്പ് തിന്നുന്ന 14
വരാകയാലും രാജാവിന്ന് അപമാനം വരു
ന്നത് കണ്ടുകൊണ്ടിരിക്കുന്നത് ഞങ്ങൾ
ക്കു സഹ്യമല്ലാത്തതിനാലും ഞങ്ങൾ ആള
യച്ചു രാജാവിനെ ഇത് ബോധിപ്പിച്ചു
കൊള്ളുന്നു. അവിടുത്തെ പിതാക്കന്മാ 15
രുടെ ചരിത്രപുസ്തകത്തിൽ നോക്കിയാൽ
ഈ പട്ടണം മത്സരവും, രാജാക്കന്മാർക്കും
സംസ്ഥാനങ്ങൾക്കും ഉപദ്രവവും ഉള്ള
പട്ടണം എന്നും അതിൽ അവർ മുമ്പു
മുതൽ കലഹം ഉണ്ടാക്കിയതിനാൽ ഈ
പട്ടണം നശിച്ചു കിടക്കുന്നു എന്നും പുസ്തക
ത്തിൽ നിന്നും അറിയാറാകും. ഈ പട്ടണം 16
പണിയുകയും അതിൻെറ കോട്ട കെട്ടി
ത്തീരുകയും ചെയ്താൽ അതു നിമിത്തം
അവിടുത്തേക്ക് നദിക്ക് ഇക്കരെ ഒരവ
കാശവും ഉണ്ടായിരിക്കുകയില്ലെന്ന്
രാജാവിനെ ബോധിപ്പിച്ചുകൊള്ളുന്നു."
അതിന്ന് രാജാവ് സേനാദ്ധ്യക്ഷനായ 17
രെഹൂമിന്നും എഴുത്തുകാരനായ ശിംശാ
യിക്കും, ശമര്യാനിവാസികളായ അവരുടെ
അനുയായികൾക്കും നദിക്ക് അക്കരെയുള്ള
ശേഷം പേർക്കും മറുപടി എഴുതി അയച്ച
തു എന്തെന്നാൽ: "നിങ്ങൾക്കു കുശലം.
നിങ്ങൾ കൊടുത്തയച്ച അപേക്ഷ നമ്മുടെ 18
സന്നിധിയിൽ വ്യക്തമായി വായിച്ചു കേട്ടു.
നാം കല്പന കൊടുത്തിട്ട് അവർ പരി 19
ശോധന ചെയ്തു നോക്കിയപ്പോൾ ആ
പട്ടണം മുമ്പു മുതൽതന്നേ രാജാക്കന്മാ
രോട് എതിർത്തു നില്ക്കുന്നു എന്നും,
അതിൽ മത്സരവും കലഹവും ഉണ്ടായി

20 രുന്നു എന്നും യറൂശലേമിൽ ബലവാന്മാ
രായ രാജാക്കന്മാർ ഉണ്ടായിരുന്നു; അവർ
നദിക്ക് അക്കരെയുള്ള ദേശമെല്ലാം വാണി
21 രുന്നു എന്നും കണ്ടിരിക്കുന്നു. ആകയാൽ
നാം മറ്റൊരു കല്പന അയയ്ക്കുന്നതുവരെ
അവർ പട്ടണം പണിയുന്നത് നിർത്തിവയ്
ക്കേണ്ടതിന്ന് ആജ്ഞാപിപ്പിൻ. നിങ്ങൾ അ
22 തിൽ ഉപേക്ഷ ചെയ്യാതെ ജാഗ്രതയായിരി
പ്പിൻ. രാജാവിന് നഷ്ടവും ഹാനിയും വരരു
23 ത്." അർത്ഥഹ്ശശ്ത്ത് രാജാവിൻെറ എഴു
ത്തിൻെറ പകർപ്പ് രെഹൂമും എഴുത്തുകാ
രനായ ശിംശായിയും അവരുടെ സഹപ്രവർ
ത്തകരും വായിച്ചുകേട്ടശേഷം അവർ യറൂ
ശലേമിൽ യഹൂദന്മാരുടെ അടുക്കൽ ഉടനെ
ചെന്ന് ബലമായി അവരുടെ പണിമുടക്കി.
24 അങ്ങനെ യറൂശലേമിലെ ദൈവാലയ
ത്തിൻെറ പണി മുടങ്ങി. പാർസി രാജാവായ
ദാരിയൂസിൻെറ വാഴ്ചയുടെ രണ്ടാം
ആണ്ടുവരെ പണി മുടങ്ങിക്കിടന്നു.

അദ്ധ്യായം 5

1 ഹഗ്ഗായി, ഇദ്ദോയുടെ മകൻ സഖറിയാ
എന്നീ പ്രവാചകന്മാർ യഹൂദയിലും യറൂശ
ലേമിലും ഉള്ള യഹൂദന്മാരോട് തങ്ങളുടെ
മേൽ വിളിക്കപ്പെട്ട ഇസ്രായേലിൻെറ ദൈവ
2 ത്തിൻെറ നാമത്തിൽ പ്രവചിച്ചു. അങ്ങനെ
ശേലതീയേലിൻെറ മകനായ സുർബ്ബാ
ബേലും യൂസോദേക്കിൻെറ മകനായ
യോശുവയും യറൂശലേമിലെ ദേവാലയം പ
ണിയുവാൻ തുടങ്ങി. ദൈവത്തിൻെറ പ്രവാ
ചകന്മാർ അവരോടുകൂടെ ഇരുന്നു അവ
3 രെ സഹായിച്ചു. ആ കാലത്ത് നദിക്ക് ഇക്ക
രെയുള്ള ഭരണാധിപതിയായ തത്തായിയും
ശെഥെർ ബോസ്നായിയും അവരുടെ
സഹായികളും അവരുടെ അടുക്കൽ വന്നു
- അവരോട്: ഈ ആലയം പണിയുവാനും
ഈ കോട്ട കെട്ടുവാനും നിങ്ങൾക്ക്
ആരാണു കല്പന തന്നത് എന്നു ചോദിച്ചു.
4 ഈ കെട്ടിടം പണിയുന്ന ആളുകളുടെ
5 പേരെന്ത് എന്നും അവരോട് ചോദിച്ചു.
എന്നാൽ ദൈവം യഹൂദന്മാരുടെ മൂപ്പ
ന്മാർക്ക് ദയ നൽകുകയാൽ ഈ കാര്യം
ദാരിയൂസിൻെറ സന്നിധിയിൽ ബോധി
പ്പിച്ചു മറുപടി വരുംവരെ അവർ അവരുടെ
പണി മുടക്കിയില്ല.
6 നദിക്ക് ഇക്കരെ ഭരണാധിപനായ ത
ത്തായിയും ശെഥെർ ബോസ്നായിയും
നദിക്ക് ഇക്കരെയുള്ള അഫർസ്യരായ
അവൻെറ സഹകാരികളും ദാരിയൂസ്
രാജാവിന്ന് എഴുതി അയച്ച എഴുത്തിൻെറ
പകർപ്പ്; അവർ അവന്ന് ഒരു അപേക്ഷ 7
കൊടുത്തയച്ചു. അതിൽ എഴുതിയത്:
"ദാരിയൂസ് രാജാവിന്ന് സർവ്വ മംഗളവും
ഭവിക്കട്ടെ. രാജാവിനെ ബോധിപ്പിപ്പാൻ: 8
ഞങ്ങൾ യഹൂദായിൽ മഹാ ദൈവത്തിൻെറ
ആലയത്തിലേക്ക് ചെന്നു. അത് വലിയ
കല്ലുകൊണ്ട് പണിയപ്പെടുന്നു. ചുവരി
ന്മേൽ ഉത്തരം കയറ്റുന്നു. അവർ ഉത്സാഹ
ത്തോടെ പണി നടത്തുന്നു. അവർക്കു
സാധിക്കയും ചെയ്യുന്നു. ഞങ്ങൾ ആ മൂപ്പ 9
ന്മാരോട്: ഈ ആലയം പണിയുവാനും ഈ
കോട്ട കെട്ടുവാനും നിങ്ങൾക്ക് കല്പന
തന്നത് ആരെന്നു ചോദിച്ചു. അവരുടെ തല 10
വന്മാരായ ആളുകളുടെ പേരുകൾ എഴുതി
സന്നിധാനത്തിൽ അയയ്ക്കേണ്ടതിന്നു
ഞങ്ങൾ അവരുടെ പേരും അവരോട് ചോ
ദിച്ചു. എന്നാൽ അവർ ഞങ്ങളോട്: ഞങ്ങൾ 11
സ്വർഗ്ഗത്തിലെ ദൈവത്തിൻെറ ദാസന്മാ
രാകുന്നു. വളരെ സംവത്സരം മുമ്പെ പണി
തിരുന്ന ആലയം ഞങ്ങൾ പണിയുന്നു.
അത് ഇസ്രായേലിലെ ഒരു മഹാരാജാവ്
പണിതതായിരുന്നു. എങ്കിലും ഞങ്ങളുടെ 12
പിതാക്കന്മാർ സ്വർഗ്ഗത്തിലെ ദൈവത്തെ
കോപിപ്പിച്ചതുകൊണ്ട് അവൻ അവരെ
ബാബേൽ രാജാവായ നെബുഖദ്നേസർ
എന്ന കൽദയൻെറ കയ്യിൽ ഏല്പിച്ചു.
അയാൾ ഈ ആലയം നശിപ്പിച്ചു ജന
ത്തെ ബാബേലിലേക്കു കൊണ്ടുപോയി.
എന്നാൽ പാർസി രാജാവ് കോരേശിൻെറ 13
ഒന്നാം ആണ്ടിൽ കോരേശ് രാജാവ് ഈ
ദേവാലയം പണിയുവാൻ കല്പന തന്നു.
നെബുഖദ്നേസർ യറൂശലേമിലെ മന്ദിര 14
ത്തിൽനിന്ന് എടുത്ത് ബാബേലിലെ ക്ഷേത്ര
ത്തിൽ കൊണ്ടുപോയി വച്ചിരുന്ന ദൈവാ
ലയം വക പൊന്നും വെള്ളിയുംകൊണ്ടുള്ള
ഉപകരണങ്ങൾ കോരെശ് രാജാവ് ബാബേ
ലിലെ ക്ഷേത്രത്തിൽനിന്നു എടുപ്പിച്ചു താൻ
നിയമിച്ചിരുന്ന ശേശ്ബസ്സർ എന്നുപേരുള്ള
ദേശാധിപതിക്കു ഏല്പിച്ചുകൊടുത്തു;
അവനോട്: ഈ ഉപകരണങ്ങൾ നീ എടു 15
ത്ത് യറൂശലേമിലെ മന്ദിരത്തിൽ കൊണ്ടു
ചെന്ന് വയ്ക്കുക. ദൈവാലയം അതിൻെറ
സ്ഥാനത്തു പണിയട്ടെ എന്നു കല്പിച്ചു.
അങ്ങനെ ശേശ്ബസ്സർ വന്നു യറൂശലേ 16
മിലെ ദൈവാലയത്തിൻെറ അടിസ്ഥാനം
ഇട്ടു. അന്നുമുതൽ ഇന്നുവരെ അത്
പണിതു വരുന്നു. ഇതുവരെ അത് തീർന്നി
ട്ടില്ല എന്ന് അവർ ഉത്തരം പറഞ്ഞിരിക്കു
ന്നു. ആകയാൽ രാജാവ് യറൂശലേമിലെ 17
ഈ ദേവാലയം പണിയുവാൻ കോരേശ്

ജാവ് കല്പന കൊടുത്തത് സത്യമോ
ന്നു ബാബേലിലെ രാജഗൃഹത്തിൽ
ശോധിച്ച് ഇതു സംബന്ധമായി അങ്ങ
ട കല്പന ഞങ്ങൾക്ക് എഴുതി അയച്ചു
ണമെന്നു അപേക്ഷിക്കുന്നു.”

അദ്ധ്യായം 6

ദാരിയൂസ് രാജാവു കല്പന കൊടു
പകാരം അവർ ബാബേലിൽ ഭണ്ഡാരം
രിക്കുന്ന രേഖാമന്ദിരത്തിൽ പരിശോ
ു. അവർ മേദ്യസംസ്ഥാനത്തിലെ
മെഥാരാജധാനിയിൽ ഒരു ചുരുൾ
ടത്തി. അതിൽ എഴുതിയിരുന്നതെ
ന്നാൽ: “കോരെശ് രാജാവിന്റെ ഒന്നാം
ടിൽ കോരെശ്‌രാജാവ് കല്പന കൊടു
: യറൂശലേമിലെ ദൈവാലയം യാഗം
ക്കുന്ന സ്ഥലമായി പണിയണം. അതി
അടിസ്ഥാനങ്ങൾ ഉറപ്പായി ഇടണം.
ന്നു അറുപതു മുഴം ഉയരവും അറു
മുഴം വീതിയും ഉണ്ടായിരിക്കണം.
കല്ലുകൊണ്ട് മൂന്നുവരിയും പുതിയ
ങ്ങൾകൊണ്ട് ഒരു വരിയും ഉണ്ടായി
ണം. ചെലവു രാജാവിന്റെ ഭണ്ഡാര
നിന്നു കൊടുക്കണം. അതുകൂടാതെ
ഖദ്നേസർ യറൂശലേമിലെ ദേവാ
ത്തിൽനിന്നു എടുത്തു ബാബേലി
കൊണ്ടുവന്ന ദൈവാലയം വക
ും വെള്ളിയുംകൊണ്ടുള്ള ഉപകരണ
ടക്കിക്കൊടുക്കുകയും അവ യറൂശ
ലെ മന്ദിരത്തിൽ അതതിന്റെ സ്ഥ
വരത്തക്കവിധത്തിൽ ദൈവാലയ
വയ്ക്കുകയും വേണം”. ആകയാൽ
അക്കരെ ദേശാധിപതിയായ തത്താ
ശെഥർ-ബോസ്നയേ നിങ്ങളും
അക്കരെയുള്ള അധികാരികളായ
ടെ കൂടെയുള്ളവരും അവിടെനിന്നു
നില്ക്കണം. ഈ ദൈവാലയ
പണിക്കാര്യത്തിൽ നിങ്ങൾ
രുത്. യഹൂദന്മാർ ഈ ദേവാലയം
ന്റെ സ്ഥാനത്തുതന്നെ പണിയട്ടെ.
ഉപദ്രവം ചെയ്യരുത്. ഈ ദൈവാ
ണിയേണ്ടതിന്ന് നിങ്ങൾ യഹൂദ
മൂപ്പന്മാർക്കു ചെയ്യേണ്ടതിനെക്കു
ാൻ കല്പിക്കുന്നതെന്തെന്നാൽ:
അക്കരെ പിരിക്കുന്ന കരമായ രാജാ
കയിൽ നിന്നു ആ ആളുകൾക്ക്
സം കൂടാതെ കൃത്യമായി ചെലവു
ണം. അവർ സ്വർഗ്ഗത്തിലെ ദൈവ
രഭ്യവാസനയുള്ള യാഗം അർപ്പി
നും രാജാവിന്റേയും അവന്റെ
പുത്രന്മാരുടേയും ക്ഷേമത്തിനുവേണ്ടി
പ്രാർത്ഥിക്കേണ്ടതിന്നും സ്വർഗ്ഗത്തിലെ 10
ദൈവത്തിന്ന് ഹോമയാഗം കഴിപ്പാൻ
അവർക്കു ആവശ്യമുള്ള കാളക്കിടാക്കൾ,
ആട്ടുകൊറ്റന്മാർ, കുഞ്ഞാടുകൾ, ഗോതമ്പ്,
ഉപ്പ്, വീഞ്ഞ്, എണ്ണ എന്നിവയും യറൂശലേ
മിലെ പുരോഹിതന്മാർ പറയുംപോലെ
ദിവസംപ്രതി കുറവുകൂടാതെ കൊടുക്ക
ണം. ആരെങ്കിലും ഈ കല്പന ലംഘിച്ചാൽ 11
അവന്റെ വീടിന്റെ ഒരു ഉത്തരം വലിച്ചെ
ടുത്ത് നാട്ടി അതിന്മേൽ അവനെ തൂക്കി
ക്കളയുകയും അവന്റെ വീട് കുപ്പക്കുന്ന്
ആക്കിക്കളയുകയും വേണം എന്ന് ഞാൻ
കല്പന കൊടുക്കുന്നു. അവിടെ കാണ 12
പ്പെട്ട ദൈവനാമം അവിടെത്തന്നെ വസി
ക്കട്ടെ. ഇതു മാറ്റുവാനും യറൂശലേമിലെ
ഈ ദേവാലയം നശിപ്പിപ്പാനും തുനിയുന്ന
ഏതു രാജാവും ജനവും, ഉടനെ തന്നെ
അവരുടെ നാമം നിർമ്മൂലമാകട്ടെ എന്നു
ദാരിയൂസായ ഞാൻ കല്പന കൊടുക്കു
ന്നു. ഇത് ഉത്സാഹപൂർവ്വം നിവർത്തിക്കേ
ണ്ടതാകുന്നു.”

അപ്പോൾ നദിക്കു ഇക്കരെയുള്ള 13
ഭരണാധിപതിയായ തത്തായിയും ശെഥർ
ബോസ്നായിയും അവരുടെ കൂടെയുള്ള
വരും ദാരിയൂസ് രാജാവ് കല്പിച്ചതുപോ
ലെതന്നെ ജാഗ്രതയോടെ ചെയ്തു. യഹൂദ 14
ന്മാരുടെ മൂപ്പന്മാർ പണിതു. ഹഗ്ഗായി പ്രവാ
ചകനും ഇദ്ദോയുടെ മകനായ സഖറിയാ
യും പ്രവചിച്ചതിനാൽ അവർക്കു കാര്യസാ
ദ്ധ്യം വന്നു. അവർ ഇസ്രായേലിന്റെ ദൈവ
ത്തിന്റെ കല്പനപ്രകാരവും കോരെശി
ന്റേയും ദാരിയൂസിന്റേയും പാർസിരാജാ
വായ അർത്ഥഹ്ശശ്തിന്റേയും കല്പന
പ്രകാരവും അതു പണിതു തീർത്തു.
ദാരിയൂസ് രാജാവിന്റെ വാഴ്ചയുടെ 15
ആറാം ആണ്ടിൽ ഓദോർ മാസം മൂന്നാം
തീയതി ഈ ആലയം പണിതുതീർന്നു.
ഇസ്രായേൽ മക്കളും പുരോഹിതന്മാരും 16
ലേവ്യരും പ്രവാസികളും സന്തോഷത്തോ
ടെ ഈ ദൈവാലയത്തിന്റെ പ്രതിഷ്ഠ
കഴിച്ചു. ഈ ദൈവാലയത്തിന്റെ പ്രതി 17
ഷ്ഠയ്ക്ക് നൂറു കാളയേയും ഇരുന്നൂറ് ആട്ടു
കൊറ്റനേയും നാനൂറ് കുഞ്ഞാടിനേയും
ഇസ്രായേൽ ഗോത്രങ്ങളുടെ എണ്ണ പ്രകാരം
എല്ലാ ഇസ്രായേലിന്നും വേണ്ടി പാപയാഗ
ത്തിന്നായി പന്ത്രണ്ടു വെള്ളാട്ടുകൊറ്റനേ
യും യാഗം കഴിച്ചു. മോശയുടെ പുസ്തക 18
ത്തിൽ എഴുതിയിരിക്കുന്നതുപോലെ
അവർ യറൂശലേമിലുള്ള ദൈവത്തിന്റെ

ശുശ്രൂഷയ്ക്ക് പുരോഹിതന്മാരെ കൂറുകൂറാ
യും ലേവ്യരെ ഭാഗം ഭാഗമായും നിർത്തി.
19 ഒന്നാം മാസം പതിന്നാലാം തീയതി
20 പ്രവാസികൾ പെസഹാ ആചരിച്ചു. പുരോ
ഹിതന്മാരും ലേവ്യരും തങ്ങളെത്തന്നെ ഒരു
പോലെ ശുദ്ധീകരിച്ചിരുന്നു. എല്ലാവരും
ശുദ്ധിയുള്ളവരായിരുന്നു. അവർ സകല
പ്രവാസികൾക്കും തങ്ങളുടെ സഹോദര
ന്മാരായ പുരോഹിതന്മാർക്കും തങ്ങൾക്കും
21 വേണ്ടി പെസഹ അറുത്തു. അങ്ങനെ
പ്രവാസത്തിൽനിന്ന് മടങ്ങി വന്ന ഇസ്രാ
യേൽമക്കളും ഇസ്രായേലിന്റെ ദൈവമായ
കർത്താവിനെ അന്വേഷിക്കേണ്ടതിന്നു
ദേശത്തെ വിജാതീയ അശുദ്ധി വെടിഞ്ഞു
22 വന്നവർ എല്ലാം പെസഹ ഭക്ഷിച്ചു. ദൈവം
അവരെ സന്തോഷിപ്പിക്കുകയും ഇസ്രായേ
ലിൽ ദൈവമായ കർത്താവിന്റെ ആലയ
ത്തിന്റെ പണിയിൽ അവരെ സഹായിക്കു
വാൻ ആസൂർ രാജാവിന്റെ ഹൃദയത്തെ
അവർക്കു അനുകൂലമാക്കുകയും ചെയ്തതു
കൊണ്ട് അവർ പുളിപ്പില്ലാത്ത അപ്പത്തി
ന്റെ പെരുനാൾ ഏഴു ദിവസം സന്തോഷ
ത്തോടെ ആചരിച്ചു.

അദ്ധ്യായം 7

1 അതിന്റെ ശേഷം പാർസിരാജാവായ
അർത്ഥഹ്ശശ്തിന്റെ വാഴ്ചക്കാലത്ത്
എസ്രാ ബാബേലിൽ നിന്നു വന്നു. അവൻ
സെരായായുടെ മകൻ. അവൻ അസര്യാ
യുടെ മകൻ. അവൻ ഹല്ക്കിയായുടെ മ
2 കൻ. അവൻ ശല്ലൂമിന്റെ മകൻ. അവൻ സാ
ദോക്കിന്റെ മകൻ. അവൻ അഹീത്തൂബി
3 ന്റെ മകൻ. അവൻ അമര്യാവിന്റെ മകൻ.
അവൻ അസര്യായുടെ മകൻ. അവൻ മെരാ
4 യോത്തിന്റെ മകൻ. അവൻ സെരഹ്യായു
ടെ മകൻ. അവൻ ഉസ്സിയുടെ മകൻ. അവൻ
5 ബുക്കിയുടെ മകൻ. അവൻ അബീശൂവയു
ടെ മകൻ. അവൻ ഫീനെഹാസിന്റെ മകൻ.
അവൻ എലെയാസാരിന്റെ മകൻ. അവൻ
പുരോഹിതനായ അഹറോന്റെ മകൻ.
പ്രവാസത്തിൽ ബാബേലിൽനിന്നു വന്നവ
രുടെ തലവനായിരുന്നു ഈ എസ്രാ. എസ്രാ
6 ഇസ്രായേലിന്റെ ദൈവമായ കർത്താവ്
നല്കിയ മോശയുടെ ന്യായപ്രമാണ
ത്തിൽ വിദഗ്ദ്ധനായ ശാസ്ത്രി ആയിരുന്നു.
ദൈവത്തിന്റെ ന്യായപ്രമാണപ്രകാരം
7 അവന്റെ ഇഷ്ടംപോലെ ചെയ്‌വാൻ
രാജാവ് അവന്നു അനുമതി നല്കി. അവ
നോടുകൂടെ ഇസ്രായേൽ മക്കളിലും പുരോ
ഹിതന്മാരിലും ശുശ്രൂഷകരായ ലേവ്യരിലും
വാതിൽ കാവല്ക്കാരിലും, ദൈവാലയ
ദാസന്മാരിലും ചിലർ അർത്ഥഹ്ശശ്ത്
രാജാവിന്റെ ഏഴാം ആണ്ടിൽ യറൂശലേ
മിൽ വന്നു. അഞ്ചാം മാസത്തിൽ ആയിരു 8
ന്നു അവൻ യറൂശലേമിൽ വന്നത്. അത്
രാജാവിന്റെ ഏഴാം ആണ്ടായിരുന്നു. ഒന്നാം 9
മാസം ഒന്നാം തീയതി അവൻ ബാബേലിൽ
നിന്നു യാത്ര പുറപ്പെട്ടു. തന്റെ ദൈവത്തി
ന്റെ കൈ തനിക്കു അനുകൂലമായിരുന്നതു
കൊണ്ട് അവൻ അഞ്ചാം മാസം ഒന്നാം
തീയതി യറൂശലേമിൽ എത്തി. ദൈവത്തി 10
ന്റെ ന്യായപ്രമാണം പരിശോധിക്കുവാനും,
അത് അനുസരിച്ച് നടപ്പാനും ഇസ്രായേ
ലിൽ അതിന്റെ ചട്ടങ്ങളും വിധികളും
ഉപദേശിക്കുവാനും എസ്രാ പരിശ്രമിച്ചു.

ഇസ്രായേലിനോടുള്ള ദൈവത്തിന്റെ 11
കല്പനകളുടേയും ചട്ടങ്ങളുടേയും വാക്യ
ങ്ങളിൽ വിദഗ്ദ്ധശാസ്ത്രിയായ എസ്രാ
പുരോഹിതനു അർത്ഥഹ്ശശ്ത് രാജാവു
കൊടുത്ത എഴുത്തിന്റെ പകർപ്പ്. രാജാധി 12
രാജാവായ അർത്ഥഹ്ശശ്ത് സ്വർഗ്ഗത്തി
ലെ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ
ശാസ്ത്രിയായ എസ്രാ പുരോഹിതന് എഴു
തുന്നത്: നിനക്കു സമാധാനം. നമ്മുടെ രാജ്യ 13
ത്തുള്ള ഇസ്രായേൽ ജനത്തിലും അവന്റെ
പുരോഹിതന്മാരിലും ലേവ്യരിലും യറൂശലേ
മിലേക്ക് പോകുവാൻ മനസ്സുള്ള ഏവനും
നിന്നോടുകൂടെ പോരുന്നതിന് ഞാൻ
കല്പന കൊടുത്തിരിക്കുന്നു. നിന്റെ 14
കൈവശം ഇരിക്കുന്ന നിന്റെ ദൈവത്തി
ന്റെ ന്യായപ്രമാണപ്രകാരം യഹൂദയിലേ
യും യറൂശലേമിലേയും കാര്യം അന്വേഷി
പ്പാനും രാജാവാകുന്ന ഞാൻ സ്വമനസ്സാ 15
യറൂശലേമിൽ അധിവസിക്കുന്ന ഇസ്രാ
യേലിന്റെ ദൈവത്തിന്ന് ഔദാര്യമായി
കൊടുത്തിരിക്കുന്ന വെള്ളിയും പൊന്നും 16
ബാബേൽ സംസ്ഥാനത്തുനിന്നെല്ലാം
നിനക്കു ലഭിക്കുന്ന വെള്ളിയും പൊന്നും
എല്ലാം കൊണ്ടുപോകുവാനും; യറൂശലേ
മിലുള്ള ദൈവത്തിന്റെ ആലയത്തിലേക്ക്
നിന്നോടുകൂടെ പോരുവാൻ ആഗ്രഹിക്കു
ന്ന പുരോഹിതന്മാരും ലേവ്യരും നിന്നോടു
കൂടെ പോരുവാനും ഞാനും എന്റെ
മന്ത്രിമാരും നിന്നോടു കല്പിച്ചിരിക്കുന്നു.
ആകയാൽ നീ ഉത്സാഹപൂർവ്വം ആ ദ്രവ്യം 17
കൊണ്ട് കാളകളേയും ആട്ടുകൊറ്റന്മാരേ
യും കുഞ്ഞാടുകളേയും വേണ്ടുന്ന ഭോജന
യാഗങ്ങളേയും പാനീയയാഗങ്ങളേയും
മേടിച്ച് യറൂശലേമിലുള്ള നിങ്ങളുടെ ദൈവ
ത്തിന്റെ ആലയത്തിലെ യാഗപീഠത്തിൽ

പ്പിക്കണം. ശേഷിച്ച വെള്ളിയും പൊ
ാകൊണ്ട് നിനക്കും നിൻെറ സഹോദര
ക്കും യുക്തമെന്നു തോന്നുന്നതുപോലെ
ളുടെ ദൈവത്തിനു പ്രസാദമായതു
ുകൊൾവിൻ. നിൻെറ ദൈവത്തിൻെറ
യത്തിലെ ശുശ്രൂഷയ്ക്കായിട്ടു
ൻെറ കൈവശം തന്നിരിക്കുന്ന ഉപ
ങ്ങളും നീ യറുശലേമിൻെറ ദൈവ
ൻെറ സന്നിധിയിൽ ഏല്പിക്കണം.
ൻെറ ദൈവത്തിൻെറ ആലയത്തിനു
ായും ആവശ്യമുള്ളവ നീ രാജാവി
ഭണ്ഡാരഗൃഹത്തിൽനിന്ന് കൊടു
കാള്ളണം. "അർത്ഥഹ്ശശ്ത് രാജാ
നാം നദിക്ക് അക്കരെയുള്ള സകല
ാവിചാരകന്മാർക്കും കല്പനകൊടു
തെന്തെന്നാൽ സ്വർഗ്ഗത്തിലെ ദൈവ
ൻെറ ന്യായപ്രമാണത്തിൽ ശാസ്ത്രി
എസ്രാ പുരോഹിതൻ നിങ്ങളോട്
ക്കുന്നതെല്ലാം, നൂറ് താലന്ത് വെള്ളി
ൂറുകോർ ഗോതമ്പും നൂറ് ബത്ത്
യും, ഉപ്പു വേണ്ടുംപോലെയും കൃത്യ
കാടുക്കണം. രാജാവിൻേറയും അവ
ുത്രന്മാരുടേയും രാജ്യത്ത് ക്രോധം
ിരിക്കേണ്ടതിന്ന് സ്വർഗ്ഗത്തിലെ
ത്തിൻെറ കല്പനപ്രകാരം സ്വർഗ്ഗ
ദൈവത്തിൻെറ ആലയത്തിനു
ശമുള്ളതെല്ലാം കൃത്യമായി ചെയ്യ
ുരോഹിതന്മാർ, ലേവ്യർ, സംഗീത
വാതിൽ കാവൽക്കാർ, ദൈവാലയ
ർ എന്നിവരോടും ദൈവത്തിൻെറ
ആലയത്തിൽ ശുശ്രൂഷിക്കുന്ന
രുത്തനോടും ഒന്നും പറയുവാൻ
ക്കധികാരമില്ല എന്നും നാം നിങ്ങൾ
ിവു തരുന്നു. നീയോ എസ്രയേ,
നിൻെറ ദൈവം നല്കിയ ജ്ഞാന
നദിക്കക്കരെയുള്ള സർവ്വ ജന
നിൻെറ ദൈവത്തിൻെറ ന്യായ
ങ്ങളെ അറിയുന്ന ഏവർക്കും
ാലിച്ചുകൊടുക്കേണ്ടതിന്നു അധി
രയും ന്യായാധിപന്മാരേയും നിയമി
അറിയാത്തവർക്ക് നിങ്ങൾ അവ
ിച്ചു കൊടുക്കണം. എന്നാൽ
ാദൈവത്തിൻെറ ന്യായപ്രമാണവും
ൻെറ പ്രമാണവും അനുസരിക്കാ
നേയും ജാഗ്രതയോടെ ന്യായം
; മരണമോ പ്രവാസമോ പിഴയോ
നവനു കല്പിക്കേണ്ടതാകുന്നു."
ാലേമിലെ ദൈവാലയത്തെ
ക്കേണ്ടതിന്നു ഇങ്ങനെ രാജാ
ഭിപ്രായമുളവാക്കുകയും രാജാ
വിൻേറയും മന്ത്രിമാരുടേയും രാജാവിൻെറ
സകല പ്രഭുക്കന്മാരുടേയും ദയ എനിക്കു
ലഭിക്കുമാറാക്കുകയും ചെയ്ത നമ്മുടെ
പിതാക്കന്മാരുടെ ദൈവമായ കർത്താവ്
വാഴ്ത്തപ്പെട്ടവൻ.

ഇങ്ങനെ എൻെറ ദൈവമായ കർത്താ 28
വിൻെറ ആത്മാവ് എൻെറ മേൽ ഉണ്ടായിരു
ന്നതിനാൽ ഞാൻ ശക്തിപ്പെട്ടു. എന്നോടു
കൂടെ പോരുവാൻ ഇസ്രായേലിലെ ചില
തലവന്മാരെ തെരഞ്ഞെടുത്തു.

അദ്ധ്യായം 8

അർത്ഥഹ്ശശ്ത് രാജാവിൻെറ കാല 1
ത്ത് ബാബേലിൽനിന്നു എന്നോടുകൂടെ
പോന്ന പിതൃഭവനത്തലവന്മാരും അവരുടെ
വംശാവലികളും. ഫിനെഹാസിൻെറ 2
പുത്രന്മാരിൽ ഗെർശോം; ഈഥാമാരിൻെറ
പുത്രന്മാരിൽ ദാനിയേൽ; ദാവീദിൻെറ
പുത്രന്മാരിൽ ഹത്തൂശ്; ശെഖന്യായുടെ 3
പുത്രന്മാരിൽ പറോശിൻെറ പുത്രന്മാരിൽ
സെഖറിയാ, അവനോടുകൂടെ വംശാവലി
യിൽ എഴുതിയിരുന്ന നൂറ്റമ്പതു പുരുഷ 4
ന്മാരും. പഹത്ത് മോവാബിൻെറ പുത്രന്മാ
രിൽ സെരഹ്യായുടെ മകൻ എല്യെഹോ
വേനായിയും അവനോടുകൂടെ ഇരുന്നൂറ്
പുരുഷന്മാരും. ശെഖന്യായുടെ പുത്രന്മാ 5
രിൽ യഹസീയേലിൻെറ മകനും അവ
നോടുകൂടെ മുന്നൂറു പുരുഷന്മാരും. ആദീ 6
ൻെറ പുത്രന്മാരിൽ യോനാഥാൻെറ മക
നായ ഏബെദും അവനോടുകൂടെ അമ്പതു
പുരുഷന്മാരും. ഏലാമിൻെറ പുത്രന്മാരിൽ 7
അഥല്യായുടെ മകനായ ഏശായായും 8
അവനോടുകൂടെ എഴുപതു പുരുഷന്മാരും.
ശെഫത്യായുടെ പുത്രന്മാരിൽ മിഖായേലി
ൻെറ മകനായ സെബദ്യായും അവനോടു
കൂടെ എൺപതു പുരുഷന്മാരും. യോവാ 9
ബിൻെറ പുത്രന്മാരിൽ യെഹീയേലിൻെറ
മകനായ ഓബദ്യായും അവനോടുകൂടെ
ഇരുന്നൂറ്റിപ്പതിനെട്ട് പുരുഷന്മാരും; ശെലോ 10
മീത്തിൻെറ പുത്രന്മാരിൽ യോശിയായുടെ
മകനും അവനോടുകൂടെ നൂററുപതു പുരു
ഷന്മാരും; ബേബായിയുടെ പുത്രന്മാരിൽ 11
ബേബായിയുടെ മകനായ സഖറിയായും
അവനോടുകൂടെ ഇരുപത്തെട്ടു പുരുഷ
ന്മാരും. അസ്ഗാദിൻെറ പുത്രന്മാരിൽ 12
ഹക്കാതാൻെറ മകനായ യോഹാനാനും
അവനോടുകൂടെ നൂറ്റിരുപതു പുരുഷന്മാ 13
രും. അദോനിക്കാമിൻെറ അവസാനത്തെ
പുത്രന്മാരും എലീഫേലെത്ത്, യെയീയേൽ, 14
ശെമയാ എന്നിവരും അവരോടുകൂടെ അറു

പതു പുരുഷന്മാരും ബഗ്വായിയുടെ പുത്ര
ന്മാരിൽ ഊഥായിയും സബൂദും അവരോട്
കൂടെ അറുപതു പുരുഷന്മാരും.
15 ഇവരെ ഞാൻ അഹവായിലേക്ക് ഒഴു
കുന്ന ആറ്റിന്നരികെ വരുത്തി; അവിടെ ഞ
ങ്ങൾ മൂന്നു ദിവസം പാളയമടിച്ചു പാർത്തു.
ഞാൻ ജനത്തെയും പുരോഹിതന്മാരെയും
പരിശോധിച്ചുനോക്കിയപ്പോൾ ലേവ്യരിൽ
16 ആരെയും അവിടെ കണ്ടില്ല. ആകയാൽ
ഞാൻ ഏലീയേസെർ, അരീയേൽ, ശെമയാ,
എൽനാഥാൻ, യാരീബ്, എൽനാഥാൻ
നാഥാൻ, സഖറിയാ, മെശുല്ലാം എന്നീ തല
വന്മാരെയും, യോയാരീബ്, എൽനാഥാൻ
17 എന്ന തലവന്മാരെയും വിളിപ്പിച്ചു. കാസി
ഫ്യാ എന്ന സ്ഥലത്തിലെ പ്രധാനിയായ
ഇദ്ദോയുടെ അടുക്കൽ അയച്ചു. നമ്മുടെ
ദൈവത്തിൻെറ ആലയത്തിനു ശുശ്രൂഷക
ന്മാരെ ഞങ്ങളുടെ അടുക്കൽ കൊണ്ടു
വരേണ്ടതിന്ന് അവർ കാസിഫ്യായിലെ
ഇദ്ദോയോടും, അവൻെറ സഹോദരന്മാ
രായ ദൈവാലയദാസന്മാരോടും പറയേ
ണ്ടവ അവർക്കു പറഞ്ഞുകൊടുത്തു.
18 ഞങ്ങളുടെ ദൈവത്തിൻെറ കൈ ഞങ്ങൾ
ക്ക് അനുകൂലമായിരുന്നതിനാൽ അവർ
ഇസ്രായേലിൻെറ മകനായ ലേവിയുടെ
മകനായ മഹ്ലിയുടെ പുത്രന്മാരിൽ വിവേക
മുള്ളൊരു പുരുഷൻ ശേരബ്യാ, അവൻെറ
പുത്രന്മാർ, സഹോദരന്മാർ ഇങ്ങനെ പന്ത്ര
19 ണ്ടു പേരെയും, മെരാരി പുത്രന്മാരിൽ,
ഹശബ്യാ, അവനോടുകൂടെ ഏശയാ, അവ
ൻെറ പുത്രന്മാർ, സഹോദരന്മാർ ഇങ്ങനെ
20 ഇരുപതു പേരെയും, ദാവീദും പ്രഭുക്കന്മാരും
ലേവ്യർക്ക് ശുശ്രൂഷകരായി കൊടുത്ത
ദൈവാലയദാസന്മാരിൽ ഇരുന്നൂറ്റിരുപത്
പേരെയും ഞങ്ങളുടെ അടുക്കൽ കൂട്ടി
ക്കൊണ്ടുവന്നു. അവരുടെ പേരെല്ലാം കുറി
21 ച്ചുവച്ചു. അനന്തരം ഞങ്ങൾ ഞങ്ങളുടെ
ദൈവത്തിൻെറ സന്നിധിയിൽ ഞങ്ങളെ
ത്തന്നെ താഴ്ത്തേണ്ടതിന്നും ഞങ്ങൾക്കും
ഞങ്ങളുടെ കുഞ്ഞുകുട്ടികൾക്കും ഞങ്ങളു
ടെ സകല സമ്പത്തിന്നുംവേണ്ടി ശുഭയാത്ര
അവനോടു യാചിക്കേണ്ടതിന്നും ഞാൻ
അവിടെ അഹവാ ആറ്റിൻെറ തീരത്തു വച്ച്
22 ഒരു ഉപവാസം പ്രസിദ്ധപ്പെടുത്തി. ഞങ്ങ
ളുടെ ദൈവത്തിൻെറ കൈ അവനെ അന്വേ
ഷിക്കുന്ന ഏവർക്കും അനുകൂലമായും
അവനെ ഉപേക്ഷിക്കുന്ന ഏവർക്കും പ്രതി
കൂലമായും ഇരിക്കുന്നു എന്ന് ഞങ്ങൾ
രാജാവിനോട് പറഞ്ഞിരുന്നതിനാൽ വഴി
യിൽ ശത്രുവിൻെറ നേരെ ഞങ്ങൾക്കു
സഹായമായി പടയാളികളേയും കുതിര
പ്പടയേയും രാജാവിനോട് ചോദിപ്പാൻ
ഞാൻ ലജ്ജിച്ചിരുന്നു. അങ്ങനെ ഞങ്ങൾ 23
ഉപവസിച്ചു ഞങ്ങളുടെ ദൈവത്തോടു
പ്രാർത്ഥിച്ചു. അവൻ ഞങ്ങളുടെ പ്രാർത്ഥന
കേട്ടു. പിന്നെ ഞാൻ പുരോഹിതന്മാ 24
രുടെ പ്രധാനികളിൽ ശെരബ്യായേയും
ഹശബ്യായേയും അവരോടുകൂടെ അവ
രുടെ സഹോദരന്മാരിൽ പത്തുപേരേയും
ഇങ്ങനെ പന്ത്രണ്ടുപേരെ തെരഞ്ഞെടുത്തു.
രാജാവും അവൻെറ മന്ത്രിമാരും പ്രഭുക്ക 25
ന്മാരും അവിടെയുള്ള ഇസ്രായേലെല്ലാം
നമ്മുടെ ദൈവത്തിൻെറ ആലയത്തിന്ന്
അർപ്പിച്ചിരുന്ന വഴിപാടായ വെള്ളിയും
പൊന്നും ഉപകരണങ്ങളും ഞാൻ അവർക്കു
തൂക്കിക്കൊടുത്തു. ഞാൻ അവരുടെ കയ്യിൽ 26
അറുനൂറ്റമ്പതു താലന്തു വെള്ളിയും ഇരുപ 27
തു താലന്ത് പൊന്നും ആയിരം തങ്കക്കാശും
ഇരുപതു പൊൻപാത്രങ്ങളും പൊന്നുപോ
ലെ മിനുക്കിയ നല്ല താമ്രംകൊണ്ടുള്ള
പാത്രങ്ങളും തൂക്കിക്കൊടുത്തു. ഞാൻ 28
അവരോട്: നിങ്ങൾ ദൈവത്തിന്നു വിശുദ്ധ
ന്മാരാകുന്നു; ഉപകരണങ്ങളും വിശുദ്ധം
തന്നെ: വെള്ളിയും പൊന്നും നിങ്ങളുടെ
പിതാക്കന്മാരുടെ ദൈവമായ കർത്താവിന്
ഔദാര്യദാനമാകുന്നു. നിങ്ങൾ അവയെ 29
യറൂശലേമിൽ ദൈവത്തിൻെറ ആലയത്തി
ലെ അറകളിൽ മഹാപുരോഹിതന്മാരു
ടേയും ലേവ്യരുടേയും പ്രധാനികളുടേയും
ഇസ്രായേലിൻെറ പിതൃഭവനപ്രഭുക്കന്മാരു
ടേയും മുമ്പിൽ തൂക്കി ഏല്പിക്കുംവരെ കരു
തലോടെ സൂക്ഷിച്ചുകൊള്ളണം എന്നു പറ
ഞ്ഞു. അങ്ങനെ പുരോഹിതന്മാരും ലേവ്യ 30
രും ആ വെള്ളിയും പൊന്നും ഉപകരണങ്ങ
ളും യറൂശലേമിൽ ഞങ്ങളുടെ ദൈവത്തി
ൻെറ ആലയത്തിലേക്ക് കൊണ്ടുപോകേ
ണ്ടതിന്നു തൂക്കപ്രകാരം ഏറ്റു വാങ്ങി.
യറൂശലേമിനു പോകുവാൻ ഞങ്ങൾ 31
ഒന്നാം മാസം പന്ത്രണ്ടാം തീയതി ഹാവോ
ആറ്റിങ്കൽനിന്ന് പുറപ്പെട്ടു. ഞങ്ങളുടെ
ദൈവത്തിൻെറ കൈ ഞങ്ങൾക്ക് അനു
കൂലമായിരുന്നു. അവൻ ശത്രുവിൻെറ
കൈയിൽനിന്നും വഴിയിൽ പതിയിരിക്കു
ന്നവരുടെ കൈയിൽനിന്നും ഞങ്ങളെ
കാത്തു രക്ഷിച്ചു. ഞങ്ങൾ യറൂശലേമിൽ 32
എത്തി അവിടെ മൂന്നു ദിവസം പാർത്തു.
നാലാം ദിവസം ഞങ്ങൾ ആ വെള്ളിയും 33
പൊന്നും ഉപകരണങ്ങളും നമ്മുടെ ദൈവ
ത്തിൻെറ ആലയത്തിൽ ഊറിയാ പുരോഹി
തൻെറ മകനായ മേരേമോത്തിൻെറ കൈ

തൂക്കിക്കൊടുത്തു. അവനോടുകൂടെ
നഹാസിന്റെ മകനായ ഏലെയാസാ
അവരോടുകൂടെ യോശുവയുടെ മക
യോസാബാദ്, ബിന്നൂവിയുടെ മക
നോവദ്യാവ് എന്നീ ലേവ്യരും ഉണ്ടാ
നു. എല്ലാം എണ്ണപ്രകാരവും തൂക്കപ്ര
ും കൊടുത്തു. തൂക്കമെല്ലാം ആ സമ
ന്ന എഴുതിവച്ചു. പ്രവാസത്തിൽ നി
ങ്ങിവന്ന പ്രവാസികൾ ഇസ്രായേലി
ദൈവത്തിന്ന് ഹോമയാഗങ്ങൾക്കാ
ല്ലാ ഇസ്രായേലിനും വേണ്ടി പന്ത്ര
ളയേയും തൊണ്ണൂറ്റാറ് ആട്ടുകൊറ്റ
എഴുപത്തേഴു കുഞ്ഞാടുകളേയും
ച്ചു. അതെല്ലാം കർത്താവിനു ഹോ
ആയിരുന്നു. അവർ രാജാവിന്റെ
കൾ നദിക്ക് ഇക്കരെ രാജാവിന്റെ
പതിമാർക്കും നാടുവാഴികൾക്കും
ത്തു. അവർ ജനത്തിനും ദൈവ
റ ആലയത്തിനും ആവശ്യമായ
ം ചെയ്തു.

അദ്ധ്യായം 9

ന്മാർ എന്റെ അടുക്കൽ വന്നു:
യൽ ജനവും പുരോഹിതന്മാരും
ം ദേശനിവാസികളോട് വേർപെ
കനാന്യർ, ഹിത്യർ, പെരിസ്യർ,
്യർ, അമ്മോന്യർ, മോവാബ്യർ,
ന്യർ, അമോര്യർ എന്നിവരുടെ
കളെ ചെയ്തുവരുന്നു. അവരുടെ
ര അവർ തങ്ങൾക്കും തങ്ങളുടെ
ർക്കും ഭാര്യമാരായി എടുത്തതു
വിശുദ്ധ സന്തതി ദേശനിവാസി
ഇടകലർന്നുപോയി; മൂപ്പന്മാരു
ലവ്യരുടേയും കൈ തന്നേ ഈ
ത്തിൽ ഒന്നാമതായിരിക്കുന്നു"
ഞ്ഞു. ഈ വാർത്ത ഞാൻ കേട്ട
ാൻ എന്റെ വസ്ത്രവും മേലങ്കിയും
ന്റെ തലയിലും താടിയിലുമുള്ള
ിച്ചു പറിച്ചു നിശ്ചലനായി ഇരു
പ്രവാസികളുടെ അകൃത്യം നിമി
ായേലിന്റെ ദൈവത്തിന്റെ
ൽ താല്പര്യമുള്ളവരെല്ലാം
ടുക്കൽ വന്നുകൂടി. ഞാൻ
നിവരെ നിശ്ചലനായി ഇരുന്നു.
ന്നി സമയത്ത് ഞാൻ എന്റെ
നം വിട്ടു എഴുന്നേറ്റു കീറിയ
ും മേലങ്കിയോടും കൂടെ മുട്ടു
ന്റെ ദൈവമായ കർത്താവി
ക മലർത്തി പറഞ്ഞത്, ഞങ്ങ
മേ, എന്റെ മുഖം ഞങ്ങളുടെ

ദൈവമായ നിങ്കലേക്ക് ഉയർത്തുവാൻ
ലജ്ജിച്ച് നാണിച്ചിരിക്കുന്നു. ഞങ്ങളുടെ
അകൃത്യങ്ങൾ ഞങ്ങളുടെ തലയ്ക്കു മീതെ
പെരുകി കവിഞ്ഞിരിക്കുന്നു. ഞങ്ങളുടെ
മഹാപാപങ്ങൾ ആകാശത്തോളം ഉയർന്നി
രിക്കുന്നു. ഞങ്ങളുടെ പിതാക്കന്മാരുടെ 7
കാലംമുതൽ ഇന്നുവരെയും ഞങ്ങൾ വലി
യ കുറ്റക്കാരായിരിക്കുന്നു. ഞങ്ങളുടെ
അകൃത്യങ്ങൾ നിമിത്തം, ഞങ്ങളും ഞങ്ങ
ളുടെ രാജാക്കന്മാരും പുരോഹിതന്മാരും
ഇന്നുള്ളതുപോലെ വിദേശരാജാക്കന്മാ
രുടെ കയ്യിൽ വാളിനും, പ്രവാസത്തിന്നും
കവർച്ചയ്ക്കും അവമാനത്തിനും ഏല്പി
ക്കപ്പെട്ടിരിക്കുന്നു. ഇപ്പോഴോ ഞങ്ങളുടെ 8
ദൈവം ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പി
ക്കുവാൻ ഞങ്ങളുടെ ദാസ്യാവസ്ഥയിൽ
ഞങ്ങൾക്ക് അല്പം ജീവശക്തി നല്കേണ്ട
തിനും ഞങ്ങളിൽ ഒരു ശേഷിപ്പിനെ രക്ഷി
ച്ച് തന്റെ വിശുദ്ധസ്ഥലത്ത് ഞങ്ങൾക്ക്
ഒരു പാർപ്പിടം തരുവാൻ തക്കവണ്ണം
ഞങ്ങൾക്ക് ഒരു ക്ഷണനേരത്തേക്ക് ഞങ്ങ
ളുടെ ദൈവമായ കർത്താവു കൃപ കാണി
ച്ചിരിക്കുന്നു.
ഞങ്ങൾ ദാസന്മാരാകുന്നു; എങ്കിലും 9
ഞങ്ങളുടെ ദാസ്യസ്ഥിതിയിൽ ഞങ്ങളുടെ
ദൈവം ഞങ്ങളെ ഉപേക്ഷിക്കാതെ ഞങ്ങ
ളുടെ ദൈവത്തിന്റെ ആലയം പണിയു
കയും അതിന്റെ ശൂന്യാവസ്ഥ നന്നാക്കു
കയും ചെയ്യുവാൻ ഞങ്ങൾക്കു ജീവ
ശക്തി നൽകുവാനും യഹൂദയിലും യറൂശ
ലേമിലും ഞങ്ങൾക്ക് ഒരു സങ്കേതം തരു
വാനും പാർസിരാജാക്കന്മാരുടെ ദൃഷ്ടി
യിൽ ഞങ്ങൾക്ക് ദയ ലഭിക്കുമാറാക്കിയി
രിക്കുന്നു. ഇപ്പോൾ ഞങ്ങളുടെ ദൈവമേ, 10
ഇതിനു ഞങ്ങൾ എന്തു പകരം ചെയ്യേണ്ടു?
നിങ്ങൾ കൈവശപ്പെടുത്തുവാൻ ചെല്ലുന്ന 11
ദേശം ദേശനിവാസികളുടെ മലിനതയാലും,
ഒരു അറ്റംമുതൽ മറ്റേ അറ്റംവരെ അവർ
നിറച്ചിരിക്കുന്ന മ്ലേച്ഛതയാലും അവരുടെ
അശുദ്ധിയാലും മലിനപ്പെട്ടിരിക്കുന്ന ദേശ
മത്രേ. ആകയാൽ നിങ്ങൾ ശക്തിപ്പെട്ടു ദേശ 12
ത്തിന്റെ ഗുണം അനുഭവിച്ച് അത് എന്നേ
ക്കും നിങ്ങളുടെ മക്കൾക്ക് അവകാശമായി
വയ്ക്കുവാൻ നിങ്ങളുടെ പുത്രിമാരെ അവ
രുടെ പുത്രന്മാർക്കു കൊടുക്കാതെയും
അവരുടെ പുത്രിമാരെ നിങ്ങളുടെ പുത്ര
ന്മാർക്ക് എടുക്കാതെയും അവരുടെ സമാ
ധാനവും നന്മയും ഒരിക്കലും കരുതാതെ
യും ഇരിക്കണം എന്നിങ്ങനെ നിന്റെ
ദാസന്മാരായ പ്രവാചകന്മാർ മുഖാന്തരം

നീ അരുളിച്ചെയ്ത കല്പനകളെ ഞങ്ങൾ
13 ഉപേക്ഷിച്ചുകളഞ്ഞു. ഇപ്പോൾ ഞങ്ങളുടെ
ദുഷ്പ്രവൃത്തികളും മഹാപാതകവും
നിമിത്തം ഇതെല്ലാം ഞങ്ങളുടെ മേൽ
വന്നശേഷം ഞങ്ങളുടെ ദൈവമേ, നീ ഞങ്ങ
ളുടെ അകൃത്യങ്ങൾക്കു തക്കവണ്ണം ഞങ്ങ
14 ളെ ശിക്ഷിക്കാതെ ഞങ്ങൾക്ക് ഇപ്രകാരം
ഒരു ശേഷിപ്പിനെ തന്നിരിക്കെ ഞങ്ങൾ നി
ന്റെ കല്പനകൾ വീണ്ടും ലംഘിക്കുകയും
ഈ മ്ലേച്ഛത ചെയ്യുന്ന ജാതികളോട്
സംബന്ധം കൂടുകയും ചെയ്യുമോ? ചെയ്താൽ
ഒരു ശേഷിപ്പോ രക്ഷപ്പെട്ടവരോ ഇല്ലാതെ
നീ ഞങ്ങളെ നശിപ്പിക്കുംവരെ ഞങ്ങളോട്
15 കോപിക്കുകയില്ലയോ? ഇസ്രായേലിന്റെ
ദൈവമേ അങ്ങ് നീതിമാൻ, ഞങ്ങളോ
ഇന്നുള്ളതുപോലെ തെറ്റി ഒഴിഞ്ഞ ഒരു
ശേഷിപ്പത്രേ. ഞങ്ങളുടെ പാപങ്ങളോ
ഇതാ ഞങ്ങൾ നിന്റെ മുമ്പാകെ നിന്ന്
ഏറ്റു പറയുന്നു. അതല്ലാതെ നിന്റെ മുമ്പാ
കെ പറയുവാൻ ഞങ്ങൾക്കു വാക്കുകളില്ല.

അദ്ധ്യായം 10

1 എസ്രാ ഇങ്ങനെ ദൈവാലയത്തിനു
മുമ്പിൽ വീണു കിടന്നു കരഞ്ഞു പ്രാർത്ഥി
ക്കുകയും ഏറ്റുപറയുകയും ചെയ്തപ്പോൾ
പുരുഷന്മാരും സ്ത്രീകളും ബാലകരുമായി
ഇസ്രായേല്യരുടെ ഏറ്റം വലിയൊരു
സമൂഹം അവന്റെ അടുക്കൽ വന്നുകൂടി.
2 ജനവും വളരെ കരഞ്ഞു. അപ്പോൾ ഏലാ
മിന്റെ പുത്രന്മാരിൽ ഒരുവനായ യെഹീ
യേലിന്റെ മകൻ ശെഖന്യാ എസ്രയോട്
പറഞ്ഞത്, നാം നമ്മുടെ ദൈവത്തോട്
ദ്രോഹം ചെയ്തു. ദേശനിവാസികളിൽ നിന്ന്
അന്യജാതിക്കാരികളെ വിവാഹംചെയ്തിരി
ക്കുന്നു. എങ്കിലും ഈ കാര്യത്തിൽ ഇസ്രാ
യേലിന്നു വേണ്ടി ഇനിയും പ്രത്യാശയുണ്ട്.
3 ഇപ്പോൾ ആ സ്ത്രീകളെയും അവരിൽനിന്ന്
ജനിച്ചവരേയും യജമാനൻേറയും നമ്മുടെ
ദൈവത്തിന്റെ കല്പനയിൽ ഭക്തിയുള്ള
വരുടേയും നിശ്ചയപ്രകാരം നീക്കിക്കള
വാൻ നമ്മുടെ ദൈവത്തോട് നാം ഒരു സത്യം
ചെയ്യും. അത് ന്യായപ്രമാണത്തിന്ന് അനു
4 സാരമായി നടക്കട്ടെ. എഴുന്നേല്ക്കൂ. ഇത്
അങ്ങു നിർവ്വഹിക്കേണ്ട കാര്യം ആകുന്നു.
ഞങ്ങൾ അങ്ങേയ്ക്കു തുണയായിരിക്കും.
5 ധൈര്യപ്പെട്ടു പ്രവർത്തിക്ക. അങ്ങനെ
എസ്രാ എഴുന്നേറ്റു ഈ വാക്കുപോലെ
ചെയ്യേണ്ടതിന്നു പുരോഹിത പ്രമുഖന്മാ
രേയും ലേവ്യരേയും എല്ലാ ഇസ്രായേല്യ
6 രേയുംകൊണ്ട് സത്യം ചെയ്യിച്ചു. അവർ
സത്യം ചെയ്തു. എസ്രാ ദൈവാലയത്തിന്റെ
മുമ്പിൽനിന്നു എഴുന്നേറ്റു. എല്യാശീ
ബിന്റെ മകനായ യെഹോഹാനാന്റെ
അറയിൽ ചെന്ന് ജനത്തിന്റെ അതിക്രമം
നിമിത്തം അവൻ ദുഃഖിച്ചുകൊണ്ട് അപ്പം
തിന്നാതെയും വെള്ളം കുടിക്കാതെയും
അവിടെ രാപാർത്തു. അനന്തരം അവർ 7
സകല പ്രവാസികളും യറുശലേമിൽ വന്നു
കൂടണമെന്നും പ്രഭുക്കന്മാരുടേയും മൂപ്പ 8
ന്മാരുടേയും നിശ്ചയപ്രകാരം മൂന്നു ദിവസ
ത്തിന്നകം ആരെങ്കിലും വരാതിരുന്നാൽ
അവന്റെ വസ്തുവകയെല്ലാം കണ്ടുകെട്ടി
യെടുക്കുകയും അവനെ ഇസ്രായേൽ
ജനത്തിൽനിന്നു പുറത്താക്കുകയും ചെയ്യു
മെന്നും യഹൂദയിലും, യറുശലേമിലും
പ്രസിദ്ധം ചെയ്തു. അങ്ങനെ യഹൂദയുടേ 9
യും ബന്യാമീന്റെയും സകല പുരുഷ
ന്മാരും മൂന്നാം ദിവസത്തിന്നകം യറുശലേ
മിൽ വന്നുകൂടി. അത് ഒമ്പതാം മാസം
ഇരുപതാം തീയതി ആയിരുന്നു. സകല
ജനവും വിറച്ചുകൊണ്ട് ഒരുമിച്ചുകൂടി.
അപ്പോൾ എസ്രാ പുരോഹിതൻ 10
എഴുന്നേറ്റു . അവരോടു നിങ്ങൾ പാപം
ചെയ്ത് ഇസ്രായേലിന്റെ കുറ്റത്തെ
വർദ്ധിപ്പിക്കേണ്ടതിന്ന് അന്യജാതി
ക്കാരികളെ വിവാഹം കഴിച്ചിരിക്കുന്നു.
ആകയാൽ ഇപ്പോൾ നിങ്ങൾ നിങ്ങ 11
ളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താ
വിനോട് പാപം ഏറ്റു പറയുകയും അവന്റെ
ഇഷ്ടം അനുസരിച്ച് ദേശനിവാസികളോ
ടും അന്യജാതിക്കാരികളോടും വേർപെട്ടു
കയും ചെയ്വീൻ എന്നു പറഞ്ഞു. അതി 12
ന്നു സർവ്വസഭയും ഉറച്ച് ഉത്തരം പറഞ്ഞ
ത്, നീ ഞങ്ങളോട് പറഞ്ഞ വാക്കുകൾ
നല്ലത്. അവ സത്യമായും സ്വീകാര്യവു
മത്രേ. എങ്കിലും ജനം വളരെയുണ്ട്. ഇത് 13
വർഷകാലവും ആകുന്നു. വെളിയിൽ
നില്പാൻ കഴവില്ലല്ലോ. ഈ കാര്യത്തിൽ
ഞങ്ങൾ അനേകരും തെറ്റു ചെയ്തിരിക്കുക
യാൽ ഇത് ഒരു ദിവസംകൊണ്ടോ രണ്ടു
ദിവസംകൊണ്ടോ തീരുന്ന സംഗതിയുമല്ല.
ആകയാൽ ഞങ്ങളുടെ മൂപ്പന്മാർ സർവ്വ
സഭയ്ക്കും പ്രതിനിധികളായി നില്ക്കട്ടെ.
ഈ കാര്യം നിമിത്തം നമ്മുടെ ദൈവത്തി
ന്നുള്ള കഠിനകോപം ഞങ്ങളെ വിട്ടുമാറു
വോളവും ഞങ്ങളുടെ പട്ടണങ്ങളിൽ അന്യ
ജാതിക്കാരികളെ വിവാഹംകഴിച്ചിരിക്കു
ന്ന ഏവരും അവരോടുകൂടെ അവിടങ്ങ
ളിലെ മൂപ്പന്മാരും ന്യായാധിപതിമാരും
പ്രാർത്ഥനാസമയങ്ങളിൽ വരികയും

ംയ്യട്ടെ. അതിന്നു അസാഹേലിൻെറ മക
യ യോനാഥാനും തിക്വയുടെ മകനായ
ഹ്സെയായും മാത്രം വിരോധം പറഞ്ഞു.
ശുല്ലാമും ശബ്ബെഥായി എന്ന ലേവ്യനും
ഖരെ താങ്ങിപ്പറഞ്ഞു. പ്രവാസികൾ ആ
ാുമാനം സ്വീകരിച്ചു. എസ്രാ പുരോ
താൻ പിതൃഭവനം പിതൃഭവനമായി ചില
ൃഭവനത്തലവന്മാരെ പേരുപേരായി
പതുപേരെ വേർതിരിച്ചെടുത്തു. അവർ
കാര്യം വിസ്തരിപ്പാൻ പത്താം മാസം
ാം തീയതി യോഗംകൂടി.
അന്യജാതിക്കാരികളെ വിവാഹം കഴി
ന്ന സകല പുരുഷന്മാരുടേയും കാര്യം
ർ ഒന്നാം മാസം ഒന്നാം തീയതി കൊ
തീർത്തു. പുരോഹിതന്മാരുടെ പുത്ര
ലും അന്യജാതിക്കാരികളെ വിവാഹം
പ്പവരുണ്ടായിരുന്നു. അവർ യൂസോദേ
ൻെറ മകനായ യോശുവയുടെ പുത്ര
ലും അവൻെറ സഹോദരന്മാരിലും
ായാ, എലിയേസെർ, യാരീബ്, ഗെദ
എന്നിവർതന്നേ. ഇവർ തങ്ങളുടെ
ാരെ ഉപേക്ഷിക്കാം എന്നു സത്യം
. അവർ കുറ്റക്കാരായതുകൊണ്ട്
ുടെ കുറ്റത്തിന്നായി ഓരോ ആട്ടു
ന്നെ യാഗം കഴിച്ചു. ഇമ്മേരിൻെറ
മാരിൽ ഹനാനി, സെബദ്യാവു;
മിൻെറ പുത്രന്മാരിൽ: മയശേ,
ാ, ശെമയാ, യെഹീയേൽ, ഉസ്സീയാ;
രിൻെറ പുത്രന്മാരിൽ എല്യോവേ
മയശേയാ, ഇശ്മായേൽ, നെഥന
യാസാബാദ്, എലെയാസാർ; ലേവ്യ
യാസാബാദ്, ശിമെയി, കെലീതാ
പരുള്ള കേലായാ; പെഥഹ്യാ,
ദാ, എലിയേസെർ. സംഗീതക്കാ
എല്യാശീബ്. വാതിൽകാവല്ക്കാ

രിൽ ശല്ലൂം, തേലെം, ഊരി; ഇസ്രായേല്യ 25
രിൽ പരോശിൻെറ പുത്രന്മാരിൽ: രമ്യാ,
യീസ്സിയാ, മല്ക്കിയാ, മിയാമീൻ, എലെയാ
സാർ, മല്ക്കിയാ, ബെനായാ; ഏലാമിൻെറ 26
പുത്രന്മാരിൽ മത്ഥന്യാ, സെഖര്യാ, യെഹീ
യേൽ, അബ്ദി, യെരേമോത്ത്, ഏലീയാ;
സത്ഥൂവിൻെറ പുത്രന്മാരിൽ: എല്യോവേനാ
യി, എല്യാശീബ്, മത്ഥന്യാ, യെരേമോത്ത്, 27
സാബാദ്, അസീസാ; ബേബായിയുടെ പുത്ര 28
ന്മാരിൽ യെഹോഹാനാൻ, ഹനന്യാ, സ 29
ബ്ബായി, അഥെലായി; ബാനിയുടെ പുത്രന്മാ
രിൽ മെശുല്ലാം, മല്ലൂക്ക്, അദായാം, യാശൂബ്,
ശെയാൽ, യെരോമോത്ത്, പഹത്ത് മോവാ 30
ബിൻെറ പുത്രന്മാരിൽ: അദ്നാ, കെലാൽ,
ബെനായാ, മയശേയാ മത്ഥന്യാ, ബെസല 31
യേൽ, ബിന്നൂവി, മനശ്ശെ; ഹാരിമിൻെറ
പുത്രന്മാരിൽ ഏലിയേസെർ, യിശ്ശിയാ,
മല്ക്കീയാ, ശെമയ്യാ, ശിമെയോൻ, ബെന്യാ 32
മീൻ, മല്ലൂക്, ശെമര്യാ. ഹാശൂമിൻെറ
പുത്രന്മാരിൽ മത്ഥെനായി, മത്ഥത്ഥാ, 33
സാബാദ്, എലീഫേലെത്ത്, യെരേമായി,
മനശ്ശെ, ശിമെയി; ബാനിയുടെ പുത്രന്മാ 34
രിൽ: മയദായി, അമ്രാം, ഊവേൽ, ബേനാ 35
യാ, ബേദെയാ, കെലൂഹൂ, വന്യാ, മെരേ 36
മോത്ത്, എല്യാശീബ്, മത്ഥന്യാ, മത്ഥെ 37
നായി, യാസൂ, ബാനി, ബിന്നൂവി, ശിമെയി, 38
ശേലെമ്യാ, നാഥാൻ, അദായാ, മഖ്നദ 39
ബായി, ശാശായി, ശാരായി, അസ 40
രെയേൽ, ശേലെമ്യാ, ശമര്യാ, ശല്ലൂം, അമര്യാ, 41
യോസേഫ്, നെബോവിൻെറ പുത്രന്മാ 42
രിൽ: യയീയേൽ, മത്ഥിഥ്യാ, സാബാദ്, 43
സെബീനാ, യദ്ദായി. യോവേൽ, ബെനാ 44
യാ. ഇവർ എല്ലാവരും അന്യജാതിക്കാരി
കളെ വിവാഹംകഴിച്ചിരുന്നു. അവരിൽ
ചിലർക്ക് മക്കളുമുണ്ടായിരുന്നു.

നെഹമ്യാ

അദ്ധ്യായം 1

1 ഹഖല്യായുടെ മകനായ നെഹമിയാ
2 യുടെ വചനങ്ങൾ:- ഇരുപതാം ആണ്ടിൽ
കോനുൻ മാസത്തിൽ ഞാൻ ശുശാൻ
അരമനയിലിരിക്കുമ്പോൾ എന്റെ സഹോ
ദരരിൽ ഒരുവനായ ഹനനിയായും യഹൂദ്യ
യിൽനിന്നു ചിലരും വന്നു. ഞാൻ അവരോട്
പ്രവാസത്തിൽ പെടാതിരുന്ന യഹൂദന്മാരെ
യും യറുശലേമിനെയുംകുറിച്ച് ചോദിച്ചു.
3 അവർ എന്നോട്: പ്രവാസത്തിൽ പെടാതെ
ശേഷിച്ചവർ അവിടെ ആ നഗരത്തിൽ ദുരിത
ത്തിലും അവമാനത്തിലുമാകുന്നു. യറുശ
ലേമിന്റെ കോട്ടകൾ ഇടിഞ്ഞും അതിന്റെ
വാതിലുകൾ അഗ്നിക്കിരയായുമിരിക്കുന്നു,
4 എന്നു പറഞ്ഞു. ഈ വാർത്ത കേട്ട് ഞാൻ
കരഞ്ഞുകൊണ്ടിരുന്നു. കുറെ ദിവസം
ഞാൻ ദുഃഖിച്ചും ഉപവസിച്ചും സ്വർഗ്ഗസ്ഥ
5 നായ ദൈവത്തോടു പ്രാർത്ഥിച്ചു: "സ്വർഗ്ഗ
സ്ഥനായ ദൈവമേ, നിന്നെ സ്നേഹിച്ച്
നിന്റെ കല്പനകൾ പാലിക്കുന്നവർക്ക്
സത്യവും ദയയും പാലിക്കുന്ന വലിയവനും
6 ഭയങ്കരനുമായ ദൈവമേ, നിന്റെ ദാസരാ
യ ഇസ്രായേൽ മക്കൾക്കുവേണ്ടി രാവും
പകലും തിരുമുമ്പിൽ പ്രാർത്ഥിക്കുകയും,
ഇസ്രായേല്യരായ ഞങ്ങൾ നിന്നോടു ചെയ്ത
പാപങ്ങൾ ഏറ്റുപറയുകയും ചെയ്യുന്ന
നിന്റെ ഈ ദാസന്റെ പ്രാർത്ഥന കേൾക്കു
വാൻ നിന്റെ ചെവി ചായിച്ചും കണ്ണു തുറ
7 ന്നുമിരിക്കണമെ. ഞാനും എന്റെ പിതൃ
കുടുംബവും പാപം ചെയ്തു. ഞങ്ങൾ
നിന്നോട് ഏറ്റം തിന്മയായി പ്രവർത്തിച്ചു.
നിന്റെ ദാസനായ മോശയോടു നീ
കല്പിച്ച കല്പനകളും നിയമങ്ങളും വിധി
8 കളും ഞങ്ങൾ പാലിച്ചില്ല. നിങ്ങൾ പാപം
ചെയ്താൽ വിജാതിയരുടെ ഇടയിൽ ഞാൻ
9 നിങ്ങളെ ചിതറിക്കും. എന്നാൽ നിങ്ങൾ
എങ്കലേക്കു തിരിഞ്ഞ് എന്റെ കല്പനകൾ
പാലിച്ച് അനുസരിച്ചു നടന്നാലോ, നിങ്ങ
ളിൽ ചിതറിപ്പോയവർ ആകാശസീമകൾ
വരെ എത്തിയിരുന്നാലും അവിടെനിന്നും
ഞാൻ അവരെ കൂട്ടിച്ചേർത്ത് എന്റെ നാമം
സ്ഥാപിപ്പാൻ ഞാൻ തെരഞ്ഞെടുത്ത
സ്ഥലത്തു കൊണ്ടുവരും എന്ന് നിന്റെ
ദാസനായ മോശയോടു കല്പിച്ച വചനം
ഓർക്കണമെ. അവർ നിന്റെ അതുല്യ 10
ശക്തികൊണ്ടും ബലമുള്ള ഭുജത്താലും നീ
വീണ്ടെടുത്ത നിന്റെ ദാസരും ജനവുമാ
ണല്ലോ. കർത്താവേ, നിന്റെ ചെവി അടി 11
യന്റെ പ്രാർത്ഥനയും, നിന്റെ നാമത്തോടു
ഭക്തിയുള്ള നിന്റെ ദാസരുടെ പ്രാർത്ഥ
നയും ശ്രദ്ധിക്കണമേ. ഇന്ന് അടിയന്
കാര്യസാദ്ധ്യം വരുത്തി ഈ മനുഷ്യന്റെ
മുമ്പാകെ എനിക്കു ദയ ലഭിക്കുവാനിടയാ
ക്കണമെ." ഞാൻ രാജാവിന്റെ പാനപാത്ര
വാഹകനായിരുന്നു.

അദ്ധ്യായം 2

അർത്തഹ്ശശ്ത് രാജാവിന്റെ ഇരുപ 1
താം ആണ്ടിൽ നീസോൻ മാസത്തിൽ ഞാൻ
ഒരിക്കൽ രാജസന്നിധിയിലിരുന്ന് അവനു
വീഞ്ഞു പകർന്നുകൊടുത്തു. മുമ്പൊരി
ക്കലും രാജസന്നിധിയിൽ ഞാൻ ദുഃഖിത
നായിരുന്നിട്ടില്ല. രാജാവ് എന്നോട് എന്തു 2
കൊണ്ടാണു നിന്റെ മുഖം മ്ലാനമായിരി
ക്കുന്നത്? നിനക്ക് അസുഖം ഒന്നുമല്ലല്ലോ.
ഇതു മനോവേദനയല്ലാതെ മറ്റൊന്നുമല്ലാ 3
എന്നു പറഞ്ഞു. ഞാൻ അപ്പോൾ ഏറ്റം
ഭക്തിയോടെ രാജാവിനോട്, "രാജാവു
നീണാൾ വാണാലും! എന്റെ പിതൃമന്ദിര
ങ്ങൾ ഉള്ള നഗരം ശൂന്യമായും അതിന്റെ
വാതിലുകൾ തീകത്തിയെരിഞ്ഞും കിടക്കു
മ്പോൾ എങ്ങനെയാണ് എന്റെ മുഖം വാടാ
തിരിക്കുന്നത്?" എന്നു പറഞ്ഞു. രാജാവ് 4
എന്നോട്, നിന്റെ അപേക്ഷ എന്താണ്? 5
എന്നു ചോദിച്ചു. തൽക്ഷണം ഞാൻ സ്വർഗ്ഗ
സ്ഥനായ ദൈവത്തോടു പ്രാർത്ഥിച്ചിട്ട്
രാജാവിനോടപേക്ഷിച്ചു: "രാജാവ് പ്രസാ
ദിച്ച് അടിയനു തിരുമുമ്പിൽ ദയ ലഭിച്ചു
വെങ്കിൽ യഹൂദ്യയിൽ എന്റെ പിതൃമന്ദിര
ങ്ങളുള്ള ആ നഗരം പണിയുവാനായി അടി 6
യനെ അയയ്ക്കണമേ." അപ്പോൾ രാജാവ്,

ാ യാത്രയ്ക്ക് എത്ര സമയം വേണം?
ൾ മടങ്ങിവരും? എന്ന് എന്നോടു
ച്ചു. എന്നെ അയപ്പാൻ രാജാവിനു
മായി. ഒരു കാലാവധിയും പറഞ്ഞു.
ിനു പ്രസാദം തോന്നി ഞാൻ യഹൂദി
ൽ എത്തുന്നതുവരെ, നദിക്കപ്പുറ
ദേശാധികാരികൾ എന്നെ കടത്തി
ാനായി അവർക്കുള്ള എഴുത്തുക
ലയത്തോടു ചേർന്നുള്ള കോട്ട
ുകൾക്കും, പട്ടണമതിലിനും, ഞാൻ
താമസിക്കുവാനിരിക്കുന്ന വീടിനും
എല്ലാം ഉണ്ടാക്കുവാൻ രാജാവിന്റെ
ാവിയായ ആസാഫ് എനിക്കു തടി
ിച്ചു തരുവാൻ അവന് ഒരെഴുത്തും
ം എന്നപേക്ഷിച്ചു. എന്റെ ദൈവ
റ കരുണാപൂർണ്ണമായ കൈ എനി
ുകൂലമായിരുന്നതിനാൽ ഇതെല്ലാം
എനിക്കു തന്നു.
ാൻ നദിക്ക് അക്കരെയുള്ള ദേശാധി
ളുടെ അടുത്തെത്തി രാജസന്ദേശം
ു കൊടുത്തു. രാജാവ് അശ്വസേ
കനെയും എന്നോടുകൂടെ അയ
. ഹോര്യനായ സൻബല്ലത്തും
ന്യനായ ദാസൻ തോബിയായും
തപ്പോൾ, ഇസ്രായേൽ മക്കൾക്കു
ചെയ്യുവാൻ ഒരുവൻ വന്നത് അവർ
ര വിരോധമായി.
ൻ യറുശലേമിലെത്തി, അവിടെ
വസം താമസിച്ചശേഷം, ഞാനും
ുകൂടെ മൂന്നുപേരും രാത്രിയിൽ
റ്റു. യറുശലേമിൽ ഞാൻ ചെയ്യേണ്ട
എന്റെ ദൈവം എന്നെ ഏല്പിച്ചി
്യം ഞാൻ ആരോടും പറഞ്ഞിരു
ാൻ കയറിയ മൃഗമല്ലാതെ മറ്റൊരു
കൂടെയുണ്ടായിരുന്നില്ല. ഞാൻ
ൽ, താഴ്വരവാതിൽവഴി പെരു
റവിങ്കലും കുപ്പവാതില്ക്കലും
റുശലേമിന്റെ കോട്ട ഇടിഞ്ഞു
തും തീവച്ചു ചുട്ട വാതിലുകളും
ന്നീടു ഞാൻ ഉറവു വാതിൽക്കലും
ന്റ കുളത്തിന്നടുത്തും ചെന്നു.
യറിയിരുന്ന മൃഗത്തിന് കടന്നു
ൻ ഇടമില്ലായിരുന്നു. രാത്രിയിൽ
ാൻ തോടിന്റെ അരികു ചേർന്നു
കാട്ട നോക്കിക്കണ്ടു താഴ്വര
ഴി തിരികെപ്പോന്നു. ഞാൻ
ാണ് പോയതെന്നോ എന്താണു
ന്നോ, പ്രധാനികൾ ആരും അറി
ന്നുവരെ ഞാൻ യഹൂദന്മാ
ുരോഹിതന്മാരോടോ, പ്രഭുക്ക
ന്മാരോടോ, പ്രധാനികളോടോ, വേലക്കാ
രോടോ, ഒന്നും പറഞ്ഞറിയിച്ചിരുന്നില്ല.
പിന്നീട് ഞാൻ അവരോട്: 'യറുശലേം 17
ശൂന്യമായും അതിന്റെ വാതിലുകൾ തീ
കൊണ്ടെരിഞ്ഞും കിടക്കത്തക്ക ഈ അനർ
ത്ഥം നിങ്ങൾ കാണുന്നുവല്ലോ. നാം
ഇനിയും അവമാനപാത്രമാകാതിരിപ്പാൻ
നമുക്കു യറുശലേമിന്റെ കോട്ട പണിയാം'
എന്നു പറഞ്ഞു. എന്റെ ദൈവത്തിന്റെ 18
തൃക്കരം എനിക്ക് അനുകൂലമായിരുന്ന
വിവരവും, രാജാവ് എന്നോടു പറഞ്ഞ
വാക്കുകളും ഞാൻ അറിയിച്ചപ്പോൾ അവർ
'നമുക്ക് എഴുന്നേറ്റു പണിയാം' എന്നു പറ
ഞ്ഞു. അങ്ങനെ അവർ ആ നല്ല കാര്യത്തി
നായി പരസ്പരം പ്രചോദിപ്പിച്ചു. എന്നാൽ 19
ഹോര്യനായ സൻബല്ലത്തും അമ്മോ
ന്യനായ ദാസൻ തോബിയായും അറേ
ബ്യനായ ഗെശൂമും ഇതറിഞ്ഞ് ഞങ്ങളെ
പരിഹസിച്ചു പുച്ഛരിച്ചു. 'നിങ്ങൾ എന്താ
ണീ ചെയ്യുന്നത്? നിങ്ങൾ രാജാവിനോടു
മത്സരിക്കുവാനോ ശ്രമം?' എന്നു ചോദിച്ചു.
അതിന് ഞാൻ, 'സ്വർഗ്ഗസ്ഥനായ ദൈവം 20
ഞങ്ങൾക്ക് ഇക്കാര്യം സാദ്ധ്യമാക്കിത്തരും.
ആകയാൽ അവന്റെ ദാസരായ ഞങ്ങൾ
എഴുന്നേറ്റു പണിയുകതന്നെ ചെയ്യും.
നിങ്ങൾക്ക് യറുശലേമിൽ പങ്കും ഒരവകാ
ശവും ഇല്ല' എന്നു പറഞ്ഞു.

അദ്ധ്യായം 3

മഹാപുരോഹിതനായ ഏലിയാശിബും 1
അവന്റെ സഹോദരരായ പുരോഹിത
ന്മാരും, അവന്റെ മക്കളും എഴുന്നേറ്റ് ആട്ടിൻ
വാതിൽ പണിത് ഉറപ്പിച്ചു. അതിന്റെ കത
കുകളും വച്ചു. ഹമ്മേയാഗോപുരംവരെ
യും ഹനനയേൽ പടിവാതിൽവരെയും ഉറ
പ്പിച്ചു. അതിനപ്പുറം യറിഹോക്കാരും അതി 2
നപ്പുറം ഇമ്രിയുടെ മകൻ സക്കൂറും പണി 3
തു. ഹസനയർ മീൻവാതിലും പണിതു.
അതിന്റെ പടികൾ വച്ച്, വാതിലും ഓടാ
മ്പലും അന്താഴവും ഉറപ്പിച്ചു. അവർക്കും 4
അപ്പുറമായി ഹക്കോസിന്റെ മകൻ ഉറിയാ
യുടെ മകൻ മെരേമോത്ത് കേടുപാടു
തീർത്തു അതിനപ്പുറം മെശസബയേലി
ന്റെ മകൻ ബ്രക്കിയുടെ മകൻ മശുല്ലാ
യും, തുടർന്ന് ബാനയുടെ മകൻ സാദോ
ക്കും, തുടർന്ന് തെക്കോവ്യരും കേടുപാടു 5
പോക്കി. എന്നാൽ അവരുടെ പ്രമാണികൾ
കർത്താവിന്റെ വേലയ്ക്കു സഹകരിച്ചില്ല.
പസേഹയുടെ മകൻ യോയാദായും, ബെസ 6
ദിയയുടെ മകൻ മെശലാമും പഴയ വാതിൽ

പുനഃസ്ഥാപിച്ചു അതിന്റെ കേടുപാടു
കൾ തീർത്ത് കതകും ഓടാമ്പലും അന്താഴ
7 വും ഉറപ്പിച്ചു. ഗിബയോന്യനായ മേലത്യാ
യും മെറോഥ്യനായ യാദോനും, ഗിബ
യോന്യരും മിസ്പായരും ആണ് നദിക്ക്
ഇക്കരെയുള്ള ന്യായാസനസ്ഥലംവരെ
8 യുള്ള പണികൾ തീർത്തത്. അതിനും
അപ്പുറം തൈലക്കാരിൽ ഒരുവനായ ഹന
ന്യായും തട്ടാന്മാരിൽ പെട്ട ഹർഹരിയായു
ടെ മകൻ ഉസ്സിയേലും കേടുപാടു തീർത്ത്
വീതിയുള്ള മതിൽവരെ യറുശലേമിനെ
9 ഉറപ്പിച്ചു. തുടർന്ന് യറുശലേമിന്റെ അർദ്ധ
10 അധിപനായ ഹുറിന്റെ മകൻ റഫായായും
തുടർന്ന് ഹരുമഫിന്റെ മകൻ യദയാ അവ
ന്റെ വീടിനു നേരെയുള്ള ഭാഗവും തുടർ
ന്ന് ഹശബ്നായുടെ മകൻ ആശുവും കേടു
11 പാടു തീർത്തു. ഹാറീമിന്റെ മകൻ മൽക്കി
യായും, പഹത് മോവാബിന്റെ മകൻ
ഹശൂബും ചേർന്ന് ചൂളകളുടെ ഗോപുരം
12 വരെയുള്ള ഭാഗം തീർത്തു. അതിനും
അപ്പുറം, യറുശലേമിന്റെ അർദ്ധഭാഗാധി
പനായ ഹല്ലഹേശിന്റെ മകൻ ശല്ലൂമും
അവന്റെ പുത്രിമാരും കൂടി പണിതീർത്തു,
13 താഴ്വരവാതിൽ ഹന്നൂനും, സനോഹ്വാ
സികളും ചേർന്ന് പണിതീർത്ത് അതിന്റെ
കതകും, ഓടാമ്പലും, അന്താഴവും ഉറ
14 പ്പിച്ചു. കുപ്പവാതിൽവരെ മതിൽ ആയിരം
മുഴം കേടുപാടു പോക്കി, കുപ്പവാതിൽ,
ബെത്ത് ഹക്കേരേം ദേശാധിപൻ രേഖാവി
ന്റെ മകൻ മൽക്കിയാ കേടുപോക്കി;
കതകും ഓടാമ്പലും, അന്താഴവും ഉറപ്പിച്ചു.
15 ഉറവു വാതിലിന്റെ അറ്റകുറ്റപ്പണികൾ
ചെയ്തത് മിസ്പാദേശാധിപതി കൊൽ
ഹെസോയുടെ മകൻ ശല്ലൂൻ ആയിരുന്നു.
പണികഴിഞ്ഞ്, മേഞ്ഞ്, കതകും ഓടാമ്പ
ലും അന്താഴവും ഉറപ്പിച്ചു. രാജാവിന്റെ
തോപ്പിന്റെ നീർച്ചാലിന് സമീപമുള്ള
കുളത്തിന്റെ മതിലും, ദാവീദിന്റെ നഗര
ത്തിൽനിന്നും ഇറങ്ങുന്ന കല്പടവരെ
16 പണിതീർത്തു. തുടർന്ന് ബെത്സൂർ
അർദ്ധത്തിന് അധിപനായ അസ്ബുക്കി
ന്റെ മകൻ നെഹമിയാ ദാവീദിന്റെ കല്ലറ
യുടെ നേരെയുള്ള സ്ഥലംവരെയും, വെട്ടി
യുണ്ടാക്കിയ കുളംവരെയും ശക്തരുടെ
ഗേഹംവരെയുമുള്ള സ്ഥലങ്ങളുടെ കേടു
17 പാടു നീക്കി. അതിനെ തുടർന്ന് ലേവ്യനായ
ബാനിയുടെ മകൻ രെഹൂമും, തുടർന്ന്
കൊയിലാ ദേശത്തിന്റെ അർദ്ധ അധിപ
നായ ഹശബിയാ, തന്റെ ദേശത്തിന്റെ
18 പേരിൽ പണിതീർത്തു. അവന്റെ സഹോ

ദരൻ, കൊയിലാദേശത്തിന്റെ അർദ്ധ
അധിപനായ ഹനാദാദിന്റെ മകൻ ബാവാ
യിയും, തുടർന്ന് മിസ്പാ പ്രഭുവായ
യോശുവയുടെ മകൻ എവേർ, തെരുക്കോ
ണിലുള്ള ആയുധപ്പുരയിലേക്കുള്ള കയറ്റ
ത്തിനു നേരെ മറ്റൊരു ഭാഗവും പണി
തീർത്തു. തുടർന്ന് സബ്ബായിയുടെ മകൻ
ബറൂക്ക് ആ കോൺ തുടങ്ങി മഹാപുരോ
ഹിതനായ ഏലിയാശീബിന്റെ വീട്ടു
വാതിൽക്കൽവരെ, വേറൊരു ഭാഗം
ഉത്സാഹപൂർവ്വം പണിതീർത്തു. പിന്നീട്
നാട്ടുകാരായ പുരോഹിതന്മാരും, തുടർന്ന്
ബനിയാമീനും, ഹാശൂബും അവരുടെ
വീടിന് നേരെയുള്ള പണികൾ തീർത്തു.
തുടർന്ന്, ഹക്കോസിന്റെ മകനായ ഊറി
യായുടെ മകൻ മെരേമോത്ത് ഏലിയാശീ
ബിന്റെ വാതിൽ തുടങ്ങി വീടിന്റെ
അതിരുവരെ പണിതീർത്തു. അതിനുശേ 23
ഷം, ഹനനിയായുടെ മകനായ മയസേയാ
യുടെ മകൻ അസീറിയാ, സ്വഭവനത്തിനു
സമീപം കേടുപാടു തീർത്തു, തുടർന്ന്, 24
ഹേനാദാദിന്റെ മകൻ ബിനുവി അസറി
യായുടെ ഭവനം മുതൽ കോണിന്റെ
തിരുവുവരെ മറ്റൊരു ഭാഗവും തീർത്തു.
ഉസ്സായുടെ മകൻ പാലാൽ, കോണിനും, 25
കാരാഗൃഹത്തിന്റെ മുറ്റത്തോട് ചേർന്ന്,
രാജഗൃഹം കഴിഞ്ഞു മുന്നോട്ടുള്ള ഗോപുര
ത്തിനു നേരെയും തുടർന്ന് പോരെശിന്റെ
മകൻ പെദയായും കേടുപോക്കി. ദൈവാ 26
ലയഭൃത്യന്മാർ ഓഫേലിന് കിഴക്ക് നീർവാ
തിലിനു നേരേയുള്ള സ്ഥലംമുതൽ ഗോ
പുരംവരെ പാർത്തിരുന്നു. വലിയ ഗോപുര 27
ത്തിനു നേരെ, ഓഫേലിന്റെ മതിൽവരെ
മറ്റൊരു ഭാഗം തെക്കോവ്യർ പണിതീർത്തു.
അശ്വപടിവാതിൽ മുതൽ ഓരോ പുരോ 28
ഹിതനും, തന്റെ വീടിനു നേരെയുള്ള
ഭാഗം പണി തീർത്തു. തുടർന്ന് ഇമ്മേരി 29
ന്റെ മകൻ സാദോക്ക് സ്വഭവനത്തിനു
നേരെയും, കാവൽക്കാരൻ ശെഖന്യായുടെ
മകൻ ശെമയിയായും കേടുപോക്കി. തുടർ 30
ന്ന് ശെമല്യായുടെ മകൻ ഹനനിയായും
സാലാഫിന്റെ ആറാമത്തെ പുത്രൻ ഹാ
നൂനും, വേറൊരു ഭാഗം തീർത്തു. ബ്രാക്കി
യായുടെ മകൻ മശുല്ലാം തന്റെ ഭവന
ത്തിനു നേരെയും തട്ടാനായ മൽക്കിയ, 31
ഹമ്മിഫ് ഖാദ് വാതിലിനു നേരേ, ദൈവാ
ലയ ദാസരുടെയും വർത്തകരുടെയും
സ്ഥലംവരെയും കോണിങ്കലെ സൌധം
വരെയും പണിതീർത്തു. പ്രസ്തുത സൌധ 32
ത്തിനും ആട്ടുവാതിലിനും മദ്ധ്യേ തട്ടാ

ും വർത്തകന്മാരും അറ്റകുറ്റപ്പണികൾ
ഹിച്ചു.

അദ്ധ്യായം 4

ങ്ങളുടെ കോട്ടപണിയെപ്പറ്റി സൻ
ത്തു കേട്ടപ്പോൾ അവൻ ആധിയും
പവും നിറഞ്ഞ് യഹൂദന്മാരെ അപ
ിച്ചു. ഈ യഹൂദർ എന്താണു ചെ
ൻ ഉദ്യമിക്കുന്നത്? ഒറ്റ ദിനംകൊണ്ടു
തീർക്കുമോ? യാഗം കഴിക്കുമോ?
ത്തടങ്ങിക്കിടക്കുന്ന ചവറ്റുകൂന
ിനിന്ന് അവർ കല്ല് ഉണ്ടാക്കുമോ?
സ്വസഹോദരരും ശമറിയൻ സൈന്യ
കൾക്കെ പറഞ്ഞു. അവൻെറ അടു
നിന്ന അമ്മോന്യനായ തോബിയാ:
എത്ര പണിതാലും ഒരു കുറുക്കൻ
ും കയറിയാൽ അവരുടെ കോട്ട
തു വീഴും! എന്നു പറഞ്ഞു. ഞങ്ങ
ദൈവമേ, കേൾക്കണമെ! ഞങ്ങൾ
ാനിതരായിരിക്കുന്നു! അവരുടെ
അവരുടെ സ്വന്ത തലയിലേക്ക്
ണമെ. അന്യനാട്ടിൽ അവരെ
യ്ക്ക് ഏല്പിക്കണമേ! പണിയുന്ന
തിരായി അവർ നിന്നെ കോപിപ്പി
ുകയാൽ അവരുടെ അകൃത്യം മറ
ത; അവരുടെ പാപം നിൻെറ മു
നിന്നു മാഞ്ഞുപോകുകയുമരുതേ.
ന ഞങ്ങൾ കോട്ട പണിതു; വേല
വാൻ ജനത്തിനു ഉത്സാഹമുണ്ടാ
തിനാൽ കോട്ട മുഴുവൻ പാതി
രെ പണിയുവാൻ ജനം നിശ്ച

ുശലേമിൻെറ മതിലുകൾ അറ്റകുറ്റം
വരുന്നു എന്നും ഇടിഞ്ഞുകിടന്നവ
ു തുടങ്ങിയെന്നും സൻബെല്ല
ാബിയായും അരേബ്യരും അമ്മോ
സ്തോദ്യരും കേട്ടപ്പോൾ അവർക്കു
ാപമായി. യറുശലേമിനെതിരെ
ചെയ്യുവാനും അവിടെ കലഹം
ുവാനും അവർ ഒന്നിച്ചുകൂടി
ലാചന നടത്തി. അവരുടെ നിമിത്തം
കലും കാവൽക്കാരെ നിയമിച്ചു.
ദൈവത്തോടു പ്രാർത്ഥിച്ചു.
യഹൂദന്മാർ: കല്ലും മണ്ണും ഇനിയും
ുണ്ട്. കോട്ട പണിയുവാൻ നമുക്കു
യില്ല എന്നു പറഞ്ഞു. ഞങ്ങളുടെ
ളാ, നാം അവരുടെ ഇടയിലെത്തി
കൊന്ന് പണി മുടക്കുന്നതുവരെ
ന്നും അറിയുകയും കാണുകയു
ന്നു പറഞ്ഞു. അവരുടെ സമീപം
പാർത്ത യഹൂദന്മാർ പലയിടത്തുനിന്നും
വന്ന്: നിങ്ങൾ ഞങ്ങളുടെ അടുക്കൽ
വരുവിൻ എന്നു പത്തു പ്രാവശ്യം ഞങ്ങ
ളോട് അപേക്ഷിച്ചു. അതുകൊണ്ട് കോട്ടയു 13
ടെ പിൻഭാഗത്ത് ഉയരം കുറഞ്ഞ സ്ഥല
ങ്ങളിലും തുറസ്സായ സ്ഥലങ്ങളിലും ആളു
കളെ നിയമിച്ച് ജനത്തെ കുടുംബംകുടുംബ
മായി വാളുകളോടും കുന്തങ്ങളോടും
വില്ലുകളോടും കൂടെ നിർത്തി. ഞാൻ 14
എഴുന്നേറ്റ് പ്രഭുക്കന്മാരോടും പ്രമാണിക
ളോടും ശേഷം ജനത്തോടും: നിങ്ങൾ
അവരെ ഭയപ്പെടരുത്; വലിയവനും ഭയങ്കര
നുമായ കർത്താവിനെ ഓർത്ത് നിങ്ങളുടെ
സഹോദരങ്ങൾക്കും പുത്രന്മാർക്കും പുത്രി
മാർക്കും ഭാര്യമാർക്കും വീടുകൾക്കും
വേണ്ടി പൊരുതുവിൻ എന്നു പറഞ്ഞു.
ഞങ്ങൾക്കു അറിവു കിട്ടിയെന്നും ദൈവം 15
അവരുടെ ആലോചന നിഷ്ഫലമാക്കി
യെന്നും ഞങ്ങളുടെ ശത്രുക്കൾ കേട്ടു.
ഞങ്ങളെല്ലാവരും കോട്ടയിൽ അവനവ
ൻെറ ജോലിക്കു മടങ്ങിച്ചെന്നു. അന്നു 16
മുതൽ എൻെറ ഭൃത്യരിൽ പാതിപ്പേർ
വേലയ്ക്കു നിന്നു; പാതിപ്പേർ കുന്തവും
പരിചയും വില്ലും കവചവും ധരിച്ചു നിന്നു;
കോട്ട പണിയുന്ന എല്ലാ യഹൂദന്മാരു
ടേയും പിന്നിൽ ശുശ്രൂഷകർ നിന്നു. ചുമട്ടു 17
കാർ ഒരു കൈകൊണ്ടു വേല ചെയ്യുകയും
മറ്റേ കൈയിൽ ആയുധം പിടിക്കുകയും
ചെയ്തു. പണിയുന്നവർ അരയ്ക്കു വാൾ 18
കെട്ടിക്കൊണ്ടാണു പണിതത്. കാഹളം
ഊതുന്നവൻ എൻെറ പിമ്പിൽ തന്നെ
നിന്നു. ഞാൻ പ്രഭുക്കന്മാരോടും പ്രമാണി 19
കളോടും ശേഷം ജനങ്ങളോടും: ജോലി വ
ലിയതും വിപുലമായതുമാകുന്നു. നാം കോ
ട്ടയിൽ ചിതറി അകന്നാണ് നിൽക്കുന്നത്.
നിങ്ങൾ കാഹളനാദം കേൾക്കുമ്പോൾ 20
ഞങ്ങളുടെ അടുക്കൽ കൂടണം; നമ്മുടെ
ദൈവം നമുക്കു വേണ്ടി യുദ്ധം ചെയ്യും
എന്നു പറഞ്ഞു. അങ്ങനെ ഞങ്ങൾ പണി 21
നടത്തി. പാതിപ്പേർ രാവിലെമുതൽ
നക്ഷത്രം പ്രകാശിക്കുന്നതുവരെ കുന്തം
പിടിച്ചുനിന്നു. ആ കാലത്തു ഞാൻ 22
ജനത്തോടു: രാത്രിയിൽ നമുക്കു കാവലി
നും പകൽ ജോലി ചെയ്യുന്നതിനുമായി
ഓരോരുവൻ താന്താൻെറ വേലക്കാര
നുമായി യറുശലേമിനകത്തു പാർക്കണം
എന്നു പറഞ്ഞു. ഞാനോ എൻെറ 23
സഹോദരന്മാരോ എൻെറ ഭൃത്യന്മാരോ
എൻെറ കീഴിലുള്ള കാവൽക്കാരോ ആരും
ഒരു മാസത്തോളം വസ്ത്രം മാറിയില്ല;

കുളിക്കുന്ന സമയത്തുപോലും ആയുധം
ധരിച്ചിരുന്നു.

അദ്ധ്യായം 5

ജനവും അവരുടെ ഭാര്യമാരും യഹൂദ
ന്മാരായ തങ്ങളുടെ സഹോദരങ്ങളെപ്രതി
2 അത്യധികം വിലപിച്ചു. ഞങ്ങൾ ഞങ്ങളുടെ
പുത്രന്മാരും പുത്രിമാരുമായി വളരെപ്പേരു
ള്ളതിനാൽ ഞങ്ങളുടെ ഭക്ഷണത്തിനു
ധാന്യം വേണം എന്നു ചിലരും ഞങ്ങളുടെ
3 നിലങ്ങളും മുന്തിരിത്തോട്ടങ്ങളും വീടുകളും
പണയം എഴുതി ഈ ദുർഭിക്ഷകാലത്തു
ധാന്യം വാങ്ങേണ്ടിവന്നിരിക്കുന്നുവെന്നു
4 ചിലരും, രാജഭോഗം കൊടുക്കുവാൻ
ഞങ്ങൾ നിലങ്ങളിന്മേലും മുന്തിരിത്തോട്ട
ങ്ങളിന്മേലും പണം കടം മേടിച്ചിരിക്കുന്നു;
5 ഇപ്പോഴോ, ഞങ്ങളുടെ ദേഹം ഞങ്ങളുടെ
സഹോദരന്മാരുടെ ദേഹംപോലെയും
ഞങ്ങളുടെ മക്കൾ അവരുടെ മക്കളെപ്പോ
ലെയും ആകുന്നുവെങ്കിലും ഞങ്ങളുടെ
പുത്രന്മാരെയും പുത്രിമാരെയും ഞങ്ങൾ
ദാസ്യത്തിനു കൊടുക്കേണ്ടിവരുന്നു; ഞങ്ങ
ളുടെ പുത്രിമാരിൽ ചിലർ അടിമപ്പെട്ടു
പോയിരിക്കുന്നു. ഞങ്ങൾക്കു വേറെ വഴി
യില്ല. ഞങ്ങളുടെ നിലങ്ങളും മുന്തിരി
ത്തോട്ടങ്ങളും അന്യാധീനമായിരിക്കുന്നു
6 എന്നു വേറെ ചിലരും പറഞ്ഞു. അവരുടെ
നിലവിളിയും ഈ വാക്കുകളും കേട്ടപ്പോൾ
ഞാൻ സങ്കടപ്പെട്ടു; എന്റെ മനസ്സു
7 തകർന്നു. ഞാൻ പ്രഭുക്കന്മാരോടും പ്രമാ
ണികളോടും: നിങ്ങൾ ഓരോരുത്തരും
നിങ്ങളുടെ സഹോദരന്മാരോടു പലിശ
വാങ്ങുന്നുവല്ലോ എന്നു പറഞ്ഞു. അവർ
ക്കു വിരോധമായി ഞാൻ ഒരു മഹായോഗം
8 വിളിച്ചുകൂട്ടി. ജാതികൾക്കു വിറ്റിരുന്ന
നമ്മുടെ സഹോദരന്മാരായ യഹൂദന്മാരെ
നമ്മാൽ കഴിയുന്നിടത്തോളം നാം വീണ്ടെടു
ത്തിരിക്കുന്നു. നിങ്ങളോ, നമ്മുടെ സഹോ
ദരന്മാർ തങ്ങളെത്തന്നെ നമുക്കു വിൽക്കു
വാൻ തക്കവണ്ണം അവരെ വീണ്ടും വില്പി
ക്കുവാൻ പോകുന്നുവോ? എന്നു ഞാൻ
അവരോടു ചോദിച്ചു. അതിന്ന് ഒരു വാക്കും
പറയുവാൻ കഴിയാതെ അവർ മൗനമായി
9 നിന്നു. ഞാൻ പിന്നെയും പറഞ്ഞു: നിങ്ങൾ
ചെയ്യുന്ന കാര്യം നന്നല്ല. ചുറ്റുമുള്ള ജാതി
കളുടെ പ്രവൃത്തികൾപോലെ നിങ്ങളും
ചെയ്യുന്നു. നമ്മുടെ ദൈവത്തെ ഭയപ്പെട്ട്
10 നാം നടക്കുന്നില്ല. ഞാനും എന്റെ സഹോ
ദരന്മാരും എന്റെ മക്കളും ശേഖരിച്ച
ഗോതമ്പു വാങ്ങിച്ചു ജനത്തിലുള്ള ദരിദ്ര
ന്മാർക്കു കൊടുക്കുക. നിങ്ങൾ ഇന്നുതന്നെ 11
അവരുടെ നിലങ്ങളും മുന്തിരിത്തോട്ടങ്ങളും
ഒലിവുതോട്ടങ്ങളും വീടുകളും മടക്കിക്കൊ
ടുപ്പിൻ; ദ്രവ്യം, ധാന്യം, വീഞ്ഞ്, എണ്ണ എന്നി
വയും കൊടുപ്പിൻ. അതിന്ന് അവർ: ഞങ്ങൾ 12
മടക്കിക്കൊടുക്കാം. നീ പറയുന്നതുപോലെ
തന്നെ ഞങ്ങൾ ചെയ്യാം എന്നു പറഞ്ഞു.
അപ്പോൾ ഞാൻ പുരോഹിതന്മാരെ
വിളിച്ച് ഈ വാഗ്ദാനപ്രകാരം ചെയ്തു
കൊള്ളാമെന്ന് അവരുടെ മുമ്പിൽ വച്ച്
അവരെക്കൊണ്ട്, പൈതങ്ങളെക്കൊണ്ടു
പോലും, സത്യം ചെയ്യിച്ചു. ഞാൻ എന്റെ 13
മടി കുടഞ്ഞു. ഈ വാഗ്ദാനം പാലി
ക്കാത്ത ഏവനെയും അവന്റെ സമ്പാദ്യ
ത്തിൽനിന്നും ദൈവം ഇതുപോലെ കുട
ഞ്ഞുകളയട്ടെ; ഇങ്ങനെ അവൻ കുടയ
പ്പെട്ടും ഒഴിഞ്ഞുംപോകട്ടെ എന്നു പറ
ഞ്ഞു. സർവ്വസഭയും: ആമീൻ എന്നു പറ
ഞ്ഞു ദൈവത്തെ സ്തുതിച്ചു. ജനം ഈ
വാഗ്ദാനപ്രകാരം പ്രവർത്തിച്ചു, ഞാൻ 14
യഹൂദ്യാദേശത്ത് അവരുടെ ദേശാധിപതി
യായി നിയമിക്കപ്പെട്ട നാൾ മുതൽ, അർത്ഥ
ഹ്ശശ്ത്രാജാവിന്റെ ഇരുപതാം ആണ്ടു
മുതൽ അവന്റെ മുപ്പത്തിരണ്ടാം ആണ്ടു
വരെ പന്ത്രണ്ടു സംവത്സരം ഞാനും എന്റെ
സഹോദരന്മാരും ദേശാധിപതിക്കുള്ള 15
വീഞ്ഞും മറ്റും വാങ്ങിയില്ല. എനിക്കു മുമ്പെ
യുണ്ടായിരുന്ന ദേശാധിപതിമാർ ജനത്തി
നു ഭാരമായിരുന്നു. അവർ നാല്പതു
ശേക്കൽ വെള്ളിവീതം വാങ്ങിയതു കൂടാ
തെ അപ്പവും വീഞ്ഞും കൂടെ അവരോടു
വാങ്ങി; അവരുടെ ഭൃത്യന്മാരും ജനത്തി
ന്മേൽ കർത്തൃത്വം നടത്തിവന്നു. ഞാനോ,
ദൈവഭയംമൂലം അങ്ങനെ ചെയ്തില്ല.
ഞാൻ ഈ മതിലിന്റെ പണിയിൽ തന്നെ 16
ഉറ്റിരുന്നു. ഞാൻ ഒരു നിലവും വിലയ്ക്കു
വാങ്ങിയില്ല. എന്റെ ഭൃത്യന്മാരെല്ലാം ഈ
പണിയിൽ ചേർന്നു പ്രവർത്തിച്ചുപോന്നു.
യഹൂദന്മാരും പ്രമാണികളുമായ നൂറ്റമ്പതു 17
പേരല്ലാതെ, ചുറ്റുമുള്ള ജാതികളുടെ
ഇടയിൽനിന്നു ഞങ്ങളുടെ അടുക്കൽ
വന്നവരും, എന്റെ മേശയിങ്കൽ ഭക്ഷണം
കഴിച്ചുപോന്നു. എനിക്കു ഒരു ദിവസത്തേ 18
ക്കു ഒരു കാളയെയും വിശേഷമായ ആറ്
ആടുകളെയും പാകംചെയ്യും; പക്ഷികളെ
യും പാകംചെയ്യും. പത്തു ദിവസത്തിൽ ഒരി
ക്കൽ എല്ലാവിധ വീഞ്ഞും ധാരാളം കൊണ്ടു
വരും. ഇങ്ങനെയെല്ലാം വേണ്ടിയിരുന്നിട്ടും,
ഈ ജനത്തിന്റെ ക്ലേശം കഠിനമായിരുന്ന 19
തിനാൽ ദേശാധിപതിക്കുള്ള ഭോഗം ഞാൻ

ശ്യപ്പെട്ടില്ല. എന്റെ ദൈവമേ, ഞാൻ
ജനത്തിനു വേണ്ടി ചെയ്തതെല്ലാം
ക്കു നന്മയ്ക്കായി ഓർക്കണമേ.

അദ്ധ്യായം 6

ഞാൻ കോട്ട പണിതു. ആ കാലത്തു
ാതിലുകൾക്ക് കതകുകൾ വച്ചിരുന്നി
ലും കേടുപാടുകൾ ഒന്നും ശേഷിച്ചി
ു സൻബല്ലത്തും തോബിയായും
ന്യനായ ഗേശെമും ഞങ്ങളുടെ മറ്റു
ക്കളും കേട്ടപ്പോൾ സൻബല്ലത്തും
മും എന്റെ അടുക്കൽ ആളയച്ചു:
നമുക്കു ഓനേ സമഭൂമിയിലെ ഒരു
ിൽ യോഗം കൂടാം എന്നു പറയിച്ചു.
ചെയ്‌വാനായിരുന്നു അവർ ആലോ
ഞാൻ അവരുടെ അടുക്കലേക്കു
രെ അയച്ചുപറയിച്ചതു: "ഞാൻ ഒരു
ജോലി ചെയ്തുവരുന്നു. എനിക്ക്
ട്ടു വരുവാൻ സാദ്ധ്യമല്ല. ഞാൻ
ിട്ടു നിങ്ങളുടെ അടുക്കൽ വരുന്ന
അതിനു മെനക്കേടു വരും." അവർ
പ്രാവശ്യം ഇങ്ങനെ എന്റെ അടു
ആളയച്ചു. ഞാൻ ഇങ്ങനെതന്നെ
പറഞ്ഞയച്ചു. സൻബല്ലത്ത് അങ്ങ
ന്ന അഞ്ചാം പ്രാവശ്യവും തന്റെ
ഒരു എഴുത്തുമായി എന്റെ അടു
യച്ചു. അതിൽ എഴുതിയിരുന്നത്:
യഹൂദന്മാരും മത്സരിക്കുവാൻ
ന്നു; അതു മൂലമാകുന്നു, നീ
പണിയുന്നത്; നീ അവർക്കു
കുവാൻ വിചാരിക്കുന്നു എന്ന
സാരം. യഹൂദ്യയിൽ ഒരു രാജാ
നു നിന്നെക്കുറിച്ചു യറുശലേ
സംഗിക്കുവാൻ നീ പ്രവാചക
ിയമിച്ചിരിക്കുന്നു എന്നിങ്ങനെ
ുടെ ഇടയിൽ ഒരു സംസാര
ശെമും അങ്ങനെതന്നെ പറയു
ാവും ഇപ്പോൾ ഈ വാർത്ത
ആകയാൽ വരിക; നാം തമ്മിൽ
ന ചെയ്യുക." അതിന്നു ഞാൻ
അടുക്കൽ ആളയച്ചു പറയിച്ചതു;
ുന്നതുപോലെയുള്ള കാര്യമൊ
ുന്നില്ല; അതു നീ സ്വയം സങ്ക
ുന്നു." ജോലി നടക്കാതവണ്ണം
ധൈര്യം ക്ഷയിച്ചുപോകണമെ
ത് അവർ ഞങ്ങളെ ഭയപ്പെടു
നോക്കി. ആകയാൽ ദൈവമേ,
ര്യപ്പെടുത്തണമേ.
ഞാൻ മെഹേതബേലിന്റെ
ലയായുടെ മകൻ ശെമയായുടെ
വീട്ടിൽ ചെന്നു. അവൻ വാതിലടച്ച് അക
ത്തിരിക്കുകയായിരുന്നു. "നാം ഒരുമിച്ചു
ദേവാലയത്തിൽ മന്ദിരത്തിനകത്തു കട
ന്നു വാതിൽ അടയ്ക്കുക; നിന്നെ കൊല്ലു
വാൻ വരുന്നുണ്ടു; അവർ രാത്രിയിൽ വരും,"
എന്ന് അവൻ പറഞ്ഞു. അതിനു ഞാൻ: 11
"എന്നെപ്പോലെയുള്ള ഒരാൾ ഓടിപ്പോ
കുമോ? എന്നെപ്പോലെയുള്ള ഒരുവൻ ജീവ
രക്ഷയ്ക്കായി മന്ദിരത്തിലേക്കു പോകു
മോ? ഞാൻ പോകയില്ല" എന്നു പറഞ്ഞു.
ദൈവം അവനെ അയച്ചതല്ല; തോബിയാ 12
യും സൻബല്ലത്തും അവനു കൈക്കൂലി
കൊടുത്തിരുന്നതിനാൽ അവൻ എനിക്കു
വിരോധമായി പ്രവചനം പറഞ്ഞതാണ്
എന്നു എനിക്കു മനസ്സിലായി, ഞാൻ 13
ഭയപ്പെട്ടു അങ്ങനെ പ്രവർത്തിച്ചു പാപം
ചെയ്യേണ്ടതിനും എന്നെ ദുഷിക്കത്തക്ക
വണ്ണം അപവാദത്തിനു കാരണം കിട്ടേണ്ടതി
നും അവർ അവനു കൈക്കൂലി കൊടുത്തി
രുന്നു. എന്റെ ദൈവമേ, തോബിയായും 14
സൻബല്ലത്തും ചെയ്ത ഈ പ്രവൃത്തികൾ
ക്കു തക്കവണ്ണം അവരെയും, നോവദ്യാ
എന്ന പ്രവാചകിയെയും എന്നെ ഭയപ്പെടു
ത്തുവാൻ നോക്കിയ മറ്റു പ്രവാചകന്മാ
രെയും ഓർക്കണമേ.

ഇങ്ങനെ കോട്ട അൻപത്തിരണ്ടു 15
ദിവസംകൊണ്ടു പണിതു. ഈലൂൽ മാസം
ഇരുപത്തിരണ്ടാം തീയതി തീർത്തു. ഞങ്ങ 16
ളുടെ സർവശത്രുക്കളും അതുകേട്ടപ്പോൾ,
ഞങ്ങളുടെ ചുറ്റുമുള്ള ജാതികൾ ആകെ
ഭയപ്പെട്ടു; അവർ ഞങ്ങളുടെ മുമ്പിൽ
വിറച്ചു. ഈ പ്രവൃത്തി ഞങ്ങളുടെ ദൈവ
ത്തിന്റെ സഹായത്താൽ സാദ്ധ്യമായി
എന്ന് അവർ ഗ്രഹിച്ചു. ആ കാലത്തു 17
യഹൂദാപ്രഭുക്കന്മാർ തോബിയായ്ക്ക്
അനേകം എഴുത്ത് അയയ്ക്കുകയും തോ
ബിയായുടെ എഴുത്തു അവർക്കു വരികയും
ചെയ്തു. അവൻ ആരഹിന്റെ മകനായ 18
ശെഖന്യായുടെ മരുമകൻ ആയിരുന്നതു
കൊണ്ടും അവന്റെ മകൻ യോഹാനാൻ
ബെരഖ്യായുടെ മകനായ മെശുല്ലാമിന്റെ
മകളെ വിവാഹംചെയ്തിരുന്നതുകൊ
ണ്ടും യഹൂദ്യയിൽ അനേകർ അവനു
മായി സഖ്യം ചെയ്തിരുന്നു. അത്രയുമല്ല, 19
അവർ അവന്റെ വൈശിഷ്ട്യം എന്റെ
മുമ്പാകെ പ്രസ്താവിക്കുകയും എന്റെ
വാക്കുകൾ അവനെ അറിയിക്കുകയും
ചെയ്തു. അതുകൊണ്ട് എന്നെ ഭയപ്പെടു
ത്തുവാൻ തോബിയാ എഴുത്തയച്ചുകൊ
ണ്ടിരുന്നു.

അദ്ധ്യായം 7

1 കോട്ട പണിതു തീർന്നു കതകുകൾ
വയ്ക്കുകയും വാതിൽ കാവൽക്കാരെയും
സംഗീതക്കാരെയും ലേവ്യരെയും നിയമി
2 ക്കുകയും ചെയ്തശേഷം ഞാൻ എന്റെ
സഹോദരനായ ഹനാനിയെയും കോട്ട
യുടെ അധിപനായ ഹനന്യാവെയും യറു
ശലേമിന്നു അധിപതികളായി നിയമിച്ചു.
ഇവൻ തിന്മയിൽനിന്ന് അകന്നവനും
വിശ്വസ്തനും ദൈവഭക്തനും ആയിരുന്നു.
3 ഞാൻ അവരോടു: വെയിൽ ഉറയ്ക്കുന്നതു
വരെ യറുശലേമിന്റെ വാതിലുകൾ തുറ
ക്കരുത്. സന്ധ്യയാകാറാകുമ്പോൾ കത
കടച്ചു അന്താഴം ഇടുവിക്കണം. യറുശലേം
നിവാസികളിൽനിന്നു കാവല്ക്കാരെ നിയ
മിച്ചു ഓരോരുവനെ താന്താന്റെ കാവൽ
സ്ഥലത്തും താന്താന്റെ വീടിനു നേരെ
യുമായി നിർത്തിക്കൊളളണമെന്നു പറ
4 ഞ്ഞു. പട്ടണം വിശാലവും വലിയതും അക
ത്തു ജനം കുറവുമായിരുന്നു; വീടുകൾ
5 പണിതിരുന്നില്ല. വംശാവലിപ്രകാരം എണ്ണം
നോക്കേണ്ടതിനു പ്രഭുക്കന്മാരെയും പ്രമാ
ണികളെയും ജനത്തെയും വരുത്തു
വാൻ എന്റെ ദൈവം എന്റെ മനസ്സിൽ
തോന്നിച്ചു. ആദ്യം മടങ്ങിവന്നവരുടെ
ഒരു വംശാവലിരേഖ എനിക്കു കിട്ടി.
6 അതിൽ എഴുതിക്കണ്ടതെന്തെന്നാൽ:
ബാബേൽ രാജാവായ നെബുഖദ്നേസർ
പിടിച്ചുകൊണ്ടുപോയ ബദ്ധന്മാരുടെ
പ്രവാസത്തിൽനിന്നു പുറപ്പെട്ട്, യറുശലേ
മിലേക്കും യഹൂദ്യയിലേക്കും സ്വന്തപട്ടണ
ത്തിലേക്കും മടങ്ങിവന്ന ദേശനിവാസികൾ:
7 ഇവർ സെരുബ്ബാബേൽ, യോശുവ, നെഹ
മ്യാ, അസറിയാ, റയമ്യാ, നഹമാനി, മൊർദ്ദെ
ഖായി, ബിൽശാൻ, മിസ്പേരെത്ത്, ബിഗ്വാ
യി, നെഹൂം ബയനാ എന്നിവരോടു കൂടെ
മടങ്ങിവന്നു. ഇസ്രായേൽ ജനത്തിലെ
8 പുരുഷന്മാരുടെ സംഖ്യ—പരോശിന്റെ
മക്കൾ രണ്ടായിരത്തൊരുനൂറ്റെഴുപത്തി
9 രണ്ടു, ശെഫത്യായുടെ മക്കൾ മുന്നൂറ്റെഴു
10 പത്തി രണ്ട്, ആരഹിന്റെ മക്കൾ അറുനൂറ്റ
11 മ്പത്തിരണ്ടു. യോശുവയുടെയും യോവാ
ബിന്റെയും മക്കളിൽ പഹത്ത് —മോവാ
ബിന്റെ മക്കൾ രണ്ടായിരത്തെണ്ണൂറ്റിപ്പതി
12 നെട്ട്, ഏലാമിന്റെ മക്കൾ ആയിരത്തിരു
13 ന്നൂറ്റമ്പത്തിനാലു, സത്ഥൂവിന്റെ മക്കൾ
14 എണ്ണൂറ്റി നാല്പത്തിയഞ്ച്, സക്കായിയുടെ
15 മക്കൾ എഴുനൂറ്ററുപതു. ബിനൂവിയുടെ
16 മക്കൾ അറുനൂറ്റിനാല്പത്തിയെട്ട്. ബേബാ
യിയുടെ മക്കൾ അറുനൂറ്റിരുപത്തെട്ടു.
അസ്ഗാദിന്റെ മക്കൾ രണ്ടായിരത്തി 17
മുന്നൂറ്റിരുപത്തിരണ്ടു. അദോനിക്കാമിന്റെ 18
മക്കൾ അറുനൂറ്ററുപത്തിയേഴ്. ബിഗ്വായി 19
യുടെ മക്കൾ രണ്ടായിരത്തറുപത്തേഴ്.
ആദിന്റെ മക്കൾ അറുനൂറ്റമ്പത്തഞ്ച്. 20
ഹിസ്കിയായുടെ സന്തതിയായ ആതേരി 21
ന്റെ മക്കൾ തൊണ്ണൂറ്റെട്ട്. ഹാശൂമിന്റെ 22
മക്കൾ മുന്നൂറ്റിരുപത്തെട്ട്. ബേസായിയുടെ
മക്കൾ മുന്നൂറ്റിരുപത്തിനാല്. ഹാരീഫിന്റെ 24
മക്കൾ നൂറ്റിപ്പന്ത്രണ്ട്. ഗിബയോന്യർ 25
തൊണ്ണൂറ്റഞ്ചു. ബേത്‌ലഹേമ്യരും നെതോ 26
ഫാത്യരും കൂടെ നൂറ്റെൺപത്തെട്ട്. അനാ
ഥോത്യർ നൂറ്റിരുപത്തെട്ടു. ബേത്-അസ്മാ 28
വേത്യർ നാല്പത്തിരണ്ടു. കുര്യത്-യെ 29
യാരീം, കെഫീറാ, ബെയരോത് എന്നിവ
യിലെ നിവാസികൾ എഴുനൂറ്റിനാല്പത്തി
മൂന്നു. റാമക്കാരും ഗേബക്കാരും അറുനൂറ്റി 30
രുപത്തൊന്നു. മിക്മാസ് നിവാസികൾ 31
നൂറ്റിരുപത്തിരണ്ടു. ബെഥേൽക്കാരും 32
ഹായിക്കാരും നൂറ്റിരുപത്തിമൂന്നു. നെബോ 33
വിലെ നിവാസികൾ അമ്പത്തിരണ്ടു.
ഏലാമിലെ നിവാസികൾ ആയിരത്തിരു 34
നൂറ്റമ്പത്തിനാലു. ഹാരീമിന്റെ മക്കൾ 35
മുന്നൂറ്റിരുപതു. യറിഹോ നിവാസികൾ 36
മുന്നൂറ്റിനാല്പത്തഞ്ചു. ലോദിലെയും 37
ഹാദീദിലെയും ഓനോയിലെയും നിവാസി
കൾ എഴുന്നൂറ്റിരുപത്തൊന്നു. സേനായാ 38
നിവാസികൾ മൂവായിരത്തിത്തൊള്ളാ
യിരത്തിമുപ്പതു. പുരോഹിതന്മാർ: യോശു 39
വയുടെ ഗൃഹത്തിലെ യെദയായുടെ
മക്കൾ തൊള്ളായിരത്തെഴുപത്തിമൂന്ന്.
ഇമ്മേരിന്റെ മക്കൾ ആയിരത്തമ്പത്തി 40
രണ്ടു. പശ്ഹൂരിന്റെ മക്കൾ ആയിരത്തി 41
രുന്നൂറ്റി നാല്പത്തിയേഴു. ഹാരിമിന്റെ 42
മക്കൾ ആയിരത്തിപ്പതിനേഴു. ലേവ്യർ: 43
ഹോദെവയുടെ മക്കളിൽ കദ്മിയേലി
ന്റെ മകനായ യോശുവയുടെ മക്കൾ
എഴുപത്തിനാലു. സംഗീതക്കാർ: ആസാ 44
ഫ്യർ നൂറ്റിനാല്പത്തെട്ടു. വാതിൽകാവ 45
ല്ക്കാർ: ശല്ലൂമിന്റെ മക്കൾ, ആതേരിന്റെ
മക്കൾ, തൽമോന്റെ മക്കൾ, അക്കൂബി
ന്റെ മക്കൾ, ഹതിതയുടെ മക്കൾ, ശോബാ
യിയുടെ മക്കൾ, ആകെ നൂറ്റിമുപ്പത്തെട്ട്.
ദൈവാലയ വേലക്കാർ: സീഹയുടെ മക്കൾ, 46
ഹസൂഫയുടെ മക്കൾ, തബ്ബയോത്തിന്റെ
മക്കൾ, കേരോസിന്റെ മക്കൾ, സീയായു 47
ടെ മക്കൾ, പാദോന്റെ മക്കൾ, ലെബാനാ 48
യുടെ മക്കൾ, ഹഗാബയുടെ മക്കൾ, സൽമാ
യിയുടെ മക്കൾ, ഹാനാന്റെ മക്കൾ, ഗിദ്ദേ 49

മക്കൾ, ഗാഹരിൻെറ മക്കൾ, രെയ
ുടെ മക്കൾ, റെസിൻെറ മക്കൾ,
ാദയുടെ മക്കൾ, ഗസാമിൻെറ
ഉസ്സയുടെ മക്കൾ, പാസേഹയുടെ
ബേസായിയുടെ മക്കൾ, മെയൂന്യ
ൾ, നെഫീത്യരുടെ മക്കൾ, ബക്
ൻെറ മക്കൾ, ഹക്കൂഫയുടെ മക്കൾ,
ിൻെറ മക്കൾ, ബസ്‌ലീത്തിൻെറ
മഹീദയുടെ മക്കൾ, ഹർശയുടെ
ബർക്കോസിൻെറ മക്കൾ, സിസര
ൾ, തേമഹിൻെറ മക്കൾ, നെസീ
മക്കൾ, ഹതീഫയുടെ മക്കൾ.
ാമോൻെറ ദാസന്മാരുടെ മക്കൾ:
യിയുടെ മക്കൾ, സോഫെരേ
മക്കൾ, പെരീദയുടെ മക്കൾ,
ട മക്കൾ, ദർക്കോൻെറ മക്കൾ,
ൻെറ മക്കൾ, ശെഫത്യായുടെ
ത്തീലിൻെറ മക്കൾ, പൊക്കേര
വായീമിൻെറ മക്കൾ, ആമോൻെറ
ദവാലയദാസന്മാരും ശലോമോ
ന്മാരുടെ മക്കളും ആകെ മുന്നൂറ്റി
ിരണ്ട്. തേൽമേലഹ്, തേൽ
കരൂബ്, അദ്ദോൻ, ഇമ്മേർ എന്നീ
ളിൽനിന്നു മടങ്ങിവന്നവർ ഇവർ.
അവർ ഇസ്രായേല്യർതന്നെയോ
ങ്ങളുടെ പിതൃഭവനവും വംശോ
ം കാണിപ്പാൻ അവർക്കു കഴി
ലയായുടെ മക്കൾ, തോബിയാ
ൾ, നെക്കോദയുടെ മക്കൾ;
റുനൂറ്റിനാല്പത്തിരണ്ടു പേർ.
ന്മാരിൽ: ഹോബയ്യുടെ മക്കൾ,
ൻെറ മക്കൾ, ഗിലയാദ്യനായ
യിയുടെ ഒരു പുത്രിയെ വിവാഹം
വരുടെ പേരിൻപ്രകാരം വിളി
ർസില്ലായിയുടെ മക്കൾ. ഇവർ
രഖ അന്വേഷിച്ചു, കണ്ടെത്തി
കൊണ്ടു അവരെ പൗരോഹിത്യ
ു നീക്കിക്കളഞ്ഞു. മഹാപുരോ
ുന്നേൽക്കുംവരെ അവർ അതി
യതു തിന്നരുതെന്നു ദേശാധി
ോടു കല്പിച്ചു.
കെ നാല്പത്തീരായിരത്തിമു
പേരായിരുന്നു. അവരുടെ ദാസീ
ഏഴായിരത്തി മുന്നൂറ്റി മുപ്പ
ര കൂടാതെതന്നെ അവർക്കു
ാല്പത്തഞ്ചു സംഗീതക്കാരും
രികളും ഉണ്ടായിരുന്നു. അവർ
റ്റിമുപ്പത്താറു കുതിരയും ഇരു
പത്തഞ്ചു കോവർകഴുതയും
ുത്തഞ്ച് ഒട്ടകവും ആറായിര

ത്തെഴുനൂറ്റിരുപതു കഴുതയും ഉണ്ടായിരു
70 ന്നു. പിതൃഭവനത്തലവന്മാരിൽ ചിലരും
പുരോഹിതന്മാരും പണിക്കായി ആയിരം
തങ്കക്കാശും അമ്പതു കിണ്ണങ്ങളും അഞ്ഞൂറ്റി
മുപ്പതു പുരോഹിതവസ്ത്രവും ഭണ്ഡാര
ത്തിലേക്കു കൊടുത്തു. കുടുംബത്തലവ 71
ന്മാരിൽ ചിലർ പണിവക ഭണ്ഡാരത്തി
ലേക്കു ഇരുപതിനായിരം തങ്കക്കാശും
രണ്ടായിരത്തിരുനൂറു 'മാനേ' വെള്ളിയും 72
കൊടുത്തു. ശേഷമുള്ള ജനം ഇരുപതിനാ
യിരം തങ്കക്കാശും രണ്ടായിരം 'മാനേ'
വെള്ളിയും അറുപത്തേഴു പുരോഹിത 73
വസ്ത്രവും കൊടുത്തു. അങ്ങനെ പുരോ
ഹിതന്മാരും ലേവ്യരും വാതിൽകാവൽ
ക്കാരും സംഗീതക്കാരും ജനത്തിൽ ചിലരും
ദൈവാലയദാസന്മാരും എല്ലാ ഇസ്രായേലും
അവരവരുടെ പട്ടണങ്ങളിൽ പാർത്തു.

അദ്ധ്യായം 8

ഇസ്രായേൽ മക്കൾ സ്വന്ത പട്ടണങ്ങ 1
ളിൽ പാർക്കുമ്പോൾ ഏഴാം മാസത്തിൽ
സകല ജനവും നീർവാതിലിൻെറ മുമ്പിൽ
ഉള്ള വിശാലസ്ഥലത്തു വന്നുകൂടി,
ദൈവം ഇസ്രായേലിനു കല്പിച്ചുകൊടുത്ത
മോശയുടെ ന്യായപ്രമാണചുരുൾ കൊണ്ടു
വരുവാൻ എസ്രാ ശാസ്ത്രിയോടു പറ
ഞ്ഞു. ഏഴാം മാസം ഒന്നാം തീയതി 2
എസ്രാപുരോഹിതൻ, പുരുഷന്മാരും സ്ത്രീ
കളും കേൾപ്പാൻ ഒരുങ്ങി വന്ന എല്ലാവരു
മായ സഭയുടെ മുമ്പാകെ ന്യായപ്രമാണം
കൊണ്ടുവന്നു, നീർവാതിലിനെതിരെയു 3
ള്ള സമതലസ്ഥലത്തു വച്ചു രാവിലെ
തുടങ്ങി ഉച്ചവരെ, പുരുഷന്മാരുടെയും
സ്ത്രീകളുടെയും, എല്ലാ ശ്രോതാക്കളു
ടെയും മുമ്പിൽ ന്യായപ്രമാണം വായിച്ചു.
സർവ്വജനവും ശ്രദ്ധിച്ചു കേട്ടു. ഈ ആവശ്യ 4
ത്തിനു സജ്ജമാക്കിയിരുന്ന ഒരു പ്രസംഗ
പീഠത്തിൽ എസ്രാ ശാസ്ത്രി കയറി നിന്നു;
അവൻെറ അടുത്തു വലത്തു ഭാഗത്തു
മത്ഥിത്ഥ്യാ, ശേമാ, അനായാ, ഊരിയാ,
ഹില്ക്കിയാ, മയസേയാ എന്നിവരും
ഇടത്തു ഭാഗത്തു പെദായാ, മീശായേൽ,
മല്ക്കിയാ, ഹാശും, ഹശ്ബദ്ദാനാ, സ്ക്കറി
യാ, മെശുല്ലാം എന്നിവരും നിന്നു. എസ്രാ 5
സകല ജനവും കാൺകെ ചുരുൾ വിടർത്തു.
അവൻ സകല ജനത്തിനും നേരെയായി
രുന്നു. അതു വിടർത്തപ്പോൾ ജനമെല്ലാം
എഴുന്നേറ്റു നിന്നു. എസ്രാ മഹോന്നത 6
ദൈവമായ കർത്താവിനെ സ്തുതിച്ചു. ജന
മെല്ലാം കൈ ഉയർത്തി ആമീൻ, ആമീൻ

എന്നു പ്രതിവാക്യവും പറഞ്ഞു. സാഷ്ടാം
7 ഗം വീണു കർത്താവിനെ സ്തുതിച്ചു. യോശു
വ, ബാനി, ശെരബ്യാ, യാമീൻ, അക്കൂബ്,
ശബത്തായി, ഹോദിയാ, മയസേയാ,
കെലിത്താ, അസറിയാ, യോസാബാദ്,
ഹാനാൻ, പെലയാ എന്നിവരും ലേവ്യരും
ജനത്തിനു ന്യായപ്രമാണം ശുശ്രൂഷ ചെ
8 യ്തു. ഇങ്ങനെ അവൻ ദൈവത്തിൻെറ ന്യാ
യപ്രമാണം സ്പഷ്ടമായി വായിച്ചു കേൾ
പ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവ
ണ്ണം അർത്ഥം പറഞ്ഞു കൊടുക്കുകയും
9 ചെയ്തു. പുരോഹിതശ്രേഷ്ഠനായ
നെഹമ്യായും ശാസ്ത്രിയായ എസ്രാ
പുരോഹിതനും ജനത്തെ ഉപദേശിച്ചിരുന്ന
ലേവ്യരും സകല ജനത്തോടും: ഈ ദിവസം
നിങ്ങളുടെ ദൈവമായ കർത്താവിനു
വിശുദ്ധമാകുന്നു. നിങ്ങൾ ദുഃഖിക്കുകയും
കരയുകയും അരുതു എന്നു പറഞ്ഞു.
ജനമെല്ലാം ന്യായപ്രമാണവാക്യങ്ങൾ
10 കേട്ടപ്പോൾ കരഞ്ഞുപോയിരുന്നു. അന
ന്തരം അവൻ അവരോടു: നിങ്ങൾ ചെന്നു
മൃഷ്ടാന്നഭോജനവും പാനീയവും കഴിച്ചു,
തങ്ങൾക്കായി ഒരുക്കിയിട്ടില്ലാത്തവർക്കു
പകർച്ച കൊടുത്തയപ്പിൻ. ഈ ദിവസം
കർത്താവിനു വിശുദ്ധമാകുന്നു. നിങ്ങൾ
ദുഃഖിക്കരുത്. ഇന്നു കർത്താവിൻെറ
സന്തോഷദിവസമത്രെ. അവൻ നിങ്ങൾ
ക്കു സഹായിയാകുന്നു എന്നു പറഞ്ഞു.
11 അങ്ങനെതന്നെ ലേവ്യരും: നിങ്ങൾ മിണ്ടാ
തിരിപ്പിൻ. ഈ ദിവസം വിശുദ്ധമല്ലോ.
നിങ്ങൾ ദുഃഖിക്കരുത് എന്നു പറഞ്ഞു.
സകല ജനത്തെയും സമാശ്വസിപ്പിച്ചു.
12 തങ്ങളോടറിയിച്ച വചനം ബോദ്ധ്യമായതു
കൊണ്ടു ജനമെല്ലാം പോയി തിന്നുകയും
കുടിക്കുകയും, ഇല്ലാത്തവർക്കു പകർച്ച
കൊടുത്തയയ്ക്കുകയും അത്യന്തം സന്തോ
ഷിക്കുകയും ചെയ്തു.
13 പിറെറ ദിവസം സർവ്വജനത്തിൻെറയും
കുടുംബത്തലവന്മാരും പുരോഹിതന്മാരും
ലേവ്യരും ന്യായപ്രമാണവാക്യങ്ങളെ
കേൾക്കേണ്ടതിനു എസ്രാശാസ്ത്രിയുടെ
14 അടുക്കൽ കൂടി. ദൈവം മോശ മുഖാന്തരം
കൊടുത്തിരുന്ന ന്യായപ്രമാണത്തിൽ:
ഏഴാം മാസത്തിലെ പെരുനാളിൽ ഇസ്രാ
15 യേൽ മക്കൾ കൂടാരങ്ങളിൽ പാർക്കണ
മെന്ന്, എഴുതിയിരിക്കുന്നതുപോലെ
കൂടാരം ഉണ്ടാക്കുവാൻ നിങ്ങൾ മലയിൽ
ചെന്നു ഒലിവുകൊമ്പു, കാട്ടൊലിവു
കൊമ്പു, കൊഴുന്തുകൊമ്പ്, ഈന്തുമടൽ,
തഴച്ച വൃക്ഷങ്ങളുടെ കൊമ്പ് എന്നിവ
കൊണ്ടുവരുവിൻ എന്നു അവരുടെ എല്ലാ
പട്ടണങ്ങളിലും യറുശലേമിലും അറിയിച്ചു
പ്രസിദ്ധപ്പെടുത്തണമെന്ന് എഴുതിയിരി
ക്കുന്നതായി അവർ കണ്ടു. ജനം പോയി, 16
ഓരോരുവൻ സ്വന്തവീടിൻെറ മുകളിലും
മുററത്തും ദൈവാലയത്തിൻെറ പ്രാകാര
ങ്ങളിലും നീർവാതിൽക്കലെ മൈതാനസ്ഥ
ലത്തും എഫ്രയീം വാതിൽക്കലെ സമതല
ത്തിലും കൂടാരങ്ങളുണ്ടാക്കി. പ്രവാസ 17
ത്തിൽ നിന്നു മടങ്ങിവന്നവരുടെ സർവ്വ
സഭയും കൂടാരങ്ങൾ ഉണ്ടാക്കി കൂടാരങ്ങ
ളിൽ പാർത്തു. നൂൻെറ മകനായ യോശുവ
യുടെ കാലം മുതൽ അന്നുവരെ ഇസ്രാ
യേൽമക്കൾ അങ്ങനെ ചെയ്യാതിരുന്നതു
കൊണ്ട് അന്ന് ഏററവും വലിയ സന്തോഷ
മുണ്ടായി. ആദ്യദിവസം മുതൽ അവസാന 18
ദിവസംവരെ അവർ പ്രതിദിനം ദൈവത്തി
ൻെറ ന്യായപ്രമാണപുസ്തകം വായിച്ചു.
അങ്ങനെ അവർ ഏഴു ദിവസം പെരുനാൾ
ആചരിച്ചു. എട്ടാം ദിവസം നിയമപ്രകാരം
വിശുദ്ധസഭായോഗം കൂടുകയും ചെയ്തു.

അദ്ധ്യായം 9

ആ മാസം ഇരുപത്തിനാലാം തീയതി
ഇസ്രായേൽ മക്കൾ ഉപവസിച്ചും രട്ടുടുത്തും
തലയിൽ പൂഴി വാരിയിട്ടും കൊണ്ടു
കൂടിവന്നു. ഇസ്രായേൽ മക്കളായവർ 2
സകല വിജാതീയരിൽ നിന്നും വേർതിരി
ഞ്ഞു നിന്നു തങ്ങളുടെ പാപങ്ങളും സ്വപി
താക്കന്മാരുടെ അകൃത്യങ്ങളും ഏററു പറ
ഞ്ഞു. പിന്നെ അവർ അവരുടെ സ്ഥാന 3
ങ്ങളിൽ എഴുന്നേററു നിന്നു, അന്ന് ഒരു യാമ
ത്തോളം അവരുടെ ദൈവമായ കർത്താവി
ൻെറ ന്യായപ്രമാണചുരുൾ വായിച്ചു കേൾ
ക്കുകയും പിന്നെ ഒരു യാമത്തോളം പാപങ്ങ
ളെ ഏറ്റു പറയുകയും ചെയ്തു. അവരുടെ
ദൈവമായ കർത്താവിനെ നമസ്ക്കരിക്കു
കയും ചെയ്തു. ലേവ്യരിൽ യേശുവ, ബാനി, 4
കദ്മിയേൽ, ശെബന്യാ, ബുന്നി, ശെരബ്യാ,
ബാനി, കെനാനി എന്നിവർ ലേവ്യർക്കു
നിൽപ്പാനുള്ള പടികളിൽ നിന്നുകൊണ്ടു
അവരുടെ ദൈവമായ കർത്താവിനോടു
ഉറക്കെ നിലവിളിച്ചു. പിന്നെ യേശുവ, 5
കദ്മിയേൽ, ബാനി, ഹശബ്ന്യാ, ഹോദിയാ,
ശെബന്യാ, പെദഹ്യാ എന്നീ ലേവ്യർ പറ
ഞ്ഞതു: നിങ്ങൾ എഴുന്നേററു നിങ്ങളുടെ
ദൈവമായ കർത്താവിനെ എന്നെന്നേക്കും
വാഴ്ത്തുവിൻ. സകല പ്രശംസയ്ക്കും സ്തുതി
ക്കും മീതെ ഉയർന്നിരിക്കുന്ന നിൻെറ മഹ
നീയനാമം വാഴ്ത്തപ്പെടുമാറാകട്ടെ. നീ, നീ

ം ദൈവം ആകുന്നു. നീ ആകാശ
യും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവ
പ സർവ്വസൈന്യത്തെയും ഭൂമിയെയും
ിലുള്ള സകലത്തെയും സമുദ്രങ്ങ
ം അവയിലുള്ള എല്ലാം ഉണ്ടാക്കി. നീ
യെ എല്ലാം ഉളവാക്കി. ആകാശ
ന്യം നിന്നെ വന്ദിക്കുന്നു. അബ്രാമിനെ
ഞ്ഞെടുത്ത് അവനെ കൽദയ പട്ടണ
ഊരിൽനിന്നു കൊണ്ടുവന്ന് അവന്
ാഹാം എന്നു പേരിട്ട ദൈവമായ
ാവു നീതന്നേ. നീ അവന്റെ ഹൃദയം
ൗ മുമ്പാകെ വിശ്വസ്തമായി കണ്ടു.
ന്യർ. ഹിത്യർ, അമോര്യർ, പെരിസ്യർ,
സ്യർ, ഗിർഗ്ഗസ്യർ എന്നിവരുടെ ദേശം
ന്റെ സന്തതിക്കു കൊടുക്കും എന്നു
വനോടു ഒരു ഉടമ്പടി ചെയ്തു. നീ
ാനാകയാൽ നിന്റെ വചനങ്ങൾ
ത്തിച്ചുമിരിക്കുന്നു. മെസ്രേനിൽ
ളുടെ പിതാക്കന്മാരുടെ പീഡ നീ
കയും ചെങ്കടലിന്റെ അടുത്തു വച്ച്
ടെ നിലവിളി കേൾക്കുകയും, ഫറവോ
അവന്റെ സകല ദാസന്മാരിലും
ന്റെ ദേശത്തെ സകല ജനത്തിലും
ങ്ങളും അത്ഭുതങ്ങളും പ്രവർത്തി
ും ചെയ്തു. അവർ അവരോടു അഹങ്ക
ീ അറിഞ്ഞിരുന്നു. അങ്ങനെ ഇന്നു
പാലെ നീ നിനക്ക് ഒരു നാമം
ച്ചു: നീ അവരുടെ മുമ്പിൽ സമുദ്ര
വിഭാഗിച്ചു; അവർ കടലിന്റെ
-ഉണങ്ങിയ നിലത്തുകൂടെ കടന്നു.
പിന്തുടർന്നവരെ നീ ഏറിയ വെള്ള
ഒരു കല്ലുപോലെ ആഴത്തിലേക്കു
ുകളഞ്ഞു. പകൽസമയം മേഘ
ാണ്ടും രാത്രിസമയം അവർ പോ
ിക്കു പ്രകാശം കൊടുപ്പാൻ അഗ്നി
ാണ്ടും നീ അവരെ വഴി നടത്തി.
ായി മലമേൽ ഇറങ്ങി ആകാശ
അവരോടു സംസാരിച്ചു. അവർ
മായ വിധികളും സത്യമായ ന്യായ
ങ്ങളും നല്ല നിയമങ്ങളും കല്പന
ടുത്തു. നിന്റെ വിശുദ്ധ ശാബത്
ാ അറിയിച്ചു, നിന്റെ ദാസനായ
അവർക്കു കല്പനകളും നിയമ
ായപ്രമാണവും കല്പിച്ചുകൊടു
രുടെ വിശപ്പിന്ന് നീ അവർക്കു
ന്തുനിന്ന് അപ്പം കൊടുത്തു.
ദാഹത്തിന്ന് നീ അവർക്കു
ിന്നു വെള്ളം പുറപ്പെടുവിച്ചു. നീ
കൊടുക്കുമെന്നു സത്യം ചെയ്ത
കൈവശമാക്കുവാൻ പോകു

വാൻ നീ അവരോടു കല്പിച്ചു. എങ്കിലും 16
അവരും ഞങ്ങളുടെ പിതാക്കന്മാരും അഹ
ങ്കരിച്ചു ദുശ്ശാഠ്യം കാണിച്ചു, നിന്റെ കല്പ
നകളെ അനുസരിക്കാതിരുന്നു. അനുസരി 17
പ്പാൻ അവർക്കു മനസ്സായില്ല, നീ അവരിൽ
ചെയ്ത അത്ഭുതങ്ങളെ അവർ ഓർക്കാതെ
മത്സരിച്ചു; തങ്ങളുടെ ദുഷ്പ്രവൃത്തികളി
ലേക്കു മടങ്ങിപ്പോകത്തക്കവണ്ണം തങ്ങളു
ടെ മത്സരത്തിൽ ഒരു തലവനെ നിയമിച്ചു.
നീയോ ക്ഷമിപ്പാൻ ഒരുക്കവും, കൃപയും
കരുണയും ദീർഘക്ഷമയും ഉള്ളവനും
അപേക്ഷിക്കുന്നവർക്കു സമീപസ്ഥനു
മായ ദൈവം ആകയാൽ അവരെ കൈ
വിട്ടില്ല. അവർ ഒരു കാളക്കിടാവിനെ 18
വാർത്തുണ്ടാക്കി; “ഇതു നിന്നെ മെസ്രേ
നിൽ നിന്നു കൊണ്ടുവന്ന ദൈവം” എന്നു
പറഞ്ഞ് വലിയ കോപഹേതു ഉണ്ടാക്കി
യിട്ടും നീ നിന്റെ മഹാകരുണ നിമിത്തം 19
അവരെ മരുഭൂമിയിൽ തള്ളിക്കളഞ്ഞില്ല.
പകൽ അവരെ വഴിനടത്തിയ മേഘസ്തംഭ
വും, രാത്രി അവർ നടക്കേണ്ട വഴി കാണിച്ച
അഗ്നിസ്തംഭവും, അവരെ വിട്ടുമാറിയതുമില്ല.
അവരെ ഉപദേശിക്കുവാൻ നീ നിന്റെ നല്ല 20
ആത്മാവിനെ കൊടുത്തു. അവരുടെ
ഭക്ഷണത്തിനു നിന്റെ മന്നായും അവരുടെ
ദാഹത്തിനു വെള്ളവും കൊടുത്തു.
ഇങ്ങനെ നീ അവരെ നാല്പതു സംവത്സരം 21
മരുഭൂമിയിൽ സംരക്ഷിച്ചു. അവർക്ക് ഒന്നി
നും കുറവുണ്ടായില്ല; അവരുടെ വസ്ത്രം
പഴകിയില്ല, ചെരിപ്പു കീറിയതുമില്ല. നീ 22
അവർക്കു രാജ്യങ്ങളും ജാതികളെയും
വിഭാഗിച്ചുകൊടുത്തു. അവർ ഹെശ്ബോൻ
രാജാവായ സീഹോന്റെ ദേശവും
ബാശാൻ രാജാവായ ഓഗിന്റെ ദേശവും
കീഴടക്കി. അവരുടെ മക്കളെ നീ ആകാശ 23
ത്തിലെ നക്ഷത്രങ്ങളെപ്പോലെ വർദ്ധിപ്പി
ച്ചു; പോയി കൈവശമാക്കുവാൻ നീ അവ
രുടെ പിതാക്കന്മാരോടു കല്പിച്ചിരുന്ന
ദേശത്തു അവരെ എത്തിച്ചു. അങ്ങനെ 24
മക്കൾ ചെന്നു ദേശം കൈവശമാക്കി. ദേശ
നിവാസികളായ കനാന്യരെ നീ അവർക്കു
കീഴ്പെടുത്തി. അവരെയും അവരുടെ രാജാ
ക്കന്മാരെയും ദേശത്തുള്ള ജാതികളെയും
തങ്ങൾക്കു ബോധിച്ചതുപോലെ ചെയ്യു
വാൻ അവരുടെ കൈയിൽ ഏല്പിച്ചു
കൊടുത്തു. അവർ ഉറപ്പുള്ള പട്ടണങ്ങളും 25
പുഷ്ടിയുള്ള ദേശവും സ്വായത്തമാക്കി
എല്ലാ നല്ല വസ്തുക്കളും വിഭവം നിറഞ്ഞ
വീടുകളും കുഴിച്ചുണ്ടാക്കിയ കിണറുകളും
മുന്തിരിത്തോട്ടങ്ങളും ഒലിവുതോട്ടങ്ങളും

വളരെയേറെ ഫലവൃക്ഷങ്ങളും കൈവശ
മാക്കി. അവർ തിന്നു തൃപ്തിപ്പെട്ടു പുഷ്ടി
യുള്ളവരായി നിന്റെ മഹാദാനത്തിൽ
26 സുഖിച്ചിരുന്നു. എന്നിട്ടും അവർ അനുസര
ണക്കേടു കാണിച്ചു. നിന്നോടു മത്സരിച്ചു
നിന്റെ ന്യായപ്രമാണത്തെ തങ്ങളുടെ പുറ
കിലേക്കു എറിഞ്ഞുകളഞ്ഞു. അവരെ
നിങ്കലേക്കു തിരിയ്ക്കുവാൻ അവരോടു
സാക്ഷ്യം പറഞ്ഞ നിന്റെ പ്രവാചകന്മാരെ
അവർ കൊന്ന് മഹാകോപത്തിനു കാരണ
27 മുണ്ടാക്കി. ആകയാൽ നീ അവരെ അവ
രുടെ ശത്രുക്കളുടെ കൈയിൽ ഏല്പിച്ചു;
അവർ അവരെ പീഡിപ്പിച്ചു. അവരുടെ
കഷ്ടകാലത്തു അവർ നിന്നോടു നിലവിളി
ച്ചപ്പോൾ നീ സ്വർഗ്ഗത്തിൽ നിന്നു കേട്ടു
നിന്റെ മഹാകരുണ നിമിത്തം അവർക്കു
രക്ഷകന്മാരെ കൊടുത്തു; അവർ ശത്രുക്ക
ളുടെ കൈയിൽ നിന്നു അവരെ രക്ഷിച്ചു.
28 അവർക്കു വിശ്രമം ഉണ്ടായപ്പോൾ അവർ
വീണ്ടും നിനക്ക് അനിഷ്ടമായതു ചെയ്തു.
ആകയാൽ നീ അവരെ അവരുടെ ശത്രുക്ക
ളുടെ കൈയിൽ ഏല്പിക്കുകയും അവർ
അവരുടെ മേൽ ഭരണം നടത്തുകയും
ചെയ്തു. അവർ തിരിഞ്ഞു നിന്നോടു നില
വിളിച്ചപ്പോൾ നീ സ്വർഗ്ഗത്തിൽ നിന്നു കേട്ടു
അവരെ നിന്റെ കരുണയാൽ പല പ്രാവശ്യം
29 വിടുവിച്ചു. അവരെ നിന്റെ ന്യായപ്രമാണ
ത്തിലേക്കു തിരിച്ചുകൊണ്ടുവരുവാൻ നീ
അവരോടു സാക്ഷിച്ചു. എന്നിട്ടും അവർ
അഹങ്കരിക്കുകയും, ഒരുവൻ അനുസരിച്ചു
നടന്നു ജീവിക്കേണ്ട നിന്റെ കല്പനകൾ
കേൾക്കാതെ നിന്റെ നിയമങ്ങൾക്കു
വിരോധമായി പാപം ചെയ്കയും എതിർ
ത്തു നിന്നു അഹങ്കരിക്കുകയും അനുസ
30 രണം കെട്ടവരായിരിക്കുകയും ചെയ്തു. നീ
വളരെ സംവത്സരം അവരോടു ക്ഷമിച്ചു,
നിന്റെ ആത്മാവിനാൽ നിന്റെ പ്രവാച
ന്മാർ വഴി അവരോടു സാക്ഷീകരിച്ചു.
എന്നാൽ അവർ ശ്രദ്ധിച്ചില്ല; അതുകൊണ്ടു
നീ അവരെ വിജാതീയരുടെ കൈയിൽ
31 ഏല്പിച്ചു. എങ്കിലും നിന്റെ മഹാകരുണ
നിമിത്തം നീ അവരെ നിർമ്മൂലമാക്കിയില്ല;
ഉപേക്ഷിച്ചുമില്ല; നീ കൃപയും കരുണയു
32 മുള്ള ദൈവമാകുന്നുവല്ലോ. ആകയാൽ
ദൈവമേ! നിയമവും കൃപയും പാലിക്കുന്നവ
നായി വലിയവനും ബലവാനും ഭയങ്കരനു
മായ ഞങ്ങളുടെ ദൈവമേ, ആസൂർ രാജാ
ക്കന്മാരുടെ കാലം മുതൽ ഇന്നുവരെ
ഞങ്ങൾക്കും ഞങ്ങളുടെ രാജാക്കന്മാർക്കും
പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും
പ്രവാചകന്മാർക്കും ഞങ്ങളുടെ പിതാക്ക
ന്മാർക്കും നിന്റെ സർവ്വജനത്തിനും നേരിട്ട
ദുരിതമെല്ലാം നിനക്കു ലഘുവായി തോന്ന
രുതേ. എന്നാൽ ഞങ്ങൾക്കു സംഭവിച്ച 33
തിലെല്ലാം നീ നീതിമാൻ തന്നെ. നീ വിശ്വ
സ്തത കാണിച്ചിരിക്കുന്നു. ഞങ്ങളോ, തിന്മ
പ്രവർത്തിച്ചിരിക്കുന്നു. ഞങ്ങളുടെ രാജാക്ക 34
ന്മാരും പ്രഭുക്കന്മാരും പുരോഹിതന്മാരും
ഞങ്ങളുടെ പിതാക്കന്മാരും നിന്റെ ന്യായ
പ്രമാണം അനുസരിച്ചു നടന്നില്ല. നിന്റെ
കല്പനകളും നീ അവരോടു സാക്ഷീകരിച്ച
നിന്റെ സാക്ഷ്യങ്ങളും പ്രമാണിച്ചുമില്ല.
അവർ തങ്ങളുടെ രാജത്വത്തിലും നീ 35
അവർക്കു കൊടുത്ത നിന്റെ വലിയ നന്മക
ളിലും നീ അവർക്കു കീഴ്പ്പെടുത്തിക്കൊ
ടുത്ത വിശാലവും സംപുഷ്ടവുമായ ദേശ
ത്തിലും നിന്നെ സേവിച്ചില്ല. തങ്ങളുടെ
ദുഷ്പ്രവൃത്തികളെ വിട്ടുതിരിഞ്ഞുമില്ല.
ഇതാ, ഞങ്ങളോ, ഇന്നു ദാസന്മാർ; നീ 36
ഞങ്ങളുടെ പിതാക്കന്മാർക്കു ഫലവും
പ്രയോജനവും അനുഭവിപ്പാൻ കൊടുത്ത
ഈ ദേശത്ത്, ഇതാ, ഞങ്ങൾ ദാസന്മാരാ
യിരിക്കുന്നു! ഞങ്ങളുടെ പാപങ്ങൾ നിമി 37
ത്തം നീ ഞങ്ങളുടെ മേൽ നിയമിച്ചിരിക്കുന്ന
രാജാക്കന്മാർക്കു അതു വളരെ അനുഭവം
കൊടുക്കുന്നു. അവർ തങ്ങൾക്കു തോന്നും
പോലെ ഞങ്ങളുടെ ദേഹത്തിന്മേലും
ഞങ്ങളുടെ കന്നുകാലികളിന്മേലും അധി
കാരം നടത്തുന്നു. ഞങ്ങൾ വലിയ ദുരിത
ത്തിലും ആയിരിക്കുന്നു. ഇതെല്ലാം ഓർത്തു 38
ഞങ്ങൾ സ്ഥിരമായൊരു നിയമം ചെയ്തു
എഴുതുന്നു; ഞങ്ങളുടെ പ്രഭുക്കന്മാരും
ലേവ്യരും പുരോഹിതന്മാരും ജീവനുള്ള
ഏവനും അതിനു മുദ്രയിടുന്നു.

അദ്ധ്യായം 10

മുദ്രയിട്ടവർ ആരെന്നാൽ: ഹഖല്യായു 1
ടെ മകൻ പുരോഹിതനായ നെഹമ്യാ, സെ 2
ദെക്ക്യാ, സെരായാ, അസറിയാ, യിരെമ്യാ, 3
പശ്ഹൂർ, അമര്യാ, മൽക്കീയാ, ഹത്തൂശ്, 4
ശെബന്യാ, മല്ലൂക്ക്, ഹാരീം, മെരേമോത്ത്. 5
ഓബദ്യാ, ദാനിയേൽ, ഗിന്നെഥോൻ, ബാരൂ 6
ക്, മെശുല്ലാം, അബീയാ, മിയാമിൻ, മയ 7
സ്യാ, ബിൽഗായി, ശെമയ്യാ; ഇവർ പുരോ 8
ഹിതന്മാർ. പിന്നെ ലേവ്യർ. അസന്യായുടെ 9
മകനായ യേശുവയും ഹെനാദാദിന്റെ
പുത്രന്മാരിൽ ബിന്നൂവിയും കദ്മീയേലും 10
അവരുടെ സഹോദരന്മാരായ ശെബന്യാ, 11
ഹോദിയാ, കെലീതാ, പെലയാ, ഹാനാൻ,
മീഖാ, രെഹോബ്, ഹശബ്യാ, സക്കൂർ, 12

ർബ്യാ, ശെബന്യാ, ഹോദിയാ, ബാനി,
ീനു, ജനത്തിൻെറ തലവന്മാർ:
ാശ്, പഹത്മോവാബ്, ഏലാം, സഥൂ,
നി, ബുന്നി, അസ്ഗാദ്, ബേബായി,
ദാനിയാ, ബിഗ്വായി, ആദീൻ, ആതേർ,
സകിയാ, അസ്സൂർ, ഹോദിയാ, ഹാശും,
സായി, ഹാരിഫ്, അനാഥോത്, നേബാ
മഗ്പിയാസ്, മെശുല്ലാം, ഹേസീർ,
ശസബെയേൽ, സാദോക്, യദുവാ,
ത്യാ, ഹനാൻ, അനായാ, ഹോശയാ,
ന്യാ, ഹശൂബ്, ഹല്ലോഹേശ്, പിൽഹാ,
ബേക്, രെഹൂം, ഹശബ്നാ, മയസേയാ,
ീയാ, ഹനാൻ, ആനാൻ, മല്ലൂക്,
ീം, ബയാനാ എന്നിവർ. ശേഷം
ത്തിൽ പുരോഹിതന്മാരും ലേവ്യരും
ിൽകാവൽക്കാരും സംഗീതക്കാരും
ാലയദാസന്മാരും ദേശത്തെ ജാതിക
ു വേർപെട്ടു ദൈവത്തിൻെറ ന്യായ
ണത്തിലേക്കു തിരിഞ്ഞു വന്നവരൊ
വും അവരുടെ ഭാര്യമാരും പുത്രന്മാരും
മാരുമായി പരിജ്ഞാനവും തിരിച്ചറി
ള്ള ഏവരും ശ്രേഷ്ഠന്മാരായ തങ്ങളുടെ
ാദരന്മാരോടു ചേർന്നു ദൈവത്തി
ദാസനായ മോശ മുഖാന്തരം നൽക
ദൈവത്തിൻെറ ന്യായപ്രമാണം അനു
ച്ചു നടക്കുമെന്നും ഞങ്ങളുടെ ദൈവ
കർത്താവിൻെറ സകല കല്പനകളും
ളും നിയമങ്ങളും അനുസരിച്ചു ആച
മെന്നും ഞങ്ങളുടെ പുത്രിമാരെ
ത്ത ജാതികൾക്കു കൊടുക്കുകയോ
ളുടെ പുത്രന്മാർക്കു അവരുടെ പുത്രി
എടുക്കുകയോ ചെയ്യുകയില്ലെന്നും.
ത്ത ജാതികൾ ശാബതുനാളിൽ
ാ യാതൊരു ഭക്ഷണസാധനമോ
ാൻകൊണ്ടുവന്നാൽ അതു ശാബതു
ും വിശുദ്ധദിവസത്തിലും അവരോടു
കയില്ലെന്നും ഏഴാം ആണ്ടിനെ
പനസംവത്സരമായും എല്ലാ കടവും
കൊടുക്കുന്നതായും പാലിക്കുമെ
പഥവും സത്യവും ചെയ്യു. ഞങ്ങളുടെ
ലയത്തിലെ ശുശ്രൂഷയ്ക്കായി
പ്പത്തിനും നിരന്തര ഭോജനയാഗ
ശാബതുകളിലെയും അമാവാസി
യും നിരന്തരഹോമയാഗത്തിനും
ാളുകൾക്കും വിശുദ്ധസാധനങ്ങൾ
സ്രായേലിനുവേണ്ടി പ്രായശ്ചിത്ത
ർപ്പിക്കേണ്ട പാപയാഗങ്ങൾക്കും
ുടെ ദൈവാലയത്തിലെ എല്ലാ
ും വേണ്ടി ആണ്ടുതോറും ശേക്ക
ന്നിൽ ഒന്നു കൊടുക്കാമെന്നും
ഞങ്ങൾ ഒരു നിയമം നിശ്ചയിച്ചു. ന്യായ 34
പ്രമാണത്തിൽ എഴുതിയിരിക്കുന്നതു
പോലെ ഞങ്ങളുടെ ദൈവമായ കർത്താവി
ൻെറ യാഗപീഠത്തിന്മേൽ കത്തിക്കുവാൻ
ആണ്ടുതോറും നിശ്ചിതസമയങ്ങളിൽ
കുടുംബംകുടുംബമായി ഞങ്ങളുടെ ദൈവ
ത്തിൻെറ ആലയത്തിൽ വിറകുവഴിപാടു
കൊണ്ടുവരേണ്ടതിനു ഞങ്ങൾ പുരോഹിത
ന്മാരും ലേവ്യരും ജനവുമായി നറുക്കിട്ടു.
ആണ്ടുതോറും കർത്താവിൻെറ ആലയത്തി 35
ലേക്കു ഞങ്ങളുടെ നിലത്തിലെ ആദ്യവിള
വും എല്ലാ വൃക്ഷങ്ങളുടെയും സർവ്വഫല
ങ്ങളിലും ആദ്യഫലങ്ങളും കൊണ്ടുചെല്ലേ
ണ്ടതിനും ന്യായപ്രമാണത്തിൽ എഴുതിയി 36
രിക്കുന്നതുപോലെ ഞങ്ങളുടെ പുത്രന്മാ
രിലും മൃഗങ്ങളിലുമുള്ള കടിഞ്ഞൂലുക
ളെയും ഞങ്ങളുടെ ആടുമാടുകളിലുള്ള
കടിഞ്ഞൂലുകളെയും ഞങ്ങളുടെ ദൈവ
ത്തിൻെറ ആലയത്തിൽ ശുശ്രൂഷ ചെയ്യുന്ന
പുരോഹിതന്മാരുടെ അടുക്കൽ ഞങ്ങളുടെ
ദൈവത്തിൻെറ ആലയത്തിലേക്കു കൊ
ണ്ടു ചെല്ലേണ്ടതിനും ഞങ്ങളുടെ മാവി 37
ൻെറയും ഉദർച്ചാർപ്പണങ്ങളുടെയും സകല
വിധ വൃക്ഷങ്ങളുടെ അനുഭവമായ വീഞ്ഞി
ൻെറയും എണ്ണയുടെയും ആദ്യഫലം
ഞങ്ങളുടെ ദൈവത്തിൻെറ ആലയത്തിലെ
അറകളിൽ പുരോഹിതന്മാരുടെ അടുക്ക
ലും ഞങ്ങളുടെ കൃഷിയുടെ ദശാംശം
ലേവ്യരുടെ അടുക്കലും കൊണ്ടു ചെല്ലേണ്ട
തിനും നിശ്ചയിച്ചു. കൃഷിയുള്ള നമ്മുടെ
എല്ലാ പട്ടണങ്ങളിലും ദശാംശം ശേഖരിക്കു
ന്നതു ലേവ്യരാണ്. എന്നാൽ ലേവ്യർ 38
ദശാംശം വാങ്ങുമ്പോൾ അഹരോന്യനായ
ഒരു പുരോഹിതൻ ലേവ്യരോടുകൂടെ ഉണ്ടാ
യിരിക്കണം. ദശാംശത്തിൻെറ ദശാംശം
ലേവ്യർ നമ്മുടെ ദൈവത്തിൻെറ ആലയ
ത്തിലെ ഭണ്ഡാര അറകളിൽ കൊണ്ടു
ചെല്ലണം. വിശുദ്ധമന്ദിരത്തിൻെറ ഉപ 39
കരണങ്ങളും അതിൽ ശുശ്രൂഷിക്കുന്ന
പുരോഹിതന്മാരും വാതിൽകാവൽക്കാരും
സംഗീതക്കാരും ഇരിക്കുന്ന അറകളിലേ
ക്കു ഇസ്രായേൽ മക്കളും ലേവ്യരും
ധാന്യം, വീഞ്ഞ്, എണ്ണ എന്നിവയുടെ
ഉദർച്ചാർപ്പണം കൊണ്ടുചെല്ലണം; ഞങ്ങ
ളുടെ ദൈവത്തിൻെറ ആലയം ഞങ്ങൾ
കൈവിടുകയില്ല.

അദ്ധ്യായം 11

ജനത്തിൻെറ പ്രമാണികൾ യറുശലേ 1
മിൽ പാർത്തു. ശേഷം ജനം പത്തുപേരിൽ

ഒരാളെ വിശുദ്ധനഗരമായ യറുശലേമിൽ
പാർക്കേണ്ടതിനു കൊണ്ടുവരുവാനും
ഒൻപതുപേരെ മററു പട്ടണങ്ങളിൽ പാർപ്പി
2 ക്കുവാനും തക്കവണ്ണം നറുക്കിട്ടു. എന്നാൽ
യറുശലേമിൽ താമസിക്കുവാൻ സ്വയം
സമ്മതിച്ച എല്ലാവരെയും ജനം പുകഴ്ത്തി.
3 യറുശലേമിൽ പാർത്ത സംസ്ഥാനത്ത
ലവന്മാർ ഇവരാകുന്നു: യഹൂദാ നഗരങ്ങ
ളിൽ ഇസ്രായേല്യരും പുരോഹിതന്മാരും
ലേവ്യരും ദൈവദാസന്മാരും ശലോമോൻെറ
4 ദാസന്മാരുടെ മക്കളും ഓരോരുവൻ സ്വന്ത
പട്ടണത്തിലും അവകാശത്തിലും പാർത്തു.
യറുശലേമിൽ ചില യഹൂദ്യരും ബന്യാമീ
ന്യരും പാർത്തു. യഹൂദ്യർ ഇവരായിരുന്നു:
പേരെസിൻെറ പുത്രന്മാരിൽ മഹലലേലി
ൻെറ മകനായ അമര്യായുടെ മകനായ
5 സഖര്യായുടെ മകനായ ഉസ്സീയായുടെ
മകൻ അഥായായും, ശീലോന്യൻെറ മക
നായ സഖര്യായുടെ മകനായ യോയാരീ
ബിൻെറ മകനായ അദായായുടെ മകനായ
ഹസായായുടെ മകനായ കൊൽഹോസ
യുടെ മകനായ ബാരൂക്കിൻെറ മകൻ മഹ
6 സേയായും തന്നെ. യറുശലേമിൽ പാർത്ത
പേരെസിൻെറ മക്കൾ ആകെ നാനൂററുപ
7 ത്തെട്ടു ബലശാലികൾ. ബന്യാമീന്യർ:
സല്ലൂ; അവൻ മെശുല്ലാമിൻെറ മകൻ; അവൻ
യോവേദിൻെറ മകൻ; അവൻ പെദായായു
ടെ മകൻ; അവൻ കോലെയായുടെ മകൻ;
അവൻ മയസേയായുടെ മകൻ; അവൻ
ഈഥിയേലിൻെറ മകൻ; അവൻ യെശയ്യാ
8 യുടെ മകൻ; അവൻെറ ശേഷം ഗബ്ബായി,
സല്ലായി—ആകെ തൊള്ളായിരത്തിരുപ
9 ത്തെട്ടു പേർ. സിക്രിയുടെ മകനായ യോ
വേൽ അവരുടെ പ്രമാണിയും ഹസനുവ
യുടെ മകനായ യഹൂദാ പട്ടണത്തിൽ രണ്ടാ
10 മനും ആയിരുന്നു. പുരോഹിതന്മാരിൽ
11 യോയാരീബിൻെറ മകനായ യോദയായും
യാഖീനും, അഹിത്തൂബിൻെറ മകനായ
മെരായോത്തിൻെറ മകനായ സാദോക്കി
ൻെറ മകനായ മെശുല്ലാമിൻെറ മകനായ
ഹിൽകീയായുടെ മകനായി ദൈവാലയ
12 പ്രമാണിയായ സെരയായും; ആലയത്തിൽ
വേല ചെയ്തുവന്ന അവരുടെ സഹോദരന്മാർ
എണ്ണൂററിരുപത്തിരണ്ടുപേരും മൽക്കീയാ
യുടെ മകനായ പശ്ഹൂരിൻെറ മകനായ
സഖര്യായുടെ മകനായ അംസിയുടെ
മകനായ പെലല്യായുടെ മകനായ യരോ
13 ഹാമിൻെറ മകൻ ആദായായും കുടുംബ
ത്തലവന്മാരായ അവൻെറ സഹോദരന്മാർ
ഇരുനൂററി നാല്പത്തിരണ്ടുപേരും, ഇമ്മേ
രിൻെറ മകനായ മെശില്ലേമോത്തിൻെറ
മകനായ അഹസായിയുടെ മകനായ അസ
രേലിൻെറ മകൻ അമശെസായിയും, അവ 14
രുടെ സഹോദരന്മാരായ നൂററിരുപത്തെട്ട്
യുദ്ധവീരന്മാരും; ഇവരുടെ പ്രമാണി ഹഗ
ദോലീമിൻെറ മകനായ സബ്ദീയേൽ
ആയിരുന്നു. ലേവ്യരിൽ: ബുന്നിയുടെ മക 15
നായ ഹശബ്യായുടെ മകനായ അസരീ
ക്കാമിൻെറ മകനായ ഹശ്ശൂബിൻെറ മകൻ 16
ശെമയ്യായും, ലേവ്യരുടെ തലവന്മാരിൽ
ദൈവാലയത്തിൻെറ പുറമേയുള്ള വേല
യ്ക്കു മേൽവിചാരകന്മാരായിരുന്ന ശബ 17
ത്തായിയും യോസാബാദും, ആസാഫിൻെറ
മകനായ സബ്ദിയുടെ മകനായ മീക്കാ
യുടെ മകനായി പ്രാർത്ഥനയിൽ സ്തോത്രം
ആരംഭിക്കുന്ന തലവനായ മത്ഥന്യായും,
രണ്ടാമൻ, അവൻെറ സഹോദരന്മാരിൽ
ഒരുത്തനായ ബക്ബുക്യായും യദൂഥൂൻെറ
മകനായ ഗാലാലിൻെറ മകനായ ശമ്മൂവാ
യുടെ മകൻ അബ്ദയും തന്നെ. വിശുദ്ധ 18
നഗരത്തിലുള്ള ലേവ്യർ ആകെ ഇരുനൂ 19
ററെൺപത്തിനാലുപേർ. വാതിൽ കാവൽ
ക്കാരായ അക്കൂബും തൽമോനും, വാതിലു
കൾക്കരികെ കാവൽ നിൽക്കുന്ന അവരുടെ
സഹോദരന്മാരും നൂററെഴുപത്തിരണ്ടുപേർ.
ശേഷം ഇസ്രായേല്യരും പുരോഹിതന്മാരും 20
ലേവ്യരും യഹൂദ്യനഗരങ്ങളിലെല്ലാം ഓരോ
രുവൻ അവൻെറ അവകാശത്തിൽ പാർ
ത്തു. ദൈവാലയദാസന്മാരോ ഓഫേലിൽ 21
പാർത്തു. സീഹയും ഗിശ്പയും ദൈവാലയ
ദാസന്മാരുടെ പ്രമാണികൾ ആയിരുന്നു.
ദൈവാലയത്തിലെ വേലയ്ക്കു യറുശലേ 22
മിൽ ഉണ്ടായിരുന്ന ലേവ്യരുടെ പ്രമാണി
ആസാഫ്യരായ സംഗീതക്കാരിൽ ഒരുത്ത
നായി മീഖയുടെ മകനായ മത്ഥന്യായുടെ
മകനായ ഹശബ്യായുടെ മകനായ ബാനി 23
യുടെ മകൻ ഉസ്സി ആയിരുന്നു. സംഗീത
ക്കാരെ കുറിച്ചു രാജാവിൻെറ ഒരു കല്പ
നയും അവരുടെ നിത്യച്ചെലവിനായി ഒരു
നിയമവും ഉണ്ടായിരുന്നു. യഹൂദയുടെ 24
മകനായ സേരഹിൻെറ പുത്രന്മാരിൽ
മെശേസബേലിൻെറ മകനായ പെഥഹ്യാ
ജനത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങൾ
ക്കും രാജാവിൻെറ കാര്യസ്ഥൻ ആയിരു
ന്നു. ഗ്രാമങ്ങളുടെയും അവയോടു ചേർന്ന 25
വയലുകളുടെയും കാര്യം: യഹൂദ്യയിൽ
ചിലർ കുര്യത്ത്-അർബയിലും അതിൻെറ
ഗ്രാമങ്ങളിലും ദീബോനിലും അതിൻെറ 26
ഗ്രാമങ്ങളിലും യേശുവയിലും മോലദയിലും 27
ബേത്ത്-പേലെതിലും ഹസർ-ശൂവാലിലും 28

ർ-ശേബയിലും അതിന്റെ ഗ്രാമങ്ങളി
സിക്ലാഗിലും മെഖോനയിലും അതി
ഗ്രാമങ്ങളിലും ഏൻ-രിമ്മോനിലും
രയിലും യാർമൂത്തിലും സനോഹ
ം അദുല്ലാമിലും അവയുടെ ഗ്രാമങ്ങ
ാ ലാവിശിലും അതിന്റെ വയലുക
അസേക്കയിലും അതിന്റെ ഗ്രാമങ്ങ
പാർത്തു. അവർ ബേർ-ശേബമുതൽ
നാം താഴ്വരവരെ പാർത്തു. ബന്യാമീ
ശബമുതൽ മിക്മാശ്വരെയും അയ്യാ
ബേഥേലിലും അവയുടെ ഗ്രാമങ്ങ
അനാഥോത്തിലും നോബിലും അന
ിലും ഹാസോരിലും രാമയിലും
യീമിലും ഹാദീദിലും സെബോയി
നെബല്ലാത്തിലും ലോദിലും ശില്പി
ട താഴ്വരയായ ഓനോവിലും
ു. യഹൂദ്യായിൽ ഉണ്ടായിരുന്ന
ുടെ ചില കൂറുകൾ ബെന്യാമീനോടു
ിരുന്നു.

അദ്ധ്യായം 12

ലാതീയേലിന്റെ മകനായ സുരു
ലിനോടും യോശുവയോടും കൂടെ
രോഹിതന്മാരും ലേവ്യരും: സെരാ
യ്യാ, എസ്രാ, അമര്യാ, മല്ലൂക്, ഹത്തൂ
ന്യാ, റഹൂം, മെരോമോത്ത്, ഇദ്ദോ,
ായി, അബിയാ, മിയാമിൻ, മയദ്യാ,
ശെമയ്യാ, യോയാരീബ്, യെയാദാ,
ആമോക്, ഹിൽക്കിയാ, യദായാ;
ാശുവയുടെ കാലത്തു പുരോഹി
ടയും അവരുടെ സഹോദരന്മാരു
ലവന്മാർ ആയിരുന്നു. ലേവ്യരോ:
ാ, ബിന്നൂവി, കദ്മീയേൽ, ശെര
ഹൂദാ എന്നിവരും സ്തോത്രഗാന
ായ മത്ഥന്യായും സഹോദര
അവരുടെ സഹോദരന്മാരായ
ിയായും ഉന്നോയും അവർക്കു
ികളായിനിന്നു ശുശ്രൂഷിച്ചു.
ാ യൂയാക്കീമിനെ ജനിപ്പിച്ചു.
എല്യാശിബിനെ ജനിപ്പിച്ചു.
ബ് യൂയാദയെ ജനിപ്പിച്ചു.
യാനാഥാനെ ജനിപ്പിച്ചു. യോ
ദുവയെ ജനിപ്പിച്ചു. യൂയാക്കി
ലത്തു കുടുംബത്തലവന്മാരാ
രോഹിതന്മാർ: സെരായാ കുല
ായാ; യിരമ്മയാ കുലത്തിനു
; എസ്രാ കുലത്തിനു മെശുല്ലാം;
ലത്തിനു യോഹോഹാനാൻ;
ത്തിനു യോനാഥാൻ; ശെബന്യാ
യൗസേഫ്; ഹാരീംകുലത്തി
നു അദ്നാ; മെരായോത് കുലത്തിനു ഹെൽ
ക്കായി; ഇദ്ദോകുലത്തിനു സ്കറിയാ, 16
ഗിന്നെഥോൻ കുലത്തിനു മെശുല്ലാം;
അബിയാ കുലത്തിനു സിക്രി; മിനിയാമിൻ 17
കുലത്തിനും മോവദിയാ കുലത്തിനും
പിൽതായി; ബിൽഗാകുലത്തിനു ശമൂവാ; 18
ശെമയ്യാ കുലത്തിനു യെഹോനാഥാൻ;
യോയാരീബ് കുലത്തിനു മത്ഥനായി; 19
യെദായാ കുലത്തിനു ഉസ്സി; സല്ലായി 20
കുലത്തിനു കല്ലായി; ആമോക് കുലത്തിനു
ഏബെർ; ഹിൽകിയാ കുലത്തിനു ഹശബി 21
യാ; യെദായാ കുലത്തിനു നെഥനയേൽ
എല്യാശീബ്, യോയാദാ, യോഹാനോൻ 22
യദ്ദൂവാ എന്നിവരുടെ കാലത്തു ലേവ്യരെ
യും പാർസി രാജാവായ ദാരീയൂസിന്റെ
കാലത്തു പുരോഹിതന്മാരെയും കുടുംബ
ത്തലവന്മാരായി എഴുതിവച്ചു. ലേവ്യരായ 23
കുടുംബത്തലവന്മാർ ഇന്നവരെന്നു എല്യാ
ശീബിന്റെ മകനായ യോഹാനാന്റെ
കാലംവരെ ദിനവൃത്താന്തപുസ്തകത്തിൽ
എഴുതിയിരുന്നു. ലേവ്യരുടെ തലവന്മാർ: 24
ഹശബ്യാ, ശെരബ്യാ, കദ്മിയേലിന്റെ
മകൻ യോശുവ എന്നിവരും അവരുടെ സഹ
കാരികളായ സഹോദരന്മാരും ദൈവപുരു
ഷനായ ദാവീദിന്റെ കല്പനപ്രകാരം
യഥാസ്ഥാനം നിന്നു സ്തുതിയും സ്തോത്ര
വും ചെയ്തുവന്നു. മത്ഥന്യാ, ബക്ബുക്യാ, 25
ഓബദ്യാ, മെശുല്ലാം, തൽമോൻ, അക്കൂ
ബ് എന്നിവർ വാതിലുകൾക്കടുത്തുള്ള
ഭണ്ഡാരഗൃഹങ്ങൾ സൂക്ഷിക്കുന്ന വാതിൽ
കാവൽക്കാർ ആയിരുന്നു. ഇവർ യൂസോദേ 26
ക്കിന്റെ മകനായ യോശുവയുടെ മകനായ
യൂയാക്കീമിന്റെ കാലത്തും ദേശാധിപ
തിയായ നെഹമ്യായുടെയും ശാസ്ത്രിയായ
എസ്രാ പുരോഹിതന്റെയും കാലത്തും
ഉണ്ടായിരുന്നു.

യറുശലേമിന്റെ കോട്ട പ്രതിഷ്ഠിച്ച 27
സമയം അവർ സ്തോത്രങ്ങളോടും സംഗീത
ത്തോടും കൂടെ കൈത്താളങ്ങളും വീണ
കളും കിന്നരങ്ങളും കൊണ്ടു സന്തോഷ
പൂർവ്വം പ്രതിഷ്ഠ ആചരിക്കുവാൻ ലേവ്യരെ
അവരുടെ സർവ്വ വാസസ്ഥലങ്ങളിൽ
നിന്നും യറുശലേമിലേക്കു വരുത്തി.
അങ്ങനെ സംഗീതക്കാരുടെ വർഗ്ഗം യറുശ 28
ലേമിന്റെ ചുററുമുള്ള പ്രദേശത്തുനിന്നും
നെതോഫാത്യരുടെ ഗ്രാമങ്ങളിൽ നിന്നും 29
ബേത്-ഗിൽഗാലിൽ നിന്നും ഗേബയുടെ
യും അസ്മാവെത്തിന്റെയും ഗ്രാമങ്ങ
ളിൽനിന്നും വന്നുകൂടി. സംഗീതക്കാർ യറു
ശലേമിനു ചുററും അവർക്കു ഗ്രാമങ്ങൾ

30 പണിതിരുന്നു. പുരോഹിതന്മാരും ലേവ്യരും
തങ്ങളെ തന്നെ ശുദ്ധീകരിച്ച് ജനത്തെയും
വാതിലുകളെയും മതിലിനെയും ശുദ്ധീക
31 രിച്ചു. പിന്നെ ഞാൻ യഹൂദാപ്രഭുക്കന്മാരെ
കോട്ടമേൽ കൊണ്ടുപോയി. സ്തോത്രഗാനം
ചെയ്തുകൊണ്ടു പ്രദക്ഷിണം ചെയ്യേണ്ട
തിനു രണ്ടു വലിയ സമൂഹങ്ങളെ നിയമിച്ചു.
അവയിൽ ഒന്നു കോട്ടമേൽ വലത്തുഭാഗ
ത്തുകൂടി വലിയ വാതിൽക്കലേക്കു പുറ
32 പ്പെട്ടു. അവരുടെ പിന്നാലെ ഹോശയായും
യഹൂദാ പ്രമാണികളിൽ പകുതിപ്പേരും
33 നടന്നു. അസറിയായും എസ്രായും മെശു
34 ല്ലാമും യഹൂദയും ബന്യാമിനും ശെമയ്യാ
35 യും ഏറമിയായും കാഹളങ്ങളോടുകൂടെ
പുരോഹിതപുത്രന്മാരിൽ ചിലരും ആസാ
ഫിൻെറ മകനായ സക്കൂറിൻെറ മകനായ
മീഖയായുടെ മകനായ മത്ഥന്യായുടെ
മകനായ ശെമയായുടെ മകനായ യോനാ
36 ഥാൻെറ മകൻ സ്ക്കറിയായും ദൈവ
പുരുഷനായ ദാവീദിൻെറ വാദ്യങ്ങളോടു
കൂടെ അവൻെറ സഹോദരന്മാരായ ശെമ
യായും അസറയേലും മിലലായിയും
ഗിലലായിയും മായായിയും നഥാനിയേലും
37 യഹൂദായും ഹനാനിയും നടന്നു. എസ്രാ
ശാസ്ത്രി അവരുടെ മുമ്പിൽ നടന്നു. അവർ
ഉറവുവാതിൽ കടന്നു ദാവീദിൻെറ പടിക
ളിൽ കൂടി ദാവീദിൻെറ അരമനയ്ക്കപ്പുറം
കോട്ടയുടെ കയററത്തിൽ കിഴക്കു നീർവ്വാ
38 തിൽവരെ ചെന്നു. സ്തോത്രഗാനക്കാരുടെ
രണ്ടാം കൂട്ടം അവർക്ക് നേരെ ചെന്നു.
അവരുടെ പിന്നാലെ ഞാനും ജനത്തിൽ
പകുതിയും മതിലിന്മേൽ ചൂളഗോപുര
39 ത്തിന് അപ്പുറം വിശാലമതിൽ വരെയും
എഫ്രയീം വാതിലിനപ്പുറം പഴയവാതിലും
മീൻവാതിലും ഹനനയേലിൻെറ ഗോപുര
വും ഹമ്മേയഗോപുരവും കടന്നു ആട്ടു
വാതിൽവരെയും ചെന്നു. അവർ വലിയ
40 വാതിൽക്കൽ നിന്നു. അങ്ങനെ സ്തോത്ര
ഗാനക്കാരുടെ കൂട്ടം രണ്ടും ഞാനും
എന്നോടു കൂടെയുള്ള പ്രമാണികളിൽ
പാതിപ്പേരും നിന്നു. കാഹളങ്ങളോടുകൂടെ
41 എല്യാക്കീം, മയസേയ, മൽഹീൻ,
മീഖയാ, എല്യോവേനായി, സ്ക്കറിയാ,
ഹാനനിയാ എന്ന പുരോഹിതന്മാരും,
42 മയസേയാ, ശെമയാ, എലയാസ്സാർ, ഉസ്സി,
യെഹോഹാനാൻ, മൽക്കീയാ, ഏലാം,
ഏസർ എന്നിവരും ദൈവാലയത്തിനടുത്തു
വന്നു നിന്നു. സംഗീതക്കാർ ഉച്ചത്തിൽ
പാട്ടുപാടി. സ്രഹ്യാ അവരുടെ പ്രമാ
43 ണിയായിരുന്നു. അവർ അന്നു മഹായാഗ
ങ്ങൾ അർപ്പിച്ചു സന്തോഷിച്ചു. ദൈവം
അവർക്കു മഹാസന്തോഷം നൽകി. സ്ത്രീ
കളും പൈതങ്ങളും എല്ലാം സന്തോഷിച്ചു.
അതുകൊണ്ട് യറുശലേമിലെ സന്തോഷ
ഘോഷം ബഹുദൂരം കേട്ടു.

അന്ന് സന്തോഷിച്ചു നിൽക്കുന്ന 44
പുരോഹിതന്മാരെയും ലേവ്യരെയും കുറിച്ചു
യഹൂദാജനം സന്തോഷിച്ചതുകൊണ്ടു
അവർ പുരോഹിതന്മാർക്കും ലേവ്യർക്കും
ന്യായപ്രമാണത്താൽ നിയമിക്കപ്പെട്ട ഓഹ
രികളെ, പട്ടണങ്ങളോടു ചേർന്ന നിലങ്ങ
ളിൽ നിന്നു ശേഖരിച്ചു ഭണ്ഡാരത്തിനും
ഉദർച്ചാർപ്പണങ്ങൾക്കും ഉള്ള അറകളിൽ
സൂക്ഷിക്കുവാനായി ചിലരെ മേൽവിചാര
കന്മാരായി നിയമിച്ചു. അവർ തങ്ങളുടെ 45
ദൈവത്തിൻെറ ശുശ്രൂഷയും ശുദ്ധീകരണ
ശുശ്രൂഷയും നടത്തി. സംഗീതക്കാരും
വാതിൽകാവൽക്കാരും ദാവീദിൻെറയും
അവൻെറ മകനായ ശ്ലേമൂൻെറയും
കല്പനപ്രകാരം ചെയ്തു. പണ്ടു ദാവീദിൻെറ 46
കാലത്തു സംഗീതക്കാർക്ക് ആസാഫ് എന്ന
ഒരു തലവനും ദൈവത്തിനു സ്തുതിയും
സ്തോത്രവും നിറഞ്ഞ ഗീതങ്ങളും ഉണ്ടായി
രുന്നു. എല്ലാ ഇസ്രായേലും സുർബാബേ 47
ലിൻെറ കാലത്തും നെഹമ്യായുടെ കാല
ത്തും സംഗീതക്കാർക്കും വാതിൽ കാവൽ
ക്കാർക്കും ദിവസംപ്രതി ആവശ്യമായ ദാന
ങ്ങൾ കൊടുത്തുവന്നു. അവർ നിവേദിതങ്ങ
ളെ ലേവ്യർക്കു കൊടുത്തു; ലേവ്യർ അഹ
റോന്യർക്കും നിവേദിതങ്ങളെ കൊടുത്തു.

അദ്ധ്യായം 13

അന്നു ജനം കേൾക്കെ മോശയുടെ 1
പുസ്തകം വായിച്ചു. അതിൽ, അമ്മോന്യരും
മോവാബ്യരും ദൈവത്തിൻെറ സഭയിൽ
ഒരുനാളും പ്രവേശിക്കരുത്; അവർ അപ്പവും 2
വെള്ളവുംകൊണ്ടു ഇസ്രായേൽ മക്കളെ
എതിരേററു വരാതെ അവരെ ശപിക്കേണ്ട
തിനു അവർക്കു വിരോധമായി ബെലയാ
മിനെ കൂലിക്കു വിളിച്ചു; എങ്കിലും നമ്മുടെ
ദൈവം ആ ശാപത്തെ അനുഗ്രഹമാക്കി
എന്ന് എഴുതിയിരിക്കുന്നതു കണ്ടു. ആ 3
ന്യായപ്രമാണഭാഗം കേട്ടപ്പോൾ അവർ
സമ്മിശ്രജാതികളെയെല്ലാം ഇസ്രായേലിൽ
നിന്നു മാററി.

അതിനുമുമ്പു തന്നെ, നമ്മുടെ ദൈവ 4
ത്തിൻെറ ആലയത്തിലെ അറകൾക്കു
മേൽവിചാരകനായി നിയമിക്കപ്പെട്ടിരുന്ന
എല്യാശീബ് പുരോഹിതൻ തോബീയാ
യുടെ ബന്ധുവായിരുന്നതിനാൽ അവൻ

ലിയ മുറി ഒരുക്കിക്കൊടുത്തിരുന്നു.
അവിടെ ഭോജനയാഗം, കുന്തുരുക്കം,
ാണങ്ങൾ എന്നിവയും ലേവ്യർക്കും
തക്കാർക്കും വാതിൽ കാവൽക്കാർ
വണ്ടി നിശ്ചയിച്ച ധാന്യം, വീഞ്ഞ്,
എന്നിവയുടെ ദശാംശവും പുരോഹി
ക്കുള്ള ഉദർച്ചാർപ്പണങ്ങളും വച്ചിരു
ഈ കാലത്തെല്ലാം ഞാൻ യറുശലേ
ണ്ടായിരുന്നില്ല. ബാബേൽ രാജാ
അർത്ഥഹ്ശശ്തിന്റെ മുപ്പത്തി
ആണ്ടിൽ ഞാൻ രാജാവിന്റെ അടു
പോയിരുന്നു. കുറെനാൾ കഴിഞ്ഞ്
രാജാവിനോടു അനുവാദം വാങ്ങി.
ലേമിൽ വന്നപ്പോൾ എല്യാശീബ്
ിയായിക്കു ദേവാലയത്തിന്റെ
ങ്ങളിൽ ഒരു മുറി ഒഴിഞ്ഞുകൊടു
ാൽ ചെയ്ത കുററം ഞാൻ അറിഞ്ഞു.
എനിക്കു വളരെ അനിഷ്ടം ആയ
ഞാൻ തോബിയായുടെ വീട്ടു
മൊക്കെയും മുറിയിൽനിന്നു പുറ
ത്തുകളഞ്ഞു. പിന്നെ ഞാൻ കല്പി
ആ മുറികൾ ശുദ്ധീകരിച്ചു. ദൈവാ
ലെ ഉപകരണങ്ങളും ഭോജനയാഗ
ുരുക്കവും ഞാൻ വീണ്ടും അവിടെ
ലേവ്യർക്കു ഭോഗം കൊടുക്കാ
ൽ വേല ചെയ്യുന്ന ലേവ്യരും
ക്കാരും ഓരോരുവനും സ്വന്ത
ലേക്കു പോയി എന്നു ഞാൻ
പ്രമാണികളെ ശാസിച്ചു. ദൈവാ
ഉപേക്ഷിച്ചു കളഞ്ഞത് എന്ത്?
ചാദിച്ചു. അവരെ വരുത്തി
സ്ഥാനങ്ങളിൽ നിർത്തി. പിന്നെ
ഹൂദന്മാരും ധാന്യം, വീഞ്ഞ്,
ന്നിവയുടെ ദശാംശം ഭണ്ഡാര
ിലേക്കു കൊണ്ടുവന്നു. ഞാൻ
പുരോഹിതനെയും സാദോക്
യും ലേവ്യരിൽ പെദയായെയും
സഹായിയായിട്ടു മത്ഥന്യായുടെ
ക്കൂറിന്റെ മകൻ ഹാനാനെയും
ഹങ്ങളുടെ മേൽനോട്ടക്കാരായി
അവരെ വിശ്വസ്തരെന്നു ഗണി
ങ്ങളുടെ സഹോദരന്മാർക്കു
കൊടുക്കുന്നതായിരുന്നു, അവ
ാഗം. എന്റെ ദൈവമേ, ഇതു
ി ഓർക്കണമേ; ഞാൻ എന്റെ
ന്റെ ആലയത്തിനും അതിലെ
ക്കും വേണ്ടി ചെയ്ത എന്റെ
തികളെ മായിച്ചു കളയരുതേ.
ലത്തു യഹൂദ്യയിൽ ചിലർ
മുന്തിരിച്ചക്കു ചവിട്ടുന്നതും

കററ കൊണ്ടുവരുന്നതും കഴുതപ്പുറത്തു
ചുമടു കയററുന്നതും ശാബതിൽ
വീഞ്ഞും, മുന്തിരിപ്പഴം അത്തിപ്പഴം മുതലായ
ചുമടെല്ലാം യറുശലേമിലേക്കു ചുമന്നു
കൊണ്ടുവരുന്നതും കണ്ടു. അവർ ഭക്ഷണ
സാധനം വില്ക്കുന്ന ദിവസത്തിൽ ഞാൻ
അവരെ പ്രബോധിപ്പിച്ചു. സോർ ദേശ
ക്കാരും അവിടെ പാർത്തു. മത്സ്യവും 16
പലചരക്കും കൊണ്ടുവന്നു ശാബതിൽ
യഹൂദർക്കും യറുശലേമിലും വിററുവന്നു.
തന്മൂലം ഞാൻ യഹൂദപ്രമാണികളെ 17
ശാസിച്ചു: നിങ്ങൾ ശാബതുനാൾ അശുദ്ധ
മാക്കി ഇങ്ങനെ കുറ്റം ചെയ്യുന്നതെന്ത്?
നിങ്ങളുടെ പിതാക്കന്മാർ ഇങ്ങനെ ചെയ്ത 18
തിനാലല്ലോ നമ്മുടെ ദൈവം നമ്മുടെ മേലും
ഈ നഗരത്തിന്മേലും ഈ ആപത്തെല്ലാം
വരുത്തിയിരിക്കുന്നത്? എന്നാൽ നിങ്ങൾ
ശാബതിനെ അശുദ്ധമാക്കുന്നതിനാൽ
ഇസ്രായേലിന്മേൽ ഉള്ള കോപം വർദ്ധിപ്പി
ക്കുന്നു എന്നു അവരോടു പറഞ്ഞു. പിന്നെ,
ശാബതിനു മുമ്പെ യറുശലേം നഗരവാതി 19
ലുകൾ സന്ധ്യക്കു തന്നെ അടയ്ക്കുവാനും
ശാബതു കഴിയുംവരെ അവ തുറക്കാതിരി
ക്കാനും ഞാൻ കല്പിച്ചു. ശാബതുനാളിൽ
ഒരു ചുമടും അകത്തു കടത്താതിരിക്കേ
ണ്ടതിനു വാതിലുകൾക്കടുത്ത് എന്റെ
ആളുകളിൽ ചിലരെ നിർത്തി. അതുകൊ
ണ്ടു കച്ചവടക്കാരും പലചരക്കു വിൽക്കുന്ന 20
വരും ഒന്നുരണ്ടു പ്രാവശ്യം യറുശലേമിനു
പുറത്തു രാപാർത്തു. ആകയാൽ ഞാൻ
അവരെ ശാസിച്ചു: നിങ്ങൾ മതിലിനടു 21
ത്തു രാപാർക്കുന്നതെന്തു? നിങ്ങൾ
ഇനിയും അങ്ങനെ ചെയ്താൽ ഞാൻ
നിങ്ങളെ പിടിക്കും എന്നു അവരോടു
പറഞ്ഞു. ആ കാലംമുതൽ അവർ ശാബ
തിൽ വരാതിരുന്നു. ലേവ്യരോടു ഞാൻ
ശാബതുനാളിനെ വിശുദ്ധീകരിക്കേണ്ട 22
തിനു തങ്ങളെത്തന്നെ വിശുദ്ധീകരിക്കു
കയും അന്നു വാതിലുകൾ കാക്കുകയും
ചെയ്വാൻ കല്പിച്ചു. എന്റെ ദൈവമേ,
ഇതും എനിക്കായി ഓർത്ത് നിന്റെ മഹാ
കരുണപ്രകാരം എന്നോടു ദയ തോന്നേ
ണമേ.

ആ കാലത്തു ഞാൻ അസ്തോദ്യരും 23
അമ്മോന്യരും മോവാബ്യരുമായ സ്ത്രീകളെ
വിവാഹം കഴിച്ച യഹൂദന്മാരെ കണ്ടു.
അവരുടെ മക്കൾ പാതി അസ്തോദ്യഭാഷ 24
സംസാരിച്ചു. അവർക്ക് അതതു ജാതിയുടെ
ഭാഷയല്ലാതെ യഹൂദ്യഭാഷ സംസാരിപ്പാൻ
അറിഞ്ഞിരുന്നില്ല. അവരെ ഞാൻ ശാസിച്ചു 25

ശപിച്ചു. അവരിൽ ചിലരെ വധിച്ചു. അവ
രുടെ തലമുടി പറിച്ചു; നിങ്ങളുടെ പുത്രി
മാരെ അവരുടെ പുത്രന്മാർക്കു കൊടുക്ക
രുത്; അവരുടെ പുത്രിമാരെ നിങ്ങളുടെ
പുത്രന്മാർക്കോ നിങ്ങൾക്കോ എടുക്കുക
യുമരുത് എന്ന് ആജ്ഞാപിച്ചു. അവരെ
ക്കൊണ്ടു ദൈവനാമത്തിൽ സത്യം ചെയ്യി
26 ച്ചു. ഇസ്രായേൽ രാജാവായ ശ്ലേമൂൻ
ഇതിനാൽ പാപം ചെയ്തില്ലയോ? അവനെ
പ്പോലെ ഒരു രാജാവു അനേകജാതികളു
ടെ ഇടയിൽ ഉണ്ടായിരുന്നില്ല; അവൻ
തൻെറ ദൈവത്തിനു പ്രിയനായിരുന്നതി
നാൽ ദൈവം അവനെ എല്ലാ ഇസ്രായേ
ലിനും രാജാവാക്കി. എങ്കിലും അവനെയും
അന്യജാതിക്കാരികളായ ഭാര്യമാർ വശീ
27 കരിച്ചു പാപം ചെയ്യിച്ചുവല്ലോ. നിങ്ങൾ
അന്യജാതിക്കാരികളെ വിവാഹം കഴിക്കു
ന്നതിനാൽ നമ്മുടെ ദൈവത്തോടു മത്സ
രിക്കത്തക്കവണ്ണം ഈ വലിയ പാപമെല്ലാം
ചെയ്യത്തക്കവണ്ണം ഞങ്ങൾ നിങ്ങളെ
സമ്മതിക്കുമോ? എന്നു ചോദിച്ചു. യോ 28
യാദയുടെ പുത്രന്മാരിൽ മഹാപുരോഹി
തനായ എല്യാശീബിൻെറ മകൻ ഹോരോ
ന്യനായ സൻബെല്ലത്തിൻെറ മരുമകൻ
ആയിരുന്നു. അതുകൊണ്ടു ഞാൻ അവനെ 29
എൻെറ അടുക്കൽനിന്നു ഓടിച്ചു. എൻെറ
ദൈവമേ, അവർ പൗരോഹിത്യത്തെയും
പൗരോഹിത്യത്തിൻെറയും ലേവ്യരുടെ
യും നിയമത്തെയും മലിനമാക്കിയിരിക്കു
ന്നതു അവർക്കു കണക്കിടണമേ. ഇങ്ങ 30
നെ ഞാൻ അന്യായമായതെല്ലാം നീക്കി
അവരെ ശുദ്ധീകരിക്കയും പുരോഹിത
ന്മാർക്കും ലേവ്യർക്കും ഓരോരുത്തനു
സ്വന്തജോലിയിൽ ശുശ്രൂഷാക്രമവും
നിശ്ചിത സമയങ്ങൾക്കു വിറകുവഴിപാടും 31
ആദ്യഫലവും നിയമിക്കുകയും ചെയ്തു.
എൻെറ ദൈവമേ, ഇതു എനിക്കു നന്മ
യ്ക്കായി ഓർക്കേണമേ.

സമാപ്തം

ഏശായാ

അദ്ധ്യായം 1

മോസിൻെറ മകൻ ഏശായാ യഹൂദാ
ക്കന്മാരായ ഊസിയാ, യോഥാം,
സ്, ഹെസക്കിയാ എന്നിവരുടെ
ത് യഹൂദയെയും യറൂശലേമിനെ
റിച്ച് ദർശിച്ച ദർശനം. ആകാശമേ
ുക, ഭൂതലമേ ശ്രദ്ധിക്കുക. കർത്താ
ളിച്ചെയ്യുന്നു. ഞാൻ മക്കളെ പോറ്റി
ി. അവരോ എന്നോട് മത്സരിച്ചിരി
കാള അതിൻെറ ഉടമസ്ഥനെയും
അതിൻെറ യജമാനൻെറ തൊഴു
റിയുന്നുണ്ട്. എന്നാൽ ഇസ്രായേൽ
ന്നില്ല. എൻെറ ജനം വിവേചിക്കു

പാപമുള്ള ജാതി. അധർമ്മഭാരം
ുന്ന ജനം. ദുഷ്കർമ്മികളുടെ
ദുർമ്മാർഗ്ഗികളായ മക്കൾ നിങ്ങൾ
ത്ത ഉപേക്ഷിക്കുകയും ഇസ്രായേ
പരിശുദ്ധനെ നിരസിച്ച് പിന്നോ
ുകയും ചെയ്തു. ഇനിയും നിങ്ങളെ
എന്തു കാര്യം? നിങ്ങൾ പൂർവ്വാ
ിന്മാറുകയേയുള്ളു. നിങ്ങളുടെ
മുഴുവൻ വ്രണവും, ഹൃദയമാകെ
ബാധിച്ചിരിക്കുന്നു. അടിമുതൽ
രോഗബാധിതം. മുറിവും ചതവും
മാത്രം. അവയെ കഴുകി വൃത്തി
യോ വച്ചുകെട്ടുകയോ തൈലം
മിപ്പിക്കുകയോ ചെയ്തിട്ടില്ല. നിങ്ങ
ദ്യം ശൂന്യമായി. നിങ്ങളുടെ നഗര
നിക്കിരയായി. നിങ്ങളുടെ കണ്മു
ജാതികൾ നിങ്ങളുടെ ദേശം വിഴു
ത്തു. അത് അന്യർ ഉന്മൂലനാശം
പോലെ നിർജ്ജനമായിരിക്കു
യോൻപുത്രീ മുന്തിരിത്തോപ്പിലെ
ാലെയും വെള്ളരിത്തോട്ടത്തിലെ
ലെയും ആക്രമണവിധേയമായ
ാലെയും ശേഷിച്ചിരിക്കുന്നു.
നായ ദൈവം നമുക്ക് അല്പ
ശേഷിപ്പ് കരുതിയിരുന്നില്ലെ
സോദോംപോലെ ആകുമാ
യിരുന്നു. ഓമോറയ്ക്ക് തുല്യമാകുമാ
യിരുന്നു.
സോദോം ഭരണാധികാരികളേ ദൈവ 10
വചനം കേൾപ്പിൻ. ഓമോറജനമേ, നമ്മുടെ
ദൈവത്തിൻെറ നിയമം ശ്രദ്ധിക്കുവിൻ.
നിങ്ങളുടെ യാഗങ്ങളുടെ ആധിക്യംകൊണ്ട് 11
എനിക്ക് എന്തു പ്രയോജനം? മുട്ടാടുകളെ
ക്കൊണ്ടുള്ള ദഹനബലിയും കൊഴുത്ത
മൃഗങ്ങളുടെ മേദസ്സും എനിക്കു മതിയായി.
കാള, കുഞ്ഞാട്, മുട്ടാട് എന്നിവയുടെ
രക്തംകൊണ്ട് ഞാൻ പ്രസാദിക്കയില്ല.
നിങ്ങൾ എൻെറ മുമ്പാകെ വരുമ്പോൾ, 12
എൻെറ പ്രാകാരങ്ങളിൽ കാലുകുത്തു
മ്പോൾ ഇവ വേണമെന്ന് നിങ്ങളോട് ആരു
ചോദിച്ചു? നിങ്ങൾ ഇനിയും വ്യർത്ഥകാഴ്ച
കൾ കൊണ്ടുവരരുത്. നിങ്ങളുടെ ധൂപം 13
എനിക്കു വെറുപ്പത്രെ. അമാവാസിയും
ശാബതും സഭായോഗം കൂടുന്നതും എനി
ക്ക് സഹിക്കാവതല്ലാത്ത നീതികേടായിരി
ക്കുന്നു. നിങ്ങളുടെ അമാവാസികളും 14
നിശ്ചിത പെരുന്നാളുകളും ഞാൻ വെറു
ക്കുന്നു. അവ എനിക്ക് അസഹ്യമായിരി
ക്കുന്നു. ഞാൻ അവ സഹിച്ച് മുഷിഞ്ഞിരി
ക്കുന്നു. നിങ്ങൾ കൈമലർത്തുമ്പോൾ 15
ഞാൻ എൻെറ കണ്ണു മറയ്ക്കും. നിങ്ങൾ
എത്രയേറെ പ്രാർത്ഥിച്ചാലും ഞാൻ കേൾ
ക്കുകയില്ല. നിങ്ങളുടെ കൈ രക്തംകൊണ്ട്
നിറഞ്ഞിരിക്കുന്നു. നിങ്ങൾ സ്വയം കഴുകി
നിർമ്മലരാകുവിൻ. നിങ്ങളുടെ പ്രവൃത്തി 16
കളുടെ തിന്മയെ എൻെറ ദൃഷ്ടിയിൽനിന്നു
നീക്കിക്കളയുവിൻ. അകൃത്യങ്ങൾ അവ 17
സാനിപ്പിക്കുവിൻ. നന്മ ചെയ്യുവാൻ പഠി
ക്കുവിൻ. നീതി അന്വേഷിപ്പിൻ, പീഡി
തനെ ആശ്വസിപ്പിക്കുവിൻ. അനാഥന്
ന്യായം നടത്തിക്കൊടുപ്പിൻ.വിധവയ്ക്കു
വേണ്ടി ന്യായവാദം ചെയ്യുവിൻ എന്നു
കർത്താവ് അരുളിച്ചെയ്യുന്നു. വരുവിൻ 18
നമുക്ക് രമ്യപ്പെടാം. നിങ്ങളുടെ പാപങ്ങൾ
കടുഞ്ചുവപ്പായിരുന്നാലും അവ ഹിമംപോ
ലെ വെള്ളയായിത്തീരും. രക്താംബരംപോ
ലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ,

19 വെളുക്കും. നിങ്ങൾ പൂർണ്ണമനസ്സോടെ
അനുസരിക്കുമെങ്കിൽ നിങ്ങൾ ദേശത്തി
20 ൻെറ നന്മ അനുഭവിക്കും. മത്സരിച്ചാലോ
നിങ്ങൾ വാളിന്നിരയാകും. ദൈവത്തിൻെറ
വായാണ് ഇതരുളിച്ചെയ്തിരിക്കുന്നത്.
21 വിശ്വസ്തനഗരം വേശ്യയായി തീർന്നിരി
ക്കുന്നത് എങ്ങനെ? അതിൽ ന്യായം നിറ
ഞ്ഞിരുന്നു. നീതി വസിച്ചിരുന്നു. ഇപ്പോഴോ
22 കൊലപാതകന്മാർ മാത്രം. നിൻെറ വെള്ളി
കീടമായും നിൻെറ വീഞ്ഞു വെള്ളം
23 ചേർന്നും ഇരിക്കുന്നു. നിൻെറ പ്രഭുക്കന്മാർ
മത്സരികളും കള്ളന്മാരുടെ കൂട്ടുകാരും
തന്നെ. അവർ എല്ലാം കൈക്കൂലിപ്രിയ
രും പ്രതിഫലം കാംക്ഷിക്കുന്നവരും ആകു
ന്നു. അവർ അനാഥനു ന്യായം നട
ത്തിക്കൊടുക്കുന്നില്ല. വിധവയുടെ ആവ
ലാതി അവരുടെ അടുക്കൽ വരുന്നതു
24 മില്ല. അതുകൊണ്ട് ഇസ്രായേലിൻെറ
ശക്തനായ ദൈവമായ കർത്താവ്
അരുളിച്ചെയ്യുന്നു: ഹാ! ഞാൻ എൻെറ
വൈരികളോട് പകവീട്ടി എൻെറ ശത്രു
25 ക്കളോട് പ്രതികാരം ചെയ്യും. ഞാൻ എൻെറ
കൈ നിൻെറ നേരേ തിരിച്ച് നിൻെറ മത്സരം
മാറ്റി ശുദ്ധീകരിക്കുകയും അനീതിയെല്ലാം
നീക്കിക്കളയുകയും ചെയ്യും. ഞാൻ നിൻെറ
26 ന്യായാധിപന്മാരെ ആദിയിങ്കൽ എന്ന
പോലെയും നിൻെറ ആലോചനക്കാരെ
ആരംഭത്തിങ്കൽ എന്നപോലെയും ആക്കും.
അതിൻെറ ശേഷം നീ നീതിയിൻ പട്ടണം
എന്നും വിശ്വസ്തനഗരം എന്നും വിളിക്കപ്പെ
27 ടും. സെഹിയോൻ ന്യായത്താലും അതി
ൻെറ പ്രവാസികൾ നീതിയാലും വീണ്ടെ
28 ടുക്കപ്പെടും. എന്നാൽ അക്രമികളുടേയും
പാപികളുടെയും നാശം ഒരുമിച്ചായിരിക്കും.
ദൈവത്തെ ഉപേക്ഷിക്കുന്നവർക്ക് അറു
29 തിവരും. നിങ്ങൾ താല്പര്യം വെച്ചിരുന്ന
വിഗ്രഹങ്ങളെക്കുറിച്ച് നാണിക്കും. നിങ്ങൾ
തിരഞ്ഞെടുത്തിരുന്ന തോട്ടങ്ങൾ നിമിത്തം
നിങ്ങൾ വിഷമത്തിലാകും. നിങ്ങൾ ഇല
30 പൊഴിഞ്ഞ കരുവേലകം പോലെയും വെള്ള
മില്ലാത്ത തോട്ടംപോലെയും ഇരിക്കും.
31 ബലം വ്യർത്ഥമായും അതിൻെറ നിർമ്മി
തികൾ തീപ്പൊരികൾക്കും ആകും. കെടു
ത്തുവാൻ ആരുമില്ലാതെ രണ്ടും ഒരുമിച്ച്
ദഹിച്ചുപോകും.

അദ്ധ്യായം 2

1 ആമോസിൻെറ മകനായ ഏശായാ
യഹൂദയെയും യറൂശലേമിനെയുംപറ്റി
ദർശിച്ച വചനം.

അന്ത്യകാലത്ത് ദൈവത്തിൻെറ ആലയ 2
മുള്ള പർവ്വതം, പർവ്വതങ്ങളുടെ ശിഖര
ത്തിൽ സ്ഥാപിതവും കുന്നുകൾക്ക് മീതെ
ഉന്നതവുമായിരിക്കും. സകല ജാതികളും
അതിലേക്കു ഒഴുകിച്ചെല്ലും. അനേകജാതി 3
കളും ചെന്നു. വരുവിൻ നമുക്ക് ദൈവത്തി
ൻെറ പർവ്വതത്തിലേക്ക്, യാക്കോബിൻ
ദൈവത്തിൻെറ ആലയത്തിലേക്ക് കയറി
ച്ചെല്ലാം. അവൻ നമുക്ക് തൻെറ വഴികളെ
പഠിപ്പിക്കുകയും നാം അവൻെറ പാതകളിൽ
നടക്കയും ചെയ്യും എന്നു പറയും. സെഹി
യോനിൽനിന്ന് നിയമവും യറുശലേമിൽ
നിന്ന് ദൈവത്തിൻെറ വചനവും പുറപ്പെടും.
അവൻ ജാതികളുടെ ഇടയിൽ ന്യായം വിധി 4
ക്കുകയും വിദൂരസ്ഥരായ ബഹുജാതികളെ
ശാസിക്കുകയും ചെയ്യും. അവർ തങ്ങളുടെ
വാളുകളെ കൊഴുക്കളായും കുന്തങ്ങളെ
വാക്കത്തികളായും അടിച്ചുതീർക്കും. ജാതി
ജാതിക്കു നേരെ വാളോങ്ങുകയില്ല. അവർ
ഇനി യുദ്ധം അഭ്യസിക്കയും ഇല്ല.
യാക്കോബ് ഗൃഹമേ വരുവീൻ, നമുക്ക് 5
ദൈവത്തിൻെറ വെളിച്ചത്തിൽ നടക്കാം.
എന്നാൽ നീ യാക്കോബ് ഗൃഹമായ നിൻെറ 6
ജനത്തെ തള്ളിക്കളഞ്ഞിരിക്കുന്നു. അവർ
പൂർവ്വദേശക്കാരുടെ മര്യാദകളാൽ നിറ
ഞ്ഞും, ഫെലിസ്ത്യരെപ്പോലെ പ്രശ്നക്കാ
രായും അന്യജാതികളെ വളർത്തുന്നവ
രായും ഇരിക്കുന്നു. അവരുടെ ദേശത്ത് 7
വെള്ളിയും പൊന്നും നിറഞ്ഞിരിക്കുന്നു.
അവരുടെ നിക്ഷേപങ്ങൾക്ക് കണക്കില്ല.
അവരുടെ ദേശത്ത് കുതിരകൾ നിറഞ്ഞിരി
ക്കുന്നു. അവരുടെ രഥങ്ങൾക്കും എണ്ണമില്ല.
അവരുടെ ദേശത്ത് വിഗ്രഹങ്ങൾ നിറഞ്ഞി 8
രിക്കുന്നു, സ്വവിരൽകൊണ്ടുണ്ടാക്കിയ
കൈപ്പണിയെ അവർ ആരാധിക്കുന്നു.
സാധാരണ മനുഷ്യൻ വണങ്ങുന്നു. 9
മനുഷ്യൻ അതിൻെറ മുമ്പിൽ കുനിയുന്നു.
ആകയാൽ നീ അവരോടു ക്ഷമിക്കരുതേ.
ദൈവത്തിൻെറ ഭയങ്കരത്വം നിമിത്തവും 10
അവൻെറ മഹിമയുടെ പ്രഭ നിമിത്തവും നീ
പാറയിൽ കടന്നു മണ്ണിൽ ഒളിച്ചുകൊൾക.
മനുഷ്യരുടെ ഗർവ്വ് താഴും. മനുഷ്യരുടെ 11
നിഗളം താഴ്ത്തപ്പെടും. ദൈവം മാത്രം
അന്നാളിൽ ഉന്നതനായിരിക്കും. ബലവാനാ 12
യ ദൈവത്തിൻെറ നാൾ ഗർവ്വവും, ഉന്നത
ഭാവവും ഉള്ള എല്ലാവരുടെമേലും നിഗ
ളമുള്ള എല്ലാററിന്മേലും വരും. അവ താഴ്ത്ത
പ്പെടും. ലബാനോനിലെ പൊക്കവും ഉയര 13
വും ഉള്ള സകല ദേവദാരുക്കളിലും ബാശാ
നിലെ എല്ലാ കരുവേലകങ്ങളിന്മേലും

ുള്ള സകല പർവതങ്ങളിന്മേലും
ുള്ള എല്ലാ കുന്നുകളിന്മേലും ഉന്നത
കല ഗോപുരത്തിന്മേലും ഉറപ്പുള്ള
കോട്ടകൾമേലും എല്ലാ തർശീശ്
ന്മേലും മനോഹരമായ എല്ലാ
നത്തിന്മേലും വരും. അപ്പോൾ
ൻെറ ഗർവ്വം കുനിയും. അവരുടെ
താഴ്ത്തപ്പെടും. ദൈവം മാത്രം
ിൽ ഉന്നതനായിരിക്കും. വിഗ്രഹ
അവൻ നിർമ്മൂലമാക്കും. ദൈവം
കീഴടക്കുവാൻ എഴുന്നേല്ക്കു
അവൻെറ ഭയങ്കരത്വം നിമി
അവൻെറ മഹിമയുടെ പ്രഭനി
ും പാറകളുടെ ഗഹ്വരങ്ങളിലും
പാറകളുടെ വിള്ളലുകളിലും
ണ്ടതിന്ന് തങ്ങൾ നമസ്കരി
വള്ളികൊണ്ടും പൊന്നുകൊണ്ടും
ിയ വിഗ്രഹങ്ങളെ മനുഷ്യർ ആ
വ്യർത്ഥതയ്ക്കും വവ്വാലിന്നും
ുകളെയും. മൂക്കിൽ ശ്വാസമുള്ള
ന വിട്ടൊഴിവിൻ. അവനെ എന്തു
പ്പാനുള്ളു?

അദ്ധ്യായം 3

താധികർത്താവ് യറുശലേമിൽ
യഹൂദയിൽനിന്നും ആശ്രയവും,
ന്ന ആശ്രയവും, വെള്ളം എന്ന
ും ശക്തൻ, വീരൻ, ന്യായാധി
ാചകൻ, പ്രധാനി, പ്രശ്നക്കാരൻ,
പർക്ക് അധിപതി, മാന്യൻ, മന്ത്രി,
ശില്പി, വാഗ്മിയായ പ്രസംഗി
രയും നീക്കിക്കളയും. ഞാൻ
ള അവർക്കു പ്രഭുക്കന്മാരാക്കി
പരിഹാസികൾ അവരെ വാഴും.
റൊരുവനെയും ഒരാൾ തൻെറ
ാരനെയും ഇങ്ങനെ ജനം
്യം പീഡിപ്പിക്കും. ബാലൻ വൃദ്ധ
ീനൻ മാന്യനോടും കയർക്കും.
തൻെറ പിതൃഭവനത്തിലെ
നെ പിടിച്ചു. നിനക്കു മേലങ്കി
ഞങ്ങളുടെ അധിപതി ആയി
ശൂന്യശിഷ്ടം നിൻെറ കൈവശം
എന്നു പറയും. അവൻ അന്ന്
യിരിപ്പാൻ എനിക്കു മനസ്സില്ല.
ട്ടിൽ ആഹാരവുമില്ല, വസ്ത്രവു
ന ജനത്തിന്ന് അധിപതിയാക്ക
പറയും. കർത്താവിൻെറ തേജ
ന്നിന്നു വെറുപ്പു തോന്നുവാൻ
അവരുടെ നാവുകളും പ്രവൃത്തി
ന്നു വിരോധമായിരിക്കയാൽ

യറുശലേം നശിച്ചിരിക്കുന്നു. യഹൂദാ വീണു
പോയിരിക്കുന്നു. അവരുടെ നാവും ജോലി
കളും കർത്താവിനോടു മത്സരിച്ചു. അവ 9
രുടെ കാപട്യം അവർക്കു വിരോധമായി
സാക്ഷീകരിക്കുന്നു. അവർ സോദോംപോ
ലെ തങ്ങളുടെ പാപത്തെ പരസ്യമാക്കുന്നു.
അതിനെ മറക്കുന്നതുമില്ല. അവർക്ക്
അയ്യോ കഷ്ടം! അവർ തങ്ങൾക്കുതന്നെ
ദോഷം വരുത്തുന്നു. നീതിമാനെക്കുറിച്ച്:
അവന്നു നന്മവരും എന്നു പറവീൻ. തങ്ങ 10
ളുടെ പ്രവൃത്തികളുടെ ഫലം അവർ അനുഭ
വിക്കും. ദുഷ്ടന് ഹാ കഷ്ടം! അവന്നു 11
ദോഷംവരും. അവൻെറ പ്രവൃത്തികളുടെ
ഫലം അവനും അനുഭവിക്കും. എൻെറ
ജനമോ അധികാരികൾ അവരെ പീഡിപ്പി 12
ക്കുന്നു. സ്ത്രീകൾ അവരെ വാഴുന്നു. എൻെറ
ജനമേ, നിന്നെ നടത്തുന്നവർ നിന്നെ
വഴിതെററിക്കുന്നു. നീ നടക്കേണ്ടുന്ന വഴി
അവർ നശിപ്പിക്കുന്നു. ദൈവം വിധിപ്പാൻ
എഴുന്നേററു. വംശങ്ങളെ വിധിപ്പാൻ നില്ക്കു 13
ന്നു. ദൈവം തൻെറ ജനത്തിൻെറ മൂപ്പന്മാ 14
രോടും പ്രഭുക്കന്മാരോടും വ്യവഹരിപ്പാൻ
പ്രവേശിക്കും. നിങ്ങൾ മുന്തിരിത്തോട്ടം ദഹി
പ്പിച്ചു. എളിയവരോട് കവർന്നെടുത്തത്
നിങ്ങളുടെ വീടുകളിൽ ഉണ്ട്. എൻെറ
ജനത്തെ തകർത്തുകളയുവാനും എളിയ 15
വരെ ദുഃഖിപ്പിപ്പാനും നിങ്ങൾക്ക് എന്തു
കാര്യം എന്നു ശക്തനായ ദൈവമായ
കർത്താവിൻെറ അരുളപ്പാട്.

ദൈവം പിന്നെയും അരുളിച്ചെയ്തതെ
ന്തെന്നാൽ: സെഹിയോൻ പുത്രിമാർ 16
നിഗളിച്ചു കഴുത്തു നീട്ടി എറികണ്ണിട്ടു
നോക്കി സഞ്ചരിക്കയും, അലസഗമനം
നടത്തുകയും, കാൽകൊണ്ട് ചിലമ്പൊലി
കേൾപ്പിക്കയും ദൈവകോപം വരുത്തുക
യും ചെയ്യുന്നു. ഇതു നിമിത്തം ദൈവം 17
സെഹിയോൻ പുത്രിമാരുടെ നെറുകകളെ
താഴ്ത്തും. ദൈവം അവരെ നഗ്നമാക്കും.
അന്ന് കർത്താവ് അവരുടെ കാൽച്ചിലമ്പു 18
കളുടെ അലങ്കാരം, അവരുടെ നെററിപ്പട്ടം,
ചന്ദ്രക്കല, കാതില, കടകം, കവണി, ശിരോ 19
വസ്ത്രം, കാൽതള, പട്ടുകച്ച, പരിമളപ്പെട്ടി, 20
തകിടുകൂട്, മോതിരം, മൂക്കുത്തി, വില 21
പിടിച്ച വസ്ത്രം, മേലങ്കി, കുപ്പായം, ചെറു 22
സഞ്ചി, ദർപ്പണം, തലപ്പാവ്, പട്ടുവസ്ത്രം, 23
മൂടുപടം എന്നിവ നീക്കിക്കളയും. അപ്പോൾ 24
സുഗന്ധത്തിന്നു പകരം ദുർഗ്ഗന്ധവും,
അരക്കച്ചയ്ക്കു പകരം കയറും, മനോഹര
മുടിക്കു പകരം കഷണ്ടിയും അലങ്കാര
വസ്ത്രത്തിന്നു പകരം ചാക്കും ആകും.

25 സൗന്ദര്യം മാറിപ്പോകും. നിൻെറ ശക്ത
ന്മാർ വാളിനാലും നിൻെറ വീരന്മാർ യുദ്ധ
ത്തിലും വീഴും. അതിൻെറ വാതിലുകൾ
വിലപിച്ച് ദുഃഖിക്കും. അതിൻെറ വിജയം
നിലംപരിശാകും.

അദ്ധ്യായം 4

1 അന്ന് ഏഴു സ്ത്രീകൾ ഒരു പുരുഷനെ
പിടിച്ചു; ഞങ്ങൾ സ്വന്തം അപ്പം ഭക്ഷിച്ചു
കൊള്ളാം. സ്വന്ത വസ്ത്രം ധരിക്കയും
ചെയ്തുകൊള്ളാം. നിൻെറ പേരു മാത്രം
ഞങ്ങൾക്ക് തരണം. ഞങ്ങളുടെ അപമാനം
2 നീക്കിക്കളയണമേ എന്നു പറയും. ആ
നാളിൽ ദൈവത്തിൻെറ ഉദയം ഭംഗിയും
മഹത്വമുള്ളതും ഭൂമിയുടെ ഫലം ഇസ്രാ
യേലിലെ ശേഷിച്ചവർക്ക് മഹിമയും ഭംഗി
3 യും ആയിരിക്കും. കർത്താവു ന്യായ
വിധിയുടെയും ദഹനത്തിൻെറയും കാററു
കൊണ്ട് സീയോൻപുത്രിമാരുടെ അശുദ്ധി
4 കഴുകിക്കളയും. യറുശലേമിൻെറ രക്ത
പാതകം അതിൽനിന്ന് നീക്കി ശുദ്ധീകരി
ക്കുകയും ചെയ്തശേഷം സെഹിയോനിൽ
ശേഷിച്ചിരിക്കുന്നവനും യറുശലേമിൽ
ശേഷിച്ചിരിക്കുന്നവരുടെ കൂട്ടത്തിലുള്ള
വനും ജീവനുള്ളവരുടെ കൂട്ടത്തിൽ പേരെ
ഴുതിയിരിക്കുന്ന ഏവനും വിശുദ്ധൻ എന്നു
5 വിളിക്കപ്പെടും. കർത്താവ് സെഹിയോൻ
പർവ്വതത്തിലെ സകല വാസസ്ഥലത്തി
ന്മേലും അതിലെ സഭായോഗങ്ങളിന്മേലും
പകലിന്ന് ഒരു മേഘവും പുകയും രാത്രിക്ക്
അഗ്നിജ്വാലയുടെ പ്രകാശവും സൃഷ്ടി
ക്കും. സകല തേജസ്സിന്നും മീതെ തൻെറ
6 വിതാനം ഉണ്ടായിരിക്കും. പകൽ, വെയിൽ
ഏൽക്കാതിരിപ്പാൻ തണലായും കൊടുങ്കാ
റ്റും മഴയും തട്ടാതിരിപ്പാൻ സങ്കേതവും മറ
വിടവുമായും ഒരു കൂടാരം ഉണ്ടായിരിക്കും.

അദ്ധ്യായം 5

1 ഞാൻ എൻെറ വത്സലന് പാടും. എൻെറ
വത്സലൻെറ മുന്തിരിത്തോപ്പിനെക്കുറിച്ച്
2 സ്തുതി പാടും. എൻെറ വത്സലന് പുഷ്ടി
യുള്ളോരു സ്ഥലത്ത് ഒരു മുന്തിരിത്തോപ്പു
ണ്ടായിരുന്നു. അവൻ അതിൽ വേല ചെയ്ത്
വേലി കെട്ടി, ഉത്തമ മുന്തിരിവള്ളി അതിൽ
നട്ടു. അതിനുള്ളിൽ ഒരു ഗോപുരം പണിത്
ചക്കും ഉറപ്പിച്ചു. മുന്തിരിപ്പഴം ഉണ്ടാകുമെന്ന്
അവൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ കാട്ടു
മുന്തിരിങ്ങ അത്രേ അതിൽ കായ്ച്ചത്.
യഹൂദാ പുരുഷന്മാരും യെറുശലേം നിവാ
3 സികളുമേ എനിക്കും എൻെറ തോട്ടത്തി
ന്നും മദ്ധ്യേ നിങ്ങൾ വിധിപ്പിൻ. ഞാൻ
അതിനു വേണ്ടി ചെയ്തിട്ടുള്ളതിന്നപ്പുറ 4
മായി ഇനിയും എന്താണ് ചെയ്യാനുള്ളത്?
മുന്തിരിക്കുല ഉണ്ടാകുമെന്ന് ഞാൻ പ്രതീ
ക്ഷയോടിരുന്നു. അത് കായ്ച്ചതോ കാട്ടു
മുന്തിരി. ഇപ്പോൾ ഞാൻ എൻെറ തോട്ട
ത്തോട് എന്തു ചെയ്യുമെന്ന് അറിയിക്കാം. 5
ഞാൻ അതിൻെറ ഗോപുരം ഉന്മൂലമാക്കും.
അത് കവർച്ചയ്ക്കു പാത്രമാകും. അതിൻെറ
വേലി ഞാൻ പൊളിക്കും. അതിനെ എല്ലാ
വരും ചവുട്ടിമെതിക്കും. അതിനെ ഞാൻ
ശൂന്യമാക്കും. അതു ശുശ്രൂഷിക്കപ്പെടാ
തെയും വേല ചെയ്യപ്പെടാതെയുമിരിക്കും. 6
അതിൽ മുള്ളും പറക്കാരയും മുളയ്ക്കും.
അതിൽ മഴ വീഴ്ത്തരുതെന്ന് ഞാൻ മേഘ
ങ്ങളോടാജ്ഞാപിക്കും. ബലവാനായ
ദൈവത്തിൻെറ മുന്തിരിത്തോപ്പ് ഇസ്രാ 7
യേൽ ഗൃഹവും അതിൻെറ പുത്തനും
വത്സലവുമായ നടുതല യഹൂദിയാ പുരുഷ
ന്മാരും ആകുന്നു. ഞാൻ ന്യായത്തിന്നായി
കാത്തിരുന്നു. എന്നാൽ ഇതാ അപഹാരം.
ഞാൻ പുണ്യത്തിന്നായി കാത്തിരുന്നു.
എന്നാൽ ഇതാ വിലാപം.
സ്ഥലം കൈക്കലാക്കി അവർ മാത്രം 8
അവിടെ പാർക്കത്തക്കവണ്ണം വീടിനോടു
വീടു ചേർക്കയും വയലിനോട് വയൽ
ചേർക്കയും ചെയ്യുന്നവർക്ക് കഷ്ടം. ബല 9
വാനായ ദൈവം പറയുന്നത് ഞാൻ കേട്ടു:
പാർക്കാൻ ആളില്ലാതെ അനേകം ഭവന
ങ്ങൾ ശൂന്യമായിപ്പോകും. പത്തു അളവു 10
കോൽ മുന്തിരിത്തോട്ടത്തിൽനിന്ന് ഒരു
ബത്തും ഒരു കോർ വിത്തിൽനിന്ന് ഒരു
പറയും മാത്രം കിട്ടും. അതികാലത്തെ എഴു 11
ന്നേററ് മദ്യം തേടി ഓടുകയും മദ്യമത്ത
ന്മാരായി രാത്രിയിൽ വൈകി ഇരിക്കുകയും
ചെയ്യുന്നവർക്ക് കഷ്ടം. കിന്നരവും വീണ 12
യും തപ്പും കുഴലും വായിച്ച് മദ്യപിക്കുന്നു.
ദൈവത്തിൻെറ പ്രവൃത്തികൾ അവർ ഗ്രഹി
ക്കുന്നില്ല. ദൈവത്തിൻെറ കൈവേലയി
ലേക്ക് അവർ നോക്കുന്നുമില്ല. ആകയാൽ
എൻെറ ജനം അറിവില്ലായ്കയാൽ പ്രവാ 13
സത്തിൽ പോയി. പട്ടിണിമൂലം അവരുടെ
മൃതന്മാർ വർദ്ധിച്ചു. ദാഹത്താൽ വരണ്ടു 14
പോയി. ആകയാൽ പാതാളം സ്വയം തുറ
ന്നു. അതിൻെറ വായ് വിസ്താരമായി
തുറന്നിരിക്കുന്നു. മാന്യന്മാരും മഹത്തു
ക്കളും ബലവാന്മാരും അതിലേക്ക് ഇറങ്ങി
പ്പോകും. മനുഷ്യൻ താഴ്ത്തപ്പെടും. പുരു 15
ഷൻ വീണുപോകും. ഗർവ്വിഷ്ഠരുടെ കണ്ണു
കൾ താണുപോകും. ബലവാനായ ദൈവ 16

, ന്യായവിധിയിൽ ഉന്നതിപ്പെടും.
ദ്ധനായ ദൈവം പുണ്യത്തോടെ
ിക്കപ്പെടും. കുഞ്ഞാടുകൾ മേച്ചിൽ
മേയും. പണിയപ്പെട്ട ശൂന്യസ്ഥല
റ്റുള്ളവർ അനുഭവമാക്കും. ദീർഘ
ാശംകൊണ്ടെന്നപോലെ അവരുടെ
ളെ ദീർഘിപ്പിക്കുകയും കയറെന്ന
അവരുടെ അധർമ്മം നീട്ടുകയും,
വേഗം അവന്റെ പ്രവൃത്തികൾ നി
ട്ടെ, ഇസ്രായേലിന്റെ പരിശുദ്ധ
ലോചന അടുത്തുവരട്ടെ, നമുക്കു
ല്ലോ" എന്നു പറയുകയും ചെയ്യുന്ന
കഷ്ടം. ദുഷ്ടനെ ശിഷ്ടനെന്നും
ന ദുഷ്ടനെന്നും വിളിക്കുകയും പ്ര
ന അന്ധകാരവും അന്ധകാരത്തെ
ും ആക്കുകയും കയ്പിനെ മധുര
ാത്തെ കയ്പും ആക്കുകയും ചെ
ക്ക് കഷ്ടം. തങ്ങൾക്കുതന്നെ
കളായും തങ്ങളുടെ ദൃഷ്ടിയിൽ
ളായും കാണുന്നവർക്ക് കഷ്ടം.
ുടിക്കുന്ന വീരന്മാർക്കും മദ്യം
ന്ന ശക്തന്മാർക്കും കഷ്ടം. കൈ
ങ്ങി അവർ കുററക്കാരനെ നിര
ക്കുന്നു. കുററമററവന്റെ നീതി
ാക്കുകയും ചെയ്യുന്നു. തന്മൂലം
തീയ് കച്ചിയെ വിഴുങ്ങുന്നതു
ഗ്നിജ്വാലയാൽ അവരുടെ വേരു
്ലുപോകും. അവരുടെ പുഷ്പം
ാലെ പറന്നു കയറിപ്പോകും.
ൽ അവർ ബലവാനായ കർത്താ
പ്രമാണത്തെ നിരസിക്കുകയും
ലിന്റെ പരിശുദ്ധന്റെ വച
ാപിപ്പിക്കുകയും ചെയ്തിരിക്കു
ം ദൈവകോപം തന്റെ ജനത്തി
തിപ്പെട്ടു. താൻ കയ്യുയർത്തി
ിച്ചു. പർവ്വതങ്ങൾ ഇളകി. അവ
ാരീരം തെരുവുകളിൽ ചവറു
. ഇതെല്ലാംകൊണ്ടും അവന്റെ
ാതെ അവന്റെ കൈ ഇനിയും
ുന്നു.
ഥരായ ജാതികൾക്ക് അവൻ
ം ഉയർത്തും. ഭൂതലാതിർത്തി
അവരെ ചൂളകുത്തി വിളിക്കും.
ഷണം വന്നു ചേരും. അവർ
പ്പടുകയോ ഇടറുകയോ ചെ
വർ ഉറക്കംതൂങ്ങുകയോ ഉറ
യ്കയില്ല. അവരുടെ അരക്ക
അഴിക്കുകയില്ല. അവരുടെ
വാറുകൾ പൊട്ടിപ്പോകയുമി
അമ്പുകൾ മൂർച്ചയുള്ളവയും.
വില്ലുകൾ കുലച്ചുമിരിക്കുന്നു. അവരുടെ
കുതിരകളുടെ കുളമ്പുകൾ തീപ്പാറപോലെ
ഇരിക്കും. അവരുടെ രഥചക്രങ്ങൾ കൊടു 29
ങ്കാററുപോലെയും അവരുടെ ഗർജ്ജനം
സിംഹഗർജ്ജനംപോലെയും ഇരപിടിച്ചു
ഗർജ്ജിക്കുന്ന ബാലസിംഹങ്ങളുടെപോ
ലെയും ഇരിക്കും. രക്ഷിപ്പാൻ ആരുമുണ്ടാക 30
യില്ല. അക്കാലത്ത് സമുദ്രത്തിന്റെ ഇര
മ്പൽ പോലെ ഇവർക്കെതിരായി അവർ
അലറും. അവർ ദേശത്തു നോക്കും. അവി
ടെ അന്ധകാരവും കഷ്ടതയും ഉണ്ടായി
രിക്കും. മേഘങ്ങളാൽ അവരുടെ പ്രകാശം
കെട്ടുപോകും.

അദ്ധ്യായം 6

ഉസ്സിയാ രാജാവു മരിച്ച ആണ്ടിൽ 1
കർത്താവ് ഉയർന്ന സിംഹാസനത്തിന്മേൽ
ഇരിക്കുന്നതായി ഞാൻ കണ്ടു. അവന്റെ
വസ്ത്രവിളുമ്പുകൾ ആലയത്തെ നിറച്ചി
രുന്നു. സ്രോപ്പേന്മാർ അതിനുപരി നിന്നി 2
രുന്നു. അവരിൽ ഓരോരുവനും ആറാറു
ചിറകുകൾ ഉണ്ടായിരുന്നു. രണ്ടുകൊണ്ട്
അവർ മുഖങ്ങളും രണ്ടുകൊണ്ട് അവരുടെ
കാലുകളും മൂടുകയും രണ്ടുകൊണ്ട് പറ
ക്കുകയും ചെയ്തിരുന്നു. അവർ പരസ്പരം 3
ഇങ്ങനെ ആർത്തുവിളിച്ചു. "തന്റെ മഹത്വം
കൊണ്ട് സർവ്വഭൂമിയും നിറഞ്ഞിരിക്കുന്ന
ബലവാനായ ദൈവംതമ്പുരാൻ പരിശു
ദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ." അവരുടെ 4
അട്ടഹാസശബ്ദത്താൽ വാതിലിന്റെ
കട്ടിളപ്പടികൾ ഇളകിപ്പോയി. ആലയം പുക
കൊണ്ടു നിറഞ്ഞു. അപ്പോൾ ഞാൻ പറ 5
ഞ്ഞു: എനിക്കു കഷ്ടം. ഞാൻ പരവശനാ
യിരിക്കുന്നു. എന്തെന്നാൽ ഞാൻ അശുദ്ധ
മനുഷ്യൻ. അശുദ്ധ അധരങ്ങളുള്ള ജന
മദ്ധ്യേ ഞാൻ വസിക്കുന്നു. ബലവാനായ
ദൈവമായ രാജാവിനെ എന്റെ കണ്ണുകൾ
കണ്ടല്ലോ എന്നു ഞാൻ പറഞ്ഞു. ആ സ്രോ 6
പ്പേന്മാരിൽ ഒരുവൻ എന്റെ അടുക്കലേക്കു
പറന്നുവന്നു. അയാൾ ബലിപീഠത്തിൽനി
ന്ന് തന്റെ കയ്യിലെ കൊടിൽകൊണ്ട് ഒരു
തീക്കനൽ എടുത്ത് അത് എന്റെ വായിൽ
തൊടുവിച്ച് എന്നോട് ഇത് നിന്റെ അകൃ 7
ത്യം നീക്കുവാനും നിന്റെ പാപങ്ങൾക്ക്
പരിഹാരത്തിനുമായിട്ട് നിന്റെ അധരങ്ങ
ളെ സ്പർശിച്ചിരിക്കുന്നു എന്നു പറഞ്ഞു.
കർത്താവ് അരുളിച്ചെയ്യുന്നതായ ഈ 8
ശബ്ദവും ഞാൻ കേട്ടു. ആരെ ഞാൻ
അയയ്ക്കേണ്ടു? ആരു പോകും? എന്നു
തന്നെ. അപ്പോൾ ഞാനോ, അടിയൻ ഇതാ,

അടിയനെ അയയ്ക്കണമേ എന്നു പറഞ്ഞു.
9 താൻ എന്നോടു നീ പോയി, ഈ ജന
ത്തോടു പറയുക. നിങ്ങൾ കേൾക്കും.
നിങ്ങൾ തിരിച്ചറിയുകയില്ല. നിങ്ങൾ
കാണും. ഗ്രഹിക്കുകയില്ല. അനുതപിച്ച്
പാപക്ഷമ പ്രാപിക്കുകയുമില്ല. എന്തെ
10 ന്നാൽ ഈ ജനത്തിൻെറ ഹൃദയം കഠിനമാ
യിരിക്കുന്നു. അവർ കണ്ണുകൊണ്ട് കാണാ
തെയും ചെവികൊണ്ട് കേൾക്കാതെയും
ഹൃദയംകൊണ്ട് തിരിച്ചറിയാതെയും അനു
തപിക്കാതെയും അവർക്ക് പാപക്ഷമ കിട്ടാ
തിരിക്കുകയും ചെയ്യേണ്ടതിന് ഈ ജനം
അവരുടെ ഹൃദയം ഭാരപ്പെടുത്തുകയും
അവരുടെ ചെവി മന്ദമാക്കുകയും അവരുടെ
കണ്ണുകൾ അടച്ചുകളയുകയും ചെയ്തു.
11 അതിന് ഞാൻ കർത്താവേ എത്രത്തോളം
12 എന്നു ചോദിച്ചു. താൻ എന്നോടു ഗ്രാമം
നിവാസികൾ ഇല്ലാതെയും വീടുകൾ ആൾ
പാർപ്പില്ലാതെയും ദേശം തീരെ ശൂന്യവും
നശിച്ചതും ആക്കുകയും കർത്താവ് മനു
ഷ്യരെ തള്ളിക്കളഞ്ഞിട്ട് ദേശം മുഴുവനി
ലും നിർജ്ജനത്വം വർദ്ധിക്കുകയും ചെയ്യു
13 ന്നതുവരെ എന്നു പറഞ്ഞു. അതിൽ പത്തി
ലൊന്നെങ്കിലും ശേഷിച്ചാൽ അത് വീണ്ടും
ദഹനത്തിന്നിരയായിത്തീരും. കരിമരവും
കരുവേലകവും വെട്ടിയിട്ടാൽ കുറ്റി ശേഷി
ച്ചിരിക്കുന്നതുപോലെ ശേഷിക്കും. ഈ കുറ്റി
ഒരു വിശുദ്ധ സന്തതിയായിരിക്കും.

അദ്ധ്യായം 7

1 ഊസിയായുടെ മകനായ യൂഥാമിൻെറ
മകനായ ആഹാസ് എന്ന യഹൂദാരാജാ
വിൻെറ കാലത്ത് ആറാം* രാജാവായ റസീ
നും രമല്യായുടെ മകൻ പെക്കാഹ് എന്ന
ഇസ്രായേൽ രാജാവും യറൂശലേമിനെതിരെ
യുദ്ധം ചെയ്‌വാൻ വന്നു. അതിനെ കീഴട
2 ക്കുവാൻ അവർക്ക് കഴിഞ്ഞില്ല. ആറാം
എഫ്രയിമിനോടു ചേർന്നിരിക്കുന്നു എന്ന്
ദാവീദ് ഗൃഹത്തിന് അറിവു കിട്ടി. അപ്പോൾ
കാററത്തു വനത്തിലെ വൃക്ഷങ്ങൾ ഉലയു
ന്നതുപോലെ അവൻെറയും അവൻെറ
ജനത്തിൻെറയും ഹൃദയം ഇളകി.
3 അപ്പോൾ കർത്താവ് ഏശായായോടു:
നീയും നിൻെറ മകൻ ശെർശൂബും അലക്കു
കാരൻെറ വയലിൻെറ മേലുള്ള കുളത്തി
ൻെറ അടുത്തു വച്ച് ആഹാസിനെ എതി
രേൽക്കുവാൻ ചെല്ലുക. അവനോട് "സൂക്ഷി
ച്ചുകൊള്ളുക. ശാന്തമായിരിക്കുക. ഭയപ്പെ
4 ടരുത്. ഈ രണ്ട് പുകയുന്ന കൊള്ളികൾ
നിമിത്തവും ആറാമിൻെറയും റസീൻെറയും

രമല്യായുടെ മകൻെറയും കോപം നി
ത്തവും നിൻെറ മനസ്സ് ഇളകരുത്. ആറാ
എഫ്രയീമും രമല്യായുടെ മകനും നി
ക്കെതിരായി ദുരാലോചന നടത്തി. നമു
യഹൂദ്യായിലേക്കു ചെന്ന് അതിനെ ഉ
ലനം ചെയ്ത് താബയേലിൻെറ മക
അവിടെ രാജാവായി വാഴിക്കാം എന്ന
പറഞ്ഞു. ദൈവമായ കർത്താവ് അത് സ
വിക്കുകയില്ല എന്നരുളിച്ചെയ്യുന്നു. എ
ന്നാൽ ആറാമിനു തലസ്ഥാനം ദമസ്കോ
സ്. ദമസ്ക്കോസിനു തലവൻ റസീൻ. അ
പത്തഞ്ച് വർഷങ്ങൾക്കു ശേഷം എഫ്രയി
ജനത്തിൽനിന്നു കൊഴിഞ്ഞുവീണുപേ
കും. എഫ്രയിമിൻെറ തലസ്ഥാനം ശമ
ശമര്യായുടെ തലവൻ രമല്യാവിൻെറ മക
നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങ
തിരിച്ചറിയുകയുമില്ല.
കർത്താവ് വീണ്ടും ആഹാസിനോ
താഴെ അഗാധത്തിലോ മേലുയരത്തി
നീ ഒരടയാളം ചോദിച്ചുകൊൾക എന്നു പ
ഞ്ഞു. ആഹാസാകട്ടെ ഞാൻ ചോദിക്കു
യില്ല എൻെറ ദൈവത്തെ പരീക്ഷിക്കുക
മില്ല എന്നു പറഞ്ഞു. അതിന് ഏശാ
പറഞ്ഞു: ദാവീദ് ഗൃഹമേ കേൾപ്പിൻ. മ
ഷ്യരെ മുഷിപ്പിക്കുന്നത് പോരാഞ്
ട്ടാണോ നിങ്ങൾ എൻെറ ദൈവത്തെ
മുഷിപ്പിക്കുന്നത്. ആകയാൽ ദൈവ
കർത്താവ് തന്നെ നിങ്ങൾക്ക് ഒരടയാ
തരും. കന്യക ഗർഭിണിയായി മകനെ പ്രസ
വിക്കും. അമ്മാനുവേൽ എന്ന് അവ
പേര് വിളിക്കപ്പെടും. തിന്മയെ തള്ളി ന
തെരഞ്ഞെടുക്കുവാൻ അറിയുവാൻ അ
തൈരും തേനും ആഹരിക്കും. ബാല
തിന്മ നിരസിച്ച് നന്മ തെരഞ്ഞെടുക്കു
വാൻ അറിയുന്നതിനു മുമ്പുതന്നെ
മനഃപ്രയാസപ്പെടുന്ന ആ രണ്ടു രാജാ
ന്മാരുടെയും ദേശം ഉപേക്ഷിക്കപ്പെട്ടിരിക്കു
എഫ്രയീം യഹൂദായെ വിട്ടുപിരിഞ്ഞ കാ
മുതൽ വന്നിട്ടില്ലാത്ത ഒരു കാലം നി
മേലും നിൻെറ ജനത്തിൻെറ മേലും നി
പിതൃഭവനത്തിൻെറ മേലും ദൈവം വ
ത്തും. അതായത് അസ്സീറിയാ രാജാവി
ത്തന്നെ. അക്കാലത്ത് കർത്താവ് മെ
നദികളുടെ തീരത്തുനിന്ന് കൊതുകി
യും, അസ്സീറിയാ ദേശത്തുനിന്ന് തേനീ
യെയും ചൂളം കുത്തി വിളിക്കും. അവ വ
ശൂന്യമായ സമതലങ്ങളിലും പാറപ്പിള
കളിലും എല്ലാ മുൾപ്പടർപ്പുകളിലും വ്യാ
ക്കും. അക്കാലത്ത് നദിക്ക് അക്കരെനി
വാങ്ങിയ മൂർച്ചയുള്ള ക്ഷൗരക്കത്തികൊ

*ആറാം-സിറിയ

അസ്സീറിയാ രാജാവിനെക്കൊണ്ട്
...ും കാലിലെ രോമവും ക്ഷൗരം
ക്കും. താടിയും എടുത്തുകളയും.
ലത്ത് ഒരു പശുക്കിടാവിനെയും രണ്ട്
...ളെയും ഒരുവൻ വളർത്തും. അവ
...ുന്ന സമൃദ്ധമായ പാലുകൊണ്ട്
തൈരു ഭക്ഷിക്കും. ആ ദേശത്ത്
...ാഷിക്കുന്നവരും തൈരും തേനും
...ിക്കും. അക്കാലത്ത് ആയിരം ശേ
വിലവരുന്ന ഒരായിരം മുന്തിരി
...ൾ വളർന്നിരുന്ന സ്ഥലത്ത് മുൾ
...ളും മുള്ളുകളും വളരും. ദേശം മുഴു
...ളും പറക്കാരയും നിറഞ്ഞിരിക്കുക
മനുഷ്യൻ അമ്പും വില്ലുമായിട്ടേ
...ു പ്രവേശിക്കുകയുള്ളു. കലപ്പ
ഉഴുതുമറിക്കപ്പെട്ട ആ കുന്നുകളിൽ
...മുള്ളും പറക്കാരയും നിറഞ്ഞിരി
...ിനാൽ നീ അവിടെ പ്രവേശിക്ക
...ാത് ആടുകൾക്കും മാടുകൾക്കും
...ള്ള സ്ഥലമായി തീരും.

അദ്ധ്യായം 8

...ത്താവ് എന്നോടു കല്പിച്ചു: നീ
...യ പലക എടുത്ത് ദേശത്തെ അ
...ൽ "ലംസർ ഹോബു ശെബ്യോ
സ്ക്കാബ് ബെസ്തോ" എന്നെ
...എന്നു പറഞ്ഞു. പുരോഹിതനായ
...യയും ബ്രക്ക്യായുടെ മകനായ
...യെയും, ഞാൻ വിശ്വസ്തസാക്ഷി
...ത് എഴുതുവാൻ വിളിച്ചു. ഞാൻ
...ിയെ സമീപിക്കുകയും അവൾ
...ായി ഒരു പുത്രനെ പ്രസവിക്കു
...യ്തു. കർത്താവ് എന്നോട് അവന്
...ബ്ശോബോളതോക്കേബ് ബോ
...ന്നു പേരിടുക. എന്തെന്നാൽ ഈ
...പ്പാ" "അമ്മേ" എന്നു വിളിക്കു
...മാകുന്നതിനു മുമ്പ് അസ്സിറിയാ
...മസ്ക്കോസിന്റെ സമ്പാദ്യവും
...ടകൊള്ളയും കൊണ്ടുപോകും.
...ാവ് തുടർന്നും അരുളിച്ചെയ്തു.
...ാന്തമായി പ്രവഹിക്കുന്ന ശീലോ
...ത നിരസിച്ച് റസീന്റെയും
...യുടെ പുത്രന്റെയും മുമ്പിൽ
...ച്ചു. കർത്താവ് ഏറിയ വെള്ള
...രക്തമായി ഒഴുകുന്നതുമായ
...ായത് അസ്സിറിയാരാജാവിനെ
...ിയോടും കൂടെ അവർക്കെതി
...ുവിടും. അത് അതിന്റെ എല്ലാ
...ും കര കവിഞ്ഞ് ഒഴുകും. അത്
...ിലേക്ക് കടന്ന് കവിഞ്ഞൊ
ഴുകി കഴുത്തോളമെത്തും. അമ്മാനുവേലേ
അതിന്റെ വിടർന്ന ചിറക് നിന്റെ രാജ്യ
ത്തെ മുഴുവനും മൂടും. ജാതികളേ, ഭ്രമിച്ച് 9
തകരുവിൻ. സകല വിദൂരരാജ്യങ്ങളുമേ
ശ്രദ്ധിക്കുവിൻ. അര മുറുക്കുവിൻ. സംഭ്രമി
ക്കുവിൻ. നിങ്ങൾ ആലോചന ചെയ്യുവിൻ.
അത് നിഷ്ഫലമാകും. തീരുമാനമെടു 10
ത്താൽ അത് നിലനില്ക്കുകയില്ല. എന്തെ
ന്നാൽ ദൈവം ഞങ്ങളോടുകൂടെയുണ്ട്.
കർത്താവ് വീണ്ടും അവന്റെ ശക്ത 11
മായ കരം എന്റെ മേൽ വച്ചുകൊണ്ട്
എന്നെ പിടിച്ചു. ഈ ജനത്തിന്റെ മാർഗ്ഗ
ത്തിൽ ഞാൻ നടക്കാതിരിക്കേണ്ടതിന്ന്
എനിക്കു മുന്നറിയിപ്പും തന്നു. ഈ ജനം 12
സഖ്യം എന്നു പറയുന്നതിനെ നിങ്ങൾ
ഒരു സഖ്യമായി വിചാരിക്കുകയോ ഈ
ജനം ഏതിനെ ഭയപ്പെടുന്നുവോ അതിനെ
ഭയപ്പെടുകയോ പരിഭ്രമിക്കുകയോ അരുത്.
ബലവാനായ ദൈവത്തിന് മഹത്വം പാടു 13
വിൻ. അവനാകുന്നു നിങ്ങളുടെ ഭക്തി 14
ക്കർഹനും, നിങ്ങളുടെ സഹായിയും.
അവൻ വിശുദ്ധ മന്ദിരവും ഇടർച്ചയുടെ
പാറയും ഇസ്രായേലിന്റെ രണ്ട് ഭവന
ങ്ങൾക്കും ഇടർച്ചയുടെ ശിലയും ആയിരി
ക്കും. അവൻ യറുശലേം നിവാസികൾക്ക്
കുടുക്കും കെണിയും ആയിരിക്കും. അനേ 15
കർ അതിന്മേൽ തട്ടിവീണു തകർന്ന് വല
യിൽ പിടിക്കപ്പെടുകയും ചെയ്യും.
ഈ സാക്ഷ്യം എഴുതുക. ഈ പ്രമാണ 16
ത്തിന് മുദ്രയിടുക. യാക്കോബിന്റെ 17
ഭവനത്തിൽ നിന്ന് തന്റെ മുഖം മറച്ചിരി
ക്കുന്ന കർത്താവിനുവേണ്ടി ഞാൻ കാത്തി
രിക്കുകയും കർത്താവിൽ എന്റെ പ്രത്യാശ
വയ്ക്കുകയും ചെയ്യും. ഇതാ ഞാനും 18
കർത്താവ് എനിക്കു തന്ന മക്കളും സെഹി
യോൻ പർവ്വതത്തിൽ അധിവസിക്കുന്ന
ബലവാനായ കർത്താവിൽനിന്നുള്ള ഇ
സ്രായേലിന്റെ അടയാളങ്ങളും അത്ഭുതങ്ങ
ളും ആയിരിക്കും. അവർ നിങ്ങളോടും വെളി 19
ച്ചപ്പാടന്മാരോടും പിറുപിറുക്കുന്ന മന്ത്രവാദി
കളോടും ലക്ഷണം ചോദിപ്പിൻ എന്നു പറ
യും. ദൈവത്തിന്റെ ജനം ജീവിച്ചിരിക്കുന്ന
വർക്കു വേണ്ടി മരിച്ചവരോട് ചിലതെല്ലാം
അന്വേഷിക്കുന്നില്ലേ എന്നു ചോദിക്കും.
അപ്പോൾ നിങ്ങൾ പ്രമാണത്തെയും സാ 20
ക്ഷ്യത്തെയും മുറുകെ പിടിക്കുവിൻ. അവർ
പറയുന്ന കാര്യങ്ങൾ വെളിച്ചം കാണുകയി
ല്ല. അവർ വളരെയേറെ കഷ്ടപ്പെട്ടും വിശ 21
ന്നും നടക്കും. അവർക്കു വിശക്കുമ്പോൾ
അവർ കോപിഷ്ഠരാകുകയും അവരുടെ

രാജാവിനെയും ദൈവത്തെയും ദുഷിക്കുക
22 യുംചെയ്യും. അവർ മുകളിലേക്ക് നോക്കും.
ഭൂമിയിലേക്കും ദൃഷ്ടി പതിക്കും. എല്ലായിട
ത്തും ഞെരുക്കവും അന്ധകാരവും അതി
വേദനയും ഇരുളും അവരെ മുക്കിക്കളയും.

അദ്ധ്യായം 9

1 ദുഃഖത്തിലാണ്ടുപോയവരുടെ അന്ധ
കാരം നീങ്ങിപ്പോകും, സെബൂലൂൻെറയും
നഫ്താലിയുടെയും ദേശങ്ങളെ ദൈവം
നിന്ദ്യമാക്കി. എന്നാൽ അവിടുന്നു ശക്തി
പ്പെട്ടു സമുദ്രത്തിലേക്കുള്ള പാതയെ,
യോർദ്ദാൻ നദീതീരങ്ങളെ ജാതികളുടെ
ഗലീലായെ താൻ ശക്തമാക്കും. അന്ധ
കാരത്തിൽ ഇരുന്ന ജനം മഹത്തായ ഒരു
2 പ്രകാശം കണ്ടു. അന്ധകാരസ്ഥലത്തു
വസിച്ചവരുടെ മേൽ പ്രകാശം ശോഭിച്ചു.
3 നീ ജനത്തെ വർദ്ധിപ്പിച്ചു. അത്യധികം
സന്തോഷം നൽകി. കൊയ്ത്തുകാലത്ത്
സന്തോഷിക്കുന്നവരെപ്പോലെയും കൊള്ള
വസ്തു ഭാഗിച്ചെടുക്കുമ്പോൾ സന്തോഷി
ക്കുന്നതുപോലെയും അവർ തിരുസന്നിധി
4 യിൽ സന്തുഷ്ടരാകുന്നു. അവരുടെ അടിമ
നുകവും അവരുടെ ചുമലിലെ ദണ്ഡും
അവരെ കീഴ്പ്പെടുത്തിയവരുടെ വടിയും
മിദിയാൻെറ ദിനത്തിലെന്നതുപോലെ നീ
5 തകർത്തുകളഞ്ഞു. എന്തെന്നാൽ അട്ടഹാ
6 സത്തോടെ മുന്നോട്ടു പായുന്ന യോദ്ധാവി
ൻെറ ചെരിപ്പും രക്തം പുരണ്ട വസ്ത്രവും
അഗ്നിയിൽ ദഹിക്കും. എന്തെന്നാൽ
6 നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. പുത്രൻ
നമുക്കു നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം
അവൻെറ ചുമലിൽ! അത്ഭുതമെന്നും, ഉപ
ദേഷ്ടാവ്, ലോകങ്ങളുടെ പരാക്രമിയായ
ദൈവം, സമാധാനത്തിൻെറ രാജാവ് എന്ന്
അവൻ വിളിക്കപ്പെടും. ദാവീദിൻെറ സിംഹാ
സനത്തിലും അവൻെറ രാജ്യത്തിലും അവ
ൻെറ അധികാരം അതിരില്ലാത്തതാണ്.
7 അവൻെറ സമാധാനത്തിനോ അതിർത്തി
യില്ല. അവൻ നീതിയിലും പുണ്യത്തിലും
അത് എന്നേക്കും സ്ഥാപിച്ച് പരിപാലി
ക്കും. ബലവാനായ ദൈവംതമ്പുരാൻെറ
തീക്ഷ്ണത ഇതുമുതൽ എന്നേക്കുമായി
ഇത് നിറവേററിയിരിക്കുന്നു.
8 കർത്താവ് യാക്കോബിൽ വചനമയച്ചു.
അത് ഇസ്രായേലിൽ പ്രകാശിച്ചു. ഇഷ്ടിക
9 കൾ വീണുപോയി. എങ്കിലും ഞങ്ങൾ
വെട്ടുകല്ലുകൊണ്ട് പണിയും. കാട്ടത്തികൾ
വെട്ടപ്പെട്ടുവെങ്കിലും ഞങ്ങൾ അവയ്ക്കു
പകരം ദേവദാരു ഉപയോഗിക്കും എന്ന

അഹംഭാവത്തോടും ഗർവ്വോടുംകൂടി പറ
യുന്ന എഫ്രയീംകാരെയും ശമര്യരെയും
ജാതികൾ അറിയും. കർത്താവ് അവർക്കെ
തിരെ ശത്രുക്കളെ അയച്ച് അവരുടെ വൈരി
കളെ ഇളക്കിവിടുകയും ചെയ്യും. കിഴക്കുനി
ന്ന് അറാമ്യരും പടിഞ്ഞാറുനിന്ന് ഫെലി
സ്ത്യരും ഇസ്രായേലിനെ വായ തുറന്ന്
വിഴുങ്ങിക്കളയും. ഇതെല്ലാം നിമിത്തമാ
യിട്ടും അവൻെറ കോപം അടങ്ങാതെ അവ
ൻെറ കൈ ഇപ്പോഴും ഉയർന്നിരിക്കുന്നു.
ജനമാകട്ടെ അവരെ വിഴുങ്ങിയതുവരെ
തിരിച്ചു ചെന്നില്ല. ശക്തനായ ദൈവത്തെ
അന്വേഷിച്ചില്ല. അതുകൊണ്ട് ഇസ്രായേ
ലിൽനിന്ന് ഒററ ദിവസംകൊണ്ട് വാലും
തലയും ഞാങ്ങണയും ഈന്തപ്പനയും
അരിഞ്ഞുകളഞ്ഞു. വയോധികനും മുഖ
ശോഭയുള്ളവനും ആണ് തല. വ്യാജം പഠി
പ്പിക്കുന്ന പ്രവാചകനാണ് വാല്. ഈ ജന
ത്തെ നയിക്കുന്നവർ അവരെ വഴിതെററി
ക്കുന്നു. അയയ്ക്കപ്പെടുന്നവർ നശിക്കുന്നു.
ആകയാൽ അവരുടെ യുവാക്കളുടെ മേൽ
കർത്താവ് സന്തോഷിക്കുകയില്ല. അവരുടെ
അനാഥരുടെയും വിധവകളുടെയും മേൽ
തനിക്ക് കരുണയും ഇല്ല. അവർ വ്യത്യാസ
പ്പെടുകയും തിന്മ ചെയ്യുകയും ചെയ്യുന്നു.
ഓരോ വായും വ്യാജം സംസാരിക്കുന്നു.
അതിനാൽ തൻെറ കോപം ശമിച്ചില്ല. തൻെറ
കൈ ഇപ്പോഴും ഉയർന്നിരിക്കുന്നു.
ദുഷ്ടത അഗ്നിപോലെ ജ്വലിച്ച് മുള്ളും
പറക്കാരയും നശിപ്പിക്കുന്നു. അത് വനത്തി
ലെ ചെടികളെ ദഹിപ്പിച്ച് പുകയായി ആകാ
ശത്തേക്ക് ഉയരുന്നു. ബലവാനായ ദൈവ
ത്തിൻെറ ക്രോധത്താൽ ഭൂമി കുലുങ്ങി.
ജനം, അഗ്നി ദഹിപ്പിച്ച വിറകുപോലെയാ
യി. ഒരു മനുഷ്യനും സഹോദരനോട് കരു
ണ ചെയ്യുന്നില്ല. ഒരുവൻ വലത്തു വശത്ത്
നിന്നു കവർന്നു ഭക്ഷിക്കുന്നു. എങ്കിലും പി
ന്നേയും വിശന്നിരിക്കും. ഇടതു വശത്തുനി
ന്ന് കവർന്നു തിന്നുന്നു. എന്നാൽ തൃപ്തി
വരുന്നില്ല. ഓരോരുത്തനും തൻെറതന്നെ
ഭുജത്തിൻെറ (ജനത്തിൻെറ) മാംസം തിന്നു
കളയുന്നു. മനശ്ശ എഫ്രയിമിനെയും എഫ്ര
യീം മനശ്ശയെയും അവരിരുവരും ഒരുമിച്ച്
യഹൂദ്യയെയും തിന്നുകളയും. ഇതെല്ലാം
കൊണ്ടും അവൻെറ കോപം അടങ്ങാതെ
അവൻെറ കൈ ഉയർന്നിരിക്കും.

അദ്ധ്യായം 10

ദരിദ്രർക്ക് നീതി നിഷേധിക്കുന്നതിനും,
എൻെറ ജനത്തിലെ എളിയവരുടെ അവ

രം ഇല്ലായ്മ ചെയ്യുന്നതിനും, വിധവ
ള കൊള്ളചെയ്യുന്നതിനും, അനാഥരെ
ഷണം ചെയ്യുവാനും ഉതകുന്ന അനീതി
ത്ത നിയമങ്ങൾ നിർമ്മിക്കുന്നവർക്കും,
ീതി എഴുതിയുണ്ടാക്കുന്നവർക്കും ക
! ശിക്ഷാവിധിയുടെ ദിവസത്തിലും,
നിന്നടിക്കുന്ന വിനാശത്തിലും നിങ്ങൾ
ു ചെയ്യും? സഹായത്തിന്നായി നിങ്ങൾ
ുടെ അടുക്കൽ ഓടിയെത്തും? നിങ്ങൾ
എവിടെ സൂക്ഷിക്കും? ഒന്നും അവശേ
ുകയില്ല. അവർ ബദ്ധരുടെ ഇടയിൽ
കയും നിഹതന്മാരുടെ മദ്ധ്യേ പതി
യും ചെയ്യും. ഇതുകൊണ്ടും തന്റെ
പം അടങ്ങാതെ തന്റെ തൃക്കരം
യും നീട്ടിയിരിക്കും.
ന്റെ കോപത്തിന്റെ ദണ്ഡും,
ത്തിന്റെ വടിയുമായ അസ്സീറിയാ
ദുഷ്ടജനതയ്ക്കെതിരായി ഞാൻ
യ്ക്കും. എന്റെ കോപത്തിന്നിരയായ
ത്ത കവർച്ച ചെയ്യുവാനും കവർച്ച
ു എടുക്കുവാനും തെരുവീഥിയിലെ
യെപ്പോലെ അവരെ ചവിട്ടിക്കള
നും ഞാൻ അവന് കല്പന നൽകും.
ൽ അവന്റെ വിചാരം അങ്ങനെയല്ല.
ന്റെ ഹൃദയത്തിൽ ചിന്തിക്കുന്നതും
നയല്ല. അനേക ജനതകളെ നശിപ്പി
ൂലമാക്കുവാനാണ് അവന്റെ ആഗ്ര
വൻ പറയുന്നു എന്റെ പ്രഭുക്കന്മാ
രാജാക്കന്മാരാകുന്നു. കൽനോ
മീശുപോലെയല്ലേ? ഹാമാത്ത് അർ
ാലെയും ശമര്യാ, ദമസ്ക്കോസു
യുമല്ലേ? യറൂശലേമിലും ശമര്യാ
ഉള്ളവയേക്കാൾ വിശേഷമായ
ങ്ങൾ ഉണ്ടായിരുന്ന രാജ്യങ്ങളെ
കൈ എത്തിപ്പിടിച്ചിരിക്കെ ഞാൻ
യാടും അതിലെ ബിംബങ്ങളോടും
തുപോലെതന്നെ യറൂശലേമി
അതിലെ വിഗ്രഹങ്ങളോടും ഞാൻ
കർത്താവ് സെഹിയോൻ പർവ്വത
യറൂശലേമിനോടുമുള്ള തന്റെ
ി ചെയ്തുകഴിയുമ്പോൾ അസ്സീറി
വിന്റെ അഹങ്കാരത്തിന്റെ ഫല
, വമ്പുപറച്ചിലിനെയും ഞാൻ
ും. അവൻ പറയുന്നു, എന്റെ ഭുജ
ജ്ഞാനവുംകൊണ്ട് ഞാൻ ഇതെ
യ്തു. ഞാൻ ബുദ്ധിമാൻ. ഞാൻ
ുടെ അതിർത്തികൾ മാററുകയും
ഭണ്ഡാരങ്ങൾ കവർച്ച ചെയ്യു
ാളയുടെ ശക്തിയോടെ സിംഹാ
രെ താഴ്ത്തുകയും ചെയ്തിട്ടുണ്ട്.
എന്റെ കൈ ഒരു പക്ഷിക്കൂട്ടിൽനിന്നെന്ന
പോലെ ജാതികളുടെ ധനം പിടിച്ചെ
ടുത്തു. ഉപേക്ഷിക്കപ്പെട്ട മുട്ടകളെ ശേഖരി 14
ക്കുന്നതുപോലെ ഭൂമിയിലെ സർവ്വ സമ്പ
ത്തും ഞാൻ പിടിച്ചെടുത്തു. ചിറകനക്കാ
നോ ചുണ്ടു തുറന്ന് ചിലയ്ക്കുവാനോ അവ
യ്ക്ക് കഴിഞ്ഞില്ല. "മരം വെട്ടുന്നവനോട്
കോടാലി വമ്പു പറയുമോ?" അറക്കുന്നവ 15
നോടു ഈർച്ചവാൾ വലിപ്പം പറയുമോ? ദ
ണ്ഡ് അത് പിടിക്കുന്നവനെ നിയന്ത്രിക്കുന്ന
തുപോലെയും ഊന്നുവടി മരമല്ലാത്തതിനെ
ഉയർത്തുന്നതുപോലെയും അത്രേ അത്.
ആകയാൽ ബലവാനായ ദൈവം
യോദ്ധാക്കളുടെ മേൽ ക്ഷയകരരോഗം 16
അയയ്ക്കും. അവന്റെ ശക്തിയിൻ കീഴെ
അഗ്നി ജ്വലിക്കുന്നതുപോലെ ഒന്നു ജ്വലി
ക്കും. ഇസ്രായേലിന്റെ പ്രകാശം അഗ്നി
യായും അതിന്റെ പരിശുദ്ധൻ ഒരു ജ്വാല 17
യായും ഇരിക്കും. അത് ജ്വലിച്ച് ഒററ ദിവസം
കൊണ്ട് മുള്ളും പറക്കാരയും ദഹിപ്പിക്കും.
അവന്റെ വനത്തിന്റെയും വയലുകളു
ടെയും മഹത്വം കർത്താവ് നശിപ്പിക്കും. 18
ആത്മാവും ശരീരവും തന്നേ. അത് ഒരു
രോഗി ക്ഷയിച്ചുപോകുന്നതുപോലിരിക്കും.
അവന്റെ വനത്തിലെ ശേഷിച്ച വൃക്ഷങ്ങൾ
വളരെ ചുരുക്കമായിരിക്കും. ഒരു ബാലനു 19
പോലും അവയെ എണ്ണി എഴുതാം. ഇസ്രാ
യേലിൽ ശേഷിച്ചവരും യാക്കോബ് ഗൃഹ 20
ത്തിലെ ജീവിച്ചിരിക്കുന്നവരും അവരെ
അടിച്ചവനെ അന്ന് ആശ്രയിക്കുകയില്ല.
അവർ ഇസ്രായേലിന്റെ പരിശുദ്ധനായ
കർത്താവിൽ പൂർണ്ണമായി ആശ്രയം
വയ്ക്കും. ഒരു ശേഷിപ്പ്—യാക്കോബിന്റെ 21
ശേഷിപ്പ് ശക്തനായ ദൈവത്തിങ്കലേക്ക്
തിരിഞ്ഞുവരും. ഇസ്രായേലേ നിങ്ങളുടെ
ജനം കടൽക്കരയിലെ മണൽതരിപോലെ
യാണെങ്കിലും അതിൽ ഒരു ശേഷിപ്പ്
മാത്രമെ തിരിഞ്ഞു വരികയുള്ളു.
നീതി കവിഞ്ഞൊഴുകുന്ന ഒരു സംഹാ 22
രം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ബലവാനായ 23
ദൈവം സർവ്വ ഭൂതലത്തിലും നിശ്ചയി
ക്കപ്പെട്ട സംഹാരം വരുത്തും.
ആകയാൽ ബലവാനായ ദൈവം ഇപ്ര 24
കാരം കല്പിക്കുന്നു. സെഹിയോൻ നിവാ
സികളായ എന്റെ ജനമേ, അസ്സീറിയാ വടി
കൊണ്ട് നിന്നെ അടിക്കുകയും മെസ്രേനിൽ
വച്ചെന്നപോലെ നിന്റെ നേരെ വടിയോ
ങ്ങുകയും ചെയ്താലും നീ ഭയപ്പെടേണ്ട.
ഇനിയും അല്പം കഴിഞ്ഞ് അവരുടെ 25
സംഹാരത്തോടെ എന്റെ കോപവും

26 ക്രോധവും ശമിക്കും. ബലവാനായ ദൈവം
ഓറേബിലെ പാറയ്ക്കടുത്ത് മിദ്യാനെ
അടിച്ചതുപോലെ അവരെയും പ്രഹരിക്കും.
മെസ്രേനിൽ വച്ച് ചെയ്തതുപോലെ താൻ
27 തന്റെ വടി ഉയർത്തും. അന്നാളിൽ
അവന്റെ ഭാരം നിന്റെ തോളിൽനിന്നു
മാറും. നിന്റെ കഴുത്തിന്മേലുള്ള നുകം
തകർക്കപ്പെടുകയും ചെയ്യും.
28 അവർ റിമ്മോനിൽനിന്നു വന്ന് അയ്യാ
ത്തിലെത്തി, മിഗ്രോൻ കടന്ന് മിക്ശാമിൽ
എത്തി, തന്റെ യുദ്ധസാമഗ്രികൾ സൂക്ഷി
29 ക്കുന്നു. അവർ ചുരം കടന്ന് ഗേബയിലെ
ത്തി രാപാർത്തു. റാമ വിറയ്ക്കുന്നു.
ശൗലിന്റെ ഗിബയാ ഓടിമറയുന്നു.
30 ഗാലീംപുത്രീ ഉറക്കെ നിലവിളിക്ക. ലെയേ
ശേ ശ്രദ്ധിക്കുക. അനാഥോത്തേ മറുപടി
31 പറയുക, മദ്മെനാ പലായനം ചെയ്യുന്നു.
32 ഗെബീൻ നിവാസികൾ രക്ഷയ്ക്കായി
ഓടുന്നു. അന്ന് അവൻ നോബിൽ താമ
സിക്കും. സെഹിയോൻ പുത്രിയുടെ മല
യുടെ നേരേ അതേ യറൂശലേം കുന്നിന്റെ
33 നേരേ അവൻ കൈ കുലുക്കും. ബല
വാനായ ദൈവം ശാഖകളെ മുറിച്ചുകള
യും. വളർന്നു പൊങ്ങിയവയെ അവൻ
34 വെട്ടിയിടും. ഉയർന്നവയെ അവൻ
താഴ്ത്തും. അവൻ നിബിഡവനത്തെ
കോടാലികൊണ്ട് വെട്ടി വീഴ്ത്തും. ലെബാ
നോൻ അതിന്റെ വലിയ വൃക്ഷങ്ങളോടെ
വീണുപോകും.

അദ്ധ്യായം 11

1 എന്നാൽ ഇശ്ശായിയുടെ കുററിയിൽ
നിന്ന് ഒരു മുള പൊട്ടി പുറപ്പെടും. അവന്റെ
വേരുകളിൽ നിന്ന് ഒരു ശാഖ കിളിർത്തു
വരും. കർത്താവിന്റെ ആത്മാവ് അവന്റെ
2 മേൽ ആവസിക്കും. അത് ജ്ഞാനത്തി
ന്റെയും വിവേകത്തിന്റെയും ആത്മാവ്;
ശക്തിയുടെയും ഉപദേശത്തിന്റെയും
ആത്മാവ്, പരിജ്ഞാനത്തിന്റെയും ദൈവ
3 ഭക്തിയുടെയും ആത്മാവു തന്നെ. അവൻ
ദൈവഭക്തിയിൽ ഉദയം ചെയ്യും. അവൻ
കണ്ണുകൊണ്ട് കാണുന്നതുപോലെയോ
ചെവികൊണ്ട് കേൾക്കുന്നതുപോലെയോ
മാത്രം ന്യായപാലനം ചെയ്യുകയോ വിധി
4 നടത്തുകയോ ചെയ്കയില്ല. അവൻ
ദരിദ്രർക്ക് നീതിയോടെ ന്യായപാലനം
നടത്തുകയും ഭൂമിയിലെ എളിയവർക്കു
നേരോടെ വിധി കല്പിക്കുകയും ചെയ്യും.
തന്റെ തിരുവായ് എന്ന വടികൊണ്ട് അവൻ
ഭൂമിയെ അടിക്കും. തന്റെ അധരങ്ങളുടെ
ഉച്ചാരണംകൊണ്ട് ദുഷ്ടനെ നിഗ്രഹിക്കും.
നീതി അവന്റെ അരക്കച്ചയും വിശ്വസ്തത 5
അവന്റെ ഇടക്കെട്ടും ആയിരിക്കും. ചെന്നാ 6
യും ആട്ടിൻകുട്ടിയും ഒരുമിച്ചു വസിക്കും.
പുള്ളിപ്പുലി കോലാട്ടുകുട്ടിയോടു കൂടെ
കിടക്കും. പശുക്കിടാവും സിംഹക്കുട്ടിയും
ഒരുമിച്ചു മേയും. ഒരു ബാലൻ അവയെ നട 7
ത്തും. പശുവും കരടിയും ഒരുമിച്ചു മേയും.
അവയുടെ കുട്ടികൾ ഒരുമിച്ചു കിടക്കും.
സിംഹം, കാള എന്നതുപോലെ വൈക്കോൽ
തിന്നും. മുല കുടിക്കുന്ന ശിശു പാമ്പിൻ 8
പൊത്തിന്റെ മുകളിൽ കളിക്കും. മുലകുടി
മാറിയ ബാലൻ അണലിയുടെ പോതിൽ
കയ്യിടും. സമുദ്രം വെള്ളംകൊണ്ട് നിറഞ്ഞി 9
രിക്കുന്നതുപോലെ ഭൂമി ദൈവപരിജ്ഞാ
നംകൊണ്ട് നിറയും. എന്റെ വിശുദ്ധ പർവ്വ
തത്തിൽ ആരും ദ്രോഹമോ നാശമോ
ചെയ്കയില്ല. അക്കാലത്ത് വംശങ്ങൾക്ക് 10
ഒരു അടയാളമായി നില്ക്കുന്ന ഇശ്ശായി
യുടെ വേരിനെ ജാതികൾ അന്വേഷിച്ചു
വരും. അവന്റെ വിശ്രമസ്ഥലം മഹത്വ
പൂർണ്ണമായിരിക്കും. അക്കാലത്ത് കർത്താ 11
വ് തന്റെ ജനത്തിൽ ശേഷിച്ചിരിക്കുന്ന
വരെ അസ്സീറിയാ, മെസ്രേൻ, പത്രോസ്,
എത്യോപ്യാ, ഏലാം, ശീനാർ സമുദ്രത്തി
ലെ ദ്വീപുകൾ എന്നിവിടങ്ങളിൽനിന്ന്
വീണ്ടെടുക്കുവാൻ രണ്ടാം പ്രാവശ്യവും
കൈ നീട്ടും. അവൻ ജാതികൾക്ക് ഒരു 12
കൊടി ഉയർത്തും. ഇസ്രായേലിൽനിന്ന്
ഭ്രഷ്ടരായവരെയും യഹൂദിയായിൽനിന്ന്
ചിതറിപ്പോയവരെയും ഭൂമിയുടെ നാലു
ദിക്കുകളിൽനിന്നും താൻ ഒരുമിച്ചു കൂട്ടും.
അങ്ങനെ എഫ്രയീമിന്റെ അസൂയ നീങ്ങി 13
പ്പോകും. യഹൂദിയായെ പീഡിപ്പിക്കുന്നവർ
വിച്ഛേദിക്കപ്പെടും. എഫ്രയീം യഹൂദ്യ
യോടു അസൂയപ്പെടുകയില്ല. യഹൂദ്യ
എഫ്രയീമിനെ അലട്ടുകയുമില്ല.
അവർ പടിഞ്ഞാറുള്ള ഫെലിസ്ത്യ 14
രുടെ മേൽ ചാടി വീഴും. കിഴക്കുള്ളവരെ
യെല്ലാം കൊള്ളയിടും. ഏദോമിന്മേലും
മോവാബിന്മേലും കൈ ഉയർത്തും. അമ്മോ
ന്യർ അവർക്കു കീഴടങ്ങും. കർത്താവ് 15
മെസ്രേൻ കടലിടുക്കിനെ ഉന്മൂലനാശം
വരുത്തും. നദിയുടെ മേൽ താൻ ഉഷ്ണ
ക്കാറേറാടുകൂടി കയ്യോങ്ങി അതിനെ അടി
ച്ച് ചെരിപ്പു നനയാതെ കടക്കത്തക്ക വിധ
ത്തിൽ അതിനെ ഏഴു കൈവഴികളാക്കി
തീർക്കും. മെസ്രേനിൽനിന്നു പുറപ്പെട്ട 16
കാലത്ത് ഇസ്രായേലിന് ഉണ്ടായിരുന്നതു
പോലെ ഒരു വിശാല വീഥി അസ്സീറിയാ

നിന്നും തന്റെ ജനത്തിൽ അവശേഷി
വർക്കും ഉണ്ടാകും.

അദ്ധ്യായം 12

ാക്കാലത്തു നീ പറയും. കർത്താവേ,
ന്നോടു കോപിച്ചു. എങ്കിലും നിന്റെ
മാറി നീ എനിക്ക് ആശ്വാസം തന്നി
ാൽ ഞാൻ നിനക്കു സ്തോത്രം
ു. ദൈവമാണ് എന്റെ രക്ഷ. ഞാൻ
ൽ ആശ്രയിക്കും. ദൈവമായ കർത്താ
ന്റെ ബലവും എന്റെ ഗാനവും
രക്ഷയുമാകയാൽ ഞാൻ നിന്നിൽ
ിക്കും. ആകയാൽ രക്ഷയുടെ ഉറ
ിന്ന് നിങ്ങൾ സന്തോഷത്തോടെ
കോരുവിൻ, അക്കാലത്ത് നിങ്ങൾ
കർത്താവിന് സ്തോത്രമർപ്പിപ്പിൻ.
ന്റെ നാമം വിളിച്ചപേക്ഷിപ്പിൻ. അവ
വൃത്തികൾ ജാതികളുടെ ഇടയിൽ
മാക്കുവിൻ. തിരുനാമം ഉന്നതമെ
ഘോഷിപ്പിൻ. ദൈവത്തിന് സ്തോത്ര
നമർപ്പിക്കുവിൻ. അവൻ വലിയ
ൾ ചെയ്തിരിക്കുന്നു. ഇത് ഭൂതല
പ്രസിദ്ധമാകട്ടെ. സെഹിയോൻ
കളേ, ഇസ്രായേലിന്റെ പരിശു
ഹത്വത്തോടെ നിങ്ങളുടെ മദ്ധ്യ
ാൽ ഘോഷിച്ചുല്ലസിപ്പിൻ.

അദ്ധ്യായം 13

ാസിന്റെ പുത്രനായ ഏശായാ
ാബിലോണിനെക്കുറിച്ചുണ്ടായ
തരിശുകുന്നിന്മേൽ കൊടി ഉയർ
അവർ പ്രഭുക്കന്മാരുടെ വാതി
ുള്ളിൽ പ്രവേശിക്കേണ്ടതിന്ന്
ർത്തി അവരെ കൈ വീശി വിളി
ഞാൻ എന്റെ വിശുദ്ധന്മാരോട്
എന്റെ കോപം നടപ്പാക്കുന്ന
ന്റെ മഹിമയിൽ അഭിമാനിക്കുന്ന
വീരന്മാരെ ഞാൻ നിയമിച്ചു.
ാരവംപോലെ പർവ്വതങ്ങളിൽ പു
ിന്റെ ആരവം! ഒന്നിച്ചു കൂടിയിരി
ികളുടെ രാജ്യങ്ങളുടെ ആരവം!
ായ ദൈവം യുദ്ധത്തിനുള്ള
അണിനിരത്തുന്നു. ദേശത്തെ
പ്പിപ്പാൻ ദൂരദേശങ്ങളിൽനിന്നും
ിന്റെ അതിർത്തികളിൽനിന്നും
തന്റെ കോപത്തിന്റെ ആയു
ുന്നു. കർത്താവിന്റെ ദിവസം
ക്കുകയാൽ ഉച്ചത്തിൽ വിലപി
സർവ്വശക്തിസന്നിധിയിൽ
ിനാശംപോലെ വരുന്നു. അന്ന്
എല്ലാ കൈകളും തളർന്നുപോകും. എല്ലാ
വരുടെയും ഹൃദയം ഉരുകിപ്പോകും. അവർ
പരിഭ്രമിക്കും. വേദനയും ദുഃഖവും അവരെ
പിടികൂടും. പ്രസവവേദനയുള്ള സ്ത്രീയെ 8
പ്പോലെ അവർ വേദനയനുഭവിക്കും. അവർ
പരസ്പരം തുറിച്ചു നോക്കും. അവരുടെ
മുഖം ജ്വലിച്ചിരിക്കും. ദേശം ശൂന്യമാക്കു 9
വാനും പാപികളെ നശിപ്പിക്കുവാനും
കർത്താവിന്റെ ദിവസം കോപത്തോടും
ക്രോധത്തോടുംകൂടെ വരുന്നു. ആകാശ 10
ത്തിലെ നക്ഷത്രങ്ങളും നക്ഷത്രസമൂഹവും
പ്രകാശം തരുകയില്ല. സൂര്യൻ ഉദിക്കുന്ന
തോടെതന്നെ ഇരുണ്ടുപോകും. ചന്ദ്രൻ
പ്രകാശം നൽകുകയുമില്ല. ഞാൻ ഭൂമിയെ 11
അതിന്റെ തിന്മ നിമിത്തവും ദുഷ്ട
ന്മാരെ അവരുടെ അനീതി നിമിത്തവും
ശിക്ഷിക്കും. അഹങ്കാരികളുടെ അഹംഭാവ
ത്തെ ഞാൻ ഇല്ലാതാക്കും. ഉഗ്രന്മാരുടെ
നിഗളം ഞാൻ താഴ്ത്തും. മനുഷ്യൻ തങ്ക 12
ത്തേക്കാളും മനുഷ്യവംശം ഓഫീർതങ്ക
ത്തേക്കാളും ദുർല്ലഭമാക്കുവാൻ ഞാൻ
ഇടയാക്കും. അങ്ങനെ ഞാൻ ആകാശത്തെ 13
വിറപ്പിക്കും. ബലവാനായ ദൈവത്തിന്റെ
ക്രോധത്തിലും അവന്റെ ഉഗ്രകോപദിവ
സത്തിലും ഭൂമി അതിന്റെ സ്ഥാനത്തു
നിന്ന് ഇളകിപ്പോകും. വേട്ടയാടപ്പെട്ട മാൻ 14
കുട്ടിയെപ്പോലെയും ഇടയനില്ലാത്ത ആടു
കളെപ്പോലെയും ഓരോരുവനും സ്വന്ത
ജാതിയുടെ അടുക്കലേക്കും സ്വദേശത്തേ
ക്കും ഓടിപ്പോകും. കാണുന്നവനെയെല്ലാം 15
കുത്തിക്കൊല്ലും. പിടികിട്ടുന്നവനെയെല്ലാം
വാളാൽ വധിക്കും. അവരുടെ കുഞ്ഞുങ്ങളെ 16
അവരുടെ കൺമുമ്പിൽ വച്ചുതന്നെ നില
ത്തടിച്ച് തകർക്കും. അവരുടെ വീടുകൾ
കൊള്ളയിടും. അവരുടെ ഭാര്യമാർ അപമാ
നിതകളാകും. മേദ്യക്കാരെ അവർക്കെതി 17
രായി ഉണർത്തി വിടും. അവർ വെള്ളി
കാര്യമായെടുക്കുന്നില്ല. സ്വർണ്ണത്തിൽ
അവർക്കു താല്പര്യവുമില്ല. അവരുടെ 18
അമ്പുകൾ യുവാക്കന്മാരെ തകർക്കും. ഉദര
ഫലത്തോട് അവർക്ക് ദയ തോന്നുകയില്ല.
ശിശുക്കളെ അവർ കരുതുകയില്ല. രാജ്യങ്ങ 19
ളുടെ മഹത്വവും കൽദയരുടെ മഹിമയും
അലങ്കാരവുമായ ബാബിലോൺ ദൈവം
നശിപ്പിച്ച സോദോമും ഗൊമോറായുംപോ
ലെ ആയിത്തീരും. അതിൽ ഒരിക്കലും ജന 20
വാസം ഉണ്ടാകയില്ല. തലമുറകളോളം
അതിൽ ആരും വസിക്കുകയുമില്ല. അറബി
കൾ അവിടെ കൂടാരമടിക്കുകയില്ല. ഇടയ
ന്മാർ അവിടെ ആടുകളെ മേയിക്കുകയു

മില്ല. വന്യമൃഗങ്ങൾ അവിടെ കിടക്കും. അവ
21 രുടെ വീടുകളിൽ മൂങ്ങാ നിറയും. ഒട്ടകപ്പ
ക്ഷികൾ അവിടെ പാർക്കും. ഭൂതങ്ങൾ
അവിടെ നൃത്തംചെയ്യും. അവരുടെ അരമന
22 കളിൽ ചെന്നായും അവരുടെ മോഹനീയ
മന്ദിരങ്ങളിൽ കുറുനരികളും ഓരിയിടും.
അതിൻെറ സമയം അടുത്തിരിക്കുന്നു.
അതിൻെറ കാലം ദീർഘിച്ചു പോകയുമില്ല.

അദ്ധ്യായം 14

കർത്താവിനു യാക്കോബിനോട് മനസ്സ
1 ലിവു തോന്നി, ഇസ്രായേലിനെ വീണ്ടും
തിരഞ്ഞെടുത്ത് സ്വദേശത്തു വസിക്കുമാ
റാക്കും. അന്യജാതിക്കാരും അവരോടു
യോജിച്ച് യാക്കോബ് ഗൃഹത്തോട് ചേരും.
ജാതികൾ അവരെ അവരുടെ സ്ഥലത്തേ
2 ക്കു കൂട്ടിക്കൊണ്ടു വരും. ഇസ്രായേൽ
ഭവനം അവരെ ദൈവത്തിൻെറ ദേശത്തു
ദാസന്മാരായും ദാസിമാരായും അടക്കി വാ
ഴും. തങ്ങളെ അടിമപ്പെടുത്തിയവരെ അവർ
അടിമകളാക്കും. തങ്ങളെ പീഡിപ്പിച്ചവരുടെ
മേൽ വാഴുകയും ചെയ്യും.
കർത്താവ് നിൻെറ വ്യസനവും നിൻെറ
3 ദുരിതവും നീ അനുഭവിച്ച കഠിനദാസ്യവും
4 നീക്കി നിനക്കു വിശ്രമം നൽകുന്ന കാലത്തു
നീ ബാബേൽ രാജാവിനെ കുറിച്ച് ഇങ്ങനെ
പാടും. പീഡകൻ എങ്ങനെ ഇല്ലാതെയായി!
അപഹാരി എങ്ങനെ തകർന്നുപോയി!
കർത്താവ് ദുഷ്ടന്മാരുടെ വടിയും ഭരിക്കു
5 ന്നവരുടെ ചെങ്കോലും ഒടിച്ചുകളഞ്ഞു. വംശ
6 ങ്ങളെ ഇടവിടാതെ ക്രോധത്തോടെ അടി
ക്കുകയും ഭയങ്കരമായ ഉപദ്രവത്താൽ ജാതി
കളെ കോപത്തോടെ ഭരിക്കുകയും ചെയ്ത
വനെ നശിപ്പിക്കും. സർവ്വഭൂമിയും വിശ്രമിച്ചു
7 ശാന്തമായിരിക്കും. അവർ ആർത്തു പാടും.
8 സരളവൃക്ഷങ്ങളും ലെബാനോനിലെ ദേവ
ദാരുക്കളും നിന്നെക്കുറിച്ച് സന്തോഷിച്ചു
നീ വീണു പോയതുമുതൽ ഒരു മരംവെട്ടുകാ
രനും ഞങ്ങളുടെ അടുക്കൽ കയറിവരുന്നി
ല്ല എന്നു പറയും. നീ എത്തുമ്പോൾ നിന്നെ
9 എതിരേല്പാൻ താഴെ പാതാളം നിൻെറ നിമി
ത്തം ഇളകിയിരിക്കയാണ്. അതു നിന്നെ
യോർത്ത് സകല ഭൂപാലന്മാരുമായ മൃതരെ
ഉണർത്തുന്നു. സകല ജാതികളുടെ സകല
രാജാക്കന്മാരെയും സിംഹാസനങ്ങളിൽ
നിന്നു എഴുന്നേല്പിച്ചു മാറ്റിയിരിക്കുന്നു.
അവരെല്ലാം നിന്നോട് നീയും ഞങ്ങളെപ്പോ
10 ലെ ബലഹീനനായോ? നീയും ഞങ്ങൾക്ക്
തുല്യനായിത്തീർന്നോ? എന്നു പറയും.
11 നിൻെറ ആഡംബരവും വാദ്യഘോഷവും
പാതാളത്തിലേക്ക് ഇറങ്ങിപ്പോയി. നിനക്കാ
യി പുഴുക്കളെ വിരിച്ചിരിക്കുന്നു. കൃമികളാ
യിരിക്കും ഇനി നിൻെറ പുതപ്പ്. നീ എങ്ങനെ
ആകാശത്തു നിന്നു വീണു! പ്രഭാതത്തിൽ
നീ വിലപിക്കുക. ജനതകളെ താഴ്ത്തി
ക്കളഞ്ഞവനേ! നീ എങ്ങനെ വെട്ടേറ്റു
നിലത്തു വീണു? “ഞാൻ സ്വർഗ്ഗത്തിൽ
കയറും; എൻെറ സിംഹാസനം ദൈവത്തി
ൻെറ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും.
ഉത്തരദിക്കിൻെറ അതിർത്തിയിൽ സമാഗ
മന പർവ്വതത്തിന്മേൽ ഞാൻ ഇരുന്നു വാഴും.
ഞാൻ ഉന്നതങ്ങൾക്കു മീതെ കയറും. ഞാൻ
അത്യുന്നതനോട് സമനാകും” എന്നല്ലോ
നീ മനസ്സിൽ പറഞ്ഞിരുന്നത്. എന്നാൽ നീ
പാതാളത്തിലേക്ക് നാശകൂപത്തിൻെറ
അടിയിലേക്കു വീഴും. നിന്നെ കാണുന്നവർ
നിന്നെ സൂക്ഷിച്ചു നോക്കി: ഭൂമിയെ വിറപ്പി
ക്കുകയും രാജ്യങ്ങളെ ഇളക്കുകയും ഭൂത
ലത്തെ മരുഭൂമിപോലെ ആക്കുകയും
അതിലെ പട്ടണങ്ങളെ തകർത്തുകളകയും
തൻെറ തടവുകാരെ സ്വഭവനങ്ങളിലേക്ക്
അഴിച്ചു വിടാതിരിക്കുകയും ചെയ്തവൻ
ഇവനല്ലയോ എന്നു ചിന്തിക്കും. ജാതിക
ളുടെ സകല രാജാക്കന്മാരും താന്താൻെറ
ഭവനത്തിൽ മഹത്വത്തോടെ കിടന്നുറങ്ങു
ന്നു. നിന്നെയോ ഹീനമായൊരു കമ്പുപോ
ലെയും വാൾകൊണ്ട് കുത്തേറ്റു മരിച്ച് കുഴി
യിലെ കല്ലുകളോളം ഇറങ്ങിയവരുടെ
വസ്ത്രംപോലെയും ചവിട്ടിമെതിച്ച ശവം
പോലെയും നിൻെറ കല്ലറയിൽനിന്നു
എറിഞ്ഞു കളഞ്ഞിരിക്കുന്നു.
നീ നിൻെറ ദേശത്തെ നശിപ്പിച്ച് നിൻെറ
ജനത്തെ സംഹരിച്ചതുമൂലം നീ അവരോടു
കൂടെ സന്തോഷിക്കുകയില്ല. ദുഷ്ടന്മാരുടെ
സന്തതി നിലനില്ക്കുകയില്ല. അവൻെറ
മക്കൾ എഴുന്നേറ്റ് ഭൂമിയെ കീഴടക്കുകയും
ഭൂതലത്തിൻെറ ഉപരിഭാഗത്തെ യുദ്ധങ്ങൾ
കൊണ്ട് നിറയ്ക്കുകയും ചെയ്യാതിരിപ്പാൻ
അവർക്ക് അവരുടെ പിതാക്കന്മാരുടെ പാപം
നിമിത്തം ഒരു വധസ്ഥലം ഒരുക്കിക്കുവിൻ.
ഞാൻ അവർക്കു വിരോധമായി എഴുന്നേ
ല്ക്കും എന്ന് ബലവാനായ കർത്താവ്
അരുളിച്ചെയ്യുന്നു. ബാബേലിൻെറ പേരും
ശേഷിപ്പും പുത്രനെയും ,പൗത്രനെയും
ഛേദിച്ചുകളയും എന്ന് കർത്താവ് അരു
ളിച്ചെയ്യുന്നു. ഞാൻ അതിനെ വവ്വാലിൻെറ
അവകാശവും ചതുപ്പുനിലവും ആക്കി
ത്തീർക്കും. അതിനെ നാശത്തിൻെറ ചൂല്
കൊണ്ട് തൂത്തുവാരും എന്ന് ബലവാനായ
കർത്താവ് അരുളിച്ചെയ്യുന്നു.

ബലവാനായ കർത്താവു ആണയിട്ട്
യുന്നു: ഞാൻ വിചാരിച്ചതുപോലെ
വിക്കും; ഞാൻ നിശ്ചയിച്ചതുപോലെ
ും. എന്റെ ദേശത്തു വച്ച് ഞാൻ
ിറിയായെ തകർക്കും. എന്റെ പർവ്വത
ൽ വച്ച് അവനെ ചവിട്ടിമെതിക്കും.
ദനെ അവന്റെ നുകം അവരുടെ
നിന്നു നീങ്ങും. അവന്റെ ഭാരം അവ
തോളിൽനിന്നു മാറിപ്പോകും. സർവ്വ
യയുംകുറിച്ചുള്ള നിശ്ചയം ഇതാകു
സകല ജാതികളുടെയും മേൽ നീട്ടിയി
ന്ന കൈ ഇതുതന്നെ. ബലവാനായ
ം നിശ്ചയിച്ചിരിക്കുന്നു. അത്
ഫലമാക്കുവാൻ ആരുണ്ട്? അവന്റെ
നീട്ടിയിരിക്കുന്നു. അതു മടക്കുവാൻ
ു കഴിയും?"
ആഹാസ് രാജാവ് മരിച്ച ആണ്ടിൽ
യ പ്രവചനം. സകല ഫെലിസ്ത്യദേശ
നിന്നെ അടിച്ചവന്റെ വടി ഒടിഞ്ഞു
ലും നീ സന്തോഷിക്കേണ്ട. സർപ്പ
ൻറ തായ്‌വേരിൽ നിന്ന് ഒരു അണലി
ടും. അതിന്റെ സന്തതി വിഷമേ
ഗ്നിസർപ്പമായിരിക്കും. എളിയവരു
ദ്യജാതന്മാർ മേഞ്ഞുനടക്കും. ദരിദ്ര
നിർഭയമായി വസിക്കും. എന്നാൽ
വേരിനെ ഞാൻ ക്ഷാമംകൊണ്ട്
വാനിടയാക്കും. നിന്നിൽ അവശി
യവരെ അതു കൊല്ലും. ഗ്രാമമേ
ക. പട്ടണമേ, നിലവിളിക്കുക. സകല
സ്ത്യദേശവുമേ നീ അലിഞ്ഞില്ലാ
യി. ഉത്തരദേശത്തു നിന്ന് ഒരു പുക
. അവന്റെ കൂട്ടത്തിൽ അലഞ്ഞു
ന്നവൻ ഇല്ല. ജാതികളുടെ ദൂത
ു കിട്ടുന്ന മറുപടിയോ. കർത്താവ്
യോനെ സ്ഥാപിച്ചിരിക്കുന്നു.
അവന്റെ ജനത്തിലെ ദുഃഖിതർ
പ്രാപിക്കും എന്നത്രേ.

അദ്ധ്യായം 15

വാബിനേക്കുറിച്ചുള്ള പ്രവചനം.
രാത്രികൊണ്ട് മോവാബിലെ പട്ട
ിച്ചു ശൂന്യമായിപ്പോയി. ഒരു രാത്രി
മോവാബിന്റെ കോട്ട നശിച്ചു
യിപ്പോയി. അവർ വിലപിക്കുവാൻ
ൻറ പൂജാഗിരികളിൽ കയറിപ്പോയി.
യിലും മേദെബയിലും മോവാബ്
ിക്കുന്നു. അവരുടെ തല മുണ്ഡനം
താടി വടിച്ചും ഇരിക്കുന്നു.
രുടെ വീഥികളിൽ അവർ രട്ടുടു
ക്കുന്നു. അവരുടെ ഭവനങ്ങളിലും
വിശാലസ്ഥലങ്ങളിലും എല്ലാവരും വാവിട്ടു
കരയുന്നു. ഹെശ്ബോനും എലെയാലെ
യും നിലവിളിക്കുന്നു. അവരുടെ വിലാപ 4
ശബ്ദം സോസ്‌വരെ കേൾക്കുന്നു. അതി
നാൽ മോവാബിന്റെ ആയുധധാരികൾ
അലറുന്നു. അവന്റെ പ്രാണൻ അവന്റെ
ഉള്ളിൽ ഉരുകുന്നു. എന്റെ ഹൃദയം
മോവാബിനെക്കുറിച്ചു നിലവിളിക്കുന്നു. 5
അതിലെ പ്രഭുക്കന്മാർ സോവാറിലേക്കും
എഗ്ലത്ത് തുൽസായിലേക്കും ഓടിപ്പോ
കുന്നു. ലൂഹീത്തിലേക്കുള്ള കയറ്റത്തിൽ
കൂടി അവർ കരഞ്ഞുകൊണ്ടു മല കയറു
ന്നു. ഹോരോനയീമിലേക്കുള്ള വഴിയിൽ
അവർ നാശം നാശം എന്നു നിലവിളിക്കു
ന്നു. നിമ്രമിലെ ജലാശയങ്ങൾ വരണ്ടു
പോയി. അങ്ങനെ പുല്ലുണങ്ങിപ്പോയി. 6
ഇളമ്പുല്ലുകൾ വാടി. പച്ചയായതെല്ലാം
ഇല്ലാതായിരിക്കുന്നു. ആകയാൽ അവർ
കൂട്ടിവച്ച സമ്പത്ത് ശേഖരിച്ചു വച്ചതെല്ലാം 7
അലരിത്തോട്ടിന്നക്കരെയ്ക്കു കൊണ്ടു
പോകപ്പെടുന്നു. മോവാബിന്റെ അതിർ
ത്തികളിലെല്ലാം നിലവിളിതന്നെ. വിലാപ 8
സ്വരം എഗ്ലയീംവരെയും കരച്ചിൽ ബേർ-
ഏലീംവരെയും എത്തിയിരിക്കുന്നു. ദീമോ
നിലെ ജലാശയങ്ങൾ രക്തം നിറഞ്ഞിരി 9
ക്കുന്നു. ഞാൻ ദീമോന്റെ മേലും മോവാ
ബിൽനിന്നു രക്ഷപ്പെട്ടവരുടെ മേലും ദേശ
ത്ത് അവശേഷിച്ചവരുടെ മേലും ഇതിലു
മധികമായി വരുത്തും.

അദ്ധ്യായം 16

ദേശാധിപതിക്കു കുഞ്ഞാടുകളെ 1
സേലയിൽനിന്നു മരുഭൂമിവഴിയായി
സെഹിയോൻ പുത്രിയുടെ പർവ്വതത്തി
ലേക്കു അയയ്ക്കുവിൻ. മോവാബിന്റെ 2
പുത്രിമാർ കൂടു വിട്ടലയുന്ന പക്ഷികളെ
പ്പോലെ അർന്നോന്റെ കടവുകളിൽ
ഇരിക്കും. ആലോചന പറഞ്ഞു തരിക. 3
മാദ്ധ്യസ്ഥം ചെയ്ക. നിന്റെ നിഴൽ മദ്ധ്യാ
ഹ്നത്തിൽ രാത്രിപോലെ ആക്കുക. ദേശ
ഭ്രഷ്ടന്മാരെ ഒളിപ്പിക്കുക. അലഞ്ഞു നടക്കു
ന്നവനെ കാണിച്ചുകൊടുക്കരുത്. മോവാ
ബിൽനിന്നു പുറത്താക്കപ്പെട്ടവർ നിന്നോടു 4
കൂടെ കഴിഞ്ഞുകൊള്ളട്ടെ. കവർച്ചക്കാര
ന്റെ മുമ്പിൽ നീ അവർക്കു ഒരു മറയായിരി
ക്കുക. അങ്ങനെ പീഡകൻ ഇല്ലാതെയാ
കും. കവർച്ചയും അവസാനിക്കും. ചവിട്ടി
മെതിക്കുന്നവർ രാജ്യത്തുനിന്നും നിർമ്മൂ
ലമാകും. അങ്ങനെ ദയയുള്ള സിംഹാസനം
സ്ഥിരമാകും. അതിന്മേൽ ദാവീദിന്റെ 5

കൂടാരത്തിൽനിന്ന് ഒരുവൻ ന്യായപാ
ലനം ചെയ്യും. അവൻ ന്യായതല്പരനായി
രിക്കും. നീതി വേഗം നടത്തുന്നവനും
ആയിരിക്കും.
6 ഞങ്ങൾ മോവാബിൻെറ അഹങ്കാര
ത്തെക്കുറിച്ച് കേട്ടിട്ടുണ്ട്. അവൻ മഹാ
ധിക്കാരിയാകുന്നു. അവൻെറ നിഗളത്തെ
യും വമ്പിനേയും ക്രോധത്തെയും വ്യർത്ഥ
പ്രശംസയെയും കുറിച്ച് കേട്ടിട്ടുണ്ട്. അതി
ൻെറ പ്രശ്നക്കാർ ഇങ്ങനെയല്ല പറഞ്ഞത്.
7 അതിനാൽ മോവാബിനെക്കുറിച്ച് മോവാബ്
തന്നെ കരയും. എല്ലാവരും കരയും. മറി
ഞ്ഞുവീഴുന്ന കോട്ടകളെ ഓർത്ത് നിങ്ങൾ
ദുഃഖിതരായി വിലപിക്കും.
8 ഹെശ്ബോൻ വയലുകളും ശിബ്മയി
ലെ മുന്തിരിവള്ളിയും ഉണങ്ങിക്കിടക്കുന്നു.
അതിലെ വിശിഷ്ടമായ വള്ളിയെ ജാതി
കളുടെ പ്രഭുക്കന്മാർ ഒടിച്ചുകളഞ്ഞു. അത്
യസേർവരെ നീണ്ട് മരുഭൂമിവരെ പടർന്ന
തായിരുന്നു. അതിൻെറ ശാഖകൾ കടൽകട
9 ന്നു വ്യാപിച്ചിരുന്നു. അതുകൊണ്ട് ഞാൻ
യസേറിനെയും ശിബ്മയിലെ മുന്തിരിവള്ളി
യെയും ഓർത്ത് കരയും. ഹെശ്ബോനേ!
എലയാലേ ഞാൻ നിന്നെ എൻെറ കണ്ണു
10 നീരു കൊണ്ട് നനയ്ക്കും. നിൻെറ വേനൽ
ക്കാല ഫലങ്ങൾക്കും നിൻെറ കൊയ്ത്തി
ന്നും മർദ്ദകൻ വന്നിരിക്കുന്നു. സന്തോഷ
വും ആനന്ദവും വിളഭൂമിയിൽനിന്നു ഇല്ലാ
തായിരിക്കുന്നു. മുന്തിരിത്തോട്ടങ്ങളിൽ
പാട്ടില്ല. ഉല്ലാസഘോഷവുമില്ല. മുന്തിരി
മെതിക്കുന്നവർ മുന്തിരിങ്ങാ ആട്ടുകയുമി
ല്ല. മുന്തിരിക്കൊയ്ത്തു സമയത്തുള്ള
ആഘോഷം ഞാൻ നിർത്തിക്കളഞ്ഞിരി
11 ക്കുന്നു. അതുകൊണ്ട് എൻെറ ഹൃദയം
മോവാബിനേക്കുറിച്ചും കിന്നരതുല്യം
12 ശബ്ദിക്കുന്നു. മോവാബ് പൂജാഗിരിയിൽ
ചെന്ന് ക്ഷേത്രത്തിൽ പ്രാർത്ഥിപ്പാൻ
നിന്നാൽ അവൻ കൃതാർത്ഥനാകയില്ല.
13 ഇതാകുന്നു കർത്താവ് മുമ്പു മുതൽ
മോവാബിനേക്കുറിച്ച് അരുളിച്ചെയ്ത വചനം.
14 ഇപ്പോൾ കർത്താവ് അരുളിച്ചെയ്യുന്നതോ:
കൂലിക്കാരൻെറ ആണ്ടു പോലെയുള്ള
മൂന്നു വർഷത്തിനുള്ളിൽ മോവാബിൻെറ
മഹത്വം അതിൻെറ സർവ്വ ജനത്തോടും
കൂടെ തുച്ഛമമാകും. അവശേഷിച്ചവർ
അല്പവും അഗണ്യവും ആയിരിക്കും.

അദ്ധ്യായം 17

1 ദമസ്ക്കോസിനെക്കുറിച്ചുള്ള പ്രവ
ചനം.
ഇതാ ദമസ്ക്കോസ് ഒരു പട്ടണം എന്നു
പറയാതിരിക്കാതവണ്ണം നീങ്ങിപ്പോയിരി
ക്കുന്നു. അത് ശൂന്യവസ്തുക്കളുടെ കൂമ്പാര
മായിത്തീരും. അരോവേർ പട്ടണങ്ങൾ 2
നിർജ്ജനമായിരിക്കും. അവ ആട്ടിൻ
കൂട്ടങ്ങൾക്കു മേച്ചിൽപുറം ആയിരിക്കും.
നിർഭയം അവ അവിടെ മേഞ്ഞു നടക്കും.
എഫ്രയീമിൽ കോട്ടയും ദമസ്ക്കോസിൽ 3
രാജത്വവും ഇല്ലാതെയാകും. എഫ്രയീമിൽ
അവശേഷിച്ചവർ ഇസ്രായേൽ മക്കളുടെ
മഹത്വം പോലെയാകും എന്നു ബലവാ
നായ കർത്താവ് അരുളിച്ചെയ്യുന്നു.
അക്കാലത്ത് യാക്കോബിൻെറ മഹത്വം 4
ക്ഷയിക്കും. അവൻെറ പുഷ്ടിയെല്ലാം മെലി
ഞ്ഞുപോകും. അത് കൊയ്ത്തുകാരൻ 5
കതിരു ചേർത്തു പിടിച്ചു കൈകൊണ്ട്
കൊയ്യുന്നതുപോലെയും ഒരുവൻ റെഫാ
യീംതാഴ്വരയിൽ കതിരുകൾ പെറുക്കുന്ന
തുപോലെയും ആയിരിക്കും. ഒലിവു തല്ലി 6
പറിക്കുമ്പോൾ വൃക്ഷാഗ്രത്തിൽ രണ്ടോ
മൂന്നോ കായോ ഫലവൃക്ഷത്തിൻെറ ശിഖ
രങ്ങളിൽ നാലഞ്ചു കായോ കാലാപെറു
ക്കുവാനായി പറിക്കുവാൻ ചിലതു ശേഷിച്ചി
രിക്കും എന്നു ഇസ്രായേലിൻെറ ദൈവമായ
കർത്താവ് അരുളിച്ചെയ്യുന്നു.
അക്കാലത്ത് മനുഷ്യൻ തൻെറ ഹസ്ത 7
നിർമ്മിതബലിപീഠങ്ങളിലേക്കു തിരിയാ
തെയും തൻെറ വിരലുകളാൽ നിർമ്മിതമായ
വിഗ്രഹങ്ങളെയും സൂര്യസ്തംഭങ്ങളെയും
ഗണിക്കാതെയും തൻെറ സ്രഷ്ടാവിങ്ക
ലേക്കു തിരിയും. അവൻെറ കണ്ണ് ഇസ്രാ 8
യേലിൻെറ പരിശുദ്ധനെ നോക്കുകയും
ചെയ്യും. അക്കാലത്ത് അവൻെറ സുശക്ത 9
നഗരങ്ങൾ അമോര്യരും, ഹിവ്യരും ഇസ്രാ
യേൽ മക്കളുടെ മുമ്പിൽനിന്ന് ഉപേക്ഷിച്ചു
പോയ നിർജ്ജനദേശം പോലെയാകും.
അവ ശൂന്യമായിത്തീരും.
നിൻെറ രക്ഷയുടെ ദൈവത്തെ നീ 10
മറന്നു! നിൻെറ ബലമുള്ള പാറയെ നീ
ഓർക്കാതെയിരുന്നു. തന്മൂലം നീ രമ്യ
ഉദ്യാനങ്ങൾ ഉണ്ടാക്കി അവയിൽ അന്യ
ദേശത്തുനിന്നുള്ള വള്ളികളെ നടുന്നു.
നടുന്ന ദിവസത്തിൽതന്നെ നീ അതിന്നു 11
വേലികെട്ടുകയും രാവിലെ നിൻെറ നടുതല
പുഷ്ടിക്കുവാനിടയാക്കുകയും ചെയ്യുന്നു
ണ്ട്. എങ്കിലും കഠിന മുറിവും ഒടുങ്ങാത്ത
ഖേദവും വരുന്ന ദിവസത്തിൽ വിള നശി
ക്കുകതന്നെ ചെയ്യും.
അതാ അനേക ജാതികളുടെ ശബ്ദം. 12
അവർ കടലിൻെറ ഇരമ്പൽ പോലെ ഇരമ്പി

റുന്നു. ഹാ! വംശങ്ങളുടെ ഇരമ്പൽ!
ു പെരുവെള്ളപ്പാച്ചിലിൻെറ ഇരമ്പൽ
ലിരിക്കുന്നു. വംശങ്ങൾ ജലപ്രവാഹ
ാനം ഗർജിക്കുന്നു; എങ്കിലും അവൻ
രെ ശാസിക്കും. അപ്പോൾ അവർ വിദൂര
ക്ക് ഓടിയകലും. കാറ്റ് അടിക്കുമ്പോൾ
ളിലെ പതിർപോലെയും കൊടുങ്കാറ്റ
ുമ്പോൾ ഉയർന്നു പോകുന്ന പൊടി
ലയും പറന്നുപോകും. സന്ധ്യാസമ
് ഇതാ, ഭീതി! പ്രഭാതത്തിന്നു മുമ്പ്
ൻ ഇല്ലാതെയായി. ഇത് നമ്മെ കൊള്ള
ുന്നവരുടെ ഓഹരിയും നമ്മെ അപ
ക്കുന്നവർക്കുള്ളതുമാകുന്നു.

അദ്ധ്യായം 18

ഹാ! എത്യോപ്യൻ നദീതീരത്തു ചിറകു
പ്പിരിക്കുന്നതും ഞാങ്ങണചെങ്ങാട
ൽ കടൽവഴി ദൂതന്മാരെ അയ
ന്നതും ആയ ദേശമേ! ശീഘ്രദൂത
, നിങ്ങൾ ദീർഘകായരും മൃദുല
കളുമായ ജാതിയുടെ അടുക്കൽ—
ും അകലെയും ഭയങ്കരമായടി
ജാതിയുടെ അടുക്കൽ—പ്രബലവും
ക്കളയുന്നതും നദികൾ ദേശത്തെ
ിക്കുന്നതുമായ ജാതിയുടെ അടു
—തന്നേ ചെല്ലുവിൻ. ഭൂതലനിവാ
ള! ഭൂമിയിൽ പാർക്കുന്നവരേ പർവ്വ
ന്മേൽ കൊടി ഉയർത്തുമ്പോൾ,
3 നോക്കുവീൻ. കാഹളം ഊതു
കേൾപ്പിൻ. കർത്താവ് എന്നോട്
ച്ചെയ്തു. മദ്ധ്യാഹ്നസമയത്തു
ത്തുകാലത്തെ ഉഷ്ണത്തിൽ
മഞ്ഞുപൊഴിക്കുമ്പോൾ ഞാൻ
നിവാസത്തിൽ സ്വസ്ഥമായി
ക്കൊണ്ടിരിക്കും. കൊയ്ത്തിനു
മാട്ടിട്ടു കഴിഞ്ഞ് പൂ പൊഴിഞ്ഞ്
ങ്ങ പാകമാകുമ്പോൾ അവൻ അരി
ാണ്ട് വള്ളി മുറിച്ചു ചില്ലി ചെത്തി
അതെല്ലാം മലയിലെ കഴുകനും
ല മൃഗത്തിനും ഇട്ടുകൊടുക്കും.
അതുകൊണ്ട് വേനൽക്കാലം കഴി
ിയിലെ സകല മൃഗവും അതുകൊ
ു മുഴുവൻ കഴിക്കും. ആ കാലത്തു
ായന്മാരും മൃദുല ശരീരികളുമായ
രംഭം മുതൽ ഇന്നുവരെ ഭയങ്കര
തി, പ്രബലവും ചവിട്ടിമെതി
നദികൾ ദേശത്തെ വിഭാഗിക്കു
യ ജാതിതന്നേ, ബലവാനായ
ിൻെറ നാമമുള്ള സ്ഥലമായ
യാൻ പർവ്വതത്തിലേക്ക് ബലവാ
നായ ദൈവത്തിന് തിരുമുൽക്കാഴ്ച
അർപ്പിക്കും.

അദ്ധ്യായം 19

മെസ്രേനെക്കുറിച്ചുള്ള പ്രവചനം.
കർത്താവു ശീഘ്രമായ മേഘത്തിലാ 1
രൂഢനായി മെസ്രേനിലേക്കു വരുന്നു.
അപ്പോൾ മെസ്രേൻെറ വ്യാജവിഗ്രഹങ്ങൾ
അവൻെറ സന്നിധിയിൽ നടുങ്ങും. മെസ്രേ
ൻെറ ഹൃദയം ഉരുകുകയും ചെയ്യും. ഞാൻ 2
മെസ്രേന്യരെ പരസ്പരം കലഹിപ്പിക്കും;
അവർ ഓരോരുവൻ തൻെറ സഹോദര
നോടും ഓരോരുവൻ തൻെറ കൂട്ടുകാര
നോടും പട്ടണം പട്ടണത്തോടും രാജ്യം രാജ്യ
ത്തോടും യുദ്ധം ചെയ്യും. മെസ്രേൻെറ
പ്രാപ്തി അതിൽനിന്നും ഒഴിഞ്ഞുപോകും. 3
ഞാൻ അതിൻെറ ആലോചനകളെ നശി
പ്പിക്കും. അപ്പോൾ അവർ വിഗ്രഹങ്ങ
ളോടും മന്ത്രവാദികളോടും വെളിച്ചപ്പാടന്മാ
രോടും ഭാവിപറയുന്നവരോടും അരുളപ്പാട്
ചോദിക്കും. ഞാൻ മെസ്രേന്യരെ ഒരു ക്രൂര
നായ യജമാനൻെറ കയ്യിൽ ഏല്പിക്കും. 4
ഉഗ്രനായ ഒരു രാജാവ് അവരെ ഭരിക്കും
എന്ന് ബലവാനായ കർത്താവ് അരുളിച്ചെ
യ്യുന്നു. സമുദ്രത്തിൽ വെള്ളം വറ്റിപ്പോകും.
നദി വറ്റി ഉണങ്ങും. നദികളിൽ ദുർഗ്ഗന്ധ 5
മുണ്ടാകും. മെസ്രേനിലെ തോടുകൾ വറ്റി 6
ഉണങ്ങും. ഞാങ്ങണയും വേഴവും വാടി
പ്പോകും. നദിക്കടുത്തും നദീതീരത്തുമുള്ള
മേച്ചിൽപുറങ്ങളും നദീതീരത്തു വിതച്ചതെ 7
ല്ലാം ഉണങ്ങി ഇല്ലാതെയാകും. മത്സ്യം
പിടിക്കുന്നവർ വിലപിക്കും. നദിയിൽ ചൂണ്ട
ലിടുന്നവരെല്ലാം ദുഃഖിക്കും. വെള്ളത്തിൽ 8
വലവീശുന്നവർ ക്ലേശിക്കും. കുടി
പ്പാൻ മദ്യമുണ്ടാക്കുന്നവരും തുണിനെ 9
യ്ത്തുകാരും ലജ്ജിച്ചുപോകും. രാജ്യ
ത്തിൻെറ തൂണുകളായവർ തകർന്നു 10
പോകും. കൂലിവേലക്കാർ ഹൃദയഖേദ
ത്തോടിരിക്കും. സോവനിലെ പ്രഭുക്കന്മാർ
ഭോഷന്മാർ; ഫറവോൻെറ വിജ്ഞരായ 11
മന്ത്രിമാരുടെ ആലോചന ഭോഷത്വമായി
തീർന്നിരിക്കുന്നു; ഞാൻ വിജ്ഞാനികളുടെ
മകൻ, പുരാതന രാജാക്കന്മാരുടെ പുത്രൻ
എന്നിങ്ങനെ നിങ്ങൾ ഫറവോനോട് പറ
യുന്നതു എങ്ങനെ? നിൻെറ ജ്ഞാനികൾ
എവിടെ? അവർ ഇപ്പോൾ നിനക്കു ബുദ്ധി 12
പറഞ്ഞുതരട്ടെ. ബലവാനായ ദൈവം
ഈജിപ്തിനെക്കുറിച്ചു നിശ്ചയിച്ചത്
എന്തെന്ന് അവർ ഗ്രഹിക്കട്ടെ. സോവനിലെ 13
പ്രഭുക്കന്മാർ ഭോഷന്മാരായിത്തീർന്നു.

നോഫിലെ പ്രഭുക്കന്മാർ വഞ്ചിതരായിരി
ക്കുന്നു. മെസ്രേൻ ഗോത്രങ്ങളുടെ മൂലക്ക
ല്ലായിരിക്കുന്നവർ അതിനെ വഴിതെറ്റിച്ചു.
14 കർത്താവ് അതിൻെറ മദ്ധ്യേ മനസ്സിളക്കി
വരുത്തി മദ്യോന്മത്തൻ ഛർദ്ദിയിൽ ചാ
ഞ്ചാടി നടക്കുന്നതു പോലെ അവർ മെസ്രേ
നെ അതിൻെറ പ്രവൃത്തിയിലെല്ലാം വഴിതെ
15 റ്റിച്ചിരിക്കുന്നു. തലയ്ക്കോ, വാലിനോ, പന
ങ്കൈക്കോ, ഞാങ്ങണയ്ക്കോ നിർവഹിക്കേ
ണ്ടുന്ന ഒരു പ്രവൃത്തിയും മെസ്രേനുണ്ടായി
രിക്കയില്ല.
16 അക്കാലത്ത് മെസ്രേന്യർ സ്ത്രീകൾ
ക്കു തുല്യരായിരിക്കും. ബലവാനായ ദൈവം
അവരുടെ നേരേ കൈ ഓങ്ങുന്നതു നിമി
17 ത്തം അവർ ഭയന്നു വിറയ്ക്കും. യഹൂദാ
ദേശം മെസ്രേന്യർക്കു ഭയങ്കരമായിരിക്കും.
അതിൻെറ പേരു പറഞ്ഞു കേൾക്കുന്നവ
രെല്ലാം ബലവാനായ ദൈവം അതിന്നു
വിരോധമായി നിശ്ചയിച്ച നിശ്ചയംമൂലം
സംഭീതരാകും.
18 അക്കാലത്തു മെസ്രേൻ ദേശത്തുള്ള
അഞ്ചു പട്ടണങ്ങൾ കനാന്യഭാഷ സംസാ
രിച്ച് ബലവാനായ ദൈവത്തോട് സത്യം
ചെയ്യും. ഒന്നിന് ഹേരേസ് എന്നു പേർ
വിളിക്കപ്പെടും.
19 അക്കാലത്ത് മെസ്രേൻ ദേശത്തിൻെറ
നടുവിൽ കർത്താവിന് ഒരു യാഗപീഠവും
അതിൻെറ അതിർത്തിയിൽ കർത്താവിന്
20 ഒരു സ്തംഭവും ഉണ്ടായിരിക്കും. അത് മെ
സ്രേൻ ദേശത്ത് ബലവാനായ ദൈവത്തിന്
ഒരു അടയാളവും ഒരു സാക്ഷ്യവും ആയി
രിക്കും. പീഡകന്മാരുടെ പീഡനിമിത്തം
അവർ ദൈവത്തോടു നിലവിളിക്കും. അവൻ
അവർക്ക് ഒരു രക്ഷകനെ അയയ്ക്കും.
അവൻ യുദ്ധം ചെയ്തു അവരെ വിമുക്ത
21 രാക്കും. അങ്ങനെ കർത്താവ് മെസ്രേനിനു
തന്നെത്തന്നെ വെളിപ്പെടുത്തുകയും മെ
സ്രേന്യർ അന്ന് ദൈവത്തെ അറിഞ്ഞു
യാഗവും കാഴ്ചയുമർപ്പിക്കുകയും കർത്താ
വിന് ഒരു നേർച്ച നേർന്ന് അത് നിവർത്തി
22 ക്കുകയുംചെയ്യും. കർത്താവ് മെസ്രേനിനെ
അടിക്കും. എങ്കിലും അവൻ വീണ്ടും അവരെ
സൗഖ്യമാക്കും; അവർ കർത്താവിങ്കലേക്ക്
മനം തിരിക്കുകയും അവൻ അവരുടെ
പ്രാർത്ഥന കേട്ട് അവരെ സൗഖ്യമാക്കുക
യും ചെയ്യും.
23 അക്കാലത്തു മെസ്രേനിൽനിന്ന് അസ്സീ
റിയായിലേക്ക് ഒരു രാജപാതയുണ്ടാകും.
അസ്സീറിയർ മെസ്രേനിലേക്കും മെസ്രേന്യർ
അസ്സീറിയായിലേക്കും എത്തും. മെസ്രേന്യർ
അസ്സീറിയരോടു കൂടെ ആരാധന കഴിക്കും:
അന്നാളിൽ ഇസ്രായേൽ ഭൂമിയുടെ മദ്ധ്യേ 24
ഒരു അനുഗ്രഹമായിത്തീരും. മെസ്രേനോടും
അസ്സീറിയായോടും കൂടി മൂന്നാമതായിരി
ക്കും. ബലവാനായ ദൈവം അവരെ അനു
ഗ്രഹിച്ച് എൻെറ ജനമായ മെസ്രേനും
എൻെറ കൈകളുടെ പ്രവൃത്തിയായ അസ്സീ
റിയരും എൻെറ അവകാശമായ ഇസ്രാ
യേലും അനുഗ്രഹിക്കപ്പെടുമാറാകട്ടെ എന്ന്
അരുളിച്ചെയ്യും.

അദ്ധ്യായം 20

അസ്സീറിയൻ രാജാവായ സർഗ്ഗോൻെറ 1
കല്പനപ്രകാരം തർത്താൻ അശ്ദോദി
ലേക്കു ചെന്നു അശ്ദോദിനോടു യുദ്ധം
ചെയ്തു അതിനെ കീഴടക്കിയ ആണ്ടിൽ
ആ കാലത്ത് കർത്താവ് ആമോസിൻെറ 2
മകനായ ഏശായായോട് നീ പോയി നിൻെറ
അരയിൽ നിന്നു ചാക്കുശീല അഴിച്ചുവച്ച്
കാലിൽ നിന്ന് ചെരിപ്പും ഊരിക്കളയുക
എന്നു കല്പിച്ചു. അവൻ അങ്ങനെ ചെയ്തു
നഗ്നനായും ചെരിപ്പിടാതെയും നടന്നു.
പിന്നെ കർത്താവ് അരുളിച്ചെയ്തത് എൻെറ 3
ദാസനായ ഏശായാ മെസ്രേനും എത്യോ
പ്യയ്ക്കും അടയാളവും അത്ഭുതവും ആയി
മൂന്നു സംവത്സരം നഗ്നനായും ചെരിപ്പിടാ
തെയും നടന്നതുപോലെ അസ്സീറിയൻ 4
രാജാവ് മെസ്രേനിൽനിന്നുള്ള ബദ്ധരെയും
എത്യോപ്യയിൽനിന്നുള്ള തടവുകാരെയും
ആബാലവൃദ്ധം മെസ്രേനിൻെറ ലജ്ജ
യ്ക്കായി നഗ്നന്മാരും നിഷ്പാദുകരും അര
ക്കെട്ടു മറയ്ക്കാത്തവരും ആയി പിടിച്ചു
കൊണ്ടുപോകും. അങ്ങനെ അവർ അവ 5
രുടെ ശരണമായിരുന്ന എത്യോപ്യയും തങ്ങ
ളുടെ മഹിമയായിരുന്ന മെസ്രേനും നിമിത്തം
പരിഭ്രമിച്ചു ലജ്ജിക്കും. ഈ കടല്ക്കര 6
വാസികൾ അന്ന് അസ്സീറിയൻ രാജാവി
ൻെറ കൈക്കീഴിൽനിന്ന് വിമുക്തമാകു
വാൻ സഹായത്തിന്നായി നാം എവിടെ ഓടി
ച്ചെന്നിരുന്നുവോ ആ പ്രത്യാശ ഇങ്ങനെ
ആയിപ്പോയല്ലോ, ഇനി നാം എങ്ങനെ
രക്ഷപ്പെടും എന്നു പറയും.

അദ്ധ്യായം 21

സമുദ്രതീരത്തെ മരുഭൂമിയെക്കുറി 1
ച്ചുള്ള പ്രവചനം: ദക്ഷിണ ദേശത്ത് ചുഴലി
ക്കാറ്റ് അടിക്കുന്നതുപോലെ അത് മരു
ഭൂമിയിൽനിന്ന്, ഭയങ്കരസ്ഥലത്തുനിന്നു
വരുന്നു! കഠിനമായൊരു ദർശനം എനിക്കു 2
ണ്ടായിരിക്കുന്നു. പീഡകൻ ദ്രോഹം ചെയ്യു

വർച്ചക്കാരൻ കവർച്ചചെയ്യുന്നു.
മ കയറിച്ചെല്ലുക; മേദ്യയേ, നിരോ
ാൾക; അതിന്റെ ഞരക്കമെല്ലാം
നിർത്തും. അതുകൊണ്ട് എന്റെ
ൽ വേദന നിറഞ്ഞിരിക്കുന്നു. പ്രസവ
ത്ത സ്ത്രീയുടെ നോവുപോലെ
വദനയാണ് എന്നെ പിടികൂടിയിരി
. എനിക്ക് ശ്രവണശക്തി ഇല്ലാത്ത
ിൽ ഞാൻ അതിവേദനയനുഭ
ു. കാഴ്ച നശിച്ചതു പോലെ ഞാൻ
ച്ചിരിക്കുന്നു. എന്റെ ഹൃദയം
ു. ഭീതി എന്നെ അലട്ടുന്നു. ഞാൻ
ിച്ച സുഭഗത അവൻ എനി
യലാക്കി മാറ്റി. മേശ ഒരുക്കുവിൻ.
നി വിരിപ്പിൻ. ഭക്ഷിച്ചു പാനം
ൻ. പ്രഭുക്കന്മാരെ, എഴുന്നേല്പിൻ,
ത് എണ്ണ പൂശുവിൻ. കർത്താവ്
നീ ചെന്ന് ഒരു കാവല്ക്കാരനെ
ം. അവൻ കാണുന്നത് അറിയി
ൗരണ്ടീരണ്ടായി വരുന്ന കുതിര
ം കഴുതപ്പടയേയും ഒട്ടകപ്പടയെ
ുമ്പോൾ അവൻ വളരെ ശ്രദ്ധ
ശ്രദ്ധിക്കട്ടെ എന്നു കല്പിച്ചു.
രു സിംഹം പോലെ അലറി;
, ഞാൻ പകൽ മുഴുവൻ കാവൽ
ു. രാത്രി മുഴുവനും ഞാൻ കാവൽ
ൊണ്ടിരുന്നു. ഇതാ ഒരു കൂട്ടം
ഴർ; ഈരണ്ടീരണ്ടായി അശ്വാ
ുന്നു എന്നു പറഞ്ഞു. വീണു!
വീണുപോയി! അതിലെ ദേവ
ഗ്രഹങ്ങളെല്ലാം നിലത്തു വീണു
ിടക്കുന്നു എന്നും അവൻ പറ
ായ്ത്തും മെതിധാന്യക്കളവു
സ്രായേലിന്റെ ദൈവമായ
യ കർത്താവ് അരുളിച്ചെയ്ത
ത് നിങ്ങളോട് ഞാൻ അറിയി

കുറിച്ചുള്ള പ്രവചനം.
ക്കാരാ, രാത്രി എന്തു സമയ
ല്ക്കാരാ, രാത്രി എന്തു നേര
ു ഒരുവൻ സേയീരിൽനിന്നു
ളിച്ചുചോദിക്കുന്നു. അതിന്നു
ൻ: പ്രഭാതവും രാത്രിയും
ു; നിങ്ങൾക്കു ചോദിക്കണ
ാദിച്ചുകൊൾവിൻ; പോയി
ന്നു പറഞ്ഞു.
ാജ്യത്തേക്കുറിച്ചുള്ള പ്രവ

ടെ വണിക്കുകളേ നിങ്ങൾ
ല വനത്തിൽ രാപാർക്കും.

ദക്ഷിണ ദേശനിവാസികളേ, നിങ്ങൾ ദാഹി 14
ച്ചിരിക്കുന്നവന്നു വെള്ളം കൊടുക്കുവിൻ.
ഓടിപ്പോകുന്നവരെ അപ്പവുമായി ചെന്ന്
എതിരേല്പിൻ. അവർ സംഹാരം ഏല്ക്കാ 15
തെ ഓടിപ്പോകുന്നവരാകുന്നു; ഊരിയ
വാളിനെയും കുലച്ച വില്ലിനെയും യുദ്ധത്തി
ന്റെ കാഠിന്യത്തെയും ഒഴിഞ്ഞ് ഓടുന്നവർ
അത്രേ. കർത്താവ് ഇപ്രകാരം എന്നോട് 16
അരുളിച്ചെയ്തു. കൂലിക്കാരന്റെ സംവത്സരം
പോലെയുള്ള ഒരു സംവത്സരത്തിന്നുള്ളിൽ
കേദാരിന്റെ മഹത്വമെല്ലാം ക്ഷയിക്കും.
കേദാര്യരിൽ വീരന്മാരായ വില്ലാളികളിൽ 17
അവശേഷിക്കുന്നവർ ചുരുക്കമായിരിക്കും.
ഇസ്രായേലിന്റെ ദൈവമായ കർത്താ
വാണ് അരുളിച്ചെയ്തിരിക്കുന്നത്.

അദ്ധ്യായം 22

ദർശനത്താഴ്വരയെക്കുറിച്ചുള്ള പ്രവ 1
ചനം:

നിങ്ങൾ എല്ലാവരും വീടിന്റെ മുകളിൽ
കയറിയിരിക്കത്തക്കവണ്ണം നിങ്ങൾക്ക്
എന്തു സംഭവിച്ചു? ഹാ! ആഘോഷം നിറ 2
ഞ്ഞും, ശബ്ദപൂർണ്ണമായും ഇരിക്കുന്ന
പട്ടണമേ! ഉല്ലസിതനഗരമേ! നിന്റെ നിഹ
തന്മാർ വാളാൽ കൊല്ലപ്പെട്ടവരല്ല, യുദ്ധ
ത്തിൽ മരിച്ചുപോയവരും അല്ല. നിന്റെ 3
അധിപന്മാർ എല്ലാവരും ഒരുമിച്ചു ഓടിപ്പോ
യിരിക്കുന്നു. അവർ വില്ല് നഷ്ടപ്പെട്ട് ബന്ധി
തരായിരിക്കുന്നു. നിന്നിൽ ഉണ്ടായിരുന്ന
വരെല്ലാം ദൂരെ ഓടിപ്പോയിട്ടും ഒരുപോലെ
ബദ്ധരായിരിക്കുന്നു. അതിനാൽ ഞാൻ 4
പറഞ്ഞത്: എന്നെ നോക്കരുത്. ഞാൻ
വേദനയോടെ കരയട്ടെ. എന്റെ ജനത്തി
ന്റെ നാശത്തെ പ്രതി എന്നെ സമാശ്വസി
പ്പിക്കുവാൻ ബദ്ധപ്പെടരുത്. ബലവാനായ 5
കർത്താവിൽനിന്ന് ദർശനത്താഴ്വരയിൽ
ഭീതിയും സംഹാരവും പരിഭ്രമവുമുള്ളോരു
കാലം വരുന്നു. കോട്ടകൾ തകർക്കുന്ന
തും മലകളോട് നിലവിളിക്കുന്നതും ആയ
ദിവസംതന്നേ. ഏലാം ദേശം കാലാൾപടയും 6
കുതിരപ്പടയും ഉള്ള സൈന്യത്തോടുകൂടെ
ആവനാഴി എടുക്കുകയും പരിചയുടെ ഉറ
മാറ്റുകയും ചെയ്തു. അങ്ങനെ നിന്റെ 7
മനോഹരമായ താഴ്വരകൾ രഥങ്ങൾ
കൊണ്ടു നിറയും. കുതിരപ്പട വാതില്ക്കൽ
അണിനിരക്കും. അവൻ യഹൂദയുടെ 8
മൂടുപടം നീക്കിക്കളഞ്ഞു. അന്ന് നിങ്ങൾ
വനഗൃഹത്തിലെ ആയുധങ്ങളെ നോക്കി.
ദാവീദിന്റെ നഗരത്തിന്റെ വിനാശം 9
വളരെയെന്നു കണ്ടു. താഴത്തെ കുളത്തിലെ

വെള്ളം കെട്ടി നിർത്തി; യറുശലേമിലെ
10 വീടുകൾ എണ്ണി, കോട്ട ഉറപ്പിക്കുവാൻ
വീടുകൾ പൊളിച്ചുകളഞ്ഞു. പഴയ കുള
11 ത്തിലെ വെള്ളം സൂക്ഷിക്കുവാൻ രണ്ടു
മതിലുകളുടെ മദ്ധ്യേ ഒരു ജലാശയം
ഉണ്ടാക്കി. എങ്കിലും അനർത്ഥം വരുത്തിയ
വനിലേയ്ക്ക് നിങ്ങൾ തിരിഞ്ഞില്ല. മുന്നമേ
12 അത് നിർണയിച്ചവനെ ഓർത്തുമില്ല. അന്ന്
ബലവാനായ ദൈവമായ കർത്താവ് കരച്ചി
ലിനും വിലാപത്തിന്നും തല മുണ്ഡനം
13 ചെയ്യുന്നതിനും രട്ടുടുക്കുന്നതിന്നും വിളിച്ച
പ്പോൾ, ആനന്ദവും സന്തോഷവും, കാളയെ
അറുക്കുക, ആടിനെ അറുക്കുക, ഇറച്ചി
തിന്നുക, വീഞ്ഞുകുടിക്കുക, നാം തിന്നുക,
കുടിക്ക, നാളെ മരിക്കുമല്ലോ എന്നിങ്ങനെ
14 ആയിരുന്നു നിങ്ങൾ പറഞ്ഞത്. ബലവാ
നായ ദൈവം എനിക്ക് വെളിപ്പെടുത്തിത്ത
ന്നതു: ആയുഷ്പര്യന്തം ഈ അകൃത്യത്തി
ന്നു നിങ്ങൾക്കു മാപ്പുകിട്ടുകയില്ല എന്ന്
ബലവാനായ ദൈവമായ കർത്താവ്
അരുളിച്ചെയ്യുന്നു.
15 ബലവാനായ ദൈവമായ കർത്താവ്
ഇങ്ങനെ കല്പിക്കുന്നു: നീ ചെന്ന് ഭണ്ഡാര
മേധാവിയും രാജധാനി കാര്യസ്ഥനുമായ
ശെബ്നയെ കണ്ടു പറയേണ്ടത്: നീ എന്താ
16 ണ് ഈ ചെയ്യുന്നത്? നിനക്ക് ഇവിടെ ആരു
ണ്ട്? ഇവിടെ നീ കല്ലറ പണിയിക്കുന്നത്
ആർക്കാകുന്നു? ഉയർന്ന സ്ഥലത്ത് അവൻ
തനിക്കു ഒരു കല്ലറ പണിയിക്കുന്നു. പാറ
യിൽ തനിക്ക് ഒരു പാർപ്പിടം കുഴിച്ചുണ്ടാ
17 ക്കുന്നു. കർത്താവ് നിന്നെ തൂക്കിയെടുത്ത്
18 ചുഴറ്റി വിശാലദേശത്തിലേയ്ക്ക് എറിഞ്ഞു
കളയും. നിന്റെ യജമാനന്റെ ഗൃഹ
ത്തിന്റെ ലജ്ജയായവനേ, അവിടെ വച്ച്
നീ മരിക്കും. നിന്റെ വിശിഷ്ട രഥങ്ങളും
19 അവിടെയാകും. ഞാൻ നിന്നെ നിന്റെ
ഉദ്യോഗത്തിൽനിന്നു നീക്കിക്കളയും.
നിന്റെ സ്ഥാനത്തുനിന്നു അവൻ നിന്നെ
20 പറിച്ചു മാറ്റും. അക്കാലത്ത് ഞാൻ ഹില്ക്കി
യായുടെ മകനായ-എന്റെ ദാസനായ-
ഏല്യാക്കീമിനെ വിളിക്കും. നിന്റെ അങ്കി
21 ഞാൻ അവനെ ധരിപ്പിക്കും. നിന്റെ കച്ച
കൊണ്ട് അവന്റെ അരകെട്ടും. നിന്റെ
അധികാരം എടുത്തു ഞാൻ അവന്റെ
കയ്യിൽ ഏല്പിക്കും. അവൻ യറുശലേം
വാസികൾക്കും യഹൂദാഗൃഹത്തിന്നും ഒരു
22 പിതാവായിരിക്കും. ഞാൻ ദാവീദ് ഗൃഹ
ത്തിന്റെ താക്കോൽ അവന്റെ തോളിൽ
വയ്ക്കും. അവൻ തുറന്നാൽ ആരും അട
യ്ക്കുകയില്ല. അവൻ അടച്ചാൽ ആരും
തുറക്കുകയുമില്ല. ഉറപ്പുള്ള സ്ഥലത്ത് ഒ...
ആണിപോലെ ഞാൻ അവനെ തറയ്ക്കും.
അവൻ തന്റെ പിതൃഭവനത്തിന്നു മഹി...
യുള്ള ഒരു സിംഹാസനം ആയിരിക്കും.
അവർ അവന്റെമേൽ അവന്റെ പിതൃഭവ...
നത്തിന്റെ സകല മഹത്വത്തെയും സന്ത...
തിയെയും പ്രജയെയും ചെറുപാത്രംമുതൽ
തുരുത്തിവരെയുള്ള സകലവിധ പാത്രങ്ങ...
ളെയും തൂക്കിയിടും. അന്ന് ഉറപ്പുള്ള സ്ഥ...
ലത്ത് തറച്ചിരുന്ന ആണി ഇളകിപ്പോകും
എന്ന് ബലവാനായ ദൈവം കല്പിക്കുന്നു.
അതു മറിഞ്ഞു വീഴുകയും അതിന്മേലുള്ള
ഭാരം തകർന്നുപോകുകയുംചെയ്യും.

അദ്ധ്യായം 23

സോറിനെക്കുറിച്ചുള്ള പ്രവചനം.
തർശീശിന്റെ കപ്പലുകളേ, കരയുവിൻ
ഒരു വിടും ശേഷിക്കാതവണ്ണം ആർക്കും
പ്രവേശനം ഇല്ലാത്തവിധത്തിൽ അ...
ശൂന്യമായിരിക്കുന്നു. കിത്തീം ദേശത്തുവച്ച്
അവർക്ക് അറിവു കിട്ടി. സമുദ്രതീരവാസി...
കളേ, മൗനമായിരിപ്പിൻ; സമുദ്രയാത്ര...
ചെയ്യുന്ന സീദോന്യവ്യാപാരികൾ നി...
സമൃദ്ധയാക്കിയല്ലോ. ധാരാളം വെള്ള...
മുള്ള സീഹോർ പ്രദേശത്തെ കൃഷി...
നീലനദിയിങ്കലെ വിളവും അതിന്ന് ആ...
യമായിരുന്നു. അത് ജാതികളുടെ വ്യാപാ...
കേന്ദ്രം ആയിരുന്നു. സീദോനേ, ലജ്ജി...
ക്കുക; എനിക്ക് പ്രസവവേദന വന്നിട്ടില്ല
ഞാൻ പ്രസവിച്ചിട്ടില്ല, ബാലന്മാരെയും
കന്യകമാരെയും വളർത്തിയിട്ടുമില്ല എന്ന്
സമുദ്രം, സമുദ്രം തന്നേ പറഞ്ഞിരിക്കുന്നു.
സോരിന്റെ വിവരം മെസ്രേനിൽ എത്തു...
മ്പോൾ അവർ ആ വാർത്തയാൽ ഏറ്റ...
ദുഃഖിക്കും. തർശീശിലേക്ക് കടന്നു ചെല്ലു...
വിൻ; ദ്വീപുവാസികളേ, പൊട്ടിക്കര...
യുവിൻ. പുരാതനമായ നിങ്ങളുടെ ഉല്ലാസ...
നഗരമാണോ ഇത്? സ്വന്തകാൽ അതിനെ
വിദൂരത്ത് പ്രവാസം ചെയ്‌വാൻ കൊണ്ടു...
പോകും. കിരീടം നിലനില്ക്കുന്നതും
വർത്തകന്മാർ പ്രഭുക്കന്മാരും വ്യാപാരികൾ
ദേശത്തെ മഹാന്മാരുമായുള്ളതുമായ
സോരിനെക്കുറിച്ചു അത് നിശ്ചയിച്ചത...
രാണ്? സകല മഹത്വാഹങ്കാരത്തെ...
അശുദ്ധമാക്കുവാനും ദേശത്തെ എല്ലാ
മഹത്തുക്കളെയും അപമാനിക്കുവാനും
ബലവാനായ ദൈവം അത് നിശ്ചയിച്ചി...
ക്കുന്നു. തർശീശ് പുത്രിയേ, ഇനി തടു...
മില്ലാത്തതിനാൽ നീലനദിപോലെ നിന്റെ
ദേശത്തു നീ കവിഞ്ഞൊഴുകുക. അവ...

ത്തിന്മേൽ കൈ നീട്ടി രാജ്യങ്ങളെ
ഹ്വലരാക്കിയിരിക്കുന്നു. കർത്താവ്
ന്റെ ശക്തരെ നശിപ്പിക്കുവാൻ കല്പ
ിരിക്കുന്നു. ബലാല്ക്കാരം അനുഭ
ന്യകയായ സീദോൻ പുത്രി, ഇനി
സന്തോഷിക്കയില്ല; എഴുന്നേററു
മിലേക്കു കടന്നുപോകുക; അവിടെ
നക്കു സമാധാനജീവിതം ഉണ്ടാകു
എന്ന് അവൻ കല്പിച്ചിരിക്കുന്നു.
ല്ദയരുടെ ദേശം! ഈ ജനം ഇല്ലാ
വി. അസ്സീറിയ അതിനെ വന്യമൃഗ
ായി നിശ്ചയിച്ചു. കൽദയർ കാവൽ
കൾ പണിതു. അതിലെ അരമന
ിച്ചുകളഞ്ഞു. അതിനെ ശൂന്യമായ
മാക്കിത്തീർത്തു. തർശീശ്കപ്പലു
ാട്ടിക്കരയുവിൻ; നിങ്ങളുടെ കോട്ട
യി.
ാലത്ത് സോർ ഒരു രാജാവിന്റെ ഭര
ായ എഴുപതു സംവത്സരം വിസ്മൃത
ഴുപതു സംവത്സരം കഴിഞ്ഞ് സോ
്യയുടെ ഗാനം പോലെ സംഭവിക്കും.
ു കിടന്നിരുന്ന വേശ്യയേ.......
യുമെടുത്ത് പട്ടണത്തിൽ ഉലാ

ഓർമ്മ വരുവാനായി
ാഗം മീട്ടി നീ പാടുക." എഴുപതു
കഴിഞ്ഞ് കർത്താവ് സോരിനെ
. അപ്പോൾ അത് തനിക്ക് ധന
പിൻതിരിഞ്ഞ് ഭൂമിയിലെ എല്ലാ
ോടുമൊത്ത് വേശ്യാവൃത്തിചെ
ാൽ അതിന്റെ വ്യാപാരവും
കർത്താവിന് സൂക്ഷിക്കപ്പെടും.
ക്ഷേപിക്കുകയോ കുട്ടിവയ്ക്കു
യ്കയില്ല. അത് കർത്തൃസന്നി
സിക്കുന്നവർക്കു മതിയായ
ിന്നും ഭംഗിയുള്ള വസ്ത്രത്തി
യോഗിക്കും.

അദ്ധ്യായം 24

വ് ദേശത്തെ നിർജ്ജനവും
ക്കി കീഴ്മേൽ മറിക്കുകയും
വാസികളെ ചിതറിക്കുകയും
ത്തിനും പുരോഹിതനും ദാസ
നും, ദാസിക്കും യജമാനസ്ത്രീ
ുന്നവനും വില്ക്കുന്നവനും,
ുന്നവനും വായ്പ വാങ്ങുന്ന
ാലെ ഭവിക്കും. ഭൂമിയാകെ
കും. കവർച്ച ചെയ്യപ്പെടും;
ല്പിച്ചിരിക്കുന്നു. ഭൂമി ദുഃഖി
കും; ഭൂതലം ക്ഷയിച്ച് വാടി

പ്പോകും; ഭൂമിയിലെ ശ്രേഷ്ഠന്മാർ ക്ഷീണി
ച്ചുപോകും. ഭൂമി അതിലെ നിവാസിക 5
ളാൽ മലിനമായിരിക്കുന്നു. അവർ നിയമ
ങ്ങൾ ലംഘിച്ച് പ്രമാണം മറിച്ച് നിത്യ
നിയമത്തിനു ഭംഗംവരുത്തിയിരിക്കുന്നു.
ആകയാൽ ഭൂമി ശാപഗ്രസ്തമായി; അതിലെ 6
നിവാസികൾ ശിക്ഷ അനുഭവിക്കും. അതു
കൊണ്ട് ഭൂവാസികൾ ദഹിച്ചുപോകും. ചുരു
ക്കം ചിലർ മാത്രം ശേഷിച്ചിരിക്കുന്നു. പുതു 7
ധാന്യം ദുഃഖിക്കുന്നു; മുന്തിരിവള്ളി വാടു
ന്നു; സന്തുഷ്ടമാനസരെല്ലാം നെടുവീർപ്പി
ടുന്നു; തപ്പുകളുടെ ആനന്ദം നിലച്ചുപോകു 8
ന്നു; ഉല്ലസിക്കുന്നവരുടെ ഘോഷം തീർന്നു
പോകുന്നു; കിന്നരത്തിന്റെ ആനന്ദഗാനം
ഇല്ലാതെയാകുന്നു; അവർ പാട്ടു പാടിക്കൊ 9
ണ്ട് വീഞ്ഞു കുടിക്കുകയില്ല; മദ്യം കുടിക്കു
ന്നവർക്ക് അതു കയ്പായിരിക്കും. ശൂന്യ 10
നഗരം ഇടിഞ്ഞുതന്നെ കിടക്കും; ആർക്കും
കടന്നുകൂടാതവണ്ണം എല്ലാ വീടും അടഞ്ഞു
പോയി. വീഞ്ഞില്ലായ്കയാൽ വീഥികളിൽ 11
നിലവിളി കേൾക്കുന്നു; സന്തോഷമെല്ലാം
നശിച്ചിരിക്കുന്നു; ദേശത്തിലെ ആനന്ദം
പൊയ്പോയിരിക്കുന്നു. നഗരത്തിൽ ശൂന്യ 12
ത മാത്രം ശേഷിച്ചിരിക്കുന്നു. വാതിൽ
തകർന്ന് നശിച്ചുകിടക്കുന്നു. ഒലിവുകായ് 13
പറിക്കുന്നതുപോലെയും മുന്തിരിപ്പഴം പറി
ച്ചു തീർന്നിട്ട് കാലാ പെറുക്കുന്നതുപോ
ലെയും ഭൂമിയുടെ മദ്ധ്യേ ജാതികളുടെ
ഇടയിൽ സംഭവിക്കുന്നു. അവർ ഉച്ചത്തിൽ 14
നിലവിളിക്കുന്നു; കർത്താവിന്റെ മഹിമ
നിമിത്തം അവർ സമുദ്രദ്വീപുകളിൽ നിന്ന്
ഉറച്ച് ആർപ്പിടും. അതുകൊണ്ട് നിങ്ങൾ 15
കർത്താവിനെയും സമുദ്രതീരങ്ങളിൽ
ഇസ്രായേലിന്റെ ദൈവമായ കർത്താ
വിന്റെ നാമത്തെയും സ്തുതിപ്പിൻ.
നീതിമാനു മഹത്വം എന്നിങ്ങനെ ഭൂമി 16
യുടെ അതിർത്തിയിൽനിന്നു കീർത്തനം
പാടുന്നതു ഞങ്ങൾ കേട്ടു. ഞാനോ: എനി
ക്കു നാശം, എനിക്കു ക്ഷയം, എനിക്കു
കഷ്ടം! എന്നു പറഞ്ഞു. ദ്രോഹികൾ
ദ്രോഹം ചെയ്തിരിക്കുന്നു. ദ്രോഹികൾ മഹാ
ദ്രോഹം ചെയ്തിരിക്കുന്നു. ഭൂവാസിയേ, ഭയ 17
വും കുഴിയും കെണിയും നിനക്കു നേരിട്ടി
രിക്കുന്നു. പേടിച്ച് ഓടിപ്പോകുന്നവൻ കുഴി 18
യിൽ വീഴും. കുഴിയിൽനിന്നു കയറുന്നവൻ
കെണിയിൽ അകപ്പെടും. ഉയരത്തിലെ
ജാലകങ്ങൾ തുറന്നിരിക്കുന്നു. ഭൂമിയുടെ
അടിസ്ഥാനങ്ങൾ കുലുങ്ങുന്നു. ഭൂമി 19
തുരുതുരെ പിളരുന്നു. വിറയ്ക്കുന്നു; ഭൂമി 20
മദോന്മത്തനെപ്പോലെ ആടുന്നു; കാവൽ

മാടം എന്നപോലെ ആടുന്നു; അതിൻെറ
അധർമ്മം അതിന്മേൽ ഭാരമായിരിക്കുന്നു;
അതു വീഴും. എഴുനേല്ക്കുകയില്ല.
21 അക്കാലത്തു കർത്താവ് ഉയരത്തിൽ
ഉന്നതരുടെ സൈന്യത്തെയും ഭൂമിയിൽ
22 ഭൂരാജാക്കന്മാരെയും ശിക്ഷിക്കും. തടവറ
യിൽ ബദ്ധരെപ്പോലെ അവരെ ഒന്നിച്ചു കൂട്ടി
കാരാഗൃഹത്തിൽ അടയ്ക്കും. വളരെ
ക്കാലം കഴിഞ്ഞ് അവരെ സന്ദർശിക്കുകയും
23 ചെയ്യും. ബലവാനായ ദൈവം സെഹി
യോൻ പർവ്വതത്തിലും യറുശലേമിലും
വാഴും. അവൻെറ വിശുദ്ധന്മാരുടെ മുമ്പിൽ
തേജസ്സുണ്ടാകും. തന്മൂലം ചന്ദ്രൻ ലജ്ജി
ക്കും. സൂര്യൻ ലജ്ജ ധരിക്കും.

അദ്ധ്യായം 25

1 കർത്താവേ, നീ എൻെറ ദൈവമാകു
ന്നു; ഞാൻ നിന്നെ പുകഴ്ത്തും; ഞാൻ
നിൻെറ നാമത്തെ സ്തുതിക്കും; നീ അത്ഭുത
മേറിയ പണ്ടേയുള്ള ആലോചനകളെ വിശ്വ
സ്തതയോടും സത്യത്തോടും കൂടെ അനു
2 ഷ്ഠിച്ചിരിക്കുന്നുവല്ലോ. ആമീൻ! നീ നഗര
ത്തെ കൽക്കുന്നും, ശക്തനഗരത്തെ ശൂന്യവും
അന്യരുടെ കോട്ടകൾ നഗരമല്ലാതവണ്ണ
വും ആക്കിത്തീർത്തു. അത് ഒരു നാളും
3 പണിയപ്പെടുകയില്ല. അതിനാൽ ഏറിയ
ജാതി നിന്നെ മഹത്വപ്പെടുത്തും. ഭീകര
ജാതികളുടെ പട്ടണം നിന്നെ ഭയപ്പെടും.
4 ഭീകരരുടെ അലർച്ച മതിലിൻെറ നേരേ
കൊടുങ്കാററുപോലെ അടിക്കുമ്പോൾ, നീ
എളിയവന് ഒരു ദുർഗ്ഗവും, ദരിദ്രന് അവ
ൻെറ ക്ലേശത്തിൽ ഒരു കോട്ടയും കൊടുങ്കാ
ററിൽ ശരണവും ഉഷ്ണത്തിൽ തണലും
5 ആയിരിക്കുന്നു. വരണ്ട നിലത്തിലെ ചൂടു
പോലെ നീ അന്യരുടെ ആരവം അടക്കി
ക്കളയുന്നു. മേഘത്തിൻെറ തണൽകൊണ്ട്
ചൂട് മാറുന്നപോലെ കഠിനന്മാരുടെ പാട്ട്
6 ഇല്ലാതെയാകും. ബലവാനായ ദൈവം ഈ
പർവ്വതത്തിൽ സകല ജാതികൾക്കും
സുഖഭോജനങ്ങൾകൊണ്ടും പുഷ്ടിയുള്ള
വീഞ്ഞു കൊണ്ടും വിരുന്നു കഴിക്കും.
മേദസ്സു നിറഞ്ഞ പുഷ്ടഭോജനങ്ങൾ
കൊണ്ടും തെളിയിച്ചെടുത്ത വീഞ്ഞുകൊ
7 ണ്ടും ഉള്ള വിരുന്നു നടത്തും. സകല വംശ
ങ്ങൾക്കും മേൽ അധികാരിയായിരുന്നവൻ
ശിക്ഷിക്കപ്പെടും. സർവ്വജാതികൾക്കും
വേണ്ടിയുള്ള അറുക്കപ്പെടലും ഈ പർവ്വത
8 ത്തിൽ വച്ചുണ്ടാകും. അവൻ മരണത്തെ
എക്കാലത്തേക്കും നീക്കിക്കളയും. ദൈവ
മായ കർത്താവ് സകല മുഖങ്ങളിൽ നിന്നും
കണ്ണുനീർ തുടയ്ക്കും; തൻെറ ജനത്തി
ൻെറ അവമാനം സകല ഭൂമിയിലുംനിന്ന്
നീക്കിക്കളയും എന്ന് കർത്താവ് അരുളി
ച്ചെയ്യുന്നു.
അക്കാലത്ത്: ഇതാ, നമ്മുടെ ദൈവം;
അവനെയത്രേ നാം പ്രതീക്ഷിച്ചിരുന്നത്;
അവൻ നമ്മെ രക്ഷിക്കും; അവൻതന്നെ
ദൈവം; അവനെയത്രേ നാം കാത്തിരുന്നത്;
അവൻെറ രക്ഷയിൽ നമുക്ക് ആനന്ദിച്ച്
സന്തോഷിക്കാം എന്ന് അവർ പറയും.
കർത്താവിൻെറ കൈ ഈ പർവ്വതത്തിൽ
ആവസിക്കും; എന്നാൽ വൈക്കോൽ
ചാണകക്കുഴിയിലെ വെള്ളത്തിൽ ഇട്ടു
ചവിട്ടുന്നതുപോലെ മോവാബ് സ്വന്തം
സ്ഥലത്തുവച്ചുതന്നെ മെതിക്കപ്പെടും.
നീന്തുന്നവൻ നീന്തുവാൻ കൈ നീട്ടുന്ന
തുപോലെ അവൻ അതിൻെറ നടുവിൽ
കൈ നീട്ടും; പക്ഷേ അവൻെറ ഗർവ്വവും
സാമർത്ഥ്യവും അവൻ താഴ്ത്തിക്കളയും;
അവൻെറ ഉറപ്പും ഉയരവും ഉള്ള കോട്ടകളെ
അവൻ താഴേക്ക് തള്ളിയിട്ടു ധൂളിയാക്കും.

അദ്ധ്യായം 26

അക്കാലത്ത് അവർ യഹൂദാദേശത്ത്
ഈ പാട്ടുപാടും: നമുക്ക് ശക്തമായ ഒരു
പട്ടണം ഉണ്ട്, അവൻ രക്ഷയെ മതിലുകളും
കോട്ടകളും ആക്കി മാററുന്നു. വിശ്വസ്ത
മായ നീതിയുള്ള ജാതി പ്രവേശിക്കുവാൻ
വാതിലുകൾ തുറക്കുവിൻ. ഉറച്ച നിർണ്ണയ
മുള്ളവൻ നിന്നിൽ ആശ്രയിച്ചിരിക്കകൊ
ണ്ട് നീ അവനെ പൂർണ്ണസമാധാനത്തിൽ
സൂക്ഷിക്കുന്നു. ദൈവമായ കർത്താവിൽ
ശാശ്വതമായോരു ഉറപ്പ് ഉള്ളതിനാൽ
കർത്താവിൽ എന്നേക്കും ആശ്രയിപ്പിൻ.
അവൻ ഉയർന്നിടത്തു കഴിയുന്നവരെ
ഉന്നതമായ നഗരത്തെ താഴേക്കു തള്ളിയിട്ട്
നിലംപരിശാക്കി പൊടിയിൽ ഇട്ടുകളയും;
എളിയവരുടെ കാലുകളും ദരിദ്രന്മാരുടെ
കാലടികളും അതിനെ ചവിട്ടും. നീതിമാ
ൻെറ വഴി നേരുള്ളതാകുന്നു. നീ നീതിമാ
ൻെറ പാതയെ നേരേ ക്രമപ്പെടുത്തുന്നു;
കർത്താവേ നിൻെറ വിധികളുടെ പാത
യിൽ ഞങ്ങൾ നിന്നെ കാത്തിരിക്കുന്നു;
നിൻെറ നാമത്തിന്നായും നിൻെറ സ്മരണ
യ്ക്കായും ഞങ്ങളുടെ ഹൃദയം ആശ്രയി
ക്കുന്നു. എൻെറ ഹൃദയംകൊണ്ട് ഞാൻ
രാത്രിയിൽ നിന്നെ പുകഴ്ത്തി; എൻെറ
ഉള്ളിൽ എൻെറ ആത്മാവ്കൊണ്ട് ഞാൻ
താല്പര്യപൂർവ്വം നിന്നെ അന്വേഷിക്കും;
നിൻെറ വിധികൾ ഭൂമിയിൽ വ്യാപരിക്കു

ൾ ഭൂവാസികൾ നീതി പഠിക്കും. ദുഷ്ട
ദയ കാണിച്ചാലും അവൻ നീതി
ുകയില്ല; സത്യമുള്ള ദേശത്ത് അവൻ
്തി ചെയ്യും. ദൈവമഹത്വം അവൻ
ുകയുമില്ല.
ർത്താവേ, നിന്റെ കൈ ഉയർന്നിരി
ു എങ്കിലും അവർ കാണുന്നില്ല.
ൽ ജനത്തെക്കുറിച്ചുള്ള നിന്റെ
ണത അവർ കണ്ടു ലജ്ജിക്കും.
റ ശത്രുക്കളെ ദഹിപ്പിക്കുന്ന അഗ്നി
ര ദഹിപ്പിക്കും. കർത്താവേ, നീ
ൾക്കായി സമാധാനം നിശ്ചയിക്കും.
ളുടെ എല്ലാ പ്രവൃത്തികളെയും നീ
ൾക്കുവേണ്ടി പൂർണ്ണമാക്കി. ഞങ്ങ
ദൈവമായ കർത്താവേ നീയല്ലാതെ
യജമാനന്മാർ ഞങ്ങളുടെ മേൽ
ുണ്ട്. എന്നാൽ നിന്നെ മാത്രം നിന്റെ
്ത മാത്രം ഞങ്ങൾ സ്വീകരിക്കുന്നു.
മരിച്ചവരെ ജീവിപ്പിക്കുന്നില്ല.
രെ എഴുനേല്പിക്കുന്നില്ല. *അതി
ല്ലോ നീ അവരെ സന്ദർശിച്ചു
ിക്കുകയും അവരുടെ സ്മരണ
ം ഇല്ലാതാക്കുകയും ചെയ്തത്. നീ
വർദ്ധിപ്പിച്ചു; കർത്താവേ ജനത്തെ
ിപ്പിച്ചു; നീ മഹത്വപ്പെട്ടിരിക്കുന്നു.
ന്റെ അതിരുകളെയല്ലാം നീ തള്ളി
ിക്കുന്നു.
ത്താവേ, കഷ്ടതയിൽ അവർ നി
ക്കുകയും ബന്ധനസ്ഥരായപ്പോൾ
ശിക്ഷണം അവർ ഉരുവിടുകയും
കർത്താവേ, പ്രസവം അടുത്തിരി
ർഭിണി പ്രസവവേദനയിൽ നില
ന്നതുപോലെ ഞങ്ങളെ നിന്റെ
നീ ആക്കി. ഞങ്ങൾ ഗർഭം ധരിച്ചു
പ്പോൾ കാററിനെ പ്രസവിച്ചതു
ഇരുന്നു. ദേശത്ത് ഞങ്ങൾ നശി
ും രക്ഷിക്കണമെ. ഭൂവാസികൾ
ാകരുതേ. നിന്റെ മൃതന്മാർ ജീവി
രുടെ ശവങ്ങൾ എഴുനേല്ക്കും.
കിടക്കുന്നവർ ഉണർന്ന്
ും. നിന്റെ മഞ്ഞ് പ്രകാശമുള്ള
ലെ ഇരിക്കുന്നു. ശക്തരുടെ ഭൂമി
ിച്ചിടും. എന്റെ ജനമേ, ചെന്ന്
റകളുടെ വാതിലുകൾ അട
എന്റെ ക്രോധം കടന്നുപോകു
ല്പനേരത്തേക്ക് ഒളിച്ചിരിക്കുക.
ാവ് ഭൂവാസികളെ അവരുടെ
നിമിത്തം ശിക്ഷിപ്പാൻ തന്റെ
സ്ഥലത്തുനിന്ന് ഇതാ, വരുന്നു. ഭൂമി താൻ
കുടിച്ച രക്തമെല്ലാം വെളിപ്പെടുത്തും; തന്നി
ലുള്ള നിഹതന്മാരെ ഇനി മറച്ചുവയ്ക്കുക
യുമില്ല.

അദ്ധ്യായം 27

അക്കാലത്ത് കർത്താവ് കടുപ്പവും വലി 1
പ്പവും ബലവും ഉള്ള തന്റെ വാൾകൊണ്ട്
അണലിസർപ്പമായ ലെവ്യാഥാനെയും
മഹാസർപ്പമായ ലെവ്യാഥാനെയും ശിക്ഷി
ക്കും; സമുദ്രത്തിലെ മഹാസർപ്പത്തെ
അവൻ കൊന്നുകളയും.
അന്ന് നിങ്ങൾ മനോഹരമായൊരു 2
മുന്തിരിത്തോട്ടത്തെപ്പററി ഒരു പാട്ടു പാടു
വിൻ. കർത്താവായ ഞാൻ അതിനെ സു 3
ക്ഷിക്കും; സദാ ഞാൻ അതിനെ നനയ്ക്കും.
ആരും അതിനെ തൊടാതിരിക്കുവാൻ
ഞാൻ അതിനെ രാവും പകലും സൂക്ഷിക്കും.
നിനക്കു കോട്ടയില്ല. പറക്കാരയും മുള്ളും 4
നിന്നിൽ ആരാണു തന്നത്; ഞാൻ അവയു
ടെ അടുത്തു ചെന്ന് അവയെ ഊതി ചുട്ടുകള
യും. അല്ലെങ്കിൽ അവ എന്നെ അഭയം 5
പ്രാപിക്കട്ടെ. ഞാൻ സമാധാനം അതിനു
നൽകും; അതേ, അതിന് ഞാൻ സമാധാനം
നൽകും. ഭാവിയിൽ യാക്കോബിന്റെ 6
വേരൂന്നും. ഇസ്രായേൽ തളിർത്തു പൂക്കും.
അങ്ങനെ ഭൂതലത്തിന്റെ ഉപരിഭാഗം
ഫലപൂർണ്ണമാകുകയും ചെയ്യും.
അവനെ അടിച്ചതുപോലെ അവൻ അവ 7
രെ അടിച്ചു. അവനെ കൊന്നതുപോലെ
അവൻ അവരെ കൊലചെയ്തു. അളന്ന 8
അളവിനാൽ നീ അവനെ ശിക്ഷിക്കും. ചൂടു
കാററുള്ള ദിവസം, അവൻ കൊടുങ്കാററു
കൊണ്ട് പറപ്പിക്കും. ഇതുകൊണ്ട് യാക്കോ 9
ബിന്റെ അകൃത്യത്തിന് പരിഹാരം വരും.
ഈ കാര്യംകൊണ്ട് അവന്റെ പാപം
പോക്കും. അവൻ ബലിപീഠത്തിന്റെ കല്ലു
മുഴുവനും ഇടിച്ചു തകർത്ത് ചുണ്ണാമ്പു
കല്ലുപോലെ ആക്കുമ്പോൾ പ്രതിഷ്ഠകളും
സൂര്യസ്തംഭങ്ങളും ഇനി നിവർന്നു നില്ക്ക
യില്ല. ഉറപ്പുള്ള പട്ടണം ഏകാന്തവും മരു 10
ഭൂമിപോലെ നിർജ്ജനവും ശൂന്യവും
ആകും. അവിടെ കാളക്കിടാവു മേഞ്ഞുനട
ക്കും; അവിടെയുള്ള തളിരുകളെ തിന്നു
കളയും; അതിലെ കൊമ്പുകൾ ഉണങ്ങു 11
മ്പോൾ ഒടിഞ്ഞു വീഴും; സ്ത്രീകൾ വന്ന് അതു
പെറുക്കി തീ കത്തിക്കും. അതു തിരിച്ചറിവി
ല്ലാത്ത ഒരു ജനം; അതുകൊണ്ട് അവരെ

* "മീസെ ലൊ മാഹേൻ: ഉഗാ ബോറെ ലോ മ്കീമീൻ."

നിർമ്മിച്ചവന് അവരോട് കരുണ തോന്നു
കയില്ല. അവരെ മെനഞ്ഞവൻ അവരോട്
ദയ കാണിക്കയുമില്ല.
12 അക്കാലത്ത് കർത്താവ് നദി മുതൽ മി
സ്രയീം തോടുവരെ കററ മെതിക്കും. ഇസ്രാ
യേൽ മക്കളേ, നിങ്ങളെ ഓരോന്നായി പെ
13 റുക്കി എടുക്കും. അക്കാലത്ത് മഹാ കാഹളം
ഊതും. അസ്സീറിയാ ദേശത്തു ചിതറിയവ
രും മെസ്രേൻ ദേശത്ത് ഭ്രഷ്ടരായവരും വന്ന്
കർത്തൃദേശമായ യറുശലേമിൻെറ വിശുദ്ധ
പർവ്വതത്തിൽ കർത്താവിനെ ആരാധിക്കും.

അദ്ധ്യായം 28

1 എഫ്രയീമിലെ മദ്യപന്മാരുടെ അഹ
ങ്കാരത്തിനും വീഞ്ഞുകുടിച്ചു ലഹരി പിടി
ച്ചവരുടെ ഫലവത്തായ താഴ്വരയിലെ
കുന്നിന്മേൽ വാടിപ്പോകുന്ന പുഷ്പമായ
അവൻെറ ഭംഗിയുള്ള അലങ്കാരത്തിനും
2 ഹാ! കഷ്ടം. ഇതാ, കർത്താവിൻെറ ശക്തി
യും ബലവും തകർത്തടിക്കുന്ന കൊടുങ്കാ
ററോടും കന്മഴയോടും കവിഞ്ഞൊഴുകുന്ന
മഹാജലപ്രവാഹംപോലെയും വരുന്നു.
നിൻെറ കരത്താൽ ദേശത്തെ നിർമ്മൂല
3 മായി തള്ളിയിടും. എഫ്രയീമാകുന്ന മദ്യ
പൻെറ അഹങ്കാരകിരീടം അവൻ കാൽ
4 കൊണ്ട് ചവിട്ടിക്കളയും. ഫലവത്തായ
താഴ്വരയിലെ കുന്നിൽനിന്നും ഫലശേഖര
കാലത്തിനു മുമ്പെ പഴുത്തതും കാണുന്ന
വൻ ഉടനെ പറിച്ചുതിന്നുന്നതുമായ അത്തി
5 പ്പഴംപോലെ ഇരിക്കും. അക്കാലത്ത് ബലവാ
നായ ദൈവം തൻെറ ജനത്തിൻെറ ശേഷി
പ്പിന് മഹത്വമുള്ളൊരു കിരീടവും ഭംഗിയു
6 ള്ളൊരു മുടിയും ന്യായവിസ്താരം കഴിപ്പാൻ
ഇരിക്കുന്നവന് ന്യായത്തിൻെറ ആത്മാ
വും പട്ടണവാതില്ക്കൽവച്ച് സൈന്യത്തെ
ഓടിക്കുന്നവർക്ക് വീര്യബലവും ആ
7 യിരിക്കും. എന്നാൽ ഇരുവരും വീഞ്ഞു
കുടിച്ച് ആടുകയും മദ്യപിച്ച് ആടി നട
ക്കുകയും ചെയ്യുന്നു; പുരോഹിതന്മാരും
പ്രവാചകന്മാരും മദ്യപാനം ചെയ്തു ചാഞ്ചാ
ടുകയും വീഞ്ഞുകുടിച്ചു മത്തരാകുകയും
മദ്യപിച്ച് ആടി നടക്കുകയും ചെയ്യുന്നു.
അവർ മദ്യത്തിൽ പിഴച്ച് അമിതാഹാരം
8 കഴിക്കുന്നു. മേശകൾ ഒക്കെയും ഛർദ്ദിയും
അഴുക്കുംകൊണ്ട് നിറഞ്ഞിരിക്കുന്നു; ഒരു
9 സ്ഥലവും ശേഷിപ്പില്ല. "ആർക്ക് ഇവൻ പരി
ജ്ഞാനം ഉപദേശിക്കും? ആരെയാകുന്നു
അവൻ പ്രസംഗം കേൾപ്പിക്കുവാൻ പോകു
ന്നത്? പാലുകുടി മാറിയവരെയോ? മുല
കുടി വിട്ടവരെയോ? ചട്ടത്തിന്മേൽ ചട്ടം.
നിയമത്തിന്മേൽ നിയമം. സൂത്രത്തിന്മേൽ 10
സൂത്രം സൂത്രത്തിന്മേൽ സൂത്രം; ഇവിടെ
അല്പം, അവിടെ അല്പം" എന്ന് അവർ
പറയുന്നു. അതേ വിക്കിപ്പറയുന്ന അധര 11
ങ്ങളാലും അന്യഭാഷയിലും അവൻ ഈ
ജനത്തോട് സംസാരിക്കും. ഇതാകുന്നു 12
എൻെറ സ്വസ്ഥത; ക്ഷീണിച്ചിരിക്കുന്ന
വന്നു ആശ്വാസം കൊടുപ്പിൻ. ഇതാകുന്നു
വിശ്രമം എന്ന് അവൻ അവരോട് അരുളി
ച്ചെയ്തു. എങ്കിലും കേൾപ്പാൻ അവർക്ക് മന
സ്സില്ലായിരുന്നു. ആകയാൽ അവർ ചെന്നു 13
പിന്നോട്ടു വീണു തകർന്ന് കുടുക്കിൽ
അകപ്പെട്ടു പിടിപെടേണ്ടതിന്നു കർത്തൃ
വചനം അവർക്ക് ചട്ടത്തിന്മേൽ ചട്ടം,
ചട്ടത്തിന്മേൽ ചട്ടം, സൂത്രത്തിന്മേൽ സൂത്രം,
സൂത്രത്തിന്മേൽ സൂത്രം ഇവിടെ അല്പം
അവിടെ അല്പം എന്ന് ആയിരിക്കും.
ആകയാൽ യറുശലേമിലെ ഈ ജന 14
ത്തിൻെറ അധിപതികളായ പരിഹാസികളേ!
കർത്തൃവചനം കേൾപ്പിൻ. ഞങ്ങൾ മരണ 15
ത്തോടു സഖ്യവും, പാതാളത്തോട് ഉടമ്പ
ടിയും ചെയ്തിരിക്കുന്നു. പ്രവഹിക്കുന്ന ബാധ
ആക്രമിക്കുമ്പോൾ, അത് ഞങ്ങളോട് അടു
ത്തു വരികയില്ല. ഞങ്ങൾ അസത്യത്തെ
ശരണമാക്കി വ്യാജത്തിൽ ആശ്രയിച്ചിരിക്കു
ന്നു എന്ന് നിങ്ങൾ പറഞ്ഞുവല്ലോ. ആക
യാൽ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യു
ന്നു. ഇതാ ഞാൻ സെഹിയോനിൽ ഉറപ്പുള്ള 16
അടിസ്ഥാനമായിട്ട് ശോധന ചെയ്ത കല്ലും
വിലയേറിയ മൂലക്കല്ലും ആയി ഒരു അടി
സ്ഥാനക്കല്ല് ഇട്ടിരിക്കുന്നു. വിശ്വസിക്കു
ന്നവൻ ഭയപ്പെടുകയില്ല. ഞാൻ ന്യായത്തെ 17
അളവു ചരടും നീതിയെ തൂക്കുകട്ടയും
ആക്കി വയ്ക്കും. കന്മഴ വ്യാജമായ പ്രത്യാ
ശയെ നീക്കിക്കളയും. വെള്ളം, ഒളിവിട
ങ്ങളെ ഒഴുക്കിക്കൊണ്ടുപോകും. മരണ 18
ത്തോടുള്ള നിങ്ങളുടെ സഖ്യം ദുർബ്ബല
മാകും. പാതാളത്തോടുള്ള നിങ്ങളുടെ
ഉടമ്പടി നിലനില്ക്കുകയില്ല. പ്രവഹിക്കുന്ന 19
ബാധ ആക്രമിക്കുമ്പോൾ നിങ്ങൾ തകർന്നു
പോകും. അത് ആക്രമിക്കുമ്പോഴെല്ലാം
നിങ്ങളെ പിടിക്കും. അത് രാവിലെ തോറും
രാവും പകലും ആക്രമിക്കും. അതിൻെറ
സന്ദേശം കേൾക്കുന്നയുടനെ നടുക്കം
ഉണ്ടാകും. കേൾക്കുന്നവനേ, ഗ്രഹിക്കുക. 20
കിടക്ക ഒരുത്തന്ന് നിവർന്നു കിടപ്പാൻ നീളം
പോരാത്തതും പുതപ്പ് പുതയ്ക്കുവാൻ
വീതി പോരാത്തതും ആകും. കർത്താവ് 21
തൻെറ പ്രവൃത്തിയെ—തൻെറ അത്ഭുത
പ്രവൃത്തിയെ ചെയ്യേണ്ടതിന്ന്, പെറാസീം

ു എന്നപോലെ എഴുന്നേല്ക്കു
ഗിബയോൻ താഴ്‌വരയിൽ എന്ന
കോപിക്കുകയും ചെയ്യും. ആക
ിങ്ങളുടെ ശിക്ഷ ശക്തിപ്പെടാതിരി
ിന്ന് നിങ്ങൾ മത്സരികൾ ആയിരി
സർവ്വഭൂമിയിലും വരുവാൻ നിശ്ച
ള സംഹാരത്തെക്കുറിച്ച് ഞാൻ
ായ ദൈവമായ കർത്താവിങ്കൽ
ട്ടിരിക്കുന്നു.
ച്ച് എന്റെ ശബ്ദം കേൾപ്പിൻ; ശ്ര
എന്റെ വചനം കേൾപ്പിൻ. വിത
ൻ ഉഴുന്നവൻ ഇടവിടാതെ ഉഴുതു
ിക്കുന്നുണ്ടോ? അവൻ എപ്പോഴും
ത് ഉടച്ചുകൊണ്ടിരിക്കുന്നുവോ?
രപ്പാക്കി അവൻ ജീരകം വിത
ും ജീരകം വിതറുകയും ഗോതമ്പ്
ാളിയിലും യവം അതിനുള്ള
ും ചെറുഗോതമ്പ് അതിന്റെ
ം ഇടുകയും ചെയ്യുന്നില്ലയോ?
അവന്റെ ദൈവം അവനെ
ഉപദേശിച്ചു പഠിപ്പിച്ചിരിക്കുന്നു.
കം മെതിവണ്ടികൊണ്ട് മെതി
ജീരകത്തിന്മേൽ വണ്ടിച്ചക്രം
ല്ല. കരിഞ്ജീരകം വടികൊണ്ടും
ാൽകൊണ്ടും തല്ലിയെടുക്കുക
ുന്നത്?
ുമ്പോൾ ധാന്യം ചതച്ചുകളയാ
വൻ അതിനെ എപ്പോഴും മെതി
ണ്ടിച്ചക്രത്തെയും കുതിരകളെ
മൽ ഓടിക്കുകയും ചെയ്കയി
ൻ അതിനെ ചതച്ചുകളയുകയി
ലവാനായ ദൈവത്തിങ്കൽനി
അവൻ ആലോചനയിൽ അത്ഭു
ത്തിൽ ഉത്കൃഷ്ടനുമാകുന്നു.

അദ്ധ്യായം 29

ൽ, അരീയേൽ, ദാവീദ് പാളയ
ന നഗരമേ! ആണ്ടിനോട് ആ
; പെരുനാളുകൾ നടന്നുകൊ
ന്നാൽ ഞാൻ അരീയേലിനെ
ഖവും വിലാപവും ഉണ്ടാകും.
അരീയേലായിത്തന്നെ ഇരി
ിനക്കു വിരോധമായി വാൾ
ങ്ങി കോട്ട കെട്ടി നിന്നെ
യും നിനക്കെതിരെ കോട്ട
ം ചെയ്യും. അപ്പോൾ നീ
ുനിന്നു സംസാരിക്കും. നി
ാടിയിൽനിന്നു സാവധാനം
ാടിന്റേതുപോലെ നിന്റെ
ന്നുനിന്നു വരും. നിന്റെ

വാക്കു പൊടിയിൽനിന്നു സംസാരിക്കും.
നിന്റെ ശത്രുക്കളുടെ സംഘം നേരിയ
പൊടിപോലെയും വൈരികളുടെ സംഘം
പറന്നുപോകുന്ന പതിരുപോലെയും ഇരി
ക്കും. അത് ഒരു ക്ഷണനേരം കൊണ്ട് പെട്ടെ
ന്ന് സംഭവിക്കും. ഇടിമുഴക്കത്തോടും ഭൂകമ്പ 6
ത്തോടും മഹാനാദത്തോടുംകൂടെ ചുഴലി
ക്കാററും കൊടുങ്കാററും ദഹിപ്പിക്കുന്ന
അഗ്നിജ്വാലയുമായി അത് ബലവാനായ
ദൈവത്താൽ ശിക്ഷിക്കപ്പെടും. അരീയേലി 7
നെതിരെ യുദ്ധംചെയ്യുന്ന സകല ജാതി
കളുടെയും സംഘം അതിനും അതിന്റെ
കോട്ടയ്ക്കും നേരേ യുദ്ധംചെയ്ത് അതിനെ
വിഷമിപ്പിക്കുന്ന ഏവരും ഒരു സ്വപ്നംപോ
ലെ, ഒരു നിശാദർശനംപോലെ ആകും.
വിശന്നിരിക്കുന്നവൻ താൻ ഭക്ഷിക്കുന്നു 8
എന്ന് സ്വപ്നം കണ്ടിട്ട് ഉണരുമ്പോൾ
വിശന്നിരിക്കുന്നതുപോലെയും ദാഹിച്ചിരി
ക്കുന്നവൻ താൻ പാനം ചെയ്യുന്നു എന്ന്
സ്വപ്നം കണ്ടിട്ട് ഉണരുമ്പോൾ ക്ഷീണിച്ചും
ദാഹിച്ചും ഇരിക്കുന്നതുപോലെയും സെഹി
യോൻ പർവ്വതത്തോട് യുദ്ധംചെയ്യുന്ന
സകല ജാതികളും ആയിരിക്കും. വിസ്മയി
പ്പിൻ. സംഭ്രമിക്കുവിൻ. അന്ധരായിത്തീരു 9
വിൻ. അവർ ലഹരിപിടിച്ചിരിക്കുന്നു.
വീഞ്ഞുകൊണ്ടല്ല. അവർ ചാഞ്ചാടി നടക്കു
ന്നു. മദ്യപാനംകൊണ്ടല്ല. കർത്താവ് ഗാഢ 10
നിദ്ര നിങ്ങളുടെ മേൽ വരുത്തി നിങ്ങളുടെ
കണ്ണുകൾ അടച്ചിരിക്കുന്നു. അവൻ പ്രവാച
കന്മാർക്കും നിങ്ങളുടെ ദർശകന്മാരായ തല
വന്മാർക്കും മൂടുപടം ഇട്ടിരിക്കുകയാകുന്നു.
അങ്ങനെ നിങ്ങൾക്കു സകല ദർശനവും 11
മുദ്രയിട്ടിരിക്കുന്ന ഒരു പുസ്തകത്തിലെ വച
നങ്ങൾപോലെ ആയിത്തീർന്നിരിക്കുന്നു.
അതിനെ അക്ഷരാഭ്യാസമുള്ള ഒരുത്തന്റെ
കയ്യിൽ കൊടുത്തു ഇതൊന്നു വായിക്കണം
എന്നു പറഞ്ഞാൽ അവൻ: എനിക്കു സാദ്ധ്യ
മല്ല. അതിന്നു മുദ്രയിട്ടിരിക്കുന്നു എന്നു പറ
യും. അല്ലാ, ആ പുസ്തകം അക്ഷരാഭ്യാസമി 12
ല്ലാത്തവന്റെ കയ്യിൽ കൊടുത്ത്: ഇതൊന്നു
വായിക്കണം എന്നു പറഞ്ഞാൽ അവൻ:
എനിക്കു വിദ്യാഭ്യാസമില്ല എന്നു പറയും.
ഈ ജനം അടുത്തുവന്നു വായ്കൊണ്ടും 13
അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു:
എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ
എങ്കൽനിന്നു ദൂരത്ത് അകറ്റി വച്ചിരിക്കുന്നു.
എന്നോടുള്ള അവരുടെ ഭക്തി മാനുഷിക ഉപ
ദേശത്താലും കല്പനയാലുമത്രേ. തന്മൂലം
ഞാൻ ഈ ജനമദ്ധ്യേ ഇനിയും ഒരു അത്ഭു 14
തപ്രവൃത്തി, അത്ഭുതവും ആശ്ചര്യവും

ആയൊരു പ്രവൃത്തി ചെയ്യും. അവരുടെ
ജ്ഞാനികളുടെ ജ്ഞാനം നശിക്കും. അവ
രുടെ ബുദ്ധിമാന്മാരുടെ ബുദ്ധിയും ഇല്ലാ
താകും എന്നു കർത്താവ് അരുളിച്ചെയ്തു.
15 സ്വന്ത ആലോചനയെ കർത്താവിനു
വിരോധമായി മറച്ചുവയ്ക്കുവാൻ തുനിയു
കയും തങ്ങളുടെ പ്രവൃത്തികൾ അന്ധകാര
ത്തിൽ ചെയ്കയും ഞങ്ങളെ ആർ കാണും?
ഞങ്ങളെ ആർ അറിയും എന്നു പറയുകയും
16 ചെയ്യുന്നവർക്ക് കഷ്ടം. കുശവൻെറ കളി
മണ്ണുപോലെ നിങ്ങൾ വിചാരിക്കപ്പെടുന്നു.
ഉണ്ടായത് ഉണ്ടാക്കിയവനോട് നീ എന്നെ
ഉണ്ടാക്കീട്ടില്ല എന്നും ഉളവായത് ഉളവാക്കി
യവനോട് നീ ബുദ്ധിയോടെയല്ല എന്നെ
17 ഉണ്ടാക്കിയത് എന്നും പറയുമോ? ഇനി
അല്പകാലംകൊണ്ട് ലബാനോൻ ഒരു
ഉദ്യാനമായി തീരുകയും ഉദ്യാനം വനമായി
18 ഗണിക്കപ്പെടുകയും ചെയ്യും. അക്കാലത്ത്
ബധിരന്മാർ പുസ്തകത്തിലെ വചനങ്ങൾ
19 കേൾക്കുകയും അന്ധന്മാരുടെ കണ്ണുകൾ
ഇരുട്ടും അന്ധകാരവും നീങ്ങിക്കാണുക
യും സൗമ്യതയുള്ളവർക്ക് കർത്താവിൽ
സന്തോഷം വർദ്ധിക്കുകയും മനുഷ്യരിൽ
സാധുക്കളായവർ ഇസ്രായേലിൻെറ
20 പരിശുദ്ധനിൽ ആനന്ദിക്കുകയുംചെയ്യും.
മർദ്ദകൻ നശിച്ചും ക്രൂരൻ ഇല്ലാതെ
യായും ഇരിക്കുന്നു. മനുഷ്യരെ വ്യവഹാര
21 ത്തിൽ കുററക്കാരാക്കുകയും പട്ടണവാതി
ല്ക്കൽ ന്യായം വിസ്തരിക്കുന്നവന്നു കെണി
വയ്ക്കുകയും നീതിമാനെ നിസ്സാരകാര്യം
കൊണ്ട് ബഹിഷ്ക്കരിക്കുകയും ചെയ്യുന്ന
വരായി നീതികേടിന്നു ധൃതിപ്പെടുന്നവർ
22 ഏവരും ഛേദിക്കപ്പെട്ടിരിക്കുന്നു. ആക
യാൽ അബ്രാഹാമിനെ വീണ്ടെടുത്ത ദൈവം
യാക്കോബ് ഗൃഹത്തെക്കുറിച്ച് ഇപ്രകാരം
കല്പിക്കുന്നു: യാക്കോബ് ഇനി ലജ്ജി
23 ക്കുകയില്ല. അവൻെറ മുഖം ഇനി വിളറി
പ്പോകുകയുമില്ല. എന്നാൽ അവൻെറ
മക്കൾ അവരുടെ ഇടയിൽ എൻെറ കൈക
ളുടെ പ്രവൃത്തി കാണുമ്പോൾ അവർ
എൻെറ നാമത്തിന്നു സ്തുതിപാടും. അവർ
യാക്കോബിൻെറ പരിശുദ്ധനെ സ്തുതിക്കു
കയും ഇസ്രായേലിൻെറ ദൈവത്തെ
ഭയപ്പെടുകയും ചെയ്യും. ദുർബ്ബലമാനസർ
24 ജ്ഞാനം ഗ്രഹിക്കും. ഭോഷന്മാർ ഉപദേശം
പാഠിക്കുകയും ചെയ്യും.

അദ്ധ്യായം 30

1 പാപത്തോടു പാപം കൂട്ടുവാൻ തക്ക
വണ്ണം എന്നെ കൂടാതെ ആലോചന കഴി
ക്കുകയും എൻെറ ആത്മാവിനാലല്ലാതെ
ബലി ചെയ്യുകയും ഫറവോൻെറ സംരക്ഷ
ണയിൽ സ്വയം സംരക്ഷിതരാകുവാൻ
മെസ്രേൻെറ നിഴലിൽ അഭയം പ്രാപിക്കു
വാൻ എൻെറ അരുളപ്പാട് ചോദിക്കാതെ
മെസ്രേനിലേക്ക് പോകുകയും ചെയ്യുന്ന
മത്സരികളായ മക്കൾക്ക് ഹാ കഷ്ടം എന്നു
കർത്താവ് അരുളിച്ചെയ്യുന്നു. എന്നാൽ ഫ
റവോൻെറ സംരക്ഷണം നിങ്ങൾക്ക് അ
മാനമായും മെസ്രേൻെറ നിഴലിലെ അഭ
ലജ്ജനായും ഭവിക്കും. അവൻെറ പ്രഭു
ന്മാർ സോവനിൽ ആയി അവൻെറ ദൂ
ന്മാർ വൃഥാ എത്തിയിരിക്കുന്നു. അവ
ക്കെല്ലാം ലജ്ജയും അപമാനവും അല്ലാ
ഉപകാരമോ സഹായമോ പ്രയോജനമോ
ഒന്നും നൽകാത്ത ഒരു ജാതി നിമിത്തം
ലജ്ജിച്ചുപോകും.
തെക്കേ ദേശത്തിലെ മൃഗങ്ങളെക്കു
ച്ചുള്ള പ്രവചനം. സിംഹവും, ബാലസിം
വും, അണലി, പറക്കുന്ന അഗ്നിസർപ്പ
എന്നിവ വരുന്നതായ ദുരിതവും ക്ലേശവു
ഉള്ള ദേശത്തു കൂടി, അവർ കഴുതപ്പുറ
തങ്ങളുടെ സമ്പത്തും ഒട്ടകപ്പുറത്ത് ത
ളുടെ നിക്ഷേപങ്ങളും കയററി തങ്ങൾ
ഉപകാരം വരുത്താത്ത ഒരു ജാതിയുടെ
ടുക്കൽ കൊണ്ടുപോകുന്നു. മെസ്രേന്യ
സഹായം വ്യർത്ഥവും നിഷ്ഫലവുമ
അതിനാലാണ് ഞാൻ നിങ്ങളുടെ പ്രവൃ
വ്യർത്ഥം എന്നു വിളിച്ചുപറഞ്ഞത്. നി
പ്പോൾ വന്ന് ഭാവിയിലേക്ക് ഒരു ശാ
സാക്ഷ്യമായിരിക്കേണ്ടതിന്ന് അവരുടെ
നവാകെ അത് ഒരു പലകയിൽ എഴുതി
രേഖയായി കുറിച്ചു വയ്ക്കുക. അവർ മ
രബുദ്ധിയുള്ള ജനവും വ്യാജം പറയു
മക്കളും കർത്താവിൻെറ ന്യായപ്രമാ
അനുസരിക്കാത്ത സന്തതിയുമത്രേ. അ
ദർശകന്മാരോട് ദർശനം കാണരുത്. പ്രവ
ചകന്മാരോട് ശാസനയായി ഞങ്ങളോ
പ്രവചിക്കരുത്. ഭാഗം മാത്രം ഞങ്ങളോ
സംസാരിപ്പിൻ. വ്യാജങ്ങൾ പ്രവചിപ്പി
വഴിവിട്ടു നടപ്പിൻ. പാത തെററി നടപ്പി
ഇസ്രായേലിൻെറ പരിശുദ്ധനെ ഞങ്ങളു
മുമ്പിൽനിന്നു മാററുവിൻ എന്നു പറയു
ആകയാൽ ഇസ്രായേലിൻെറ പരി
ദ്ധൻ ഇപ്രകാരം അരുളിച്ചെയ്യുന്നു. നിങ്ങ
ഈ വചനത്തെ നിരസിക്കുകയും പീഡ
ത്തിലും വക്രതയിലും ആശ്രയിച്ചു ചാ
ല്ക്കുകയും ചെയ്യുന്നതിനാൽ ഈ അ
ത്യം നിങ്ങൾക്ക് ഉയർന്ന ചുവരിൽ വി
നില്ക്കുന്നതും പെട്ടെന്ന് ഒരു നിമി

ങ്ങ് വീഴുന്നതും ആയ ഒരു വിള്ളൽപോ
ആയിരിക്കും. അടുപ്പിൽനിന്ന് തീ
ക്കുവാനോ കുളത്തിൽനിന്നു വെള്ളം
ുവാനോ കൊള്ളാവുന്ന ഒരു കഷണം
ും ശേഷിക്കാത്ത കുശവൻെറ പൊട്ട
ഗണ്യമാക്കാതെ ഉടച്ചുകളയുന്നതു
ല അവൻ അതിനെ ഉടച്ചുകളയും.
ായേലിൻെറ പരിശുദ്ധനായ ദൈവ
കർത്താവ് ഇപ്രകാരം അരുളിച്ചെ
. മനം തിരിഞ്ഞ് അടങ്ങിയിരിപ്പിൻ.
ൽ രക്ഷിക്കപ്പെടും. വിശ്രമിക്കുന്നതി
ാശ്രയിക്കുന്നതിലുമാണ് നിങ്ങളുടെ
നിങ്ങൾക്കു മനസ്സായില്ല. നിങ്ങൾ
ു, ഞങ്ങൾ കുതിരപ്പുറത്തു കയറി
പ്പാകും. ഞങ്ങൾ തുരഗങ്ങളിന്മേൽ
പ്പാകും എന്നു പറഞ്ഞതിനാൽ
ള പിൻതുടരുന്നവരും വേഗതയുള്ള
ിക്കും. മലമുകളിൽ ഒരു കൊടിമരം
യും കുന്നിൻപുറത്ത് ഒരു കൊടി
യും നിങ്ങൾ ശേഷിക്കുന്നതുവരെ
ൻെറ ഭീഷണിയാൽ ആയിരം പേരും
വരുടെ ഭീഷണിയാൽ നിങ്ങളെല്ലാം
ാകും. ആകയാൽ കർത്താവ് നിങ്ങ
കൃപ കാണിപ്പാൻ കാത്തിരിക്കുന്നു.
നിങ്ങളോട് കരുണ കാണിക്കത്തക്ക
യർന്നിരിക്കുന്നു. കർത്താവ് ന്യായ
ദൈവമാകുന്നു. അവന്നായി
ിക്കുന്നവർ ഭാഗ്യവാന്മാർ.
രുശലേമ്യരായ സെഹിയോൻ നിവാ
ഇനിയും കരഞ്ഞുകൊണ്ടിരി
നിങ്ങളുടെ നിലവിളിയുടെ ശബ്ദ
വൻ നിശ്ചയമായും കരുണതോ
് കേൾക്കുമ്പോൾതന്നെ അവൻ
അരുളും. കർത്താവ് നിങ്ങൾക്ക്
ലത്ത് അപ്പവും ഞെരുക്കകാല
ളവും തരും. ഇനിയും നിങ്ങളെ
ന്നവരെ വർദ്ധിപ്പിക്കുകയില്ല.
കണ്ണ് ആ വഞ്ചകരെ കാണും.
ു വഴി ഇതാകുന്നു. ഇതിലേ
ൻ എന്നൊരു വാക്ക് പിന്നിൽനി
ക്കും. നിങ്ങൾ ഇടത്തോട്ടോ
ട്ടോ തിരിയരുത്. വെള്ളി പൊതി
ന്ന ബിംബങ്ങളെയും പൊന്നു
ിരിക്കുന്ന വിഗ്രഹങ്ങളെയും
ാശുദ്ധമാക്കും. നിങ്ങൾ മലിന
പുറന്തള്ളും. നീ നിലത്ത് വിത
ിത്തിന്നു മഴയും നിലത്തിലെ
ാതമ്പും അവൻ നിനക്കു തരും.
ടിയും സമൃദ്ധിയും ഉള്ളതാ
ന്നു നിൻെറ കന്നുകാലികൾ

വിസ്താരമുള്ള മേച്ചിൽപുറങ്ങളിൽ മേയും.
നിലം ഉഴുന്ന കാളകളും കഴുതകളും മുറം 24
കൊണ്ട് വീശി വെടിപ്പാക്കിയതും ഉപ്പു
ചേർത്തതുമായ കച്ചി തിന്നും.
ആ വലിയ സംഹാരദിവസത്തിൽ 25
ഗോപുരങ്ങൾ വീഴും. ഉയരമുള്ള എല്ലാ മല
യിലും എല്ലാ കുന്നിന്മേലും തോടുകളും
നീരൊഴുക്കുകളും ഉണ്ടാകും. കർത്താവ് 26
തൻെറ ജനത്തിൻെറ മുറിവു കെട്ടുകയും
അവരുടെ വ്രണങ്ങൾ സൗഖ്യമാക്കുകയും
ചെയ്യുന്ന ദിവസം ചന്ദ്രൻെറ പ്രകാശം സൂര്യ
ൻെറ പ്രകാശംപോലെയാകും; സൂര്യൻെറ
പ്രകാശം ഏഴു പകലിൻെറ പ്രകാശംപോ
ലെയും ഏഴിരട്ടിയായിരിക്കും.
ഇതാ കോപം ജ്വലിച്ചും മഹത്വത്തോ 27
ടെയും കർത്താവിൻെറ നാമം ദൂരെനിന്നു
വരുന്നു. അവൻെറ അധരങ്ങളിൽ ഉഗ്ര
കോപം നിറഞ്ഞിരിക്കുന്നു. അവൻെറ നാവ്
ദഹിപ്പിക്കുന്ന അഗ്നിപോലെയും ഇരിക്കു
ന്നു. ജാതികളെ അവരുടെ വ്യർത്ഥമായ 28
തെററുനിമിത്തം നശിപ്പിക്കുവാൻ അവ
ൻെറ ശ്വാസം കവിഞ്ഞൊഴുകുന്നതും കഴു
ത്തോളം വെള്ളമുള്ളതുമായ തോടുപോ
ലെയും ജാതികളുടെ വായിൽ അവരെ
തെററിച്ചുകളയുന്ന ഒരു കടിഞ്ഞാണായും
ഇരിക്കുന്നു. ജനങ്ങളെ നാശമാകുന്ന അരി 29
പ്പയിൽ അരിക്കുന്നു. നിങ്ങൾ ഉത്സവ
ഘോഷയാത്രയിൽ എന്നപോലെ പാട്ടു
പാടുകയും ദൈവത്തിൻെറ പർവ്വതത്തിൽ
ഇസ്രായേലിൻെറ പാറയായവൻെറ അടു
ക്കൽ ചെല്ലേണ്ടതിന്ന് കുഴലോടുകൂടെ
പോകുംപോലെ ഹൃദയപൂർവ്വം സന്തോ
ഷിക്കുകയും ചെയ്യും. കർത്താവ് തൻെറ 30
മഹത്വമുള്ള നാദം കേൾപ്പിക്കുകയും
ഉഗ്രകോപത്തോടും ദഹിപ്പിക്കുന്ന അഗ്നി
ജ്വാലയോടും കൊടുങ്കാറ്റ്, മഴക്കോൾ, കന്മഴ
എന്നിവയോടുകൂടെ തൻെറ ഭുജംകൊണ്ടു
ള്ള ശിക്ഷ കാണിക്കുകയും ചെയ്യും. 31
കർത്താവിൻെറ നാദത്താൽ അസ്സീറിയ
തകർന്നുപോകും. തൻെറ വടികൊണ്ട് 32
അവൻ അവനെ അടിക്കും. കർത്താവ്
അവനെ അടിമത്വദണ്ഡുകൊണ്ട് അടി
ക്കുന്ന ഓരോ അടിയോടുംകൂടെ തപ്പിൻെറ
യും കിന്നരത്തിൻെറയും നാദം ഉണ്ടായി
രിക്കും. അവൻ അവരോട് കഠിനയുദ്ധം 33
ചെയ്യും. പണ്ടു തന്നേ ഒരു ദഹനസ്ഥലം
ഒരുക്കിയിട്ടുണ്ട്. അത് രാജാവിന്നായും
ഒരുക്കിയിരിക്കുന്നു. അവൻ അതിനെ ആഴ
വും വിശാലവും ആക്കിയിരിക്കുന്നു. അതി
ൻെറ ചിതയിൽ വളരെ അഗ്നിയും വിറകു

മുണ്ട്. കർത്താവിന്റെ ശ്വാസം ഒരു ഗന്ധക
നദിപോലെ അതിനെ കത്തിക്കും.

അദ്ധ്യായം 31

1 ഇസ്രായേലിന്റെ പരിശുദ്ധനിലേക്ക്
നോക്കുകയോ കർത്താവിനെ അന്വേഷി
ക്കുകയോ ചെയ്യാതെ സഹായത്തിന്നായി
മെസ്രേനിൽ ചെന്ന് കുതിരകളിൽ ആശ്ര
യിച്ച് വളരെ രഥങ്ങളുള്ളതിനാൽ അവ
യിലും കുതിരപ്പട മഹാബലവാന്മാരാക
യാൽ അവയിലും ആശ്രയിക്കുന്നവർക്ക്
2 ഹാ! കഷ്ടം. അവന്റെ ജ്ഞാനത്താൽ
അവൻ അനർത്ഥം വരുത്തി. തന്റെ
വചനം മാറ്റുകയില്ല. അവൻ ദുഷ്കർമ്മി
കളുടെ ഗൃഹത്തിന്നും ദുഷ്പ്രവൃത്തിക്കാ
രുടെ സഹായത്തിന്നും വിരോധമായി എഴു
3 ന്നേല്ക്കും. മെസ്രേന്യർ ദൈവമല്ല. മനുഷ്യ
രത്രേ. അവരുടെ കുതിരകൾ ആത്മാവല്ല.
വെറും ജഡമത്രേ. കർത്താവ് തന്റെ കൈ
നീട്ടുമ്പോൾ ഏതു സഹായിയും ഇടറി
പ്പോകും. സഹായിക്കപ്പെടുന്നവൻ വീഴും.
അവരെല്ലാം ഒരുപോലെ നശിച്ചുപോകും.
4 കർത്താവ് എന്നോട് ഇപ്രകാരം അരുളി
ച്ചെയ്തിരിക്കുന്നു: സിംഹമോ ബാലസിംഹ
മോ ഇര കണ്ട് അലറുമ്പോൾ ഇടയന്മാരുടെ
കൂട്ടത്തെ അതിന്റെ നേരേ വിളിച്ചുകൂട്ടി
യാലും അത് അവരുടെ ആരവംകൊണ്ട്
പേടിക്കാതെയും അവരുടെ ശബ്ദംകൊണ്ട്
ചുളുങ്ങാതെയും ഇരിക്കുന്നതുപോലെ
ബലവാനായ കർത്താവ് സെഹിയോൻ
പർവ്വതത്തിലും അതിന്റെ ഗിരിയിലും
5 യുദ്ധം ചെയ്വാൻ ഇറങ്ങിവരും. പക്ഷി ചുറ്റി
പ്പറന്നു കാക്കുന്നതുപോലെ ബലവാനായ
ദൈവം യറൂശലേമിനെ കാത്തുകൊള്ളും.
അവൻ അതിനെ കാത്തു രക്ഷിക്കും. നശി
6 പ്പിക്കാതെ അതിനെ സൂക്ഷിക്കും. ഇസ്രാ
യേൽ മക്കളേ, നിങ്ങൾ ഇത്ര കഠിനമായി
എതിർത്ത് ത്യജിച്ചുകളഞ്ഞവന്റെ അടുക്ക
7 ലേക്ക് തിരിയുവിൻ. അക്കാലത്ത് നിങ്ങളിൽ
ഓരോരുവൻ, സ്വന്തകൈകൾ നിങ്ങൾക്കു
പാപത്തിന്നായി വെള്ളിയും പൊന്നുംകൊ
ണ്ടുണ്ടാക്കിയ വിഗ്രഹങ്ങളെ ത്യജിച്ചുകള
8 യും. എന്നാൽ അസ്സീറിയ മനുഷ്യന്റേത
ല്ലാത്ത വാളാൽ വീഴും. മനുഷ്യന്റേതല്ലാ
ത്ത വാളിന് ഇരയായിത്തീരും. അവർ
വാളിൽനിന്നു രക്ഷപ്പെട്ട് ഓടിപ്പോകുക
യാൽ അവരുടെ യുവാക്കൾ അടിമവേല
9 ക്കാരായിത്തീരും. ഭീതി നിമിത്തം അവരുടെ
പാറ പൊയ്പോകും. അവരുടെ പ്രഭുക്കന്മാർ
കൊടി കണ്ട് നടുങ്ങിപ്പോകും എന്ന് സെഹി
യോനിൽ അഗ്നിയും യറൂശലേമിൽ ചൂളയും
ഉള്ള കർത്താവ് അരുളിച്ചെയ്യുന്നു.

അദ്ധ്യായം 32

രാജാവ് നീതിയോടെ വാഴും. പ്രഭുക്ക 1
ന്മാർ ന്യായത്തോടെ അധികാരം നടത്തും.
ഓരോരുവൻ കാററിന്നു ഒരു മറവിടവും കൊ 2
ടുങ്കാററിന്നു ഒരു സങ്കേതവും ആയി വരണ്ട
നിലത്ത് നീർത്തോടുകൾപോലെയും ദേ
ശത്ത് ഒരു വൻപാറയുടെ തണൽ പോലെ
യും ഇരിക്കും. കാണുന്നവരുടെ കണ്ണ് ഇനി 3
മങ്ങുകയില്ല. കേൾക്കുന്നവരുടെ ചെവികൾ
ശ്രദ്ധിക്കും. അവിവേകികളുടെ ഹൃദയം 4
ജ്ഞാനം ഗ്രഹിക്കും. വിക്കന്മാരുടെ നാവി
ന്റെ തടസ്സം മാറി വ്യക്തമായി സംസാരിക്കും.
ഭോഷനെ ഇനി അധികാരി എന്നും വ്യർത്ഥ 5
നെ രക്ഷകൻ എന്നും പറയുകയുമില്ല.
ഭോഷൻ ഭോഷത്വം സംസാരിക്കും. വഷള 6
ത്വം ചെയ്യും. കർത്താവിന്നെതിരായി അബ
ദ്ധം സംസാരിക്കും. വിശപ്പുള്ളവരെ പട്ടിണി
യിടും. ദാഹമുള്ളവർക്ക് പാനീയം മുടക്കും.
അവന്റെ ഹൃദയം നീതികെട്ടു പ്രവർത്തി
ക്കും. വ്യർത്ഥന്റെ ആയുധങ്ങളും ദോഷമു 7
ള്ളവ. ദരിദ്രൻ ന്യായമായി സംസാരിച്ചാലും
എളിയവരെ വ്യാജവാക്കു കൊണ്ട് നശിപ്പി
ക്കുവാൻ അവൻ ദുരാലോചന ചെയ്യുന്നു.
ഉത്തമന്മാർ ഉത്തമകാര്യങ്ങൾ ചിന്തിക്കുന്നു. 8
ഉത്തമകാര്യങ്ങളിൽ അവർ വ്യാപൃതരാ
കുന്നു.
ധനികസ്ത്രീകളേ, എഴുന്നേററ് എന്റെ 9
വാക്കു കേൾപ്പിൻ. ചിന്തയില്ലാത്ത സ്ത്രീ
കളേ, എന്റെ വചനം ശ്രദ്ധിപ്പിൻ. ചിന്തയി
ല്ലാത്ത സ്ത്രീകളേ, ഒരാണ്ടും കുറെ നാളും 10
കഴിയുമ്പോൾ നിങ്ങൾ നടുങ്ങിപ്പോകും.
മുന്തിരിക്കൊയ്ത്തു നഷ്ടമാകും. ഫലശേ
ഖരണം സംഭവിക്കുകയില്ല. ധനവതികളേ,
വിറയ്ക്കുവിൻ. ചിന്തയില്ലാത്ത സ്ത്രീകളേ, 11
നടുങ്ങുവിൻ. വസ്ത്രം ഉരിഞ്ഞു നഗ്നരാകു
വിൻ. അരയിൽ ചാക്കുശീല കെട്ടുവിൻ.
മനോഹരമായ വയലുകളെയും ഫലപുഷ്ടി 12
യുള്ള മുന്തിരിവള്ളികളെയും ഓർത്ത്
അവർ മാറത്ത് അടിക്കും. എന്റെ ജന 13
ത്തിന്റെ ദേശത്ത് ആഹ്ലാദനഗരത്തിലെ
സകല സന്തുഷ്ടഭവനങ്ങളിലും മുള്ളും
പറക്കാരയും മുളയ്ക്കും. അരമന ഉപേക്ഷി 14
ക്കപ്പെടും. ജനപുഷ്ടിയുള്ള നഗരം നിർജ്ജ
നമാകും. കുന്നും മാളികയും എന്നേക്കും ഗു
ഹകളായിത്തീരും. അവ കാട്ടുകഴുതകളുടെ
വിശ്രമസ്ഥാനവും ആട്ടിൻകൂട്ടങ്ങളുടെ
മേച്ചിൽപുറവും ആയിരിക്കും. അത് ഉയ 15

നിന്ന് ആത്മാവിനെ നമ്മുടെ മേൽ
ന്നതുവരെ തന്നെ. അപ്പോൾ മരുഭൂമി
മായിത്തീരും. ഉദ്യാനം വനമായി ഗ
പ്പെടും. അന്ന് മരുഭൂമിയിൽ ന്യായം
സിക്കും. ഉദ്യാനത്തിൽ നീതി
ും. നീതിയുടെ പ്രവൃത്തി സമാധാ
ീതിയുടെ ഫലം ശാശ്വതവിശ്രമവും
തയും ആയിരിക്കും. എൻെറ ജനം
ാന നിവാസത്തിലും പ്രത്യാശാ
ദളിലും സ്വൈര്യമുള്ള വിശ്രമസ്ഥല
ം പാർക്കും. എന്നാൽ വനത്തിന്മേൽ
പയ്യും. നഗരമാകെ നിലം പൊത്തും.
മീപ്യമുള്ള സ്ഥലത്തെല്ലാം വിത
യും കാളയെയും കഴുതയെയും
വിടുകയും ചെയ്യുന്നവരേ! നിങ്ങൾ
ന്മാർ.

അദ്ധ്യായം 33

ദവം അനുഭവിക്കാതെ ഉപദ്രവി
ം നിന്നെ ആരും ദ്രോഹിക്കാതെ
പ്രവർത്തിക്കുകയും ചെയ്യുന്നവ
ക്കു കഷ്ടം! നീ ഉപദ്രവം ചെയ്യു
ിന്നെയും ഉപദ്രവിക്കും. നീ ദ്രോഹം
ാഗ്രഹിക്കുമ്പോൾ നിന്നോടും ദ്രോ
ർത്തിക്കും. കർത്താവേ, ഞങ്ങ
പ തോന്നണമേ; ഞങ്ങൾ നിന്നെ
ക്കുന്നു; രാവിലെ തോറും നീ
ക്കു ഭുജവും ദുരിതകാലത്ത്
ു രക്ഷയും ആയിരിക്കണമേ.
ൂലം വംശങ്ങൾ ഓടിപ്പോയി. നീ
പ്പോൾ ജാതികൾ ചിതറിപ്പോയി.
കവർച്ച തുള്ളൻ ശേഖരിക്കു
ലെ ശേഖരിക്കപ്പെടും. വെട്ടുക്കിളി
ുന്നതുപോലെ അവൻ അതി
ടി വീഴും. കർത്താവ് ഉന്നതൻ.
വരത്തിൽ വസിക്കുന്നു. അവൻ
ാനെ ന്യായവും നീതിയുംകൊ
ിരിക്കുന്നു. നിൻെറ കാലത്ത്
ും രക്ഷാസമൃദ്ധിയും ജ്ഞാന
കവും ഉണ്ടാകും. ദൈവഭക്തി
അമൂല്യ സമ്പത്ത് ആയിരിക്കും.
ടെ ബലവാന്മാർ പുറത്ത് നില
. സമാധാനദൂതന്മാർ അതിദുഃഖ
രയുന്നു. പെരുവഴികൾ ശൂന്യ
ന്നു. യാത്രികർ ഇല്ലാതെയായി
നവൻെറ ഉടമ്പടികൾ ലംഘിച്ച
നിരസിക്കപ്പെട്ടു. മനുഷ്യനെ
ാനിക്കുന്നില്ല. ദേശം ദുഃഖിച്ചു
ലബാനോൻ ലജ്ജിച്ചു വാടി
രാൻ മരുഭൂമിപോലെ ആയിരി
ക്കുന്നു. ബാശാനും കർമ്മേലും ശൂന്യമായി.
ഇപ്പോൾ ഞാൻ എഴുന്നേല്ക്കും. ഇപ്പോൾ 10
ഞാൻ എന്നെത്തന്നെ ഉയർത്തും. ഇപ്പോൾ
ഞാൻ ഉന്നതനായിരിക്കും എന്ന് കർത്താവ്
അരുളിച്ചെയ്യുന്നു. നിങ്ങൾ മുള്ളുകളെ 11
ഗർഭംധരിച്ച് താളടിയെ പ്രസവിക്കും. നിങ്ങ
ളുടെ ശ്വാസം തീയായി നിങ്ങളെ ദഹിപ്പിച്ചു
കളയും. വംശങ്ങൾ കളിമണ്ണു ചുടുന്നതു 12
പോലെ നീറും. പെറുക്കിക്കൂട്ടിയ മുള്ളു
പോലെ അവരെ തീയിൽ ഇട്ടു ചുട്ടുകളയും.
ദൂരസ്ഥന്മാരേ, ഞാൻ ചെയ്തതു 13
കേൾപ്പിൻ, സമീപസ്ഥന്മാരേ, എൻെറ
വീരപ്രവൃത്തികൾ ഗ്രഹിക്കുവിൻ. സെഹി
യോനിലെ പാപികൾ പേടിക്കുന്നു. വിജാ 14
തിയർക്ക് നടുക്കം. നമ്മിൽ ആർക്ക് ദഹിപ്പി
ക്കുന്ന അഗ്നിയുടെ അടുക്കൽ പാർക്കുവാൻ
കഴിയും? നമ്മിൽ ആർ നിത്യദഹനങ്ങളുടെ
അടുക്കൽ വസിക്കും? നീതിയായി നടന്ന് 15
സത്യം പറയുകയും പീഡനത്താൽ കിട്ടാവു
ന്ന ആദായം വെറുക്കുകയും കൈക്കൂലി
വാങ്ങാതെ കൈ കുടഞ്ഞുകളയുകയും
രക്തം ചിന്തലിനെക്കുറിച്ച് കേൾക്കാത
വണ്ണം ചെവി പൊത്തുകയും ദോഷത്തെ
ക്കണ്ട് രസിക്കാതവണ്ണം കണ്ണ് അടച്ചുകളയു
കയും ചെയ്യുന്നവൻ. ഇങ്ങനെയുള്ളവൻ
ഉയരത്തിൽ വസിക്കും. പാറയിലെ കോട്ട 16
കൾ അവൻെറ അഭയസ്ഥാനമായിരിക്കും.
അവൻെറ ആഹാരം അവനു ലബ്ധമാ
കും. അവനു വെള്ളത്തിന് കുറവുണ്ടാക 17
യില്ല. നിൻെറ കണ്ണ് രാജാവിനെ അവൻെറ
സൗന്ദര്യത്തോടെ ദർശിക്കും. ഒരു വിശാ
ലമായ ദേശം കാണും. എഴുതുന്നവൻ 18
എവിടെ? തൂക്കിനോക്കുന്നവൻ എവിടെ?
ബലവത്തായ ഗോപുരങ്ങളെ എണ്ണുന്നവൻ
എവിടെ? എന്നിങ്ങനെ നിൻെറ ഹൃദയം
ഭീതിയെക്കുറിച്ച് ധ്യാനിക്കും. നീ തിരിച്ചറി 19
യാത്ത പ്രയാസമുള്ള വാക്കും നിനക്ക്
മനസ്സിലാകാത്ത അന്യഭാഷയും ഉള്ള
ജാതിയെ നീ കാണുകയില്ല. നമ്മുടെ പെരു 20
നാളുകളുടെ നഗരമായ സെഹിയോനെ
കാണുക. നിൻെറ കണ്ണ് യറൂശലേമിനെ
സ്വൈരനിവാസമായും ഒരിക്കലും നീങ്ങി
പ്പോകാത്തതും കുറ്റി ഒരു നാളും ഇളകി
പ്പോകാത്തതും കയറ് ഒന്നും പൊട്ടിപ്പോകാ
ത്തതുമായ കൂടാരമായും കാണും. നമ്മുടെ 21
കർത്താവായിരിക്കും നമ്മുടെ മഹിമയുള്ള
നാമം. അവൻ നമുക്ക് ഒരു പ്രശോഭിതസ്ഥല
മായിരിക്കും. അവിടെ അധികാരിയുടെ
ആധിപത്യം വാഴുകയില്ല. കണ്ടെത്തപ്പെ
ടാവുന്ന ഒരു ബലശാലിയും അവിടെക്കൂടെ

22 കടക്കുകയുമില്ല. കർത്താവ് നമ്മുടെ ന്യായാ
ധിപൻ; കർത്താവ് നമ്മുടെ ന്യായദാതാവ്;
കർത്താവ് നമ്മുടെ രാജാവ്; അവൻ നമ്മെ
രക്ഷിക്കും. നിൻെറ കയറ് അഴിക്കപ്പെട്ടു.
23 ഉറപ്പിച്ചു കെട്ടിയിട്ടില്ല. നിൻെറ തൂണുകൾ
ചാഞ്ഞുനിൽക്കുന്നു. കൊള്ള അവർ വിഭജി
ക്കുന്നതുവരെ അടയാളം കാണിക്കുകയില്ല.
അനേക മുടന്തർക്കും അതിൽ ഭാഗം കിട്ടും.
24 ഞാൻ രോഗി എന്ന് യാതൊരു നിവാസി
യും പറയുകയില്ല. അതിൽ പാർക്കുന്ന
ജനത്തിൻെറ അകൃത്യം മോചിക്കപ്പെടും.

അദ്ധ്യായം 34

1 ജാതികളേ, അടുത്തുവന്നു കേൾപ്പിൻ.
ജനങ്ങളേ, ശ്രദ്ധ തരുവിൻ. ഭൂമിയും അതി
ൻെറ നിറവും ഭൂതലവും അതിലെ നിവാസി
2 കളെല്ലാം കേൾക്കട്ടെ. കർത്താവിന് സകല
ജാതികളോടും കോപവും അവരുടെ സർവ്വ
സൈന്യത്തോടും ക്രോധവും ഉണ്ട്. അവൻ
അവരെ ശപഥാർപ്പിതമായി കൊലയ്ക്ക്
3 ഏല്പിക്കും. അവരുടെ നിഹതന്മാരെ എറി
ഞ്ഞുകളയും. അവരുടെ ശവങ്ങളിൽനിന്നു
4 ദുർഗ്ഗന്ധം പുറപ്പെടും. അവരുടെ രക്തം
കൊണ്ട് മലകൾ ഉറഞ്ഞും ആകാശത്തിലെ
സൈന്യമെല്ലാം അലിഞ്ഞുംപോകും. ആകാ
ശവും ഒരു ചുരുൾപോലെ ചുരുണ്ടുപോകും.
അതിലെ സൈന്യമെല്ലാം മുന്തിരിവള്ളി
യുടെ ഇല വാടി പൊഴിയുന്നതുപോലെയും
അത്തിവൃക്ഷത്തിൻെറ കായ് വാടി പൊഴി
യുന്നതുപോലെയും പൊഴിഞ്ഞു പോകും.
5 എൻെറ വാൾ ആകാശത്തിൽ ലഹരിച്ചി
രിക്കുന്നു. അത് ഏദോമിന്മേലും എൻെറ
ശിക്ഷാർഹമായ ജനത്തിന്മേലും ന്യായ
6 വിധിക്കായി ഇറങ്ങിവരും. കർത്താവിൻെറ
വാൾ രക്തം പുരണ്ടും കൊഴുപ്പ് പൊതിഞ്ഞും
ഇരിക്കുന്നു. കുഞ്ഞാടുകളുടെയും കോലാടു
കളുടെയും രക്തംകൊണ്ടും ആട്ടുകൊറ്റന്മാ
രുടെ മൂത്രപിണ്ഡങ്ങളുടെ കൊഴുപ്പുകൊ
ണ്ടുംതന്നെ. കർത്താവിന് ബസ്രായിൽ ഒരു
യാഗവും ഏദോം ദേശത്ത് ഒരു മഹാസംഹാ
7 രവും ഉണ്ട്. അവയോടുകൂടെ കാട്ടുപോ
ത്തുകളും കാളകളോടുകൂടെ മൂരികളും
വീഴും. അവരുടെ രക്തം കൊണ്ട് ദേശം
ലഹരിപിടിക്കും. അവരുടെ നിലം കൊഴുപ്പു
കൊണ്ട് നിറഞ്ഞിരിക്കും. അത് കർത്താവു
8 പ്രതികാരം നടത്തുന്ന ദിവസവും, സെഹി
യോൻെറ ന്യായാധിപനു പ്രതികാരം കൊടു
ക്കുന്ന സംവത്സരവും ആകുന്നു.
9 അവിടത്തെ മേടുകൾ കീലായും മണ്ണു
ഗന്ധകമായും നിലം കത്തുന്ന കീലായും
ഭവിക്കും. രാവും പകലും അത് കെടുകയില്ല. 10
അതിൻെറ പുക എപ്പോഴും ഉയർന്നുകൊ
ണ്ടിരിക്കും. തലമുറതലമുറയായി അത്
ശൂന്യമായിക്കിടക്കും. ഒരുത്തനും ഒരിക്കലും
അതിൽക്കൂടി കടന്നുപോകുകയില്ല. വേഴാ 11
മ്പലും മുള്ളൻപന്നിയും അതിനെ കൈവശ
മാക്കും. മൂങ്ങയും മലങ്കാക്കയും അതിൽ
പാർക്കും. അവൻ അതിന്മേൽ നാശത്തി
ൻെറ നൂൽപിടിക്കും. അവിടെ സന്തോഷം
ഉണ്ടാകുകയില്ല. അതിൽ രാജത്വം ഘോഷി
ക്കുകയില്ല. അതിലെ പ്രഭുക്കന്മാർ എല്ലാ 12
വരും നശിക്കും. അതിൻെറ അരമനകളിൽ
മുള്ളും അതിൻെറ കോട്ടകളിൽ പറക്കാര 13
യും ഞെരിഞ്ഞിലും മുളയ്ക്കും. അതു കുറു
നരികൾക്കു പാർപ്പിടവും ഒട്ടകപ്പക്ഷികൾക്ക്
താവളവുമാകും. ആത്മാക്കൾ തമ്മിൽ
എതിരിടും. ഭൂതം ഭൂതത്തെ വിളിക്കും. അവി 14
ടെ വേതാളം കിടന്നു വിശ്രമിക്കും. അവിടെ
അസ്ത്രനാഗം കൂടുണ്ടാക്കി അതിൻെറ
നിഴലിൽ കീഴെ കുത്തിത്തുളയ്ക്കും. അവി 15
ടെ പരുന്തുകൾ അതതിൻെറ ഇണയോടു
കൂടും. കർത്താവിൻെറ പുസ്തകത്തിൽ 16
ആരാഞ്ഞ് വായിച്ച് നോക്കുവിൻ. അവ
യിൽ ഒന്നും കാണാതിരിക്കയില്ല. ഒന്നിനും
ഇണ ഇല്ലാതിരിക്കയുമില്ല. അവൻെറ വായ
ല്ലോ കല്പിച്ചത്. അവൻെറ ആത്മാവത്രേ
അവയെ കൂട്ടി വരുത്തിയത്. അവൻ അവ 17
യ്ക്കായി ചീട്ടിട്ടു. അവൻെറ കൈ അതിനെ
അവയ്ക്കു ചരടുകൊണ്ട് വിഭാഗിച്ചു കൊടു
ത്തു. അവ എക്കാലത്തേക്കും അതിനെ
കൈവശമാക്കി തലമുറതലമുറയായി
അതിൽ പാർക്കും.

അദ്ധ്യായം 35

വരണ്ട മരുഭൂമിയും സമനിലവും ആന
ന്ദിക്കും. നിർജ്ജനപ്രദേശം ഉല്ലസിച്ച് പനി
നീർ പുഷ്പംപോലെ പൂക്കും. അത് മനോ
ഹരമായി പൂത്ത് ഉല്ലാസത്തോടും ഘോഷ
ത്തോടുംകൂടെ ഉല്ലസിക്കും. ലബാനോൻെറ
മഹത്വവും കർമ്മേലിൻെറയും ശാരോൻെറ
യും ശോഭയും അതിന്നു കൊടുക്കപ്പെടും.
അവ കർത്താവിൻെറ മഹത്വവും നമ്മുടെ
ദൈവത്തിൻെറ തേജസ്സും കാണും.

ആദ്യവിഭാഗം സമാപ്തം.

(രക്ഷകൻ വന്ന് അവരെ രക്ഷിക്കും
എന്നുള്ള ധൈര്യം കൊടുക്കുന്നു.)

തളർന്ന കൈകളേ, ബലപ്പെടുവിൻ. 3
കുഴഞ്ഞ മുഴങ്കാലുകളേ, ഉറയ്ക്കുവിൻ.
മനോഭീതിയുള്ളവരോട്: ധൈര്യപ്പെടുവിൻ.
ഭയപ്പെടേണ്ടാ; ഇതാ നിങ്ങളുടെ ദൈവം

നായ ദൈവം വന്ന് നിങ്ങളെ രക്ഷി
ന്നു പറയുവിൻ. അന്നു കുരുടന്മാ
ണ്ണു തുറന്നുവരും. ബധിരന്മാരുടെ
അടഞ്ഞിരിക്കുകയുമില്ല. അന്ന്
ൻ മാനിനെപ്പോലെ ചാടും. ഊമ
ാവും ഉല്ലസിച്ച് ഘോഷിക്കും. മരു
ൽ വെള്ളവും സമതലദേശത്ത്
കളും പൊട്ടിപ്പുറപ്പെടും. മരുപ്രദേശം
യമായും വരണ്ട നിലം നീരുറവു
തീരും. കുറുനരികളുടെ അളക
വ കിടന്ന സ്ഥലത്ത് പുല്ലും ഓടയും
നയും വളരും. അവിടെ ഒരു പെരു
പാതയും ഉണ്ടാകും. അതിന്നു
വഴി എന്നു പേരാകും. ഒരു അശു
അതിൽക്കൂടി കടന്നുപോകയില്ല.
അവരോടുകൂടെ ഇരിക്കും. വഴി
ാർ ഭോഷന്മാർപോലും വഴിതെറ്റി
ല്ല. ഒരു സിംഹവും അവിടെ ഉണ്ടാ
കയില്ല. ഒരു ദുഷ്ടമൃഗവും അവിടെ
ികയില്ല. അവയെ അവിടെ കാണു
വീണ്ടെടുക്കപ്പെട്ടവർ അവിടെ
അങ്ങനെ കർത്താവിനാൽ വീണ്ടെ
വർ മടങ്ങി ഉല്ലാസഘോഷത്തോ
ിയോനിലേക്ക് വരും. നിത്യാനന്ദം
ശിരസിൻമേൽ ഉണ്ടായിരിക്കും.
സന്തോഷവും അവരെ പിന്തു
തവും നെടുവീർപ്പും ഓടിമാറും.

അദ്ധ്യായം 36

ക്കിയാ രാജാവിൻെറ പതിനാ
ദിൽ അസ്സീറിയാ രാജാവായ
രിബ് യഹൂദയിലെ ഉറപ്പുള്ള
ങ്ങളുടെയും നേരേ പുറപ്പെട്ടു
യ പിടിച്ചു. അസ്സീറിയൻ രാജാവ്
ക്കയെ ലാഖീശിൽനിന്നു യറൂ
ക്ക് ഹെസക്കിയാ രാജാവിൻെറ
വലിയ സൈന്യത്തോടുകൂടെ
വൻ അലക്കുകാരൻെറ വയലി
ഴിക്കലുള്ള മേലത്തെ കുളത്തി
ത്തിക്കടുത്തു നിന്നു. അപ്പോൾ
യുടെ മകൻ ഏലിയാക്കീം
ധാനി വിചാരകനും എഴുത്തു
വ്നയും ആസാഫിൻെറ മകൻ
ന്ന മന്ത്രിയും അവൻെറ അടു
. റബ്ശാക്കേ അവരോട് പറ
ൾ ഹെസ്കിയായോട് പറയേ
ീറിയൻ രാജാവായ മഹാ
കാരം കല്പിക്കുന്നു: നീ ആശ്ര
ാ ഈ ആശ്രയം എന്താണ്?
വണ്ട ആലോചനയും ശക്തിയും

നിനക്കുണ്ട് എന്നുള്ള വെറും വാക്കു മാത്രം.
ആരെ ആശ്രയിച്ചാകുന്നു നീ എന്നോട്
മത്സരിച്ചിരിക്കുന്നത്? ചതഞ്ഞ ഓടക്കോ 6
ലായ മെസ്രേനിലല്ലോ നീ ആശ്രയിച്ചി
രിക്കുന്നത്? അത് ഒരുത്തൻ ഊന്നിയാൽ
അവൻെറ ഉള്ളങ്കയ്യിൽ തറച്ചുകയറും.
മെസ്രേൻ രാജാവായ ഫറവോൻ തന്നിൽ
ആശ്രയിക്കുന്ന ഏവർക്കും അങ്ങനെ തന്നെ
യാകുന്നു. അല്ല, നീ എന്നോട് ഞങ്ങളുടെ 7
ദൈവമായ കർത്താവിൽ ഞങ്ങൾ ആശ്രയി
ക്കുന്നു എന്ന് പറയുന്നുവെങ്കിൽ പൂജാഗിരി
കളും യാഗപീഠങ്ങളും ഹെസക്കിയാ നീക്കി
ക്കളഞ്ഞിട്ടല്ലോ യഹൂദയോടും യറൂശലേമ്യ
രോടും നിങ്ങൾ ഈ യാഗപീഠത്തിൻെറ
മുമ്പിൽ നമസ്കരിപ്പിൻ എന്നു കല്പിച്ചത്.
എന്നിട്ടെന്തു പ്രയോജനമുണ്ടായി? എൻെറ
യജമാനനായ അസീറിയൻ രാജാവുമായി 8
സഖ്യം ചെയ്യുക. തക്ക കുതിരപ്പടയാളികളെ
നിയമിക്കുവാൻ നിനക്കു കഴിയുമെങ്കിൽ
ഞാൻ രണ്ടായിരം കുതിരയെ നിനക്കു
തരാം. നീ പിന്നെ എങ്ങനെ എൻെറ യജ 9
മാനൻെറ എളിയ ദാസന്മാരിൽ ഒരു പടനാ
യകനെയെങ്കിലും മടക്കിവിടും? രഥങ്ങൾ
ക്കായും കുതിരപ്പടയ്ക്കായും നീ മെസ്രേ
നിൽ ആശ്രയിക്കുന്നു. ഞാൻ ഇപ്പോൾ ഈ 10
ദേശം നശിപ്പിപ്പാൻ കർത്താവിനെ കൂടാ
തെയാണോ അതിൻെറ നേരെ പുറപ്പെട്ടു
വന്നിരിക്കുന്നത്? കർത്താവ് എന്നോട്
അതിനെ നശിപ്പിക്കുക എന്നു കല്പിച്ചിരി
ക്കുന്നു. അപ്പോൾ ഏല്യാക്കീമും ശെബ്ന 11
യും യോവാഹും റബ്ശാക്കേയോട്: അടിയ
ങ്ങളോട് ആരാം ഭാഷയിൽ സംസാരിക്ക
ണമേ. അത് ഞങ്ങൾക്കറിയാം; കോട്ടമേ
ലുള്ള ജനം കേൾക്കെ ഞങ്ങളോട് യഹൂദ
ഭാഷയിൽ സംസാരിക്കരുതേ എന്നു പറ
ഞ്ഞു. അതിന് റബ്ശാക്കേ: നിൻെറ യജ 12
മാനനോടും നിന്നോടും ഈ വാക്കു പറയു
വാനോ എൻെറ യജമാനൻ എന്നെ അയ
ച്ചിരിക്കുന്നത്? നിങ്ങളോടുകൂടി സ്വന്ത മലം
തിന്നുകയും സ്വന്തമൂത്രം കുടിക്കുകയും
ചെയ്‌വാൻ ഇടയാകരുത് എന്ന് കോട്ടമേൽ
കഴിയുന്ന പുരുഷന്മാരുടെ അടുക്കലേക്ക്
അല്ലയോ എന്നു പറഞ്ഞു. അങ്ങനെ 13
റബ്ശാക്കേ നിന്നുകൊണ്ട് യഹൂദഭാഷ
യിൽ ഉറക്കെ വിളിച്ചുപറഞ്ഞു: മഹാരാജാ
വായ അസ്സീറിയൻ രാജാവിൻെറ വാക്കു
കേൾപ്പിൻ. രാജാവ് ഇപ്രകാരം കല്പിക്കു 14
ന്നു: ഹെസക്കിയാ നിങ്ങളെ ചതിക്കരുത്.
അവനു നിങ്ങളെ വിടുവിപ്പാൻ കഴിയുക
യില്ല. ദൈവം നമ്മെ നിശ്ചയമായും 15

വിടുവിക്കും; ഈ നഗരം അസ്സീറിയൻ
രാജാവിൻെറ കയ്യിൽ ഏല്പിക്കുകയില്ല
എന്നു പറഞ്ഞ് ഹെസക്കിയാ നിങ്ങളെ
കർത്താവിൽ ആശ്രയിക്കുവാനിടയാക്ക
16 രുത്. ഹെസക്കിയായ്ക്കു നിങ്ങൾ ചെവി
കൊടുക്കരുത്. അസ്സീറിയാ രാജാവ് ഇപ്ര
കാരം കല്പിക്കുന്നു: നിങ്ങൾ എന്നോട്
സന്ധി ചെയ്യ് എൻെറ അടുക്കൽ പുറത്തു
വരുവിൻ, നിങ്ങൾ ഓരോരുവൻ താന്താ
ൻെറ മുന്തിരിവള്ളിയുടെയും അത്തിവൃക്ഷ
ത്തിൻെറയും ഫലം തിന്നുകയും സ്വന്തം
കിണറ്റിലെ വെള്ളം കുടിക്കുകയും ചെയ്യു
17 കൊൾവിൻ. പിന്നെ ഞാൻ വന്നു നിങ്ങ
ളുടെ ദേശത്തിനു തുല്യമായി ധാന്യവും
വീഞ്ഞും അപ്പവും മുന്തിരിത്തോട്ടങ്ങളും
ഉള്ള ഒരു ദേശത്തേക്ക് നിങ്ങളെ കൂട്ടി
18 ക്കൊണ്ട് പോകും. കർത്താവു നമ്മെ രക്ഷി
ക്കുമെന്നു പറഞ്ഞ് ഹെസ്ക്കിയാ നിങ്ങളെ
വഞ്ചിക്കരുത്. ഏതെങ്കിലും ദേവന്മാരിൽ
ആരെങ്കിലും തൻെറ ദേശത്തെ അസ്സീറിയാ
രാജാവിൻെറ കയ്യിൽനിന്നു വിടുവിച്ചിട്ടു
19 ണ്ടോ? ഹമാത്തിലെയും അർപ്പാദിലെയും
ദേവന്മാർ എവിടെ? സെഫർവ്വയിമിലെ
ദേവന്മാരും എവിടെ? അവർ ശമറിയായെ
എൻെറ കയ്യിൽനിന്നു വിടുവിച്ചുവോ?
20 കർത്താവ് യറുശലേമിനെ എൻെറ കയ്യിൽ
നിന്നു വിടുവിപ്പാൻ തക്കവണ്ണം ആ ദേശങ്ങ
ളിലെ സകല ദേവന്മാരിലും ആരെങ്കിലും
തൻെറ ദേശത്തെ എൻെറ കയ്യിൽനിന്നു
21 വിടുവിച്ചുവോ? ജനം മിണ്ടാതിരുന്നു. അവ
നോട് ഒന്നും ഉത്തരം പറഞ്ഞില്ല. അവനോട്
ഉത്തരം പറയരുതെന്ന് രാജകല്പന ഉണ്ടാ
യിരുന്നു. ഹല്ക്കിയായുടെ മകൻ ഏലിയാ
ക്കിം എന്ന രാജധാനി വിചാരകനും എഴു
ത്തുകാരൻ ശെബ്നയും ആസാഫിൻെറ
മകൻ യോവാഹ് എന്ന മന്ത്രിയും വസ്ത്രം
കീറി ഹെസക്കിയായെ സമീപിച്ചു റബ്ശാ
ക്കേയുടെ വാക്കു അവനോട് അറിയിച്ചു.

അദ്ധ്യായം 37

1 ഹെസക്കിയ രാജാവ് അതു കേട്ടതോടെ
വസ്ത്രം കീറി രട്ടുടുത്തുകൊണ്ട് ദൈവാല
2 യത്തിൽ ചെന്നു. പിന്നെ അവൻ രാജധാനി
വിചാരകൻ ഏലിയാക്കിമിനെയും എഴു
ത്തുകാരൻ ശെബ്നയെയും പുരോഹിത
രിൽ പ്രധാനികളെയും രട്ടുടുത്തവരായി
ആമോസിൻെറ മകനായ ഏശായാ പ്രവാ
3 ചകൻെറ അടുക്കൽ അയച്ചു. അവർ അവ
നോട് പറഞ്ഞു: ഹെസ്ക്കിയാ ഇപ്രകാരം
പറയുന്നു: ഇന്ന് കഷ്ടവും ശാസനയും
കോപവുമുള്ള ദിവസമത്രേ. കുഞ്ഞുങ്ങൾ
ജനിപ്പാറായിരിക്കുന്നു. പ്രസവിത്രിക്കോ
ശക്തിയില്ല. ജീവനുള്ള ദൈവത്തെ നിന്ദി
പ്പാൻ റബ്ശാക്കേയെ അവൻെറ യജമാന
നായ അസ്സീറിയാ രാജാവ് അയച്ചു പറയി
ക്കുന്ന വാക്ക് നിൻെറ ദൈവമായ കർത്താ
വു കേൾക്കും. നിൻെറ ദൈവമായ കർത്താ
വ് കേട്ടിരിക്കുന്ന വാക്കിന് തക്ക പ്രതികാരം
ചെയ്യും. ആകയാൽ ഇനിയും അവശേ
ഷിച്ചിരിക്കുന്നവർക്കുവേണ്ടി കേണപേ
ക്ഷിക്കണമേ. ഹെസക്കിയാ രാജാവിൻെറ
ഭൃത്യന്മാർ ഏശായായുടെ അടുക്കൽ വന്ന
പ്പോൾ ഏശായാ അവരോടു പറഞ്ഞത്
നിങ്ങൾ നിങ്ങളുടെ യജമാനനോട് പറയുക
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു
അസ്സീറിയാ രാജാവിൻെറ ഭൃത്യന്മാർ
എന്നെ നിന്ദിച്ചതായി നീ കേട്ടിരിക്കുന്ന
വാക്കുമൂലം ഭയപ്പെടേണ്ട. ഞാൻ അവന്
ഒരു മനസ്സിളക്കം വരുത്തും. അവൻ, ഒരു
ശ്രുതി കേട്ടിട്ട് സ്വദേശത്തേക്ക് മടങ്ങി
പ്പോകും. ഞാൻ അവനെ അവൻെറ സ്വന്ത
ദേശത്തുവച്ച് വാൾകൊണ്ട് വീഴിക്കും.
റബ്ശാക്കേ തിരിച്ചെത്തിയപ്പോൾ അസ്സീ
റിയാ രാജാവ് ലിബ്നക്കെതിരെ യുദ്ധം
ചെയ്യുന്നതു കണ്ടു. അവൻ ലാഖീശ്
വിട്ടുപോയി എന്ന് അവൻ കേട്ടിരുന്നു.
എന്നാൽ എത്യോപ്യാ രാജാവായ തിർഹാ
ക്ക് തൻെറ നേരെ യുദ്ധം ചെയ്‌വാൻ പുറ
പ്പെട്ടിരിക്കുന്നു എന്നു കേട്ടിട്ട് അവൻ ഹെസ
ക്കിയായുടെ അടുക്കൽ ദൂതന്മാരെ അയച്ചു
കല്പിച്ചു: നിങ്ങൾ യഹൂദാരാജാവായ
ഹെസക്കിയായോട് പറയുക, യറുശലേമി
നെ അസ്സീറിയാ രാജാവിൻെറ കയ്യിൽ
ഏല്പിച്ചു കൊടുക്കുകയില്ല എന്ന്, നി
ആശ്രയിക്കുന്ന നിൻെറ ദൈവം നിന്നെ
വഞ്ചിക്കരുത്. അസ്സീറിയാ രാജാക്കന്മാർ
എല്ലാ രാജ്യങ്ങളോടും ചെയ്തതും അവയ്ക്ക്
ഉന്മൂലനാശം വരുത്തിയതും നീ കേട്ടിട്ടു
ണ്ടല്ലോ, നീ രക്ഷപ്പെടുമോ? ഗോസാൻ,
ഹാരാൻ, രേസഫ്, തെലസ്സാരിലെ ഏദേ
ന്യർ എന്നിങ്ങനെ എൻെറ പിതാക്കന്മാർ
നശിപ്പിച്ച ജാതികളുടെ ദേവന്മാർ അവരെ
വിടുവിച്ചിട്ടുണ്ടോ? ഹമാത്ത് രാജാവും
അർപ്പാദ് രാജാവും സെഫർവ്വയീം പട്ടണം
ഹേനാ, ഇവ്വ എന്നിവയുടെ രാജാക്കന്മാരും
എവിടെ? ഹെസക്കിയാ ദൂതന്മാരുടെ
കയ്യിൽനിന്ന് എഴുത്തു വാങ്ങി വായിച്ചു
ഹെസക്കിയാ ദൈവാലയത്തിൽ ചെന്നു
ദൈവസന്നിധിയിൽ അതു വിടർത്തി.
ഹെസക്കിയാ ദൈവത്തോട് പ്രാർത്ഥിച്ചു:

ായേലിൻെറ ദൈവമായി ക്രൂബേന്മാ
മീതെ അധിവസിക്കുന്നവനായ ബല
ായ ദൈവമേ! നീ ഏകൻ മാത്രം ഭൂമി
സർവ്വരാജ്യങ്ങൾക്കും ദൈവമാകു
നീ ആകാശത്തെയും ഭൂമിയെയും
ടിച്ചു. കർത്താവേ ചെവി ചായിച്ചു
ാണമേ. കർത്താവേ! തൃക്കണ്ണു തുറ
നാക്കണമേ. ജീവനുള്ള ദൈവത്തെ
്വാൻ ആളയച്ചിരിക്കുന്ന സൻഹേരി
ൻെറ വാക്കുകൾ കേൾക്കണമേ. കർ
വ അസ്സീറിയാ രാജാക്കന്മാർ സർവ്വ
കളെയും അവരുടെ രാജ്യങ്ങളെയും
ാക്കി. അവരുടെ ദേവന്മാരെ തീയിൽ
ളഞ്ഞത് സത്യംതന്നേ. അവ ദേവന്മാ
ുഷ്യരുടെ കൈപ്പണിയായ തടിയും
ാത്രം ആയിരുന്നു. ആകയാൽ അവർ
നശിപ്പിച്ചുകളഞ്ഞു. ഇപ്പോഴോ
ുടെ ദൈവമായ കർത്താവേ! നീ
മാത്രം ദൈവം എന്ന് ഭൂമിയിലെ
ാജ്യങ്ങളും അറിയേണ്ടതിന് ഞങ്ങ
ൻെറ കയ്യിൽനിന്നു രക്ഷിക്കണമെ.
മോസിൻെറ മകനായ ഏശായാ
ിയായുടെ അടുക്കൽ പറഞ്ഞയച്ച
ായേലിൻെറ ദൈവമായ കർത്താവ്
ം അരുളിച്ചെയ്യുന്നു: നീ അസ്സീ
ജാവായ സൻഹേരിബു നിമിത്തം
് പ്രാർത്ഥിച്ചതിനാൽ അവനെക്കു
ദവം അരുളിച്ചെയ്യുന്നു. സെഹി
ുത്രിയായ കന്യക നിന്നെ നിന്ദിച്ചു
ിക്കുന്നു. യറുശലേംപുത്രി നിൻെറ
തല കുലുക്കുന്നു. നീ ആരെയാ
ന്ദിച്ചു ദുഷിച്ചത്? ആർക്കു വിരോ
കുന്നു നീ ശബ്ദമുയർത്തുകയും
ത്തുകയും ചെയ്തത്? ഇസ്രായേലി
ശുദ്ധന്നു വിരോധമായിട്ടല്ലയോ?
ൃത്യന്മാർ വഴിയായി നീ കർത്താ
ന്ദിച്ചു. എൻെറ അസംഖ്യരഥങ്ങ
താൻ മലമുകളിലും ലബാനോ
ഖരങ്ങളിലും കയറിയിരിക്കുന്നു.
ഉയർന്ന ദേവദാരുക്കളും വിശി
സരളവൃക്ഷങ്ങളും ഞാൻ മുറി
ിൻെറ കൊടുമുടിവരെയും അതി
ിയ കാടുവരെയും ഞാൻ കടന്നു
ാൻ കുഴിച്ചെടുത്തു വെള്ളം കുടി
ൻെറ കാലടികളാൽ മെസ്രേനിലെ
ികളെയും വറ്റിക്കും എന്നു പറ
. ഞാൻ വളരെ മുമ്പേ അതിനെ
പൂർവ്വകാലത്തുതന്നെ അതിനെ
എന്നു നീ കേട്ടിട്ടില്ലയോ? ഉറ
ങ്ങളെ ശൂന്യകുമ്പാരങ്ങളാക്കു

വാൻ നിനക്കു ഞാൻ ഇടയാക്കി. അങ്ങനെ 27
അവയിലെ നിവാസികൾ ദുർബ്ബലന്മാരായി
പരിഭ്രമിച്ച് അമ്പരന്നുപോയി; അവർ വയ
ലിലെ പുല്ലും, പച്ചച്ചെടിയും, പുരപ്പുറങ്ങ
ളിലെ പുല്ലും, വളരുംമുമ്പെ കരിഞ്ഞുപോയ
ധാന്യവുംപോലെ ആയിത്തീർന്നു. എന്തെ 28
ന്നാൽ നിൻെറ ഇരിപ്പും, നിൻെറ ഗമനവും
ആഗമനവും എനിക്കെതിരെയുള്ള നിൻെറ
കോപഭ്രാന്തും ഞാൻ അറിയുന്നുണ്ട്. എ
ൻെറ നേരെയുള്ള നിൻെറ കോപഭ്രാന്തു, 29
നിൻെറ അഹങ്കാരം എൻെറ ചെവിയിൽ
എത്തിയിരിക്കുകയാലും ഞാൻ എൻെറ
കൊളുത്ത് നിൻെറ മൂക്കിലും, എൻെറ
കടിഞ്ഞാൺ നിൻെറ അധരങ്ങളിലും ഇട്ട്
നീ വന്ന വഴിയെതന്നെ നിന്നെ മടക്കിക്കൊ
ണ്ടുപോകും. ഇത് നിനക്ക് അടയാളമാകും.
നിങ്ങൾ ഈ വർഷം വിത്ത് വിളയുന്നതും 30
രണ്ടാം ആണ്ടിൽ താനേ കിളുർത്തു വിള
യുന്നതും ഭക്ഷിക്കും. മൂന്നാം ആണ്ടിൽ
നിങ്ങൾ വിതച്ചുകൊയ്യുകയും, മുന്തിരി
ത്തോട്ടങ്ങൾ ഉണ്ടാക്കി അവയുടെ പഴം
തിന്നുകയും ചെയ്യും. യഹൂദാഗൃഹത്തിൽ 31
രക്ഷപെട്ട ഒരു അവശേഷിപ്പു വീണ്ടും
താഴേക്കു വേരൂന്നി മീതെ ഫലം കായിക്കും.
ഒരു അവശേഷിപ്പ് യറുശലേമിൽനിന്നും ഒരു 32
രക്ഷിതഗണം സെഹിയോൻ പർവ്വതത്തിൽ
നിന്നും പുറപ്പെട്ടുവരും. ബലവാനായ ദൈവ
ത്തിൻെറ ഉഗ്രത അത് ചെയ്യും. ആകയാൽ 33
ദൈവം അസ്സീറിയാ രാജാവിനെക്കുറിച്ച്
ഇപ്രകാരം അരുളിച്ചെയ്യുന്നു: അവൻ ഈ
നഗരത്തിൽ വരികയില്ല; ഒരു അമ്പുപോലും
അവിടെ എയ്യുകയുമില്ല; അതിന്നെതിരെ
പരിചയോടുകൂടെ വരികയുമില്ല; അതിന്നെ
തിരെ കിടങ്ങു കുഴിക്കുകയില്ല. അവൻ വന്ന 34
വഴിയെ മടങ്ങിപ്പോകും. ഈ നഗരത്തി
ലേക്ക് വരികയുമില്ല. എൻെറ നിമിത്തവും 35
എൻെറ ദാസനായ ദാവീദിൻെറ നിമിത്തവും
ഞാൻ ഈ നഗരത്തെ കാത്ത് രക്ഷിക്കും
എന്നു കർത്താവ് കല്പിക്കുന്നു.

ദൈവദൂതൻ പുറപ്പെട്ട് അസ്സീറിയാ 36
പാളയത്തിൽ നൂറ്റിയെൺപത്തയ്യായിരം
പേരെ കൊന്നു. ജനം രാവിലെ എഴുന്നേറ്റ
പ്പോൾ അവരെല്ലാം ശവങ്ങളായി കിടക്കുന്ന
തു കണ്ടു. അങ്ങനെ അസ്സീറിയാ രാജാവായ 37
സൻഹേരിബ് മടങ്ങിപ്പോയി. നിനവെയിൽ 38
പാർത്തു. അവൻ അവൻെറ ദേവനായ
നിസ്രോക്കിൻെറ ക്ഷേത്രത്തിൽ നമസ്കരി
ക്കുന്ന സമയത്ത് അവൻെറ പുത്രന്മാരായ
അദ്രമേലേക്കും ശരേസെരും അവനെ വാൾ
കൊണ്ട് കൊന്നിട്ടു അരാരാത്തു ദേശത്തേക്ക്

ഓടിപ്പോയി. അവന്റെ മകനായ ഏസർ
ഹദ്ദോൻ അവന്നു പകരം രാജാവായി.

അദ്ധ്യായം 38

1 ആ കാലത്ത് ഹെസക്കിയായ്ക്ക് മരി
ക്കത്തക്ക രോഗം ബാധിച്ചു. ആമോസിന്റെ
മകനായ ഏശായാ പ്രവാചകൻ അവന്റെ
അടുക്കൽ വന്നു അവനോട്: നിന്റെ കുടും
ബകാര്യം ക്രമത്തിലാക്കുക; നീ മരിച്ചു
പോകും; സൗഖ്യമാകയില്ല എന്നു കർത്താ
വ് അരുളിച്ചെയ്യുന്നു എന്നു പറഞ്ഞു.
2 അപ്പോൾ ഹെസക്കിയാ മുഖം ചുവരിന്റെ
നേരേ തിരിച്ച് ദൈവത്തോട് പ്രാർത്ഥിച്ചു.
3 കർത്താവേ, ഞാൻ വിശ്വസ്തതയോടും
ഏകാഗ്രഹൃദയത്തോടും കൂടെ തിരുമു
മ്പിൽ നടന്നു നിനക്കു പ്രസാദമായവ
ചെയ്തിരിക്കുന്നു എന്ന് ഓർക്കണമെ എന്നു
പ്രാർത്ഥിച്ചു; ഹെസക്കിയാ വളരെ കരഞ്ഞു.
4 ഏശായായ്ക്ക് ദൈവകല്പന ഉണ്ടായതെ
5 ന്തെന്നാൽ: നീ ചെന്ന് ഹെസക്കിയായോട്
പറയുക: നിന്റെ പിതാവായ ദാവീദിന്റെ
ദൈവമായ കർത്താവ് ഇപ്രകാരം അരുളി
ച്ചെയ്യുന്നു: ഞാൻ നിന്റെ പ്രാർത്ഥന കേട്ടു.
6 നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു. ഞാൻ
നിന്റെ ആയുസ്സിനോട് പതിനഞ്ചു സംവ
ത്സരം കൂട്ടും. ഞാൻ നിന്നെയും ഈ നഗര
ത്തെയും അസ്സീറിയാ രാജാവിന്റെ കയ്യിൽ
7 നിന്നു വിടുവിക്കും. ഈ നഗരത്തെ ഞാൻ
കാത്തുരക്ഷിക്കും. കർത്താവ് താൻ അരുളി
ച്ചെയ്ത ഈ കാര്യം നിവൃത്തിക്കും എന്നു
ള്ളതിനു ദൈവസന്നിധിയിൽ ഇത് നിനക്കു
8 ഒരു അടയാളം ആകും. ആഹാസിന്റെ
ഘടികാരത്തിൽ സൂര്യഗതി അനുസരിച്ച്
ഇറങ്ങിപ്പോയിരിക്കുന്ന നിഴലിനെ ഞാൻ
പത്തു പടി പിന്നോക്കം തിരിയുമാറാക്കും.
അങ്ങനെ സൂര്യൻ ഘടികാരത്തിൽ ഇറങ്ങി
പ്പോയിരുന്ന പത്തു പടി തിരിഞ്ഞുപോന്നു.
9 യഹൂദാരാജാവായ ഹെസക്കിയാ രോഗ
ബാധിതനായി സുഖമായശേഷം അവൻ
എഴുതിയത്:
10 എന്റെ ആയുസ്സിന്റെ മദ്ധ്യത്തിൽ
ഞാൻ പാതാളവാതില്ക്കൽ എത്തേ
ണ്ടിവരുന്നു. എന്റെ ആയുർശിഷ്ടം എനി
ക്കില്ലാതെപോയി എന്നു ഞാൻ പറഞ്ഞു.
11 ഞാൻ ഇനിയും കർത്താവിനെ, ജീവ
നുള്ളവരുടെ ദേശത്തുവച്ച് കർത്താവിനെ
കാണുകയില്ല.
ഞാൻ ഭൂവാസികളുടെ ഇടയിൽ ഇനി
മനുഷ്യനെയും കാണുകയില്ല എന്നു ഞാൻ
പറഞ്ഞു.

എന്റെ വാസം നീങ്ങി ഇടയന്റെ 12
കൂടാരംപോലെ എന്നെ വിട്ടുപോയിരി
ക്കുന്നു.
നെയ്ത്തുകാരൻ തുണി ചുരുട്ടുംപോ
ലെ നീ എന്റെ ജീവനെ ചുരുട്ടിവയ്ക്കുന്നു.
അവൻ എന്നെ പാവിൽനിന്നു അറു
ത്തുകളയുന്നു.
പകലും രാത്രിയും അങ്ങ് എന്നെ അന്ത്യ
ത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു.
ഉഷസ്സുവരെ ഞാൻ എന്നെത്തന്നെ 13
അടക്കിക്കൊണ്ടിരുന്നു.
മീവൽപക്ഷിയോ പ്രാവോ എന്ന 14
പോലെ ഞാൻ കരഞ്ഞു.
ഞാൻ പ്രാവുപോലെ കുറുകി.
എന്റെ കണ്ണും ഉയരത്തിലേക്കു നോക്കി.
കർത്താവേ ഞാൻ ഞെരുങ്ങിയിരിക്കു
ന്നു. നീ എനിക്കു തുണയായിരിക്ക
ണമെ.
ഞാൻ എന്താണ് പറയേണ്ടത്? അവൻ 15
എന്നോട് അരുളിച്ചെയ്തു. അവൻ തന്നെ
നിവർത്തിച്ചുമിരിക്കുന്നു.
എന്റെ മനോവ്യസനം ഹേതുവായി
ഞാൻ എന്റെ ആയുഷ്കാലമെല്ലാം
വേദനയോടെ നടക്കും.
കർത്താവ് മനുഷ്യരോട് കരുണ 16
ചെയ്യും.
എന്റെ ജീവനും കേവലം അതിലത്രേ.
അങ്ങനെ നീ എന്നെ സൗഖ്യമാക്കി
എന്റെ ജീവനെ രക്ഷിക്കേണമേ.
സമാധാനത്തിന്നായി എനിക്ക് അത്യ 17
ന്തം വേദനാജനകമായതു ഭവിച്ചു.
എങ്കിലും നീ എന്റെ സകല പാപങ്ങ
ളെയും
നിന്റെ പിന്നിൽ എറിഞ്ഞുകളഞ്ഞതു
കൊണ്ട്
എന്റെ പ്രാണനെ നാശക്കുഴി
യിൽ നിന്ന് വാത്സല്യപൂർവ്വം രക്ഷിച്ചിരി
ക്കുന്നു.
പാതാളം നിന്നെ സ്തുതിക്കുന്നില്ല. മരണം 18
നിന്നെ പുകഴ്ത്തുന്നില്ല.
ശവക്കുഴിയിൽ ഇറങ്ങുന്നവർ നിന്റെ
വിശ്വസ്തതയെ പ്രസംഗിക്കുന്നതുമില്ല.
ഞാൻ ഇന്ന് ജീവനുള്ളവൻ. ജീവനുള്ള 19
വൻ നിന്നെ സ്തുതിക്കും.
പിതാവ് മക്കളോട് നിന്റെ വിശ്വാസ
ത്തെ അറിയിക്കും.
കർത്താവ് നമ്മെ രക്ഷിക്കും. ആക 20
യാൽ ഞങ്ങൾ ജീവകാലമെല്ലാം ദൈവ
ത്തിന്റെ ആലയത്തിൽ കിന്നരനാദ
ത്തോടെ നമ്മുടെ ഗീതങ്ങൾ പാടാം.

വന് സൗഖ്യമാകുവാൻ അത്തിപ്പഴ
ൊണ്ടുവന്ന് പരുവിന്മേൽ പുരട്ടുവാൻ
യാ പറഞ്ഞിരുന്നു. ഞാൻ ദൈവാ
ിൽ കയറിച്ചെല്ലും എന്നതിന്
ന് അടയാളം എന്നു ഹെസക്കിയാ
ിരുന്നു.

അദ്ധ്യായം 39

കാലത്ത് ബലദാൻെറ മകനായ
ക്ക് ബലദാൻ എന്ന ബാബേൽ
ഹെസക്കിയാ രോഗബാ
യി സുഖം പ്രാപിച്ചു എന്നു കേട്ട
അവന് എഴുത്തും സമ്മാനവും
യച്ചു. ഹെസക്കിയാ അവനിൽ
ടനായി തൻെറ ഭണ്ഡാരമുറിയും
വെള്ളിയും സുഗന്ധവർഗ്ഗവും
തലവും ആയുധശാലയും തൻെറ
ത്തിലുള്ള സകലവും അവരെ
. തൻെറ രാജധാനിയിലും തൻെറ
ത്തിൽ പെട്ടതെല്ലാം ഹെസക്കി
ര കാണിച്ചു. അപ്പോൾ ഏശായാ
ൻ ഹെസക്കിയാ രാജാവിൻെറ
വന്ന് അവനോട്: ഈ പുരുഷ
ു പറഞ്ഞു? അവർ എവിടെനിന്ന്
അടുക്കൽ വന്നു എന്നു ചോദിച്ച
സക്കിയാ: അവർ ദൂരദേശത്തു
ബേലിൽനിന്നു എൻെറ അടു
രിക്കുന്നു എന്നു പറഞ്ഞു. അവർ
ജഗൃഹത്തിൽ എന്തെല്ലാം കണ്ടു
ചാദിച്ചതിന്നു ഹെസക്കിയാ
ാജഗൃഹത്തിൽ ഉള്ളതെല്ലാം
ു. എൻെറ ഭണ്ഡാരത്തിൽ ഞാൻ
ാണിക്കാത്തതായി ഒന്നും ഇല്ല
പറഞ്ഞു. അപ്പോൾ ഏശായാ
ായോടു പറഞ്ഞത്: ബലവാ
ാവിൻെറ വചനം കേട്ടുകൊൾ
രാജധാനിയിൽ ഉള്ളതെല്ലാം
ാക്കന്മാർ ഇന്നുവരെ ശേഖരി
ളതെല്ലാം ബാബേലിലേയ്ക്ക്
ാണ്ടുപോകുന്ന കാലം വരുന്നു.
ച്ചവരായ, നിന്നിൽനിന്നുത്ഭവി
ൻെറ പുത്രന്മാരിലും ചിലരെ
ണ്ടുപോകും. അവർ ബാബേൽ
രാജകൊട്ടാരത്തിൽ ഷണ്ഡ
ും എന്നു ദൈവം അരുളിച്ചെ
ിന്നു ഹെസക്കിയാ ഏശായാ
റഞ്ഞ ദൈവവചനം നല്ലത്.
ൻെറ ജീവകാലത്ത് സമാധാ
ക്ഷിതത്വവും ഉണ്ടായിരിക്കു
അവൻ പറഞ്ഞു.

അദ്ധ്യായം 40

എൻെറ ജനത്തെ ആശ്വസിപ്പിപ്പിൻ, 1
ആശ്വസിപ്പിപ്പിൻ എന്ന് നിങ്ങളുടെ ദൈവം
അരുളിച്ചെയ്യുന്നു. യറൂശലേമിൻെറ ഹൃദയം 2
നിറയ്ക്കുവിൻ. അവളുടെ അകൃത്യത്തിൽ
അവൾ സന്തോഷിച്ചു. അവൾ തൻെറ
സകല പാപങ്ങൾക്കും പകരം ദൈവത്തി
ൻെറ കയ്യിൽനിന്നും ഇരട്ടിയായി പ്രാപിച്ചു
മിരിക്കുന്നു എന്ന് അവളോട് വിളിച്ചുപറ
യുവിൻ.

മരുഭൂമിയിൽ വിളിച്ചുപറയുന്ന ശബ്ദം: 3
'കർത്താവിന്ന് വഴി ഒരുക്കുവിൻ. നിർജ്ജന
പ്രദേശത്ത് നമ്മുടെ ദൈവത്തിന്നു വഴി
നിരപ്പാക്കുവിൻ. എല്ലാ താഴ്‌വരയും നിക
ന്നും എല്ലാ മലയും കുന്നും താണും വരും. 4
വളഞ്ഞത് ചൊവ്വായും ദുർഘടങ്ങൾ
സമമായും തീരും. ദൈവമഹത്വം വെളി
പ്പെടും. സകല ജഡവും ഒരുപോലെ അതി 5
നെ കാണും. ദൈവമല്ലോ അരുളിച്ചെയ്തി
രിക്കുന്നത്. വിളിച്ചുപറയുന്ന ശബ്ദം!'
എന്താണ് വിളിച്ചു പറയേണ്ടത് എന്നു 6
ഞാൻ ചോദിച്ചു. സകല ജഡവും പുല്ലു
പോലെയും അതിൻെറ ഭംഗിയെല്ലാം
വയലിലെ പൂവുപോലെയും ആകുന്നു.
കർത്തൃശ്വാസം അതിന്മേൽ ഊതുകയാൽ 7
പുല്ലുണങ്ങുന്നു. പൂ വാടുന്നു. അതേ ഈ
ജനം പുല്ലുതന്നെ. പുല്ലുണങ്ങുന്നു. പൂ വാടു 8
ന്നു. നമ്മുടെ ദൈവത്തിൻെറ വചനമോ
എന്നേക്കും നിലനില്ക്കും.

സുവാർത്ത അറിയിക്കുന്ന സെഹി 9
യോനേ, നീ ഉയർന്ന പർവ്വതത്തിലേക്ക്
കയറിച്ചെല്ലുക. സുവാർത്ത അറിയിക്കുന്ന
യറൂശലേമേ, നിൻെറ ശബ്ദം ശക്തമായി
ഉയർത്തുക. ഭയപ്പെടാതെ ഉയർത്തുക.
യഹൂദാനഗരങ്ങളോട്: ഇതാ നിങ്ങളുടെ
ദൈവം എന്നു പറയുക. ഇതാ ദൈവമായ 10
കർത്താവ് ബലവാനായി വരുന്നു. അവ
ൻെറ ഭുജം ശക്തിയോടെ വരുന്നു. ഇതാ
കൂലി അവൻെറ കൈവശവും പ്രതിഫലം
അവൻെറ കയ്യിലും ഉണ്ട്. ഒരു ഇടയനെ 11
പ്പോലെ അവൻ തൻെറ ആട്ടിൻപറ്റത്തെ
മേയിക്കുകയും കുഞ്ഞാടുകളെ ഭുജത്തിൽ
എടുത്തു മാർവ്വിടത്തിൽ ചേർത്തു വഹി
ക്കുകയും തള്ളയാടുകളെ പുലർത്തുകയും
ചെയ്യും.

തൻെറ ഉള്ളങ്കൈകൊണ്ട് വെള്ളത്തെ 12
അളക്കുകയും ചാണുകൊണ്ട് ആകാശത്തി
ൻെറ അളവ് എടുക്കുകയും ഭൂമിയുടെ
പൊടി കയ്യിൽ കൊള്ളിക്കുകയും പർവ്വത

ങ്ങൾ തൂക്കുകട്ടകൊണ്ടും കുന്നുകൾ തുലാ
സിലും തൂക്കുകയും ചെയ്തവൻ ആര്?
13 കർത്തൃമനസ്സ് ആരാഞ്ഞറിയുകയോ അവ
ന്ന് ആലോചനക്കാരനായി അവനെ ഗ്രഹി
14 പ്പിക്കുകയോ ചെയ്യുവനാര്? അവനെ ഉപദേ
ശിച്ച് ന്യായപാതയെ പഠിപ്പിക്കുകയും
അവനെ പരിജ്ഞാനം പഠിപ്പിച്ച് വിവേക
ത്തിൻെറ മാർഗ്ഗം കാണിക്കയും ചെയ്തു
15 കൊടുക്കുവാൻ അവൻ ആരോടാലോചി
ച്ചു? ഇതാ ജാതികൾ കോരുകുട്ടയിലെ ഒരു
തുള്ളി പോലെയും തുലാസ്സിലെ ഒരു
പൊടിപോലെയും അവന്നു തോന്നുന്നു.
അവൻ ദ്വീപുകളെ ഒരു മണൽതരിയെ
16 പ്പോലെ എടുത്തു പൊക്കുന്നു, ലെബാ
നോൻ വിറകിന്നു മതിയാകയില്ല. അതിലെ
17 മൃഗങ്ങൾ ഹോമയാഗത്തിന്നു മതിയാകു
ന്നില്ല. സകല ജാതികളും അവന് ഒന്നുമി
ല്ലാത്തതുപോലെ ഇരിക്കുന്നു. അവന്
18 നാശവും ശൂന്യവുമായി തോന്നുന്നു.
ആകയാൽ നിങ്ങൾ ദൈവത്തെ ആരോട്
19 ഉപമിക്കും? ഏതു രൂപം നിങ്ങൾ അവനോട്
തുല്യമാക്കും? മൂശാരി വിഗ്രഹം വാർക്കുന്നു.
തട്ടാൻ പൊന്നുകൊണ്ട് പൊതിയുകയും
20 അതിന്നു വെള്ളിച്ചങ്ങല തീർക്കുകയും
ചെയ്യുന്നു. ദ്രവിച്ചുപോകാത്ത ഒരു തടിക്ക
ഷണം തിരഞ്ഞെടുക്കുകയും ഇളകാത്ത
വിഗ്രഹം കൊത്തിയുണ്ടാക്കി നിർത്തു
വാൻ ഒരു ശില്പിയെ അന്വേഷിക്കുകയും
21 ചെയ്യുന്നു. നിങ്ങൾക്ക് അറിഞ്ഞുകൂടയോ?
നിങ്ങൾ കേട്ടിട്ടില്ലയോ? ആദിമുതൽ നിങ്ങ
ളോട് അറിയിച്ചിട്ടില്ലയോ? ഭൂമിയുടെ
22 അടിസ്ഥാനങ്ങളാൽ നിങ്ങൾ ഗ്രഹിച്ചിട്ടി
ല്ലയോ? അവൻ ഭൂമണ്ഡലത്തിന്മീതെ
ഇരിക്കുന്നു. അതിലെ നിവാസികൾ വെട്ടു
ക്കിളികളെപ്പോലെ മാത്രം. അവൻ ആകാ
ശത്തെ ഒരു തിരശ്ശീലപോലെ നിവിർക്കു
23 കയും നിവാസകൂടാരത്തെപ്പോലെ ഒരു
ക്കുകയും ചെയ്യുന്നു. പ്രഭുക്കന്മാരെ ഒന്നു
മില്ലാതെയാക്കുകയും ഭൂമിയിലെ ന്യായാ
24 ധിപന്മാരെ ശൂന്യമാക്കുകയും ചെയ്യുന്നു.
അവർ നടുകയില്ല. അവർ വിതയ്ക്കുക
യില്ല. അവർ നിലത്തു വേരൂന്നുകയുമില്ല.
അവൻ അവരുടെമേൽ ഊതും. അവർ
വാടിപ്പോകും. ചുഴലിക്കാററുകൊണ്ട് താള
ടിപോലെ പറന്നുപോകുകയും ചെയ്യുന്നു.
25 ആകയാൽ നിങ്ങൾ എന്നെ ആരോടാണ്
ഉപമിക്കുന്നത്? ഞാൻ ആരോട് തുല്യ
നാകും? എന്ന് പരിശുദ്ധനായവൻ അരുളി
26 ച്ചെയ്യുന്നു. നിങ്ങൾ കണ്ണ് മേലോട്ട് ഉയർത്തി
നോക്കുവിൻ. ഇവയെ സൃഷ്ടിച്ചതാര്?

അവൻ അവയുടെ സൈന്യത്തെ ക്രമത്തിൽ
പുറപ്പെടുവിക്കുകയും അവയെ എല്ലാം
പേരുചൊല്ലി വിളിക്കുകയും ചെയ്യുന്നു.
അവൻെറ ശക്തിമാഹാത്മ്യം നിമിത്തവും
അവൻെറ ശക്തിയുടെ ആധിക്യം നിമിത്തവും
അവയിൽ ഒന്നും തെററിപ്പോകുകയില്ല.
എന്നാൽ എൻെറ വഴി ദൈവത്തിന്നു
മറഞ്ഞിരിക്കുന്നു. എൻെറ വിധി എൻെറ
ദൈവം കാണാതെ കടന്നുപോയിരിക്കുന്നു
എന്ന് യാക്കോബേ, നീ പറയുകയും
ഇസ്രായേലേ, നീ സംസാരിക്കുകയും
ചെയ്യുന്നതെന്ത്? നിനക്കറിഞ്ഞുകൂടയോ?
നീ കേട്ടിട്ടില്ലയോ? കർത്താവ് നിത്യദൈവം
അവൻ ഭൂമിയുടെ അതിർത്തികളെ സൃഷ്ടി
ച്ചു. അവൻ ക്ഷീണിക്കുന്നില്ല. തളർന്നു
പോകുന്നുമില്ല. അവൻെറ ബുദ്ധിക്ക് അ[illegible]
രില്ല. അവൻ ക്ഷീണിതന്ന് ശക്തി നല്കുന്നു
ബലമില്ലാത്തവന്ന് ബലം വർദ്ധിപ്പിക്കും
യുവാക്കൾ ക്ഷീണിച്ച് തളർന്നുപോകും
യുവാക്കൾ ഇടറിവീഴും. എങ്കിലും ദൈ[illegible]
ത്തിൽ ആശ്രയിക്കുന്നവർ ശക്തിയെ പു[illegible]
ക്കും. അവർ പ്രാവിനെപ്പോലെ ചിറ[illegible]
അടിച്ചുകയറും. അവർ തളർന്നു പോകാ[illegible]
ഓടുകയും ക്ഷീണിച്ചുപോകാതെ നടക്[illegible]
കയുംചെയ്യും.

അദ്ധ്യായം 41

ദ്വീപുകളേ, എൻെറ മുമ്പിൽ മിണ്ടാ[illegible]
വിൻ. ജനം ശക്തിയെ പുതുക്കട്ടെ. അ[illegible]
അടുത്തു വരട്ടെ. അപ്പോൾ നമുക്ക് സം[illegible]
രിക്കാം. നാം തമ്മിൽ ന്യായവാദം ചെയ്[illegible]
തിന് അടുത്തു വരിക. നീതിയെ കിഴക്[illegible]
നിന്നും ഉണർത്തിയതാര്? ജാതികൾ അ[illegible]
ൻെറ മുമ്പിൽ ഏല്പിച്ചുകൊടുക്കപ്പെടു[illegible]
രാജാക്കന്മാർ ഭയപ്പെടും. അവൻ അവരുടെ
വാളിനെ പൊടിപോലെയും അവരുടെ
വില്ലിനെ പറന്നുപോകുന്ന താളടിപോലെ
യും ആക്കിക്കളയും. അവൻ അവ[illegible]
പിന്തുടർന്നു നിർഭയനായി കടന്നുചെല്[illegible]
ന്നു. പാതയിൽ കാൽ വച്ചല്ല അവൻ പോ[illegible]
കുന്നത്. ആരാണ് അത് പ്രവർത്തിക്കയു[illegible]
അനുഷ്ഠിക്കുകയും ചെയ്തത്? ആദിമുതൽ
തലമുറകളെ വിളിച്ചവൻ; ദൈവമായ ഞാ[illegible]
ആദ്യനും അനന്യനും ആകുന്നു. ദ്വീപുക[illegible]
എന്നെ കണ്ടു ഭയപ്പെട്ടു. ഭൂമിയുടെ അ[illegible]
തികൾ വിറച്ചു. അവർ ഒന്നിച്ചുകൂടി. അ[illegible]
ത്തു വന്നു.
അവർ അന്യോന്യം സഹായിച്ചു. ഒ[illegible]
വൻ മററവനോട് ധൈര്യമായിരിക്കു[illegible]
എന്നു പറഞ്ഞു. അങ്ങനെ ആശാരി ത[illegible]

ം കൊല്ലൻ കൂടം തല്ലുന്നവനെയും
്യപ്പെടുത്തി. നിലവിളിക്കുന്നവനോട്
യി എന്നു പറഞ്ഞു. ഇളകാതിരിക്കേ
ന്ന് അവൻ അതിനെ ആണി കൊണ്ട്
ക്കുന്നു.
ന്റെ ദാസനായ ഇസ്രായേലേ,
തിരഞ്ഞെടുത്ത യാക്കോബേ,
ാ സ്നേഹിതനായ അബ്രഹാമിന്റെ
ായേ, നിന്നെ ഞാൻ ശക്തനാക്കി.
ഭൂമിയുടെ അററങ്ങളിൽനിന്നു
വിളിച്ചു. നീ ഭയപ്പെടേണ്ട. ഞാൻ
ാടുകൂടെ ഉണ്ട്. പരിഭ്രമിക്കേണ്ട.
നിന്റെ ദൈവം ആകുന്നു. ഞാൻ
ടു പറഞ്ഞു. നീ എന്റെ ദാസൻ.
നിന്നെ തിരഞ്ഞെടുത്തു. ഞാൻ
നിരസിക്കുകയില്ല. ഞാൻ നിന്നെ
ിക്കും. ഞാൻ നിന്നെ സഹായിക്കും.
നീതിയുള്ള വലങ്കൈകൊണ്ട്
ിന്നെ താങ്ങും. നിന്നോട് കോപി
ന്ന എല്ലാവരും ലജ്ജിച്ച് അമ്പര
കും. നിന്നോടു വഴക്കിടുന്നുവർ
ല്ലാതെയാകും. നിന്നോടു പോരാ
ൻ നീ അന്വേഷിക്കും. കാണുക
നിന്നോട് യുദ്ധംചെയ്യുന്നവർ
താകും. നിന്റെ ദൈവമായ
് എന്ന ഞാൻ നിന്റെ വലങ്കൈ
ും. നിന്നോട് ഭയപ്പെടേണ്ടാ, ഞാൻ
സഹായിക്കും എന്നു പറയുന്നു.
ാ യാക്കോബേ, ഇസ്രായേൽ ജന
പ്പടേണ്ടാ, ഞാൻ നിന്നെ സഹാ
ന്ന് കർത്താവ് അരുളിച്ചെയ്യുന്നു.
ീണ്ടെടുപ്പുകാരൻ ഇസ്രായേലി
ിശുദ്ധൻതന്നെ. ഇതാ, ഞാൻ
തിയതും മൂർച്ചയുള്ളതും, പല്ലേ
ായ മെതിവണ്ടിയാക്കി തീർക്കു
പർവ്വതങ്ങളെ മെതിച്ചുപൊടി
കുന്നുകളെ പതിരുപോലെ
ും ചെയ്യും. നീ അവയെ ധൂളി
അവയെ പറപ്പിക്കും. ചുഴലി
വയെ ചിതറിക്കും. നീ കർത്താ
ാഷിച്ചുല്ലസിച്ച് ഇസ്രായേലി
ുദ്ധനിൽ മഹിമപ്പെടും. എളിയ
ദരും വെള്ളം അന്വേഷിച്ചു
കിട്ടായ്കയാൽ അവരുടെ
ംകൊണ്ട് വരണ്ടു പോകുന്നു.
യ ഞാൻ അവർക്ക് ഉത്തരം
ഇസ്രായേലിന്റെ ദൈവമായ
രെ ഉപേക്ഷിക്കുകയില്ല. ഞാൻ
നദികളെയും താഴ്വരകളുടെ
ുറവുകളും വരുത്തും. മരു
ഭൂമിയെ ഞാൻ നീർച്ചാലും വരണ്ട നില
ത്തെ നീരുറവുകളും ആക്കും. ഞാൻ 19
മരുഭൂമിയിൽ ദേവദാരു, ഖദിരമരം, കൊഴു
ന്ത്, ഒലിവുവൃക്ഷം എന്നിവ നടും. ഞാൻ
വിജനപ്രദേശത്ത് സരളവൃക്ഷവും പയിൻ
മരവും, പുന്നയും വച്ചു പിടിപ്പിക്കും. കർത്താ 20
വിന്റെ കൈ അതു ചെയ്തു എന്നും ഇസ്രാ
യേലിന്റെ പരിശുദ്ധൻ അതു സൃഷ്ടിച്ചു
എന്നും അവരെല്ലാവരും കണ്ടറിഞ്ഞ്
ചിന്തിച്ച് ഗ്രഹിക്കും.
നിങ്ങളുടെ പ്രതിവാദം കൊണ്ടുവരു 21
വീൻ എന്നു കർത്താവ് കല്പിക്കുന്നു.
നിങ്ങളുടെ ന്യായങ്ങളെ കാണിപ്പിൻ എന്നു
യാക്കോബിന്റെ രാജാവു കല്പിക്കുന്നു.
സംഭവിപ്പാനുള്ളതു അവർ കാണിച്ച് 22
നമ്മോട് പ്രസ്താവിക്കട്ടെ. നാം ചിന്തിച്ച്
അതിന്റെ അവസാനം അറിയുവാൻ
ആദ്യകാര്യങ്ങൾ ഇന്നിന്നവയെന്നു അവർ
പ്രസ്താവിക്കട്ടെ. അല്ലെങ്കിൽ സംഭവിപ്പാനു
ള്ളതു നമ്മെ കേൾപ്പിക്കട്ടെ.
നിങ്ങൾ ദേവന്മാർ എന്നു ഞങ്ങൾ 23
അറിയുവാൻ ഭാവിയിൽ സംഭവിക്കുവാ
നുള്ളത് പ്രസ്താവിപ്പീൻ. ഞങ്ങൾ കണ്ടു
വിസ്മയിക്കേണ്ടതിന്ന് നന്മയെങ്കിലും തിന്മ
യെങ്കിലും പ്രവർത്തിപ്പിൻ. നിങ്ങൾ ഇല്ലാ 24
യ്മയും നിങ്ങളുടെ പ്രവൃത്തി വ്യർത്ഥവും
ആകുന്നു. നിങ്ങളുടെ തിരഞ്ഞെടുപ്പ്
അശുദ്ധമാകുന്നു.
ഞാൻ ഒരുവനെ വടക്കുനിന്നു എഴുന്നേ 25
ല്പിച്ചു. അവൻ വന്നിരിക്കുന്നു. സൂര്യോദയ
ഭാഗത്തുനിന്ന് അവനെ എഴുന്നേല്പിച്ചു.
അവൻ എന്റെ നാമത്തെ ആരാധിക്കും.
അവൻ വന്ന് ചെളിയെപ്പോലെയും കുശവൻ
കളിമണ്ണ് ചവിട്ടുന്നതുപോലെയും ദേശാധി
പതികളെ ചവിട്ടിക്കുകയും ഞങ്ങൾ അറി 26
യേണ്ടതിന് ആദിമുതലും അവൻ നീതി
മാൻ എന്നു ഞങ്ങൾ പറയേണ്ടതിന്ന്
നേരത്തേയും ആരു പ്രസ്താവിച്ചു? പ്രസ്താവി
പ്പാനോ കാണിച്ചുതരുവാനോ വാക്കു
കേൾപ്പിക്കുവാനോ ആരുമില്ല. ഞാൻ ആ 27
ദ്യനായി സെഹിയോനോട്, ഇതാ, ഇതാ,
അവർ വരുന്നു എന്നു പറയുന്നു. യറു
ശലേമിന്നു ഞാൻ ഒരു സുവാർത്താ
വാഹകനെ കൊടുക്കും. ഞാൻ നോക്കിയ 28
പ്പോൾ ഒരുവനുമില്ല. ഞാൻ ചോദിച്ച
പ്പോൾ ഉത്തരം പറയുവാൻ അവരിൽ ഒരു
ആലോചനക്കാരനും ഇല്ല. അവരെല്ലാ
വരും ഒന്നുമല്ല. അവരുടെ പ്രവൃത്തികൾ
വ്യർത്ഥം. അവരുടെ പ്രവൃത്തികൾ കാററും
ശൂന്യവുംതന്നേ.

അദ്ധ്യായം 42

1 ഇതാ എൻെറ ദാസൻ. ഞാനവനെ
താങ്ങി. എൻെറ ഉള്ളം പ്രസാദിക്കുന്നു.
എൻെറ തിരഞ്ഞെടുക്കപ്പെട്ടവൻ. ഞാൻ
എൻെറ ആത്മാവിനെ അവൻെറ മേൽ
2 വച്ചിരിക്കുന്നു. അവൻ ജാതികളോട് ന്യായം
പ്രസ്താവിക്കും. അവൻ നിലവിളിക്കുകയില്ല.
ആരവമുണ്ടാക്കുകയുമില്ല. തെരുവീഥിയിൽ
അവൻെറ ശബ്ദം കേൾപ്പിക്കുകയുമില്ല.
3 ചതഞ്ഞ ഓട അവൻ ഒടിച്ചുകളയുകയില്ല.
മങ്ങിയ തിരി കെടുത്തുകയുമില്ല. അവൻ
സത്യത്തോടെ ന്യായം പ്രസ്താവിക്കും. ഭൂമി
4 യിൽ ന്യായം സ്ഥാപിക്കുംവരെ അവൻ
തളരുകയില്ല. അധൈര്യപ്പെടുകയുമില്ല.
അവൻെറ ഉപദേശത്തിന്നായി ദ്വീപുകൾ
5 കാത്തിരിക്കും. ആകാശത്തെ സൃഷ്ടിച്ച്
വിരിക്കുകയും ഭൂമിയെയും അതിലെ ഉല്പ
ന്നങ്ങളെയും വ്യാപിപ്പിക്കുകയും അതിലെ
ജനത്തിനു ശ്വാസവും അതിൽ ചരിക്കു
ന്നവർക്ക് പ്രാണനും കൊടുക്കുകയും ചെയ്ത
കർത്താവായ ദൈവം ഇപ്രകാരം അരുളി
6 ച്ചെയ്യുന്നു. അന്ധമായ കണ്ണുകൾ തുറപ്പാ
നും ബദ്ധന്മാരെ തടവിൽനിന്നും അന്ധ
കാരത്തിൽ ഇരിക്കുന്നവരെ കാരാഗൃഹ
7 ത്തിൽനിന്നും വിടുവിപ്പാനും ദൈവമായ
ഞാൻ നിന്നെ നീതിയോടെ വിളിച്ചിരിക്കു
ന്നു. ഞാൻ നിൻെറ കൈ പിടിച്ചു നിന്നെ
കാക്കും. നിന്നെ ജനത്തിന് നിയമവും
ജാതികൾക്ക് പ്രകാശവും ആക്കും. ഞാൻ
8 ആകുന്നു കർത്താവ്. എൻെറ നാമം അതു
തന്നെ. ഞാൻ എൻെറ മഹത്വം മററൊ
രുവനും എൻെറ മഹിമ വിഗ്രഹങ്ങൾക്കും
9 വിട്ടുകൊടുക്കുകയില്ല. പണ്ടു പ്രസ്താവിച്ചത്
ഇതാ, സംഭവിച്ചിരിക്കുന്നു. ഞാൻ പുതിയത്
അറിയിക്കുന്നു. അത് സംഭവിക്കുന്നതിനു
മുമ്പായി ഞാൻ നിങ്ങളെ അറിയിക്കുന്നു.
10 സമുദ്രമാർഗ്ഗത്തിൽ സഞ്ചരിക്കുന്നവരും
അതിലെ സകല ദ്വീപുകളും അവയിലെ
നിവാസികളുമേ, കർത്താവിന് ഒരു പുതിയ
പാട്ടും ഭൂമിസീമയിൽനിന്ന് അവന്
സ്തുതിയും പാടുവിൻ. മരുഭൂമിയും അതിലെ
11 പട്ടണങ്ങളും സന്തോഷിക്കട്ടെ. കേദാർ
മേച്ചിൽപുറങ്ങളായിരിക്കട്ടെ. പാറകളിലെ
നിവാസികൾ ഘോഷിച്ചുല്ലസിക്കുകയും
മലമുകളിൽനിന്ന് ആർക്കുകയും ചെയ്യട്ടെ.
12 അവർ കർത്താവിന് മഹത്വം കൊടുത്തു.
അവൻെറ സ്തുതിയെ ദ്വീപുകളിൽ പ്രസ്താവി
13 ക്കട്ടെ. കർത്താവ് ഒരു വീരനെപ്പോലെ തീ
ക്ഷ്ണതയെ ജ്വലിപ്പിക്കും. അവൻ ആർത്തു
വിളിക്കും. അവൻ ഉച്ചത്തിൽ ആർക്കും.
തൻെറ ശത്രുക്കളെ സംഹരിക്കും. ഞാൻ 14
മിണ്ടാതെയിരുന്നു. ഞാൻ മൗനമായി
അടങ്ങിപ്പാർത്തിരുന്നു. ഇപ്പോഴോ പ്രസവ
വേദനയുള്ള സ്ത്രീയെപ്പോലെ ഞാൻ ഞര
ങ്ങിനെടുവീർപ്പിടും. ഞാൻ മലകളും കുന്നു 15
കളും ശൂന്യമാക്കി അവയുടെ സസ്യങ്ങളെ
എല്ലാം ഉണക്കിക്കളയും. ഞാൻ നദികളെ
ദ്വീപുകളാക്കും. ജലാശയങ്ങളെ വററിച്ചു 16
കളയും. ഞാൻ അന്ധന്മാരെ അവർ അറി
യാത്ത വഴിയിൽ നടത്തും. അവർ അറിയാ
ത്ത പാതകളിൽ അവരെ നടത്തും. ഞാൻ
അവരുടെ മുമ്പിൽ അന്ധകാരത്തെ വെളി
ച്ചവും ദുർഘടസ്ഥാനങ്ങളെ സമഭൂമിയും
ആക്കും. ഞാൻ ഈ വചനങ്ങളെ വിട്ടു
കളയാതെ നിവർത്തിക്കും. വിഗ്രഹങ്ങളിൽ 17
ആശ്രയിച്ച് ബിംബങ്ങളോട് നിങ്ങൾ ഞങ്ങ
ളുടെ ദേവന്മാരെന്നു പറയുന്നവർ പിൻ
തിരിഞ്ഞ് ഏററം ലജ്ജിക്കും.
ബധിരന്മാരേ, കേൾപ്പിൻ: കുരുടന്മാരേ, 18
നോക്കിക്കാണുവിൻ. എൻെറ ദാസനല്ലാ
തെ കുരുടൻ ആര്? ഞാൻ അയയ്ക്കുന്ന 19
ദൂതനെപ്പോലെ ബധിരൻ ആര്? എൻെറ
പ്രിയനെപ്പോലെ കുരുടനും കർത്താവിൻെറ
ദാസനെപ്പോലെ അന്ധനുമായവൻ ആര്? 20
ഞാൻ കാര്യമായി സൂക്ഷിച്ചുനോക്കി.
നിങ്ങൾ ആചരിക്കുന്നില്ല. ചെവി തുറന്നു
നിങ്ങൾ കേൾക്കുന്നില്ല. കർത്താവ് തൻെറ 21
നീതിനിമിത്തം പ്രമാണത്തെ ശ്രേഷ്ഠമാക്കി
മഹത്വീകരിപ്പാൻ പ്രസാദിച്ചിരിക്കുന്നു. ഇത് 22
മോഷ്ടടിച്ചും കവർന്നും പോയിരിക്കുന്ന ഒരു
ജനമാകുന്നു. യുവാക്കളെല്ലാം കെണി
യിൽ പെട്ടു. കാരാഗൃഹത്തിൽ ബന്ധിതരെ
പ്പോലെ സ്വയം ഒളിച്ചു. അവർ കവർച്ചയായി
പോയി. ആരും വിടുവിക്കുന്നില്ല. അവർ
കൊള്ളയായ്പോയി. മടക്കിത്തരിക എന്ന്
ആരും പറയുന്നില്ല. നിങ്ങളിൽ ആർ അതി 23
ന് ചെവി കൊടുക്കും? ഭാവികാലത്തേക്ക്
ആർ ശ്രദ്ധിച്ചുകേൾക്കും? യാക്കോബിനെ 24
കൊള്ളയായും ഇസ്രായേലിനെ കവർച്ച
ക്കാർക്കും ഏല്പിച്ചുകൊടുത്തവൻ ആര്
കർത്താവു തന്നെയല്ലേ? അവനോട് നാം
പാപം ചെയ്തുപോയി. അവൻെറ വഴികളിൽ
നടപ്പാൻ നമുക്കു മനസ്സില്ലായിരുന്നു. അവ
ൻെറ ന്യായപ്രമാണം നാം അനുസരിച്ചില്ല. 25
അതിനാൽ അവൻ തൻെറ ഉഗ്രകോപവും
യുദ്ധകാഠിന്യവും അവരുടെ മേൽ പകർന്നു.
അത് അവരുടെ ചുററം ജ്വലിച്ചിട്ടും അവർ
അറിഞ്ഞില്ല. അത് അവരെ ദഹിപ്പിച്ചിട്ടും
അവർ ഗ്രഹിച്ചില്ല.

അദ്ധ്യായം 43

ിപ്പോഴോ യാക്കോബേ, നിന്നെ സൃ
വനും ഇസ്രായേലേ, നിന്നെ നിർമ്മി
മായ കർത്താവ് ഇപ്രകാരം കല്പി
ു: ഭയപ്പെടേണ്ടാ, ഞാൻ നിന്നെ
ടുത്തിരിക്കുന്നു. ഞാൻ നിന്നെ
ചൊല്ലി വിളിച്ചിരിക്കുന്നു. എന്റെ
ാകുന്ന നീ സമുദ്രത്തിൽ കൂടി
മ്പോൾ ഞാൻ നിന്നോടുകൂടെ ഇരി
ീ നദികളിൽക്കൂടി കടക്കുമ്പോൾ
ിന്റെ മീതെ കവിയുകയില്ല. നീ
കൂടി നടന്നാൽ വെന്തുപോകുക
ഗ്നിജ്വാല നിന്നെ ദഹിപ്പിക്കുക
നിന്റെ ദൈവവും ഇസ്രായേലിന്റെ
ാനുമായ കർത്താവ് എന്ന ഞാൻ
രക്ഷകൻ. നിന്റെ മറുവിലയായി
ഈസ്രേമിനെയും നിനക്കു പകരമായി
്യയെയും ശേബായെയും കൊടു
ുന്നു. നീ എനിക്കു വിലയേറിയ
ന്യനും ആകുന്നു. ഞാൻ നിന്നെ
ച്ചിരിക്കുകയാൽ ഞാൻ നിനക്കു
നുഷ്യരെയും നിന്റെ ജീവന്നു
തികളെയും കൊടുക്കും. ഭയപ്പെ
ഞാൻ നിന്നോടുകൂടെ ഉണ്ട്.
ന്തതിയെ ഞാൻ കിഴക്കുനിന്നു
യും പടിഞ്ഞാറുനിന്നു നിന്നെ
ുകയും ചെയ്യും. ഞാൻ വടക്കി
ാിക" എന്നും തെക്കിനോട് "തട
രുതെ"ന്നും കല്പിക്കും. ദൂരെ
ന്റെ പുത്രന്മാരെയും ഭൂമിയുടെ
നിന്ന് എന്റെ പുത്രിമാരെയും
മത്തിൽ വിളിക്കുകയും എന്റെ
ന്നായി സൃഷ്ടിച്ചുനിർമ്മിക്കു
ു ഏവരെയും കൊണ്ടുവരിക
ൻ കല്പിക്കും. കണ്ണുണ്ടായിട്ടും
, ചെവിയുണ്ടായിട്ടും ബധിര
കുന്ന ജനത്തെ പുറത്തു കൊ
. സകല ജാതികളും ഒരുമിച്ചു
ങ്ങൾ ചേർന്നുവരട്ടെ. അവരിൽ
പസ്താവിക്കുകയും പണ്ടു പറ
ർപ്പിച്ചു തരികയും ചെയ്യുന്നു?
തി കിട്ടേണ്ടതിന് സാക്ഷികളെ
ട്ടെ. അവർ കേട്ടിട്ട് സത്യം തന്നേ
ട്ടെ. നിങ്ങൾ അറിഞ്ഞു എന്നെ
യും ഞാൻ ആകുന്നു എന്ന്
ും ചെയ്യേണ്ടതിന് നിങ്ങൾ
ഷികളും ഞാൻ തിരഞ്ഞെടു
എന്റെ ദാസനും ആകുന്നു
ാവ് കല്പിക്കുന്നു. എനിക്കു
മുമ്പ് ഒരു ദൈവവും ഉണ്ടായിട്ടില്ല. എന്റെ
ശേഷം ഉണ്ടാകുകയുമില്ല. ഞാൻ, ഞാൻ 11
തന്നേ ദൈവം, ഞാനല്ലാതെ ഒരു രക്ഷക
നുമില്ല. നിങ്ങളുടെ ഇടയിൽ ഒരു അന്യ 12
ദേവനല്ല, ഞാൻതന്നെയാണ് പ്രസ്താവിക്കു
കയും രക്ഷിക്കുകയും കേൾപ്പിക്കുകയും
ചെയ്തത്. ആകയാൽ നിങ്ങൾ എന്റെ സാ
ക്ഷികൾ എന്ന് കർത്താവിന്റെ കല്പന.
ഞാൻ ആകുന്നു ദൈവം. ഇന്നും ഞാൻ 13
അനന്യൻ തന്നേ. എന്റെ കൈയിൽനിന്നു
വിടുവിക്കുന്നവൻ ആരുമില്ല. ഞാൻ പ്രവർ
ത്തിക്കും. ആര് അത് തടുക്കും?

നിങ്ങളുടെ വീണ്ടെടുപ്പുകാരനും ഇസ്രാ 14
യേലിന്റെ പരിശുദ്ധനുമായ കർത്താവ്
ഇങ്ങനെ കല്പിക്കുന്നു: നിങ്ങളുടെ നിമി
ത്തം ഞാൻ ബാബേലിലേക്ക് ആളയച്ചു.
അവരെ, കല്ദയരെ, ഓടിപ്പോകുന്നവരായി
അവർ ഘോഷിച്ചുല്ലസിച്ചിരുന്ന കപ്പലുക
ളിൽ താഴോട്ട് ഓടുമാറാക്കും. ഞാൻ 15
നിങ്ങളുടെ പരിശുദ്ധനായ കർത്താവും
ഇസ്രായേലിന്റെ സ്രഷ്ടാവും നിങ്ങളുടെ
രാജാവും ആകുന്നു.

സമുദ്രത്തിൽ വഴിയും ഏറിയ വെള്ള 16
ത്തിൽ പാതയും ഉണ്ടാക്കുകയും രഥം, 17
കുതിര, സൈന്യം, ബലം എന്നിവയെ കൊ
ണ്ടുവരികയും ചെയ്യുന്ന കർത്താവ് ഇപ്ര
കാരം അരുളിച്ചെയ്യുന്നു: അവർ ഒരുപോ
ലെ കിടക്കും. എഴുന്നേല്ക്കുകയില്ല. അവർ
കെട്ടുപോകും; വിളക്കിന്റെ തിരി എന്നപോ
ലെ കെട്ടുപോകും. മുമ്പുള്ളവയെ നിങ്ങൾ 18
ഓർക്കേണ്ട. പൂർവ്വകാലത്തുള്ളവയെ
ചിന്തിക്കുകയും വേണ്ട. ഇതാ, ഞാൻ പുതി 19
യതൊന്നു ചെയ്യുന്നു. അത് ഇപ്പോൾ സംഭ
വിക്കും. നിങ്ങൾ അത് അറിയുന്നില്ലയോ?
ഞാൻ മരുഭൂമിയിൽ ഒരു വഴിയും നിർജ്ജ
നപ്രദേശത്ത് നദികളും ഉണ്ടാക്കും. ഞാൻ 20
തിരഞ്ഞെടുത്തിരിക്കുന്ന എന്റെ ജനത്തി
നു കുടിപ്പാൻ കൊടുക്കേണ്ടതിന്നു ഞാൻ
മരുഭൂമിയിൽ വെള്ളവും വിജനപ്രദേശത്തു
നദികളും നല്കിയിരിക്കുന്നതുകൊണ്ട്,
വന്യമൃഗങ്ങളും കുറുനരികളും ഒട്ടകപ്പക്ഷി
കളും എന്നെ ബഹുമാനിക്കും. ഞാൻ 21
എനിക്കുവേണ്ടി സൃഷ്ടിച്ചിരിക്കുന്ന ജനം
എന്റെ മഹിമയെ വിവരിക്കും. എന്നാൽ 22
യാക്കോബേ, നീ എന്നെ വിളിച്ചപേക്ഷിച്ചി
ട്ടില്ല. ഇസ്രായേലേ, നീ എനിക്കായി അദ്ധ്വാ
നിച്ചിട്ടുമില്ല. ഹോമയാഗങ്ങൾക്ക് കുഞ്ഞാ 23
ടുകളെ നീ എനിക്കു കൊണ്ടുവന്നിട്ടില്ല.
നിന്റെ ഹനനയാഗങ്ങളാൽ നീ എന്നെ
ബഹുമാനിച്ചിട്ടില്ല. ഭോജനയാഗങ്ങളാൽ

24 ഞാൻ നിന്നെ ക്ലേശിപ്പിച്ചിട്ടുമില്ല. നീ എനി
ക്കായി വയമ്പു വാങ്ങീട്ടില്ല. നിൻെറ ഹനന
യാഗങ്ങളുടെ മേദസ്സുകൊണ്ട് എന്നെ
തൃപ്തിപ്പെടുത്തിയിട്ടുമില്ല. നിൻെറ പാപ
ങ്ങൾകൊണ്ട് നീ എന്നെ വിഷമിപ്പിക്കു
കയും നിൻെറ അധർമ്മങ്ങൾകൊണ്ട്
25 എന്നെ ദുഃഖിപ്പിക്കുകയും ചെയ്തു. എൻെറ
നിമിത്തം ഞാൻ നിൻെറ അധർമ്മങ്ങളെ
മായിച്ചുകളയുന്നു. നിൻെറ പാപങ്ങളെ
26 ഞാൻ ഓർക്കുകയുമില്ല. എന്നെ ഓർപ്പി
ക്കുക. നമുക്കു തമ്മിൽ വ്യവഹരിക്കാം. നീ
നീതീകരിക്കപ്പെടേണ്ടതിന്നു വാദിച്ചു
കൊൾക. നിൻെറ ആദ്യപിതാവ് പാപം
27 ചെയ്തു. നിൻെറ മധ്യസ്ഥന്മാർ എന്നോട്
ദ്രോഹം ചെയ്തു. അതുകൊണ്ട് ഞാൻ
വിശുദ്ധമന്ദിരത്തിലെ പ്രമാണികളെ മലിന
മാക്കി, യാക്കോബിനെ ഉന്മൂലനാശത്തി
നും, ഇസ്രായേലിനെ അവമാനത്തിനും
ഏല്പിച്ചിരിക്കുന്നു.

അദ്ധ്യായം 44

1 ഇപ്പോൾ എൻെറ ദാസനായ യാക്കോ
ബേ, ഞാൻ തിരഞ്ഞെടുത്ത ഇസ്രായേലേ,
2 കേൾക്കുക. നിന്നെ രൂപീകരിച്ചവനും ഗർഭ
ത്തിൽ നിന്നെ നിർമ്മിച്ചവനും നിന്നെ
സഹായിച്ചവനുമായ കർത്താവ് കല്പി
ക്കുന്നു: എൻെറ ദാസനായ യാക്കോബേ,
3 നീ ഭയപ്പെടേണ്ടാ. ദാഹിച്ചിരിക്കുന്ന സ്ഥല
ത്തു ഞാൻ വെള്ളവും വരണ്ട സ്ഥലത്തു
നീർച്ചാലും തരും. നിൻെറ സന്തതിമേൽ
എൻെറ ആത്മാവിനെയും നിൻെറ സന്താന
ത്തിന്മേൽ എൻെറ അനുഗ്രഹത്തെയും
4 പകരും. അവർ പുല്ലിൻെറ ഇടയിൽ നീർച്ചാ
ലുകൾക്കരികെയുള്ള അരളികൾപോലെ
5 മുളച്ചുവരും. ഞാൻ കർത്താവിൻേറത്
എന്ന് ഒരുവൻ പറയും. മറ്റൊരുവൻ തനിക്ക്
യാക്കോബിൻെറ പേരെടുക്കും. വേറൊരു
വൻ അവൻെറ കൈ കർത്താവിന്നുള്ളത്
എന്ന് എഴുതി ഇസ്രായേൽ എന്നു മറുപേർ
എടുക്കും.
6 ഇസ്രായേലിൻെറ രാജാവായ കർത്താ
വ്, അവൻെറ വീണ്ടെടുപ്പുകാരനായ ബല
വാനായ ദൈവം ഇപ്രകാരം കല്പിക്കുന്നു:
ഞാൻ ആദ്യനും അന്ത്യനും ആകുന്നു.
7 ഞാനല്ലാതെ ഒരു ദൈവവുമില്ല. ഞാൻ
പുരാതനമായൊരു ജനത്തെ സ്ഥാപിച്ചതു
മുതൽ എന്നെ എന്നപോലെ വിളിച്ചുപറ
യുകയും പ്രസ്താവിക്കുകയും എനിക്കുവേ
ണ്ടി ഒരുക്കിവയ്ക്കുകയും ചെയ്യുന്നവൻ
ആര്? സംഭവിപ്പാനുള്ള അടയാളങ്ങൾ
അവർ പ്രസ്താവിക്കട്ടെ. നിങ്ങൾ ഭയപ്പെടേ
ണ്ട, ചഞ്ചലപ്പെടേണ്ട. പണ്ടുതന്നെ ഞാൻ
നിന്നോട് പ്രസ്താവിച്ചു കേൾപ്പിച്ചിട്ടില്ലയോ?
നിങ്ങൾ എൻെറ സാക്ഷികൾ ആകുന്നു.
ഞാനല്ലാതെ ഒരു ദൈവം ഉണ്ടോ? ഒരു
ബലവാനെയും ഞാൻ അറിയുന്നില്ല.
വിഗ്രഹത്തെ നിർമ്മിക്കുന്നവനെല്ലാം
വ്യർത്ഥൻ. അവരുടെ മനോഹരബിംബ
ങ്ങൾ പ്രയോജനപ്പെടുകയില്ല. അവയുടെ
സാക്ഷികളോ ഒന്നും കാണുന്നില്ല. ഒന്നും
അറിയുന്നതുമില്ല. അവർ ലജ്ജിച്ചുപോ
കുന്നു. ഒരു ദേവനെ നിർമ്മിക്കുകയോ ഒരു
പ്രയോജനവുമില്ലാത്ത ഒരു വിഗ്രഹത്തെ
വാർക്കുകയോ ചെയ്യുന്നവൻ ആര്? ഇതാ,
അവൻെറ കൂട്ടുകാർ എല്ലാവരും ലജ്ജിച്ചു
പോകുന്നു. ശില്പികളും മനുഷ്യരത്രേ.
അവർ എല്ലാവരും ഒന്നിച്ചു കൂടിനില്ക്കട്ടെ.
അവർ ഒരുമിച്ചു വിറച്ച് ലജ്ജിതരാകും.
കൊല്ലൻ ഉളിയെ മൂർച്ചയുള്ളതാക്കി തീക്ക
നലിൽ വേല ചെയ്ത് ചുറ്റികകൊണ്ട് അടിച്ച്
രൂപപ്പെടുത്തി ബലമുള്ള ഭുജംകൊണ്ട്
പണി തീർക്കുന്നു. അവനോ, വിശന്നു ക്ഷീ
ണിക്കുന്നു. ജലപാനമില്ലാതെ തളർന്നു
പോകുന്നു. ആശാരി തോതുപിടിച്ച് കോൽ
കൊണ്ട് അടയാളമിട്ട് ഉളികൊണ്ടു രൂപ
പ്പെടുത്തുകയും യന്ത്രംകൊണ്ട് വരയ്ക്കുക
യും ചെയ്യുന്നു. ഇങ്ങനെ അവൻ അതിനെ
മനുഷ്യരൂപത്തിലും സുന്ദരപുരുഷരൂപ
ത്തിലും തീർത്തു ക്ഷേത്രത്തിൽ വയ്ക്കു
ന്നു. ഒരുവൻ ദേവദാരുക്കൾ വെട്ടിയെടു
ക്കുന്നു. തേക്കും കരിവേലകവും എടുക്കു
കയും കാട്ടിലെ വൃക്ഷങ്ങളിൽ അവയെ
കണ്ട് ഉറപ്പിക്കുകയും ഒരു അശോകം നട്ടു
പിടിപ്പിക്കുകയും മഴ അതിനെ വളർത്തു
കയും ചെയ്യുന്നു.
പിന്നെ അതു മനുഷ്യന് തീ കത്തിക്കു
വാൻ മാത്രം ഉതകുന്നു. അവൻ അതിൽ
കുറെ എടുത്ത് തീ കായുകയും അതു കത്തി
ച്ച് അപ്പമുണ്ടാക്കുകയും അതുകൊണ്ട്
തന്നെ ഒരു ദേവനെ ഉണ്ടാക്കി നമസ്കരി
ക്കുകയും ഒരു വിഗ്രഹം തീർത്ത് അതിൻെറ
മുമ്പിൽ സാഷ്ടാംഗം വീഴുകയും ചെയ്യുന്നു.
അതിൽ ഒരു ഭാഗംകൊണ്ട് അവൻ തീ
കത്തിക്കുന്നു. ഒരു ഭാഗംകൊണ്ട് ഇറച്ചി
ചുട്ടുതിന്നുന്നു. അങ്ങനെ അവൻ ചുട്ടു
തിന്നു തൃപ്തനാകുന്നു. അവൻ തീ കായുന്നു
നല്ല തീയ്. കുളിർ മാറി എന്നു പറയുന്നു.
അതിൻെറ ബാക്കികൊണ്ട് അവൻ ഒരു
ദേവനെ, ഒരു വിഗ്രഹത്തെ, ഉണ്ടാക്കി
അതിൻെറ മുമ്പിൽ സാഷ്ടാംഗം വീണ്

രിക്കുകയും അതിനോട് പ്രാർത്ഥി
ന്ന രക്ഷിക്കണമേ; നീ എൻെറ
ല്ലാ എന്നു പറയുകയും ചെയ്യുന്നു.
അറിയുന്നില്ല, ഗ്രഹിക്കുന്നില്ല.
വണ്ണം അവരുടെ കണ്ണുകളെയും
ാതവണ്ണം അവരുടെ ഹൃദയങ്ങ
അവർ അടച്ചിരിക്കുന്നു. ഒരുവനും
ത്തിൽ ചിന്തിക്കുന്നില്ല. ഒരംശം
ത്തിച്ചു കനലിൽ അപ്പം ചുട്ടു.
ം ചുട്ടുതിന്നു. ശേഷിപ്പുകൊണ്ട്
ു മ്ലേച്ഛവിഗ്രഹം ഉണ്ടാക്കുമോ?
ട്ടിയുടെ മുമ്പിൽ സാഷ്ടാംഗം
? എന്നിങ്ങനെ പറവാൻ തക്ക
ുവനും അറിവില്ല. ബോധവുമില്ല.
ാരം തിന്നുന്നു. വഞ്ചിതമായ
മനസ്സ് അവനെ തെറ്റിച്ചുകള
വൻ തൻെറ പ്രാണനെ രക്ഷിക്കു
ൻെറ വലങ്കയ്യിൽ വ്യാജമില്ലയോ
ാദിക്കുന്നില്ല.
ാബേ, ഇത് ഓർക്കുക. ഇസ്രാ
എൻെറ ദാസൻ. ഞാൻ നിന്നെ
നീ എൻെറ ദാസൻ. ഇസ്രായേ
നിന്നെ മറക്കുകയില്ല. ഞാൻ
ംപോലെ നിൻെറ ലംഘനങ്ങ
ഘത്തെപ്പോലെ നിൻെറ പാപ
മായിച്ചുകളയും. എങ്കലേക്ക്
ഞാൻ നിന്നെ വീണ്ടെടുത്തിരി
ാകാശമേ, ഘോഷിച്ചുല്ലസിക്ക.
ുതു ചെയ്തിരിക്കുന്നു. ഭൂമിയുടെ
ങ്ങളേ, ആർപ്പിടുവിൻ. പർവ്വത
ും സകല വൃക്ഷങ്ങളുമേ ആർ
ർത്താവ് യാക്കോബിനെ വീ
ഇസ്രായേലിൽ തന്നെത്താൻ മ
ുന്നു. നിൻെറ രക്ഷകനും ഗർ
ന്ന നിർമ്മിച്ചവനും സഹായിയു
ാവ് കല്പിക്കുന്നു. കർത്താ
സകലവും ഉണ്ടാക്കി. ഞാൻ
വിരിക്കുകയും ഭൂമിയെ വ്യാ
യും ചെയ്തിരിക്കുന്നു. ആരെങ്കി
ു കൂടെ ഉണ്ടായിരുന്നുവോ?
ത്യവാദികളുടെ ശകുനങ്ങൾ
കയും പ്രശ്നക്കാരെ ഭ്രാന്തരാ
ഞാനികളെ വീഴ്ത്തി അവ
ാത്തെ ഭോഷത്വമാക്കുകയും
് എൻെറ ദാസൻെറ വചനം
എൻെറ ദൂതന്മാരുടെ ആലോ
ക്കുന്നു. യെറുശലേമിൽ നി
ാകും എന്നും, യഹൂദാനഗര
പ്പെടും എന്നും ഞാൻ അവ
വ നന്നാക്കും എന്നും കല്പി
ക്കുന്നു. ഞാൻ സമുദ്രത്തോട് വററുക, 27
നിൻെറ നദികളെ ഞാൻ വററിച്ചുകളയും
എന്നു കല്പിക്കുന്നു. സൈറസ് എൻെറ 28
ഇടയൻ. അവൻ എൻെറ ഹിതമെല്ലാം
നിവർത്തിക്കും എന്നും യറൂശലേം പണിയ
പ്പെടും, മന്ദിരത്തിനു അടിസ്ഥാനം ഇടും
എന്നും ഞാൻ കല്പിക്കുന്നു.

അദ്ധ്യായം 45

കർത്താവ് തൻെറ അഭിഷിക്തനായ 1
സൈറസിനോട് ഇപ്രകാരം കല്പിക്കുന്നു:
അവന് ജാതികളെ കീഴടക്കി രാജാക്കന്മാ
രുടെ അരക്കച്ചകൾ അഴിക്കേണ്ടതിനും കത
കുകൾ അവന്നു തുറന്നിരിക്കേണ്ടതിന്നും
വാതിലുകൾ അടയാതിരിക്കേണ്ടതിന്നും
ഞാൻ അവൻെറ വലങ്കൈ പിടിച്ചിരിക്കുന്നു.
ഞാൻ നിനക്കു മുമ്പായി ചെന്നു ദുർഘട 2
മാർഗ്ഗങ്ങൾ നിരപ്പാക്കുകയും താമ്രവാതിലു
കൾ തകർത്തു ഇരുമ്പോടാമ്പലുകളെ
ഖണ്ഡിച്ചുകളകയുംചെയ്യും. നിന്നെ പേരു 3
ചൊല്ലി വിളിക്കുന്ന ഞാൻ, ഇസ്രായേലി
ൻെറ ദൈവം തന്നേ എന്നു നീ അറിയേണ്ട
തിന്നു ഞാൻ നിനക്ക് അന്ധകാരത്തിലെ
നിക്ഷേപങ്ങളെയും ഒളിച്ചുവച്ച ഗുപ്തനിധി
കളെയും തരും. എൻെറ ദാസനായ യാക്കോ 4
ബ് നിമിത്തവും ഞാൻ തിരഞ്ഞെടുത്ത ഇ
സ്രായേൽ നിമിത്തവും ഞാൻ നിൻെറ പേരു
ചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്നെ അറി
യാതെ ഇരിക്കുന്നുവെങ്കിലും ഞാൻ നിന്നെ
ഓമനപ്പേരു വിളിച്ചിരിക്കുന്നു. ഞാനാകു 5
ന്നു ദൈവം. മററൊരുത്തനുമില്ല. ഞാന
ല്ലാതെ ഒരു ദൈവവുമില്ല. നീ എന്നെ അറി
യാതിരുന്നിട്ടും ഞാൻ നിന്നെ ശക്തീകരി
ച്ചിരിക്കുന്നു. സൂര്യോദയസ്ഥാനത്തും 6
അസ്തമനസ്ഥലത്തുമുള്ളവൻ ഞാനല്ലാ
തെ മററൊരുത്തനും ഇല്ല എന്നറിയേണ്ട
തിന് തന്നെ. ഞാൻ ആകുന്നു ദൈവം,
മററൊരുവനും ഇല്ല. ഞാൻ പ്രകാശത്തെ 7
നിർമ്മിക്കുന്നു. അന്ധകാരത്തെയും സൃഷ്ടി
ക്കുന്നു. ഞാൻ നന്മ ഉളവാക്കുന്നു. തിന്മ
യെയും സൃഷ്ടിക്കുന്നു. ദൈവമായ ഞാൻ
ഇതെല്ലാം ചെയ്യുന്നു.

ആകാശമേ, മേലിൽനിന്നു ജലം പൊഴി 8
ക്കുക. മേഘങ്ങൾ നീതി വർഷിക്കട്ടെ. രക്ഷ
വിളയുവാൻ ഭൂമി തുറന്നുവരട്ടെ. അത്
നീതിയെ മുളപ്പിക്കട്ടെ. ദൈവമായ ഞാൻ
അത് സൃഷ്ടിച്ചിരിക്കുന്നു. നിലത്തിലെ 9
കാലാ നുറുക്കുകളുടെ ഇടയിൽ ഒരു കാലാ
കഷണമായിരിക്കെ, തന്നെ നിർമ്മിച്ചവ
നോട് തർക്കിക്കുന്നവനു കഷ്ടം! മന 10

യുന്നവനോട് കളിമണ്ണ്, നീ എന്താണുണ്ടാ
ക്കുന്നത് എന്നും നിർമ്മിതവസ്തു അതിന്
കൈപിടി ഇല്ല എന്നും പറയുമോ? പിതാവി
നോട് നീ ജനിപ്പിക്കുന്നത് എന്ത് എന്നും
സ്ത്രീയോട് നീ പ്രസവിക്കുന്നത് എന്ത്?
11 എന്നും പറയുന്നവന്ന് കഷ്ടം. ഇസ്രായേലി
ൻെറ പരിശുദ്ധനും അവനെ നിർമ്മിച്ചവനു
മായ ദൈവം കല്പിക്കുന്നു: ഭാവിയെക്കു
റിച്ച് എന്നോട് ചോദിപ്പിൻ. എൻെറ മക്കളെ
യും എൻെറ കൈകളുടെ പ്രവൃത്തിയെ
യുംകുറിച്ച് എന്നോട് ചോദിപ്പിൻ. ഞാൻ
12 ഭൂമിയെ ഉണ്ടാക്കി. അതിലേക്ക് മനുഷ്യനെ
യും സൃഷ്ടിച്ചു. എൻെറ കൈ തന്നേ
ആകാശത്തെ വിരിച്ചു. അതിലെ സകല
സൈന്യത്തെയും ഞാൻ കല്പിച്ചാക്കി.
13 ഞാൻ നീതിയിൽ ഒരുവനെ ഉണർത്തിയിരി
ക്കുന്നു. അവൻെറ വഴികളെല്ലാം ഞാൻ
നിരപ്പാക്കും. അവൻ എൻെറ നഗരം പണി
യും. കൂലിയും സമ്മാനവും വാങ്ങാതെ
അവൻ എൻെറ തടവുകാരെ വിട്ടയയ്ക്കും
എന്നു ബലവാനായ കർത്താവ് കല്പി
ക്കുന്നു.
14 ദൈവം ഇപ്രകാരം കല്പിക്കുന്നു:
മെസ്രേൻെറ അദ്ധ്വാനഫലവും എത്യോപ്യ
ൻെറ വ്യാപാരമിച്ചവും ദീർഘകായരായ
സെബ്യരും നിൻെറ അടുക്കൽ കടന്നുവന്ന്
നിനക്കു കൈവശമാകും. അവർ നിൻെറ
പിന്നാലെ നടക്കും. ബന്ധിതരായി അവർ
കടന്നുവരും. അവർ നിന്നെ വണങ്ങും.
നിൻെറ മദ്ധ്യേ മാത്രമേ ദൈവമുള്ളൂ.
അവനല്ലാതെ വേറൊരു ദൈവവും ഇല്ല
15 എന്നു പറഞ്ഞ് നിന്നോട് യാചിക്കും. ഇസ്രാ
യേലിൻെറ ദൈവവും രക്ഷകനുമേ, നീ
വിശുദ്ധ ദൈവം ആകുന്നു സത്യം. അവർ
16 എല്ലാവരും ലജ്ജിച്ച് ഭ്രമിക്കും. വിഗ്രഹങ്ങ
ളെ ഉണ്ടാക്കുന്നവർ ഒരുപോലെ പരിഭ്ര
17 മിക്കും. ഇസ്രായേലോ ദൈവത്താൽ നിത്യ
മായി രക്ഷിക്കപ്പെടും. നിങ്ങൾ ഒരിക്കലും
ലജ്ജിക്കയില്ല. പരിഭ്രമിക്കുകയും ഇല്ല.
18 ആകാശത്തെ സൃഷ്ടിച്ച ദൈവം
അരുളിച്ചെയ്യുന്നു: ഞാൻതന്നെ ദൈവം.
ഞാൻ ഭൂമിയെ നിർമ്മിച്ചു. അവൻ അതി
നെ സ്ഥിരമാക്കി ഉറപ്പിച്ചു. വെറുതെയല്ല
അവൻ അതിനെ സൃഷ്ടിച്ചത്. വാസത്തി
ന്നത്രേ. ഞാൻ തന്നേ ദൈവം. വേറൊരു
19 വനും ഇല്ല. ഞാൻ രഹസ്യമായി അന്ധകാര
സ്ഥലത്തുവച്ചല്ല സംസാരിച്ചത്. ഞാൻ
യാക്കോബിൻെറ സന്തതിയോട് വ്യർത്ഥ
മായി എന്നെ അന്വേഷിപ്പിൻ എന്നല്ല
കല്പിച്ചിരിക്കുന്നത്. ദൈവമായ ഞാൻ

നീതിയാണ് സംസാരിക്കുന്നത്. സത്യ
പ്രസ്താവിക്കുന്നു. നിങ്ങൾ വന്നു കൂടു
വിൻ. ജാതികളിൽ തെററി ഒഴിഞ്ഞവ
ഒരുമിച്ച് വരുവിൻ. തടികൊണ്ടുള്ള വിഗ്രഹ
എടുത്തുകൊണ്ട് നടക്കുകയും രക്ഷിപ്പാ
പ്രാപ്തിയില്ലാത്ത ദേവനോട് പ്രാർത്ഥി
ക്കുകയും ചെയ്യുന്നവർക്ക് അറിവില്ല.
നിങ്ങൾ പ്രസ്താവിച്ചു കാണിച്ചു തരുവിൻ.
അവർ കൂടിയാലോചിക്കട്ടെ. ആദ്യമേ ഇ
കേൾപ്പിക്കുകയും മുമ്പു തന്നേ ഇത് പ്രസ്താ
വിക്കുകയും ചെയ്തവൻ ആര്? ദൈവമാ
ഞാൻ അല്ലയോ? ഞാൻ അല്ലാതെ വേറൊ
രു ദൈവം ഇല്ല. ഞാൻ അല്ലാതെ നീ
മാനായോരു ദൈവവും രക്ഷകനും വേ
ഇല്ല. സകല ഭൂസീമാവാസികളുമേ എ
ലേക്ക് തിരിഞ്ഞ് രക്ഷപ്പെടുവിൻ. ഞാ
ല്ലാതെ വേറൊരു ദൈവവും ഇല്ല. എന്നാ
സത്യം, എൻെറ മുമ്പിൽ ഏതു മുട്ടും മടങ്ങ
ഏതു നാവും സത്യം ചെയ്യും. ഇപ്രകാ
എൻെറ വായിൽ നിന്നു നീതിയും തിരി
വരാത്ത ഒരു വചനവും പുറപ്പെട്ടിരിക്കുന്നു
കർത്താവിൽ മാത്രമേ നീതിയും ബല
മുള്ളൂ എന്ന് പറഞ്ഞുകൊണ്ട് എല്ലാവ
അവൻെറ അടുക്കൽ എത്തും. അവനോ
എതിർക്കുന്നവനെല്ലാം ലജ്ജിച്ചുപോക
കർത്താവിൽ ഇസ്രായേൽ സന്തതിയെല്ലാ
നീതീകരിക്കപ്പെട്ട് പുകഴ്ച പ്രാപിക്കും.

അദ്ധ്യായം 46

ബേൽ വണങ്ങുന്നു. നെബോ മുട്ടുമട
ക്കുന്നു. അവരുടെ വിഗ്രഹങ്ങളെ മൃഗ
ളുടെയും കന്നുകാലികളുടെയും പുറ
കയററിയിരിക്കുന്നു. നിങ്ങൾ എടു
കൊണ്ട് നടന്നവ ഒരു ചുമടും തളർന്ന മൃ
ങ്ങൾക്ക് ഭാരവും ആയിത്തീർന്നിരിക്കുന്നു
അവ കുനിയുന്നു, ഒരുപോലെ മുട്ടുകു
ന്നു. ഭാരം മാററുവാൻ സാദ്ധ്യമല്ലാതെ അ
തന്നെ അടിമയിലേക്ക് പോയിരിക്കുന്നു.
ഗർഭംമുതൽ വഹിക്കപ്പെട്ടവരും ഉ
മുതൽ ചുമക്കപ്പെട്ടവരുമായി യാക്കോ
ഗൃഹവും ഇസ്രായേൽ ഗൃഹത്തിൽ അ
ശേഷിച്ചിരിക്കുന്ന എല്ലാവരുമേ, എ
വാക്കു കേൾപ്പിൻ. നിങ്ങളുടെ വാർദ്ധക്യ
വരെ ഞാൻ അനന്യൻതന്നെ; നിങ്ങ
നരയ്ക്കുന്നതുവരെ ഞാൻ നിങ്ങളെ വ
ക്കും. ഞാൻ സൃഷ്ടിച്ചു. ഞാൻ വ
ക്കുകയും ഞാൻ ചുമന്ന് വിടുവിക്കുക
ചെയ്യും. നിങ്ങൾ എന്നെ ആരോട് സ
മാക്കും? യോജിക്കത്തക്കവണ്ണം എ
ആരോട് തുലനം ചെയ്യും? അവർ സ

നിന്ന് പൊന്നു കുടഞ്ഞിടുന്നു.
സ്സിൽ വെള്ളി തൂക്കുന്നു. തട്ടാനെ
പ്പടുത്തുന്നു. അവൻ അതുകൊണ്ട്
ദവനെ ഉണ്ടാക്കുന്നു. അവർ സാ
ാം വീണ് നമസ്കരിക്കുന്നു. അവർ
ന തോളിൽ വഹിച്ചുകൊണ്ടുപോയി
ന്റെ സ്ഥലത്തു നിർത്തുന്നു. അതു
സ്ഥലത്തുനിന്ന് അനങ്ങാതെ
ുന്നു. അതിനോട് നിലവിളിച്ചാൽ
ുത്തരം പറയുന്നില്ല. ദുരിതത്തിൽ
രക്ഷിക്കുന്നതുമില്ല. ഇത് ഓർത്ത്
പദർശിപ്പിക്കുവിൻ. അധർമ്മികളേ,
ഹിക്കുവിൻ. പണ്ടുള്ള മുൻകാര്യ
ാർത്തുകൊൾവിൻ. ഞാനല്ലാതെ
ു ദൈവമില്ല. ഞാൻതന്നേ ദൈവം.
പ്പാലെ വേറൊരുവനുമില്ല. ആരംഭ
ന്നേ അവസാനവും. ആദ്യകാല
ന മേലാൽ സംഭവിപ്പാനുള്ളതും
പസ്താവിക്കുന്നു. എന്റെ തീരു
ിവൃത്തിയാകും. ഞാൻ എന്റെ
മെല്ലാം പ്രവർത്തിക്കും എന്നു
റയുന്നു. ഞാൻ കിഴക്കുനിന്ന് ഒരു
പക്ഷിയെ, ദൂരെ രാജ്യത്തുനിന്നു
തീരുമാനം അനുഷ്ഠിക്കുന്ന മനു
ിളിക്കുന്നു. ഞാൻ പ്രസ്താവിച്ചി
ഞാൻ നിവർത്തിക്കും. ഞാൻ
ച്ചിരിക്കുന്നു. ഞാൻ അനുഷ്ഠി
തി വിട്ട് അകന്നിരിക്കുന്ന കഠിന
രേ, എന്റെ വാക്കു കേൾപ്പിൻ.
ന്റെ നീതി കൊണ്ടുവന്നിരി
അത് ദൂരെയല്ല. എന്റെ രക്ഷ
യുമില്ല. ഞാൻ സെഹിയോനിൽ
ഇസ്രായേലിന്നു എന്റെ മഹത്വ
ം.

അദ്ധ്യായം 47

ബൽ പുത്രിയായ കന്യകയേ,
ഇറങ്ങി ഇരിക്കുക. കല്ദയ
ിംഹാസനം വിട്ട് നിലത്തിരിക്ക.
ി സുന്ദരി എന്നും സുഖലോ
ും വിളിക്കുകയില്ല. തിരികല്ല്
വു പൊടിക്കുക. നിന്റെ മൂടു
ക. വസ്ത്രം എടുത്തു കുത്തി
ാതെ നദി കടക്ക. നിന്റെ
ാവൃതമാകും. നിന്റെ ഗോപ്യ
ാണും. ഞാൻ ഒരു മനുഷ്യ
ുതാതെ പ്രതികാരംചെയ്യും.
ണ്ടുപ്പുകാരൻ, ബലവാനായ
ിന്റെ പരിശുദ്ധൻ എന്നാ
ന്റെ നാമം. കല്ദയപുത്രീ,
മിണ്ടടങ്ങുക. ഇരുളിൽ മറയുക. നിന്നെ 5
ഇനി രാജ്യങ്ങളുടെ രാജ്ഞി എന്നു വിളിക്കു
കയില്ല. ഞാൻ എന്റെ ജനത്തോട് കോ 6
പിച്ചു. എന്റെ അവകാശത്തെ അശുദ്ധമാ
ക്കി. അവരെ നിന്റെ കൈവശം ഏല്പിച്ചു
തന്നു. നീ അവരോട് ദയ ചെയ്യാതെ വൃദ്ധ
ന്മാരുടെ മേൽ പോലും നിന്റെ ഭാരമുള്ള
നുകം വച്ചിരിക്കുന്നു. ഞാൻ എന്നേക്കും 7
ആയിരിക്കും എന്നു നീ പറഞ്ഞു. നിന്നെ
പ്പററി ചിന്തിക്കാതെയും അതിന്റെ അവ
സാനം ഓർക്കാതെയും ഇരുന്നു.

ഞാൻ മാത്രം, എനിക്കു തുല്യമായി 8
മററാരുമില്ല, ഞാൻ വിധവയായിരിക്കുക
യില്ല, പുത്രനാശം അറിയുകയുമില്ല എന്നു
മനസ്സിൽ പറയുന്ന സുഖഭോഗിയേ, നിർഭയ
വാസിനിയേ, ഇതു കേൾക്കുക. പുത്രനാ 9
ശം, വൈധവ്യം ഇവ രണ്ടും പെട്ടെന്ന് ഒരു
ദിവസംതന്നെ നിനക്കു ഭവിക്കും. നിന്റെ
ക്ഷുദ്രപ്രയോഗങ്ങൾ എത്ര അധികമായിരു
ന്നാലും നിന്റെ ആഭിചാര പ്രവർത്തനങ്ങൾ
എത്ര കൂടുതലായിരുന്നാലും അവ നിനക്കു
തിരിച്ചടിയായി ഭവിക്കാതിരിക്കയില്ല. നീ 10
നിന്റെ തിന്മയിൽ ആശ്രയിച്ചു, ആരും
എന്നെ കാണുകയില്ല എന്നു പറഞ്ഞുവ
ല്ലോ. നിന്റെ ജ്ഞാനവും നിന്റെ അറിവും
നിന്നെ തെററിച്ചു. ഞാൻ മാത്രം, എനിക്കു
തുല്യമായി മററാരും ഇല്ല എന്നു നീ നിന്റെ
മനസ്സിൽ അഹങ്കരിച്ചു. ആകയാൽ മന്ത്ര 11
വാദത്താൽ മാററുവാൻ കഴിയാത്ത
ആപത്ത് നിന്റെ മേൽ വരും. നിന്നാൽ
പരിഹരിക്കുവാൻ കഴിയാത്ത ആപത്തു
നിനക്കു ഭവിക്കും. നീ അറിയാത്ത നാശം
പെട്ടെന്ന് നിന്റെമേൽ വരും. നീ ബാല്യം 12
മുതൽ തന്നേ ശ്രദ്ധിച്ചു ചെയ്യുന്ന നിന്റെ
മന്ത്രവാദങ്ങൾ കൊണ്ടും ക്ഷുദ്രപ്രയോഗ
ങ്ങളുടെ ആധിക്യംകൊണ്ടും ഇപ്പോൾ
നിന്നുകൊൾക. പക്ഷേ ഫലിച്ചേക്കും.
പക്ഷേ നീ ഭയപ്പെടും. നിന്റെ ആലോച 13
നാബാഹുല്യംകൊണ്ട് നീ വലഞ്ഞു.
ജ്യോതിഷക്കാരും നക്ഷത്രം നോക്കു
ന്നവരും നിന്റെ ഭാവി അറിയിക്കുന്നവരും
ഇപ്പോൾ എഴുന്നേററ് നിന്നെ രക്ഷിക്കട്ടെ. 14
ഇതാ, അവർ താളടിപോലെ ആകും.
അഗ്നിക്കിരയാകും. അവർ അഗ്നിജ്വാല
യിൽനിന്നു രക്ഷപെടുകയില്ല. അത്
തണുപ്പുമാററുവാനുള്ള കനലും കായു 15
വാൻ തക്ക തീയും അല്ല. ഇങ്ങനെയാകും
നീ അദ്ധ്വാനിച്ചതെല്ലാം; നിന്റെ ചെറുപ്പം
മുതൽ നിന്നോടു കൂടെ ഇടപെട്ടവർ
ഓരോരുവൻ താന്താന്റെ സ്ഥലത്തേക്ക്

തിരിയെപ്പോകും. ആരും നിന്നെ രക്ഷിക്കു
കയില്ല.

അദ്ധ്യായം 48

1 ഇസ്രായേൽ എന്നു പേരുള്ളവരും
യഹൂദായിൽനിന്ന് ഉത്ഭവിച്ചിരിക്കുന്ന
വരും കർത്തൃനാമത്തിൽ സത്യം ചെയ്യു
ന്നവരും സത്യത്തോടും നീതിയോടും കൂടെ
യല്ലെങ്കിലും ഇസ്രായേലിൻെറ ദൈവത്തെ
സ്തുതിക്കുന്നവരും ആയ യാക്കോബ്
2 ഗൃഹമേ, ഇതു കേട്ടുകൊൾവിൻ. അവർ
തങ്ങളെത്തന്നേ വിശുദ്ധനഗരം എന്നു വിളി
ച്ചു. ഇസ്രായേലിൻെറ ദൈവത്തിൽ ആശ്ര
യിക്കുന്നു, അവൻെറ നാമം ബലവാനായ
3 ദൈവം എന്നാകുന്നു. മുൻകാര്യങ്ങൾ
ഞാൻ പണ്ടുതന്നേ പ്രസ്താവിച്ചു; അവ
എൻെറ വായിൽനിന്നു പുറപ്പെട്ടു. ഞാൻ
അവയെ കേൾപ്പിച്ചു. ഉടനെ ഞാൻ പ്രവർ
4 ത്തിച്ചു. അവ സംഭവിച്ചുമിരിക്കുന്നു. നീ
കഠിനൻ എന്നും നിൻെറ കഴുത്ത് ഇരുമ്പു
പോലുള്ളതെന്നും നിൻെറ നെററി താമ്രം
5 എന്നും ഞാൻ അറിയുന്നു. ഞാൻ മുമ്പു
തന്നെ നിന്നോടു പ്രസ്താവിച്ചു. ആയത്
എൻെറ വിഗ്രഹമാണ്, അവ ചെയ്തത് എന്നും,
എൻെറ വിഗ്രഹവും ബിംബവുമാണ്,
അവയെ കല്പിച്ചത് എന്നും നീ പറയാതെ
ഇരിക്കേണ്ടതിന് അവ സംഭവിക്കുന്നതിനു
മുമ്പെ ഞാൻ നിന്നെ കേൾപ്പിച്ചിരിക്കുന്നു.
6 നീ കേട്ടിട്ടുണ്ട്. ഇപ്പോൾ എല്ലാം കാണുക.
നിങ്ങൾ തന്നേ അത് പ്രസ്താവിക്കുകയി
ല്ലയോ? ഇന്നുമുതൽ പുതിയത്, നീ അറി
യാതെ ഗൂഢമായിരിക്കുന്നതു ഞാൻ, നി
7 ന്നെ കേൾപ്പിക്കും. ഞാൻ അത് അറിഞ്ഞിരു
ന്നുവല്ലോ എന്നു നീ പറയാതെ ഇരിക്കേ
ണ്ടതിന്നു അത് പണ്ടല്ല; ഇപ്പോൾതന്നെ സൃ
ഷ്ടിക്കപ്പെട്ടിരിക്കുന്നു. ഈ ദിവസത്തിനു
8 മുമ്പ് നീ അതിനെക്കുറിച്ച് ഒന്നും കേട്ടിട്ടില്ല.
നീ കേൾക്കുകയോ അറിയുകയോ നിൻെറ
ചെവി അന്നു തുറക്കപ്പെടുകയോ ചെയ്തി
ട്ടില്ല. നീ വളരെ അധർമ്മം ചെയ്തു. ജനനം
മുതൽ വിശ്വാസവഞ്ചകൻ എന്നു വിളിക്ക
പ്പെട്ടിരിക്കുന്നു എന്നു ഞാൻ അറിഞ്ഞു.
9 എൻെറ നാമം നിമിത്തം ഞാൻ എൻെറ
കോപം താമസിപ്പിക്കുകയാണ്. എൻെറ
മഹിമ നിമിത്തം നിന്നെ സംഹരിക്കാതെ
10 ഞാൻ അടങ്ങിയിരിക്കുന്നു. ഇതാ ഞാൻ
നിന്നെ ഊതിക്കഴിച്ചിരിക്കുന്നു. വെള്ളി
യെപ്പോലെ അല്ല. ഞാൻ നിന്നെ ദുരിത
ത്തിൻെറ ചൂളയിൽ ആണ് ശോധന
11 ചെയ്തത്. എൻെറ നിമിത്തം, എൻെറ
നിമിത്തം ഞാൻ അത് ചെയ്യും. എൻെറ
നാമം എങ്ങനെ അശുദ്ധമായിത്തീരും?
ഞാൻ എൻെറ മഹത്വം മറെറാരുത്തനും
കൊടുക്കുകയില്ല.

യാക്കോബേ, ഞാൻ വിളിച്ചിരിക്കുന്ന
ഇസ്രായേലേ, എൻെറ വാക്കു കേൾക്കുക.
ഞാൻ അനന്യൻ. ഞാൻ ആദ്യനും ഞാൻ
അന്ത്യനും ആകുന്നു. എൻെറ കയ്യാണ്
ഭൂമിക്ക് അടിസ്ഥാനമിട്ടത്. എൻെറ വലങ്ക
യ്യാണ് ആകാശത്തെ വിരിച്ചത്. ഞാൻ വിളി
ക്കുമ്പോൾ അവയെല്ലാം ഉണ്ടാകുന്നു.

നിങ്ങൾ എല്ലാവരും വന്നു കേൾക്കു
വിൻ. നിങ്ങളിൽ ആരുണ്ട് ഇത് പ്രസ്താ
വിക്കുവാൻ? ബാബേലിലും കൽദയനാട്ടി
ലും അവൻെറ ഹിതം അനുഷ്ഠിക്കുന്ന
ഒരുവനെ ഞാൻ വിളിച്ചു വരുത്തിയിരി
ക്കുന്നു. അവൻെറ വഴി ഞാൻ സാദ്ധ്യമാ
ക്കും. നിങ്ങൾ അടുത്തു വന്ന് ഇതു
കേൾപ്പിൻ. ഞാൻ ആദിമുതൽ രഹസ്യ
ത്തിലല്ല പ്രസ്താവിച്ചിട്ടുള്ളത്. അതിൻെറ
ഉത്ഭവകാലം മുതൽ ഞാൻ അവിടെ ഉണ്ട്.
ഇപ്പോഴോ ദൈവമായ കർത്താവ് എന്നെ
യും തൻെറ ആത്മാവിനെയും അയച്ചിരി
ക്കുന്നു. ഇസ്രായേലിൻെറ പരിശുദ്ധനും
നിൻെറ വീണ്ടെടുപ്പുകാരനുമായ കർത്താവ്
അരുളിച്ചെയ്യുന്നു. ശുഭമായി പ്രവർത്തി
പ്പാൻ നിന്നെ പരിശീലിപ്പിക്കുകയും നീ
പോകേണ്ട വഴിയിൽ നിന്നെ നടത്തുകയും
ചെയ്യുന്ന നിൻെറ ദൈവമായ കർത്താവാ
കുന്നു ഞാൻ. നീ എൻെറ കല്പനകൾ
കേട്ട് അനുസരിച്ചെങ്കിൽ കൊള്ളാമായി
രുന്നു. എന്നാൽ നിൻെറ സമാധാനം
നദിപോലെയും നിൻെറ നീതി സമുദ്ര
ത്തിലെ തിരമാലപോലെയും ഉയരുമായി
രുന്നു. നിൻെറ സന്തതി മണൽപോലെയും
നിൻെറ ഗർഭഫലം മണൽതരിപോലെയും
ആകുമായിരുന്നു. അവൻെറ പേര് എൻെറ
മുമ്പിൽനിന്ന് വിച്ഛേദിക്കപ്പെടുകയോ
നശിച്ചുപോകുകയോ ചെയ്കയില്ലായി
രുന്നു. ബാബേലിൽനിന്നു പുറപ്പെടുവിൻ.
ഉല്ലാസഘോഷത്തോടെ കല്ദയരെ വിട്ട്
ഓടിപ്പോകുവിൻ. ഇതു പ്രസ്താവിച്ചു
കേൾക്കുവിൻ. ഭൂസീമവരെ ഇതു പ്രസിദ്ധ
മാക്കുവിൻ. കർത്താവ് തൻെറ ദാസനായ
യാക്കോബിനെ വീണ്ടെടുത്തിരിക്കുന്നു
എന്നു പറയുവിൻ. അവൻ അവരെ വിജന
പ്രദേശങ്ങളിൽ കൂടി നടത്തിയപ്പോൾ
അവർക്ക്, അവൻ അവർക്കുവേണ്ടി പാറ
യിൽനിന്നു വെള്ളം ഒഴുക്കിക്കൊടുത്തു;
അവൻ പാറ പിളർന്നപ്പോൾ വെള്ളം ചാടി

ട്ടു. ദുഷ്ടന്മാർക്ക് സമാധാനം ഇല്ല
കർത്താവു അരുളിച്ചെയ്യുന്നു.

അദ്ധ്യായം 49

പുകളേ, എന്റെ വാക്കു കേൾപ്പിൻ.
ജനങ്ങളേ ശ്രദ്ധിപ്പിൻ. കർത്താവു എ
ർഭംമുതൽ വിളിച്ചു. എന്റെ അമ്മ
ദരത്തിൽ ഇരിക്കവെതന്നേ എന്റെ
പസ്താവിച്ചു. അവൻ എന്റെ വായ്
ുള്ള വാൾപോലെയാക്കി. തന്റെ
നിഴലിൽ എന്നെ ഒളിപ്പിച്ചു. അവൻ
മേൽത്തരമായ ശസ്ത്രമാക്കി ത
ാവനാഴിയിൽ മറച്ചുവച്ചു. എന്നോട്
യലേ, നീ എന്റെ ദാസൻ, ഞാൻ
മഹത്വീകരിക്കപ്പെടും എന്നു പറ
താൻ വെറുതെ അദ്ധ്വാനിച്ചു. എ
ക്തിയെ വ്യർത്ഥമായും നിഷ്ഫല
ചലവഴിച്ചു എന്നു പറഞ്ഞു. എങ്കി
ന്റെ അവകാശം കർത്തൃസന്നിധി
എന്റെ പ്രതിഫലം എന്റെ ദൈവ
പക്കലും ഇരിക്കുന്നു. ഇപ്പോഴോ,
ബിനെ തന്റെ അടുക്കൽ തിരിച്ചു
വാനും ഇസ്രായേലിനെ തനിക്കു
ശഖരിപ്പാനും എന്നെ ഗർഭത്തിൽ
ദാസനായി നിർമ്മിച്ചവനായ
വ് അരുളിച്ചെയ്യുന്നു. ഞാൻ
ഷിന് മാന്യനും എന്റെ ദൈവം
വലവും ആകുന്നു.
ർ യാക്കോബിന്റെ ഗോത്രങ്ങളെ
അടുക്കലേക്ക് തിരിക്കുവാനും
ലിന്റെ മുളയെ തിരിച്ചു വരു
ിന്നും എനിക്കു നീ ദാസനായി
ു പോരാ. എന്റെ രക്ഷ ഭൂമിയു
യാളം എത്തേണ്ടതിന്നു ഞാൻ
തികൾക്ക് പ്രകാശമാക്കി വച്ചിരി
എന്നു അവൻ കല്പിക്കുന്നു.
ലിന്റെ വീണ്ടെടുപ്പുകാരനും
പരിശുദ്ധനുമായ ദൈവം, നിന്ദി
തയ്ക്ക് വെറുപ്പുള്ളവനും അധി
ദാസനുമായവനോട് ഇപ്രകാ
ുന്നു. വിശ്വസ്തനായ കർത്താ
വും നിന്നെ തിരഞ്ഞെടുത്ത ഇ
ന്റെ പരിശുദ്ധൻ നിമിത്തവും രാ
നിന്നെ കണ്ട് എഴുന്നേല്ക്കുക
ന്മാർ നിന്നെ കണ്ട് നമസ്കരി
ചയ്യും. കർത്താവ് ഇപ്രകാരം അ
ന്നു: പ്രസാദകാലത്ത് ഞാൻ
ത്തരം നൽകി. രക്ഷാദിവസ
ൻ നിന്നെ സഹായിച്ചു. ദേശ
ത്തുവാനും ശൂന്യമായിപ്പോയ
അവകാശങ്ങളെ കൈവശപ്പെടുത്തിക്കൊ
ടുക്കുവാനും ബന്ധിതരോട് ഇറങ്ങിപ്പൊയ്
ക്കൊള്ളുവിൻ എന്നും അന്ധകാരത്തിൽ ഇ
രിക്കുന്നവരോട്, പുറത്തു വരുവിൻ എന്നും
പറയുവാനും ഞാൻ നിന്നെ കാത്ത്, നിന്നെ 9
ജനത്തിന് ഉടമ്പടിയാക്കിവച്ചിരിക്കുന്നു.
അവർ വഴികളിൽ ഭക്ഷണം കഴിക്കും. എല്ലാ
പാതകളിലും അവർക്ക് മേച്ചിലുണ്ടാകും. 10
അവർക്ക് വിശക്കുകയില്ല. ദാഹിക്കുകയു
മില്ല. ഉഷ്ണക്കാററും വെയിലും അവരെ
ബാധിക്കുകയില്ല. അവരോടു കരുണയു
ള്ളവൻ അവരെ നടത്തും. നീരുറവകൾക്ക
രികെ അവരെ കൊണ്ടുപോകും. ഞാൻ 11
എന്റെ മലകളെയെല്ലാം വഴികളാക്കും.
എന്റെ പെരുവഴികൾ ഉയർന്നിരിക്കും. 12
ഇതാ ഇവർ ദൂരെനിന്നും ഇവർ വടക്കു
നിന്നും സമുദ്രത്തിൽനിന്നും, ഇവർ സീനീം
സമുദ്രത്തിൽ നിന്നും വരും. ആകാശമേ,
ഘോഷിച്ചുല്ലസിക്കുക. ഭൂമിയേ, ആനന്ദി 13
ക്കുക. പർവ്വതങ്ങളേ, ആഹ്ളാദിക്കു
വിൻ. കർത്താവ് തന്റെ ജനത്തെ ആ
ശ്വസിപ്പിച്ചു. തന്റെ ക്ലേശിതരോട് കരുണ
കാണിച്ചു.

കർത്താവ് എന്നെ ഉപേക്ഷിച്ചു. കർത്താ 14
വ് എന്നെ മറന്നുകളഞ്ഞു എന്ന് സെഹി
യോൻ പറയുന്നു. ഒരു സ്ത്രീ തന്റെ കുഞ്ഞി 15
നെ മറക്കുമോ? താൻ പ്രസവിച്ച മകനോട് 16
ദയകാണിക്കാതിരിക്കുമോ? അവർ മറന്നു
കളഞ്ഞാലും ഞാൻ നിന്നെ മറക്കുകയില്ല.
ഇതാ ഞാൻ നിന്നെ എന്റെ ഉള്ളങ്ക
യ്യിൽ വരച്ചിരിക്കുന്നു. നിന്റെ കോട്ടകൾ
എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു.
നിന്റെ മക്കൾ വേഗം വരും. നിന്നെ നശി 17
പ്പിച്ചവരും, ശൂന്യമാക്കിയവരും നിന്നെ വിട്ടു
പോകും. കണ്ണുയർത്തി ചുററും നോക്കു
വിൻ. ഇവർ എല്ലാവരും നിന്റെ അടുക്കൽ 18
വന്നു കൂടുന്നതു കാണുക. എന്നാണ, നീ
അവരെയെല്ലാം ആഭരണംപോലെ അണി
യും, ഒരു മണവാട്ടിയെ എന്നപോലെ അവ
രെ മകുടമണിയിക്കും എന്നു കർത്താവ്
അരുളിച്ചെയ്യുന്നു. നിന്റെ ശൂന്യസ്ഥല 19
ങ്ങളും ക്ഷയിച്ച ഭാഗങ്ങളും നാശം ഭവിച്ച
ദേശവും ഇപ്പോൾ നിവാസികൾക്കു പോ
രാതെ വരും. നിന്നെ വിഴുങ്ങിക്കളഞ്ഞവർ
ദൂരത്ത് ഓടിപ്പോകും. നിന്റെ പുത്രഹീനത 20
യിലെ മക്കൾ: സ്ഥലം മതിയാകാതിരി
ക്കുന്നു. വസിപ്പാൻ സ്ഥലം തരിക എന്നു
നിന്നോടു പറയും. അപ്പോൾ നീ നിന്റെ 21
ഹൃദയത്തിൽ പറയും: ഞാൻ പുത്രഹീനയും
വന്ധ്യയും പ്രവാസിനിയും അലഞ്ഞു നട

ക്കുന്നവളും ആയിരുന്നു. ഇവരെ ആര് പ്രസ
വിച്ചു വളർത്തിത്തന്നിരിക്കുന്നു? ഞാൻ
ഏകാകിനിയായിരുന്നുവല്ലോ. ഇവർ എവി
ടെ ആയിരുന്നു?
22 ദൈവമായ കർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു: ഞാൻ ജാതികൾ മേൽ
എന്റെ കൈ ഉയർത്തുകയും ജാതികൾക്ക്
എന്റെ അടയാളം കാണിക്കുകയും ചെയ്യും.
അവർ നിന്റെ പുത്രന്മാരെ കൈകളിലേ
ന്തിയും പുത്രിമാരെ തോളിൽ എടുത്തും
23 കൊണ്ടുവരും. രാജാക്കന്മാർ നിന്റെ വളർ
ത്തച്ഛന്മാരും അവരുടെ പ്രഭ്വികൾ നിന്റെ
പോററമ്മമാരും ആയിരിക്കും. അവർ നിന്നെ
സാഷ്ടാംഗം വണങ്ങി നിന്റെ കാലിലെ
പൊടി നക്കും. ഞാൻ ആകുന്നു ദൈവം
എന്നും എനിക്കായി കാത്തിരിക്കുന്നവർ
ലജ്ജിതരാകുകയില്ല എന്നും നീ അറിയും.
24 ബലവാനിൽനിന്നും അവന്റെ കവർച്ച
എടുക്കാമോ? ബലശാലിയുടെ ബദ്ധന്മാരെ
വിടുവിക്കാമോ? എന്നാൽ ദൈവം ഇപ്രകാ
രം കല്പിക്കുന്നു. ബലവാനിൽനിന്നും ബദ്ധ
25 ന്മാരെ എടുത്തുകളയാം. ശക്തന്റെ കവർ
ച്ചയെയും വിടുവിക്കാം. നിന്നെ ശിക്ഷിക്കു
ന്നവനെ ഞാൻ ശിക്ഷിക്കും. നിന്റെ മക്കളെ
26 രക്ഷിക്കുകയും ചെയ്യും. നിന്നെ ഞെരുക്കു
ന്നവരെ അവരുടെ സ്വന്തമാംസം ഞാൻ തീ
റ്റും. വീഞ്ഞുപോലെ സ്വന്തരക്തം കുടിച്ച് അ
വർക്ക് ലഹരിപിടിക്കും. കർത്താവായ
ഞാൻ നിന്റെ രക്ഷകനും യാക്കോബിന്റെ
ശക്തി നിന്റെ വീണ്ടെടുപ്പുകാരനും
ആകുന്നു എന്നു സകല ജഡവും അറിയും.

അദ്ധ്യായം 50

1 കർത്താവ് കല്പിക്കുന്നു: ഞാൻ നിങ്ങ
ളുടെ അമ്മയെ ഉപേക്ഷിച്ചുകളഞ്ഞതി
ന്റെ ഉപേക്ഷണപത്രം എവിടെ? അഥവാ
എന്റെ കടക്കാരിൽ ആർക്കാകുന്നു ഞാൻ
നിങ്ങളെ വിററുകളഞ്ഞത്? നിങ്ങളുടെ
പാപങ്ങളാൽ നിങ്ങൾ നിങ്ങളെത്തന്നെ
വിററുകളഞ്ഞും നിങ്ങളുടെ അധർമ്മങ്ങ
ളാൽ നിങ്ങളുടെ അമ്മ ഉപേക്ഷിക്കപ്പെട്ടു
2 മിരിക്കുന്നു. ഞാൻ വന്നപ്പോൾ ആരും ഇല്ലാ
തിരിപ്പാനും ഞാൻ വിളിച്ചപ്പോൾ ആരും
ഉത്തരം പറയാതിരിപ്പാനും കാരണമെന്ത്?
എന്റെ കൈ കുറുകിപ്പോയോ? വിടു
വിപ്പാൻ എനിക്കു ശകതിയില്ലയോ? ഇതാ
എന്റെ ശാസനകൊണ്ട് ഞാൻ സമുദ്ര
ത്തെ വററിച്ചുകളയുന്നു. നദികളെ മരുഭൂമി
യാക്കുന്നു. വെള്ളം ഇല്ലായ്കയാൽ അവയി
ലെ മത്സ്യം ദാഹംകൊണ്ട് ചത്തു നാറുന്നു.
ഞാൻ ആകാശത്തെ അന്ധകാരം ധരിപ്പിക്കു 3
കയും പുതപ്പുകൊണ്ട് മൂടുകയും ചെയ്യും.
തളർന്നിരിക്കുന്നവരെ വാക്കുകൊണ്ട് 4
താങ്ങുവാൻ അറിയത്തക്കവണ്ണം ദൈവ
മായ കർത്താവ് എനിക്ക് ഉപദേശത്തിന്റെ
നാവു തന്നിരിക്കുന്നു. അവൻ രാവിലെ
തോറും ഉപദേശം കേൾക്കുവാൻ എന്റെ
കർണ്ണം ഉണർത്തുന്നു. ദൈവമായ
കർത്താവ് എന്റെ ചെവി തുറന്നു. ഞാനോ 5
പിൻമാറിയില്ല. മത്സരിച്ചതുമില്ല. അടികൾ
ക്കായി ഞാൻ എന്റെ ശരീരവും കന്നത്തടി 6
ക്കുന്നവർക്ക് എന്റെ കവിളും കാണിച്ചു
കൊടുത്തു. നിന്ദയിൽ നിന്നും തുപ്പലിൽ
നിന്നും എന്റെ മുഖം മറച്ചിട്ടുമില്ല. ദൈവ
മായ കർത്താവ് എന്നെ സഹായിച്ചു.
അതുകൊണ്ട് ഞാൻ ലജ്ജിച്ചില്ല. അതു 7
കൊണ്ട് ഞാൻ എന്റെ മുഖം പാറപോലെ
ആക്കിയിരിക്കുന്നു. ഞാൻ ലജ്ജിച്ചുപോക
യില്ല എന്നു ഞാൻ അറിയുന്നു. എന്നെ 8
നീതീകരിക്കുന്നവൻ സമീപം തന്നെയുണ്ട്.
എന്നോടു വാദിക്കുന്നവൻ ആര്? നമുക്കു
തമ്മിൽ ഒന്നു നോക്കാം. എന്റെ പ്രതി 9
യോഗി ആര്? അവൻ ഇവിടെ വരട്ടെ. ഇതാ
ദൈവമായ കർത്താവ് എന്നെ സഹായി
ക്കുന്നു. എന്നെ കുററം വിധിക്കുന്നവൻ
ആര്? അവരെല്ലാവരും വസ്ത്രംപോലെ
പഴകിപ്പോകും. പുഴു അവരെ തിന്നുകളയും.
നിങ്ങളിൽ ദൈവത്തെ ഭയപ്പെടുകയും 10
അവന്റെ ദാസന്റെ വാക്കു കേട്ടനുസരി
ക്കുകയും ചെയ്യുന്നവൻ ആര്? തനിക്കു
പ്രകാശം ഇല്ലാതെ അന്ധകാരത്തിൽ നട
ക്കുന്നവൻ ദൈവനാമത്തിൽ ആശ്രയി
ക്കട്ടെ. തന്റെ ദൈവത്താൽ രക്ഷിതനാ
കട്ടെ. തീ കത്തിച്ച് അഗ്നി ജ്വലിപ്പിക്കുന്ന 11
വരേ! നിങ്ങൾ എല്ലാവരും നിങ്ങളുടെ
വെളിച്ചത്തിലും നിങ്ങൾ കൊളുത്തിയിരി
ക്കുന്ന ജ്വാലകളുടെ ഇടയിലും പോകുവിൻ.
എന്റെ കൈയാൽ ഇതു നിങ്ങൾക്കു
ഭവിക്കും. നിങ്ങൾ വ്യസനത്തോടെ കിട
ക്കേണ്ടിവരും.

അദ്ധ്യായം 51

നീതിയെ അനുഗമിക്കുന്നവരും
കർത്താവിനെ അന്വേഷിക്കുന്നവരുമേ,
എന്റെ വാക്കു കേൾപ്പിൻ. നിങ്ങളെ
വെട്ടിയെടുത്ത പാറയിലേക്കും നിങ്ങളെ
കുഴിച്ചെടുത്ത ഖനിയിലേക്കും തിരിഞ്ഞു
നോക്കുവിൻ. നിങ്ങളുടെ പിതാവായ
അബ്രഹാമിലേക്കും നിങ്ങളെ പ്രസവിച്ച
സാറയിലേക്കും തിരിഞ്ഞു നോക്കുവിൻ.

അവനെ വിളിച്ചപ്പോൾ ഏകനായി
അവനെ അനുഗ്രഹിച്ച് വർദ്ധിപ്പി
ുന്നു. കർത്താവ് സെഹിയോനെ
ുന്നു. അവൻ അതിൻെറ സകല
സ്ഥലങ്ങളെയും പണിതുറപ്പിച്ചു.
ൻറ മരുഭൂമിയെ ഏദനെപ്പോലെയും
ൻെറ നിർജ്ജനപ്രദേശത്തെ ദൈവ
റ തോട്ടത്തെപ്പോലെയും ആക്കി.
വും സന്തോഷവും സ്തോത്രവും
ശബ്ദവും അതിൽ കേൾക്കും.
മേ, എൻെറ വാക്കു കേൾപ്പിൻ.
ളേ, എന്നെ ശ്രദ്ധിപ്പിൻ. നിയമം
നിന്നു പുറപ്പെടും. ഞാൻ എൻെറ
ജാതികൾക്കു പ്രകാശമായി സ്ഥാ
എൻെറ നീതി സമീപമായിരിക്കു
ൻെറ രക്ഷ പുറപ്പെട്ടിരിക്കുന്നു.
ഭുജങ്ങൾ ജാതികൾക്ക് ന്യായം
. ദ്വീപുകൾ എനിക്കായി കാത്തി
ു. എൻെറ ഭുജത്തിൽ അവർ
ക്കുന്നു. നിങ്ങളുടെ കണ്ണ് ആകാശ
ഉയർത്തുവിൻ. താഴെ ഭൂമിയിലും
വിൻ. ആകാശം പുകപോലെ
ാകും. ഭൂമി വസ്ത്രംപോലെ പഴകും.
നിവാസികളും അതുപോലെ
എന്നാൽ എൻെറ രക്ഷ എന്നേ
ിക്കും. എൻെറ നീതിക്കു ഭംഗം
ില്ല.
അറിയുന്നവരും ഹൃദയത്തിൽ
പ്രമാണം ഉള്ളവരുമേ, എൻെറ
കൾപ്പിൻ. നിങ്ങൾ മനുഷ്യരുടെ
യപ്പെടരുത്. അവരുടെ ദൂഷണ
മിത്തം ഭ്രമിക്കരുത്. ചിതൽ
വസ്ത്രത്തെപ്പോലെ അരിച്ചുകള
അവരെ കമ്പിളിയെപ്പോലെ
യും. എന്നാൽ എൻെറ നീതി
യും എൻെറ രക്ഷ തലമുറതല
ഇരിക്കും.
ക. ഉണരുക. കർത്തൃഭുജമേ,
ിച്ചുകൊള്ളുക. പൂർവ്വകാല
ത്തെ തലമുറകളിലും എന്ന
ണരുക. നീ മഹാസർപ്പത്തെ
സമുദ്രത്തെ, വലിയ ആഴിയി
ാത്ത നീ വററിച്ചുകളയുകയും
ൻെറ വീണ്ടെടുക്കപ്പെട്ടവർ
കേണ്ടതിന്ന് സമുദ്രത്തിൻെറ
വഴിയാക്കുകയും ചെയ്തു.
ൻെറ വിമുക്തർ ഉല്ലാസാ
ാടെ സെഹിയോനിലേക്ക്
നിത്യാനന്ദം അവരുടെ ശിര
ിയും. അവർ ആനന്ദവും

സന്തോഷവും പ്രാപിക്കും. ദുരിതവും
നെടുവീർപ്പും ഓടിപ്പോകും.
ഞാൻ, ഞാൻതന്നെ നിങ്ങളെ ആശ്വ 12
സിപ്പിക്കുന്നവൻ എന്നു കർത്താവ് പറയു
ന്നു. മരിച്ചുപോകുന്ന മർത്ത്യനെയും പുല്ലു
പോലെ ഉണങ്ങുന്ന മനുഷ്യനെയും ഭയ
പ്പെടുന്ന നീ ആര്? ആകാശത്തെ വിരിച്ച് 13
ഭൂമിയുടെ അടിസ്ഥാനങ്ങൾ ഇട്ടവനായി
നിൻെറ സ്രഷ്ടാവായ ദൈവത്തെ നീ മറക്കു
കയും പീഡകൻ നശിപ്പിക്കുവാൻ വരുന്നു
എന്നു കരുതി, അവൻെറ ക്രോധം നിമിത്തം
ദിവസം മുഴുവൻ സദാ ഭീതനാകുകയും
ചെയ്യുന്നതെന്ത്? ശക്തന്മാരെ നശിപ്പിക്കു 14
വാൻ ധൃതിപ്പെടുന്ന പീഡകൻെറ ക്രോധം
എവിടെ? അടിമകൾ വേഗം മോചിതരാ
കും. അവർ പാതാളത്തിൽ വീഴുകയില്ല.
അവൻെറ ആഹാരത്തിന്നു മുട്ടുവരിക
യുമില്ല. സമുദ്രത്തെ ശാസിച്ച് അതിൻെറ 15
തിരകളെ അടക്കുന്ന നിൻെറ ദൈവമായ
കർത്താവ് ഞാൻ ആകുന്നു. ബലവാനായ
ദൈവം എന്നാകുന്നു എൻെറ നാമം. ഞാൻ 16
ആകാശത്തെ വിരിച്ച് ഭൂമിക്ക് അടിസ്ഥാനം
ഇടുകയും സെഹിയോനോട്, നീ എൻെറ
ജനം എന്നു പറയുകയും ചെയ്യേണ്ടതിന്ന്
ഞാൻ എൻെറ വചനങ്ങളെ നിൻെറ
വായിൽ ആക്കി. എൻെറ കയ്യുടെ നിഴലിൽ
നിന്നെ മറച്ചിരിക്കുന്നു.
ദൈവകരത്തിൽനിന്നു അവൻെറ ക്രോ 17
ധത്തിൻെറ പാനപാത്രം കുടിച്ചിട്ടുള്ള യറൂ
ശലേമേ, ഉണരുക, ഉണരുക; എഴുന്നേററു
നില്ക്കുക; നീ പരിഭ്രമത്തിൻെറ പാനപാത്രം
കുടിച്ചു വററിച്ചു കളഞ്ഞിരിക്കുന്നു. അവൾ 18
പ്രസവിച്ച എല്ലാ മക്കളിലും ആരും അവളെ
ആശ്വസിപ്പിക്കുവാൻ ഇല്ല. അവൾ വളർ
ത്തിയ എല്ലാ മക്കളിലും, അവളെ കൈക്കു
പിടിച്ചു എഴുന്നേല്പിക്കുന്നതിന് ആരു
മില്ല. ഇതു രണ്ടും നിനക്കു നേരിട്ടിരിക്കു
ന്നു. നിന്നോട് ആര് സഹതപിക്കും.? 19
ശൂന്യതയും നാശവും ക്ഷാമവും വാളും
നേരിട്ടിരിക്കുന്നു. നിന്നെ ആര് ആശ്വസി
പ്പിക്കും? നിൻെറ മക്കൾ ബോധംകെട്ട് 20
വലയിൽ അകപ്പെട്ട മാൻ എന്നപോലെ
വീഥികളുടെ കോണുകളിലെല്ലാം കിടക്കു
ന്നു. അവർ കർത്താവിൻെറ ക്രോധവും
നിൻെറ ദൈവത്തിൻെറ ശാസനയുംകൊ
ണ്ട് നിറഞ്ഞിരിക്കുന്നു. ആകയാൽ അരി 21
ഷ്ടയും വീഞ്ഞു കുടിക്കാതെതന്നെ ലഹരി
പിടിച്ചവളും ആയവളേ, ഇതു കേൾക്കുക.
നിൻെറ ദൈവമായ കർത്താവു, തൻെറ ജന 22
ത്തിൻെറ കാര്യം നടത്തുന്ന നിൻെറ ദൈവ

മായവൻ അരുളിച്ചെയ്യുന്നു: ഞാൻ പരി
ഭ്രമത്തിൻെറ പാനപാത്രം, എൻെറ ക്രോധ
ത്തിൻെറ പാനപാത്രം നിൻെറ കയ്യിൽ
നിന്ന് എടുത്തു കളഞ്ഞിരിക്കുന്നു. ഇനി
യും നീ അതു കുടിക്കുകയില്ല. നിന്നെ
23 ഉപദ്രവിക്കുന്നവരുടെ കയ്യിൽ ഞാൻ അതു
കൊടുക്കും. അവർ നിന്നോടു: താണു
വീഴുക. ഞങ്ങൾ കടന്നു പോകട്ടെ എന്നു
പറഞ്ഞുവല്ലോ. അങ്ങനെ കടന്നു പോകു
ന്നവർക്ക് നീ നിൻെറ ജനത്തെ നിലംപോ
ലെയും തെരുവീഥിപോലെയും ആക്കി
വയ്ക്കേണ്ടിവന്നിരുന്നല്ലോ.

അദ്ധ്യായം 52

1 സെഹിയോനേ ഉണരുക, ഉണരുക,
മഹത്വവസ്ത്രം ധരിച്ചുകൊൾക. വിശുദ്ധ
നഗരമായ യറൂശലേമേ, നിൻെറ അലങ്കാര
വസ്ത്രം ധരിച്ചുകൊൾക. എന്തെന്നാൽ
മേലാൽ അഗ്രചർമ്മിയും അശുദ്ധനും
നിന്നിലേക്കു വരികയില്ല. പൊടി കുടഞ്ഞു
2 കളയുക. യറൂശലേമേ, എഴുന്നേററു ഇരി
ക്കുക. ബദ്ധയായ സെഹിയോൻപുത്രീ,
നിൻെറ കഴുത്തിലെ അടിമനുകം അഴിച്ചു
കളയുക.
3 കർത്താവ് അരുളിച്ചെയ്യുന്നു: വില
വാങ്ങാതെ നിങ്ങളെ വിററുകളഞ്ഞു. വില
കൊടുക്കാതെ നിങ്ങളെ വീണ്ടുകൊള്ളും.
ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു:
4 എൻെറ ജനം പണ്ടു തൽക്കാലവാസം
ചെയ്‌വാൻ മെസ്രേനിലേക്ക് ഇറങ്ങിച്ചെ
ന്നു. അസ്സീറിയ അവരെ ബലമായി കൂട്ടി
5 ക്കൊണ്ടുപോയി. ഇപ്പോഴോ എൻെറ ജന
ത്തെ വെറുതെ പിടിച്ചുകൊണ്ടു പോയിരി
ക്കുകയാൽ ഞാൻ ഇവിടെ എന്തു ചെയ്യേ
ണ്ടു എന്നു കർത്താവ് അരുളിച്ചെയ്യുന്നു.
അവരുടെ അധിപതിമാർ വിലപിക്കുന്നു.
എൻെറ നാമത്തെ ഇടവിടാതെ എപ്പോഴും
6 അവർ ദുഷിക്കുന്നു എന്നും കർത്താവ്
അരുളിച്ചെയ്യുന്നു. അതുകൊണ്ട് എൻെറ
ജനം ആ ദിവസം എൻെറ നാമം അറിയും.
അതുകൊണ്ട് ഞാൻ തന്നെയാകുന്നു
സംസാരിക്കുന്നവൻ എന്ന് അവർ അന്ന്
7 അറിയും. സമാധാനം പ്രഘോഷിച്ച് നന്മ
യെ സുവിശേഷിച്ച്, രക്ഷയെ പ്രസിദ്ധീ
കരിച്ച് സെഹിയോനോട് നിൻെറ ദൈവം
വാഴുന്നു എന്നു പറയുന്നവൻെറ കാൽ
പർവ്വതങ്ങളിന്മേൽ എത്ര മനോഹരം!
8 ഇതാ നിൻെറ കാവല്ക്കാരുടെ ശബ്ദം.
അവർ ശബ്ദം ഉയർത്തി ഒരുമിച്ച് സ്തു
തിച്ചു ഘോഷിക്കുന്നു. കർത്താവ് സെഹി
യോനെ തിരികെ വരുത്തുമ്പോൾ അവർ
അഭിമുഖമായി കാണും. യറൂശലേമിൻെറ 9
ശൂന്യപ്രദേശങ്ങളേ, സന്തോഷിച്ച് സ്തുതി
പ്പിൻ. കർത്താവ് തൻെറ ജനത്തെ ആശ്വ 10
സിപ്പിച്ചു. യറൂശലേമിനെ രക്ഷിച്ചു സകല
ജാതികളും കാൺകെ കർത്താവ് തൻെറ
വിശുദ്ധ ഭുജത്തെ വെളിപ്പെടുത്തിയിരി
ക്കുന്നു. ഭൂസീമകളെല്ലാം നമ്മുടെ ദൈവ
ത്തിൻെറ രക്ഷയെ കാണും. വിട്ടു പോരു 11
വിൻ. അശുദ്ധമായതൊന്നിനോടും അടു
ക്കരുത്. അതിൻെറ നടുവിൽനിന്നു പുറ
പ്പെട്ടുപോരുവിൻ. കർത്താവിൻെറ ഉപ
കരണങ്ങൾ വഹിക്കുന്നവരേ, നിങ്ങളെത്ത
ന്നെ നിർമ്മലീകരിപ്പീൻ. എന്തെന്നാൽ 12
നിങ്ങൾ ധൃതിയോടെ പോകേണ്ട. ഓടി
പ്പോകുകയുംവേണ്ട. കർത്താവ് നിങ്ങൾ
ക്കു മുമ്പായി നടക്കും. ഇസ്രായേലിൻെറ
ദൈവം നിങ്ങളെ കൂട്ടിച്ചേർക്കും. എൻെറ 13
ദാസൻ കൃതാർത്ഥനാകും. അവൻ ഉയർന്ന്
പുകഴ്ന്ന് അത്യന്തം ഉന്നതനായിരിക്കും.
അവൻെറ രൂപം കണ്ടാൽ ആളല്ല എന്നും 14
അവൻെറ സ്ഥിതി കണ്ടാൽ മനുഷ്യനല്ല
എന്നും തോന്നുമാറ് വിരൂപമായിരിക്ക
കൊണ്ട് പലരും അവനെ കണ്ട് സ്തംഭിച്ചു
പോകും. അവൻ പല ജാതികളെയും
നിർമ്മലീകരിക്കും. രാജാക്കന്മാർ അവനെ
കണ്ട് വായ് പൊത്തി നില്ക്കും. അവർ 15
ഒരിക്കലും അറിഞ്ഞിട്ടില്ലാത്തതു കാണു
കയും ഒരിക്കലും കേട്ടിട്ടില്ലാത്തതു ഗ്രഹി
ക്കുകയും ചെയ്യും.

അദ്ധ്യായം 53

ഞങ്ങൾ കേൾപ്പിച്ചത് ആര് വിശ്വസിച്ചു?
കർത്താവിൻെറ ഭുജം ആർക്ക് വെളിപ്പെട്ടു?
അവൻ ഇളയ തൈപോലെയും വരണ്ട 2
നിലത്തുനിന്നു വേരു മുളയ്ക്കുന്നതുപോ
ലെയും അവൻെറ മുമ്പാകെ വളരും. അവ
ന്നു രൂപഗുണം ഇല്ല. ശോഭയുമില്ല. കണ്ടാൽ
ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല.
അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും 3
ത്യജിക്കപ്പെട്ടും വ്യസനപാത്രമായും വ്യസ
നം ശീലിച്ചവനായും ഇരുന്നു. അവനിൽനി
ന്നു മുഖം തിരിച്ചുകളഞ്ഞ് നാം അവനെ നി
ന്ദിച്ചു. നാം അവനെ ആദരിച്ചതുമില്ല.
നമ്മുടെ കഷ്ടതകൾ യഥാർത്ഥമായും 4
അവൻ വഹിച്ചു. നമ്മുടെ വേദനകളെ
അവൻ വഹിച്ചു. നാമോ ദൈവം അവനെ
ശിക്ഷിച്ചും അടിച്ചും താഴ്ത്തിയിരിക്കുന്നു
എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ 5
പാപങ്ങൾ നിമിത്തം കൊല്ലപ്പെട്ടും നമ്മുടെ

ത്യങ്ങൾ നിമിത്തം താഴ്ത്തപ്പെട്ടു
ുന്നു. നമ്മുടെ സമാധാനത്തിന്നാ
ശിക്ഷ അവന്റെ മേൽ ആയി. അവ
അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം
ിരിക്കുന്നു. നാമെല്ലാം ആടുകളെ
ല തെററിപ്പോയിരുന്നു. നാം ഓരോ
ും സ്വന്ത വഴിക്കു തിരിഞ്ഞിരുന്നു.
ൽ ദൈവം നമ്മുടെ എല്ലാവരുടെയും
ങ്ങൾ അവന്റെ മേൽ ചുമത്തി.
വൻ മർദ്ദിതനും പീഡിതനുമായി
തന്നത്താൻ താഴ്ത്തി, വായ്
ാതെയിരുന്നു. കൊല്ലുവാൻ കൊണ്ടു
ന്ന കുഞ്ഞാടിനെപ്പോലെയും രോമം
ുന്നവരുടെ മുമ്പാകെ മൗനമായിരി
ആടിനെപ്പോലെയും അവൻ വായ്
ാതിരുന്നു. അവൻ ബന്ധനത്തിനും
വിധിക്കുമായി കൊണ്ടുപോകപ്പെട്ടു.
ള്ളവരുടെ ദേശത്തുനിന്ന് അവൻ
പ്പെട്ടു. എന്റെ ജനത്തിന്റെ
നിമിത്തം അവന് ദണ്ഡനം വന്നു.
റ തലമുറയെ ആരു വിവരിക്കും?
പാപം ഒന്നും ചെയ്യാതെയും
റ വായിൽ വഞ്ചനയൊന്നും ഇല്ലാ
ഇരുന്നിട്ടും അവർ അവന്നു ദുഷ്ട
ുകൂടെ സംസ്കരിക്കപ്പെട്ടു. അവ
രണത്തിൽ അവൻ സമ്പന്നന്മാ
ടെ ആയിരുന്നു. എന്നാൽ അവനെ
വാനും അവന്ന് കഷ്ടം വരുത്തു
ർത്താവിനു ഇഷ്ടം തോന്നി. അവ
ാണൻ ഒരു അകൃത്യയാഗമായി
അവൻ സന്തതിയെ കാണുകയും
ുസ്സു പ്രാപിക്കുകയും ദൈവത്തി
ടം അവനിലൂടെ സാധിക്കുകയും
അവൻ തന്റെ പ്രയത്നഫലം കണ്ട്
തൃപ്തനാകും. നീതിമാനായ എ
സൻ തന്റെ ജ്ഞാനത്താൽ
യും നീതീകരിക്കും. അവരുടെ
ള അവൻ വഹിക്കും. അതു
ഞാൻ അവന്നു മഹാന്മാരോടു
രി കൊടുക്കും. ബലവാന്മാർക്ക്
ാള്ള പങ്കിടും. അവൻ തന്റെ
മരണത്തിന്നു വിട്ടു കൊടുത്തു.
ടെ പാപം വഹിച്ചു. അതിക്രമ
വേണ്ടി മദ്ധ്യസ്ഥനായി അക്രമി
ടെ എണ്ണപ്പെട്ടു.

അദ്ധ്യായം 54

ക്കാത്ത വന്ധ്യയേ, സന്തോഷി
സവവേദന അനുഭവിക്കാത്തവ
തിപ്പോടെ സന്തോഷിക്കുക.
ഏകാകിനിയുടെ മക്കൾ ഭർത്താവുള്ളവ
ളുടെ മക്കളെക്കാൾ അധികം എന്നു
കർത്താവ് അരുളിച്ചെയ്യുന്നു. നിന്റെ 2
കൂടാരത്തിന്റെ വിസ്താരം വിശാലമാ
ക്കുക. നിന്റെ കൂടാരങ്ങളുടെ തിരശ്ശീല
വലിച്ചുകെട്ടുക. അടങ്ങിയിരിക്ക. നിന്റെ
കയറുകൾ നീട്ടുക. നിന്റെ കുററികൾ 3
ഉറപ്പിക്കുക. നീ ഇടത്തോട്ടും വലത്തോട്ടും
വ്യാപിക്കും. നിന്റെ സന്തതി ജാതികളുടെ
ദേശം കൈവശമാക്കും. ശൂന്യനഗരങ്ങൾ
ആൾപാർപ്പുള്ളവയുമാക്കും. ഭയപ്പെടേ 4
ണ്ടാ, നീ ലജ്ജിച്ചുപോകയില്ല. ഭ്രമിക്കേണ്ട,
നീ നാണിച്ചുപോകുകയില്ല. നിന്റെ
യൗവനത്തിന്റെ ലജ്ജ നീ മറക്കും. നിന്റെ
വൈധവ്യത്തിലെ നിന്ദ ഇനി ഓർക്കുകയു 5
മില്ല. നിന്റെ കർത്താവ് നിന്നെ ഇപ്രകാരം
ആക്കി. ബലവാനായ ദൈവം എന്നാകുന്നു
അവന്റെ നാമം. ഇസ്രായേലിന്റെ പരിശു
ദ്ധനാകുന്നു നിന്റെ രക്ഷകൻ. സർവ്വഭൂമി
യുടെയും ദൈവം എന്ന് അവൻ വിളിക്ക
പ്പെടുന്നു. ഉപേക്ഷിക്കപ്പെട്ടു മനോവ്യഥ 6
യിൽ ഇരിക്കുന്ന സ്ത്രീയെപ്പോലെ
കർത്താവ് നിന്നെ വിളിച്ചിരിക്കുന്നു.
യൗവനത്തിൽ വിവാഹം ചെയ്തിട്ടു തിര
സ്കൃതയായ ഭാര്യയെപ്പോലെതന്നെ
എന്നു നിന്റെ ദൈവം അരുളിച്ചെയ്യുന്നു.

അല്പകോപത്തോടെ ഞാൻ നിന്നെ 7
ഉപേക്ഷിച്ചു. എങ്കിലും അധിക കരുണ
യോടെ ഞാൻ നിന്നെ ചേർത്തുകൊള്ളും.
വലിയ ക്രോധാധിക്യത്തോടെ ഞാൻ 8
ക്ഷണനേരത്തേക്ക് എന്റെ മുഖം നിനക്കു
മറച്ചു. എങ്കിലും നിത്യമായ ദയയോടെ
ഞാൻ നിന്നോടു കരുണ കാണിച്ചു എന്നു
നിന്റെ വീണ്ടെടുപ്പുകാരനായ കർത്താവ്
അരുളിച്ചെയ്യുന്നു. ഇത് എനിക്ക് നോഹ 9
യുടെ കാലങ്ങൾപോലെയാകുന്നു. നോഹ
യുടെ വെള്ളങ്ങൾ ഇനി ഭൂമിയെ മുക്കി
ക്കളയുകയില്ല എന്നു ഞാൻ സത്യംചെയ്ത
തുപോലെ ഞാൻ നിന്നോടു കോപിക്കുക
യോ നിന്നെ ശാസിക്കുകയോ ഇല്ല എന്നു
ഞാൻ സത്യം ചെയ്തിരിക്കുന്നു. പർവ്വത 10
ങ്ങൾ വീണുപോകും. കുന്നുകൾ നീങ്ങി
പ്പോകും. എന്നാൽ എന്റെ ദയ നിന്നെ വിട്ടു
മാറുകയില്ല. എന്റെ സമാധാന നിയമം
നീങ്ങിപ്പോകയുമില്ല എന്നു കരുണയുള്ള
വനായ കർത്താവ് നിന്നോടു അരുളി
ച്ചെയ്യുന്നു.

അരിഷ്ടയും കൊടുങ്കാററടിച്ച് ആശ്വാ 11
സമററവളുമേ! ഞാൻ നിന്റെ കല്ലുകൾ
രത്നങ്ങളാക്കുകയും നീലക്കല്ലുകൊണ്ട്

നിൻെറ അടിസ്ഥാനം ഇടുകയും ചെയ്യും.
12 ഞാൻ നിൻെറ ഭിത്തികളെ പത്മരാഗം
കൊണ്ടും നിൻെറ വാതിലുകളെ പുഷ്യ
രാഗംകൊണ്ടും നിൻെറ അതിരുകളെയെ
ല്ലാം മനോഹരമായ കല്ലുകൊണ്ടും നിർമ്മി
13 ക്കും. നിൻെറ മക്കൾ എല്ലാവരും എന്നെ മന
14 സ്സിലാക്കും. നിൻെറ മക്കളുടെ സമാധാനം
വർദ്ധിക്കും. നീതിയാൽ നീ സ്ഥിരമായി
നില്ക്കും. നീ പീഡനത്തിൽനിന്ന് അകന്നി
രിക്കും. നിനക്ക് ഭയപ്പെടുവാനിടയാകയില്ല.
നാശം നിന്നോട് അടുത്തു വരികയില്ല.
15 എൻെറ കയ്യിൽനിന്നും തിരിയുന്നവൻ
നിന്നിലേക്ക് കടന്നുവരും. നിൻെറ വാസി
കൾക്ക് നീ അഭയസ്ഥാനമായിരിക്കും.
16 തീക്കനൽ ഊതി പണിചെയ്ത് ഓരോ
സാധനവും നിർമ്മിക്കുന്ന കൊല്ലനെ
ഞാൻ സൃഷ്ടിച്ചിരിക്കുന്നു. നശിപ്പിപ്പാൻ
സംഹാരകനെയും ഞാൻ സൃഷ്ടിച്ചിരിക്കു
17 ന്നു. നിനക്ക് വിരോധമായി ഉണ്ടാക്കുന്ന
യാതൊരു ആയുധവും ഫലിക്കുകയില്ല.
ന്യായവിസ്താരത്തിൽ നിനക്കു വിരോധ
മായി എഴുന്നേല്ക്കുന്ന എല്ലാ നാവിനെയും
നീ കുററം വിധിക്കും. ദൈവദാസന്മാരുടെ
അവകാശവും എൻെറ സന്നിധിയിൽനി
ന്നുള്ള അവരുടെ നീതിയും ഇതു തന്നെ
ആകുന്നു എന്നു കർത്താവ് കല്പിക്കുന്നു.

അദ്ധ്യായം 55

1 ദാഹിക്കുന്ന ഏവരുമേ, പണ
മില്ലാത്തവരേ, വെള്ളത്തിന്നായി വരുവിൻ.
വന്നു വാങ്ങി കഴിക്കുവിൻ. നിങ്ങൾ
വന്നു പണവും വിലയും കൂടാതെ വീഞ്ഞും
പാലും വാങ്ങിക്കൊൾവിൻ. അപ്പമല്ലാത്ത
2 തിന്നു പണവും തൃപ്തി വരുത്താത്തതിന്നു
നിങ്ങളുടെ പ്രയത്നഫലവും ചെലവിടു
ന്നതെന്തിന്ന്? എൻെറ വാക്ക് കേട്ടു നന്മ
അനുഭവിപ്പിൻ. പൂർണ്ണഭോജനം കഴിച്ച്
3 മോദിപ്പിൻ. നിങ്ങൾ എൻെറ അടുക്കൽ
വരുവിൻ. നിങ്ങൾക്കു ജീവനുണ്ടാകേണ്ട
തിന്നു കേട്ടുകൊൾവിൻ. ദാവീദിൻെറ
വിശ്വസ്തകൃപ എന്ന ഒരു ശാശ്വതനിയമം
ഞാൻ നിങ്ങളോടു ചെയ്യും. ഞാൻ നിന്നെ
4 ജാതികൾക്കു സാക്ഷിയും ജനങ്ങൾക്ക്
പ്രഭുവും അധിപതിയും ആക്കിയിരിക്കുന്നു.
5 നീ അറിയാത്ത ഒരു ജാതിയെ നീ വിളി
ക്കും. നിന്നെ അറിയാത്ത ഒരു ജാതി നിൻെറ
ദൈവമായ കർത്താവ് നിമിത്തവും ഇസ്രാ
യേലിൻെറ പരിശുദ്ധൻ നിമിത്തവും അവൻ
നിന്നെ മഹിമപ്പെടുത്തിയിരിക്കയാൽ
നിൻെറ അടുക്കൽ ഓടിവരും.

കർത്താവിനെ കണ്ടെത്താവുന്ന സമ 6
യത്ത് അവനെ അന്വേഷിപ്പിൻ. അവൻ
അടുത്തിരിക്കുമ്പോൾ അവനെ വിളിച്ച
പേക്ഷിപ്പിൻ. ദുഷ്ടൻ തൻെറ വഴിയെയും 7
നീതികെട്ടവൻ തൻെറ വിചാരങ്ങളെയും
ഉപേക്ഷിച്ചു എങ്കലേക്കു തിരിയട്ടെ. ഞാൻ
അവനോടു കരുണ കാണിക്കും. നമ്മുടെ
ദൈവം ധാരാളം ക്ഷമിക്കും. എൻെറ വിചാര 8
ങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല.
എൻെറ വഴികൾ നിങ്ങളുടെ വഴികളുമല്ല
എന്നു കർത്താവ് അരുളിച്ചെയ്യുന്നു.
ആകാശം ഭൂമിക്കുപരി ഉയർന്നിരിക്കുന്ന 9
തുപോലെ എൻെറ വഴികൾ നിങ്ങളുടെ
വഴികളിലും എൻെറ വിചാരങ്ങൾ നിങ്ങ
ളുടെ വിചാരങ്ങളിലും ഉയർന്നവയാകു
ന്നു. മഴയും ഹിമവും ആകാശത്തുനിന്നു 10
പെയ്യുകയും അവിടേക്കു മടങ്ങാതിരി
ക്കുകയും വിതപ്പാൻ വിത്തും തിന്നുവാൻ
ആഹാരവും നല്കത്തക്കവണ്ണം ഭൂമിയെ
നനച്ചു ഫലവത്താക്കി വിളയിക്കുന്നതു 11
പോലെ എൻെറ വായിൽനിന്നു പുറപ്പെ
ടുന്ന എൻെറ വചനം ആയിരിക്കും. അത്
വ്യഥാ എൻെറ അടുക്കലേക്ക് മടങ്ങി
വരാതെ എനിക്ക് ഇഷ്ടമുള്ളതു നിവർത്തി
ക്കുകയും ഞാൻ അയച്ച കാര്യം സാധിപ്പി
ക്കുകയും ചെയ്യും. നിങ്ങൾ സന്തോഷ 12
ത്തോടെ പുറപ്പെടും. സമാധാനത്തോടെ
നിങ്ങൾ പോകും. മലകളും കുന്നുകളും
നിങ്ങളുടെ മുമ്പിൽ ആനന്ദിക്കും. ദേശത്തി
ലെ സകല വൃക്ഷങ്ങളും കൈകൊട്ടും.
മുള്ളിന്നു പകരം സരളവൃക്ഷവും പറക്കാ 13
രയ്ക്ക് പകരം കൊഴുന്തും മുളയ്ക്കും. അത്
കർത്താവിന്നു കീർത്തിയായും അക്ഷയ
മായ ശാശ്വത അടയാളമായും ഇരിക്കും.

അദ്ധ്യായം 56

കർത്താവ് അരുളിച്ചെയ്യുന്നു: എൻെറ 1
രക്ഷ വരുവാനും എൻെറ നീതി വെളിപ്പെടു
വാനും അടുത്തിരിക്കുകയാൽ ന്യായം
ആചരിച്ചു നീതി പ്രവർത്തിപ്പിൻ. ശാബ
തിനെ അശുദ്ധമാക്കാതെ ആചരിക്കുകയും
തിന്മ ചെയ്യാതെ തൻെറ കൈ സൂക്ഷിക്കു
കയും ചെയ്തുകൊണ്ട് ഇത് ചെയ്യുന്ന
മർത്യനും ഇതിനാൽ ശക്തനാകുന്ന മനു
ഷ്യനും ഭാഗ്യവാൻ. കർത്താവിനോട്
ചേർന്ന വിജാതീയൻ: കർത്താവ് എന്നെ
തൻെറ ജനത്തിൽനിന്നു പൂർണ്ണമായും
വേർപെടുത്തും എന്നു പറയരുത്. ഷണ്ഡ
നും, ഞാൻ ഒരു ഉണങ്ങിയ വൃക്ഷം എന്നു
പറയരുത്. എൻെറ ശാബത് ആചരിക്കു

എനിക്ക് ഇഷ്ടമുള്ളത് തിരഞ്ഞെ
യും എന്റെ നിയമം പാലിക്കുക
യ്യുന്ന ഷണ്ഡന്മാരോട് ദൈവമായ
ാപ്രകാരം പറയുന്നു. ഞാൻ അവർ
ന്റെ ആലയത്തിലും എന്റെ കോട്ട
പുത്രീപുത്രന്മാരെക്കാൾ വിശേഷ
ു സ്മരണയും നാമവും കൊടു
റുപോകാത്ത ഒരു ശാശ്വത നാമം
ാവർക്കു കൊടുക്കും. ദൈവത്തെ
ച്ച് അവന്റെ നാമത്തെ സ്നേഹി
ന്റെ ദാസന്മാരായിരിക്കുവാൻ
ിനോട് ചേർന്നു വരുന്ന വിജാ
ശാബതിനെ അശുദ്ധമാക്കാതെ
ുകയും എന്റെ നിയമം അനുസ
ക്കുകയും ചെയ്യുന്നവരെയെല്ലാം
ന്റെ വിശുദ്ധ പർവ്വതത്തിലേക്ക്
വന്ന് എന്റെ പ്രാർത്ഥനാലയ
ാവരെ സന്തോഷിപ്പിക്കും. അവ
മയാഗങ്ങളും ഹനനയാഗങ്ങളും
യാഗപീഠത്തിങ്കൽ പ്രസാദകര
ും. എന്റെ ആലയം സകല
ക്കും ഉള്ള പ്രാർത്ഥനാലയം എന്നു
ടും. ഞാൻ അവരോട് അവരുടെ
പ്പെട്ടവരോട് ഇനി മററുള്ളവ
ട്ടിച്ചേർക്കും എന്ന് ഇസ്രായേ
ചിതറിയവരെ ശേഖരിക്കുന്ന
കർത്താവ് കല്പിക്കുന്നു.
ല സകല മൃഗങ്ങളും കാട്ടിലെ
ങ്ങളുമേ, വന്ന് തിന്നുകൊൾ
ന്റെ കാവല്ക്കാർ കുരുടന്മാർ,
രും ജ്ഞാനമില്ലാത്തവർ, അവ
കുരയ്ക്കുവാൻ കഴിയാത്ത ഊമ
ആകുന്നു. അവർ നിദ്രാപ്രിയ
ന്നുറങ്ങി സ്വപ്നം കാണുന്നു.
ൃപ്തിപ്പെടാത്ത അത്യാഗ്രഹി
ാത്തവർ, അറിവില്ലാത്തവർ.
രും ഒട്ടൊഴിയാതെ അവനവ
ും ഓരോരുവൻ സ്വന്ത കാര്യ
രിഞ്ഞിരിക്കുന്നു. വരുവിൻ
ിക്കാം. നമുക്ക് മദ്യം ആസ്വദി
ത്തപ്പോലെ നാളെയും ഭംഗി
ാം എന്ന് അവർ പറയുന്നു.

അദ്ധ്യായം 57

നശിക്കുന്നു. ആരും അക്കാ
ുന്നില്ല. ഭക്തന്മാരും കഴി
ന്നു. നീതിമാൻ അനർത്ഥ
കഴിഞ്ഞുപോകുന്നു എന്ന്
ുന്നില്ല. അവൻ സമാധാന
വശിക്കുന്നു. അവന്റെ കിട
ക്കയിൽ വിശ്രമം പ്രാപിക്കുന്നു. അവൻ
നേരെ പോകുന്നു.
ക്ഷുദ്രക്കാരിയുടെ മക്കളേ! വ്യഭിചാരി 3
യുടേയും വേശ്യയുടെയും സന്തതിയേ,
ഇങ്ങോട്ട് അടുത്തു വരുവിൻ. നിങ്ങൾ 4
ആരെയാകുന്നു ഉപദ്രവിക്കുന്നത്? ആരുടെ
നേരെയാകുന്നു നിങ്ങൾ വായ് തുറന്നു
നാക്കു നീട്ടുന്നത്? നിങ്ങൾ അധാർമ്മികരും
വ്യാജസന്തതിയും ആകുന്നു. നിങ്ങൾ കരു 5
വേലകങ്ങൾക്കടുത്തും ഓരോ പച്ചമര
ത്തിൻ കീഴിലും വിഗ്രഹങ്ങളിൽ ആശ്രയി
ക്കുന്നു. പാറക്കെട്ടുകൾക്കു താഴെ സമതല
ത്തു വച്ച് കുഞ്ഞുങ്ങളെ അറുക്കുന്നു.
തോട്ടിലെ കല്ല് നിന്റെ പങ്ക്. അതുതന്നെ 6
നിന്റെ ഓഹരി. അതിന്നല്ലോ നീ പാനീയ
ബലി പകർന്ന് ഭോജനബലി അർപ്പിച്ചിരി
ക്കുന്നത്! ഇവ കണ്ടിട്ട് ഞാൻ ക്ഷമിച്ചിരി
ക്കുമോ? കിളരവും ഉയരവും ഉള്ള മലയിൽ 7
നീ നിന്റെ കിടക്ക വിരിച്ചിരിക്കുന്നു. അവി
ടേക്ക് നീ ബലികഴിപ്പാൻ കയറിച്ചെന്നു. കത 8
കിന്നും കട്ടിളയ്ക്കും പിന്നിൽ നീ നിന്റെ
അടയാളം വച്ചു. നീ എന്നെ വിട്ട് ചെന്ന്
അന്യർക്ക് നിന്നെത്തന്നെ അനാവൃത
യാക്കി നിന്റെ മെത്ത വിസ്തൃതമാക്കി
അവരുമായി കൂടിച്ചേർന്ന് അവരുടെ ശയനം
ആഗ്രഹിച്ചു. നീ തൈലവുമായി ദാസസദ 9
സ്സിൽ ചെന്ന് നിന്റെ സുഗന്ധവർഗ്ഗം
ധാരാളം അർപ്പിച്ചു. നിന്റെ ദൂതന്മാരെ
ദൂരത്തയച്ചു. പാതാളത്തോളം ഇറങ്ങിച്ചെ
ന്നു വഴിയുടെ ദൂരം കൊണ്ട് നീ തളർന്നു 10
പോയിട്ടും ഞാൻ വിരമിക്കും എന്നു നീ പറ
ഞ്ഞില്ല. നിന്റെ കൈയുടെ ശക്തി കണ്ടതു
കൊണ്ട് നിനക്കു ക്ഷീണം തോന്നിയില്ല.
കാപട്യം കാണിപ്പാനും എന്നെ ഓർക്കുക 11
യോ വകവയ്ക്കുകയോ ചെയ്യാതിരി
പ്പാനും നീ ആരെയാകുന്നു ശങ്കിച്ച് ഭയ
പ്പെട്ടത്? ഞാൻ ദീർഘകാലം മൗനം
പാലിച്ചതുകൊണ്ടല്ലേ, നീ എന്നെ ഭയ
പ്പെടാതിരിക്കുന്നത്? എന്റെ നീതി ഞാൻ
വെളിവാക്കും. നിന്റെ പ്രവൃത്തികൾ നിന 12
ക്കു പ്രയോജനപ്പെടുകയില്ല. നീ നില 13
വിളിക്കുമ്പോൾ വിഗ്രഹങ്ങൾ നിന്നെ രക്ഷി
ക്കട്ടെ. എന്നാൽ അവയെ എല്ലാം കാററു
പറപ്പിക്കും. കൊടുങ്കാററ് അവയെ നീക്കി
ക്കളയും. എന്നാൽ എന്നെ ആശ്രയിക്കുന്ന
വൻ ദേശം അവകാശമാക്കും. എന്റെ
വിശുദ്ധ പർവ്വതം കൈവശമാക്കും. നിരപ്പാ
ക്കുവിൻ. നിരപ്പാക്കുവിൻ. വഴി ഒരുക്കുവിൻ. 14
എന്റെ ജനത്തിന്റെ വഴിയിൽനിന്ന് തടസ്സം
നീക്കിക്കളവിൻ എന്ന് ആഹ്വാനം ഉയരും.

15 ഉന്നതനും ഉയർന്നിരിക്കുന്നവനും
ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമ
മുള്ളവനുമായവൻ ഇപ്രകാരം പറയുന്നു:
ഞാൻ ഉന്നതനും പരിശുദ്ധനുമായി വസി
ക്കുന്നു. താഴ്മയുള്ളവരുടെ മനസ്സിനും
വേദനയനുഭവിക്കുന്നവരുടെ ഹൃദയത്തി
നും ജീവൻ നൽകുവാൻ മനസ്താപവും
മനോവിനയവുമുള്ളവരോടുകൂടെയും
വസിക്കുന്നു.
16 ഞാൻ എന്നും കുററപ്പെടുത്തുകയില്ല.
എപ്പോഴും കോപിക്കുകയുമില്ല. അല്ലെങ്കിൽ
അവരുടെ ആത്മാവും ഞാൻ സൃഷ്ടിച്ചി
ട്ടുള്ള ശ്വാസവും എൻെറ മുമ്പിൽനിന്നു
17 നശിച്ചുപോകുമല്ലോ. അവരുടെ അത്യാഗ്ര
ഹത്തിൻെറ അധർമ്മംമൂലം ഞാൻ കോപിച്ച്
അവരെ അടിച്ചു. ഞാൻ കോപിച്ച് മുഖം മറ
ച്ചു. എന്നിട്ടും അവർ തിരിഞ്ഞു തങ്ങൾക്കു
18 തോന്നിയ വഴിയേ പോയി. ഞാൻ അവരുടെ
വഴികൾ കണ്ടു. ഞാൻ അവരെ സൗഖ്യമാ
ക്കും. ഞാൻ അവർക്ക്, അവരുടെ ദുഃഖിത
19 ന്മാർക്ക് വീണ്ടും ആശ്വാസം വരുത്തി. അവ
അവരുടെ അധരങ്ങളുടെ ഫലം സൃഷ്ടിച്ചു.
ദൂരസ്ഥനും സമീപസ്ഥനും സമാധാനം
സമാധാനം എന്നും ഞാൻ അവരെ സൗഖ്യ
മാക്കും എന്നും കർത്താവ് കല്പിക്കുന്നു.
20 ദുഷ്ടന്മാർ കലങ്ങിമറിയുന്ന കടൽപോലെ.
അതിന്നു ശാന്തമായിരിപ്പാൻ സാദ്ധ്യമല്ല.
അതിലെ വെള്ളം ഇഴജാതികളെയും ചെളി
21 യും മേലോട്ടു തള്ളുന്നു. ദുഷ്ടന്മാർക്ക്
സമാധാനമില്ല എന്ന് എൻെറ ദൈവം
അരുളിച്ചെയ്യുന്നു.

അദ്ധ്യായം 58

1 ഉറച്ചു വിളിക്കുക. അടങ്ങിയിരിക്കരുത്.
കാഹളംപോലെ നിൻെറ ശബ്ദം ഉയർ
ത്തുക. എൻെറ ജനത്തിന്നു അവരുടെ
അധർമ്മത്തെയും യാക്കോബ് ഗൃഹ
ത്തിന് അവരുടെ പാപങ്ങളെയും കാണിച്ചു
2 കൊടുക്കുക. അവർ പ്രതിദിനം എന്നെ
അന്വേഷിച്ച് എൻെറ വഴികൾ അറിവാൻ
ആഗ്രഹിക്കുന്നു. നീതി ചെയ്യുകയും തങ്ങ
ളുടെ ദൈവത്തിൻെറ ന്യായം ഉപേക്ഷിക്കാ
തെയിരിക്കുകയും ചെയ്യുന്ന ജനത്തെപ്പോ
ലെ അവർ നീതിയുള്ള വിധികൾ എന്നോടു
ചോദിച്ച് ദൈവത്തോട് സമീപിക്കുവാൻ
3 ആഗ്രഹിക്കുന്നു. ഞങ്ങൾ നോമ്പ് ആചരി
ച്ചിട്ട് നീ കാണാതിരിക്കുന്നതെന്ത്? ഞങ്ങൾ
ആത്മതപനംചെയ്തിട്ട് അങ്ങ് അറിയാതി
രിക്കുന്നതെന്ത്? ഇതാ നിങ്ങൾ നോമ്പു
നോൽക്കുന്ന ദിവസത്തിൽതന്നേ നിങ്ങളു
ടെ സ്വന്ത ഇഷ്ടം ചെയ്യുകയും നിങ്ങളുടെ
വിഗ്രഹങ്ങൾക്ക് യാഗം അർപ്പിക്കുകയു
ചെയ്യുന്നു. നിങ്ങൾ വഴക്കിനും കലഹത്തി
നും അനീതികൊണ്ട് അടിക്കേണ്ടതിനു
നോമ്പു നോൽക്കുന്നു. നിങ്ങളുടെ ശബ്ദ
ഉയരത്തിൽ കേൾക്കുവാൻ തക്കവണ്ണമല്ല
നിങ്ങൾ ഇന്നു നോമ്പാചരിക്കുന്നത്. എനി
ക്ക് ഇഷ്ടമുള്ള നോമ്പ് ഇതാകുന്നു. മനു
ഷ്യൻ ആത്മതപനം ചെയ്യണം. തലയ
വേഴത്തെപ്പോലെ കുനിയിക്കുക. രട്ടും ചെ
ണ്ണീറും വിരിച്ചു കിടക്കുക. ഇതിനെയാണ്
ഉപവാസം എന്നു വിളിക്കേണ്ടത്. ഇതിനെ
യാണ് നോമ്പെന്നും കർത്താവിന് പ്രസാദ
കരമായ ദിവസമെന്നും നിങ്ങൾ പറയേ
ണ്ടത്. അന്യായബന്ധനങ്ങൾ അഴിക്കുക
വഞ്ചനയുടെ നുകക്കയറുകൾ അഴിക്കുക
ബന്ധിതരെ സ്വതന്ത്രരായി വിട്ടയയ്ക്കുക
എല്ലാ കെട്ടുകളും വിച്ഛേദിക്കുക. വിശ
പ്പുള്ളവന് നിൻെറ അപ്പം നുറുക്കിക്കൊടു
ക്കുന്നതും പരദേശികളായ സാധുക്കളെ
നിൻെറ വീട്ടിൽ ചേർത്തുകൊള്ളുന്നതു
നഗ്നനെ കണ്ടാൽ അവന് വസ്ത്രം കൊടു
ക്കുകയും നിൻെറ മാംസരക്തങ്ങളായി
ക്കുന്നവർക്ക് നിന്നെത്തന്നെ മറയ്ക്കാതെ
യിരിക്കുന്നതുമല്ലേ അത്? അപ്പോൾ നിൻെറ
വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കു
നിൻെറ നീതി വേഗത്തിൽ ഉദിക്കും. നിൻെറ
നീതി നിനക്കു മുമ്പായി നടക്കും. ദൈ
മഹത്വം നിന്നെ അനുഗമിക്കും. നീ നില
വിളിക്കുമ്പോൾ ഇതാ, ഞാൻ, എ
അവൻ അരുളിച്ചെയ്യും. നിൻെറ അ
രംഗത്തു നിന്നു വഞ്ചന നീക്കുകയും ബ
ന്തരെ സ്വതന്ത്രരാക്കുകയും വിശപ്പുള്ളവ
നിൻെറ ഭക്ഷണം കൊടുത്തു തൃപ്തിപ്പെ
ത്തുകയും ചെയ്യുമെങ്കിൽ നിൻെറ പ്രകാ
ഇരുളിൽ ഉദിക്കും. നിൻെറ അന്ധകാ
മദ്ധ്യാഹ്നംപോലെയാകും. കർത്താവ്
നിന്നെ എപ്പോഴും നടത്തുകയും വര
നിലത്തിലും നിൻെറ വിശപ്പ് അടക്കി
നിൻെറ അസ്ഥികളെ ബലപ്പെടുത്തുകയു
ചെയ്യും. നീ നനവുള്ള തോട്ടംപോലെയു
വെള്ളം വററിപ്പോകാത്ത നീരുറവു
ലെയും ആകും. നിന്നിൽനിന്നും പുരാ
ശൂന്യങ്ങളെ പണിയും. തലമുറതലമുറ
യുള്ള അടിസ്ഥാനങ്ങളെ നീ കെട്ടിപ്പ
ക്കും. കേടു തീർക്കുന്നവൻ എന്നും വ
പ്പാൻ തക്കവണ്ണം പാതകളെ യഥാസ്ഥ
ത്താക്കുന്നവനെന്നും നിന്നെ അവർ വി
ക്കും. നീ എൻെറ വിശുദ്ധ ദിവസത്തിൽ
ൻെറ കാര്യാദികൾ നോക്കാതെ ശാബ

കാൽ നിയന്ത്രിച്ച് ശാബതിനെ
ന്തോഷം എന്നും കർത്താവിൻെറ
ദിവസത്തെ ബഹുമാനയോഗ്യം
പറയുകയും നിൻെറ ജോലിക്കു
കയോ നിൻെറ കാര്യാദികൾ നോ
ാ വ്യർത്ഥസംസാരത്തിൽ ഉൾപ്പെ
ചെയ്യാതെ അതിനെ ബഹുമാനി
ാ ചെയ്യുമെങ്കിൽ നീ കർത്താവിൽ
ക്കും. ഞാൻ നിന്നെ ദേശത്തിലെ
ഥാനത്തു വാഹനമേററുകയും
പിതാവായ യാക്കോബിൻെറ
ംകൊണ്ട് നിന്നെ പോഷിപ്പിക്കു
യ്യും. കർത്തൃവദനമാണ് അരുളി
ിക്കുന്നത്.

അദ്ധ്യായം 59

പ്പാൻ കഴിയാത്തവിധം കർത്താ
കെ ചെറുതായിട്ടില്ല. കേൾപ്പാൻ
ാ വിധം അവൻെറ ചെവി മന്ദമാ
നിങ്ങളുടെ പാപങ്ങൾ അത്രേ
ും നിങ്ങളുടെ ദൈവത്തെയും
ർതിരിച്ചി രിക്കുന്നത്. നിങ്ങളുടെ
അത്രേ അവൻ കേൾക്കാത്ത
ൻെറ മുഖം നിങ്ങൾക്കു മറച്ചിരി
ിങ്ങളുടെ കൈകൾ രക്തംകൊ
ളുടെ വിരലുകൾ അകൃത്യം
ലിനമായിരിക്കുന്നു. നിങ്ങളുടെ
ർ വ്യാജം സംസാരിക്കുന്നു.
നാവ് നീതികേടുച്ചരിക്കുന്നു.
നീതിയോടെ വിളിക്കുന്നില്ല.
സത്യത്തോടെ വിധിക്കുന്നില്ല.
ഥതയിൽ ആശ്രയിച്ച് ഭോഷ്ക്
ുന്നു. അവർ കഷ്ടത്തെ ഗർഭം
ത്തെ പ്രസവിക്കുന്നു. അവർ
പൊരുന്നുകയും ചിലന്തിവല
ചെയ്യുന്നു. അവ തിന്നുന്നവൻ
ാട്ടിച്ചാൽ അണലി പുറത്തു
വർ നെയ്തത് വസ്ത്രത്തിന്
ല്ല. അവർ പണിതെടുത്തത്
പ്പാകുകയും ഇല്ല. അവരുടെ
ർ നീതിയില്ലാത്ത പ്രവൃത്തി
ധർമ്മകർമ്മങ്ങൾ അവരുടെ
ണ്ട്. അവരുടെ കാൽ ദോഷ
ടുന്നു. കുറ്റമറ്റ രക്തം ചിന്തു
ബദ്ധപ്പെടുന്നു. അവരുടെ
ൽ അന്യായപരമായ ആലോ
ുന്നു. ശൂന്യതയും നാശവും
തകളിൽ ഉണ്ട്. സമാധാന
ക് അറിഞ്ഞുകൂടാ. അവരുടെ
ിയും ഇല്ല. അവർ വളഞ്ഞ

പാതകൾ ഉണ്ടാക്കിയിരിക്കുന്നു. അവയിൽ
നടക്കുന്നവനാരും സമാധാനം അറിയുക
യില്ല. അതുകൊണ്ട് ന്യായം ഞങ്ങളോട് 9
അകന്നു ദൂരമായിരിക്കുന്നു; നീതി ഞങ്ങ
ളോട് അടുത്ത് എത്തുന്നുമില്ല. ഞങ്ങൾ
പ്രകാശത്തിന്നായിട്ടാണ് കാത്തിരുന്നത്.
എന്നാൽ ഇതാ അന്ധകാരം! വെളിച്ചത്തി
ന്നായി കാത്തിരുന്നു. എന്നാൽ ഇതാ
കഠിനാന്ധകാരത്തിൽ ഞങ്ങൾ നടക്കുന്നു.
ഞങ്ങൾ കുരുടന്മാരെപ്പോലെ ചുവർ തപ്പി 10
നടക്കുന്നു. കണ്ണില്ലാത്തവരെപ്പോലെ തപ്പി
ത്തടഞ്ഞു നടക്കുന്നു. സന്ധ്യയിൽ എന്നതു
പോലെ ഞങ്ങൾ മദ്ധ്യാഹ്നത്തിൽ ഇടറി
വീഴും. ഞങ്ങൾ മരിക്കാറായവരെപ്പോലെ 11
ആകുന്നു. ഞങ്ങൾ എല്ലാവരും ചെന്നാ
യ്ക്കളെപ്പോലെ അലറുന്നു. പ്രാവുകളെ
പ്പോലെ കുറുകുന്നു. ഞങ്ങൾ ന്യായത്തി
ന്നായി കാത്തിരുന്നുവെങ്കിലും ഒട്ടുമില്ല.
രക്ഷയ്ക്കായി കാത്തിരുന്നു. എന്നാൽ അത്
ഞങ്ങളോടു അകന്നിരിക്കുന്നു. ഞങ്ങളുടെ 12
അധർമ്മങ്ങൾ നിൻെറ മുമ്പാകെ വർദ്ധിച്ചി
രിക്കുന്നു. ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾ
ക്കു വിരോധമായി സാക്ഷീകരിക്കുന്നു.
ഞങ്ങളുടെ അതിക്രമങ്ങൾ ഞങ്ങളോടു
കൂടെയിരിക്കുന്നു. ഞങ്ങളുടെ പാപങ്ങളെ
ഞങ്ങൾ അറിയുന്നു. അതിക്രമം ചെയ്ത് 13
കർത്താവിനെ ഞങ്ങൾ നിഷേധിച്ചു.
ഞങ്ങളുടെ ദൈവത്തെ വിട്ടുമാറി കുററാ
രോപണവും മത്സരവും സംസാരിച്ചു. വ്യാജ
വാക്കുകളെ ഗർഭംധരിച്ച് ഹൃദയത്തിൽ
നിന്ന് ഉച്ചരിച്ചു. അങ്ങനെ ന്യായത്തെ 14
ഞങ്ങൾ പിന്മാററി. നീതിയെ അകററി.
സത്യം വീഥിയിൽ ഇടറി വീഴുന്നു. ശാസന
ത്തിന്നു കടപ്പാൻ കഴിയുന്നില്ല. സത്യം ഒളി 15
വിലായി. ഞങ്ങളുടെ മനസ്സിൽനിന്നു പരി
ജ്ഞാനം മാറിപ്പോയി. കർത്താവ് അതു
കണ്ടിട്ട് ന്യായം ഇല്ലായ്മ മൂലം അവന്
അപ്രീതി തോന്നുന്നു. ആരും ഇല്ലെന്ന് 16
അവൻ കണ്ട് സഹായം ചെയ്‌വാൻ ആരും
ഇല്ലായ്കയാൽ അവൻ ആശ്ചര്യപ്പെട്ടു.
അതുകൊണ്ട് അവൻെറ ഭുജംതന്നെ
അവന്നു രക്ഷ വരുത്തി. അവൻെറ നീതി
അവനെ താങ്ങി. അവൻ നീതി ഒരു കവചം 17
പോലെ ധരിച്ചു. രക്ഷ എന്ന ശിരസ്ത്രം
തലയിൽ വച്ചു. അവൻ പ്രതികാരവസ്ത്ര
ങ്ങൾ ഉടുത്തു. അവരുടെ കർമ്മങ്ങൾക്കു 18
തക്കവണ്ണം അവൻ പ്രതികാരം ചെയ്യും.
തൻെറ വൈരികൾക്കു ക്രോധവും തൻെറ
ശത്രുക്കൾക്ക് പ്രതികാരവും നൽകും.
ദ്വീപുവാസികളോട് അവൻ പ്രതികാരം

19 ചെയ്യും. അങ്ങനെ അവർ പടിഞ്ഞാറ്
ദൈവനാമത്തെയും കിഴക്ക് അവൻെറ
മഹിമയെയും ഭയപ്പെടും. തള്ളിപ്പായിക്കുന്ന
20 ഒരു നദി പോലെ അവൻ വരും. എന്നാൽ
സെഹിയോനും യാക്കോബിൽ അക്രമം
വിട്ടു തിരിയുന്നവർക്കും അവൻ രക്ഷക
നായി വരും എന്നു കർത്താവ് കല്പിക്കു
21 ന്നു. ഞാൻ അവരോട് ചെയ്തിരിക്കുന്ന
ഉടമ്പടി ഇതാകുന്നു എന്ന് കർത്താവ്
അരുളിച്ചെയ്യുന്നു: നിൻെറ മേലുള്ള എൻെറ
ആത്മാവും നിൻെറ വായിൽ ഞാൻ തന്ന
എൻെറ വചനങ്ങളും നിൻെറ വായിൽ
നിന്നും നിൻെറ സന്തതിയുടെ വായിൽനി
ന്നും നിൻെറ സന്തതിയുടെ സന്തതിയുടെ
വായിൽനിന്നും ഇന്നുമുതൽ ഒരുനാളും
വിട്ടുപോകയില്ല എന്നു കർത്താവ് അരുളി
ച്ചെയ്യുന്നു.

അദ്ധ്യായം 60

1 എഴുന്നേററു ശോഭിക്കുക. നിൻെറ
പ്രകാശം വന്നിരിക്കുന്നു. കർത്തൃതേജസ്സ്
2 നിൻെറ മേൽ ഉദിച്ചിരിക്കുന്നു. അന്ധകാരം
ഭൂമിയെയും കൂരിരുട്ട് ജനങ്ങളെയും മൂടു
ന്നു. നിൻെറ മേൽ കർത്താവ് ഉദിക്കും.
അവൻെറ മഹിമയും നിൻെറ മേൽ പ്രത്യ
3 ക്ഷമാകും. ജാതികൾ നിൻെറ പ്രകാശത്തി
ലേക്കും രാജാക്കന്മാർ നിൻെറ ഉദയകാ
4 ന്തിയിലേക്കും വരും. നീ കണ്ണുയർത്തി ചുറ്റും
നോക്കുക. അവർ എല്ലാവരും ഒന്നിച്ചു കൂടി
നിൻെറ അടുക്കൽ വരുന്നു. നിൻെറ പുത്ര
ന്മാർ ദൂരത്തുനിന്നു വരും. നിൻെറ പുത്രിമാർ
നിൻെറ പാർശ്വത്തിൽ വളർത്തപ്പെടും.
5 അപ്പോൾ നീ കണ്ടു ശോഭിക്കും. നിൻെറ
ഹൃദയം സന്തോഷിച്ചുല്ലസിക്കും. സമുദ്ര
ത്തിൻെറ ധനം നിൻെറ അടുക്കൽ ചേരും.
ജാതികളുടെ ശക്തികൾ നിൻെറ അടുക്കൽ
6 വരും. ഒട്ടകക്കൂട്ടവും മിദ്യാനിലെയും ഏഫ
യിലെയും ചെറിയ ഒട്ടകങ്ങളും വന്നു കൂടും.
ശെബയിൽനിന്ന് ആളുകൾ വരും. പൊന്നും
കുന്തുരുക്കവും അവർ കൊണ്ടുവന്ന്
7 കർത്തൃസ്തുതി ഘോഷിക്കും. കേദാരി
ലെ എല്ലാ ആടുകളും നിൻെറ അടുക്കൽ
ഒന്നിച്ചുകൂടും. നെബായോത്തിലെ മുട്ടാടു
കൾ നിനക്കു ശുശ്രൂഷ ചെയ്യും. അവ പ്രസാ
ദമുള്ള യാഗമായി എൻെറ ബലിപീഠത്തി
ന്മേൽ വരും. അങ്ങനെ ഞാൻ എൻെറ ആല
8 യത്തെ മഹത്വമുള്ളതാക്കും. മേഘംപോ
ലെയും തങ്ങളുടെ കിളിവാതിലുകളിലേ
ക്ക് പ്രാവുകളെപ്പോലെയും പറന്നു വരുന്ന
9 ഇവൻ ആർ? ദൂരത്തുനിന്നു നിൻെറ മക്കളെ

അവരുടെ പൊന്നും വെള്ളിയുമായി നിൻെറ
ദൈവമായ കർത്താവിൻെറ നാമത്തിനു,
അവൻ നിന്നെ മഹത്വീകരിച്ചിരിക്കകൊണ്ട്
ഇസ്രായേലിൻെറ പരിശുദ്ധനാമം കൊണ്ടു
വരേണ്ടതിന്ന് ദ്വീപുവാസികളും തർശീശ്
കപ്പലുകളും എനിക്കായി കാത്തിരിക്കുന്നു.
അന്യജാതിക്കാർ നിൻെറ മതിലുകളെ
പണിയും. അവരുടെ രാജാക്കന്മാർ നിനക്കു
ശുശ്രൂഷ ചെയ്യും. എൻെറ ക്രോധത്തിൽ
ഞാൻ നിന്നെ അടിച്ചു. എങ്കിലും എൻെറ
പ്രീതിയിൽ ഞാൻ നിന്നോട് കരുണ ചെയ്യും.
ജാതികളുടെ സമ്പത്തിനെയും അവരുടെ
രാജാക്കന്മാരെയും നിൻെറ അടുക്കൽ
കൊണ്ടുവരേണ്ടതിന്ന് നിൻെറ വാതിലു
കൾ രാവും പകലും അടയ്ക്കപ്പെടാതെ
എപ്പോഴും തുറന്നിരിക്കും. നിന്നെ സേവി
ക്കാത്ത ജാതിയും രാജ്യവും നശിച്ചുപോ
കും. ആ ജാതികൾ നിശ്ശേഷം നശിക്കും.
എൻെറ വിശുദ്ധമന്ദിരമുള്ള സ്ഥലത്തിന്നു
അലങ്കാരപ്പണിക്കായി ലബനോൻെറ മഹ
ത്വവും സരളവൃക്ഷവും പയിനും പുന്നയും
ഒരുപോലെ നിൻെറ അടുക്കൽ വരും.
അങ്ങനെ ഞാൻ എൻെറ പാദസ്ഥാനത്തെ
മഹത്വീകരിക്കും. നിന്നെ ഉപദ്രവിച്ചവരുടെ
മക്കൾ നിന്നെ വണങ്ങി വരും. നിന്നെ
നിന്ദിച്ചവരെല്ലാം നിൻെറ കാൽ പിടിച്ചു
നമസ്കരിക്കും. അവർ നിന്നെ കർത്തൃ
നഗരം എന്നും ഇസ്രായേലിൻെറ പരിശു
ൻെറ സെഹിയോൻ എന്നും വിളിക്കും.
ആരും കടന്നുപോകാതെ നീ നിർജ്ജനവും
ആക്ഷേപപാത്രവും ആയിരുന്നതിനു പകരം
ഞാൻ നിന്നെ നിത്യമാഹാത്മ്യവും തല
മുറതലമുറയായുള്ള ആനന്ദവും ആക്കി
ത്തീർക്കും. നീ വിജാതികളുടെ പാൽ കുടി
ക്കും. രാജാക്കന്മാരുടെ കവർച്ച പാനം
ചെയ്യും. ദൈവമായ ഞാൻ നിൻെറ രക്ഷകൻ
എന്നും യാക്കോബിൻെറ ശക്തൻ നിൻെറ
വീണ്ടെടുപ്പുകാരൻ എന്നും നീ അറിയും.
ഞാൻ താമ്രത്തിനു പകരം സ്വർണ്ണവും
ഇരുമ്പിനു പകരം വെള്ളിയും തടിക്കു
പകരം താമ്രവും കല്ലിനു പകരം ഇരുമ്പും
വരുത്തും. ഞാൻ സമാധാനത്തെ നിനക്ക്
നായകനും നീതിയെ നിനക്ക് അധിപ
മാക്കും. ഇനി നിൻെറ ദേശത്ത് അതിക്രമവും
നിൻെറ അതിർത്തിക്കകത്ത് കവർച്ചയും
നാശവും കേൾക്കപ്പെടുകയില്ല. നിൻെറ മ
ലുകൾക്ക് രക്ഷ എന്നും നിൻെറ വാതി
കൾക്ക് സ്തുതി എന്നും അവർ പറയു
ഇനിയും പകലിൽ വെളിച്ചം തരുന്നത് സൂ
നല്ല. നിനക്കു വെളിച്ചം തരുന്നത് ചന്ദ്ര

ർത്താവ് നിനക്ക് നിത്യപ്രകാശവും,
ദൈവം നിന്റെ തേജസ്സും ആയി
നിന്റെ സൂര്യൻ ഇനി അസ്തമി
ില്ല. നിന്റെ ചന്ദ്രൻ മറഞ്ഞുപോകു
ല്ല. കർത്താവ് നിന്റെ നിത്യപ്രകാശ
ക്കും. നിന്റെ ദുഃഖകാലം തീർന്നു
. നിന്റെ ജനമെല്ലാം നീതിമാന്മാ
ഞാൻ മഹിമപ്പെടുവാനായി എന്റെ
യുടെ മുളയും എന്റെ കൈകളുടെ
ിയും ആയി അവർ ദേശത്തെ സദാ
ക്കും കൈവശമാക്കും. കുറഞ്ഞ
യിരവും ചെറിയവൻ മഹാജനതയും
ീരും. കർത്താവായ ഞാൻ തക്ക
് അതിനെ വേഗം നിവർത്തിക്കും.

അദ്ധ്യായം 61

ിതരോട് സുവിശേഷം ഘോഷി
ർത്താവ് എന്നെ അഭിഷേകം
ിക്കുകയാൽ ദൈവമായ കർത്താ
ആത്മാവ് എന്റെ മേൽ ഇരിക്കു
യം തകർന്നവരെ മുറിവു കെട്ടി
ുത്തുവാനും തടവുകാർക്ക് വിടു
ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും
ാനും കർത്താവിന്റെ പ്രസാദ
നമ്മുടെ ദൈവത്തിന്റെ രക്ഷാ
പ്രസിദ്ധമാക്കുവാനും ദുഃഖിത
ആശ്വസിപ്പിപ്പാനും സെഹിയോ
ിതർക്ക് വെണ്ണീറിനു പകരം മഹ
ലത്തിനു പകരം ആനന്ദതൈല
ുള്ള മനസ്സിനു പകരം സ്തുതി
ങ്കിയും കൊടുപ്പാനും അവൻ
ച്ചിരിക്കുന്നു. അവൻ മഹത്വീ
ടേണ്ടതിന്ന് അവർക്ക് നീതിയിൻ
ങൾ എന്നും കർത്താവിന്റെ
ന്നും പേരാകും. അവർ പഴയ
ങ്ങൾ പണിയുകയും പൂർവ്വ
ർജ്ജനപ്രദേശങ്ങൾ നന്നാക്കു
ുറതലമുറയായി നിർജ്ജനമാ
ന്യനഗരങ്ങളെ കേടുപോക്കു
ും. അന്യജാതിക്കാർ എഴു
ളുടെ ആട്ടിൻ കൂട്ടങ്ങളെ മേയി
കൾ നിങ്ങൾക്ക് കൃഷിക്കാരും
ട്ടക്കാരും ആയിരിക്കും. നിങ്ങ
ത്തിന്റെ പുരോഹിതന്മാർ
പ്പെടും. നമ്മുടെ ദൈവത്തി
കന്മാർ എന്നും നിങ്ങൾക്കു
. നിങ്ങൾ വിജാതീയരുടെ
ുഭവിച്ച് അവരുടെ മഹത്വ
ാശികൾ ആകും. നിങ്ങൾക്ക്
കരം ഇരട്ടിയായി പ്രതിഫലം

കിട്ടും. അവമാനത്തിനു പകരം അവർ തങ്ങ
ളുടെ ഓഹരിയിൽ സന്തോഷിക്കും. അങ്ങ
നെ അവർ തങ്ങളുടെ ദേശത്ത് ഇരട്ടി അവ
കാശം പ്രാപിക്കും. നിത്യാനന്ദം അവർക്ക്
ഉണ്ടാകും. കർത്താവായ ഞാൻ നീതി ഇഷ്ട 8
പ്പെടുകയും അന്യമായ കവർച്ചയെ വെറു
ക്കുകയും ചെയ്യുന്നു. ഞാൻ വിശ്വസ്തത
യോടെ നിങ്ങൾക്കു പ്രതിഫലം നല്കും.
അവരോട് ഒരു ശാശ്വത ഉടമ്പടി ചെയ്യും.
ജാതികളുടെ ഇടയിൽ നിങ്ങളുടെ സന്തതി 9
യും ജനങ്ങളുടെ മദ്ധ്യേ നിങ്ങളുടെ സന്തതി
യുടെ സന്തതിയും അറിയപ്പെടും. അവരെ
കാണുന്നവരെല്ലാം നിങ്ങളെ ദൈവം അനു
ഗ്രഹിച്ച സന്തതി എന്ന് അറിയും.
ഞാൻ ദൈവത്തിൽ ഏററം ആനന്ദി 10
ക്കും. എന്റെ ആത്മാവ് എന്റെ ദൈവ
ത്തിൽ ഉല്ലസിക്കും, മഹത്വമുള്ള മണ
വാളനെപ്പോലെയും അലംകൃതയായ മണ
വാട്ടിയെപ്പോലെയും അവൻ എന്നെ രക്ഷാ
വസ്ത്രം ധരിപ്പിച്ചു. നീതി എന്ന അങ്കി
അണിയിച്ചിരിക്കുന്നു. നിലം തൈകളെയും 11
തോട്ടം അതിൽ വിതച്ച വിത്തിനെയും
കിളുർപ്പിക്കുന്നുതുപോലെ ദൈവമായ
കർത്താവ് സർവ്വ ജാതികളും കാൺകെ
നീതിയെയും സ്തുതിയെയും മുളപ്പിക്കും.

അദ്ധ്യായം 62

സെഹിയോനെക്കുറിച്ച് ഞാൻ മിണ്ടാ 1
തിരിക്കുകയില്ല. യറൂശലേമിനെക്കുറിച്ച്
ഞാൻ അടങ്ങിയിരിക്കുകയുമില്ല. ആയത്
അതിന്റെ നീതിപ്രകാശംപോലെയും അതി
ന്റെ രക്ഷ കത്തുന്ന ദീപയഷ്ടിപോലെ
യും ശോഭിച്ചു വരുവോളംതന്നെ. ജാതികൾ 2
നിന്റെ നീതിയെയും രാജാക്കന്മാരെല്ലാം
നിന്റെ മഹിമയും കാണും. കർത്താവി
ന്റെ വായ് കല്പിക്കുന്ന പുതിയ പേര്
നിനക്ക് വിളിക്കപ്പെടും. കർത്തൃകരത്തിൽ 3
നീ മഹിമയുള്ള കിരീടവും നിന്റെ ദൈവ
ത്തിന്റെ കയ്യിൽ രാജമകുടവും ആയിരി
ക്കും. നിന്നെ ഇനി ശ്ബിക്താ (ത്യക്ത) 4
എന്നു വിളിക്കുകയില്ല. നിന്റെ ദേശത്തെ
സൊദീസാ (ശൂന്യം) എന്നു പറയുകയുമില്ല.
നിനക്ക് സെബിയോൻ (ഇഷ്ട) എന്നും
നിന്റെ ദേശത്തിന് ബ്ഉൽതാ (വിവാ
ഹിത) എന്നും പേര് ആകും. എന്തെന്നാൽ
കർത്താവ് നിന്നിൽ പ്രീതനാണല്ലോ.
നിന്റെ ദേശം വിവാഹിതയാകും. യുവാവ് 5
കന്യകയെ വിവാഹം ചെയ്യുന്നതുപോലെ
നിന്റെ പുത്രന്മാർ നിന്നെ വിവാഹിത
യാക്കും. മണവാളൻ മണവാട്ടിയിൽ സന്തോ

ഷിക്കുന്നതുപോലെ നിൻെറ ദൈവം
നിന്നിൽ സന്തോഷിക്കും.
6 യറുശലേമേ, ഞാൻ നിൻെറ കോട്ട
കളിന്മേൽ കാവല്ക്കാരെ ആക്കിയിരിക്കു
ന്നു. അവർ രാവും പകലും നിശ്ശബ്ദമായിരി
ക്കുകയില്ല. അറിയിപ്പുകാർ കർത്തൃസന്നി
7 ധിയിൽ സ്വസ്ഥമായിരിക്കുകയില്ല. അവൻ
യറുശലേമിനെ യഥാസ്ഥാനപ്പെടുത്തുന്ന
തുവരെ. ഭൂമിയിൽ അതിനെ പ്രശംസാവിഷ
യമാക്കുന്നതുവരെ, അവർക്ക് വിശ്രമം കൊ
8 ടുക്കുകയുമരുത്. ഇനിയും ഞാൻ നിൻെറ
ധാന്യം നിൻെറ ശത്രുക്കൾക്ക് ആഹാരമായി
കൊടുക്കുകയില്ല. നീ അദ്ധ്വാനിച്ചുണ്ടാ
ക്കിയ വീഞ്ഞ് അന്യജാതിക്കാർ കുടിച്ചു
തീർക്കുകയുമില്ല എന്നു കർത്താവ് തൻെറ
വലങ്കയ്യും തൻെറ ബലമുള്ള ഭുജവും തൊട്ട്
9 സത്യം ചെയ്തിരിക്കുന്നു. അതിനെ ശേഖരി
ച്ചവർ തന്നെ അത് ഭക്ഷിച്ചു ദൈവത്തെ
സ്തുതിക്കും. അതിനെ സംഭരിച്ചവർതന്നെ
എൻെറ വിശുദ്ധ പ്രാകാരങ്ങളിൽ വച്ച് അത്
പാനംചെയ്യും.
10 കടപ്പിൻ വാതിലുകളിൽ കൂടി കടപ്പിൻ.
ജനത്തിന്നു വഴി ഒരുക്കുവിൻ. പാതകൾ
നികത്തുവിൻ. പെരുവഴി നിരപ്പാക്കുവിൻ.
കല്ലു പെറുക്കിക്കളയുവിൻ. ജാതികൾ
11 ക്കായി ഒരു അടയാളം ഉയർത്തുവിൻ. ഇതാ,
നിൻെറ രക്ഷകൻ വരുന്നു. കൂലി അവൻെറ
കൈവശവും പ്രതിഫലം അവൻെറ കൈയി
ലും ഉണ്ട് എന്ന് സെഹിയോൻ പുത്രിയോട്
പറയുവിൻ എന്നിങ്ങനെ കർത്താവ് ഭൂമി
യുടെ അറുതിവരെ ഘോഷിപ്പിച്ചിരിക്കുന്നു.
12 ജനം അവരെ വിശുദ്ധജനമെന്നും കർത്താ
വിൻെറ രക്ഷിതരെന്നും വിളിക്കും. നിന
ക്കോ അന്വേഷിക്കപ്പെട്ടവൾ എന്നും ഉപേ
ക്ഷിക്കപ്പെടാത്ത നഗരം എന്നും പേരു വരും.

അദ്ധ്യായം 63

1 ഏദോമിൽനിന്നു ചെമന്ന അങ്കി ധരിച്ചു
കൊണ്ട് ബൊസ്രായിൽനിന്നും വരുന്ന ഇവൻ
ആര്? വസ്ത്രാലംകൃതനായി തൻെറ ശക്തി
യുടെ മാഹാത്മ്യത്തിൽ വരുന്ന ഇവൻ
ആര്? നീതി സംസാരിക്കുന്നവനും രക്ഷി
2 പ്പാൻ ശക്തനുമായ ഞാൻതന്നെ. നിൻെറ
ഉടുപ്പ് ചുവന്നിരിക്കുന്നതും നിൻെറ വസ്ത്രം
മുന്തിരിച്ചക്കു ചവിട്ടുന്നവൻേറതുപോലെ
3 ഇരിക്കുന്നതുമെന്ത്? ഞാൻ ഏകനായി
മുന്തിരിച്ചക്കു ചവിട്ടി. ജാതികളിൽ ആരും
എന്നോടു കൂടെ ഉണ്ടായിരുന്നില്ല. എൻെറ
കോപത്തിൽ ഞാൻ അവരെ ചവിട്ടി.
എൻെറ ക്രോധത്തിൽ അവരെ മെതിച്ചുകള
ഞ്ഞു. അവരുടെ രക്തം എൻെറ വസ്ത്ര
ത്തിൽ തെറിച്ചു. എൻെറ വസ്ത്രത്തിൽ
പുരണ്ടു. ഞാൻ ഒരു പ്രതികാരദിവസം
കരുതിയിരുന്നു. എൻെറ രക്ഷയുടെ സംവ
ത്സരം വന്നിരിക്കുന്നു. ഞാൻ നോക്കി
എങ്കിലും സഹായിപ്പാൻ ആരുമില്ലായിരു
ന്നു. ഞാൻ വിസ്മയിച്ചുനോക്കി, എങ്കിലു
താങ്ങുവാൻ ആരെയും കണ്ടില്ല. അതുകൊ
ണ്ട് എൻെറ ഭുജംതന്നെ എനിക്കു രക്ഷ
വരുത്തി. എൻെറ ക്രോധംതന്നെ എന്നെ
താങ്ങി. ഞാൻ എൻെറ കോപത്തിൽ
ജാതികളെ ചവിട്ടി. എൻെറ ക്രോധത്തിൽ
അവരെ ഭീതരാക്കി. അവരുടെ ശക്തിയെ
ഞാൻ നിലത്തു വീഴ്ത്തിക്കളഞ്ഞു.
കർത്താവ് നമുക്ക് നല്കിയതുപോലെ
ഞാൻ കർത്താവിൻെറ കൃപയെയും മഹി
മയെയും അവൻെറ കരുണയ്ക്കും മഹാ
ദയയ്ക്കും അനുസരിച്ച് അവൻ ഇസ്രായേൽ
ഗൃഹത്തോടു ചെയ്ത വലിയ നന്മയെയു
കീർത്തിക്കും. അവർ എൻെറ ജനം, വ്യാ
മില്ലാത്ത മക്കൾ എന്നു പറഞ്ഞ് അവ
അവർക്ക് രക്ഷകനായി തീർന്നു. അവരു
കഷ്ടതയിലെല്ലാം അവൻ അവരെ കൈ
ക്കിയില്ല. തിരുസന്നിധിയിലെ മാലാ
അവരെ രക്ഷിച്ചു. തൻെറ സ്നേഹത്താല
കരുണയാലും അവൻ അവരെ രക്ഷിച്ചു
പുരാതനകാലത്തെല്ലാം അവൻ അവ
ചുമന്നുകൊണ്ട് നടന്നു. എന്നാൽ അവ
മത്സരിച്ചു. അവൻെറ പരിശുദ്ധാത്മാവിന
ദുഃഖിപ്പിച്ചു. തന്മൂലം അവൻ അവർക്ക് ശ
വായിത്തീർന്നു. താൻ അവരോട് യു
ചെയ്തു. അപ്പോൾ അവൻെറ ജനം ത
ദാസനായ മോശയുടെ കാലമായ പുരാത
കാലം ഓർത്തു. അവരെ തൻെറ ആട്ടി
ളുടെ ഇടയനോടുകൂടെ സമുദ്രത്തിൽനി
കരേറുമാറാക്കിയവൻ എവിടെ? അവരു
ഉള്ളിൽ തൻെറ പരിശുദ്ധാത്മാവിനെ
കൊടുത്തവൻ എവിടെ? തൻെറ മഹത്വ
ള്ള ഭുജം മോശയുടെ വലങ്കൈയെ നയി
അവർക്ക് ഒരു ശാശ്വതനാമം ഉണ്ടാക്കേ
തിന്ന് അവരുടെ മുമ്പിൽ വെള്ളം വിഭാ
ക്കുകയും അവർ ഇടറാതവണ്ണം മരുഭൂ
യിൽ കുതിരയെ എന്നപോലെ അവ
സമുദ്രത്തിൽ കൂടി നടത്തുകയും ചെയ്
വൻ എവിടെ? താഴ്വരയിലേക്ക് ഇറ
ച്ചെല്ലുന്ന മൃഗങ്ങളെപ്പോലെ ദൈവ
ൻെറ ആത്മാവു അവരെ നടത്തി. അങ്ങ
നിനക്ക് മഹത്വമുള്ള നാമം ഉണ്ടാക്കേ
തിന്നു നിൻെറ ജനത്തെ നയിച്ചു. സ്വ
ത്തിൽനിന്നു നോക്കി വിശുദ്ധിയും മഹ

നിൻെറ വാസസ്ഥലത്തു നിന്നു
ൾപാർക്കണമെ. നിൻെറ തീക്ഷ്ണ
വീര്യപ്രവൃത്തികളും എവിടെ?
മനസ്സലിവും കരുണയും ഞങ്ങളെ
ാതെവണ്ണം നീ അടക്കി വച്ചിരിക്കു
ീയല്ലോ, ഞങ്ങളുടെ പിതാവ്.
ാം ഞങ്ങളെ അറിഞ്ഞില്ല. ഇസ്രാ
ഞങ്ങളെ തിരിച്ചറിയുന്നുമില്ല.
ാവ, നീ ഞങ്ങളുടെ പിതാവാകുന്നു.
ംമുതൽ ഞങ്ങളുടെ രക്ഷകൻ
ുന്നു നിൻെറ നാമം. കർത്താവേ,
ങ്ങളെ വഴിവിട്ടു തെററുമാറാക്കു
ിന്നോട് ഭയഭക്തിയില്ലാത്തവണ്ണം
ടെ ഹൃദയത്തെ കഠിനമാക്കുന്നതും
ിൻെറ അവകാശഗോത്രങ്ങളായ
ദാസന്മാർ നിമിത്തം മടങ്ങി വര
ൻെറ വിശുദ്ധ ജനത്തിന് അല്പ
ക്ക് മാത്രം കൈവശമായിരുന്ന
വിശുദ്ധ മന്ദിരത്തെ ഞങ്ങളുടെ
ചവിട്ടിക്കളഞ്ഞു. ഞങ്ങൾ ഇതാ
ലും ഭരിച്ചിട്ടില്ലാത്തവരും നിൻെറ
ിക്കപ്പെട്ടിട്ടില്ലാത്തവരും എന്നതു
ായിത്തീർന്നിരിക്കുന്നു.

അദ്ധ്യായം 64

കൾ തിരുമുമ്പിൽ വിറയ്ക്കത്ത
ിൻെറ നാമത്തെ നിൻെറ വൈരി
വളിപ്പെടുത്തുവാൻ, തീയുടെ
ാമഴുക് ഉരുകുന്നതുപോലെ
ൾ നിൻെറ മുമ്പിൽ ഉരുകിപ്പോക
ം നീ ആകാശം തുറന്ന് ഇറങ്ങി
ഞങ്ങൾ പ്രതീക്ഷിച്ചിട്ടില്ലാത്ത
ര്യങ്ങൾ നീ പ്രവർത്തിച്ചപ്പോൾ
വരികയും മലകൾ തിരുമുമ്പിൽ
ുകയും ചെയ്തുവല്ലോ. തന്നെ
ുന്നവർക്ക് വേണ്ടി പ്രവർത്തി
യി നീയല്ലാതെ ഒരു ദൈവത്തെ
ന്നു മുതൽ ആരും കേട്ടിട്ടില്ല,
. കണ്ണുകൊണ്ട് കണ്ടിട്ടുമില്ല.
ത്തിക്കുന്നവരെ നീ സന്തോഷ
ിരേല്ക്കുന്നു. അവർ നിൻെറ
ിന്നെ ഓർക്കും. നീ കോപിച്ച
ങ്ങൾ പാപത്തിൽ അകപ്പെട്ടു.
പെടണമേ. ഞങ്ങൾ എല്ലാ
ാനെപ്പോലെ ആയിത്തീർന്നു.
ീതിപ്രവൃത്തികൾ ഒക്കെയും
ാരിയുടെ വസ്ത്രം പോലെ
ാവരും ഇലപോലെ വാടിവീഴു
ടെ പാപങ്ങൾ ഞങ്ങളെ കാറ്റു
ിച്ചുകളയുന്നു. നിൻെറ നാമ
ത്തെ വിളിച്ചപേക്ഷിക്കുന്നവനും നിന്നെ
മുറുകെ പിടിക്കുവാൻ ഉത്സാഹിക്കുന്ന
വനും ആരുമില്ല. നിൻെറ മുഖം ഞങ്ങൾ
കാണാതവണ്ണം നീ മറച്ചുവച്ചു. ഞങ്ങളുടെ
പാപങ്ങൾക്കു ഞങ്ങളെ ഏല്പിച്ചിരിക്കു
ന്നു. ഇപ്പോൾ കർത്താവേ, നീ ഞങ്ങളുടെ 8
പിതാവ്. ഞങ്ങൾ കളിമണ്ണും നീ ഞങ്ങളെ
മെനയുന്നവനും ആകുന്നു. ഞങ്ങൾ എല്ലാ 9
വരും നിൻെറ കൈപ്പണിയത്രേ. കർത്താവേ,
എന്നോടു കോപിക്കരുതേ. പാപങ്ങൾ
എന്നേക്കും ഓർക്കരുതേ. കടാക്ഷിക്കണമേ.
ഞങ്ങൾ എല്ലാവരും നിൻെറ ജനമാണല്ലോ.
നിൻെറ വിശുദ്ധനഗരങ്ങൾ മരുഭൂമിയായി 10
രിക്കുന്നു. സെഹിയോൻ മരുഭൂമിയും യറൂ
ശലേം നിർജ്ജനപ്രദേശവും ആയിത്തീർന്നി
രിക്കുന്നു. ഞങ്ങളുടെ പിതാക്കന്മാർ നിന്നെ 11
സ്തുതിച്ചു പോന്നിരുന്ന വിശുദ്ധിയും ഭംഗി
യുമുള്ള ഞങ്ങളുടെ മന്ദിരം അഗ്നിക്കിര
യായിത്തീർന്നു. ഞങ്ങൾക്ക് മനോഹര
മായതെല്ലാം ശൂന്യമായി കിടക്കുന്നു. 12
കർത്താവേ, നീ ഇതു കണ്ട് അടങ്ങിയിരി
ക്കുമോ? നീ മിണ്ടാതെയിരുന്നു ഞങ്ങളെ
അതികഠിനമായി വേദനിപ്പിക്കുമോ?

അദ്ധ്യായം 65

എന്നെ ആഗ്രഹിക്കാത്തവർ എന്നെ 1
അന്വേഷിച്ചു. എന്നെ അന്വേഷിക്കാത്ത
വർക്ക് എന്നെ കണ്ടെത്തുവാൻ ഇട
യായി. എൻെറ നാമം വിളിച്ചപേക്ഷിക്കാ
ത്ത ജനത്തോട് ഇതാ ഞാൻ, ഇതാ ഞാൻ
എന്നു ഞാൻ പറഞ്ഞു. സ്വന്തവിചാരങ്ങള 2
നുസരിച്ച് ദുർമാർഗ്ഗത്തിൽ നടക്കുന്ന മത്സ
രമുള്ള ജനത്തിങ്കലേക്ക് ഞാൻ ദിവസം
മുഴുവനും കൈ നീട്ടുന്നു. അവർ എപ്പോഴും 3
എന്നെ കോപിപ്പിക്കുന്നൊരു ജനമായി
തോട്ടങ്ങളിൽ ബലികഴിക്കുകയും കല്ലുക 4
ളിന്മേൽ ധൂപാർപ്പണം നടത്തുകയും കല്ലറ
കളിൽ ഇരിക്കുകയും, ഗുഹകളിൽ രാപാർ
ക്കുകയും പന്നിമാംസം തിന്നുകയും ശവം
തൊട്ട് വസ്ത്രങ്ങൾ അശുദ്ധമാക്കുകയും
മാറി നില്ക്ക, ഇങ്ങോട്ട് അടുക്കരുത്, ഞാൻ 5
നിന്നെക്കാൾ വിശുദ്ധൻ എന്നു പറയുകയും
ചെയ്യുന്നു. അവർ എൻെറ കോപത്തിൻെറ
പുകയും സദാ കത്തുന്ന തീയും ആകുന്നു.
അത് എൻെറ മുമ്പാകെ എഴുതിവച്ചിരിക്കു 6
ന്നു. ഞാൻ പകരംവീട്ടിയല്ലാതെ അടങ്ങി
യിരിക്കുകയില്ല. അവരുടെ മടിയിലേക്ക്
ഞാൻ പകരംവീട്ടും. നിങ്ങളുടെ പാപങ്ങൾ 7
ക്കും മലകളിൽ ധൂപം അർപ്പിക്കുകയും, കു
ന്നുകളിന്മേൽ എന്നെ ദുഷിക്കുകയും ചെയ്തി

ട്ടുള്ള നിങ്ങളുടെ പിതാക്കന്മാരുടെ പാപ
ങ്ങൾക്കും കൂടെ പകരം വീട്ടും. ഞാൻ ആദ്യം
അവരുടെ പ്രതിഫലം അവരുടെ മടിയിലേ
ക്ക് അളന്ന് കൊടുക്കും എന്നു കർത്താവ്
8 അരുളിച്ചെയ്യുന്നു. കർത്താവ് ഇപ്രകാരം
കല്പിക്കുന്നു. മുന്തിരിക്കുലയിൽ പുതു
വീഞ്ഞു കണ്ടിട്ട് നശിപ്പിക്കരുത്; ഒരനുഗ്രഹം
അതിൽ ഉണ്ട് എന്നു പറയുന്നതുപോലെ
ഞാൻ എന്റെ ദാസന്മാർ നിമിത്തം പ്രവർ
ത്തിക്കും. എല്ലാവരെയും നശിപ്പിക്കുകയി
9 ല്ല. ഞാൻ യാക്കോബിൽനിന്ന് ഒരു സന്ത
തിയെയും, യഹൂദയിൽനിന്ന് എന്റെ പർവ്വ
തത്തിന് ഒരു അവകാശിയെയും ഉത്ഭവി
പ്പിക്കും. എന്റെ തെരഞ്ഞെടുക്കപ്പെട്ടവർ
അതിനെ കൈവശമാക്കും. എന്റെ ദാസ
10 ന്മാർ അവിടെ വസിക്കും. എന്നെ അന്വേഷി
ച്ചിട്ടുള്ള എന്റെ ജനത്തിനായി ശാരോൻ
ആടുകൾക്ക് മേച്ചിൽപുറവും ആഖോർ
താഴ്വര കന്നുകാലികൾക്ക് കിടപ്പിടവും
11 ആയിരിക്കും. എന്നാൽ കർത്താവിനെ ഉപേ
ക്ഷിക്കുകയും എന്റെ വിശുദ്ധ പർവ്വതത്തെ
വിസ്മരിച്ച് ഗാദ്ദേവന്നു ഒരു മേശ ഒരുക്കി
വീഞ്ഞുകലർത്തി നിറച്ചു വയ്ക്കുകയും
12 ചെയ്യുന്നവരേ! ഞാൻ വിളിച്ചപ്പോൾ നിങ്ങൾ
ഉത്തരം പറയാതെയും, ഞാൻ സംസാരിച്ച
പ്പോൾ കേൾക്കാതെയും എനിക്ക് അനിഷ്ട
മായുള്ളത് പ്രവർത്തിച്ച് എനിക്കു പ്രസാദ
മല്ലാത്തത് തിരഞ്ഞെടുത്തതിനാൽ ഞാൻ
നിങ്ങളെ വാളിനാൽ തകർക്കും. നിങ്ങളെ
എല്ലാവരെയും വധത്താൽ തകർക്കും.
13 ആകയാൽ ദൈവമായ കർത്താവ് ഇപ്ര
കാരം അരുളിച്ചെയ്യുന്നു: ഇതാ എന്റെ ദാസ
ന്മാർ ഭക്ഷിക്കും; നിങ്ങളോ വിശന്നിരിക്കും.
എന്റെ ദാസന്മാർ പാനം ചെയ്യും; നിങ്ങളോ
ദാഹിച്ചിരിക്കും. എന്റെ ദാസന്മാർ സന്തോ
14 ഷിക്കും; നിങ്ങളോ ലജ്ജിച്ചിരിക്കും. എന്റെ
ദാസന്മാർ ഹൃദയാനന്ദംകൊണ്ട് സന്തോഷി
ക്കും; നിങ്ങളോ മനോവ്യസനംകൊണ്ട്
നിലവിളിച്ച് മനോവ്യഥയാൽ വിലപിക്കും.
15 നിങ്ങളുടെ പേര് നിങ്ങൾ എന്റെ തിര
ഞ്ഞെടുക്കപ്പെട്ടവർക്ക് ഒരു ശാപവാക്കായി
വച്ചിട്ട് പോകും. ദൈവമായ കർത്താവ്
നിന്നെ കൊന്നുകളയും. തന്റെ ദാസന്മാർ
16 ക്ക് അവൻ വേറൊരു പേരിടും. മുമ്പിലത്തെ
കഷ്ടങ്ങൾ മറന്നുപോകയും അവ എന്റെ
കണ്ണിന് മറഞ്ഞിരിക്കയും ചെയ്കകൊണ്ട്
ഭൂമിയിൽ അനുഗ്രഹിക്കപ്പെടുന്നവൻ സത്യ
ദൈവത്താൽ എപ്പോഴും അനുഗ്രഹിക്ക
പ്പെടും. ഭൂമിയിൽ സത്യം ചെയ്യുന്നവൻ സത്യ
17 ദൈവത്തെ ചൊല്ലി സത്യംചെയ്യും. ഇതാ

ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും
സൃഷ്ടിക്കുന്നു. മുൻകാലത്തേത് ആരു
ഓർക്കുകയില്ല. ആരുടെയും മനസ്സിൽ വ
കയുമില്ല. ഞാൻ സൃഷ്ടിക്കുന്നവ സന്തോ
ഷിച്ച് എന്നേക്കും ഉല്ലസിക്കും. ഇതാ ഞാൻ
യറൂശലേമിനെ ഉല്ലാസപ്രദമായും അതി
ലെ ജനത്തെ ആനന്ദപ്രദമായും സൃഷ്ടി
ക്കുന്നു. ഞാൻ യറൂശലേമിനെക്കുറിച്ച്
സന്തോഷിക്കും. എന്റെ ജനത്തെക്കുറിച്ച്
ആനന്ദിക്കും. കരച്ചിലും വിലാപശബ്ദവു
ഇനി അതിൽ കേൾക്കപ്പെടുകയില്ല.
കുറെ ദിവസം മാത്രം ജീവിക്കുന്ന
കുഞ്ഞും ആയുസ്സു തികയാത്ത വൃദ്ധനു
ഇനി അവിടെ ഉണ്ടാകുകയില്ല. ബാലൻ
നൂറു വയസ്സുള്ളവനായി മരിക്കും. പാപിയോ
നൂറുവയസ്സുള്ളവനായിരുന്നാലും ശപിക്ക
പ്പെട്ടവൻതന്നെ. അവർ വീടുകൾ പണിത്
പാർക്കും. അവർ മുന്തിരിത്തോട്ടങ്ങളു
ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കു
ഒരുവൻ പണിയുകയും മറ്റൊരുത്തൻ
പാർക്കുകയും എന്ന സ്ഥിതി വരികയില്ല
ഒരുവൻ നടുക; മററൊരുവൻ അനുഭവി
ക്കുക എന്നും വരികയില്ല. എന്റെ ജനത്തി
ന്റെ ആയുസ്സ് വൃക്ഷത്തിന്റെ ആയുസ്സു
പോലെ ആകും. എന്റെ തിരഞ്ഞെടുക്ക
പ്പെട്ടവർ തങ്ങളുടെ അദ്ധ്വാനഫലം അനു
വിക്കും. അവർ വൃഥാ അദ്ധ്വാനിക്കുകയില്ല
ശാപത്തിനായി പ്രസവിക്കയുമില്ല. അവർ
ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവരുടെ
സന്തതിയാകുന്നു. അവരുടെ സന്തതി അവ
രോടു കൂടെ ഇരിക്കും. അവർ വിളിക്കു
തിനു മുമ്പെ ഞാൻ ഉത്തരം അരുളും. അവർ
സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ
ഞാൻ കേൾക്കും. ചെന്നായും കുഞ്ഞാടും
ഒരുമിച്ചു മേയും. സിംഹം കാള എന്നപോലെ
വൈക്കോൽ തിന്നും. സർപ്പത്തിന് പൊടി
ആഹാരമായിരിക്കും. എന്റെ വിശുദ്ധ
പർവ്വതത്തിൽ എങ്ങും ഒരു ദോഷമോ ഒരു
നാശമോ ആരും ചെയ്കയില്ല എന്നു
കർത്താവ് അരുളിച്ചെയ്യുന്നു.

അദ്ധ്യായം 66

കർത്താവു കല്പിക്കുന്നു: സ്വർഗ്ഗം
എന്റെ സിംഹാസനവും ഭൂമി എന്റെ
പാദപീഠവും ആകുന്നു. നിങ്ങൾ എനിക്കു
പണിയുന്ന ആലയം ഏത്? എന്റെ വിശ്രമ
സ്ഥലവും ഏത്? ഇവയെല്ലാം എന്റെ
കൈയല്ലയോ ഉണ്ടാക്കിയത്? അങ്ങനെ
യാകുന്നു ഇവയെല്ലാം ഉളവായത് എന്നു
കർത്താവ് അരുളിച്ചെയ്യുന്നു. ശാന്ത

ാനും എൻെറ വചനത്തിങ്കൽ വിറ
ന്നവനുമായ മനുഷ്യനിലല്ലാതെ മററ
ഞാൻ കടാക്ഷിച്ച് വസിക്കും? കാള
ലിക്കായി അറുക്കുന്നവൻ മനുഷ്യ
നെപ്പോലെയും കുഞ്ഞാടിനെ ബ
ടുക്കുന്നവൻ നായയെ കൊല്ലുന്നവ
ലെയും ധാന്യബലി അർപ്പിക്കുന്ന
ന്നിയുടെ രക്തം ഭോജനയാഗമായി
ക്കുന്നവനും വിഗ്രഹത്തെ സ്തുതി
സുഗന്ധവർഗ്ഗം അർപ്പിക്കുന്നവനും
ന്തന്നെ സ്വന്തവഴികളെ തിരഞ്ഞെ
യും, അവരുടെ മനസ്സ് മ്ലേച്ഛവിഗ്ര
ൽ ഇഷ്ടപ്പെടുകയും ചെയ്യുന്നതു
ഞാനും അവരെ ഉപദ്രവിക്കുന്നതു
ന്തടുത്ത് അവർ ഭയപ്പെടുന്നത്
വരുത്തും. ഞാൻ വിളിച്ചപ്പോൾ
ത്തരം പറയാതെയും ഞാൻ അരു
പ്പോൾ കേൾക്കാതെയും അവർ
അനിഷ്ടമായുള്ളതു ചെയ്ത് എനി
ാദമല്ലാത്തതു തിരഞ്ഞെടുത്തു.
ൃവചനത്തിൽ വിറയ്ക്കുന്നവരേ!
വചനം കേട്ടുകൊൾവിൻ. നിങ്ങ
എൻെറ നാമം നിമിത്തം നിങ്ങളെ
ുന്ന ശത്രുക്കളായ സഹോദര
ങ്ങൾ നിങ്ങളുടെ സന്തോഷം കണ്ട്
ന്നതിന് കർത്താവ് തന്നത്താൻ മ
ിക്കട്ടെ എന്നു പറയുന്നുവല്ലോ. എ
വർ ലജ്ജിതരാകും. നഗരത്തിൽ
ഭയങ്കര മുഴക്കം കേൾക്കുന്നു. മന്ദി
ന്ന് ഒരു നാദം കേൾക്കുന്നു. തൻെറ
ാട് പ്രതിക്രിയ ചെയ്യുന്ന ദൈവ
ാദംതന്നെ. വേദന വരും മു മ്പെ
സവിച്ചു. വേദന വരും മുമ്പെ
ആൺകുഞ്ഞിനെ പ്രസവിച്ചു.
ആർ കേട്ടിട്ടുള്ളു. ഇങ്ങനെയുള്ള
ന്നിട്ടുള്ളു. ഒരു ദേശം ഒരു ദിവസം
ണ്ടാകുമോ? ഒരു ജാതി ഒററ
ൽ ജനിക്കുമോ? സെഹിയോ
വന്ന ഉടൻ തന്നെ മക്കളെ പ്ര
ുന്നു. ഞാൻ പ്രതീക്ഷ വരുത്തി
ക്കാതെ ഇരിക്കുമോ എന്നു കർ
ുളിച്ചെയ്യുന്നു. പ്രസവിക്കുമാറാ
ഗർഭപാത്രം അടച്ചുകളയുമോ
ൻെറ ദൈവം അരുളിച്ചെയ്യുന്നു.
ലമിനെ സ്നേഹിക്കുന്ന ഏവ
ിൽ സന്തോഷിപ്പിൻ. അവളെ
ിപ്പിൻ. അവളെ പ്രതി ദുഃഖിച്ച
അവളോടുകൂടെ അത്യന്തം
അവളുടെ ആശ്വാസദായക
ൽ പാനം ചെയ്തു തൃപ്തരാ

കുവിൻ. അവളുടെ തേജസ്സിൽ ബലം
നുകർന്ന് തൃപ്തരാകുവിൻ. കർത്താവ് 12
ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾക്കു
കുടിപ്പാൻ വേണ്ടി ഞാൻ അവൾക്കു നദി
പോലെ സമാധാനവും കവിഞ്ഞൊഴുകുന്ന
തോടുപോലെ ജാതികളുടെ മഹത്വവും
നീട്ടിക്കൊടുക്കും. നിങ്ങളെ എളിയിൽ എടു
ത്തുകൊണ്ട് നടക്കുകയും മടിയിൽ ഇരുത്തി
ലാളിക്കയും ചെയ്യും. അമ്മ ആശ്വസിപ്പിക്കു 13
ന്നതുപോലെ ഞാൻ നിങ്ങളെ ആശ്വസിപ്പി
ക്കും. നിങ്ങൾ യറൂശലേമിൽ ആശ്വാസം
പ്രാപിക്കും. അതുകണ്ട് നിങ്ങളുടെ ഹൃദയം 14
സന്തോഷിക്കും. നിങ്ങളുടെ അസ്ഥികൾ
ഇളംപൂമ്പുല്ലുപോലെ തഴയ്ക്കും. കർത്തൃ
കരം തൻെറ ദാസർക്കു വെളിപ്പെടും. ശത്രു
ക്കളെ അവൻ സംഹരിക്കും. കർത്താവ് 15
തൻെറ കോപത്തെ ഉഗ്രതയോടും തൻെറ
ശാസനയെ അഗ്നിജ്വാലകളോടും കൂടെ നട
ത്തുവാൻ അഗ്നിയിൽ പ്രത്യക്ഷമാകും;
അവൻെറ രഥങ്ങൾ ചുഴലിക്കാററുപോലെ
യിരിക്കും. ദൈവം അഗ്നികൊണ്ടു വിധിക്കും. 16
സകല ജഡത്തെയും പരിശോധിക്കും.
കർത്താവിൻെറ നിഹതന്മാർ വളരെ
ആയിരിക്കും.

തോട്ടങ്ങളിൽ പോകുവാൻ ഒരുവനു 17
പിമ്പെ ഒരുവൻ എന്നവണ്ണം തങ്ങളെത്ത
ന്നെ ശുദ്ധീകരിച്ച് വെടിപ്പാക്കുകയും പന്നി
മാംസം, മലിനം, ചുണ്ടെലി എന്നിവയെ
തിന്നുകയും ചെയ്യുന്നവർ ഒരുപോലെ നശി
ച്ചുപോകും എന്നു കർത്താവ് കല്പിക്കുന്നു.
ഞാൻ അവരുടെ പ്രവൃത്തികളും വിചാര 18
ങ്ങളും അറിയുന്നു. ഞാൻ സകല ജാതി
കളെയും ഭാഷക്കാരെയും ഒരുമിച്ചു വരു
ത്തുന്ന കാലം വരുന്നു. അവർ വന്ന് എൻെറ 19
മഹത്വം കാണും. ഞാൻ അവരുടെ ഇടയിൽ
ഒരു അടയാളം പ്രവർത്തിക്കും. അവരിൽ
രക്ഷിക്കപ്പെട്ട ചിലരെ ഞാൻ തർശീശ്
വില്ലാളികളായ പൂൽ, ലൂദ്, തൂബാൽ,
യാവാൻ എന്നീ ജാതികളുടെ അടുക്കലേ
ക്കും എൻെറ കീർത്തി കേൾക്കയും എൻെറ
മഹത്വം കാണുകയും ചെയ്തിട്ടില്ലാത്ത ദൂര
ദ്വീപുകളിലേക്കും അയയ്ക്കും. അവർ
എൻെറ മഹിമയെ ജാതികളുടെ ഇടയിൽ
പ്രസ്താവിക്കും. ഇസ്രായേൽ മക്കൾ 20
ദൈവാലയത്തിലേക്ക് വെടിപ്പുള്ള പാത്ര
ങ്ങളിൽ വഴിപാടു കൊണ്ടുവരുന്നതുപോ
ലെ അവർ സകല ജാതികളിൽനിന്നും
നിങ്ങളുടെ സഹോദരന്മാരെ കുതിരപ്പുറ
ത്തും രഥങ്ങളിലും പല്ലക്കുകളിലും കയററി
എൻെറ വിശുദ്ധ പർവ്വതമായ യറൂശലേമി

ലേക്ക് കർത്താവിനു വഴിപാടായി കൊണ്ടു
വരും എന്നു കർത്താവു കല്പിക്കുന്നു.
21 അവരിൽനിന്നും ചിലരെ ഞാൻ പുരോ
ഹിതന്മാരായും ലേവ്യരായും എടുക്കും
22 എന്നു കർത്താവ് അരുളിച്ചെയ്യുന്നു. ഞാൻ
ഉണ്ടാക്കുന്ന പുതിയ ആകാശവും പുതിയ
ഭൂമിയും എന്റെ മുമ്പാകെ നിലനില്ക്കു
ന്നതുപോലെ നിങ്ങളുടെ സന്തതിയും
നിങ്ങളുടെ പേരും നിലനില്ക്കും എന്നു
കർത്താവ് കല്പിക്കുന്നു. പിന്നെ അമാവാ
സിതോറും ശാബതുതോറും സകല ജഡ
വും എന്റെ സന്നിധിയിൽ ആരാധിപ്പാൻ
വരും എന്നു കർത്താവ് അരുളിച്ചെയ്യുന്നു.
അവർ പുറപ്പെട്ടു ചെന്ന് എന്നോട് അക്രമം
ചെയ്ത മനുഷ്യരുടെ ശവങ്ങളെ നോക്കും.
അവരുടെ പുഴു ചാകുകയില്ല. അവരുടെ
തീ കെട്ടുപോകുകയില്ല. അവർ സകല
ജഡത്തിനും അത്ഭുതവസ്തുവായിരിക്കും.

പ്രധാനപ്പെട്ട പാഠഭേദങ്ങൾ

1. അദ്ധ്യായം	7 :	15
"	15 :	2,9
"	25 :	7
"	26 :	14

ഹുശാ (ഹോശയാ)

അദ്ധ്യായം 1

സിയാ, യോഥാം, ആഹാസ്, ഹെസ
എന്നീ യഹൂദരാജാക്കന്മാരുടെ
ും യോവാശിന്റെ മകൻ യറോ
ം എന്ന ഇസ്രായേൽ രാജാവിന്റെ
ും, ബെയേറിയുടെ പുത്രനായ
യായ്ക്ക് കർത്താവിന്റെ അരുള
ായത്:
വം ഹോശയാ വഴിയായി സംസാ
ങ്ങി; ദേശമെല്ലാം ദൈവത്തിങ്കൽ
് കഠിനമായ വേശ്യാവൃത്തി നട
ിക്കുന്നതിനാൽ—നീ പോയി
ായ ഒരു ഭാര്യയേയും, വേശ്യാ
ചെയ്യുന്ന മക്കളേയും എടുക്കുക;
ല്പിച്ചു. അതനുസരിച്ച് അവൻ
ബ്ലെമിന്റെ മകൾ ഗോമോറിനെ
ച്ചു. അവൾ ഗർഭിണിയായി. അവ
നെ പ്രസവിച്ചു. കർത്താവ് അവ
വന് 'യെസ്രിയിൽ' എന്നു പേരി
ിയും അല്പകാലം കഴിഞ്ഞ്
സ്രായേലിന്റെ രക്തപാതകങ്ങൾ
യഹൂകുടുംബത്തെ ശിക്ഷിച്ച്,
ൽ ഭവനത്തിന്റെ രാജത്വം
ിപ്പിക്കും. അക്കാലത്തു ഞാൻ
ൽ സമതലത്തു വച്ച് ഇസ്രാ
വില്ല് ഒടിച്ചുകളയും, എന്നു
അവൾ, വീണ്ടും ഗർഭിണി
മകളെ പ്രസവിച്ചു. കർത്താവ്
അവൾക്ക് 'ലോ എസ് റഹമാസ്'
ഭിക്കാത്തവൾ) എന്നു പേരിടുക.
ിയും ഇസ്രായേൽ ഗൃഹത്തോട്
യാ, അല്പംപോലും കരുണ
യാ, ചെയ്കയില്ല. എന്നാൽ
ഹത്തോടു ഞാൻ കരുണ ചെയ്യു
ല്ലാ, വാളോകൊണ്ടോ, യുദ്ധം
കുതിരകളെക്കൊണ്ടോ, കുതിര
ാണ്ടോ അല്ല, ദൈവമായ
നക്കൊണ്ട് അവരെ രക്ഷിക്കും
ഞ്ഞു. ലോ റെഹമാസിന്റെ
ാറിയപ്പോൾ അവൾ വീണ്ടും
ഗർഭിണിയായി ഒരു മകനെ പ്രസവിച്ചു.
അപ്പോൾ കർത്താവ് എന്നോട്, അവനു 9
'ലോ ആം' (എന്റെ ജനമല്ല) എന്നു
പേരിടുക. നിങ്ങൾ എന്റെ ജനമല്ല; ഞാൻ
നിങ്ങൾക്കു ദൈവമായിരിക്കുകയുമില്ല
എന്നു കല്പിച്ചു. എന്നാലും, ഇസ്രായേല്യ 10
രുടെ സംഖ്യ, അളക്കാവതോ എണ്ണാവതോ
അല്ലാത്ത കടൽക്കരയിലെ മണൽതരികൾ
പോലെയിരിക്കും. 'നിങ്ങൾ എന്റെ ജനമല്ല'
എന്ന് അവരോടു പറഞ്ഞതിനു പകരം,
'നിങ്ങൾ ജീവനുള്ള ദൈവത്തിന്റെ മക്കൾ'
എന്ന് അവരോടു പറയും. യഹൂദാമക്കളും 11
ഇസ്രായേൽ മക്കളും ഒരുമിച്ച് അവർക്ക് ഒരേ
തലവനെ നിശ്ചയിച്ച് ദേശത്തുനിന്നു
പുറപ്പെടും. യസ്രിയേലിന്റെ ദിനങ്ങൾ
മഹത്തായിരിക്കും.

അദ്ധ്യായം 2

നിങ്ങളുടെ സഹോദരന്മാർക്ക് 'ആം' 1
(എന്റെ ജനം) എന്നും സഹോദരികൾക്കു
'റ്ഹിംതോ' (വത്സല-കരുണ ലഭിച്ചവൾ)
എന്നും പേരു വിളിപ്പിൻ. പ്രതിവാദം ചെയ്യു 2
വിൻ, നിങ്ങളുടെ അമ്മയോടു പ്രതി
വാദിപ്പിൻ—അവൾ എന്റെ ഭാര്യയല്ല;
ഞാൻ അവളുടെ ഭർത്താവുമല്ല! അവൾ,
വ്യഭിചാരം മുഖത്തുനിന്നും, വേശ്യാദോഷം
സ്തനങ്ങളുടെ മദ്ധ്യേനിന്നും നീക്കിക്കള
യട്ടെ. അല്ലെങ്കിൽ ഞാൻ അവളുടെ വസ്ത്രം 3
മാറ്റി നഗ്നയാക്കി, ജനനദിവസത്തിലേതു
പോലെ നിറുത്തും. അവളെ മരുഭൂമിക്കും
വരണ്ട നിലത്തിനും തുല്യയാക്കും. അവളെ
ദാഹം കൊണ്ടു മരിക്കുമാറാക്കും. അവളു 4
ടെ സന്താനങ്ങളോട് എനിക്കു അലിവു
തോന്നുകയില്ല. അവർ ജാരസന്തതിക
ളല്ലോ. അവരുടെ അമ്മ വേശ്യാദോഷം 5
ചെയ്തു. അവർക്കു ജന്മമേകിയവൾ ലജ്ജാ
കരമായി പ്രവർത്തിച്ചു. എനിക്കു ഭക്ഷണ
പാനീയങ്ങളും, കമ്പിളിയും, ചണവും എണ്ണ
യും തരുന്ന എന്റെ ജാരന്മാരുടെ പിമ്പേ
ഞാൻ പോകും എന്ന് അവൾ പറഞ്ഞു.
ആകയാൽ, ഞാൻ നിന്റെ വഴി മുള്ളു 6

വേലി കെട്ടി അടയ്ക്കും. അവൾ തൻെറ
പാതകൾ കാണാത്തവണ്ണം ഞാനൊരു
7 മതിൽ കെട്ടും. അവൾ ജാരന്മാരെ അനു
ഗമിക്കും; എന്നാൽ അവരോടൊപ്പം ചെ
ന്നെത്തുകയില്ല; അവൾ അവരെ അന്വേ
ഷിക്കും; കണ്ടെത്തുകയുമില്ല. അപ്പോൾ,
അവൾ, ഞാൻ എൻെറ മുൻഭർത്തൃ
സവിധത്തിലേക്കു തിരിച്ചുപോകും. ഇന്ന
ത്തെക്കാൾ, അന്ന് എനിക്ക് കൂടുതൽ
8 മെച്ചമായിരുന്നു എന്നു പറയും. അവൾക്ക്
ധാന്യവും വീഞ്ഞും എണ്ണയും കൊടുത്ത
തും, ബാലിന്നായി അവൾ ചെലവഴിച്ച
പണവും പൊന്നും അവൾക്കു വർദ്ധിതമാ
യി കൊടുത്തതും ഞാനാണ് എന്ന് അവൾ
9 അറിഞ്ഞില്ല! ആകയാൽ, യഥാകാലത്തു
ഞാൻ എൻെറ ധാന്യവും, തക്ക സമയത്ത്
എൻെറ വീഞ്ഞും ഞാൻ തിരിച്ചെടുക്കും.
10 അവളുടെ നഗ്നത ആവരണം ചെയ്‌വാൻ
ഞാൻ കൊടുത്തിരുന്ന ആട്ടിൻരോമവും
ചണവസ്ത്രവും ഞാൻ എടുത്തുകളയും.
11 അവളുടെ ജാരന്മാർ കാൺകെ അവളുടെ
നഗ്നതയെ ഞാൻ അനാവൃതമാക്കും.
എൻെറ കൈയിൽനിന്നും ആരും അവളെ
വിടുവിക്കയില്ല. അവളുടെ സർവ സന്തോ
ഷവും, പെരുന്നാളും, അമാവാസികളും,
ശാബതുകളും അവളുടെ ആഘോഷദിന
ങ്ങളും ഞാൻ ഇല്ലാതാക്കും.

12 ഇവയെല്ലാം എൻെറ ജാരന്മാർ എനി
ക്കു തന്നവയാണ് എന്ന് അവൾ അഹങ്ക
രിച്ചു പറഞ്ഞ, മുന്തിരികൃഷിയേയും അത്തി
വൃക്ഷങ്ങളേയും ഞാൻ നശിപ്പിച്ച് കാട്ടു
പ്രദേശമാക്കും; വന്യമൃഗങ്ങൾ അവ തിന്നു
13 കളയും. അവൾ ബാൽവിഗ്രഹങ്ങൾക്കു
ധൂപാർപ്പണം ചെയ്തു; കാതിലകളും ആഭര
ണങ്ങളുംകൊണ്ട് സ്വയം അലംകൃതയായി
തൻെറ ജാരന്മാരുടെ പിന്നാലെ പോയി.
എന്നെ അവൾ മറന്നുകളഞ്ഞ നാളുകളെ
പ്രതി ഞാൻ അവളെ ശിക്ഷിക്കും, എന്നു
14 കർത്താവ് അരുളിച്ചെയ്യുന്നു. അവളെ
വശീകരിച്ച് ഞാൻ അവളെ മരുഭൂമിയിൽ
കൊണ്ടുപോയി ഹൃദ്യമായി സംസാരിക്കും.
15 അവിടെനിന്നും ഞാൻ അവൾക്കു മുന്തിരി
ത്തോപ്പുകളും, അവളുടെ ബോധം തെളിയു
വാൻ ആഖോർ താഴ്‌വരയും കൊടുക്കും.
അവിടെ അവൾ, തൻെറ യുവപ്രായത്തി
ലെന്നതുപോലെയും, അവൾ മെസ്രേൻ
ദേശത്തുനിന്നു പുറപ്പെട്ടുവന്ന കാലത്തെ
16 ന്നതുപോലെയും വിനീതയായിരിക്കും. ആ
നാളിൽ നീ എന്നെ, 'എൻെറ ബാൽ എന്നല്ല
എൻെറ ബാലി (പ്രിയതമനേ!) എന്നു
വിളിക്കും. അവളുടെ വായിൽ നിന്നും 17
ബാൽവിഗ്രഹങ്ങളുടെ പേരുകൾ ഞാൻ
നീക്കിക്കളയും. ആരും ഇനി അവയുടെ
പേരുപോലും സ്മരിക്കുകയില്ല. അക്കാ 18
ലത്തിൽ ഞാൻ അവർക്കുവേണ്ടി വന്യമൃഗ
ങ്ങളോടും, ആകാശത്തിലെ പക്ഷികളോടും
ഭൂമിയിലെ ഇഴജാതികളോടും ഒരുടമ്പടി
ചെയ്യും. വില്ലും, വാളും യുദ്ധവും ഭൂമിയിൽ
നിന്നും ഞാൻ നീക്കിക്കളഞ്ഞ് അവർ
നിർഭയം വസിക്കുമാറാക്കും. ഞാൻ നിന്നെ 19
എക്കാലത്തേക്കും എനിക്കായി വിവാഹ
നിശ്ചയം ചെയ്യും. നീതിയോടും ന്യായ
ത്തോടും, ദയയോടും, കരുണയോടുംകൂടി
നിന്നെ എനിക്കായി വിവാഹത്തിനു നിശ്ച
യിക്കും. ഞാൻ വിശ്വസ്തതയോടെ വിവാഹ
നിശ്ചയം ചെയ്യും. നീ കർത്താവിനെ അറി 20
യും. അക്കാലത്ത് ഞാൻ ഉത്തരം നൽകും' 21
എന്നു കർത്താവ് കല്പിക്കുന്നു. ഞാൻ
ആകാശത്തിന് ഉത്തരം നൽകും; അതു 22
ഭൂമിക്കും. ഭൂമി, ധാന്യത്തിനും വീഞ്ഞിനും
എണ്ണയ്ക്കും ഉത്തരം നൽകും. അവ യസ്രീ
ലിനും ഉത്തരം നൽകും. ഞാൻ അതിനെ, 23
എനിക്കായി ദേശത്തു സ്ഥാപിക്കും. കരുണ
ലഭിക്കാത്തവൾക്കു ഞാൻ കരുണ ചെയ്യും.
എൻെറ ജനമല്ലാത്തതിനോട് 'എൻെറ ജനം'
എന്നു ഞാൻ പറയും. 'അവിടന്ന് എൻെറ
ദൈവം എന്ന്' അവരും പറയും.

അദ്ധ്യായം 3

മുന്തിരി അടകൾ മോഹിച്ച് അന്യദേവ 1
ന്മാരോട് ഇസ്രായേൽ മക്കൾ ചേർന്ന്
അവയെ സ്നേഹിച്ചതുപോലെ, നീ ഇനി
യും ചെന്ന് വഷളത്തം ഇഷ്ടപ്പെടുന്ന ഒരു
വ്യഭിചാരിണിയെ സ്നേഹിച്ചുകൊണ്ടിരി
ക്കുക എന്നു കർത്താവ് എന്നോടു കല്പി
ച്ചു. അങ്ങനെ, ഒരുവളെ പതിനഞ്ചു വെള്ളി 2
ക്കാശിനും ഒന്നര ഹോമർ യവത്തിനും വില
യ്ക്കു വാങ്ങി—അവളോട് 'നീ ഇനിയുള്ള
കാലം അടങ്ങിയിരിക്കണം. ജാരസംഗം ചെ 3
യ്കയോ, മറ്റൊരു പുരുഷനുമായി ബന്ധ
പ്പെടുകയോ ചെയ്യരുത്. ഞാൻ നിനക്കും
അങ്ങനെയായിരിക്കും എന്നു പറഞ്ഞു.
ഇപ്രകാരം ഇസ്രായേൽ മക്കൾ വളരെക്കാ 4
ലം രാജാവില്ലാതെയും, അധികാരി ഇല്ലാ
തെയും, യാഗ വും, ബലിപീഠവും, എഫോദും
ഇല്ലാതെയും കുടുംബദേവന്മാരില്ലാതെയു
മിരിക്കും. പിന്നീട് ഇസ്രായേൽ മക്കൾ മനം 5
തിരിഞ്ഞ് അവരുടെ ദൈവമായ കർത്താവി
നേയും, അവരുടെ രാജാവായ ദാവീദി
നേയും അന്വേഷിക്കും. അവസാനകാലത്ത്

ഭക്തിയോടെ കർത്താവിനേയും
ൻെറ കൃപയേയും അറിയും.

അദ്ധ്യായം 4

സായേൽ മക്കളേ, ദൈവത്തിൻെറ
കേൾപ്പിൻ. ദേശനിവാസികൾക്കെ
ർത്താവിന് ഒരു ആരോപണമുണ്ട്.
സത്യമില്ല, ദയയില്ല, ദൈവപരി
വുമില്ല. അവർ ആണയിടുന്നു;
സംസാരിക്കുന്നു, കൊലപാതകം
ന്നു; മോഷ്ടിക്കുന്നു; വ്യഭിചരിക്കു
തുരന്നു മോഷ്ടിക്കുന്നു, രക്ത
ൽ തുടരെ നടക്കുന്നു. തന്മൂലം
ിലപിക്കുന്നു. ദേശവാസികളും,
ലെ മൃഗങ്ങളും ആകാശത്തിലെ
ളും ക്ഷീണിക്കുന്നു. സമുദ്രത്തിലെ
ട്ടവും ഇല്ലാതാകുന്നു. ആരും
ന്നില്ല; ശാസിക്കുന്നുമില്ല. നിൻെറ
രാഹിതനോട് തർക്കിക്കുന്നു.
നാൽ നീ പകൽ സമയത്തുപോ
വീഴും—പ്രവാചകരും നിന്നോടു
തിയിൽ ഇടറി വീഴും. നിൻെറ അമ്മ
യി. അജ്ഞാനം നിമിത്തം എൻെറ
ച്ചുപോകുന്നു. പരിജ്ഞാനം നീ
ാൽ പൌരോഹിത്യത്തിൽ നി
ന ഞാനും ത്യജിക്കും. നീ നിൻെറ
ൻെറ പ്രമാണം മറന്നുകളഞ്ഞതി
ാനും നിൻെറ മക്കളെ വിസ്മരി
ർ വർദ്ധിക്കുന്തോറും എന്നോടു
പാപം ചെയ്തു. ഞാൻ, അവരുടെ
്ഥയെ ലജ്ജയാക്കിത്തീർക്കും.
ൻെറ ജനത്തിൻെറ പാപം ഭക്ഷിച്ചു.
തിന്മ അവർ സമ്മതിക്കുന്നു.
നും ജനത്തെപ്പോലെ ആയി
അവരുടെ നടപടിക്കനുസരിച്ച്
രെ ശിക്ഷിക്കും. പ്രവൃത്തികൾ
ം ഞാൻ പ്രതികാരം ചെയ്യും.
ിച്ചാലും തൃപ്തരാകുകയില്ല.
സംഗം ചെയ്താലും വർദ്ധനവു
ല്ല. അവർ കർത്താവിനെ ഉപേ
—വ്യഭിചാരവും വീഞ്ഞും ലഹ
ുടെ മനസ്സിനെ നശിപ്പിക്കുന്നു.
, തടിക്കഷണത്തോട് അരുള
ക്കുന്നു! അവരുടെ വടി അവ
ണം പറയുന്നു! പരസംഗത്തി
ാവ് അവരെ വഴി പിഴപ്പിച്ചു.
ുടെ ദൈവത്തിൽ നിന്ന് പിൻ
മുകളിൽ അവർ ബലിയർപ്പി
ുറങ്ങളിൽ തണലുള്ള കരു
ൻെറയും, പുന്നയുടേയും ആലി
ൻെറയും കീഴിൽ ധൂപാർപ്പണം നടത്തി!
നിങ്ങളുടെ പുത്രിമാർ വ്യഭിചരിക്കുന്നു.
നിങ്ങളുടെ ഭാര്യമാരും വ്യഭിചരിക്കുന്നു.
നിങ്ങളുടെ പുത്രിമാരും, പുത്രഭാര്യമാരും 14
വ്യഭിചരിക്കുന്നതിനെ ഞാൻ ശിക്ഷി
ക്കയില്ല; എന്തെന്നാൽ, പുരുഷന്മാർ തന്നെ,
വ്യഭിചാരിണികളോടു ചേർന്നും, തെരുവ്
സ്ത്രീകളോടുകൂടെയും ബലിയർപ്പണം
നടത്തുകയും ചെയ്യുന്നു! ബുദ്ധിയില്ലാത്ത
ജനം കുലടയെ ആലിംഗനം ചെയ്യും. ഇസ്രാ 15
യേലേ, നീ പരസംഗം ചെയ്യുന്നുവെങ്കിലും,
യഹൂദായെ തെറ്റു ചെയ്യിക്കാതിരിക്കട്ടെ.
നിങ്ങൾ ഗിൽഗാലിലേക്കു പോകരുത്.
ബെത്ത് ആവനിലേക്കു കയറിപ്പോകരുത്.
'ദൈവത്താണ' എന്നു സത്യം ചെയ്കയുമ
രുത്. ദുശ്ശാഠ്യമുള്ള പശുക്കിടാവിനെപ്പോ 16
ലെ ഇസ്രായേൽ ശഠത കാണിച്ചു. മേ
ച്ചിൽസ്ഥലത്ത് ഒരു കുഞ്ഞാടിനെപ്പോലെ
കർത്താവ് അവരെ മേയിക്കും. എഫ്രയിം, 17
വിഗ്രഹങ്ങളോടു പറ്റിച്ചേർന്നിരിക്കുന്നു! അ
വനെ വിട്ടുകളയുക. എല്ലാവരും വേശ്യാദോ
ഷം ചെയ്യു. വ്യഭിചരിക്കുന്ന അവരുടെ നേ 18
താക്കൾ മഹിമയേക്കാൾ അവമാനകരമായ
വയിൽ ഇഷ്ടപ്പെടുന്നു; കാറ്റ്, അതിൻെറ 19
ചിറകുകൊണ്ട് അതിനെ തകർക്കും. അവ
രുടെ യാഗപീഠങ്ങളെക്കുറിച്ച് അവർ
ലജ്ജിക്കും.

അദ്ധ്യായം 5

പുരോഹിതന്മാരേ കേൾപ്പിൻ, ഇസ്രാ 1
യേൽ ഗൃഹമേ, ശ്രദ്ധിക്കുവിൻ; രാജഗൃഹ
മേ, ശ്രവിക്കുവിൻ. ന്യായവിധി നിങ്ങൾക്കെ
തിരായി വരുന്നു. നോട്ടക്കാർക്കു നിങ്ങൾ 2
കെണികൾ വച്ചു. താബോറിന്മേൽ വല
വിരിച്ചു. അശുദ്ധിയിൽ നിമഗ്നരായിരിക്കു
ന്നവർക്കു ഞാൻ ശാസനം നൽകും. എഫ്ര 3
യിമിനെ എനിക്കറിയാം. ഇസ്രായേൽ എ
നിക്കു നിഗൂഢവുമല്ല. എഫ്രയിമേ, നീ പര
സംഗം ചെയ്തു. ഇസ്രായേൽ മലിനവുമായിരി
ക്കുന്നു! അവരുടെ ദൈവത്തിങ്കലേക്കു മനം 4
തിരിഞ്ഞു വരുവാൻ അവരുടെ തന്ത്രങ്ങൾ
അവരെ അനുവദിക്കുന്നില്ല. വ്യഭിചാര
മോഹങ്ങൾ അവരുടെ മനസ്സിലുണ്ട്. അവർ
ദൈവത്തെ അറിയുന്നില്ല. ഇസ്രായേലിൻെറ 5
ബഹുമാനം അവൻെറ കൺമുമ്പിൽതന്നെ
താഴ്ത്തപ്പെടും. ആകയാൽ, ഇസ്രായേലും
എഫ്രയിമും അവരുടെ അധർമത്താൽ ഇടറി
വീഴും. യഹൂദയും അവരോടുകൂടെ ഇടറി
വീഴും. ദൈവസന്നിധിയിലേക്ക് അവർ ആടു 6
മാടുകളുമായി വരും; പക്ഷെ അവർ അവനെ

കണ്ടെത്തുകയില്ല. അവൻ അവരിൽനിന്നും
7 വിട്ടുമാറിയിരിക്കുന്നു. അവർ ജാരസന്തതി
കളെ ജനിപ്പിച്ചതുമൂലം കർത്താവിനോടു
വിശ്വാസവഞ്ചന ചെയ്തിരിക്കുന്നു!
8 ഗിബയയിൽ കാഹളമൂതുവിൻ; റാമാ
യിൽ കൊമ്പു വിളിപ്പിൻ. ബെത്അവാനിൽ
9 യുദ്ധശബ്ദം മുഴക്കുവിൻ. ബന്യാമീനെ, നീ
പുറപ്പെടുക. ശിക്ഷാദിനത്തിൽ എഫ്രയിം
ശൂന്യമാകും. വിശ്വാസം ഞാൻ ഇസ്രാ
യേൽ ഗോത്രങ്ങളുടെ മദ്ധ്യേ അറി
10 യിച്ചിരിക്കുന്നു. യഹൂദയുടെ പ്രഭുക്കന്മാർ
അതിരു മാറ്റുന്നവരെപ്പോലെ ആയി! ആക
യാൽ, എൻെറ ക്രോധം വെള്ളംപോലെ
11 അവരുടെമേൽ വർഷിക്കും. വ്യർത്ഥതയു
ടെ പിന്നാലെ അനുസരിച്ചു നടക്കുവാൻ
എഫ്രയിം ആഗ്രഹിച്ചതിനാൽ അവൻ
പീഡിതനും, പരാജിതനുമായിരിക്കുന്നു!
12 ആകയാൽ ഞാൻ എഫ്രയിമിനു ഭയമായും,
യഹൂദാഗൃഹത്തിനു സിംഹംപോലെയും
13 ഇരിക്കും. എഫ്രയിം അവൻെറ രോഗവും,
യഹൂദാ സ്വന്തമുറിവും കണ്ടപ്പോൾ, എഫ്ര
യിം അസിറിയായിലെത്തി. വിജയിയായ
രാജസന്നിധിയിലേക്ക് ആളയച്ചു. പക്ഷെ,
നിങ്ങൾക്കു രോഗശമനം വരുത്തുവാനും,
നിങ്ങളുടെ വ്രണം ഉണക്കുവാനും അവനു
14 കഴിഞ്ഞില്ല. എഫ്രയിമിന് ഞാൻ ഒരു
സിംഹംപോലെയും യഹൂദാഗൃഹത്തിന്
ഒരു ബാലസിംഹംപോലെയും ആയിരിക്കും.
അതേ, ഞാൻ അവരെ കടിച്ചു കീറും.
അവരെ വലിച്ചിഴച്ചു കൊണ്ടുപോകും.
15 അവരെ രക്ഷിപ്പാൻ ആർക്കും കഴിയുകയില്ല.
അവർ സ്നേഹിച്ച് എൻെറ സാന്നിദ്ധ്യം
അന്വേഷിക്കുന്നതുവരെ, ഞാൻ എൻെറ
വാസസ്ഥലത്തേക്കു മടങ്ങും. ദുരിത
ത്തിൽ അവർ എന്നെ താല്പര്യപൂർവം
അന്വേഷിക്കും.

അദ്ധ്യായം 6

1 അവർ പറയും: വരുവിൻ, നമുക്കു
കർത്താവിങ്കലേക്ക് മടങ്ങിച്ചെല്ലാം. അവൻ
നമ്മെ തകർത്തു; അവൻ തന്നെ, നമ്മെ
സൌഖ്യമാക്കും. അവൻ നമ്മെ മുറിപ്പെടു
ത്തി; അവൻ തന്നെ മുറിവു വച്ചു കെട്ടി
2 ത്തരും. രണ്ടു ദിവസം കഴിഞ്ഞു അവൻ നമു
ക്കു ജീവൻ നൽകും. മൂന്നാം ദിവസം അവൻ
നമ്മെ എഴുന്നേൽപ്പിക്കും. നാം അവൻെറ
3 സന്നിധിയിൽ ജീവിക്കും. കർത്താവിനെ
അറിയുവാൻ നമുക്ക് ഉൽസാഹപൂർവം
പോകാം. അവൻെറ ഉദയം പ്രഭാതംപോലെ
നിശ്ചയമുള്ളതത്രെ. അവൻ മഴപോലെ,
ഭൂമിക്കു നനവേകുന്ന പിൻമഴപോലെ
നമ്മുടെ അടുക്കൽ വരും.
എഫ്രയിമെ, നിന്നോടു ഞാൻ എന്തു
ചെയ്യണം? യഹൂദയേ, ഞാൻ നിന്നോട്
എന്തു ചെയ്യണം? നിങ്ങളുടെ നന്മ പ്രഭാത
ത്തിലെ മേഘതുല്യവും, രാവിലെ ഇല്ലാതാ
കുന്ന മഞ്ഞുപോലെയുമത്രെ. ആകയാൽ
ഞാൻ നിർത്തലാക്കി. എൻെറ വായിൽ
നിന്നു വന്ന വചനങ്ങളാൽ ഞാൻ അവരെ
സംഹരിച്ചു. എൻെറ നീതി പ്രകാശസമാനം
ഉദിക്കും. യാഗത്തിലല്ല, ദയയിലത്രെ;
ഹോമയാഗങ്ങളിലല്ല, ദൈവപരിജ്ഞാന
ത്തിലത്രെ ഞാൻ പ്രസാദിക്കുന്നത്.
മനുഷ്യരീതിയിൽ അവർ എൻെറ പ്രമാണം
ലംഘിച്ചു. അവിടെ അവർ എന്നോട്
അവിശ്വസ്തത കാണിച്ചു. ഗിലയാദ് അനീതി
ചെയ്യുന്നവരുടെ നഗരമത്രെ. അവിടെ
രക്തച്ചാലുകളാൽ മലിനമായിരിക്കുന്നു.
ഒളിവിടങ്ങളിൽ തങ്ങുന്ന കൊള്ളക്കാരെ
പ്പോലെ, ഒരു കൂട്ടം പുരോഹിതന്മാർ
ശേഖേമിലേക്കുള്ള വഴിയിൽ കൊല
നടത്തുന്നു. അതേ, അവർ ഹീനകർമം
ചെയ്യുന്നു. ഇസ്രായേൽ ഭവനത്തിൽ
ഞാൻ ഒരു ഭയങ്കര കാര്യം കണ്ടു. അവിടെ
എഫ്രയിം പരസംഗം ചെയ്തു. ഇസ്രായേൽ
മലിനയായി. യഹൂദയേ, ഞാൻ എൻെറ
ജനത്തിൻെറ അടിമാവസ്ഥ മാറ്റുമ്പോൾ
നിനക്കും ഞാൻ ഒരു കൊയ്ത്തു വച്ചിട്ടുണ്ട്.

അദ്ധ്യായം 7

ഞാൻ ഇസ്രായേലിനു രോഗശാന്തി
വരുത്തുമ്പോൾ എഫ്രയിമിൻെറ അധർമ
വും, ശമറിയായുടെ തിന്മയും വെളിപ്പെടും.
അവർ വഞ്ചനയായി പെരുമാറുന്നു. മോ
ഷ്ടാവ് അകത്തു കടക്കുന്നു, കവർച്ചക്കാർ
തെരുവിൽ കൊള്ളയിടുന്നു. അവരുടെ
ദുഷ്ടതയെല്ലാം ഞാൻ ഓർക്കുന്നുവെന്നു
അവർ മനസ്സിലാക്കുന്നില്ല. ഇപ്പോൾ അവ
രുടെ സ്വന്ത പ്രവൃത്തികൾതന്നെ അവരെ
വളഞ്ഞിരിക്കുന്നു. അവ എൻെറ മുമ്പിൽ
തന്നെയുണ്ട്. അവരുടെ ദുഷ്ടതയും വ്യാജ
വുംകൊണ്ട് അവർ രാജാക്കന്മാരെ സന്തു
ഷ്ടരാക്കി. അവരുടെ പ്രഭുക്കന്മാർ വ്യഭിച
രിക്കുന്നു. അപ്പമുണ്ടാക്കുന്നവൻ ചൂടുപിടി
പ്പിച്ചു വച്ചിരിക്കുന്ന അടുപ്പുപോലെയാണ്
അവർ. മാവു കുഴച്ചതുമുതൽ അതു പു
ക്കുന്ന സമയംവരെ മാത്രമെ അതിന്
കത്താതിരിക്കുകയുള്ളു. നമ്മുടെ രാജാ
വിൻെറ സന്തോഷദിവസത്തിൽ പ്രഭുക്കന്മാർ
വീഞ്ഞിനാൽ മദോന്മത്തരായി അധർമ്മി

ായി അവർ കൈകോർത്തു പിടി
ു. അവർ ഒളിച്ചിരുന്ന് അവരുടെ ഹൃദ
െ തീച്ചൂളപോലെ ആക്കിയിരിക്കുന്നു.
മുഴുവനും അവരുടെ കോപം ഉറങ്ങു
ാവിലെയോ, അത് അഗ്നിതുല്യം
ജ്വലിക്കുന്നു. അവരുടെ ന്യായാധിപ
ള അവർ വിഴുങ്ങുന്നു. അവരുടെ
ന്മാരെല്ലാം വീണിരിക്കുന്നു. എന്നെ
പേക്ഷിക്കുന്നവൻ അവരിൽ ആരു
എഫ്രയിം ജാതികളുമായി ഇടകലർ
ാതു മറിച്ചിടാതെ ചുട്ടെടുത്ത അപ്പം
യത്രെ. വേകുന്നതിനുമുമ്പ് അതു
പ്പെട്ടു. അന്യജാതികൾ അവൻെറ
ിന്നുകളഞ്ഞെങ്കിലും അവൻ അതു
ന്നില്ല. അവൻെറ മുടി നരച്ചു തുട
ും അവൻ അറിയുന്നില്ല. ഇസ്രായേ
അഹംഭാവം അവൻെറ നേരെ
ം നൽകുന്നു. അവർ തങ്ങളുടെ
ായ കർത്താവിൻെറ അടുക്കൽ
ന്നില്ല. ദൈവത്തെ അന്വേഷിക്കുക
യില്ല. ബുദ്ധിയും തിരിച്ചറിവുമില്ലാ
വുപോലെയാണ്, എഫ്രയിം. അവർ
ിനെ വിളിക്കുകയും അസിറിയായി
അഭയം തേടി പോകുകയും ചെ
അവർ പോകുന്നിടത്തു, എൻെറ വല
ടമേൽ ഞാൻ വീശും. ആകാശ
പക്ഷികളെയെന്നപോലെ ഞാൻ
താഴെ വരുത്തും. അവരെ ഞാൻ
ും. അവർ എന്നിൽനിന്നും അക
ിയതിനാൽ അവർക്കു കഷ്ടം.
ന്നോട് എതിർത്തതുമൂലം അവർ
ം. ഞാൻ അവരെ വീണ്ടെടുത്തെ
വർ എന്നോടു വ്യാജം സംസാരി
ഹൃദയപൂർവം എന്നെ വിളിച്ചപേ
തിനു പകരം അവർ കിടക്കയിൽ
ലവിളിക്കുന്നു. ധാന്യത്തിനും വീ
യി അവർ പരസ്പരം പോരാടു
എന്നോടു മത്സരിച്ചു. ഞാനാണ്
കരങ്ങളെ അഭ്യസിപ്പിച്ചത്. ശക്തീ
ങ്കിലും, അവർ എനിക്കെതിരെ
ലാചിക്കുന്നു. ഒന്നുമില്ലായ്മയി
ർ തിരിഞ്ഞു. അവർ വഞ്ചിക്കു
ാലെയാകുന്നു. അവരുടെ പ്രഭു
ൻെറ ഡംഭത്താൽ വാൾകൊണ്ടു
കും. ഇതുമൂലം മെസ്രേൻ ദേശ
ആക്ഷേപപാത്രമായിത്തീരും.

അദ്ധ്യായം 8

എൻെറ ഉടമ്പടി ലംഘിച്ച്
യപ്രമാണത്തിനു വിരുദ്ധമായി
അധർമം ചെയ്തിരിക്കയാൽ, നിൻെറ വായ്
കാഹളംപോലെയും കർത്താവിൻെറ ആല
യത്തിനു മുകളിൽ കഴുകനെപ്പോലെയും
ആക്കുക. അവർ എന്നോടു നിലവിളിക്കു 2
ന്നു. ഞങ്ങളുടെ ദൈവമേ, ഞങ്ങൾ നിന്നെ
അറിഞ്ഞിരിക്കുന്നു. ഇസ്രായേൽ നന്മയെ 3
ഉപേക്ഷിച്ചു. ശത്രു അവനെ പിന്തുടരുന്നു.
അവർ രാജാക്കന്മാരെ വാഴിച്ചു. എന്നാൽ 4
അത് എൻെറ ഇഷ്ടാനുസരണമല്ലായി
രുന്നു. എന്നെ അറിയിക്കാതെ അധികാരി
കളെ അവർ നിയമിച്ചു. അവർ നശിച്ചുപോ
കേണ്ടതിന് വെള്ളിയും പൊന്നുംകൊണ്ട്
അവർക്കു വിഗ്രഹങ്ങൾ നിർമിച്ചു. ശമരി 5
യായേ, നിൻെറ മേഷക്കിടാവുമൂലം അവർ
തെറ്റിപ്പോയി. എൻെറ ക്രോധം അവരുടെ
നേരെ ജ്വലിക്കുന്നു. അവർക്കു നിഷ്കള
ങ്കത പ്രാപിക്കുവാൻ എത്ര അസാദ്ധ്യമാ
യിരിക്കും? ഇതു ഇസ്രായേലിലെ ഒരു 6
പണിക്കാരനുണ്ടാക്കിയതാണ്. അതു ദൈവ
മല്ല. ശമര്യയുടെ കാളക്കുട്ടി അധർമത്തി 7
ന്നാകുന്നു. അവർ കാറ്റു വിതച്ചു; കൊടു
ങ്കാറ്റു കൊയ്യും. അവർക്കു നിലനിൽപില്ല.
അതു മാവിനുള്ള ധാന്യം നൽകുകയില്ല.
അഥവാ നൽകിയാലും അതു അന്യജാതി 8
കൾ വിഴുങ്ങിക്കളയും. ഇസ്രായേൽ വിഴു
ങ്ങപ്പെട്ടിരിക്കുന്നു. അവർ ഇപ്പോൾ ജാതി
കളുടെ മദ്ധ്യേ ഉപയോഗശൂന്യമായ
പാത്രംപോലെയായിരിക്കുന്നു. തനിച്ചുഴ 9
ലുന്ന കാട്ടുകഴുതയെപ്പോലെ അവർ
അസിറിയായിലേക്കു പോയി. എഫ്രയിം
സമ്മാനങ്ങൾ സ്നേഹിച്ചു. അവർ ജാതി
കൾക്കു ഏല്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും
ഞാൻ അവരെ ഒന്നിച്ചു കൂട്ടും. അവർ 10
പ്രഭുക്കന്മാരുടെയും രാജാക്കന്മാരുടെയും
കീഴിൽനിന്നും അല്പകാലം വിശ്രമിക്കും. 11
എഫ്രയിം പാപത്തിനായി യാഗപീഠങ്ങൾ
അനേകമുണ്ടാക്കി. അവ അവനു പാപ
ഹേതുകങ്ങളായിത്തീർന്നു. ഞാൻ എൻെറ 12
പ്രമാണങ്ങൾ വളരെയേറെ അവന് എഴു
തിക്കൊടുത്തു. എൻെറ വചനങ്ങൾ
അവർ അന്യമായി വിചാരിച്ചു. അവർ 13
ബലികളിൽ ആഗ്രഹിക്കുന്നു. അവർ
അതിൻെറ മാംസം ഭക്ഷിക്കുന്നു. എന്നാൽ
കർത്താവ് അവരിൽ പ്രീതനാകുകയില്ല.
താൻ അവരുടെ പാപങ്ങൾ ഓർക്കും. അവർ
മെസ്രേനിലേക്ക് മടങ്ങിപ്പോകേണ്ടിവരും. 14
ഇസ്രായേൽ, തന്നെ ഉണ്ടാക്കിയവനെ
മറന്ന് മന്ദിരങ്ങളെ പണിതിരിക്കുന്നു.
യെഹൂദാ ഉറപ്പുള്ള പട്ടണങ്ങളെ വർദ്ധിപ്പി
ച്ചിരിക്കുന്നു. എന്നാൽ ഞാൻ അവൻെറ

പട്ടണങ്ങളിൽ തീ അയയ്ക്കും; അത്
അവയിലെ അരമനകളെ ദഹിപ്പിച്ചു
കളയും.

അദ്ധ്യായം 9

1 ഇസ്രായേലേ, നീ നിന്റെ ദൈവത്തെ
വിട്ട് എല്ലാ കളങ്ങളിൽനിന്നും സമ്മാന
ങ്ങൾ സ്നേഹിച്ചതുകൊണ്ട് നീ മററു
2 ജാതികളെപ്പോലെ സന്തോഷിക്കരുത്.
കളവും ചക്കും അവരെ തൃപ്തരാക്കുകയില്ല;
3 എണ്ണ അതിൽ ഇല്ലാതെയാകും. അവർ
കർത്താവിന്റെ ദേശത്ത് പാർക്കുകയില്ല;
എഫ്രയീം മിസ്രേനിലേക്കു മടങ്ങിപ്പോ
കയും ആസ്സൂറിൽവച്ച് മലിനമായത് തിന്നു
4 കയും ചെയ്യും. അവർ ദൈവത്തിന്
വീഞ്ഞു പകർന്നു അർപ്പിക്കുകയില്ല. അവ
രുടെ ഹനനയാഗങ്ങൾ അവന് പ്രസാദമാ
യിരിക്കയുമില്ല; അവരുടെ അപ്പം അവർക്ക്
വിലാപത്തിന്റെ അപ്പംപോലെയിരിക്കും.
അത് തിന്നുന്നവനെല്ലാം അശുദ്ധനാ
യിത്തീരും. അവരുടെ അപ്പം ദൈവാ
5 ലയത്തിലേക്ക് വരികയില്ല. സഭായോഗ
ദിവസത്തിനും കർത്താവിന്റെ പെരുന്നാൾ
ദിവസത്തിനും നിങ്ങൾ എന്തു ചെയ്യും? അ
6 വർ കവർച്ചയിൽ പെട്ടുപോയി. മെസ്രേൻ
അവരെ കൂട്ടിച്ചേർക്കും. മെംഫിസ് അവരെ
അടക്കംചെയ്യും. അവരുടെ വെള്ളികൊണ്ടു
ള്ള മനോഹരസാധനങ്ങൾ അന്യർക്ക്
7 അവകാശമാകും. മുള്ളുകൾ അവരുടെ
കൂടാരങ്ങളിൽ ഉണ്ടാകും. കാലം വന്നിരിക്കു
ന്നു. പ്രതികാരദിവസം അടുത്തിരിക്കുന്നു.
നിന്റെ അകൃത്യബാഹുല്യവും മഹാദ്വേ
ഷവും നിമിത്തം പ്രവാചകൻ നിന്ദ്യനും
ഭോഷനായ ഭ്രാന്തനും എന്ന് ഇസ്രായേൽ
8 അറിയും. എഫ്രയീം എന്റെ ദൈവത്തിന്റെ
കാവൽക്കാരൻ; പ്രവാചകനോ അവന്റെ
എല്ലാ വഴികളിലും വിരുദ്ധത്തിന്റെ
കെണിയും അവന്റെ ദൈവത്തിന്റെ
ആലയത്തിൽ അശുദ്ധിയും അത്രെ.
9 ഗിബെയയുടെ കാലത്ത് എന്നപോലെ
അവർ വഷളത്വത്തിൽ മുഴുകിയിരിക്കുന്നു.
അവൻ അവരുടെ അകൃത്യം ഓർത്ത്
10 അവരുടെ പാപത്തിന്നു ശിക്ഷിക്കും. മരുഭൂമി
യിൽ മുന്തിരിപ്പഴംപോലെ ഞാൻ ഇസ്രാ
യേലിനെ കണ്ടെത്തി. അത്തിവൃക്ഷത്തിൽ
ആദ്യം ഉണ്ടായ ആദ്യഫലംപോലെ ഞാൻ
നിങ്ങളുടെ പിതാക്കന്മാരെ കണ്ടു. ബാൽ
പെയോരിൽ എത്തിയപ്പോൾ അവർ
തങ്ങളെത്തന്നെ ലജ്ജയ്ക്ക് ഏല്പിച്ചു.
അവർ ആഗ്രഹിച്ചതുപോലെ മ്ലേച്ഛരത
യുള്ളവരായിത്തീർന്നു. എഫ്രയീമിന്റെ
മഹത്വം പ്രസവമോ ഗർഭമോ ഗർഭോ
ല്പാദനമോ ഒന്നും ഇല്ലാതാകുംവണ്ണം ഒരു
പക്ഷിയെപ്പോലെ പറന്നുപോകും. അവർ
മക്കളെ വളർത്തിയാലും ഞാൻ അവരെ
ഒരുത്തനും ശേഷിക്കാതവണ്ണം മക്കളില്ലാ
ത്തവരാക്കും. ഞാൻ അവരോട് പ്രതികാരം
ചെയ്യുമ്പോൾ അവർക്ക് അയ്യോ കഷ്ടം.
ഞാൻ എഫ്രയീമിനെ സോർവരെ കണ്ടെട
ത്തോളം അത് മനോഹരസ്ഥലത്തുള്ളോരു
സ്ഥലം ആകുന്നു. എങ്കിലും എഫ്രയീ
തന്റെ മക്കളെ ഘാതകന്റെ അടുക്കൽ
പുറത്തു കൊണ്ടു ചെല്ലേണ്ടിവരും. ദൈവ
മേ, അവർക്കു കൊടുക്കണമേ. നീ എന്തു
കൊടുക്കും? അലസിപ്പോകുന്ന ഗർഭവും പാ
ലില്ലാത്ത മുലയും അവർക്ക് കൊടുക്കേണ
മെ. അവരുടെ ദുഷ്ടതയൊക്കെയും ഗില്ഗാ
ലിൽ സംഭവിച്ചു. അവിടെവച്ച് അവരെ
ഞാൻ വെറുത്തു. അവരുടെ പ്രവൃത്തിക
ളുടെ ദുഷ്ടത നിമിത്തം ഞാൻ ഇനി അവ
രോട് കരുണ ചെയ്യാതെ എന്റെ ആലയ
ത്തിൽനിന്ന് അവരെ നീക്കിക്കളയും.
അവരുടെ സകല പ്രഭുക്കന്മാരും മത്സരി
കൾ അത്രേ. എഫ്രയീമിന്നു വേർ പിടിച്ചു
എങ്കിലും അത് ഫലം കൊടുക്കാതവണ്ണം
ഉണങ്ങിപ്പോയി. അവർ പ്രസവിച്ചാലും
ഞാൻ അവരുടെ ഇഷ്ടകരമായ ഗർഭ
ഫലത്തെ കൊന്നുകളയും. അവർ ദൈവ
ത്തെ അനുസരിക്കായ്കകൊണ്ട് അവൻ
അവരെ തള്ളിക്കളയും. അവർ ജാതികളുടെ
ഇടയിൽ ഉഴന്നു നടക്കേണ്ടിവരും.

അദ്ധ്യായം 10

ഇസ്രായേൽ പടർന്നിരിക്കുന്ന ഒരു മു
ന്തിരിവള്ളി ആകുന്നു. അവൻ അവനായി
ഫലം കായ്ക്കുന്നു. തന്റെ ഫലത്തിന്റെ
ബാഹുല്യത്തിനു തക്കവണ്ണം അവൻ ബലി
പീഠങ്ങളെ വർദ്ധിപ്പിച്ചു. തന്റെ ദേശത്തി
ന്റെ നന്മയ്ക്കു തക്കവണ്ണം അവർ വിഗ്രഹ
ങ്ങളെ ഉണ്ടാക്കി. അവരുടെ ഹൃദയം ഭിന്നി
ച്ചിരിക്കുന്നു. ഇപ്പോൾ അവർ കുറ്റക്കാരാ
യിത്തീരും. അവൻ അവരുടെ ബലിപീ
ങ്ങളെ ഇടിച്ചുകളകയും അവരുടെ വിഗ്രഹ
ങ്ങളെ കവർച്ച ചെയ്യുകയും ചെയ്യും.
ഇപ്പോൾ അവൻ നമുക്കു രാജാവല്ല; നാം
ദൈവത്തെ ഭയപ്പെടുന്നില്ലല്ലോ. രാജാവ്
നമ്മോട് എന്തു ചെയ്യും? എന്നു പറയും.
അവർ വ്യർത്ഥവാക്കുകൾ സംസാരിച്ചു
ഉടമ്പടികൾ ലംഘിച്ചു. അതുകൊണ്ട്
ന്യായവിധി ഉഴുത വയലിലെ ചെടിപോലെ

വരുന്നു. ശമര്യാനിവാസികൾ ബേ
വെനിലെ കാളക്കുട്ടിയ്ക്കു വിധേയ
അതിൽ സന്തോഷിച്ച അതിലെ
അതിൻെറ പുരോഹിതന്മാരും വിട്ടു
അതിൻെറ മഹത്വത്തെ ഓർത്ത്
ക്കും. വിജയിയായ രാജാവിന്
ലേക്ക് കാഴ്ചകൾ അവർ കൊണ്ടു
. എഫ്രയീം ലജ്ജ പ്രാപിക്കും.
യൽ തൻെറ ആലോചനയെ
ലജ്ജിക്കും. ശമര്യയോ: അതി
ജാവ് വെള്ളത്തിലെ പതപോ
ിച്ചുപോകും. ഇസ്രായേലിൻെറ
യിരിക്കുന്ന ആവെനിലെ പൂജാ
നശിച്ചുപോകും. മുള്ളും പറക്കാ
വരുടെ ബലിപീഠങ്ങളിൽ മുള
അവർ മലകളോട്, ഞങ്ങളെ മറ
ർ എന്നും, കുന്നുകളോട്, ഞങ്ങ
ർ വീഴുവിൻ എന്നും പറയും.
ലേ, ഗിബെയാ കാലം മുതൽ നീ
യ്യിരിക്കുന്നു. അവർ അവിടെ
ില്ക്കുന്നു. ഗിബെയയിൽ നീതി
ാടുള്ള യുദ്ധം അവരെ ബാധി
ൻെറ ശാസനയാൽ അവരെ
ും. അവരെ അവരുടെ രണ്ട്
ൾ നിമിത്തം ശിക്ഷിക്കുമ്പോൾ
അവരുടെ നേരെ ഒരുമിച്ചുകൂടും.
മരുക്കമുള്ളതും ധാന്യം മെതി
ടപ്പെടുന്നതുമായ പശുക്കിടാവ്
ഞാൻ അതിൻെറ ഭംഗിയുള്ള
എഫ്രയീമിനെ ഇരുത്തും.
ഴുകയും യാക്കോബ് കട്ട ഉട
ചെയ്യേണ്ടിവരും. നീതി വിത
യോടെ കൊയ്യുവിൻ. കർത്താവ്
ൻ നീതി തങ്ങൾക്കു കാണിച്ചു
ു മുമ്പായി അവനെ അന്വേഷി
മായിരിക്കകൊണ്ട് നിങ്ങളുടെ
തെളിയിപ്പിൻ. നീ പാപവും
വിതച്ച് വ്യാജത്തിൻെറ ഫലം
ുന്നു. നീ നിൻെറ വഴിയിലും
ന്മാരുടെ സംഘത്തിലും ആശ്ര
ന്നു. അതുകൊണ്ട് നിൻെറ
രു നാശം വരും. യുദ്ധദിവസ
ലിൽ ശൽമാൻ നശിപ്പിച്ചതു
ൻെറ എല്ലാ കോട്ടകൾക്കും
അവർ അമ്മയെ മക്കളുടെമേൽ
ർത്തുകളഞ്ഞു. അങ്ങനെ
തങ്ങളുടെ വലിയ ദുഷ്ടത
ഥേലിൽവച്ചു നിങ്ങൾക്കും
ിലെ ഇസ്രായേൽ രാജാവ്
ിച്ചു പോകും.

അദ്ധ്യായം 11

ഇസ്രായേൽ ബാലനായിരുന്നപ്പോൾ 1
ഞാൻ അവനെ സ്നേഹിച്ചു. മെസ്രേനിൽ
നിന്നു ഞാൻ എൻെറ മകനെ വിളിച്ചു.
അവരെ വിളിക്കുന്തോറും അവർ വിട്ടകന്നു 2
പോയി. ബാൽ വിഗ്രഹങ്ങൾക്ക് അവർ ബ
ലി കഴിച്ചു. വിഗ്രഹങ്ങൾക്കു ധൂപം അർപ്പി
ച്ചു. ഞാൻ എഫ്രയിമിനെ നടപ്പാൻ പഠിപ്പി
ച്ചു. ഞാൻ അവരെ എൻെറ ഭുജങ്ങളിൽ എ 3
ടുത്തു. ഞാൻ അവരെ സൗഖ്യമാക്കി എന്ന്
അവർ അറിഞ്ഞില്ല. മനുഷ്യപാശങ്ങൾ
കൊണ്ട്, സ്നേഹബന്ധനങ്ങൾകൊണ്ടു 4
ഞാൻ അവരെ നയിച്ചു. അവരുടെ കഴു
ത്തിന്മേലുള്ള നുകം നീക്കിക്കളയുന്നവ
നേപ്പോലെ ഞാൻ അവർക്ക് ആയിരുന്നു.
ഞാൻ അവർക്ക് ഭക്ഷണം കൊടുത്തു. 5
അവൻ മെസ്രേനിലേക്ക് തിരികെപ്പോകയി
ല്ല. എന്നാൽ മടങ്ങി വരുവാൻ അവർക്ക്
മനസ്സില്ലായ്കകൊണ്ട് അസീറിയൻ അവർ
ക്കു രാജാവാകും. അവരുടെ ദുരാലോചന 6
നിമിത്തം വാൾ അവൻെറ പട്ടണങ്ങളിന്മേൽ
വാഴും. അവൻെറ ശിഖരങ്ങളെ നശിപ്പിച്ചു
ഇല്ലാതാക്കും. എൻെറ ജനം എന്നെ വിട്ടു പി 7
ന്തിരിയുവാൻ ഒരുങ്ങി. അവരെ ഉന്നതങ്ക
ലേക്കു വിളിച്ചാലും ആരും അവനെ സ്തു
തിക്കുന്നില്ല. എഫ്രയിമേ ഞാൻ നിന്നെ 8
എങ്ങനെ സഹായിക്കും? ഇസ്രായേലേ,
ഞാൻ നിന്നെ എങ്ങനെ തുണയ്ക്കും?
ഞാൻ നിന്നെ എങ്ങനെ അദ്മയെപ്പോലെ
ആക്കും? ഞാൻ നിന്നെ എങ്ങനെ സെബോ
യീമിനെപ്പോലെ ആക്കിത്തീർക്കും? എൻെറ
ഹൃദയം എൻെറ ഉള്ളിൽ മറിഞ്ഞു ഇള
കുന്നു. എൻെറ വേദന എല്ലാം ജ്വലിക്കു
ന്നു. എൻെറ ഉഗ്രകോപം ഞാൻ നടത്തുക 9
യില്ല. ഞാൻ എഫ്രയിമിനെ വീണ്ടും
നശിപ്പിക്കുകയില്ല. ഞാൻ മനുഷ്യനല്ല.
ദൈവം അത്രേ. നിൻെറ നടുവിൽ പരിശു
ദ്ധൻ തന്നേ. ഞാൻ നഗരത്തിങ്കലേക്കു
വരികയില്ല. സിംഹംപോലെ ഗർജ്ജിക്കുന്ന 10
കർത്താവിൻെറ പിന്നാലെ അവർ നടക്കും.
അവൻ ഗർജ്ജിക്കുമ്പോൾ ജനത്തിൽ
നിന്നു മക്കൾ വിറച്ചും വരും. അവർ മെസ്രേ 11
നിൽനിന്നു ഒരു പക്ഷിയെപ്പോലെയും
അസീറിയാ ദേശത്തുനിന്ന് ഒരു പ്രാവിനെ
പ്പോലെയും വിറച്ചുംകൊണ്ടു വരും. ഞാൻ
അവരെ അവരുടെ വീടുകളിൽ വസിപ്പിക്കും
എന്ന് ദൈവത്തിൻെറ അരുളപ്പാട്.

എഫ്രയിം കാപട്യംകൊണ്ടും ഇസ്രാ 12
യേൽ ഗൃഹവും യഹൂദായും വഞ്ചനകൊ

ണ്ടും എന്നെ ചുറ്റിയിരിക്കുന്നു. വിശുദ്ധവും
വിശ്വസ്തവുമായ ജനം ദൈവത്തോടു
കൂടെ.

അദ്ധ്യായം 12

1 എഫ്രയിം കാറ്റിൽ ഇഷ്ടപ്പെട്ട് കിഴക്കൻ
കാറ്റിനെ പിന്തുടരുന്നു. അവൻ ഇടവിടാതെ
വ്യാജവും കവർച്ചയും വർദ്ധിപ്പിക്കുന്നു.
അവർ അസീറിയരോട് ഉടമ്പടി ചെയ്യുന്നു.
മെസ്രേനിലേക്ക് എണ്ണ കൊടുത്തയയ്ക്കു
2 ന്നു. കർത്താവിനു യഹൂദയോട് ഒരു പ്രതി
വാദമുണ്ട്. അവൻ യാക്കോബിനെ അവ
ൻെറ നടപ്പിനു തക്കവണ്ണം ശിക്ഷിക്കും.
അവൻെറ പ്രവൃത്തികൾക്കനുസരിച്ച്
3 അവനു പകരം ചെയ്യും. അവൻ ഉദരത്തിൽ
വച്ചു തൻെറ സഹോദരൻെറ കുതികാൽ
4 പിടിച്ചു. തൻെറ ശക്തിയാൽ ദൈവ
മുമ്പിൽ ശ്രേഷ്ഠനായി. അവൻ ദൂതനോട്
പൊരുതി ജയിച്ചു. അവൻ കരഞ്ഞു അവ
നോട് അനുഗ്രഹം അപേക്ഷിച്ചു. ബഥേ
ലിൽവച്ച് ദൈവത്തെ കണ്ടെത്തി. അവിടെ
5 വച്ച് അവൻ അവനോട് സംസാരിച്ചു.
6 ബലവാനായ ദൈവമാകുന്ന കർത്താവ്
അവനെ ഓർത്തു. അതുകൊണ്ട് നീ
നിൻെറ ദൈവത്തിൻെറ അടുക്കലേക്ക്
തിരികെ വരിക. ദയയും നീതിയും ആചരി
ക്കുക. എപ്പോഴും നിൻെറ ദൈവത്തിന്നായി
കാത്തിരിക്കുക.
7 കനാൻെറ കൈയിൽ കള്ളത്തുലാസ്സ്
ഉണ്ട്. പിടിച്ചുപറിപ്പാൻ അവൻ ആഗ്രഹിക്കു
ന്നു. എന്നാൽ എഫ്രയിം: ഞാൻ സമ്പന്നനാ
യിത്തീർന്നു, എനിക്കു ധനം കിട്ടിയിരിക്കു
8 ന്നു. എന്നാൽ അവ എൻെറ കൈകൾകൊ
ണ്ടു ഞാൻ ചെയ്ത പ്രയത്നത്തിന് മതിയാകു
9 കയില്ല. മെസ്രേൻ ദേശത്തുനിന്നു നിന്നെ
പുറപ്പെടുവിച്ച നിൻെറ ദൈവമായ കർത്താ
വു ഞാനാകുന്നു. ഞാൻ നിന്നെ ഉത്സവ
ദിവസങ്ങളിലെന്നപോലെ ഇനിയും കൂടാ
10 രങ്ങളിൽ വസിക്കുമാറാക്കും. ഞാൻ പ്രവാച
കന്മാരോട് സംസാരിച്ച് ദർശനങ്ങളെ വർ
ദ്ധിപ്പിച്ചു. പ്രവാചകന്മാർ മുഖാന്തിരം സദൃശ
വാക്യങ്ങളെയും പ്രയോഗിച്ചിരിക്കുന്നു.
11 ഗിലെയാദിൽ വേദനകൾ. നിങ്ങൾ ഗില്ഗാ
ലിൽ കാളകളെ ബലികഴിക്കുന്നു എങ്കിൽ
അവരുടെ ബലിപീഠങ്ങൾ നിഷ്ഫല വയ
ലിലെ കൽക്കൂമ്പാരങ്ങൾപോലെ ആകും.
12 യാക്കോബ് ആരാം ദേശത്തിലേക്ക് ഓടി
പ്പോയി. ഇസ്രായേൽ ഒരു ഭാര്യയ്ക്കു
വേണ്ടി ജോലിചെയ്തു. ഒരു ഭാര്യയ്ക്കുവേ
13 ണ്ടി ആടുകളെ പാലിച്ചു. കർത്താവ് പ്രവാച
കൻ വഴി ഇസ്രായേലിനെ മെസ്രേനിൽ
നിന്നു കൊണ്ടുവന്നു. പ്രവാചകന്മാരാൽ
അവൻ പാലിക്കപ്പെട്ടു. എഫ്രയിം ഏറ്റവും
കഠിനമായി കോപിപ്പിച്ചു. ആകയാൽ
അവൻെറ കർത്താവ് അവൻെറ രക്തത്തി
നുള്ള ശിക്ഷ അവൻെറമേൽ വയ്ക്കും.
അവൻെറ നിന്ദയ്ക്കു തക്കവണ്ണം അവന്നു
പകരം കൊടുക്കുകയും ചെയ്യും.

അദ്ധ്യായം 13

എഫ്രയിം സംസാരിച്ചപ്പോൾ ജനം
വിറച്ചു. അവൻ ഇസ്രായേലിൽ പ്രമുഖനാ
യിരുന്നു. എന്നാൽ ബാൽ മുഖാന്തിരം
പാപം ചെയ്തപ്പോൾ അവൻ മരിച്ചുപോയി.
ഇപ്പോഴോ അവർ അധികമധികം പാപ
ചെയ്യുന്നു. അവർ വെള്ളികൊണ്ട് വിഗ്ര
ങ്ങളേയും സ്വന്തരൂപംപോലെ വിഗ്രഹങ്ങ
ളേയും ഉണ്ടാക്കി. ഇവയെല്ലാം പണിക്കാ
രുടെ പണിയത്രേ. അവയോട് അവർ
സംസാരിക്കുന്നു. ബലികഴിക്കുന്ന മനു
ഷ്യർ കാളക്കിടാങ്ങളെ ചുംബിക്കുന്നു.
അതുകൊണ്ട് അവർ പ്രഭാതത്തിലെ
മേഘംപോലെയും രാവിലെ ഒഴിഞ്ഞുപോ
കുന്ന മഞ്ഞുപോലെയും കളത്തിൽനിന്നു
കൊടുങ്കാറ്റു പറപ്പിക്കുന്ന പതിർപോലെ
യും പുകക്കുഴലിൽനിന്നു പൊങ്ങുന്ന പുക
പോലെയും ഇരിക്കും. ഞാനോ മെസ്രേൻ
ദേശം മുതൽ നിൻെറ ദൈവമായ കർത്താവ്
ആകുന്നു. എന്നെയല്ലാതെ വേറൊരു ദൈവ
ത്തെയും നീ അറിയരുത്. ഞാനല്ലാതെ മറ്റൊ
രു രക്ഷകനും ഇല്ല. ഞാൻ മരുഭൂമിയിൽ
ആൾപാർപ്പില്ലാത്ത ദേശത്തുവച്ച് നിന്നെ
മേയിച്ചു. അവർ ഭക്ഷിച്ചു തൃപ്തരായപ്പോൾ
അവരുടെ ഹൃദയം അഹങ്കരിച്ചു. അവർ
എന്നെ മറന്നുകളഞ്ഞു. ആകയാൽ ഞാൻ
അവർക്ക് സിംഹത്തെപ്പോലെ ഇരിക്കും.
ആസൂറിലേക്കുള്ള വഴിയരികെ പുള്ളിപ്പുലി
യെപ്പോലെ ഞാൻ അവർക്കായി പതിയിരി
ക്കും. കുട്ടികൾ നഷ്ടപ്പെട്ട കരടിയെപ്പോലെ
ഞാൻ അവരെ എതിരിട്ടു അവരുടെ ഹൃദ
യത്തെ കീറിക്കളയും. അവിടെവച്ച് ഞാൻ
അവരെ ഒരു സിംഹംപോലെ തിന്നുകള
യും. കാട്ടുമൃഗംപോലെ അവരെ കടിച്ചു
കീറും. ഇസ്രായേലേ, ഞാൻ നിന്നെ
നശിപ്പിക്കും. നിന്നെ ആർ സഹായിക്കും?
നിൻെറ എല്ലാ പട്ടണങ്ങളിലും നിന്നെ
രക്ഷിക്കുവാൻ നിൻെറ രാജാവ് എവിടെ?
എനിക്ക് ഒരു രാജാവിനേയും അധികാരി
യേയും തരേണം എന്ന് നീ അപേക്ഷി
ച്ചിരിക്കുന്നു. നിൻെറ ന്യായാധിപന്മാർ

ാട? എന്റെ കോപത്തിൽ ഞാൻ
് ഒരു രാജാവിനെ തന്നു. എന്റെ
ത്തിൽ ഞാൻ അവനെ നീക്കിക്കള
എഫ്രയീമിന്റെ അകൃത്യം ഉല്ലേഖനം
അവന്റെ പാപം സൂക്ഷിച്ചും വച്ചിരി
. പ്രസവവേദനപോലെ മഹാവേദന
ി. അവൻ ബുദ്ധിയില്ലാത്ത മകൻ.
ാമയം അവൻ ഗർഭദ്വാരത്തിങ്കൽ
ന്നില്ല. ഞാൻ അവരെ പാതാളത്തി
ാധീനത്തിൽനിന്നു വീണ്ടെടുക്കും.
ത്തിൽനിന്നു ഞാൻ അവരെ വിടുവി
രണമേ നിന്റെ വിജയം എവിടെ?
മേ നിന്റെ മുള്ള് എവിടെ? എനിക്ക്
പം തോന്നുകയില്ല. അവൻ തന്റെ
ദരന്മാരുടെ ഇടയിൽ പുഷ്ടിയുള്ള
ുന്നാലും ഒരു കിഴക്കൻ കാറ്റു വരും.
് ഉറവു വറ്റി കിണർ ഉണങ്ങിപ്പോ
തക്കവണ്ണം കർത്താവിന്റെ കാറ്റു
യിൽനിന്നു വരും. അത് സകല
ര വസ്തുക്കളുടെയും ഭണ്ഡാരം
കൊണ്ടുപോകും. ശമര്യാ തന്റെ
ോട് മത്സരിച്ചതുകൊണ്ട് അവൾ
ാകൃത്യത്തിന്നു ശിക്ഷയേൽക്കും.
ാളുകൊണ്ട് വീഴും. അവരുടെ
ള അവർ തകർത്തുകളയും. അവ
ഭിണികളുടെ ഉദരം പിളർന്നു
ും ചെയ്യും.

അദ്ധ്യായം 14

ായേലേ നിന്റെ ദൈവമായ
ിങ്കലേക്ക് തിരിയുക. നിന്റെ
നിമിത്തമല്ലോ നീ വീണിരിക്കു
ങ്ങൾ അനുതാപവാക്കുകളോടു
ത്ത്യസന്നിധിയിൽ മടങ്ങിച്ചെന്ന്
അവനോട്: സകല അകൃത്യത്തേയും ക്ഷമി
ച്ച് ഞങ്ങളെ കൃപയോടെ കൈക്കൊള്ള
ണമേ. ഞങ്ങളുടെ അധരഫലം ഞങ്ങൾ
അർപ്പിക്കും. അസ്സീറിയ ഞങ്ങളെ രക്ഷി
ക്കുകയില്ല. ഞങ്ങൾ കുതിരപ്പുറത്തു കയറി 3
ഓടുകയോ ഇനി ഞങ്ങളുടെ കൈവേല
യോട്: ഞങ്ങളുടെ ദൈവമേ എന്നു പറയു
കയോ ചെയ്കയില്ല. അനാഥന്നു തിരു
സന്നിധിയിൽ കരുണ ലഭിക്കും എന്നു
പറയുവീൻ. ഞാൻ അവരുടെ പിൻമാറ്റ 4
മാകുന്ന മുറിവു വച്ചുകെട്ടി സൗഖ്യമാക്കും.
എന്റെ കോപം അവനെ വിട്ടുമാറിയിരി
ക്കുകയാൽ ഞാൻ അവരുടെ നേർച്ചകളെ
സ്നേഹിക്കും. ഞാൻ ഇസ്രായേലിന്നു 5
മഞ്ഞുപോലെയിരിക്കും. അവൻ താമര
പോലെ പൂക്കും. ലെബാനോൻ വനംപോ
ലെ വേരൂന്നും. അവന്റെ ശാഖകൾ പടരും. 6
അവന്റെ ഭംഗി ഒലിവു വൃക്ഷത്തിന്റെ ഭംഗി
പോലെയും അവന്റെ പരിമളം ലെബാനോ
ന്റേതുപോലെയും ഇരിക്കും. അതിന്റെ 7
നിഴലിൽ അവർ വീടു പണിതു പാർക്കും.
ധാന്യം വിളയിക്കുകയും മുന്തിരിവള്ളി പോ
ലെ തളിർക്കുകയും ചെയ്യും. അതിന്റെ സൗ
രഭ്യം ലെബാനോനിലെ വീഞ്ഞിന്റേതു
പോലെയായിരിക്കും. എഫ്രയിം പറയും: 8
ഇനി എനിക്കും വിഗ്രഹങ്ങൾക്കും എന്ത്?
ഞാൻ എന്റെ ദൈവത്തെ പുകഴ്ത്തും.
ഞാൻ തഴച്ചിരിക്കുന്ന സരളവൃക്ഷംപോലെ
യാകുന്നു. എങ്കൽ നിനക്കു ഫലം ലഭിക്കും. 9
ഇതു ജ്ഞാനി മനസ്സിലാക്കട്ടെ. ഇത് അറി
വാൻ തക്ക വിവേകി ഗ്രഹിക്കട്ടെ. കർത്താ
വിന്റെ വഴികൾ ചൊവ്വുള്ളവയല്ലോ.
നീതിമാന്മാർ അവയിൽ നടക്കും. അധർമി
കൾ അവയിൽ കാൽ ഇടറി വീഴും.

ഹൂശാ (ഹോശയാ) സമാപ്തം.

യോയേൽ

അദ്ധ്യായം 1

1 ബെഥുവേലിൻെറ മകൻ യോയേലിനു
കർത്താവിൽനിന്നും ഉണ്ടായ അരുളപ്പാട്:
2 വയോധികരേ, കേൾക്കുവിൻ; സർവ
ദേശനിവാസികളേ ശ്രദ്ധിക്കുവിൻ; നിങ്ങ
ളുടെ കാലത്തോ നിങ്ങളുടെ പിതാക്കന്മാ
രുടെ കാലത്തോ ഇപ്രകാരം സംഭവിച്ചിട്ടു
3 ണ്ടോ? ഇക്കാര്യം നിങ്ങൾ നിങ്ങളുടെ മക്ക
ളോടും, അവർ അവരുടെ മക്കളോടും, അവ
രുടെ മക്കൾ വരും തലമുറയോടും വിവരമാ
4 യി അറിയിക്കണം. തുള്ളൻ തിന്നു ശേഷി
പ്പിച്ചതു വെട്ടുക്കിളി തിന്നു. വെട്ടുക്കിളി
തിന്നിട്ടും ബാക്കി വന്നത്, വിട്ടിൽ തിന്നു;
വിട്ടിൽ ശേഷിപ്പിച്ചത് പുഴുവും തിന്നു!
5 മദ്യപന്മാരേ ഉണരുവിൻ, വിലപിപ്പിൻ.
വീഞ്ഞുകുടിക്കുന്നവരേ, പുതുവീഞ്ഞ്
നിങ്ങളുടെ വായ്ക്ക് അല്പവും ലഭിക്കാ
6 ത്തതിനാൽ, കരയുവിൻ. സുശക്തവും,
അസംഖ്യവുമായ ഒരു ജനത എൻെറ
ദേശത്തിന്നെതിരായി വന്നിരിക്കുന്നു.
അതിൻെറ പല്ല് സിംഹത്തിൻെറ പല്ലു
പോലെ; സിംഹിയുടെ ദംഷ്ട്രംപോലെ!
7 അത് എൻെറ ദ്രാക്ഷാവള്ളികളെയാകെ
നശിപ്പിച്ചു. എൻെറ അത്തിമരങ്ങളെയെല്ലാം
ഒടിച്ചു. അവയെയെല്ലാം തോൽ ഉരിച്ച്
എറിഞ്ഞു. അതിൻെറ ശിഖരങ്ങൾ വെള്ള
8 യായിരിക്കുന്നു! യൗവനകാലത്തെ ഭർത്താ
വിനെയോർത്ത് രട്ടുടുത്തു കന്യക വിലപി
9 ച്ചിരിക്കുന്നതുപോലെ വിലപിപ്പിൻ. ഭോജന,
പാനീയയാഗങ്ങൾ ദൈവഭവനത്തിൽ
തീരെയില്ലാതായിരിക്കുന്നു. കർത്തൃശുശ്രൂ
ഷകരായ പുരോഹിതന്മാർ ദുഃഖിച്ചിരി
10 ക്കുന്നു. വയലുകളെല്ലാം ശൂന്യമായി. ധാന്യം
ഇല്ലാതായി. പുതുവീഞ്ഞു വറ്റി. എണ്ണ
തീർന്നുംപോയിരിക്കയാൽ ദേശം ക്ലേശി
11 ക്കുന്നു. കർഷകരേ, ലജ്ജിപ്പിൻ, തോപ്പു
ടമകളേ, ഗോതമ്പിനേയും, യവത്തേയും
ഓർത്തു കരയുവിൻ. വയലിലെ കൃഷി
12 നശിച്ചു. മുന്തിരിത്തണ്ടു വാടി, അത്തിമരം
ഉണങ്ങി. മാതളം, ഈന്തപ്പന, നാരകമാദി
യായി പറമ്പുകളിലുള്ള എല്ലാ വൃക്ഷങ്ങളും
ഉണങ്ങിപ്പോയല്ലോ. സന്തോഷം മനുഷ്യ 13
രിൽനിന്നും അകന്നു. പുരോഹിതന്മാരേ,
ചാക്കുവസ്ത്രം ധരിച്ച് വിലപിപ്പിൻ. ബലി
പീഠശുശ്രൂഷകരേ വേദനയോടെ കരയു
വിൻ. എൻെറ ദൈവശുശ്രൂഷകരേ, ഭോജ
നയാഗവും പാനീയയാഗവും നിങ്ങളുടെ
ദൈവത്തിൻെറ മന്ദിരത്തിൽ അവസാനിച്ചു
പോയതു കണ്ട് നിങ്ങൾ വന്നു ചാക്കു വസ്ത്രം
ധരിച്ച്, രാപാർക്കുവിൻ.
ഒരു ഉപവാസദിവസം നിശ്ചയിപ്പിൻ 14
—സഭയുടെ യോഗം കൂടുവിൻ; മൂപ്പന്മാ
രെയും ദേശവാസികളെ എല്ലാവരെയും
നിങ്ങളുടെ ദൈവമായ കർത്താവിൻെറ
ആലയത്തിൽ വരുത്തുവിൻ. കർത്താവി
നോട് കരഞ്ഞപേക്ഷിപ്പിൻ. ആ ദിവസം— 15
ദുരിതപൂർണം; കർത്തൃദിവസം സമീപമാ
യിരിക്കുന്നു. അതു സർവശക്തസന്നിധി
യിൽനിന്നും സംഹാരത്തിനായി വരുന്നു!
നമ്മുടെ കൺമുമ്പിൽനിന്നും ഭക്ഷണവും 16
നമ്മുടെ ദൈവാലയത്തിൽനിന്നും സന്തോ
ഷവും, ആഹ്ലാദത്തിമിർപ്പും തീരെ ഇല്ലാ
തായല്ലോ? മൺകട്ടകളുടെ കീഴിൽ വിത്ത്
കിടന്നു നശിക്കുന്നു. ധാന്യം വെയിലേറ്റു
കരിഞ്ഞുപോയി; അങ്ങനെ സംഭരണകേന്ദ്ര
ങ്ങൾ ശൂന്യമായി; മുന്തിരിച്ചക്കുകൾ, ഇടി
ഞ്ഞു വീണു. മൃഗങ്ങൾ വിഷമിക്കുന്നു. മാടു
കൾ പുൽമേടുകൾ കാണാതെ വേദനപ്പെ
ടുന്നു. ആടുകൾ ഇല്ലാതാകുന്നു. കർത്താ
വേ, മരുവിലെ പുൽപ്പുറങ്ങൾ അഗ്നിക്കും
കൃഷിയിടങ്ങളിലെ വൃക്ഷങ്ങൾ അഗ്നി
ജ്വാലയ്ക്കും ഇരയായിപ്പോയതിനാൽ, തിരു
മുമ്പിൽ ഞാൻ നിലവിളിക്കുന്നു. നീർച്ചാ
ലുകൾ വറ്റുകയും, മരുവിലെ പുൽമേടുകൾ
കത്തിപ്പോകുകയും ചെയ്തിരിക്കുകയാൽ,
കർത്താവേ, കാട്ടുമൃഗങ്ങളും നിന്നെ
നോക്കി കരഞ്ഞുകൊണ്ടിരിക്കുന്നു.

അദ്ധ്യായം 2

സെഹിയോനിൽ കാഹളമൂതുവിൻ.
എൻെറ വിശുദ്ധഗിരിയിൽ സങ്കടശബ്ദ

ുവിൻ. കർത്താവിൻെറ ദിവസം
അത് അടുത്തിരിക്കുന്നു. ആക
ദശവാസികളെല്ലാം നടുങ്ങട്ടെ. ആ
ഇരുളും അന്ധകാരവും ഉള്ള
—കാർമേഘവും കൂരിരുളുമുള്ള
പ്രഭാതത്തിൽ, പർവതങ്ങൾമേൽ
ുകിടക്കുന്ന പ്രകാശംപോലെ
ും ശക്തിയുമുള്ളോരു ജാതി. അതി
മാനമായി മുമ്പുണ്ടായിട്ടില്ല;
, തലമുറകളോളം ഉണ്ടാ
ില്ല. അതിൻെറ മുമ്പിൽ ആളി
ാ തീയ്, അതിൻെറ പിമ്പിൽ
ുന്ന അഗ്നിജ്വാല! അവരുടെ
ദശം ഏദൻതോട്ടസമാനം; പിമ്പി
്യമായ മരുഭൂമി! അതിൽനിന്നും
ും രക്ഷപെടുകയില്ല. അതിൻെറ
കുതിരയുടേതുപോലെ, അവർ
ന്യംപോലെ ഓടുന്നു. അവർ
ൽ രഥങ്ങളുടെ ആരവംപോലെ
യ്യുന്നു. വൈക്കോലിനെ അഗ്നി
ിപ്പിക്കുമ്പോഴത്തെ ശബ്ദംപോ
ദ്ധസജ്ജമായി നിലകൊള്ളുന്ന
ാലയും നിലകൊള്ളുന്നു. ജാതി
ൻെറ മുമ്പിൽ ഇളകിപ്പോകും.
ല്ലാം വിളറിപ്പോകും. അവർ ശൂര
ലെ ഓടുന്നു; യോദ്ധാക്കളെ
ാട്ടകൾമേൽ കയറുന്നു. അവർ
യിൽ, വഴിമാറാതെ നടക്കുന്നു.
സ്പരം തള്ളിമാറ്റാതെ അവന
യിലൂടെ നടക്കുന്നു; മുറിവേൽ
ായുധമദ്ധ്യത്തിലൂടെ അവർ
ന്നു. അവർ നഗരത്തിൽ ചാടി
ാട്ടകൾക്കുപരി ഓടുന്നു; പുര
കയറുന്നു. ജനലുകളിലൂടെ
വണ്ണം അവർ കടക്കുന്നു. ഭൂമി
മ്പിൽ കുലുങ്ങുന്നു. ആകാശം
സൂര്യനും ചന്ദ്രനും അന്ധകാര
ന്നു. നക്ഷത്രജാലം പ്രകാശം
ിക്കുന്നു. കർത്താവു തൻെറ
ു മുമ്പിൽ, ശബ്ദമുയർത്തി.
ാനാവ്യൂഹം അത്യധികം വലി
ാ വചനത്തിൻെറ പ്രവൃത്തി
മാകുന്നു. കർത്താവിൻെറ
തും അതിഭയങ്കരവുമാകു
സഹിച്ചു നിൽക്കാവുന്നവൻ

ഇപ്പോഴെങ്കിലും നിങ്ങൾ
ത്തോടും ഉപവാസത്തോടും,
വിലാപത്തോടും എൻെറ
തിരിയുവിൻ എന്ന് കർത്താ

വു പറയുന്നു. വസ്ത്രങ്ങൾ കീറിയില്ല; ഹൃദയ 13
ങ്ങൾ കീറി നിങ്ങളുടെ ദൈവമായ കർത്താ
വിൻെറ സന്നിധിയിലേക്ക് തിരികെ വരു
വിൻ. അവൻ കൃപയും, കരുണയും, ദീർഘ
ക്ഷമയും ഉള്ളവനും അത്യന്തം ദയാലുവുമ
ല്ലോ. അവൻ അനർത്ഥം മാറ്റിത്തരും. നിങ്ങ 14
ളുടെ ദൈവമായ കർത്താവ് തിരിഞ്ഞ് ന
മ്മോടു കരുണ ചെയ്ത് നിങ്ങളുടെ ദൈവമായ
കർത്താവിന് വീണ്ടും ഭോജനയാഗവും പാ
നീയയാഗവുമാകുന്ന അനുഗ്രഹം വർദ്ധിപ്പി
ച്ചു തരും. ആർക്കറിയാം?

സെഹിയോനിൽ കാഹളം ഊതുവിൻ; 15
ഒരു ഉപവാസം നിശ്ചയിപ്പിൻ. സഭായോഗം 16
കൂട്ടുവിൻ, ജനത്തെ കൂട്ടി വരുത്തുവിൻ.
സഭയെ വിശുദ്ധീകരിപ്പിൻ; വയോധികരെ
കൂട്ടിവരുത്തുവിൻ; ബാലകരേയും, മുല
കുടിക്കുന്ന കുഞ്ഞുങ്ങളെയും കൂട്ടുവിൻ,
മണവാളൻ ഉള്ളറയും മണവാട്ടി മണവറ
യും വിട്ടു പുറത്തുവരുവിൻ. “കർത്താവേ, 17
നിൻെറ ജനത്തോടു ക്ഷമിക്കണമെ, അന്യ
ജാതികൾ അവരെ ഭരിക്കത്തക്കവിധത്തിൽ,
നിൻെറ അവകാശത്തെ നിന്ദാപാത്രമാക്ക
രുതെ.” “ഇവരുടെ ദൈവം എവിടെ എന്നു
ജാതികൾ എന്തിനു പറയുന്നു” എന്നു പറ
ഞ്ഞ്, കർത്തൃശുശ്രൂഷകന്മാരായ പുരോ
ഹിതന്മാർ, പ്രാകാരത്തിൻെറയും, യാഗപീഠ
ത്തിൻെറയും മദ്ധ്യെ നിന്നുകൊണ്ടു കര
ഞ്ഞു വിലപിക്കട്ടെ.

ഇങ്ങനെ കർത്താവ് തൻെറ സ്ഥലത്തി 18
നുവേണ്ടി തീക്ഷ്ണത കാണിക്കും. തൻെറ
ജനത്തെ കരുതും. തൻെറ ജനത്തോട്
ഉത്തരം അരുളും: ഞാൻ നിങ്ങൾക്ക് ധാന്യ 19
വും, വീഞ്ഞും, എണ്ണയും തരും. അവമൂലം
നിങ്ങൾ സംതൃപ്തരാകും. നിങ്ങളെ ഞാൻ
ഇനിയും ജാതികളുടെ മദ്ധ്യേ നിന്ദാപാത്ര
മാക്കുകയില്ല. ഉത്തരദേശത്തുനിന്നുള്ള 20
ശത്രുവിനെ നിങ്ങളുടെ മുമ്പിൽനിന്നും
തുടച്ചുമാറ്റും. ശൂന്യമായ ഊഷരഭൂമിയിലേ
ക്ക് അവരെ നീക്കിക്കളയും. അവൻെറ
മുന്നോടിസേനയെ കിഴക്കെ സമുദ്രത്തി
ലും, അവൻെറ പിന്നിലുള്ള സേനയെ
പടിഞ്ഞാറെ സമുദ്രത്തിലും വീഴ്ത്തും.
അവൻ അഹങ്കരിച്ചതുമൂലം, അവൻെറ
ദുർഗന്ധവും നാറ്റവും പരക്കും.

ദേശം സന്തോഷിക്കട്ടെ. ഭയപ്പെടേണ്ട, 21
കർത്താവു വലിയ കാര്യങ്ങൾ ചെയ്തിരി
ക്കുന്നു. വയലിലെ മൃഗങ്ങളേ, ഭയം വേണ്ട. 22
മരുവിലെ പുൽമേടുകളിൽ പുല്ലു മുളച്ചു
വരുന്നു. വൃക്ഷം ഫലം കായ്ക്കുന്നു. അത്തി 23
യും മുന്തിരിയും സമൃദ്ധഫലം തരുന്നു.

സെഹിയോൻെറ പുത്രന്മാരേ, നിങ്ങൾ
ആഹ്ലാദിച്ചു നിങ്ങളുടെ ദൈവമായ കർത്താ
വിൽ സന്തോഷിപ്പിൻ. അവൻ നിങ്ങൾക്കു
നീതിയിൽ ഭക്ഷണം തരും. അവൻ നിങ്ങൾ
ക്ക് മുൻമഴ തരും. മുൻകാലങ്ങളിലെപ്പോ
ലെ അവൻ നിങ്ങൾക്ക് മുൻമഴയും, പിൻമ
24 ഴയും പെയ്യിക്കും. അങ്ങനെ കളപ്പുരകൾ
ധാന്യപൂർണമാകും-ചക്കുകളിൽ വീഞ്ഞും
25 എണ്ണയും കവിഞ്ഞൊഴുകും. ഞാൻ നിങ്ങളു
ടെ മദ്ധ്യേ അയച്ചിരുന്ന എൻെറ സൈന്യ
മായ വെട്ടുക്കിളിയും, വിട്ടിലും, തുള്ളനും,
പുഴുവും തിന്നൊടുക്കിയ ആണ്ടുകൾക്കു പ
26 കരമായി, ഞാൻ നിങ്ങൾക്കു തരും. നിങ്ങൾ
ക്കു മതിവരുവോളം ഭക്ഷിച്ച് തൃപ്തരായി,
നിങ്ങളോടു അത്ഭുതകരമായി പ്രവർത്തിച്ച
നിങ്ങളുടെ ദൈവമായ കർത്താവിൻെറ നാമ
27 ത്തിനു നിങ്ങൾ കീർത്തനം പാടും. എൻെറ
ജനം ഒരിക്കലും ലജ്ജിക്കയില്ല. ഞാൻ ഇ
സ്രായേലിൻെറ നടുവിലുണ്ട്, എന്നു നി
ങ്ങൾ അറിയും. ഞാനാകുന്നു നിങ്ങളുടെ
ദൈവമായ കർത്താവ്, ഞാനല്ലാതെ മറ്റാ
രുമില്ല. എൻെറ ജനം ഒരിക്കലും ലജ്ജിച്ചു
പോകുകയില്ല.
28 അനന്തരം, ഞാൻ എല്ലാ ജഡത്തിന്മേ
ലും എൻെറ ആത്മാവിനെ പകരും; നിങ്ങ
ളുടെ പുത്രന്മാരും, പുത്രിമാരും പ്രവചിക്കും.
നിങ്ങളുടെ വയോധികർക്കു സ്വപ്നദർശന
29 മുണ്ടാകും. നിങ്ങളുടെ യുവജനം ദർശന
ങ്ങൾ ദർശിക്കും. ആ കാലങ്ങളിൽ ദാസ
ന്മാരുടേയും, ദാസികളുടേയും മേൽ എൻെറ
30 ആത്മാവിനെ പകരും. വാനിലും ഭൂമിയിലും
ഞാൻ അത്ഭുതങ്ങൾ കണിക്കും. രക്തവും,
31 അഗ്നിയും പുകത്തൂണും, കർത്താവിൻെറ
വലിയതും ഭയങ്കരവുമായ ദിവസത്തിൻെറ
ആഗമനത്തിന് മുമ്പായി, സൂര്യൻ അന്ധകാ
32 രമായും ചന്ദ്രൻ, രക്തമായും മാറും. എന്നാൽ
കർത്തൃനാമം വിളിച്ചപേക്ഷിക്കുന്നവനെ
ല്ലാം രക്ഷിക്കപ്പെടും. കർത്താവു കല്പിച്ചതു
പോലെ സെഹിയോൻ പർവതത്തിലും
യറുശലേമിലും വീണ്ടെടുപ്പ് ഉണ്ടാകും.

അദ്ധ്യായം 3

1 ആ നാളുകളിൽ, യഹൂദായുടെയും
യറുശലേമിൻെറയും അടിമാവസ്ഥ ഞാൻ
മാറ്റുമ്പോൾ, സർവജാതികളേയും, ഞാൻ
കൂട്ടി യഹോശാഫാത്ത് താഴ്വരയിൽ വരു
2 ത്തും. ജാതികളുടെ ഇടയിൽ ചിതറിപ്പോയ
എൻെറ ജനത്തെപ്രതിയും എൻെറ അവ
കാശമായ ഇസ്രായേലിനെ പ്രതിയും ഞാൻ
3 അവിടെവച്ച് അവരെ വിധിക്കും. എന്തെ
ന്നാൽ എൻെറ ദേശത്തെ അവർ ഭാഗിച്ചെ
ടുത്തു. എൻെറ ജനത്തിനു ചീട്ടിട്ടു. ഒരു
ബാലനെ ഒരു വേശ്യയ്ക്കുവേണ്ടി വേതന
മായി കൊടുക്കുകയും ബാലികകളെ വിറ്റ് 4
അവർ മദ്യപിക്കുകയും ചെയ്തു. സോരേ,
സീദോനേ, ഫെലിസ്ത്യദേശമേ, എനിക്കെതി
രായി എന്താണു നിങ്ങൾ ചിന്തിക്കുന്നത്?
നിങ്ങൾ എന്നോടു പകരം ചെയ്യുമോ?
നിങ്ങൾ എന്നോട് എന്തെങ്കിലും ചെയ്താൽ
ഞാൻ വേഗം, പെട്ടെന്ന് നിങ്ങളുടെ പ്രവൃ
ത്തി നിങ്ങളുടെ തലമേൽ വരുത്തും. എന്തെ 5
ന്നാൽ നിങ്ങൾ എൻെറ പൊന്നും വെള്ളി
യും, എൻെറ മനോഹരപാത്രങ്ങളും എടു
ത്ത് നിങ്ങളുടെ ക്ഷേത്രങ്ങളിൽ സൂക്ഷിച്ചു.
യഹൂദായുടെയും യറുശലേമിൻെറയും മക്ക 6
ളെ അവരുടെ അവകാശാതിർത്തികളിൽ
നിന്ന് ദൂരത്താക്കുവാൻ നിങ്ങൾ അവരെ
ഗ്രേക്കർക്കു വിറ്റുകളഞ്ഞു. കണ്ടാലും, 7
ഞാൻ അവർക്കുണർവു കൊടുക്കും. അവ
രെ വിറ്റുകളഞ്ഞ സ്ഥലത്തുനിന്നു ഞാന
വരെ ഉണർത്തും. നിങ്ങൾക്കുള്ള പ്രതികാരം
നിങ്ങളുടെ തലമേൽ വരുത്തുകയും ചെയ്യും.
ഞാൻ, നിങ്ങളുടെ പുത്രന്മാരെയും പുത്രിമാ 8
രെയും യഹൂദാമക്കൾക്കു വിറ്റുകളയും.
അവർ അവരെ, വിദൂരജനതയായ 'ശാബാർ
ക്കു' വില്പന നടത്തും. എന്തെന്നാൽ
കർത്താവാണ് ഇത് സംസാരിച്ചിരിക്കുന്നത്.
ഇതു ജാതികളുടെ മദ്ധ്യേ പ്രസംഗിപ്പിൻ. 9
വിശുദ്ധയുദ്ധത്തിന് ഒരുങ്ങുവിൻ. യുദ്ധ
വീരന്മാരെ ഉണർത്തുവിൻ. യുദ്ധവീരന്മാ
രായ എല്ലാവരും യുദ്ധത്തിനു പുറപ്പെടട്ടെ.
നിങ്ങളുടെ കൊഴുക്കളെ വാളുകളായും,
അരിവാളുകളെ കുന്തങ്ങളായും വാർത്തെടു
ക്കുവിൻ. ദുർബ്ബലൻപോലും ഞാൻ വീരൻ
എന്നു പറയട്ടെ. ചുറ്റുമുള്ള സർവ ജാതി
കളുമേ, എല്ലാവരും വന്നു കൂടുവിൻ. നിങ്ങ
ളുടെ വീരത്വമെല്ലാം അവിടെ കർത്താവ്
തകർത്തുകളയും. ജാതികൾ ഉണർന്ന്
യഹോശാഫാത്തുതാഴ്വരയിൽ വരട്ടെ.
എന്തെന്നാൽ ചുറ്റുമുള്ള സർവജാതിക
ളെയും വിധിപ്പാൻ ഞാൻ അവിടെ ഉപവി
ഷ്ടനാകും. കൊയ്ത്തിനു പാകമായിരി
ക്കുകയാൽ അരിവാൾ വെപ്പിൻ. ചക്കുകൾ
നിറഞ്ഞു കവിയുന്നതിനാൽ വന്നു ചവിട്ടു
വിൻ. അവരുടെ തിന്മ വലുതത്രെ. വിധി
യുടെ താഴ്വരയിൽ അനവധി സമൂഹങ്ങൾ!
വിധിയുടെ താഴ്വരയിൽ കർത്താവിൻെറ
ദിവസം അടുത്തിരിക്കുന്നു. സൂര്യനും
ചന്ദ്രനും ഇരുണ്ടുപോയി. നക്ഷത്രശോഭ
അസ്തമിച്ചു. സെഹിയോനിൽനിന്നു

വു ഗർജിക്കും. യറുശലേമിൽ
തന്റെ ശബ്ദം കേൾപ്പിക്കും.
വും ഭൂമിയും ഇളകും. കർത്താവു
ജനത്തോടു കരുണ ചെയ്യും.
യൽ മക്കൾക്കു ശക്തി നൽകും.
യോനിൽ എന്റെ വിശുദ്ധിയുടെ
തിൽ വസിക്കുന്ന ഞാനാകുന്നു
ട ദൈവമായ കർത്താവ് എന്നു
അറിയും. യറുശലേം വിശുദ്ധമാ
അന്യന്മാർ അതിൽ വസിക്ക
കാലത്തു പർവതങ്ങൾ മാധുര്യം
ം, കുന്നുകൾ പാൽ ഒഴുക്കും.

യഹൂദയിലെ എല്ലാ തോടുകളും വെള്ളം
പ്രവഹിപ്പിക്കും. ദൈവത്തിന്റെ ആലയ
ത്തിൽനിന്നും ഒരു ഉറവു പൊങ്ങിവന്ന്
ശിത്തിം താഴ്വരയെ നനയ്ക്കും. മെസ്രേൻ 19
നാശത്തിലേക്കു വീഴും. യഹൂദാദേശത്തു
വച്ച് അവരുടെ നിർദോഷരക്തം ചിന്തിയ
അപഹാരിയായ ആദോം ശൂന്യമരുഭൂമി
യാകും. യഹൂദാ എന്നേക്കും നില നിൽക്കും. 20
യറുശലേം തലമുറതലമുറയായി നിലകൊ
ള്ളും. അവരുടെ രക്തത്തിനു ഞാൻ പകരം 21
ചോദിക്കും. കർത്താവു സെഹിയോനിൽ
വസിക്കുന്നു.

'യോയേൽ' സമാപ്തം.

ആമോസ്

അദ്ധ്യായം 1

1 തെക്കോവയിലെ ഇടയന്മാരിൽ ഒരുവ
നായ ആമോസിന് യെഹൂദാരാജാവായ
ഉസ്സീയായുടെ കാലത്തും ഇസ്രായേൽ
രാജാവായ യോവാശിന്റെ മകനായ യെ
രോബെയാമിന്റെ കാലത്തും, ഭൂകമ്പത്തി
നു രണ്ടു സംവത്സരം മുമ്പ് ഇസ്രായേലിനെ
ക്കുറിച്ചുണ്ടായ വചനങ്ങൾ.
2 അവൻ പറഞ്ഞു: കർത്താവ് സെഹി
യോനിൽനിന്നു ഗർജ്ജിച്ചു, യെറുശലേ
മിൽനിന്നു തന്റെ ശബ്ദം കേൾപ്പിക്കും.
അപ്പോൾ ഇടയന്മാരുടെ മേച്ചിൽസ്ഥല
ങ്ങൾ ദുഃഖിക്കും; കർമ്മേലിന്റെ കൊടുമുടി
വാടിപ്പോകും.
3 കർത്താവ് ഇപ്രകാരം അരുളിച്ചെയ്യു
ന്നു: ദമസ്കോസിന്റെ മൂന്നോ നാലോ
അതിക്രമം നിമിത്തം, അവർ ഗിലെയാദിനെ
ഇരുമ്പുമെതിവണ്ടികൊണ്ടു മെതിച്ചിരിക്ക
യാൽ, ഞാൻ ശിക്ഷ പിൻവലിക്കുകയില്ല.
4 ഞാൻ ഹസായേൽ ഗൃഹത്തിൽ അഗ്നി
അയയ്ക്കും; അതു ബെൻഹദദിന്റെ അര
മനകളെ ദഹിപ്പിച്ചുകളയും. ഞാൻ ദമ
5 സ്കോസിന്റെ സാക്ഷാ തകർത്തു, ആ
വോൻ താഴ്വരയിൽനിന്നു നിവാസിയെയും
ബെത്-ഏദെൻഗൃഹത്തിൽനിന്നു ചെങ്കോൽ
ധാരിയെയും ഛേദിച്ചുകളയും; അരാമ്യർ
അടിമകളായി കീറിലേക്കു പോകേണ്ടിവരും
എന്നു കർത്താവു അരുളിച്ചെയ്യുന്നു.
6 കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു:
ഗസ്സയുടെ മൂന്നോ നാലോ അതിക്രമം
നിമിത്തം, അവർ എദോമ്യരെ ഏല്പിക്കേ
ണ്ടതിനു ബദ്ധന്മാരെ എല്ലാം കൊണ്ടുപോ
യിരിക്കയാൽ, ഞാൻ ശിക്ഷ പിൻവലിക്കുക
7 യില്ല. ഞാൻ ഗസ്സയുടെ കോട്ടയ്ക്കകത്തു
അഗ്നി അയയ്ക്കും; അതു അതിന്റെ
8 അരമനകളെ ദഹിപ്പിച്ചുകളയും. ഞാൻ
അസ്ദോദിൽനിന്നു നിവാസിയെയും
അസ്കലോനിൽനിന്നു ചെങ്കോൽധാരി
യെയും വിച്ഛേദിച്ചുകളയും. എന്റെ കൈ
എക്രോന്റെ നേരെ ഉയർത്തും; ഫെലി
സ്ത്യരിൽ ശേഷിച്ചവർ നശിച്ചുപോകും
എന്നു ദൈവമായ കർത്താവു അരുളി
ച്ചെയ്യുന്നു.
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു:
സോറിന്റെ മൂന്നോ നാലോ അതിക്രമം
നിമിത്തം, അവർ സഹോദരബന്ധം ഓർക്കാ
തെ പ്രവാസികളെ മുഴുവനും എദോമിനു
ഏല്പിച്ചു കൊടുത്തിരിക്കയാൽ, ഞാൻ
ശിക്ഷ പിൻവലിക്കുകയില്ല. ഞാൻ സോ
റിന്റെ കോട്ടയ്ക്കുള്ളിൽ അഗ്നി അയ
യ്ക്കും; അതു അതിന്റെ അരമനകളെ
ദഹിപ്പിച്ചുകളയും.
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു:
എദോമിന്റെ മൂന്നോ നാലോ അതിക്രമം
നിമിത്തം, — അവൻ തന്റെ സഹോദര
വാളുമായി പിന്തുടർന്നു, തന്റെ കോപം
സദാ കടിച്ചുകീറുവാൻ തക്കവണ്ണം കരുണ
കാണിക്കാതെയും കോപം എക്കാലവും
സൂക്ഷിക്കുകയും ചെയ്തിരിക്കയാൽ, ഞാൻ
ശിക്ഷ പിൻവലിക്കയില്ല. ഞാൻ തേമാനിൽ
അഗ്നി അയയ്ക്കും; അതു ബൊസ്രയിലെ
അരമനകളെ ദഹിപ്പിക്കും.
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു:
അമ്മോന്യരുടെ മൂന്നോ നാലോ അതിക്രമം
നിമിത്തം: — അവർ അതിർത്തി വിസ്താര
മാക്കേണ്ടതിനു ഗിലെയാദിലെ ഗർഭിണി
കളെ പിളർന്നു കളഞ്ഞിരിക്കയാൽ, ഞാൻ
ശിക്ഷ പിൻവലിക്കുകയില്ല. ഞാൻ രബ്ബാ
യുടെ മതിലിന്നുള്ളിൽ അഗ്നി അയയ്ക്കും;
അതു യുദ്ധദിവസത്തിലെ ആർപ്പോടും
ഭീതിയുള്ള ദിവസത്തെ കൊടുങ്കാറ്റോടും
കൂടെ അതിലെ അരമനകളെ ദഹിപ്പിച്ചു
കളയും. അവരുടെ രാജാവു പ്രവാസത്തി
പോകേണ്ടിവരും; അവനും അവന്റെ പ്ര
ക്കന്മാരും പോകും എന്നു കർത്താവു
അരുളിച്ചെയ്യുന്നു.

അദ്ധ്യായം 2

കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു:
മോവാബിന്റെ മൂന്നോ നാലോ അതിക്രമം
നിമിത്തം: — അവൻ എദോം രാജാവിന്റെ

കളെ ചുട്ടു ചാമ്പലാക്കിക്കളഞ്ഞി
ൽ ഞാൻ ശിക്ഷ പിൻവലിക്കുകയി
ൻ മോവാബിൽ അഗ്നി അയയ്ക്കും;
കരീയോത്തിന്റെ അരമനകളെ
ുകളയും; മോവാബ് കലഹത്തിലും
ടും കാഹളനാദത്തോടുംകൂടെ മരി
ാൻ ന്യായാധിപനെ അതിന്റെ നടു
ന്നു വിച്ഛേദിച്ചു, അതിന്റെ എല്ലാ
ാരെയും അവനോടുകൂടെ വധി
ന്നു കർത്താവ് അരുളിച്ചെയ്യുന്നു.
ത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു:
ടെ മൂന്നോ നാലോ അതിക്രമം
— അവർ കർത്താവിന്റെ ന്യായ
ത്ത നിരസിച്ചു അവന്റെ നിയമ
ഘിച്ച് അവരുടെ പിതാക്കന്മാർ
ച്ച അവരുടെ വ്യർത്ഥമൂർത്തികൾ
തെററിനടക്കുമാറാക്കുകയും ചെ
യാൽ ഞാൻ ശിക്ഷ പിൻവലി
്യ. ഞാൻ യഹൂദയിൽ അഗ്നി
ം; അതു യറുശലേമിലെ അരമന
പ്പിച്ചുകളയും.
ാവ് ഇപ്രകാരം അരുളിച്ചെയ്യു
ായേലിന്റെ മൂന്നോ നാലോ
നിമിത്തം — അവർ നീതിമാനെ
ും ദരിദ്രനെ ഒരു ജോഡി ചെരി
ററുകളഞ്ഞിരിക്കയാൽ ഞാൻ
ിൻവലിക്കുകയില്ല. അവർ
ാ മർദ്ദിക്കുകയും സാധുക്ക
മുറിച്ചുകളകയും ചെയ്യുന്നു;
വിശുദ്ധ നാമത്തെ അശു
് ഒരു പുരുഷനും അവന്റെ
രേ സ്ത്രീയുടെ അടുക്കൽ
അവർ ഏതു ബലിപീഠ
ം പണയം വാങ്ങിയ വസ്ത്രം
ക്കുകയും പഴയ വീഞ്ഞു തങ്ങ
വത്തിന്റെ ആലയത്തിൽ
ുകയും ചെയ്യുന്നു. ഞാനോ
അവരുടെ മുമ്പിൽ നിന്നു
ളഞ്ഞു; അവന്റെ ഉയരം
ളുടെ ഉയരംപോലെയായി
ൻ കരുവേലകങ്ങൾപോലെ
വനുമായിരുന്നു; എങ്കിലും
ന്റ ഫലം മുകളിലും താഴെ
ും നശിപ്പിച്ചുകളഞ്ഞു. ഞാൻ
സ്രേൻ ദേശത്തുനിന്നു പുറ
മോര്യന്റെ ദേശത്തെ കൈ
ൻ നിങ്ങളെ നാല്പതു സംവ
യിൽ കൂടി നടത്തി. ഞാൻ
ത്തന്മാരിൽ ചിലരെ പ്രവാചക
ങ്ങളുടെ യൗവനക്കാരിൽ

ചിലരെ വ്രതന്മാരായും എഴുന്നേല്പിച്ചു;
ശരിയല്ലയോ, ഇസ്രായേൽ മക്കളേ ഇത്,
എന്ന് കർത്താവിന്റെ അരുളപ്പാട്. എന്നാൽ 12
നിങ്ങൾ വ്രതസ്ഥന്മാർക്കു വീഞ്ഞു കുടി
പ്പാൻ കൊടുക്കുകയും പ്രവാചകന്മാരോടു:
പ്രവചിക്കരുത് എന്നു നിർദ്ദേശിക്കുകയും
ചെയ്തു. കററ കയററിയ വണ്ടി അമർത്തു 13
ന്നതുപോലെ നിങ്ങൾ എന്നെ അമർത്തി
യിരിക്കുന്നു. അങ്ങനെ ശീഘ്രമായി
ഓടുന്നവർ നിരാശരാകും; ബലവാന്റെ
ശക്തി നിലനില്ക്കയില്ല; വീരൻ തന്റെ 14
ജീവനെ രക്ഷിക്കയില്ല. വില്ലാളി സ്ഥിരമായി
നില്ക്കയില്ല; ശീഘ്രഗാമി തന്നെത്താൻ 15
രക്ഷിക്കയില്ല, അശ്വാരൂഢൻ തന്റെ
ജീവനെ രക്ഷിക്കയുമില്ല. വീരന്മാരിൽ
ധൈര്യമേറിയവൻപോലും അന്ന് നഗ്ന 16
നായി ഓടിപ്പോകും എന്നു കർത്താവിന്റെ
അരുളപ്പാട്.

അദ്ധ്യായം 3

ഇസ്രായേൽ മക്കളേ, നിങ്ങളെക്കുറിച്ചും 1
ഞാൻ മെസ്രേൻ ദേശത്തുനിന്നു പുറപ്പെടു
വിച്ച സർവവംശത്തെക്കുറിച്ചും കർത്താവ്
അരുളിച്ചെയ്തിരിക്കുന്ന ഈ വചനം കേൾ
പ്പിൻ! ഭൂമിയിലെ സകല വംശങ്ങളിലുംനി 2
ന്നും ഞാൻ നിങ്ങളെ മാത്രം തിരഞ്ഞെടു
ത്തു, അതുകൊണ്ടു ഞാൻ നിങ്ങളുടെ
അകൃത്യങ്ങൾക്കെല്ലാം നിങ്ങളിൽ പ്രതി
കാരം ചെയ്യും. രണ്ടുപേർ തമ്മിൽ യോജി 3
ച്ചല്ലാതെ ഒരുമിച്ചു നടക്കുവാൻ പററുമോ?
ഇരയെ കാണാതിരിക്കുമ്പോൾ സിംഹം 4
കാട്ടിൽ ഗർജ്ജിക്കുമോ? ഒന്നിനെയും പിടി
ക്കാനില്ലാതെ ബാലസിംഹം ഗുഹയിൽനി
ന്നു ശബ്ദം പുറപ്പെടുവിക്കുമോ? കുടുക്കി 5
ല്ലെങ്കിൽ പക്ഷി നിലത്തെ കെണിയിൽ അക
പ്പെടുമോ? ഒന്നും പിടിപെടാതെ കെണി
നിലത്തുനിന്നുയർത്തുമോ? നഗരത്തിൽ 6
കാഹളം ഊതുമ്പോൾ ജനം ഭയപ്പെടുക
യില്ലേ? ദൈവം വരുത്തീട്ടല്ലാതെ നഗര
ത്തിൽ അനർത്ഥം ഭവിക്കുമോ? ദൈവമായ 7
കർത്താവു പ്രവാചകന്മാരായ തന്റെ ദാസ
ന്മാർക്കു തന്റെ രഹസ്യം വെളിപ്പെടുത്താ
തെ ഒരു കാര്യവും ചെയ്കയില്ല. സിംഹം 8
ഗർജ്ജിച്ചിരിക്കുന്നു; ഭയപ്പെടാതിരിക്കുന്ന
വനാര്? ദൈവമായ കർത്താവു അരുളി
ച്ചെയ്തിരിക്കുന്നു; ആർക്കു പ്രവചിക്കാ
തിരിക്കാൻ കഴിയും?

ശമര്യാമലകളിൽ വന്നുകൂടി അതി 9
ലുള്ള കലഹങ്ങളെയും അതിന്റെ മദ്ധ്യേ
യുള്ള പീഡനങ്ങളെയും കാണുവിൻ

എന്നു അസ്തോദിലെ അരമനകളിന്മേലും
മെസ്രേൻദേശത്തിലെ അമരനകളിന്മേലും
10 ഘോഷിച്ചു പറയുവിൻ! തങ്ങളുടെ അരമന
കളിൽ അന്യായവും സാഹസവും കൂട്ടിവെ
ക്കുന്നവർക്കു ന്യായം പ്രവർത്തിപ്പാൻ അറി
11 വില്ല എന്നു കർത്താവു കല്പിക്കുന്നു. ആക
യാൽ ദൈവമായ കർത്താവു അരുളിച്ചെ
യ്യുന്നു: ദേശത്തെ പീഡകൻ വളയും;
അതു നിൻെറ ശക്തി നിന്നിൽനിന്നു
മാററും; നിൻെറ അരമനകൾ കൊള്ളയിട
12 പ്പെടും. കർത്താവ് ഇപ്രകാരം അരുളിച്ചെയ്യു
ന്നു: ഒരു ഇടയൻ രണ്ടു കാലോ ഒരു ചെവി
യോ സിംഹത്തിൻെറ വായിൽനിന്നു വലി
ച്ചെടുക്കുന്നതുപോലെ ശമര്യയിൽ പാർക്കു
ന്നവർ പെട്ടെന്നുള്ള വടിയിൽ നിന്നും ദർമ്മ
ശേക്കിൽ നിന്നുള്ള ജനത്തിൽ നിന്നും വിടു
13 വിക്കപ്പെടും. നിങ്ങൾ കേട്ടു യാക്കോബ് ഗൃ
ഹത്തോടു സാക്ഷിപ്പിൻ എന്നു ബലവാ
നായ ദൈവമായ കർത്താവിൻെറ അരുളപ്പാ
14 ട്. ഞാൻ ഇസ്രായേലിൻെറ അതിക്രമങ്ങൾ
നിമിത്തം അവനെ സന്ദർശിക്കുന്ന ദിവസം
ബലിപീഠത്തിൻെറ കൊമ്പുകൾ അററു
നിലത്തു വീഴത്തക്കവണ്ണം ഞാൻ ബേഥേലി
ലെ ബലിപീഠങ്ങളെയും ശിക്ഷിക്കും. ഞാൻ
15 ഹേമന്തഗൃഹവും ഗ്രീഷ്മഗൃഹവും ഒരുപോ
ലെ തകർത്തുകളയും; ദന്തഭവനങ്ങൾ
നശിച്ചുപോകും; വലിയ വീടുകളും ഇല്ലാ
താകും എന്നു കർത്താവ് കല്പിക്കുന്നു.

അദ്ധ്യായം 4

1 സാധുക്കളെ ഉപദ്രവിക്കയും ദരിദ്ര
ന്മാരെ തകർക്കുകയും തങ്ങളുടെ ഭർത്താ
ക്കന്മാരോട്: കൊണ്ടുവരുവിൻ; ഞങ്ങൾ
കുടിക്കട്ടെ എന്നു പറയുകയും ചെയ്യുന്ന
ശമര്യമലയിലെ ബാശാന്യ പശുക്കളേ, ഈ
2 വചനം കേൾപ്പിൻ. ഞാൻ നിങ്ങളെ കൊളു
ത്തുകൊണ്ടും നിങ്ങളുടെ മക്കളെ ചൂണ്ടൽ
കൊണ്ടും പിടിച്ചുകൊണ്ടുപോകുന്ന കാലം
വരും എന്നു ദൈവമായ കർത്താവു തൻെറ
വിശുദ്ധിയിൽ സത്യം ചെയ്തിരിക്കുന്നു.
3 അപ്പോൾ നിങ്ങൾ ഓരോരുവരായി നേരെ
മുമ്പോട്ടു മതിൽ പിളർപ്പുകളിൽ കൂടി പുറ
ത്തു ചെല്ലുകയും രിമ്മോനിലേക്കു എറി
ഞ്ഞുകളകയും ചെയ്യും എന്നു കർത്താവു
കല്പിക്കുന്നു.
4 ബേഥേലിൽ ചെന്നു അക്രമം ചെ
യ്വിൻ; ഗില്ഗാലിൽ ചെന്നു അക്രമം വർദ്ധി
പ്പിപ്പിൻ; രാവിലെതോറും നിങ്ങളുടെ ഹനന
യാഗങ്ങളെയും മൂന്നാം വർഷം തോറും
നിങ്ങളുടെ ദശാംശങ്ങളെയും കൊണ്ടു
ചെല്ലുവിൻ. പുളിച്ച മാവുകൊണ്ടുള്ള 5
സ്തോത്രബലി അർപ്പിപ്പിൻ; സ്വമേധാ
യാഗങ്ങളെ ഉൽഘോഷിപ്പിൻ. അങ്ങനെ
യാണല്ലോ, ഇസ്രായേൽ മക്കളേ, നിങ്ങൾ
ക്കു ഇഷ്ടമായിരിക്കുന്നത് എന്നു ദൈവ
മായ കർത്താവ് കല്പിക്കുന്നു. നിങ്ങളുടെ 6
എല്ലാ പട്ടണങ്ങളിലും ഞാൻ നിങ്ങൾക്കു
പല്ലിൻെറ ഉപയോഗമില്ലായ്മയും എല്ലായി
ടത്തും അപ്പത്തിന്ന് കുറവും വരുത്തിയിട്ടും
നിങ്ങൾ എങ്കലേക്കു തിരിഞ്ഞില്ല എന്നു
കർത്താവ് കല്പിക്കുന്നു. കൊയ്ത്തിന്നു 7
മൂന്നു മാസമുള്ളപ്പോൾ ഞാൻ നിങ്ങൾക്കു
മഴ മുടക്കിക്കളഞ്ഞു; ഞാൻ ഒരു പട്ടണ
ത്തിൽ മഴ പെയ്യിക്കുകയും വേറൊന്നിൽ
മഴ പെയ്യിക്കാതിരിക്കയും ചെയ്തു; ഒരു നഗ
രത്തിൽ മഴ പെയ്തു; മഴ പെയ്യാത്ത മറെറാ
നഗരം വരണ്ടുപോയി. രണ്ടുമൂന്നു പട്ടണ 8
ക്കാർ വെള്ളം കുടിപ്പാൻ ഒരു പട്ടണത്തി
ലേക്കു വലഞ്ഞെത്തി, ദാഹം തീർന്നുമില്ല;
എന്നിട്ടും നിങ്ങൾ എങ്കലേക്കു തിരിഞ്ഞില്ല
എന്നു കർത്താവ് അരുളിച്ചെയ്യുന്നു. ഞാൻ 9
നിങ്ങളെ വെൺകതിർകൊണ്ടും വിഷമ
ഞ്ഞുകൊണ്ടും ശിക്ഷിച്ചു; നിങ്ങളുടെ തോട്ട
ങ്ങളെയും മുന്തിരിത്തോപ്പുകളെയും അത്തി
വൃക്ഷങ്ങളെയും ഒലിവുമരങ്ങളെയും അവ
യുടെ വളർച്ചയിൽ തുള്ളൻ തിന്നുകളഞ്ഞു;
എന്നിട്ടും നിങ്ങൾ എങ്കലേക്കു തിരിഞ്ഞില്ല
എന്നു കർത്താവു പറയുന്നു. മെസ്രേനിൽ 10
എന്നപോലെ ഞാൻ വസന്ത നിങ്ങളുടെ
ഇടയിൽ അയച്ചു, നിങ്ങളുടെ യുവാക്കളെ
വാൾ കൊണ്ടു കൊന്നു. നിങ്ങളുടെ കുതിര
കളെ പിടിച്ചുകൊണ്ടുപോയി; നിങ്ങളുടെ
പാളയങ്ങളിലെ ദുർഗ്ഗന്ധം ഞാൻ നിങ്ങളു
ടെ മൂക്കിൽ കയറുമാറാക്കി. എന്നിട്ടും നി
ങ്ങൾ എങ്കലേക്കു തിരിഞ്ഞില്ല എന്നു കർ
ത്താവ് അരുളിച്ചെയ്യുന്നു. ദൈവം സോദോ 11
മിനേയും ഓമോറയെയും ഉന്മൂലനാശം ചെ
യ്തതുപോലെ ഞാൻ നിങ്ങളുടെ ഇടയിൽ
ഒരു ഉന്മൂലനാശം വരുത്തി, നിങ്ങൾ കത്തു
ന്ന തീയിൽ നിന്നു വലിച്ചെടുക്കപ്പെട്ട ഒരു
വിറകുകൊള്ളിപോലെ ആയിരുന്നു; എന്നി
ട്ടും നിങ്ങൾ എങ്കലേക്കു തിരിഞ്ഞില്ല എന്നു
കർത്താവു കല്പിക്കുന്നു. ആകയാൽ
ഇസ്രായേലേ ഞാൻ ഇങ്ങനെ നിന്നോടു
ചെയ്യും; ഇസ്രായേലേ, ഞാൻ ഇതു
നിന്നോടു ചെയ്യുവാൻ പോകുന്നതിനാൽ
നിൻെറ ദൈവത്തെ എതിരേല്പാൻ ഒരു
ങ്ങിക്കൊൾക. പർവ്വതങ്ങളെ നിർമ്മിക്ക
കയും കാററിനെ സൃഷ്ടിക്കുകയും മനുഷ്യ
നോടു അവൻെറ ചിന്ത അറിയിക്കുക

ാത്ത അന്ധകാരമാക്കുകയും ഭൂമിയു
ങ്ങളിന്മേൽ നടക്കുകയും ചെയ്യുന്ന
ുണ്ട്; ബലവാനായ ദൈവമായ
വ് എന്നാകുന്നു അവന്റെ നാമം.

അദ്ധ്യായം 5

ായേൽ ഗൃഹമേ, ഞാൻ നിങ്ങളെ
വിലപിക്കുന്ന ഈ വചനം കേൾ
സ്രായേൽ കന്യക വീണുപോയി;
ഴുന്നേല്ക്കയില്ല; അവൾ നിലംപരി
ിടക്കുന്നു; അവളെ എഴുന്നേൽ
ൻ ആരുമില്ല. ദൈവമായ കർത്താ
കാരം അരുളിച്ചെയ്യുന്നു: ഇസ്രാ
വനത്തിൽ ആയിരം ആളുമായി
പട്ടണത്തിനു നൂറുപേർ മാത്രം
ും; നൂറുപേരായി പുറപ്പെട്ടതിനു
ൽ മാത്രം ശേഷിക്കും. കർത്താവ്
ൽ ഗൃഹത്തോട് ഇങ്ങനെ പറ
നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന്
അന്വേഷിപ്പിൻ. ബേഥേലിനെ
ക്കരുതു; ഗില്ഗാലിലേക്കു പോക
ർശേബയിലേക്കു കടക്കരുത്;
പ്രവാസത്തിൽ പോകേണ്ടിവരും;
ശൂന്യമായി ഭവിക്കും. നിങ്ങൾ
ിക്കേണ്ടതിനു കർത്താവിനെ
ിപ്പിൻ; അല്ലെങ്കിൽ അവൻ ബെഥേ
ക്കും കെടുത്തുവാൻ കഴിയാത്ത
ലെ, യൌസേഫ് ഭവനത്തിന്മേൽ
ിനെ ദഹിപ്പിച്ചു കളയും. ന്യായ
് ആക്കിത്തീർക്കുകയും നീതി
ുകയും ചെയ്യുന്നവരേ! കാർത്തി
, നക്ഷത്രങ്ങളെ സൃഷ്ടിക്കു
ന്ധകാരത്തെ പ്രഭാതമാക്കി
പകലിനെ രാത്രിയാക്കുകയും
ല വെള്ളത്തെ വിളിച്ചു ഭൂതല
യ്ക്കുകയും ചെയ്യുന്നവനെ
ിൻ; അവന്റെ നാമം കർത്താവ്
. അവൻ കോട്ട പൊളിയത്ത
ലവാന്റെ മേൽ നാശം വീശു
രദ്വാരത്തിങ്കൽ ന്യായംപാലി
അവർ വെറുക്കുകയും സത്യം
ുന്നവനെ നിരസിക്കുകയും
നിങ്ങൾ എളിയവനെ ചവിട്ടി
ും അവനിൽ നിന്നു കൈക്കൂലി
ം വാങ്ങുകയും ചെയ്യുന്നു,
കല്ലു കൊണ്ടു വീടു പണിയും;
ക്കാനിടയാകയില്ല. നിങ്ങൾ
മുന്തിരിത്തോട്ടങ്ങൾ ഉണ്ടാ
ിന്നു വീഞ്ഞു കുടിക്കയില്ല.
വിഷമിപ്പിച്ചു കൈക്കൂലി
വാങ്ങുകയും ഗോപുരവാതിൽക്കൽ ദരിദ്ര
ന്മാരുടെ ന്യായം മറിച്ചുകളകയും ചെയ്യു
ന്നവരേ, നിങ്ങളുടെ അനീതി അനവധിയും
നിങ്ങളുടെ പാപങ്ങൾ കഠിനവും ആകുന്നു
എന്നു ഞാൻ അറിയുന്നു. ആകയാൽ 13
ബുദ്ധിമാൻ ഈ കാലത്തു മിണ്ടാതിരിക്കു
ന്നു; ഇതു ദുഷ്കാലമത്രേ. നിങ്ങൾ ജീവി 14
ച്ചിരിക്കേണ്ടതിനു തിന്മ അല്ല നന്മ അന്വേ
ഷിപ്പിൻ; അപ്പോൾ നിങ്ങൾ പറയുന്നതുപോ
ലെ ബലവാനായ ദൈവമായ കർത്താവ്
നിങ്ങളോടുകൂടെ ഇരിക്കും. നിങ്ങൾ തിന്മ 15
ദ്വേഷിച്ച് നന്മ ഇച്ഛിച്ചു ഗോപുരവാതിൽ
ക്കൽ നീതി നിലനിർത്തുവിൻ; പക്ഷെ
ബലവാനായ ദൈവമായ കർത്താവ്
യൌസേഫിൽ ശേഷിപ്പുള്ളവരോടു കൃപ
ചെയ്യും. അതുകൊണ്ടു ബലവാനായ ദൈവ 16
മായ കർത്താവ് ഇപ്രകാരം കല്പിക്കുന്നു:
സകല വീഥികളിലും വിലാപം ഉണ്ടാകും;
എല്ലാ തെരുവിലും അവർ: ദുരിതം, ദുരിതം
എന്നു പറയും; അവർ കൃഷിക്കാരെ ദുഃഖി
പ്പാനും പ്രലാപം നടത്തുന്നവരെ വിലപിപ്പാ
നുമായും വിളിക്കും. ഞാൻ നിന്റെ മദ്ധ്യേ 17
കടന്നു പോകുന്നതിനാൽ എല്ലാ മുന്തിരി
ത്തോപ്പിലും വിലാപമുണ്ടാകും എന്നു
കർത്താവ് അരുളിച്ചെയ്യുന്നു. കർത്താ 18
വിന്റെ ദിവസത്തിനായി കാത്തിരിക്കുന്ന
നിങ്ങൾക്ക് അയ്യോ കഷ്ടം; കർത്താവിന്റെ
ദിവസം കൊണ്ടു നിങ്ങൾക്കു എന്തു പ്രയോ
ജനം? അതു വെളിച്ചമല്ല ഇരുളത്രേ. അതു 19
ഒരുവൻ സിംഹത്തിന്റെ മുമ്പിൽനിന്നു
ഓടിപ്പോയിട്ട് കരടി അവനെ നേരിടുകയോ
വീട്ടിൽ എത്തി കൈവച്ചു ചുമരിൽ ചാരി
നിൽക്കുമ്പോൾ പാമ്പ് അവനെ കടിക്കു
കയോ ചെയ്യുന്നതുപോലെ ആകുന്നു.
കർത്താവിന്റെ ദിവസം വെളിച്ചമല്ല, ഇരുൾ 20
തന്നെ; അല്പവും പ്രകാശമില്ലാത്ത അന്ധ
കാരംതന്നെ. നിങ്ങളുടെ പെരുന്നാളുകളെ 21
ഞാൻ വെറുത്തു നിരസിക്കുന്നു; നിങ്ങളുടെ
സഭായോഗങ്ങളിലും എനിക്കു പ്രസാദ
മില്ല. നിങ്ങൾ എനിക്കു ഹോമയാഗങ്ങളും 22
ഭോജനയാഗങ്ങളും അർപ്പിച്ചാലും ഞാൻ
പ്രസാദിക്കുകയില്ല; തടിച്ച മൃഗങ്ങളെക്കൊ
ണ്ടുള്ള നിങ്ങളുടെ സമാധാനയാഗങ്ങളെ
ഞാൻ വീക്ഷിക്കയില്ല. നിന്റെ ഗാനശബ്ദം 23
എന്റെ മുമ്പിൽ നിന്നു നീക്കുക; നിന്റെ
വീണാനാദം ഞാൻ കേൾക്കുകയില്ല.
എന്നാൽ ന്യായം വെള്ളംപോലെയും നീതി 24
വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴു
കട്ടെ. ഇസ്രായേൽ ഭവനമേ, നിങ്ങൾ മരു 25
ഭൂമിയിൽ എനിക്കു നാല്പതു സംവത്സരം

ഹനനയാഗങ്ങളും ഭോജനയാഗങ്ങളും
26 അർപ്പിച്ചുവോ? നിങ്ങൾക്കുണ്ടാക്കിയ
വിഗ്രഹങ്ങളായി നിങ്ങളുടെ നക്ഷത്രദേവ
നായ കീയൂനെയും നിങ്ങളുടെ രാജാവായ
സിക്കൂത്തിനെയും നിങ്ങൾ ചുമന്നുകൊ
27 ണ്ടു പോകേണ്ടിവരും. ഞാൻ നിങ്ങളെ
ദമസ്കൊസിന്നു അപ്പുറം പ്രവാസത്തിലേ
ക്കു പോകുവാനിടയാക്കും എന്നു കർത്താ
വ് അരുളിച്ചെയ്യുന്നു; ബലവാനായ ദൈവം
എന്നാകുന്നു അവന്റെ നാമം.

അദ്ധ്യായം 6

സെഹിയോനെ ശപിക്കുന്നവരും
1 ശമര്യാപർവ്വതത്തിൽ ആശ്രയിക്കുന്നവരും,
ജാതികളിൽ പ്രമാണികളും, ഇസ്രായേൽ
ഗൃഹം സഹായാർത്ഥം അവരുടെ അടുക്കൽ
വന്നു ചേരുന്നവരുമായവരേ, നിങ്ങൾക്കു
കഷ്ടം. നിങ്ങൾ കൽനെയിൽ ചെന്നു
നോക്കുവിൻ; അവിടെനിന്നു മഹത്തായ ഹ
2 മാത്തിലേക്കു പോകുവിൻ; ഫെലിസ്ത്യരുടെ
ഗത്തിലേക്കു ചെല്ലുവിൻ; അത് ഈ രാജ്യ
ങ്ങളെക്കാൾ നല്ലതല്ലെന്നോ? അവയുടെ
ദേശം നിങ്ങളുടെ ദേശത്തെക്കാൾ വിശാല
3 മോ? നിങ്ങൾ ആപത്കാലം പ്രതീക്ഷി
ക്കുകയും അക്രമത്തിന്റെ സിംഹാസനം
4 അടുപ്പിക്കയും ചെയ്യുന്നു. നിങ്ങൾ ആന
കൊമ്പുകൊണ്ടുള്ള കട്ടിലുകളിൽ നിങ്ങ
ളുടെ ശയ്യകളിൽ നിവർന്നുകിടക്കുകയും,
ആട്ടിൻകൂട്ടത്തിൽനിന്നു കുഞ്ഞാടുകളെ
യും, തൊഴുത്തിൽനിന്നു പശുക്കിടാക്കളെ
5 യും പിടിച്ചു തിന്നുകയും ചെയ്യുന്നു. നിങ്ങൾ
വീണാനാദത്തോടെ ആലപിച്ചു സംഗീതം
ദാവീദിനെപ്പോലെ വാദ്യഉപകരണങ്ങൾ
6 ഉണ്ടാക്കുന്നു. നിങ്ങൾ ചഷകങ്ങളിൽ
വീഞ്ഞു കുടിക്കുകയും വിശിഷ്ട തൈലം
പൂശുകയും ചെയ്യുന്നു; യൌസേഫിന്റെ
നാശത്തെക്കുറിച്ചു വ്യസനിക്കുന്നില്ല.
7 ആകയാൽ അവർ ഇപ്പോൾ പ്രവാസിക
ളിൽ മുമ്പരായി പ്രവാസത്തിലേക്കു
പോകും; അധിപന്മാരുടെ മദ്യപാനോ
8 ല്ലാസം തീർന്നുപോകും. ദൈവമായ
കർത്താവു തന്നെച്ചൊല്ലി സത്യം ചെയ്തി
രിക്കുന്നു എന്നു ബലവാനായ ദൈവമായ
കർത്താവ് കല്പിക്കുന്നു: ഞാൻ യാക്കോ
ബിന്റെ അഹങ്കാരം വെറുത്തു അവന്റെ
അരമനകളെ ദ്വേഷിക്കുന്നു; ഞാൻ നഗര
വും, അതിലുള്ളതെല്ലാം ഏല്പിച്ചുകൊടു
9 ക്കും. ഒരു വീട്ടിൽ പത്തു പുരുഷന്മാർ ശേഷി
10 ച്ചാലും അവർ മരിക്കും; ഒരു മനുഷ്യന്റെ
ചാർച്ചക്കാരൻ, ശവസംസ്കാരം നടത്തേ
ണ്ടതിന് അവനെ ചുമന്നുകൊണ്ടു പോകു
മ്പോൾ, വീടിന്റെ അകത്ത് ഇരി
ക്കുന്നവനോടു: നിന്റെ കൂടെ ഇനി ആരെ
ങ്കിലും ഉണ്ടോ? എന്നു ചോദിക്കുന്നതിനു
അവൻ: ആരുമില്ല എന്നു പറയും. അവൻ:
കർത്താവിന്റെ നാമത്തെ സ്മരിക്കാ
യ്കയാൽ പൂർണ്ണനാശം സംഭവിച്ചു;
കർത്തൃകല്പനയാൽ വലിയ വീടു ഇടി
ഞ്ഞും ചെറിയ വീടു പിളർന്നും തകർന്നു
പോകും. കുതിര പാറപ്പുറത്തു ഓടുമോ?
അവിടെ കാളയെ പൂട്ടി ഉഴുമോ? എന്നാൽ
നിങ്ങൾ ന്യായത്തെ വിഷമായും നീതിയുടെ
ഫലത്തെ കാഞ്ഞിരമായും മാറ്റിയിരിക്കു
ന്നു. നിങ്ങൾ വ്യർത്ഥതയിൽ സന്തോഷിച്ചു
കൊണ്ടു: സ്വന്തശക്തിയാൽ ഞങ്ങൾ
പ്രാബല്യം പ്രാപിച്ചിട്ടില്ലയോ എന്നു പ
യുന്നു. എന്നാൽ ഇസ്രായേൽ ഗൃഹമേ,
ഞാൻ നിങ്ങൾക്കെതിരെ ഒരു ജാതിയെ
എഴുന്നേൽപിക്കും; അവർ ഹമാത്തിലേ
ക്കുള്ള പ്രവേശനം മുതൽ അരാബയിലെ
തോടുവരെ നിങ്ങളെ ഞെരുക്കും എന്നു
ബലവാനായ ദൈവമായ കർത്താവ്
അരുളിച്ചെയ്യുന്നു.

അദ്ധ്യായം 7

ദൈവമായ കർത്താവു എനിക്കു കാണി
ച്ചുതന്നതെന്തെന്നാൽ: പുല്ലു രണ്ടാമതു
മുളച്ചു തുടങ്ങിയപ്പോൾ അവൻ വിട്ടില്
കളെ അയച്ചു; ആ പുല്ല് രാജാവിന്റെ വക
പുല്ല് അരിഞ്ഞശേഷം മുളച്ച രണ്ടാമത്തെ
പുല്ലു ആയിരുന്നു. എന്നാൽ അവ ദേശ
മാകെയുള്ള സസ്യം തിന്നു തീർന്നപ്പോൾ
ഞാൻ: ദൈവമായ കർത്താവേ, ക്ഷമിക്കേ
ണമേ; യാക്കോബ് എങ്ങനെ നിലനില്ക്കും;
അവൻ ചെറിയവനല്ലയോ എന്നു
പറഞ്ഞു. കർത്താവ് അതിനെക്കുറിച്ചു
അതു സംഭവിക്കയില്ല എന്നു അരുളി
ച്ചെയ്തു.

ദൈവമായ കർത്താവു എനിക്കു കാണി
ച്ചുതന്ന ദർശനം: ദൈവമായ കർത്താവു
അഗ്നിയാൽ ശിക്ഷിപ്പാൻ അതിനെ വിളിച്ചു
അതു വലിയ ആഴിയെ വറ്റിച്ചുകളഞ്ഞു
കർത്താവിന്റെ ഓഹരിയെയും തിന്നു
കളയുവാൻ തുടങ്ങി. അപ്പോൾ ഞാൻ
ദൈവമായ കർത്താവേ, മതിയാക്കണമേ
യാക്കോബ് എങ്ങനെ നിലനില്ക്കും
അവൻ ചെറിയവനാണല്ലോ എന്നു പറ
ഞ്ഞു. കർത്താവ് അതിനെക്കുറിച്ചു ദുഃഖി
ച്ചു; അതു സംഭവിക്കയില്ല എന്നു ദൈവ
മായ കർത്താവു അരുളിച്ചെയ്തു.

വൻ എനിക്കു വീണ്ടും കാണിച്ചു
കർത്താവു കയ്യിൽ തൂക്കുകട്ട പിടി
ണ്ട് തൂക്കുകട്ട തൂക്കി പണിത മതി
ൽ നിന്നു. കർത്താവ് എന്നോടു:
സ, നീ എന്തു കാണുന്നു എന്നു
തിനു ഒരു തൂക്കുകട്ട എന്നു ഞാൻ
. അതിനു കർത്താവു: ഞാൻ
ജനമായ ഇസ്രായേലിൻെറ നടു
തൂക്കുകട്ട പിടിക്കും; ഞാൻ ഇനി
ശിക്ഷിക്കാതെ വിടുകയില്ല; ഇസ
ൻെറ പൂജാഗിരികൾ നശിക്കും,
യലിൻെറ വിശുദ്ധമന്ദിരങ്ങൾ
കും; ഞാൻ യെരോബെയാം
ാടു വാളുമായി എതിർത്തു
എന്നു പറഞ്ഞു.
ഥലിലെ പുരോഹിതനായ അമ
സായേൽ രാജാവായ യെരോ
ിൻെറ അടുക്കൽ ആളയച്ച്:
് ഇസ്രായേൽ ഗൃഹത്തിൻെറ
നക്കു വിരോധമായി ഗൂഢാലോ
ുന്നു; അവൻെറ വാക്കു സഹി
ശത്തിനു കഴിവില്ല. യെരോ
വാളാൽ മരിക്കും; ഇസ്രായേൽ
വിട്ടു പ്രവാസത്തിലേക്കു പോകേ
എന്നിങ്ങനെ ആമോസ് പറയുന്നു
യിച്ചു. എന്നാൽ ആമോസിനോടു
എടോ ദർശകാ, യഹൂദാദേശ
ഓടിപ്പൊയ്ക്കൊൾക; അവിടെ
ഉപജീവനം കഴിച്ചുകൊൾക,
ലാ ഇനിമേൽ പ്രവചിക്കരുത്,
ജാവിൻെറ; വിശുദ്ധമന്ദിരവും
യുമല്ലോ എന്നു പറഞ്ഞു. അതി
സ് അമസ്യായോടു: ഞാൻ പ്രവാ
വാചകശിഷ്യനുമല്ല, ഇടയനും
ഴം പെറുക്കുന്നവനും അത്രേ.
ടുകളെ മേയിച്ചുകൊണ്ടിരിക്കു
ർത്താവ് എന്നെ പിടിച്ചു: നീ
ൻെറ ജനമായ ഇസ്രായേലിനോ
എന്നു കർത്താവു എന്നോടു
എന്നു ഉത്തരം പറഞ്ഞു. ആക
കർത്താവിൻെറ വചനം കേൾ
ായേലിനെക്കുറിച്ചു പ്രവചിക്ക
ഹാക്കുഗൃഹത്തിനു നിൻെറ
ർപ്പിക്കരുതു എന്നു നീ പറയു
ആകയാൽ കർത്താവ് ഇപ്ര
ളിച്ചെയ്യുന്നു: നിൻെറ ഭാര്യ
വേശ്യയാകും; നിൻെറ പുത്ര
ിമാരും വാളിനാൽ വീഴും;
അളവുനൂൽകൊണ്ടു വിഭാഗി
ീയോ ഒരു അശുദ്ധദേശത്തു
വച്ചു മരിക്കും; ഇസ്രായേൽ സ്വദേശം വിട്ടു
പ്രവാസത്തിലേക്കു പോകേണ്ടിവരിക
തന്നെചെയ്യും.

അദ്ധ്യായം 8

ദൈവമായ കർത്താവു എനിക്കു ഒരു 1
കുട്ട പഴുത്ത പഴം കാണിച്ചുതന്നു. ആമോ 2
സേ, നീ എന്താണ് കാണുന്നത് എന്നു
അവൻ ചോദിച്ചതിനു: 'ഒരു കുട്ട പഴുത്ത
പഴം' എന്നു ഞാൻ പറഞ്ഞു. കർത്താവ്
എന്നോടു അരുളിച്ചെയ്തതു: എൻെറ ജന
മായ ഇസ്രായേലിനു പഴുപ്പു വന്നിരിക്കു
ന്നു; ഞാൻ ഇനി അവരെ ശിക്ഷിക്കാതെ വി
ടുകയില്ല. അക്കാലത്ത് മന്ദിരത്തിലെ ഗീത 3
ങ്ങൾ നിലച്ചുപോകും എന്നു ദൈവമായ
കർത്താവ് കല്പിക്കുന്നു. മൃതദേഹം അ
നവധി! എല്ലായിടത്തും അവ ചിതറിക്കിട
ക്കും; മിണ്ടരുതു. ഞങ്ങൾ ഏഫയെ ചെറു 4
താക്കി ശേക്കലിനെ വർദ്ധിപ്പിച്ച് കള്ളത്തു
ലാസു കൊണ്ടു വഞ്ചിച്ച് എളിയവരെ പണ
ത്തിനും ദരിദ്രന്മാരെ ഒരു ജോഡി ചെരി
പ്പിനും മേടിക്കേണ്ടതിനും കോതമ്പിൻെറ
പതിര് വില്ക്കേണ്ടതിനും ധാന്യവ്യാപാരം 5
ചെയ്യുവാനും അമാവാസിയും വില്പനസ്ഥ
ലം തുറന്നു വെക്കുവാൻ തക്കവണ്ണം ശാബ
തും എപ്പോൾ കഴിയും എന്നു പറഞ്ഞു, ദരി 6
ദ്രരെ വിഴുങ്ങുവാനും ദേശത്തിലെ സാധു
ക്കളെ ഇല്ലാതാക്കാനും ശ്രമിക്കുന്നവരേ,
ഇതു കേൾപ്പിൻ. ഞാൻ അവരുടെ പ്രവൃത്തി 7
കളിൽ ഒന്നും ഒരിക്കലും മറക്കുകയില്ല
എന്നു യാക്കോബിൻെറ മഹിമയുടെ
കർത്താവ് സത്യം ചെയ്തിരിക്കുന്നു.
അതുമൂലം ഭൂമി നടുങ്ങും, അതിൽ പാർക്കു 8
ന്ന ഏവനും ഭ്രമിച്ചുപോകും. അതു മുഴു
വനും നീലനദിപോലെ ഉയരും; മെസ്രേ
നിലെ നദിപോലെ പൊങ്ങുകയും താഴു
കയും ചെയ്യും. അക്കാലത്ത് ഞാൻ മദ്ധ്യാ 9
ഹ്നത്തിൽ സൂര്യനെ അസ്തമിപ്പിക്കുകയും
പകൽ ഭൂമിയെ ഇരുട്ടുകയും ചെയ്യും.
ഞാൻ നിങ്ങളുടെ പെരുന്നാളുകളെ ദുഃഖമാ 10
യും നിങ്ങളുടെ ഗീതങ്ങളെ വിലാപമായും
മാററും; ഞാൻ ഏതു അരയിലും രട്ടും ഏതു
തലയിലും കഷണ്ടിയും വരുത്തും; ഞാൻ
അതിനെ ഒരു ഏകജാതനെക്കുറിച്ചുള്ള
വിലാപംപോലെയും അതിൻെറ അവസാന
ത്തെ കയ്പുള്ള ദിവസംപോലെയും ആക്കും
എന്നു ദൈവമായ കർത്താവ് പറയുന്നു.
അപ്പത്തിനായുള്ള വിശപ്പല്ല, വെള്ളത്തി 11
നായുള്ള ദാഹവുമല്ല, കർത്താവിൻെറ
വചനങ്ങളെ കേൾക്കുവാനുള്ള വിശപ്പ്

ഞാൻ ദേശത്തേക്കു അയയ്ക്കുന്ന കാലം
വരുന്നു എന്നു ദൈവമായ കർത്താവിൻെറ
12 കല്പന. അന്നു അവർ സമുദ്രം മുതൽ
സമുദ്രംവരെയും വടക്കുമുതൽ കിഴക്കുവരെ
യും അലഞ്ഞുനടന്ന് കർത്താവിൻെറ
വചനം അന്വേഷിക്കും; പക്ഷേ കണ്ടുകിട്ടുക
13 യില്ല. അക്കാലത്ത് സുന്ദരികളും യുവാക്ക
14 ന്മാരും ദാഹംകൊണ്ടു മൂർച്ഛിച്ചുവീഴും.
ദാനേ, നിൻെറ ദൈവത്താണ, ബേർ-
ശേബാമാർഗ്ഗത്താണ എന്നു പറഞ്ഞുകൊ
ണ്ടു ശമര്യരുടെ അധർമ്മവിഗ്രഹത്തെച്ചൊ
ല്ലി സത്യം ചെയ്യുന്നവർ വീണുപോകും;
എഴുന്നേല്ക്കുകയുമില്ല.

അദ്ധ്യായം 9

1 കർത്താവു യാഗപീഠത്തിനുപരി നി
ല്ക്കുന്നതു ഞാൻ കണ്ടു; അവൻ അരുളി
ച്ചെയ്തു: ഉത്തരങ്ങൾ കുലുങ്ങുമാറു നീ പോ
തികത്തെ അടിക്ക; അവ എല്ലാവരുടെയും
തലമേൽ വീഴത്തക്കവണ്ണം തകർത്തു
കളയുക; അവരുടെ സന്തതിയെ ഞാൻ
വാളാൽ കൊല്ലും; അവരിൽ ആരും ഓടി
രക്ഷപെടുകയില്ല; അവരിൽ ആരും തെററി
2 ഒഴിഞ്ഞ് പോകുകയുമില്ല. അവർ പാതാള
ത്തിലേക്ക് തുരന്നുകടന്നാലും അവിടെ
നിന്ന് എൻെറ കൈ അവരെ പിടിക്കും;
അവർ ആകാശത്തിലേക്കു കയറിപ്പോയാ
ലും അവിടെനിന്നു ഞാൻ അവരെ താഴെ
3 ഇറക്കും. അവർ കർമ്മേലിൻെറ കൊടുമുടി
യിൽ ഒളിച്ചിരുന്നാലും ഞാൻ അവരെ
തിരഞ്ഞുപിടിച്ച് അവിടെനിന്നും കൊണ്ടു
വരും; അവർ എൻെറ ദൃഷ്ടിയിൽനിന്നു
സമുദ്രത്തിൻെറ അടിത്തട്ടിൽ മറഞ്ഞിരു
ന്നാലും ഞാൻ അവിടെ സർപ്പത്തോടു ക
4 ല്പിക്കും, അതു അവരെ കടിക്കും. അവരെ,
ശത്രുക്കൾ പ്രവാസത്തിലേക്കു കൊണ്ടു
പോയാലും ഞാൻ അവിടെ വാളിനോടു
കല്പിച്ചിട്ടു അതു അവരെ കൊല്ലും. നന്മയ്
ക്കായല്ല, തിന്മയ്ക്കായിത്തന്നെ ഞാൻ അവ
5 രുടെ മേൽ ദൃഷ്ടി പതിക്കും. ബലവാനായ
ദൈവമായ കർത്താവ് ദേശത്തെ തൊടും;
അതു ഉരുകിപ്പോകും; അതിലെ നിവാസി
കൾ ആകെ വിലപിക്കും; അതു മുഴുവനും
നദിപോലെ പൊങ്ങുകയും മെസ്രേ
നിലെ നദിപോലെ താഴുകയും ചെയ്യും.
6 അവൻ ആകാശത്തിൽ തൻെറ മന്ദിരങ്ങളെ
പണിയുകയും ഭൂമിയിൽ തൻെറ കമാന
ത്തിനു അടിസ്ഥാനം ഇടുകയും സമുദ്ര
ത്തിലെ വെള്ളത്തെ വിളിച്ചു ഭൂതലത്തിൽ
വരുത്തുകയും ചെയ്യുന്ന, അവൻെറ നാമം
കർത്താവ് എന്നാകുന്നു. ഇസ്രായേൽ 7
മക്കളേ, നിങ്ങൾ എനിക്കു എത്യോപ്യരെ
പ്പോലെ അല്ലയോ എന്നു കർത്താവു ചോദി
ക്കുന്നു; ഞാൻ ഇസ്രായേലിനെ മെസ്രേൻ
ദേശത്തുനിന്നും ഫെലിസ്ത്യരെ കഫ്തോരിൽ
നിന്നും അരാമ്യരെ കീറിൽനിന്നും കൊണ്ടു
വന്നില്ലയോ? ദൈവമായ കർത്താവിൻെറ 8
ദൃഷ്ടി പാപമുള്ള രാജ്യത്തിന്മേൽ ഇരിക്കു
ന്നു; ഞാൻ അതിനെ ഭൂതലത്തിൽനിന്ന്
നശിപ്പിക്കും; എങ്കിലും ഞാൻ യാക്കോബ്
ഗൃഹത്തെ മുഴുവനും നശിപ്പിക്കയില്ല എന്ന്
കർത്താവ് കല്പിക്കുന്നു. അരിപ്പകൊണ്ടു 9
അരിക്കുന്നതുപോലെ ഞാൻ ഇസ്രായേൽ
ഗൃഹത്തെ സകല ജാതികളുടെയും ഇട
യിൽ അരിപ്പാൻ കല്പിക്കും; ഒരു മണി
പോലും നിലത്തു വീഴുകയില്ല. ആപത്തു 10
ഞങ്ങൾക്കുണ്ടാകയില്ല; സംഭവിക്കയു
മില്ല എന്നു പറയുന്നവരായി എൻെറ ജന
ത്തിലുള്ള സകല പാപികളും വാളാൽ
മരിക്കും.

എദോമിൽ ശേഷിച്ചിരിക്കുന്നവരു 11
ടെയും എൻെറ നാമം വിളിക്കപ്പെടുന്ന
സകല ജാതികളുടെയും ദേശത്തെ കൈ
വശമാക്കുവാൻ വീണുപോയ ദാവീദിൻ
കൂടാരത്തെ ഞാൻ അക്കാലത്ത് നിവിർ
ത്തും. അതിൻെറ വിള്ളലുകളെ അടയ്ക്കു 12
കയും അവിടെ ഇടിഞ്ഞുപോയവയെ
പണിയുകയും അതിനെ മുൻകാലത്തിൽ
എന്നപോലെ പണിയുകയും ചെയ്യും
എന്നാകുന്നു ഇതു ചെയ്യുന്ന കർത്താവി
ൻെറ അരുളപ്പാട്. ഉഴുന്നവൻ കൊയ്യുന്നവ 13
നെയും മുന്തിരിപ്പഴം മെതിക്കുന്നവൻ വിത
യ്ക്കുന്നവനെയും മുന്നിടും, പർവ്വത
ങ്ങൾ പുതുവീഞ്ഞു പൊഴിക്കും, എല്ലാ
കുന്നുകളിലും അവ വ്യാപിക്കും, ആ നാളു
കൾ വരും എന്ന് കർത്താവ് കല്പിക്കുന്നു.
അപ്പോൾ ഞാൻ എൻെറ ജനമായ ഇസ്രാ 14
യേലിൻെറ പ്രവാസികളെ തിരികെ വരു
ത്തും; ശൂന്യമായിപ്പോയിരുന്ന പട്ടണങ്ങളെ
അവർ പണിത് പാർക്കും, മുന്തിരിത്തോട്ട
ങ്ങൾ ഉണ്ടാക്കി അവയിലെ വീഞ്ഞു കുടി
ക്കുകയും തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ
ഫലം അനുഭവിക്കുകയും ചെയ്യും. ഞാൻ 15
അവരെ അവരുടെ ദേശത്തുതന്നെ നട്ടു
പിടിപ്പിക്കും; ഞാൻ അവർക്കു നൽകിയ
ദേശത്തുനിന്നു അവരെ ഇനി പറിച്ചുകള
യുകയുമില്ല എന്നു നിൻെറ ദൈവമായ
കർത്താവ് അരുളിച്ചെയ്യുന്നു.

ആമോസ് പ്രവാചകൻെറ പ്രവചനം സമാപ്തം.

ഓബദ്യാ

അദ്ധ്യായം 1

ദ്യായുടെ ദർശനം.
മായ കർത്താവു എദോമി
ഉപ്രകാരം കല്പിക്കുന്നു; നാം
ൽനിന്നു ഒരു വാർത്ത കേട്ടിരി
ാതികളുടെ ഇടയിൽ ഒരു ദൂതനെ
ക്കുന്നു; എഴുന്നേല്പിൻ; നാം
ാതിരെ യുദ്ധത്തിനു പുറപ്പെടുക.
ന്ന ജാതികളുടെ ഇടയിൽ അല്പ
ിക്കുന്നു; നീ അത്യന്തം അവഹേ
. പാറപ്പിളർപ്പുകളിൽ പാർക്കു
ഉന്നതവാസമുള്ളവനും ആയ
ൽ നിലത്തു തള്ളിയിടും എന്നു
ിൽ പറയുന്നവനേ, നിൻെറ
ൻെറ അഹങ്കാരം നിന്നെ വഞ്ചി
. നീ കഴുകനെപ്പോലെ ഉയർ
ക്ഷത്രങ്ങളുടെ ഇടയിൽ കൂടു
അവിടെനിന്നു ഞാൻ നിന്നെ
ന്നു കർത്താവിൻെറ അരുള
ളന്മാർ നിൻെറ അടുക്കൽ
തിയിൽ കൊള്ളക്കാർ വന്നാൽ,
ൾക്കു വേണ്ടുവോളം മോഷ്ടി
? മുന്തിരിപ്പഴം പറിക്കുന്നവർ
ുക്കൽ വന്നാൽ അവർ ഏതാ
പ്പഴം ശേഷിപ്പിക്കയില്ലയോ?
ള്ളവയെ കണ്ടുപിടിച്ചിരിക്കു
ൻെറ നിക്ഷേപങ്ങളെ കൊള്ള
നതും എങ്ങനെ? നിന്നോടു
രെല്ലാം നിന്നെ അതിരോളം
ത്തു; നിന്നോടു സന്ധി
ിൻെറ ശക്തി ക്ഷയിപ്പിച്ചിരി
ൻെറ ആഹാരം ഭക്ഷിക്കുന്നവർ
നി വയ്ക്കുന്നു; വിവേകികൾ
അക്കാലത്ത് ഞാൻ എദോ
ാനികളെയും ഏശാവിൻെറ
ിനിന്നു വിവേകികളേയും
എന്നു കർത്താവ് കല്പിക്കു
ൻെറ പർവ്വതത്തിൽ ഏവനും
പ്പെടും. തേമാനേ, നിൻെറ
ുപോകും. നിൻെറ സഹോ

ദരനായ യാക്കോബിനോടു നീ ചെയ്ത അപ
ഹാരവും കൊലയും നിമിത്തം ലജ്ജ നിന്നെ
മൂടും; നീ എന്നേക്കുമായി ഛേദിക്കപ്പെടും. 11
അന്യജാതിക്കാർ അവൻെറ സ്വത്തു അപ
ഹരിച്ചുകൊണ്ടുപോകുകയും അന്യദേശ
ക്കാർ അവൻെറ ഗോപുരങ്ങളിൽ കടന്നു
യറുശലേമിനു ചീട്ടിടുകയും ചെയ്ത നാളിൽ
നീയും അവരിൽ ഒരുത്തനെപ്പോലെ ആ
കും. നിൻെറ സഹോദരൻെറ ദിവസം, അവ 12
ൻെറ അനർത്ഥദിവസം നീ കണ്ടു രസിക്കേ
ണ്ടിയിരുന്നില്ല; നീ യഹൂദ്യരെക്കുറിച്ചു അവ
രുടെ അപകടദിവസത്തിൽ സന്തോഷിക്കേ
ണ്ടതല്ലായിരുന്നു, അവരുടെ കഷ്ടദിവസ
ത്തിൽ നീ വമ്പു പറയേണ്ടിയിരുന്നില്ല.
എൻെറ ജനത്തിൻെറ അനർത്ഥദിവസ 13
ത്തിൽ നീ അവരുടെ വാതിലിനകത്തു കട
ക്കേണ്ടിയിരുന്നില്ല; അവരുടെ അനർത്ഥദിവ
സത്തിൽ നീ അവരുടെ അനർത്ഥം കണ്ടു
രസിക്കേണ്ടിയിരുന്നില്ല; അവരുടെ ആപത്തു
ദിവസത്തിൽ അവരുടെ സമ്പത്തിന്മേൽ
നീ കൈവയ്ക്കേണ്ടിയിരുന്നില്ല. പലായനം 14
ചെയ്യവരെ ഛേദിച്ചുകളയുവാൻ നീ
വഴിക്കോണിൽ നില്ക്കേണ്ടിയിരുന്നില്ല;
കഷ്ടതദിവസത്തിൽ അവനു ശേഷിച്ചവരെ
നീ ഏല്പിച്ചു കൊടുക്കേണ്ടിയിരുന്നില്ല.
സകല ജാതികൾക്കും കർത്താവിൻെറ 15
ദിവസം അടുത്തിരിക്കുന്നു; നീ ചെയ്തതു
പോലെ നിന്നോടും ചെയ്യും; നിൻെറ പ്രവൃ
ത്തി നിൻെറ മേൽ തന്നെ മടങ്ങിവരും.
നിങ്ങൾ എൻെറ വിശുദ്ധ പർവ്വതത്തിൽ 16
വച്ചു കുടിച്ചതു പോലെ ചുററുമുള്ള ജാതി
കളും ഇടവിടാതെ കുടിക്കും; അവർ കുടിച്ച്,
ഭ്രമിക്കുകയും ജനിക്കാത്തവരെപ്പോലെ
ആയിത്തീരുകയും ചെയ്യും. എന്നാൽ 17
സെഹിയോൻ പർവ്വതത്തിൽ ഒരു രക്ഷി
തഗണം ഉണ്ടായിരിക്കും; അതു വിശുദ്ധമാ
യിരിക്കും; യാക്കോബ്ഗൃഹം അവരുടെ
അവകാശങ്ങളെ കൈവശമാക്കും. അന്നു 18
യാക്കോബ്ഗൃഹം തീയും യൌസേഫ്
ഗൃഹം ജ്വാലയും ഏശാവുഗൃഹം വൈ
ക്കോലും ആയിരിക്കും; അവർ അവരെ

കത്തിച്ച് വൈക്കോൽ ദഹിപ്പിച്ചുകളയും;
ഏശാവുഗൃഹത്തിൽ ആരും ശേഷിക്കുക
യില്ല എന്നു കർത്താവ് അരുളിച്ചെയ്തിരിക്കു
19 ന്നു. ദക്ഷിണദേശക്കാർ ഏശാവിൻെറ
പർവ്വതവും സമതലത്തിലുള്ളവർ ഫെലി
സ്ത്യദേശവും കൈവശമാക്കും; അവർ എ
ഫ്രയീം ദേശത്തെയും ശമര്യാദേശത്തെയും
കൈവശമാക്കും; ബെന്യാമീൻ ഗിലെയാ
20 ദിനെ കൈവശമാക്കും. ഈ കോട്ടയിൽ
നിന്നു പ്രവാസികളായി പോയ ഇസ്രായേൽ
മക്കൾ സാരെഫാത്ത്വരെ കനാന്യർക്കുള്ള
ദേശവും ഇസ്ഫാന്യയിലുള്ള യറുശലേമ്യ
പ്രവാസികൾ ദക്ഷിണദേശത്തെ പട്ടണ
ങ്ങളും കൈവശമാക്കും. ഏശാവിൻെറ
പർവ്വതത്തെ ന്യായം വിധിക്കേണ്ടതിനു
രക്ഷിതർ സെഹിയോൻ പർവ്വതത്തിൽ
കയറിച്ചെല്ലും; രാജത്വം കർത്താവിൻേറത്
ആയിരിക്കും.

ഓബദ്യാ പ്രവാചകൻെറ പ്രവചനം സമാപ്തം.

യോനാ

അദ്ധ്യായം 1

ത്ഥായുടെ (മത്തായിയുടെ) മക
യാനയ്ക്കുണ്ടായ കർത്താവിൻെറ
ാടു: നീ പുറപ്പെട്ടു മഹാനഗരമായ
ിലേക്കു ചെന്ന് അതിനു വിരോധ
പസംഗിക്കുക; അവരുടെ തിന്മ
സന്നിധിയിൽ എത്തിയിരിക്കുന്നു.
യോനാ കർത്തൃസന്നിധിയിൽ
ർശീശിലേക്കു ഓടിപ്പോകേണ്ട
റപ്പെട്ട് യോഫായിലേക്കു ചെന്ന്,
ലേക്കു പോകുന്ന ഒരു കപ്പൽ
ലി കൊടുത്ത് കർത്തൃസന്നിധി
അവരോടുകൂടെ തർശീശിലേ
ുവാൻ അതിൽ കയറി. കർത്താവ്
ിൽ ഒരു കൊടുങ്കാറ്റു അടിപ്പിച്ചു;
കർന്നുപോകുവാൻ തക്കവണ്ണം
ൽ വലിയ കോളുണ്ടായി. കപ്പൽ
പ്പെട്ട് ഓരോരുവൻ അവനവൻെറ
നിലവിളിച്ചു; കപ്പലിൻെറ ഭാരം
വാൻ അവർ അതിലെ ചരക്ക്
ൽ എറിഞ്ഞു കളഞ്ഞു. യോനാ
ിൻെറ അടിത്തട്ടിൽ ഇറങ്ങിക്കി
മായി ഉറങ്ങുകയായിരുന്നു. കപ്പി
വൻെറ അടുക്കൽ വന്നു അവ
ഉറങ്ങുന്നതു എന്തു? എഴുന്നേറ്റു
ദവത്തെ വിളിച്ചപേക്ഷിക്കുക;
ച്ചുപോകാതിരിക്കേണ്ടതിനു
മ്മ കടാക്ഷിച്ചേക്കും എന്നു പറ
ന്തരം അവർ: വരുവിൻ; ആരു
ന് ഈ അനർത്ഥം നമ്മുടെമേൽ
ന്നത് എന്നറിയുവാൻ നമുക്ക് ചീ
പരസ്പരം പറഞ്ഞു. യോനാ
വീണു. അവർ അവനോടു: ഈ
മ്മുടെമേൽ എന്തുകൊണ്ടു
നീ പറഞ്ഞുതരണം; നിൻെറ
? നീ എവിടെനിന്നു വരുന്നു?
ൻെറ നാട്? നീ ഏതു ജാതി
ന്നു ചോദിച്ചു. അവൻ അവ
ൻ ഒരു എബ്രായൻ; കടലും
ഷ്ടിച്ച സ്വർഗ്ഗീയ ദൈവമായ
കർത്താവിനെ ഞാൻ ആരാധിക്കുന്നു
എന്നു പറഞ്ഞു. അവർ വളരെ ഭയപ്പെട്ടു 10
അവനോടു: നീ എന്താണ് ചെയ്തത് എന്നു
ചോദിച്ചു. അവൻ കർത്താവിൻെറ സന്നിധി
യിൽനിന്ന് ഓടിപ്പോകുന്നു എന്നു അവർ
അറിഞ്ഞു. സമുദ്രം മേല്ക്കുമേൽ അധികം 11
കോപിച്ചതുകൊണ്ടു അവർ അവനോടു:
സമുദ്രം അടങ്ങുവാൻ വേണ്ടി ഞങ്ങൾ
നിന്നോട് എന്താണ് ചെയ്യേണ്ടത് എന്നു
ചോദിച്ചു. അവൻ അവരോടു: എന്നെ 12
എടുത്തു സമുദ്രത്തിൽ എറിഞ്ഞുകളവിൻ;
അപ്പോൾ സമുദ്രം അടങ്ങും; എൻെറ നിമി
ത്തമാണ് ഈ വലിയ കൊടുങ്കാറ്റ് നിങ്ങൾ
ക്ക് തട്ടിയിരിക്കുന്നത് എന്നു ഞാൻ അറി
യുന്നു എന്നു പറഞ്ഞു. എന്നാൽ അവർ 13
കരയ്ക്കു അടുക്കുവാൻ ശക്തിയായി തുഴ
ഞ്ഞു. എങ്കിലും സമുദ്രം കോപിച്ചു കാറ്റു
വർദ്ധിച്ചുവന്നതിനാൽ അവർക്കു സാധ്യ
മായില്ല, അവർ ദൈവത്തോടു നിലവിളിച്ചു: 14
കർത്താവേ, ഈ മനുഷ്യൻെറ ജീവൻ നിമി
ത്തം ഞങ്ങൾ നശിച്ചുപോകരുതേ; കുറ്റമി
ല്ലാത്ത രക്തം ചൊരിഞ്ഞു കുറ്റം ഞങ്ങ
ളുടെമേൽ വരുത്തരുതേ; നാഥാ, നിനക്കു
തിരുവിഷ്ടമായതുപോലെ നീ ചെയ്തിരി
ക്കുന്നു എന്നു പറഞ്ഞു. പിന്നെ അവർ 15
യോനായെ എടുത്തു സമുദ്രത്തിൽ ഇട്ടു
കളഞ്ഞു. സമുദ്രകോപം അടങ്ങുകയും
ചെയ്തു. അപ്പോൾ അവർ കർത്താവിനെ 16
അത്യന്തം ഭയപ്പെട്ട് കർത്താവിനു യാഗം
കഴിച്ചു നേർച്ചകളും നേർന്നു. യോനായെ 17
വിഴുങ്ങേണ്ടതിനു കർത്താവ് ഒരു മഹാമ
ത്സ്യത്തെ നിയോഗിച്ചിരുന്നു. അങ്ങനെ യോ
നാ മൂന്നു രാവും മൂന്നു പകലും ആ മത്സ്യ
ത്തിൻെറ വയറ്റിൽ കിടന്നു.

അദ്ധ്യായം 2

യോനാ മത്സ്യത്തിൻെറ വയറ്റിൽ വെച്ചു 1
തൻെറ ദൈവമായ കർത്താവിനോടു
പ്രാർത്ഥിച്ചു; ഞാൻ എൻെറ കഷ്ടതയിൽ 2
കർത്താവിനോടു നിലവിളിച്ചു; അവൻ
എനിക്കു ഉത്തരം അരുളി; ഞാൻ പാതാള

ത്തിൻെറ വയറ്റിൽനിന്നു നിലവിളിച്ചു; നീ
3 എൻെറ നിലവിളി കേട്ടു. നീ എന്നെ സമുദ്ര
മദ്ധ്യേ ആഴത്തിൽ ഇട്ടുകളഞ്ഞു; പ്രവാഹം
എന്നെ ചുറ്റി നിൻെറ ഓളങ്ങളും തിരകളു
മെല്ലാം എൻെറ മീതെ കടന്നുപോയി.
4 നിൻെറ ദൃഷ്ടിയിൽനിന്നു ഞാൻ നിഷ്കാ
സിതനായി; എങ്കിലും ഞാൻ നിൻെറ
വിശുദ്ധമന്ദിരത്തിങ്കലേക്കു നോക്കിക്കൊ
5 ണ്ടിരിക്കും. വെള്ളം പ്രാണനോളം എന്നെ
വളഞ്ഞു. ആഴി എന്നെ ചുറ്റി, പായൽ
6 എൻെറ തലപ്പാവായിരുന്നു. ഞാൻ പർവ്വത
ങ്ങളുടെ അടിവാരങ്ങളോളം ഇറങ്ങി. ഭൂമി
തൻെറ സാക്ഷാകളാൽ എന്നെ എന്നേക്കും
അടച്ചിരുന്നു. നീയോ, എൻെറ ദൈവമായ
7 കർത്താവേ, എൻെറ പ്രാണനെ കുഴിയിൽ
നിന്നു കയറ്റിയിരിക്കുന്നു. എൻെറ പ്രാണൻ
എൻെറ ഉള്ളിൽ വിഷാദിച്ചുപോയപ്പോൾ
ഞാൻ കർത്താവിനെ ഓർത്തു, എൻെറ
പ്രാർത്ഥന നിൻെറ വിശുദ്ധമന്ദിരത്തിൽ
8 നിൻെറ അടുക്കൽ എത്തി. വിഗ്രഹാ
രാധികൾ നിൻെറ ദയയെ ഉപേക്ഷിക്കുന്നു.
9 ഞാനോ സ്തോത്രനാദത്തോടെ നിനക്കു
യാഗം അർപ്പിക്കും; നേർന്നിരിക്കുന്നതു
ഞാൻ കഴിക്കും. രക്ഷ കർത്തൃസന്നി
10 ധിയിൽനിന്നു വരുന്നു. ദൈവം മത്സ്യ
ത്തോടു കല്പിച്ചിട്ട് അതു യോനയെ കര
യിൽ ഛർദ്ദിച്ചു.

അദ്ധ്യായം 3

1 കർത്തൃകല്പന രണ്ടാമതും യോന
2 യ്ക്ക് ഉണ്ടായി. നീ പുറപ്പെട്ട് മഹാനഗര
മായ നിനുവയിലേക്കു ചെന്നു ഞാൻ
നിന്നോടു അരുളിച്ചെയ്യുന്ന പ്രസംഗം അതി
3 നോടു പ്രസംഗിക്ക! അങ്ങനെ യോനാ പുറ
പ്പെട്ട് കർത്താവിൻെറ കല്പനപ്രകാരം
നിനുവയിലേക്കു ചെന്നു. നിനുവ മൂന്നു
ദിവസത്തെ വഴിയുള്ള അതിവിശാലമായോ
4 രു നഗരമായിരുന്നു. യോനാ നഗരത്തിൽ
കടന്ന് ആദ്യം ഒരു ദിവസത്തെ വഴി ചെന്നു:
ഇനി നാല്പതു ദിവസം കഴിഞ്ഞാൽ നിനുവ
ഉന്മൂലമായി നശിക്കും എന്നു വിളിച്ചുപറ
5 ഞ്ഞു. നിനുവക്കാർ ദൈവത്തിൽ വിശ്വസി
ച്ച് ഒരു ഉപവാസം പ്രഖ്യാപിച്ചു. വലിയ
വരും ചെറിയവരും ഒരുപോലെ രട്ടുടുത്തു.
6 വാർത്ത നിനുവരാജാവിൻെറ അടുക്കൽ
എത്തിയപ്പോൾ അവൻ സിംഹാസന
ത്തിൽനിന്നു എഴുന്നേറ്റു കിരീടം നീക്കി
വച്ച് രട്ടു പുതച്ച് ചാരത്തിൽ ഇരുന്നു. അവർ
7 നിനുവയിലെല്ലാം പരസ്യപ്പെടുത്തി
യതു എന്തെന്നാൽ: രാജാവിൻെറയും
അവൻെറ പ്രഭുക്കന്മാരുടെയും ആജ്ഞ
കേൾപ്പിൻ: മനുഷ്യനോ മൃഗമോ കന്നുകാ
ലിയോ ആടോ ഒന്നും ആസ്വദിക്കരുത്;
മേയുകയും വെള്ളം കുടിക്കയും അരുത്.
മനുഷ്യനും മൃഗവും രട്ടുപുതച്ച് ഉച്ചത്തിൽ 8
ദൈവത്തോടു വിളിച്ചപേക്ഷിക്കണം; ഓരോ
രുവൻ താന്താൻെറ ദുർമ്മാർഗ്ഗവും താന്താ
ൻെറ അക്രമവും വിട്ടു അനുതപിക്കുകയും
വേണം. തൻെറ മനസ്സുമാറി, നാം നശിച്ചു 9
പോകാതിരിക്കേണ്ടതിനു അവൻെറ ഉഗ്ര
കോപം ദൈവം വിട്ടുമാറുമായിരിക്കും; ആർ
ക്കറിയാം. അവർ ദുർമ്മാർഗ്ഗം പരിത്യജിച്ചു 10
എന്നു ദൈവം അവരുടെ പ്രവൃത്തികളാൽ
കണ്ടപ്പോൾ താൻ അവർക്കു വരുത്തുമെ
ന്നു അരുളിച്ചെയ്തിരുന്ന നാശത്തെക്കുറിച്ചു
ദൈവം മനസ്സു മാറ്റി; അതു വരുത്തിയ
തുമില്ല.

അദ്ധ്യായം 4

യോനായ്ക്കു ഇതു വളരെ ദുഃഖമായി, 1
അവനു വിഷമം തോന്നി. അവൻ കർത്താ
വിനോടു പ്രാർത്ഥിച്ചു: കർത്താവേ, ഞാൻ 2
എൻെറ ദേശത്തു ആയിരുന്നപ്പോൾ ഞാൻ
പറഞ്ഞ വാക്കു ഇതുതന്നെ അല്ലയോ?
അതുകൊണ്ടായിരുന്നു ഞാൻ തർശീശി
ലേക്കു ധൃതിയായി ഓടിപ്പോയത്; നീ കൃപ
യും കരുണയും ദീർഘക്ഷമയും മഹാദയയു
മുള്ള ദൈവമായി, അനർത്ഥം മാറ്റുന്നവൻ
എന്നു ഞാൻ അറിഞ്ഞിരുന്നു. ആകയാൽ 3
കർത്താവേ, എൻെറ പ്രാണനെ എടുത്തു
കൊള്ളേണമേ; ജീവിച്ചിരിക്കുന്നതിനെ
ക്കാൾ മരിക്കുന്നതു എനിക്കു നല്ലത് എന്നു
പറഞ്ഞു. "നീ വിഷമിക്കുന്നതു വിഹിത 4
മോ" എന്നു കർത്താവ് ചോദിച്ചു.
അനന്തരം യോനാ നഗരം വിട്ട് ചെന്നു 5
നഗരത്തിൻെറ കിഴക്കുവശത്തു ഇരുന്നു;
അവിടെ ഒരു കുടിലുണ്ടാക്കി നഗരത്തിന്
എന്തു സംഭവിക്കും എന്നു കാണുവാൻ
അതിൻെറ തണലിൽ പാർത്തു. യോനായെ 6
അവൻെറ സങ്കടത്തിൽ നിന്നു ആശ്വസിപ്പി
ക്കുവാൻ അവൻെറ തലയ്ക്കു തണൽ
ആയിരിക്കേണ്ടതിനു കർത്താവായ ദൈവം
ഒരു ആവണക്കു കല്പിച്ചുണ്ടാക്കി, അതു
അവനു മീതെ വളർന്നു പൊങ്ങി; യോനാ
ആവണക്കു നിമിത്തം വളരെ സന്തോഷിച്ചു.
പിറ്റെ ദിവസം പുലർന്നപ്പോൾ ദൈവം ഒരു
പുഴുവിനെ കല്പിച്ചുവിട്ടു; അത് ആവണ 7
ക്കു നശിപ്പിച്ചുകളഞ്ഞു, അതു വാടിപ്പോയി.
സൂര്യൻ ഉദിച്ചപ്പോൾ ദൈവം അത്യുഷ്ണ 8
മുള്ള ഒരു കിഴക്കൻ കാറ്റു വരുത്തി. യോനാ

ലയിൽ വെയിൽ കൊണ്ടപ്പോൾ അ
ീണിച്ചു, മരിച്ചാൽ മതി എന്നാഗ്ര
എൻെറ ജീവൻ എടുപ്പാൻ നിനക്കു
ല്ലോ, എൻെറ പിതാക്കന്മാരെ
ാൻ നല്ലവനല്ലല്ലോ" എന്നു പറ
ദൈവം യോനയോട് ആവണക്ക്
നീ ദുഃഖിക്കുന്നതു യോഗ്യമോ?
ാദിച്ചതിന്, ഞാൻ മരണപര്യന്തം
ന്നത് വിഹിതം എന്നു പറഞ്ഞു.
അവനോട്; നീ പണിപ്പെടുകയോ
വളർത്തുകയോ ചെയ്യാതെ, ഒരു രാത്രിയിൽ
ഉണ്ടായിവരികയും ഒരു രാത്രിയിൽ നശിച്ചു
പോകയും ചെയ്തിരിക്കുന്ന ആവണക്കിനെ
ക്കുറിച്ചു നിനക്കു വിഷാദം തോന്നുന്നു
വല്ലോ. എന്നാൽ വലങ്കയ്യും ഇടങ്കയ്യും 11
തമ്മിൽ തിരിച്ചറിഞ്ഞുകൂടാത്ത ഒരുലക്ഷ
ത്തിരുപതിനായിരത്തിൽ പരം മനുഷ്യരും
അനേകം മൃഗങ്ങളുമുള്ള മഹാനഗരമായ
നിനുവയോടു എനിക്കു സഹതാപം തോന്ന
രുതോ? എന്നു ചോദിച്ചു.

യോനാ പ്രവാചകൻെറ പ്രവചനം സമാപ്തം.

മീഖാ

അദ്ധ്യായം 1

1 യോഥാം, ആഹാസ്, ഹെസക്കിയാ
എന്നീ യഹൂദാരാജാക്കന്മാരുടെ കാലത്തു
മോരസ്ത്യനായ മീഖയ്ക്കു ഉണ്ടായ ദർശനം.
അവൻ ശമര്യയെയും യറുശലേമിനെയും
കുറിച്ചു പ്രസ്താവിച്ച കർത്താവിൻെറ അരുള
പ്പാടു:
2 സകല ജാതികളുമേ, കേൾപ്പിൻ; ഭൂമി
യും അതിലുള്ള സകലവുമേ, ശ്രദ്ധിപ്പിൻ;
ദൈവമായ കർത്താവു, തൻെറ വിശുദ്ധ
മന്ദിരത്തിൽനിന്നു നിങ്ങൾക്കു വിരോധ
3 മായി സാക്ഷിയായിരിക്കട്ടെ. കർത്താവു
തൻെറ സ്ഥാനത്തുനിന്നു പുറപ്പെട്ടു ഇറ
ങ്ങിവന്ന് ഭൂമിയിലെ ഗിരികളിന്മേൽ നട
4 ക്കുന്നു. അഗ്നിയുടെ മുമ്പിൽ മെഴുകുപോ
ലെയും കിഴുക്കാന്തൂക്കത്തിൽ പ്രവഹിക്കു
ന്ന വെള്ളംപോലെയും പർവതങ്ങൾ അവ
ൻെറ കീഴിൽ ഉരുകുകയും താഴ്വരകൾ
5 പിളർന്നുപോകയും ചെയ്യുന്നു. ഇതെല്ലാം
യാക്കോബിൻെറ അതിക്രമം നിമിത്തവും
ഇസ്രായേൽ ഗൃഹത്തിൻെറ പാപങ്ങൾ
മൂലവുമാകുന്നു. യാക്കോബിൻെറ അതി
ക്രമം എന്ത്? അതു ശമര്യയല്ലയോ? യഹൂദ
യുടെ പാപങ്ങൾ ഏവ? യറുശലേം അല്ല
6 യോ? ആകയാൽ ഞാൻ ശമര്യയിലെ
മുന്തിരികൃഷിചെയ്യാനുള്ള വയലിനെ
കൽക്കുന്നുപോലെ ആക്കും; ഞാൻ അതി
ൻെറ കല്ലു താഴ്വരയിലേക്കു തള്ളി
യിടും, അതിൻെറ അടിസ്ഥാനങ്ങളെ
7 അനാവൃതമാക്കുകയും ചെയ്യും. അതിലെ
സർവ്വ വിഗ്രഹങ്ങളും തകരും; അതിൻെറ
സകല വേശ്യാസമ്പാദ്യങ്ങളും തീപിടിച്ചു
വെന്തുപോകും; അതിലെ സകല ബിംബ
ങ്ങളെയും ഞാൻ ശൂന്യമാക്കും; വേശ്യാ
സമ്പത്തുകൊണ്ടല്ലോ അവൾ അതു ശേഖ
രിച്ചതു; അവ വീണ്ടും വേശ്യാസമ്മാനമായി
8 ഭവിക്കും. അതുകൊണ്ടു നീ വിലപിച്ചു
കരയുക; നീ നഗ്നപാദനും നഗ്നനുമായി
നടക്കുക; നീ കുറുനരികളെപ്പോലെ വില
പിച്ചു, ഒട്ടകപ്പക്ഷികളെപ്പോലെ കരയുക.
അവളുടെ മുറിവു അതിവേദനയുള്ളത്; 9
അതു യഹൂദയോളം വ്യാപിച്ചു, എൻെറ
ജനത്തിൻെറ ഗോപുരമായ യറുശലേമി
നോളം എത്തിയിരിക്കുന്നു. അതു ഗത്തിൽ 10
നിങ്ങൾ പ്രസ്താവിപ്പിൻ; അല്പവും
കരയരുതു; ബേത്ത്-അഫ്രോയിൽ (മണ്
വീടു) അവർ മണ്ണിൽ ഉരുണ്ടിരിക്കുന്നു.
ശാഫീർ(മനോഹരി) നഗരവാസികളേ, 11
ലജ്ജയും നഗ്നതയും ധരിച്ചു കടന്നുപോകു
വിൻ; സയനാൻ നിവാസികൾ പുറപ്പെ
ടുവാൻ ധൈര്യപ്പെടുന്നില്ല; ബേത്ത്-
ഏസെലിൻെറ വിലാപം നിങ്ങൾക്കു അവി
ടെ താമസിപ്പാൻ അസാദ്ധ്യമാക്കും. കർത്താ 12
സന്നിധിയിൽനിന്നു യറുശലേം ഗോപുര
ത്തിങ്കൽ അനർത്ഥം ഇറങ്ങിയിരിക്കുന്നു;
മാരോ നിവാസികൾ നന്മയ്ക്കായി കാത്തു
കാത്തിരുന്നു. ലാക്കീശ് നഗരവാസികളേ, 13
അശ്വങ്ങളെ രഥത്തിനു കെട്ടുവിൻ; അവർ
സെഹിയോൻ പുത്രിക്കു പാപകാരണമാ
യിത്തീർന്നു; ഇസ്രായേലിൻെറ അധർമ്മ
ങ്ങൾ നിന്നിൽ കണ്ടിരിക്കുന്നു. അതുകൊ 14
ണ്ടു നീ ഗത്തിനു ഉപേക്ഷണം കൊടുക്കേ
ണ്ടിവരും; വ്യാജഭവനങ്ങൾ ഇസ്രായേൽ
രാജാക്കന്മാർക്കു ആശാഭംഗത്തിനായി
ത്തീരും. മരേശാ നിവാസികളെ, കീഴ്പെടു
ത്തുന്ന ഒരുവനെ ഞാൻ നിങ്ങളുടെ
നേരെ വരുത്തും; ഇസ്രായേലിൻെറ മഹിമ
എന്നേക്കുമിരിക്കും. നിൻെറ ഓമന
ക്കുഞ്ഞുങ്ങൾ നിമിത്തം തല മുണ്ഡനം
ചെയ്യുക; കഴുകനെപ്പോലെ നിൻെറ
കഷണ്ടിയെ വിസ്തൃതമാക്കുക; അവർ
നിന്നെ വിട്ടു അടിമത്വത്തിലേക്കു
പോയല്ലോ.

അദ്ധ്യായം 2

ശയ്യയിൽ നീതികേടു ആലോചിച്ച് തിന്മ
പ്രവർത്തിക്കുന്നവർക്കു കഷ്ടം; അവർക്കു
കഴിവുള്ളതിനാൽ പ്രഭാതത്തിൽ അവർ
അതു നടപ്പിലാക്കുന്നു. കൈകൾ ദൈവ
ങ്കലേക്കുയർത്തുന്നു. അവർ വയലുകളെ
മോഹിച്ച് അപഹരിക്കുന്നു; അവർ വീടുകൾ

ച്ച് കൈക്കലാക്കുന്നു; അങ്ങനെ
ടമസ്ഥനെയും അവൻെറ കുടുംബ
മനുഷ്യനെയും അവൻെറ അവ
ായും പീഡിപ്പിക്കുന്നു. ആകയാൽ
വ് അരുളിച്ചെയ്യുന്നു: ഞാൻ ഈ
ിൻെറനേരെ അനർത്ഥങ്ങൾ ഒരു
ക്കുന്നു; അതിൽനിന്നു നിങ്ങൾ നി
തല വലിയ്ക്കുവാൻ കഴിയുകയി
ന്നു നടക്കയുമില്ല; ഇതു ദുഷ്കാ
അക്കാലത്തു നിങ്ങളെക്കുറിച്ചു
ഹാസവാക്യം പാടും, ഒരു വിലാപം
യും ചെയ്യും. എല്ലാം തീർന്നു;
പൂർണ്ണസംഹാരം സംഭവിച്ചിരിക്കു
ൻ എൻെറ ജനത്തിൻെറ ഓഹരി
ത്തു; അവൻ അതു എന്നിൽനിന്നു
ളഞ്ഞു; വിശ്വാസത്യാഗികൾക്കു
മ്മുടെ വയലുകളെ വിഭാഗിച്ചു
ന്നു എന്നു പറയും. അതിനാൽ
ിൻെറ സഭയിൽ ഓഹരിക്കായുള്ള
ൽ പിടിക്കുവാൻ നിനക്കു ആരും
യില്ല. ഇവരെക്കുറിച്ചു നിങ്ങൾ
. അവൻെറ തന്ത്രങ്ങളാൽ
ിൻെറ ആത്മാവിനെ കോപി
ക്കോബ് ഗൃഹത്തിന്മേലുള്ള
നിങ്ങളെ പിടികൂടാതിരി
്യമായി നടക്കുന്നവന് എൻെറ
ഗുണകരമല്ലയോ? എൻെറ
മാധാനത്തിന് ശത്രുവായി
രിക്കുന്നു; യുദ്ധവിമുഖരായി
യി കടന്നു പോകുന്നവരുടെ
ന്മേൽനിന്നു നിങ്ങൾ മേലങ്കി
ക്കുന്നു. നിങ്ങൾ എൻെറ
ൻെറ സ്ത്രീകളെ അവരുടെ
യ വീടുകളിൽനിന്നു ഇറക്കിവി
വരുടെ പൈതങ്ങളിൽനിന്ന്
മഹത്വം എക്കാലത്തേക്കും
കളയുന്നു. ഇവിടെനിന്നു പുറ
ുവിൻ; നാശത്തിനു, കഠിന
കാരണമായിരിക്കുന്ന മാലിന്യം
ഇതു നിങ്ങൾക്കു വിശ്രമ
സ്ഥലമല്ല. ഒരുത്തൻ
വ്യാജത്തെയും പിൻചെന്നു:
ത്തിനെക്കുറിച്ചും മദ്യപാന
ും നിന്നോടു പ്രസംഗിക്കും;
വ്യാജം പറഞ്ഞാൽ അവനും
നു ഒത്ത ഒരു പ്രസംഗിയായി

ബ, ഞാൻ നിനക്കുള്ളവരെ
ത്തുകൊള്ളും; ഇസ്രായേലിൽ,
ഞാൻ ശേഖരിക്കും; തൊഴു
ത്തിലെ ആടുകളെപ്പോലെ, മേച്ചിൽസ്ഥ
ലത്തെ ആട്ടിൻകുട്ടത്തെപ്പോലെ, ഞാൻ
അവരെ ഒരുമിച്ചുകൂട്ടും; ആൾക്കൂട്ടം മൂലം
അവിടെ മുഴക്കം ഉണ്ടാകും. മതിൽ തകർ
ക്കുന്നവർ അവർക്കു മുമ്പായി പുറപ്പെടും;
അവർ തകർത്ത് ഗോപുരത്തിൽക്കൂടി കട 13
ക്കുകയും പുറപ്പെടുകയും ചെയ്യും; അവ
രുടെ രാജാവു അവർക്കു മുമ്പായി നടക്കും,
കർത്താവ് അവരെ നയിക്കും.

അദ്ധ്യായം 3

അവൻ പറഞ്ഞു: യാക്കോബിൻെറ 1
തലവന്മാരും ഇസ്രായേൽ ഗൃഹത്തിൻെറ
അധിപന്മാരുമേ, കേൾപ്പിൻ! നിങ്ങൾക്കു
ന്യായം അറിയേണ്ടയോ? നിങ്ങൾ നന്മയെ 2
ദ്വേഷിച്ച് തിന്മ ഇച്ഛിക്കുന്നു; നിങ്ങൾ
തൊലി അവരുടെ മേൽ നിന്നും മാംസം
അവരുടെ അസ്ഥികളിൽനിന്നും ഉരിഞ്ഞെ
ടുക്കുന്നു. നിങ്ങൾ എൻെറ ജനത്തിൻെറ 3
മാംസം തിന്ന് അവരുടെ തൊലി അവരുടെ
മേൽ നിന്ന് ഉരിച്ചുകളയുന്നു; നിങ്ങൾ
അവരുടെ അസ്ഥികൾ ഒടിച്ചു കലത്തിൽ
ഇടുന്നു, കുട്ടകത്തിനകത്തെ മാംസംപോ
ലെ മുറിച്ചിടുന്നു. അന്നു അവർ
കർത്താവിനോട് നിലവിളിക്കും; എന്നാൽ 4
അവൻ അവർക്കു ഉത്തരം അരുളുകയില്ല;
അവർ ദുഷ്പ്രവൃത്തികൾ ചെയ്തതിനൊ
ത്തതുപോലെ അവൻ അക്കാലത്ത് അവർ
ക്കു തൻെറ മുഖം മറയ്ക്കും. എൻെറ ജന 5
ത്തെ വഴിതെററിച്ചു കളയുകയും പല്ലിനു
കടിക്കുവാൻ വല്ലതും കിട്ടിയാൽ സമാ
ധാനം പ്രസംഗിക്കുകയും ഭക്ഷണം കൊടു
ക്കാത്തവൻെറ നേരെ യുദ്ധം പ്രഖ്യാപി
ക്കുകയും ചെയ്യുന്ന പ്രവാചകന്മാരെക്കുറിച്ച്
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
നിങ്ങൾക്കു ദർശനമില്ലാത്ത രാത്രിയും 6
ഭാവി പറയുവാൻ കഴിയാത്ത ഇരുട്ടും
ഉണ്ടാകും. പ്രവാചകന്മാർക്ക് സൂര്യൻ
അസ്തമിക്കുകയും പകൽ ഇരുളാകുകയും
ചെയ്യും. അപ്പോൾ പ്രവാചകന്മാർ ലജ്ജി 7
ക്കും; ഭാവി പറയുന്നവർ നാണിക്കും; ദൈവ
ത്തിൻെറ ഉത്തരം ഇല്ലായ്കകൊണ്ട് അവ
രെല്ലാം വായടയ്ക്കും. എങ്കിലും ഞാൻ 8
യാക്കോബിനോടു അവൻെറ അതി
ക്രമവും ഇസ്രായേലിനോടു അവൻെറ
പാപവും വിളിച്ചു പറയേണ്ടതിനു കർത്താ
വിൻെറ ആത്മാവിനാൽ ശക്തിയും ന്യായ
വും വീര്യവുംകൊണ്ടു നിറഞ്ഞിരിക്കുന്നു.
ന്യായത്തെ വെറുക്കുകയും നേരെയുള്ളവ 9
യെല്ലാം വളച്ചൊടിക്കുകയും ചെയ്യുന്ന

യാക്കോബ് ഗൃഹത്തിന്റെ തലവന്മാരും
ഇസ്രായേൽ ഗൃഹത്തിന്റെ അധിപന്മാ
10 രുമേ, കേൾപ്പിൻ - അവർ സെഹിയോനെ
രക്തച്ചൊരിച്ചിൽകൊണ്ടും യറുശലേമിനെ
പീഡനംകൊണ്ടുമാണു പണിയുന്നത്. അ
തിലെ നേതാക്കന്മാർ കോഴ വാങ്ങി ന്യായ
11 വിധി നടത്തുന്നു. അവിടുത്തെ പുരോഹിത
ന്മാർ പ്രതിഫലം വാങ്ങി ഉപദേശിക്കുന്നു.
അവിടത്തെ പ്രവാചകർ പണം വാങ്ങി ല
ക്ഷണം പറച്ചിൽ നടത്തുന്നു. എന്നിട്ടും അ
വർ പറയുന്നത്, കർത്താവിൽ ഞങ്ങൾ
ആശ്രയിച്ചു. കർത്താവ് നമ്മുടെ മദ്ധ്യത്തി
ലുണ്ട്, നമുക്ക് ഒരാപത്തുമുണ്ടാകുകയില്ല
12 എന്നാണ്! ആകയാൽ നിങ്ങൾ നിമിത്തം
സെഹിയോനെ ഒരു വയൽപോലെ ഉഴു
തുമറിക്കും. യറുശലേം കൽകൂമ്പാരങ്ങളും
ആലയം നിൽക്കുന്ന മല വനവും ആയി
ത്തീരും.

അദ്ധ്യായം 4

1 അവസാനകാലങ്ങളിൽ ദൈവത്തി
ന്റെ ആലയം നിൽക്കുന്ന ഗിരി എല്ലാ
പർവ്വതങ്ങൾക്കും ഉപരിയായി സ്ഥാപിത
വും, കുന്നുകൾക്ക് മേൽ ഉന്നതവുമായിരി
ക്കും. വിജാതികൾ അതിലേക്ക് വന്നെ
2 ത്തും. അനേക വംശങ്ങളും അവിടെയെ
ത്തും. വരുവിൻ, നമുക്ക് ദൈവത്തിന്റെ
ഗിരിയിലേക്കും യാക്കോബിന്റെ ദൈവ
ത്തിന്റെ ആലയത്തിലേക്കും കയറിപ്പോ
കാം. അവൻ തന്റെ വഴികൾ നമ്മെ പഠി
പ്പിക്കും. നാം അവന്റെ മാർഗ്ഗങ്ങളിലൂടെ
നടക്കുകയും ചെയ്യും എന്നു പറയും. സെഹി
യോനിൽനിന്ന് ഉപദേശപ്രമാണവും യറു
ശലേമിൽനിന്നു ദൈവത്തിന്റെ വചനവും
3 പുറപ്പെടും. അവൻ അനേക ജാതികളുടെ
മദ്ധ്യേ ന്യായം വിധിക്കും: വിദൂരവംശങ്ങൾ
ക്കു താൻ വിധികർത്താവുമായിരിക്കും.
അവർ അവരുടെ വാളുകൾ കൊഴുവായും,
കുന്തങ്ങളെ അരിവാളുകളായും മാററി
പ്പണിയും. ജാതികൾ പരസ്പരം വാൾ
എടുക്കയില്ല. ഇനിയും, അവർ യുദ്ധാ
4 ഭ്യാസം ചെയ്യുകയില്ല. ഓരോരുവനും അവന
വന്റെ മുന്തിരിവള്ളികൾക്കു കിഴിലും,
അത്തിവൃക്ഷച്ചുവട്ടിലും ഇരിക്കും. ആരും
അവരെ ഭയപ്പെടുത്തുകയില്ല. ബലവാ
നായ ദൈവത്തിന്റെ തിരുവായാണ് ഇത്
5 അരുളിച്ചെയ്തിരിക്കുന്നത്. ഓരോ ജാതി
യും അവരുടെ ദേവന്റെ നാമത്തിൽ
നടക്കുന്നു. നാമും നമ്മുടെ ദൈവത്തി
6 ന്റെ നാമത്തിൽ എന്നുമെന്നും നടക്കും.

ചിതറിപ്പോയവരേയും, ഞാൻ ഓടിച്ച
വരേയും ഞാൻ കൂട്ടിവരുത്തും. അകലെ
പ്പോയിരുന്നവരെ വലിയ ജാതിയാക്കുകയും
ചെയ്യും എന്നു കർത്താവ് കല്പിക്കുന്നു.
കർത്താവ് സെഹിയോൻ ഗിരിയിൽ ഇന്നു
മുതൽ ശാശ്വതമായി അവർക്ക് രാജാവാ
യിരിക്കും.

അജഗണത്തിന്റെ ഗോപുരമേ,
സെഹിയോൻ പുത്രിയുടെ പർവ്വതമേ,
പൂർവ്വകാലത്തെ ആധിപത്യം, യറുശലേ
പുത്രിയുടെ രാജത്വം നിനക്കുണ്ടാകും. നി
തിന്മ ചെയ്തു. എന്തിനു? നിനക്കു
സ്വന്തമായ രാജാവില്ലയോ? നിന്റെ
ഉപദേശകർ മരിച്ചുപോയോ? പ്രസ
വവേദനപോലുള്ള അസഹ്യ വേദന നിന്നെ
ബാധിച്ചിരിക്കുന്നതും എന്ത്? സെഹിയോൻ
പുത്രി! പ്രസവവേദനയുള്ള സ്ത്രീ
യെപ്പോലെ നീ വേദനയനുഭവിക്കുക.
ഇപ്പോൾ നീ ഈ നഗരം വിട്ടു പോകും.
വിജനപ്രദേശത്തു വസിക്കേണ്ടിവരും.
ബാബിലോണിലേക്കു പോകേണ്ടിയും
വരും. അവിടെ വച്ച് നീ രക്ഷിതയാകും. ശത്രു
വിന്റെ കൈയിൽനിന്നു കർത്താവു നിന്നെ
വീണ്ടെടുക്കും. അവൾ മലിനയായി
ത്തീരട്ടെ. അവളുടെ നാശം കണ്ട് നമുക്ക്
സന്തോഷിക്കാം എന്ന് അനേക ജാതികൾ
നിനക്കെതിരായി കൂടി നിന്നുകൊണ്ട്
പറയുന്നു. എന്നാൽ കർത്താവിന്റെ മന
സ്സ് അവർ അറിയുന്നില്ല. തന്റെ ആ
ലോചനകൾ അവർക്കു മനസ്സിലാകു
ന്നില്ല. കളത്തിലെ കററപോലെ താൻ
അവരെ കൂട്ടി വരുത്തിയിരിക്കുന്നു.
സെഹിയോൻപുത്രിയേ! നീ എഴുന്നേററു
മെതിക്കുക. ഞാൻ നിന്റെ കൊമ്പുകളെ
ഇരുമ്പും, കുളമ്പുകളെ താമ്രവുമാക്കും.
അനേകം ജാതികളെ നീ തകർക്കും.
അവരിൽനിന്നും എടുത്ത കൊള്ളവസ്തു
ക്കൾ നീ കർത്താവിന് സമർപ്പിക്കും.
അവരുടെ സമ്പത്തെല്ലാം നീ സർവ്വ ഭൂമി
യുടേയും നാഥനു അർപ്പിക്കും.

അദ്ധ്യായം 5

സൈന്യങ്ങളുടെ പുത്രീ, നീ സൈന്യ
വുമായി കൂടുക. അവർ വടികൊണ്ട്
ഇസ്രായേലിന്റെ ഇടയന്റെ മുഖത്ത്
അടിക്കുന്നു! ബേത്‌ലഹേം എഫ്രാത്താ
നീ യഹൂദാവംശങ്ങളിൽ (ആയിരങ്ങ
ളിൽ) ചെറുതാണെങ്കിലും എനിക്കായി
ഇസ്രായേലിനെ ഭരിക്കേണ്ടവൻ, നിന്നിൽ
നിന്നുമാണുത്ഭവിക്കുന്നത്! അവൻ ആ

പണ്ടുതന്നെ ഉള്ളവനാകുന്നു.
ൾ പ്രസവവേദനയുള്ളവൾ പ്രസ
തുവരെ അവൻ അവരെ പരിത്യ
അവൻെറ സഹോദരന്മാരിൽ
ുള്ളവർ, ഇസ്രായേൽ ജനത്തി
ിരികെ വരും. അവൻ കർത്താ
ക്തിയോടെ, തൻെറ ദൈവമായ
ിൻെറ മഹിമയോടെ തൻെറ ആടു
യിക്കും. ഭൂസീമകൾവരെ അവൻ മ
ുവനാകയാൽ അവർ നിർഭയരാ
ും; അവൻ നമ്മുടെ സമാധാനമാ
അസിറിയ നമുക്കെതിരായി വന്ന്
രാജധാനിയിൽ കാൽ കുത്തു
ം, അവനെതിരെ ഏഴ് ഇടയന്മാ
ട്ടു പ്രഭുക്കന്മാരേയും നിറുത്തും.
ായെ വാൾകൊണ്ടും അതിൻെറ
ത്തിങ്കലുള്ള നിമ്രോദ് ദേശത്തെ
വാളുകൊണ്ടും അവൻ ശൂന്യമാ
ിറിയ നമ്മുടെ ദേശത്ത് എത്തി
അതിർത്തിക്കുള്ളിൽ കാൽ
തിനു മുമ്പുതന്നെ അവൻ
ിക്കും.
ാബ് ഗൃഹത്തിൽ അവശേഷി
അന്നു മനുഷ്യർക്കു വേണ്ടി
ിൽക്കുകയോ, തങ്ങിനിൽക്കു
്യാത്തതായി കർത്താവ് വർഷി
ത്തുപോലെയും പുല്ലിന്മേൽ
മഴത്തുള്ളിപോലെയും ആയി
്, യാക്കോബ് ഗൃഹത്തിൽ അവ
ക്കുന്നവർ അനേക ജാതികൾ
വന്യമൃഗങ്ങൾക്കിടയിൽ സിംഹ
. ആട്ടിൻകൂട്ടത്തിൽ ബാലസിം
യും ആയിരിക്കും. അതു ചവിട്ടി
ടിച്ചു കീറിയും നടക്കും. രക്ഷി
ം ഉണ്ടാകുകയില്ല. ശത്രുക്കൾ
ിൻെറ കൈ ഉയർന്നിരിക്കും.
ുക്കളെല്ലാം ഛേദിക്കപ്പെടും.
ും നിൻെറ കുതിരകളെ ഞാൻ
നിൻെറ രഥങ്ങൾ നശിപ്പിക്കും;
ത്തുള്ള നഗരങ്ങൾ ഉന്മൂലനാ
നിൻെറ ഉറപ്പുള്ള കോട്ടകളും
ക്കും. നിൻെറ ദുർമന്ത്രവാദ
ൾ ഞാൻ നീക്കിക്കളയും. ഭാവി
്നക്കാർ ഇനിയും നിന്നിൽ ഉ
. നിൻെറ വിഗ്രഹങ്ങളേയും
ുകളേയും നിന്നിൽനിന്നു
ാററും. നിൻെറ കൈകൊണ്ടു
ുടെ മുമ്പിൽ ഇനിയും നീ നമ
ുകയില്ല. നിൻെറ പ്രതിഷ്ഠാക
ിച്ചെറിയും. നിൻെറ സർവ്വ
നഗരങ്ങളും ഞാൻ നശിപ്പിക്കും. എന്നെ 15
അനുസരിക്കാത്ത ജാതികളോട് ഇതുവരെ
കേട്ടിട്ടില്ലാത്ത ക്രോധത്തോടെ ഞാൻ
പ്രതികാരവും ചെയ്യും.

അദ്ധ്യായം 6

കർത്തൃവാക്കുകൾ ശ്രദ്ധിപ്പിൻ: 'നീ 1
എഴുന്നേററു പർവ്വതങ്ങളുടെ മുമ്പിൽ കാര്യ
ങ്ങൾ അറിയിക്കുക. കുന്നുകൾ നിൻെറ
ശബ്ദം കേൾക്കട്ടെ. പർവ്വതങ്ങളും ഭൂമിയു 2
ടെ സുസ്ഥിര അടിസ്ഥാനങ്ങളുമേ കർത്താ
വിൻെറ പ്രതിവാദം കേൾപ്പിൻ. കർത്താ
വിനു തൻെറ ജനത്തിനെതിരെ കുററങ്ങൾ
ആരോപിക്കുവാനുണ്ട്. താൻ ഇസ്രായേലി 3
നോടു വാദിക്കും. എൻെറ ജനമേ ഞാൻ
നിന്നോട് എന്തു ചെയ്തു? ഞാൻ നിങ്ങളെ
വല്ല കാര്യവും കൊണ്ടു ദുഃഖിപ്പിച്ചിട്ടുണ്ടോ?
ഉത്തരം പറയുവിൻ. ഞാൻ നിന്നെ മെസ്രേ 4
നിൽനിന്ന് പുറത്തു കൊണ്ടുവന്നു. അടിമഭ
വനത്തിൽനിന്നു നിങ്ങളെ ത്രാണനം ചെയ്തു.
നിങ്ങൾക്കു മുമ്പായി നടക്കുവാൻ മോശ
യേയും അഹറോനേയും, മിറിയാമിനേയും
അയച്ചു. മോവാബു രാജാവായ ബാലാക്ക് 5
നിങ്ങൾക്കെതിരായി ആലോചിച്ചതും
ബെയോറിൻെറ മകൻ ബലയാം ഉത്തരം
പറഞ്ഞതും ശിത്തിം മുതൽ ഗിൽഗാൽവരെ
സംഭവിച്ചതും എൻെറ ജനമേ ഓർത്തുനോ
ക്കുക. കർത്താവിൻെറ രക്ഷാകരമായ
പ്രവൃത്തികൾ സ്മരിക്കുക.
കർത്തൃസന്നിധിയിൽ ഞാൻ എന്തു 6
കാഴ്ച സമർപ്പിച്ചാണ് നമസ്കരിക്കേണ്ടത്?
ഹോമയാഗത്തിന്നായി ഒരു വയസ്സുള്ള
കാളക്കിടാവുമായിട്ടാണോ ഞാൻ വരേ
ണ്ടത്? ആയിരമായിരം മുട്ടാടുകളിലും പതി 7
നായിരം പതിനായിരം തൈലനദികളിലു
മാണോ ദൈവം പ്രസാദിക്കുന്നത്? എൻെറ
അക്രമപ്രവൃത്തികൾക്കു പകരമായി
എൻെറ ആദ്യജാതനെ ഞാൻ നൽകണ
മോ? എൻെറ പാപത്തിനു വേണ്ടി എൻെറ
ഉദരഫലത്തേയും, ഞാൻ കാഴ്ചയായി അർ
പ്പിക്കണമോ? നല്ലതെന്തെന്ന്, മനുഷ്യാ അ 8
വൻ നിനക്കു വിശദമായി അറിയിച്ചു തന്നി
ട്ടുണ്ട്. 'നീതി പ്രവർത്തിക്കുക, കരുണ കാ
ണിക്കുക, ദൈവമുമ്പാകെ വിനീതനായി ജീ
വിതം നയിക്കുക.' ഇവയല്ലാതെ മറെറന്താ
ണ് കർത്താവ് നിന്നോടാവശ്യപ്പെടുന്നത്?
കർത്താവു നഗരത്തോടു വിളിച്ചു
പറയുന്നത് കേട്ടുവോ! തൻെറ നാമത്തോടു 9
ഭയഭക്തിയോടിരിക്കുന്നവർക്കു താൻ
ഉപദേശം പ്രസംഗിക്കുന്നു. ഗോത്രമേ ശ്രദ്ധി

10 പ്പാലും. അധർമ്മിയുടെ ഭവനത്തിലും,
അനീതിയുള്ളവരുടെ അറകളിലും അഗ്നി.
വഞ്ചനയുടെ കുറഞ്ഞ അളവുപാത്രങ്ങളും
11 എനിക്കു മറക്കാനാവുമോ? കള്ളത്തു
ലാസും വഞ്ചനയുള്ള കട്ടികളും കൈവശം
വയ്ക്കുന്നവനെ എങ്ങനെ നീതീകരിക്കും?
12 നിൻെറ ധനികരെല്ലാം വഴക്കാളികളാകു
ന്നു. നിൻെറ ദേശവാസികൾ വ്യാജംതന്നെ
പറയുന്നു. അവരുടെ വായിലെ നാവ്
13 വഞ്ചന നിറഞ്ഞതത്രെ. ഞാൻ നിന്നെ
അതികഠിനമായി അടിപ്പാൻ ഒരുങ്ങിയിരി
ക്കുന്നു. നിൻെറ പാപങ്ങൾ നിമിത്തം ഞാൻ
14 നിന്നെ നശിപ്പിക്കും. നീ ഭക്ഷണം കഴിക്കും;
പക്ഷെ നിനക്കു തൃപ്തിവരുകയില്ല. ഉദര
ത്തിൽ വിശപ്പ് അവശേഷിക്കും. അതു
നിന്നെ വിഷമിപ്പിക്കും. നീ രക്ഷപെടുക
യില്ല. നീ നീക്കിവെയ്ക്കുന്നതെല്ലാം നാശ
15 ത്തിനു ഞാൻ നൽകും. നീ വിത നടത്തും.
എന്നാൽ കൊയ്യുകയില്ല: നീ ഒലിവുകായ്
ആട്ടും; എന്നാൽ എണ്ണതേയ്ക്കുവാൻ
16 നിനക്കു സാധിക്കുകയില്ല. നീ മുന്തിരിങ്ങാ
പിഴിയും: എങ്കിലും കുടിക്കുകയുണ്ടാകു
കയില്ല. എന്തെന്നാൽ നീ അമ്രിയുടെ
ആജ്ഞ പാലിച്ചു. ആഹാബ് ഗൃഹത്തിൻെറ
പ്രവൃത്തികൾ നീയും ചെയ്തു. അവരുടെ
ആഗ്രഹങ്ങൾക്കനുസൃതമായി നീ നടന്നു.
അതിനാൽ നഗരത്തെ ഞാൻ ഭയവിഹ്വല
യാക്കും. അതിലെ നിവാസികളെ ഞാൻ
പരിഹാസപാത്രമാക്കും. എൻെറ ജനത്തി
ൻെറ നിന്ദ നീ ഏൽക്കുക!

അദ്ധ്യായം 7

1 എനിക്ക് ഹാ കഷ്ടം! വേനൽക്കാലഫല
ങ്ങൾ പറിച്ചശേഷമുള്ള കാലാ പെറുക്കുന്ന
വനെപ്പോലെ ഞാൻ ആയിരിക്കുന്നു.
തിന്നുവാൻ ഒരു മുന്തിരിക്കുലയുമില്ലല്ലോ.
ആദ്യഫലങ്ങൾക്കായി ഞാൻ മോഹിക്കു
2 ന്നു! ദൈവഭക്തർ ഭൂമുഖത്തുനിന്നു ഇല്ലാ
തായിപ്പോയല്ലോ. മനുഷ്യരിൽ നേരുള്ള
വൻ ആരുമില്ലല്ലോ! എല്ലാവരും കെണിവച്ച്
പതിയിരിക്കുന്നു. മനുഷ്യൻ അവൻെറ
സഹോദരൻെറ നാശത്തിനായി വല വിരി
3 ക്കുന്നു! അവരുടെ കൈകൾ തിന്മയ്ക്കായി
ഒരുങ്ങിയിരിക്കയാണ്. രാജാവ് തരിക
എന്നും, ന്യായാധിപൻ കൈക്കൂലി വയ്ക്കു
എന്നും പറയുന്നു. വലിയവർ സ്വന്ത ഇഷ്ടം
സംസാരിക്കുന്നു! നന്മ അവർ എന്നേക്കു
മായി നിരസിച്ചു. അവർ ചിതൽ തിന്ന
തുണിക്കണ്ടം പോലെയായി. നിൻെറ
4 ശിക്ഷയുടെ ദിവസം വന്നിരിക്കുന്നു. അവ
രുടേതു വിലാപഭവനങ്ങളാകും. സ്നേഹി
തനെ വിശ്വസിക്കരുത്; നിങ്ങളുടെ അയൽ
ക്കാരനിൽ പ്രത്യാശവയ്ക്കരുത്; നിൻെറ
ഭാര്യയോടുപോലും നിൻെറ വാക്കുകൾ
സൂക്ഷിച്ചുപയോഗിക്കുക. എന്തെന്നാൽ
മകൻ പിതാവിനെ അപമാനിക്കുന്നു. മകൾ
അമ്മയ്ക്കും മരുമകൾ അമ്മായിയമ്മയ്ക്കും
എതിരായി നിൽക്കുന്നു. സ്വന്ത വീട്ടുകാർ
തന്നെ മനുഷ്യൻെറ ശത്രുക്കൾ! ഞാനോ
കർത്താവിങ്കലേക്കു നോക്കും. എൻെറ
രക്ഷകനായ ദൈവത്തിനായി ഞാൻ
കാത്തിരിക്കും. എൻെറ ദൈവം എൻെറ
പ്രാർത്ഥന കേൾക്കും.

എൻെറ ശത്രുവേ, ഞാൻ വീണുപോയ
തിൽ നീ എന്നെക്കുറിച്ച് ആഹ്ലാദിക്കേണ്ട
ഞാൻ എഴുന്നേൽക്കും. ഞാൻ അന്ധകാ
ത്തിൽ ഇരുന്നു; കർത്താവ് എനിക്കു
വെളിച്ചം തരും. ഞാൻ തന്നോടു പാപ
ചെയ്തതിനാൽ അവൻ എന്നെ ശിക്ഷിച്ചു
ഞാൻ സഹിക്കും. താൻ എൻെറ വി
നടത്തുകയും എനിക്കു നീതി പാലിക്കു
കയും ചെയ്യും. താൻ എന്നെ പ്രകാശത്തി
ലേക്കു നയിക്കും. അവൻെറ നീതിയാ
ഞാൻ അവനെ കാണും. എൻെറ ശ
അതു കാണും. നിൻെറ ദൈവമായ കർത്താ
വ് എവിടെ എന്നു ചോദിച്ചവളെ ല
മൂടിക്കളയും. തെരുവിലെ ചെളിപോലെ
അവളെ ചവിട്ടിക്കളയുന്നത് എൻെറ ക
കൾ കാണും. ഇനിയും നിൻെറ മതിലുക
പണിയാനുള്ള ദിവസമായി. നീ ഉയർച്ച
പിക്കുന്ന ദിനമായി. നിൻെറ കാലമായ
അസിറിയായിൽനിന്നും ഉറപ്പേറിയ പട്ടണ
ങ്ങളിൽനിന്നുമുള്ളവരും സോർമുതൽ ന
വരെയും സമുദ്രംമുതൽ സമുദ്രംവരെ
ഹോർപർവ്വതംവരെയുമുള്ളവരും
നിൻെറ അടുക്കൽ വരും. എന്നാൽ
യാകട്ടെ, അതിൻെറ പ്രവൃത്തികളു
ഫലമായി, ദേശവാസികൾക്കു നാശ
നായി ഭവിക്കും. നിൻെറ വടികൊ
നിൻെറ ജനത്തെ, നിൻെറ അവകാശ
ലുള്ള ആടുകളെ മേയ്ക്കണമേ. കർ
ലിലെ ആടുകളെപ്പോലെ അവർ ത
വസിക്കട്ടെ. മുൻകാലങ്ങളിൽ എന്നപോ
അവർ ബാശാനിലും ഗിലയാദിലും മേയ
അവർ മെസ്രേൻദേശത്തുനിന്നു പുറപ്പെ
പോന്നകാലത്ത് ചെയ്തതുപോലെ
അത്ഭുതകാര്യങ്ങൾ ഞാൻ കാണി
വിജാതിയർ ഇതെല്ലാം കണ്ട് തങ്ങ
ശൗര്യത്തെക്കുറിച്ച് ലജ്ജിച്ചുപോ
അവർ വായ് പൊത്തും. അവരുടെ ക

ു ശ്രവണശക്തി ഇല്ലാതാകും.
നപ്പോലെ, നിലത്തിഴയുന്ന ജീവി
ാലെ അവർ പൊടി നക്കും!
ടെ പാതകളിൽനിന്നും അവർ
വരും. നമ്മുടെ ദൈവമായ കർത്താ
ാർത്ത് അവർ നടുങ്ങും, സംഭീത

ന്റ അവകാശത്തിൽ അവശേഷി
ന്നവരുടെ അധർമ്മം ക്ഷമിക്കു
ാപം മാററിക്കളയുകയും ചെയ്യുന്ന
വ, അങ്ങയെപ്പോലെ മറെറാരു
ദൈവവുമില്ല. അവിടന്ന് അനുതാപത്തിൽ 19
പ്രസാദിക്കുന്നവനാകയാൽ അങ്ങ് എന്നേ
ക്കുമായി വിരോധം സംഗ്രഹിച്ചു വയ്ക്കു
ന്നില്ല. താൻ നമ്മിലേക്കു തിരിഞ്ഞ് കരുണ
ചെയ്യും. നമ്മുടെ അനീതിയെല്ലാം ഒരുമിച്ചു
കൂട്ടി അവൻ നമ്മുടെ എല്ലാ പാപങ്ങളും
കടലിൽ എറിഞ്ഞുകളയും. പൂർവ്വകാലം
മുതൽ നമ്മുടെ പിതാക്കന്മാരോടു വാ
ഗ്ദാനം ചെയ്തിരുന്നതനുസരിച്ച് യാക്കോ
ബിനു സത്യവും അബ്രഹാമിനു കൃപയും
അവിടുന്ന് പ്രദാനംചെയ്യും.

മീഖാ പ്രവചനം സമാപ്തം

നാഹൂം

അദ്ധ്യായം 1

1 നിനവയെ സംബന്ധിച്ചുള്ള പ്രവചനം:
എൽകോശ്യനായ നാഹൂമിന്റെ ദർശന
ഗ്രന്ഥം.
2 ദൈവം തീക്ഷ്ണതയുള്ളവനും, കർത്താ
വ് പ്രതികാരേച്ഛുവുമാകുന്നു. കർത്താ
വ്, പ്രതികാരം ചെയ്യുന്നവനും, കോപം
നിറഞ്ഞവനുമാകുന്നു. കർത്താവ് തന്റെ
3 ശത്രുക്കളോട് പ്രതികാരംചെയ്യും. തന്റെ
വൈരികൾക്കായി ക്രോധം കരുതിവയ്ക്കും.
കർത്താവ് ദീർഘക്ഷമയുള്ളവനും ഏറ്റം
ശക്തനുമാകുന്നു. കുറ്റക്കാരെ ശിക്ഷിക്കാതെ
അവൻ വിട്ടയയ്ക്കുകയില്ല. കൊടുങ്കാറ്റിലും
ചുഴലിക്കാറ്റിലും തന്റെ വഴിയുണ്ട്. മേഘ
മെന്നതോ തന്റെ പാദത്തിലെ പൂഴിയാ
4 കുന്നു. താൻ സമുദ്രത്തെ ശാസിച്ചു വറ്റി
ക്കും. നദികളെയെല്ലാം വരണ്ട ആറുക
ളാക്കും. ബാശാനും കർമ്മേലും വരണ്ടു
പോകും. ലബാനോൻപുഷ്പങ്ങൾ വാടി
5 വീഴും. പർവതങ്ങൾ തിരുമുമ്പിൽ ഇളകി
പ്പോകും. മലകൾ ഉരുകിപ്പോകും. ഭൂതല
വും അതിലെ നിവാസികളും ഞെട്ടിവിറ
6 യ്ക്കും. ആരാണ് അവന്റെ ക്രോധത്തിൻ
മുമ്പിൽ നില്പാൻ കഴിവുള്ളവൻ? തന്റെ
കോപാഗ്നി ആർക്കു സഹിക്കാൻ സാധി
ക്കും? അഗ്നിപോലെ തന്റെ കോപം
7 വർഷിക്കും. അവൻ പാറകളെ പിളർക്കും.
കർത്താവ് നല്ലവനും കഷ്ടകാലത്ത്
സഹായിയുമാകുന്നു. തന്റെ ആശ്രിത
8 ന്മാരെ അവന് അറിയാം. തന്റെ ശത്രുക്ക
ളെയോ കൂലം കുത്തിയൊഴുകുന്ന പ്രവാഹ
ത്താൽ നശിപ്പിക്കും. അവരെ അന്ധകാരം
പിൻതുടരും.
9 കർത്താവിനു വിരോധമായി നിങ്ങൾ
എന്താലോചിക്കുന്നു? അവൻ പൂർണനാശം
10 വരുത്തും. രണ്ടു പ്രാവശ്യം കർത്താവ്
ശത്രുക്കളോട് പ്രതികാരം ചെയ്കയില്ല.
അവർ അവരുടെ അധികാരികൾ, മത്സര
ക്കാർ, മദ്യപന്മാർ, ഉണങ്ങിയ കച്ചി തിന്നു
വയർ നിറഞ്ഞവർ. കർത്താവിനെതിരെ
ദുരാലോചന നടത്തുകയും ദുരുപദേശം 11
ചെയ്കയും ചെയ്യുന്ന ഒരുവൻ നി
ന്നിൽനിന്നു പുറപ്പെടും! കർത്താവ്
ഇങ്ങനെ കല്പിക്കുന്നു: അവരുടെ
ബലവും സംഖ്യയും എത്ര അധികമാ 12
യിരുന്നാലും അവരെ വിച്ഛേദിച്ച് ശൂന്യ
മാക്കും. ഞാൻ നിന്നെ താഴ്ത്തിയെങ്കിലും
ഇനിയും അങ്ങനെ താഴ്ത്തുകയില്ല.
അവന്റെ നുകം നിന്റെ മേൽ നിന്നും ഞാൻ 13
ഒടിച്ചുകളയും— നിന്റെ ബന്ധനങ്ങൾ 14
അറത്തുകളയുകയുംചെയ്യും. കർത്താവു
നിന്നെപ്പറ്റി കല്പനയായിരിക്കുന്നു. നിന്റെ
നാമം വഹിക്കുന്ന സന്തതി മേലിൽ ഉണ്ടാ
യിരിക്കയില്ല. നിന്റെ ദേവന്മാരുടെ ക്ഷേത്ര
ത്തിൽനിന്നും കൈപ്പണിയായ വിഗ്രഹ
ങ്ങളും വാർത്തുണ്ടാക്കിയ ബിംബങ്ങളും
ഞാൻ വെട്ടിക്കളയും—ഞാൻ നിനക്കു
ശവക്കുഴിയുണ്ടാക്കും. എന്തെന്നാൽ നീ
കുറവുള്ളവനായിരിക്കുന്നു.

അദ്ധ്യായം 2

സദ്വാർത്ത കൊണ്ടുവരുന്നവന്റെ—
സമാധാനം പ്രഘോഷിക്കുന്നവന്റെ പാദ
ങ്ങൾ, ഇതാ, പർവതങ്ങൾ മേൽ! യഹൂദയേ!
നിന്റെ പെരുന്നാളുകളാഘോഷിക്കുക.
നിന്റെ നേർച്ചകൾ കഴിക്കുക. എന്തെ
ന്നാൽ, ഇനിയും, ആ കുറവുള്ളവൻ നിന്നിൽ
പ്രവർത്തിക്കുകയില്ല. അവൻ നിശ്ശേഷം
വിച്ഛേദിക്കപ്പെട്ടിരിക്കുന്നു.
സംഹരിക്കുന്നവൻ നിനക്കെതിരായി 2
കയറി വരുന്നു. കോട്ട കാത്തുകൊള്ളണം.
വഴികൾ കാത്തു സൂക്ഷിക്കുക. അര മുറു 3
ക്കുക, ശക്തി സംഭരിക്കുക. യാക്കോബിന്റെ
മഹത്വത്തെ ഇസ്രായേലിന്റെ മഹിമപോ
ലെതന്നെ ഞാൻ പുനഃസ്ഥാപിക്കും.
കവർച്ചക്കാർ അവരുടേത് അപഹരിച്ചു.
അവരുടെ മുന്തിരിവള്ളികൾ നശിപ്പിച്ചു.
അവരുടെ യുദ്ധവീരന്മാരുടെ പരിചകൾ
ചെമന്നിരിക്കുന്നു. അവന്റെ യോദ്ധാക്കൾ
അഗ്നിജ്വാല അണിഞ്ഞിരിക്കുന്നു. അവ
രുടെ രഥങ്ങൾ മിന്നിത്തിളങ്ങി നീങ്ങുന്നു!

ളിൽ, തെരുവുകളിൽ അവർ പുക
അങ്ങുമിങ്ങും ഓടുന്നു. എരിയുന്ന
ങൾപോലെ അവയെ കാണുന്നു.
മിന്നൽസമാനം പായുന്നു. അവർ
ാരികളെ പിടിക്കുന്നു. അവർ ഇടറി
ുന്നു. അവർ കോട്ടയിങ്കലേക്ക് ഓടി
ന്നു. യഹൂദയുടെ വാതിലുകൾ തുറ
ു. മന്ദിരം ഇളകി. കുതിരപ്പടയോടെ
കേറിപ്പോയി. അവളുടെ ദാസിമാർ
കളെപ്പോലെ കരഞ്ഞ് മാറത്ത
ു. മുമ്പുമുതൽക്കേ നിനവാ ഒരു
യംപോലെയായിരുന്നു. വെള്ളം
പ്പാകുന്നു. നിൽക്കുക, നിൽക്കുക!
അവർ വിളിച്ചു പറഞ്ഞിട്ടും ആരും
ുന്നില്ല. വെള്ളിയും പൊന്നും അപ
ൻ, അതിലെ ഗൃഹോപകരണ
അവസാനമില്ല. എല്ലാവിധ വില
വസ്തുക്കളും അവിടെയുണ്ട്.
ൾ ചവിട്ടപ്പെട്ടും ശൂന്യവും നിർജ്ജന
ിക്കുന്നു. ഹൃദയങ്ങൾ ഉരുകുന്നു.
ുകൾ വിറയ്ക്കുന്നു. അരക്കെട്ടിൽ
ദനയും. എല്ലാ മുഖങ്ങളും വിളറി
ന്നു. ഭയപ്പെടുത്താനാരുമില്ലാതെ,
ംസിംഹക്കുട്ടികളും മേഞ്ഞു നടന്ന
ൾ എവിടെ? സിംഹം ബാലസിംഹ
തൃപ്തിയാകുവോളം ഇരയെ കടിച്ചു
ിട്ടുണ്ട്; സിംഹികൾക്കുവേണ്ടി ഇര
ിച്ചുകൊന്ന് വച്ചിട്ടുണ്ട്. ഇവയെ
അവൻെറ ഗുഹയും കടിച്ചു
ാംസംകൊണ്ട് അവൻെറ മാള
ച്ചിട്ടുണ്ട്. ബലവാനായ ദൈവം
ുന്നു: ഇതാ, ഞാൻ നിനക്ക് എതി
ം. ഞാൻ നിൻെറ സമൂഹങ്ങളെ
പുകയാക്കും. നിൻെറ ബാല
ൾ വാൾകൊണ്ട് ചത്തുവീഴും.
ൻെറ ഇരയെ ഭൂമിയിൽനിന്നു
ളയും. നിൻെറ ദാസരുടെ ശബ്ദം
ക്കുകയുമില്ല.

അദ്ധ്യായം 3

ാരിച്ചിൽ നടത്തുന്ന നഗരത്തിന്,
ം. വ്യാജവും അപഹാരവുംകൊ
റഞ്ഞിരിക്കുന്നു! അവിടെനിന്നു
ഞ്ഞുപോകുകയില്ല. ചമ്മട്ടി
ശബ്ദം, ചക്രങ്ങൾ ഉരുളുന്ന
ിപ്പായുന്ന കുതിരകൾ, രഥങ്ങ
ൽ, കുതിരപ്പടയാളികൾ, ജ്വലി
ം, മിന്നിത്തിളങ്ങുന്ന കുന്തവും;
കൂമ്പാരങ്ങൾ, അസംഖ്യം
ൾ—ജനങ്ങൾ ആ പിണങ്ങളെ
ചവിട്ടി കടന്നു പോകുന്നു. വേശ്യാവൃത്തി 4
കൊണ്ട് ജാതികളേയും ആഭിചാരത്താൽ
വംശങ്ങളേയും വഞ്ചിച്ചു. വഷളയുടെ, വശീ
കരണകഴിവും സൗന്ദര്യവുമുള്ള വേശ്യയു
ടെ വേശ്യാവൃത്തിബാഹുല്യവും നിമിത്ത
മത്രെ ഇതെല്ലാം സംഭവിച്ചത്. ബലവാനായ
കർത്താവു പറയുന്നു: ഇതാ, ഞാൻ നിന 5
ക്ക് എതിരായി വരുന്നു. നിൻെറ വസ്ത്രം
ഞാൻ മുഖത്തോളം ഉയർത്തി ജാതികളെ
നിൻെറ നഗ്നതയും, രാജ്യങ്ങൾക്കു നിൻെറ
ഗോപ്യസ്ഥാനവും കാണിച്ചുകൊടുക്കും.
നിന്നെ ഞാൻ അശുദ്ധയാക്കും. നിന്നെ 6
അവമാനിതയും നിന്ദാപാത്രവുമാക്കും.
നിന്നെ കാണുന്ന ഏവരും നിന്നെ വിട്ട് 7
ഓടിപ്പോകും. 'നിനവയേ, നീ ശൂന്യ
മായിരിക്കുന്നു. നിന്നോട് ആരു സഹതാപം
കാണിക്കും? എവിടെനിന്ന് നിനക്കു ആശ്വാ
സദായകരെ കണ്ടുപിടിക്കും?' എന്ന് അവർ
പറയും. നദികൾ അതിനു ചുറ്റുമുള്ളതും, 8
കടൽ അതിനു കോട്ടയും സമുദ്രം അതിന്
മതിലും ആയിരുന്ന 'യോൻ അമ്മോനെ'
ക്കാൾ നീ ശ്രേഷ്ഠയാണോ? എത്യോപ്യാ
യും മെസ്രേനും അതിൻെറ ശക്തിയായിരു
ന്നു. അതു അതിരില്ലാത്തതായിരുന്നു. പൂ 9
ത്യരും ലിബിയക്കാരും അതിൻെറ സഹായി
കളുമായിരുന്നു. എന്നിട്ടുപോലും അവൾ 10
ബന്ധിതയായി അടിമത്വത്തിലേക്കു പോ
കേണ്ടിവന്നു. അവളുടെ കുഞ്ഞുങ്ങളെപ്പോ
ലും തെരുവീഥിയിൽ അടിച്ചു കൊന്നു. അവ
രുടെ പ്രമാണികൾക്കു വേണ്ടി അവർ
നറുക്കിട്ടു. അവരുടെ പ്രധാനികളെയെല്ലാം
അവർ ചങ്ങലകൾകൊണ്ടു ബന്ധിച്ചു.
അങ്ങനെതന്നെ നീയും നിന്ദിതയായി
വീണുപോകും. ശത്രു നിമിത്തം നീ അഭയ 11
സ്ഥാനം തേടും. നിൻെറ കോട്ടകളെല്ലാം 12
ഫലങ്ങൾ നിറഞ്ഞ അത്തിവൃക്ഷങ്ങൾ
പോലെയാകും. ഒന്നു കുലുക്കിയാൽ അതു
തിന്നുവാനിരിക്കുന്നവൻെറ വായിൽതന്നെ
വീഴും! നിൻെറ ജനം നിൻെറ മദ്ധ്യെ സ്ത്രീ 13
കളെപ്പോലെയാകും. നിൻെറ രാജ്യത്തി
ൻെറ കവാടങ്ങൾ നിൻെറ ശത്രുക്കൾക്കായി
വിസ്താരമായി തുറന്നുകിടക്കും. അഗ്നി
നിൻെറ സാക്ഷകളെ തകർത്ത് വിഴുങ്ങി
യിരിക്കുന്നു. കഷ്ടതയിൽ, വെള്ളം കോ 14
രുക, കോട്ടകൾ ബലവത്താക്കുക, ചെളി
യിൽ ഇറങ്ങി കുഴയ്ക്കുക, മണ്ണു ചവിട്ടി
ക്കുഴച്ച് ഇഷ്ടികയുണ്ടാക്കുക. അവിടെ 15
അഗ്നി നിന്നെ വിഴുങ്ങും. വാൾ നിന്നെ വെട്ടി
മുറിക്കും; വെട്ടുക്കിളിയെന്നതുപോലെ
അതു നിന്നെ തിന്നുകളയും. വെട്ടുക്കിളിയെ 16

പ്പോലെ വർദ്ധിച്ചു. വിട്ടിലിനെപ്പോലെ
വർദ്ധിച്ചു. ആകാശത്തിലെ നക്ഷത്ര
ങ്ങളേക്കാൾ അധികമായി നീ നിന്റെ
വ്യാപാരികളെ വർദ്ധിപ്പിച്ചു. വെട്ടുക്കിളി ചിറ
17 കു മുളച്ചു പറന്നുപോകുന്നു. നിന്റെ തിര
ഞ്ഞെടുക്കപ്പെട്ടവർ, വിട്ടിലുകളെപ്പോലെ
യും, നിന്റെ സൈന്യനായകർ തണുപ്പു
കാലത്ത് മതിലിന്മേൽ പറന്നു പറ്റുന്ന വെട്ടു
ക്കിളികൾപോലെയുമാകുന്നു. സൂര്യോദയ
ത്തോടെ അവ പറന്നുപോകുന്നു! അവ
ചെന്നു പറ്റുന്നിടം ആർക്കും അറിഞ്ഞുകൂടാ.

അസീറിയ രാജാവേ, നിന്റെ കൂട്ടുകാർ 18
ഉറങ്ങുന്നു. നിന്റെ അയൽക്കാർ മയങ്ങിക്കി
ടക്കുന്നു. ഒരുമിച്ചു കൊണ്ടുവരുവാൻ ആളി
ല്ലാതെ നിന്റെ ജനം കുന്നുകളിൽ ചിതറി
യിരിക്കുന്നു. നിന്റെ തകർച്ചയോർത്ത് 19
വേദനപ്പെടുന്നവൻ ആരുമില്ല. നിന്റെ
മുറിവ് കഠിനമാകുന്നു. നിന്നെക്കുറിച്ചു
കേൾക്കുന്നവരെല്ലാം കൈകൊട്ടിച്ചിരിക്കും.
എന്തെന്നാൽ എല്ലാവരുടെയും മേൽ
നിന്റെ തുടരെയുള്ള തിന്മ കവിഞ്ഞൊ
ഴുകിയല്ലോ!

നാഹും പ്രവാചകന്റെ പ്രവചനം സമാപ്തം

ഹബ്ക്കൂക്ക്

അദ്ധ്യായം 1

വ്ക്കൂക്ക് പ്രവാചകനുണ്ടായ

ത്താവേ, എത്ര നാൾ നിന്നോടു
ിലവിളിക്കയും, നീ കേൾക്കാതിരി
ം ചെയ്യും? അക്രമം നിമിത്തം
ലം ഞാൻ വിലപിക്കുകയും നീ
ാക്ഷിക്കാതിരിക്കുകയും ചെയ്യും?
ടും വഴക്കും എനിക്കു കാണുവാ
ുന്നതും, കലഹവും മത്സരവും
ാൻ ഇടവരുത്തുന്നതും എന്തിന്?
ന്യായാധിപനും എൻെറ മുമ്പി
ാവർ കൈക്കൂലി വാങ്ങിക്കുന്നു.
ൽ പ്രമാണം ദുർബലമായി ന്യായം
ം പുറത്തുവരുന്നില്ല. അധർമി
ന വളഞ്ഞിരിക്കുന്നു. അങ്ങനെ
ികൃതമായിപ്പോകുന്നു. മത്സര
ുക്ഷിച്ചു നോക്കുവിൻ, അത്ഭുതം
നിങ്ങളുടെ കാലത്തു ഞാൻ ഒരു
യ്യും. അതു വിസ്തരിച്ചു പറഞ്ഞാൽ
ിശ്വസിക്കുകയില്ല. ഉഗ്രന്മാരും,
ളുമായ കൽദയജനതയെ ഞാൻ
വിടും. അവരുടെ സ്വന്തമല്ലാത്ത
ൾ കൈവശപ്പെടുത്തുവാൻ
ാ സഞ്ചരിക്കും. അവർ ശക്തരും
ാകുന്നു. അവരുടെ ന്യായവും
യും അവർ നിശ്ചയിക്കുന്നതു
വരുടെ കുതിരകൾക്കു പുലിക
വഗതയുണ്ട്; സന്ധ്യക്കു ഇര
ത്തിറങ്ങുന്ന ചെന്നായ്ക്കളേ
ര്യവുമുണ്ട്. അവരുടെ കുതിര
ാരത്തോടെ പായുന്നു. അവ
ുസന വിദൂരസ്ഥലത്തുനിന്നു
പിടിപ്പാൻ ബദ്ധപ്പെടുന്ന കഴു
ല അവർ പറന്നുവരുന്നു. അവ
ാരത്തിനായിട്ടാണു വരുന്നത്.
പം ശക്തമായത്. അവർ മണൽ
പാലെ തടവുകാരെ പിടിച്ചു
കും. അവർ രാജാക്കന്മാരെ
ും; പ്രമാണികളെ അവഹേ
ളിക്കും. അവർ ഏതു കോട്ടയേയും നോക്കി
ചിരിക്കുന്നു. മൺതിട്ടകൾ ഉയർത്തി അവർ
അതു പിടിച്ചെടുക്കും. അന്നു അവൻ കാറ്റു 11
പോലെ വീശിയടിച്ചു കയറി കടന്നുപോകും.
അവർ ദൈവത്തിനു കുറ്റക്കാരാകും. സ്വന്ത
ശക്തിയെയാണല്ലോ ദൈവമായി അവർ
വിചാരിച്ചത്!

കർത്താവേ നീ ആദിമുതലുള്ളവൻ; 12
എൻെറ പരിശുദ്ധനായ ദൈവമേ, അവനെ
ന്യായവിധിക്കായി നീ നിയോഗിച്ചിരിക്കു
ന്നു. അവനെ ശാസിപ്പാൻ നീ എന്നെ നിർമി
ച്ചിരിക്കുന്നു. കർത്താവേ, തൃക്കണ്ണുകൾ 13
നിർമലവും, തിന്മ നോക്കാത്തവയുമാ
കുന്നു. അധർമികളെ നോക്കുവാൻ മനസ്സു
വയ്ക്കാത്തവനേ! അങ്ങ് മത്സരക്കാരെ
കണ്ടിട്ടും, നീതിമാനെ അധർമി വിഴുങ്ങിക്കള
യുന്നതു നീ കണ്ടിട്ടും നീ മൗനമായിരിക്കു
ന്നതെന്ത്? മനുഷ്യരെ, സമുദ്രത്തിലെ 14
മത്സ്യങ്ങളെപ്പോലെയും നേതാവില്ലാത്ത
ഇഴജന്തുക്കളെപ്പോലെയും ആക്കിയിരി
ക്കുന്നതെന്ത്? അവൻ അവയെയെല്ലാം 15
ചൂണ്ടയിട്ടു പിടിച്ചെടുക്കുന്നു; വലകൊണ്ട്
വീശിയെടുക്കുന്നു. കോരുവലയിൽ അവ
യെ ശേഖരിക്കുന്നു. എല്ലാം ശേഖരിച്ച
ശേഷം അവൻ ആനന്ദിച്ചാഹ്ലാദിക്കുന്നു.
അവൻ അവൻെറ വലയ്ക്കു യാഗമർപ്പി 16
ക്കുന്നു; അവൻെറ കോരുവലയ്ക്കു ധൂപാർ
പ്പണം ചെയ്യുന്നു! എന്തെന്നാൽ അവയാലാ
ണല്ലോ അവൻെറ ഓഹരി സംപുഷ്ടമാകു
ന്നത്, മേൽതരം ആഹാരം കഴിക്കുന്നതും.
തന്മൂലം എപ്പോഴും തൻെറ വല വീശുകയും 17
നിർദയമായി ജനതകളെ സംഹരിക്കുകയും
ചെയ്യുന്നു.

അദ്ധ്യായം 2

ഞാൻ എൻെറ സ്ഥാനത്തു നിലകൊ 1
ള്ളും. പാറമേൽ ഞാൻ നിൽക്കും. താൻ
എന്നോട് എന്തു സംസാരിക്കുമെന്നും,
എൻെറ ശാസനയ്ക്കായി അവൻ എന്തു മറു
പടി തരുമെന്നും ഞാൻ നോക്കി നിൽക്കും.
കർത്താവ് എനിക്ക് ഉത്തരം തന്നുകൊണ്ടു 2

കല്പിച്ചു. ദർശനം നീ എഴുതി വയ്ക്കുക.
വായിക്കുന്നവന് എളുപ്പം വായിക്കത്തക്ക
വണ്ണം അതു നീ പലകയിൽ എഴുതുക.
3 ദർശനം അതിൻെറ കാലമാകുമ്പോൾ
സംഭവിക്കും. അതിൻെറ സമാപ്തയിലേക്കു
വന്നുകൊണ്ടിരിക്കുന്നു. അതിനു വാക്കു
വ്യത്യാസമുണ്ടാവുകയില്ല. അതു വൈകി
യാലും മനസ്സു വിഷമിക്കരുത്. എന്തെ
ന്നാൽ അതു വേഗം വരും; വൈകുകയില്ല.
അനീതിയിൽ അവൻെറ മനസ്സു ഇഷ്ട
4 പ്പെടുന്നില്ല. നീതിമാൻ വിശ്വാസത്താൽ
5 ജീവിക്കും. ധിക്കാരിയും അത്യാഗ്രഹിയു
മായ മനുഷ്യനു തൃപ്തിവരുന്നില്ല, അവൻ
പാതാളംപോലെ വിസ്താരമായി വായ
തുറക്കുന്നു. മരണംപോലെ തൃപ്തി വരാതെ
യുമിരിക്കുന്നു. അവൻ സർവ ജാതിക
ളേയും തൻെറ അടുക്കൽ കൂട്ടിവരുത്തി.
സർവജനവും അവൻെറ അടുക്കൽ അടു
6 ത്തു വരുന്നു. അവരെല്ലാം, അവനെക്കുറിച്ച്
നിന്ദയോടും പരിഹാസത്തോടുംകൂടി ഉപമ
യായി പറയും: തൻേറതല്ലാത്തത് പിടി
ച്ചെടുത്ത് വർദ്ധിപ്പിക്കുന്നവന് ഹാ കഷ്ടം.
ധൂളിമേഘം എത്രകാലം അവൻെറ മേൽ
7 ശക്തിപ്പെട്ടിരിക്കും? നിൻെറ ദംശകന്മാർ
പെട്ടെന്ന് എഴുന്നേൽക്കും. നിന്നെ ബുദ്ധി
മുട്ടിക്കുന്നവർ ഉണർന്നുവരും. നീ അവർക്കു
8 കവർച്ചവസ്തുവായിത്തീരും. നീ അനേക
ജാതികളെ കൊള്ളചെയ്തതുമൂലം, ജാതി
കളിലെ ശേഷിപ്പ്, നീ രക്തം വീഴ്ത്തുകയും,
രാജ്യത്തോടും നഗരത്തോടും നഗരവാസി
കളോടും ചെയ്ത അക്രമംമൂലം അവർ നിന്നെ
യും കൊള്ളയടിക്കും.
9 അനർത്ഥങ്ങളിൽനിന്നു രക്ഷപ്പെടു
വാനായി ഉയരത്തിൽ കൂടുവയ്ക്കു
ന്നവന്, തനിക്കുവേണ്ടി ദുരാദായം
10 ആഗ്രഹിക്കുന്നവന് ഹാ കഷ്ടം. നീ പല
ജാതികളേയും നശിപ്പിച്ചതിനാൽ നിൻെറ
ഭവനത്തിനു നീ അപമാനം വരുത്തി.
11 നിന്നോടുതന്നെ നീ പാപം ചെയ്തിരിക്കുന്നു.
12 ഭിത്തിയിലെ കല്ലു നിലവിളിക്കുന്നു. തടി
പ്പണിയിൽനിന്നും തുലാം ഉത്തരം പറയും.
രക്തം ചൊരിഞ്ഞു നഗരം പണിത്,
അധർമംകൊണ്ട് ഗ്രാമനിർമാണം ചെയ്യുന്ന
13 വന് ഹാ കഷ്ടം. ജാതികൾ അഗ്നിയിൽ
ദുരിതപ്പെടും. ജനങ്ങൾ വ്യർത്ഥമായി
പ്രയത്നിക്കുകയും ചെയ്യും. ഇവയെല്ലാം
ബലവാനായ കർത്താവിൽനിന്നും വരും.
14 സമുദ്രം ജലപൂർണമായിരിക്കുന്നതു
പോലെ, ഭൂമി ദൈവമഹത്വപരിജ്ഞാന
ത്താൽ നിറയും.

കൂട്ടുകാരുടെ നഗ്നത കാണുവാൻവേ 15
ണ്ടി അവർക്കു ക്രോധത്തിൻെറ വീഞ്ഞു
കുടിപ്പിച്ച് ലഹരി പിടിപ്പിക്കുന്നവന് ഹാ
കഷ്ടം. മഹത്വംകൊണ്ടല്ല, ലജ്ജകൊണ്ട് 16
നിനക്കു പൂർത്തി വന്നിരിക്കുന്നു. നീയും
കുടിക്കുക, നീയും വിഷമതയിലാകും.
കർത്താവിൻെറ വലംകൈയിലെ പാന
പാത്രം നിൻെറ നേരെ വരും. മഹത്വത്തിനു 17
പകരം ലജ്ജ നിന്നെ മറയ്ക്കും. നീ മനുഷ്യ
രക്തം ചൊരിഞ്ഞ്, ദേശത്തോടും നഗര
ത്തോടും, നിവാസികളോടും അക്രമം
കാണിച്ചതുമൂലം, ലബാനോനോടു നീ
ചെയ്ത അക്രമം നിന്നെ അടിപ്പെടുത്തും.
വന്യമൃഗങ്ങളുടെ സംഹാരം നിന്നെ
സംഭീതനാക്കും.
ശില്പി ഒരു വിഗ്രഹം കൊത്തുപണിക 18
ളോടെയോ, വാർത്തോ ഉണ്ടാക്കുന്നതു
കൊണ്ടും, അയാൾ വ്യാജം ഉപദേശിക്കുന്ന
വാർത്തുണ്ടാക്കിയ വിഗ്രഹങ്ങളാകുന്ന
മിത്ഥ്യാമൂർത്തികളിൽ അഭയം പ്രാപിച്ചതു
കൊണ്ടും എന്തു പ്രയോജനം? തടിയോട് 19
'ഉണരണമെ' എന്നും, മൂകമായ ശിലയോട്
'എഴുന്നേൽക്കണമെ' എന്നും പറയുന്നവന്
ഹാ, കഷ്ടം. അവ വ്യർത്ഥങ്ങളാകുന്നു.
അതു സ്വർണം പൊതിഞ്ഞതാണെങ്കിലും
ഉള്ളിൽ അതിനു ശ്വാസമില്ലല്ലോ. ദൈവമോ, 20
തൻെറ വിശുദ്ധ ആലയത്തിലുണ്ട്. ഭൂതല
മാകെ, തിരുസന്നിധിയിൽ വിറയ്ക്കട്ടെ.

അദ്ധ്യായം 3

ഹബ്ക്കുക്ക് പ്രവാചകൻെറ പ്രാർത്ഥ 1
നാ ഗീതം:
കർത്താവേ, തിരുനാമവും, നിൻെറ 2
പ്രവൃത്തിയും കേട്ടു ഞാൻ ഭയവിഹ്വല
നായി. കർത്താവേ, ഞങ്ങളുടെ ജീവകാലം
മുഴുവനും, നിൻെറ പ്രവൃത്തികൾ ചെയ്യ
ണമെ. ഞങ്ങളുടെ ജീവിതത്തിൻെറ കാല
ങ്ങളിൽ അവ വെളിപ്പെടുത്തണമേ. ക്രോധ
ത്തിൽപോലും നിൻെറ കരുണ ഓർക്കണ
മേ. ദൈവം തെക്കുനിന്നും—പരിശുദ്ധൻ 3
പാറാൻ പർവതത്തിൽനിന്നും വന്നു. തൻെറ
ശോഭ ആകാശങ്ങളെ മൂടുന്നു. തൻെറ
സ്തുതികളാൽ ഭൂമി നിറഞ്ഞിരിക്കുന്നു.
തൻെറ ശോഭ സൂര്യപ്രകാശംപോലെ വരു 4
ന്നു! തൻെറ പാർശ്വങ്ങളിൽനിന്നും കിരണ
ങ്ങൾ പുറപ്പെടുന്നു. അവിടെ തൻെറ ശക്തി
മറഞ്ഞിരിക്കുന്നു. തൻെറ മുമ്പായി മൃത്യു 5
നടക്കുന്നു. മഹാമാരി തൻെറ പിന്നാ
ലെയും. അവൻ എഴുന്നേറ്റു ഭൂമിയെ അള 6
ന്നു. അവൻെറ നോട്ടത്തിൽ ജാതികൾ

ശാശ്വതപർവതങ്ങൾ പിളരുന്നു.
ന ഗിരികൾ കുനിഞ്ഞു വീഴുന്നു.
തലുള്ള പാതകൾ, അവൻേറതാ

ത്യാപ്യൻ കൂടാരങ്ങൾ അടർന്നു
ത് ഞാൻ കാണുന്നു. മിദിയാൻ
ിൻെറ തിരശ്ശീലകൾ വിറച്ചാടുന്നു!
വ് നദികളോട് കോപിച്ചിരിക്കുന്നു.
ന കോപം സമുദ്രത്തിനു നേരെ
നീ അശ്വാരൂഢനും രഥസ്ഥനുമാ
ന്നു. നിൻെറ വില്ല് കുലച്ചു വച്ചി
. നദികളാൽ നീ ഭൂമിയെ വിഭജി
പർവതങ്ങൾ നിന്നെക്കണ്ടു വിറച്ചു.
ഹമെല്ലാം ഒഴുകി കടന്നു പോകു
മുദ്രം ഗർജിച്ചു. ഉയരത്തിലേക്കു
ർത്തി. പായുന്ന നിൻെറ അസ്ത്രങ്ങ
യിലും, നിൻെറ തിളക്കമുള്ള കുന്ത
ശോഭയിലും, സൂര്യനും ചന്ദ്രനും
ായി നിൽക്കുന്നു. കോപത്തോടെ
യ ചവിട്ടി. ക്രോധത്തോടെ ജാതി
തിച്ചു. നിൻെറ ജനത്തിൻെറ,
ഭിഷിക്തൻെറ രക്ഷയ്ക്കായി നീ
നീ ദുഷ്ടൻെറ വീടിൻെറ മോന്താ
ത്തു. അതിൻെറ അസ്തിവാരം
മാക്കി. എന്നെ ചിതറിക്കുവാൻ
ചുഴലിക്കാറ്റുപോലെ വന്നവൻെറ, അഗ
തിയെ—ഒളിച്ചിരുന്നു വിഴുങ്ങുമെന്നു വിചാ
രിച്ചവൻെറ—യുദ്ധവീരന്മാരുടെ തലകളെ
കുന്തംകൊണ്ടു നീ കുത്തിപ്പിളർന്നു. നീ 15
സമുദ്രത്തിൽ, പെരുവെള്ളത്തിന്മേൽ
അശ്വാരൂഢനായി നടക്കുന്നു. ഞാൻ കേട്ടു;
എൻെറ ശരീരം വിറച്ചുപോയി. മുഴക്കം നിമി 16
ത്തം എൻെറ അധരങ്ങൾ വിറച്ചു. എൻെറ
അസ്ഥികൾ ഉരുകി. എൻെറ കാലുകൾ വിറ
ച്ചു. ജനത്തിനുണ്ടാകുന്ന കഷ്ടദിവസം
അവൻ എന്നെ മുൻകൂട്ടി കാണിച്ചു.
അത്തിവൃക്ഷം തളിർക്കാതിരുന്നാലും, 17
മുന്തിരിവള്ളിയിൽ ഫലങ്ങൾ ഇല്ലാതായാ
ലും ഒലിവുമരത്തിൽ കായ്കൾ ഇല്ലാതാ
യാലും, വയലുകളിൽ ധാന്യവിളവില്ലാതാ
യാലും ആട്ടിൻകൂട്ടം ആലകളിൽ അറ്റു
പോയാലും, തൊഴുത്തുകളിൽ കന്നുകാലി
കൾ ഇല്ലാതെ പോയാലും, ഞാൻ കർത്താ
വിൽ ആനന്ദിക്കും. എൻെറ രക്ഷകനായ 18
ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും. ദൈവ 19
മായ കർത്താവത്രേ എൻെറ ബലം! അവൻ
മാൻപേടയുടെ കാലുകൾക്കെന്നപോലെ
എൻെറ കാലുകൾക്കു വേഗത നൽകി ഉന്ന
തങ്ങളിൽ എന്നെ നിർത്തി. അവൻെറ
മഹത്വങ്ങൾ ഞാൻ പാടും.

ഹബ്ക്കൂക്ക് പ്രവാചകൻെറ പ്രവചനം സമാപ്തം.

സെഫന്യാ

അദ്ധ്യായം 1

1 യഹൂദാ രാജാവായ അമ്മോൻെറ
പുത്രനായ യോശിയായുടെ കാലത്ത് -
ഹെസക്കിയായുടെ മകനായ അമര്യായുടെ
മകനായ-ഗെദല്യായുടെ മകനായ കൂശിയു
ടെ മകൻ സെഫന്യായ്ക്കുണ്ടായ കർത്താ
2 വിൻെറ അരുളപ്പാട്: ഞാൻ ഭൂമുഖത്തുനിന്ന്
സകലവും നശിപ്പിക്കും എന്നു കർത്താവു
കല്പിക്കുന്നു. ഞാൻ മനുഷ്യരേയും,
3 മൃഗങ്ങളെയും ആകാശത്തിൽ പറക്കുന്ന
പക്ഷികളെയും സമുദ്രത്തിലുള്ള മത്സ്യങ്ങ
ളേയും നശിപ്പിക്കും. ദുഷ്ടന്മാരെയും
വിരുദ്ധതയുളവാക്കുന്നവരെയും സംഹരി
ക്കും. ഭൂമുഖത്തുനിന്നു മനുഷ്യവർഗത്തെ
വിച്ഛേദിച്ചുകളയും എന്ന് കർത്താവു
4 കല്പിക്കുന്നു. യഹൂദയ്ക്കും യറുശലേം
നിവാസികളായ സർവർക്കും എതിരായി
ഞാൻ കൈ ഉയർത്തും. ഞാൻ ഈ സ്ഥല
ത്തു നിന്ന് 'ബാൽ' ഭക്തരിൽ ശേഷിച്ചുള്ളവ
രേയും അതിൻെറ പുരോഹിതരോടുകൂടെ
പൂജ നടത്തുന്നവരുടെ നാമത്തേയും നീക്കി
5 ക്കളയും. പുരമുകളിലിരുന്ന് ആകാശസൈ
ന്യത്തെ ആരാധിക്കുന്നവരേയും, കർത്താ
വിനേയും മൽക്കോമിനേയും ഒരുപോലെ
ആരാധിക്കയും, അവരുടെ നാമത്തിൽ
6 ശപഥം ചെയ്യുന്നവരേയും, കർത്താവിനെ
വിട്ട് പിൻതിരിഞ്ഞവരേയും, കർത്താവിനെ
ക്കുറിച്ച് അന്വേഷിക്കുകയോ, തന്നെക്കു
റിച്ച് ആരായുകയോ ചെയ്യാത്ത എല്ലാവ
രേയും ഞാൻ ഛേദിച്ചുകളയും.
7 കർത്തൃസന്നിധിയിൽ ഭക്തിയോടിരി
പ്പിൻ; കർത്തൃദിവസം സമീപമായിരിക്കു
ന്നു. കർത്താവ് ഒരു ബലിസദ്യ ഒരുക്കിയി
രിക്കുന്നു. ക്ഷണിതാക്കളെ താൻ വിളിപ്പി
8 ച്ചിരിക്കുന്നു. എന്നാൽ കർത്താവിൻെറ
ബലിസദ്യയുടെ ദിവസത്തിൽ പ്രഭുക്കന്മാ
രേയും, രാജകുമാരന്മാരേയും വിദേശ വസ്ത്രം
ധരിച്ചിരിക്കുന്ന എല്ലാവരേയും ഞാൻ ശി
9 ക്ഷിക്കും. അന്ന്, അക്രമവും വഞ്ചനയും
കൊണ്ട് സ്വന്തം വീടുകൾ നിറയ്ക്കുന്ന
അപഹാരികളെ ഞാൻ ശിക്ഷിക്കും. അക്കാ
ലത്ത് 'മത്സ്യഗോപുരത്തിൽ നിന്നും ഉച്ച
ത്തിലുള്ള നിലവിളിയും, നഗരത്തിൻെറ
മറെറാരു ഭാഗത്തുനിന്ന് മുറവിളിയും, കുന്നു
കളിൽനിന്നും രോദനനാദവും ഉണ്ടാകും'
എന്നു കർത്താവ് കല്പിക്കുന്നു. മക്ത്തേ
ശിൽ പാർക്കുന്നവരേ, വിലപിക്കുവിൻ;
എല്ലാ കനാന്യരും നശിച്ചുപോയി. ദ്രവ്യസ
ക്ഷിപ്പുകാരും വിച്ഛേദിക്കപ്പെട്ടിരിക്കുന്നു!
അക്കാലത്തു ഞാൻ വിളക്കു തെളിച്ച് യറു
ശലേമിനെ പരിശോധിക്കും. കാവൽക്കാര
ദുഷിച്ചുകൊണ്ടു ദൈവം ഗുണമോ ദോഷ
മോ ചെയ്കയില്ല എന്ന് ആത്മഗതം ചെയ്യു
ന്നവരെ ഞാൻ ശിക്ഷിക്കും. അവരുടെ
സമ്പാദ്യങ്ങൾ കവർച്ച ചെയ്യപ്പെടും. അവ
രുടെ ഭവനങ്ങൾ ശൂന്യമായിപ്പോകും. അവർ
വീടു പണിതാലും, അതിൽ വസിക്കാനിട
യാകുകയില്ല. അവർ മുന്തിരിത്തോപ്പ് നട്ടു
പിടിപ്പിക്കും; എന്നാൽ അതിൽനിന്നു
വീഞ്ഞു കുടിക്കാനിടയാകുകയില്ല.
കർത്താവിൻെറ വലിയ ദിവസം അടു
ത്തിരിക്കുന്നു. അതു ശീഘ്രമായി അടുത്ത
ടുത്തു വരുന്നു! കർത്താവിൻെറ ദിവസ
ത്തിൻെറ ആരവം ഘോരമാകുന്നു. ശക്ത
മാകുന്ന ജനം വേദനയോടെ നിലവിളിക്കും.
ആ ദിവസം, ക്രോധദിവസമാണ്; കഷ്ടത
യുടെയും സങ്കടത്തിൻെറയും ദിവസം; ശൂന്യ
തയുടെയും വിനാശത്തിൻെറയും ദിവസം;
ഇരുളും അന്ധതമസ്സുമുള്ള ദിവസം; മേഘ
വും കൂരിരുളും ഉള്ള ദിവസംതന്നെ. ഉറപ്പുള്ള
പട്ടണങ്ങൾക്കും ഉയരമുള്ള കോട്ടകൾക്കും
വിരോധമായി, കാഹളനാദവും, ഘോരാരാ
വുമുള്ള ദിവസമാണത്. ഞാൻ മനുഷ്യ
രുടെമേൽ കഷ്ടത വരുത്തും. അവർ അന്ധ
ന്മാരെപ്പോലെ നടക്കും; എന്തെന്നാൽ
അവർ കർത്താവിന്നെതിരായി പാപം
ചെയ്യവരല്ലോ. അവരുടെ രക്തം, പൊടിപോ
ലെയും അവരുടെ മാംസം വിസർജ്ജ്യ
വസ്തുപോലെയും ചിതറിക്കും. ദൈവത്തി
ൻെറ കോപദിവസത്തിൽ അവരുടെ പൊ
ന്നിനും വെള്ളിക്കും അവരെ രക്ഷിപ്പാൻ

ാകുകയില്ല. ഭൂതലമാകെ അവൻെറ
ിനിയിൽ ദഹിച്ചുപോകും. ഭൂവാസി
ആകമാനം അവൻ പെട്ടെന്ന്
ാശം വരുത്തും.

അദ്ധ്യായം 2

യില്ലാത്ത ജാതിയേ! പതിരുപോ
ങ്ങളെ പറപ്പിച്ചുകളയുന്ന ആ
ദിവസം വരുന്നതിനു മുമ്പെ—
ിൻെറ ഉഗ്രകോപം നിങ്ങളുടെ
ുന്നതിനു മുമ്പ്—ഒരുമിച്ചു കൂടു
ത്ത്യകല്പനകൾപ്രകാരം പ്രവർ
വരേ, ദേശത്തുള്ള സർവ വിനീത
ർത്താവിനെ അന്വേഷിക്കുവിൻ.
സൗമ്യതയും അന്വേഷിപ്പിൻ.
ിൻെറ കോപദിവസത്തിൽ,
വൻ നിങ്ങളെ മറച്ചുകൊള്ളും.
നിർജ്ജനമാകും; അസ്കലോൻ
! അസ്തോദിനെ മദ്ധ്യാഹ്നസമ
ലമാക്കും. എക്രോന് ഉന്മൂലനാ
സമുദ്രതീരവാസികൾക്കും 'ക്രേ
യ്ക്കും ഹാ കഷ്ടം! ഫെലിസ്ത്യ
നാനേ! കർത്താവിൻെറ വചനം
വിരോധമായുള്ളതാകുന്നു.
വാസികൾ അവശേഷിക്കാത്ത
നിന്നെ ഞാൻ നശിപ്പിക്കും.
, ഇടയന്മാരുടെ കൂടാരങ്ങൾ
ർപറ്റങ്ങൾക്ക് ആലകളും ആകും.
, യഹൂദാഗോത്രത്തിൽ അവ
വർക്ക് ആയിത്തീരും. അവർ
ടുമാടുകളെ മേയിക്കും. അസ്ക
ഭവനങ്ങളിൽ അവർ സന്ധ്യ
ങ്ങും. അവരുടെ ദൈവമായ
വരെ സന്ദർശിക്കും; അവരുടെ
ക്കി വരുത്തും. മോവാബിൻെറ
ുകളും, അമ്മോന്യർ എൻെറ
വഹേളിച്ച് അവരുടെ ദേശത്തി
പരിഹസിക്കുന്നതും ഞാൻ
ു; ആകയാൽ, ഇസ്രായേലി
ായ ബലവാനായ കർത്താവ്
ിപ്പിക്കുന്നു: "ഞാനാണേ,
സാദോമിനേയും, അമോന്യർ
യുംപോലെ, മുൾപടർപ്പും
നിറഞ്ഞ് ശാശ്വതശൂന്യതയി
റ ജനത്തിൽ അവശേഷിച്ചിരി
വരെ കവർച്ചചെയ്യും. എൻെറ
വശേഷിച്ചിരിക്കുന്നവർ ആ
കവശമാക്കുകയും ചെയ്യും.
, അവരുടെ അഹങ്കാരംമൂലം
ഭവിക്കുന്നത്. അവർ ബല
വാനായ കർത്താവിൻെറ ജനത്തിന്നെതി
രായി നിന്ദയും അഹങ്കാരവുമാണ് കാണി
ച്ചത്. കർത്താവ് അവർക്കെതിരെ ഭയങ്കര
നായിരിക്കും. അവൻ ഭൂതലത്തിലെ രാജാ 11
ക്കന്മാരെയെല്ലാം നശിപ്പിക്കും. ജാതികളുടെ
സർവദേശങ്ങളും അവരവരുടെ ദേശത്ത്
അവനെ ആരാധിക്കും. വാളിന്നിരയായ 12
എത്യോപ്യരെ നിങ്ങളും ആരാധിക്കും.
അവൻ ഉത്തരദേശത്തിന്നെതിരെ കൈ 13
നീട്ടി അസ്സീറിയായെ നശിപ്പിക്കും. നിനുവ
യെ അവൻ ശൂന്യവും വരണ്ട മരുഭൂമിപോ
ലെയുമാക്കും. അതിൻെറ മദ്ധ്യത്തിൽ ആ 14
ട്ടിൻപറ്റങ്ങൾ മേയും. വന്യമൃഗങ്ങൾ അതിൽ
കിടക്കും. അതിൻെറ തൂണുകളുടെ ഇടയിൽ
കാകനും, മുള്ളൻപന്നിയും രാപാർക്കും.
മൃഗങ്ങൾ അലറും. അതിൻെറ അടിസ്ഥാനം
തെളിഞ്ഞു കാണാം. "ഞാൻ മാത്രം-മറ്റാരു
മില്ല" എന്ന് ആത്മഗതം ചെയ്ത് നിർഭയം
നിലകൊണ്ടിരുന്ന ഉല്ലാസങ്ങളുടെ നഗരം 15
ഇതു തന്നെ! അതു വെറും ശൂന്യവും, വന്യ
മൃഗങ്ങളുടെ കിടപ്പിടവുമായിപ്പോയി. അതി
ൻെറ അടുത്തുകൂടി പോകുന്നവർ ചൂള
മടിച്ചു നിന്ദിച്ച് കൈ വീശും. അവർ പറയും:

അദ്ധ്യായം 3

പ്രസിദ്ധവും രക്ഷിതവുമായ യോനാ 1
യുടെ നഗരത്തിനു കഷ്ടം. ആരുടെയും 2
പ്രബോധനം സ്വീകരിക്കുന്നില്ല! അവൾ
കർത്താവിൽ ആശ്രയിച്ചില്ല; തൻെറ ദൈവ
സന്നിധിയിലേക്ക് മനം തിരിയുന്നുമില്ല.
അവളുടെ പ്രമുഖന്മാർ നഗരമദ്ധ്യേ ഗർജ്ജി 3
ക്കുന്ന സിംഹങ്ങളാണ്. അവളുടെ ന്യായാ
ധിപന്മാർ സന്ധ്യയ്ക്ക് ഇര തേടിയിറങ്ങുന്ന
ചെന്നായ്ക്കളാണ്. അവർ പ്രഭാതത്തിലേ
ക്ക് ഒന്നും ശേഷിപ്പിക്കുന്നില്ല. അവളുടെ 4
പ്രവാചകന്മാർ, ദുർമാർഗികളും അവിശ്വ
സ്തരും. പുരോഹിതർ വിശുദ്ധമായതിനെ
മലിനപ്പെടുത്തുന്നവരും, ന്യായപ്രമാണ
ത്തെ ലംഘിക്കുന്നവരുമാകുന്നു. അതിൽ 5
സ്ഥിതിചെയ്യുന്ന കർത്താവ് നീതികേടു
ചെയ്യാത്ത നീതിമാനാകുന്നു. രാവിലെ
തോറും ശോഭയോടെ തൻെറ ന്യായത്തെ
പ്രസിദ്ധമാക്കുന്നു. നീതികെട്ടവന് ലജ്ജ
എന്തെന്ന് അറിഞ്ഞുകൂടാ. 'ഞാൻ ജാതി
കളെ വിച്ഛേദിച്ചുകളഞ്ഞു. അവരുടെ കോട്ട 6
കൾ ശൂന്യമായിരിക്കുന്നു. അവരുടെ വീഥി
കളിലൂടെ ആരും കടന്നുപോകാനാവാത്ത
വണ്ണം ശൂന്യമാക്കി. അവരുടെ നഗരങ്ങൾ
മനുഷ്യനും നിവാസിയുമില്ലാതെ നശിച്ചി
രിക്കുന്നു. നിങ്ങൾ നിശ്ചയമായും എന്നെ 7

ഭയപ്പെടണം; ഉപദേശം സ്വീകരിക്കണം,
ഞാൻ ആജ്ഞാപിച്ചതൊന്നും മറക്കരുത്
എന്നു ഞാൻ പറഞ്ഞു. എന്നാൽ അവരോ,
ദുഷ്പ്രവൃത്തികൾ കൂടുതലായി ചെയ്യു
8 വാൻ ഉത്സുകരായി. അതിനാൽ സാക്ഷ്യ
ത്തിന്നായി ഞാൻ വരുന്ന ദിവസംവരെ
എനിക്കായി കാത്തിരിപ്പിൻ. എന്റെ കോ
പവും ക്രോധവും വർഷിക്കുവാൻ ജാതിക
8 ളേയും രാജ്യങ്ങളേയും ഒരുമിച്ചു കൂട്ടുവാൻ
ഞാൻ നിശ്ചയിച്ചിരിക്കുന്നു. സർവഭൂമിയും
എന്റെ കോപാഗ്നിയിൽ ദഹിച്ചുപോകും
എന്നു കർത്താവ് അരുളിച്ചെയ്യുന്നു.
9 സർവ ജാതികളും കർത്തൃനാമത്തെ
വിളിച്ചപേക്ഷിച്ച്, ഐക്യപ്പെട്ട് അവനെ
ശുശ്രൂഷിക്കുവാനായി അന്ന് ഞാൻ അവ
രുടെ അധരങ്ങളെ നിർമലമാക്കും. എത്യോ
10 പ്യൻ നദികൾക്ക് അക്കരെനിന്ന് എന്റെ
ആരാധകർ, എന്റെ ചിതറിപ്പോയവരുടെ
സഭ, എനിക്ക് വഴിപാടുകൾ കൊണ്ടുവരും.
11 നിന്റെ മദ്ധ്യേനിന്ന് ധിക്കാരം പറയുന്ന
അഹങ്കാരികളെ പാടെ നീക്കിക്കളയുകയും,
എന്റെ വിശുദ്ധ പർവതത്തിൽ ഒരിക്കലും
അഹങ്കരിക്കാതിരിക്കുകയും ചെയ്താൽ, നീ
എന്റെ മുമ്പിൽ ചെയ്ത സർവ അക്രമപ്രവൃ
ത്തികളും നിമിത്തം നീ ലജ്ജിക്കാനിടയാ
12 കുകയില്ല. ഞാൻ നിന്നിൽ, വിനയവും താഴ്മ
യുമുള്ള ഒരു ജനതയെ അവശേഷിപ്പിക്കും.
അവർ കർത്തൃനാമത്തിൽ അഭയം തേടും.
13 ഇസ്രായേലിൽ അവശേഷിക്കുന്നവർ തിന്മ
ചെയ്യുകയില്ല; വ്യാജം പറയുകയില്ല. അവ
രുടെ വായിൽ വഞ്ചനയുള്ള നാവുണ്ടാ
യിരിക്കുകയില്ല. അവർ നിർഭയരായി
മേഞ്ഞു നടക്കും. അവരെ ആരും ഉപദ്രവി
ക്കുകയില്ല.
സെഹിയോൻ പുത്രിയേ! ഘോഷിച്ചാ 14
നന്ദിക്കുക. ഇസ്രായേലേ, ആർപ്പിടുക.
യറുശലേം പുത്രിയേ! സന്തോഷപൂർവം
പൂർണഹൃദയത്തോടെ ആനന്ദിക്കുക. നിന 15
ക്കെതിരെയുള്ള ശിക്ഷാവിധി കർത്താവു
മാറ്റിയിരിക്കുന്നു. നിന്റെ ശത്രുവിനെ 16
അവൻ ചിതറിച്ചിരിക്കുന്നു. ഇസ്രായേലി
ന്റെ രാജാവായ കർത്താവ്, നിങ്ങളുടെ
മദ്ധ്യേ ഇരിക്കുന്നു. ഇനിയും നിങ്ങൾ ഒര
നർത്ഥവും ഭയപ്പെടേണ്ട എന്ന് അന്ന് അവർ
യറുശലേമിനോടും അധൈര്യപ്പെടരുതെ
ന്നു സെഹിയോനോടും പറയും. നിന്റെ 17
ദൈവമായ കർത്താവ്, രക്ഷ നൽകുന്ന
യോദ്ധാവായി നിന്റെ മദ്ധ്യേ ഉണ്ട്. നിന്നെ
അവൻ അത്യധികം ആനന്ദിപ്പിക്കും. തന്റെ 18
സ്നേഹത്തിൽ അവൻ നിന്നെ വീണ്ടും
പ്രതിഷ്ഠിക്കും. പെരുന്നാൾ ദിനത്തിലെന്ന
തുപോലെ അവൻ നിന്നിൽ ആനന്ദിക്കും.
ഞാൻ നിന്നിൽനിന്ന് ആപത്തുകൾ നീക്കി
ക്കളയും. നിനക്ക് അവമാനം ഉണ്ടാകുക 19
യില്ല. നിന്നെ പീഡിപ്പിച്ചവരെയെല്ലാം അന്നു
ഞാൻ ശിക്ഷിക്കും. അടിമയെ ഞാൻ രക്ഷി
ക്കും—ദൂരസ്ഥരെ കൂട്ടിവരുത്തും. ഭൂതലമാ
കെ ലജ്ജിതരായവരെ ഞാൻ ഭൂതലമാകെ
പ്രശസ്തിയും കീർത്തിയുമുള്ളവരാക്കും.
അന്ന്, ഞാൻ നിങ്ങളെ കൂട്ടി വരുത്തുന്ന
അന്ന്, ഞാൻ നിങ്ങളെ ഭൂമിയിലെ സർവ 20
ജാതികളുടെയും കൺമുമ്പിൽ പ്രശസ്തരും
പ്രകീർത്തിതരും ആക്കും' എന്നു കർത്താവ്
അരുളിച്ചെയ്യുന്നു.

സെഫന്യാ പ്രവാചകൻ സമാപ്തം

പാഠഭേദം

2:12

3:1

ഹഗ്ഗായി

അദ്ധ്യായം 1

സ് രാജാവിന്റെ വാഴ്ചയുടെ
ഷത്തിൽ ആറാം മാസം ഒന്നാം
ഹൂദാ ദേശാധിപതിയായ—
യലിന്റെ മകൻ സുർബാബേ
യൂസോദേക്കിന്റെ മകനും
ഹിതനുമായ യോശുവായ്ക്കു
ായി പ്രവാചകൻ വഴിയായു
ളപ്പാട്.
നായ ദൈവം ഇങ്ങനെ കല്പി
ദവത്തിന്റെ ആലയം പുനരു
ള സമയമായിട്ടില്ല എന്ന് ഈ
ന്നു. അപ്പോൾ ഹഗ്ഗായി പ്രവാ
കർത്താവിന്റെ അരുളപ്പാടു
ൗ ആലയം നശിച്ചു കിടക്കവെ,
ദ മന്ദിരങ്ങളിൽ വസിക്കുകയാ
യാൽ ബലവാനായ ദൈവം
പിക്കുന്നു. നിങ്ങളുടെ മാർഗ്ഗ
ിന്തിക്കുവിൻ, നിങ്ങൾ വളരെ
ക്കുന്നുണ്ട്. പക്ഷെ അല്പമേ
കാണ്ടുവരുന്നുള്ളു. നിങ്ങൾ
ണ്ട്, എന്നിട്ടും സംതൃപ്തരാ
ം ചെയ്തിട്ടും മതിവരുന്നില്ല.
തം ധരിക്കുന്നുണ്ട്. എന്നിട്ടും
ന്നില്ല! വ്യാപാരി വാങ്ങുന്ന
ിൽ ദ്വാരമുള്ള സഞ്ചിയിൽ
വാനായ ദൈവം കല്പിക്കു
ടെ വഴികളെക്കുറിച്ച് ചിന്തി
മലയിൽ പോയി തടി കൊ
ലയം പണിയുവിൻ. ഞാൻ
ദിക്കും. മഹിമയോടെ ഞാൻ
ക്ഷനാകും. വളരെയേറെ
ിങ്ങൾ പ്രതീക്ഷിച്ചു. കിട്ടി
മാത്രം! നിങ്ങൾ അതു വീട്ടി
ുവന്നു. ഞാനോ അത്
. എന്താണ് കാരണം?
യം ശൂന്യമായിക്കിടക്കു
ിൽ ഓരോരുവനും സ്വന്ത
നായി ഓടുന്നതുകൊണ്ടു
ബലവാനായ കർത്താവ്
കല്പിക്കുന്നു. അതിനാൽ, നിങ്ങൾ നിമി 10
ത്തം ആകാശം മഞ്ഞു വർഷിക്കാതെ അട
ഞ്ഞിരിക്കുന്നു. ഭൂമി, വിളവു തരുന്നുമില്ല! 11
ദേശം മുഴുവനിലും, മലകൾ, ധാന്യം,
വീഞ്ഞ്, എണ്ണ, വയലിലെ വിളവ്, മനുഷ്യർ,
മൃഗങ്ങൾ, അദ്ധ്വാനം എന്നിവയുടെ മേൽ
വിനാശം വരുത്തിയിരിക്കുന്നു.
അപ്പോൾ ശേലത്തിയേലിന്റെ മകൻ 12
സുർബാബേലും യൂസോദേക്കിന്റെ പു
ത്രൻ, പ്രധാനാചാര്യനായ യോശുവായും,
ജനത്തിൽ അവശേഷിച്ച എല്ലാവരും അവ
രുടെ ദൈവമായ കർത്താവിന്റെ വാക്കും
താൻ നിയോഗിച്ച പ്രവാചകനായ ഹഗ്ഗായി
യുടെ വചനങ്ങളും കേട്ട് അനുസരിച്ചു. ജനം
കർത്തൃഭക്തിയുള്ളവരായി. അപ്പോൾ 13
കർത്താവിന്റെ ദൂതനായ ഹഗ്ഗായി കർത്താ
വിന്റെ സന്ദേശമായി ജനത്തോടറിയി
ച്ചത്: "ഞാൻ നിങ്ങളോടുകൂടെയുണ്ട് എന്ന്
ദൈവം കല്പിക്കുന്നു." യഹൂദാദേശഭരണാ 14
ധിപനായ - ശേലത്തിയേലിന്റെ മകൻ
സുർബാബേലിന്റെയും, യൂസോദേക്കി
ന്റെ മകൻ പ്രധാനാചാര്യൻ യോശുവാ
യുടേയും, ജനത്തിൽ അവശേഷിച്ചിരുന്ന
എല്ലാവരുടേയും മനസ്സ് കർത്താവ് ഉത്തേജി
പ്പിച്ചു. അങ്ങനെ അവർ വന്ന് അവരുടെ
ദൈവമായ ബലവാനായ കർത്താവിന്റെ
ആലയം പണി ആരംഭിച്ചു. അത് ദാരിയൂസ്
രാജാവിന്റെ വാഴ്ചയുടെ രണ്ടാം വർഷം
ആറാം മാസം ഇരുപത്തിനാലാം തീയതി
ആയിരുന്നു.

അദ്ധ്യായം 2

ഏഴാം മാസം ഇരുപത്തൊന്നാം തീയതി 1
പ്രവാചകനായ ഹഗ്ഗായി മുഖാന്തിരം
കർത്താവ് അരുളിച്ചെയ്തു: നീ, യഹൂദാ 2
ദേശാധിപനായ —ശേലത്തിയേലിന്റെ
മകൻ സുർബാബേലിനോടും യൂസോദേ
ക്കിന്റെ പുത്രൻ, പ്രധാനാചാര്യനായ
യോശുവായോടും, ജനത്തിൽ അവശേഷി
ച്ചിരിക്കുന്നവരോടും ഇങ്ങനെ പറയുക. ഈ 3
ആലയത്തിന്റെ ആദ്യകാല മഹിമ കണ്ടിട്ടു

ള്ളവരായി നിങ്ങളിൽ ആരെങ്കിലുമുണ്ടോ!
ഇപ്പോഴത്തെ സ്ഥിതി കണ്ടിട്ട് നിങ്ങൾക്ക്
എന്തു തോന്നുന്നു? വെറും നിസ്സാരമായിട്ട
4 ല്ലയോ തോന്നുന്നത്? സുർബ്ബാബേലേ, നീ
ധൈര്യപ്പെടുക. യുസോദേക്കിൻെറ പുത്ര
നും പ്രധാനാചാര്യനുമായ യോശുവായേ!
ധൈര്യപ്പെട്ടുകൊൾക. സർവ്വ ദേശവാസി
കളുമേ! സുധീരരാകുവിൻ! പണിയുവിൻ!
5 എന്നു കർത്താവു കല്പിക്കുന്നു. ഞാൻ
നിങ്ങളോടുകൂടെയുണ്ട് എന്നു ബലവാ
നായ കർത്താവു കല്പിക്കുന്നു. നിങ്ങൾ
മെസ്രേനിൽനിന്നു പുറപ്പെടുമ്പോൾ, ഞാൻ
നിങ്ങളോടു വാഗ്ദാനം ചെയ്തിരുന്നത് - ആ
നിയമത്തിൻെറ വചനം ഓർത്തുകൊള്ളു
വിൻ - എൻെറ ആത്മാവ് നിങ്ങളോടുകൂടെ
6 യുണ്ടായിരിക്കും. ബലവാനായ കർത്താവു
കല്പിക്കുന്നു: ഭയം വേണ്ട - ഇനിയും
അല്പകാലത്തിനുള്ളിൽ ഞാൻ ആകാശ
ത്തേയും ഭൂമിയേയും കടലിനേയും കര
7 യേയും ഇളക്കും. എല്ലാ ജാതികളേയും
ഞാൻ പ്രചോദിപ്പിക്കും. അപ്പോൾ എല്ലാ
ജാതികളുടെയും വിശിഷ്ടവസ്തുക്കൾ
കൊണ്ടുവരും. ഈ ആലയത്തെ ഞാൻ
മഹിമാപൂർണ്ണമാക്കും എന്നു ബലവാനായ
8 കർത്താവ് കല്പിക്കുന്നു. വെള്ളി എൻേറത്
- സ്വർണ്ണവും എൻേറതു തന്നെ എന്ന് ബല
വാനായ കർത്താവ് കല്പിക്കുന്നു. ഈ
ആലയത്തിൻെറ മഹിമ മുൻ ആലയത്തി
ൻെറതിനേക്കാൾ ഉപരിയായിരിക്കും എന്നു
9 ബലവാനായ കർത്താവ് കല്പിക്കുന്നു. ഈ
സ്ഥലത്ത് എൻെറ സമാധാനം ഞാൻ
പ്രദാനംചെയ്യും.
10 ദാരിയൂസ് രാജവാഴ്ചയുടെ രണ്ടാം
വർഷം, ഒൻപതാം മാസം 24-ാം തീയതി
പ്രവാചകനായ ഹഗ്ഗായി വഴിയായുണ്ടായ
11 അരുളപ്പാട്: ബലവാനായ കർത്താവ്
ഇങ്ങനെ കല്പിക്കുന്നു. നിങ്ങൾ പുരോ
ഹിതന്മാരോടു പ്രമാണം ചോദിക്കുവിൻ:-
12 ഒരുവൻ വസ്ത്രത്തിൻെറ ഒരു കോണിൽ
വിശുദ്ധമാംസം പൊതിഞ്ഞെടുത്ത് ആ
വസ്ത്രകോണുകൊണ്ട് അപ്പമോ, പായ
സമോ വീഞ്ഞോ എണ്ണയോ, മറെറന്തെ
ങ്കിലും ഭോജ്യവസ്തുവോ സ്പർശിച്ചാൽ
അതു വിശുദ്ധമായിത്തീരുമോ? 'ഇല്ല' എന്നു
13 പുരോഹിതന്മാർ പറഞ്ഞു. അപ്പോൾ
ഹഗ്ഗായി ചോദിച്ചു: മൃതശരീരത്തിൽ
സ്പർശിച്ചതിനാൽ അശുദ്ധനായ ഒരുവൻ
അവയിൽ ഏതെങ്കിലും സ്പർശിച്ചാൽ
14 അശുദ്ധമാകുമോ? പുരോഹിതന്മാർ പറ
ഞ്ഞു, അത് അശുദ്ധമാകും എന്ന്. ഹഗ്ഗായി
അപ്പോൾ പറഞ്ഞത്: ഈ ജനവും, ഈ
ജാതിയും എൻെറ മുമ്പാകെ അപ്രകാര
മാണ്-അവരുടെ കൈകളുടെ പ്രവൃത്തി
യും അവർ അവിടെ അർപ്പിക്കുന്നവയു
അശുദ്ധമത്രെ.
കർത്താവിൻെറ ആലയപ്പണിക്കു കല്ലി
ന്മേൽ കല്ലു വയ്ക്കുന്നതിനു മുമ്പുള്ള
ആക്കാലത്തെക്കുറിച്ചു ചിന്തിക്കുവിൻ.
ആക്കാലത്ത് ഇരുപത് അളവു ധാന്യ
കൂമ്പാരത്തിങ്കലേക്കു ചെന്നു നോക്കു
മ്പോൾ അവിടെ പത്ത് അളവു മാത്ര
കാണാനുള്ളു! അൻപത് അളവ് കോരിയെ
ടുക്കാനായി ചക്കിനെ സമീപിക്കുമ്പോൾ
ഇരുപത് അളവു മാത്രമാണു കാണുന്നത്
ഉഷ്ണക്കാററും, വിഷമഞ്ഞും, കൽമഴയു
കൊണ്ട് നിങ്ങളുടെ അദ്ധ്വാനഫലങ്ങളെ
യെല്ലാം ഞാൻ ശിക്ഷിച്ചു. എന്നിട്ട് നിങ്ങൾ
എങ്കലേക്കു മനം തിരിഞ്ഞു വന്നില്ല! എന്ന്
കർത്താവു കല്പിക്കുന്നു. ഇന്നുമുതൽ
നിങ്ങൾ മുന്നോട്ടു നോക്കുവിൻ. ഒൻപതാം
മാസം ഇരുപത്തിനാലാം തീയതി മുതൽ
അതെ കർത്താവിൻെറ ആലയത്തിന്
ശിലാസ്ഥാപനം ചെയ്ത അന്നു മുതൽ
എങ്ങനെയിരിക്കുന്നുവെന്ന് ശ്രദ്ധിച്ചു
നോക്കുവിൻ. വിത്ത്, ഇനിയും കളപ്പുര
യിൽതന്നെ കിടക്കുകയാണോ? മുന്തിരി
വള്ളിയും അത്തിവൃക്ഷവും മാതളനാരക
വും ഒലിവുവൃക്ഷവും ഫലം കായ്ക്കുന്നി
ല്ലേ? ഇന്നു മുതൽ ഞാൻ നിങ്ങളെ അനു
ഗ്രഹിക്കും.
അതേമാസം ഇരുപത്തിനാലാം തീയതി
രണ്ടാം പ്രാവശ്യം കർത്താവിൻെറ അരുള
പ്പാട് ഹഗ്ഗായിക്കുണ്ടായത്. യഹൂദായുടെ
ഭരണാധിപനായ സുർബ്ബാബേലിനോടു നീ
പറയണം. ഞാൻ ആകാശത്തേയും ഭൂമി
യേയും ഇളക്കും. രാജ്യങ്ങളുടെ സിംഹാ
സനങ്ങൾ ഞാൻ മറിച്ചിട്ടു തകർക്കും.
ജാതികളുടെ രാജ്യങ്ങളുടെ ശക്തി ഞാൻ
നശിപ്പിക്കും. രഥങ്ങളേയും രഥസവാരിക്കാ
രേയും ഞാൻ മറിച്ചിടും. അശ്വങ്ങളും അശ്വാ
രൂഢന്മാരും അവനവൻെറ സഹോദരൻെറ
വാളിന്നിരയായി വീഴും. കർത്താവ് കല്പി
ക്കുന്നു. എൻെറ ദാസനായ ശേലത്തിയേലി
ൻെറ പുത്രാ, സുർബ്ബാബേലേ, അന്നു ഞാൻ
നിന്നെ എടുത്ത് എൻെറ മുദ്രമോതിരം
പോലെയാക്കിത്തീർക്കും. ഞാൻ നിന്നെ
തെരഞ്ഞെടുത്തിരിക്കുന്നു എന്നു കർത്താ
വിൻെറ അരുളപ്പാട്.

ഹഗ്ഗായി പ്രവാചകൻ സമാപ്തം

സ്കറിയാ പ്രവാചകൻ

അദ്ധ്യായം 1

സിൻെറ രണ്ടാം ആണ്ടിൽ എട്ടാം
ഇദ്ദോ പ്രവാചകൻെറ മകൻ
ടെ മകൻ സ്കറിയായ്ക്ക്
ൻെറ അരുളപ്പാടു ഉണ്ടായത്:
നിങ്ങളുടെ പിതാക്കന്മാരോടു
കോപിച്ചിരിക്കുന്നു. ആകയാൽ
ടു ഇപ്രകാരം പറയുക: നിങ്ങൾ
തിരിയുവിൻ; ഞാൻ നിങ്ങളുടെ
ു തിരിയാം എന്നു ബലവാ
താവു അരുളിച്ചെയ്യുന്നു. നി
ളുടെ പിതാക്കന്മാരെപ്പോലെ
നിങ്ങളുടെ ദുർമാർഗ്ഗങ്ങളും
ികളും വിട്ട് എങ്കലേക്കു തിരി
ു കർത്താവു അരുളിച്ചെയ്യു
ന്നത്തെ പ്രവാചകന്മാർ അവ
സിച്ചു പറഞ്ഞുവെങ്കിലും
; എന്നെ ചെവിക്കൊണ്ടുമില്ല
ാവു അരുളിച്ചെയ്യുന്നു. നിങ്ങ
ക്കന്മാരും പ്രവാചകന്മാരും
ർ എന്നേക്കും ജീവിച്ചിരിക്കു
ദാസന്മാരായ പ്രവാചകന്മാർ
ാൻ കല്പിച്ച വചനങ്ങളും
ങ്ങളുടെ പിതാക്കന്മാർ സ്മരി
രിഞ്ഞ്, നമ്മുടെ മാർഗ്ഗങ്ങൾ
വും നമ്മുടെ പ്രവൃത്തികൾ
മായും, നമ്മൾക്ക് എതിരെ
ർത്താവു വിചാരിച്ചതുപോ
വൻ നമ്മോടു പ്രവർത്തിച്ചി
് അവർ പറഞ്ഞു.
ിൻെറ രണ്ടാം ആണ്ടിൽ,
ാസമായ ശ്ബോത്ത് മാസം
ാം ദിവസം ഇദ്ദോ പ്രവാ
ൻ ബ്രക്യായുടെ മകൻ
കർത്താവിൻെറ അരുള
വൻ പറഞ്ഞു: ഒരു ചുവന്ന
ിരിക്കുന്ന ഒരു പുരുഷനെ
വൻ താഴ്വരയിൽ ഉള്ള
ക്കിടയിൽ നില്ക്കുകയാ
വൻെറ പുറകിൽ ചുവപ്പു

നിറവും തവിട്ടു നിറവും വെള്ള നിറവുമുള്ള
കുതിരകൾ. യജമാനനേ, ഇവ എന്ത്? എന്നു
ഞാൻ ചോദിച്ചു. ഇവ എന്തെന്നു ഞാൻ 9
നിനക്കു കാണിച്ചു തരാം എന്ന് എന്നോടു
സംസാരിക്കുന്ന മാലാഖ പറഞ്ഞു. ഭൂമിയിൽ 10
അങ്ങോട്ടുമിങ്ങോട്ടും നടക്കുവാൻ കർത്താ
വ് അയച്ചവരാണ് ഇവർ എന്ന് തണൽ
മരങ്ങൾക്ക് ഇടയിൽ നിന്നിരുന്ന പുരുഷൻ
മറുപടി പറഞ്ഞു. ഞങ്ങൾ ഭൂമിയിലെല്ലാം 11
ചുററി നടന്നു; ഭൂമിയെല്ലാം ശാന്തമായും
സ്വസ്ഥമായും കഴിയുന്നു എന്ന് അവർ
തണൽമരങ്ങൾക്കിടയിൽ നിൽക്കുന്ന
കർത്താവിൻെറ മാലാഖയോടു മറുപടി
പറഞ്ഞു.

അപ്പോൾ കർത്താവിൻെറ മാലാഖ 12
പറഞ്ഞു: ബലവാനായ കർത്താവേ, കഴി
ഞ്ഞ എഴുപതു വർഷമായി അങ്ങു കുപി
തനായിരിക്കുന്ന യറുശലേമിനോടും യഹൂ
ദാനഗരങ്ങളോടും അങ്ങ് എത്രത്തോളം
കരുണ കാണിക്കാതിരിക്കും? എന്നോടു 13
സംസാരിച്ച ദൂതനോടു കർത്താവു നല്ലതും
ആശ്വാസകരവുമായ വാക്കുകൾ സംസാരി
ച്ചു. ആകയാൽ എന്നോടു സംസാരിച്ചു 14
കൊണ്ടിരുന്ന മാലാഖ എന്നോടു പറഞ്ഞു:
ഞാൻ മഹാതീക്ഷ്ണതയോടെ യറുശലേ
മിനെ കുറിച്ചു തീക്ഷ്ണതയുള്ളവൻ ആയി
രിക്കുന്നുവെന്ന് ബലവാനായ കർത്താവ്
അരുളിച്ചെയ്യുന്നു എന്നു നീ അട്ടഹസിച്ചു
പറയുക. സൈ്വരമായിരിക്കുന്ന ജാതി 15
യോടു എനിക്കു മഹാകോപമുണ്ട്; എന്തെ
ന്നാൽ ഞാൻ അല്പം മാത്രം കോപിച്ചിരി
ക്കെ അവർ തിന്മ വർദ്ധിപ്പിച്ചു. ആകയാൽ 16
കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു:
ഞാൻ കരുണയോടുകൂടെ യറുശലേമിനു
നേരേ തിരിഞ്ഞു വന്നിരിക്കുന്നു; എൻെറ
ആലയം അതിൽ പണിയും; യറു
ശലേമിൻെറ മേൽ അളവുനൂൽ പിടിക്കും
എന്നു ബലവാനായ കർത്താവു അരുളി
ച്ചെയ്യുന്നു. നീ ഇനിയും അട്ടഹസിച്ചു പറ 17
യുക: ഐശ്വര്യം മൂലം പട്ടണങ്ങൾ
ഇനിയും വിസ്തൃതമാകും; കർത്താവു

ഇനിയും സെഹിയോനെ ആശ്വസിപ്പിക്കു
കയും യറുശലേമിനെ തെരഞ്ഞെടുക്കു
കയും ചെയ്യും.
18 പിന്നെ ഞാൻ ദൃഷ്ടിയുയർത്തി
നോക്കിയപ്പോൾ നാലു കൊമ്പുകൾ കണ്ടു.
19 ഇവ എന്താകുന്നു? എന്ന് എന്നോടു സംസാ
രിക്കുന്ന മാലാഖയോടു ഞാൻ ചോദിച്ചു:
യഹൂദയെയും ഇസ്രായേലിനെയും യറുശ
ലേമിനെയും ചിതറിച്ചുകളഞ്ഞ കൊമ്പു
കൾ ഇവയാകുന്നു എന്ന് അവൻ ഉത്തരം
20 പറഞ്ഞു. കർത്താവു എനിക്കു നാലു മര
പ്പണിക്കാരെ കാണിച്ചുതന്നു. ഇവർ എന്തു
ചെയ്യുവാൻ വരുന്നു എന്നു ഞാൻ ചോദിച്ചു.
21 അവൻ എന്നോടു ഇപ്രകാരം പറഞ്ഞു: ഒരു
മനുഷ്യനും തല ഉയർത്താത്തവിധം യഹൂദ
യെ ചിതറിച്ചുകളഞ്ഞതാണല്ലോ ഈ
കൊമ്പുകൾ. ഇവയെ ഭയപ്പെടുത്തുവാനും
യഹൂദാദേശത്തെ ചിതറിച്ചു കളഞ്ഞ
ജാതികളുടെ കൊമ്പുകൾ തള്ളിയിടുവാനു
മാണ് ഇവർ വന്നിരിക്കുന്നത്.

അദ്ധ്യായം 2

1 ഞാൻ വീണ്ടും കണ്ണുകൾ ഉയർത്തി
നോക്കിയപ്പോൾ, ഇതാ, കൈയിൽ അളവു
2 നൂലുമായി ഒരു മനുഷ്യൻ. നീ എവിടെ പോ
കുന്നു? എന്നു ഞാൻ ചോദിച്ചു. യറുശലേ
മിനെ അളന്നു. അതിൻെറ നീളം എന്തെന്നും
വീതി എന്തെന്നും നോക്കുവാൻ പോകുന്നു
3 എന്ന് അവൻ എന്നോടു പറഞ്ഞു. എന്നോടു
സംസാരിച്ച മാലാഖ മുമ്പോട്ടു പോയ
4 പ്പോൾ, ഇതാ, മററൊരു മാലാഖ അവനെ
എതിരേററു ചെന്ന് അവനോടു പറഞ്ഞു:
നീ ഓടിച്ചെന്ന് ആ യുവാവിനോടു: യറു
ശലേമിൽ മനുഷ്യവാസം ഉണ്ടാകുമെന്നും,
മനുഷ്യരുടെയും കന്നുകാലികളുടെയും
ബാഹുല്യം നിമിത്തം പട്ടണങ്ങൾക്കു മതി
5 ലില്ലാതിരിക്കുമെന്നും പറയുക. എന്തെ
ന്നാൽ ഞാൻ അവർക്കു ചുററും ഒരു തീമ
തിലും അവരുടെ മദ്ധ്യേ മഹത്വവും ആയിരി
ക്കും എന്നു കർത്താവ് അരുളിച്ചെയ്യുന്നു.
6 ഹാ, ഹാ, വടക്കെ ദേശത്തുനിന്നു ഓടി
പ്പോരുക എന്നു കർത്താവു അരുളിച്ചെയ്യു
ന്നു. ആകാശത്തിലെ നാലു കാററുപോലെ
ഞാൻ നിങ്ങളെ ചിതറിച്ചിരിക്കുന്നുവല്ലോ
എന്നു കർത്താവു അരുളിച്ചെയ്യുന്നു.
7 ബാബേൽ പുത്രിയോടു കൂടെ പാർക്കുന്ന
സെഹിയോൻ പുത്രി രക്ഷപ്പെട്ടുകൊള്ളുക.
8 എന്തെന്നാൽ ബലവാനായ കർത്താവു
9 ഇപ്രകാരം പറയുന്നു: നിങ്ങളെ കവർച്ച
ചെയ്യുന്ന വിജാതീയർക്കെതിരെ എന്നെ
അവൻ അയച്ചു. നിങ്ങളെ സ്പർശിക്കു
ന്നവൻ അവൻെറ കണ്ണിൻെറ കൃഷ്ണമണി
യെയാണ് തൊടുന്നത്! ഇതാ ഞാൻ എൻെറ
കൈ അവർക്കെതിരെ ഉയർത്തിയിരിക്കു
ന്നു. അവരുടെ സർവ്വ നേട്ടവും കവർച്ചയ്ക്കി
രയാക്കും. ബലവാനായ ദൈവമാണ് എന്നെ
അയച്ചിരിക്കുന്നതെന്നു നിങ്ങൾ അറിയും.
സീയോൻ പുത്രീ, പാടി ആനന്ദിക്കുക. 10
എന്തെന്നാൽ, ഇതാ ഞാൻ വരുന്നു; ഞാൻ
നിൻെറ ഇടയിൽ പാർക്കും എന്നു കർത്താ
വു അരുളിച്ചെയ്യുന്നു. ആ നാളിൽ അനേകം 11
ജാതികൾ കർത്താവിനോടു ചേർക്കപ്പെട്ട്
എൻെറ ജനമായിത്തീരും; ഞാൻ അവ
രുടെ ഇടയിൽ വസിക്കും. ബലവാനായ
കർത്താവാകുന്നു എന്നെ നിങ്ങളുടെ
പക്കൽ അയച്ചതു എന്നു നീ അറിയും.
വിശുദ്ധ നാട്ടിൽ കർത്താവു യഹൂദയ്ക്കു 12
തൻെറ അവകാശം കൊടുക്കുകയും യറുശ
ലേമിനെ തെരഞ്ഞെടുക്കുകയും ചെയ്യും.
സകല ജഡവുമേ, കർത്താവിൻെറ മുമ്പാ 13
കെ ഭക്തിയോടിരിപ്പിൻ; എന്തെന്നാൽ അവൻ
തൻെറ വിശുദ്ധ വാസസ്ഥലത്തു നിന്ന്
എഴുന്നേററിരിക്കുന്നു.

അദ്ധ്യായം 3

മഹാ പുരോഹിതനായ യോശുവാ 1
കർത്താവിൻെറ മാലാഖയുടെ മുമ്പാകെ
നിൽക്കുന്നതും, അവനെ കുററപ്പെടുത്തു
വാൻ അവൻെറ വലത്തു ഭാഗത്തു
സാത്താൻ നിൽക്കുന്നതും അവൻ എനിക്കു
കാണിച്ചുതന്നു. കർത്താവു സാത്താനോടു 2
പറഞ്ഞു: സാത്താനേ, കർത്താവിൻെറ
ദൂതൻ നിന്നെ ശാസിക്കുന്നു. യറുശലേ
മിനെ തെരഞ്ഞെടുത്ത കർത്താവുതന്നെ
നിന്നെ ശാസിക്കുന്നു. ഇവൻ തീയിൽനിന്നു
വലിച്ചെടുക്കപ്പെട്ട ഒരു കൊള്ളിയല്ലയോ?
യോശുവാ മുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ചു
മാലാഖയുടെ മുമ്പിൽ നിൽക്കുകയാ
രുന്നു. അവൻ തൻെറ സന്നിധിയിൽ നി
രുന്നവരോടു പറഞ്ഞു: മുഷിഞ്ഞ വസ്
അവൻെറ മേൽനിന്നു നീക്കുവിൻ. അവ
നോടു അവൻ അരുളിച്ചെയ്തു: നി
അകൃത്യം നിന്നിൽ നിന്നു നീങ്ങിപ്പോ
വാൻ ഞാൻ ഇടയാക്കിയിരിക്കുന്നു. ഞാ
നിന്നെ നല്ല വസ്ത്രങ്ങൾ ധരിപ്പിച്ചിരിക്കു
ന്നു. അവൻെറ തലയിൽ ഒരു മുടി വെക്കു
എന്നു അവൻ പറഞ്ഞു. അവർ അവൻെറ
തലയിൽ ഭംഗിയുള്ള ഒരു കിരീടം വച്ചു;
അവനെ വിശേഷവസ്ത്രം ധരിപ്പിച്ചു;
കർത്താവിൻെറ മാലാഖ, അവൻെറ

ാൾ നിൽക്കുന്നുണ്ടായിരുന്നു. കർ
ൻെറ മാലാഖ യോശുവായോടു സാ
ച്ചു പറഞ്ഞു: നീ എൻെറ വഴിക
ക്കുകയും എൻെറ നിർദ്ദേശങ്ങൾ
കയും ചെയ്താൽ നീ എൻെറ
ഭരിക്കുകയും എൻെറ പ്രാകാര
ൂക്ഷിക്കുകയും ഈ നിൽക്കുന്ന
ടയിൽ കടന്നുവരുവാൻ നിനക്ക്
കയും ചെയ്യും എന്നു ബലവാനായ
അരുളിച്ചെയ്യുന്നു. മഹാപുരോ
യോശുവയേ, നീയും നിൻെറ
ഇരിക്കുന്ന അത്ഭുതപുരുഷ
ന നിൻെറ കൂട്ടുകാരും കേട്ടു
മുള എന്ന എൻെറ ദാസനെ
കാണ്ടുവരും. ഞാൻ യോശുവാ
വിൽ വച്ചിരിക്കുന്ന ഏഴു കണ്ണു
ല്ലു കാണുക. ഞാൻ അതിൻെറ
ണി കൊത്തും. ഒററദിവസംകൊ
ദേശത്തിൻെറ അകൃത്യം നീക്കും
ലവാനായ കർത്താവു അരുളി
ആ ദിവസത്തിൽ നിങ്ങളിൽ ഓ
ും തൻെറ കൂട്ടുകാരനെ മുന്തിരി
കീഴിലേക്കും അത്തിമരത്തി
ലക്കും ക്ഷണിക്കുമെന്നു ബല
ർത്താവു അരുളിച്ചെയ്യുന്നു.

അദ്ധ്യായം 4

ടു സംസാരിച്ച മാലാഖ വീണ്ടും
ക്കത്തിൽനിന്ന് ഉണർത്തു
ല എന്നെ ഉണർത്തി. അവൻ
നീ എന്തു കാണുന്നു എന്നു
ാൻ പറഞ്ഞു: ഞാൻ നോക്കി;
വൻ സ്വർണ്ണംകൊണ്ടുള്ള ഒരു
ട്; അതിൻെറ മേൽഭാഗത്ത്
ഒരു കുടം; അതിന്മേൽ ഏഴു
ന്മേലുള്ള ഏഴു ദീപങ്ങൾക്ക്
കൾ; അതിൻെറ അരികെ രണ്ടു
ൾ, ഒന്ന് കുടത്തിൻെറ വലത്തു
് ഇടത്തു വശത്തും ആകുന്നു.
സംസാരിക്കുന്ന ദൂതനോടു:
മാനനേ, ഇതെന്ത്? എന്നു
ച്ചു. ഇതെന്തെന്നു നിനക്ക്
ടായോ? എന്നു എന്നോടു
ന്ന മാലാഖ മറുപടിയായി
, യജമാനനേ എന്നു ഞാൻ
ൻ എന്നോടു മറുപടിയായി
സുർബാബേലിനോടുള്ള
റ അരുളപ്പാടാണിത്: കരു
ശക്തികൊണ്ടുമല്ല, എൻെറ
ലാകുന്നു എന്നു ബലവാ
നായ കർത്താവു അരുളിച്ചെയ്യുന്നു. മഹാ 7
പർവ്വതമേ, നീ എന്ത്? സുർബാബേലിൻെറ
മുമ്പിൽ നീ ഒരു സമതലം; കൃപ, കൃപ എന്ന
ട്ടഹസിച്ചുകൊണ്ട് അയാൾ അതിൻെറ
ആണിക്കല്ലു കൊണ്ടുവരും. കർത്താവിൻെറ 8
അരുളപ്പാടു എനിക്കു ഉണ്ടായി: സുർബാ 9
ബേൽ അടിത്തറയിട്ടു. സുർബാബേലി
ൻെറ കൈകൾ തന്നെ അതു പൂർത്തി
യാക്കും. ബലവാനായ കർത്താവാണ്
എന്നെ നിങ്ങളുടെ അടുക്കൽ അയച്ചത്
എന്നു നിങ്ങൾ ഗ്രഹിക്കും. അല്പദിവസ 10
ങ്ങളെ തുച്ഛീകരിച്ചത് ആര്? അവർ
നോക്കും. അവർ സുർബാബേലിൻെറ
കൈയിലെ തൂക്കുകട്ട കാണും. ഈ ഏഴു
കണ്ണുകൾ ഭൂതലത്തിലെല്ലാം ചുററുന്ന
കർത്താവിൻെറ കണ്ണുകളാകുന്നു.

ഞാൻ അവനോടു ചോദിച്ചു: വിളക്കു 11
തണ്ടിൻെറ വലത്തു വശത്തും ഇടത്തു
വശത്തുമുള്ള രണ്ടു ഒലിവുമരങ്ങൾ എന്ത്?
അവൻ വീണ്ടും എന്നോടു പറഞ്ഞു: രണ്ടു 12
സ്വർണ്ണക്കുഴലുകളിൽ കൂടെ സ്വർണ്ണവർണ്ണ
മായ എണ്ണ ഒഴുക്കുന്ന രണ്ടു ഒലിവുകൊമ്പു
കൾ എന്താണ്? ഇവ എന്തെന്നു നീ അറി 13
യുന്നില്ലയോ? എന്ന് അവൻ മറുപടി ചോ
ദിച്ചു. ഇല്ല യജമാനനേ എന്നു ഞാൻ പറ 14
ഞ്ഞു. ഇവർ സർവ്വ ഭൂമിയുടെയും നാഥൻെറ
സമീപത്തു നിൽക്കുന്ന രണ്ടു അഭിഷിക്ത
ന്മാർ എന്ന് അവൻ പറഞ്ഞു.

അദ്ധ്യായം 5

ഞാൻ തിരിഞ്ഞു വീണ്ടും കണ്ണുകൾ 1
ഉയർത്തി നോക്കിയപ്പോൾ, ഇതാ, പറന്നു
പോകുന്ന ഒരു ചുരുൾ. നീ എന്തു കാണു 2
ന്നു? എന്നു അവൻ എന്നോടു ചോദിച്ചു.
ഞാൻ ഒരു ചുരുൾ കാണുന്നു; അതിനു
ഇരുപതു മുഴം നീളവും പത്തു മുഴം വീതി
യുമുണ്ട്, എന്നു ഞാൻ മറുപടി പറഞ്ഞു.
അപ്പോൾ അവൻ എന്നോടു പറഞ്ഞു: ഇത് 3
ഭൂമുഖത്തെല്ലാം വ്യാപിക്കുന്ന ശാപമാകു
ന്നു; മോഷ്ടിക്കുന്ന ഏവനും ഇതിൻ
പ്രകാരം ഛേദിക്കപ്പെടും; ആണയിടുന്ന
ഏവനും ഇതിൻപ്രകാരം ഛേദിക്കപ്പെടും.
ഞാൻ ഇതിനെ ഇവിടെനിന്നു പുറപ്പെടു 4
വിച്ചിട്ട്, ഇതു കള്ളൻെറ വീട്ടിലും, എൻെറ
നാമത്തിൽ വ്യാജമായി ആണയിടുന്നവ
ൻെറ വീട്ടിലും പ്രവേശിച്ചു അവൻെറ ഭവന
ത്തിൻെറ മദ്ധ്യേ താമസിച്ച് അതിനെ അതി
ൻെറ തടിയും കല്ലും ഉൾപ്പെടെ നശിപ്പിച്ചു
കളയും എന്നു ബലവാനായ കർത്താവു
അരുളിച്ചെയ്യുന്നു.

5 എന്നോടു സംസാരിക്കുന്ന മാലാഖ
മുന്നോട്ടു വന്ന് എന്നോടു: നിൻെറ ദൃഷ്ടി
കൾ ഉയർത്തി, ആ പോകുന്നത് എന്ത് എ
6 ന്നു കാണുക, എന്നു പറഞ്ഞു. അതു എന്താ
ണെന്ന് ഞാൻ ചോദിച്ചു. ആ പോകുന്നതു
ഒരു അളവുപാത്രം ആകുന്നു എന്നു അവൻ
7 പറഞ്ഞു. ദേശം മുഴുവനും ഉള്ള അവരുടെ
അകൃത്യമാകുന്നു അതിൽ എന്നും അവൻ
പറഞ്ഞു. ഇതാ, ഈയം കൊണ്ടുള്ള അതി
ൻെറ മൂടി ഉയർത്തപ്പെട്ടു; അളവുപാത്രത്തി
8 ൻെറ നടുവിൽ ഒരു സ്ത്രീ ഇരിക്കുന്നു. ഇതു
"ദുഷ്ടത"യാകുന്നു എന്ന് അവൻ പറഞ്ഞു.
9 അവൻ അവളെ പാത്രത്തിൻെറ മദ്ധ്യത്തിൽ
ഇട്ടു ഈയപ്പലക കൊണ്ട് അതിൻെറ വായ്
മൂടി. അപ്പോൾ ഞാൻ കണ്ണു ഉയർത്തി
നോക്കി; ഇതാ, രണ്ടു സ്ത്രീകൾ പുറത്തു
വന്നു. അവരുടെ ചിറകിൽ കാററു ഉണ്ടായി
രുന്നു; അവർക്കു കൊക്കിൻെറ ചിറകുപോ
10 ലെയുള്ള ചിറകുകൾ ഉണ്ടായിരുന്നു. അവർ
പാത്രത്തെ ആകാശത്തിനും ഭൂമിക്കും
മദ്ധ്യേ ഉയർത്തി, എന്നോടു സംസാരിക്കുന്ന
11 മാലാഖയോടു ഞാൻ: അവർ പാത്രം
എങ്ങോട്ടു കൊണ്ടുപോകുന്നു എന്നു
ചോദിച്ചു. അതിനു അവൻ: അവൾക്കു
ബാബേൽ ദേശത്തു ഒരു ആലയം പണിയു
വാൻ പോകുന്നു. അതു തയ്യാറായാൽ
അതിനെ അതിൻെറ പീഠത്തിന്മേൽ സ്ഥാ
പിക്കും എന്നു പറഞ്ഞു.

അദ്ധ്യായം 6

1 ഞാൻ ദൃഷ്ടികളുയർത്തി നോക്കി.
ഇതാ രണ്ടു പർവ്വതങ്ങൾക്കിടയിൽ നിന്നു
നാലു രഥങ്ങൾ പുറപ്പെട്ടുവരുന്നു. ആ പർവ
2 തങ്ങൾ താമ്രപർവ്വതങ്ങളായിരുന്നു. ഒന്നാ
മത്തെ രഥത്തിനു ചുവന്ന കുതിരകൾ;
രണ്ടാമത്തെ രഥത്തിനു കറുത്ത കുതിരകൾ;
3 മൂന്നാമത്തെ രഥത്തിനു വെള്ളക്കുതിരകൾ;
നാലാമത്തെ രഥത്തിനു ചാരനിറത്തിൽ
4 പുള്ളികളുള്ള കുതിരകൾ. യജമാനനേ,
ഇവ എന്ത്? എന്നു എന്നോടു സംസാരിക്കു
ന്ന മാലാഖയോടു ഞാൻ ചോദിച്ചു. മാലാഖ
5 എന്നോടു മറുപടി പറഞ്ഞു: സർവ്വ ഭൂമി
യുടെയും നാഥൻെറ സന്നിധിയിൽ നിന്ന
ശേഷം പുറപ്പെടുന്ന ആകാശത്തിലെ നാലു
ആത്മാക്കൾ ആകുന്നു ഇവ. കറുത്ത കുതി
6 രകൾ ഉള്ളതു വടക്കേ ദേശത്തേക്കു പോകു
ന്നു. വെളുത്തവ അവയുടെ പിന്നാലേ പോ
കുന്നു. പുള്ളികൾ ഉള്ളവ തെക്കേ ദേശ
7 ത്തേക്കു പോകുന്നു. കുതിരകൾ പുറപ്പെട്ടു
ഭൂലോകം മുഴുവനും ചുററി സഞ്ചരിക്കു
വാൻ തിടുക്കം കൂട്ടി. നിങ്ങൾ ഇവിടെനിന്നു 8
പുറപ്പെട്ടു ഭൂതലം മുഴുവൻ ചുററി നടപ്പിൻ
എന്നു അവൻ പറഞ്ഞു. അവ ഭൂതലത്തി
ലെല്ലാം ചുററി സഞ്ചരിച്ചു. ഇതാ, വടക്കേ
ദേശത്തേക്കു പോയവ വടക്കേ ദേശത്ത്
എൻെറ കോപം ശമിപ്പിച്ചിരിക്കുന്നു എന്നു
അവൻ എന്നോടു വിളിച്ചുപറഞ്ഞു.
കർത്താവിൻെറ അരുളപ്പാടു എനിക്ക് 9
ഉണ്ടായി: ഹെൽദായി, തോബിയാ, യദയാ 10
എന്നീ പ്രവാസികളെ സ്വീകരിക്കുക. അവർ
ബാബേലിൽനിന്ന് വന്നെത്തി പാർക്കുന്നു.
സെഫന്യായുടെ മകൻ യോശീയായുടെ
വീട്ടിൽ നീ അന്നുതന്നെ ചെല്ലണം. നീ അവ 11
രുടെ പക്കൽനിന്നു പൊന്നും വെള്ളിയും
വാങ്ങി അതുകൊണ്ടു ഒരു കിരീടമുണ്ടാക്കി
യൂസോദോക്കിൻെറ മകനും മഹാപുരോഹി
തനുമായ യോശുവായുടെ തലയിൽ വയ്ക്ക
ണം. അവനോടു നീ ഇങ്ങനെ പറയണം: 12
ബലവാനായ കർത്താവു ഇപ്രകാരം അരുളി
ച്ചെയ്യുന്നു. "മുള" എന്നു പേരുള്ള പുരുഷൻ
അവൻെറ സ്ഥാനത്തുനിന്നു മുളച്ചു വന്നു
കർത്താവിൻെറ ആലയം പണിയും. അവൻ
തന്നെ കർത്താവിൻെറ ആലയം പണിയും. 13
അവൻ മഹത്വം ധരിച്ചു തൻെറ സിംഹാസന
ത്തിൽ ഇരുന്നു ഭരിക്കും. അവൻെറ സിംഹാ
സനത്തിൽ അവൻ ഒരു പുരോഹിതൻ
ആയിരിക്കും. അവർ ഇരുവർക്കും സമാധാ
നത്തിൻെറ ആലോചന ഉണ്ടായിരിക്കും.
ഹെൽദായി, തോബിയാ, യദയാ, സെഫന്യാ 14
യുടെ മകനായ ഹേൻ എന്നിവരുടെ സ്മാര
കമായി ആ കിരീടം കർത്താവിൻെറ ആല
യത്തിൽ ഉണ്ടായിരിക്കണം. ദൂരസ്ഥർ വന്നു 15
കർത്താവിൻെറ ആലയത്തിൽ പണിചെയ്യും.
കർത്താവാണ് എന്നെ നിങ്ങളുടെ അടു
ക്കൽ അയച്ചതു എന്നു നിങ്ങൾ അറിയും.
നിങ്ങൾ നിങ്ങളുടെ ദൈവമായ കർത്താ
വിൻെറ ശബ്ദം ശുഷ്കാന്തിയോടെ കേട്ട്
അനുസരിക്കുമെങ്കിൽ ഇതു സംഭവിക്കും.

അദ്ധ്യായം 7

ദാരിയൂസ് രാജാവിൻെറ നാലാം ആ
ണ്ടിൽ ഒമ്പതാം മാസമായ കോനൂൻ മാസം
നാലിന് സ്കറിയായ്ക്ക് കർത്താവിൻെറ
അരുളപ്പാട് ഉണ്ടായി. രാജാവ് സരസറിനെ 2
യും രേഗം മേലേക്കിനെയും അവരുടെ ആള
കളെയും കർത്താവിൻെറ സന്നിധിയിൽ
പ്രാർത്ഥിപ്പാനും, അനേക വർഷങ്ങളായി 3
ഞങ്ങൾ ചെയ്തുവരുന്നതുപോലെ അഞ്ചാം
മാസത്തിൽ വിലാപവും നോമ്പും ആചരിക്ക
ണമോ എന്ന് അവർ കർത്താവിൻെറ ആല

ച പുരോഹിതന്മാരോടും പ്രവാചക
ടും ആരായുവാനും അയച്ചു.
ൻ എനിക്കു ബലവാനായ കർത്താ
അരുളപ്പാടുണ്ടായി. നീ ദേശത്തിലെ
നത്തോടും പുരോഹിതന്മാരോടും
ിച്ചു ചോദിക്കുക: ഈ എഴുപതു
ാലമായി നിങ്ങൾ അഞ്ചാം മാസ
ഏഴാം മാസത്തിലും നോമ്പു ആച
ചരിച്ചപ്പോൾ നിങ്ങൾ യഥാർത്ഥ
എനിക്കുവേണ്ടിയാണോ നോമ്പു
ത്? നിങ്ങൾ തിന്നുമ്പോഴും കുടി
ും നിങ്ങൾക്കുവേണ്ടിത്തന്നെയ
ന്നതും കുടിക്കുന്നതും? യറുശലേ
തിനു ചുററുമുള്ള പട്ടണങ്ങൾക്കും
ളും ശാന്തിയും ഉണ്ടായിരുന്ന കാല
ക്കെ ദേശത്തും താഴ്വരകളിലും
് ഉണ്ടായിരുന്ന കാലത്തും പൂർ
ാചകന്മാർ മുഖാന്തരം കർത്താവു
് വചനങ്ങൾ ഇവതന്നെയല്ലേ?
യായ്ക്കു കർത്താവിൻെറ അരു
ായി: ബലവാനായ കർത്താവ്
അരുളിച്ചെയ്യുന്നു: ശരിയായ
കുക; ഓരോരുത്തനും തൻെറ
നോടു ദയയും മനസ്സലിവും
;: വിധവയെയും അനാഥനെയും
തിരിയുന്നവനെയും ദരിദ്രനെ
ിക്കരുത്; സഹോദരനു എതിരെ
ദയത്തിൽ തിന്മ ആലോചിക്ക
ാൽ അവർ ചെവി കൊടുപ്പാൻ
ു; ദുശ്ശാഠ്യം കാണിച്ചു; കേൾക്കാ
ങ്ങളുടെ ചെവി പൊത്തിക്കള
യപ്രമാണവും, ബലവാനായ
തൻെറ ആത്മാവിനാൽ
വാചകന്മാർ മുഖാന്തരം അയച്ച
കേട്ട് അനുസരിക്കാതിരിക്കേ
വർ തങ്ങളുടെ ഹൃദയങ്ങളെ
പാലെ ആക്കി; അതിനാൽ
ൽനിന്നു മഹാകോപം വന്നു.
ഞാൻ വിളിച്ചിട്ടു അവർ
ായിരുന്നതുപോലെ അവർ
ൾ ഞാൻ കേൾക്കുകയില്ല.
ര അറിയാത്ത ജാതികളുടെ
വരെ ചിതറിച്ചുകളയും. അവ
അവരുടെ ദേശം ശൂന്യമാകും;
ാഗമനം ഇല്ലാതായി; മനോ
ിശുഭൂമിയായി.

അദ്ധ്യായം 8

ബലവാനായ കർത്താവിൻെറ
ുനിക്കുണ്ടായി: സീയോനെ
പ്രതി ഞാൻ അതിതീക്ഷ്ണതയോടെ
എരിയുന്നു; ക്രോധത്തോടെ എരിയുന്നു
എന്നു ബലവാനായ കർത്താവു അരുളി
ച്ചെയ്യുന്നു. ഞാൻ സീയോനിലേക്കു 3
തിരിഞ്ഞിരിക്കുന്നു; ഞാൻ യറുശലേമിൻെറ
മദ്ധ്യേ പാർക്കും; യറുശലേം വിശുദ്ധനഗര
മെന്നും കർത്താവിൻെറ പർവ്വതം വിശുദ്ധ
പർവ്വതമെന്നും വിളിക്കപ്പെടും എന്നു
കർത്താവു അരുളിച്ചെയ്യുന്നു. ബലവാ 4
നായ കർത്താവു അരുളിച്ചെയ്യുന്നു:
യറുശലേമിൻെറ തെരുവുകളിൽ വൃദ്ധ
ന്മാരും വൃദ്ധമാരും വസിക്കും; പ്രായാ
ധിക്യംനിമിത്തം ഓരോരുത്തനും കൈയിൽ
വടി ഉണ്ടായിരിക്കും. പട്ടണവീഥികൾ, അവ 5
യിൽ കളിക്കുന്ന ബാലന്മാരാലും ബാലിക
മാരാലും നിറഞ്ഞിരിക്കും. ബലവാനായ 6
കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു:
ഈ കാലത്തു ഈ ജനത്തിൽ ശേഷിപ്പു
ള്ളവരുടെ ദൃഷ്ടിയിൽ അതു ശ്രേഷ്ഠതര
മായിരിക്കുന്നുവെങ്കിൽ അതു എൻെറ
ദൃഷ്ടിയിലും അത്ഭുതകരമായിരിക്കയി
ല്ലയോ എന്നു കർത്താവു അരുളിച്ചെയ്യുന്നു.
ബലവാനായ കർത്താവു ഇപ്രകാരം അരു 7
ളിച്ചെയ്യുന്നു: ഇതാ, ഞാൻ എൻെറ ജനത്തെ
കിഴക്കേ ദേശത്തുനിന്നും പടിഞ്ഞാറേദേശ
ത്തിൽ നിന്നും രക്ഷിക്കും. ഞാൻ അവരെ 8
കൂട്ടിക്കൊണ്ടുവരും; അവർ യറുശലേമിൽ
വസിക്കും, സത്യത്തിലും നീതിയിലും അവർ
എൻെറ ജനവും ഞാൻ അവരുടെ ദൈവവും
ആയിരിക്കും.

ബലവാനായ ദൈവമായ കർത്താവു 9
ഇപ്രകാരം അരുളിച്ചെയ്യുന്നു: ദേവാലയം
നിർമ്മിക്കേണ്ടതിന് കർത്താവിൻെറ ആല
യത്തിനു അടിസ്ഥാനം ഇട്ട നാൾമുതൽ
ഈ നാളുകളിൽ പ്രവാചകന്മാരുടെ വാ
യിൽനിന്നു ഈ വചനങ്ങൾ കേൾക്കുന്ന
നിങ്ങളുടെ കരങ്ങൾ ശക്തമായിരിക്കട്ടെ.
ഈ ദിവസങ്ങൾക്കു മുമ്പ് മനുഷ്യനു കൂലി 10
യില്ലായിരുന്നു; മൃഗങ്ങൾക്കു കൂലിയില്ലാ
യിരുന്നു. പോകുകയും വരികയും ചെയ്യുന്ന
വർക്കു പീഡനം ഹേതുവായി സമാധാ
നവും ഉണ്ടായിരുന്നില്ല. എന്തെന്നാൽ,
ഓരോ മനുഷ്യനെയും ഞാൻ തമ്മിൽ
തമ്മിൽ വിരോധിയാക്കിയിരുന്നു. ഈ ജന 11
ത്തിൽ ശേഷിപ്പുള്ളവർക്കു ഞാൻ മുൻകാ
ലങ്ങളിലെപ്പോലെ ആയിരിക്കുകയില്ല
എന്നു ബലവാനായ കർത്താവു അരു
ളിച്ചെയ്യുന്നു. വിത്തു സമൃദ്ധി നൽകും;
മുന്തിരിവള്ളി ഫലം നൽകും. നിലം വിളവു 12
നൽകും; ആകാശം മഞ്ഞു പൊഴിക്കും. ഈ

ജനത്തിൽ ശേഷിപ്പുള്ളവർ ഇവ അവകാശി
13 ക്കുവാൻ ഞാൻ ഇടയാക്കും. യഹൂദാഗൃ
ഹമേ, ഇസ്രായേൽ ഗൃഹമേ, നിങ്ങൾ
വിജാതീയരുടെയിടയിൽ ഒരു ശാപമായിരു
ന്നുവെങ്കിലും ഞാൻ നിങ്ങളെ രക്ഷിച്ചു
നിങ്ങളെ ഒരു അനുഗ്രഹമാക്കും; ഭയപ്പെ
ടേണ്ടാ, നിങ്ങളുടെ കരങ്ങൾ ശക്തമാ
14 യിരിക്കട്ടെ. എന്തെന്നാൽ സൈന്യങ്ങളുടെ
കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു.
നിങ്ങളുടെ പിതാക്കന്മാർ എന്നെ പ്രകോ
പിപ്പിച്ചപ്പോൾ ഞാൻ അവരെ ശിക്ഷിക്കു
വാൻ തീരുമാനിക്കുകയും വിട്ടുവീഴ്ച
15 കാണിക്കാതിരിക്കുകയും ചെയ്തുവെങ്കി
ലും, ഈ നാളുകളിൽ ഞാൻ യറുശലേ
മിനും യഹൂദാഗൃഹത്തിനും നന്മ ചെയ്യു
വാൻ തീരുമാനിച്ചിരിക്കുന്നു. നിങ്ങൾ
ഭയപ്പെടേണ്ടാ.
16 നിങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ ഇവയാ
കുന്നു: ഓരോരുത്തനും തൻെറ കൂട്ടുകാര
നോടു സത്യം സംസാരിക്കുക; നിങ്ങളുടെ
നഗരകവാടങ്ങളിൽ സത്യമായ ന്യായത്തീർ
17 പ്പുകളും സമാധാനവും പാലിപ്പിൻ. ഒരു
വനും തൻെറ അയൽക്കാരന് എതിരെ
ഹൃദയത്തിൽ തിന്മ വിചാരിക്കരുത്. കള്ള
സത്യത്തിൽ ഇഷ്ടം തോന്നരുത്; ഇവയെ
ല്ലാം ഞാൻ വെറുക്കുന്നു എന്നു കർത്താവു
അരുളിച്ചെയ്യുന്നു.
18 ബലവാനായ കർത്താവിൻെറ
അരുളപ്പാടു എനിക്കുണ്ടായി. ബലവാ
നായ കർത്താവു ഇപ്രകാരം അരുളി
19 ച്ചെയ്യുന്നു: നാലാം മാസത്തെയും അഞ്ചാം
മാസത്തെയും ഏഴാം മാസത്തെയും പത്താം
മാസത്തെയും നോമ്പ് യഹൂദാഗൃഹത്തിനു
സന്തോഷവും ആനന്ദവും പ്രമോദത്തിൻെറ
പെരുനാളുകളും ആയിത്തീരും. ആകയാൽ
സത്യത്തെയും സമാധാനത്തെയും സ്നേ
20 ഹിപ്പിൻ. ബലവാനായ കർത്താവു ഇപ്ര
കാരം അരുളിച്ചെയ്യുന്നു: അനേകം പട്ടണ
ങ്ങളിലെ നിവാസികളായ ജനം വരുവാൻ
21 ഇടയാകും. ഒരു പട്ടണത്തിലെ നിവാസികൾ
മറെറാന്നിൽ ചെന്ന്, കർത്താവിനോട്
പ്രാർത്ഥിപ്പാനും ബലവാനായ കർത്താ
വിനെ അന്വേഷിക്കുവാനും നമുക്കു വേഗം
22 പോകാം; ഞാനും വരുന്നു, എന്നു പറയും.
അതേ, അനേകം ജനപദങ്ങളും ശക്തരായ
ജാതികളും യറുശലേമിൽ ബലവാനായ
കർത്താവിനെ അന്വേഷിപ്പാനും കർത്താ
വിൻെറ സന്നിധിയിൽ പ്രാർത്ഥിപ്പാനും
23 വരും. ബലവാനായ കർത്താവു ഇപ്ര
കാരം അരുളിച്ചെയ്യുന്നു: ആ കാലത്തു
വിവിധ ഭാഷകൾ സംസാരിക്കുന്ന പത്തു
പേർ വന്ന് ഒരു യഹൂദൻെറ വസ്ത്രത്തി
ൻെറ വിളുമ്പിൽ പിടിച്ചുകൊണ്ട്, ദൈവം
നിങ്ങളോടുകൂടെയുണ്ടെന്നു ഞങ്ങൾ
കേട്ടിരിക്കുകയാൽ ഞങ്ങൾ നിങ്ങളോടു
കൂടെ പോരുന്നു എന്നു പറയും.

അദ്ധ്യായം 9

ഒരു അരുളപ്പാട്: കർത്താവിൻെറ
വചനം ഹദ്റാക് ദേശത്തിനു വിരോധ
മായിരിക്കുന്നു. അതു ദമസ്കോസിന്മേൽ
വന്ന് ഉറയ്ക്കും. കർത്താവിന് മനുഷ്യരും
എല്ലാ ഇസ്രായേൽ ഗോത്രങ്ങളും പ്രത്യക്ഷ
മായിരിക്കും. അതിനോടു ചേർന്നുള്ള ഹമാ
ത്തിനും ജ്ഞാനം ഉള്ള സോറിനും സീദോ
നും അങ്ങനെ തന്നെ. സോർ തനിക്കു ഒരു
കോട്ട കെട്ടി പൊടിപോലെ വെള്ളിയും വീഥി
കളിലെ ചേറുപോലെ സ്വർണ്ണവും ശേഖ
രിച്ചു. ഇതാ, കർത്താവു അവളെ നശിപ്പി
ക്കും; അവളുടെ ധനം കടലിൽ വലിച്ചെറി
യും; അവൾ അഗ്നിക്ക് ഇരയാകും. അസ്ക
ലോൻ അതു കണ്ടു ഭയപ്പെടും. ഗാസായും
എക്രോനും കണ്ടു വളരെ ദുഃഖിക്കും;
എന്തെന്നാൽ അവളുടെ പ്രത്യാശയ്ക്കു
ഭംഗം വരും. ഗാസായിൽ നിന്നു രാജാവു
നശിച്ചുപോകും. അസ്കലോൻ നിർജ്ജന
മാകും. അസ്ദോദിൽ അന്യസന്തതി
പാർക്കും. ഫെലസ്തീയരുടെ ഗർവ്വം ഞാൻ
തകർക്കും. അവൻെറ രക്തം അവൻെറ
വായിൽനിന്നും അവൻെറ മ്ലേച്ഛതകൾ
അവൻെറ പല്ലുകൾക്കിടയിൽനിന്നും ഞാൻ
നീക്കംചെയ്യും. ശേഷിക്കുന്നവർ നമ്മുടെ
ദൈവത്തിന് ആയിത്തീരും; അവർ
യഹൂദായിൽ ഒരു മേധാവിയെപ്പോലെയും
എക്രോൻ ഒരു യബൂസ്യനെപ്പോലെയും
ആകും. ആരും അങ്ങോട്ടും ഇങ്ങോട്ടും
പോകാതിരിക്കേണ്ടതിന് ഞാൻ എൻെറ
ആലയത്തിനു ചുററും ഒരു സേനയായി
പാളയം അടിക്കും. അവരുടെ ഇടയിൽകൂടെ
ഒരു പീഡകനും കടന്നുപോകയില്ല. ഞാൻ
എൻെറ സ്വന്തം കണ്ണുകൊണ്ടു കണ്ടിരി
ക്കുന്നു.

സീയോൻപുത്രിയേ, അത്യന്തം ആനന്ദി
ക്കുക; യറുശേലം പുത്രിയേ, ആർപ്പിടുക.
ഇതാ, നിൻെറ രാജാവു നിൻെറ അടുക്ക
ലേക്കു വരുന്നു. അവൻ നീതിമാനും
രക്ഷകനും, വിനീതനും, കഴുതപ്പുറത്ത്
പെൺകഴുതയുടെ കുട്ടിയുടെ പുറത്ത്
വാഹനമേറിയിരിക്കുന്നവനും ആകുന്നു.
ഞാൻ എഫ്രയീമിൽനിന്ന് രഥവും യറു

നിന്നു കുതിരയെയും ഛേദിച്ചു ക
ുദ്ധവില്ലും ഛേദിച്ചുകളയും. അവൻ
ിയോടു സമാധാനം സംസാരിക്കും.
്റ ആധിപത്യം സമുദ്രംമുതൽ സമു
യും നദിമുതൽ ഭൂമിയുടെ സീമ
ായും ആയിരിക്കും. നീയോ, നിന്റെ
ുടെ രക്തം മൂലം വെള്ളമില്ലാത്ത
ൽ നിന്നു നിന്റെ ബദ്ധന്മാരെ സ്വത
ും.
ത്തിലെ ബദ്ധന്മാരേ, ദുർഗ്ഗത്തിലേ
ിക്കൊള്ളുക. ഞാൻ നിനക്ക് ഇരട്ടി
ൽകാമെന്നു ഞാൻ ഇന്നു തന്നെ
ക്കുന്നു. യഹൂദയ്ക്കെതിരെ ഞാൻ
ലച്ചു എഫ്രയീമിനെ ഞാണിന്മേൽ
ുന്നു. സെഹിയോനേ, നിന്റെ
രെ, യവനദേശമേ, നിന്റെ
ുടെ നേരെ ഉണർത്തി നിന്റെ
കൈയിലെ വാൾ ആക്കിയിരി
ർത്താവു അവർക്കു മീതെ കാണ
വന്റെ അസ്ത്രങ്ങൾ, മിന്നൽ
പായും; ദൈവമായ കർത്താവു
ഊതി തെക്കൻ ചുഴലിക്കാററു
ും. ബലവാനായ കർത്താവ് അവ
ഷിക്കും. അവർ ഭക്ഷിക്കും. കവി
ാകൊണ്ടു കീഴ്പെടുത്തും. അവർ
ചയ്ത്, വീഞ്ഞിൻമൂലം എന്ന
ാല ശബ്ദമുയർത്തും. പാന
ാലെ നിറയ്ക്കപ്പെടും: ബലിപീഠ
ൾ പോലെയാകും.
ളിൽ അവരുടെ ദൈവമായ
തന്റെ ജനത്തെ ആട്ടിൻപററ
ല രക്ഷിക്കും. കിരീടത്തിന്റെ
പോലെ അവർ അവന്റെ ദേശ
ന്നു ശോഭിക്കും. അതിന്റെ
മനോഹാരിതയും എത്ര വലു
യുവാക്കന്മാരെയും പുതുവീ
തികളെയും തുഷ്ടിപ്പെടു

അദ്ധ്യായം 10

ുടെ കാലത്തു കർത്താവി
ായി അപേക്ഷിപ്പിൻ; മിന്നൽ
ഉണ്ടാക്കി വയലിലെ സകല
ും വേണ്ടി ചാററൽമഴ വർഷിപ്പി
ാവിനോടുതന്നെ. ജ്ഞാനി
ം പറഞ്ഞിരിക്കുന്നു. ലക്ഷ
വർ വ്യാജം ദർശിച്ചു വ്യർത്ഥ
സാരിച്ചു വൃഥാ ആശ്വസി
. അതുകൊണ്ട്, അവർക്ക്
ത്തതിനാൽ, അവർ ആട്ടിൻ
പററത്തെപ്പോലെ വഴിതെററി അലഞ്ഞു
വലഞ്ഞിരിക്കുന്നു. ഇടയന്മാർക്കു നേരെ 3
എന്റെ കോപം ജ്വലിച്ചു ഞാൻ കോലാട്ടു
കൊററന്മാരെ ശിക്ഷിച്ചു. എന്തെന്നാൽ ബല
വാനായ കർത്താവു തന്റെ ആട്ടിൻപററ
മായ യഹൂദാഗൃഹത്തെ സന്ദർശിച്ച്, താൻ
അവരെ യുദ്ധത്തിൽ അഴകുള്ള പടക്കുതിര
കളാക്കുന്നു. അവന്റെ പക്കൽനിന്നും മൂല 4
ക്കല്ലും അവനിൽനിന്ന് ആണിയും അവനിൽ
നിന്നു യുദ്ധവില്ലും അവനിൽനിന്നു അധിപ
തിയും വരും. യുദ്ധത്തിൽ അവർ ശത്രുക്കളെ 5
വീഥിയിലെ ചെളിയിൽ ചവിട്ടി താഴ്ത്തുന്ന
ബലശാലിയെപ്പോലെയായിരിക്കും. അവർ
പൊരുതും; കർത്താവ് അവരോടു കൂടെ
യുള്ളതിനാൽ അശ്വാരൂഢന്മാർ പരിഭ്രാന്ത
രാകും. ഞാൻ യഹൂദാഗൃഹത്തെ ശക്തീകരി 6
ക്കുകയും യോസേഫ് ഗൃഹത്തെ രക്ഷിക്കു
കയും ചെയ്തു അവരെ മടക്കി വരുത്തും;
എനിക്കു അവരോടു കരുണയുള്ളതിനാൽ
ഞാൻ വീണ്ടും അവരെ ഉറപ്പിക്കും. അവർ,
ഞാൻ അവരെ ത്യജിച്ചിട്ടില്ലാത്ത രീതിയി
ലാകും. അവരുടെ ദൈവം, അവരുടെ
കർത്താവ് ഞാനാകയാൽ ഞാൻ അവരെ
ചെവിക്കൊള്ളും. എഫ്രയീം ഒരു ബലിഷ്ഠ 7
നെപ്പോലെ ആകും. വീഞ്ഞിനാൽ എന്ന
പോലെ അവരുടെ ഹൃദയം ആഹ്ളാദിക്കും.
അവരുടെ മക്കൾ അതു കണ്ടു സന്തോ
ഷിക്കും. അവരുടെ ഹൃദയം കർത്താവിൽ 8
ആമോദിക്കും. ഞാൻ അവരെ ചൂളം വിളിച്ചു
ശേഖരിക്കും. എന്തെന്നാൽ ഞാൻ അവരെ
വീണ്ടെടുത്തിരിക്കുന്നു. അവർ വർദ്ധിച്ചി
രുന്നതുപോലെ അസംഖ്യമാകും. ഞാൻ 9
അവരെ ജാതികളുടെ ഇടയിൽ വിതറിയെ
ങ്കിലും ദൂരദേശത്ത് അവർ എന്നെ സ്മരി
ക്കും. അവർ തങ്ങളുടെ മക്കളോടു കൂടെ
ജീവിക്കുകയും മടങ്ങി വരികയും ചെയ്യും.
ഞാൻ അവരെ വീണ്ടും മെസ്രേൻ ദേശത്തു 10
നിന്നു കൊണ്ടുവരികയും അസിറിയ ദേശ
ത്തു നിന്നു ശേഖരിക്കുകയും ചെയ്യും; അവ
രെ ഗിലയാദ് ദേശത്തേക്കും ലബനോൻ
ദേശത്തേക്കും കൊണ്ടുവരും; അവർക്കു
സ്ഥലം മതിയാകാതെ വരും. അവർ വിഷമം 11
കൂടാതെ കടൽ കടക്കും. ഓളങ്ങളെ മാററും.
നദിയുടെ ആഴങ്ങൾ ലജ്ജിക്കും. അസിറി
യായുടെ മഹിമ നീങ്ങും. മെസ്രേനിന്റെ
അധികാരവും നീങ്ങും.
ഞാൻ അവരെ കർത്താവിൽ ശക്തിപ്പെ 12
ടുത്തും; അവർ എന്റെ നാമത്തെ അറിയി
ക്കു കയും ചെയ്യും എന്നു കർത്താവ് അരുളി
ച്ചെയ്യുന്നു.

അദ്ധ്യായം 11

1 ലെബാനോനേ, നിൻെറ വാതിലുകൾ
തുറക്കുക; നിൻെറ കാരകിലുകളെ അഗ്നി
2 വിഴുങ്ങട്ടെ. സരളമരമേ വിലപിക്കുക;
എന്തെന്നാൽ കാരകിലുകൾ വീണും
ബലിഷ്ഠന്മാർ നശിച്ചുമിരിക്കുന്നു. കൊടും
കാടുകൾ വീണിരിക്കുകയാൽ ബാശാ
നിലെ കരുവേലകങ്ങളേ കരയുക.
3 ഇടയന്മാരുടെ മഹത്വം നശിച്ചുപോയി
രിക്കുകയാൽ അവരുടെ മുറവിളിശബ്ദം;
യോർദ്ദാൻെറ ശക്തി നശിച്ചിരിക്കുകയാൽ
4 സിംഹങ്ങൾ അലറുന്ന ശബ്ദം കേൾക്കുക.
കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു:
5 ദുർബ്ബല ആടുകളെ മേയിക്കുക. അവയെ
വാങ്ങിക്കുന്നവർ, കുററം എന്നു കരുതാ
തെ അവയെ കൊലചെയ്യുന്നു. അവയെ
വിൽക്കുന്നവർ: ദൈവം വാഴ്ത്തപ്പെടട്ടെ;
എന്തെന്നാൽ ഞാൻ സമ്പന്നൻ ആയി
ത്തീർന്നു, എന്നു പറയുന്നു. അവയുടെ ഇട
യന്മാർക്കു അവയോടു കനിവു തോന്നു
6 ന്നതുമില്ല. എനിക്കു ഇനി ഈ ദേശനിവാ
സികളോടു കനിവു തോന്നുകയില്ല എന്നു
കർത്താവു അരുളിച്ചെയ്യുന്നു; ഇതാ ഞാൻ
ഓരോ മനുഷ്യനെയും അവൻെറ അയൽ
ക്കാരൻെറ കൈയിലേക്കും അവൻെറ രാജാ
വിൻെറ കൈയിലേക്കും വിട്ടുകൊടുക്കും;
അവർ ദേശത്തെ തകർക്കും; അവരുടെ
കൈയിൽനിന്നു ഞാൻ അവരെ വിടുവിക്കു
7 കയുമില്ല. ആട്ടിൻപററത്തിലെ ദുർബ്ബല
ആടുകളുടെ ഇടയനായി ഞാൻ രണ്ടു വടി
എടുത്തു. ഒന്നിന് ദയ എന്നും മറേറതിന്
ഐക്യം എന്നും പേരിട്ടു. ഞാൻ ആടുകളെ
മേയിച്ചു.
8 ഒരു മാസത്തിൽ ഞാൻ മൂന്നു ഇടയ
ന്മാരെ ഛേദിച്ചുകളഞ്ഞു. എനിക്ക് അവ
9 യോടു നീരസമായി; അവ എന്നെ വെറു
ക്കുകയും ചെയ്തു. അപ്പോൾ ഞാൻ പറ
ഞ്ഞു: ഞാൻ ഇനിയും നിങ്ങളെ മേയിക്കുക
യില്ല; ചാകുന്നതു ചാകട്ടെ; വഴിതെററിപ്പോ
കുന്നതു വഴിതെററിപ്പോകട്ടെ; ശേഷിക്കു
ന്നവ, ഒന്നു മറെറാന്നിൻെറ മാംസം
തിന്നട്ടെ.
10 ഞാൻ ദയ എന്ന കോൽ എടുത്തു
ഒടിച്ചുകളഞ്ഞു; അങ്ങനെ എല്ലാ ജന
ത്തോടുമുള്ള എൻെറ ഉടമ്പടി അസാധു
11 വാക്കി. ആ ദിവസത്തിൽതന്നെ അതു ഒടി
ഞ്ഞുപോയി; അങ്ങനെ എന്നെ നോക്കി
ക്കൊണ്ടിരുന്ന, കൂട്ടത്തിൽ എളിയവരായിരു
ന്നവർ, അതു കർത്താവിൻെറ വചനം എന്നു
ഗ്രഹിച്ചു. ഞാൻ അവരോടു പറഞ്ഞു: ശരി 12
എന്നു തോന്നുന്നുവെങ്കിൽ എൻെറ കൂലി
തരുവിൻ; ഇല്ലെങ്കിൽ തരണ്ടാ. അവർ
എൻെറ കൂലിയായി മുപ്പതു വെള്ളി തൂക്കി
ത്തന്നു. കർത്താവു എന്നോടു പറഞ്ഞു: 13
അതു ഭണ്ഡാരത്തിൽ ഇട്ടുകളക; അവർ
എനിക്കു മതിച്ച നല്ലോരു വില തന്നെ. ആ
മുപ്പതു വെള്ളി ഞാൻ എടുത്തു കർത്താ 14
വിൻെറ ആലയത്തിലെ ഭണ്ഡാരത്തിൽ ഇട്ടു.
യഹൂദായും ഇസ്രായേലും തമ്മിലുള്ള
സാഹോദര്യം മുറിച്ചുകളയേണ്ടതിനായി
ഞാൻ ഐക്യം എന്ന മറേറ കോലും ഒടിച്ചു
കളഞ്ഞു.
കർത്താവു എന്നോടു അരുളിച്ചെയ്തു: 15
നീ ഇനിയും ഒരു കൊള്ളരുതാത്ത ഇട
യൻെറ ഉപകരണങ്ങൾ എടുക്കുക, എന്തെ 16
ന്നാൽ ഇതാ, ഞാൻ ദേശത്തു ഒരു ഇടയ
നെ എഴുന്നേല്പിക്കും; അവൻ കാണാതെ
പോയതിനെ അന്വേഷിക്കുകയോ ചിതറി
പ്പോയതിനെ ശേഖരിക്കുകയോ മുറിവേ
ററതിനെ വെച്ചു കെട്ടുകയോ സുഖമുള്ള
തിനെ പോഷിപ്പിക്കുകയോ ചെയ്യുകില്ല;
എന്നാൽ അവൻ, പുഷ്ടിയുള്ളവയുടെ
മാംസം തിന്നുകയും കുളമ്പു കീറിക്കളയു
കയും ചെയ്യും. ആട്ടിൻപററത്തെ ഉപേക്ഷി 17
ച്ചു കളയുന്ന കൊള്ളരുതാത്ത ഇടയന്നു
ഹാ, കഷ്ടം! അവൻെറ ഭുജത്തിനും വലങ്ക
ണ്ണിനും വാൾ പതിക്കും; അവൻെറ വലം
കൈ അശേഷം വരണ്ടും അവൻെറ കണ്ണ്
അശേഷം ഇരുണ്ടുംപോകും.

അദ്ധ്യായം 12

പ്രവചനം: ഇസ്രായേലിനെക്കുറിച്ചു 1
കർത്താവിൻെറ അരുളപ്പാടു: ആകാശ
ങ്ങളെ വിരിക്കുകയും ഭൂമിക്ക് അടിസ്ഥാനം
ഇടുകയും മനുഷ്യൻെറ ഉള്ളിൽ അവൻെറ
ആത്മാവിനെ രൂപീകരിക്കുകയും ചെയ്യുന്ന
കർത്താവു അരുളിച്ചെയ്യുന്നു. യഹൂദായിക്ക് 2
എതിരെ, യറുശലേമിന് എതിരെ അവർ
നിരോധനത്തിൽ ആയിരിക്കുമ്പോൾ ഞാൻ
യറുശലേമിനെ, അതിനു ചുററുമുള്ള
ജാതികൾക്ക്, പരിഭ്രമത്തിൻെറ വാതിലാ
ക്കിത്തീർക്കും. ആ ദിവസത്തിൽ ഞാൻ 3
യറുശലേമിനെ സകല ജാതികൾക്കും ഭാര
മുള്ള ഒരു കല്ലാക്കി വയ്ക്കും. ഭൂമിയിലെ
സകല ജാതികളും അതിനു എതിരായികൂടി
വന്നാലും അതിനെ ചുമക്കുന്നവരെല്ലാം
തകർക്കപ്പെടും. ആ ദിവസത്തിൽ ഞാൻ 4
എല്ലാ കുതിരകൾക്കും വിഭ്രാന്തിയും,
കുതിരപ്പുറത്തിരിക്കുന്നവനു ഭ്രാന്തും പിടി

യഹൂദാഗൃഹത്തിന്മേൽ ഞാൻ
കണ്ണു തുറക്കുകയും ജാതികളുടെ
ുതിരകൾക്കും അന്ധത ബാധിപ്പി
ചെയ്യും എന്നു കർത്താവു അരുളി
ു. അവരുടെ ദൈവമായ ബലവാ
ൻത്താവു നിമിത്തം യറുശലേം
കളെക്കാൾ ബലവാന്മാരായി
രിക്കുന്നു എന്നു ആ ദിവസ
ഹൂദായിലെ ഭരണാധിപന്മാർ

ിവസത്തിൽ യഹൂദായുടെ ഭര
ാരെ ഞാൻ വിറകിന്ന് ഇടയിലെ
പോലെയും കററയുടെ ഇടയിലെ
പാലെയുമാക്കും. അവർ വല
തും അവരുടെ ചുററുമുള്ള ജാതി
ുങ്ങിക്കളയും. യറുശലേം അവ
ന്തസ്ഥാനത്ത്, യറുശലേമിൽ
വാസികൾ ഉള്ളതായിരിക്കും.
ഹത്തിൻെറ മഹത്വവും യറു
ാസികളുടെ മഹത്വവും യഹൂദാ
ിരെ ഏറിപ്പോകാതെയിരിക്കേ
ൻത്താവു ആദ്യം യഹൂദാകൂടാര
ിക്കും. ആ നാളിൽ കർത്താവു
നിവാസികൾമേൽ ആവാസം
ന്ന് അവരുടെ ഇടയിലെ ബല
വിദിനെപ്പോലെ ആയിരിക്കും;
ം ദൈവത്തെപ്പോലെ, കർത്താ
ിധിയിലെ മാലാഖയെപ്പോലെ
.

ത്തു യറുശലേമിന് എതിരെ
ല ജാതിയെയും ഞാൻ നശി
ഒരുങ്ങും. ഞാൻ ദാവീദ്
ലും, യറുശലേം നിവാസിക
കൃപയുടെയും ആശ്വാസത്തി
ത്മാവിനെ പകരും; അവർ
ച്ചവനായ എങ്കലേക്കു നോക്കു
ാതനെ പ്രതി വിലപിക്കുന്നതു
നു വേണ്ടി വിലപിക്കുകയും
,ജാതനുവേണ്ടി വ്യസനിക്കു
അവനു വേണ്ടി വ്യസനി
താഴ്‌വരയിലെ ഹദദ്-രിമ്മോ
പോലെ ഒരു മഹാവിലാപം
ഉണ്ടാകും; ദേശം വിലപി
കുടുംബവും വെവ്വേറായി
ദാവീദുകുടുംബം പ്രത്യേക
ുടെ സ്ത്രീകൾ പ്രത്യേക
3 കുടുംബം പ്രത്യേകമായും
ീകൾ പ്രത്യേകമായും; ലേവി
്യകമായും അവരുടെ സ്ത്രീ
മായും; ശിമയി കുടുംബം
പ്രത്യേകമായും അവരുടെ സ്ത്രീകൾ
പ്രത്യേകമായും; ബാക്കിയുള്ള കുടുംബങ്ങ 14
ളിൽ ഓരോ കുടുംബം പ്രത്യേകമായും
അവരുടെ സ്ത്രീകൾ പ്രത്യേകമായും
വിലപിക്കും.

അദ്ധ്യായം 13

ആ ദിവസത്തിൽ ദാവീദ്ഗൃഹത്തി 1
നും യറുശലേം നിവാസികൾക്കും പാപ
ത്തിൻെറയും മാലിന്യത്തിൻെറയും ശുദ്ധീ
കരണത്തിനായി ഒരു ഉറവ തുറക്ക
പ്പെടും.
ഞാൻ ദേശത്തുനിന്നു വിഗ്രഹങ്ങളുടെ 2
നാമം ഛേദിച്ചുകളയുകയും ഇനിയും അവ
സ്മരിക്കപ്പെടാതിരിക്കുകയും ചെയ്യുമെ
ന്നും, പ്രവാചകന്മാരും അശുദ്ധാത്മാക്കളും
ദേശത്തു നിന്നു നീങ്ങിപ്പോകുവാൻ ഞാൻ
ഇടവരത്തും എന്നും ബലവാനായ കർത്താ
വു അരുളിച്ചെയ്യുന്നു. ആരെങ്കിലും പ്രവചി 3
ക്കുമ്പോൾ അവനെ ജനിപ്പിച്ച അപ്പനും
അമ്മയും അവനോടു: കർത്താവിൻെറ
പേരു പറഞ്ഞു നീ വ്യാജം സംസാരിക്കുന്ന
തിനാൽ നീ ജീവിച്ചിരിക്കാൻ പാടില്ല എന്നു
പറയുകയും അവൻ പ്രവചിച്ചുകൊണ്ടിരി
ക്കുമ്പോൾ അവനെ ജനിപ്പിച്ച അവൻെറ
അപ്പനും അമ്മയും അവനെ പിടിച്ചുകൊടു
ക്കുകയും ചെയ്യും. ആ നാളിൽ ഓരോ പ്രവാ 4
ചകനും, താൻ പ്രവചിക്കുമ്പോൾ തൻെറ
ദർശനത്തെക്കുറിച്ചു ലജ്ജിക്കും; വഞ്ചിപ്പാ
നായി അവർ രോമക്കുപ്പായം ധരിക്കുക
യുമില്ല. എന്നാലോ, അവൻ പറയും: ഞാൻ 5
പ്രവാചകനല്ല, ഒരു കൃഷിക്കാരനത്രേ.
ബാല്യത്തിൽതന്നെ കന്നുകാലികളെ നോ
ക്കാൻ ഒരുവൻ എന്നെ പഠിപ്പിച്ചു. അവ 6
നോടു: നിൻെറ കൈയിലെ ഈ മുറിവുകൾ
എന്ത്? എന്നു ചോദിച്ചാൽ എൻെറ സ്നേ
ഹിതന്മാരുടെ വീട്ടിൽ വച്ചു മുറിവേററതാണ്
എന്നു പറയും.
വാളേ ഉണരുക; എൻെറ ഇടയൻെറ 7
നേരെയും എൻെറ കൂട്ടാളിയായ പുരുഷ
ൻെറ നേരെയും (ഉണരുക) എന്ന് ബല
വാനായ കർത്താവു അരുളിച്ചെയ്യുന്നു.
ഇടയനെ വെട്ടുക; ആടുകൾ ചിതറിപ്പോ
കട്ടെ; ഇടയന്മാരുടെ നേരേ ഞാൻ കൈ 8
തിരിക്കും. ദേശം മുഴുവനിലും മൂന്നിൽ രണ്ടു
ഛേദിക്കപ്പെട്ടുചാകും; മൂന്നിലൊന്നു ശേഷി
ക്കും എന്നു കർത്താവു അരുളിച്ചെയ്യുന്നു.
ആ മൂന്നിലൊന്നിനെ ഞാൻ തീയിൽകൂടി 9
കടത്തി വെള്ളി ശുദ്ധീകരിക്കുന്നതുപോലെ
ശുദ്ധീകരിക്കുകയും പൊന്നു ശോധനചെ

യ്യുന്നതുപോലെ ശോധന ചെയ്യുകയും
ചെയ്യും. അവർ എൻെറ നാമം വിളിച്ചപേ
ക്ഷിക്കുകയും ഞാൻ അവർക്ക് ഉത്തരമരുളു
കയും ചെയ്യും. ഇത് എൻെറ ജനം എന്നു
ഞാൻ പറയും; കർത്താവു എൻെറ ദൈവം
എന്ന് അവരും പറയും.

അദ്ധ്യായം 14

1 ഇതാ, കർത്താവിൻെറ ദിവസം വരുന്നു;
നിൻെറ കൊള്ള നിൻെറ മദ്ധ്യത്തിൽ
2 വിഭാഗിക്കപ്പെടും. ഞാൻ യറുശലേമിനു
എതിരെ സകല ജനതകളെയും കൂട്ടിച്ചേർ
ക്കും; പട്ടണം പിടിക്കപ്പെടും; വീടുകൾ
കൊള്ളയിടും; സ്ത്രീകളെ അപമാനിക്കും;
പട്ടണത്തിൽ പകുതി പ്രവാസത്തിലേക്കു
പോകും; ശേഷിപ്പുള്ളവർ നഗരത്തിൽ
3 നിന്നു ഛേദിക്കപ്പെടുകയില്ല. അപ്പോൾ
കർത്താവു പുറപ്പെട്ടു, യുദ്ധദിവസത്തിൽ
താൻ പോരാടിയതുപോലെ ആ ജനതകൾ
ക്കെതിരെ പോരാടും.
4 ആ ദിവസത്തിൽ അവൻെറ പാദം
യറുശലേമിൻെറ കിഴക്കുള്ള ഒലിവുമല
മേൽ നിൽക്കും; ഒലിവുമല നടുക്കുവച്ചു
കിഴക്കോട്ടും പടിഞ്ഞാറോട്ടും രണ്ടായി
പിളർന്നു ഒരു വലിയ താഴ്വര ഉണ്ടാകും;
മലയുടെ ഒരു പാതി വടക്കോട്ടും ഒരു പാതി
5 തെക്കോട്ടും നീങ്ങും. നിങ്ങൾ പർവ്വതത്തി
ൻെറ താഴ്വരയിലൂടെ ഞെരുക്കത്തിലേക്കു
ഓടിപ്പോകും. യഹൂദാ രാജാവായ ഊസി
യായുടെ നാളുകളിൽ ഭൂകമ്പമുണ്ടായ
പ്പോൾ, നിങ്ങൾ ഓടിയതുപോലെ, ഓടും.
6 എൻെറ ദൈവമായ കർത്താവു തൻെറ
എല്ലാ വിശുദ്ധരുമൊത്ത് വരും—ആ ദിവസ
ത്തിൽ പ്രകാശം ഉണ്ടായിരിക്കുകയില്ല.
7 തണുപ്പും മഞ്ഞുമായിരിക്കും. ദൈവത്തിനു
അറിയാവുന്ന ഒരു ദിവസം. രാത്രിയുമില്ല,
പകലുമില്ല. സന്ധ്യയ്ക്കു പ്രകാശമു
ണ്ടാകും.
8 ആ നാളിൽ യറുശലേമിൽനിന്നു ജീവ
ജലം പുറപ്പെടും; അതിൽ പകുതി കിഴക്കേ
കടലിലേക്കും പകുതി പടിഞ്ഞാറേ കടലി
ലേക്കും ഒഴുകും; അതു വേനൽക്കാലത്തും
9 ശീതകാലത്തും ഉണ്ടായിരിക്കും. കർത്താ
വ് ഭൂമി മുഴുവൻെറ മേലും രാജാവാ
യിരിക്കും. ആ നാളിൽ ഏക കർത്താവും
10 ഏക നാമവും ആയിരിക്കും. ഗേബാ മുതൽ
യറുശലേമിനു തെക്കുള്ള റിമ്മോൻവരെ
ദേശം മുഴുവൻ ഒററ സമതലമായിത്തീരും.
യറുശലേം, ബന്യാമിൻ ഗോപുരംമുതൽ
ആദ്യത്തെ ഗോപുരത്തിൻെറ സ്ഥാനം
വരെയും, കോൺഗോപുരംവരെയും ഹന
നേൽ ഗോപുരംമുതൽ രാജാവിൻെറ
മുന്തിരിച്ചക്കുകൾവരെയും സ്വസ്ഥാനത്ത്
ഉയർന്നു നിൽക്കുകയും അതിൽ നിവാ
സികൾ ഉണ്ടായിരിക്കുകയും ചെയ്യും. അവർ
അതിൽ പാർക്കും; അതിൽ ശാപം ഉണ്ടാ 11
യിരിക്കുകയില്ല; യറുശലേം സുരക്ഷിതമാ
യിരിക്കും.
യറുശലേമിനു എതിരെ പോരാടിയ 12
സകല ജനതയ്ക്കും കർത്താവു ഏല്പിക്കു
ന്ന ബാധ ഇതായിരിക്കും! അവർ നിവർന്നു
നിൽക്കുമ്പോൾതന്നെ അവരുടെ മാംസം
ക്ഷയിച്ചുപോകും; കൺതടത്തിൽ വച്ചു
തന്നെ അവരുടെ കണ്ണുകൾ അഴുകിപ്പോ
കും; അവരുടെ വായിൽ തന്നെ അവരുടെ
നാക്ക് അഴുകിപ്പോകും. ആ നാളിൽ 13
കർത്താവിനാൽ അവരുടെ ഇടയിൽ ഒരു
മഹാ പരിഭ്രമം ഉണ്ടാകും. ഓരോരുവനും
തൻെറ അടുത്തുള്ളവൻെറ കയ്യിൽ കയറി
പിടിക്കുകയും ഓരോരുത്തൻെറയും കൈ
തൻെറ അടുത്തുള്ളവൻെറ കൈ പിടി
ക്കുകയും ചെയ്യും. യഹൂദായും യറുശലേ 14
മിൽ യുദ്ധം ചെയ്യും; ചുററുമുള്ള സകല
വിജാതികളുടെയും ധനമായ സ്വർണ്ണവും
വെള്ളിയും വസ്ത്രങ്ങളും ധാരാളമായി
ശേഖരിക്കപ്പെടും. ഈ വ്യാധിപോലെ ഒരു 15
വ്യാധി കുതിരകൾക്കും കോവർകഴുത
കൾക്കും ഒട്ടകങ്ങൾക്കും കഴുതകൾക്കും
ഈ കൂടാരങ്ങളിലുള്ള എല്ലാ മൃഗങ്ങൾക്കും
ഉണ്ടാകും.
യറുശലേമിനു എതിരെ പുറപ്പെട്ടുവന്ന 16
സകല ജാതികളിലും ശേഷിച്ചിട്ടുള്ള
ഏവനും ബലവാനായ കർത്താവായ
രാജാവിനെ ആരാധിക്കുവാനും, കൂടാര
പ്പെരുനാൾ ആചരിക്കുവാനും ആണ്ടു
തോറും യറുശലേമിൽ കയറി വരും. ഭൂമി 17
യിലുള്ള കുലങ്ങളിൽ, ബലവാനായ
കർത്താവായ രാജാവിനെ ആരാധിപ്പാൻ
യറുശലേമിൽ കയറി വരാത്ത ആർക്കും മഴ
ലഭിക്കുകയില്ല. മെസ്രേൻ കുലം വരുന്നി 18
ല്ലെങ്കിൽ, കൂടാരപ്പെരുന്നാൾ ആചരിക്കു
വാൻ വരാതെയിരിക്കുന്ന വിജാതീയർക്കു
കർത്താവു നൽകുന്ന ബാധ തന്നെ അവർ
ക്കും ഉണ്ടാകും. മെസ്രേനിനുള്ള ശിക്ഷയും, 19
കൂടാരപ്പെരുന്നാൾ ആചരിക്കുവാൻ കയറി
വരാത്ത സകല ജനതകൾക്കുമുള്ള ശിക്ഷ
യും ഇതുതന്നെ.
ആ നാളിൽ കുതിരകളുടെ കടിഞ്ഞാ 20
ണിന്മേൽ: കർത്താവിനു വിശുദ്ധം, എന്ന്
എഴുതിയിരിക്കും; കർത്താവിൻെറ ആലയ

കലശങ്ങൾ യാഗപീഠത്തിന്റെ
 കലശങ്ങൾ പോലെ ശുദ്ധ
ും. യറുശലേമിലെയും യഹൂ
യും കലങ്ങളെല്ലാം ബലവാനായ
വിനു വിശുദ്ധം ആയിരിക്കും.

യാഗം കഴിക്കുന്നവരെല്ലാം വന്ന് അവ
യിൽനിന്നു എടുത്തു അവയിൽ പാകം
ചെയ്യും. അക്കാലത്ത് ബലവാനായ കർത്താ
വിന്റെ ഭവനത്തിൽ ഒരു കനാന്യനും
ഉണ്ടായിരിക്കുകയില്ല.

സ്കറിയാ പ്രവാചകന്റെ പ്രവചനം സമാപ്തം.

മലാഖി

അദ്ധ്യായം 1

1 മലാഖിമുഖാന്തരം ഇസ്രായേലിനെക്കു
റിച്ച് കർത്താവിന്റെ അരുളപ്പാടുകളായ
2 ദർശനം: ഞാൻ നിങ്ങളെ സ്നേഹിച്ചിരി
ക്കുന്നു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു.
എന്തിനാൽ നീ ഞങ്ങളെ സ്നേഹിച്ചിരി
ക്കുന്നു എന്നു നിങ്ങൾ ചോദിക്കുന്നു.
ഏശാവു യാക്കോബിന്റെ സഹോദരൻ
അല്ലയോ; എങ്കിലും ഞാൻ യാക്കോബിനെ
3 സ്നേഹിച്ചു; ഏശാവിനെ ദ്വേഷിച്ചു; അവ
ന്റെ പർവ്വതങ്ങളെ ശൂന്യമാക്കി അവന്റെ
അവകാശത്തെ മരുഭൂമിയിലെ മരുഭൂജന്തു
4 ക്കൾക്ക് കൊടുത്തിരിക്കുന്നു. ഞങ്ങൾ
ഇടിഞ്ഞിരിക്കുന്നു എങ്കിലും നാശശിഷ്ട
ങ്ങളെ ഞങ്ങൾ വീണ്ടും പണിയും എന്ന്
ഏദോമ്യർ പറയുന്നുവെങ്കിൽ കർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു: അവർ പണി
യട്ടെ; ഞാൻ ഇടിച്ചുകളയും: പാപപ്രദേശം
എന്നും, കർത്താവ് എന്നേക്കും ക്രുദ്ധിച്ചിരി
ക്കുന്ന ജാതി എന്നും അവർ വിളിക്കപ്പെടും.
നിങ്ങൾ അതു കാണുകയും, ഇസ്രായേലി
ന്റെ അതിർത്തിക്ക് അപ്പുറത്തും കർത്താ
വു വലിയവൻ എന്നു നിങ്ങൾ പറയുകയും
5 ചെയ്യും. മകൻ അപ്പനെയും ദാസൻ
യജമാനനെയും ബഹുമാനിക്കുന്നു. ഞാൻ
പിതാവാകുന്നുവെങ്കിൽ നിങ്ങൾക്ക്
എന്നോടുള്ള ബഹുമാനം എവിടെ? ഞാൻ
യജമാനനാകുന്നുവെങ്കിൽ നിങ്ങൾക്ക്
6 എന്നോടുള്ള ഭക്തി എവിടെ? പുരോഹിത
ന്മാരേ, നിങ്ങളോടു ബലവാനായ കർത്താ
വു ചോദിക്കുന്നു. എന്തിനു എന്റെ നാമം
നിങ്ങൾ കവർച്ച ചെയ്തു? എന്തിനാൽ
ഞങ്ങൾ നിന്റെ നാമത്തെ കവർന്നു എന്നു
7 നിങ്ങൾ പറയുന്നുവെങ്കിൽ, എന്റെ ബലി
പീഠത്തിന്മേൽ അശുദ്ധമായ അപ്പം അർപ്പി
ക്കുന്നു. എന്തിനാൽ ഞങ്ങൾ നിന്നെ അശു
ദ്ധമാക്കുന്നു എന്നു നിങ്ങൾ പറയുന്നുവെ
ങ്കിൽ, കർത്താവിന്റെ മേശ നിന്ദ്യം എന്നു
8 നിങ്ങൾ പറയുന്നതുകൊണ്ടത്രേ. കണ്ണു
പൊട്ടിയതിനെ ബലിപീഠത്തിൽ അർപ്പി
ച്ചാൽ അതു ദോഷമല്ലേ? മുടന്തുള്ളതി
നെയോ രോഗമുള്ളതിനെയോ അർപ്പിച്ചാൽ
അതു ദോഷമല്ലേ? നിന്റെ മേലധികാരിക്ക്
അതു കാഴ്ച വെക്കുക; അവൻ പ്രസാദിക്കു
കയോ നിന്നോട് കൃപ കാണിക്കുകയോ
ചെയ്യുമോ എന്ന് സൈന്യങ്ങളുടെ കർത്താ
വു ചോദിക്കുന്നു. ആകയാൽ കർത്താ 9
വിന്റെ മുമ്പാകെ പ്രാർത്ഥിപ്പിൻ; അവൻ
നമ്മുടെ മേൽ കരുണ ചെയ്യും. നിങ്ങളുടെ
കൈകളാൽ ഇവയെല്ലാം ഉണ്ടായിരിക്ക
യാൽ ഞാൻ നിങ്ങളിൽ പ്രസാദിക്കുകയില്ല
എന്ന് ബലവാനായ കർത്താവ് അരുളി
ച്ചെയ്യുന്നു. എന്റെ ബലിപീഠത്തിന്മേൽ 10
വെറുതെ (ബലി) അർപ്പിക്കാതെയിരിപ്പാൻ
നിങ്ങളിൽ ആര് എന്റെ വാതിൽ അട
യ്ക്കും? എനിക്കു നിങ്ങളിൽ പ്രീതിയില്ല.
ഞാൻ നിങ്ങളിൽനിന്നു കാഴ്ച കൈക്കൊ
ള്ളുകയില്ല എന്നു ബലവാനായ കർത്താവ്
അരുളിച്ചെയ്യുന്നു. എന്തെന്നാൽ സൂര്യന്റെ 11
ഉദയം മുതൽ അസ്തമനംവരെയും എന്റെ
നാമം ജാതികളുടെ ഇടയിൽ വലിയതാ
കുന്നു; എല്ലാ സ്ഥലത്തും എന്റെ നാ
ത്തിന് ധൂപം വെക്കുകയും നിർമ്മലകാഴ്ച
കൾ അർപ്പിക്കുകയും ചെയ്തുവരുന്നു;
എന്തെന്നാൽ എന്റെ നാമം ജാതികളുടെ
ഇടയിൽ വലുതാകുന്നു എന്ന് ബലവാനായ
കർത്താവ് അരുളിച്ചെയ്യുന്നു. കർത്താ 12
വിന്റെ മേശ മലിനമായിരിക്കുന്നു എന്നും
അതിന്റെ ഭക്ഷണം നിന്ദ്യം എന്നും പറഞ്ഞു
കൊണ്ട് നിങ്ങൾ അതിനെ (എന്റെ നാമ
ത്തെ) അശുദ്ധമാക്കുന്നു. ഇത് എന്തൊരു
അരിഷ്ടതയെന്നു പറഞ്ഞുകൊണ്ട് നിങ്ങൾ
അതിനോടു ക്രുദ്ധിക്കുന്നു എന്നു ബല
വാനായ കർത്താവ് അരുളിച്ചെയ്യുന്നു. കടി 13
ച്ചു കീറപ്പെട്ടതിനെയും മുടന്തുള്ളതിനെയും
രോഗമുള്ളതിനെയും നിങ്ങൾ കാഴ്ചയാ
യി കൊണ്ടുവരുന്നതിനാൽ നിങ്ങളുടെ
കയ്യിൽനിന്നു ഞാൻ അവ കൈക്കൊള്ളു
ന്നില്ല എന്നു ബലവാനായ കർത്താവ്
അരുളിച്ചെയ്യുന്നു. തന്റെ ആട്ടിൻപറ്റ
ത്തിൽ ഒരു മുട്ടാട് ഉണ്ടായിരിക്കുകയും;

...നേരുകയും ചെയ്തിട്ട് രോഗമുള്ള
...ർത്താവിനു യാഗം കഴിക്കുന്നവൻ
...പ്പട്ടവൻ. എന്തെന്നാൽ ഞാൻ മഹാ
...കുന്നു; ജാതികളുടെ ഇടയിൽ
...യങ്കരനുമാകുന്നുവെന്ന് ബല
...കർത്താവ് അരുളിച്ചെയ്യുന്നു.

അദ്ധ്യായം 2

...യും, പുരോഹിതന്മാരേ, ഈ
...ിങ്ങളോടാകുന്നു. എന്റെ നാമ
...ഹുമാനം കൊടുപ്പാൻ തക്കവണ്ണം
...(ഇതു) കേൾക്കുന്നില്ലെങ്കിൽ.
...ിൽ സംഗ്രഹിക്കുന്നില്ലെങ്കിൽ,
...ങ്ങളുടെ മേൽ ശാപം അയയ്ക്കും
...ലവാനായ കർത്താവ് അരുളി
... നിങ്ങൾ ഹൃദയത്തിൽ സംഗ്രഹി
...ാൽ ഞാൻ നിങ്ങളുടെ അനുഗ്രഹ
...ിക്കും. ഞാൻ ഭൂമിയുടെ വിത്തി
...ക്കുകയും, നിങ്ങളുടെ മുഖങ്ങളി
...ങ്ങളുടെ പെരുന്നാളുകളിന്മേലും
...വിതറുകയും അതോടുകൂടെ
...ഷ്കാസനംചെയ്യുകയും ചെയ്യും.
...ുള്ള എന്റെ ഉടമ്പടി നിലനിൽ
... ഈ കല്പന നിങ്ങൾക്ക് അയ
... എന്നു നിങ്ങൾ അറിയും എന്ന്
...യ കർത്താവ് അരുളിച്ചെയ്യുന്നു.
...ള്ള എന്റെ നിയമം ജീവനും
...ും ആയിരുന്നു. എന്നെ ഭയ
...നു ഞാൻ അത് അവനു കൊടു
... എന്റെ നാമം നിമിത്തം വിറ
...ചെയ്തു. സത്യത്തിന്റെ പ്രമാ
...ന്റെ വായിൽ ഉണ്ടായിരുന്നു;
...വന്റെ അധരങ്ങളിൽ കാണ
... അവൻ സമാധാനത്തിലും
...യോടും എന്റെകൂടെ നടന്ന്
...അന്യായത്തിൽനിന്നു പിന്തിരി
...ന്നാൽ പുരോഹിതൻ കർത്താ
...ൻ ആകയാൽ അവന്റെ അധര
...ഞാനം പൊഴിക്കുന്നു; നിയമം
...ായിൽനിന്നു തേടേണ്ടതും
...ങ്ങളാകട്ടെ, വഴി വിട്ടുമാറുക
...ര ന്യായപ്രമാണത്തിൽ നിന്ന്
...ുകയും ലേവിയുടെ നിയമം
...യും ചെയ്തിരിക്കുന്നു എന്ന്
...കർത്താവ് അരുളിച്ചെയ്യുന്നു.
...ന്റെ വഴികൾ ആചരിക്കാതെ
...ത്തിൽ മുഖപക്ഷം കാണിച്ച
... നിങ്ങളെ സകല ജനത്തിലും
...ണവരും ആക്കിയിരിക്കുന്നു.
...ർക്കും പിതാവ് ഒരുവനല്ലോ;
നമ്മെ സൃഷ്ടിച്ചത് ഒരേ ദൈവമല്ലേ? തന്റെ
സഹോദരനായ മനുഷ്യനോടു വ്യാജം
പ്രവർത്തിച്ച് നമ്മുടെ പിതാക്കന്മാരുടെ
പ്രമാണം നാം അശുദ്ധമാക്കുന്നത് എന്തിന്?
യഹൂദാ വ്യാജം പ്രവർത്തിച്ച് ഇസ്രായേലി 11
ലും യറൂശലേമിലും അശുദ്ധി ഭവിച്ചിരിക്കു
ന്നു. ബലവാനായ കർത്താവിന്റെ വിശുദ്ധി
യെ യഹൂദാ മലിനമാക്കുകയും അന്യദേവ
ന്മാരെ സ്നേഹിച്ച് സേവിക്കുകയും ചെയ്തിരി
ക്കുന്നു. ഇതു ചെയ്യുന്ന മനുഷ്യനെയും 12
അവന്റെ മകനെയും അവന്റെ മകന്റെ
മകനെയും യാക്കോബിന്റെ കൂടാരത്തിൽ
നിന്ന് കർത്താവു നശിപ്പിച്ചുകളയും;
ബലവാനായ കർത്താവിനു ബലി അർപ്പി
ക്കുവാൻ അവന് ഇടവരികയുമില്ല. നിങ്ങൾ 13
ഇതുംകൂടി ചെയ്യുന്നു: നിങ്ങളുടെ കാഴ്ച
കളെ കർത്താവു തിരിഞ്ഞു നോക്കുകയോ
നിങ്ങളുടെ കൈകളിൽനിന്നു സ്വമേധാദാ
നങ്ങളെ സ്വീകരിക്കുകയോ ചെയ്യാതിരിക്കു
ന്നതിനാൽ നിങ്ങൾ കണ്ണുനീരുകൊണ്ടും
കരച്ചിൽകൊണ്ടും ഞരക്കംകൊണ്ടും
കർത്താവിന്റെ ആലയത്തെ മൂടിക്കളയു
ന്നു. അത് എന്തുകൊണ്ട് എന്നു നിങ്ങൾ 14
ചോദിക്കുന്നുവെങ്കിൽ, നിനക്കും നിന്റെ
യൗവനത്തിലെ ഭാര്യയ്ക്കും ഇടയിൽ
കർത്താവു സാക്ഷിയായിരുന്നതുകൊണ്ടു
തന്നേ; നിന്റെ ഇണയും നിയമാനുസൃത
ഭാര്യയുമായ അവളോടു നീ വ്യാജം
പ്രവർത്തിച്ചുവല്ലോ. ഏകശരീരവും ഏക 15
ആത്മാവും ആയിട്ടല്ലേ, (ദൈവം അവരെ
സൃഷ്ടിച്ചത്?) ദൈവഭക്തരായ സന്തതികളെ
അല്ലാതെ, എന്താണ് ദൈവം ആഗ്രഹിക്കു
ന്നത്? ആകയാൽ ശ്രദ്ധിക്കുവിൻ: തന്റെ
യൗവനത്തിലെ ഭാര്യയോട് ആരും വ്യാജം
കാണിക്കാതിരിപ്പാൻ ഇസ്രായേലിന്റെ 16
ദൈവമായ ബലവാനായ കർത്താവ് അരു
ളിച്ചെയ്യുന്നു. പുറംകുപ്പായം കൊണ്ട് ഒരു
വന്റെ അന്യായം മറയുകയില്ല. നിങ്ങളുടെ
ആത്മാവിൽ സൂക്ഷ്മതയുള്ളവരായിരി
പ്പിൻ; വ്യാജം പ്രവർത്തിക്കരുത്. നിങ്ങളുടെ 17
വാക്കുകളാൽ നിങ്ങൾ കർത്താവിനെ
മുഷിപ്പിക്കുന്നു. എന്തിനാൽ ഞങ്ങൾ
അവനെ മുഷിപ്പിക്കുന്നു എന്നു നിങ്ങൾ
ചോദിക്കുന്നുവോ? തിന്മ ചെയ്യുന്നവരെല്ലാം
കർത്താവിന്റെ ദൃഷ്ടിയിൽ നല്ലവരാകു
ന്നുവെന്നും അവരിൽ അവൻ പ്രീതിപ്പെ
ടുന്നുവെന്നും, അല്ലെങ്കിൽ ന്യായാധിപ
ന്മാരെ ന്യായം വിധിക്കുന്ന ദൈവം എവിടെ
എന്നും നിങ്ങൾ ചോദിക്കുന്നതിനാൽ
തന്നെ.

അദ്ധ്യായം 3

1 ഇതാ, എൻെറ മുമ്പിൽ വഴി നിരപ്പാ
ക്കേണ്ടതിനു ഞാൻ എൻെറ ദൂതനെ
അയയ്ക്കുന്നു. നിങ്ങൾ നോക്കിപ്പാർക്കുന്ന
കർത്താവും നിങ്ങൾ പ്രിയപ്പെടുന്ന ദൂത
നുമായവൻ അവൻെറ ആലയത്തിലേക്കു
പെട്ടെന്നു വരും; അവൻ ഇതാ വരുന്നു
എന്നു ബലവാനായ കർത്താവ് അരുളി
2 ച്ചെയ്യുന്നു. അവൻ വരുന്ന ദിവസത്തെ
ആർക്കു സഹിക്കാം? അവൻ വെളിപ്പെടു
മ്പോൾ ആർക്കു നില്പാൻ കഴിയും? അവൻ
ലോഹം ശുദ്ധീകരിക്കുന്നവൻെറ (തട്ടാ
ൻെറ) തീപോലെയും അലക്കുകാരൻെറ
3 കാരംപോലെയുമിരിക്കും. അവൻ വെള്ളി
(ശുദ്ധീകരിക്കുന്നതു)പോലെ ലേവി പുത്ര
ന്മാരെ (തീയിൽ) ഊതിക്കഴിച്ചു നിർമ്മലീ
കരിക്കുവാൻ തുടങ്ങും. വെള്ളിപോലെയും
പൊന്നുപോലെയും അവരെ (തീയിൽ
ഇട്ടു) ശുദ്ധീകരിക്കുകയും, അവർ നീതി
യിൽ കർത്താവിനു കാഴ്ച അണയ്ക്കുന്ന
4 വരായിത്തീരുകയും ചെയ്യും. യഹൂദയുടെ
യും യറുശലേമിൻെറയും കാഴ്ച പുരാതന
കാലത്തെപ്പോലെയും മുൻ വർഷങ്ങളിലെ
പ്പോലെയും കർത്താവിനെ പ്രസാദിപ്പിക്കും.
5 നിങ്ങളെ വിധിക്കുവാൻ ഞാൻ അടുത്തു
വരും. മന്ത്രവാദികൾക്കും വ്യഭിചാരികൾ
ക്കും കള്ളസ്സാക്ഷിക്കും വേലക്കാരൻെറ
കൂലി വഞ്ചിച്ചെടുക്കുന്നവർക്കും വിധവക
ളെയും അനാഥരെയും പീഡിപ്പിക്കുന്ന
വർക്കും പരദേശികളെ വിഷമിപ്പിക്കുന്ന
വർക്കും എന്നോടു ഭക്തിയില്ലാത്തവർക്കും
എതിരെ സാക്ഷ്യംനൽകുവാൻ ഞാൻ
വേഗം വരും എന്നു കർത്താവു അരുളിച്ചെ
6 യ്യുന്നു. ഞാനാകുന്നു കർത്താവ്; എനിക്കു
7 മാററമില്ല. യാക്കോബിൻെറ മക്കളേ,
നിങ്ങൾ നിങ്ങളുടെ അനീതിയിൽ നിന്ന്
വിട്ടുമാറിയിട്ടില്ല.

8 നിങ്ങളുടെ പിതാക്കന്മാരുടെ കാലം
മുതൽ നിങ്ങൾ എൻെറ കല്പനകൾ അനു
സരിക്കാതെ തെററി നടന്നിരിക്കുന്നു. എങ്ക
ലേക്കു തിരിഞ്ഞുവരുവിൻ; ഞാൻ നിങ്ങ
ളുടെ അടുക്കലേക്കും തിരിഞ്ഞുവരാം
എന്നു സൈന്യങ്ങളുടെ കർത്താവ് അരുളി
9 ച്ചെയ്യുന്നു. എന്തിൽ ഞങ്ങൾ തിരിഞ്ഞു
വരേണ്ടു എന്നു നിങ്ങൾ ചോദിക്കുന്നുവോ?
നിങ്ങൾ എന്നെ വഞ്ചിക്കുന്നതുപോലെ
10 മനുഷ്യനു ദൈവത്തെ വഞ്ചിക്കാമോ?
എന്തിൽ ഞങ്ങൾ നിന്നെ വഞ്ചിക്കുന്നു
എന്നു ചോദിക്കുന്നുവെങ്കിൽ ദശാംശങ്ങ
ളിലും ആദ്യഫലങ്ങളിലും തന്നെ. എന്നെ
വഞ്ചിക്കുന്നതിനാൽ നിങ്ങൾ കഠിനമായി
ശപിക്കപ്പെട്ടവരത്രേ. സർവ്വജനവുമേ, 11
എൻെറ ഭണ്ഡാരത്തിലേക്ക് നിങ്ങളുടെ
ദശാംശങ്ങൾ കൊണ്ടുവരുവിൻ; എൻെറ 12
ആലയത്തിൽ ഭക്ഷണമുണ്ടാകട്ടെ. ബല
വാനായ കർത്താവ് പറയുന്നു: നിങ്ങൾ
ഇതിനാൽ എന്നെ പരീക്ഷിച്ചു നോക്കുവിൻ;
ഞാൻ ആകാശത്തിൻെറ ജനലുകൾ 13
തുറന്ന്, “മതി” എന്നു നിങ്ങൾ പറയുവോളം
അനുഗ്രഹങ്ങൾകൊണ്ട് നിങ്ങളെ തൃപ്തി
പ്പെടുത്താം. ഞാൻ വെട്ടുക്കിളിയെ ശാസി 14
ക്കും; അവ ഭൂമിയുടെ ഫലങ്ങളെ നശിപ്പി
ക്കുവാൻ ഇടയാകയില്ല. ഭൂമിയിലെ ഒരു
മുന്തിരിയും ശൂന്യമായിപ്പോകയുമില്ല
എന്നു ബലവാനായ കർത്താവ് അരുളി
ച്ചെയ്യുന്നു. നിങ്ങൾ മോഹനീയദേശമാ 15
കുമ്പോൾ സകല ജാതികളും നിങ്ങളെ
പ്രശംസിക്കും എന്നു ബലവാനായ കർത്താ
വ് അരുളിച്ചെയ്യുന്നു. നിങ്ങളുടെ വാക്കു 16
കൾ എൻെറ നേരേ അതികഠിനമായിരി
ക്കുന്നു എന്നു കർത്താവു പറയുന്നു.
ഞങ്ങൾ നിൻെറ നേരെ എന്തു പറയുന്നു
എന്നു നിങ്ങൾ ചോദിക്കുന്നുവോ? കർത്താ 17
വിനെ സേവിക്കുന്നതു വെറുതെയാകു
ന്നു; അവൻെറ ചട്ടങ്ങളെ ആചരിക്കുകയും
ബലവാനായ ദൈവത്തിൻെറ മുമ്പാകെ
വിനീതനായി നടക്കുന്നതുകൊണ്ടും എന്തു
പ്രയോജനമുള്ളൂ? ഇപ്പോൾ മുതൽ അന്യാ 18
യക്കാർ ഭാഗ്യവാന്മാർ എന്നു പറയുന്നു;
പാപം ചെയ്യുന്നവർ അഭിവൃദ്ധി പ്രാപി
ക്കുന്നു; ദൈവത്തെ പരീക്ഷിക്കുന്നവൻ
വിടുവിക്കപ്പെടുന്നു, എന്നു നിങ്ങൾ പറ
യുന്നു. കർത്താവിനെ ഭയപ്പെടുന്നവർ 19
തമ്മിൽ സംസാരിച്ചു. കർത്താവു ശ്രദ്ധിച്ചു
കേട്ടു. തന്നെ ഭയപ്പെടുന്നവരെയും തൻെറ
നാമത്തെ സ്തുതിക്കുന്നവരെയും തൻെറ
മുമ്പാകെയുള്ള ഓർമ്മയുടെ പുസ്തക
ത്തിൽ എഴുതിവച്ചു. ഞാൻ സംഘത്തെ 20
കൂട്ടുന്നതായ ദിവസത്തിൽ, തന്നെ സേവി
ക്കുന്ന മകനെ ഒരു പിതാവു പരിഗണിക്കു
ന്നതുപോലെ ഞാൻ അവർക്കു പ്രത്യേക
പരിഗണന നൽകും. അപ്പോൾ നീതിമാനും 21
അന്യായക്കാരനും തമ്മിലും ദൈവത്തെ
സേവിക്കുന്നവരും സേവിക്കാത്തവരും
തമ്മിലുമുള്ള വ്യത്യാസം നിങ്ങൾ കാണും.

അദ്ധ്യായം 4

എന്തെന്നാൽ, ഇതാ, എൻെറ കോപം 1
തീച്ചൂളപോലെ കത്തുന്ന ദിവസങ്ങൾ

എല്ലാ അഹങ്കാരികളും, പാപം
സകലരും താളടിയാകും. വരുന്ന
ദിവസം വേരും കൊമ്പും അവശേ
ഷിക്കാതെ അവരെ ദഹിപ്പിച്ചുകളയും
ബലവാനായ കർത്താവ് അരുളി
എന്റെ നാമത്തെ ഭയപ്പെടുന്ന
ളോ, നീതിയുടെ സൂര്യൻ തന്റെ
ൽ രോഗശാന്തിയോടെ ഉദയം
തൊഴുത്തിൽനിന്നുള്ള കിടാക്കളെ
ിങ്ങൾ തുള്ളിച്ചാടി പുറപ്പെടും.
ങ്ങളുടെ കാലുകളുടെ കീഴിൽ
ആയിത്തീരുന്നതിനാൽ നിങ്ങൾ
ചിട്ടിക്കളയും എന്നു ബലവാനായ
കർത്താവ് അരുളിച്ചെയ്യുന്നു. ഹോരേബിൽ 4
വെച്ച് ഇസ്രായേൽ മുഴുവനും വേണ്ടി
എന്റെ ദാസനായ മോശ കല്പിച്ച ന്യായ
പ്രമാണവും ചട്ടങ്ങളും വിധികളും ഓർത്തു
കൊൾവിൻ. ഇതാ, കർത്താവിന്റെ 5
വലുതും ഭയങ്കരവുമായ ദിവസം വരു
ന്നതിനു മുമ്പെ ഞാൻ ഏലിയാ
പ്രവാചകനെ നിങ്ങൾക്ക് അയച്ചുതരും.
ഞാൻ ഭൂമിയെ ഉന്മൂലനാശത്തിനു
ശിക്ഷിക്കാതിരിക്കേണ്ടതിന് അവൻ
അപ്പന്മാരുടെ ഹൃദയത്തെ മക്കളിലേക്കും
മക്കളുടെ ഹൃദയത്തെ അപ്പന്മാരിലേക്കും
തിരിക്കും.

മലാഖി പ്രവാചകന്റെ പ്രവചനം സമാപ്തം.

ഏറമിയായുടെ പ്രവചനം

അദ്ധ്യായം 1

1 ബെന്യാമിൻ ദേശത്ത്, അനാഥോത്തിലെ
പുരോഹിതന്മാരിൽ ഹിൽക്കിയായുടെ
മകനായ ഏറമിയായുടെ വചനങ്ങൾ:
2 യഹൂദാരാജാവായ ആമോന്റെ മകൻ
യോശിയായുടെ കാലത്ത്-വാഴ്ചയുടെ
പതിമൂന്നാം വർഷം ഏറമിയായ്ക്ക് അരുള
3 പ്പാടുണ്ടായി. യഹൂദിയാ രാജാവായ യോശി
യായുടെ മകൻ യഹോയാക്കിമിന്റെ കാല
ത്തും യഹൂദാ രാജാവായ യോശിയായുടെ
മകൻ സെദക്കിയായുടെ പതിനൊന്നാം
4 ആണ്ട് അവസാനം വരെയും, അഞ്ചാം
മാസത്തിൽ യറുശലേമിനെ അടിമത്വത്തി
ലേക്കു കൊണ്ടുപോയതുവരെയും അപ്ര
കാരമുണ്ടായി.
5 കർത്താവിന്റെ കല്പന എനിക്കുണ്ടാ
യി: നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു
മുമ്പുതന്നെ ഞാൻ നിന്നെ അറിഞ്ഞു. നീ
ഗർഭപാത്രത്തിൽനിന്നും പുറത്തുവരുന്ന
തിനു മുമ്പുതന്നെ ഞാൻ നിന്നെ വിശുദ്ധീ
കരിച്ചു. ജാതികൾക്കു പ്രവാചകനായി
ഞാൻ നിന്നെ നിയമിച്ചിരിക്കുന്നു.
6 അപ്പോൾ ഞാൻ, കർത്താവേ: ഞാൻ
ബാലനാണല്ലോ, എനിക്കു സംസാരിപ്പാൻ
അറിഞ്ഞുകൂടല്ലോ എന്നു പറഞ്ഞു.
7 കർത്താവ് എന്നോട്, 'ഞാനൊരു ബാലൻ'
എന്നു നീ പറയരുത്. ഞാൻ നിന്നെ അയ
യ്ക്കുന്നിടത്തെല്ലാം നീ പോകണം. ഞാൻ
നിന്നോടു കല്പിക്കുന്നതെല്ലാം സംസാരി
8 ക്കുകയും വേണം. നീ അവരെ ഭയപ്പെടരുത്.
9 നിന്നെ സംരക്ഷിക്കുന്നതിന് ഞാൻ
നിന്നോടുകൂടെയുണ്ട് എന്നു കല്പിച്ചു.
കർത്താവു കൈ നീട്ടി എന്റെ വായെ
സ്പർശിച്ചു. 'ഞാൻ എന്റെ വചനങ്ങളെ
10 നിന്റെ വായിൽ തന്നിരിക്കുന്നു. കണ്ടു
കൊള്ളുക, ഉന്മൂലമാക്കുവാനും, പൊളി
ക്കുവാനും, നശിപ്പിക്കുവാനും തകർത്തു
കളയുവാനും, പണിയുവാനും, നടുവാനും
വേണ്ടി ഞാൻ നിന്നെ ഇന്ന് ജാതികളു
ടെയും രാജ്യങ്ങളുടെയും മേൽ നിയമി
ച്ചിരിക്കുന്നു' എന്നു കർത്താവ് എന്നോട്
കല്പിച്ചു.

കർത്താവിന്റെ കല്പന എനിക്കു
ണ്ടായി: ഏറമിയാ! നീ എന്താണു കാണു
ന്നത് എന്നു ചോദിച്ചു. 'ബദാം വൃക്ഷത്തി
ന്റെ ഒരു കൊമ്പു ഞാൻ കാണുന്നു' എന്നു
ഞാൻ പറഞ്ഞു. കർത്താവ് എന്നോട്: 'നീ
കണ്ടത് ശരിതന്നെ. എന്റെ വചനം നിറ
വേറ്റേണ്ടതിന് ഞാൻ വേഗം പ്രവർത്തിക്കു
ന്നു' എന്നു കല്പിച്ചു. കർത്താവിന്റെ കല്പ
ന രണ്ടാമതും എനിക്കുണ്ടായി: 'നീ എന്തു കാ
ണുന്നു?' എന്നു ചോദിച്ചു. വെള്ളം തിള
ക്കുന്ന ഒരു കുടമാണ് ഞാൻ കാണുന്നത്.
അതു വടക്കുനിന്നാണ് പ്രത്യക്ഷമാകുന്നത്
എന്നു ഞാൻ പറഞ്ഞു. കർത്താവ് എന്നോട്
ദേശത്തെ സർവ്വ നിവാസികൾക്കും ഉത്തര
ദേശത്തുനിന്ന് ആപത്തു വരും. ഞാൻ
വടക്കൻ രാജ്യങ്ങളിലെ, എല്ലാ വംശങ്ങ
ളെയും വിളിക്കും. അവർ വരും. ഓരോരു
ത്തനും തന്റെ സിംഹാസനം, യറുശലേ
മിന്റെ പ്രവേശനകവാടങ്ങളിലും, ചുറ്റു
മുള്ള മതിലുകൾക്കുനേരെയും, യഹൂദ
യിലെ എല്ലാ നഗരങ്ങൾക്കുനേരെയും
സ്ഥാപിക്കും. അവർ എന്നെ ഉപേക്ഷിക്കു
അന്യദേവന്മാർക്കു ധൂപാർപ്പണം ചെയ്തു
തങ്ങളുടെ കൈപ്പണികളായ ബിംബങ്ങളെ
നമസ്കരിക്കും. ഈ ദോഷങ്ങൾക്കെല്ലാം
ഞാൻ അവരെ വിധിക്കും. ആകയാൽ നീ
എഴുന്നേൽക്കുക, അര കെട്ടുക, ഞാൻ
നിന്നോടു കല്പിക്കുന്നതെല്ലാം അവരോടു
പ്രഘോഷിക്കുക. നിനക്കു സംഭ്രമമുണ്ടാക
രുത്. അവരുടെ മുമ്പിൽ നീ സംഭ്രമിക്കാ
തിരിപ്പാൻ ഞാൻ നോക്കും. ഇന്ന്, ഞാൻ
നിന്നെ സർവ്വ ദേശത്തിനും, യഹൂദാരാജ
ക്കന്മാർക്കും പ്രഭുക്കന്മാർക്കും, പുരോഹിത
ന്മാർക്കും ദേശവാസികൾക്കും, ഉറപ്പുള്ള
നഗരവും, ഇരുമ്പ് സ്തംഭവും താമ്രകോട്ടയു
മാക്കിയിരിക്കുന്നു. അവർ നിന്നോടു പോ
രാടും, നിന്നെ ജയിക്കുകയില്ല. നിന്നെ
രക്ഷിപ്പാൻ ഞാൻ നിന്നോടുകൂടെയുണ്ട്
എന്നു കർത്താവു കല്പിക്കുന്നു.

അദ്ധ്യായം 2

ത്താവിന്റെ കല്പന എനിക്കു

പായി യറുശലേം കേൾക്കത്തക്ക
ളിച്ചുപറയുക. കർത്താവ് ഇങ്ങനെ
ുന്നു. വിതയില്ലാത്ത ദേശത്ത്—
ിൽ എന്നെ അനുഗമിച്ചു വന്ന
ൗവനത്തിലെ ഭക്തിയും, വിവാഹ
കഴിഞ്ഞകാലത്തെ, സ്നേഹ
ിക്ക് ഓർമ്മയുണ്ട്. ഇസ്രായേൽ,
ിനു വിശുദ്ധവും വിളവിന്റെ
വുമാകുന്നു. അവനെ തിന്നുകള
വനും ശിക്ഷാർഹനാകും. അവർ
ർത്ഥം വരും എന്നു കർത്താവു
യാക്കോബ് കുടുംബമേ! ഇസ്രാ
ംബത്തിലെ സർവ്വവംശങ്ങളുമേ!
ല്പന ശ്രദ്ധിപ്പിൻ. കർത്താവു
ന്നു. നിങ്ങളുടെ പിതാക്കന്മാർ
ക്ഷിച്ച് വ്യർത്ഥമൂർത്തികളോടു
്യർത്ഥരായി തീരത്തക്കവണ്ണം
ീതിയാണ് നിങ്ങൾ എന്നിൽ
ങ്ങളെ മെസ്രേൻ ദേശത്തുനി
കൊണ്ടുവന്നു ശൂന്യവും കുഴി
ായ ദേശത്തുകൂടി, വരൾച്ചയും
ദേശത്തുകൂടി, മനുഷ്യസഞ്ചാ
പാർപ്പുമില്ലാത്ത ദേശത്തുകൂടി
വിൽക്കൂടി ഞങ്ങളെ നയിച്ച
ിവിടെ? എന്ന് അവർ പറഞ്ഞി
ിങ്ങളെ ഞാൻ ഫലഭൂയിഷ്ഠ
ത്, അതിന്റെ ഫലവും ഗുണ
ുഭവിക്കുവാനായി കൊണ്ടു
ട എത്തിയശേഷം നിങ്ങളോ
ത്തെ അശുദ്ധമാക്കി. എന്റെ
ത്ത വഷളാക്കി. കർത്താവ്
ന്നു പുരോഹിതന്മാർ അന്വേ
യപ്രമാണവിശാരദർ എന്നെ
ഇടയന്മാർ എന്നോടു വ്യാജം
ാചകന്മാർ ബാലിനുവേണ്ടി
ിഷ്പ്രയോജനമായവയോടു
ഇനിയും, ഞാൻ നിങ്ങളോടു
ചയ്യും. നിങ്ങളുടെ മക്കളുടെ
്യായവാദം ചെയ്യും എന്നു
ല്പിക്കുന്നു. കിത്തിയരുടെ
ടന്നു നോക്കുവിൻ, കേദാറി
ച്ച് നന്നായി മനസ്സിലാക്കു
ഇതുപോലെ സംഭവിച്ചി
നോക്കുവിൻ. അവരുടെ
വങ്ങൾ അല്ലാതിരുന്നിട്ടു
കൾ അവരുടെ ദേവന്മാരെ

മാറ്റിയിട്ടുണ്ടോ? എന്റെ ജനമോ ദൈവമ
ഹിമയെ നിഷ്പ്രയോജനമായതിനുവേണ്ടി
മാറ്റിക്കളഞ്ഞു! ഇതു കണ്ട്, ആകാശമേ!
വിസ്മയിക്കുക, സംഭ്രമിക്കുക, സ്തംഭിക്കുക 12
എന്നു കർത്താവു കല്പിക്കുന്നു.
എന്റെ ജനം രണ്ടു തിന്മയാണു ചെയ്തി 13
രിക്കുന്നത്. അവർ ജീവജലഉറവിടമായ
എന്നെ ഉപേക്ഷിച്ചു വെള്ളമില്ലാത്ത-പൊട്ട
ക്കിണറുകൾ കുഴിച്ചിരിക്കുന്നു. ഇസ്രായേൽ 14
ഒരു ദാസനാണോ, വീട്ടിൽ ജനിച്ചവനാണെ
ങ്കിൽ അവൻ കവർച്ചയായിത്തീർന്നതെ
ങ്ങനെ? സിംഹങ്ങൾ അവന്റെ നേരെ 15
ഗർജ്ജനശബ്ദം കേൾപ്പിക്കുന്നു. അവന്റെ
ദേശത്തെ ശൂന്യമാക്കുന്നു. അവന്റെ നഗര
ങ്ങൾ കത്തിയെരിഞ്ഞ് ജനവാസമില്ലാതി
രിക്കുന്നു. നോഫ്യരും, ഹെഫ്നേസ്യരും 16
നിന്റെ ശിരസ്സു തകർത്തു. നിന്റെ ദൈവ 17
മായ കർത്താവു നിന്നെ നയിച്ചുകൊണ്ടി
രിക്കെ അവനെ നീ ഉപേക്ഷിച്ചതിനാലല്ല
യോ, ഇതു നിനക്കു സംഭവിച്ചത്? ഇപ്പോൾ 18
മെസ്രേനിലേക്ക് എന്തിനു യാത്ര ചെയ്യുന്നു?
ശീഹോറിലെ വെള്ളം കുടിക്കുവാനാണോ?
ആസൂറിലേക്കുള്ള യാത്ര എന്തിനായിട്ടാ
കുന്നു? നദിയിലെ ജലം പാനം ചെയ്യു
വാനോ? നിന്റെ തിന്മ തന്നെ നിനക്കു 19
ശിക്ഷയും നിന്റെ വിശ്വാസത്യാഗം നിനക്കു
മനോവേദനയുമായിത്തീരും. നീ നിന്റെ
ദൈവമായ കർത്താവിനെ ഉപേക്ഷിച്ചതും
എന്നെ നീ ഭയപ്പെടാതിരുന്നതും എത്ര
തിന്മയും കയ്പുള്ളതുമാണെന്നു കണ്ടറി
ഞ്ഞുകൊള്ളുക എന്നു ബലവാനായ
കർത്താവു കല്പിക്കുന്നു.
നേരത്തെ ഞാൻ നിന്റെ നുകം 20
തകർത്തും നിന്റെ അമിക്കയറുകൾ മുറി
ച്ചും കളഞ്ഞു. ഇനിയും അന്യദേവനു ഞാൻ
സേവ ചെയ്കയില്ല എന്നു നീ പറഞ്ഞ
താണ്. എന്നാൽ എല്ലാ ഉയർന്ന കുന്നിൻ
പുറത്തും പച്ചമരച്ചോട്ടിലും, നീ വഴിതെറ്റി
പരസംഗം ചെയ്യുന്നു! ഞാൻ നിന്നെ നല്ല 21
മുന്തിരിവള്ളിയായി നട്ടു. അങ്ങനെയുള്ള
നീ എനിക്കെതിരേ തിരിഞ്ഞ് മത്സരിയായി
കാട്ടുമുന്തിരിയായത് എങ്ങനെ! നീ വളരെ 22
യേറെ ചവർക്കാരം തേച്ച് വെളുപ്പിച്ചാലും
ഔഷധവെള്ളംകൊണ്ടു കഴുകിയാലും
നിന്റെ പാപങ്ങൾ എന്റെ മുമ്പാകെ
കറപിടിച്ചുതന്നെയിരിക്കുന്നു എന്നു
കർത്താവു കല്പിക്കുന്നു.
ഞാൻ അശുദ്ധപ്പെട്ടില്ല എന്ന് എങ്ങനെ 23
നിനക്കു പറയുവാൻ കഴിയും? ബാലിന്റെ
പിമ്പേ നീ പോയില്ലയോ! താഴ്‌വരയിലെ

നിൻെറ വഴികൾ നോക്കുക. നീ എന്താണ്
24 ചെയ്തത് എന്നറിയുക. വക്രമായ വഴികളിൽ
ശബ്ദമുയർത്തി, തോന്നിയതുപോലെ
മരുഭൂമിയിൽ ഓടി നടക്കുന്ന ഒട്ടകമല്ലയോ
നീ? കുറുനരിയെപ്പോലെ കോപം പൂണ്ട് നീ
നടക്കുന്നു. അതിനെ ആര് മടക്കി വരുത്തും!
അതിനെ അന്വേഷിച്ച് ആരും വിഷമിക്കുക
യില്ല. അതിൻെറ മാർഗ്ഗത്തിൽ അതിനെ ക
25 ണ്ടെത്തും.ചെരുപ്പിൽ നിന്ന് നിൻെറ കാലി
നേയും ദാഹത്തിൽനിന്നു നിൻെറ തൊണ്ട
യും സൂക്ഷിച്ചുകൊള്ളുക. നീയോ പറയു
ന്നു: എനിക്കു ശക്തിയുണ്ട്, ഞാൻ അന്യന്മാ
രെയാണു സ്നേഹിക്കുന്നത്, അവരുടെ
പിന്നാലെ ഞാൻ പോകുകതന്നെ ചെയ്യും
26 എന്ന്! മോഷ്ടാവിനെ കണ്ടുപിടിക്കുമ്പോൾ
അവൻ ലജ്ജിതനാകുന്നതുപോലെ ഇസ്രാ
യേൽ മക്കൾ ലജ്ജിതരായി-അവരും,
അവരുടെ രാജാക്കന്മാരും, പ്രഭുക്കന്മാരും,
പ്രവാചകന്മാരും പുരോഹിതന്മാരും. അവർ
27 തടിയോട് 'നീ ഞങ്ങളുടെ പിതാവ് എന്നും
കല്ലിനോട്, നീ എൻെറ പെറ്റമ്മ' എന്നും
പറയുന്നു. അവർ മുഖമല്ല, കണ്ഠമാണ്
എനിക്കെതിരെ തിരിച്ചിരിക്കുന്നത്. അവ
രുടെ കഷ്ടകാലത്തോ, 'നീ എഴുന്നേറ്റു
ഞങ്ങളെ സഹായിച്ചു രക്ഷിക്കണമെ'
28 എന്നു പറയും. നീ ഉണ്ടാക്കിയ നിൻെറ
ദേവന്മാർ എവിടെ? നിൻെറ ദുഷ്കാലത്ത്
അവർ എഴുന്നേറ്റു രക്ഷിക്കട്ടെ. യഹൂദയേ,
നിൻെറ നഗരങ്ങളുടെ സംഖ്യാനുസരണം
നിനക്കു ദേവന്മാർ ഉണ്ടല്ലോ.
29 നിങ്ങൾ എന്നോടു എന്തിനു പ്രതിവാദി
ക്കുന്നു? നിങ്ങളെല്ലാവരും എന്നോടു
വ്യാജമായി പെരുമാറി എന്നു കർത്താവു
30 കല്പിക്കുന്നു. ഞാൻ നിങ്ങളുടെ മക്കളെ
അടിച്ചതു വെറുതെയായി. അവർ ശിക്ഷണം
സ്വീകരിച്ചില്ല. സംഹാരകനായ സിംഹം
പോലെ വാൾ നിങ്ങളുടെ പ്രവാചകന്മാരെ
31 ഭക്ഷിച്ചുകളഞ്ഞു. ആധുനിക തലമുറയേ,
കർത്താവിൻെറ വചനം കേൾപ്പിൻ. ഞാൻ
ഇസ്രായേലിന് ഒരു മരുഭൂമി ആയിരുന്നു
വോ, ശൂന്യദേശമായിരുന്നുവോ? ഞങ്ങൾ
യാത്രയ്ക്കിറങ്ങി, ഇനിയും നിൻെറ അടു
ക്കൽ വരികയില്ല എന്ന് എൻെറ ജനം
32 പറയുന്നതെന്ത്? ഒരു കന്യക തൻെറ
ആഭരണവും ഒരു മണവാട്ടി അവളുടെ
അലങ്കാരവസ്ത്രവും മറക്കുമോ? എന്നാൽ
എൻെറ ജനമോ, അസംഖ്യനാളുകളായി
എന്നെ മറന്നിരിക്കുന്നു.
33 സ്നേഹം അന്വേഷിപ്പാൻ നിൻെറ വഴി
കൾ നീ വീണ്ടും ക്രമപ്പെടുത്തിയിരിക്കുന്നു!
നിൻെറ വഴികളിൽ നീ തിന്മ അഭ്യസിച്ചിരി
ക്കുന്നു. കുറ്റമറ്റ സാധുക്കളുടെ രക്തം നിൻെറ
കൈകളിൽ കണ്ടെത്തപ്പെട്ടിരിക്കുന്നു. നീ
അവരെ ഭവനം ഭേദിച്ചല്ല കണ്ടെത്തിയത്.
പ്രത്യുത പച്ചമരത്തിൻ കീഴെയത്രെ. നീ
പറഞ്ഞു: 'ഞാൻ നിരപരാധിനി, അവൻെറ
കോപം എന്നിൽനിന്നു മാറ്റിയിരിക്കുന്നു'
എന്ന്. 'ഞാൻ പാപം ചെയ്തില്ല' എന്നു നീ
പറഞ്ഞതിനാൽ ഞാൻ നിന്നെ വിധിക്കും.
നിൻെറ വഴികൾ ആവർത്തിക്കുവാൻ നീ
ഇങ്ങനെ മോഹാതുരയായി നടക്കുന്ന
തെന്ത്? അസിറിയാ നിമിത്തം നീ ലജ്ജിത
യായതുപോലെ മെസ്രേൻ നിമിത്തവും നീ
ലജ്ജിതയാകും. അവിടെനിന്നും നീ തല
യിൽ കൈവച്ചുകൊണ്ട് ഇറങ്ങിപ്പോരും. നീ
ആശ്രയിച്ചവരുടെ നേരെ കർത്താവു
കോപിഷ്ഠനായിരിക്കുന്നു. അവരെക്കൊ
ണ്ട് നിനക്ക് ഒരു പ്രയോജനവുമുണ്ടാകു
കയില്ല.

അദ്ധ്യായം 3

ഒരു പുരുഷൻ അവൻെറ ഭാര്യയെ
ഉപേക്ഷിച്ചിട്ട് അവൾ അവനെ വിട്ടുപോയി
മറ്റൊരു പുരുഷനു ഭാര്യയായിത്തീർന്ന
ശേഷം അവൻ വീണ്ടും അവളുടെ അടുക്കൽ
എത്തുമോ? ആ ദേശം അശുദ്ധമാകും
നിശ്ചയം. നീ പല ഇടയന്മാരുമായി വേശ്യാ
സംഗം ചെയ്തു. എൻെറ അടുക്കൽ നീ
അനുതപിക്കുക എന്നു കർത്താവു പറയു
ന്നു. പാതകളിലേക്കു നീ കണ്ണുയർത്തിനോ
ക്കുക. എവിടമെങ്കിലും നീ അശുദ്ധമാക്കാ
തിരുന്നിട്ടുണ്ടോ? മരുഭൂമിയിൽ മലങ്കാക്ക
എന്നതുപോലെ, വഴിയരികിൽ നീ അവർ
ക്കായി കാത്തിരുന്നു. നിൻെറ വേശ്യാ
ദോഷംമൂലം ദേശത്തെ നീ അശുദ്ധമാക്കി.
നിൻെറ തിന്മമൂലം മഴ ഇല്ലാതായി. പി...
പെയ്തില്ല. നിനക്കു വേശ്യയുടെ നെറ്റി
ഉണ്ടായി. ശാസന കേൾക്കുന്നത് നിനക്ക്
ഇഷ്ടമല്ല. എന്നിട്ടും, എൻെറ പിതാവേ
എന്നു നീ എന്നെ വിളിക്കുന്നു! ബാല്യം
മുതൽ നീയാണെന്നെ വളർത്തിയതെന്നു
നീ പറയുന്നു! അവൻ എന്നേക്കും കോപം
വച്ചേക്കുകയില്ല. എക്കാലത്തേക്കും കോപം
സൂക്ഷിക്കുകയില്ല എന്നു പറഞ്ഞ് നീ തി...
ചെയ്തു. നീ അതിൽ ശക്തിപ്പെട്ടുമിരിക്കുന്നു.
യോശിയാ രാജാവിൻെറ കാല...
കർത്താവ് എന്നോടു സംസാരിച്ചു. ഇ...
യേൽ ദേശം ചെയ്തത് നീ കണ്ടുവോ? അവ...
എല്ലാ ഉയർന്ന മലയിലും പച്ചമരക്കീഴിലു...
മെത്തി അവിടെവച്ച് വേശ്യാസംഗം ചെയ്തു

ല്ലാം ചെയ്തശേഷവും അവൾ എന്റെ
ൽ അനുതപിച്ചുവരും എന്നു ഞാൻ
. എന്നാൽ അവൾ അനുതപിച്ചേ
വളുടെ സഹോദരിയായ യഹൂദാ
ട മാലിന്യം കണ്ടു. അവൾ എല്ലാ
ഗ്രഹിച്ചു. ഇസ്രായേൽദേശം വ്യഭി
മൂലം ഞാനവളെ ഉപേക്ഷിച്ച് ഉപേ
നം കൊടുത്തതു അവളുടെ വഷള
ഹോദരി യഹൂദാ കണ്ടിട്ടും അവൾ
തെ അവളും വേശ്യാസംഗംചെയ്തു!
വേശ്യാസംഗം മോഹാതുരമായി
വൾ ദേശത്തെ അശുദ്ധമാക്കി.
ല്ലിനോടും മരത്തോടും വ്യഭിച
തല്ലാം കഴിഞ്ഞിട്ടും, അവളുടെ
ിയായ യഹൂദാ കാപട്യത്തോടെ
പൂർണ്ണഹൃദയത്തോടെ എങ്ക
നുതപിച്ചു വന്നിട്ടില്ല എന്നു
കല്പിക്കുന്നു.
യേൽ ദേശം ഹീനയായ അവ
ഹാദരി യഹൂദായേക്കാൾ നീതി
എന്നു കർത്താവ് എന്നോടു
നീ പോയി ഈ വചനങ്ങൾ
ംഗിക്കുക. 'ഇസ്രായേൽദേശമേ,
പിക്കുക. എന്റെ ദൃഷ്ടി നിങ്ങ
ഞാൻ കഠിനപ്പെടുത്തുകയില്ല.
വനാകുന്നു. എന്നേക്കുമായി
ാപിച്ചിരിക്കുകയില്ല' എന്നു
കല്പിക്കുന്നു. എന്നാൽ, ഒന്നു
ം; നിന്റെ പാപങ്ങൾ! നിന്റെ
കർത്താവിനോട് നീ പാപം
ന്യപുരുഷന്മാർക്കായി എല്ലാ
ിലും നിന്റെ വഴികൾ നീ
ി. എന്റെ ശബ്ദമോ നിങ്ങൾ
ു കർത്താവ് കല്പിക്കുന്നു.
പികളായ *മക്കളേ, പശ്ചാ
എന്നു കർത്താവു കല്പിക്കു
ിങ്ങളിൽ പ്രസാദിച്ചു. ഞാൻ
രത്തിൽനിന്ന് ഒരുവനേയും
ന്നു രണ്ടുപേരെയും സെഹി
കൂട്ടിക്കൊണ്ടുവരും. എന്റെ
ഇടയന്മാരെ ഞാൻ നിങ്ങൾ
വർ നിങ്ങളെ ജ്ഞാനത്തോ
ത്തോടുംകൂടെ മേയിക്കും.
ദൾ ദേശത്ത് വർദ്ധിച്ചു പെരു
ത്താവിന്റെ നിയമപ്പെട്ടകം
പറയുകയില്ല. അതു ഹൃദയ
യില്ല; അതിനെ ഓർക്കുക
ാടപേക്ഷിക്കുകയില്ല; ഇനി
യുമില്ല! അതേ കാലത്തു
ലമിനെ ദൈവത്തിന്റെ

*തായോബേ

സിംഹാസനം എന്ന് അവർ വിളിക്കും. സർവ്വ
വിജാതിയരും കർത്താവിന്റെ നാമത്തിനു
സ്തുതി കരേറ്റും. പിന്നീട് അവർ അവരുടെ
ദുർമ്മനസ്സിന്റെ ആഗ്രഹാനുസരണം
പോകുകയില്ല.

ആ കാലത്ത് യഹൂദാഗോത്രം ഇസ്രാ 18
യേൽ ഭവനത്തോട് ഒരുമിച്ച്, ഉത്തര
ദിക്കിൽനിന്നു പ്രയാണമാരംഭിച്ച്, ഞാൻ
നിങ്ങളുടെ പിതാക്കന്മാർക്കു അവകാശ
മായി നൽകിയ ദേശത്തേക്കു വരും. ഞാൻ 19
നിന്നെ എന്റെ മക്കളുടെ കൂട്ടത്തിൽ ഗണി
ക്കും. ഞാൻ നിനക്ക്, തിരഞ്ഞെടുക്കപ്പെട്ട
ദേശവും, ജാതികളുടെ അതിശക്തമായ
അവകാശവും തരും. എന്നെ നീ പിതാവേ
എന്നു വിളിക്കും. എന്റെ പിന്നാലെ നിന്നു 20
നീ വിട്ടുമാറുകയില്ല. ഒരു ഭാര്യ
സ്വഭർത്താവിനോടു വിശ്വാസവഞ്ചന
ചെയ്യുന്നതുപോലെ, ഇസ്രായേൽ മക്കൾ
എന്നോടു വിശ്വാസവഞ്ചന ചെയ്തു എന്നു
കർത്താവു പറയുന്നു. വഴികളിൽ ശബ്ദം 21
കേൾക്കപ്പെട്ടു. അതെ, അവരുടെ മാർഗ്ഗ
ങ്ങൾ വക്രമാക്കി അവരുടെ ദൈവമായ
കർത്താവിനെ വിസ്മരിച്ചതുമൂലമുള്ള
ഇസ്രായേൽ ഭവനത്തിന്റെ കരച്ചിലിന്റേ
യും അപേക്ഷയുടേയും ശബ്ദം! അനുതാ 22
പികളായ മക്കളേ പശ്ചാത്തപിക്കുവിൻ.
ഞാൻ നിങ്ങളുടെ അനുതാപം അംഗീകരി
ക്കും. ഇതാ ഞങ്ങൾ നിന്റേതാകുന്നു. നീ 23
ഞങ്ങളുടെ ദൈവമായ കർത്താവാകുന്നു;
എന്നും അവർ പറഞ്ഞു. കുന്നുകളും മലക 24
ളുടെ ശക്തിയും വെറും വ്യാജംതന്നെ. ഇസ്രാ
യേലിന്റെ രക്ഷ നമ്മുടെ ദൈവമായ
കർത്താവിൽ തന്നെ. ലജ്ജാവിഗ്രഹങ്ങൾ 25
ബാല്യംമുതലുള്ള ഞങ്ങളുടെ പിതാക്കന്മാ
രുടെ പ്രയത്നഫലത്തേയും അവരുടെ ആടു
മാടുകളേയും അവരുടെ പുത്രീപുത്രന്മാരേ
യും ഭക്ഷിച്ചു കളഞ്ഞു. ഞങ്ങൾ ലജ്ജയോ
ടെ കിടന്നുറങ്ങട്ടെ. ഞങ്ങളുടെ അവമാനം
ഞങ്ങളെ മൂടിക്കളയട്ടെ. എന്തെന്നാൽ
ഞങ്ങളുടെ ദൈവമായ കർത്താവിനോ
ടാണ് ഞങ്ങൾ പാപം ചെയ്തത്. ഞങ്ങളുടെ 26
പിതാക്കന്മാരും ബാല്യം മുതൽ ഇന്നുവരെ
ഞങ്ങളുടെ ദൈവമായ കർത്താവിന്റെ
ശബ്ദം കേട്ടനുസരിച്ചില്ല എന്നും അവർ
പറഞ്ഞു.

അദ്ധ്യായം 4

ഇസ്രായേലേ, നീ മാനസാന്തരപ്പെടുമെ 1
ങ്കിൽ എന്റെ അടുക്കലേക്ക് അനുതപിച്ചു
വരുക എന്നു കർത്താവു കല്പിക്കുന്നു.

നിന്റെ വഷളത്വങ്ങൾ എന്റെ മുമ്പിൽ
നിന്നു നീക്കിക്കളയുമെങ്കിൽ, നീ ഇളകി
2 പ്പോകുകയില്ല. സത്യമായും ന്യായമായും
നീതിയായും നീ അവനോടു സത്യം ചെയ്യു
കയും അവനാൽ ജാതികൾ അനുഗൃഹീത
രാകുകയും അവർ അവനിൽ പുകഴുകയും
3 ചെയ്യും. യഹൂദപുരുഷന്മാരോടും യറു
ശലേം വാസികളോടും കർത്താവ് ഇപ്ര
കാരം കല്പിക്കുന്നു: നിങ്ങളുടെ ദീപം തെളി
ക്കുവിൻ. നിങ്ങൾ മുള്ളുകൾക്കിടയിൽ
4 വിതയ്ക്കരുത്. നിങ്ങൾ കർത്താവിനായി
പരിച്ഛേദനയേറ്റ് നിങ്ങളുടെ ഹൃദയത്തി
ന്റെ അഗ്രചർമ്മം കളയുവിൻ. യഹൂദപുരു
ഷന്മാരേ, യറുശലേം നിവാസികളേ! എന്റെ
കോപം അഗ്നിതുല്യം പുറപ്പെട്ടേക്കും. അത്
സർവവും ദഹിപ്പിക്കും. കെടുത്തുവാൻ
ആരുമുണ്ടാകുകയില്ല; എന്തെന്നാൽ നിങ്ങ
ളുടെ പ്രവർത്തനങ്ങൾ തിന്മയാണ്.

5 യീഹൂദിലും യറുശലേമിലും പ്രസ്താവി
പ്പിൻ. പ്രസംഗിച്ചു പറയുവിൻ. ദേശത്തു
കാഹളം മുഴക്കുവിൻ. ഉച്ചത്തിൽ വിളിച്ചു
പറയുവിൻ. കൂടിവരുവിൻ, നമുക്കു ശക്ത
മായ നഗരിക്കുള്ളിലേക്കു പ്രവേശിക്കാം.
6 സെഹിയോനിലേക്കു ധ്വജം വഹിപ്പിൻ.
ശക്തിപ്പെടുവിൻ: നിൽക്കരുത്. ഞാൻ ഉത്തര
ദേശത്തുനിന്ന് അനർത്ഥവും മഹാവലിയ
7 നാശവും വരുത്തും. സിംഹം അതിന്റെ
വനത്തിൽനിന്നെന്നപോലെ ശക്തനായ
രാജാവു കരേറിവരുന്നു. അവൻ ജാതികളെ
നശിപ്പിക്കും. നിന്റെ ദേശത്തെ നാശത്തി
നും നിന്റെ നഗരങ്ങളെ ആൾപാർപ്പില്ലാതെ
ശൂന്യമാക്കുവാനും അവന്റെ സ്ഥലത്തു
8 നിന്നു പുറപ്പെട്ടിരിക്കുന്നു. തന്മൂലം രട്ടു ധരി
പ്പിൻ, മുറയിട്ടു കരയുവിൻ—എന്തെന്നാൽ
കർത്താവിന്റെ മഹാക്രോധം നിങ്ങളിൽ
നിന്നും വിട്ടുമാറിയിട്ടില്ല.

9 അക്കാലത്തു രാജാവിന്റേയും അധി
കാരികളുടേയും ധൈര്യം ഇല്ലാതാകും.
പുരോഹിതർ സംഭ്രമിക്കും, പ്രവാചകന്മാർ
10 അത്ഭുതം കൂറും. അപ്പോൾ അവൾ പറഞ്ഞു:
"ഞാൻ പറഞ്ഞുകൊള്ളട്ടെ, നിങ്ങൾക്കു
സമാധാനമുണ്ടാകും എന്ന് അങ്ങു കല്പിച്ച്
ഈ ജനതയേയും യറുശലേമിനേയും
അവിടന്നു തെറ്റിച്ചല്ലോ. ഇതാ വാൾ പ്രാണ
നെ സമീപിച്ചിരിക്കുന്നു."

11 ആ കാലത്ത് ഈ ജനത്തോടും യറു
ശലേമിനോടും പറയപ്പെടുന്നതെന്തെ
ന്നാൽ: എന്റെ ജനത്തിന്റെ പുത്രിയുടെ
വഴികളിൽ, മരുഭൂമിയിലെ വഴികളിൽ ഒരു
കാറ്റടിക്കും. അത് പതിരു പിടിക്കുവാനോ,
വെടിപ്പാക്കുവാനോ അല്ല. ഇതിലും ശക്ത 12
മായ കാറ്റു വരും. ഞാൻ ഇനിയും അവരോട്
എന്റെ വിധികൾ സംസാരിക്കും. ഇതാ, 13
അവൻ മേഘംപോലെ കയറിവരും. കൊടു
ങ്കാറ്റുപോലെയാണ് അവന്റെ രഥം. അവ
ന്റെ അശ്വസേന കഴുകനേക്കാളും വേഗ
മായുള്ളത്. നാം കവർച്ചയാൽ നശിച്ചതി
നാൽ നമുക്കു കഷ്ടം.

യറുശലേമേ, തിന്മയിൽനിന്നു നിന്റെ 14
ഹൃദയം കഴുകി വെടിപ്പാക്കുക. എന്നാലേ
നീ രക്ഷിതയാകയുള്ളു. നിന്റെ ദുർവികാ
രങ്ങൾ എത്രനാൾകൂടി നിന്റെ ഉള്ളിൽ
ഉണ്ടായിരിക്കും? ദാനിൽനിന്നും ഒരു ശബ്ദം! 15
എഫ്രയിം മലയിൽനിന്നും വേദനാശബ്ദം
കേൾക്കുന്നു. ജാതികളെ ഓർമ്മപ്പെടുത്തു 16
വിൻ. യറുശലേമിനോടു പ്രസ്താവിക്കുവിൻ.
ഇതാ ജാതികളുടെ സംഘങ്ങൾ വിദൂരദേശ
ത്തുനിന്നു വരുന്നു. അവർ യഹൂദാ നഗര
ങ്ങളിന്മേൽ വയൽ കാവൽക്കാരെപ്പോലെ
അവരുടെ ശബ്ദം ഉയർത്തും. അവർ 17
എന്നോടു മത്സരിച്ചതുമൂലം, നാനാഭാഗ
ത്തുനിന്നും അതിനെ വളയും. നിന്റെ 18
വഴികളും പ്രവൃത്തികളുംമൂലമാണ് ഇവ
യെല്ലാം അവർ നിന്നോടു ചെയ്തത്. നിനക്കു
ദുരിതമുണ്ടാകുവാനും, അതു ഹൃദയംവരെ
എത്തുവാനും ഇടയാക്കിയത് നിന്റെ
തിന്മയാണ്.

എന്റെ ഉദരാന്തർഭാഗം വേദനിക്കുന്നു; 19
എന്റെ ഹൃദയം തുടിക്കുന്നു. അതടങ്ങുന്നി
ല്ല. ഇതാ കാഹളശബ്ദം എന്റെ പ്രാണൻ
കേട്ടു; അതോടൊപ്പം യുദ്ധത്തിന്റെ ആരവ
വും! നാശത്തിന്മേൽ നാശം വരും. എന്തെ 20
ന്നാൽ ദേശം മുഴുവൻ കവർച്ച ചെയ്യപ്പെട്ടി
രിക്കുന്നു! എന്റെ കൂടാരവും പെട്ടെന്നു
കവർച്ച ചെയ്യപ്പെട്ടിരിക്കുന്നു. എന്റെ
കൂടാരവിതാനവും വീണുപോയി. പലാ 21
യനം ചെയ്യുന്നവരെ എത്ര നാൾ ഞാൻ
കാണും? കാഹളധ്വനി എത്ര നാൾ കേൾ
ക്കേണ്ടിവരും? എന്റെ ജനം ഭോഷത്വം 22
പ്രവർത്തിച്ചു. എന്നെ അവർ അറിയാതി
രുന്നു. അവർ ഭോഷരായ മക്കൾ! അവർ
ജ്ഞാനികളായിത്തീർന്നില്ല. തിന്മയുടെ
കാര്യത്തിൽ അവർ സമർത്ഥന്മാർ, നന്മ
ചെയ്യുവാനോ അവർക്കറിഞ്ഞുകൂടാ. ഞാൻ 23
ഭൂമിയിലേക്കു നോക്കി. അതു പാഴും
ശൂന്യവും. ആകാശത്തേയ്ക്കു നോക്കി
അതിന്റെ പ്രകാശഗോളങ്ങൾ ഇല്ല. ഞാൻ 24
പർവതങ്ങൾ കണ്ടു. അവ വിറകൊള്ളുന്നു.
കുന്നുകളെല്ലാം ചലിക്കുന്നു! ഞാൻ സൂക്ഷി 25
ച്ചു നോക്കി—ഒരു മനുഷ്യനേയും കണ്ടില്ല.

ശത്തിലെ പക്ഷിക്കൂട്ടമെല്ലാം പറന്നു
ഞാൻ നോക്കി—ഉദ്യാനം മരുഭൂമി
ല്യം നശിച്ചു കിടക്കുന്നു. കർത്താവി
സന്നിധിയിൽനിന്നും, ദൈവകോപ
നിന്നും നഗരങ്ങളെല്ലാം ഉന്മൂലം
ാക്കുന്നു! എന്തെന്നാൽ ദൈവമായ
വ് ഇപ്രകാരം അരുളിച്ചെയ്യുന്നു:
ല്ലാം ശൂന്യമാകും. എന്നാൽ ഞാൻ
ാശം വരുത്തുകയില്ല. ഇവമൂലം
പിക്കും. മേൽ ആകാശം ഇരുണ്ടു
ഞാൻ സംസാരിക്കുകയും നിശ്ച
യും ചെയ്തതിനെക്കുറിച്ചു ഞാൻ
തപിക്കുകയില്ല. പിൻമാറുകയു
ാളികളായ അശ്വാരൂഢഭടന്മാരുടെ
നിമിത്തം, നഗരവാസികളെല്ലാം
ും. പാറക്കൂട്ടങ്ങളിലേക്കു കയറി
സർവ്വനഗരങ്ങളും പരിത്യജിക്ക
ൾപാർപ്പില്ലാതെയുമായി. അപ
വളേ, നീ എന്തു ചെയ്യും? നീ
ം ധരിച്ചാലും, സ്വർണ്ണാഭരണ
യായാലും, കണ്ണിൽ മഷി എഴുതി
ീ ഈ അലങ്കാരം വരുത്തുന്ന
വ്യർത്ഥമായിത്തീരും. നിൻെറ
നിന്നെ ഉപേക്ഷിച്ചുകളഞ്ഞു.
ാണഹാനിക്കായി ശ്രമിക്കുന്നു.
ുടെ ശബ്ദംപോലെയും, പ്രസവ
ുന്നവളുടെ സങ്കടശബ്ദംപോ
ധിതയായ സെഹിയോൻപുത്രി
തിക്കൊണ്ട്, എൻെറ പ്രാണൻ
കളുടെ മുമ്പിൽ വിഷമിക്കുന്നു
ുന്ന ശബ്ദം ഞാൻ കേട്ടു.

അദ്ധ്യായം 5

യറുശലേം വീഥികളിൽ ചുറ്റി
നാക്കുവിൻ. അതിൻെറ മന്ദിര
്വഷണം നടത്തുവിൻ. ന്യായം
ുകയും വിശ്വാസം അന്വേഷി
ചെയ്യുന്ന ഒരുവനുണ്ടെങ്കിൽ
ിനോടു ക്ഷമിക്കും. 'ദൈവ
ന്ന് അവർ പറയുമെങ്കിലും
ർത്ഥത്തിൽ വ്യാജമായിട്ടാണ്
ത്. കർത്താവേ, അങ്ങയുടെ
ശ്വാസത്തെയല്ലോ നോക്കു
ര അടിച്ചു; അതിൻെറ വേദന
തില്ല. നീ അവരെ നശിപ്പിച്ചു.
ർക്കു പശ്ചാത്തപിക്കുവാൻ
ാവരുടെ മുഖം ശിലയെക്കാൾ
ാവർക്കു അനുതപിക്കുവാൻ
യില്ല. ഞാൻ പറഞ്ഞു. അവർ
് വഴിയും ദൈവത്തിൻെറ
വിധിയും അറിഞ്ഞുകൂടാത്ത പാവങ്ങളാ
ണ്. ഞാൻ മഹത്തുക്കളെ സമീപിച്ച് അവ 5
രോടു സംസാരിക്കും. എന്തെന്നാൽ അവർ
കർത്താവിൻെറ വഴിയും ദൈവത്തിൻെറ
വിധിയും അറിഞ്ഞിട്ടുണ്ട് എന്നു പറഞ്ഞു.
എന്നാൽ യഥാർത്ഥത്തിൽ എല്ലാവരും 6
നുകം തകർക്കുകയും, ബന്ധനങ്ങൾ അറു
ത്തുകളയുകയും ചെയ്തിരിക്കുന്നു. തന്മൂലം,
കാട്ടിൽനിന്നുമുള്ള സിംഹം അവരെ തകർ
ക്കും. സന്ധ്യയ്ക്ക് ഇറങ്ങുന്ന ചെന്നായ്ക്കൾ
അവരെ കടിച്ചു കീറും. അവരുടെ ഗ്രാമ
പ്രാന്തങ്ങളിൽ പുള്ളിപ്പുലി പതിയിരിക്കും.
അവയിൽനിന്നു പുറത്തിറങ്ങിവരുന്ന
എല്ലാവരും തകർക്കപ്പെടും. അവരുടെ കട
ങ്ങൾ വർദ്ധിച്ചിരിക്കുന്നു. അനുതപിക്കാൻ
മനസ്സില്ലാതെ അവർ കഠിനപ്പെട്ടിരിക്കുന്നു.
ഞാൻ നിന്നോടു ക്ഷമിക്കുന്നത് ഏതു 7
കാരണം കൊണ്ടാണ്? നിൻെറ മക്കൾ എ
ന്നെ ഉപേക്ഷിച്ചു. ദൈവങ്ങളല്ലാത്തവയെ
ച്ചൊല്ലി ആണയിട്ടു. ഞാൻ അവരെ സംതൃ
പ്തരാക്കി. എന്നാൽ അവരോ വ്യഭിചരിച്ചു.
വേശ്യാഗൃഹങ്ങളിൽ കൂട്ടമായി ചെന്നു.
തടിച്ച കുതിരകളെപ്പോലെ അവർ മദിച്ചു
നടന്നു. ഒരുവൻ അവൻെറ സ്നേഹിതൻെറ 8
ഭാര്യയെ നോക്കി മോഹിക്കുന്നു. ഇവ നിമി
ത്തം ഞാൻ കോപിഷ്ഠനാകാതിരിക്കുമോ?
ഇങ്ങനെയുള്ള ജാതിയോട് ഞാൻ പ്രതി 9
കാരം ചെയ്യാതിരിക്കുമോ? എന്നു കർത്താ
വു കല്പിക്കുന്നു.
അവൻെറ കോട്ടകളിൽ കയറി നശിപ്പി 10
പ്പിൻ. പൂർണ്ണനാശം വരുത്തരുത്. അതിൻെറ
അടിസ്ഥാനങ്ങൾ വച്ചേക്കുവിൻ. അത് 11
കർത്താവിനുള്ളതാകുന്നു. ഇസ്രായേൽ
മക്കളും യഹൂദാമക്കളും എന്നോടു വ്യാജ
മായി പ്രവർത്തിച്ചു എന്നു കർത്താവു
പറയുന്നു. അവർ കർത്താവിനോടു വ്യാജ 12
മായി പെരുമാറി. അവർ പറഞ്ഞു: അത്
അവനല്ല. നമ്മുടെമേൽ ദോഷമൊന്നും
വരികയില്ല. യുദ്ധവും ക്ഷാമവും നമുക്കു
ണ്ടാകുകയില്ല. പ്രവാചകന്മാർ കാറ്റ് ആയി 13
ത്തീരും. അവർക്കു ദൈവവചനമില്ല. അവരു
ടെ ഭീഷണിപ്രകാരം അവർക്കു ഭവിക്കും
എന്ന്. ആകയാൽ ബലവാനായ ദൈവമായ 14
കർത്താവു പറയുന്നു: നിങ്ങൾ ഇങ്ങനെ
സംസാരിച്ചതിനു പകരമായി നിൻെറ വാ
യിൽ എൻെറ വചനം ഞാൻ അഗ്നിയായി
തരും. ഈ ജനം വിറകുമായിരിക്കും. അവരെ
ആ അഗ്നി ദഹിപ്പിക്കും.
ഇസ്രായേൽ ഭവനമേ, ഞാൻ നിങ്ങൾ 15
ക്കെതിരായി വിദൂരത്തുനിന്ന് ഒരു ജനതയെ,

ബലമേറിയ ജനതയെ, പുരാതനമായ
ജനതയെ, അവരുടെ ഭാഷ നിനക്കറിഞ്ഞു
കൂടാത്ത, അവർ സംസാരിക്കുന്നത് നിനക്കു
മനസ്സിലാകാത്ത ജനതയെ ഞാൻ വരു
16 ത്തും. അവൻെറ തൊണ്ട, തുറന്ന ശവ
ക്കുഴിയാണ്, അവരെല്ലാം യുദ്ധശാലിക
ളത്രെ. അവൻ നിൻെറ വിളവും നിൻെറ
അപ്പവും ഭക്ഷിച്ചുകളയും. അവൻ നിൻെറ
പുത്രന്മാരെയും പുത്രികളേയും ഭക്ഷിക്കും.
17 അവൻ നിൻെറ ആടുമാടുകളെ തിന്നൊ
ടുക്കും. അവൻ നിൻെറ മുന്തിരിപ്പഴങ്ങളും
അത്തിപ്പഴങ്ങളും ഭക്ഷിക്കും. നീ അവയിൽ
ആശ്രയം വച്ചിരിക്കുന്ന നിൻെറ ശക്തമായ
നഗരങ്ങളെ വാൾകൊണ്ട് ഒന്നുമില്ലാത്ത
18 താക്കി തീർക്കും. അക്കാലത്തും ഞാൻ
നിങ്ങളെ മുഴുവനായി നശിപ്പിച്ചുകളയു
കയില്ല, എന്നു കർത്താവു കല്പിക്കുന്നു.
19 നമ്മുടെ ദൈവമായ കർത്താവ് ഇവയെല്ലാം
നമ്മോടു ചെയ്തത് എന്തുകൊണ്ട്? എന്നു
നിങ്ങൾ ചോദിക്കുമ്പോൾ, നീ അവരോടു
പറയുക: നിങ്ങൾ എന്നെ ഉപേക്ഷിച്ച് നിങ്ങ
ളുടെ ദേശത്ത് അന്യദേവന്മാർക്കു പൂജ
ചെയ്തു. ഇങ്ങനെതന്നെ നിങ്ങളുടേതല്ലാത്ത
അന്യദേശത്തു നിങ്ങൾ അന്യജാതിക്കാരെ
20 സേവിക്കേണ്ടിവരും. ഇക്കാര്യം യാക്കോബ്
21 ഗൃഹത്തോടു പ്രസ്താവിക്കുക. യഹൂദയിൽ
പരസ്യമാക്കുക. കണ്ണുണ്ടായിട്ടും കാണാ
തെയും ചെവിയുണ്ടായിട്ടും കേൾക്കാതെയു
മിരിക്കുന്ന ബുദ്ധിയില്ലാത്ത ഭോഷജനമേ,
കേൾപ്പിൻ. എന്നെ നിങ്ങൾ ഭയപ്പെടുകയി
22 ല്ലയോ? എന്നു കർത്താവു പറയുന്നു. എ
ൻെറ മുമ്പാകെ നിങ്ങൾ വിറകൊള്ളുകയി
ല്ലയോ? ഞാനാണ്, കടൽ, കടന്നു കയറാ
തിരിക്കത്തക്കവണ്ണം അലംഘനീയമായ
നിത്യപ്രമാണമായി അതിനു മണൽകൊണ്ട്
അതിരു നിശ്ചയിച്ചത്. കടൽ എത്ര ക്ഷോഭി
ച്ചാലും അതിന് ഒന്നും കഴിയുകയില്ല.
23 ഓളങ്ങൾ ഉയർന്നാലും അവയ്ക്കത് കട
ക്കുവാൻ സാദ്ധ്യമല്ല. ഈ ജനത്തിന് മത്സര
മുള്ളതും പിറുപിറുക്കുന്നതുമായ ഹൃദയ
മാണുള്ളത്. അവർ വഴിതെറ്റിപ്പോയിരി
24 ക്കുന്നു. നമുക്ക് മഴയും, പിന്മഴയും അതതു
സമയത്തു തരികയും വേനൽക്കാലത്തെ
വിളവു വർഷകാലത്തേക്കായി സംരക്ഷിച്ചു
തരുകയും ചെയ്ത ദൈവമായ കർത്താവിനെ
നമുക്കാരാധിക്കാം എന്ന് അവർ ഹൃദയ
25 ത്തിൽ പറഞ്ഞില്ല. നിങ്ങളുടെ പാപമാണ്
ഇവയെല്ലാം നിങ്ങളുടെമേൽ വരുത്തിയത്.
നിങ്ങളുടെ പാപങ്ങളാണ്, നന്മകൾ നിങ്ങ
ളിൽനിന്നും തടഞ്ഞു നിർത്തിയിരിക്കുന്നത്!
എൻെറ ജനത്തിൽ പാപികൾ കാണപ്പെട്ടിരി 26
ക്കുന്നു. അവർ നായാട്ടുകാരെപ്പോലെ
കെണിവച്ചുകൊണ്ടിരിക്കുന്നു. അവയിൽ
മനുഷ്യരെ പിടിക്കുന്നു! കൂട് പക്ഷിയെ 27
ക്കൊണ്ട് നിറഞ്ഞിരിക്കുന്നതുപോലെ
അവരുടെ ഭവനങ്ങൾ വഞ്ചനകൊണ്ടു നിറ
ഞ്ഞിരിക്കുന്നു. അങ്ങനെ അവർ വളർന്ന്
ഐശ്വര്യപ്പെട്ടു. അവർ നീതിയെ മറിച്ചു 28
കളഞ്ഞു. അവർ അനാഥർക്ക് നീതിപാലി
ച്ചില്ല. അഗതികൾക്കു ന്യായപാലനം
ചെയ്തില്ല. ഇതിനെല്ലാം ഞാൻ ശിക്ഷിക്കാതി 29
രിക്കുമോ? ഏതാദൃശജനത്തോട് ഞാൻ
പ്രതികാരംചെയ്യാതിരിക്കുമോ? എന്നു 30
കർത്താവു പറയുന്നു. ദേശത്ത് വിസ്മ
യവും, വഷളത്വവും ഉണ്ടാകുന്നു. പ്രവാചക
ന്മാർ വ്യാജപ്രവചനം നടത്തി. പുരോഹി
തന്മാരും അവനോടു കൈകോർത്തു നിന്നു!
എൻെറ ജനത്തിന് അത് ഇഷ്ടവുമാകുന്നു. 31
എന്നാൽ അവസാനം നിങ്ങൾ എന്തു
ചെയ്യും?

അദ്ധ്യായം 6

ബന്യാമിൻ സന്തതിയെ, നിങ്ങൾ യറു 1
ശലേമിൽനിന്നും ഓടിമാറുവിൻ, ഉച്ചത്തിൽ
കാഹളം ഊതുവിൻ. ബെത്ക്രേമിൽ
അടയാളം വയ്ക്കുവിൻ. എന്തെന്നാൽ
ഉത്തരദിക്കിൽനിന്നും അനർത്ഥവും ഗംഭീര
നാശവും വരുത്തും. സെഹിയോൻ പുത്രി
യേ! നീ സുന്ദരിയോടും സുഖഭോഗിനി
യോടും സാമ്യമുള്ളവളായിരിക്കുന്നു.
അവൾക്കെതിരെ, ഇടയന്മാർ ആട്ടിൻ
പററവുമായി വരും. അവൾക്കു ചുററുമായി
അവർ കൂടാരമടിക്കും. അവരിൽ ഓരോരു
വനും അവനവൻെറ ഭാഗത്തു മേയിക്കും.
അവൾക്കെതിരെ യുദ്ധസന്നദ്ധരാകുവിൻ; 4
എഴുന്നേൽപിൻ, മദ്ധ്യാഹ്നത്തിൽ നമുക്കു
കയറിച്ചെല്ലാം. നേരം വൈകി, സന്ധ്യാനിഴ
ലുകൾ ചാഞ്ഞുതുടങ്ങിയിരിക്കുന്നു. എഴു
ന്നേൽപ്പിൻ. രാത്രിയിൽ നമുക്ക് അതിനെ
തിരെ കയറിച്ചെല്ലാം. അതിൻെറ കൊട്ടാര
ങ്ങൾ നശിപ്പിക്കാം. എന്ന് അവർ പറഞ്ഞു;
ബലവാനായ ദൈവം ഇപ്രകാരം കല്പിച്ചു;
വൃക്ഷം മുറിക്കുവിൻ, യറുശലേമിന് പതി
യിരുപ്പ് സ്ഥാനങ്ങൾ ഉണ്ടാക്കുവിൻ! അത്
ശിക്ഷിക്കപ്പെടാനുള്ള നഗരം. അതിന്നകം മുഴു
വൻ പീഡനം നിറഞ്ഞിരിക്കുന്നു. കിണറ്റിൽ
വെള്ളം എന്നതുപോലെ അതിനുള്ളിൽ
തിന്മ നിറഞ്ഞിരിക്കുന്നു. അപഹാരത്തി
ൻെറയും കൊള്ളയുടെയും ശബ്ദം എൻെറ
മുമ്പിൽ എപ്പോഴും കേൾക്കപ്പെടുന്നു;

ലം വേദനകൊണ്ടും വ്രണങ്ങൾ
നിറഞ്ഞിരിക്കുന്നു. യറുശലേമേ,
മനസ്സു നിന്നെ അവഗണിക്കാ
ആൾപാർപ്പില്ലാത്ത ദേശംപോലെ
ശൂന്യമാക്കാതെയും ഇരിക്കുവാൻ
ശം സ്വീകരിക്കുക.
വാനായ ദൈവം ഇപ്രകാരം
ുന്നു: ഇസ്രായേലിൽ അവശേഷി
ര മുന്തിരിക്കുലപോലെ പറിച്ചെ
പഴം പറിക്കുന്നവനേപ്പോലെ
കൈ വള്ളികളിലേക്കു നീട്ടുക.
കൾക്കേണ്ടതിന് ഞാൻ ആരോ
ക്ഷിക്കേണ്ടത്? അവരുടെ കർണ്ണ
യില്ലാത്തവ. ശ്രദ്ധിപ്പാൻ അവർ
ില്ല. കർത്താവിൻെറ വചനം
നിന്ദയാകുന്നു. അവർ അതിനെ
ുന്നില്ല. കർത്താവിൻെറ കോപം
ിച്ചിരിക്കുന്നു. എന്നെ ക്ഷീണി
ന്നു. അതു ഞാൻ തെരുവീഥി
ലാലകരിലും യുവസമൂഹങ്ങ
ന്ന് ഒഴിക്കും. ഭർത്താവും ഭാര്യ
ും, പ്രായംകുറഞ്ഞവനും പിടി
അവരുടെ ഭവനങ്ങളും നില
കളും അന്യർക്കായി നൽക
ഞാൻ എൻെറ കൈ ദേശ
ക്കതിരെ ഉയർത്തും എന്നു
കല്പിക്കുന്നു. എന്തെന്നാൽ
ളിയവർമുതൽ വലിയവർവരെ
വഞ്ചനചെയ്യുന്നു. പ്രവാചക
പുരോഹിതർവരെ എല്ലാവരും
പവർത്തിക്കുന്നു. എൻെറ ജന
യുടെ മുറിവിനെ ചികിൽസി
വർക്കു നിസ്സാരമാണ്. സമാ
ദാനം എന്ന് അവർ പറയുന്നു
സമാധാനമോ ഇല്ല. എന്തെ
വഷളത പ്രവർത്തിച്ചു. ലജ്ജാ
ൽ അവർക്കു ലജ്ജയില്ല.
ുവാൻ അവർക്ക് അറിഞ്ഞു
ം അവർ വീണുപോകും.
ന്ന് അവർ തകർന്നുവീഴും
വു കല്പിക്കുന്നു.
ഥികളിൽ നിന്നുകൊണ്ട് വഴി
ഴയ പാതകൾ, നല്ല വഴികൾ
ദിപ്പിൻ. അതിൽകൂടെ പോ
ൾ നിങ്ങളുടെ ആത്മാക്കൾ
കണ്ടെത്തും എന്നു കർത്താ
ു. നിങ്ങളോ ഞങ്ങൾ അ
കുകയില്ല എന്നു പറയുന്നു!
ശബ്ദം കേൾക്കുവാനായി
ാരെ നിയമിച്ചു. നിങ്ങളോ

പറയുന്നു ഞങ്ങൾ ഒന്നും കേൾക്കുന്നില്ല
എന്ന്! ആകയാൽ ജാതികളേ കേൾപ്പിൻ. 18
സഭയേ! അവയിൽ നടക്കുന്നത് അറിഞ്ഞു
കൊള്ളുക. ഭൂമിയേ കേട്ടുകൊള്ളുക. ഈ
ജനം എൻെറ വചനങ്ങൾ അനുസരിക്കാ
തെയും എൻെറ നിയമങ്ങൾ നിരസിച്ചും
ഇരിക്കുന്നതിനാൽ അവരുടെ ചിന്താഫല
ത്തിനനുസരണമായി അവരുടെമേൽ
അനർത്ഥം വരുത്തും.
ശാബായിൽനിന്നു നിങ്ങൾ കൊണ്ടു 19
വരുന്ന കുന്തുരുക്കവും വിദൂരദേശത്തു
നിന്നു വരുന്ന സുഗ്ന്ധവർഗ്ഗവും എനിക്ക്
എന്തിന്? നിങ്ങളുടെ യാഗങ്ങളിൽ ഞാൻ
പ്രീതിപ്പെട്ടില്ല. നിങ്ങളുടെ ബലികൾ എനി
ക്കു പ്രസാദകരവുമല്ല.
ആകയാൽ കർത്താവ് ഇപ്രകാരം 20
കല്പിക്കുന്നു: ഈ ജനത്തിന് ഞാൻ
ഇടർച്ചകൾ വരുത്തും. അമ്മയപ്പന്മാരും
മക്കളും ഒരുമിച്ച് അതിൽ തട്ടിവീഴും.
അയൽക്കാരനും സ്നേഹിതനും നശിച്ചു
പോകും.
ഇതാ, ഉത്തരദിക്കിൽനിന്ന് ഒരു ജനത 21
വരുന്നു. ഭൂസീമയിൽനിന്ന് ഒരു വലിയ
ജാതി ഉണർന്നുവരും. വില്ലും കുന്തവും
ആയുധമായി അണിഞ്ഞിരിക്കുന്നവർ!
അവർ ദുഷ്ടന്മാരും നിർദ്ദയരുമാകുന്നു. 22
അവർ ഇളകിമറിയുന്ന സമുദ്രംപോലെ;
അവർ അശ്വാരൂഢർ, അവർ യുദ്ധത്തിനു
തയാറായ വീരന്മാർ! സെഹിയോൻപുത്രി
യേ, അവർ നിനക്കെതിരെ വരുന്നു! അവ 23
രുടെ വിവരം ഞങ്ങൾ കേട്ടു. ഞങ്ങളുടെ
കൈകൾ കുഴഞ്ഞു. പ്രസവവേദനപ്പെടു
ന്നവളെപ്പോലെ ഞങ്ങൾ അതിവേദനപ്പെട്ടു.
നിങ്ങൾ വയലുകളിലേക്ക് ഇറങ്ങിപ്പോ 24
കരുത്. വഴിയിലൂടെ യാത്രചെയ്യരുത്.
എൻെറ ജനത്തിൻ പുത്രിയേ, ശത്രുവിൻെറ 25
വാൾ നിന്നെ ചുററിയിരിക്കയാണ്. രട്ടുടു
പ്പിൻ. ചാരത്തിൽ കിടന്നുരുളുക. നീ, 26
നിന്നെക്കുറിച്ചുതന്നെ, ഏകപുത്രൻ നഷ്ട
പ്പെട്ടാലുള്ളതുപോലെ വിലാപവും കഠോര
മായ കരച്ചിലും നടത്തുക. എന്തെന്നാൽ
കൊള്ളക്കാർ നിൻെറ മേൽ ഉടനെ വരും.
അവരുടെ വഴികൾ നീ പരിശോധിച്ചറി 27
യുവാനായി ഞാൻ നിന്നെ എൻെറ ജന
ത്തിൻ ശക്തനായ പരിശോധകനായി നൽകി
യിരിക്കുന്നു. അവരുടെ അധികാരിവർഗ്ഗം
മത്സരക്കാർ. അവർ വഞ്ചനയോടെ പെരു 28
മാറുന്നവർ ചെമ്പും ഇരുമ്പുംപോലെ
കാഠിന്യമുള്ളവർ. അവ അഗ്നിയിൽ ഊതി
വരുമ്പോൾ, ഈയം ഉരുകുന്നു. ഊതി 29

കഴിക്കുന്നവൻെറ പ്രയത്നം വൃഥാ! അവ
രുടെ തിന്മ ഇല്ലാതാകുന്നില്ല. കർത്താവ്
അവരെ നിരസിച്ചതുകൊണ്ട്, നിരസിത
നാണയം എന്ന് അവരെ വിളിച്ചു.

അദ്ധ്യായം 7

1 ദൈവസന്നിധിയിൽനിന്നും, ഏറമിയാ
2 യ്ക്കുണ്ടായ അരുളപ്പാട്: നീ ദൈവാലയ
ത്തിൻെറ വാതിൽക്കൽ നിന്നുകൊണ്ട് ഈ
വചനം പ്രഘോഷിക്കുക. കർത്താവിനെ
ആരാധിപ്പാനായി ഈ വാതിലുകളിലൂടെ
പ്രവേശിക്കുന്ന യഹൂദാഗൃഹം മുഴുവനുമേ!
3 കർത്താവിൻെറ വചനം കേൾപ്പിൻ. ഇസ്രാ
യേലിൻെറ ദൈവമായ ബലവാനായ
കർത്താവ് ഇപ്രകാരം കല്പിക്കുന്നു:
4 നിങ്ങളുടെ മാർഗ്ഗങ്ങളും പ്രവർത്തനങ്ങളും
നന്നാക്കുവിൻ. എന്നാൽ ഈ ദേശത്തു
നിങ്ങളെ ഞാൻ വസിപ്പിക്കാം. നിങ്ങളോട്
പറയുന്ന വ്യാജവചനങ്ങളിന്മേൽ നിങ്ങൾ
ആശ്രയിക്കരുത്. അതായത് ദൈവാലയം,
ദൈവാലയം എന്ന വാക്കുകൾതന്നെ.
5 നിങ്ങളുടെ മാർഗ്ഗങ്ങളും പ്രവൃത്തികളും
നിങ്ങൾ പ്രസാദകരമാക്കുമെങ്കിൽ—
നിങ്ങൾ ഒരുവനു മററുള്ളവനുമായി
6 ന്യായം നടത്തുമെങ്കിൽ— പരദേശിയെയും
അനാഥരേയും വിധവകളേയും നിങ്ങൾ
ഉപദ്രവിക്കാതെയും പീഡിപ്പിക്കാതെയും
ഇരിക്കുമെങ്കിൽ— ഈ സ്ഥലത്തു നിങ്ങൾ
നിരപരാധിയുടെ രക്തം ചിന്താതിരിക്കുമെ
ങ്കിൽ— നിങ്ങൾക്കു ദോഷം വരത്തക്കവിധം
അന്യദേവന്മാരുടെ പിന്നാലെ പോകാതിരി
ക്കുമെങ്കിൽ നിങ്ങൾതന്നെയാണ് ദൈവ
7 ത്തിൻെറ മന്ദിരം. ഞാൻ നിങ്ങളുടെ പിതാ
ക്കന്മാർക്കു നൽകിയ ഈ സ്ഥലത്ത്
നിങ്ങളെ എന്നെന്നേക്കും ഞാൻ വസിപ്പി
ക്കുകയുംചെയ്യും.
8 നിങ്ങളോ നിഷ്പ്രയോജനങ്ങളായ
കള്ളമൊഴികളിൽ ആശ്രയിക്കുന്നു. നിങ്ങൾ
മോഷ്ടിക്കുന്നു, കൊല നടത്തുന്നു; വ്യഭി
ചരിക്കുന്നു; കള്ളസത്യം ചെയ്യുന്നു, ബാലി
9 നു ധൂപം അർപ്പിക്കുന്നു; നിങ്ങൾ അറി
ഞ്ഞിട്ടില്ലാത്ത അന്യദേവന്മാരുടെ പിന്നാലെ
10 പോകുകയും ചെയ്യുന്നു! എന്നിട്ടും എൻെറ
നാമം അതിനു വിളിച്ചിരിക്കുന്ന ഈ ആലയ
ത്തിൽ വന്ന് എൻെറ സന്നിധിയിൽ നിന്നു
കൊണ്ട് ഞങ്ങളെ രക്ഷിക്കണമേ എന്നു പറ
യുന്നു! നിങ്ങൾ ഈ തിന്മകളെല്ലാം ചെയ്യു
11 കയുംചെയ്യുന്നു! യാതൊന്നിന്മേൽ എൻെറ
നാമം വിളിക്കപ്പെട്ടിരിക്കുന്നുവോ, ആ ഭവനം
നിങ്ങളുടെ ദൃഷ്ടിയിൽ കള്ളന്മാരുടെ

ഗുഹയായിത്തീർന്നുവോ! അങ്ങനെതന്നെ
യാണു സ്ഥിതി എന്നു ഞാനും കണ്ടിരി
ക്കുന്നു! എന്നു കർത്താവു കല്പിക്കുന്നു.
ആകയാൽ, ആദിയിൽ എൻെറ നാമം
അതിൽ വസിച്ചിരുന്ന ശീലോവിൽ എൻെറ
വാസസ്ഥലത്തു നിങ്ങൾ ചെന്ന് എൻെറ
ജനമായ ഇസ്രായേലിൻെറ തിന്മ നിമിത്തം
ഞാൻ അതിനോടു ചെയ്തതു നോക്കുവിൻ.
ഇപ്പോൾ നിങ്ങൾ ഇവയെല്ലാം ചെയ്തിരി
ക്കുന്നു. ഞാൻ നിങ്ങളോട് ആദിമുതൽ
സംസാരിച്ചു; നിങ്ങളോ കേട്ടില്ല. നിങ്ങളെ
ഞാൻ വിളിച്ചു. നിങ്ങൾ ഉത്തരമേകിയില്ല.
എൻെറ നാമം വിളിക്കപ്പെട്ടിരിക്കുന്നതും
നിങ്ങൾ അതിൽ ആശ്രയം വച്ചിരിക്കുന്ന
തുമായ ഈ ആലയത്തോടും നിങ്ങൾക്കും
നിങ്ങളുടെ പിതാക്കന്മാർക്കുമായി ഞാൻ
നൽകിയിരിക്കുന്ന ഈ നഗരത്തോടും
ശീലോവിനോടു ഞാൻ ചെയ്തതുപോലെ
തന്നെ ചെയ്യും. നിങ്ങളുടെ സഹോദരന്മാരാ
എഫ്രയീം സന്തതിയെ മുഴുവനും ഞാൻ
തള്ളിക്കളഞ്ഞതുപോലെ നിങ്ങളേയും
എൻെറ മുമ്പിൽനിന്നും ഞാൻ ബഹിഷ്ക
രിക്കും. നീ ഈ ജനത്തിനുവേണ്ടി പ്രാർത്ഥി
ക്കേണ്ട. അവർക്കുവേണ്ടി അപേക്ഷിക്കു
കയും യാചിക്കുകയും വേണ്ട; ഞാൻ
നിൻെറ അപേക്ഷ കേൾക്കുകയില്ല. യഹൂ
ദാനഗരങ്ങളിലും യറുശലേം വീഥികളിലും
അവർ ചെയ്തുകൊണ്ടിരിക്കുന്നതു നീ
കാണുന്നില്ലേ? എന്നെ കോപിപ്പിക്കാൻ
വണ്ണം മക്കൾ വിറകു പെറുക്കുന്നു- പിതാ
ക്കന്മാർ തീ കത്തിക്കുന്നു. സ്ത്രീകൾ
ആകാശസേനകൾക്ക് അപ്പമുണ്ടാക്കുവാൻ
മാവു കുഴയ്ക്കുകയും അന്യ ദേവന്മാർക്കു
പാനീയബലിക്കുള്ളത് ഒരുക്കുകയും ചെ
യ്യുന്നു! അവർക്കു മുഖലജ്ജ വരുവാൻ
തക്കവണ്ണം തങ്ങളെത്തന്നെയാണ്, അല്ലാ
തെ എന്നെയല്ല കോപിപ്പിക്കുന്നത് എന്നു
കർത്താവു കല്പിക്കുന്നു. ആകയാൽ
കർത്താവു കല്പിക്കുന്നു; എൻെറ കോപ
വും ക്രോധവും ഇതാ, ഈ സ്ഥലത്തി
ന്മേലും മനുഷ്യരുടെമേലും മൃഗങ്ങളുടെ
മേലും വനവൃക്ഷങ്ങൾമേലും ദേശത്തിലെ
ഫലങ്ങളിന്മേലും ഉണ്ടാകും. അതു കെടാ
തെ കത്തിക്കൊണ്ടിരിക്കും.
ഇസ്രായേലിൻെറ ബലവാനായ
ദൈവമായ കർത്താവു കല്പിക്കുന്നു;
നിങ്ങൾ ഹോമയാഗങ്ങളും ദഹന
യാഗങ്ങളും വർദ്ധിപ്പിക്കുവിൻ. നിങ്ങൾ
തന്നെ അവയുടെ മാംസം തിന്നു
വിൻ. ഞാൻ നിങ്ങളുടെ പിതാക്കന്മാ

ദേശത്തുനിന്നു കരേററിക്കൊ
കാലത്ത് ഹോമ-ദഹനയാഗങ്ങ
ൾ ഞാൻ അവരോട് ഒന്നും കല്പി
ിന്നെയോ ഇതാണ് അവരോടു
ിച്ചു ഞാൻ ആജ്ഞാപിച്ചത്.
എന്റെ ശബ്ദം കേട്ടു അനു
നിങ്ങൾക്കു ഞാൻ ദൈവവും
എനിക്കു ജനവുമായിരിക്കും.
ു ശുഭം വരുവാൻ വേണ്ടി ഞാൻ
ു കല്പിക്കുന്ന സർവ്വ വഴിയിലും
ന്നത്രേ. എന്നാൽ അവരാകട്ടെ..
കൾപ്പാൻ ചെവി ചായിച്ചുമില്ല;
അവരുടെ മനസ്സിനൊത്തതു
ാവരുടെ ഹൃദയാഗ്രഹങ്ങളുടെ
അവർ പൊയ്ക്കൊണ്ടിരുന്നു.
, പിൻതിരിഞ്ഞ്! മെസ്രേൻ
ന്നു നിങ്ങളുടെ പിതാക്കന്മാർ
ാന്ന നാൾമുതൽ ഇന്നുവരെ,
ാരായ എന്റെ ദാസന്മാരെ
, പ്രതിദിനം അവരുടെ അടു
ൻ അയച്ചുകൊണ്ടിരുന്നു.
ാവർ അനുസരിച്ചില്ല, എങ്കലേ
ായിച്ചില്ല. അവരുടെ പിതാക്ക
അവർ കഠിനകണ്ഠരായി!
ട് നീ ഈ വാക്കുകളെല്ലാം
ാവർ നിന്നെ കേൾക്കുകയില്ല.
വിളിച്ചാലും ഉത്തരം തരികയു
ം നശിച്ചിരിക്കുന്നു. അവരുടെ
ും നിർമൂലമായിരിക്കുന്നു.
മേ! നിന്റെ തലമുടി കത്രിച്ച്
യുക. വീഥികളിൽ വിലാപം
കല്പന ലംഘിക്കുന്ന ഈ
കർത്താവു കോപിച്ച് അതിനെ
ിരിക്കുന്നു! യഹൂദാപുത്ര
സന്നിധിയിൽ തിന്മയായതു
ു. എന്റെ നാമം വിളിക്കപ്പെട്ടി
യത്തിൽ അവരുടെ മ്ലേച്ഛത
ത്തിനെ അശുദ്ധമാക്കി! അവ
ാരയും പുത്രിമാരേയും ഇട്ടു
ൻ അവർ ബെൻഹിന്നോം
തോഫത്തിൽ യാഗപീഠ
ഇതു ഞാൻ കല്പിച്ചതല്ല.
ൽ തോന്നിയതുമല്ല. ആക
വു കല്പിക്കുന്നു. അതിന്
ാത്ത് എന്നും ബെൻഹിന്നോം
ുമല്ല, പ്രത്യുത വധിത
എന്നു വിളിക്കുന്ന കാലം
സ്ഥലം ഇല്ലായ്കയാൽ
തിൽ ശവസംസ്കാരം നട
ത്തിന്റെ മൃതദേഹങ്ങൾ
ആകാശത്തിലെ പക്ഷികൾക്കും ഭൂമിയിലെ
മൃഗങ്ങൾക്കും ഇരയാകും. രക്ഷകനുണ്ടാ
കുകയില്ല. യഹൂദാനഗരങ്ങളിൽനിന്നും 33
യറുശലേംവീഥികളിൽനിന്നും ആഹ്ലാദ
ശബ്ദവും സന്തോഷാരവവും വധൂവരന്മാ
രുടെ ശബ്ദവും ഞാൻ നീക്കിക്കളയും.
ദേശമെല്ലാം ശൂന്യമാകും.

അദ്ധ്യായം 8

ആ കാലത്ത് അവർ യഹൂദാരാജാക്ക 1
ന്മാരുടെ അസ്ഥികളും പ്രഭുക്കന്മാരുടെ
അസ്ഥികളും പുരോഹിതന്മാരുടെ അസ്ഥി
കളും പ്രവാചകന്മാരുടെ അസ്ഥികളും
യറുശലേം വാസികളുടെ അസ്ഥികളും
ശവക്കുഴികളിൽനിന്നും എടുത്ത് അവർ 2
സ്നേഹിച്ച് സേവ നടത്തി അനുഗമിച്ചാ
രാധിച്ച സൂര്യനും ചന്ദ്രനും സർവ്വ
ആകാശസേനകൾക്കും മുമ്പിൽ അവ നിര
ത്തിവയ്ക്കും. ആരും അവയെ ശേഖരിച്ച്
സംസ്കരിക്കയുണ്ടാകയില്ല. അവ നില
ത്തിനു വളമായിത്തീരും എന്നു കർത്താവു
കല്പിക്കുന്നു. ഈ തിന്മ നിറഞ്ഞ വംശ 3
ത്തിൽ അവശേഷിച്ചിരിക്കുന്നവർ ഞാൻ
അവരെ ബഹിഷ്കരിച്ചിരിക്കുന്ന വിവിധ
സ്ഥലങ്ങളിലുള്ള അവശിഷ്ടജീവനെയല്ല
മരണത്തെ തെരഞ്ഞെടുക്കും എന്നു ബല
വാനായ കർത്താവു കല്പിക്കുന്നു.
അവരോടു നീ പ്രസ്താവിക്കുക: കർത്താ 4
വ് ഇപ്രകാരം കല്പിക്കുന്നു. അവർ വീഴും.
എഴുന്നേൽക്കുകയില്ല. അവർ സങ്കടപ്പെട്ടാ
ലും അനുതപിക്കുകയില്ല. യറുശലേമിലെ 5
ഈ ജനം എന്തുകൊണ്ടു ഉത്സാഹപൂർവ്വ
മായി അനുതപിച്ചില്ല? അവർ വഞ്ചനയിൽ
മുറുകെ പററിയിരിക്കുന്നു? അവർക്കു മാന
സാന്തരപ്പെടുവാൻ ആഗ്രഹമുണ്ടായില്ല?
ഞാൻ ശ്രദ്ധാപൂർവ്വം കേട്ടു. അവർ 6
നീതിയായിട്ടല്ല സംസാരിക്കുന്നത്. തന്റെ
തിന്മയെക്കുറിച്ച് പശ്ചാത്തപിച്ച് ഞാൻ
എന്താണു ചെയ്തത് എന്നു പറയുന്ന ഒരു
വനുമില്ല. യുദ്ധത്തിന് പാഞ്ഞു നടക്കുന്ന
കുതിരയ്ക്കു തുല്യം, സ്വന്തഇഷ്ടാനു
സരണം അവർ നടക്കുന്നു. ആകാശത്തി 7
ലെ ഞാറപ്പക്ഷി അതിന്റെ കാലം അറി
യുന്നുണ്ട്. ചങ്ങാലിയും മീവൽ പക്ഷിയും
പ്രാവും അവയുടെ പ്രവേശനസമയം പാലി
ക്കുന്നുണ്ട്. എന്റെ ജനമാകട്ടെ ദൈവ
ത്തിന്റെ വിധികൾ അറിഞ്ഞില്ല.
ഞങ്ങൾ ബുദ്ധിമാന്മാർ; കർത്താവി 8
ന്റെ ന്യായപ്രമാണം ഞങ്ങളുടെ കൈവശ
മുണ്ട് എന്നു നിങ്ങൾ പറയുന്നത് എങ്ങനെ?

എഴുത്തുകാരൻെറ വ്യാജമായ എഴുത്തു
പകരണം അതിനെ വ്യാജമാക്കിത്തീർത്തി
9 രിക്കുന്നു. ജ്ഞാനികൾ ലജ്ജിതരായി
തകർന്ന് പിടിയിൽ പെടും. എന്തെന്നാൽ
10 അവർ കർത്തൃവചനം നിരസിച്ചു. അവരിൽ
വിജ്ഞാനം ഇല്ലാതായി! ആകയാൽ ഞാൻ
അവരുടെ സ്ത്രീകളെ അന്യർക്കായി കൊടു
ക്കും. അവരുടെ വയലുകളിൽ കവർച്ച
നടക്കും. എന്തെന്നാൽ അവരിൽ ചെറിയവർ
മുതൽ വലിയവർവരെ, കള്ള പ്രവാചകന്മാർ
മുതൽ പുരോഹിതർവരെ എല്ലാവരും
ചെയ്യുന്നത് വഞ്ചനയാണ്. എല്ലാവരും വ്യാ
11 ജം പ്രവർത്തിക്കുന്നു. സമാധാനം എന്നു
കളിയായി പറഞ്ഞുകൊണ്ട് അവർ എൻെറ
പുത്രിയുടെ മുറിവിനു ചികിത്സിക്കുന്നു.
12 സമാധാനമോ ഇല്ലതാനും. അവർ വഷളത
ചെയ്കയാൽ അവർ ലജ്ജിതരായി. ലജ്ജി
തരോ ലജ്ജ എന്തെന്നു അറിയുന്നുമില്ല!
ആകയാൽ പതിതരോടു കൂടെ അവർ വീ
ഴും. കല്പിതമായ കാലത്ത് അവർ മറിച്ചിട
പ്പെടും എന്നു കർത്താവു കല്പിക്കുന്നു.
ഞാൻ അവരെ നാമാവശേഷമാക്കുകതന്നെ
ചെയ്യും എന്ന് കർത്താവ് അരുളിച്ചെയ്യുന്നു.
13 മുന്തിരിത്തണ്ടിൽ മുന്തിരിക്കുലയില്ല!
അത്തിവൃക്ഷത്തിൽ പഴവുമില്ല! ഇലകൾ
കൊഴിഞ്ഞുപോയി. അവരെ അക്രമികൾ
ക്കായി ഞാൻ വിട്ടുകൊടുത്തിരിക്കുന്നു.
അവർ പറയും: നാം വൃഥാ ഇരിക്കുന്ന
14 തെന്തിന്? ഉറപ്പുള്ള നഗരങ്ങളിലേക്കു
നമുക്കു കൂട്ടമായി പ്രവേശിക്കാം. അവിടെ
അടങ്ങിക്കഴിയാം. എന്തെന്നാൽ നമ്മുടെ
ദൈവമായ കർത്താവ് നമ്മെ മിണ്ടടക്കി
യിരിക്കുന്നു. കർത്താവിനോടു നാം പാപം
ചെയ്കയാൽ നമ്മെ കയ്പ്പേറിയ വെള്ളം
15 കുടിപ്പിച്ചിരിക്കുന്നു! നാം സമാധാനത്തിനു
പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഒരു ഗുണവു
മില്ല. നാം സൗഖ്യത്തിനായി കാത്തിരുന്നു;
നമുക്കു ലഭിച്ചതോ ദുരിതം!
16 ദാനിൽനിന്ന് അശ്വാരൂഢരുടെ ശബ്ദം
കേൾക്കുന്നു. അവരുടെ യുദ്ധവീരന്മാരുടെ
സംസാരമുഴക്കംമൂലം നാടാകെ വിറച്ചിരി
ക്കുന്നു. അവർ വന്ന്, ദേശത്തെ അതിൻെറ
നിറവോടും നഗരങ്ങളെ അതിലെ വാസിക
17 ളോടും കൂടെ ഭക്ഷിച്ചിരിക്കുന്നു. മന്ത്രങ്ങൾ
ക്കു വഴങ്ങാത്ത അണലികളേയും സർപ്പ
ങ്ങളേയും നിങ്ങൾക്കെതിരായി ഞാൻ അയ
യ്ക്കും. അവ നിങ്ങളെ കടിക്കും എന്നു
കർത്താവ് അരുളിച്ചെയ്യുന്നു.
18 ഹാ, ഞാൻ എൻെറ അതിവേദനയാൽ
തളർന്നു. എൻെറ ഉള്ളം എൻെറ മേൽ വേദ
നയോടിരിക്കുന്നു! വിദൂരനാട്ടിൽനിന്നും
എൻെറ ജനത്തിൻെറ പുത്രിയുടെ നില
വിളിശബ്ദം! സെഹിയോനിൽ കർത്താവ്
ഇല്ല! അതിൻെറ രാജാവ് അതിലില്ല! എന്നു
നിലവിളിക്കുന്നു. അവർ അവരുടെ വാർപ്പു
വിഗ്രഹങ്ങൾകൊണ്ടും അന്യമതങ്ങൾ
കൊണ്ടും എന്നെ കോപിഷ്ഠനാക്കി. കൊ
യ്ത്തുകഴിഞ്ഞു ശേഖരണവും പൂർത്തി
യായി, നാമോ രക്ഷിതരായുമില്ല! എൻെറ
ജനത്തിൻെറ പുത്രിയുടെ തകർച്ചയെ
ഓർത്ത് ഞാൻ ദുഃഖിതനായിരിക്കുന്നു!
സംഭ്രമം എന്നെ ഗ്രസിച്ചിരിക്കുന്നു. ഗിലയാ
ദിൽ സുഗന്ധതൈലം ഇല്ലയോ? അവിടെ
വൈദ്യനുമില്ലയോ? എൻെറ ജനത്തിൻെറ
പുത്രിക്ക് രോഗശാന്തി ഉണ്ടാകാത്തതെന്ത്?

അദ്ധ്യായം 9

എൻെറ ശിരസ്സിനു ജലവും എൻെറ
കണ്ണിനു കണ്ണുനീരുറവയും നൽകിയതാര്?
എൻെറ ജനത്തിൻ പുത്രിയുടെ ഹതന്മാരെ
യോർത്ത് പകലും രാവും ഞാൻ കരഞ്ഞു;
എൻെറ ജനത്തെ വിട്ട് അവരുടെ അടുക്കൽ
നിന്നും മരുഭൂവിൽ വഴിയാത്രക്കാർക്കുള്ള
സത്രത്തിൽ എന്നെ വിട്ടതാര്? അവരെല്ലാം
വ്യഭിചരിക്കുന്നു. അവർ അസത്യവാദികളു
ടെ സംഘമാകുന്നു. അവർ വിശ്വാസത്തി
നായിട്ടല്ല വ്യാജത്തിനായി വില്ലുകൾക്കു
തുല്യം അവരുടെ നാവുകൾ കുലയ്ക്കുന്നു!
അവർ ദേശത്തു ശക്തരായിരിക്കുന്നു. അവർ
തിന്മയിൽനിന്നും തിന്മയിലേക്കു പുറപ്പെ
ടുന്നു. അവർ എന്നെ അറിഞ്ഞില്ല എന്നു
കർത്താവു കല്പിക്കുന്നു.
ഓരോരുവനും അവനവൻെറ കൂട്ടു
കാരനിൽനിന്നും നല്ല കരുതലോടെ ഇരി
ക്കണം. ഒരു സഹോദരനിലും നിങ്ങൾ
ആശ്രയം വയ്ക്കരുത്. എന്തെന്നാൽ ഓരോ
സഹോദരനും വഞ്ചനയ്ക്കായി പ്രവർത്തി
ക്കുന്നു. ഓരോ സ്നേഹിതനും വഞ്ചന
യോടെയാണ് പെരുമാറുന്നത്. ഓരോരു
വനും സ്വന്തസ്നേഹിതനോടു വ്യാജം
പ്രവർത്തിക്കുന്നു. സത്യം അവർ പറയുന്നേ
യില്ല. വ്യാജം പറയുവാൻ അവർ അവരുടെ
നാവിന് പരിശീലനം കൊടുത്തിരിക്കയാ
ണ്. അവർ കുഴഞ്ഞു ക്ഷീണിച്ചിരിക്കുന്നു;
നിൻെറ വാസം വഞ്ചനയുടെ മദ്ധ്യത്തിലാ
ത്രേ. അവരുടെ ആ വഞ്ചനാസ്വഭാവംമൂലം
എന്നെ അറിയുവാൻ അവർ മനസ്സുവച്ചില്ല
എന്നു കർത്താവു പറയുന്നു.
ആകയാൽ ബലവാനായ കർത്താവ്
കല്പിക്കുന്നു. ഞാൻ ഇതാ, അവരെ ഉരുക്കി

ാധന നടത്തും. എൻെറ ജനത്തിൻ
ുടെ മുമ്പിൽ ഞാൻ മറ്റ് എന്താണു
.? അവരുടെ നാവ് മൂർച്ചയേറിയ
പാലെയാകുന്നു. അവർ സംസാരി
വഞ്ചനതന്നെയാകുന്നു. ഓരോരു
സ്നേഹിതനോട് വായ്കൊണ്ട്
ാനം' എന്നു പറയും. അവൻെറ
ാ കെണിയൊരുക്കി വച്ചിരിക്കു
തല്ലാം നിമിത്തം ഞാൻ അവരെ
ാതിരിക്കുമോ? എന്നു കർത്താവു
ുന്നു. ഏതാദൃശജനത്തോടു
പതികാരംചെയ്യാതിരിക്കുമോ?
ങ്ങളെക്കുറിച്ച് നിങ്ങൾ കരച്ചിലും
ും മരുഭൂമിയിലെ വാസസ്ഥാന
റിച്ചു വിലാപവും കഴിപ്പിൻ. അവ.
ികരില്ലാതെ ശൂന്യമായിപ്പോയി.
കളുടെ ശബ്ദം അവർ കേട്ടില്ല.
ത്തിലെ പക്ഷികളും, എല്ലാ മൃഗ
തറിപ്പോയിരിക്കുന്നു. യറുശലേ
ൻ ശൂന്യവും കുറുനരികളുടെ
ുമാക്കും. യഹൂദാനഗരങ്ങളെ,
പ്പില്ലാതെ ഞാൻ ശൂന്യമാക്കും.
ാം അറിഞ്ഞ് മനസ്സിലാക്കുന്ന
ണ്ട്? എന്തുകൊണ്ടാണ് ദേശം
വഴി കടന്നുപോകുന്നവരുടെ
ം മരുപ്രദേശംപോലെ ആയി
ന്ന് കർത്താവിൻെറ വായിലെ
വനെ ബോദ്ധ്യപ്പെടുത്തും.
അവരുടെ പിതാക്കന്മാർക്കു
നൽകിയ എൻെറ ന്യായപ്രമാ
പരിത്യജിക്കുകയും, എൻെറ
ട്ട് അതനുസരിച്ച് അവർ നട
കയും, അവരുടെ ദുർമ്മന
ിതാനുസരണം നടക്കുകയും,
താക്കന്മാർ അവർക്കുപദേശി
വിഗ്രഹങ്ങളുടെ പിന്നാലെ
ചെയ്തതുകൊണ്ടത്രെ എന്നു
ല്പിക്കുന്നു. തന്മൂലം ഇസ്രാ
ബലവാനായ കർത്താവ്
ന്നു: ഞാൻ ഈ ജനത്തെ
ും. കയ്പുവെള്ളം ഞാൻ
ിക്കും. വിജാതികളുടെ ഇട
വരെ ചിതറിക്കും. ആ ജാതി
ഇവരുടെ പിതാക്കന്മാരോ
ഇവരെ ഉന്മൂലനാശം വരു
ഇവരുടെ പിമ്പേ ഞാൻ
ും. ബലവാനായ കർത്താ
ന്നു. നിങ്ങൾ വിലാപക്കാരി
, അവർ വരട്ടെ. സാമർത്ഥ്യ
ളയപ്പിൻ, അവർ വേഗം വന്ന്

നമ്മുടെ കണ്ണുകളിൽ ബാഷ്പം വരത്തക്ക
വിധത്തിലും നമ്മുടെ കൺപോളകൾ വെ
ള്ളം ഒഴുക്കത്തക്കവണ്ണവും വിലാപം കഴിക്ക
ട്ടെ. 'ഹാ, നാം അപഹൃതരായല്ലോ. നമ്മൾ 19
അത്യധികം ലജ്ജിതരായല്ലോ. ദേശം വിട്ടു
പോകേണ്ടിവന്നല്ലോ, നമ്മുടെ കുടാരങ്ങൾ
വീണുപോയല്ലോ' എന്നു പറയുന്ന വിലാപ
ശബ്ദം സെഹിയോനിൽനിന്നും കേൾക്ക
പ്പെട്ടു. ആകയാൽ സ്ത്രീകളേ! കർത്തൃവചനം 20
കേൾപ്പിൻ, തൻെറ വായിലെ വചനം നിങ്ങ
ളുടെ ചെവികളിൽ സ്വീകരിക്കുവിൻ. നി
ങ്ങൾ നിങ്ങളുടെ പുത്രിമാരെ വിലാപഗാന
ങ്ങളും ഒരുവൾ കൂട്ടുകാരിയെ സങ്കടഗാന
വും പഠിപ്പിക്കുവിൻ. എന്തെന്നാൽ മരണ 21
മിതാ നമ്മുടെ ജനലുകൾ വരെ എത്തി വീഥി
കളിൽനിന്നു നമ്മുടെ ബാലകരേയും അര
മനകളിൽനിന്നു യുവാക്കളേയും നശിപ്പി
ക്കത്തക്കവണ്ണം നമ്മുടെ മന്ദിരങ്ങളിൽ
കയറിവന്നിരിക്കുന്നു.

ആകയാൽ കർത്താവ് ഇപ്രകാരം 22
കല്പിക്കുന്നു: മനുഷ്യരുടെ മൃതദേഹ
ങ്ങൾ വയലുകൾക്കു വളമെന്ന വിധത്തിൽ
വീഴും. കൊയ്ത്തുകാരൻ വിട്ടിട്ടു പോയ
തൃണംപോലെയാകും. അവയെ കൂട്ടിച്ചേർ
ക്കുവാൻ ആരും ഉണ്ടാകുകയില്ല!

ജ്ഞാനി അവൻെറ ജ്ഞാനത്തിൽ പ്ര 23
ശംസിക്കേണ്ട. രണശൂരൻ അവൻെറ ബല
ത്തിൽ പ്രശംസിക്കേണ്ട. ധനികൻ അവൻെറ 24
ധനത്തിൽ പ്രശംസിക്കേണ്ട. പിന്നെയോ,
ഞാനാകുന്നു കർത്താവ് എന്നും ഭൂമിയിൽ
കൃപയും, ന്യായവും പുണ്യവും ചെയ്യുന്ന
വൻ ഞാനാകുന്നു എന്നും ഇവയിലത്രെ
ഞാൻ പ്രസാദിക്കുന്നതെന്നും അറിഞ്ഞു
ഗ്രഹിക്കുന്നവൻ അതിൽ പ്രശംസിക്കട്ടെ
എന്ന് കർത്താവു കല്പിക്കുന്നു. മെസ്രേ 25
ന്യർ, യഹൂദന്മാർ, ആദോം, അമ്മോൻെറ
സന്തതികൾ, മോവാബ്, താടിയുടെ
കോണു വടിക്കുന്ന മരുപ്രദേശവാസികൾ
മുതലായി അഗ്രചർമ്മികളായ എല്ലാ
പരിച്ഛേദനക്കാരേയും ഞാൻ ശിക്ഷി
ക്കുന്ന നാളുകൾ വരുന്നു. എന്തെന്നാൽ 26
എല്ലാ വിജാതിയരും ശരീരപ്രകാരം
അഗ്രചർമ്മികൾ, എന്നാൽ ഇസ്രായേല്യർ
എല്ലാവരും ഹൃദയത്തിൽ അഗ്രചർമ്മികൾ
എന്നു കർത്താവു കല്പിക്കുന്നു.

അദ്ധ്യായം 10

ഇസ്രായേല്യരേ, നിങ്ങളെക്കുറിച്ചു 1
കർത്താവു പറയുന്ന തിരുവചനം കേൾ
പ്പിൻ. കർത്താവു കല്പിക്കുന്നു: ജാതിക

2 ളുടെ മാർഗ്ഗം നിങ്ങൾ പഠിക്കരുത്. ആകാശ
ത്തിലെ അടയാളങ്ങൾ കണ്ട് ഭയപ്പെടരുത്.
3 എന്തെന്നാൽ ജാതികളുടെ ആരാധനാ
മൂർത്തികൾ ഒന്നുമല്ലാത്തവയത്രെ. എന്തെ
ന്നാൽ ഒരുവൻ കാട്ടിൽനിന്നു തടി കൊണ്ടു
4 വരുന്നു. മരപ്പണിക്കാരൻ പണിയായുധം
കൊണ്ട് അതു പണിയുന്നു. വെള്ളിയും
പൊന്നുംകൊണ്ട് പൊതിയുന്നു. അവ
ഇളകി വിട്ടുപോകാതിരിപ്പാൻ ആണിവച്ച്
ചുറ്റികകൊണ്ടടിച്ച് അതുറപ്പിക്കുന്നു.
5 തോട്ടത്തിലെ തൂണുപോലെ ഉയർത്തി
നിർത്തുന്നു. അവ സംസാരിക്കുകയില്ല.
അവയ്ക്കു നടക്കുവാൻ സാദ്ധ്യമല്ലാത്തതി
നാൽ അവർ അവയെ ചുമന്നുകൊണ്ടു
നടക്കുന്നു! നിങ്ങൾ അവയെ പേടിക്കേണ്ട.
ഒരു ദോഷവും ചെയ്യുവാനോ, എന്തെ
ങ്കിലും ഗുണം വരുത്തുവാനോ അവർക്കു
കഴിവേയില്ല!

6 കർത്താവേ, നിന്നെപ്പോലെ ആരുമില്ല.
അവിടുന്നു ശ്രേഷ്ഠനാകുന്നു. ശക്തിമൂലം
അവിടത്തെ തിരുനാമം ശ്രേഷ്ഠമാകുന്നു.
7 സർവ്വലോകത്തിൻേറയും അധിപതിയേ,
നിന്നെ ഭയപ്പെടാത്തവൻ ആരുണ്ട്? വിജാ
തീയരുടെ വിജ്ഞാനികളിലും, അവരുടെ
സർവ്വരാജ്യങ്ങളിലും നിന്നോടു സമനായി
ഒരുവനും ഇല്ലായ്കയാൽ സർവ്വ മഹത്വവും
അങ്ങേയ്ക്കാണു യുക്തമായിരിക്കുന്നത്.
8 മരക്കഷണവിഗ്രഹങ്ങളുടെ മിഥ്യോപദേശ
ങ്ങൾ സമൂലം നശിച്ചുപോകും.

9 തർശീശിൽനിന്നു കൊണ്ടുവന്ന
വെള്ളിയും, ഓഫീറിൽനിന്നുള്ള തങ്കവും,
അതിൻെറ പണി തച്ചൻേറതും ലോഹ
പ്പണിക്കാരൻേറതും മാത്രം. അവയുടെ
ഉടയാടകളായ തൊങ്ങലും രക്താംബരവും,
സമർത്ഥരായ തയ്യൽപണിക്കാരുടേതും!
10 കർത്താവു മാത്രം സത്യദൈവം. താനാ
കുന്നു ജീവനുള്ളവരുടെ ദൈവം; ലോക
ങ്ങളുടെ അധിപൻ! അവൻെറ കോപത്താൽ
ഭൂമി കുലുങ്ങും. അവൻെറ കോപത്തിനു
മുമ്പിൽ സഹിച്ചു നില്പാൻ ജാതികൾക്കു
പ്രാപ്തിയില്ല.

11 നീ അവരോട് ഇപ്രകാരം പറയുക:
ആകാശവും ഭൂമിയും നിർമ്മിച്ചിട്ടില്ലാത്ത
ദൈവങ്ങൾ, ഭൂമിയിൽനിന്നും നശിച്ചു
പോകും. അവ ആകാശത്തിൻകീഴിൽനിന്ന്
12 സമൂലം ഇല്ലാതാകും. ദൈവം തൻെറ
ശക്തിയാൽ ഭൂമിയെ സൃഷ്ടിച്ചു. തൻെറ
വിജ്ഞാനത്താൽ ഭൂതലത്തെ സ്ഥാപിച്ചു.
തൻെറ ചിന്തയാൽ ആകാശത്തെ വിരിച്ചു.
അവൻ ആകാശത്തിൽ വെള്ളത്തിൻെറ
മുഴക്കത്തിൻെറ ശബ്ദം ഉണ്ടാക്കുന്നു.
ഭൂമിയുടെ അതിരുകളിൽനിന്നും അവൻ 13
മേഘത്തെ ഉയർത്തുന്നു. മഴയ്ക്ക് ഇടി
മിന്നൽ ഉളവാക്കുന്നു. തൻെറ അറകളിൽ
നിന്നും അവൻ കാറ്റിനെ പുറത്തുവിടുന്നു.
എല്ലാ മനുഷ്യരും പരിജ്ഞാനത്തിൽനിന്നും 14
തെറ്റിപ്പോയി. അവരുണ്ടാക്കിയ വിഗ്രഹം
നിമിത്തം സ്വർണ്ണപ്പണിക്കാർ ലജ്ജകൊ
ള്ളുന്നു! എന്തെന്നാൽ അവർ വാർത്തെടു
ത്ത വിഗ്രഹങ്ങൾ വ്യാജമാകുന്നു. അവ 15
യ്ക്കു ശ്വാസവുമില്ല! അവ യാതൊന്നു
മല്ലതന്നെ. അവ ഹീനമായ കൈപ്പണികൾ.
ശിക്ഷാസന്ദർശനകാലത്ത് അവ നാശ
മടയും. യാക്കോബിൻെറ ഓഹരിയായവൻ 16
അവയെപ്പോലെയല്ല. സർവ്വവും സൃഷ്ടി
ച്ചവനത്രെ അവരുടെ ഓഹരി. ഇസ്രായേൽ
അവൻെറ അവകാശഗോത്രം. ബലവാനായ
ദൈവം എന്നത്രെ അവൻെറ നാമം.

ഞെരുക്കത്തിൽ ഇരിക്കുന്നവളേ! നില 17
ത്തുനിന്നു നിൻെറ അവമാനം കൂട്ടിച്ചേർത്ത്
എടുക്കുക. എന്തെന്നാൽ കർത്താവ് ഇങ്ങ
നെ കല്പിക്കുന്നു: അവർ എന്നെ അന്വേ
ഷിച്ചു കണ്ടെത്തുവാൻ തക്കവണ്ണം ഇക്കാ
ലത്ത് ഈ ദേശനിവാസികളെ ഞാൻ
എറിഞ്ഞുകളയും.

എൻെറ തകർച്ച നിമിത്തം എനിക്ക് ഹാ 19
കഷ്ടം! എൻെറ മുറിവു വേദനിക്കുന്നു.
ഞാൻ പറഞ്ഞു: ഈ എൻെറ വേദന ഞാൻ
സഹിച്ചേ മതിയാകൂ. എൻെറ കൂടാരം അപ
ഹൃതമായി. അതിൻെറ എല്ലാ ചരടുകളും
അറുത്തുമുറിക്കപ്പെട്ടിരിക്കുന്നു. എൻെറ
മക്കൾ എന്നിൽനിന്നും പുറപ്പെട്ടുപോയി
രിക്കുന്നു. അവർ ഇല്ലാതെയായി. എൻെറ
കൂടാരം ഉയർത്തുവാനും, എൻെറ മേൽപ്പ
താനം വിരിക്കുവാനും ആരുമില്ല. ഇടയ
ന്മാർ തെറ്റിപ്പോയി. അവർ കർത്താവിനെ
അന്വേഷിച്ചില്ല. അവർ അഭിവൃദ്ധിപ്പെടാ
തിരുന്നതിനാൽ അവരുടെ അജഗണം
ചിതറിപ്പോയി!

ഒരു ശ്രുതിയുടെ ശബ്ദം! യഹൂദാനഗര 22
ങ്ങൾ ശൂന്യവും കുറുനരികൾക്കു പാർപ്പിട
വും ആക്കുവാനായി ഉത്തരദേശത്തുനിന്ന്
ഒരു മഹാ വലിയ ഇളക്കം വരുന്നു! കർത്താ
വിൻെറ വഴികൾ മനുഷ്യൻേറതുപോലെ
യല്ല. ഒരുവൻ പോയി അവൻെറ വഴി ക്രമപ്പെ
ടുത്തുന്നതുപോലെയുമല്ല; എന്നു ഞാൻ
അറിയുന്നു. കർത്താവേ, എന്നെ എളിമപ്പെ
ടുത്തുവാൻ, കോപത്തോടെയല്ല നീതിയോ
ടെ എന്നെ ശിക്ഷിക്കണമേ! കർത്താവേ,
നിന്നെ അറിഞ്ഞിട്ടില്ലാത്ത ജാതികളുടെ

ിൻെറ നാമത്തെ വിളിച്ചപേക്ഷി
ംശങ്ങളുടെമേലും നിൻെറ ക്രോ
ിയണമേ. അവർ യാക്കോബിനെ
ങ്ങു. അവനേയും അവൻെറ
ളേയും വിഴുങ്ങി. അവൻെറ വാസ
ശിപ്പിച്ചുവല്ലോ.

അദ്ധ്യായം 11

സന്നിധിയിൽനിന്നു ഏറമിയാ
ച്ച അരുളപ്പാട്: നീ എൻെറ ഈ
, എൻെറ ഈ ഉടമ്പടി കേൾ
ഹൂദാപുരുഷന്മാരോടും യറുശ
ികളോടും പറയുക, ഇസ്രായേ
ലവാനായ ദൈവം ഇപ്രകാരം
ന്നു. എൻെറ ഈ ഉടമ്പടിയുടെ
അനുസരിക്കാത്തവൻ ശാപ
ഇരുമ്പുചൂളയായ മെസ്രേനിൽ
ങ്ങളുടെ പിതാക്കന്മാരെ ഞാൻ
ിച്ചപ്പോൾ ഞാൻ അവരോട്
ന്നു: നിങ്ങൾ എൻെറ ശബ്ദം
ഞാൻ നിങ്ങളോടു കല്പി
ക്കുന്നതെല്ലാം നിങ്ങൾ ചെയ്യു
ാന, നിങ്ങൾ എനിക്കു ജനവും
ങൾക്കു ദൈവവുമായിരിക്കും.
ങൾ കാണുംപോലെ പാലും
കുന്ന ദേശം നിങ്ങൾക്കു ഞാൻ
നിങ്ങളുടെ പിതാക്കന്മാരോട്
യിട്ടതു നിർവ്വഹിക്കും. ഞാൻ
അതേ കർത്താവേ, ആമീൻ,
തു.
വ് എന്നോട്: ഈ വചനങ്ങ
ദാ നഗരങ്ങളിലും യറുശലേം
നീ വിളിച്ചുപറയുക. ഈ
റ വചനങ്ങൾ കേട്ടു അതിൻ
യ്യുവിൻ. ഞാൻ നിങ്ങളുടെ
ന്മാരെ മെസ്രേനിൽനിന്നും
ന്നുവന്ന കാലംമുതൽ ഇന്നു
രോടു ഞാൻ നിശ്ചയമായി
ഞ്ഞിട്ടുള്ളതാണ്. നിങ്ങൾ
ദം കേൾക്കണമെന്നുള്ള
രോ, കേട്ടില്ല; ശ്രദ്ധിച്ചില്ല.
അവനവൻെറ ദുർമനസ്സി
നടന്നു. അവർ അനുസരി
ഞാൻ കല്പിച്ച ഈ ഉടമ്പടി
ല്ലാം അവരുടെ മേൽ വരു
അനുസരിച്ചില്ല.
എന്നോട് വീണ്ടും പറഞ്ഞു:
ിലും യറുശലേം നിവാസിക
ര്യം കാണപ്പെട്ടിരിക്കുന്നു.
ർവ്വപിതാക്കന്മാരുടെ പാപ

ങ്ങളിലേക്ക് അവർ തിരിഞ്ഞു. എൻെറ
വചനം കേൾക്കുന്നത് അവർക്കിഷ്ടമാ
യില്ല. അവർ അന്യദേവന്മാർക്ക് പൂജ
ചെയ്യുവാൻ അവരുടെ പിന്നാലെ പോയി.
ഇസ്രായേല്യരും യഹൂദരും അവരുടെ പിതാ
ക്കന്മാരുമായി ഞാൻ ചെയ്ത എൻെറ
പ്രമാണത്തെ ദുർബ്ബലമാക്കി.
ആകയാൽ ഇസ്രായേലിൻെറ ദൈവ 11
മായ ബലവാനായ കർത്താവ് കല്പിക്കു
ന്നു: ഇതാ, അവർക്ക് അതിൽനിന്നും രക്ഷ
പ്പെടാനാവാത്ത അനർത്ഥം അവരുടെമേൽ
ഞാൻ വരുത്തും. അവർ എന്നോടു നില
വിളിക്കും. ഞാൻ ശ്രദ്ധിക്കുകയില്ല. യഹൂദാ 12
നഗരങ്ങളും യറുശലേം വാസികളും,
ആർക്ക് അവർ ധൂപാർപ്പണം നടത്തിയി
രുന്നോ, ആ ദേവന്മാരോട് നിലവിളിക്കും.
അവരുടെ അനർത്ഥദിവസത്തിൽ ആ
ദേവന്മാർ അവരെ രക്ഷിക്കുകയില്ല. യഹൂദ 13
യേ, നിൻെറ നഗരങ്ങളുടെ എണ്ണത്തിന
നുസരിച്ച് നിനക്കു ദൈവങ്ങൾ ഉണ്ട്. യറൂ
ശലേം നഗരവീഥികളുടെ സംഖ്യയ്ക്കനു
സരണമായി, ലജ്ജാകരമായ ബലിപീഠ
ങ്ങൾ നിങ്ങൾ സ്ഥാപിച്ചു. അതേ ബാലിനു
ധൂപാർപ്പണത്തിനുള്ള ബലിപീഠങ്ങൾ!
നീ ഈ ജനത്തിനു വേണ്ടി പ്രാർത്ഥി 14
ക്കേണ്ട. അവർക്കു വേണ്ടി നീ അഭയ
യാചനയും അർപ്പിക്കേണ്ട. അവരുടെ
അനർത്ഥനാളിൽ അവർ എന്നെ വിളിക്കും.
ഞാൻ കേൾക്കുകയില്ല.
എൻെറ പ്രിയേ, നീ എൻെറ ആലയ 15
ത്തിൽ അത്യധികം അശുദ്ധി പ്രവർത്തിച്ച
തെന്തിന്? ശക്തമായി വന്ന നിൻെറ തിന്മ
നിമിത്തം വിശുദ്ധബലിമാംസം നിന്നെ വിട്ടു
പോകും. തഴച്ചു വളർന്നതും, കാഴ്ചയ്ക്കു 16
മനോഹരവും, ഫലപൂർണ്ണവുമായ ഒലിവ്
എന്നു കർത്താവ് നിനക്കു പേരു വിളിച്ചി
രുന്നു. എന്നാൽ വലിയ തീർപ്പോടെ
അതിനു തീവച്ചു. അതിൻെറ ശിഖരങ്ങൾ
നശിച്ചു! നിന്നെ നട്ടവനായ സർവ്വശക്ത 17
നായ ദൈവം നിന്നെക്കുറിച്ച് ദൂഷ്യമായതു
സംസാരിച്ചിരിക്കുന്നു. കാരണമോ, അവർ
ബാലിനു ധൂപാർപ്പണം ചെയ്ത് എനിക്കു
കോപം വരത്തക്കവിധത്തിൽ, ഇസ്രായേൽ
ഗൃഹവും, യഹൂദാഗൃഹവും തിന്മ ചെയ്തി
രിക്കുന്നതുതന്നെ.
കർത്താവേ, എനിക്കു കാണിച്ചുതര 18
ണമെ, ഞാൻ സത്യമായി ഗ്രഹിച്ചുകൊ
ള്ളാം. അവരുടെ പ്രവൃത്തികൾ നീ എന്നെ
കാണിച്ചു. അറുപ്പിനായി കൊണ്ടുപോ 19
കുന്ന നിഷ്കളങ്ക കുഞ്ഞാടുപോലെ ആയി

രുന്നു ഞാൻ. വൃക്ഷത്തെ ഫലത്തോടു
കൂടെ ജീവനുള്ളവരുടെ ദേശത്തുനിന്നു
നമുക്ക് നശിപ്പിച്ചുകളയാം. അവൻെറ പേര്
ആരും ഓർക്കുവാൻ ഇടയാകാതിരിക്കട്ടെ
എന്നു പറഞ്ഞ് അവർ എനിക്കെതിരായി
ദുരാലോചന ചെയ്തത് ഞാൻ അറിഞ്ഞില്ല.
20 സത്യമുള്ള ന്യായാധിപനായ ബലവാനായ
കർത്താവേ, അന്തരേന്ദ്രിയങ്ങളേയും, ഹൃദ
യത്തേയും പരിശോധന ചെയ്യുന്നവനേ! നീ
അവരോടു ചെയ്യുന്ന പ്രതികാരം ഞാൻ
കാണുമാറാകണമെ. ഞാനോ, എൻെറ
വിധികൾ നിന്നെ ഏല്പിച്ചിരിക്കുന്നു.
21 കർത്താവ് ഇപ്രകാരം കല്പിക്കുന്നു: നീ
ഞങ്ങളുടെ കയ്യാൽ മരിക്കാതിരിക്കേണ്ട
തിന് - നീ മേലാൽ പ്രവചിക്കരുത് എന്നു
പറഞ്ഞ് നിൻെറ ജീവനെ ഹനിക്കുവാൻ
ആഗ്രഹിക്കുന്ന അനാഥോത്തുകാരെക്കു
റിച്ചു കർത്താവ് പറയുന്നു.
22 ഞാൻ അവരെ ശിക്ഷിക്കും. യുവാക്കൾ
വാളാൽ മരിക്കും. അവരുടെ പുത്രീപുത്രന്മാർ
പട്ടിണിമൂലം മരിക്കും. നല്ല അവസാനം അവർ
23 ക്കുണ്ടാകുകയില്ല. എന്തെന്നാൽ അനാഥോ
ത്തുകാരുടെ മേൽ ഞാൻ അനർത്ഥം വരു
ത്തി, അവരെ ശിക്ഷിക്കുക തന്നെ ചെയ്യും.

അദ്ധ്യായം 12

1 കർത്താവേ, ഞാൻ അങ്ങയോട് പരാതി
പ്പെടുവാൻ തക്കവണ്ണം അങ്ങു നീതിമാനാ
കുന്നു. അങ്ങയുടെ മുമ്പിൽ പ്രതിവാദം ചെ
യ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദുഷ്ടന്മാ
രുടെ വഴികൾ, പ്രശോഭിതമായിരിപ്പാനും
അസത്യവാദികൾ പുഷ്ടിപ്രാപിച്ചുകൊ
2 ണ്ടിരിക്കുവാനും കാരണമെന്ത്? നീ അവരെ
നട്ടു; അവർ നല്ലപോലെ വേരുപിടിച്ചു വ
ളർന്നു ഫലം കായ്ക്കുന്നു. അവരുടെ വാ
യിൽ നീ സമീപസ്ഥൻ. അവരുടെ അന്ത
രംഗങ്ങളിൽ അവിടുന്നു വിദൂരസ്ഥൻ!
3 കർത്താവേ നീ എന്നെ അറിഞ്ഞ്, എന്നെ
കണ്ട് തിരുമുമ്പാകെ എൻെറ ഹൃദയത്തെ
പരിശോധിച്ചറിയുക. അറുപ്പാനുള്ള ആടു
കളെപ്പോലെ അവരെ ആക്കണമെ. വധ
ദിനത്തിനായി അവരെ വരുത്തണമെ.
4 ദേശം എത്ര കാലത്തേക്കു ദുഃഖിക്കും?
അതിൻെറ വയലിലെ സസ്യങ്ങൾ വാടി
ക്കരിഞ്ഞു. ദേശവാസികളുടെ തിന്മനിമി
ത്തം, മൃഗങ്ങൾക്കും പക്ഷികൾക്കും അന്ത്യം
വന്നു! ഇവൻ ഞങ്ങളുടെ അന്ത്യം കാണു
കയില്ല എന്നാണല്ലോ അവർ പറഞ്ഞത്?
5 കാലാൾപ്പടയോടൊത്ത് നീ ഓടി,
അവർ നിന്നെ ക്ഷീണിപ്പിച്ചു. അശ്വസേന

യോടു നീ എങ്ങനെ മത്സരിച്ചോടും? സമാ
ധാനദേശത്ത് നീ ആശവയ്ക്കുന്നു. യോർദ്ദാ
ൻെറ ഗാംഭീര്യത്തെ നീ എങ്ങനെ കടക്കും? 6
നിൻെറ സഹോദരന്മാരും പിതൃഭവനം
മുഴുവനും നിന്നോടു വ്യാജം പ്രവർത്തി
ച്ചിരിക്കുന്നു. അവരും നിൻെറ പിന്നിൽ
നിന്നു സംസാരിക്കുന്നു. അവർ നിന്നോടു
നല്ലതു പറഞ്ഞാൽപോലും നീ വിശ്വസി
ക്കരുത്.
ഞാൻ എൻെറ ഭവനത്തെ ഉപേക്ഷിച്ചു. 7
എൻെറ അവകാശത്തേയും ത്യജിച്ചു. എ
ൻെറ വത്സലയെ അവളുടെ ശത്രുക്കളുടെ
കൈയിൽ ഞാൻ ഏല്പിച്ചിരിക്കുന്നു. 8
എൻെറ അവകാശം എനിക്കു ഘോരവന
ത്തിലെ സിംഹംപോലെ ആയിരിക്കുന്നു.
അതു എൻെറ നേരെ ഗർജ്ജിക്കുന്നു. തന്മൂലം
ഞാൻ അതിനെ നിരസിച്ചിരിക്കുന്നു. 9
എൻെറ അവകാശം കഴുകനെപ്പോലെ
ആയി. കഴുകന്മാർ അതിൻെറ ചുറ്റിലുമുണ്ട്.
നിങ്ങൾ പോയി വനത്തിലെ മൃഗങ്ങളെ ശേ
ഖരിച്ച് ഭക്ഷിപ്പാനായി കൊണ്ടുവരുവിൻ. 10
അനേകം ഇടയന്മാർ എൻെറ മുന്തിരിത്തോ
പ്പു നശിപ്പിച്ചു. എൻെറ ഓഹരിയെ ചവി
ട്ടിമെതിച്ചു. എൻെറ മോഹനീയ ഓഹരിയെ
ശൂന്യമരുപ്രദേശമാക്കി! അവർ അതിനെ 11
ദ്വേഷിച്ച് ശൂന്യമാക്കി. ആ ശൂന്യപ്രദേശം
എന്നോടു സങ്കടം പറയുന്നു. ആരും അ
നെക്കുറിച്ചു കരുതായ്കയാൽ ദേശം മുഴു 12
വൻ ശൂന്യമായി! മരുഭൂമിയിലെ സർവ്വപാത
കളിലും കവർച്ചക്കാർ വന്നിരിക്കുന്നു. എ
ന്തെന്നാൽ കർത്താവിൻെറ വാൾ ദേശ
ത്തിൻെറ അറ്റംമുതൽ അറ്റംവരെ തിന്നുകള
യുന്നു. ഒരു ജഡത്തിനും സമാധാനമില്ല.
നിങ്ങൾ ഗോതമ്പു വിതച്ചിട്ട്, മുള്ളുകൾ
കൊയ്യുവിൻ! നിങ്ങൾ പണി എടുത്താലും
ഒരു പ്രയോജനവും ഉണ്ടാകുകയില്ല. നിങ്ങ
ളുടെ വിളവിനെക്കുറിച്ച്, കർത്താവിൻെറ
ഉഗ്രകോപം നിമിത്തം നിങ്ങൾ ലജ്ജിപ്പിൻ
എൻെറ ജനമായ ഇസ്രായേലിന് ഞാൻ
വകാശമായി ദാനം ചെയ്ത എൻെറ അ
കാശത്തെ തൊടുന്ന ദുഷ്ടന്മാരായ എല്ലാ
ഇടയക്കൂട്ടുകാരെക്കുറിച്ചും കർത്താവ് ഇപ്ര
കാരം കല്പിക്കുന്നു. അവരെ ഞാൻ അവ
രുടെ ദേശത്തുനിന്നു ഉന്മൂലം പറിച്ചു കള
യും. യഹൂദാഗൃഹത്തെ അവരുടെ ഇടയിൽ
നിന്നു ഞാൻ വേരോടെ പറിക്കും. അവരെ
പറിച്ചശേഷം എനിക്കു അവരോടു മ
ലിഞ്ഞ് കരുണ തോന്നും. ഓരോ
നെയും അവൻെറ അവകാശത്തിലേക്കും
സ്ഥലത്തേക്കും ഞാൻ തിരികെ വരു

എൻെറ ജനത്തെ ബാലിൻെറ
ൽ സത്യം ചെയ്യുവാൻ പഠിപ്പിച്ചി
പോലെ കർത്താവാണ എന്ന്
നാമത്തിൽ സത്യം ചെയ്യത്തക്ക
ൻെറ ജനത്തെ എൻെറ വഴികൾ
ുമെങ്കിൽ അവർ എൻെറ ജന
സിക്കും. അവർ കേട്ടനുസരിക്കാ
ലാ ഞാൻ അവരെ വേരോടെ
ശിപ്പിക്കുകതന്നെചെയ്യും.

അദ്ധ്യായം 13

ാവ് എന്നോടു ഇങ്ങനെ കല്പി
ണംകൊണ്ടുള്ള ഒരു തൂവാല
അതു കൊണ്ടു അരകെട്ടുക.
ള്ളത്തിൽ മുക്കരുത്. കർത്തൃ
നുസരിച്ച് ഞാൻ തൂവാല വാങ്ങി
കെട്ടി. വീണ്ടും എനിക്കു കർത്തൃ
ായി. അവൻ എന്നോടു കല്പി
ങ്ങി അരയിൽ കെട്ടിയിരിക്കുന്ന
മായി എഴുന്നേറ്റ് പ്രാത്തു(നദി)
പോയി അവിടെ പാറയുടെ
ലിൽ അതു മറച്ചു വയ്ക്കുക.
എന്നോട് നിർദ്ദേശിച്ചതുപോ
അതു പാറപ്പിളർപ്പിൽ മറച്ചു
ദിവസങ്ങൾ കഴിഞ്ഞപ്പോൾ
എന്നോട്: നീ എഴുന്നേറ്റ്
ിക്കരികെ ചെന്ന്, അവിടെ മറച്ചു
ൽ ഞാൻ നിന്നോടു പറഞ്ഞി
ല എടുക്കുക എന്നു പറഞ്ഞു.
ത്തിങ്കൽ എത്തി കുഴിച്ചു
സ്ഥലത്തുനിന്ന് തൂവാല പുറ
ഹാ, ആ തൂവാല മുഴുവൻ
യിരുന്നു. തീർത്തും ഉപ
ായിക്കഴിഞ്ഞിരുന്നു. കർത്തൃ
ക്കു ലഭിച്ചു: ഇസ്രായേലിൻെറ
ദൈവമായ കർത്താവ് കല്പി
ൂദയിലെ മഹത്തുക്കളേയും,
ല മഹത്തുക്കളേയും ഇങ്ങ
ാൻ നശിപ്പിക്കും. ഈ തിന്മ
എൻെറ വാക്കുകൾ കേൾ
വച്ചില്ല. അവരുടെ മനസ്സിലെ
സരണം അവർ നടക്കുന്നു.
ദവന്മാരെ ആരാധിപ്പാനും
ായി അവയുടെ പിന്നാലെ
ഈ തൂവാല പോലെ ഒന്നി
ത്തവരായിത്തീരും. സർവ്വ
ൃഹവും യഹൂദാഗൃഹവും
ന്ന ജനമായിരിക്കുവാനും
ഹിമയ്ക്കും, ബഹുമാനത്തി
വാനും, ആയിട്ട്, തൂവാല

അരയോട് എങ്ങനെ പറ്റിച്ചേർന്നിരിക്കുമോ
അതുപോലെ ഞാൻ അവരെ പറ്റിച്ചേർത്തു
വച്ചിരുന്നു. അവരോ, അനുസരിച്ചില്ല. നീ
അവരോട് ഈ വചനം പറയുക. ഇസ്രാ 12
യേലിൻെറ ബലവാനായ ദൈവമായ
കർത്താവ് കല്പിക്കുന്നു: "എല്ലാ വീഞ്ഞു
കുടങ്ങളും വീഞ്ഞുകൊണ്ടു നിറയും."
അപ്പോൾ അവർ നിന്നോട്: എല്ലാ കുടങ്ങളും
വീഞ്ഞു നിറയും എന്നു നിങ്ങൾക്ക് അറി
ഞ്ഞുകൂടേ, എന്നു ചോദിക്കും. നീ അവ 13
രോടു പറയുക: കർത്താവ് പറയുന്നു: ഈ
ദേശനിവാസികളെല്ലാവരേയും, ദാവീദി
ൻെറ സിംഹാസനത്തിലിരിക്കുന്ന രാജാ
ക്കന്മാരേയും പുരോഹിതരേയും പ്രവാചക
രേയും യറുശലേം വാസികൾ ഏവരേയും
ഞാൻ ലഹരികൊണ്ടു നിറയ്ക്കും.
അവരിൽ ഓരോരുവനേയും അവൻെറ 14
സഹോദരരിൽനിന്നും പിതാക്കന്മാരേയും
മക്കളേയും ഒരുമിച്ചു ഞാൻ ചിതറിക്കും.
അവരെ നശിപ്പിക്കുന്ന കാര്യത്തിൽ എനി
ക്കു കരുണയോ മനഃസ്ഥാപമോ സഹ
താപമോ ഉണ്ടാകുകയില്ല. കേൾപ്പിൻ, 15
ശ്രദ്ധിക്കുവിൻ! നിഗളിക്കേണ്ട. എന്തെ
ന്നാൽ കർത്താവാണു കല്പിച്ചിരിക്കുന്നത്.
അന്ധകാരം ആവിർഭവിക്കുന്നതിനും, 16
അന്ധകാരനിബിഢമായ മലകളിൽ നിങ്ങ
ളുടെ പാദങ്ങൾ തട്ടി മുട്ടുന്നതിനും മുമ്പേ,
നിങ്ങളുടെ ദൈവമായ കർത്താവിനു
മഹത്വം കൊടുപ്പിൻ! നിങ്ങൾ പ്രകാശ
ത്തിന്നായി കാത്തിരിക്കും. അവനോ
അന്ധകാരവും മരണനിഴലും വരുത്തും.
നിങ്ങൾ അവനെ അനുസരിക്കുകയില്ലെ 17
ങ്കിൽ വേദന നിമിത്തം ഞാൻ രഹസ്യമായി
കരയും, കണ്ണുനീരൊഴുക്കും. കർത്താ
വിൻെറ അജഗണം പ്രവാസത്തിലായിരി
ക്കുകയാൽ ഞാൻ കണ്ണുനീരു വാർക്കും.
നീ രാജാവിനോടും പ്രഭുക്കന്മാരോടും 18
പറയുക: താഴ്മ ധരിപ്പിൻ, അനുതപിപ്പിൻ;
എന്തെന്നാൽ നിങ്ങളുടെ മഹത്ത്വമുള്ള
മകുടം നിങ്ങളുടെ ശിരസ്സിൽനിന്നു വീണു
പോയി! ദക്ഷിണദേശനഗരങ്ങൾ ബന്ധി 19
ക്കപ്പെട്ടു കഴിഞ്ഞു. തുറക്കുവാൻ ഒരുവനു
മില്ല. യഹൂദാമുഴുവൻ അടിമയാക്കപ്പെട്ടു.
അടിമത്വം പൂർണ്ണമായിരിക്കുന്നു.
നിങ്ങൾ കണ്ണുകളുയർത്തി ഉത്തര 20
ദിക്കിൽനിന്നു വരുന്നവരെ കാണുവിൻ!
നിനക്കു തന്നിരുന്ന ആട്ടിൻകൂട്ടം — 21
നിൻെറ മഹത്വമായിരുന്ന ആട്ടിൻപറ്റം
എവിടെ? നിൻെറ മേൽ ശിക്ഷാവിധി വരു
മ്പോൾ നീ എന്തു പറയും? അവർ ചവിട്ട

പ്പെടുവാൻ തക്ക ഉപദേശമാണല്ലോ, നീ
22 അവരെ പഠിപ്പിച്ചത്! പ്രസവവേദനയാൽ
പുളയുന്ന സ്ത്രീക്കെന്നതുപോലെ മഹാ
23 വേദന നിന്നെ ഗ്രസിക്കും. എന്താണ്
ഇങ്ങനെയെല്ലാം എനിക്കു സംഭവിക്കു
വാനിടയായത്? എന്നു നിൻെറ മനസ്സിൽ
നീ പറയുന്നുവെങ്കിൽ; നിൻെറ പാപ
ബാഹുല്യം നിമിത്തം നിൻെറ അങ്കിയുടെ
വിളുമ്പ് മാറിയും, നിൻെറ കണങ്കാൽ
കാണപ്പെട്ടുമിരിക്കുകയാണ്! കൂശ്യന്*
അവൻെറ ചർമ്മത്തേയും, പുള്ളിപ്പുലിക്കു
തൻെറ പുള്ളിയും മാറ്റുവാൻ കഴിയാത്ത
തുപോലെ തന്നെ, നിങ്ങൾക്കും നന്മ ചെയ്യു
വാൻ കഴികയില്ല. എന്തെന്നാൽ തിന്മചെയ്യു
24 വാനാണ് നിങ്ങൾ പഠിച്ചിരിക്കുന്നത്. മരു
ഭൂവിൽ കാറ്റടിച്ചു പറപ്പിക്കുന്ന മണൽ
25 പോലെ ഞാനവരെ ചിതറിക്കും. ഇതാണ്
നിൻെറ ഓഹരി, എൻെറ സന്നിധിയിലുള്ള
നിൻെറ അവകാശത്തിൻെറ പങ്കും എന്നു
26 കർത്താവ് പറയുന്നു. നീ എന്നെ മറന്ന്
വ്യാജത്തിൽ പ്രത്യാശ വച്ചതിനാൽ ഞാനും
നിൻെറ അങ്കിവിളുമ്പുകൾ നിൻെറ മുഖ
27 ത്ത് പൊക്കിവയ്ക്കും. നിൻെറ നഗ്നത
വെളിപ്പെടും! നിൻെറ വ്യഭിചാരം, മോഹാ
തുരത്വം, കുന്നിൻമുകളിലുള്ള അതിരറ്റ
വേശ്യാവൃത്തി, നിൻെറ അശുദ്ധി ഞാൻ
കണ്ടിരിക്കുന്നു! യറുശലേമേ, നിനക്കു ഹാ
കഷ്ടം. എത്ര കാലം നീ ഇങ്ങനെ വെടി
പ്പാകാതിരിക്കും? നീ അനുതപിക്കുക!

അദ്ധ്യായം 14

1 മഴയില്ലാതെ വന്നതിനെക്കുറിച്ച് ഏറമി
യായ്ക്കു കർത്താവിൻെറ അരുളപ്പാട്!
2 യഹൂദാ വിലപിച്ചു. അതിൻെറ വാതി
ലുകൾ ശൂന്യമായി നിലംപതിച്ചു. യറുശ
ലേമിൻെറ നിലവിളി വർദ്ധിച്ചിരിക്കുന്നു.
അവരുടെ പ്രമാണികൾ അടിമകളെ വെള്ള
3 ത്തിനായി പറഞ്ഞയയ്ക്കുന്നു. അവർ
കിണർക്കരയിൽ എത്തി. വെള്ളം കണ്ടില്ല.
അവർ വെറും പാത്രങ്ങളുമായി തിരികെ
പോകുന്നു. അവർ ലജ്ജിതരായി, അവമാ
4 നിതരായി തലമൂടുന്നു! ദേശവാസികളുടെ
പ്രവൃത്തികളുടെ ഫലമായി മഴയില്ലാതായി.
5 കർഷകർ ലജ്ജിതരായി തലമൂടുന്നു. പേട
മാനുകൾ വയലിൽ പ്രസവിച്ചു. പുല്ലില്ലാ
യ്കയാൽ മാൻ കുഞ്ഞുങ്ങളെ ഉപേക്ഷിച്ചു
6 പോകുന്നു! കാട്ടുകഴുത കുന്നുകളിൽ നിന്നു
കൊണ്ട് കുറുനരികളെപ്പോലെ നിലവിളി

ക്കുന്നു. പുല്ലുകിട്ടാത്തതിനാൽ അവയുടെ
കണ്ണുകൾ ഇരുളടയുന്നു.
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ
ഞങ്ങൾക്കെതിരായി സാക്ഷിക്കുന്നെങ്കിൽ,
തിരുനാമം നിമിത്തം കരുണ ചെയ്യണമേ.
അങ്ങയുടെ കൃപ വളരെയാണല്ലോ. ഇസ്രാ
യേലിൻെറ ശരണമായ ദൈവമേ, നിന്നോടു
ഞങ്ങൾ പാപംചെയ്തു. ആപത്തുകാലത്ത്
ഇസ്രായേലിൻെറ രക്ഷകനേ, നീ ദേശത്ത്
ഒരു അല്പകാല വാസക്കാരനെപ്പോലെയും
രാത്രിയിൽ തങ്ങുന്ന ഒരു യാത്രക്കാരനെ
പ്പോലെയും ആയിരിക്കരുത്. ഒരു നിസ്സാര
നെപ്പോലെയും രക്ഷിപ്പാൻ കഴിവില്ലാത്ത
വനെപ്പോലെയും നീ ആയിരിക്കരുതേ.
കർത്താവേ, നീ ഞങ്ങളുടെ മദ്ധ്യേയുണ്ട്.
തിരുനാമം ഞങ്ങളുടെമേൽ വിളിക്കപ്പെട്ടി
രിക്കുന്നു. ഞങ്ങളെ ഉപേക്ഷിക്കരുതേ.
ഈ ജനത്തെപ്പറ്റി കർത്താവ് കല്പി
ക്കുന്നു:
ഇവർ ഇളകി നടക്കുവാൻ ആഗ്രഹിച്ചു;
കാൽ പിടിച്ചു നിറുത്തിയില്ല. കർത്താവിന്
അവരുടെ മേൽ പ്രസാദമില്ല. അവൻ
അവരുടെ അധർമ്മം ഓർത്ത് അവരുടെ
പാപങ്ങൾക്കു ശിക്ഷ നൽകും.
കർത്താവ് എന്നോടു പറഞ്ഞു: ഇവരു
ടെ ഗുണത്തിനായി നീ എന്നോടു പ്രാർത്ഥി
ക്കേണ്ട. അവർ ഉപവസിച്ചാലും ഞാൻ അവ
രുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ
ബലികളും കാഴ്ചകളും അർപ്പിച്ചാലും
ഞാൻ അവരിൽ പ്രസാദിക്കുകയില്ല. വാളു
കൊണ്ടും, പട്ടിണികൊണ്ടും പകർച്ചവ്യാധി
കൾകൊണ്ടും അവരെ ഞാൻ പരിപൂർണ്ണമായി
നശിപ്പിക്കും. അപ്പോൾ ഞാൻ പറഞ്ഞു:
ദൈവമായ കർത്താവേ! ഞാൻ അങ്ങയോടു
പേക്ഷിക്കുന്നു. പ്രവാചകന്മാർ അവരോട്:
'യുദ്ധം നിങ്ങൾ കാണേണ്ടിവരികയില്ല.
നിങ്ങൾക്കു ക്ഷാമമുണ്ടാകയില്ല; പ്രത്യുത
ഈ ദേശത്ത് സമാധാനവും ഉറപ്പും നിങ്ങൾ
ക്കു ഞാൻ തരും' എന്നു പറയുന്നു. കർത്താ
വ് എന്നോടു കല്പിച്ചു: ആ പ്രവാചകന്മാർ
എൻെറ നാമത്തിൽ കള്ളപ്രവചനമാണു
നടത്തുന്നത്. ഞാൻ, അവരെ അയച്ചിട്ടില്ല.
ഞാൻ അവരോടു ആജ്ഞാപിച്ചിട്ടില്ല.
ഞാൻ അവരോടു സംസാരിച്ചിട്ടേയില്ല.
അവർ കള്ളദർശനങ്ങളും പ്രശ്ന
വാക്യങ്ങളും, അസത്യവും അവരുടെ
സ്സിലെ വഞ്ചനയുമാണ് നിങ്ങളോടു പ്രവ
ചിക്കുന്നത്.

* സുറി - ഹെൻദ്വോയോ (ഇന്ത്യൻ) - മല - കൂശ്യൻ - ഇംഗ്ലീ - എത്യോപ്യൻ.

കയാൽ കർത്താവ് ഇപ്രകാരം പറ
എന്റെ നാമത്തിൽ പ്രവചിക്കുന്ന
ാചകന്മാരെക്കുറിച്ച്: അവരെ ഞാൻ
ില്ല. യുദ്ധം, ക്ഷാമം എന്നിവ ഈ
ണ്ടാകുകയില്ല എന്ന് അവർ പറ
ആ പ്രവാചകന്മാർ വാളുകൊണ്ടും
നിമിത്തവും അറ്റുപോകും. അവ
വചനം കേൾക്കുന്ന ഈ ജനവും
ഷാമം, വസന്ത എന്നിവമൂലം തെരു
ിൽ വീണു കിടക്കും. അവർക്കു
സ്കാരമുണ്ടാകുകയില്ല. അവരുടെ
ര്യമാരുടെമേലും പുത്രന്മാരുടെയും
ുടെയുംമേലും അവരുടെ ദുഷ്ടത
കരും. അവരോട് നീ ഈ വചനം
നമ്മുടെ കണ്ണുകൾ രാവും പകലും
പൊഴിക്കട്ടെ. നാം അടങ്ങിയിരി
എന്തെന്നാൽ എന്റെ ജനത്തിൻ
ാ കന്യകയ്ക്കു വലിയ തകർച്ച
ിക്കുന്നു. വേദനയേറുന്ന മുറി
ിക്കുന്നു. ഞാൻ മരുഭൂമിയിലേ
ാൽ അവിടെ വാളാൽ നിഹതരാ
ൻ നഗരത്തിൽ കടന്നു നോക്കി
വിടെ പട്ടിണികൊണ്ട് തളർന്ന
ചകന്മാരും പുരോഹിതന്മാരും
തെണ്ടിനടക്കുന്നു! എന്നിട്ടും
ിഞ്ഞില്ല!
യെ നീ നിരസിച്ചുവോ? സെ
ാടു നിനക്കു വെറുപ്പാണോ?
ി വ്രണപ്പെടുത്തിയതെന്തിന്?
ചികിത്സയില്ലേ? ഞങ്ങൾ
തിനു കാത്തിരുന്നു; ഒരു നന്മ
ശാന്തിക്ക് ആഗ്രഹിച്ചിരുന്നു.
താ ഭീതി! കർത്താവേ, ഞങ്ങ
ങ്ങളുടെ പിതാക്കന്മാരുടേയും
തങ്ങൾ അറിയുന്നു. ഞങ്ങൾ
ാപം ചെയ്തു. തിരുനാമത്തെ
ളോടു കോപിക്കരുതേ. നിന്റെ
സിംഹാസനത്തെ നീ താഴ്ത്ത
ാവേ, ഓർക്കണമേ, ഞങ്ങളോ
ഉടമ്പടി മായിച്ചുകളയരുതേ.
ുടെ വിഗ്രഹങ്ങൾക്ക് മഴ
ൻ കഴിവില്ല. ആകാശത്തിന്
കിലും തരുവാനും കഴിവില്ല.
ന്നു ഞങ്ങളുടെ ദൈവമായ
ങ്ങൾ നിന്നെ കാത്തിരിക്കും.
യെല്ലാം ചെയ്യുന്നവൻ!

അദ്ധ്യായം 15

എന്നോട് അരുളിച്ചെയ്തു:
ുവേലും എന്റെ മുമ്പാകെ
നിന്നാലും എന്റെ മനസ്സ് ഈ ജനത്തിൽ
പ്രസാദിക്കുകയില്ല. എന്റെ സന്നിധിയിൽ
നിന്നു ഞാൻ ഇവരെ പുറത്താക്കുകയും അ
വർ പുറപ്പെട്ടു പോകുകയുംചെയ്യും. അവർ 2
നിന്നോട്: "ഞങ്ങൾ എവിടേക്കു പോകും"
എന്നു ചോദിച്ചാൽ, മരണത്തിനുള്ളവർ
മരണത്തിനും, വാളിനുള്ളവർ വാളിനും,
ക്ഷാമത്തിനുള്ളവർ ക്ഷാമത്തിനും പ്രവാ
സത്തിനുള്ളവർ പ്രവാസത്തിനും പൊ
യ്ക്കൊള്ളട്ടെ എന്നു കർത്താവ് പറയുന്നു,
എന്നു പറയണം. അവരുടെ മേൽ ഞാൻ 3
നാലു ബാധകൾ നിശ്ചയിക്കും: കൊല്ലു
വാൻ വാളും, കടിച്ചു കീറുവാൻ നായ്ക്ക
ളും, തിന്നു കളയുവാൻ ആകാശത്തിലെ പ
ക്ഷികളും, കാട്ടുമൃഗങ്ങളും തന്നെ. ലോക 4
ത്തിലെ സർവ്വരാജ്യങ്ങളിലുമായി അവരെ
ഒരു സംഭ്രമവിഷയമാക്കും. യഹൂദാരാജാ
വായ ഹെസക്കിയായുടെ മകൻ മനശ്ശ,
യറുശലേമിൽ ചെയ്തിട്ടുള്ള സർവ്വ പാപ
ങ്ങളും നിമിത്തമത്രെ അത്. യറുശലേമേ, 5
നിന്നോടു ആർക്ക് സഹതാപം തോന്നും?
ആർക്കു നിന്നെയോർത്ത് ദുഃഖമുണ്ടാകും!
നിനക്കു സമാധാനം ആശംസിക്കുവാൻ
ആരു കയറിവരും? എന്നെ നീ ഉപേക്ഷിച്ചു 6
എന്നു കർത്താവ് പറയുന്നു. നിന്റെ
പിന്നിലേക്കു നീ തിരിഞ്ഞു. നിനക്കെതി
രായി ഞാൻ കൈ ഉയർത്തും. ഞാൻ നിന്നെ
സംഹരിക്കും. ഇനിയും ഞാൻ ഇവരോടു
ക്ഷമിക്കുകയില്ല. ദേശത്തെ നഗരങ്ങളിൽ 7
വീശുമുറംകൊണ്ട്, ഞാൻ അവരെ
വീശിക്കളയും. എന്റെ ജനത്തെ സന്താന
ശൂന്യരാക്കി ഞാൻ നശിപ്പിച്ചു. എന്നിട്ടും
അവരുടെ വഴികൾ വിട്ട് അവർ അനുത
പിച്ചുവന്നില്ല. അവരുടെ വിധവകൾ കട 8
ലോരത്തെ മണൽത്തരികളേക്കാൾ ഏറെ
യായി! അമ്മയുടെ മേലും യുവാക്കളുടെ
നേരെയും ഞാൻ കവർച്ചക്കാരെ നട്ടുച്ച
നേരത്ത് ആനയിച്ചു. അവരുടെ മേൽ പെട്ടെ
ന്ന് നടുക്കവും വിറയലും ഞാൻ വരുത്തി
യിരിക്കുന്നു. ഏഴുമക്കളെ പ്രസവിച്ചവൾ 9
ക്ഷീണിച്ചിരിക്കുന്നു. അവളുടെ ആയുസ്സി
ന്റെ പകുതിക്കു വച്ച് അവളുടെ സൂര്യൻ
അസ്തമിച്ചു. അവൾ ലജ്ജിച്ച് നാണിച്ചു
പോയിരിക്കുന്നു. അവരിൽ അവശേഷി
ച്ചവരെ ഞാൻ അവരുടെ ശത്രുക്കളുടെ
മുമ്പിൽ വാളിനു ഏല്പിച്ചുകൊടുക്കും
എന്നു കർത്താവ് കല്പിക്കുന്നു.
എന്റെ അമ്മേ, നീ എന്നെ പ്രസവി 10
ച്ചതിനാൽ എനിക്കു കഷ്ടം! ദേശത്തെല്ലാം
ഓരോ മനുഷ്യനും അലഞ്ഞുനടക്കുന്നു.

ഞാൻ കടപ്പെട്ടിട്ടില്ല; അവർ എന്നോടും
കടപ്പെട്ടിട്ടില്ല. എല്ലാവരും എന്നെ അപഹ
11 സിക്കുന്നു. ഒരു നന്മയും നിനക്കു ഞാൻ
ശേഷിപ്പിക്കുകയില്ല. അനർത്ഥകാലത്ത്,
ദുഷ്കാലത്ത് ഉത്തരദേശത്തുനിന്നുള്ള
ശത്രു നിനക്കെതിരെ വരും. അവൻ ഇരുമ്പും
12 താമ്രവുംപോലെ കടുപ്പമുള്ളവൻ. നിൻെറ
പാപങ്ങൾ നിമിത്തം നിൻെറ സമ്പത്തും നി
ൻെറ ഭണ്ഡാരങ്ങളും നിൻെറ സർവ്വ അ
തിർത്തികളും കവർച്ചയ്ക്കായി ഞാൻ അ
വർക്കു കൊടുക്കും. നീ അറിഞ്ഞിട്ടില്ലാത്ത
സ്ഥലത്ത് നിൻെറ ശത്രുവിനു നിന്നെ ഞാൻ
13 കീഴ്പെടുത്തിക്കൊടുക്കും. എൻെറ കോപ
ത്തിൽ അഗ്നി ജ്വലിപ്പിച്ച് ദഹിപ്പിച്ചുകളയും
എന്നു കർത്താവു കല്പിക്കുന്നു.
14 കർത്താവേ അങ്ങ് അറിയുന്നുവല്ലോ.
എന്നെ രക്ഷിച്ച് എൻെറ പീഡകർക്കു പകരം
15 വീട്ടണമേ. നിൻെറ ദീർഘക്ഷമയാൽ
എന്നെ എടുത്തുകളയരുതേ. കർത്താവേ,
നിൻെറ നിമിത്തം ഞാൻ നിന്ദ സഹിച്ചു
16 വെന്ന് അറിയണമേ. ഞാൻ നിൻെറ വചന
ങ്ങൾ കാത്തു പാലിച്ചു അവ ചെയ്തുമിരി
ക്കുന്നു. നിൻെറ വചനം എനിക്കു സന്തോ
ഷത്തിനും ഹൃദയാനന്ദത്തിനും ഹേതു
വായി. എന്തെന്നാൽ നിൻെറ നാമമല്ലോ
എൻെറ മേൽ വിളിക്കപ്പെട്ടിരിക്കുന്നത്.
17 ബലവാനായ ദൈവമായ കർത്താവേ,
ഞാൻ പരിഹാസകന്മാരുടെ കൂട്ടത്തിൽ
ഇരുന്നിട്ടില്ല. പിന്നെയോ തൃക്കൈയെ
ഞാൻ ഭയപ്പെട്ട്, നീ കോപംകൊണ്ട്
എന്നെ നിറച്ചിരിക്കയാൽ ഞാൻ തനി
18 ച്ചിരുന്നു. എൻെറ വേദന ശക്തമായിരി
ക്കുന്നതെന്ത്? എൻെറ മുറിവ് ഘോരമാ
യിരിക്കുന്നതെന്ത്! സൌഖ്യം കിട്ടാതിരി
ക്കുന്നു! ഞാൻ എനിക്കുതന്നെ വിശ്വസി
ക്കാവതല്ലാത്ത വെള്ളം പോലെയായിരി
ക്കുന്നു.
19 ആകയാൽ കർത്താവ് ഇപ്രകാരം പറ
യുന്നു: നീ മാനസാന്തരപ്പെട്ടാൽ ഞാൻ നി
ന്നെ തിരിച്ചെടുക്കാം. എൻെറ മുമ്പിൽ നീ
നിൽക്കുകയും ചെയ്യും. നീ അധമമായതിൽ
നിന്നും ഉത്തമമായവയെ തെരഞ്ഞെടു
ത്താൽ നീ എൻെറ വായപോലെയാകും,
എന്നു കർത്താവു കല്പിക്കുന്നു. അവർ
നിങ്കലേക്കു തിരിയും, നീ അവരിലേക്കു മട
20 ങ്ങിപ്പോകുകയില്ല. ഈ ജനത്തിന് നിന്നെ
ഞാൻ ഒരു ഉരുക്കുകോട്ടയായി വച്ചിരിക്കു
ന്നു. അവർ നിന്നോടു പോരാടും, പക്ഷേ,
അവർ നിന്നെ ജയിക്കുകയില്ല. എന്തെ
ന്നാൽ നിന്നെ രക്ഷിപ്പാനും സംരക്ഷണ
മേകുവാനും ഞാൻ നിന്നോടു കൂടെയുണ്ട്,
എന്നു കർത്താവ് അരുളിച്ചെയ്യുന്നു. ദുഷ്ട
ന്മാരുടെ കൈയിൽനിന്നും നിന്നെ ഞാൻ
രക്ഷിക്കും. ബലവാൻെറ കൈയിൽനിന്നും
നിന്നെ ഞാൻ സംരക്ഷിക്കും.

അദ്ധ്യായം 16

കർത്താവിൻെറ വചനം എനിക്കുണ്ടാ
യി. ഈ ദേശത്തുനിന്നു നീ ഭാര്യയെ
പരിഗ്രഹിക്കരുത്. നിനക്കു പുത്രന്മാരും
ഇവിടെ ഉണ്ടാകരുത്. എന്തെന്നാൽ ഈ
സ്ഥലത്തു ജാതരാകുന്ന പുത്രീപുത്ര
ന്മാരെക്കുറിച്ചും അവരെ പ്രസവിക്കുന്ന
അമ്മമാരെക്കുറിച്ചും, ഈ സ്ഥലത്തുവച്ച്
അവർക്കുല്പാദനം നൽകുന്ന പിതാക്ക
ന്മാരെക്കുറിച്ചും കർത്താവു കല്പിക്കുന്നു:
പട്ടിണികൊണ്ട് ക്ഷീണിച്ച് അവർ മരിക്കും.
ആരും അവരെയോർത്തു വിലപിക്കുക
യില്ല, അവർക്കു ശവസംസ്കാരംപോലു
മുണ്ടാകുകയില്ല, അവർ നിലത്തിനു വള
മായി കിടക്കും! വാളിനാലും പട്ടിണിയാലും
അവർ അററുപോകും. അവരുടെ ശവ
ശരീരങ്ങൾ ആകാശത്തിലെ പക്ഷിക്കും
കാട്ടുമൃഗത്തിനും ഇരയായിത്തീരും.
കർത്താവു കല്പിക്കുന്നു: നിങ്ങൾ ആ
വിലാപഭവനത്തിൽ പോകരുത്. വിലപി
പ്പാൻ ചെല്ലരുത്. അവരോടു സഹതപിക്ക
രുത്. എന്തെന്നാൽ ഈ ജനത്തിൽനിന്ന്
എൻെറ സമാധാനവും കൃപയും ഞാൻ
മാറ്റിക്കളഞ്ഞിരിക്കുകയാണ്. ഈ ദേശ
ത്തെ വലിയവരും ചെറിയവരും മരിക്കും.
അവർ സംസ്കരിക്കപ്പെടുകയില്ല. ആരും
അവരെ പറ്റി വിലപിക്കുകയില്ല, സങ്കടപ്പെ
ടുകയില്ല.
പിതാവിനെയോ മാതാവിനെയോ
കുറിച്ച് വിലപിച്ചിരിക്കുന്നവരെ ആശ്വസിപ്പി
ക്കുവാൻ അവർക്ക് അപ്പം മുറിച്ചു കൊടു
ക്കുകയോ, ആശ്വാസത്തിൻെറ പാനപാത്രം
കുടിപ്പാൻ കൊടുക്കുകയോ ചെയ്കയില്ല.
അവരോടുകൂടെയിരുന്നു ഭക്ഷിക്കുവാനും
കുടിക്കുവാനുമായി നീ വിരുന്നുഭവന
ത്തിലേക്കു പ്രവേശിക്കരുത്.
ഇസ്രായേലിൻെറ ദൈവമായ കർത്താ
വ് ഇപ്രകാരം പറയുന്നു: നിങ്ങളുടെ ജീവ
കാലത്ത്, നിങ്ങളുടെ കൺമുമ്പിൽ വച്ച്
തന്നെ, സന്തോഷത്തിൻെറ ശബ്ദവും
ആനന്ദാരവവും, മണവാളൻെറ ശബ്ദവും
മണവാട്ടിയുടെ ശബ്ദവും ഈ ദേശത്തു
നിന്നു ഞാൻ മായിച്ചുകളയും. ഈ വാക്കു
കളെല്ലാം നീ ഈ ജനത്തോട് പ്രസ്താ

ാൾ അവർ നിന്നോടു ചോദിക്കും:
ിയ അനർത്ഥമെല്ലാം ഞങ്ങൾ
യി കർത്താവ് പ്രസ്താവിച്ചതെന്തു
ഞങ്ങൾ എന്തു തെററുചെയ്തു?
ദൈവമായ കർത്താവിനോടു
ചയ്ത പാപം എന്താണ്? അപ്പോൾ
ാടു പറയുക: കർത്താവു പറ
ങ്ങളുടെ പിതാക്കന്മാർ എന്നെ
. അന്യദേവന്മാരുടെ പിന്നാലെ
ായി. അവർക്കു സേവചെയ്തു
ആരാധിച്ചു! അവർ എന്നെ തൃജി
ന്യായപ്രമാണം അവർ പാലി
ങ്ങൾ നിങ്ങളുടെ പിതാക്കന്മാരെ
തൽ തിന്മ ചെയ്തിരിക്കുന്നു.
നുസരിക്കാതെ ഓരോ മനു
വൻെറ ദുർമ്മനസ്സിൻെറ മോഹ
പോയിരിക്കുന്നു! ഈ സ്ഥല
ഞാൻ നിങ്ങളെ പുറത്തേക്കെ
ും. നിങ്ങൾക്കോ നിങ്ങളുടെ പി
ക്കാ പരിചയമില്ലാത്ത സ്ഥല
അന്യദേവന്മാർക്ക് രാപകൽ
. നിങ്ങളോടു ഞാൻ കരുണ
യില്ല. ആകയാൽ കർത്താവു
ു: നാളുകൾ വരുന്നു. അ
്രസൻ ദേശത്തുനിന്ന് ഇസ്രാ
ത്ത കരേററിക്കൊണ്ടുവന്ന
എന്ന് അവർ പറയാതെ, ഉത്ത
ന്നും, അവൻ അവരെ ഓടിച്ചു
ദേശങ്ങളിൽനിന്നും ഇസ്രാ
ത്ത കരേറ്റിക്കൊണ്ടുവരുന്ന
എന്ന് അവർ പറയും. അവരു
ാർക്കു ഞാൻ കൊടുത്ത ദേശ
് അവരെ തിരികെ വരുത്തും.
റെ നായാട്ടുകാരെ ഞാനയ
ഇവരെ വേട്ടയാടും. പിന്നീടും
യേറെ വേട്ടക്കാരെ അയ
ഇവരെ എല്ലാ മലകളിൽനി
ളിൽ നിന്നും, പാറപ്പിളർപ്പുക
ട്ടയാടും. എന്തെന്നാൽ അവ
ർഗ്ഗങ്ങളേയും എൻെറ കണ്ണു
. അവ എൻെറ മുമ്പിൽനി
ിക്കുന്നില്ല. എൻെറ കൺ
അവരുടെ അധർമ്മം മറ
. ആകയാൽ ഞാൻ ഒന്നാ
പാപങ്ങൾക്കും അധർമ്മ
ിയായി പ്രതികാരംചെയ്യും.
അവർ എൻെറ ദേശത്തെ,
ഹങ്ങൾക്കുള്ള ബലികളാൽ
അവരുടെ വഷളത്വംകൊണ്ട്
ശദേശം നിറഞ്ഞിരിക്കുന്നു.

എൻെറ ശക്തിയും എൻെറ സഹായ 19
കനും, ആപത്തുകാലത്ത് എൻെറ സങ്കേത
വുമായ കർത്താവേ, ലോകസീമകളിൽ
നിന്നും വിജാതിയർ നിങ്കലേക്കു വരും.
ഞങ്ങളുടെ പിതാക്കന്മാർ ഞങ്ങൾക്ക്
അവകാശമായിത്തന്ന മിഥ്യാവിഗ്രഹങ്ങൾ
നിശ്ചയമായും മിഥ്യമാത്രമാണ്. അവയെ 20
ക്കൊണ്ട് ഒരു പ്രയോജനവുമില്ല. മനുഷ്യർ
അവരെ ദൈവങ്ങൾ ആക്കുകയാണ്. അവ
ദൈവങ്ങളല്ല; എന്നു അവർ പറയും.
ആകയാൽ ഞാൻ അവനെ ഗ്രഹിപ്പി 21
ക്കും; ഇക്കാലത്ത് എൻെറ ഭുജവും ശക്തി
യും ഞാൻ അവർക്കു കാണിച്ചുകൊടുക്കും.
എൻെറ നാമം 'കർത്താവ്' എന്ന് അവർ
അറിയും.

അദ്ധ്യായം 17

യഹൂദായുടെ പാപം ഇരുമ്പ് എഴുത്താ 1
ണികൊണ്ടും വജ്രത്തിൻെറ മുനകൊണ്ടും
ഉല്ലേഖം ചെയ്യപ്പെട്ടിരിക്കുന്നു. അത് അവ
രുടെ ഹൃദയഫലകത്തിന്മേലും, എല്ലാ
പച്ചമരത്തിൻകീഴും ഉയർന്ന മലകളിലും,
പർവതങ്ങളിലും, മരുപ്പച്ചയിലുമുള്ള അവ 2
രുടെ ബലിപീഠത്തിൻെറ കൊമ്പുകളിലും,
അവരുടെ വിഗ്രഹങ്ങൾമേലും എഴുതപ്പെ
ട്ടിരിക്കുന്നു. നിൻെറ പാപങ്ങൾ നിമിത്തം 3
നിൻെറ എല്ലാ വസ്തുവകകളും, നിൻെറ
ഭണ്ഡാരങ്ങളും അതിരുകളും കവർച്ചയ്ക്കാ
യി ഞാൻ കൊടുക്കും. ഞാൻ നിനക്കു അവ 4
കാശമായി തന്നതിൽനിന്നും നിന്നെ ഞാൻ
മാററും. നിനക്കു പരിചയമില്ലാത്ത ദേശത്ത്,
ഞാൻ നിന്നെ നിൻെറ ശത്രുക്കൾക്ക്
കീഴ്പെടുത്തിക്കൊടുക്കും. നിങ്ങൾ എൻെറ
കോപത്തിന് തീ കത്തിച്ചിരിക്കുന്നു. അത്
എന്നുമെന്നും കത്തിക്കൊണ്ടിരിക്കും.
കർത്താവ്, ഇപ്രകാരം കല്പിക്കുന്നു: 5
മനുഷ്യനിൽ ആശ്രയിച്ച് തൻെറ ഭുജബല
ത്തെ സ്വന്തമായി വിചാരിച്ച് ഹൃദയംകൊ
ണ്ട് കർത്താവിൽനിന്നും തെറ്റിമാറുന്ന മനു
ഷ്യൻ ശപിക്കപ്പെട്ടവൻ. അവൻ മരുഭൂമിയി
ലെ വേരുപോലെയായിരിക്കും. നന്മ വരു
മ്പോൾ അവൻ അതു കാണുകയില്ല. അവൻ
മരുഭൂമിയിലെ വരണ്ട പ്രദേശങ്ങളിലും, ജന
വാസമില്ലാത്ത ഉപ്പുനിലത്തും വസിക്കും.
കർത്താവിൽ ആശ്രയിച്ച്, അവൻെറ 6
ആശ്രയം മുഴുവനും കർത്താവിൽ സമർ
പ്പിച്ചും ഇരിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ട
വൻ! അവൻ വെള്ളത്തിന്നരികെ നടപ്പെട്ട 7
തും ആററരികത്തു വേരൂന്നിയിരിക്കുന്ന
തുമായ വൃക്ഷംപോലെയായിരിക്കും. ചുടു

വരുമ്പോൾ അവൻ ഭീതനാകുകയില്ല.
അതിൻെറ ഇലകൾ ആനന്ദിച്ചുകൊണ്ടി
8 രിക്കും. മഴ കുറവുള്ള സംവത്സരത്തിലും
അതിനു ഭയമില്ല. അതിൻെറ കായ്ഫല
ങ്ങൾ കുറഞ്ഞുപോകുകയുമില്ല.
9 ഹൃദയം എല്ലാറ്റിനെക്കാളും ശഠമായത്.
10 അതിനെ ആർക്ക് അറിയാം? ഞാൻ ഹൃദയ
ങ്ങൾ ശോധന ചെയ്യുന്നവനും അന്തരേന്ദ്രി
യങ്ങൾ പരിശോധിക്കുകയും ഓരോരുവ
നും, അവൻെറ നടപ്പിനനുസരിച്ചും, അവ
ൻെറ പ്രവൃത്തികളുടെ ഫലത്തിനൊത്തവ
ണ്ണവും കൊടുക്കുന്നവനുമായ കർത്താവാ
11 കുന്നു. താൻ ജന്മം കൊടുക്കാത്തവയെ വി
ളിച്ചുകൂട്ടാൻ ശ്രമിക്കുന്ന പക്ഷിയെപ്പോലെ
യാണ്, അന്യായമായി ധനം സമ്പാദിക്കു
ന്നവൻ. ആയുസ്സിൻെറ മദ്ധ്യത്തിൽ അതു
പേക്ഷിക്കേണ്ടിവരും. അവൻെറ അവസാനം
അപമാനകരവുമായിരിക്കും.
12 ആദിമുതൽ ഉയർന്നിരിക്കുന്ന സിംഹാ
സനം; ഞങ്ങളുടെ വിശുദ്ധ മന്ദിരസ്ഥാനം;
13 ഇസ്രായേലിൻെറ പ്രത്യാശ; അതു കർത്താ
വാകുന്നു. നിന്നെ ഉപേക്ഷിച്ചവർ ലജ്ജി
ക്കും. മത്സരികൾ പേരു മണ്ണിൽ എഴുതപ്പെട്ട
വരെപ്പോലെയാകും. അവർ ജീവജലത്തി
ൻെറ ഉറവിടത്തെ വിട്ടുപോയി!
14 കർത്താവേ, എനിക്കു സൌഖ്യം നൽക
ണമേ; ഞാൻ സുഖപ്പെടട്ടെ. കർത്താവേ,
എന്നെ രക്ഷിക്കണമേ; ഞാൻ രക്ഷപ്പെടട്ടെ.
എന്തെന്നാൽ നീയാണല്ലോ എൻെറ മഹ
15 ത്വം. കർത്താവേ, അവർ എന്നോടു ചോദി
ക്കുന്നു: 'കർത്താവിൻെറ അരുളപ്പാട് എവി
ടെ? അതു ഇപ്പോൾ വരട്ടെ' എന്ന്! ഞാൻ
വിഷമത്തിലായിരിക്കുന്നു. ഞാൻ നിന്നിൽ
16 നിന്നും മാറിനിന്നിട്ടില്ലാ എന്നും, മനുഷ്യ
ൻെറ ദിനം ഞാനാഗ്രഹിച്ചില്ല എന്നും അ
17 വിടന്ന് അറിയുന്നു. എൻെറ അധരങ്ങൾ
സംസാരിച്ചത് നിൻെറ സന്നിധിയിൽനിന്നു
ള്ളതായിരുന്നു. നീ എന്നെ തകർക്കരുതേ.
എന്നാലോ, ദുർദിനത്തിൽ എൻെറമേൽ
18 ആവസിക്കണമെ. എൻെറ പീഡകർ ലജ്ജി
ക്കട്ടെ. ഞാനോ ലജ്ജിക്കരുതേ! അവർ ത
കർന്നുപോകട്ടെ—ഞാനോ തകരാതിരിക്ക
ണമേ. അവർക്കു ദുർദിനം വരുത്തി ഇര
ട്ടിയായി അവരെ തകർക്കണമേ.
19 കർത്താവ് എന്നോട് ഇങ്ങനെ കല്പി
ച്ചു: യഹൂദാരാജാക്കന്മാർ അകത്തു കടക്കു
കയും ജനം പുറത്തുപോകുകയും ചെയ്യുന്ന
വാതിൽക്കലും യറുശലേമിൻെറ സർവ
വാതിൽക്കലും നീ ചെന്നു നിൽക്കുക. അവ
20 രോടു പറയുക: കർത്താവിൻെറ അരുള
പ്പാട് കേൾക്കുവിൻ. യഹൂദയുടെ രാജാ...
ന്മാരും യഹൂദഗൃഹം മുഴുവനും, ഈ വാ...
ലിൽക്കൂടെ കടക്കുന്ന സർവ്വ യറുശ...
നിവാസികളുമേ കേട്ടാലും! കർത്താ...
കല്പിക്കുന്നു: നിങ്ങളെത്തന്നെ സൂക്ഷി...
കൊള്ളുവിൻ. ശാബതുദിവസം യാതൊ...
ചുമടും വഹിച്ചുകൊണ്ട് യറുശലേമി...
വാതിലുകളിലൂടെ നിങ്ങൾ അകത്തു ക...
ക്കരുത്. ശാബതു ദിവസം നിങ്ങളുടെ വീ...
കളിൽനിന്നും യാതൊരു ചുമടും പുറ...
കൊണ്ടുപോകരുത്. യാതൊരു വേല...
ചെയ്യരുത്. ഞാൻ നിങ്ങളുടെ പിതാക്ക...
രോടു കല്പിച്ചിരുന്നതുപോലെ നിങ്ങ...
ശാബത് ദിനത്തെ വിശുദ്ധമായി കരുത...
അവരോ കേട്ടില്ല. കേൾപ്പാൻ ചെവി ച...
ച്ചുമില്ല. കേൾക്കാതിരിക്കത്തക്കവണ്ണ...
ശിക്ഷണം സ്വീകരിക്കാതെയും അ...
കഠിനകണ്ഠരായിത്തീർന്നു. കർത്താ...
കല്പിക്കുന്നു; അവർ കേട്ട് എന്നെ അ...
സരിക്കുമെങ്കിൽ, ശാബതുദിവസം ഈ ...
റവാതിൽക്കൽക്കൂടെ ചുമട് അകത്തു കൊ...
ണ്ടുപോകാതെയും, ശാബതിനെ നിങ്ങ...
വിശുദ്ധമായി കരുതുകയും, അന്നു യാതൊ...
രു വേലയും ചെയ്യാതിരിക്കുകയും ചെയ്...
ങ്കിൽ, ദാവീദിൻെറ സിംഹാസനത്തി...
ഇരിക്കുന്ന രാജാക്കന്മാരും, രഥങ്ങളി...
കുതിരപ്പുറത്തും കയറുന്നവരായ പ്ര...
ക്കന്മാരും, യഹൂദപുരുഷന്മാരും, യറുശ...
നിവാസികളും ഈ നഗരവാതിലുകളി...
ക്കൂടി അകത്തു കടക്കുകയും ഈ നഗ...
എക്കാലവും നിലനിൽക്കുകയും ചെയ്...
യറുശലേമിനു ചുറ്റുമുള്ള എല്ലാ യഹൂ...
നഗരങ്ങളിൽനിന്നും, ബന്യാമിൻ ദേശ...
നിന്നും, താഴ്വരയിൽനിന്നും, മലമ്പ്ര...
ങ്ങളിൽനിന്നും, ദക്ഷിണദേശത്തുനിന്നു...
ബലികളും വഴിപാടുകളും, കുന്തുരുക്ക...
കൊണ്ടുവരും. ദൈവാലയത്തിലേക്ക് ...
വർ സ്തോത്രയാഗവും അർപ്പിക്കും. ശാ...
തുദിവസം ശുദ്ധീകരിക്കാതെയും, അ...
യാതൊരു ചുമടുമായി യറുശലേമി...
വാതിലുകളിലൂടെ കടക്കരുത് എന്നു...
എൻെറ കല്പന അവർ അനുസരിക്കാ...
തെയുമിരുന്നാൽ - ഞാൻ അതിൻെറവാ...
ലുകളിൽ തീ കൊളുത്തും - യറുശലേമി...
കൊട്ടാരങ്ങൾ അഗ്നിക്കിരയാകും. ആ...
കെട്ടുപോകുകയില്ല.

അദ്ധ്യായം 18

ഏറമിയായ്ക്ക് കർത്തൃസന്നിധി...
നിന്നുണ്ടായ അരുളപ്പാട്: നീ എഴുന്നേ...

ാൻറ ഭവനത്തിലേക്കു ചെല്ലുക.
വച്ച് എൻെറ വചനങ്ങൾ നിന്നെ
ക്കാമെന്നു പറഞ്ഞു. കർത്തൃവചന
ച്ച് ഞാൻ കുശവൻെറ വീട്ടിലെത്തി.
ചക്രത്തിന്മേൽ ഒരു പാത്രം ഉണ്ടാ
യിരുന്നു. അവൻ ഉണ്ടാക്കിക്കൊ
കളിമൺപാത്രം ചീത്തയായിപ്പോ
വൻ അവനു തോന്നിയതുപോലെ
ാണ്ട് മററൊരു പാത്രമുണ്ടാക്കി.
ൃവചനം അപ്പോൾ എനിക്കുണ്ടാ
ായേൽ ഗൃഹമേ, ഈ കുശവൻ
പാലെ എനിക്കും നിങ്ങളോടു ചെ
ഴിവില്ലയോ? ഇസ്രായേൽ ഗൃഹ
ൻെറ കൈയിൽ കളിമണ്ണ് എന്ന
തന്നെയാണ് എൻെറ കൈകളിൽ
ഞാൻ പെട്ടെന്ന് ഒരു ജനതയെ
്യത്തെയോ ഉന്മൂലം നശിപ്പിച്ച്
ശൂന്യമാക്കുവാൻ നിശ്ചയിച്ചാ
ത അതിൻെറ തിന്മയിൽനിന്നും
ു വിട്ടുമാറിയാൽ, അതിനെക്കു
ൻ നിശ്ചയിച്ചിരുന്ന അനർഥം
യും. അതുപോലെതന്നെ, ഞാൻ
ണിയും. നട്ടു വളർത്തും എന്നു
നതയോ രാജ്യമോ, എൻെറ
തിന്മ പ്രവർത്തിക്കുകയോ,
ബ്ദം കേൾക്കാതിരിക്കുകയോ
—അതിനു ശുഭം വരുത്തുവാൻ
ചയിച്ചിരുന്ന നല്ല കാര്യം അവ
ഞാൻ തിരിച്ചുകളയും. ഇപ്പോൾ
ുഷന്മാരോടും, യറുശലേം
ടും നീ പറയുക: കർത്താവ്
ല്പിക്കുന്നു: ഞാൻ നിങ്ങൾ
അനർഥം നിർമിക്കുന്നു. നിങ്ങ
ഞാൻ ആലോചന ചെയ്യുന്നു.
ൻ, ഓരോരുവനും അവൻെറ
ൽനിന്നും പിൻതിരിയുവിൻ.
ടപ്പുകളും പ്രവർത്തനങ്ങളും
3. അതിന് അവർ, ഞങ്ങൾ
ഞങ്ങളുടെ അഭിപ്രായമനു
ങൾ പോകും. ഓരോരുവനും
ദുർമനസ്സനുസരിച്ചു പ്രവർ
ാണു പറഞ്ഞത്!
3 കർത്താവു കല്പിക്കുന്നു:
കളുടെ അടുക്കൽ ചെന്ന്, ഇ
കന്യക ചെയ്തതുപോലെ
ച്ചരത മററാരാണു ചെയ്തി
3 ആരായുവിൻ! പർവ്വത
3 ജലത്തിൻെറ ഒഴുക്കു നില
ാനോനിലെ മഞ്ഞ് പാറയി
ന്നു മായുമോ?

എൻെറ ജനം എന്നെ മറന്നു. മിഥ്യാ മൂർ 15
ത്തികൾക്ക് അവർ ധൂപം അർപ്പിച്ചു. അവർ
അവരുടെ നിത്യപാതകളിൽപോലും ഇടറി
വീണു. നിരപ്പില്ലാത്ത പാതകളിൽക്കൂടി അ
വർ നടക്കുന്നു! അവർ അവരുടെ ദേശത്തെ
ശൂന്യതയ്ക്കും പരിഹാസത്തിനും പാത്രമാ
ക്കുന്നു! ആ വഴി കടന്നു പോകുന്നവനെല്ലാം 16
അത്ഭുതംകൂറി തലകുലുക്കും. ഉഷ്ണക്കാററു 17
കൊണ്ട് എന്നതുപോലെ ശത്രുക്കളുടെ
മുമ്പിൽ ഞാൻ അവരെ ചിതറിക്കും. അവ
രുടെ ദുരിതകാലത്ത് ഞാൻ അവരെ മുഖ
മല്ല, കണ്ഠമത്രെ കാണിക്കുന്നത്.
അവർ പറഞ്ഞു: വരുവിൻ, ഏറമിയായ് 18
ക്കെതിരായി നമുക്ക് ആലോചനചെയ്യാം.
പുരോഹിതനിൽനിന്ന് പ്രമാണവും, ജ്ഞാ
നിയിൽനിന്ന് ആലോചനയും, പ്രവാചക
രിൽനിന്നു വചനവും ഇല്ലാതെ പോകുക
യില്ല. വരുവിൻ അവൻെറ നാവിൽ നമുക്ക
വനെ തകർക്കാം. അവൻെറ വചനങ്ങ
ളൊന്നും ശ്രദ്ധിക്കരുത്.
കർത്താവേ, എന്നെ ശ്രദ്ധിക്കണമെ, 19
എൻെറ പീഡകരുടെ ശബ്ദം കേൾക്കണമെ.
നന്മയ്ക്കു പകരം അവർ എന്നോട് തിന്മ പ്ര 20
തികാരംചെയ്യു. അവർ എൻെറ പ്രാണനന്നായി
കുഴികുഴിച്ചിരിക്കുന്നു. അവരെപ്പററി നല്ലതു
പറയുവാനും നിൻെറ കോപം അവരിൽനി
ന്നും മാറിപ്പോകുവാനായി ഞാൻ അവർക്കു
വേണ്ടി തിരുസന്നിധിയിൽ നിന്നത് ഓർക്കണ 21
മേ! ആകയാൽ അവരുടെ മക്കളെ പട്ടിണി
ക്കാരാക്കണമേ, വാളിന്ന് ഏല്പിക്കണമേ.
അവരുടെ സ്ത്രീകൾ വന്ധ്യകളും വിധവക
ളുമായിത്തീരട്ടെ. അവരുടെ പുരുഷന്മാർ
യുദ്ധത്തിൽ നിഹതന്മാരാകട്ടെ. നീ പെട്ടെ
ന്ന് ഒരു സൈന്യത്തെ അവരുടെ ഭവനങ്ങൾ
ക്കെതിരായി വരുത്തിയിട്ട് അവരുടെ ഭവന
ങ്ങളിൽനിന്നും കൂട്ടക്കരച്ചിൽ കേൾക്കുവാൻ
ഇടയാകട്ടെ. എന്തെന്നാൽ എന്നെ പിടിക്കു 22
വാൻ എൻെറ പ്രാണനന്നായി കുഴികുഴിച്ചു.
എൻെറ കാലുകൾക്കായി കെണികൾവച്ചു! 23
കർത്താവേ, എൻെറ മരണത്തിനായുള്ള
അവരുടെ ആലോചനയെല്ലാം അവിടന്ന്
അറിയുന്നുവല്ലോ. അവരുടെ അനീതി നീ
ക്ഷമിക്കരുതേ, അവരുടെ പാപങ്ങൾ തിരുമു
മ്പിൽ നിന്നും മറക്കരുതേ. അവർ തിരുമു
മ്പിൽ വീഴട്ടെ. നിൻെറ ക്രോധകാലത്ത് അവ
രോടു നീ പ്രവർത്തിക്കണമേ.

അദ്ധ്യായം 19

കർത്താവ് എന്നോടിങ്ങനെ അരുളി 1
ച്ചെയ്തു: നീ പോയി കുശവൻെറ ഒരു

മൺകുടം വിലയ്ക്കു വാങ്ങുക. ജനത്തി
ൻെറ മൂപ്പന്മാരിൽനിന്നും പുരോഹിതരുടെ
മൂപ്പന്മാരിൽനിന്നും ചിലരെ കൂട്ടിക്കൊണ്ട്
'ഹദ്സിത്ത്'വാതിലിൻെറ പ്രവേശനത്തി
ങ്കലുള്ള ബർഹന്നൂം താഴ്വരയിലേക്കു
പുറപ്പെടുക. അവിടെവച്ചു നിന്നോടു ഞാൻ
പറയുന്ന വചനങ്ങൾ നീ പ്രസംഗിക്കുക.
3 നീ പറയുക: യഹൂദാരാജാക്കന്മാരേ, യറു
ശലേം ദേശവാസികളേ! കർത്താവിൻെറ വാ
ക്കു കേൾപ്പിൻ. ഇസ്രായേലിൻെറ ദൈവ
മായ കർത്താവ് ഇങ്ങനെ കല്പിക്കുന്നു.
കേൾവിക്കാർ എല്ലാം നടുങ്ങത്തക്ക അനർ
4 ഥം ഈ ദേശത്തു ഞാൻ വരുത്തും. അവർ
എന്നെ ഉപേക്ഷിച്ച് ഈ ദേശം അശുദ്ധ
മാക്കി. അന്യദേവന്മാർക്കു ധൂപം അർപ്പിച്ചു.
ആ ദേവന്മാരെ അവരോ, അവരുടെ പിതാ
ക്കന്മാരോ അറിഞ്ഞിട്ടുള്ളവരല്ല. നിരപരാധി
കളുടെ രക്തംകൊണ്ട് അവർ ഈ ദേശം
5 നിറച്ചു. എരിയുന്ന അഗ്നിയിൽ ബാലിനു
അവരുടെ മക്കളെ ദഹിപ്പിക്കുവാനായി
അവർ ബാലിന്നായി ബലി പീഠങ്ങൾ നിർമി
ച്ചു. ഇതു ഞാനവരോട് ആജ്ഞാപിച്ചതല്ല;
പറഞ്ഞതല്ല; എൻെറ മനസ്സിൽ തോന്നിയിട്ടു
6 ള്ളതുമല്ല. ആകയാൽ ഈ സ്ഥലം താഫ
ത്ത്, എന്നോ ബർഹന്നൂം താഴ്വര എന്നോ
അല്ല വധിതരുടെ താഴ്വര എന്നു വിളിക്ക
7 പ്പെടുന്ന നാളുകൾ ഇതാ വരുന്നു. യഹൂദാ
യുടെയും യറുശലേമിൻേറയും ആലോചന
ഞാൻ ഈ ദേശത്തു വ്യർഥമാക്കും. ഞാൻ
അവരുടെ വൈരികളുടേയും അവരുടെ
പ്രാണനെടുക്കുവാനിരിക്കുന്നവരുടേയും
മുമ്പിൽ വാളിനാൽ വീഴിക്കും. അവരുടെ
ശവശരീരങ്ങൾ ആകാശത്തിലെ പക്ഷികൾ
8 ക്കും കാട്ടുമൃഗങ്ങൾക്കും ഞാൻ ഇരയാക്കും.
ഞാൻ ഈ നഗരത്തെ എല്ലാവർക്കും അത്ഭു
തവസ്തുവും പരിഹാസപാത്രവുമാക്കും. ആ
വഴി കടന്നുപോകുന്നവരെല്ലാം അതിന്നു
സംഭവിച്ച ശിക്ഷകളോർത്ത് അത്ഭുതപ്പെട്ടു
9 ചൂളമടിക്കും. അവരുടെ സ്വന്തം പുത്രീപുത്ര
ന്മാരുടെ മാംസവും, ഒരുവൻ കൂട്ടുകാരൻെറ
മാംസ വും തിന്നുമാറാക്കും. അവരുടെ ശത്രു
ക്കളും അവർക്കു പ്രാണഹാനി വരുത്തു
വാൻ നോക്കുന്നവരും അവർക്കു ഞെരു
ക്കവും അതിവേദനയും വരുത്തും.
10 നിന്നോടുകൂടെ വരുന്നവരുടെ മുമ്പിൽ
വച്ച് നീ ആ മൺകുടം ഉടച്ചുകളയുക. എ
ന്നിട്ട് അവരോടു പറയുക? ബലവാനായ
11 കർത്താവ് ഇപ്രകാരം പറയുന്നു. ഈ ജന
ത്തേയും ഈ നഗരത്തേയും, കുശവൻെറ
ഈ പാത്രത്തെ എന്നതുപോലെ ഞാൻ
തകർക്കും. അതിനെ നന്നാക്കുവാൻ ആർ
ക്കും കഴിയുകയില്ല. ശവം സംസ്കരിക്കുവാൻ
ഇടമില്ലായ്കയാൽ, അവർ അവരുടെ മൃത
ന്മാരെ താഫാത്തിൽ അടക്കും. ഇങ്ങനെ
ഞാൻ ഈ സ്ഥലത്തോടും ദേശവാസികളോ
ടും പ്രവർത്തിക്കും. ഈ ദേശത്തെ ഞാൻ
താഫാത്ത്പോലെയാക്കും. യറുശലേമിലെ
ഭവനങ്ങളും യഹൂദാരാജഗൃഹങ്ങളും താ
ഫാത്ത്പോലെ അശുദ്ധമായിരിക്കും. അ
തേ, അവയുടെ മേൽപുരകളിൽ ആകാശ
സേനകൾക്കു ധൂപമർപ്പിക്കുകയും അന്യ
ദേവന്മാർക്ക് പാനീയബലികൾ അർപ്പി
ക്കുകയും ചെയ്ത ഭവനങ്ങളെത്തന്നെ.
പിന്നീട് ഏറമിയ, പ്രവചിക്കുവാൻ
കർത്താവ് അവനെ അയച്ചിരുന്ന താഫ
ത്തിൽനിന്നു വന്ന് ദൈവാലയത്തിൻെറ
പ്രാകാരത്തിങ്കൽ നിന്നു. ഇസ്രായേലിൻെറ
ദൈവമായ ബലവാനായ കർത്താവ്
കല്പിക്കുന്നു: "എൻെറ വചനങ്ങൾ അനു
സരിക്കാതെ ശാഠ്യമുള്ളവരായി ജനം നിന്ന
തിനാൽ ഞാൻ പറഞ്ഞ സർവ അനർഥവും
ഈ നഗരത്തിന്മേലും അതിൻെറ എല്ലാ
ഗ്രാമങ്ങൾക്കും ഞാൻ വരുത്തും" എന്നു
പറഞ്ഞു.

അദ്ധ്യായം 20

ഏറമിയായുടെ പ്രവചനവാക്കുകൾ
കേട്ട് ദൈവാലയത്തിൻെറ കാര്യവിചാര
കനും അധികാരിയുമായ ഇമ്മേറിൻെറ
മകൻ പശ്ഹൂർ എന്ന പുരോഹിതൻ
ഏറമിയാ പ്രവാചകനെ അടിച്ചു. ദൈവാ
ലയത്തിങ്കൽമേലെയുള്ള ബന്യാമിൻ
ഭവനത്തിൻെറ വാതിൽക്കൽ ബന്ധിച്ചിട്ടു.
പിറെറദിവസം പശ്ഹൂർ ഏറമിയായെ
ബന്ധനത്തിൽനിന്നു വിട്ടു. ഏറമിയാ
അവനോട്, 'പശ്ഹൂർ' എന്നല്ല കർത്താവ്
നിനക്കു പേരിട്ടിരിക്കുന്നത്; എന്നാലോ,
'ദേശാടകനും ഭിക്ഷുവും' എന്നത്രെ എന്നു
പറഞ്ഞു.
ഇതിനാൽ കർത്താവ് ഇങ്ങനെ കല്പി
ക്കുന്നു: ഞാൻ നിന്നെയും നിൻെറ സ്നേ
ഹിതരെല്ലാവരേയും അന്യദേശവാസിക
ളാക്കും. അവരുടെ ശത്രുക്കളുടെ വാളാൽ
അവർ വീഴും. നിൻെറ കണ്ണുകൾ ആ കാഴ്ച
കാണും. ബാബേൽ രാജാവിൻെറ കൈ
യിൽ യഹൂദാ മുഴുവനേയും ഞാൻ ഏല്പി
ക്കും. അവൻ അവരെ ബാബേലിലേക്കു
അടിമകളായി കൊണ്ടുപോകും. ഈ നഗര
ത്തിൻെറ എല്ലാ കോട്ടകളും സർവ്വ സ...
ദ്യങ്ങളും അതിൻെറ സർവ മഹത്ത്വവ...

ഹൂദാരാജാവിൻെറ ഭണ്ഡാരങ്ങൾ
. അവരുടെ ശത്രുക്കളുടെ കൈ
ൻ ഏല്പിക്കും. അവർ ഇവരെ
ാക്കും, കവർച്ചചെയ്യും, ബാബേ
കൊണ്ടുപോകുകയും ചെയ്യും.
നീയും നിൻെറ വീട്ടുകാർ എല്ലാ
വാസത്തിൽ പോകുകതന്നെ
വാബേലിലേക്കു നീ പോകും.
ആരോടു കള്ളപ്രവചനം നട
ുവോ, നിൻെറ ആ സ്നേഹിത
അവിടെവച്ചു മരിക്കും. അവി
ശവസംസ്ക്കാരവും നടക്കും.
ാവേ, നീ എന്നെ ആകർഷിച്ചു;
ൃഷ്ടനായി. നീ ബലം പ്രയോ
ന്നെ ജയിച്ചു. ഞാൻ പ്രതിദിനം
പാത്രമായിരിക്കുന്നു. എല്ലാ
ന ആക്ഷേപിക്കുന്നു. ഞാൻ
ുന്ന സമയത്തെല്ലാം കവർച്ച
അപഹാരികളേയും കുറിച്ച്
യണ്ടിവരുന്നു. കർത്തൃവചനം
ംപ്രതി നിന്ദയ്ക്കും പരിഹാസ
ാണമായിരിക്കുന്നു. ഇനിയും
ന ഓർക്കുകയില്ല; സംസാരി
എന്നു ഞാൻ പറഞ്ഞാൽ,
ാ ഹൃദയത്തിൽ തീ കത്തുന്ന
എൻെറ അസ്ഥികൾ ഉരുക്കും
ുന്നു. സഹിക്കുവാൻ ഞാനാ
ിക്കു സാദ്ധ്യമായില്ല! എൻെറ
ടിനിൽക്കുന്ന അനേകരുടെ
ന്തെന്നു ഞാൻ കേട്ടു. വായ
ിക്ക് സമാധാനം ആശംസി
സ്സിൽ എന്നെ വെറുക്കുകയും
വരെല്ലാവരും പറയുന്നു:
ദൾക്കു കാണിച്ചുതരുവിൻ,
ഞങ്ങൾ നില്ക്കാം, പക്ഷേ
ാായേക്കാം. അവനോട് പക
ശക്തനായ മഹാവീരനെ
ാവ് എന്നോടുകൂടെയുണ്ട്.
ാൻെറ പീഡകരെല്ലാം ലജ്ജി
ാണാതാകും. അവർ ഏററം
ഒരിക്കലും വിസ്മരിക്കപ്പെ
വർക്കുണ്ടാകും. നീതിമാനെ
് അന്തരേന്ദ്രിയങ്ങളേയും
ുന്നവനായ ബലവാനായ
ൻെറ വിധി നിന്നെ ഞാൻ
ുകയാൽ അവരോടുള്ള
ാരം. ഞാൻ കാണുമാററാ

ാണനെ ദുഷ്ടൻെറ കൈ
ിരക്ഷിച്ച കർത്താവിനെ

സ്തുതിപ്പിൻ, കർത്താവിനെ സ്തുതിപ്പിൻ.
ഞാൻ ജാതനായ ദിവസം ശപിക്കപ്പെട്ടത്.
എൻെറ അമ്മ എന്നെ പ്രസവിച്ച ദിവസം 13
അനുഗൃഹീതമാകാതിരിക്കട്ടെ. നിനക്കു 14
ഒരു ആൺകുഞ്ഞ് ജനിച്ചിരിക്കുന്നു എന്ന്
എൻെറ പിതാവിനെ അറിയിച്ച് അവൻെറ
മനസ്സു സന്തോഷിപ്പിക്കാമെന്ന് വിചാരിച്ച
മനുഷ്യൻ ശപിക്കപ്പെടട്ടേ. ദൈവം അവയെ 15
കരുതാതെ നശിപ്പിച്ചുകളഞ്ഞ ആ പട്ടണ
ങ്ങളെപ്പോലെ അവൻ ആയിത്തീരട്ടെ.
അവൻ പ്രഭാതത്തിൽ വിലാപവും മദ്ധ്യാ 16
ഹ്നത്തിൽ അട്ടഹാസവും കേൾക്കട്ടെ. ആ 17
മനുഷ്യൻ ഗർഭപാത്രത്തിൽവച്ചുതന്നെ
എന്നെ കൊന്ന് എൻെറ അമ്മ എനിക്കു
ശവകുടീരവും ആക്കാതിരുന്നതെന്ത്?
ഞാൻ ഗർഭാശയത്തിൽനിന്നു പുറത്തു
വന്നതെന്തിന്? പ്രയാസവും ദുരിതവും 18
കാണുവാനോ? എൻെറ നാളുകൾ ലജ്ജ
യിൽ കഴിഞ്ഞുപോയി.

അദ്ധ്യായം 21

സെദക്കിയ രാജാവ്, പുരോഹിതന്മാ 1
രായ മൽക്കിയായുടെ പുത്രൻ പശ്ഹൂറി
നേയും, മയാസിയായുടെ മകൻ സഫന്യാ
യേയും ഏറമിയായുടെ അടുക്കലേക്കയച്ച്
ബാബേൽ രാജാവായ നെബുഖദ്നേസർ 2
നമുക്കെതിരായി യുദ്ധം ചെയ്യുന്നതിനാൽ
കർത്തൃസന്നിധിയിൽ നീ നമുക്കുവേണ്ടി
അപേക്ഷിക്കണം, പക്ഷേ ദൈവം അവൻെറ
സർവ അത്ഭുതപ്രവൃത്തികൾക്കൊത്ത
വണ്ണം നമ്മോട് ചെയ്യുകയും അവനെ
നമ്മിൽനിന്ന് അകററിക്കളയുകയും ചെയ്യും
എന്നും പറയിച്ചപ്പോൾ ദൈവസന്നിധിയിൽ
നിന്നും ഏറമിയായ്ക്കുണ്ടായ അരുളപ്പാട്:
ഏറമിയ അവരോടു പറഞ്ഞു: സെദ 3
ക്കിയാ രാജാവിനോട് ഇങ്ങനെ പറയുവിൻ.
ഇസ്രായേലിൻെറ ദൈവമായ കർത്താവു
കല്പിക്കുന്നു: നഗരത്തിനു വെളിയിൽ
വളഞ്ഞിരിക്കുന്ന ബാബേൽ രാജാവി
നോടും കൽദയരോടും യുദ്ധം ചെയ്യുവാൻ
നിങ്ങളുടെ കൈവശമുള്ള ആയുധങ്ങളെ
ഈ നഗരത്തിന്നുള്ളിൽ ഞാൻ കൂട്ടും.
ഞാനും ബലമുള്ള കൈകൊണ്ടും ഉന്നത 4
ഭുജംകൊണ്ടും കോപത്തോടും ക്രോധ
ത്തോടും മഹാവൈരാഗ്യത്തോടുംകൂടെ
നിങ്ങളോടു യുദ്ധം ചെയ്യും. ഈ ദേശവാസി 5
കളേയും മൃഗങ്ങളേയും ഞാൻ സംഹരി
ക്കും. അവർ മഹാമാരിയിൽ മരിക്കും.
കർത്താവു തുടർന്നു പറയുന്നു: സെദക്കി 6
യാ രാജാവിനേയും അവൻെറ ദാസന്മാ

രെയും വാളിൽനിന്നും പട്ടിണിയിൽനിന്നും,
7 മഹാമാരിയിൽനിന്നും ഈ നഗരത്തിൽ
അവശേഷിച്ചവരെ, ഞാൻ നെബുക്ദ്നേ
സറിൻേറയും ഇവരുടെ ശത്രുക്കളുടേയും
ഇവരുടെ പ്രാണഹാനിക്കായി ആഗ്രഹിക്കു
ന്നവരുടേയും കൈയിൽ ഏല്പിക്കും.
അവർ ഇവരെ വാളിൻെറ വായ്ത്തലയാൽ
വെട്ടിക്കൊല്ലും. ഇവരോടു സഹതാപം
തോന്നുകയില്ല. മനസ്സലിയുകയില്ല; കരുണ
കാണിക്കുകയുമില്ല.
8 നീ ഈ ജനത്തോടു പറയുക: ഇതാ
ഞാൻ നിങ്ങളുടെ മുമ്പിൽ ജീവൻെറ
വഴിയും മരണത്തിൻെറ വഴിയും തരുന്നു.
9 ഈ നഗരത്തിൽ ഇരിക്കുന്നവൻ വാളാലും
പട്ടിണിയാലും മഹാമാരിയാലും മരിക്കും.
നിങ്ങളെ വളഞ്ഞിരിക്കുന്ന കൽദയരുടെ
അടുക്കലേക്ക് ഇറങ്ങിച്ചെല്ലുന്നവൻ പ്രാ
10 ണൻ രക്ഷിച്ചു ജീവനോടിരിക്കും. എന്തെ
ന്നാൽ ഞാൻ എൻെറ മുഖം ഈ നഗര
ത്തിനു ഗുണത്തിനല്ല; ദോഷത്തിനത്രെ
തിരിച്ചിരിക്കുന്നത് എന്നു കർത്താവ് കല്പി
ക്കുന്നു. ഈ നഗരം ബാബേൽ രാജാവിൻെറ
കൈയിൽ ഏല്പിക്കപ്പെടും. അവൻ അതി
നെയും യഹൂദായുടെ രാജഗൃഹത്തെയും
ചുട്ടുകളയും.
11 ദാവീദിൻഗൃഹമേ, കർത്താവിൻെറ
വചനം കേട്ടുകൊൾവിൻ. കർത്താവ് അരുളി
ച്ചെയ്യുന്നു. പ്രഭാതത്തിൽ നിങ്ങൾ ന്യായ
പാലനം ചെയ്യുവിൻ. പീഡിതനെ പീഡിത
ൻെറ കൈയിൽനിന്നും രക്ഷിക്കുവിൻ.
എൻെറ കോപം അഗ്നിസമാനം ആളിക്കത്തി
ദഹിപ്പിക്കും. നിങ്ങളുടെ പ്രവൃത്തികളുടെ
തിന്മ നിമിത്തം, അതു കെടുത്തുവാൻ ആളു
12 ണ്ടാകുകയില്ല. സമതലത്തും അഗാധത്തി
ലും ഞാൻ നിങ്ങൾക്കെതിരായിരിക്കും.
ഞങ്ങളുടെ നേരേ ആരു വരും? ആരാണു
ഞങ്ങളുടെ വാസസ്ഥാനത്ത് പ്രവേശിക്കു
13 ന്നത് എന്നു ചോദിക്കുന്നവരേ, നിങ്ങളുടെ
പ്രവർത്തനഫലമനുസരിച്ചു ഞാൻ നിങ്ങ
14 ളെ ശിക്ഷിക്കും. അതിൻെറ നഗരങ്ങളിൽ
ഞാൻ തീയിറക്കും. അതിൻെറ പരിസരങ്ങ
ളേയും ദഹിപ്പിച്ചുകളയും എന്നു കർത്താവ്
അരുളിച്ചെയ്യുന്നു.

അദ്ധ്യായം 22

1 കർത്താവ് ഇപ്രകാരം അരുളിച്ചെയ്യു
ന്നു: നീ യഹൂദാ രാജാവിൻെറ കൊട്ടാര
2 ത്തിൽ ചെന്ന് ഈ വചനം പറയുക. ദാവീദി
ൻെറ സിംഹാസനത്തിൽ ഇരിക്കുന്ന
യഹൂദാരാജാവേ, നീയും നിൻെറ ദാസ
ന്മാരും, ഈ വാതിലുകളിലൂടെ പ്രവേ
ക്കുന്ന നിൻെറ ജനവും കർത്താവിൻ
അരുളപ്പാടു കേൾക്കുവിൻ. കർത്താ
കല്പിക്കുന്നു: നീതിയും പുണ്യവും ചെ
വിൻ. പീഡകനിൽനിന്നും പീഡിത
ത്രാണനം ചെയ്യുവിൻ. പരദേശിയേ
അനാഥരേയും, വിധവമാരേയും ഉപദ്ര
ക്കരുത്. ബലാൽക്കാരം ചെയ്യരുത്. നിര
രാധികളുടെ രക്തം ഈ സ്ഥലത്തു വീ
ക്കരുത്. ഈ വചനപ്രകാരം നിങ്ങൾ നിശ്
യമായും ചെയ്യുമെങ്കിൽ ദാവീദിൻ
സിംഹാസനത്തിലിരിക്കുന്ന രാജാ
ന്മാരും, പ്രഭുക്കളും രഥങ്ങളിലും കു
പ്പുറത്തും അവനും അവൻെറ ദാസരും ഈ
വാതിലുകളിൽകൂടെ അകത്തു കടക്
ഈ വചനം നിങ്ങൾ കേട്ടനുസരിക്കാ
ന്നാൽ, എന്നാണ ഞാൻ പറയുന്നു, ഈ
മന്ദിരം ശൂന്യമായിപ്പോകും. യഹൂദാ
ഗൃഹത്തിന്നെതിരായി കർത്താവ് ഇങ്ങ
കല്പിക്കുന്നു. നീ ലബാനോൻെറ ശി
മാകുന്ന ഗിലയാദ് ആകുന്നു. എന്നാ
ഞാൻ നിന്നെ ആൾപാർപ്പില്ലാത്ത നഗ
ളായി, മരുഭൂമിയാക്കിത്തീർക്കും. കോട
കൈയിൽ പിടിച്ചിരിക്കുന്ന സംഹാരക
നിനക്കെതിരായി ഞാൻ ഒരുക്കി നിർത്ത
നിൻെറ കാരകിലുകളിൽ മേൽത്തര
വയെ അവർ മുറിക്കും; തീയിലിടും.
തിയർ ഈ മഹാനഗരത്തിലൂടെ കട
പോകുമ്പോൾ 'ഈ മഹാനഗരത്തെ
ഇങ്ങനെയാക്കിയത് എന്തുകൊണ്ട്
അവർ പരസ്പരം ചോദിക്കും. അവ
ദൈവമായ കർത്താവിൻെറ നി
ലംഘിച്ച് അന്യദേവന്മാരെ ആരാധിച്ച്
ചെയ്തതു നിമിത്തം, എന്ന് അവർ പറ
മരിച്ചവനെക്കുറിച്ചല്ല കരഞ്ഞു വി
ക്കേണ്ടത്. നാടുവിട്ടു പോകുകയും തി
വരികയോ അവൻെറ ജന്മദേശം മേ
കാണുകയോ ചെയ്യുവാനിടയാകാ
നെക്കുറിച്ചു കരയുവിൻ. തൻെറ പിതാ
യോശിയായ്ക്കു പകരം രാജ്യം ഭരിച്ചിട്ട്
ദേശം വിട്ടുപോയവനായ, യോശിയാ
മകനും, യഹൂദാ രാജാവുമായ ശല്ലൂ
നെക്കുറിച്ചു കർത്താവു കല്പിക്കു
അവൻ ഇനി ഇവിടേക്കു തിരിച്ചെത്തു
ല്ല. എന്നാലോ അവനെ അടിമയാക്കി
ണ്ടുപോയ ദേശത്തുവച്ചു അവൻ മരി
അവൻ ഇനി ഈ ദേശം കാണുകയില്ല
അന്യായമാർഗത്തിലൂടെ വീടു പ
യുകയും നീതികേടുകൊണ്ട് മാളിക
ഉയർത്തുകയും, കൂട്ടുകാരനെക്കൊ

ാടുക്കാതെ വേല ചെയ്യിക്കുകയും
മനുഷ്യനു ഹാ കഷ്ടം. അവൻ
= ഞാൻ വിസ്താരമുള്ള ഭവന
ശാലമായ മാളികകളും പണിയും.
ാല്ലാം ഞാൻ ജനലുകൾ വയ്ക്കും.
കാണ്ട് ഞാൻ അതിനു മേൽത്തട്ടു
ചിത്രപ്പണികൾകൊണ്ട് അലങ്ക
വദാരുക്കൾകൊണ്ട് സന്തോഷി
ാജാവാണോ? നിന്റെ പിതാവ്
ാനം ചെയ്തു. അവൻ നീതിയാ
്യമായും പ്രവർത്തിച്ചു. അത്
ഭം വരുത്തി. അവൻ ദരിദ്രനും
ം ന്യായംപാലിച്ചു കൊടുത്തു.
കാര്യങ്ങൾ ചെയ്തു. ഇങ്ങനെ
യ്യുന്നവനാണ് എന്നെ അറിയു
ു കർത്താവ് കല്പിക്കുന്നു.
ിന്റെ കണ്ണും മനസ്സും, നിന്റെ
ാലും, കുററമില്ലാത്ത രക്തം ചി
ം പീഡനത്തിന്മേലും അക്രമ
ല്ലാതെ മററൊന്നിന്മേലും അല്ല!
ൽ യഹൂദാരാജാവായ യോശി
ൻ യഹോയാക്കിമിനെ കുറിച്ച്
ല്പിക്കുന്നു. അയ്യോ എന്റെ
സഹോദരാ എന്നുപറഞ്ഞ്
ലപിക്കുകയില്ല. അയ്യോ ഉടയ
നനേ എന്നു പറഞ്ഞും വില
യറുശലേമിന്റെ വാതിലു
ുത്തക്ക് അവനെ വലിച്ചിഴച്ച്
യ കുഴിച്ചുമൂടുന്നതുപോലെ
ച്ചിടും!
ംനിൽ കയറിച്ചെന്ന് അട്ടഹ
ാശാനിൽ നിന്റെ ശബ്ദം
ടൽത്തീരത്തുനിന്ന് അട്ടഹ
ന്റ സ്നേഹിതർ ആകമാനം
യി! നിന്റെ സമൃദ്ധിയുടെ
ൻ നിന്നോടു സംസാരിച്ചു.
യാ, ഞാൻ കേൾക്കുകയില്ല
ഞ്ഞത്! എന്റെ ശബ്ദം നീ
ല്ല എന്നതാണ് നിന്റെ
ുള്ള നിന്റെ സ്വഭാവം!
ാരെയെല്ലാം കൊടുങ്കാററു
ന്റ സ്നേഹിതർ അടിമത്വ
കും. അപ്പോൾ നീ ലജ്ജിത
സർവ തിന്മകളും നിമിത്തം
- കാരകിൽ വൃക്ഷങ്ങളിൽ
ബാനോനിൽ വസിക്കുന്ന
ുന്ന സ്ത്രീക്കുള്ളതുപോ
യും സംഭ്രമവും നിനക്കു
ി എന്തിനു നെടുവീർപ്പി
് കല്പിക്കുന്നു. യഹോ

യാക്കിമിന്റെ മകൻ യഹൂദാ രാജാവായ
യുഖനിയാ എന്റെ വലങ്കൈയിലെ മുദ്ര
മോതിരമായിരുന്നാലും ഞാനതിനെ വലി
ച്ചൂരി എറിഞ്ഞുകളയും. നിനക്കു പ്രാണ 25
ഹാനി വരുത്തുവാൻ ശ്രമിക്കുന്നവരുടെ
കൈയിലും, നീ ഭയപ്പെടുന്നവരുടെ കൈ
യിലും ബാബേൽ രാജാവായ നെബുഖദ്
നേസറിന്റെ കൈയിലും കൽദയരുടെ
കൈയിലും ഞാൻ നിന്നെ ഏല്പിച്ചു
കൊടുക്കും. നിന്നെയും നിന്നെ പ്രസവിച്ച 26
നിന്റെ അമ്മയേയും നിങ്ങൾ ജനിച്ചതല്ലാ
ത്ത അന്യദേശത്തേക്കു ഞാൻ എറിഞ്ഞു
കളയും. അവിടെവച്ചു നിങ്ങൾ മരിക്കും.
അവർ തിരികെ വരുവാൻ ആശിക്കുന്ന 27
ദേശത്തേക്ക് അവർ തിരികെ വരുകയില്ല.
ഉപയോഗശൂന്യമായ പാത്രംപോലെയുള്ള 28
യുഖനിയാ എന്ന നിസ്സാരനും നിഷിദ്ധ
നുമായ മനുഷ്യനും, അവന്റെ സന്തതിയും
എടുക്കപ്പെട്ട് അവർക്കു പരിചിതമല്ലാത്ത
ദേശത്തേക്ക് എറിയപ്പെട്ടിരിക്കുന്നു. ദേശമേ, 29
ദേശമേ, ദേശമേ കർത്താവിന്റെ വചനം
കേൾക്കുക. ഈ മനുഷ്യനെ മക്കളില്ലാത്ത 30
വൻ എന്നും, അവന്റെ ആയുഷ്ക്കാലത്ത്
ശുഭപ്പെടാത്തവൻ എന്നും എഴുതുവിൻ.
ദാവീദിന്റെ സിംഹാസനത്തിൽ ആരൂഢ
നായി യഹൂദായിൽ വാഴുവാൻ അവന്റെ
സന്തതിയിൽ ഒരുവനും ഭാഗ്യമുണ്ടാകുക
യില്ല. എന്നു കർത്താവ് അരുളിച്ചെയ്യുന്നു.

അദ്ധ്യായം 23

എന്റെ ആട്ടിൻകൂട്ടത്തിലെ ആടുകളെ 1
നശിപ്പിക്കുകയും ചിതറിക്കുകയും ചെയ്യുന്ന
ഇടയന്മാർക്കു ഹാ കഷ്ടം. എന്റെ ജന
ത്തെ മേയിക്കുന്ന ഇടയന്മാരേ, നിങ്ങൾ 2
എന്റെ ആടുകളെ ചിതറിച്ചു. അവരെ വഴി
തെററിച്ചു. അവർക്കു നിങ്ങൾ ഉപദേശം
കൊടുത്തില്ല. നിങ്ങളുടെ പ്രവൃത്തികളുടെ
തിന്മയ്ക്കൊത്തവണ്ണം ഞാൻ നിങ്ങളെ
ശിക്ഷിക്കും എന്ന് ഇസ്രായേലിന്റെ ദൈവ
മായ കർത്താവ് കല്പിക്കുന്നു. നിങ്ങൾ 3
എന്റെ ആടുകളിൽ ശേഷിച്ചവരെ എവിടെ
യെല്ലാം ചിതറിച്ചുകളഞ്ഞുവോ, അവിടെ
നിന്നെല്ലാം അവയെ ഞാൻ കൂട്ടിവരുത്തും.
അവർക്കായി ഇടയന്മാരെ ഞാൻ നിയ 4
മിക്കും. അവർ അവരെ മേയിക്കും. മേലാൽ
അവർ സംഭീതരാകുകയില്ല; ചിതറിപ്പോകു
കയും, വഴിതെററുകയുമില്ല എന്നു കർത്താ
വു കല്പിക്കുന്നു.

ദാവീദിന് നീതിയുടെ കിരണം ഞാൻ 5
ഉദിപ്പിക്കുന്ന നാളുകൾ വരും. അവൻ രാജാ

വായി വാഴും, പരിജ്ഞാനത്തോടെ പ്രവർ
ത്തിച്ച് ഭൂമിയിൽ നീതിയും പുണ്യവും വരു
6 ത്തും. അവൻെറ കാലത്ത് യഹൂദാ രക്ഷ
പ്രാപിക്കും. ഇസ്രായേൽ സമാധാനപൂർവം
വസിക്കും. "കർത്താവു നമ്മുടെ പുണ്യം"
എന്ന് അവനു പേരു വിളിക്കും.
7 ആകയാൽ മെസ്രേനിൽനിന്ന് ഇസ്രാ
യേൽ ഗൃഹത്തെ കൊണ്ടുവന്ന കർത്താ
വാണ, എന്നല്ല പറയുന്നത് പിന്നെയോ
8 ഇസ്രായേൽ മക്കളെ ഉത്തരദേശത്തു
നിന്നും, അവർ ചിതറിപ്പോയ മററെല്ലാ
ദേശങ്ങളിൽനിന്നും കരേററിക്കൊണ്ടുവന്ന
കർത്താവാണ, എന്നു പറയുന്ന കാലം
വരും. അവർ അവരുടെ സ്വന്ത ദേശത്ത്
വസിക്കും എന്നു കർത്താവ് അരുളിച്ചെ
യ്യുന്നു.
9 പ്രവാചകന്മാരെക്കുറിച്ച് എൻെറ ഹൃദ
യം എൻെറ ഉള്ളിൽ തകർന്നിരിക്കുന്നു.
എൻെറ അസ്ഥികളെല്ലാം ഇളകിയിരിക്കു
ന്നു. കർത്തൃസന്നിധിയിലും അവൻെറ
വിശുദ്ധവചനങ്ങൾ മൂലവും ഞാൻ മദ്യ
പിച്ചു അതിലഹരി പിടിച്ചവനെപ്പോലെയും
10 ആയിരിക്കുന്നു. എന്തെന്നാൽ വ്യഭിചാരി
കളേയും അപഹാരികളേയുംകൊണ്ട് ദേശം
നിറഞ്ഞിരിക്കുന്നു. ഇവർ നിമിത്തം ദേശം
നശിച്ചിരിക്കുന്നു. മരുപ്പച്ചപ്രദേശങ്ങൾ
ഉണങ്ങിക്കരിഞ്ഞിരിക്കുന്നു. അവരുടെ
ഓട്ടം തിന്മ നിറഞ്ഞതും അവരുടെ ശക്തി
11 സമൃദ്ധമാകാത്തതുമാകുന്നു. എന്തെന്നാൽ
പ്രവാചകരും, പുരോഹിതരും ഒരുപോലെ
മതത്യാഗികളായിരിക്കുന്നു! എൻെറ ആല
യത്തിലും ഞാൻ അവരുടെ ദുഷ്ടത കണ്ടി
12 രിക്കുന്നു. ഇതു നിമിത്തം അവരുടെ വഴികൾ
വിഴുവിഴുപ്പുള്ളവയായിരിക്കും. ഇരുട്ടത്ത്
അവർ മറിഞ്ഞുവീഴും. ഞാൻ അവർക്ക്
അനർത്ഥം, അവരുടെ ശിക്ഷയുടെ സംവ
ത്സരം, വരുത്തും എന്ന് കർത്താവു കല്പി
ക്കുന്നു.
13 ശമരിയായിലെ പ്രവാചകന്മാരിൽ
ഞാൻ കള്ളത്തരം കണ്ടിരിക്കുന്നു. അവർ
ബാലിൻെറ നാമത്തിൽ പ്രവചിച്ച് എൻെറ
ജനമായ ഇസ്രായേലിനെ വഴിതെററിച്ചു.
14 അവർ വ്യഭിചരിക്കുന്നു. വ്യാജത്തിൽ നട
ക്കുന്നു. ഒരുവൻ തൻെറ ദുഷിച്ച മാർഗം
വിട്ടുപിരിഞ്ഞുവരാതിരിക്കത്തക്കവണ്ണം
അവർ അവരുടെ സ്നേഹിതരെ പ്രേരിപ്പി
ക്കുന്നു. അവർ എല്ലാവരും എനിക്കു
സോദോമിനെപ്പോലെയും തദ്ദേശവാസി
കൾ എനിക്കു ഓമോറായെപ്പോലെയു
മിരിക്കുന്നു.

ആകയാൽ സർവശക്തനായ ദൈവം
പ്രവാചകരെക്കുറിച്ച് ഇങ്ങനെ കല്പിക്കു
ന്നു: ഞാൻ അവരെ കയ്പു തീററും. അവരെ
ഞാൻ കയ്പുവെള്ളം കുടിപ്പിക്കും. എന്തെ
ന്നാൽ യറുശലേമിലെ പ്രവാചകന്മാരിൽ
നിന്നാണ് കാവ്യാചാരങ്ങൾ ദേശത്തെല്ലാ
വ്യാപിച്ചിരിക്കുന്നത്.
സർവശക്തനായ ദൈവം കല്പിക്കു
ന്നു: നിങ്ങളോട് പ്രവചിച്ചു വഴിതെററി
ക്കുന്ന കള്ളപ്രവാചകന്മാരുടെ വാക്കുകൾ
നിങ്ങൾ കേൾക്കരുത്. കർത്താവിൻെറ
തിരുവായിൽനിന്നുള്ള വചനങ്ങളല്ല, സ്വന്ത
ഹൃദയത്തിലെ തോന്നലത്രെ അവർ സംസാ
രിക്കുന്നത്. കർത്താവിനെ കോപിപ്പിക്കു
ന്നവരോട്, കർത്താവിൻെറ അരുളപ്പാട്
എന്നവണ്ണം അവർ 'നിങ്ങൾക്കു സമാധാനം
ഉണ്ടായിരിക്കും' എന്നു പറയുന്നു! സ്വന്ത
ഹൃദയത്തിൻെറ ഇഷ്ടാനുസരണം നടക്കു
ന്നവരോട് നിങ്ങൾക്ക് ഒരു ദോഷവും ഭവി
ക്കുകയില്ല എന്നും അവർ പറയുന്നു!
കർത്താവിൻെറ രഹസ്യം കണ്ട് അവൻെറ
വചനം കേൾക്കത്തക്കവണ്ണം അവൻെറ രഹ
സ്യാലോചനയിൽ നിന്നവൻ ആരാകുന്നു?
അഥവാ, അവൻെറ വചനം ശ്രദ്ധാപൂർവം
ശ്രവിച്ചവൻ ആരാകുന്നു? കർത്താവിൻെറ
ഭയങ്കരപ്രവർത്തനം കോപപൂർവം പുറപ്പെ
ടുന്നു. ആ പ്രവർത്തനം ജ്വലിക്കുന്നു. അതു
ദുഷ്ടന്മാരുടെ തലമേൽ വന്നു വീഴും.
അവൻെറ ഹൃദയത്തിൻെറ ഉദ്ദേശം നിറവേ
ററുന്നതുവരെയും തൻെറ മഹാക്രോധം
അവൻ മാററുകയില്ല. ഭാവിയിൽ നിങ്ങൾ
ക്കതു മനസ്സിലാകും.
ഞാൻ ഈ പ്രവാചകന്മാരെ അയച്ചി
ട്ടില്ല. എന്നിട്ടും അവർ പോയി. അവർക്ക്
ഞാൻ ഒന്നും പറഞ്ഞുകൊടുത്തിട്ടില്ല.
എന്നിട്ടും അവർ പ്രവചിച്ചു. അവർ എൻെറ
രഹസ്യത്തിൽ നിലകൊണ്ടില്ല. എൻെറ
വചനങ്ങൾ എൻെറ ജനത്തെ അവർ കേൾ
പ്പിച്ചില്ല. അവരുടെ ദുർമ്മാർഗങ്ങളിൽനി
ന്നും ദുഷ്പ്രവൃത്തികളിൽനിന്നും അവ
ക്കു മാനസാന്തരം വരുത്തിയില്ല. ഞാ
സമീപസ്ഥനായ ദൈവം മാത്രമോ? ദൂ
യും ഞാൻ ദൈവമല്ലയോ? മറവിടത്തി
ഒരുവൻ ഒളിച്ചിരുന്നാലും, അവനെ ഞാ
കാണുന്നുണ്ട്. ഞാൻ ആകാശവും ഭൂമി
നിറഞ്ഞിരിക്കുന്ന ബലവാനായ ദൈ
കുന്നു എന്നു കർത്താവു കല്പിക്കുന്നു
'ഞാൻ സ്വപ്നം കണ്ടു' എന്നു പ
എൻെറ നാമത്തിൽ കള്ളപ്രവചനം
ത്തുന്ന പ്രവാചകന്മാരെ, ഞാൻ കേ

ഈ കള്ളപ്രവാചകന്മാരുടെ
കള്ളപ്രവചനം, അവരുടെ ഹൃദയ
വഞ്ചനപ്രവചനം, എത്ര കാല
അവരുടെ പിതാക്കന്മാർ എൻെറ
ന്ന് ബാലിനു പൂജ ചെയ്തതു
രുവൻ കൂട്ടുകാരനോടു വിവരിച്ചു
അവരുടെ 'സ്വപ്നങ്ങൾ'മൂലം
നാമത്തിൽ' എൻെറ ജനത്തെ
ിക്കുവാൻ അവർ ചിന്തിക്കുന്നു!
ണ്ട പ്രവാചകൻ 'സ്വപ്നം' വിവ
എൻെറ വചനം അവനോടുകൂ
ൻ സത്യമായി എൻെറ വചന
സാരിക്കട്ടെ. ഗോതമ്പും പതിരും
ന്തിനു നിങ്ങൾ കൂട്ടിക്കലർത്തു
ു കർത്താവു കല്പിക്കുന്നു.
ചനങ്ങൾ അഗ്നിസമാനം പുറ
ന്തു പാറ പൊട്ടിക്കുന്ന ഇരുമ്പ്
ാലെയത്രെ എന്നു കർത്താവ്
ന്നു.
ാൽ, അവൻെറ കൂട്ടുകാരനോട്
ചനങ്ങൾ മോഷ്ടിച്ചു പറയുന്ന
ക്കുറിച്ച് കർത്താവ് ഇപ്രകാരം
ു: 'കർത്താവ് ഇങ്ങനെ കല്പി
ന്ന് അവരുടെ നാവു വളച്ചുപറ
പകന്മാർക്കു ഞാൻ എതിരാ
ജസ്വപ്നങ്ങൾ കണ്ട്, അതു
വിവരിച്ച് എൻെറ ജനത്തെ
കള്ളത്തരംകൊണ്ടും വ്യർഥ
ണ്ടും വഴിതെററിക്കുന്ന പ്രവാ
ഞാൻ എതിരാകുന്നു. ഞാൻ,
കല്പിച്ചിട്ടില്ല; അവരെ ഞാൻ
അവർ ഈ ജനത്തിന് ഒരു
ം ചെയ്യുകയുമില്ലതന്നെ.
മോ, പ്രവാചകനോ, പുരോ
ന്നാട് ദൈവത്തിൻെറ അരുള
കുന്നു എന്നു ചോദിച്ചാൽ,
ാൻ ഉന്മൂലം നശിപ്പിക്കും.'
ദവത്തിൻെറ അരുളപ്പാട്
വരോടു പറഞ്ഞുകൊള്ളുക.
പുരോഹിതനോ ജനമോ
എന്നു പറഞ്ഞാൽ ഞാൻ
നയും അവൻെറ കുടുംബ
ിക്കും. ഒരുവൻ തൻെറ കൂട്ടു
രുവൻ അവൻെറ സഹോ
ാദിക്കേണ്ടത് —കർത്താവ്
മരുളിയത്? കർത്താവ്
സാരിച്ചത്? എന്നത്രെ. 'കർ
രുളപ്പാട്' എന്ന് ഇനിയും
ന്നാൽ അത് അവൻെറ
നമ്മുടെ ദൈവമായ ബല

വാനായ കർത്താവിൻെറ ജീവനുള്ള ദൈവ
ത്തിൻെറ വചനങ്ങൾ നിങ്ങൾ മറിച്ചുകള
ഞ്ഞു. കർത്താവ് നിനക്ക് എന്ത് ഉത്തരം 37
തന്നു? കർത്താവ് എന്തു സംസാരിച്ചുവെ
ന്നാണ് പ്രവാചകനോടു നിങ്ങൾ ചോദി
ക്കേണ്ടത്. ദൈവത്തിൻെറ വചനമാണ് 38
നിങ്ങൾ പറയുന്നതെങ്കിൽ, കർത്താവ്
ഇങ്ങനെ കല്പിക്കുന്നു എന്നു പറയണം.
നിങ്ങൾ 'കർത്താവിൻെറ വചനം' എന്നു
പറഞ്ഞതുകൊണ്ട് ഞാൻ നിങ്ങളുടെ അടു
ക്കൽ ആളയച്ച് അങ്ങനെ പറയരുത് എന്നു
പറയിച്ചു. ആകയാൽ ഞാൻ നിങ്ങളെ 39
എടുത്തുകളയുകതന്നെചെയ്യും; ഞാൻ,
നിങ്ങളേയും നിങ്ങളുടെ പിതാക്കന്മാർക്കു
ഞാൻ ദാനംചെയ്ത നഗരത്തേയും എൻെറ
മുമ്പിൽനിന്നും ഞാൻ ദൂരെ എറിയും. -
ഞാൻ നിങ്ങൾക്കു നിത്യമായ അവമാനവും, 40
അവിസ്മരണീയമായ നിത്യ ലജ്ജയുമാണു
തരുന്നത്.

അദ്ധ്യായം 24

ബാബേൽ രാജാവായ നെബുഖദ്നേ 1
സർ യഹൂദാ രാജാവായ യഹോയാക്കി
മിൻെറ മകൻ യൂഖെനിയായേയും ശില്പി
കളേയും ലോഹപ്പണിക്കാരേയും യറുശ
ലേമിൽനിന്നു അടിമകളാക്കിക്കൊണ്ടു
പോയതിനുശേഷം രണ്ടു കുട്ട അത്തിപ്പഴം
ദൈവാലയത്തിൻെറ മുമ്പിൽ വച്ചിരിക്കു
ന്നത് എന്നെ കാണിച്ചു. ഒരു കുട്ടയിലെ 2
അത്തിപ്പഴം, ആദ്യത്തെ അത്തിപ്പഴംപോലെ
വളരെ നല്ലതും മറേറ കുട്ടയിലേത് തിന്നു
വാൻ കൊള്ളാത്തവിധം അത്ര ചീത്തയു
മായിരുന്നു. കർത്താവ് എന്നോട്, ഏറമി 3
യായേ! നീ എന്താണു കാണുന്നത്? എന്നു
ചോദിച്ചു. 'വളരെ വളരെ നല്ല അത്തിപ്പഴ
ങ്ങളും, തിന്നുവാൻ കൊള്ളരുതാത്ത ചീത്ത
അത്തിപ്പഴങ്ങളും' എന്നു ഞാൻ പറഞ്ഞു.
അപ്പോൾ സംസാരിപ്പാൻ ദൈവത്തി 4
ൻെറ വചനം എനിക്കുണ്ടായത്. ഇസ്രായേ
ലിൻെറ ദൈവമായ കർത്താവ് ഇപ്രകാരം 5
കല്പിക്കുന്നു: ഞാൻ ഈ ദേശത്തുനിന്നു
കൽദയരുടെ ദേശത്തേക്ക് നന്മയ്ക്കായി
അയച്ചിരിക്കുന്ന യഹൂദ പ്രവാസികളെ, ഈ
നല്ല അത്തിപ്പഴങ്ങൾപോലെ ഞാൻ കരു
തും. തിന്മയ്ക്കായല്ല, നന്മയ്ക്കായി അവ 6
രുടെമേൽ ഞാൻ ദൃഷ്ടിവയ്ക്കും. അവരെ
ഈ ദേശത്തേക്കുതന്നെ ഞാൻ തിരികെ
വരുത്തും. ഞാൻ അവരെ പണിയും; ഇടി
ച്ചുകളയുകയില്ല. ഞാൻ അവരെ നട്ടുവളർ
ത്തും, വേരോടെ പറിച്ചുകളയുകയില്ല.

7 ഞാനാകുന്നു കർത്താവ്, എന്ന് അവർ
എന്നെ അറിയത്തക്ക ഹൃദയം ഞാൻ
അവർക്കു നൽകും. അവർ എനിക്കു ജനവും
ഞാൻ അവർക്കു ദൈവവുമായിരിക്കും.
അവർ പൂർണ്ണഹൃദയത്തോടെ എങ്കലേക്കു
8 അനുതപിച്ചുവരും. എന്നാൽ യഹൂദാ
രാജാവായ സെദക്കിയായേയും, അവൻെറ
പ്രഭുക്കന്മാരേയും ഈ നഗരത്തിൽ അവ
നോടുകൂടെ അവശേഷിച്ചിരിക്കുന്നവ
രേയും മെസ്രേൻദേശത്തു കഴിഞ്ഞുകുടു
ന്നവരേയുമോ, തിന്നുവാൻ കൊള്ളരുതാ
ത്തവിധം അത്ര അഴുക്കായ അത്തിപ്പഴംപോ
ലെ ഞാൻ ഏല്പിച്ചുകൊടുക്കും എന്ന്
9 കർത്താവ് കല്പിക്കുന്നു. ഭൂമിയിലെ
സർവ്വ രാജ്യങ്ങളിലും അവർ സംഭ്രമത്തിനും
അവമാനത്തിനും, അനർത്ഥത്തിനുമായി
ഞാൻ ഏല്പിച്ചുകൊടുക്കും. ഞാൻ
അവരെ ചിതറിക്കുന്ന എല്ലാ ദേശങ്ങളിലും,
അവരെ നിന്ദയും പഴഞ്ചൊല്ലും പരിഹാ
10 സവും ശാപവുമാക്കിത്തീർക്കും. അവരുടെ
പിതാക്കന്മാർക്കു ഞാൻ ദാനംചെയ്ത ദേശ
ത്തുനിന്ന് അവർ അറ്റുപോകുന്നതുവരെ
ഞാൻ അവരുടെ പിന്നാലെ വാളും പട്ടിണി
യും സാംക്രമികരോഗങ്ങളും അയയ്ക്കും.

അദ്ധ്യായം 25

1 യഹൂദാരാജാവായ യോശിയായുടെ
മകൻ യഹോയാക്കിമിൻെറ ഭരണം നാലാം
ആണ്ടിൽ, സർവ്വ യഹൂദാ ജനതയെക്കു
റിച്ചും ഏറമിയായ്ക്കുണ്ടായ അരുളപ്പാട്:
അതായത് ബാബേൽ രാജാവായ നെബു
ഖദ്നേസറിൻെറ ഒന്നാം വർഷത്തിൽ
2 ഏറമിയാ പ്രവാചകൻ സർവ്വയഹൂദാജന
തയെക്കുറിച്ചും യറുശലേം വാസികളായ
എല്ലാവരെക്കുറിച്ചും പറഞ്ഞതെന്തെന്നാൽ
3 അമ്മോൻെറ മകൻ യഹൂദാരാജാവായ
യോശിയായുടെ പതിമൂന്നാം വർഷംമുതൽ
ഇന്നുവരെ ഇരുപത്തിമൂന്നു വർഷങ്ങളായി
കർത്തൃവചനം എനിക്കുണ്ടാകുകയും
പ്രതിദിനം ഞാൻ നിങ്ങളോട് അതറിയിക്കു
4 കയും ചെയ്തിട്ടും നിങ്ങൾ കേട്ടില്ല. കർത്താവ്
തൻെറ ദാസരായ എല്ലാ പ്രവാചകന്മാ
രേയും നിങ്ങളുടെ അടുക്കൽ അയച്ചുവെ
ങ്കിലും നിങ്ങൾ കേൾപ്പാൻ ചെവി ചായി
5 ച്ചില്ല. നിങ്ങൾ ഓരോരുവനും അവനവൻെറ
ദുർമ്മാർഗ്ഗവും ദുഷ്പ്രവൃത്തികളും വിട്ട്
അനുതപിക്കണം. അങ്ങനെ നിങ്ങൾക്കും
നിങ്ങളുടെ പിതാക്കന്മാർക്കും ഞാൻ ദാനം
ചെയ്ത ദേശത്ത് എക്കാലത്തേക്കും വസി
6 ക്കുവിൻ. അന്യദേവന്മാരെ സേവിച്ചു പൂജ
ചെയ്യുവാനായി അവരുടെ പിന്നാലെ
നിങ്ങൾ പോകരുത്. ഞാൻ നിങ്ങൾക്ക് 7
അനർത്ഥം വരുത്തുവാനിടയാകുമാറ് നിങ്ങ
ളുടെ കൈകളുടെ പ്രവൃത്തികളാൽ എന്നെ
കോപിപ്പിക്കരുത്.

സർവ്വവല്ലഭനായ ദൈവം ഇപ്രകാരം 8
കല്പിക്കുന്നു: നിങ്ങൾ എൻെറ വചനങ്ങൾ
അനുസരിക്കായ്കയാൽ, ഉത്തരദേശത്തി
ലെ വർഗ്ഗങ്ങളെ എല്ലാം ഇവിടേക്കു ഞാൻ
അയയ്ക്കും, വരുത്തും. എൻെറ ദാസനായ
ബാബേൽ രാജാവായ നെബുഖദ്നേ
സറിനെ ഈ ദേശത്തിനെതിരായി ഞാൻ
കൊണ്ടുവരും. അതിലെ നിവാസികൾക്കും 9
പരിസരങ്ങളിലുള്ള എല്ലാ ജാതികൾക്കും
എതിരായി വരുത്തി, ഇവരെ ഞാൻ നശി
പ്പിക്കും. ഇവരെ സംഭ്രമത്തിനും, പരിഹാ
സത്തിനും, നിത്യശൂന്യതയ്ക്കും ഞാൻ
പാത്രമാക്കും. ഉല്ലാസത്തിൻെറ ശബ്ദവും 10
സന്തോഷാരവവും, മണവാളൻേറയും മണ
വാട്ടിയുടേയും സ്വരവും, തിരികല്ല് ആട്ടുന്ന
ശബ്ദവും, ദീപത്തിൻെറ വെളിച്ചവും ഇവ
രുടെ ഇടയിൽ നിന്ന് ഞാൻ നീക്കിക്കളയും.
ഈ പ്രദേശം മുഴുവനും, ശൂന്യവും അത്ഭുത 11
വിഷയവുമാകും. ഈ ജാതികളെല്ലാം
ബാബേൽ രാജാവിന് എഴുപതു വർഷം
അടിമവേല ചെയ്യും, എഴുപതുവർഷം 12
പൂർത്തിയാക്കുമ്പോൾ ഞാൻ ബാബേൽ
രാജാവിനേയും അവൻെറ ജനതയേയും,
കൽദായ ദേശത്തേയും അവരുടെ പാപ
ങ്ങൾ നിമിത്തം ശിക്ഷിക്കും. അതിനെ 13
നിത്യശൂന്യമാക്കും. ആ ദേശത്തെക്കുറിച്ചു
ഞാൻ പ്രസ്താവിച്ച സർവ്വവും, എല്ലാ
ജാതികളേയും കുറിച്ച് ഏറമിയാ പ്രവചി
ച്ചിട്ടുള്ളതായി ഈ ഗ്രന്ഥത്തിൽ എഴുത
പ്പെട്ടിരിക്കുന്നവയെല്ലാം അതിന്മേൽ ഞാൻ
വരുത്തും. അനേകജാതികളും പ്രബ
രാജാക്കന്മാരും അവരെ അടിമകളാക്കും.
അവരുടെ കർമ്മങ്ങൾക്കും കൈകളുടെ
പ്രവൃത്തികൾക്കും അനുസരണമായി അവ
രോട് ഞാൻ പ്രതികാരം നടത്തും.

ഇസ്രായേലിൻെറ ദൈവമായ ബല
വാനായ കർത്താവ് എന്നോടു കല്പിച്ചു:
ക്രോധമാകുന്ന വീഞ്ഞു നിറഞ്ഞ ഈ
പാനപാത്രം എൻെറ കൈയിൽനിന്ന് നീ
വാങ്ങി, അവർക്കെതിരായി നിന്നെ ഞാ
യയ്ക്കുന്ന സർവ്വ ജാതികളേയും കുടിപ്പി
ക്കുക. അവർ കുടിച്ച്, മദിച്ച്, ഞാൻ അവ
രുടെ ഇടയിലേക്കയയ്ക്കുന്ന വാളിന്റെ
മുമ്പിൽ വേദനപ്പെടും. "കർത്താവിന്റെ
കയ്യിൽനിന്നും ഞാൻ പാനപാത്രം വാങ്ങി,

ാതിരായി കർത്താവ് എന്നെ
ർവ്വ ജാതികളേയും ഞാൻ കുടി
ുശലേമിനേയും യഹൂദാനഗര
- അതിൻെറ രാജാക്കന്മാരേയും;
ായും, ശൂന്യവും സംഭ്രമവസ്തുവും
ാപാത്രവുമാക്കുവാൻ ഞാൻ കുടി
്രസൻ രാജാവായ ഫറവോനേയും
എല്ലാ സേവകരെയും പ്രഭുക്കന്മാ
ഊസ് ദേശത്തെ സർവ്വ രാജാക്ക
, ഫെലിസ്ത്യ രാജാക്കന്മാർ
യും, അഷ്കലോനേയും ആസാ
അക്രോനേയും, പരിശിഷ്ട
ിനേയും, ആദോമിനെയും മോവാ
ം അമ്മോന്യരേയും, സോറി
സീദോൻേറയും സർവ്വ രാജാക്ക
കടലിനപ്പുറമുള്ള എല്ലാ ദ്വീപ
ായും, ദാറാനേയും, ദക്ഷിണ
ും ബോസിനേയും, താടിയുടെ
ടിച്ച എല്ലാവരേയും, പരസ്പരം
ചെയ്യുന്ന സർവ്വഭൂപാലകന്മാ
ുഭൂമിവാസികളായ അറബി
്വരാജാക്കന്മാരേയും സിമ്രോൻ
ാരേയും, ഏലാമിലെ സർവ്വരാ
ായും, മേദ്യരാജാക്കന്മാരേയും
അടുത്തും അകന്നും ഇരിക്കുന്ന
ാര ദേശാധിപന്മാരേയും, ഭൂമു
ായിടവുമുള്ള സർവ്വ രാജ്യങ്ങ
ൻ ആ പാനപാത്രം കുടിപ്പിച്ചു.
രാജാവ് അവരുടെ പിന്നാലെ
ം.
യലിൻെറ ബലവാനായ
്പ്രകാരം കല്പിക്കുന്നു എന്നു
ടു പറയുക: നിങ്ങൾ, കുടിച്ച്
് കുഴഞ്ഞു വീഴുവിൻ! നിങ്ങ
ത്തിൽ ഞാൻ അയയ്ക്കുന്ന
മ്പിൽ ഇനി നിങ്ങൾ എഴുന്നേറ്റു
ില്ല. എന്നാൽ പാനപാത്രം
യിൽനിന്നും വാങ്ങി കുടിക്കു
ു മനസ്സില്ലെങ്കിലോ, നീ അവ
ക: ഇസ്രായേലിൻെറ ദൈവ
നായ കർത്താവു കല്പിക്കു
കുടിച്ചേ മതിയാകൂ. എന്തെ
ാ നാമം അതിനു വിളിക്കപ്പെ
നഗരത്തിന്മേൽ അനർത്ഥം
ആളയയ്ക്കുന്നു. നിങ്ങൾ
പോകുമോ? നിങ്ങൾ ശിക്ഷ
ാകുകയില്ല. എന്തെന്നാൽ
ദേശവാസികളുടേയുംമേൽ
ിച്ചുവരുത്തും എന്നു ബല
ാവ് കല്പിക്കുന്നു.

ആകയാൽ ഈ വചനങ്ങളെല്ലാം നീ 30
അവരോട് പ്രവചിച്ചു പ്രസ്താവിക്കുക.
കർത്താവ് ഉയരത്തിൽനിന്നും ഗർജിക്കും,
തൻെറ വിശുദ്ധ തിരുനിവാസത്തിൽനിന്നു
ശബ്ദം പുറപ്പെടുവിക്കും. അവൻെറ വിശുദ്ധ
വാസസ്ഥലത്തുനിന്നും ഭൂമിക്കെതിരെ അ
വൻ നിശ്ചയമായും ഗർജിക്കും. മുന്തിരി
ഞെക്കിപ്പിഴിയുന്നവരെപ്പോലെ അവൻ സർ
വ്വഭൂവാസികൾക്കും നേരെ ആർപ്പുവിളി
ക്കും. ആരവം ഭൂസീമകളിലെത്തി. കർത്താ 31
വ് ജാതികളുടെ മേൽ വിധി നടത്തും. 'സർവ്വ
ജഡത്തേയും അവൻ വിധിക്കും. ദുഷ്ടന്മാ
രെ വാളിനു ഏല്പിക്കും' എന്നു കർത്താവു
കല്പിക്കുന്നു. അനർത്ഥം ഇതാ ജനതയിൽ 32
നിന്നു ജനതയിലേക്കു പുറപ്പെടുന്നു. ഭൂസീ
മകളിൽനിന്നും കൊടുങ്കാറ്റ് അടിക്കും. അ 33
ക്കാലത്തു കർത്താവിൻെറ ഹതന്മാർ ഭൂമി
യുടെ ഒരു അതിരു മുതൽ മറ്റെ അതിരുവരെ
ഉണ്ടാകും. ആരും അവരെയോർത്ത് വിലപി
ക്കുകയില്ല. അവരെയോർത്തു കരയുകയി
ല്ല. ആരും അവരെ എടുത്തു സംസ്കരിക്കു
കയില്ല. അവർ നിലത്തിനു വളമായിത്തീരും
എന്നു കർത്താവ് കല്പിക്കുന്നു.

ഇടയന്മാരേ, വിലപിപ്പിൻ; ആട്ടിൻപറ്റ 34
ത്തിൻെറ നേതാക്കന്മാരേ, ചാരത്തിലു
രുണ്ട് അട്ടഹസിപ്പിൻ. നിങ്ങളുടെ വധത്തി
നുള്ള കാലം തികഞ്ഞിരിക്കുന്നു! മനോ
ഹരപാത്രങ്ങൾ എന്നതുപോലെ നിങ്ങൾ
പൊട്ടിത്തകർന്നു വീഴും. ഇടയന്മാർക്കു സ 35
ങ്കേത ഭവനവും ഉദ്ധാരണവും ഇല്ലാതാകും.
കർത്താവ് അവരുടെ മേച്ചിൽസ്ഥലങ്ങൾ 36
ഇല്ലാതാക്കുന്നതുമൂലം ഇടയന്മാരുടെ
സംഭ്രമവും, ആടുകളുടെ മുറവിളിയുമു
ണ്ടാകും. സമാധാനത്തിൻെറ വാസസ്ഥല
ങ്ങൾ കർത്താവിൻെറ മഹാക്രോധത്തിൻ 37
മുമ്പിൽ തകർന്നുവീഴും. എന്തെന്നാൽ 38
അവൻ ഒരു സിംഹം അതിൻെറ ഗുഹ വിട്ടു
വന്നതുപോലെ, തൻെറ വാസസ്ഥാനത്തു
നിന്നു വന്നിരിക്കുന്നു. കർത്താവിൻെറ
ക്രോധത്തിൻെറയും ഉഗ്രകോപത്തിൻേറ
യും നിമിത്തം അവരുടെ ദേശം ശൂന്യമായി
രിക്കുന്നു.

അദ്ധ്യായം 26

യോശിയായുടെ മകൻ യഹൂദാ രാജാ 1
വായ യഹോയാക്കിമിൻെറ വാഴ്ചയുടെ
ആരംഭത്തിൽ കർത്താവിൽനിന്നും ഏറമി
യായ്ക്കുണ്ടായ അരുളപ്പാട്: കർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു: നീ ദൈവാ 2
ലയത്തിൻെറ പ്രാകാരത്തിൽ നിന്നുകൊണ്ട്

ദൈവാലയത്തിൽ നമസ്കരിക്കുവാനാഗ
തരാകുന്ന എല്ലാ യഹൂദാഗ്രാമവാസിക
ളോടും, വിളിച്ചുപറയുക. അവരോടു പറ
യുവാൻ ഞാൻ നിന്നോടു കല്പിച്ചിട്ടുള്ള
തിൽ യാതൊന്നും നീ കുറയ്ക്കരുത്. ഒറ്റ
3 വാക്കും കുറയ്ക്കരുത്. പക്ഷേ, അവർ കേട്ട്,
ഓരോരുവനും തന്റെ ദുർമ്മാർഗത്തിൽ
നിന്നും അനുതപിച്ചേക്കാം. അവരുടെ
ദുഷ്ചെയ്തികൾമൂലം ഞാൻ അവർക്കു വരു
ത്തുവാൻ വിചാരിക്കുന്ന അനർത്ഥത്തിൽ
നിന്നും അങ്ങനെ ഞാൻ വിരമിച്ചേക്കാം. നീ
4 അവരോടു പറയുക: കർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു. നിങ്ങൾ എന്നെ അനുസ
രിച്ച് ഞാൻ നിങ്ങൾക്കു തന്ന പ്രമാണ
5 പ്രകാരം നടക്കുകയില്ലെങ്കിൽ —ഞാൻ
നിങ്ങളുടെ അടുക്കൽ അയച്ച എന്റെ ദാസ
രായ പ്രവാചകരുടെ വാക്കുകൾ— പ്രതി
ദിനം, മുൻകൂട്ടി അവർ പറഞ്ഞ വാക്കുകൾ
6 — നിങ്ങൾ അനുസരിക്കുകയില്ലെങ്കിൽ, ഈ
ആലയത്തെ ഞാൻ ശീലോയ്ക്കു സമാന
മാക്കും. ഭൂമിയിലുള്ള സർവ്വജാതികൾക്കും
ഈ നഗരത്തെ ശാപവസ്തുവുമാക്കും.
7 ഏറമിയാ ദൈവാലയത്തിൽ പ്രസ്താവിച്ച
ഈ വചനങ്ങൾ, പുരോഹിതന്മാരും, കള്ള
8 പ്രവാചകന്മാരും ജനവും കേട്ടു. സർവ്വ ജന
ത്തോടും പറയുവാൻ കർത്താവ് ഏറമിയാ
യോട് ആജ്ഞാപിച്ചതു മുഴുവനും പറഞ്ഞു
തീർന്നപ്പോൾ, പുരോഹിതന്മാരും, കള്ള
പ്രവാചകന്മാരും സർവ്വ ജനവും അവനെ
9 പിടികൂടി- ഈ ആലയം ശീലോവെപ്പോലെ
ആയിപ്പോകുമെന്നും, പാർക്കാനാളില്ലാതെ
ഈ നഗരം ശൂന്യമാകുമെന്നും, കർത്താ
വിന്റെ നാമത്തിൽ പ്രവചിച്ചതിനാൽ
ഇവൻ കൊല്ലപ്പെടണം എന്നു പറഞ്ഞ്
സർവ്വ ജനവും ദൈവാലയത്തിൽ ഏറമി
യായ്ക്ക് എതിരായി സംഘം ചേർന്നു-
10 യഹൂദാപ്രമുഖന്മാരും, ഈ വാർത്ത കേട്ട്
രാജഗൃഹത്തിൽനിന്നും ദൈവാലയത്തി
ലേക്കു കയറി വന്ന് ദൈവാലയത്തിന്റെ
11 പുതിയ വാതിൽക്കൽ ഇരുന്നു, പുരോഹി
തന്മാരും കള്ളപ്രവാചകന്മാരും, പ്രഭുക്ക
ന്മാരോടും ജനസഞ്ചയത്തോടുമായി
പറഞ്ഞു: നിങ്ങളുടെ സ്വന്തം ചെവികൾ
കൊണ്ട് നിങ്ങൾ കേട്ടിരിക്കുന്നതുപോലെ,
ഈ നഗരത്തിന്നെതിരായും, ഇതിലെ
നിവാസികൾക്കെതിരായും ഇവൻ പ്രവചി
ച്ചിരിക്കുകയാൽ ഇവൻ മരണശിക്ഷയ്ക്കർ
12 ഹനാകുന്നു. അപ്പോൾ ഏറമിയ പ്രഭുക്ക
ന്മാരോടും സർവ്വ ജനത്തോടുമായി പറ
ഞ്ഞത്, നിങ്ങൾ കേട്ടതായ ഈ വചന
ങ്ങളെല്ലാം ഈ ആലയത്തിനും ഈ നഗര
ത്തിനും എതിരായി പ്രവചിക്കുവാൻ
കർത്താവാണ് എന്നെ അയച്ചിരിക്കുന്നത്.
ഇപ്പോൾ നിങ്ങൾ ചെയ്യേണ്ടത്: നിങ്ങളുടെ 13
വഴികളും പ്രവർത്തനങ്ങളും നന്നാക്കുവിൻ;
നിങ്ങളുടെ ദൈവമായ കർത്താവിന്റെ
ശബ്ദം കേൾപ്പിൻ; താൻ നിങ്ങൾക്കെതി
രായി കല്പിച്ച അനർത്ഥങ്ങൾ, ചെയ്യാതെ
താൻ വിരമിക്കും. ഞാനിതാ നിങ്ങളുടെ 14
കൈയിൽ ഇരിക്കുന്നു. നിങ്ങൾക്കു നല്ലതെ
ന്നും, കൊള്ളാവുന്നതെന്നും തോന്നുന്ന
തെല്ലാം എന്നോടു ചെയ്തുകൊള്ളുവിൻ.
എന്നാൽ ഒരു കാര്യം നിങ്ങൾ അറിഞ്ഞോ 15
മതിയാകൂ. നിങ്ങൾ എന്നെ കൊല്ലുകയാ
ണെങ്കിൽ നിരപരാധരക്തമാണ് നിങ്ങൾ
ചിന്തുന്നത്. അതു നിങ്ങളുടെ മേലും, ഈ
നഗരത്തിന്മേലും നഗരവാസികളുടെ മേലും
വരുത്തും എന്ന് ഓർത്തുകൊള്ളണം. ഈ
വചനങ്ങളെല്ലാം നിങ്ങളുടെ ചെവികളിൽ
സംസാരിപ്പാനായി കർത്താവാണ് എന്നെ
അയച്ചിരിക്കുന്നത്-സത്യം. അപ്പോൾ പ്രഭു 16
ക്കന്മാരും ജനവും പുരോഹിതന്മാരോടും
കള്ളപ്രവാചകന്മാരോടും: ഈ മനുഷ്യൻ
മരണശിക്ഷയ്ക്ക് അർഹനല്ല. അവൻ
നമ്മുടെ ദൈവമായ കർത്താവിന്റെ നാമ
ത്തിലാണ് നമ്മോടു സംസാരിച്ചിരിക്കുന്നത്
എന്നു പറഞ്ഞു.

അപ്പോൾ ദേശത്തെ വയോധികരിൽ 17
ചിലർ എഴുന്നേറ്റ്, സർവ്വ ജനത്തോടുമായി
ഇങ്ങനെ പറഞ്ഞു: യഹൂദായുടെ ഹെസ
ക്കിയാ രാജാവിന്റെ കാലത്ത് മോറാശ്യ
നായ മീഖാ പ്രവചിച്ചു പറഞ്ഞത്: ഇസ്രാ 18
യേലിന്റെ സർവ്വവല്ലഭനായ ദൈവം ഇപ്ര
കാരം കല്പിക്കുന്നു: സെഹിയോൻ വയൽ
പോലെയാകും. യറുശലേം ശൂന്യമാകും.
ഈ ആലയമുള്ള പർവ്വതം വനമായും
തീരും. ഹെസക്കിയാ രാജാവ് അയാളെ 19
കൊന്നുകളഞ്ഞുവോ? യഹൂദാ രാജാവും
യഹൂദാ ദേശവും അതു കേട്ട് ദൈവത്തെ
ഭയപ്പെട്ട്, തന്നോട് പ്രാർത്ഥിച്ചു. അവർ
ക്കെതിരായി ദൈവം കല്പിച്ചിരുന്ന
അനർത്ഥം വരുത്താതെ താൻ പ്രസാദിച്ചു;
നാമോ, നമുക്കെതിരായിത്തന്നെ വലി
യോരു അനർത്ഥം വരുത്തുവാനാണ് ശ്രമി
ക്കുന്നത്! അതുപോലെതന്നെ കുര്യത്ത്യ 20
യാറീൻ കാരൻ ശെമയിയുടെ മകൻ ഉറിയാ
കർത്തൃനാമത്തിൽ പ്രവചിച്ചു. അയാളും
ഏറമിയായുടെ വാക്കുകൾപോലെതന്നെ
ഈ നഗരത്തിനും ഈ ദേശത്തിനുമെതി
രായി പ്രവചിച്ചു. യഹോയാക്കീം. രാജാവും

ന്മാരും, സേവകരുമെല്ലാം അവൻെറ
കൾ കേട്ടു. അവനെ കൊന്നുകള
രാജാവ് ആഗ്രഹിച്ചു. ഊറിയാ
ത്ത് അത്യധികം ഭയപ്പെട്ട് മെസ്രേ
ു പലായനം ചെയ്തു. യഹോ
രാജാവ് ചിലരെ, ആഖോറിൻെറ
എൽനാഥാനേയും മറ്റു ചിലരേയും
ിലേക്ക് അയച്ചു. അവർ ഊറിയാ
സ്രേനിൽനിന്നും യഹോയാക്കിം
ൻെറ അടുക്കലെത്തിച്ചു. രാജാവ്
അയാളെ കൊന്നു. അവൻെറ ശവം
ന്ന ജനത്തിൻെറ ശ്മശാനത്തിൽ
ത്തു. ശാഫാൻെറ മകൻ അഹിക്കാ
സഹായം ഏറമിയായ്ക്കുണ്ടായി.
അവനെ വധിക്കുവാൻ ജനത്തി
കളിൽ ഏല്പിക്കപ്പെടാതിരുന്നു.

അദ്ധ്യായം 27

ദിയാ രാജാവായ യോശിയായു
സെദക്കിയായുടെ ഭരണാരംഭ
ദൈവസന്നിധിയിൽനിന്നും ഏറ
അരുളപ്പാടുണ്ടായി. നീ ഒരു
കയറും ഉണ്ടാക്കി അവ നിൻെറ
വയ്ക്കുക- പിന്നീട് നീ അവയെ
ജാവിൻേറയും മോവാബു രാജാ
അമ്മോന്യരാജാവിൻെറയും
ദോൻ രാജാക്കന്മാരുടെയും അടു
യഹൂദാ രാജാവിൻെറ അടു
ശലേമിലേക്കു വരുന്ന സ്ഥാ
വശം കൊടുത്തയയ്ക്കണം.
രുടെ യജമാനന്മാരോട്, ഇസ്രാ
ദൈവമായ ബലവാനായ
ഇപ്രകാരം അരുളിച്ചെയ്യുന്നു
ങ്ങളുടെ യജമാനന്മാരോടു
ഞാനാകുന്നു ഭൂമിയെയും
യും മൃഗങ്ങളേയും എൻെറ
ിയാലും ഉന്നതഭുജത്താലും
. എൻെറ ദൃഷ്ടിയിൽ പ്രസാദം
നു ഞാൻ അതു കൊടുത്തു.
ാ ദേശങ്ങളെല്ലാം എൻെറ ദാ
ൽ രാജാവായ നെബുഖദ്നേ
ി ജോലി ചെയ്യുവാൻ ഞാൻ
ുന്നു- അവനു പണിയെടു
വന്യമൃഗങ്ങളേയും കൊടു
ു- ജാതികൾ അവനേയും
കനേയും പൗത്രനേയും
ദേശത്തിൻെറ കാലാവധി
രെ സേവിക്കും. അനേക
ഹാരാജാക്കന്മാരും അവനു
ബാബേലിൻെറ നെബുഖദ്
നേസർ രാജാവിനെ സേവനം ചെയ്യാത്ത—
ബാബേൽ രാജാവിൻെറ നുകത്തിൻ കീഴിൽ
കഴുത്തു വച്ചു കൊടുക്കാത്ത—എല്ലാ
ജനതയേയും രാജ്യത്തേയും, വാളും
ക്ഷാമവും പകർച്ചവ്യാധിയുംകൊണ്ട് ഞാൻ
ശിക്ഷിക്കും. അവരെ അവൻെറ കൈയിൽ
ഞാൻ ഏല്പിച്ചുകൊടുക്കും. നിങ്ങൾ 9
നിങ്ങളുടെ കള്ളപ്രവാചകന്മാരേയും,
നിങ്ങളുടെ പ്രശ്നക്കാരെയും, അവരുടെ
സ്വപ്നങ്ങളേയും അവരുടെ ആഭിചാര
ത്തേയും മന്ത്രവാദത്തേയും വിശ്വസിക്ക
രുത്. നിങ്ങൾ ബാബേൽ രാജാവിനു
സേവനം ചെയ്യേണ്ടിവരികയില്ല, എന്ന്
അവർ പറയും. ദേശത്തുനിന്നും നിങ്ങളെ 10
ഞാൻ നീക്കിക്കളയുവാനും അങ്ങനെ
നിങ്ങൾ നാശമടയുവാനുമായി അവർ
വെറും വ്യാജമാണു നിങ്ങളോടു പ്രവചി
ക്കുന്നത്. ബാബേൽ രാജാവിൻെറ നുക 11
ത്തിനു കഴുത്തു വച്ചു കൊടുത്ത് അവനെ
സേവിക്കുന്ന ജനത്തെ അവനവൻെറ
ദേശത്തു വസിപ്പിക്കും. അവർ കൃഷിചെയ്യും.
അവിടെ വാസംചെയ്യും.

യഹൂദാരാജാവായ സെദക്കിയായോട് 12
ഈ വചനങ്ങളെല്ലാം ഞാൻ പറഞ്ഞു.
ബാബേൽ രാജാവിൻെറ നുകത്തിൻ കീ
ഴിൽ കഴുത്തു വച്ചു കൊടുക്കുവിൻ, അവ
നേയും അവൻെറ ജനത്തേയും സേവിച്ചു
ജീവനോടെ കഴിഞ്ഞുകൂടിക്കൊള്ളുവിൻ
—ബാബേൽ രാജാവിനു ദാസ്യവേല
ചെയ്യാത്ത ജനത്തെക്കുറിച്ച് കർത്താവു 13
കല്പിച്ചതുപോലെ, നീയും നിൻെറ ജന
വും വാളാലും പട്ടിണിയാലും മഹാമാരി
യാലും മരിക്കുകയില്ല. ബാബേൽ രാജാ 14
വിനു സേവനം ചെയ്യേണ്ടിവരികയില്ല
എന്നു നിങ്ങളോട് അറിയിച്ച കള്ളപ്രവാച
കരുടെ വാക്കുകൾ നിങ്ങൾ കേൾക്കരുത്.
അവർ പ്രവചിക്കുന്നത് വ്യാജമത്രെ. ഞാൻ 15
അവരെ അയച്ചിട്ടില്ല എന്നു കർത്താവ്
കല്പിക്കുന്നു. ഞാൻ നിങ്ങളെ ബഹിഷ്ക
രിക്കുവാൻ നിങ്ങളും നിങ്ങളോടു പ്രവചി
ക്കുന്ന പ്രവാചകന്മാരും നാശം പ്രാപിക്കത്ത
ക്കവണ്ണം അവർ എൻെറ നാമത്തിൽ വെറും
വ്യാജമാണു പ്രവചിക്കുന്നത് എന്നു
കർത്താവു കല്പിക്കുന്നു.

പുരോഹിതന്മാരോടും ഈ ജനത്തോ 16
ടും കർത്താവു കല്പിക്കുന്നു. ദൈവാല
യത്തിലെ ഉപകരണങ്ങൾ ഇതാ ബാബേ
ലിൽനിന്നും ഉടൻ തിരികെ വരും എന്ന്
നിങ്ങളെ പ്രബോധിപ്പിക്കുന്ന പ്രവാചക
രുടെ വാക്കുകൾ നിങ്ങൾ കേൾക്കരുത്.

എന്തെന്നാൽ അവർ വ്യാജംതന്നെയാണ്
17 പ്രവചിക്കുന്നത്. നിങ്ങൾ അവരെ കേൾക്ക
രുത് എന്ന് കർത്താവ് കല്പിക്കുന്നു.
ബാബേൽ രാജാവിനു സേവ ചെയ്തു
ജീവിച്ചിരിപ്പിൻ. ഈ നഗരവും ശൂന്യമായി
18 പ്പോകുകയില്ല. അവർ പ്രവാചകന്മാരാണെ
ങ്കിൽ — അവരിൽ കർത്താവിൻെറ അരുള
പ്പാടുണ്ടെങ്കിൽ — ദൈവാലയത്തിലും
യഹൂദാരാജഗൃഹത്തിലും യറുശലേമിലും
ശേഷിപ്പുള്ള ഉപകരണങ്ങൾ ബാബേലി
ലേക്കു പോകാതിരിക്കത്തക്കവണ്ണം ബല
വാനായ കർത്താവിനോട് അവർ പ്രാർത്ഥി
19 ക്കട്ടെ. ബാബേൽ രാജാവായ നെബുഖദ്
നേസർ, യഹോയാക്കിമിൻെറ മകൻ
യഹൂദാ രാജാവായ യുഖനിയായേയും,
യഹൂദയിലും യറുശലേമിലും ഉള്ള സർവ്വ
പ്രധാനികളേയും ബാബേലിലേക്ക് അടിമ
20 പ്പെടുത്തി കൊണ്ടുപോയപ്പോൾ അവൻ
കൈക്കലാക്കാതെ വിട്ടിരുന്ന സ്തംഭങ്ങൾ,
കടൽ, പീഠങ്ങൾ ആദിയായി ഈ നഗര
ത്തിൽ അവശേഷിച്ചിട്ടുള്ള ഉപകരണങ്ങ
ളെക്കുറിച്ച് ബലവാനായ ദൈവമായ
21 കർത്താവു കല്പിക്കുന്നു: ദൈവാലയ
ത്തിലും യഹൂദാരാജാവിൻെറ കൊട്ടാര
ത്തിലും യറുശലേമിലും അവശേഷിച്ചിട്ടുള്ള
ഉപകരണങ്ങളെപ്പറ്റി ഇസ്രായേലിൻെറ
ദൈവമായ ബലവാനായ കർത്താവ്
കല്പിക്കുന്നു. അവയും ബാബേലിലേക്കു
പോകും. ഞാൻ അവരെ സന്ദർശിക്കുന്ന
കാലംവരെ അവ അവിടെ സ്ഥിതിചെയ്യും.
പിന്നീട് ഞാൻ അവയെ ഈ സ്ഥലത്തേക്കു
തിരികെ കൊണ്ടുവരും, എന്ന് കർത്താവ്
കല്പിക്കുന്നു.

അദ്ധ്യായം 28

1 ആ സംവത്സരത്തിൽ യഹൂദാ രാജാ
വായ സെദക്കിയായുടെ വാഴ്ചയുടെ
ആരംഭത്തിൽ, നാലാം വർഷം അഞ്ചാം
മാസത്തിൽ, ദൈവാലയത്തിൽ പുരോഹി
തരുടേയും സർവ്വ ജനത്തിൻേറയും മുമ്പിൽ
വച്ച് ഗിബയോന്യനായ അസൂറിൻെറ
മകൻ ഹനനിയാ എന്ന കള്ളപ്രവാചകൻ
2 എന്നോടു പറഞ്ഞു: ഇസ്രായേലിൻെറ ബല
വാനായ ദൈവമായ കർത്താവ് കല്പി
ക്കുന്നു. ബാബേൽ രാജാവിൻെറ നുകം
ഞാൻ തകർത്തുകളഞ്ഞു. ബാബേലിലെ
നെബുഖദ്നേസർ രാജാവ് ഈ സ്ഥല
ത്തുനിന്ന് എടുത്ത് ബാബേലിലേക്കു
കൊണ്ടുപോയ സർവ്വ ദൈവാലയ ഉപ
കരണങ്ങളേയും, ഇന്നേക്കു രണ്ടു വർഷ
ത്തിനകം ഈ സ്ഥലത്തേക്കു ഞാൻ
തിരികെ കൊണ്ടുവരും. യഹൂദാ രാജാ 3
വായ യഹോയാക്കിമിൻെറ മകൻ യുഖ
നിയായേയും ബാബേലിലേക്കു അടിമ
യായിപ്പോയ ഏവരേയും; ഈ സ്ഥല
ത്തേക്കു ഞാൻ തിരിച്ചുവരുത്തും എന്നു
കർത്താവ് അരുളിച്ചെയ്യുന്നു. എന്തെന്നാൽ
ബാബേൽ രാജാവിൻെറ നുകം ഞാൻ
തകർത്തിരിക്കുന്നു. അപ്പോൾ കള്ളപ്രവാച 4
കനായ ഹനനിയായോട് ഏറമിയാ പ്രവാ
ചകൻ ദൈവാലയത്തിൽ നിന്നിരുന്ന എല്ലാ
ജനത്തിൻെറയും മുമ്പിൽ വച്ചു പറഞ്ഞു:
ആമീൻ ദൈവം അപ്രകാരം ചെയ്തുതരട്ടെ. 5
ദൈവാലയഉപകരണങ്ങളേയും പ്രവാസ
ത്തിലിരിക്കുന്നവരേയും ദൈവം ഈ
സ്ഥലത്തേക്കു തിരികെ വരുത്തും എന്നു
ള്ള നിൻെറ പ്രവചനം സഫലമാകട്ടെ.
എന്നാൽ ഞാൻ നിന്നോട് ഈ സർവ്വജന 6
സന്നിധിയിൽവെച്ചു പറയുന്നതു നീ കേട്ടു
കൊള്ളുക. എനിക്കും, നിനക്കുംമുമ്പ് പണ്ടു 7
ണ്ടായിരുന്ന പ്രവാചകന്മാർ അനേകദേശ
ങ്ങൾക്കും വലിയ രാജ്യങ്ങൾക്കും വിരോധ
മായി യുദ്ധം, അനർത്ഥം, വസന്ത മുതലായ
വ വരുമെന്നു പ്രവചിച്ചിട്ടുണ്ട്. സമാധാനം 8
പ്രവചിക്കുന്ന പ്രവാചകൻെറ വചനം സംഭ
വിക്കുമ്പോൾ അവൻ സത്യമായും ദൈവം
അയച്ച പ്രവാചകനാണെന്ന് അറിയപ്പെട്ടു
മിരുന്നു. ഉടനെ കള്ളപ്രവാചകനായ 9
ഹനന്യാ, ഏറമിയാ പ്രവാചകൻെറ കഴു
ത്തിലിരുന്ന നുകം എടുത്ത് ഒടിച്ചുകളഞ്ഞു.
സർവ്വ ജന മുമ്പാകെ ഹനനിയാ പറഞ്ഞു. 10
കർത്താവ് അരുളിച്ചെയ്യുന്നു: സർവ്വ ജാതി 11
കളുടേയും കഴുത്തിൽനിന്ന് ബാബേൽ
രാജാവായ നെബൂഖദ്നേസറിൻെറ നുകം
ഇതുപോലെ രണ്ടു വർഷത്തിനകം ഞാൻ
എടുത്തു തകർത്തുകളയും. ഏറമിയാ
പ്രവാചകൻ തൻെറ വഴിക്കു പോയി.
കള്ളപ്രവാചകനായ ഹനനിയ, ഏറ 12
മിയാ പ്രവാചകൻെറ കഴുത്തിൽനിന്നു
നുകം എടുത്തു തകർത്തുകളഞ്ഞശേഷം,
ഏറമിയായ്ക്ക് കർത്താവിൻെറ അരുളപ്പാ
ടുണ്ടായി. നീ പോയി കള്ളപ്രവാചകനായ
ഹനനിയായോട്:കർത്താവ് കല്പിക്കുന്നു. 13
നീ തടി കൊണ്ടുള്ള നുകമല്ലേ തകർത്തത്.
അതിനു പകരം അവൻ ഇരുമ്പുകൊണ്ടുള്ള
നുകം ഉണ്ടാക്കിയിരിക്കുന്നു. എന്തെന്നാൽ
ഇസ്രായേലിൻെറ ദൈവമായ സർവ്വശക്ത
നായ കർത്താവു പറയുന്നു, ബാബേൽ 14
രാജാവായ നെബുഖദ്നേസറിന് അടിമ
വേല ചെയ്യേണ്ടതിന് ഇരുമ്പു നുകം ഞാൻ

ജാതികളുടെ കഴുത്തിൽ വച്ചി
അവർ അവനു വേല ചെയ്യും.
മൃഗങ്ങളെയും ഞാൻ അവനു
രിക്കുന്നു.
വാചകനായ ഹനനിയായോട്
പവാചകൻ പറഞ്ഞു. കർത്താവ്
യച്ചിട്ടില്ല. വ്യാജത്തിന്മേൽ ഈ
നീ ആശ കൊടുത്തിരിക്കുന്നു.
കർത്താവു കല്പിക്കുന്നു.
ന്ന ഭൂമുഖത്തുനിന്നും എറിഞ്ഞു
ദൈവസന്നിധിയിൽ അനീതി
രിക്കയാൽ ഈ വർഷംതന്നെ
. അതേ വർഷം ഏഴാം മാസ
ള പ്രവാചകനായ ഹനനിയാ

അദ്ധ്യായം 29

ലിലേക്ക് — പ്രവാസത്തിൽ അ
ുള്ള വയോധികർക്കും, പുരോ
ും, പ്രവാചകന്മാർക്കും, യറുശ
ും നെബുഖദ്നേസർ ബാബേ
ടിമയായി കൊണ്ടു പോയവർ
, യുഖനിയാരാജാവും രാജ്ഞി
ാരും യഹൂദായിലെയും യറു
ും പ്രഭുക്കന്മാരും യറുശലേ
കളും ലോഹപ്പണിക്കാരുമായി
ട്ടുപോയിരുന്നവർക്ക് — യഹൂ
സെദക്കിയ ബാബേൽ രാജാ
ഖദ്നേസറിൻെറ അടുക്കലേ
ഫാൻെറ മകൻ ഏലാസയുടെ
ായയുടെ മകൻ ശമര്യായുടെ
ം ഏറമിയ യറുശലേമിൽ
ത്തയച്ച ലേഖനം!
ലിൻെറ ദൈവമായ സർവ്വ
ത്താവ് യറുശലേമിൽനിന്നു
ക്കു അടിമകളായിപ്പോയി
പ്രവാസികളോടും കല്പി
ൾ വീടുകൾ പണിയുവിൻ,
ക്കുവിൻ. തോട്ടങ്ങൾ ഉണ്ടാ
അനുഭവിപ്പിൻ, ഭാര്യമാരെ
ത്രീപുത്രന്മാരെ ജനിപ്പിക്കു
ടെ പുത്രന്മാർക്കു ഭാര്യമാ
ടെ പുത്രികൾക്കു ഭർത്താ
ടുപ്പിൻ. അവരും പുത്രന്മാ
മാരെയും ജനിപ്പിക്കട്ടെ.
ളുടെ സംഖ്യ കുറയാതെ
കുവിൻ. നിങ്ങൾ അവിടെ
ി കഴിയുന്ന നഗരത്തിന്
ശംസിപ്പിൻ. അതിൻെറ
3 നിങ്ങൾക്കും ശുഭം വരു

വാനായി ആ നഗരത്തിനുവേണ്ടി പ്രാർത്ഥി
പ്പിൻ. ഇസ്രായേലിൻെറ ദൈവമായ ബല 8
വാനായ കർത്താവു പറയുന്നു. നിങ്ങളുടെ
ഇടയിലുള്ള പ്രവാചകന്മാരും പ്രശ്നക്കാരും
നിങ്ങളെ വഴി തെററിക്കരുത്. നിങ്ങൾ
കാണുന്ന സ്വപ്നങ്ങളെ നിങ്ങൾ വകവ
യ്ക്കരുത്. എന്തെന്നാൽ അവർ 'എൻെറ 9
നാമത്തിൽ' പറയുന്നവ വെറും വ്യാജമാ
കുന്നു. ഞാൻ അവരെ അയച്ചിട്ടില്ല എന്നു
കർത്താവു പറയുന്നു.
ബാബേലിൽ എഴുപതു സംവത്സരം 10
പൂർത്തിയാകുമ്പോൾ ഞാൻ നിങ്ങളെ
രക്ഷിച്ച് ഈ ദേശത്തേക്കുള്ള പ്രത്യാഗമന
ത്തെക്കുറിച്ചുള്ള സദ്വാർത്തകൾ നിങ്ങൾ
ക്കായി നിർവ്വഹിക്കും. ഞാൻ നിങ്ങളെ
സംബന്ധിച്ചു ചിന്തിക്കുന്നത് എന്താണെന്ന്
ഞാൻ അറിയുന്നു എന്നു കർത്താവു കല്പി
ക്കുന്നു. അവസാനം നിങ്ങൾക്കു പ്രത്യാശ 11
യ്ക്കായി നിങ്ങൾക്കു ഞാൻ തരുവാനിരി
ക്കുന്ന സമാധാനത്തിൻെറ — അനർത്ഥ
ത്തിൻെറയല്ല — ചിന്തതന്നെ. നിങ്ങൾ
എന്നെ വിളിക്കും. എൻെറ സന്നിധിയിൽ 12
പ്രാർത്ഥന നടത്തും. നിങ്ങൾ പൂർണ്ണ
ഹൃദയത്തോടെ എന്നെ അന്വേഷിക്കു
മ്പോൾ എന്നെ കണ്ടെത്തും എന്നു
കർത്താവ് അരുളിച്ചെയ്യുന്നു. നിങ്ങളുടെ 13
പ്രവാസത്തെ ഞാൻ തിരികെ വരുത്തും.
സർവ്വ ജാതികളുടെയും മദ്ധ്യേനിന്ന്
നിങ്ങളെ ഞാൻ കൂട്ടിവരുത്തും. നിങ്ങളെ 14
ഞാൻ ചിതറിച്ചു കളഞ്ഞ എല്ലാ ദേശ
ങ്ങളിൽനിന്നും പ്രത്യാഗമിപ്പിക്കും. നിങ്ങൾ 15
പ്രവാസത്തിന്നായി വിട്ടുപോകേണ്ടിവന്ന
സ്ഥലത്തേക്ക് മടക്കി വരുത്തും എന്നു
കർത്താവു കല്പിക്കുന്നു. കർത്താവ് 16
ബാബേലിൽ ഞങ്ങൾക്കു പ്രവാചകന്മാരെ
എഴുന്നേല്പിച്ചിട്ടുണ്ട് എന്നു നിങ്ങൾ
പറയുന്നു. ദാവീദിൻെറ സിംഹാസനത്തിൽ
ആരൂഢനായ രാജാവിനേയും ഈ നഗര
ത്തിൽ വസിക്കുന്ന എല്ലാ ജനത്തേയും
കുറിച്ചും പ്രവാസത്തിലേക്കു നിങ്ങളോടു
കൂടെ വരാതിരുന്ന നിങ്ങളുടെ സഹോദര
ന്മാരെക്കുറിച്ചും കർത്താവു കല്പിക്കുന്നു.
ഞാൻ അവർക്കെതിരായി വാളും ക്ഷാമവും 17
വസന്തയും അയയ്ക്കും. അഴുക്കായതി
നാൽ തിന്നുവാൻ കൊള്ളാത്ത അത്തി
പ്പഴങ്ങൾപോലെ ഞാൻ അവരെ ആക്കി
ത്തീർക്കും. വാളും ക്ഷാമവും വസന്തയും 18
കൊണ്ട് ഞാൻ അവരെ പീഡിപ്പിക്കും.
ഭൂതലത്തിലെ സർവ്വരാജ്യങ്ങളിലും ഞാൻ
അവരെ സംഭ്രമിപ്പിക്കും. ഞാനവരെ ചിത

റിച്ച സർവ്വ ജാതികൾക്കും അവരെ ഞാൻ
അത്ഭുതത്തിനും ശാപത്തിനും പരിഹാസ
ത്തിനും ആക്ഷേപത്തിനും പാത്രമാക്കും.
അവർ എന്റെ വചനങ്ങൾ അനുസരിച്ചില്ല.
19 മുമ്പുമുതൽ ഞാൻ അവരുടെ അടുക്കൽ
അയച്ച എന്റെ പ്രവാചകന്മാരേയും അവർ
കേട്ടില്ല; എന്നു കർത്താവു കല്പിക്കുന്നു.
20 യറുശലേമിൽനിന്നു ബാബേലിലേ
യ്ക്കു പ്രവാസത്തിൽ പോയവരേ, കർത്താ
21 വിന്റെ വചനം കേൾപ്പിൻ. എന്റെ നാമ
ത്തിൽ നിങ്ങളോടു വ്യാജം പ്രവചിക്കുന്ന
കൂലിയായുടെ മകൻ ആഹാബിനേയും
മാഅസായുടെ മകൻ സേദക്കിയായേ
യുംകുറിച്ചു ഇസ്രായേലിന്റെ ദൈവമായ
കർത്താവു കല്പിക്കുന്നു. അവരെ ഞാൻ
ബാബേൽരാജാവായ നെബുഖദ്നേസ
റിന്റെ കൈയിൽ ഏല്പിക്കും. നിങ്ങളുടെ
മുമ്പിൽവച്ച് വാൾകൊണ്ട് അവൻ അവരെ
കൊല്ലും. ബാബേലിലുള്ള യഹൂദാപ്രവാ
22 സികളെല്ലാം അവരെ ശപിക്കും. ബാബേൽ
രാജാവ് അഗ്നിയിൽ ഇട്ടു ചുട്ടുകളഞ്ഞ
സെദക്കിയായേയും ആഹാബിനെപ്പോ
ലെയും കർത്താവ് നിന്നെ ആക്കിത്തീർത്തു
23 എന്ന് അവർ പറയും. അവർ ഇസ്രായേലിൽ
അധർമം ചെയ്തു. അവരുടെ കൂട്ടുകാരുടെ
ഭാര്യമാരുമൊത്തു വ്യഭിചരിച്ചു. ഞാൻ
കല്പിച്ചിട്ടില്ലാത്ത വചനം എന്റെ നാമ
ത്തിൽ അവർ വ്യാജമായി പ്രവചിച്ചു. ഞാൻ
അത് അറിയുന്നു; ഞാൻ അതിനു സാക്ഷി
യുമത്രെ എന്നു കർത്താവു കല്പിക്കുന്നു.
24 നെഹല്യനായ ശെമയ പറഞ്ഞു: ഇസ്രാ
25 യേലിന്റെ ദൈവമായ കർത്താവു കല്പി
ക്കുന്നു എന്നു പറഞ്ഞുകൊണ്ട് അവന്റെ
പേരുവച്ച് യറുശലേമിലെ സർവ്വ ജന
26 ത്തിനും, മാസായുടെ മകനായ സെഫന്യാ
പുരോഹിതനും പുരോഹിതന്മാർക്കും, എഴു
തിയത്; കർത്താവിന്റെ ആലയത്തിൽ
ഭ്രാന്തുപിടിച്ച് പ്രവചിക്കുന്ന ഏവനേയും നീ
പിടിച്ച് ബന്ധനത്തിലും തടവിലും ഇടേണ്ട
തിന്നായി കർത്താവ് നിന്നെ യഹോദായ
പുരോഹിതനു പകരം പുരോഹിതനും
27 അധികാരിയുമാക്കിയിരിക്കുന്നു. നിങ്ങ
ളോട് പ്രവചിക്കുന്ന അനാഥോഥുകാരനായ
ഏറമിയായേ നീ വിലക്കാത്തതെന്ത്?
28 എന്തെന്നാൽ അവൻ ബാബേലിലേക്ക് ആള
യച്ചു പറയിച്ചിരിക്കുന്നത്: നിങ്ങൾ വീടുവച്ചു
പാർപ്പിൻ, തോട്ടങ്ങളുണ്ടാക്കി ഫലമനുഭവി
29 പ്പിൻ എന്നാണ്. ഈ എഴുത്ത് പുരോഹിത
നായ സെഫന്യാ ഏറമിയാ പ്രവാചകനെ
വായിച്ചു കേൾപ്പിച്ചു.

അപ്പോൾ കർത്താവിന്റെ കല്പന
ഏറമിയായ്ക്കുണ്ടായി. നീ എല്ലാ പ്രവാസി
കളുടേയും അടുക്കൽ ആളയച്ച് പറയി
ക്കുക. കർത്താവു കല്പിക്കുന്നു. ഞാൻ
നെഹലാമ്യനായ ശെമയായെ അയച്ചിട്ടില്ല
എന്നിട്ടും അവൻ നിങ്ങളോടു പ്രവചിച്ച്
അസത്യത്തിൽ നിങ്ങൾ ആശ്രയിക്കുവാൻ
ഇടയാക്കിയതിനാൽ, കർത്താവു കല്പി
ക്കുന്നു: ഞാൻ നെഹലാമ്യനായ ശെമയ
യേയും അവന്റെ സന്തതിയേയും ശിക്ഷി
ക്കും. ഈ ജനമദ്ധ്യേ താമസിക്കുവാൻ
അവന് ആരും ഉണ്ടാകുകയില്ല. എന്റെ
ജനത്തിന് വരുത്തുവാനിരിക്കുന്ന നല്ല
കാലം അവൻ കാണുകയില്ല. എന്തെന്നാൽ
അവൻ കർത്താവിന്നെതിരായി അനീതി
സംസാരിച്ചു.

അദ്ധ്യായം 30

കർത്തൃസന്നിധിയിൽനിന്നും ഏറമി
യായ്ക്കുണ്ടായ അരുളപ്പാട്: ഇസ്രായേ
ലിന്റെ ദൈവമായ കർത്താവു കല്പി
ക്കുന്നു. ഞാൻ നിന്നോടു കല്പിച്ചതെല്ലാം
നീ ഒരു ചുരുളിൽ എഴുതി വയ്ക്കുക. എന്തെ
ന്നാൽ കർത്താവ് അരുളിച്ചെയ്യുന്നു
നാളുകൾ ഇതാ വരുന്നു. എന്റെ ജനമാ
ഇസ്രായേലിന്റെയും യഹൂദായുടെയു
പ്രവാസത്തിൽനിന്നു ഞാനവരെ തിരികെ
വരുത്തും. അവരുടെ പിതാക്കന്മാർക്ക
ഞാൻ ദാനം ചെയ്ത ദേശത്തേക്ക് അവരെ
ഞാൻ തിരികെ വരുത്തും. അവർ അ
അവകാശിച്ച് അനുഭവിക്കും.

കർത്താവ് ഇസ്രായേലിനേയും യഹൂദ
യേയുംകുറിച്ചു പറഞ്ഞത്, കർത്താ
കല്പിക്കുന്നു: ഞങ്ങൾ സംഭ്രമത്തിന്റെയു
ഭീതിയുടെയും ശബ്ദം കേട്ടിരിക്കുന്നു. സമ
ധാനമില്ല. പുരുഷൻ പ്രസവിക്കാറുണ്ടോ
എന്നു അന്വേഷിച്ചുനോക്കുവിൻ. ഓരോ
പുരുഷനും, പ്രസവിക്കുന്ന സ്ത്രീയെപ്പോലെ
കൈകൾ നടുവിനു വച്ചിരിക്കുന്നതും
മുഖം വിളറിയിരിക്കുന്നതുമായി ഞാൻ
ഇക്കാണുന്നത് എന്ത്? ഹാ, ആ ദിവസ
വലിയത്! അതിനോടു സമമായി ഒന്നുമില്ല
അക്കാലം യാക്കോബിനു വേദനയുടെ
കാലം! എന്നാൽ അവൻ അതിൽനിന്നു
രക്ഷിതനാകും. അന്ന്, ഞാൻ അവന്റെ
നുകം നിന്റെ കഴുത്തിൽ നിന്നു തകർത്ത
മാറ്റി നിന്റെ ബന്ധനക്കയറുകൾ അറുത്ത
കളയും. അന്യർ ഇനിയും അവരെ അടി
പ്പെടുത്തുകയില്ല. അവർ അവരുടെ ദൈ
മായ കർത്താവിനെയും, ഞാൻ അവർക്ക

നിയമിക്കുവാനുള്ള അവരുടെ രാജാവായ
ദാവീദിനേയും സേവിക്കും. എൻെറ ദാസ
നായ യാക്കോബേ! ഭയപ്പെടേണ്ട. ഇസ്രാ
യേലേ, നീ സംഭ്രമിക്കേണ്ട എന്നു കർത്താവ്
കല്പിക്കുന്നു. വിദൂരത്തുനിന്നു നിന്നേയും
അവരുടെ പ്രവാസത്തിൽനിന്നു നിൻെറ
സന്തതിയേയും ഞാൻ രക്ഷിക്കും. യാക്കോ
ബ് സ്ഥിരവാസം ചെയ്യും. സൈ്വര്യമാ
യിരിക്കും. അവനെ ഉപദ്രവിപ്പാൻ ആരും
ഉണ്ടാകുകയില്ല. എൻെറ ദാസനായ
യാക്കോബേ! നീ ഭയപ്പെടേണ്ട എന്നു
കർത്താവ് കല്പിക്കുന്നു. നിന്നെ രക്ഷി
പ്പാൻ ഞാൻ നിന്നോടു കൂടെയുണ്ട് എന്നു
കർത്താവു പറയുന്നു. നിന്നെ ഞാൻ
ചിതറിച്ചുകളഞ്ഞ ആ ജാതികൾക്കെല്ലാം
ഞാൻ നാശം വരുത്തും. എന്നാൽ നിന്നെ
നശിപ്പിക്കുകയില്ല. ഞാൻ നിന്നെ ന്യായ
ായി ശിക്ഷിക്കും. നിന്നെ കുറ്റമറ്റവനായി
ഞാൻ വിടുകയില്ല.
കർത്താവ് ഇപ്രകാരം കല്പിക്കുന്നു.
ിൻെറ തകർച്ച വേദനയുള്ളതും നിൻെറ
ുറിവ് കഠിനവുമാകുന്നു. നിൻെറ വ്യവ
ാരം നടത്തുവാനും നിന്നെ സഹായിക്കു
ാനും സുഖപ്പെടുത്തുവാനും ആരുമില്ല.
ിൻെറ മിത്രങ്ങളെല്ലാം നിന്നെ മറന്നു.
വർ നിൻെറ പ്രാണനെ അന്വേഷിക്കുന്നു.
ന്തെന്നാൽ ശത്രു അടിക്കുന്ന അടിയാണ്
ിന്നെ ഞാൻ അടിച്ചിരിക്കുന്നത്. നിൻെറ
ാപം വർദ്ധിച്ചിരിക്കുന്നതിനാൽ, നീ മാന
ാന്തരപ്പെടാതെ നിൻെറ അധർമ്മങ്ങൾ
റിയിരിക്കുന്നതിനാൽ അവർ നിന്നെ
ാക്കുകയില്ല. നിന്നെ തിന്നുകളയുന്നവ
ല്ലാം തിന്നുകളയപ്പെടും; നിൻെറ ശത്രു
ളെല്ലാം അടിമയായിപ്പോകും. നിന്നെ
ർച്ച ചെയ്യുന്നവർ കവർച്ച ചെയ്യപ്പെടും.
ന്ന ചവിട്ടുന്നവർ ചവിട്ടപ്പെടും. അവർ
ന്ന നിഷിദ്ധ എന്നും, പ്രതികാരകനി
ത്ത സെഹിയോൻ എന്നും വിളിച്ചതു
ം ഞാൻ നിന്നെ ചികിത്സിച്ച് നിൻെറ
ിവുകൾ സുഖപ്പെടുത്തും എന്നു
ത്താവ് കല്പിക്കുന്നു.
കർത്താവു കല്പിക്കുന്നു, ഞാൻ
ക്കോബിൻെറ കൂടാരങ്ങളുടെ അടിമത്വം
സാനിപ്പിച്ച് അതിനെ മുൻ സ്ഥിതിയി
ും. അതിൻെറ കൂടാരങ്ങളോട് എനി
കരുണ തോന്നും. നഗരം അതിൻെറ
ിന്മേൽതന്നെ പണിയപ്പെടും. ആലയ
അതിനൊത്തതുപോലെ യഥാസ്ഥാന
ം. അതിൽനിന്നും സ്തോത്രവും സ്തുതി
ങ്ങളും ഉയരും. അവരെ ഞാൻ വർദ്ധി
പ്പിക്കും. അവർക്കു സംഭ്രമമുണ്ടാകുകയില്ല.
അവരെ ഞാൻ ശക്തീകരിക്കും. അവർ കുറ
ഞ്ഞുപോകുകയില്ല. അവരുടെ മക്കളും 21
യഥാസ്ഥാനത്താകും. അവരുടെ ആലയ
വും എൻെറ മുമ്പിൽ ക്രമീകരിക്കപ്പെടും.
അവരുടെ പീഡകരെയെല്ലാം ഞാൻ ശിക്ഷി
ക്കും. അവരിൽനിന്നുതന്നെ അവരുടെ 22
രാജാവും അവരുടെ മദ്ധ്യേനിന്ന് അവരുടെ
അധികാരസ്ഥാനികളും ഉണ്ടാകും. ഞാൻ
അവനെ അടുപ്പിക്കും. അവൻ എന്നോട്
അടുക്കും. അവൻെറ ഹൃദയത്തെ എങ്കലേ
ക്കു ഞാൻ തിരിക്കും എന്നു കർത്താവു
കല്പിക്കുന്നു. നിങ്ങൾ എൻെറ ജനവും 23
ഞാൻ നിങ്ങളുടെ ദൈവവുമായിരിക്കും.
ഹാ, കർത്താവിൻെറ കൊടുങ്കാറ്റ് 24
ക്രോധത്തോടെ അടിക്കും. ജ്വലിക്കുന്ന ആ
കൊടുങ്കാറ്റ് ദുഷ്ടന്മാരുടെമേൽ ചുറ്റി
അടിക്കും. ഞാൻ അതു ചെയ്തു പൂർത്തിയാ
ക്കുന്നതുവരെ അത് മടങ്ങുകയില്ല. അവ
സാനകാലത്തു നിങ്ങൾ അതു ഗ്രഹിക്കും.

അദ്ധ്യായം 31

ആ കാലത്ത് ഞാൻ ഇസ്രായേലിൻെറ 1
സർവ്വ വംശങ്ങൾക്കും ദൈവവും അവർ
എനിക്കു ജനവുമായിരിക്കും എന്നു
കർത്താവു കല്പിക്കുന്നു. വാളിൽനിന്നും 2
രക്ഷിതരായ ജനം മരുഭൂമിയിൽ കരുണ
കണ്ടെത്തി. ഇസ്രായേൽ പ്രവാസത്തിൽ
പോയല്ലോ. ദൂരെനിന്ന് കർത്താവ് എനിക്കു 3
പ്രത്യക്ഷനായി എന്നോട്: നിത്യസ്നേഹ
ത്തോടെ ഞാൻ നിന്നെ സ്നേഹിച്ചു. ആക
യാൽ നിന്നെ കൃപയിലേക്കു ഞാൻ
ആകർഷിച്ചിരിക്കുന്നു. ഞാൻ നിന്നെ അഭി
വൃദ്ധിപ്പെടുത്തും. ഇസ്രായേൽ കന്യകയേ,
നീ വീണ്ടും അഭിവൃദ്ധി പ്രാപിക്കും. നീ
അലംകൃതയാകും. സ്തുതിപാഠകരുടെ സമൂ
ഹത്തോടെ നീ പുറപ്പെടും. നീ വീണ്ടും മുന്തി 4
രിത്തോപ്പ് ശമറയാകുന്നുകളിൽ ഉണ്ടാക്കും.
നീ കൃഷി ചെയ്ത് സ്തുത്യയായിരിക്കുക. നാം 5
എഴുന്നേറ്റ്, സെഹിയോനിൽ നമ്മുടെ
ദൈവമായ കർത്താവിൻെറ സന്നിധിയിലേ
ക്കു കരേറിപ്പോകുക; എന്ന് കാവൽക്കാർ
എഫ്രെയിം മലനാട്ടിൽ വിളിച്ചുപറയുന്ന
കാലം വരും. എന്തെന്നാൽ കർത്താവു 6
കല്പിക്കുന്നു: യാക്കോബിൻഗൃഹമേ,
സന്തോഷത്തോടെ സ്തുതിപ്പിൻ. ജാതിക
ളുടെ തലയ്ക്കൽനിന്ന് ആർപ്പിടുവിൻ.
ഇസ്രായേലിൻെറ ശേഷിപ്പായ നിൻെറ 7
ജനത്തെ രക്ഷിക്കണമേ എന്ന് എല്ലാവരും
കേൾക്കെ സ്തുതിപ്പിൻ. അവരെ ഞാൻ 8

ഉത്തരദേശത്തുനിന്നു വരുത്തും. ഭൂസീമ
കളിൽനിന്ന് അവരേയും അവരിലുള്ള
മുടന്തരേയും അന്ധരേയും, ഗർഭിണികളേ
യും, പ്രസവവേദനയുള്ളവരേയും എല്ലാം
9 ഞാൻ കൂട്ടിവരുത്തും. വലിയോരു സംഘം
ഇവിടേക്ക് തിരികെ വരും. വിലാപത്തോടെ
അവർ പോയി. ആശ്വാസത്തോടെ അവർ
വരും. അവർ ഇടറിപ്പോകാതെ നീർത്തോടു
കളിലേക്കു ചൊവ്വായ വഴിയിലൂടെ ഞാൻ
അവരെ നയിക്കും. എന്തെന്നാൽ ഞാൻ
ഇസ്രായേലിനു പിതാവും എഫ്രേയിം
എൻെറ ആദ്യജാതനുമാണല്ലോ.
10 തൻെറ ജനമേ, കർത്തൃവചനം കേൾ
പ്പിൻ. വിദൂരദ്വീപുകളിൽ അവയെ പ്രസ്താവി
ക്കുവിൻ. ഇസ്രായേലിനെ ചിതറിച്ചവൻ
അതിനെ കൂട്ടിച്ചേർക്കും. ഇടയൻ അവൻെറ
ആടുകളെ എന്നതുപോലെ അവൻ അവ
11 യെ കാത്തുപാലിക്കും. കർത്താവു തൻെറ
ദാസനായ യാക്കോബിനെ രക്ഷിച്ചു. അവ
നേക്കാൾ ശക്തനിൽനിന്നും അവനെ വീണ്ടെ
12 ടുത്തു. അവർ വന്ന് സെഹിയോൻെറ ഉയര
13 ത്തിൽനിന്നു സ്തുതി പാടും. കർത്താവിൻെറ
നല്ല ദാനങ്ങളായ ഗോതമ്പ്, വീഞ്ഞ്, എണ്ണ,
കുഞ്ഞാടുകൾ, കാളക്കുട്ടികൾ എന്നിവ
കൊണ്ട് അവർ ആനന്ദിക്കും. അവരുടെ
മനസ്സ് നനവുള്ള തോട്ടംപോലെയാകും.
അവർ ഇനി ക്ഷീണിക്കുകയില്ല. അന്ന്,
കന്യക സസന്തോഷം സ്ഥിതിചെയ്യും.
യുവാക്കളും വയോധികരും ഒരുമിച്ച്
14 സന്തോഷിക്കും. അവരുടെ വിലാപം, ഞാൻ
സന്തോഷമായി വ്യത്യാസപ്പെടുത്തും. അവ
രുടെ ദുരിതങ്ങളിൽനിന്നും ഞാൻ അവരെ
ആശ്വസിപ്പിച്ച് ആനന്ദിപ്പിക്കും. ഞാൻ
പുരോഹിതന്മാരുടെ മനസ്സിനെ പുഷ്ടി
കൊണ്ട് ഉന്മത്തമാക്കും. എൻെറ ജനം
എൻെറ നന്മകൾകൊണ്ട് സംതൃപ്തരാകും
എന്നു കർത്താവു കല്പിക്കുന്നു.
15 കർത്താവു കല്പിക്കുന്നു: റാമായിൽ
കരച്ചിലിൻേറയും വലിയ വിലാപത്തി
ൻേറയും ശബ്ദം കേൾക്കപ്പെട്ടു. റാഹേൽ
അവളുടെ മക്കളെപ്രതി കരയുന്നു. അവർ
ഇല്ലായ്കയാൽ, ആശ്വസിക്കുവാൻ അവൾ
16 ക്കു മനസ്സു വരുന്നില്ല. കർത്താവു കല്പി
ക്കുന്നു: നീ കരച്ചിൽ നിർത്തുക. കണ്ണുനീരു
വാർക്കാതിരിക്കുക. എന്തെന്നാൽ നിൻെറ
കണ്ണുനീരുകൾക്കു പ്രതിഫലമുണ്ട്; എന്നു
കർത്താവു കല്പിക്കുന്നു. അവർ ശത്രു
17 രാജ്യത്തുനിന്നു മടങ്ങിവരും. നിൻെറ ഭാവി
യെക്കുറിച്ച് പ്രത്യാശയുണ്ട്. മക്കൾ അവ
രുടെ ദേശത്തേക്കു മടങ്ങിവരും.

എഫ്രേം വിലപിച്ചു പറയുന്നതു ഞാ
കേട്ടു. കർത്താവേ, നീ എന്നെ വല്ലാ
ശിക്ഷിച്ചു; അടക്കമില്ലാത്ത കാളക്കുട്ടിക
സമാനനായിരുന്ന ഞാൻ ശിക്ഷയേ
എന്നെ മടക്കിവരുത്തണമേ, ഞാൻ മട
വരും. അവിടുന്നാണല്ലോ എൻെറ ദൈ
മായ കർത്താവ്! ഞാൻ അനുതപി
പ്പോൾ എനിക്കാശ്വാസം ലഭിച്ചു. ഞാ
ഗ്രഹിച്ചു കഴിഞ്ഞപ്പോൾ എനിക്ക് വിശ്ര
ലഭിച്ചു. എൻെറ യൗവനകാലത്തെ നി
നിമിത്തം ഞാൻ ലജ്ജിതനും, ശാസി
പ്പെട്ടവനുമായി!

എഫ്രേം എൻെറ വത്സലസുത
എൻെറ ഓമനപുത്രൻ. അവനെക്കുറി
ഞാൻ സംസാരിക്കുമ്പോൾതന്നെ, ഞാ
അവനെ ഓർക്കുന്നുണ്ട്. അതിനാൽ അ
ൻെറമേൽ എൻെറ കരുണയുണ്ടായി. അ
നോടു ഞാൻ ദയ കാണിക്കും എന
കർത്താവു കല്പിക്കുന്നു.

നീ കൊടി നാട്ടുക. മരുഭൂമിയിൽ
ഇരിക്കുക. നിൻെറ ഹൃദയത്തെ ചൊവ്വാ
വഴിക്കായി നൽകുക. ഇസ്രായേൽ കന്യ
യേ! മടങ്ങി വരിക. നിൻെറ ഈ നഗര
ളിലേക്കു മടങ്ങുക. മടങ്ങിവരേണ്ട മക
നീ എത്ര കാലം സംശയിച്ചു നിൽക്കും?
ത്താവ് ദേശത്ത് ഒരു പുതിയ കാര്യം വ
ത്തുന്നു. സ്ത്രീ പുരുഷനെ പരിപാലിക്കു

ഇസ്രായേലിൻെറ ബലവാനായ ദൈ
മായ കർത്താവു കല്പിക്കുന്നു! അവരു
പ്രവാസത്തിൽനിന്നും ഞാൻ അവ
പ്രത്യാഗമിപ്പിക്കുമ്പോൾ, അവർ ഇനി
യഹൂദാരാജ്യത്തും, അതിലെ നഗരങ്ങ
ലും 'നീതി നിവാസമായ' വിശുദ്ധ പർവ്വ
മേ, ദൈവം നിന്നെ അനുഗ്രഹിക്കും എന
മുള്ള ഈ വാക്കു വിളിച്ചുപറയും. അതി
യഹൂദായും, അതിൻെറ സകല നഗരങ്ങള
കർഷകരും, അജപാലകരും ഒരുമിച്ചു വ
ക്കും. എന്തെന്നാൽ ദാഹിച്ചിരുന്ന മനസ്സി
ഞാൻ ഉന്മത്തമാക്കി. വിശന്നിരുന്നവ
ഞാൻ സംതൃപ്തരുമാക്കി. അതിനാൽ ഞാ
ഉണർന്നു നോക്കി. എൻെറ നിദ്ര എനിക
സുഖകരമായിരുന്നു.

കാലം ഇതാ വരുന്നു. അപ്പോൾ ഞാ
ഇസ്രായേൽ ഗൃഹത്തിലും യഹൂദാഗൃ
ത്തിലും മനുഷ്യരുടെയും, മൃഗങ്ങളുടെ
വിത്തു വിതയ്ക്കും. അവരെ നശിപ്പി
ഇടിച്ചു വീഴ്ത്തി, മറിച്ചിട്ട്, ഉന്മൂലനാശവ
അനർത്ഥവും വരുത്തുവാൻ ഞാൻ ചിന്ത
ച്ചിരുന്നതുപോലെതന്നെ, അവരെ ഞാ
ഓർക്കുവാനും, അഭിവൃദ്ധി വരുത്തുവാനു

നട്ടുവളർത്തുവാനും ഞാൻ നിശ്ചയിക്കും
29 എന്നു കർത്താവു കല്പിക്കുന്നു. 'അപ്പന്മാർ
പച്ചമുന്തിരിങ്ങ തിന്നു മക്കളുടെ പല്ലു
പുളിച്ചു' എന്ന് അവർ അന്നു പറയുകയില്ല.
30 ഓരോരുവനും സ്വന്തപാപങ്ങളാലത്രെ
മരിക്കുന്നത്. പച്ചമുന്തിരിങ്ങ തിന്നുന്ന
വൻെറ പല്ലാണു പുളിക്കുന്നത്.
31 കർത്താവു കല്പിക്കുന്നു: 'ഇതാ കാലം
വരുന്നു. ഞാൻ ഇസ്രായേൽ ഗൃഹത്തിന്നും
യഹൂദാഗൃഹത്തിന്നുമായി ഒരു നവമായ
32 നിയമം നിശ്ചയിക്കും. ഞാൻ അവരുടെ
പിതാക്കന്മാരുടെ കൈ പിടിച്ച് അവരെ
മെസ്രേൻ രാജ്യത്തുനിന്നു പുറപ്പെടുവിച്ച
പ്പോൾ അവർക്കു ഞാൻ കൊടുത്ത നിയമം
പോലെയുള്ളതല്ല; അവർ എൻെറ പ്രമാ
ണത്തെ ലംഘിച്ചു. ഞാനും അവരെ നിര
സിച്ചു' എന്നു കർത്താവു കല്പിക്കുന്നു.
ഇക്കാലങ്ങൾക്കുശേഷം ഞാൻ ഇസ്രാ
യേൽ ഗൃഹത്തിന്നായി നിശ്ചയിക്കുന്ന
ഈ നിയമം, അവരുടെ അന്തർഭാഗത്തു
ഞാൻ നൽകും. അവരുടെ ഹൃദയത്തിന്മേൽ
ഞാൻ എഴുതും. അവർക്കു ഞാനായിരി
ക്കും ദൈവം. അവർ എനിക്കു ജനവുമാ
യിരിക്കും. ഇനിയും അവർ 'കർത്താവിനെ
അറിയുക' എന്ന് ഒരുവൻ സ്വസഹോദര
നോടും, ഒരുവൻ സ്വമിത്രത്തോടും പറയു
കയില്ല. എന്തെന്നാൽ സർവ്വരും — ആബാ
ലവൃദ്ധം —എന്നെ അറിയും. അവരുടെ
...ടങ്ങൾ ഞാൻ ക്ഷമിക്കും. അവരുടെ
...ാപങ്ങൾ ഓർക്കുകയുമില്ല.
കർത്താവ് ഇപ്രകാരം കല്പിക്കുന്നു:
...കൽ പ്രകാശത്തിനു സൂര്യനേയും രാത്രി
...ൽ പ്രകാശത്തിനു ചന്ദ്രൻേറയും നക്ഷത്ര
...ളുടേയും പ്രവർത്തനത്തേയും ഞാൻ
...ൽകി. സമുദ്രത്തെ അവൻ ശാസിക്കുന്നു;
...തിൻെറ അലകൾ അടങ്ങുന്നു. ബലവാ
...യ ദൈവം എന്നാകുന്നു അവൻെറ
...മം, ഇവയുടെ പ്രവർത്തനം എൻെറ
...വിൽനിന്നും മാഞ്ഞുപോകുമെങ്കിൽ
...തമേ, ഇസ്രായേലിൻെറ സന്തതി
...ൻെറ ജനമല്ലാതായി എക്കാലത്തേക്കു
...ി മാഞ്ഞുപോകുകയുള്ളു. മേലുള്ള
...ാശത്തെ അളക്കുവാനും, താഴെ ഭൂമി
...ട അടിസ്ഥാനം മനസ്സിലാക്കുവാനും
...യുമെങ്കിൽ ഞാനും ഇസ്രായേൽ സന്ത
...യ അവർ ചെയ്ത സകലവും നിമിത്തം
...ിക്കളയും എന്നു കർത്താവു കല്പി
...ു. ഈ നഗരം ഹനനിയേൽ ഗോപുരം
...ൽ കോൺവാതിൽക്കൽവരെ കർത്താ
...ായി പണിയപ്പെടുവാനുള്ള കാലം

വരുന്നു എന്നു കർത്താവു കല്പിക്കുന്നു. 39
അളവുചരട് പിന്നെയും ഗരേബ്കുന്നിലേ
ക്കു ചെന്ന് ഗോവായെ ചുറ്റും. ശവങ്ങൾക്കും 40
ചാരമിടുന്നതിനും ഉള്ള താഴ്വര മുഴുവനും
കെദ്രോൻ തോടുവരേയും കിഴക്കോട്ട്
കുതിരവാതിൽ കോണുവരേയും ഉള്ള
പ്രദേശം കർത്താവിനു വിശുദ്ധമായിരിക്കും.
അത് ഇനി ഒരു കാലത്തും പറിച്ചുകളയപ്പെ
ടുകയോ തകർക്കപ്പെടുകയോ ഇല്ല.

അദ്ധ്യായം 32

യഹൂദാരാജാവായ സെദക്കിയായുടെ 1
വാഴ്ച പത്താം വർഷത്തിൽ — നെബുഖദ്
നേസറിൻെറ പതിനെട്ടാം ആണ്ടിൽ, ഏറമി 2
യായ്ക്കു കർത്താവിൻെറ അരുളപ്പാട്:
ബാബേൽ രാജാവിൻെറ സേന യറുശ
ലേമിനെ വലയം ചെയ്തു. പ്രവാചകനായ
ഏറമിയാ യഹൂദാ രാജാവിൻെറ അരമന
യുടെ കാവൽപുരമുറ്റത്തു സെദക്കിയ
രാജാവിനാൽ ബന്ധിതനായിരുന്നു.
കാരണം അയാൾ പറഞ്ഞിരുന്നു; 3
"ഞാൻ ഈ നഗരത്തെ ബാബേൽ രാജാ
വിൻെറ കൈയിൽ ഏല്പിക്കും. അവൻ
അതിനെ കീഴടക്കും" എന്നു കർത്താവു
കല്പിക്കുന്നു. യഹൂദാരാജാവായ സെദ 4
ക്കിയാ കൽദയരുടെ കൈയിൽനിന്നു
രക്ഷപെടുകയില്ല. അയാൾ നിശ്ചയമായും
ബാബേൽരാജാവിൻെറ കൈയിൽ ഏല്പി
ക്കപ്പെടും. അവൻ ഇവനോട്, നേരിട്ടു
സംസാരിക്കും. കണ്ണോടു കണ്ണു കാണു
കയും ചെയ്യും. അവൻ സെദക്കിയായെ 5
ബാബേലിലേക്കു കൊണ്ടുപോകും. ഞാൻ
കല്പനയാകുന്ന ദിവസം വരെ അവൻ
അവിടെ ഇരിക്കും. നിങ്ങൾ കൽദയരോടു
യുദ്ധം ചെയ്താലും ജയിക്കുകയില്ല." എന്നു
കർത്താവു കല്പിക്കുന്നു.

ഏറമിയായ്ക്കു കർത്താവിൻെറ കല്പ 6
നയുണ്ടായി: നിൻെറ ഇളയപ്പനായ ശോലു 7
മിൻെറ മകൻ നഹമ്മിയേൽ നിൻെറ അടു
ത്തെത്തി, ബന്യാമിൻ ദേശത്ത് അനാഥോ
ത്തിലുള്ള എൻെറ വയൽ നീ വാങ്ങിക്കണം.
എന്തെന്നാൽ അതു നിനക്ക് വാങ്ങിക്കു
വാൻ അവകാശമുള്ളതാണല്ലോ എന്നു
പറയും. കർത്തൃവചനപ്രകാരം തന്നെ 8
കാവൽപുരമുറ്റത്ത് എൻെറ ഇളയപ്പൻെറ
മകൻ നഹമിയേൽ എന്നെ സമീപിച്ച്,
ബന്യാമിൻദേശത്ത് അനാഥോത്തിലുള്ള
എൻെറ വയൽ വിലയ്ക്കെടുത്താലും. അതു
വാങ്ങിക്കുവാൻ നിനക്കവകാശമുള്ളതാ
ണല്ലോ എന്ന് എന്നോടു പറഞ്ഞു. അതു

9 കർത്താവിൻെറ അരുളപ്പാടാണ് എന്നു
ഞാൻ അറിഞ്ഞു. ഞാൻ ഇളയപ്പൻെറ മകൻ
നഹമിയേലിനോട് അനാഥോത്തിലെ
വയൽ വാങ്ങിച്ചു. പതിനേഴു ശേക്കൽ വെ
ള്ളി വിലയായി തൂക്കിക്കൊടുത്തു. ഞാൻ
10 ആധാരമെഴുതി മുദ്രവച്ചു. സാക്ഷികളെ
ക്കൊണ്ട് സാക്ഷിപ്പെടുത്തി. പണം അവനു
11 തുലാസിൽ തൂക്കിക്കൊടുത്തു. ഇങ്ങനെ
നിയമാനുസരണം മുദ്ര പതിച്ചിരുന്ന വില
യാധാരവും പകർപ്പും ഞാൻ വാങ്ങി, ഇളയ
12 പ്പൻെറ മകനായ നഹമിയേലും ആധാരത്തി
ൻെറ സാക്ഷികളുടെയും കാവൽപുരമുറ്റ
ത്തിരുന്ന എല്ലാ യഹൂദരുടെയും മുമ്പിൽ
വച്ചുതന്നെ, ആധാരം, മാസിയായുടെ മകൻ
നിറിയായുടെ മകൻ ബറൂക്കിൻെറ കൈ
13 യിൽ കൊടുത്തു. അവരുടെ മുമ്പിൽവച്ചു
ബറൂക്കിനോടു ഞാൻ കല്പിച്ചു. ഇസ്രായേ
ലിൻെറ ദൈവമായ ബലവാനായ കർത്താവ്
ഇങ്ങനെ കല്പിക്കുന്നു. മുദ്രപതിച്ചിരി
ക്കുന്ന ഈ വിലയാധാരവും മുദ്രപതിക്കാ
ത്ത പകർപ്പും നീ വാങ്ങുക. അവ ദീർഘ
കാലത്തേക്കു സൂക്ഷിക്കപ്പെടുവാൻ തക്ക
വണ്ണം ഒരു മൺപാത്രത്തിൽ വയ്ക്കുക.
14 സർവ്വശക്തനായ ഇസ്രായേലിൻെറ ദൈവ
15 മായ കർത്താവ് ഇങ്ങനെ പറയുന്നു. ഇനി
യും ഈ ദേശത്ത് വീടുകളും വയലുകളും
മുന്തിരിത്തോപ്പുകളും വിൽക്കപ്പെടും.
16 നിറിയായുടെ മകനായ ബറുക്കിൻെറ
കൈയിൽ ആധാരം ഏല്പിച്ചശേഷം ഞാൻ
കർത്താവിനോടു പ്രാർത്ഥിച്ചു പറഞ്ഞു:
17 "ദൈവമായ കർത്താവേ, നിൻെറ മഹാ
ശക്തിയാലും നീട്ടിയ ഭുജംകൊണ്ടും നീ
ആകാശത്തേയും ഭൂമിയേയും ഉളവാക്കി.
ഒരു വാക്കും നിൻെറ സന്നിധിയിൽ ഗോപ്യ
18 മായിരിക്കുന്നില്ല. നീ ആയിരം തലമുറയോട്
ദയകാണിക്കുന്നവനും പിതാക്കന്മാരുടെ
പാപങ്ങൾക്ക് അവരുടെ ശേഷം അവരുടെ
മക്കളുടെ മാർവ്വിൽ പ്രതികാരം ചെയ്യുകയും
19 ചെയ്യുന്നു. വലിയവനും, ശക്തനും, ഭയങ്കരനും
ബലവാനുമായ കർത്താവ് എന്നാണല്ലോ
നിൻെറ നാമം. നിൻെറ ആലോചന മഹ
ത്തും നിൻെറ പ്രവൃത്തികൾ അനേകവുമാ
കുന്നു. ഓരോ മനുഷ്യനും അവനവൻെറ
നടപ്പിനും, അവൻെറ പ്രവൃത്തികളുടെ ഫല
ത്തിനും ഒത്തതുപോലെ കൊടുക്കുവാനാ
യി മനുഷ്യരുടെ എല്ലാ വഴികളിലും നീ
20 സൂക്ഷിച്ചു നോക്കുന്നു. നീ മെസ്രേൻ ദേശ
ത്തും, ഇന്നുവരേയും ഇസ്രായേൽദേശത്തും
മറ്റു മനുഷ്യരുടെ മദ്ധ്യേയും, അടയാളങ്ങളും
അത്ഭുതങ്ങളും പ്രവർത്തിച്ച് ഇന്നത്തെപ്പോ
ലുള്ള നാമം നിനക്കായി നീ സമ്പാദിച്ചു.
അടയാളങ്ങളും അത്ഭുതങ്ങളുംകൊണ്ടും
ശക്തമായ കൈയാലും ഉയർന്ന ഭുജംകൊ
ണ്ടും മഹാദർശനംകൊണ്ടും നിൻെറ ജന
മായ ഇസ്രായേലിനെ മെസ്രേൻ ദേശത്തു
നിന്നും നീ പുറപ്പെടുവിച്ചു. നീ അവർക്കു
ദാനം ചെയ്യുമെന്ന് അവരുടെ പിതാക്കന്മാ
രോടു ശപഥം ചെയ്തിരുന്ന പാലും തേനും
ഒഴുകുന്ന ഈ സ്ഥലം അവർക്കു കൊടുക്കു
കയും ചെയ്തുവല്ലോ. അവർ വന്ന് അതു കൈ
വശമാക്കി; നിൻെറ ശബ്ദമോ അവർ
കേട്ടില്ല. നിൻെറ ന്യായപ്രമാണാനുസരണം
അവർ നടന്നില്ല. നീ അവരോടു കല്പിച്ച
തൊന്നും അവർ ചെയ്തുമില്ല. അങ്ങനെ
അവർക്കു നീ ഈ അനർത്ഥം വരുത്തിയിരി
ക്കുന്നു. നഗരത്തെ പിടിച്ചടക്കുവാൻ ഇതാ
പതിയിരുപ്പു സൈന്യങ്ങൾ! വാളും ക്ഷാമവു
വസന്തയുംമൂലം, അതിനെതിരായി യുദ്ധ
ചെയ്യുന്ന കൽദയരുടെ കൈയിൽ ഏല്പി
ക്കപ്പെട്ടിരിക്കുന്നു. നീ അരുളിച്ചെയ്തത
ഞാനിതാ കണ്ടിരിക്കുന്നു! ബലവാനായ
ദൈവമായ കർത്താവേ! നീ പണം കൊടുത്ത
ഒരു വയൽ വാങ്ങുക. അതിനു സാക്ഷികളെ
നിറുത്തുക എന്ന് നീ എന്നോടു കല്പിച്ച
വല്ലോ. നഗരമോ, ഇതാ കൽദയരുടെ
കൈയിൽ ഏല്പിക്കപ്പെട്ടിരിക്കുന്നു.

ഏറമിയായ്ക്കു ദൈവത്തിൻെറ അരുള
പ്പാട്: ഞാനാകുന്നു സർവ്വജഡത്തിൻെ
യും ദൈവം. എൻെറ സന്നിധിയിൽ എന്തെ
ങ്കിലും മറഞ്ഞിരിക്കുമോ? ആകയാൽ കർ
ത്താവ് ഇപ്രകാരം കല്പിക്കുന്നു: ഇതാ
ഞാൻ ഈ നഗരം കൽദയരുടെ കൈയിൽ
ബാബേൽ രാജാവായ നെബുഖദ്നേസ
റുടെ കൈയിൽ ഏല്പിച്ചുകൊടുക്കും
അവൻ അതിനെ കീഴടക്കും. കൽദയർ വന
ഈ നഗരത്തിന്നെതിരെ യുദ്ധം ചെയ്യു
അവർ ഈ നഗരത്തെ ഉന്മൂലം നശിപ്പിക്കു
അതിനു തീവയ്ക്കും. എനിക്കു കോപ
വരത്തക്കവണ്ണം അവരുടെ മേൽപുരകളിൽ
വച്ച് ബാലിനു ധൂപം അർപ്പിക്കുകയും അന
ദേവന്മാർക്കു പാനീയബലികൾ അർപ്പി
ക്കുകയും ചെയ്ത ഭവനങ്ങളേയും ചുട്ടുകള
യും. എന്തെന്നാൽ ഇസ്രായേൽക്കാരു
യഹൂദാക്കാരും അവരുടെ ബാല്യംമുതൽ
തന്നെ എൻെറ മുമ്പിൽ തിന്മയായത
ചെയ്തുകൊണ്ടിരിക്കുന്നു. ഇസ്രായേൽ
മക്കൾ അവരുടെ കൈകളുടെ പ്രവൃത്തി
കൾകൊണ്ട് എന്നെ കുപിതനാക്കിയിരി
ക്കുന്നു. അവർ ഈ നഗരം പണിത കാല
മുതൽ ഇന്നുവരേയും, അതിനെ എൻെറ

മുമ്പിൽനിന്നു തുടച്ചു മാറ്റത്തക്കവണ്ണം
അവർ നിമിത്തമായി എൻെറ കോപവും
2 ക്രോധവും ഈ നഗരത്തിന്മേലുണ്ട്. ഇസ്രാ
യേൽ മക്കളും യഹൂദാമക്കളും എന്നെ
കോപിപ്പിക്കത്തക്കവിധത്തിൽ ചെയ്തിട്ടുള്ള
എല്ലാ ദുഷ്കർമ്മങ്ങൾ നിമിത്തം, അവരും,
അവരുടെ രാജാക്കന്മാരും പ്രഭുക്കന്മാരും,
പുരോഹിതന്മാരും, പ്രവാചകന്മാരും യഹൂ
ദാപുരുഷന്മാരും യറുശലേം നിവാസികളും
ചെയ്ത സകല ദോഷവും നിമിത്തംതന്നെ.
അവർ മുഖമല്ല; പുറകത്രെ എങ്കലേക്കു
തിരിച്ചിരിക്കുന്നത്! ഞാൻ അവരെ ഉപദേ
ശിച്ചു; പഠിപ്പിച്ചു. ശിക്ഷണം സ്വീകരിക്കു
വാൻ അവർ ആഗ്രഹിച്ചില്ല. എൻെറ നാമം
വിളിക്കപ്പെട്ടിരിക്കുന്ന ആലയത്തെ അശുദ്ധ
മാക്കി. അവർ മോലേക്കിന് അവരുടെ
പുത്രന്മാരേയും പുത്രിമാരെയും ദഹിപ്പിച്ചു
കൊടുക്കുവാൻ, ബർഹന്നും താഴ്വരയി
ലുള്ള തഫാത്തിൽ അവർ ബാലിനു
വലിപീഠങ്ങൾ പണിതു. അവർ ഈ വഷ
ായ കാര്യങ്ങൾ ചെയ്ത് യഹൂദരെക്കൊണ്ട്
ാപം ചെയ്യിപ്പിക്കുവാൻ ഞാൻ അവരോട്
ജ്ഞാപിച്ചിട്ടില്ല; ഞാൻ ചിന്തിച്ചിട്ടുമില്ല.
വാൾ, ക്ഷാമം, വസന്ത എന്നിവകൊണ്ട്
ബേൽ രാജാവിൻെറ കൈയിൽ ഏല്പി
പ്പെട്ടിരിക്കുന്നുവെന്ന് നിങ്ങൾ പറയുന്ന
ൗ നഗരത്തെക്കുറിച്ച് ഇസ്രായേലിൻെറ
ദവമായ കർത്താവ് ഇങ്ങനെ കല്പി
ുന്നു. എൻെറ കോപവും ക്രോധവും നീര
വും മൂലം ഞാൻ അവരെ ചിതറിച്ചു
ഞ്ഞ സകല ദേശങ്ങളിൽനിന്നും ഞാൻ
വരെ കൂട്ടിവരുത്തും. ഞാൻ അവരെ ഈ
ലത്തേക്കു തിരികെ വരുത്തി അതിൽ
ാധാനത്തോടെ വസിപ്പിക്കും. അവർ
ിക്കു ജനവും ഞാൻ അവർക്കു ദൈവ
ായിരിക്കും. അവർക്കും പിൻഗാമിക
അവരുടെ മക്കൾക്കും നന്മവരുവാ
യി അവർ എന്നോട് എന്നുമെന്നും ഭക്തി
ുള്ളവരായിരിക്കുവാൻ അവർക്കു ഞാൻ
മായ ഹൃദയവും നവമായ ആത്മാവി
ും കൊടുക്കും. അവർക്കു നന്മ ചെയ്യു
ിൽനിന്നും ഞാൻ ഒരിക്കലും പിന്തിരി
യില്ല എന്ന ഒരു ശാശ്വത ഉടമ്പടിയും
ുമായി ഞാൻ ചെയ്യും. അവർ എന്നിൽ
ും തെറ്റിമാറാതിരിപ്പാൻ എന്നോടുള്ള
അവരുടെ ഹൃദയത്തിൽ ഞാൻ
ും. അവരെ ഞാൻ സന്തുഷ്ടരാക്കും.
ക്കു നന്മ വരും. ഈ ദേശത്ത് പൂർണ്ണ
ത്തോടും പൂർണ്ണ മനസ്സോടുംകൂടി
അവരെ നട്ടുവളർത്തും.

കർത്താവു കല്പിക്കുന്നു: ഈ ജന 42
ത്തിന് ഈ വലിയ അനർത്ഥമെല്ലാം വരു
ത്തിയതുപോലെ, അവരോടു ഞാൻ പറ
ഞ്ഞിരിക്കുന്ന എല്ലാ നന്മയും ഞാൻ വരു
ത്തും. മനുഷ്യനും മൃഗവും ഇല്ലാതായിരി 43
ക്കുന്നു. കൽദയരുടെ കൈയിൽ ഏല്പി
ക്കപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ പറയുന്ന
ഈ ദേശത്തുതന്നെ, അവർ നിലങ്ങൾ
വിലയ്ക്കു വാങ്ങും. അവരുടെ പ്രവാസി 44
കളെ ഞാൻ തിരികെ വരുത്തും. അവർ
പണം കൊടുത്തു നിലങ്ങൾ വാങ്ങും.
ആധാരങ്ങൾ എഴുതി മുദ്രപതിച്ച് സാക്ഷി
കളെ നിർത്തും. ബന്യാമിൻദേശത്തും,
യറുശലേമിൻെറ പരിസരങ്ങളിലും യഹൂദാ
നഗരങ്ങളിലും മലനാടു നഗരങ്ങളിലും,
സമതലത്തെ നഗരങ്ങളിലും ദക്ഷിണ
ഭാഗത്തെ നഗരങ്ങളിലും ഇങ്ങനെ സംഭ
വിക്കുമെന്ന് കർത്താവ് കല്പിക്കുന്നു.

അദ്ധ്യായം 33

കാവൽപുരമുറ്റത്ത് ഏറമിയാ അട 1
യ്ക്കപ്പെട്ടിരുന്നപ്പോൾ രണ്ടാമതും ദൈവ
കല്പന അവനുണ്ടായി. നിന്നെ നിർമ്മി
ക്കുകയും മെനയുകയും, ക്രമപ്പെടുത്തു
കയും ചെയ്ത കർത്താവു കല്പിക്കുന്നു.
കർത്താവ് എന്നാകുന്നു അവൻെറ നാമം. 2
നീ എന്നെ വിളിക്കുക. ഞാൻ നിനക്ക് 3
ഉത്തരമരുളും. നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത
മഹത്തും ശക്തവുമായുള്ളവ ഞാൻ നിന്നെ
കാണിക്കും. എന്തെന്നാൽ ഇസ്രായേലി
ൻെറ ദൈവമായ കർത്താവു കല്പി
ക്കുന്നു: കൽദയരോടുകൂടി യുദ്ധത്തിനു 4
വന്ന കവർച്ചക്കാർ വാൾ കൊണ്ടു
നശിപ്പിച്ചതായി ഈ നഗരത്തിലെ
വീടുകളെയും യഹൂദാ രാജഗൃഹങ്ങളെയും,
എൻെറ കോപത്തിലും ക്രോധത്തിലും
ഞാൻ സംഹരിച്ച മനുഷ്യപിണങ്ങൾ
കൊണ്ടു നിറയ്ക്കും. ഈ നഗരത്തിൽ 5
നിന്നും ഞാൻ എൻെറ മുഖം തിരിച്ചത്
എൻെറ മുമ്പിൽ അവർ പ്രവർത്തിച്ച സർവ്വ
തിന്മകളും നിമിത്തമത്രെ. ഞാൻ ഈ നഗര 6
ത്തിലേക്കു വൈദ്യനെ അയയ്ക്കും. അവരെ
ഞാൻ സൗഖ്യമാക്കും. സമാധാനത്തിൻെറ
യും വിശ്വാസത്തിൻെറയും പാതകൾ
അവർക്കു വെളിപ്പെടുത്തിക്കൊടുക്കും.
യഹൂദായുടെയും ഇസ്രായേലിൻെറയും 7
പ്രവാസികളെ ഞാൻ മടക്കിവരുത്തും.
അവരെ ഞാൻ അഭിവൃദ്ധിപ്പെടുത്തി മുൻ
സ്ഥിതിയിലാക്കും. ആരംഭത്തിലെപ്പോലെ,
അവർക്കു ഞാൻ നന്മ വരുത്തും. എന്നോട് 8

അവർ ചെയ്ത സകല പാപങ്ങളിൽനിന്നും
ഞാൻ അവരെ നിർമ്മലീകരിക്കും. എന്നോട്
അവർ ചെയ്ത സർവ്വ തെറ്റുകളും അവരോടു
ഞാൻ ക്ഷമിക്കും. ഭൂതലത്തിലെ സർവ്വ ജാതി
9 കളിലും, അത് എനിക്കു പേരിനും, ആനന്ദ
ത്തിനും, ആഹ്ലാദത്തിനും പ്രശംസയ്ക്കു
മായി ഭവിക്കും. ഇവർക്കു ഞാൻ ചെയ്തുകൊ
ടുക്കുന്ന സർവ്വ നന്മകളേയും കുറിച്ച് അവർ
കേൾക്കും. അവർ ഭയപ്പെടും, അവർക്കു
ഞാൻ ചെയ്തുകൊടുക്കുന്ന എല്ലാ നന്മയും,
സമാധാനവും നിമിത്തം മറ്റുള്ളവർ ഭ്രമിക്കും.
10 കർത്താവു കല്പിക്കുന്നു. മനുഷ്യനും
മൃഗവുമില്ലാതെ ശൂന്യമായിരിക്കുന്നു,
എന്നു നിങ്ങൾ പറയുന്ന ഈ സ്ഥലത്തും
യഹൂദാനഗരങ്ങളിലും, മനുഷ്യനോ മൃഗ
മോ, നിവാസികളോ ഇല്ലാതെ ശൂന്യമായ
11 യറുശലേം തെരുവീഥികളിലും, ഇനിയും,
ആനന്ദത്തിൻേറയും ആഹ്ലാദത്തിൻേറയും
ശബ്ദവും, മണവാളൻേറയും മണവാട്ടി
യുടേയും ശബ്ദവും "ബലവാനായ ദൈവ
ത്തെ സ്തുതിപ്പിൻ. അവൻ നല്ലവനും ദയാലു
വും എന്നേക്കും കൃപാലുവുമല്ലേ" എന്നുള്ള
12 ശബ്ദവും ഉയരും. കർത്താവിൻെറ ആലയ
ത്തിലേക്ക് അവർ സ്തോത്രത്തോടെ വരും.
ദേശത്തെ പ്രവാസികളെ ഞാൻ തിരികെ
കൊണ്ടുവന്ന് മുൻ സ്ഥിതിയിലാക്കും
എന്നു കർത്താവു കല്പിക്കുന്നു. ബലവാ
13 നായ ദൈവം അരുളിച്ചെയ്യുന്നു. മനുഷ്യനും
മൃഗവുമില്ലാതെ ശൂന്യമായിരിക്കുന്ന ഈ
സ്ഥലത്തും അതിൻെറ സകല നഗരങ്ങ
ളിലും, ആടുകളുടെ ആലകളിലും ഇടയ
ന്മാരുടെ പാർപ്പിടങ്ങളിലും ഇനിയും പുഷ്ടി
14 യുണ്ടാകും. മലനാട്ടിലെ നഗരങ്ങളിലും
സമതലത്തെ പട്ടണങ്ങളിലും, ദക്ഷിണദേശ
നഗരങ്ങളിലും, ബന്യാമീൻ ദേശത്തും
യറുശലേമിൻെറ പ്രാന്തങ്ങളിലും, യഹൂദാ
നഗരങ്ങളിലും, എണ്ണുന്നവൻെറ കൈ
ക്കീഴെ ആടുകൾ ഇനിയും കടന്നുപോകും
എന്നു കർത്താവു കല്പിക്കുന്നു.
15 ഇസ്രായേൽഗൃഹത്തോടും യഹൂദാ
ഗൃഹത്തോടും, ഞാൻ പറഞ്ഞ സദ്വചന
ങ്ങൾ ഞാൻ നിലനിറുത്തുന്ന കാലം
വരുന്നു. ആ നാളുകളിൽ, അക്കാലത്ത്,
ദാവീദിനു ഞാൻ നീതിയിൻ കിരണം
ഉദിപ്പിക്കും. അവൻ രാജ്യം ഭരിക്കും. ദേശത്തു
നീതിയും ന്യായവും പരിജ്ഞാനത്തോടെ
16 നടത്തും. അക്കാലത്ത് യഹൂദാ രക്ഷിക്ക
പ്പെടും. യറുശലേം ശാന്തിയോടെ വസിക്കും.
'മൊറിയോ സദ്ക്കാൻ' (ദൈവം നമ്മെ
നീതീകരിച്ചു) എന്നു അതിനു പേരു പറയും.

കർത്താവ് ഇപ്രകാരം കല്പിക്കുന്ന
ഇസ്രായേൽ ഗൃഹത്തിൻെറ സിംഹാസ
ത്തിന്മേൽ ആരൂഢനാകുവാൻ ദാവീദി
ഒരു സന്താനം ഇല്ലാതെ വരികയില്ല. പ്ര
ദിനം ഹോമയാഗവും ഹനനയാഗവും, ധൂ
വും, അർപ്പിക്കുവാൻ എൻെറ സന്നിധിയി
പുരോഹിതന്മാർക്കും ലേവ്യർക്കും ആ
ല്ലാതെ വരികയില്ല.

ഏറമിയായ്ക്കു വീണ്ടും കല്പന
ണ്ടായി: കർത്താവ് ഇപ്രകാരം കല്പിക
ന്നു: യഥാസമയങ്ങളിൽ രാത്രിയും പകല
വരാത്ത വിധത്തിൽ, രാത്രിയോടുള
എൻെറ നിയമവും പകലിനെക്കുറിച്ചുള
എൻെറ നിയമവും ദുർബ്ബലമാക്കുവാ
നിങ്ങൾക്കു കഴിയുമെങ്കിൽ മാത്ര
എൻെറ ദാസനായ ദാവീദിന് അവനെ
സിംഹാസനത്തിൽ ഇരുന്നു ഭരിപ്പാൻ ഒ
മകൻ ഇല്ലാതെ വരത്തക്കവണ്ണം, അ
നോടും, എൻെറ ശുശ്രൂഷകരായ ലേ
പുരോഹിതരോടുമുള്ള എൻെറ വാഗ്
നവും ദുർബലമാകുകയുള്ളു. ആകാ
സേനയെ എണ്ണുവാനും കടൽക്കരയി
മണൽ അളക്കുവാനും അസാദ്ധ്യമായ
പോലെ ഞാൻ എൻെറ ദാസനായ ദാവ
ൻെറ സന്തതിയേയും, എൻെറ ശുശ്രൂഷ
രായ ലേവ്യരേയും വർദ്ധിപ്പിക്കും.

വീണ്ടും കർത്താവിൻെറ വച
ഏറമിയായ്ക്കുണ്ടായി: കർത്താവ് ത
ഞ്ഞെടുത്ത ഈ രണ്ടു വംശങ്ങളേ
അവൻ പരിത്യജിച്ചുവെന്ന് ഈ ജ
പറയുന്നത് നീ കേൾക്കുന്നില്ലയോ? അ
ഇനിയും ഒരു ജാതിയേ അല്ല എന്ന് എ
ജനത്തെ അവർ ദുഷിച്ചു പറയുന
എന്നാൽ കർത്താവു കല്പിക്കുന്നു: പക
നോടും രാത്രിയോടുമുള്ള എൻെറ ഉടന
നിലനിൽക്കുന്നില്ലെങ്കിൽ — ആകാ
ത്തിൻേറയും ഭൂമിയുടേയും നിയമം ഞ
നൽകിയിട്ടില്ലെങ്കിൽ മാത്രമേ — ഞ
യാക്കോബിൻേറയും എൻെറ ദാസന
ദാവീദിൻേറയും സന്തതിയെ അബ്രഹ
ൻേറയും, ഇസഹാക്കിൻേറയും യാക്കോ
ൻേറയും സന്തതിക്കു ഭരണാധിപന്മാരാ
രിപ്പാൻ അവൻെറ സന്തതിയിൽനിന
ഒരുവനെ എടുക്കാതിരിക്കുകയുള്ളു! അ
രുടെ പ്രവാസികളെ ഞാൻ തിരികെ വ
ത്തി അവരോടു ദയ ചെയ്യും.

അദ്ധ്യായം 34

ബാബേൽരാജാവായ നെബു
നേസറും, അവൻെറ സർവ്വ സൈന്യ

അവൻെറ ഭരണത്തിലുള്ള രാജ്യങ്ങളും
സർവ്വ ജാതികളും, യറുശലേമിനോടും
അതിൻെറ എല്ലാ നഗരങ്ങളോടും യുദ്ധം
ചെയ്യുകൊണ്ടിരിക്കുമ്പോൾ, ഏറമിയാ
യ്ക്കു കർത്താവിൽനിന്നും കല്പനയു
ണ്ടായി: ഇസ്രായേലിൻെറ ദൈവമായ
കർത്താവ് അരുളിച്ചെയ്യുന്നു: യഹൂദാ
രാജാവായ സെദക്കിയായോടു നീ പറയുക:
കർത്താവു കല്പിക്കുന്നു: ബാബേൽ
രാജാവിൻെറ കൈയിൽ ഈ നഗരത്തെ
ഞാൻ ഏല്പിച്ചുകൊടുക്കും. അവൻ
അതിനെ അഗ്നിക്കിരയാക്കും. അവൻെറ
കൈയിൽനിന്നും നീ രക്ഷപെടുകയില്ല.
അവൻ നിന്നെ പിടിക്കും. അവൻെറ കൈ
യിൽ നീ ഏല്പിക്കപ്പെടും. നീ ബാബേൽ
രാജാവിനെ അഭിമുഖമായി കാണുകയും
നേരിട്ടു സംസാരിക്കുകയും ചെയ്യും. നീ
ബാബേലിലേക്കു പോകേണ്ടിവരും.
യഹൂദാരാജാവായ സെദക്കിയായേ,
ർത്താവിൻെറ വാക്കു കേൾക്കുക. നിന്നെ
ുറിച്ച് കർത്താവു കല്പിക്കുന്നു: നീ
ാളാൽ മരിക്കുകയില്ല. സമാധാനത്തോടെ
രിക്കും. നിൻെറ മുൻഗാമികളായിരുന്ന
ൂർവ്വിക രാജാക്കന്മാരായിരുന്ന നിൻെറ
ിതാക്കന്മാർക്കുവേണ്ടി വിലാപം നടത്തി
ിരുന്നതുപോലെ നിന്നെ പ്രതിയും നട
ും: യജമാനനേ എന്നു വിളിച്ച് അവർ
ന്നെക്കുറിച്ചു വിലപിക്കും. ഇത് ഞാൻ
ല്പിച്ച വചനമാകുന്നു, എന്നു കർത്താവു
ല്പിക്കുന്നു. ഈ വചനങ്ങളെല്ലാം പ്രവാ
കനായ ഏറമിയാ യഹൂദാരാജാവായ
ദക്കിയായോട് യറുശലേമിൽവച്ചു പറ
ു. അക്കാലത്തു ബാബേൽ രാജാവി
റ സേന യറുശലേമിനോടും, ലാക്കീശ്,
സക്കാ ആദിയായി യഹൂദായിൽ
ഷിച്ചിരുന്ന എല്ലാ നഗരങ്ങളോടും യുദ്ധം
യ്യുകൊണ്ടിരുന്നു. ഉറപ്പുള്ള നഗരങ്ങ
ി യഹൂദായിൽ ശേഷിച്ചിരുന്നവ, ഇവ
മായിരുന്നു.
യറുശലേമിലെ സർവ്വജനത്തോടുമായി
ദക്കിയ ഒരു വിളംബരം ചെയ്തു. അതാ
, ഒരുവനും സ്വസഹോദരനായ ഒരു
ൂദനെക്കൊണ്ട് ഒരു അടിമവേലയും
യ്യിക്കരുതെന്നും, എബ്രായക്കാരനായ
നേയും എബ്രായക്കാരിയായ ദാസി
ും വിമോചിപ്പിച്ചയയ്ക്കണം എന്നു
ന. അക്കാലത്ത് ഏറമിയായ്ക്കു
ത്താവിൽനിന്നും കല്പനയുണ്ടായി.
നും തൻെറ ദാസനേയും ദാസിയേയും
ണ്ട് അടിമപ്പണി ചെയ്യിക്കരുതെന്നും,

അവരെ സ്വതന്ത്രരാക്കണമെന്നുമുള്ള
നിയമം, എല്ലാ പ്രഭുക്കന്മാരും എല്ലാ ജന
വും അനുസരിച്ച് അവരെ വിട്ടയച്ചിരുന്നു.
എന്നാൽ പിന്നീട് അവർ വ്യതിചലിച്ച് 11
ദാസീദാസന്മാരെ തിരികെ വരുത്തി അവരെ
വീണ്ടും ദാസീദാസന്മാരാക്കി! അപ്പോൾ 12
ദൈവത്തിൽനിന്നും ഏറമിയായ്ക്ക് അരുള
പ്പാടുണ്ടായി:

ഇസ്രായേലിൻെറ ദൈവമായ കർത്താ 13
വ് അരുളിച്ചെയ്യുന്നു: നിങ്ങളുടെ പിതാ
ക്കന്മാർ അവരെ അടിമവീടായ മെസ്രേനിൽ
നിന്നു കൊണ്ടുവന്ന കാലത്ത് ഞാൻ ഒരു
നിയമം നല്കിയിരുന്നു. സ്വയം നിനക്കു 14
വില്ക്കുകയും ആറുവർഷം നിനക്കു സേവ
നം ചെയ്കയും ചെയ്ത എല്ലാ എബ്രായ
സഹോദരനേയും ഏഴാമാണ്ട് വിമോചിത
നാക്കണം. അവനെ സ്വതന്ത്രനായി നിൻെറ
അടുക്കൽനിന്നും വിട്ടയയ്ക്കണം എന്നു
കല്പിച്ചിരുന്നു. എന്നാൽ, നിങ്ങളുടെ
പിതാക്കന്മാർ എൻെറ കല്പന അനുസരി
ച്ചില്ല; ശ്രദ്ധിച്ചതുമില്ല. നിങ്ങളാകട്ടെ ഇന്നു 15
വീണ്ടും ഓരോരുവനും സ്വന്ത കൂട്ടുകാരനു
വിമോചനം പ്രഖ്യാപിച്ചിരിക്കുന്നതിനാൽ
എനിക്കു പ്രസാദകരമായ രീതിയിൽ
പ്രവർത്തിച്ചിരിക്കുന്നു. എൻെറ നാമം വിളി 16
ച്ചിരിക്കുന്ന ആലയത്തിൽവച്ച് എൻെറ
സന്നിധിയിൽ നിശ്ചയവുംചെയ്തതായി
രുന്നു. എന്നാൽ, നിങ്ങൾ വ്യതിചലിച്ചിരി
ക്കുന്നു; എൻെറ നാമത്തെ അശുദ്ധമാക്കി
യിരിക്കുന്നു. അവനവൻെറ ആഗ്രഹാനു
സരണം പൊയ്ക്കൊള്ളുവാൻ വിമോചനം
നല്കി, അയച്ചിരുന്ന ദാസീദാസന്മാരെ
തിരികെ വരുത്തി ദാസീദാസന്മാരാക്കി
യിരിക്കുന്നു.

ആകയാൽ, കർത്താവു കല്പിക്കുന്നു: 17
ഓരോരുവൻ സ്വസഹോദരനും, കൂട്ടു
കാരനും, വിമോചനം നല്കുവാനുള്ള
എൻെറ വാക്കു നിങ്ങൾ അനുസരിച്ചില്ല.
ഇതാ, ഞാൻ ഒരു വിമോചനം പ്രഖ്യാപി
ക്കുന്നു. അതു വാളിനും വസന്തയ്ക്കും
ക്ഷാമത്തിനുംതന്നെ! ഭൂതലത്തിലെ എല്ലാ
രാജ്യങ്ങളിലും ഞാൻ നിങ്ങളെ ഭീതിപാത്ര
ങ്ങളാക്കിത്തീർക്കും എന്നു കർത്താവു
കല്പിക്കുന്നു.

കാളക്കുട്ടിയെ രണ്ടായി പിളർന്ന് ആ 18
പിളർപ്പുകളുടെ മദ്ധ്യേ കൂടെ നടന്നുകൊണ്ട്
എൻെറ സന്നിധിയിൽ ചെയ്ത ഉടമ്പടി വ്യവ
സ്ഥകൾ പാലിക്കാതെ, എൻെറ നിയമം
ലംഘിച്ചിരിക്കുന്നവരേ! കാളക്കുട്ടിയുടെ 19
പിളർപ്പുകളുടെ മദ്ധ്യേകൂടെ നടന്നുപോയ

യഹൂദാ പ്രഭുക്കന്മാരേയും യറുശലേമിലെ
പ്രഭുക്കന്മാരേയും, ഷണ്ഡന്മാരേയും, പുരോ
ഹിതന്മാരേയും, ദേശത്തെ സർവ്വജനത്തേ
20 യും ഞാൻ ഏല്പിച്ചുകൊടുക്കും. അവരുടെ
ശത്രുക്കളുടേയും, കൊല്ലുവാൻ ശ്രമിക്കു
ന്നവരുടേയും കൈയിൽ ഞാൻ അവരെ
ഏല്പിച്ചുകൊടുക്കും. അവരുടെ മൃതദേഹ
ങ്ങൾ ആകാശത്തിലെ പക്ഷികൾക്കും
ഭൂമിയിലെ മൃഗങ്ങൾക്കും ഇരയാകും!
21 യഹൂദാരാജാവായ സെദക്കിയായേയും
അവന്റെ പ്രഭുക്കന്മാരേയും ഞാൻ, അവ
രുടെ ശത്രുക്കളുടേയും, പ്രാണഹാനിവരു
ത്തുവാൻ ശ്രമിക്കുന്നവരുടേയും, നിങ്ങൾ
ക്കെതിരെ കയറിവരുന്ന ബാബേൽ രാജാ
വിന്റെ സൈന്യത്തിന്റെ കൈയിലും
22 ഏല്പിക്കും. ഞാൻ കല്പിച്ച് അവരെ ഈ
നഗരത്തിലേക്കു തിരിക്കും. അവർ യുദ്ധം
ചെയ്ത് അതിനെ കീഴടക്കി അഗ്നിക്കിരയാ
ക്കും. യഹൂദാനഗരങ്ങളെ ആൾപാർപ്പി
ല്ലാതെ ഞാൻ ശൂന്യമാക്കും എന്നാകുന്നു
കർത്താവിന്റെ അരുളപ്പാട്.

അദ്ധ്യായം 35

1 യോശിയായുടെ പുത്രനും യഹൂദരാജാ
വുമായ യഹോയാക്കീമിന്റെ കാലത്ത്
ഏറമിയായ്ക്കു കർത്താവിൽനിന്നുണ്ടായ
2 അരുളപ്പാട്: നീ റക്കാബിം ഗൃഹത്തിന്റെ
അടുത്തു ചെന്ന് അവരോടു സംസാരിക്കുക.
അവരെ ദൈവാലയത്തിന്റെ ഒരു മുറി
യിൽ കൊണ്ടുവന്ന് കുടിക്കുവാൻ വീഞ്ഞു
3 കൊടുക്കുക. ഞാൻ, അപ്രകാരം ഹബ്ബ്സി
ന്യായുടെ മകനായ ഏറമിയായുടെ മക
നായ യയസന്യായേയും, സഹോദരന്മാ
രേയും അവന്റെ പുത്രന്മാർ എല്ലാവരേയും
റക്കാബിം ഗൃഹത്തിലുള്ള സർവ്വരെയും
കൂട്ടി, ദൈവാലയത്തിൽ പ്രഭുക്കന്മാരുടെ
4 മുറിക്കു സമീപം ശല്ലൂമിന്റെ മകനായ
വാതിൽകാവൽക്കാരൻ മയസെയുടെ
മുറിക്കുപരി, ഇഗ്ദല്യായുടെ മകനും ദൈവ
പുരുഷനുമായ ഹന്നാന്റെ പുത്രന്മാരുടെ
5 മുറിയിൽ കൊണ്ടുവന്നു. റക്കാബിം
കുടുംബക്കാരുടെ മുമ്പിൽ വീഞ്ഞു നിറച്ച
കുടങ്ങളും പാനപാത്രങ്ങളും ഞാൻ വച്ചു.
വീഞ്ഞു കുടിച്ചാലും എന്നു ഞാൻ അവ
6 രോടു പറഞ്ഞു. അവർ പറഞ്ഞു: ഞങ്ങൾ
വീഞ്ഞു കുടിക്കുകയില്ല. കാരണം, റക്കാബി
ന്റെ മകനായ ഞങ്ങളുടെ പിതാവ് യോനാ
ദാബ് ഞങ്ങളോടു പറഞ്ഞിട്ടുണ്ട്: 'നിങ്ങൾ
വസിക്കുന്ന ദേശത്ത് ദീർഘായുഷ്മാന്മാ
7 രായിരിക്കുവാൻ, നിങ്ങളും നിങ്ങളുടെ

മക്കളും ഒരിക്കലും വീഞ്ഞുകുടിക്കരുത്
വീടുകൾ പണിയരുത് — വിതയ്ക്കരുത്
മുന്തിരിത്തോപ്പ് ഉണ്ടാക്കരുത്. ഇങ്ങനെ
യൊന്നും നിങ്ങൾക്കുണ്ടാകരുത്. നിങ്ങ
ആയുഷ്കാലമെല്ലാം കൂടാരങ്ങളിൽ
പാർക്കണം' എന്ന്. ആകയാൽ ഞങ്ങളു
ഭാര്യമാരും, പുത്രീപുത്രന്മാരും ജീവകാല
ത്തൊരിക്കലും വീഞ്ഞുകുടിക്കുകയോ
വാസാർത്ഥം വീടുകൾ പണിയുകയോ
ചെയ്യാതെ റക്കാബിന്റെ മകനായ ഞങ്ങ
ളുടെ പിതാവ് യോനാദാബിന്റെ കല്പന
നുസരണം പ്രവർത്തിച്ചുവരുന്നു. ഞങ്ങ
ക്കു മുന്തിരിത്തോപ്പും വയലും വിത്തുമില്ല
ഞങ്ങൾ കൂടാരവാസികളായി, ഞങ്ങളുടെ
പിതാവായ യോനാദാബ് ഞങ്ങളോട
ആജ്ഞാപിച്ചതു മുഴുവനും അനുസരിച്ച
നടന്നുവരികയാണ്. എന്നാൽ, ബാബേൽ
രാജാവായ നെബുഖദ്നേസർ ദേശം ആക്ര
മിച്ചപ്പോൾ, ഞങ്ങൾ: വരുവിൻ കൽദായര
ടേയും, അറാമ്യരുടെയും സൈന്യങ്ങളുടെ
മുമ്പിൽനിന്നും, നമുക്കു യറുശലേമിലേക്ക
പോകാം എന്നു പറഞ്ഞു; അങ്ങനെ ഞങ്ങ
യറുശലേമിൽ പാർത്തുവരുന്നു.

അപ്പോൾ കർത്താവിന്റെ അരുളപ്പാ
ഏറമിയായ്ക്കുണ്ടായി. ഇസ്രായേലിന്റെ
ദൈവമായ ബലവാനായ കർത്താവു കല്പ
ക്കുന്നു: നീ പോയി യഹൂദാക്കാരോടു
യറുശലേം വാസികളോടും പറയുക
നിങ്ങൾ പ്രബോധനം സ്വീകരിച്ച് എന്റെ
വചനങ്ങൾ അനുസരിക്കുകയില്ലയോ
റക്കാബിമിന്റെ മകനായ യോനാദാബ
തന്റെ പുത്രന്മാർ വീഞ്ഞുകുടിക്കരുതെന്ന
ആജ്ഞാപിച്ചത് അവർ അനുസരിക്കുന്നു
അവർ സ്വപിതാവിന്റെ കല്പന അനുസ
രിച്ച് ഇന്നുവരെ കുടിക്കാതിരിക്കുന്നു
എന്നാൽ നിങ്ങളാകട്ടെ സദാ നിങ്ങളോട
ഞാൻ സംസാരിച്ചിട്ടും നിങ്ങൾ എന്നെ
അനുസരിച്ചില്ല! നിങ്ങൾ, ഓരോരുവനു
ദുർമ്മാർഗ്ഗങ്ങൾ വിട്ടുപിരിഞ്ഞ് നിങ്ങളുടെ
പ്രവർത്തനങ്ങൾ നന്നാക്കുവിൻ. അന്യ
ദേവന്മാരോട് പറ്റിച്ചേർന്ന് അവയെ പൂജ
ക്കരുത്. അപ്പോൾ ഞാൻ നിങ്ങൾക്കു
നിങ്ങളുടെ പിതാക്കൾക്കും ദാനംചെയ്ത
ദേശത്തു നിങ്ങൾ വസിക്കും എന്ന്, എന്റെ
ദാസന്മാരായ പ്രവാചകന്മാരെ, ഇടവിടാതെ
നിങ്ങളുടെ അടുക്കൽ അയച്ച് പറയിച്ചിട്ടും
നിങ്ങൾ ശ്രദ്ധിക്കുകയോ എന്റെ വാക്ക്
അനുസരിക്കുകയോ ചെയ്തിട്ടില്ല! റെക്കാ
ബിമിന്റെ മകനായ യോനാദാബിന്റെ
മക്കൾ അവരുടെ പിതാവിന്റെ കല്പന

അനുഷ്ഠിച്ചിരിക്കുന്നു. ഈ ജനമാകട്ടെ
എൻെറ വാക്കുകൾ അനുസരിച്ചില്ല! ആക
യാൽ ഇസ്രായേലിൻെറ ദൈവമായ ബല
വാനായ കർത്താവു കല്പിക്കുന്നു: ഞാൻ
പറഞ്ഞിട്ടും അവർ കേട്ടില്ല, ഞാൻ വിളി
ച്ചിട്ടും അവർ ഉത്തരം തന്നില്ല. ആകയാൽ
ഞാൻ യഹൂദായുടെമേലും എല്ലാ യറു
ശലേം നിവാസികളുടെമേലും അവർക്കായി
ഞാൻ നിശ്ചയിച്ചിരിക്കുന്ന അനർത്ഥ
മെല്ലാം വരുത്തും.
ഏറമിയാ റക്കാബിം കുടുംബത്തോടു
പറഞ്ഞു: ഇസ്രായേലിൻെറ ദൈവമായ
ബലവാനായ കർത്താവു കല്പിക്കുന്നു:
നിങ്ങൾ, നിങ്ങളുടെ പിതാവായ യോനാദാ
ബിൻെറ ആജ്ഞാനുസരണം അവൻ
കല്പിച്ചതെല്ലാം ചെയ്തിരിക്കുന്നതിനാൽ,
റക്കാബിൻെറ മകനായ യോനാദാബിന്,
എൻെറ സന്നിധിയിൽ നില്ക്കുവാൻ ഒരു
പുരുഷൻ ഒരിക്കലും ഇല്ലാതെ വരികയില്ല,
എന്ന് ഇസ്രായേലിൻെറ ദൈവമായ
കർത്താവു കല്പിക്കുന്നു.

അദ്ധ്യായം 36

യോശിയായുടെ മകൻ യഹൂദാ രാജാ
ായ യഹോയാക്കീമിൻെറ നാലാം ആ
ണ്ടിൽ, ഏറമിയായ്ക്ക് കർത്താവിൽ നിന്നു
ണ്ടായ വചനങ്ങൾ: നീ ഒരു ചുരുൾ വാങ്ങി,
യോശിയായുടെ കാലത്ത് നിന്നോടു ഞാൻ
സംസാരിച്ചുതുടങ്ങിയനാൾമുതൽ
ഇന്നുവരെയുമായി, ഇസ്രായേലിനേയും,
ഹൂദായേയും, എല്ലാ ജാതിളേയുംകുറിച്ച്
ഞാൻ നിന്നോടു സംസാരിച്ച എല്ലാ വചന
ങ്ങളും എഴുതുക. ഞാൻ അവരുടെമേൽ
വരുത്തുവാനിരിക്കുന്ന സർവ്വ അനർത്ഥ
ത്തെയും പറ്റി യഹൂദാഗൃഹം കേട്ടിട്ട്
ഓരോരുവനും ദുർമ്മാർഗ്ഗം ഉപേക്ഷിക്കു
വാനും അങ്ങനെ ഞാൻ അവരുടെ അനീ
തിയും പാപവും ക്ഷമിക്കുവാനും ഇടവന്നേ
ക്കാം. ഏറമിയ നേരിയുടെ മകൻ ബറൂക്കി
വിളിച്ചു. ദൈവം ഏറമിയായോടു
സംസാരിച്ച സർവ്വ വചനങ്ങളും അവൻെറ
വായ്മൊഴി പ്രകാരം ബറുക്ക് ഒരു ചുരുളിൽ
എഴുതി. ഏറമിയ ബറുക്കിനോടു നിർദേ
ശിച്ചു: 'ഞാൻ അടയ്ക്കപ്പെട്ടിരിക്കയാണ
ല്ലോ. എനിക്കു ദൈവാലയത്തിൽ പോകു
വാൻ കഴിയുന്നില്ല. ആകയാൽ നീ പോയി
ഞാൻ പറഞ്ഞുതന്നതു കേട്ടു നീ എഴു
തിയ ചുരുളിൽനിന്നും ദൈവവചനങ്ങളെ,
ദൈവാലയത്തിൽ വച്ച് ഉപവാസദിവസം
കേൾക്കത്തക്കവണ്ണം വായിക്കണം.
ഓരോ നഗരത്തിൽനിന്നും ആഗതരാകുന്ന
എല്ലാ യഹൂദരും കേൾക്കുമാറ് അതു നീ
വായിക്കണം. അവർ, പക്ഷേ, ദൈവസന്നി 7
ധിയിൽ വീണ് അപേക്ഷിച്ചുകൊണ്ട് അവ
രുടെ ദുർമ്മാർഗം വിട്ടു തിരിഞ്ഞേക്കാം.
കർത്താവ് ഈ ജനത്തിനു നിശ്ചയിച്ചിരി
ക്കുന്ന കോപവും ക്രോധവും വലുതത്രെ.'
ഏറമിയാ പ്രവാചകൻ ആജ്ഞാപിച്ചതു 8
പോലെ നേരിയുടെ മകൻ ബറൂക്ക് ചെയ്തു.
ദൈവാലയത്തിൽവച്ച് ആ ചുരുളിൽനിന്നും
കർതൃവചനങ്ങൾ വായിച്ചുകേൾപ്പിച്ചു.
യോശിയായുടെ മകനായ യഹൂദാ 9
രാജാവ് യഹോയാക്കിമിൻെറ ഭരണം
അഞ്ചാം വർഷം ഒൻപതാം മാസത്തിൽ
അവർ യറുശലേമിലെ എല്ലാ ജനത്തിനും,
യഹൂദ നഗരങ്ങളിൽനിന്നും യറൂശലേമിൽ
വന്നുചേർന്ന എല്ലാവർക്കുമായി ദൈവ
സന്നിധിയിൽ ഒരു ഉപവാസം പ്രഖ്യാപിച്ചു.
അപ്പോൾ ബറൂക്ക് ദൈവാലയത്തിൽ 10
പുതിയ വാതിൽക്കൽ, മേലെയുള്ള മുറ്റത്ത്
ശാഫാൻെറ മകനും എഴുത്തുകാരനുമായ
ഗെമറിയായുടെ മുറിയിൽവച്ച് ആ ചുരു
ളിൽനിന്ന് ഏറമിയായുടെ വചനങ്ങൾ
സർവ്വ ജനത്തേയും വായിച്ചുകേൾപ്പിച്ചു.
ശാഫാൻെറ മകൻ ഗെമറിയായുടെ മകനായ 11
മിഖയാ, കർതൃവചനങ്ങളെല്ലാം ചുരുളിൽ
നിന്നും വായിച്ചു കേട്ടപ്പോൾ അവൻ
കൊട്ടാരത്തിൽ എഴുത്തുകാരൻെറ മുറിയി
ലെത്തി. അവിടെ പ്രഭുക്കന്മാരെല്ലാവരും
ഉണ്ടായിരുന്നു. അവിടെ എഴുത്തുകാരൻ 12
ഏലിശാമായും ശെമയായുടെ മകൻ ദെല
യായും അക്ക്ബോറിൻെറ മകൻ ഏൽനാ
ഥാനും, ശാഫാൻെറ മകൻ ഗമറിയായും
ഹനനിയായുടെ മകൻ സെദക്കിയായും മറ്റു
പ്രമാണികളും ഇരുന്നിരുന്നു. ബറൂക്ക് ജന 13
ത്തെ, ചുരുൾ വായിച്ചുകേൾപ്പിച്ചപ്പോൾ,
മിഖയാ താൻ കേട്ടിരുന്ന വചനങ്ങളെല്ലാം
അവരോടു പ്രസ്താവിച്ചു. അപ്പോൾ കൂശി 14
യുടെ മകനായ ശെലെമ്യായുടെ മകനായ
നഥന്യായുടെ മകനായ യഹൂദയെ ബറു
ക്കിൻെറ അടുക്കലേക്കയച്ച്, നീ ജനത്തെ
വായിച്ചുകേൾപ്പിച്ച ചുരുൾ എടുത്തുകൊ
ണ്ടുവരിക എന്ന് പ്രഭുക്കന്മാർ പറയിച്ചു.
അപ്പോൾ നേരിയുടെ മകനായ ബറൂക്ക്
ചുരുളുമായി അവരുടെ അടുത്തെത്തി.
അവർ അവനോട് ഇവിടെ ഇരുന്ന് നീ ഇതു 15
വായിച്ചുകേൾപ്പിക്കുക എന്നു പറഞ്ഞു.
ബറൂക്ക് വായിച്ചു കേൾപ്പിച്ചു. അവർ ആ 16
വചനങ്ങൾ കേട്ട് ഭയവിഹ്വലരായി പര
സ്പരം നോക്കി ബറൂക്കിനോട്: ഈ വചന

ങ്ങളെല്ലാം ഞങ്ങൾ രാജാവിനെ അറിയി
17 ക്കുമെന്നു പറഞ്ഞു. ഈ വചനങ്ങളെല്ലാം
നീ എങ്ങനെ എഴുതി? അയാൾ പറഞ്ഞു
തന്നതാണോ എന്നു ഞങ്ങളോടു പറയുക
എന്നു ബറൂക്കിനോട് അവർ ചോദിച്ചു.
18 ബറുക്ക് ഉത്തരമായിട്ട്:- അദ്ദേഹം ഈ
വചനങ്ങളെല്ലാം പറഞ്ഞുതന്നു. ഞാൻ
ചുരുളിൽ മഷികൊണ്ട് എഴുതിയെടുത്തു
19 എന്നു പറഞ്ഞു. അപ്പോൾ പ്രഭുക്കന്മാർ
ബറൂക്കിനോട്-വേഗം പോയി നീയും
ഏറമിയായും കൂടി ഒളിച്ചിരുന്നുകൊള്ളു
വിൻ. ആരും അറിയരുത് എന്നു പറഞ്ഞു.
20 അവർ, ചുരുൾ എഴുത്തുകാരനായ ഏലി
ശാമായുടെ മുറിയിൽ വച്ചിട്ട് രാജസന്നി
ധിയിൽ എത്തി ആ വചനങ്ങളെല്ലാം
21 രാജാവിനെ അറിയിച്ചു. ചുരുൾ എടുത്തു
കൊണ്ടു വരുവാൻ രാജാവ് യഹൂദായെ
അയച്ചു. അവൻ എഴുത്തുകാരനായ ഏലിശ
മായുടെ മുറിയിൽനിന്നും അത് എടുത്തു
കൊണ്ടു വന്നു. യഹൂദാ അതു രാജാവി
നേയും, രാജാവിനടുത്തു നിന്നിരുന്ന
പ്രഭുക്കന്മാരേയും വായിച്ചു കേൾപ്പിച്ചു.
22 അപ്പോൾ ഒമ്പതാം മാസത്തിൽ രാജാവ്
വിശ്രമമന്ദിരത്തിൽ ഇരിക്കുകയായിരുന്നു.
അവൻെറയടുത്ത് 'നെരിപ്പോടി'ൽ തീ
23 കത്തിച്ചിരുന്നു. യഹൂദാ, മൂന്നോ നാലോ
ഭാഗം വായിച്ചു കഴിഞ്ഞപ്പോൾ, രാജാവ്
എഴുത്തുകാരൻെറ കത്തികൊണ്ട് അതു
മുറിച്ച് നെരിപ്പോടിലെ തീയിൽ ഇട്ടു കത്തി
24 ച്ചുകൊണ്ടിരുന്നു. രാജാവിനോ, ആ വചന
ങ്ങൾ കേട്ടുകൊണ്ടിരുന്ന ഭൃത്യന്മാർക്കോ
യാതൊരു ഭയവുമുണ്ടായില്ല. അവർ വസ്ത്രം
25 കീറിയുമില്ല. ചുരുൾ കത്തിച്ചു കളയരുതേ,
എന്ന് ഏൽനാഥാനും, ദലയായും, ഗെമറി
യായും രാജാവിനോടപേക്ഷിച്ചുവെങ്കിലും,
അവൻ അവരുടെ അഭ്യർത്ഥന കേട്ടില്ല.
26 തന്നെയുമല്ല; എഴുത്തുകാരൻ ബറൂക്കി
നേയും പ്രവാചകനായ ഏറമിയായേയും
പിടിച്ചുകൊണ്ടു വരുവാനായി, രാജകുമാര
നായ യറഹ്മയേലിനേയും, അസ്രിയേലി
ൻെറ മകൻ സെദായേയും, അബ്ദേലിൻെറ
മകനായ ശെലമ്യായേയും, ചുമതലപ്പെ
ടുത്തി. എന്നാൽ കർത്താവ് അവരെ ഒളി
പ്പിച്ചിരുന്നു.
27 ബറൂക്ക്, ഏറമിയായുടെ വായ്മൊഴി
അനുസരിച്ചു വചനങ്ങൾ എഴുതിയ ചുരുൾ
രാജാവു കത്തിച്ചുകളഞ്ഞശേഷം, കർത്താ
28 വ് ഏറമിയായോടു ആജ്ഞാപിച്ചു. നീ
വേറൊരു ചുരുൾ വാങ്ങി യഹൂദാരാജാ
വായ യഹോയാക്കീം കത്തിച്ചുകളഞ്ഞ

മുൻ ചുരുളിൽ ഉണ്ടായിരുന്നവയെല്ലാം
അതിൽ എഴുതുക. യഹൂദാരാജാവായ
യഹോയാക്കിമിനോടു നീ പറയുക:
കർത്താവ് അരുളിച്ചെയ്യുന്നു. ബാബേൽ
രാജാവു വന്ന് ഈ രാജ്യത്തെ നശിപ്പിക്കും.
മനുഷ്യനേയും മൃഗത്തേയും നശിപ്പിക്കും.
നീ ആ ചുരുളിൽ എഴുതിയത് എന്തിന്?
എന്നു പറഞ്ഞു. നീ അതു കത്തിച്ചുകള
ഞ്ഞു. ആകയാൽ യഹൂദാരാജാവായ
യഹോയാക്കീമിനെപ്പറ്റി കർത്താവു കല്പി
ക്കുന്നു. ദാവീദിൻെറ സിംഹാസനത്തിൽ
ഇരിക്കുവാൻ അവന് പിൻഗാമിയുണ്ടാകു
കയില്ല. അവൻെറ മൃതദേഹം പകൽ
സമയത്തു തെരുവിലും രാത്രിയിൽ മഞ്ഞ
ത്തും ഇട്ടിരിക്കും. അവനേയും അവൻെറ
സന്തതിയേയും അവൻെറ സേവകരേയും
അകൃത്യം നിമിത്തം ഞാൻ ശിക്ഷിക്കും.
അവർ എൻെറ ശബ്ദം കേൾക്കാതിരുന്ന
തിനാൽ അവരുടെമേലും, യറുശലേം
നിവാസികൾ എല്ലാവരുടെമേലും, യഹൂദാ
ജനത മുഴുവൻ മേലും, അവരെക്കുറിച്ചു
ഞാൻ പറഞ്ഞ സർവ്വ അനർത്ഥവും
വരുത്തും എന്നു കർത്താവു കല്പിക്കുന്നു.
ഏറമിയാ മറ്റൊരു ചുരുൾ എടുത്ത്
നേരിയുടെ മകൻ എഴുത്തുകാരനായ ബറൂ
ക്കിനെ ഏല്പിച്ചു. യഹൂദാ രാജാവായ
യഹോയാക്കിം അഗ്നിക്കിരയാക്കിയ ഗ്രന്ഥ
ത്തിൽ എഴുതിയിരുന്ന സർവ്വ വചനങ്ങളും
ഏറമിയായുടെ വായിൽനിന്നും കേട്ട് അവൻ
എഴുതി. അതിനും പുറമേ, മറ്റനേകം വചന
ങ്ങളും എഴുതി.

അദ്ധ്യായം 37

യഹോയാക്കീമിൻെറ മകനായ യുഖനി
യായ്ക്കു പകരം യോശിയായുടെ മകൻ
സെദക്കിയാ രാജാവായി. അവനെ ബാ
ബേൽ രാജാവായ നെബുഖദ്നേസർ
യഹൂദായിൽ രാജാവാക്കിയതായിരുന്നു.
അവനും അവൻെറ ദാസരും, ദേശത്തെ
ജനവും, ഏറമിയാ പ്രവാചകൻവഴിയായി
കർത്താവ് കല്പിച്ച വചനങ്ങൾ കേട്ട്
അനുസരിച്ചില്ല.

സെദക്കിയാ രാജാവ്, ശെലെമ്യായുടെ
മകൻ യഹൂക്കലിനേയും മയസായുടെ
മകൻ സെഫന്യാപുരോഹിതനേയും ഏറ
മിയായുടെ അടുക്കൽ അയച്ച് നിൻെറ
ദൈവമായ കർത്താവിനോടു ഞങ്ങൾക്കു
വേണ്ടി അപേക്ഷിക്കണമെ എന്നു പറയി
ച്ചു. ഏറമിയാ ജനത്തിന്നിടയിൽ വന്നും
പോയുമിരുന്നു. അവനെ കാരാഗൃഹത്തി

ലാക്കിയിരുന്നില്ല. ഫറവോന്റെ സൈന്യം
മെസ്രേനിൽനിന്നു പുറപ്പെട്ടു. അവർ യറു
ശലേമിനെ വളഞ്ഞിരിക്കുന്നുവെന്ന് കൽദ
ർ കേട്ടു. അവർ യറുശലേം വിട്ടുപോയി.
അന്നു പ്രവാചകനായ ഏറമിയായ്ക്കു
കർത്താവിന്റെ അരുളപ്പാടുണ്ടായി.
ഇസ്രായേലിന്റെ ദൈവമായ കർത്താവ്
കല്പിക്കുന്നു: അരുളപ്പാടു ചോദിപ്പാൻ
ിങ്ങളെ എന്റെ അടുക്കലേക്കയച്ച
ഹൂദാരാജാവിനോടു പറയുവിൻ: നിങ്ങ
ളെ സഹായിക്കുവാൻ പുറപ്പെട്ടിരിക്കുന്ന
റവോന്റെ സൈന്യം മെസ്രേനിലേക്കു
ിരിച്ചുപോകും. കൽദയർ മടങ്ങിവരും.
ഈ നഗരത്തോടു യുദ്ധം ചെയ്ത് അതിനെ
ീഴ്പ്പെടുത്തും. അഗ്നിക്കിരയാക്കും. കൽദ
ർ നിശ്ചയമായും തിരിച്ചുപോകും എന്നു
ഞ്ഞ് സ്വയം വഞ്ചിതരാകരുത്. അവർ
ിച്ചുപോകുകയില്ല. നിങ്ങളോടു യുദ്ധം
യ്യുന്ന കൽദയരുടെ സേനയെ മുഴുവ
ൻ നിങ്ങൾ തോല്പിച്ചാലും, അവരിൽ
ിവേറ്റു ശേഷിച്ചിരിക്കുന്നവർ, അവ
ടെ കൂടാരങ്ങളിൽനിന്നു വന്ന് ഈ നഗര
ിന് തീ വയ്ക്കും എന്നു കർത്താവ്
രുളിച്ചെയ്യുന്നു.
ഫറവോന്റെ സൈന്യത്തെ ഭയന്ന്
ൽദയസൈന്യം-യറുശലേമിനെ വിട്ടു
ോയി. ഏറമിയ, ബന്യാമീൻദേശത്ത്-
ജനമദ്ധ്യേ തന്റെ ഓഹരി വാങ്ങു
ൻ പോയി. അവൻ ബന്യാമിന്റെ
വേശനത്തിങ്കൽ നിൽക്കുമ്പോൾ, അ
ടെ കാര്യസ്ഥനായി നിന്നിരുന്ന ഹന
യായുടെ മകനായ, ശലമ്യായുടെ മക
ൻ നേരിയാ, ഏറമിയ പ്രവാചകനെ പിടി
ച്ച് അവനോട് കൽദയരുടെ അടുക്കലേ
ക്കാണോ നീ ഓടിപ്പോകുന്നത്! എന്നു
ദിച്ചു. ഏറമിയാ ഉത്തരമായി: നീ
ണയാണു പറയുന്നത്. ഞാൻ കൽദയ
ടെ അടുക്കലേക്കല്ല പോകുന്നത് എന്നു
ഞ്ഞു. നേരിയാ അതു വകവയ്ക്കാതെ
യായെ പിടിച്ച് പ്രഭുസദസ്സിൽ കൊ
ചെന്നു. ആ പ്രമാണികൾ ഏറമിയാ
ടെ നേരേ കോപിച്ച് ചമ്മട്ടിക്കടിച്ച് എഴു
കാരനായ യോനാഥാന്റെ വീട്ടിൽ
വിലാക്കി. അതിനെ അവർ കാരാ
മാക്കിയിരുന്നു. ഇങ്ങനെ, ഓരോ
റയിൽനിന്നും മാറ്റി മാറ്റി ഏറിയനാൾ
യാ തടവിൽ കിടന്നു.
സെദക്കിയാരാജാവ് ആളയച്ച് അവനെ
വരുത്തി. ഭവനത്തിൽവച്ച്, രഹസ്യ
അവനോട്, കർത്താവിൽനിന്നും
എന്തെങ്കിലും അരുളപ്പാടുണ്ടോ എന്നു
ചോദിച്ചു. ഏറമിയാ ഉത്തരമായിട്ട്; ഉണ്ട്.
നീ ബാബേൽ രാജാവിന്റെ കൈയിൽ
ഏല്പിക്കപ്പെടും എന്നു പറഞ്ഞു. ഏറമി 18
യാ തുടർന്ന് സെദക്കിയായോട്: "നിങ്ങൾ
എന്നെ തടവിലാക്കുവാൻ തക്ക എന്തു
കുറ്റമാണ് ഞാൻ നിന്നോടോ, നിന്റെ സേവ
കരോടോ, ഈ ജനത്തോടോ ചെയ്തത്?
ബാബേൽ രാജാവ് നിങ്ങൾക്കെതിരായും 19
ഈ രാജ്യത്തിനെതിരായും വരികയില്ല.
എന്നു നിങ്ങളോടു പ്രവചിച്ച നിങ്ങളുടെ
ആ പ്രവാചകന്മാർ ഇപ്പോൾ എവിടെ?
ആകയാൽ യജമാനനായ രാജാവേ, 20
കേൾക്കണമേ, എന്റെ അപേക്ഷ സ്വീക
രിക്കണമേ! എഴുത്തുകാരനായ യോനാ
ഥാന്റെ വീട്ടിൽ കിടന്നു ഞാൻ മരിക്ക
ത്തക്കവിധത്തിൽ വീണ്ടും എന്നെ അവിടേ
ക്കയക്കരുതേ! എന്നു പറഞ്ഞു. അപ്പോൾ 21
സെദെക്കിയാ രാജാവ്, ഏറമിയായെ
കാവൽപുരത്തളത്തിൽ ഏല്പിക്കുവാനും,
നഗരത്തിൽ ഭക്ഷണദൗർലഭ്യം ശക്തമാ
കുന്നതുവരെ, അപ്പക്കാരുടെ തെരുവിൽ
നിന്നും, ഓരോ ദിവസവും ഓരോ അപ്പം
അവനു കൊടുക്കുവാനും കല്പനയായി.
അങ്ങനെ ഏറമിയാ കാവൽപുരത്തളത്തിൽ
താമസമായി.

അദ്ധ്യായം 38

കർത്താവ് ഇപ്രകാരം കല്പിക്കുന്നു: 1
ഈ നഗരത്തിൽ വസിക്കുന്നവൻ, വാൾ,
ക്ഷാമം, വസന്ത എന്നിവയാൽ മരിക്കും.
കൽദയരുടെ അടുക്കൽ ചെന്നു പറ്റുന്നവൻ,
ജീവിച്ചിരിക്കും. കൊള്ളസാധനം കിട്ടിയതു
പോലായിരിക്കും അവന്, അവന്റെ ജീവൻ.
കർത്താവ് ഇപ്രകാരം കല്പിക്കുന്നു: 2
നിശ്ചയമായും ഈ നഗരം ബാബേൽ രാജാ
വിന്റെ സേനയുടെ കൈയിൽ ഏല്പി
ക്കപ്പെടുകതന്നെ ചെയ്യും. അവൻ അതിനെ 3
കീഴടക്കും എന്ന് ഏറമിയാ സർവ്വജനത്തോ
ടും പറഞ്ഞ വചനങ്ങൾ, മാത്താന്റെ മകൻ
ശേഫത്യായും, പശ്ഹൂറിന്റെ മകൻ ഗെമ
ല്യായും, ശെലേമ്യായുടെ മകൻ യുഖലും
മൽക്കിയായുടെ മകൻ പശ്ഹൂരും കേട്ട
പ്പോൾ, ആ പ്രധാനികൾ രാജാവിനോടു
പറഞ്ഞു. 'ഈ മനുഷ്യൻ ഈ നഗരത്തിൽ 4
അവശേഷിച്ചിരുന്ന ഭടന്മാരിലും ജനത്തിലും
മനോധൈര്യം നഷ്ടപ്പെടുത്തുന്നതിനാൽ
ഇവനെ കൊല്ലണം. ഇവൻ ഈ ജനത്തി
ന്റെ നന്മയല്ല; അനർത്ഥമത്രെ ആഗ്രഹി
ക്കുന്നത്.' അപ്പോൾ സെദക്കിയാ രാജാവ് 5

അവരോട്, ഇതാ അവൻ നിങ്ങളുടെ അധീ
നതയിൽ ഇരിക്കുന്നു. നിങ്ങൾക്കു വിരോ
ധമായി യാതൊന്നും പ്രവർത്തിക്കുവാൻ
രാജാവിനു സാദ്ധ്യമല്ല എന്നു പറഞ്ഞു.
6 അവർ ഏറമിയായെ പിടികൂടി. രാജ
കുമാരനായ മൽക്കിയായ്ക്കു കാവൽപുര
മുറ്റത്തുള്ള അഗാധക്കുഴിയിൽ കയറു കെട്ടി
ഇറക്കി. ആ കുഴി നിറയെ ചെളിയായിരുന്നു.
7 വെള്ളമില്ലായിരുന്നു. ഏറമിയാ ചെളിയിൽ
താണു! ഏറമിയായെ കുഴിയിൽ ഇട്ടു എന്ന
വാർത്ത കൊട്ടാരത്തിൽ ഉണ്ടായിരുന്ന
എത്യോപ്യൻ ഷണ്ഡൻ അബദ്മേലേക്ക്
കേട്ടു. രാജാവ് ബെന്യാമിൻ വാതിൽക്കൽ
ഇരിക്കുകയായിരുന്നു.
8 അബദ്മെലെക്ക് കൊട്ടാരത്തിൽനി
ന്നും രാജസന്നിധിയിലെത്തി രാജാവി
9 നോടു സംസാരിച്ചു. യജമാനനായ രാജാ
വേ, ഈ മനുഷ്യർ ഏറമിയായോട് ചെയ്ത
തെല്ലാം കടുത്ത അനീതിയത്രെ. അവർ
അവനെ കുഴിയിൽ ഇട്ടിരിക്കുകയാണ്.
നഗരത്തിൽ അപ്പം കിട്ടാനില്ലാത്തതിനാൽ
അയാൾ അവിടെ പട്ടിണികിടന്നു മരിച്ചു
10 പോകുമല്ലോ എന്നു പറഞ്ഞു. രാജാവ്
എത്യോപ്യനായ അബദ്മെലക്കിനോട്: നീ
ഇവിടെനിന്നും മുപ്പതുപേരെ കൂട്ടിക്കൊണ്ടു
പോയി അയാൾ മരിക്കുംമുമ്പേ അയാളെ
കുഴിയിൽനിന്നും കയറ്റിക്കൊള്ളുക എന്നു
11 പറഞ്ഞു. ഉടനെ അബദ്മെലേക്ക് ആളുകളേ
യുംകൊണ്ട്, അരമനയിൽ ഭണ്ഡാരമുറിക്ക്
താഴെ ചെന്ന് അവിടെനിന്ന് തുണിക്കണ്ട
ങ്ങൾ എടുത്തു അവയെ കയറു കെട്ടി ഏറമി
12 യായ്ക്കു ഇറക്കിക്കൊടുത്തു. എത്യോപ്യ
നായ അബദ്മെലേക്ക് ഏറമിയായോട് ഈ
തുണിക്കഷണങ്ങൾ നിന്റെ കക്ഷങ്ങളിൽ
വച്ച് അതിനു പുറമെ കയറിടുക എന്നു പറ
13 ഞ്ഞു. ഏറമിയാ അപ്രകാരം ചെയ്തു. അവർ
ഏറമിയായെ കുഴിയിൽ നിന്നും കയറു
കൊണ്ട് വലിച്ച് കയറ്റി. ഏറമിയാ വീണ്ടും
കാവൽപുരത്തളത്തിൽ താമസം തുടങ്ങി.
14 പിന്നീട് സെദക്കിയാ രാജാവ് ആള
യച്ച് ഏറമിയാ പ്രവാചകനെ ദൈവാല
യത്തിലെ മൂന്നാം കവാടത്തിൽ, തന്റെ
അടുക്കൽ വരുത്തി. രാജാവ് ഏറമിയാ
യോട്: "ഒരു കാര്യം നിന്നോടു ഞാൻ ചോദി
15 ക്കുന്നു. ഒന്നും മറച്ചു വയ്ക്കരുത്" എന്നു
പറഞ്ഞു. ഏറമിയാ, സെദക്കിയായോട്
"ഞാൻ അത് തിരുമനസ്സറിയിച്ചാൽ എന്നെ
വധിക്കുകയില്ലയോ-ഞാൻ ഒരഭിപ്രായം
പറഞ്ഞാൽ അതു കേൾക്കുകയുമില്ലല്ലോ"
16 എന്നു പറഞ്ഞു. സെദക്കിയാ അവനോട്

"ഈ ജീവൻ സൃഷ്ടിച്ചു നൽകിയ ദൈ
ത്താണ ഞാൻ നിന്നെ കൊല്ലുകയി
നിന്നെ കൊല്ലുവാൻ ശ്രമിക്കുന്നവരു
കൈയിൽ ഞാൻ നിന്നെ ഏല്പിച്ചുകൊ
ക്കുകയുമില്ല" എന്നു ഏറമിയായോ
രഹസ്യമായി വാഗ്ദാനം ചെയ്തു.
അപ്പോൾ ഏറമിയാ രാജാവിനോ
പറഞ്ഞു: ഇസ്രായേലിന്റെ ദൈവം—ബ
വാനായ കർത്താവ്—ഇപ്രകാരം കല്
ക്കുന്നു: "നീ ബാബേൽ രാജാവിന്റെ
പ്രഭുക്കന്മാരെ സമീപിച്ചാൽ നിനക്കു ര
കിട്ടും. അവർ ഈ നഗരം അഗ്നിക്കിര
ക്കുകയുമില്ല. നീയും നിന്റെ കുടുംബ
ജീവനോടിരിക്കും. എന്നാൽ നീ ബാബേ
രാജാവിന്റെ പ്രഭുക്കന്മാരുടെ അടുക്ക
പോകാതിരുന്നാൽ ഈ നഗരം കൽദ
ക്ക് അധീനമാകും. അവർ അതിനെ അ
ക്കിരയാക്കും. നീ അവരുടെ കൈയി
നിന്നും രക്ഷപെടുകയുമില്ല." സെദക്കി
രാജാവ് ഏറമിയായോട്: കൽദയർ എ
അവരുടെകൂടെ ചേർന്നു നിൽക്കു
യഹൂദന്മാരുടെ കൈയിൽ ഏല്പിക്ക
യില്ലേ? അവർ എന്നെ അവമാനിക്ക
എന്നു എനിക്കു ഭയമുണ്ട് എന്നു പറഞ്ഞ
ഏറമിയാ, ഉത്തരമായി; അവർ നി
ഏല്പിച്ചുകൊടുക്കുകയില്ല. ഞാൻ അ
യിക്കുന്ന കർത്താവിന്റെ വചനം കേട്ടാ
അതു നിനക്കു ഗുണം ചെയ്യും. നിന
ജീവരക്ഷയുമുണ്ടാകും. പുറത്തു ചെ
വാൻ മനസ്സില്ലെങ്കിലോ, യഹൂദാ ര
കൊട്ടാരത്തിൽ അവശേഷിച്ചിരിക്കു
സ്ത്രീകൾ എല്ലാവരും, പുറത്ത് ബാബേ
രാജാവിന്റെ പ്രഭുക്കന്മാരുടെ അടുക്ക
പോകേണ്ടിവരും. നിന്റെ കൂട്ടുകാർ നി
വശീകരിച്ച് തോൽപിച്ചിട്ട്, നിന്റെ കാ
ചെളിയിൽ താണപ്പോൾ അവർ പിന്മാ
എന്ന് അവർ പറയും. നിന്റെ ഭാര്യമാ
ല്ലാവരേയും മക്കളേയും പുറത്ത് കൽദ
രുടെ അടുക്കൽ കൊണ്ടുപോകും. നീ
അവരുടെ പിടിയിൽനിന്നും രക്ഷപെ
വാൻ സാദ്ധ്യമാകാതെ, ബാബേൽ രാ
വിന്റെ കൈയിലാകും. ഈ നഗരം അ
ക്കിരയാകുന്നതിന് നീ കാരണക്കാര
മാകും. ഇതു കർത്താവ് വെളിപ്പെടു
ത്തന്ന വചനങ്ങളാണ് എന്നു പറഞ്ഞ
അപ്പോൾ സെദക്കിയാ, ഏറമിയായോ
ആരും ഇക്കാര്യം അറിയരുത്. എന്നാൽ
മരിക്കുകയില്ല. ഞാൻ നിന്നോടു സംസാ
ച്ചുവെന്ന് പ്രഭുക്കന്മാർ അറിഞ്ഞ്, നിന്
സമീപിച്ച്, നീ രാജാവിനോട് എന്താണ്

സംസാരിച്ചത്? ഞങ്ങളോടു പറയുക. ഒന്നും
മറച്ചുവയ്ക്കരുത്, ഞങ്ങൾ നിന്നെ കൊല്ലു
കയില്ല; രാജാവ് നിന്നോട് എന്തു പറഞ്ഞു
എന്നു ചോദിച്ചാൽ നീ അവരോട്, "യോനാ
ഥാൻെറ വീട്ടിൽ കിടന്നു എനിക്കു മരിക്കാ
നിടയാകാതിരിക്കുവാൻ, വീണ്ടും അവി
ടേക്ക് എന്നെ അയയ്ക്കരുതേ എന്നു ഞാൻ
രാജസന്നിധിയിൽ സങ്കടം പറയുകയായി
രുന്നു എന്നു പറഞ്ഞുകൊള്ളണം" എന്നു
പറഞ്ഞു. പ്രഭുക്കന്മാർ എല്ലാവരും ഏറമി
യായെ സമീപിച്ച് അവനോട് ചോദ്യം ചെയ്ത
പ്പോൾ, അവൻ രാജാവു പറഞ്ഞിരുന്ന
വാക്കുകൾ അവരോടു പറഞ്ഞു. കാര്യം
വെളിപ്പെടാതെ, അവർ മൗനമായി അവ
ൻെറ അടുക്കൽനിന്നും തിരികെ പോയി.
യറുശലേം പിടിക്കപ്പെട്ട ദിവസംവരെ ഏറ
മിയാ കാവൽപുരയുടെ തളത്തിൽതന്നെ
യാണ് പാർത്തത്. യറുശലേം പിടിക്കപ്പെട്ട
പ്പോഴും അവൻ അവിടെയുണ്ടായിരുന്നു.

അദ്ധ്യായം 39

യഹൂദാരാജാവായ സെദക്കിയായുടെ
വാഴ്ചയുടെ ഒൻപതാം ആണ്ടിൽ പത്താം
മാസത്തിൽ ബാബേൽ രാജാവായ നെബു
ഖദ്നേസറും, അവൻെറ സൈന്യവും യറു
ശലമിനെതിരായി വന്ന് അതിനെ നിരോ
ധിച്ചു. സെദക്കിയായുടെ പതിനൊന്നാം
വർഷം നാലാം മാസത്തിൽ ഒൻപതാം
തീയതി, നഗരത്തിൻെറ കോട്ടയുടെ ഒരു
ഭാഗം അവർ ഇടിച്ചുപൊളിച്ചു. ബാബേൽ
രാജാവിൻെറ പ്രഭുക്കന്മാരായ, നെഗൽശ
രേസർ, സംഗർ നെബോ, സർസെഖിം,
റബ്സറീസ്, റബ്മാഗ് എന്നീ പ്രഭുക്കന്മാരും
ബാബേൽ രാജാവിൻെറ മറ്റു പ്രഭുക്കന്മാരും
അകത്തു കടന്ന്, മദ്ധ്യകവാടത്തിങ്കൽ ഇരു
ന്നു. യഹൂദാരാജാവായ സെദക്കിയായും
സൈന്യവും അവരെക്കണ്ട് പലായനം
ചെയ്തു. രാത്രിയിൽ രാജാവിൻെറ ഉദ്യാന
ത്തിലൂടെ രണ്ടു മതിലുകൾക്കും മദ്ധ്യേ
യുള്ള വാതിൽവഴിയായി നഗരത്തിൽനി
ന്നു പുറപ്പെട്ട് സമതല മാർഗ്ഗത്തിൽകൂടെ
യാണു പോയത്. കൽദയസൈന്യം അവരെ
പിന്തുടർന്ന് യറീഹോ താഴ്വരയിൽവച്ച്
സെദക്കിയായ്ക്കൊപ്പം എത്തി അവനെ
പിടികൂടി ഹമാത്ത് ദേശത്തുള്ള റിബ്ല
യിൽ നെബുഖദ്നേസറിൻെറ അടുക്കൽ
കൊണ്ടുചെന്നു. റിബ്ലയിൽ വച്ച് ബാ
ബേൽ രാജാവ് സെദക്കിയായുടെ പുത്ര
ന്മാരെ അവൻെറ കൺമുമ്പിൽവച്ചു
കൊന്നു; സെദക്കിയായുടെ കണ്ണു പൊട്ടി
ച്ചു; അവനെ ബാബേലിലേക്കു കൊണ്ടു
പോകുവാൻ ചങ്ങലകളാൽ ബന്ധിച്ചു!
കൊട്ടാരവും ജനങ്ങളുടെ വീടുകളും ചുട്ടു 8
ചാമ്പലാക്കി. യറുശലേമിൻെറ കോട്ടകൾ
ഇടിച്ചുതകർത്ത് നഗരത്തിൽ അവശേഷി 9
ച്ചവരേയും, കീഴ്പ്പെടുവാൻ സന്നദ്ധരായി
വന്നവരേയും, ശേഷമുള്ള എല്ലാവരേയും
സൈന്യനായകനായ നെബുസർഅദാൻ,
ബാബേലിലേക്കു പിടിച്ചുകൊണ്ടുപോയി.
ജനത്തിൽ ദരിദ്രരായ സാധാരണക്കാരെ 10
സൈന്യാധിപനായ നെബുസർ അദാൻ,
യഹൂദാ ദേശത്തുതന്നെ പാർപ്പിച്ചു. അവർ
ക്കു മുന്തിരിത്തോപ്പുകളും വയലുകളും
ദാനംചെയ്തു.

ബാബേൽരാജാവായ നെബുഖദ്നേ 11
സർ, സൈന്യാധിപനായ നെബുസർ അദാ
നോട് ഏറമിയായെക്കുറിച്ച് പറഞ്ഞു. നീ 12
അവനെ വരുത്തി, അവൻെറമേൽ കരുതലു
ണ്ടാകണം. അവനോട് ഒരുപദ്രവവും ചെയ്യ
രുത്. അവൻ നിന്നോടാവശ്യപ്പെടുന്നത് നീ
ചെയ്തു കൊടുക്കണം എന്നു പറഞ്ഞു. സൈ 13
ന്യാധിപനായ നെബുസർ അദാനും, നെബു
ശസ്ബാനും, റബ്സാരീസും, നെർഗർ ശര
രേസരും റബ്മാഗും ബാബേൽ രാജാവി
ൻെറ പ്രഭുക്കന്മാരുംകൂടി ആളയച്ച് കാവൽ 14
പുരമുറ്റത്തുനിന്നും, ഏറമിയായെ വരുത്തി,
അവനെ വീട്ടിലേക്കു കൊണ്ടു പോകുവാൻ,
ശാഫാൻെറ മകനായ അഹിക്കാമിൻെറ മക
നായ ഗെദലിയായെ ഏല്പിച്ചു. ഇങ്ങനെ
ഏറമിയാ സ്വജനമദ്ധ്യേ വാസം തുടങ്ങി.

ഏറമിയാ കാവൽതളമുറ്റത്ത് അടയ്ക്ക 15
പ്പെട്ടിരുന്ന സമയത്ത്, കർത്താവിൻെറ
വചനങ്ങൾ അവനുണ്ടായി. നീ പോയി 16
എത്യോപ്യനായ അബ്ദ്മെലെക്കിനോട്
പറയുക: 'ഇസ്രായേലിൻെറ ദൈവം, ബല
വാനായ കർത്താവു കല്പിക്കുന്നു: ഈ
നഗരത്തിന്മേൽ ഗുണത്തിനല്ല; ദോഷത്തി
ന്നായി എൻെറ വചനങ്ങൾ നിവൃത്തി
യാകും. നിൻെറ കൺമുമ്പിൽ തന്നെ അവ
നിവൃത്തിയാകും. അന്ന് ഞാൻ നിന്നെ രക്ഷി 17
ക്കും. നീ ഭയപ്പെടുന്നവർക്കു നീ ഏല്പിക്ക
പ്പെടുകയില്ല. ഞാൻ നിന്നെ രക്ഷിക്കും. നീ,
വാളാൽ മരിക്കുകയില്ല. ഒരു കൊള്ള കിട്ടി
യതുപോലെ നിൻെറ ജീവൻ സുരക്ഷിതമാ
യിരിക്കും. നീ എന്നിൽ ആശ്രയിച്ചവനാണ
ല്ലോ' എന്നു കർത്താവ് അരുളിച്ചെയ്യുന്നു.

അദ്ധ്യായം 40

സൈന്യാധിപനായ നെബുസർ 1
അദാൻ, ഏറമിയായെ റാമായിൽനിന്നും

വിട്ടയച്ചശേഷം അവനു കർത്താവിൽ
നിന്നും ലഭിച്ച അരുളപ്പാട്:
ബാബേലിലേക്കു പിടിച്ചുകൊണ്ടു
പോയ യറുശലേം, യഹൂദാതടവുകാരുടെ
കൂടെ അവനേയും ചങ്ങലകൊണ്ടു ബന്ധി
2 ച്ചിരുന്നു. സൈന്യാധിപൻ ഏറമിയായെ
വിളിച്ചുവരുത്തി അവനോടു പറഞ്ഞു:
നിൻെറ ദൈവമായ കർത്താവ്, ഈ സ്ഥല
ത്തെപ്പറ്റി ഈ ആപത്ത് നേരത്തെ കല്പിച്ചി
രുന്നു. കല്പിച്ചതുപോലെതന്നെ അദ്ദേഹം
3 നിവർത്തിച്ചുമിരിക്കുന്നു. നിങ്ങൾ ദൈവ
സന്നിധിയിൽ പാപം ചെയ്ത് അവൻെറ
വാക്കനുസരിക്കായ്കയാലാണ് ഈ കാര്യം
4 നിങ്ങൾക്കു സംഭവിച്ചത്. ഞാൻ ഇതാ
നിൻെറ കൈമേലുള്ള വിലങ്ങഴിച്ച് നിന്നെ
സ്വതന്ത്രനാക്കിയിരിക്കുന്നു. എന്നോടൊ
രുമിച്ച് ബാബേലിൽ വരുവാൻ നിനക്കി
ഷ്ടമുണ്ടെങ്കിൽ വരുക. ഞാൻ നിന്നെ
കരുതിക്കൊള്ളാം. ബാബേലിലേക്ക്
എന്നോടുകൂടെ പോരുവാൻ ആഗ്രഹമി
ല്ലെങ്കിൽ വരണമെന്നില്ല. ദേശമെല്ലാം
ഇതാ നിൻെറ മുമ്പിൽ. നിനക്ക് ഇഷ്ടവും
യുക്തവുമായി തോന്നുന്നിടത്തു നിനക്കു
5 പോകാം എന്നു പറഞ്ഞു. പിരിയുന്നതിനു
മുമ്പ് അവൻ തുടർന്നു പറഞ്ഞു: ബാബേൽ
രാജാവ് യഹൂദാ നഗരങ്ങൾക്കു ഭരണാ
ധിപനാക്കിയിരിക്കുന്ന ശാഫാൻെറ മകൻ
അഹിക്കാമിൻെറ മകൻ ഗദല്യായെ നീ
സമീപിച്ച് അവനോടുകൂടെ നിൻെറ ജന
മദ്ധ്യേ പാർത്തുകൊള്ളുക. അല്ലെങ്കിൽ
നിനക്ക് ഇഷ്ടമുള്ള സ്ഥലത്തേക്കു
പോകാം. സേനാനായകൻ ഏറമിയായ്ക്കു
യാത്രച്ചെലവും സമ്മാനവും നൽകി
6 അവനെ അയച്ചു. ഏറമിയാ അഹിക്കാ
മിൻെറ മകൻ ഗദല്യായുടെ അടുക്കൽ
മിസ്പായിൽ എത്തി. അവനെപ്പോലെ
ദേശത്തു ശേഷിച്ചിരുന്നവരോടുകൂടെ
വാസമാരംഭിച്ചു.
7 അഹിക്കാമിൻെറ മകൻ ഗദല്യായെ
ബാബേൽ രാജാവ് ഭരണാധിപനായി
നിയമിച്ചുവെന്നും, ബാബേലിലേക്കു പ്രവാ
സികളായി കൊണ്ടുപോകാനിരുന്ന, ദേശ
ത്തെ സാധാരണക്കാരായ സ്ത്രീപുരുഷന്മാ
രെയും ബാലകരേയും അവനെ ഏല്പി
ച്ചിരിക്കുകയാണെന്നും ദേശത്തുള്ള സൈ
ന്യനായകരും അവരുടെ അനുചരരും കേട്ടു.
8 അവർ മിസ്പായിൽ ഗദലിയായുടെ അടു
ക്കലെത്തി. നെഥനിയായുടെ മകൻ ഇശ്മാ
യേൽ, കോരഹിൻെറ പുത്രരായ യോഹ
ന്നാനും യോനാഥാനും, തൻഹൂമെത്തി

ൻെറ മകൻ സറയായും, നെത്തോഫാ
ത്യനായ ഏഫായുടെ പുത്രന്മാരും, മയോ
ക്യാത്തിൻെറ മകനായ യസന്യാവും അവ
രുടെ ആളുകളും അവിടെയെത്തി. അപ്പോൾ
ശാഫാൻെറ മകൻ അഹിക്കാമിൻെറ മകൻ
ഗദലിയാ അവരോടും അവരുടെ ആളുക
ളോടും: നിങ്ങൾ കൽദയരെ സേവിപ്പാൻ
ഭയപ്പെടേണ്ട. ദേശത്തു വസിച്ച് ബാബേൽ
രാജാവിനു സേവ ചെയ്യുവിൻ. എന്നാൽ
നിങ്ങൾക്കു നന്മ വരും. ഞാൻ നമ്മുടെ അടു
ക്കലെത്തുന്ന കൽദയർക്കു ഉത്തരവാദി
യായി മിസ്പായിൽ വസിക്കും. നിങ്ങൾ
വീഞ്ഞും, എണ്ണയും ഫലങ്ങളും സംഭരിച്ച്
പാത്രങ്ങളിൽ സൂക്ഷിച്ച് നിങ്ങൾക്കു കൈ
വശം കിട്ടിയ നഗരങ്ങളിൽ വസിച്ചുകൊള്ള
വിൻ എന്നു സത്യം ചെയ്തു പറഞ്ഞു. മോവാ
ബിലും, അമ്മോന്യരുടെ ഇടയിലും ഏദോ
മിലും മറ്റു സ്ഥലങ്ങളിലുമുണ്ടായിരുന്
യഹൂദ്യർ എല്ലാവരും, ബാബേൽ രാജാ
യഹൂദയിൽ ഒരു അവശിഷ്ടവിഭാഗത്തെ
പാർപ്പിച്ചിട്ടുണ്ടെന്നും, അഹിക്കാമിൻെ
മകൻ ഗദലിയായെ അവർക്കു ഭരണ
കർത്താവാക്കിയുട്ടുണ്ടെന്നും അറിഞ്ഞ
യഹൂദ്യരെല്ലാവരും അവർ ചിതറിപ്പോയ
സ്ഥലങ്ങളിൽനിന്നും മടങ്ങിവന്ന് യഹൂദ
ദേശത്തു ഗദലിയായുടെ അടുക്കൽ മിസ്പ
യിലെത്തി, വീഞ്ഞും ഫലങ്ങളും ധാരാള
സംഭരിച്ചു.
അങ്ങനെയിരിക്കെ, കോറഹിൻെ
മകൻ യോനാഥാനും, നാട്ടിൻപുറങ്ങളില
ണ്ടായിരുന്ന എല്ലാ സേനാധിപരും മിസ്പ
യിൽ ഗദലിയായുടെ അടുത്തെത്തി അ
നോട്: അമ്മോന്യരാജാവായ ബാലിസ് ന
ന്നെ കൊല്ലുവാൻ നെഥനിയായുടെ മക
ഇശ്മായേലിനെ അയച്ചിരിക്കുന്നുവെന്
വിവരം അറിഞ്ഞുവോ? എന്നു ചോദിച്ചു
അഹിക്കാമിൻെറ മകൻ ഗദലിയാ അ
രുടെ വാക്കു വിശ്വസിച്ചില്ല. പിന്നീട് കോ
ഹിൻെറ മകൻ യോഹന്നാൻ മിസ്പയിൽ
വച്ച് ഗദലിയായോടു രഹസ്യമായി ചെന്ന
പറഞ്ഞു: നിൻെറ അടുക്കൽ കൂടിയിരി
ക്കുന്ന യഹൂദ്യരാകെ ചിതറിപ്പോകുന്
തിനും യഹൂദയിൽ അവശിഷ്ടരായിരി
ക്കുന്നവർ നശിക്കുവാനും ഇടയാകുമാറ്
അവൻ നിന്നെ കൊല്ലാതിരിക്കേണ്ടതിന്
ആരും അറിയാതെ ഞാൻ അവനെ
കൊന്നുകളയട്ടെ എന്നു ചോദിച്ചു. എ
ന്നാൽ അഹിക്കാമിൻെറ മകൻ ഗദലിയാ
കാറഹിൻെറ മകൻ യോഹന്നാനോട്: ന
അതു ചെയ്യരുത്. ഇശ്മായേലിനെക്കുറിച്ച്

നീ പറയുന്നത് അവാസ്തവമാകുന്നു എന്നു പറഞ്ഞു.

അദ്ധ്യായം 41

ഏഴാം മാസത്തിൽ സംഭവിച്ചത്. രാജകുടുംബാംഗവും രാജാവിൻെറ പ്രധാനികളിൽ ഒരുവനുമായ ഏലിശാമായുടെ മകൻ, നഥന്യായുടെ മകൻ, ഇശ്മായേൽ പത്തുപേരോടുകൂടി മിസ്പായിൽ അഹിക്കാമിൻെറ മകൻ ഗദലിയായെ സമീപിച്ചു. മിസ്പായിൽവച്ച് അവർ ഒരുമിച്ചു ഭക്ഷണം കഴിച്ചു. നഥനിയായുടെ മകൻ ഇശ്മായേലും പത്തു സഹചരന്മാരും, എഴുന്നേറ്റ്, ബാബേൽ രാജാവു നാടുവാഴിയാക്കിയിരുന്ന, ശാഫാൻെറ മകൻ, അഹിക്കാമിൻെറ മകൻ ഗദലിയായെ വാളുകൊണ്ട് വെട്ടിക്കൊന്നു. മിസ്പായിൽ ഗദലിയയുമൊരുമിച്ചുണ്ടായിരുന്ന സർവ്വ യഹൂദ്യരെയും, അവിടെ കണ്ട കൽദയഭടന്മാരെയും ഇശ്മായേൽ കൊന്നു. ഗദല്യായെ വധിച്ചിട്ട് രണ്ടു ദിവസമായിട്ടും ആരും അതറിഞ്ഞില്ല. അപ്പോൾ, ശേഖേമിൽനിന്നും, ശീലോയിൽനിന്നും, ശമറിയായിൽനിന്നുമായി എഴുപതുപേർ, താടി വടിച്ചും, വസ്ത്രം കീറിയും, കായം മുറിവേൽപിച്ചും, വഴിപാടും കുന്തുരുക്കവുമായി ദൈവത്തിൻെറ ആലയത്തിലേക്കു പോകവേ, അവിടെയെത്തി. നഥന്യായുടെ മകൻ ഇശ്മായേൽ കരഞ്ഞുകൊണ്ട് അവരുടെ അടുത്തെത്തി. അവരെ കണ്ട് അവരോട്, അഹിക്കാമിൻെറ മകനായ ഗദലിയായുടെ അടുത്തുവന്നാലും, എന്നു പറഞ്ഞു. അവർ നഗരമദ്ധ്യത്തിൽ എത്തിയപ്പോൾ നഥന്യയായുടെ മകൻ ഇശ്മായേലും സഹചരന്മാരുംകൂടി അവരെ കൊന്ന് ഒരു കുഴിയിൽ ഇട്ടു. അതിനിടയ്ക്ക് അവരിൽ പത്തുപേർ ഇശ്മായേലിനോട്, ഞങ്ങളെ കൊല്ലരുതേ, വയലിൽ ഗോതമ്പ്, യവം, എണ്ണ, തേൻ, മുതലായവ ഞങ്ങൾ ധാരാളമായി ഒളിച്ചുവച്ചിട്ടുണ്ട് എന്നു പറഞ്ഞു. ആകയാൽ അവൻ വഴങ്ങി, അവരുടെ സഹോദരന്മാരോടുകൂടി അവരെ കൊന്നില്ല. ഇശ്മായേൽ ഗദലിയായേയും സഹചരരെയും കൊന്ന് അവരെ ഇട്ടുകളഞ്ഞ ആ കുഴി, ആസാ രാജാവ് ഇസ്രായേൽ രാജാവായ ബയേശായെ ഭയന്ന് ഉണ്ടാക്കിയതായിരുന്നു. നഥന്യായുടെ മകനായ ഇശ്മായേൽ വധിതരെക്കൊണ്ട് അതു നിറച്ചു. ഇശ്മായേൽ, പിന്നീട്, മിസ്പയിൽ അവശേഷിച്ചിരുന്നവരേയും, രാജകുമാരിമാരേയും സൈന്യാധിപനായ നെബുസ
അദാൻ, അഹിക്കാമിൻെറ മകനായ ഗദലി
യായെ ഏല്പിച്ചിരുന്നവരും, മിസ്പായിൽ
അവശേഷിച്ചിരുന്നവരുമായ ജനത്തെ മുഴു
വൻ ബന്ധനസ്ഥരാക്കി കൊണ്ടുപോയി.
നഥന്യായുടെ മകൻ ഇശ്മായേൽ അവരെ
ബന്ധനസ്ഥരാക്കി അമ്മോന്യരുടെ
അടുക്കൽ കൊണ്ടുപോകുവാൻ യാത്ര
യായി.
നഥനിയായുടെ മകൻ ഇസ്മായേൽ 11
ചെയ്ത വൻചതി കോറഹിൻെറ മകൻ യോഹ
ന്നാനും കൂടെയുണ്ടായിരുന്ന സേനാനായ
കന്മാരും അറിഞ്ഞപ്പോൾ, അവർ സർവ്വ 12
പുരുഷന്മാരേയുംകൂട്ടി, നഥനിയായുടെ
മകൻ ഇശ്മായേലിനോടു പോരിനു പുറ
പ്പെട്ടു. ഗിബയോനിലെ വലിയ കുളത്തിനു
സമീപം അവനെ കണ്ടെത്തി. ഇശ്മായേൽ 13
ബദ്ധരാക്കിയിരുന്ന ജനമെല്ലാം, കോറഹി
ൻെറ മകൻ യോഹന്നാനേയും സേനാനാ
യകരേയും കണ്ടപ്പോൾ സന്തുഷ്ടരായി.
ഇശ്മായേൽ മിസ്പായിൽനിന്നും തടവു 14
കാരാക്കിക്കൊണ്ടുപോന്നിരുന്ന ജനമെ
ല്ലാം തിരിഞ്ഞ്, കോറഹിൻെറ മകൻ യോഹ
ന്നാനോട് ചേർന്നു. നഥന്യായുടെ മകൻ 15
ഇശ്മായേൽ കേവലം എട്ടുപേരുമായി
യോഹന്നാനിൽനിന്നും ഒഴിഞ്ഞുമാറി
അമ്മോന്യരുടെ അടുക്കലേക്കു ഓടി.
നഥന്യായുടെ മകൻ ഇശ്മായേൽ അഹി 16
ക്കാമിൻെറ മകൻ ഗദലിയായെ വധിച്ചശേ
ഷം, കോറഹിൻെറ മകൻ യോഹന്നാനും
കൂടെയുണ്ടായിരുന്ന സേനാധിപന്മാരും
മോചിപ്പിച്ച ജനത്തെയെല്ലാം ഗിബയോനിൽ
നിന്നും തിരികെ കൊണ്ടുവന്ന ഭടന്മാരേ
യും സ്ത്രീകളേയും ബാലകരേയും, ഷണ്ഡ
ന്മാരേയും അവർ മിസ്പായിൽനിന്നു
കൂട്ടിക്കൊണ്ടു വന്നു. കൽദയരെ ഭയന്ന് 17
മെസ്രേനിലേക്കു പോകുവാൻ യാത്രയായി
ബേത്‌ലഹേമിന്നടുത്തുള്ള ഗറൂത്കിംഹാ
മിൽ വന്നു താമസിച്ചു. ബാബേൽ രാജാവ്, 18
നാടുവാഴിയായി നിയമിച്ച അഹിക്കാമിൻെറ
മകൻ ഗദലിയായെ, നഥന്യായുടെ മകൻ
ഇശ്മായേൽ കൊല ചെയ്തതു നിമിത്തമാണ്
അവർ കൽദയരെ ഭയപ്പെട്ടത്.

അദ്ധ്യായം 42

എല്ലാ സേനാനായകരും, കോറഹിൻെറ 1
മകൻ യോഹന്നാനും ഹോശയായുടെ
മകൻ എസനിയായും, വൃദ്ധരും, ബാലകരും
സർവ്വജനവും ഏറമിയായുടെ അടുത്തെ
ത്തി അവനോട്, ഞങ്ങൾ നടക്കേണ്ട വഴി 2
യും, ചെയ്യേണ്ട കാര്യങ്ങളും കർത്താവു

ഞങ്ങളെ അറിയിച്ചു തരുവാനായി, ഈ
അവശിഷ്ടജനമായ ഞങ്ങൾക്കുവേണ്ടി
നിൻെറ ദൈവമായ കർത്താവിനോട്
അപേക്ഷിക്കണമേ എന്നുള്ള ഞങ്ങളുടെ
3 അപേക്ഷ സ്വീകരിക്കണമേ. സംഖ്യാതീത
ജനമായിരുന്ന നമ്മിൽ അല്പമാളുകൾ
മാത്രമെ അവശേഷിച്ചിട്ടുള്ളു എന്നു അങ്ങു
സ്വന്തകണ്ണാൽ കാണുന്നുവല്ലോ എന്നു
പറഞ്ഞു.
4 ഏറമിയപ്രവാചകൻ അവരോട്: നിങ്ങ
ളുടെ അപേക്ഷ ഞാൻ സ്വീകരിച്ചിരിക്കു
ന്നു. നിങ്ങൾ പറഞ്ഞതുപോലെ നമ്മുടെ
ദൈവമായ കർത്താവിനോടു ഞാൻ
പ്രാർത്ഥിക്കും. കർത്താവ് ഉത്തരമരുളുന്ന
തെല്ലാം, ഞാൻ നിങ്ങളെ അറിയിച്ചു
5 കൊള്ളാം. ഒന്നും മറച്ചുവയ്ക്കുകയില്ല
എന്നു പറഞ്ഞു. അവർ ഏറമിയായോട്:
അങ്ങുവഴിയായി ദൈവമായ കർത്താവ്
ഞങ്ങളോടു കല്പിക്കുന്നതെല്ലാം ഞങ്ങൾ
ചെയ്യാതിരുന്നാൽ, കർത്താവു നമ്മുടെ
മദ്ധ്യേ സത്യവാനും വിശ്വസ്തനുമായ സാ
6 ക്ഷിയായിരിക്കും. അങ്ങയെ ഞങ്ങൾ പറ
ഞ്ഞയയ്ക്കുന്ന ഞങ്ങളുടെ ദൈവമായ
കർത്താവിൻെറ വാക്കുകൾ കേട്ട് അനുസ
രിച്ച് ഞങ്ങൾക്കു നന്മവരുവാനായി, നമ്മു
ടെ ദൈവമായ കർത്താവു കല്പിക്കുന്നവ,
ഞങ്ങൾക്കു ഗുണമായാലും ദോഷമാ
യാലും ഞങ്ങൾ അനുസരിച്ചുകൊള്ളാം
എന്നു പറഞ്ഞു.
7 പത്തു ദിവസം കഴിഞ്ഞപ്പോൾ ഏറമി
യായ്ക്കു ദൈവത്തിൻെറ വചനങ്ങൾ
8 ലഭിച്ചു. അവൻ കോറഹിൻെറ മകൻ യോഹ
ന്നാനേയും, സേനാധിപരേയും ആബാല
വൃദ്ധം ജനത്തേയും വിളിച്ച് അവരോട്:
9 നിങ്ങളുടെ അപേക്ഷ അർപ്പിക്കുവാൻ
നിങ്ങൾ എന്നെ നിയോഗിച്ച ഇസ്രായേ
ലിൻെറ ദൈവമായ കർത്താവു കല്പിക്കു
10 ന്നു. നിങ്ങൾ ഈ ദേശത്തുതന്നെ വസി
ക്കുമെങ്കിൽ ഞാൻ നിങ്ങളെ ഇടിച്ചുകള
യാതെ പണിതുയർത്തുകയും, പറിച്ചുകള
യാതെ നടുകയും ചെയ്യും. നിങ്ങൾക്കു
വരുത്തിയ ആപത്തിനെക്കുറിച്ച് എനിക്കു
11 മനസ്താപമുണ്ട്. നിങ്ങൾ ബാബേൽ
രാജാവിനെ ഭയപ്പെടേണ്ടതില്ല. നിങ്ങളെ
രക്ഷിപ്പാനും അവൻെറ കൈയിൽനിന്നും
വിമോചിതരാക്കുവാനും, ഞാൻ നിങ്ങ
ളോടു കൂടെയുള്ളതിനാൽ അവനെ, ഭയ
പ്പെടേണ്ട എന്നു കർത്താവു കല്പിക്കുന്നു.
12 അവനു നിങ്ങളോടു കരുണ തോന്നി,
നിങ്ങളെ നിങ്ങളുടെ സ്വദേശത്തേക്കു

തിരികെ അയയ്ക്കത്തക്കവണ്ണം ഞാൻ
നിങ്ങളോടു കരുണ ചെയ്യും. എന്നാൽ
നിങ്ങൾ ദൈവമായ കർത്താവിൻെറ വാക്ക
നുസരിക്കാതെ, ഞങ്ങൾ ഈ രാജ്യത്തിൽ
വസിക്കുകയില്ല, യുദ്ധമില്ലാത്തതും യുദ്ധ
കാഹളധ്വനിയില്ലാത്തതും, ആഹാരത്തിന്
ദൗർലഭ്യമില്ലാത്തതുമായ മെസ്രേനിൽ
ഞങ്ങൾ ചെന്നു പാർക്കും എന്നാണു പറ
യുന്നതെങ്കിൽ, യഹൂദയിലെ അവശിഷ്ട
രേ! കേട്ടാലും. ഇസ്രായേലിൻെറ ദൈവ
മായ ബലവാനായ കർത്താവ് കല്പി
ക്കുന്നു. നിങ്ങൾ മെസ്രേനിലേക്കു പോകു
വാൻ നിശ്ചയിച്ച് അവിടെയെത്തി വാസം
ചെയ്യുവാനാണ് തീരുമാനിക്കുന്നതെങ്കിൽ
നിങ്ങൾ ഭയപ്പെടുന്ന വാൾ, മെസ്രേനിൽ
വച്ചു നിങ്ങളെ പിടികൂടും. നിങ്ങൾ ഭയ
പ്പെടുന്ന ക്ഷാമം മെസ്രേനിൽ നിങ്ങൾക്കു
ണ്ടാകും. അവിടെ കിടന്നു നിങ്ങൾ മരിക്കും.
മെസ്രേനിൽ സ്ഥിരവാസം ചെയ്യുവാനായി
അവിടെപ്പോകുവാൻ നിശ്ചയിച്ചിരിക്കുന്ന
വരെല്ലാം വാളിനാൽ മരിക്കും. ക്ഷാമം
നിമിത്തവും വസന്തയാലും മരിക്കും. അവർ
ക്കു ഞാൻ വരുത്തുന്ന അനർത്ഥത്തിൽ
നിന്നും അവരിൽ ആരും തെറ്റി ഒഴിയുകയോ
ശേഷിക്കുകയോ ഇല്ല.
ഇസ്രായേലിൻെറ ദൈവമായ ബലവാ
നായ കർത്താവു കല്പിക്കുന്നു. യറുശലേ
മിൽ പാർക്കുന്നവരുടെമേൽ എൻെറ കോപ
വും ക്രോധവും വ്യാപിച്ചിരിക്കുന്നതുപോലെ
നിങ്ങൾ മെസ്രേനിൽ എത്തുമ്പോൾ എൻെറ
കോപം നിങ്ങളുടെമേലും ചിന്തും. നിങ്ങൾ
ശാപത്തിനും, ഭയത്തിനും അപഹാസത്തി
നും, നിന്ദയ്ക്കും പാത്രമായിത്തീരും. ഇനി
മേൽ, നിങ്ങൾ ഈ സ്ഥലം കാണുകയുമില്ല.
യഹൂദയിൽ ശേഷിച്ചിരിക്കുന്നവരേ! നി
ങ്ങൾ മെസ്രേനിലേക്കു പോകരുത് എന്നാ
ണു കർത്തൃകല്പന. അതു ഞാൻ നിങ്ങ
ളോട് ഇന്നു സാക്ഷിച്ചിരിക്കുന്നു. അറിഞ്ഞു
കൊള്ളണം. നീ നമ്മുടെ ദൈവമായ കർത്താ
വിനോട് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്ക
ണം. നമ്മുടെ ദൈവമായ കർത്താവ്
കല്പിക്കുന്നതെല്ലാം ഞങ്ങൾ ചെയ്തു
കൊള്ളാം എന്നു പറഞ്ഞാണല്ലോ നിങ്ങൾ
എന്നെ നിങ്ങളുടെ ദൈവമായ കർത്താ
വിൻെറ സന്നിധിയിലേക്ക് അയച്ചത്. ഇന്ന്,
ഞാനിതാ, നിങ്ങളോടറിയിച്ചിരിക്കുന്നു.
നിങ്ങളുടെ ദൈവമായ കർത്താവിൻെറ
വാക്ക്, ഞാൻ വഴിയായി അവൻ നിങ്ങ
ളോടറിയിച്ചിട്ടുള്ള ഒരു കാര്യവും നിങ്ങൾ
അനുസരിച്ചിട്ടില്ല. നിങ്ങൾ സ്വയം വഞ്ചിത

ായിരിക്കുകയാണ്. ആകയാൽ, അറി
ഞ്ഞുകൊള്ളുവിൻ! നിങ്ങൾ ഇപ്പോൾ
പായി താമസിക്കുവാൻ ആഗ്രഹിക്കുന്ന
സ്ഥലത്തുവച്ചുതന്നെ നിങ്ങൾ വാളാലും,
ക്ഷാമത്താലും വസന്തയാലും മരിക്കും
എന്നു പറഞ്ഞു.

അദ്ധ്യായം 43

അവരുടെ ദൈവമായ കർത്താവ്,
കല ജനത്തോടുമായി ഏറമിയായെ അ
ച്ചു പറയിച്ച ഈ വാക്കുകളെല്ലാം —ദൈ
മായ കർത്താവിന്റെ വാക്കുകൾ —
റഞ്ഞുകഴിഞ്ഞപ്പോൾ, ഹോശയായുടെ
ൻ അസിറിയായും, കോറഹിന്റെ മകൻ
ോഹന്നാനും, ധിക്കാരികളായ മറ്റുള്ള
ും, ഏറമിയായോട്, നീ അസത്യമാണു
യുന്നത്. മെസ്രേനിൽ പോയി താമസി
ുവാനായി അവിടേക്കു പോകരുതെന്നു
യുവാൻ, ഞങ്ങളുടെ ദൈവമായ
ത്താവ് നിന്നെ അയച്ചിട്ടില്ല. കൽദയർ
ങ്ങളെ കൂട്ടക്കൊല ചെയ്യുവാനും,
ങ്ങളെ അടിമയാക്കി ബാബേലിലേക്കു
ാണ്ടുപോകുവാനും, അങ്ങനെ ഞങ്ങളെ
രുടെ കൈയിൽ ഏല്പിക്കുവാനു
ി നേരിയുടെ മകൻ ബാറൂക്ക് നിന്നെ
ങ്ങൾക്കു വിരോധമായി പ്രേരിപ്പിക്കുക
ന് എന്നു പറഞ്ഞു.
കോറഹിന്റെ മകൻ യോഹന്നാനും,
നാനായകരും ജനവും യഹൂദാരാജ്യ
തന്നെ വസിക്കണമെന്നുള്ള കർത്തൃ
ദേശത്തെ അനുസരിച്ചില്ല. സകല ജാതി
ടെയും മദ്ധ്യേ ചിതറിപ്പോയെങ്കിലും
ൂദാരാജ്യത്തു സ്ഥിരവാസം ചെയ്യേ
ിന് മടങ്ങിവന്ന അവശിഷ്ട യഹൂദ്യ
ും സ്ത്രീപുരുഷന്മാരേയും, കുഞ്ഞുങ്ങ
ും രാജകുമാരികളേയും സൈന്യാധി
യ നെബുസർഅദാൻ ശാഫാന്റെ
ായ അഹിക്കാമിന്റെ മകൻ ഗദലി
ു ഏല്പിച്ചിരുന്ന ഏവരേയും, പ്രവാ
ായ ഏറമിയായേയും നേരിയായുടെ
ൻ ബറൂക്കിനേയും, കോറഹിന്റെ
യോഹന്നാനും, സേനാധിപന്മാരും,
ൃവചനമനുസരിക്കാതെ മെസ്രേൻ
ത്തക്കു കൂട്ടിക്കൊണ്ടുപോയി. അവി
ഹ്പനേസ്‌വരെ എത്തി. തഹ്പനേ
വച്ച് ഏറമിയായ്ക്ക് കർത്തൃവചനം
. നീ കുറെ വലിയ കല്ലുകൾ എടു
ഹൂദ്യാപുരുഷന്മാരുടെ കൺമുമ്പിൽ
ഹ്പനേസിൽ ഫറവോന്റെ കൊട്ടാര
ന്റെ പ്രവേശനത്തിങ്കലുള്ള കള
ത്തിൽ, കളിമണ്ണിൽ കുഴിച്ചിട്ടിട്ട് അവരോടു
പറയണം.
ഇസ്രായേലിന്റെ ദൈവമായ ബലവാ 10
നായ കർത്താവു കല്പിക്കുന്നു: ഞാൻ
എന്റെ ദാസനായ നെബുഖദ്നേസർ
രാജാവിനെ വരുത്തി, ഞാൻ കുഴിച്ചിട്ട ഈ
കല്ലുകളുടെമേൽ അവന്റെ സിംഹാസനം
സ്ഥാപിക്കും. അവൻ അവയുടെമേൽ
അവന്റെ മേൽവിതാനം കെട്ടും. അവൻ
വന്ന് മെസ്രേൻ രാജ്യം പിടിച്ചടക്കും.
കൊല്ലേണ്ടവരെ മരണത്തിനും പ്രവാസ 11
ത്തിനുള്ളവരെ പ്രവാസത്തിനും, വാളി
നുള്ളവരെ വാളിനും ഏല്പിക്കും. മെസ്രേൻ 12
ദേവന്മാരുടെ ക്ഷേത്രങ്ങൾ അവൻ ചുട്ടു
ചാമ്പലാക്കും. അവൻ അവരെ അടിമ
കളാക്കും. ഒരു ഇടയൻ അവന്റെ പുതപ്പ്
പുതയ്ക്കുന്നതുപോലെ അവൻ മെസ്രേൻ
രാജ്യത്തെ പുതയ്ക്കും. അവിടെനിന്നും
സമാധാനത്തോടെ പുറപ്പെട്ടുപോകു 13
കയും മെസ്രേനിലെ ബെത്ശെമേശ്
ക്ഷേത്രത്തിന്റെ സ്തംഭങ്ങൾ തകർത്ത്
മെസ്രേൻ ദേവന്മാരുടെ ആലയങ്ങൾ
കത്തിച്ചുകളയുകയും ചെയ്യും.

അദ്ധ്യായം 44

മെസ്രേൻരാജ്യത്ത് മഗ്‌മൂലിലും, തഹ്പീ 1
സിലും, മാഫാസിലും, പെത്രോസിലും
നിവസിക്കുന്ന യഹൂദ്യരെക്കുറിച്ച് ഏറമി
യായ്ക്കു കർത്താവിൽനിന്നുണ്ടായ വചന
ങ്ങൾ: ഇസ്രായേലിന്റെ ദൈവമായ ബല 2
വാനായ കർത്താവു കല്പിക്കുന്നു: ഞാൻ
യറുശലേമിന്മേലും യഹൂദ്യാനഗരങ്ങളി
ന്മേലും വരുത്തിയ ആപത്തുകൾ നിങ്ങൾ
കണ്ടവരാണല്ലോ. അവ ശൂന്യമായി. അവി 3
ടെ ആൾപാർപ്പില്ല. കാരണം, അവരോ
നിങ്ങളോ, നിങ്ങളുടെ പിതാക്കന്മാരോ
അറിഞ്ഞിട്ടില്ലാത്ത അന്യദേവന്മാർക്കു
ധൂപമർപ്പിക്കുവാനും പൂജ നടത്തുവാനും
പോയി എനിക്കു കോപം വരുത്തിയതിനാ
ലത്രേ. എന്റെ ദാസരായ പ്രവാചകന്മാരെ 4
ഇടവിടാതെ നിങ്ങളുടെ അടുക്കൽ അയച്ച്
ഞാൻ വെറുക്കുന്ന ഈ തിന്മകൾ ഇനിയും
നിങ്ങൾ ചെയ്യരുതെന്ന് പറയിച്ചില്ലേ? അവ
രാകട്ടെ, അന്യദേവന്മാർക്കു ധൂപമർപ്പിക്കു 5
ന്നതിൽനിന്നു വിരമിക്കുകയോ, പാപം
വിട്ടു തിരിയുകയോ, എന്നെ ശ്രദ്ധിക്കുക
യോ അനുസരിക്കുകയോ ചെയ്തില്ല! ആക 6
യാൽ എന്റെ കോപവും നീരസവും
യഹൂദാനഗരങ്ങളിലും യറുശലേം വീഥി
കളിലും ഞാൻ ചൊരിഞ്ഞു. അവ കത്തി

ജ്വലിച്ചു. അവ ഇന്നു ശൂന്യമായും പാഴായും
സ്ഥിതി ചെയ്യുന്നു.
7 ആകയാൽ, ഇസ്രായേലിൻെറ ദൈവം
ബലവാനായ കർത്താവ് കല്പിക്കുന്നു.
നിങ്ങളിൽ ആരും അവശേഷിക്കാത്തവിധ
ത്തിൽ, യഹൂദ്യായുടെ മദ്ധ്യേനിന്നു സ്ത്രീ
പുരുഷന്മാരേയും ബാലകരേയും മുല
8 കുടിക്കുന്ന കുഞ്ഞിനെപ്പോലും വിച്ഛേദി
ക്കത്തക്കവണ്ണം, നിങ്ങൾ കുടിയേറി പാർക്കു
ന്ന മെസ്രേൻദേശത്തുവച്ച് അന്യദേവന്മാർ
ക്ക് ധൂപാർപ്പണം ചെയ്ത് നിങ്ങളുടെ കൈ
കളുടെ പ്രവൃത്തികളാൽ എന്നെ കുപിത
നാക്കിയിരിക്കുക നിമിത്തം നിങ്ങളെയാകെ
വിച്ഛേദിച്ച് സർവ്വ ഭൂതലജാതികളുടെയും
ഇടയിൽ നിങ്ങൾ ശാപവും അവമാനവും
ആകുവാൻ തക്കവിധത്തിൽ എന്തിന് ഈ
9 മഹാപാപം ചെയ്യുന്നു? യഹൂദാദേശത്തും
യറുശലേം വീഥികളിലും നിങ്ങളുടെ പിതാ
ക്കന്മാർ ചെയ്ത തിന്മകളും, യഹൂദാരാജാ
ക്കന്മാരും അവരുടെ ഭാര്യമാരും ചെയ്ത
തിന്മകളും, നിങ്ങളും നിങ്ങളുടെ ഭാര്യമാരും
ചെയ്ത പാപങ്ങളും നിങ്ങൾ മറന്നുപോയോ?
10 ഇന്നുവരെ അവർ സ്വയം താഴ്ത്തിയില്ല;
അവർ ഭയപ്പെട്ടില്ല; നിങ്ങളുടെയും നിങ്ങ
ളുടെ പിതാക്കന്മാരുടെയും മുമ്പിൽ ഞാൻ
ഏല്പിച്ച ന്യായപ്രമാണവും നിയമങ്ങളും
അനുസരിച്ചു നടന്നിട്ടില്ല. ആകയാൽ
11 ഇസ്രായേലിൻെറ ദൈവം, ബലവാനായ
കർത്താവു കല്പിക്കുന്നു. യഹൂദായെ
മുഴുവനും ഛിന്നഭിന്നമാക്കുവാൻ, അനർത്ഥ
ത്തിന്നായി, നിങ്ങൾക്കെതിരായി എൻെറ
12 മുഖം വയ്ക്കുന്നു. മെസ്രേൻദേശത്തു
പോയി താമസിക്കുവാൻ തീരുമാനിച്ച
യഹൂദാ അവശിഷ്ടരെ ഞാൻ പിടി
ക്കുകതന്നെചെയ്യും. അവരെല്ലാം നശിക്കും.
അവർ ആബാലവൃദ്ധം, മെസ്രേനിൽ
വാളാലും ക്ഷാമം നിമിത്തവും മരിക്കും.
അവർ ശാപത്തിനും ഭയത്തിനും, വിദ്വേഷ
13 ത്തിനും, നിന്ദയ്ക്കും പാത്രമാകും. യറുശ
ലേമിനെ ഞാൻ ശിക്ഷിച്ചതുപോലെ,
മെസ്രേൻദേശത്തു വന്നു താമസം തുട
ങ്ങിയവരേയും വാൾ, ക്ഷാമം, വസന്ത
14 എന്നിവയാൽ ഞാൻ ശിക്ഷിക്കും. മെസ്രേൻ
രാജ്യത്തുവന്നു പാർക്കുന്ന യഹൂദാ അവ
ശിഷ്ടരിൽ ആരും, തിരികെ യഹൂദാ
ദേശത്തു പോയി താമസിക്കണം എന്നാ
ഗ്രഹിക്കുന്നവരാരും രക്ഷപെടുകയില്ല.
ശേഷിക്കുകയില്ല. തെറ്റിയൊഴിഞ്ഞുപോ
യേക്കാവുന്ന ചിലരൊഴികെ മറ്റാരും മടങ്ങി
പ്പോകുകയില്ല.

സ്വഭാര്യമാർ അന്യദേവന്മാർക്ക
ധൂപാർപ്പണം ചെയ്യുവെന്നറിഞ്ഞ എല്ല
ഭർത്താക്കന്മാരും, കൂടെയുണ്ടായിരുന
സ്ത്രീകളും മെസ്രേനിൽ പെത്രോസിര
പാർത്തിരുന്ന സർവ്വരും കൂട്ടമായി ഏറമ
യായുടെ അടുക്കലെത്തി ഇപ്രകാരം പ
ഞ്ഞു: കർത്തൃനാമത്തിൽ നീ ഞങ്ങളോട
പറഞ്ഞ വചനം ഞങ്ങൾ വകവയ്ക്കുന്നില്ല
ആകാശരാജ്ഞിക്കു ധൂപമർപ്പിക്കാമെന്നു
പാനീയയാഗം അർപ്പിക്കാമെന്നും, ഞങ്ങ
നേർന്നിട്ടുള്ള നേർച്ചകളെല്ലാം ഞങ്ങ
കഴിക്കും. ഞങ്ങളും, പിതാക്കന്മാരും, രാജ
ക്കന്മാരും, പ്രഭുക്കന്മാരും യഹൂദ്യാനഗരങ
ളിലും യറുശലേം വീഥികളിലും ചെയ്തത
പോലെ ഞങ്ങൾ തുടർന്നും ചെയ്യു
എന്നിട്ടും അന്നു ഞങ്ങൾക്ക് തൃപ്തിയാ
ത്തക്കവണ്ണം ആഹാരമുണ്ടായിരുന്നു. സു
വുമായിരുന്നു. ഒരാപത്തും ഉണ്ടായില്ല
എന്നാൽ ഞങ്ങൾ ആകാശരാജ്ഞിക്ക
ധൂപവും പാനീയബലിയർപ്പണവും എന്ന
നിറുത്തിയോ, അന്നുമുതൽ ഞങ്ങൾക്ക
ക്ലേശം തന്നെ. വാൾ, ക്ഷാമം എന്നിവമൂല
ഞങ്ങൾ നശിക്കുന്നു. ആകാശരാജ്ഞിക്ക
ധൂപം അർപ്പിക്കുകയും പാനീയബലി ന
ത്തുകയും, അവളുടെ രൂപത്തിൽ ഞങ്ങ
അപ്പമുണ്ടാക്കുകയും ചെയ്യുമ്പോൾ ഞങ്ങ
ളുടെ ഭർത്താക്കന്മാരെ കൂടാതെയാണോ
ഞങ്ങൾ ചെയ്തത്?

അപ്പോൾ ഏറമിയാ തന്നോടു ഉത്തര
പറഞ്ഞ സ്ത്രീപുരുഷന്മാരോട്; സർവ്വജ
ത്തോട്: യഹൂദിയാ നഗരങ്ങളിലും യറു
ലേം വീഥികളിലും നിങ്ങളും നിങ്ങളുട
പിതാക്കന്മാരും, രാജാക്കന്മാരും, പ്രഭുക
ന്മാരും, ദേശവാസികളും ധൂപാർപ്പണ
നടത്തിയത് കർത്താവ് ഓർത്തില്ലയോ
അവൻെറ മനസ്സിൽ അതു പതിച്ചില്ലയോ
നിങ്ങളുടെ ദുഷ്കർമ്മങ്ങളും വഷളതകളു
കർത്താവിനു കണ്ടു സഹിക്കാവുന്നതില
പ്പുറമായി. ആകയാൽ നിങ്ങളുടെ ദേശ
ഇന്നു ജനവാസമില്ലാതെ, ശൂന്യവും ഭീത
ജനകവും ശാപപാത്രവുമായിരിക്കുന്നു. ന
ങ്ങൾ കർത്തൃവചനമനുസരിക്കാതെ—അ
വൻെറ ന്യായപ്രമാണവും നിയമങ്ങളു
സാക്ഷ്യങ്ങളും ആദരിച്ചു നടക്കാതെ—
ധൂപാർപ്പണം ചെയ്ത് കർത്താവിനോട
പാപം ചെയ്തതുകൊണ്ടാണ്, ഇന്ന് ഈ
ആപത്തെല്ലാം നിങ്ങൾക്കു സംഭവിച്ചിര
ക്കുന്നത് എന്നു പറഞ്ഞു.

വീണ്ടും, സർവ്വജനത്തോടും സർവ്വസ്ത്രീ
കളോടുമായി ഏറമിയാ പ്രബോധിപ്പിച്ചു

മെസ്രേൻ ദേശത്തു കഴിയുന്ന നിങ്ങളേ
വരും, കർത്താവിൻെറ വചനം കേൾപ്പിൻ.
ഇസ്രായേലിൻെറ ദൈവം, ബലവാനായ
കർത്താവ് കല്പിക്കുന്നു, ആകാശരാജ്ഞി
ക്കു ധൂപവും, പാനീയബലിയും നേർന്നി
ട്ടുള്ള ഞങ്ങൾ ആ നേർച്ചകൾ കഴിക്കുക
തന്നെ ചെയ്യുമെന്ന് നിങ്ങളും നിങ്ങളുടെ
ാര്യമാരും വായ്കൊണ്ടു പറയുകയും കൈ
കൾകൊണ്ട് അനുഷ്ഠിക്കുകയും ചെയ്തിരി
ക്കുകയാണല്ലോ. നിങ്ങളുടെ നേർച്ചകളെ
ിശ്ചയമായും കഴിച്ചുകൊള്ളുവിൻ.
എന്നാൽ മെസ്രേൻദേശത്തു കഴിഞ്ഞുകൂടു
ന സർവ്വ യഹൂദ്യരുമെ, കർത്തൃവചനം
ദ്ധിച്ചു കേട്ടുകൊള്ളുവിൻ. ഒരു യഹൂദ്യ
ും മെസ്രേൻദേശത്ത്വച്ച് ഇനിയും 'ദൈവ
ായ കർത്താവാണ' എന്നു വായ് തുറന്ന്
ൻെറ നാമം ഉച്ചരിക്കാനിടയാകുകയില്ല
ന്നു എൻെറ മഹിമയുള്ള നാമത്തിൽ
ാൻ സത്യം ചെയ്യുന്നു എന്നു കർത്താവു
ല്പിക്കുന്നു. അവരുടെ ഗുണത്തിനല്ല,
വരുടെ ദോഷത്തിന്നായി ഞാൻ ഉണർ
ിരിക്കും. മെസ്രേൻദേശത്തുള്ള എല്ലാ
ഹൂദ്യരും വാളും ക്ഷാമവുംകൊണ്ട് നശി
ും. എങ്കിലും വാളിൽനിന്നും രക്ഷപെടു
ചിലർ മെസ്രേൻദേശത്തുനിന്ന് യഹൂദാ
ദ്യത്തേക്കു മടങ്ങിവരും. മെസ്രേൻദേശ
വന്നു കഴിഞ്ഞുകൂടുന്ന ശേഷമുള്ള
ൂദ്യർ, എൻെറ വചനമാണോ, അവ
ട വചനമാണോ, ഏതാണ് നടപ്പിലാ
ന്നത് എന്നറിയും. എൻെറ വചനം നിങ്ങ
ട ദോഷത്തിന്നായിത്തീരുമെന്നു
ങ്ങൾ അറിയും. ഈ സ്ഥലത്തുവച്ചു
ൻ നിങ്ങളെ ശിക്ഷിക്കും എന്നത്
ങ്ങൾക്ക് ഒരടയാളമായിരിക്കട്ടെ, എന്നു
ത്താവ് അരുളിച്ചെയ്യുന്നു. യഹൂദാരാജാ
സെദക്കിയായെ അവൻെറ ശത്രുവും
ൻെറ പ്രാണഹാനിക്കാഗ്രഹിച്ചവ
യ ബാബേൽരാജാവായ നെബുഖദ്
റിൻെറ കൈയിൽ ഞാൻ ഏല്പിച്ച
ാലെ മെസ്രേൻരാജാവായ ഫറഗാൻ
പ്രയേയും അവൻെറ ശത്രുക്കളുടേ
അവൻെറ പ്രാണഹാനിക്ക് ആഗ്രഹി
വരുടെയും കൈയിൽ ഏല്പിക്കും
കർത്താവ് അരുളിച്ചെയ്യുന്നു.

അദ്ധ്യായം 45

ാശിയായുടെ മകൻ യഹൂദാരാജാ
യഹോയാക്കിമിൻെറ നാലാം സംവ
നേരിയായുടെ മകനായ ബറുക്ക് ഏറ
ുടെ ഈ വചനങ്ങൾ അവനിൽനി
ന്നും കേട്ട് ഒരു ചുരുളിൽ എഴുതി. ഏറമിയാ
അവനോടു പറഞ്ഞ വചനങ്ങൾ:
ബറൂക്കേ നിന്നോട് ഇസ്രായേലിൻെറ 2
ദൈവമായ കർത്താവു കല്പിക്കുന്നു. കർ
ത്താവ് എൻെറ വേദനയോടുകൂടെ ദുഃഖം 3
വർദ്ധിപ്പിച്ചിരിക്കുന്നു. ഹാ, ഞാൻ എൻെറ
നെടുവീർപ്പുകളാൽ വലഞ്ഞിരിക്കുന്നു. ഒ 4
രാശ്വാസവും കാണുന്നില്ല എന്നാണല്ലോ നീ
പറയുന്നത്. ഞാൻ പണിതത് ഞാൻ തന്നെ
ഇടിച്ചുവീഴ്ത്തുന്നു; ഞാൻ നട്ടത് ഞാൻ ത
ന്നെ പറിച്ചുകളയുന്നു. ലോകമെങ്ങും അത്
അങ്ങനെ തന്നെ. എന്നാൽ നീയോ നിനക്കാ 5
യി വലിയ കാര്യങ്ങൾ ആഗ്രഹിക്കുന്നുവോ?
നീ ആഗ്രഹിക്കേണ്ട, സർവ്വജനത്തിനും
ഞാൻ അനർത്ഥം വരുത്തും എന്നു കർ
ത്താവു കല്പിക്കുന്നു. നീ പോകുന്നിടത്തെ
ല്ലാം, ഒരു കൊള്ളവസ്തു എന്നതുപോലെ
നിൻെറ ജീവനെ നിനക്കു തരും എന്ന് നീ
അവനോടു പറയുക.

അദ്ധ്യായം 46

പ്രവാചകനായ ഏറമിയായ്ക്കു വിജാ 1
തിയരെക്കുറിച്ചുണ്ടായ വചനങ്ങൾ:
മെസ്രേനെപ്പറ്റി; അതായത്, യൂഫ്രട്ടീസ് 2
നദീതീരത്ത് കർക്കമേശിൽ സ്ഥിതിചെയ്തി
രുന്നതും, ബാബേൽരാജാവായ നെബു
ഖദ്നേസർ, യോശിയായുടെ മകനായ
യഹൂദാരാജാവായ യഹോയാക്കിമിൻെറ
നാലാം വർഷം തോല്പിച്ചുകളഞ്ഞതു
മായ ഫറഗാൻ നെഖോ എന്ന മെസ്രേൻ
രാജാവിൻെറ സേനയെക്കുറിച്ച്:
പരിചയും, മൂടിയും തയാറാക്കി യുദ്ധ 3
സജ്ജരാകുവിൻ. കുതിരപ്പട്ടാളമേ, കുതിര
കൾക്കു ജീനിയിട്ട് കയറുവിൻ. ശിരസ്ത്ര
വുമായി അണിനിരന്നു നില്പിൻ. കുന്ത 4
ങ്ങൾ തേച്ചു മിനുക്കി കവചമണിയുവിൻ.
എന്താണ് അവർ സംഭ്രമിച്ചു പിന്മാറുന്നത്? 5
അവരുടെ യുദ്ധശാലികൾ മുറിവേറ്റ് തിരി
ഞ്ഞുനോക്കാതെ ഓടുന്നു! എല്ലായിടത്തും
ഭയമായിരിക്കുന്നു! വേഗതയുണ്ടെന്നു കരു 6
തി അവൻ ഓടിപ്പോകുകയില്ല; യുദ്ധവീരൻ
രക്ഷപെടുകയുമില്ല. വടക്ക് യൂഫ്രട്ടീസ് നദി
തീരത്ത് അവർ കാലിടറി വീണുപോകും.
നൈൽ നദിയിൽ വെള്ളം ഉയരുന്നതുപോ 7
ലെ ഉയർന്നു അലയ്ക്കുന്ന ഇവർ ആരാ
കുന്നു? നൈൽനദിപോലെ ഞാൻ ഉയർന്ന്, 8
അതിലെ ജലം ഇരച്ചു പായുന്നതുപോലെ
ഞാൻ ഉയർന്ന് ദേശത്തെ മൂടി നഗരങ്ങളെ
യും നിവാസികളെയും നശിപ്പിക്കുമെന്നും
അവർ പറയുന്നു: കുതിരകളേ, പാഞ്ഞോടു

9 വിൻ; രഥങ്ങളേ, വേഗം കൂട്ടുവിൻ! യുദ്ധവീ
രന്മാർ, പരിച പിടിച്ചിരിക്കുന്ന എത്യോപ്യ
രും പുത്യരും, വില്ലു കുലയ്ക്കുന്ന ലുദ്യരും,
10 പുറപ്പെടട്ടെ. തന്റെ ശത്രുക്കളോടു ദൈവം
പ്രതികാരം ചെയ്യുന്ന ദിവസമാണത്! വാളി
നു തൃപ്തിയാകുവോളം അതു തിന്നും; അവ
രുടെ രക്തം കുടിച്ചു ലഹരി പിടിക്കും. ഉത്തര
ദേശത്ത്, യൂഫ്രട്ടീസ് നദീതീരത്ത് ദൈവ
11 മായ കർത്താവിന് ഒരു യാഗപീഠമുണ്ട്. മെ
സ്രേൻ പുത്രിയായ കന്യകയേ, ഗിലയാദിൽ
പോയി തൈലം വാങ്ങുക. വളരെയേറെ മരു
ന്നു നീ ഉപയോഗിക്കുന്നതു വൃഥാവത്രെ.
12 നിനക്കു രോഗശാന്തി ലഭിക്കുകയില്ല. ജാതി
കളെല്ലാം നിന്റെ അവമാനം അറിഞ്ഞിരി
ക്കുന്നു. നിന്റെ രോദനം ദേശമെല്ലാം നിറ
ഞ്ഞിരിക്കുന്നു. യുദ്ധവീരന്മാർ പരസ്പരം
മുട്ടി ഇരുവരും ഒരുമിച്ചു വീണുപോയി.
13 ബാബേൽരാജാവായ നെബുഖദ്നേ
സർ വന്ന് മെസ്രേൻ രാജ്യത്തെ കീഴടക്കു
ന്നതു സംബന്ധിച്ച് ഏറമിയാ പ്രവാചക
നോട് കർത്താവു കല്പിച്ച വചനങ്ങൾ:
14 മെസ്രേനിൽ വിളിച്ചുപറയുക. മഗ്ദു
ലിൽ പ്രഘോഷിക്കുക, നോഫിലും തഹ
ഫേസിലും അറിയിക്കുക, സജ്ജരായി
അണിയണിയായി നിന്നുകൊള്ളുവിൻ!
നിന്റെ ചുറ്റുപാടും വാളിന്നിരയാകുന്നു.
15 നിന്റെ ബലശാലികൾ എന്തുകൊണ്ടു
വീണുകിടക്കുന്നു? കർത്താവ് അവരെ
തള്ളിയിട്ടതുമൂലമാണ് നില്പാൻ അവർക്കു
16 കഴിയാതിരുന്നത്. അവൻ അനേകരെ വീഴി
ച്ചു; ഒരുവൻ അപരന്റെമേൽ വീണു!
സംഹാരകമായ വാളിൽനിന്നും നമുക്കു
രക്ഷപെട്ട്, സ്വജനസവിധത്തിലേക്കും,
ജന്മനാട്ടിലേക്കും തിരികെ പോകാം, എന്ന്
17 അവർ പറയും! മെസ്രേൻരാജാവായ ഫറ
18 ഓനും നാശം എന്നും, സമയം തെറ്റിവരുന്ന
വൻ എന്നും പറയുവിൻ. പർവ്വതങ്ങളുടെ
കൂട്ടത്തിൽ താബോർപോലെയും കടലരി
കെയുള്ള കർമ്മേൽപോലെയും അവർ
വരും. എന്നാണ, നിശ്ചയം എന്നു ബലവാ
നായ ദൈവം എന്നു നാമമുള്ള രാജാവ്
19 കല്പിക്കുന്നു. മെസ്രേനിൽ വസിക്കുന്ന
മകളേ, പ്രവാസത്തിലേക്കു പോകുവാൻ
ഒരുങ്ങിക്കൊള്ളുക. നോഫ് ആൾപാർപ്പി
20 ല്ലാതായി കത്തിപ്പോകും. മെസ്രേൻ ഭംഗിയു
ള്ള പശുക്കിടാവാകുന്നു. എന്നാൽ ഉത്തര
ദേശത്തുനിന്നു തേനീച്ച അതിന്മേൽ വരും.
അതിന്റെ ഭടന്മാർ അതിന്റെ മദ്ധ്യേ
പുഷ്ടിയുള്ള കാളക്കിടാവുകൾപോലെയാ
21 കുന്നു. അവരും പിൻതിരിഞ്ഞു പലായനം

ചെയ്തു. അവരുടെ ആപത്തുകാലവും ശി
ക്ഷാദിവസവും ആഗതമായതിനാൽ അവ
ക്കു ചെറുത്തു നില്പാൻ സാധിച്ചില്ല. അത
ന്റെ ശബ്ദം ചീറ്റുന്ന പാമ്പിന്റെ സീൽ
ക്കാരം പോലെയാണ്. അവർ ശക്തിയോടെ
വരും. മരംവെട്ടുന്നവരെപ്പോലെ മഴുകളുമാ
യി അവർ അതിന്റെ നേരേ വരും. അത
ന്റെ വനമെല്ലാം വെട്ടിക്കളയുക എന്നു ക
ത്താവു കല്പിക്കുന്നു. അവരുടെ സംഖ്യ
സീമാതീതമാണ്. വെട്ടുക്കിളികളേക്കാ
അധികം! മെസ്രേൻ പുത്രീ ലജ്ജിതയായി
ഉത്തരദേശത്തെ ജാതിക്ക് അവൾ ഏല്പ
ക്കപ്പെട്ടു. ഞാൻ വെള്ളത്തിനരികെയുള്ള
അമ്മോനേയും ഫറവോനേയും, മെസ്രേ
യും അതിന്റെ ദേവന്മാരെയും, സേന
യും രാജാക്കന്മാരേയും അവനിൽ ആശ്ര
ക്കുന്നവരേയും ശിക്ഷിക്കുന്നു എന്ന് ഇസ്ര
യേലിന്റെ ദൈവമായ ബലവാനായ ക
ത്താവു കല്പിക്കുന്നു. അവരെ ഞാൻ അ
രുടെ ശത്രുക്കളുടെ കൈയിൽ — അവരു
പ്രാണഹാനിക്കാഗ്രഹിക്കുന്നവരുടെ കൈ
യിൽ — നെബുഖദ്നേസറിന്റെ കൈയി
— അവന്റെ ദാസരുടെ കൈയിൽ ഏല്പ
ക്കും. പിന്നീട് അതിന് മുൻകാലത്തെന്ന
പോലെ നിവാസികൾ ഉണ്ടാകും; എന്ന
കർത്താവു കല്പിക്കുന്നു.

എന്റെ ദാസനായ യാക്കോബേ, നീ
ഭയപ്പെടേണ്ട. ഇസ്രായേലേ! നിനക്ക
സംഭ്രമം വേണ്ട. വിദൂരദേശത്തുനിന്ന
നിന്നേയും നിന്റെ സന്തതിയെയും പ്രവാ
ദേശത്തുനിന്നും രക്ഷിക്കും. യാക്കോ
തിരികെ വന്ന് സമാധാനത്തിലും ശാന്തി
ലും ജീവിക്കും. അവനെ ആരും സംഭീതന
ക്കുകയില്ല. എന്റെ ദാസനായ യാക്കോബേ
നീ ഭയപ്പെടേണ്ട. ഞാൻ നിന്നോടു കൂ
യുണ്ട് എന്നു കർത്താവ് കല്പിക്കുന്ന
നിന്നെ ഞാൻ ചിതറിച്ചു കളഞ്ഞിരുന്ന
ജാതിയെയെല്ലാം ഞാൻ നശിപ്പിക്കു
എന്നാൽ നിന്നെയോ ഞാൻ നശിപ്പിക്ക
കയില്ല. ഞാൻ നിന്നെ ന്യായമായി ശിക്ഷ
ക്കും. നിരപരാധിയായി വിട്ടയയ്ക്കുകയി

അദ്ധ്യായം 47

ഫറവോൻ ഗസ്സായെ തോല്പിക്കു
തിനുമുമ്പ്, ഫെലിസ്ത്യരെക്കുറിച്ച് ഏറമി
പ്രവാചകനു കർത്താവിൽനിന്നുണ്ടാ
വചനങ്ങൾ:

കർത്താവു കല്പിക്കുന്നു. ഞാ
ഉത്തരദേശത്തുനിന്നും യുവാക്ക
കൊണ്ടുവരും. അവർ കവിഞ്ഞൊഴുകു

നദിപോലെ ആയിരിക്കും. അവർ ദേശത്ത്
കുത്തി ഒഴുകി, അതിനെ നിറയ്ക്കും. നഗ
രങ്ങൾ മേലും നഗരവാസികൾമേലും അത്
ഒഴുകും. അപ്പോൾ മനുഷ്യർ നിലവിളിക്കും.
ദേശവാസികളെല്ലാം അലറിക്കരയും. അവ
ന്റെ യുദ്ധവീരന്മാരുടെ നടപ്പിന്റെ ശബ്ദ
ത്താലും, അവന്റെ രഥങ്ങളുടെ പാച്ചിൽ
മൂലമുള്ള ഇളക്കത്താലും അവന്റെ വാഹ
നങ്ങളുടെ ശബ്ദംകൊണ്ടും ഭൂമി നടുങ്ങും.
അപ്പന്മാർ മക്കളെ തിരിഞ്ഞു നോക്കുക
യില്ല. എന്തെന്നാൽ അവരുടെ കരങ്ങൾ
ഷീണിച്ചുപോയി. ഫെലിസ്ത്യരെ ആകെ
നശിപ്പിക്കുവാനും, സോറിലും സീദോനി
ലും ശേഷിച്ചിരിക്കുന്ന സകല സഹായി
കളേയും വിഛേദിച്ചുകളയുവാനുമുള്ള
ിവസങ്ങൾ വരുന്നു. ശേഷമുള്ള കപ്പ
ദോക്യൻ ദ്വീപുകളെയും നശിപ്പിക്കും.
സ്സായ്ക്കു വ്രണം ബാധിച്ചിരിക്കുന്നു.
ാസ്കലോനും അവരുടെ ഭവനങ്ങളിൽ
ശഷിപ്പുള്ളവരും തകർന്നിരിക്കുന്നു. അ
യ്യോ, കർത്താവിന്റെ വാളേ, നീ എത്ര
ത്താളം അടങ്ങാതിരിക്കും? സംഹാരകാര്യ
ത്തിൽനിന്നും നീ വിരമിക്കുകയില്ലയോ? നീ
ന്റെ ഉറയിൽ കടക്കുക. അടങ്ങിയി
ന്നാലും! അസ്കലോനും, സമുദ്രതീര
ത്തിനും എതിരായി കർത്താവ് കല്പനയാ
ക്കിക്കുകയാൽ അതിന് എങ്ങനെ അടങ്ങി
യിരിക്കുവാൻ കഴിയും? അവിടെ അതിനെ
വൻ അധികാരപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യായം 48

മോവാബിനെക്കുറിച്ചുള്ള കല്പന:
ഇസ്രായേലിന്റെ ദൈവമായ ബല
ാനായ കർത്താവ് കല്പിക്കുന്നു. കവർച്ച
ച്ചെയ്യപ്പെട്ട നേബോയ്ക്ക് കഷ്ടം. കുര്യത്തി
ലജ്ജ വന്നിരിക്കുന്നു. അതു ചിതറി
യി. അതിന്റെ മഹത്വമെല്ലാം മോവാ
ബിനു നഷ്ടപ്പെട്ടു. ഹെശ്ബോനിൽ അവർ
ിനെതിരായി അനർത്ഥം ചിന്തിക്കുന്നു.
വിൻ, ജനതയിൽനിന്നും നമുക്കതിനെ
പ്പിക്കാം. അതു മൗനമായിരിക്കും.
നെ പിൻചെല്ലുക. മോവാബിന് ഭയ
ായ തകർച്ചയും കവർച്ചയും. ഹുറിനാ
ിന്നു വിലാപശബ്ദം. അതിന്റെ സാ
നക്കാർ നിലവിളിക്കുന്നു. ലൂഹിത്തി
ുള്ള കയറ്റത്തിൽ അവർ കരഞ്ഞു
ു കയറിപ്പോകുന്നു. ഹുറിനാമിലേ
ഇറക്കത്തിൽ തകർച്ചയുടെ നില
ബ്ദം കേൾക്കുന്നു. കേൾപ്പിൻ, ഓടി
ുവിൻ. സ്വന്തം പ്രാണനെ രക്ഷിച്ചു
കൊള്ളുവിൻ. മരുഭൂമിയിലെ ചെടിപോലെ
ആകുവിൻ. നിന്റെ കോട്ടകളിലും ഭണ്ഡാര 7
ങ്ങളിലും നീ ആശ്രയിച്ചതുകൊണ്ട് നീയും
പിടിക്കപ്പെട്ടു. കോമേശ്, സ്വന്തം പുരോ
ഹിതന്മാരോടും പ്രഭുക്കന്മാരോടും കൂടെ
പ്രവാസികളായിപ്പോകും. കവർച്ചക്കാരൻ 8
എല്ലാ നഗരത്തിലും. ഒരു നഗരവും രക്ഷ
പ്പെടുകയില്ല. കർത്താവ് കല്പിച്ചതു
പോലെ താഴ്വര നശിക്കും. മൈതാനങ്ങൾ
ശൂന്യമാകും. മോവാബ് നിശ്ചയമായും 9
നശിച്ചുപോകുന്നതിനാൽ അതിനു ചിറകു
കൊടുപ്പിൻ, ആൾപാർപ്പില്ലാതെ അതിന്റെ
നഗരങ്ങൾ എല്ലാം ശൂന്യമാകും. കർത്താ 10
വിന്റെ പ്രവൃത്തി കാപട്യത്തോടെ ചെയ്യു
ന്നവൻ ശപിക്കപ്പെട്ടവൻ. രക്തം ചൊരി
യാതെ വാളിനെ വിരോധിക്കുന്നവൻ
ശപിക്കപ്പെട്ടവൻ. മോവാബ്യർ ശാന്തമായി,
ബാല്യം മുതൽ അവരുടെ മദ്യമട്ടിന്മേൽ
നിവർന്നു നിന്നു. അവനെ ഒരു പാത്രത്തിൽ 11
നിന്നു മറ്റൊന്നിലേക്കു പകർന്നിട്ടില്ല.
പ്രവാസത്തിൽ പോയിട്ടില്ല. ആകയാൽ
അവരുടെ രുചി അവരിൽതന്നെയിരി
ക്കുന്നു. അവരുടെ സുഗന്ധം കെട്ടടങ്ങിയു
മില്ല. എന്നാൽ കാലം വരുന്നു. കവർച്ച 12
ക്കാരെ അവർക്കെതിരായി ഞാൻ അയ
യ്ക്കും. അവർ അവരെ കൊള്ളചെയ്യും.
പാത്രങ്ങൾ ശൂന്യമാക്കും. കുടങ്ങൾ ഉടച്ചു
കളയും. അവരെ പീഡിപ്പിക്കും. ഇസ്രാ 13
യേൽ അവരുടെ പ്രത്യാശയായ ബേത്
ഈലിൽ ലജ്ജിതരായതുപോലെ, മോവാ
ബും കോമേശിൽ ലജ്ജിതരാകും. ഞങ്ങൾ 14
പരാക്രമശാലികളെന്നും, യുദ്ധവീരന്മാരെ
ന്നും നിങ്ങൾ എങ്ങനെ പറയും? മോവാബു
നശിച്ചു. അതിന്റെ നഗരങ്ങൾ നാശമ 15
ടഞ്ഞു. അതിന്റെ യുദ്ധവീരരിൽ പ്രഗല്ഭർ
വധത്തിന് ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. ബല
വാനായ ദൈവമായ കർത്താവ് എന്ന നാമ
മുള്ള രാജാവ് കല്പിക്കുന്നു: മോവാബിന് 16
തകർച്ചവരുവാൻ അടുത്തിരിക്കുന്നു. അതു
ധൃതിപ്പെട്ടിരിക്കുന്നു. അതിന്റെ ചുറ്റുമുള്ള
സർവ്വരും പരിഭ്രമിച്ച് ഇളകിയിരിക്കുന്നു.
അതിന്റെ പേര് അറിയുന്ന എല്ലാവരും, 17
ബലമുള്ള വടിയും ഭംഗിയുള്ള കോലും
എങ്ങനെ ഒടിഞ്ഞു? എന്നു പറഞ്ഞു.
റിബോൻ പുത്രീ നിവാസമേ, ബഹുമാന
സ്ഥാനം വിട്ടിറങ്ങി, അപമാനത്തിൽ കഴി 18
യുക. മോവാബിന്റെ സംഹാരകൻ നിന്റെ
നേരെയും വന്ന് നിന്റെ കോട്ടകൾ നശി
പ്പിച്ചിരിക്കുന്നു. അരോവിയോർ നിവാസിനി 19
യേ! നീ വഴിക്കവലകളിൽ നിന്നു സൂക്ഷിച്ചു

നോക്കുക. പലായനം ചെയ്യുന്നവനോടും
രക്ഷപെടുന്നവരോടും എന്താണു സംഭവിച്ച
20 തെന്നു ചോദിക്കുക. മോവാബ് തകർ
ന്നിരിക്കുകയാൽ ലജ്ജിതയായിരിക്കുന്നു.
അർനോനിൻ, അലമുറയിടുവിൻ. എന്തെ
ന്നാൽ മോവ് നശിച്ചിരിക്കുന്നു. മാശുർ
ദേശത്തിന്മേൽ ശിക്ഷാവിധി ആഗതമായിരി
21 ക്കുന്നു. ഹലോൻമേലും, യഹസ്, മഫിത്ത്,
22 റയ്ബോൻ, നോബു, ബെത് ബൽതീം,
23 കുരിയാഥീം, ബെത് ഹോമൂൽ, ബെത്മാ
24 വോൻ, കുറിയാത്ത്, ബസ്രാ എന്നിങ്ങനെ
മോവാബ് ദേശത്ത് ദൂരെയും അടുത്തു
മുള്ള എല്ലാ നഗരങ്ങൾക്കും നാശം ഭവി
ച്ചിരിക്കുന്നു.
25 മോവാബിൻെറ കൊമ്പ് മുറിച്ചിരിക്കു
ന്നു. അതിൻെറ ഭുജം തകർക്കപ്പെട്ടു എന്നു
കർത്താവ് പറയുന്നു. അവൻ കർത്താവി
നെതിരെ അഹങ്കരിച്ചിരിക്കുന്നതുകൊണ്ട്
26 അവനെ ദുരിതപ്പെടുത്തുവിൻ. മോവാബ്
തൻെറ ഛർദിയിൽ വിഷമിക്കും. അവൻ
27 അപമാനപാത്രമാകും. ഇസ്രായേൽ നിനക്കു
പരിഹാസപാത്രമായിരുന്നുവല്ലോ. നീ
അവനോട് യുദ്ധം ചെയ്തപ്പോൾ അവൻ
28 കള്ളനായി കാണപ്പെട്ടുവോ? മോവാബു
നിവാസികളേ, നിങ്ങൾ പട്ടണങ്ങൾ വിട്ട്
പാറക്കൂട്ടങ്ങളിൽ വസിക്കുവിൻ. ഗുഹയുടെ
സമീപം കൂടുകെട്ടുന്ന പ്രാവിനു സമമാകു
29 വിൻ. മോവാബ് പ്രഭുക്കന്മാർ വളരെ അഹം
ഭാവികളും, മഹത്തായി വിചാരിക്കുന്ന
വരും, നിഗളികളും, ഹൃദയം നിറയെ അഹ
ങ്കാരികളുമാണെന്നു ഞങ്ങൾ കേട്ടിട്ടുണ്ട്.
30 ഇതു ഞാൻ അറിയുന്നു എന്നു കർത്താവു
പറയുന്നു. അവരുടെ പ്രവർത്തനങ്ങൾ
നീതിപൂർവകമല്ല; അവൻെറ പ്രശ്നക്കാർ
31 സത്യം പ്രവചിച്ചിട്ടില്ല. ആകയാൽ മോവാ
ബിനെയോർത്ത് വിലപിപ്പിൻ; ദേശത്തി
ൻെറ എല്ലാ ഭാഗങ്ങളിൽനിന്നും മോവാബി
നെപ്പറ്റി അട്ടഹസിക്കുവിൻ. താന്താൻെറ
ഭവനത്തിൽ വസിക്കുന്നവരെക്കുറിച്ച്
32 അവർ തിന്മ ആലോചിക്കുന്നു. സബ്മാ
മുന്തിരിത്തണ്ടേ! യാസിറിൻെറ കരച്ചിലിലും
അധികമായി ഞാൻ നിന്നെക്കുറിച്ചു കര
യും. നിൻെറ വള്ളികൾ കടലിന്നപ്പുറം കട
ന്നിരിക്കുന്നു. യാസീർ കടൽവരെ എത്തി
യിരിക്കുന്നു. സംഹാരകൻ നിൻെറ വിള
വിന്മേലും ഫലങ്ങളിന്മേലും ചാടി വീണി
33 രിക്കുന്നു. കർമ്മേൽ പ്രദേശത്തുനിന്നും,
മോവാബ് ദേശത്തുനിന്നും സന്തോഷവും
ആഹ്ളാദവും കടന്നുപോകും. ചക്കിൽ
നിന്നും വീഞ്ഞു വരികയില്ല. മുന്തിരിക്കുല

പറിക്കുന്നവർ, അതു പറിക്കുകയില്ല. അവർ
ശബ്ദിക്കുകയില്ല; ആഹ്ളാദിക്കുക യില്ല
ഹെശ്ബോനിലെ വിലാപംമൂലം അവർ
അലആലവരെയും സോആറിൽ നിന്ന
യഹസ്വരെയും അവർ ശബ്ദമു യർത്തി
ഹുർനീംവരെയും ആലസ് കോട്ടവരെയു
നിലവിളി കൂട്ടുന്നു. നിമ്രി മിലെ വെള്ളവു
വറ്റിപ്പോകും. സ്വന്ത ദേവന് ബലിയു
ധൂപവും അർപ്പിക്കുന്നവനെ ഞാ
മോവാബിൽനിന്നും ഇല്ലാതാക്കും എന്ന
കർത്താവ് കല്പിക്കുന്നു. മോവാബ് തി
ചെയ്തു നശിച്ചിരിക്കുകയാൽ അ
നെക്കുറിച്ച് എൻെറ ഹൃദയം കിന്നരംപേ
ലെ സംസാരിക്കും. അവർ തല മുണ്ഡന
ചെയ്തും, താടി കത്രിച്ചും ഇരിക്കുന്ന
അവരുടെ കൈകളിലെല്ലാം മുറിവുകളു
അരകളിൽ ചാക്കുവസ്ത്രവും കാണുന്നു
മോവാബിലെ എല്ലാ ഭവനങ്ങളിലു
അതിൻെറ സർവ്വ തെരുവുകളിലും മു
വിളി! ഉപയോഗശൂന്യമായ പാത്രത്തെ
എന്നതുപോലെ ഞാൻ മോവാബിനെ
തകർത്തിരിക്കുന്നു എന്നു കർത്താ
കല്പിക്കുന്നു. അവർ എങ്ങനെ ഉടഞ്ഞ
പോയി? നിലവിളിച്ചു! മോവാബ് മുഖ
തിരിച്ചു ലജ്ജിച്ചതെങ്ങനെ! മോവാബ
അതിനു ചുറ്റുമുള്ള എല്ലാവർക്കും പരിഹ
സത്തിനും അത്ഭുതത്തിനും കാരണമാകു
കർത്താവ് കല്പിക്കുന്നു: അവൻ കഴുകനെ
പ്പോലെ ഉയർന്നു പറന്ന് മോവാബിന്മേ
ഇറങ്ങി ചിറകു വിരിക്കും. കറിയുത്ത് പി
ക്കപ്പെട്ടു. മസ്റൂത്ത് കീഴടങ്ങി. അക്കാലത്ത
മോവാബിലെ യുദ്ധവീരന്മാരുടെ മന
പ്രസവ വേദന അനുഭവിക്കുന്ന സ്ത്ര
യുടെ മനസ്സുപോലെ ആയിരിക്കു
മോവാബ് കർത്താവിനോടു അഹങ്കരിച്ചത
നാൽ, മോവാബ് മേലാൽ ഒരു ജാതിയാ
രിക്കാത്തക്കവണ്ണം നശിക്കും. മോവാബി
പാർക്കുന്നവനേ! നിനക്കു ഭീതിയും കെണ
യും, പടുകുഴിയും വരും എന്നു കർത്താ
അരുളിച്ചെയ്യുന്നു. ഭയത്തോടോടുന്നവ
കുഴിയിൽ വീഴും. കുഴിയിൽനിന്നു കയ
ന്നവൻ കെണിയിലകപ്പെടും. ഞാൻ മോവ
ബിനെ ശിക്ഷിക്കുന്ന കാലത്തു ഇവ സം
വിക്കും എന്നു കർത്താവ് കല്പിക്കുന്ന
ഹെശ്ബോനിൽനിന്ന് അഗ്നിയും അഗ്ന
ജ്വാലയും പുറപ്പെട്ടു. സീഹോൻകോട്ടയി
നിന്നും അഗ്നി പുറപ്പെട്ടു. ആ അഗ്നി മോ
വാബിൻെറ മുഖവും ശോവാൻെറ മക്കളു
തലവന്മാരേയും കത്തിച്ചുകളയും. മോവ
ബേ, നിനക്കു കഷ്ടം. കോമൂശ് ജന

നശിച്ചുപോയി. നിൻെറ പുത്രീപുത്രന്മാർ
അടിമയിൽ പോയി! എങ്കിലും ഞാൻ അവ
സാനം മോവാബിൻെറ അടിമത്വം മാറ്റും
എന്നു കർത്താവ് കല്പിക്കുന്നു.
മോവാബിനെക്കുറിച്ചുള്ള വിധി ഇവിടെ
വരെ.

അദ്ധ്യായം 49

അമ്മോന്യരെക്കുറിച്ചുള്ള വചനങ്ങൾ:
കർത്താവ് കല്പിക്കുന്നു. ഇസ്രായേ
ലിനു പുത്രന്മാരില്ലയോ? അവന് അവകാശി
ഇല്ലയോ? പിന്നെ, മൽക്കോംഗാദിനെ അവ
കാശിയാക്കിയതെന്തുകൊണ്ട്? അവൻെറ
ജനം അതിലെ നഗരങ്ങളിൽ വസിക്കുന്ന
തെന്ത്? കാലമിതാ വരുന്നു, എന്ന് കർത്താ
വ് കല്പിക്കുന്നു. അമ്മോന്യരുടെ റാബാ
ത്തിൽനിന്ന് ഞാൻ യുദ്ധശബ്ദം കേൾപ്പി
ക്കുന്ന കാലം വരും. അന്ന് അത് ശൂന്യമാകും.
അതിൻെറ ചെറുനഗരങ്ങളും ദഹിച്ചുപോ
കും. ഇസ്രായേൽ, അതിനെ കീഴടക്കിയ
വരെ കീഴ്പ്പെടുത്തും എന്ന് കർത്താവു
കല്പിക്കുന്നു.
ഹെശ്ബോനേ, 'ആയി,' തകർന്നിരിക്കു
ന്നതിനാൽ വിലപിക്കുക. റാബാത്തിൻെറ
ചെറുനഗരങ്ങളെ, നിലവിളിക്കുവിൻ.
ചാക്കുടുത്തുകൊള്ളുവിൻ. പരസ്പരം,
...ന്നു നടക്കുവിൻ - മൽക്കോമും അതിൻെറ
...ദുക്കന്മാരും, പുരോഹിതന്മാരും പ്രവാ
...ത്തിൽ പോകും. എൻെറ നേരേ വരുവാ
...രുണ്ട്, എന്ന് തൻെറ ഭണ്ഡാഗാരങ്ങളിൽ
...ശ്രയിച്ചുകൊണ്ടു നടക്കുന്ന എൻെറ
...സല്യമുള്ള പുത്രീ, നിൻെറ സമതല
...ളിൽ നീ എന്തിനു പ്രശംസിക്കുന്നു?
...ൻെറ താഴ്വരകൾ നശിക്കും. നിൻെറ
...മുള്ള എല്ലാവരെക്കൊണ്ടും ഞാൻ
...ന്ന ഭയപ്പെടുത്തും എന്നു ബലവാനായ
...ത്താവു കല്പിക്കുന്നു. അവരിൽ ഓരോ
...നേയും ഓരോ ഭാഗത്തേക്കും ഞാൻ
...റിക്കും. ചിതറിയവരെ കൂട്ടിവരുത്തു
... ആരും ഉണ്ടായിരിക്കുകയില്ല. അതി
...ശേഷം ഞാൻ അമ്മോന്യരെ തിരികെ
...ത്തും എന്ന് കർത്താവു കല്പിക്കുന്നു.
ഏദോമിനെക്കുറിച്ച്: ബലവാനായ
...ചമായ കർത്താവു കല്പിക്കുന്നു.
...മാനിൽ ജ്ഞാനമില്ലയോ? വിവേകി
...ൽനിന്നും ആലോചനാപാടവം നഷ്ട
...വാ? അവരുടെ വിജ്ഞാനം എടുക്ക
...വാ? ദേറാൻ വാസികളേ, പലായനം
...വിൻ, തിരിഞ്ഞു കുഴികളിൽ കഴിഞ്ഞു
...വിൻ. ഞാൻ ഏശാവിൻെറ തകർച്ച

അവൻെറ ശിക്ഷാകാലത്ത് അവന് വരു
ത്തും. മുന്തിരിപ്പഴം പറിക്കുന്നവർ നിൻെറ 9
അടുക്കൽ വന്നാൽ കാലാ പറിക്കുവാൻ
അല്പം ശേഷിപ്പിക്കുകയില്ലേ? കള്ളന്മാർ
രാത്രിയിൽ അവർക്കു വേണ്ടുവോളമല്ലേ
എടുക്കൂ. ഞാൻ ഏശാവിനെ പരിശോധിച്ച് 10
അവൻെറ ഗൂഢകേന്ദ്രങ്ങളെ ഞാൻ വെളി
പ്പെടുത്തി. അവൻ ഒളിച്ചു, കാണപ്പെട്ടില്ല,
അവൻെറ സന്തതിയും സഹോദരന്മാരും
ബന്ധുക്കളും ചിതറിപ്പോയി. അവർ ഇല്ലാ 11
തായി. നിൻെറ അനാഥരെ വിട്ടുതരിക,
ഞാൻ അവരെ ജീവനോടെ കാത്തു
കൊള്ളാം. നിൻെറ വിധവമാർ എന്നിൽ
ആശ്രയിക്കട്ടെ. കർത്താവ് കല്പിക്കുന്നു: 12
പാനപാത്രത്തിൽനിന്നു കുടിക്കുവാൻ
വിഹിതമല്ലാത്തവർ കുടിച്ചു. നീ വിജയിക്കു
മെന്നു നീ വിചാരിച്ചു. നീ ജയിക്കുകയില്ല
തന്നെ. നീയും കുടിക്കേണ്ടിവരും. കർത്താവ് 13
സ്വയം ആണയിട്ടുപറയുന്നു: ബസ്രാ, അത്ഭു
തത്തിനും നാശത്തിനും അപമാനത്തിനും
ശാപത്തിനും പാത്രമാകും. അതിൻെറ നഗര
ങ്ങളെല്ലാം ശാശ്വത ശൂന്യമായിത്തീരും.
കർത്താവിൽനിന്നും ഞാനൊരു വിവരം 14
അറിഞ്ഞു—ജാതികളുടെ ഇടയിലേക്ക്
ദൂതൻ അയയ്ക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ 15
എഴുന്നേൽപിൻ. കൂട്ടമായി അതിനെതിരെ
ചെല്ലുവിൻ. നിന്നെ ഞാൻ ജാതികളുടെ
മദ്ധ്യേ ചെറിയവനും മനുഷ്യരുടെ മദ്ധ്യേ
ഹീനനുമാക്കിയിരിക്കുന്നു. എന്തെന്നാൽ 16
നിൻെറ അനീതി നിന്നെ വഴി തെറ്റിച്ചു. പാറ
മേൽ വസിച്ചു കുന്നിൻശിഖരങ്ങൾ ഭരിച്ചു
കൊണ്ടിരിക്കുന്ന നിൻെറ അഹങ്കാരം
നിന്നെ തെററിച്ചു. എന്നെ താഴോട്ടിറക്കു
വാൻ ആരുണ്ട് എന്നു അവൻ മനസ്സിൽ പറ
യുന്നു. നക്ഷത്രങ്ങളുടെ ഇടയിൽ ഉയര
ത്തിൽ കഴുകനെപ്പോലെ നീ കൂടു തീർത്താ
ലും അവിടെനിന്നും നിന്നെ ഞാൻ താഴെ
ഇറക്കും എന്നു കർത്താവു കല്പിക്കുന്നു.
ഏദോം അത്ഭുതവിഷയമായിത്തീരും. 17
അതിനു സമീപത്തുകൂടി പോകുന്ന എല്ലാ
വരും അത്ഭുതസ്തബ്ധരാകും. അതിനു
സംഭവിച്ച ശിക്ഷകൾമൂലം പരിഹസിച്ചു
ചൂളംകുത്തും. സോദോമിൻെറയും ഓമൂ 18
റായുടെയും പരിസരനഗരങ്ങളുടെയും
വിനാശത്തോടെ സംഭവിച്ചതുപോലെ
ഇവിടെയും ജനവാസമുണ്ടാകുകയില്ല.
ഒരൊററ മനുഷ്യനും ഉണ്ടായിരിക്കുകയില്ല
എന്നു കർത്താവു കല്പിക്കുന്നു. യോർദ 19
നാൻെറ കൊടുംവനത്തിൽ നിന്ന് സിംഹം
എന്നതുപോലെ അത് ദോഥാൻെറ പുൽമേ

ടുകളിലേക്കു കയറിവരും. ഞാൻ അവരെ
പെട്ടെന്ന് അതിൽനിന്നും ഓടിക്കും. അതി
ന്മേൽ യുവാക്കളെ ഞാൻ നിയമിച്ചാക്കും.
എന്നെപ്പോലെ മററാരുണ്ട്? എനിക്കു
സാക്ഷി നിൽക്കുന്നവൻ ആര്? എൻെറ
മുമ്പിൽ നിൽക്കാവുന്ന ഇടയനും ആര്?
20 ആകയാൽ കർത്താവ് ഏദോമിനെക്കുറി
ച്ചു ചെയ്ത ആലോചനയും തെയ്മാൻവാസി
കളെക്കുറിച്ചു ചിന്തിച്ച കാര്യങ്ങളും ശ്രദ്ധി
ക്കുവിൻ. ആട്ടിൻകൂട്ടത്തിൽ നിസ്സാരരായ
വരെ അവർ വലിച്ചിഴച്ചുകൊണ്ടുപോകും.
അതോടൊപ്പം മേച്ചിൽപുറങ്ങളെ ശൂന്യമാ
21 ക്കുകയും ചെയ്യും. അവരുടെ പതനത്തി
ൻെറ അത്യുച്ചശബ്ദം നിമിത്തം ഭൂമി കുലു
ങ്ങും. ഇതാ ഒരു നിലവിളി! അതിൻെറ
22 ശബ്ദം, ചെങ്കടലിൽ കേൾക്കുന്നു. അവൻ
കഴുകനെപ്പോലെ ഉയർന്നു പറന്നുവന്ന്
ബസ്രായുടെ മേൽ ചിറകു വിരിക്കും. അക്കാ
ലത്ത് ഏദോമിലെ യുദ്ധവീരന്മാരുടെ മനസ്സ്
പ്രസവിക്കുവാൻ തുടങ്ങുന്ന സ്ത്രീയുടെ
മനസ്സുപോലെയാകും.
23 ദമസ്കോസിനെക്കുറിച്ചുള്ള വചന
ങ്ങൾ: ദോഷമായ വാർത്ത കേട്ടതിനാൽ
ഹമാത്തും, അർപ്പാദും ലജ്ജിച്ചിരിക്കുന്നു.
അവ തകർന്നിരിക്കുന്നു. കടൽവരെ ഭയം
24 വ്യാപിച്ചിരിക്കുന്നു. അതിനു സമാധാന
മില്ല., ദമസ്കോസ് ക്ഷീണിച്ചു. പലായനം
ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നു. അതിനു
സംഭ്രമമായിരിക്കുന്നു. പ്രസവമടുത്ത സ്ത്രീ
യ്ക്ക് എന്നതുപോലെ അതിനു സങ്കടവും
അതിവേദനയും വന്നിരിക്കുന്നു. മഹത്വ
മുള്ള നഗരം സന്തോഷനഗരം! എങ്ങനെ
25 ഉപേക്ഷിക്കപ്പെടുന്നു! അങ്ങനെ അതിലെ
യുവാക്കന്മാർ അതിൻെറ തെരുവുകളിൽ
വീഴും. യുദ്ധവീരന്മാരെല്ലാം മിണ്ടടക്കപ്പെടും
എന്നു ബലവാനായ കർത്താവു കല്പി
26 ക്കുന്നു. അക്കാലത്ത് ഞാൻ ദമസ്കോ
സിൻെറ കോട്ടകൾ അഗ്നിക്കിരയാക്കും.
ബൻഹദദിൻെറ കൊട്ടാരങ്ങളെ അതു
ദഹിപ്പിച്ചുകളയും.
27 ബാബേൽ രാജാവായ നെബുഖദ്നേ
സർ നശിപ്പിച്ച കേദാറിനേയും ഹസൂർ രാജ്യ
ങ്ങളേയും പററിയുള്ള ദൈവവചനങ്ങൾ.
28 കർത്താവു കല്പിക്കുന്നു. കേദാറിലേക്കു
കയറിച്ചെന്ന് പൗരസ്ത്യരെ കൊള്ളചെയ്യു
29 വിൻ. അവരുടെ കൂടാരങ്ങളേയും ആട്ടിൻ
പററങ്ങളേയും അവർ അപഹരിക്കും. അവ
രുടെ കൂടാരത്തുണികളേയും വസ്തുവക
കളേയും ഒട്ടകങ്ങളേയും അവർ കൊണ്ടു
പോകും. എല്ലാ ഭാഗത്തുനിന്നും സംഹാര

കർ എന്ന് അവർ വിളിച്ചുപറയും. ഹസോർ
ക്കാരേ, ഓടിപ്പോയി വിദൂരത്ത് കുഴികളിൽ
പാർക്കുവിൻ എന്നു കർത്താവു കല്പിക്ക
ന്നു. ബാബേൽ രാജാവായ നെബുഖദ്നേ
സർ അവരെക്കുറിച്ച് തീരുമാനം ആലോചി
ച്ചുറച്ചിരിക്കുന്നു. വാതിലുകളും സാക്ഷക
ളുമില്ലാതെ സമാധാനവാസം ചെയ്യുന്ന
തനിച്ചു പാർക്കുന്ന, ആ സംപുഷ്ടമായ
ജനതയുടെ അടുക്കൽ എത്തുവിൻ എന്ന
കർത്താവു കല്പിക്കുന്നു. അവരുടെ
ഒട്ടകങ്ങൾ കവർച്ചചെയ്യപ്പെടും. അവരുടെ
ബഹുലമായ കാലിക്കൂട്ടങ്ങൾ കൊണ്ടുപോ
കപ്പെടും. തലയുടെ അരികു വടിച്ചവരെ
എല്ലാ കാറ്റുകളിലേക്കുമായി ഞാൻ ചിതറി
ക്കും. അവരുടെ എല്ലാ അതിർത്തികളിൽ
നിന്നും അവർക്കു ഞാൻ ആപത്തുവരു
ത്തും. ഹാസോർ കുറുനരികൾക്കു പാർപ്പി
മാകും. ശാശ്വതശൂന്യമാകും. ആരും ഒരാ
യാളും അവിടെ വാസം ചെയ്യുകയില്ല.

യഹൂദാരാജാവായ സെദക്കിയായുടെ
വാഴ്ചയുടെ ആരംഭകാലത്ത് ഏലാവിനെ
ക്കുറിച്ച് പ്രവാചകനായ ഏറമിയായ്ക്ക
ഉണ്ടായ കർത്തൃവചനങ്ങൾ: ബലവാനായ
കർത്താവു കല്പിക്കുന്നു: അവരുടെ
പ്രധാന ശക്തിയായ ഏലാമിൻെറ വില്ല
ഞാൻ തകർക്കും. ആകാശത്തിൻെറ നാല
ദിക്കുകളിൽനിന്നും നാലു കാററുകൾ ഏല
മിൻെറ നേരേ വരുത്തി, ആ എല്ലാ കാററ
കളിലേക്കും ഞാൻ അവരെ ചിതറിക്കു
ഏലാമിൽനിന്നു ചിതറിപ്പോയവരില്ലാത
ഒരു ജനതയും ഉണ്ടായിരിക്കുകയില്ല
ഏലാമ്യരെ അവരുടെ ശത്രുക്കളുടെ മുന്ന
ലും അവരുടെ പ്രാണഹാനിക്കു ആഗ്രഹ
ക്കുന്നവരുടെ മുമ്പിലും ഞാൻ സംഭ്ര
ചിത്തരാക്കും. എൻെറ മഹാക്രോധത്താൽ
ഞാൻ അവർക്കു അനർത്ഥം വരുത്തു
എന്നു കർത്താവു കല്പിക്കുന്നു. അവരുടെ
പിന്നാലെ വാൾ അയച്ച് ഞാൻ അവരെ
സംഹരിക്കും. ഏലാമിൽ എൻെറ സിംഹ
സനം ഞാൻ സ്ഥാപിക്കും. അവിടെനിന്ന
രാജാവിനേയും പ്രഭുക്കന്മാരേയും ഞാൻ
നശിപ്പിക്കും എന്നു കർത്താവു കല്പിക്ക
ന്നു. എങ്കിലും അവസാനം ഞാൻ ഏല
മിൻെറ പ്രവാസത്തിന് അറുതിവരുത്തു
എന്നു കർത്താവു കല്പിക്കുന്നു.

അദ്ധ്യായം 50

ബാബേലിനേയും കൽദായദേശത്തേ
യും കുറിച്ച് ഏറമിയാ പ്രവാചകൻ വഴി
യായുള്ള കർത്താവിൻെറ അരുളപ്പാട്:

ജാതികളുടെ ഇടയിൽ സംസാരിച്ച്
പ്രഘോഷിക്കുവിൻ; കൊടി ഉയർത്തുവിൻ;
ഒന്നും മറച്ചു വയ്ക്കരുത്. ബാബേൽ പിടി
ക്കപ്പെട്ടു; ബേൽ നിലംപതിച്ചിരിക്കുന്നു.
മറുദാക്ക് ലജ്ജിച്ചുപോയി. അതിന്റെ വിഗ്ര
ഹങ്ങൾ ലജ്ജിതരായി. അതിലെ കൊത്തു
പണിബിംബങ്ങൾ തകർക്കപ്പെട്ടിരിക്കുന്നു
എന്നു പറയുവിൻ. ഉത്തരദേശത്തുനിന്ന്
ഒരു ജനത കയറിവരുന്നു. അത് ആ രാജ്യ
ത്തെ ശൂന്യമാക്കും. അതിൽ ആൾപാർപ്പു
ണ്ടാകുകയില്ല. മനുഷ്യർ മുതൽ മൃഗങ്ങൾ
വരെ എല്ലാം ക്ഷീണിച്ചു സ്ഥലം വിട്ടിരിക്കു
ന്നു. കർത്താവു കല്പിക്കുന്നു: അക്കാലത്ത്
ആ ദിവസങ്ങളിൽ ഇസ്രായേല്യരും യഹൂ
ദ്യരും കരഞ്ഞുംകൊണ്ട് വന്ന് അവരുടെ
ദൈവമായ കർത്താവിനെ അന്വേഷിക്കും.
അവർ സെഹിയോന്റെ മാർഗ്ഗങ്ങളിലേക്കു
മുഖം തിരിക്കും. അതിനെക്കുറിച്ചു ചോദി
ക്കും. വരുവിൻ, ഒരിക്കലും മറക്കാവത
ല്ലാത്ത ഒരു നിത്യ ഉടമ്പടിയാൽ നമുക്കു
കർത്താവിനോടു പററിച്ചേരാം എന്നു
പറയും.
എന്റെ ജനം കാണാതെപോയ ആടു
കൾപോലെ ആയി. അവരുടെ ഇടയന്മാർ
അവരെ വഴിതെററിച്ചു. മലകളിൽ അവരെ
റിച്ചു. അവ മലകളിൽനിന്നും കുന്നു
ിലേക്കു പോയി അവയുടെ കിടപ്പിടം
ന്നു! അവയെ കണ്ടുമുട്ടുന്നവർ അവയെ
ന്നുകളയും. അവരുടെ ശത്രുക്കളോ പറ
ന്നു: നാം അവരെ വിട്ടുമാറേണ്ട; അവർ
വത്തോടും അവന്റെ നീതിയുള്ള
സത്തോടും പാപം ചെയ്തു. അവരുടെ
ാക്കന്മാരുടെ പ്രത്യാശ കർത്താവാ
ുന്നു.
ബാബേലിൽനിന്നും ഓടിപ്പോകുവിൻ.
ദയനാട്ടിൽനിന്നും പുറപ്പെടുവിൻ.
കളുടെ മുമ്പിലുള്ള മുട്ടാടുകളെപ്പോ
ആകുവിൻ. ഉത്തരദേശത്തുനിന്നും
മററ ജാതികളെ ബാബേലിനെതി
ഞാൻ ഉണർത്തിവരുത്തും. അവർ
നു നേരെ സേനാവ്യൂഹത്തെ നിറു
അവിടെ വച്ച് അതു പിടിക്കപ്പെടും.
ുടെ അമ്പുകൾ ഒന്നും സാധിക്കാതെ
ാത്ത യുദ്ധവീരന്റെ അമ്പുകൾപോ
ായിരിക്കും. കൽദയരാജ്യം കവർച്ച
പ്പെടും. അതിനെ കവർച്ച ചെയ്യുന്ന
തൃപ്തിവരും എന്നു കർത്താവു കല്പി
.
ന്റെ അവകാശത്തെ അപഹരിച്ച
നിങ്ങൾ സന്തോഷിച്ചുല്ലസിക്കുന്നു.
പുഷ്ടിയുള്ള കാളക്കുട്ടികളെപ്പോലെ 12
ആനന്ദിക്കുന്നു. ആട്ടിൻകൊററന്മാരെപ്പോ
ലെ നിങ്ങൾ ചാടിക്കളിക്കുന്നു. അതുമൂലം
നിങ്ങളുടെ അമ്മ ഏറെ ലജ്ജിച്ചു. നിങ്ങ
ളുടെ പെററമ്മ നാണിച്ചു. ജാതികളുടെ
അന്ത്യം മരുഭൂമിപോലെ ശൂന്യവും വരണ്ട
നിലവുമാകും. കർത്തൃക്രോധംമൂലം അതു 13
ആൾപാർപ്പില്ലാതെ നിശ്ശേഷം ശൂന്യമാകും.
ബാബേൽ പ്രാന്തത്തിൽ കൂടെ യാത്ര ചെയ്യു
ന്നവരെല്ലാം അത്ഭുതംകൂറി അതിനുണ്ടായ
ശിക്ഷ നിമിത്തം ചൂളംകുത്തും. ബാബേ 14
ലിനു ചുററും സൈന്യത്തെ നിരത്തുവിൻ.
വില്ലാളികളേ! അമ്പുകൾ മാററിവയ്ക്കാതെ
അതിലേക്കു തുടരെ എയ്യുവിടുവിൻ. അത്
കർത്താവിനോടു പാപം ചെയ്തിരിക്കുന്നു.
അതിന്റെ ചുററും നിന്നുകൊണ്ട് അട്ടഹ 15
സിക്കുവിൻ. അത് കീഴടങ്ങിയിരിക്കുന്നു.
അതിന്റെ കോട്ടകൾ വീണു! അതിന്റെ
മതിലുകൾ പൊളിഞ്ഞു. ഇതു കർത്താവി
ന്റെ പ്രതികാരംതന്നെ. അതിനോടു പ്രതി
കാരംചെയ്യുവിൻ. അതു പ്രവർത്തിച്ചതു
പോലെതന്നെ അതിനോടും പ്രവർത്തിക്കു
വിൻ. വിതക്കാരനേയും കൊയ്യുവാൻ അരി 16
വാൾ പിടിക്കുന്നവനേയും ബാബേലിൽ
നിന്നു വിച്ഛേദിച്ചുകളയുവിൻ. സംഹാരക
മായ വാളിനെ ഭയപ്പെട്ട് ഓരോരുവനും
സ്വജനങ്ങളിലേക്ക് — സ്വദേശത്തേക്ക്
തിരികെ ഓടിപ്പോകുകയുംചെയ്യും.
ഇസ്രായേൽ വഴിതെററിയ പെണ്ണാടാ 17
കുന്നു. സിംഹങ്ങൾ അതിനെ വേട്ടയാടു
ന്നു. ആദ്യം അസൂറിന്റെ രാജാവ് അതിനെ
ഭക്ഷിച്ചു; അവസാനം അവനെക്കാൾ ബാ
ബേൽ രാജാവായ നെബുഖദ്നേസർ ശക്തി
പ്പെട്ടു. — ആകയാൽ ഇസ്രായേലിന്റെ ദൈ 18
വമായ ബലവാനായ കർത്താവ് ഇങ്ങനെ
കല്പിക്കുന്നു: ഞാൻ അസൂർ രാജാ
വിനെ ശിക്ഷിച്ചതുപോലെ ബാബേൽ
രാജാവിനേയും അവന്റെ രാജ്യത്തേയും
ശിക്ഷിക്കും. ഇസ്രായേലിനെ അവരുടെ 19
വാസസ്ഥാനത്തേക്കു തിരികെ വരുത്തും.
അവർ കർമ്മേലിലും മത്ത്നീനിലും എഫ്രേം
മലനാടുകളിലും ഗിലയാദിലും മേയും.
അവർ സംതൃപ്തരാകും. ഞാൻ ശേഷിപ്പി 20
ക്കുന്നവരോട് അവരുടെ അകൃത്യം ക്ഷമി
ക്കുന്നതിനാൽ അക്കാലത്ത് ആ ദിവസ
ങ്ങളിൽ, ഇസ്രായേലിന്റെ അകൃത്യം
അന്വേഷിച്ചാൽ അത് ഇല്ലാതെയിരിക്കും.
യഹൂദായുടേത് അന്വേഷിച്ചാൽ അതു
കാണുകയുമില്ല എന്നു കർത്താവു കല്പി
ക്കുന്നു.

21 പിറുപിറുപ്പുള്ള ദേശത്തേക്കും അതി
ലെ നിവാസികളുടെ നേരെയും കയറി
ച്ചെല്ലുക. വാളേ! ഉണരുക. അവയെ നശി
പ്പിക്കുക എന്നു കർത്താവു കല്പിക്കുന്നു.
ഞാൻ നിന്നോടു കല്പിച്ചതുപോലെ നീ
ചെയ്യുക എന്നു കർത്താവു കല്പിക്കുന്നു.
22 ദേശത്ത് യുദ്ധശബ്ദം! മഹാഭയങ്കര
തകർച്ച! ഭൂതലത്തിലെങ്ങും ശക്തയായ നീ
എങ്ങനെ തകർന്നു നാമാവശേഷമായി!
ജാതികളുടെ ഇടയിൽ ബാബേൽ എങ്ങനെ
അത്ഭുതപാത്രമായിത്തീർന്നു? ബാബേൽ
ഇടറിവീണു! അവൾ പിടിക്കപ്പെട്ടു! അവൾ
കർത്താവിനോട് എതിർത്താണ് നിന്നതെ
ന്ന് അവൾ അറിഞ്ഞില്ല.
23 കർത്താവു തൻെറ അറ തുറന്ന് അവ
ൻെറ ക്രോധ ആയുധങ്ങൾ പുറത്തെടുത്തു.
എന്തെന്നാൽ ബലവാനായ കർത്താവിനു
ബാബേലിൽ ഒരു കാര്യം ചെയ്യുവാനുണ്ട്.
24 അതിൻെറ പ്രാന്തപ്രദേശങ്ങളിൽനിന്നും
25 വന്ന് അതിനുള്ളിൽ കടക്കുവിൻ. അതിൻെറ
വാതിലുകൾ തുറന്ന് അതിനെ നഗ്നയാക്കി
പരിശോധിക്കുവിൻ! അതിന് ഉന്മൂലനാശം
26 വരുത്തുവിൻ. അതിനു അവസാനത്തേക്കാ
27 യി ഒന്നും വിട്ടുകൊടുക്കരുത്. അതിൻെറ
സർവ്വഫലങ്ങളും നാശത്തിന് ഏല്പിക്ക
പ്പെടട്ടെ. അവർക്കു ഹാ കഷ്ടം, അവരുടെ
ശിക്ഷാകാലം, അവരുടെ ദിവസം വന്നിരി
28 ക്കുന്നു! നമ്മുടെ ദൈവമായ കർത്താവി
ൻെറ പ്രതികാരം, തൻെറ ആലയത്തിൻെറ
പ്രതികാരം സെഹിയോനിൽ അറിയിക്കു
വാൻ ബാബേൽ രാജ്യത്തുനിന്നു രക്ഷപെട്ട്
ഓടിപ്പോകുന്നവരുടെ ശബ്ദം! ബാബേലിന്
29 എതിരായി വിളിച്ചു കൂട്ടുവിൻ. വില്ലു കുല
യ്ക്കുവാൻ അറിവുള്ള അനേകരുമേ! അതി
ൻെറ ചുററും നിന്നു അമ്പുകൾ എയ്യുവിൻ!
അതിനൊരന്ത്യം വച്ചേക്കരുത്. അവൾക്കു
ള്ള കൂലി എന്നതുപോലെ അവളോടു പ്രതി
കാരം ചെയ്യുവിൻ. അവൾ പ്രവർത്തിച്ചതു
പോലെ അവളോടും പ്രവർത്തിച്ചുകൊള്ളു
വിൻ. എന്തെന്നാൽ അവൾ അഹങ്കരിച്ചത്
കർത്താവിനോട് — ഇസ്രായേലിൻെറ പരി
30 ശുദ്ധനോടത്രെ! ആകയാൽ അതിൻെറ
യുവാക്കൾ അതിനുള്ളിൽതന്നെ വീണു
പോകും. അന്നാളിൽ അതിൻെറ യുദ്ധവീര
ന്മാരെല്ലാം മിണ്ടാതാകും. എന്നു കർത്താവു
31 കല്പിക്കുന്നു. അഹങ്കാരിയേ! ഞാൻ നിന
ക്കു വിരോധിയായിരിക്കുന്നു എന്നു ബല
വാനായ ദൈവമായ കർത്താവു പറയുന്നു.
ഇതാ, നിൻെറ ദിവസവും ശിക്ഷാകാലവും
വന്നിരിക്കുന്നു. അഹങ്കാരി മറിച്ചിടപ്പെടും,

അവൻ നിലംപതിക്കും. അവനെ എഴ
ന്നേൽപിക്കുവാൻ ആരുമുണ്ടാകുകയില്ല
അവരുടെ സർവ്വനഗരങ്ങളേയും ഞാ
ചാമ്പലാക്കും. അതിൻെറ സർവ്വപ്രാന്തങ്ങ
ളേയും അഗ്നി നശിപ്പിക്കും.
സർവ്വവല്ലഭനായ കർത്താവ് ഇപ്രകാ
കൽപിക്കുന്നു: ഇസ്രായേല്യരും യഹൂദ്യര
ഒരുപോലെ പീഡിതരായിരിക്കുന്നു. അ
രെ അടിമകളാക്കിയവർ അവരുടെ മേ
ശക്തിപ്പെട്ടിരിക്കുന്നു. അവരെ വിട്ടയയ്ക്ക
വാൻ മനസ്സില്ലാതെയിരിക്കുന്നു. അവരു
രക്ഷകൻ ശക്തനാകുന്നു; ബലവാനാ
ദൈവം എന്നാകുന്നു അവൻെറ നാമ
അവർക്കു അവൻ നീതി പാലിക്കുക തന്നെ
ചെയ്യും; ദേശത്തെ ശാന്തമാക്കും. ഭൂത
നിവാസികൾക്കെല്ലാം അവൻ അസ്വസ്ഥ
വരുത്തും. കൽദായരുടെ മേലും അവരു
സർവ്വനിവാസികളുടെ മേലും അതിനെ
പ്രഭുക്കന്മാരുടേയും ജ്ഞാനികളുടേയ
മേലും വാൾ വരുന്നു! എന്നു കർത്താ
കല്പിക്കുന്നു. അതിൻെറ പ്രശ്നക്കാരു
മേൽ വാൾ വരും. അവർ പീഡിതരാക
അവരുടെ യുദ്ധവീരന്മാരുടെമേൽ വാ
വരും. അവർ തകർന്നുപോകും! അവരു
കുതിരകളുടേയും രഥങ്ങളുടേയും മേല
അതിനുള്ളിൽ വന്നുപാർക്കുന്നവരു
മേലും വാൾ വരും. അവർ സ്ത്രീതുല്യരാക
അവരുടെ ഭണ്ഡാരങ്ങളുടെ മേൽ വാ
അവ അപഹൃതങ്ങളാകും. അതിലെ വെള്ള
ത്തിന്മേൽ വാൾ; അതു വററിപ്പോക
എന്തെന്നാൽ അതു വിഗ്രഹങ്ങളുടെ നാ
ണല്ലോ. കൊത്തുപണിയുള്ള ബിംബ
ളിലും വിഗ്രഹങ്ങളിലും അത് അഹങ്ക
ക്കുന്നു. ആകയാൽ അവിടെ മരുഭൂമിയി
മൃഗങ്ങളും കുറുനരികളും പാർക്കും. ഒട്ട
പ്പക്ഷിയും അവിടെ കഴിഞ്ഞുകൂടും. അതി
ഒരിക്കലും മനുഷ്യവാസമുണ്ടാകുകയി
ദൈവം സോദോമും ഓമോറായും അ
യുടെ ചുററുമുള്ള നഗരങ്ങളും നശിപ്പി
ശേഷം എന്നതുപോലെ ആരും അവി
പാർക്കുകയില്ല. ഒരു മനുഷ്യനും അവി
വസിക്കുകയേയില്ല എന്നു കർത്താ
കൽപിക്കുന്നു. ഉത്തരദേശത്തുനിന്നും ഒ
ജനത — ഭൂതലസീമകളിൽനിന്നും ഒരു വലി
ജാതി — അനേകം രാജാക്കന്മാരും വരുന്ന
വില്ലും കുന്തവും വഹിച്ചിരിക്കുന്നവർ — അ
ക്രൂരന്മാർ, ദയാശൂന്യർ — അവർ അലറു
സമുദ്രംപോലെ; അവർ അശ്വാരൂഢ
യുദ്ധസജ്ജരായിരിക്കുന്ന രണവീരന്മാ
ബാബേൽപുത്രീ നിനക്കെതിരെ വരുന്ന

43 ബാബേൽ രാജാവ് അവരെക്കുറിച്ചുള്ള
വാർത്ത കേട്ട്, അവൻെറ കൈകൾ തളർന്നു
പോയി. അവനു സങ്കടവും പ്രസവിക്കുന്ന
44 സ്ത്രീയുടെ വേദനയുമായി. യോർദനാൻെറ
തിങ്ങിയ കാട്ടിൽനിന്നും സിംഹം എന്നതു
പോലെ അവൻ ദോഥാൻ മേച്ചിൽപുറത്തേ
ക്കു കയറിവരും. അവരെ പെട്ടെന്ന് അതിൽ
നിന്നും ഞാൻ ഛേദിക്കും. അതിന്മേൽ യുവാ
ക്കളെ ഞാൻ നിയമിച്ചാക്കും. എന്നോടു
തുല്യൻ ആരുള്ളു? എനിക്കു നേരേ നിൽക്കു
ന്ന ഇടയൻ ആര്? ആകയാൽ ബാബേലി
നെക്കുറിച്ച് ദൈവം ആലോചിച്ച ആലോച
നയും കൽദായ രാജ്യത്തെക്കുറിച്ചുള്ള
ചിന്തയും എന്തെന്ന് കേട്ടുകൊള്ളുവിൻ.
ആട്ടിൻപററത്തിൽ ചെറിയതിനെയെല്ലാം
പിടിച്ചിഴച്ചുകൊണ്ടുപോകും. അവരുടെ
മേച്ചിൽസ്ഥലങ്ങളേയും നിർജനമാക്കും.
ബാബേൽ പിടിക്കപ്പെട്ടുവെന്ന ശബ്ദം
കൊണ്ട് ഭൂമികുലുങ്ങി. അതിൻെറ വിലാപം
ഭൂതലം നിറഞ്ഞു.

അദ്ധ്യായം 51

ഞാൻ ബാബേലിനെതിരായും അതി
ലെ നിവാസികൾക്കെതിരായും കഠിന
ഹൃദയവും സംഹാരകൻെറ ആത്മാവും
ഉണർത്തും. ബാബേലിന്നെതിരെ ഞാൻ
കവർച്ചക്കാരെ അയയ്ക്കും. അവർ അതി
നെ കൊള്ളചെയ്യും. അതിൻെറ നാടെല്ലാം
വിട്ടും.അനർത്ഥകാലത്തു അതിൻെറ
പാന്തങ്ങളിൽനിന്നും ആളുകൾ അതിന്നെ
തിരായി സംഘടിക്കും. അമ്പ് എയ്യുന്നവൻ
വിരമിക്കുകയില്ല. യുദ്ധവീരൻ അവൻെറ
കവചം അഴിച്ചുവയ്ക്കുകയില്ല. അവരുടെ
യുവാക്കളോട് അവർക്കു കരുണ തോന്നു
കയില്ല. അതിൻെറ സർവ്വശക്തിയും നശി
പ്പിക്കുവിൻ. കൽദായ നാടാകെ വധിതരും
അതിൻെറ വീഥികളിൽ മുറിവേററവരും
വീഴും. അവരുടെ ദേശം ഇസ്രായേലിൻെറ
പരിശുദ്ധൻെറ മുമ്പിൽ അക്രമം നിറഞ്ഞ
താണെങ്കിലും അവരുടെ ദൈവം — ബല
വാനായ കർത്താവ് ഇസ്രായേലിനെയും
യഹൂദായേയും വൈധവ്യം അനുഭവിപ്പി
ച്ചില്ല. ബാബേലിനുള്ളിൽനിന്നും ഓടി
പ്പോകുവിൻ. എല്ലാവരും പ്രാണൻ രക്ഷിച്ചു
കൊള്ളുവിൻ. അതിൻെറ പാപങ്ങളാൽ
നിങ്ങൾ വിഴുങ്ങപ്പെടരുത്. എന്തെന്നാൽ
ഇതു കർത്താവിൻെറ പ്രതികാരത്തിനുള്ള
കാലമാകുന്നു. അതിൻെറ പ്രവൃത്തിക്കനു
സരണമായി അവൻ അതിനോടു പ്രതി
കാരംചെയ്യും.

അതിലെ വീഞ്ഞുകൊണ്ട് സർവ്വലോക 7
ത്തേയും ലഹരിപിടിപ്പിക്കുന്ന സ്വർണ്ണ
പാനപാത്രമായിരുന്നു കർത്താവിൻെറ
കൈയിൽ ബാബേൽ! സർവ്വ ജാതികളും
കുടിച്ചു; വിഷമത്തിലായി. പെട്ടെന്ന്, 8
ബാബേൽ തകർന്നുവീണുപോയി. അതി
നെ ഓർത്തു വിലപിപ്പിൻ. അതിൻെറ
വേദനയ്ക്കു തൈലം കൊണ്ടുവരുവിൻ.
പക്ഷേ അതിനു സൗഖ്യമുണ്ടായേക്കാം.
ഞങ്ങൾ ബാബേലിന് ചികിത്സ ചെയ്ത് 9
സൗഖ്യമുണ്ടായില്ല. അതിനെ ഉപേക്ഷി
പ്പിൻ. ഓരോരുവനും സ്വന്ത നാട്ടിലേക്കു
പോകട്ടെ. എന്തെന്നാൽ അതിൻെറ ശിക്ഷാ
വിധി ആകാശത്തോളം എത്തിയിരിക്കുന്നു.
അതു മേഘങ്ങളോളം പൊങ്ങിയിരിക്കുന്നു.
കർത്താവു നമുക്കു വിജയം വരുത്തിയിരി 10
ക്കുന്നു. വരുവിൻ, നമ്മുടെ ദൈവമായ
കർത്താവിൻെറ പ്രവൃത്തികളെ സെഹി
യോനിൽ നമുക്കു വർണ്ണിക്കാം. ഉറകൾ 11
ശേഖരിപ്പിൻ. അമ്പുകൾകൊണ്ടു നിറയ്ക്കു
വിൻ. കർത്താവ് മേദ്യരാജാക്കന്മാരുടെ
മനസ്സ് ഉണർത്തിയിരിക്കുന്നു. എന്തെ
ന്നാൽ ബാബേലിനെ നശിപ്പിക്കുക
എന്നതാണ് കർത്താവിൻെറ തീരുമാനം.
ഇതു കർത്താവിൻെറ പ്രതികാരമാകുന്നു.
തൻെറ ആലയത്തെപ്രതിയുള്ള പ്രതി
കാരം! ബാബേൽ കോട്ടകൾമേൽ കൊടി 12
ഉയർത്തുവിൻ. കാവൽ നിറുത്തുവിൻ.
വെള്ളത്തിൽ അതിനെ മുക്കുവിൻ, വളരെ 13
വെള്ളത്തിന്നരികെ വസിക്കുന്ന ബാബേലി
ന്മേലുള്ള തീരുമാനം കർത്താവു നടപ്പാ
ക്കിയിരിക്കുന്നു. നിൻെറ ഭണ്ഡാരങ്ങൾ 14
അനവധിയാണ്. നിൻെറ അനർത്ഥം വന്നിരി
ക്കുന്നു. നിൻെറ മേലുള്ള അടി ശക്തമാ
യിരിക്കുന്നു. വെട്ടുക്കിളിപോലെ മനുഷ്യ
രെക്കൊണ്ടു ഞാൻ നിറയ്ക്കും. അവർ ഹാ,
ഹാ എന്നു പറഞ്ഞു നിനക്കെതിരായി
ആർപ്പിടും എന്ന് കർത്താവ് തന്നെക്കൊ
ണ്ടുതന്നെ ആണയിട്ടിരിക്കുന്നു.

അവൻ തൻെറ ശക്തിയാൽ ഭൂമിയെ 15
ഉണ്ടാക്കി. ഭൂതലത്തെ തൻെറ ജ്ഞാന
ത്താൽ ഉറപ്പിച്ചു. തൻെറ പരിജ്ഞാനത്താൽ
ആകാശത്തെ വിരിച്ചു. ആകാശത്തിൽ 16
വെള്ളത്തിൻെറ മുഴക്കം, തൻെറ നാദത്താൽ
ഉളവാക്കുന്നു. ഭൂസീമകളിൽനിന്നും അവൻ
ആവിയെ കയററുന്നു. മഴയ്ക്കു മിന്നലുണ്ടാ
യി; തൻെറ ഭണ്ഡാരത്തിൽനിന്നു കാററു
പുറപ്പെടുവിക്കുന്നു. ഏതു മനുഷ്യനും 17
വിജ്ഞാനത്തിൽനിന്നും വ്യതിചലിച്ചു.
അവരുണ്ടാക്കിയ ബിംബങ്ങൾ നിമിത്തം

സർവ്വ ലോഹപ്പണിക്കാരും ലജ്ജിച്ചു.
എന്തെന്നാൽ വ്യാജത്തെയാണ് അവർ
വാർത്തെടുത്തത്! അവയ്ക്കു ശ്വാസമില്ല.
അവ ഒന്നുമല്ല. അവ ഹീനമായ പ്രവൃത്തി
മാത്രമാകുന്നു. ശിക്ഷാകാലത്തു അവ
18 നശിച്ചുപോകും. എന്നാൽ യാക്കോബിൻെറ
ഓഹരി അങ്ങനെയല്ല. എന്തെന്നാൽ ആരാ
ണോ എല്ലാററിൻേറയും സ്രഷ്ടാവ്— അവ
നാണ് അവരുടെ ഓഹരി. അവരുടെ അവ
കാശഗോത്രം അവൻേറതാകുന്നു. ബലവാ
നായ ദൈവമായ കർത്താവ് എന്ന തിരു
നാമമുള്ളവനാകുന്നു.
19 എനിക്കായി യുദ്ധോപകരണങ്ങൾ
തയ്യാറാക്കുവിൻ, ജാതികളെ തമ്മിൽ
ഞാൻ ചിതറിക്കും. രാജ്യങ്ങളെ ഞാൻ
ബലഹീനമാക്കും. നിന്നിൽ അശ്വങ്ങളേയും
അശ്വാരൂഢരേയും ഞാൻ ചിതറിക്കും.
20 രഥങ്ങളേയും അവയിലിരിക്കുന്നവരേയും
21 ചിതറിക്കും. നിന്നിലുള്ള സ്ത്രീപുരുഷന്മാ
രേയും ഞാൻ ചിതറിക്കും. വയോധിക
രേയും യുവാക്കളേയും ഞാൻ ചിതറിക്കും.
22 യുവാക്കളേയും കന്യകകളേയും ഞാൻ ചി
23 തറിക്കും. ഇടയനേയും ആട്ടിൻപററത്തേയും
ഞാൻ ചിതറിക്കും. കർഷകനേയും അവ
ൻെറ ഏർകാളകളേയും ചിതറിക്കും. സ്വേ
ച്ഛാധിപന്മാരേയും അധികാരികളേയും
24 തകർക്കും. ഞാൻ ബാബേലിനും സർവ്വ
കൽദായ ദേശവാസികൾക്കും അവർ
സെഹിയോനിൽ ചെയ്ത സർവ്വ തിന്മയ്ക്കും
തക്കവണ്ണം നിങ്ങളുടെ കൺമുമ്പിൽ ഞാൻ
പ്രതികാരം ചെയ്യുന്നു എന്നു കർത്താവു
കല്പിക്കുന്നു.
25 സർവ്വലോകത്തേയും നശിപ്പിച്ച പർവ്വ
തമേ, ഞാൻ നിനക്കു സംഹാരകനായി
നിൽക്കുന്നു. ഞാൻ നിനക്കെതിരായി കൈ
ഉയർത്തും. പാറകളിൽനിന്നും ഞാൻ നിന്നെ
അടർത്തിമാററി ദഹിച്ചുകിടക്കുന്ന പർവ്വത
26 മാക്കും. നിന്നിൽനിന്നും അവർ മൂലക്കല്ലോ,
അടിസ്ഥാനക്കല്ലോ ആയി ഒരു കല്ലും എടു
ക്കാത്ത രീതിയിൽ നീ നിത്യശൂന്യമായി
ഭവിക്കും എന്നു കർത്താവു കല്പിക്കുന്നു.
27 ദേശത്ത് കൊടി ഉയർത്തുവിൻ. ജാതികളിൽ
കാഹളമൂതുവിൻ. ജാതികളെ അതിനെതി
രായി ഒരുക്കി നിറുത്തുവിൻ. അറാദാത്ത്,
അർമ്മേനി, അശ്കാനാസ് രാജ്യങ്ങളെ
അതിനെതിരായി വിളിപ്പിൻ. അതിന്നെതിരെ
നാശം വരുത്തുവിൻ. വിട്ടിലുകളെപ്പോലെ
28 കുതിരകളെ ഇറക്കുവിൻ. മേദ്യരാജാക്ക
ന്മാരേയും ദേശവാസികളേയും അവരുടെ
സ്വതന്ത്രരേയും ഒരുക്കിനിറുത്തുവിൻ.

ആൾപാർപ്പില്ലാതെ ബാബേൽ രാജ്യത്തെ
നശിപ്പിക്കുവാൻ ബാബേലിന്നെതിരായ
കർത്താവു നിശ്ചയിച്ചിരിക്കുന്നതിനാൽ
ഭൂമിയാകെ കുലുങ്ങട്ടെ; സങ്കടപ്പെടട്ടെ
ബാബേൽ യുദ്ധവീരന്മാർ യുദ്ധം നിർത്തി
വച്ച് കോട്ടകളിൽ ഇരിക്കുന്നു. അവരുടെ
ബലം ക്ഷയിച്ചു. അവർ സ്ത്രീകൾക്കു
സമാനമായിരിക്കുന്നു. അതിൻെറ കൂടാര
ങ്ങളെ പറിച്ചെറിയുവിൻ. അതിൻെറ
വാതിലുകൾ തകർക്കുവിൻ. നഗരവും പരി
സരവും പിടിക്കപ്പെട്ടിരിക്കുന്നു. അതിൻെറ
കടവുകൾ പിടിയിലായി, ജലാശയങ്ങൾ
അഗ്നിയാൽ ദഹിച്ചുപോയിരിക്കുന്നു, രണ
ശൂരന്മാരെല്ലാവരും സംഭ്രമിച്ചിരിക്കുന്നു
എന്നിങ്ങനെ ബാബേൽ രാജാവിനെ
അറിയിക്കുവാൻ ഓടുന്നവനെതിരെ ഓടു
ന്നവനും അറിയിക്കുന്നവനെതിരെ അറി
യിക്കുന്നവനും ഓടും.

ഇസ്രായേലിൻെറ ബലവാനായ കർ
ത്താവു കല്പിക്കുന്നു. ബാബേൽ പുത്രി
മെതിക്കുന്ന കാലത്തുള്ള മെതിക്കളംപോ
ലെയാകുന്നു. അല്പം കഴിഞ്ഞ് കൊയ്ത്തു
വരുന്നു. യറുശലേം പറഞ്ഞു: ബാബേൽ
രാജാവായ നെബൂഖദ് നേസർ എന്നെ തി
ന്നുകളഞ്ഞു. എന്നെ കവർച്ച ചെയ്തു. ഒരൊ
ഴിഞ്ഞ പാത്രംപോലെ എന്നെ ആക്കിത്തീർ
ത്തു. മഹാസർപ്പത്തെപ്പോലെ അവൻ എ
ന്നെ വിഴുങ്ങി. എൻെറ ഭോജ്യങ്ങൾകൊണ്ട്
അവൻ വയറു നിറച്ചു. എന്നെ തെററിച്ചുകള
ഞ്ഞു. എൻെറ മുതലുകളും സമ്പത്തും ബാ
ബേലിലേക്കു കൊണ്ടുപോയി; എൻെറ ര
ക്തം കൽദായവാസികളുടെ മേൽ വരും എ
ന്ന് യറുശലേം പറയും. ആകയാൽ കർത്താ
വ് ഇങ്ങനെ കല്പിക്കുന്നു. ഇതാ ഞാൻ
നീതി പാലിച്ച് നിനക്കുവേണ്ടി പ്രതികാരം
ചെയ്യും. ബാബേലിൻെറ സമുദ്രം ഞാൻ വററി
ക്കും. അതിൻെറ ഉറവുകൾ ഞാൻ ഉണക്കി
ക്കളയും. നിവാസികളില്ലാതെ ബാബേൽ
കൽകൂമ്പാരവും കുറുനരികളുടെ പാർപ്പി
ടവും അത്ഭുതത്തിനും പരിഹാസത്തിനും,
പാത്രവുമാകും. സിംഹങ്ങളെപ്പോലെ അവർ
ഗർജിക്കും. സിംഹക്കുട്ടികളെപ്പോലെ
മുരണ്ടുകൊണ്ടിരിക്കും. ക്രോധംകൊണ്ടുള്ള
പാനീയം അവർക്കായി ഞാൻ ഉണ്ടാക്കും.
അവരെ മദ്യമത്തരാക്കും. അവർ തകർന്നു
പോകും. അവർ നിത്യനിദ്രകൊള്ളും;
ഉണരുകയില്ല എന്നു കർത്താവു കല്പി
ക്കുന്നു. കൊഴുത്തിരിക്കുന്ന ആടുകളെ 4
പ്പോലെ അവരെ ഞാൻ കൊലയ്ക്ക് ഏല്പി
ക്കും. മുട്ടാടുകളേയും കുഞ്ഞാടുകളേയും

പോലെ അറുക്കുവാൻ ഞാൻ ഏല്പിക്കും.
തലസ്ഥാനനഗരം പിടിക്കപ്പെട്ടതെങ്ങനെ?
അതു സർവ്വലോകത്തിൻേറയും മഹത്വ
മായിരുന്നുവല്ലോ. ജാതികളുടെ മദ്ധ്യേ
ബാബേൽ ലജ്ജിതയായതെങ്ങനെ?
ബാബേലിന്മേൽ കടൽ ഇരച്ചുകയറി.
അതിൻെറ ഓളങ്ങളുടെ ബാഹുല്യംകൊണ്ട്
അതിനെ മൂടിയിരിക്കുന്നു. അതിൻെറ
നഗരങ്ങൾ വിസ്മയപാത്രങ്ങളായി! അവ
ശൂന്യവും നശിച്ചതുമായിത്തീർന്നു. മനു
ഷ്യൻ അതിൽ വസിക്കുകയില്ല; ആരും
അവിടെ പാർക്കുകയില്ല. ബാബേലിൽ വച്ച്
ബേൽ (സർപ്പത്തെ) ഞാൻ ശിക്ഷിക്കും.
അവൻ വിഴുങ്ങിയതിനെ അവൻെറ വായിൽ
നിന്നു പുറത്തെടുക്കും. ജാതികൾ ഇനിയും
അതിനെ ഭയപ്പെടുകയില്ല. വിസ്തൃതമായ
വാബേൽ കോട്ടകൾ നിലംപതിക്കും.

എൻെറ ജനമേ അവിടെനിന്നും പുറ
ത്തുവരിക. കർത്താവിൻെറ ഉഗ്രകോപ
ത്തിൽനിന്നും ഓരോരുവനും രക്ഷപെട്ടു
കൊള്ളുക. നിങ്ങൾ ദേശത്തു കേൾക്കുന്ന
ാർത്തമൂലം സംഭീതരാകരുത്, നിങ്ങളുടെ
നസ്സു തകരരുത്. ഈ സംവത്സരം ഒരു
ാർത്തയും പിറെറ സംവത്സരം മറെറാരു
ാർത്തയും നിങ്ങൾ കേട്ടേക്കാം. ദേശത്ത്
പഹാരമുണ്ടാകും. അധികാരി അധികാ
ക്ക് എതിരേ എഴുന്നേൽക്കും. ആകയാൽ
വസങ്ങൾ വരുന്നു: അപ്പോൾ ഞാൻ
ാബേലിലെ വിഗ്രഹങ്ങളെ ശിക്ഷിക്കും.
ശം മുഴുവൻ നശിക്കും. അതിനുള്ളിൽ
ിതർ എല്ലാം വീഴും. ആകാശവും ഭൂമിയും
തിലുള്ളതെല്ലാം, ഉത്തരദേശത്തുനിന്നു
ർച്ചക്കാർ അതിന്നെതിരായിവരുന്നതു
ം സന്തോഷിക്കും എന്നു കർത്താവു -
പിക്കുന്നു. ഇസ്രായേലിലെ വധിതരും
ബേലിൽ വീഴും. എല്ലാ ദേശത്തുനിന്നും
ബേലിലുള്ളവരും വധിതരായി വീഴും.
ിൽനിന്നും വിടുതൽ പ്രാപിച്ചവരേ,
ക്കാതെ പോകുവിൻ. ദൂരെനിന്ന്
ത്താവിനെ ഓർത്തുകൊള്ളുവിൻ.
യറുശലേം നിങ്ങളുടെ സ്മരണയിൽ
ട്ടെ. ഞങ്ങൾ അവമാനം കേട്ട് ഏററവും
ജിതരായിരിക്കുന്നു. ലജ്ജ ഞങ്ങളുടെ
മുടിയിരിക്കുന്നു. കർത്താവിൻെറ
ദ്ധസ്ഥലത്ത് അന്യർ കയറിയിരി
ു! എന്ന് ഇസ്രായേല്യർ പറയട്ടെ.
യാൽ കർത്താവു കല്പിക്കുന്നു.
അതിലെ വിഗ്രഹങ്ങളെ ശിക്ഷിപ്പാ
നാളുകൾ വരുന്നു. അന്നു ദേശമാകെ
ന്മാർ വീഴും. ബാബേലേ, ആകാശ

ത്തേക്കു നീ കയറിയാലും അതിൻെറ ശക്തി 54
ഉയരത്തിൽ വച്ചാലും, ഞാൻ വിനാശകരെ,
അതിലേക്ക് അയയ്ക്കും എന്നു കർത്താവു
കല്പിക്കുന്നു. ബാബേലിൽനിന്നു വിലാ 55
പത്തിൻേറയും കൽദായദേശത്തുനിന്ന്
വലിയ തകർച്ചയുടേയും ശബ്ദം! എന്തെ
ന്നാൽ കർത്താവു ബാബേലിനെ നശിപ്പിച്ചു.
മനുഷ്യനേയും മൃഗത്തേയും അതിൽനിന്നും
നശിപ്പിച്ചു. ഏറിയ വെള്ളത്തിൻെറ പാച്ചി 56
ലിൻെറതുപോലുള്ള വലിയ ശബ്ദം
കേൾക്കുന്നു. എന്തെന്നാൽ ബാബേലിനെ
തിരായി വിനാശകർ വന്നിരിക്കുന്നു. അതി
ൻെറ വീരന്മാർ പിടിക്കപ്പെട്ടു. അവരുടെ
വില്ലുകൾ ഒടിക്കപ്പെട്ടിരിക്കുന്നു. എന്തെ
ന്നാൽ പ്രതികാരം ചെയ്യുന്നവനായ
കർത്താവ്, പ്രതികാരം നിശ്ചയമായും ചെ
യ്യും. ഞാൻ, അതിൻെറ പ്രഭുക്കന്മാരേയും 57
വിജ്ഞാനികളേയും, സ്വതന്ത്രരേയും
അധികാരികളേയും, യുദ്ധവീരന്മാരേയും
ലഹരിപിടിപ്പിക്കും. അവർ എന്നേ
ക്കുമായി ഉറങ്ങും. അവർ ഉണർത്തപ്പെ
ടുകയില്ല എന്ന് ബലവാനായ കർത്താവ്
എന്നു നാമമുള്ള രാജാവു കൽപിക്കുന്നു-
ബലവാനായ ദൈവമായ കർത്താവ്
പറയുന്നു. ബാബേലിൻെറ വിസ്തൃതമായ 58
കോട്ടകൾ ഇടിഞ്ഞുവീഴും. അതിൻെറ
ഉയരമുള്ള വാതിലുകൾ അഗ്നിക്കിരയാകും.
അനേകജാതികളുടെ അദ്ധ്വാനം പാഴാകും.
ജനതകളും അഗ്നിക്ക് ഇരയാകും. അവർ
പീഡിതരാകും.

യഹൂദാരാജാവായ സെദക്കിയായുടെ 59
ഭരണത്തിൻെറ പതിനൊന്നാം ആണ്ടിൽ
മാസിയായുടെ മകൻ നേരിയായുടെ
മകനായ ശാറിയാ, സെദക്കിയായോടു
കൂടെ ബാബേലിലേക്കു പോകുമ്പോൾ
അവനോട് ഏറമിയാ പ്രവാചകൻ ഈ
വചനങ്ങൾ കല്പിച്ചു. ശറിയായായിരുന്നു
യാത്രാസംഘനേതാവ്. ബാബേലിനെക്കു 60
റിച്ച് എഴുതപ്പെട്ട ഈ വചനങ്ങൾ എല്ലാം,
ബാബേലിനു വന്നുകൂടുന്ന അനർത്ഥ
ങ്ങൾ എല്ലാം ഏറമിയാ ഒരു പുസ്തകത്തിൽ
എഴുതി. ഏറമിയാ ശറിയായോടു പറഞ്ഞു: 61
നീ ബാബേലിൽ പ്രവേശിച്ചശേഷം നീ ഈ
വചനങ്ങളെല്ലാം വായിച്ചറിയണം: കർത്താ
വേ ഈ സ്ഥലത്തിൻെറ നാശത്തെക്കുറി
ച്ച്, മനുഷ്യൻ മുതൽ മൃഗംവരെ ഒന്നും 62
അവിടെ പാർക്കുകയില്ല എന്നും അതു
നിത്യശൂന്യതയിൽ ആകുമെന്നും നീ പറ
ഞ്ഞുവല്ലോ എന്നു പറയണം. പിന്നീട്, ഈ 63
പുസ്തകം വായിച്ചശേഷം അതിന്മേൽ ഒരു

കല്ലുകെട്ടി യുഫ്രട്ടീസ് നദിയിലേക്ക് എറി
64 ഞ്ഞുകൊണ്ട്, ബാബേൽ ഇങ്ങനെ നിലം
പതിക്കും. ഞാൻ അതിനു വരുത്തുന്ന
അനർത്ഥത്തിൽനിന്നും അത് എഴുന്നേൽ
ക്കുകയില്ല. അവർ പീഡിതരായിരിക്കും
എന്നു പറയുക (ഇവിടെ വരെ ഏറമി
യായുടെ വചനങ്ങൾ.)

അദ്ധ്യായം 52

1 സെദക്കിയാ രാജാവായപ്പോൾ അവന്
ഇരുപത്തിയൊന്നു വയസ്സായിരുന്നു.
അവൻ പതിനൊന്നു സംവത്സരം യറുശലേ
മിൽ വാണു. അവന്റെ അമ്മയുടെ പേര്
'ഹംതൂൽ' — ലബാനോന്യനായ ഏറമിയാ
2 യുടെ മകളായിരുന്നു അവൾ. ഇവൻ
യഹോയാക്കീം ചെയ്തതുപോലെ തിന്മയാ
യതു ദൈവമുമ്പാകെ പ്രവർത്തിച്ചു.
അതിനാൽ യറുശലേമിന്റെ മേലും
യഹൂദ്യയുടെമേലും ദൈവകോപമുണ്ടായി.
3 അവന്റെ സന്നിധിയിൽനിന്നും കർത്താവ്
അവരെ എറിഞ്ഞുകളഞ്ഞു. ബാബേൽ
രാജാവായ നെബുഖദ്നേസറിനോട് ഇവൻ
4 മത്സരിച്ചു. അവന്റെ വാഴ്ചയുടെ ഒൻപതാം
വർഷം, പത്താം മാസത്തിൽ പത്താംതീയ
തി ബാബേൽ രാജാവായ നെബൂഖദ്നേ
സർ യറുശലേമിനെതിരായി സർവ്വസൈന്യ
ത്തോടും കൂടെ വന്നു പാളയമിറങ്ങി. അതി
നു ചുററുമായി കൊത്തളങ്ങൾ പണിതു.
5 സെദക്കിയാ രാജാവിന്റെ പതിനൊന്നാം
വർഷംവരെ നഗരം മഹാഞെരുക്കത്തി
6 ലായിരുന്നു. അഞ്ചാംമാസം ഒമ്പതാം
തീയതി നഗരത്തിൽ പട്ടിണി അതിരൂക്ഷ
മായി. ദേശത്തെ ജനങ്ങൾക്കു ഭക്ഷണം
7 തീരെ ഇല്ലാതായി. അപ്പോൾ നഗരത്തിന്റെ
മതിൽ ഒരിടത്തു പൊളിച്ച്, കൽദായർ നഗ
രം വളഞ്ഞിരിക്കെ എല്ലാ യോദ്ധാക്കളും
നഗരത്തിൽനിന്നും രാത്രിയിൽ രാജാവി
ന്റെ ഉദ്യാനത്തിന്റെ രണ്ടു മതിലുകൾ
ക്കിടയിലുള്ള മാർഗ്ഗത്തിലൂടെ സമതല
വഴിയെ ഒളിച്ചോടിപ്പോയി. കൽദായരുടെ
8 സേന, രാജാവിനെ പിന്തുടർന്നു —
യറീഹോ സമതലത്തിൽവച്ച് രാജാവിന്
ഒപ്പമെത്തി. അവന്റെ സൈന്യം അവനെ
9 ഉപേക്ഷിച്ചു ചിതറിപ്പോയി. അവർ രാജാ
വിനെ പിടികൂടി ഹാമാത്തുദേശത്തെ
റിബ്‌ലയിൽ ബാബേൽരാജാവിന്റെ
അടുക്കൽ കൊണ്ടുവന്നു. അവൻ ഇവനു
10 വിധി കല്പിച്ചു. ബാബേൽ രാജാവ്
സെദക്കിയായുടെ രണ്ടു പുത്രന്മാരെ
അവന്റെ കൺമുമ്പിൽവച്ചു വധിച്ചു.
യഹൂദാപ്രഭുക്കന്മാരെയും റിബ്‌ലയിൽ വച്ച
അവൻ കൊന്നു. അവൻ സെദക്കിയാ
യുടെ കണ്ണു പൊട്ടിച്ചു. ചങ്ങലകൾകൊണ
അവനെ ബന്ധിച്ച് ബാബേൽ രാജാവ
അവനെ ബാബേലിലേക്കു കൊണ്ടുപോയി
മരണപര്യന്തം അവനെ കാരാഗൃഹത്തിൽ
അടച്ചു.

അഞ്ചാം മാസം പത്താം തീയതി
അതായത് ബാബേൽ രാജാവായ നെബ
ഖദ്നേസറിന്റെ പത്തൊമ്പതാമാണ്ടിൽ അ
ശ്വസേനാനായകനായ നെബുസർ അദാന
യറുശലേമിൽ ബാബേൽ രാജസന്നിധ
യിൽനിന്നു വന്നു. പ്രഭുക്കന്മാരുടെ സർ
മന്ദിരങ്ങളും അവൻ അഗ്നിക്കിരയാക്കി
സൈന്യാധിപനോടു കൂടെയുണ്ടായിരുന
കൽദായ സേന യറുശലേമിനു ചുററുമുള്ള
കോട്ടകളെല്ലാം നിലംപരിശാക്കി. അവന
ദൈവാലയവും യഹൂദാരാജാവിന്റെ
കൊട്ടാരവും യറുശലേമിലെ സർവ്വഭവനങ്ങ
ളും ചുട്ടു ചാമ്പലാക്കി. ജനത്തിൽ ദരിദ്രരാ
ചിലരേയും, നഗരത്തിൽ അവശേഷിച്ച
രുന്നവരേയും ബാബേൽ രാജാവിനെ അ
ഭയം പ്രാപിച്ചവരേയും, ജനത്തിൽ ശേഷ
ച്ചവരേയും സൈന്യാധിപനായ നെബുസ
അദാൻ അടിമയാക്കി കൊണ്ടുപോയി
എന്നാൽ, സൈന്യാധിപനായ നെബുസ
അദാൻ, ആ പ്രദേശത്തെ ദരിദ്രരിൽ ചില
മുന്തിരിത്തോട്ടക്കാരായും കൃഷിക്കാരുമായ
വിട്ടിട്ടാണു പോയത്. ദൈവാലയത്തിലെ
താമ്രനിർമ്മിതസ്തംഭങ്ങളും പീഠങ്ങളു
ദൈവാലയത്തിലെ താമ്രനിർമ്മിതമായ
കടലും കൽദായർ ഉടച്ചുപൊടിച്ച് താമ്ര
മെല്ലാം ബാബേലിലേക്കു കൊണ്ടുപോയി
കലങ്ങളും ചട്ടുകങ്ങളും, കത്രികകൾ, കിണ്ണ
ങ്ങൾ, തവികൾ, ശുശ്രൂഷയ്ക്കുപയോഗിച്ച
രുന്ന എല്ലാ താമ്രനിർമ്മിതസാധനങ്ങ
എന്നിവയെല്ലാം അവർ കൊണ്ടുപോയി
പാനപാത്രങ്ങളും, തീയ് സൂക്ഷിക്കുന്ന
പാത്രങ്ങളും കിണ്ണങ്ങളും കലങ്ങളും, വിള
ക്കു തണ്ടുകളും തവികളും, കുടങ്ങളു
സ്വർണ്ണനിർമ്മിതവും, വെള്ളികൊണ്ടുണ്ട
ക്കിയതുമായ സകലവും സൈന്യാധിപൻ
കൊണ്ടുപോയി. ശലോമോൻ രാജാവ
ദൈവാലയത്തിന്നായി നിർമ്മിച്ചിരുന്ന
രണ്ടു താമ്രതൂണുകളും ഒരു 'കടലും' പീഠ
ങ്ങളുടെ കീഴെയുണ്ടായിരുന്ന പന്ത്രണ്ടു
താമ്രനിർമ്മിതകാളകളേയും കൊണ്ടു
പോയി. ഈ സാധനങ്ങളുടെ താമ്രത്തിന്നു
തൂക്കം (പറയുവാൻ) ഇല്ലായിരുന്നു. സ്തംഭ
ങ്ങൾ ഓരോന്നും പതിനെട്ടു മുഴം നീളവും

പന്ത്രണ്ടുമുഴം ചുററളവും നാലുവിരൽ കന
വും ഉള്ളതായി പൊള്ളയായി നിർമ്മിച്ച
തായിരുന്നു. അതിന്മേൽ താമ്രനിർമ്മി
തമായി, അഞ്ചു മുഴം ഉയരമുള്ള പോ
തികയും ചുററും വലപോലെ താമ്രം
കൊണ്ട് മാതളപ്പഴവുമുണ്ടായിരുന്നു.
ണ്ടാമത്തെ സ്തംഭത്തിനും ഏതാദൃശമായ
ണിയും മാതളപ്പഴവും ഉണ്ടായിരുന്നു.
ാലു ഭാഗത്തുമായി തൊണ്ണൂററിയാറു
ാതളപ്പഴങ്ങൾ, ചുററുമുള്ള വലപ്പണിയിൽ
റും.

സൈന്യനായകൻ മഹാപുരോഹിത
ായ 'സരയാ'യേയും രണ്ടാമത്തെ പുരോ
ിതനായ സെഫന്യായേയും മൂന്നു
ാതിൽ കാവൽക്കാരേയും പിടിച്ചുകൊ
ടുപോയി. യോദ്ധാക്കളുടെ കാര്യവിചാ
കനായ ഒരു ഷണ്ഡനേയും, നഗരത്തിൽ
ണ്ട ഏഴു രാജഭൃത്യന്മാരേയും, ദേശത്തെ
നത്തെ സൈന്യത്തിൽ ചേർക്കുന്ന
സനാനായകന്റെ എഴുത്തുകാരനേയും
റുപതു ഗ്രാമവാസികളേയും അവർ
രത്തിൽനിന്നും പിടിച്ചുകൊണ്ടുപോയി.
നാനായകനായ നെബുസർ അദാൻ
വരെ പിടിച്ച് റിബ്ലയിൽ ബാബേൽ
ജാവിന്റെ സന്നിധിയിലെത്തിച്ചു.
ാബേൽ രാജാവ് ഹമാത്തിലെ റിബ്ല
ൽ വച്ച് അവരെ വാൾകൊണ്ട് കൊന്നു.
പകാരം, യഹൂദാ, സ്വന്തനാടു വിട്ട്
ാസത്തിലേക്കു പോകേണ്ടിവന്നു.

നെബുഖദ്നേസർ പ്രവാസത്തിലേക്കു 28
കൊണ്ടുപോയ ജനങ്ങളുടെ സംഖ്യ:
ഏഴാമാണ്ടിൽ മുവായിരത്തി ഇരുപത്തി
മൂന്നു യഹൂദ്യർ. നെബുഖദ്നേസറിന്റെ 29
പതിനെട്ടാം ആണ്ടിൽ അവൻ യറുശലേമിൽ
നിന്നു പ്രവാസത്തിലേക്കു കൊണ്ടുപോയ
വർ-എണ്ണൂററി മുപ്പത്തിരണ്ട്. നെബുഖദ്
നേസറിന്റെ ഇരുപത്തിമൂന്നാം ആണ്ടിൽ, 30
സൈന്യാധിപനായ നെബുസർ അദാൻ അ
ടിമകളാക്കിയവർ, എഴുനൂററി നാല്പത്തി
യഞ്ച്, ആകെ, നാലായിരത്തി അറുനൂറ്.
യഹൂദാരാജാവായ യഹോയാക്കി 31
മിന്റെ പ്രവാസത്തിന്റെ മുപ്പത്തി ഏഴാ
മാണ്ടിൽ-പന്ത്രണ്ടാം മാസം ഇരുപത്തി
അഞ്ചാം തീയതി, ബാബേൽ രാജാവായ
എവിൻ മെറോദേക്കിന്റെ വാഴ്ചയുടെ
ഒന്നാം വർഷം യഹൂദാരാജാവായ യഹോ
യാക്കീമിനോടു ദയ തോന്നി തടവിൽനി
ന്നും അവനെ വിടുവിച്ചു. അവനോട് ബഹു 32
മാനപൂർവ്വം സംസാരിച്ചു. അവന്, തന്നോടു
കൂടെ ബാബേലിലുള്ള രാജാക്കന്മാരുടെ
ഇരിപ്പിടങ്ങൾക്കുപരിയായി, ഇരുപ്പിടം
നൽകി. അവന്റെ കാരാഗൃഹവസ്ത്രവും 33
മാററി. പ്രതിദിനം രാജാവിനോടുകൂടെ
ജീവാവസാനംവരെ ഭക്ഷണം കഴിച്ചുപോ
ന്നു. അവന്റെ മരണദിവസംവരെ അവൻ 34
ജീവിച്ചിരുന്ന കാലമെല്ലാം ബാബേൽ
രാജാവ് അവന് പ്രതിദിനാവശ്യങ്ങൾക്കുള്ള
ഓഹരി കൊടുത്തിരുന്നു.

പ്രവാചകനായ ഏറമിയായുടെ വിലാപങ്ങൾ

അദ്ധ്യായം 1

1 ഹാ, ജനനിബിഡമായിരുന്ന നഗരം
ഏകാന്തയായിരിക്കുന്നതെങ്ങനെ? ജനത
കളിൽ മഹതിയായിരുന്നവൾ വിധവയെ
പ്പോലെയായതെങ്ങനെ? സംസ്ഥാനങ്ങ
ളുടെ രാജ്ഞിയായിരുന്നവൾ അടിമയായി
2 രിക്കുന്നു! രാത്രിയിൽ അവൾ വേദനയോടെ
കരയുന്നു; അവളുടെ കവിൾത്തടങ്ങളിൽ
കണ്ണുനീർ! അവളെ ആശ്വസിപ്പിപ്പാൻ അവ
ളുടെ പ്രിയന്മാരിൽ ഒരുവനുമില്ല; അവ ളുടെ
സകല സ്നേഹിതന്മാരും അവളോടു വഞ്ച
നയായി പെരുമാറി; അവർ അവൾക്കു ശത്രു
3 ക്കളായി. പീഡനവും കഠിനദാസ്യവും മൂലം
യഹൂദാ പ്രവാസത്തിലേക്കു പോയിരിക്കു
ന്നു. അവൾ ജാതികളുടെ ഇടയിൽ പാർക്കു
ന്നു; എന്നാൽ ഒരു വിശ്രമസ്ഥലം കണ്ടെ
ത്തുന്നില്ല. അവളെ അനുധാവനം ചെയ്ത
വർ ഇടുങ്ങിയ ഇടങ്ങളിൽ വച്ച് അവരെ എ
4 ത്തിപ്പിടിച്ചു. സെഹിയോനിലേക്കുള്ള പാത
കൾ വിലപിക്കുന്നു; എന്തെന്നാൽ നിർദ്ദി
ഷ്ട പെരുന്നാളുകൾക്കു ആരും വരുന്നില്ല.
അവളുടെ വാതിലുകളെല്ലാം ശൂന്യമായി
രിക്കുന്നു. അവളുടെ പുരോഹിതന്മാർ
ഞരങ്ങുന്നു; അവളുടെ കന്യകമാർ പീഡി
പ്പിക്കപ്പെടുന്നു. അവൾ തന്നെയും വ്യസനം
5 അനുഭവിക്കുന്നു. അവളുടെ പീഡകർ
തലവന്മാരായിരിക്കുന്നു; അവളുടെ ശത്രു
ക്കൾ അഭിവൃദ്ധി പ്രാപിക്കുന്നു; എന്തെ
ന്നാൽ, അവളുടെ അതിക്രമങ്ങളുടെ
ബാഹുല്യം നിമിത്തം കർത്താവുതന്നെ
അവളെ താഴ്ത്തി. അവളുടെ മക്കൾ
എതിരാളികളുടെ മുമ്പിൽ ബന്ധനസ്ഥ
6 രായി പോയിരിക്കുന്നു. സെഹിയോൻ
പുത്രിയുടെ പ്രതാപമെല്ലാം അവളെ വിട്ടക
ന്നുപോയിരിക്കുന്നു. അവളുടെ പ്രഭുക്ക
ന്മാർ മേച്ചിൽ കാണാത്ത മാനുകളെപ്പോലെ
യായിരിക്കുന്നു; അനുധാവനം ചെയ്യുന്ന
വൻെറ മുമ്പിൽ അശക്തരായി ഓടുന്നു.
7 കഷ്ടതയുടെയും അരിഷ്ടതയുടെയും
നാളുകളിൽ, യറുശലേം, പണ്ടുമുതലേ
തൻെറ വകയായിരുന്ന മോഹനീയ കാര്യ
ങ്ങളെ ഓർക്കുന്നു. അവളുടെ ജനം വൈരി
യുടെ കൈയിൽ പതിച്ചപ്പോൾ, അവളെ
സഹായിപ്പാൻ ആരും ഇല്ലാതിരുന്നപ്പോൾ,
ശത്രു അവളെ നോക്കി, അവളുടെ പതന
ത്തിൽ അവളെ പരിഹസിച്ചു. യറുശലേം
കഠിനമായി പാപം ചെയ്തു; അതിനാൽ
അവൾ മലിനയായി. അവളെ ബഹുമാനി
ച്ചിരുന്നവരെല്ലാം അവളെ നിന്ദിക്കുന്നു;
എന്തെന്നാൽ അവർ അവളുടെ നഗ്നത
കണ്ടിരിക്കുന്നു. അവൾ തന്നെയും നെടു
വീർപ്പിട്ടുകൊണ്ട് അവളുടെ മുഖം തിരിച്ചു
കളയുന്നു. അവളുടെ മലിനത അവളുടെ
വസ്ത്രത്തിൻെറ വിളുമ്പിൽ ഉണ്ട്. അവളുടെ
അന്ത്യത്തെക്കുറിച്ച് ഓർത്തില്ല. മഹത്വ
ത്തിൽ നിന്നും അവൾ നിപതിച്ചു. അവൾക്കു
ആശ്വാസദായകർ ഇല്ലായിരുന്നു. കർത്താ
വേ, എൻെറ ശത്രു വിജയിച്ചിരിക്കയാൽ
എൻെറ സങ്കടം കാണണമേ. അവളുടെ
എല്ലാ മനോഹരവസ്തുക്കളിന്മേലും ശത്രു
കൈവച്ചിരിക്കുന്നു. നിൻെറ സഭയിൽ
അവർ പ്രവേശിക്കരുതെന്നു നീ കല്പിച്ചി
ട്ടുള്ള ജാതികൾ അവളുടെ വിശുദ്ധമന്ദിരം
ആക്രമിക്കുന്നതു അവൾ കണ്ടുവല്ലോ.
അവളുടെ ജനമെല്ലാം അപ്പം അന്വേഷിച്ചു
നെടുവീർപ്പിടുന്നു. തളർച്ച നീക്കാനുള്ള
അപ്പത്തിനു വേണ്ടി തങ്ങളുടെ നിധികൾ
അവർ കൈമാററം ചെയ്യുന്നു. കർത്താവേ,
ദർശിക്കണമേ; ഞാൻ നിന്ദിക്കപ്പെടുന്നതു
കാണണമേ. കടന്നുപോകുന്ന എല്ലാവ
രുമേ, നിങ്ങൾക്ക് ഇത് ഏതുമില്ലേ? തൻെറ
ഉഗ്രകോപത്തിൻെറ ദിവസത്തിൽ കർത്താ
വ് എൻെറ മേൽ വരുത്തിയ ദുഃഖംപോലെ
ഒരു ദുഃഖം ഉണ്ടോ എന്നു നോക്കിക്കാണു
വിൻ. ഉയരത്തിൽനിന്നു അവൻ അഗ്നി അ
യച്ചു; എൻെറ അസ്ഥികളിലേക്ക് അതു കട
ത്തി വിട്ടു. എൻെറ കാലിനു അവൻ വല വി
രിച്ചു എന്നെ പിന്നോക്കം തിരിച്ചു. അവൻ
എന്നെ വാളിനേല്പിച്ചു, പകൽ മുഴുവൻ
ഞാൻ ദുഃഖിതയത്രെ. എൻെറ അതിക്രമ
ങ്ങൾ എൻെറ മേൽ ഉണർന്നു. നുകം അവൻ

തൻെറ കൈകൊണ്ടു കെട്ടി എൻെറ കഴു
ത്തിന്മേൽ അമിച്ചിരിക്കുന്നു. അവൻ എൻെറ
ബലം ക്ഷയിപ്പിച്ചു; എനിക്കു എതിർത്തുനി
ല്പാൻ കഴിയാത്തവരുടെ കൈയിൽ കർത്താ
വു എന്നെ ഏല്പിച്ചിരിക്കുന്നു. എൻെറ ഇട
യിൽ ഉണ്ടായിരുന്ന എൻെറ എല്ലാ ബല
ശാലികളെയും കർത്താവു തള്ളിക്കളഞ്ഞു.
എൻെറ യുവാക്കന്മാരെ തകർത്തുകളയേ
ണ്ടതിനു എനിക്ക് എതിരെ ഒരു സംഘത്തെ
വിളിച്ചുകൂട്ടി. യഹൂദാപുത്രിയായ കന്യക
യെ മുന്തിരിച്ചക്കിൽ എന്നവണ്ണം കർത്താവു
ചവുട്ടിമെതിച്ചു. ഇവ നിമിത്തം ഞാൻ കര
യുന്നു. എൻെറ അശ്രു പ്രവഹിപ്പിക്കുന്നു.
എനിക്കു ധൈര്യം വീണ്ടെടുത്തു തരേണ്ട
ആശ്വാസകൻ എന്നോട് അകന്നിരിക്കുന്നു.
ശത്രു പ്രാബല്യം പ്രാപിച്ചിരിക്കുകയാൽ
എൻെറ മക്കൾ നശിച്ചിരിക്കുന്നു. സെഹി
യോൻ കൈ നീട്ടുന്നു; എന്നാൽ അവളെ
ആശ്വസിപ്പിക്കുവാൻ ആരുമില്ല. അവൻെറ
അയൽക്കാർ അവനു വൈരികൾ ആയിരി
ക്കത്തക്കവണ്ണം കർത്താവു യാക്കോബിനു
വിരോധമായി കല്പന കൊടുത്തിരിക്കുന്നു.
യെരുശലേം അവർക്കു ഒരു മ്ലേച്ഛവസ്തു
ആയിരിക്കുന്നു. കർത്താവു നീതിമാൻ;
ഞാൻ അവൻെറ വചനങ്ങൾക്കെതിരെ
മത്സരിച്ചിരുന്നു. സകല ജാതികളുമേ, കേൾ
ക്കണമേ. എൻെറ കഷ്ടത കാണണമേ.
എൻെറ കന്യകമാരും യുവാക്കന്മാരും പ്രവാ
സത്തിലേക്കു പോയിരിക്കുന്നു. ഞാൻ
എൻെറ പ്രിയന്മാരെ വിളിച്ചു; അവർ
എന്നെ ചതിച്ചു. ക്ഷീണം തീർക്കേണ്ടതിന്
ആഹാരം തേടുമ്പോൾ എൻെറ പുരോ
ഹിതന്മാരും പ്രമാണികളും പട്ടണത്തിൽ
വെച്ചു പ്രാണൻ വിട്ടു. കർത്താവേ, നോക്ക
ണമേ; ഞാൻ വിഷമത്തിലായിരിക്കുന്നു.
എൻെറ ഉള്ളം ഇളകിയിരിക്കുന്നു; എൻെറ
ഉള്ളിൽ എൻെറ ഹൃദയം മറിഞ്ഞിരിക്കു
ന്നു. കാരണം, ഞാൻ കഠിനമായി മത്സ
രിച്ചു. പുറത്ത്, വാൾ; വീട്ടിൽ മരണവും.
ഞാൻ നെടുവീർപ്പിടുന്നതു അവർ
കേട്ടിരിക്കുന്നു; എന്നെ ആശ്വസിപ്പിപ്പാൻ
ആരുമില്ല. എൻെറ ശത്രുക്കളെല്ലാം
എൻെറ അനർത്ഥം കേട്ടിരിക്കുന്നു; നീ
അതു ചെയ്തിരിക്കയാൽ അവർ സന്തോ
ഷിക്കുന്നു. നീ കല്പിച്ച ദിവസം നീ വരു
ത്തണമേ; അന്നു അവർ എന്നെപ്പോലെ
ആകട്ടെ. അവരുടെ സകല ദുഷ്ടതയും
നിൻെറ മുമ്പിൽ വരട്ടെ; എൻെറ സകല ലംഘ
നങ്ങളും ഹേതുവായി എന്നോടു ചെയ്തതു
പോലെ അവരോടും ചെയ്യണമേ. എൻെറ
നെടുവീർപ്പുകൾ വളരെയും എൻെറ ഹൃദ
യം ക്ഷീണിതവും ആകുന്നു.

അദ്ധ്യായം 2

ഹാ, കർത്താവു തൻെറ കോപത്തിൽ 1
സെഹിയോൻ പുത്രിയെ ഒരു മേഘംകൊ
ണ്ടു മറച്ചതെങ്ങനെ? ഇസ്രായേലിൻെറ മഹ
ത്വത്തെ ആകാശത്തുനിന്നു ഭൂമിയിലേക്കു
തള്ളിയിട്ടു; തൻെറ കോപദിവസത്തിൽ
തൻെറ പാദപീഠത്തെ ഓർത്തതുമില്ല.
കർത്താവു ദയ കാണിക്കാതെ യാക്കോബി 2
ൻെറ നിവാസങ്ങളെ ഇടിച്ചുവീഴ്ത്തി;
തൻെറ ക്രോധത്തിൽ യഹൂദാപുത്രിയുടെ
ദുർഗ്ഗങ്ങളെ അവൻ ഇടിച്ചു നിലംപതിപ്പി
ച്ചു. രാജാക്കന്മാരെയും പ്രഭുക്കന്മാരെയും
അവൻ നിലത്തിട്ടു മലിനമാക്കി. ഉഗ്ര
കോപത്തിൽ അവൻ ഇസ്രായേലിൻെറ 3
കൊമ്പെല്ലാം മുറിച്ചുകളഞ്ഞു. ശത്രുവി
ൻെറ മുമ്പിൽനിന്നു അവൻ തൻെറ വല
ങ്കൈ പിൻവലിച്ചു. ചുററും ദഹിപ്പിക്കുന്ന
അഗ്നിപോലെ അവൻ യാക്കോബിനെ
തിരെ കത്തിജ്വലിച്ചു. ശത്രുവിനെപ്പോലെ 4
അവൻ തൻെറ വില്ലു കുലച്ചു; അവൻ പ്ര
തിയോഗിയെപ്പോലെ നിന്ന്, സെഹിയോൻ
പുത്രിയുടെ കൂടാരത്തിൽ കണ്ണിന് ഇമ്പമാ
യിരുന്നവയെയെല്ലാം നശിപ്പിച്ചു. അവൻ തീ
പോലെ തൻെറ ക്രോധം പകർന്നു. കർത്താ 5
വ് ഒരു ശത്രുവിനെപ്പോലെ ആയി; അവൻ
ഇസ്രായേലിനെ നശിപ്പിച്ചു; അവളുടെ
കൊട്ടാരങ്ങളെല്ലാം നശിപ്പിച്ചു; അവളുടെ
കോട്ടകളെയെല്ലാം തകർത്തു. യഹൂദാ
പുത്രിയിൽ ദുഃഖവും വിലാപവും വർദ്ധിപ്പി
ച്ചിരിക്കുന്നു. ഒരു തോട്ടംപോലെ തൻെറ
തിരുനിവാസം നീക്കിക്കളഞ്ഞു. അതിൻെറ 6
പെരുന്നാളുകൾ അവൻ നശിപ്പിച്ചുകള
ഞ്ഞു. സെഹിയോനിൽ പാവനപെരുനാളു
കളും ശാബത്തുകളും വിസ്മരിക്കപ്പെടു
വാൻ കർത്താവ് ഇടയാക്കി; തൻെറ അതി
കോപത്തിൽ രാജാവിനെയും പുരോഹിത
നെയും നിരസിച്ചിരിക്കുന്നു. കർത്താവു 7
തൻെറ ബലിപീഠം മറന്നിരിക്കുന്നു; തൻെറ
വിശുദ്ധസ്ഥലത്തെ വെറുത്തിരിക്കുന്നു.
അവളുടെ കൊട്ടാരങ്ങളുടെ മതിലുകളെ
ശത്രുവിൻെറ കൈയിൽ വിട്ടു കൊടുത്തി
രിക്കുന്നു. ഉത്സവദിവസത്തിൽ എന്നപോ
ലെ അവർ കർത്താവിൻെറ മന്ദിരത്തിൽ
ആരവമുണ്ടാക്കി. സെഹിയോൻ പുത്രി 8
യുടെ മതിൽ നശിപ്പിക്കുവാൻ കർത്താവു
തീരുമാനിച്ചിരിക്കുന്നു. അവൻ ചരടുപിടിച്ചി
രിക്കുന്നു; നശിപ്പിക്കുന്നതിൽനിന്നു തൻെറ

കൈ പിൻവലിച്ചിട്ടുമില്ല. അതുകൊണ്ടു
കോട്ടയും മതിലും വിലപിക്കുവാൻ അവൻ
ഇടയാക്കി; അവ ഒന്നിച്ചു ക്ഷയിച്ചുപോ
9 കുന്നു. അവളുടെ വാതിലുകൾ മണ്ണിൽ താ
ണുപോയിരിക്കുന്നു. അവളുടെ ഓടാമ്പലു
കൾ അവൻ ഒടിച്ചു നശിപ്പിച്ചു. അവളുടെ
രാജാക്കന്മാരും പ്രഭുക്കന്മാരും വിജാതീയ
രുടെ ഇടയിലാണ്. നിയമം ഇല്ല; അവളുടെ
പ്രവാചകന്മാർ കർത്താവിൽനിന്നുള്ള ദർശ
10 നം കാണുന്നതുമില്ല. സെഹിയോൻപുത്രി
യുടെ മൂപ്പന്മാർ നിലത്തിരിക്കുന്നു; മിണ്ടു
ന്നില്ല. അവർ തങ്ങളുടെ തലയിൽ പൂഴി
വാരിയിട്ടു; അവർ ചാക്ക് ഉടുത്തിരിക്കുന്നു.
യറുശലേം കന്യകമാർ നിലംവരെ തല കുനി
11 ച്ചിരിക്കുന്നു. എൻെറ ജനത്തിൻെറ പുത്രി
യുടെ നാശം നിമിത്തം, കണ്ണുനീർകൊണ്ട്
എൻെറ കണ്ണുകൾ മങ്ങുന്നു; എൻെറ ഉള്ളം
കലങ്ങുന്നു, എൻെറ മനസ്സ് നിലത്തേക്കു
ഒഴുകുന്നു; എന്തെന്നാൽ കുഞ്ഞുങ്ങളും
ശിശുക്കളും നഗരവീഥികളിൽ മയങ്ങി
12 വീഴുന്നു. മുറിവേററവരെപ്പോലെ അവർ
നഗരവീഥികളിൽ മയങ്ങിവീഴുമ്പോഴും,
മാതൃവക്ഷസ്സിൽവച്ചു അവരുടെ പ്രാണൻ
ചോർന്നുപോകുമ്പോഴും "അപ്പവും വീ
ഞ്ഞും എണ്ണയും എവിടെ?" എന്നു അവർ
13 അമ്മമാരോടു നിലവിളിക്കുന്നു. യറുശലേം
പുത്രീ, ഞാൻ നിനക്കുവേണ്ടി എന്തു സാ
ക്ഷിക്കും? എന്തിനോടു നിന്നെ ഉപമിക്കും?
സെഹിയോൻപുത്രിയായ കന്യകയേ,
നിന്നെ ആശ്വസിപ്പിക്കത്തക്കവണ്ണം നിന്നെ
എന്തിനോടു സദൃശമാക്കും? നിൻെറ മുറി
വു സമുദ്രംപോലെ വലുത്; നിന്നെ സുഖ
14 പ്പെടുത്തുവാൻ ആർക്കു കഴിയും? നിൻെറ
പ്രവാചകന്മാർ നിനക്കു ഭോഷത്വവും
വ്യാജവും ദർശിച്ചിരിക്കുന്നു. നീ അനു
തപിക്കത്തക്കവണ്ണം നിൻെറ അകൃത്യ
ങ്ങൾ അവർ വെളിപ്പെടുത്തിയില്ല;
എന്നാൽ വ്യാജവും വഴിതെററിക്കുന്നതു
മായ പ്രവചനം അവർ നിനക്കായി ദർശി
15 ച്ചിരിക്കുന്നു. കടന്നു പോകുന്നവരെല്ലാം
നിന്നെ നോക്കി കൈകൊട്ടുന്നു. 'സൗന്ദര്യ
ത്തികവ്' എന്നും 'സർവ്വ ഭൂമിയുടെയും
സന്തോഷം' എന്നും വിളിക്കപ്പെടുന്നത് ഈ
നഗരമോ?' എന്നു പറഞ്ഞുകൊണ്ട് അവർ
യറുശലേം പുത്രിയുടെ നേരേ ചൂളം കുത്തി
16 തല കുലുക്കുന്നു. നിൻെറ സകല ശത്രു
ക്കളും നിനക്കെതിരെ വായ് പിളർക്കുന്നു.
അവർ ചൂളം കുത്തുന്നു; പല്ലിറുമ്മുന്നു;
'നാം അവളെ വിഴുങ്ങിക്കളഞ്ഞു; നാം
കാത്തിരുന്ന ദിവസം ഇതുതന്നെ; നമുക്കു
സാദ്ധ്യമായി; നാം കണ്ടു' എന്നു അവർ
പറയുന്നു. കർത്താവു നിർണ്ണയിച്ചതു താൻ
ചെയ്തു; പണ്ടേ താൻ കല്പിച്ചതു താൻ
നിവർത്തിച്ചു. അവൻ ഇടിച്ചുകളഞ്ഞു;
അവനു കരുണ തോന്നിയില്ല. നിന്നെ
നോക്കി ശത്രുക്കൾ ആഹ്ലാദിക്കുവാൻ
അവൻ ഇടവരുത്തി; പ്രതിയോഗികളുടെ
കൊമ്പ് അവൻ ഉയർത്തി. അവരുടെ
ഹൃദയം സെഹിയോൻപുത്രിയുടെ കോട്ട
യായ കർത്താവിനോട് നിലവിളിച്ചു രാവും
പകലും നദിപോലെ കണ്ണുനീർ ഒഴുക്കുക
നിനക്കു തന്നെ വിശ്രമം കൊടുക്കരുത്
നിൻെറ കൺമണി വിശ്രമിക്കരുത്. എഴു
ന്നേൽക്കുക; രാത്രിയിൽ നിലവിളിക്കുക
യാമങ്ങളുടെ ആരംഭത്തിൽ കർത്താവി
ൻെറ മുമ്പാകെ നിൻെറ ഹൃദയം വെള്ളം
പോലെ പകരുക. വീഥികളിലെല്ലാം
വിശപ്പിനാൽ തളർന്നു വീഴുന്ന നിൻെറ
കുഞ്ഞുങ്ങളുടെ ജീവനെപ്രതി കർത്താവി
ങ്കലേക്കു നിൻെറ കൈകൾ ഉയർത്തുക.
കർത്താവേ, നോക്കിക്കാണണമേ
ആരോടാണു നീ ഇതു ചെയ്തിരിക്കുന്ന
തെന്ന് ഓർക്കണമേ. സ്ത്രീകൾ തങ്ങളുടെ
ഗർഭഫലത്തെ, തങ്ങളുടെ പിഞ്ചുകുഞ്ഞു
ങ്ങളെ തിന്നണമോ? കർത്താവിൻെറ
വിശുദ്ധമന്ദിരത്തിൽ പുരോഹിതനും പ്രവാ
ചകനും കൊല്ലപ്പെടണമോ? ബാലനും
വൃദ്ധനും വീഥിയിൽ നിലത്തു കിടക്കുന്നു.
എൻെറ കന്യകമാരും യുവാക്കന്മാരും
വാളാൽ വീണിരിക്കുന്നു. നിൻെറ ക്രോധ
ദിവസത്തിൽ നീ അവരെ കൊന്നു; നിഷ്ക
രുണം അറുത്തു. കർത്താവിൻെറ കോപ
ദിവസത്തിൽ ആരും രക്ഷപ്പെടാതെയും
അവശേഷിക്കാതെയും ഇരിക്കത്തക്കവിധം
ഉത്സവദിവസത്തിൽ എന്നവണ്ണം നീ എനി
ക്കു ചുററും ശത്രുക്കളെ വിളിച്ചു വരുത്തി.
ഞാൻ ഓമനിച്ചു വളർത്തിയിരുന്നവരെ
എൻെറ ശത്രു മുടിച്ചിരിക്കുന്നു.

അദ്ധ്യായം 3

സർവ്വശക്തനേ! എൻെറ അടിമത്വം കാ
ണണമെ. അവൻെറ ക്രോധദണ്ഡ് എന്നെ
നയിച്ചു. അവൻ എന്നെ ഇരുട്ടിലേക്കു നയി
ച്ചിരിക്കുന്നു; വെളിച്ചത്തിലേക്കല്ല, ദിവസം
മുഴുവൻ അവൻ എനിക്ക് എതിരെ വീണ്ടും
വീണ്ടും കൈതിരിക്കുന്നു. എൻെറ മാംസ
വും ത്വക്കും അവൻ ജീർണ്ണിപ്പിച്ചിരിക്കുന്നു;
എൻെറ അസ്ഥികൾ അവൻ തകർത്തിരി
ക്കുന്നു. അവൻ എനിക്ക് എതിരെ പണിതു;
കൈപ്പും അതിവേദനയും എന്നെ ചുററി

6 യിരിക്കുന്നു. മരിച്ചവനെപ്പോലെ അവൻ എ
ന്നെ എന്നേക്കും അന്ധകാരസ്ഥലങ്ങളിൽ
7 പാർപ്പിച്ചിരിക്കുന്നു. എനിക്കു കടന്നു കൂടാ
തവണ്ണം അവൻ എനിക്കു ചുററും വേലി
കെട്ടി; എൻെറ ചങ്ങലയെ അതിഭാരമാ
8 ക്കിയിരിക്കുന്നു. ഞാൻ നിലവിളിക്കുകയും
അട്ടഹസിക്കുകയും ചെയ്യുമ്പോൾ അവൻ
എൻെറ പ്രാർത്ഥനയെ പുറത്തുനിർത്തി
9 വാതിലടച്ചുകളയുന്നു. അവൻ കല്ലു
കൊണ്ട് എൻെറ വഴി അടച്ച് എൻെറ
പാതകളെല്ലാം വക്രമാക്കിയിരിക്കുന്നു.
അവൻ എനിക്ക് പതിയിരിക്കുന്ന കരടിയും
ഒളിച്ചിരിക്കുന്ന സിംഹവുമാകുന്നു. അവൻ
എന്നെ വഴിമാററി കൊണ്ടുപോയി പിച്ചി
ക്കീറി; എന്നെ ശൂന്യമാക്കിയിരിക്കുന്നു.
അവൻ തൻെറ വില്ലു കുലച്ച്, എന്നെ അവ
ൻെറ അമ്പിനു ലക്ഷ്യമാക്കിയിരിക്കുന്നു.
അവൻ തൻെറ ആവനാഴിയിലെ അസ്ത്ര
ങ്ങൾ എൻെറ ചങ്കിൽ തറച്ചിരിക്കുന്നു.
ഞാൻ സകല ജനതകളുടെയും പരിഹാസ
പാത്രവും ദിവസം മുഴുവൻ അവരുടെ പാട്ടും
ആയിരിക്കുന്നു. അവൻ എന്നെ കൈപ്പു
കൊണ്ടു നിറച്ചു, കാഞ്ഞിരംകൊണ്ട് എന്നെ
മത്തുപിടിപ്പിച്ചിരിക്കുന്നു. അവൻ കല്ലുകൊ
ണ്ട് എൻെറ പല്ലു തകർത്തു, എന്നെ ചാര
ത്തിൽ വീഴിച്ചിരിക്കുന്നു. എൻെറ പ്രാണ
നെ നീ സമാധാനത്തിൽനിന്നു അകററി;
ഞാൻ ഐശ്വര്യം മറന്നിരിക്കുന്നു. എൻെറ
ശക്തിയും കർത്താവിലുള്ള എൻെറ
പ്രത്യാശയും നശിച്ചുപോയിരിക്കുന്നു
എന്നു ഞാൻ പറഞ്ഞു. എൻെറ ഞെരു
ക്കവും അരിഷ്ടതയും കാഞ്ഞിരവും
കൈപ്പും അനുസ്മരിക്കണമെ. അനുസ്മ
രിച്ച് എൻെറ പ്രാണൻ തിരികെ തരണമേ.
തു ഞാൻ മനസ്സിൽ ഓർക്കുന്നതി
ാൽ എനിക്കു പ്രത്യാശയുണ്ട്: കർത്താ
ൻെറ അചഞ്ചലസ്നേഹം അവസാനി
ുന്നില്ല; അവൻെറ കരുണയ്ക്ക് അന്ത
ല്ല. അതു രാവിലെ തോറും പുതിയത്;
ൻെറ വിശ്വസ്തത വലിയത്. കർത്താവു
ൻെറ ഓഹരി, എന്ന് എൻെറ ആത്മാവു
യുന്നു; അതുകൊണ്ടു ഞാൻ അവനായി
ത്തിരിക്കും. തന്നെ കാത്തിരിക്കുന്നവർ
തന്നെ അന്വേഷിക്കുന്ന ആത്മാവിന്,
ത്താവു നല്ലവൻ. കർത്താവിൻെറ രക്ഷ
ായി പ്രത്യാശിക്കുകയും, മൗനമായി
ത്തിരിക്കുകയും ചെയ്യുന്നതു നല്ലത്.
വ്വനത്തിൽ നിൻെറ നുകം വഹിക്കു
ുു ഒരു പുരുഷനു നല്ലത്. അവൻ നിൻെറ
ം തൻെറ മേൽ വഹിച്ചിരിക്കുകയാൽ
അവൻ തനിച്ചു മൗനമായിരിക്കട്ടെ. അവൻ 29
തൻെറ വായ് പൂഴിയിൽ മുട്ടിക്കട്ടെ;
എന്തെന്നാൽ പ്രത്യാശ ഉണ്ട്. അടിക്കു 30
ന്നവന് അവൻ തൻെറ കവിൾ കാണിച്ചു
കൊടുക്കുന്നു. അവൻ നിന്ദ സഹിക്കും. 31
കർത്താവു എന്നേക്കും തള്ളിക്കളയുക
യില്ല. അവൻ ദുഃഖിപ്പിച്ചാലും അവൻെറ 32
കരുണാബാഹുല്യത്തിനു തക്കവണ്ണം അവ
നു ദയയുണ്ടാകും. അവൻ മനുഷ്യപുത്ര 33
ന്മാരെ വേദനിപ്പിക്കുന്നതും ദുഃഖിപ്പിക്കു 34
ന്നതും മനസ്സോടെയല്ല. ദേശത്തു തടവു 35
കാരെയെല്ലാം കാല്ക്കീഴിട്ടു മെതിക്കുന്ന
തും അത്യുന്നതൻെറ മുമ്പിൽ മനുഷ്യ 36
ൻെറ അവകാശം നിഷേധിച്ചുകളയുന്ന
തും, വ്യവഹാരത്തിൽ ഒരുവൻെറ ന്യായം
മറിച്ചു കളയുന്നതും കർത്താവ് അംഗീകരി
ക്കുകയില്ല.

കർത്താവു കല്പിക്കാത്തത്, (മററ്) 37
ആരു പറഞ്ഞാലാണു സംഭവിക്കുന്നത്?
നന്മയും ദോഷവും പുറപ്പെടുന്നതു 38
കർത്താവിൻെറ വായിൽനിന്നല്ലേ? ജീവ 39
നുള്ള മനുഷ്യൻ, തൻെറ പാപത്തിനുള്ള
ശിക്ഷയെക്കുറിച്ച് എന്തിനു പരാതിപ്പെട
ണം? നമുക്കു നമ്മുടെ വഴികളെ തെരഞ്ഞു 40
പരിശോധിച്ച് കർത്താവിങ്കലേക്കു തിരിയാം.
സ്വർഗ്ഗത്തിലെ ദൈവത്തിങ്കലേക്ക് നമ്മു 41
ടെ കൈകളും ഹൃദയങ്ങളും ഉയർത്താം.
ഞങ്ങൾ ലംഘനം ചെയ്തു മത്സരിച്ചു; നീ 42
ക്ഷമിച്ചതുമില്ല. നീ കോപം പുതച്ചു ഞങ്ങ 43
ളെ പിന്തുടർന്നു; ഞങ്ങളെ കൊന്നു; കരു
ണകാണിച്ചുമില്ല. ഞങ്ങളുടെ പ്രാർത്ഥന 44
കടന്നുവരാത്തവണ്ണം നീ മേഘംകൊണ്ടു
നിന്നെത്തന്നെ മറച്ചു. ജനതകളുടെ ഇട 45
യിൽ നീ ഞങ്ങളെ ചപ്പും ചവറുമാക്കി.
ഞങ്ങളുടെ സകല ശത്രുക്കളും ഞങ്ങൾക്കു 46
നേരേ വായ് പിളർക്കുന്നു. ഭീതിയും കെണി 47
യും ശൂന്യതയും നാശവും ഞങ്ങളുടെ
മേൽ വന്നെത്തിയിരിക്കുന്നു. എൻെറ ജന 48
ത്തിൻെറ പുത്രിയുടെ നാശം നിമിത്തം
എൻെറ കണ്ണുകളിൽനിന്നു കണ്ണുനീർ നദി
കൾ ഒഴുകുന്നു. എൻെറ കണ്ണുകൾ, നിർ 49
ത്താതെ, ഇടതടവില്ലാതെ, പൊഴിക്കുന്നു;
സ്വർഗ്ഗത്തിൽനിന്നു കർത്താവു നോക്കി 50
കാണുംവരെത്തന്നെ. എൻെറ നഗരത്തി 51
ൻെറ പുത്രിമാർ നിമിത്തം എൻെറ കണ്ണു
എൻെറ മനസ്സിനെ വേദനിപ്പിക്കുന്നു.
എൻെറ ശത്രുക്കൾ, കാരണംകൂടാതെ, ഒരു 52
പക്ഷിയെ എന്നപോലെ എന്നെ വേട്ടയാ
ടുന്നു. അവർ എൻെറ ജീവനെ കുഴിയിൽ 53
തള്ളി എൻെറ മേൽ കല്ല് എറിഞ്ഞിരി

54 ക്കുന്നു. വെള്ളം എന്റെ തലയ്ക്കു മീതെ
പ്രവഹിച്ചു; ഞാൻ ഛേദിക്കപ്പെട്ടു എന്നു
ഞാൻ പറഞ്ഞു.
55 കർത്താവേ, അഗാധകൂപത്തിൽനിന്നു
ഞാൻ നിന്റെ നാമം വിളിച്ചപേക്ഷിച്ചു.
56 എന്റെ നെടുവീർപ്പിനും എന്റെ നിലവിളി
ക്കും നിന്റെ ചെവി മറച്ചുകളയരുതേ,
എന്നുള്ള എന്റെ ശബ്ദം നീ ശ്രവിച്ചിരിക്കു
57 ന്നു. ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ നീ
അടുത്തുവന്നു: ഭയപ്പെടേണ്ടാ, എന്നു
58 പറഞ്ഞു. നീ എന്റെ വ്യവഹാരം വാദിച്ച്
എന്റെ ജീവനെ വീണ്ടെടുത്തിരിക്കുന്നു.
59 കർത്താവേ, എന്നോടു ചെയ്ത അന്യായം
നീ കണ്ടിരിക്കുന്നു; എന്റെ വ്യവഹാര
60 ത്തിനു തീർപ്പു കല്പിക്കണമേ. അവരുടെ
സകല പ്രതികാരവും എനിക്കെതിരെയുള്ള
അവരുടെ നിരൂപണങ്ങളും നീ കണ്ടിരിക്കു
61 ന്നു. കർത്താവേ, അവരുടെ നിന്ദയും എനി
ക്കെതിരെയുള്ള ആലോചനകളും നീ കേട്ടി
62 രിക്കുന്നു. എനിക്കെതിരെ എഴുന്നേറ്റിട്ടുള്ള
വരുടെ അധരങ്ങളും തന്ത്രങ്ങളും ദിവസം
മുഴുവൻ എനിക്കു വിരോധമായിട്ടാകുന്നു.
63 അവരുടെ ഇരിപ്പും എഴുന്നേല്പും കാണ
ണമേ. അവർക്കു ഞാൻ പാട്ടായിരിക്കുന്നു.
64 കർത്താവേ, അവരുടെ പ്രവൃത്തിക്കു
തക്കവണ്ണം അവരോടു പകരം ചെയ്യണമേ.
65 അവർക്കു ഹൃദയകാഠിന്യം വരുത്തണമേ.
നിന്റെ ശാപം അവരുടെ മേൽ ഉണ്ടായിരി
66 ക്കട്ടെ. അവരെ കോപത്തോടെ പിന്തുടർന്ന്
ആകാശത്തിൻ കീഴിൽനിന്നു നശിപ്പിച്ചു
കളയണമേ.

അദ്ധ്യായം 4

ഹാ, സ്വർണ്ണം മങ്ങിപ്പോയതും നിർമ്മല
2 തങ്കം മാറിപ്പോയതുമെങ്ങനെ? വിശുദ്ധ മ
ന്ദിരത്തിന്റെ കല്ലുകൾ എല്ലാ വഴിത്തലയ്
ക്കലും ചിതറിക്കിടക്കുന്നു. സെഹിയോ
ന്റെ വിശിഷ്ടപുത്രന്മാർ, തങ്കത്തിനു തുല്യ
രായിരുന്നവർ, മൺകുടങ്ങൾപോലെ, കുശ
വന്റെ കൈപ്പണിപോലെ കണക്കാക്കപ്പെ
3 ട്ടതെങ്ങനെ! കുറുനരികൾപോലും കുഞ്ഞു
ങ്ങളെ മുല കാട്ടി കുടിപ്പിക്കുന്നു. എന്റെ ജ
നത്തിന്റെ പുത്രിയോ, മരുഭൂമിയിലെ ഒട്ടക
പ്പക്ഷിയെപ്പോലെ സുഖപ്പെടാനിരിക്കുന്നു.
4 മുല കുടിക്കുന്ന കുഞ്ഞുങ്ങളുടെ നാവ്
ദാഹംകൊണ്ട് അണ്ണാക്കോടു പററിയിരി
ക്കുന്നു. പൈതങ്ങൾ അപ്പം ചോദിക്കുന്നു;
അവർക്ക് ആരും നുറുക്കിക്കൊടുക്കുന്നില്ല.
5 സ്വാദുഭോജനം കഴിച്ചിരുന്നവർ തെരുവു
കളിൽ കിടന്നു നശിക്കുന്നു. രക്താംബര
ത്തിൽ വളർത്തപ്പെട്ടിരുന്നവർ കുപ്പക്കുന
മേൽ കിടക്കുന്നു. കൈതൊടാതെ ഞൊടി 6
യിടയിൽ പിഴുതെറിയപ്പെട്ട സോദോമിന്റെ
പാപത്തിന്റെ ശിക്ഷയെക്കാൾ വലുതാണ്,
എന്റെ ജനത്തിന്റെ പുത്രിയുടെ അധർമ്മ
ത്തിന്റെ ശിക്ഷ. അവളുടെ വ്രതന്മാർ 7
ഹിമത്തെക്കാൾ നിർമ്മലരും പാലിനെ
ക്കാൾ വെളുത്തവരും അവരുടെ ദേഹം
പവിഴത്തേക്കാൾ ചുവന്നതും അവരുടെ
ശോഭ ഇന്ദ്രനീലക്കല്ലുപോലെയും ആയിരു
ന്നു. അവരുടെ മുഖം കരിപോലെ കറു 8
ത്തിരിക്കുന്നു; തെരുവീഥികളിൽ അവരെ
തിരിച്ചറിഞ്ഞുകൂടാ; അവരുടെ തോൽ
അസ്ഥിയോടു പററിയിരിക്കുന്നു; അതു
വരണ്ട് ഉണക്കക്കമ്പുപോലെ ആയിരിക്കു
ന്നു. വാളാൽ മരിക്കുന്നതു വിശപ്പുകൊണ്ടു 9
മരിക്കുന്നതിനെക്കാൾ ഭേദം. എന്തെന്നാൽ
നിലത്തിലെ അനുഭവമില്ലായ്കയാൽ ഇവർ
അവശരായിത്തീരുന്നു. ദയാവതികളായ 1
സ്ത്രീകളുടെ കൈകൾ സ്വന്തം കുഞ്ഞു
ങ്ങളെ പാകം ചെയ്തു. അവർ എന്റെ ജന
ത്തിന്റെ പുത്രിയുടെ നാശസമയത്തു
അവർക്കു ആഹാരമായിത്തീർന്നു. കർത്താ 1
വു തന്റെ കോപം നിവർത്തിച്ചിരിക്കുന്നു;
അവൻ തന്റെ കഠിന കോപം ചൊരിഞ്ഞു,
സെഹിയോനിൽ തീ കത്തിച്ചിരിക്കുന്നു;
അത് അതിന്റെ അടിസ്ഥാനങ്ങളെ ദഹി
പ്പിച്ചിരിക്കുന്നു. യറുശലേമിന്റെ വാതിലു 1
കൾക്കകത്തു എതിരാളിയും ശത്രുവും കട
ക്കുമെന്ന് ഭൂമിയിലെ രാജാക്കന്മാരും ലോക
ത്തിലെ നിവാസികളും വിശ്വസിച്ചിരുന്നില്ല.
അവളുടെ നടുവിൽ നീതിമാന്മാരുടെ 1
രക്തം ചിന്തിയ അവളുടെ പ്രവാചകന്മാ
രുടെ പാപവും പുരോഹിതന്മാരുടെ അധർ
മ്മവും നിമിത്തം, അവർ അന്ധരായി 1
തെരുവീഥികളിൽ അലയുന്നു; ആർക്കും
അവരുടെ വസ്ത്രങ്ങളിൽ തൊട്ടുകൂടാത്ത
വണ്ണം അവർ രക്തംകൊണ്ടു സ്വയം
മലിനരാക്കിയിരിക്കുന്നു. അവരിൽ നിന്നും 1
മാറി നിൽക്കുക; അശുദ്ധൻ; മാറി നിൽ
ക്കുക; തൊടരുത് എന്ന് വിളിക്കുക. അവർ
ഓടി ഉഴന്നു നടക്കുമ്പോൾ: അവർക്ക്
ഇനിയും വാസമുണ്ടാകയില്ല, എന്നു ജാതി
കളുടെ ഇടയിൽ പറയും. കർത്താവിന്റെ
കോപം അവരെ ചിതറിച്ചു; അവൻ അവരെ 1
ഗൗനിക്കുകയില്ല. അവർ പുരോഹിതന്മാ
രുടെ വ്യക്തിത്വത്തെ ആദരിച്ചില്ല; വയസ്സ 1
ന്മാരോടു ആനുകൂല്യം കാണിച്ചുമില്ല.
ഞങ്ങളുടെ കാര്യത്തിലോ: വ്യർത്ഥസഹായ
ത്തിനായി നോക്കി ഞങ്ങളുടെ കണ്ണു

മങ്ങിയിരിക്കുന്നു; സഹായിപ്പാൻ കഴി
യാത്ത ഒരു ജനതയ്ക്കായി ഞങ്ങൾ
കാത്തുകാത്തിരുന്നു. ഞങ്ങളുടെ തെരു
വീഥികളിൽ പോയിക്കൂടാത്തവണ്ണം അവർ
ഞങ്ങളുടെ കാലടികളെ വേട്ടയാടുന്നു.
ഞങ്ങളുടെ അന്ത്യം അടുത്തിരിക്കുന്നു;
ഞങ്ങളുടെ ദിവസങ്ങൾ തികഞ്ഞിരിക്കു
ന്നു; ഞങ്ങളുടെ അവസാനം വന്നെത്തി
യിരിക്കുന്നു. ഞങ്ങളെ പിന്തുടരുന്നവർ
ആകാശത്തിലെ കഴുകന്മാരെക്കാൾ
വേഗതയുള്ളവർ; അവർ മലകളിൽ
ഞങ്ങളെ പിന്തുടർന്നു, വിജനപ്രദേശത്തു
ഞങ്ങൾക്കായി പതിയിരുന്നു. ഞങ്ങളുടെ
ജീവശ്വാസമായി, കർത്താവിന്റെ അഭിഷി
ക്തനായവൻ, അവരുടെ കുഴിയിൽ പിടിക്ക
പ്പെട്ടിരിക്കുന്നു; ജാതികളുടെ ഇടയിൽ അവ
ന്റെ തണലിൽ ഞങ്ങൾ വസിക്കും എന്നു
ഞങ്ങൾ പറഞ്ഞിരുന്നു. ഊസ് ദേശത്തു വസി
ക്കുന്ന ഏദോം പുത്രീ, ഉല്ലസിച്ച് ആനന്ദി
ക്കുക. പാനപാത്രം നിന്റെ അടുക്കലേക്കു
വരും; നീ മത്തുപിടിച്ച് വിഷമിക്കും.
സെഹിയോൻപുത്രീ, നിന്റെ അകൃത്യ
ത്തിനുള്ള ശിക്ഷ പൂർത്തിയായിരിക്കുന്നു.
ഇനി അവൻ നിന്റെ പ്രവാസം നീട്ടുകയില്ല.
ഏദോം പുത്രീ, അവൻ നിന്റെ അകൃത്യം
സന്ദർശിച്ചു നിന്റെ പാപങ്ങൾ വെളിപ്പെ
ടുത്തും.

അദ്ധ്യായം 5

കർത്താവേ, ഞങ്ങൾക്കു എന്തു സംഭ
വിച്ചിരിക്കുന്നു എന്ന് ഓർക്കണമേ. ഞങ്ങ
ളുടെ നിന്ദ നോക്കി പരിഗണിക്കണമേ.
ഞങ്ങളുടെ അവകാശം അന്യർക്കും ഞങ്ങ
ളുടെ ഭവനങ്ങൾ വിദേശീയർക്കും ആയി
പ്പോയിരിക്കുന്നു. ഞങ്ങൾ പിതാവില്ലാതെ
അനാഥരും ഞങ്ങളുടെ അമ്മമാർ വിധവ
കളും ആയിരിക്കുന്നു. ഞങ്ങളുടെ വെള്ളം
ഞങ്ങൾ പണത്തിനു വാങ്ങി കുടിക്കുന്നു;
ഞങ്ങളുടെ വിറകു ഞങ്ങൾക്കു വിൽക്ക
പ്പെടുന്നു. ഞങ്ങളുടെ കഴുത്തുകൾ പീഡന
ത്താലാകുന്നു; ഞങ്ങൾ അദ്ധ്വാനിക്കുന്നു,
വിശ്രമമില്ല. വിശപ്പു തീർക്കാനുള്ള
അപ്പത്തിനുവേണ്ടി ഞങ്ങൾ മെസ്രേന്യർ
ക്കും അശ്ശൂര്യർക്കും നേരെ കൈ നീട്ടുന്നു.
ഞങ്ങളുടെ പിതാക്കന്മാർ പാപം ചെയ്തു; 7
അവർ ഇപ്പോൾ ഇല്ല; അവരുടെ അകൃത്യ
ങ്ങൾ ഞങ്ങൾ വഹിക്കുന്നു. ദാസന്മാർ 8
ഞങ്ങളെ ഭരിക്കുന്നു; അവരുടെ കൈകളിൽ
നിന്ന് ആരും വിടുവിക്കുന്നില്ല. വിജനപ്രദേ 9
ശത്തെ വാൾ നിമിത്തം ഞങ്ങൾ പ്രാണ
ഭയത്തോടെ ആഹാരം നേടുന്നു. കഠിന 10
ക്ഷാമം നിമിത്തം ഞങ്ങളുടെ ത്വക്ക്
അടുപ്പുപോലെ കറുത്തുപോയി. അവർ 11
സെഹിയോനിൽ സ്ത്രീകളെയും യഹൂദാ
നഗരങ്ങളിൽ കന്യകമാരെയും ബലാ
ല്ക്കാരം ചെയ്തിരിക്കുന്നു. അവർ തങ്ങളു 12
ടെ കയ്യാൽ പ്രഭുക്കന്മാരെ തൂക്കിക്കൊന്നു;
വൃദ്ധന്മാരുടെ മുഖം ആദരിച്ചതുമില്ല.
യുവാക്കന്മാരെ തിരികല്ലു തിരിക്കുവാൻ 13
നിർബ്ബന്ധിതരായി; കുഞ്ഞുങ്ങൾ വിറകു
കെട്ടിനു കീഴെ വീണു. വൃദ്ധന്മാർ 14
നഗരവാതില്ക്കലും യൗവനക്കാർ തങ്ങ
ളുടെ സംഗീതത്തിനും വരാതെയായിരി
ക്കുന്നു. ഞങ്ങളുടെ ഹൃദയാനന്ദം അവ 15
സാനിച്ചിരിക്കുന്നു. ഞങ്ങളുടെ നൃത്തം
വിലാപമായി മാറിയിരിക്കുന്നു. ഞങ്ങളുടെ 16
തലയിൽനിന്നും കിരീടം വീണുപോയിരി
ക്കുന്നു; ഞങ്ങൾ പാപം ചെയ്തിരിക്കയാൽ
ഞങ്ങൾക്കു ഹാ, കഷ്ടം. ഇതു നിമിത്തം 17
ഞങ്ങളുടെ ഹൃദയം ബലഹീനമായിരി
ക്കുന്നു; ഞങ്ങളുടെ കണ്ണുകൾ മങ്ങിയിരി
ക്കുന്നു; എന്തെന്നാൽ സെഹിയോന്റെ മല 18
കൾ ശൂന്യമായിത്തീർന്നിട്ട് കുറുനരികൾ
അവിടെ വിഹരിക്കുന്നു. കർത്താവേ, നീ 19
എന്നേക്കും വാഴുന്നു; നിന്റെ സിംഹാ
സനം തലമുറതലമുറയായി സ്ഥിതിചെയ്യു
ന്നു. നീ എന്നേക്കും ഞങ്ങളെ മറന്നുകളയു 20
കയും ദീർഘകാലം ഞങ്ങളെ ഉപേക്ഷി
ക്കുകയും ചെയ്യുന്നത് എന്തിന്? കർത്താവേ, 21
ഞങ്ങൾ നിന്റെ അടുക്കലേക്ക് മടങ്ങി വ
രേണ്ടതിനു നീ ഞങ്ങളെ നിന്റെ അടുക്ക
ലേക്കു തിരിക്കണമേ. പണ്ടത്തെപ്പോലെ
ഞങ്ങളുടെ നാളുകളെ പുതുതാക്കേണമേ.
നീ ഞങ്ങളെ അശ്ശേഷം ത്യജിച്ചു കളഞ്ഞി 22
രിക്കുകയാണോ? നീ ഞങ്ങളുടെ നേരേ
ക്രുദ്ധിച്ചിരിക്കുകയാണോ?

ഹസ്ക്കീയേൽ പ്രവാചകൻ

അദ്ധ്യായം 1

1 മുപ്പതാം സംവത്സരം നാലാം മാസം
അഞ്ചാം തീയതി ഞാൻ കെബാർ നദീതീര
ത്തു പ്രവാസികളോടുകൂടെ ഇരിക്കുമ്പോൾ
സ്വർഗ്ഗം തുറക്കപ്പെട്ടു. ഞാൻ ദിവ്യദർശന
2 ങ്ങൾ കണ്ടു. യുയാഖീൻ രാജാവിന്റെ
പ്രവാസത്തിന്റെ അഞ്ചാം ആണ്ടിൽ മുൻ
3 പറഞ്ഞ മാസം അഞ്ചാം തീയതി കൽദയ
ദേശത്ത് കെബാർ നദീതീരത്തു വച്ച് പുരോ
ഹിതനായ ബൂസിയുടെ മകൻ ഹസ്ക്കീയേ
ലിന്നു കർത്താവിന്റെ അരുളപ്പാട് ഉണ്ടായി.
4 അവിടെ ദൈവതൃക്കരം എന്റെ മേൽ വന്നു.
ഞാൻ നോക്കിയപ്പോൾ വടക്കു നിന്ന് ഒരു
കൊടുങ്കാറ്റും വലിയോരു മേഘവും; ജ്വലി
ക്കുന്ന അഗ്നിയും വരുന്നതു കണ്ടു. അതിനു
ചുറ്റും ഒരു പ്രകാശവും അതിന്റെ നടുവിൽ
നിന്ന്, തീയുടെ നടുവിൽനിന്ന് ഒരു സ്വർണ്ണ
തുല്യമായ കാഴ്ചയും ഉണ്ടായിരുന്നു.
5 അതിന്റെ നടുവിൽ നാലു ജീവികളുടെ
സാദൃശ്യം കണ്ടു. അവയുടെ രൂപമോ അവ
യ്ക്കു മനുഷ്യസാദൃശ്യം ഉണ്ടായിരുന്നു.
6 ഓരോന്നിനും നന്നാലു മുഖവും നന്നാലു
7 ചിറകും ഉണ്ടായിരുന്നു. അവയുടെ കാൽ
ചൊവ്വുള്ളതും കാലടി കാളക്കിടാവിന്റെ
കുളമ്പുപോലെയും ആയിരുന്നു. മിനുക്കിയ
താമ്രംപോലെ അവ തിളങ്ങിയിരുന്നു.
8 അവയ്ക്കു നാലു ഭാഗത്തും ചിറകിന്റെ
കീഴിലായി മനുഷ്യന്റെ കൈ ഉണ്ടായി
രുന്നു. നാലിന്നും മുഖങ്ങളും ചിറകുകളും
9 ഉണ്ടായിരുന്നു. അവയുടെ ചിറകുകൾ
ഒന്നോടൊന്ന് ചേർന്നിരുന്നു. പോകുമ്പോൾ
അവ തിരിയാതെ ഓരോന്നും മുന്നോട്ടു
10 പോകും. അവയുടെ മുഖരൂപം: അവയ്ക്കു
മനുഷ്യമുഖം ഉണ്ടായിരുന്നു നാലിനും
വലത്തുഭാഗത്ത് സിംഹമുഖവും ഇടത്തു ഭാ
ഗത്ത് കാളയുടെ മുഖവും ഉണ്ടായിരുന്നു.
11 നാലിന്നും കഴുകന്റെ മുഖവും ഉണ്ടായിരു
ന്നു. ഇങ്ങനെയായിരുന്നു അവയുടെ മുഖ
ങ്ങൾ. അവയുടെ ചിറകുകൾ മേൽഭാഗം
വിടർന്നിരുന്നു. ഈരണ്ട് ചിറകുകൾ തമ്മിൽ

സ്പർശിച്ചും, ഈരണ്ടു ചിറകുകൊണ
ശരീരം മറച്ചുമിരുന്നു. അവ ഓരോന്ന
നേരേ മുന്നോട്ടാണ് പൊയ്ക്കൊണ്ടി
ന്നത്. പോകുമ്പോൾ അവ പിൻതിരിയാ
ആത്മാവ് കാണിക്കുന്ന സ്ഥലത്തേക
പോകും. ജീവികളുടെ നടുവിൽ കത്തിക്കൊ
ണ്ടിരിക്കുന്ന തീക്കനൽപോലെയും പ
ങ്ങൾപോലെയും ഒരു കാഴ്ച ഉണ്ടായി
ന്നു. അത് ജീവികളുടെ ഇടയിൽ സഞ്ചരി
കൊണ്ടിരുന്നു. ആ അഗ്നി തേജസ്സുള്ള
ആയിരുന്നു. അതിൽനിന്ന് മിന്നൽ പുറപ്പെ
കൊണ്ടുമിരുന്നു. ജീവികൾ ഓടിക്കൊണ
രുന്നു. ഞാൻ ജീവികളെ നോക്കിയപ്പോ
നിലത്ത് ജീവികളുടെ അടുത്ത് നാലു മു
ത്തിന്നും നേരേ ഓരോ ചക്രം കണ്ടു. ച
ങ്ങളുടെ രൂപവും പണിയും പുഷ്യരാ
ത്തിന്റേതുപോലെ ആയിരുന്നു. അ
യ്ക്കു നാലിന്നും ഒരേ രീതിതന്നെ ആ
രുന്നു. അവയുടെ രൂപവും നിർമ്മാണ
ചക്രത്തിൽക്കൂടി മറ്റൊരു ചക്രം ഉള്ള
പോലെ ആയിരുന്നു. അവയ്ക്കു നാ
ഭാഗത്തേക്കും പോകാം. തിരിയേണ്ടതി
അവ ചലിക്കുമ്പോൾ അവയുടെ കണ്ണുക
എല്ലാ ഭാഗത്തേക്കും തിരിഞ്ഞിരുന്ന
ജീവികൾ പോകുമ്പോൾ ചക്രങ്ങളും കൂ
പോകും. ജീവികൾ ഭൂമിയിൽനിന്ന് ഉയ
മ്പോൾ ചക്രങ്ങളും ഉയരും. ആത്മാവ്
പോകേണ്ട സ്ഥലത്തേക്ക് അവ പോക
ജീവികളുടെ ആത്മാവ് ചക്രങ്ങളിൽ ഉണ
യിരുന്നതുകൊണ്ട് ചക്രങ്ങൾ അവയോ
കൂടെ ഉയരും. ജീവികളുടെ ആത്മാവ് ച
ങ്ങളിൽ ഉണ്ടായിരുന്നതിനാൽ അവ പോ
മ്പോൾ ഇവയും പോകും. അവ നില്ക
മ്പോൾ ഇവയും നില്ക്കും. അവ ഭൂമിയി
നിന്നുയരുമ്പോൾ ചക്രങ്ങളും അവയോ
കൂടെ ഉയരും. ജീവികളുടെ തലയ്ക
മീതെ ശോഭിത സ്ഫടികംപോലെയു
ഒരു വിതാനത്തിന്റെ രൂപം ഉണ്ടായിരുന
അത് അവയുടെ തലയ്ക്കു മീതെ വിതാ
മായിരുന്നു. വിതാനത്തിന്റെ കീഴെ അ
യുടെ ചിറകുകൾ നേർക്കുനേരെ വിടർ

 രുന്നു. അതതിൻെറ ശരീരത്തെ ഈ
ഭാഗവും ആ ഭാഗവും മൂടുവാൻ ഓരോ
ന്നിനും ഈരണ്ടെണ്ണമുണ്ടായിരുന്നു. അവ
പോകുമ്പോൾ ചിറകടിശബ്ദം വലിയ
വെള്ളപ്പാച്ചിൽ പോലെയും സർവ്വശക്ത
ൻെറ നാദം പോലെയും ഒരു സൈന്യത്തി
ൻെറ ആർപ്പു പോലെയും ഉള്ള മുഴക്കമായി
ഞാൻ കേട്ടു. നില്ക്കുമ്പോൾ അവ ചിറകു
നിശ്ചലമാക്കും. അവയുടെ തലയ്ക്കു
മീതെയുള്ള വിതാനത്തിന്മേൽനിന്നു ഒരു
നാദം പുറപ്പെട്ടു. നില്ക്കുമ്പോൾ അവ
ചിറകു താഴ്ത്തും. അവയുടെ ശിരസ്സിന്മേ
ലുള്ള വിതാനത്തിന് മീതെ നീലക്കല്ലി
ൻെറ രൂപംപോലെ സിംഹാസനത്തിൻെറ
രൂപവും സിംഹാസനത്തിൻെറ രൂപത്തി
ന്മേൽ അതിന്നുപരി മനുഷ്യസാദൃശ്യ
ത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു. അവ
ൻെറ അരമുതൽ മേലോട്ട് അതിന്നകത്തു
ചുറ്റും അഗ്നിപോലെ ഞാൻ കണ്ടു. അവ
ൻെറ അരമുതൽ കീഴോട്ടും തീ പോലെ
ഞാൻ കണ്ടു. അതിന്നു ചുറ്റും പ്രകാശവും
ഉണ്ടായിരുന്നു. അതിൻെറ ചുറ്റുമുള്ള
പ്രകാശം മഴയുള്ള ദിവസത്തിൽ മേഘ
ത്തിൽ കാണുന്ന മഴവില്ല്പോലെ ആയിരു
ന്നു. ദൈവമഹത്വത്തിൻെറ സാദൃശ്യം
അങ്ങനെ ആയിരുന്നു കണ്ടത്. അതു കണ്ട്
ഞാൻ കവിണ്ണു വീണു, സംസാരിക്കുന്ന
ഒരുവൻെറ ശബ്ദവും ഞാൻ കേട്ടു.

അദ്ധ്യായം 2

അവൻ എന്നോട്: മനുഷ്യപുത്രാ
എഴുന്നേറ്റു നില്ക്കുക. ഞാൻ നിന്നോട്
സംസാരിക്കും എന്നു കല്പിച്ചു. അവൻ
എന്നോട് സംസാരിച്ചപ്പോൾ ആത്മാവ്
എന്നിൽ വന്ന് എന്നെ നില്ക്കുമാറാക്കി.
അവൻ എന്നോട് സംസാരിക്കുന്നത് ഞാൻ
കേട്ടു. അവൻ എന്നോട് കല്പിച്ചത് മനുഷ്യ
പുത്രാ, എന്നോടു മത്സരിച്ചിരിക്കുന്ന
മത്സരികളായ ഇസ്രായേൽ മക്കളുടെ
അടുക്കൽ ഞാൻ നിന്നെ അയയ്ക്കുന്നു.
അവരും അവരുടെ പിതാക്കന്മാരും ഇന്നു
വരെ എന്നോടു തെറ്റു ചെയ്തിരിക്കുന്നു.
ഉള്ളാ കഠിനമുഖവും ശക്തിയും ഉള്ളവ
ർ. അവരുടെ അടുക്കലാകുന്നു ഞാൻ
നിന്നെ അയയ്ക്കുന്നത്. ദൈവമായ
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു
എന്നു നീ അവരോട് പറയണം. പക്ഷേ
അവർ നിന്നെ കേട്ട് ഇളകിപ്പോയേക്കാം.
അവർ മത്സരഗൃഹമല്ലോ. നീ അവരുടെ ഇട
യിൽ ഒരു പ്രവാചകൻ എന്നു അവർ അറി
യും. നീയോ മനുഷ്യപുത്രാ അവരെ ഭയ 6
പ്പെടരുത്. അവർ നിന്നെ നിരസിച്ച് ഉപ
ദ്രവിച്ചാലും നീ ഇളകരുത്. എന്തെന്നാൽ
നീ തേളുകളുടെ ഇടയിൽ പാർക്കുന്നു.
അവരുടെ വാക്ക് ഭയപ്പെടരുത്. അവർ
മത്സരഗൃഹമല്ലയോ. നീ അവരുടെ വാക്കു
പേടിക്കരുത്. അവരുടെ നോട്ടം കണ്ട്
ഇളകരുത്. അവർ കേട്ട് ഭ്രമിക്കട്ടെ അഥവാ 7
ഭ്രമിക്കാതിരിക്കട്ടെ. നീ എൻെറ വചനങ്ങൾ
അവരോട് പറയുക. അവർ മഹാമത്സരി
കൾ അല്ലോ. നീയോ മനുഷ്യപുത്രാ ഞാൻ 8
നിന്നോട് സംസാരിക്കുന്നത് കേൾക്കുക. നീ
ആ മത്സരഗൃഹംപോലെ മത്സരക്കാരനാ
യിരിക്കരുത്. ഞാൻ നിനക്കു തരുന്നത് നീ
വായ് തുറന്നു ഭക്ഷിക്കുക. ഞാൻ നോക്കി 9
യപ്പോൾ: ഒരു കൈ എങ്കലേക്ക് നീട്ടിയി
രിക്കുന്നതും അതിൽ ഒരു പുസ്തകച്ചുരുൾ
ഇരിക്കുന്നതും കണ്ടു. അവൻ അത് എൻെറ 10
മുമ്പിൽ വിടർത്തി അതിൽ അകത്തും
പുറത്തും എഴുതിയിരുന്നു. വിലാപഗാന
ങ്ങളും ദുരിതവും അതിൽ എഴുതിയിരുന്നു.

അദ്ധ്യായം 3

അവൻ എന്നോട്, മനുഷ്യപുത്രാ നീ 1
കാണുന്നത് ഭക്ഷിക്കുക. ഈ ചുരുൾ
തിന്നിട്ട് ഇസ്രായേൽ ഗൃഹത്തോടു സംസാ
രിക്കുക എന്നു കല്പിച്ചു. ഞാൻ വായ് 2
തുറന്നു. അവൻ ആ ചുരുൾ എനിക്കു ഭക്ഷി
ക്കുവാൻ തന്നു. എന്നോട്, മനുഷ്യപുത്രാ 3
ഞാൻ നിനക്കു തരുന്ന ഈ ചുരുൾ നീ
ഉദരത്തിലാക്കി ഉദരം നിറയ്ക്കുക എന്നു
കല്പിച്ചു. അങ്ങനെ ഞാൻ അതു തിന്നു.
അത് വായിൽ തേൻപോലെ മധുരമാ
യിരുന്നു.

വീണ്ടും അവൻ എന്നോട് കല്പിച്ചു: 4
മനുഷ്യപുത്രാ, നീ ഇസ്രായേൽ ഗൃഹത്തി
ലെ പ്രവാസികളോട് എൻെറ വചനങ്ങളെ
പ്രസ്താവിക്കുക. അവ്യക്തവാക്കും പ്രയാ 5
സമുള്ള ഭാഷയും ഉള്ള ജാതിയുടെ അടു
ക്കൽ അല്ല. ഇസ്രായേൽ ഗൃഹത്തിൻെറ അ
ടുക്കലേക്കത്രേ നിന്നെ അയയ്ക്കുന്നത്. അ
വ്യക്തവാക്കും പ്രയാസമുള്ള ഭാഷയും ഉള്ള 6
വരായി, അവരുടെ സംസാരം ഗ്രഹിച്ചുകൂടാ
ത്ത അനേകം ജാതികളുടെ അടുക്കലല്ല.
അവരുടെ അടുക്കൽ ഞാൻ നിന്നെ അയച്ചെ
ങ്കിൽ അവർ നിൻെറ വാക്കു കേൾക്കുമായി
രുന്നു. ഇസ്രായേൽ ഗൃഹമോ നിൻെറ 7
വാക്കു കേൾക്കുകയില്ല. എൻെറ വാക്കു
കേൾപ്പാൻ അവർക്കു മനസ്സില്ല. ഇസ്രാ
യേൽ ഗൃഹമെല്ലാം കടുത്ത നെറ്റിയും കഠിന

8 ഹൃദയവും ഉള്ളവരത്രേ. എന്നാൽ ഞാൻ
നിൻെറ മുഖം അവരുടെ മുഖത്തിന്നു നേരേ
കഠിനവും നിൻെറ നെറ്റി അവരുടെ നെറ്റിക്കു
9 നേരേ ശക്തവും ആക്കിയിരിക്കുന്നു. ഞാൻ
നിൻെറ നെറ്റി പാറയേക്കാൾ കടുപ്പമുള്ള
വജ്രം പോലെ ആക്കിയിരിക്കുന്നു. അവർ
മത്സരഗൃഹമെങ്കിലും, നീ അവരെ ഭയപ്പെട
രുത്. അവരുടെ നോട്ടം കണ്ട് ഭ്രമിക്കരുത്.
10 അവൻ വീണ്ടും എന്നോടു കല്പിച്ചു.
മനുഷ്യപുത്രാ, ഞാൻ നിന്നോടു സംസാരി
ക്കുന്ന വചനങ്ങളെല്ലാം ചെവികൊണ്ട് കേട്ട്,
11 ഹൃദയത്തിൽ സംഗ്രഹിക്കുക. നീ നിൻെറ
ജനത്തിലെ പ്രവാസികളുടെ അടുക്കൽ
ചെന്ന് അവരോട് സംസാരിച്ച് ദൈവമായ
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു
എന്ന് അവരോട് പറയുക. അവർ കേട്ട്
ഇളകിയേക്കാം.

12 അപ്പോൾ ആത്മാവ് എന്നെ എടുത്തു.
ദൈവമഹത്വം സ്വസ്ഥാനത്തുനിന്ന് അനു
ഗ്രഹിക്കപ്പെടുമാറാകട്ടെ എന്ന് ഞാൻ
വലിയ മുഴക്കത്തോടെ ഒരു ശബ്ദം എൻെറ
13 പിന്നിൽ കേട്ടു. ജീവികളുടെ ചിറക് കൂട്ടിയ
ടിക്കുന്ന ശബ്ദവും അവയുടെ അടുത്തു
ള്ള ചക്രങ്ങളുടെ ഇരമ്പലും വലിയ മുഴ
ക്കമുള്ളൊരു ശബ്ദവും ഞാൻ കേട്ടു.
14 ആത്മാവ് എന്നെ എടുത്തുകൊണ്ടു
പോയി. ഞാൻ വ്യസനത്തോടും ഹൃദയ
താപത്തോടും കൂടെ പോയി. ദൈവതൃ
ക്കരം ശക്തിയോടെ എൻെറ മേൽ ഉണ്ടാ
15 യിരുന്നു. അങ്ങനെ ഞാൻ കെബാർ നദീ
തീരത്തു പാർത്ത തേൽ ആബീബിലെ
പ്രവാസികളുടെ അടുക്കൽ എത്തി. അവ
രോടു കൂടെ ഏഴു ദിവസം വിസ്മിതനായി
വസിച്ചു.

16 ഏഴു ദിവസം കഴിഞ്ഞ് കർത്താവിൻെറ
കല്പന എനിക്കുണ്ടായി. മനുഷ്യപുത്രാ,
ഞാൻ നിന്നെ ഇസ്രായേൽ ഗൃഹത്തിന്നു
17 കാവല്ക്കാരനാക്കിയിരിക്കുന്നു. നീ എൻെറ
വായിൽ നിന്ന് വചനം കേട്ട് എൻെറ നാമ
18 ത്തിൽ അവരെ പ്രബോധിപ്പിക്കേണം. ഞാൻ
ദുഷ്ടനോട്, നീ മരിക്കും എന്നു കല്പിക്കു
മ്പോൾ അക്കാര്യം നീ അവനെ ഓർപ്പിക്കു
കയോ ദുഷ്ടനെ ജീവനിൽ രക്ഷിക്കേണ്ട
തിന് അവൻ തൻെറ ദുർമ്മാർഗ്ഗം വിടുവാൻ
അവനെ പ്രബോധിപ്പിച്ചുകൊണ്ട് ഒന്നും
പറയുകയോ ചെയ്യാതിരുന്നാൽ ദുഷ്ടൻ
തൻെറ പാപത്തിൽ മരിക്കും. അവൻെറ
രക്തമോ ഞാൻ നിന്നോടു ചോദിക്കും.
19 എന്നാൽ നീ പാപിയെ പ്രബോധിപ്പിച്ചിട്ടും
അവൻ തൻെറ ദുഷ്ടതയും ദുർമ്മാർഗ്ഗവും

വിട്ടു തിരിയുന്നില്ലെങ്കിൽ അവൻ തൻെറ
പാപങ്ങളിൽ മരിക്കും. നീയോ നിൻെറ
പ്രാണനെ രക്ഷിച്ചിരിക്കുന്നു. അഥവാ
നീതിമാൻ തൻെറ നീതി വിട്ടുമാറി നീതി
കേടു പ്രവർത്തിക്കുകയാൽ ഞാൻ അവ
ൻെറ മുമ്പിൽ ഇടർച്ച വയ്ക്കുന്നുവെങ്കിൽ
അവൻ മരിക്കും. നീ അവനെ പ്രബോധിപ്പി
ക്കായ്കയാൽ അവൻ തൻെറ പാപത്തിൽ
മരിക്കും. അവൻ ചെയ്ത നീതി അവന
കണക്കിടുകയുമില്ല. അവൻെറ രക്ത
ഞാൻ നിന്നോടായിരിക്കും ചോദിക്കുന്നത്
എന്നാൽ നീതിമാൻ പാപം ചെയ്യാതിരി
ക്കുവാൻ നീ നീതിമാനെ പ്രബോധിപ്പിച്ചിട്ട
അവൻ പാപം ചെയ്യാതെ ഇരുന്നാൽ അവൻ
പ്രബോധനം അംഗീകരിച്ചിരിക്കുകയാൽ
അവൻ ജീവിക്കും. നീയോ നിൻെറ പ്രാണ
നെ രക്ഷിക്കും.

ദൈവതൃക്കരം അവിടെ വച്ച് പിന്നേയു
എൻെറ മേൽ വന്നു. അവൻ എന്നോട്: ന
എഴുന്നേറ്റ് സമതലത്തിലേക്കു പോകുക
അവിടെ വച്ച് ഞാൻ നിന്നോട് സംസാര
ക്കും എന്നു കല്പിച്ചു. അങ്ങനെ ഞാന
എഴുന്നേറ്റ് സമതലത്തിലേക്കു പോയി
ഞാൻ കെബാർ നദീതീരത്തു കണ്ട മഹ
ത്വംപോലെ അവിടെ ദൈവതേജസ്സ
നില്ക്കുന്നതു കണ്ടു ഞാൻ കവിണ്ണു വീണു
അപ്പോൾ ആത്മാവ് എന്നിൽ വന്ന് എന്നെ
എഴുന്നേല്പിച്ചു. എന്നോട് സംസാരിച്ചു
നീ ചെന്ന് നിൻെറ വീടിനുള്ളിൽ കതക
ച്ചിരിക്കുക. മനുഷ്യപുത്രാ, നിനക്ക് അവ
രുടെ ഇടയിൽ ഒന്നും ചെയ്യുവാൻ കഴിയാ
ത്തവിധം അവർ നിന്നെ ചങ്ങലയിടും. നീ
ഊമനായി അവർക്കു ശാസകനാകാതെ
യിരിക്കുവാൻ ഞാൻ നിൻെറ നാവിനെ
നിൻെറ അണ്ണാക്കോട് ഒട്ടിക്കും. അവർ
മത്സരഗൃഹമത്രേ. ഞാൻ നിന്നോട് സംസാ
രിക്കുമ്പോൾ ഞാൻ നിൻെറ വായ് തുറക്കും
നീ അവരോട് കർത്താധികർത്താവ് ഇപ്ര
കാരം അരുളിച്ചെയ്യുന്നു എന്നു പറയണം
കേൾക്കുന്നവൻ കേൾക്കട്ടെ. ഇളകിമാറുന്ന
വൻ മാറട്ടെ. അവർ മത്സരഗൃഹമല്ലോ.

അദ്ധ്യായം 4

മനുഷ്യപുത്രാ, നീ ഒരു ഇഷ്ടിക എടു
ത്ത് നിൻെറ മുമ്പിൽ വച്ച് അതിൽ യറുശ
ലേം നഗരത്തെ വരച്ച് അതിന് ഉപരോധവും
അതിൻെറ നേരെ കോട്ടയും പണിത് കിട
ങ്ങുകുഴിച്ച് പാളയം അടിച്ച് ചുറ്റും യന്ത്രമുട്ടി
വക്കുക. പിന്നെ ഒരു ഇരുമ്പുകഷണം എടു
ത്ത് നിനക്കും നഗരത്തിനും മദ്ധ്യേ ഇരുമ്പു

മതിൽപോലെ വയ്ക്കുക. നിന്റെ മുഖം
അതിന്റെ നേരെയായിരിക്കണം. അത്
നിരോധനത്തിൽ ആകേണ്ടതിന് അതിനെ
നിരോധിക്കുക. ഇത് ഇസ്രായേൽ ഗൃഹ
ത്തിന് ഒരടയാളം ആയിരിക്കട്ടെ.
പിന്നെ നീ ഇടതുവശം ചരിഞ്ഞു കിടന്ന്
ഇസ്രായേൽ ഗൃഹത്തിന്റെ അകൃത്യം
അതിന്മേൽ വഹിക്കുക. നീ ആ വശം കിട
ക്കുന്ന ദിവസങ്ങളുടെ എണ്ണത്തോളം അവ
രുടെ അകൃത്യം വഹിക്കും. ഞാൻ അവരുടെ
അകൃത്യത്തിന്റെ സംവത്സരങ്ങളെ നിന
ക്കു ദിവസങ്ങളായി എണ്ണും. അങ്ങനെ
മുന്നൂറ്റിത്തൊണ്ണൂറു ദിവസം നീ ഇസ്രാ
യേൽ ഗൃഹത്തിന്റെ അകൃത്യം വഹിക്ക
ണം. ഇതു പൂർത്തിയാക്കി നീ വലതു വശം
ചരിഞ്ഞു കിടന്ന് യഹൂദാ ഗൃഹത്തിന്റെ
പാപം നാല്പതു ദിവസം വഹിക്കണം.
ഒരു സംവത്സരത്തിന് ഒരു ദിവസം വീതം
ഞാൻ നിനക്കു നിശ്ചയിച്ചിരിക്കുന്നു. നീ
റുശലേമിന്റെ നിരോധനത്തിനു നേരേ
ിന്റെ മുഖവും നഗ്നമായ ഭുജവും വച്ച്
അതിന്നു വിരോധമായി പ്രവചിക്കണം.
ിന്റെ നിരോധകാലം തികയുവോളം നീ
രു വശത്തുനിന്ന് മറുവശത്തേക്ക് തിരി
ാതെ ഇരിക്കേണ്ടതിന്ന് ഞാൻ നിന്നെ
ങ്ങലയ്ക്കിടുന്നു. നീ ഗോതമ്പും യവവും
മരയും ചെറുപയറും തിനയും ചോളവും
ടുത്ത് ഒരു പാത്രത്തിൽ ഇട്ട്, അവകൊണ്ട്
പ്പമുണ്ടാക്കുക. നീ വശം ചരിഞ്ഞ് കിട
ുന്ന ദിവസങ്ങളുടെ എണ്ണത്തിനൊത്ത
ന്നും മുന്നൂറ്റിത്തൊണ്ണൂറു ദിവസം അതു
ഷിക്കണം. നീ ഭക്ഷിക്കുന്ന ആഹാരം ഒരു
സം ഇരുപതു ശേക്കൽ തൂക്കമായിരിക്ക
. നേരത്തോടു നേരം നീ അതുകൊണ്ട്
ജീവിക്കണം. വെള്ളവും അളവനുസരിച്ച്
നിൽ ആറിൽ ഒരു ഓഹരി നീ കുടി
ണം. ഒരു നേരം മാത്രം നീ അതു കുടി
ണം. നീ അത് യവദോശപോലെ തിന്ന
. അവർ കാൺകെ നീ മാനുഷ
കത്തിച്ചായിരിക്കണം അത് ചുടുന്നത്.
ങനെതന്നെ ഞാൻ അവരെ നീക്കിക്കള
ന ജാതികളുടെ ഇടയിൽ ഇസ്രായേൽ
ർ തങ്ങളുടെ ആഹാരം മലിനമായി
ിക്കും എന്നു കർത്താവ് അരുളിച്ചെ
. അതിന് ഞാൻ, അയ്യോ കർത്താധി
ത്താവേ, ഞാൻ ഒരിക്കലും മാലിന്യമാ
ന്നിട്ടില്ല. ഞാൻ ബാല്യംമുതൽ ഇന്നു
താനേ ചത്തതിനേയോ വന്യമൃഗ
കടിച്ചുകീറിയതിനേയോ ഭക്ഷിച്ചിട്ടി
റപ്പായ മാംസം എന്റെ വായിൽ വച്ചി
ട്ടുമില്ല എന്നു പറഞ്ഞു. അവൻ എന്നോട് 15
മാനുഷമലത്തിനു പകരം ഞാൻ നിന
ക്കു പശുവിൻ ചാണകം അനുവദിച്ചിരിക്കു
ന്നു. അതു കത്തിച്ച് നിന്റെ അപ്പം ചുട്ടു
കൊള്ളുക എന്നു കല്പിച്ചു. മനുഷ്യ 16
പുത്രാ, അപ്പവും വെള്ളവും അവർക്ക്
ഇല്ലാതാകുവാനും ഓരോരുവനും ഭ്രമിച്ച്
അകൃത്യം നിമിത്തം ക്ഷയിച്ചുപോകു
വാനും ഞാൻ യറുശലേമിൽ അപ്പത്തിന്റെ
കോൽ ഒടിച്ചുകളയും: അവർ തൂക്കപ്രകാ 17
രവും ഭയന്നും അപ്പം തിന്നും. അവർ അളവു
പ്രകാരവും ദാഹത്തോടെയും വെള്ളം
കുടിക്കും എന്ന് അവൻ എന്നോട് അരുളി
ച്ചെയ്തു.

അദ്ധ്യായം 5

മനുഷ്യപുത്രാ, നീ മൂർച്ചയുള്ളൊരു 1
വാൾ എടുത്തു ക്ഷൗരക്കത്തിയായി ഉപ
യോഗിച്ച് നിന്റെ തലയും താടിയും ക്ഷൗരം
ചെയ്യുക; പിന്നെ തുലാസ് എടുത്തു രോമം
തൂക്കി മൂന്നായി വിഭാഗിക്കുക. നിരോധ 2
കാലം തികയുമ്പോൾ മൂന്നിൽ ഒന്ന് നഗര
ത്തിന്റെ നടുവിൽവച്ച് തീയിൽ ചുട്ടുകള
യണം. മൂന്നിൽ ഒന്ന് എടുത്ത് അതിന്റെ
ചുറ്റും വാൾകൊണ്ട് വെട്ടണം. മൂന്നിൽ ഒന്ന്
കാറ്റത്തു ചിതറിച്ചുകളയണം. അവയുടെ
പിന്നാലെ വാൾ ചെന്ന് നശിപ്പിച്ചുകൊള്ളും.
അതിൽനിന്ന് അല്പം നീ എടുത്ത് നിന്റെ 3
വസ്ത്രത്തിന്റെ മൂലയിൽ കെട്ടണം. ഇതിൽ 4
നിന്നു പിന്നെയും നീ അല്പം എടുത്തു
തീയിൽ ചുട്ടുകളയണം. അതിൽ നിന്ന്
ഇസ്രായേൽ ഗൃഹത്തിലേക്കെല്ലാം ഒരു
അഗ്നി വ്യാപിക്കും.
ദൈവമായ കർത്താവ് ഇപ്രകാരം 5
അരുളിച്ചെയ്യുന്നു. ഈ യറുശലേമിനെ
ഞാൻ ജാതികളുടെ മദ്ധ്യേ സ്ഥാപിച്ചിരി
ക്കുന്നു. അതിന്നു ചുറ്റും നഗരങ്ങൾ ഉണ്ട്.
അത് ദുഷ്പ്രവൃത്തിയിൽ ജാതികളെക്കാളും 6
എന്റെ ന്യായങ്ങളോടും ചുറ്റുമുള്ള രാജ്യ
ങ്ങളേക്കാളും എന്റെ നിയമങ്ങളോടും
മത്സരിച്ചിരിക്കുന്നു. എന്റെ ന്യായങ്ങൾ
അവർ തള്ളിക്കളഞ്ഞു. എന്റെ ചട്ടങ്ങൾ
അവർ അനുസരിച്ചില്ല. ആകയാൽ കർത്താ 7
ധികർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
നിങ്ങൾ നിങ്ങളുടെ ചുറ്റുമുള്ള ജാതിയെ
ക്കാൾ അധികം മത്സരിച്ചു. എന്റെ നിയമം
അനുസരിച്ചു നടക്കാതെയും എന്റെ ന്യായ
ങ്ങളെ പാലിക്കാതെ ചുറ്റുമുള്ള ജാതിക
ളുടെ ന്യായങ്ങളെ ആചരിച്ചുമിരുന്നു.
കർത്താധികർത്താവ് ഇപ്രകാരം അരുളി 8

ചെയ്യുന്നു. ഇതാ ഞാൻ നിനക്കു വിരോധ
9 മായിരിക്കുന്നു. ജാതികൾ കാൺകെ ഞാൻ
നിൻെറ നടുവിൽ ശിക്ഷാവിധി നടത്തും.
ഞാൻ ചെയ്തിട്ടില്ലാത്തതും ഇനിയും ഒരി
ക്കലും ചെയ്യാത്തതും ആയ കാര്യം നിൻെറ
സകല മാലിന്യങ്ങളും നിമിത്തം ഞാൻ
10 നിന്നിൽ പ്രവർത്തിക്കും. ആകയാൽ നിൻെറ
നടുവിൽ പിതാക്കന്മാർ മക്കളെ തിന്നും.
മക്കൾ മാതാപിതാക്കളേയും ഭക്ഷിക്കും.
ഞാൻ നിന്നിൽ ശിക്ഷാവിധി നടത്തും.
നിന്നിൽ അവശേഷിക്കുന്നവരെ ഞാൻ
11 നാനാദിക്കുകളിലേക്കും ചിതറിക്കും. ആക
യാൽ ദൈവമായ കർത്താവ് അരുളിച്ചെയ്യു
ന്നു. നിൻെറ എല്ലാ തിന്മകളാലും സകല
മാലിന്യത്താലും എൻെറ വിശുദ്ധമന്ദിരത്തെ
നീ അശുദ്ധമാക്കിയതുകൊണ്ട്, എന്നാണ,
ഞാനും നിന്നോട് ദയ ചെയ്യാതെ എൻെറ
കടാക്ഷം നിന്നിൽനിന്നു മാറ്റിക്കളയും.
12 ഞാൻ കരുണ ചെയ്കയില്ല. നിന്നിൽ
മൂന്നിൽ ഒന്നു പകർച്ചവ്യാധി കൊണ്ടു
മരിക്കും. ക്ഷാമംകൊണ്ട് അവർ നിൻെറ
മുമ്പിൽ നശിക്കും. മൂന്നിൽ ഒന്ന് നിൻെറ
ചുറ്റും വാൾകൊണ്ട് വീഴും. മൂന്നിൽ ഒന്ന്
ഞാൻ എല്ലാ ദേശങ്ങളിലേക്കും ചിതറിക്കും.
അവരുടെ പിന്നാലെ വാൾ ചെന്ന് നശി
13 പ്പിക്കും. അങ്ങനെ എൻെറ കോപം ഞാൻ
പൂർണ്ണമാക്കും. ഞാൻ അവരോട് എൻെറ
ക്രോധം തീർത്ത് സംതൃപ്തനാകും. എൻെറ
ക്രോധം അവരിൽ ഉണ്ടാകുമ്പോൾ ദൈവ
മായ ഞാൻ എൻെറ വൈരാഗ്യത്തിൽ അത്
14 കല്പിച്ചു എന്ന് അവർ അറിയും. വഴിയാത്ര
ക്കാരെല്ലാം കാൺകെ ഞാൻ നിന്നെ നിൻെറ
ചുറ്റുമുള്ള ജാതികളുടെ ഇടയിൽ ശൂന്യ
15 മാക്കും, നിന്ദിതയുമാക്കും. ഞാൻ കോപ
ത്തോടും, ക്രോധത്തോടും, കഠിനശിക്ഷ
കളോടും കൂടെ നിന്നിൽ ശിക്ഷാവിധി നട
ത്തുമ്പോൾ നീ നിൻെറ ചുറ്റുമുള്ള ജാതി
കൾക്ക് നിന്ദയും ആക്ഷേപവും ശിക്ഷയും
ഭയകാരണവും ആയിത്തീരും. കർത്താവായ
16 ഞാനാണ് കല്പിച്ചിരിക്കുന്നത്. നിങ്ങളെ
നശിപ്പിക്കുവാൻ ക്ഷാമം എന്ന വിനാശ
കരമായ അസ്ത്രങ്ങൾ ഞാൻ എയ്യുമ്പോൾ
നിങ്ങൾക്കു ക്ഷാമം വർദ്ധിക്കും. നിങ്ങളുടെ
അപ്പത്തിൻെറ കോൽ ഒടിച്ചുകളയും.
17 ഞാൻ ക്ഷാമവും ദുഷ്ടമൃഗങ്ങളും
നിങ്ങളുടെ മേൽ അയച്ച് നിങ്ങളെ നശിപ്പി
ക്കും. പകർച്ച വ്യാധിയും രക്തവും നിന്നിൽ
വരും. വാളും നിൻെറ നേരേ ഞാൻ വരു
ത്തും. കർത്താവായ ഞാനാണ് അരുളി
ചെയ്തിരിക്കുന്നത്.

അദ്ധ്യായം 6

കർത്തൃകല്പന എനിക്കുണ്ടായി. 1
മനുഷ്യപുത്രാ, നീ ഇസ്രായേൽ പർവ്വത 2
ങ്ങളുടെ നേരേ നോക്കി അവയ്ക്കു വിരോ
ധമായി പ്രവചിക്കുക. ഇസ്രായേൽ പർവ്വത 3
ങ്ങളേ, കർത്താധികർത്താവിൻെറ വചനം
കേൾപ്പിൻ: മലകളോടും കുന്നുകളോടും,
നീർച്ചാലുകളോടും താഴ്വരകളോടും
കർത്താധികർത്താവ് ഇപ്രകാരം അരുളി
ചെയ്യുന്നു: ഞാൻ നിങ്ങൾക്കെതിരെ വാൾ
വരുത്തും. ഞാൻ നിങ്ങളുടെ വിഗ്രഹങ്ങളെ
നശിപ്പിക്കും. നിങ്ങളുടെ ബലിപീഠങ്ങൾ 4
ശൂന്യമാകും. നിങ്ങളുടെ വിഗ്രഹങ്ങൾ
തകർന്നുപോകും. നിങ്ങളുടെ ഹതന്മാരെ
ഞാൻ നിങ്ങളുടെ മുമ്പിൽ വീഴിക്കും. ഞാൻ 5
ഇസ്രായേൽ മക്കളുടെ ശവങ്ങളെ അവരുടെ
വിഗ്രഹങ്ങളുടെ മുമ്പിൽ ഇടും. ഞാൻ അവ
രുടെ അസ്ഥികൾ നിങ്ങളുടെ ബലിപീഠ
ങ്ങൾക്കു ചുറ്റും ചിതറിക്കും. നിങ്ങളുടെ 6
ബലിപീഠങ്ങൾ ഇടിഞ്ഞു ശൂന്യമാകും.
നിങ്ങളുടെ വിഗ്രഹങ്ങൾ തകർന്ന് ഇല്ലാ
താകും. നിങ്ങളുടെ വിഗ്രഹങ്ങളെ വെട്ടി
വീഴ്ത്തും. നിങ്ങളുടെ പണികൾ നശിച്ചു
പോകും. നിങ്ങൾ വസിക്കുന്ന പട്ടണങ്ങൾ
പാഴായും പൂജാഗിരികൾ ശൂന്യമായും ഭവി
ക്കും. ഹതന്മാർ നിങ്ങളുടെ ഇടയിൽ വീഴും. 7
ഞാൻ കർത്താവ് എന്നു നിങ്ങൾ അറിയും.
എങ്കിലും നിങ്ങൾ- ചിതറിപ്പോകുമ്പോൾ 8
വാളിൽനിന്നു രക്ഷിതരായവർ ജാതിക
ളുടെ ഇടയിൽ നിങ്ങൾക്കുണ്ടാകേണ്ടതിന്ന്
ഞാൻ ഒരു ശേഷിപ്പിനെ കരുതും. എന്നെ 9
വിട്ട് അന്യസംസർഗ്ഗം ചെയ്യുന്ന അവരുടെ
ഹൃദയത്തേയും വിഗ്രഹങ്ങളുടെ പിന്നാലെ
തെറ്റിപ്പോയ അവരുടെ കണ്ണുകളേയും
ഞാൻ തകർത്തുകളയും. നിങ്ങളിൽനിന്നു
രക്ഷിതരായവർ അവരെ അടിമപ്പെടുത്തി
ക്കൊണ്ടുപോയ ജാതികളുടെ ഇടയിൽ വച്ച്
എന്നെ ഓർക്കും. അവരുടെ സകല മലിന
തകളാലും അവർ ചെയ്ത പാപങ്ങൾ നിമി
ത്തവും അവരുടെ മുഖങ്ങൾ വാടിപ്പോകും.
ഞാൻ കർത്താവ് എന്ന് അവർ അറിയും. 10
ഈ ശിക്ഷ അവർക്കു വരുത്തുമെന്ന് ഞാൻ
വെറുതെയല്ല പറഞ്ഞിരിക്കുന്നത്.
കർത്താധികർത്താവ് ഇപ്രകാരം 11
അരുളിച്ചെയ്യുന്നു. ഇസ്രായേൽ ഗൃഹത്തി
ൻെറ ദോഷകരമായ സകല ഹീനതകളും
നിമിത്തം നീ കൈകൊണ്ടടിച്ച് കാൽകൊ
ണ്ടു ചവിട്ടി ഹാ!,ദുരിതം! എന്നു പറയുക.
അവർ വാൾകൊണ്ടും ക്ഷാമംകൊണ്ടും

പകർച്ചവ്യാധികൾകൊണ്ടും വീഴും. വിദൂര
സ്ഥർ മഹാമാരികൊണ്ടു മരിക്കും. സമീപ
സ്ഥർ വാൾ കൊണ്ടു വീഴും. ശേഷിപ്പുള്ള
വരും രക്ഷപ്പെട്ടവരും ക്ഷാമംകൊണ്ടു മരി
ക്കും. ഇങ്ങനെ ഞാൻ എന്റെ ക്രോധം അവ
ിൽ നിവർത്തിക്കും. അവർ തങ്ങളുടെ
വിഗ്രഹങ്ങൾക്ക് ധൂപം അർപ്പിച്ച സ്ഥല
ായി ഉയർന്ന എല്ലാ കുന്നിന്മേലും എല്ലാ
ർവ്വതശിഖരങ്ങളിലും എല്ലാ പച്ചമരത്തിൻ
കീഴിലും തഴച്ച എല്ലാ കരുവേലകത്തിൻ
കീഴിലും അവരുടെ നിഹതന്മാർ അവരുടെ
ബലിപീഠങ്ങളുടെ ചുറ്റും അവരുടെ വിഗ്രഹ
ങ്ങളുടെ ഇടയിൽ വീണു കിടക്കുമ്പോൾ
ഞാൻ ആകുന്നു കർത്താവ് എന്നു നിങ്ങൾ
അറിയും. ഞാൻ അവരുടെ നേരേ കൈനീട്ടി
അവരുടെ സകല വാസസ്ഥലങ്ങളിലും
ദേശത്തെ ദെബ്ലാ ദേശത്തേക്കാൾ അധികം
നിർജ്ജനവും ശൂന്യവുമാക്കും. അപ്പോൾ
കർത്താവ് ഞാനാകുന്നു എന്ന് അവർ
അറിയും.

അദ്ധ്യായം 7

വീണ്ടും കർത്താവിന്റെ അരുളപ്പാട്
എനിക്കുണ്ടായി. മനുഷ്യപുത്രാ കർത്താധി
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
അവസാനം! ദേശത്തിന്റെ നാലു ഭാഗത്തും
ഇസ്രായേൽ ദേശത്തിന് അന്ത്യമായിരി
ക്കുന്നു. ഇപ്പോൾത്തന്നെ നിനക്ക് അവ
സാനം വന്നിരിക്കുന്നു. ഞാൻ എന്റെ
കോപം നിന്റെ മേൽ അയച്ചു നിന്റെ
പെരുമാറ്റത്തിന്നനുസൃതമായി നിന്നെ
ന്യായം വിധിക്കും. നിന്റെ സകല
മ്ലേച്ഛതകൾക്കും നിന്നോട് പകരം ചെയ്യും.
എന്റെ കണ്ണിന് നിന്നോട് ദയ
തോന്നുകയില്ല. ആദരിക്കയില്ല; ഞാൻ
കരുണ കാണിക്കുകയില്ല. നിന്റെ നടപ്പിനു
തക്കവണ്ണം നിന്നോടു പകരം ചെയ്യും.
നിന്റെ മാലിന്യം നിന്റെ നടുവിൽ
വെളിപ്പെടും. ഞാൻ ആകുന്നു കർത്താവ്
എന്നു നിങ്ങൾ അറിയും.
കർത്താധികർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു. ഒരു അനർത്ഥം! ഒരു
അനർത്ഥം ഇതാ വരുന്നു! അന്ത്യം വന്നി
രിക്കുന്നു. അത് നിന്റെ നേരേ എഴുന്നേറ്റു
വന്നു. ഇതാ അതു വരുന്നു. ദേശവാസി
ആപത്തു നിനക്കു വരുന്നു. കാലമായി.
സമീപിച്ചു. മലകളിൽ ആർപ്പുവിളി.
സന്തോഷത്തിന്റെ വിളിയല്ല. ഇപ്പോൾ
ഞാൻ വേഗത്തിൽ എന്റെ ക്രോധം നിന്റെ
പകരും. എന്റെ കോപം നിന്നിൽ

നിവർത്തിക്കും. ഞാൻ നിന്റെ ജീവിത
ത്തിന്നനുസരിച്ച് നിന്നെ വിധിച്ച് നിന്റെ
സകല തിന്മകൾക്കും നിന്നോടു പകരം
ചെയ്യും. എന്റെ കണ്ണിൽ ദയ തോന്നാതെ 9
ഞാൻ കരുണ കാണിക്കാതെ നിന്റെ നട
പടിക്കു തക്കവണ്ണം ഞാൻ നിന്നോട്
പ്രതികാരം ചെയ്യും. നിന്റെ തിന്മകൾ
നിന്റെ നടുവിൽ വെളിപ്പെടും. കർത്താ
വായ ഞാനാകുന്നു ശിക്ഷിച്ചത് എന്നു
നിങ്ങൾ അറിയും. ഇതാ ദിവസം. ഇതാ
അതു വരുന്നു. നിന്റെ ആപത്ത് 10
ആരംഭിച്ചിരിക്കുന്നു. അനീതിയുടെ വടി
പൂത്തു. അഹങ്കാരം തളിർത്തു. അനീതി 11
ദുഷ്ടതയുടെ വടിയായി വളർന്നിരിക്കുന്നു.
അവരിലോ അവരുടെ ആർഭാടത്തിലോ
അവരുടെ സമ്പത്തിലോ അല്പവും ശേഷി
ക്കുകയില്ല. അവരെക്കുറിച്ച് എനിക്കു സഹ
താപം ഉണ്ടാകുകയില്ല. കാലം സമാഗതം.
നാൾ അടുത്തിരിക്കുന്നു. അതിന്റെ സകല 12
സമ്പാദ്യത്തിന്മേലും ക്രോധം വന്നിരിക്കുക
യാൽ സമ്പാദിക്കുന്നവൻ സന്തോഷിക്കേ
ണ്ട. വില്ക്കുന്നവൻ ദുഃഖിക്കേണ്ട. അവർ 13
ജീവിച്ചിരുന്നാലും വില്ക്കുന്നവന് വിറ്റതു
മടക്കിക്കിട്ടുകയില്ല. ദർശനം അവരുടെ സ
മ്പാദ്യങ്ങളുടെ മേൽ തിരിച്ചു വരികയുമില്ല.
ആരും മടങ്ങിവരികയില്ല. തിന്മയിൽ ജീവി
തം കഴിക്കുന്ന ഒരുവനും ശക്തിപ്രാപിക്കുക
യില്ല. അവർ കാഹളം ഊതി സകലവും 14
ഒരുക്കി. എന്നാൽ എന്റെ ക്രോധം
അവരുടെ സകല സമ്പാദ്യത്തിന്മേലും
വന്നിരിക്കുകയാൽ ആരും യുദ്ധത്തിനു
പോകുകയില്ല. പുറത്തു വാൾ, അകത്തു 15
പകർച്ചവ്യാധി, ക്ഷാമം. വയലിൽ ഇരിക്കു
ന്നവൻ വാൾകൊണ്ടു മരിക്കും. പട്ടണ
ത്തിൽ ഇരിക്കുന്നവൻ ക്ഷാമത്തിന്നും
മഹാരോഗത്തിന്നും പാത്രമാകും. എന്നാൽ 16
അവരിൽ രക്ഷപെടുന്നവർ ഓടിപ്പോക
യും, ഓരോരുവനും പ്രാവുകളെപ്പോലെ
മലകളിൽ ഇരുന്നു കുറുകുകയും ചെയ്യും.
എല്ലാവരും അവരുടെ പാപങ്ങളിൽ മരിക്കും. 17
എല്ലാ കൈകളും തളരും. എല്ലാ മുഴങ്കാലു
കളും വെള്ളംപോലെ ഒഴുകും. അവർ ചാക്കു 18
ധരിക്കും. ഭീതി അവരെ മൂടും. സകല
മുഖങ്ങളിലും ലജ്ജയും എല്ലാ തലകളും
മുണ്ഡനം ചെയ്യപ്പെട്ടുമിരിക്കും. അവർ 19
തങ്ങളുടെ പണം വീഥികളിൽ എറിഞ്ഞു
കളയും. പൊന്ന് അവർക്ക് നിഷിദ്ധമായി
തോന്നും. അവരുടെ വെള്ളിക്കും പൊന്നി
നും കർത്താവിന്റെ കോപദിവസത്തിൽ
അവരെ വിടുവിപ്പാൻ കഴിയുകയില്ല. അതു

കൊണ്ട് അവരുടെ വിശപ്പ് അടങ്ങുകയില്ല.
20 അവരുടെ വയറു നിറയുകയും ഇല്ല. അത്
അവർക്കു പാപഹേതു ആയിരുന്നുവല്ലോ.
അതുകൊണ്ടുള്ള ആഭരണങ്ങളുടെ ഭംഗി
അവർ നിഗളത്തിന്നായി ഉപയോഗിച്ചു.
അതുകൊണ്ട് അവർ, തങ്ങൾക്ക് അശുദ്ധ
വിഗ്രഹങ്ങളേയും മലിനബിംബങ്ങളേയും
ഉണ്ടാക്കി. ആകയാൽ ഞാൻ അത് അവർക്ക്
21 നിഷിദ്ധമാക്കിയിരിക്കുന്നു. ഞാൻ അത്
അന്യരുടെ കയ്യിൽ കവർച്ചയായും ഭൂമിയി
ലെ ദുഷ്ടന്മാർക്ക് കൊള്ളയായും കൊടു
22 ക്കും. അവർ അത് അശുദ്ധമാക്കും. ഞാൻ
എന്റെ മുഖം അവരിൽനിന്നു തിരിക്കും.
അവർ എന്റെ നിധി അശുദ്ധമാക്കും.
കള്ളന്മാർ അതിനകത്തു കടന്ന് അതിനെ
23 അശുദ്ധമാക്കും. ദേശം വധംകൊണ്ടും നഗരം
അക്രമം കൊണ്ടും നിറഞ്ഞിരിക്കുന്നു.
ഞാൻ ജാതികളുടെ ഇടയന്മാരെ വരുത്തും.
24 അവർ അവരുടെ വീടുകൾ കൈവശപ്പെ
ടുത്തും. ഞാൻ ബലവാന്മാരുടെ മേന്മ
ഇല്ലാതെയാക്കും. അവരുടെ വിശുദ്ധ
25 സ്ഥലങ്ങളെ അവർ പിടിച്ചടക്കും. നാശം
വരുന്നു! അവർ സമാധാനം അന്വേഷിക്കും.
26 എന്നാൽ അതുണ്ടാകുകയില്ല. അപകട
ത്തിന്മേൽ അപകടവും തിന്മമേൽ തിന്മയും
വന്നുകൊണ്ടിരിക്കും. അവർ പ്രവാചക
നോട് ദർശനം ചോദിക്കും. എന്നാൽ
പുരോഹിതരിൽനിന്ന് ഉപദേശവും വയോ
ധികരിൽനിന്നു ആലോചനയും നഷ്ട
27 പ്പെടും. രാജാവു ദുഃഖിക്കും. പ്രഭുവിനു
നാശം ഭവിക്കും. ദേശത്തെ ജനത്തിന്റെ
കൈകൾ വിറയ്ക്കും. ഞാൻ അവരുടെ
നടപടിക്കു തക്കവണ്ണം അവരോട് പ്രതികാ
രം ചെയ്യും. അവർക്കു ചേരുന്ന വിധത്തിൽ
അവരെ വിധിക്കും. ഞാൻ ആകുന്നു
കർത്താവ് എന്നു അവർ അറിയും.

അദ്ധ്യായം 8

1 ആറാം ആണ്ട് ആറാം മാസം അഞ്ചാം
തീയതി ഞാൻ ഭവനത്തിൽ ഇരിക്കുകയും
യഹൂദാപ്രധാനികൾ എന്റെ മുമ്പിൽ ഇരി
ക്കുകയും ചെയ്തപ്പോൾ അവിടെ കർത്താധി
കർത്താവിന്റെ കൈ എന്റെ മേൽ വന്നു.
2 അപ്പോൾ ഞാൻ മനുഷ്യസാദൃശ്യത്തിൽ ഒരു
രൂപം കണ്ടു. അവന്റെ അര മുതൽ കീഴോട്ട്
അഗ്നിപ്രഭപോലെയും അര മുതൽ മേലോട്ട്
പ്രഭപോലെയും ദിവ്യദർശനംപോലെയും
3 ആയിരുന്നു. അവൻ കൈപോലെ ഒന്നു
നീട്ടി എന്നെ മുടിക്കു പിടിച്ചു. ആത്മാവ്
എന്നെ ഭൂമിയുടേയും ആകാശത്തിന്റേയും

മദ്ധ്യേ ഉയർത്തി. ദിവ്യദർശനങ്ങളിലു
യറുശലേമിൽ വടക്കോട്ടുള്ള അകത്തെ
വാതില്ക്കൽ കൊണ്ടുചെന്നു; അവി
വൈരാഗ്യം ജനിപ്പിക്കുന്ന വൈരാഗ
ത്തിന്റെ സ്തംഭം ഉണ്ടായിരുന്നു.
അവിടെ, ഞാൻ സമതലത്തു ക
ദർശനംപോലെ ഇസ്രായേലിന്റെ ദൈ
ത്തിന്റെ മഹത്വം ഉണ്ടായിരുന്നു. അവ
എന്നോട്: മനുഷ്യപുത്രാ, കണ്ണുയർത്ത
വടക്കോട്ടു നോക്കുക എന്നു കല്പിച്ച
ഞാൻ വടക്കോട്ടു നോക്കി. യാഗപീഠത്ത
ന്റെ വാതിലിന്നു വടക്കോട്ട് പ്രവേശ
ത്തിങ്കൽ ആ വൈരാഗ്യസ്തംഭം കണ്ട
അവൻ എന്നോട് മനുഷ്യപുത്രാ, അവ
എന്തു ചെയ്യുന്നുവെന്നു നീ കണ്ടുവോ
ഞാൻ എന്റെ വിശുദ്ധമന്ദിരം വിട്ടു പോ
ണ്ടതിന് ഇസ്രായേൽ ഗൃഹം ഇവി
ചെയ്യുന്ന മഹാമ്ലേച്ഛതകൾ നീ കണ്ടല്ലേ
അവർ എന്റെ വിശുദ്ധസ്ഥലത്തുനിന്ന
അകന്നു പോയിരിക്കുന്നു. ഇതിലും വലി
തിന്മകളെ നീ കാണും എന്നരുളിച്ചെയ്ത
അവൻ എന്നെ പ്രാകാരത്തിന്റെ വാ
ല്ക്കൽ കൊണ്ടുപോയി. ഞാൻ നോക്കി
പ്പോൾ ചുവരിൽ ഒരു ദ്വാരം കണ്ടു. അവ
എന്നോട് മനുഷ്യപുത്രാ, ചുവർ കുത്ത
ത്തുരക്കുക എന്നു പറഞ്ഞു. ഞാൻ ചുവ
കുത്തിത്തുരന്നപ്പോൾ ഒരു വാതിൽ കണ്ട
അവൻ എന്നോട് അകത്തു ചെന്ന് അവ
ഇവിടെ ചെയ്തുകൊണ്ടിരിക്കുന്ന മഹ
പാപങ്ങൾ കാണുക എന്നു കല്പിച്ച
അങ്ങനെ ഞാൻ അകത്തു ചെന്നു. വെറു
ക്കത്തക്ക ഓരോ തരം ഇഴജാതികളേയു
ഇസ്രായേൽ ഭവനത്തിന്റെ സകല വിഗ്രഹ
ങ്ങളേയും ചുവരിന്മേൽ ചുറ്റും വരച്ചിരിക്ക
ന്നതു ഞാൻ കണ്ടു. അവയുടെ മുമ്പിൽ
ഇസ്രായേൽ ഗൃഹത്തിന്റെ മൂപ്പന്മാരിൽ
എഴുപതു പേരും ശാഫാന്റെ മകനാ
യയസന്യാ അവരുടെ നടുവിലും ഓരോ
രുവൻ കയ്യിൽ ധൂപകലശം പിടിച്ചുകൊണ്ടു
നിന്നു. ധൂപവാസന ഉയർന്നുകൊണ്ടി
രുന്നു. അപ്പോൾ അവൻ എന്നോട് മനുഷ്യ
പുത്രാ, ഇസ്രായേൽ ഗൃഹത്തിന്റെ മൂപ്പ
ന്മാർ ഇരുളിൽ ഓരോരുവൻ താന്താന്റെ
ബിംബങ്ങളുടെ മുറികളിൽ ചെയ്യുന്നത് നീ
കാണുന്നുവോ? കർത്താവ് നമ്മെ കാണു
ന്നില്ല, കർത്താവ് ദേശം വിട്ടുപോയിരി
ക്കുന്നു എന്ന് അവർ പറയുന്നു എന്നരുളി
ച്ചെയ്തു. അവർ ഇതിലും വലിയ തിന്മകൾ
ചെയ്യുന്നതു നീ കാണും എന്നും അവൻ
എന്നോടു പറഞ്ഞു. അവൻ എന്നെ

ദൈവാലയത്തിൽ വടക്കോട്ടുള്ള വാതി
ലിന്റെ മുന്നിൽ കൊണ്ടുപോയി. അവിടെ
സ്ത്രീകൾ തോമൂസിനെക്കുറിച്ച് കരഞ്ഞു
കൊണ്ടിരിക്കുന്നതു ഞാൻ കണ്ടു. അവൻ
എന്നോട് മനുഷ്യപുത്രാ, ഇത് നീ കണ്ടല്ലോ!
ഇതിലും വലിയ മ്ലേച്ഛതകൾ ഇനിയും
കാണും എന്നു പറഞ്ഞു. അവൻ എന്നെ
ദൈവാലയത്തിന്റെ അകത്തെ പ്രാകാര
ത്തിൽ കൊണ്ടുപോയി. കർത്തൃമന്ദിര
ത്തിന്റെ വാതില്ക്കൽ മണ്ഡപത്തിനും
യാഗപീഠത്തിനും മദ്ധ്യേ ഏകദേശം ഇരു
പത്തിയഞ്ചു പേർ തങ്ങളുടെ പിൻഭാഗം
കർത്തൃമന്ദിരത്തിന്റെ നേരേയും മുഖം
കിഴക്കോട്ടും തിരിച്ചുകൊണ്ടു നിന്നിരുന്നു.
അവർ കിഴക്കോട്ടു നോക്കി സൂര്യനെ
നമസ്ക്കരിക്കുകയായിരുന്നു. അപ്പോൾ
അവൻ എന്നോട്, മനുഷ്യപുത്രാ നീ
കാണുന്നല്ലോ. യഹൂദാഭവനം ഇവിടെ
ചെയ്യുന്ന തിന്മകൾ പോരാഞ്ഞിട്ടോ അവർ
എന്നെ കൂടുതൽ കോപിപ്പിക്കുവാൻ ദേശ
മെല്ലാം അക്രമംകൊണ്ട് നിറയ്ക്കുന്നത്?
ണ്ടില്ലേ അവർ നാസാരന്ധ്രം തുറക്കുന്ന
. ആകയാൽ ഞാനും ക്രോധത്തോടെ
വർത്തിക്കും. എനിക്കു ദയ തോന്നുക
ല്ല. ഞാൻ കരുണ കാണിക്കയില്ല. അവർ
ത്തിൽ എന്നോട് നില വിളിച്ചാലും ഞാൻ
പേക്ഷ കേൾക്കുകയില്ല എന്ന് അരുളി
യ്തു.

അദ്ധ്യായം 9

അനന്തരം ഞാൻ കേൾക്കെ അവൻ
ത്യുച്ചത്തിൽ വിളിച്ചു. നഗരത്തിന്റെ
ാശകരേ, അടുത്തുവരുവിൻ. ഓരോ
നും വിനാശായുധം കയ്യിൽ എടുക്കട്ടെ
നു കല്പിച്ചു. അപ്പോൾ ആറുപേർ
രാരുവനും മഴു കയ്യിൽ എടുത്തു
ണ്ട് മേൽ വടക്കോട്ടുള്ള പടിവാതിൽ
യായി വന്നു. അവരുടെ നടുവിൽ
വസ്ത്രം ധരിച്ച് അരയിൽ എഴുത്തു
ന്റെ സഞ്ചിയുമായി ഒരുവൻ ഉണ്ടാ
ന്നു. അവർ അകത്തു കടന്ന് താമ്ര
പീഠത്തിന്റെ സമീപം നിന്നു.
ായേലിന്റെ ദൈവത്തിന്റെ മഹത്വം,
ഇരുന്നിരുന്ന ക്രൂബയിൽനിന്ന്
യത്തിന്റെ പ്രവേശനപടിക്കൽ വന്നി
. പിന്നെ അവൻ ചണവസ്ത്രം ധരിച്ച്
ിൽ എഴുത്തുകാരന്റെ സഞ്ചിയു
നിന്നിരുന്നവനെ വിളിച്ചു. അവനോട്
ാവ്: നീ യറുശലേം നഗരത്തിന്റെ
ൽ കുടെ ചെന്ന് അതിൽ നടക്കുന്ന
സർവ്വതിന്മകളുമോർത്ത് നെടുവീർപ്പിട്ടു
കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ ഒരു
അടയാളം വരയ്ക്കുക എന്നു കല്പിച്ചു.
അവരോടൊരുമിച്ചുണ്ടായിരുന്നവരോട് 5
ഞാൻ കേൾക്കെ അവൻ: നിങ്ങൾ എന്റെ
പിന്നാലെ നഗരത്തിൽ കൂടി ചെന്നു സംഹ
രിപ്പിൻ. നിങ്ങളുടെ കണ്ണിനു ദയതോന്നരുത്.
നിങ്ങൾ കരുണ കാണിക്കയുമരുത്. വൃദ്ധ 6
രേയും യുവാക്കളേയും കന്യകമാരേയും
പൈതങ്ങളേയും, സ്ത്രീകളേയും കൊന്നു
കളയുവിൻ! എന്നാൽ അടയാളമുള്ള ഒരു
വനേയും തൊടരുത്. എന്റെ വിശുദ്ധമന്ദിര
ത്തിൽതന്നെ തുടങ്ങുവിൻ എന്നു കല്പി
ച്ചു. അങ്ങനെ അവർ ആലയത്തിന്റെ
മുമ്പിൽ ഉണ്ടായിരുന്ന മൂപ്പന്മാരുടെ
ഇടയിൽ തുടങ്ങി. അവൻ അവരോട്: 7
നിങ്ങൾ ആലയത്തെ അശുദ്ധമാക്കി.
പ്രാകാരങ്ങളെ നിഹതന്മാരെക്കൊണ്ട്
നിറപ്പിൻ. പുറപ്പെടുവിൻ എന്നു കല്പിച്ചു.
അങ്ങനെ അവർ പുറപ്പെട്ടു നഗരമാകെ
സംഹാരം നടത്തി. അവരെ കൊന്നുകളഞ്ഞ 8
ശേഷം ഞാൻ മാത്രം ശേഷിച്ചു. ഞാൻ
കവിണ്ണു വീണു. കർത്താധികർത്താവേ,
യറൂശലേമിന്മേൽ നിന്റെ ക്രോധം
ചിന്തുന്നതിനാൽ ഇസ്രായേലിൽ ശേഷി
പ്പുള്ളവരെയെല്ലാം സംഹരിക്കുമോ? എന്നു
നിലവിളിച്ചു. അതിന് അവൻ എന്നോട്, 9
ഇസ്രായേൽ ഗൃഹത്തിന്റേയും യഹൂദാ
ഗൃഹത്തിന്റേയും അകൃത്യം ഏറ്റവും
വലുതായിരിക്കുന്നു. ദേശം കൊലപാതകം
കൊണ്ടും നഗരം അധർമ്മംകൊണ്ടും
നിറഞ്ഞിരിക്കുന്നു. 'ദൈവം ദേശത്തെ
വിട്ടുപോയിരിക്കുന്നു. ദൈവം കാണുന്നില്ല.'
എന്ന് അവർ പറയുന്നു. ഞാനോ ദയ 10
തോന്നാതെയും ഞാൻ കരുണ കാണിക്കാ
തെയും അവരുടെ പ്രവൃത്തിക്കു തക്കവണ്ണം
അവരുടെ തലമേൽ പ്രതികാരം ചെയ്യും
എന്ന് അരുളിച്ചെയ്തു. ചണവസ്ത്രം 11
ധരിച്ചു അരയിൽ സഞ്ചിയുമായുള്ള
പുരുഷൻ എന്നോട് കല്പിച്ചതുപോലെ
ഞാൻ ചെയ്തിരിക്കുന്നു എന്നു പ്രസ്താ
വിച്ചു.

അദ്ധ്യായം 10

അനന്തരം ഞാൻ നോക്കിയപ്പോൾ 1
ക്രൂബേന്മാരുടെ തലയ്ക്കു മീതെ ഉണ്ടാ
യിരുന്ന വിതാനത്തിൽ നീലക്കല്ലുപോ
ലുള്ള സിംഹാസനത്തിന്റെ സാദൃശ്യ
ത്തിൽ ഒരു രൂപം അവയുടെ മേൽ കണ്ടു.
അവൻ ചണവസ്ത്രം ധരിച്ച പുരുഷനോട് 2

സംസാരിച്ചു. നീ ക്രൂബകളുടെ കീഴെ തിരി
ഞ്ഞുകൊണ്ടിരിക്കുന്ന ചക്രങ്ങളുടെ നടു
വിൽ ചെന്ന് ക്രൂബകളുടെ ഇടയിൽനിന്ന്
നിന്റെ കൈ നിറയെ തീക്കനൽ എടുത്ത്
നഗരത്തിന്മേൽ വിതറുക എന്നു കല്പിച്ചു.
അങ്ങനെ ഞാൻ കാൺകെ അവൻ ചെന്നു.
3 ആ ആൾ അകത്തു ചെല്ലുമ്പോൾ ക്രൂബേ
ന്മാർ ആലയത്തിന്റെ വലത്തുഭാഗത്തു
നിന്നു. മേഘവും അകത്തെ പ്രാകാരത്തിൽ
4 നിറഞ്ഞിരുന്നു. എന്നാൽ ദൈവമഹത്വം
ക്രൂബേന്മാരുടെ മേൽ നിന്നു പൊങ്ങി,
ആലയത്തിന്റെ പ്രവേശനപ്പടിക്കു മീതെ
നിന്നു. ആലയം മേഘംകൊണ്ടു നിറഞ്ഞി
രുന്നു. പ്രാകാരവും ദൈവമഹത്വത്തിന്റെ
5 ശോഭകൊണ്ട് നിറഞ്ഞിരുന്നു. ക്രൂബേന്മാ
രുടെ ചിറകടിയുടെ ശബ്ദം പുറത്തെ
പ്രാകാരംവരെ സർവ്വശക്തനായ ദൈവം
സംസാരിക്കുന്ന നാദംപോലെ കേട്ടിരുന്നു.
6 എന്നാൽ അവൻ ചണവസ്ത്രം ധരിച്ച
പുരുഷനോട്: നീ ക്രൂബേന്മാരുടെ ഇട
യിൽനിന്നു തിരിഞ്ഞുകൊണ്ടിരിക്കുന്ന
ചക്രങ്ങളുടെ ഇടയിൽനിന്നുതന്നെ അഗ്നി
എടുക്കുക എന്നു കല്പിച്ചപ്പോൾ അവൻ
7 ചെന്നു ചക്രങ്ങളുടെ അടുത്തു നിന്നു. ഒരു
ക്രൂബേ ക്രൂബേന്മാരുടെ ഇടയിൽനിന്നു
തന്റെ കൈ ക്രൂബേന്മാരുടെ നടുവിലുള്ള
തീയിലേക്കു നീട്ടി കുറെ എടുത്തു ചണ
വസ്ത്രം ധരിച്ചവന്റെ കൈയിൽ കൊടു
ത്തു. അവൻ അതു വാങ്ങി പുറപ്പെട്ടു.
8 ക്രൂബേന്മാരുടെ ചിറകുകൾക്കു കീഴെ മനു
ഷ്യന്റെ കൈപോലെ ഒന്നു കാണപ്പെട്ടു.
9 ഞാൻ ക്രൂബേന്മാരുടെ അരികെ നാലു
ചക്രം കണ്ടു. ഓരോ ക്രൂബേയുടെയുമരികെ
ഓരോ ചക്രം ഉണ്ടായിരുന്നു. ചക്രങ്ങളുടെ
കാഴ്ച പുഷ്യരാഗംപോലെ ആയിരുന്നു.
10 അവയുടെ രൂപവും നാലിന്നും ഒരുപോലെ
ആയിരുന്നു. ചക്രത്തിൽക്കൂടി മറ്റൊരു ചക്രം
ഉള്ളതുപോലെ അവയ്ക്കു നാലു ഭാഗ
11 ത്തേക്കും പോകാം! തിരിയേണ്ട ആവശ്യമി
ല്ലാതെ മുൻചക്രം പോകുന്ന ഇടത്തേക്കു
അതിന്റെ പിന്നാലെ അവ പോകും. പോകു
12 മ്പോൾ തിരിയുകയുമില്ല. അവയുടെ ദേഹം
മുഴുവനും പുറത്തും കയ്യിലും ചിറകിലും
ചക്രത്തിലും നാലിന്നും ഉള്ള ചക്രത്തിൽ
ചുറ്റിത്തിരിയുന്ന കണ്ണുകളുണ്ടായിരുന്നു.
13 ചക്രങ്ങൾക്കോ ഞാൻ കേൾക്കെ ചുഴലി
14 കൾ എന്നു പേർ വിളിക്കപ്പെട്ടു. ഓരോ
ന്നിനും നന്നാലു മുഖം ഉണ്ടായിരുന്നു.
ഒന്നാമത്തെ മുഖം ക്രൂബ് മുഖവും രണ്ടാമ
ത്തേതു മനുഷ്യമുഖവും മൂന്നാമത്തേത്
സിംഹമുഖവും നാലാമത്തേത് കഴുകമുഖ
വും ആയിരുന്നു. ക്രൂബകൾ മേലോട്ടു
യർന്നു. ഇതു ഞാൻ കെബാർ നദീതീരത്തു
വച്ചു കണ്ട ജീവികൾതന്നെ. ക്രൂബേന്മാർ
പോകുമ്പോൾ ചക്രങ്ങളും അവയോടു
ചേർന്നു പോകുമായിരുന്നു. ഭൂമിയിൽ
നിന്നു പൊങ്ങുവാൻ ക്രൂബകൾ ചിറകു
വിടർത്തുമ്പോൾ ചക്രങ്ങൾ അവയുടെ
പാർശ്വം വിട്ടുമാറുകയില്ല. ജീവിയുടെ
ആത്മാവു ചക്രങ്ങളിൽ ആയിരുന്നതു
കൊണ്ട് അവ നില്ക്കുമ്പോൾ ഇവയും
നില്ക്കും. അവ പൊങ്ങുമ്പോൾ ഇവയും
പൊങ്ങും. പിന്നെ ദൈവമഹത്വം ആലയ
ത്തിന്റെ പ്രവേശനം വിട്ടു പുറപ്പെട്ടു ക്രൂബ
കളിൻ മീതെ വന്നുനിന്നു. അപ്പോൾ ക്രൂബ
കൾ ചിറകു വിടർത്തി. ഞാൻ കാൺകെ
ഭൂമിയിൽനിന്നു മേലോട്ടുയർന്നു. അവ
പൊങ്ങിയപ്പോൾ ചക്രങ്ങളും സമീപത്തു
ണ്ടായിരുന്നു. എല്ലാം ദൈവാലയത്തിന്റെ
കിഴക്കേ പടിവാതില്ക്കൽ ചെന്ന് നിന്നു.
ഇസ്രായേലിന്റെ ദൈവത്തിന്റെ മഹത്വ
വും അവയ്ക്കുമേൽ നിന്നു. ഇതു ഞാൻ
കെബാർ നദീതീരത്തു വച്ചു ഇസ്രായേലി
ന്റെ ദൈവത്തിന്റെ കിഴെ കണ്ട ജീവികൾ
തന്നേ. അവ ക്രൂബകൾ എന്നു ഞാൻ
ഗ്രഹിച്ചു. ഓരോന്നിനും നന്നാലു മുഖവും
നന്നാലു ചിറകും ഉണ്ടായിരുന്നു. ചിറകിൻ
കീഴെ മാനുഷകൈപോലെ ഒന്നുണ്ടായിരു
ന്നു. അവയുടെ മുഖാകൃതി ഞാൻ കേബാർ
നദീതീരത്തു വച്ചു കണ്ട മുഖങ്ങൾതന്നെ
ആയിരുന്നു. അവയുടെ രൂപവും അവ
തന്നെ. അവ ഓരോന്നും നേരേ മുമ്പോട്ടു
പോയിരുന്നു.

അദ്ധ്യായം 11

അനന്തരം ആത്മാവ് എന്നെ എടുത്ത്
ദൈവാലയത്തിന്റെ കിഴക്കുള്ള കിഴക്കേ
പടിവാതില്ക്കൽ കൊണ്ടുപോയി. പടി
വാതിലിന്റെ പ്രവേശനത്തിൽ ഞാൻ ഇരു
പത്തഞ്ചു പേരേയും അവരുടെ നടുവിൽ
ജനത്തിന്റെ പ്രഭുക്കന്മാരായ അസ്സൂരിന്റെ
മകൻ യയസന്യായേയും ബെനയായുടെ
മകൻ പെലത്യായേയും കണ്ടു.

അവൻ എന്നോട്: മനുഷ്യപുത്രാ, ഇവർ
ഈ നഗരത്തിൽ അനീതി ആലോചിച്ച്
ദുരാലോചന കഴിക്കുന്ന മനുഷ്യരാകു
ന്നു. വീടുകൾ പണിയുവാൻ സമയം ആയി
ട്ടില്ല. ഈ നഗരം കുട്ടകവും നാം മാംസവു
മാകുന്നു എന്ന് അവർ പറയുന്നു. ആക
യാൽ അവരെക്കുറിച്ച് പ്രവചിക്കുക. മനു

ഷ്യപുത്രാ, പ്രവചിക്കുക എന്നു കല്പിച്ചു.
അപ്പോൾ ദൈവാത്മാവ് എൻെറ മേൽ
വന്ന് എന്നോട് കല്പിച്ചു. നീ പറയേണ്ടത്
എന്തെന്നാൽ: കർത്താവ് ഇപ്രകാരം അരുളി
ച്ചെയ്യുന്നു: ഇസ്രായേൽ ഭവനമേ നിങ്ങൾ
ഇന്നിന്ന കാര്യങ്ങൾ പറഞ്ഞിരിക്കുന്നു.
നിങ്ങളുടെ മനസ്സിൽ ചിന്തിക്കുന്ന കാര്യ
ങ്ങളും ഞാൻ അറിയുന്നു. നിങ്ങൾ ഈ
നഗരത്തിൽ മൃതന്മാരെ വർദ്ധിപ്പിച്ചു
വീഥികളെ ഹതന്മാരെക്കൊണ്ടു നിറച്ചിരി
ക്കുന്നു. ആകയാൽ ദൈവമായ കർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു. നിങ്ങൾ ഈ
നഗരത്തിൻെറ നടുവിൽ കൊന്നുകളഞ്ഞ
വർ മാംസവും ഈ നഗരം കുട്ടകവും ആകു
ന്നു. എന്നാൽ നിങ്ങളെ ഞാൻ അതിൻെറ
നടുവിൽനിന്നു പുറത്താക്കും. നിങ്ങൾ
വാളിനെ ഭയപ്പെടുന്നു. വാളിനെത്തന്നെ
ഞാൻ നിങ്ങൾക്കെതിരേ വരുത്തും എന്നു
ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു.
ഞാൻ നിങ്ങളെ അതിൻെറ നടുവിൽനിന്നു
പുറത്താക്കി അന്യന്മാരുടെ കയ്യിൽ ഏല്പി
 നിങ്ങളുടെ ഇടയിൽ ശിക്ഷാവിധി നട
ും. നിങ്ങൾ വാളാൽ വീഴും. ഇസ്രായേ
ൻെറ അതിരിൽ വച്ച് ഞാൻ നിങ്ങളെ
ക്ഷിക്കും. ഞാൻ കർത്താവ് എന്നു
ങ്ങൾ അറിയും. ഈ നഗരം നിങ്ങൾക്ക്
ട്ടകം ആയിരിക്കയില്ല. നിങ്ങൾ അതിന്ന
ത്തു മാംസവുമായിരിക്കയില്ല. ഇസ്രായേ
ൻെറ അതിർത്തിയിൽ വച്ച് തന്നെ ഞാൻ
ങ്ങളെ ശിക്ഷയ്ക്കു വിധിക്കും. എൻെറ
പ്പനകൾ ആചരിക്കുകയോ എൻെറ
ായങ്ങളെ ആദരിക്കുകയോ ചെയ്യാതെ
ുമുള്ള വിജാതിയ ന്യായങ്ങൾ അനുസ
 നടന്ന നിങ്ങൾ ഞാൻ ദൈവം എന്ന്
ിയും. ഞാൻ പ്രവചിച്ചുകൊണ്ടിരിക്കു
ാൾതന്നെ ബനയായുടെ മകനായ
ലത്യാ മരിച്ചു. അപ്പോൾ ഞാൻ കവിണ്ണു
നു ഉറക്കെ നിലവിളിച്ചു. കർത്താധി
ത്താവേ, ഇസ്രായേലിൽ ശേഷിപ്പുള്ള
 നീ അശേഷം നശിപ്പിക്കുമോ എന്നു
ത്തു.
കർത്താവിൻെറ കല്പന എനിക്കുണ്ടാ
മനുഷ്യപുത്രാ, ഞങ്ങൾക്കാണ് ഈ
 അവകാശമായി നല്കപ്പെട്ടിരിക്കു
 എന്നാണല്ലോ യറുശലേം നിവാ
ൾ നിൻെറ ചാർച്ചക്കാരായ നിൻെറ
ാദരന്മാരോടും എല്ലാ ഇസ്രായേല്യ
ം പറയുന്നത്. അവർ ദൈവത്തിൽ
 അകന്നു. അതുകൊണ്ട് നീ പറയേ
 ദൈവമായ കർത്താവ് ഇപ്രകാരം

അരുളിച്ചെയ്യുന്നു. ഞാൻ അവരെ ദൂരെയും
ജാതികളുടെ ഇടയിലും നീക്കി രാജ്യങ്ങ
ളിൽ ചിതറിച്ചുകളയും. അവർ പോയിരി
ക്കുന്ന രാജ്യങ്ങളിൽ ഞാൻ അവർക്ക്
അല്പകാലത്തേക്ക് ഒരു വിശുദ്ധമന്ദിരമാ
യിരിക്കും. ആകയാൽ നീ പറയുക. ദൈവ 17
മായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യു
ന്നു. ഞാൻ നിങ്ങളെ ജാതികളിൽനിന്നു
ശേഖരിക്കും. നിങ്ങൾ ചിതറിപ്പോയിരി
ക്കുന്ന ജാതികളിൽ നിന്നു കൂട്ടിച്ചേർക്കും.
ഇസ്രായേൽ ദേശം നിങ്ങൾക്കു തരും. അവർ 18
അവിടെയെത്തി അതിലെ സകല മലിന
ബിംബങ്ങളേയും അശുദ്ധ വിഗ്രഹങ്ങളേ
യും അവിടെനിന്നു മാറ്റും. അവർ എൻെറ 19
നിയമങ്ങളിൽ നടന്ന് എൻെറ വിധികളെ
അനുസരിച്ച് ആചരിക്കേണ്ടതിന് ഞാൻ
അവർക്ക് വേറൊരു ഹൃദയം നല്കും. പുതി
യൊരു ആത്മാവിനെ അവരിൽ നൽകും.
കല്ലുപോലുള്ള ഹൃദയം ഞാൻ അവരുടെ
ജഡത്തിൽനിന്നു നീക്കി മാംസളമായുള്ള
ഹൃദയം അവർക്കു കൊടുക്കും. അവർ 20
എൻെറ കല്പനകൾ ആചരിക്കും, വിധി
കൾ പാലിക്കും. അവർ എനിക്കു ജനമായും
ഞാൻ അവർക്കു ദൈവമായും ഇരിക്കും.
എന്നാൽ തങ്ങളുടെ അശുദ്ധബിംബങ്ങളു 21
ടേയും മലിന വിഗ്രഹങ്ങളുടേയും ഇഷ്ടാ
നുസരണം നടക്കുന്നവർക്ക് ഞാൻ അവ
രുടെ നടപ്പിനു തക്കവണ്ണം അവരുടെ തല
മേൽ പകരം ചെയ്യും എന്നു ദൈവമായ 22
കർത്താവിൻെറ അരുളപ്പാട്. അനന്തരം
ക്രൂബകൾ ചിറകു വിടർത്തി. ചക്രങ്ങളും
അവരോടൊപ്പം ഉണ്ടായിരുന്നു. ഇസ്രാ
യേലിൻെറ ദൈവത്തിൻെറ മഹത്വവും
അവയ്ക്കുമേൽ ഉണ്ടായിരുന്നു. ദൈവത്തി 23
ൻെറ മഹത്വം നഗരത്തിൻെറ നടുവിൽ
നിന്ന് മേലോട്ടുയർന്നു നഗരത്തിന് കിഴക്കു
വശത്തുള്ള പർവ്വതത്തിന്മേൽ നിന്നു.
ആത്മാവ് എന്നെ എടുത്ത് ദർശനത്തിൽ 24
ദൈവാത്മാവ് കൽദയദേശത്ത് പ്രവാസി
കളുടെ അടുക്കൽ കൊണ്ടുവന്നു. ഞാൻ
കണ്ട ദർശനം എന്നെ വിട്ടുയർന്നുപോയി.
ഞാനോ കർത്താവ് എനിക്കു വെളിപ്പെടു 25
ത്തിയ അവൻെറ സകല വചനങ്ങളും
പ്രവാസികളോട് പ്രസ്താവിച്ചു.

അദ്ധ്യായം 12

ഞാൻ പറയുവാൻ ദൈവത്തിൻെറ 1
കല്പന എനിക്കുണ്ടായി. മനുഷ്യപുത്രാ, 2
നീ മത്സരഗൃഹത്തിൻെറ നടുവിൽ പാർക്കു
ന്നു. കാണുവാൻ കണ്ണുണ്ടെങ്കിലും അവർ

കാണുന്നില്ല. കേൾപ്പാൻ ചെവിയുണ്ടെ
3 ങ്കിലും അവർ കേൾക്കുന്നില്ല. അവർ
മത്സരകുടുംബം ആകയാൽ മനുഷ്യപുത്രാ,
നീ യാത്രാവസ്തുക്കൾ ഒരുക്കി പകൽ
സമയത്ത് അവർ കാൺകെ പുറപ്പെടുക;
അവർ കാൺകെ നിന്റെ സ്ഥലം വിട്ട്
മറ്റൊരു സ്ഥലത്തേക്ക് യാത്രയ്ക്കു പുറ
പ്പെടുക. മത്സര ഗൃഹമെങ്കിലും അവർ കണ്ട്
4 ഗ്രഹിച്ചേക്കാം. യാത്രാവസ്തുക്കൾപോലെ
നിന്റെ സാമാനം നീ പകൽ സമയത്ത്
അവർ കാൺകെ പുറത്തു കൊണ്ടുവരണം.
വൈകുന്നേരം അവർ കാൺകെ പ്രവാസ
ത്തിനു പോകുന്നവരെപ്പോലെ നീ പുറപ്പെ
5 ടണം. അവർ കാൺകെ നീ മതിൽ കുത്തി
ത്തുരന്ന് അതിൽകൂടി അതു പുറത്തു
6 കൊണ്ടുപോകണം. അവർ കാൺകെ നീ
അത് തോളിൽ ചുമന്നുകൊണ്ട് ഇരുട്ടത്ത്
പുറപ്പെടണം. നിലം കാണാത വണ്ണം നിന്റെ
മുഖം മൂടണം. ഞാൻ നിന്നെ ഇസ്രായേൽ
ഗൃഹത്തിന് അടയാളം ആക്കിയിരിക്കുന്നു.
7 എന്നോട് കല്പിച്ചതുപോലെ ഞാൻ ചെയ്തു.
യാത്രാവസ്തുക്കൾപോലെ ഞാൻ എന്റെ
സാമാനം പകൽസമയത്തു പുറത്തു
കൊണ്ടുവന്നു. വൈകുന്നേരം ഞാൻ
എന്റെ കൈകൊണ്ട് മതിൽ കുത്തി
ത്തുരന്നു. ഇരുട്ടത്ത് അതു പുറത്തു കൊണ്ടു
വന്നു; അവർ കാൺകെ തോളിൽ ചുമന്നു.
8 എന്നാൽ രാവിലെ ദൈവകല്പന എനിക്കു
9 ണ്ടായി: മനുഷ്യപുത്രാ, മത്സരഗൃഹമായ
10 ഇസ്രായേൽ ഗൃഹം നിന്നോട് നീ എന്തു
ചെയ്യുന്നു എന്നു ചോദിച്ചാൽ ഈ അരുള
പ്പാട് യറുശലേമിലെ പ്രഭുക്കന്മാർക്കും
അവരുടെ ചുറ്റുമുള്ള ഇസ്രായേൽ ഗൃഹം
മുഴുവനും ഉള്ളത് എന്ന് ദൈവമായ കർത്താ
വ് അരുളിച്ചെയ്യുന്നു എന്നു നീ അവരോട്
11 പറയണം. ഞാൻ നിങ്ങൾക്ക് ഒരടയാളമാ
കുന്നു എന്നു നീ പറയണം. ഞാൻ ചെയ്ത
തുപോലെ നിങ്ങൾക്കു ഭവിക്കും. നിങ്ങൾ
നാടുവിട്ട് പ്രവാസത്തിനു പോകേണ്ടിവരും.
12 അവരുടെ നേതാവ് ഇരുട്ടത്ത് തോളിൽ
ചുമടുമായി പുറപ്പെടും. അത് പുറത്തു കൊ
ണ്ടുപോകുവാൻ അവർ മതിൽ കുത്തി
ത്തുരക്കും. കണ്ണുകൊണ്ട് നിലം കാണാ
തിരിക്കത്തക്കവിധം അവൻ മുഖം മൂടും.
13 ഞാൻ എന്റെ വല അവന്റെ മേൽ വിരി
ക്കും. അവൻ എന്റെ കെണിയിൽ അക
പ്പെടും. ഞാൻ അവനെ കൽദയരുടെ ദേശ
ത്ത് ബാബേലിൽ കൊണ്ടുപോകും. എങ്കി
ലും അവൻ അതിനെ കാണാതെ അവിടെ
14 വച്ചു മരിക്കും. അവന്റെ ചുറ്റുമുള്ള സഹാ
യികളെയെല്ലാം, അവന്റെ ശക്തരെ എല്ലാം
ഞാൻ നാലു ദിക്കിലേക്കും ചിതറിക്കും.
അവരുടെ പിന്നാലെ വാൾ അയയ്ക്കുകയും
ചെയ്യും. ഞാൻ അവരെ ജാതികളുടെ മദ്ധ്യേ
ദേശങ്ങളിൽ ചിതറിക്കുമ്പോൾ ഞാൻ
കർത്താവ് എന്ന് അവർ അറിയും. എന്നാൽ
അവർ പോയിരിക്കുന്ന ജാതികളുടെ ഇട
യിൽ തങ്ങളുടെ സകല തിന്മകളേയും വിവ
രിച്ചു പറയുവാനായി ഞാൻ അവരിൽ ഏതാ
നും പേരെ വാൾ, ക്ഷാമം, പകർച്ചവ്യാധികൾ
എന്നിവയിൽനിന്ന് അവശേഷിപ്പിക്കും;
ഞാൻ കർത്താവ് എന്ന് അവർ അറിയും.

ദൈവകല്പന എനിക്കുണ്ടായി. മനു
ഷ്യപുത്രാ, സംഭ്രമത്തോടെ അപ്പം തിന്നുക.
വിറയലോടും ഭയത്തോടും വെള്ളം കുടി
ക്കുക. ദേശത്തിലെ ജനത്തോട് നീ പറ
യുക. യെറുശലേം വാസികളേയും ഇസ്രാ
യേൽ ദേശത്തേയും കുറിച്ച് ദൈവമായ
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
അവരുടെ ദേശം അതിലെ സകല നിവാസി
കളുടേയും അക്രമം നിമിത്തം മുഴുവനായി
ശൂന്യമായിപ്പോകുന്നതുകൊണ്ട് അവർ ഭയ
ത്തോടെ അപ്പം തിന്നുകയും സംഭ്രമത്തോ
ടെ വെള്ളം കുടിക്കുകയും ചെയ്യും. ജന
പുഷ്ടിയുള്ള നഗരങ്ങൾ ശൂന്യവും ദേശം
നിർജ്ജനവും ആകും. ഞാനാകുന്നു ദൈവം
എന്നു നിങ്ങൾ അറിയും.

ദൈവകല്പന എനിക്കുണ്ടായി: മനു
ഷ്യപുത്രാ, കാലം ദീർഘിക്കും. പ്രവചന
മെല്ലാം നിറവേറുന്നില്ല എന്ന് നിങ്ങൾക്ക്
ഇസ്രായേൽ ദേശത്ത് ഒരു പഴഞ്ചൊല്ലു
ള്ളത് എന്താണ്? അതുകൊണ്ട്, നീ അവ
രോട് പറയേണ്ടത്, ദൈവമായ കർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ ഈ
പഴഞ്ചൊല്ല് നിർത്തലാക്കും. ഇസ്രായേ
ലിൽ ഇനി അത് ഒരു പഴഞ്ചൊല്ലായിരിക്ക
യില്ല. കാലവും സകല പ്രവചനത്തിന്റേ
യും നിവൃത്തിയും അടുത്തിരിക്കുന്നു എന്ന്
അവരോട് പറയുക. ഇസ്രായേൽ ഗൃഹ
ത്തിൽ ഇനി മിത്ഥ്യാദർശനവും വ്യാജപ്രവ
ചനവും ഉണ്ടാകയില്ല.

കർത്താവായ ഞാൻ പ്രസ്താവിക്കു
വാൻ ആഗ്രഹിക്കുന്ന വചനം ഞാൻ പറയും.
അത് താമസിയാതെ നിറവേറും. ധിക്കാര
മുള്ള ഗൃഹമേ നിങ്ങളുടെ കാലത്തു തന്നേ
ഞാൻ വചനം പ്രസ്താവിക്കുകയും നിർവ്വ
ഹിക്കുകയും ചെയ്യും എന്ന് ദൈവമായ
കർത്താവിന്റെ അരുളപ്പാട്.

കർത്തൃകല്പന എനിക്കുണ്ടായി:
മനുഷ്യപുത്രാ ഇസ്രായേൽ ഗൃഹം: ഇവൻ

വചിക്കുന്ന പ്രവചനം വളരെ നാൾ കഴി
ത്തുള്ളതും ഇവൻ പ്രവചിക്കുന്നത് ദീർഘ
ാലശേഷത്തേക്കുള്ളതും ആകുന്നു
ന്നു പറയുന്നു. അതുകൊണ്ട് നീ അവ
ാട് പറയേണ്ടത് കർത്താധികർത്താവ്
പകാരം അരുളിച്ചെയ്യുന്നു. എന്റെ
ചനങ്ങളിൽ ഒന്നിനും ഇനി താമസം വരി
ില്ല. ഞാൻ പ്രസ്താവിക്കുന്ന വചനം
വൃത്തിയാകും എന്ന് ദൈവമായ കർത്താ
അരുളിച്ചെയ്യുന്നു.

അദ്ധ്യായം 13

വീണ്ടും കർത്തൃകല്പന എനിക്കു
യി. മനുഷ്യപുത്രാ ഇസ്രായേലിൽ
ചിക്കുന്ന പ്രവാചകന്മാർക്കെതിരായി
പ്രവചിക്കുക. സ്വന്തമായി പ്രവചിക്കു
ദരോട് പറയേണ്ടത്. കർത്തൃവചനം
ൾപ്പിൻ. ദൈവമായ കർത്താവ് ഇപ്ര
ം അരുളിച്ചെയ്യുന്നു. സ്വന്തമനസ്സി
ും തോന്നലുകളേയും പിന്തുടരുന്ന
ശൂന്യരായ പ്രവാചകന്മാർക്ക് കഷ്ടം.
ായേലേ, നിന്റെ പ്രവാചകന്മാർ കുറ്റി
ുകളിലെ കുറുക്കന്മാരെപ്പോലെ ആയി
ന്നു. ദൈവത്തിന്റെ ദിവസത്തിൽ
ത്തിൽ ഉറച്ചു നില്ക്കുവാൻ നിങ്ങൾ
ത്തവ പരിശോധിച്ചിട്ടില്ല. ഇസ്രായേൽ
ത്തിനുവേണ്ടി കോട്ട കെട്ടിയിട്ടുമില്ല.
വ്യാജമായി കള്ളദർശനം ദർശിച്ചിട്ട്
ാവിന്റെ അരുളപ്പാട് എന്നു പറ
. കർത്താവ് അവരെ അയച്ചില്ലെങ്കി
ചനം നിവൃത്തിയായിവരുമെന്ന്
പ്രതീക്ഷിക്കുന്നു. ഞാൻ പറയാതി
ദൈവത്തിന്റെ അരുളപ്പാട് എന്ന്
പറഞ്ഞുകൊണ്ട് മിത്ഥ്യാദർശനം
ുകയും വ്യാജപ്രവചനം നടത്തു
അത്രേ ചെയ്തിരിക്കുന്നത്. ആക
കർത്താധികർത്താവ് ഇപ്രകാരം
ച്ചെയ്യുന്നു: നിങ്ങൾ വ്യാജം പ്രസ്താവി
ത്യം ദർശിച്ചിരിക്കകൊണ്ട് ഞാൻ
ക്ക് വിരോധമായിരിക്കുന്നു എന്ന്
വിന്റെ അരുളപ്പാട്. വ്യാജം ദർശി
ും കള്ള പ്രവചനം പറയുകയും
ന പ്രവാചകന്മാർക്ക് എതിരെ
ാകെ ഉയരും. എന്റെ ജനത്തിന്റെ
നാസഭയിൽ അവർ ഇരിക്കയില്ല.
യൽ ഗൃഹത്തിന്റെ വംശാവലി
ാവരുടെ പേര് എഴുതുകയില്ല.
ൽ ദേശത്തിൽ അവർ കടക്കുക
ാൻ ദൈവമായ കർത്താവ് എന്ന്
ന്നറിയും. സമാധാനം ഇല്ലാതെയി
രിക്കെ സമാധാനം എന്നു പറഞ്ഞ് അവർ
എന്റെ ജനത്തെ വഞ്ചിച്ചു കോട്ട
പണിതാൽ അവർ കുമ്മായം പൂശുക
മാത്രം ചെയ്യുന്നതുകൊണ്ട് അടർന്നുവീഴ
ത്തക്കവണ്ണം കുമ്മായം പൂശുന്നവരോട് നീ
പറയേണ്ടത്: പെരുമഴ പെയ്യും. ഞാൻ 11
കൽമഴ പെയ്യിച്ച് കൊടുങ്കാറ്റടിപ്പിക്കും.
കോട്ട വീഴുമ്പോൾ നിങ്ങൾ പൂശിയ 12
കുമ്മായം എവിടെപ്പോയി എന്നു നിങ്ങ
ളോട് പറയുകയില്ലയോ? അതുകൊണ്ട് 13
ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു.
ഞാൻ എന്റെ ക്രോധത്തിൽ ഒരു കൊടു
ങ്കാറ്റടിപ്പിക്കും. എന്റെ കോപത്തിൽ
കൽമഴ പെയ്യിക്കും. എന്റെ ക്രോധത്തിൽ
വിനാശകരമായ വലിയ കൽമഴ പൊഴിക്കും.
നിങ്ങൾ കുമ്മായം പൂശിയ കോട്ട ഞാൻ 14
ഇങ്ങനെ ഇടിച്ച് നിലത്തു തള്ളിയിടും.
അതിന്റെ അസ്തിവാരം കാണപ്പെടും.
അതു വീഴും. നിങ്ങൾ അതിന്റെ അടി
യിൽ പെട്ട് നശിച്ചുപോകും. ഞാൻ ദൈവം
എന്നു നിങ്ങൾ അറിയും. അങ്ങനെ ഞാൻ 15
കോട്ട മേലും അതിന്നു കുമ്മായം പൂശി
യവരുടെ മേലും എന്റെ ക്രോധത്തെ
പൂർത്തിയാക്കി നിങ്ങളോട് ‘ഇനി കോട്ട
യില്ല. അതിന്നു കുമ്മായം പൂശിയവരായി 16
യറുശലേമിനെക്കുറിച്ച് പ്രവചിച്ച് സമാ
ധാനമില്ലാതിരിക്കെ അതിന്നു സമാ
ധാനദർശനങ്ങൾ ദർശിക്കുന്ന ഇസ്രാ
യേലിന്റെ പ്രവാചകന്മാരും ഇല്ലാതാകും’
എന്നു പറയും എന്നു ദൈവമായ കർത്താ
വിന്റെ അരുളപ്പാട്.

മനുഷ്യപുത്രാ സ്വന്താഭിപ്രായം പറയു 17
ന്ന നിന്റെ ജനത്തിന്റെ പുത്രിമാരുടെ നേ
രേ നോക്കി അവർക്കു വിരോധമായി പ്രവ
ചിച്ചു പറയുക. ദൈവമായ കർത്താവ് ഇപ്ര 18
കാരം അരുളിച്ചെയ്യുന്നു. മനുഷ്യാത്മാക്കളെ
വേട്ടയാടേണ്ടതിന്നു കൈകൾക്ക് മന്ത്രച്ചര
ടുകളും ഏതു ഉയരവും ഉള്ളവരുടെ തല
യ്ക്കു തക്ക മൂടുപടങ്ങളും ഉണ്ടാക്കുന്ന
സ്ത്രീകൾക്ക് കഷ്ടം. നിങ്ങൾ എന്റെ
ജനത്തിൽ ചിലരെ വേട്ടയാടിക്കൊന്നു.
നിങ്ങളുടെ ആദായത്തിന്നായി ചിലരെ
ജീവനോടെ രക്ഷിക്കുകയും ചെയ്യുന്നു.
മരിക്കരുതാത്തവരെ കൊല്ലുവാനും ജീവി 19
ച്ചിരിക്കരുതാത്തവരെ ജീവനോടെ രക്ഷി
ക്കുവാനും നിങ്ങൾ വ്യാജം കേൾക്കുന്ന
എന്റെ ജനത്തോട് അസത്യം പറയുന്ന
തിനാൽ എന്റെ ജനത്തിന്റെ മദ്ധ്യേ ഒരു
പിടി യവത്തിന്നും ഒരു അപ്പക്കഷണത്തി 20
നും വേണ്ടി എന്നെ അശുദ്ധമാക്കിയിരി

20 ക്കുന്നു. ആകയാൽ ദൈവമായ കർത്താവ്
അരുളിച്ചെയ്യുന്നു. ദേഹികളെ പക്ഷികളെ
പ്പോലെ വേട്ടയാടുന്ന നിങ്ങളുടെ മന്ത്ര
ച്ചരടുകൾക്കു ഞാൻ എതിരായിരിക്കും.
ഞാൻ അവയെ നിങ്ങളുടെ ഭുജങ്ങളിൽ
നിന്നു പൊട്ടിക്കും. നിങ്ങൾ പക്ഷികളെ
പ്പോലെ വേട്ടയാടുന്ന മനുഷ്യരെ ഞാൻ
21 വിടുവിക്കും. നിങ്ങളുടെ മൂടുപടങ്ങളേയും
ഞാൻ കീറിക്കളയും. എൻെറ ജനത്തെ
നിങ്ങളുടെ കയ്യിൽനിന്നു വിടുവിക്കും.
അവർ ഇനി നിങ്ങളുടെ പിടിയിൽ ആയിരി
ക്കുകയില്ല. ഞാൻ ആകുന്നു ദൈവം എന്നു
22 നിങ്ങൾ അറിയും. ഞാൻ ദുഃഖിപ്പിക്കാത്ത
നീതിമാൻെറ ഹൃദയത്തെ നിങ്ങൾ അസത്യ
ങ്ങൾ കൊണ്ട് നിരാശപ്പെടുത്തുകയും
തൻെറ ദുർമ്മാർഗ്ഗം വിട്ടു തിരിഞ്ഞു
ജീവരക്ഷ പ്രാപിക്കാതിരിക്കത്തക്കവിധം
ദുഷ്ടനെ നിങ്ങൾ പ്രോത്സാഹിപ്പിക്കുക
23 യും ചെയ്യുന്നതുകൊണ്ട് നിങ്ങൾ ഇനി
വ്യാജദർശനം കാണുകയോ പ്രശ്നം പറ
യുകയോ ചെയ്കയില്ല. ഞാൻ എൻെറ
ജനത്തെ നിങ്ങളുടെ കയ്യിൽനിന്നു മോചി
പ്പിക്കും. ഞാൻ ദൈവം എന്നു നിങ്ങൾ
അറിയും.

അദ്ധ്യായം 14

1 ഇസ്രായേൽ മൂപ്പന്മാരിൽ ചിലർ എൻെറ
അടുക്കൽ വന്ന് എൻെറ മുമ്പിൽ ഇരുന്നു.
2 അപ്പോൾ കർത്തൃകല്പന എനിക്കുണ്ടായി.
3 മനുഷ്യപുത്രാ ഈ മനുഷ്യർ തങ്ങളുടെ
വിഗ്രഹങ്ങളെ ഹൃദയത്തിൽ പ്രതിഷ്ഠിച്ച്
അവരുടെ അകൃത്യങ്ങൾ തങ്ങളുടെ മുമ്പിൽ
വച്ചിരിക്കുന്നു. അവർ ചോദിച്ചാൽ ഞാൻ
4 ഉത്തരമരുളുകയില്ല. അതിനാൽ നീ അവ
രോട് പറയുക. ദൈവമായ കർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു. ഇസ്രായേൽ
ഗൃഹത്തിൽ, തൻെറ വിഗ്രഹങ്ങളെ ഹൃദയ
ത്തിൽ പ്രതിഷ്ഠിച്ചും തൻെറ പാപഹേതു
തൻെറ മുമ്പിൽ വച്ചുംകൊണ്ട് പ്രവാ
ചകൻെറ അടുക്കൽ വരുന്ന ഏവനോടും
5 കർത്താവായ ഞാൻ ഇസ്രായേൽ ഗൃഹ
ത്തെ അവരുടെ ഹൃദയത്തിൽ പിടിക്കേ
ണ്ടതിന് അവൻെറ വിഗ്രഹങ്ങളുടെ സംഖ്യ
യ്ക്കു തക്കവണ്ണം ഉത്തരം അരുളും. അവർ
എല്ലാവരും തങ്ങളുടെ വിഗ്രഹങ്ങൾ മൂലം
6 എന്നെ വിട്ടകന്നിരിക്കുന്നു. ആകയാൽ നീ
ഇസ്രായേൽ ഗൃഹത്തോട് പറയുക. ദൈവ
മായ കർത്താവ് ഇപ്രകാരം അരുളിച്ചെ
യ്യുന്നു. നിങ്ങൾ അനുതപിച്ച് നിങ്ങളുടെ
വിഗ്രഹങ്ങളിൽനിന്നകലുവിൻ. നിങ്ങളുടെ

സകല അശുദ്ധബിംബങ്ങളിലുംനിന
നിങ്ങളുടെ മുഖം തിരിപ്പിൻ. ഇസ്രായേ
ഗൃഹത്തിലും ഇസ്രായേലിൽ വന്നു പാർക്ക
ന്ന പരദേശികളിലും എന്നെ വിട്ടകന
തൻെറ വിഗ്രഹങ്ങളെ ഹൃദയത്തിൽ പ്ര
ഷ്ഠിച്ചും തൻെറ പാപഹേതു മുമ്പി
തന്നെ വച്ചുംകൊണ്ട് പ്രവാചകൻെറ അ
ക്കൽ അരുളപ്പാടു ചോദിപ്പാൻ വരു
ഏവനോടും ദൈവമായ ഞാൻതന
ഉത്തരം പറയും. ഞാൻ ആ മനുഷ്യൻ
നേരേ മുഖംതിരിച്ച് അവനെ അടയാളവ
പഴഞ്ചൊല്ലും ആക്കും. ഞാൻ അവ
എൻെറ ജനത്തിൻെറ മദ്ധ്യേനിന്നു വിച്ഛേ
ദിക്കും. ഞാനാകുന്നു ദൈവം എ
നിങ്ങൾ അറിയും. എന്നാൽ പ്രവാചകൻ
ഞ്ചിക്കപ്പെട്ടിട്ട് ഒരു ഉത്തരം പ്രസ്താവിച്ചാ
കർത്താവായ ഞാനാണ് ആ പ്രവാചക
വശീകരിച്ചിരിക്കുന്നത്. ഞാൻ അവ
നേരേ കൈ നീട്ടി അവനെ ഇസ്രായേ
ജനത്തിൽനിന്നു സംഹരിക്കും. ഇസ്രായേ
ഗൃഹം ഇനിമേൽ എന്നെ വിട്ടുമാറുക
സകലവിധ തെററുകളുംകൊണ്ട് അശു
രായി തീരുകയും ചെയ്യാതെ അവർ എ
ക്കു ജനവും ഞാൻ അവർക്കു ദൈവ
ആയിരിക്കുവാനായി അവർ തങ്ങളു
പാപം വഹിക്കും. ചോദിക്കുന്നവൻെറ ക
വും പ്രവാചകൻെറ കുററവും ഒരുപോ
ആയിരിക്കും എന്ന് ദൈവമായ കർത്താ
കല്പിക്കുന്നു.

ദൈവകല്പന എനിക്കുണ്ടായി: മ
ഷ്യപുത്രാ ഒരു ദേശം എന്നോട് അവി
സ്തരായി പാപം ചെയ്യുമ്പോൾ ഞാ
അതിൻെറ നേരേ കൈനീട്ടി അപ്പത്തി
കോൽ ഒടിക്കും. ക്ഷാമം വരുത്തും. മനു
ദനയും മൃഗത്തേയും അതിൽനിന്നു ഛേ
ക്കും. നോഹ, ദാനിയേൽ, ഇയ്യോബ് എ
മൂന്നു പുരുഷന്മാർ അതിൽ ഉണ്ടായി
ന്നാലും അവർ തങ്ങളുടെ നീതിയാ
സ്വന്തജീവനെ മാത്രമേ രക്ഷിക്കുകയു
എന്നു ദൈവമായ കർത്താവിൻെറ അ
പ്പാട്. ഞാൻ ദുഷ്ടമൃഗങ്ങളെ ദേശ
വരുത്തും. ആ മൃഗങ്ങളെ ഭയന്ന് ആ
ആ വഴി പോകാതവണ്ണം അവ അതി
നിർജ്ജനമാക്കി അത് ശൂന്യമാക
ചെയ്താൽ ആ മൂന്നു പുരുഷന്മാർ അതി
ഉണ്ടായിരുന്നാലും എന്നാണ അവർ പു
ന്മാരേയോ പുത്രിമാരേയോ രക്ഷിക്കാ
അവർ മാത്രമെ രക്ഷപ്പെടുകയുള്ളൂ. ദേ
മോ, നിർജ്ജനമായിപ്പോകുമെന്ന് ദൈ
മായ കർത്താവിൻെറ അരുളപ്പാട്. അ

കിൽ ഞാൻ ദേശത്തിൽ യുദ്ധം വരുത്തി
വാളേ, നീ ദേശത്തുകൂടി കടക്കുക എന്നു
18 കല്പിച്ചു മനുഷ്യരേയും മൃഗങ്ങളേയും
അതിൽനിന്നു വിച്ഛേദിച്ചുകളഞ്ഞാൽ
ആ മൂന്നു പുരുഷന്മാർ അതിൽ ഉണ്ടാ
യിരുന്നാലും 'എന്നാണ' അവർ പുത്രന്മാ
രേയോ പുത്രിമാരേയോ രക്ഷിക്കാതെ
അവർ മാത്രമെ രക്ഷപ്പെടുകയുള്ളു എന്ന്
യഹോവയായ കർത്താവിന്റെ അരുള
19 പ്പാട്. അല്ലെങ്കിൽ ഞാൻ ആ ദേശത്തു
പകർച്ചവ്യാധി അയച്ച് അതിൽനിന്നു മനു
ഷ്യരേയും മൃഗങ്ങളേയും വിച്ഛേദിച്ചു
കളയുവാൻ എന്റെ ക്രോധം രക്തരൂപ
ത്തിൽ അതിന്മേൽ പകർന്നാൽ നോഹ
യും ദാനിയേലും ഇയ്യോബും അതിൽ
ഉണ്ടായിരുന്നാലും എന്നാണ അവർ
പുത്രനേയോ പുത്രിയേയോ രക്ഷിക്കാതെ
തങ്ങളുടെ നീതിയാൽ സ്വന്ത ജീവനെ
മാത്രമെ രക്ഷിക്കയുള്ളു, എന്നു ദൈവ
മായ കർത്താവായ ഞാൻ പറയുന്നു.
കർത്താധികർത്താവ് ഇപ്രകാരം അരുളി
ച്ചെയ്യുന്നു: ഞാൻ യറൂശലേമിൽനിന്ന് മനു
ഷ്യരേയും മൃഗങ്ങളേയും വിച്ഛേദിക്കു
വാൻ വാൾ, ക്ഷാമം, ദുഷ്ടമൃഗം, വസന്ത
എന്നിങ്ങനെ അനർത്ഥകരമായ ശിക്ഷാ
വിധികൾ നാലും കൂടെ അയച്ചാൽ പുറ
പ്പെട്ടുപോരുവാനുള്ള പുത്രന്മാരും പുത്രി
മാരും ആയ ഒരു രക്ഷിക്കപ്പെട്ട കൂട്ടം അതിൽ
ശേഷിച്ചിരിക്കും. അവർ പുറപ്പെട്ട് നിങ്ങ
ളുടെ അടുക്കൽ വരും. നിങ്ങൾ അവരുടെ
നടപ്പും പ്രവൃത്തികളും കണ്ട് ഞാൻ യറുശ
ലേമിനു വരുത്തിയ അനർത്ഥവും അതിന്നു
വരുത്തിയ സകലവും ഓർത്ത് ആശ്വാസം
പ്രാപിക്കും. നിങ്ങൾ അവരുടെ പെരുമാററ
വും പ്രവൃർത്തികളും കാണുമ്പോൾ നിങ്ങൾ
ക്ക് ആശ്വാസമുണ്ടാകും. ഞാൻ അതിൽ
ചെയ്തതൊന്നും വെറുതെയല്ല ചെയ്തത്
എന്ന് നിങ്ങൾ അറിയും എന്ന് കർത്താധി
കർത്താവ് കല്പിക്കുന്നു.

അദ്ധ്യായം 15

വീണ്ടും ദൈവകല്പന എനിക്കുണ്ടാ
യി: മനുഷ്യപുത്രാ, കാട്ടിലെ വൃക്ഷങ്ങളുടെ
ഇടയിൽ ഒരു ചെടിയായിരിക്കുന്ന മുന്തിരി
വള്ളിക്കു മററു മരങ്ങളെക്കാൾ എന്താണ്
വിശിഷ്ടം? വല്ല പണിക്കും ഉപയോഗി
പ്പാൻ അതിൽനിന്നു തടി എടുക്കാമോ?
വല്ല സാധനവും തൂക്കിയിടേണ്ടതിന്
അതുകൊണ്ട് ഒരാണി ഉണ്ടാക്കാമോ?
അതിനെ അഗ്നിക്ക് ആഹാരമായി കൊടു
ക്കുന്നു. തീ അതിന്റെ രണ്ട് അററവും ദഹി
പ്പിച്ചിരിക്കുന്നു. അതിന്റെ നടുഭാഗവും കരി 4
ഞ്ഞിരിക്കുന്നു. ഇനി അതു വല്ല പണിക്കും
കൊള്ളുമോ? അതു കുററമില്ലാതിരുന്ന 5
പ്പോൾപോലും ഒരു പണിക്കും കൊള്ളാതി
രുന്നു. തീ അതിനെ ദഹിപ്പിക്കയും അതു
ദഹിച്ചുപോകയും ചെയ്തശേഷം വല്ല പണി
ക്കും സാദ്ധ്യമോ? ആകയാൽ കർത്താധി 6
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
കാട്ടിലെ വൃക്ഷങ്ങളിൽ ഞാൻ അഗ്നിക്കിര
യായിക്കൊടുത്ത മുന്തിരിവള്ളിയെപ്പോലെ
ഞാൻ യെറുശലേം വാസികളേയും കൈവി
ടും. ഞാൻ അവരിൽ എന്റെ കോപം 7
ചൊരിയും. അവർ തീയിൽനിന്നു പുറപ്പെട്ടി
രിക്കുന്നു. എങ്കിലും അവർ തീയ്ക്കുതന്നെ
ഇരയായിത്തീരും. ഞാൻ അവർക്കു വി
രോധമായി എന്റെ കോപം നിശ്ചയിക്കു
മ്പോൾ ഞാൻ കർത്താവ് എന്നു നിങ്ങൾ
അറിയും. അവർ പാപം ചെയ്കയാൽ ഞാൻ 8
ദേശത്തെ ശൂന്യമാക്കും എന്നു കർത്താധി
കർത്താവിന്റെ അരുളപ്പാട്.

അദ്ധ്യായം 16

വീണ്ടും കർത്താവിന്റെ അരുളപ്പാട് 1
എനിക്കുണ്ടായി. മനുഷ്യപുത്രാ നീ യറുശ 2
ലേമിനോട് അതിന്റെ അശുദ്ധിയെ അറി
യിച്ചു പറയുക: കർത്താധികർത്താവു യറു 3
ശലേമിനോട് ഇപ്രകാരം അരുളിച്ചെയ്യുന്നു.
നിന്റെ ഉത്ഭവവും നിന്റെ ജനനവും ക
നാൻദേശത്താകുന്നു. നിന്റെ ജനകൻ അ
മോര്യനും നിന്റെ അമ്മ ഹിത്യസ്ത്രീയും അ
ത്രേ. നിന്റെ ജനനി നീ ജനിച്ച നാളിൽ നി 4
ന്റെ പൊക്കിൾക്കൊടി മുറിച്ചില്ല. നിന്നെ
വെള്ളത്തിൽ കുളിപ്പിച്ച് വെടിപ്പാക്കിയില്ല.
ഉപ്പു തേച്ചില്ല. തുണി ചുററിയതുമില്ല. നി 5
ന്നോട് മനസ്സലിവു തോന്നീട്ട് ഇവയിൽ ഒ
ന്നെങ്കിലും നിനക്കു ചെയ്തു തരുവാൻ അവ
ളുടെ കണ്ണിന് നിന്നോടു കനിവുണ്ടായില്ല.
നീ ജനിച്ച ദിവസംതന്നെ അവൾക്ക് നിന്നോ
ട് വെറുപ്പ് തോന്നിയതിനാൽ നിന്നെ വെളി
മ്പ്രദേശത്ത് ഉപേക്ഷിച്ചു. എന്നാൽ ഞാൻ 6
നിന്റെ സമീപത്തുകൂടി കടന്നുപോകു
മ്പോൾ നീ രക്തത്തിൽ കിടന്നുരുളുന്നതു
കണ്ട് നിന്നോട്: നീ രക്തത്തിൽ കിടക്കുന്നു
എങ്കിലും നീ ജീവിക്കുക എന്നു ഞാൻ
നിന്നോട് കല്പിച്ചു. വയലിലെ സസ്യം 7
പോലെ ഞാൻ നിന്നെ വർദ്ധിപ്പിച്ചു. നീ
വളർന്നു. നഗരങ്ങളിൽ പ്രവേശിച്ചു നിനക്ക്
ഉന്നത സ്തനവും ദീർഘകേശവുമുണ്ടായി.
എങ്കിലും നീ നഗ്നയും അനാവൃതയും.

8 ആയിരുന്നു. ഞാൻ നിന്റെ അടുത്തു
കൂടി കടന്നു നിന്നെ നോക്കിയപ്പോൾ നിന
ക്കു വിവാഹ പ്രായമായി എന്നു കണ്ടിട്ട്
എന്റെ വസ്ത്രം നിന്റെ മേൽ വിരിച്ചു.
നിന്റെ നഗ്നത മറച്ചു. ഞാൻ നിന്നോട്
സത്യവും സഖ്യവും ചെയ്തു. നീ എനിക്കു
ള്ളവൾ ആയിത്തീർന്നു എന്നു കർത്താധി
9 കർത്താവിന്റെ അരുളപ്പാട്. പിന്നെ ഞാൻ
10 നിന്നെ വെള്ളത്തിൽ കുളിപ്പിച്ചു. രക്തം
കഴുകിക്കളഞ്ഞ് എണ്ണ പൂശി, ഞാൻ നിന്നെ
വിചിത്രവസ്ത്രം ധരിപ്പിച്ചു. ചെരിപ്പിടുവിച്ചു.
11 ചണംകൊണ്ടു ചുറ്റി, പട്ടു പുതപ്പിച്ചു. ഞാൻ
നിന്നെ ആഭരണം അണിയിച്ചു. നിന്റെ
കൈക്കു വളയും കഴുത്തിൽ മാലയും ഇട്ടു.
12 ഞാൻ നിന്റെ നെററിമേൽ രത്നപ്പതക്കവും
കാതിൽ കുണുക്കും ഇട്ടു. തലയിൽ ഭംഗി
യുള്ളൊരു കിരീടവും വച്ചു.
13 ഇങ്ങനെ നീ പൊന്നും വെള്ളിയും
അണിഞ്ഞു നിന്റെ ഉടുപ്പ് ചണവും പട്ടും
വിചിത്ര വസ്ത്രവും ആയിരുന്നു. നീ നേരിയ
മാവും തേനും എണ്ണയും ഭുജിച്ച്, ഏററവും
സൗന്ദര്യമുള്ളവളായിത്തീർന്നു. നിനക്കു
14 രാജത്വവും സിദ്ധിച്ചു. ഞാൻ നിന്നെ മഹ
ത്വകിരീടം അണിയിച്ചതുകൊണ്ട് നിന്റെ
സൗന്ദര്യം പരിപൂർണ്ണമായതിനാൽ നിന്റെ
കീർത്തി ജാതികളിൽ പരന്നു എന്നു
കർത്താധികർത്താവിന്റെ അരുളപ്പാട്.
15 എന്നാൽ നീ നിന്റെ സൗന്ദര്യത്തിൽ
ആശ്രയിച്ചു. നിന്റെ കീർത്തിഹേതുവായി
നീ വേശ്യാവൃത്തി ചെയ്തു. വഴിപോകുന്ന
ഏവന്റെമേലും നിന്റെ വേശ്യാസംഗം നീ
ഒഴുക്കി. എന്റെ വസ്ത്രങ്ങളിൽ ചിലതു നീ
16 എടുത്തു. പല നിറത്തിൽ ഉന്നതപീഠങ്ങൾ
തീർത്തലങ്കരിച്ചു. അവയിൽ നീ പരസംഗം
ചെയ്തു. ഇതുപോലെ സംഭവിച്ചിട്ടില്ല. സംഭവി
17 ക്കയും ഇല്ല. ഞാൻ നിനക്കു തന്ന പൊന്നും
വെള്ളിയുംകൊണ്ടുള്ള ആഭരണങ്ങൾ നീ
എടുത്തു പുരുഷരൂപങ്ങളുണ്ടാക്കി അവ
18 യോട് വ്യഭിചരിച്ചു. നിന്റെ വിചിത്രവസ്ത്ര
ങ്ങളെ നീ എടുത്ത് അവയെ പുതപ്പിച്ചു.
എന്റെ എണ്ണയും കുന്തിരിക്കവും അവ
19 യുടെ മുമ്പിൽ നീ അർപ്പിച്ചു. ഞാൻ നിന
ക്കു തന്ന ആഹാരമായി നിന്റെ പോഷ
ണത്തിനുള്ള നേരിയ മാവും എണ്ണയും
തേനും നീ അവയുടെ മുമ്പിൽ സൗരഭ്യ
വാസനയായി നിവേദിച്ചു എന്നു കർത്താധി
20 കർത്താവിന്റെ അരുളപ്പാട്. നീ എനിക്കു
പ്രസവിച്ച നിന്റെ പുത്രന്മാരേയും പുത്രി
മാരേയും നീ എടുത്തു അവയ്ക്കു ഭോജന
21 ബലിയായി അർപ്പിച്ചു. നിന്റെ വേശ്യാവൃ
ത്തി മതിയാകാഞ്ഞിട്ടോ നീ എന്റെ മക്ക
ളെ അറുത്ത് അഗ്നിപ്രവേശം ചെയ്യിച്ച് അവ
യ്ക്ക് ഏല്പിച്ചുകൊടുത്തത്? എന്നാൽ 22
നിന്റെ സകല മ്ലേച്ഛതകളിലും വേശ്യാ
വൃത്തിയിലും നീ മുമ്പേ നഗ്നയും അനാ
വൃതയും ആയി, രക്തത്തിൽ കിടന്നുരുണ്ട
നിന്റെ ബാല്യകാലം ഓർത്തില്ല. നിന്റെ 23
തിന്മയെല്ലാം പ്രവർത്തിച്ചശേഷവും നിന
ക്കു കഷ്ടം കഷ്ടം എന്നു കർത്താധി
കർത്താവിന്റെ അരുളപ്പാട്. നീ ഒരു കമാനം 24
പണിതു, സകല തെരുവിലും ഓരോ പൂജാ
ഗിരി ഉണ്ടാക്കി. എല്ലാ വഴിത്തലയ്ക്കലും 25
പൂജാഗിരി പണിതു. നീ നിന്റെ സൗന്ദര്യ
ത്തെ വഷളാക്കി. വഴിപോകുന്ന ഏവനും
വേണ്ടി നീ നിന്റെ കാലുകളെ അകററി
ക്കൊടുത്തു. നിന്റെ പരസംഗം വർദ്ധിപ്പിച്ചു.
മാംസപുഷ്ടിയുള്ള മിസ്രയീമ്യരായ നിന്റെ
അയൽക്കാരോടും നീ പരസംഗം ചെയ്തു.
വേശ്യാവൃത്തി വർദ്ധിപ്പിച്ച് എന്നെ കോപി
പ്പിച്ചു. അതുകൊണ്ട് ഞാൻ നിനക്കെതിരേ
കൈ നീട്ടി. നിന്നെ ദ്വേഷിക്കയും നിന്റെ
ദുർമ്മാർഗ്ഗത്തെക്കുറിച്ച് ലജ്ജിക്കയും ചെ
യ്യുന്ന ഫെലിസ്ത്യപുത്രിമാരുടെ ഇഷ്ടത്തി
നു നിന്നെ ഏല്പിച്ചു. മോഹപൂർത്തി വരാ
ത്തവളാകയാൽ നീ അസ്സീറിയരോടും
വ്യഭിചരിച്ചു. അവരുമായി പരസംഗം ചെ
യ്തിട്ടും നിനക്കു തൃപ്തിവന്നില്ല. നീ കനാൻ
ദേശത്തും കൽദയദേശം വരെയും നിന്റെ
വേശ്യാവൃത്തി വർദ്ധിപ്പിച്ചു. എന്നിട്ടും
അതിനാലും നിനക്കു തൃപ്തിവന്നില്ല.
ധിക്കാരിയായ വേശ്യയുടെ പ്രവൃത്തിയാ
യിരിക്കുന്ന ഇതെല്ലാം ചെയ്തുകൊണ്ട് നീ
എല്ലാ വഴിമുക്കിലും കമാനം പണിതു.
സകല തെരുവിലും പൂജാഗിരി ഉണ്ടാക്കിയ
തിൽ നിന്റെ ഹൃദയം എത്ര മോഹാവേശം
പൂണ്ടിരിക്കുന്നു എന്ന് ദൈവമായ കർത്താ
വ് ചോദിക്കുന്നു. നീ പ്രതിഫലം നിരസി
ക്കുന്നതുകൊണ്ട് വേശ്യയേപ്പോലെയല്ല
ഭർത്താവിനു പകരം അന്യന്മാരെ പരിഗ്രഹി 32
ച്ചു വ്യഭിചാരംചെയ്യുന്ന സ്ത്രീയേപ്പോലെയ
ത്രേ, നീ. സകല വേശ്യാസ്ത്രീകളും പ്രതിഫ 33
ലം വാങ്ങുന്നു. നീയോ നിന്റെ എല്ലാ ജാര
ന്മാർക്കും അങ്ങോട്ടു സമ്മാനം നൽകു
കയും നീയുമായി വേശ്യാസംഗം ചെയ്യേ
ണ്ടതിന് നാലു ഭാഗത്തുനിന്നും നിന്റെ
അടുക്കൽ വരുവാൻ അവർക്ക് കൈക്കൂലി
കൊടുക്കുകയും ചെയ്യുന്നു. നിന്റെ വേശ്യാ 34
വൃത്തിയിൽ മറ്റു സ്ത്രീകളുമായി നിനക്ക്
ഒരു വ്യത്യാസം ഉണ്ട്. നിന്റെ അടുക്കൽ
പരസംഗത്തിനു വരുന്നവരിൽനിന്ന് നീ

സമ്മാനം വാങ്ങുകയല്ല, സമ്മാനം കൊടു
ക്കുകയത്രേ ചെയ്യുന്നത്.
ആകയാൽ വേശ്യാസ്ത്രീയേ കർത്തൃ
വചനം കേൾക്കുക. ദൈവമായ കർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു. ജാരന്മാരു
മായുള്ള നിന്റെ പരസംഗങ്ങളാൽ നിന്റെ
പണം ചെലവുചെയ്യുകയും നിന്റെ നഗ്നത
അനാവൃതമാകയും ചെയ്തതിനാലും നിന്റെ
സകല അശുദ്ധവിഗ്രഹങ്ങൾ നിമിത്തവും
നീ അവയ്ക്ക് അർപ്പിച്ച നിന്റെ മക്കളുടെ
...കം നിമിത്തവും നിന്നോടു കൂടെ രമിച്ച
നിന്റെ സകല ജാരന്മാരേയും നീ സ്നേ
ഹിച്ച ഏവരേയും നീ വെറുത്ത ഏവരേയും
ഞാൻ കൂട്ടിവരുത്തും. ഞാൻ അവരെ
നിനക്കു വിരോധമായി കൂട്ടിവരുത്തി, അവർ
നിന്റെ നഗ്നത മുഴുവൻ കാണത്തക്കവണ്ണം
നിന്റെ നഗ്നത അവരുടെ കൺമുമ്പിൽ
അനാവൃതമാക്കും. വ്യഭിചാരിണികളേയും
രക്തം ചിന്തുന്നവരേയും വിധിക്കുന്നതു
പോലെ ഞാൻ നിന്നെ ശിക്ഷയ്ക്കു വിധിച്ച്
ക്രോധത്തിനും വൈരാഗ്യത്തിനും രക്ത
ത്തിനുമായി നിന്നെ കൊടുക്കും. ഞാൻ
നിന്നെ അവരുടെ കയ്യിൽ ഏല്പിക്കും.
അവർ നിന്റെ അലങ്കാരവിതാനം പൊളിച്ച്
നിന്റെ പൂജാഗിരികളെ ഇടിച്ചു തകർക്കും.
അവർ നിന്റെ വസ്ത്രം ഉരിയും. ആഭരണ
ങ്ങൾ എടുത്ത് നിന്നെ നഗ്നയാക്കി വിടും.
അവർ നിനക്കു വിരോധമായി ഒരു സഭയെ
കൂട്ടിവരുത്തി നിന്നെ കല്ലെറിഞ്ഞ് വാൾ
കൊണ്ട് വെട്ടിക്കൊല്ലും. അവർ നിന്നെ
...വച്ച് ചുട്ടുകളയും. അനേകം സ്ത്രീകളുടെ
...മുമ്പിൽ നിന്റെ മേൽ ശിക്ഷാവിധി
...പ്പിലാക്കും. നിന്റെ പരസംഗം ഞാൻ
...സാനിപ്പിക്കും. നീ ഇനി ആർക്കും
...മാനം കൊടുക്കുവാനിടയാകുകയില്ല.
...നെ ഞാൻ എന്റെ ക്രോധം നിന്നിൽ
...ർത്തിച്ച് എന്റെ വൈരാഗ്യം നിന്നെ വി
...ും. പിന്നെ ഞാൻ കോപിക്കാതെ അട
...ിരിക്കും. നീ നിന്റെ ചെറുപ്പകാലം മ
ഇവയാലെല്ലാം എന്നെ കോപിപ്പിച്ച
...ൽ ഞാനും നിന്റെ നടപ്പിനു തക്ക
... നിന്നോടു പ്രതികാരംചെയ്യും എന്നു
...താധികർത്താവിന്റെ അരുളപ്പാട്.
...റ സകല അശുദ്ധികൾക്കും പുറമെ
... ദുഷ്ക്കർമ്മവും ചെയ്തിട്ടില്ലയോ?
...ഴഞ്ചൊല്ല് പറയുന്നവനെല്ലാം "അമ്മ
...നെ അങ്ങനെ മകളും" എന്ന പഴ
...ല്ല് നിന്നെക്കുറിച്ചു പറയും. നീ
...വിനേയും മക്കളേയും വെറുക്കുന്ന
...യുടെ മകളും. ഭർത്താക്കന്മാരേയും
മക്കളേയും വെറുത്തിരിക്കുന്ന സഹോദരി
മാർക്ക് നീ സഹോദരിയും ആകുന്നു.
നിങ്ങളുടെ അമ്മ ഹിത്യസ്ത്രീയും 46
പിതാവ് അമോര്യനും ആകുന്നു. നിന്റെ
ജ്യേഷ്ഠത്തി നിന്റെ ഇടതുഭാഗത്തു
തന്റെ പുത്രിമാരുമായി കഴിയുന്ന ശമര്യ;
നിന്റെ അനുജത്തി നിന്റെ വലതുഭാഗ
ത്തു തന്റെ പുത്രിമാരുമായി വസിക്കുന്ന
സോദോം. നീ അവരുടെ വഴികളിൽ നട 47
ന്നില്ലേ? അവരുടെ മ്ലേച്ഛതകൾപോലെ
ചെയ്തില്ലേ? അതു പോരാ എന്നുവച്ച് നീ
നിന്റെ എല്ലാ വഴികളിലും അവരേക്കാൾ
അധികം വഷളത്വം പ്രവർത്തിച്ചു. എന്നാണ, 48
നീയും നിന്റെ പുത്രിമാരും ചെയ്തിരിക്കു
ന്നതുപോലെ നിന്റെ സഹോദരിയായ
സോദോമും അവളുടെ പുത്രിമാരും ചെയ്തി
ട്ടില്ല എന്നു ദൈവമായ കർത്താവിന്റെ
അരുളപ്പാട്. നിന്റെ സഹോദരിയായ 49
സോദോമിന്റെ അകൃത്യമോ? അവളും
അവളുടെ പുത്രിമാരും സുഖഭക്ഷണം
കഴിച്ചിരുന്നു. എളിയവനേയും ദരിദ്രനേയും
അവൾ സഹായിച്ചില്ല. അവർ അഹങ്കാരി 50
കളായി എന്റെ മുമ്പിൽ തിന്മചെയ്തു. അതി
നാൽ ഞാൻ അവരെ ശൂന്യമാക്കി. ശമര്യയും
നിന്റെ പാപങ്ങളിൽ പകുതിപോലും 51
ചെയ്തിട്ടില്ല. നീ അവരേക്കാൾ നിന്റെ
അശുദ്ധി വർദ്ധിപ്പിച്ചു. നീ ചെയ്തി രിക്കുന്ന
സകല മ്ലേച്ഛതകളിലും നിന്റെ സഹോ
ദരിമാരെ കവിഞ്ഞിരിക്കുന്നു. സഹോദരി 52
മാരെ ന്യായം വിധിച്ചിരിക്കുന്ന നീയും
നിന്റെ ലജ്ജ വഹിക്കും. നീ അവ രേക്കാൾ
അധികം വഷളായി പ്രവർത്തിച്ചിരിക്കുന്നു.
പാപങ്ങളിൽ അവർ നിന്നേക്കാൾ നീതിയു
ള്ളവരാകുന്നു. അതേ നിന്റെ സഹോദരി
മാർ നീതീകരിക്കപ്പെടുകയാൽ നീ ലജ്ജിച്ച്
നിന്റെ ലജ്ജ വഹിച്ചുകൊൾക. നീ 53
അവർക്ക് ആശ്വാസമായി നിന്റെ ലജ്ജ
വഹിക്കേണ്ടതിന്നും നീ ചെയ്തിട്ടുള്ള എല്ലാ
റ്റിനേയുംകുറിച്ച് ലജ്ജിക്കേണ്ടതിന്നും 54
ഞാൻ സോദോമിന്റേയും അവളുടെ പുത്രി
മാരുടേയും സ്ഥിതിയും ശമര്യയുടേയും
അവളുടെ പുത്രിമാരുടേയും സ്ഥിതിയും
അവരുടെ മദ്ധ്യേയുള്ള നിന്റെ പ്രവാസി
കളുടെ സ്ഥിതിയും മാററും. നിന്റെ സഹോ
ദരിയായ സോദോമും അവളുടെ പുത്രിമാരും 55
ശമര്യയും പുത്രിമാരും തങ്ങളുടെ പൂർവ്വാ
വസ്ഥയിലേക്ക് മടങ്ങിവരും. നീയും നി
ന്റെ പുത്രിമാരും നിങ്ങളുടെ പ്രവാസത്തി
ലേക്ക് പോകും. അരാമിന്റെ പുത്രിമാരും 56
അവളുടെ ചുററുമുള്ളവരെല്ലാം നിനക്കു

ചുററുംനിന്ന് നിന്നെ നിന്ദിക്കുന്ന ഫെലിസ്ത്യ
പുത്രിമാരും നിന്നെ നിന്ദിച്ച കാലത്തെന്ന
57 പോലെ നിൻെറ ദുഷ്ടത വെളിപ്പെടുന്നതി
നു മുമ്പെ നിൻെറ ഗർവ്വത്തിൻെറ നാളിൽ
നിൻെറ സഹോദരിയായ സോദോമിൻെറ
58 പേരുപോലും നീ ഉച്ചരിച്ചിട്ടില്ല. നിൻെറ ദുഷ്
ക്കർമ്മവും നിൻെറ മ്ലേച്ഛതകളും നീ വഹി
ക്കും എന്നു കർത്താവിൻെറ അരുളപ്പാട്.
59 ദൈവമായ കർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു. നിയമം ലംഘിച്ച് സത്യം
തുച്ഛീകരിക്കുന്ന നീ ചെയ്തതുപോലെ
ഞാൻ നിന്നോടും ചെയ്യും.
60 എങ്കിലും നിൻെറ യൗവനകാലത്ത് നി
ന്നോടുള്ള എൻെറ ഉടമ്പടിയെ ഓർത്ത് ഒരു
61 ശാശ്വതനിയമം നിന്നോട് ചെയ്യും. നിൻെറ
ജ്യേഷ്ഠത്തിമാരും അനുജത്തിമാരുമായ നി
ൻെറ സഹോദരിമാരെ നി കൈക്കൊള്ളു
മ്പോൾ അന്നു നീ നിൻെറ വഴികൾ ഓർത്ത്
ലജ്ജിക്കും. ഞാൻ അവരെ നിനക്ക് പുത്രി
62 മാരായി തരും. നിൻെറ നിയമപ്രകാരമല്ല.
നീ ചെയ്തതെല്ലാം ഞാൻ നിന്നോട് ക്ഷമിക്കു
മ്പോൾ നീ ഓർത്ത് ലജ്ജിച്ച് വായ് തുറക്കാ
തിരിക്കത്തക്കവണ്ണം ഞാൻ നിന്നോട്
63 എൻെറ നിയമം ചെയ്യും. ഞാൻ കർത്താവ്
എന്നു നീ അറിയും എന്നു ദൈവമായ
കർത്താവിൻെറ കല്പന.

അദ്ധ്യായം 17

1 വീണ്ടും കർത്തൃകല്പന എനിക്കുണ്ടാ
2 യി. മനുഷ്യപുത്രാ നീ ഇസ്രായേൽ ഗൃഹ
ത്തെപ്പറ്റി ഒരു കടങ്കഥ പറഞ്ഞ് ഒരു ഉപമ പ്ര
3 സ്താവിക്കുക. ദൈവമായ കർത്താവ് ഇപ്ര
4 കാരം അരുളിച്ചെയ്യുന്നു. വലിയ ചിറകും പല
നിറമായ നീണ്ട തൂവലുമുള്ള ഒരു വലിയ
കഴുകൻ ലെബാനോനിൽ വന്ന് ഒരു ദേവദാ
രുവിൻെറ ശിഖരം കൊത്തിയെടുത്ത് അവൻ
അതിൻെറ ഇളഞ്ചില്ലകളുടെ അററം മുറിച്ചു
കനാനിൽ വണിക്കുനഗരത്തിൽ കൊണ്ടു
5 ചെന്നു നട്ടു. അവൻ ദേശത്തിലെ വിത്തു
കളിൽ ഒന്ന് എടുത്തു ഒരു വയലിൽ
നട്ടു. അവൻ അതിനെ ജലാശയത്തി
ന്നരികെ കൊണ്ടുചെന്ന് അലരിവൃക്ഷംപോ
6 ലെ നട്ടു. അതു വളർന്നു പൊക്കം കുറഞ്ഞു
പടരുന്ന മുന്തിരിവള്ളിയായി തീർന്നു.
അതിൻെറ വള്ളി അതിന്മേൽ കാണേണ്ടതും
അതിൻെറ വേർ അതിന്നു കീഴോട്ടു
പോകേണ്ടതുമായിരുന്നു. ഇങ്ങനെ അതു
മുന്തിരിവള്ളിയായി ചില്ലകൾ പുറപ്പെടു
7 വിക്കുകയും നീട്ടുകയും ചെയ്തു. എന്നാൽ
വലിയ ചിറകും വളരെ തൂവലും ഉള്ള

മറ്റൊരു വലിയ കഴുകൻ ഉണ്ടായിരുന്നു. അ
വൻ അതു നനയ്ക്കുമെന്നു കരുതി. അ
മുന്തിരിവള്ളി തൻെറ തടത്തിൽനിന്ന
വേരുകളെ അവങ്കലേക്കു തിരിച്ചു. കൊമ്പ
കളെ അവങ്കലേക്ക് നീട്ടി. കൊമ്പുക
പുറപ്പെടുവിച്ചു ഫലം കായ്പ്പാനും ന
മുന്തിരിവള്ളി ആയിത്തീരുവാനും തക
വണ്ണം അതിനെ ജലാശയസമീപം ന
നിലത്തു നട്ടിരുന്നു. ഇതു സാദ്ധ്യമോ
അഭിവൃദ്ധിപ്പെടുമോ? അതു വാടിപ്പോ
ത്തക്കവണ്ണം അതിൻെറ തളിർത്ത ഇല
ളെല്ലാം വാടിപ്പോകത്തക്കവണ്ണം അവ
അതിൻെറ വേരുകൾ മാന്തുകയും കാ
പറിച്ചുകളയുകയും ചെയ്കയില്ലയോ
അതിനെ വേരോടെ പിഴുതുകളയേണ്ടതിന
വലിയ ബലമോ വളരെ ആളോ ആവശ
മില്ല. അതു നട്ടിരിക്കുന്നു എന്നതു സത്യ
പക്ഷേ അതു തഴയ്ക്കുമോ? കിഴക്ക
കാററു തട്ടുമ്പോൾ അതു തീരെ വാടിപ്പോ
യില്ലയോ? വളർന്ന തടത്തിൽതന്നെ അ
ഉണങ്ങിപ്പോകും എന്നു ദൈവമായ കർത്ത
വ് അരുളിച്ചെയ്യുന്നു, എന്നു നീ പറയുക.
കർത്തൃകല്പന എനിക്കുണ്ടായ
ഇതിൻെറ അർത്ഥം നിങ്ങൾ അറിയുന്ന
ല്ലയോ എന്ന് നീ ആ മത്സരഗൃഹത്തോ
ചോദിച്ചിട്ട് അവരോട് പറയുക. ബാബേ
രാജാവ് യറുശലേമിലേക്ക് വരും. അ
ൻെറ രാജാവിനേയും പ്രഭുക്കന്മാരേയു
പിടിച്ച് അവനോടു കൂടെ ബാബേലിലേക
കൊണ്ടുപോകും. രാജസന്തതിയിൽ ഒരുത
നെ അവൻ എടുത്ത് അവനുമായി ഒ
ഉടമ്പടി ചെയ്ത് അവനേക്കൊണ്ട് സത്യ
ചെയ്യിച്ച് രാജ്യം സ്വയം ഉയരാതെ താണ
രുന്ന് അവൻെറ ഉടമ്പടി ആദരിച്ച് നി
നില്ക്കുവാനായി അവൻ ദേശത്തിലെ
ബലവാന്മാരേയും കൊണ്ടുപോകും. എങ്ക
ലും അവനോട് മത്സരിച്ച് ഇവൻ തനിക
കുതിരകളേയും വളരെയേറെ സൈന
ത്തേയും അയച്ചുതരണമെന്ന് പറയുവാ
ദൂതന്മാരെ മിസ്രയീമിലേക്ക് അയച്ചു. അവ
പ്രയോജനമുണ്ടാകുമോ? ഇങ്ങനെ ചെയ്ത
ന്നവൻ രക്ഷപെടുമോ? അല്ല. അവൻ ഉ
മ്പടി ലംഘിച്ചിട്ട് രക്ഷപ്പെടുമോ? എന്നാണ
അവനെ രാജാവാക്കിയ രാജാവിൻെ
സ്ഥലമായ ബാബേലിൽ അവൻെറ അട
ത്തുവച്ച് അവൻ മരിക്കും എന്ന് ദൈവമാ
കർത്താവിൻെറ അരുളപ്പാട്. അവനോട
ചെയ്ത സത്യം അവൻ ധിക്കരിക്കുകയു
അവനുമായുള്ള ഉടമ്പടി ലംഘിക്കുകയു
ചെയ്യുവല്ലോ. ബഹുജനത്തെ നശിപ്പിച്ച

ളയുവാൻ അവർ കോട്ട കെട്ടി പണിയു
മ്പാൾ ഫറവോൻ വലിയ സേനയോടും വ
ലിയ സന്നാഹത്തോടുംകൂടെ അവനു വേ
ണ്ടി യുദ്ധം ചെയ്യുകയില്ല. അവൻ ഉടമ്പടി
ലംഘിച്ച് സത്യം ധിക്കരിച്ചിരിക്കുന്നു. അവൻ
സത്യം ചെയ്തിട്ടും ഇതെല്ലാം ചെയ്തിരി
ുന്നു. ആകയാൽ അവൻ രക്ഷപെടുക
ില്ല. അതിനാൽ ദൈവമായ കർത്താവ്
്രകാരം അരുളിച്ചെയ്യുന്നു. എന്നാണ
ാവൻ ധിക്കരിച്ചിരിക്കുന്ന എന്റെ സത്യ
ും ലംഘിച്ചിരിക്കുന്ന എന്റെ ഉടമ്പടിയും
ാൻ അവന്റെ തലമേൽ ചുമത്തും. ഞാൻ
ന്റെ വല അവന്റെ മേൽ വീശും. അവൻ
ന്റെ കെണിയിൽ അകപ്പെടും. ഞാൻ
വനെ ബാബേലിലേക്ക് കൊണ്ടുചെന്ന്
വൻ എന്നോടു ചെയ്തിരിക്കുന്ന ദ്രോഹ
ത്തെക്കുറിച്ച് അവിടെ വച്ച് അവനെ വിധി
ും. അവന്റെ എല്ലാ യുദ്ധവീരന്മാരും
വന്റെ സൈന്യവും വാളാൽ വീഴും.
ഷിപ്പുള്ളവർ നാലു ദിക്കിലേക്കും
റിപ്പോകും. കർത്താവായ ഞാനാണ്
ത് അരുളിച്ചെയ്തത് എന്നു നിങ്ങൾ
ിയും.

കർത്താധികർത്താവ് ഇപ്രകാരം അരു
ച്ചെയ്യുന്നു: ഞാൻ ഉയരമുള്ള ദേവദാരു
ന്റെ ഒരു ശിഖരം എടുത്തു നടും. അതി
ചെറിയ ചില്ലകളുടെ അററത്തുനിന്നു
മതായിരിക്കുന്ന ഒന്ന് ഞാൻ മുറിച്ചെടു
ഉയർന്ന ഒരു മലയിൽ നടും. ഇസ്രാ
ലിന്റെ ഉയർന്ന പർവ്വതത്തിൽ ഞാൻ
നടും. അതു കൊമ്പുകൾ വിരിച്ച് ഫലം
ിച്ച് ഭംഗിയുള്ളൊരു ദേവദാരുവായി
. അതിന്റെ കീഴിൽ പലവർണ്ണ ചിറകു
ള്ള പക്ഷികളെല്ലാം പാർക്കും. അതി
കൊമ്പുകളുടെ നിഴലിൽ അവ വസി
ദൈവമായ ഞാൻ ഉയരമുള്ള വൃക്ഷ
താഴ്ത്തി താണിരുന്ന വൃക്ഷത്തെ
ത്തുകയും പച്ചവൃക്ഷത്തെ ഉണക്കി
വൃക്ഷത്തെ തഴപ്പിക്കുകയും ചെയ്തി
ന്നു എന്നു വയലിലെ സകല വൃക്ഷ
അറിയും. കർത്താവായ ഞാൻ അതു
വിച്ചിരിക്കുന്നു, അനുഷ്ഠിക്കുകയും
ം.

അദ്ധ്യായം 18

ണ്ടും കർത്താവിന്റെ അരുളപ്പാട്
ുണ്ടായി. പിതാക്കന്മാർ പച്ച മുന്തി
ിന്നു മക്കളുടെ പല്ലു പുളിച്ചു എന്ന്
ഇസ്രായേൽ ദേശത്ത് ഒരു പഴ
് പറയുന്നുണ്ടല്ലോ. എന്നാണ
നിങ്ങൾ ഇനി ഇസ്രായേലിൽ ഈ പഴ 3
ഞ്ചൊല്ല് പറയുവാൻ ഇടവരികയില്ല എന്നു
കർത്താധികർത്താവിന്റെ അരുളപ്പാട്.
സകല ദേഹികളും എനിക്കുള്ളവർ. പിതാ 4
വിന്റെ പ്രാണനും മകന്റെ പ്രാണനും
ഒരുപോലെ എനിക്കുള്ളത്. പാപം ചെയ്യു
ന്ന ദേഹി മരിക്കും. എന്നാൽ മനുഷ്യൻ 5
നീതിമാനായിരുന്ന് നീതിയും ന്യായവും
പ്രവർത്തിക്കുന്നുവെങ്കിൽ പൂജാഗിരികളിൽ 6
വച്ച് നിവേദ്യം കഴിക്കുകയോ ഇസ്രായേൽ
ഗൃഹത്തിന്റെ വിഗ്രഹങ്ങളെ നോക്കി നമ
സ്ക്കരിക്കുകയോ ചെയ്യുന്നില്ലെങ്കിൽ, കൂട്ടു
കാരന്റെ ഭാര്യയെ മലിനമാക്കുകയോ
ഋതുവായ സ്ത്രീയുടെ അടുക്കൽ ചെല്ലു
കയോ ആരോടും അന്യായം പ്രവർത്തിക്കു
കയോ ചെയ്യുന്നില്ലെങ്കിൽ, കടം വാങ്ങിയ 7
വനു പണയം മടക്കിക്കൊടുക്കുകയും
ആരോടും പിടിച്ചുപറിക്കാതെ തന്റെ അപ്പം
വിശപ്പുള്ളവനു കൊടുക്കുകയും നഗ്നനെ
ഉടുപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ, പലിശ 8
യ്ക്കു കൊടുക്കുകയോ ലാഭം വാങ്ങുക
യോ ചെയ്യാതിരിക്കുകയും നീതികേടു ചെ
യ്യാതവണ്ണം കൈ വലിക്കുകയും മനുഷ്യർ
തമ്മിലുള്ള വ്യവഹാരത്തിൽ നേരോടെ 9
വിധിക്കയും എന്റെ നിയമങ്ങളെ അനു
സരിക്കുകയും എന്റെ ന്യായങ്ങളെ ആചരി
ക്കുകയും ചെയ്തുകൊണ്ട് നേരോടെ നടക്കു
കയും ചെയ്യുന്നവൻ, അവനാണ് നീതിമാൻ.
അവൻ നിശ്ചയമായി ജീവിച്ചിരിക്കും എന്നു
കർത്താധികർത്താവിന്റെ അരുളപ്പാട്.
എന്നാൽ അവന്ന് ഒരു മകൻ ജനിച്ചിട്ട് 10
അവൻ കൊള്ളക്കാരനായി രക്തം ചൊരി
യുക, അവയിൽ ഏതെങ്കിലും ചെയ്യുക,
ചെയ്യേണ്ടതൊന്നും ചെയ്യാതിരിക്കുക, 11
പൂജാഗിരികളിൽ വച്ച് നിവേദ്യം കഴിക്കുക,
കൂട്ടുകാരന്റെ ഭാര്യയെ മലിനയാക്കുക. 12
എളിയവനോടും ദരിദ്രനോടും അന്യായം
ചെയ്യുക, അപഹരിക്കുക, പണയം മടക്കി
ക്കൊടുക്കാതിരിക്കുക, വിഗ്രഹങ്ങളെ
നോക്കി നമസ്ക്കരിക്കുക, മ്ലേച്ഛത
പ്രവർത്തിക്കുക, പലിശയ്ക്കു കൊടുക്കുക,
ലാഭം വാങ്ങുക എന്നിവ ചെയ്യുന്നവനാ 13
യാൽ അവൻ ജീവിച്ചിരിക്കുമോ? അവൻ
ജീവിച്ചിരിക്കുകയില്ല. അവൻ ഈ വഷളത്വ
മെല്ലാം ചെയ്കയാൽ അവൻ മരിക്കും.
അവന്റെ രക്തം അവന്റെമേൽ വരും.
എന്നാൽ അവന്ന് ഒരു മകൻ ജനിച്ചിട്ട് 14
അവൻ തന്റെ പിതാവ് ചെയ്ത സകല
പാപങ്ങളും കണ്ട് ഭയന്ന് അങ്ങനെയുള്ള 15
തിനെ ചെയ്യാതെയും കുന്നുകളിൽ വച്ച്

നിവേദ്യം കഴിക്കാതെയും ഇസ്രായേൽ
ഗൃഹത്തിൻെറ വിഗ്രഹങ്ങളെ നോക്കി
നമസ്ക്കരിക്കാതെയും കൂട്ടുകാരൻെറ
16 ഭാര്യയെ വഷളാക്കാതെയും ആരോടെ
ങ്കിലും അന്യായം ചെയ്യാതെയും പണയം
കൈവശം വച്ചുകൊണ്ടിരിക്കാതെയും അപ
ഹരിക്കാതെയും വിശപ്പുള്ളവനു അപ്പം
17 കൊടുക്കുകയും നഗ്നനെ ഉടുപ്പിക്കുകയും
നീതികേടുചെയ്യാതവണ്ണം കൈ വലിക്കുക
യും പലിശയും ലാഭവും വാങ്ങാതിരിക്കു
കയും എൻെറ വിധികൾക്കനുസരണം
എൻെറ ചട്ടങ്ങൾ അനുസരിക്കയും ചെയ്യു
ന്നു എങ്കിൽ അവൻ പിതാവിൻെറ അകൃത്യം
നിമിത്തം മരിക്കാതെ ജീവിച്ചിരിക്കും.
18 അവൻെറ പിതാവ് ക്രൂരപീഡനം ചെയ്ത്
സഹോദരനെ കൊള്ളചെയ്തു, തൻെറ
ജനത്തിൻെറ ഇടയിൽ കൊള്ളരുതാത്തതു
പ്രവർത്തിച്ചതുകൊണ്ട് തൻെറ പാപത്താൽ
19 മരിക്കും. എന്നാൽ മകൻ പിതാവിൻെറ
പാപം വഹിക്കേണ്ടതല്ലയോ എന്നു നിങ്ങൾ
ചോദിക്കുന്നു. മകൻ നീതിയും ന്യായവും
പ്രവർത്തിച്ച് എൻെറ നിയമങ്ങൾ പാ
ലിച്ചു നടക്കുന്നു എങ്കിൽ അവൻ ജീവി
20 ച്ചിരിക്കും. പാപം ചെയ്യുന്ന ദേഹി മരിക്കും.
മകൻ പിതാവിൻെറ അകൃത്യം വഹിക്കേണ്ട.
അപ്പൻ മകൻെറ അകൃത്യവും വഹിക്കേണ്ട.
നീതിമാൻെറ നീതിയുടെ പ്രതിഫലം അവ
ൻെറ മേലും ദുഷ്ടൻെറ ദുഷ്ടതയുടെ
പ്രതിഫലം അവൻെറ മേലും ഇരിക്കും.
21 എന്നാൽ ദുഷ്ടൻ താൻ ചെയ്ത സകല
പാപങ്ങളേയും ഉപേക്ഷിച്ച് എൻെറ
നിയമങ്ങളെല്ലാം ആദരിച്ച് നീതിയും ന്യായ
വും പ്രവർത്തിക്കുന്നു എങ്കിൽ അവൻ
22 മരിക്കാതെ ജീവിച്ചിരിക്കും. അവൻ ചെയ്ത
അതിക്രമങ്ങളിൽ ഒന്നും അവന്നു കണ
ക്കിടുകയില്ല. അവൻ ചെയ്ത നീതിയാൽ
23 അവൻ ജീവിക്കും. ദുഷ്ടൻെറ മരണത്തിൽ
എനിക്ക് അല്പമെങ്കിലും താല്പര്യമു
ണ്ടോ? അവൻ തൻെറ വഴികളെ വിട്ടുതിരി
ഞ്ഞ് ജീവിക്കണമെന്നല്ലയോ എൻെറ
താല്പര്യം എന്നു ദൈവമായ കർത്താവ്
24 ചോദിക്കുന്നു. എന്നാൽ നീതിമാൻ തൻെറ
നീതി വിട്ടുതിരിഞ്ഞ് നീതികേടു പ്രവർത്തി
ച്ച് ദുഷ്ടൻ ചെയ്യുന്ന തിന്മകൾപോലെ ചെ
യ്യുന്നു എങ്കിൽ അവൻ ജീവിച്ചിരിക്കുമോ?
അവൻ ചെയ്ത നീതിയൊന്നും കണക്കിടു
കയില്ല. അവൻെറ അവിശ്വസ്തതയാലും
അവൻ ചെയ്ത പാപത്താലും അവൻ മരിക്കും.
25 എന്നാൽ നിങ്ങൾ കർത്താവിൻെറ വഴി
ചൊവ്വുള്ളതല്ല എന്നു പറയുന്നു. ഇസ്രാ

യേൽ ഗൃഹമേ കേൾപ്പിൻ. എൻെറ വഴ
ചൊവ്വുള്ളതല്ലയോ? നിങ്ങളുടെ വഴികളല്ല
യോ ചൊവ്വില്ലാത്തവ. നീതിമാൻ തൻെ
നീതി ഉപേക്ഷിച്ച് അനീതി പ്രവർത്ത
ക്കുന്നുവെങ്കിൽ അവൻ അതു നിമിത്ത
മരിക്കും. അവൻ ചെയ്ത അനീതി നിമിത്ത
അവൻ മരിക്കും. ദുഷ്ടൻ താൻ ചെയ്ത തിന
ഉപേക്ഷിച്ച് നീതിയും ന്യായവും പ്രവ
ത്തിക്കുന്നുവെങ്കിൽ അവൻ തൻെറ ജീവ
നെ രക്ഷിക്കും. താൻ ചെയ്ത അതിക്ര
ങ്ങളെയെല്ലാം മനസ്സിലാക്കി അവൻ വിട്ട
തിരിയുന്നതുകൊണ്ട് അവൻ മരിക്കാതെ
ജീവിച്ചിരിക്കും. എന്നാൽ ഇസ്രായേൽ ഗ
ഹം കർത്താവിൻെറ മാർഗ്ഗം ചൊവ്വുള്ളതല്ല
എന്നു പറയുന്നു. ഇസ്രായേൽ ഗൃഹമേ
എൻെറ വഴികൾ ചൊവ്വുള്ളവയല്ലയോ
നിങ്ങളുടെ വഴികളല്ലേ, ചൊവ്വില്ലാത്തവ
ആകയാൽ ഇസ്രായേൽ ഗൃഹമേ, ഞാൻ
നിങ്ങളിൽ ഓരോരുവനും അവനവൻെ
പോക്കിനു തക്കവണ്ണം ന്യായവിധി നടത്തു
എന്നു കർത്താധികർത്താവിൻെറ അരു
പ്പാട്. പാപം നിങ്ങൾക്കു നാശകരമായ
ഭവിക്കാതെയിരിക്കേണ്ടതിന്ന് നിങ്ങ
മാനസാന്തരപ്പെട്ട് നിങ്ങളുടെ അതിക്ര
ങ്ങളെല്ലാം വിട്ടുതിരിയുവിൻ. എനിക്കെത
രായി നിങ്ങൾ ചെയ്തിരിക്കുന്ന അതിക്ര
ങ്ങളെല്ലാം നിങ്ങളിൽനിന്നു ദൂരെക്കളയ
വിൻ. നിങ്ങൾക്കു പുതിയൊരു ഹൃദയവു
പുതിയൊരു ആത്മാവിനേയും സമ്പാദിച്ച
കൊള്ളണം. ഇസ്രായേൽ ഗൃഹമേ, നിങ്ങ
എന്തിനു മരിക്കുന്നു? മരിക്കുന്നവൻെ
മരണത്തിൽ എനിക്ക് ഇഷ്ടമില്ല എന്ന
ദൈവമായ കർത്താവിൻെറ അരുളപ്പാട്
ആകയാൽ നിങ്ങൾ മാനസാന്തരപ്പെട്ട
ജീവിപ്പിൻ.

അദ്ധ്യായം 19

നീ ഇസ്രായേലിൻെറ പ്രഭുക്കന്മാരെ
ക്കുറിച്ച് ഒരു വിലാപം പാടുക. നിൻെ
അമ്മ ആരായിരുന്നു? ഒരു സിംഹി തന്നെ
അവൾ സിംഹങ്ങളുടെ ഇടയിൽ കിടന്ന
തൻെറ കുഞ്ഞുങ്ങളെ ബാലസിംഹങ്ങ
ളുടെ ഇടയിൽ വളർത്തി. അവൾ തൻെ
കുട്ടികളിൽ ഒന്നിനെ വളർത്തി. അത് ഒര
ബാലസിംഹമായി. അത് ഇര തേടി പിട
പ്പാൻ പഠിച്ചു. മനുഷ്യരെ തിന്നു കളഞ്ഞു
ജനങ്ങൾ അവൻെറ കാര്യം കേട്ടു. അവരുടെ
കുഴിയിൽ അവൻ അകപ്പെട്ടു. അവർ
അവനെ കൊളുത്തിട്ടുവലിച്ച് മെസ്രേനി
രാജ്യത്തേക്കു കൊണ്ടുപോയി. അവളുടെ

ആശയ്ക്കു ഭംഗം വന്നു എന്നു കണ്ട്
മററൊന്നിനെ എടുത്തു ബാലസിംഹമാക്കി.
6 അവനും സിംഹങ്ങളുടെ ഇടയിൽ സഞ്ച
രിച്ച് ബാലസിംഹമായി ത്തീർന്നു. ഇര
തേടി പിടിപ്പാൻ ശീലിച്ചു. മനുഷ്യരെ
തിന്നുകളഞ്ഞു.
7 അവൻ അവരുടെ കോട്ടകൾ നശിപ്പിച്ചു.
അവരുടെ പട്ടണങ്ങളെ ശൂന്യമാക്കി. അവ
ൻെറ ഗർജ്ജനംമൂലം ദേശവും അതിലുള്ള
തെല്ലാം ഭയപ്പെട്ടു. അപ്പോൾ ജനം ചുററു
മുള്ള സ്ഥലങ്ങളിൽനിന്നു അവനെ
തിരേ വന്നു. അവൻെറ മേൽ വലയെറി
ഞ്ഞു. അവൻ അവരുടെ കുഴിയിൽ അക
പ്പെട്ടു. അവർ അവനെ കൊളുത്തിട്ട് ഒരു
കൂട്ടിലിട്ടു ബാബേൽ രാജാവിൻെറ അടു
ക്കൽ കൊണ്ടുപോയി. ഇനി അവൻെറ
നാദം ഇസ്രായേൽ പർവ്വതങ്ങളിൽ കേൾക്കാ
തെയിരിക്കത്തക്കവണ്ണം അവർ അവനെ
തടവിൽ ആക്കി.
നിൻെറ അമ്മ മുന്തിരിത്തോട്ടത്തിൽ
വെള്ളത്തിന്നടുത്തു നട്ടിരിക്കുന്ന മുന്തിരി
വള്ളിപോലെയാകുന്നു. ഏറെ വെള്ളമുള്ള
ുകൊണ്ട് അത് ഫലദായകമായി. അതിൽ
ആധിപതികളുടെ ചെങ്കോലുകൾക്കു ചേരു
ന്ന ബലമുള്ള കൊമ്പുകൾ ഉണ്ടായി. അത്
ിങ്ങിയ കൊമ്പുകളുടെ ഇടയിൽ വളർന്നു
ർന്നിരുന്നു. അത് കിളരംകൊണ്ടും കൊ
ുകളുടെ ബാഹുല്യംമൂലവും പ്രസിദ്ധമാ
ിരുന്നു. എന്നാൽ അതിനെ ക്രോധത്തോ
െ പറിച്ചു നിലത്തു തള്ളിയിട്ടു. കിഴക്കൻ
ാററ് അതിൻെറ ഫലം ഉണക്കിക്കളഞ്ഞു.
തിൻെറ ബലമുള്ള കൊമ്പുകൾ ഒടി
ഞ്ഞുപോയി, ഉണങ്ങിപ്പോയി, അഗ്നിക്കിര
യായിത്തീർന്നു. ഇപ്പോൾ അതിനെ മരു
ഭൂമിയിൽ ഉണങ്ങി വരണ്ട നിലത്തു നട്ടിരി
ക്കുന്നു. അതിൻെറ കൊമ്പുകളിൽ ഒന്നിൽ
നിന്നു തീ പുറപ്പെട്ട് അതിൻെറ ഫലം ദഹി
പ്പിച്ചുകളഞ്ഞു. അതുകൊണ്ട് ആധിപത്യ
ിന്നു ചെങ്കോലായിരിപ്പാൻ തക്ക ബല
ുള്ള കോൽ അതിൽനിന്നെടുപ്പാൻ ഇല്ലാ
പോയി. ഇത് ഒരു വിലാപം. ഒരു വിലാ
പമായിരിക്കുകയും ചെയ്യും.

അദ്ധ്യായം 20

ഏഴാം ആണ്ട് അഞ്ചാം മാസം പത്താം
തീയതി ഇസ്രായേൽ മൂപ്പന്മാരിൽ ചിലർ
കർത്താവിനോട് തിരുഹിതം ചോദിപ്പാൻ
് എൻെറ മുമ്പിൽ ഇരുന്നു. അപ്പോൾ
കർത്താവിൻെറ കല്പന എനിക്കുണ്ടായി:
മനുഷ്യപുത്രാ നീ ഇസ്രായേൽ വൃദ്ധന്മാ
രോട് സംസാരിക്കുക. ദൈവമായ കർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു. നിങ്ങൾ
എന്നോട് അരുളപ്പാട് ചോദിപ്പാൻ വന്നിരി
ക്കുന്നുവോ? നിങ്ങൾ എന്നോട് ചോദി
ച്ചാൽ എന്നാണ ഞാൻ ഉത്തരമരുളുകയില്ല
എന്നു കർത്താവിൻെറ കല്പന എന്ന്
അവരോട് പറയുക. മനുഷ്യപുത്രാ, നീ 4
അവരെ ന്യായം വിധിക്കുക. നീ അവരെ
ന്യായം വിധിക്കുക. നീ അവരുടെ പിതാ 5
ക്കന്മാരുടെ മ്ലേച്ഛതകളെ അവരോട്
അറിയിക്കുക. ദൈവമായ കർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഇസ്രാ
യേലിനെ തെരഞ്ഞെടുത്തു. യാക്കോബ്
ഗൃഹത്തിൻെറ സന്തതിയോട് കൈ ഉയർ
ത്തി. സത്യം ചെയ്തു. മെസ്രേൻ ദേശത്തുവച്ച്
എന്നെത്തന്നെ അവർക്കു വെളിപ്പെടു
ത്തിയ നാളിൽ ഞാൻ നിങ്ങളുടെ ദൈവ
മായ കർത്താവാകുന്നു എന്ന് അവരോട്
അരുളിച്ചെയ്തു.
ഞാൻ അവരെ മെസ്രേൻ രാജ്യത്തിൽ 6
നിന്നു പുറപ്പെടുവിക്കുമെന്നും ഞാൻ അവർ
ക്കു നല്കിയ പാലും തേനും ഒഴുകുന്നതും
സർവ്വ ദേശങ്ങളുടേയും മഹത്വമായിരിക്കു
ന്നതുമായ ദേശത്തേക്ക് അവരെ കൊണ്ടു
വരുമെന്നും ആ നാളിൽ കൈ ഉയർത്തി
സത്യം ചെയ്തു. അവരോട്: നിങ്ങൾ ഓരോ 7
രുവനും താന്താൻെറ കണ്ണിന്മുമ്പിൽ ഇരി
ക്കുന്ന വിഗ്രഹങ്ങളെ എറിഞ്ഞുകളയുവിൻ.
മെസ്രേന്യബിംബങ്ങളെക്കൊണ്ട് നിങ്ങളെ
മലിനമാക്കരുത്. ഞാനത്രേ നിങ്ങളുടെ
ദൈവമായ കർത്താവ് എന്നു കല്പിച്ചു.
അവർ എന്നോട് മത്സരിച്ചു. എൻെറ വാക്കു 8
കേൾപ്പാൻ മനസ്സില്ലാതിരുന്നു. അവരിൽ
ഒരുവനും തൻെറ കണ്മുമ്പിൽ ഇരുന്ന
വിഗ്രഹങ്ങളെ എറിഞ്ഞുകളയുകയോ
മെസ്രേന്യബിംബങ്ങളെ ഉപേക്ഷിക്കുക
യോ ചെയ്തില്ല. ആകയാൽ ഞാൻ മെസ്രേൻ
ദേശത്തിൻെറ നടുവിൽവച്ച് എൻെറ ക്രോധം
അവരുടെ മേൽ പകർന്ന് എൻെറ കോപം
അവരിൽ പൂർണ്ണമാക്കും എന്ന് അരുളി
ച്ചെയ്തു. എങ്കിലും അവരുടെ ചുററുമുള്ള 9
വരും ഞാൻ അവരെ മെസ്രേൻ ദേശത്തു
നിന്നു പുറപ്പെടുവിച്ച് എന്നെത്തന്നെ വെളി
പ്പെടുത്തിയതു കാണുകയും ചെയ്തവരുമായ
ജാതികളുടെ മുമ്പാകെ എൻെറ നാമം അശു
ദ്ധമാകാതെ ഇരിക്കേണ്ടതിന് ഞാൻ എൻെറ
നാമം നിമിത്തം കരുണാപൂർവ്വം പ്രവർത്തി
ച്ചു. അങ്ങനെ ഞാൻ അവരെ മെസ്രേ 10
നിൽനിന്നു പുറപ്പെടുവിച്ച് മരുഭൂമിയിൽ
കൊണ്ടുവന്നു. ഞാൻ എൻെറ കല്പനകൾ 11

അവർക്കു കൊടുത്തു. എന്റെ വിധികൾ
അവരെ അറിയിച്ചു. അവ അനുഷ്ഠിക്കുന്ന
12 മനുഷ്യൻ അവയാൽ ജീവിക്കും. ഞാൻ
അവരെ വിശുദ്ധീകരിക്കുന്ന ദൈവമാകു
ന്നു എന്ന് അവർ അറിയുവാനായി എനി
ക്കും അവർക്കും മദ്ധ്യേ അടയാളമായിരി
പ്പാനായി എന്റെ ശാബതുകളേയും ഞാൻ
13 അവർക്കു കൊടുത്തു. ഇസ്രായേൽ ഗൃഹ
മോ മരുഭൂമിയിൽ വച്ച് എന്നോട് മത്സരിച്ചു.
അവർ എന്റെ കല്പനകൾ അനുസരിച്ചു
നടക്കാതെ എന്റെ വിധികൾ ധിക്കരിച്ചു.
അവയെ അനുഷ്ഠിക്കുന്നവൻ അവയാൽ
ജീവിക്കും—എന്റെ ശാബതുകളേയും
അവർ അശുദ്ധമാക്കി. ആകയാൽ ഞാൻ
മരുഭൂമിയിൽ വച്ച് എന്റെ ക്രോധം
അവരുടെ മേൽ ചൊരിഞ്ഞ് അവരെ സംഹ
14 രിക്കുമെന്നു പറഞ്ഞു. എങ്കിലും ഞാൻ
അവരെ പുറപ്പെടുവിച്ചതു കണ്ട ജാതിക
ളുടെ മുമ്പിൽ എന്റെ നാമം അശുദ്ധമാകാ
തിരിക്കേണ്ടതിന് ഞാൻ കരുണയോടെ
15 പ്രവർത്തിച്ചു. അവരുടെ ഹൃദയം അവരുടെ
വിഗ്രഹങ്ങളോട് പററിച്ചേർന്നിരുന്നതിനാൽ
അവർ എന്റെ വിധികൾ ധിക്കരിച്ചു.
എന്റെ നിയമങ്ങളിൽ നടക്കാതെ എന്റെ
ശാബതുകളെ അശുദ്ധമാക്കി. അവരുടെ
16 വിഗ്രഹങ്ങളുടെ പിന്നാലെ പോയി. ഞാൻ
അവർക്കു കൊടുത്തിരുന്നതും പാലും
തേനും ഒഴുകുന്നതും സർവ്വദേശങ്ങളു
ടേയും മഹത്വമായിരിക്കുന്നതുമായ ദേശ
ത്തേക്ക് അവരെ കൊണ്ടുവരികയില്ല എന്നു
ഞാൻ മരുഭൂമിയിൽ വച്ച് കൈ ഉയർത്തി
17 സത്യം ചെയ്തു. എങ്കിലും അവരെ ശിക്ഷിക്കു
കയും മരുഭൂമിയിൽ വച്ച് അവരെ നശി
പ്പിച്ചുകളയുകയും ചെയ്യാതെ എനിക്ക് അവ
18 രോട് ദയ തോന്നി. ഞാൻ മരുഭൂമിയിൽവച്ച്
അവരുടെ മക്കളോട് നിങ്ങളുടെ പിതാക്ക
ന്മാരുടെ നിർദ്ദേശാനുസരണം നടക്കരുത്.
അവരുടെ വിധികൾ പാലിക്കരുത്. അവരു
ടെ വിഗ്രഹങ്ങളെക്കൊണ്ട് നിങ്ങളെത്തന്നെ
19 അശുദ്ധമാക്കുകയും അരുത്. ഞാൻ ആകു
ന്നു നിങ്ങളുടെ ദൈവമായ കർത്താവ്.
നിങ്ങൾ എന്റെ കല്പനകൾ അനുസരിച്ചു
നടന്ന് എന്റെ വിധികളെ പാലിച്ച് അനു
20 ഷ്ഠിപ്പിൻ. എന്റെ ശാബതുകളെ വിശുദ്ധീ
കരിപ്പിൻ. ഞാൻ ആകുന്നു നിങ്ങളുടെ
ദൈവമായ കർത്താവ് എന്ന് നിങ്ങൾ അറി
യുവാൻ അവ എനിക്കും നിങ്ങൾക്കും
മദ്ധ്യേ അടയാളമായിരിക്കട്ടെ എന്നു
21 കല്പിച്ചു. എന്നാൽ മക്കളും എന്നോട്
മത്സരിച്ചു. അവർ എന്റെ കല്പനകൾ

അനുസരിച്ചില്ല. എന്റെ വിധികൾ പാലിച്ചു
നടന്നില്ല. അവ അനുഷ്ഠിക്കുന്ന മനുഷ്യൻ
അവയാൽ ജീവിക്കും. അവർ എന്റെ
ശാബതുകളെ അശുദ്ധമാക്കി. ആകയാൽ
ഞാൻ മരുഭൂമിയിൽ വച്ച് എന്റെ ക്രോധം
അവരുടെ മേൽ ചൊരിഞ്ഞ് എന്റെ കോപം
അവരിൽ നിവൃത്തിക്കും എന്നു പറഞ്ഞു.
എങ്കിലും ഞാൻ എന്റെ കൈ പിൻവലിച്ചു. 2
ഞാൻ അവരെ പുറപ്പെടുവിച്ചതു കണ്ട
ജാതികളുടെ മുമ്പിൽ എന്റെ നാമം
അശുദ്ധമാകാതിരിക്കുവാൻ തക്കവണ്ണം
പ്രവർത്തിക്കുകയും ചെയ്തു. അവർ 2
എന്റെ വിധികളെ അനുഷ്ഠിക്കാതെ
എന്റെ ചട്ടങ്ങളെ ധിക്കരിച്ചു എന്റെ
ശാബതുകളെ അശുദ്ധമാക്കുകയും അവ
രുടെ കണ്ണ് അവരുടെ പിതാക്കന്മാരുടെ
വിഗ്രഹങ്ങളിലേക്ക് പതിക്കുകയുംചെയ്തതു
കൊണ്ട്, ഞാൻ അവരെ ജാതികളുടെ ഇട 2
യിൽ ചിതറിച്ചു രാജ്യങ്ങളിൽ ചിതറിച്ചുകള
യുമെന്ന് മരുഭൂമിയിൽ വച്ച് കൈ ഉയർത്തി
അവരോട് സത്യം ചെയ്തു. ഞാൻ അവർക്ക് 2
കൊള്ളരുതാത്ത കല്പനകളും ജീവരക്ഷ
പ്രാപിപ്പാൻ പററാത്ത വിധികളും കൊടു
ത്തു. ഞാനാകുന്നു കർത്താവ് എന്ന് അവർ 2
അറിയുവാൻ തക്കവണ്ണം ഞാൻ അവരെ
ശൂന്യമാക്കേണ്ടതിന് അവർ എല്ലാ കടി
ഞ്ഞൂലുകളേയും അഗ്നിപ്രവേശം ചെയ്യിച്ച
തിനാൽ ഞാൻ അവരെ അവരുടെ സ്വന്ത
വഴിപാടുകളാൽ അശുദ്ധമാക്കി.

അതുകൊണ്ട് മനുഷ്യപുത്രാ, നീ ഇസ്രാ 2
യേൽ ഗൃഹത്തോടു പറയുക. കർത്താധി
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
നിങ്ങളുടെ പിതാക്കന്മാർ എന്നെ ദുഷിച്ചി
രിക്കുന്നതിനാൽ എന്നോട് എതിർത്തിരി
ക്കുന്നു. അവർക്കു കൊടുക്കുമെന്ന് ഞാൻ 2
കൈ ഉയർത്തി സത്യം ചെയ്ത ദേശത്തേക്ക്
ഞാൻ അവരെ കൊണ്ടുവന്നു. അവർ:
ഉയർന്ന എല്ലാ കുന്നും തഴച്ച സകല വൃക്ഷ
വും നോക്കി. അവിടെ ബലികളെ അർപ്പി
ക്കുകയും വഴിപാടു കഴിക്കുകയും സൗരഭ്യ
വാസന അർപ്പിക്കുകയും പാനീയബലി
കൾ പകരുകയും ചെയ്തു. നിങ്ങൾ പോകു 2
ന്ന പൂജാഗിരി എന്ത് എന്നു ഞാൻ അവ
രോട് ചോദിച്ചു. ഇന്നുവരേയും അതിനു
പൂജാഗിരി എന്നു പേർ പറഞ്ഞുവരുന്നു.

അതുകൊണ്ട് നീ ഇസ്രായേൽ ഗൃഹ 3
ത്തോടു പറയുക. കർത്താധികർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു. നിങ്ങൾ നിങ്ങ
ളുടെ പിതാക്കന്മാരുടെ പതിവനുസരിച്ച്
നിങ്ങളെത്തന്നെ അശുദ്ധമാക്കുവാനും

ാവരുടെ വിഗ്രഹങ്ങളോടു ചേർന്ന് വഴി
തെറ്റുവാനും ഉദ്ദേശിക്കുന്നുവോ? നിങ്ങളു
ടെ വഴിപാടുകളെ കഴിക്കുന്നതിനാലും നി
ങ്ങളുടെ മക്കളെ അഗ്നിപ്രവേശം ചെയ്യിക്കു
ന്നതിനാലും നിങ്ങൾ ഇന്നുവരെ നിങ്ങളുടെ
സകല വിഗ്രഹങ്ങളേയുംകൊണ്ട് നിങ്ങളെ
തന്നെ അശുദ്ധമാക്കുന്നു. ഇസ്രായേൽ
ൃഹമേ, നിങ്ങൾ എന്നോട് ചോദിപ്പാൻ
ാഗ്രഹിക്കുന്നോ? നിങ്ങൾ ചോദിച്ചാൽ എ
ാണ ഞാൻ ഉത്തരമരുളുകയില്ല. എന്നു
ദവമായ കർത്താവിൻെറ കല്പന. നാം
ത്തെയും കല്ലിനേയും സേവിച്ച് ജാതികളേ
പ്പാലെയും ദേശത്തെ വംശങ്ങളേപ്പോലെ
ം ആയിത്തീരുക എന്നു നിങ്ങളും പറയു
ു. ആ വിചാരം നടപ്പാകുകയില്ല. എന്നാ
, ബലമുള്ള കൈ കൊണ്ടും ഉന്നത ഭുജം
ാണ്ടും ചൊരിയുന്ന കോധംകൊണ്ടും
ാൻ നിങ്ങളെ ഭരിക്കും എന്നു ദൈവമായ
ത്താവിൻെറ അരുളപ്പാട്. ബലമുള്ള കൈ
ാണ്ടു ഞാൻ നിങ്ങളെ ജാതികളിൽനിന്നു
ത്തു വരുത്തും. നിങ്ങൾ ചിതറിപ്പോയിരി
ന്ന രാജ്യങ്ങളിൽനിന്നു ശേഖരിക്കുകയും
യ്യും. ഞാൻ നിങ്ങളെ ജാതികളുടെ
ഭൂമിയിലേക്ക് കൊണ്ടുചെന്ന് അവിടെ
മുഖാമുഖമായി നിങ്ങളെ വിധിക്കും
്രസൻ ദേശത്തിൻെറ മരുഭൂമിയിൽവച്ച്
ങ്ങളുടെ പിതാക്കന്മാരെ ഞാൻ വിധിച്ച
പാലെ നിങ്ങളേയും വിധിക്കും എന്നു
ത്താധികർത്താവിൻെറ കല്പന. ഞാൻ
ങ്ങളെ വടിയിൻ കീഴെ കടത്തി നിയമ
ൻെറ ബന്ധനത്തിൽ ഉൾപ്പെടുത്തും.
നാട് മത്സരിച്ച് അതിക്രമിക്കുന്നവരെ
ൻ അവരുടെ ഭവനങ്ങളിൽനിന്നു നീക്കി
യും. ഇസ്രായേൽ ദേശത്ത് അവർ കട
യില്ല. ഞാനാകുന്നു കർത്താവ്
ു നിങ്ങൾ അറിയും. ഇസ്രായേൽ
മേ! ദൈവമായ കർത്താവ് ഇങ്ങനെ
ളിച്ചെയ്യുന്നു. എന്നെ അനുസരിക്കു
ങ്കിൽ നിങ്ങൾ ചെന്ന് ഓരോരുവൻ
ൻെറ വിഗ്രഹങ്ങളെ സേവിച്ചു
ൻവിൻ. എൻെറ വിശുദ്ധനാമത്തെ
ളുടെ വഴിപാടുകൾകൊണ്ടും വിഗ്രഹ
കൊണ്ടും ഇനി അശുദ്ധമാക്കരുത്.
യേലിൻെറ ഉന്നത പർവ്വതത്തിൽ
യേൽ ഗൃഹമെല്ലാം സർവ്വരും
സേവിക്കുമെന്ന് ദൈവമായ
ാവിൻെറ അരുളപ്പാട്. അവിടെ
അവരിൽ പ്രസാദിക്കും. അവിടെ
നിങ്ങളുടെ വഴിപാടുകളും ആദ്യ
ങ്ങളും സകല കാഴ്ചകളും ആഗ്ര

ഹിക്കും. ഞാൻ നിങ്ങളെ ജാതികളുടെ
ഇടയിൽനിന്നു പുറപ്പെടുവിച്ച്. നിങ്ങൾ 41
ചിതറിപ്പോയിരിക്കുന്ന രാജ്യങ്ങളിൽനിന്നു
ശേഖരിക്കും. ഞാൻ നിങ്ങളെ സൗരഭ്യ
വാസനപോലെ സ്വീകരിക്കും. അങ്ങനെ
ഞാൻ ജാതികൾ കാൺകെ നിങ്ങളിൽ
വിശുദ്ധീകരിക്കപ്പെടും.

നിങ്ങളുടെ പിതാക്കന്മാർക്ക് കൊടു 42
ക്കുമെന്ന് ഞാൻ കൈ ഉയർത്തി സത്യം
ചെയ്ത ദേശമായ ഇസ്രായേൽ ദേശത്തേക്ക്
നിങ്ങളെ കൊണ്ടുവരുമ്പോൾ ഞാനാകുന്നു
കർത്താവ് എന്നു നിങ്ങൾ അറിയും. അ
വിടെ വച്ച് നിങ്ങൾ നിങ്ങളുടെ ജീവിതവും 43
നിങ്ങളെത്തന്നെ മലിനമാക്കിയ സകല
പ്രവൃത്തികളും ഓർക്കും. നിങ്ങൾ ചെയ്ത
സകല തിന്മയും നിമിത്തം നിങ്ങൾക്ക് നിങ്ങ
ളോടുതന്നെ വെറുപ്പു തോന്നും. ഇസ്രാ 44
യേൽ ഗൃഹമേ, നിങ്ങളുടെ ദുഷിച്ച വഴി
കൾക്കു തക്കവണ്ണമല്ല, നിങ്ങളുടെ വഷ
ളായ പ്രവൃത്തികൾക്കു തക്കവണ്ണവുമല്ല,
എൻെറ നാമം നിമിത്തം ഞാൻ കരുണ
യോടെ നിങ്ങളോട് പ്രവർത്തിക്കുമ്പോൾ
ഞാനാകുന്നു കർത്താവ് എന്നു നിങ്ങൾ
അറിയും എന്നു ദൈവമായ കർത്താവിൻെറ
അരുളപ്പാട്.

കർത്തൃകല്പന എനിക്കുണ്ടായി. 45
മനുഷ്യപുത്രാ നിൻെറ മുഖം തെക്കോട്ടു 46
തിരിച്ചു ദക്ഷിണദേശത്തോട് പ്രസംഗിച്ച്
തെക്കേ ദിക്കിലെ വനത്തെക്കുറിച്ച് പ്രവ 47
ചിച്ച് തെക്കുള്ള വനത്തോട് പറയേണ്ടത്.
കർത്തൃവചനം കേൾക്കുക. കർത്താധി
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
ഞാൻ നിനക്കു തീവയ്ക്കും. അതു നി
ന്നിൽ പച്ചയും ഉണങ്ങിയതുമായ സകല
വൃക്ഷങ്ങളേയും ദഹിപ്പിച്ചുകളയും. ജ്വലി
ക്കുന്ന ജ്വാല കെട്ടുപോകുകയില്ല. തെക്കു
മുതൽ വടക്കുവരെയുള്ള മുഖങ്ങളെല്ലാം
അതിനാൽ എരിഞ്ഞുപോകും. കർത്താ 48
വായ ഞാൻ അതു കത്തിച്ചു എന്നു സകല
ജഡവും കാണും. അതു കെട്ടുപോകുകയി
ല്ല. അപ്പോൾ ഞാൻ "കർത്താധികർത്താവേ 49
ഇവൻ കടങ്കഥ അല്ലോ പറയുന്നതു എന്നു
അവർ എന്നെക്കുറിച്ചു പറയുന്നു" എന്നു
പറഞ്ഞു.

അദ്ധ്യായം 21

വീണ്ടും കർത്തൃകല്പന എനിക്കു 1
ണ്ടായി. മനുഷ്യപുത്രാ നിൻെറ മുഖം 2
യറുശലേമിന്നു തിരിച്ച് വിശുദ്ധമന്ദിരത്തി
ലേക്കു നോക്കി ഇസ്രായേൽ ദേശത്തിനു

വിരോധമായി പ്രവചിച്ച് ഇസ്രായേൽ ദേശ
3 ത്തോട് പറയേണ്ടത്. കർത്താധികർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ
നിനക്കെതിരെ പുറപ്പെട്ട് എൻെറ വാൾ
ഉറയിൽനിന്ന് ഊരി നീതിമാനേയും, ദുഷ്ട
നേയും നിന്നിൽനിന്നു വിച്ഛേദിച്ചു
4 കളയും. ഞാൻ നീതിമാനേയും ദുഷ്ടനേ
യും നിന്നിൽനിന്നു ഛേദിച്ചുകളവാൻ
പോകുന്നതിനാൽ തെക്കുമുതൽ വടക്കു
വരെ സകല ജഡത്തിനും വിരോധമായി
എൻെറ വാൾ ഉറയിൽനിന്നു പുറപ്പെടും.
5 ദൈവമായ ഞാൻ എൻെറ വാൾ
ഉറയിൽനിന്ന് ഊരിയെന്നു സകല ജഡവും
6 അറിയും. അത് തിരികെ വരികയില്ല. നീയോ
മനുഷ്യപുത്രാ, നിൻെറ നടുവ് ഒടിയത്തക്ക
വിധം നെടുവീർപ്പിടുക. അവരുടെ മുമ്പിൽ
7 കഠിനമായി നെടുവീർപ്പിടുക. എന്തിന്നു
നെടുവീർപ്പിടുന്നു എന്നു അവർ നിന്നോടു
ചോദിച്ചാൽ നീ ഉത്തരം പറയേണ്ടത്, ഒരു
വാർത്ത വരുന്നു. അത് സംഭവിക്കുമ്പോൾ
സകല ഹൃദയവും ഉരുകിപ്പോകും. എല്ലാ
കൈകളും കുഴഞ്ഞുപോകും. ഏതു മനസ്സും
കലങ്ങിപ്പോകും. എല്ലാ മുട്ടുകളും വെള്ളം
പോലെ ഒഴുകിപ്പോകും. അതു വന്നുകഴി
ഞ്ഞു എന്നു കർത്താധികർത്താവിൻെറ
അരുളപ്പാട്. കർത്തൃകല്പന എനിക്കുണ്ടാ
8 യി. മനുഷ്യപുത്രാ നീ പ്രവചിച്ചു പറയുക.
9 കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു:
വാൾ, ഒരു വാൾ, മൂർച്ച കൂട്ടി മിനുക്കിയി
10 രിക്കുന്നു എന്നു പറയുക. കൊലചെയ്യു
വാൻ അതിന്നു മൂർച്ച കൂട്ടിയിരിക്കുന്നു.
മിന്നത്തക്കവണ്ണം അതു മിനുക്കിയിരിക്കു
ന്നു. അല്ലെങ്കിൽ നമുക്കു സന്തോഷിക്കാ
മോ? എൻെറ മകൻെറ സകല വൃക്ഷത്തേ
യും ചെങ്കോലിനെപ്പോലെ നിരസിക്കുന്നു.
11 ഉപയോഗിപ്പാൻ തക്കവണ്ണം അത് മിനുക്കു
വാൻ കൊടുത്തിരിക്കുന്നു. കൊല്ലുന്ന
വൻെറ കയ്യിൽ കൊടുപ്പാൻ ഈ വാൾ മൂർച്ച
12 കൂട്ടി മിനുക്കിയിരിക്കുന്നു. മനുഷ്യപുത്രാ,
നീ നിലവിളിച്ചു വിലപിക്കുക. അത്
എൻെറ ജനത്തിന്മേലും ഇസ്രായേലിൻെറ
സകല പ്രഭുക്കന്മാരുടെ മേലും വരും. അവർ
എൻെറ ജനത്തോടുകൂടെ വാളിന്ന് ഏല്പി
ക്കപ്പെട്ടവരാകുന്നു. ആകയാൽ നീ മാറത്ത്
13 അടിക്ക. അതൊരു പരീക്ഷയല്ലോ. എന്നാൽ
നിരസിക്കുന്ന വംശംതന്നെ ഇല്ലാതെ പോ
യാൽ എന്ത്? എന്നു കർത്താധികർത്താവി
14 ൻെറ അരുളപ്പാട്. മനുഷ്യപുത്രാ പ്രവചിച്ച്
കൈ കൊട്ടുക. വാൾ, നിഹതന്മാരുടെ വാൾ
മൂന്നു മടങ്ങായി ഭവിക്കട്ടെ. അവരെ സംഭ്ര

മിപ്പിക്കുന്നവൻ വലിയവൻ. അവരുടെ
ഹൃദയം ഉരുകിപ്പോകേണ്ടതിന്നും അവരിൽ
ബലഹീനർ വർദ്ധിക്കേണ്ടതിന്നും ഞാൻ
വാളിൻമുനയെ അവരുടെ എല്ലാ വാതില
കളിലും വച്ചിരിക്കുന്നു. വാളിന് അവരെ ഏ
ല്പിച്ചിരിക്കുന്നു. അത് ഇടിവാൾ പോലെയ
രിക്കുന്നു. അതു സംഹാരത്തിനായി ഒരുക്ക
യിരിക്കുന്നു. പുറകോട്ടോ ഇടത്തോട്ടോ
വലത്തോട്ടോ നിൻെറ വായ്ത്തല തിരിയ
ന്നിടത്തേക്ക് വെട്ടുക. ഞാനും കൈ
കൊട്ടും. എൻെറ ക്രോധത്തെ ശമിപ്പിക്കു
കർത്താവായ ഞാൻ അതു അരുളിച്ചെയ്
രിക്കുന്നു.

കർത്താവിൻെറ അരുളപ്പാട് എനിക്ക
ണ്ടായി. മനുഷ്യപുത്രാ, ബാബേൽ രാജ
വിൻെറ വാൾ വരേണ്ടതിനു നീ രണ്ടു വ
ഉണ്ടാക്കുക. രണ്ടും ഒരു സ്ഥാനത്തുനിന്ന
പുറപ്പെടണം. ഒരു ചൂണ്ടുപലക ഉണ്ടാക്ക
നഗരത്തിലേക്കുള്ള വഴിയുടെ ആരം
ത്തിൽ നാട്ടുക. അങ്ങനെ വാൾ അമ്മോന
രുടെ റബ്ബയിലും യഹൂദയിലും ഉറപ്പുള്ള യറ
ശലേമിലും വരേണ്ടതിന്ന് നീ വഴി നിശ്ചയ
ക്കുക. ബാബേൽ രാജാവ് ഇരുവഴിത്തല
യ്ക്കൽ വഴിത്തിരിവിങ്കൽതന്നെ ശകുന
നോക്കുവാൻ നില്ക്കുന്നു. അവൻ തൻെ
അമ്പുകൾ അയച്ചു ദേവന്മാരോടു ചോദ
ക്കുകയും ചീട്ടിട്ടുനോക്കുകയും ചെയ്യുന്ന
ഒളിസ്ഥാനങ്ങൾ വക്കുവാനും വായ് തുറന
ആർപ്പുവിളിക്കേണ്ടതിന്നും വാതിലുകളു
നേരേ ആയുധങ്ങളെ വയ്ക്കേണ്ടതിന്നു
ഗോപുരം പണിയേണ്ടതിന്നും യറുശലേ
മിനെക്കുറിച്ചുള്ള ചീട്ട് അവൻെറ വല
യ്യിൽ വന്നിരിക്കുന്നു. എന്നാൽ അത
അവർക്ക് വ്യാജലക്ഷണമായി തോന്നുന്നു
അവർ സഖ്യത്തിൽ ആയിരുന്നുവല്ലോ
എന്നാൽ അവർ പിടിക്കപ്പെടും. അവന
അകൃത്യം ഓർപ്പിക്കും. ആകയാൽ കർത്ത
ധികർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു
നിങ്ങളുടെ സകല പ്രവൃത്തികളിലു
നിങ്ങളുടെ പാപങ്ങൾ പ്രത്യക്ഷമാകത്തക്ക
വണ്ണം നിങ്ങളുടെ അതിക്രമങ്ങൾ വെള
പ്പെട്ടുവരുന്നു. ആകയാൽ നിങ്ങൾ നിങ്ങ
ളുടെ അകൃത്യം ഓർപ്പിച്ചിരിക്കുന്നതുകൊ
ണ്ടും നിങ്ങളേയും ഓർത്തിരിക്കുന്നത
കൊണ്ടും നിങ്ങൾ പിടിക്കപ്പെടും. അശു
ദ്ധനും പാപിയുമായ ഇസ്രായേലിൻെറ
രാജാവേ! അന്ത്യത്തിൻേറയും അകൃത്യത്തി
ൻേറയും കാലത്ത് നിൻെറ ദിവസം വന്നിരി
ക്കുന്നു. ദൈവമായ കർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു. നിൻെറ തലപ്പാവും

കിരീടവും എടുത്തുകളയുക. അത് ഇനി
അങ്ങനെ ഇരിക്കയില്ല. ഞാൻ താണതിനെ
ഉയർത്തുകയും ഉയർന്നതിനെ താഴ്ത്തു
കയും ചെയ്യും. ഞാൻ അതിന് ഉന്മൂലനാശം
വരുത്തും. അതിന് അവകാശമുള്ളവൻ
വരുന്നതുവരെ അത് ഇല്ലാതിരിക്കും.
അവന് ഞാൻ അതു കൊടുക്കും.
മനുഷ്യപുത്രാ നീ പ്രവചിച്ചു പറയുക.
മ്മോന്യരെക്കുറിച്ചും അവരുടെ നിന്ദയെ
ക്കുറിച്ചും കർത്താധികർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു. അന്ത്യഅകൃത്യത്തിന്റെ
ാൾ വന്നവരായ ദുഷ്ടന്മാരായവരുടെ
ഴുത്തിൽ വയ്ക്കേണ്ടതിന് അവർ നിന
ക്ക് വ്യാജദർശനം തരുമ്പോഴും നിനക്കു
ദാഷ്ക്ക് ലക്ഷണം പറയുന്ന നേരത്തും
രു വാൾ ഊരിയിരിക്കുന്നു. അതു മിന്നൽ
പാലെ മിന്നേണ്ടതിന്നും തിന്നുകളയേണ്ട
ിന്നും വധത്തിന്നായി മിനുക്കിയിരി
ുന്നു എന്നു പറയുക. അതിനെ ഉറയിൽ
ടുക. നിന്റെ ജന്മദേശത്ത് ഞാൻ നിന്നെ
ായം വിധിക്കും. ഞാൻ എന്റെ ക്രോധം
ന്റെ മേൽ പകരും. എന്റെ കോപാഗ്നി
ന്റെ മേൽ ഊതും. മൃഗപ്രായരും
ശിപ്പിക്കുവാൻ സമർത്ഥരുമായ മനുഷ്യ
ടെ കയ്യിൽ നിന്നെ ഏല്പിക്കും. നീ അഗ്നി
രയായിത്തീരും. നിന്റെ രക്തം നിന്റെ
ശത്തിന്റെ നടുവിൽ ഒഴുകും. നിന്നെ
ി ആരും ഓർക്കുകയുമില്ല. കർത്താവായ
ാനാണ് അത് അരുളിച്ചെയ്തിരിക്കുന്നത്.

അദ്ധ്യായം 22

കർത്താവിന്റെ അരുളപ്പാട് എനിക്കു
ായി. മനുഷ്യപുത്രാ രക്തപാതകമുള്ള
ന്നത്തെ നീ ന്യായം വിധിക്കുക. നീ
ിന്റെ സകല അശുദ്ധികളേയും അതി
ട് അറിയിച്ചു പറയുക. ദൈവമായ
ത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു:
ന്റെ നടുവിൽ രക്തം ചൊരിഞ്ഞ്
ന്നത്തന്നെ മലിനമാക്കി വിഗ്രഹങ്ങളെ
ാക്കുന്ന നഗരമേ! നിന്റെ കാലം വന്നു.
ചാരിഞ്ഞ രക്തത്താൽ നീ കുറ്റക്കാരി
ിത്തീർന്നു. നീ ഉണ്ടാക്കിയിരിക്കുന്ന
ഹങ്ങളാൽ നീ നിന്നെത്തന്നെ മലിന
ിയിരിക്കുന്നു; നിന്റെ നാളുകൾ
ത്തു. നിന്റെ ജീവാവസാനം നിനക്കു
ത്തിയിരിക്കുന്നു. ആകയാൽ ഞാൻ
ന ജാതികൾക്കു നിന്ദയും സകല
ങ്ങൾക്കും പരിഹാസവിഷയവും
ിയിരിക്കുന്നു. നിനക്കു സമീപമുള്ള
ദൂരസ്ഥന്മാരും ദുഷ്കീർത്തിയും
അനീതിയും ഉള്ള നിന്നെ പരിഹസിക്കും.
ഇസ്രായേൽ പ്രഭുക്കന്മാർ ഓരോരുവനും 6
അവനവന്റെ വംശത്തിന്നായി രക്തം
ചൊരിവാനത്രേ നിന്നിൽ ഇരിക്കുന്നത്.
നിന്റെ മദ്ധ്യേ അവർ മാതാപിതാക്കളെ 7
പുച്ഛരിക്കുന്നു. നിന്നിൽവച്ച് അനാഥനേ
യും വിധവയേയും ഉപദ്രവിക്കുന്നു. എന്റെ 8
വിശുദ്ധ വസ്തുക്കളെ നീ ധിക്കരിച്ച് എന്റെ
ശാബതുകളെ അശുദ്ധമാക്കി. രക്തം 9
ചൊരിയേണ്ടതിന്ന് ഏഷണി പറയുന്നവർ
നിന്നിൽ ഉണ്ട്. പൂജാഗിരികളിൽ ഭക്ഷണം
കഴിക്കുന്നവർ നിന്നിൽ ഉണ്ട്. നിന്റെ
നടുവിൽ അവർ പാപം ചെയ്യുന്നു. നിന്നിൽ 10
അവർ സ്വന്തം പിതാവിന്റെ നഗ്നത അനാ
വൃതമാക്കുന്നു. നിന്നിൽവച്ച് അവർ ഋതു
മാലിന്യത്തിൽ ഇരിക്കുന്നവളെ വഷളാ
ക്കുന്നു. ഒരുവൻ തന്റെ കൂട്ടുകാരന്റെ 11
ഭാര്യയുമായി മ്ലേച്ഛത പ്രവർത്തിക്കുന്നു.
മറ്റൊരുവൻ തന്റെ മരുമകളെ വ്യഭിചരിച്ച്
മലിനയാക്കുന്നു. വേറൊരുവൻ നിന്നിൽ
വച്ച് സ്വന്ത പിതാവിന്റെ മകളായ സഹോ
ദരിയെ വഷളാക്കുന്നു. രക്തം ചൊരിയേ 12
ണ്ടതിന്ന് അവർ നിന്നിൽ കൈക്കൂലി വാങ്ങു
ന്നു, പലിശയും ലാഭവും വാങ്ങി കൂട്ടുകാരെ
ഞെരുക്കി സമ്പാദ്യമുണ്ടാക്കി എന്നെ
മറന്നുകളഞ്ഞിരിക്കുന്നു എന്നു കർത്താധി
കർത്താവ് പറയുന്നു. നീ സമ്പാദിച്ചിരി 13
ക്കുന്ന ലാഭത്തേയും നിന്നിലുണ്ടായ
രക്തപാതകത്തേയും കുറിച്ച് ഞാൻ
കൈകൊട്ടും. ഞാൻ നിന്നോട് കാര്യം 14
തീർക്കുന്ന നാളിൽ നിന്റെ ഹൃദയം
ധൈര്യത്തോടിരിക്കുമോ? നിന്റെ കൈ
കൾ ബലപ്പെട്ടിരിക്കുമോ? കർത്താവായ
ഞാൻ അതു അരുളിച്ചെയ്തിരിക്കുന്നു. ഞാൻ
അതു നിർവ്വഹിക്കും. ഞാൻ നിന്നെ ജാതി 15
കളുടെ ഇടയിൽ ചിതറിച്ച് രാജ്യങ്ങളിൽ
പിന്തുടർന്ന് നിന്റെ മലിനത നീക്കിക്ക
ളയും. ജാതികൾ കാൺകെ നീ നിന്നിൽ 16
തന്നെ മലിനയായിത്തീരും. ഞാനാകുന്നു
കർത്താവ് എന്നു നീ അറിയും.
കർത്തൃകല്പന എനിക്കുണ്ടായി. 17
മനുഷ്യപുത്രാ ഇസ്രായേൽ ഗൃഹം എനിക്ക് 18
നിഷിദ്ധരായിത്തീർന്നിരിക്കുന്നു. അവരെ
ല്ലാവരും ചൂളയുടെ നടുവിൽ ഓടും ചെമ്പും
വെളുത്തീയവും ഇരിമ്പും കറുത്തീയവും
തന്നെ. അവർ വെള്ളിയുടെ കീടമായി
ത്തീർന്നിരിക്കുന്നു. അതുകൊണ്ട് ദൈവ 19
മായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യു
ന്നു. നിങ്ങൾ എല്ലാവരും കീടമായിത്തീർ
ന്നിരിക്കയാൽ ഞാൻ നിങ്ങളെ യറുശലേ

20 മിൻെറ നടുവിൽ കൂട്ടും. വെള്ളിയും താമ്ര
വും ഇരിമ്പും കറുത്തീയവും വെളുത്തീയ
വും ഉലയുടെ നടുവിൽ ഇട്ട് ഊതി ഉരു
ക്കുന്നതുപോലെ ഞാൻ എൻെറ കോപ
ത്തിലും എൻെറ ക്രോധത്തിലും നിങ്ങളേ
21 യും കൂട്ടിയുരുക്കും. ഞാൻ നിങ്ങളെ കൂട്ടി
എൻെറ ക്രോധാഗ്നിയെ നിങ്ങളുടെമേൽ
ഊതും. അങ്ങനെ നിങ്ങൾ അതിൻെറ
22 നടുവിൽ ഉരുകിപ്പോകും. ചൂളയുടെ നടു
വിൽ വെള്ളി ഉരുകിപ്പോകുന്നതുപോലെ
നിങ്ങൾ എൻെറ കോപത്തിൽ ഉരുകിപ്പോ
കും. കർത്താവായ ഞാൻ എൻെറ ക്രോധം
നിങ്ങളുടെമേൽ പകർന്നിരിക്കുന്നു എന്നു
23 നിങ്ങൾ അറിയും. കർത്താവിൻെറ കല്പന
24 എനിക്കുണ്ടായി. മനുഷ്യപുത്രാ, നീ അതി
നോട് പറയേണ്ടത്: ക്രോധദിവസത്തിൽ
നീ ശുദ്ധിയില്ലാത്തതും മഴയില്ലാത്തതുമാ
യ ദേശമായിരിക്കും. അതിൻെറ നടുവിൽ
25 അതിലെ പ്രഭുക്കന്മാരുടെ മാത്സര്യമുണ്ട്.
അലറി ഇര കടിച്ചുകീറുന്ന ഒരു സിംഹം
പോലെ അവർ മനുഷ്യരെ വിഴുങ്ങിക്കളയു
ന്നു. കൊട്ടാരങ്ങളിലെ നിക്ഷേപങ്ങളെയും
വിലയേറിയ വസ്തുക്കളേയും അപഹരിക്കു
26 ന്നു. പലരേയും വിധവകളാക്കുന്നു. അതി
ലെ പുരോഹിതന്മാർ എൻെറ ന്യായപ്രമാണ
ത്തോട് ലംഘനം ചെയ്യു. എൻെറ വിശുദ്ധവ
സ്തുക്കളെ അശുദ്ധമാക്കി. അവർ വിശുദ്ധവും
അശുദ്ധവും തമ്മിൽ വേർതിരിക്കുന്നില്ല.
മലിനവും നിർമ്മലവും തമ്മിലുള്ള ഭേദം
അവർക്ക് അറിഞ്ഞുകൂടാ. ഞാൻ അവരുടെ
മദ്ധ്യേ അശുദ്ധനായി ഭവിക്കത്തക്കവണ്ണം
അവർ എൻെറ ശാബതുകൾ നോക്കാതെ
27 കണ്ണു മറയ്ക്കുന്നു. അതിൻെറ നടുവിലെ
പ്രഭുക്കന്മാർ പ്രാണൻ നശിപ്പിക്കുവാനും
ലാഭം ഉണ്ടാക്കുവാനും ഇര കടിച്ചുകീറുന്ന
ചെന്നായ്ക്കളെപ്പോലെ രക്തം ചൊരിയു
28 വാനും ശ്രമിക്കുന്നു. അതിലെ പ്രവാചക
ന്മാർ വ്യാജം ദർശിച്ചും കള്ളപ്രവചനങ്ങൾ
നടത്തുകയും, കർത്താവ് കല്പിച്ചിട്ടില്ലാ
തിരിക്കെ ദൈവമായ കർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു എന്നു പറഞ്ഞുംകൊണ്ട്
29 അവർ തെററുകൾ മൂടി വയ്ക്കുന്നു. ദേശ
ത്തിലെ ജനം ഞെരുക്കം ചെയ്കയും അപ
ഹരിക്കുകയും അനാഥനേയും ദരിദ്രനേ
യും ഉപദ്രവിക്കയും പരദേശിയെ അന്യായ
30 മായി പീഡിപ്പിക്കുകയും ചെയ്യുന്നു. ഞാൻ
ദേശത്തെ നശിപ്പിക്കാതിരിക്കുവാൻ അതി
ന്നു മതിൽ കെട്ടി എൻെറ മുമ്പാകെ വിള്ള
ലിൽ നില്ക്കേണ്ടതിന്ന് ഒരു മനുഷ്യനെ
ഞാൻ അവരുടെ ഇടയിൽ അന്വേഷിച്ചു.
ആരേയും കണ്ടില്ല. ആകയാൽ ഞാൻ 31
എൻെറ ക്രോധം അവരുടെമേൽ ചൊരി
ഞ്ഞു. എൻെറ കോപാഗ്നികൊണ്ട് അവരെ
ഉന്മൂലമാക്കി. അവരുടെ നടപടിക്കു തക്ക
വണ്ണം ഞാൻ അവരോട് പകരംചെയ്തിരി
ക്കുന്നു എന്നു കർത്താധികർത്താവിൻെറ
അരുളപ്പാട്.

അദ്ധ്യായം 23

വീണ്ടും കർത്താവിൻെറ അരുളപ്പാട് 1
എനിക്കുണ്ടായി: മനുഷ്യപുത്രാ ഒരമ്മ 2
യ്ക്ക് രണ്ടു പുത്രിമാർ ഉണ്ടായിരുന്നു.
അവർ മെസ്രേനിൽവച്ചു വ്യഭിചരിച്ചു. 3
യൗവനത്തിൽതന്നേ അവിടെ അവരുടെ
സ്തനം പിടിച്ച് അവരുടെ കന്യാകുചാഗ്രം
ഞെക്കപ്പെട്ടു. അവരിൽ മൂത്തവൾക്ക് 4
ഒഹൊലാ എന്നും ഇളയവൾക്ക് ഒഹോ
ലീബാ എന്നും പേരായിരുന്നു. അവർ
എൻേറതായി. പുത്രന്മാരേയും പുത്രിമാ
രേയും പ്രസവിച്ചു. അവരിൽ ഒഹൊലാ
എന്നതു ശമര്യയും ഒഹോലീബാ എന്നതു
യറുശലേമും ആകുന്നു. എന്നാൽ ഒഹൊലാ 5
എന്നെ വിട്ടു പരസംഗം ചെയ്തു. അവൾ നീല 6
വസ്ത്രം ധരിച്ച ദേശാധിപതികളും സ്ഥാന
പതികളും മനോഹരയുവാക്കളുമായ
അശ്വാരൂഢരായ സമീപസ്ഥരായ അസ്സീറി 7
യൻ ജാരന്മാരെ മോഹിച്ചു. അസ്സീറിയൻ
പ്രധാനികളോടെല്ലാം തൻെറ വേശ്യാവൃ
ത്തി നടത്തി. താൻ മോഹിച്ചുപോന്ന ഏവ
രാലും സകല വിഗ്രഹങ്ങളെക്കൊണ്ടും തന്ന
ത്താൻ മലിനയാക്കി. മെസ്രേനിൽ നിന്നു 8
കൊണ്ടുവന്ന തൻെറ വേശ്യാവൃത്തിയും
അവൾ ഉപേക്ഷിച്ചില്ല. അവർ അവളുടെ
യൗവനത്തിൽ അവളോടുകൂടെ ശയിച്ചു.
കന്യകയായ അവളുടെ കുചാഗ്രം അമർത്തി
തങ്ങളുടെ വിഷയാസക്തി അവളുടെ മേൽ
ചൊരിഞ്ഞു. അതിനാൽ ഞാൻ അവളെ അ 9
വളുടെ ജാരന്മാരുടെ കയ്യിൽ അവൾ മോഹി
ച്ചിരുന്ന അസീറിയരുടെ കയ്യിൽ ഏല്പിച്ചു.
അവർ അവളുടെ നഗ്നത അനാവൃതമാക്കി. 10
അവളുടെ പുത്രന്മാരേയും പുത്രിമാരേയും
പിടിക്കുകയും അവളെ വാൾകൊണ്ട് കൊ
ല്ലുകയുംചെയ്തു. അവളുടെമേൽ ശിക്ഷാ
വിധി വന്നതുകൊണ്ട് അവൾ സ്ത്രീകളുടെ
ഇടയിൽ ഒരു നിന്ദാപാത്രമായിത്തീർന്നു.
എന്നാൽ അവളുടെ സഹോദരിയായ 11
ഒഹോലീബാ ഇതു കണ്ടിട്ടും തൻെറ
വിഷയാസക്തിയിൽ അവളെക്കാളും തൻെറ
വേശ്യാവൃത്തിയിൽ സഹോദരിയുടെ
വ്യഭിചാരത്തെക്കാളും അധികം വഷളായി.

2 മോടിയായ വസ്ത്രം ധരിച്ച ദേശാധിപതി
കളും സ്ഥാനപതികളും അശ്വാരൂഢരും
സുന്ദരയുവാക്കളുമായി സമീപസ്ഥരായ
3 അസീറിയരെ മോഹിച്ചു. അവളും സ്വയം
മലിനയാക്കി എന്നു ഞാൻ കണ്ടു. ഇരുവരും
4 ഏകപാതയിൽതന്നെ നടന്നു. അവൾ
5 പിന്നെയും വ്യഭിചാരം തുടർന്നു. സിന്ദൂരം
കൊണ്ട് എഴുതിയ കൽദയരുടെ ചിത്ര
ങ്ങൾ, കൽദയപ്രദേശം ജന്മഭൂമിയായുള്ള
ബാബേൽക്കാരെപ്പോലെ അരയ്ക്കു
കച്ചകെട്ടി തലയിൽ തലപ്പാവ് ചുറ്റി
കാഴ്ചയ്ക്ക് പ്രഭുക്കന്മാരായിരിക്കുന്ന
പുരുഷന്മാരുടെ ചിത്രങ്ങൾ, ചുവരിന്മേൽ
വരച്ചിരിക്കുന്നത് അവൾ കണ്ടു. കണ്ട
ഉടനെ അവൾ അവരെ മോഹിച്ചു. കൽദായ
ദേശത്തേക്ക് ദൂതന്മാരെ അയച്ചു. അങ്ങനെ
ബാബേൽക്കാർ പ്രേമശയനത്തിന്നായി
അവളുടെ അടുക്കൽ വന്നു. വ്യഭിചരിച്ച്
അവളെ മലിനയാക്കി. അവൾ അവരാൽ
ലിനയായിത്തീർന്നു. പിന്നെ അവൾക്ക്
അവരോട് വെറുപ്പു തോന്നി. ഇങ്ങനെ
അവൾ തന്റെ വേശ്യാവൃത്തി പരസ്യമായി
ചയ്തു. തന്റെ നഗ്നത അനാവൃതമാക്കി
പ്പോൾ എനിക്ക് അവളുടെ സഹോദരി
യാട് വെറുപ്പു തോന്നിയതുപോലെ അവ
ളോടും വെറുപ്പു തോന്നി. എന്നിട്ടും അവൾ
മിസ്രേനിൽവച്ച് വ്യഭിചരിച്ച തന്റെ
യൗവനകാലം ഓർത്ത് വ്യഭിചാരം വർദ്ധി
ച്ചു. കഴുതകളുടെ ലിംഗംപോലെ ലിംഗ
ം കുതിരകളുടെ ബീജസ്രവണംപോലെ
ബീജസ്രവണവും ഉള്ള ജാരന്മാരെ അവൾ
ാഹിച്ചു. ഇങ്ങനെ നിന്റെ യൗവനസ്തന
ളെ, മെസ്രേന്യർ നിന്റെ കുചാഗ്ര
ളെ ഞെക്കിയതായ നിന്റെ യൗവന
ിലെ ദുഷ്കർമ്മത്തിലേക്ക് നീ തിരിഞ്ഞു
ാക്കി.

അതുകൊണ്ട് ഒഹോലീബായേ!
ത്താധികർത്താവു ഇപ്രകാരം അരുളി
യ്യുന്നു: ബാബേൽക്കാർ, കൽദയർ,
ക്കോദ്യർ, ശോവ്യർ, കോവ്യർ, അസീറി
എന്നിങ്ങനെ മനോഹരയുവാക്കളും
ാധിപതികളും സ്ഥാനപതികളും പ്രഭു
ാരും വിശ്രുതന്മാരും അശ്വാരൂഢരു
ീ നിനക്കു വെറുപ്പ് തോന്നിയിരിക്കുന്ന
ന്റെ ജാരന്മാരെ ഞാൻ നിനക്കു വിരോ
യി ഉണർത്തി എല്ലാ ഭാഗത്തുനിന്നും
ന്റെ നേരേ വരുത്തും. അവർ ആയുധ
ികളായി അനവധി രഥങ്ങളും വണ്ടി
ഒരു ജനസമൂഹവുമായി നിനക്കെ
വരും. അവർ പരിച പിടിച്ചും പട
ത്തൊപ്പി അണിഞ്ഞും വന്ന് നിന്നെ വളയും.
ഞാൻ ശിക്ഷാവിധി അവർക്കു ഭരമേല്പി
ക്കും. അവർ തങ്ങളുടെ ന്യായങ്ങൾക്ക്
അനുസരിച്ച് നിന്നെ ന്യായം വിധിക്കും.
ഞാൻ എന്റെ വൈരാഗ്യം നിനക്കെതിരെ 25
പ്രയോഗിക്കും. അവർ ക്രോധത്തോടെ
പെരുമാറും. അവർ നിന്റെ മൂക്കും ചെവി
യും മുറിച്ചുകളയും. നിന്നിൽ അവശേഷി
ക്കുന്നവർ വാൾകൊണ്ട് വീഴും. അവർ
നിന്റെ പുത്രന്മാരേയും പുത്രിമാരേയും പിടി
ച്ചുകൊണ്ടുപോകും. നിന്നെ അഗ്നിക്കിരയാ
ക്കും. അവർ നിന്റെ മഹത്വവസ്ത്രം ഉരിയും. 26
ആഭരണങ്ങൾ കൊള്ളചെയ്യും. ഇങ്ങനെ 27
ഞാൻ നിന്റെ ഭോഗേച്ഛയും മെസ്രേൻ
ദേശത്തുനിന്ന് കൊണ്ടുവന്ന നിന്റെ
വേശ്യാവൃത്തിയും നിർത്തലാക്കും. നീ ഇനി
അവരെ തല ഉയർത്തിനോക്കുകയില്ല.
ഓർക്കുകയുമില്ല. കർത്താധികർത്താവ് 28
ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ നിന്നെ
നീ വെറുക്കുന്നവരുടെ കയ്യിൽ, നിനക്കു വെ
റുപ്പു തോന്നുന്ന അസിറിയരുടെ കയ്യിൽ
ഏല്പിക്കും. അവർ വെറുപ്പോടെ നിന്നോട് 29
പ്രവർത്തിക്കും. നിന്റെ സമ്പാദ്യമെല്ലാം
എടുക്കും. നിന്നെ നഗ്നയും അനാവൃതയു
മാക്കി വിടും. അങ്ങനെ നിന്റെ വേശ്യാ
വൃത്തിയുടെ നഗ്നതയും നിന്റെ ഭോഗാ
സക്തിയും വ്യഭിചാരവും വെളിപ്പെട്ടു
വരും. നീ ജാതികളോട് ചേർന്നു വ്യഭിചരി 30
ച്ചതുകൊണ്ടും അവരുടെ വിഗ്രഹങ്ങളാൽ
സ്വയം മലിനയാക്കിയതുമൂലവും ഇതു
നിനക്കു സംഭവിക്കും. നീ സഹോദരിയുടെ 31
വഴിയേ പോയതുകൊണ്ട് ഞാൻ അവ
ളുടെ പാനപാത്രം നിന്റെ കയ്യിൽ തരും.
കർത്താധികർത്താവ് ഇപ്രകാരം അരുളി 32
ച്ചെയ്യുന്നു: നീ സഹോദരിയുടെ ആഴവും
വിസ്താരവും ഉള്ള പാനപാത്രത്തിൽനിന്നു
കുടിച്ച് നിന്ദയ്ക്കും പരിഹാസത്തിനും പാത്ര
മാകും. ഭയവും നാശവുമുള്ള പാനപാത്ര 33
മായി നിന്റെ സഹോദരി ശമര്യയുടെ പാന
പാത്രമായ ലഹരിയും ദുഃഖവുംകൊണ്ട് നീ
നിറയും. നിന്റെ സ്തനങ്ങൾ കീറിക്കളയും; 34
തലമുടി പറിച്ചുകളയും. ഞാൻ അതു
കല്പിച്ചിരിക്കുന്നു എന്ന് കർത്താധി
കർത്താവിന്റെ അരുളപ്പാട്. ആകയാൽ 35
കർത്താധികർത്താവ് ഇപ്രകാരം അരുളി
ച്ചെയ്യുന്നു: നീ എന്നെ വിസ്മരിച്ച് എന്നെ
നിന്റെ വിഗ്രഹങ്ങളുടെ പിന്നിലേക്ക്
എറിഞ്ഞുകളയുകയാൽ നീ നിന്റെ ഭോഗേ
ച്ഛയുടേയും പരസംഗത്തിന്റെയും ഫലം
അനുഭവിക്കും.

36 പിന്നെയും കർത്താവ് എന്നോട് അരുളി
ചെയ്തത്: മനുഷ്യപുത്രാ, നീ ഒഹൊലയേ
യും ഒഹൊലീബയേയും ന്യായം വിധി
ക്കുക. അവരുടെ വഷളത്വം അവരോട്
37 അറിയിക്കുക. അവർ വ്യഭിചരിച്ചു. അവ
രുടെ കയ്യിൽ രക്തം ഉണ്ട്. അവരുടെ വിഗ്രഹ
ങ്ങളുമായി അവർ വ്യഭിചാരം ചെയ്തു. അവർ
എനിക്കു ജാതരായ മക്കളെ അവയ്ക്കു
ഭോജനമായി അഗ്നിപ്രവേശം ചെയ്യിച്ചു.
38 അതിനും പുറമെ അവർ എന്നോടു
ചെയ്തിരിക്കുന്നത്! അവർ എന്റെ വിശുദ്ധ
മന്ദിരത്തെ മലിനമാക്കി. എന്റെ ശാബതു
39 കളെ അശുദ്ധമാക്കി. അവർ മക്കളെ
വിഗ്രഹങ്ങൾക്കുവേണ്ടി അഗ്നിയിൽ ഇട്ട
ശേഷം അന്നുതന്നേ അവർ എന്റെ
വിശുദ്ധമന്ദിരത്തെ അശുദ്ധമാക്കുവാൻ
അവിടേക്കു വന്നു. ഇങ്ങനെയത്രേ അവർ
40 എന്റെ ആലയത്തിൽ ചെയ്തത്. ഇതു
കൂടാതെ ദൂരെനിന്നും ആളയച്ച് പുരുഷ
ന്മാരെ അവർ വരുത്തി. ഒരു ദൂതൻ അവ
രുടെ അടുക്കൽ ചെന്ന ഉടനെ അവർ
വന്നു. അവർക്കുവേണ്ടി അവർ കുളിച്ചു.
41 കണ്ണെഴുതി. ആഭരണം അണിഞ്ഞു. രാജ
കീയ ശയ്യമേൽ ഇരുന്നു. അതിന്റെ
മുമ്പിൽ ഒരു മേശ ഒരുക്കി അവളുടെമേൽ
42 എന്റെ സുഗന്ധവർഗ്ഗവും തൈലവും പൂശി.
മദോന്മത്തരായ ഒരു പുരുഷാരത്തിന്റെ
ശബ്ദം അവൾക്കു ചുറ്റും ഉണ്ടായിരുന്നു.
മരുഭൂമിയിൽനിന്നും ശാബായിൽനിന്നും
വന്നവർ അവളുടെ കൈയ്ക്കു വളയിടു
കയും തലയിൽ ഭംഗിയുള്ള കിരീടങ്ങൾ
43 വയ്ക്കുകയും ചെയ്തു. അപ്പോൾ ഞാൻ,
അവൾ വ്യഭിചാരം ചെയ്തു, ഇപ്പോൾ അവർ
അവളോടും അവൾ അവരോടും പരസംഗം
44 ചെയ്യും എന്നു പറഞ്ഞു. അങ്ങനെ വേശ്യ
യുടെ അടുക്കൽ ചെല്ലുന്നതുപോലെ
അവർ അവളുടെ അടുക്കൽ ചെന്നു. അതേ,
അവർ വേശ്യകളായ ഒഹൊലയുടെ
അടുക്കലും ഒഹോലീബയുടെ അടുക്ക
45 ലും ചെന്നു. എന്നാൽ നീതിമാന്മാരായ
ആളുകൾ വ്യഭിചാരിണികൾക്കു തക്ക
ന്യായപ്രകാരവും രക്തപാതകികൾക്കു
ഒത്ത ന്യായപ്രകാരവും അവരെ ന്യായം
വിധിക്കും. അവർ വ്യഭിചാരിണികൾ.
46 അവരുടെ കയ്യിൽ രക്തവും ഉണ്ട്. ദൈവ
മായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യു
ന്നു. അവരുടെ നേരേ ഒരു സഭകൂടി അവരെ
പരിഭ്രമത്തിന്നും കവർച്ചയ്ക്കും ഏല്പി
47 ക്കുക. അവരെ തലയ്ക്കു കല്ലെറിഞ്ഞ്
വാൾകൊണ്ട് വെട്ടിക്കളയട്ടെ. അവരുടെ
പുത്രന്മാരേയും പുത്രിമാരേയും അവർ
വധിക്കും. അവരുടെ വീടുകൾ അഗ്നിക്കിര
യാകും. ഇങ്ങനെ നിങ്ങളുടെ വേശ്യാവൃത്തി
പോലെ ചെയ്യാതിരിപ്പാൻ സകല സ്ത്രീക
ളും ഒരു പാഠം പഠിക്കേണ്ടതിന്നു ഞാൻ
അധർമ്മം ദേശത്തുനിന്നു നീക്കിക്കളയും.
അങ്ങനെ അവർ നിങ്ങളുടെ വേശ്യാദോഷ
ത്തിന്നു തക്ക പ്രതികാരം ചെയ്യും. നിങ്ങൾ
നിങ്ങളുടെ വിഗ്രഹങ്ങളുടെ പാപങ്ങളെ
ചുമക്കേണ്ടിവരും. ഞാനാകുന്നു ദൈവമായ
കർത്താവ് എന്നു നിങ്ങൾ അറിയും.

അദ്ധ്യായം 24

ഒമ്പതാം ആണ്ട് പത്താം മാസം പത്താം
തീയതി കർത്തൃവചനം എനിക്കുണ്ടായി:
മനുഷ്യപുത്രാ, ഈ തീയതി, ഇന്നത്തെ
തീയതി എഴുതിവയ്ക്കുക. ഇന്നുതന്നെയാ
ണ് ബാബേൽ രാജാവ് യറുശലേമിനെ
ആക്രമിച്ചത്. നീ മത്സരഗൃഹത്തോട് ഒരു
ഉപമ പ്രസ്താവിക്കുക. ദൈവമായ
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
ആട്ടിൻകൂട്ടത്തിൽനിന്നു മികച്ചതായ
തിനെ പിടിച്ചുകൊണ്ടുവന്ന്, നീ ഒരു കുട്ടകം
അടുപ്പത്തുവയ്ക്കുക. അതിൽ വെള്ളം
ഒഴിക്കുക. മാംസക്കഷണങ്ങൾ, തുട, കൈ
ക്കുറകു മുതലായ നല്ല കഷണങ്ങൾ, എടു
ത്ത് അതിൽ ഇടുക. നല്ല അസ്ഥി
ഖണ്ഡങ്ങൾകൊണ്ട് അതു നിറയ്ക്കുക.
അതിന്റെ കീഴെ വിറകു അടുക്കി അതിനെ
നന്നായി വേവിക്കുക. അതിന്റെ അസ്ഥി
കൾ അതിന്നകത്തു കിടന്നു തിളയ്ക്കട്ടെ.
കർത്താധികർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു. അകത്തു ക്ലാവുള്ളതും
ക്ലാവു വിട്ടുപോകാത്തതുമായ കുട്ടക
ത്തിനു, രക്തപാതകമുള്ള നഗരത്തിന് ഹാ
കഷ്ടം! അതിനെ ഖണ്ഡം ഖണ്ഡമായി കോ
രി എടുക്കുക. ചീട്ട് അതിന്മേൽ വീണിട്ടില്ല.
അവൾ ചൊരിഞ്ഞ രക്തം അവളുടെ മദ്ധ്യേ
ഉണ്ട്. അവൾ അതു വെറും പാറമേലത്രേ
ചൊരിഞ്ഞത്. മണ്ണുകൊണ്ട് മൂടത്തക്ക
വണ്ണം അത് നിലത്ത് ഒഴിച്ചില്ല. ക്രോധം
വരുത്തുവാനും പ്രതികാരംചെയ്യുവാനു
മായി അവൾ ചൊരിഞ്ഞ രക്തം മൂടി
പ്പോകാതവണ്ണം ഞാൻ അതിനെ വെറും
പാറമേൽതന്നേ നിർത്തിയിരിക്കുന്നു. ആക
യാൽ കർത്താധികർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു. രക്തപാതകങ്ങളുടെ
നഗരത്തിന്നു കഷ്ടം. ഞാൻ വിറകു
കൂമ്പാരം വലുതാക്കും. വിറകുകൂട്ടും. തീ
കത്തിക്കും. മാംസം വേവിക്കും. ചാറു വററി

ും. അസ്ഥികൾ വെന്തുപോകും. അതി
ൻെറ ചെമ്പ് കാഞ്ഞ് വെന്തുപോകുവാനും
തിൻെറ കറ അതിൽ ഉരുകുവാനും
തിൻെറ ക്ലാവ് ഇല്ലാതെയാകുവാനും
ത്രം ഒഴിച്ചെടുത്ത് കനലിന്മേൽ വെക്കുക.
ൻെറ അദ്ധ്വാനംകൊണ്ട് ഞാൻ തളർന്നു
ായി. അവളുടെ കട്ടിപിടിച്ച ക്ലാവു
വളെ വിട്ടുപോകുന്നില്ല. അവളുടെ ക്ലാവ്
യാലും വിട്ടുപോകുന്നില്ല. നിൻെറ
ിനമായ ഭോഗാസക്തി നിമിത്തമാണ്
ാൻ നിന്നെ ശുദ്ധീകരിച്ചിട്ടും നീ ശുദ്ധ
ാതത്. ഞാൻ എൻെറ ക്രോധം നിൻെറ
ൽ തീർക്കുവോളം ഇനി നിൻെറ മലിനത
ങ്ങി നീ ശുദ്ധയാകുകയില്ല. കർത്താവായ
ൻ അത് അരുളിച്ചെയ്തിരിക്കുന്നു. അതു
ഭവിക്കും. ഞാൻ അതു അനുഷ്ഠിക്കും.
ൻ പിന്മാറുകയില്ല. ദയ ചെയ്കയില്ല.
ാതപിക്കുകയില്ല. നിൻെറ പെരുമാറ്റ
നും പ്രവൃത്തിക്കും തക്കവണ്ണം അവർ
ന്ന ന്യായം വിധിക്കും എന്നു ദൈവമായ
ത്താവ് കല്പിക്കുന്നു.
കർത്തൃവചനം എനിക്കുണ്ടായി.
ഷ്യപുത്രാ ഞാൻ നിൻെറ കണ്ണിൻെറ
ന്ദം പെട്ടെന്ന് നിങ്കൽനിന്ന് എടുത്തു
ും. നീ വിലപിക്കുകയോ, കരയുക
കണ്ണുനീർ വാർക്കുകയോ അരുത്.
ൗനമായി നിൻെറ വസ്ത്രങ്ങൾ ധരി
. മൃതവിലാപംകഴിക്കരുത്.
ാലിന്നു ചെരിപ്പിടുക. അധരം മൂടരുത്.
ിതർ കൊടുത്തയയ്ക്കുന്ന അപ്പം
കയും അരുത്. ഞാൻ രാവിലെ ജന
ടു സംസാരിച്ചു. വൈകുന്നേരം
റ ഭാര്യ മരിച്ചു. എന്നോട് കല്പിച്ചതു
ല ഞാൻ പിറ്റെദിവസം രാവിലെ
. അപ്പോൾ ജനം എന്നോട്: നീ ഈ
ന്നതിൻെറ അർത്ഥം എന്ത് എന്നു
ൾക്കു പറഞ്ഞുതരികയില്ലയോ?
ചോദിച്ചു. അതിന്നു ഞാൻ അവരോട്
പറഞ്ഞു. കർത്താവിൻെറ അരുള
നിക്കുണ്ടായി. നീ ഇസ്രായേൽ ഗൃഹ
ു പറയുക. ദൈവമായ കർത്താവ്
ാരം അരുളിച്ചെയ്യുന്നു. നിങ്ങളുടെ
ടെ മഹത്വവും നിങ്ങളുടെ കണ്ണി
നന്ദവും നിങ്ങളുടെ ജീവനെ പുണ്യ
ുന്നതുമായ എൻെറ വിശുദ്ധമന്ദിര
താൻ അശുദ്ധമാക്കും. നിങ്ങൾ
ാകുന്ന നിങ്ങളുടെ പുത്രന്മാരും
ും വാൾകൊണ്ട് വീഴും. ഞാൻ
പോലെ നിങ്ങളും അന്നു ചെയ്യും.
അധരം മൂടാതെയും മറ്റുള്ളവർ
കൊടുത്തയയ്ക്കുന്ന അപ്പം തിന്നാതെയും
ഇരിക്കും. നിങ്ങളുടെ തല ക്ഷൗരം ചെയ്ക 23
യില്ല. ചെരിപ്പ് കാലിൽ ഇരിക്കും. നിങ്ങൾ
വിലപിക്കുകയോ കരയുകയോ ചെയ്യാതെ,
നിങ്ങളുടെ അകൃത്യങ്ങളിൽതന്നെ ക്ഷയി
ച്ച് തമ്മിൽതമ്മിൽ നോക്കി ദുഃഖിക്കും.
ഇങ്ങനെ ഹസ്ക്കിയേൽ നിങ്ങൾക്കു ഒരട 24
യാളം ആയിരിക്കും. അവൻ ചെയ്തതുപോലെ
നിങ്ങളും ചെയ്യും. അതു സംഭവിക്കുമ്പോൾ
ഞാനാകുന്നു ദൈവമായ കർത്താവ് എന്നു
നിങ്ങൾ അറിയും.

മനുഷ്യപുത്രാ അവരുടെ ശക്തിയുടെ 25
മഹത്വവും സന്തോഷവും അവരുടെ കണ്ണി
ൻെറ ആനന്ദവും അവരുടെ ഹൃദയവാഞ്ഛ
യും ആയിരിക്കുന്ന അവരുടെ പുത്ര
ന്മാരേയും പുത്രിമാരേയും ഞാൻ അവരിൽ 26
നിന്നു എടുത്തുകളയുന്ന നാളിൽ വഴുതി
പ്പോന്ന ഒരുവൻ നിൻെറ അടുക്കൽ വന്നു
വസ്തുത നിന്നോട് ചെവിയിൽ പറഞ്ഞു
കേൾപ്പിക്കും. വഴുതിപ്പോന്നവനോട് സംസാ 27
രിപ്പാൻ അന്നു നിൻെറ വായ് തുറക്കും. നീ
ഇനി മൗനമായിരിക്കാതെ സംസാരിക്കും.
അങ്ങനെ നീ അവർക്കു ഒരു അടയാളമായി
രിക്കും. ഞാനാകുന്നു കർത്താവു എന്നു
അവർ അറിയും.

അദ്ധ്യായം 25

കർത്തൃവചനം എനിക്കുണ്ടായി. 1
മനുഷ്യപുത്രാ നീ അമ്മോന്യരുടെ നേരേ 2
മുഖം തിരിച്ചു അവരെക്കുറിച്ച് പ്രവചിച്ചു
അമ്മോന്യരോടു പറയുക. കർത്താധി 3
കർത്താവിൻെറ വചനം കേൾപ്പിൻ. കർത്താ
ധികർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
എൻെറ വിശുദ്ധമന്ദിരം അശുദ്ധമായിത്തീർ
ന്നപ്പോൾ നീ അതേക്കുറിച്ചും ഇസ്രായേൽ
ദേശം ശൂന്യമായ്ത്തീർന്നപ്പോൾ അതിനെ
ക്കുറിച്ചും യഹൂദാഗൃഹം പ്രവാസത്തി
ലേക്കു പോയപ്പോൾ, അവരെക്കുറിച്ചും
'നന്നായി' എന്നു പറഞ്ഞതിനാൽ ഞാൻ 4
നിന്നെ പൗരസ്ത്യർക്കു കീഴ്പെടുത്തിക്കൊ
ടുക്കും. അവർ നിന്നിൽ പാളയമടിക്കും.
കൂടാരങ്ങൾ ഉണ്ടാക്കും. അവർ നിൻെറ
ഫലം ഭക്ഷിക്കും. നിൻെറ പാൽ കുടിക്കും.
ഞാൻ റബ്ബയെ ഒട്ടകങ്ങൾക്കു താവളവും 5
അമ്മോന്യനഗരങ്ങൾ ആട്ടിൻപറ്റങ്ങൾക്കു
പാർപ്പിടവും ആക്കും. ഞാൻ കർത്താവ്
എന്നു നിങ്ങൾ അറിയും. ദൈവമായ 6
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
ഇസ്രായേൽ ദേശത്തെക്കുറിച്ച് നീ കൈ
കൊട്ടി തുള്ളിച്ചാടി നിന്ദിച്ച് ഹൃദയപൂർവ്വം

സന്തോഷിച്ചതിനാൽ ഞാൻ നിന്റെ നേരേ
7 കൈ ഉയർത്തി നിന്നെ ജാതികൾക്കു
കവർച്ചയ്ക്കായി കൊടുക്കും. ഞാൻ നിന്നെ
ജാതികളിൽനിന്നു വിച്ഛേദിച്ചു ദേശങ്ങ
ളിൽനിന്നു നശിപ്പിച്ചുകളയും. ഞാനാകുന്നു
ദൈവം എന്നു നീ അറിയും.
8 ദൈവമായ കർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു. യഹൂദാഗൃഹം സകല
ജാതികളെയും പോലെയത്രേ എന്നു
9 മോവാബും സേയീരും പറയുന്നതിനാൽ
ഞാൻ മോവാബിന്റെ പാർശ്വത്തെ
അതിന്റെ അതിർത്തികളിലുള്ള പട്ട
ണങ്ങളും ദേശത്തിന്റെ മഹത്വവുമായ
ബേത്ത്-യെശീമോത്ത്, ബാൽ മെയോൻ,
കൂര്യഥയീം എന്നീ പട്ടണങ്ങൾ മുതൽ
10 തുറന്നുവയ്ക്കും. അമ്മോന്യർ ജാതി
കളുടെ ഇടയിൽ ഓർക്കപ്പെടാതിരിക്കു
വാൻ അവയെ അമ്മോന്യരോടുകൂടെ
പൗരസ്ത്യർക്കു കീഴ്പെടുത്തിക്കൊടുക്കും.
11 ഇങ്ങനെ ഞാൻ മോവാബിൽ ശിക്ഷാവിധി
നടത്തും. ഞാനാകുന്നു കർത്താവ് എന്ന്
അവർ അറിയും.
12 കർത്താധികർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു. ഏദോം യഹൂദാഗൃഹ
ത്തോടു പ്രതികാരം ചെയ്തു പകരംവീട്ടി
13 മഹാപാതകം ചെയ്തിരിക്കുന്നു. ആകയാൽ
ദൈവമായ കർത്താവ് ഇപ്രകാരം കല്പി
ക്കുന്നു. ഞാൻ ഏദോമിനെതിരെ കൈ
നീട്ടി അതിൽനിന്നു മനുഷ്യനേയും മൃഗ
ത്തേയും വിച്ഛേദിച്ച് അതിനെ ശൂന്യമാ
14 ക്കും. തേമാൻ മുതൽ ദെദാൻവരെ അവർ
വാളിനാൽ വീഴും. ഞാൻ എന്റെ ജനമായ
ഇസ്രായേൽ മുഖാന്തരം ഏദോമിനോട്
പ്രതികാരംചെയ്യും. അവർ എന്റെ കോപ
ത്തിനും എന്റെ ക്രോധത്തിനും തക്കവിധം
ഏദോമിനോടു ചെയ്യും. അപ്പോൾ അവർ
എന്റെ പ്രതികാരം അറിയും എന്നു കർത്താ
ധികർത്താവിന്റെ അരുളപ്പാട്.
15 ദൈവമായ കർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു. ഫെലിസ്ത്യർ പ്രതികാരം
16 ചെയ്ത് മഹാദ്വേഷത്തോടും നശിപ്പിക്കുവാൻ
നിന്ദാഹൃദയത്തോടുംകൂടെ പകരം ചെയ്തിരി
ക്കകൊണ്ട് ദൈവമായ കർത്താവ് ഇപ്ര
കാരം അരുളിച്ചെയ്യുന്നു. ഞാൻ ഫെലിസ്ത്യർ
ക്കെതിരെ കൈ നീട്ടി ക്രേത്യരെ സംഹരിച്ചു
കടല്ക്കരയിൽ ശേഷിപ്പുള്ളവരെ നശിപ്പി
17 ക്കും. ഞാൻ ക്രോധശിക്ഷകളോടുകൂടെ
അവരോട് വലിയ പ്രതികാരം ചെയ്യും. ഞാൻ
അവരോട് പ്രതികാരം നടത്തുമ്പോൾ
ഞാനാകുന്നു ദൈവം എന്ന് അറിയും.

അദ്ധ്യായം 26

പതിനൊന്നാം ആണ്ട് ഒന്നാം തീയ
കർത്താവിന്റെ അരുളപ്പാട് എനിക
ണ്ടായി. മനുഷ്യപുത്രാ, യറൂശലേമി
ക്കുറിച്ച്: "നന്നായി, ജാതികളുടെ വാതി
യിരുന്നവൾ തകർന്നുപോയി; അവൾ എ
ലേക്കു തിരിഞ്ഞിരിക്കുന്നു; അവൾ ശൂ
യായിത്തീർന്നിരിക്കുന്നു" എന്ന് സോർ
യുന്നതിനാൽ കർത്താധികർത്താവ് ഇ
കാരം അരുളിച്ചെയ്യുന്നു. സോരേ, ഞാ
നിനക്കു വിരോധമായിരിക്കുന്നു. സമു
തന്റെ തിരകളെ കയറ്റി വരുത്തുന്ന
പോലെ ഞാൻ അനേകം ജാതികളെ നി
ക്കെതിരെ പുറപ്പെടുവിക്കും. അവർ സോ
ന്റെ മതിലുകൾ നശിപ്പിച്ച് അതിന്റെ
ഗോപുരങ്ങൾ ഇടിച്ചുകളയും. ഞാ
അതിന്റെ പൊടി തൂത്തുവാരിക്കള
അതിനെ വെറും പാറയാക്കും. അ
സമുദ്രപ്രാന്തത്തിൽ വല വിരിച്ചുണക്കു
തിനുള്ള സ്ഥലമായിത്തീരും. ഞാൻ അ
അരുളിച്ചെയ്തിരിക്കുന്നു എന്ന് ദൈവമാ
കർത്താവിന്റെ അരുളപ്പാട്. അതി
ജാതികൾ കവർച്ച ചെയ്യും. ദേശത്തു
അതിന്റെ പുത്രിമാരെ വാൾകൊ
കൊല്ലും. ഞാൻ കർത്താവ് എന്ന് അ
അറിയും. ദൈവമായ കർത്താവ് ഇപ്രകാ
അരുളിച്ചെയ്യുന്നു. ഞാൻ വടക്കുനി
രാജാധിരാജാവായ നെബുഖദ്നേ
എന്ന ബാബേൽരാജാവിനെ കുതിര
ളോടും രഥങ്ങളോടും കുതിരപ്പടയോടും ജ
സമൂഹത്തോടും വളരെ സൈന്യത്തോ
കൂടെ സോരിനെതിരെ വരുത്തും. അവ
വയലിൽ നിന്റെ പുത്രിമാരെ വാൾകൊ
ണ്ടു കൊല്ലും. അവൻ നിന്റെ നേരെ കോ
മതിൽ പണിത് നിന്റെ നേരേ ഒരു
ഉയർത്തും. അവൻ നിന്റെ മതിലുകളു
നേരേ യുദ്ധയന്ത്രങ്ങളെ വച്ച് കോടാ
കൊണ്ട് നിന്റെ ഗോപുരങ്ങളെ തകർത്ത
കളയും. അവന്റെ കുതിരകളുടെ ബാ
ല്യംകൊണ്ട് ഉയരുന്ന പൊടി നിന്നെ മൂ
മതിൽ ഇടിഞ്ഞു കിടക്കുന്ന പട്ടണത്ത
ലേക്കു കടക്കുന്നതുപോലെ അവൻ നിന്റെ
ഗോപുരങ്ങളിൽകൂടി കടക്കുമ്പോൾ കുത
പ്പടയാളികളുടേയും ചക്രങ്ങളുടേയും ര
ങ്ങളുടേയും മുഴക്കംകൊണ്ട് നിന്റെ കോ
കൾ കുലുങ്ങിപ്പോകും. തന്റെ കുതിരക
ടെ കുളമ്പുകൊണ്ട് അവൻ നിന്റെ സക
തെരുവീഥികളെയും മെതിക്കും. നിന്റെ
ജനത്തെ അവൻ വാൾകൊണ്ട് കൊല്ലു

നിന്റെ ശക്തമായ തൂണുകൾ നിലത്തു വീഴും. അവർ നിന്റെ സമ്പത്തു കവർന്ന് നിന്റെ വ്യാപാരവസ്തുക്കൾ കൊള്ളയിട്ട് നിന്റെ കോട്ടകൾ ഇടിച്ച് നിന്റെ മനോഹരഭവനങ്ങൾ നശിപ്പിക്കും. നിന്റെ കല്ലും തടിയും മണ്ണും എല്ലാം അവർ വെള്ളത്തിൽ ഇട്ടുകളയും. നിന്റെ കീർത്തനഘോഷം ഞാൻ ഇല്ലാതെയാക്കും. നിന്റെ വീണാനാദം ഇനി കേൾക്കുകയില്ല. ഞാൻ നിന്നെ വെറും പാറയാക്കും. നീ വല വിരിക്കുവാനുള്ള സ്ഥലമായിത്തീരും. ഞാൻ അതു കല്പിച്ചിരിക്കുന്നു എന്നു കർത്താധികർത്താവിന്റെ അരുളപ്പാട്.

ദൈവമായ കർത്താവ് സോരിനോട്
പ്രകാരം അരുളിച്ചെയ്യുന്നു. മുറിവേറ്റവർ
രങ്ങുമ്പോഴും നിന്റെ നടുവിൽ
ംഹാരം നടക്കുമ്പോഴും നിന്റെ പതന
ബ്ദത്താൽ ദ്വീപുകൾ നടുങ്ങിപ്പോകും.
പ്പോൾ സമുദ്രപ്രാന്തത്തിലെ സകല
ഭുക്കന്മാരും സിംഹാസനം വിട്ടിറങ്ങി,
ങ്കികൾ നീക്കി വിചിത്രവസ്ത്രങ്ങൾ
ഴിച്ചുവയ്ക്കും. അവർ ഭയന്നു നിലത്തി
ന്നു നിമിഷംതോറും വിറച്ചുകൊണ്ട്
ന്നെക്കുറിച്ചു അമ്പരന്നുപോകും. അവർ
ന്നെക്കുറിച്ചു വിലപിച്ച് നിന്നെ
റിച്ചിങ്ങനെ പറയും. സമുദ്രസഞ്ചാരി
ൾ പാർത്തതും വിശ്രുതവുമായ പട്ടണമേ,
എങ്ങനെ നശിച്ചിരിക്കുന്നു. നീയും
ന്റെ നിവാസികളും സമുദ്രത്തിൽ
ബല്യം പ്രാപിച്ചിരുന്നു. അതിലെ സകല
വാസികൾക്കും നിങ്ങളെ ഭയമായിരു
. ഇപ്പോൾ നിന്റെ പതനത്തിന്റെ
ളിൽ ദ്വീപുകൾ വിറയ്ക്കും. സമുദ്ര
ലെ ദ്വീപുകൾ നിന്റെ നാശത്തിൽ
ഭ്രമിക്കും. ദൈവമായ കർത്താവ് ഇപ്ര
ം അരുളിച്ചെയ്യുന്നു. ഞാൻ നിന്നെ
ർപാർപ്പ് ഇല്ലാത്ത പട്ടണങ്ങളെ
ലെ ശൂന്യമായ നഗരം ആക്കുമ്പോഴും
ൻ നിന്റെമേൽ ആഴിയെ വരുത്തി
യ വെള്ളം നിന്നെ മൂടുമ്പോഴും
ൻ നിന്നെ ശവക്കുഴിയിൽ ഇറങ്ങുന്ന
ടുകൂടെ പുരാതന ജനത്തിന്റെ അടു
ഇറക്കും. നിനക്കു നിവാസികൾ
താകുവാനും നീ ജീവനുള്ളവരുടെ
ത്ത് നിലനില്ക്കാതെയിരിക്കുവാനു
ഞാൻ നിന്നെ ഭൂമിയുടെ അധോ
ങ്ങളിൽ പുരാതന ശൂന്യങ്ങളിൽ ശവ
യിൽ ഇറങ്ങുന്നവരോടുകൂടെ പാർപ്പി
ഞാൻ നിന്നെ പെട്ടെന്നു നശിപ്പിക്കും.
ല്ലാതെയാകും. നിന്നെ അന്വേഷി
ച്ചാലും ഇനി ഒരിക്കലും നിന്നെ കണ്ടെത്തു
കയില്ല എന്നു കർത്താധികർത്താവിന്റെ
അരുളപ്പാട്.

അദ്ധ്യായം 27

കർത്തൃകല്പന എനിക്കുണ്ടായി. 1
മനുഷ്യപുത്രാ നീ സോറിനെക്കുറിച്ചു
വിലപിച്ചു, സോറിനോട് പറയേണ്ടത്. 2
തുറമുഖത്തു പാർക്കുന്നവളും ഏറിയ ദ്വീ 3
പുകളിലെ ജാതികളുടെ വ്യാപാരിയും ആ
യവളേ, ദൈവമായ കർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു: സോറേ, ഞാൻ അതി
സുന്ദരിയാകുന്നു എന്നു നീ പറഞ്ഞിരി
ക്കുന്നു. നിന്റെ രാജ്യം സമുദ്രമദ്ധ്യേ 4
ഇരിക്കുന്നു. നിന്നെ പണിതവർ നിന്റെ
സൗന്ദര്യത്തെ പരിപൂർണ്ണമാക്കിയിട്ടുമുണ്ട്.
സെനീരിലെ സരളമരംകൊണ്ട് അവർ 5
നിന്റെ തട്ടെല്ലാം പണിതു. നിനക്കു
പാമരം ഉണ്ടാക്കേണ്ടതിന്നു അവർ ലെബാ
നോനിൽനിന്നു ദേവദാരു കൊണ്ടുവന്നു.
ബാശാനിലെ കരുവേലകംകൊണ്ട് അവർ 6
നിന്റെ തുഴകൾ നിർമ്മിച്ചു. കിത്തീംദ്വീപു
കളിൽനിന്നുള്ള മരത്തിൽ ആനക്കൊമ്പു
പതിച്ചു നിനക്കു തട്ടുണ്ടാക്കി. നിനക്കു 7
കൊടിയും നിന്റെ കപ്പൽപായും മെസ്രേ
നിൽനിന്നുള്ള മനോഹര ചണംകൊണ്ട്
ഉണ്ടാക്കിയതായിരുന്നു. ഏലീശാദ്വീപുക
ളിൽനിന്നുള്ള ധൂമ്രപടവും രക്താംബരവും
നിന്റെ വിതാനമായിരുന്നു. സീദോനിലെ 8
യും അവ്വാദിലേയും നിവാസികൾ നിന്റെ
കപ്പൽക്കാരായിരുന്നു. സോറേ, നിന്നിൽ
ഉണ്ടായിരുന്ന ജ്ഞാനികൾ നിന്റെ കപ്പൽ
ക്കാർ ആയിരുന്നു. ഗെബലിലെ പ്രമാണി 9
കളും അതിലെ ജ്ഞാനികളും നിന്റെ
പണിക്കാരായിരുന്നു. സമുദ്രത്തിലെ എല്ലാ
കപ്പലുകളും അവയുടെ കപ്പൽക്കാരും
നീയുമായി വ്യാപാരം നടത്തുവാൻ നിന്നിൽ
ഉണ്ടായിരുന്നു. പാർസികളും ലൂദ്യരും 10
പൂത്യരും യോദ്ധാക്കളായി നിന്റെ സൈന്യ
ത്തിൽ ഉണ്ടായിരുന്നു. അവർ പരിചയും
ശിരസ്ത്രവും നിന്നിൽ തൂക്കി. നിനക്കു ഭംഗി
പിടിപ്പിച്ചു. അർവ്വാദ്യർ നിന്റെ സൈ 11
ന്യത്തോടുകൂടെ ചുറ്റും നിന്റെ മതിലുകളി
ന്മേലും ഗമ്മാദ്യർ നിന്റെ ഗോപുരങ്ങളിലും
ഉണ്ടായിരുന്നു. അവർ നിന്റെ കോട്ടകളി
ന്മേൽ ചുറ്റും പരിച തൂക്കി നിന്റെ സൗന്ദര്യ
ത്തെ പൂർത്തിയാക്കി. തർശീശ് സകലവിധ 12
സമ്പത്തിന്റെയും ആധിക്യം നിമിത്തം
നിന്റെ വ്യാപാരിയായിരുന്നു. വെള്ളി,
ഇരുമ്പ്, വെള്ളീയം, കാരീയം എന്നിവ

13 അവർ നിൻെറ സാധനങ്ങൾക്കു പകരം
തന്നു. യാവാൻ, തുബാൽ, മേശെക് എന്നി
വർ നിൻെറ വ്യാപാരികൾ ആയിരുന്നു.
അവർ ആളുകളെയും താമ്രസാധനങ്ങ
ളെയും നിൻെറ സാധനങ്ങൾക്കു പകരം
14 തന്നു. തോഗർമ്മാക്കാർ നിൻെറ ചരക്കിനു
പകരം കുതിരകളെയും പടക്കുതിരകളെയും
15 കോവർകഴുതകളെയും തന്നു. ദെദാന്യർ
നിൻെറ വ്യാപാരികളായിരുന്നു. അനേകം
ദ്വീപുകൾ നിൻെറ അധീനതയിലുള്ള
വ്യാപാരദേശങ്ങളായിരുന്നു. അവർ ആന
ക്കൊമ്പും കരിമരവും നിനക്കു കപ്പം കൊ
16 ണ്ടുവന്നു. നിൻെറ പണികളുടെ ബാഹുല്യം
നിമിത്തം അരാം നിൻെറ വ്യാപാരി ആയി
രുന്നു. അവർ മരതകവും ധൂമ്രവസ്ത്രവും
വിചിത്രവസ്ത്രവും ചണവും പവിഴവും പത്മ
രാഗവും നിൻെറ ചരക്കിനു പകരം തന്നു.
17 യഹൂദയും ഇസ്രായേൽദേശവും നിൻെറ
വ്യാപാരികളായിരുന്നു. അവർ മിന്നീത്തി
ലെ ഗോതമ്പും പലഹാരവും തേനും എണ്ണ
യും പരിമളതൈലവും നിൻെറ സാധന
18 ങ്ങൾക്കു പകരം തന്നു. ദമസ്ക്കോസ്
നിൻെറ പണിത്തരങ്ങളുടെ ആധിക്യം
നിമിത്തവും സർവ്വസമ്പത്തിൻെറ ബാഹു
ല്യം നിമിത്തവും ഹെൽബോനിലെ
വീഞ്ഞും വെളുത്ത ആട്ടുരോമവുംകൊണ്ട്
19 നിന്നോട് വ്യാപാരം നടത്തി. വെദാന്യരും
ഊസാലിലെ യാവാന്യരും നിൻെറ ചരക്കു
കൊണ്ട് വ്യാപാരം ചെയ്തു. മിനുസമുള്ള
ഇരുമ്പും വഴനത്തോലും വയമ്പും നിൻെറ
20 സാധനങ്ങളിൽപ്പെട്ടിരിക്കുന്നു. ദെദാൻ
കുതിരപ്പുറത്തിടുന്ന വിശിഷ്ട തുണിതന്ന
21 ത് നിൻെറ വ്യാപാരിയായിരുന്നു. അറബി
കളും കേദാർ പ്രഭുക്കന്മാരെല്ലാം നിനക്ക
ധീനരായ വ്യാപാരികൾ ആയിരുന്നു.
കുഞ്ഞാടുകൾ, ആട്ടുകൊറ്റന്മാർ, കോലാടു
കൾ എന്നിവകൊണ്ട് അവർ നിൻെറ കച്ചവട
22 ക്കാരായിരുന്നു. ശെബയിലേയും രമയിലേ
യും വ്യാപാരികൾ നിൻെറ കച്ചവടക്കാരായി
രുന്നു. അവർ മേൽത്തരമായ സകലവിധ
പരിമളതൈലവും എല്ലാ വിധ രത്നങ്ങളും
പൊന്നും നിൻെറ ചരക്കിനു പകരം തന്നു.
23 ഹാരാനും കല്നെയും ഏദെനും ശെബാ
വ്യാപാരികളും, അശ്ശൂരും കില്മദും നിൻെറ
24 കച്ചവടക്കാരായിരുന്നു. അവർ വിശിഷ്ട
സാധനങ്ങളും ചിത്രത്തയ്യലുള്ള ധൂമ്രപ്പുത
പ്പുകളും പരവതാനികളും മുറുക്കി പിരിച്ച
ചരടുകൾ കൊണ്ടുള്ള പരവതാനികളും നി
25 ൻെറ ചരക്കിനു പകരം തന്നു. തർശീശ് കപ്പ
ലുകൾ നിനക്കു ചരക്കു കൊണ്ടുവന്നു. നീ
പരിപൂർണ്ണയും സമുദ്രമദ്ധ്യേ അതിസമ്പന്ന
യും ആയിത്തീർന്നു. നിൻെറ കപ്പൽക്കാർ
നിന്നെ പുറങ്കടലിലേക്കു കൊണ്ടുപോയി.
കിഴക്കൻകാറ്റ് സമുദ്രമദ്ധ്യേ വച്ചു നിന്നെ
ഉടച്ചുകളഞ്ഞു. നിൻെറ സമ്പത്തും ചരക്കും
കച്ചവടവും കപ്പൽക്കാരും നിയന്ത്രകരും പ
ണിക്കാരും കുറ്റിക്കാരും നിന്നിലുള്ള സകല
യോദ്ധാക്കന്മാരും നിന്നിലുള്ള സർവ്വജന
ത്തോടുംകൂടെ നിൻെറ വീഴ്ച യുടെ ദിവസം
സമുദ്രമദ്ധ്യേ വീഴും. നിൻെറ മാലുമികളുടെ
നിലവിളി കൊണ്ട് കപ്പൽക്കൂട്ടങ്ങൾ നടു
ങ്ങും. എല്ലാ കപ്പൽക്കാരും കടലിലെ മാലുമി
കൾ എല്ലാവരും കപ്പലുകളിൽനിന്ന് ഇറങ്ങി
കരയിൽ നിൽക്കും. അവർ വേദനയോടെ ഉ
റച്ച് നിലവിളിച്ച് തലയിൽ പൂഴി വാരിയിട്ട്
ചാരത്തിൽ കിടന്നുരുളുകയും നിന്നെ
ഓർത്ത് തല ചിരച്ച് രട്ടുടുക്കുകയും നിന്നെ
ക്കുറിച്ച് മനോവ്യസനത്തോടും തീവ്ര
വിലാപത്തോടുംകൂടെ കരയുകയും ചെയ്യും.
ദുഃഖത്തിൽ അവർ നിന്നെ പ്രതി വിലപി
ക്കും. നിന്നെക്കുറിച്ച് വിലപിക്കുന്നത്:
സമുദ്രമദ്ധ്യേ നശിച്ചുപോയ സോറിനെ
പ്പോലെ ഏതൊരു നഗരമുണ്ടായിരുന്നു?
നിൻെറ ചരക്കു സമുദ്രത്തിൽനിന്ന് കയറി
വന്നപ്പോൾ നീ വളരെയേറെ വംശങ്ങളെ
സംതൃപ്തരാക്കി. നിൻെറ സമ്പത്തിൻെറയും
വ്യാപാരത്തിൻെറയും ആധിക്യംമൂലം
ഭൂമിയിലെ രാജാക്കന്മാരെ സമ്പന്നരാക്കി.
ഇപ്പോൾ നീ സമുദ്രത്തിൽ നിന്നു തകർന്നു
പോയി. നിൻെറ വ്യാപാരസമ്പത്തും നിന്നി
ലുള്ള ജനവും വെള്ളത്തിൻെറ ആഴത്തിൽ
വീണിരിക്കുന്നു. ദ്വീപുവാസികളെല്ലാം
നിന്നെക്കുറിച്ച് സ്തംഭിച്ചുപോകും. അവരു
ടെ രാജാക്കന്മാർ ഏററവും ഭയപ്പെട്ട് മുഖം
വാടി നിൽക്കും. ജാതികളിലെ വ്യാപാ
രികൾ നിന്നെ പരിഹസിക്കും. നിനക്കു
പെട്ടെന്ന് നാശം സംഭവിച്ചു, നീ ശാശ്വത
മായി ഇല്ലാതാകും.

അദ്ധ്യായം 28

കർത്താവിൻെറ അരുളപ്പാട് എനിക്കു
ണ്ടായി. മനുഷ്യപുത്രാ നീ സോർ രാജാവി
നോട് പറയുക. ദൈവമായ കർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു. നിൻെറ
ഹൃദയം നിഗളിച്ചു. നീ ദൈവമല്ല, മനുഷ്യൻ
മാത്രമായിരിക്കേ: ഞാൻ ദൈവമാകുന്നു.
ഞാൻ സമുദ്രമദ്ധ്യേ ദൈവസിംഹാസന
ത്തിൽ ഇരിക്കുന്നു എന്നു പറഞ്ഞ് നീ
ദൈവഭാവം നടിച്ചു. നീ ദാനിയേലിലും
ജ്ഞാനിയല്ലോ! നീ അറിയാതെ മറച്ചു

വയ്ക്കാവുന്ന ഒരു രഹസ്യവുമില്ല. നിന്റെ ജ്ഞാനം കൊണ്ടും വിവേകംകൊണ്ടും നീ ധനം സമ്പാദിച്ചു. പൊന്നും വെള്ളിയും നിന്റെ ഭണ്ഡാരത്തിൽ സംഗ്രഹിച്ചു. നീ ഹാജ്ഞാനംകൊണ്ട് വ്യാപാരത്താൽ നം വർദ്ധിപ്പിച്ചു. നിന്റെ ഹൃദയം ധനം മിത്തം ഗർവ്വിച്ചിരിക്കുന്നു. ആകയാൽ ർത്താധികർത്താവ് ഇപ്രകാരം അരുളി ച്ചെയ്യുന്നു. നീ ദൈവഭാവം എടുക്കുകയാൽ ഞാൻ ജാതികളിൽ ശക്തരായ അന്യജാതി ളെ നിനക്കെതിരെ വരുത്തും. അവർ ിന്റെ ജ്ഞാനശോഭയുടെ നേരെ വാളൂരി ിന്റെ പ്രഭയെ അശുദ്ധമാക്കും. അവർ ിന്നെ ശവക്കുഴിയിൽ ഇറക്കും. നീ സമുദ്ര ദ്ധ്യ നിഹിതന്മാരെപ്പോലെ മരിക്കും. ന്നെ കുത്തിക്കൊല്ലുന്നവന്റെ കയ്യിൽ നീ ദവമല്ല. മനുഷ്യൻ മാത്രമായിരിക്കെ ന്നെ കൊല്ലുന്നവന്റെ മുമ്പിൽ ഞാൻ ദവം എന്നു നീ പറയുമോ? അന്യജാതി ടെ കയ്യാൽ നീ അഗ്രചർമ്മികളെ ാലെ മരിക്കും. ഞാൻ അതു കല്പിച്ചിരി ന്നു എന്ന് കർത്താധികർത്താവിന്റെ ളപ്പാട്.

വീണ്ടും കർത്താവിന്റെ അരുളപ്പാട് നിക്കുണ്ടായി: മനുഷ്യപുത്രാ നീ സോർ ജാവിനെക്കുറിച്ച് ഒരു വിലാപം തുടങ്ങി നോട് പറയേണ്ടത്: കർത്താധികർത്താ ഇപ്രകാരം അരുളിച്ചെയ്യുന്നു. പൂർണ്ണത ു നീ മാതൃകയായിരുന്നു. നീ ജ്ഞാന മ്പൂർണ്ണനും സൗന്ദര്യസമ്പൂർണ്ണനും ന്നു. നീ ദൈവത്തിന്റെ തോട്ടമായ നിൽ ആയിരുന്നു. താമ്രമണി, പീത ം, വജ്രം, പുഷ്യരാഗം, ഗോമേദകം, ്യകാന്തം, നീലക്കല്ല്, മാണിക്യം, മര മുതലായ സകല രത്നങ്ങളും നിന്നെ കരിച്ചിരുന്നു. നിന്നെ നിർമ്മിച്ച നാളിൽ ിൽ ഉള്ള തംബുരുകളുടേയും വീണക യും പണി സ്വർണ്ണംകൊണ്ടുള്ള രുന്നു. അഭിഷിക്തനായ ക്രൂബയെ ക്കു കാവൽ നിറുത്തി. ഞാൻ നിന്നെ ദ്ധ ദൈവപർവ്വതത്തിൽ ഇരുത്തി. അഗ്നിമയരത്നങ്ങളുടെ മദ്ധ്യേ സഞ്ച പോന്നു. നിന്നെ സൃഷ്ടിച്ച നാൾ നിന്നിൽ അധർമ്മം കണ്ടതുവരെ നീ ത്തത്തിൽ നിഷ്കളങ്കനായിരുന്നു. റ വ്യാപാരത്തിന്റെ ആധിക്യം ത്തം നിന്റെ മനസ്സ് അക്രമംകൊണ്ട് ഞ്ഞു. നീ പാപം ചെയ്തു. അതുകൊണ്ട് നിന്നെ അശുദ്ധൻ എന്നു നിശ്ചയിച്ച് പർവ്വതത്തിൽനിന്നു തള്ളിക്കളഞ്ഞു.

നിന്നെ മറയ്ക്കുന്ന ക്രൂബേ നിന്നെ അഗ്നി
മയരത്നങ്ങളുടെ മദ്ധ്യേനിന്നും നശിപ്പിച്ചു
കളയും. നിന്റെ സൗന്ദര്യം നിമിത്തം നിന്റെ 17
ഹൃദയം നിഗളിച്ചു. നിന്റെ ശോഭനിമിത്തം
നീ നിന്റെ ജ്ഞാനത്തെ വഷളാക്കി. ഞാൻ
നിന്നെ നിലത്തു തള്ളിയിടും. രാജാക്കന്മാർ
നിന്നെക്കണ്ടു രസിക്കത്തക്കവണ്ണം നിന്നെ
അവരുടെ മുമ്പിൽ വീഴിക്കും. നിന്റെ 18
അകൃത്യബാഹുല്യംകൊണ്ടും നിന്റെ
വ്യാപാരത്തിന്റെ നീതികേടുകൊണ്ടും
നീ നിന്റെ വിശുദ്ധമന്ദിരങ്ങളെ അശുദ്ധ
മാക്കി. അതുകൊണ്ട് ഞാൻ നിന്റെ
നടുവിൽനിന്ന് തീ പുറപ്പെടുവിക്കും. അതു
നിന്നെ ദഹിപ്പിച്ചുകളയും. നിന്നെ കാണുന്ന
ഏവരുടെയും മുമ്പിൽ ഞാൻ നിന്നെ നില
ത്ത് ഭസ്മമാക്കിക്കളയും. ജാതികളിൽ 19
നിന്നെ അറിയുന്നവരെല്ലാവരും നിന്നെ
ക്കണ്ട് അത്ഭുതപ്പെടും. നിനക്ക് ശീഘ്ര നാ
ശം ഭവിച്ച് നീ എന്നെന്നേക്കും ഇല്ലാതാകും.
കർത്തൃകല്പന എനിക്കുണ്ടായി. 20
മനുഷ്യപുത്രാ, നീ സീദോന്നു നേരേ മുഖം 21
തിരിച്ച് അതിന്നെതിരായി പ്രവചിച്ചു
പറയുക. കർത്താധികർത്താവ് ഇപ്രകാരം 22
അരുളിച്ചെയ്യുന്നു. സീദോനേ ഞാൻ നിന
ക്കു വിരോധമായിരിക്കുന്നു. ഞാൻ നിന്റെ
മദ്ധ്യേ എന്നെത്തന്നെ മഹത്വീകരിക്കും.
ഞാൻ അതിൽ വിധി നടത്തി എന്നെ 23
ത്തന്നെ വിശുദ്ധീകരിക്കുമ്പോൾ ഞാനാ
കുന്നു ദൈവം എന്ന് അവർ അറിയും.
ഇസ്രായേൽ ഗൃഹത്തെ നിന്ദിച്ചവരായി 24
അവരുടെ ചുറ്റുമുള്ള എല്ലാവരിലും നിന്ന്
കുത്തുന്ന പറക്കാരയും നോവിക്കുന്ന
മുള്ളും ഇനി അവർക്കുണ്ടാകയില്ല. ഞാൻ
ദൈവമായ കർത്താവ് എന്ന് അവർ
അറിയും.

കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: 25
ഞാൻ ഇസ്രായേൽ ഗൃഹത്തെ അവർ
ചിതറിപ്പോയിരിക്കുന്ന ജാതികളുടെയിട
യിൽനിന്നു ശേഖരിച്ച് ജാതികൾ കാൺകെ
എന്നെത്തന്നെ അവരിൽ വിശുദ്ധീകരിക്കു
മ്പോൾ, ഞാൻ എന്റെ ദാസനായ യാക്കോ
ബിന്ന് കൊടുത്ത ദേശത്ത് അവർ വസിക്കും.
അവർ അതിൽ നിർഭയമായി വസിക്കും. 26
അവർ വീടുകൾ പണിത് മുന്തിരിത്തോട്ട
ങ്ങൾ ഉണ്ടാക്കും. അവരുടെ ചുറ്റുമുള്ളവ
രായി അവരെ നിന്ദിക്കുന്ന ഏവരിലും
ഞാൻ വിധി നടത്തുമ്പോൾ അവർ
നിർഭയമായി വസിക്കും. ഞാൻ അവരുടെ
ദൈവമായ കർത്താവ് എന്ന് അവർ
അറിയും.

അദ്ധ്യായം 29

1 പത്താം ആണ്ട് പത്താം മാസം പന്ത്ര
ണ്ടാം തീയതി യഹോവയുടെ അരുളപ്പാട്
2 എനിക്കുണ്ടായി. മനുഷ്യപുത്രാ, നീ മെ
സ്രേൻ രാജാവായ ഫറവോൻെറ നേരെ
നോക്കി അവനെക്കുറിച്ചും എല്ലാ മെസ്രേ
നേക്കുറിച്ചും പ്രവചിച്ചു പറയേണ്ടത്.
3 കർത്താധികർത്താവ് ഇപ്രകാരം അരുളി
ച്ചെയ്യുന്നു: മെസ്രേൻരാജാവായ ഫറവോ
നേ, തൻെറ നദികളുടെ നടുവിൽ കിടന്ന്
ഈ നദി എനിക്കുള്ളതാകുന്നു. ഞാൻ
അതിനെ എനിക്കായിട്ടുണ്ടാക്കിയിരി
ക്കുന്നു എന്നു പറയുന്ന ഭയങ്കര സർപ്പമേ,
4 ഞാൻ നിനക്കു വിരോധമായിരിക്കുന്നു.
ഞാൻ നിൻെറ ചെകിളയിൽ ചൂണ്ടൽ
കൊളുത്തും. നിൻെറ നദികളിലെ മത്സ്യ
ങ്ങൾ നിൻെറ ചെതുമ്പലിൽ പറ്റുമാറാ
ക്കും. നിന്നെ നിൻെറ നദികളുടെ മദ്ധ്യേ
നിന്നു വലിച്ചു കയറ്റും. നിൻെറ നദികളിലെ
മത്സ്യമെല്ലാം നിൻെറ ചെതുമ്പലിൽ പറ്റി
5 യിരിക്കും. ഞാൻ നിന്നെയും നിൻെറ നദി
കളിലെ മത്സ്യങ്ങളെ എല്ലാം മരുഭൂമിയിൽ
എറിഞ്ഞുകളയും. നീ വെളിമ്പ്രദേശത്തു
വീഴും. ആരും നിന്നെ പെറുക്കുകയോ
ശേഖരിക്കുകയോ ഇല്ല.

ഞാൻ നിന്നെ കാട്ടുമൃഗങ്ങൾക്കും
ആകാശത്തിലെ പക്ഷികൾക്കും ഇരയായി
6 കൊടുക്കും. മെസ്രേൻകാർ ഇസ്രായേൽ ഗൃ
ഹത്തിന് ഒരു ഞാങ്ങണക്കോലായിരുന്നതു
കൊണ്ട് അവരെല്ലാം ഞാൻ കർത്താവ്
7 എന്ന് അറിയും. അവർ നിന്നെ കയ്യിൽ പിടി
ച്ചപ്പോൾ നീ ഒടിഞ്ഞു അവരുടെ ചുമലു
കൾ കീറിക്കളഞ്ഞു. അവർ നിൻെറമേൽ
ഊന്നിയപ്പോൾ നീ ഒടിഞ്ഞ് അവരുടെ
8 നടുവ് കുലുങ്ങുമാറാക്കി. ആകയാൽ
ദൈവമായ കർത്താവ് ഇപ്രകാരം അരുളി
ച്ചെയ്യുന്നു. ഞാൻ നിൻെറ നേരേ വാൾ വരു
ത്തും. നിന്നിൽനിന്നു മനുഷ്യനേയും മൃഗ
9 ത്തേയും വിച്ഛേദിച്ചുകളയും. മെസ്രേൻ
ദേശം പാഴും ശൂന്യവുമായ്ത്തീരും. ഞാൻ
ദൈവം എന്നു അവർ അറിയും. നദി എൻേറ
താകുന്നു, ഞാൻ അതിനെ ഉണ്ടാക്കിയിരി
ക്കുന്നു എന്നു അവൻ പറഞ്ഞുവല്ലോ.
10 അതുകൊണ്ട് ഞാൻ നിനക്കും നിൻെറ നദി
കൾക്കും വിരോധമായിരുന്നു, മെസ്രേൻ
ദേശത്തെ സെവേനഗോപുരംമുതൽ കൂശി
ൻെറ അതിർത്തിവരെ പാഴും ശൂന്യവു
11 മാക്കും. മനുഷ്യൻെറ കാൽ അതിൽകൂടി
കടന്നുപോകുകയില്ല. മൃഗത്തിൻെറ കാൽ

അതിൽ ചവിട്ടുകയുമില്ല. നാല്പതു സം
ത്സരം അതിൽ നിവാസികൾ ഇല്ലാതിരിക്ക
ഞാൻ മെസ്രേൻദേശത്തെ ശൂന്യദേശ
ളുടെ പട്ടികയിൽ ശൂന്യമാക്കും. അതിൽ
പട്ടണങ്ങൾ ശൂന്യപട്ടണങ്ങളുടെ ക
ത്തിൽ നാല്പതു സംവത്സരം ശൂന്യമാ
രിക്കും. ഞാൻ മെസ്രേന്യരെ ജാതികളു
ഇടയിൽ ഓടിച്ചു ദേശങ്ങളിൽ ചിതറി
കളയും. ദൈവമായ കർത്താവ് ഇപ്രകാ
അരുളിച്ചെയ്യുന്നു: നാല്പതു സംവത്സ
കഴിഞ്ഞ് ഞാൻ മെസ്രേന്യരെ അ
ചിതറിപ്പോയിരിക്കുന്ന ജാതികളിൽനിന്ന
ശേഖരിക്കും. ഞാൻ മെസ്രേൻെറ പ്രവാസ
മാറ്റി അവരെ അവരുടെ ജന്മദേശമാ
പത്രോസ്ദേശത്തേക്ക് മടക്കിവരുത്ത
അവിടെ അവർ ഒരു ബലഹീനരാജ്യ
യിരിക്കും. അത് രാജ്യങ്ങളിൽവച്ച് അ
ബലഹീനമായിരിക്കും. ഇനി ജാതികൾക്ക
മേലായി അത് സ്വയം ഉയരുകയില്ല. അ
ജാതികളുടെ മേൽ വാഴാതവണ്ണം ഞാ
അവരെ ന്യൂനമാക്കും. ഇസ്രായേൽഗൃഹ
തിരിഞ്ഞ് അവരെ നോക്കുമ്പോൾ അ
അവരുടെ അകൃത്യം ഓർപ്പിക്കുന്ന പ്രത്യാ
യായിരിക്കയില്ല. ഞാൻ ആകുന്നു ദൈ
മായ കർത്താവ് എന്ന് അവർ അറിയും.

ഇരുപത്തേഴാം ആണ്ട് ഒന്നാം മാസ
ഒന്നാം തീയതി കർത്തൃകല്പന എനിക്ക
ണ്ടായി: മനുഷ്യപുത്രാ, ബാബേൽരാജാ
യ നെബൂഖദ്നേസർ സോറിൻെറ നേ
തൻെറ സൈന്യത്തെ ഉപയോഗിച്ച് കഠി
യുദ്ധം ചെയ്യിച്ചു. എല്ലാ തലയും കഷണ്ടിയാ
യി; എല്ലാ ചുമലും തോലുരിഞ്ഞുപോ
എങ്കിലും സോറിന്നു വിരോധമായി ചെ
ശ്രമത്തിന് അവനോ അവൻെറ സൈന്യത്ത
നോ അവിടെനിന്നു പ്രതിഫലം കിട്ടിയി
ആകയാൽ കർത്താധികർത്താവ് ഇ
കാരം അരുളിച്ചെയ്യുന്നു. ഞാൻ മെസ്രേ
ദേശത്തെ ബാബേൽരാജാവായ നെബൂഖ
നേസറിന്നു കൊടുക്കും. അവൻ അതി
സമ്പത്ത് എടുക്കും. അതിനെ കൊള്ളയി
കവർച്ച ചെയ്യും. അത് അവൻെറ സൈ
ത്തിനു പ്രതിഫലമായിരിക്കും. ഞാൻ അ
ന്നു മെസ്രേൻദേശത്തെ അവൻ ചെയ്തതി
പ്രതിഫലമായി കൊടുക്കും. അവർ എ
ക്കായിട്ടല്ലോ പ്രവർത്തിച്ചത് എന്ന് കർത്ത
ധികർത്താവിൻെറ അരുളപ്പാട്. അക്കാലത്ത്
ഞാൻ ഇസ്രായേൽ ഗൃഹത്തിന്നു ഒ
കൊമ്പുമുളപ്പിക്കും. അവരുടെ നടുവി
നിനക്കു തുറന്ന വായ് നല്കും. ഞാ
ദൈവം എന്നു അവർ അറിയും.

അദ്ധ്യായം 30

വീണ്ടും കർത്താവിൻെറ അരുളപ്പാട്
)നിക്കുണ്ടായി: മനുഷ്യപുത്രാ നീ പ്രവ
ിച്ചു പറയുക. കർത്താധികർത്താവ് ഇപ്ര
ാരം അരുളിച്ചെയ്യുന്നു. ഹാ! കഷ്ടദിവസം
ന്നു വിലപിപ്പിൻ. നാൾ അടുത്തിരിക്കു
ു! അത് മേഘമുള്ള ദിവസം ജാതിക
ടെ കാലം തന്നേ ആയിരിക്കും. മെസ്രേ
ൻെറ നേരേ വാൾ വരും. മെസ്രേനിൽ നിഹ
മാർ വീഴും. ജാതികൾ അതിലെ സമ്പ
് അപഹരിക്കുകയും അതിൻെറ അടി
ഥാനങ്ങൾ ഇടിക്കുകയും ചെയ്യുമ്പോൾ
ത്യോപ്യയിൽ അതിവേദന ഉണ്ടാകും.
ത്യോപ്യരും, പൂത്യരും, ലൂദ്യരും സമ്മിശ്ര
തികളെല്ലാവരും കൂബ്യരും സഖ്യതയിൽ
്ട ദേശക്കാരും അവരോടുകൂടെ വാളാൽ
ും. കർത്താവ് ഇപ്രകാരം അരുളിച്ചെയ്യു
മെസ്രേനെ താങ്ങുന്നവർ വീഴും. അതി
ശക്തിയും പ്രതാപവും താണുപോകും.
വേനേ ഗോപുരംമുതൽ അവർ വാളാൽ
ും എന്നു ദൈവമായ കർത്താവിൻെറ
ുളപ്പാട്. അവർ ശൂന്യദേശങ്ങളുടെ
ശൂന്യമായ്പോകും. അതിലെ നഗര
ശൂന്യപട്ടണങ്ങളുടെ കൂട്ടത്തിൽ
ിരിക്കും. ഞാൻ മെസ്രേന്നു തീ
ക്കും. അതിൻെറ സഹായക്കാരെല്ലാം
ന്നുപോകും. ഞാൻ ദൈവമാകുന്നു
് അവർ അറിയും. ആ നാളിൽ
ാർ അപകടഭീതിയില്ലാത്ത എത്യോ
ഭയപ്പെടുത്തേണ്ടതിന്നു കപ്പൽ
എൻെറ മുമ്പിൽനിന്നു പുറപ്പെടും.
ുാൾ മെസ്രേൻെറ നാളിൽ എന്ന
ല അവർക്ക് അതിവേദന ഉണ്ടാ
ുതാ അതു സംഭവിച്ചു. കർത്താധി
ാവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
ബാബേൽരാജാവായ നെബുഖ
സറിൻെറ കൈയാൽ മെസ്രേൻ
ായ ഇല്ലാതാക്കും. ദേശത്തെ നശി
വാനായി അവനേയും അവനോടു
ജാതികളിൽ ഭയങ്കരന്മാരായ
ൻെറ ജനത്തേയും വരുത്തും. അവർ
ൻെറ നേരേ വാൾ ഊരി ദേശ
ഹതന്മാരെ കൊണ്ടു നിറയ്ക്കും.
നദികളെ വറ്റിച്ച് ദേശത്തെ ദുഷ്ട
ു വിറ്റുകളയും. ദേശത്തേയും
ള്ള സകലത്തേയും ഞാൻ അന്യ
ളുടെ കൈയാൽ ശൂന്യമാക്കും.
വായ ഞാൻ ഇതാ അരുളിച്ചെയ്തി
ു.

കർത്താധികർത്താവ് ഇപ്രകാരം 13
അരുളിച്ചെയ്യുന്നു: ഞാൻ വിഗ്രഹങ്ങളെ
നശിപ്പിക്കും. അവരുടെ വ്യാജദൈവങ്ങളെ
നോഫിൽനിന്ന് ഇല്ലാതാക്കും. ഇനി മെ
സ്രേൻദേശത്തുനിന്ന് ഒരു രാജാവ് ഉത്ഭവി
ക്കുകയില്ല. ഞാൻ മെസ്രേൻദേശത്തു ഭയം
വരുത്തും. ഞാൻ പത്രോസിനെ ശൂന്യമാ 14
ക്കും. സോവാന് തീവയ്ക്കും. നോഫിൽ
ശിക്ഷാവിധി നടത്തും. മെസ്രേൻെറ കോട്ട 15
യായ സീനിൽ ഞാൻ എൻെറ ക്രോധം
ചിന്തും. ഞാൻ നോഫിലെ ജനത്തെ ഛേദി
ച്ചുകളയും. ഞാൻ മെസ്രേനെ ദഹിപ്പിക്കും. 16
സീൻ അതിവേദനയിൽ ആകും. നോഫ്
പിളർന്നുപോകും. നോഫിന്നു പകൽ സമ
യത്ത് വൈരികൾ ഉണ്ടാകും. ആവെനി 17
ലേയും പി-ബേസെത്തിലെയും യുവാ
ക്കൾ വാളാൽ വീഴും. അവർ പ്രവാസത്തി
ലേക്ക് പോകേണ്ടിവരും. ഞാൻ മെസ്രേൻെറ 18
നുകം ഒടിച്ച് അവളുടെ ബലവും പ്രതാപവും
ഇല്ലാതാക്കുമ്പോൾ തഹഫ്നേഹസിൽ
പകൽ അന്ധകാരം വരും. അവളെ ഒരു
മേഘം മൂടും. അവളുടെ പുത്രിമാർ അടിമ
ത്വത്തിലേക്കു പോകേണ്ടിവരും. ഇങ്ങനെ
ഞാൻ മെസ്രേനിൽ ശിക്ഷ നടത്തും. ഞാൻ 19
കർത്താവ് എന്നു അവർ അറിയും.

പതിനൊന്നാമാണ്ട് ഒന്നാം മാസം ഏഴാം 20
തീയതി കർത്താവിൻെറ കല്പന എനി
ക്കുണ്ടായി. മനുഷ്യപുത്രാ മെസ്രേൻ രാജാ
വായ ഫറവോൻെറ ഭുജത്തെ ഞാൻ ഒടി
ച്ചിരിക്കുന്നു. അതു വാൾ പിടിക്കുവാൻ 21
തക്കവണ്ണം ശക്തി പ്രാപിക്കുവാൻ അതിന്നു
മരുന്നുവച്ചുകെട്ടുകയില്ല. സുഖപ്പെടുത്തുക
യുമില്ല. ദൈവമായ കർത്താവ് ഇപ്രകാരം 22
അരുളിച്ചെയ്യുന്നു: ഞാൻ മെസ്രേൻ രാജാ
വായ ഫറവോന്നു വിരോധമായിരിക്കുന്നു.
ഞാൻ അവൻെറ ഭുജങ്ങളെ ബലമുള്ളതി
നെയും ഒടിഞ്ഞിരിക്കുന്നതിനേയും ഒടിച്ചു
കളയും. ഞാൻ അവൻെറ കൈയിൽനിന്നു
വാൾ താഴെ വീഴിക്കും. ഞാൻ മെസ്രേ 23
ന്യരെ ജാതികളുടെ ഇടയിൽ ദേശങ്ങളിൽ
ചിതറിച്ചുകളയും. ഞാൻ ബാബേൽ രാജാ 24
വിൻെറ ഭുജങ്ങളെ ബലപ്പെടുത്തി എൻെറ
വാൾ അവൻെറ കൈയിൽ കൊടുക്കും.
ഫറവോൻെറ ഭുജങ്ങളെ ഞാൻ ഒടിച്ചുകള
യും. മുറിവേറ്റവൻ ഞരങ്ങുന്നതുപോലെ
അവൻ അവൻെറ മുമ്പിൽ ഞരങ്ങും. ഞാൻ 25
ബാബേൽ രാജാവിൻെറ ഭുജങ്ങളെ ബല
പ്പെടുത്തും. ഫറവോൻെറ ഭുജങ്ങൾ വീണു
പോകും. ഞാൻ എൻെറ വാൾ ബാബേൽ
രാജാവിൻെറ കൈയിൽ കൊടുത്തിട്ട്

അവൻ അതിനെ മെസ്രേൻദേശത്തിൻെറ
നേരേ ഓങ്ങുമ്പോൾ ഞാൻ കർത്താവാ
26 കുന്നു എന്ന് അവർ അറിയും. ഞാൻ മെസ്രേ
ന്യരെ ജാതികളുടെ ഇടയിൽ ദേശങ്ങളിൽ
ചിതറിച്ചുകളയും. ഞാനാകുന്നു കർത്താവ്
എന്ന് അവർ അറിയും.

അദ്ധ്യായം 31

1 പതിനൊന്നാം ആണ്ട് മൂന്നാം മാസം
ഒന്നാം തീയതി കർത്തൃകല്പന എനിക്കു
2 ണ്ടായി. മനുഷ്യപുത്രാ നീ മെസ്രേൻരാജാ
വായ ഫറവോനോടും അവൻെറ ജനത്തോ
ടും പറയുക. നിൻെറ മഹത്വത്തിൽ നീ
3 ആർക്കു സമൻ? ലബാനോനിൽ അസീറിയൻ
ഭംഗിയുള്ള കൊമ്പുകളോടും തണലുള്ള
ഇലകളോടും ഉയരത്തിലുള്ള വളർച്ചയോ
ടും കൂടിയ ഒരു ദേവദാരുവായിരുന്നുവല്ലോ.
അതിൻെറ അഗ്രം മേഘങ്ങളോളം എത്തി
4 യിരുന്നു. വെള്ളം അതിനെ വളർത്തി. ആഴി
അതിനെ നീളമുള്ളതാക്കി. അതിൻെറ
നദികൾ തോട്ടത്തെ ചുറ്റി ഒഴുകി, അതു ത
ൻെറ പ്രവാഹത്തെ വയലിലെ സകല വൃക്ഷ
5 ങ്ങളുടേയും അടുക്കലേക്ക് അയച്ചു. അങ്ങ
നെ അത് വളർന്ന് വയലിലെ സകല വൃക്ഷ
ങ്ങളേക്കാളും ഉയർന്നു. അതു വെള്ളത്തി
ൻെറ ബാഹുല്യംകൊണ്ട് പടർന്നു കൊമ്പു
6 കൾ വർദ്ധിപ്പിച്ചു. ശാഖകൾ നീട്ടി. അതി
ൻെറ ശാഖകളിൽ ആകാശത്തിലെ പക്ഷി
യെല്ലാം കൂടുണ്ടാക്കി. അതിൻെറ കൊമ്പുക
ളുടെ കീഴെ കാട്ടുമൃഗം എല്ലാം പ്രസവിച്ചു
കിടന്നു. അതിൻെറ തണലിൽ വലിയ ജാതി
7 കളെല്ലാം വസിച്ചു. ഇങ്ങനെ അതിൻെറ വേര്
വളരെ വെള്ളത്തിന്നരികെ ആയിരുന്നതി
നാൽ അതു വലുതായി കൊമ്പുകൾ നീട്ടി
8 ശോഭിച്ചിരുന്നു. ദൈവത്തിൻെറ തോട്ടത്തി
ലെ ദേവദാരുക്കൾക്ക് അതിനെ മറയ്ക്കു
വാൻ കഴിഞ്ഞില്ല. സരളവൃക്ഷങ്ങൾ അതി
ൻെറ കൊമ്പുകളോട് തുല്യമായിരുന്നില്ല.
അരിഞ്ഞിൽ വൃക്ഷങ്ങൾ അതിൻെറ ശാഖ
കളോട് സമമായിരുന്നില്ല. ദൈവത്തിൻെറ
തോട്ടത്തിലെ ഒരു വൃക്ഷവും മനോഹാരി
തയിൽ അതിനോട് തുല്യമായിരുന്നതു
9 മില്ല. കൊമ്പുകളുടെ ആധിക്യംകൊണ്ട്
ഞാൻ അതിന്ന് ഭംഗി വരുത്തി. ദൈവത്തി
ൻെറ തോട്ടമായ ഏദനിലെ സകല വൃക്ഷ
ങ്ങളും അതിനോട് അസൂയപ്പെട്ടു.
10 ആകയാൽ കർത്താധികർത്താവ് ഇപ്ര
കാരം അരുളിച്ചെയ്യുന്നു. അതു വളർന്ന്
അഗ്രം മേഘങ്ങളോളം നീട്ടി അതിൻെറ
11 ഹൃദയം തൻെറ വളർച്ചയിൽ നിഗളിച്ചതു
മൂലം ഞാൻ അതിനെ ജാതികളിൽ
ബലവാനായവൻെറ കൈയിൽ ഏല്പ
ക്കും. അവൻ അതിനോട് എതിർക്കു
അതിൻെറ തിന്മ നിമിത്തം ഞാൻ അതിനെ
തള്ളിക്കളഞ്ഞിരിക്കുന്നു. ജാതികളിൽ
ഉഗ്രരായ അന്യജാതികൾ അതിനെ വെട്ടി
തള്ളിയിട്ടു. അതിൻെറ കൊമ്പുകൾ മല
ളിലും എല്ലാ താഴ്വരകളിലും വീണു. അ
ൻെറ ശാഖകൾ ദേശത്തിലെ എല്ലാ തോ
രികിലും ഒടിഞ്ഞു കിടക്കുന്നു. ഭൂമിയിലെ
സകല ജാതികളും അതിൻെറ തണ
വിട്ടുമാറി അതിനെ ഉപേക്ഷിച്ചുപോയ
വീണുകിടക്കുന്ന അതിൻെറ തടിമേ
ആകാശത്തിലെ പക്ഷികളെല്ലാം പാർക്കു
അതിൻെറ കൊമ്പുകളുടെ ഇടയിലേക
കാട്ടുമൃഗമെല്ലാം വരും. ജലസാമീപ്യമു
സകല വൃക്ഷങ്ങളും ഉയരംമൂലം ഗർ
ക്കയോ അഗ്രം മേഘങ്ങളോളം നീട്ടുകയ
വെള്ളം വലിച്ചെടുക്കുന്ന അവയിലെ
വൻവൃക്ഷങ്ങളും തങ്ങളുടെ ഉയർ
യിൽ നിഗളിക്കുകയോ ചെയ്യാതിരിക്ക
ണ്ടതിന്നു തന്നേ; അവയെല്ലാം മനുഷ
പുത്രന്മാരുടെ ഇടയിൽ കുഴിയിൽ ഇ
ങ്ങുന്നവരോടുകൂടെ ഭൂമിയുടെ അധോ
ഭാഗത്തു മരണത്തിന് ഏല്പിക്കപ്പെട്ടി
ക്കുന്നു.
കർത്താധികർത്താവ് ഇപ്രകാര
അരുളിച്ചെയ്യുന്നു. അതു പാതാളത്തി
ഇറങ്ങിപ്പോയ നാളിൽ ഞാൻ ഒരു വിലാപ
നിശ്ചയിച്ചു. അതിന്നുവേണ്ടി ആഴിയെ മൂ
പെരുവെള്ളം കെട്ടിനില്പാൻ തക്കവണ്ണ
അതിൻെറ നദികളെ തടുത്തു. അതുനി
ത്തം ഞാൻ ലെബാനോനെ വിലാപം ധ
പ്പിച്ചു. കാട്ടിലെ സകല വൃക്ഷങ്ങളും അത
നിമിത്തം ക്ഷീണിച്ചു. ഞാൻ അതിനെ
ശവക്കുഴിയിൽ ഇറങ്ങുന്നവരോടുകൂടെ
പാതാളത്തിൽ തള്ളിയിട്ടപ്പോൾ, അത
ൻെറ വീഴ്ചയുടെ മുഴക്കത്തിൽ ഞാ
ജാതികളെ ഞെട്ടിച്ചു. ഏദനിലെ സക
വൃക്ഷങ്ങളും ലെബാനോനിലെ ശ്രേഷ്
വും ഉത്തമവുമായി വെള്ളം വലിച്ചുകു
ക്കുന്ന സകല വൃക്ഷങ്ങളും ഭൂമിയുടെ
അധോഭാഗത്ത് ആശ്വസിച്ചു.
അവയും അതിൻെറ തുണയായ
അതിൻെറ നിഴലിൽ ജാതികളുടെ മദ്ധ്യേ
പാർത്തവരും അതിനോടുകൂടെ വാളാ
നിഹതന്മാരായവരുടെ അടുക്കൽ പാതാ
ത്തിൽ ഇറങ്ങിപ്പോയി. അങ്ങനെ നീ
മഹത്വത്തിലും വലിമയിലും ഏദനിലെ
വൃക്ഷങ്ങളിൽ ഏതിനോടു തുല്യമാകുന്നു

എന്നാൽ നീ ഏദനിലെ വൃക്ഷങ്ങളോടു
കൂടെ ഭൂമിയുടെ അധോഭാഗത്തു ഇറങ്ങി
പ്പോകേണ്ടിവരും. വാളാൽ നിഹതരായ
വരുടെകൂടെ നീ അഗ്രചർമ്മികളുടെ മദ്ധ്യേ
കിടക്കും. അതേ ഫറവോനും അവൻെറ
സകല ജനവുംതന്നേ, എന്നു കർത്താധി
കർത്താവിൻെറ അരുളപ്പാട്.

അദ്ധ്യായം 32

പന്ത്രണ്ടാം ആണ്ട് പന്ത്രണ്ടാം മാസം
ന്നാം തീയതി കർത്താവിൻെറ അരുള
പ്പാട് എനിക്കുണ്ടായി. മനുഷ്യപുത്രാ, നീ
മസ്രേൻ രാജാവായ ഫറവോനെക്കുറിച്ച്
രു വിലാപം തുടങ്ങി അവനോട് പറയേ
ണ്ടത്: ജാതികളിൽ സിംഹമായവനേ, നീ
ശിച്ചിരിക്കുന്നു. നീ കടലിലെ ഭയങ്കര
ീവിപോലെ ആയിരുന്നു. നീ നദികളിൽ
ാടി കാൽകൊണ്ടു വെള്ളം കലക്കി നദി
ളെ മലിനമാക്കി. ദൈവമായ കർത്താവ്
പ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ അ
നകം ജാതികളുടെ സംഘത്തെക്കൊണ്ട്
ൻെറമേൽ എൻെറ വല വീശിക്കും. അവർ
ൻെറ വലയിൽ നിന്നെ വലിച്ചെടുക്കും.
ാൻ നിന്നെ കരയ്ക്കു വലിച്ചിടും. നിന്നെ
ളിമ്പ്രദേശത്ത് എറിഞ്ഞുകളയും.
കാശത്തിലെ പക്ഷി എല്ലാം നിൻെറമേൽ
ിക്കുമാറാക്കും. സർവ്വദേശത്തിലെയും
ങ്ങൾക്കു നിന്നെ ഇരയാക്കി അവയ്ക്കു
പ്തി വരുത്തും. ഞാൻ നിൻെറ മാംസത്തെ
വ്വതങ്ങളിന്മേൽ കൂട്ടി നിൻെറ ശവങ്ങൾ
ാണ്ട് താഴ്വരകളെ നിറയ്ക്കും. ഞാൻ
നീന്തുന്ന നിൻെറ നിലത്തെ മലകളോളം
ൻെറ രക്തംകൊണ്ട് നനയ്ക്കും. നീർച്ചാ
ൾ നിന്നാൽ നിറയും. നിന്നെ നശിപ്പി
ളയുമ്പോൾ ഞാൻ ആകാശത്തെ മൂടി
ിലെ നക്ഷത്രങ്ങളെ കറുപ്പു ധരിപ്പിക്കും.
ൻ സൂര്യനെ മേഘംകൊണ്ട് മറയ്ക്കും.
ൻ പ്രകാശം നല്കുകയില്ല. ആകാശ
ലെ ശോഭയുള്ള ജ്യോതിസ്സുകളെ
ാം ഞാൻ നിൻെറ നിമിത്തം കറുപ്പു
പ്പിക്കുകയും നിൻെറ ദേശത്തിൽ
കാരം വരുത്തുകയും ചെയ്യും എന്നു
ത്താധികർത്താവിൻെറ അരുളപ്പാട്.
ൻെറ നാശം ജാതികളുടെ ഇടയിലും നീ
യാത്ത ദേശങ്ങളോളവും പ്രസിദ്ധമാക്കു
ൾ ഞാൻ അനേകജാതികളുടെ ഹൃദയ
വ്യസനിപ്പിക്കും. ഞാൻ അനേകം
കളെ നിന്നെഓർത്ത് സ്തബ്ധരാക്കും.
ുടെ രാജാക്കന്മാർ കാൺകെ ഞാൻ
റ വാൾ വീശുമ്പോൾ അവർ നിൻെറ

നിമിത്തം അത്യന്തം ഭയപ്പെടും. നിൻെറ
വീഴ്ചയുടെ നാളിൽ അവർ ഓരോരുവനും
സ്വന്ത പ്രാണനെ ഓർത്ത് നിമിഷം തോറും
വിറയ്ക്കും. ദൈവമായ കർത്താവ് ഇപ്ര
കാരം അരുളിച്ചെയ്യുന്നു:
ബാബേൽരാജാവിൻെറ വാൾ നിൻെറ 11
നേരേ വരും. വീരന്മാരുടെ വാൾകൊണ്ട് 12
ഞാൻ നിൻെറ ജനത്തെ വീഴിക്കും. അവർ
എല്ലാവരും ജാതികളിൽ ഉഗ്രന്മാർ. അവർ
മെസ്രേൻെറ പ്രതാപം ഇല്ലാതാക്കും. അതി
ലെ ജനമെല്ലാം നശിച്ചുപോകും. വെള്ള 13
ത്തിനടുത്തുനിന്ന് ഞാൻ അതിലെ സകല
മൃഗങ്ങളേയും നശിപ്പിക്കും. ഇനിമേൽ
മനുഷ്യൻെറ കാൽ ആ വെള്ളം കലക്കുക
യില്ല. മൃഗങ്ങളുടെ കുളമ്പും അതിനെ
കലക്കുകയില്ല. ആ കാലത്തു ഞാൻ അവ 14
രുടെ വെള്ളം തെളിയുമാറാക്കി അവരുടെ
നദികളെ എണ്ണപോലെ ഒഴുകുമാറാക്കും
എന്നു കർത്താധികർത്താവിൻെറ അരുള
പ്പാട്. ഞാൻ മെസ്രേൻദേശത്തെ പാഴാ 15
ക്കും. ദേശം ശൂന്യമായി, അതിലുള്ളതെല്ലാം
ഇല്ലാതാകുമ്പോഴും ഞാൻ അതിലെ നിവാ
സികളെ എല്ലാം നശിപ്പിക്കുമ്പോഴും ഞാൻ
ആകുന്നു കർത്താവ് എന്ന് അവർ അറി
യും. അവർ അതിനെക്കുറിച്ച് ഇങ്ങനെ 16
വിലപിക്കും. ജാതികളുടെ പുത്രിമാർ ഇതു
ചൊല്ലി വിലപിക്കും. അവർ മെസ്രേനെ
ക്കുറിച്ചും അതിലെ സകല ജനത്തെക്കു
റിച്ചും ഓർത്ത് വിലപിക്കും എന്നു കർത്താ
ധികർത്താവിൻെറ അരുളപ്പാട്.
പന്ത്രണ്ടാം ആണ്ട് ആ മാസം പതി 17
നഞ്ചാം തീയതി കർത്തൃകല്പന എനിക്കു
ണ്ടായി. മനുഷ്യപുത്രാ, നീ മെസ്രേനിലെ 18
ജനത്തെക്കുറിച്ച് വിലപിച്ച് അതിനെയും
പ്രസിദ്ധരായ ജാതികളുടെ പുത്രിമാരേയും
കുഴിയിൽ ഇറങ്ങുന്നവരോടുകൂടെ ഭൂമി
യുടെ അധോഭാഗത്തു തള്ളിയിടുക.
സൗന്ദര്യത്തിൽ നീ ആരെക്കാൾ വിശിഷ്ട 19
മായിരിക്കുന്നു? നീ ഇറങ്ങിച്ചെന്ന് അഗ്ര
ചർമ്മികളുടെകൂടെ കിടക്കുക. വാളാൽ 20
ഹതന്മാരായവരുടെ നടുവിൽ അവർ
വീഴും. വാൾ നിയമിക്കപ്പെട്ടിരിക്കുന്നു.
അതിനെയും അതിൻെറ സകല ജന
ത്തേയും വലിച്ചുകൊണ്ടുപോകുവിൻ.
വീരന്മാരിൽ ബലവാന്മാരായവർ അവൻെറ 21
സഹായികളോടുകൂടെ പാതാളത്തിൻെറ
നടുവിൽനിന്നു അവനോടു സംസാരിക്കും.
അഗ്രചർമ്മികളായി വാളാൽ നിഹതരായ
വർ ഇറങ്ങിച്ചെന്ന് അവിടെ കിടക്കുന്നു.
അവിടെ അശ്ശൂരും അതിൻെറ സർവ്വസംഘ 22

വും ഉണ്ട്. അവൻെറ ശവക്കുഴികൾ അവ
ൻെറ ചുറ്റും കിടക്കുന്നു. അവരെല്ലാവരും
വാളാൽ വിധിതരായി വീണവർ അത്രേ.
23 അവരുടെ ശവക്കുഴികൾ പാതാളത്തി
ൻെറ അങ്ങേയറ്റത്തിരിക്കുന്നു. അതിൻെറ
സംഘങ്ങൾ അതിൻെറ ശവക്കുഴിയുടെ
ചുറ്റും ഇരിക്കുന്നു. ജീവനുള്ളവരുടെ ദേശ
ത്തു ഭീതിപരത്തിയ അവരെല്ലാവരും
24 വാളാൽ ഹതന്മാരായി വീണു. അവിടെ
ഏലാമും അതിൻെറ ശവക്കുഴിയുടെ ചുറ്റും
അതിൻെറ സകല ജനവും ഉണ്ട്. അവർ
എല്ലാവരും വാളാൽ ഹതരായി വീണു.
അഗ്രചർമ്മികളായി ഭൂമിയുടെ അധോഭാഗ
ത്തു ഇറങ്ങിപ്പോയിരിക്കുന്നു. ജീവനുള്ള
വരുടെ ദേശത്ത് അവർ ഭീതി പരത്തി,
കുഴിയിൽ ഇറങ്ങുന്നവരോടുകൂടെ അവർ
25 ലജ്ജ വഹിക്കും. ഹതന്മാരുടെ മദ്ധ്യേ
അവർ അതിനും അതിൻെറ സകല ജന
ത്തിനുമായി ഒരു മെത്ത വിരിച്ചിരിക്കുന്നു.
അതിൻെറ ശവക്കുഴികൾ അതിൻെറ ചുറ്റു
മുണ്ട്. അവരെല്ലാം അഗ്രചർമ്മികളായി
വാളാൽ ഹതന്മാരാകുന്നു. ജീവനുള്ളവരുടെ
ദേശത്ത് അവർ ഭീതി പരത്തിയെങ്കിലും
കുഴിയിൽ ഇറങ്ങുന്നവരോടുകൂടെ ലജ്ജ
26 വഹിക്കുന്നു. ഹതന്മാരുടെ മദ്ധ്യേ കിടക്കു
ന്നു. അവിടെ മേശെക്കും തുബലും അതി
ൻെറ സകല ജനവും ഉണ്ട്. അതിൻെറ ശവ
ക്കുഴികൾ അതിൻെറ ചുറ്റുമുണ്ട്. അവർ
ജീവനുള്ളവരുടെ ദേശത്ത് ഭീതിയുളവാ
ക്കിയിരിക്കയാൽ അവരെല്ലാം അഗ്രചർമ്മി
കളായി വാളാൽ ഹതന്മാരായിരിക്കുന്നു.
27 അവർ ജീവനുള്ളവരുടെ ദേശത്ത് ശക്ത
ന്മാർക്ക് ഭയം ആയിരുന്നുവെങ്കിലും തങ്ങ
ളുടെ ആയുധങ്ങളോടുകൂടി തങ്ങളുടെ
വാളുകളെ തലയ്ക്കു കീഴെവച്ചുംകൊണ്ട്
അഗ്രചർമ്മികളാൽ നിഹതരായവരോടുകൂടി
പാതാളത്തിൽ ഇറങ്ങിയവരുടെകൂട്ടത്തിൽ
28 കിടക്കുകയില്ലയോ? അവരുടെ അസ്ഥികൾ
മേൽ അവരുടെ അധർമ്മങ്ങൾ! നീയോ
അഗ്രചർമ്മികളുടെ കൂട്ടത്തിൽ തകർന്നു
പോകും. വാളാൽ നിഹതരായവരോടുകൂടെ
29 കിടക്കുകയും ചെയ്യും. അവിടെ ഏദോമും
അതിൻെറ രാജാക്കന്മാരും സകല പ്രഭുക്ക
ന്മാരും ഉണ്ട്. അവർ ശക്തരായിരുന്നിട്ടും
വാളാൽ നിഹതരായവരുടെ കൂട്ടത്തിൽ
കിടക്കേണ്ടിവന്നു. അവർ അഗ്രചർമ്മിക
ളോടും കുഴിയിൽ ഇറങ്ങുന്നവരോടുംകൂടെ
30 കിടക്കും. അവിടെ ഉത്തരദേശപ്രഭുക്ക
ന്മാരും നിഹതരോടുകൂടെ ഇറങ്ങിപ്പോയ
സകല സീദോന്യരും ഉണ്ട്. അവർ തങ്ങ
ളുടെ ശക്തിയാൽ പരത്തിയ ഭീതി നിമിത്തം
ലജ്ജിക്കുന്നു. അവർ അഗ്രചർമ്മികളായി
വാളാൽ നിഹതരായവരോടുകൂടെ ലജ്ജ
വഹിക്കയും ചെയ്യുന്നു. അവരെ ഫറവോൻ
കണ്ട് തൻെറ സകല ജനത്തേയുംകുറിച്ച്
ആശ്വസിക്കും. ഫറവോനും അവൻെറ സക
ല സൈന്യവും വാളാൽ നിഹതരായിരി
ക്കുന്നു എന്നു ദൈവമായ കർത്താവിൻെറ
അരുളപ്പാട്. ഞാനല്ലോ അവൻെറ ഭീതി ജീവ
നുള്ളവരുടെ ദേശത്തു വ്യാപകമാക്കിയത്.
ഫറവോനും അവൻെറ ജനമെല്ലാം വാളാൽ
നിഹതരായവരോടുകൂടെ അഗ്രചർമ്മി
കളുടെകൂടെ കിടക്കേണ്ടിവരും എന്നു
കർത്താധികർത്താവിൻെറ അരുളപ്പാട്.

അദ്ധ്യായം 33

കർത്തൃകല്പന എനിക്കുണ്ടായി:
മനുഷ്യപുത്രാ നീ നിൻെറ സ്വജനത്തോട്
പ്രവചിച്ച് പറയുക. ഞാൻ ഒരു ദേശത്തി
ൻെറ നേരെ വാൾ വരുത്തുമ്പോൾ ആ ദേശ
ത്തിലെ ജനം അവരിൽനിന്ന് ഒരുവനെ
തെരഞ്ഞെടുത്തു കാവലൽക്കാരനാക്കി
വയ്ക്കുന്നു. ദേശത്തിൻെറ നേരേ വാൾ
വരുന്നതു കണ്ട് അവൻ കാഹളം ഊതി
ജനത്തെ ഉണർത്തുമ്പോൾ ആരെങ്കിലും
കാഹളനാദം കേട്ടിട്ടും കൂട്ടാക്കാതെ ഇരു
ന്നാൽ വാൾ വന്ന് അവനെ ഛേദിച്ചുകള
യുന്നുവെങ്കിൽ അവൻെറ രക്തം അവൻെറ
തലമേൽതന്നെ ഇരിക്കും. അവൻ കാഹള
നാദം കേട്ടിട്ടു കരുതലോടിരുന്നില്ല. അവ
ൻെറ രക്തം അവൻെറമേൽ ഇരിക്കും. കരുത
ലോടിരുന്നുവെങ്കിൽ അവൻ തൻെറ പ്രാണ
നെ രക്ഷിക്കുമായിരുന്നു. എന്നാൽ കാവൽ
ക്കാരൻ വാൾ വരുന്നതു കണ്ട് കാഹളം
ഊതാതെയും ജനം കരുതലില്ലാതെയും
ഇരുന്നിട്ട് വാൾ വന്ന് അവരുടെ ഇടയിൽ
നിന്ന് ഒരുവനെ ഛേദിച്ചുകളയുന്നു
എങ്കിൽ അങ്ങനെയുള്ളവൻ തൻെറ
അകൃത്യം നിമിത്തം ഛേദിക്കപ്പെട്ടുപോയി
എങ്കിലും അവൻെറ രക്തം ഞാൻ കാവ
ല്ക്കാരനോട് ചോദിക്കും. അതുപോലെ
മനുഷ്യപുത്രാ, ഞാൻ നിന്നെ ഇസ്രായേൽ
ഗൃഹത്തിന്നു കാവൽക്കാരനാക്കി നിയമിച്ചി
രിക്കുന്നു. നീ എൻെറ വായിൽനിന്നു വചനം
കേട്ട് എൻെറ നാമത്തിൽ അവരെ ഓർമ്മ
പ്പെടുത്തണം. ഞാൻ ദുഷ്ടനോട്: ദുഷ്ടാ,
നീ മരിക്കും എന്നു കല്പിക്കുമ്പോൾ
ദുഷ്ടൻ തൻെറ വഴി വിട്ടു തിരിയുവാൻ
മനസ്സുവയ്ക്കത്തക്കവണ്ണം നീ അവനെ
പ്രബോധിപ്പിക്കാതെയിരുന്നാൽ ദുഷ്ടൻ

തൻെറ അകൃത്യത്തിൽ മരിക്കും. അവൻെറ
രക്തം ഞാൻ നിന്നോട് ചോദിക്കും. എന്നാൽ
ദുഷ്ടൻ തൻെറ വഴി വിട്ടുതിരിയുവാനായി
നീ അവനെ ഓർമ്മപ്പെടുത്തിയിട്ടും അവൻ
തൻെറ വഴി വിട്ടുതിരിയാതിരുന്നാൽ അവൻ
തൻെറ അകൃത്യം നിമിത്തം മരിക്കും. നീയോ
നിൻെറ പ്രാണനെ രക്ഷിച്ചിരിക്കുന്നു.
ആകയാൽ മനുഷ്യപുത്രാ, നീ ഇസ്രാ
യേൽ ഗൃഹത്തോടു പറയുക. ഞങ്ങളുടെ
അതിക്രമങ്ങളും പാപങ്ങളും ഞങ്ങളുടെ
മേൽ ഇരിക്കുന്നു. അവയാൽ ഞങ്ങൾ
ാശിച്ചുപോകുന്നു, ഞങ്ങൾ എങ്ങനെ
ീവിക്കും എന്നു നിങ്ങൾ പറയുന്നു.
ന്നാണ, ദുഷ്ടൻെറ മരണത്തിൽ അല്ല,
ുഷ്ടൻ തൻെറ വഴിവിട്ടുതിരിഞ്ഞു ജീവി
ുന്നതിൽ അത്രേ എനിക്കു പ്രസാദമുള്ള
തന്ന് ദൈവമായ കർത്താവിൻെറ അരുള
ാട്. നിങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു
തിരിയുവിൻ. ഉപേക്ഷിപ്പിൻ. ഇസ്രായേൽ
ഹമേ, നിങ്ങൾ എന്തിനു മരിക്കുന്നു എ
ു അവരോട് പറയുക. മനുഷ്യപുത്രാ, നീ
ൻെറ സ്വജനത്തോടു പറയുക. നീതി
ൻ തിന്മ ചെയ്യുന്ന നാളിൽ അവ
ൻെറ നീതി അവനെ രക്ഷിക്കുകയില്ല.
ഷ്ടൻ തൻെറ ദുഷ്ടത വിട്ടുതിരിയുന്ന
ളിൽ തൻെറ ദുഷ്ടതയാൽ ഇടറിവീഴു
യുമില്ല. നീതിമാൻ പാപം ചെയ്യുന്ന
ളിൽ അവന് തൻെറ നീതിയാൽ ജീവി
ൻ സാദ്ധ്യമല്ല. നീതിമാൻ ജീവിക്കു
ന്ന് ഞാൻ അവനോട് പറയുമ്പോൾ
വൻ തൻെറ നീതിയിൽ ആശ്രയിച്ച്
കൃത്യം പ്രവർത്തിക്കുന്നുവെങ്കിൽ അവ
 നീതിപ്രവൃത്തികൾ ഒന്നും അവന്
യാജനപ്പെടുകയില്ല. അവൻ ചെയ്ത
നീതി നിമിത്തം അവൻ മരിക്കും.
ന്നാൽ ഞാൻ ദുഷ്ടനോട് നീ മരിക്കും
ന്നു പറയുമ്പോൾ അവൻ തൻെറ പാപം
ട്ടു തിരിഞ്ഞ് നീതിയും ന്യായവും
ർത്തിക്കയും പണയം തിരികെ കൊടു
ക്കയും അപഹരിച്ചത് തിരികെ കൊടു
ക്കയും അനീതി ഒന്നും ചെയ്യാതെ ജീവ
കല്പനകളെ അനുസരിക്കുകയും
ാൽ അവൻ മരിക്കാതെ ജീവിക്കും.
ൻ ചെയ്ത പാപം ഒന്നും അവന്ന് കണ
പ്പെടുകയില്ല. അവൻ നീതിയും ന്യായ
പവർത്തിച്ചിരിക്കുന്നു. അവൻ ജീവി
എന്നാൽ നിൻെറ സ്വജനം കർത്താ
 വഴി ചൊവ്വുള്ളതല്ല എന്നു പറ
. അവരുടെ വഴിയാണ് ചൊവ്വില്ലാ
നീതിമാൻ തൻെറ നീതി വിട്ടുതിരി

ഞ്ഞ് അനീതി പ്രവർത്തിക്കുന്നുവെങ്കിൽ
അവൻ അതിനാൽ മരിക്കും. എന്നാൽ 19
ദുഷ്ടൻ തൻെറ ദുഷ്ടത വിട്ടുതിരിഞ്ഞ്
നീതിയും ന്യായവും പ്രവർത്തിക്കുന്നുവെ
ങ്കിൽ അവൻ അതിനാൽ ജീവിക്കും.
എന്നിട്ടും കർത്താവിൻെറ വഴി ചൊവ്വുള്ള 20
തല്ല എന്നു നിങ്ങൾ പറയുന്നു. ഇസ്രാ
യേൽ ഗൃഹമേ, ഞാൻ നിങ്ങളിൽ ഓരോരു
ത്തനേയും അവനവൻെറ പ്രവർത്തനത്തിന്
തക്കവണ്ണം ന്യായം വിധിക്കും.
ഞങ്ങളുടെ പ്രവാസത്തിൻെറ പന്ത്ര 21
ണ്ടാം ആണ്ട് പത്താം മാസം അഞ്ചാം തീയതി
യറുശലേമിൽനിന്നു രക്ഷപ്പെട്ട ഒരുവൻ
എൻെറ അടുക്കൽ വന്നു. നഗരം പിടിക്കപ്പെ
ട്ടുപോയി എന്നു പറഞ്ഞു. രക്ഷപ്പെട്ടവൻ 22
വരുന്നതിൻെറ തലേദിവസം വൈകുന്നേരം
കർത്താവിൻെറ കൈ എൻെറ മേൽ വന്നു.
രാവിലെ അവൻ എൻെറ അടുക്കൽ വരു
ന്നതിനുമുമ്പ് കർത്താവ് എൻെറ വായ്
തുറന്നിരുന്നു. എൻെറ വായ് തുറന്നിരുന്ന
തിനാൽ ഞാൻ പിന്നെ മൗനമായിരുന്നില്ല.
കർത്താവിൻെറ അരുളപ്പാട് എനിക്കുണ്ടാ 23
യത്: മനുഷ്യപുത്രാ ഇസ്രായേൽദേശത്തെ 24
ശൂന്യസ്ഥലങ്ങളിൽ പാർക്കുന്നവർ പറയു
ന്നു: അബ്രഹാം ഏകനായിരിക്കെ അവന്ന്
ദേശം അവകാശമായി ലഭിച്ചു. ഞങ്ങൾ
അനേകരാകുന്നു. ഈ ദേശം ഞങ്ങൾക്ക് 25
അവകാശമായി ലഭിക്കും എന്ന്. ആകയാൽ
നീ അവരോട് പറയുക. ദൈവമായ
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
നിങ്ങൾ മാംസം രക്തത്തോടുകൂടെ ഭക്ഷി
ക്കുകയും നിങ്ങളുടെ വിഗ്രഹങ്ങളെ നമ
സ്ക്കരിക്കുകയും രക്തം ചൊരിയുകയും
ചെയ്യുന്നു. നിങ്ങൾ ദേശത്തെ അവകാശി
ക്കുമോ? നിങ്ങൾ നിങ്ങളുടെ വാളിൽ 26
ആശ്രയിച്ചു. അധർമ്മം പ്രവർത്തിച്ചു.
ഓരോരുവനും തൻെറ കൂട്ടുകാരൻെറ
ഭാര്യയെ അശുദ്ധയാക്കുകയും ചെയ്യുന്നു.
നിങ്ങൾ ദേശം അനുഭവിക്കുമോ? നീ അവ 27
രോട് പറയുക. ദൈവമായ കർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു. എന്നാണ,
ശൂന്യസ്ഥലങ്ങളിൽ വസിക്കുന്നവർ വാൾ
കൊണ്ടു വീഴും. നാട്ടിൽ ഉള്ളവരെ ഞാൻ
മൃഗങ്ങൾക്ക് ഇരയായി കൊടുക്കും. പാറ
പ്പിളർപ്പിലും ഗുഹകളിലും ഉള്ളവരോ
പകർച്ചവ്യാധികൊണ്ടു മരിക്കും. ഞാൻ
ദേശത്തെ പാഴും ശൂന്യവും ആക്കും. അതി 28
ൻെറ ശക്തിയും പ്രതാപവും നിന്നുപോകും.
ഇസ്രായേൽ പർവ്വതങ്ങൾ ആരും നടക്കാ
ത്തവിധം ശൂന്യമാകും.

29 അവർ ചെയ്ത സകല മ്ലേച്ഛതകളും
നിമിത്തം ഞാൻ ദേശത്തെ പാഴും ശൂന്യവു
മാക്കുമ്പോൾ ഞാനാകുന്നു കർത്താവ്
30 എന്ന് അവർ അറിയും. മനുഷ്യപുത്രാ,
നിൻെറ സ്വജനം മതിലുകൾക്കരികെയും
വീട്ടുവാതിൽക്കലും വച്ച് നിന്നെക്കുറിച്ച്
സംസാരിച്ചു. കർത്താവിൽനിന്നുണ്ടായ
അരുളപ്പാട് എന്തെന്നു വന്നു കേൾപ്പിൻ
എന്നു പരസ്പരം ഓരോരുവൻ തൻെറ
31 സഹോദരനോട് പറയുന്നു. സംഘം കൂടി
വരുന്നതുപോലെ അവർ നിൻെറ അടു
ക്കൽ വന്ന് എൻെറ ജനമായിട്ട് നിൻെറ
മുമ്പിൽ ഇരുന്ന് നിൻെറ വചനങ്ങളെ കേൾ
ക്കുന്നു. എന്നാൽ അവർ അവ ചെയ്യുന്നില്ല.
വായ്കൊണ്ട് അവർ വളരെ സ്നേഹം
32 കാണിക്കുന്നു. ഹൃദയമോ ദുർമ്മാർഗത്തെ
പിന്തുടരുന്നു. നീ അവയ്ക്കു സ്വരമാധുര്യ
വും കീർത്തനനൈപുണ്യവും ഉള്ള ഒരുവ
ൻെറ സ്നേഹഗീതംപോലെ ഇരിക്കുന്നു.
അവർ നിൻെറ വചനങ്ങളെ കേൾക്കുന്നു.
33 ചെയ്യുന്നില്ല! എന്നാൽ അതു സംഭവിക്കു
മ്പോൾ—ഇതാ അതു വരുന്നു—അവർ
തങ്ങളുടെ ഇടയിൽ ഒരു പ്രവാചകൻ ഉണ്ടാ
യിരുന്നു എന്ന് അറിയും.

അദ്ധ്യായം 34

1 കർത്തൃകല്പന എനിക്കുണ്ടായി:
2 മനുഷ്യപുത്രാ, ഇസ്രായേലിൻെറ ഇടയ
ന്മാരെക്കുറിച്ച് പ്രവചിക്കുക. നീ പ്രവചിച്ച്
ഇടയന്മാരോട് പറയേണ്ടത്, ദൈവമായ
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
തങ്ങളെത്തന്നെ മേയിക്കുന്ന ഇസ്രായേലി
ൻെറ ഇടയന്മാർക്ക് ഹാ കഷ്ടം! ആടുകളെ
അല്ലയോ ഇടയന്മാർ മേയിക്കേണ്ടത്.
3 നിങ്ങൾ മേദസ്സു തിന്നുകയും ആട്ടുരോമ
വസ്ത്രം ധരിക്കുകയും തടിച്ചിരിക്കുന്നവയെ
അറുക്കുകയും ചെയ്യുന്നു. ആടുകളെ
4 നിങ്ങൾ മേയിക്കുന്നേയില്ല. നിങ്ങൾ ബല
ഹീനമായതിനെ ശക്തീകരിക്കുകയോ
രോഗബാധിതമായതിനെ ചികിത്സിക്കു
കയോ ഒടിഞ്ഞതിൻെറ മുറിവു കെട്ടു
കയോ ചിതറിപ്പോയതിനെ തിരികെ വരു
ത്തുകയോ കാണാതെപോയതിനെ അന്വേ
ഷിക്കുകയോ ചെയ്യാതെ കാഠിന്യത്തോടും
ക്രൂരതയോടുംകൂടെ അവയെ ഭരിക്കുക
5 യാകുന്നു. ഇടയൻ ഇല്ലായ്കയാൽ അവ
ചിതറിപ്പോയി. അങ്ങനെ അവ സകല
വന്യമൃഗങ്ങൾക്കും ഇരയായിത്തീർന്നു.
6 എൻെറ ആടുകൾ എല്ലാ മലകളിലും
ഉയരമുള്ള എല്ലാ കുന്നിന്മേലും ചുററി
നടന്നു. ഭൂതലമാകെ എൻെറ ആടുകൾ
ചിതറിപ്പോയി; ആരും അവയെ തിരയുക
യോ അന്വേഷിക്കുകയോ ചെയ്തില്ല. അതു
കൊണ്ട് ഇടയന്മാരേ, കർത്തൃവചനം
കേൾപ്പിൻ. എന്നാണ, ഇടയനില്ലായ്കകൊ
ണ്ടത്രേ എൻെറ ആടുകൾ മോഷ്ടിക്കപ്പെട്ടു
പോകയും എൻെറ ആടുകൾ സകല
വന്യമൃഗത്തിന്നും ഇരയായിത്തീരുകയും
ചെയ്തത് എന്നു കർത്താധികർത്താവിൻെറ
അരുളപ്പാട്. എൻെറ ഇടയന്മാർ എൻെറ
ആടുകളെ അന്വേഷിക്കാതെ തങ്ങളെ
ത്തന്നെ മേയിക്കയും ആടുകളെ മേയിക്കാ
തെയിരിക്കുകയും ചെയ്തതിനാൽ ഇടയ
ന്മാരേ, ദൈവവചനം കേൾപ്പിൻ. ദൈവമായ
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
ഞാൻ ഇടയന്മാർക്ക് വിരോധമായിരി
ക്കുന്നു. ഞാൻ എൻെറ ആടുകളെ അവരു
ടെ കൈയിൽനിന്നു തിരികെ ചോദിക്കും.
ആടുകളെ മേയിക്കുന്ന ജോലിയിൽനിന്ന്
അവരെ നീക്കിക്കളയും. ഇടയന്മാർ ഇനി
തങ്ങളെത്തന്നെ മേയിക്കുകയില്ല. എൻെറ
ആടുകൾ അവർക്ക് ഇരയാകാതെയിരി
ക്കേണ്ടതിന്നു ഞാൻ അവയെ അവരുടെ
വായിൽനിന്നു വിടുവിക്കും. കർത്താധി
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
ഞാൻതന്നെ എൻെറ ആടുകളെ അന്വേഷി
ച്ചിറങ്ങും. ചിതറിപ്പോയിരിക്കുന്ന എൻെറ
ആട്ടിൻകൂട്ടത്തെ അന്വേഷിച്ച് അവ അന്ധ
കാരദിവസത്തിൽ ചിതറിപ്പോയ സകല
സ്ഥലങ്ങളിലുംനിന്ന് അവയെ വിടുവി
ക്കും. ഞാൻ അവയെ ജാതികളുടെ
ഇടയിൽനിന്നു രക്ഷിച്ച് ദേശങ്ങളിൽനിന്നു
ശേഖരിച്ച് സ്വദേശത്തു കൊണ്ടുവന്ന്
ഇസ്രായേൽ മലകളിലും നദീതീരങ്ങളിലും
ദേശത്തിലെ സകല വാസസ്ഥലങ്ങളിലും
മേയിക്കും. നല്ല മേച്ചിൽപുറത്തു ഞാൻ
അവയെ മേയിക്കും. ഇസ്രായേലിൻെറ
ഉയർന്ന മലകൾ അവയ്ക്കു വാസകേന്ദ്രം
ആയിരിക്കും. അവിടെ നല്ല സ്ഥലത്തു
കിടക്കുകയും ഇസ്രായേൽ മലകളിലെ
പുഷ്ടിയുള്ള മേച്ചിൽസ്ഥലത്തു മേയു
കയും ചെയ്യും. ഞാൻതന്നെ എൻെറ
ആടുകളെ മേയിക്കുകയും കിടത്തുകയും
ചെയ്യും എന്നു ദൈവമായ കർത്താവിൻെറ
അരുളപ്പാട്.

കാണാതെപോയതിനെ ഞാൻ അന്വേ
ഷിക്കുകയും ഓടിച്ചുകളഞ്ഞതിനെ തിരി
ച്ചുവരുത്തുകയും ഒടിഞ്ഞതിന് മുറിവു
കെട്ടുകയും രോഗം ബാധിച്ചതിനെ ശക്തീ
കരിക്കുകയും ചെയ്യും. കൊഴുത്തതിനേയും

ശക്തിയുള്ളതിനേയും ഞാൻ നശിപ്പിക്കും.
ഞാൻ ന്യായത്തീർപ്പോടെ അവയെ
17 മേയിക്കും. എന്റെ ആടുകളേ, ദൈവമായ
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
ഞാൻ ആടിനും ആടിനും മദ്ധ്യേയും
ആട്ടുകൊറ്റന്മാർക്കും കോലാട്ടു കൊറ്റ
ന്മാർക്കും മദ്ധ്യേയും ന്യായം വിധിക്കും.
18 നിങ്ങൾ നല്ലതുപോലെ മേഞ്ഞിട്ട് മേച്ചിൽ
പുറത്തെ ശേഷിപ്പിനെ കാൽകൊണ്ട്
ചവിട്ടിക്കളയുന്നതും തെളിഞ്ഞ വെള്ളം
കുടിച്ചിട്ട് ബാക്കിയുള്ളതിനെ കാൽ കൊണ്ട്
കലക്കിക്കളയുന്നതും നിങ്ങൾക്കു യോഗ്യ
മോ? നിങ്ങൾ കാൽകൊണ്ട് ചവിട്ടിയതു
എന്റെ ആടുകൾ തിന്നുകയും നിങ്ങൾ
കാൽകൊണ്ടു കലക്കിയതു അവ കുടിക്കു
കയും ചെയ്യേണമോ?

ആകയാൽ ദൈവമായ കർത്താവ് അവ
യോട് ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ
തന്നേ തടിച്ച ആടുകൾക്കും മെലിഞ്ഞ
ആടുകൾക്കും മദ്ധ്യേ വിധിക്കും. രോഗം
ബാധിച്ചവയെ നിങ്ങൾ സർവ്വത്ര ചിതറി
ക്കുവാനായി പാർശ്വംകൊണ്ടും തോൾ
കൊണ്ടും തള്ളി അവയെയെല്ലാം കൊമ്പു
കൊണ്ട് ഇടിക്കുന്നതിനാൽ ഞാൻ
എന്റെ ആട്ടിൻകൂട്ടത്തെ രക്ഷിക്കും. അവ
ഇനി ആർക്കും ഇരയായിത്തീരുകയില്ല.
ഞാൻ ആടിനും ആടിനും മദ്ധ്യേ ന്യായം
വിധിക്കും. അവയെ മേയിക്കുവാൻ ഞാൻ
ഒരേ ഇടയനെ അവയ്ക്കായി നിയമിക്കും.
എന്റെ ദാസനായ ദാവീദിനെത്തന്നേ.
അവൻ അവയെ മേയിച്ച് അവയ്ക്കു
ഇടയനായിരിക്കും. അങ്ങനെ ദൈവമായ
ഞാൻ അവർക്കു ദൈവവും എന്റെ
ദാസനായ ദാവീദ് അവരുടെ മദ്ധ്യേ
രാജാവും ആയിരിക്കും. കർത്താവായ ഞാൻ
അത് അരുളിച്ചെയ്തിരിക്കുന്നു.

ഞാൻ അവയോട് ഒരു സമാധാന
മ്പടി ചെയ്ത് ദുഷ്ടമൃഗങ്ങളെ ദേശത്തു
ന്നു നീക്കിക്കളയും. അങ്ങനെ അവ മരു
മിയിൽ നിർഭയമായി വസിക്കയും കാടു
ളിൽ ഉറങ്ങുകയും ചെയ്യും. ഞാൻ അവ
യും എന്റെ കുന്നിനു ചുറ്റുമുള്ള സ്ഥ
ങ്ങളെയും അനുഗൃഹീതമാക്കിത്തീർ
ും. ഞാൻ തക്കസമയത്തു മഴ പെയ്യി
ം. അത് അനുഗ്രഹകരമായ മഴ ആയി
ക്കും. വയലിലെ വൃക്ഷം ഫലം കായ്ക്ക
നിലം നന്നായി വിളയുകയും അവർ
ങ്ങളുടെ ദേശത്തു നിർഭയമായി വസി
ക്കയും ഞാൻ അവരുടെ നുകക്കയറു
പൊട്ടിച്ച് അവരെക്കൊണ്ട് പണി
ചെയ്യിച്ചവരുടെ കൈയിൽനിന്ന് അവരെ
വിടുവിക്കുകയും ചെയ്യുമ്പോൾ ഞാൻ
ആകുന്നു കർത്താവ് എന്നു അവർ അറി
യും. അവർ ഇനി ജാതികൾക്കു കവർച്ച 28
യാകുകയില്ല. വന്യമൃഗം അവരെ കടിച്ചു
വിഴുങ്ങുകയില്ല. അവർ നിർഭയമായി
വസിക്കും. ആരും അവരെ ഭയപ്പെടുത്തുക
യില്ല. ഞാൻ അവർക്കു പ്രസിദ്ധമായ 29
നടുതല നട്ടുണ്ടാക്കും. അവർ ഇനി ദേശ
ത്ത് പട്ടിണി കിടന്നു നശിക്കുകയില്ല.
ജാതികളുടെ അവമാനം ഏല്ക്കുകയില്ല.
ഇങ്ങനെ അവരുടെ ദൈവമായ കർത്താ 30
വായ ഞാൻ അവരോടുകൂടെ ഉണ്ടെന്നും
ഇസ്രായേൽ ഗൃഹമായിരിക്കുന്ന അവർ
എന്റെ ജനമാകുന്നു എന്നും അവർ
അറിയും എന്നു കർത്താധികർത്താവിന്റെ
അരുളപ്പാട്. എന്റെ മേച്ചിൽപുറത്തുള്ള 31
എന്റെ ആടുകളേ നിങ്ങൾ മനുഷ്യരത്രേ.
ഞാനാകുന്നു, നിങ്ങളുടെ ദൈവം എന്നു
കർത്താധി കർത്താവിന്റെ കല്പന.

അദ്ധ്യായം 35

വീണ്ടും കർത്താവിന്റെ അരുളപ്പാട് 1
എനിക്കുണ്ടായി. മനുഷ്യപുത്രാ, നീ 2
സെയീർപർവ്വതത്തിന്നു നേരേ മുഖം തിരി
ച്ചു അതിനെതിരായി പ്രവചിച്ചു പറയുക.
ദൈവമായ കർത്താവ് ഇപ്രകാരം അരുളി 3
ച്ചെയ്യുന്നു. സെയീർപർവ്വതമേ, ഞാൻ
നിനക്കു വിരോധമായിരിക്കുന്നു. ഞാൻ
നിനക്കെതിരേ കൈ നീട്ടി നിന്നെ വിജന
വും ശൂന്യവുമാക്കും. ഞാൻ നിന്റെ നഗര 4
ങ്ങളെ ശൂന്യമാക്കും. നീ പാഴായിത്തീരും.
ഞാനാകുന്നു ദൈവം എന്നു നീ അറിയും.
നീ നിത്യവൈരം കാണിച്ചു ഇസ്രായേൽ 5
മക്കളുടെ അത്യാപത്തിൽ അവരുടെ
ദുരിതകാലത്തു അവരെ വാളിന്നു
ഏല്പിച്ചതല്ലേ. ആകയാൽ എന്നാണ 6
ഞാൻ നിന്നെ രക്തത്തിന്ന് കൊടുക്കു
കയും രക്തം നിന്നെ പിന്തുടരുകയും ചെയ്യും.
അതേ; രക്തം നീ വെറുക്കാഞ്ഞതിനാൽ രക്തം
നിന്നെ പിന്തുടരും എന്നു ദൈവമായ
കർത്താവിന്റെ അരുളപ്പാട്. അങ്ങനെ 7
ഞാൻ സെയീർപർവ്വതത്തെ പാഴും
ശൂന്യവുമാക്കും. യാത്രക്കാരെ അതിൽ
നിന്നു വിച്ഛേദിച്ചുകളയും. ഞാൻ അതി 8
ന്റെ മലകൾ നിഹതരെക്കൊണ്ടു നിറ
യ്ക്കും. നിന്റെ കുന്നുകളിലും താഴ്വരക
ളിലും നിന്റെ എല്ലാ നദികളിലും വാളാൽ
നിഹതർ വീഴും. ഞാൻ നിന്നെ ശാശ്വത 9
ശൂന്യമാക്കും. നിന്റെ പട്ടണങ്ങൾ ആൾ

പാർപ്പില്ലാതെയാകും. ഞാനാകുന്നു
10 ദൈവം എന്നു നിങ്ങൾ അറിയും. 'ദൈവം
അവിടെ ഉണ്ടായിരുന്നിട്ടും ഈ ജാതി
രണ്ടും ഈ ദേശം രണ്ടും എനിക്കുള്ളവ
യാകും; ഞങ്ങൾ അതു കൈവശമാക്കും'
11 എന്നു നീ പറഞ്ഞതിനാൽ എന്നാണ നീ
അവരോട് നിൻെറ വെറുപ്പുമൂലം പ്രദർശിപ്പി
ച്ചിരിക്കുന്ന കോപത്തിനും അസൂയയ്ക്കും
ഒത്തവണ്ണം ഞാനും പ്രവർത്തിക്കും. ഞാൻ
നിനക്കു ശിക്ഷവിധിക്കുമ്പോൾ ഞാൻ
അവരുടെ ഇടയിൽ എന്നെത്തന്നെ വെളി
പ്പെടുത്തും എന്നു ദൈവമായ കർത്താവി
12 ൻെറ അരുളപ്പാട്. 'ഇസ്രായേൽ പർവ്വത
ങ്ങൾ ശൂന്യമായിരിക്കുന്നു. അവ ഞങ്ങൾ
ക്ക് ഇരയായി നല്കപ്പെട്ടിരിക്കുന്നു' എന്ന്
അവയെക്കുറിച്ചു നീ പറഞ്ഞിട്ടുള്ള ദൂഷ
ണങ്ങളെല്ലാം ദൈവമായ ഞാൻ കേട്ടി
13 രിക്കുന്നു എന്നു നീ അറിയും. നിങ്ങൾ
വായ്കൊണ്ട് എൻെറ നേരേ വമ്പു പറ
ഞ്ഞ് എനിക്കു വിരോധമായി നിങ്ങളുടെ
വാക്കുകൾ വർദ്ധിപ്പിച്ചു. ഞാൻ അതു
14 കേട്ടിരിക്കുന്നു. കർത്താധികർത്താവ് ഇപ്ര
കാരം അരുളിച്ചെയ്യുന്നു. സർവ്വ ലോകവും
സന്തോഷിച്ചുകൊണ്ടിരിക്കുമ്പോൾത്ത
ന്നെ ഞാൻ നിന്നെ ശൂന്യമാക്കും. ഇസ്രാ
15 യേൽ ഗൃഹത്തിൻെറ അവകാശം ശൂന്യ
മായതിൽ നീ സന്തോഷിച്ചതല്ലേ. ഞാൻ
നിന്നോടും അതുപോലെ ചെയ്യും. സെയീർ
പർവ്വതവും സർവ്വ ഏദോമുമേ! നീ ശൂന്യ
മായ് പോകും. ഞാനാകുന്നു ദൈവം എന്ന്
അവർ അറിയും.

അദ്ധ്യായം 36

1 മനുഷ്യപുത്രാ നീ ഇസ്രായേൽ മലക
ളോട് പ്രവചിച്ചു പറയുക: ഇസ്രായേൽ
മലകളേ, കർത്തൃവചനം കേൾപ്പിൻ.
കർത്താധികർത്താവ് ഇപ്രകാരം അരുളിച്ചെ
2 യ്യുന്നു. ശത്രു നിങ്ങളെക്കുറിച്ച്: 'കൊള്ളാം,
പുരാതനഗിരികൾ ഞങ്ങൾക്കു കൈവശം
3 ആയിരിക്കുന്നു' എന്നു പറയുന്നു. അതു
കൊണ്ട് നീ പ്രവചിച്ചു പറയുക. കർത്താധി
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
'നിങ്ങൾ ജാതികളിൽ ശേഷിച്ചവർക്ക് കൈ
വശമായിത്തീരത്തക്കവണ്ണം അവർ നിങ്ങ
ളെ ശൂന്യമാക്കി. നിങ്ങളെ ചുറ്റും നിന്നു
പരാജിതരാക്കുന്നതുകൊണ്ടും നിങ്ങൾ
സംസാരികളുടെ അധരങ്ങളാൽ ലോക
രുടെ അപവാദവിഷയമായിത്തീർന്നിരിക്കു
4 ന്നതിനാലും ഇസ്രായേൽ മലകളേ ദൈവ
മായ കർത്താവിൻെറ വചനം കേൾപ്പിൻ.
മലകളോടും കുന്നുകളോടും തോടുക
ളോടും താഴ്വരകളോടും പാഴായിരിക്കുന്ന
ശൂന്യപ്രദേശങ്ങളോടും നിർജ്ജനവും
ചുറ്റുമുള്ള ജാതികളിൽ ശേഷിച്ചവർക്ക്
കവർച്ചയും പരിഹാസവും ആയി ഭവിച്ചി
രിക്കുന്ന പട്ടണങ്ങളോടും ദൈവമായ
കർത്താവ് അരുളിച്ചെയ്യുന്നു. ജാതികളിൽ 5
ശേഷിച്ചവരോടും എല്ലാ ഏദോമിനോടും
ഞാൻ നിശ്ചയമായും എൻെറ ക്രോധാഗ്നി
യോടെ സംസാരിക്കും. അവർ എൻെറ
ദേശം കവർച്ചയ്ക്ക് പാത്രമാക്കുവാനായി
അതിനെ പൂർണ്ണ സന്തോഷത്തോടും
നിന്ദാഭാവത്തോടുംകൂടെ അവർക്ക് അവ
കാശമാക്കിയിരിക്കയാണല്ലോ. അതിനാൽ 6
നീ ഇസ്രായേൽദേശത്തെക്കുറിച്ചു പ്രവ
ചിച്ച് മലകളോടും കുന്നുകളോടും തോടു
കളോടും താഴ്വരകളോടും പറയുക. ദൈവ
മായ കർത്താവ് ഇപ്രകാരം അരുളി
ച്ചെയ്യുന്നു: നിങ്ങൾ ജാതികളുടെ നിന്ദയെ
വഹിച്ചതുകൊണ്ട് ഞാൻ എൻെറ വൈ
രാഗ്യത്തോടും എൻെറ ക്രോധത്തോ
ടുംകൂടെ സംസാരിക്കും. കർത്താധികർത്താ 7
വ് ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾക്ക്
ചുറ്റു മുള്ള വിജാതികൾ നിശ്ചയമായും
ലജ്ജ വഹിക്കും എന്നു ഞാൻ കൈ 8
ഉയർത്തി സത്യം ചെയ്യുന്നു. നിങ്ങളോ,
ഇസ്രായേൽ പർവ്വതങ്ങളേ, എൻെറ ജന
മായ ഇസ്രായേൽ പ്രത്യാഗമിക്കാറായിരി
ക്കുകയാൽ കൊമ്പുകൾ നീട്ടി അവർക്കു
വേണ്ടി ഫലം കായ്പിൻ. ഞാൻ നിങ്ങൾ 9
ക്ക് അനുകൂലമായിരിക്കുന്നു. ഞാൻ
നിങ്ങളുടെ അടുക്കലേക്കു തിരിയും.
നിങ്ങൾ കൃഷി ചെയ്യും. വിതയ്ക്കും. ഞാൻ 10
നിങ്ങളിൽ മനുഷ്യരെ, ഇസ്രായേൽ ഭവനം
മുഴുവനേയും വർദ്ധിപ്പിക്കും. പട്ടണങ്ങ
ളിൽ നിവാസികൾ ഉണ്ടാകും. ശൂന്യമാ
യവയെയും പണിയും. ഞാൻ നിങ്ങളുടെ 11
ഇടയിൽ മനുഷ്യരേയും മൃഗങ്ങളേയും
വർദ്ധിപ്പിക്കും. അവർ വർദ്ധിച്ച് സന്താന
പുഷ്ടിയുള്ളവരാകും; ഞാൻ നിങ്ങളിൽ
മുമ്പത്തെപ്പോലെ ജനത്തെ വസിപ്പിക്കും.
നിങ്ങളുടെ ആദികാലത്തുണ്ടായിരുന്നതി
നേക്കാൾ അധികം നന്മ ഞാൻ നിങ്ങൾക്കു
നൽകും. ഞാനാകുന്നു ദൈവം എന്നു
നിങ്ങൾ അറിയും. ഞാൻ നിങ്ങളിൽ 12
മനുഷ്യരെ, എൻെറ ജനമായ ഇസ്രായേ
ലിനെ സഞ്ചരിപ്പിക്കും. അവർ നിന്നെ
കൈവശമാക്കും. നീ അവർക്ക് അവകാ
ശമായിരിക്കും. നീ അവരെ ഇനി മക്കളില്ലാ
ത്തവരാക്കുകയില്ല. കർത്താധികർത്താവ് 13

ഇപ്രകാരം അരുളിച്ചെയ്യുന്നു. അവർ
നിന്നോട് നീ മനുഷ്യരെ വിഴുങ്ങുകയും
നിന്റെ ജനത്തെ മക്കളില്ലാത്തവരാക്കു
കയും ചെയ്ത ദേശമാകുന്നു എന്നു പറയു
4 ന്നതിനാൽ, നീ ഇനിമേൽ മനുഷ്യരെ
വിഴുങ്ങുകയില്ല. നിന്റെ ജനത്തെ
മക്കളില്ലാത്തവരാക്കുകയുമില്ല എന്നു
5 കർത്താധികർത്താവിന്റെ അരുളപ്പാട്.
ഞാൻ ഇനി നിന്നെ ജാതികളുടെ നിന്ദാ
പാത്രമാക്കുകയില്ല. ഗോത്രങ്ങളുടെ അവ
മാനം നീ ഇനി വഹിക്കേണ്ടിവരികയില്ല. നീ
ഇനി നിന്റെ ജനത്തെ മക്കളില്ലാത്തവരാ
ക്കുകയില്ല എന്നു ദൈവമായ കർത്താ
വിന്റെ അരുളപ്പാട്.

കർത്താവിന്റെ അരുളപ്പാട് വീണ്ടും
എനിക്കുണ്ടായി. മനുഷ്യപുത്രാ, ഇസ്രാ
യേൽ ഗൃഹം തങ്ങളുടെ ദേശത്ത് വസിച്ചിരു
ന്നപ്പോൾ അവർ അതിനെ തങ്ങളുടെ
പെരുമാറ്റംകൊണ്ടും പ്രവൃത്തികൾകൊ
ണ്ടും മലിനമാക്കി. എന്റെ മുമ്പാകെ
അവരുടെ പ്രവൃത്തി ഋതുവായ സ്ത്രീയുടെ
മാലിന്യംപോലെ ആയിരുന്നു. അവർ
ദേശത്തു ചൊരിഞ്ഞ രക്തം നിമിത്തവും
അതിനെ തങ്ങളുടെ വിഗ്രഹങ്ങൾകൊണ്ട്
ലിനമാക്കിയതു മൂലവും ഞാൻ എന്റെ
ക്രോധം അവരുടെ മേൽ ചൊരിഞ്ഞു. ഞാൻ
അവരെ ജാതികളുടെ ഇടയിൽ ചിതറിച്ചു.
അവർ രാജ്യങ്ങളിൽ ചിതറിപ്പോയി. അവ
ടെ പെരുമാറ്റത്തിനും പ്രവൃത്തികൾക്കും
അനുയോജ്യമായി ഞാൻ അവരെ വിധിച്ചു.
അവർ ജാതികളുടെ ഇടയിൽ എത്തിയ
പ്പോൾ ഇവർ കർത്താവിന്റെ ജനം, അവ
ന്റെ ദേശം വിട്ടുപോകേണ്ടിവന്നവർ എന്നു
വർ അവരെക്കുറിച്ചു പറയുവാനിട
ാക്കി. അവർ എന്റെ വിശുദ്ധ നാമത്തെ
ശുദ്ധമാക്കി. എങ്കിലും ഇസ്രായേൽ
ഹം ചെന്നു ചേർന്ന ജാതികളുടെ ഇട
ൽ അശുദ്ധമാക്കിയ എന്റെ വിശുദ്ധ
മത്തെക്കുറിച്ച് എനിക്കു സഹതാപം
ാന്നി. ആകയാൽ നീ ഇസ്രായേൽ ഗൃഹ
ാടു പറയേണ്ടത്, കർത്താധികർത്താവ്
കാരം അരുളിച്ചെയ്യുന്നു. ഇസ്രായേൽ
റമേ നിങ്ങളുടെ നിമിത്തമല്ല. നിങ്ങൾ
ന്നുചേർന്ന ജാതികളുടെ മദ്ധ്യേ നിങ്ങൾ
ുദ്ധമാക്കിയിരിക്കുന്ന എന്റെ വിശുദ്ധ
ം നിമിത്തം അത്രേ ഞാൻ അങ്ങനെ
യ്യുന്നത്. ജാതികളുടെ ഇടയിൽ നിങ്ങൾ
ുദ്ധമാക്കിയ, അവരുടെ ഇടയിൽ
ുദ്ധമായിപ്പോയിരിക്കുന്ന എന്റെ മഹ
യ നാമത്തെ ഞാൻ വിശുദ്ധീകരിക്കും.
ജാതികൾ കാൺകെ ഞാൻ എന്നെത്തന്നെ
നിങ്ങളിൽ വിശുദ്ധീകരിക്കുമ്പോൾ ഞാനാ
കുന്നു ദൈവം എന്ന് അവർ അറിയും എന്നു
കർത്താധികർത്താവിന്റെ അരുളപ്പാട്.
ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽ 24
നിന്നു കൂട്ടിച്ചേർത്തു സകല ദേശങ്ങളിൽ
നിന്നും നിങ്ങളെ വിളിച്ച് സ്വദേശത്തേക്കു
വരുത്തും. ഞാൻ നിങ്ങളുടെമേൽ നിർമ്മല 25
ജലം തളിക്കും. നിങ്ങൾ നിർമ്മലരായി
ത്തീരും. ഞാൻ നിങ്ങളുടെ മാലിന്യമായ
സകല വിഗ്രഹങ്ങളേയും നീക്കി നിങ്ങളെ
നിർമ്മ ലീകരിക്കും.

ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദ 26
യം തരും. പുതിയോരു ആത്മാവിനെ
ഞാൻ നിങ്ങളുടെ ഉള്ളിൽ വയ്ക്കും. കല്ലാ
യുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡ
ത്തിൽനിന്നു നീക്കി മാംസളമായുള്ള
ഹൃദയം നിങ്ങൾക്കു തരും. ഞാൻ എന്റെ 27
ആത്മാവിനെ നിങ്ങളുടെ ഹൃദയത്തിൽ
ആക്കി നിങ്ങളെ എന്റെ നിയമങ്ങളിൽ
നടത്തും. നിങ്ങൾ എന്റെ വിധികൾ അനു
സരിച്ച് അനുഷ്ഠിക്കും. ഞാൻ നിങ്ങളുടെ 28
പിതാക്കന്മാർക്ക് ദാനം ചെയ്ത ദേശത്തു
നിങ്ങൾ വസിക്കും. നിങ്ങൾ എനിക്കു
ജനമായും ഞാൻ നിങ്ങൾക്കു ദൈവമായും
ഇരിക്കും. ഞാൻ നിങ്ങളുടെ സകല മലിന 29
തകളും നീക്കി നിങ്ങളെ രക്ഷിക്കും. ഞാൻ
നിങ്ങളുടെമേൽ ക്ഷാമം വരുത്താതെ
ധാന്യം ശേഖരിച്ചു വരുത്തി വർദ്ധിപ്പിക്കും.
നിങ്ങൾ ഇനി മേൽ വിജാതികളുടെ ഇടയിൽ 30
ക്ഷാമത്തിന്റെ വിഷമം അനുഭവിക്കാതി
രിക്കുവാൻ ഞാൻ വൃക്ഷങ്ങളുടെ ഫലവും
നിലത്തിന്റെ വിളവും വർദ്ധിപ്പിക്കും.
അപ്പോൾ നിങ്ങൾ നിങ്ങളുടെ ദുർമ്മാർഗ 31
ങ്ങളേയും കൊള്ളരുതാത്ത പ്രവൃത്തിക
ളേയും ഓർത്ത് നിങ്ങളുടെ അകൃത്യം നിമി
ത്തവും അശുദ്ധി നിമിത്തവും നിങ്ങൾക്കു
സ്വയം വെറുപ്പു തോന്നും. നിങ്ങളുടെ നിമി 32
ത്തമല്ല ഞാൻ ഇതു ചെയ്യുന്നതു എന്നു
നിങ്ങൾക്കു ബോധ്യമായിരിക്കട്ടെ എന്ന്
കർത്താധികർത്താവ് അരുളിച്ചെയ്യുന്നു.
ഇസ്രായേൽ ഗൃഹമേ, നിങ്ങളുടെ നടപടി
ഓർത്ത് ലജ്ജിപ്പിൻ. കർത്താധികർത്താവ് 33
ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ നിങ്ങ
ളുടെ അകൃത്യങ്ങൾ നീക്കി നിങ്ങളെ നിർമ്മ
ലീകരിക്കുമ്പോൾ നിങ്ങളുടെ പട്ടണങ്ങ
ളിൽ ഞാൻ ജനവാസമുണ്ടാക്കും. ശൂന്യ
സ്ഥലങ്ങളെ ഞാൻ പണിയും. വഴിയാത്ര 34
ക്കാരുടെ മുമ്പിൽ ശൂന്യമായിക്കിടന്നിരുന്ന
പ്രദേശത്തു കൃഷി ഇറക്കും. ശൂന്യമായി 35

ക്കിടന്നിരുന്ന ദേശം ഏദൻതോട്ടംപോലെ
യായിത്തീർന്നുവല്ലോ; പാഴും ശൂന്യവുമായി
ഇടിഞ്ഞു കിടന്നിരുന്ന പട്ടണങ്ങൾ ഉറപ്പും
നിവാസികളും ഉള്ളവ ആയിത്തീർന്നു
36 വല്ലോ എന്ന് അവർ പറയും. ഇടിഞ്ഞു
കിടന്ന പട്ടണങ്ങളെ ദൈവമായ ഞാൻ
പണിത് ശൂന്യപ്രദേശത്തു സസ്യം നട്ടു
ണ്ടാക്കി എന്നു നിങ്ങളുടെ ചുറ്റും അവശി
ഷ്ടരായിരിക്കുന്ന ജാതികൾ അന്ന് അറി
യും. കർത്താവായ ഞാൻ പറഞ്ഞിരിക്കു
ന്നു. ഞാൻ അതു ചെയ്യും.
37 ദൈവമായ കർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു. ഇസ്രായേൽഗൃഹം
എന്നോട് അപേക്ഷിച്ചിട്ട് ഞാൻ ഒരു കാര്യം
കൂടെ ചെയ്യും. ഞാൻ അവർക്ക് ആളുകളെ
ആട്ടിൻകൂട്ടത്തെ എന്നപോലെ വർദ്ധി
38 പ്പിച്ചുകൊടുക്കും. ശൂന്യമായിരുന്ന പട്ടണ
ങ്ങൾ വിശുദ്ധമായ ആട്ടിൻകൂട്ടംപോലെ,
ഉത്സവകാലത്ത് യറൂശലേമിലെ ആട്ടിൻ
പറ്റംപോലെ മനുഷ്യരാകുന്ന ആട്ടിൻപറ്റം
കൊണ്ട് നിറയും. ഞാനാകുന്നു ദൈവം
എന്ന് അവർ അറിയും.

അദ്ധ്യായം 37

1 കർത്താവിന്റെ കൈ എന്റെ മേൽ
വന്നു, ദൈവത്തിന്റെ ആത്മാവാൽ എ
ന്നെ പുറപ്പെടുവിച്ചു താഴ്വരയുടെ നടുവിൽ
നിറുത്തി. അത് അസ്ഥികൾകൊണ്ടു
2 നിറഞ്ഞിരുന്നു. അവൻ എന്നെ അവയുടെ
ഇടയിൽകൂടി ചുറ്റി നടത്തി. അവ താഴ്വര
യിൽ വളരെ അധികമായിരുന്നു. അവ വല്ലാ
3 തെ ഉണങ്ങിയുമിരുന്നു. അവൻ എന്നോട്
മനുഷ്യപുത്രാ, ഈ അസ്ഥികൾ ജീവിക്കു
മോ? എന്നു ചോദിച്ചു. അതിന്നു ഞാൻ
ദൈവമായ കർത്താവേ, നീ അറിയുന്നുവ
4 ല്ലോ എന്നു ഉത്തരം പറഞ്ഞു. അവൻ
എന്നോടു കല്പിച്ചത്, നീ ഈ അസ്ഥിക
ളെക്കുറിച്ചു പ്രവചിച്ച് അവയോടു പറയുക.
ഉണങ്ങിയ അസ്ഥികളേ ദൈവവചനം
5 കേൾപ്പിൻ! ദൈവമായ കർത്താവ് ഈ അ
സ്ഥികളോട് ഇപ്രകാരം അരുളിച്ചെയ്യു ന്നു.
നിങ്ങൾ ജീവിക്കേണ്ടതിനു ഞാൻ നിങ്ങ
6 ളിൽ ശ്വാസം വരുത്തും. ഞാൻ നിങ്ങളുടെ
മേൽ ഞരമ്പു വച്ച് മാംസം പിടിപ്പിച്ച്
നിങ്ങളെ ത്വക്കുകൊണ്ടു പൊതിഞ്ഞു
നിങ്ങൾക്കു ജീവനുണ്ടാകുവാൻ നിങ്ങളിൽ
ശ്വാസം വരുത്തും. ഞാനാകുന്നു ദൈവം
7 എന്നു നിങ്ങൾ അറിയും. എന്നോട് കല്പിച്ച
തുപോലെ ഞാൻ പ്രവചിച്ചു. ഞാൻ പ്രവചി
ച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു മുഴക്കം കേട്ടു.
ഉടനെ ഒരു ഭൂകമ്പം ഉണ്ടായി. അസ്ഥി
അസ്ഥിയോട് പരസ്പരം ചേർന്നു. ഞാൻ
നോക്കി. അവയുടെമേൽ ഞരമ്പും മാംസ 8
വും വന്നിരിക്കുന്നതും അവയുടെ മേൽ ത്വ
ക്കു പൊതിഞ്ഞിരിക്കുന്നതും കണ്ടു. എ
ന്നാൽ അവയിൽ ശ്വാസം ഇല്ലായിരുന്നു.
അപ്പോൾ അവൻ എന്നോടു കല്പിച്ചത്, 9
കാററിനോട് പ്രവചിക്ക; മനുഷ്യപുത്രാ നീ
പ്രവചിച്ചു കാററിനോടു പറയുക. ദൈവ
മായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യു
ന്നു. 'ശ്വാസമേ, നീ നാലു കാററുകളിൽ
നിന്നും വന്ന് ഈ മൃതന്മാർ ജീവിക്കേണ്ട
തിന്നു അവരുടെമേൽ ഊതുക.' അവൻ 10
എന്നോടു കല്പിച്ചതുപോലെ ഞാൻ
പ്രവചിച്ചപ്പോൾ ശ്വാസം അവരിൽ വന്നു.
അവർ ജീവിച്ച് ഒരു വലിയ സൈന്യമായി
നിവർന്നുനിന്നു. പിന്നെ അവൻ എന്നോട് 11
അരുളിച്ചെയ്തത്. മനുഷ്യപുത്രാ, ഈ
അസ്ഥികൾ സർവഇസ്രായേൽ ഗൃഹവും
ആകുന്നു. ഞങ്ങളുടെ അസ്ഥികൾ ഉണ
ങ്ങി; ഞങ്ങളുടെ പ്രത്യാശയ്ക്കു ഭംഗംവന്നു;
ഞങ്ങൾ തീരെ ക്ഷയിച്ചിരിക്കുന്നു എന്നു
അവർ പറയുന്നു. അതുകൊണ്ട് നീ പ്രവ 12
ചിച്ച് അവരോടു പറയുക. ദൈവമായ
കർത്താവ് ഇപ്രകാരം കല്പിക്കുന്നു.
എന്റെ ജനമേ ഞാൻ നിങ്ങളുടെ ശവക്കുഴി
തുറന്ന് നിങ്ങളെ ശവക്കുഴിയിൽനിന്നു
കയററി ഇസ്രായേൽദേശത്തേക്കു കൊണ്ടു
പോകും. എന്റെ ജനമേ ഞാൻ നിങ്ങളുടെ 13
ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴി
യിൽനിന്നു കയററുമ്പോൾ ഞാനാകുന്നു
ദൈവം എന്നു നിങ്ങൾ അറിയും. നിങ്ങൾ 14
ജീവിക്കുവാനായി ഞാൻ എന്റെ ആത്മാ
വിനെ നിങ്ങളിൽ വയ്ക്കും. ഞാൻ നിങ്ങളെ
സ്വദേശത്തു വസിപ്പിക്കും, ദൈവമായ
ഞാൻ അരുളിച്ചെയ്തു; നിവൃത്തിച്ചുമിരി
ക്കുന്നു എന്നു നിങ്ങൾ അറിയും എന്ന്
കർത്താവിന്റെ അരുളപ്പാട്.
കർത്തൃകല്പന എനിക്കുണ്ടായി. 15
മനുഷ്യപുത്രാ നീ ഒരു വടി എടുത്ത് 16
അതിന്മേൽ യഹൂദയ്ക്കും അവനോടു
ചേർന്നിരിക്കുന്ന ഇസ്രായേൽ മക്കൾക്കും
എന്നു എഴുതിവയ്ക്കുക; പിന്നെ മററൊരു
വടി എടുത്ത് അതിന്മേൽ: എഫ്രയീമി
ന്റെ വടിയായ യൗസേഫിനും അവനോടു
ചേർന്നിരിക്കുന്ന ഇസ്രായേൽ ഗൃഹത്തി
ന്നെല്ലാം എന്ന് എഴുതിവയ്ക്കുക. പിന്നെ 17
നീ അവയെ ഒററവടിയായി പരസ്പരം
ചേർക്കുക. അവ നിന്റെ കയ്യിൽ ഒന്നായി 18
രിക്കട്ടെ. ഇതിന്റെ ഉദ്ദേശ്യം എന്തെന്നു

നീ ഞങ്ങളെ അറിയിക്കുകയില്ലേ? എന്ന്
നിന്റെ സ്വജനം നിന്നോട് ചോദിക്കു
മ്പോൾ, നീ അവരോട് പറയേണ്ടത്: ദൈവ
മായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യു
ന്നു. ഞാൻ, എഫ്രയീമിന്റെ കയ്യിലുള്ള
യൗസേഫിന്റെ വടിയേയും അവനോടു
ചേർന്നിരിക്കുന്ന ഇസ്രായേൽ ഗോത്രങ്ങ
ളെയും എടുത്തു അവരെ അവനോട്,
"യഹൂദയുടെ വടിയോട്" ചേർത്ത് ഒരു
വടിയാക്കും. അവർ എന്റെ കൈയിൽ
ഒന്നായിരിക്കും. നീ എഴുതിയ വടികൾ
അവരുടെ മുമ്പാകെ നിന്റെ കയ്യിൽ
ഇരിക്കണം. നീ അവരോട് പറയുക. ദൈവ
ായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യു
ന്നു. ഞാൻ ഇസ്രായേൽ മക്കളെ അവർ
ചന്നുചേർന്നിരിക്കുന്ന ജാതികളുടെ
ടയിൽനിന്നു നാലു ഭാഗത്തുനിന്നും
കൂട്ടിച്ചേർത്ത് സ്വദേശത്തേക്കു കൊണ്ടു
രും. ഞാൻ അവരെ ദേശത്ത് ഇസ്രായേൽ
ർവതങ്ങളിൽ ഏകജാതിയാക്കും. ഒരേ
ാജാവ് അവരെയെല്ലാം ഭരിക്കും. അവർ
നി രണ്ടു ജാതിയായിരിക്കയില്ല. രണ്ടു
ജ്യമായി പിരിയുകയുമില്ല. അവർ ഇനി
ഗ്രഹങ്ങളാലും മ്ലേച്ഛതകളാലും യാ
തൊരു പാപത്താലും സ്വയം മലിനമാക്കുക
ല്ല. അവർ പാപം ചെയ്ത അവരുടെ വാസ
ഥലങ്ങളിൽനിന്നും ഞാൻ അവരെ
ഷിച്ച് ശുദ്ധീകരിക്കും. അങ്ങനെ അവർ
നിക്കു ജനമായും ഞാൻ അവർക്ക്
ദവമായും ഇരിക്കും. എന്റെ ദാസനായ
വീദ് അവർക്കു രാജാവായിരിക്കും -
വർക്കെല്ലാവർക്കും ഒരേ ഇടയൻ ആകും.
വർ എന്റെ കല്പനകളിൽ നടന്ന്
ന്റെ നിയമങ്ങൾ പ്രമാണിച്ചനുഷ്ഠി
ം. എന്റെ ദാസനായ യാക്കോബിന്
ൻ കൊടുത്തതും നിങ്ങളുടെ പിതാക്ക
 പാർത്തിരുന്നതും ആയ ദേശത്ത്
ർ വസിക്കും. അവരും മക്കളും മക്കളുടെ
ളും എന്നേക്കും അവിടെ വസിക്കും.
ന്റെ ദാസനായ ദാവീദ് എന്നേക്കും
ർക്ക് രാജാവായിരിക്കും. ഞാൻ അവ
 ഒരു സമാധാന ഉടമ്പടി ചെയ്യും. അത്
ർക്ക് ഒരു ശാശ്വതനിയമമായിരിക്കും.
ൻ അവരെ ഉറപ്പിച്ചു വർദ്ധിപ്പിച്ചു.
രുടെയിടയിൽ എന്റെ വിശുദ്ധമന്ദിര
 സദാകാലത്തേക്കുമായി സ്ഥാപി
 എന്റെ വാസം അവരോടുകൂടെ
കും. ഞാൻ അവർക്കു ദൈവമായും
 എനിക്കു ജനമായും ഇരിക്കും.
ന്റെ വിശുദ്ധമന്ദിരം എക്കാലവും അവ
രുടെ നടുവിൽ ഇരിക്കുമ്പോൾ ഞാൻ ഇസ്രാ
യേലിനെ വിശുദ്ധീകരിക്കുന്ന ദൈവമെന്ന്
ജാതികൾ അറിയും.

അദ്ധ്യായം 38

കർത്തൃകല്പന എനിക്കുണ്ടായി: 1
മനുഷ്യപുത്രാ, രോശ്, മേശെക്ക്, തുബൽ 2
എന്നിവയുടെ രാജാവായി മാഗോഗ് ദേശ
ത്തുള്ള ഗോഗിന്റെ നേരേ നീ മുഖം തിരി
ച്ചു അവനെക്കുറിച്ചു പ്രവചിച്ചു പറയുക.
ദൈവമായ കർത്താവ് ഇപ്രകാരം അരുളി 3
ച്ചെയ്യുന്നു: രോശ്, മേശെക്, തൂബൽ എന്നി
വയുടെ രാജാവായ ഗോഗേ, ഞാൻ നിനക്കു
വിരോധമായിരിക്കുന്നു. ഞാൻ നിന്നെ വഴി 4
തെററിക്കും. നിന്റെ താടിയെല്ലിൽ ചൂണ്ടൽ
കൊളുത്തി നിന്നെയും നിന്റെ സകല
സൈന്യത്തേയും, കുതിരകളേയും സർവാ
യുധം ധരിച്ച കുതിരപ്പടയേയും വാളും പരി
ചയും എടുത്ത ഒരു മഹാസമൂഹത്തേയും
അവരോടുകൂടെ പരിചയും ശിരസ്ത്രവും 5
ധരിച്ച പാർസികൾ, കൂശ്യർ, പൂത്യർ, 6
ഗേമെരും അവന്റെ സൈന്യവ്യൂഹവും
വടക്കേ അററത്തുള്ള തോഗർമ്മാഗൃഹവും
അതിന്റെ എല്ലാ സൈന്യവും എന്നിങ്ങനെ
പല ജാതികളേയും നിന്നോടുകൂടെ പുറപ്പെ
ടുവിക്കും. ഒരുങ്ങിക്കൊൾക! നീയും നിന്റെ 7
അടുക്കൽ കൂടിയിരിക്കുന്ന നിന്റെ സംഘ
മെല്ലാം ഒരുങ്ങിക്കൊൾവിൻ! നീ അവർക്കു
മേധാവിയായിരിക്കുക. ഏറിയ കാലം 8
കഴിഞ്ഞിട്ട് നീ ശിക്ഷിക്കപ്പെടും; വാളിൽ
നിന്നു രക്ഷപ്പെട്ടതും പല ജാതികളിൽ
നിന്നും ശേഖരിക്കപ്പെട്ടതുമായ ഒരു രാജ്യ
ത്തിലേക്ക്, ശാശ്വതശൂന്യമായി കിടന്നി
രുന്ന ഇസ്രായേൽ പർവതങ്ങളിൽ നീ വന്നു
ചേരും. അവർ ജാതികളുടെ ഇടയിൽനിന്നു
വന്ന് എല്ലാവരും നിർഭയമായി വസിക്കും.
നീ മഴക്കോൾപോലെ കയറി വരും. നീയും 9
നിന്റെ എല്ലാ സേനയും നിന്നോടുകൂടെ
യുള്ള വിവിധ ജാതികളും മേഘംപോലെ
ദേശത്തെ മൂടും. ദൈവമായ കർത്താവ് 10
ഇപ്രകാരം അരുളിച്ചെയ്യുന്നു. അന്ന് നിന്റെ
ഹൃദയത്തിൽ ചില ആലോചനകൾ തോ
ന്നും; നീ ഒരു ദുഷിച്ച പദ്ധതി ആലോചി
ക്കും. കോട്ടയില്ലാത്ത ഗ്രാമങ്ങൾ ഉള്ള 11
ദേശത്ത് ഞാൻ ചെല്ലും. കൊള്ളയിടേണ്ട
തിനും കവർച്ച ചെയ്യേണ്ടതിനുമായി ശൂന്യ
മായി കിടന്നിട്ട് വീണ്ടും നിവാസികളുള്ള
സ്ഥലങ്ങൾക്കു നേരെയും ജാതികളുടെ
ഇടയിൽനിന്ന് ശേഖരിക്കപ്പെട്ട - കന്നു
കാലികളേയും ധനവും സമ്പാദിച്ചിട്ട്

ഭൂമിതലത്തിൽ ഇരിക്കുന്ന ഒരു ജന
12 ത്തിൻെറ നേരേ കൈ നീട്ടേണ്ടതിനുമായി
കോട്ടയും പൂട്ടും കതകും കൂടാതെ നിർഭയം
വസിച്ചു സമാധാനമായിരിക്കുന്നവരുടെ
നേരേ ഞാൻ ചെല്ലും എന്നു നീ പറയും.
13 ശെബയും ദെദാനും തർശീശ് വർത്തക
ന്മാരും അതിലെ സകല സിംഹങ്ങളും
നിന്നോട് നീ കൊള്ള ചെയ്യുവാനാണോ
വന്നത്? കവർച്ച ചെയ്യുവാനും വെള്ളിയും
പൊന്നും എടുത്തുകൊണ്ടുപോകുവാനും
കന്നുകാലികളേയും ധനത്തേയും അപഹ
രിക്കുവാനും ഏററവും വലിയ കൊള്ള
നടത്തുവാനും ആകുന്നുവോ നീ നിൻെറ
സമൂഹത്തെ കൂട്ടിയിരിക്കുന്നത്? എന്നു
പറയും.
14 ആകയാൽ മനുഷ്യപുത്രാ, നീ പ്രവ
ചിച്ച് ഗോഗിനോട് പറയുക: ദൈവമായ
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു:
എൻെറ ജനമായ ഇസ്രായേൽ നിർഭയമായി
വസിക്കുന്ന അക്കാലത്തു നീ അത് ഗ്രഹി
15 ക്കുകയില്ലയോ? നീയും നിന്നോടുകൂടെ
പല ജാതികളും കുതിരപ്പുറത്തു കയറി ഒരു
സമൂഹവും വലിയ സൈന്യവുമായി നിൻെറ
ദേശത്തുനിന്നു വടക്കേ അററത്തുനിന്ന്
16 വരും. ദേശത്തെ മറയ്ക്കേണ്ടതിനുള്ള ഒരു
മേഘംപോലെ നീ എൻെറ ജനമായ ഇസ്രാ
യേലിൻെറ നേരേ വരും. ഗോഗേ, അന്ത്യ
കാലത്തു ജാതികൾ കാൺകെ ഞാൻ
എന്നെത്തന്നെ നിൻെറ മുമ്പിൽ വിശുദ്ധീ
കരിക്കുമ്പോൾ അവർ എന്നെ അറിയേണ്ട
തിനായി ഞാൻ നിന്നെ എൻെറ ദേശത്തി
17 ൻെറ നേരേ വരുത്തും. കർത്താധികർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ നിന്നെ
ഇസ്രായേലിന്നു വിരോധമായി വരുത്തും,
എന്നു മുൻകാലത്ത് അനേക സംവത്സര
ങ്ങളായി പ്രവചിച്ചുപോന്ന പ്രവാചകന്മാ
രായ എൻെറ ദാസന്മാർ മുഖാന്തരം ഞാൻ
അന്നു അരുളിച്ചെയ്തത് നിന്നെക്കുറിച്ച
18 ല്ലയോ? ഇസ്രായേൽ ദേശത്തിന്നു വിരോ
ധമായി ഗോഗ് വരുന്ന കാലത്തു എൻെറ
ക്രോധം എൻെറ മൂക്കിൽ ഉജ്ജ്വലിക്കും
എന്ന് ദൈവമായ കർത്താവിൻെറ അരുള
19 പ്പാട്. അക്കാലത്തു നിശ്ചയമായും ഇസ്രാ
യേൽ ദേശത്ത് ഒരു വലിയ ഭൂകമ്പം
ഉണ്ടാകും എന്നു ഞാൻ എൻെറ വൈരാ
ഗ്യത്തിലും എൻെറ കോപാഗ്നിയിലും
20 അരുളിച്ചെയ്തിരിക്കുന്നു. അങ്ങനെ സമുദ്ര
ത്തിലെ മത്സ്യവും ആകാശത്തിലെ പക്ഷി
യും വന്യമൃഗവും നിലത്തിഴയുന്ന ഇഴ
ജാതിയും ഭൂമിയിലുള്ള എല്ലാ മനുഷ്യരും
എൻെറ സന്നിധിയിൽ വിറയ്ക്കും. മലകൾ
ഇടിഞ്ഞുപോകും. പാറക്കെട്ടുകൾ വീണു
പോകും. എല്ലാ കോട്ടയും നിലം പരിചാകും.
ഞാൻ എൻെറ സകല പർവ്വതങ്ങ
ളോടും അവനെതിരെ വാളെടുപ്പാൻ
കല്പിക്കും എന്ന് ദൈവമായ കർത്താ
വിൻെറ അരുളപ്പാട്. ഒരുവൻെറ വാൾ
അവനവൻെറ സഹോദരന് വിരോധമാ
യിരിക്കും. ഞാൻ വ്യാധികൊണ്ടും രക്ത
കൊണ്ടും അവന് ശിക്ഷ വിധിക്കും. ഞാൻ
അവൻെറ മേലും അവൻെറ സൈന്യത്തിന്
മേലും അവനോടുകൂടെയുള്ള വിവിധ
ജാതികളുടെമേലും പെരുമഴയും വലിയ
കൽമഴയും തീയും ഗന്ധകവും വർഷിപ്പി
ക്കും. ഇങ്ങനെ ഞാൻ എന്നെത്തന്നെ മഹ
ത്വീകരിക്കുകയും എന്നെത്തന്നെ വിശുദ്ധീ
കരിക്കുകയും വിവിധ ജാതികളും കാൺകെ
എന്നെത്തന്നെ വെളിപ്പെടുത്തുകയു
ചെയ്യും. ഞാനാകുന്നു ദൈവം എന്ന് അവ
അറിയും.

അദ്ധ്യായം 39

മനുഷ്യപുത്രാ, ഗോഗിനെക്കുറിച്ച് പ്രവ
ചിച്ച് വീണ്ടും പറയുക. ദൈവമായ കർത്താ
വ് ഇപ്രകാരം അരുളിച്ചെയ്യുന്നു. രോശ്
മേശെക്, തൂബൽ എന്നിവയുടെ രാജ
വായ ഗോഗേ ഞാൻ നിനക്കു വിരോ
മായിരിക്കുന്നു. ഞാൻ നിന്നെ വഴി തെറ്റി
ക്കും. നിന്നിൽ ആറിലൊന്നു ശേഷിപ്പിക്കു
നിന്നെ ഉത്തരദേശത്തുനിന്നു പുറപ്പെട
വിച്ച്, ഇസ്രായേലിൻെറ പർവ്വതങ്ങളി
വരുത്തും. നിൻെറ ഇടങ്കയ്യിൽനിന്നു ഞാൻ
നിൻെറ വില്ലു തെറിപ്പിക്കും. വലങ്കയ്യി
നിന്നു നിൻെറ അമ്പു വീഴിക്കും. നീയു
നിൻെറ സൈന്യവും നിന്നോടു കൂടെ
യുള്ള ജാതികളും ഇസ്രായേൽ പർവ്വ
ങ്ങളിൽ വീഴും. ഞാൻ നിന്നെ കഴുകൻ മു
ലായ പക്ഷികൾക്കും വന്യമൃഗത്തിനും ഇ
യായി കൊടുക്കും. നീ വെളിമ്പ്രദേശത്ത
വീഴും. ഞാനാകുന്നു അതു കല്പിച്ചിരിക്ക
ന്നത് എന്ന് ദൈവമായ കർത്താവിൻെ
അരുളപ്പാട്. മാഗോഗിലും തീരപ്രദേശങ്ങ
ളിൽ ശാന്തമായി വസിക്കുന്നവരുടെ ഇട
യിലും ഞാൻ അഗ്നി അയയ്ക്കും. ഞാൻ
ദൈവം എന്ന് അവർ അറിയും. ഇങ്ങനെ
ഞാൻ എൻെറ വിശുദ്ധനാമം അശുദ്ധമാ
കുവാൻ ഞാൻ സമ്മതിക്കുകയില്ല. ഞാൻ
ഇസ്രായേലിൻെറ പരിശുദ്ധനായ കർത്താവ്
എന്നു ജാതികൾ അറിയും. ഇതാ അതു
വരുന്നു. അതു സംഭവിക്കും എന്നു കർത്താ

ധികർത്താവിൻെറ അരുളപ്പാട്. ഇതത്രേ
ഞാൻ അരുളിച്ചെയ്ത ദിവസം.
ഇസ്രായേൽ നഗരങ്ങളിൽ വസിക്കുന്ന
വർ പുറപ്പെട്ടു പരിച, വില്ല്, അമ്പ്,
കുറുവടി, കുന്തം മുതലായ ആയുധങ്ങൾ
എടുത്ത് തീകത്തിക്കും. അവർ അവയെ
ക്കൊണ്ട് ഏഴു സംവത്സരം തീ കത്തിക്കും.
പറമ്പിൽനിന്നു വിറകു പെറുക്കുകയോ
കാട്ടിൽനിന്ന് ഒന്നും വെട്ടുകയോ ചെയ്യാ
തെ, ആയുധങ്ങൾ തന്നെ അവർ കത്തിക്കും.
ങ്ങളെ കൊള്ള ചെയ്തവരെ അവർ കൊള്ള
യിടുകയും തങ്ങളെ കവർച്ച ചെയ്തവരെ
കവർച്ച ചെയ്യുകയും ചെയ്യും എന്ന് ദൈവ
ായ കർത്താവിൻെറ അരുളപ്പാട്.
അന്നു ഞാൻ ഗോഗിന് ഇസ്രായേലിൽ
ു ശ്മശാനഭൂമി കൊടുക്കും. കടലിന്നു
ിഴക്കു വശത്തു "യാത്രക്കാരുടെ താഴ്വര".
ാത്രക്കാർക്ക് അതു മാർഗ്ഗതടസ്സമായി
തീരും. അവിടെ അവർ ഗോഗിനേയും
ാവൻെറ സകല സംഘത്തേയും അടക്കം
ചയ്യും. അവർ അതിനു ഹോമാൻ-ഗോഗ്
ാഴ്വര എന്നു പേർ വിളിക്കും. ഇസ്രായേൽ
ഹം അവരെ അടക്കം ചെയ്ത് ദേശത്തെ
ടിപ്പാക്കുവാൻ ഏഴു മാസം വേണ്ടിവരും.
ശത്തെ ജനം എല്ലാം കൂടി അവരെ
ംസ്ക്കരിക്കും. ഞാൻ എന്നെത്തന്നെ
തീകരിക്കുന്ന സമയത്ത് അത് അവർ
ബഹുമാനമായിരിക്കും എന്നു ദൈവ
യ കർത്താവിൻെറ അരുളപ്പാട്. ദേശം
ുവൻ വെടിപ്പാക്കുവാൻ, അതിൽ ശേഷി
രവങ്ങൾ അടക്കുവാൻ ദേശത്തു ചുറ്റി
ചരിക്കുന്ന നിത്യജോലിക്കാരെ നിയ
ും. ഏഴു മാസം കഴിഞ്ഞ ശേഷം അവർ
ശോധന നടത്തും. ദേശത്തു ചുറ്റി
വരിക്കുന്നവർ സഞ്ചരിക്കുമ്പോൾ അവ
ഒരുവൻ ഒരു മനുഷ്യാസ്ഥി കണ്ടാൽ
ിനടുത്ത് ഒരു അടയാളം വയ്ക്കും. ശവം
ക്കം ചെയ്യുന്നവർ അത് ഹോമാൻ
ഗ് താഴ്വരയിൽ കൊണ്ടുപോയി
്ക്കരിക്കും. ഒരു നഗരത്തിന് "ഹോമോ
എന്ന് പേരുണ്ടാകും. ഇങ്ങനെ അവർ
ത്തെ ശുദ്ധമാക്കും.
നുഷ്യപുത്രാ, ദൈവമായ കർത്താവ്
ാരം അരുളിച്ചെയ്യുന്നു. സകലവിധ
കളോടും എല്ലാ വന്യമൃഗങ്ങളോടും
റയുക. നിങ്ങൾ കൂടി വരുവിൻ.
ൻ മാംസം തിന്നുകയും രക്തം കുടി
ും ചെയ്യുവാനായി ഞാൻ ഇസ്രാ
പർവ്വതങ്ങളിൽ ഒരു മഹായാഗമായി
ക്കു വേണ്ടി അറുപ്പാൻ പോകുന്ന
എൻെറ യാഗത്തിന് നാലു ഭാഗത്തുനിന്നും
വന്നു കൂടുവിൻ. നിങ്ങൾ യുദ്ധവീരന്മാരുടെ 18
മാംസം തിന്ന് ഭൂമിയിലെ രാജാക്കന്മാരുടെ
രക്തം കുടിക്കണം. അവരെല്ലാം ബാശാനി
ലെ തടിപ്പിച്ച ആട്ടുകൊറ്റന്മാരും കുഞ്ഞാടു
കളും കോലാട്ടുകൊററന്മാരും കാളകളും
അത്രേ. ഞാൻ നിങ്ങൾക്കു വേണ്ടി അറു 19
ത്തിരിക്കുന്ന എൻെറ യാഗത്തിൽനിന്ന്
നിങ്ങൾ സംതൃപ്തരാകുന്നതുവരെ മേദസ്സു
തിന്നുകയും ലഹരിയാകുന്നതുവരെ രക്തം
കുടിക്കുകയും ചെയ്യും. ഇങ്ങനെ നിങ്ങൾ 20
എൻെറ മേശയിങ്കൽ കുതിരകളെയും
വാഹനമൃഗങ്ങളേയും യുദ്ധവീരന്മാരേയും
യോദ്ധാക്കളേയും തിന്നു തൃപ്തരാകും
എന്നു ദൈവമായ കർത്താവിൻെറ അരുള
പ്പാട്. ഞാൻ എൻെറ മഹത്വം ജാതികളുടെ 21
ഇടയിൽ സ്ഥാപിക്കും. ഞാൻ നടത്തിയിരി
ക്കുന്ന എൻെറ വിധിയും ഞാൻ അവരുടെ
മേൽ വച്ച എൻെറ കയ്യും സകല ജാതികളും
കാണും. അങ്ങനെ അന്നു മുതൽ മേലാൽ 22
ഞാൻ ദൈവമായ കർത്താവാകുന്നുവെന്ന്
ഇസ്രായേൽ ഗൃഹം അറിയും. ഇസ്രായേൽ 23
അവരുടെ പാപം നിമിത്തം പ്രവാസത്തി
ലേക്കു പോകേണ്ടിവന്നു എന്നും അവർ
എന്നോടു കുറ്റകരമായി ചെയ്തതുകൊണ്ട്
ഞാൻ എൻെറ മുഖം അവർക്ക് മറച്ച്
അവരെല്ലാം വാൾകൊണ്ടു വീഴേണ്ടതിന് അ
വരെ അവരുടെ ശത്രുക്കളുടെ കയ്യിൽ ഏ
ല്പിച്ചു എന്നും ജാതികൾ അറിയും. അവ 24
രുടെ അശുദ്ധിക്കും അവരുടെ അനീതി
കൾക്കും തക്കവണ്ണം ഞാൻ അവരോട്
പ്രവർത്തിച്ച് എൻെറ മുഖം അവർക്കു
മറയ്ക്കും.
കർത്താധികർത്താവ് ഇപ്രകാരം 25
അരുളിച്ചെയ്യുന്നു. ഇപ്പോൾ ഞാൻ യാക്കോ
ബിൻെറ പ്രവാസികളെ തിരികെ വരുത്തി
ഇസ്രായേൽ ഗൃഹത്തോടെല്ലാം കരുണ
ചെയ്ത് എൻെറ വിശുദ്ധനാമം നിമിത്തം
തീക്ഷ്ണത കാണിക്കും. ഞാൻ അവരെ 26
ജാതികളുടെ ഇടയിൽ നിന്ന് തിരികെ വരു
ത്തും. അവരുടെ ശത്രുരാജ്യങ്ങളിൽ നിന്ന്
അവരെ ശേഖരിച്ച് അനേക ജാതികൾ
കാൺകെ എന്നെത്തന്നെ അവരിൽ വിശു
ദ്ധീകരിക്കും. ആരും അവരെ ഭയപ്പെടുത്താ 27
തെ അവർ തങ്ങളുടെ ദേശത്തു നിർഭ
യം വസിക്കും. തങ്ങളുടെ ലജ്ജയും
എന്നോടു ചെയ്തിരിക്കുന്ന സർവ്വപാപ
ങ്ങളും മറക്കും. ഞാൻ അവരെ ജാതിക 28
ളുടെ ഇടയിൽ ബദ്ധരായി കൊണ്ടുപോകു
വാനിടയാക്കി അവരിൽ ആരെയും അവിടെ

ഉപേക്ഷിക്കാതെ അവരുടെ ദേശത്തേക്ക്
തിരികെ വരുത്തിയിരിക്കുന്നതിനാൽ
ഞാൻ അവരുടെ ദൈവമായ കർത്താവ്
29 എന്ന് അവർ അറിയും. ഞാൻ ഇസ്രായേൽ
ഗൃഹത്തിന്മേൽ എന്റെ ആത്മാവിനെ
പകർന്നിരിക്കുകയാൽ ഇനി എന്റെ മുഖം
അവർക്കു മറയ്ക്കുകയുമില്ല എന്ന് ദൈവ
മായ കർത്താവിന്റെ അരുളപ്പാട്.

അദ്ധ്യായം 40

1 നമ്മുടെ പ്രവാസത്തിന്റെ ഇരുപ
ത്തഞ്ചാം വർഷത്തിന്റെ ആരംഭത്തിൽ
പത്താം തീയതി, നഗരം പിടിക്കപ്പെട്ട
തിന്റെ പതിനാലാം ആണ്ടിൽ അതേ
തീയതിതന്നെ കർത്തൃകരം എന്റെ മേൽ
വന്ന് എന്നെ അവിടേക്കു കൊണ്ടുപോയി.
2 ദിവ്യദർശനങ്ങളിൽ അവൻ എന്നെ
ഇസ്രായേൽ ദേശത്തു കൊണ്ടുചെന്ന്
ഏറ്റവും ഉയരമുള്ള ഒരു പർവ്വതത്തിന്മേൽ
നിർത്തി. അവിടെ തെക്കുവശത്തു ഒരു
നഗരത്തിന്റെ രൂപം പോലെ എന്തോ ഒന്നു
3 കാണാമായിരുന്നു. അവൻ എന്നെ അവിടെ
കൊണ്ടുചെന്നു. അവിടെ ഒരു മനുഷ്യൻ
ഉണ്ടായിരുന്നു. അവൻ കാഴ്ചയ്ക്ക് ഉരു
ക്കുപോലെ ആയിരുന്നു. അവന്റെ കൈ
യിൽ ഒരു ചണച്ചരടും അളവുകോലും ഉണ്ടാ
യിരുന്നു. അവൻ പടിവാതില്ക്കൽ നിന്നു.
4 ആ മനുഷ്യൻ എന്നോട് മനുഷ്യപുത്രാ, നീ
സൂക്ഷിച്ചു നോക്കി ശ്രദ്ധിച്ചു കേട്ടു.
ഞാൻ നിന്നെ കാണിച്ചുതരുന്നതെല്ലാം
ശ്രദ്ധിക്കുക. അവ നിനക്കു കാണിച്ചു
തരുവാനാകുന്നു ഞാൻ നിന്നെ ഇവിടെ
കൊണ്ടുവന്നത്: നീ കാണുന്നതെല്ലാം
ഇസ്രായേൽ ഗൃഹത്തോട് അറിയിക്കുക
എന്നു കല്പിച്ചു.
5 ആലയത്തിന്നു പുറമേ ചുറ്റും ഒരു മ
തിൽ ഉണ്ടായിരുന്നു. ആ മനുഷ്യന്റെ കൈ
യിൽ ആറു മുഴം നീളമുള്ള ഒരു അളവു
കോൽ ഉണ്ടായിരുന്നു. അതായത് സാധാര
6 ണനീളം ഒരു മുഴവും നാലു വിരലും അത്രേ.
അവൻ മതിൽ അളന്നു. കനം ഒരു ദണ്ഡ്,
ഉയരം ഒരു ദണ്ഡ്, പിന്നെ അവൻ കിഴക്കോട്ട്
ദർശനമുള്ള ഗോപുരത്തിങ്കൽ ചെന്ന് അതി
ന്റെ പടികൾ കയറി ഗോപുരത്തിന്റെ ഉമ്മ
7 രപ്പടി അളന്നു. അതിന്റെ വീതിയും ഒരു
ദണ്ഡ്. ഓരോ ചെറുഗൃഹത്തിനും ഒരു ദണ്ഡ്
നീളവും ഒരു ദണ്ഡ് വീതിയും ഉണ്ടാ
യിരുന്നു. അവ തമ്മിൽ അയ്യഞ്ചു മുഴം
അകലം. ഗോപുരത്തിന്റെ ഉമ്മറപ്പടി അക
ത്തു ഗോപുരത്തിന്റെ പൂമുഖത്തിനടുത്ത്

ഒരു ദണ്ഡായിരുന്നു. അവൻ ഗോപുരത്തി
ന്റെ പൂമുഖം അകത്തുവശം അളന്നു. ഒരു
ദണ്ഡ്. അവൻ ഗോപുരത്തിന്റെ പൂമുഖം
അളന്നു. അത് എട്ടുമുഴവും അതിന്റെ
കട്ടിളക്കാലുകൾ ഈരണ്ടു മുഴവും ആയി
രുന്നു. ഗോപുരത്തിന്റെ പൂമുഖം അക
ത്തേയ്ക്കായിരുന്നു. കിഴക്കോട്ടു ദർശന
മുള്ള ഗോപുരത്തിന്റെ ചെറുഗൃഹങ്ങൾ
ഒരു വശത്തു മൂന്നും മറുവശത്തു മൂന്നും
ആയിരുന്നു. മൂന്നിനും ഒരേ അളവും
ഇപ്പുറത്തും അപ്പുറത്തും ഉള്ള കട്ടിളക്കാലു
കൾക്കു ഒരേ അളവും ആയിരുന്നു. അവൻ
ഗോപുരകവാടത്തിന്റെ വീതി അളന്നു.
പത്തു മുഴം. ഗോപുരത്തിന്റെ നീളം അള
ന്നു. പതിമൂന്നു മുഴം. മുറിയുടെ മുമ്പിൽ
ഇപ്പുറത്ത് ഒരു മുഴമുള്ളൊരു അതിരും
അപ്പുറത്തു ഒരു മുഴമുള്ളൊരു അതിരും
ഉണ്ടായിരുന്നു. ഇപ്പുറത്തും അപ്പുറത്തും
ഓരോ മുറിയും ആറാറുമുഴം ഉള്ളതാ
യിരുന്നു. അവൻ ഒരു മുറിയുടെ മേല്പുര
മുതൽ മറ്റേതിന്റെ മേല്പുരവരെ അളന്നു.
വാതിലോടു വാതിൽ ഇരുപത്തിയഞ്ചു
മുഴമായിരുന്നു. അവൻ പൂമുഖം അളന്നു.
ഇരുപതു മുഴം. ഗോപുരത്തിന്റെ കവാട
ങ്ങൾ ചുറ്റും പ്രാകാരത്തിലേക്കു തുറന്നി
രുന്നു. പ്രവേശനവാതിലിന്റെ മുൻഭാഗം
തുടങ്ങി അകത്തെ വാതില്ക്കലെ പൂമുഖ
ത്തിന്റെ മുൻഭാഗംവരെ അൻപതു മുഴ
മായിരുന്നു. ഗോപുരത്തിനും പൂമുഖത്തി
നും അകത്തേക്കു ചുറ്റും മുറികൾക്കും
ഇടത്തൂണുകളിലും അഴിയുള്ള ജാലക
ങ്ങൾ ഉണ്ടായിരുന്നു. ആ ജാലകങ്ങൾ
അകത്ത് എല്ലാ വശത്തും ഉണ്ടായിരുന്നു.
ഓരോ ഇടത്തൂണിന്മേലും ഈന്തപ്പന
രൂപവും ഉണ്ടായിരുന്നു.

പിന്നീട് അവൻ എന്നെ പുറത്തെ പ്രാ
കാരത്തിലേക്കു കൊണ്ടുചെന്നു. അവിടെ
പ്രാകാരത്തിനു ചുറ്റും മണ്ഡപങ്ങളും ഓരോ
കൽതളവും ഉണ്ടായിരുന്നു. കൽതളത്തിൽ
മുപ്പതു മണ്ഡപം ഉണ്ടായിരുന്നു. കൽതളം
ഗോപുരങ്ങളുടെ നീളത്തിന് ഒത്തവണ്ണം
ഗോപുരങ്ങളുടെ വശങ്ങളിൽ ആയിരുന്നു;
അതു താഴത്തെ കൽതളം. പിന്നെ അവൻ
താഴത്തെ ഗോപുരത്തിന്റെ മുൻഭാഗം
മുതൽ അകത്തെ പ്രാകാരത്തിന്റെ പുറ
ത്തെ മുൻഭാഗംവരെയുള്ള അകലം അള
ന്നു. കിഴക്കോട്ടും വടക്കോട്ടും നൂറു മുഴം
വീതമായിരുന്നു. വടക്കോട്ടു ദർശനമുള്ള
പുറത്തെ പ്രാകാരഗോപുരത്തിന്റെ നീള
വും വീതിയും അവൻ അളന്നു. അതിന്റെ

ഗോപുരങ്ങൾ ഇപ്പുറത്തു മൂന്നും അപ്പുറ
21 ത്തു മൂന്നും ആയിരുന്നു. അതിന്റെ ഇട
ത്തൂണുകളും പൂമുഖവും ഒന്നാമത്തെ
ഗോപുരത്തിന്റെ അളവുപോലെ ആയിരു
ന്നു. അതിന്റെ നീളം അൻപതു മുഴവും
വീതി ഇരുപത്തിയഞ്ചു മുഴവുമായിരുന്നു.
22 അതിന്റെ ജാലകങ്ങളും പൂമുഖവും
ഈന്തപ്പനകളും കിഴക്കോട്ട് ദർശനമുള്ള
ഗോപുരത്തിന്റെ അളവുപോലെ ആയിരു
ന്നു. അതിലേക്കു കയറുവാൻ ഏഴു പടി
കൾ. അതിന്റെ പൂമുഖം അതിന്റെ അക
ത്തു ഭാഗത്തായിരുന്നു. അകത്തെ പ്രാകാര
ത്തിനു വടക്കോട്ടും കിഴക്കോട്ടും ഉള്ള
ഗോപുരത്തിനു നേരേ ഒരു ഗോപുരം
ഉണ്ടായിരുന്നു. ഒരു ഗോപുരംമുതൽ മറ്റേ
ഗോപുരംവരെ അവൻ അളന്നു. നൂറു മുഴം.
വീണ്ടും അവൻ എന്നെ തെക്കോട്ടു
കൊണ്ടുപോയി. തെക്കോട്ട് ഒരു ഗോപുരം.
അതിന്റെ ഇടത്തൂണുകളും പൂമുഖവും
അവൻ ഈ അളവുപോലെതന്നെ അളന്നു.
ആ ജാലകങ്ങൾപോലെ ഇതിന്നും അതി
ന്റെ പൂമുഖത്തിന്നും ചുറ്റും ജനലുകൾ
ഉണ്ടായിരുന്നു. നീളം അമ്പതു മുഴവും വീതി
ഇരുപത്തിയഞ്ചു മുഴവും ആയിരുന്നു.
അതിലേക്കു കയറുവാൻ ഏഴു പടികൾ
ഉണ്ടായിരുന്നു. അതിന്റെ പൂമുഖം അതി
ന്റെ അകത്തു ഭാഗത്തായിരുന്നു. അതിന്
അതിന്റെ ഇടത്തൂണുകളിന്മേൽ ഈന്ത
പ്പനരൂപങ്ങൾ ഒരു വശത്ത് ഒന്നും മറുവശ
ത്ത് ഒന്നും ഉണ്ടായിരുന്നു.

അകത്തെ പ്രാകാരത്തിനു തെക്കോട്ട്
ഒരു ഗോപുരം ഉണ്ടായിരുന്നു. തെക്കോട്ട്
ഒരു ഗോപുരം മുതൽ മറ്റേ ഗോപുരംവരെ
അവൻ അളന്നു. നൂറു മുഴം.

പിന്നീട് അവൻ തെക്കേ ഗോപുരത്തിൽ
കൂടി എന്നെ അകത്തെ പ്രാകാരത്തിൽ
കൊണ്ടു ചെന്നു. അവൻ തെക്കേ ഗോപുര
ം ഈ അളവുപോലെ അളന്നു.

അതിന്റെ ചെറുഗൃഹങ്ങളും ഇടത്തൂ
ണുകളും പൂമുഖവും ഈ അളവുപോലെ
തന്നെ ആയിരുന്നു. അതിനും അതിന്റെ
പൂമുഖത്തിനും ചുറ്റും ജാലകങ്ങൾ ഉണ്ടാ
യിരുന്നു. അതു അമ്പതു മുഴം നീളവും
ഇരുപത്തിയഞ്ചു മുഴം വീതിയും ഉള്ളതാ
യിരുന്നു. പൂമുഖങ്ങൾ ചുറ്റും ഇരുപത്തി
യഞ്ചു മുഴം നീളവും അഞ്ചു മുഴം വീതിയും
ഉള്ളവയായിരുന്നു. അതിന്റെ പൂമുഖം
പുറത്തെ പ്രാകാരത്തിന്റെ നേരേ ആയിരു

അതിന്റെ ഇടത്തൂണുകളിന്മേൽ
ഈന്തപ്പനരൂപങ്ങൾ ഉണ്ടായിരുന്നു. അതി
ലേക്കു കയറുവാൻ എട്ടു പടികൾ ഉണ്ടായി
രുന്നു. പിന്നെ അവൻ എന്നെ കിഴക്ക് 32
അകത്തെ പ്രാകാരത്തിലേക്കു കൊണ്ടു
ചെന്നു. അവൻ ഗോപുരത്തെ ഈ അളവു
പോലെ തന്നേ അളന്നു. അതിന്റെ ചെറു 33
ഗൃഹങ്ങളും ഇടത്തൂണുകളും പൂമുഖവും
ഈ അളവു പോലെതന്നേ ആയിരുന്നു.
അതിന്നും അതിന്റെ പൂമുഖത്തിനും ചുറ്റും
ജാലകങ്ങൾ ഉണ്ടായിരുന്നു. അത് അമ്പതു
മുഴം നീളവും ഇരുപത്തിയഞ്ചു മുഴം
വീതിയും ഉള്ളതായിരുന്നു. അതിന്റെ 34
പൂമുഖം പുറത്തെ പ്രാകാരത്തിന്നു നേരേ
ആയിരുന്നു. അതിന്റെ ഇടത്തൂണുകളി
ന്മേൽ ഇരുവശത്തും ഈന്തപ്പനരൂപം ഉണ്ടാ
യിരുന്നു. അതിലേക്കു കയറുവാൻ എട്ടു
പടികൾ ഉണ്ടായിരുന്നു. പിന്നെ അവൻ 35
എന്നെ വടക്കേ ഗോപുരത്തിലേക്കു കൊ
ണ്ടുചെന്നു. ഈ അളവുപോലെതന്നെ
അതും അളന്നു. അവൻ അതിന്റെ ചെറു 36
ഗൃഹങ്ങളും ഇടത്തൂണുകളും പൂമുഖവും
അളന്നു. ചുറ്റും അതിനു ജാലകങ്ങൾ
ഉണ്ടായിരുന്നു. അതിന്റെ നീളം അൻപതു
മുഴവും വീതി ഇരുപത്തിയഞ്ചു മുഴവും
ആയിരുന്നു.

അതിന്റെ പൂമുഖം പുറത്തെ പ്രാകാര 37
ത്തിനു നേരേ ആയിരുന്നു. ഇടത്തൂണുകളി
ന്മേൽ ഇരുവശത്തും ഈന്തപ്പനരൂപം ഉണ്ടാ
യിരുന്നു. അതിലേക്കു കയറുവാൻ എട്ടു
പടികൾ ഉണ്ടായിരുന്നു.

അവിടെ ഒരു അറ ഉണ്ടായിരുന്നു. അതി 38
ലേക്കുള്ള പ്രവേശനം ഗോപുരത്തിന്റെ പൂ
മുഖത്തിൽ കൂടി ആയിരുന്നു. അവിടെ അ
വർ ഹോമയാഗം കഴുകും. ഗോപുരത്തിന്റെ 39
പൂമുഖത്ത് ഒരു വശത്തു രണ്ടു മേശയും
മറുവശത്തു രണ്ടു മേശയും ഉണ്ടായിരുന്നു.
അവയുടെ മേൽ ഹോമയാഗവും പാപയാഗ
വും അകൃത്യയാഗവും അറുക്കും. ഗോപുര 40
പ്രവേശനത്തിൽ കയറുമ്പോൾ പുറമേ വട
ക്കു വശത്തു രണ്ടു മേശയും പൂമുഖത്തി
ന്റെ മറുവശത്ത് രണ്ടു മേശയും ഉണ്ടായി
രുന്നു. ഗോപുരത്തിന്റെ പാർശ്വഭാഗത്ത് 41
ഒരു ഭാഗത്തു നാലും മറുഭാഗത്തു നാലും
ഇങ്ങനെ എട്ടു മേശ ഉണ്ടായിരുന്നു. അവ
യുടെ മേൽ അവർ യാഗങ്ങളെ അറുക്കും.
ഹോമയാഗത്തിനുള്ള നാലു മേശയും ചെ 42
ത്തിയ കല്ലുകൊണ്ട് ഒന്നര മുഴം നീളവും
ഒന്നരമുഴം വീതിയും ഒരു മുഴം ഉയരവുമായി
ഉണ്ടാക്കിയിരുന്നു. അവയുടെ മേൽ അവർ
ഹോമയാഗവും ഹനനയാഗവും അറുപ്പാ
നുള്ള ആയുധങ്ങൾ വയ്ക്കും. അകത്തു 43

ചുറ്റിലും നാലു വിരൽ നീളമുള്ള കൊളു
ത്തുകൾ തറച്ചിരുന്നു. മേശകളുടെ മേൽ
44 അർപ്പിതമായ മാംസം വയ്ക്കും. അകത്തെ
ഗോപുരത്തിനു പുറത്ത്, അകത്തെ പ്രാ
കാരത്തിൽ രണ്ടു മണ്ഡപം ഉണ്ടായിരുന്നു.
ഒന്നു വടക്കേ ഗോപുരത്തിൻെറ വശത്തു
തെക്കോട്ടു ദർശനമുള്ളതായിരുന്നു. മറ്റേതു
തെക്കേഗോപുരത്തിൻെറ വശത്തു വട
45 ക്കോട്ടു ദർശനമുള്ളതായിരുന്നു. അവൻ
എന്നോട് കല്പിച്ചത്: തെക്കോട്ടു ദർശന
മുള്ള ഈ മണ്ഡപം, ആലയത്തിൻെറ
46 പുരോഹിതന്മാർക്കുള്ളത്. വടക്കോട്ടു
ദർശനമുള്ള മണ്ഡപം യാഗപീഠത്തിൻെറ
കാര്യസ്ഥരായ പുരോഹിതന്മാർക്കുള്ളത്.
ഇവർ കർത്താവിനു ശുശ്രൂഷ ചെയ്യുവാൻ
അടുത്തു ചെല്ലുന്ന ലേവ്യരിൽ സാദോ
47 ക്കിൻെറ പുത്രന്മാരാകുന്നു. അവൻ പ്രാകാ
രത്തെ അളന്നു. അതു നൂറു മുഴം നീളവും
നൂറു മുഴം വീതിയും ഇങ്ങനെ ചതുരശ്ര
മായിരുന്നു. യാഗപീഠമോ ആലയത്തിൻെറ
48 മുൻവശത്തായിരുന്നു. വീണ്ടും അവൻ
എന്നെ ആലയത്തിൻെറ പൂമുഖത്തു
കൊണ്ടുചെന്നു. അവൻ പൂമുഖത്തിൻെറ
കട്ടിളപ്പടികൾ അളന്നു. ഒരു വശം അഞ്ചു
മുഴം, മറുവശം അഞ്ചു മുഴം. മുറിച്ചുവരിൻെറ
വീതിയോ ഒരു വശത്തു മൂന്നു മുഴവും
മറുവശത്തു മൂന്നു മുഴവും ആയിരുന്നു.
49 പൂമുഖത്തിൻെറ നീളം ഇരുപതു മുഴം,
വീതി പന്ത്രണ്ടു മുഴം, അതിലേക്കു കയറു
വാനുള്ള പത്തു പടികൾ. മുറിച്ചുവരുകൾ
ക്കരികെ ഓരോ വശത്തും ഓരോ തൂൺ
ഉണ്ടായിരുന്നു.

അദ്ധ്യായം 41

1 അനന്തരം അവൻ എന്നെ ദൈവാലയ
ത്തിലേക്ക് കൊണ്ടുചെന്ന് മുറിച്ചുവരു
കളെ അളന്നു. മുറിച്ചുവരുകളുടെ വീതി
ഒരു വശം ആറു മുഴവും മറുവശം ആറു
2 മുഴവും ആയിരുന്നു. പ്രവേശനത്തിൻെറ
വീതി പത്തു മുഴവും പ്രവേശനത്തിൻെറ
പാർശ്വഭിത്തികൾ ഇപ്പുറത്ത് അഞ്ചു മുഴവും
അപ്പുറത്തു അഞ്ചു മുഴവും ആയിരുന്നു.
അവൻ ദൈവാലയം അളന്നു. അതിൻെറ
നീളം നാല്പതു മുഴം; വീതി ഇരുപതു മുഴം.
3 അവൻ അകത്തു ചെന്ന് പ്രവേശനത്തിൻെറ
മുറിച്ചുവരുകളെ അളന്നു: കനം രണ്ടു
മുഴവും പ്രവേശനത്തിൻെറ വീതി ആറു
മുഴവും പാർശ്വഭിത്തികളുടെ വീതി ഏഴേഴു
4 മുഴവുമായിരുന്നു. അവൻ അതിൻെറ നീളം
അളന്നു. ഇരുപതു മുഴം. ഇതു മഹാവിശുദ്ധ
സ്ഥലം എന്ന് അവൻ എന്നോട് കല്പിച്ചു.
പിന്നെ അവൻ ദൈവാലയത്തിൻെറ ഭിത്തി 5
അളന്നു. കനം ആറു മുഴം. ആലയത്തിൻെറ
ചുറ്റുമുള്ള പുറവാരത്തിൻെറ വീതി നാലു
മുഴം. എന്നാൽ പുറവാരമുറികൾ ഒന്നിനു 6
മേൽ ഒന്നായി മൂന്നു നിലയായും ഒരു
നിലയിൽ മുപ്പതു വീതവും ആയിരുന്നു.
അവ ചുറ്റും ആലയത്തിനും പുറവാര
മുറികൾക്കും ഇടയിലുള്ള ചുവരിന്മേൽ
പിടിപ്പാൻ തക്കവണ്ണം ചേർന്നിരുന്നു.
എന്നാൽ തുലാങ്ങൾ ആലയഭിത്തിക്ക
കത്തു കടന്നില്ല. പുറവാരമുറികൾ 7
ദൈവാലയത്തിൻെറ ചുറ്റുപാടും മേലോട്ടു
മേലോട്ട് വിസ്താരം ഏറിയിരുന്നു. ആലയ
ത്തിനു ചുറ്റും മുറിക്കകത്തു മേലോട്ടു
മേലോട്ടു വീതി കൂടിയിരുന്നു. അതുകൊണ്ട്
പുറവാരത്തിൻെറ വിസ്താരം മേലോട്ടു
മേലോട്ട് ഏറിയിരുന്നു. താഴത്തെ നില
യിൽനിന്നു നടുവിലത്തേതിൽകൂടി മേല
ത്തെ നിലയിൽ കയറാം. ഞാൻ ദൈവാ 8
ലയത്തിൻെറ ചുറ്റിലും ഉയർന്ന ഒരു തറ
കണ്ടു. പുറവാര മുറികളുടെ അടിസ്ഥാ
നങ്ങൾ ഒരു ദണ്ഡായിരുന്നു. ഉൾഭാഗംവരെ
ആറു മുഴം. പുറവാരത്തിൻെറ പുറമെയുള്ള 9
ചുവരിൻെറ കനം അഞ്ചു മുഴം. ആലയ
ത്തിൻെറ പുറവാരമുറികൾക്കും മണ്ഡപ
ങ്ങൾക്കും ഇടയിൽ ആലയത്തിനു ചുറ്റും
ഇരുപതു മുഴം വീതിയുള്ള മുറ്റം ഉണ്ടാ
യിരുന്നു. പുറവാരത്തിൻെറ വാതിലുകൾ 11
തിണ്ണയ്ക്കുനേരേ ഒരു വാതിൽ വടക്കോട്ടും
ഒരു വാതിൽ തെക്കോട്ടും ആയിരുന്നു.
തിണ്ണയുടെ വീതി ചുറ്റും അഞ്ചു മുഴമായി
രുന്നു. മുറ്റത്തിൻെറ മുമ്പിൽ പടിഞ്ഞാറോ 12
ട്ടുള്ള കെട്ടിടം എഴുപതു മുഴം വീതിയു
ള്ളതും കെട്ടിടത്തിൻെറ ചുറ്റുമുള്ള ചുവർ
അഞ്ചു മുഴം കനമുള്ളതും തൊണ്ണൂറു മുഴം
നീളമുള്ളതും ആയിരുന്നു. അവൻ ആലയം 13
അളന്നു. നീളം നൂറു മുഴം. മുറ്റവും കെട്ടിട
വും അതിൻെറ ചുവരുകളും അളന്നു.
അതിനും നൂറു മുഴം നീളം. ആലയത്തി 14
ൻെറ മുൻ ഭാഗത്തിൻേറയും കിഴക്കുള്ള
മുറ്റത്തിൻേറയും വീതിയും നൂറു മുഴമാ
യിരുന്നു.

പിന്നെ അവൻ മുറ്റത്തിൻെറ പിറകിൽ 15
അതിന്നെതിരെയുള്ള കെട്ടിടത്തിൻെറ
നീളവും അതിന് ഇരുവശവും ഉള്ള നട
പ്പുരകളും അളന്നു. നൂറു മുഴം. അകത്തെ 16
മന്ദിരത്തിനും പ്രാകാരത്തിൻെറ പൂമുഖ
ങ്ങൾക്കും ഉമ്മറപ്പടികൾക്കും അഴിയുള്ള
ജാലകങ്ങൾക്കും ഉമ്മറപ്പടിക്കുമേൽ മൂന്നു

നിലയായി ചുറ്റും ഉണ്ടായിരുന്ന നടപ്പുര
കൾക്കും നിലം തൊട്ടു ജാലകങ്ങളോളവും
7 പലകയടിച്ചിരുന്നു. ജാലകങ്ങളോ അടച്ചി
രുന്നു. അകത്തെ ആലയത്തിൻെറ വാതി
ലിൻെറ മേൽഭാഗംവരെയും പുറമെയും
ചുറ്റും എല്ലാ ചുമരിന്മേലും അകത്തും പുറ
8 ത്തും ചിത്രപ്പണി ഉണ്ടായിരുന്നു. ക്രൂബേ
കളും ഈന്തപ്പനകളും അതിന്മേൽ കൊത്തി
യിരുന്നു. ക്രൂബേയ്ക്കും ക്രൂബേയ്ക്കും
ഇടയിൽ ഓരോ ഈന്തപ്പനയും ഓരോ
ക്രൂബേയ്ക്കു ഈരണ്ടു മുഖവും ഉണ്ടാ
യിരുന്നു. മനുഷ്യമുഖം ഇപ്പുറത്തുള്ള
ഈന്തപ്പനയുടെ നേരേയും സിംഹമുഖം
അപ്പുറത്തുള്ള ഈന്തപ്പനയുടെ നേരേയും
ആയിരുന്നു. ആലയത്തിൻെറ ചുറ്റും എല്ലാ
ഭാഗത്തും ഇങ്ങനെ ഉണ്ടാക്കിയിരുന്നു.
നിലംമുതൽ വാതിലിൻെറ മേലറ്റം വരെ
കൂബകളും ഈന്തപ്പനകളും ഉണ്ടായിരു
ന്നു. ഇങ്ങനെ ആയിരുന്നു മന്ദിരത്തിൻെറ
ഭിത്തി. മന്ദിരത്തിനു ചതുരമായുള്ള മുറിച്ചു
വരുകളും വിശുദ്ധമന്ദിരത്തിൻെറ മുമ്പിൽ
യാഗപീഠംപോലെ ഒന്നും ഉണ്ടായിരുന്നു.
യാഗപീഠം മരംകൊണ്ടുള്ളതും മൂന്നു മുഴം
യരവും രണ്ടു മുഴം നീളവും ഉള്ളതുമാ
യിരുന്നു. അതിൻെറ കോണുകളും ചുവടും
ശങ്ങളും മരംകൊണ്ടായിരുന്നു. അവൻ
ന്നോട്: ഇതു കർത്തൃസന്നിധിയിലെ
മശയാകുന്നു എന്നു കല്പിച്ചു. ആലയ
ത്തിനും മഹാ വിശുദ്ധസ്ഥലത്തിനും
ഈരണ്ടു കതക് ഉണ്ടായിരുന്നു. കതകു
കൾക്ക് ഈരണ്ടു മടക്കു കതകു ഉണ്ടായി
ന്നു. ഒരു കതകിന്ന് രണ്ടു മടക്കു കതകു
റ്റ കതകിന് രണ്ടു മടക്കു കതക്. ചുവരു
ളിൽ എന്നപോലെ മന്ദിരത്തിൻെറ
തകുകളിന്മേലും ക്രൂബകളും ഈന്തപ്പന
ളും ഉണ്ടാക്കിയിരുന്നു. പുറമെ പൂമുഖത്തി
ൻെറ മുമ്പിൽ ഭാരമുള്ള തടികൊണ്ടുള്ള
തുലാം ഉണ്ടായിരുന്നു. പൂമുഖത്തി
ൻെറ പാർശ്വങ്ങളിൽ ഇപ്പുറത്തും അപ്പുറ
ത്തും അഴിയുള്ള ജാലകങ്ങളും ഈന്ത
കളും ഉണ്ടായിരുന്നു. ഇങ്ങനെയായി
രുന്നു ആലയത്തിൻെറ പുറവാരമുറിക
ളുടെയും തുലാങ്ങളുടേയും പണി.

അദ്ധ്യായം 42

വീണ്ടും അയാൾ എന്നെ വടക്കോട്ടുള്ള
വഴിയിലൂടെ പുറത്തെ പ്രാകാരത്തിലേക്കു
കൊണ്ടുപോയി. മുറ്റത്തിനു നേരെയും വട
ക്കോട്ടുള്ള കെട്ടിടത്തിനെതിരേയും ഉണ്ടാ
യിരുന്ന മണ്ഡപത്തിലേക്ക് എന്നെ കൊണ്ടു
ചെന്നു. അതിൻെറ മുൻഭാഗത്തിനു നൂറു 2
മുഴം നീളവും വടക്കോട്ടു വാതിലും ഉണ്ടായി
രുന്നു. വീതി അമ്പതു മുഴം അകത്തെ പ്രാ
കാരത്തിനുള്ള ഇരുപതു മുഴത്തിനെതിരേ 3
യും പുറത്തെ പ്രാകാരത്തിനുള്ള കല്ത്തള
ത്തിനെതിരേയും മൂന്നു നിലയായി, നട
പ്പുരയ്ക്കു നേരേ നടപ്പുര ഉണ്ടായിരുന്നു.
മണ്ഡപങ്ങളുടെ മുമ്പിൽ അകത്തേക്കു 4
പത്തു മുഴം വീതിയും നൂറുമുഴം നീളവു
മുള്ളൊരു നടപ്പുര ഉണ്ടായിരുന്നു. അവ
യുടെ വാതിലുകൾ വടക്കോട്ടായിരുന്നു.
കെട്ടിടത്തിൻെറ താഴത്തെ മണ്ഡപങ്ങളിൽ 5
നിന്നും നടുവിലത്തേവയിൽനിന്നും എടു
ത്തതിനേക്കാൾ അധികം സ്ഥലം മുകളി
ലത്തെ മണ്ഡപങ്ങളിൽനിന്നു നടപ്പുരകൾ
ക്കു എടുത്തു പോയിരുന്നതുകൊണ്ട് അവ
നീളം കുറഞ്ഞവ ആയിരുന്നു. അവ മൂന്നു 6
നിലയായിരുന്നു. എന്നാൽ അവയ്ക്കു പ്രാ
കാരങ്ങളുടെ തൂണുകൾപോലെ തൂണു
കൾ ഇല്ലായ്കകൊണ്ട് താഴത്തേതിനേ
ക്കാളും നടുവിലത്തേതിനേക്കാളും മേല
ത്തേതിൻെറ വിസ്താരം ചുരുങ്ങിയിരുന്നു.
പുറമെ മണ്ഡപങ്ങളുടെ നീളത്തിൽ പുറ 7
ത്തെ പ്രാകാരത്തിൻെറ നേരേ മണ്ഡപങ്ങ
ളുടെ മുൻവശത്തെ മതിലിൻെറ നീളം
അൻപതു മുഴം ആയിരുന്നു. പുറത്തെ 8
പ്രാകാരത്തിലേക്കു ദർശനമുള്ള മണ്ഡപ
ങ്ങളുടെ നീളം അൻപതു മുഴമായിരുന്നു.
മന്ദിരത്തിനെതിരെയുള്ള നീളം നൂറു മുഴ
മായിരുന്നു. പുറത്തെ പ്രാകാരത്തിൽ നിന്ന് 9
ഇവയിലേക്ക് കടന്നാൽ കിഴക്കോട്ട് ഈ
മണ്ഡപങ്ങൾക്കു താഴെ ഒരു പ്രവേശനം
ഉണ്ടായിരുന്നു. കിഴക്കോട്ടുള്ള പ്രാ 10
കാരത്തിൻെറ മതിലിൻെറ അറ്റത്തു മുറ്റ
ത്തിനെതിരായും കെട്ടിടത്തിനെതിരായും
മണ്ഡപങ്ങൾ ഉണ്ടായിരുന്നു. അവയുടെ 11
മുമ്പിലുള്ള വഴി വടക്കോട്ടുള്ള മണ്ഡപ
ങ്ങളുടെ അളവുപോലെ ആയിരുന്നു.
അവയുടെ നീളത്തിനൊത്ത വീതിയും
ഉണ്ടായിരുന്നു. അവയുടെ പ്രവേശന
നിർഗ്ഗമനകവാടങ്ങളും ഒരുപോലെതന്നെ
യായിരുന്നു. തെക്കോട്ടുള്ള മണ്ഡപങ്ങളുടെ 12
പ്രവേശനങ്ങൾപോലെ ഒരു പ്രവേശനം
വഴിയുടെ ആരംഭത്തിൽ ഉണ്ടായിരുന്നു.
അവയിലേക്കു കടന്നാൽ കിഴക്കോട്ടുള്ള
മതിലിനു നേരേ മുമ്പിലുള്ള വഴിയുടെ അറ്റ
ത്തെത്താം. അവൻ എന്നോട് കല്പിച്ചു: 13
മുറ്റത്തിൻെറ മുമ്പിലുള്ള വടക്കേ മണ്ഡപ
ങ്ങളും തെക്കേ മണ്ഡപങ്ങളും കർത്താവി
നോട് അടുത്തു ചെല്ലുന്ന പുരോഹിത

ന്മാർ അതിവിശുദ്ധ വസ്തുക്കളെ ഭക്ഷി
ക്കുവാനുള്ള വിശുദ്ധമണ്ഡപങ്ങളാകുന്നു.
അവിടെ അവർ അതിവിശുദ്ധ വസ്തു
ക്കളും ഭോജനയാഗവും പാപയാഗവും
അകൃത്യയാഗവും സമർപ്പിക്കും. ആ സ്ഥലം
14 വിശുദ്ധമല്ലോ. പുരോഹിതന്മാർ വിശുദ്ധ
മന്ദിരത്തുനിന്നു പുറത്തെ പ്രാകാരത്തി
ലേക്കു ചെല്ലാതെ വേണം അതിൽ പ്രവേ
ശിപ്പാൻ. ശുശ്രൂഷയ്ക്കുള്ള വസ്ത്രം അവർ
അവിടെ വച്ചിരിക്കണം. അവ വിശുദ്ധമല്ലോ.
വേറേ വസ്ത്രം ധരിച്ച ശേഷമേ അവർ ജന
ത്തിനുള്ള സ്ഥലത്തു വരുവാൻ പാടുള്ളു.
15 അവൻ അകത്തെ ആലയം അളന്നശേഷം
കിഴക്കോട്ടു ദർശനമുള്ള വാതില്ക്കൽകൂടി
എന്നെ കൊണ്ടുചെന്ന് അവിടം ചുറ്റും
16 അളന്നു. അവൻ കിഴക്കു ഭാഗം ദണ്ഡുകൊ
17 ണ്ട് അളന്നു. ആകെ അഞ്ഞൂറു മുഴം. അവൻ
വടക്കു ഭാഗം ദണ്ഡുകൊണ്ട് അളന്നു.
18 ആകെ അഞ്ഞൂറു മുഴം. അവൻ തെക്കു ഭാഗം
ദണ്ഡുകൊണ്ട് അളന്നു. ആകെ അഞ്ഞൂറു
19 മുഴം. അവൻ പടിഞ്ഞാറോട്ടു തിരിഞ്ഞു
ദണ്ഡുകൊണ്ടു അളന്നു. അഞ്ഞൂറു മുഴം.
ഇങ്ങനെ അവൻ നാലു പുറവും അളന്നു.
20 വിശുദ്ധവും സാധാരണവും തമ്മിൽ വേർ
തിരിക്കുവാനായി അഞ്ഞൂറു മുഴം നീള
ത്തിലും അഞ്ഞൂറു മുഴം വീതിയിലും ഒരു
ഭിത്തി അതിനു ചുറ്റും ഉണ്ടായിരുന്നു.

അദ്ധ്യായം 43

1 തുടർന്ന് അയാൾ എന്നെ ഗോപുര
ത്തിലേക്ക്, കിഴക്കോട്ടുള്ള ഗോപുരത്തി
2 ലേക്ക് കൊണ്ടുചെന്നു. അപ്പോൾ ഇസ്രായേ
ലിൻെറ ദൈവത്തിൻെറ തേജസ്സ് കിഴക്കു
വന്നു. അതിൻെറ മുഴക്കം പെരുവെള്ള
പ്രവാഹശബ്ദംപോലെ ആയിരുന്നു. ഭൂമി
അവൻെറ തേജസ്സുകൊണ്ട് ശോഭിതമായി.
3 ഇതു ഞാൻ കണ്ട ദർശനംപോലെ ആയി
രുന്നു. നഗരത്തെ നശിപ്പിപ്പാൻ വന്നപ്പോൾ
ഞാൻ കണ്ട ദർശനംപോലെതന്നെ:
ഈ ദർശനങ്ങൾ കെബാർ നദീതീരത്തു
വച്ചു ഞാൻ കണ്ട ദർശനംപോലെ ആയി
4 രുന്നു. അപ്പോൾ ഞാൻ കവിണ്ണു വീണു.
കർത്തൃതേജസ്സു കിഴക്കോട്ടു ദർശനമുള്ള
ഗോപുരത്തിൽ കൂടി ആലയത്തിലേക്കു
5 പ്രവേശിച്ചു. ആത്മാവ് എന്നെ എടുത്ത്
അകത്തെ പ്രാകാരത്തിലേക്ക് കൊണ്ടു
ചെന്നു. കർത്തൃതേജസ്സ് ആലയത്തെ
6 നിറച്ചിരുന്നു. ആ മനുഷ്യൻ എൻെറ അടു
ക്കൽ നില്ക്കുമ്പോൾ ആലയത്തിൽനിന്ന്
ഒരുവൻ എന്നോടു സംസാരിക്കുന്നതു
ഞാൻ കേട്ടു. അവൻ എന്നോട് അരുളി 7
ചെയ്തു: മനുഷ്യപുത്രാ, ഞാൻ എന്നേക്കും
ഇസ്രായേൽ മക്കളുടെ മദ്ധ്യേ വസിക്കുന്നു.
എൻെറ സിംഹാസനത്തിൻെറ സ്ഥലവും
എൻെറ പാദങ്ങളുടെ സ്ഥലവും ഇതാ
കുന്നു. ഇസ്രായേൽ ഗൃഹമോ, അവരുടെ
രാജാക്കന്മാരോ തങ്ങളുടെ ലംഘനം
കൊണ്ടും പൂജാഗിരികളിലെ തങ്ങളുടെ
രാജാക്കന്മാരുടെ ശവങ്ങൾകൊണ്ടും എനി 8
ക്കും അവർക്കും ഇടയിൽ ഒരു ചുവർ മാത്രം
ഉണ്ടായിരിക്കത്തക്കവണ്ണം തങ്ങളുടെ ഉമ്മറ
പ്പടി എൻെറ ഉമ്മറപ്പടിയും തങ്ങളുടെ കട്ടിള
എൻെറ കട്ടിളയും ആക്കുന്നതുകൊണ്ടും
എൻെറ വിശുദ്ധനാമത്തെ ഇനി അശുദ്ധ
മാക്കരുത്. അവർ ചെയ്ത മ്ലേച്ഛതകളാൽ
അവർ എൻെറ വിശുദ്ധനാമത്തെ അശുദ്ധ
മാക്കിയിരിക്കുന്നു. ആകയാൽ ഞാൻ
എൻെറ കോപത്തിൽ അവരെ നശിപ്പിച്ചു.
ഇപ്പോൾ അവർ തങ്ങളുടെ ലംഘനവും, 9
രാജാക്കന്മാരുടെ ശവങ്ങളും എന്നിൽനിന്നു
ദൂരത്താക്കിക്കളയട്ടെ; എന്നാൽ ഞാൻ
അവരുടെ മദ്ധ്യേ എന്നേക്കും വസിക്കും.
മനുഷ്യപുത്രാ ഇസ്രായേൽ ഗൃഹം തങ്ങ 1
ളുടെ പാപങ്ങളെക്കുറിച്ച് ലജ്ജിക്കേണ്ടതി
ന് നീ ഈ ആലയം അവരെ കാണിക്കണം.
അവർ അതിൻെറ മാതൃക അളക്കട്ടെ. അവർ 1
ചെയ്ത സകലത്തെയുംകുറിച്ച് അവർ ലജ്ജി
ച്ചാൽ നീ ആലയത്തിൻെറ ആകൃതിയും
നിർമ്മാണരീതിയും ഗമനാഗമനമാർഗ്ഗ
ങ്ങളും അതിൻെറ ആകൃതിയും സകല
വ്യവസ്ഥകളും അതിൻെറ രൂപവും അതി
ൻെറ സകല നിയമങ്ങളും അവരെ അറിയി
ക്കുക. അവർ അതിൻെറ എല്ലാ ചട്ടങ്ങളും
വ്യവസ്ഥകളും അനുസരിച്ച് അനുഷ്ഠിക്കു
വാൻ അതിനെയെല്ലാം അവർ കാൺകെ
എഴുതിവയ്ക്കുക. ഇതാകുന്നു ആലയ 1
ത്തെക്കുറിച്ചുള്ള പ്രമാണം. പർവ്വതത്തി
ൻെറ മുകളിൽ അതിൻെറ അതിർത്തിക്കക
മെല്ലാം അതിവിശുദ്ധമായിരിക്കണം. ഇതാ
കുന്നു ആലയത്തെക്കുറിച്ചുള്ള പ്രമാണം.
മുഴ പ്രകാരം യാഗപീഠത്തിൻെറ അള 1
വ്—മുഴം ഒന്നിന്നു ഒരു മുഴവും നാല് വിര
ലും—ചുവട് ഒരു മുഴം; വീതി ഒരു മുഴം;
അതിൻെറ അകത്തു ചുറ്റുമുള്ള വക്ക് ഒരു
ചാൺ. യാഗപീഠത്തിൻെറ ഉയരം: നിലത്തെ 1
ചുവടുമുതൽ താഴത്തെ തട്ടുവരെ രണ്ടു
മുഴവും വീതി ഒരു മുഴവും; താഴത്തെ തട്ടു
മുതൽ വലിയ തട്ടുവരെ നാലു മുഴവും വീതി
ഒരു മുഴവും ആയിരിക്കണം. ഇങ്ങനെ മേലു 1
ള്ള യാഗപീഠം നാലുമുഴം; യാഗപീഠത്തി

ന്റെ അടുപ്പിൽ നിന്നു മേലോട്ടു നാലു
കൊമ്പ് ഉണ്ടായിരിക്കണം. യാഗപീഠത്തി
ന്റെ അടുപ്പിന്റെ നീളം പന്ത്രണ്ടു മുഴവും
വീതി പന്ത്രണ്ടു മുഴവുമായി സമചതുരമാ
യിരിക്കണം. അതിന്റെ നാലു പുറവുമുള്ള
തട്ടു പതിനാലു മുഴം നീളവും പതിനാലു
മുഴം വീതിയും അതിന്റെ ചുറ്റുമുള്ള വക്കു
അരമുഴവും ചുവടു ചുറ്റും ഒരു മുഴവും
ആയിരിക്കണം. അതിന്റെ പടികൾ കിഴ
ക്കോട്ടായിരിക്കണം.

പിന്നെയും അവൻ എന്നോടു കല്പി
ച്ചത്: മനുഷ്യപുത്രാ, ദൈവമായ കർത്താവ്
ഇപ്രകാരം അരുളിച്ചെയ്യുന്നു. അവർ യാഗ
പീഠം ഉണ്ടാക്കുമ്പോൾ അതിന്മേൽ ഹോമ
യാഗം കഴിക്കേണ്ടതിനും രക്തം തളിക്കേ
ണ്ടതിനും അതിനേക്കുറിച്ചുള്ള നിയമങ്ങൾ:
എനിക്കു ശുശ്രൂഷ ചെയ്യുവാൻ എന്നോട്
അടുത്തു വരുന്ന സാദോക്കിന്റെ സന്തതി
യിലുള്ള ലേവ്യരായ പുരോഹിതന്മാർക്ക്
നീ പാപയാഗമായി ഒരു കാളക്കുട്ടിയെ
കൊടുക്കണം എന്നു ദൈവമായ കർത്താ
വിന്റെ കല്പന. നീ അതിന്റെ രക്തത്തിൽ
കുറെ എടുത്തു യാഗപീഠത്തിന്റെ നാലു
കൊമ്പിലും തട്ടിന്റെ നാലു കോണിലും
ചുറ്റുമുള്ള വക്കിലും പുരട്ടി അതിനു പാപ
പരിഹാരവും പ്രായശ്ചിത്തവും വരുത്ത
ണം. തുടർന്നു നീ പാപയാഗത്തിന് കാളയെ
എടുത്ത് ആലയത്തിൽ നിശ്ചിത സ്ഥല
ത്തു വിശുദ്ധമന്ദിരത്തിന്റെ പുറത്തു വച്ചു
ദഹിപ്പിക്കണം. രണ്ടാം ദിവസം നീ ഊനമി
ല്ലാത്ത ഒരു കോലാട്ടുകൊറ്റനെ പാപ
യാഗമായി അർപ്പിക്കണം. അവർ കാളയെ
കൊണ്ട് യാഗപീഠത്തിനു പാപപരിഹാരം
വരുത്തിയതുപോലെ ഇതിനെക്കൊണ്ടും
അതിനു പാപപരിഹാരം വരുത്തണം.
അതിനു പാപപരിഹാരം വരുത്തിയ
ശേഷം നീ ഊനമില്ലാത്ത ഒരു കാളക്കുട്ടി
യെയും ആട്ടിൻകൂട്ടത്തിൽനിന്ന് ഊനമില്ലാ
ത്ത ഒരു ആട്ടുകൊറ്റനേയും അർപ്പിക്കണം.
അവയെ ദൈവസന്നിധിയിൽ കൊണ്ടു
വരണം. പുരോഹിതന്മാർ അവയുടെ മേൽ
ഉപ്പു വിതറിയശേഷം അവയെ കർത്താ
വിനു ഹോമയാഗമായി അർപ്പിക്കണം. ഏഴു
ദിവസം തുടർച്ചയായി പാപയാഗമായി
ഒരു കോലാട്ടിനെ അർപ്പിക്കണം. അവർ
ഊനമില്ലാത്ത ഒരു കാളക്കുട്ടിയേയും
ആട്ടിൻകൂട്ടത്തിൽനിന്ന് ഒരു ആട്ടുകൊറ്റ
നെയും അർപ്പിക്കണം. അങ്ങനെ അവർ
ഏഴു ദിവസം യാഗപീഠത്തിനു പ്രായശ്ചി
ത്തം വരുത്തിയും അതിനെ നിർമ്മലീക
രിച്ചുംകൊണ്ട് പ്രതിഷ്ഠകഴിക്കണം. ഈ 27
ദിവസങ്ങൾ പൂർത്തിയാക്കി എട്ടാം ദിവസ
വും തുടർന്ന് പുരോഹിതന്മാർ യാഗ
പീഠത്തിന്മേൽ നിങ്ങളുടെ ഹോമയാഗങ്ങ
ളേയും സമാധാനയാഗങ്ങളേയും അർപ്പിക്ക
ണം. അങ്ങനെ എനിക്കു നിങ്ങളിൽ പ്രസാദ
മുണ്ടാകും എന്നു കർത്താധികർത്താ
വിന്റെ അരുളപ്പാട്.

അദ്ധ്യായം 44

അനന്തരം അയാൾ എന്നെ വിശുദ്ധ 1
മന്ദിരത്തിന്റെ കിഴക്കോട്ടു ദർശനമുള്ള
പുറത്തെ ഗോപുരത്തിലേക്കു തിരികെ
ക്കൊണ്ടുവന്നു. എന്നാൽ അത് അടയ്ക്ക
പ്പെട്ടിരുന്നു. അപ്പോൾ കർത്താവ് എന്നോട് 2
അരുളിച്ചെയ്തു: ഈ ഗോപുരം തുറക്കാതെ
അടച്ചിരിക്കണം. ആരും അതിൽകൂടി
കടക്കരുത്. ഇസ്രായേലിന്റെ ദൈവമായ
കർത്താവ് അതിൽകൂടി അകത്തു കടന്ന
തുകൊണ്ട് അത് അടച്ചിരിക്കണം. രാജാവ് 3
അവൻ രാജാവായിരിക്കയാൽ കർത്തൃ
സന്നിധിയിൽ ഭോജനം കഴിപ്പാൻ അവിടെ
ഇരിക്കണം. അവൻ ആ ഗോപുരത്തി
ന്റെ പൂമുഖത്തു കൂടി അകത്തു കടക്കു
കയും അതിൽകൂടി പുറത്തു പോകുകയും
വേണം.

പിന്നീട് അവൻ എന്നെ വടക്കേ ഗോ 4
പുരം വഴിയായി ആലയത്തിന്റെ മുമ്പിൽ
കൊണ്ടു ചെന്നു. ഞാൻ നോക്കി. കർത്തൃ
തേജസ്സ് ദേവാലയത്തിൽ നിറഞ്ഞിരിക്കു
ന്നതു കണ്ട് കവിണ്ണുവീണു. അപ്പോൾ 5
കർത്താവ് എന്നോട് അരുളിച്ചെയ്തു: മനു
ഷ്യപുത്രാ, ദൈവാലയത്തിന്റെ സകല
വ്യവസ്ഥകളേയും നിയമങ്ങളേയുംകുറിച്ച്
ഞാൻ നിന്നോട് കല്പിക്കുന്നതെല്ലാം
നീ നല്ലവണ്ണം ശ്രദ്ധിച്ച് സൂക്ഷിച്ചു
നോക്കി ശ്രദ്ധാപൂർവ്വം കേൾക്കുക. ആലയ
ത്തിലേക്കുള്ള പ്രവേശനത്തേയും വിശുദ്ധ
മന്ദിരത്തിൽനിന്നുള്ള പുറപ്പാടുകളേയും നീ
നല്ലവണ്ണം ഗ്രഹിക്കുക. ഇസ്രായേൽ ഗൃഹ 6
ക്കാരായ മത്സരികളോട് നീ പറയേണ്ടത്:
കർത്താധികർത്താവ് ഇപ്രകാരം അരുളി
ച്ചെയ്യുന്നു: ഇസ്രായേൽ ഗൃഹമേ, നിങ്ങളുടെ
സകല അശുദ്ധിയും അവസാനിപ്പിക്കുവിൻ.
നിങ്ങൾ എന്റെ ആഹാരമായ മേദസ്സും 7
രക്തവും അർപ്പിക്കുമ്പോൾ, എന്റെ ആല
യത്തെ അശുദ്ധമാക്കേണ്ടതിനു നിങ്ങൾ
ഹൃദയത്തിലും ജഡത്തിലും അഗ്രചർമ്മിക
ളായ അന്യജാതിയെ എന്റെ വിശുദ്ധ
മന്ദിരത്തിൽ ഇരിപ്പാൻ കൊണ്ടുവന്നതി

നാൽ നിങ്ങളുടെ സകല തിന്മകൾക്കും
പുറമെ നിങ്ങൾ എന്റെ നിയമവും ലംഘി
8 ച്ചിരിക്കുന്നു. നിങ്ങൾ എന്റെ വിശുദ്ധ
വസ്തുക്കളുടെ കാര്യം വിചാരിക്കാതെ
അന്യരെ എന്റെ വിശുദ്ധമന്ദിരത്തിൽ കാര്യ
9 നടത്തിപ്പിന് നിയമിച്ചിരിക്കുന്നു. കർത്താധി
കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു.
ഇസ്രായേൽ മക്കളുടെ ഇടയിലുള്ള യാ
തൊരു അന്യജാതിക്കാരനും ഹൃദയത്തി
ലും ജഡത്തിലും അഗ്രചർമ്മിയായ യാതൊ
രു അന്യജാതിക്കാരനും എന്റെ വിശുദ്ധ
10 ഭവനത്തിൽ പ്രവേശിക്കരുത്. ഇസ്രായേൽ
തെറ്റിപ്പോയ കാലത്ത് എന്നെ വിട്ടകന്നു
പോയവരും എന്നെ ഉപേക്ഷിച്ച് തെറ്റി
വിഗ്രഹങ്ങളോട് ചേർന്നവരുമായ ലേവ്യർ
തങ്ങളുടെ പാപത്തിന് ശിക്ഷാർഹരാണ്.
11 അവർ എന്റെ വിശുദ്ധമന്ദിരത്തിൽ ആലയ
ത്തിന്റെ പടിവാതില്ക്കൽ ശുശ്രൂഷകന്മാ
രായി കാവൽ നിന്ന് ആലയത്തിൽ ശുശ്രൂഷ
ചെയ്യണം. അവർ ജനത്തിനു വേണ്ടി ഹോമ
യാഗവും ഹനനയാഗവും അറുത്തു അവർ
ക്കു ശുശ്രൂഷ ചെയ്യുവാൻ അവരുടെ മുമ്പിൽ
12 നില്ക്കണം. അവർ അവരുടെ വിഗ്രഹങ്ങ
ളുടെ മുമ്പാകെ ശുശ്രൂഷ ചെയ്തു, ഇസ്രാ
യേൽ ഗൃഹത്തിനു പാപഹേതുവായി
ത്തീർന്നതുകൊണ്ട് ഞാൻ അവർക്കു
വിരോധമായി കൈ ഉയർത്തി സത്യം ചെയ്തി
രിക്കുന്നു. അവർ തങ്ങളുടെ അകൃത്യ
ത്തിനു ശിക്ഷാർഹരത്രേ എന്നു കർത്താധി
13 കർത്താവിന്റെ അരുളപ്പാട്. അവർ എനി
ക്കു പുരോഹിതശുശ്രൂഷ ചെയ്യുവാനും
അതിവിശുദ്ധങ്ങളായ എന്റെ വിശുദ്ധ
വസ്തുക്കളെ തൊടുവാനും എന്നോട്
അടുത്തു വരരുത്. തങ്ങളുടെ ലജ്ജയും
തങ്ങൾ ചെയ്ത മ്ലേച്ഛതകളും ഏല്ക്ക
14 ണം. എന്നാൽ ആലയത്തിന്റെ എല്ലാ
ജോലിക്കും അതിൽ ചെയ്വാനുള്ള എല്ലാ
റ്റിനും ഞാൻ അവരെ അതിൽ പ്രവർത്തക
ന്മാരാക്കി വയ്ക്കും.
15 ഇസ്രായേൽ മക്കൾ എന്നെ വിട്ടുമാറി
പ്പോയ കാലത്തു എന്റെ വിശുദ്ധമന്ദിര
ത്തിന്റെ ചുമതല വഹിച്ചിരുന്ന സാദോ
ക്കിന്റെ പുത്രന്മാരായ ലേവ്യപുരോഹിത
ന്മാർ എനിക്കു ശുശ്രൂഷ ചെയ്യുവാൻ
എന്നോട് അടുത്തു വരികയും മേദസ്സും
രക്തവും എനിക്ക് അർപ്പിക്കുവാൻ എന്റെ
മുമ്പാകെ നില്ക്കുകയും വേണം എന്നു
ദൈവമായ കർത്താവിന്റെ അരുളപ്പാട്.
16 അവർ എന്റെ വിശുദ്ധമന്ദിരത്തിൽ പ്രവേ
ശിച്ച് എനിക്കു ശുശ്രൂഷ ചെയ്യേണ്ടതിന്
എന്റെ മേശയുടെ അടുക്കൽ വരികയും
എന്റെ കാര്യസ്ഥത നടത്തുകയും വേണം.
എന്നാൽ അകത്തെ പ്രാകാരത്തിന്റെ
വാതിലുകൾക്കുള്ളിൽ പ്രവേശിക്കുമ്പോൾ
അവർ ചണവസ്ത്രം ധരിക്കണം. അക
ത്തെ പ്രാകാരത്തിന്റെ വാതില്ക്കലും
ആലയത്തിനകത്തും ശുശ്രൂഷ ചെയ്യു
മ്പോൾ ആട്ടിൻരോമംകൊണ്ടുള്ള വസ്ത്രം
ധരിക്കരുത്. അവരുടെ തലയിൽ ചണം
കൊണ്ടുള്ള തലപ്പാവും അരയിൽ ചണം
കൊണ്ടുള്ള കാൽക്കുപ്പായവും ഉണ്ടായിരി
ക്കണം. വിയർപ്പുണ്ടാക്കുന്ന യാതൊന്നും
അവർ ധരിക്കരുത്. അവർ പുറത്തെ പ്രാ
കാരത്തിലേക്ക്, പുറത്തെ പ്രാകാരത്തിൽ
ജനത്തിന്റെ അടുക്കലേക്ക്, ചെല്ലുമ്പോൾ
തങ്ങളുടെ വസ്ത്രത്താൽ ജനത്തെ വിശുദ്ധീ
കരിക്കാതിരിക്കേണ്ടതിനു തങ്ങൾ ശുശ്രൂഷ
ചെയ്ത സമയം ധരിച്ചിരുന്ന വസ്ത്രം നീക്കി
വിശുദ്ധ മണ്ഡപങ്ങളിൽ വച്ചശേഷം വേറെ
വസ്ത്രം ധരിക്കണം. അവർ തല മുണ്ഡനം
ചെയ്യുകയോ തലമുടി നീട്ടുകയോ
ചെയ്യാതെ കത്രിക്കുക മാത്രമേ ചെയ്യാവൂ.
യാതൊരു പുരോഹിതനും വീഞ്ഞു കുടിച്ച്
അകത്തെ പ്രാകാരത്തിൽ കടക്കരുത്.
വിധവയേയോ ഉപേക്ഷിക്കപ്പെട്ടവളേയോ
ഭാര്യയായി എടുക്കാതെ അവർ ഇസ്രായേൽ
ഗൃഹത്തിന്റെ സന്തതിയിലുള്ള കന്യകമാ
രെയോ ഒരു പുരോഹിതന്റെ ഭാര്യയായി
രുന്ന വിധവയേയോ വിവാഹംകഴിക്കാം.
അവർ വിശുദ്ധമായതിനും സാധാരണ
മായതിനും തമ്മിലുള്ള വ്യത്യാസം എന്റെ
ജനത്തിന് ഉപദേശിക്കണം. മലിനമായതും
നിർമ്മലമായതും അവരെ ഗ്രഹിപ്പിക്കണം.
വ്യവഹാരത്തിൽ അവർ ന്യായം വിധിപ്പാൻ
നില്ക്കണം. എന്റെ വിധികൾ അനുസരിച്ച്
അവർ ന്യായം വിധിക്കണം. അവർ പെരുന്നാ
ളുകളിൽ എന്റെ പ്രമാണങ്ങളും കല്പന
കളും ആചരിക്കുകയും എന്റെ ശാബത്തു
കളെ വിശുദ്ധീകരിക്കുകയും വേണം. അവർ
മരിച്ച ആളിന്റെ അടുക്കൽ ചെന്ന് അശുദ്ധ
രാകരുത്. എങ്കിലും, അപ്പൻ, അമ്മ, മകൻ,
മകൾ, സഹോദരൻ, ഭർത്താവില്ലാത്ത
സഹോദരി എന്നിവർക്കു വേണ്ടി അശുദ്ധ
രാകാം. അവന്റെ ശുദ്ധീകരണം കഴിഞ്ഞ
ശേഷം ഏഴു ദിവസം എണ്ണണം. വിശുദ്ധ
മന്ദിരത്തിൽ ശുശ്രൂഷ ചെയ്യേണ്ടതിന്
അവൻ അകത്തെ പ്രാകാരത്തിൽ വിശുദ്ധ
മന്ദിരത്തിലേക്കു പോകുന്ന ദിവസത്തിൽ
അവൻ പാപയാഗം അർപ്പിക്കണം എന്നു
ദൈവമായ കർത്താവിന്റെ അരുളപ്പാട്.

8 അവരുടെ അവകാശമോ ഞാൻ തന്നെ
യാണ്, നിങ്ങൾ അവർക്ക് ഇസ്രായേലിൽ
9 സ്വത്ത് ഒന്നും കൊടുക്കരുത്. ഞാൻതന്നെ
യാകുന്നു അവരുടെ സ്വത്ത്. അവർ
ഭോജനയാഗം, പാപയാഗം, അകൃത്യയാഗം
എന്നിവകൊണ്ട് ഉപജീവിക്കണം. ഇസ്രാ
യേലിൽ സമർപ്പിതമായതെല്ലാം അവർക്കു
ള്ളതായിരിക്കണം. സകലവിധ ആദ്യഫല
ങ്ങളിലും ഉത്തമമായതും വഴിപാടായി
വരുന്ന എല്ലാവിധ വഴിപാടും പുരോഹിത
ന്മാർക്കുള്ളതായിരിക്കണം. നിൻെറ ഭവന
ത്തിന്മേൽ അനുഗ്രഹം ലഭിക്കേണ്ടതിനു
നിങ്ങളുടെ ഗോതമ്പുമാവിൻെറ ആദ്യഭാഗ
വും പുരോഹിതനു കൊടുക്കണം. താനേ
ചത്തതും കടിച്ചു പറിക്കപ്പെട്ടതുമായ
പക്ഷിയേയോ മൃഗത്തേയോ പുരോഹി
തൻ ഭക്ഷിക്കരുത്.

അദ്ധ്യായം 45

ദേശത്തെ അവകാശം ചീട്ടിട്ടു ഭാഗിക്കു
മ്പോൾ നിങ്ങൾ ദേശത്തിൻെറ ഒരു വിശു
ദ്ധാംശം കർത്താവിനു വഴിപാടായി അർപ്പി
ക്കണം, അതിന് ഇരുപത്തയ്യായിരം മുഴം
നീളവും ഇരുപതിനായിരം മുഴം വീതിയും
ഉണ്ടായിരിക്കണം. എല്ലാ അതിരോളവും
വിശുദ്ധമായിരിക്കേണം. അതിൽ അഞ്ഞൂറു
മുഴം നീളവും അഞ്ഞൂറു മുഴം വീതിയും
ആയി ചതുരശ്രമായൊരു ഭാഗം വിശുദ്ധ
സ്ഥലത്തിന് വേണ്ടി ആയിരിക്കണം. അതി
നു ചുറ്റും അൻപതു മുഴം സ്ഥലം വെളിമ്പ്ര
ദേശം ആയി കിടക്കണം. ആ അളവിൽ നിന്ന്
നീ ഇരുപത്തയ്യായിരം മുഴം നീളവും പതി
നായിരം മുഴം വീതിയും അളക്കണം. അതിൽ
അതിവിശുദ്ധമായ വിശുദ്ധമന്ദിരം ഉണ്ടാ
യിരിക്കണം. അത് ദേശത്തിൻെറ വിശുദ്ധാം
ശമാകുന്നു. അതു കർത്തൃശുശ്രൂഷ ചെ
യ്‌വാൻ അടുത്തു വരുന്നവരായി വിശുദ്ധ
മന്ദിരത്തിലെ ശുശ്രൂഷകന്മാരായ പുരോ
ഹിതന്മാർക്കുള്ളതായിരിക്കണം. അത്
അവരുടെ വീടുകൾക്കുള്ള സ്ഥലവും
വിശുദ്ധ മന്ദിരത്തിനുള്ള വിശുദ്ധസ്ഥലവു
മായിരിക്കണം. പിന്നെ ഇരുപത്തയ്യായിരം
മുഴം നീളവും, പതിനായിരം മുഴം വീതിയും
ഉള്ള സ്ഥലം ആലയത്തിലെ ശുശ്രൂഷക
രായ ലേവ്യർക്കു പാർപ്പാൻ ഗ്രാമങ്ങൾക്കാ
യുള്ള സ്വത്തായിരിക്കണം. വിശുദ്ധാംശ
മായ വഴിപാടിൻെറ പാർശ്വത്തിൽ നഗര
ത്തിൻേറതായി അയ്യായിരം മുഴം വീതി
യും ഇരുപത്തയ്യായിരം മുഴം നീളത്തി
ൽ ഒരു സ്ഥലം നിശ്ചയിക്കണം. അത്
ഇസ്രായേൽ ഗൃഹത്തിന് പൊതുവായുള്ള
തായിരിക്കണം.

രാജഭോഗമോ, വിശുദ്ധകാഴ്ചസ്ഥ 7
ലത്തിനും നഗരസ്വത്തിനും ഇപ്പുറത്തും
അപ്പുറത്തും വിശുദ്ധവഴിപാടു സ്ഥലത്തി
നും നഗരസ്വത്തിനും മുമ്പിൽ പടിഞ്ഞാറു
വശത്തു പടിഞ്ഞാറോട്ടും കിഴക്കുവശത്തു
കിഴക്കോട്ടും ആയിരിക്കണം. അതിൻെറ
നീളം ദേശത്തിൻെറ പടിഞ്ഞാറേ അതിരു
മുതൽ കിഴക്കേ അതിരുവരെയുള്ള അംശ
ങ്ങളിൽ ഒന്നിന് സമമായിരിക്കണം. അതു 8
ഇസ്രായേലിൽ അവനുള്ള സ്വത്തായിരിക്ക
ണം. എൻെറ ഭരണാധിപന്മാർ ഇനി എൻെറ
ജനത്തെ പീഡിപ്പിക്കാതെ ദേശത്തെ ഇസ്രാ
യേൽ ഗൃഹത്തിലെ അതതു ഗോത്രത്തിനു
കൊടുക്കണം.

ദൈവമായ കർത്താവ് ഇപ്രകാരം 9
അരുളിച്ചെയ്യുന്നു: ഇസ്രായേൽ രാജാക്ക
ന്മാരേ, അക്രമവും കവർച്ചയും അവസാ
നിപ്പിക്കുവിൻ. നീതിയും ന്യായവും നട
ത്തുവിൻ; എൻെറ ജനത്തോടുള്ള അപ
ഹാരം അവസാനിപ്പിക്കുവിൻ എന്ന് ദൈവ
മായ കർത്താവിൻെറ അരുളപ്പാട്. ഒത്ത 10
തുലാസ്സും ഒത്ത ഏഫയും ഒത്ത ബത്തും
നിങ്ങൾക്കുണ്ടായിരിക്കണം. ഏഫയും ബ 11
ത്തും ഒരു നിയമമായിരിക്കണം. ബത്ത്, ഹോ
മറിൻെറ പത്തിലൊന്നും ഏഫാ, ഹോമറി
ൻെറ പത്തിലൊന്നും ആയിരിക്കണം.
അതിൻെറ പ്രമാണം ഹോമറിനൊത്ത
തായിരിക്കണം. ശേക്കെൽ ഒന്നിനു ഇരുപ 12
തു ഗേരാ ആയിരിക്കണം. അഞ്ചു ശേ
ക്കെൽ അഞ്ചും, പത്തു ശേക്കൽ പത്തും,
അമ്പതു ശേക്കൽ ഒരു മാനേ, എന്നിങ്ങനെ
ആയിരിക്കണം. നിങ്ങൾ വഴിപാടു കഴിക്കേ 13
ണ്ട രീതി: ഒരു ഹോമർ ഗോതമ്പിൽനിന്നു
ഏഫയുടെ ആറിലൊന്നും ഒരു ഹോമർ
യവത്തിൽനിന്നു ഏഫയുടെ ആറിലൊ
ന്നും കൊടുക്കണം. എണ്ണയ്ക്കുള്ള നിയമം. 14
പത്തു ബത്തു കൊള്ളുന്ന ഹോമറായ ഒരു
കോരിൽനിന്നു ബത്തിൻെറ പത്തിലൊന്നു
കൊടുക്കണം. പത്തു ബത്ത് ഒരു ഹോമർ.
പ്രായശ്ചിത്തം വരുത്തേണ്ടതിന് ഭോജന 15
യാഗമായും ഹോമയാഗമായും സമാധാന
യാഗങ്ങളായും ഇസ്രായേലിൻെറ പുഷ്ടി
യുള്ള മേച്ചിൽപുറങ്ങളിലെ ഇരുനൂറു ആടു
ള്ള ഒരു പറ്റത്തിൽനിന്നു ഒരു കുഞ്ഞാടിനെ
കൊടുക്കണം എന്നു ദൈവമായ കർത്താ
വിൻെറ അരുളപ്പാട്. ദേശത്തെ സകല ജന 16
വും ഇസ്രായേലിൻെറ നാഥനു വേണ്ടി
യുള്ള ഈ വഴിപാടിനായി കൊടുക്കണം.

17 പെരുന്നാളുകളിലും അമാവാസികളിലും
ശാബതുകളിലും ഇസ്രായേൽ ഗൃഹത്തി
ൻെറ പെരുനാൾ സമയങ്ങളിലെല്ലാം ഹോമ
യാഗങ്ങളും ഭോജനയാഗങ്ങളും പാനീയ
യാഗങ്ങളും കഴിപ്പാൻ അധികാരി ബാദ്ധ്യ
സ്ഥനാകുന്നു. ഇസ്രായേൽ ഗൃഹത്തിനു
വെടിപ്പുവരുത്തുവാൻ അവർ പാപയാഗ
വും ഭോജനയാഗവും ഹോമയാഗവും
സമാധാനയാഗങ്ങളും അർപ്പിക്കണം.
18 കർത്താധികർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു: ഒന്നാം മാസം ഒന്നാം
തീയതി നീ ഊനമില്ലാത്ത ഒരു കാളക്കുട്ടി
യെ എടുത്ത് വിശുദ്ധ മന്ദിരത്തിനു നിർമ്മ
19 ലത വരുത്തണം. പുരോഹിതൻ പാപ
യാഗത്തിൻെറ രക്തത്തിൽ കുറെ എടുത്ത്
ആലയത്തിൻെറ മുറിച്ചുവരിലും യാഗപീഠ
ത്തിൻെറ തട്ടിൻെറ നാലു കോണിലും
അകത്തെ പ്രാകാരത്തിൻെറ ഗോപുരത്തി
20 ൻെറ മുറിച്ചുവരിലും പുരട്ടണം. അങ്ങനെ
തന്നെ നീ ഏഴാം മാസം ഒന്നാം തീയതിയും
അബദ്ധത്താലും ബുദ്ധിഹീനതയാലും
തെറ്റു ചെയ്തവനുവേണ്ടി ചെയ്യണം.
ഇങ്ങനെ നിങ്ങൾ ആലയത്തിനു നിർമ്മലത
21 വരുത്തണം. ഒന്നാം മാസം പതിനാലാം
തീയതിമുതൽ നിങ്ങൾ ഏഴു ദിവസത്തേക്ക്
പെസഹാ പെരുനാൾ ആചരിച്ച് പുളിപ്പില്ലാ
22 ത്ത അപ്പം തിന്നണം. അന്നു ഭരണാധിപൻ
തനിക്കുവേണ്ടിയും ദേശത്തെ സകല ജന
ത്തിനുവേണ്ടിയും പാപയാഗമായി ഒരു
23 കാളയെ അർപ്പിക്കണം. പെരുനാളിൻെറ
ഏഴു ദിവസവും അവൻ കർത്താവിന്
ഹോമയാഗമായി ഊനമില്ലാത്ത ഏഴു
കാളയേയും ഏഴു ആട്ടുകൊറ്റനേയും ആ
ഏഴു ദിവസവും പ്രതിദിനം അർപ്പിക്കണം.
പാപയാഗമായി ദിനംപ്രതി ഓരോ കോലാ
24 ട്ടിൻകുട്ടിയേയും അർപ്പിക്കണം. കാള ഒന്നി
നു ഒരു ഏഫയും ആട്ടുകൊറ്റൻ ഒന്നിനു
ഒരു ഏഫയും ഏഫ ഒന്നിന് ഒരു ഹീൻ എണ്ണ
യും വീതം അവൻ ഭോജനയാഗം അർപ്പി
25 ക്കണം. ഏഴാം മാസം പതിനഞ്ചാം തീയതി
യുള്ള പെരുനാളിൽ അവൻ ഈ ഏഴു
ദിവസത്തെപ്പോലെ പാപയാഗത്തിനും
ഹോമയാഗത്തിനും ഭോജനയാഗത്തിനും
തക്കവണ്ണം എണ്ണയും അർപ്പിക്കണം.

അദ്ധ്യായം 46

1 കർത്താധികർത്താവ് ഇപ്രകാരം
കല്പിക്കുന്നു: അകത്തെ പ്രാകാരത്തിൻെറ
കിഴക്കോട്ട് ദർശനമുള്ള ഗോപുരം, വേല
യുള്ള ആറു ദിവസവും അടച്ചിരിക്കണം;
ശാബതു ദിവസം അതു തുറന്നിരിക്കണം;
അമാവാസി ദിവസത്തിലും അതു തുറന്നി
രിക്കണം. എന്നാൽ അധിപൻ പുറത്തു നിന്ന് 2
ആ ഗോപുരത്തിൻെറ പൂമുഖം വഴിയായി
കടന്നുചെന്നു, ഗോപുരത്തിൻെറ മുറി
ച്ചുവരിന്നരികെ നില്ക്കണം; പുരോഹിതൻ
അവൻെറ ഹോമയാഗവും സമാധാന
യാഗവും അർപ്പിക്കുമ്പോൾ അവൻ ഗോപുര
ത്തിൻെറ ഉമ്മറപ്പടിക്കൽ നമസ്ക്കരിക്കണം.
പിന്നെ പുറത്തേക്കു പോകണം. എന്നാൽ
ഗോപുരം സന്ധ്യവരെ അടയ്ക്കാതെയിരി
ക്കണം. ദേശത്തെ ജനം ശാബതുകളിലും 3
അമാവാസികളിലും ഈ ഗോപുരപ്രവേ
ശനത്തിങ്കൽ ദൈവസന്നിധിയിൽ നമസ്ക
രിക്കണം. അധിപൻ ശാബതു ദിവസം 4
കർത്താവിനു ഹോമയാഗമായി ഊനമി
ല്ലാത്ത ആറു കുഞ്ഞാടിനേയും ഊനമി
ല്ലാത്ത ഒരു മുട്ടാടിനേയും അർപ്പിക്കണം.
ഭോജനയാഗമായി അവൻ മുട്ടാടിന് ഒരു 5
ഏഫയും കുഞ്ഞാടുകൾക്ക് തൻെറ പ്രാപ്തി
പോലെയുള്ള ഭോജനയാഗവും ഏഫ
ഒന്നിനു ഒരു ഹീൻ എണ്ണ വീതവും അർപ്പി
ക്കണം. അമാവാസിദിവസത്തിൽ ഊനമി 6
ല്ലാത്ത ഒരു കാളക്കുട്ടിയേയും ആറു കുഞ്ഞാ
ടിനേയും ഒരു മുട്ടാടിനേയും അർപ്പിക്കണം,
ഇവയും ഊനമില്ലാത്തവ ആയിരിക്കണം.
ഭോജനയാഗമായി അവൻ കാളയ്ക്കു ഒരു 7
ഏഫയും മുട്ടാടിന് ഒരു ഏഫയും കുഞ്ഞാ
ടുകൾക്ക് തൻെറ പ്രാപ്തിപോലെയുള്ള
തും ഏഫ ഒന്നിന് ഒരു ഹീൻ എണ്ണവീത
വും അർപ്പിക്കണം. അധിപൻ വരുമ്പോൾ 8
അവൻ ഗോപുരത്തിൻെറ പൂമുഖം വഴി
യായി പ്രവേശിക്കുകയും ആ വഴിയായി
തന്നെ പുറത്തേക്കു പോകുകയും വേണം.
എന്നാൽ ദേശത്തെ ജനം പെരുനാളുകളിൽ 9
ദൈവസന്നിധിയിൽ വരുമ്പോൾ വടക്കേ
ഗോപുരം വഴിയായി നമസ്ക്കരിപ്പാൻ വരു
ന്നവൻ തെക്കേ ഗോപുരം വഴിയായി പുറ
ത്തേക്കു പോകുകയും തെക്കേ ഗോപുരം
വഴിയായി വരുന്നവൻ വടക്കേ ഗോപുരം
വഴിയായി പുറത്തേക്കു പോകുകയും
വേണം; താൻ വന്ന ഗോപുരം വഴിയായി
മടങ്ങിപ്പോകാതെ അതിന്നെതിരെയുള്ള
തിൽകൂടി പുറത്തേക്കു പോകണം. അവർ 10
വരുമ്പോൾ അധിപനും അവരുടെ മദ്ധ്യേ
വരുകയും അവർ പോകുമ്പോൾ അവനും
കൂടെ പോകുകയും വേണം. വിശേഷദിവ 11
സങ്ങളിലും പെരുനാളുകളിലും ഭോജന
യാഗം കാളയ്ക്കു ഒരു ഏഫയും മുട്ടാടിന്
ഒരു ഏഫയും കുഞ്ഞാടുകൾക്ക് തൻെറ

പ്രാപ്തിപോലെയുള്ളതും ഏഫെയ്ക്ക്
ഒരു ഹീൻ എണ്ണയും വീതം ആയിരിക്കണം.
എന്നാൽ അധിപൻ സ്വമേധാദാനമായ
ഹോമയാഗമോ സ്വമേധാദാനമായ സമാ
ധാനയാഗങ്ങളോ കർത്താവിന് അർപ്പിക്കു
മ്പോൾ കിഴക്കോട്ടു ദർശനമുള്ള ഗോപുരം
അവന്നു തുറന്നുകൊടുക്കണം. അവൻ
ശാബതുദിവസം ചെയ്യുന്നതുപോലെ
തന്റെ ഹോമയാഗവും സമാധാനയാഗ
ങ്ങളും അർപ്പിക്കണം. പിന്നെ അവൻ പുറ
ത്തേക്കു പോകണം. അവൻ പുറത്തേക്കു
പോയശേഷം ഗോപുരം അടയ്ക്കണം. ഒരു
യസ്സു പ്രായമുള്ളതും ഊനമില്ലാത്തതു
ായ ഒരു കുഞ്ഞാടിനെ നീ ദിവസംതോറും
ർത്താവിന് ഹോമയാഗമായി അർപ്പിക്ക
ണം. രാവിലെതോറും അതിനെ അർപ്പി
ണം. അതിന്റെ ഭോജനയാഗമായി നീ
ാവിലെ തോറും ഏഫയിൽ ആറിലൊന്നും
നരിയ മാവു കുഴയ്ക്കുവാൻ ഹീനിൽ
ന്നിലൊന്നു എണ്ണയും അർപ്പിക്കണം.
ത് ഒരു ശാശ്വതനിയമമായി കർത്താ
നുള്ള നിരന്തര ഭോജനയാഗം. ഇങ്ങനെ
വർ രാവിലെ തോറും നിരന്തരഹോമ
ഗമായി കുഞ്ഞാടിനെയും ഭോജനയാഗ
ത്തെയും എണ്ണയും അർപ്പിക്കണം.
കർത്താധികർത്താവ് ഇപ്രകാരം
രുളിച്ചെയ്യുന്നു. അധിപൻ തന്റെ പുത്ര
രിൽ ഒരുവനു ഒരു ദാനം കൊടുക്കു
വെങ്കിൽ അത് അവന്റെ അവകാശ
യി അവന്റെ പുത്രന്മാർക്കുള്ളതായിരി
ണം. അതു അവകാശമായി അവരുടെ
കവശം ഇരിക്കണം. എന്നാൽ അവൻ
ന്റെ ദാസന്മാരിൽ ഒരുവനു തന്റെ അവ
ത്തിൽനിന്നു ഒരു ദാനം കൊടുക്കുന്നു
കിൽ അതു വിമോചന വർഷംവരെ
നുള്ളതായിരിക്കും; പിന്നീട് അതു
പനു തിരികെ ചേരണം; അതിന്റെ
കാശം അവന്റെ പുത്രന്മാർക്ക് തന്നെ
ണം. അധിപൻ ജനത്തെ അവരുടെ
കാശത്തിൽനിന്നു നീക്കി അവരുടെ
കാശത്തിൽ സ്വല്പവും അപഹരി
ത്. എന്റെ ജനത്തിൽ ഒരുവനും
ാന്റെ അവകാശം വിട്ടു ചിതറിപ്പോ
ിരിപ്പാൻ അവൻ സ്വന്ത അവകാശ
ൽനിന്നുതന്നെയാണ് തന്റെ പുത്ര
ക്ക് അവകാശം കൊടുക്കേണ്ടത്.
ിന്നെ അവൻ ഗോപുരത്തിന്റെ വശ
ള്ള പ്രവേശനത്തിൽ കൂടി എന്നെ വട
ു ദർശനമുള്ളതായി, പുരോഹിതന്മാ
വിശുദ്ധ മണ്ഡപങ്ങളിലേക്ക് കൊണ്ടു
പോയി. അവിടെ ഞാൻ പടിഞ്ഞാറേ അറ്റ
ത്തു ഒരു സ്ഥലം കണ്ടു. അയാൾ എന്നോട് 20
പുരോഹിതന്മാർ അകൃത്യയാഗവും പാപ
യാഗവും പാകം ചെയ്യുന്നതും ഭോജനയാഗം
ഒരുക്കുന്നതുമായ സ്ഥലം ഇതാകുന്നു.
അവർ ജനത്തെ വിശുദ്ധീകരിക്കുവാൻ
പുറത്തെ പ്രാകാരത്തിലേക്ക് കൊണ്ടുപോ
കാതെയിരിപ്പാൻ അത്രേ അത് എന്നു
അരുളിച്ചെയ്തു. പിന്നെ അവൻ എന്നെ 21
പുറത്തെ പ്രാകാരത്തിലേക്കു കൊണ്ടു
പോയി. പ്രാകാരത്തിന്റെ നാലു മൂല 22
യിലും കൊണ്ടുചെന്നു. പ്രാകാരത്തിന്റെ
ഓരോ മൂലയിലും ഒരു മുറ്റം ഉണ്ടായിരുന്നു.
പ്രാകാരത്തിന്റെ നാലു മൂലയിലും
നാല്പതു മുഴം നീളവും മുപ്പതു മുഴം വീതി
യും ഉള്ള അടയ്ക്കപ്പെട്ട മുറ്റങ്ങൾ ഉണ്ടാ
യിരുന്നു. നാലു മൂലയിലും ഉള്ള അവ
നാലിനും ഒരേ അളവായിരുന്നു. അവയ്ക്കു 23
നാലിനും ചുറ്റും ഒരു വരി കല്ലു കെട്ടിയി
രുന്നു. ഈ കൽനിരകളുടെ കീഴെ ചുറ്റും
അടുപ്പും ഉണ്ടാക്കിയിരുന്നു. അവൻ
എന്നോട്: ഇവ ആലയത്തിന്റെ ശുശ്രൂഷ
കന്മാർ ജനത്തിന്റെ ഹനനയാഗം പാകം
ചെയ്യുന്ന വെപ്പുപുരയത്രേ എന്നു പറഞ്ഞു.

അദ്ധ്യായം 47

അയാൾ എന്നെ ആലയത്തിന്റെ 1
പ്രവേശനത്തിങ്കൽ തിരികെ കൊണ്ടുവന്ന
പ്പോൾ ആലയത്തിന്റെ ഉമ്മറപ്പടിയുടെ
കീഴെ നിന്നു വെള്ളം കിഴക്കോട്ടു പുറപ്പെ
ടുന്നതായി ഞാൻ കണ്ടു. ആലയത്തിന്റെ
മുഖം കിഴക്കോട്ടായിരുന്നുവല്ലോ. ആ
വെള്ളം ആലയത്തിന്റെ വലത്തുഭാഗത്തു
കീഴെ നിന്നു യാഗപീഠത്തിന്നു തെക്കു
വശമായി ഒഴുകി. അയാൾ വടക്കോട്ടുള്ള
ഗോപുരത്തിൽ കൂടി എന്നെ പുറത്തു
കൊണ്ടുചെന്നു പുറത്തെ വഴിയായി കിഴ 2
ക്കോട്ടു ദർശനമുള്ള ഗോപുരത്തിൽകൂടി
പുറത്തെ ഗോപുരത്തിലേക്ക് നടത്തിക്കൊ
ണ്ടുപോയി; വെള്ളം വലതുഭാഗത്തുകൂടി
ഒഴുകുന്നതു ഞാൻ കണ്ടു. ആ മനുഷ്യൻ 3
കയ്യിൽ ചരടുമായി കിഴക്കോട്ടു നടന്നു.
ആയിരം മുഴം അളന്നു. എന്നെ വെള്ളത്തിൽ
കൂടി നടത്തി. വെള്ളം കണങ്കാൽവരെ 4
ആയി. അവൻ പിന്നെയും ആയിരം മുഴം
അളന്നു. എന്നെ വെള്ളത്തിൽ കൂടി നടത്തി.
വെള്ളം മുട്ടുവരെ ആയി. അയാൾ പിന്നെ
യും ആയിരം മുഴം അളന്നു; എന്നെ നട
ത്തി. വെള്ളം അരയോളം ആയി. അവൻ 5
പിന്നെയും ആയിരം മുഴം അളന്നു. അത്

എനിക്ക് കടപ്പാൻ കഴിയാത്ത ഒരു നദി
യായി. വെള്ളം പൊങ്ങി, നീന്തിയല്ലാതെ
കടക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു നദിയായി
6 തീർന്നു. അയാൾ എന്നോട്, മനുഷ്യപുത്രാ
നീ കണ്ടുവോ എന്നു ചോദിച്ചു. പിന്നെ
അയാൾ എന്നെ നദീതീരത്തു മടക്കിവരു
7 ത്തി. ഞാൻ മടങ്ങിച്ചെന്നപ്പോൾ നദീ
തീരത്ത് ഇക്കരെയും അക്കരെയും അനവധി
8 വൃക്ഷങ്ങൾ നില്ക്കുന്നതു കണ്ടു. അപ്പോൾ
അയാൾ എന്നോട് പറഞ്ഞു: ഈ വെള്ളം
കിഴക്കെ ഗലീലയിലേക്കു പുറപ്പെട്ടു
അരാബയിലേക്ക് ഒഴുകി കടലിൽ വീഴുന്നു.
ഒഴുകിച്ചെന്നു വെള്ളം കടലിൽ വീണിട്ട്
അതിലെ വെള്ളം നല്ലതായിത്തീരും.
9 എന്നാൽ ഈ നദി ചെന്നു ചേരു
ന്നിടത്തെല്ലാം ചലിക്കുന്ന സകല പ്രാണി
കളും ജീവിച്ചിരിക്കും. ഈ വെള്ളം അവിടെ
വന്നതുകൊണ്ട് ഏറ്റവും വളരെ മത്സ്യം
ഉണ്ടാകും. ഈ നദി ചെന്നു ചേരുന്നിട
ത്തെല്ലാം അത് നന്നായി തീർന്നിട്ട്
10 സകലവും ജീവിക്കും. അതിന്റെ കരയിൽ
ഏൻഗദി മുതൽ ഏൻഎഗ്ലയിംവരെ മീൻ
പിടുത്തക്കാർ നിന്നു വല വീശും. അതിലെ
മത്സ്യം മഹാസമുദ്രത്തിലെ മത്സ്യംപോലെ
വിവിധതരമായി അസംഖ്യമായിരിക്കും.
11 എന്നാൽ അതിന്റെ ചേറും കുഴിയുമുള്ള
നിലങ്ങൾ നന്നായിവരാതെ ഉപ്പളമായി
രിക്കും. നദീതീരത്തു ഇക്കരയും അക്കരയും
ഭക്ഷിപ്പാൻ തക്ക ഫലമുള്ള സകലവിധ
വൃക്ഷങ്ങളും വളരും. അവയുടെ ഇല
വാടുകയില്ല. ഫലം ഇല്ലാതെ പോകയുമില്ല.
12 അതിലെ വെള്ളം വിശുദ്ധ മന്ദിരത്തിൽനിന്ന്
ഒഴുകിവരുന്നതുകൊണ്ട് അവ മാസം
തോറും പുതിയ ഫലം കായ്ക്കും. അവയുടെ
ഫലം തിന്നുവാനും അവയുടെ ഇല
രോഗസൗഖ്യത്തിനും പ്രയോജനമുള്ള
താണ്.
13 ദൈവമായ കർത്താവ് ഇപ്രകാരം
അരുളിച്ചെയ്യുന്നു: നിങ്ങൾ ദേശത്തെ
ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾ
ക്കും അവകാശമായി വിഭാഗിക്കുമ്പോൾ
അതിർത്തി: യൗസേഫിനു രണ്ടു പങ്ക് ആയി
14 രിക്കണം. നിങ്ങളുടെ പിതാക്കന്മാർക്ക്
നല്കുമെന്ന് ഞാൻ കൈ ഉയർത്തി സത്യം
ചെയ്തിരിക്കകൊണ്ട് നിങ്ങൾക്ക് എല്ലാ
വർക്കും വ്യത്യാസം കൂടാതെ അത് അവ
കാശമായി ലഭിക്കും. ഈ ദേശം നിങ്ങൾക്ക്
15 അവകാശമായി വരും. ദേശത്തിന്റെ
അതിർത്തി ഇങ്ങനെ ആയിരിക്കണം.
വടക്കുഭാഗത്തു മഹാസമുദ്രംമുതൽ
ഹെത്ലോൻ വഴിയായി സെദാദ്വരെയും 16
ഹമാത്തും ബൈരോത്തയും ദമസ്ക്കോ
സിന്റെ അതിരിനും ഹമാത്തിന്റെ അതി
രിനും ഇടയിലുള്ള സിബ്രയീറും ഹൗറാ
ന്റെ അതിരിങ്കലുള്ള ഹാസേരും ഇങ്ങനെ
അതിർത്തി സമുദ്രംമുതൽ ദമസ്ക്കോസി
ന്റെ അതിരിങ്കലും ഹസർ ഏനോൻവരെ
വടക്കേ ഭാഗത്തു വടക്കോട്ടുള്ള ഹമാത്തി
ന്റെ അതിരിങ്കലും ആയിരിക്കണം. അതു
വടക്കേ ഭാഗം. കിഴക്കു ഭാഗമോ ഹൗറാൻ,
ദമസ്ക്കോസ്, ഗിലയാദ് എന്നിവയ്ക്കും
ഇസ്രായേൽ ദേശത്തിനും ഇടയിൽ
യോർദ്ദാൻ ആയിരിക്കണം. വടക്കേ അതിരു
മുതൽ കിഴക്കേ കടൽവരെ നിങ്ങൾ അള
ക്കണം. അതു കിഴക്കേ ഭാഗം. തെക്കു ഭാഗ
മോ തെക്കോട്ടു താമാർ മുതൽ മെരീബോ
ത്ത് കാദേശ് വെള്ളംവരെയും മിസ്രയീം
തോടുവരെയും മഹാസമുദ്രംവരെയും
ആയിരിക്കണം. അത് തെക്കോട്ടു തെക്കേ
ഭാഗം. പടിഞ്ഞാറു ഭാഗമോ! തെക്കേ
അതിരുമുതൽ ഹമാത്തിലേക്കുള്ള തിരി
വിന്റെ അവസാനംവരെയും മഹാസമുദ്രം
ആയിരിക്കണം. അതു പടിഞ്ഞാറേ ഭാഗം.
ഇങ്ങനെ നിങ്ങൾ ഈ ദേശത്തെ ഇസ്രാ 21
യേൽ ഗോത്രങ്ങൾക്കു വിഭാഗിക്കണം.
നിങ്ങൾ അതിനെ നിങ്ങൾക്കും നിങ്ങളുടെ 22
ഇടയിൽ വന്നുപാർക്കുന്നവരായി നിങ്ങ
ളുടെ മദ്ധ്യേ മക്കളെ ജനിപ്പിക്കുന്ന പര
ദേശികൾക്കും അവകാശമായി നറുക്കിട്ടു
വിഭാഗിക്കണം. അവർ നിങ്ങൾക്കു ഇസ്രാ
യേൽ മക്കളുടെ ഇടയിൽ സ്വദേശികളെ
പ്പോലെ ആയിരിക്കണം. നിങ്ങളോടു കൂടെ
അവർക്കും ഇസ്രായേൽ ഗോത്രങ്ങളുടെ
കൂടെ അവകാശം ലഭിക്കണം. പരദേശി 23
വന്നു പാർക്കുന്ന ഗോത്രത്തിൽതന്നെ
നിങ്ങൾ അവനു അവകാശം കൊടുക്ക
ണം എന്നു കർത്താധികർത്താവിന്റെ
അരുളപ്പാട്.

അദ്ധ്യായം 48

ഗോത്രങ്ങളുടെ പേരുകൾ: വടക്കേ 1
അറ്റംമുതൽ ഹെത്ലോൻവഴിക്കരികെയുള്ള
ഹമാത്ത്വരെ വടക്കോട്ടു ദമസ്ക്കോസി
ന്റെ അതിരിങ്കലുള്ള ഹസർ-ഏനാനും
ഇങ്ങനെ വടക്കു ഹമാത്തിന്റെ പാർശ്വ
ത്തിൽ കിഴക്കും പടിഞ്ഞാറും ഉള്ള ഭാഗ
ങ്ങളായി ദാന്റെ ഓഹരി ഒന്ന്.

ദാന്റെ അതിരിങ്കൽ കിഴക്കേഭാഗം 2
മുതൽ പടിഞ്ഞാറേഭാഗംവരെ ആശേരി
ന്റെ ഓഹരി ഒന്ന്. ആശേരിന്റെ അതിരി 3

കൽ കിഴക്കേഭാഗം മുതൽ പടിഞ്ഞാറേ ാഗം വരെ നഫ്താലിയുടെ ഓഹരി ഒന്ന്. നഫ്താലിയുടെ അതിരിങ്കൽ കിഴക്കേഭാഗം ുതൽ പടിഞ്ഞാറേ ഭാഗംവരെ മനശ്ശെ യുടെ ഓഹരി ഒന്ന്. മനശ്ശെയുടെ അതിരി കൽ കിഴക്കേ ഭാഗം മുതൽ പടിഞ്ഞാറേ ാഗംവരെ എഫ്രയീമിന്റെ ഓഹരി ഒന്ന്. എഫ്രയീമിന്റെ അതിരിങ്കൽ കിഴക്കേ ാഗംമുതൽ പടിഞ്ഞാറേഭാഗംവരെ രൂബേ ന്റെ ഓഹരി ഒന്ന്. രൂബേന്റെ അതിരി ൽ കിഴക്കേഭാഗംമുതൽ പടിഞ്ഞാറേ ാഗംവരെ യഹൂദയുടെ ഓഹരി ഒന്ന്.

യഹൂദയുടെ അതിരിങ്കൽ കിഴക്കേ ാഗം മുതൽ പടിഞ്ഞാറേ ഭാഗംവരെ ുപത്തയ്യായിരം മുഴം വീതിയും കിഴക്കേ ഗംമുതൽ പടിഞ്ഞാറേ ഭാഗംവരെയുള്ള റ്റ ഓഹരികളിൽ ഒന്നിനെപ്പോലെ നീള ം ഉള്ളത് നിങ്ങൾ അർപ്പിക്കേണ്ട വഴിപാ യിരിക്കണം. വിശുദ്ധമന്ദിരം അതിന്റെ ുവിൽ ആയിരിക്കണം. നിങ്ങൾ കർത്താ ിനു അർപ്പിക്കേണ്ടുന്ന വഴിപാട് ഇരുപ യ്യായിരം മുഴം നീളവും പതിനായിരം മുഴം തിയും ഉള്ളതു ആയിരിക്കണം. ഈ ുദ്ധ വഴിപാട് പുരോഹിതന്മാർക്കുള്ള യിരിക്കണം. അതു വടക്ക് ഇരുപത്തയ്യാ ം മുഴം നീളവും പടിഞ്ഞാറ് പതിനാ ം മുഴം വീതിയും കിഴക്ക് പതിനായിരം വീതിയും തെക്ക് ഇരുപത്തിഅയ്യാ ം മുഴം നീളവും ഉള്ളതായിരിക്കണം. ുദ്ധ ദൈവാലയം അതിന്റെ മദ്ധ്യത്തി യിരിക്കണം. അതു എന്റെ കാര്യം ക്കുകയും ഇസ്രായേൽ മക്കൾ തെറ്റി യ കാലത്ത് ലേവ്യർ തെറ്റിപ്പോയതു ലെ തെറ്റിപ്പോകാതിരിക്കുകയും ചെയ്ത ദാക്കിന്റെ പുത്രന്മാരായി വിശുദ്ധീ രായ പുരോഹിതന്മാർക്ക് ഉള്ളതാ ക്കണം.

ങ്ങനെ അതു അവർക്ക് ലേവ്യരുടെ ിരിങ്കൽ ദേശത്തിന്റെ വഴിപാടിൽ ഒരു വഴിപാടും അതിപരിശുദ്ധവുമാ ക്കണം. പുരോഹിതന്മാരുടെ അതിരി ത്തവണ്ണം ലേവ്യർക്കും ഇരുപത്തയ്യാ മുഴം നീളവും പതിനായിരം മുഴം യും ഉള്ള ഒരു ഭാഗം ഉണ്ടായിരിക്ക ആകെ ഇരുപത്തയ്യായിരം മുഴം ും ഇരുപതിനായിരം മുഴം വീതിയും. അത് വില്ക്കരുത്. കൈമാറ്റം ുത്. ദേശത്തിന്റെ ആദ്യഫലമായ അന്യർക്കു കൈവശം കൊടുക്കു ുത്. അത് കർത്താവിനു വിശുദ്ധം.

എന്നാൽ ഇരുപത്തയ്യായിരം മുഴം 15
വീതിയിൽ ശേഷിച്ചിരിക്കുന്ന അയ്യായിരം
മുഴം, നഗരത്തിനു വാസസ്ഥലവും വെളി
മ്പ്രദേശവുമായ സാധാരണസ്ഥലവും.
നഗരം അതിന്റെ നടുവിലും ആയിരി
ക്കണം. അതിന്റെ അളവ് വടക്കേഭാഗം 16
നാലായിരത്തഞ്ഞൂറും തെക്കേഭാഗം നാലാ
യിരത്തഞ്ഞൂറും കിഴക്കേ ഭാഗം നാലായിര
ത്തഞ്ഞൂറും, പടിഞ്ഞാറേഭാഗം നാലായിര
ത്തഞ്ഞൂറും മുഴം. നഗരത്തിനുള്ള വെളി 17
മ്പ്രദേശം, വടക്കോട്ടു ഇരുനൂറ്റമ്പതും,
തെക്കോട്ട് ഇരുനൂറ്റമ്പതും, കിഴക്കോട്ട് ഇരു
നൂറ്റമ്പതും, പടിഞ്ഞാറോട്ട് ഇരുനൂറ്റമ്പതും
മുഴം. എന്നാൽ വിശുദ്ധ വഴിപാടിന് ഒത്ത 18
നീളത്തിൽ കിഴക്കോട്ട് പതിനായിരവും,
പടിഞ്ഞാറോട്ട് പതിനായിരവും മുഴം. ശേഷി
പ്പുള്ളത് വിശുദ്ധ വഴിപാടിനു ഒത്തവണ്ണം
തന്നെ ആയിരിക്കണം. അതിന്റെ ഫല
ങ്ങൾ നഗരത്തിലെ കൃഷിക്കാരുടെ ഉപ
ജീവനത്തിന് ആയിരിക്കണം. ഇസ്രാ 19
യേലിന്റെ സർവ്വഗോത്രങ്ങളിലുംനിന്നു
ള്ളവരായ നഗരത്തിലെ കൃഷിക്കാർ
അതിൽ കൃഷി ചെയ്യണം. വഴിപാടു 20
സ്ഥലം മുഴുവനും ഇരുപത്തയ്യായിരം നീള
വും ഇരുപത്തയ്യായിരം വീതിയും ആയി
രിക്കണം. നഗരസ്വത്തോടുകൂടെ ഈ
വിശുദ്ധ വഴിപാടു സ്ഥലം സമചതുരമായി
നിങ്ങൾ അർപ്പിക്കണം.

ശേഷിച്ച ഭാഗം അധിപനുള്ളതായിരി 21
ക്കണം. വിശുദ്ധ വഴിപാട് സ്ഥലത്തിനും
നഗരസ്വത്തിനും ഇപ്പുറത്തും അപ്പുറത്തും
വഴിപാടുസ്ഥലത്തിന്റെ ഇരുപത്തയ്യാ
യിരം മുഴത്തിന്നെതിരെ കിഴക്കേ അതിരി
ങ്കലും പടിഞ്ഞാറ് ഇരുപത്തയ്യായിരം
മുഴത്തിനെതിരെ പടിഞ്ഞാറേ അതിരി
ങ്കലും ഗോത്രങ്ങളുടെ ഓഹരികൾക്കൊ
ത്തവണ്ണം വേണം. ഇത് അധിപനുള്ളത്.
വിശുദ്ധ വഴിപാടുസ്ഥലവും വിശുദ്ധ
മന്ദിരമായ ആലയവും അതിന്റെ നടു
വിൽ ആയിരിക്കണം. അധിപനുള്ളതി 22
ന്റെ നടുവിൽ ലേവ്യർക്കുള്ള സ്വത്തു
മുതല്ക്കും നഗരസ്വത്തുമുതല്ക്കും യഹൂദ
യുടെ അതിരിനും ബന്യാമിന്റെ അതി
രിനും ഇടയിൽ ഉള്ളത് അധിപനുള്ളതാ
യിരിക്കണം.

ശേഷമുള്ള ഗോത്രങ്ങൾക്കുള്ളത്. 23
കിഴക്കേഭാഗം മുതൽ പടിഞ്ഞാറേഭാഗം
വരെ ബന്യാമിനു ഓഹരി ഒന്ന്. ബന്യാമി 24
ന്റെ അതിരിങ്കൽ കിഴക്കേ ഭാഗംമുതൽ
പടിഞ്ഞാറേഭാഗംവരെ ശിമയോന് ഓഹരി

25 ഒന്ന്. ശിമയോൻെറ അതിരിങ്കൽ കിഴക്കേ
ഭാഗം മുതൽ പടിഞ്ഞാറേഭാഗംവരെ ഇസ്സാ
26 ഖാരിന് ഓഹരി ഒന്ന്. ഇസ്സാഖാരിൻെറ
അതിരിങ്കൽ കിഴക്കേ ഭാഗംമുതൽ പടി
ഞ്ഞാറേ ഭാഗംവരെ സെബൂലുനു ഓഹരി
27 ഒന്ന്. സെബൂലൂൻെറ അതിരിങ്കൽ കിഴക്കേ
ഭാഗം മുതൽ പടിഞ്ഞാറേഭാഗംവരെ ഗാദിന്
28 ഓഹരി ഒന്ന്. ഗാദിൻെറ അതിരിങ്കൽ
തെക്കോട്ട് തെക്കേഭാഗത്തു അതിർ താമാർ
മുതൽ മെരിബോത്ത് കാദേശ്വെള്ളം
വരെയും മിസ്രയീംതോടുവരെയും മഹാ
സമുദ്രംവരെയും ആയിരിക്കണം.
29 നിങ്ങൾ ഇസ്രായേൽ ഗോത്രങ്ങൾ
ക്കായി നറുക്കിൻപ്രകാരം വിഭജിച്ചു കൊടു
ക്കേണ്ട ദേശം ഇപ്രകാരമായിരിക്കണം.
അതാണവരുടെ ഓഹരി എന്നു കർത്താവ്
30 കല്പിക്കുന്നു. നഗരത്തിൻെറ അളവ്
ഇപ്രകാരം ആയിരിക്കട്ടെ. വടക്കുഭാഗത്തെ
31 അളവ് നാലായിരത്തി അഞ്ഞൂറു മുഴം.
ഇസ്രായേൽ ഗോത്രങ്ങളുടെ പേരുകൾ
ക്ക് അനുസരണമായി വടക്കോട്ട് മൂന്നു
ഗോപുരങ്ങൾ അതായത് റൂബേലിൻെറ
ഗോപുരം, യഹൂദായുടെ ഗോപുരം, ലേവി
യുടെ ഗോപുരം. പൂർവ്വഭാഗത്ത് നാലാ
യിരത്തി അഞ്ഞൂറുമുഴം. യൗസേഫിൻെറ
ഗോപുരം, ബന്യാമിൻെറ ഗോപുരം, ദാൻെറ
ഗോപുരം ഇങ്ങനെ മൂന്ന്. ദക്ഷിണഭാഗത്ത്
അളവ് നാലായിരത്തി അഞ്ഞൂറുമുഴം.
ശെമവൂൻെറ ഗോപുരം, ഇസാഖാറിൻെറ
ഗോപുരം, സെബൂലൂൻെറ ഗോപുരം ഇങ്ങ
നെ മൂന്ന്.
പശ്ചിമഭാഗത്ത് നാലായിരത്തി അ
ഞ്ഞൂറു മുഴം. ഗാദിൻെറ ഗോപുരം, ആശേറി
ൻെറ ഗോപുരം, നഫ്ത്താലിയുടെ ഗോപുരം
ഇങ്ങനെ മൂന്ന്. അതിൻെറ ചുറ്റളവ്
പതിനെണ്ണായിരം മുഴം. അന്നുമുതൽ ആ
നഗരത്തിൻെറ പേര് "മൊറിയോശ മ്ഹോ"
(കർത്താവ് പേരു വിളിച്ചു) എന്നായിരിക്കും.

ഹസ്ക്കിയേൽ പ്രവാചകൻെറ പ്രവചനം സമാപ്തം

ദാനിയേൽ പ്രവാചകൻ

അദ്ധ്യായം 1

യഹൂദാരാജാവായ യഹോയാക്കീമി
ന്റെ വാഴ്ചയുടെ മൂന്നാം ആണ്ടിൽ ബാ
ബേൽ രാജാവായ നെബൂഖദ്നേസർ യറൂശ
ലേമിലേക്ക് വന്നു. അതിനെതിരേ പാളയമടി
ച്ചു. കർത്താവ് യഹൂദാരാജാവായ യഹോ
യാക്കീമിനെയും ദൈവാലയത്തിലെ പാത്ര
ങ്ങളിൽ ചിലതും അവന്റെ കയ്യിൽ ഏല്പി
ച്ചുകൊടുത്തു. അവൻ അവയെ ശിനാർ ദേ
ശത്ത് തന്റെ ദേവന്റെ ക്ഷേത്രത്തിലേക്ക്
കൊണ്ടുപോയി. ആ പാത്രങ്ങൾ അവൻ
തന്റെ ദേവന്റെ ഭണ്ഡാരത്തിൽ വച്ചു.
അനന്തരം രാജാവ് തന്റെ ഷണ്ഡന്മാരിൽ
പ്രധാനിയായ ആശ്പെനാസിനോട് ഇസ്രാ
യേൽ മക്കളിൽ രാജകുടുംബത്തിലും കുലീ
നന്മാരിലും വച്ച് അംഗഭംഗമില്ലാത്തവരും
സുന്ദരന്മാരും സകല ജ്ഞാനത്തിലും
നിപുണന്മാരും രാജസന്നിധിയിൽ പരിചരി
പ്പാൻ യോഗ്യരും ആയ ചില ബാലന്മാരെ
വരുത്തുവാനും അവരെ കൽദയരുടെ
വിദ്യയും ഭാഷയും അഭ്യസിപ്പിക്കുവാനും
കല്പിച്ചു. രാജാവ് അവർക്ക് രാജഭോജന
ത്തിൽനിന്നും താൻ കുടിക്കുന്ന വീഞ്ഞിൽ
നിന്നും ഓഹരി നിയമിച്ചു. ഇങ്ങനെ അവരെ
മൂന്നു സംവത്സരം വളർത്തിയശേഷം അവർ
രാജസന്നിധിയിൽ നില്ക്കണം എന്നു
കല്പിച്ചു. അവരുടെ കൂട്ടത്തിൽ ദാനിയേൽ,
ഹനന്യാ, മീശായേൽ, അസറിയാ എന്നീ
യഹൂദപുത്രന്മാർ ഉണ്ടായിരുന്നു. ഷണ്ഡാ
ധിപൻ അവർക്ക് വേറെ പേരിട്ടു. ദാനിയേലി
ന്നു ബേൽത്ത്ശസ്സർ എന്നും ഹനന്യായ്ക്ക്
ശദ്രക്ക് എന്നും മീശായേലിന്നു മേശക്
എന്നും അസറിയായ്ക്ക് അബേദ്-നഗോ
എന്നും പേരു വിളിച്ചു. എന്നാൽ രാജാ
വിന്റെ ഭോജനംകൊണ്ടും അയാൾ കുടി
ക്കുന്ന വീഞ്ഞുകൊണ്ടും സ്വയം അശുദ്ധ
മാക്കുകയില്ല എന്നു ദാനിയേൽ മനസ്സിൽ
നിശ്ചയിച്ചു. തനിക്ക് അശുദ്ധി ഭവിപ്പാൻ
ഇടയാക്കരുതെന്ന് ഷണ്ഡാധിപനോട്
അപേക്ഷിച്ചു. ദൈവം ദാനിയേലിന്നു
ഷണ്ഡാധിപന്റെ മുമ്പിൽ ദയയും കരുണ
യും ലഭിപ്പാൻ ഇടയാക്കി. ഷണ്ഡാധിപൻ 10
ദാനിയേലിനോട് നിങ്ങളുടെ ഭക്ഷണവും
പാനീയവും നിയമിച്ചിട്ടുള്ള എന്റെ യജ
മാനനായ രാജാവിനെ എനിക്കു ഭയമാണ്.
അദ്ദേഹം നിങ്ങളുടെ മുഖം നിങ്ങളുടെ
സമപ്രായക്കാരായ ബാലന്മാരുടേതിനോട്
ഒത്തുനോക്കിയാൽ മെലിഞ്ഞുകാണു
മല്ലോ. അങ്ങനെയായാൽ നിങ്ങൾ രാജ
സന്നിധിയിൽ എന്റെ തലയ്ക്ക് അപകടം
വരുത്തും എന്നു പറഞ്ഞു. ദാനിയേലോ 11
ഷണ്ഡാധിപൻ, ദാനിയേലിന്നും ഹനന്യാ
യ്ക്കും മീശായേലിന്നും അസറിയായ്ക്കും
വിചാരകനായി നിയമിച്ചിരുന്ന മെൽസറി
നോട്: അടിയങ്ങളെ പത്തു ദിവസം പരീ 12
ക്ഷിച്ചു നോക്കിയാലും; അവർ ഞങ്ങൾക്കു
തിന്നാൻ സസ്യഭോജനവും കുടിപ്പാൻ
പച്ചവെള്ളവും തന്നു നോക്കട്ടെ. അതിന്റെ 13
ശേഷം ഞങ്ങളുടെ മുഖവും രാജഭോജനം
കഴിക്കുന്ന ബാലന്മാരുടെ മുഖവും തമ്മിൽ
നീ പരിശോധിക്കുക. പിന്നെ കാണുന്നതു 14
പോലെ അടിയങ്ങളോട് ചെയ്തുകൊൾക
എന്നു പറഞ്ഞു. അവൻ ഈ കാര്യത്തിൽ
അവരുടെ അപേക്ഷ കേട്ട് പത്തു ദിവസം
അവരെ പരീക്ഷിച്ചു. പത്തു ദിവസം കഴി 15
ഞ്ഞപ്പോൾ അവരുടെ മുഖം രാജഭോജനം
കഴിച്ചു വന്ന സകല ബാലന്മാരുടേതിലും
ഭംഗിയുള്ളതും അവർ മാംസപുഷ്ടിയുള്ള
വരും എന്നു കണ്ടു. അങ്ങനെ മെൽസർ 16
അവരുടെ ഭോജനവും അവർ കുടിക്കേണ്ട
വീഞ്ഞും നീക്കി അവർക്ക് സസ്യാഹാരം
കൊടുത്തു. ഈ നാലു ബാലന്മാർക്കോ 17
ദൈവം സകല വിദ്യയിലും ജ്ഞാനത്തിലും
നിപുണതയും സാമർത്ഥ്യവും കൊടുത്തു;
ദാനിയേൽ സകല ദർശനങ്ങളേയും
സ്വപ്നങ്ങളേയും സംബന്ധിച്ച് ജ്ഞാനിയാ
യിരുന്നു. അവരെ സന്നിധിയിൽ കൊണ്ടു 18
വരുവാൻ രാജാവു കല്പിച്ചിരുന്ന കാലം
തികഞ്ഞപ്പോൾ ഷണ്ഡാധിപൻ അവരെ
നെബൂഖദ്നേസറിന്റെ സന്നിധിയിൽ
കൊണ്ടുചെന്നു. രാജാവ് അവരോട് സംസാ 19

രിച്ചു. അവരിൽ എല്ലാവരിലും വച്ച് ദാനി
യേൽ, ഹനന്യാ, മീശായേൽ, അസറിയാ
എന്നിവർക്ക് തുല്യമായി ആരേയും കണ്ടില്ല.
അവർ രാജസന്നിധിയിൽ ശുശ്രൂഷിപ്പാൻ
20 നിന്നു. രാജാവ് അവരോട് ജ്ഞാനവിവേക
സംബന്ധമായി ചോദിച്ചതിൽനിന്നും അവർ
തന്റെ രാജ്യത്തെല്ലാടവുമുള്ള സകല
മന്ത്രവാദികളിലും ആഭിചാരകന്മാരിലും
പത്തിരട്ടി വിശിഷ്ടന്മാരെന്നു കണ്ടു. ദാനി
യേലോ സൈറസ് രാജാവിന്റെ ഒന്നാം
ആണ്ടുവരെ അവിടെ ജീവിച്ചിരുന്നു.

അദ്ധ്യായം 2

1 നെബൂഖദ്നേസറിന്റെ വാഴ്ചയുടെ
രണ്ടാം ആണ്ടിൽ നെബൂഖദ്നേസർ
സ്വപ്നം കണ്ടു. അവന്റെ മനസ്സു വിഷ
മിച്ചു. അവന്നു ഉറക്കമില്ലാതെയായി.
2 രാജാവിനോട് സ്വപ്നം അറിയിപ്പാൻ
മന്ത്രവാദികളേയും ആഭിചാരകന്മാരേയും
ക്ഷുദ്രക്കാരേയും കൽദയരേയും വിളിപ്പാൻ
രാജാവ് കല്പിച്ചു. അവർ വന്നു രാജസന്നി
3 ധിയിൽ നിന്നു. രാജാവ് അവരോട് ഞാൻ
ഒരു സ്വപ്നം കണ്ടു. സ്വപ്നത്തിന്റെ
അർത്ഥം അറിയാഞ്ഞിട്ട് എന്റെ മനസ്സ്
4 വിഷമിക്കുന്നു എന്നു കല്പിച്ചു. അതിന്ന്
കൽദയർ സുറിയാനി* ഭാഷയിൽ രാജാവി
നോട്: രാജാവ് ദീർഘായുസ്സായിരിക്കട്ടെ.
സ്വപ്നം അടിയങ്ങളോട് കല്പിച്ചാലും.
അർത്ഥം ബോധിപ്പിക്കാം എന്നുണർത്തിച്ചു.
5 രാജാവു കൽദയരോടു പറഞ്ഞു: ഞാൻ
സത്യമായി പറഞ്ഞിരിക്കുന്നു. സ്വപ്നവും
അർത്ഥവും അറിയിക്കാഞ്ഞാൽ നിങ്ങളെ
കഷണം കഷണമായി ഖണ്ഡിക്കുകയും
6 വീടുകൾ കൊള്ളയിടുകയും ചെയ്യും. സ്വ
പ്നവും അർത്ഥവും അറിയിച്ചാലോ
നിങ്ങൾക്കു സമ്മാനവും പ്രതിഫലവും
വളരെ ബഹുമാനവും ലഭിക്കും. ആകയാൽ
7 സ്വപ്നവും അർത്ഥവും അറിയിപ്പിൻ. അവർ
പിന്നെയും: രാജാവ്, സ്വപ്നം അടിയ
ങ്ങളോട് കല്പിച്ചാലും. അർത്ഥം ബോധി
8 പ്പിക്കാം എന്നുണർത്തിച്ചു. അതിന്നു
രാജാവ് മറുപടി കല്പിച്ചത്: എന്റെ വാക്ക്
സുസ്ഥിരം എന്ന് നിങ്ങൾ അറിഞ്ഞതു
കൊണ്ട് നിങ്ങൾ കൂടുതൽ സമയം ആവശ്യ
പ്പെടുകയാണെന്നു എനിക്കു നന്നായ
9 റിയാം. നിങ്ങൾ സ്വപ്നം അറിയിക്കാ
ഞ്ഞാൽ നിങ്ങൾക്ക് ഒരു വിധി മാത്രമേ
യുള്ളു. സമയം കഴിയുവോളം എന്റെ
മുമ്പിൽ വ്യാജവും കപടവാക്കും പറയുവാൻ
നിങ്ങൾ യോജിച്ചിരിക്കുന്നു. സ്വപ്നം പറ
യുവിൻ. എന്നാൽ അർത്ഥവും അറിയിപ്പാൻ
നിങ്ങൾക്കു കഴിയും എന്നു എനിക്കു
ബോദ്ധ്യമാകും. കൽദയർ രാജസന്നിധി
യിൽ ഉത്തരം ബോധിപ്പിച്ചു. രാജാവിന്റെ
കാര്യം അറിയിപ്പാൻ കഴിയുന്ന ഒരു മനുഷ്യ
നും ഭൂമിയിൽ ഇല്ല. എത്രയും മഹാനും
ബലവാനുമായ യാതൊരു രാജാവും
ഏതാദൃശമായ കാര്യം ഒരു മന്ത്രവാദി
യോടോ ആഭിചാരകനോടോ കൽദയനോ
ടോ ഒരിക്കലും ചോദിച്ചിട്ടില്ല. രാജാവ്
ചോദിക്കുന്ന കാര്യം പ്രയാസമുള്ളതാകു
ന്നു. തിരുമുമ്പിൽ അത് അറിയിപ്പാൻ അശ
രീരികളായ ദേവന്മാർക്കല്ലാതെ മറ്റാർക്കും
കഴിയുകയില്ല. അപ്പോൾ രാജാവ് കോപിച്ച്
ക്രുദ്ധനായി ബാബേലിലെ സകല വിദ്വാ
ന്മാരേയും നശിപ്പിക്കുവാൻ കല്പനയായി.
അങ്ങനെ വിദ്വാന്മാരെ കൊല്ലുവാനുള്ള
കല്പന പുറപ്പെട്ടു. അവർ ദാനിയേലിനേ
യുംകൂടെ കൊല്ലുവാൻ അന്വേഷിച്ചു.
എന്നാൽ രാജാവിന്റെ സേനാനായ
കനായ, ബാബേലിലെ വിദ്വാന്മാരെ
കൊന്നുകളവാൻ പുറപ്പെട്ട അര്യോക്കി
നോട് ദാനിയേൽ ബുദ്ധിയോടും വിവേക
ത്തോടുംകൂടെ പറഞ്ഞു: രാജസന്നിധി
യിൽനിന്ന് ഇത്ര കഠിനമായ കല്പനയു
ണ്ടാകുവാൻ കാര്യം എന്ത്? എന്ന് അവൻ
രാജാവിന്റെ സേനാധിപനായ അര്യോക്കി
നോട് ചോദിച്ചു. അര്യോക്ക് ദാനിയേലി
നോട് കാര്യം അറിയിച്ചു. ദാനിയേൽ
അകത്തു ചെന്ന് രാജാവിനോട് തനിക്കു
സമയം തരണമെന്നും താൻ രാജാവിനോട്
അർത്ഥം അറിയിക്കാമെന്നും ബോധിപ്പിച്ചു.
പിന്നെ ദാനിയേൽ വീട്ടിൽ ചെന്ന്
താനും കൂട്ടുകാരും ബാബേലിലെ മററു
വിദ്വാന്മാരോടുകൂടെ നശിച്ചുപോകാതിരി
പ്പാൻ ഈ രഹസ്യത്തെക്കുറിച്ച് സ്വർഗ്ഗ
സ്ഥനായ ദൈവത്തിന്റെ കരുണ അപേ
ക്ഷിപ്പാനായി കൂട്ടുകാരായ ഹനന്യായോ
ടും, മീശായേലിനോടും അസര്യായോടും
കാര്യം അറിയിച്ചു. അങ്ങനെ ആ രഹസ്യം
ദാനിയേലിന്നു രാത്രിദർശനത്തിൽ വെളി
പ്പെട്ടു. ദാനിയേൽ സ്വർഗ്ഗസ്ഥനായ ദൈവ
ത്തെ സ്തുതിച്ചു പറഞ്ഞത്, ദൈവത്തിന്റെ
നാമം എന്നും എന്നേക്കും സ്തുതിക്കപ്പെടു
മാറാകട്ടെ. ജ്ഞാനവും, ശക്തിയും അവന്റേ
തല്ലോ. അവൻ കാലങ്ങളേയും സമയങ്ങ
ളേയും മാറ്റുന്നു. അവൻ രാജാക്കന്മാരെ
ഭ്രഷ്ടരാക്കുകയും, രാജാക്കന്മാരെ വാഴിക്കു
കയും ചെയ്യുന്നു. അവൻ ജ്ഞാനികൾക്ക്
ജ്ഞാനവും വിവേകികൾക്ക് ബുദ്ധിയും

* ആറാമ്യ

നൽകുന്നു. അവൻ അഗാധവും ഗൂഢവു
മായതു വെളിപ്പെടുത്തുന്നു. അവൻ ഇരു
ളിൽ ഉള്ളതു അറിയുന്നു. പ്രകാശം അവ
നോടുകൂടെ വസിക്കുന്നു. എൻെറ പിതാക്ക
ന്മാരുടെ ദൈവമേ, നീ എനിക്ക് ജ്ഞാനവും
ശക്തിയും തന്നു. ഞങ്ങൾ നിന്നോട് അപേ
ക്ഷിച്ചത് ഇപ്പോൾ എന്നെ അറിയിച്ചു.
രാജാവിൻെറ കാര്യം ഞങ്ങൾക്ക് വെളിപ്പെ
ടുത്തിയിരിക്കുകയാൽ ഞാൻ നിന്നെ
വാഴ്ത്തി സ്തുതിക്കുന്നു. അതുകൊണ്ട്
ദാനിയേൽ, ബാബേലിലെ വിദ്വാന്മാരെ
നശിപ്പിപ്പാൻ രാജാവു നിയോഗിച്ചിരുന്ന
അര്യോക്കിനെ സമീപിച്ചു. അവനോട്:
ബാബേലിലെ വിദ്വാന്മാരെ നശിപ്പിക്കരുത്.
എന്നെ രാജസന്നിധിയിൽ കൊണ്ടുപോ
കണം. ഞാൻ രാജാവിനോട് അർത്ഥം
ബോധിപ്പിക്കാം എന്നു പറഞ്ഞു.
അര്യോക്ക് ദാനിയേലിനെ താല്പര്യ
ൂർവ്വം രാജസന്നിധിയിൽ കൊണ്ടുചെന്നു.
ാജാവിനെ അർത്ഥം ബോധിപ്പിക്കുവാൻ
ഹൂദാപ്രവാസികളിൽ ഒരുവനെ ഞാൻ
ണ്ടെത്തിയിരിക്കുന്നു എന്ന് ഉണർത്തിച്ചു.
ബൽത്ത്ശസ്സർ എന്നു മറുപേരുള്ള
നിയേലിനോട് രാജാവ്: ഞാൻ കണ്ട
പ്നവും അർത്ഥവും അറിയിപ്പാൻ നിന
ു കഴിയുമോ? എന്നു ചോദിച്ചു. ദാനി
ൽ രാജസന്നിധിയിൽ ഉത്തരമായി
വാധിപ്പിച്ചു. രാജാവു ചോദിച്ച രഹസ്യ
ര്യം വിദ്വാന്മാർക്കും ആഭിചാരകന്മാർ
ും മന്ത്രവാദികൾക്കും, ശകുനവാദി
ൾക്കും രാജാവിനെ അറിയിപ്പാൻ കഴി
ന്നതല്ല. എങ്കിലും രഹസ്യങ്ങളെ വെളി
ടുത്തുന്ന ഒരു ദൈവം സ്വർഗ്ഗത്തിൽ
ട്. അവൻ ഭാവിയിൽ സംഭവിപ്പാനി
ുന്നവ നെബുഖദ്നേസർ രാജാവിനെ
ിയിച്ചിരിക്കുന്നു. സ്വപ്നവും ശയ്യയിൽ
അങ്ങേയ്ക്ക് ഉണ്ടായ ദർശനങ്ങളും
യാണ്. രാജാവേ, ഇനിമേൽ എന്തു
വിക്കും എന്നുള്ള വിചാരം അങ്ങേ
ുണ്ടായി. രഹസ്യങ്ങളെ വെളിപ്പെടു
ന്നവൻ സംഭവിപ്പാനിരിക്കുന്നത് അറി
ുമിരിക്കുന്നു. എനിക്കോ ജീവനുള്ള
രക്കാളും അധികജ്ഞാനം ഒന്നും
ായിട്ടല്ല. രാജാവിനോട് അർത്ഥം
ധിപ്പിക്കേണ്ടതിനും തിരുമനസ്സിലെ
ാരം തിരുമനസ്സുകൊണ്ട് അറിയേണ്ട
ും അത്രേ ഈ രഹസ്യം എനിക്കു വെളി
രിക്കുന്നത്. രാജാവു കണ്ട ദർശനമോ
യാരു ബിംബം; വലിപ്പവും അതിശോഭ
തുമായ ആ ബിംബം, തിരുമുമ്പിൽ
നിന്നു. അതിൻെറ രൂപം ഭയാനകമായിരു
ന്നു. ബിംബത്തിൻെറ തല തങ്കംകൊണ്ടും, 32
നെഞ്ചും കയ്യും വെള്ളികൊണ്ടും വയറും
അരയും താമ്രംകൊണ്ടും, തുട ഇരിമ്പു 33
കൊണ്ടും; കാൽ പകുതി ഇരുമ്പുകൊണ്ടും
പകുതി കളിമണ്ണുകൊണ്ടും ആയിരുന്നു.
അങ്ങ് നോക്കിക്കൊണ്ടിരിക്കവെ കൈ 34
തൊടാതെ ഒരു കല്ലു പറിഞ്ഞുവന്നു ബിംബ
ത്തെ ഇരുമ്പും കളിമണ്ണുംകൊണ്ടുള്ള
കാലിൽ അടിച്ചു തകർത്തുകളഞ്ഞു.
ഇരിമ്പും കളിമണ്ണും, താമ്രവും വെള്ളിയും 35
പൊന്നും ഒരുപോലെ തകർന്നു. വേനല്ക്കാ
ലത്തു കളത്തിലെ പതിരുപോലെ ആയി.
ഒരിടത്തും തങ്ങാത്തവിധം കാറ്റ് അവയെ
പറപ്പിച്ചുകൊണ്ടുപോയി. ബിംബത്തെ
അടിച്ചകല്ല് ഒരു മഹാപർവ്വതമായിത്തീർന്നു
ഭൂതലമാകെ നിറഞ്ഞു. ഇതത്രേ സ്വപ്നം. 36
അർത്ഥവും അടിയൻ അറിയിക്കാം; രാജാ 37
വേ അങ്ങ് രാജാധിരാജാവാകുന്നു. സ്വർഗ്ഗ
സ്ഥനായ ദൈവം അങ്ങേയ്ക്കു രാജത്വവും
ഐശ്വര്യവും ശക്തിയും മഹത്വവും നല്കി
യിരിക്കുന്നു. മനുഷ്യവാസമുള്ള സ്ഥല 38
ത്തെല്ലാം അവരേയും വന്യമൃഗങ്ങളേയും
ആകാശത്തിലെ പക്ഷികളേയും അവൻ
തൃക്കയ്യിൽ തന്നു. എല്ലാറ്റിനും മേലും
അങ്ങയെ അധിപനാക്കിയിരിക്കുന്നു.
പൊന്നുകൊണ്ടുള്ള തല അവിടുന്നു തന്നേ.
അങ്ങയുടെ ശേഷം അങ്ങയെക്കാൾ കുറ 39
വുള്ള മറ്റൊരു രാജത്വവും സർവ്വഭൂമിയിലും
വാഴുവാനിരിക്കുന്നതായി താമ്രംകൊണ്ടു
ള്ള മൂന്നാമതൊരു രാജത്വവും ഉത്ഭവിക്കും.
നാലാമത്തെ രാജത്വം ഇരിമ്പുപോലെ 40
കടുപ്പമുള്ളതായിരിക്കും. ഇരിമ്പു എല്ലാ
ത്തിനേയും തകർത്തു കീഴടക്കുമല്ലോ.
തകർക്കുന്ന ഇരിമ്പുപോലെ അത് അവ
യെയെല്ലാം ഇടിച്ചുതകർക്കും. കാലും 41
കാൽവിരലും പാതി കളിമണ്ണും പാതി
ഇരിമ്പുംകൊണ്ടുള്ളതായി കണ്ടതിൻെറ
താല്പര്യമോ: അത് ഒരു ഭിന്നരാജത്വം
ആയിരിക്കും, എങ്കിലും ഇരിമ്പും കളിമണ്ണും,
ഇടകലർന്നു കണ്ടതുപോലെ അതിൽ ഇരി
മ്പിനുള്ള ബലം കുറെ ഉണ്ടായിരിക്കും. കാൽ 42
വിരൽ പാതി ഇരിമ്പും പാതി കളിമണ്ണും
കൊണ്ട് ആയിരുന്നതുപോലെ രാജത്വം
കുറെ ബലമുള്ളതും കുറെ ഉടഞ്ഞുപോകു
ന്നതും ആയിരിക്കും. ഇരിമ്പും കളിമണ്ണും 43
ഇടകലർന്നതായി കണ്ടതിൻെറ താല്പ
ര്യമോ: അവർ വിവാഹത്താൽ തമ്മിൽ
ഇടകലരുമെങ്കിലും ഇരിമ്പും കളിമണ്ണും
തമ്മിൽ യോജിക്കാതിരുന്നതുപോലെ

44 അവർ തമ്മിൽ യോജിക്കുകയില്ല. ഈ
രാജാക്കന്മാരുടെ കാലത്ത് സ്വർഗ്ഗസ്ഥനായ
ദൈവം ഒരിക്കലും നശിച്ചുപോകാത്ത ഒരു
രാജത്വം സ്ഥാപിക്കും. ആ രാജത്വം വേറെ
ഒരു ജാതിക്ക് ഏല്പിക്കപ്പെടുകയില്ല: അത്
ഈ രാജത്വങ്ങളെയെല്ലാം തകർത്തു നശി
പ്പിക്കുകയും എന്നേക്കും നിലനില്ക്കുകയും
45 ചെയ്യും. കൈ തൊടാതെ ഒരു കല്ല് പർവ്വത
ത്തിൽനിന്നു പറിഞ്ഞുവന്നു ഇരിമ്പും
താമ്രവും കളിമണ്ണും വെള്ളിയും പൊന്നും
തകർത്തുകളഞ്ഞതായി കണ്ടതിന്റെ
അർത്ഥം: മഹാദൈവം അന്ത്യകാലത്ത് സംഭ
വിപ്പാനുള്ള കാര്യം രാജാവിനെ അറിയിച്ചി
രിക്കുന്നു. സ്വപ്നം നിശ്ചയവും അർത്ഥം
46 സത്യവുമാകുന്നു. അപ്പോൾ നെബൂഖദ്
നേസർ രാജാവ് സാഷ്ടാംഗം വീണു ദാനി
യേലിനെ നമസ്കരിച്ചു. അവന്ന് ഒരു കാഴ്ച
യും സൗരഭ്യവാസനയും അർപ്പിക്കേണമെ
47 ന്ന് കല്പിച്ചു. രാജാവു ദാനിയേലിനോട്:
ഈ രഹസ്യം വെളിപ്പെടുത്തുവാൻ പ്രാപ്ത
നായതുകൊണ്ട് നിങ്ങളുടെ ദൈവം ദൈവാ
ധിദൈവവും കർത്താധികർത്താവും രഹ
സ്യങ്ങളെ വെളിപ്പെടുത്തുന്നവനും ആകു
48 ന്നു സത്യം എന്നു കല്പിച്ചു. രാജാവ് ദാനി
യേലിനെ മഹാനാക്കി അവന് അനേകം
ശ്രേഷ്ഠസമ്മാനങ്ങളും കൊടുത്തു. അവ
നെ ബാബേൽ സംസ്ഥാനത്തിന്നെല്ലാം
അധിപതിയും ബാബേലിലെ സകല സേനാ
ധിപന്മാരുടെ മേലും, വിദ്വാന്മാരുടെ മേലും,
49 പ്രധാന കാര്യസ്ഥനും ആക്കിവെച്ചു. ദാനി
യേലിന്റെ അപേക്ഷപ്രകാരം രാജാവ് ശദ്ര
ക്കിനേയും മേശക്കിനേയും അബേദ്നഗോ
യെയും ബാബേൽ സംസ്ഥാനകാര്യങ്ങൾ
ക്ക് മേൽ വിചാരകരാക്കി. ദാനിയേലോ,
രാജാവിന്റെ കൊട്ടാരത്തിൽ താമസമായി.

ദാനിയേൽ 3

1 നെബൂഖദ്നേസർ രാജാവ് സ്വർണ്ണ
വിഗ്രഹം ഉണ്ടാക്കി. അതിന്റെ ഉയരം അറു
പതു മുഴവും വണ്ണം ആറുമുഴവും ആയിരു
ന്നു. അവൻ അതിനെ ബാബേൽ സംസ്ഥാ
നത്ത് ദൂരാ സമഭൂമിയിൽ സ്ഥാപിച്ചു,
2 നെബൂഖദ്നേസർ രാജാവ് പ്രധാന ദേശാ
ധിപന്മാരും സ്ഥാനപതിമാരും ദേശാധിപ
ന്മാരും ന്യായാധിപന്മാരും ഭണ്ഡാരകാര്യ
സ്ഥന്മാരും മന്ത്രിമാരും നഗരാധിപന്മാരും
സകല സംസ്ഥാനപാലകന്മാരും നെബു
ഖദ്നേസർ രാജാവ് സ്ഥാപിച്ച ബിംബ
ത്തിന്റെ പ്രതിഷ്ഠയ്ക്കു വന്നുകൂടുവാൻ
3 ആളയച്ചു. അങ്ങനെ പ്രധാന ദേശാധിപ
ന്മാരും സ്ഥാനപതിമാരും ദേശാധിപന്മാരും
ന്യായാധിപന്മാരും ഭണ്ഡാരവിചാരകന്മാരും
മന്ത്രിമാരും നഗരാധിപന്മാരും സകല
സംസ്ഥാനപാലകന്മാരും നെബൂഖദ്നേ
സർ രാജാവ് സ്ഥാപിച്ച ബിംബത്തിന്റെ
പ്രതിഷ്ഠയ്ക്ക് ഹാജരായി. നെബു
ഖദ്നേസർ നിർത്തിയ ബിംബത്തിന്റെ
മുമ്പാകെ നിന്നു. അപ്പോൾ ഉദ്ഘോഷകൻ 4
ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: വിവിധവംശങ്ങ
ളും ജാതികളും ഭാഷക്കാരുമേ! നിങ്ങളോട്
കല്പിക്കുന്നതെന്തെന്നാൽ: കാഹളം, 5
കുഴൽ, തംബുരു, കിന്നരം, വീണ, നാദ
സ്വരം മുതലായ സകലവിധ വാദ്യവും
കേൾക്കുമ്പോൾ നിങ്ങൾ വീണു, നെബൂഖ
ദ്നേസർ രാജാവു നിർത്തിയിരിക്കുന്ന
സ്വർണ്ണബിംബത്തെ നമസ്കരിക്കണം.
ആരെങ്കിലും വീണു നമസ്കരിക്കാതിരു 6
ന്നാൽ, അവനെ തൽക്ഷണം എരിയുന്ന
തീച്ചൂളയിൽ ഇട്ടുകളയും. ആകയാൽ സക 7
ലവംശങ്ങളും കാഹളം, കുഴൽ, തംബുരു,
കിന്നരം, വീണ മുതലായ സകലവിധ
വാദ്യനാദവും കേട്ടപ്പോൾ സകല വംശങ്ങ
ളും ജാതികളും ഭാഷക്കാരും വീണു നെബു
ഖദ്നേസർ രാജാവു നിർത്തിയ സ്വർണ്ണ
ബിംബത്തെ നമസ്കരിച്ചു. എന്നാൽ ആ 8
സമയത്ത് ചില കൽദയർ അടുത്തുവന്നു.
യഹൂദന്മാരെക്കുറിച്ച് ചില ഏഷണി പറ
ഞ്ഞു. അവർ നെബുഖദ്നേസർ രാജാവിനെ 9
അറിയിച്ചത്: രാജാവ് ദീർഘായുസ്സായിരി
ക്കട്ടെ! രാജാവേ, കാഹളം, കുഴൽ, തംബുരു, 10
കിന്നരം, വീണ, നാദസ്വരം മുതലായ
സകലവിധ വാദ്യനാദവും കേൾക്കുന്ന
ഏവനും വീണു സ്വർണ്ണബിംബത്തെ നമ
സ്കരിക്കണമെന്നും, ആരെങ്കിലും വീണു 11
നമസ്കരിക്കാതിരുന്നാൽ അവനെ എരി
യുന്ന തീച്ചൂളയിൽ ഇട്ടുകളയുമെന്നും ഒരു
തീർപ്പു കൽപിച്ചുവല്ലോ. ബാബേൽ 12
സംസ്ഥാനത്തിലെ കാര്യാദികൾക്കു മേൽ
വിചാരകന്മാരായി നിയമിച്ച ശദ്രക്, മേശക്,
അബേദ്നഗോ എന്ന ചില യഹൂദന്മാരു
ണ്ടല്ലോ. ഇവർ രാജാവിനെ അനുസരിച്ചില്ല.
അവർ അങ്ങയുടെ ദേവന്മാരെ പൂജിക്കുക
യോ തിരുമനസ്സുകൊണ്ട് ഉയർത്തിയ
സ്വർണ്ണബിംബത്തെ നമസ്കരിക്കുകയോ
ചെയ്യുന്നില്ല. അപ്പോൾ നെബൂഖദ്നേസർ 13
ഉഗ്രകോപവും, ക്രോധവും പൂണ്ട് ശദ്രക്കി
നേയും, മേശക്കിനേയും, അബേദ്നഗോ
യേയും ആനയിപ്പാൻ കല്പിച്ചു. അവർ ആ
പുരുഷന്മാരെ രാജസന്നിധിയിൽ കൊണ്ടു
വന്നു. നെബൂഖദ്നേസർ അവരോടു 14

കല്പിച്ചു: ശദ്രക്കേ, മേശക്കേ, അബേദ്നെ
ഗോ, നിങ്ങൾ എൻെറ ദേവന്മാരെ സേവിക്കു
കയോ ഞാൻ ഉയർത്തിയ സ്വർണ്ണബിംബ
ത്തെ നമസ്കരിക്കുകയോ ചെയ്യുന്നില്ല
എന്നുള്ള വാർത്ത സത്യമോ? ഇപ്പോൾ
കാഹളം, കുഴൽ, തംബുരു, കിന്നരം, വീണ,
നാദസ്വരം മുതലായ സകലവിധ വാദ്യ
നാദവും കേൾക്കുന്ന സമയത്ത് നിങ്ങൾ
ഞാൻ പ്രതിഷ്ഠിച്ച ബിംബത്തെ വീണു
നമസ്കരിപ്പാൻ ഒരുങ്ങിയിരുന്നാൽ നന്ന്.
നമസ്കരിക്കാതെയിരുന്നാലോ ഇക്ഷണം
തന്നെ നിങ്ങളെ എരിയുന്ന തീച്ചൂളയിൽ
ഇട്ടുകളയും. നിങ്ങളെ എൻെറ കയ്യിൽനിന്ന്
വിടുവിക്കാവുന്ന നിങ്ങളുടെ ദേവൻ ആർ?
ശദ്രക്കും മേശക്കും അബേദ്നെഗോയും
നെബുഖദ്നേസർ രാജാവിനോട്: ഈ
കാര്യത്തിൽ ഉത്തരം പറവാൻ ആവശ്യമില്ല.
ഞങ്ങൾ ആരാധിക്കുന്ന ദൈവത്തിന്
ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ
അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ
നിന്നും രാജാവിൻെറ കയ്യിൽനിന്നും വിടുവി
ക്കും. ഞങ്ങൾ രാജാവ് ഉയർത്തിയ സ്വർണ്ണ
ബിംബത്തെ നമസ്കരിക്കയുമില്ല എന്ന്
അറിഞ്ഞാലും എന്ന് ഉത്തരം പറഞ്ഞു.
അപ്പോൾ നെബുഖദ്നേസറിനു കോപം
ർദ്ധിച്ചു. ശദ്രക്കിൻേറയും മേശക്കിൻേറ
ും അബേദ്നെഗോയുടേയും നേരേ മുഖ
വം മാറി. ചൂള പതിവായി ചൂടുപിടിപ്പിച്ച
ൽ ഏഴുമടങ്ങു ചൂടു പിടിപ്പിക്കുവാൻ
ല്പിച്ചു. അവൻ തൻെറ സൈന്യത്തിലെ
ലവാന്മാരായ ചിലരോട് ശദ്രക്കിനേയും
ശക്കിനേയും അബേദ്നെഗോയേയും
ന്ധിച്ച് എരിയുന്ന തീച്ചൂളയിൽ ഇട്ടുകള
വാൻ കല്പിച്ചു. അങ്ങനെ അവർ ആ
രുഷന്മാരെ, അവരുടെ കാൽചട്ട, കുപ്പാ
. മേൽവസ്ത്രം മുതലായവയോടുകൂടെ
ന്ധിച്ച് എരിയുന്ന തീച്ചൂളയിൽ എറിഞ്ഞു
ഞ്ഞു. രാജകല്പന അനുസരിച്ച് ചൂള
ത്യന്തം ചൂടായിരിക്കകൊണ്ട്, ശദ്രക്കിനേ
മേശക്കിനേയും അബേദ്നെഗോയേയും
ിച്ച് ഏഷണി പറഞ്ഞവരെ അഗ്നിജ്വാല
ിപ്പിച്ചുകളഞ്ഞു. ശദ്രക്, മേശക്, അബേദ്
ാ എന്നീ *മൂന്നുപേരും ബന്ധിതരായി
യുന്ന തീച്ചൂളയിൽ വീണു. നെബുഖ
സർ രാജാവു ഭ്രമിച്ചു ഭീതിയോടെ
ന്നേററു മന്ത്രിമാരോട് നാം മൂന്നു പേരെ
യോ ബന്ധിച്ച് തീയിൽ ഇട്ടത് എന്നു
ദിച്ചതിന്ന് അവർ സത്യം തന്നേ
വേ എന്നു രാജാവിനോട് പറഞ്ഞു.
ന്ന് അവൻ നാലു പുരുഷന്മാർ കെട്ട
ഴിഞ്ഞ് തീയിൽ നടക്കുന്നത് ഞാൻ കാണു
ന്നു. അവർക്ക് ആപത്തുമില്ല. നാലാമത്ത
വൻെറ രൂപം ഒരു ദൈവപുത്രനോട് സമം
എന്നു കല്പിച്ചു. നെബുഖദ്നേസർ എരി 26
യുന്ന തീച്ചൂളയുടെ വാതില്ക്കൽ അടുത്തു
ചെന്നു: അത്യുന്നതദൈവത്തിൻെറ ദാസ
ന്മാരായ ശദ്രക്കേ മേശക്കേ അബേദ്നെ
ഗോയേ പുറത്തു വരുവിൻ എന്നു കല്പിച്ചു.
അങ്ങനെ ശദ്രക്കും മേശക്കും അബേദ്നെ 27
ഗോയും തീയിൽനിന്നു പുറത്തുവന്നു.
പ്രധാന ദേശാധിപതിമാരും സ്ഥാനപതി
മാരും ദേശാധിപതിമാരും രാജമന്ത്രിമാരും
എല്ലാ ജാതികളും വന്നുകൂടി. ആ പുരുഷ
ന്മാരുടെ ശരീരത്തിന് തീ പിടിക്കാതെയും
അവരുടെ തലമുടി കരിയാതെയും കാൽചട്ട
യ്ക്കു തീപിടിക്കാതെയും അവർക്കു തീ
യുടെ ഗന്ധംപോലും ഏൽക്കാതെയും
ഇരുന്നതു കണ്ടു. അപ്പോൾ നെബുഖദ്നേ 28
സർ കല്പിച്ചത്: ശദ്രക്കിൻേറയും മേശക്കി
ൻേറയും അബേദ്നെഗോയുടേയും ദൈവം
വാഴ്ത്തപ്പെട്ടവൻ. അവനിൽ ആശ്രയിക്ക
യും സ്വന്ത ദൈവത്തെയല്ലാതെ വേറൊരു
ദൈവത്തേയും സേവിക്കയോ നമസ്കരിക്ക
യോ ചെയ്യാതിരിക്കത്തക്കവണ്ണം രാജ
കല്പനപോലും ധിക്കരിച്ച് തങ്ങളുടെ ദേഹ
ത്തെ ഏല്പിച്ചുകൊടുക്കയും ചെയ്ത തൻെറ
ദാസന്മാരെ അവൻ സ്വദൂതനെ അയച്ച്
വിടുവിച്ചിരിക്കുന്നുവല്ലോ. ഈ വിധത്തിൽ 29
വിടുവിപ്പാൻ കഴിയുന്ന മററൊരു ദൈവവും
ഇല്ലായ്കയാൽ ഏതു ജാതിക്കാരിലും
വംശക്കാരിലും ഭാഷക്കാരിലും ആരെങ്കിലും
ശദ്രക്കിൻേറയും മേശക്കിൻേറയും അബേദ്
നെഗോയുടേയും ദൈവത്തിന്നു വിരോധ
മായി വല്ല ദൂഷണവും പറഞ്ഞാൽ അവനെ
കഷണം കഷണമായി മുറിക്കയും അവൻെറ
വീട് കുപ്പക്കുന്നാക്കുകയും ചെയ്യുമെന്ന്
ഞാൻ വിധിക്കുന്നു. പിന്നെ രാജാവ് ശദ്ര 30
ക്കിന്നും മേശക്കിന്നും അബേദ്നെഗോ
യ്ക്കും ബാബേൽസംസ്ഥാനത്തു സ്ഥാന
മാനങ്ങൾ കല്പിച്ചുകൊടുത്തു.

അദ്ധ്യായം 4

നെബുഖദ്നേസർ രാജാവ് ഭൂതലമാ 1
കെയുള്ള സകല വംശങ്ങൾക്കും ജാതി
കൾക്കും ഭാഷക്കാർക്കും എഴുതുന്നത്.
നിങ്ങൾക്കു ക്ഷേമം വർദ്ധിച്ചുവരട്ടെ. അത്യു 2
ന്നതനായ ദൈവം എന്നിൽ പ്രവർത്തിച്ച
അടയാളങ്ങളും അത്ഭുതങ്ങളും പ്രസിദ്ധീക
രിക്കുന്നത് നന്നെന്ന് എനിക്കു തോന്നിയിരി
ക്കുന്നു. അവൻെറ അത്ഭുതങ്ങൾ എത്ര

*മൂന്നു യുവാക്കന്മാരുടെ കീർത്തനം ചില പതിപ്പുകളിൽ.

3 വലിയവ! അവന്റെ അത്ഭുതങ്ങൾ എത്ര
ശക്തമായവ! അവന്റെ രാജത്വം എന്നേക്കു
മുള്ള രാജത്വവും അവന്റെ ആധിപത്യം
തലമുറതലമുറയായുള്ളതും ആകുന്നു.
4 നെബുഖദ്നേസർ എന്ന ഞാൻ എന്റെ
അരമനയിൽ ശാന്തമായും എന്റെ രാജ
ഗൃഹത്തിൽ സുഖമായും വസിക്കവെ ഒരു
5 സ്വപ്നം കണ്ടു. അതുമൂലം ഭയപ്പെട്ടു.
കിടക്കയിൽവച്ച് എനിക്കുണ്ടായ ചിന്തക
ളാലും ദർശനങ്ങളാലും വ്യാകുലമാന
6 സനായി. സ്വപ്നത്തിന്റെ അർത്ഥം അറി
യിക്കുവാൻ ബാബേലിലെ സകല വിദ്വാ
ന്മാരെയും എന്റെ മുമ്പിൽ ആനയിക്കു
7 വാൻ ഞാൻ കല്പിച്ചു. അങ്ങനെ മന്ത്ര
വാദികളും ആഭിചാരകന്മാരും കൽദയരും
ശകുനവാദികളും വന്നു. ഞാൻ സ്വപ്നം
8 അവരോട് വിവരിച്ചു പറഞ്ഞു. അവരോ
അർത്ഥം അറിയിച്ചില്ല. അവസാനം എന്റെ
ദേവന്റെ നാമപ്രകാരം ബേൽത്ത്ശസ്സർ
എന്നു പേരുള്ളവനും വിശുദ്ധദേവന്മാരു
ടെ ആത്മാവുള്ളവനുമായ ദാനിയേൽ
എന്റെ മുമ്പിൽ വന്നു. അവനോട് ഞാൻ
9 സ്വപ്നം വിവരിച്ചതെന്തെന്നാൽ: വിജ്ഞാ
നികളിൽ ശ്രേഷ്ഠനായ ബേൽത്ത്ശസ്സരേ,
വിശുദ്ധദേവന്മാരുടെ ആത്മാവ് നിന്നിൽ
ഉണ്ടെന്നും ഒരു രഹസ്യവും നിനക്കു പ്രയാ
സമല്ലെന്നും ഞാൻ അറിഞ്ഞതിനാൽ ഞാൻ
കണ്ട സ്വപ്നത്തിന്റെ താല്പര്യവും
10 അർത്ഥവും പറയുക. കിടക്കയിൽവച്ച് എനി
ക്കുണ്ടായ ദർശനം: ഭൂമിയുടെ നടുവിൽ
ഞാൻ ഒരു വൃക്ഷം കണ്ടു; അത് ഏററം
ഉയരമുള്ളതായിരുന്നു. ആ വൃക്ഷം വളർ
11 ന്ന് തഴച്ചു. അത് ആകാശത്തോളം
ഉയരമുള്ളതും സർവ്വഭൂമിയുടേയും അതി
12 രോളം കാണാവുന്നതും ആയിരുന്നു. അതി
ന്റെ ഇല ഭംഗിയുള്ളതും അനവധി ഫലമു
ള്ളതും ആയിരുന്നു. എല്ലാവർക്കും അതിൽ
ആഹാരം ഉണ്ടായിരുന്നു. വന്യമൃഗങ്ങൾ
അതിന്റെ തണലിൽ കിടന്നു. ആകാശ
ത്തിലെ പക്ഷികൾ അതിന്റെ കൊമ്പുക
ളിൽ കൂടുവച്ചു. സകല ജഡവും അതുകൊ
13 ണ്ട് ആഹാരം കഴിച്ചുപോന്നു. കിടക്കയിൽ
വച്ച് എനിക്ക് ഉണ്ടായ ദർശനത്തിൽ ഒരു
ദൂതൻ, ഒരു പരിശുദ്ധൻ തന്നേ സ്വർഗ്ഗത്തിൽ
നിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.
അവൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞത്:
14 വൃക്ഷം വെട്ടിയിട്ട് അതിന്റെ കൊമ്പു
മുറിച്ച്, ഇല കുടഞ്ഞ്, കായ് ചിതറിച്ചു
കളയുവിൻ; അതിന്റെ കീഴിൽനിന്ന് മൃഗ
ങ്ങളും, കൊമ്പുകളിൽനിന്ന് പക്ഷികളും
പൊയ്ക്കൊള്ളട്ടെ. അതിന്റെ തായ്‌വേര്
വയലിലെ ഇളമ്പുല്ലിൽ ഇരിമ്പും താമ്രവും
കൊണ്ടുള്ള ബന്ധനത്തോടെ ഭൂമിയിൽ
വച്ചിരിക്കണം. അത് ആകാശത്തിലെ
മഞ്ഞുകൊണ്ട് നനയട്ടെ; അവനു മൃഗങ്ങ
ളോടുകൂടെ നിലത്തെ പുല്ല് ആഹാരം
ആയിരിക്കട്ടെ. അവന്റെ മനുഷ്യമനസ്സ്
മാറി മൃഗത്തിന്റെ മനസ്സ് നൽകപ്പെടട്ടെ.
അങ്ങനെ അവന്ന് ഏഴ് ആണ്ട് കഴിയട്ടെ.
അത്യുന്നതൻ മനുഷ്യരുടെ രാജത്വത്തി
ന്മേൽ വാഴുകയും അതിനെ തനിക്കു ഇഷ്ട
മുള്ളവന്നു കൊടുക്കുകയും മനുഷ്യരിൽ
താണവനെ അതിന്മേൽ വാഴിക്കയും ചെയ്യു
ന്നു എന്നു ജീവനോടിരിക്കുന്നവർ അറി
യുവാൻ ഈ വിധി ദൂതന്മാരുടെ നിർണ്ണ
യവും കാര്യം വിശുദ്ധന്മാരുടെ കല്പനയും
ആകുന്നു. നെബുഖദ്നേസർ രാജാവായ
ഞാൻ ഈ സ്വപ്നം കണ്ടു. എന്നാൽ
ബൽത്ത്ശസ്സരേ, എന്റെ രാജ്യത്തിലെ
വിദ്വാന്മാരിൽ ആർക്കും അതിന്റെ അർത്ഥം
അറിയിപ്പാൻ കഴിയായ്കകൊണ്ട് നീ അതി
ന്റെ അർത്ഥം അറിയിച്ചുതരണം. വിശുദ്ധ
ദേവന്മാരുടെ ആത്മാവ് നിന്നിൽ ഉള്ളതു
കൊണ്ട് നീ അതിന്നു പ്രാപ്തനാകുന്നു എന്നു
പറഞ്ഞു.

അപ്പോൾ ബേത്ത്ശസ്സർ എന്നും പേരു
ള്ള ദാനിയേൽ ഒരു നിമിഷം സ്തംഭിച്ചിരുന്നു.
അവൻ ചിന്താപരവശനായി. രാജാവ് അവ
നോട്, ബേൽത്ത്ശസ്സരേ, സ്വപ്നവും അതി
ന്റെ അർത്ഥവും നിമിത്തം നീ പരവശനാക
രുത് എന്നു കല്പിച്ചു. ദാനിയേൽ ഉത്തരം
പറഞ്ഞത്: യജമാനനേ, സ്വപ്നം അങ്ങയു
ടെ ശത്രുക്കൾക്കും അതിന്റെ അർത്ഥം
അങ്ങയുടെ വൈരികൾക്കും ഭവിക്കട്ടെ.
വളർന്ന് ശക്തിപ്പെട്ടതും ആകാശത്തോളം
ഉയർന്നതും ഭൂമിയിൽ എല്ലായിടത്തുനിന്നും
കാണാകുന്നതും ഭംഗിയുള്ള ഇലയും അന
വധി ഫലവും എല്ലാവർക്കും ആഹാരവും
ഉള്ളതും കീഴെ വന്യമൃഗങ്ങൾ വസിച്ചതും
കൊമ്പുകളിൽ ആകാശത്തിലെ പക്ഷി
കൾക്ക് കൂടുണ്ടായിരുന്നതുമായി കണ്ട
വൃക്ഷം, രാജാവേ, ശ്രേഷ്ഠനും ബലവാനു
മായി തീർന്നിരിക്കുന്ന അങ്ങുതന്നെ. അങ്ങ
യുടെ മഹത്വം വർദ്ധിച്ചു ആകാശം വരേയും
ആധിപത്യം ഭൂമിയുടെ അറുതിവരേയും
എത്തിയിരിക്കുന്നു. ഒരു ദൂതൻ, ഒരു പരി
ശുദ്ധൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്നു:
വൃക്ഷത്തെ വെട്ടിയിട്ടു നശിപ്പിക്കുവിൻ;
എങ്കിലും അതിന്റെ തായ്‌വേർ വയലിലെ
പുല്ലിൽ ഇരിമ്പും താമ്രവുംകൊണ്ടുള്ള

ബന്ധനത്തോടുകൂടെ ഭൂമിയിൽ ഇരിക്കട്ടെ.
അവൻ ആകാശത്തിലെ മഞ്ഞുകൊണ്ടു
നനയട്ടെ. ഏഴ് ആണ്ടു കഴിയുന്നതുവരെ
അവൻെറ ജീവിതം വന്യമൃഗങ്ങളോടുകൂടെ
ആയിരിക്കട്ടെ എന്നിങ്ങനെ പറയുന്നതു
രാജാവ് കണ്ടുവല്ലോ. രാജാവേ! അതിൻെറ
അർത്ഥം ഇതാകുന്നു: എൻെറ യജമാനനാ
യ രാജാവിൻെറ മേൽ വരുന്ന അത്യുന്നത
നായവൻെറ വിധിയാണത്. അങ്ങയെ
മനുഷ്യരുടെ ഇടയിൽനിന്നു നീക്കിക്കളയും;
അങ്ങയുടെ വാസം വന്യമൃഗങ്ങളോടുകൂടെ
യാകും; അങ്ങയെ കാളയെപ്പോലെ പുല്ലു
തീററും; അങ്ങ് ആകാശത്തിലെ മഞ്ഞു
കൊണ്ടു നനയും; മനുഷ്യരാജത്വത്തി
ന്മേൽ അത്യുന്നതനായവൻ വാഴുകയും
അതിനെ തനിക്കു ബോധിച്ചവന്നു കൊടു
ക്കുകയും ചെയ്യുന്നുവെന്ന് അങ്ങ് അറിയു
ന്നതുവരെ ഏഴുവർഷം കഴിയും. വൃക്ഷ
ത്തിൻെറ തായ്‌വേർ വച്ചേക്കുവാൻ അവൻ
കല്പിച്ചതോ: വാഴുന്നതു സ്വർഗ്ഗമാകുന്നു
എന്ന് അങ്ങ് ഗ്രഹിച്ചശേഷം രാജത്വം
അങ്ങേയ്ക്ക് സ്ഥിരമാകും എന്നത്രേ. ആക
യാൽ രാജാവേ, എൻെറ ആലോചന തിരു
മനസ്സിലേക്ക് പ്രസാദമായിരിക്കട്ടെ: നീതി
യാൽ പാപങ്ങളേയും ദരിദ്രന്മാർക്ക് ദയ ചെ
യ്യുന്നതിനാൽ അകൃത്യങ്ങളെയും പരിഹരി
ച്ചുകൊൾക; ആകയാൽ അങ്ങയുടെ കുററ
ങ്ങൾ മാറിപ്പോകുന്നതുവരെ ഇവയെല്ലാം
നെബൂഖദ്നേസർ രാജാവിന്നു സംഭവിച്ചു.
പന്ത്രണ്ടു മാസം കഴിഞ്ഞ് അവൻ
ബാബേലിലെ രാജമന്ദിരത്തിൽ ഉലാത്തി
ക്കൊണ്ടിരുന്നു. ഇത് ഞാൻ എൻെറ ധന
ശക്തിയാൽ എൻെറ പ്രതാപമഹിമയ്ക്കായിട്ട്
രാജഗൃഹമായി പണിത മഹതിയാം ബാ
ബേൽ അല്ലയോ എന്നു രാജാവ് പറഞ്ഞു
തുടങ്ങി. ഈ വാക്ക് രാജാവിൻെറ വായിൽ
ഇരിക്കവെതന്നേ, സ്വർഗ്ഗത്തിൽനിന്ന് ഒരു
ശബ്ദം ഉണ്ടായതെന്തെന്നാൽ: നെബൂഖദ്
നേസർ രാജാവേ, നിന്നോടു കല്പിക്കുന്നു:
രാജത്വം നിന്നെ വിട്ടുനീങ്ങിയിരിക്കുന്നു.
നിന്നെ മനുഷ്യരുടെ ഇടയിൽനിന്നു നീക്കി
ക്കളയും; നിൻെറ വാസം കാട്ടിലെ മൃഗങ്ങ
ളോടുകൂടെ ആയിരിക്കും; നിന്നെ കാളയെ
പ്പോലെ പുല്ലുതീററും; അത്യുന്നതനായവൻ
മനുഷ്യരുടെ രാജത്വത്തിന്മേൽ വാഴുകയും
അതിനെ തനിക്ക് ഇഷ്ടമുള്ളവന്നു കൊടു
ക്കുകയും ചെയ്യുന്നു എന്നു നീ അറിയുവാൻ
നിനക്ക് ഏഴു വർഷം കഴിയും. ഉടൻതന്നേ
ആ വാക്ക് നെബൂഖദ്നേസറിന്നു നിവൃത്തി
യായി; അവനെ മനുഷ്യരുടെ ഇടയിൽനിന്നു
നീക്കിക്കളഞ്ഞു; അവൻെറ രോമം കഴുക
ൻെറ തൂവൽപോലെയും അവൻെറ നഖം
പക്ഷിയുടെ നഖംപോലെയും വളരുന്നതു
വരെ അവൻ കാളയെപ്പോലെ പുല്ലു തിന്നു
കയും അവൻെറ ദേഹം ആകാശത്തിലെ
മഞ്ഞുകൊണ്ട് നനയുകയും ചെയ്തു. ആ
കാലം കഴിഞ്ഞിട്ട് നെബൂഖദ്നേസർ എന്ന 34
ഞാൻ സ്വർഗ്ഗത്തേക്ക് കണ്ണുയർത്തി എൻെറ
ബുദ്ധിയും എനിക്കു തിരികെ കിട്ടി. ഞാൻ
അത്യുന്നതനെ വാഴ്ത്തി. എന്നേക്കും ജീവി
ച്ചിരിക്കുന്നവനെ സ്മരിച്ച് ബഹുമാനിച്ചു.
അവൻെറ ആധിപത്യം എന്നേക്കുമുള്ള
ആധിപത്യവും അവൻെറ രാജത്വം തലമുറ
തലമുറയായുള്ളതും ആകുന്നു. അവൻ 35
സർവ്വഭൂവാസികളേയും അവൻെറ മുമ്പിൽ
ഒന്നുമല്ലാത്തവയായി ഗണിക്കുന്നു. സ്വർഗ്ഗീ
യ സൈന്യത്തോടും ഭൂവാസികളോടും
ഇഷ്ടംപോലെ പ്രവർത്തിക്കുന്നു; അവൻെറ
കൈ വിരോധിക്കുവാനോ നീ എന്തു ചെ
യ്യുന്നു എന്ന് അവനോട് ചോദിപ്പാനോ
ആർക്കും കഴിയുകയില്ല. ആ സമയം തന്നേ 36
എൻെറ ബുദ്ധി മടങ്ങിവന്നു. എൻെറ രാജ
ത്വത്തിൻെറ മഹിമയ്ക്കായി എൻെറ മഹിമ
യും മുഖപ്രകാശവും മടങ്ങി വന്നു. എൻെറ
മന്ത്രിമാരും പ്രഭുക്കന്മാരും എന്നെ അന്വേ
ഷിച്ചു; ഞാൻ എൻെറ രാജത്വത്തിൽ
യഥാസ്ഥാനപ്പെട്ടു. ശ്രേഷ്ഠമഹിമയും
എനിക്കു അധികമായി സിദ്ധിച്ചു. ഇപ്പോൾ 37
നെബൂഖദ്നേസർ എന്ന ഞാൻ സ്വർഗ
സ്ഥനായ രാജാവിനെ സ്തുതിച്ചു പുക
ഴ്ത്തി ബഹുമാനിക്കുന്നു; അവൻെറ എല്ലാ
പ്രവൃത്തികളും സത്യവും അവൻെറ വഴി
കൾ ന്യായവും ആകുന്നു. നിഗളിച്ചു നട
ക്കുന്നവരെ താഴ്ത്തുവാനും അവൻ കഴി
വുള്ളവൻ.

അദ്ധ്യായം 5

ബേൽശസ്സർ രാജാവ് തൻെറ പ്രഭുക്ക 1
ന്മാരിൽ ആയിരം പേർക്ക് ഒരു വലിയ വിരു
ന്ന് ഒരുക്കി അവരുടെ മുമ്പിൽ വച്ച് വീഞ്ഞു
കുടിച്ചു. ബേൽശസ്സർ വീഞ്ഞുകുടിച്ച് രസി 2
ച്ചിരിക്കുമ്പോൾ തൻെറ പിതാവായ നെബൂ
ഖദ്നേസർ യറുശലേമിലെ ആലയത്തിൽ
നിന്ന് എടുത്തുകൊണ്ടു വന്നിരുന്ന പൊൻ
വെള്ളി പാത്രങ്ങൾ, രാജാവും, പ്രഭുക്ക
ന്മാരും, അവൻെറ ഭാര്യമാരും വെപ്പാട്ടികളും
അവയിൽ മദ്യം കുടിക്കേണ്ടതിന്നായി
കൊണ്ടുവരുവാൻ കല്പിച്ചു. അവർ യറു 3
ശലേമിലെ ദേവാലയമന്ദിരത്തിൽനിന്നു
കൊണ്ടുവന്നിരുന്ന പൊൻപാത്രങ്ങൾ

കൊണ്ടുവന്നു. രാജാവും പ്രഭുക്കന്മാരും
ഭാര്യമാരും വെപ്പാട്ടികളും അവയിൽ കുടി
4 ച്ചു. അവർ വീഞ്ഞു കുടിച്ചു പൊന്നും
വെള്ളിയും താമ്രവും ഇരിമ്പും മരവും
കല്ലും കൊണ്ടുള്ള ദേവന്മാരെ സ്തുതിച്ചു.
5 തൽക്ഷണം ഒരു മനുഷ്യൻെറ കൈവിരലു
കൾ പുറപ്പെട്ടു വിളക്കിന്നു നേരേ രാജഗൃഹ
ത്തിൻെറ ചുവരിൻെറ വെള്ളമേൽ എഴുതി.
6 എഴുതിയ കൈപ്പത്തി രാജാവു കണ്ടു. ഉട
നെ രാജാവിൻെറ മുഖഭാവം മാറി. അവൻെറ
മനസ്സ് പരവശമായി. അരയുടെ ബന്ധം അഴി
ഞ്ഞ് കാൽമുട്ടുകൾ ആടി. രാജാവ് ഉറക്കെ
7 നിലവിളിച്ചു. ആഭിചാരകന്മാരേയും കൽദ
യരേയും ശകുനവാദികളേയും കൊണ്ടു
വരുവാൻ കല്പിച്ചു. രാജാവ് ബാബേലിലെ
വിദ്വാന്മാരോട്: ആരെങ്കിലും ഈ എഴുത്തു
വായിച്ച് അർത്ഥം അറിയിച്ചാൽ അവൻ
ധൂമ്രവസ്ത്രവും കഴുത്തിൽ പൊൻമാലയും
ധരിച്ച് രാജ്യത്തിൽ മൂന്നിലൊന്നു വാഴും
8 എന്നു കല്പിച്ചു. അങ്ങനെ രാജാവിൻെറ
എല്ലാ വിദ്വാന്മാരും വന്നുകൂടി. എങ്കിലും
എഴുത്തു വായിക്കുവാനും രാജാവിനെ
അർത്ഥം അറിയിക്കുവാനും അവർക്കു
9 കഴിഞ്ഞില്ല. അപ്പോൾ ബേൽശസ്സർ രാജാ
വ് വളരെ സങ്കടത്തിലായി. അവൻെറ മുഖ
ഭാവം മാറി. അവൻെറ പ്രഭുക്കന്മാരും അമ്പ
10 രന്നു. രാജാവിൻേറയും പ്രഭുക്കന്മാരുടേയും
വാക്കു നിമിത്തം രാജ്ഞി ഭോജനശാലയിൽ
വന്നു. രാജാവു ദീർഘായുസ്സായിരിക്കട്ടെ.
അവിടന്ന് പരവശനാകരുത്. മുഖഭാവം
മാറുകയും വേണ്ടാ. വിശുദ്ധ ദേവന്മാരുടെ
ആത്മാവുള്ള ഒരു മനുഷ്യൻ അങ്ങയുടെ
11 രാജ്യത്തുണ്ട്. അങ്ങയുടെ പിതാവിൻെറ
കാലത്ത്—പ്രകാശവും ബുദ്ധിയും ദേവന്മാ
രുടെ ജ്ഞാനംപോലുള്ള ജ്ഞാനവും അവ
നിൽ കണ്ടിരുന്നു. അങ്ങയുടെ പിതാവായ
നെബൂഖദ്നേസർ രാജാവ്, രാജാവേ അങ്ങ
യുടെ പിതാവ്, ബേൽത്ത്ശസ്സർ എന്നു
പേരുവിളിച്ച ദാനിയേലിൽ ഉൽക്കൃഷ്ട
മനസ്സും വിജ്ഞാനവും ബുദ്ധിയും സ്വപ്ന
വ്യാഖ്യാനവും ഗൂഢാർഥവാക്യജ്ഞാനവും
സംശയനിവാരണവും കണ്ടിരിക്കുകയാൽ
രാജാവ് അവനെ മന്ത്രവാദികൾക്കും
ആഭിചാരകന്മാർക്കും കൽദയക്കാർക്കും
ശകുനവാദികൾക്കും അധിപനാക്കി നിയ
12 മിച്ചു. ഇപ്പോൾ ദാനിയേലിനെ വിളിക്കട്ടെ;
അവൻ അർത്ഥം ബോധിപ്പിക്കും എന്ന്
അറിയിച്ചു.
13 അങ്ങനെ അവർ ദാനിയേലിനെ രാജ
സന്നിധിയിൽ ആനയിച്ചു. രാജാവ് ദാനി
യേലിനോട് എൻെറ പിതാവായ രാജാവ്,
യഹൂദയിൽനിന്നു കൊണ്ടുവന്ന യഹൂദാ
പ്രവാസികളിൽ ഉള്ളവനായ ദാനിയേൽ
നീതന്നെയോ? ദേവന്മാരുടെ ആത്മാവ് 1
നിന്നിൽ ഉണ്ടെന്നും പ്രകാശവും ബുദ്ധിയും
വിശേഷജ്ഞാനവും നിന്നിൽ കണ്ടിരിക്കു
ന്നു എന്നും ഞാൻ നിന്നെക്കുറിച്ച് കേട്ടിരി
ക്കുന്നു. ഇപ്പോൾ ഈ എഴുത്തു വായിച്ച്
അർത്ഥം അറിയിക്കുവാൻ വിദ്വാന്മാരേയും
ആഭിചാരകന്മാരേയും എൻെറ മുമ്പാകെ
വരുത്തി. എങ്കിലും കാര്യത്തിൻെറ അർത്ഥം
അറിയിപ്പാൻ അവർക്കു കഴിഞ്ഞില്ല. എ
ന്നാൽ അർത്ഥം പറയുവാനും സംശയനിവാ
രണം ചെയ്വാനും നീ പ്രാപ്തനെന്ന് ഞാൻ
നിന്നെക്കുറിച്ച് കേട്ടിരിക്കുന്നു. ആകയാൽ
ഈ എഴുത്തു വായിച്ചു, അതിൻെറ അർത്ഥം
അറിയിപ്പാൻ നിനക്കു സാദ്ധ്യമെങ്കിൽ നീ
ധൂമ്രവസ്ത്രവും കഴുത്തിൽ പൊന്മാലയും
ധരിച്ച്, രാജ്യത്തിൻെറ മൂന്നിലൊന്നു
ഭരിക്കും. ദാനിയേൽ രാജസന്നിധിയിൽ
ഉത്തരം ബോധിപ്പിച്ചു: ദാനങ്ങൾ അങ്ങേ
യ്ക്കുതന്നെ ഇരിക്കട്ടെ. സമ്മാനങ്ങൾ
മറ്റൊരുവന്ന് കൊടുത്താലും. എഴുത്ത്
ഞാൻ രാജാവിനെ വായിച്ച് കേൾപ്പിച്ച്
അർത്ഥം ബോധിപ്പിക്കാം. രാജാവേ, അത്യു
ന്നതനായ ദൈവം അങ്ങയുടെ പിതാവായ
നെബൂഖദ്നേസറിന്നു രാജത്വവും മഹ
ത്വവും പ്രതാപവും ബഹുമാനവും നൽകി
അവന്നു നല്കിയ മഹിമമൂലം സകല വംശ
ങ്ങളും ജാതികളും ഭാഷക്കാരും അവൻെറ
മുമ്പിൽ ഭയന്നുവിറച്ചു; തനിക്കു ബോധിച്ച
വനെ അവൻ കൊല്ലുകയും ബോധിച്ചവനെ
ജീവനോടെ സൂക്ഷിക്കുകയും ബോധിച്ച
വനെ ഉയർത്തുകയും ബോധിച്ചവനെ
താഴ്ത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ 2
അവൻെറ മനസ്സ് അഹങ്കരിച്ചു; അവൻെറ
മനസ്സ് അഹങ്കാരത്താൽ കഠിനമായപ്പോൾ
അവൻ രാജാസനത്തിൽനിന്നു നീങ്ങിപ്പോ
യി; അവൻെറ മഹത്വം അവനിൽ നിന്നു
എടുത്തുകളഞ്ഞു, അങ്ങനെ അവൻ 2
മനുഷ്യമദ്ധ്യേ നിന്നു മാറി. അവൻെറ
ഹൃദയം മൃഗപ്രായമായിത്തീർന്നു. അവ
ൻെറ വാസം കാട്ടുകഴുതകളോടു കൂടെ
ആയിരുന്നു; അവനെ കാളയെപ്പോലെ
പുല്ലു തീററി; മനുഷ്യരുടെ രാജത്വത്തിന്മേൽ
അത്യുന്നതനായ ദൈവം വാഴുകയും തനി
ക്കു ഇഷ്ടമുള്ളവനെ അതിന്നു നിയമി
ക്കുകയും ചെയ്യുന്നു എന്നു അവൻ അറി
ഞ്ഞതുവരെ അവൻെറ ശരീരം ആകാശത്തി
ലെ മഞ്ഞുകൊണ്ടു നനഞ്ഞു; അവൻെറ 2

മകനായ ബേൽശസ്സരേ, ഇതെല്ലാം അറി
3 ഞ്ഞിട്ടും അങ്ങയുടെ ഹൃദയത്തെ വിനയ
പ്പെടുത്താതെ സ്വർഗസ്ഥനായ കർത്താ
വിൻെറ നേരേ സ്വയം ഉയർത്തി. അവൻെറ
ആലയത്തിലെ പാത്രങ്ങൾ അവർ അങ്ങ
യുടെ മുമ്പിൽ കൊണ്ടുവന്നു. തിരുമേനിയും
പ്രഭുക്കളും അങ്ങയുടെ ഭാര്യമാരും വെപ്പാട്ടി
കളും അവയിൽ വീഞ്ഞു കുടിച്ചു. കാണു
വാനും, കേൾപ്പാനും, അറിയുവാനും കഴി
വില്ലാത്ത പൊന്ന്, വെള്ളി, താമ്രം, ഇരുമ്പ്
മരം, കല്ല് എന്നിവകൊണ്ടുള്ള ദേവന്മാരെ
സ്തുതിച്ചു. അങ്ങയുടെ ശ്വാസവും എല്ലാ
കാര്യങ്ങളും കൈവശമുള്ള ദൈവത്തെ
മഹത്വീകരിച്ചുമില്ല. ആകയാൽ അവൻ ആ
കൈപ്പത്തി അയച്ച് ഈ എഴുത്ത് എഴുതിച്ചു.
എഴുതിയിരിക്കുന്ന എഴുത്തോ: "മേനേ,
മനേ, തെക്കേൽ, ഉഫർസീൻ." അതിൻെറ
അർത്ഥം: മേനേ എന്നു വച്ചാൽ ദൈവം
നിൻെറ രാജത്വം എണ്ണി. അതിന് അന്ത്യം
വരുത്തിയിരിക്കുന്നു. "തെക്കേൽ" എന്ന
തോ: തുലാസ്സിൽ നിന്നെ "തൂക്കി" കുറവു
ള്ളവനായി കണ്ടിരിക്കുന്നു. ഫെറേസ്
എന്നതോ: നിൻെറ രാജ്യം "വിഭാഗിച്ചു"
മേദ്യർക്കും പാർസികൾക്കും കൊടുത്തിരി
ക്കുന്നു." അപ്പോൾ ബേൽശസ്സരിൻെറ
ല്പനയാൽ അവർ ദാനിയേലിനെ
ധ്രവസ്ത്രവും കഴുത്തിൽ പൊന്മാലയും
രിപ്പിച്ചു. അവൻ രാജ്യത്തിലെ മൂന്നാമ
നായി വാഴും എന്ന് അവനെക്കുറിച്ചു പ്രസി
മാക്കി. ആ രാത്രിയിൽ തന്നേ കൽദയ
ജാവായ ബേൽശസ്സർ കൊല്ലപ്പെട്ടു.
റുപത്തിരണ്ടു വയസ്സുള്ള മേദ്യനായ
രിയൂസ് രാജത്വം പ്രാപിച്ചു.

അദ്ധ്യായം 6

രാജ്യമെല്ലാം ഭരിക്കുവാൻ രാജ്യത്ത്
റിരുപതു പ്രധാന ദേശാധിപതികളേയും
വരുടെമേൽ മൂന്നു അധിപന്മാരേയും
നിയമിപ്പാൻ ദാരിയൂസ് ആഗ്രഹിച്ചു. ഈ
രിൽ ദാനിയേൽ ഉണ്ടായിരുന്നു.
രാജാവിന്നു നഷ്ടം വരാതെയിരിക്കുവാൻ
ധാന ദേശാധിപതികൾ ഇവർക്കു കണ
ബോധിപ്പിക്കേണ്ടിയിരുന്നു. എന്നാൽ,
നിയേൽ ഉൽകൃഷ്ടമാനസനായിരുന്ന
താൽ അവൻ അദ്ധ്യക്ഷന്മാരിലും പ്രധാന
ദേശാധിപന്മാരിലും വിശിഷ്ടനായി ശോഭി
രാജാവ് അവനെ രാജ്യത്തിന്ന് അധി
യാക്കുവാൻ വിചാരിച്ചു. ആകയാൽ
ധിപന്മാരും പ്രധാന ദേശാധിപന്മാരും
ം സംബന്ധിച്ച് ദാനിയേലിന്ന് വിരോധ
മായി കുററം കണ്ടെത്തുവാൻ ആഗ്രഹിച്ചു.
എന്നാൽ യാതൊരു കുറ്റവും കണ്ടെത്തു
വാൻ അവർക്കു കഴിഞ്ഞില്ല; അവൻ അവ
ൻെറ ദൈവത്തിൽ വിശ്വസ്തനായിരുന്നതു
കൊണ്ട് ഒരു തെറ്റും കുറ്റവും അവനിൽ ക
ണ്ടെത്തിയില്ല. അപ്പോൾ ആ പുരുഷന്മാർ: 5
നാം ഈ ദാനിയേലിനെതിരേ അവൻെറ
ദൈവത്തിൻെറ ന്യായപ്രമാണം കാരണമാ
ക്കിയതല്ലാതെ മറ്റൊരു കുററവും കണ്ടെ
ത്തുകയില്ല എന്നു പറഞ്ഞു.
അങ്ങനെ അധിപന്മാരും പ്രധാന ദേശാ 6
ധിപന്മാരും രാജാവിൻെറ അടുക്കൽ ചെന്ന്
പറഞ്ഞു: ദാര്യാവേശ് രാജാവ് ദീർഘായു
സ്സായിരിക്കട്ടെ. രാജാവേ, മുപ്പതു ദിവസ 7
ത്തേക്ക് അങ്ങയോടല്ലാതെ യാതൊരു
ദേവനോടോ മനുഷ്യനോടോ ആരെങ്കിലും
പ്രാർത്ഥിച്ചാൽ അവനെ സിംഹങ്ങളുടെ
ഗുഹയിൽ ഇട്ടുകളയും എന്നൊരു വിളം
ബരം ഇറക്കുകയും ഖണ്ഡിതമായൊരു
നിരോധനം കല്പിക്കുകയും ചെയ്യണമെന്ന്
രാജ്യത്തിലെ എല്ലാ അധിപന്മാരും സ്ഥാന
പതികളും പ്രധാന ദേശാധിപന്മാരും മന്ത്രി
മാരും ദേശാധിപന്മാരും കൂടി ആലോചി
ച്ചിരിക്കുന്നു. ആകയാൽ രാജാവേ, മേദ്യ 8
രുടേയും പാഴ്സികളുടേയും അലംഘനീയ
നിയമപ്രകാരം മാററം വരാതവണ്ണം ആ
നിരോധനകല്പന കർശനമാക്കി രേഖ
പ്പെടുത്തണമെ. അങ്ങനെ ദാരിയൂസ് 9
രാജാവു രേഖയും നിരോധന കല്പനയും
എഴുതിച്ചു. എന്നാൽ, രേഖ എഴുതിയിരി 10
ക്കുന്നു എന്നു ദാനിയേൽ അറിഞ്ഞപ്പോൾ
അവൻ സ്വഭവനത്തിലെത്തി, അവൻെറ
മാളികമുറിയുടെ ജനൽ യറുശലേമിന്നു
നേരേ തുറന്നിരുന്നു—താൻ മുമ്പു മുതൽ
ചെയ്തുവന്നതുപോലെ ദിവസം മൂന്നു
പ്രാവശ്യം മുട്ടുകുത്തി തൻെറ ദൈവത്തി
ൻെറ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം
ചെയ്തു. അപ്പോൾ ആ പുരുഷന്മാർ വേഗം 11
വന്ന് ദാനിയേൽ തൻെറ ദൈവത്തിൻെറ
സന്നിധിയിൽ പ്രാർത്ഥിച്ച് അപേക്ഷിക്കു
ന്നതു കണ്ടു. ഉടനെ അവർ രാജസന്നിധി 12
യിലെത്തി രാജാവിൻെറ നിരോധന
കല്പനയെക്കുറിച്ച് സംസാരിച്ചു. രാജാവേ,
മുപ്പതു ദിവസത്തേക്ക് അങ്ങയോടല്ലാതെ,
യാതൊരു ദേവനോടോ മനുഷ്യനോടോ
പ്രാർത്ഥിക്കുന്ന ഏതു മനുഷ്യനേയും
സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളയും
എന്നിങ്ങനെ ഒരു കല്പന എഴുതിച്ചിട്ടി
ല്ലയോ എന്നു ചോദിച്ചു. അതിന്നു രാജാവ്:
മേദ്യരുടേയും പാർസികളുടേയും അലംഘ

നീയ നിയമപ്രകാരം ആ കാര്യം ഉറപ്പു തന്നേ
13 എന്നുത്തരം പറഞ്ഞു. അതിന്ന് അവർ
രാജസന്നിധിയിൽ: രാജാവേ യഹൂദാ
പ്രവാസികളിൽ ഒരുത്തനായ ദാനിയേൽ
അങ്ങയെയാകട്ടെ, അങ്ങ് എഴുതിച്ച നിരോ
ധന കല്പനയാകട്ടെ, വകവയ്ക്കാതെ ദിവ
സം മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചുവരുന്നു
14 എന്ന് അറിയിച്ചു. രാജാവ് ഈ വാക്കു കേട്ട്
അത്യന്തം വ്യസനിച്ചു; ദാനിയേലിനെ രക്ഷി
പ്പാൻ ആഗ്രഹിച്ചു. അവനെ രക്ഷിപ്പാൻ
സൂര്യൻ അസ്തമിക്കുവോളം പരിശ്രമിച്ചു.
15 എന്നാൽ, ആ പുരുഷന്മാർ രാജാവിനെ
ശല്യം ചെയ്തു. രാജാവേ, രാജാവ് നിശ്ച
യിക്കുന്ന ഒരു നിരോധനകല്പനയോ
നിയമമോ മാററിക്കൂടാ എന്നിങ്ങനെയാ
കുന്നു മേദ്യരുടേയും പാർസികളുടേയും
നിയമം എന്നു ബോദ്ധ്യമായിരിക്കണം
എന്ന് രാജാവിനെ അനുസ്മരിപ്പിച്ചു.
16 അങ്ങനെ രാജകല്പനയാൽ അവർ ദാനി
യേലിനെ കൊണ്ടുവന്ന് സിംഹങ്ങളുടെ
ഗുഹയിൽ ഇട്ടു; രാജാവ് ദാനിയേലിനോട്
സംസാരിച്ചു: നീ ഇടവിടാതെ പൂജിച്ചുവരു
ന്ന നിന്റെ ദൈവം നിന്നെ രക്ഷിക്കും
17 എന്നു കല്പിച്ചു. അവർ ഒരു കല്ലുകൊണ്ടു
വന്നു ഗുഹയുടെ വാതില്ക്കൽവച്ചു. ദാനി
യേലിനെക്കുറിച്ചുള്ള നിശ്ചയത്തിന് മാറ്റം
വരാതെയിരിക്കേണ്ടതിന്ന് രാജാവ് തന്റെ
മോതിരം കൊണ്ടും പ്രഭുക്കളുടെ മോതിരം
കൊണ്ടും അതിന്നു മുദ്രയിട്ടു.
18 പിന്നെ രാജാവ് രാജഗൃഹത്തിൽ ചെന്ന്
ഉപവസിച്ച് രാത്രി കഴിച്ചു. അവന്റെ സന്നി
ധിയിൽ ഭക്ഷണം കൊണ്ടുവന്നില്ല. *ഉറക്കം
19 അവനെ വിട്ടുപോയി. രാജാവ് അതിരാവി
ലെ എഴുന്നേററ് ധൃതിയിൽ സിംഹക്കുഴി
20 യുടെ അടുത്തു ചെന്നു. കുഴിയുടെ അടു
ത്ത് എത്തിയപ്പോൾ അവൻ ദുഃഖശബ്ദ
ത്തോടെ ദാനിയേലിനെ വിളിച്ചു. രാജാവ്
ദാനിയേലിനോട് സംസാരിച്ചു. ജീവനുള്ള
ദൈവത്തിന്റെ ദാസനായ ദാനിയേലേ, നീ
ഇടവിടാതെ പ്രാർത്ഥിച്ചുവരുന്ന നിന്റെ
ദൈവം സിംഹങ്ങളിൽനിന്ന് നിന്നെ രക്ഷി
21 പ്പാൻ പ്രാപ്തനായോ? എന്നു ചോദിച്ചു. ദാനി
യേൽ രാജാവിനോട്: രാജാവ് ദീർഘായു
22 സ്സായിരിക്കട്ടെ. സിംഹങ്ങൾ എനിക്കു കേടു
വരുത്താതിരിക്കേണ്ടതിന്ന് എന്റെ ദൈവം
തന്റെ ദൂതനെ അയച്ചു അവയുടെ വായട
ച്ചുകളഞ്ഞു. അവന്റെ സന്നിധിയിൽ ഞാൻ
കുററമററവൻ. രാജാവേ, തിരുമുമ്പിലും
ഞാൻ ഒരു ദോഷവും ചെയ്തിട്ടില്ല എന്നു പറ
23 ഞ്ഞു. അപ്പോൾ രാജാവ് വളരെ സന്തോ
ഷിച്ചു. ദാനിയേലിനെ കുഴിയിൽനിന്നു
കയററുവാൻ കല്പിച്ചു. അവർ ദാനിയേലി
നെ കുഴിയിൽ നിന്നും കയററി. അവൻ
തന്റെ ദൈവത്തിൽ വിശ്വസിച്ചിരുന്നതി
നാൽ അവന് യാതൊരു നാശവും പററിയ
തായി കണ്ടില്ല. പിന്നെ രാജാവ് കല്പിച്ചു:
നിങ്ങൾ ദാനിയേലിനെ കുററം ചുമത്തിയ 24
വരെ കൊണ്ടുവരുവിൻ; അവരേയും മക്ക
ളേയും, ഭാര്യമാരേയും, സിംഹങ്ങളുടെ
കുഴിയിൽ ഇടുവിൻ. അവർ കുഴിയുടെ
അടിയിൽ എത്തുന്നതിനു മുമ്പെ സിംഹ
ങ്ങൾ അവരെ പിടിച്ച് അവരുടെ അസ്ഥി
കളെല്ലാം തകർത്തുകളഞ്ഞു.
അന്ന് ദാരിയൂസ് രാജാവ് ഭൂമിയിലെ 2
ങ്ങുമുള്ള സകല വംശങ്ങൾക്കും ഭാഷക്കാർ
ക്കും, എഴുതിയതെന്തെന്നാൽ: നിങ്ങൾക്കു
സമാധാനം വർദ്ധിച്ചുവരട്ടെ. എന്റെ രാജാ 2
ധിപത്യത്തിൽ ഉൾപ്പെട്ട ഏവരും ദാനിയേ
ലിന്റെ ദൈവത്തിന്റെ മുമ്പാകെ ഭയ
ഭക്തിയോടിരിക്കണമെന്ന് ഞാൻ വിധി
കല്പിക്കുന്നു; താൻ ജീവനുള്ള ദൈവവും
എന്നേക്കും നിലനില്ക്കുന്നവനും അവന്റെ
രാജത്വം നശിച്ചുപോകാത്തതും അവന്റെ
ആധിപത്യം അവസാനം വരാത്തതും ആകു
ന്നു. അവൻ രക്ഷിക്കയും വിടുവിക്കയും 2
ചെയ്യുന്നവനാകുന്നു; അവൻ ആകാശത്തി
ലും ഭൂമിയിലും അടയാളങ്ങളും അത്ഭുത
ങ്ങളും പ്രവർത്തിക്കുന്നു; അവൻ ദാനിയേ
ലിനെ സിംഹവായിൽനിന്നു രക്ഷിച്ചിരിക്കു
ന്നു. ദാനിയേലോ ദാരിയൂസിന്റെ വാഴ്ച 2
ക്കാലത്തും പാർസി രാജാവായ കോരേശി
ന്റെ വാഴ്ചക്കാലത്തും ശുഭമായിരുന്നു.

അദ്ധ്യായം 7

ബാബേൽ രാജാവായ ബേൽശസ്സരി 1
ന്റെ ഒന്നാം ആണ്ടിൽ ദാനിയേൽ ഒരു
സ്വപ്നം കണ്ടു. അവന്നു കിടക്കയിൽവച്ചു
ദർശനങ്ങൾ ഉണ്ടായി. അവൻ സ്വപ്നം
എഴുതി കാര്യത്തിന്റെ സാരം വിവരിച്ചു.
ദാനിയേൽ വിവരിച്ചു പറഞ്ഞത്: ഞാൻ 2
രാത്രിയിൽ എന്റെ ദർശനത്തിൽ കണ്ടത്,
ആകാശത്തിലെ നാലു കാററും, മഹാസമുദ്ര
ത്തിന്റെ നേരേ അടിക്കുന്നതു ഞാൻ
കണ്ടു. അപ്പോൾ തമ്മിൽ വ്യത്യാസമുള്ള 3
നാലു മഹാമൃഗങ്ങൾ സമുദ്രത്തിൽനിന്നു
കയറിവന്നു. ഒന്നാമത്തേത് സിംഹത്തോടു 4
സദൃശവും കഴുകന്റെ ചിറകുള്ളതുമായി
രുന്നു. ഞാൻ നോക്കിക്കൊണ്ടിരിക്കെ അതി
ന്റെ ചിറകറ്റുപോയി. അതിനെ നിലത്തുനി
ന്നു പൊക്കി, മനുഷ്യനെപ്പോലെ നിവർത്തി

*18 'ഭക്ഷണം കൊണ്ടുവന്നില്ലാ' എന്നതിനു പകരം 'വിനോദങ്ങൾ പരിത്യജിച്ചു' എന്നും, അവന്റെ സന്നിധിയിൽ വെപ്പാട്ടികളെ കൊണ്ടുവന്നില്ല എന്നും Instruments of Music കൊണ്ടുവന്നില്ല എന്നും ചില വിവർത്തനങ്ങളിൽ കാണുന്നു.

നിർത്തി അതിനു മാനുഷഹൃദയം കൊടു
ത്തു. രണ്ടാമത്, കരടിയോട് സാമ്യമുള്ള
മറെറാരു മൃഗത്തെ കണ്ടു. അത് ഒരു വശം
ഉയർത്തിയും വായിൽ പല്ലിൻെറ ഇടയിൽ
മൂന്നു വാരിയെല്ലു കടിച്ചു പിടിച്ചും കൊണ്ട്
നിന്നു. അവർ അതിനോട് എഴുന്നേററു
മാംസം ധാരാളം തിന്നുക എന്നു പറഞ്ഞു.
പിന്നെ പുള്ളിപ്പുലിക്കു തുല്യമായ മറെറാ
ന്നിനെ കണ്ടു. അതിൻെറ മുതുകിന്മേൽ
പക്ഷിയുടെ നാലു ചിറകുണ്ടായിരുന്നു. മൃഗ
ത്തിന്നു നാലു തലയും ഉണ്ടായിരുന്നു.
അതിന്ന് ആധിപത്യം ലഭിച്ചു. വീണ്ടും രാത്രി
ർശനത്തിൽ ഞാൻ ഘോരവും ഭയങ്കരവും
നതിശക്തിയുമുള്ള നാലാമതൊരു മൃഗ
ത്ത കണ്ടു. അതിന്നു വലിയ ഇരുമ്പുപല്ല്
ണ്ടായിരുന്നു. അത് തിന്ന് ശേഷിച്ചതിനെ
ാൽകൊണ്ട് ചവിട്ടിക്കളഞ്ഞു. മുമ്പെ കണ്ട
കല മൃഗങ്ങളെക്കാളും ഇത് വ്യത്യാസമു
ളതായിരുന്നു. അതിന്ന് പത്തു കൊമ്പ്
ണ്ടായിരുന്നു. ഞാൻ ആ കൊമ്പുകളെ
ാക്കിക്കൊണ്ടിരിക്കുമ്പോൾ അവയുടെ
ടയിൽ മറെറാരു ചെറിയ കൊമ്പു മുളച്ചു
ന്നു. അതിനാൽ ആദ്യത്തെ കൊമ്പുക
ൽ മൂന്നെണ്ണം വേരോടെ പറിഞ്ഞുപോയി.
ാ കൊമ്പിൽ മനുഷ്യൻെറ കണ്ണുപോലെ
ണ്ണും വമ്പു പറയുന്ന വായും ഉണ്ടായിരു
ു. ഞാൻ നോക്കിക്കൊണ്ടിരിക്കെ അവർ
ായാസനങ്ങൾ നിരത്തി. വയോധിക
യ ഒരുവൻ ഇരുന്നു. അവൻെറ വസ്ത്രം
മം പോലെ വെളുത്തതും അവൻെറ
മുടി നിർമ്മലമായ ആട്ടുരോമംപോലെ
അവൻെറ സിംഹാസനം അഗ്നിജ്വാല
അവൻെറ രഥചക്രങ്ങൾ ആളുന്ന
വും ആയിരുന്നു. ഒരു അഗ്നിനദി അവ
റ മുമ്പിൽനിന്നുത്ഭവിച്ച് ഒഴുകി. ആയിര
ിരം പേർ അവന്നു ശുശ്രൂഷ ചെയ്തു.
നായിരം പതിനായിരം പേർ അവൻെറ
ാകെ നിന്നു. ന്യായാധിപൻ ഇരുന്നു.
ുകങ്ങൾ തുറക്കപ്പെട്ടു. അവർ മൃഗത്തെ
ന്നു അതിൻെറ ഉടൽ നശിപ്പിച്ച് തീയിൽ
ചുട്ടുകളയുകയും ചെയ്യുവോളം ഞാൻ
ക്കിക്കൊണ്ടിരുന്നു. ശേഷം മൃഗങ്ങളോ
വയുടെ ആധിപത്യം പോയി. എന്നിട്ടും
യുടെ ആയുസ്സ് ഒരു സമയത്തേക്കും
ത്തേക്കും നീണ്ടുനിന്നു. മനുഷ്യപുത്ര
സദൃശനായ ഒരുത്തൻ ആകാശ
ങ്ങളിന്മേൽ വരുന്നതു കണ്ടു. അവൻ
ാധികൻെറ അടുക്കൽ ചെന്നു. അവർ
ന്ന അവൻെറ അടുക്കൽ വരുത്തി.
വംശങ്ങളും ജാതികളും ഭാഷക്കാരും
അവനെ ആരാധിക്കേണ്ടതിന്നു അവന്ന്
ആധിപത്യവും മഹത്വവും രാജത്വവും
ലഭിച്ചു. അവൻെറ ആധിപത്യം അനന്തമായ
നിത്യാധിപത്യവും അവൻെറ രാജത്വം നാശ
മില്ലാത്തതും ആകുന്നു.
ദാനിയേൽ എന്ന എൻെറ ഉള്ളിൽ 15
എൻെറ മനസ്സു വ്യസനിച്ചു. എനിക്കുണ്ടായ
ദർശനങ്ങളാൽ ഞാൻ പരവശനായി. ഞാൻ 16
അടുത്തു നില്ക്കുന്നവരിൽ ഒരുവൻെറ
അടുക്കൽ ചെന്ന് അവനോട് ഇതിൻെറ
എല്ലാം സാരം ചോദിച്ചു; അവൻ കാര്യങ്ങ
ളുടെ അർത്ഥം വിവരമായി പറഞ്ഞുതന്നു.
ആ നാലു മഹാമൃഗങ്ങൾ ഭൂമിയിൽ ഉണ്ടാ 17
കുവാനിരിക്കുന്ന നാലു രാജാക്കന്മാരാ
കുന്നു. എന്നാൽ, അത്യുന്നതനായവൻെറ 18
വിശുദ്ധന്മാർ രാജത്വം പ്രാപിച്ച് എന്നേക്കും
എക്കാലത്തേക്കും രാജത്വം അനുഭവിക്കും.
എന്നാൽ മററു സകല മൃഗങ്ങളിലും വ്യത്യാ 19
സമുള്ളതും ഇരിമ്പു പല്ലും താമ്രനഖങ്ങളും
ഉള്ളതായി അതിഭയങ്കരമായതും തിന്നുക
യും തകർക്കുകയും ശേഷിച്ചതിനെ കാൽ
കൊണ്ട് ചവിട്ടിക്കളയുകയും ചെയ്തതു
മായ നാലാമത്തെ മൃഗത്തേക്കുറിച്ചും 20
അതിൻെറ തലയിലുള്ള പത്തു കൊമ്പുക
ളെക്കുറിച്ചും മുളച്ചുവന്നതും മൂന്നു കൊമ്പു
വീഴിച്ചതും കണ്ണും വമ്പു പറയുന്ന വായും
ഉള്ളതും കൂട്ടുകൊമ്പുകളേക്കാൾ കാഴ്ച
യ്ക്കു വണ്ണമേറിയതുമായ മറേറ കൊമ്പി
നെക്കുറിച്ചും ഉള്ള വിവരം അറിയുവാൻ
ഞാൻ ആഗ്രഹിച്ചു. വയോധികൻ വന്ന് 21
അത്യുന്നതൻെറ വിശുദ്ധന്മാർക്ക് ന്യായാധി
പത്യം നൽകുകയും വിശുദ്ധന്മാർ രാജത്വം
കൈവശമാക്കുന്ന കാലം വരികയും ചെയ്യു 22
വോളം ആ കൊമ്പു വിശുദ്ധന്മാരോട് യുദ്ധം
ചെയ്ത് അവരെ ജയിക്കുന്നതു ഞാൻ
കണ്ടു. അവൻ പറഞ്ഞതോ: നാലാമത്തെ 23
മൃഗം ഭൂമിയിൽ നാലാമതായി ഉത്ഭവിപ്പാ
നുള്ള രാജ്യംതന്നെ. അത് സകല രാജ്യങ്ങ
ളേക്കാളും അഭിവൃദ്ധിപ്പെട്ട് സർവഭൂമിയേ
യും തിന്ന് ചവിട്ടി തകർത്തുകളയും. ഈ 24
രാജ്യത്തുനിന്നുള്ള പത്തു കൊമ്പുകളോ
എഴുന്നേല്പാനിരിക്കുന്ന പത്തു രാജാക്ക
ന്മാരാകുന്നു. അവരുടെ ശേഷം മറെറാരു
വൻ എഴുന്നേൽക്കും. അവൻ മുമ്പിലത്ത
വരോട് വ്യത്യാസമുള്ളവനായി മൂന്നു രാജാ
ക്കന്മാരെ വീഴിക്കും. അവൻ അത്യുന്നതന്നു 25
വിരോധമായി വൻപു പറയുകയും അത്യു
ന്നതൻെറ വിശുദ്ധന്മാരെ വീഴ്ത്തിക്കള
യുകയും സമയങ്ങളേയും നിയമങ്ങളേയും
മാററുവാൻ ശ്രമിക്കുകയും ചെയ്യും. കാലവും

കാലങ്ങളും കാലത്തിൻെറ ഭാഗവും അവർ
26 അവൻെറ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കും.
എന്നാൽ ന്യായവിസ്താരസഭ ഇരുന്ന് അവ
ൻെറ ആധിപത്യം എടുത്തുകളയും. അന്ത്യം
27 വരെ അവനെ നശിപ്പിക്കും. പിന്നീട് രാജത്വ
വും ആധിപത്യവും ആകാശത്തിൻ കീഴെല്ലാ
ടവുമുള്ള രാജ്യവും മഹത്വവും അധികാര
വും അത്യുന്നതൻെറ വിശുദ്ധന്മാരായ ജന
ത്തിനു ലഭിക്കും. അവൻെറ രാജത്വം നിത്യ
രാജത്വം ആകുന്നു. സകല ആധിപത്യങ്ങ
28 ളും അവനെ സേവിച്ചനുസരിക്കും. ഇങ്ങ
നെയാകുന്നു കാര്യത്തിൻെറ അവസാനം.
ദാനിയേൽ എന്ന ഞാൻ എൻെറ വിചാര
ങ്ങളാൽ അത്യന്തം പരവശനായി എൻെറ
മുഖഭാവവും മാറി എങ്കിലും ഞാൻ ആ
കാര്യം എൻെറ ഹൃദയത്തിൽ സംഗ്രഹിച്ചു.

അദ്ധ്യായം 8

1 ദാനിയേൽ ആകുന്ന എനിക്ക് ആദ്യം
ഉണ്ടായതു കഴിഞ്ഞ് ബേൽശസ്സർ രാജാ
വിൻെറ വാഴ്ചയുടെ മൂന്നാം ആണ്ടിൽ ഒരു
2 ദർശനം ഉണ്ടായി. ഞാൻ ഒരു ദർശനം കണ്ടു.
ഏലാം സംസ്ഥാനത്തിലെ ശൂശൻ കൊട്ടാര
ത്തിൽ ആയിരുന്നപ്പോൾ അതു കണ്ടു.
ഞാൻ ഊലായി നദീതീരത്തു നില്ക്കു
3 ന്നതായി ദർശനത്തിൽ കണ്ടു. ഞാൻ തല
പൊക്കിയപ്പോൾ കൊമ്പുകളുള്ള ഒരു
ആട്ടുകൊററൻ നദീതീരത്തു നില്ക്കുന്നതു
കണ്ടു. ആ കൊമ്പുകൾ നീണ്ടവയായി
രുന്നു. ഒന്ന് മററതിനേക്കാൾ നീളമുള്ളത്.
അധികം നീളമുള്ളത്. അവസാനം മുളച്ചു
4 വന്നതായിരുന്നു. ആ ആട്ടുകൊററൻ പടി
ഞ്ഞാറോട്ടും വടക്കോട്ടും തെക്കോട്ടും ഇടി
ക്കുന്നതു ഞാൻ കണ്ടു. ഒരു മൃഗത്തിന്നും
അതിൻെറ മുമ്പാകെ നില്പാൻ കഴിഞ്ഞില്ല.
അതിൻെറ കയ്യിൽ പെടുന്നതിന്ന് ഒന്നുമില്ല.
അത് ഇഷ്ടംപോലെ ചെയ്തു അഹങ്കരിച്ചു.
5 ഞാൻ നോക്കിക്കൊണ്ടിരിക്കവെ ഒരു
കോലാട്ടുകൊററൻ പടിഞ്ഞാറുനിന്ന് നിലം
തൊടാതെ സർവഭൂതലത്തിലുംകൂടിവന്നു.
6 ആ കോലാട്ടുകൊറ്റന് കണ്ണുകളുടെ മദ്ധ്യേ
വിശേഷമായൊരു കൊമ്പുണ്ടായിരുന്നു.
അതു നദീതീരത്തു നില്ക്കുന്നതായി ഞാൻ
കണ്ട കൊമ്പുള്ള ആട്ടുകൊറ്റൻെറ നേരെ
7 ഉഗ്രക്രോധത്തോടെ പാഞ്ഞുചെന്നു. അത്
ആട്ടുകൊറ്റനോടു അടുക്കുന്നതു ഞാൻ
കണ്ടു. അത് ആട്ടുകൊററനോട് ഏററുമുട്ടി
അതിനെ ഇടിച്ചു അതിൻെറ കൊമ്പു രണ്ടും
തകർത്തുകളഞ്ഞു. അതിൻെറ മുമ്പിൽ
നില്പാൻ ആട്ടുകൊററനു ശക്തിയില്ലാ
യിരുന്നു. അത് അതിനെ നിലത്തു തള്ളി
യിട്ടു ചവിട്ടിക്കളഞ്ഞു. അതിൻെറ കയ്യിൽ
നിന്നു ആട്ടുകൊററനെ രക്ഷിപ്പാൻ ആരും
ഉണ്ടായിരുന്നില്ല. കോലാട്ടുകൊറ്റൻ ഏറ്റ 8
വും വലുതായിത്തീർന്നു. എന്നാൽ, അത്
ശക്തിപ്പെട്ടപ്പോൾ വലിയ കൊമ്പ് തകർ
ന്നുപോയി. അതിന്നു പകരം ആകാശത്തി
ലെ നാലു കാററിനു നേരെ നാലു കൊമ്പു
മുളച്ചു വന്നു. അവയിൽ ഒന്നിൽനിന്നു 9
ഒരു ചെറിയ കൊമ്പു പുറപ്പെട്ടു. അത്
തെക്കോട്ടും കിഴക്കോട്ടും മനോഹരദേശ
ത്തിന്നു നേരെയും ഏററവും വലുതായി
ത്തീർന്നു. അത് ആകാശത്തിലെ സൈന്യ
ത്തോളം വലുതായിത്തീർന്നു. സൈന്യ
ത്തിലും നക്ഷത്രങ്ങളിലും ചിലതിനെ
നിലത്തു തള്ളിയിട്ടു ചവിട്ടി. അത് സൈന്യ
ത്തിൻെറ അധിപനോളം സ്വയം വലുതാ
ക്കി. അവൻ നിരന്തര ഹോമയാഗം അപ
ഹരിക്കുകയും വിശുദ്ധ മന്ദിരം ഇടിച്ചു
കളകയും ചെയ്തു. അതിക്രമം ഹേതുവായി
നിരന്തര ഹോമയാഗത്തിന്നെതിരായി ഒരു
ശക്തി നിയമിക്കപ്പെട്ടു. അത് വിശുദ്ധിയെ
നിലത്തു തള്ളിയിടുകയും, കാര്യം നടത്തി
സാധിപ്പിക്കുകയും ചെയ്തു. അനന്തരം ഒരു
വിശുദ്ധൻ സംസാരിക്കുന്നതു ഞാൻ കണ്ടു.
സംസാരിച്ചുകൊണ്ടിരുന്ന വിശുദ്ധനോട്
മററൊരു വിശുദ്ധൻ: വിശുദ്ധമന്ദിരത്തേയും
ആരാധനയേയും ചവിട്ടിക്കളയുവാൻ
ഏല്പിച്ചു കൊടുപ്പാൻ തക്കവണ്ണം നിരന്തര
ഹോമയാഗത്തേയും ശൂന്യമാക്കുന്ന അതി
ക്രമത്തേയുംകുറിച്ച് ദർശനത്തിൽ കണ്ടിരി
ക്കുന്നത് എത്രകാലം നില്ക്കും എന്നു
ചോദിച്ചു. അതിന്ന് അവൻ അവനോട്:
രണ്ടായിരത്തി മുന്നൂറു സന്ധ്യയും ഉഷസ്സും
തികയുവോളം തന്നേ. പിന്നെ വിശുദ്ധ
മന്ദിരം യഥാസ്ഥാനപ്പെടും.

എന്നാൽ, ദാനിയേലെന്ന ഞാൻ ഈ
ദർശനം കണ്ടിട്ട് അർത്ഥം ആലോചിച്ചുകൊ
ണ്ടിരിക്കവേ, ഒരു പുരുഷരൂപം എൻെറ മു
മ്പിൽ നില്ക്കുന്നതു കണ്ടു. ഗബ്രിയേലേ,
ഇവന്ന് ഈ ദർശനം മനസ്സിലാക്കി കൊടു
ക്കുക, എന്ന് ഊലായി തീരത്തുനിന്നു
വിളിച്ചുപറയുന്ന ഒരു മനുഷ്യൻെറ ശബ്ദം
ഞാൻ കേട്ടു. അപ്പോൾ ഞാൻ നിന്ന
സ്ഥലത്ത് അവൻ അടുത്തുവന്നു. അവൻ
വന്നപ്പോൾ ഞാൻ സാഷ്ടാംഗം വീണു.
എന്നാൽ അവൻ എന്നോട്: മനുഷ്യപുത്രാ
ഗ്രഹിച്ചുകൊൾക; ഈ ദർശനം അന്ത്യകാ
ലത്തേക്കുള്ളതാകുന്നു എന്നു പറഞ്ഞു.
അവൻ എന്നോട് സംസാരിച്ചുകൊണ്ടിരി

ക്കുമ്പോൾ ഞാൻ ബോധംകെട്ട് നിലത്തു
കവിണ്ണുവീണു. അവൻ എന്നെ തൊട്ട്
എഴുന്നേല്പിച്ചു നിർത്തി. പിന്നെ അവൻ
പറഞ്ഞു: കോപത്തിന്റെ അന്ത്യകാല
ത്തിങ്കൽ സംഭവിപ്പാനിരിക്കുന്നതു ഞാൻ
നിന്നെ ഗ്രഹിപ്പിക്കും. അത് അന്ത്യകാല
ത്തേക്കുള്ളതത്രേ. രണ്ടു കൊമ്പുള്ളതായി
നീ കണ്ട ആട്ടുകൊററൻ മേദ്യ-പാർസി
രാജാക്കന്മാരെ ഉദ്ദേശിക്കുന്നു. പരുപരുത്ത
കോലാട്ടുകൊററൻ ഗ്രീക്കു രാജാവും അതി
ന്റെ കണ്ണുകളുടെ നടുവിലുള്ള വലിയ
കൊമ്പ് ഒന്നാമത്തെ രാജാവും ആകുന്നു.
അതു തകർന്നശേഷം അതിന്നു പകരം
നാലു കൊമ്പ് മുളച്ചതോ: നാലു രാജ്യം ആ
ജാതിയിൽനിന്നുത്ഭവിക്കും. അത്ര ശക്തി
യോടെ അല്ലായിരിക്കും. എന്നാൽ, അവ
ുടെ രാജത്വത്തിന്റെ അന്ത്യകാലത്ത്
അധർമികളുടെ അക്രമം തികയുമ്പോൾ
ഗ്രഭാവനും തന്ത്രജ്ഞനും ആയ രാജാവ്
എഴുന്നേല്ക്കും. അവന്റെ അധികാരം
ിപുലമായിരിക്കും. സ്വന്ത ശക്തിയാൽ
ല്ലതാനും. അവൻ അത്ഭുതാവഹമായ
ിധം നാശം പ്രവർത്തിക്കും. കൃതാർത്ഥനാ
ി അത് അനുഷ്ഠിക്കയും പലരെയും വിശു
. ജനത്തെയും നശിപ്പിക്കയും ചെയ്യും.
വൻ തന്റെ ആധിപത്യത്താൽ തന്റെ
പായം സാധിപ്പിക്കും. സ്വഹൃദയത്തിൽ
ഹങ്കരിച്ച് ചിന്താശൂന്യരായ പലരേയും
ശിപ്പിക്കുകയും കർത്താധികർത്താവി
ോട് എതിർത്തു നിന്നു കൈതൊടാതെ
ർന്നു പോകുകയുംചെയ്യും.
സന്ധ്യകളേയും ഉഷസ്സുകളേയും കുറി
പറഞ്ഞിരിക്കുന്ന ദർശനം സത്യമാകു
. ദർശനം വളരെക്കാലത്തേക്കുള്ളതാ
ാൽ അതിനെ അടച്ചുവെക്കുക. ദാനി
ലെന്ന ഞാൻ ബോധം കെട്ടു, കുറെ
സം രോഗിയായിക്കിടന്നു. പിന്നീട്
ൻ എഴുന്നേററ് രാജാവിന്റെ പ്രവർത്ത
ൾ നോക്കി. ഞാൻ ദർശനത്തെ
ർത്ത് അത്ഭുതപ്പെട്ടു. ആർക്കും അത്
ിലായില്ല.

അദ്ധ്യായം 9

കൽദയരാജ്യത്തിന്നു രാജാവായി
ർന്നവനും മേദ്യവംശത്തിൽ ഉള്ള അഹ
രാശിന്റെ മകനുമായ ദാരിയുസി
ഒന്നാം ആണ്ടിൽ, അവന്റെ വാഴ്ച
ഒന്നാം ആണ്ടിൽ ദാനിയേൽ എന്ന
യറൂശലേമിന്റെ ശൂന്യാവസ്ഥ
തു വർഷംകൊണ്ട് തീരും എന്നുള്ള
കർത്താവിന്റെ അരുളപ്പാട് ഏറമിയാ പ്ര
വാചകന്നുണ്ടായതായി ഒരു കാലസംഖ്യ
ഗ്രന്ഥത്തിൽനിന്നു ഗ്രഹിച്ചു. അപ്പോൾ 3
ഞാൻ ഉപവസിച്ചും, രട്ടുടുത്തും വെണ്ണീ
റിൽ ഇരുന്നുംകൊണ്ട് പ്രാർത്ഥനയോടും
യാചനകളോടും കൂടെ അപേക്ഷിക്കേണ്ട
തിന്നു ദൈവമായ കർത്താവിങ്കലേക്ക്
മുഖം ഉയർത്തി. എന്റെ ദൈവമായ 4
കർത്താവിനോട് ഞാൻ പ്രാർത്ഥിച്ചു
ഏററുപറഞ്ഞത്: തന്നെ സ്നേഹിക്കുന്ന
വർക്കും തന്റെ കല്പനകളെ പാലിക്കുന്ന
വർക്കും നിയമവും ദയയും പരിപാലിക്കു
ന്നവനായ മഹാനും ഭയങ്കരനുമായ ദൈവ 5
മായ കർത്താവേ, ഞങ്ങൾ പാപം ചെയ്തു,
അയോഗ്യമായി നടന്നു, തിന്മ പ്രവർത്തി
ച്ചു. ഞങ്ങൾ മത്സരിച്ച് നിന്റെ കല്പനകളും
തീർപ്പുകളും വിട്ടുമാറി. ഞങ്ങളുടെ രാജാ 6
ക്കന്മാരോടും പ്രഭുക്കന്മാരോടും പിതാക്ക
ന്മാരോടും ദേശത്തിലെ സകല ജനത്തോടും
നിന്റെ നാമത്തിൽ സംസാരിച്ച നിന്റെ
ദാസന്മാരായ പ്രവാചകന്മാരുടെ വാക്ക്
ഞങ്ങൾ കേട്ടനുസരിച്ചില്ല. കർത്താവേ 7
നിങ്കൽ വിജയമുണ്ട്. ഞങ്ങൾക്കോ ഇന്നു
ള്ളതുപോലെ ലജ്ജയത്രേ. നിന്നോട്
അഹങ്കരിച്ച മത്സരം മൂലം നീ അവരെ
നീക്കിക്കളഞ്ഞിരിക്കുന്ന സകല ദേശങ്ങ
ളിലും സമീപസ്ഥരും ദൂരസ്ഥരുമായ
യഹൂദാമക്കൾക്കും യറൂശലേം നിവാ
സികൾക്കും എല്ലാ ഇസ്രായേലിന്നുംതന്നേ.
കർത്താവേ ഞങ്ങൾ നിന്നോടു പാപം 8
ചെയ്തിരിക്കയാൽ ഞങ്ങളും ഞങ്ങളുടെ
രാജാക്കന്മാരും പ്രഭുക്കന്മാരും പിതാക്ക
ന്മാരും ലജ്ജാധീനരായി. ഞങ്ങളുടെ 9
ദൈവമായ കർത്താവിന്റെ സന്നിധിയിൽ
കരുണയും മോചനവും ഉണ്ട്. ഞങ്ങളോ
അവനോട് മത്സരിച്ചു. അവൻ തന്റെ 10
ദാസന്മാരായ പ്രവാചകന്മാർ വഴിയായി
ഞങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്ന ന്യായ
പ്രമാണപ്രകാരം നടപ്പാൻ ഞങ്ങൾ ഞങ്ങ
ളുടെ ദൈവമായ കർത്താവിന്റെ വചനം
കേട്ടനുസരിച്ചില്ല. ഇസ്രായേലെല്ലാം നിന്റെ 11
വചനം കേട്ടനുസരിക്കാതെ വിട്ടുമാറി
നിന്റെ ന്യായപ്രമാണം ലംഘിച്ചിരിക്കുന്നു.
ഇങ്ങനെ ഞങ്ങൾ അവനോട് പാപം
ചെയ്തിരിക്കയാൽ ദൈവത്തിന്റെ ദാസ
നായ മോശയുടെ ന്യായപ്രമാണം ലംഘി
ച്ചിരിക്കുന്നു; ഇങ്ങനെ ഞങ്ങൾ അവനോട്
പാപം ചെയ്തിരിക്കുകയാൽ, ദൈവത്തി
ന്റെ ദാസനായ മോശയുടെ ന്യായപ്രമാ
ണത്തിൽ എഴുതിയിരിക്കുന്ന ശാപവും

ശപഥവും ഞങ്ങളുടെ മേൽ ചൊരിഞ്ഞിരി
12 ക്കുന്നു. അവൻ വലിയ ആപത്ത് ഞങ്ങളുടെ
മേൽ വരുത്തിയതിനാൽ ഞങ്ങൾക്കും
ഞങ്ങൾക്കു ന്യായപാലനം നടത്തിവന്ന
ന്യായാധിപന്മാർക്കും വിരോധമായി താൻ
അരുളിച്ചെയ്ത വചനങ്ങൾ നിവർത്തിച്ചിരി
ക്കുന്നു. യറൂശലേമിൽ സംഭവിച്ചതുപോലെ
ആകാശത്തിൻ കീഴിലെങ്ങും സംഭവിച്ചിട്ടി
13 ല്ലല്ലോ. മോശയുടെ ന്യായപ്രമാണത്തിൽ
എഴുതിയിരിക്കുന്നതുപോലെ ഞങ്ങൾക്ക്
ഈ ആപത്തെല്ലാം വന്നിരിക്കുന്നു. എന്നി
ട്ടും ഞങ്ങൾ ഞങ്ങളുടെ അകൃത്യങ്ങളെ
വിട്ടുതിരിഞ്ഞു നിൻെറ വിശ്വാസം ഗ്രഹിക്കേ
ണ്ടതിന്ന് ഞങ്ങളുടെ ദൈവമായ കർത്താ
14 വിൻെറ കൃപയ്ക്കായി യാചിച്ചില്ല. അതി
നാൽ കർത്താവ് അനർത്ഥം ഞങ്ങളുടെ
മേൽ വരുത്തിയിരിക്കുന്നു. ഞങ്ങളുടെ
ദൈവമായ കർത്താവ് താൻ ചെയ്യുന്ന
സർവപ്രവൃത്തികളിലും നീതിമാനാകുന്നു.
ഞങ്ങളോ അവൻെറ വചനം കേട്ടനുസരി
15 ച്ചില്ല. നിൻെറ ജനത്തെ ബലമുള്ള കൈ
കൊണ്ട് മെസ്രേൻ ദേശത്തുനിന്നു കൊണ്ടു
വന്നു. ഇന്നുള്ളതുപോലെ നിനക്ക് ഒരു
നാമം ഉണ്ടാക്കിയവനായ ഞങ്ങളുടെ
ദൈവമായ കർത്താവേ ഞങ്ങൾ പാപം
16 ചെയ്ത് തിന്മ ചെയ്തിരിക്കുന്നു. കർത്താ
വേ നിൻെറ സർവനീതിക്കുമനുസരിച്ച്
നിൻെറ കോപവും ക്രോധവും നിൻെറ
വിശുദ്ധ പർവതത്തിൽനിന്നും യറൂശലേം
നഗരത്തിൽനിന്നും നീങ്ങിപ്പോകുമാറാക
ണമെ. ഞങ്ങളുടെ പാപങ്ങൾ നിമിത്തവും
ഞങ്ങളുടെ പിതാക്കന്മാരുടെ അധർമങ്ങൾ
നിമിത്തവും യറൂശലേമും നിൻെറ ജനവും
ഞങ്ങൾക്കു ചുററും ഉള്ള എല്ലാവർക്കും
17 നിന്ദാപാത്രമായിത്തീർന്നിരിക്കുന്നു. ആക
യാൽ ഞങ്ങളുടെ ദൈവമേ എൻെറ
പ്രാർത്ഥനകളും യാചനകളും കേട്ട്, ശൂന്യ
മായിരിക്കുന്ന നിൻെറ വിശുദ്ധമന്ദിരത്തി
ന്മേൽ കർത്താവിൻ നിമിത്തം തിരുമുഖം
18 പ്രകാശിപ്പിക്കേണമേ. എൻെറ ദൈവമേ,
ചെവി ചായിച്ചു കേൾക്കണമേ. കണ്ണു തുറ
ന്നു ഞങ്ങളുടെ നാശത്തേയും നിൻെറ
നാമം വിളിച്ചിരിക്കുന്ന നഗരത്തേയും കടാ
ക്ഷിക്കേണമേ. ഞങ്ങൾ ഞങ്ങളുടെ നീതി
പ്രവൃത്തികളിൽ അല്ല, നിൻെറ മഹാ
കരുണയിൽ മാത്രം ആശ്രയിച്ചുകൊണ്ടു
ഞങ്ങളുടെ യാചനകൾ തിരുസന്നിധിയിൽ
19 ബോധിപ്പിക്കുന്നു. കർത്താവേ കേൾക്ക
ണമേ, കർത്താവേ ക്ഷമിക്കണമേ; കർത്താ
വേ കേട്ടു പ്രവർത്തിക്കണമേ. എൻെറ
ദൈവമേ നിന്നെത്തന്നെ ഓർത്ത് താമസി
ക്കരുതേ; നിൻെറ നഗരത്തിന്നും നിൻെറ
ജനത്തിന്നും നിൻെറ നാമമാണല്ലോ വിളി
ച്ചിരിക്കുന്നത്.

ഇങ്ങനെ ഞാൻ പ്രാർത്ഥിക്കുകയും 2
എൻെറ പാപവും എൻെറ ജനമായ ഇസ്രാ
യേലിൻെറ പാപവും ഏററുപറയുകയും
എൻെറ ദൈവത്തിൻെറ വിശുദ്ധ പർവത
ത്തിന്നുവേണ്ടി എൻെറ ദൈവമായ കർത്താ
വിൻെറ സന്നിധിയിൽ അപേക്ഷിക്കുക
യും ചെയ്തുകൊണ്ടിരിക്കുമ്പോൾ, ഞാൻ 2
പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, ആദി
യിൽ ഞാൻ വളരെ ക്ഷീണിച്ചിരുന്ന
സമയം ദർശനത്തിൽ കണ്ട ഗബ്രീയേൽ
ഏകദേശം സന്ധ്യായാഗസമയത്തു
എന്നോടു അടുത്തു പറന്നിറങ്ങിവന്നു.
അവൻ വന്നു എന്നോട് പറഞ്ഞത്: ദാനി 2
യേലേ നിനക്ക് ബുദ്ധി ഉപദേശിച്ചു തരു
വാൻ ഞാൻ ഇപ്പോൾ വന്നിരിക്കുന്നു. നീ 2
ഏററവും വത്സലനാകയാൽ നിൻെറ യാച
നകളുടെ ആരംഭത്തിൽതന്നെ കല്പന പുറ
പ്പെട്ടു. നിന്നോട് അറിയിപ്പാൻ ഞാൻ വന്നു
മിരിക്കുന്നു. അതുകൊണ്ട് നീ കാര്യം ചിന്തി
ച്ച് ദർശനം ഗ്രഹിച്ചുകൊൾക. അക്രമങ്ങളെ 2
അവസാനിപ്പിച്ച് പാപങ്ങളെ മുദ്രയിടു
വാനും, അകൃത്യത്തിന് പ്രായശ്ചിത്തം
ചെയ്ത് ശാശ്വതനീതി വരുത്തുവാനും,
ദർശനവും പ്രവചനവും മുദ്രയിടുവാനും,
അതിപരിശുദ്ധമായതിനെ അഭിഷേകം ചെ
യ്‌വാനും തക്കവണ്ണം നിൻെറ ജനത്തിന്നും
വിശുദ്ധനഗരത്തിന്നും എഴുപത് ആഴ്ച
ക്കാലം നിശ്ചയിച്ചിരിക്കുന്നു. അതുകൊണ്ട് 2
നീ അറിഞ്ഞ് ഗ്രഹിച്ചുകൊള്ളേണ്ടതെന്തെ
ന്നാൽ: യറൂശലേമിനെ യഥാസ്ഥാനപ്പെടു
ത്തി പണിയുവാൻ കല്പന പുറപ്പെടുന്നതു
മുതൽ അഭിഷിക്തനായ രാജാവ് വരെ
ഏഴ് ആഴ്ചകൾ; അറുപത്തിരണ്ട് ആഴ്ച 2
കൊണ്ട് അതിനെ വീഥിയും കിടങ്ങു
മായി കഷ്ടതയോടെ തന്നേ വീണ്ടും
പണിയും. അറുപത്തിരണ്ട് ആഴ്ചകൾ
കഴിഞ്ഞ് അഭിഷിക്തൻ കൊല്ലപ്പെടും.
അവൻ ഇല്ലാതാകും. പിന്നെ വരു
വാനിരിക്കുന്ന രാജാവിൻെറ സൈന്യം
നഗരത്തേയും വിശുദ്ധമന്ദിരത്തേയും നശി
പ്പിക്കും. അതിൻെറ അവസാനം ഒരു പ്രളയ
ത്തോടെ ആയിരിക്കും. അവസാനത്തോളം
യുദ്ധമുണ്ടാകും. നാശം നിശ്ചയിക്കപ്പെട്ടി 2
രിക്കുന്നു. അവൻ ഒരു ആഴ്ചക്കാലംകൊ
ണ്ട് അനേകരോടും നിയമത്തെ കഠിനമാ
ക്കും; പകുതി ആഴ്ച അവൻ ഹനനയാഗവും

ഭോജനയാഗവും നിർത്തലാക്കിക്കളയും.
മ്ലേച്ഛതകളുടെ ചിറകിന്മേൽ നാശം വരും;
നിർണ്ണയിക്കപ്പെട്ടിരിക്കുന്ന അന്ത്യത്തോളം
അത് നിലകൊള്ളും.

അദ്ധ്യായം 10

പാർസിരാജാവായ കോരേശിന്റെ
മൂന്നാം ആണ്ടിൽ ബേൽത്ത്ശസ്സർ എന്ന
ദാനിയേലിന്നു ഒരു വെളിപാടുണ്ടായി. ആ
കാര്യം സത്യവും മഹാദുരിതമുള്ളതും
ആയിരുന്നു. ഞാൻ ആ കാര്യം ചിന്തിച്ചു
ദർശനത്തിനു ശ്രദ്ധിച്ചു. ആ കാലത്ത് ദാനി
യേൽ എന്ന ഞാൻ മൂന്ന് ആഴ്ചക്കാലം മുഴു
വനും ദുഃഖിച്ചുകൊണ്ടിരുന്നു. മൂന്നു ആഴ്ച
മുഴുവനും കഴിയുവോളം ഞാൻ സ്വാദു
ഭോജനം ഭക്ഷിക്കുകയോ മാംസവും
വീഞ്ഞും ആസ്വദിക്കുകയോ ചെയ്തിട്ടില്ല.
എണ്ണ തേച്ചിട്ടുമില്ല. എന്നാൽ ഒന്നാം മാസം
ഇരുപത്തിനാലാം തീയതി ഞാൻ യൂഫ്ര
ട്ടീസ് നദീതീരത്ത് ഇരിക്കുമ്പോൾ തലയു
യർത്തി നോക്കി. ചണവസ്ത്രം ധരിച്ചും
അരയ്ക്കു മഹത്വത്തിന്റെ കച്ച കെട്ടിയും
ഇരിക്കുന്ന ഒരു പുരുഷനെ കണ്ടു. അവ
ന്റെ ദർശനം വ്യത്യസ്തമായിരുന്നു. അതി
നോടു സാമ്യമുള്ള ഒന്നുമില്ലായിരുന്നു.
മുഖം മിന്നൽപ്രകാശംപോലെയും കണ്ണ്
തീപ്പന്തംപോലെയും ഭുജങ്ങളും കാലുകളും
മിനുക്കിയ താമ്രത്തിന്റെ വർണ്ണംപോലെ
യും അവന്റെ വാക്കുകളുടെ ശബ്ദം ഒരു
പുരുഷാരത്തിന്റെ ആരവംപോലെയും
ആയിരുന്നു. ദാനിയേൽ എന്ന ഞാൻ മാത്രം
ആ ദർശനം കണ്ടു. എന്നോടുകൂടെ ഉണ്ടാ
യിരുന്ന ആളുകൾ ദർശനം കണ്ടില്ല.
എങ്കിലും ഒരു മഹാ ഭയം അവർക്കുണ്ടായ
തിനാൽ അവർ ഓടിയൊളിച്ചു. അങ്ങനെ
ഞാൻ തനിച്ചു ശേഷിച്ചിരുന്നു. ഈ മഹാ
ദർശനം കണ്ടിട്ട് എന്നിൽ ഒട്ടും ബലം ശേഷി
ച്ചിരുന്നില്ല. എന്റെ മുഖശോഭ ക്ഷയിച്ചു
പോയി. എനിക്ക് തീരെ ബലമില്ലാതായി.
അവന്റെ വാക്കുകളുടെ ശബ്ദം കേട്ട
പ്പോൾ ഞാൻ ബോധംകെട്ടു നിലത്തു
ണ്ണു വീണു. അപ്പോൾ ഒരു കൈ എന്നെ
ട്ടു, എന്നെ ഉള്ളങ്കയ്യും ഊന്നി
യലോടെ നില്ക്കുമാറാക്കി. അവൻ
നോടു: ഏററവും മോഹനീയ പുരുഷ
ദാനിയേലേ, ഞാൻ നിന്നോടു പറയു
വചനങ്ങളെ ശ്രദ്ധിച്ചു നിവർന്നു നില്ക്ക.
ഇപ്പോൾ നിന്റെ അടുക്കൽ അയ
ക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു. അവൻ
വാക്ക് എന്നോടു സംസാരിച്ചപ്പോൾ
ഞാൻ വിറച്ചുകൊണ്ട് നിവർന്നു നിന്നു.
അവൻ എന്നോടു പറഞ്ഞത്, ദാനിയേലേ 12
ഭയപ്പെടേണ്ടാ, എന്തെന്നാൽ നിന്റെ ദൈവ
ത്തിന്റെ മുമ്പാകെ നില്പാൻ നിന്റെ
ഹൃദയം പരിജ്ഞാനത്തിനു നീ നൽകിയ
ഒന്നാം ദിവസം മുതൽതന്നേ നിന്റെ വാക്കു
കൾ കേൾക്കപ്പെട്ടിരിക്കുന്നു. നിന്റെ വാക്ക്
നിമിത്തം തന്നേ ഞാൻ വന്നിരിക്കുന്നു. പാർ
സിരാജ്യത്തിന്റെ അധികാരി ഇരുപത്തൊ 13
ന്നു ദിവസം എന്നോട് എതിർത്തു നിന്നു.
എങ്കിലും പ്രധാന ശ്രേഷ്ഠന്മാരിൽ ഒരുവ
നായ മീഖായേൽ എന്നെ സഹായിപ്പാൻ
വന്നു. അവനെ ഞാൻ പാർസി രാജാക്ക
ന്മാർക്ക് എതിരുനില്പാൻ അവിടെ വിട്ടിട്ട്
നിന്റെ ജനത്തിനു ഭാവികാലത്തു സംഭ 14
വിപ്പാനുള്ളതു നിന്നെ ഗ്രഹിപ്പിക്കേണ്ടതി
ന്നു ഇപ്പോൾ വന്നിരിക്കുന്നു. ദർശനം
ഇനിയും ഭാവികാലത്തേക്കുള്ളതാകുന്നു.
അവൻ ഈ വാക്കുകൾ എന്നോടു സംസാ 15
രിക്കുമ്പോൾ ഞാൻ മുഖം കുനിച്ച് ഊമ
നായി നിന്നു. അപ്പോൾ മനുഷ്യരോട് 16
സദൃശനായ ഒരുവൻ എന്റെ അധരങ്ങളെ
തൊട്ടു. ഉടനെ ഞാൻ വായ് തുറന്നു
സംസാരിച്ചു. എന്റെ മുമ്പിൽ നിന്നവനോടു
യജമാനനേ ഈ ദർശനം നിമിത്തം ഞാൻ
അതിവേദനയിലായി ശക്തിയില്ലാതാ
യിരിക്കുന്നു. അടിയന്നു യജമാനനോടു 17
സംസാരിപ്പാൻ എങ്ങനെ കഴിയും? എനിക്ക്
പെട്ടെന്നു ശക്തിയില്ലാതായി ശ്വാസം
ശേഷിച്ചിരിപ്പില്ല എന്നു പറഞ്ഞു. അപ്പോൾ 18
മനുഷ്യസാദൃശ്യത്തിലുള്ളവൻ പിന്നെയും
വന്നു എന്നെ തൊട്ടു ബലപ്പെടുത്തി. 19
ഏററവും പ്രിയനേ, ഭയപ്പെടേണ്ട: നിനക്കു
സമാധാനം! ബലപ്പെട്ടിരിക്കുക, ശക്തി
പ്പെട്ടിരിക്കുക എന്നു പറഞ്ഞു; അവൻ
എന്നോട് സംസാരിച്ചപ്പോൾ ഞാൻ ബല
പ്പെട്ടു യജമാനനേ സംസാരിക്കേണമേ; നീ
എന്നെ ബലപ്പെടുത്തിരിയിരിക്കുന്നുവല്ലോ
എന്നു പറഞ്ഞു.

അതിന്ന് അവൻ എന്നോട് പറഞ്ഞത്: 20
ഞാൻ നിന്റെ അടുക്കൽ വന്നിരിക്കുന്നത്
എന്തിനെന്നു നീ അറിയുന്നുവോ? ഞാൻ
ഇപ്പോൾ പാർസി അധികാരിയോട് യുദ്ധം
ചെയ്വാൻ മടങ്ങിപ്പോകും. ഞാൻ പുറപ്പെട്ട
ശേഷമോ ഗ്രീക്കുപ്രഭു വരും. എന്നാൽ
സത്യഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത്
ഞാൻ നിന്നെ അറിയിക്കാം. നിങ്ങളുടെ
കാവൽദൂതനായ മീഖായേൽ അല്ലാതെ
ഈ കാര്യങ്ങളിൽ എന്നോടു കൂടെ ഉറച്ചു
നില്ക്കുന്നവൻ ആരും ഇല്ല.

അദ്ധ്യായം 11

1 മേദ്യനായ ദാരിയൂസിന്റെ ഒന്നാം
ആണ്ടിൽ അവൻ എന്നെ ഉറപ്പിപ്പാനും
ബലപ്പെടുത്തുവാനും എഴുന്നേററു നിന്നു.
2 ഇപ്പോഴോ ഞാൻ നിന്നോടു സത്യം അറി
യിക്കാം. പാർസിദേശത്തു ഇനി മൂന്നു
രാജാക്കന്മാർ എഴുന്നേല്ക്കും. നാലാമ
ത്തവൻ എല്ലാവരിലും അധികം ധനവാനാ
യിരിക്കും. അവന്റെ സ്ഥാനത്ത് അവൻ
ശക്തിപ്പെട്ടു വരുമ്പോൾ എല്ലാവരേയും
ഗ്രീക്കുരാജ്യത്തിന്നു നേരെ തിരിപ്പി
3 ക്കും. പിന്നെ ശക്തനായോരു രാജാവ്
എഴുന്നേല്ക്കും. അവൻ വലിയ അധികാര
ത്തോടെ വാണ് ഇഷ്ടംപോലെ പ്രവർത്തി
4 ക്കും. അവൻ വാഴുമ്പോൾതന്നേ അവ
ന്റെ രാജ്യം തകർന്നു ആകാശത്തിലെ
നാലു കാററിലേക്കും ചിതറിപ്പോകും.
അവൻ വാണിരുന്ന അധികാരംപോലെ
അവന്റെ രാജത്വം നിർമ്മൂലമായി അവർ
5 ക്കല്ല അന്യർക്ക് അധീനമാകും. എന്നാൽ
തെക്കേ ദേശത്തിലെ രാജാവ് പ്രാബല്യം
പ്രാപിക്കും; അവന്റെ പ്രഭുക്കന്മാരിൽ
ഒരുത്തൻ അവനേക്കാൾ പ്രബലനായി
വാഴും. അവന്റെ ആധിപത്യം മഹാധി
6 പത്യമായിത്തീരും. കുറെക്കാലം കഴിഞ്ഞിട്ട്
അവർ തമ്മിൽ യോജിക്കും. തെക്കേ
ദേശത്തിലെ രാജാവിന്റെ മകൾ വടക്കേ
ദേശത്തിലെ രാജാവിന്റെ അടുക്കൽ
ഉടമ്പടി ചെയ്‌വാൻ വരും. എങ്കിലും അത്
നില്ക്കയില്ല. അവനും അവന്റെ പ്രാബല്യ
വും നിലനില്ക്കയുമില്ല. അവളെ കൊണ്ടു
ചെന്നവരും അവളും അവളുടെ തോഴി
കളും അവളെ സഹായിച്ചവനും ഇല്ലാ
7 താകും. എന്നാൽ അവന്നു പകരം അവളുടെ
വേരിൽനിന്നു മുളച്ച തൈയായ ഒരുവൻ
എഴുനേല്ക്കും; അവൻ ബലം പ്രാപിച്ചു
വടക്കേ ദേശത്തിലെ രാജാവിനോട്
8 പോരാടി ജയിക്കും. അവരുടെ ദേവന്മാ
രേയും ബിംബങ്ങളേയും വെള്ളിയും
പൊന്നുംകൊണ്ടുള്ള മനോഹരവസ്ത്ര
ങ്ങളെയും അവൻ എടുത്ത് മെസ്രേനിലേ
ക്ക് കൊണ്ടുപോകും. പിന്നെ അവൻ ഒന്നു
രണ്ടു കൊല്ലത്തോളം വടക്കേ ദേശത്തിലെ
9 രാജാവിനെ ആക്രമിക്കാതിരിക്കും. അവൻ
തെക്കേ ദേശത്തിലെ രാജാവിന്റെ രാ
ജ്യത്തേക്ക് ചെന്നു സ്വദേശത്തേക്ക് മടങ്ങി
10 പ്പോരും. അവന്റെ പുത്രന്മാരോ വീണ്ടും
യുദ്ധം ആരംഭിക്കയും ബഹുജനം അടങ്ങിയ
മഹാസൈന്യങ്ങളെ ശേഖരിക്കുകയും
ചെയ്യും. അതു വന്നു കവിഞ്ഞു കടന്നു
പോകും. പിന്നെ അവൻ മടങ്ങിച്ചെന്നു
അവന്റെ കോട്ടവരെ യുദ്ധം നടത്തും.
അപ്പോൾ തെക്കേ ദേശത്തിലെ രാജാവ് 1
ക്രോധപൂർവ്വം പുറപ്പെട്ടു വടക്കേ ദേശ
ത്തിലെ രാജാവിനോട് യുദ്ധം ചെയ്യും.
അവൻ വലിയൊരു സമൂഹത്തെ അണി
നിരത്തും. എന്നാൽ ആ സൈന്യം മറ്റവന്റെ
കയ്യിൽ ഏല്പിക്കപ്പെടും. ആ സൈന്യ 1
ത്തെ അവൻ നശിപ്പിക്കും. അവന്റെ
ഹൃദയം ഗർവ്വിച്ചു. അവൻ അനേകരെ
വീഴുമാറാക്കും; അവൻ പ്രാബല്യം പ്രാപി
ക്കയില്ല. വടക്കേ ദേശത്തിലെ രാജാവ് 1
മടങ്ങിവന്നു മുമ്പിലത്തെതിനേക്കാൾ
വലിയൊരു സൈന്യത്തെ അണിനിരത്തും.
ചില സംവത്സരം കഴിഞ്ഞിട്ട് അവൻ വലി
യൊരു സൈന്യത്തോടും വളരെ സമ്പ
ത്തോടും കൂടെ പോരും. ആ കാലത്ത് 1
പലരും വടക്കേ ദേശത്തിലെ രാജാവിനെ
തിരേ എഴുന്നേല്ക്കും. നിന്റെ ജനത്തി
ലുള്ള അക്രമികൾ ദർശനത്തെ നിവർത്തി
പ്പാൻ തക്കവണ്ണം മത്സരിക്കും. എങ്കിലും 1
അവർ ഇടറി വീഴും. എന്നാൽ വടക്കേ
ദേശത്തിലെ രാജാവു വന്നു കിടങ്ങു കുഴിച്ച്
ഉറപ്പുള്ള പട്ടണങ്ങളെ പിടിക്കും. തെക്കി
ന്റെ സൈന്യവും അവന്റെ ശ്രേഷ്ഠ
ജനവും ഉറച്ചു നില്ക്കുകയില്ല. ഉറച്ചു
നില്പാൻ അവർക്കു ശക്തിയുണ്ടാക
യുമില്ല. അവന്റെ നേരെ വരുന്നവൻ 1
ഇഷ്ടംപോലെ പ്രവർത്തിക്കും. ആരും
അവന്റെ മുമ്പാകെ നില്ക്കുകയില്ല. അവൻ
ഇസ്രായേൽ ദേശത്തു നില്ക്കും. അത്
അവന്റെ കയ്യിൽ ഏല്പിക്കപ്പെടും. അവൻ 1
തന്റെ സർവ്വ രാജ്യത്തിന്റേയും സേന
യോടുകൂടെ വരുവാൻ താല്പര്യം വയ്ക്കും.
എന്നാൽ അവൻ അവനോട് ഒരു ഉടമ്പടി
ചെയ്തു. അവന്ന് നാശത്തിന്നായി തന്റെ
മകളെ ഭാര്യയായി കൊടുക്കും. എങ്കിലും
അതു നിലനില്ക്കയില്ല. അവൾ അവന്റേ 1
തായി ഇരിക്കയുമില്ല. പിന്നെ അവൻ സമു
ദ്രദ്വീപുകളിലേക്ക് മുഖം തിരിച്ച് പലതും
പിടിക്കും. അവനെ നിന്ദിച്ചുകൊണ്ടിരുന്ന
വനെ അധികാരി നീക്കിക്കളയും. അത്ര
യുമല്ല. അവന്റെ നിന്ദ അവന്റെ മേൽ
തന്നേ വരുത്തും. പിന്നെ അവൻ സ്വദേ 1
ശത്തെ കോട്ടകളുടെ നേരെ മുഖം തിരിക്കും.
എങ്കിലും അവൻ ഇടറിവീണ് ഇല്ലാതെ
യാകും. അവന്റെ പിൻഗാമി തന്റെ 2
രാജ്യത്തിന്റെ മനോഹരഭാഗത്തു കൂടി
ഒരു അപഹാരിയെ അയയ്ക്കും. എങ്കിലും

കുറെ ദിവസത്തിന്നകം അവൻ സംഹ
ിക്കപ്പെടും. കോപത്താലല്ല, യുദ്ധത്താലു
ല്ല. അവന്നു പകരം നിന്ദ്യനായ ഒരുവൻ
എഴുന്നേല്ക്കും. അവന്നു രാജത്വത്തിന്റെ
ദവി നല്കപ്പെടുകയില്ല. എങ്കിലും അവൻ
സമാധാനകാലത്തു വന്ന് ഉപായത്തോടെ
രാജത്വം കൈവശമാക്കും. കോട്ടകളുടെ
ബലം കവർച്ച ചെയ്യപ്പെടും. ന്യായപ്രമാണ
ാലകന്മാരും അവന്റെ മുമ്പിൽ തകർക്ക
പ്പെടും. അവനോട് ബന്ധപ്പെട്ടിരുന്നവരിൽ
ിലർ തന്നേയും അവനോട് വഞ്ചന പ്രവർ
ത്തിക്കും. അവൻ പുറപ്പെട്ട് അല്പം സേന
ുമായി വന്ന് ജയം പ്രാപിക്കും. അവൻ
മാധാനകാലത്തു തന്നേ സംസ്ഥാന
ിലെ പുഷ്ടിയേറിയ സ്ഥലങ്ങളിൽ
ന്നു, തന്റെ പിതാമഹന്മാരോ പിതാക്ക
ാരോ ഒരു നാളും ചെയ്യാത്തതു ചെയ്യും.
വൻ കവർച്ചയും കൊള്ളയും സമ്പത്തും
വർക്കു വിതറിക്കൊടുക്കും. അവൻ
ാട്ടകളുടെ നേരേ തന്ത്രം പ്രയോഗിക്കും.
ന്നാൽ കുറെക്കാലത്തേക്കേയുള്ളു.
വൻ ഒരു മഹാസൈന്യത്തോടുകൂടെ
ക്കേ ദേശത്തിലെ രാജാവിന്റെ നേരേ
ന്റെ ശക്തിയും ധൈര്യവും പ്രയോഗിക്കും.
ക്കേദേശത്തിലെ രാജാവും ഏറ്റവും
ിയതും ശക്തിയേറിയതുമായ സൈന്യ
ാടു കൂടെ യുദ്ധത്തിന്നു പുറപ്പെടും.
എങ്കിലും അവന്റെ നേരേ ചതി
ാഗംമൂലം അവൻ ഉറച്ചു നില്ക്കയില്ല.
ന്റെ അപ്പംകൊണ്ട് ഉപജീവനം
ക്കുന്നവർ അവനെ നശിപ്പിക്കും. അവ
സൈന്യം ചിതറിപ്പോകും. പലരും നി
ന്മാരായി വീഴും. ഈ രാജാക്കന്മാർ ഇരു
ദുഷ്ടത പ്രവർത്തിപ്പാൻ നിശ്ചയിച്ചു
ന്ന് ഒരേ മേശയിൽ വച്ച് ഭോഷ്ക്കു
ാരിക്കും. എങ്കിലും അത് സാധിക്കുക
കാരണം അവസാനസമയം ആയിട്ടില്ല.
അവൻ വളരെ ശക്തിയോടുകൂടെ
ശത്തേക്കു മടങ്ങിപ്പോകും. അവൻ
ദ്ധ നിയമത്തിന്നു വിരോധമായി
ിച്ച് അത് അനുഷ്ഠിച്ചു സ്വദേ
ക്കു മടങ്ങിപ്പോകും. നിയമിക്കപ്പെട്ട
ത്തു അവൻ വീണ്ടും തെക്കോട്ടു വരും.
ും ഈ പ്രാവശ്യം മുമ്പിലത്തേ
സാദ്ധ്യമാകയില്ല. കിത്തീംകപ്പലു
ാവന്റെ നേരേ വരും. അതുകൊണ്ട്
വ്യസനിച്ചു മടങ്ങിച്ചെന്ന് വിശുദ്ധ
ത്തിന്നു നേരേ ക്രുദ്ധിച്ചു പ്രവർത്തി
അവൻ മടങ്ങിച്ചെന്നു വിശുദ്ധ
ത്ത ഉപേക്ഷിക്കുന്നവരെ ആദരിച്ചു
കൊള്ളും. അവൻ അയച്ച സൈന്യങ്ങൾ 31
അണിനിരന്നു വിശുദ്ധ മന്ദിരമായ കോട്ടയെ
അശുദ്ധമാക്കി, നിരന്തരഹോമം നിർത്തൽ
ചെയ്തു ശൂന്യമാക്കുന്ന മ്ലേച്ഛബിംബ
ത്തെ പ്രതിഷ്ഠിക്കും. നിയമത്തിന്നു വിരോ 32
ധമായി ദുഷ്ടത പ്രവർത്തിക്കുന്നവരെ
അവൻ ഉപായം കൊണ്ട് വഴിതെററിക്കും.
എങ്കിലും തങ്ങളുടെ ദൈവത്തെ അറിയുന്ന
ജനം ഉറച്ചു നിന്നു വീര്യം പ്രവർത്തിക്കും.
ജനത്തിൽ പുണ്യവാന്മാരായവർ പലർക്കും 33
ബോധം വരുത്തും. എങ്കിലും കുറെക്കാല
ത്തേക്ക് അവർ വാൾകൊണ്ടും അഗ്നികൊ
ണ്ടും പ്രവാസംകൊണ്ടും കവർച്ചകൊണ്ടും
വീണുകൊണ്ടിരിക്കും. വീഴുമ്പോൾ അവർ 34
അല്പസഹായത്താൽ രക്ഷ പ്രാപിക്കും.
പലരും കപടനാട്യത്തോടെ അവരോടു
ചേർന്നുകൊള്ളും. എന്നാൽ അന്ത്യകാലം 35
വരെ അവരിൽ പരിശോധനയും ശുദ്ധീ
കരണവും നിർമ്മലീകരണവും സാധിക്കേ
ണ്ടതിന്നു ബുദ്ധിമാന്മാരിൽ ചിലർ വീഴും.
എന്തെന്നാൽ കാലത്തിന്നു പിന്നെയും
താമസം ഉണ്ട്. രാജാവോ ഇഷ്ടംപോലെ 36
പ്രവർത്തിക്കും. അവൻ തന്നെത്താൻ
ഉയർത്തി ഏതു ദേവന്നും മേലായി മഹ
ത്വീകരിക്കുകയും ദൈവാധിദൈവത്തി
ന്റെ നേരേ വൻ കാര്യങ്ങളെ സംസാരിക്കു
കയും കോപം നിവൃത്തിയാകുവോളം അ
വന് അത് സാധിക്കുകയും ചെയ്യും. നിർണ്ണ
യിക്കപ്പെട്ടിരിക്കുന്നതു സംഭവിക്കുമല്ലോ.
അവൻ എല്ലാററിന്നും മേലായി തന്നെ 37
ത്താൻ മഹത്വീകരിക്കുകയാൽ തന്റെ
പിതാക്കന്മാരുടെ ദേവന്മാരേയും സ്ത്രീക
ളുടെ ഇഷ്ടദേവനേയും യാതൊരു ദേവ
നേയും കൂട്ടാക്കുകയില്ല. അതിന്നു പകരം 38
അവൻ കോട്ടകളുടെ ദേവനെ ബഹുമാനി
ക്കും. അവന്റെ പിതാക്കന്മാർ അറിയാത്ത
ഒരു ദേവനെ അവൻ പൊന്നുകൊണ്ടും
വെള്ളികൊണ്ടും രത്നങ്ങൾകൊണ്ടും മനോ
ഹരവസ്തുക്കൾകൊണ്ടും ബഹുമാനിക്കും.
അവൻ അന്യദൈവങ്ങളെ കോട്ടകളിന്മേൽ 39
ആക്കിവയ്ക്കും. അവയെ അനുസരിക്കയും
മഹിമ വർദ്ധിപ്പിക്കയും ചെയ്യും. അവൻ
പലരേയും അധിപന്മാരാക്കും. അവൻ ദേശം
വിലയ്ക്കു ഭാഗിച്ചു കൊടുക്കും.

പിന്നെ അന്ത്യകാലത്ത് തെക്കേ ദേശ 40
ത്തിലെ രാജാവ് അവനോട് എതിർക്കും.
വടക്കേ ദേശത്തിലെ രാജാവ് രഥങ്ങളോ
ടും കുതിരപ്പടയോടും വളരെ കപ്പലുക
ളോടും കൂടെ ചുഴലിക്കാററുപോലെ അവ
ന്റെ നേരേ വരും. അവൻ ദേശങ്ങളിലേക്കു

വന്നു കവിഞ്ഞു കടന്നുപോകും. അവൻ
മനോഹരദേശത്തിലേക്കും കടക്കും.
41 അനേകം ദേശങ്ങൾ മറിച്ചിടപ്പെടും. എങ്കി
ലും ഏദോമും മോവാബും അമ്മോന്യശ്രേ
ഷ്ഠന്മാരും അവൻെറ കയ്യിൽനിന്നു വഴുതി
42 പ്പോകും. അവൻ ദേശങ്ങളുടെ നേരേ കൈ
നീട്ടും. മിസ്രേൻ ദേശവും രക്ഷപ്പെടുകയില്ല.
43 അവൻ പൊന്നും വെള്ളിയുമായ നിക്ഷേപ
ങ്ങളേയും മിസ്രേനിലെ മനോഹരവസ്തു
ക്കളേയും കൈവശമാക്കും. ലിബിയയും,
എത്യോപ്യയും അവൻെറ അനുചാരികൾ
44 ആയിരിക്കും. എന്നാൽ കിഴക്കു നിന്നും
വടക്കു നിന്നും ഉള്ള വർത്തമാനങ്ങളാൽ
അവൻ പരവശനാകും. അങ്ങനെ അവൻ
പലരേയും നശിപ്പിച്ചു നിർമ്മൂലനാശം വരു
ത്തേണ്ടതിന്ന് മഹാക്രോധത്തോടെ പുറ
45 പ്പെടും. പിന്നെ അവൻ സമുദ്രത്തിന്നും
മഹത്വമുള്ള വിശുദ്ധപർവ്വതത്തിന്നും
മദ്ധ്യേ മണിമന്ദിരങ്ങൾ നിർമ്മിക്കും.
അവിടെ അവൻ അന്തരിക്കും. ആരും അവ
നെ രക്ഷിക്കയുമില്ല.

അദ്ധ്യായം 12

1 ആ കാലത്ത് നിൻെറ സ്വജാതിക്കാർക്ക്
സഹായിക്കുന്ന മഹാപ്രഭുവായ മീഖാ
യേൽ എഴുനേല്ക്കും. ഒരു ജാതി ഉണ്ടായ
തു മുതൽ ഈ കാലംവരെ സംഭവിച്ചിട്ടി
ല്ലാത്ത കഷ്ടകാലം ഉണ്ടാകും. അന്നു
നിൻെറ ജനം, പുസ്തകത്തിൽ എഴുതിക്കാ
ണുന്ന ഏവനും തന്നേ, രക്ഷ പ്രാപിക്കും.
2 നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്ന
വരിൽ പലരും ചിലർ നിത്യജീവന്നായും
ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും
3 ഉണരും. എന്നാൽ ബുദ്ധിമാന്മാർ ആകാശ
മണ്ഡലത്തിൻെറ പ്രഭപോലെയും പലരേ
യും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷ
ത്രങ്ങളെപ്പോലെയും എന്നും എന്നേക്കും
4 പ്രകാശിക്കും. നീയോ ദാനിയേലേ, അന്ത്യ
കാലംവരെ ഈ വചനങ്ങളെ അടച്ചു
പുസ്തകത്തിന്നു മുദ്രയിടുക. പലരും
അന്വേഷിക്കും; ജ്ഞാനം വർദ്ധിക്കുകയും
ചെയ്യും.

അനന്തരം ദാനിയേലെന്ന ഞാൻ
നോക്കിയപ്പോൾ മററു രണ്ടുപേർ ഒരുവൻ
നദീതീരത്ത് ഇക്കരെയും മററവൻ നദീ
തീരത്ത് അക്കരെയും നില്ക്കുന്നതു കണ്ടു.
എന്നാൽ ഒരുവൻ ചണവസ്ത്രം ധരിച്ചു നദി
യിലെ വെള്ളത്തിൻമീതേ നില്ക്കുന്ന പുരു
ഷനോട്: ഈ അതിശയകാര്യങ്ങളുടെ അവ
സാനം എപ്പോൾ വരും എന്നു ചോദിച്ചു.

ചണവസ്ത്രം ധരിച്ചു നദിയിലെ വെള്ള
ത്തിന്മീതേ നില്ക്കുന്ന പുരുഷൻ വലങ്കയ്യും
ഇടങ്കയ്യും സ്വർഗ്ഗത്തിലേക്കുയർത്തി: എന്നേ
ക്കും ജീവിച്ചിരിക്കുന്നവനാണ, ഇനി കാല
വും, കാലങ്ങളും കാലാർദ്ധവും ചെല്ലും.
അവർ വിശുദ്ധജനത്തിൻെറ ബലത്തെ
തകർത്തുകളഞ്ഞശേഷം ഈ കാര്യങ്ങൾ
എല്ലാം നിവൃത്തിയാകും എന്നിങ്ങനെ
സത്യം ചെയ്യുന്നതു ഞാൻ കേട്ടു. ഞാൻ
കേട്ടു എങ്കിലും ഗ്രഹിച്ചില്ല; ആകയാൽ
ഞാൻ: യജമാനനേ, ഈ കാര്യങ്ങളുടെ
അവസാനം എന്തായിരിക്കും എന്നു ചോദി
ച്ചു. അതിന്നു അവൻ ഉത്തരം പറഞ്ഞത്:
ദാനിയേലേ, പൊയ്ക്കൊൾക, ഈ വചന
ങ്ങൾ അന്ത്യകാലത്തേക്ക് അടച്ചും മുദ്ര
യിട്ടും ഇരിക്കുന്നു. പലരും തങ്ങളെ ശുദ്ധീ
കരിച്ചു നിർമ്മലീകരിച്ചു ശോധന കഴിക്കും;
ദുഷ്ടന്മാരോ ദുഷ്ടത പ്രവർത്തിക്കും.
ദുഷ്ടന്മാരിൽ ആരും അത് തിരിച്ചറിയുക
യില്ല. ബുദ്ധിമാന്മാരോ ഗ്രഹിക്കും. നിരന്തര
ഹോമയാഗം നിർത്തലാക്കുകയും ശൂന്യമാ
ക്കുന്ന മ്ലേച്ഛബിംബത്തെ പ്രതിഷ്ഠിക്കു
കയും ചെയ്യുന്ന കാലംമുതൽ ആയിരത്തി
രുനൂറ്റിതൊണ്ണൂറു ദിവസം കഴിയും. ആയിര
ത്തിമുന്നൂററി മുപ്പത്തഞ്ചു ദിവസത്തോളം
കാത്തു ജീവിച്ചിരിക്കുന്നവൻ ഭാഗ്യവാൻ.
നീയോ അവസാനം വരുവോളം പൊയ്
ക്കൊൾക. നീ വിശ്രമിച്ചു കാലാവസാന
ത്തിങ്കൽ നിൻെറ ഓഹരി ലഭിപ്പാൻ
എഴുന്നേററു വരും.

ദാനിയേൽ പ്രവാചകൻെറ പ്രവചനം സമാപ്തം

ഇതര കാനോനിക ഗ്രന്ഥങ്ങൾ

'ഉത്തര കാനോനിക ഗ്രന്ഥങ്ങൾ' എന്ന് കത്തോലിക്കാ ബൈബിളിലും 'അപ്പോക്രിഫാ' എന്ന് പ്രൊട്ടസ്റ്റൻറ് ബൈബിൾ വിജ്ഞാനീയത്തിലും അറിയപ്പെടുന്നതും ഇതര കാനോനിക ഗ്രന്ഥങ്ങളായി സുറിയാനി സഭ പരിഗണിച്ചുപോരുന്നതുമായ ഗ്രന്ഥങ്ങൾ

ഇതര കാനോനിക ഗ്രന്ഥങ്ങൾ

1. തൂബീദ് 5
2. യഹൂദീത്ത് (യൂദിത്ത്) 18
3. എസ്ഥേർ (പരിശിഷ്ടം) 37
4. മഹാജ്ഞാനം 42
5. യേശുബാർ ആസീറെ 61
6. ഏറമിയായുടെ ലേഖനം 105
7. ബറൂക്ക് - 1 109
8. ബറൂക്ക് - 2 113
9. ദാനിയേൽ (പരിശിഷ്ടം) 120
10. മക്കാബ്യർ - 1 126
11. മക്കാബ്യർ - 2 164

തൂബീദ്

അദ്ധ്യായം 1

നഫ്താലി ഗോത്രത്തിൽ ആശിയേലി
ൻെറ സന്തതിപരമ്പരയിൽപ്പെട്ട ഗബായേ
ലിൻെറ മകനായ, ആദിയേലിൻെറ പുത്ര
ായ, ഹനനിയേധിൻെറ പുത്രനായ തോ
ിയേലിൻെറ പുത്രനായ തൂബിദിൻെറ
ചനങ്ങളുടെ ഗ്രന്ഥം.
ഗലിലയിലെ കാദെശ് നഫ്താലിക്കു
ക്ക്, ആശേറിനു മേലായി സ്ഥിതി
യ്യുന്ന തിസ്ബിസിൽനിന്നും, അസൂ
ാ രാജാവായ ശൽമാനസ്സറിൻെറ കാല
അടിമയായി പിടിക്കപ്പെട്ടു.
തൂബീദ് ആകുന്ന ഞാൻ എൻെറ ആയു
ക്കാലമെല്ലാം സത്യത്തിൻേറയും നീതി
ടയും മാർഗ്ഗത്തിലാണ് ജീവിച്ചിരുന്നത്.
ൻെറ സഹോദരന്മാർക്കും അസ്സിറിയാ
ത്തേക്കു- നിനുവയിലേക്കു എന്നോടു
പോന്നവരായ ജനത്തിനും ഞാൻ
രെയേറെ കരുണ ചെയ്തിട്ടുണ്ട്.
ഞാൻ ബാലനായിരിക്കെത്തന്നെ
ായേൽ ദേശത്ത് എൻെറ സ്വദേശത്ത്
യിരിക്കുമ്പോൾ തന്നെ എൻെറ പിതാ
നഫ്താലിയുടെ ഗോത്രം മുഴുവൻ
ുശലേമിലുള്ള ആലയത്തിൽനിന്ന്
ന്നുപോയിരുന്നു. എല്ലാ വംശങ്ങളും
കൾ അർപ്പിക്കേണ്ടതിന് എല്ലാ ഗോത്ര
ൽനിന്നും തെരഞ്ഞെടുക്കപ്പെട്ടതും
ത്തിലെ എല്ലാ തലമുറകൾക്കുമായി
യപ്പെട്ട മഹോന്നതൻെറ വാസസ്ഥ
യി വിശുദ്ധീകരിക്കപ്പെട്ടിരുന്നതും
ശലേം ആയിരുന്നല്ലോ.
ല്ലാ ഗോത്രങ്ങളും എൻെറ പിതാവായ
ാലിയുടെ കുടുംബവും കർത്താവിൽ
അകന്ന് ബാൽ കാളക്കുട്ടിക്കു ബലി
ച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ മാത്രം
ല്പനയായി സർവ്വ ഇസ്രായേലിനും
പ്പെട്ടിരിക്കുന്ന പ്രകാരം പെരുന്നാളു
ു വളരെ പ്രാവശ്യം യെറുശലേമി
യാത്ര ചെയ്തിരുന്നു.
ദ്യ ഫലങ്ങളും വിളവിൻെറ ദശാംശ
വും എനിക്കുണ്ടായിരുന്ന ആടുകളുടെ കടി
ഞ്ഞൂലുകളും ബലിപീഠത്തിങ്കൽ അഹറോ
ൻെറ പുത്രന്മാരായ പുരോഹിതന്മാർക്ക്
ഞാൻ കൊടുത്തുകൊണ്ടിരുന്നു. വിളവി 7
ൻെറ ദശാംശം യെറുശലേമിൽ ശുശ്രൂഷ
ചെയതുകൊണ്ടിരുന്ന ലേവി പുത്രന്മാർക്കും
ഞാൻ കൊടുത്തുകൊണ്ടിരുന്നു.
രണ്ടാമത്തെ ദശാംശം ഞാൻ വിറ്റ് അതു 8
കൊണ്ടുപോയി എല്ലാ വർഷവും യെറുശ
ലേമിൽ ചെലവഴിച്ചിരുന്നു. എൻെറ പിതാ
വിൻെറ മാതാവായ ദെബോറാ എന്നോട്
കല്പിച്ചിരുന്നതനുസരിച്ച് വേണ്ടപ്പെട്ട
വർക്കായി മൂന്നാമത്തെ ഭാഗം ഞാൻ കൊടു
ത്തുകൊണ്ടിരുന്നു.
എൻെറ പിതാവ് മരിച്ച് ഞാൻ അനാഥ 9
നായവനായിരുന്നു. ഞാൻ പുരുഷപ്രായം
എത്തിയപ്പോൾ ഞാൻ എൻെറ കുടുംബ
ത്തിൽതന്നെ പെട്ട ഹന്ന എന്ന സ്ത്രീയെ
വിവാഹം ചെയ്തു. അവളിൽ എനിക്കു
തോബിയ എന്നു ഞാൻ പേരിട്ട ഒരു മകൻ
ജാതനായി.
ഞാൻ നിനെവയിലേക്കു തടവുകാര 10
നായി പോയപ്പോൾ എൻെറ സഹോദര
ന്മാരും എൻെറ കുടുംബത്തിൽ ഉള്ളവരെല്ലാ
വരും ജാതികളുടെ ഭക്ഷണം കഴിച്ചുകൊ
ണ്ടിരുന്നു. ഞാനോ അതു ഭക്ഷിക്കാതെ 11
എന്നെത്തന്നെ സൂക്ഷിച്ചു.
ദൈവത്തെക്കുറിച്ചുള്ള ഓർമ്മ എൻെറ 12
മനസ്സിൽ എപ്പോഴും ഉണ്ടായിരുന്നു. മഹോ
ന്നതൻെറ കാരുണ്യത്താൽ ശൽമനോസ്സ
റിൻെറ സന്നിധിയിൽ എനിക്കു കൃപയും
കരുണയും ലഭിച്ചു. ഭക്ഷ്യസാധനങ്ങൾ 13
വാങ്ങുന്ന ചുമതല അദ്ദേഹം എന്നെ
ഏല്പിച്ചു. അങ്ങനെ മേദ്യായിലേക്ക് ഞാൻ 14
എപ്പോഴും പോവുക പതിവായി. അവിടെ
മേദ്യായിൽ നർഗേസിൽ ഗബ്രീയേലിൻെറ
സഹോദരനായ ഗബായേലിൻെറ പക്കൽ
പത്തു താലന്ത് വെള്ളി സൂക്ഷിപ്പാൻ ഞാൻ
ഏല്പിച്ചു. ശൽമനേസർ മരിച്ചപ്പോൾ 15
അദ്ദേഹത്തിൻെറ പുത്രനായ സെൻഹരീബ
അവനു പകരം രാജാവായി. അവൻെറ

മാർഗ്ഗങ്ങൾ ക്രമംകെട്ടവയായിരുന്നു. തുടർ
ന്ന് മേദ്യായിലേക്ക് പോകുവാൻ എനിക്ക്
16 സാധിച്ചിരുന്നില്ല. ശൽമനേസറിന്റെ കാല
ത്ത് ഞാൻ എന്റെ സഹോദരന്മാർക്ക്
17 വളരെയേറെ ഉപകാരങ്ങൾ ചെയ്തു. ഞാൻ
എന്റെ ഭക്ഷണം വിശപ്പുള്ളവർക്കും
വസ്ത്രങ്ങൾ നഗ്നന്മാർക്കും കൊടുത്തു
18 കൊണ്ടിരുന്നു. മരിച്ചിട്ട് നിനെവേയിലെ
മതിലിനു വെളിയിൽ അവരുടെ മൃതശരീരം
കിടക്കുന്നതു കണ്ടാൽ അവരെ ഞാൻ
സംസ്ക്കരിക്കുമായിരുന്നു. യഹൂദിയായിൽ
നിന്ന് ഓടിപ്പോന്ന ആരെയെങ്കിലും
സെൻഹരീബ് രാജാവ് കൊന്നുകളഞ്ഞാൽ
ഞാൻ അവരെ രഹസ്യമായി സംസ്കരിക്കു
മായിരുന്നു. അവന്റെ കോപംമൂലം വളരെ
യേറെപ്പേരെ അവൻ കൊല ചെയ്തിട്ടുണ്ട്.
ആ മൃതശരീരങ്ങൾ രാജാവു അന്വേഷിച്ചെ
19 ങ്കിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. നിനെ
വെക്കാരനായ ഒരുവൻ ഞാനാണ് അവരെ
സംസ്ക്കരിക്കുന്നത് എന്ന് എന്നെക്കുറിച്ച്
രാജാവിനു അറിവു കൊടുത്തു. എന്നെ
കൊല്ലുവാൻ അവൻ ശ്രമിക്കുന്നു എന്നു
എനിക്കു മനസ്സിലായപ്പോൾ ഞാൻ പോയി
ഒളിച്ചുപാർത്തു. ഭയംമൂലം ഞാൻ സ്ഥലം
20 വിട്ടു. എനിക്കുണ്ടായിരുന്നതെല്ലാം രാജാവ്
പിടിച്ചെടുത്തു. എനിക്ക് എന്റെ ഭാര്യ
ഹന്നായും എന്റെ മകൻ തോബിയായും
അല്ലാതെ മറെറാന്നും ശേഷിച്ചില്ല. അമ്പതു
ദിവസം തികഞ്ഞില്ല; അപ്പോൾ അവന്റെ
രണ്ടു മക്കൾ അവനെ കൊന്നുകളഞ്ഞു.
അവർ അറാറാത്തു മലയിലേക്ക് ഓടി
21 പ്പോയി. അവിടെ അവന്റെ പുത്രനായ
ശ്രഹദൂനിസാർ അവനുപകരം രാജാവായി.
അവൻ എന്റെ സഹോദരൻ അനായേ
ലിന്റെ പുത്രനായ അഹീക്കാറിനെ അവ
ന്റെ രാജ്യത്തിലെ വരവു ചെലവു കണ
ക്കുകൾക്കും ഭരണകാര്യങ്ങൾക്കും മേലാ
വാക്കി. അഹിയാഹോർ എനിക്കുവേണ്ടി
അവനോടപേക്ഷിച്ചു. അങ്ങനെ ഞാൻ
22 നിനെവേയിലേക്കു വന്നു. അഹിയാഹോർ
രാജാവിന്റെ പാനപാത്രവാഹകനും മുദ്ര
മോതിരത്തിന്റേയും ഭരണത്തിന്റേയും
അധികാരിയും കണക്കു സൂക്ഷിപ്പുകാരനു
മായിരുന്നു. ശ്രഹദൂനിസാർ ഇപ്രകാരം
അവനെ നിയമിച്ചു. അവൻ എന്റെ സഹോ
ദരപുത്രനായിരുന്നു.

അദ്ധ്യായം 2

1 ഞാൻ വീട്ടിൽ എത്തിയപ്പോൾ എന്റെ
ഭാര്യ ഹന്നായേയും എന്റെ പുത്രൻ
തോബിയായേയും എനിക്കു തിരികെ കിട്ടി
ഏഴാഴ്ചകളിൽ പരിശുദ്ധമായ പെന്തി
ക്കോസ്തിയുടെ പെരുനാളിൽ എനിക്കായി
സമൃദ്ധമായ ഒരു വിരുന്നൊരുക്കി. ഞാൻ
ഭക്ഷിപ്പാൻ ഇരുന്നപ്പോൾ വളരെയേറെ
വിഭവങ്ങൾ ഞാൻ കണ്ടു. എന്റെ മകനോട്
ഞാൻ പറഞ്ഞു നീ പോയി ദൈവസ്മരണ
യുള്ളവനായി നമ്മുടെ സഹോദരങ്ങളിൽ
ബുദ്ധിമുട്ടുള്ളവനായി ആരെയെങ്കിലു
കണ്ടാൽ അവനെ കൂട്ടിക്കൊണ്ടു വരിക
ഞാൻ നിനക്കായി കാത്തിരിക്കാം. അവന
വന്ന് എന്നോട് എന്റെ പിതാവേ നമ്മുടെ
വംശത്തിലുള്ള ഒരുവനെ ആരോ കഴുത്
ഞെരിച്ചു കൊന്ന് തെരുവിൽ തള്ളിയിരി
ക്കുന്നതായി ഞാൻ കണ്ടു എന്നു പറഞ്ഞു
ഭക്ഷണം കഴിക്കുന്നതിനുമുമ്പ് ഞാൻ ചാടി
എഴുനേറ്റ് സൂര്യാസ്തമനംവരെയും അയാ
ളെ ഭവനത്തിൽ വച്ചിരുന്നു. ഞാൻ തിരികെ
വന്ന് കുളിച്ചു. സങ്കടത്തോടെ ഞാൻ അപ്പ
ഭക്ഷിച്ചു. ആമോസിന്റെ പ്രവചനം ഞാന
ഓർത്തു. അദ്ദേഹം പറഞ്ഞിട്ടുണ്ട്. നിങ്ങ
ളുടെ പെരുനാളുകൾ സങ്കടത്തിന്നായു
നിങ്ങളുടെ സകല സന്തോഷവും വിലാപ
ത്തിന്നായും തിരിയും. ഞാൻ കരഞ്ഞു
സൂര്യൻ അസ്തമിച്ചപ്പോൾ ഞാൻ പോയി
ഒരു കുഴി എടുത്ത് അയാളെ സംസ്ക്ക
രിച്ചു. അയൽക്കാർ പരിഹസിച്ചു; ഇവന
ഈ പ്രവൃത്തിമൂലം വധശിക്ഷയ്ക്ക് പാത്ര
മാകും എന്ന് ഭയപ്പെടുന്നില്ലല്ലോ. ഇവന
ഓടിപ്പോയവനാണ്. ഇതാ ഇവൻ വീണ്ടു
മരിച്ചവരെ സംസ്ക്കരിക്കുന്നു." അ
രാത്രിയിൽതന്നെ ഞാൻ സംസ്ക്കരണ
ശേഷം തിരിച്ചു വന്ന് അശുദ്ധനായിരുന്നതു
കൊണ്ട് ഞാൻ മുറ്റത്തെ മതിലിനോട്
ചേർന്നു കിടന്ന് ഉറങ്ങി. ഞാൻ എന്റെ
മുഖം മൂടിയിരുന്നില്ല. മതിലിന്മേൽ കുരു
വികൾ ഉണ്ടായിരുന്നത് ഞാൻ അറിഞ്ഞിരു
ന്നില്ല. എന്റെ കണ്ണുകൾ തുറന്നിരിക്കെ
കുരുവികളുടെ ചൂടുകാഷ്ഠം എന്റെ രണ്ടു
കണ്ണുകളിലും വീണ് എന്റെ കണ്ണുകളിൽ
പടലങ്ങളുണ്ടായി. ഞാൻ വൈദ്യന്മാരെ
സമീപിച്ചു. എങ്കിലും ആർക്കും സുഖപ്പെടു
ത്തുവാൻ കഴിഞ്ഞില്ല. എലിമായീസിലേക്ക്
ഞാൻ പോകുന്നതുവരെ ആഹിയാഹൂർ
എന്നെ സംരക്ഷിച്ചു. എന്റെ ഭാര്യ ഹന്നാ
സ്ത്രീകളുടെ ഇടയിൽ വേല ചെയ്തു
കൊണ്ടിരുന്നു. സാധനങ്ങളുണ്ടാക്കി ഉടമ
സ്ഥന്മാർക്ക് കൊടുക്കലായിരുന്നു ജോലി.
അവർ അവൾക്ക് കൂലിയും കൊടുത്തുകൊ
ണ്ടിരുന്നു. അതിനു പുറമെ ഒരാട്ടിൻ

കുട്ടിയേയും കൊടുത്തു. അവൾ എൻെറ
അടുത്ത് എത്തിയപ്പോൾ ആട്ടിൻ കുട്ടി
കരയുവാൻ തുടങ്ങി. ഞാൻ അവളോടു ഈ
13 ആട്ടിൻകുട്ടി എവിടെനിന്ന്? മോഷ്ടിച്ചെ
ടുത്തതാണോ? അതിൻെറ ഉടമസ്ഥർക്ക്
തിരിച്ചുകൊടുക്കണം. മോഷ്ടിച്ച വസ്തു
ഭക്ഷിക്കുന്നത് ന്യായമല്ല എന്നു പറഞ്ഞു.
4 അവളോ ഇത് കൂലിക്കു പുറമെ എനിക്കു
നല്കപ്പെട്ടതാണ് എന്ന് പറഞ്ഞു. ഞാൻ
അവളെ വിശ്വസിച്ചില്ല. അതിൻെറ
ഉടമസ്ഥർക്ക് അതിനെ തിരിച്ചു കൊടു
ക്കണമെന്ന് ഞാൻ പറഞ്ഞു. അവളുമായി
ഞാൻ വഴക്കിട്ടു. അപ്പോൾ അവൾ എന്നോട്
അങ്ങയുടെ കരുണയും നീതിയും എല്ലാം
എവിടെ? അങ്ങേയ്ക്കെല്ലാം അറി
യാമല്ലോ.

അദ്ധ്യായം 3

ഞാൻ വളരെ ദുഃഖത്തോടെ കരഞ്ഞു.
വേദനയോടെ ഞാൻ പ്രാർത്ഥിച്ചു പറഞ്ഞു.
"കർത്താവേ അങ്ങ് നീതിമാനല്ലോ. അങ്ങ
യുടെ എല്ലാ പ്രവൃത്തികളും എല്ലാ
വഴികളും കരുണയും സത്യവും അല്ലോ.
അങ്ങയുടെ വിധി സത്യവും നീതിയും ഉള്ള
തല്ലോ. അങ്ങ് എന്നേക്കും വിധി നടത്തുന്നു.
എന്നെ ഓർക്കണമേ. എന്നോടു കരുണ
ചെയ്യണമേ എൻെറ പാപങ്ങളിലും അറി
വില്ലായ്മകളിലും, എൻേറയും എൻെറ
പിതാക്കന്മാർ തിരുമുമ്പിൽ ചെയ്തിട്ടുള്ള
പാപങ്ങളിലും അറിവില്ലായ്മകളിലും നീ
എന്നെ മുക്കിക്കളയരുതേ. അങ്ങയുടെ
കല്പനകൾ അവർ പാലിച്ചില്ല. അതിനാൽ
അങ്ങ് ഞങ്ങളെ അപഹരണത്തിനും അടി
ത്തത്തിനും മരണത്തിനും ഏല്പിച്ചു
കൊടുത്തു. ഞങ്ങൾ ചിതറിക്കഴിഞ്ഞിരുന്ന
ാതികൾക്കെല്ലാം ഞങ്ങൾ പരിഹാസ പാ
ാവുമായിത്തീർന്നു. നിൻെറ കല്പനകൾ
ങ്ങൾ പാലിക്കായ്കകൊണ്ട് എൻെറയും
ൻെറ പിതാക്കന്മാരുടേയും പാപങ്ങൾ
മിത്തം അങ്ങു നൽകിയ ശിക്ഷാവിധി
ത്യമായിട്ടുള്ളതാകുന്നു. എന്തെന്നാൽ
ങ്ങൾ തിരുമുമ്പിൽ സത്യത്തിലൂടെ
ന്നില്ല. ഇപ്പോൾ അങ്ങേയ്ക്ക് പ്രസാദ
ള്ള രീതിയിൽ എന്നോടു പ്രവർത്തി
ണമെ.

ഞാൻ അഴിഞ്ഞ് പൂഴിയായി തീരുവാൻ
വണ്ണം എൻെറ ആത്മാവിനെ
ുപ്പാൻ കല്പനയാകണമേ. എന്തെ
ൽ ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്ക
ന്ന് എനിക്കു നല്ലത്. വളരെയേറെ വ്യാജ
അപവാദങ്ങൾ ഞാൻ കേട്ടുകഴിഞ്ഞു. വള
രെയേറെ വേദന എന്നിലുണ്ട്. ഈ ദുഃഖ
ത്തിൽ നിന്ന് ഞാൻ അഴിക്കപ്പെട്ട് നിത്യ
വാസത്തിലേക്ക്, പോകുവാൻ കല്പി
ക്കണമെ. എന്നിൽനിന്ന് നിൻെറ മുഖം
തിരിക്കരുതേ."

ആ ദിവസംതന്നെ മറ്റൊരു സംഭവമു 7
ണ്ടായി. മേദ്യായിലെ എക്ബത്താനായിൽ
റഗൂവേലിൻെറ മകളായ സാറാ അവളുടെ
പിതാവിൻെറ ദാസിമാരാൽ അപമാനി
തയായി. എന്തെന്നാൽ അവൾ ഏഴു പ്രാവ 8
ശ്യം വിവാഹിതയായവളാണ്. ആ ഏഴു
പുരുഷന്മാരേയും അവളോട് സംഗമിക്കു
ന്നതിനു മുമ്പുതന്നെ അസ്മോദോദോസ്
എന്ന ദുഷ്ടപിശാച് കൊന്നുകളഞ്ഞു.
അതിനാൽ ദാസിമാർ അവളോട് ചോദിച്ചു.
നീ തന്നെയല്ലേ ഭർത്താക്കന്മാരെ കഴുത്തു
ഞെരിച്ചു കൊന്നത്? ഏഴു പേരെ നിനക്കു
ലഭിച്ചു. എന്നാൽ ആരുടേയും നാമം 9
ധരിപ്പാൻ നിനക്കിടയായില്ലല്ലോ. ഞങ്ങളെ
തല്ലുന്നതെന്തിനാണ്? അവർ മരിച്ചെങ്കിൽ
നീയും അവരോടൊപ്പം പോവുക. നിൻെറ
മകനേയോ മകളേയോ കാണാൻ ഞങ്ങൾ
ക്ക് ഇടവരാതിരിക്കട്ടെ."

ഇതെല്ലാം കേട്ടുണ്ടായ ദുഃഖത്തിൻെറ 10
ആധിക്യത്താൽ തൂങ്ങിമരിച്ചുകളയാമെന്നു
പോലും അവൾക്ക് തോന്നിപ്പോയി.
എങ്കിലും അവൾ പുനർവിചിന്തനം ചെ
യ്തു. ഞാൻ പിതാവിൻെറ ഏകമകളാണ്.
ഞാൻ ഇങ്ങനെ ചെയ്താൽ അവനത്
അപമാനകരമായിരിക്കാം. വൃദ്ധനായ
എൻെറ പിതാവ് വേദനകൊണ്ട് മരിക്കും 11
അവൾ കിളിവാതിലിൻെറ അടുത്തു നിന്നു
പ്രാർത്ഥിച്ചു. എൻെറ ദൈവമായ കർത്താ
വേ അങ്ങ് വാഴ്ത്തപ്പെടട്ടെ. പരിശുദ്ധവും
സംപൂജ്യവുമായ അങ്ങയുടെ നാമം
എന്നെന്നും സ്തുതിക്കപ്പെടട്ടെ. എല്ലാ 12
സൃഷ്ടികളും അവിടുത്തെ എന്നെന്നും
വാഴ്ത്തട്ടെ. എൻെറ ദൃഷ്ടികളും മുഖവും
അങ്ങയുടെ നേരേ തിരിഞ്ഞിരിക്കുന്നു.
എന്നെ ഈ ഭൂമിയിൽ നിന്നു മോചി 13
പ്പിക്കണമേ. എനിക്ക് ഇനിയും അപമാന
ങ്ങൾ സഹിപ്പാൻ ഇടയാക്കരുതേ. കർത്താ 14
വേ എല്ലാ തിന്മയിൽനിന്നും പുരുഷന്മാ
രിൽനിന്നും ഞാൻ നിർമ്മലയാകുന്നു എന്ന്
അങ്ങ് അറിയുന്നു. ഞാൻ എൻെറ 15
പേരിനെയോ എൻെറ പിതാവിൻെറ പേരി
നെയോ എൻെറ പ്രവാസഭൂമിയിൽ
വഷളാക്കിയിട്ടില്ല. ഞാൻ എൻെറ പിതാ
വിന് ഏകപുത്രിയാണ്. അദ്ദേഹത്തിന്

അവകാശിയാകുവാൻ പുത്രനോ അടുത്ത
സഹോദരനോ ഇല്ല. എനിക്കു ഭർത്താവാ
കുവാൻ ആ സഹോദരനു മകനുമില്ല.
എൻെറ ഏഴു ഭർത്താക്കന്മാർ മരിച്ചു. ഇനി
ഞാൻ എന്തിനു ജീവിക്കുന്നു? അവിടു
ത്തേക്കു എന്നെ കൊല്ലണമെന്ന് ആഗ്രഹ
മില്ലെങ്കിൽ എന്നെ കടാക്ഷിക്കുകയും
എന്നോടു കരുണ ചെയ്യുകയും ചെയ്യേണ
മേ. ഇനി ഞാൻ അപമാനം കേൾക്കാൻ
16 ഇടയാകരുതേ. വലിയവനായ ദൈവ
ത്തിൻെറ തേജസ്സിൻ മുമ്പാകെ അവർ രണ്ടു
പേരുടെയും പ്രാർത്ഥനകൾ കേൾക്കപ്പെട്ടു.
17 തൂബീദിന് അവൻെറ കണ്ണുകളിൽനിന്നു
പടലം മാറിപ്പോകുവാനും റെഗുവേലിൻെറ
പുത്രി സാറായെ തൂബീദിൻെറ മകൻ
തോബിയാസിനു ഭാര്യയായി നൽകുവാനും
ദുഷ്ടപിശാചായ അസ്മോദോസിനെ
ബന്ധിപ്പാനുമായി റഫായേൽ അയയ്ക്ക
പ്പെട്ടു. സാറായെ ഭാര്യയാക്കുവാൻ തോബി
യാസിനു അവകാശമുണ്ടായിരുന്നു.
തൂബീദ് തൻെറ ഭവനത്തിൽ തിരിച്ചെത്തി
യപ്പോൾ റെഗുവേലിൻെറ പുത്രി സാറാ
അവളുടെ മാളികമുറിയിൽനിന്ന് ഇറങ്ങി
വന്നു.

അദ്ധ്യായം 4

1 ആ ദിവസം മേദിയായിലെ റാഗേസിൽ
വച്ച് ഗബായേലിനെ സൂക്ഷിക്കാൻ
ഏല്പിച്ചിരുന്ന ദ്രവ്യത്തെക്കുറിച്ച് തുബീദ്
2 ഓർത്തു. അയാൾ സ്വയം ചിന്തിച്ചു: ഞാൻ
മരണത്തിനു വേണ്ടി പ്രാർത്ഥിച്ചു. ഞാൻ
മരിക്കുന്നതിനു മുമ്പ് എൻെറ മകൻ
തോബിയാസിനെ വിളിച്ചു അക്കാര്യം അറി
3 യിക്കേണ്ടതല്ലേ? അവനെ വിളിച്ചു പറഞ്ഞു:
എൻെറ മകനേ, ഞാൻ മരിച്ചാൽ എന്നെ
സംസ്ക്കരിക്കണം. നിൻെറ അമ്മയെ മറ
ക്കരുത്.' നിൻെറ ആയുഷ്ക്കാലം മുഴുവൻ
അവളെ ബഹുമാനിക്കണം. അവൾക്കു
പ്രസാദമുള്ളതു ചെയ്യണം. അവളെ വേദ
4 നിപ്പിക്കരുത്. എൻെറ മകനേ, നിന്നെ
ഉദരത്തിൽ വഹിച്ചിരുന്നപ്പോൾ അവൾക്കു
വളരെ ഏറെ വിഷമങ്ങൾ ഉണ്ടായി എന്നു
5 നീ ഓർത്തുകൊള്ളണം. അവൾ മരിക്കു
മ്പോൾ എൻെറ അടുക്കൽ, ഒരേ കല്ലറയിൽ
നീ അവളെ സംസ്ക്കരിക്കണം. എൻെറ
മകനേ, നമ്മുടെ ദൈവമായ കർത്താവിനെ
നിൻെറ ആയുഷ്ക്കാലം മുഴുവൻ നീ
ഓർത്തുകൊള്ളണം. പാപം ചെയ്യുവാനും
തൻെറ കല്പനകളെ ലംഘിക്കുവാനും
നിനക്ക് ഒരിക്കലും ആഗ്രഹമുണ്ടാകരുത്.
നിൻെറ ആയുഷ്ക്കാലമെല്ലാം നീതിയായി
ട്ടുള്ളതേ നീ പ്രവർത്തിക്കാവൂ. അനീതി 6
യുടെ മാർഗ്ഗത്തിൽ നീ പോകരുത്. സത്യ
മായതു നീ പ്രവർത്തിക്കുമ്പോൾ നിൻെറ
പ്രവർത്തനത്തിൽ ശോഭയുണ്ടായിരിക്കും.
നീതി പ്രവർത്തിക്കുന്നവർക്കെല്ലാം അങ്ങ 7
നെതന്നെ. നിനക്കുള്ളവയിൽനിന്ന് നീ
ദാനധർമ്മം ചെയ്യണം. നീ കരുണാപൂർവ്വം
പ്രവർത്തിക്കുന്നതിൽ മടി കാണിക്കരുത്.
ഒറ്റ അനാഥനിൽനിന്നുപോലും നീ മുഖം 8
തിരിക്കരുത്. അപ്പോൾ ദൈവവും നിന്നിൽ
നിന്നു മുഖം തിരിക്കുകയില്ല. നിനക്ക് 9
സമ്പത്തു വർദ്ധിക്കുമ്പോൾ അതനുസരിച്ചു
ധർമ്മം ചെയ്ക. അല്പമേ ഉള്ളു എങ്കിൽ
ആ അല്പത്തിനനുസരിച്ച് കരുണ
ചെയ്വാൻ നീ ഭയപ്പെടരുത്. എന്തെന്നാൽ 10
അത്യാവശ്യദിവസത്തേക്കു നീ നിക്ഷേപം
സൂക്ഷിക്കുകയാണ്. എന്തെന്നാൽ ദാന
ധർമ്മം മരണത്തിൽനിന്നു രക്ഷിക്കുകയും
അന്ധകാരത്തിലേക്കു കടക്കുവാൻ സമ്മ
തിക്കാതിരിക്കുകയും ചെയ്യുന്നു. ദാന 11
ധർമ്മം മഹോന്നതസന്നിധിയിൽ ചെയ്യുന്ന
എല്ലാവർക്കും അത് ഉത്തമമായ ഒരു വഴി
പാടാണ്.

വേശ്യാദോഷത്തിൽനിന്ന്, എൻെറ 12
മകനേ, നീ നിന്നെത്തന്നെ സൂക്ഷിച്ചു
കൊള്ളണം. നിൻെറ പിതാക്കന്മാരുടെ
ഗോത്രത്തിൽനിന്നു മാത്രം ഭാര്യയെ സ്വീക
രിക്കുക. നിൻെറ പിതാവിൻെറ ഗോത്ര
ത്തിൽനിന്ന് അല്ലാതെയുള്ള അന്യജാതി
യിൽ പെട്ടവളെ നീ ഭാര്യയായി സ്വീക
രിക്കരുത്. എന്തെന്നാൽ നാം പ്രവാചക
ന്മാരുടെ സന്താനങ്ങളാണ്. നമ്മുടെ
പൂർവ്വിക പിതാക്കന്മാരായ നോഹയും
അബ്രഹാമും ഇസഹാക്കും യാക്കോബും
അവരുടെ സഹോദരന്മാരിൽനിന്നാണു
ഭാര്യമാരെ സ്വീകരിച്ചത് എന്നത്, എൻെറ
മകനേ, നീ ഓർത്തുകൊള്ളണം. അവർ
തങ്ങളുടെ മക്കളാൽ അനുഗൃഹീതരായി
ത്തീർന്നു. അവരുടെ സന്തതി ഭൂമിയെ അവ 13
കാശമാക്കി. ഇപ്പോഴോ, എൻെറ മകനേ, 14
നിൻെറ സഹോദരന്മാരെ നീ സ്നേഹി
ക്കണം. നിൻെറ സഹോദരന്മാരെയോ
നിൻെറ ജനത്തിൻെറ പുത്രന്മാരെയോ
പുത്രികളെയോ അവരിൽ നിന്നു നിനക്കു
ഭാര്യയെ എടുക്കുന്ന കാര്യത്തിൽ നിനക്കു
അഹങ്കാരം തോന്നരുത്. എന്തെന്നാൽ
അഹങ്കാരത്തിൽ നാശവും ക്രമക്കേടും
ഉണ്ടാകുന്നു. കൊള്ളരുതായ്കമൂലം കുറ
വും ദുർഭിക്ഷതയും ഉണ്ടാകുന്നു. എന്തെ

ന്നാൽ അലസതയാണ് പട്ടിണിയുടെ
മാതാവ്.

വേല ചെയ്യുന്ന ഏതു മനുഷ്യൻെറയും
കൂലി നിൻെറ പക്കൽ രാത്രിയിൽ ഇരി
ക്കരുത്. പിന്നെയോ ഉടനെതന്നെ അവനു
കൊടുക്കുക. നീ ദൈവത്തിനു ദാസ്യവേല
ചെയ്താൽ നിനക്കു പ്രതിഫലമുണ്ടാകും.
എൻെറ മകനേ, നിൻെറ എല്ലാ പ്രവൃത്തി
കളിലും നീ സൂക്ഷിക്കുക. നിൻെറ എല്ലാ
പെരുമാറ്റത്തിലും നീ ശ്രദ്ധിക്കുക. നീ വെറു
ക്കുന്ന ഒന്നും, ആരോടും നീ ചെയ്യരുത്.
ലഹരിക്കായി വീഞ്ഞു കുടിക്കരുത്. നിൻെറ
യാതൊരു മാർഗ്ഗത്തിലും മദ്യപാനം
നിന്നോടു കൂടെ ഉണ്ടായിരിക്കരുത്. നിൻെറ
ഭക്ഷണത്തിൽനിന്നു വിശപ്പുള്ളവർക്കും
നിൻെറ വസ്ത്രത്തിൽനിന്നു നഗ്നന്മാർക്കും
കൊടുക്കണം. നിനക്കു വർദ്ധനവ് ഉണ്ടാ
കുന്നതനുസരിച്ച് ദാനം ചെയ്തുകൊ
ണ്ടിരിക്കണം. ഇങ്ങനെ ദാനധർമ്മ ചെയ്യു
മ്പോൾ. നിനക്ക് അഹങ്കാരമുണ്ടാകരുത്.
പുണ്യവാന്മാരുടെ കബറിടങ്ങളിൽ നീ
അപ്പം വിളമ്പുക. പാപികൾക്കു കൊടു
ക്കരുത്. വിവേകമുള്ളവരോടു നീ ആ
ലോചന ചോദിക്കുക. കൊള്ളാവുന്ന ഒരു
ആലോചനയും നീ നിരസിക്കരുത്. സദാ
കാലവും ദൈവമായ കർത്താവിനെ നീ
പുകഴ്ത്തുക. നിൻെറ എല്ലാ വഴികളും
നേരായിരിക്കുവാൻ തക്കവണ്ണം തന്നോടു
യാചിക്കുക. നിൻെറ എല്ലാ പാതകളും
എല്ലാ ചിന്തകളും പ്രശോഭിതങ്ങളായി
രിക്കും. എന്തെന്നാൽ എല്ലാ ജനതയ്ക്കും
ജ്ഞാനം നൽകപ്പെട്ടിട്ടില്ല. പിന്നെയോ
കർത്താവത്രേ സകല നന്മകളും നൽകു
ന്നത്. അവൻ മനസ്സാകുന്നുവെങ്കിൽ
താൻ ഉദ്ദേശിക്കുന്നതുപോലെ ഒരുവനെ
ഉയർത്തും. ഇപ്പോൾ എൻെറ മകനേ, നീ
എൻെറ ആജ്ഞകൾ സ്മരിച്ചുകൊ
ണ്ടിരിക്കുക. നിൻെറ ഹൃദയത്തിൽനിന്ന്
അവ ഒരിക്കലും മാഞ്ഞുപോകരുത്.
ഇപ്പോൾ മേദിയായിലെ റഗാസിൽ ഉള്ള
ഗബ്രിയാസിൻെറ പുത്രൻ ഗബായേലിൻെറ
പക്കൽ ഞാൻ പത്തു താലന്തു വെള്ളി
ഏല്പിച്ചകാര്യം നിന്നോടു ഞാൻ അറി
യിക്കുന്നു. എൻെറ മകനേ, നാം ദരി
ദ്രരായിത്തീർന്നതിൽ നീ ഭീതിപ്പെടേണ്ടാ.
നീ ദൈവത്തെ ഭയപ്പെടുകയും എല്ലാവിധ
പാപത്തിൽനിന്നും അകന്നിരിക്കുകയും
അവൻെറ സന്നിധിയിൽ പ്രസാദമുള്ളതു നീ
ചെയ്യുകയും ചെയ്താൽ വളരെയേറെ സമ്പ
ത്തുണ്ടാകും.

അദ്ധ്യായം 5

തോബിയാ ഉത്തരമായി അവനോടു 1
പറഞ്ഞു: എൻെറ പിതാവെ അങ്ങ് എന്നോട്
ആജ്ഞാപിച്ചതെല്ലാം ഞാൻ ചെയ്തു
കൊള്ളാം. എന്നാൽ പണം എങ്ങനെ എനി 2
ക്കു വാങ്ങിക്കാൻ കഴിയും? ആ ആളിനെ
ഞാൻ അറിയുകയില്ലല്ലോ. തൂബീദ് അവന് 3
ഒരു പ്രമാണരേഖ കൊടുത്തിട്ട് അവനോട്,
പറഞ്ഞു. നിനക്കു സഹയാത്രികനായിരി
പ്പാൻ ഒരാളിനെ നീ അന്വേഷിച്ചു കണ്ടു
പിടിക്കുക. എനിക്കു ജീവനുള്ള കാല
മെല്ലാം ഞാൻ അവന് പ്രതിഫലം കൊടു
ത്തുകൊള്ളാം. നീ പോയി ആ ദ്രവ്യം വാങ്ങി
ക്കൊണ്ടു വരിക. അവൻ ആളിനെ അന്വേ 4
ഷിച്ചുപോയി. അവൻ റഫായേൽ മാലാഖ
യെ കണ്ടുമുട്ടി. എന്നാൽ അതു മാലാഖയാ
ണെന്ന് അവൻ അറിഞ്ഞില്ല. മേദിയായിലെ 5
റാഗേസിലേക്ക് എന്നോടു കൂടെ പോകു
വാൻ നിനക്കു കഴിയുമോ? ആ സ്ഥലങ്ങളി
ലെല്ലാം നിനക്കു പരിചയമുണ്ടോ എന്നു
ചോദിച്ചു. മാലാഖ അവനോട് പറഞ്ഞു: വഴി 6
എനിക്കു നല്ല പരിചയമുണ്ട്. നമ്മുടെ സ
ഹോദരൻ ഗബായേലിനോടുകൂടെ ഞാൻ
താമസിച്ചിട്ടുമുണ്ട്. തോബിയാസ് അവനോ
ട്: എനിക്കായി ഇവിടെ നിൽക്കൂ. ഞാൻ 7
എൻെറ പിതാവിനോട് പറയട്ടെ എന്നു പറ 8
ഞ്ഞു. മാലാഖ അവനോട്: പോയാലും. താമ
സിക്കരുത് എന്നു പറഞ്ഞു. അവൻ ചെന്ന്
അവൻെറ പിതാവിനോട്: എന്നോടു കൂടെ 9
പോരുവാനുള്ള ആളിനെ ഞാൻ കണ്ടെത്തി
യിരിക്കുന്നുവെന്നു പറഞ്ഞു. അവൻ അവ
നോട്: അയാളെ എൻെറ അടുക്കലേക്കു
വിളിക്കൂ. അയാൾ ഏതു ഗോത്രത്തിൽ
പെട്ടവനാണ്? നിന്നോടു കൂടെ പോരുവാൻ
തക്കവണ്ണം വിശ്വസ്തനാണോ, എന്ന്
എനിക്കു അറിയുവാൻ വേണ്ടി അയാളെ
എൻെറ അടുത്തേക്കു വിളിക്കുക. 10
അവൻ അയാളെ വിളിച്ചു. അയാൾ വന്നു, 11
അവർ പരസ്പരം കുശലം ചൊല്ലി, തൂബീദ്
അയാളോട്: എൻെറ സഹോദരാ, താങ്കൾ
ഏതു ഗോത്രക്കാരനാണ്, ഏതു വംശത്തിൽ
പെട്ടവനാണ് എന്ന് എന്നോടു പറഞ്ഞാലും.
അയാൾ അവനോട്: വംശവും ഗോത്രവു 12
മാണോ താങ്കൾ അന്വേഷിക്കുന്നത്,
അതോ, താങ്കളുടെ മകനോടു കൂടെ പോകു
ന്ന കൂലിക്കാരനെയാണോ അന്വേഷി
ക്കുന്നത് എന്നു ചോദിച്ചു. തൂബീദ് അയാ 13
ളോട് എൻെറ സഹോദരാ താങ്കളുടെ
വംശവും പേരും അറിയുവാൻ എനിക്കു

താല്പര്യമുണ്ട് എന്നു പറഞ്ഞു. അപ്പോൾ
അയാൾ: നിൻെറ ചാർച്ചക്കാരിൽ പെട്ട
ശ്രേഷ്ഠനായ ഹനനിയായുടെ മകൻ
അസറിയായാണു ഞാൻ എന്നു പറഞ്ഞു.
14 അവൻ അയാളോട്: അങ്ങു സൗഖ്യ
ത്തോടെ വന്നിരിക്കുന്നു. നിൻെറ വംശവും
ഗോത്രവും അറിയുവാൻ ഞാൻ അന്വേ
ഷിച്ചതുകൊണ്ടു നീ കോപിക്കരുത്. നീ
ഏറ്റവും ശ്രേഷ്ഠമായ തലമുറയിൽ എൻെറ
സഹോദരനാണ്. ശ്രേഷ്ഠനായ ശമയിയുടെ
മക്കളായ ഹനനിയായെയും യോനാഥാനെ
യും എനിക്കറിയാം. ഞങ്ങൾ ആരാധന നട
ത്തുവാനും കടിഞ്ഞൂൽ ആട്ടിൻകുട്ടികൾ,
വിളവുകളുടെ ദശാംശം എന്നിവ അർപ്പി
ക്കുവാനും യറുശലേമിൽ ഒരുമിച്ചു പോയി
ട്ടുണ്ട്. നമ്മുടെ സഹോദരങ്ങളുടെ തെറ്റു
കൾ അനുസരിച്ച് അവർ തെറ്റു ചെയ്തില്ല.
എൻെറ സഹോദരാ, നീ ശ്രേഷ്ഠമായ ഒരു
15 മൂലത്തിൽനിന്നുള്ളവനാകുന്നു. എന്നാൽ
ഇപ്പോൾ വേതനമായി ഞാൻ നിനക്ക്
എന്താണ് തരേണ്ടത് എന്നു പറഞ്ഞാലും.
പ്രതിദിനം ഒരു സൂസായും നിനക്കും എൻെറ
മകനും വരുന്നത്ര ചെലവും തന്നുകൊള്ളാം.
16 നിങ്ങൾ ക്ഷേമത്തോടെ തിരിച്ചുവരുമ്പോൾ
ഞാൻ വേതനം വർദ്ധിപ്പിച്ചുതന്നുകൊള്ളാം.
അവർ ഇങ്ങനെ പരസ്പരം സമ്മതിച്ചു.
17 അവൻ തോബിയാസിനോട്: നീ യാത്രയ്ക്ക്
ഒരുങ്ങിക്കൊൾക. നിങ്ങൾ പ്രശോഭി
തരായിരിക്ക എന്നു പറഞ്ഞു. അവൻെറ
മകൻ യാത്രയ്ക്കുള്ളതെല്ലാം ഒരുക്കി.
അവൻെറ പിതാവ് അവനോട്: നീ ആ
ആളിനോടുകൂടെ പൊയ്ക്കൊള്ളുക.
സ്വർഗ്ഗത്തിൽ വസിക്കുന്നവനായ ദൈവം
നിങ്ങളുടെ യാത്ര ശുഭമാക്കട്ടെ. അവൻെറ
മാലാഖ നിങ്ങളോടുകൂടെ പോരും.
18 അവർ ഇരുവരും പോകുവാൻ
ആരംഭിച്ചു. ആ യുവാവിൻെറ നായയും
അവരോടു കൂടെയുണ്ടായിരുന്നു. അവൻെറ
അമ്മയായ ഹന്നാ കരഞ്ഞുകൊണ്ടു തൂബി
ദിനോട്: നമ്മുടെ മകനെ അങ്ങ് അയ
ച്ചതെന്തിന്? അവനല്ലയോ നമ്മുടെ
കൈകൾക്കുള്ള ഊന്നുവടി? അവനല്ലോ
നമുക്കു മുമ്പായി അകത്തു വരികയും
19 പുറത്തു പോകയും ചെയ്തിരുന്നത്? പണ
മല്ല നമുക്കു പ്രധാനം. അതു നമ്മുടെ
മകൻെറ ജീവനു പകരം ആകുകയുമില്ല.
20 എന്തെന്നാൽ നമുക്കു ജീവിപ്പാനുള്ളതു
കർത്താവിനാൽ നമുക്കു നൽകപ്പെട്ടിട്ടുണ്ട്.
21 നമുക്ക് അതുമതി എന്നു പറഞ്ഞു. തൂബീദ്
അവളോട്, എൻെറ സഹോദരീ, നീ വിഷമി
ക്കരുത്. അവൻ സുഖത്തോടെ തിരിച്ചു
വരും, നിൻെറ കണ്ണുകൾ അവനെ കാണു
കയും ചെയ്യും, നല്ലവനായ മാലാഖ അവ
നോടു കൂടെ പോകും. അവൻെറ യാത്ര
ശുഭമാകും; അവൻ സൗഖ്യത്തോടു തിരികെ
വരികയും ചെയ്യും എന്നു പറഞ്ഞു. അവൾ
കരച്ചിൽ നിർത്തി.

അദ്ധ്യായം 6

അവർ യാത്ര ചെയ്ത് സന്ധ്യയായ
പ്പോൾ ദക്ക്ലാസ് നദിയുടെ തീരത്തെത്തി
അവിടെ രാപാർത്തു. യുവാവ് കുളിക്കുവാൻ
നദിയിലിറങ്ങി. അപ്പോൾ ഒരു മത്സ്യം
നദിയിൽനിന്ന് മേലോട്ടുചാടി. അത് ആ
യുവാവിനെ വിഴുങ്ങുവാൻ ശ്രമിച്ചു
മാലാഖാ അവനോട് ആ മത്സ്യത്തെ പിടി
ക്കു; എന്നു പറഞ്ഞു. യുവാവ് അതിനെ
പിടിച്ച് കരയിൽ എടുത്തിട്ടു. മാലാഖാ
അവനോട് അതിനെ കീറി അതിൻെറ ചങ്കും
കരളും കയ്പയും എടുത്ത് ഭദ്രമായി സൂക്ഷി
ച്ചുവയ്ക്കുക എന്നു പറഞ്ഞു. മാലാഖാ
അവനോട് പറഞ്ഞതുപോലെ അവൻ
ചെയ്തു. അവർ അതിനെ പൊരിച്ച് തിന്ന
തിനു ശേഷം അക്ബാത്തോസിനോട്
അടുക്കുംവരെ യാത്ര ചെയ്തു. യുവാവ്
മാലാഖയോട് അസ്സറിയാ, എൻെറ
സഹോദരാ മത്സ്യത്തിൻെറ ചങ്കും കരളും
കയ്പയും എന്തിനാണ് എന്നു ചോദിച്ചു.
അയാൾ അവനോട് ആരെങ്കിലും പിശാ
ചിനാലോ ദുരാത്മാവിനാലോ ഉപദ്രവി
ക്കപ്പെടുന്നു എങ്കിൽ ആ പുരുഷൻേറയോ
സ്ത്രീയുടേയോ മുമ്പിൽ അത് പുകച്ചാൽ
വീണ്ടും ഉപദ്രവമുണ്ടാകയില്ല. കയ്പ കണ്ണു
കളിൽ പടലമുള്ളവനു പുരട്ടിയാൽ അവനു
സുഖം കിട്ടുകയും ചെയ്യും എന്നു പറഞ്ഞു.
അവർ നർഗാസിനോട് അടുക്കാറായപ്പോൾ
മാലാഖ യുവാവിനോട് സഹോദരാ ഇന്നു
നമുക്ക് റഗുവേലിനോടുകൂടി താമസിക്കാം.
അയാൾ നിൻെറ സ്വന്ത ഗോത്രക്കാരനാ
ണല്ലോ. അവന് ഒരു ഏകപുത്രിയുണ്ട്.
അവളുടെ പേര് സാറാ. അവളുടെ സ്വത്ത
വകാശം നിനക്ക് ലഭിക്കത്തക്കവണ്ണം
അവളെ നിനക്കു ഭാര്യയായി തരുവാൻ
ഞാൻ അവനോട് സംസാരിക്കാം. അവളുടെ
ഗോത്രത്തിൽ നീ ഒരുവനേ ഉള്ളല്ലോ.
യുവതി സുന്ദരിയും ബുദ്ധിമതിയുമാകുന്നു.
ഇപ്പോൾ നീ എന്നെ കേൾക്കുക. അവളുടെ
പിതാവിനോട് ഞാൻ സംസാരിക്കാം.
നർഗാസിൽനിന്നു നാം തിരികെപ്പോരുന്ന
തിനു മുമ്പായി വിവാഹം ആഘോഷിക്കു

കയും ചെയ്യാം. മോശയുടെ പ്രമാണമനു
സരിച്ച് നിനക്ക് മാത്രമെ അവളെ ഭാര്യയാ
യി തരുവാൻ സാധിക്കയുള്ളു. അല്ലെങ്കിൽ
അവൻ മരണശിക്ഷയ്ക്കർഹനാകും. നിന
ക്കു മാത്രമാണ് എല്ലാവരേയുംകാൾ കൂടുത
14 ലായി അവകാശമുള്ളത് എന്നു പറഞ്ഞു.
അപ്പോൾ യുവാവ് മാലാഖയോട് പറഞ്ഞു.
സഹോദരാ അസറിയാ ഈ യുവതി ഏഴു
പേരെ വിവാഹം ചെയ്യെന്നും അവളുമായി
ഐക്യപ്പെടുന്നതിനു മുമ്പ് മരിച്ചുപോയി
15 എന്നും ഞാൻ കേട്ടിട്ടുണ്ട്. ഇപ്പോഴോ ഞാ
നാകട്ടെ എൻെറ പിതാവിന് ഒറ്റയ്ക്കൊരു
മകനാണ്. ആ ഭൂതത്തിന് അവളോട് സ്നേ
ഹമാണെന്നും അവളോട് സമീപിക്കുന്നവ
രെ ഒഴികെ മറ്റാരേയും ഉപദ്രവിക്കയില്ലെന്നും
ഇരിക്കുന്ന സ്ഥിതിക്ക് ഞാനും എൻെറ
മുൻഗാമികളേപ്പോലെ മരിക്കുമെന്ന് ഞാൻ
ഭയപ്പെടുന്നു. ഇപ്പോൾ ഞാൻ ഭയപ്പെടുന്നത്
ഞാൻ മരിക്കുമെന്നും എൻെറ പിതാവി
ൻേറയും മാതാവിൻേറയും ജീവന് എന്നെ
ക്കുറിച്ചുള്ള വേദനയോടുകൂടി അവരുടെ
ശവക്കുഴിയിലേക്ക് ഞാൻ ഇറക്കേണ്ടി
വരുമെന്നുമാണ്. അവരെ സംസ്ക്കരി
ക്കുവാൻ ഒരു മകനും വേറെയില്ലല്ലോ.
മാലാഖ അവനോട് നിൻെറ വംശത്തിൽ
നിന്നല്ലാതെ നീ ഭാര്യയെ പരിഗ്രഹിക്കരുത്
എന്ന് നിൻെറ പിതാവ് നിന്നോട് ആജ്ഞാ
പിച്ച വചനങ്ങൾ നീ ഓർക്കുന്നില്ലയോ?
ഇപ്പോൾ നീ എന്നെ അനുസരിക്കുക.
അവൾ നിനക്ക് ഭാര്യയായിരിക്കും. ആ
ഭൂതത്തിൽനിന്ന് നിനക്ക് ഒരുപദ്രവവും
ഉണ്ടാകയില്ല. എന്തെന്നാൽ ഈ രാത്രിയിൽ
അവൾ നിനക്കു ഭാര്യയായി നൽകപ്പെടും.
മണവറയിൽ നീ പ്രവേശിക്കുമ്പോൾ
സുഗന്ധവർഗ്ഗങ്ങളെടുത്ത് അതിന്മേൽ ആ
മത്സ്യത്തിൻെറ ചങ്കും കരളും വച്ച് പുക
ക്കുക.' ആ പിശാച് ആ ഗന്ധം ഏല്ക്കു
മ്പോൾ ഓടിപ്പൊയ്ക്കൊള്ളും. ഒരിക്കലും
അത് തിരികെ വരികയുമില്ല. നീ അവളോട്
സമീപിക്കുമ്പോൾ കാരുണ്യവാനായ
ദൈവത്തോട് നിങ്ങൾ ഇരുവരും പ്രാർത്ഥി
ൻ. താൻ നിങ്ങളെ രക്ഷിച്ചുകൊള്ളും.
നിങ്ങളോടു കരുണ ചെയ്യും. ആകയാൽ
അശേഷവും ഭയപ്പെടേണ്ട. എന്തെന്നാൽ
ആദിമുതലേ അവൾ നിനക്കായി ഒരുക്ക
പ്പെട്ടവളത്രേ. നീ അവളെ രക്ഷിക്കും.
അവൾ നിന്നോടുകൂടെ പോരും. അവളിൽ
നിന്ന് നിനക്കു മക്കൾ ഉണ്ടാകുമെന്ന്
ഞാൻ അറിയിക്കുന്നു എന്നു പറഞ്ഞു.
തോബിയാ ഇതു കേട്ടപ്പോൾ അവളെ
സ്നേഹിച്ചു. അവളോട് അവൻെറ മനസ്സും
ഒട്ടിച്ചേർന്നു.

അദ്ധ്യായം 7

അവർ അക്ബത്താനോസിൽ എത്തി 1
റഗൂവേലിൻെറ വീട്ടിലേക്കു വന്നു. സാറാ
അവരെക്കണ്ട് വളരെ സന്തോഷിച്ചു. അവൾ
അവരെ വീട്ടിലേക്ക് കൊണ്ടുപോയി.
റഗൂവേൽ അവൻെറ ഭാര്യയായ ഏദനിയാ 2
യോട് ഈ യുവാവ് എൻെറ ചാർച്ചക്കാര
നായ തൂബീദിനോട് എത്ര ഛായാസാമ്യം
ഉള്ളവൻ എന്നു പറഞ്ഞു. റഗൂവേൽ അവ 3
രോട് എൻെറ സഹോദരരേ നിങ്ങൾ എവി
ടെ നിന്നാണ് വരുന്നത്?' എന്നു ചോദിച്ചു.
അവർ നിനവേയിൽ പ്രവാസത്തിൽ കഴിയു
ന്ന നഫ്ത്താലിവംശത്തിൽ പെട്ടവരാണ്
എന്നു പറഞ്ഞു. അവൻ അവരോട് നിങ്ങൾ 4
എൻെറ സഹോദരനായ തൂബിത്തിനെ അ
റിയുമോ എന്ന് ചോദിച്ചു: അവർ അറിയും 5
എന്നു പറഞ്ഞു. അയാൾക്കു സുഖമോ
എന്ന് അവർ ചോദിച്ചു. സുഖമായി
ജീവിച്ചിരിക്കുന്നു എന്നു അവർ പറഞ്ഞു.
അപ്പോൾ തോബീയാ പറഞ്ഞു. അദ്ദേഹം 6
എൻെറ പിതാവാണ്. ഉടനെ റെഗൂവേൽ
ചാടി എഴുനേറ്റ് അവന് ചുംബനം കൊടു
ത്തുകൊണ്ട് കരഞ്ഞു. അവനെ അനു
ഗ്രഹിച്ചു. യോഗ്യനും ഉത്തമനുമായ 7
മനുഷ്യൻെറ മകൻ തൂബീത്തിന് കാഴ്ച
നഷ്ടപ്പെട്ടിരിക്കയാണ് എന്നു കേട്ടപ്പോൾ
അവൻ മനോവേദനപ്പെട്ടു കരഞ്ഞു.
അവൻെറ ഭാര്യയായ ഏദനിയായും 8
അവരുടെ മകളായ സാറായും കരഞ്ഞു.
അവരെ അത്യന്തം വാത്സല്യത്തോടെ
അവൻ സ്വീകരിച്ചു. അവൻ ഒരു കുഞ്ഞാ
ടിനെ കൊന്ന് വിശിഷ്ടഭോജ്യങ്ങൾ
അവർക്കു വിളമ്പി.

അപ്പോൾ തോബീയാ റപ്പായേലിനോട് 9
എൻെറ സഹോദരാ അസറിയാ യാത്രയിൽ
നിങ്ങൾ പറഞ്ഞവയെക്കുറിച്ച് സംസാരി
ച്ചാലും. കാര്യം തീരട്ടെ. മാലാഖാ കാര്യം
റഗൂവേലിനോട് വിസ്തരിച്ചു പറഞ്ഞു.
റഗൂവേൽ തോബീയായോട് ഭക്ഷിച്ച് പാനം 10
ചെയ്തു സന്തുഷ്ടനായിരിക്കുക. എന്തെ
ന്നാൽ എൻെറ മകളെ പരിഗ്രഹിക്കുന്നതു
നിനക്ക് അവകാശമുള്ളതാണ്. പക്ഷേ
നിന്നോടു സത്യം ഞാൻ തെളിച്ചു പറയാം.
എൻെറ ഈ മകളെ ഞാൻ ഏഴുപേർക്കു 11
വിവാഹം കഴിച്ചു കൊടുത്തതാണ.
എന്നാൽ മണവറയിലേക്ക് അവർ പ്രവേശി
ച്ചാൽ ആ രാത്രിയിൽ തന്നെ അവർ

മരിക്കുമായിരുന്നു. എന്നാൽ നീ ഇപ്പോൾ
ഭക്ഷിച്ച് പാനം ചെയ്ത് ഈ രാത്രിയിൽ
12 തന്നേ നീ നന്നായിരിക്കുക. തോബിയാ
ഉത്തരമായിട്ട് അയാളോട് അങ്ങ് എന്നോട്
ഇക്കാര്യത്തിൽ ഉറപ്പു പറഞ്ഞ് നിശ്ചയിക്കു
ന്നതുവരെ ഞാൻ ഒന്നു ഭക്ഷിക്കയും കുടിക്ക
യുമില്ല. അപ്പോൾ റഗൂവേൽ പറഞ്ഞു:
എനിക്ക് എന്തു ചെയ്യുവാൻ കഴിയും. ന്യായ
പ്രമാണം അനുസരിച്ച് അവൾ നിനക്കവ
കാശപ്പെട്ടവളാണ്. നിയമപ്രകാരം നിനക്ക്
13 ഞാൻ അവളെ ഭാര്യയായി തരുന്നു. സ്വർഗ്ഗ
ത്തിൻേറയും ഭൂമിയുടേയും നാഥൻ ഈ
രാത്രിയിൽ നിങ്ങളുടെ മാർഗ്ഗത്തെ ശുഭ
മാക്കട്ടെ. സമാധാനത്താൽ നിങ്ങളുടെ മേൽ
14 താൻ കരുണ ചെയ്യട്ടെ. "പിന്നീട് അവർ ഭ
ക്ഷിച്ചു പാനം ചെയ്തു. റഗുവേൽ അവൻെറ
15 ഭാര്യയായ ഏദനിയായോട് നീ മണവറ
ഒരുക്കി അതിലേക്കു നിൻെറ മകളെ
പ്രവേശിപ്പിക്കുക എന്നു പറഞ്ഞു. അവ
ളോട് പറഞ്ഞതുപോലെ അവൾ
16 പ്രവർത്തിച്ചു. അവളെ മണവറയിലേക്ക്
പ്രവേശിപ്പിച്ച് അവളുടെ കഴുത്തിൽ
കെട്ടിപ്പിടിച്ചു കരഞ്ഞുകൊണ്ട് അവളോട്
പറഞ്ഞു." എൻെറ മകളേ ഈ രാത്രിയിൽ
സ്വർഗ്ഗത്തിൻേറയും ഭൂമിയുടേയു നാഥൻ
നിന്നോട് കരുണ ചെയ്യും. നിനക്കു മുമ്പു
ണ്ടായിക്കൊണ്ടിരുന്ന സങ്കടത്തിന്നു പകര
മായി താൻ നിനക്ക് സന്തോഷമരുളും."

അദ്ധ്യായം 8

1 അവർ തോബിയായേ മണവറയിൽ
അവളുടെ അടുക്കൽ പ്രവേശിപ്പിച്ചു.
2 തോബിയാ റപ്പായേലിൻെറ വചനങ്ങൾ
ഓർക്കുകയും ആ മത്സ്യത്തിൻെറ ചങ്കും
കരളും സുഗന്ധവർഗ്ഗം വച്ചിരുന്നതായ
3 തീയിന്മേൽ വയ്ക്കുകയും ചെയ്തു. അതി
ൻെറ (ആ മത്സ്യത്തിൻെറ) ഗന്ധം ആ പിശാ
ചിനെ പുറത്തിറക്കുകയും അവൻ മെസ്രേ
നിലെ ഉയർന്ന പ്രദേശങ്ങളിലേക്ക് ഓടി
പ്പോകുകയും റപ്പായേൽ അവിടെ അവനെ
4 ബന്ധിച്ചിടുകയും ചെയ്തു. തോബിയാ
സാറായോട് എൻെറ സഹോദരി നമുക്ക്
എഴുന്നേറ്റ് പ്രാർത്ഥിക്കാം. നമ്മോട് കരുണ
ചെയ്വാനും ഈ രാത്രിയിൽ നമുക്ക് സമാ
ധാനം നൽകുവാനുമായി നമുക്ക് അപേക്ഷി
5 ക്കാം എന്നു പറഞ്ഞു. തോബിയാ തുടർന്ന്
ഇങ്ങനെ പറഞ്ഞു: ഞങ്ങളുടെ പിതാക്ക
ന്മാരുടെ ദൈവമായ കർത്താവേ നീ
വാഴ്ത്തപ്പെട്ടവനാകുന്നു. നിൻെറ നാമം
6 എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. പുരുഷ
നേയും സ്ത്രീയേയും സൃഷ്ടിക്കുകയും
ഭാര്യയെ ഭർത്താവിൻെറ സഹായി ആക്കി
തീർക്കുകയും ചെയ്തവൻ നീയാകുന്നു
വല്ലോ. അവരിരുവരിൽനിന്നും മനുഷ്യരുടെ
സന്തതി ജാതമായി. ആദാം ഏകനായിരി 7
ക്കുന്നതു നന്നല്ല. അവന്നായി ഒരു തുണ
യാളിനെ സൃഷ്ടിക്കാം എന്ന് അവിടുന്ന്
കല്പിച്ചുവല്ലോ. കർത്താവേ ഞാൻ ഇവളെ 8
സ്വീകരിക്കുന്നത് വേശ്യാവൃത്തിയ്ക്കല്ല
ന്യായപ്രമാണപ്രകാരമുള്ള കല്പന
നിറവേറ്റുവാനാകുന്നു. അവിടുത്തെ കൃപ 9
യാൽ വാർദ്ധക്യംവരേയും ഞങ്ങൾ ഒരുമിച്ച്
ജീവിക്കുമാറാകണമെ." അപ്പോൾ സാറാ
ആമേൻ എന്നു പറഞ്ഞു. അവർ രണ്ടുപേരും 10
ആ രാത്രിയിൽ ഉറങ്ങി.

റഗൂവേൽ അവൻെറ വീട്ടുകാരോട്
നേരംവെളുക്കുന്നതിനു മുമ്പ് രാത്രിയിൽ
തന്നേ ഒരു ശവക്കുഴി ഉണ്ടാക്കുവിൻ എന്നു
പറഞ്ഞു. കാരണം ഈ രാത്രിയിൽ തന്നെ
അവൻ മരിച്ചാൽ ആരും അറിയാതെ
അവനെ അടക്കേണ്ടതിന്നും നമുക്ക് അപ
മാനം ഉണ്ടാകാതിരിക്കേണ്ടതിനും തന്നേ.
അവൻെറ വീട്ടുകാർ അവൻ ആജ്ഞാ 11
പിച്ചതുപോലെ ചെയ്യുവാൻ പോയപ്പോൾ
റഗൂവേൽ അവൻെറ ഭാര്യയെ വിളിച്ച്
അവളോട് അവർ സമാധാനത്തിലോ എന്നു
നോക്കുവാൻ വേലക്കാരികളിൽ ഒരുവളെ
അയയ്ക്കുക എന്നു പറഞ്ഞു. ഏദനിയാ 12
വേലക്കാരികളെ അയച്ചു. അപ്പോൾ 13
അവർ മണവറയുടെ വാതിൽ തുറന്ന്
കയ്യിൽ വിളക്കു പിടിച്ചുകൊണ്ട് നോക്കി
അവർ ഒരുമിച്ച ഉറങ്ങുന്നതു കണ്ടു. അവൾ 14
തിരികെ വന്ന് അവർ ജീവനോടിരിക്കുന്നു
എന്നു പറഞ്ഞു. അനന്തരം അവർ ദൈവ 15
ത്തെ സ്തുതിച്ച് ഇപ്രകാരം പറഞ്ഞു:
"സ്വർഗ്ഗത്തിൻെറ നാഥനായ കർത്താവേ നീ 16
വാഴ്ത്തപ്പെട്ടവനാകുന്നു. നീ ഇടിച്ച് വീഴി 17
ക്കുന്നവനും യഥാസ്ഥാനപ്പെടുത്തുന്നവ
നുമാകുന്നു. എന്തെന്നാൽ ഞങ്ങളുടെ
ഏകജാതരായ ഈ രണ്ടുപേരോടും അവ
രുടെ മാതാപിതാക്കളോടും നീ കരുണ
ചെയ്തിരിക്കുന്നു. ദൈവമേ നീ അവസാന
ത്തോളം അവർക്കു സമാധാനവും അവ
രുടെ ആയുസ്സിന് ഉറപ്പും നൽകേണമെ."
വീട്ടുകാർ തിരികെ വന്നപ്പോൾ അവൻ 18
അവരോട് ആരും ഇതറിയാതിരിക്കേണ്ട
തിന്ന് വേഗം പോയി സൂര്യൻ ഉദിക്കു
ന്നതിനു മുമ്പുതന്നെ കുഴി മൂടുവിൻ എന്നു
പറഞ്ഞു. അവൻെറ ഭാര്യയോട് വളരെ
യേറെ അപ്പം തയ്യാറാക്കുക എന്നു പറഞ്ഞു.

19 അവൻ തൊഴുത്തിലേക്ക് ഓടിച്ചെന്ന് രണ്ടു
കാളയേയും നാല് മുട്ടാടുകളേയും കൊണ്ടു
വന്ന് അവൻെറ വീട്ടുകാരോട് അവയെല്ലാം
20 പാകം ചെയ്യുവാൻ കല്പിച്ചു. പിന്നെ അവൻ
തോബിയായോട് പറഞ്ഞു. പത്തു ദിവസം
കഴിഞ്ഞേ പോകാവൂ ദുഃഖിതയായിരുന്ന
എൻെറ മകളുടെ മനസ്സ് സന്തോഷിക്കട്ടെ.
എൻെറ സമ്പാദ്യത്തിൻെറ പകുതി നീ
ഇപ്പോൾ തന്നെ എടുത്തുകൊൾക.
ബാക്കിപകുതി ഞാനും എൻെറ ഭാര്യയും
മരിച്ചുകഴിയുമ്പോൾ നിങ്ങളുടേതാ
യിരിക്കും. ഞാൻ നിൻെറ അപ്പനും ഏദ
നിയാ നിൻെറ അമ്മയുമാകുന്നു. എൻെറ
മകനേ നീ ധൈര്യപ്പെട്ടുകൊൾക.

അദ്ധ്യായം 9

പിന്നെ തോബിയാ റപ്പായേലിനെ വിളി
ച്ച് അയാളോട് പറഞ്ഞു: ഇവിടെനിന്ന് രണ്ട്
ഒട്ടകവും നാല് ആളുകളുമായി നർഗീസിലേ
ക്ക് എൻെറ സഹോദരൻ അസറിയാ! താ
ങ്കൾ പോയി ഗബ്ബായേലിനെ കണ്ട് ഈ എഴു
ത്തു കൊടുക്കണം. അയാളിൽ നിന്ന്
ദ്രവ്യവും വാങ്ങി കൊണ്ടുവരിക. വിരുന്നിന്
ക്ഷണിക്കണം. താങ്കൾക്ക് അറിയാമല്ലോ
എൻെറ പിതാവ് ദിവസങ്ങൾ എണ്ണിക്കഴിയു
കയാണെന്ന് നാം ഒരു ദിവസമെങ്കിലും
താമസിച്ചാൽ അദ്ദേഹം വളരെ സങ്കടപ്പെടും.
റഗൂവേൽ ഞാൻ അദ്ദേഹത്തിൻെറ കൂടെ
പത്തുദിവസം താമസിക്കണമെന്ന് എന്നോ
ട് ശപഥം ചെയ്യിച്ചിട്ടുണ്ട്. അതു നിരസി
ക്കുവാൻ എനിക്കു സാദ്ധ്യമല്ല. റപ്പായേലും
ആ നാല് ആളുകളും രണ്ടു ഒട്ടകങ്ങളും
മേദിയായിൽ നർഗീസിലേക്ക് ഗബ്ബായേലി
ൻെറ അടുക്കലേക്ക് പോയി. അവനോടു
കൂടെ താമസിച്ചു. റപ്പായേൽ ആ എഴു
ത്തുകൊടുത്ത് അവനോട് തൂബീദിൻെറ
പുത്രൻ റഗൂവേലിൻെറ മകളെ ഭാര്യയായി
എടുത്തു. അവൻ അവിടെ ഉണ്ട്. നിന്നെയും
വിരുന്നിന് ആയി ക്ഷണിച്ചിട്ടുണ്ട്. ഗബ്ബാ
യേൽ എഴുന്നേറ്റ് മുദ്ര വച്ചിരിക്കുന്ന ആ
കെട്ടുകൾ അവനെ കാണിച്ചു. ദ്രവ്യം എണ്ണി
അങ്ങളുടെ മേൽ വച്ചു. അതിരാവിലെ
അവർ പുറപ്പെട്ട് റഗൂവേലിൻെറ വിരു
ന്നായി എത്തി. തോബിയാ ഭക്ഷണത്തി
നായി ഇരിക്കുന്നത് അവർ കണ്ടു. അവൻ
ഓടി എഴുന്നേറ്റു അവനെ ചുംബിച്ചു.
ഗബ്ബായേൽ അവനോട് നിനക്ക് സമാധാനം
ഇസ്രായേലിൻെറ ദൈവനായ ദൈവം മഹത്വവാനാകുന്നു.
നീതിയുള്ള മഹാനായ മനുഷ്യൻെറ
മകനെത്രേ. നീ അനുഗൃഹീതൻ. നിൻെറ
പിതാവും നിൻെറ മാതാവും അനുഗൃഹീ
തർ. നിൻെറ ഭാര്യയും അവളുടെ മാതാ
പിതാക്കളും അനുഗൃഹീതർ. തൂബീദോ 10
അവൻെറ മകൻ തോബിയാ പുറപ്പെട്ട
ദിവസംമുതൽ ദിവസങ്ങളെണ്ണി കഴിയുക
യായിരുന്നു.

അദ്ധ്യായം 10

ദിവസങ്ങൾ കുറെക്കഴിഞ്ഞപ്പോൾ 1
തൂബീദിന് വളരെ സങ്കടമായി. ഒരു പക്ഷേ
ഗബ്ബായേൽ മരിച്ചുപോയിരിക്കുമോ.
എൻെറ മകന് ആ ദ്രവ്യം ആരും കൊടു 2
ക്കാതിരിക്കുമോ എന്ന് വിചാരിച്ചു
കൊണ്ടിരുന്നു. ഹന്നായോ എൻെറ മകൻ 3
നഷ്ടപ്പെട്ടുപോയി. അവൻ ഇപ്പോൾ 4
ജീവനോടില്ലായിരിക്കാം എന്ന് പറഞ്ഞ്
അവനേച്ചൊല്ലി അവൾ കരഞ്ഞു. എൻെറ 5
മകനേ എനിക്കു കഷ്ടം. എൻെറ കണ്ണു
കളുടെ ശോഭ നീയായിരുന്നല്ലോ. എൻെറ
അടുത്തുനിന്ന് നീ പോകാൻ നിന്നെ ഞാൻ
സമ്മതിച്ചത് എന്തിന്? എന്ന് അവൾ
പറഞ്ഞുകൊണ്ടിരുന്നു. തോബീദ് അവ 6
ളോട് എൻെറ സഹോദരീ ധൈര്യമായി
രിക്ക. അവൻ ക്ഷേമത്തോടെ തിരികെവരും.
നീ ദുഃഖിക്കേണ്ട. എന്തെന്നാൽ അവ
നോട് കൂടെ പോയവൻ വിശ്വസ്തനാണ്.
നമ്മുടെ സഹോദരരിൽപെട്ടവനുമാണ്.
നിൻെറ ഹൃദയത്തിൽ ദുഃഖം വേണ്ടാ എന്നു
പറഞ്ഞു. ഹന്നായോ എൻെറ മകൻ നഷ്ട
പ്പെട്ടുപോയി എന്നു പറഞ്ഞുകൊണ്ടിരുന്നു.
അവൾ ദിവസവും ചാടി എഴുന്നേറ്റ് വഴിയി
ലേക്കു പോയി സൂര്യൻ അസ്തമിക്കും
വരെയും നോക്കിയിരുന്ന ശേഷം ഒന്നും
കഴിയാതെ അവളുടെ മുറിയിലേക്കു
പോകുമായിരുന്നു. അവൾക്ക് ഉറങ്ങുവാൻ
കഴിഞ്ഞിരുന്നില്ല.
റഗൂവേൽ പ്രതിജ്ഞ ചെയ്തിരുന്നതു 7
പോലെ പത്തു ദിവസം കഴിഞ്ഞപ്പോൾ
തോബിയാ അവനോട് എൻെറ അപ്പനും
അമ്മയും മഹാവേദനയിലിരിക്കയാണ്.
എൻെറ മുഖം ഇനിയും അവർ കാണുക
യില്ലെന്ന് വിചാരിച്ചിരിക്കയാണ് എന്നു
പറഞ്ഞു. റഗൂവേൽ അവനോട് പറഞ്ഞു. 8
ഞാൻ അവരുടെ അടുക്കലേക്ക് ദൂതരെ
അയച്ച് സംഭവങ്ങളെല്ലാം അറിയിക്കാം.
കുറെ ദിവസവും കൂടി നീ എന്നോടുകൂടി 9
താമസിക്കുക. തോബിയാ അവനോട്
അതു സാധ്യമല്ലല്ലോ. എൻെറ പിതാവ്
ദുഃഖിക്കാതിരിക്കേണ്ടതിന്ന് എന്നെ അയ
യ്ക്കേണമെ എന്ന് അങ്ങയോട് ഞാൻ

10 അപേക്ഷിക്കുന്നു എന്നു പറഞ്ഞു. റഗൂ
വേൽ എഴുനേറ്റ് അവൻെറ മകളെ കൂട്ടി
ക്കൊണ്ടുവന്ന് തോബീയായെ ഭരമേല്പി
ച്ചു. അവൻെറ എല്ലാവസ്തുവകകളിലും
പകുതി അവന് കൊടുത്തു. അതായത്
ദാസന്മാർ, ദാസികൾ, ആടുമാടുകൾ, ഒട്ട
കങ്ങൾ, കഴുതകൾ, സ്വർണ്ണം, വെള്ളി,
വളരെയേറെ വസ്ത്രങ്ങൾ എന്നിവ തന്നെ.
11 അയാൾ അവരെ ചുംബനം ചെയതു. യാത്ര
അയച്ചു. "എൻെറ മക്കളെ നിങ്ങൾ സമാധാ
നത്തോടെ പൊയ്ക്കൊള്ളുവീൻ. സ്വർഗ്ഗ
ത്തിൻേറയും ഭൂമിയുടേയും നാഥൻ നിങ്ങ
ളുടെ വഴി സുഗമമാക്കിത്തരും. ഞാൻ
മരിക്കുന്നതിനുമുമ്പ്. നിങ്ങളുടെ മക്കളേയും
12 ഞാൻ കാണും" എന്നു പറഞ്ഞു. റഗൂവേൽ
സാറായെ ചുംബിച്ച് അവളോട് "എൻെറ
മകളെ നീ നിൻെറ അമ്മായപ്പനും അമ്മായി
അമ്മയ്ക്കും മാന്യയായിരിക്ക. എന്തെന്നാൽ
ഞങ്ങൾ നിനക്കു മാതാപിതാക്കളായിരുന്ന
തുപോലെ ഇപ്പോൾ മുതൽ അവരാണ് നിന
ക്ക് മാതാപിതാക്കൾ. സമാധാനത്തോടെ
പൊയ്ക്കൊള്ളുവിൻ എന്നു പറഞ്ഞു. ഏദ
നിയാ തോബിയായോട് ദൈവതിരുസന്നി
ധിയിൽ എൻെറ മകളെ ഞാൻ നിനക്കു ഭര
മേല്പിക്കുന്നു. അവളുടെ ആയുഷ്ക്കാല
ത്തൊരിക്കലും നീ അവൾക്ക് ദുഃഖം വരു
ത്തരുത്. എന്തെന്നാൽ ഇനിയും ഞാൻ
നിൻെറ അമ്മയും സാറാ നിൻെറ സഹോ
ദരിയുമാകുന്നു. അവൾ അവരിരുവരേയും
ചുംബിച്ചു. അവർ യാത്ര പുറപ്പെട്ടു
തോബിയാ സന്തോഷത്തോടെ സ്വർഗ്ഗത്തി
ൻെറയും ഭൂമിയുടെയും ഉടയവനെ സ്തു
തിച്ചു. എൻെറ അമ്മായപ്പനും അമ്മായി
അമ്മയ്ക്കും അവരുടെ ആയുഷ്ക്കാല
മെല്ലാം എൻെറ മാതാപിതാക്കളോടും
എന്നപോലെ ഞാൻ മാന്യതയുള്ളവ
13 നായിരിക്കണമേ എന്നപേക്ഷിച്ചു. അവർ
യാത്രപുറപ്പെട്ടു. അവർ നിനവേയ്ക്കു
നേരെയുള്ള കേസറിയിലേക്ക് വന്നു.

അദ്ധ്യായം 11

1 റപ്പായേൽ തോബിയായോട് നിൻെറ
പിതാവിൻെറ മനസ്സ് നിനക്കറിയാമല്ലോ.
2 ഇപ്പോൾ നീ എഴുന്നേറ്റു പോയി നിൻെറ
ഭവനം ക്രമപ്പെടുത്തുക. നിൻെറ ഭാര്യ
ആശ്വാസത്തോടെ പോരും.
3 നായ് അവർക്കു മുമ്പായി ഓടിക്കൊ
ണ്ടിരുന്നു. റപ്പായേൽ തോബിയായോട്. ആ
മത്സ്യത്തിൻെറ കയ്പ് നിൻെറ കയ്യിൽ എടു
ത്തു കൊൾക. നിൻെറ പിതൃസന്നിധിയിൽ
നീ എത്തുകയും അദ്ദേഹം നിന്നെ നോക്കു
കയും കണ്ണു തുറന്നിരിക്കുകയും ചെയ്യു
മ്പോൾ ഈ കയ്പ അദ്ദേഹത്തിൻെറ കണ്ണു
കളിൽ തേച്ചു പിടിപ്പിക്ക. അപ്പോൾ അദ്ദേഹ
ത്തിൻെറ കണ്ണുകളിൽനിന്നു പടലം മാറി
പ്പോകുകയും നിൻെറ പിതാവ് പ്രകാശം
കാണുകയും ചെയ്യും എന്നു പറഞ്ഞു.
ഹന്നാ വഴിയിലേക്ക് നോക്കിക്കൊണ്ടു 4
നില്ക്കുകയായിരുന്നു. നായ ഓടിവരുന്നത് 5
അവൾ കണ്ടു: അവൾ ഓടിച്ചെന്ന് തൂബീ
ദിനോട് അങ്ങയുടെ മകൻ വന്നിരിക്കുന്നു
എന്നു പറഞ്ഞിട്ട് അവളുടെ മകനെ
സ്വീകരിപ്പാൻ ചെന്ന് അവനെ ആലിംഗനം
ചെയതു. അവൻെറ കഴുത്തിൽ കെട്ടിപ്പിടിച്ച്:
"എൻെറ മകനേ നിന്നെ ഞാൻ കണ്ടല്ലോ.
ഇനിയും മരിച്ചാലും എനിക്കു ദുഃഖമില്ല" 7
എന്നു പറഞ്ഞു. അവൻ അവൻെറ പിതാ 8,9
വായ തൂബീദിൻെറ അടുക്കലേക്കുവന്നു.
അദ്ദേഹം വാതില്ക്കൽ നില്ക്കുകയായി
രുന്നു. തൻെറ മകൻെറ ശബ്ദം കേട്ടപ്പോൾ 10
അവനെ സ്വീകരിപ്പാൻ ആഗ്രഹിച്ചുകൊണ്ട്
ചെന്നപ്പോഴേക്കും കാൽതട്ടി അദ്ദേഹം
വീണുപോയി. തൻെറ മകനായ തോബീയാ 11
ഓടിച്ചെന്ന് അവൻെറ പിതാവായ തൂബീ 12
ദിനെ പിടിച്ചെഴുനേല്പിച്ചു. മകനെ
ചുംബനം ചെയ്‌വാൻ അയാൾ ആഗ്രഹിച്ചു.
അയാളുടെ കണ്ണുകൾ രണ്ടും തുറന്നിരുന്നു.
തോബീയാ തൻെറ പിതാവായ തൂബീ 13
ദിൻെറ കണ്ണുകളിൽ ആ കയ്പു പുരട്ടി.
അയാൾ കണ്ണടച്ചു. എൻെറ മകനേ, നീ
എന്താണ് എന്നോടിച്ചെയ്തത് എന്നു
ചോദിച്ചു. തോബിയാ അയാളോട് എൻെറ
പിതാവേ ധൈര്യപ്പെടുക, അല്പം ക്ഷമി
ക്കുക. ഇതൊരൗഷധമാണ്. അങ്ങേയ്ക്ക്
സൗഖ്യം കിട്ടും എന്നു പറഞ്ഞ് തൻെറ
പിതാവിനെ ഗാഢാലിംഗനം ചെയ്തു.
അവൻ അയാളെ പിടിച്ചുകൊണ്ട് നില്ക്കു 14
മ്പോൾ തന്നെ ആ ഔഷധം തിമിരപടല
ങ്ങൾ നീക്കിക്കളഞ്ഞു. അങ്ങനെ തൂബീദ് 15
പ്രകാശം കണ്ടു. അവൻ ദൈവത്തെ സ്തു 16
തിച്ചു. അവൻ സ്വർഗ്ഗത്തിലേക്ക് നോക്കി
തൻെറ മകനെ ചുംബിച്ചു. അവൻ പറഞ്ഞു 17
എൻെറ മകനേ, നിന്നെ ഞാൻ കണ്ടല്ലോ.
എൻെറ മകനെ ഞാൻ കണ്ടിരിക്കയാൽ
കർത്താവ് വാഴത്തപ്പെട്ടവനാണ്. അത്ഭുത
ങ്ങൾ പ്രവർത്തിക്കുന്ന കർത്താവിൻെറ
നാമം മഹത്വമുള്ളതാകുന്നു.
അവർക്ക് സംഭവിച്ചവയെക്കുറിച്ച് 18
സന്തോഷിച്ചും സ്തുതി പാടിയും കൊണ്ട്
തൂബീദും അവൻെറ ഭാര്യ ഹന്നായും

ഃവനത്തിലേക്കു പ്രവേശിച്ചു. തോബിയാ
അവന് സംഭവിച്ചതെല്ലാം, ദ്രവ്യം കൊണ്ടു
ന്നതും റഗുവേലിന്റെ പുത്രിയായ
സാറായെ ഭാര്യയായി സ്വീകരിച്ചതും
ല്ലാം, വെളിപ്പെടുത്തിക്കൊണ്ട് അവൾ
ാതാ കോട്ടയുടെ വാതില്ക്കൽ അടുത്തി
ിക്കുന്നു എന്നു പറഞ്ഞു. തൂബീദും
വന്റെ ഭാര്യ ഹന്നായും എല്ലാവരും
വളെ സ്വീകരിപ്പാൻ പുറപ്പെട്ടു. അവരുടെ
യൽവാസികളെല്ലാം സന്തോഷിച്ചു.
വരോടു കൂടെ പോയിരുന്നവരും തൂബീ
ആരുടേയും കൈയ്ക്കു പിടിച്ചല്ലാതെ
ന്നു പോകുന്നതു കണ്ടപ്പോൾ എല്ലാ
ും അത്ഭുതപ്പെട്ടു. തൂബീദ് തന്റെ
ണ്ണുകൾ തുറന്ന ദൈവമായ കർത്താ
നെ ഉറച്ച ശബ്ദത്തിൽ മഹത്വപ്പെടുത്തി.
ുമകളായ സാറായുടെ അടുത്ത് തൂബീദ്
ന്ന് അവളോട് എന്റെ മകളേ നീ
മാധാനത്തോടെ വന്നിരിക്കുന്നു. നിന്റെ
താവ് അനുഗൃഹീതൻ. നിന്റെ മാതാവ്
നുഗൃഹീത. എന്റെ അടുക്കലേക്ക്
ന്ന കൊണ്ടുവന്നവർ വാഴ്ത്തപ്പെട്ടവൻ.
ന്റെ മകൻ തോബീയാ അനുഗൃഹീതൻ.
ന്റെ മകളേ, നീ അനുഗൃഹീത എന്നു
ഞ്ഞു. ആ ദിനത്തിൽ നിനവെയിൽ
ർത്തിരുന്ന എല്ലാ യഹൂദർക്കും മഹാ
ന്താഷമുണ്ടായി. അവിടേക്ക് അഹി
ും അവന്റെ സഹോദരിപുത്രനായ
വാനും തൂബീദിന്റെ അടുക്കൽ വന്നു.
ന്താഷത്തോടെ വലിയ വിരുന്നു കഴിച്ചു.
ർ വളരെ കാഴ്ചവസ്തുക്കൾ കൊണ്ടു
ിരുന്നു.

അദ്ധ്യായം 12

വിരുന്നെല്ലാം കഴിഞ്ഞപ്പോൾ തൂബീദ്
നാട് "എന്റെ മകനേ, നോക്കൂ, നിന്റെ
പോന്ന ആൾക്കു നാം കൂലി കൊടു
ടതല്ലോ. അവനു കുറച്ചുകൂടി കൂട്ടി
ഫലം കൊടുക്കണം" എന്നു പറഞ്ഞു.
പ്പോൾ തോബിയാ, അയാൾക്കു ഞാൻ
മാത്രമാണ് കൊടുക്കേണ്ടത്? ഞാൻ
ണ്ടുവന്നതിൽ പകുതിയും കൊടു
എനിക്കു മടിയില്ല. കാരണം, അദ്ദേഹം
യിൽ എന്നെ പരിരക്ഷിച്ചു എന്റെ
ായ സൌഖ്യമാക്കി. ദ്രവ്യമെല്ലാം
ണ്ടുവന്നു അദ്ദേഹത്തിനു കൊടുക്കുന്ന
ത്തിൽ എനിക്കു ഒരു വിഷമവുമില്ല
പറഞ്ഞു. തൂബീദ് അവനോട്: നീ
ണ്ടുവന്നതിൻ പകുതിയും അയാൾക്കു
ക്കേണ്ടതുതന്നെ എന്നു പറഞ്ഞു.

അവൻ അയാളെ വിളിച്ച്, ഞാൻ കൊണ്ടു 5
വന്നതിൽ എല്ലാറ്റിൽ നിന്നും പകുതി
താങ്കൾ സ്വീകരിച്ചാലും, സമാധാനത്തോടെ
പോയാലും എന്നു പറഞ്ഞു. അയാളാകട്ടെ 6
അവരിരുവരേയും ഒരു ഭാഗത്തേക്കു വിളിച്ചു
മാറ്റിനിർത്തിയിട്ടു പറഞ്ഞു:

ദൈവം നിങ്ങൾക്കു ചെയ്തുതന്ന എല്ലാ 7
നന്മകൾക്കുമായി സർവ്വമനുഷ്യരുടെയും
മുമ്പിൽ വെച്ച്, തന്നെ സ്തുതിപ്പിൻ.
സ്ത്രോത്രം ചെയ്‌വിൻ. എന്തെന്നാൽ
ദൈവത്തെ സ്തുതിക്കയും തന്റെ നാമ
ത്തെ പുകഴ്ത്തുകയും ചെയ്യുന്നതു നല്ല
താകുന്നു. നിങ്ങൾ എപ്പോഴും ദൈവവചനം
സംസാരിപ്പിൻ. അവ സ്വർഗ്ഗരാജ്യത്തിന്റെ
രഹസ്യങ്ങളും നന്മ ചെയ്യുവാൻ സഹായക
ങ്ങളും ആകുന്നു. നന്മയല്ലാതെ തിന്മ നിങ്ങ 8
ളിൽ കാണപ്പെടരുത്. ഉപവാസത്തിലും
പ്രാർത്ഥനയിലും നീതിയിലും പുണ്യ
ത്തിലും എപ്പോഴും ഉറ്റിരിപ്പിൻ. നീതി വലിയ
നിക്ഷേപമാകുന്നു. നീതി മൃത്യുവിൽ
നിന്നും പരിരക്ഷിക്കുന്നു. നീതി ചെയ്യുന്ന 9
വർ ജീവനിലേക്കു പ്രവേശിക്കുന്നു.

ഇപ്പോൾ നിങ്ങൾക്കു ഞാൻ സത്യം 10
വെളിപ്പെടുത്തിത്തരാം. നിങ്ങളിൽ നിന്നു
ഞാൻ അതു മറയ്ക്കുകയില്ല. തൂബീദേ 11
നീയും നവവധുവായ സാറായും പ്രാർത്ഥി
ച്ചപ്പോൾ നിങ്ങൾ ഇരുവരുടേയും പ്രാർത്ഥന
ദൈവസന്നിധിയിൽ കേൾക്കപ്പെട്ടു. നീ
ചെയ്തിരുന്ന ആ പ്രവൃത്തികളും ദാന
ധർമ്മങ്ങളും അവിടെ അറിയപ്പെട്ടു.

ആരെങ്കിലും മരിച്ചാൽ നീ നിഗൂഢമായി
എഴുനേറ്റ് ആ മൃതനെ വഹിച്ചുകൊണ്ടു
പോയി അടക്കിയിരുന്നത് അറിയപ്പെട്ട
കാര്യമാണ്. നിനക്ക് ഒരു പരീക്ഷണഘട്ടം 14
വന്നപ്പോൾ നിന്നെ രക്ഷിപ്പാനും, നിന്നേയും
നിന്റെ വധുവിനേയും സുഖപ്പെടുത്തു
വാനും ദൈവം എന്നെ അയച്ചു.

ഞാൻ ദൈവസന്നിധിയിൽ നിലകൊ 15
ള്ളുന്ന മാലാഖമാരിൽ ഒരുവനായ റഫാ
യേൽ ആകുന്നു എന്നു പറഞ്ഞു. അവർ 16
സംഭീതരായി. ഇരുവരും സാഷ്ടാംഗം വീ
ണു പരിഭ്രമിച്ചു പോയി. അദ്ദേഹം അവരോട് 17
നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങൾക്കു ക്ഷേമ
വും നിങ്ങൾക്കു സമാധാനവും ഉണ്ടായിരി
ക്കട്ടെ. നിങ്ങൾ ദൈവത്തെ സ്തുതിപ്പിൻ. എ 18
ന്തെന്നാൽ എന്റെ ദയ കൊണ്ടല്ല ഇതെല്ലാം
സംഭവിച്ചത്. ഞാൻ ഭക്ഷിക്കുകയോ പാനം 19
ചെയ്യുകയോ ചെയ്തില്ല. എന്നാൽ ഞാൻ
ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യു
ന്നതായി നിങ്ങൾ കാണുക മാത്രമാണ്

20 ചെയ്തത്. ഇപ്പോൾ നിലത്തു നിന്നും എഴു
നേല്പിൻ. ഇക്കാര്യമെല്ലാം പുസ്തകത്തിൽ
എഴുതി ദൈവത്തെ സ്തുതിപ്പിൻ. ഞാനോ
ഇതാ എന്നെ അയച്ചവൻെറ അടുക്കലേക്കു
21 കരേറിപ്പോകുകയാണ്. "അവർ എഴുനേറ്റ്
അദ്ദേഹത്തെ അന്വേഷിച്ചു. പക്ഷേ അവിടെ
ഇല്ലായിരുന്നു അവർ ദൈവത്തിനു സ്തു
തിപാടി. അവരോട് താൻ ചെയ്ത കൃപ
യ്ക്കായി സ്തോത്രമർപ്പിച്ചു.

അദ്ധ്യായം 13

1 തുബീദ് ഈ സ്തുതിഗാനം ആഹ്ളാദ
പൂർവ്വം എഴുതി. "ജീവനുള്ള ദൈവമേ നീ
വാഴ്ത്തപ്പെട്ടവൻ. നിൻെറ രാജ്യം ശാശ്വത
2 മാകുന്നു. നീ ദീർഘക്ഷമയുള്ളവനും ദയാ
ലുവും പാതാളത്തിലേക്ക് ഇറക്കുന്നവനും
കരേറ്റുന്നവനും ആകുന്നു. ആർക്കും തിരു
സന്നിധിയിൽ നിന്ന് ഓടി ഒളിപ്പാൻ സാദ്ധ്യ
3 മല്ല. ഇസ്രായേൽ മക്കളേ ജാതികളുടെ
മുമ്പിൽ തിരുസന്നിധിയിൽ സ്ത്രോത്രം
പാടുവിൻ. എന്തെന്നാൽ അവൻ നമ്മെ
അവരുടെ മദ്ധ്യേ വിതച്ചിരിക്കുകയാകുന്നു.
4 അവനോട് സമനായി മറ്റാരുമില്ല. അവൻ
പ്രവർത്തിക്കുന്ന അത്ഭുതങ്ങൾക്കു തുല്യ
മായി ഒന്നുമില്ല. താൻ നമ്മുടെ കർത്താവും
ദൈവവും എന്നേക്കും നമ്മുടെ പിതാവും
ആകുന്നു.
5 നമ്മുടെ പാപങ്ങളെ പ്രതി നമുക്ക്
അനുതപിക്കാം. താൻ നമ്മോട് കരുണ
6 ചെയ്യും. നാം ചിതറിപ്പോയ എല്ലാ ജാതിക
ളിൽ നിന്നും തിരുസന്നിധിയിലേക്ക്
തിരിയുകയും നിർമ്മലഹൃദയത്തോടെ
സത്യമായത് തിരുസന്നിധിയിൽ പ്രവർത്തി
ക്കുകയും ചെയ്യുമ്പോൾ അവൻ നമ്മെ
കൂട്ടിച്ചേർക്കും. ഇപ്പോൾ നമ്മോട് താൻ
ചെയ്തവയെല്ലാം നാം കാണുകയും പൂർണ്ണ
ഹൃദയത്തോടെ തിരുസന്നിധിയിൽ സ്തോ
ത്രമർപ്പിക്കുകയും നീതിയിൻ ദൈവത്തെ
സ്തുതിക്കുകയും ശാശ്വത രാജാവിനെ പുക
ഴ്ത്തുകയും ചെയ്യാം. പാപികളേ മാനസാന്ത
രപ്പെടുവിൻ തിരുസന്നിധിയിൽ നീതി
പ്രവർത്തിക്കുവിൻ. താൻ നിങ്ങളിൽ പ്രസാ
ദിച്ച് നിങ്ങളോട് കരുണ ചെയ്യും.
7 കണ്ടാലും എൻെറ ആത്മാവ് എൻെറ
ദൈവത്തിൽ ആനന്ദിക്കും. പരിശുദ്ധനഗര
മായ യറുശലേമിൽ അവൻെറ സന്നിധി
യിൽ സ്തോത്രം അർപ്പിക്കുവിൻ."

അദ്ധ്യായം 14

1 തുബീദ് ഈ സ്തോത്രവചനങ്ങളെല്ലാം
എഴുതി തീർത്തു. സമാധാനവാർദ്ധക്യം
പ്രാപിച്ച് നൂറ്റി രണ്ടാമത്തെ വയസ്സിൽ
നിര്യാതനായി. നിനവെയിൽ മഹാവലിയ
ആദരപൂർവ്വം അദ്ദേഹം കബറടക്കപ്പെട്ടു.
അദ്ദേഹത്തിന് അമ്പത്തിഎട്ടു വയസ്സുള്ള
പ്പോഴാണ് അന്ധത പിടിപെട്ടത്. ഏഴു
വർഷം അന്ധനായിക്കഴിഞ്ഞു. വീണ്ടും
ദൈവം അദ്ദേഹത്തിന് പ്രകാശം നൽകി.
കണ്ണുകൾ തുറക്കപ്പെട്ടു. പിന്നീട് 37 വർഷ
വും കൂടി ജീവിച്ചിരുന്നു. അദ്ദേഹത്തിൻെറ
ആയുഷ്ക്കാലം മുഴുവൻ ധർമ്മവും
നീതിയും പ്രവർത്തിക്കുകയും ദൈവത്തിന്
സദാ സ്തോത്രമർപ്പിക്കുകയും ചെയ്തി
രുന്നു.

അദ്ദേഹം മരിക്കാറായപ്പോൾ മകൻ
തോബിയാസിനെ വിളിച്ച് "എൻെറ മകനെ
ഞാൻ മരിച്ചശേഷം നീ നിൻെറ മക്കളേയും
കൂട്ടിക്കൊണ്ട് മേദിയായിലേക്കു പോകണം.
എന്തെന്നാൽ പ്രവാചകൻ നിനവെയ്ക്കെ
തിരെയും അരാമ്യർക്കെതിരെയും കർത്തൃ
നാമത്തിൽ സംസാരിച്ച വചനങ്ങൾ വിശ്വ
സനീയങ്ങളത്രേ. അതിൽ ഒരു വാക്കു
പോലും നിറവേറാതിരിക്കുകയില്ല. നിന
വെയിലേതിനേക്കാളും അരാമ്യരേക്കാളും
ബാബേലിനേക്കാളും കൂടുതൽ സുരക്ഷി
തത്വം മേദിയായിൽ ഉണ്ടായിരിക്കും.
ഇസ്രായേൽ, ദേശത്തു നിന്ന് സർവ്വദേശ
ങ്ങളിലേക്കുമായി ചിതറിപ്പോകും. ആ നല്ല
ദേശം ശൂന്യമായിപ്പോകും. അതോടൊപ്പം
ദൈവത്തിൻെറ ആലയവും നഗരവും. അതി
നുശേഷം ദൈവം ദയചെയ്തു ഇസ്രായേ
ലിൻെറ ശേഷിപ്പിനെ തിരികെ വരുത്തും.
അവർ വീടുകൾ പണിയും. പ്രവാസത്തി
ലായിരുന്നവരെല്ലാം അവിടേയ്ക്കു തിരിച്ചു
വരും. യറൂശലേമും ദൈവാലയവും പുനരു
ദ്ധരിക്കപ്പെടും. അതു ലോകത്തിലെ സർവ്വ
വംശങ്ങൾക്കും ബഹുമാനകേന്ദ്രമായിരി
ക്കും. ഇസ്രായേല്യരോട് കർത്തൃനാമത്തിൽ
സംസാരിച്ചവരായ പ്രവാചകന്മാർ പ്രവചി
ച്ചതെല്ലാം അവിടെ സംഭവിക്കും. സർവ്വ
മാനപേരും ഇസ്രായേലിൻെറ ദൈവത്തിങ്ക
ലേക്കു തിരിയും. അവർ നീതിചെയ്തു
അവനോട് ഭക്തിയുള്ളവരായിരിക്കും.
ദൈവസന്നിധിയിൽ ഉത്തമമായത്
പ്രവർത്തിച്ചുകൊള്ളണം. നിങ്ങളുടെ മക്കൾ
നീതിയും പുണ്യവും പാലിച്ചുകൊള്ളണ
മെന്ന് അവരോടാജ്ഞാപിക്കണം. അവർ
എപ്പോഴും ദൈവത്തെ ഓർക്കുകയും സദാ
പൂർണ്ണശക്തിയോടെ തിരുനാമത്തെ സ്തു
തിക്കുകയും വേണം. ഇപ്പോഴോ, എൻെറ

മകനേ നീ എന്നെയും നിൻെറ അമ്മയെയും
കബറടക്കിയശേഷം നിനവെയിൽ നിന്ന് നീ
പുറപ്പെട്ടു പൊയ്ക്കൊള്ളണം. എന്തെ
ന്നാൽ ഈ പട്ടണത്തിൽ വളരെയേറെ
ദുഷ്ക്കർമ്മികൾ ഉണ്ട്. ഇതിൽ വച്ചാണ്
അക്കാബ് തോബിയായെ വളർത്തിയ
അക്കിക്കാറിനോട് കടുംകൈയ് ചെയ്തത്.
അക്കാബ് അന്ധകാരത്തിലേക്കു പ്രവേ
ശിച്ചു. അക്കിക്കാർ അവന് വച്ച കെണിയിൽ
നിന്നു രക്ഷപ്പെട്ട് പ്രകാശത്തിലേക്കു കട
ന്നു. തൂബീദ് ഈ വചനങ്ങളെല്ലാം പറ
ഞ്ഞു തീർന്നശേഷം കിടക്കയിലേക്കു കിട
ന്നു. അവൻെറ ആത്മാവ് പറന്നു പോയി.
മഹാവലിയ ആദരവോടെ അവൻ കബറ
ടക്കപ്പെട്ടു. ഹന്നാ മരിച്ചശേഷം തോബിയാ
തൻെറ പിതാവായ തൂബീദിൻെറ സമീപം
അവളെ കബറടക്കി. തോബിയാ അവൻെറ
ഭാര്യയെയും മക്കളേയും കൂട്ടിക്കൊണ്ട്
മേദിയായിലെത്തി അവൻെറ അമ്മായിയ
പ്പനായ റഗുവേലിൻെറ അടുക്കൽ ബത്
നാനിൽ താമസമാക്കി. അവൻെറ അമ്മാ 13
യിയപ്പൻെറ വാർദ്ധക്യത്തിൽ വളരെ ബഹു
മാനത്തോടെ വേണ്ട ശുശ്രൂഷചെയ്തു
അമ്മായിയപ്പനേയും അമ്മായിഅമ്മയേയും
ബത്നോനിൽ കബറടക്കുകയും ചെയ്തു.
തോബിയാ അങ്ങനെ തൻെറ അമ്മായിയ 14
പ്പൻെറ സ്വത്തുക്കൾക്കും അവൻെറ പിതാ
വിൻെറ ഭവനത്തിനും അവകാശിയായി.
തോബിയാ നൂറ്റിഏഴുവയസ്സുള്ളവനായി
നിദ്രപ്രാപിച്ചു. അവൻ മരിക്കുന്നതിനു മുമ്പ്
നിനവെയുടെ നാശവും മേദിയായിലേക്ക്
അവിടെ നിന്നുള്ള യുദ്ധത്തടവുകാരെ
കൊണ്ടു വരുന്നതും അവൻ കണ്ടു. അവൻ 15
മരിക്കുന്നതിനു മുമ്പായി നിനവെയിൽ
സംഭവിച്ചവയെല്ലാം കണ്ട് ദൈവത്തെ
സ്തുതിച്ചു.

യുദിത്തിൻെറ പുസ്തകം

അദ്ധ്യായം 1

1 നിനവ തലസ്ഥാനമാക്കി നെബുഖദ്
നേസർ അസ്സീറിയാ ഭരിക്കുന്നതിന്റെ
പന്ത്രണ്ടാം വർഷം, അർപക്സാദ് എക്ബ
ക്താന ആസ്ഥാനമായി മേദ്യാ ഭരിക്കുക
2 യായിരുന്നു. മൂന്നു മുഴം കനവും ആറു മുഴം
നീളവുമുള്ള, ചെത്തി ആകൃതിപ്പെടുത്തിയ
കല്ലുകൾകൊണ്ട് എക്ബക്താനയ്ക്കു
ചുറ്റും കോട്ട പണിതത് അവൻ ആയിരുന്നു.
ആ കോട്ടയ്ക്ക് എഴുപതു മുഴം ഉയരവും
അമ്പതു മുഴം വീതിയുമുണ്ടായിരുന്നു.
3 കോട്ടവാതിലുകളിൽ അറുപതു മുഴം
കനമുള്ള അസ്തിവാരത്തിൽ നൂറു മുഴം
ഉയരമുള്ള ഗോപുരങ്ങൾ പണികഴിപ്പിച്ചു.
4 തന്റെ സൈന്യരഥങ്ങൾക്ക് കടന്നുപോക
ത്തക്കവണ്ണം, നഗരവാതിലുകൾക്ക് എഴു
പതു മുഴം ഉയരവും നാല്പതു മുഴം
5 വീതിയുമുണ്ടായിരുന്നു. അക്കാലത്താ
യിരുന്നു, റാഗാവിന്റെ അതിർത്തികളി
ലുള്ള ദൗറാ സമതലപ്രദേശത്തുവെച്ച്
നെബുഖദ്നേസർ രാജാവ് അർപക്സാദ്
രാജാവിന് എതിരായി യുദ്ധം ചെയ്തത്.
6 മലമ്പ്രദേശത്തെ സർവ്വ നിവാസികളും,
യൂഫ്രട്ടീസ്, ടൈഗ്രിസ്, ഹിദാസ്പസ്
എന്നിവയുടെ തീരങ്ങളിൽ പാർത്തിരുന്ന
എല്ലാവരും നെബുഖദ്നേസറിനെ എതിർ
ത്തു. സമതലപ്രദേശത്ത് എലിമായരുടെ
രാജാവായ അര്യൂക്കും കൽദയരോടു യുദ്ധം
ചെയ്‌വാൻ അനേകജാതികളും അവരുടെ
സൈന്യങ്ങളോട് ചേർന്നു.
7 അപ്പോൾ അസ്സീറിയാ രാജാവായ
നെബുഖദ്നേസർ പേർഷ്യയിലെ സർവ്വ
നിവാസികൾക്കും കിലിക്യ, ദമസ്ക്കോസ്,
ലെബനോൻ, കടൽത്തീരവാസികൾ
8 കർമേൽ, ഗിലയാദ്, ഉത്തരഗലീലാ, എസ്ദ്ര
യലോൺ, മഹാസമതലം എന്നിവിടങ്ങ
9 ളിലെ ജനതകൾക്കും ശമര്യായിലും അതിനു
ചുറ്റുമുള്ള പട്ടണങ്ങളിലും യോർദ്ദാനക്കരെ
യറുശലേം, ബെതാനേയാ, കെലൂസ്,
കാദേശ്, മെസ്രേനിന്റെ അതിർത്തിപ്രദേശ
ങ്ങൾ എന്നിവിടെയുള്ള ആളുകൾക്കും.
തഹ്പനേസ്, റയംസേസ്, മെംഫിസ്,
ഗോശൻ പ്രദേശം എന്നിവിടത്തെ ആളുകൾ
ക്കും, എത്യോപ്യൻ അതിർത്തിവരെയുള്ള
സകല മെസ്രേൻ നിവാസികൾക്കും കല്പ 10
നയയച്ചു. എന്നാൽ ഈ പ്രദേശങ്ങളിലെ 11
നിവാസികൾ എല്ലാം നെബുഖദ്നേസർ
എന്ന അസ്സീറിയാ രാജാവിന്റെ കല്പന
അവഗണിച്ചു; അവർ അവനോടു കൂടെ
യുദ്ധത്തിൽ പങ്കെടുത്തില്ല. അവർ അവ
ന്റെ ദൂതന്മാരെ നിന്ദാപൂർവ്വം വെറുതെ
മടക്കിയയച്ചു. ഇതിങ്കൽ ഈ ദേശവാസി 12
കളോടെല്ലാം നെബുഖദ്നേസറിനു കഠിന
കോപമുണ്ടായി. മോവാബ്യരോടും അമ്മോ
ന്യരോടും രണ്ടു സമുദ്രങ്ങളുടെയും
തീരങ്ങൾവരെ യൂദയായിലും മെസ്രേനിലു
മുള്ള സകല ജനങ്ങളോടും കിലിക്യ,
ദമസ്ക്കോസ്, സിറിയാപ്രദേശങ്ങളോടും
പ്രതികാരംചെയ്യും എന്നും അതിലെ സർവ്വ
നിവാസികളെയും വാളിന് ഇരയാക്കും
എന്നും അവൻ തന്റെ സിംഹാസനത്തി
ന്റെയും രാജ്യത്തിന്റെയും നാമത്തിൽ
ശപഥം ചെയ്തു.

തന്റെ ഭരണത്തിന്റെ പതിനേഴാം 13
വർഷത്തിൽ അവൻ അർപക്സാദ് രാജാ
വിന് എതിരെ തന്റെ സേനയെ അണി
നിരത്തി; അവനെ യുദ്ധത്തിൽ തോല്പിച്ചു.
അർപക്സാദിന്റെ സൈന്യത്തേയും
കുതിരപ്പടയേയും രഥങ്ങളേയും അവൻ 14
നിശ്ശേഷം നശിപ്പിച്ചു; അവന്റെ നഗരങ്ങൾ
കൈവശപ്പെടുത്തി. അവൻ എക്ബതാന
യിൽ വന്ന് അതിന്റെ ഗോപുരങ്ങളെ
അധീനമാക്കി; അതിന്റെ തെരുവുകളെ
കൊള്ളയടിച്ചു. അതിന്റെ മഹത്ത്വം സർവ്വ
നാശത്തിനു വിധേയമാക്കി. റഗാവുപർവ്വ 15
തങ്ങളിൽ വച്ച് അവൻ അർപക്സാദിനെ
പിടികൂടി; കുന്തംകൊണ്ടു കുത്തി അവനെ
വധിച്ചു. പിന്നെ അവനും, എണ്ണമറ്റ യോദ്ധാ 16
ക്കൾ അടങ്ങിയ അവന്റെ സൈന്യവും,
കൊള്ളവസ്തുക്കളുമായി നിനവേയിലേ
ക്കു മടങ്ങി. അവർ നൂറ്റിരുപതു ദിവസ

...ത്താളം അവിടെ വസിച്ചു വിജയം ആഘോ
...ഷിച്ചു.

അദ്ധ്യായം 2

നെബുഖദ്നേസർ രാജാവിന്റെ ശപ
...ം അനുസരിച്ച് സർവ്വദേശത്തിന്മേലുമുള്ള
...വന്റെ പ്രതികാരഭീഷണി നടപ്പിലാക്ക
...നമെന്ന് ഒരു നിർദ്ദേശം, അസ്സീറിയാ
...ജാവായ നെബുഖദ്നേസർ രാജാ
...ിന്റെ പതിനെട്ടാമാണ്ട് ഒന്നാം മാസം
...രുപത്തിരണ്ടാം ദിവസം രാജമന്ദിരത്തിൽ
...ണ്ടായി. അയാൾ എല്ലാ ഉദ്യോഗസ്ഥ
...ാരെയും പ്രഭുക്കന്മാരെയും വിളിച്ചുവ
...ത്തി, ഒരു രഹസ്യാലോചന യോഗം
...ടത്തി. സ്വന്ത നാവുകൊണ്ടുതന്നെ
...യാൾ ആ പ്രദേശങ്ങളിന്മേൽ നിർമ്മൂല
...ശം പ്രഖ്യാപിച്ചു. രാജകല്പന അനുസരി
...ാത്ത എല്ലാവരെയും വധിച്ചുകളയണ
...ന്നു തീരുമാനിച്ചു.

ആലോചനായോഗം കഴിഞ്ഞപ്പോൾ
...സ്സീറിയാ രാജാവായ നെബുഖദ്നേസർ,
...ന്റെ സൈന്യത്തിന്റെ അധിപതിയും,
...ൻ കഴിഞ്ഞാൽ ഏറ്റം ഉന്നതനുമായ
...ൽഫർണസിനെ വിളിച്ചു പറഞ്ഞത്: ഇത്
...ലം മുഴുവന്റെയും അധിപതിയായ
...ാരാജാവിന്റെ കല്പനയാകുന്നു: നീ
...ര പോയി, ധൈര്യശാലികൾ എന്നു
...ളിഞ്ഞിരിക്കുന്ന ഒരു ലക്ഷത്തിരു
...നായിരം കാലാൾപടയാളികളെ, പന്തീ
...ിരം കുതിരപ്പട്ടാളത്തോടൊപ്പം എന്റെ
...ിൽനിന്നു കൂട്ടിക്കൊണ്ട്, പടിഞ്ഞാറൻ
...ശങ്ങളിൽ എന്റെ കല്പന അവഗ
...ിരിക്കുന്ന ജനതകൾക്ക് എതിരായി
...പ്പെടുക. ഞാൻ അവരുടെ മേൽ എന്റെ
...ധം പകരുവാൻ വരുന്നതിനാൽ അവർ
...വും വെള്ളവും ഒരുക്കിക്കൊൾവാൻ
...രോടു പറയുക. എന്റെ സൈന്യം
...ുടെ ദേശം മുഴുവൻ വീർപ്പുമുട്ടിക്കും.
...ർ സൈന്യത്തിനു കവർച്ച ചെയ്‌വാൻ
...് അതിനെ വിട്ടുകൊടുക്കും. അവരുടെ
...ാരെക്കൊണ്ട് അവരുടെ താഴ്‌വരകൾ
...ും; അവരുടെ ശവശരീരങ്ങൾ അരുവി
...ടയും നദികളുടെയും ഗതി തടയും.
...ുടെ അതിർത്തികൾവരെയും ഞാൻ
...ര ബദ്ധന്മാരായി അയയ്ക്കും. എനി
...ുമ്പേ പോയി എനിക്കുവേണ്ടി അവ
...ദേശമെല്ലാം കൈവശപ്പെടുത്തുക.
കീഴടങ്ങുന്നുവെങ്കിൽ അവരുടെ
...ദിവസംവരെ അവരെ എനിക്കായി
...ിക്കണം. അവർ ചെറുത്തുനിൽക്കു
ന്നുവെങ്കിൽ അവരോടു ദാക്ഷിണ്യം കാണി
ക്കാതെ അവരെ കൊലയ്ക്കും കൊള്ള
യ്ക്കും ഏല്പിച്ചുകൊടുക്കുക. എന്റെ 12
ജീവനാണ, എന്റെ രാജകീയ ശക്തി
യാണ, ഞാൻ ശപഥം ചെയ്തിരിക്കുന്നു;
ഞാൻ പ്രഖ്യാപിച്ചിരിക്കുന്നു; എന്റെ
വാക്കുപോലെതന്നെ ഞാൻ ചെയ്യും.
നീയോ, നിന്റെ അധീശനായ എന്റെ 13
കല്പനകൾ ഒന്നും ലംഘിക്കരുത്. നിന്നോ
ടു കല്പിച്ചിരിക്കുന്നതുപോലെയെല്ലാം
നിറവേറ്റണം. ഒട്ടും അമാന്തിക്കരുത്.

എൽഫർണസ് തന്റെ യജമാനന്റെ 14
മുമ്പിൽനിന്നു പോയി അസ്സീറിയൻ
സൈന്യത്തിന്റെ സേനാധിപന്മാരെയും
പടത്തലവന്മാരെയും ഉദ്യോഗസ്ഥന്മാരെ
യും വിളിച്ചുകൂട്ടി രാജാവു കല്പിച്ചിരുന്ന 15
പ്രകാരം, തെരഞ്ഞെടുത്ത യോദ്ധാക്ക
ന്മാരെ, ഒരുലക്ഷത്തിരുപതിനായിരം
കാലാൾപടയെയും അശ്വാരൂഢരായ
പന്തീരായിരം വില്ലാളിവീരന്മാരെയും വിളി
ച്ചുകൂട്ടി. യുദ്ധത്തിനു പോകുന്ന മഹാസൈ 16
ന്യമായി അവൻ അവരെ അണിനിരത്തി.
പടക്കോപ്പുകൾ ചുമക്കുവാൻ, അസംഖ്യം 17
ഒട്ടകങ്ങളെയും കഴുതകളെയും കോവർകഴു
തകളെയും, ഭക്ഷണത്തിനായി അസംഖ്യം
ചെമ്മരിയാട്, കാള, കോലാട് എന്നിവ
യെയും അവൻ സംഭരിച്ചു. എല്ലാവർക്കും 18
വേണ്ടുവോളം ആഹാരവും വളരെയേറെ
സ്വർണ്ണവും വെള്ളിയും രാജഭണ്ഡാരത്തിൽ
നിന്നും ലഭിച്ചു. പടിഞ്ഞാറൻ പ്രദേശം മുഴു 19
വൻ മൂടത്തക്കവണ്ണം രഥങ്ങൾ, കുതിരപ്പട,
തെരഞ്ഞെടുക്കപ്പെട്ട കാലാൾപ്പട എന്നിവ
ഉൾപ്പെട്ട സർവ്വ സൈന്യങ്ങളുമായി അവൻ
നെബുഖദ്നേസർ രാജാവിനു മുമ്പായി
പുറപ്പെട്ടു. ഭൂമിയിലെ മണൽത്തരിപോലെ, 20
വെട്ടുക്കിളികളുടെ ഒരു പറ്റംപോലെ, എണ്ണ
മറ്റ ഒരു സമ്മിശ്ര സൈന്യവും അവരോ
ടൊപ്പം പോയി.

നിനവയിൽനിന്നു മൂന്നു ദിവസം 21
കൊണ്ട് അവർ ബക്തീലെത് സമതല
ത്തിലെത്തി. ബക്തീലെത്തിന് എതിരെ
ഉത്തര കിലിക്യയുടെ വടക്കുള്ള പർവ്വത
ത്തിന്റെ പാർശ്വത്തിൽ അവർ താവളമുറ
പ്പിച്ചു. കാലാൾപ്പട, കുതിരപ്പട, രഥങ്ങൾ 22
എന്നീ മുഴു സൈന്യവുമായി എൽഫർണ
സ് അവിടെനിന്നു മലമ്പ്രദേശത്തേക്കു
മുന്നേറി. പൂത്തും ലൂദും അവൻ ശൂന്യമാക്കി. 23
റാംസിസിലെ സർവ്വ നിവാസികളെയും
കെലിയാദേശത്തിനു തെക്കുള്ള മരുഭൂമി
യുടെ അതിർത്തിയിലുള്ള ഇശ്മായേ

ല്യരെയും കൽദയയിലെ കെൽകൂനും
24 അവൻ കൊള്ളയടിച്ചു. പിന്നെ അവൻ
യൂഫ്രട്ടീസിൻെറ കരയിൽ കൂടി പ്രയാണം
ചെയ്തു സമുദ്രംവരെ അബ്റോൻ നദീ
തീരത്തുള്ള കോട്ടകളോടുകൂടിയ നഗര
ങ്ങൾ നശിപ്പിച്ചുകൊണ്ട് മെസപ്പൊത്തേ
25 മിയാ കടന്നു. അവൻ കിലിക്യാപ്രദേശം
കീഴടക്കി; ചെറുത്തു നിന്നവരെയെല്ലാം
കൊന്നു. പിന്നീട് അവൻ അറേബ്യയുടെ
നേർക്ക് യാഫെത്തിൻെറ തെക്കേ അതിർ
26 ത്തികളിലേക്കു നീങ്ങി. അവൻ മിദ്യാന്യരെ
വളഞ്ഞ് അവരുടെ കൂടാരങ്ങൾ ചുട്ടെരിച്ച്
അവരുടെ ആട്ടിൻകൂട്ടങ്ങളെ കൊള്ള
27 യടിച്ചു. ഗോതമ്പു കൊയ്ത്തു കാലത്ത്
അവൻ ദമസ്ക്കോസ് സമതലത്തിൽ
കടന്ന് അവരുടെ വിളവിനു തീവെച്ചു;
അവരുടെ ആട്ടിൻകൂട്ടങ്ങളെയും വളർത്തു
മൃഗങ്ങളെയും കൊന്നൊടുക്കി; അവരുടെ
നഗരങ്ങൾ ആക്രമിച്ചു തകർത്തു; അവരുടെ
വയലുകൾ നശിപ്പിച്ചു; അവരുടെ യുവാക്ക
ന്മാരെയെല്ലാം വാളിന് ഇരയാക്കുകയും
28 ചെയ്തു. സോറിൻെറയും സീദോൻെറയും,
സൂർ, ഒക്കിനാ, ജാമ്നിയാ എന്നിവിടങ്ങ
ളിലെ സകല നിവാസികളുടെ മേലും
അവനെക്കുറിച്ചുള്ള ഭയവും ഭീതിയും
പതിച്ചു. അസോത്തസിലെയും അസ്ക്ക
ലോനിലെയും ജനങ്ങളും അവനെ അത്യ
ധികം ഭയപ്പെട്ടു.

അദ്ധ്യായം 3

1 അതിനാൽ അവർ സമാധാനാഭ്യർത്ഥ
നയുമായി ദൂതന്മാരെ അയച്ചു. അവർ
2 പറഞ്ഞത്: ഞങ്ങൾ മഹാരാജാവായ നെബു
ഖദ്നേസറിൻെറ ദാസന്മാർ; ഞങ്ങൾ
അങ്ങയുടെ മുമ്പിൽ നമസ്ക്കരിക്കുന്നു;
അങ്ങയുടെ ഇഷ്ടംപോലെ ഞങ്ങളോടു
3 ചെയ്താലും. അങ്ങേയ്ക്കു ഇഷ്ടംപോലെ
ചെയ്യത്തക്കവണ്ണം ഞങ്ങളുടെ കെട്ടിട
ങ്ങളും, ദേശവും, ഗോതമ്പുവയലുകളും
ഞങ്ങളുടെ താവളങ്ങളിലുള്ള ആട്ടിൻകൂട്ട
വുമെല്ലാം അങ്ങേയ്ക്കുള്ളതാകുന്നു. ഞങ്ങ
4 ളുടെ നഗരങ്ങളും അവയിൽ പാർക്കുന്ന
വരും അങ്ങേയ്ക്കു അധീനമാണ്. അങ്ങു
വന്ന്, ഉചിതമെന്ന് അങ്ങേയ്ക്കു തോന്നുന്ന
പ്രകാരം ചെയ്താലും.
5 ദൂതന്മാർ ഈ സന്ദേശവുമായി
എൽഫർണസിൻെറ അടുക്കൽ വന്നു.
6 അപ്പോൾ അവൻ സൈന്യവുമായി തീര
പ്രദേശങ്ങളിലേക്കു കടന്നു; മലമുകളി
ലുള്ള എല്ലാ പട്ടണങ്ങൾക്കും കാവൽപട്ടാ
ളത്തെ നിയമിച്ചു; അവരുടെ ഇടയിൽനിന്നു
സമർത്ഥരായ ആളുകളെ ശേഖരിച്ച് പോഷ
കസേന ഉണ്ടാക്കി. ഈ നഗരങ്ങളിലെയും 7
സമീപ നഗരങ്ങളിലെയും ആളുകൾ ഹാര
മണിയിച്ചും വാദ്യഘോഷത്തോടെ നൃത്തം
ചെയ്തും അവനെ സ്വാഗതം ചെയ്തു.
എങ്കിലും അവൻ അവരുടെ ആരാധനാസ്ഥ 8
ലങ്ങളെല്ലാം നശിപ്പിച്ചു. അവരുടെ പുണ്യ
വൃക്ഷങ്ങളെല്ലാം വെട്ടിവീഴ്ത്തി. എന്തെ
ന്നാൽ, എല്ലാ ദേശത്തെയും ദേവന്മാരെ
നശിപ്പിച്ചുകളയണമെന്നും നെബുക്കദ്നേ
സറിനെ മാത്രം ആരാധിപ്പാൻ എല്ലാ രാജാ
ക്കന്മാരെയും നിർബ്ബന്ധിക്കണമെന്നും
എല്ലാ ഭാഷക്കാരും ദേശക്കാരും അവനെ
ദേവനായി വിളിച്ചപേക്ഷിക്കുന്നതിന്
സമ്മർദം ചെലുത്തണമെന്നും അവനു രാജ
കല്പന ലഭിച്ചിട്ടുണ്ടായിരുന്നു.
എൽഫർണസ് ദോഥാന് അടുത്തുള്ള 9
എസ്ദ്രായേലോണിൻെറ അതിർത്തിയിൽ
എത്തി; ഇത് യൂദയായിലെ ഗിരിനിരയ്ക്ക്
അഭിമുഖമായി നിൽക്കുന്ന ഒരു ഗ്രാമമാണ്.
അവൻ ഗേബെയ്ക്കും സ്കിതോപോലീ 10
സിനും മദ്ധ്യേ താവളമടിച്ചു. തൻെറ സൈന്യ
ത്തിന് ആവശ്യമായ സാധനസാമഗ്രികൾ
സംഭരിപ്പാൻ ഒരു മാസം അവൻ അവിടെ
പാർത്തു.

അദ്ധ്യായം 4

അസ്സീറിയാ രാജാവായ നെബുഖദ് 1
നേസറിൻെറ സേനാനായകൻ എൽഫർണ
സ് വിവിധ രാജ്യക്കാരോടു ചെയ്തതും
അവരുടെ ദേവാലയങ്ങൾ കവർച്ച ചെയ്തു
പൂർണ്ണമായി നശിപ്പിച്ചതുമെല്ലാം യൂദയാ
യിൽ പാർത്തിരുന്ന ഇസ്രായേല്യർ കേട്ടു.
അപ്പോൾ അവൻെറ വരവിൽ അവർ അത്യ
ധികം ഭയചകിതരായി. യറൂശലേമിനെ 2
ക്കുറിച്ചും തങ്ങളുടെ ദൈവമായ കർത്താ
വിൻെറ ആലയത്തെക്കുറിച്ചും അവർ
ഉൽക്കണ്ഠാകുലരായി. എന്തെന്നാൽ 3
പ്രവാസത്തിൽനിന്ന് അവർ മടങ്ങിവന്നിട്ട്
ഏറെക്കാലമായിരുന്നില്ല. ജനം യൂദയായിൽ
പുനരധിവാസം ചെയ്തതും അശുദ്ധമാക്ക
പ്പെട്ടിരുന്ന വിശുദ്ധ പാത്രങ്ങളും ബലിപീ
ഠവും ദേവാലയവും ശുദ്ധീകരിച്ച് പുനഃപ്ര
തിഷ്ഠ ചെയ്തതും അടുത്ത കാലത്തായി
രുന്നു. ആകയാൽ അവർ ശമര്യാ, കോനാ, 4
ബെത്ഹോറോൻ, ബൽമായിൻ, കെയറി
ഹോ, കോബാ, അസോറാ, ശാലേം താഴ്വര
എന്നീ പ്രദേശങ്ങളിലേക്ക് ആളയച്ചു
മുന്നറിയിപ്പു നൽകി. എല്ലാ ഉയർന്ന മലകളു 5

ടെയും ഉച്ചിയിൽ അവർ താവളമുറപ്പി
ക്കുകയും അവയുടെ ഗ്രാമങ്ങൾ കോട്ട കെട്ടി
ഉറപ്പിക്കുകയും ചെയ്തു. ആസന്നമായ
യുദ്ധാവശ്യത്തിനായി അവർ ആഹാരസാധ
നങ്ങൾ സംഭരിച്ചു. എന്തെന്നാൽ അവരുടെ
വയലുകളിലെ കൊയ്ത്തു കഴിഞ്ഞിട്ട് ഏറെ
കാലമായിരുന്നില്ല. അന്ന് യറുശലേമിലെ
ഹാപുരോഹിതനായിരുന്ന യുയാക്കീം
ദാഥാനടുത്ത സമഭൂമിയിലേക്ക് അഭിമുഖ
മായിനിൽക്കുന്നതും എസ്ദ്രായേലോണിന്
എതിർവശത്തുള്ളതുമായ ബെതൂലിയായി
ലയും ബതോമസ്തായിലെയും ആളു
ൾക്ക് എഴുതി. മലകളിലെ ചുരങ്ങളിൽ
ിലയുറപ്പിക്കുവാൻ അവൻ അവരോടു
ല്പിച്ചു. എന്തെന്നാൽ യൂദയായിലേ
ുള്ള ഏകമാർഗ്ഗം ആ ചുരങ്ങളായിരുന്നു.
ന്തെന്നാൽ, മുന്നേറിക്കൊണ്ടിരിക്കുന്ന
ു സൈന്യത്തെ തടഞ്ഞുനിർത്താൻ
വിടെ എളുപ്പമായിരുന്നു; കാരണം,
രണ്ടു പേർ വീതം മാത്രം കടന്നുപോകു
ൻമാത്രമേ ആ പാതയുടെ ഇടുക്കം
നുവദിക്കുമായിരുന്നുള്ളൂ. മഹാപുരോ
തനായ യുയാക്കീമിൻെറയും യറുശ
മിലെ ഇസ്രായേൽ മൂപ്പന്മാരുടെയും
പനകൾ ഇസ്രായേല്യർ അനുസരിച്ചു.
സായേലിലെ ജനം മുഴുവനും വളരെ
ഷ്ണമായി ദൈവത്തോട് നിലവിളിച്ചു;
നമായ ഉപവാസത്തിലൂടെ അവർ
ം താഴ്ത്തി. അവരും അവരുടെ ഭാര്യ
ം മക്കളും കന്നുകാലികളും അവിടെ
ക്കുന്ന പരദേശികളും കൂലിവേല
ും അടിമകളും ചാക്കുശീല ധരിച്ചു.
ശലേമിൽ പാർത്തിരുന്ന പുരുഷന്മാരും
ീകളും കുട്ടികളുമായ സകലരും ദേവാ
ത്തിൻെറ മുമ്പാകെ സാഷ്ടാംഗം വീണ്,
ളിൽ ചാരവുമായി കർത്താവിൻെറ
കെ തങ്ങളുടെ ചാക്കുശീല വിരിച്ചു.
പീഠവും അവർ ചാക്കുശീലകൊണ്ടു
ിഞ്ഞു. പുറജാതികൾ സന്തോഷി
ാൻ തക്കവണ്ണം തങ്ങളുടെ കുഞ്ഞു
ൾ കൊല്ലപ്പെടുവാനും തങ്ങളുടെ
ീകൾ അപഹരിക്കപ്പെടുവാനും
ാലയം അശുദ്ധമാക്കി നിന്ദിക്കപ്പെടു
ഇടയാകരുതേ എന്ന് അവർ ഇസ്രാ
ൻെറ ദൈവത്തോട് ഏകസ്വരത്തിൽ
ിളിച്ചു പ്രാർത്ഥിച്ചു. കർത്താവ്
ടെ പ്രാർത്ഥന കേട്ടു; അവരുടെ
ത്തിനു നേരേ അവൻ കണ്ണു തുറന്നു.
യിൽ ഉടനീളവും യറുശലേമിൽ
ക്തനായ കർത്താവിൻെറ വിശുദ്ധ
മന്ദിരത്തിൻെറ മുമ്പാകെയും അനേകദി
വസം ഈ ജനമെല്ലാം ഉപവസിക്കുകയായി
രുന്നു. മഹാപുരോഹിതനായ യുയാക്കീമും
കർത്താവിൻെറ സന്നിധിയിൽ നിന്നിരു 14
ന്ന പുരോഹിതന്മാരും ദേവാലയത്തിൽ
ശുശ്രൂഷ ചെയ്യുന്ന എല്ലാവരും ചാക്കുശീല
ഉടുത്തുകൊണ്ടാണ്, നിരന്തര ഹോമയാ
ഗവും ജനങ്ങളുടെ നേർച്ചകളും സ്വമേധാ
ദാനങ്ങളും അർപ്പിച്ചത്. ഇസ്രായേൽ ഗൃഹം 15
മുഴുവനെയും കരുണക്കണ്ണാൽ നോക്ക
ണമേ എന്ന്, തലപ്പാവുകളിൽ ചാരം പേറി
ക്കൊണ്ട് അവർ അത്യുച്ചത്തിൽ കർത്താ
വിനോടു നിലവിളിച്ചു.

അദ്ധ്യായം 5

ഇസ്രായേൽ ജനം യുദ്ധത്തിന് ഒരുങ്ങി 1
ചുരങ്ങൾ അടച്ചെന്നും മലമുകളിലെല്ലാം
കോട്ടകെട്ടിയെന്നും സമതലപ്രദേശങ്ങളിൽ
പ്രതിരോധസംവിധാനങ്ങൾ ഉണ്ടാക്കി
യെന്നും കേട്ടപ്പോൾ, അസ്സീറിയൻ പടത്ത
ലവനായ എൽഫർണസ് ക്രുദ്ധനായി.
അവൻ മോവാബിലെ എല്ലാ ഭരണാധിപ 2
ന്മാരെയും അമ്മോനിലെ സേനാധിപന്മാ
രെയും തീരദേശങ്ങളിലെ എല്ലാ ദേശാ
ധിപതിമാരെയും വിളിപ്പിച്ചു. അവൻ അവ 3
രോടു പറഞ്ഞത്; കനാന്യപുരുഷന്മാരേ,
നിങ്ങൾ എന്നോടു പറയുവിൻ; ആ മല
മ്പ്രദേശത്തു വസിക്കുന്നത് ഏതു ജനത
യാണ്? ഏതേതു പട്ടണങ്ങളിലാണ് അവർ
പാർക്കുന്നത്? അവരുടെ സൈന്യബലം
എത്ര? അവരുടെ ശക്തിയും ബലവും
എന്തിലാണ് അടങ്ങിയിരിക്കുന്നത്?
അവരുടെ സൈന്യത്തിന് ആജ്ഞ കൊടു
ക്കുന്ന രാജാവ് ആരാണ്? പടിഞ്ഞാറൻ 4
പ്രദേശത്ത് ഉള്ള ജനങ്ങളിൽ അവർ മാത്രം
എന്നെ വന്നു കാണാൻ കൂട്ടാക്കാഞ്ഞത്
എന്തുകൊണ്ട്?

അമ്മോന്യരുടെ നേതാവായ അഖി 5
യോർ അവനോടു ഇപ്രകാരം പറഞ്ഞു,
എൻെറ യജമാനനേ, അങ്ങയുടെ ഈ
ദാസനെ സംസാരിക്കുവാൻ അനുവദിക്കു
മെങ്കിൽ ഇവിടെയടുത്ത് മലമ്പ്രദേശത്തു
വസിക്കുന്ന ഈ ജനതയെക്കുറിച്ചുള്ള
വസ്തുത ഞാൻ പറയാം; അടിയൻെറ
വായിൽനിന്ന് യാതൊരു പൊളിവചനവും
പുറപ്പെടുകയില്ല. ഇവർ കൽദായവംശ 6
ത്തിൽ പെട്ടവരാണ്. അവരുടെ പിതാക്ക 7
ന്മാർ കൽദായദേശത്ത് ആരാധിച്ചുപോന്ന
ദേവന്മാരെ ആരാധിക്കുവാൻ അവർ
വിസമ്മതിച്ചതിനാൽ, ഒരു കാലത്ത് അവർ

മെസപ്പൊത്തേമിയായിൽ കുടിയേറി
8 പ്പാർത്തു. അവർ തങ്ങളുടെ പൂർവ്വികരുടെ
മാർഗ്ഗങ്ങൾ ഉപേക്ഷിച്ച്, അവർ മനസ്സിലാ
ക്കിയ സ്വർഗ്ഗത്തിലെ ദൈവത്തെ ആരാ
ധിപ്പാൻ തുടങ്ങി. കൽദയർ തങ്ങളുടെ
ദേവന്മാരുടെ സന്നിധിയിൽനിന്ന് അവരെ
ആട്ടിയോടിച്ചു. അപ്പോൾ അവർ മെസ
പ്പൊത്തേമിയായിലേക്കു പലായനം
ചെയ്തു. ദീർഘകാലം അവിടെ പാർത്തു.
9 അപ്പോൾ അവരുടെ പുതിയ പാർപ്പിടം വിട്ട്
കനാനിലേക്കു പോകുവാൻ അവരുടെ
ദൈവം അവരോടു പറഞ്ഞു. അവർ അവിടെ
പാർപ്പുറപ്പിച്ചു. ധാരാളം സ്വർണ്ണവും
വെള്ളിയും കന്നുകാലികളുംകൊണ്ട് സമ്പ
10 ന്നരായി, കനാൻദേശം മുഴുവനിലും
ക്ഷാമമുണ്ടായപ്പോൾ അവർ മെസ്രേനി
ലേക്കു പോയി. ഭക്ഷണം സുലഭമായിരു
ന്നിടത്തോളം കാലം അവിടെ പാർത്തു.
മെസ്രേനിൽ ആയിരുന്നപ്പോൾ അവർ
എണ്ണിക്കൂടാത്ത ഒരു മഹാജനതതിയായി
ത്തീർന്നു. മെസ്രേനിലെ രാജാവ് അവർക്ക്
11 എതിരായി. അവൻ അവരെ ചൂഷണം
ചെയ്തു. ഇഷ്ടികയുണ്ടാക്കി കഠിനാ
ദ്ധ്വാനം ചെയ്വാൻ അവർ നിർബ്ബന്ധിത
രായിത്തീർന്നു. ഹീനമായ അടിമത്വത്തി
ലേക്ക് അവൻ അവരെ താഴ്ത്തിക്കളഞ്ഞു.
12 അവർ തങ്ങളുടെ ദൈവത്തോടു നില
വിളിച്ചു. അവൻ മേസ്രേൻെറ മേൽ തീരാ
13 ബാധകൾ അയച്ചു. അതിനാൽ മെസ്രേൻ
കാർ തങ്ങളുടെ മുമ്പിൽനിന്ന് അവരെ
14 പുറത്താക്കി. അവരുടെ ദൈവം അവർക്കു
വേണ്ടി ചെങ്കടൽ വറ്റിച്ചു. അവൻ അവരെ
സീനായിലേക്കും കാദേശ് ബർനയിലേക്കും
നയിച്ചു. അവർക്കുവേണ്ടി അവൻ മരു
ഭൂമിയിലെ ജനങ്ങളെയെല്ലാം പുറന്തള്ളി.
15 അവർ അമോര്യരുടെ ദേശത്തു കുടിപാർപ്പു
റപ്പിച്ചു. അവർ കൈക്കരുത്തു കൊണ്ട്
ഹെശ്ബോനിലെ സകല ജനത്തെയും
16 നശിപ്പിച്ചു. അവർ യോർദ്ദാൻ കടന്ന് കനാ
ന്യരെയും പെരിസ്യരെയും യെബൂസ്യരെ
യും ശേഖേമ്യരെയും ഗിർഗശ്യരെയും
പുറന്തള്ളി മലമ്പ്രദേശമെല്ലാം കൈവശ
പ്പെടുത്തി. അവിടെ അവർ ഏറിയകാലം
17 പാർത്തു. അവർ തങ്ങളുടെ ദൈവത്തിന്
എതിരായി പാപംചെയ്യാതിരുന്നിടത്തോളം
കാലം അവർ ഐശ്വര്യപ്പെട്ടുകൊണ്ടിരുന്നു.
എന്തെന്നാൽ അവരുടെ ദൈവം തിന്മയെ
18 വെറുക്കുന്നവനാണ്. എന്നാൽ അവൻ
അവർക്കായി നിശ്ചയിച്ചിരുന്ന വഴികളിൽ
നിന്ന് അവർ വ്യതിചലിച്ചപ്പോൾ പല

യുദ്ധങ്ങളിലായി അനേകർ സംഹരിക്ക
പ്പെട്ടു. ശേഷിച്ചവരെ ബദ്ധന്മാരാക്കി ഒരു
വിദേശത്തേക്കു കൊണ്ടുപോയി. ശത്രു
ക്കൾ അവരുടെ ദൈവത്തിൻെറ ആലയം
തകർത്തു തരിപ്പണമാക്കുകയും അവരുടെ
നഗരങ്ങൾ കൈവശപ്പെടുത്തുകയും
ചെയ്തു. എന്നാൽ ഇപ്പോൾ അവർ തങ്ങ 1
ളുടെ ദൈവത്തിങ്കലേക്കു മടങ്ങിവന്നിരി
ക്കുന്നു. ചിതറിപ്പോയിരുന്ന സ്ഥലങ്ങളിൽ
നിന്ന് അവർ തിരികെ വന്ന് തങ്ങളുടെ
വിശുദ്ധസ്ഥലം സ്ഥിതിചെയ്യുന്ന യറൂ
ശലേം കൈവശപ്പെടുത്തി. മലമ്പ്രദേശത്ത്
ആൾപാർപ്പില്ലാതിരുന്നതിനാൽ അവിടെ
അവർ കുടിപാർപ്പുറപ്പിച്ചു. ആകയാൽ 2
എൻെറ യജമാനനും നാഥനുമായു
ള്ളോവേ, ഈ ജനം ഏതെങ്കിലും തെറ്റിൽ
കുറ്റക്കാരാണെങ്കിൽ, തങ്ങളുടെ ദൈവ
ത്തിന് എതിരെ അവർ പാപം ചെയ്തിട്ടു
ണ്ടെങ്കിൽ, ഈവിധം അവർ പാതകം
ചെയ്തിരിക്കുന്നുവെന്നു നാം ആദ്യം
ഉറപ്പുവരുത്തണം; പിന്നീടു നമുക്കു പുറ
പ്പെട്ട് അവരെ ആക്രമിച്ചു തോല്പിക്കാം.
എന്നാൽ ഈ ജനത്തിൽ അതിക്രമമൊന്നും 2
കാണുന്നില്ലെങ്കിൽ, എൻെറ യജമാനനേ,
അവരെ വെറുതെ വിട്ടേക്കുക; എന്തെന്നാൽ
അവർ ആരാധിക്കുന്ന അവരുടെ കർത്താവ്
അവരെ സംരക്ഷിച്ച് കാത്തു പാലിക്കുകയും
നാം ലോകം മുഴുവൻെറയും മുമ്പിൽ
പരിഹാസ്യരായിത്തീരുകയും ചെയ്യുമെന്നു
ഭയപ്പെടേണ്ടിയിരിക്കുന്നു.

അഖിയോർ സംസാരിച്ചു കഴിഞ്ഞ 2
പ്പോൾ കൂടാരത്തിനു ചുറ്റും നിന്നിരുന്ന
വരെല്ലാം മുറുമുറുക്കാൻ തുടങ്ങി. എൽ
ഫർനസിൻെറ ഉദ്യോഗസ്ഥന്മാരും തീര
ദേശത്തുനിന്നും മോവാബിൽനിന്നും
എത്തിയിരുന്ന സകലരും അയാളെ വെട്ടി
നുറുക്കണമെന്ന് ആവശ്യപ്പെട്ടു. അവർ 2
പറഞ്ഞത്: നാം എന്തിന് ഇസ്രയേല്യരെ
ഭയപ്പെടണം? ശക്തമായ ഒരു ആക്രമണം
നേരിടാൻ കഴിവില്ലാത്ത ദുർബ്ബലരും
അശക്തരുമായ ഒരു ജനതയാണ് അവർ.
അതുകൊണ്ട്, ഞങ്ങളുടെ യജമാനനായ
എൽഫർണസേ, നമുക്കു മുന്നോട്ടു
നീങ്ങാം. അങ്ങയുടെ മഹാസൈന്യം
അവരെ വിഴുങ്ങിക്കളയും.

അദ്ധ്യായം 6

ആലോചനാസമിതിയുടെ പുറത്തു 1
ണ്ടായിരുന്നവരുടെ ആരവം ശമിച്ചപ്പോൾ
അസീറിയൻ സൈന്യാധിപനായ എൽ

ഫർനസ് അവിടെ കൂടിവന്നിരുന്ന വിദേശ
സൈന്യങ്ങളുടെ മുമ്പിൽ വച്ച് അഖിയോറി
2 നെയും സകല അമ്മോന്യരെയും ഉഗ്രമായി
ശാസിച്ചു പറഞ്ഞത്: അഖിയോറേ, ഇന്നു
നീ ചെയ്തതുപോലെ, പ്രവാചക ഭാവം
നടിച്ച്, ഇസ്രായേൽ ജനത്തോടു യുദ്ധം
ചെയ്യുന്നതിൽനിന്നു ഞങ്ങളെ പിന്തിരി
പ്പിക്കാൻ ശ്രമിക്കത്തക്കവണ്ണം, നീയും
നിൻെറ കൂലിപ്പട്ടാളവും ആർ? അവരുടെ
ദൈവം അവരെ സംരക്ഷിക്കുമെന്നു നീ
അവകാശപ്പെടുന്നു. നെബുഖദ്നേസർ
അല്ലാതെ മറ്റാരാണു ദൈവം? അവൻ
തൻെറ സൈന്യത്തെ ഉപയോഗിച്ച് അവരെ
ഭൂമുഖത്തുനിന്നു തുടച്ചു നീക്കും. അവരുടെ
ദൈവം അവരെ രക്ഷിക്കുകയില്ല. നെബു
ഖദ്നേസറിൻെറ ദാസരായ ഞങ്ങൾ ഒരു
ഒറ്റ മനുഷ്യനെപ്പോലെ അവരെയെല്ലാം
നശിപ്പിക്കും. ഞങ്ങളുടെ കുതിരപ്പടയുടെ
ശക്തിയെ ചെറുത്തു നിൽക്കുവാൻ
അവർക്കു കഴികയില്ല. ഞങ്ങൾ അവരെ
യെല്ലാം അടിപ്പെടുത്തും. അവരുടെ രക്തം
കൊണ്ട് അവരുടെ പർവ്വതങ്ങൾക്കു മത്തു
പിടിക്കും; അവരുടെ ശവങ്ങൾകൊണ്ട്
അവരുടെ താഴ്വരകൾ നിറയും. ഞങ്ങൾ
ക്കെതിരെ ഉറച്ചു നിൽക്കാൻ കഴിയാതെ
അവർ പൂർണ്ണമായി തുടച്ചു നീക്കപ്പെടും.
...ത് ഭൂതലമൊക്കെയുടെയും നാഥനായ
നെബുഖദ്നേസറിൻെറ തീർപ്പാണ്.
...വൻെറ വാക്കുകളൊന്നും വ്യർത്ഥമായി
...ാകയില്ല. എന്നാൽ അഖിയോറേ,
...മ്മോന്യനായ കൂലിപ്പട്ടാളക്കാരാ, നീ
...നു സംസാരിച്ചിരിക്കുന്ന വാക്കുകൾ
...ജദ്രോഹമാകുന്നു. ആകയാൽ ഇന്നു
...ൽ, മെദ്രേസനിൽനിന്നു വന്ന അഭ
...ർത്ഥി സന്തതിയോടു ഞാൻ പ്രതി
...ാംചെയ്തു തീരുംവരെ നീ വീണ്ടും
...ൻെറ മുഖം കാണുകയില്ല. ഞാൻ
...ങ്ങിവരുമ്പോൾ എൻെറ അംഗരക്ഷക
...നയിലെ പടയാളികൾ നിൻെറ പള്ള
...ത്തിക്കീറി, അവർ കൊന്നൊടുക്കി
...രുടെ സംഘത്തിൽ നിന്നെയും
...ക്കും. എൻെറ അടിമകൾ ഇപ്പോൾ
...ന്ന മലമ്പ്രദേശത്തേക്കു കൊണ്ടു
...യി ചുരങ്ങൾക്ക് അരികെയുള്ള
...ങ്ങളിലൊന്നിൽ വിടും. അവരുടെ
...നീ പങ്കിടുന്നതുവരെ നീ മരിക്കയില്ല.
...ർ ഞങ്ങളുടെ കൈകളിൽ വീഴു
...ല്ലന്നു നിനക്ക് അത്രമാത്രം ധൈര്യ
...ങ്കിൽ നീ മുഖം കുനിക്കേണ്ട
...മില്ലല്ലോ. ഞാൻ പ്രസ്താവിച്ചിരി
ക്കുന്നു; എൻെറ വാക്കുകളൊന്നും പാഴായി
പ്പോകയില്ല.

എൽഫർനസ് തൻെറ കൂടാരത്തിൽ 10
നിന്നിരുന്ന തൻെറ അടിമകളോടു അഖി
യോറിനെ പിടിച്ചു ബെതുലിയായിലേക്കു
കൊണ്ടുപോയി ഇസ്രായേല്യർക്ക്
ഏല്പിച്ചുകൊടുപ്പാൻ കല്പിച്ചു. അവർ 11
അവനെ പിടിച്ചു പാളയത്തിൽനിന്നു പുറ
ത്തു സമതലത്തിലേക്കും അവിടെനിന്ന്
മലമ്പ്രദേശത്തു ബെതൂല്യായുടെ താഴെ
യുള്ള അരുവികളുടെ അടുത്തേക്കും
കൊണ്ടുവന്നു. അവരെ കണ്ട പട്ടണവാ 12
സികൾ തങ്ങളുടെ ആയുധങ്ങളുമെടുത്തു
പട്ടണത്തിനു പുറത്തു മലമുകളിൽ കയറി.
ശത്രുക്കൾ മുകളിലേക്കു കയറി വരുന്നതു
തടയാൻ കവിണക്കാർ അവരുടെ നേർക്കു
കല്ലുകൾ എറിഞ്ഞുകൊണ്ടിരുന്നു.
എന്നാൽ അവർ മലയുടെ മറവിൽ കൂടി 13
വഴുതിമാറി അഖിയോറിനെ ബന്ധിച്ച്
മലയുടെ താഴെ വിട്ടിട്ട് അവരുടെ യജ
മാനൻെറ അടുക്കലേക്കു മടങ്ങിപ്പോയി.

ഇസ്രായേല്യർ പട്ടണത്തിൽനിന്നു താ 14
ഴെ ഇറങ്ങിവന്നപ്പോൾ അവനെ കണ്ടുമുട്ടി.
അവർ അവനെ കെട്ടഴിച്ച് ബെതൂലിയായി
ലേക്കു കൊണ്ടുപോയി. അക്കാലത്തു 15
പട്ടണത്തിലെ ന്യായാധിപന്മാരായ, ശിമ
ഓൻ ഗോത്രത്തിലെ മീഖായുടെ പുത്രനായ
ഉസിയാ, ഗൊതോനിയേലിൻെറ പുത്രനായ
കാബ്റീസ്, മെൽക്കിയേലിൻെറ പുത്രനായ
കർമീസ് എന്നിവരുടെ മുമ്പാകെ അവർ
അവനെ കൊണ്ടുവന്നു. അവർ നഗര
ത്തിലെ മൂപ്പന്മാരെയെല്ലാം വിളിച്ചുകൂട്ടി.
എല്ലാ യുവാക്കന്മാരും അവരുടെ സ്ത്രീ 16
കളും സഭായോഗത്തിന് ഓടിക്കൂടി. ജനം
മുഴുവൻെറയും നടുവിൽ അഖിയോറിനെ
നിർത്തി, സംഭവിച്ചത് എന്താണെന്ന് ഉസി
യാ അവനോടു ചോദിച്ചു. എൽഫർണ 17
സിൻെറ ആലോചനാസഭയിൽ നടന്ന എല്ലാ
കാര്യങ്ങളും അസീറിയായിലെ തലവ
ന്മാരുടെ മുമ്പിൽ താൻ പറഞ്ഞ കാര്യങ്ങളും,
ഇസ്രായേലിനോട് എന്താണു ചെയ്യാൻ
പോകുന്നത് എന്ന് എൽഫർണസ് വീമ്പു
പറഞ്ഞ കാര്യങ്ങളും അവൻ മറുപടിയായി
പറഞ്ഞു. അപ്പോൾ ജനം കവിണു വീണു 18
ദൈവത്തെ നമസ്ക്കരിച്ചുകൊണ്ടു നില
വിളിച്ചു പറഞ്ഞത്: സ്വർഗ്ഗത്തിലെ ദൈവ 19
മായ കർത്താവേ, അവരുടെ അഹങ്കാരം
ശ്രദ്ധിക്കണമേ. ഞങ്ങളുടെ ജനത്തിൻെറ
താഴ്ചയിൽ ഞങ്ങളോടു കരുണ തോന്ന
ണമേ. നിൻെറ സ്വന്തമായവരിൽ പ്രസാദി

20 ക്കണമേ. പിന്നെ അവർ അഖിയോറിനെ
ആശ്വസിപ്പിച്ച് അവനെ ഹൃദയപൂർവ്വം
21 പ്രശംസിച്ചു. ഉസ്സിയാ അവനെ സഭായോഗ
ത്തിൽനിന്നു വീട്ടിലേക്കു കൂട്ടിക്കൊണ്ടു
പോയി, അവിടെ മൂപ്പന്മാർക്കു ഒരു വിരുന്നു
നൽകി. ആ രാത്രി മുഴുവൻ അവർ സഹായ
ത്തിനായി ഇസ്രായേലിൻെറ ദൈവത്തെ
വിളിച്ചപേക്ഷിച്ചു.

അദ്ധ്യായം 7

1 അടുത്ത ദിവസം എൽഫർണസ് തൻെറ
സകല സൈന്യത്തോടും സകല സഖ്യക
ക്ഷികളോടും പാളയം വിട്ടു ബെതുലിയാ
യിലേക്കു മുന്നേറാനും മലമ്പ്രദേശത്തെ
ചുരങ്ങൾ പിടിച്ചെടുത്തു ഇസ്രായേല്യരോ
2 ടു യുദ്ധം ചെയ്വാനും കല്പിച്ചു. അന്ന്,
സാമാനങ്ങൾ ചുമക്കുന്ന കാലാളുകൾക്കു
പുറമേ, ഒരു ലക്ഷത്തെഴുപതിനായിരം
കാലാൾപ്പടയും പന്തീരായിരം കുതിരപ്പട
യാളികളും അടങ്ങിയ സൈന്യം പുറപ്പെട്ടു.
3 ബെതൂലിയായ്ക്കു സമീപമുള്ള താഴ്വ
രയിൽ നീർച്ചാലിന്നരികെ അവർ പാളയ
മടിച്ചു. അവരുടെ പാളയത്തിൻെറ വീതി
ദോഥാനിൽ ബാൽബായിംവരെയും നീളം
ബെതുലിയാ മുതൽ എസ്ദ്രയലോണിന്
അഭിമുഖമായി കിടക്കുന്ന കിയാമോൺ
4 വരെയും വ്യാപിച്ചിരുന്നു. അവരുടെ സംഖ്യാ
ബാഹുല്യം കണ്ടപ്പോൾ ഇസ്രായേല്യർ
അത്യന്തം പരിഭ്രമിച്ച് പരസ്പരം പറഞ്ഞത്:
ഈ പുരുഷന്മാർ ഈ പ്രദേശം മുഴുവൻ
നശിപ്പിച്ച് നഗ്നമാക്കും. ഉയർന്ന പർവ്വത
ങ്ങളോ മലകളോ അവരുടെ ഭാരം താങ്ങാൻ
5 കഴിവുള്ളവയല്ല. അനന്തരം ഓരോരു
ത്തനും താന്താൻെറ ആയുധമെടുത്തു,
ഗോപുരങ്ങളിൽ അവർ ദീപം തെളിച്ചു രാത്രി
മുഴുവൻ കാവൽ നിന്നു.
6 രണ്ടാം ദിവസം എൽഫർണസ്, ഇസ്ര
യേല്യർ കാൺകെ തൻെറ കുതിരപ്പടയെ
മുഴുവൻ ബെതുലിയായിലേക്ക് ആനയിച്ച്
അവരുടെ പട്ടണങ്ങളിലേക്കുള്ള മാർഗ്ഗ
7 ങ്ങൾ നിരീക്ഷിച്ചു. അവൻ നീർച്ചാലുകൾ
സന്ദർശിച്ച് അവ കൈവശപ്പെടുത്തി.
അവിടെ ചെറിയ സേനാവിഭാഗങ്ങളെ
കാവൽ നിർത്തിയിട്ട് അയാൾ തൻെറ
സൈന്യത്തിൻെറ അടുക്കലേക്കു മടങ്ങി
8 പ്പോന്നു. അപ്പോൾ ഏദോമ്യരുടെ എല്ലാ
ഭരണാധിപന്മാരും മോവാബ്യരുടെ സർവ്വ
നായകന്മാരും തീരപ്രദേശത്തുനിന്നുള്ള
പടത്തലവന്മാരും അവനെ സമീപിച്ചു പറ
9 ഞ്ഞതു: പ്രഭോ, അങ്ങയുടെ സൈന്യത്തെ
പരാജയത്തിൽനിന്നു രക്ഷിക്കേണ്ടതിനു
ഞങ്ങളുടെ വാക്കു കേട്ടാലും! ഈ ഇസ്രാ 10
യേല്യർ ആശ്രയം വെച്ചിരിക്കുന്നതു
തങ്ങളുടെ കുന്തങ്ങളിലല്ല, തങ്ങൾ
പാർക്കുന്ന മലകളുടെ ഉയരത്തിലാണ്.
എന്തെന്നാൽ അവരുടെ പർവ്വതങ്ങളുടെ
മുകളിൽ എത്തുന്നത് എളുപ്പമുള്ള പണി
യല്ലല്ലോ. ആകയാൽ, പ്രഭോ, അവരുമായി 11
നേരിട്ടുള്ള യുദ്ധം ഒഴിവാക്കുക; അങ്ങനെ
ചെയ്താൽ അങ്ങേയ്ക്കു ഒരാൾപോലും
നഷ്ടപ്പെടുകയില്ല. അങ്ങയുടെ താവള 12
ത്തിൽ പാർത്തുകൊണ്ട് അങ്ങയുടെ
സൈന്യത്തെ അവരുടെ പാളയത്തിൽ
തന്നെ നിർത്തുക. എന്നാൽ അങ്ങയുടെ
ഈ ദാസന്മാർ മലയുടെ അടിയിലുള്ള
അരുവി കൈവശപ്പെടുത്തട്ടെ. എന്തെന്നാൽ 13
ബെതൂലിയായിലെ ആളുകൾക്കെല്ലാം
വെള്ളം കിട്ടുന്നത് അവിടെനിന്നാണ്.
ദാഹിച്ചു ചാകാൻ തുടങ്ങുമ്പോൾ അവർ
പട്ടണം ഉപേക്ഷിക്കും. ഞങ്ങളും ഞങ്ങളുടെ
ജനവും അടുത്തുള്ള മലകളുടെ മുകളി
ലേക്കു കയറി അവിടെ പാളയമടിക്കാം.
പട്ടണത്തിൽനിന്ന് ഒരുവനും പുറത്തു
പോകാതെ ഞങ്ങൾ കാവൽ നിന്നുകൊ
ള്ളാം. അവരും അവരുടെ ഭാര്യമാരും കുട്ടി 14
കളും പട്ടിണികൊണ്ടു നശിക്കും. വാൾ
അവിടെ എത്തുന്നതിനു മുമ്പ് അവരുടെ
വാസസ്ഥലത്തെ തെരുവീഥികളിൽ
അവരുടെ ശരീരങ്ങൾ ചിതറിക്കിടക്കും.
അവർ അങ്ങയെ സമാധാനപൂർവ്വം സ്വീക 15
രിക്കാതെ അങ്ങയോടു മത്സരിച്ചതിന്, ഈ
വിധത്തിൽ അവരോടു കഠിനമായി പകരം
വീട്ടാൻ അങ്ങേയ്ക്കു സാധിക്കും.
ഈ ഉപായം എൽഫർണസിനും അവ 16
ൻെറ സകല ഉദ്യോഗസ്ഥന്മാർക്കും
ബോധിച്ചു. അവർ പറഞ്ഞതുപോലെ
ചെയ്യുവാൻ അവൻ കല്പന കൊടുത്തു.
മോവാബ്യർ അയ്യായിരം അസ്സീറിയാക്കാ 17
രോടൊപ്പം മുന്നോട്ടു നീങ്ങി താഴ്വരയിൽ
താവളമടിച്ച് ഇസ്രായേല്യരുടെ നീർച്ചാ
ലുകൾ പിടിച്ചെടുത്ത് അവർക്കു വെള്ളം
മുടക്കി. പിന്നെ ഏദോമ്യരും അമ്മോന്യരും 18
കയറിച്ചെന്നു ദോഥാന്നെതിരെയുള്ള
മലമ്പ്രദേശങ്ങളിൽ താവളമടിക്കുകയും
അവരുടെ കുറെ ആളുകളെ തെക്കുകിഴ
ക്കോട്ട് മൊക്മൂർ അരുവിക്ക് അടുത്തുള്ള
കൂസിക്കു സമീപമുള്ള അക്രാബായിലേക്ക്
അയയ്ക്കുകയും ചെയ്തു. അസ്സീറിയൻ
പട്ടാളത്തിൽ ശേഷിച്ച ഭാഗം സമതലപ്രദേ
ശത്തു പാളയമടിച്ചു. ദേശം മുഴുവൻ അവർ

നിറഞ്ഞു. അവരുടെ കൂടാരങ്ങളും സാമ
ഗ്രികളും അനവധിയായിരുന്നു; എന്തെ
ന്നാൽ അവർ വലിയോരു സംഖ്യയുണ്ടായി
രുന്നു.
ഇസ്രായേല്യർ തങ്ങളുടെ ദൈവമായ
കർത്താവിനോടു നിലവിളിച്ചു. ശത്രുക്ക
ളല്ലാം തങ്ങളെ വലയംചെയ്തിരുന്നതു
കൊണ്ടും രക്ഷപ്പെടാൻ മാർഗ്ഗമില്ലായിരു
ന്നതുകൊണ്ടും അവരുടെ ധൈര്യം അസ്ത
മിച്ചുപോയി, കാലാൾപ്പടയും കുതിരപ്പടയും
ഥങ്ങളും ഉൾക്കൊണ്ട അസ്സീറിയൻ
സൈന്യം മുപ്പത്തിനാലു ദിവസം അവരെ
ലയം ചെയ്തിരുന്നു. ബെതൂലിയാ നിവാ
സികളുടെ എല്ലാ ജലാശയങ്ങളിലെയും
വള്ളം തീർന്നു; കിണറുകൾ വറ്റി. കുടി
വള്ളത്തിനു കർക്കശമായ നിയന്ത്രണം
ർപ്പെടുത്തിയിരുന്നതുകൊണ്ട് ആർക്കും
രു ദിവസമെങ്കിലും മതിവരുവോളം
വള്ളം കുടിക്കാൻ കഴിഞ്ഞില്ല. അവരുടെ
ഞ്ഞുങ്ങൾ നിർജ്ജീവരായി; സ്ത്രീകളും
വാക്കളും ദാഹംകൊണ്ടു തളർന്നു,
തെരുവീഥികളിലും നഗരകവാടങ്ങളിലും
ങ്ങി വീണു; അവരിൽ ഒട്ടും ശക്തി
ഷിച്ചിരുന്നില്ല.
യുവാക്കളും സ്ത്രീകളും കുട്ടികളുമായി
നമെല്ലാം ഉസ്സിയായുടെയും പട്ടണത്തി
ന്യായാധിപന്മാരുടെയും ചുറ്റും കൂടി
ത്തിൽ നിലവിളിച്ചു പറഞ്ഞത്: ഞങ്ങൾ
ും നിങ്ങൾക്കും ഇടയിൽ ദൈവം ന്യായം
ധിക്കട്ടെ. അസ്സീറിയാക്കാരുമായി സമാ
നം ഉണ്ടാക്കാതെ നിങ്ങൾ ഞങ്ങളോ
കടുത്ത ദ്രോഹം ചെയ്തിരിക്കുന്നു.
പ്പാൾ, ഇതാ, ഞങ്ങളെ സഹായി
വാൻ ആരുമില്ല. ദൈവം ഞങ്ങളെ
വരുടെ അധികാരത്തിനു വിറ്റിരിക്കുന്നു.
ങ്ങൾ ദാഹംകൊണ്ടു മരിച്ചുവീണിരിക്കു
തായും ഞങ്ങളുടെ ശവങ്ങൾകൊണ്ടു
ം മൂടിയിരിക്കുന്നതായും അവർ
ന്നും. അതുകൊണ്ട് അവർക്കു കീഴട
ക. എൽഫർണസിൻെറ സൈന്യവും
ൾക്കാരും പട്ടണം കൊള്ളയടിക്കട്ടെ.
ന്മാരായിത്തീരുന്നതാണു ഞങ്ങൾക്ക്
റ നല്ലത്. അടിമകളായിട്ടെങ്കിലും
ങ്ങൾക്കു ജീവിച്ചിരിക്കാമല്ലോ; മാത്ര
ല്ല, ഞങ്ങളുടെ കൺമുമ്പിൽ വച്ചു
ങ്ങളുടെ പൈതങ്ങൾ മരിക്കുന്നതും
ങ്ങളുടെ ഭാര്യമാരും മക്കളും അന്ത്യ
സംവലിക്കുന്നതും ഞങ്ങൾ കാണേണ്ടി
യില്ലല്ലോ. ആകാശത്തെയും ഭൂമി
ും ഞങ്ങൾ സാക്ഷി നിർത്തുന്നു.
നമ്മുടെ പിതാക്കന്മാരുടെ കർത്താവായ
നമ്മുടെ ദൈവത്തെ, നമ്മുടെ പാപങ്ങൾ
ക്കും നമ്മുടെ പിതാക്കന്മാരുടെ പാപങ്ങൾ
ക്കും വേണ്ടി നമ്മെ ശിക്ഷിച്ചുകൊണ്ടിരി
ക്കുന്ന നമ്മുടെ ദൈവത്തെത്തന്നെ,
നിങ്ങൾക്കെതിരെ സാക്ഷിയായി ഞങ്ങൾ
വിളിക്കുന്നു. നാം ഭയപ്പെടുന്ന കാര്യങ്ങ
ളൊന്നും ഇന്ന് അവൻ യഥാർത്ഥമാക്കാതി
രിക്കട്ടെ എന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.
അപ്പോൾ ആ സമ്മേളനത്തിൽനിന്നു 29
വലിയോരു വിലാപം ഉയർന്നു. അവർ
അത്യുച്ചത്തിൽ ദൈവമായ കർത്താവി
നോട് നിലവിളിച്ചു. ഉസ്സിയാ അവരോടു 30
പറഞ്ഞത്: എൻെറ സ്നേഹിതരേ, ധൈര്യം
അവലംബിപ്പിൻ. അഞ്ചു ദിവസം കൂടി
നമുക്കു പിടിച്ചുനിൽക്കാം. അപ്പോഴേക്കു
നമ്മുടെ ദൈവമായ കർത്താവു വീണ്ടും
നമ്മോടു കരുണ കാണിക്കും. തീർച്ചയായും
അവൻ നമ്മെ നിശ്ശേഷം കൈവിടുകയില്ല.
എന്നാൽ ഈ ദിവസങ്ങൾ അവസാനിച്ചിട്ടും 31
നമുക്കു സഹായമൊന്നും കിട്ടുന്നില്ലെങ്കിൽ
നിങ്ങൾ ആവശ്യപ്പെട്ടതുപോലെ ഞാൻ
ചെയ്യാം. അങ്ങനെ അവൻ ആ മനുഷ്യരെ 32
അവരുടെ വിവിധ താവളങ്ങളിലേക്കു
തിരിച്ചയച്ചു സ്ത്രീകളെയും കുട്ടികളെയും
വീടുകളിലേക്ക് അയച്ചിട്ട് അവർ പട്ടണ
മതിലുകളും ഗോപുരങ്ങളും ബലപ്പെടുത്തു
ന്നതിനു കടന്നുപോയി. പട്ടണം മുഴുവൻ
നിരാശാപൂർണ്ണമായിരുന്നു.

അദ്ധ്യായം 8

സംഭവങ്ങളെക്കുറിച്ചുള്ള വാർത്ത 1
ഇസ്രായേലിൻെറ മകനായ സരസദായി
യുടെ മകനായ ശലാമിയേലിൻെറ മകനായ
നഥാനിയേലിൻെറ മകനായ ഏലിയാ
ബിൻെറ മകനായ ഹിൽക്കിയായുടെ
മകനായ ഏലിയാസിൻെറ മകനായ
ഉസിയേലിൻെറ മകനായ യോസഫിൻെറ
മകനായ ഓക്സിൻെറ മകനായ മെരാരി
യുടെ മകളായ യൂദിത്തിൻെറ ചെവിയിലു
മെത്തി. അവളുടെ ഗോത്രത്തിലും കുല 2
ത്തിലും പെട്ടവനായി, അവളുടെ ഭർത്താവാ
യിരുന്ന മനശ്ശെ യവക്കൊയ്ത്തിൻെറ കാല
ത്തു മരിച്ചുപോയിരുന്നു. അവൻ വയലിൽ 3
കറ്റ കെട്ടുന്നതിൻെറ മേൽനോട്ടം വഹിച്ചു
കൊണ്ടിരിക്കെ, സൂര്യതാപമേറ്റു കിടപ്പിലാ
കുകയും സ്വന്ത പട്ടണമായ ബെതൂലിയാ
യിൽ വെച്ചു മരിക്കുകയും ചെയ്തു. ദോഥാനും
ബാലാമോനും ഇടയ്ക്കുള്ള വയലിൽ അവ
ൻെറ പിതാക്കന്മാർക്ക് അരികെ അവർ

4 അവനെ അടക്കംചെയ്തു. മൂന്നു വർഷവും
നാലു മാസവും അവൾ വീട്ടിൽ വിധവയായി
5 കഴിഞ്ഞുകൂടി. വീടിന്റെ മട്ടുപ്പാവിൽ
അവൾക്കു വേണ്ടി ഒരു മുറിയുണ്ടാക്കി
ചാക്കുശീലയും വിലാപവസ്ത്രവും ധരിച്ച്
അവിടെ കഴിഞ്ഞുകൂടിവന്നിരുന്നു. ശാബ
6 തിന്റെ വൈകുന്നേരവും ശാബതു നാളി
ലും അമാവാസി ദിവസത്തിന്റെ തലേ
ദിവസവും പൗർണ്ണമിനാളിലും ഇസ്രായേ
ല്യരുടെ ഉത്സവദിവസങ്ങളിലും ഒഴിച്ച്
മറ്റെല്ലാ ദിവസങ്ങളിലും, അവൾ വിധവ
യായശേഷം, അവൾ ഉപവസിച്ചുവന്നു.
7 അവൾ അതിസുന്ദരിയും മനോഹാരിണി
യുമായിരുന്നു. അവളുടെ ഭർത്താവായ
മനശ്ശെ അവൾക്കു സ്വർണ്ണവും വെള്ളിയും
ദാസന്മാരെയും ദാസിമാരെയും കന്നുകാലി
കളെയും നിലങ്ങളെയും അവശേഷിപ്പി
8 ച്ചിരുന്നു. ഈ സമ്പത്തെല്ലാം അവൾ സംര
ക്ഷിച്ചു. ആരും അവളെക്കുറിച്ച് ഒരു കുറ്റവും
പറഞ്ഞിരുന്നില്ല. എന്തെന്നാൽ അവൾ
അത്യന്തം ദൈവഭയമുള്ളവളായിരുന്നു.
9 ജലദൗർല്ലഭ്യം ജനത്തെ എങ്ങനെ
അസ്തധൈര്യരാക്കിയെന്നും പട്ടണ
ത്തിലെ ഭരണാധികാരിയോട് അവർ
എങ്ങനെ ദുർവചനങ്ങൾ പറഞ്ഞുവെന്നും
ഉസ്സിയാ അവരോട് എന്തു പറഞ്ഞെന്നും
അഞ്ചു ദിവസത്തിനു ശേഷം അസ്സീറിയാ
ക്കാർക്കു നഗരം വിട്ടുകൊടുക്കാമെന്ന്
എങ്ങനെ അവർ സത്യം ചെയ്തുവെന്നും
10 യൂദിത്ത് കേട്ടു. അപ്പോൾ നഗരത്തിലെ
മൂപ്പന്മാരായ ഉസ്സിയാ, കാബ്രിസ്, കാർമിസ്
എന്നിവരെ വിളിപ്പാൻ, അവൾ തന്റെ
വസ്തുക്കളുടെയെല്ലാം മേൽനോട്ടക്കാ
11 രിയായ ദാസിയെ അയച്ചു. അവർ വന്ന
പ്പോൾ യൂദിത്ത് അവരോടു പറഞ്ഞത്,
ബെതൂലിയായിലെ ന്യായാധിപന്മാരേ,
കേൾപ്പിൻ. നിങ്ങൾ ഇന്നു ചെയ്തതു
പോലെ ജനത്തോടു സംസാരിപ്പാൻ
നിങ്ങൾക്കു യാതൊരധികാരവുമില്ല;
നിർദ്ദിഷ്ടദിവസങ്ങൾക്കുള്ളിൽ ദൈവം
സഹായമെത്തിക്കുന്നില്ലെങ്കിൽ പട്ടണം
ശത്രുക്കൾക്കു വിട്ടുകൊടുത്തുകൊള്ളാ
മെന്ന് ദൈവമുമ്പാകെ ആണയിട്ടു നിങ്ങ
ളെത്തന്നെ ബാദ്ധ്യസ്ഥരാക്കിയിരിക്ക
12 യാണല്ലോ. ഇതുപോലൊരു സമയത്തു
ദൈവത്തെ പരീക്ഷിപ്പാൻ നിങ്ങൾ ആര്?
മനുഷ്യരുടെ മുമ്പാകെ ദൈവത്തിനുമീതെ
നിങ്ങൾ നിങ്ങളെത്തന്നെ പ്രതിഷ്ഠിക്കു
13 കയാണോ? സർവ്വശക്തനായ കർത്താ
14 വിനെ നിങ്ങൾ പരീക്ഷിക്കുന്നു. നിങ്ങൾ
ഒന്നും മനസ്സിലാക്കുന്നില്ല; മനസ്സിലാക്കുക
യുമില്ല. മനുഷ്യഹൃദയത്തിന്റെ ആഴം
അളക്കാനോ മനുഷ്യൻ ചിന്തിക്കുന്നതു
കണ്ടെത്താനോ നിങ്ങൾക്കു കഴിയുകയില്ല.
അങ്ങനെയെങ്കിൽ സകലത്തിന്റെയും
നിർമ്മാതാവായ ദൈവത്തെ നിങ്ങൾക്കു
എങ്ങനെ മനസ്സിലാക്കാം? ദൈവത്തിന്റെ
മനസ്സറിയുകയും അവന്റെ നിരൂപണങ്ങൾ
ഗ്രഹിക്കുകയും ചെയ്യുവാൻ നിങ്ങൾക്ക്
എങ്ങനെ കഴിയും? സഹോദരന്മാരേ, ഇത
രുത്. നമ്മുടെ ദൈവമായ കർത്താവിന്റെ
കോപം ജ്വലിപ്പിക്കരുത്. അഞ്ചു ദിവസങ്ങൾ 15
ക്കുള്ളിൽ അവൻ നമ്മെ സഹായിപ്പാൻ
തുനിയുന്നില്ലെങ്കിൽപോലും തനിക്ക്
ഇഷ്ടമുള്ള ഏതു സമയത്തും നമ്മുടെ
രക്ഷയ്ക്കായി വരാനോ നമ്മുടെ ശത്രുക്ക
ളെക്കൊണ്ട് നമ്മെ നശിപ്പിക്കുവാനോ
അവൻ പ്രാപ്തനാണ്. നമ്മുടെ ദൈവമായ 16
കർത്താവിന്റെ മുമ്പാകെ വ്യവസ്ഥകൾ
വക്കാൻ നിങ്ങൾക്ക് അവകാശമില്ല. ദൈവം
ഭീഷണിക്കു കീഴ്പെടുന്നവനല്ല. മനുഷ്യ
നോടെന്നപോലെ അവനോടു വിലപേശൽ
നടത്താനും പാടില്ല. ആകയാൽ അവൻ 17
നമ്മെ രക്ഷിക്കേണ്ടതിനു നാം അവനു
വേണ്ടി കാത്തിരുന്നുകൊണ്ട് സഹായത്തി
ന് അവനോട് അപേക്ഷിക്കുകയാണു
വേണ്ടത്. അവനു തിരുമനസ്സായാൽ അവൻ
നമ്മുടെ ശബ്ദം ശ്രവിക്കും.

ഈ തലമുറയിൽ മനുഷ്യനിർമ്മിതമായ 18
ദേവന്മാരെ ആരാധിക്കുന്ന ഒരുത്തനും
നമ്മുടെ ഗോത്രങ്ങളിലോ കുലങ്ങളിലോ
ഗ്രാമങ്ങളിലോ പട്ടണങ്ങളിലോ ഇല്ല;
അടുത്ത കാലങ്ങളിൽ എങ്ങും ഉണ്ടാ
യിരുന്നിട്ടുമില്ല. മുൻകാലങ്ങളിൽ അങ്ങനെ
സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടാണ് നമ്മുടെ 19
പൂർവികന്മാർ ശത്രുക്കളാൽ കൊല്ലപ്പെടു
ന്നതിനും കൊള്ളയടിക്കപ്പെടുന്നതിനും
ഏല്പിക്കപ്പെട്ടത്; അവരുടെ പതനം
ഭയങ്കരവുമായിരുന്നു. എന്നാൽ നമ്മുടെ
ദൈവമായ കർത്താവിനെയല്ലാതെ മറ്റൊരു
ദൈവത്തെ നാം അറിഞ്ഞിട്ടില്ല. അതു 20
കൊണ്ട് അവൻ നമ്മെയോ നമ്മുടെ ജാതി
യെയോ തള്ളിക്കളകയില്ലെന്നു നമുക്ക്
പ്രത്യാശിക്കാം. എന്തെന്നാൽ, നീ കീഴട 21
ങ്ങിയാൽ യുദയാ മുഴുവനും കീഴടക്ക
പ്പെടും; നമ്മുടെ വിശുദ്ധമന്ദിരം കവർച്ചചെ
യ്യപ്പെടും. അത് അശുദ്ധമാക്കപ്പെട്ടതിന് നാം
ഉത്തരവാദികളായിത്തീരും. നാം വിജാതീ 22
യരുടെ ഇടയിൽ എവിടെ അടിമകളായി
രുന്നാലും, നമ്മുടെ സഹദേശീയരുടെ

കൂട്ടക്കൊല, നാടുകടത്തൽ, നമ്മുടെ പിതൃ
ദേശത്തിന്റെ വിനാശം ഇവയുടെയെല്ലാം
ഉത്തരവാദിത്തം അവൻ നമ്മുടെ തലയിൽ
ചുമത്തും. നമ്മെ അടിമകളാക്കുന്നവരുടെ
ദൃഷ്ടിയിൽ നാം മ്ലേച്ഛരും നിന്ദിതരുമായി
രിക്കും. നമ്മുടെ അടിമത്തത്തിനു സന്തോ
ഷകരമായ ഒരു അന്ത്യമുണ്ടാകയില്ല; പ്രീതി
തിരിച്ചു കിട്ടുകയില്ല. നമ്മുടെ ദൈവമായ
കർത്താവ് അതു നമുക്ക് അവമതിയായി
മാറ്റുകയും ചെയ്യും. ആകയാൽ എന്റെ
സ്നേഹിതന്മാരേ, നമ്മുടെ സഹദേശീ
യർക്ക് ഒരു മാതൃക കാണിച്ചുകൊടുക്കാം;
എന്തെന്നാൽ അവരുടെ ജീവൻ നമ്മെ
ആശ്രയിച്ചിരിക്കുന്നു. വിശുദ്ധ സ്ഥലത്തി
ന്റെയും ദേവാലയത്തിന്റെയും ബലിപീഠ
ത്തിന്റെയും ഭാഗധേയം നമ്മിൽ സ്ഥിതി
ചെയ്യുന്നു. നമ്മുടെ ദൈവമായ കർത്താ
ിനു കൃതജ്ഞതാസ്തോത്രം അർപ്പി
ുവാൻ ഇപ്പോഴും നമുക്ക് ന്യായമുണ്ട്.
മ്മുടെ പിതാക്കന്മാരെ ശോധന
ചയ്തതുപോലെ അവൻ നമ്മെയും
ശാധന ചെയ്യുകയാകുന്നു. അബ്രഹാമി
നാട് അവൻ എന്തു ചെയ്തുവെന്നും
സഹാക്കിനെ അവൻ എങ്ങനെ പരീ
ഷിച്ചുവെന്നും തന്റെ മാതൃസഹോദ
രായ ലാബാനു വേണ്ടി ആട് മേയിച്ചു
കാണ്ടിരിക്കെ, സിറിയായിലെ മെസപ്പൊ
ത്താമ്യായിൽ വെച്ച് യാക്കോബിന് എന്തു
ംഭവിച്ചുവെന്നും അനുസ്മരിക്കുക.
വരെ പരിശോധിച്ചതു പോലെയുള്ള
ഗ്നിപരിശോധനയാൽ അവൻ നമ്മെ
ിശോധിക്കുകയോ നമ്മോടു പ്രതികാരം
യ്യുകയോ ചെയ്യുകയല്ല; കർത്താവ്
ന്റെ ആരാധകരെ അടിക്കുന്നത് ശിക്ഷ
ത്തിനു വേണ്ടിയാണ്.
ഉസ്സിയാ അവളോടു മറുപടി പറഞ്ഞത്;
പറയുന്നതു തികച്ചും ശരിയാണ്. നീ
യുന്നതെല്ലാം നേരുതന്നെ. അതു
ഷധിപ്പാൻ ആർക്കും കഴിയുന്നതല്ല.
് ആദ്യമായിട്ടല്ല നീ നിന്റെ വിജ്ഞാനം
ടമാക്കുന്നത്. നിന്റെ ജീവിതകാലം
വൻ നിന്റെ വിവേകം ഞങ്ങളെല്ലാം
ീകരിച്ചിട്ടുണ്ട്. എന്നാൽ ദാഹം കൊ
ഹതാശരായ ജനം ആണയോടെ ഈ
ദാനം നൽകാൻ ഞങ്ങളെ നിർബ്ബന്ധി
ക്കി നീ ഭക്തയായ സ്ത്രീയാകയാൽ കർ
വിനോടു പ്രാർത്ഥിച്ച് മഴ അയച്ചു ത
തങ്ങളുടെ കിണറുകൾ നിറപ്പാൻ കർ
വിനോട് അപേക്ഷിക്കുക. പിന്നെ ഞ
വെള്ളമില്ലാതെ തളർന്നു വീഴുകയില്ല.

യുദിത്ത് അവരോടു മറുപടി പറഞ്ഞത്: 32
എനിക്കു പറയാനുള്ളതു കേൾപ്പിൻ.
നമ്മുടെ ജനത്തിന്റെ എല്ലാ പിൻതല
മുറകളിലും അനുസ്മരിക്കപ്പെടുന്ന ഒരു
കാര്യം ഞാൻ ചെയ്യാൻ ഒരുമ്പെടുകയാണ്.
ഇന്നു രാത്രി നിങ്ങൾ നഗരകവാടത്തിങ്കൽ 33
വന്നു നില്ക്കുക. എന്റെ ദാസിയുമായി
ഞാൻ പുറത്തേക്കു പോകും. പട്ടണം
നമ്മുടെ ശത്രുക്കൾക്ക് കീഴ്പെടുത്തി
ക്കൊടുക്കാമെന്നു നിങ്ങൾ വാഗ്ദാനം
ചെയ്തിരിക്കുന്ന ദിവസത്തിനു മുമ്പ്
എന്റെ കൈകൾകൊണ്ടു ദൈവം ഇസ്രാ
യേലിനെ വിടുവിക്കും. എന്റെ പദ്ധതി 34
കണ്ടുപിടിക്കാൻ നിങ്ങൾ ശ്രമിക്കരുത്;
അതു നിറവേറ്റുന്നതുവരെ ഞാൻ എന്താ
ണു ചെയ്യാൻ പോകുന്നതെന്നു നിങ്ങളോടു
പറയുകയുമില്ല. ഉസ്സിയായും ന്യായാധി 35
പന്മാരും അവളോട് ഞങ്ങളുടെ ആശീർവാ
ദത്തോടു കൂടെ പോകുക; നമ്മുടെ ശത്രു
ക്കളോടു പ്രതികാരംചെയ്‌വാൻ ദൈവം
നിന്റെ മുമ്പിൽ ഉണ്ടായിരിക്കട്ടെ എന്നു
പറഞ്ഞു. അങ്ങനെ അവർ അവളുടെ മാളി
കമുറിവിട്ട് അവരുടെ താവളങ്ങളിലേക്കു
പോയി.

അദ്ധ്യായം 9

പിന്നെ യൂദിത്ത് തലയിൽ ചാരം വിതറി, 1
അവൾ ധരിച്ചിരുന്ന ചാക്കുശീല മാറ്റി,
സാഷ്ടാംഗം വീണു. യറുശലേം ദേവാ
ലയത്തിൽ സന്ധ്യാധൂപം അർപ്പിക്കുന്ന
അതേ സമയത്ത് അവൾ കർത്താവിനെ 2
വിളിച്ചപേക്ഷിച്ചു പറഞ്ഞു: കർത്താവേ,
എന്റെ പൂർവ്വപിതാവായ ശിമെയോന്റെ
ദൈവമേ, ഒരു കന്യകയെ കളങ്കപ്പെടുത്തു
വാൻ അവളുടെ മൂടുപടം നീക്കുകയും
അവളെ ലജ്ജിപ്പിക്കുവാനായി അവളുടെ
നഗ്നത അനാവൃതമാക്കുകയും അവളെ
അപമാനിക്കുവാനായി അവളുടെ ഗർഭ
പാത്രത്തെ അശുദ്ധമാക്കുകയും ചെയ്ത
വിദേശികളുടെ മേൽ പ്രതികാരം നടത്തു
വാൻ നീ അവന്റെ കയ്യിൽ ഒരു വാൾ
ഏല്പിച്ചുവല്ലോ. കാരണം, അതു ചെയ്യരു
തെന്നാകുന്നു നീ കല്പിച്ചിട്ടുള്ളത്.
എന്നിട്ടും അവർ അതു ചെയ്തു. അതു 3
കൊണ്ടു നീ അവരുടെ ഭരണാധിപന്മാരെ
കൊലയ്ക്കും, വഞ്ചനനിമിത്തം അശുദ്ധ
മായ അവരുടെ കിടക്കകളെ രക്തപങ്കി
ലമാക്കുന്നതിനും ഏല്പിച്ചുകൊടുത്തു.
അടിമകളെ രാജകുമാരന്മാരുടെ മേലും
രാജകുമാരന്മാരെ സിംഹാസനങ്ങളുടെ

4 മീതെയും നീ അടിച്ചു വീഴ്ത്തി. അവരുടെ
ഭാര്യമാരെ കൊള്ളയായും പുത്രിമാരെ
തടവുകാരായും നീ വിട്ടുകൊടുത്തു.
നിന്നെക്കുറിച്ചുള്ള തീക്ഷ്ണതയേറിയ
വരും, തങ്ങളുടെ രക്തമലിനീകരണത്തിൽ
കഠിനമായ വെറുപ്പു കാട്ടി, സഹായ
ത്തിനായി നിന്നെ വിളിച്ചപേക്ഷിച്ചവരു
മായി, നീ സ്നേഹിച്ചവരായ നിൻെറ
പുത്രന്മാർക്കിടയിൽ പങ്കു വെക്കുവാൻ
അവരുടെ കൊള്ളമുതൽ നീ ഏല്പിച്ചു
കൊടുത്തു. ദൈവമേ, എൻെറ ദൈവമേ,
ഈ വിധവയുടെ പ്രാർത്ഥന കേൾക്കണമേ.
5 അന്നു സംഭവിച്ചതും അതിനു മുമ്പും പിമ്പും
സംഭവിച്ചവയുമെല്ലാം അങ്ങു ചെയ്ത
താണ്. ഇപ്പോഴുള്ളതും ഇനിയുണ്ടാകു
വാനുള്ളതും അങ്ങ് ആസൂത്രണം ചെയ്തി
6 രിക്കുന്നു. അങ്ങു നിർണ്ണയിച്ചതെല്ലാം
നിറവേറിയിരിക്കുന്നു. അങ്ങു നിർണ്ണയി
ച്ചിട്ടുള്ളവയെല്ലാം സ്വയം ഹാജരായി,
"ഇതാ, ഞങ്ങൾ" എന്നു പറഞ്ഞിട്ടുണ്ട്.
എന്തെന്നാൽ നിൻെറ വഴികളെല്ലാം
മുൻകൂട്ടി ഒരുക്കപ്പെട്ടിട്ടുള്ളതാണ്. അങ്ങ
യുടെ മുന്നറിവ് അങ്ങയുടെ ന്യായവിധി
കളെ നിർണ്ണയിക്കുന്നു.
7 അസ്സീറിയാക്കാർ തങ്ങളുടെ ശക്തി
യിൽ പ്രശംസിക്കുന്നതു നീ കാണണമേ.
തങ്ങളുടെ കുതിരകളിലും കുതിരക്കാരിലും
അവർ അഭിമാനംകൊള്ളുകയും കാലാൾപ്പ
ടയുടെ ശക്തിയിൽ പുകഴുകയും, പരിച
യിലും കുന്തത്തിലും വില്ലിലും കവിണ
യിലും ആശ്രയം വയ്ക്കുകയും ചെയ്യുന്നു.
എന്നാൽ യുദ്ധങ്ങൾ തകർക്കുന്ന കർത്താ
വു നീയാകുന്നു എന്ന് അവർ അറിയുന്നില്ല.
കർത്താവെന്നാകുന്നു നിൻെറ നാമം.
8 നിൻെറ ശക്തിയാൽ അവരുടെ ബലം
തകർത്ത് നിൻെറ കോപത്താൽ അവരുടെ
ശക്തി ക്ഷയിപ്പിക്കണമേ. നിൻെറ വിശു
ദ്ധസ്ഥലം അശുദ്ധമാക്കുവാനും നിൻെറ
മഹത്വനാമത്തിൻെറ നിവാസത്തെ മലിന
മാക്കുവാനും നിൻെറ ബലിപീഠത്തിൻെറ
കൊമ്പുകൾ വാളാൽ വെട്ടിവീഴ്ത്താനും
അവർ തീർച്ചപ്പെടുത്തിയിരിക്കയാണല്ലോ.
9 അവരുടെ ഗർവ്വം കാണണമേ. നിൻെറ
ക്രോധം അവരുടെ തലയിൽ ചൊരിയണമേ.
10 വിധവയായ എനിക്ക് എൻെറ ലക്ഷ്യം
നേടാനുള്ള ശക്തി നൽകണമേ. എൻെറ
അധരങ്ങളുടെ ചതിയാൽ അടിമയെ
ഭരണാധിപനോടൊപ്പവും ഭരണാധിപനെ
അടിമയോടൊപ്പവും സംഹരിക്കണമേ.
11 സ്ത്രീയുടെ കയ്യാൽ അവരുടെ ഗർവ്വം
തകർക്കണമേ. എന്തെന്നാൽ, നിൻെറ
ശക്തി സംഖ്യാബലത്തിലോ നിൻെറ
പ്രതാപം ബലശാലികളിലോ അല്ലല്ലോ. നീ
താഴ്മയുള്ളവരുടെ ദൈവവും മർദ്ദിതരുടെ
സഹായിയും ബലഹീനരെ താങ്ങുന്നവനും
നിരാലംബരുടെ സംരക്ഷകനും ആശയറ്റ
വരുടെ വിമോചകനും ആകുന്നുവല്ലോ.
ദൈവമേ, എൻെറ പിതാവിൻെറ ദൈവമേ, 1
ഇസ്രായേലിൻെറ അവകാശത്തിൻെറ
ദൈവമേ, ആകാശത്തിൻെറയും ഭൂമിയു
ടെയും രാജാവേ, വെള്ളങ്ങളുടെ സ്രഷ്ടാ
വേ, സർവ്വസൃഷ്ടികളുടെയും രാജാവേ, നീ
എൻെറ പ്രാർത്ഥന കേൾക്കണമേ; കേൾ 1
ക്കണമേ. എൻെറ കപടവാക്കുകൾ
അവർക്കു മുറിവും ചതവും ഏല്പിക്കട്ടെ.
എന്തെന്നാൽ നിൻെറ നിയമത്തിനും
നിൻെറ വിശുദ്ധ ആലയത്തിനും സീയോ
ൻെറ ഉന്നതിക്കും നിൻെറ പുത്രന്മാരുടെ
അവകാശമായ ഭവനത്തിനുമെതിരെ അവർ
ക്രൂരമായ പ്രവൃത്തികൾ ആസൂത്രണം
ചെയ്തിരിക്കുന്നു. എല്ലാ ശക്തിയുടെയും
ബലത്തിൻെറയും ദൈവമായ ദൈവം നീ
മാത്രം ആകുന്നുവെന്നും, നീ മാത്രമാകുന്നു
ഇസ്രയേലിൻെറ പരിചയെന്നും സർവ്വ
ജനവും ഗോത്രവും അറിഞ്ഞു ബോദ്ധ്യ
പ്പെടുമാറാകട്ടെ.

അദ്ധ്യായം 10

ഇസ്രായേലിൻെറ ദൈവത്തിൻെറ 1
മുമ്പാകെ വീണുകിടന്നുള്ള തൻെറ
പ്രാർത്ഥന അവസാനിപ്പിച്ച് യൂദിത്ത് എഴു
ന്നേറ്റു. തൻെറ ദാസിയെയും വിളിച്ചു കൊ 2
ണ്ട് താൻ ശാബത്തുകളും ഉത്സവങ്ങളും
ആചരിക്കാറുള്ള വീട്ടിലേക്കു പോയി.
അവൾ ധരിച്ചിരുന്ന ചാക്കുശീലയും 3
വൈധവ്യവസ്ത്രവും മാറ്റി. അവൾ ദേഹം
കഴുകി, വിലകൂടിയ സുഗന്ധദ്രവ്യങ്ങൾ
പൂശി. അവൾ മുടി ചീകി, ശിരോഭൂഷ
ണങ്ങൾ അണിഞ്ഞു. തൻെറ ഭർത്താവായ
മനശ്ശെ ജീവിച്ചിരുന്നപ്പോൾ ധരിക്കാറു
ണ്ടായിരുന്ന മോടിയേറിയ ഉടയാടകൾ
അണിഞ്ഞു. അവൾ ചെരിപ്പും, പാദസര 4
ങ്ങളും വളകളും മോതിരങ്ങളും കമ്മലും
തനിക്കുള്ള എല്ലാ ആഭരണങ്ങളും ധരിച്ച്
തന്നെ നോക്കുന്ന ഏതു പുരുഷൻെറയും
കണ്ണുകളെ വശീകരിക്കത്തക്കവണ്ണം തന്നെ
ത്താൻ ആകർഷകയാക്കി. അവൾ ഒരു
പാത്രം വീഞ്ഞും ഒരു ഭരണി എണ്ണയും
തൻെറ ദാസിയെ ഏല്പിച്ചു. കൂടാ
തെ വറുത്ത ധാന്യം, ഉണങ്ങിയ അത്തിപ്പഴം

കൊണ്ടുള്ള അട, മേൽത്തരമായ അപ്പം
എന്നിവ ഒരു സഞ്ചിയിൽ നിറച്ച് എല്ലാം
കൂടി പൊതിഞ്ഞു കെട്ടി, ചുമക്കുവാൻ
ദാസിയെ ഏല്പിച്ചു.
അവർ ബെതൂലിയായുടെ പട്ടണവാ
തിൽക്കലേക്കു പോയി. പട്ടണത്തിലെ
മൂപ്പന്മാരായ കാബ്രീസ്, കാർമിസ് എന്നി
വരോടൊപ്പം നിന്നിരുന്ന ഉസിയായെ കണ്ടു.
ഭാവത്തിലും വേഷത്തിലും വ്യത്യാസപ്പെട്ട
യൂദിത്തിനെ കണ്ടപ്പോൾ അവളുടെ
സൗന്ദര്യത്തിൽ അവർ അത്ഭുതാധീനരായി.
അവർ അവളോടു പറഞ്ഞത്: നമ്മുടെ
പിതാക്കന്മാരുടെ ദൈവമായ കർത്താവ്
നിന്നിൽ പ്രസാദിക്കട്ടെ. ഇസ്രായേൽ
വിജയിക്കുകയും യറുശലേമം പുകഴ്ത്ത
പ്പെടുകയും ചെയ്യത്തക്കവണ്ണം നിന്റെ
ഉദ്ദേശ്യങ്ങൾ താൻ നിറവേറ്റട്ടെ. യൂദിത്ത്
ദൈവത്തെ വണങ്ങി നമസ്ക്കരിച്ചു.
പിന്നീട്, അവൾ അവരോടു പറഞ്ഞു:
എനിക്കു വേണ്ടി വാതിൽ തുറന്നുതരുവാൻ
ല്പിക്ക. നിങ്ങൾ പറഞ്ഞ കാര്യങ്ങൾ
റവേറ്റുവാൻ ഞാൻ പുറപ്പെട്ടുപോകട്ടെ.
വൾ ആവശ്യപ്പെട്ടതുപോലെ വാതിൽ
റന്നു കൊടുക്കുവാൻ അവർ യുവാക്ക
ളോടു കല്പിച്ചു. അവർ വാതിൽ
റന്നപ്പോൾ യൂദിത്തും ദാസിയും പുറ
ത്തക്കു പോയി. അവർ മലയിറങ്ങി
ഴ്വര കടന്ന് തങ്ങളുടെ കണ്ണിനു മറ
വരെ പട്ടണത്തിലെ ആളുകൾ അവരെ
ാക്കിക്കൊണ്ടിരുന്നു.
ആ സ്ത്രീകൾ താഴ്വരയ്ക്കു കുറുകെ
രെ നടന്നു പോയി. അസ്സീറിയരുടെ ഒരു
വൽപ്പട അവരെ കണ്ടു തടഞ്ഞു നിർത്തി
ദ്യം ചെയ്തു: നീ ഏതു രാജ്യക്കാരി?
എവിടെനിന്നു വരുന്നു? നീ എവിടേക്കു
കുന്നു? അവൾ മറുപടി പറഞ്ഞത്:
ൻ ഒരു എബ്രായ പുത്രി; ഞാൻ
രുടെ ഇടയിൽനിന്ന് രക്ഷപെടുക
ണ്. എന്തെന്നാൽ അവർ നിങ്ങളുടെ
ൽ നശിക്കാൻ പോകുകയാണല്ലോ.
ങ്ങളുടെ സേനാനായകനായ എൽ
ണസിന്റെ സന്നിധിയിൽ ചില
ാർത്ഥ്യങ്ങൾ നൽകുവാൻ ഞാൻ
ുകയാണ്. ഒരാൾപോലും നഷ്ടപ്പെ
, അതിലൂടെ കടന്നു മലമ്പ്രദേശം
ൻ കീഴടക്കത്തക്ക ഒരു വഴി ഞാൻ
നു കാണിച്ചുകൊടുക്കാം.
അവളുടെ വാക്കുകൾ ശ്രദ്ധിച്ചുകൊണ്ടി
ന്ന ആ പുരുഷന്മാർ അവളുടെ
ത്തക്കു നോക്കി, അവളുടെ സൗന്ദര്യ
ത്തിൽ അവർ അത്ഭുതാധീനരായി. അവർ 15
പറഞ്ഞു: ഞങ്ങളുടെ യജമാനന്റെ അടുക്ക
ലേക്കു നീ ഓടി ഇറങ്ങിവന്നിരിക്കുന്ന
തുകൊണ്ടു നീ നിന്റെ ജീവനെ രക്ഷിച്ചി
രിക്കുന്നു. ഉടൻതന്നെ അവന്റെ കൂടാര
ത്തിലേക്കു ചെല്ലുക. ഞങ്ങളിൽ ചിലർ
നിനക്ക് അകമ്പടിയായി വന്ന് അവന്റെ
കൂടാരത്തിൽ നിന്നെ എത്തിക്കാം. അവ 16
ന്റെ മുമ്പിൽ എത്തുമ്പോൾ നീ ഭയപ്പെ
ടേണ്ടാ. ഞങ്ങളോടു പറഞ്ഞത് അവനോടു
പറയുക മാത്രം ചെയ്താൽ മതി. അവൻ
നിന്നോടു ദയാപൂർവ്വം വർത്തിക്കും.
തങ്ങളുടെ കൂട്ടത്തിൽനിന്ന് അവർ നൂറു 17
പേരെ തെരഞ്ഞെടുത്ത് അവളുടെയും
ദാസിയുടെയും കൂടെ അയച്ചു. അവർ ആ
രണ്ടു സ്ത്രീകളെയും എൽഫർണസിന്റെ
കൂടാരത്തിലേക്ക് ആനയിച്ചു. അവളെക്കു 18
റിച്ച് എൽഫർണസിനെ അറിയിക്കുവാൻ
അവർ പോയപ്പോൾ അവൾ അവന്റെ
കൂടാരത്തിനു പുറത്തു കാത്തുനിൽക്കുക
യായിരുന്നു. അവളുടെ വരവിന്റെ വാർത്ത
കൂടാരങ്ങൾ തോറും പരന്നപ്പോൾ താവള
ത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും
പട്ടാളക്കാർ ഇറങ്ങിവന്ന് അവളുടെ ചുറ്റും
കൂടി. അത്ഭുതാവഹമായ അവളുടെ 19
സൗന്ദര്യം കണ്ടപ്പോൾ ഇസ്രായേല്യർ ഒരു
അത്ഭുതജനതയായിരിക്കുമെന്ന് അവർ
ചിന്തിച്ചു. അവർ പരസ്പരം പറഞ്ഞു:
ഇത്തരം സ്ത്രീകളുള്ള ഒരു ജനതയെ
വെറുക്കുവാൻ ആർക്കു കഴിയും? അവരിൽ
ഒരുത്തനെപ്പോലും നാം ജീവനോടെ
അവശേഷിപ്പിക്കരുത്. എന്തെന്നാൽ അവർ
രക്ഷപെട്ടാൽ സർവ്വ ലോകത്തെയും അവർ
വശീകരിച്ചു കീഴടക്കും.
എൽഫർണസിന്റെ അംഗരക്ഷകരും 20
പരിചാരകരും വന്ന് അവളെ കൂടാരത്തി
ലേക്ക് ആനയിച്ചു. വയലറ്റ് നൂലിൽ 21
സ്വർണ്ണവും മരതകം തുടങ്ങിയ കല്ലുകളും
ചേർത്തു നെയ്തെടുത്ത മേല്ക്കട്ടിയ്ക്കു
കീഴെ തന്റെ കിടക്കയിൽ അവൻ വിശ്രമി
ക്കുകയായിരുന്നു. യൂദിത്ത് വന്ന വിവരം 22
അറിയിച്ചപ്പോൾ അയാൾ കൂടാരത്തിന്റെ
മുൻഭാഗത്തേക്കിറങ്ങി വന്നു; അയാളുടെ
മുമ്പിൽ അവർ വെള്ളിവിളക്കുകൾ വഹി
ച്ചിരുന്നു. അവൾ അവരുടെ മുമ്പിൽ നില്ക്കു 23
മ്പോൾ, അവളുടെ മുഖകാന്തിയിൽ അവ
നും അവന്റെ എല്ലാ പരിചാരകരും അത്ഭു
താധീനരായി. അവൾ കവിണുവീണ് അവ
നെ നമസ്ക്കരിച്ചു. അവന്റെ ദാസന്മാർ
അവളെ എഴുന്നേല്പിച്ചു.

അദ്ധ്യായം 11

1 എൽഫർണസ് പറഞ്ഞു: ഭവതീ, ധൈ
ര്യമായിരിക്കൂ; ഭയപ്പെടേണ്ടാ. ഭൂതലമൊ
ക്കെയുടെയും രാജാവായ നെബുക്കദ്നേസ
റിനെ സേവിപ്പാൻ തുനിഞ്ഞുവന്നിട്ടുള്ള
2 ആരെയും ഞാൻ ഉപദ്രവിച്ചിട്ടില്ല. മലമ്പ്ര
ദേശത്തു പാർക്കുന്ന നിന്റെ ജനം എന്നെ
അപമാനിച്ചിരുന്നില്ലെങ്കിൽ അവർക്കെ
തിരെ ഞാൻ കുന്തം ഉയർത്തുമായിരുന്നില്ല.
ഇത് എന്റെ കുറ്റമായിരുന്നില്ല; അവരുടേ
3 തായിരുന്നു. നീ അവരുടെ ഇടയിൽനിന്ന്
ഇങ്ങോട്ട് ഓടിവന്നത് എന്തുകൊണ്ടാ
ണെന്നു പറയൂ. ഇവിടെ വന്നതുകൊണ്ടു
നീ നിന്റെ ജീവൻ രക്ഷിച്ചിരിക്കുന്നു.
ധൈര്യമായിരിക്കൂ. ഈ രാത്രിയിലാകട്ടെ,
മേലാൽ ആകട്ടെ, നിനക്ക് യാതൊരപക
ടവും ഉണ്ടാകയില്ല. ആരും നിന്നെ ശല്യ
4 പ്പെടുത്തുകയില്ല. എന്റെ യജമാനനായ
നെബുഖദ്നേസറിന്റെ പ്രജകൾക്കു
ലഭിക്കുന്ന നല്ല പെരുമാറ്റം നിനക്കും അനു
ഭവിക്കാം.

5 യൂദിത്ത് അവനോട് ഉത്തരം പറഞ്ഞത്,
അവിടുത്തെ ഈ ദാസി പറയുന്നതു
കേൾക്കേണമെ. അടിയന് അങ്ങയോടു
പറയാനുള്ളതു ശ്രദ്ധിച്ചാലും! ഈ രാത്രി
അവിടുത്തെ ദാസി നൽകുന്ന വിവരങ്ങൾ
6 സത്യമാണ്. അങ്ങ് ഈ ദാസിയുടെ
വാക്കുകൾ കൈക്കൊള്ളുമെങ്കിൽ ദൈവം
അങ്ങയിൽ കൂടെ ചില വൻകാര്യങ്ങൾ
പ്രവർത്തിക്കും. എന്റെ യജമാനൻ അവി
ടുത്തെ ലക്ഷ്യം നിറവേറ്റാതിരിക്കുകയുമില്ല.
7 ഭൂതലമൊക്കെയുടെയും രാജാവായ
നെബുക്കദ്നേസറിന്റെ ജീവനാണ, സകല
സൃഷ്ടികൾക്കും ക്രമസമാധാനമുണ്ടാ
ക്കുവാൻ അങ്ങയെ അയച്ചിരിക്കുന്നവന്റെ
സജീവ ശക്തിയാണ അങ്ങയെപ്രതി
അദ്ദേഹത്തെ സേവിക്കുന്നതു മനുഷ്യൻ
മാത്രമല്ല; വന്യമൃഗങ്ങളും കന്നുകാലികളും
ആകാശത്തിലെ പറവകളും നെബുഖദ്
നേസറിന്റെയും അദ്ദേഹത്തിന്റെ ഭവനം
മുഴുവന്റെയും കീഴിൽ അങ്ങയുടെ
8 ശക്തിയാൽ ജീവിക്കും. അങ്ങ് എത്രമാത്രം
വിജ്ഞാനിയും സമർത്ഥനുമാണെന്നു
ഞങ്ങൾ കേട്ടിട്ടുണ്ട്. ജ്ഞാനത്താലും
വിസ്മയകരമായ യുദ്ധതന്ത്രജ്ഞതയാലും
സാമ്രാജ്യം മുഴുവനിലും അങ്ങ് അതുല്യനാ
ണെന്ന് ലോകം മുഴുവൻ അറിഞ്ഞിരിക്കു
9 ന്നു. അങ്ങയുടെ സദസ്സിൽ അഖിയോർ
നടത്തിയ പ്രസംഗത്തെക്കുറിച്ചും ഞങ്ങൾ
ക്കറിയാം. കാരണം, ബതൂലിയാക്കാർ
അവനെ രക്ഷിച്ചതുകൊണ്ട് അങ്ങയോടു
പറഞ്ഞതെല്ലാം അവൻ അവരോടു പറ
ഞ്ഞു. എന്റെ ഉടയവനും യജമാനനുമായു 10
ള്ളോവേ, അങ്ങ് അവന്റെ വാക്ക് അവ
ഗണിക്കരുത്. അവന്റെ വാക്കുകൾ
ഗൗരവമായി എടുക്കണം. അവൻ പറഞ്ഞ
തു സത്യമാണ്— ഞങ്ങളുടെ ദൈവത്തിന്
എതിരായി പാപം ചെയ്യുമ്പോൾ അല്ലാതെ,
ഞങ്ങളുടെ വർഗ്ഗത്തിന്മേൽ ഏതെങ്കിലും
ശിക്ഷ പതിക്കുകയോ, വാൾ ഞങ്ങളെ
കീഴ്പെടുത്തുകയോ ചെയ്യുകയില്ല.
ഇപ്പോഴോ, പ്രഭോ, അവർ മരണത്തിനു 11
വിധിക്കപ്പെട്ടിരിക്കയാൽ അങ്ങയെ തടസ്സ
പ്പെടുത്തുവാനോ, ചതിച്ചു തോല്പിക്കു
വാനോ കഴിയുകയില്ല. എന്തെന്നാൽ
ഇപ്പോൾ പാപം അവരെ കീഴ്പെടുത്തിയി
രിക്കുന്നു. അവർ തെറ്റു ചെയ്തു അവരുടെ
ദൈവത്തിന്റെ കോപം ജ്വലിപ്പിക്കുവാൻ
തുടങ്ങുകയാണ്. ഭക്ഷണം തീർന്നതുകൊ 12
ണ്ടും വെള്ളം ലഭിക്കാത്തതുകൊണ്ടും
അവർ തങ്ങളുടെ കന്നുകാലികളുടെ മേൽ
കൈവെക്കുവാൻ തീരുമാനിച്ചിരിക്കുന്നു.
തിന്നരുതെന്നു ദൈവം തന്റെ നിയമ
ങ്ങളാൽ വിലക്കിയിട്ടുള്ളവയൊക്കെയും
തിന്നുവാൻ അവർ ഉറച്ചിരിക്കുന്നു. ഞങ്ങ 13
ളുടെ ദൈവത്തിന്റെ സന്നിധിയിൽ
ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്മാർക്കായി
നീക്കിവെച്ചിരിക്കുന്നതും, ജനങ്ങളിൽ
ആർക്കും കൈകൊണ്ടു തൊടാൻപോലും
നിയമപ്രകാരം അനുവാദമില്ലാത്തതുമായ,
ധാന്യങ്ങളുടെ ആദ്യഫലവും വീഞ്ഞിന്റെ
യും എണ്ണയുടെയും ദശാംശവും ഭക്ഷിക്കു
വാൻ അവർ നിശ്ചയിച്ചിരിക്കുന്നു.
മൂപ്പന്മാരുടെ സംഘത്തിൽനിന്ന് അനുമതി
നേടാൻ അവർ യറൂശലേമിലേക്ക്
ആളുകളെ അയച്ചിരിക്കുന്നു. അവിടെയു 14
ള്ളവരും അതുതന്നെ ചെയ്തിരിക്കുന്നു.
അനുവാദം കിട്ടുകയും അവർ അതനുസ 15
രിച്ചു പ്രവർത്തിക്കുകയും ചെയ്യുന്ന ഉടൻ,
ആ ദിവസംതന്നെ, നശിപ്പിക്കപ്പെടേണ്ട
തിനായി അവർ അങ്ങയുടെ കയ്യിൽ
ഏല്പിക്കപ്പെടും.

അതുകൊണ്ട് പ്രഭോ, ഇതെല്ലാം 16
അറിഞ്ഞപ്പോൾ അങ്ങയുടെ ഈ ദാസി
അവരുടെ ഇടയിൽനിന്നും ഓടിപ്പോന്നു.
ലോകത്തിൽ എവിടെയും കേൾക്കുന്നവ
രെല്ലാം അമ്പരക്കുന്ന കാര്യങ്ങൾ അങ്ങ
യോടൊത്തു ചെയ്യുവാൻ ദൈവം എന്നെ
അയച്ചിരിക്കുന്നു. അങ്ങയുടെ ഈ ദാസി 17

തനിഷ്ഠയുള്ളവളും രാവും പകലും സ്വർഗ്ഗ
ത്തിലെ ദൈവത്തെ ആരാധിക്കുന്നവളു
ാകുന്നു. യജമാനനേ, ഞാൻ അങ്ങയോടു
ൂടെ പാർക്കട്ടെ. എല്ലാ രാത്രിയിലും ഞാൻ
ുറത്തു താഴ്‌വരയിൽ പോയി ദൈവ
ത്താടു പ്രാർത്ഥിക്കാം. അവർ പാപം
ചയ്യുമ്പോൾ അവൻ അത് എന്നോടു
റയും. ഞാൻ മടങ്ങിവന്ന് അങ്ങയെ വിവരം
റിയിക്കാം. ഉടനെ അങ്ങു സർവ്വ സൈന്യ
മായി പുറപ്പെടണം. അവരിൽ ആരും
ങ്ങയോടു ചെറുത്തു നിൽക്കുകയില്ല.
ൂശലേമിൽ എത്തുന്നതുവരെ യൂദ
യിൽ കൂടി ഞാൻ അങ്ങേയ്ക്കു വഴി
ണിക്കാം. നഗരത്തിന്റെ നടുവിൽ ഞാൻ
അയുടെ സിംഹാസനം സ്ഥാപിക്കും.
യൻ നഷ്ടപ്പെട്ട ആടുകളെപ്പോലെ
ർ അങ്ങയുടെ പുറകേ വരും. അങ്ങ
ട നേരേ ഒരു നായപോലും മുറുമുറു
കയില്ല. ഇതേക്കുറിച്ച് എനിക്കു മുന്ന
ു കിട്ടിയിരിക്കുന്നു. ഇത് എനിക്കു
ിപ്പെടുത്തപ്പെട്ടതാണ്. ഇത് അങ്ങയെ
യിക്കുവാൻ ഞാൻ അയയ്ക്കപ്പെട്ടി
ുന്നു.
യൂദിത്തിന്റെ വാക്കുകൾ എൽഫർണ
ും അവന്റെ അനുചരന്മാർക്കും
ടപ്പെട്ടു. അവളുടെ വിജ്ഞാനത്തിൽ
ർ വിസ്മയിച്ചു. മുഖകാന്തിയിലോ
ാലതയിലോ അവളോടു സദൃശയായ
സ്ത്രീ ഈ ഭൂമിയുടെ ഒരറ്റംമുതൽ മറ്റേ
വരെ കാണപ്പെടുകയില്ല എന്ന് അവർ
ന്തു. എൽഫർണസ് അവളോടു
തു: ഞങ്ങളുടെ കൈകൾക്കു ശക്തി
ന്നും എന്റെ യജമാനനെ നിന്ദിച്ച
ു നാശം വരുത്താനും നിന്റെ
ിന്റെ ഇടയിൽനിന്നു ദൈവം നിന്നെ
ുതു നന്നായി. നീ കാഴ്ചയ്ക്കു
ി മാത്രമല്ല ജ്ഞാനവചസ്സുമാണ്. നീ
തുപോലെതന്നെ പ്രവർത്തിക്കുമെ
നിന്റെ ദൈവം എന്റെയും ദൈവ
തീരും; നീ നെബുഖദ്നേസർ
ിന്റെ കൊട്ടാരത്തിൽ വസിക്കും; നീ
മുഴുവനിലും പ്രശസ്തയായിത്തീരു
ചയ്യും.

അദ്ധ്യായം 12

ന്റെ കൂടാരത്തിൽ അവന്റെ
മേശ ഒരുക്കിയിരുന്നിടത്തു അവളെ
വരുവാൻ എൽഫർണസ് കല്പി
ന്റെ സ്വന്തഭക്ഷണത്തിൽനിന്നും
ൽ നിന്നും അവൾക്കു ഭക്ഷണം
വിളമ്പുവാൻ അവൻ കല്പന നൽകി.
അപ്പോൾ യൂദിത്ത് പറഞ്ഞു: ഞങ്ങളുടെ 2
ന്യായപ്രമാണം ലംഘിക്കാതിരിക്കേണ്ട
തിനു ഇതിലൊന്നും എനിക്കു ഭക്ഷിച്ചു
കൂടാ. ഞാൻ കൊണ്ടുവന്നിട്ടുള്ളത് എന്റെ
ആവശ്യത്തിനു മതിയാകും. എൽഫർണസ് 3
അവളോട് പറഞ്ഞത്: നിന്റെ പക്കലുള്ള
തെല്ലാം നീ ഉപയോഗിച്ചുതീർന്നാൽ അതേ
തരത്തിലുള്ളതു ഞങ്ങൾ എവിടെനിന്നു
നിനക്കു കൊണ്ടുവന്നു തരും? നിന്റെ
ജനത്തിൽ പെട്ട ആരും ഇവിടെ ഞങ്ങളോടു
കൂടെ ഇല്ലല്ലോ. യൂദിത്ത് മറുപടി പറഞ്ഞു: 4
യജമാനനേ, നിന്റെ ജീവനാണ, താൻ
ഉദ്ദേശിച്ചിരിക്കുന്ന കാര്യം എന്റെ കൈക
ളാൽ നിറവേറ്റുന്നതുവരെ ഞാൻ എന്റെ
കൂടെ കൊണ്ടുവന്നിരിക്കുന്നവ കർത്താവു
തീർക്കുകയില്ല.

എൽഫർണസിന്റെ പരിചാരകർ 5
അവളെ കൂടാരത്തിനുള്ളിലേക്കു കൂട്ടി
ക്കൊണ്ടുപോയി. അർദ്ധരാത്രിവരെ അവൾ
ഉറങ്ങി. പ്രഭാതയാമത്തിന് അല്പം മുമ്പ് 6
അവൾ എഴുന്നേറ്റ് എൽഫർണസിന്റെ
അടുക്കൽ ഇങ്ങനെ പറഞ്ഞയച്ചു. നാഥാ,
പുറത്തുപോയി പ്രാർത്ഥിക്കുവാൻ എന്നെ
അനുവദിച്ചു കല്പന കൊടുക്കണമേ.
അവർ കടന്നുപോകുന്നതനുവദിക്കുവാൻ 7
എൽഫർണസ് തന്റെ അംഗരക്ഷകരോട്
ആജ്ഞാപിച്ചു. മൂന്നു ദിവസം അവൾ
പാളയത്തിൽ താമസിച്ചു; ഓരോ രാത്രി
യിലും അവൾ ബെതൂലിയായിലെ
താഴ്‌വരയിൽ പോയി അരുവിയിൽ കുളി
ച്ചിരുന്നു. അരുവിയിൽനിന്നു കയറിവരു 8
മ്പോൾ, തന്റെ ജനത്തെ രക്ഷിക്കുവാനുള്ള
അവളുടെ ഉദ്യമം സാദ്ധ്യമാക്കിത്തീർക്കാൻ
അവൾ ഇസ്രായേലിന്റെ ദൈവമായ
കർത്താവിനോടു പ്രാർത്ഥിച്ചുവന്നു.
പിന്നീട് അവൾ ശുദ്ധയായി താവളത്തി 9
ലേക്കു മടങ്ങിവരും; സന്ധ്യയ്ക്കു തന്റെ
ഭക്ഷണം കഴിക്കുംവരെ കൂടാരത്തിൽതന്നെ
കഴിഞ്ഞുകൂടും.

നാലാം ദിവസം എൽഫർണസ് സൈനി 10
കോദ്യോഗസ്ഥന്മാരെ ആരെയും ക്ഷണി
ക്കാതെ തന്റെ സ്വന്ത ദാസന്മാർക്കു മാത്ര
മായി ഒരു സദ്യ ഒരുക്കി. തന്റെ വ്യക്തി 11
പരമായ സകല കാര്യങ്ങളുടെ ചുമതല
വഹിച്ചിരുന്ന ബഗോവസ് എന്ന ഷണ്ഡ
നോട് അവൻ പറഞ്ഞു: നീ ചെന്ന് നിന്റെ
സംരക്ഷണയിലുള്ള ആ എബ്രായ
സ്ത്രീയെ നമ്മോടുകൂടെ തിന്നുകുടി
ക്കുവാൻ പ്രേരിപ്പിക്കുക. ഇത്തരം ഒരു 12

സ്ത്രീയുടെ സഹവാസം നാം ആസ്വദിക്കാ
തിരിക്കുന്നതു നാണക്കേടാണ്. നാം
അവളെ ആലിംഗനം ചെയ്യാതിരുന്നാൽ
13 അവൾ നമ്മെ പുച്ഛരിക്കും. എൽഫർണ
സിൻെറ സന്നിധിയിൽ നിന്നു ബഗോവസ്
യൂദിത്തിൻെറ അടുത്തു ചെന്നു പറഞ്ഞു:
സുന്ദരിയായ സ്ത്രീയേ, നീ നാണിച്ചിരി
ക്കാതെ, നീ എൻെറ യജമാനൻെറ അടുത്തു
ചെന്ന്, അവൻെറ സഹവാസത്തിൻെറ
ബഹുമാനം സ്വയം നേടുക. ഞങ്ങളോടു
കൂടെ വീഞ്ഞു കുടിച്ച് ഉല്ലസിക്കുക.
നെബുഖദ്നേസറിൻെറ കൊട്ടാരത്തിൽ
പരിചരിക്കുന്ന അസ്സീറിയൻ വനിതകളിൽ
14 ഒരുവളെപ്പോലെ നീയും ആകുക. യൂദിത്ത്
പറഞ്ഞു: എൻെറ യജമാനനെ നിരസിക്കു
വാൻ ഞാൻ ആരാണ്? അവന് ആഗ്ര
ഹമുള്ളതെല്ലാം ചെയ്യുവാൻ ഞാൻ
ഉത്സുകയാണ്. അത് എൻെറ മരണദിവസം
വരെയും എനിക്ക് പ്രശംസിക്കാനുള്ള
15 കാര്യമായിരിക്കും. അവൾ വസ്ത്രം ധരി
ക്കാൻ തുടങ്ങി. അവൾ തൻെറ മോഹനീ
യമായ ആടയാഭരണങ്ങൾ എല്ലാം അണി
ഞ്ഞു. അവളുടെ ദാസി അവൾക്കു മുമ്പെ
ചെന്നു അവളുടെ അനുദിന ഉപ
യോഗത്തിനായി ബഗോവസ് കൊടുത്തി
രുന്ന ആട്ടുരോമവസ്ത്രം എൽഫർണ
സിൻെറ മുമ്പിൽ തറയിൽ വിരിച്ചു; അത്,
യൂദിത്തിനു ചാരിക്കിടന്നു ഭക്ഷണം കഴി
16 ക്കാൻ ആയിരുന്നു. യൂദിത്ത് അടുത്തുവന്നു
അവളുടെ സ്ഥാനത്ത് ഇരുന്നപ്പോൾ
എൽഫർണസിൻെറ മനസ്സ് അവളുടെ
നേരെയുള്ള കാമം കൊണ്ടു ജ്വലിച്ചു.
അവളെ സ്വായത്തമാക്കാനുള്ള ഉൽക്ക
ടമായ അഭിനിവേശത്താൽ അവൻ നിറ
ഞ്ഞു. യഥാർത്ഥത്തിൽ, അവളെ ആദ്യമായി
കണ്ട ദിവസം മുതൽ അവൻ അവളെ വശീ
കരിക്കുന്നതിനു വേണ്ടി തക്കം പാർത്തിരി
17 ക്കുകയായിരുന്നു. അതുകൊണ്ട് അവൻ
അവളോടു പറഞ്ഞു. ഞങ്ങളോടു കൂടെ
18 വീഞ്ഞുകുടിച്ച് ആനന്ദിക്കുക. യൂദിത്ത്
പറഞ്ഞു: എൻെറ നാഥാ, ഞാൻ അങ്ങനെ
തന്നെ ചെയ്യാം. എൻെറ ആയുസ്സു മുഴുവ
നിലെ ഏറ്റം വലിയ ദിവസം ഇന്നാണല്ലോ.
19 പിന്നീട് അവൾ അവൻെറ മുമ്പാകെ തിന്നു
കുടിച്ചു; എന്നാൽ അവളുടെ പരിചാരിക
ഒരുക്കിയിരുന്ന ഭക്ഷണമാണ് അവൾ
20 കഴിച്ചത്. അവളിൽ സംപ്രീതനായ എൽ
ഫർണസ് തൻെറ ജീവിതകാലത്തു മറ്റേതെ
ങ്കിലും ദിവസം കുടിച്ചിട്ടുള്ളതിനേക്കാൾ
വളരെയേറെ വീഞ്ഞു കുടിച്ചു.

അദ്ധ്യായം 13

നേരം വൈകിയപ്പോൾ എൽഫർണസിൻെറ ദാസന്മാർ വേഗം പിൻവാങ്ങി. തൻെറ യജമാനൻെറ സന്നിധിയിൽനിന്നു പരിചാരകരെയെല്ലാം പുറത്താക്കിയിട്ട് ബഗോവസ് പുറത്തുനിന്നും കൂടാരം അടച്ചു. അവൻ ഉറങ്ങാൻ പോയി. വിരുന്ന് ഏറെ നീണ്ടു നിന്നതിനാൽ അവരെല്ലാം ക്ഷീണിച്ചു തളർന്നിരുന്നു. കുടിച്ചു ബോധംകെട്ടു കിടക്കയിൽ നീണ്ടുനിവർന്നു കിടക്കുന്ന എൽഫർണസും യൂദിത്തും മാത്രം കൂടാരത്തിൽ ശേഷിച്ചു.

എല്ലാ ദിവസവും ചെയ്തുവന്നതുപോലെ പുറത്തേക്കു പോകുന്നതിനായി, താൻ ഉറക്കറയിൽനിന്നു പുറത്തു വരുന്നതുവരെ അവളുടെ യജമാനത്തിക്കുവേണ്ടി കാത്തിരിക്കുവാൻ യൂദിത്ത് തൻെറ ദാസിയോടു പറഞ്ഞിരുന്നു; പ്രാർത്ഥിക്കാൻ പുറത്തേക്കു പോകണമെന്ന് അവൾ പറഞ്ഞിരുന്നു. ബഗോവസിനോടും അവൾ അങ്ങനെ തന്നെ പറഞ്ഞിട്ടുണ്ടായിരുന്നു. ചെറിയവരും വലിയവരുമായ എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ എൽഫർണസിൻെറ കിടക്കയുടെ അരികിൽ നിന്നുകൊണ്ട് അവൾ മനസ്സിൽ പ്രാർത്ഥിച്ചത്: സർവ്വശക്തിയുടെയും ദൈവമായ കർത്താവേ, യറൂശലേമിൻെറ മഹത്വത്തിനായി ഞാൻ ഇപ്പോൾ ചെയ്യാൻ പോകുന്ന കാര്യത്തിൽ കരുണയോടെ തൃക്കൺ പാർക്കേണമേ. എന്തെന്നാൽ, അങ്ങയുടെ അവകാശത്തെ സഹായിപ്പാനുള്ള സമയം ഇതാകുന്നു. ഞങ്ങൾക്കെതിരെ തല ഉയർത്തിയിരിക്കുന്ന ശത്രുക്കളെ തകർക്കുന്നതിനുള്ള എൻെറ ശ്രമം വിജയിപ്പിക്കണമെ. അവൾ എൽഫർണസിൻെറ അടുക്കലേക്കു നീങ്ങി, അയാളുടെ തലയ്ക്കു മുകളിൽ കിടക്കയുടെ അഴിയിൽ തൂക്കിയിട്ടിരുന്ന വാൾ എടുത്തു. അവൾ അവൻെറ തലമുടി ചുറ്റിപ്പിടിച്ചു; ഇസ്രായേലിൻെറ ദൈവമായ കർത്താവേ, എനിക്ക് ഇപ്പോൾ ശക്തി നൽകണമേ, എന്നു പ്രാർത്ഥിച്ചു. അവൾ തൻെറ സർവ്വശക്തിയോടും കൂടെ അവൻെറ കഴുത്തിൽ രണ്ടു പ്രാവശ്യം വെട്ടി തല ഉടലിൽ നിന്നു വേർപെടുത്തി. അവൾ അവൻെറ ശരീരം കിടക്കയിൽനിന്ന് ഉരുട്ടിമാറ്റി; തൂണുകളിൽനിന്നു മേൽക്കെട്ടി വലിച്ചെടുത്തു. ഒരു നിമിഷം കഴിഞ്ഞ് അവൾ പുറത്തു വന്ന് എൽഫർണസിൻെറ തല തൻെറ ദാസിയെ ഏല്പിച്ചു. അവൾ

അതു ഭക്ഷണസഞ്ചിയിലാക്കി. പതിവായി
പാർത്ഥിപ്പാൻ പോയിരുന്നതുപോലെ
അവർ രണ്ടുപേരും ഒരുമിച്ചു പുറത്തേക്കു
പായി. അവർ പാളയം കടന്ന്, താഴ്വര
ചുറ്റി, പർവ്വതം കയറി ബെതൂലിയായുടെ
വാടത്തിങ്കൽ എത്തി. കുറെ ദൂരത്തു
ച്ചുതന്നെ യൂദിത്ത് വാതിൽകാവൽ
ാരെ വിളിച്ച് പറഞ്ഞു: തുറക്കൂ, വാതിൽ
ുറക്കൂ. ദൈവം, നമ്മുടെ ദൈവം, ഇസ്രാ
യലിൽ തൻെറ ശക്തിയും നമ്മുടെ ശത്രു
ളുടെ മേൽ തൻെറ വീര്യവും കാണിച്ചു
ാണ്ട് ഇപ്പോഴും നമ്മോടു കൂടെയുണ്ട്
ന്ന് ഇന്ന് അവൻ കാണിച്ചു തന്നിരി
ുന്നു. അവളുടെ ശബ്ദം കേട്ടപ്പോൾ
ട്ടണവാസികൾ പട്ടണവാതിൽക്കൽ
ടിക്കൂടി. അവർ നഗരത്തിലെ മൂപ്പന്മാരെ
ളിച്ചു കൂട്ടി. വലിയവരും ചെറിയവരുമായ
ല്ലാവരും, യൂദിത്ത് മടങ്ങിയെത്തി എന്നു
ശ്വസിക്കുവാൻ ആകാതെ ഓടിക്കൂടി.
വർ വാതിൽ തുറന്നു രണ്ടു സ്ത്രീക
യും അകത്തു കടത്തി. വെളിച്ചം കിട്ടേ
തിനു തീ കൂട്ടി അവരുടെ ചുറ്റും നിന്നു.
പ്പോൾ യൂദിത്ത് അവരോട് അട്ടഹസിച്ചു
ഞ്ഞത്: ദൈവത്തെ സ്തുതിപ്പിൻ;
നു സ്തോത്രം ചെയ്യുവിൻ. ഇസ്രായേ
ിനിന്നു തൻെറ കരുണ എടുത്തുകള
ത, ഈ രാത്രിയിൽ എൻെറ കൈക
നമ്മുടെ ശത്രുക്കളെ തകർത്തുകള
ദൈവത്തിനു സ്ത്രോത്രം ചെയ്‌വിൻ.
സഞ്ചിയിൽനിന്ന് തല എടുത്തു
നിച്ചുകൊണ്ട് അവൾ അവരോടു
ഞ്ഞു: അസ്സീറിയൻ സേനയുടെ സർവ്വ
ന്യാധിപൻെറ തല ഇതാ. ഇതാ ആ
ക്കെട്ടി; അവൻ ലഹരിച്ചു കിടന്നത്
ൻെറ കീഴിലാണ്. സ്ത്രീയുടെ കയ്യാൽ
ാവ് അവനെ തകർത്തു. ഞാൻ പോ
ിയിൽ എന്നെ പരിപാലിച്ച കർത്താ
, എൻെറ മുഖം അവനെ വശീകരിച്ചു;
ലും, ലജ്ജാകരമായ അശുദ്ധിയാൽ
ാടുകൂടെ അവൻ പാപം ചെയ്തിട്ടില്ല.
നമെല്ലാം അത്യന്തം അത്ഭുതപ്പെട്ടു.
കർത്താവിനെ വീണു വന്ദിച്ച് ഏക
ിൽ പറഞ്ഞത്, ഇന്ന് തൻെറ
ിൻെറ ശത്രുക്കളെ തകർത്ത നമ്മുടെ
ായ കർത്താവു വാഴ്ത്തപ്പെട്ടവൻ.
ാ അവളോടു പറഞ്ഞത്: എൻെറ
ഭൂമിയിലുള്ള സകല സ്ത്രീക
കാൾ നീ ദൈവത്താൽ അനുഗ്ര
പ്പെട്ടവൾ. ആകാശവും ഭൂമിയും
ക്കുകയും, നമ്മുടെ ശത്രുക്കളുടെ

തലവൻെറ തലയെടുക്കുവാൻ നിന്നെ
നയിക്കുകയും ചെയ്ത കർത്താവു വാഴ്ത്ത
പ്പെട്ടവൻ. ദൈവത്തിൻെറ ശക്തിയെ 19
അനുസ്മരിക്കുന്ന സകല മനുഷ്യരുടെ
ഹൃദയങ്ങളിൽനിന്ന് നിൻെറ പ്രശംസ
ഒരിക്കലും മാറിപ്പോകയില്ല. അത്
എന്നേക്കും നിനക്ക് ഉണ്ടായിരിപ്പാൻ ദൈവം
ഇടയാക്കട്ടെ. നമ്മുടെ ജനത്തിൻെറ താഴ്ച 20
നിമിത്തം, നീ നിൻെറ പ്രാണനെ കരുതാതെ,
നമ്മുടെ വീഴ്ചയെ പ്രതി നീ പുറപ്പെട്ട്,
ദൈവമുമ്പാകെ നേരായ പാതയിൽ
മുന്നേറിയതിനു പകരമായി ദൈവം നിനക്കു
നന്മ ചെയ്യട്ടെ. ആമീൻ, ആമീൻ എന്നു
ജനമെല്ലാം പറഞ്ഞു.

അദ്ധ്യായം 14

യൂദിത്ത് അവരോടു പറഞ്ഞു: എൻെറ 1
സഹോദരന്മാരേ, എന്നെ കേൾപ്പിൻ. ഈ
തല എടുത്ത് നിങ്ങളുടെ കോട്ടയുടെ
ഗോപുരത്തിൽ തൂക്കിയിടുവിൻ. പ്രഭാതം 2
പ്രകാശിക്കുകയും ഭൂമിമേൽ സൂര്യോദയ
മാകുകയും ചെയ്യുമ്പോൾ നിങ്ങൾ ഓരോരു
ത്തനും യുദ്ധായുധം എടുക്കണം. കായിക
ശേഷിയുള്ളവരെല്ലാം പട്ടണത്തിൽനിന്നു
പുറപ്പെടണം. നിങ്ങൾക്ക് ഒരു നേതാവിനെ
നിയമിക്കണം. അസ്സീറിയക്കാരുടെ ഒന്നാം
കാവൽപട്ടാളത്തെ നേരിടാൻ എന്നപോലെ
നിങ്ങൾ പുറപ്പെടണം. എന്നാൽ താഴോ
ട്ടിറങ്ങരുത്. അപ്പോൾ അവൻ തങ്ങളുടെ 3
ആയുധങ്ങളുമെടുത്ത്, തങ്ങളുടെ സേനാ
നായകന്മാരെ ഉണർത്താൻ അവരുടെ
കൂടാരങ്ങളിലേക്കു പോകും. അവർ
തങ്ങളുടെ സർവ്വസൈന്യാധിപൻെറ കൂടാര
ത്തിലേക്ക് ഓടും; എന്നാൽ അവനെ
കണ്ടെത്തുകയില്ല. അപ്പോൾ അവരുടെ
മേൽ ഭീതി പതിക്കും. അവർ നിങ്ങളുടെ
മുമ്പിൽ നിന്നു പലായനംചെയ്യും. അപ്പോൾ 4
നിങ്ങളുടെ ഇസ്രായേലിൻെറ അതിരിൽ
പാർക്കുന്ന എല്ലാവരും അവരെ പിന്തുടർന്ന്
അവരുടെ വഴികളിൽ അവരെ അരിഞ്ഞു
വീഴ്ത്തണം. എന്നാൽ ആദ്യം നിങ്ങൾ 5
ചെയ്യേണ്ടത് എന്തെന്നാൽ, അമ്മോന്യനായ
അഖിയോറിനെ എൻെറ അടുക്കൽ
വിളിച്ചുവരുത്തുക; ഇസ്രായേൽ ഗൃഹത്തെ
നിന്ദിക്കുകയും, മരണത്തിലേക്ക് എന്ന
വണ്ണം അയാളെ നമ്മുടെ പക്കലേക്ക് അയ
യ്ക്കുകയും ചെയ്തവനെ അയാൾ കണ്ട്
തിരിച്ചറിയട്ടെ.
അവർ അഖിയോറിനെ ഉസ്സിയായുടെ 6
വീട്ടിൽനിന്നു വിളിച്ചുവരുത്തി. സർവ്വസൈ

ന്യാധിപൻെറ തല ജനക്കൂട്ടത്തിൽ ഒരു
മനുഷ്യൻെറ കയ്യിൽ ഇരിക്കുന്നതു കണ്ട
പ്പോൾ അയാൾ മയങ്ങി താഴെ വീണു.
7 അവർ അയാളെ പിടിച്ചെഴുന്നേൽപ്പിച്ച
പ്പോൾ അയാൾ യൂദിത്തിൻെറ കാൽക്കൽ
വീണ് അവളെ വന്ദിച്ചുകൊണ്ടു പറഞ്ഞു:
സകല ജനങ്ങളും നിന്നെ വാഴ്ത്തും. നിൻെറ
8 കേൾവി കേട്ട് അവർ ഭയപ്പെടും. ആകയാൽ
ഈ ദിവസങ്ങളിൽ നീ ചെയ്ത കാര്യങ്ങ
ളെല്ലാം എന്നെ പറഞ്ഞു കേൾപ്പിക്കേണമേ.
അങ്ങനെ അവൾ പുറപ്പെട്ട ദിവസം മുതൽ
അവരോടു സംസാരിച്ച ആ ദിവസംവരെ
അവൾ ചെയ്ത കാര്യങ്ങളെല്ലാം അവൾ
9 വിവരിച്ചു. അവൾ സംസാരിച്ചു തീർന്ന
പ്പോൾ ജനമെല്ലാം ഉച്ചത്തിൽ ആർത്തു
വിളിച്ചു. അവരുടെ ഹർഷാരവം അവരുടെ
10 പട്ടണത്തിലെല്ലാം കേട്ടു. ഇസ്രായേലിൻെറ
ദൈവം ചെയ്തവയെല്ലാം അഖിയോർ
ഗ്രഹിച്ചപ്പോൾ അയാൾ ദൈവത്തിൽ
വിശ്വസിച്ചു. പരിച്ഛേദനയേറ്റ് ഇസ്രാ
യേൽ ഗൃഹത്തോടു ചേർന്ന്, ഇന്നയോളം
തുടരുന്നു.
11 പ്രഭാതമായപ്പോൾ സർവ്വസൈന്യാധി
പൻെറ തല കോട്ടയിൽ തൂക്കിയിട്ട് അവർ
തങ്ങളുടെ യുദ്ധായുധങ്ങളുമെടുത്തു
മലയുടെ ചരിവിലേക്കു യാത്ര തിരിച്ചു.
12 അസ്സീറിയക്കാർ ഇതു കണ്ടപ്പോൾ തങ്ങ
ളുടെ തലവന്മാരുടെയും സഹസ്രാധിപ
ന്മാരുടെയും അധികാരസ്ഥരുടെയും അടു
13 ക്കലേക്ക് ആളയച്ചു. അവർ സർവ്വ
സൈന്യാധിപൻെറ കുടാരത്തിങ്കൽ എത്തി,
അവൻെറ സകല കാര്യങ്ങളുടെയും മേൽ
വിചാരകനായ ബഗോവസിനോടു പറ
ഞ്ഞു: നമ്മുടെ യജമാനനെ ഉണർത്തുക.
എന്തെന്നാൽ, ആ മനുഷ്യർ നമ്മെ
ആക്രമിക്കുവാൻ തുനിഞ്ഞിരിക്കുന്നു; അത്
അവരുടെ നിത്യനാശത്തിനായി തീരട്ടെ.
14 ബഗോവസ് ചെന്ന് അവൻ യൂദിത്തിനോ
ടൊത്തു ഉറങ്ങുകയാണെന്ന് അവൻ
വിചാരിച്ചിരുന്നതുകൊണ്ട്, കുടാരവാതി
15 ലിൽ മുട്ടി. ഒരു മറുപടിയും ഉണ്ടാകാ
തെയിരുന്നപ്പോൾ അയാൾ വാതിൽ തുറന്ന്
ഉൾകുടാരത്തിൽ പ്രവേശിച്ചു; സർവ്വ
സൈന്യാധിപൻ നഗ്നനായി കിടക്കുന്നതും
അവൻെറ തല എടുക്കപ്പെട്ടിരിക്കുന്നതും
16 കണ്ടു വാവിട്ടു കരഞ്ഞു. അവൻ വിലാ
പത്തോടും ഉച്ചത്തിലുള്ള നിലവിളിയോടും
കൂടെ തൻെറ വസ്ത്രം വലിച്ചുകീറി.
17 യൂദിത്ത് പാർത്തിരുന്ന കൂടാരത്തിൽ
അവൻ കടന്നു; അവളെ അവിടെ കണ്ടെത്തി
യില്ല. അവൻ പുറത്ത് സ്വജനത്തിൻെറ
അടുക്കൽ വന്നു പറഞ്ഞു: ആ അടിമകൾ
തങ്ങളുടെ യജമാനന്മാരെ വഞ്ചിച്ചു.
എബ്രായ ഗൃഹത്തിലെ ഒരു പെണ്ണ് നെബു
ഖദ്നേസറിൻെറ ഭവനത്തിനു നാണക്കേടു
വരുത്തിയിരിക്കുന്നു. എന്തെന്നാൽ സർവ്വ
സൈന്യാധിപൻ ഇതാ, നിലത്തു കിടക്കു
ന്നു; അവൻെറ തല എടുത്തുകളഞ്ഞു. ഈ
വാക്കുകൾ കേട്ടപ്പോൾ അസ്സീറിയായുടെ
സേനാധിപന്മാർ തങ്ങളുടെ വസ്ത്രം കീറി,
പാളയത്തിനുള്ളിൽ അവരുടെ അലമുറ
ഉയർന്നു.

അദ്ധ്യായം 15

കൂടാരങ്ങളിൽ ഉണ്ടായിരുന്നവർ ഈ
വാർത്ത കേട്ടപ്പോൾ, സംഭവിച്ച കാര്യങ്ങ
ളെക്കുറിച്ചു വിസ്മയിച്ചു. അവർക്കു
പരിഭ്രാന്തിയും വിറയലുമുണ്ടായി. ഒരുവനും
മറ്റൊരുവൻെറ അരികെ നിൽക്കാതെ
താഴ്വരയിലും മലകളിലുമുള്ള എല്ലാ
വഴികളിൽ കൂടെയും പലായനം ചെയ്തു.
മലകളിലും ചുറ്റുപാടും താവളമടിച്ചിരുന്ന
വരും ഓട്ടംപിടിച്ച. ഇസ്രായേൽ മക്കളിൽ
യുദ്ധപ്രാപ്തരായവരെല്ലാം അവരെ അനു
ധാവനം ചെയ്തു വെട്ടിവീഴ്ത്തി. സംഭവ
ങ്ങളെല്ലാം അറിയിക്കുവാനും അവർ പുറ
പ്പെട്ടു ചെന്ന് ശത്രുക്കളെ ഉന്മൂലനം
ചെയ്യുവാനുമായി, ഇസ്രായേലിൻെറ
അതിരിനകത്തെല്ലാം ഉസ്സിയാ ആളയച്ചു.
ഇതു കേട്ടപ്പോൾ ഇസ്രായേൽ മക്കളെല്ലാം
ഒന്നിച്ച് അവരെ ആക്രമിച്ച് ഹൂർബാവ
രെയും അവരെ കൊന്നുകൊണ്ടിരുന്നു.
തങ്ങളുടെ ശത്രുക്കളുടെ പാളയത്തിൽ
ചെയ്യപ്പെട്ടവയെക്കുറിച്ച് അറിഞ്ഞ് യറു
ശലേം പുത്രന്മാരും അവരുടെ എല്ലാ പട്ടണ
ങ്ങളിൽനിന്നും വന്നു. ഗിലയാദിലും ഗലിലാ
യിലും ഉള്ളവരും ദമസ്കോസിൻെറ
അതിരുകൾവരെ കഠിനമായ ദണ്ഡന
ത്താൽ അവരെ തോല്പിച്ചു. ബെതൂലിയാ
നിവാസികളിൽ ബാക്കിയുള്ളവർ അസ്സീ
റിയരുടെ പാളയത്തിന്മേൽ വീണു കൊള്ള
നടത്തി വലിയ സമ്പന്നന്മാരായി, യുദ്ധ
ത്തിൽനിന്നു മടങ്ങിവന്ന ഇസ്രായേൽ മ
ക്കൾ താഴ്വരകളിലും മലകളിലും ശേഷിച്ചി
രുന്ന പട്ടണങ്ങൾ കീഴ്പെടുത്തി വളരെയേ
റെ കൊള്ളമുതൽ കൈവശപ്പെടുത്തി. മഹാ
പുരോഹിതനായ യുയാക്കീമും യറുശലേ
മിൽ വസിച്ചിരുന്ന ഇസ്രായേൽ മൂപ്പന്മാരും
യൂദിത്തിന് സമാധാനം ആശംസിക്കുവാൻ
വന്നു. അവൾ അവരുടെ അടുക്കൽ പുറത്തു

വന്നപ്പോൾ അവർ അവൾക്കു ചുറ്റും കൂടി,
ഏകസ്വരത്തിൽ പറഞ്ഞു: യറൂശലേ
മിൻെറ മഹത്വം നീയാകുന്നു; ഇസ്രായേ
ലിൻെറ പ്രശംസയും നമ്മുടെ ജനത്തിൻെറ
അഭിമാനഭാജനവുംതന്നെ; എന്തെന്നാൽ
നിൻെറ കൈകളാൽ നീ ഇവയെല്ലാം
പ്രവർത്തിച്ചു ഇസ്രയേലിനു നന്മ ചെയ്തു.
അവയിൽ കർത്താവ് സംപ്രീതനായിരി
ക്കുന്നു. എന്നുമെന്നേക്കും നീ കർത്താവിന്
വാഴ്ത്തപ്പെട്ടവളായിരിക്കട്ടെ. ജനമെല്ലാം
ആമീൻ ആമീൻ എന്നു പറഞ്ഞു.
മൂന്നു ദിവസം ജനം അസ്സീറിയാക്കാ
രുടെ പാളയം കൊള്ളയിട്ടുകൊണ്ടിരുന്നു.
സർവ്വസൈന്യാധിപൻെറ കൂടാരവും കൂടാ
രത്തിലെ സകല ഉപകരണങ്ങളും അവൻെറ
കിടക്കയും അവൻെറ വാഹനമൃഗവും
അവൻെറ എല്ലാ പാത്രങ്ങളും അവർ
യൂദിത്തിനു കൊടുത്തു. അവൾ അവ
സ്വീകരിച്ച് അവളുടെ കോവർകഴുതകളി
ന്മേലും വാഹനങ്ങളിലും വെച്ചു. ഇസ്രാ
യേൽക്കാരുടെ സ്ത്രീകളെല്ലാം അവളുടെ
പക്കൽ ഓടിക്കൂടി അവളെ ചുറ്റിപ്പൊ
തിഞ്ഞു; അവർ തങ്ങളിൽനിന്നു പാട്ടു
കാരികളെ തെരഞ്ഞെടുത്തു. അവൾ
തൻെറ കൈകളിൽ മരച്ചില്ലകൾ എടുക്കു
കയും തന്നോടു കൂടെയുള്ള സ്ത്രീകൾക്കു
കൊടുക്കുകയും ചെയ്തു. അവൾ തൻെറ
തലയിലും തൻെറ സഖിമാരുടെ തലക
ളിലും സൈന്യത്തിൻെറ കിരീടങ്ങൾ വെച്ചു.
ഇസ്രായേലിൻെറ സകല പ്രഭുക്കന്മാരും
സഖിമാരും വന്നു. അവരോടു കൂടെ ഇസ്രാ
യേൽ പുത്രന്മാരെല്ലാം ആയുധധാരികളായി
തലയിൽ കിരീടങ്ങളും വായിൽ സ്തുതി
ഗീതവുമായി വന്നിരുന്നു.

അദ്ധ്യായം 16

ഇസ്രായേലിൻെറ സ്തോത്രഗീതത്തിന്
യൂദിത്ത് പ്രതിഗാനം ചൊല്ലിക്കൊണ്ടിരുന്നു.
ജനമെല്ലാം കർത്താവിൻെറ സ്തുതിഗീതം
ചൊല്ലി. യൂദിത്ത് സ്തോത്രഗീതം ചൊല്ലി
ത്: തംബുരുകൊണ്ടും ദൈവത്തെ
സ്തുതിപ്പിൻ. തപ്പുകളാൽ അവനു പാടു
വിൻ. നവീന സങ്കീർത്തനത്താൽ അവനെ
സ്തുതിപ്പിൻ. അവനെ പുകഴ്ത്തി അവൻെറ
നാമം വിളിച്ചപേക്ഷിപ്പിൻ. യുദ്ധങ്ങളെ
തകർപ്പിക്കുന്ന ദൈവം നീയാകുന്നു. കർത്താ
വേ നിൻെറ ജനത്തിൻെറ ഇടയിൽ
നിൻെറ കൂടാരം വച്ചിരിക്കുന്നു; അവരെ
ഞെരുക്കുന്നവരുടെ കൈകളിൽനിന്ന്
അവരെ രക്ഷിക്കേണ്ടതിനുതന്നെ. ഉത്തര
ഗിരിയിൽനിന്ന് അസ്സീറിയാ വന്നു; തൻെറ
സേനാബഹുത്വത്തോടെ വന്നു. അവരുടെ
ബാഹുല്യത്താൽ താഴ്വരകൾ നിറഞ്ഞു;
മലകൾ മൂടിപ്പോയി. എൻെറ ദേശം നശി 5
പ്പിക്കുമെന്നും എൻെറ യുവാക്കന്മാരെ
വാളാൽ വധിക്കുമെന്നും എൻെറ ശിശു
ക്കളെ നിലത്തടിക്കുമെന്നും എൻെറ ബാല
ന്മാരെ അടിമത്വത്തിനു നൽകുമെന്നും
എൻെറ കന്യകമാരെ കവർച്ചയാക്കുമെന്നും
അവർ പറഞ്ഞു. ബലവാനായ കർത്താവ് 6
അവരെ തടഞ്ഞു; സ്ത്രീയുടെ കരത്താൽ
അവരെ ലജ്ജിപ്പിച്ചു. എന്തെന്നാൽ അവ 7
രുടെ ശക്തന്മാർ വീണത് യുവാക്കന്മാർ
മുഖാന്തരമല്ല; അവരെ വെട്ടിവീഴ്ത്തിയതു
മല്ലന്മാരുമല്ല. ദീർഘകായന്മാരായ പുരുഷ
ന്മാരല്ല, അവരെ വീഴ്ത്തിയത്. മെരാരിയുടെ
മകൾ യൂദിത്ത് മുഖസൗന്ദര്യത്താൽ
അവനെ നിരായുധനാക്കി. ഇസ്രായേലിലെ 8
പീഡിതരുടെ ഉദ്ധാരണത്തിനുവേണ്ടി,
അവൾ തൻെറ വൈധവ്യവസ്ത്രം ഊരി;
തൻെറ മുഖത്തു സുഗന്ധതൈലം പൂശി;
തൻെറ തലമുടി പിന്നിക്കെട്ടി.അവനെ
വശീകരിക്കേണ്ടതിനായി അവൾ ഉടയാട
കൾ അണിഞ്ഞു. അവളുടെ പാദുകങ്ങൾ 9
അവൻെറ കണ്ണുകളെ മോഹിപ്പിച്ചു. അവ 10
ളുടെ സൗന്ദര്യം അവനെ കീഴ്പെടുത്തി.
വാൾ അവൻെറ കഴുത്തു കണ്ടിച്ചു. അവ
ളുടെ സാഹസികതയിങ്കൽ പേർഷ്യർ
നടുങ്ങി; അവളുടെ ശക്തിയിങ്കൽ മേദ്യർ
ചിതറപ്പെട്ടു. അപ്പോൾ എൻെറ മർദ്ദിതർ 11
ഭേരി മുഴക്കി; എൻെറ ദുർബ്ബലർ ആർപ്പിട്ടു.
അപ്പോൾ അവർ വീണു; അവർ ശബ്ദ
മുയർത്തി; അവർ ചിതറിപ്പോയ ദാസിമാരെ
എന്നപോലെ അവരെ കുത്തിക്കീറി.
മത്സരികളായ അടിമകളെയെന്നപോലെ 12
അവരെ കൊന്നു. നമ്മുടെ ദൈവമായ
കർത്താവിൻെറ പാളയത്തിൽനിന്നെ
ന്നപോലെ അവരെ നശിപ്പിച്ചു. എൻെറ
ദൈവത്തിനു ഞാൻ പുതിയ സ്തുതിഗീതം
പാടും. ബലവാനായ ദൈവമേ, നീ വലിയ 13
വനും മഹത്വമുള്ളവനുമാകുന്നു. നീ
ശക്തിയിൽ പരാക്രമശാലിയും അജയ്യനു
മാകുന്നു. സകല ജാതികളും നിന്നെ
സേവിക്കട്ടെ. സർവ്വഭൂമിയും നിനക്കു 14
കീഴ്പെടട്ടെ. നീ പറഞ്ഞതുകൊണ്ടു
സൃഷ്ടികൾ ഉണ്ടായി; നീ അവയെ
ക്രമീകരിച്ചു നിലനിർത്തി. നിൻെറ വചന
ത്തിനെതിരെ ഒന്നും നിൽക്കുകയില്ല.
പർവ്വതങ്ങളും ആഴികളും അടിസ്ഥാനം 15
വരെ ഇളകും. പാറകൾ തിരുസന്നിധിയിൽ

മെഴുകുപോലെ ഉരുകും. നിന്നെ ഭയപ്പെടു
ന്നവരോടു നീ കരുണ കാണിക്കുന്നു.
16 എന്തെന്നാൽ സൗരഭ്യവാസനയായ യാഗ
ങ്ങളെല്ലാം നിസ്സാരമാണ്; സകല മേദസ്സും
ഒരു ഹോമബലിക്കു പോരാ; എന്നാൽ
ദൈവത്തെ ഭയപ്പെടുന്നവനോ, എല്ലാ
സമയത്തും അവൻെറ മുമ്പാകെ വലിയവൻ
17 ആകുന്നു. എൻെറ ജനത്തിന് എതിരെ
എഴുന്നേൽക്കുന്ന ജനതയ്ക്കു കഷ്ടം.
ശക്തനായ കർത്താവു ന്യായവിധിദിവ
സത്തിൽ അവരോട് പ്രതികാരംചെയ്യും.
അവൻ അവരെ സന്ദർശിച്ച് അവരുടെ
ജഡത്തെ അഗ്നിക്കും പുഴുവിനും ഏല്പിച്ചു
കൊടുക്കും. അവർ എന്നേക്കും വേദന
കൊണ്ടു നിലവിളിക്കും.
18 അവർ യറൂശലേമിൽ എത്തിയപ്പോൾ
കർത്താവിനെ ആരാധിച്ചു. ജനം ശുദ്ധീകരി
ക്കപ്പെട്ടപ്പോൾ അവർ കർത്താവിന് സമാ
ധാനബലികളും ഹോമബലികളും അർപ്പി
19 ച്ചു. സർവസൈന്യാധിപൻെറ പാത്രങ്ങളും
അവൻെറ ഉറക്കറയിൽനിന്ന് എടുത്തിരുന്ന
മേല്ക്കെട്ടിയും യൂദിത്ത് കൊണ്ടുവന്ന്
20 കർത്താവിനു നേർച്ചയായി അർപ്പിച്ചു. ജനം
യറൂശലേമിൽ വിശുദ്ധ സ്ഥലത്തിനു
മുമ്പാകെ ഒരു മാസക്കാലം ആഹ്ലാദിച്ചു.
21 യൂദിത്ത് അവരോടു കൂടെ യറൂശലേമിൽ
താമസിച്ചു. ആ ദിവസങ്ങൾക്കു ശേഷം
എല്ലാവരും തങ്ങളുടെ വാസസ്ഥലത്തേക്കു
മടങ്ങിപ്പോയി. യൂദിത്ത് ബെതൂലിയായിൽ,
തൻെറ വസ്തുവകകളിലേക്ക് പോയി.
അവൾ ദേശത്തൊക്കെയും ബഹുമാനിത
യായിരുന്നു. അവളെ ഭാര്യയാക്കുവാൻ 22
അനേകർ മോഹിച്ചു. അവളുടെ ഭർത്താ
വായിരുന്ന മനശ്ശ മരിച്ചു തൻെറ ജന
ത്തോടു ചേർന്നതിൽ പിന്നെ അവൾ ഒരു
പുരുഷനെ അറിഞ്ഞിരുന്നില്ല. അവളുടെ 23
കീർത്തി മേൽക്കുമേൽ വർദ്ധിച്ചുകൊണ്ടി
രുന്നു. നൂറ്റിയഞ്ചു വയസ്സു പ്രായമാകുംവരെ
അവൾ തൻെറ ഭർത്താവായ മനശ്ശയുടെ
ഭവനത്തിൽ പാർത്തു. അവൾ ബെതൂലി
യായിൽ വച്ചു മരിച്ചു. മനശ്ശയുടെ
ശവകുടീരത്തിൽ അവർ അവളെ കബറ
ടക്കി. ഇസ്രായേൽ ഗൃഹം ഏഴു ദിവസം
അവളെക്കുറിച്ചു വിലപിച്ചു. അവളുടെ 24
മരണത്തിനു മുമ്പു അവൾ തൻെറ സ്വത്ത്
ഭർത്താവായ മനശ്ശയുടെ ചാർച്ചക്കാർക്കും
തൻെറ കുടുംബത്തിൽ പെട്ട ചാർച്ച
ക്കാർക്കും വീതിച്ചു കൊടുക്കുകയും തൻെറ
ദാസിമാരെയെല്ലാം സ്വതന്ത്രരാക്കുകയും
ചെയ്തിരുന്നു. യൂദിത്തിൻെറ ആയു 25
ഷ്ക്കാലം മുഴുവനിലും അവളുടെ മരണ
ശേഷം വളരെക്കാലത്തേക്കും ഇസ്രായേൽ
മക്കളെ ഭീഷണിപ്പെടുത്താൻ ആരും ഉണ്ടാ
യില്ല.

എസ്ഥേർ (പരിശിഷ്ടം)

അദ്ധ്യായം 11

(എന്നു തുടങ്ങുന്നു)

അർത്തഹശ്ത് ചക്രവർത്തിയുടെ
വാഴ്ചയുടെ രണ്ടാമാണ്ട് നീസാൻ മാസം
ന്നാം തീയതി, ബന്യാമീൻ ഗോത്രത്തിൽ
പ്പെട്ട കീശിന്റെ മകൻ ശമയിയുടെ മകൻ,
യായിറിന്റെ മകൻ മൊർദെക്കായി ഒരു
സ്വപ്നം കണ്ടു. ഈയാൾ ശൂശാൻ രാജ
ാനിയിലെ നിവാസിയായ ഒരു യഹൂദ
ായിരുന്നു. രാജഗൃഹത്തിലെ പ്രമാണിക
ുടെ മദ്ധ്യേ ബഹുമാന്യനുമായിരുന്നു.
ഹൂദാരാജാവായ യുക്കനിയായോടുകൂടി
റുശലേമിൽനിന്ന് ബാബേൽ രാജാവായ
നബുഖദ്നേസർ അടിമകളാക്കി കൊ
ടുവന്ന പ്രവാസികളിൽ ഒരുവനുമായിരു
ു. സ്വപ്നം ഇങ്ങനെയായിരുന്നു. ഭൂതല
ിൽ വലിയ ശബ്ദങ്ങളും മുഴക്കങ്ങളും
ിയൊച്ചയും ഭൂകമ്പവും തമ്മിൽ ഏററു
ുത്തക്കവിധത്തിൽ രണ്ടു വലിയ മഹാ
ർപ്പങ്ങൾ—വിജാതീയർ ജനത്തോട്
റുമുട്ടത്തക്ക വിധത്തിലുള്ള ആരവം—
ു ദേശമാകെ വലിയ ഇളക്കം സംഭവി
ത്തക്കവിധം അന്ധകാരത്തിന്റേയും
ീക്ഷയുടേയും വേദനയുടേയും ഞെരു
ത്തിന്റെയും ദിവസം—ആഗതമായ ദുരി
ത്തയോർത്ത് പുണ്യവാന്മാരായ ജനത
ാകെ സംഭ്രമവും ഭയവും—അവർ
ന്നത്തിന്നൊരുങ്ങിയിരുന്നു—ദൈവ
ന്നിധിയിൽ നിലവിളിച്ചു. അവർ
പിച്ചിരിക്കവേ ഇതാ മഹാനദിയിൽ നി
ഒരു ചെറിയ ഉറവ്. അതിലൂടെ ഏറെ
ള്ളം ഒഴുകിവന്നു. പ്രകാശമുദിച്ചു.
ീതർ ഉയർന്നു; ഉന്നതന്മാർ വിഴുങ്ങ
ു.

മൊർദെക്കായി ഇതെല്ലാം കണ്ടതോടെ,
യിൽനിന്നും ഉണർന്നു, ദൈവം എന്താ
ചെയ്യുവാൻ ഇച്ഛിക്കുന്നത് എന്ന്
ൻ ആലോചിച്ചു. ഈ സ്വപ്നത്തിന്റെ
ുൾ എന്തെന്ന് അവൻ തുടരെ ചിന്തി
ാണ്ടിരുന്നു.

അദ്ധ്യായം 12

അക്കാലത്തൊരിക്കൽ ദ്വാരപാലകരും 1
രാജാവിന്റെ ഷണ്ഡന്മാരുമായ ബഗഥാൻ,
താറശ് എന്നിവരുമൊത്ത് മൊർദെക്കായി
പട്ടണവാതിൽക്കൽ ഇരിക്കുകയായിരുന്നു.
അവരുടെ ആലോചന ഗ്രഹിക്കുകയും 2
അവരുടെ ഗൂഢാലോചന മനസ്സിലാക്കു
കയും ചെയ്തപ്പോൾ അവർ രാജാവിനെ
നിഗ്രഹിക്കുവാൻ ഒരുമ്പെടുകയാണെന്നു
മനസ്സിലായി. ഈ വിവരം രാജാവിന് 3
അയാൾ മുന്നറിയിപ്പുകൊടുത്തു. രാജാവ് 4
ഇതേപ്പററി അന്വേഷണം നടത്തി. അവർ
കുററം സമ്മതിച്ചു. അവർക്ക് രാജാവു
വധശിക്ഷയും നൽകി. രാജാവ് ഈ 5
വിവരമെല്ലാം നാളാഗമ പുസ്തകത്തിൽ
എഴുതിവച്ചു. മൊർദെക്കായിയും ഇതെല്ലാം
രേഖപ്പെടുത്തി സൂക്ഷിച്ചു വച്ചു. അവൻ
രാജഗൃഹത്തിൽതന്നെ പാർക്കണമെന്നു
കല്പനയാകുകയും ഈ വസ്തുത രാജാവിന്
അറിവുകൊടുത്തതിനു സമ്മാനങ്ങൾ
പ്രദാനം ചെയ്യുകയും ചെയ്തു.
ആഗാഗ്യനായ ഹമ്ദാത്തിന്റെ മകൻ 6
ഹാമാൻ രാജസന്നിധിയിൽ വളരെ
ബഹുമാന്യനായിരുന്നു. രാജാവിന്റെ ആ
ഷണ്ഡന്മാർ രണ്ടുപേരും വധിക്കപ്പെടു
വാനിടയായതിൽ മൊർദെക്കായിയേയും
അവന്റെ ജാതിയേയും ഉപദ്രവിക്കുവാൻ
തക്കം നോക്കിയിരുന്നു.

അദ്ധ്യായം 13

"ഇന്ത്യാമുതൽ എത്യോപ്യാവരെയുള്ള 1
ഭൂവിഭാഗത്തിന്നധിപനായ അർത്തഹശ്ത്
ചക്രവർത്തി, അധികാരസീമയിലുള്ള നൂറ്റി
ഇരുപത്തേഴ് നഗരങ്ങളുടെ അധികാരി
കൾക്കും തന്റെ കീഴിലുള്ള സൈന്യാധി
പന്മാർക്കും-
സമാധാനം. ഞാൻ അനേകജാതികൾ 2
ക്ക് അധിപനായി വാഴുന്നു. ഭൂതലമാകെ
ഞാൻ കീഴടക്കിയുമിരിക്കുന്നു. എന്റെ
അധികാരമഹിമയുടെ പേരിൽ ആരെയും

ഉപദ്രവിക്കണമെന്ന് എനിക്കാഗ്രഹമില്ല.
3 പ്രത്യുത സർവ്വമനുഷ്യർക്കും അഭികാമ്യ
മായ സമാധാനത്തിൽ എല്ലാവരും സന്തു
ഷ്ടരാകുവാൻ സൗമ്യമായും ദയാപൂർവ്വം
എന്റെ പ്രജകളെ ഭരിക്കണമെന്നാണ്
4 എന്റെ ആഗ്രഹം. എല്ലാവരും അപകടം
കൂടാതെ ശാന്തമായ ജീവിതം നയിക്കട്ടെ.
എന്റെ ആലോചനാസഭയുമായി ഇക്കാ
ര്യം എങ്ങനെ പ്രാവർത്തികമാക്കണമെന്ന്
5 ആലോചന നടത്തി. അപ്പോൾ മററു
ള്ളവരേക്കാൾ വിജ്ഞാനിയും വിശ്വസ്തനും
രാജാവു കഴിഞ്ഞാൽ രണ്ടാമനുമായി —
ഹാമാൻ എന്നു പേരുള്ളവൻ — എന്നോടു
പറഞ്ഞു: സർവ്വദേശങ്ങളിലും ചിന്നിച്ചി
തറിക്കിടക്കുന്ന ഒരു ജനസമൂഹമുണ്ട്.
അവർക്ക് ചില പുതിയ പ്രമാണങ്ങളുമുണ്ട്.
അവരുടെ ആചാരങ്ങൾ മററു ജാതികളുടേ
തിൽനിന്ന് വ്യത്യസ്തമാണ്. അവർ രാജക
ല്പനകൾ നിസ്സാരമായി കരുതുന്നു. കല
ഹമുണ്ടാക്കുന്നു. സർവ്വജാതികൾ തമ്മി
ലുള്ള ഐക്യത്തിന് അവർ എതിർപ്പുള്ള
6 വരാണ്; എന്നെല്ലാം നാം മനസ്സിലാക്കി;
അവർ ഒരു മത്സരജാതിയാണെന്നു നാം
കണ്ടിരിക്കുന്നു. സർവ്വ മനുഷ്യജാതിക്കും
എതിരായി അവർ ഒററയ്ക്കു നിലകൊ
ള്ളുന്നു. അവർക്കു ചില ദുഷിച്ച പ്രമാണങ്ങ
ളുണ്ട്. അവർ നമ്മുടെ ആജ്ഞകൾ
ലംഘിക്കുന്നു. നമ്മുടെകീഴുള്ള സർവ്വനഗ
രങ്ങളിലേയും ശാന്തിയും സമാധാനവും
7 അവർ കുഴച്ചുമറിയ്ക്കുന്നു. ആകയാൽ,
സർവ്വനഗരങ്ങളിലും അധികാരസംയുക്തനും
ഒരു പിതാവിനെപ്പോലെ അവനെ നാം
ബഹുമാനിക്കുന്ന - രാജ്യത്തിൽ രണ്ടാ
മനായ ഹാമാൻ നിർദ്ദേശിക്കുന്ന അവരെ
എല്ലാവരേയും അവരുടെ ശത്രുക്കളുടെ
കൈയാൽ സ്ത്രീകളും കുഞ്ഞുങ്ങളുമടക്കം
സർവ്വമാനപേരേയും നശിപ്പിക്കുവാൻ നാം
കല്പനയായിരിക്കുന്നു. ആരും അവരോടു
സഹതാപം കാണിക്കരുത്. ഈ വർഷം
പന്ത്രണ്ടാം മാസമായ ആദാർമാസം പതി
നാലാം തീയതി ആ തിന്മപെട്ട ജനത ഒന്ന
ടങ്കം ഒററ ദിവസംതന്നെ ശവക്കുഴിയിൽ
8 ഇറങ്ങണം. അങ്ങനെ അവർ താറുമാറാ
ക്കിയ നമ്മുടെ സാമ്രാജ്യത്തിലെ സമാ
ധാനം തിരികെ വരുമാറാകണം..."
9 അപ്പോൾ മൊർദെക്കായി ദൈവസന്നി
ധിയിൽ പ്രാർത്ഥിച്ചു. ദൈവത്തിന്റെ
പ്രവൃത്തികളെ അവൻ ഓർത്തു. അവൻ
പറഞ്ഞു: ദൈവമായ കർത്താവേ, ബല
വാനായവനേ എല്ലാം അവിടുത്തെ അധികാ
രത്തിലാണല്ലോ. ഇസ്രായേലിനെ രക്ഷി
പ്പാൻ അവിടുന്നു നിശ്ചയം ചെയ്യുമെങ്കിൽ
അവിടത്തോട് എതിർത്തുനില്പാൻ ആരു
ണ്ട്? അവിടന്ന് ആകാശവും ഭൂമിയും 10
ആകാശത്തിൻകീഴുള്ള സർവ്വവും സൃഷ്ടി
ച്ചു. നീ തടസ്സം ചെയ്യുന്നകാര്യത്തിൽ നി
ന്റെ ശ്രേഷ്ഠതയ്ക്ക് എതിരായി നിൽപാൻ
ആർക്കും സാധ്യമല്ലല്ലോ., അവിടന്ന് 11
സർവ്വവും അറിയുന്നു. തമ്പുരാനേ, കൊല
യ്ക്കാഗ്രഹിക്കുന്നവനായ ഹാമാനെ ഞാൻ
ആദരിക്കാതിരുന്നത് നിഗളമോ പൊങ്ങ
ച്ചമോ അന്തസ്സിനുള്ള ആഗ്രഹമോ നിമി
ത്തമല്ല എന്ന് അവിടന്ന് അറിയുന്നു.
(ഇസ്രായേലിന്റെ രക്ഷയ്ക്കു വേണ്ടി 12
അവന്റെ കാല്പാദങ്ങൾ മനസ്സോടെ
മുത്തുവാൻപോലും ഞാൻ തയ്യാറാണ്,
നാഥാ) എന്നാൽ എന്റെ ദൈവത്തിനുള്ള 13
ബഹുമാനം മനുഷ്യനു കൊടുത്ത് എന്റെ
ദൈവത്തെയല്ലാതെ മററാരെയും നമസ്ക
രിക്കുക എന്നത് എനിക്കു ഭയമാണ്.
ഇപ്പോൾ, അബ്രഹാമിന്റെ ദൈവമായ 14
രാജാവായ കർത്താവേ ഞങ്ങളുടെ വൈരി
കൾ ഞങ്ങളെ നശിപ്പിക്കുവാനും നിന്റെ
അവകാശത്തെ തുടച്ചുമാററുവാനും ശ്രമി
ക്കുന്നതിനാൽ നിന്റെ ജനത്തോട് മനസ്സ
ലിവു തോന്നണമേ. മെസ്രേനിൽ നിന്നു നീ 15
രക്ഷിച്ചുകൊണ്ടുവന്ന നിന്റെ അവകാശ
ത്തെ അവഗണിക്കരുതേ! എന്റെ അപേ 16
ക്ഷാശബ്ദം കേൾക്കണമേ, നിന്റെ ഓഹരി
യോടു കരുണതോന്നി നിന്റെ അവകാശ
ത്തെ രക്ഷിക്കണമേ! കർത്താവേ, ഞങ്ങൾ 17
ജീവനോടിരുന്ന് നിനക്കു സ്തോത്രം പാടുവാ
നായി ഞങ്ങളുടെ വിലാപത്തെ സന്തോഷ
മായി മാററിത്തരേണമേ! നിന്നെ സ്തുതിക്കു
ന്നവരുടെ വായകൾ പൊത്തിക്കളയരുതേ.
ഇസ്രായേൽ മുഴുവനും എല്ലാഭാഗ 18
ത്തുനിന്നും മരണം അവരുടെമേൽ വ്യാപി
ച്ചു വരുന്നതിനാൽ ഏകമനസ്സോടെ കർത്തൃ
സന്നിധിയിൽ മുട്ടിപ്പായി പ്രാർത്ഥിച്ചു.

അദ്ധ്യായം 14

എസ്ഥേർ രാജ്ഞിയും അടുത്തുവരുന്ന 1
അത്യാപത്തിനെയോർത്ത് ഭയപരവശ
യായി കർത്താവിനോടു പ്രാർത്ഥിച്ചു
കൊണ്ടിരുന്നു. അവൾ, രാജകീയ ഉട 2
യാടകൾ ഊരിമാററിവച്ചിട്ട് വിലാപവസ്ത്ര
ങ്ങൾ ധരിച്ചു. പരിമളതൈലങ്ങൾക്കു പകരം
അവൾ ശിരസ്സിൽ ചാരവും പൂഴിയും വിതറി.
ഉപവാസം കൊണ്ട് അവൾ ശരീരത്തെ
ക്ഷീണിപ്പിച്ചു. അവൾ ഇസ്രായേലിന്റെ 3

ദൈവത്തോട് കേണപേക്ഷിച്ചു പറഞ്ഞു.
ഞങ്ങളുടെ ദൈവമേ, കർത്താവേ, അങ്ങു
മാത്രമാണല്ലോ ഞങ്ങളുടെ രാജാവ്.
അങ്ങല്ലാതെ അടിയങ്ങൾക്കു മററു
സഹായി ഇല്ലാത്തതിനാൽ അനാഥയായ
അടിയനെ സഹായിക്കണമെ. ആപത്ത്
എന്നോടു അടുത്തിരിക്കുന്നു. നാഥാ,
എൻെറ പിതാവിൽനിന്നും ഞാൻ കേട്ടി
ട്ടുണ്ട് — സർവ്വ ജാതികളിൽനിന്നും ഇസ്രാ
യലിനെ അവിടന്നു തിരഞ്ഞെടുത്തു
വന്നും എല്ലാ പിതാക്കന്മാരേയും അങ്ങ
യുടെ നിത്യാവകാശമാക്കി എന്നും. അങ്ങ്
കല്പിച്ചതുപോലെതന്നെ അവരോടു
പ്രവർത്തിച്ചു. ഞങ്ങളോ നിന്നോടു പാപം
ചെയ്തു. തന്മൂലം ഞങ്ങളുടെ വൈരികളുടെ
കയിൽ ഞങ്ങളെ അങ്ങ് ഏല്പിച്ചു
കൊടുത്തു. അവരുടെ ദേവന്മാർക്ക് ഞങ്ങൾ
പൂജചെയ്തു. നാഥാ, അവിടന്ന് നീതിമാനാ
ണ്ന്നു. ഇപ്പോഴോ അവർ കഠിനപീഡന
ത്താൽ ഞങ്ങളെ വേദനിപ്പിക്കുന്നു. അവ
രുടെ കൈക്കരുത്ത് അവരുടെ വിഗ്രഹ
ങ്ങളുടെ ശക്തിയാണെന്ന് അവർ കരുതുന്നു.
അവർ അങ്ങയുടെ വാഗ്ദാനങ്ങൾ മായി
ച്ചു മാററുവാനും അങ്ങയുടെ അവകാ
ശത്തെ നശിപ്പിക്കുവാനും അങ്ങയെ സ്തുതി
ക്കുന്നവരുടെ വായടയ്ക്കുവാനും അങ്ങ
യുടെ ആലയത്തിൻെറയും ബലിപീഠത്തി
ൻെറയും മഹിമ കെടുത്തുവാനും വിഗ്രഹ
ങ്ങളിയെക്കുറിച്ചു പാടിസ്തുതിക്കുവാൻ
ജാതികളുടെ വായ തുറക്കുവാനും വെറും
ശരീരികനായ രാജാവിനെ ശാശ്വതമായി
മഹിമപ്പെടുത്തുവാനും അവർ ശ്രമിക്കുന്നു.
മല്ലാത്തവർക്ക് അവിടത്തെ ഗോത്ര
കൊടുക്കരുതെ — ഞങ്ങൾ മുടിഞ്ഞു
കുന്നതുകണ്ട് അവർ പരിഹസിക്കുവാ
യാകരുതേ — എന്നാലോ, അവരുടെ
ലോചന അവർക്കെതിരെ തിരിക്ക
മേ. ഞങ്ങളെ പീഡിപ്പിക്കുവാൻ തുടങ്ങി
ക്കുന്നരെ ഉന്മൂലം മായിച്ചുകളയണമേ!
ത്താവേ, ഞങ്ങളെ ഓർക്കണമേ, ഞങ്ങ
ടെ ആപത് വേളയിൽ ഞങ്ങൾക്കു
പ്രത്യക്ഷനാകണമേ. സർവ്വദേവന്മാരുടേ
അധികാരികളുടേയും രാജാവായ
ത്താവേ, ഞങ്ങൾക്കു ധൈര്യം തരേ
ണമേ. ഈ സിംഹത്തിൻെറ ദൃഷ്ടിയിൽ
യായി സംസാരിപ്പാൻ എനിക്കു വാക്കു
തരണമേ. ഞങ്ങളുടെ ശത്രുവിനേയും
ൻെറ ആ അഭിപ്രായക്കാരേയും നശി
ത്തക്കവണ്ണം അവനെ വെറുക്കുവാൻ
ഹത്തിൻെറ ഹൃദയത്തെ തിരിക്കണ
മേ. തിരുഭുജത്താൽ ഞങ്ങളെ രക്ഷിക്ക 15
ണമേ. കർത്താവേ നീ അല്ലാതെ മററാരും
എനിക്കു തുണയ്ക്കില്ലായ്കയാൽ എന്നെ
സഹായിക്കണമേ. നാഥാ അവിടുന്നു
സർവ്വവും അറിയുന്നു. അധർമ്മികളുടെ
ബഹുമാനം ഞാൻ ഉപേക്ഷിച്ചു എന്നും
അഗ്രചർമ്മികളുടേയും അന്യരായ സർവ്വ
രുടേയും മണവറയെ ഞാൻ വെറുത്തു
എന്നും അവിടുന്ന് അറിയുന്നു. എൻെറ 16
ഞെരുക്കം നീ അറിയുന്നു. എൻെറ മഹിമ
യുടെ കാലത്ത് എൻെറ ശിരസ്സിന്മേൽ
ഉണ്ടായിരുന്ന ശ്രേഷ്ഠതയും മഹത്വവും
എനിക്ക് ഇപ്പോൾ നിന്ദ്യമായിരിക്കുന്നു.
അവ എനിക്ക് അശുദ്ധിയുടെ പഴന്തുണി
ക്കണ്ടം പോലെ നിഷിദ്ധമായിരിക്കുന്നു.
ഹാമാൻെറ ഭക്ഷണമേശയിങ്കൽ ഇരുന്ന് 17
ഞാൻ ഭക്ഷിച്ചിട്ടില്ല. രാജാവിൻെറ മദ്യ
വിരുന്നിൽ ഞാൻ ആനന്ദം കൊണ്ടിട്ടില്ല.
അവരുടെ നിവേദിതമായ വീഞ്ഞ് ഞാൻ
കുടിച്ചിട്ടില്ല. അബ്രഹാമിൻെറ ദൈവമായ 18
കർത്താവേ അങ്ങയിലല്ലാതെ ഞാൻ
ഇവിടേയ്ക്ക് ആനയിക്കപ്പെട്ട ദിവസം
മുതൽ ഇന്നുവരേയും അവിടുത്ത ദാസി
സന്തോഷം അനുഭവിച്ചിട്ടില്ല. സകലത്തിലും 19
ശക്തനായ ദൈവമേ പ്രത്യാശയില്ലാതവരുടെ
ശബ്ദം കേൾക്കണമേ. ദുഷ്ടന്മാരുടെ
കയ്യിൽനിന്ന് ഞങ്ങളെ രക്ഷിക്കുവാൻ
മററാരുമില്ലല്ലോ. നാഥാ എൻെറ ഭീതിയിൽ
നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമേ."

അദ്ധ്യായം 15

എസ്ഥേർ രാജസന്നിധിയിലെത്തി, 1
അവളുടെ ജനത്തിനും ദേശവാസികൾക്കും
വേണ്ടി അപേക്ഷിക്കണമെന്ന് മൊർദെ
ക്കായി അവളോടാജ്ഞാപിച്ചു. എൻെറ
കൈകൊണ്ട് നീ വളർത്തപ്പെട്ട ആ സാധാ
രണ കാലത്തെ നീ ഓർക്കുക. രാജ്യത്തിൽ 2
രണ്ടാമനായ ഹാമാൻ നമ്മെ കൂട്ടക്കൊല
ചെയ്യുവാൻ സംസാരിച്ചു കഴിഞ്ഞിരിക്കു
കയാണ്. നീയോ കർത്താവിനെ വിളിച്ച
പേക്ഷിച്ചശേഷം നമുക്കുവേണ്ടി രാജാവി 3
നോടു സംസാരിച്ച് കൊലയിൽനിന്നും
നമ്മെ രക്ഷിക്കുക. മൂന്നാം ദിവസം അവൾ 4
വസ്ത്രം മാറി രാജകീയ വസ്ത്രമണിഞ്ഞ്
വിഭൂഷിതയായി ദൈവത്തെ വിളിച്ചപേക്ഷി
ച്ചശേഷം രണ്ടു ദാസിമാരെ കൂട്ടിക്കൊണ്ട്
പുറപ്പെട്ടു. അവളുടെ ശരീരത്തിൻെറ 5,6
ക്ഷീണവും വിറയലും നിമിത്തം ഒരുവളുടെ
മേൽ അവൾ ചാരിക്കൊണ്ടാണ് നടന്നത്.
മറ്റേ ദാസി അവളുടെ നീണ്ട ഉടയാട 7

നിലത്തിഴയാതെവണ്ണം അവളുടെ പിമ്പേ
8 പിടിച്ചുകൊണ്ടു നടന്നു. എസ്ഥേറിൻെറ
മുഖത്തിൻെറ നിറം റോസാപുഷ്പം
പോലെ പ്രശോഭിതമായിരുന്നു. അവളുടെ
നയനങ്ങൾ തിളങ്ങിയിരുന്നു. മനോഹര
വുമായിരുന്നു. അവളുടെ ഹൃദയമോ സങ്ക
9 ടവും സംഭ്രമവും നിറഞ്ഞിരുന്നു. അവൾ
ഓരോ വാതിലും മുറികളും കടന്ന് രാജാവ്
സിംഹാസനത്തിലിരിക്കുന്ന സ്ഥാനത്തെ
ത്തി. രാജാവ് രാജകീയ വേഷവിധാനങ്ങ
ളും ധരിച്ച് സ്വർണ്ണവും രത്നവും പതിച്ച
സിംഹാസനത്തിൽ ഉപവിഷ്ടനായിരുന്നു.
കാഴ്ചയ്ക്കു ഭീകരനുമായിരുന്നു. അയാൾ
കണ്ണ് ഉയർത്തി അവയുടെ ദേഷ്യഭാവം മൂലം
10 മനസ്സിലെ കോപം പ്രദർശിപ്പിച്ചു. രാജ്ഞി
സാഷ്ടാംഗം വീണു. അവൾ വിളറിപ്പോയി.
അവളുടെ വേദന നിറഞ്ഞ ശിരസ്സ് ദാസി
11 യുടെമേൽ വച്ചു താങ്ങിയിരുന്നു. ദൈവം
സൗമ്യതയിലേക്കു രാജാവിൻെറ മനസ്സു
മാററി. അവൻ സിംഹാസനത്തിൽ നിന്നും
സംഭ്രമത്തോടും ധൃതിയിലും എഴുന്നേററ്
അവൾക്കു മനസ്സിന് ആശ്വാസം കിട്ടു
വോളം അവൻെറ ഭുജങ്ങളിന്മേൽ അവളെ
12 താങ്ങിക്കിടത്തി. അവളെ ധൈര്യപ്പെടുത്തി
പറഞ്ഞു: എസ്ഥേറേ നിനക്കെന്തു സംഭ
വിച്ചു? ഞാൻ നിൻെറ സഹോദരനല്ലേ? ഭയം
വേണ്ട, നിനക്കു നാശം വരികയില്ല; പ്രത്യുത
മററുള്ളവരെ പ്രതിയാണ് ഈ വിധിത്തീർപ്പ്.
13 ആകയാൽ നീ അടുത്തുവന്നു ചെങ്കോൽ
14 സ്പർശിക്കുക. അവൾ മിണ്ടാതിരിക്കുന്നു
വെന്ന് അയാൾ കണ്ടപ്പോൾ സ്വർണ്ണച്ചെ
ങ്കോൽ എടുത്ത് അവളുടെ കഴുത്തിൽ
15 സ്പർശിച്ചു. അവളെ ചുംബിച്ചു. എന്താണ്
നീ എന്നോട് ഒന്നും പറയാതിരിക്കുന്നത്?
16 എന്നു ചോദിച്ചു. അവൾ പറഞ്ഞു: എൻെറ
യജമാനനേ, അങ്ങയെ ഒരു ദൈവദൂത
17 നെപ്പോലെയാണു ഞാൻ കണ്ടത്. അങ്ങ
യുടെ കാന്തിയുടെ ആധിക്യംമൂലം എൻെറ
ഉള്ളം നടുങ്ങിപ്പോയി. എൻെറ നാഥാ അങ്ങ്
അത്യധികം അത്ഭുതവാൻ! തിരുമുഖം
കാന്തിനിറഞ്ഞതാണ്'. അവൾ സംസാരിച്ചു
കൊണ്ടിരിക്കുമ്പോൾ അവൾ വീണ്ടും നിലം
18 പതിച്ചു. മരണാസന്നയായി. രാജാവ് വല്ലാ
തെ സംഭ്രമിച്ചു. പരിചാരകന്മാരെല്ലാം അവ
നു ധൈര്യം കൊടുത്തുകൊണ്ടിരുന്നു.

അദ്ധ്യായം 16

1 (അർത്തഹശ്ത്ത് രാജാവ് തൻെറ
സാമ്രാജ്യത്തിലെ സർവ്വ പ്രവിശ്യകളി
ലേക്കും അയച്ച തീട്ടൂരത്തിൻെറ പകർപ്പ്)

ഇൻഡ്യാമുതൽ എത്യോപ്യാവരെ 2
വാഴ്ചയുള്ള അർത്ത്ഹശ്ത്ത് ചക്രവർത്തി
യിൽ നിന്നും: നമ്മുടെ കീഴിലുള്ള
നൂററിരുപത്തിയേഴ് പ്രവിശ്യകളിലെ
ഭരണാധിപന്മാർക്ക് സമാധാനം. ഭരണാ
ധിപന്മാർ അവരെ വാത്സല്ലിക്കുകയും
ബഹുമാനിക്കുകയും ചെയ്യുന്നു എന്നു
കണ്ട് ചിലർ അഹങ്കരിച്ച് തിന്മയായത്
പ്രവർത്തിക്കുന്നു എന്നു മാത്രമല്ല, രാജാ 3
വിൻെറ പ്രവർത്തനങ്ങളെ അപഹാസ്യമാ
ക്കുവാൻ പരിശ്രമിക്കുകയും അവർക്കു
പ്രദാനം ചെയ്യപ്പെട്ട ബഹുമാനം കൊണ്ട്
മതിവരാതെ അവരെ ഉയർത്തിയവർക്കെ
തിരായിപ്പോലും വഞ്ചനാപൂർവ്വം പെരുമാ
റിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവരിൽ 4
വർഷിക്കപ്പെട്ട സത്കാര്യങ്ങൾക്ക് അവർ
നന്ദി കാണിക്കാതെ സകലവും കാണുന്ന
ദൈവത്തിൻെറ ശിക്ഷാവിധിയിൽനിന്ന്
രക്ഷപ്പെടുവാൻ തങ്ങൾക്കു കഴിയുമെന്ന്
വൃഥാ ചിന്തിക്കുകയും ചെയ്യുന്നു. അവരെ 5
നിയോഗിച്ചിരിക്കുന്ന സേവനങ്ങൾക്ക്
ശ്രദ്ധവയ്ക്കാതെ അവരുടെ വ്യാജ
തന്ത്രങ്ങൾ മൂലം അവരെ നിയമിച്ചവരെ
മറിച്ചിടുവാൻപോലും ശ്രമിക്കുന്ന ഭ്രാന്താ
വസ്ഥയിൽ അവർ എത്തിയിരിക്കുന്നു.
എല്ലാവരാലും കീർത്തിക്കപ്പെടുവാൻ അർ
ഹരാകേണ്ടതിന് യോഗ്യരാകേണ്ടതിനു
പകരം അവരുടെ വഞ്ചനയും തന്ത്രവും മൂലം
നിഷ്കളങ്കരും തങ്ങളെപ്പോലെ മററുള്ളവ
രേയും വിചാരിക്കുന്നവരുമായ അധികാരി
കളുടെ കർമ്മപടങ്ങളെ അവർ വഴിതെററി
ക്കുകയും ചെയ്യുന്നു. പൂർവ്വകാലചരിത്ര 6
ങ്ങളിൽനിന്നും ഇന്നത്തെ പ്രതിദിന
സംഭവങ്ങളിൽനിന്നും രാജാക്കന്മാരുടെ
സന്മനസ്സുകളെ ദുരാലോചനകൾകൊണ്ട്
തിന്മയിലേക്ക് തിരിക്കുവാൻ ശ്രമിക്കുന്നു
എന്ന് മനസ്സിലാകുന്നു. സർവ്വപ്രവിശ്യക 7
ളുടേയും സമാധാനത്തിന് ശ്രദ്ധിക്കേണ്ടത്
നമ്മുടെ ചുമതലയാകുന്നു. ഒന്നിനെതി
രായി മററൊന്ന് നാം കല്പിക്കുന്നുവെങ്കിൽ
നമ്മുടെ മനോലാഘവംകൊണ്ടാണെന്ന്
നിങ്ങൾ വിചാരിക്കരുത്. പ്രത്യുത ഓരോ 8
കാലത്തിൻേറയും ആവശ്യത്തിനും പൊതു
ഗുണത്തിനും ആവശ്യമായ വ്യത്യാസങ്ങൾ
വരുത്തേണ്ടിയിരിക്കുന്നു. നിങ്ങൾ നമ്മുടെ 9
വചനം ശരിക്കും മനസ്സിലാക്കേണം. ഒരു 10
കാര്യം സ്പഷ്ടമായി നിങ്ങൾ മനസ്സിലാ
ക്കണം. മനസ്സുകൊണ്ട് മക്കദോന്യനും
ജാതികൊണ്ട് അന്യനും ആകുന്നു ഹംദാദ്.
മകൻ ഹാമാൻ അവൻെറ കഠിനപ്രവൃത്തി

കൾമൂലം നമ്മുടെ സൽപേരിനെ പേർഷ്യൻ
ജാതിയുടെ ഇടയിൽ കളങ്കപ്പെടുത്തിയവ
നാണ്. നാം അവന് ഗുണം ചെയ്യുകയും ജന
ങ്ങൾ അവനെ പിതാവേ എന്നു സംബോ
ധനചെയ്കയും രാജാവു കഴിഞ്ഞാൽ
ഏററവും കൂടുതൽ അവനെ നമസ്കരിക്കു
കയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ അവ
നാകട്ടെ മഹാവലിയ ധിക്കാരത്തോടെ
നമ്മിൽനിന്നും നമ്മുടെ രാജ്യവും നമ്മുടെ
ജീവൻപോലും അപഹരിപ്പാൻ ഏർപ്പാടു
കൾ ചെയ്കയാണു ചെയ്തത്.
ആരുടെ വിശ്വസ്തതയുടെ നന്മയുംകൊ
ണ്ടാണോ ഇന്നു നാം ജീവനോടിരിക്കുന്നത്.
ആ മോർദ്ദേഖായിയെ കൊല്ലുവാനും
രാജ്യത്തിൽ നമ്മോടു കൂട്ടുചേർന്നിരി
ക്കുന്നു നമ്മുടെ ഭാര്യയായ എസ്ഥേറിനേ
യും അവളുടെ ജനതതിയേയും ഇതുവരെ
കേട്ടിട്ടില്ലാത്ത ഒരു പുതിയ തരം വഞ്ചന
യാൽ നശിപ്പിക്കുവാനും അവൻ ആഗ്ര
ഹിച്ചു. അവരെ കൊന്നൊടുക്കിയശേഷം
നമുക്ക് നമ്മോട് എതിർക്കുവാനും നമ്മോടു
മത്സരിക്കുവാനും നാം പേർഷ്യൻസാമ്രാജ്യം
മക്കദോന്യർക്ക് കൈമാററം ചെയ്യുവാനും
അവൻ നിശ്ചയിച്ചിരുന്നു. യഹൂദന്മാർക്കെ
തിരായി കൂട്ടക്കൊലയുടെ ആ വിധി
നപ്പെടുവിച്ചതിന് ഉള്ള അവൻെറ കുററം
ം അറിഞ്ഞിരുന്നില്ല. സർവ്വമനുഷ്യ
രെക്കാളും ദുഷ്ടനായ ഈ മനുഷ്യനാണ്
ഇതിനെല്ലാം കാരണം. എന്നാൽ ഈ
യഹൂദർക്ക് നല്ല നീതിയുള്ള പ്രമാണങ്ങളു
ണ്ടെന്നും മഹോന്നതനും ശ്രേഷ്ഠനും
ലോകത്തിൻെറ ജീവനും ആയവനും
നമ്മുടെ പിതാക്കന്മാർക്കും നമുക്കും ഈ
രാജ്യം തൻെറ കൃപകൊണ്ട് നൽകിയ
വനായ ദൈവത്തിൻെറ മക്കളാണ് അവർ
എന്ന് നാം കണ്ടിരിക്കുന്നു. ആകയാൽ
ളുടെ പേരിൽ നേരത്തെ അയച്ചിരുന്ന
ചനകൾ റദ്ദാക്കപ്പെട്ടിരിക്കുന്നു എന്ന
തുകൊള്ളണം. അവൻ ചെയ്ത ദുഷ്ട
ം അവൻ കാണിച്ച വഞ്ചനയും നിമി
ത്തം അവനും അവൻെറ ആൾക്കാരും
എല്ലാം ഈ ശൂശാൻ നഗരപടിവാതില്ക്കൽ
കഴുമരത്തിൽ തൂക്കിക്കൊല്ലപ്പെട്ടിരിക്കുന്നു.
നാം അല്ല ദൈവമാണവനോടു പ്രതികാരം 19
ചെയ്തിരിക്കുന്നത്. ആകയാൽ ഇപ്പോൾ നാം
അയച്ചിരിക്കുന്ന ഈ കല്പനമൂലം യഹൂദ
ന്മാർ അവരുടെ ന്യായപ്രമാണമനുസരിച്ച്
ജീവിച്ചുകൊള്ളുവാൻ അനുവദിക്കപ്പെട്ടി
രിക്കുന്നതായി എല്ലാ പ്രവിശ്യകളിലും
വിളംബരം ചെയ്യപ്പെടണം. പന്ത്രണ്ടാം മാസ 20
മാകുന്ന ആദാർ പതിമൂന്നാം തീയതി
അവരെ ഉന്മൂലം നശിപ്പിക്കുവാൻ തയ്യാറെടു
ത്തിരുന്നവരെ കൊന്നൊടുക്കുവാൻ തക്ക
വണ്ണം അവർക്കു വേണ്ട സഹായം ചെയ്യു
വാൻ നിങ്ങൾ ബാദ്ധ്യസ്ഥരാകുന്നു. എന്തെ
ന്നാൽ അവർക്ക് വിലാപത്തിൻേറയും 21
കരച്ചിലിൻേറയും ദിവസമായിരുന്നു ഇത്.
അതേ ദിവസത്തെ തന്നേസർവ്വശക്ത 22
നായ ദൈവം സന്തോഷത്തിന്നായി വ്യത്യാ
സപ്പെടുത്തി ഈ ദിവസത്തെ പെരുനാൾ
പട്ടികയിൽ ഉൾപ്പെടുത്തുകയും വരുംതല
മുറകൾക്കും ഇക്കാര്യം അറിയപ്പെടേണ്ടതി
നാൽ സന്തോഷത്തിമിർപ്പോടെ പെരുന്നാൾ 23
ആചരിക്കുകയും ചെയ്യണം. പേർഷ്യരോടു
വിശ്വസ്തതയോടെ അനുസരിച്ചിരിക്കു
ന്നവർക്ക് അവരുടെ വിശ്വാസാനുസരണം
പ്രതിഫലം നൽകപ്പെടണം. ആരെല്ലാമാ 24
ണോ അവരുടെ രാജ്യത്തിനെതിരായി
കെണികൾ വയ്ക്കുന്നത് അങ്ങനെയുള്ള
വർ അവരുടെ അനീതി മൂലം നശിക്കണം.
ഏതെങ്കിലും നഗരമാകട്ടെ ഗ്രാമമാകട്ടെ 25
ഈ പെരുന്നാളിൽ പങ്കുകൊള്ളുവാൻ
വിസമ്മതിക്കുന്നു എങ്കിൽ അത് വാളു
കൊണ്ടും അഗ്നിയാലും നശിപ്പിക്കപ്പെ
ടുകയും ഉന്മൂലം മായിക്കപ്പെടുകയും ഒരു
മനുഷ്യനോ മൃഗമോ അതിൽകൂടെ ഒരു
കാലത്തും നടക്കാനിടയാകാത്തവണ്ണം
ശൂന്യവുമാക്കപ്പെടണം. അത് അവരുടെ
ഭോഷത്തത്തിനും മത്സരത്തിനും ഉള്ള
തെളിവായിരിക്കും.

മഹാജ്ഞാനം

അദ്ധ്യായം 1

1 ഭൂമിയിലെ ന്യായപാലകരേ, നീതിയെ
സ്നേഹിക്കുവിൻ. സൽകാര്യങ്ങളോടെ
കർത്താവിനെ ധ്യാനിപ്പിൻ. നിഷ്കളങ്ക
ഹൃദയത്തോടെ തന്നെ അന്വേഷിപ്പീൻ.
2 തന്നെ പരീക്ഷിക്കാത്തവർക്കു താൻ ദൃശ്യ
നായിത്തീരുന്നു. തന്നിൽ വിശ്വസിക്കുന്ന
3 വർക്കു താൻ വെളിപ്പെടുന്നു. ദുശ്ചിന്തകൾ
മനുഷ്യനെ ദൈവത്തിൽനിന്നകറ്റുന്നു.
അവിടുത്തെ ശക്തി ശാപഗ്രസ്തരെ
4 ശാസിക്കുന്നു. തിന്മനിറഞ്ഞ മനസ്സിൽ
വിജ്ഞാനം പ്രവേശിക്കയില്ല. പാപത്തിന്
കീഴ്പെട്ട ശരീരത്തിൽ അതു വാസം ചെയ്യു
5 കയുമില്ല. വിശുദ്ധമായ ആത്മാവും
ശിക്ഷണവും വഞ്ചനയിൽ നിന്നും ഓടിമാ
റുന്നു. അജ്ഞാനികളുടെ ചിന്തകളിൽ
നിന്നും അതു മാറിപ്പോകുന്നു. വരുന്ന എല്ലാ
അനീതിയേയും അതു ശാസിക്കുന്നു.
6 വിജ്ഞാനത്തിൻെറ ആത്മാവ്, മനുഷ്യരെ
സ്നേഹിക്കുന്നു. എന്നാൽ ദൈവദൂഷണം
പറയുന്ന അധരങ്ങളെ അതു നീതീകരി
ക്കയില്ല. ദൈവം മനുഷ്യൻെറ അന്തരിന്ദ്രി
യങ്ങളേയും, ഹൃദയത്തേയും അറിഞ്ഞു
സാക്ഷിക്കുന്നവനും, സത്യത്തെ പ്രവർത്തി
ക്കുന്നവനുമാകുന്നു. മനുഷ്യൻെറ നാവിൽ
നിന്നും വരുന്നവയെല്ലാം ശ്രവിക്കുന്നവനു
മത്രെ.
7 കർത്താവിൻെറ ആത്മാവ് ലോക
മെങ്ങും നിറഞ്ഞിരിക്കുന്നു. തൻെറ
വിജ്ഞാനത്താൽ എല്ലാറ്റിൻെറയും അധി
പനാകുന്ന അവന് ശബ്ദമുണ്ട്. ആക
8 യാൽ അനീതി സംസാരിക്കുന്നവർക്ക്
അവനിൽനിന്നു മറയുവാനോ ശാസന
യുടെ വിധിയിൽ നിന്നും ഒഴിഞ്ഞുമാറു
9 വാനോ സാദ്ധ്യമല്ല. ദുഷ്ടൻെറ വിചിന്തന
ങ്ങൾ ചോദ്യം ചെയ്യുമ്പോൾ, അവൻെറ
തിന്മ ശാസിക്കപ്പെടേണ്ടതിന്, അവൻെറ
വാക്കുകൾ കർത്തൃസന്നിധിയിലെത്തും.
10 അസൂയാലുവിൻെറ കർണ്ണങ്ങൾ സർവ്വവും
കേൾക്കുന്നു. മുറുമുറുപ്പുപോലും മറഞ്ഞി
രിക്കുന്നില്ല. ആകയാൽ പ്രയോജനം 11
ഒന്നുമില്ലാത്ത മുറുമുറുപ്പിൽ നിന്നും സൂക്ഷി
ച്ചുകൊള്ളണം. ഏഷണി പറഞ്ഞുണ്ടാ
ക്കുന്നതിൽ നിന്നും, നിങ്ങളുടെ നാവുകളെ
നിയന്ത്രിക്കുവിൻ. രഹസ്യസംഭാഷണം
വൃഥാവാകയില്ല. (പ്രത്യാഘാതമുണ്ടാകും)
വ്യാജം പറയുന്ന വായ് ആത്മാവിനെ
നശിപ്പിക്കും. നിങ്ങളുടെ വാസത്തിലെ 12
തെറ്റുകൊണ്ട് മരണം വരുത്തരുത്. നിങ്ങ
ളുടെ കൈകളുടെ പ്രവർത്തനം മൂലം
നാശമാകുന്ന ദുർഭിക്ഷതയിലും വീഴരുത്.
എന്തെന്നാൽ ദൈവം മരണത്തെ സൃഷ്ടി
ച്ചിട്ടില്ല. ജീവനുള്ളവരുടെ മരണം ആഗ്ര 13
ഹിക്കുന്നുമില്ല. പ്രത്യുത എല്ലാം ഉണ്ടാ 14
യിരിക്കുവാൻ വേണ്ടിയത്രെ താൻ സൃഷ്ടി
ച്ചത്. ലോകത്തിലെ ജനനത്തിൽ ജീവ
നാണുള്ളത്. മരണവിഷം ഇല്ല. പാതാള
ത്തിന് ഭൂമിമേൽ അധികാരമില്ല. നീതി
എന്നത് മരണമില്ലാത്തതാകുന്നു. ദുഷ്ട 15
ന്മാർ അവരുടെ വാക്കുകളും പ്രവൃത്തി
കളും വഴിയായി അതിനെ (മരണത്തെ)
വിളിച്ചുവരുത്തി. അതിനെ സ്നേഹിതൻ
എന്നു കരുതി അതുമായി സഖ്യം ചെയ്തു;
നശിച്ചുപോയി. അതിനോട് ഓഹരിക്കാരാ
കുവാൻ അവർ യോഗ്യരാകുന്നു.

അദ്ധ്യായം 2

അവർ സ്വയം ഇങ്ങനെ പറഞ്ഞു: അവർ 1
ശരിയായ വിധത്തിൽ ചിന്തിച്ചില്ല: (നമ്മുടെ
ജീവിതം അല്പകാലത്തേക്കുള്ളതും ക്ലേശ
സമ്പൂർണ്ണവുമാണ്. മനുഷ്യൻെറ നിര്യാ
ണത്തിന് ചികിത്സയൊന്നുമില്ല. പാതാള 2
ത്തിൽ നിന്നും അഴിച്ചു വിടപ്പെട്ട ഒരുവനും
കാണപ്പെട്ടിട്ടില്ല. നമ്മുടെ ജനനം പെട്ടെ
ന്നാണ്. കുറെ കഴിഞ്ഞ് നാം ഉണ്ടായിരു
ന്നിട്ടേ ഇല്ല എന്ന വിധത്തിൽ നാം തിരികെ
പോകും. നമ്മുടെ മൂക്കിലെ ശ്വാസം പുക 3
യാണ്. വാക്ക് എന്നതോ, നമ്മുടെ ഹൃദയ
ത്തെ തീപ്പൊരിപോലെ ജ്വലിപ്പിക്കുന്ന
താണ്. അതു കെട്ടു കഴിഞ്ഞാലോ ശരീരം
ചാരം പോലെയത്രെ. ആശ്വാസം ശൂന്യമായ

ɹായു പോലെ ചിന്തപ്പെടും. കുറെക്കഴിഞ്ഞു
ാമ്മുടെ പേരുതന്നെ വിസ്മൃതമാകും.
ാമ്മുടെ പ്രവർത്തനങ്ങളെ ആരും സ്മരി
യെുമില്ല. നമ്മുടെ ജീവിതം മേഘശകലം
പാലെ കടന്നു പോകും. സൂര്യകിരണമേറ്റ്,
വയിലിൻെറ ചൂടേറ്റു അലിഞ്ഞു പോകുന്ന
ടൽമഞ്ഞു പോലെ അതു കടന്നു
ാകും. മാഞ്ഞു പോകുന്ന നിഴൽ പോലെ
ത്രെ നമ്മുടെ ജീവിതം. നമ്മുടെ നിര്യാ
ത്തിന് ചികിത്സയില്ല. അതു മുദ്രയിടപ്പെ
ാണ്. തിരികെ വരുന്നവൻ ആരുമില്ല.
കയാൽ വരുവിൻ, ഇപ്പോഴത്തെ വിശി
ടവസ്തുക്കൾ കൊണ്ട് ആഹ്ലാദിക്കാം.
മുടെ യൗവനത്തിൽ ഈ സൃഷ്ടി
ളക്കൊണ്ട് താല്പര്യാനുസരണം
ുമാറാം. മേൽതരം വീഞ്ഞും സുഗന്ധ
പനങ്ങളുംകൊണ്ട് മദിക്കാം. ഭൂമിയിലെ
ഷ്പങ്ങൾ വിട്ടുകളയേണ്ട. അതു വാടി
കുന്നതിനു മുമ്പേ റോസാപുഷ്പങ്ങൾ
ാണ്ട് നമുക്കു മകുടം ചൂടാം! നമ്മുടെ
ദ്ധക്യംവരെ നാം ആരും സുഗന്ധവർഗ്ഗം
ാതെയിരിക്കേണ്ട. നമ്മുടെ ആഹ്ളാദ
ൻെറ സുഗന്ധം എല്ലായിടത്തും നമുക്കു
ഷിപ്പിക്കാം. എന്തെന്നാൽ ഇതാണു
ടെ ഓഹരി! ഇതാണു നമ്മുടെ അവ
ം!
ീതിമാനായ ദരിദ്രൻെറ മേൽ നമുക്ക്
ിപ്പെടാം. വിധവമാരോടും അനാഥ
ും നമുക്കു സഹതാപമേ തോന്നരുത്.
ാവൃദ്ധനെ നാം ബഹുമാനിക്കേണ്ട.
ടെ ശക്തിതന്നെ നമ്മുടെ നീതിയുടെ
ണം. എന്തെന്നാൽ ദുർബ്ബലൻ,
ഹീനനെപ്പോലെ ശാസിക്കപ്പെടുന്നു.
മാനെ, പതിയിരുന്ന് നമുക്ക് ആക്ര
ം. അവൻ നമ്മിൽ സന്തുഷ്ടനല്ല.
ൻ നമ്മുടെ പ്രവർത്തനങ്ങൾക്കു
ുനിൽക്കുന്നു. പ്രമാണാനുസൃതമായ
ൻെറ പ്രവർത്തനങ്ങളാൽ അവൻ
അപമാനിക്കുന്നു. നമ്മുടെ അക്ര
ൻെറ തെറ്റുകൾ അവൻ നമ്മെ
സ്മരിപ്പിക്കുന്നു. അവനിൽ ദൈവി
ാനമുണ്ടെന്നാണ് അവൻ ഭാവിക്കു
താൻ ദൈവത്തിൻെറ മകനാണെന്ന്
സ്വയം പറയുന്നു. നമ്മുടെ ചിന്ത
അവൻ ശാസിക്കുന്നു! അവനെ
നതുപോലും നമുക്കു ഭാരമാണ്.
ൻെറ ജീവിതം മറ്റുള്ളവരുടെതിൽ
വ്യത്യസ്തമത്രെ. അവൻെറ മാർഗ്ഗ
വ്യത്യസ്തം. വെറും അശുദ്ധരായി
അവൻ നമ്മെ വിചാരിക്കുന്നത്.

അശുദ്ധിയിൽനിന്നെന്നവണ്ണം നമ്മുടെ
വഴികളിൽ നിന്നും അവൻ ദൂരെ മാറുന്നു.
നീതിമാൻെറ വഴികളും അവൻെറ അന്ത്യ
വും വാഴ്ത്തപ്പെട്ടത് എന്നവൻ പറയുന്നു.
അവൻെറ പിതാവ് ദൈവമാണ് എന്ന്
അവൻ പ്രശംസിക്കുന്നു. അവൻെറ വാക്കു 17
കൾ സത്യമോ എന്നു നമുക്കു നോക്കാം.
അവൻെറ നിര്യാണത്തിൽ നമുക്കു
പരീക്ഷിച്ചു നോക്കാം. അവൻെറ നീതിമാൻ
ദൈവത്തിൻെറ പുത്രൻ ആണെങ്കിൽ, താൻ 18
അവനെ സ്വീകരിക്കും. അവന്നെതിരു
നിന്നവരുടെ കൈകളിൽ നിന്നും അവനെ
രക്ഷിക്കുമല്ലോ. അപമാനവും പീഡനവും
കൊണ്ട് നമുക്കവനെ ചോദ്യം ചെയ്യാം.
അവൻെറ വിനീതഭാവനത്തിൻെറ മേന്മ 19
നമുക്കറിയുകയും ചെയ്യാമല്ലോ. അവനിൽ
തിന്മ ഇല്ലയോ എന്നു നമുക്കു പരിശോ
ധിക്കാം. അവനെ പരസ്യമായ മരണത്തിനു
നമുക്കു വിധിക്കയും ചെയ്യാം. അവൻെറ
വാക്കുകൾ നിമിത്തം അവൻമേൽ ചോദ്യ
മുണ്ടാകും.

ആ ബുദ്ധിഹീനർ ഇങ്ങനെ ചിന്തിച്ച്; 20
തെറ്റിപ്പോയി. അവരുടെ തിന്മ അവരെ
അന്ധരാക്കിക്കളഞ്ഞു. അവർ ദൈവ
ത്തിൻെറ രഹസ്യങ്ങൾ അറിഞ്ഞില്ല. പുണ്യ 21
മുള്ള പ്രതിഫലം അവർ പ്രത്യാശിച്ചില്ല.
നിർമ്മലരായ വൃദ്ധരുടെ ആത്മാക്കളെ 22
അവർ മനസ്സിലാക്കിയില്ല. എന്തെന്നാൽ 23
ദൈവം നാശമില്ലാത്തവനായി സൃഷ്ടിച്ചു.
തൻെറ സദൃശത്തിൻെറ പ്രതിഛായയിൽ
അവനെ മനഞ്ഞു. ആകൽകറുസായുടെ 24
അസൂയ നിമിത്തം മരണം ലോകത്തിൽ
കടന്നു. അവൻെറ വിഭാഗത്തിൽപെട്ടവർ
അവനെ (മനുഷ്യനെ) പരീക്ഷിക്കുന്നു.

അദ്ധ്യായം 3

നീതിമാന്മാരുടെ ആത്മാവ് ദൈവ 1
തൃക്കരങ്ങളിലത്രെ. ഒരു ദണ്ഡനവും അവരെ
സമീപിക്കയില്ല. അവർ മരിച്ചു പോയതായി 2
ഭോഷന്മാർ കരുതി. അവരുടെ നിര്യാണം 3
ദോഷമായും നമ്മുടെ അടുക്കൽ നിന്നുള്ള
അവരുടെ പുറപ്പാട് സങ്കടകരമായുമാണ്
അവർ വിചാരിച്ചത്. എന്നാൽ ആ നീതി 4
മാന്മാരാകട്ടെ സമാധനത്തിൽ ആകുന്നു.
മനഷ്യദൃഷ്ടിയിൽ അവർ ശിക്ഷിക്കപ്പെട്ട
വർ എന്നു തോന്നിയാലും അവരുടെ പ്രത്യാ
ശ ജീവസമ്പൂർണ്ണമാണ്. അല്പകാല 5
ത്തേക്കു താൻ അവരെ പരിശോധിച്ചു.
അല്പ കാലത്തേക്ക് അവർ ശിക്ഷണം
അനുഭവിച്ചു. അത്യധികമായി അവർ

6 അവകാശിക്കും. എന്തെന്നാൽ ദൈവം
അവനെ പരിശോധിച്ചു. അവർ തനിക്കു
കൊള്ളാവുന്നവർ എന്നു താൻ കണ്ടെത്തി.
ഉലയിൽ സ്വർണ്ണം എന്നപോലെ താൻ
7 അവരെ പരിശോധിച്ചു. ദഹനബലിപോലെ
താൻ അവരെ സ്വീകരിച്ചു. തക്കകാലത്ത്
പരിശോധനയുണ്ടാകും. വൈക്കോലിൽ
തീപ്പൊരി എന്നതുപോലെ അവർ പടരും.
8 നീതിമാന്മാർ ദുഷ്ടന്മാരുടെ ഇടയിലൂടെ
ധാവനംചെയ്യും. ജാതികൾ സന്തോഷിക്കും.
9 ജനങ്ങൾ ആഹ്ലാദിക്കും, ദൈവം അവരുടെ
മേൽ എന്നേക്കും വാഴും. അവനിൽ പ്രത്യാ
ശിക്കുന്നവർ സത്യം തിരിച്ചറിയും. വിശ്വസി
ക്കുന്നവർ സ്നേഹത്തോടെ അവനിൽ
വസിക്കും. തൻെറ കൃപയും കരുണയും
തൻെറ തെരഞ്ഞെടുക്കപ്പെട്ടവർക്ക് അവൻ
നൽകും. തൻെറ പരിശുദ്ധന്മാരുടെ മേൽ
തൻെറ പ്രവർത്തനവും (സന്ദർശനവും)
10 ഉണ്ടായിരിക്കും. ദുഷ്ടന്മാരോ, അവരുടെ
ചിന്തകൾക്കനുസരിച്ച് അപമാനം പ്രാപി
ക്കും. അവർ കർത്താവിനെ നിരസിക്കു
കയും അവൻെറ വിശുദ്ധരിൽനിന്നകന്നു
11 പോകയും ചെയ്തവരല്ലോ. വിജ്ഞാനവും
ശിക്ഷണവും അവഗണിക്കുന്നവൻ അരി
ഷ്ടനും, അവൻെറ ആശ വ്യർഥവുമാകുന്നു.
അവരുടെ പ്രയത്നങ്ങളിൽ പരിജ്ഞാനമില്ല.
അവരുടെ പ്രവർത്തനങ്ങൾ അഭിവൃദ്ധി
12 പ്പെടുന്നതുമില്ല. അവരുടെ സ്ത്രീകൾ
ജ്ഞാനമുള്ളവരല്ല. അവരുടെ മക്കളോ
ദുഷ്ടരും, സന്തതികൾ ശാപഗ്രസ്തരു
13 മത്രെ. അശുദ്ധയാകാത്തവളും പാപപത
നത്തിൻെറ ശയ്യ അറിയാത്തവളുമായ
വന്ധ്യയാണ് ഭേദം. (ദൈവം) ആത്മാക്കളെ
14 പരിശോധിക്കുമ്പോൾ അവൾ ഫലം
പ്രാപിക്കും. തൻെറ കരങ്ങൾ കൊണ്ട് പ്രമാ
ണലംഘനമായി ഒന്നും ചെയ്തിട്ടില്ലാത്ത
വനും, ദൈവത്തിനെതിരെ ദുരാലോചന
ചെയ്തിട്ടില്ലാത്തവനുമായ ഷണ്ഡനും,
അവൻെറ നന്മയ്ക്കും വിശ്വസ്തയ്ക്കു
മായി, മേൽതരമായ കൃപയും ദൈവാലയ
ത്തിൽ മോഹനീയ സ്ഥാനവും നൽക
15 പ്പെടും. അതായതു ഉത്തമമായ പ്രയത്ന
ത്തിന് വിശിഷ്ടമായ പ്രതിഫലം. പരിപാ
16 കതയുടെ വേര് അറ്റു പോകയില്ല. വ്യഭി
ചാരികളുടെ മക്കൾ കിരീടം ചൂടുവാൻ
(വിവാഹിതരാകുവാൻ) ഇടയാകുകയില്ല.
പ്രമാണം ലംഘിച്ചുള്ള ശയനത്തിൽ നിന്നു
17 ള്ള സന്തതി നശിച്ചുപോകും. ദീർഘകാലം
അവർ ജീവിച്ചാലും ആരും അവരെ കാര്യ
മായി ഗണിക്കയില്ല. അവരുടെ വാർദ്ധക്യ
ത്തിൻെറ അന്ത്യവും അപമാനമായിരിക്കും.
പെട്ടെന്നാണു മരണമെങ്കിലും അവർക്കു
പ്രത്യാശയോ, നിശ്ചിത (വിധി) ദിവസ
ത്തിൽ ആശ്വാസമോ ഉണ്ടായിരിക്കയില്ല.
അധർമ്മികളുടെ തലമുറയുടെ അന്ത്യം
ക്ലേശകരമായിരിക്കും (കൈപ്പേറിയതായി
രിക്കും)

അദ്ധ്യായം 4

മക്കളില്ലെങ്കിലും നന്മയോടെ (മഹത്വ
ത്തോടെ) ജീവിക്കുന്നതത്രെ നല്ലത്.
എന്തെന്നാൽ ആ ജീവിതത്തിൻെറ സ്മരണ
ദൈവസന്നിധിയിലും മനുഷ്യരുടെ
മുമ്പിലും എന്നും പ്രസിദ്ധമായിരിക്കും. നന്മ
നിലകൊള്ളുമ്പോൾ മനുഷ്യർ അതിനെ
സ്മരിക്കുന്നു. മാറിപ്പോകുമ്പോഴോ അതി
ന്നായി കാംക്ഷിക്കുന്നു. ഈ ലോകത്തിൽ
അതു അലംകൃതമായി കിരീടമണി
ഞ്ഞിരിക്കുന്നു. കളങ്കമറ്റവരുടെ പോരാ
ട്ടത്തിൽ അതു വിജയിച്ചുമിരിക്കുന്നു.
ദുഷ്ടന്മാരുടെ സന്താനസമൃദ്ധികൊണ്ട്
പ്രയോജനമില്ല. അന്യരിൽ നിന്നു ജാതരായ
സന്താനങ്ങൾക്ക് ആഴത്തിൽ വേരൂന്നു
വാനും ഉറച്ചുനിൽപ്പാനും സാദ്ധ്യമല്ല.
അല്പകാലശാഖകളുണ്ടായാലും വേരിനു
ഉറപ്പില്ലായ്കയാൽ, അവ കാറ്റത്ത് ഉലഞ്ഞ്
ഉന്മൂലം മറിഞ്ഞു വീഴും. അവയുടെ ചില്ല
കൾ തകർന്നു പോകും. അവയുടെ ഫല
ങ്ങളും നശിക്കും. അവ തിന്നാൻ കൊള്ളാ
വുന്നവയായില്ല; ഒന്നിനും കൊള്ളാത്തവയു
മത്രെ. അവിഹിതവേഴ്ചയിലുണ്ടായ
സന്താനങ്ങൾ, ദൈവം ചോദ്യം ചെയ്യുന്ന
നാളിൽ അവരുടെ മാതാപിതാക്കൾക്കെ
തിരെ തിന്മപ്പെട്ട സാക്ഷികളായിരിക്കും.

നീതിമാനായ മനുഷ്യൻ പെട്ടെന്നു
മരിച്ചാലും, അവൻ ആശ്വാസത്തിൽ ആയി
രിക്കും. ദീർഘായുസ്സോടിരുന്നു മരിച്ചാലും
അവൻ ബഹുമാനത്തിൽ കാണപ്പെടും.
ദീർഘായുസ്സും ബഹുമാനവും കാല
ദൈർഘ്യത്തെ ആശ്രയിച്ചല്ല. സംവത്സര
ങ്ങളുടെ എണ്ണംകൊണ്ടുമല്ല. നരച്ച മുടി
മനുഷ്യൻെറ വിവേകമാണ്. ആശ്വാസ
ത്തോടുള്ള ജീവിതമാണ് വാർദ്ധക്യ
ത്തിൻെറ താങ്ങ്. അവൻ ദൈവത്തെ
പ്രസാദിപ്പിച്ചിരുന്നതിനാൽ കരുണ പ്രാപി
ച്ചു. അവൻ പാപികളുടെ മദ്ധ്യെ ജീവി
ച്ചിരുന്നതിനാൽ അവനെ മാറ്റി. തിന്മ
അവൻെറ ചിന്തയെ വ്യത്യാസപ്പെടുത്താ
തിരിപ്പാനും അവൻെറ നാവിനെ വഞ്ചന
തെറ്റിക്കാതിരിക്കുവാനുമായി അവൻ

ടുക്കപ്പെട്ടു. തിന്മനിറഞ്ഞ വൈരാഗ്യം
ന്മകളെല്ലാം നശിപ്പിക്കും. മോഹത്തിൻെറ
ലനം നല്ല മനസ്സിനെ വഷളാക്കും.
ാല്പകാലം കൊണ്ട് അലംകൃതനായ
ാവൻ (നീതിമാൻ) അനേക കാലം
ൂർത്തിയാക്കി. അവൻെറ ആത്മാവിൽ
ദവം പ്രസാദിച്ചു. എന്തെന്നാൽ അവൻ
ീതിമാനായിരുന്നു. അതിനാൽ തിന്മയുടെ
ധ്യത്തിൽനിന്നം പെട്ടെന്ന് അവനെ
ടുത്തുയർത്തി. ജാതികൾ ഇതുകണ്ടെ
ലും അവർ മനസ്സിലാക്കിയില്ല. എന്തു
ാണ്ടാണ് ദൈവവിധി ഇങ്ങനെ എന്നും,
ൻെറ കൃപയും കരുണയും തൻെറ വിശു
ിലും തൻെറ പ്രവർത്തനം തൻെറ
ഞ്ഞെടുക്കപ്പെട്ടവരുടെ മേലും ഉണ്ട്
നും അവർ ഹൃദയത്തിൽ ഗ്രഹിച്ചില്ല.
ൻ തൻെറ പുണ്യവാന്മാർക്കു നീതിപാ
യെയും ദുഷ്ടന്മാർ ജീവിച്ചിരിക്കെത്തന്നെ
വരെ നശിപ്പിക്കുകയും ചെയ്യുന്നു.
ല്പപ്രായത്തിൽ നിര്യാണം പ്രാപി
ന പൈതങ്ങൾ (യുവാക്കൾ) അധർമ്മി
യ വയോവൃദ്ധരേക്കാൾ നല്ലവർ. അവർ
ിമാൻെറ മരണം കാണും. എന്നാൽ
വം അവനെക്കുറിച്ച് ആലോചിച്ചത്
തന്നും, ദൈവം അവനെ എന്തിനായി
ൃകം കരുതി എന്നും അവർ മനസ്സിലാ
യില്ല. അവർ ഇതു കാണും, പക്ഷേ
നെ നിരസിക്കും. ദൈവം അവരെ
ഹസിക്കും. കുറെ കഴിഞ്ഞ് അവർക്കു
ാനപതനമുണ്ടാകും. മരിച്ചവരുടെ
എന്നേക്കും നിന്ദാപാത്രങ്ങളുമാകും.
ര നിശ്ശബ്ദരുമാക്കും. അവരുടെ
ത്തറയിൽ നിന്ന് അവർ ഇളകിപ്പോകും.
ാനം അവർ വരണ്ടുപോകും. നാശ
രയായും തീരും. അവരുടെ ഓർമ്മ
ുപോകും.അവരുടെ അപരാധ
ട ആലോചനകളിലേക്ക് അവൻ
ിക്കും. അവരുടെ പ്രമാണലംഘന
അവരെ പരസ്യമായി കുറ്റപ്പെടുത്തും.

അദ്ധ്യായം 5

പ്പോൾ പുണ്യവാനോ, അവനെ
ിച്ചവരുടെയും അവൻെറ പരിശ്രമ
ിരസിക്കയും ചെയ്തവരുടെ നേരേ
മഹാധൈര്യത്തോടെ നില
ും. അവർ അവനെ കണ്ട്, മഹാഭീതി
ും. അവൻെറ തേജസ്സു കാണു
മ്പോൾ അവർ അത്ഭുതം കൂറും. അവർ
പശ്ചാത്തപിച്ചും നെടുവീർപ്പിട്ടും കൊണ്ട്
പരസ്പരം പറയും: ഇവനെയാണ് ഇത്രയും
കാലം നാം പരിഹസിച്ചിരുന്നത്. ഭ്രാന്തർക്ക
പമാനവുമാക്കിയത്. ഇവൻെറ ജീവിതമൊ, 4
ഭ്രാന്താണെന്നത്രെ നാം വിചാരിച്ചിരുന്നത്.
അവൻെറ മരണം ബഹുമാനമില്ലാത്ത
തെന്നും നാം വിചാരിച്ചു. ഇവനിപ്പോൾ 5
എങ്ങനെ ദൈവത്തിൻെറ മക്കളുടെ കൂട്ട
ത്തിൽ ഗണിക്കപ്പെട്ടു? അവൻെറ അവ
കാശം വിശുദ്ധരോടുകൂടെയും! നാം സത്യ 6
മാർഗ്ഗത്തിൽ നിന്നും തെറ്റിപ്പോയിരുന്നു;
നീതിയിൻ ശോഭ നമ്മെ പ്രശോഭിപ്പിച്ചില്ല.
സൂര്യൻ നമുക്കായി ഉദിച്ചില്ല. നമ്മുടെ 7
വഴികൾ പാപങ്ങളും നാശവും കൊണ്ടു നിറ
ഞ്ഞിരുന്നു. ആരും നടന്നിട്ടില്ലാത്ത വിജന
പ്രദേശത്തിലുടെയാണു നാം സഞ്ചരിച്ചത്.
ദൈവത്തിൻെറ വഴി നാം അറിഞ്ഞില്ല. 8
നമ്മുടെ നിഗളം നമുക്ക് എന്ത് അവകാശം
(പ്രയോജനം) വരുത്തി? വെറും നിഴൽ 9
പോലെ ഇവയെല്ലാം കടന്നു പോകുന്നു,
മാറിപ്പൊയ്ക്കൊണ്ടിരിക്കുന്ന വാർത്ത
പോലെയും, സമുദ്രത്തിലെ ഓളത്തിലൂടെ
പോകുന്ന നൗക പോലെയും തന്നെ. അതു 10
കടന്നു പോയിക്കഴിഞ്ഞാൽ അതിൻെറ
പാത അറിയപ്പെടുന്നില്ല. ഓളങ്ങളുടെ പാത
യിൽ അതിൻെറ പ്രത്യേക വഴി ഇല്ലല്ലോ.
പറക്കുന്ന പക്ഷിയുടെ മാർഗ്ഗം വായുവിൽ 11
തെളിഞ്ഞു നിൽക്കുകയില്ല. അതിൻെറ
ചിറകടിക്കുമ്പോൾ മന്ദമാരുതനെ അതു
ചലിപ്പിക്കുന്നു; മുറിക്കുന്നു. അതിൻെറ
പക്ഷങ്ങളുടെ പറക്കലിൻെറ ശക്തികൊണ്ട്
വായുവിനെ അതു വിഭാഗിക്കുന്നു. അതിൻെറ
ചിറകടിക്കൽ മൂലം അത് സഞ്ചരിക്കുന്നു.
അതു ഏതുവഴി കടന്നു പോയി എന്ന
റിയപ്പെടുന്നുമില്ല! അതിൻെറ വഴിയിലേക്കു
വരാൻ ആർക്കും സാദ്ധ്യവുമല്ല. വായുവിനെ 12
കുത്തിത്തുളയ്ക്കുന്ന രീതിയിൽ അസ്ത്രം
പായുന്നു. എന്നാൽ തൽക്ഷണം തന്നെ
വായു അതിൻെറ യഥാസ്ഥാനം പ്രാപി
ക്കുന്നു. അതിൻെറ വഴിയും അറിയപ്പെടു 13
ന്നില്ല. ഇങ്ങനെ നാമും ജനിച്ചു- മരിച്ചു, നല്ല
അടയാളമൊന്നും കാണിപ്പാൻ നമുക്കു
സാധിച്ചില്ല. പ്രത്യുത നമ്മുടെ തിന്മയാൽ
നാം നശിച്ചു! പാതാളത്തിൽ പാപികൾ 14
ഇങ്ങനെയെല്ലാം പറഞ്ഞു. എന്തെന്നാൽ
അധർമ്മികളുടെ പ്രത്യാശ; കാറ്റുപാറി

മരണമടഞ്ഞ നീതിമാൻ ജീവിച്ചിരിക്കുന്ന വഷളരെ കുറ്റം വിധിക്കും എന്നു ചില ത്തനങ്ങളിൽ കാണുന്നുണ്ട്. എന്നാൽ സുറിയാനിയിൽ "ദോ എൻല്സാദീക്കെ-ഉ മൗ ബേദ് ല്റാശീഏ കാദ് ഹായീൻ"

15 ക്കുന്ന പൊടിപോലെയും ശക്തിയായ
കാറ്റു നീക്കിക്കളയുന്ന പതിരു പോലെയും
കാറ്റുപായിക്കുന്ന പുകപോലെയുമത്രെ.
വഴിയാത്രക്കാരൻെറ ഒരു ദിവസത്തിൻെറ
ഓർമ്മപോലെ അതു മാറിപ്പോകും.
16 പുണ്യവാന്മാരോ എന്നേക്കും ജീവനു
ള്ളവരാകുന്നു. അവരുടെ പ്രതിഫലം
ദൈവസന്നധിയിൽ ആകുന്നു. അവരുടെ
17 ചിന്തയും ദൈവത്തിൽ. തന്മൂലം അവർ
മഹത്വമുള്ള രാജത്വവും മനോഹരമായ
കിരീടവും ദൈവതൃക്കരങ്ങളിൽ നിന്ന്
പ്രാപിക്കും. തൻെറ വലങ്കൈ, തൻെറ ഭുജം
18 അവരുടെ മേൽ ആവസിക്കും. അവരുടെ
നിമിത്തമായി തൻെറ വൈരാഗ്യത്താൽ
എല്ലാവരേയും ആയുധമണിയിക്കും. തന്നെ
വെറുക്കുന്നവരുടെ ഉന്മൂലനാശത്തിന്നായി
തന്നോടു കൂടെ സർവ്വസൃഷ്ടിയേയും
19 കവചമണിയിക്കും. അവനെ നീതിയാകുന്ന
'പോർച്ചട്ട' ധരിപ്പിക്കും. വ്യാജമില്ലാത്ത
നീതിയാകുന്ന പടത്തൊപ്പി അവൻെറ
ശിരസ്സിന്മേൽ വെക്കും. അജയ്യമായ പുണ്യ
മാകുന്ന പരിചയും അവൻ എടുക്കും.
20 അവൻെറ ക്രോധമാകുന്ന വാൾ അവൻ
21 അത്ഭുതകരമായി ഊരിയെടുത്ത് വഷള
ന്മാർക്കെതിരായി അവനും അവനോടു
22 കൂടെ ലോകമെല്ലാം പടവെട്ടും. നീതിമാ
ന്മാരുടെ അസ്ത്രങ്ങൾ, മിന്നൽ പോലെ
മേഘവില്ലിൽ നിന്നും വർഷിക്കപ്പെടും.
ശിലകൾ പോലെ കൽമഴ അവരുടെ മേൽ
23 വരുത്തും. സമുദ്രജലം അവർക്കെതിരായി
ക്ഷോഭിക്കും. നദികൾ ഉഗ്രമായി അവരെ
24 മുക്കിക്കളയും. ശക്തിയേറിയ ഭയങ്കരമായ
കാറ്റ് അവരുടെമേൽ വരും, കൊടുങ്കാറ്റു
പോലെ അവരെ പായിക്കും. അധർമ്മി
കളുടെ ഭൂമിയെല്ലാം നശിപ്പിക്കും. അനീതി
ചെയ്യുന്ന ബലവാന്മാരുടെ ഭരണവും
അവരുടെ സിംഹാസനങ്ങളും അവൻ മറി
ച്ചിടും.

അദ്ധ്യായം 6

1 വിജ്ഞാനം ശക്തിയേക്കാൾ വിശി
2 ഷ്ടമാകുന്നു. ആകയാൽ ഈ ആലോച
നകൾ കേട്ടുഗ്രഹിച്ചുകൊള്ളണം. ഭൂസീമ
കൾവരെയുള്ള ന്യായാധീശന്മാരെ, പഠിച്ചു
3 കൊള്ളുക. വളരെയേറെ ആദരിക്കുന്നവരും
ജാതികളുടെ സമൂഹങ്ങളിൽ മഹിമയുള്ള
വരുമെ ശ്രദ്ധിപ്പിൻ. എന്തെന്നാൽ നിങ്ങളു
4 ടെ ആധിപത്യം ദൈവദത്തമത്രെയെന്നും,
നിങ്ങളുടെ പ്രാബല്യം ഉയരത്തിൽ നിന്നാ
ണെന്നും, ഗ്രഹിക്കുവിൻ. ദൈവം നിങ്ങ
ളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നു.
നിങ്ങളുടെ ചിന്തകൾ ചുഴന്നു നോക്കുന്നു:
എന്തെന്നാൽ നിങ്ങൾ തൻെറ രാജത്വ
ത്തിൻെറ ശുശ്രൂഷർ അല്ലോ. നിങ്ങളോ
നേരായി ന്യായപാലനം ചെയ്തില്ല. തൻെറ
നിയമം പാലിച്ചില്ല. നമ്മുടെ ദൈവത്തിൻെറ
ഇംഗിതാനുസരണം നിങ്ങൾ നടന്നതുമില്ല.
താനോ ഭയാനകമായും ശീഘ്രമായും
നിങ്ങൾക്കെതിരെ എഴുന്നേൽക്കും. നേതാ
ക്കളുടെമേൽ ഉഗ്രമായ ശിക്ഷാവിധി
യുണ്ടാകും. വിനീതനായ രാജാവ് കരു
ണയ്ക്കു സമീപസ്ഥൻ. പ്രബലന്മാർ
ശക്തിയായിത്തന്നെ ചോദ്യം ചെയ്യപ്പെടും.
എന്തെന്നാൽ സർവ്വനാഥനായവന് മുഖ
പക്ഷമില്ല. വലിയവനെ തനിക്കു ശങ്കയില്ല.
താനല്ലോ വലിയവനേയും ചെറിയവനേയും
നിർമ്മിച്ചത്. എല്ലാവരെക്കുറിച്ചും ഒരു
പോലെ താൻ കരുതുന്നു. ശക്തനെ
കർശനമായും താൻ പരിശോധിക്കും.
ദുർഭരണക്കാരെ, നിങ്ങളോടാണ് എൻെറ
വാക്കുകൾ. നിങ്ങൾ വിജ്ഞാനം അഭ്യ
സിക്കണം; നിങ്ങൾ വീണുപോകരുത്.
വിശുദ്ധി ആഗ്രഹിക്കുന്നവർ വിശുദ്ധി
യോടെ വിശുദ്ധീകൃതരാക്കപ്പെടും. അതി
നെ അഭ്യസിക്കുന്നവർ, മഹിമ കണ്ടെത്തും.
ആകയാൽ എൻെറ വചനങ്ങൾക്കായി
ആഗ്രഹിക്കുവിൻ- അവയെ സ്നേഹിപ്പിൻ,
നിങ്ങൾക്കു നല്ല അഭ്യസനം ലബ്ധമാകും.
വിജ്ഞാനം പ്രശോഭിതവും അക്ഷയ
വുമാകുന്നു. അതിനെ സ്നേഹിക്കുന്ന
വർക്കു അതു വളരെ എളുപ്പം പ്രത്യക്ഷ
മാകും. അതിനെ അന്വേഷിക്കുന്നവർക്കു
അതു കാണപ്പെടും. അതിനെ തിരയുവാനാ
ഗ്രഹിക്കുന്നവർക്കു അതു വെളിപ്പെടും.
അതിനെക്കണ്ടെത്തുവാൻ താല്പര്യപൂർവ്വം
മുന്നോട്ടിറങ്ങുന്നവന് അധികം പ്രയത്നിക്കേ
ണ്ടിവരികയില്ല. അത് അവൻെറ വാതിൽ
ക്കൽ തന്നെ നിലകൊള്ളുന്നതായി അവൻ
കാണും. വിജ്ഞാനം അലംകൃതമാണ് എന്ന്
ഓരോരുവനും അതിനെക്കുറിച്ചു ചിന്തി
ക്കണം. അതിന്നായി ജാഗരിച്ചിരിക്കുന്നവർ
മനഃക്ലേശമില്ലാത്തവരായി ഭവിക്കും. എന്തെ
ന്നാൽ അതിനു കൊള്ളാവുന്നവരെ അതു
തന്നെ വന്നു സന്ദർശിച്ചുകൊള്ളും. എപ്പോ
ഴും അവരുടെ പാതകളിൽ അവർക്കു അതു
പ്രത്യക്ഷമാകും. എല്ലാ ചിന്തനങ്ങളിലും
അതു അവരെ എതിരേൽക്കും. അതിൻെറ
ഏറ്റം വലിയ ആഗ്രഹം സത്യവും ശിക്ഷ
ണവുമാകുന്നു. ശിക്ഷണത്തിൻെറ ലക്ഷ്യ
മോ സ്നേഹം. അതിൻെറ നിയമം പാലിക്കു

ന്നതാണ് അതിനോടുള്ള സ്നേഹം. അതി
ന്റെ നിയമത്തിന്റെ പരിജ്ഞാനമാണ്
അക്ഷയമായ സത്യം. അക്ഷയമായ
പ്രവർത്തികൾ ദൈവത്തിങ്കലേക്ക് അടുപ്പി
ക്കുന്നു. വിജ്ഞാനത്തോടുള്ള ആവേശം
രാജസ്ഥാനത്തേക്ക് ഉയർത്തുന്നു. നിങ്ങൾ
സിംഹാസനങ്ങളും രാജചെങ്കോലുകളും
ജനത്തിന്റെ ഭരണവും ആഗ്രഹിക്കുന്നുവെ
ങ്കിൽ വിജ്ഞാനത്തെ ആദരിക്കുക. നിങ്ങൾ
എന്നേക്കും വാഴും. എന്താണ് വിജ്ഞാനം?
എങ്ങനെ അത് ഉണ്ടായി. ഞാൻ നിങ്ങളോട്
പറഞ്ഞുതരാം. നിങ്ങളിൽ നിന്ന് രഹസ്യ
ങ്ങൾ ഞാൻ മറച്ചുവെയ്ക്കുകയില്ല.
സൃഷ്ടിക്കുമുമ്പേ മുതൽ ഞാൻ പരി
ശോധിക്കും: അതിനേക്കുറിച്ചുള്ള പരി
ജ്ഞാനം സ്പഷ്ടമായി ഞാൻ പരിശോ
ധിക്കും. സത്യത്തിൽ നിന്നു ഞാൻ മാറു
കയില്ല. അസൂയയോടുകൂടി ഞാൻ വർത്തി
ക്കയുമില്ല. എന്തെന്നാൽ ഇവയൊന്നും
ജ്ഞാനത്തോട് ബന്ധപ്പെട്ടവയല്ല. ജ്ഞാ
നികളുടെ ആധിക്യത്തിലാണ് ലോക
ത്തിന്റെ ജീവൻ. വിജ്ഞാനിയായ
ഭരണാധിപൻ ജനത്തിന് മുമ്പിട്ടു നിൽ
ക്കുന്നു. ആകയാൽ നിങ്ങൾ ജീവനെ
അവകാശമാക്കുവാനായി എന്റെ വചന
ങ്ങളിൽ സുശിക്ഷിതരാകുവിൻ.

അദ്ധ്യായം 7

ഞാനും മരണമുള്ളോരു മനുഷ്യനാണ്.
എല്ലാവരോടും തുല്യനുമാണ്. ആദ്യമനു
ഷ്യന്റെ പുത്രനുമാണ്. ശയനസുഖത്തോ
ടുകൂടിയുള്ള പുരുഷബീജത്താൽ അമ്മ
യുടെ ഉദരത്തിൽ രക്തം മാംസരൂപം പ്രാപി
ച്ച് പത്തു മാസം കൊണ്ട് ജാതനായവ
നാണ് ഞാൻ. ഞാൻ ജാതനായപ്പോൾ
ഞാൻ പൊതുവായ വായു ശ്വസിച്ചു. എല്ലാ
വരെയും പോലെ ഞാനും നിലത്തുകിടന്നു.
എല്ലാവരേയും പോലെ എന്റെ ഒന്നാമത്തെ
ശബ്ദം കരച്ചിലിന്റേതായിരുന്നു. കീറ്റു
തുണികളാൽ ഞാനും പൊതിയപ്പെടുകയും
ചെയ്തവനാണ്. ഇതുപോലല്ലാത്തൊരു
ജനനം ഒരു രാജാവിനോ ഒരധികാരിക്കോ
ഒരിക്കലുമുണ്ടായിട്ടില്ല. ലോകത്തിലേ
ക്കുള്ള എല്ലാവരുടേയും പ്രവേശനവും
അവിടെനിന്നുള്ള പുറപ്പാടും ഒരുപോലെ
യാണയാകുന്നു. തന്മൂലം ഞാൻ പ്രാർത്ഥി
ച്ചു. വിജ്ഞാനത്തിന്റെ ആത്മാവ് എനിക്കു
നൽകപ്പെട്ടു. ഞാൻ വിളിച്ചു. വിജ്ഞാന
ത്തിന്റെ ആത്മാവ് എങ്കലേക്കു വന്നു.
ചെങ്കോലുകളേയും സിംഹാസനങ്ങളേ
യുംകാൾ കൂടുതലായി ഞാൻ അത് ആഗ്ര
ഹിച്ചു. ധനാധിക്യത്തെ അതിനോട് സാമ്യ 9
പ്പെടുത്തിയില്ല. അമൂല്യരത്നങ്ങളോടല്ല
ഞാൻ അതിനെ സാമ്യപ്പെടുത്തിയത്.
സ്വർണ്ണമെല്ലാം കൂടിയാലും അതിന്റെ 10
മുമ്പിൽ അത് വെറും പൂഴിമാത്രം. അതിന്റെ
മുമ്പിൽ പണം വെറും ചെളിമണ്ണു പോലെ
മാത്രം. സൗന്ദര്യത്തേയും സൗഖ്യത്തേയും
കാൾ കൂടുതലായി ഞാൻ അതിനെ സ്നേ
ഹിച്ചു. പ്രകാശത്തിലും വിശിഷ്ടമായി
ഞാൻ അതിനെ തിരഞ്ഞെടുത്തു. വിജ്ഞാ 11
നത്തിന്റെ പ്രകാശം ഒരിക്കലും മങ്ങുന്നില്ല.
അതോടുകൂടി എനിക്ക് സർവ്വസൗഭാഗ്യ
ങ്ങളും സംഖ്യാതീതമായ ധനവും സ്വായ
ത്തമായി. ഇവയെല്ലാം കൊണ്ട് ഞാൻ 12
ആനന്ദതുന്ദിലനായി. ജ്ഞാനമാണ് അവ
യെയെല്ലാം നയിക്കുന്നത്. എല്ലാറ്റിലും
പ്രഥമം അതാണ് എന്നു ഞാൻ അറിഞ്ഞി 13
രുന്നില്ല. വഞ്ചന കൂടാതെ ഞാൻ പഠിച്ചു.
അസൂയകൂടാതെ ഞാൻ അത് തരുന്നു.
വിജ്ഞാനത്തിന്റെ വിഭവങ്ങളെ നിങ്ങളിൽ 14
നിന്നും ഞാൻ മറച്ചു വയ്ക്കയില്ല. അത് 15
മനുഷ്യർക്ക് എത്തിപ്പോകാത്ത കലവറ
യാണ്. അതിനെ സമ്പാദിച്ചവർ ദൈവവു
മായുള്ള മൈത്രി സമ്പാദിച്ചു. ദൈവേഷ്ട 16
പ്രകാരം സംസാരിക്കുവാനും സംസാരി
ക്കപ്പെടുന്നവയെക്കുറിച്ച് വേണ്ടപോലെ
ആലോചിക്കുവാനും ദൈവം എനിക്കു
കൃപനൽകട്ടെ. ദൈവമാണ് വിജ്ഞാന
ത്തിന്റെ നായകൻ. വിവേകികളെ താൻ
തിരുത്തുന്നു. തൃക്കയ്യിലാണ് നാമും നമ്മുടെ
വചനങ്ങളും നമ്മുടെ ജ്ഞാനവും അറിവും
പ്രവർത്തനങ്ങളും താനാണ്, എനിക്കു 17
നിർവ്യാജമായ അറിവു നല്കിയത്. ലോക 18
മെങ്ങനെ ഉണ്ടായി? പദാർത്ഥങ്ങളുടെ
പ്രവർത്തനം കാലങ്ങ ളുടെ ആരംഭം മദ്ധ്യം,
അവസാനം, കാര്യങ്ങളുടെ വ്യത്യസ്തത
കൾ ഓരോ കാലവും എങ്ങനെ പ്രവർത്തി
ക്കുന്നു? സംവത്സരങ്ങൾ എങ്ങനെ പരിഭ്ര
മണം നടത്തുന്നു? നക്ഷത്രങ്ങൾ എങ്ങനെ
നാട്ടിനിർത്തപ്പെട്ടിരിക്കുന്നു? മൃഗങ്ങളുടെ 19
സ്വഭാവം ദുഷ്ടമൃഗങ്ങളുടെ ശൗര്യം,
കാറ്റുകളുടെ ഉഗ്രത മനുഷ്യരുടെ ചിന്തകൾ, 20
സസ്യങ്ങളുടെ വിവിധ ഔഷധവേരുകളുടെ
ശക്തി, ഇങ്ങനെ നിഗൂഢവും പരസ്യ 21
വുമായ എല്ലാക്കാര്യങ്ങളും സകലത്തി
ന്റേയും ശില്പിയായവൻ എന്നെ പഠി
പ്പിച്ചതുമൂലം ഞാൻ അറിഞ്ഞു. വിജ്ഞാ 22
നത്തിൽ വിശുദ്ധ അറിവിന്റെ ഒരാത്മാ
വുണ്ട് അത് ഏകവും സൂക്ഷ്മമായതും

വിവിധത്വവുമുള്ളതും നന്നായി ചലിക്കു
ന്നതും ശ്രേഷ്ഠശബ്ദമുള്ളതും കറയില്ലാ
ത്തതും വിവേകവും സത്യവുമുള്ളതും
23 സംക്ഷിപ്തമല്ലാത്തതും നമ്മയെ സ്നേഹി
ക്കുന്നതും വിവേകമുള്ളതും വഞ്ചനയില്ലാ
ത്തതും പ്രയോജനം വരുത്തുന്നതും
മനുഷ്യരെ സ്നേഹിക്കുന്നതും ശക്തിയേറി
യതും സത്യമായതും ആകുലതയില്ലാ
24 ത്തതും ബലവത്തും സർവ്വശക്തവും
സർവ്വവും പ്രവർത്തിക്കുന്നതും വിവേകമു
ള്ളതും നിർമ്മലവും സർവ്വാത്മാക്കളേയും
പിടിച്ചിരിക്കുന്നതും സൂക്ഷ്മവും പ്രശോ
ഭിതവും എല്ലാ പെരുമാറ്റങ്ങളിലും വിജ്ഞാ
25 നത്തോട് പെരുമാറുന്നതുമാകുന്നു. അതി
ൻെറ നൈർമ്മല്യം മൂലം അത് ദൈവഭക്തി
പ്രാപിക്കുന്നു. സർവ്വാധിപതിയായ ദൈവ
ത്തിൻെറ മഹത്വത്താൽ അത് നില
നില്ക്കുന്നു. അതിൽ വ്യാജമില്ല. തന്മൂലം
അശുദ്ധമായതൊന്നും അതിനുള്ളിൽ വീഴു
26 കയില്ല. പ്രകാശകിരണമാകുന്നു വിജ്ഞാ
നം. അത് അക്ഷയമത്രേ. ദൈവദാസ
ന്മാർക്കെല്ലാം അത് മഹത്വത്തിൻെറ കണ്ണാ
ടിയാകുന്നു. അത് കൃപയുടെ ഛായാ
ചിത്രമാകുന്നു. അത് ഏകവും സർവ്വശ
27 ക്തവും ശാശ്വതവും അത്രേ. അതുമൂല
മാണെല്ലാം നവീകരിക്കപ്പെടുന്നത്. ദൈവ
വത്സലരായ പുണ്യവാന്മാരുടെ ആത്മാക്ക
ളെ തലമുറ തോറും അത് സമാധാന
28 പൂരിതമാക്കുന്നു. പ്രവാചകന്മാരെ ഒരുക്കി
നിർത്തുന്നത് അതാണ്. വിജ്ഞാനം
ആരിൽ ഉണ്ടോ അവരെയാണ് ദൈവം
29 സ്നേഹിക്കുന്നത്. അത് സൂര്യനിലും
കാന്തിയേറിയത്. സർവ്വ നക്ഷത്രമാല
കളിലും വിശിഷ്ടമായത്. അത് പ്രകാശ
ത്തിൽനിന്നുദയം ചെയ്തു. അതിനേക്കാൾ
വിശിഷ്ടവുമാണ്. അതിൻെറ പിന്നിലോ
30 രാത്രിയത്രേ. വിജ്ഞാനത്തിന്മേൽ ഒരു
തിന്മയ്ക്കും മേൽക്കോയ്മയില്ല.

അദ്ധ്യായം 8

1 വിജ്ഞാനം ഒരതിർത്തിയിൽനിന്നു
മറ്റൊരതിർത്തിവരെ നീണ്ടു കിടക്കുന്നു.
സന്തോഷത്തോടെ അത് സകലത്തോടും
2 കൂടെ വ്യാപരിക്കുന്നു. ഞാനിതിനെ സ്നേ
ഹിച്ചു. എൻെറ ബാല്യം മുതൽ ഞാനിതിനെ
അന്വേഷിച്ചു. എനിക്ക് അതിനെ വധുവാ
ക്കണമെന്ന് ഞാനാഗ്രഹിച്ചു. കാരണം
അതിൻെറ സൗന്ദര്യത്തെ ഞാൻ മോഹിച്ചു.
3 അതുമായുള്ള ബന്ധത്തിൽ സന്തോഷവും
ദൈവമഹത്വവുമുണ്ട്.
ദൈവമാണതിൻെറ പിതാവ്. സർവ്വ 4
ശക്തനാണതിൻെറ സുഹൃത്ത്. അത്
ദൈവത്തിൻെറ രഹസ്യസൂക്ഷിപ്പുകാരിയും
ആലോചനക്കാരിയും തൻെറ എല്ലാ
പ്രവൃത്തികളുടേയും തേജസ്സുമത്രേ. ലോക 5
സമ്പാദ്യത്തിൽ ഉത്സാഹം വരുത്തുന്നതാണ്
ധനമെങ്കിൽ സർവ്വവുമുണ്ടാക്കിയ വിജ്ഞാ
നത്തേക്കാൾ വലിയ ധനം എന്തുണ്ട്?
ഒരുവൻ സൂത്രവിദ്യ പ്രവർത്തിക്കുവാൻ 6
ആഗ്രഹിക്കുന്നുവെങ്കിൽ അതിനേക്കാൾ
വലിയ ശില്പി മറ്റാരുണ്ട്. നീതിയെയാണ്
ഒരുവൻ സ്നേഹിക്കുന്നതെങ്കിൽ അവൻ
അതിനുമുമ്പിൽ വിസ്മയനീയനാണ്.
വിജ്ഞാനമാണ് പരിപാകതയെയും നീതി 7
യേയും പ്രാപ്തിയേയും ഉപദേശിച്ചുതരു
ന്നത്. ഭൂമിയിൽ അതിനേക്കാൾ വിശിഷ്ട
മായി മനുഷ്യർക്ക് ഒന്നും തന്നെയില്ല. വളരെ
യേറെ അറിയണമെന്ന് ആഗ്രഹിക്കുന്നവൻ 8
വിജ്ഞാനി. മുൻകാലങ്ങളേയും അവൻ
അറിയുന്നു. ഭാവിയെ അത് അറിയിക്കുന്നു.
വാക്കുകളുടെ പെരുമാറ്റത്തേയും നിഗൂഢ
തകളുടെ ആരംഭത്തേയും അത് അറിയുന്നു.
അടയാളങ്ങളേയും അത്ഭുതങ്ങളേയും
കാലങ്ങളുടേയും സമയങ്ങളുടേയും ഗതി
വിഗതികളേയും അത് അറിയുന്നു. എൻെറ
ബന്ധുവായി ഞാൻ അതിനെ തിരഞ്ഞെ
ടുത്തു. കാരണം അത് എനിക്ക് സത്കാര്യ 9
ങ്ങളുടെ ആലോചന തരുമെന്ന് എനിക്ക
റിയാം. എന്നിൽ നിന്ന് വ്യാകുലതയും
ദുഃഖവും മാറ്റിക്കളയുന്നത് അതാണ്. അനേ 10
കജാതികളിൽ എനിക്ക് മഹത്വമായിരുന്നത്
അതാണ്. എൻെറ ബാല്യത്തിൽ തന്നെ 11
വയോധികരിൽ നിന്ന് അത് എനിക്ക്
ബഹുമാനം നേടിത്തരുകയും വിധിചെയ്യു
വാൻ സൂക്ഷ്മബുദ്ധി നേടിത്തരുകയും
ബലശാലികളുടെ മുമ്പിൽ എന്നെ അത്ഭു
തപുരുഷനാക്കുകയും ചെയ്യും. ഞാൻ 12
മൗനമായിരിക്കുമ്പോൾ അവർ എന്നെ
പ്രതീക്ഷിക്കും. ഞാൻ വായ് തുറക്കുമ്പോൾ
അവർ സൂക്ഷിച്ചു നോക്കിയിരിക്കും. ഞാൻ
സംസാരിക്കുമ്പോൾ അവർ വായ്പൊത്തി
പ്പോകുന്നു. അതുള്ളതു കൊണ്ട് ഞാൻ 13
മരിക്കുകയില്ല. എൻെറ പിൻഗാമികൾക്ക് 14
നിത്യസ്മരണ ഞാൻ വിട്ടേച്ചുപോകുന്നു.
ജാതികളെ ഞാൻ ഭരിക്കും വംശങ്ങൾ 15
എനിക്കു കീഴ്പെടും. സ്വേച്ഛാധിപന്മാർ
എന്നെ അനുസരിച്ചു ഭയപ്പെടും. കഠിനമായി
അവർ ശിക്ഷിക്കപ്പെടും. ഞാൻ നല്ലവനെന്ന് 16
അവർ കാണും. യുദ്ധത്തിൽ ഞാൻ വീര
നാണ്. ഞാനെൻെറ ഭവനത്തിലേക്കു

പ്രവേശിച്ചാൽ ഞാൻ വിശ്രമിക്കുന്നത്
വിജ്ഞാനത്തിന്മേലാണ്. അതിൻെറ
നടപടികളിൽ അശേഷവും കൈപ്പില്ല.
അതുമായിട്ടുള്ള ബന്ധത്തിൽ നാശമില്ല.
പ്രത്യുത ആനന്ദവും ആഹ്ളാദവും മാത്രം.
ഇവയെല്ലാം എന്നുള്ളത്തിൽ ചിന്തിച്ചു.
7 എൻെറ ഹൃദയത്തിൽ ഞാൻ കരുതിവച്ചു.
വിജ്ഞാനവുമായിട്ടുള്ള ബന്ധത്തിൽ
ജീവനും അതുമായിട്ടുള്ള മൈത്രിയിൽ നല്ല
സന്തോഷവും അതിൻെറ പ്രവർത്തന
ത്തിൽ അറ്റു പോകാത്ത ധനവും അതിൻെറ
വാക്കുകളുടെ ശിക്ഷണത്തിൽ അറിവും
കാന്തിയും അതിൻെറ ചിന്തകളുമായുള്ള
നിർവ്യാജമായ സത്യവും ഉണ്ട്. അതിനെ
എനിക്കായി എടുക്കുവാൻ വേണ്ടി ഞാൻ
ചുറ്റിത്തിരിഞ്ഞ് അന്വേഷിച്ചു. ഞാൻ നല്ല
ശോഭയുള്ള ബാലനായിനിന്നു. എനിക്ക്
ഒരു നല്ല മനസ്സ് ലഭിച്ചു. കൃപമൂലം ഞാൻ
നിർമ്മലശരീരത്തിലേക്കു വന്നു. ഒരു കാര്യം
എനിക്കു മനസ്സിലായി. ദൈവം എനിക്കു
കൃപനല്കാതെ എൻെറ മനസ്സിനെ
കീഴ്പ്പെടുത്തുവാൻ എനിക്കു സാദ്ധ്യമല്ല
എന്ന്. ഇതാണ് കൃപ എന്നാൽ എന്തെന്ന്
അറിയുവാൻ മനുഷ്യന് ലഭിച്ചിരിക്കുന്ന
വ്യാഖ്യാനം. ഞാൻ കർത്താവിനോട്
പ്രാർത്ഥിച്ചു. പൂർണ്ണഹൃദയത്തോടെ ഞാൻ
അപേക്ഷിച്ചു പറഞ്ഞു.

അദ്ധ്യായം 9

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ
കരുണയുടെ നാഥാ അങ്ങ് സർവ്വവും
തിരുവചനത്താൽ സൃഷ്ടിച്ചു. നിൻെറ
ജ്ഞാനത്താൽ മനുഷ്യനെ നീ രൂപപ്പെടു
ത്തി. നിൻെറ സർവ്വസൃഷ്ടിമേലും സത്യ
ത്തോടും നീതിയോടും ഭരണം നടത്തുവാൻ
അവനെ നീ അധികാരിയാക്കി. നീതിയുള്ള
മനസ്സോടെ വിധിചെയ്യുവാനും അവനു
കൃപനൽകി. തിരുസിംഹാസനസന്നി
ധിയിൽ നിന്ന് എനിക്കു വിജ്ഞാനം
തരണമേ. നിൻെറ ദാസരിൽ നിന്ന് എന്നെ
പുറംതള്ളരുതേ. എന്തെന്നാൽ ഞാനോ
നിൻെറ ദാസനും ദാസീപുത്രനും ബല
ഹീനമനുഷ്യനും അല്പായുസ്സുള്ളവനും
നീതിയിലും ന്യായപ്രമാണത്തിലും അറിവു
കുറഞ്ഞവനും ആകുന്നു. ഒരുവൻ മനു
ഷ്യരിൽ സമാലംകൃതനായിരിക്കാം.
എന്നാൽ തിരുസന്നിധിയിൽ നിന്നുള്ള
ജ്ഞാനമാവ് അവനിൽ നിന്ന് വേർപെട്ടാൽ
അവൻ യാതൊന്നുമായി ഗണിക്കപ്പെടു
കയില്ല. നിൻെറ ജനത്തിനു രാജാവായും
നിൻെറ പുത്രന്മാർക്കും പുത്രിമാർക്കും
ന്യായാധിപനായും എന്നെ തിരഞ്ഞെടു
ത്തത് നീയാണല്ലോ. വിശുദ്ധപർവ്വതത്തിൽ 8
ഞാൻ ആലയം പണിയുമെന്നും തിരുനി
വാസനഗരത്തിൽ നീ പണ്ടുതന്നെ രൂപം
കാണിച്ച പരിശുദ്ധ തിരുനിവാസത്തിൻെറ
സദൃശ്യമായി ബലിപീഠം പണിയുമെന്നും
ഞാൻ പറഞ്ഞു. നിൻെറ ദാസരെ അറിയുന്ന 9
ജ്ഞാനം നിന്നോടുകൂടെയുണ്ട്. ലോക
ങ്ങളെ നീ സൃഷ്ടിച്ചപ്പോൾ അത് നിന്നോ
ടുകൂടെയുണ്ടായിരുന്നു. തിരുമുമ്പിൽ നല്ലത്
ഏതെന്നും നിൻെറ കല്പനകൾ നേരുള്ളവ
യെന്നും വിജ്ഞാനം അറിയുന്നു. നിൻെറ 10
വിശുദ്ധിയുടെ സ്വർഗ്ഗത്തിൽ നിന്നു നിൻെറ
ശ്രേഷ്ഠസിംഹാസനത്തിൽ നിന്ന് അത്
അയച്ചുതരണമെ. അതു വന്ന് എന്നോ
ടൊരുമിച്ച് പ്രവർത്തിക്കണമെ. തിരുമുമ്പിൽ
നല്ലത് ഏതെന്ന് ഞാൻ അറിഞ്ഞു
കൊള്ളട്ടെ. അത് സർവ്വവും അറിയുന്നു
മനസ്സിലാക്കുന്നു. എൻെറ എല്ലാ പ്രവർത്ത 11
നങ്ങളിലും അത് എന്നെ ജ്ഞാനപൂർവ്വം
നയിക്കണമെ. അതിൻെറ മഹിമകൊണ്ട്
എന്നെ സംരക്ഷിക്കണമെ. എൻെറ എല്ലാ
പ്രവർത്തനങ്ങളും സ്വീകൃതങ്ങളായി
ഭവിക്കണമെ. എൻെറ പിതാവിൻെറ 12
സിംഹാസനത്തിന് ഞാൻ അർഹനായി
ത്തീരണമെ. ദൈവത്തിൻെറ ആലോചന 13
അറിയുന്ന മനുഷ്യൻ ആരുണ്ട്? ദൈവേ
ഷ്ടം എന്തെന്ന് ആലോചിക്കുന്നവൻ ആരു
ണ്ട്? മനുഷ്യചിന്തകളെല്ലാം ബലഹീനം. 14
അവരുടെ ചിന്തനങ്ങൾ സുസ്ഥിരമല്ല.
ശരീരം ക്ഷയിക്കുന്നു. മനസ്സിന് ഭാരമേറു 15
ന്നു. ഭൗമികമായിട്ടുള്ളവ പ്രയാസപ്പെട്ട്
നിർവ്വഹിക്കുന്നു. ഞങ്ങളുടെ ദൃഷ്ടിയിലു 16
ള്ളവയെ പ്രയാസത്തോടെ ഞങ്ങൾ കാണു
ന്നു. ഞങ്ങളുടെ കൈകളിലുള്ളവയെ പ്രയ
ത്നംകൊണ്ടാണ് ഞങ്ങൾ കണ്ടെത്തുന്നത്.
സ്വർഗ്ഗത്തിലുള്ളവയെയോ പരിശോധിക്കു
വാൻ ആർക്കു കഴിയും? നിൻെറ ആലോചന 17
കൾ ആരറിയുന്നു? എന്നാൽ നീ വിജ്ഞാന
ദാനം ചെയ്തിരിക്കുന്നു. നിൻെറ വിശുദ്ധാ
ത്മാവിനെ നിൻെറ സ്വർഗ്ഗങ്ങളിൽനിന്ന്
നീ അയച്ചിരിക്കുന്നു. അങ്ങനെ ഭൂമിയിൽ 18
പാതകൾ ചൊവ്വാക്കപ്പെട്ടിരിക്കുന്നു. തിരു
ഹിതം മനുഷ്യർ മനസ്സിലാക്കുകയും നിൻെറ
ജ്ഞാനത്താൽ ജീവിക്കുകയും ചെയ്യും.

അദ്ധ്യായം 10

ഈ വിജ്ഞാനമാണ് ലോകത്തിൽ 1
സൃഷ്ടിക്കപ്പെട്ട ഏകനും പ്രഥമനുമായ

പിതാവിനെ പാലിച്ചും ആത്മപതനത്തിൽ
നിന്ന് അവനെ രക്ഷിച്ചുംകൊണ്ടിരുന്നത്.
സർവ്വവും ഗ്രഹിക്കുവാനുള്ള ശക്തി
2 അതും അവനു നൽകി. ഉപദ്രവിയായ
3 കായേൻ അതിൽനിന്നകന്നുപോയി. ആ
സഹോദര ഘാതകനെ അവൻെറ കോപം
4 നശിപ്പിച്ചു. ഭൂമിയിൽ പ്രളയമുണ്ടായ
പ്പോൾ വീണ്ടും നീതിമാനായ നോഹിനെ
ശുദ്ധമായ തടികൊണ്ടുള്ള പെട്ടകത്തിൽ
5 വിജ്ഞാനം നയിച്ചു. തിന്മയിൽ ആ തലമുറ
മുഴുകിയിരുന്നപ്പോൾ വിജ്ഞാനം ആ
നീതിമാനെ അറിയുകയും ദൈവമുമ്പിൽ
കളങ്കമില്ലാത്തവനായി അവനെ പരിരക്ഷി
6 ക്കുകയും ചെയ്തു. കരുണയുള്ള ഒരു
പുത്രനെക്കൊണ്ട് അബ്രഹാമിനെ അതി
ശക്തമായി സംരക്ഷിച്ചു. അധർമ്മികൾ
അതു നശിപ്പിച്ചപ്പോൾ പുണ്യവാനായ
ലോത്ത് ഓടിപ്പോയി രക്ഷപ്പെടുവാൻ അത്
ഇടയാക്കി. ഇന്നുവരേയും അവയുടെ
തിന്മയുടെ സാക്ഷ്യം നിലനില്ക്കുന്ന ആ
അഞ്ചു നഗരങ്ങളിന്മേൽ അഗ്നി ഇറങ്ങി.
7 അവ നിഷ്ഫലങ്ങളും നശിച്ചവയും ആയി
തീർന്നു.അവയിലെ വൃക്ഷങ്ങൾ ഫലം
നല്കാതിരിക്കുന്നു. വിശ്വസിക്കാത്തവൾ
8 ഉപ്പുതൂണായി നിലകൊണ്ടു. അവർ
വിജ്ഞാനത്തെ മറികടന്നു. നന്മചെയ്തില്ല
എന്നു മാത്രമല്ല അവരുടെ തിന്മയെ ഭൂത
ലമാകെ സ്മരണാവസ്തുവാക്കി വിട്ടേച്ചു
പോകുന്നു. അവർ ചെയ്ത തെറ്റിനെ മായി
ച്ചു കളയുവാൻ അവർക്കു കഴിഞ്ഞില്ല.
9 വിജ്ഞാനത്തെ കൈകാര്യം ചെയ്യുന്നവരെ
10 അത് വേദനകളിൽനിന്നു രക്ഷിക്കുന്നു.
പീഡകനായ സ്വസഹോദരൻെറ ക്രോധ
ത്തിൽ നിന്നും ഓടിപ്പോയപ്പോൾ പുണ്യ
വാനായ യാക്കോബിനെ രക്ഷിച്ചതും
അതുതന്നെയാകുന്നു. നേർ വഴികളിൽ
കൂടി അവനെ നടത്തി. ദൈവത്തിൻെറ
രാജ്യം അവനെ കാണിച്ചു കൊടുത്തു. സത്യ
മായ വിജ്ഞാനം അവനെ കാണിച്ചു
11 കൊടുത്തു. അവൻെറ പ്രയത്നങ്ങളാൽ
അവനെ സമൃദ്ധനാക്കുകയും അവൻെറ
പ്രവർത്തനങ്ങളാൽ അവനെ ഐശ്വര്യവാ
നാക്കുകയും ഉപദ്രവികളുടെ ഉപദ്രവങ്ങ
ളിൽനിന്നു അവനെ രക്ഷിച്ച് ശ്രേഷ്ഠ
12 നാക്കുകയും ചെയ്തു. അവൻെറ വൈരിക
ളിൽനിന്ന് അത് അവനെ കാത്തു പാലി
ച്ചു.അവന് എതിരെ നിന്നവരിൽനിന്ന്
അവനെ ഉറപ്പുള്ളവനാക്കുകയും ചെയ്തു.
ശക്തമായ പോരാട്ടത്തിൽ അവനു വിജയം
നൽകി. ദൈവഭക്തിയാണ് എല്ലാറ്റിനും
ബലവത്തായതെന്ന് അവൻ അറിഞ്ഞു.
ഇതേ വിജ്ഞാനം തന്നെ നീതിമാനായ 13
യൗസേഫ് വിൽക്കപ്പെട്ടപ്പോൾ അവനെ
കൈവിടാതിരിക്കുക മാത്രമല്ല പാപത്തിൽ
നിന്ന് അവനെ സംരക്ഷിക്കുകയും അവ
നോടൊരുമിച്ച് കാരാഗൃഹക്കുഴിയിൽ ഇറ
ങ്ങി അവൻെറ ബന്ധനത്തിൽ രാജ
ചെങ്കോൽ അവൻ പിടിക്കുന്നതുവരേയും
അത് അവനെ ഉപേക്ഷിച്ചില്ല. അവനെ 14
തിരായി ശക്തിപ്പെട്ടിരുന്നവരുടെമേൽ
അവന് ആധിപത്യം നൽകി. അവനിൽ
മാലിന്യം ആരോപിച്ചവർ വ്യാജഭാഷികളാ
ണെന്ന് കാണിക്കുകയും അവന് ശാശ്വ
തമഹത്വം കാണിക്കുകയും ചെയ്തു.

അതുതന്നെയാണ് അപമാനിത ജനത 15
യേയും കുറ്റം ചെയ്യാത്ത സന്തതിയേയും
അവരുടെ പീഡകരിൽനിന്നു രക്ഷിച്ചത്.
അത് ദൈവദാസൻെറ ഉള്ളിലേക്കു പ്രവേ 16
ശിക്കുകയും ഭയങ്കര രാജാക്കന്മാർക്കെതി
രായി അടയാളങ്ങളും അത്ഭുതങ്ങളുമായി
നിലകൊള്ളുകയും ചെയ്തു. പുണ്യവാ 17
ന്മാർക്ക് പ്രയത്നത്തിനു തക്ക പ്രതിഫലം
നൽകി. അത്ഭുതദേശത്തൂടെ അവരെ
നടത്തി. അത് അവർക്ക് പകൽ കൂടാരവും
രാത്രിയിൽ നക്ഷത്രവെളിച്ചത്തിനു
പകരവും ആയിരുന്നു. അത് ഭയങ്കരചെങ്ക 18
ടലിൽകൂടി അവരെ നയിച്ചു. ശക്തമായ 19
വെള്ളത്തിന്മേൽ അവരെ നടത്തി. അവ
രുടെ വൈരികളെ വെള്ളം മൂടിക്കളയുകയും
ആഴിയുടെ അടിത്തട്ടിൽ നിന്ന് അവരെ
കരേറ്റുകയും ചെയ്തു. അതുകൊണ്ടു 20
തന്നെയാണ് പുണ്യവാന്മാർ ദുഷ്ടന്മരെ
നശിപ്പിച്ചത്. അവർ നിൻെറ പരിശുദ്ധ
നാമത്തിന് ഏകനാവോടെ കീർത്തനം
പാടി. ശക്തിയേറിയ നിൻെറ ഭുജത്തെ
അവർ ഒരുമിച്ച് പുകഴ്ത്തി. ഊമന്മാരുടെ
വായ്കളെ വിജ്ഞാനം തുറന്നു. കൊച്ചു
കുഞ്ഞുങ്ങളുടെ നാവുകളെ അത് ശക്ത
മാക്കിത്തീർത്തു.

അദ്ധ്യായം 11

പരിശുദ്ധ ദീർഘദർശി വഴിയായി അത് 1
അവരുടെ പ്രവൃത്തികളെ നേരുള്ളതാക്കി.
ആൾവാസമില്ലാത്ത മരുഭൂമിയിലൂടെ അവർ 2
നടന്നു. പാദസ്പർശനമേറ്റിട്ടില്ലാത്ത സ്ഥ
ലത്ത് അവർ കൂടാരമടിച്ചു. അവർ യുദ്ധം 3
ചെയ്തു ശത്രുക്കളെ സംഹരിച്ചു. നിൻെറ
ജനത്തിന് ദാഹമുണ്ടായി. അവർ നിന്നെ 4
വിളിച്ചു. കരിമ്പാറയിൽ നിന്ന് നീ അവർക്കു 5
വെള്ളം കൊടുത്തു. സത്യമായ പാറയിൽ 6

നിന്ന് അവരുടെ ദാഹശമനം വരുത്തി.
അവരുടെ ശത്രുക്കളാൽ അവർ ഉപദ്രവിക്ക
പ്പെട്ടപ്പോൾ അവർ സംഖ്യയിൽ ചുരുങ്ങി.
അവർക്കു കുറവു വന്നപ്പോൾ അവർക്ക്
7 അതു പ്രയോജനം വരുത്തി. രാജകല്പന
യാൽ വധിതരായ ആ കുഞ്ഞുങ്ങളുടെ
ഓർമ്മയ്ക്കായിട്ട് ചെങ്കടലിന്റെ ചെഞ്ചോര
വെള്ളത്തിന്മേൽ നദീപ്രവാഹം അവർക്കു
8 നല്കപ്പെട്ടു. ഒരിക്കലും നിലച്ചുപോകാത്ത
ഉത്തമ ജീവനാൽ അത് അവർക്കു ജലം
9 നൽകി. അവർക്കെതിരായി നിന്നവർക്ക്
10 പ്രതികാരമായി ദാഹം വരുത്തി. ദുഷ്ടന്മാർ
കോപത്താൽ താഡനമേറ്റ് അവമാനിത
രാകും എന്നവർ അറിഞ്ഞു. ദൂരസ്ഥരേയും
സമീപസ്ഥരേയും ജ്ഞാനം വിഷമിപ്പിച്ചു.
ഇരട്ടിയായ ദുഃഖം അവർ പ്രാപിച്ചു. അവർ
ദൈവത്തെ അറിയാതിരുന്നതിന്റെ പ്രതി
കാരം അവർ കണ്ടതു മൂലം കഴിഞ്ഞു
പോയവയെക്കുറിച്ചുള്ള ഓർമ്മയുടെ
നെടുവീർപ്പുകൾ അവർക്കുണ്ടായി.
എന്നാൽ അവർക്കു സംഭവിച്ചവയെക്കുറിച്ച്
അവർ പുച്ഛരിച്ചു. അവരുടെ യാത്രാന്ത്യ
ത്തിൽ അവർ അത്ഭുതപ്പെട്ടു. അവരുടെ
നിലവിളി പുണ്യവാന്മാരുടേതുപോലെ
അല്ലായിരുന്നു. പ്രത്യുത പരിജ്ഞാനമി
ല്ലാത്തവരുടെ ചിന്തകൾ പോലെയായി
രുന്നു. അവരുടെ അപരാധം അത്ര ഏറെ
ആയിരുന്നു. അവർ ഇഴജന്തുക്കളേയും
സംസാരശക്തിയില്ലാത്ത മൃഗങ്ങളേയും
പൂജിച്ചു. അവരുടെമേൽ അവമാനമായി
പ്രതികാരത്തിനായിട്ട് സംസാരശക്തിയി
ല്ലാത്ത അനേക സർപ്പങ്ങളെ നീ അയച്ചു.
…യത് മനുഷ്യൻ ഏതിൽ തെറ്റുചെയ്യു
ന്നുവോ അതിനാൽ അവൻ വിധിക്കപ്പെടു
കയും പ്രതികാരം പ്രാപിക്കുകയും ചെയ്യു
ന്ന് അവർ അറിയുവാൻ തന്നെ. തിരുസ
ന്നിധിയിൽ ശക്തിക്ക് ഒരിക്കലും കുറവു
വായിട്ടില്ല. അറിയപ്പെടാത്ത മൂലകങ്ങൾ
കൊണ്ട് നീ ലോകങ്ങളെ സൃഷ്ടിച്ചു.
അനേക ചെന്നായ്ക്കളേയോ സിംഹങ്ങ
ളുടെ ക്രോധത്തേയോ മിന്നലുകളുടെ ഭീകര
മുഴക്കങ്ങളേയോ അറിയപ്പെടാത്ത അനേ
ക ജീവികളുടെ കോപത്തേയോ ആളിക്ക
ത്തി ദഹിപ്പിച്ചുകളയുന്ന അഗ്നിയേയോ
നിന്നു പൊങ്ങുന്ന ധൂമങ്ങളുടെ ശക്തി
യേയോ ഇടിമുഴക്കങ്ങളേയോ അവയുടെ
മേൽ അയയ്ക്കുവാൻ നിനക്കു കഴിയു
മായിരുന്നു. ഇവ ഇവയ്ക്ക് അവയെ നശി
പ്പിക്കുവാനുള്ള കഴിവുമാത്രമല്ല അവയുടെ
ദർശനം പോലും അവയെ നശിപ്പിക്കുവാൻ
പര്യാപ്തമായിരുന്നു. ഒരൊറ്റ കൊടുങ്കാറ്റു 21
കൊണ്ട് അവയെ പൂർണ്ണമായി നശിപ്പിച്ചു.
നിന്റെ പ്രതികാരം കൊണ്ട് അവരെ
പീഡിപ്പിക്കുവാനും നിന്റെ ആത്മാവിന്റെ
മുമ്പിൽ നിന്നു അവരെ പാറിച്ചുകളയു
വാനും നിനക്കു കഴിയുമായിരുന്നു. എല്ലാം
അളവനുസരിച്ചും ക്രമമായും തൂക്കിനോ
ക്കിയും നീ അവരുടെ മേൽ വരുത്തി. മഹ 22
നീയമായ കാര്യങ്ങൾ സഭാതിരുമുമ്പിൽ
നിലകൊള്ളുന്നു. നിന്റെ വലതുഭുജത്തിനു
മുമ്പിൽ ആർക്കു നില്പാൻ കഴിയും? ലോക 23
ത്തിലെ എല്ലാ സൃഷ്ടിയും തിരുമുമ്പിൽ
കണ്ണിന്റെ ഒരു ഇമവെട്ടൽ പോലെ മാത്രം.
പ്രഭാതത്തിൽ നിലത്തുവീഴുന്ന മഞ്ഞിൻ
തുള്ളികൾ പോലെ മാത്രം. നീ എല്ലാവരോ
ടും കരുണ ചെയ്യുന്നു. എല്ലാം പ്രശോഭിത 24
മാകുന്നു. അനുതപിക്കുമ്പോൾ മനുഷ്യ
രുടെ കുറ്റങ്ങൾ അവിടുന്നു മാറ്റിക്കളയു
ന്നു. എല്ലാവരേയും നീ സ്നേഹിക്കുന്നു. 25
നീ ചെയ്തിട്ടുള്ള ഒന്നിനേയും നീ നിരസി
ക്കുകയില്ല. എന്തെന്നാൽ നീ ദ്വേഷി
ക്കുന്ന ഒന്നും നീ ചെയ്യുകയില്ലായിരുന്നു. 26
നീ മനസ്സുവെച്ചില്ലായിരുന്നുവെങ്കിൽ
എന്തെങ്കിലും നിലനില്ക്കുമായിരുന്നോ?
നീ കല്പിച്ചില്ലായിരുന്നുവെങ്കിൽ എന്തെ
ങ്കിലും പരിരക്ഷിതമാകുമായിരുന്നോ? 27
കർത്താവേ നീ എല്ലാവരോടും കരുണ
ചെയ്യുന്നു. എന്തെന്നാൽ എല്ലാം നിന്റേ
താകുന്നു. നീ ആത്മാക്കളെ സ്നേഹിക്കു
ന്നവനുമാകുന്നു.

അദ്ധ്യായം 12

കർത്താവേ നിന്റെ ആത്മാവ് എല്ലാ 1
വരിലും വാസം ചെയ്യുന്നു. അല്പമായി
തെററുചെയ്യുന്നവരെ നീ അവരുടെ തെററു
നിമിത്തം അല്പമായി ശാസിക്കുന്നു. നീ 2
ഉപദേശിക്കുന്നു. തിന്മയിൽനിന്നു നിന്നിൽ
വിശ്വാസമർപ്പിക്കുവാനും നീ അവർക്ക്
ഉപദേശം നൽകുന്നു. പരിശുദ്ധമായ 3
ഭൂമിയിൽ പാർത്തിരുന്നവരായ ആദ്യകാല
മനുഷ്യരെ അവരുടെ അശുദ്ധജീവിതം മൂലം
മന്ത്രവാദികളുടെ പ്രവർത്തനങ്ങളും, പ്രയോ 4
ജനമില്ലാത്ത പൂജകളുംമൂലം നീ വെറുത്തു.
അവർ അവരുടെ മക്കളെ കരുണകൂടാതെ 5
കൊല്ലുകയും ആ മാംസം തിന്നുകയും
ചെയ്തിരുന്നു. നാശത്തിനുള്ളതെല്ലാം അവർ
പ്രവർത്തിച്ചിരുന്നു. ന്യായപ്രമാണത്തി 6
ലില്ലാത്ത രഹസ്യങ്ങൾ ജനത്തിന്റെ
ആത്മാക്കൾക്കു പ്രയോജനമില്ലാത്തവ
അവർ പ്രവർത്തിച്ചിരുന്നു. പിതാക്കന്മാർ 7

മുഖാന്തിരം അവരെ നശിപ്പിക്കുവാനും
അങ്ങനെ ദൈവദാസന്മാർ ശാന്തമായ
വാസം ബഹുമാനത്തോടും മഹത്വത്തോടും
നീ നൽകിയ ഭൂമി അവർ അനുഭവിക്കു
8 വാനും നീ തിരുവിഷ്ടമായി. അവരുടെമേൽ
പോലും നീ മനുഷ്യരെന്ന നിലയിൽ ദയ
ചെയ്തു. ആദ്യമേ യുദ്ധത്തിനായിട്ട് അല്പാ
ല്പമായി അവരെ നശിപ്പിക്കുവാൻ
9 തേനീച്ചകളെ നീ അയച്ചു. പുണ്യവാന്മാരേ
ക്കാൾ ദുഷ്ടന്മാർ കഠിനപ്പെട്ടിരുന്ന
തുകൊണ്ട് ദുഷ്ടമൃഗങ്ങളാലോ വധത്താ
ലോ അവരെ നശിപ്പിക്കാതെ അല്പാല്പ
10 മായി നീ അവരുടെ മേൽ വിധി നടത്തി. നീ
അവർക്ക് അനുതാപത്തിന്നവസരം കൊടു
11 ത്തു. അവരുടെ ഉത്ഭവംതന്നെ തിന്മപ്പെട്ട
താണെന്നും തിന്മ അവരിൽ നട്ടുപിടിപ്പിച്ചിട്ടു
ള്ളതാണെന്നും അവരുടെ ചിന്തകൾക്കൊരി
ക്കലും വ്യത്യാസം വരുകയില്ലെന്നും നിന
12 ക്കറിയാമായിരുന്നു. പാപികളുടെ സന്തതി
ദൈവമുമ്പിൽ ശപിക്കപ്പെട്ടവരാകുന്നു. നീ
പാപികളെ ഭയപ്പെട്ടതുകൊണ്ടല്ല അവർക്കു
ദീർഘായുസ്സുകൊടുത്തത്. നീ എന്തു
ചെയ്യുന്നു എന്നു നിന്നോട് ചോദിപ്പാൻ
ആരുണ്ട്? നിൻെറ വിധികൾക്കെതിരെ
നിലകൊള്ളുവാൻ ആരുണ്ട്? ജാതികളെ നീ
നശിപ്പിക്കുമ്പോൾ അവർക്കുവേണ്ടി നില
കൊള്ളുവാൻ ആർക്കുകഴിയും? അധർമ്മിക
ളുടെ മേൽ നീ പ്രതികാരകനായി നില്ക്കു
മ്പോൾ ആർക്ക് തിരുമുമ്പിൽ നില്പാൻ
13 സാധിക്കും? നീ ഒഴികെ മററാരു ദൈവ
വുമില്ല. എല്ലാററിൻേറയും കാര്യത്തിൽ നീ
ശ്രദ്ധവയ്ക്കുന്നു.
14 നീ വിധിക്കുന്നതൊന്നും വൈരാഗ്യ
ബുദ്ധിയോടെയല്ല എന്നു നീ കാണിച്ചു. നീ
നീതിപൂർവ്വം വിധിക്കുമ്പോൾ രാജാവിനോ
ഭരണാധിപനോ തിരുമുമ്പിൽ നില്പാൻ
15 കഴിവില്ല. എല്ലാം നീതിയോടെ നീ നട
ത്തുന്നു. ശിക്ഷിക്കേണ്ടതിനെല്ലാം അന്യ
രെക്കൂടാതെ നിൻെറ ശക്തികൊണ്ട് നീ
16 ശിക്ഷിക്കുന്നു. എന്തെന്നാൽ നിൻെറ
ശക്തിയാണ് നീതിയുടെ പാരമ്യം. നീ സർവ്വ
ത്തിന്മേലും അധികാരി. എല്ലാവരോടും
17 ദയാലു. നീ അത്ഭുതങ്ങൾ കാണിച്ചു. അവർ
അന്ത്യത്തിൻെറ ആ ശക്തികളാലല്ലാതെ
വിശ്വസിച്ചില്ല. നീ അറിയുന്നവരെ ശക്തി
18 യായി നീ ശാസിക്കുന്നു. ശക്തിയുടെ മേൽ
നീയാണ് അധിപൻ. താല്പര്യപൂർവ്വം നീ
വിധിചെയ്യുന്നു. പൂർണ്ണദയയോടെ ഞങ്ങ
19 ളെ നീ നയിച്ചുകൊണ്ടിരിക്കുന്നു. നിന
ക്കിഷ്ടമെങ്കിൽ നിൻെറ ശക്തി ഏററവും
അധികമാകുന്നു. പുണ്യവാൻ മനുഷ്യനോട്
കരുണ ചെയ്യേണ്ടിയിരിക്കുന്നു എന്ന്
നിൻെറ ജനത്തേയും നിൻെറ മക്കളേയും 20
ഈ പ്രവൃത്തികളാൽ നീ പഠിപ്പിച്ചു. നിൻെറ
മക്കൾക്ക് നല്ല പ്രത്യാശ നൽകി. തെററു
കൾക്ക് അനുതാപവും നൽകി. നിൻെറ
ദാസരുടെ വൈരികളെ നീ മരണശിക്ഷ
യ്ക്കു വിധിച്ചു. സർവ്വവിധ പ്രതികാരങ്ങൾ 21
കൊണ്ടും നീ അവരെ അപമാനിതരാക്കി.
തിന്മയിൽനിന്ന് ഓടിമാറുവാൻ വേണ്ടി
അനുതാപത്തിന് കാലംകൊടുക്കണമെന്ന്
അവർ നിന്നോടപേക്ഷിച്ചു. മഹാവലിയ
കരുത്തോടെ നിൻെറ ജനത്തിന് നീതി
പാലിച്ചു. തങ്ങളുടെ പിതാക്കന്മാരോട് നീ
ഉടമ്പടികളും ആണകളും നല്ല തീർപ്പുകളും
ചെയ്തു. നീ ഞങ്ങൾക്ക് നീതിപാലിച്ചു.
ഞങ്ങളുടെ ശത്രുക്കളെ പതിനായിരം 22
പ്രാവശ്യം നീ അടിച്ചു. ഞങ്ങൾ വിധി ചെയ്യു
മ്പോൾ ഞങ്ങൾ നിൻെറ സൗഭാഗ്യം
സ്മരിക്കേണ്ടതിനു തന്നെ. ഞങ്ങൾ വിധി
ക്കപ്പെടുമ്പൊഴോ നിൻെറ കരുണകൾ
ക്കായി ഞങ്ങൾ കാത്തിരിക്കണം. വ്യർത്ഥ 23
ന്മാർ ജീവിച്ചിരുന്നുകൊണ്ട് അക്രമപരമായി
പ്രവർത്തിച്ചു. അവരുടെ അശുദ്ധിനിമിത്തം 24
നീ അവരെ പ്രഹരിച്ചു. അവരുടെ തെററായ
വഴികളിൽക്കൂടി അവർ തെററിങ്ങോടിപ്പോയി.
ജീവികളിലായിരുന്നു അവരുടെ പ്രത്യാശ.
അവരുടെ ശത്രുക്കളുടെ ആ അപമാന
വസ്തു ക്കളായിരുന്നു അവരുടെ ദൈവം.
തെററിപ്പോയവരുടെ പ്രതികാരമെന്നവണ്ണം 25
അവർ വ്യർത്ഥമായി വ്യാജം ചെയ്തു.
അങ്ങനെ തിരിച്ചറിവില്ലാത്ത ശിശുക്കളെ 26
പ്പോലെ അവരുടെ മേൽ ലജ്ജയുടെ വിധി
നീ അയച്ചു.
ലജ്ജയുടെ ആ വിധിയെ മനസ്സിലാക്കാ 27
തിരുന്നവർ ദൈവത്തിൻെറ സത്യമായ
ന്യായവിധി രുചിക്കുക തന്നെ ചെയ്യും.
തങ്ങൾ ദൈവങ്ങളെന്നു സ്വയം ആശ്രയിച്ച്
അവർ വികാരാധീനരായി കോപിച്ചു. അതി
നാൽതന്നെ അവർക്ക് പ്രതികാരം ലഭിക്കും.
നേരത്തേതന്നെ കണ്ടിട്ടും സത്യമായി
ദൈവത്തെ അന്വേഷിപ്പാൻ അവർ വിസമ്മ
തിച്ചതിനാൽ ശിക്ഷാവിധി അവരുടെ മേൽ
വരും.

അദ്ധ്യായം 13

ദൈവത്തെ അറിയാത്ത മനുഷ്യർ 1
വ്യർത്ഥരാകുന്നു. ദൃശ്യമായ മഹത്കാര്യ 2
ങ്ങളിൽനിന്നും അവ എങ്ങനെ സംഭവിച്ചു
എന്ന് അവർ തുലനം ചെയ്തില്ല. പ്രവൃ

ത്തികളെ അവർ സൂക്ഷിച്ചുനോക്കിയില്ല.
അവയുടെ നിർമ്മാതാവിനെ അറിഞ്ഞ
3 തുമില്ല. അഗ്നി, കാററ്, നിമിഷതയുള്ള
വായു, നക്ഷത്രഗതിവിഗതികൾ, ജലത്തി
ൻെറ പ്രവാഹം, ഗഗനത്തിലെ പ്രകാശഗോ
ളങ്ങൾ ഭൂമിയുടെ ക്രമീകരണം എന്നിവ
യെല്ലാം കണ്ട് അവയുടെ ഭംഗിമൂലം അവ
യെല്ലാം ദേവന്മാർ എന്ന് അവർ വിചാരിച്ചു
പോയി! അവയെല്ലാം ദൈവങ്ങൾ ആണെ
ന്നു നിങ്ങൾ വിചാരിക്കുന്നുവെങ്കിൽ, അവ
യുടെ നിർമ്മാതാവ്, അവ എല്ലാററിനേ
4 ക്കാളും എത്രയോ ശ്രേഷ്ഠൻ! സൗന്ദര്യം
സൃഷ്ടിച്ചവൻ ഇവയുടെയെല്ലാം നിർമ്മാ
5 താവ് എത്രയേറെ മഹോന്നതൻ! അവയുടെ
ശക്തിയും അത്ഭുതാവസ്ഥയും നിമിത്തം
അവർ, അവയെ പൂജിച്ചുവെങ്കിൽ അവ
യുടെ നിർമ്മാതാവ് അവയെല്ലാററിനേയും
കാൾ ശ്രേഷ്ഠൻ എന്ന് ഇവയിൽനിന്നും
അവർ അറിയേണ്ടിയിരുന്നു. തൻെറ
സൗന്ദര്യ മഹിമകൊണ്ടാണ് അവ നിർമ്മി
തമായത്. അവൻ നിർമ്മിച്ചതുകൊണ്ടാണ്
അവയെല്ലാം കാണപ്പെടുന്നത്. ഇവയെ
ല്ലാററിൻമേലും ക്രോധം ഉടനെ വരാം. അവർ
തെററിപ്പോയി. അവർ ദൈവത്തെ അന്വേ
ഷിക്കുകയും അറിവ് കണ്ടെത്തുകയും
അവൻെറ പ്രവൃത്തികളിൽ വ്യാപൃതരാ
കുകയും വേണം. അവ നശിക്കുന്നവയാണ്.
കാണപ്പെടുന്നവയാണ്. ഏറെ വിശിഷ്ടം
എന്ന് അവർ വിചാരിച്ചു. അവയിൽ അഭയം
പാപിച്ചു! അവർക്കു ശിക്ഷാവിധിയിൽ
ഷമ കിട്ടുകയില്ല. ഇതെല്ലാം മനസ്സിലാക്കു
വാൻ അവർക്കു കഴിഞ്ഞുവെങ്കിൽ —
അവർ സകലത്തേയും നിർമ്മിക്കുന്ന
ർത്താവിനെ ലോകത്തോട് ആണ് അവർ
ഷ്ടാന്തീകരിച്ചത്. ദൈവത്തെ അവർ
റിഞ്ഞില്ല-കണ്ടില്ല. അതെന്തുകൊണ്ട്?
വർ അരിഷ്ടരത്രെ. നിർജ്ജീവമായ
ിലാണ് അവരുടെ പ്രത്യാശ! മനുഷ്യ
സ്തനിർമ്മിതമായവയെ അവർ ദേവന്മാർ
ന്നു വിളിച്ചു! അവ വെറും സ്വർണ്ണവും
വെള്ളിയും കരവിരുതുപണിയുമാകുന്നു.
ിവികളുടെ രൂപങ്ങൾ, സ്തംഭങ്ങൾ,
ട്ടിലെ തടി സൂക്ഷ്മതയോടെ വെട്ടിയെ
ത്ത് കരവിരുതോടെ നിർമ്മിതമായവ
ത്രം. അവർ അതിനെ വിശ്വസിച്ചു;
തിനെ കൊത്തിയുണ്ടാക്കി, ഭംഗിയായി
ർമ്മിച്ചു. തച്ചൻ സൂക്ഷ്മതയോടെ
തിനെ കഷണമായി മുറിച്ചു. കരവിരു
ോടെ നിർമ്മിച്ചു. നിത്യോപയോഗത്തിനു
ിയവ ഉണ്ടാക്കി. പണികഴിഞ്ഞു ബാക്കി
വന്ന കഷണങ്ങൾ ഭക്ഷണം തയ്യാറാക്കു
ന്നതിനുപയോഗിക്കുന്നു. ഭക്ഷിച്ചു തൃപ്തനാ
കുന്നു. അതിൽ മോശമായത് മാററിവയ്ക്കു
ന്നത് ഒന്നിനും പ്രയോജനപ്പെടുന്നില്ല.
ഹീനമായ ചിലതെല്ലാം അവൻെറ മന 15
സ്സിൻെറ ചിന്താനുസരണം നിർമ്മിക്കുന്നു.
നീർച്ചാലിനടുത്തു നിന്ന കടുപ്പമേറിയ ആ
തടി അവൻ ശ്രദ്ധാപൂർവ്വം ഒരു വസ്തുവാ
ക്കുന്നു. അതു വെട്ടിയ ദിവസംതന്നെ 16
അവൻ ഒരു രൂപകല്പന മനസ്സിൽ വരുത്തി.
മനുഷ്യൻേറയോ ഒരു സുന്ദരജീവിയു
ടേയോ രൂപം നിർമ്മിക്കുന്നു. പരിമളതൈലം 17
അതിന്മേൽ പൂശുന്നു. അതിനു വർണ്ണഭംഗി
കൊടുത്ത് എല്ലാവിധ മഹിമയോടുംകൂടെ
അതിനെ നിലത്തുറപ്പിച്ചുനിറുത്തുന്നു.
അതിനു പററിയ ഒരു മന്ദിരവും നിർമ്മി
ക്കുന്നു. അതിനെ ചുമരിന്മേൽ വച്ച് ആണി 18
യടിച്ച് ഉറപ്പിക്കുന്നു! വീണുപോകാതെ
നിൽപ്പാൻ വേണ്ടതെല്ലാം ചെയ്യുന്നു. എന്തെ 19
ന്നാൽ സ്വയം സഹായിപ്പാൻ അതിനു
കഴിവില്ലെന്ന് അവന് അറിയാം. അതു വെറും
ഒരു പ്രതിമ മാത്രമല്ലോ. അതിനെ 20
താങ്ങുവാൻ ആളിൻെറ ആവശ്യമുണ്ട്.
സമ്പാദ്യങ്ങൾ, ഭക്ഷണം, കുഞ്ഞുങ്ങൾ,
ഇവയ്ക്കായി അവർ അതിനോടു പ്രാർത്ഥി
ക്കുന്നു. ജീവൻ അശേഷവുമില്ലാത്ത 21
തിനോടു സംസാരിക്കുവാൻ അവർക്കു
അല്പവും ലജ്ജയില്ല! സൗഖ്യത്തിനും 22
രോഗശാന്തിക്കുമായി അവർ രോഗിയോ
ടാണ് പ്രാർത്ഥിക്കുന്നത്! ജീവനുള്ളവനെ
പാലിക്കുവാൻ അവർ നിർജ്ജീവമായ
തിനോടപേക്ഷിക്കുന്നു! അവർക്കു ഗുണം 23
ചെയ്യുവാൻ കഴിവില്ലാത്തതിനോട് അവർ
കേണപേക്ഷിക്കുകയാണ്! അടിവച്ചുനട 24
ക്കുവാൻ കഴിവില്ലാത്തതിനോട് അവരുടെ
പാതകളിൽ നടത്തുവാൻ യാചിക്കുന്നു.
വ്യാപാരകാര്യ വിജയത്തിനുവേണ്ടി അവർ 25
നിഷ്പ്രയോജനമായതിനോടാണ് കെഞ്ചു
ന്നത്.

അദ്ധ്യായം 14

ഭയങ്കര ഓളങ്ങൾ മുറിച്ചുകൊണ്ട് 1
സമുദ്രത്തിൽ കപ്പലിൽ യാത്രചെയ്യുന്നവൻ
അവൻ യാത്രചെയ്യുന്ന കപ്പലിനേക്കാൾ
ബലഹീനമായ തടിക്കഷണത്തോടു
പ്രാർത്ഥിക്കുന്നു. വ്യാപാരപരിഗണനകൾ 2
വച്ചാണ് ആ കപ്പൽ നിർമ്മിതമായത്. ശില്പി
ബുദ്ധിപൂർവ്വം അതുണ്ടാക്കി. പിതാവേ, 3
അവിടന്നു സർവ്വവും നിൻെറ ജ്ഞാനവും
കരുതലും നിമിത്തം നിർമ്മിച്ചു. സമുദ്ര

ത്തിലെ പാതകൾ നിർമ്മിച്ചതും അതിലെ
ഓളങ്ങൾക്കു പാത്തിനിർമ്മിച്ചതും നീ
4 തന്നെ. എല്ലാ അപകടങ്ങളിൽനിന്നും
കാത്തുരക്ഷിക്കുവാൻ നിനക്കു കഴിവുള്ള
വനാണെന്നു കാണിച്ചു. എല്ലാം നല്ല
വിരുതോടെ നിർമ്മിതമാകുവാൻ നീ
ആഗ്രഹിച്ചു. നിൻെറ വിജ്ഞാനം അലസ
മായിപ്പോകാതിരിപ്പാനായി എല്ലാം ജ്ഞാ
നപൂർവ്വം നിർമ്മിതമാക്കുവാൻ നീ ആഗ്ര
5 ഹിച്ചു. ആകയാൽ ഒരു ചെറിയ മരപ്പണി
യിൽ സ്വയം വിശ്വാസമർപ്പിച്ച് കഠോര
ഓളങ്ങൾ മീതെ കടന്നുപോകുവാൻ
അവർക്കിടയാകുവാൻ നീ ആഗ്രഹിച്ചു.
6 ആദ്യകാലത്ത് ലൌകികമായി കഴിഞ്ഞു
കൂടിക്കൊള്ളാമെന്നു പ്രത്യാശിച്ചിരുന്ന ആ
വീരന്മാരുടെ കൂട്ടം നശിച്ചുപോയി. അവർ
ഓടിപ്പോയി. ഒററ സന്തതിയെപ്പോലും
അവർ അവശേഷിപ്പിച്ചില്ല. പ്രവർത്തന
7 മെല്ലാം നിൻേറതാകുന്നു. നീതിമാനായവൻ
അതിൽ കാണപ്പെട്ട ആ തടി (പെട്ടകം)
8 അനുഗൃഹീതം തന്നെ. കൈപ്പണികളും
അതിൻെറ പണിക്കാരും ശപിക്കപ്പെട്ടവർ.
എന്തെന്നാൽ ക്ഷയമുള്ളതിനെ പണിതു
ണ്ടാക്കി അതിനെ 'ദൈവം' എന്നു വിളിച്ചു.
9 അധർമ്മി ദൈവത്തെ ദ്വേഷിച്ചു. ഉണ്ടാ
ക്കപ്പെട്ടതും ഉണ്ടാക്കിയവനും ഒരുപോലെ
10 ശിക്ഷാവിധി ലഭിക്കും. ജാതികളുടെ വിഗ്ര
ഹങ്ങൾമേലും പ്രതികാരംവരും. എന്തെ
ന്നാൽ അവയും ദൈവം സൃഷ്ടിച്ചവ
കൊണ്ടുണ്ടാക്കപ്പെട്ടവയാണ്. മനുഷ്യർ
ദൈവത്തിൻെറ സൃഷ്ടിയായ (വസ്തുവിനെ)
അശുദ്ധത്തിനായും മനുഷ്യാത്മാക്കളുടെ
ഇടർച്ചയ്ക്കായും വിനിയോഗിച്ചു. ഭോഷ
ന്മാരുടെ കാലുകൾക്ക് അവ വലയായും
11 പരിണമിച്ചു. വിഗ്രഹങ്ങളെക്കുറിച്ചുള്ള
ചിന്തയാണ് പരസംഗത്തിൻെറ മൂലം.
അതിൽ ജീവിക്കുന്നവർക്ക് അതു നാശ
12 ത്തിനായി ഭവിക്കും. ആദിയിൽ അവ
ഉണ്ടായിരുന്നില്ല. എന്നേക്കുമായി അവ
13 നീണ്ടുനില്ക്കുകയുമില്ല. അവയെ ലോക
ത്തിലേക്കാനയിച്ചത് അന്ധവിശ്വാസമത്രെ.
ആകയാൽ അവയ്ക്ക് ക്രമേണയായി
അന്ത്യം വരും.
14 ഏതോ ഒരു പിതാവിന് അവൻെറ
പുത്രൻ എടുക്കപ്പെട്ടപ്പോൾ ഉണ്ടായ
മഹാദുഃഖം മൂലം അപ്പോൾ മൃതനായവ
ൻെറ ഒരു രൂപമുണ്ടാക്കി. അവനെ ദേവ
തുല്യനായി കരുതി. അവൻെറ വരുതിയിലു
ള്ളവരെ അതിൻെറ ശുശ്രൂഷചുമതലകൾ
15 ഏല്പിച്ചു. ആ ദുരാചാരം ശക്തിപ്രാപിച്ചു.
കാലഗതിയോടുകൂടി ആ ആചാരം പ്രമാണ
മായി ഭവിച്ചു. സ്വേച്ഛാധിപന്മാരുടെ
ആജ്ഞകളാൽ ജനങ്ങൾ വിഗ്രഹങ്ങളെ
പൂജ തുടങ്ങി. എന്തെന്നാൽ വിദൂരതയി
ലിരിക്കുന്നവനെ മുഖത്തോടുമുഖം നോക്കി
ആദരിപ്പാൻ അവർക്കു കഴിഞ്ഞിരുന്നി
ല്ലല്ലോ.

അങ്ങനെ അവർ വിദൂരതയിലുള്ളവ
ൻെറ പ്രതിമകൾ നിർമ്മിച്ച് രാജബഹു
മാനത്തിനായി സമീപസ്ഥരോടെന്ന
പോലെ തന്നെ വിദൂരസ്ഥരോടും
പ്രാർത്ഥന കഴിപ്പാൻ അവർ പ്രതിമകൾ
നിർമ്മിച്ചു. വിദൂരസ്ഥനെ അറിഞ്ഞു 16
കൂടാത്തവർക്കുപോലും അയാൾ എങ്ങനെ
യുള്ളവൻ എന്നു അറിഞ്ഞ് പൂജചെയ്യുവാ
നായി ശില്പിയുടെ ശില്പചാതുര്യം
അവനെ ധൈര്യപ്പെടുത്തി. ആരെയാണോ 17
പ്രസാദിപ്പിക്കുവാൻ അവനു മോഹമുണ്ടാ
യിരുന്നത് ആയവൻെറ പ്രതിമ നിർമ്മിച്ചു.
കൂടുതൽകൂടുതൽ ഭംഗിയുള്ളവ നിർമ്മി 18
ക്കുവാൻ ശില്പിക്കു പ്രേരണ ലഭിച്ചു. ആ 19
കലാസൃഷ്ടിയുടെ സൗകുമാര്യം കേട്ടറി
ഞ്ഞു ജനസമൂഹങ്ങൾ ഓടിക്കൂടി, അല്പം
മുമ്പ് 'മനുഷ്യൻ' എന്ന രീതിയിൽ അവർ
ആദരിച്ചിരുന്നവനെ, ആരാധനാമൂർത്തി
യാക്കിത്തീർത്തു! അടിമത്തത്തിൽ കിടന്നി 20
രുന്ന ജനം അതിൻെറ ഭംഗിയും മേന്മയും
കണ്ട് അവയ്ക്ക് അവയോടു യാതൊരു
ബന്ധവുമില്ലാത്ത നാമങ്ങൾ തടിക്കും
കല്ലിനും വിളിച്ചുതുടങ്ങി.

ദൈവത്തെ നിങ്ങൾ അറിഞ്ഞില്ലെന്നു 21
മാത്രമല്ല; അജ്ഞാനംകൊണ്ട് തിന്മയ്ക്കു
പേരുവളർത്തുവാനായി നിങ്ങൾ പോരാട്ടം
നടത്തി. അവയ്ക്കു നിങ്ങൾ പൂജയർപ്പിച്ചു.
നിങ്ങളുടെ മക്കളെപ്പോലും ഹോമിച്ചു.
നിങ്ങൾ ചില ഗൂഢാചാരങ്ങൾ നിർവ്വഹിച്ചു.
ലോകപരമായ മററുകാര്യങ്ങൾകൊണ്ടും
ക്രമീകരണങ്ങളാലും നിങ്ങൾ വഴിപിഴച്ചു.
നിങ്ങൾ നിമിത്തം നിങ്ങളുടെ വീടുകളും 22
വിരുന്നുകളും മലിനമായി;അവ സുരക്ഷിത
മായിരിക്കുന്നില്ല. ഓരോരുവൻ, കൂട്ടുകാ
രനെ ചതിവിൽ കൊല്ലുന്നു. ധിക്കാരം
കൊണ്ട് അവനെ നശിപ്പിക്കുന്നു. എല്ലാ 23
ററിലും രക്തവും കൊലയും മോഷണവും
വഞ്ചനയും അശുദ്ധിയും വിശ്വാസരാഹി
ത്യവും കലഹവും കള്ളസത്യവും കലർന്നി
രിക്കുന്നു. തിന്മ സ്മരിക്കപ്പെടുകയും 24
ആത്മാക്കൾ അശുദ്ധമാകുകയും കുഞ്ഞു
ങ്ങൾ വ്യത്യസ്ത സ്വഭാവക്കാരാകുകയും
വിരുന്നുകൾ അലങ്കോലമാകുകയും വ്യഭി

ചാരവും നടപടിദൂഷ്യവും ഉണ്ടാകത്തക്ക
വണ്ണം നിങ്ങളുടെ പ്രവർത്തനങ്ങൾക്ക്
ഇവയെല്ലാം വിഷയം വരുത്തിവയ്ക്കുകയും
25 ചെയ്യുന്നു. അവരുടെ വിഗ്രഹങ്ങൾ പേരു
നശിച്ചവയാണ്. അവയുടെ പൂജയാണ്
സർവ്വപ്രധാനമായ തിന്മ. സർവ്വ നാശത്തി
26 ൻേറയും മൂലം. അവർ ആനന്ദിക്കുമ്പോൾ
അശുദ്ധപ്പെടുന്നു; പ്രവചിക്കുന്നത് വ്യാജം;
ജീവിച്ചിരുന്നാൽ ഉപദ്രവകാരികൾ, സത്യം
ചെയ്യുന്നത് വ്യാജമായിട്ട്! അവർക്ക്
27 സമാധാനവാസമില്ല. ഒരു ഗുണവുമില്ലാത്ത
വിഗ്രഹങ്ങളിൽ അവർ ആശ്രയിക്കുന്നു.
അവർ തിന്മയായി പ്രതിജ്ഞ ചെയ്യുന്നു.
അവർക്ക് പ്രതികാരമുണ്ടാകുമെന്നു അവർ
28 ചിന്തിക്കുന്നേയില്ല. അവരുടെ മേൽ
നിശ്ചയമായും രണ്ടുകാരണങ്ങളാൽ
ശിക്ഷവരും. അവർ ദൈവത്തെപ്പററി
തിന്മയായി ചിന്തിച്ചു. വിഗ്രഹങ്ങളിൽ
ദൃഷ്ടി പതിച്ച് ഹീനമായ വഞ്ചനയോടെ
അവർ സത്യംചെയ്ത് സത്യത്തെ അവർ
പുച്ഛരിച്ചു. അതുമൂലം പാപികൾക്കുള്ള
പ്രതികാരം; വഞ്ചകർക്കുള്ള നാശം അവർ
ക്കുണ്ടാകും.

അദ്ധ്യായം 15

നീയോ ഞങ്ങളുടെ ദൈവമേ, ദയാ
ലുവും കരുണാപൂർണ്ണനും ദീർഘക്ഷമ
യുള്ളവനും വളരെ കൃപയുള്ളവനുമാ
കുന്നു. സകലത്തേയും നീ പോററി സംര
ക്ഷിക്കുന്നു. ഞങ്ങൾ തെററുചെയ്താൽ
പോലും ഞങ്ങൾ നിൻേറതു തന്നെയാണ്,
അവിടത്തെ ശക്തി ഞങ്ങൾ നന്നായി
അറിയുന്നു. ഞങ്ങൾ നിൻേറതായി ഗണി
ക്കപ്പെട്ടിരിക്കുന്നതിനാൽ ഞങ്ങൾ തെററു
ചെയ്യുന്നില്ല. നിന്നെ അറിയുന്നത്
സമ്പൂർണ്ണ നീതിയും നിൻെറ സത്യം അറി
യുന്നത് അമരത്തത്വത്തിൻെറ മൂലവുമാകു
ന്നു. അവരുടെ ഗ്രന്ഥങ്ങളുടെ തണലിലോ
ഫലശൂന്യമായ അവരുടെ കൈപ്പത്തി
യിലോ അവരുടെ വ്യർത്ഥദർശനങ്ങളാലോ
കറമുള്ള അവരുടെ പ്രതിമകളാലോ
ഞങ്ങൾ തെററിപ്പോയിട്ടില്ല. അവരുടെ
നിർജ്ജീവകാര്യങ്ങളിൽ അഭിനിവേശം
കൊള്ളുന്ന അവരുടെ വ്യർത്ഥമുഖങ്ങൾക്കു
മുമ്പിൽ ഞങ്ങൾ നമിച്ചിട്ടില്ല. ജീവനില്ലാത്ത
വയാണ് അവർക്കുള്ളത്. തിന്മചെയ്യുന്ന
വരും അവയിൽ പ്രത്യാശിക്കുന്നവരും
അവയെ സ്നേഹിച്ചാരാധിക്കുന്നവരും
തിന്മനിറഞ്ഞ പ്രവർത്തകരാകുന്നു. കുശ
ൻ കളിമണ്ണു ചവിട്ടിക്കുഴച്ച്, ഉപയോഗ
ത്തിനുള്ള പാത്രങ്ങൾ ഉണ്ടാക്കുന്നു.
അവയിൽ കുറെ എടുത്ത് ശുശ്രൂഷയ്ക്കാ 7
വശ്യമുള്ള പാത്രങ്ങളും കുറെ എടുത്ത്
അതിനു പററാത്ത പാത്രങ്ങളും നിർമ്മിക്കു
ന്നു. ഓരോന്നിൻേറയും ഉപയോഗത്തിനായി
അവൻ അവ ഒന്നിൽനിന്നും ഒന്ന് വേർ
തിരിക്കുന്നു. അവൻ അതുകൊണ്ട് ദേവ 8
നേയും മനഞ്ഞുണ്ടാക്കുന്നു. അല്പനേരം
മുമ്പ് മണ്ണിൽനിന്നും അവനെ എടുത്തതാ
ണ്, അല്പം കഴിഞ്ഞ് അതു മണ്ണിലേക്കു
തിരികെച്ചേരുന്നു. ജീവനാകുന്ന ആ കട 9
ത്തെ അവന് തിരികെ കൊടുക്കേണ്ടി
വരുന്നു.ആയുസ്സ് കുറവോ കൂടുതലോ
ആയിരിക്കട്ടെ. അതു സ്വർണ്ണമോ വെള്ളി 10
യോ ചെമ്പോ കൊണ്ടുള്ള ഒരു വാസകേന്ദ്രം
മാത്രം. വ്യാജപൂർവ്വം അതിനെ നിർമ്മിച്ച്
മഹത്വപൂർവ്വം അതിനെ സ്ഥാപിക്കുന്നു.
അതിൻെറ ഹൃദയം ക്ഷാരമാകുന്നു. അതി
ൻെറ ആധാരം പൂഴിയാകുന്നു: സാധാരണ 11
മണ്ണാണ് അതിൻെറ മന്ദിരം. അതിനെ
മനഞ്ഞവനെ അത് അറിയുന്നില്ല.അതിനെ
നിർമ്മിച്ചവനിൽ പൂർണ്ണജീവൻ നൽകു
കയും ജീവശ്വാസം അവനിൽ ഊതുകയും
ചെയ്തവനെന്നും അവൻ അറിഞ്ഞില്ല.
അവരുടെ ജീവകേന്ദ്രത്തെ അവർ പുച്ഛരി
ച്ചു. അവരുടെ വാസം വ്യാപാരിയുടെ ക്രയവ 12
സ്തുപോലെയത്രെ. അതിൻെറ വ്യാപാര 13
മെല്ലാം തിന്മയിൽതന്നെ. താൻ തെററാണു
ചെയ്യുന്നതെന്ന് എല്ലാവരേയുംകാൾ കൂടു
തലായി അവനറിയുന്നുണ്ട്. പൂഴിയാകുന്ന 14
പദാർത്ഥം കൊണ്ട് പ്രതിമകൾ നിർമ്മിച്ച്
അതിനെ പൂജ ചെയ്ത അവരെല്ലാം ശപ്തരും
അരിഷ്ടരുമത്രെ. നിൻെറ ജനത്തിൻെറ
ശത്രുക്കൾ അതിനെ ഓർത്ത് ശക്തിപ്പെടുന്നു.
എന്തെന്നാൽ ജാതികളുടെ വിഗ്രഹങ്ങ 15
ളെല്ലാം ദൈവങ്ങൾ ആകുന്നു എന്ന് അവർ
വിചാരിച്ചു. അവയുടെ കണ്ണുകൾക്കു
കാഴ്ചയില്ല. അവരുടെ ഘ്രാണം വായു
ശ്വസിക്കുന്നില്ല. അവയുടെ കർണ്ണങ്ങൾക്കു
കേൾവിയില്ല. അവരുടെ കൈവിരലുകൾ
ക്കു സ്പർശനബോധമില്ല. അവരുടെ
കാലുകൾ നടക്കാവതല്ലാതെ നിഷ്പ്രയോ
ജനമുള്ളവ. എന്തെന്നാൽ മനുഷ്യനാണ് 16
അവയെ നിർമ്മിച്ചത്. വ്യാജാത്മാവാണ്
അവരെ മനഞ്ഞുണ്ടാക്കിയത്. ദൈവത്തെ
മനുഷ്യനെപ്പോലെ ഉണ്ടാക്കുവാൻ ആർ
ക്കെങ്കിലും കഴിയുമോ? അവൻ കേവലം
മരണാധീനനാണ്. അവൻെറ പാപപങ്കി 17
ലമായ കൈകൊണ്ട് നിർമ്മിക്കുന്നതെന്തോ
അതു നിർജ്ജീവമത്രെ, അങ്ങനെ അവൻെറ

ആരാധനാവസ്തുവിലും ശ്രേഷ്ഠനാണവൻ! അവനു ജീവൻ കൊടുക്കാൻ കഴിയുമല്ലോ. അവയ്ക്കോ അതിനുള്ള കഴിവില്ല. അശുദ്ധമൃഗങ്ങളെപ്പോലും ഈ മനുഷ്യർ ആരാധിക്കുന്നു. അവ തിന്മപ്പെട്ടവയാകുന്നു. മൃഗങ്ങളുടെ ദർശനംപോലും നന്മയുളവാക്കുമെന്ന് അവർ ആഗ്രഹിക്കുന്നു. അവർ ദൈവത്തിൻെറ മഹത്വത്തിൽനിന്നും അനുഗ്രഹത്തിൽനിന്നും മാറിപ്പോയി.

അദ്ധ്യായം 16

1 അങ്ങനെ അവർ അർഹിക്കുന്ന
വിധത്തിൽ അവയാൽ പ്രതികാരം പ്രാപിച്ചു.
ജന്തുക്കളാൽ അവർ പീഡിതരായി. നിൻെറ
ജനത്തിനോ നീ അത്യധികം നന്മചെയ്തു.
2 അവർക്ക് മതിയാവോളം ഭക്ഷണം വരുത്തി
ക്കൊടുത്തു. അവർക്കു മതിവരുമാറ്
കാടപ്പക്ഷികളെ വരുത്തിക്കൊടുത്തു.
3 ഭക്ഷണത്തിന് അവർ ആഗ്രഹിച്ചു. അതും
നീ അവർക്ക് അയച്ചുകൊടുത്തു. അവരുടെ
വായ നിറച്ചു. അവർ ആവശ്യപ്പെട്ടത്
എപ്പോഴെങ്കിലും അവർ അറിഞ്ഞിട്ടില്ലാത്ത
ഭക്ഷണം അവർ ഉപയോഗിച്ചു ശക്തി
4 പ്രാപിച്ചു. അവർക്കു ആവശ്യമായിരുന്ന
തൊന്നും അവരിൽ നിന്നും നീ വിരോധി
ച്ചില്ല. എന്നാൽ പിറുപിറുത്തവരുടെമേൽ
ധിക്കാരികളുടെ മേൽ ക്ഷാമവും ദാരിദ്ര്യവും
5 വരുത്തി. അവരുടെ വൈരികളെ ശിക്ഷി
ക്കുമെന്നും നീ കാണിച്ചു. അവരുടെ മേൽ
ഉഗ്രസർപ്പങ്ങളെ നീ വരുത്തി. ഭയങ്കരസർപ്പ
6 ദംശനത്താൽ അവർ വിഷമിച്ചു. ആ
ക്രോധമുണ്ടായത് ഉന്മൂലനാശത്തിനല്ല.
അവരുടെ ശിക്ഷണത്തിനായിരുന്നു. അവർ
ജീവനെ, നിൻെറ ന്യായപ്രമാണത്തിൻെറ
കൽപനകളെ ഓർക്കുവാൻ വേണ്ടി അവർ
7 ശിക്ഷിക്കപ്പെട്ടു. അവൻ അനുതപിച്ചത്
അത്ഭുതം കണ്ടിട്ടല്ല. പ്രത്യുത നീ നിമിത്തം
അവർക്കു ജീവൻ ലബ്ധമാകുകയായി
8 രുന്നു, നീ സർവ്വർക്കും നീതിദായക
നാണല്ലോ. സർവ ദുരിതങ്ങളിൽനിന്നും
രക്ഷയേകുന്നവൻ നീതന്നെ എന്ന് ഞങ്ങ
ളുടെ വൈരികളെ നീ മനസ്സിലാക്കി.
അവരെയോ വെട്ടുക്കിളികളും തേനീച്ചകളും
ദംശിച്ചു. അവർ മൃതിയടഞ്ഞിരുന്നു!
9 അവർക്ക് ചികിത്സ ഒന്നുമില്ലായിരുന്നു,
കാരണം അവർ അതിനർഹരായിരുന്നു.
അവയാൽ അവരോടു പ്രതികാരം ചെയ്തു.
10 എന്നാൽ അങ്ങയുടെ കൃപയെ അവർ
ക്കായി അയച്ചുകൊടുത്ത് അവരെ സൗഖ്യ
മാക്കിയതിനാൽ അങ്ങേ മക്കളെ ഉഗ്ര
സർപ്പങ്ങളുടെ തലചതച്ച് വിഷപ്പല്ലുകളിൽ
നിന്നും രക്ഷിച്ചു. ആയത് നീയാണ് അവരെ 11
രക്ഷിച്ചതെന്നും നീയാണ് വേഗം അവരെ
ആശ്വസിപ്പിച്ചതെന്നും എന്നും അവരുടെ
ഓർമ്മയിൽ ഇരിക്കുവാനും അവർ അഗാ
ധതയിലേക്കു പതിച്ച് നിന്നെ മറക്കാതി
രിക്കാനും നിൻെറ നന്മകൾക്ക് അവർ
അർഹരാണെന്നും സ്മരിക്കുവാനും തന്നെ.
ഔഷധമൂലങ്ങളോ തൈലങ്ങളോ അല്ല 12
അവരെ രക്ഷിച്ചത്. തിരുവചനം മാത്രമാണ്.
അതാണ് സകലർക്ക് സൗഖ്യവും പ്രദാനം
ചെയ്യുന്നത്. ജീവന്മേലും മൃത്യുവിന്മേലും 13
അധികാരി നീ മാത്രം. പാതാളകവാട
ത്തിലൂടെ ഇറക്കുന്നവനും കരേററുന്നവനും
അങ്ങു മാത്രം. തിന്മയിൽ വധിതനായ 14
വൻെറ ആത്മാവ് പുറപ്പെട്ടു പോകുന്നു.
എടുക്കപ്പെടുന്ന ജീവൻ തിരികെ വരുന്നില്ല.
നിൻെറ തൃക്കയ്യിൽനിന്നും രക്ഷിപ്പാനും 15
ആർക്കും കഴിയില്ല. നിന്നെ ഉപേക്ഷിച്ച 16
അധർമ്മികളെ നിൻെറ ഭുജശക്തിയാൽ നീ
ശിക്ഷിച്ചു. അവർക്കു മഴയ്ക്കു പകരം
കിട്ടിയതു കൽമഴയാണ്. രക്ഷകനില്ലാതെ
അവരെ നീ പീഡിപ്പിച്ചു. അഗ്നിയാൽ
അവർക്കു അറുതി വരുത്തി. നിൻെറ മഹാ
മഹിമ നിമിത്തം ആ അഗ്നി കെടുത്തുവാൻ
വെള്ളത്തിനു കഴിവുണ്ടായില്ല. അഗ്നിയെ 17
ക്കെടുത്തുന്ന വെള്ളത്തിന് അതു സാധ്യ
മാകുകയില്ല എന്നു മാത്രമല്ല അതിനെ
ആളിക്കത്തിക്കുന്ന പ്രത്യേകതയാണുള്ളത്.
എന്തെന്നാൽ സർവ്വസൃഷ്ടിയും പുണ്യ 18
വാന്മാരെ അവരുടെ പോരാട്ടത്തിൽ
സഹായിച്ചുകൊണ്ടിരിക്കുന്നു. നീ ആഗ്ര 19
ഹിച്ചാൽ തീയ് കത്താതിരിക്കും. അധർമ്മി
കളുടെ നേരേ നീ അയച്ച ഹിംസ്രമൃഗങ്ങളെ
അവർ കണ്ടപ്പോൾ അവർ ദൈവത്തിൻെറ
ശിക്ഷാവിധിയിൽ അകപ്പെട്ടുവെന്ന് അവ
വിശ്വസിച്ചു. അവിടുന്ന് തിരുവിഷ്ടപ്പെട്ടാൽ 20
അഗ്നി വെള്ളത്തിലും കത്തിപ്പടരും.

ഉപദ്രവകാരികളുടെ ദേശത്തുള്ള
ഫലങ്ങൾ ദഹിപ്പിച്ചുകളയും. മാലാഖമാ 21
രുടെ ഭോജ്യം അവിടുന്ന് നിൻെറ ജനത്തിനു
നല്കി. യാതൊരു പ്രയത്നവും അവർ
ചെയ്യാതെ നിൻെറ ജനത്തിനായി തയ്യാറാ
ക്കപ്പെട്ട അപ്പം ആകാശത്തുനിന്നും നല്കി.
അവയോ, എല്ലാറ്റിലും മാധുര്യമേറിയതും
എല്ലാറ്റിലും രുചിയേറിയതുംതന്നെ. നിൻെറ 22
ക്രമീകരണാനുസരണം നിൻെറ മക്കൾക്ക്
പരസ്യമായി മാധുര്യമേകി. അവർക്കു
മതിവരുവോളം അവർക്കു നീ വിളമ്പിക്കൊ

ത്തു. ഓരോരുവന്റെയും ആഗ്രഹാനുസ
നം അവനവനു ലഭിച്ചുകൊണ്ടിരുന്നു.
ത്തിലും മഞ്ഞുകട്ടയിലും അഗ്നി
ത്തിനിന്നു. അവർക്ക് അറിവുണ്ടാക
ക്കവണ്ണം അവ ഉരുകിപ്പോകാതിരുന്നു.
ൽമഴകൊണ്ട് ശത്രുക്കളുടെ ഫലവർഗ്ഗ
ളെല്ലാം ശൂന്യമായി. കൽമഴയോടും
യോടുംകൂടി നീ മിന്നൽ അയച്ചു. ആയത്
നിമാന്മാർ ചിതറിപ്പോകാതിരുന്ന് നിന്റെ
തി വിസ്മരിക്കാതിരിപ്പാൻതന്നെ.
ന്റെ സൃഷ്ടി മുഴുവനും നിനക്കു കീഴ്
ട്ടിരിക്കുന്നു. ദുഷ്ടന്മാർക്ക് പ്രതികാരവും
കരുതിവച്ചു. നിന്നിൽ ആശ്രയിച്ചവർക്കു
സൗഖ്യം പ്രദാനംചെയ്യു. ആകയാൽ,
ന്റെ ദാനം എല്ലാറ്റിലും വ്യാപരിച്ച്
ർത്തനം നടത്തുന്നു. അറിയുവാൻ
ഹമുള്ള ഏവരേയും നീ സംരക്ഷിച്ചു
ർത്തുന്നു. ആയത് കർത്താവിനെ
നഹിക്കുന്ന മക്കൾ, ഫലങ്ങളുടെ
നവല്ല, പ്രത്യുത തിരുവചനമാണ്
ഷ്യനെ പുലർത്തുന്നതെന്ന് അറിയു
തന്നെ. അതിൽ വിശ്വാസമർപ്പി
നവരെ അതു കാത്തുപാലിക്കും.
പ്പാഴും അഗ്നി പടർന്നു. അവയ്ക്കോ
ദ്രവവുമുണ്ടായില്ല. അഗ്നിയാൽ
പ്പോയില്ല. സൂര്യനും സ്തോത്രത്തോടെ
കാള്ളുന്നു എന്ന് അവർ ഗ്രഹി
ാൻ സൂര്യന്റെ ചൂടിലും അവർ
ാനപൂർവ്വം കഴിച്ചു. പ്രകാശത്തിന്റെ
ത്തിലും അവർ നിന്നെ ഉയർത്തി.
ന്മാരുടെ പ്രത്യാശ ശീതകാലത്തെ
കട്ടപോലെ ഉരുകിപ്പോകുന്നു. അഴു
ള്ളംപോലെ ഒഴുകിപ്പോകുന്നു.

അദ്ധ്യായം 17

ർത്താവേ, അങ്ങയുടെ വിധികൾ
രവും വർണ്ണനാതീതവും അത്ഭുത
ണ്ണവുമാകുന്നു. ആകയാൽ സ്വയം
പ്പടുന്നവർ തെറ്റിപ്പോയി. നിന്റെ
ത കീഴ്പെടുത്താമെന്ന് പാപികൾ
ിച്ചു. അന്ധകാരബന്ധനങ്ങൾ,
ിലെ ഗൂഢാലോചനകൾ എന്നിവ
നടത്തി. ലോകത്തിന്റെ അഭി
ദളിൽനിന്നും ഓടിമാറാമെന്നും,
ങ്ങൾ മറച്ചുവയ്ക്കാമെന്നുമാ
വിചാരിച്ചത്. അവർ ചെയ്ത തെറ്റു
അവർ ശാസിക്കപ്പെട്ടു. അവർ
പ്പായി. അവർ അത്യധികം ഭയാ
യി, സംഭ്രമചിത്തരായിത്തീർന്നു.
ആക്രമിച്ച അന്ധകാരം ഭീതിയിൽ
അവരെ ബന്ധിച്ചിട്ടു. ശാപവാക്കുകളാണ്
അവരെ സ്വീകരിച്ചത്. അവരുടെ നയന 5
ങ്ങൾ പെട്ടെന്ന് അന്ധകാരപ്പെട്ടു. അവരു
ടെമേൽ പ്രകാശം ഇല്ലാതായി. അഗ്നിയുടെ 6
ഊഷ്മാവാൽ അവർ ചിതറി. കെടാത്ത
അഗ്നിജ്വാല അവരുടെമേൽ ജ്വലിച്ചുകൊ
ണ്ടിരുന്നു. പ്രകാശം, അവർക്കു രാത്രിയിലെ
അന്ധകാരമെന്ന് അവർ ചിന്തിച്ചുപോയി.
അഗ്നി മാത്രമാണ് അവർക്കു പ്രകാശമായി 7
രുന്നത്. അവർക്കു കാണ്മാൻ കഴിവില്ലാ
തായി. കണ്ട കാഴ്ചകളോ കഠോരം. 8
മന്ത്രവാദികളുടെ പ്രതിമകൾ നിർമ്മിക്കു
വാൻ അവർ വിചാരിച്ചു. അവരുടെ
ധിക്കാരപരമായ ചിന്തയാൽ അവർ
ഉപദ്രവിക്കപ്പെട്ടു. അവർ അപമാനിതരായി. 9
അവരുടെ അന്തരംഗങ്ങൾ തിന്മയിലേക്ക്
ആനീതമായി. അവമാനവും വിഭ്രമവും
മൂലം അവർ ബലഹീനരായി. സർവ്വവും
അവർക്കു ഭയഹേതുവായി. തേനീച്ചകളുടെ 10
മൂളലും ഇഴജന്തുക്കളുടെ സീൽക്കാരവും,
അവർ മൂലം വിറച്ചുനശിച്ചു. ഒന്നുമില്ലാത്ത 11
വായുവിൽനിന്നുപോലും അവർ ഓടി
മാറി. എന്തെന്നാൽ അവരുടെ തിന്മ തന്നെ
അവർക്കെതിരായി സാക്ഷിച്ച് അവരെ
കുറ്റപ്പെടുത്തുന്നു. അവർ അധർമ്മം
പ്രവർത്തിച്ച് അവരുടെ ചിന്തകളാൽ
പ്രശസ്തരായി. എന്താണ് അവരുടെ ഭീതി?
അവരുടെ അധർമ്മത്തിന്റെ പൂർത്തീക 12
രണംതന്നെ കാരണം. അന്തർഭാഗത്തുനി
ന്നുള്ള ചിന്തകളുടെ ആക്രമണം. അത് എത്ര
ദുർബ്ബലമാണോ, അവർക്ക് അറിഞ്ഞു
കൂടാത്തതിനെക്കുറിച്ചുള്ള ഭീതി അത്ര
അധികവുമാണ്. അത് വരാനിരിക്കുന്ന 13
അപമാനത്തിന്റെ കാരണമായിത്തീർന്നു.
അശക്തമായ രാത്രിക്ക് അതിന്റെ
പാതാളബന്ധനങ്ങളിൽനിന്നും വിമുക്ത
മായി വരുവാൻ കഴിയാതായി. അതേ
നിദ്രയിൽ അവർ നിദ്രചെയ്യുന്നു. നിന്റെ 14
നിദ്രയിൽ, നീ ആനീതനാകുന്നത് നീ കണ്ടു.
നീ കണ്ടതെല്ലാം നീ അതിൽ ഊതിനിറച്ചു.
നീ ബന്ധിതനാണെന്നും, ചങ്ങലകളാൽ 15
കെട്ടപ്പെട്ടിരിക്കുന്നു എന്നും നീ കണ്ടു.
കൃഷിക്കാരനോ, ഇടയനോ വയലിൽ 16
പണിയെടുക്കുന്നവനോ ആകട്ടെ, നീ
പ്രതീക്ഷിക്കാത്ത അത്യാവശ്യജോലി
ക്കായി നീ എടുക്കപ്പെട്ടു എന്നു നീ കണ്ടു.
അന്ധകാരത്തിന്റെ പ്രവേശനമാർഗ്ഗം 17
ഒന്നുമാത്രം. അന്ധകാരശൃംഖലയാൽ
സർവ്വരും ബന്ധിതരായി. സീൽക്കാരത്തോ
ടുള്ള മാരുതനും ഇമ്പമുള്ള ശബ്ദത്തിൽ

പാടുന്ന പക്ഷികളുടെ ചിറകടിയുടെ
ശബ്ദവും, ഇരമ്പിപ്പായുന്ന വെള്ളത്തിൻെറ
18 ഇരമ്പലും, കല്ലിന്മേൽ പതിക്കുന്ന കല്ലിൻെറ
ശബ്ദവും, ഓടിച്ചാടി നടക്കുകയും കാണ
പ്പെടാതിരിക്കുകയുംചെയ്യുന്ന ജീവികളു
ടെയും ഗർജ്ജിക്കുന്ന മൃഗങ്ങളുടേയും
ശബ്ദവും, മലകൾക്കിടയിലുള്ള പ്രതിധ്വ
19 നിയും, അവരെ ഭയവിഹ്വലരാക്കി. സർവ്വ
സൃഷ്ടിയും പ്രകാശത്തിൻെറ സൗന്ദര്യ
ത്താൽ പ്രശോഭിക്കുന്നു. ഒരു പ്രവർത്ത
നവും ഭീതിദായകമല്ല. അന്ധകാരത്തിൻെറ
രൂപം അവർക്കു, വരാനിരിക്കുന്നവർക്കു
മാത്രമാണ് രാത്രി ഭാരമേറിയതായി
സ്ഥിതിചെയ്യുന്നത്.

അദ്ധ്യായം 18

1 നിൻെറ പുണ്യവാന്മാർക്കു പ്രകാശം
അത്യധികം പ്രശോഭിതംതന്നെ. അതിൻെറ
സ്വരം അവർ കേൾക്കുന്നു. അതിൻെറ രൂപം
2 കാണുന്നില്ല. അവരും ശിക്ഷയേറ്റു. അവൻ
നന്നായി ഏറ്റുപറഞ്ഞു. എന്തെന്നാൽ
3 അവർ നേരത്തെ തെറ്റു ചെയ്തിരുന്നു. അവർ
തന്നോട്; പ്രകാശസ്തംഭം അവരെ വഴികാ
4 ണിക്കണമേ എന്നപേക്ഷിച്ചു. അവർക്കു നീ,
സൂര്യൻെറ ചൂടിൽനിന്നും ആശ്വാസമേകി.
5 അവരുടെ വൈരികൾക്ക് പ്രകാശം നിരോ
ധിക്കപ്പെട്ടു. അന്ധകാരത്തിൽ ബന്ധിതരു
മായി. എന്തെന്നാൽ പ്രമാണത്തിൻെറ
പ്രകാശത്താൽ പ്രശോഭിതരാകേണ്ടി
യിരുന്ന നിൻെറ മക്കളിൽ അനേകരെ അവർ
6 ബന്ധിതരാക്കിയവരായിരുന്നു. അവരുടെ
വൈരികൾ പുണ്യവാന്മാരേയും കുഞ്ഞു
ങ്ങളേയും കൊന്നു മുടിക്കുവാൻ ആഗ്ര
7 ഹിച്ചു. അവരുടെ അനേകമക്കൾക്കു
ശാസനോപദേശം നല്കുവാനായി ഒരു
പരിശുദ്ധ പുത്രൻ സൂക്ഷിക്കപ്പെട്ടിരുന്നു.
നിൻെറ ജനത്തിൻെറ ശത്രുക്കളെ ഏറിയ
8 വെള്ളംകൊണ്ട് നീ നശിപ്പിച്ചു. അവർക്കു
ജീവൻ ലഭിക്കുവാൻ ആരിലാണ് അവർ
വിശ്വസിച്ചതെന്ന് സത്യമായി അറിയുവാൻ
ആ രാത്രിയെക്കുറിച്ചു ഞങ്ങളുടെ പിതാ
ക്കന്മാർക്കു നീ അറിവു നല്കി. നിൻെറ
9 ജനത്തിന് — പുണ്യവാന്മാർക്കു ജീവനും,
ശത്രുക്കൾക്കു വിനാശവും നല്കി.
10 ശത്രുക്കളോടു നീ പകരംവീട്ടി. നീ ഞങ്ങളെ
വിളിച്ചു; വിശുദ്ധീകരിച്ചു. മഹിമപ്പെടുത്തി.
നിഗൂഢമായി പുണ്യവാന്മാരായ നിൻെറ
ദാസന്മാർ നിനക്കു ശുശ്രൂഷ ചെയ്തു
വരികയായിരുന്നു. സത്യത്തിൻെറ പ്രമാണ
ങ്ങൾ അവർക്കായി ക്രോഡീകരിക്കപ്പെട്ടു.

അങ്ങനെ പുണ്യവാന്മാർ നന്മയുള്ളവരും
നേരുള്ളവരും ഒന്നുപോലെ അവ സ്വീക
രിച്ചു. ഈ നാഴികമുതൽ അവർ പിതാവിന്
സ്തുതി അർപ്പിക്കും. ശത്രുക്കൾക്കോ അത്യ
ധികമായ അതിവേദന വന്നുചേർന്നു.
മക്കളുടെ വിനാശംമൂലം അവർ ക്ഷയിച്ചു.
ആ ശിക്ഷാവിധിയാൽ അടിയാനും യജ
മാനനും, രാജാവും ദരിദ്രനും ഒരുമിച്ചും
ഒരുപോലെയും വേദനയനുഭവിച്ചു.
ഒരേവിധത്തിലുള്ള മൃത്യു ഏവരേയും
പിടികൂടി. മൃതർ അസംഖ്യമായിരുന്നു.
മൃതരെ സംസ്കരിക്കുവാൻ ജീവനുള്ള
വർക്ക് കഴിവില്ലായിരുന്നു. കണ്ണിമയ്ക്കുന്ന
നേരംകൊണ്ട് അവരുടെ വർദ്ധനവ് നിലച്ചു.
അവരുടെ ആഭിചാരംമൂലം ഇവയൊന്നും
അവർ വിശ്വസിച്ചില്ല. അവരുടെ കടിഞ്ഞൂ
ലുകളുടെ നാശംകൊണ്ടും ആ ജനം ദൈവ
ത്തിൻേറതാണെന്ന് അവർ സമ്മതിച്ചില്ല.
എല്ലാവർക്കും മൗനവും സംഭീതിയും
ബാധിച്ചു. പാതിരാനേരത്ത് സംഭ്രമം പൊട്ടി
പ്പുറപ്പെട്ടു. സർവ്വശക്തനായ നിൻെറ
വചനം സ്വർഗ്ഗത്തിൽനിന്ന് ആഗതമായി.
മഹത്തായ രാജസിംഹാസനത്തിൽനിന്ന്
ആ വീരയോദ്ധാവിനെ നിലത്തു മറിച്ചിട്ടു.
യാതൊരു മുഖപക്ഷവുമില്ലാതെ നിൻെറ
കല്പനയാൽ മൂർച്ചയേറിയ വാൾ നീ
വരുത്തി. അത് കല്പനാനുസരണം എല്ലാം
നിർവ്വഹിച്ചു. അത് ആകാശംവരേയും
ഉയർന്ന് ഭൂമിയിൽ നിലകൊണ്ടു. അപ്പോൾ
പെട്ടെന്ന് ദുഃസ്വപ്നം അവരുടെ മനസ്സു
കലർത്തി അവർ വിചാരിച്ചിരിക്കാത്തതായ
ഭീതി അവർക്കുണ്ടായി. അവർ മറിച്ചിട
പ്പെട്ടതുമൂലം അവിടേയും ഇവിടേയും
വീണുപോയി. അർദ്ധപ്രാണരായി അവർ
നിലംപതിച്ചു. എന്തു കുറ്റംകൊണ്ടാണ്
അവർ മരിച്ചുവീഴുന്നതെന്ന് അവരെ
ഗ്രഹിപ്പിച്ചു. അവരെ സംഭ്രമിപ്പിച്ചതായ
സ്വപ്നങ്ങൾ എന്തുകൊണ്ടാണ് ആ
ജീവനുള്ളവർ നശിച്ചുപോയിക്കൊണ്ടി
രുന്നത് എന്ന് അവർ അറിയാതിരിക്കെ
അവരെ അറിയിച്ചുകൊടുത്തു. നല്ലവർക്കു
പോലും ചില സമയത്ത് മൃത്യുവാകുന്ന
പരീക്ഷണം വന്നുചേർന്നു. മരുഭൂമിയിൽ 2
അനേകർ മരിച്ചു. എന്നാൽ അവർ ശൂന്യ 2
മാകുന്നതുവരേയും നിൻെറ കോപം
നിലനിന്നില്ല. നീതിമാനായൊരു പുരുഷൻ
ആചാര്യത്വത്തിൻെറ അങ്കികളണിഞ്ഞ്
പൗരോഹിത്യത്തിൻെറ ആയുധംകൊണ്ട്
പോരാടുകയും പാപപരിഹാരത്തിന്നായിട്ട്
അപേക്ഷയും പ്രാർത്ഥനയും ധൂപവും

അർപ്പിക്കുകയുംചെയ്തു. കോപത്തിന്നെതി
ായി അവൻ നിലകൊണ്ടു. അങ്ങനെ
കോപം നീക്കുകയും ചെയ്തു. വസന്ത
നിരോധിക്കപ്പെട്ടു. അവൻ നിന്റെ ദാസ
ാകുന്നുവെന്ന് എല്ലാവരും ഗ്രഹിച്ചു.
നവൻ ജനക്കൂട്ടത്തെ ജയിച്ചത് ശരീര
ക്തികൊണ്ടോ ജീവപ്രയത്നംകൊണ്ടോ
ല്ല. പ്രത്യുത വചനംകൊണ്ടും അവൻ
ർമയിൽ വരുത്തിയ പിതാക്കന്മാരുടെ
ടമ്പടികളുടേയും ആണകളുടേയും
മരണകൊണ്ടുമത്രേ. നാശകാരകനെ
ഴമർത്തിയത്. മരിച്ചവർ ഒരുവന്റെമേൽ
ുവൻ കൂട്ടംകൂട്ടമായി വീണുകൊണ്ടിരു
പ്പോൾ അവൻ സജീവർക്കും മൃത
ർക്കും മദ്ധ്യേ നിലകൊണ്ടു. അവൻ
ോധത്തെ മാറ്റിക്കളഞ്ഞു. അവന്റെ
കിയുടെ വിളുമ്പിലും അവന്റെ ചുമലിൽ
ിച്ചിരുന്ന നാലുനിര രത്നങ്ങളുടെ ആ
ൃതയിലും ശ്രേഷ്ഠകിരീടം അവന്റെ
സ്സിലും വച്ചിരുന്നതിലത്രേ സർവ്വജ
ും ആശ്രയിച്ചത്. നാശകാരകന് ഇവ
ാധ്യമായി. അവർ ഭയപ്പെട്ടു. കോപ
ന്റെ പരീക്ഷണം അവർക്കു മതിയായി.

അദ്ധ്യായം 19

ദുഷ്ടന്മാരെക്കുറിച്ച്: അന്ത്യംവരെയും
ാധം നിർദയമായി അവരുടെമേൽ
കൊണ്ടു. എന്തെന്നാൽ അവർക്ക്
ു സംഭവിക്കുമെന്ന് അവർ നേരത്തെ
ഞ്ഞിരുന്നു. അവരില്ലാതായിപ്പോകത്ത
തിയിൽ അവർ പിന്തിരിഞ്ഞിരുന്നു.
ര പെട്ടെന്ന് അയയ്ക്കുകയും അവർ
ത്തോടെ പിന്തുടരപ്പെട്ട് ഓടുകയും
ു. അവർ വിലാപത്തോടെ മാറാത്ത
കാണ്ട് മരിച്ചവരെ സംസ്കരിക്കുവാൻ
പ്പെട്ടു. വിജ്ഞാനമില്ലാത്ത മറ്റൊരു
അവർക്കുളവായി. അവരോടപേ
വരെ അവർ പുറത്താക്കുക മാത്രമല്ല
നം ചെയ്യുന്നവരുടെ പിന്നാലെ
പിന്തുടരുകയും ചെയ്തു. അവരുടെ
അവശ്യമായ അന്ത്യത്തിനുള്ള
ാരം അവരെ ആകർഷിച്ചു. അവർക്കു
ച്ചത് അവർ ഓർത്തില്ല. നിന്റെ ജനം
ായ വഴിയിലൂടെ പരിശോധിത
അവർ മറ്റൊരു രീതിയിലുള്ള മൃത്യു
ത്തും. ഓരോ സൃഷ്ടിയും അത
ക്രമമനുസരിച്ച് ഉയരത്തിൽനിന്നും
ിക്കപ്പെടുന്നു. നിന്റെ ദാസർ
ംകൂടാതെ സുരക്ഷിതരായിരി
തിന് നിന്റെ കല്പനകൾക്ക്
പ്രകൃത്യാതന്നെ അവർ വിധേയരായി
രിക്കുന്നു. എല്ലാ വാസസ്ഥാനങ്ങൾക്കും 7
മേഘം വിതാനമായി നിലകൊള്ളുകയും
ഭൂമിയുടെ അഗാധത്തിൽനിന്ന് ഉണങ്ങിയ
നിലം ദൃശ്യമാകുകയും ചെയ്തു. ചെങ്കട
ലിലൂടെ പ്രതിബന്ധമില്ലാത്ത വഴിയിലൂടെ
അവർ ചവിട്ടിക്കൊണ്ട് മുന്നോട്ടു പോയി.
അതിലെ ഓളങ്ങളിൽനിന്ന് സസ്യസമ്പൂർ
ണ്ണമായ സമഭൂമി അവരെ എതിരേറ്റു.
തൃക്കൈ അവയുടെമേൽ ആവസിച്ചിരുന്ന 8
തുകൊണ്ട് സർവ്വജനവും അവയുടെമേൽ
കടന്നുപോയി. അവർ അത്ഭുതങ്ങളും
അതിശയമേറിയ കാര്യങ്ങളും ദർശിച്ചു.
അശ്വക്കൂട്ടങ്ങളെപ്പോലെ അവർ മേഞ്ഞു 9
നടന്നു. കുഞ്ഞാടുകളെപ്പോലെ അവർ
തുള്ളിച്ചാടി. അവർക്കു രക്ഷ വരുത്തിയ
വനായ കർത്താവേ നിനക്ക് അവർ സ്തുതി
പാടി. അവരുടെ വിദേശവാസകാലത്ത് 10
സംഭവിച്ചതെല്ലാം അവർ ഓർത്തു.
ജീവജാലങ്ങളുടെ ഉല്പാദനത്തിനു പകരം
ഭൂമി പുറപ്പെടുവിച്ചത് ഇഴജാതികളെയാ
യിരുന്നു. നദി വെള്ളത്തിനുപകരം 11
വളരെയേറെ തവളകളെയാണ് ഉല്പാദിപ്പി
ച്ചത്. ഇവയ്ക്കെല്ലാംശേഷം അവർ കണ്ടത്
അവരുടെ സന്ധാരണത്തിനായി നിന്നോട്
ഇര ചോദിക്കുന്ന പക്ഷികളുടെ വരവാണ്.
സമുദ്രത്തിൽനിന്ന് കാടപ്പക്ഷികളെ 12
അവർക്കാശ്വാസത്തിന്നായി നീ ഉയർത്തി
അയച്ചുകൊടുത്തു.

അപരാധികളുടെമേൽ ശിക്ഷകൾ ആഗ
തമായി. മരണവും ക്രോധവും ഞെരുക്കവും
തന്നെ. അവരുടെ തിന്മകൾമൂലം അവർ 13
ന്യായമായിത്തന്നെ വേദന അനുഭവിച്ചു.
കാരണം തിന്മപ്പെട്ട മാർഗ്ഗമാണ് അവർ
പരിചിന്തനം ചെയ്തത്. അവിടെ ആയിരുന്ന
പ്പോൾ അറിവില്ലായ്മയാൽ അവർ ദൈവ
കല്പന സ്വീകരിച്ചില്ല. അന്യരായ സംര
ക്ഷകരെ അവർ കീഴ്പെടുത്തി. അതു 14
മാത്രവുമല്ല അന്യരെ ഉപേക്ഷിക്കുവാൻ
അവർക്കു മനസ്സില്ലാതിരുന്നതുകൊണ്ട്
അവരുടെമേൽ ശിക്ഷയും വന്നു. അവർ 15
ആരെ പ്രതിയാണോ പ്രതികാരം പ്രാപി
ക്കേണ്ടിവന്നത് അവരെ അവർ സന്തോ
ഷത്തോടെ സ്വീകരിച്ചു. പ്രയത്നത്താൽ 16
അവർ ഇവരെ വിഷമിപ്പിച്ചു. മോഹത്താൽ
വിഴുങ്ങപ്പെട്ടവരായ സോദോമ്യർ ആ
നീതിമാന്റെ വാതിൽക്കൽവച്ച് എന്നതു
പോലെ അന്ധകാരത്താൽ ഇവരും
വിഴുങ്ങപ്പെട്ടു. അവരെ മൂടിക്കളഞ്ഞ
അന്ധകാരംനിമിത്തമായിട്ട് ഓരോരുവനും

സ്വന്തവീടിൻെറ വാതിൽ അന്വേഷിച്ചു
17 നടക്കേണ്ടിവന്നു. കിന്നരത്തിൻെറ ഓരോ
സ്വരവും അതിൻെറ ക്രമം സംരക്ഷിക്കുന്നു
ണ്ടെങ്കിലും പല പേരുകളിൽ അറിയപ്പെടു
ന്ന രാഗങ്ങൾക്ക് രൂപം കൊടുക്കുവാൻ അവ
യ്ക്ക് കഴിയുന്നതുപോലെ ആദിഭൂതങ്ങൾ
വിവിധ രൂപത്തിൽ യോജിച്ചുവെന്ന് മന
18 സ്സിലാക്കാവുന്നതാണ്. കരപ്രദേശം ജലാശ
19 യങ്ങളായി. നീന്തിനടക്കുന്നവ കരയിലും
കയറി. അഗ്നി ജലത്തിൽ ജ്വലിച്ചുവെങ്കിലും
അതിൻെറ ശക്തി സംരക്ഷിച്ചു. ജലം അതി
ൻെറ ശക്തിയെക്കൊണ്ട് അഗ്നിയെ കെടുത്തി
യില്ല. അഗ്നിജ്വാല നാശകരങ്ങളായ ജീവി 2
കളെ ദഹിപ്പിച്ചില്ല. അവയുടെ മാംസത്തെ
അതിലൂടെ നടന്നിട്ടും എരിച്ചു കള ഞ്ഞുമില്ല.
കന്മഴ ഫലങ്ങളെ ഉരുക്കിക്കളയുകയോ
നശിപ്പിക്കുകയോ ചെയ്തില്ല. കർത്താവേ, 2
നിൻെറ ജനത്തെ നീ ശ്രേഷ്ഠരാക്കി മാന്യ
രുമാക്കി. എല്ലാ സ്ഥലത്തും നീ അവരെ
ഉപേക്ഷിക്കാതിരുന്നു. എല്ലാ സമയത്തും നീ
അവരെ സഹായിച്ചുമിരുന്നു.

ദൈവത്തിനു സ്തുതി.

യേശുബാർ ആസിറേയുടെ പുസ്തകം

അദ്ധ്യായം 1

വിജ്ഞാനമെല്ലാം ദൈവത്തിൽനിന്നാ
ന്നു; ആദിമുതൽക്കേ അതു തന്നോടു
ടെയാകുന്നു. കടൽതീരത്തെ മണൽ
ികൾ, മഴവെള്ളത്തുള്ളികൾ, ലോക
ിന്റെ ദിനങ്ങൾ ഇവ എണ്ണുവാൻ
ർക്കു കഴിയും? ആകാശത്തിന്റെ ഉയരം,
ിയുടെ വിസ്തീർണ്ണം, ആഴിയുടെ താഴ്ച
അളക്കുവാൻ ആർക്കു കഴിയും.
യെല്ലാറ്റിനെക്കാളും ബഹുലമാണ്
ജ്ഞാനം. ശക്തിയേറിയതാണ് വിശ്വാ
ആരംഭംമുതൽ വിജ്ഞാനശാഖകൾ
ർക്കു വെളിപ്പെട്ടു? വിവേകത്തിന്റെ
ങ്ങൾ ആർക്കറിയാം. ദൈവം ഏകൻ
മാണ് ഭയങ്കരൻ. താൻ മാത്രമാണ്
ിന്റെ എല്ലാ ഉള്ളറകൾക്കും അധി
. താനാണ് അതെല്ലാം അറിയിച്ചത്.
തെല്ലാം കണ്ടവൻ അതിനെയെല്ലാം
റ്റിനല്കിയവൻ. ഓരോന്നിനും ഓരോ
ർക്കും ജോലി വിഭജിച്ചുകൊടുത്ത
ഓരോരുത്തർക്കും തിരുഹിതാനുസ
അതു നല്കുകയും തന്റെ ഭക്ത
ക്ക് അത് സമൃദ്ധിയായി നല്കുകയും
ുന്നു. ദൈവഭക്തി ശോഭയും ബഹു
ും ശ്രേഷ്ഠതയും മഹത്വത്തിന്റെ
വും ആകുന്നു. ദൈവഭക്തി ഹൃദയ
സന്തോഷിപ്പിക്കുകയും ആനന്ദവും
ാദവും നിത്യമായ ജീവനും നൽകുക
ചെയ്യുന്നു. ദൈവഭക്തന് നല്ല അവ
ഉണ്ടാകും. അവന്റെ അന്ത്യദിന
അനുഗൃഹീതമായിരിക്കും. ദൈവ
യാകുന്നു ജ്ഞാനത്തിന്റെ ആരംഭം.
സികൾക്ക് അവരുടെ മാതൃഗർഭം
തന്നെ അത് നല്കപ്പെട്ടിരിക്കുന്നു.
നുഷ്യർക്ക് സത്യം വെളിപ്പെടുത്തു
തിന്റെ ശക്തി അവരുടെ സന്തതിക
ൂടെയും നിലനില്ക്കുന്നു. ദൈവ
ിജ്ഞാനത്തിന്റെ ആരംഭമാകുന്നു.
ന്റെ ആദായം സൗഭാഗ്യം പ്രവഹിപ്പി
ദൈവഭക്തി അതിന്റെ അറകളെ
വിജ്ഞാനസംപൂരിതമാക്കുന്നു. ദൈവ
ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു.
അത് സമാധാനവും ജീവനും സൗഖ്യവും
വർദ്ധിപ്പിക്കുന്നു. അത് ബലമേറിയ ഊന്നു 15
വടിയാകുന്നു. അത് മഹത്വത്തിന്റെ
താങ്ങും നിത്യബഹുമാനവും ആകുന്നു.
അതിനെ അനുഗമിക്കുന്നവനു അതിന്റെ 16
വേരുകൾ നിത്യജീവനാകുന്നു. അതിന്റെ
മുളകൾ ദീർഘായുസ്സും ആകുന്നു. അതി
നെക്കുറിച്ച് എപ്പോഴും ചിന്തിക്കുന്ന മനു
ഷ്യൻ ഭാഗ്യവാൻ. അത് സർവ്വനിക്ഷേ
പങ്ങളേയുംകാൾ മഹത്തരം. അതിനോട 17
ടുത്ത് അതിന്റെ കല്പനകളിൽ വ്യാപൃത
നാകുന്നവൻ ഭാഗ്യവാൻ. ശാശ്വതകിരീടം
അവന്റെമേൽ വയ്ക്കും. വിശുദ്ധരുടെ 18
മദ്ധ്യേ നിത്യവിജയവുമുണ്ടാകും. അവൻ 19
അതിലും അത് അവനിലും സന്തുഷ്ട
മാകും. ഒരിക്കലും നീ അത് വിട്ടുക 20
ളയരുത്. ദൈവദൂതന്മാർ അതിൽ സന്തു
ഷ്ടരാകും. കർത്താവിന്റെ മഹത്വം അവർ 21
ഓരോന്നായി എണ്ണിയെണ്ണി പറയും.

ഈ ഗ്രന്ഥം മുഴുവനും ജീവസമ്പൂർണ്ണ 22
മാണ്. ഇതനുസരിച്ച് പ്രവർത്തിക്കുന്നവൻ
ഭാഗ്യവാൻ. എന്റെ വാക്കുകൾ ശ്രദ്ധിക്കു 23
വിൻ, ഗ്രഹിക്കുവിൻ. ജീവനും നിത്യാവകാ 24
ശവും മഹത്തായ സന്തോഷവും സ്വായത്ത
മാക്കുവാൻ ആഗ്രഹിക്കുന്നവൻ എന്റെ
ഈ വചനങ്ങളെല്ലാം കേട്ട് ആചരിക്കുക.
ജീവന്റെ പുസ്തകത്തിൽ ഇത് എഴുതപ്പെടും.
ദൈവഭക്തിയെ സ്നേഹിക്കുക. നിന്റെ 25
ഹൃദയം അതിൽ ഉറപ്പിക്കുക. നീ സംഭീതനാ
കുകയില്ല. അതിനോടടുത്ത് ചെല്ലുക. നീ
അലസനാകുകയില്ല. നിന്റെ ആത്മാവിന് 26
ജീവൻ കണ്ടെത്തും. നീ അതിനോട് ശക്ത
നും ധീരനുമായി അടുത്തുകൊള്ളുക.
മകനേ ദൈവഭക്തിയിൽ നീ വ്യാജം 27
കാണിക്കരുത്. ഇരുമനസ്സോടെ നീ അതി
നോട് അടുക്കരുത്. മനുഷ്യരുടെ മുമ്പിൽ
അതിനാൽ നീ ബഹുമാനിതനാകും.
നിന്റെ അധരങ്ങളിൽ സൂക്ഷ്മതയുള്ളവ 28
നായിരിക്കുക. ഇതിലെ വാക്കുകളെ നീ 29

ഉപേക്ഷിക്കരുത്, നീ ഇളകുകയില്ല. നിൻെറ മനസ്സിന് നീ വ്യത്യാസം വരുത്തരുത്. അത് ഒരുപക്ഷേ കർത്താവ് നിൻെറ ബന്ധനങ്ങൾ വർദ്ധിപ്പിക്കുവാൻ ഇടയാക്കും. സംഘങ്ങളുടെ മദ്ധ്യേ നിന്നെ തള്ളിയിടും. എന്തെന്നാൽ നീ ദൈവഭക്തിയിൽ പേരുകേട്ടവൻ എന്ന നിലയിൽ ഇരുന്നുകൊണ്ട് നിൻെറ ഹൃദയാന്തർഭാഗത്ത് വഞ്ചന നിറച്ചുവച്ചിരിക്കുന്നു.

അദ്ധ്യായം 2

1 മകനേ നീ ദൈവഭക്തിയോട് അടു
ത്തിരിക്കുന്നുവെങ്കിൽ സർവ്വപരീക്ഷണ
ങ്ങൾക്കും നീ സ്വയം ഏല്പിച്ചിരിക്കുന്നു.
അതിൽ നീ മുറുകെ പിടിക്കുക. അതിനെ
2 ഉപേക്ഷിക്കരുത്. എന്നാൽ നിൻെറ വഴിക
3 ളിലെല്ലാം നീ വിജ്ഞാനിയാകും. നിന
ക്കെതിരായി വരുന്നതെല്ലാം നീ സ്വീകരി
4 ക്കുക. രോഗത്തിലും ദാരിദ്ര്യത്തിലും നീ
5 ദീർഘക്ഷമ പാലിക്കുക. എന്തെന്നാൽ
സ്വർണ്ണം ശുദ്ധിചെയ്യപ്പെടുന്നത് അഗ്നിയി
ലാണ്. മനുഷ്യൻ ദാരിദ്ര്യചൂളയിലും.
6 ദൈവഭക്തരേ അവൻെറ സൗഭാഗ്യത്തി
7 ന്നായി പ്രത്യാശിച്ചിരിപ്പിൻ. അവൻെറ
പിന്നിൽനിന്ന് നിങ്ങൾ വിട്ടുപോകരുത്.
വീണുപോയേക്കും.
8 ദൈവഭക്തരേ, അവനിൽ വിശ്വസി
പ്പിൻ; അവൻ നിങ്ങളുടെ കൂലി ഒരിക്കലും
വച്ചുതാമസിപ്പിക്കയില്ല. ദൈവഭക്തരേ
9 നിത്യമായ സന്തോഷത്തിനും രക്ഷയ്ക്കു
മായി അവനിൽനിന്നുള്ള സൗഭാഗ്യം പ്രതീ
10 ക്ഷിപ്പിൻ. പണ്ടു മുതലേ ഉണ്ടായിരുന്ന
11 തിനെ തിരിച്ചറിവിൻ. ലോകത്തിലെ
തലമുറകൾക്കു മുമ്പും ഉള്ളവയെ സൂക്ഷി
12 ച്ചുകാണുവിൻ. ആരെങ്കിലും ദൈവത്തിൽ
വിശ്വസിച്ചിട്ട് അവനെ താൻ ഉപേക്ഷിച്ചി
ട്ടുണ്ടോ? ആരെങ്കിലും ദൈവത്തിൽ
പ്രത്യാശവച്ചിട്ട് അവനെ തള്ളിക്കളകയോ
ആരെങ്കിലും തന്നെ വിളിച്ചിട്ട് ഉത്തരം
കൊടുക്കാതിരിക്കയോ ചെയ്തിട്ടുണ്ടോ?
13 എന്തെന്നാൽ താൻ ദയാലുവും സ്നേഹം
നിറഞ്ഞവനും ആകുന്നു. വിഷമകാല
ത്തെല്ലാം താൻ നമ്മെ കേൾക്കുകയും സംര
14 ക്ഷിക്കുകയും ചെയ്യു. തകർന്ന ഹൃദയവും
തളർന്ന കൈകളും ഉള്ളവനും പലവഴിക
ളിൽ പ്രയാസപ്പെടുന്നവനും ആയി ദൈവ
തിരുഹിതം ചെയ്യുന്നവരുടെ നിലവിളി
15 അവൻ കേൾക്കും. അവിശ്വാസമുള്ള ഹൃദ
16 യമേ, നിനക്കു കഷ്ടം; നീ നിലനില്ക്കു
കയില്ല. സ്വശക്തിയിൽ ആശ്രയിക്കുന്ന
വരേ, നിങ്ങൾക്കു കഷ്ടം. ദൈവം ന്യായം
വിധിക്കുമ്പോൾ നിങ്ങൾ എന്തുചെയ്യും?
ദൈവഭക്തിയുള്ളവർ തൻെറ വചനം
വെറുക്കുകയില്ല. അവനെ സ്നേഹിക്കുന്ന
വർ അവൻെറ വഴികൾ പ്രമാണിക്കും.
ദൈവഭക്തിയുള്ളവർ തൻെറ തിരു 2
ഹിതത്തെയും കരുണയേയും കുറിച്ച്
എപ്പോഴും ചിന്തിക്കുകയും തൻെറ പ്രമാണം
പഠിക്കുകയും ചെയ്യും. ദൈവഭക്തിയു 2
ള്ളവൻെറ സമ്പാദ്യം വർദ്ധിക്കും; അവൻെറ
സന്താനം അവനുശേഷം അനുഗൃഹീത
രുമാകും. ദൈവഭക്തിയുള്ളവൻ അവൻെറ 2
ഹൃദയത്തെ ക്രമപ്പെടുത്തും. തന്നെ ഉപേ 2
ക്ഷിക്കുന്നവൻ അവൻെറ ആത്മാവിനെ
നശിപ്പിക്കുന്നു. ദൈവം എത്രയേറെ മഹിമ
യുള്ളവനാണോ, അത്രയുംതന്നെ കരുണ
യുള്ളവനാണ്. തൻെറ നാമത്തിന്നനുസര
ണം തന്നെയാണ് തൻെറ പ്രവൃത്തികളും.

അദ്ധ്യായം 3

മക്കളേ നിങ്ങൾക്കു ശാശ്വതജീവിതം 1
ഉണ്ടാകുവാൻ നിങ്ങളുടെ മാതാപിതാ
ക്കളെ അനുസരിച്ച് പ്രവർത്തിപ്പിൻ. എന്തെ 2
ന്നാൽ ദൈവം മക്കൾക്കുമേൽ പിതാവിന്
മഹിമ നല്കി. സന്താനങ്ങളുടെമേൽ മാതാ 3
വിനുള്ള അധികാരവും താനുറപ്പിച്ചു. സ്വപി 4
താവിനെ ബഹുമാനിക്കുന്നവൻെറ കുറ്റ
ങ്ങൾ ക്ഷമിക്കപ്പെടും.
തൻെറ അമ്മയെ ബഹുമാനിക്കുന്നവൻ 5
വലിയ നിക്ഷേപമാണ് കരുതുന്നത്. സ്വപി 6
താവിനെ ബഹുമാനിക്കുന്നവൻ അവൻെറ
മകനിൽനിന്ന് സന്തോഷമനുഭവിക്കും.
അവൻ പ്രാർത്ഥിക്കുമ്പോൾ അതു കേൾ 7
ക്കപ്പെടുകയും അതിന്നുത്തരം ലഭിക്കു
കയും ചെയ്യും. തൻെറ പിതാവിനെ ബഹു 8
മാനിക്കുന്നവന്നു ദീർഘായുസ്സുണ്ടാകും;
തൻെറ മാതാവിനെ ബഹുമാനിക്കുന്നവൻ 9
ദൈവത്തിൽ പ്രത്യാശ വയ്ക്കുന്നു. എൻെറ
മകനെ നിൻെറമേൽ അനുഗ്രഹങ്ങൾ ധാരാ
ളമായി വരേണ്ടതിന്നായി നിൻെറ പിതാ
വിനെ വാക്കിലും പ്രവൃത്തികളിലും ബഹു
മാനിക്കുക. പിതാവിൻെറ അനുഗ്രഹം 10
ഉയരങ്ങളിന്മേൽ നിന്നെ നിർത്തും. മാതാ 11
വിൻെറ ശാപമോ, നിന്നെ വേരോടെ
പറിക്കും. നിൻെറ പിതാവിനെ അപമാനിച്ച് 12
നീ ബഹുമാന്യനാകരുതു, അതു നിനക്കു
ബഹുമാനമല്ല. മനുഷ്യൻെറ ബഹുമാനം 13
അവൻെറ പിതാവിൻെറ ബഹുമാനമാണ്.
തൻെറ മാതാവിനെ അവഗണിക്കുന്നവനു
അതു കടുത്ത കുറ്റവുമാണ്. എൻെറ മകനേ 14

ൻെറ പിതാവിനെ നീ ബഹുമാനിക്കു
തുമൂലം നീ സുശക്തനാകുക. നിൻെറ
യുസ്കാലത്തൊരിക്കലും അവനെ
ഹുമാനിക്കുന്നതിനു മുടക്കം വരുത്ത
തു. പിതാവ് അല്പം ബുദ്ധി കുറഞ്ഞവനാ
ണെങ്കിലും നീ അയാളോടു ക്ഷമിക്കണം.
ൻെറ ആയുഷ്കാലത്തൊരിക്കലും
താവിനെ നീ ലജ്ജിപ്പിക്കരുതു; പിതാ
നോടുള്ള കടമ നിർവഹിക്കുന്നതു
ക്കലും വിസ്മരിക്കപ്പെടുകയില്ല. പാപ
ങ്ങൾ വീടുന്നതിന് അതു പ്രയോജന
ടും. കഷ്ടതയുടെ നാളുകളിൽ
ന്നാടു അതു ഓർക്കപ്പെടും. സൂര്യൻെറ
കൊണ്ട് മഞ്ഞ് മാഞ്ഞുപോകുന്ന
പാലെ നിൻെറ പാപം മാഞ്ഞുപോകും.
വിനെ ദുഷിക്കുന്നതു ദൈവദൂഷ
പോലെതന്നെ. മാതാവിനെ അവഗണി
ന്നവൻ സ്രഷ്ടാവിൻെറ മുമ്പിൽ ശപ്പന
മകനേ, നിൻെറ ധനസമൃദ്ധിയിൽ നീ
തനായി നടക്കുക. ദാനശീലനായ
ഷ്യനെക്കാൾ അവർ നിന്നെ സ്നേ
ും. ലോകത്തിൽ വിശിഷ്ടമായതിൽ
ന്നല്ലാം നീ സ്വയം വിനീതനാകുക.
വസന്നിധിയിലോ, നീ കരുണ
ിക്കും. ദൈവത്തിൻെറ കരുണ ബഹു
ത. വിനീതർക്ക് രഹസ്യങ്ങൾ വെളി
ന്നു.
ളരെ കഠിനമെന്നു തോന്നുന്നത് നീ
ഷിക്കേണ്ട. നിൻെറ ശക്തിക്ക
ായതു നീ ആരായുകയും വേണ്ട.
ന ഏല്പിച്ചതിനെക്കുറിച്ചു നീ
ും ഗ്രഹിക്കുക. നിഗൂഢമായതിന്മേൽ
ു ചിന്തയും വേണ്ട. അനേക കാര്യ
കൊണ്ടു നീ വിഷമിക്കേണ്ട. എന്തെ
മനുഷ്യരുടെ ചിന്തകളെക്കാൾ ബഹു
കാര്യങ്ങളാണ് നിനക്കു വെളിപ്പെ
യിരിക്കുന്നത്. തിന്മ നിറഞ്ഞ ദൃഷ്ടാ
ൾ, വഴി തെറ്റിക്കുന്നവയാണ്. കഠിന
ം അവസാനം നിനക്കു ദൂഷ്യം വരു
താണ്. നന്മയെ സ്നേഹിക്കുന്നവൻ
ൽക്കൂടി എപ്പോഴും ചരിച്ചുകൊണ്ടി
. കഠിന മാനസന് വേദനകൾ
ക്കും; അഹങ്കാരം പാപത്തിനുമേൽ
വർദ്ധിപ്പിച്ചുകൊണ്ടുമിരിക്കും.
ൻെറ കൃഷ്ണമണി ഇല്ലാത്തവന്നു
യില്ല. പരിഹാസിയുടെ ശിക്ഷയ്ക്ക്
വില്ല. എന്തെന്നാൽ അവൻ ദുഷിച്ച
ിൽനിന്നുള്ള ചെടിയത്രേ. വിജ്ഞാ
ഹൃദയം വിജ്ഞാനികളുടെ ദൃഷ്ടാ
ഗ്രഹിക്കും. കേൾക്കുന്ന ചെവികൾ

വിജ്ഞാനികളിൽ സന്തുഷ്ടമാകും. ജലം 33
ജ്വലിക്കുന്ന അഗ്നിയെ കെടുത്തും. അതു
പോലെ ദാനധർമ്മം പാപങ്ങളെ ക്ഷമിക്കും.
നന്മ ചെയ്യുന്നവൻെറ വഴി ഉറപ്പുള്ളതായി 34
രിക്കും. അവൻ വീണുപോയാലും അവനു
താങ്ങൽ ലഭിക്കും.

അദ്ധ്യായം 4

എൻെറ മകനേ, ദരിദ്രൻെറ ജീവനെ നീ 1
പരിഹസിക്കരുതു. വിഷമിച്ചിരിക്കുന്ന
പാവപ്പെട്ടവനെ നീ വിഷമിപ്പിക്കരുത്.
അറിവു കുറഞ്ഞവനെ നീ വേദനിപ്പിക്ക 2
രുതു. പാവപ്പെട്ടവൻെറ മനസ്സിനെ നീ 3
ദുഃഖിപ്പിക്കരുതു. നിൻെറ ദാനം ദരിദ്രനിൽ 4
നിന്നു ഒരിക്കലും നീ മുടക്കരുതു. യാച 5
കൻെറ അപേക്ഷയെ നീ നിരസിക്കരുതു.
നിന്നെ അവൻ ശപിക്കുവാൻ ഇടയാകരുതു. 6
മനസ്സു വേദനപ്പെട്ടു ആരെങ്കിലും ശപിച്ചാൽ
സ്രഷ്ടാവ് അവനെ ചെവിക്കൊള്ളും.
സമൂഹത്തിൽ നീ സുസമ്മതനാകുക. 7
നഗരാധിപൻെറ മുമ്പിൽ നീ ശിരസ്സു
നമിക്കുക. ദരിദ്രന് നീ ചെവി ചായിച്ചു താഴ്മ 8
യോടെ അവനു സമാധാനം കൊടുക്കുക.
പീഡകനിൽനിന്നു പീഡിതനെ നീ രക്ഷി 9
ക്കുക. സത്യമായ വിധിയിൽനിന്നു നീ
മനം തിരിക്കരുതു. അനാഥർക്കു പിതാ 10
വിനെപ്പോലെയും വിധവമാർക്കു സംരക്ഷ
കനെപ്പോലെയും ദൈവത്തിന്നു പുത്രനെ
പ്പോലെയും നീ ആയിരിക്കണം. അപ്പോൾ 11
അവൻ നിൻെറമേൽ കരുണചെയ്യും.
അതാണ് വിജ്ഞാനം. അതിൻെറ മക്കളെ 12
പഠിപ്പിച്ചിരിക്കുന്നതു.

വിജ്ഞാനം അതു മനസ്സിലാക്കുന്ന 13
എല്ലാവരെയും പ്രശോഭിപ്പിക്കും. ജീവനെ
സ്നേഹിക്കുന്ന എല്ലാവരും അതിൻെറ
സ്നേഹിതന്മാരാകും. അതിനെ അന്വേഷി 14
ക്കുന്നവർ ദൈവത്തിൽ നിന്നു പ്രസാദം
പ്രാപിക്കും. ദൈവസന്നിധിയിൽനിന്നു
അവർക്കു ബഹുമാനം ലഭിക്കും. അവരുടെ
വാസസ്ഥലം ദൈവാനുഗ്രഹമുള്ള സ്ഥല
മായിരിക്കും. അതിൻെറ ശുശ്രൂഷകർ 15
വിശുദ്ധിയുടെ ശുശ്രൂഷകരും അതിൻെറ
വാസം ദൈവസ്നേഹമുള്ളവനിലും ആയി
രിക്കും. എന്നെ (വിജ്ഞാനത്തെ) കേൾക്കു 16
ന്നവൻ സത്യമായി വിധിക്കും. എന്നെ ശ്രദ്ധി
ക്കുന്നവൻ എന്നുള്ളിൽ വസിക്കും. എന്നെ 17
വിശ്വസിച്ചാൽ അവൻ കാലാകാലത്തോളം
എന്നെ അവകാശമായി സ്വീകരിക്കും.
കുറച്ചുകാലം പ്രതികൂലമായി ഞാൻ 18
അവനോടു പെരുമാറും. എൻെറ മുമ്പാകെ

19 അവനെ ഞാൻ പരിശോധിക്കും. ഭയവും
സംഭ്രമവും അവനു വരുത്തും. എൻെറ
പരിശോധനകളാൽ ഞാൻ അവനെ
പരിശോധിക്കും — എന്തിന്? അവൻെറ
ഹൃദയം എന്നാൽ പൂർണ്ണമാകുവാൻതന്നെ.
20 വീണ്ടും ഞാൻ തിരിഞ്ഞ് അവനോടുകൂടെ
21 ഇരിക്കും. എൻെറ എല്ലാ രഹസ്യങ്ങളും
അവനു ഞാൻ വെളിപ്പെടുത്തിക്കൊടുക്കും.
22 എന്നെ അനുഗമിക്കുന്നതിൽനിന്നു അവൻ
പിന്തിരിഞ്ഞുപോയാൽ അപഹാരികളുടെ
23 കയ്യിൽ അല്പകാലത്തേക്കു അവൻ
ഭീതനാകുകയും ചെയ്യും. സ്വയം ലജ്ജ
24 വരുത്തിവയ്ക്കരുത്. എന്തെന്നാൽ പാപം
25 ഉളവാക്കുന്ന ലജ്ജയുണ്ടു. കൃപയും
ബഹുമാനവും വരുത്തുന്ന ലജ്ജയുമുണ്ട്.
26 നീ മുഖപക്ഷം കാണിക്കരുത്.
27 നിൻെറ തെറ്റുകളെ ഏറ്റുപറയുവാൻ നീ
28 ലജ്ജിക്കയുമരുതു. തക്ക സമയത്തു നീ
29 സംസാരിക്കാതിരിക്കരുതു. നിൻെറ
വിജ്ഞാനവും, സംസർഗ്ഗത്തിൽ നിന്നു
30 പരിജ്ഞാനവും അറിയപ്പെടുന്നു. നീ
ഒരിക്കലും സത്യത്തിന്നെതിരായി വാദിക്ക
രുത്. നിൻെറ ഭോഷത്തങ്ങളിൽ നിന്നു വിട്ടു
31 നില്ക്കുക. നിൻെറ പാപങ്ങളേററു പറയു
32 വാൻ നീ ലജ്ജിക്കരുത്. ഭോഷനെതിരായിട്ട്
നീ നില്ക്കരുത്. മൂഢൻെറ മുമ്പിൽ
33 നിന്നെത്തന്നെ നീ താഴ്ത്തരുത്. അധികാ
രിക്കെതിരായി നീ തർക്കിക്കരുത്. മരണം
വരെയും സത്യത്തിനുവേണ്ടി നീ പോരാ
34 ടണം. ദൈവം നിനക്കുവേണ്ടി പോരാടി
ക്കൊള്ളും. നിൻെറ നാവിൽ പ്രശംസയും
നിൻെറ പ്രവർത്തനങ്ങളിൽ അശ്രദ്ധയും
അലസതയും ഉണ്ടായിരിക്കരുത്. നിൻെറ
ഭവനത്തിൽ നീ ഒരു ഉഗ്രമൃഗം പോലെ
ആകുകയോ നിൻെറ പ്രവർത്തനങ്ങളിൽ
ഭീകരനും ഉഗ്രനും ആയിരിക്കുകയുമരുത്.
നിൻെറ കയ്യ് എന്തെങ്കിലും വാങ്ങുവാനായി
നീട്ടുന്നതും അതേ സമയം എന്തെങ്കിലും
കൊടുക്കുന്നതിൽ നിന്നും ചുരുട്ടുന്നതും
ആകരുത്.

അദ്ധ്യായം 5

1 നിൻെറ സമ്പത്തിൽ നീ ആശ്രയിക്കയും
എനിക്കു ധാരാളമായി ഉണ്ട് എന്നു നീ
2 പറയുകയും അരുതു. നിൻെറ ശക്തിയിൽ
നീ ആശ്രയിച്ച് നിൻെറ മനസ്സിൻെറ
ആഗ്രഹത്തിനൊത്തു നീ പോകരുതു.
3 എൻെറ ശക്തിയെ നേരിടുവാൻ ആരുണ്ട്
എന്നും പറയരുതു. എന്തെന്നാൽ കർത്താ
വു എല്ലാ ധിക്കാരികളോടും പ്രതികാരം
ചെയ്യുന്നവനാകുന്നു. ഞാൻ പാപം ചെയ്തി
ട്ടും എനിക്കൊന്നും സംഭവിച്ചില്ലല്ലോ എന്നും
നീ പറയരുതു. ദൈവം ദീർഘക്ഷമയുള്ള
വനാണെന്ന് നീ അറിയണം. ദൈവം കരുണ
യുള്ളവനാണു. എൻെറ പാപബഹുലതയെ
അവൻ ക്ഷമിച്ചുകൊള്ളും എന്നു പറഞ്ഞു
നീ വീണ്ടും വീണ്ടും പാപം ചെയ്യരുതു.
എന്തെന്നാൽ തനിക്കു കരുണയുള്ളതു
പോലെതന്നെ കോപവുമുണ്ടു. അവൻെറ
കോപം അധർമ്മികളുടെ മേൽ ഉണ്ടാകും.
ദൈവസന്നിധിയിൽ അനുതപിക്കുവാൻ
വൈകരുതു. ഓരോ ദിവസവും നാളെനാളെ
എന്നു നീ നീട്ടിവയ്ക്കരുതു; എന്തെന്നാൽ
പെട്ടെന്നാണ് അവൻെറ കോപവും പ്രതി
കാരവും നാശവും വരുന്നതു. അനീതിയായി
സമ്പാദിച്ച സമ്പാദ്യങ്ങളിൽ നീ ആശ്രയി
ക്കരുതു; എന്തെന്നാൽ ആപത്തുകാലത്തു
അതു നിന്നെ സഹായിക്കയില്ല. എല്ലാ
കാറ്റിനുമൊത്തു നീ ഉലയുകയോ ഏതു
വഴിക്കും തിരിയുകയോ അരുതു. നിൻെറ
രുചിക്കൊത്തു നീ ഭക്ഷിക്കുക. നിനക്കു
നിൻെറ വാക്കു എപ്പോഴും ഒന്നുതന്നെയാ
യിരിക്കട്ടെ. നീ കേൾക്കുവാൻ ധൃതിയു
ള്ളവനും മറുപടി പറയുന്നതിൽ സാവധാനം
ഉള്ളവനും ആയിരിക്കുക. നിനക്കു പറയു
വാൻ അറിയാമെങ്കിലേ നീ പറയാവൂ;
ഇല്ലെങ്കിൽ നീ വായ് പൊത്തിക്കൊള്ളണം.
മാനവും അവമാനവും സംസാരത്തിലൂടെ
യാണ് വരുന്നതു. മനുഷ്യൻെറ വീഴ്ചയ്ക്കു 1
കാരണമാകുന്നതു അവരുടെ നാവാണു.
ഇരുമനസ്സായി നടക്കുന്നവൻ എന്നു 1
നിനക്കു പേരു വരരുതു. നാവുകൊണ്ടു നീ
കെണി വയ്ക്കരുതു. കള്ളന്ന് അവമാനവും 1
ഇരു മനസ്സുള്ളവന്നു ഹീനമായ അവ
മാനവും ഉണ്ടാകും. കാര്യം വലുതായാലും 1
ചെറുതായാലും നീ വഷളത്തം കാണി
ക്കരുത്. സ്നേഹിതനാകുന്നതിനു പകരം
ശത്രു ആകരുത്.

അദ്ധ്യായം 6

ദുഷ്പേരു കൂടാതെ നീ ജീവിച്ചാൽ 1
നിനക്കു പ്രയോജനമുണ്ടാകും. ഇരുമന 2
സ്സോടെ നടക്കുന്നവർക്കു അവമാനവും
അകൃത്യങ്ങളും ഉണ്ടാകും. നിൻെറ സ്വന്ത
ആഗ്രഹങ്ങൾക്കു നീ കീഴ്പ്പെടരുതു. അതു
വൃഷഭത്തെപ്പോലെ നിന്നെ ബലഹീനത 3
പ്പെടുത്തും. നിൻെറ ഇലകൾ അതു പറി
ച്ചിടുകയും നിൻെറ ഫലങ്ങൾ തിന്നുകളയു
കയും ചെയ്യും. ഒരു ഉണങ്ങിയ വൃക്ഷം
പോലെ നിന്നെ അതു ആക്കിത്തീർക്കും.

കഠിനഹൃദയത്തെ അതിൻെറ ഉടയവൻ
നശിപ്പിക്കും. അവൻെറ ശത്രുക്കൾക്ക്
അവനെ പരിഹാസപാത്രമാക്കും.
മധുരമായ സംസാരം സുഹൃത്തുക്കളെ
ർദ്ധിപ്പിക്കും. പുണ്യവാന്മാരുടെ അധര
ങ്ങൾ സമാധാനം സംസാരിക്കും. നിനക്കു
സമാധാനം ചൊല്ലുന്നവർ അനേകരായി
ിക്കും. നിൻെറ രഹസ്യം അറിയുന്നവൻ
ആയിരത്തിൽ ഒരുവൻ മാത്രമായിരിക്കട്ടെ.
ീ പരീക്ഷിച്ച് അറിഞ്ഞു സ്നേഹിതനെ
ാമ്പാദിക്കുക. അവനിൽ ആശ്രയിക്കുവാൻ
ീ ധൃതിപ്പെടരുത്. തല്ക്കാലത്തേക്കു
ാത്രം സ്നേഹിതനായിരിക്കുന്നവനുണ്ട്.
ഠിതകാലത്തു അവൻ നിനക്കുവേണ്ടി
ില്ക്കയില്ല. നിൻെറ സല്ക്കാലങ്ങളിൽ
വർ നിന്നോടു കൂടെയുണ്ട്. നിൻെറ
ഷ്കാലങ്ങളിലോ അവർ മാറി നില്ക്കും.
വീണു പോയാൽ അവൻ തിരിഞ്ഞോ
പ്പായി മറഞ്ഞിരിക്കും. നിൻെറ ശത്രുവിൽ
ന്നു നീ അകന്നിരിക്കുക. നിൻെറ സ്നേ
തനോടു നീ സൂക്ഷ്മതയുള്ളവനും
യിരിക്കുക. യഥാർത്ഥ സ്നേഹിതൻ
്തനായ സ്നേഹിതൻ തന്നെ. അങ്ങനെ
ള്ളവനെ കണ്ടുകിട്ടുന്നവൻ ഒരു വലിയ
ക്ഷേപമാണ് സമ്പാദിക്കുന്നത്. വിശ്വ
നായ സ്നേഹിതനു വില നിശ്ചയി
വുന്നതല്ല. അവൻെറ ദയ തൂക്കി
ക്കാവുന്നതുമല്ല. വിശ്വസ്തനായ സ്നേ
തൻ ജീവൗഷധമാകുന്നു. അവനാ
നു ദൈവഭക്തൻ.
ദൈവഭക്തിയുള്ളവരുടെ സ്നേഹം
നില്ക്കും. എന്തെന്നാൽ തന്നെപ്പോ
യാകുന്നു തൻെറ സ്നേഹിതന്മാരും.
എൻെറ മകനേ ബാല്യംമുതൽ തന്നെ
ജ്ഞാനോപദേശം സ്വീകരിക്കുക.
ദ്ധക്യംവരെയും നീ വിജ്ഞാനം പ്രാപി
കാണ്ടിരിക്കും. വിതയ്ക്കുന്നവനെയും
യ്യുന്നവനെയും പോലെ വിജ്ഞാ
ത സമീപിക്കുക. ധാരാളം വിളവു നീ
രിക്കും. അല്പനേരത്തെ അദ്ധ്വാനം
പെട്ടെന്ന് നീ അതിൻെറ ഫലം ഭക്ഷി
ഭോഷന്മാർക്കു വിജ്ഞാനം എത്രയോ
സം. ബുദ്ധിഹീനർക്കു അതിനെ
ക്കുവാൻ സാദ്ധ്യമല്ല. അത് അവന്
ാരമേറിയ കല്ലുപോലെയാണ്. അവ
ന എറിഞ്ഞുകളയും. ജ്ഞാനം
ർക്ക് അപ്രാപ്യമാണ്. മകനേ, എൻെറ
ദനാപദേശം സ്വീകരിക്കുക. എൻെറ
ണം നീ വിസ്മരിക്കയുമരുതു.
ാനത്തിന് തലയും നിൻെറ കാലു
കളും നിൻെറ കഴുത്തും അതിൻെറ ഭാര
ത്തിന്നുമായി നീ സമർപ്പിക്കുക. നിൻെറ 24
ചുമലിന്മേൽ അതിനെ വഹിക്കുക. അതി
ൻെറ ഭാരം നിനക്കു വേദനാജനകമാകരുതു.
പൂർണ്ണഹൃദയത്തോടെ അതിനെ സമീപി 25
ക്കുക. പൂർണ്ണശക്തിയോടെ അതിൻെറ
മാർഗ്ഗങ്ങൾ കാത്തു സൂക്ഷിക്കുക. നീ 26
അന്വേഷിച്ച് പരിശോധിച്ചുകൊണ്ടിരു
ന്നാൽ നീ അതിനെ കണ്ടെത്തും. അതിനാൽ 27
നീ ശക്തനാകും. അതിനെ നീ പരിത്യ
ജിക്കരുതു. അവസാനം അതു നിനക്കു 28
ആശ്വാസവും ആനന്ദവും പ്രദാനം ചെയ്യും.
അന്ത്യത്തിൽ നീ സന്തോഷിക്കും. അതി 29
ൻെറ വലകൾ നിനക്കു ശക്തമായ ഇരിപ്പിടം
ആയിരിക്കും. മഹത്വവസ്ത്രങ്ങൾ അതു 30
നിന്നെ ധരിപ്പിക്കും. മഹിമയുടെ മകുടം 31
അതു നിനക്കായി മുടഞ്ഞു വയ്ക്കും.
എൻെറ മകനേ നിനക്കു മനസ്സുണ്ടെങ്കിൽ 32
വിജ്ഞാനിയാകുക. നിൻെറ ഹൃദയത്തിൽ 33
വിജ്ഞാനമുണ്ടെങ്കിൽ നീ ബുദ്ധിമാനാ
യിരിക്കും. കേൾക്കുവാൻ നീ ആഗ്രഹിക്കു 34
ന്നെങ്കിൽ നീ വിദ്യ അഭ്യസിക്കും. ശ്രദ്ധിച്ചാൽ 35
നീ വിജ്ഞാനി ആകുകയും ചെയ്യും.
മുതിർന്നവരുടെ സമൂഹത്തിൽ നീ നില 36
കൊള്ളുക. ആരാണ് വിജ്ഞൻ എന്നു നീ
കണ്ടു അവനോടു ചേർന്നുനില്ക്കുക.
എല്ലാ വിവരണങ്ങളും കേൾക്കുവാൻ നീ 37
ആഗ്രഹിക്കുക. വിജ്ഞാനികളുടെ ദൃഷ്ടാ 38
ന്തങ്ങൾ ഒന്നും നീ വിട്ടുകളയാതിരിക്കുക.
വിജ്ഞാനിയാരെന്ന് നീ അന്വേഷിച്ച് 39
കണ്ടെത്തുക. നിൻെറ കാലുകൾ അവൻെറ 40
ഭവനത്തിൻെറ വാതിൽപടികളിൽ സ്പർശി 41
ക്കട്ടെ. ദൈവഭക്തി മൂലം വിജ്ഞനായി
ത്തീരുക. ദിവ്യകല്പനകളെ പ്രതിദിനം നീ 42
ധ്യാനിക്കുക. താൻ നിൻെറ വഴി ഒരുക്കി 43
ത്തരും. നീ ആഗ്രഹിച്ചതു അവൻ നിനക്കു 44
ഉപദേശിച്ചുതരികയും ചെയ്യും.

അദ്ധ്യായം 7

തിന്മ ചെയ്യരുത്; ദുഷ്ടൻ നിന്നോടടു 1
ക്കുകയില്ല. ദുഷ്ടനിൽനിന്നും അകന്നു മാറ 2
ണം. അവൻ നിങ്കൽനിന്നും ദൂരെ പൊയ്
ക്കൊള്ളും. പാപത്തിൻെറ ഉഴവുചാലുക 3
ളിൽ വിതയ്ക്കരുത്. ഏഴിരട്ടിയായി അതിൽ
നിന്നും കൊയ്യുവാൻ ഇടയാകാതിരിക്കത്ത
വണ്ണം പാപത്തിൻെറ ഉഴവുചാലുകളിൽ വി
തയ്ക്കരുത്. നീ ദൈവത്തോട് അധികാര 4
ത്തിന്നായും രാജാവിനോട് ബഹുമതിദാന
ത്തിന്നായും അപേക്ഷിക്കരുത്. ദൈവസന്നി 5
ധിയിൽ നീ സ്വയം നീതീകരിക്കരുത്.

രാജസമക്ഷം ഭോഷനായിരിക്കയുമരുത്.
6 അനീതി തുടച്ചുമാറ്റുവാൻ നിനക്കു കഴി
വില്ലെങ്കിൽ നീയൊരു നീതിപാലകനാ
കുവാൻ ആഗ്രഹിക്കരുത്. അല്ലെങ്കിൽ
പണക്കാരാനെ നീ ഭയപ്പെടും, നിന്റെ ആ
ഭയം നിമിത്തം നീ മാലിന്യംവരുത്തി
7 വയ്ക്കുകയും ചെയ്യും. നഗരത്തിലെ സമൂ
ഹത്തിൽ നീ കുറ്റം കാണരുത്. അതിന്റെ
നീതിപാലകരെ നീ അപകീർത്തിപ്പെടു
8 ത്തുകയും അരുത്. തുടരെത്തുടരെ നീ
പാപം ആവർത്തിക്കരുത്. ആദ്യത്തേതു
9 പോലും ശിക്ഷിക്കപ്പെടാതിരിക്കയില്ല. എ
ന്റെ ബഹുലമായ കാഴ്ചനേർച്ചകൾ
ദൈവം കാണും, ഞാൻ അർപ്പിക്കുന്നതുമുഴു
വനും മഹോന്നതൻ അംഗീകരിച്ചുകൊള്ളു
10 മെന്നും നീ പറയേണ്ട. പ്രാർത്ഥനയിൽ
നിനക്കു മടുപ്പു തോന്നരുത്. ദാനധർമ്മം
ചെയ്യുന്ന കാര്യത്തിനു താമസം വരുത്തു
11 കയുമരുത്. മനോവ്യഥയിൽ കഴിയുന്നവനെ
നീ പരിഹസിക്കരുത്. എന്തെന്നാൽ
ഉയർച്ചയും താഴ്ചയും വരുത്തുന്ന. ഒരു
12 വനുണ്ട്. നിന്റെ സഹോദരനെതിരായി ഒരു
തിന്മയും ആലോചിക്കരുത്. അങ്ങനെ
തന്നെ സുഹൃത്തിന്നും സഹപ്രവർത്ത
13 കനും വിരോധമായും അരുത്. വ്യാജമായി
പ്രവർത്തിക്കരുത്. എന്തെന്നാൽ അതിന്റെ
14 അന്ത്യം നല്ലതിനായിരിക്കയില്ല. അധികൃ
തരുടെ സമൂഹത്തിൽ സ്വയം നീതീകരിക്ക
രുത്. നിന്റെ പ്രാർത്ഥനയിലെ വാക്കുകൾ
ക്കു വ്യത്യസ്തമായി പ്രവർത്തിക്കയുമരുത്.
നിന്റെ സ്വജനത്തിൽനിന്നും സ്വയം അക
ന്നുപോകരുത്. കോപം നീങ്ങിപ്പോകുകയി
ല്ല എന്നുള്ള കാര്യം ഓർത്തിരിക്കുക. സ്വയം
15 എത്രമാത്രം വിനീതനാകാമോ, അത്രയും
വിനീതനായിരിക്കുക. എന്തെന്നാൽ എല്ലാ
രുടെയും അന്ത്യം പുഴുവിലേക്ക് അല്ലയോ?
16 പണത്തിനുവേണ്ടി സഹോദരനേയും
ഒഫീരിലെ തങ്കത്തിനുവേണ്ടി സ്നേഹി
തനേയും മാറിമാറി എടുക്കരുത്. രത്ന
ക്കല്ലുകൾക്കുവേണ്ടി ഉത്തമയും സുന്ദരിയു
മായ ഭാര്യയേയും ഉപേക്ഷിക്കരുത്.
17 നേരോടെ വേല ചെയ്യുന്ന ദാസനെ നീ
18 വിഷമിപ്പിക്കരുത്. അതുപോലെതന്നെ
അത്യദ്ധ്വാനം ചെയ്യുന്ന കൂലിക്കാരനേയും.
19 വിജ്ഞനായ ദാസനെ നിന്നെപ്പോലെ
തന്നെ സ്നേഹിക്കണം. അവനു സ്വാത
20 ന്ത്ര്യം നിഷേധിക്കരുത്. നിന്റെ ആടുമാടു
21 കളെ പരിപാലിക്കുക. പ്രയോജനമുള്ള
അവയെ സംരക്ഷിക്കുക. നിനക്കു പുത്ര
22 ന്മാർ ഉണ്ടല്ലോ; അവരെ അച്ചടക്കം പരിശീ
ലിപ്പിക്കുക. അവരുടെ യൗവനത്തിൽതന്നെ
അവരെ വിവാഹിതരാക്കുക. നിനക്കു പുത്രി 2
മാർ ഉണ്ടല്ലോ; അവരുടെ ചാരിത്ര്യസംര
ക്ഷണം കരുതുക. അതിലാളനം അരുത്.
പുത്രിയുടെ വിവാഹം നടത്തിക്കൊടുക്കുക.
അങ്ങനെ വലിയൊരു വിഷമം തീരുന്നു. 2
വിജ്ഞാനമുള്ളവനായിരിക്കണം അവളെ 2
വിവാഹം ചെയ്തുകൊടുക്കുന്നത്. നിന്റെ 2
ഭാര്യയെ ഉപേക്ഷിക്കരുത്. അനീതിയുള്ള
വളാണെങ്കിൽ അവളെ വിശ്വസിക്കരുത്.
നിന്റെ പിതാവിനേയും നിന്നെ പെറ്റു 2
വളർത്തിയ അമ്മയേയും പൂർണ്ണഹൃദയ
ത്തോടെ ബഹുമാനിക്കണം. അവരെ ഒരി
ക്കലും മറക്കരുതെ. അവരില്ലായിരുന്നെ 2
ങ്കിൽ നീയുമില്ല എന്ന വസ്തുത നീ ഓർത്തു
കൊള്ളണം. നിന്നെ വളർത്തിക്കൊണ്ടുവന്ന 2
വർക്ക് എന്തു പ്രതിഫലമാണ് നിനക്കു
കൊടുക്കുവാനുള്ളത്! പൂർണ്ണഹൃദയ 3
ത്തോടെ ദൈവത്തെ ആരാധിക്കണം.
തന്റെ പുരോഹിതന്മാരെ ആദരിക്കണം
പൂർണ്ണമനസ്സോടെ നിന്റെ സ്രഷ്ടാവിനെ
ആരാധിക്കുക. തന്റെ ശുശ്രൂഷകന്മാരെ നീ 3
ഉപേക്ഷിക്കരുത്. ദൈവത്തെ സ്തുതിക്കുക.
തന്റെ പുരോഹിതന്മാരെ ആദരിക്കണം. 3
നിന്നോട് ആജ്ഞാപിക്കപ്പെട്ടിരിക്കുന്ന
തായി അവർക്കുള്ള വിഹിതം കൊടുത്തു
കൊണ്ടിരിക്കണം. കാഴ്ചയപ്പം ആദ്യഫല 3
ങ്ങൾ ആദിയായവ തന്നെ. ദരിദ്രനെ സഹാ 3
യിക്കണം. അപ്പോൾ നിന്റെമേൽ അനുഗ്ര
ഹങ്ങൾ പൂർണ്ണമാകും. സർവ്വ സൃഷ്ടിയു
ടെയും ദൃഷ്ടിയിൽ ദാനധർമ്മം മഹത്തര
മാകുന്നു. മരിച്ചവരോടുള്ള കടമ മറക്കരുത്. 3
വിലാപഭവനത്തിൽനിന്നും നീ വിട്ടുനില്ക്ക
രുത്. വിലപിക്കുന്നവരൊത്ത് നീയും. 3
വിലപിക്കുന്നവനായിരിക്കണം. രോഗികളെ
സന്ദർശിക്കുന്ന കാര്യത്തിൽ നിനക്കു
മടിതോന്നരുത്. എന്തെന്നാൽ ഈ പ്രവൃ
ത്തികൾമൂലം നിനക്കു കരുണ ലഭിക്കണം.
ഓരോ കാര്യവും ചെയ്യുമ്പോൾ ജീവിതാ
ന്ത്യത്തെ ഓർത്തുകൊള്ളണം. എന്നാൽ
ഒരിക്കലും നീ പാപം ചെയ്യുകയില്ലതന്നെ.

അദ്ധ്യായം 8

നിന്നെക്കാൾ ശക്തനായവനോട് മത്സ 1
രിക്കരുത്. നീ അവന്റെ കൈയാൽ വീണു
പോയേക്കും. സമ്പന്നനോടും മത്സരിക്ക
രുത്. അവൻ നിന്നെ വീഴിക്കും. സ്വർണ്ണം 2
അനേകരെ നശിപ്പിച്ചിട്ടുണ്ട്. രാജാക്കന്മാ
രുടെ മനസ്സിനെപ്പോലും അതു വഴിതെറ്റിച്ചി
ട്ടുണ്ട്. വായാടിയോടു അടുക്കരുത്;

അവൻെറ അഗ്നിയിൽ നീ വിറകിട്ടു കൊടു
ക്കരുത്. മോഹാതുരരോട് ബന്ധപ്പെടരുത്-
4 അവർ ബഹുമാന്യനായ നിന്നെ അപമാനി
5 ക്കും. അനുതപിക്കുന്ന പാപിയെ നീ പരി
ഹസിക്കരുത്- നാമെല്ലാം പാപികളാണെ
ന്നുള്ള കാര്യം ഓർത്തുകൊള്ളുക. വൃദ്ധനെ
നീ നിന്ദിക്കരുത്- നാമും വൃദ്ധരാകുമെ
ന്നോർക്കുക. ആരുടെയും മരണത്തിൽ
സന്തോഷിക്കരുത്- നാമെല്ലാവരും മരിച്ചു
പോകുന്നവരാണെന്നോർക്കുക. ജ്ഞാ
നികളുടെ വിവരണങ്ങൾ നിസ്സാരമായി
വിചാരിക്കരുത്- അവരുടെ ആപ്തവാക്യ
ങ്ങളാൽ സുശിക്ഷിതനാകുക. അവയിൽ
നിനക്കു ജ്ഞാനോപദേശം സംസിദ്ധമാകും.
അധികാരികളുടെ മുമ്പിൽ നിൽക്കുമ്പോൾ
അവ പ്രയോജനം ചെയ്യും. സ്വപിതാക്ക
ന്മാരിൽ നിന്നും കേട്ടു പഠിച്ചവരായ വയോ
വൃദ്ധരുടെ ഉപദേശങ്ങൾ നിനക്കു പ്രയാസ
മെന്നു തോന്നരുത്. അവയിൽ നിനക്കു
ജ്ഞാനോപദേശം ലഭിക്കും. തക്ക സമയ
ത്തു മറുപടി പറയുവാൻ അങ്ങനെ നിനക്കു
കഴിവുണ്ടാകും. അധർമ്മിയോട് അല്പവും
ബന്ധപ്പെടരുത്. അവൻെറ ജ്വാലയിൽ നീ
വെന്തുപോകും. ദുഷ്ടൻ നിനക്കു കെണി
വയ്ക്കാതിരിക്കേണ്ടതിന്- അവൻെറ
മുമ്പിൽ നീ നിൽക്കരുത്. നിന്നിലും ശക്ത
നായവനു കടം കൊടുക്കരുത്- കൊടു
ത്താൽ നഷ്ടപ്പെട്ടതുതന്നെ. നിന്നിലും
ബലനായവനു വേണ്ടി നീ ജാമ്യം നിൽ
ക്കരുത്- നിന്നാലോ, നീ പണം കൊടു
ക്കേണ്ടിവരും. അനീതിപരനായ ന്യായാധി
പനോടൊരുമിച്ച് നീ ന്യായാസനത്തിലി
രിക്കരുത്. ഇരുന്നാൽ അവൻെറ ഇഷ്ടാനു
സരണം നീയും വിധിക്കേണ്ടിവരും. കഠി
നമാനസനോടു കൂടെ നീ നടക്കരുത്.
അവൻ നിനക്കു ഭാരമായിരിക്കും. എന്തെ
ന്നാൽ അവനു തോന്നിയതു പോലെയാണ്
അവൻ പോകുന്നത്: അവൻെറ കുറ്റം
നിമിത്തം നീയും നശിക്കും. അധർമ്മിയോടു
വഴക്കുണ്ടാ കൂടരുത്; പ്രത്യേകിച്ചും വിജന
പ്രദേശത്തു വച്ച്; കാരണം; നിൻെറ രക്തം
ചൊരിയുന്നത് അവനു നിസ്സാരമാണ്.
നിന്നെ സംരക്ഷിപ്പാനാളില്ലെങ്കിൽ അവൻ
നിന്നെ കൊന്നുകളയും. ഭോഷനുമായി
നിൻെറ രഹസ്യം പങ്കുവെക്കരുത്; ആ
രഹസ്യം സൂക്ഷിപ്പാൻ അവനു കഴിവില്ല.
നിൻെറ മനസ്സിലുള്ളതെല്ലാം എല്ലാവ
രോടും തുറന്നു പറയരുത്; അതു
വഴിപ്പോൾ നിന്നെ ശിക്ഷാർഹനാക്കി
യേക്കാം.

അദ്ധ്യായം 9

നിൻെറ ഭാര്യയോടു നിനക്കു വിരോ 1
ധമരുത്. നിനക്കെതിരായി അവൾക്കു
ദുരാലോചന ഉണ്ടാകുവാൻ അതു കാര
ണമായേക്കാം. നിനക്കുള്ളതിന്മേലെല്ലാം 2
അവൾ അധികാരം ചെലുത്തത്തക്കവണ്ണം
അത്രയധികം നിന്നെത്തന്നെ താഴ്ത്തരുത്.
വേശ്യയുടെ വലകളിൽ നീ കുടുങ്ങിപ്പോകാ 3
തിരിക്കേണ്ടതിന്, അവളുമായി അശേഷം
സംസർഗ്ഗം അരുത്- നർത്തകിയുമൊത്തു 4
നീ സംഭാഷണം നടത്തരുത്. അവളുടെ
വാക്കുകളാൽ അവൾ നിന്നെ നശിപ്പിക്കും.
കന്യകയുടെ മേൽ നീ അതീവദൃഷ്ടി 5
വയ്ക്കരുത് പരിഹാരം നീ ചെയ്യേണ്ടിവരും.
വേശ്യക്കു നീ അടിമപ്പെടരുത്-നിൻെറ 6
സമ്പാദ്യങ്ങളുടെ പ്രയോജനം നിനക്കു
നഷ്ടീഭവിക്കും. തെരുവീഥികളിൽ നീ 7
അപഹാസ്യനാകും. നീ വ്യഭിചാരികളുടെ
കൂടെ ഗണിക്കപ്പെടും. അന്യൻെറ ഭാര്യ 8
യോട് നിനക്കു ദുരഭിലാഷം തോന്നരുത്.
നിൻെറ മനസ്സു അവളുടെ പിന്നാലെ
പോകാതിരിക്കേണ്ടതിന് പഴയ വീഞ്ഞു
അവളൊരുമിച്ച് കഴിക്കരുത്. അങ്ങനെ
ചെയ്താൽ നീ മരണാർഹനായി ശവ
ക്കുഴിയിലേക്ക് ഇറങ്ങേണ്ടിവരും. സുന്ദരി 9
യിൽ നിൻെറ ദൃഷ്ടിപതിയ്ക്കരുത്; നിൻെറ
തല്ലാത്ത സൌന്ദര്യവതിയിൽ അഭിലാഷം
തോന്നരുത്. സ്ത്രീസൌന്ദര്യം വളരെപ്പേരെ 10
നാശത്തിലാഴ്ത്തിയിട്ടുണ്ട്. അവളുടെ 11
പ്രേമപ്രകടനം എരിഞ്ഞു കത്തുന്ന തീയ്
പോലെയാകുന്നു. പുരുഷൻ സ്ത്രീയുമായി 12
അധികസംഭാഷണം നടത്തരുത്. അവളുമാ 13
യുള്ള നിൻെറ സംഭാഷണം ദീർഘിപ്പിക്ക
രുത്. അങ്ങനെ ചെയ്താൽ നിൻെറ മനസ്സു 14
അവളുടെ പിന്നാലെ വഴുതിപ്പോകും. കുറ്റ 15
മുള്ള രക്തവുമായി നീ ശവക്കുഴിയിലേക്ക്
ഇറങ്ങേണ്ടിവരും.

പഴയ സ്നേഹിതനെ നീ ഉപേക്ഷിക്ക 16
രുത്. എന്തെന്നാൽ പുതിയവൻ അവനോടു
തുല്യനായിരിക്കയില്ല. പുതിയ സ്നേഹി
തൻ പുതിയ വീഞ്ഞിനു സമനാണ്, അതു
പഴകുമ്പോൾ നീ പാനം ചെയ്യുക. ദുഷ്ട
നിൽ നീ അസൂയാലുവാകരുത്. അവൻെറ
അന്ത്യം എങ്ങനെയെന്നു നിനക്കറിഞ്ഞു
കൂടാ. അഹങ്കാരിയുടെ അനീതിപ്രവർത്ത 17
നത്തിൽ നിനക്കു വിഷമമുണ്ടാകേണ്ട. മരി
ക്കുംമുമ്പെ അവർക്കു ശിക്ഷലഭിക്കും. വധി 18
പ്പാൻ അധികാരമുള്ളവനിൽനിന്നു അകന്നു
നിൽക്കണം. മരണഭീതി നിനക്കുണ്ടാകയി

ല്ല, അതിനോടു സമീപിക്കേണ്ടിവന്നാൽ നീ
കുറ്റക്കാരനാകാതിരിപ്പാൻ സൂക്ഷിച്ചുകൊ
19 ള്ളുക. നീ കെണികളുടെ നടുവിലൂടെയാണ്
ചരിക്കുന്നതെന്ന് ഓർക്കുക. കൊടുങ്കാറ്റി
നെതിരെയാണ് നീ നടക്കുന്നത്. കഴിവിനനു
സരണമായി നിൻെറ സ്നേഹിതന് ഉത്തരം
20 കൊടുക്കുക. വിജ്ഞരോടു കൂടെ ആ
ലോചന നടത്തുക. നിൻെറ ചിന്തകളെല്ലാം
ദൈവഭക്തരോട് ചേർന്ന് ആയിരിക്കട്ടെ.
21 നിൻെറ വഴികളെല്ലാം ദൈവാശ്രയത്തോടെ
ആയിരിക്കണം. നീതിമാന്മാരായിരിക്കട്ടെ
നിൻെറ ഭക്ഷണമേശമേൽ പങ്കുകൊള്ളു
ന്നവർ. ദൈവഭക്തിയായിരിക്കട്ടെ, നിൻെറ
22 മഹത്വം. ഭരണാധിപൻെറ വിജ്ഞാന
ത്താൽ നഗരം ക്രമത്തിലാകുന്നു. ജനനേ
താവ് വിജ്ഞനും വിവേകിയുമാകുന്നു.
വിടുവായനായവൻ നഗരത്തിനെല്ലാം ഭയ
മാണ്. ഏഷണിക്കാരൻ വെറുക്കപ്പെടുകയും
ചെയ്യും.

അദ്ധ്യായം 10

1 ജ്ഞാനിയായ ന്യായാധിപൻ, സ്വജന
ത്തിന് അഭ്യസനം നൽകുന്നു. വിജ്ഞനായ
അധികാരി, നഗരത്തെ ക്രമമായി ഭരിക്കും,
2 ജനത്തിൻെറ ഭരണാധിപൻ എങ്ങനെയോ,
അങ്ങനെ അവൻെറ സേവകരും; നഗരാ
ധിപനെപ്പോലെ നഗരവാസികളും, ആയിരി
3 ക്കും. അനീതി നിറഞ്ഞ രാജാവ് തൻെറ
പ്രജകളെ നശിപ്പിക്കും. രാജ്യം നിലനിൽ
ക്കുന്നത് അതിൻെറ അധികാരികളുടെ
4 വിജ്ഞാനത്താലാണ്. ഭൂതലമാകെയുള്ള
അധികാരം ദൈവതൃക്കരങ്ങളിലത്രെ.
തക്കകാലത്ത് ഉത്തമനായ ഭരണാധിപനെ
5 താൻ നിയമിക്കുന്നു. എല്ലാറ്റിന്മേലുമുള്ള അ
ധികാരം ദൈവതൃക്കരങ്ങളിലത്രെ. തൻെറ
ഭക്തർക്കു തൻെറ ബഹുമാനം പ്രദാനം
6 ചെയ്യും. നിൻെറ ഒരു പ്രവർത്തനത്തിലും
നിൻെറ സ്നേഹിതനോട് തിന്മ ചെയ്യ
7 രുത്. മദിക്കുന്ന അഹങ്കാരത്തോടെ നടക്ക
രുത്. എല്ലാ പാപങ്ങളിൽനിന്നും, വ്യാജ
ത്തിൽനിന്നും അകന്നു മാറുക. ഉന്നതഭാവ
ത്തോടെയുള്ള നടപ്പു നിനക്കു വേണ്ട.
എന്തെന്നാൽ അഹങ്കാരം ദൈവസന്നിധി
യിലും മനുഷ്യരുടെ മുമ്പിലും നിഷിദ്ധമത്രെ.
8 അപഹാരവും പീഡനവും മൂലം രാജ്യം
തന്നെ ഒരു ജനതയിൽ നിന്നും മറ്റൊന്നി
ലേക്കു കൈമാറിപ്പോകുന്നു. പാപങ്ങൾ,
അഹങ്കാരം, ദ്രവ്യാഗ്രഹം എന്നിവമൂലം ഇങ്ങ
9 നെ സംഭവിക്കുന്നു. ജീവിച്ചിരിക്കെത്തന്നെ
പുഴുവരിക്കുന്ന പൂഴിയും ചാരവുമായവന്
അഹങ്കരിക്കാൻ എന്തുള്ളു? അവൻെറ
അവയവങ്ങളെ ദിഷഗ്വരൻ ചികഞ്ഞു
ചികിൽസിക്കുന്നുണ്ട്. ഇന്നു നടക്കുന്ന 10
വൻ, നാളെ മരിച്ചുപോകുന്നു! മരിച്ചു
കഴിഞ്ഞാലോ, പുഴുവിനും കൃമിക്കും
ആണ് അവകാശം! മനുഷ്യാപരാധങ്ങളുടെ 11
തുടക്കം നിഗളമാണ്. അവരുടെ പ്രവർത്ത
നങ്ങൾ അവരെ തെറ്റിൽ വീഴ്ത്തുന്നു.
പാപത്തിൻെറ ഉറവിടം നിഗളവും ദുഷ്കാ
ലവുമാകുന്നു. തന്മൂലം ദൈവം അവർക്കു 12
ദുരിതം വേർതിരിച്ചിരിക്കുന്നു. ഭയങ്കര
മായ ശിക്ഷ അവരുടെമേൽ വരുത്തി.
നിഗളികളുടെ സിംഹാസനം ദൈവം മറി 13
ച്ചിട്ടു അവരുടെ സ്ഥാനത്തു വിനീതരെ
ഇരുത്തി. നിഗളികളെ താൻ സമൂലം പറിച്ചു 14
കളഞ്ഞു. ഭൂമിയിൽ നിന്നും അവരുടെ
സ്മരണ പോലും താൻ നശിപ്പിച്ചു. താന
വർക്കു നാശം വരുത്തി, അവരെ ഉന്മൂല 15
നാശം വരുത്തി; മറിച്ചിട്ടു! മനുഷ്യരിൽ
നിന്നും അവരുടെ ഓർമ്മ പോലും നിശേഷം
ഇല്ലാതാക്കി. എന്തെന്നാൽ അഹങ്കാരം 16
മനുഷ്യർക്കും, സ്ത്രീകളിൽ നിന്നു ജാത
രായവർക്ക് ഉന്നതഭാവവും അനുവദിച്ചിട്ടു
ള്ളതല്ല.

ഏതുവർഗ്ഗമാണ് ബഹുമാന്യം? മനുഷ്യ 17
വർഗ്ഗം. ഏതു മനുഷ്യനാണു ബഹുമാന്യൻ?
ദൈവഭക്തിയുള്ളവൻ; ഏതു മനുഷ്യൻ?
കല്പനകൾ ആചരിക്കുന്നവൻ. ഏതു 18
വർഗ്ഗമാണ് അശുദ്ധം? മനുഷ്യവർഗ്ഗം തന്നെ.
ഏതു മനുഷ്യൻ? കല്പനാനുസരണം പ്ര
വർത്തിക്കാത്തവൻ; സഹോദരങ്ങളുടെ 19
മദ്ധ്യേ ആരാണ് ബഹുമാന്യൻ? പ്രായക്കൂടു
തലുള്ളവൻ. ദൈവഭക്തൻ അവനേക്കാൾ
ബഹുമാന്യൻ. അന്യദേശവാസിയും പ്രയാ 20
സമുള്ളവനും ദൈവാശ്രയത്താൽ മഹത്വം
പ്രാപിക്കട്ടെ. നീതിമാനായ ദരിദ്രനെ നിന്ദി
ക്കയും അനീതിയുള്ള ധനികനെ ബഹുമാ 21
നിക്കയുമരുത്. ശ്രേഷ്ഠനേയും അധികാ 22
രിയേയും ഭരണാധിപനേയും ബഹുമാനി
ക്കണം. ദൈവഭക്തിയുള്ളവനെ ബഹുമാ
നിക്കുന്നവനെക്കാൾ ബഹുമാന്യർ
ആരുമില്ല. വിജ്ഞനായ അടിമയ്ക്കു സ്വത 23
ന്ത്രൻ സേവനം ചെയ്യണം. വിവേകിയോട്
ഉപദേശിച്ചാലും അവൻ കോപിക്കുകയില്ല.

നിൻെറ · ജോലിചെയ്യുമ്പോൾ നീ 24
അലസത കാണിക്കരുത്. നിൻെറ ദരിദ്രാ
വസ്ഥയിൽ നീ ബഹുമാനിക്കപ്പെടാറില്ല.
വേല ചെയ്ത് ധാരാളം പണമുണ്ടാക്കുന്ന 25
വനാണ്, ബഹുമാന്യനെങ്കിലും പണമില്ലാ
ത്തവനേക്കാളും ഉത്തമൻ. സ്വയനിയ

ന്ത്രണം കൊണ്ട് നിന്നെത്തന്നെ ബഹുമാ
നാർഹനാക്കുക. അതിന് ആവശ്യമായ
6 സ്ഥാനം കൊടുക്കുക. തന്നെത്തന്നെ സ്നേ
ഹിക്കുന്നവനെ ആര് നീതീകരിക്കും? തന്നെ
ത്തന്നെ അവഹേളിതനാക്കുന്നവനെ ആര്
7 ബഹുമാനിക്കും? ദരിദ്രനും അവൻെറ
വിജ്ഞാനം മൂലം ബഹുമാനിതനായിത്തീ
രുന്നു. ധനവാൻ അവൻെറ ധനംമൂലവും.
ദാരിദ്ര്യത്തിൽ പോലും ബഹുമാനിതനാ
കുന്നവൻ അവൻെറ സമ്പന്നാവസ്ഥയിൽ
എത്രയധികം! ദാരിദ്ര്യത്തിൽ അവഹേളി
തനായിരിക്കെ അവൻ ധനവാനായാലും
എത്രയധികം!

അദ്ധ്യായം 11

ദരിദ്രൻെറ വിജ്ഞാനം അവൻെറ ശിരസ്സുയർത്തി. അധികാരികളുടെ മദ്ധ്യേ അവനെ ഇരുത്തും. സുന്ദരനെ നീ ബഹുമാനിക്കയും വിരൂപനെ പുച്ഛിക്കയും അരുത്. പറവകളിൽ തേനീച്ച എത്രയോ ചെറുത്. എന്നാൽ അതിൽനിന്നു വരുന്ന ഫലമോ എത്ര മധുരം. കീറിയ വസ്ത്രം ധരിച്ചിരിക്കുന്നവനെ നീ അപഹസിക്കരുത്. മനോവേദനയിൽ കഴിയുന്നവനെ നിന്ദിക്കുകയും അരുത്. എന്തെന്നാൽ ദൈവത്തിൻെറ രഹസ്യങ്ങൾ വിവിധവും അവൻെറ പ്രവർത്തനങ്ങൾ മനുഷ്യർക്ക് നിഗൂഢവും അത്രേ. നിസ്സാരരായ അനേകർ രാജസിംഹാസനം പ്രാപിച്ചിട്ടുണ്ട്. എന്നാൽ അവർ അഹങ്കരിക്കാതെ രാജകീയവസ്ത്രം ധരിച്ചു. അനേകം രാജാക്കന്മാർ അപമാനിതരാകുകയും ബഹുമാന്യരായ പലരുടേയും ബഹുമാനം നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. പരിശോധിച്ചറിയുന്നതിനു മുമ്പ് നീ ബന്ധപ്പെടരുത്. ആദ്യമേ പരിശോധിക്കുക. പിന്നീട് വേണ്ടതു ചെയ്യുക. കേൾക്കുന്നതിനുമുമ്പ് മറുപടി പറയരുത്. വെറും കെട്ടുകഥകൾ നീ പറയരുത്. നീ ശക്തനാണെന്നു വിചാരിച്ച് വഴക്കുകൂടരുത്. നീതി കൊണ്ട് നിൻെറ അധർമ്മം വർദ്ധിപ്പിക്കരുത്. മകനേ നീ നിന്നിൽ തിന്മ വർദ്ധിപ്പിക്കരുത്. അതിനായി പരിശ്രമിക്കുന്നവൻ വിജയിക്കയില്ല. മകനേ നീ ഓടാതിരുന്നാൽ നിനക്കു മുന്നേറുവാൻ സാദ്ധ്യമല്ല. അന്വേഷിച്ചില്ലെങ്കിൽ കണ്ടെത്തുകയുമില്ല. നിരന്തരം ഓടുകയും പ്രയത്നിക്കയും ചെയ്തിട്ടും പ്രയോജനം ലഭിക്കാത്തവർ ഉണ്ട്. പ്രയത്നം ചെയ്തിട്ടും ബലഹീനരും കുറവുള്ളവരും കൂടുതൽ ദാരിദ്ര്യത്തിൽതന്നെ കഴിയുന്നവരും ഉണ്ട്.
എന്നാൽ കർത്തൃവചനം അവന് ശുഭം 14
വരുത്തുകയും പൂഴിയിൽ നിന്നും ചാര
ത്തിൽ നിന്നും അവനെ രക്ഷിക്കുകയും
ചെയ്യും. അവൻെറ ശിരസ്സുയർത്തി അവനെ 15
ബഹുമാനിതനാക്കും. അനേകർ അവനെ
ഓർത്ത് അത്ഭുതപ്പെടും. നന്മയും തിന്മയും 16
ജീവനും മരണവും ധനവാനും ദരിദ്രനും
ദൈവസന്നിധിയിൽ ഒരുപോലെതന്നെ.
വിജ്ഞാനവും വിനയവും വേദപരിജ്ഞാ 17
നവും ദൈവസന്നിധിയിൽനിന്നാകുന്നു.
സ്നേഹവും സൽപ്രവൃത്തികളുടെ ഉത്തമ
മാർഗ്ഗങ്ങളും അവിടെനിന്നുതന്നെ. വഞ്ച 18
നയും അന്ധകാരവും പാപികൾക്കുള്ളതാ
കുന്നു. തിന്മയിൽ പെരുമാറുന്നവരുടെ
വാർദ്ധക്യം വരേയും തിന്മയും വർദ്ധിച്ചു
തന്നേ ഇരിക്കുന്നു. ദൈവത്തിൻെറ ദാനം
തൻെറ ഭക്തർക്ക് ശാശ്വതമായിരിക്കും. 19
അവൻെറ ഇഷ്ടം എക്കാലവും നിലനിർത്തു
കയും ചെയ്യും.

ദരിദ്രാവസ്ഥയിൽനിന്ന് ധനവാനാ 20
കുന്നവരുണ്ട്. അവൻെറ ധനമോ അവനെ
അനുയാത്രചെയ്യുന്നില്ല. എനിക്ക് ആശ്വാ 21
സമായി; ഇനിയുള്ള കാലം എൻെറ ആദാ
യങ്ങൾ കൊണ്ട് ഞാൻ കഴിയും എന്നു
പറയുന്ന മനുഷ്യൻ അവൻെറ അവസാനം
എങ്ങനെ എന്നറിയുന്നില്ല. ഉള്ളതെല്ലാം 22
മറ്റുള്ളവർക്ക് വച്ചേച്ച് അവൻ മൃത്യു
അടയുന്നു. മകനേ നിൻെറ മാർഗ്ഗത്തിലൂടെ
നീ മുന്നോട്ടു പോകുക. മകനേ നിൻെറ 23
പ്രവൃത്തികൾ തുടർന്നു ദീർഘകാലം
ചെയ്യുക. അധർമ്മികളുടെ പ്രവൃത്തികളിൽ 24
നീ അത്ഭുതം കൂറേണ്ട. പ്രത്യുത കർത്താ
വിനായി കാത്തിരിക്കുക. അവൻെറ പ്രകാ 25
ശത്തിൽ വസിക്കുക. എന്തെന്നാൽ ദരിദ്ര
നെ പെട്ടെന്ന് ധനവാനാക്കുവാൻ ദൈവ
ത്തിന് എളുപ്പമത്രേ. ഓരോ ദിവസത്തെ 26
അനർത്ഥത്തിന്നിടയിലും നീ നന്മ കണ്ടെത്തും. അന്വേഷിക്കുന്നതിനു മുമ്പു തന്നെ മനുഷ്യന് അവൻെറ അന്ത്യമുണ്ടാകും. ആരേയും നീ പുകഴ്ത്തണ്ടാ. എന്തെന്നാൽ ഒരുവൻെറ അന്ത്യത്തിലാണ് അവൻ ബഹുമാനാർഹനാകുന്നത്. എല്ലാവരേയും നിൻെറ വീട്ടിലേക്ക് നീ പ്രവേശിപ്പിക്കരുത്. കാരണം വഞ്ചകൻെറ കെണികൾ വളരെയാണ്. അഹങ്കാരിയുടെ മനസ്സ് കൂട്ടിലിട്ട പക്ഷിയെപ്പോലെയാണ്. നിൻെറ പതനത്തിന്നായിട്ട് ചാരനേപ്പോലെ അവൻ നോക്കി നില്ക്കുന്നു. അധർമ്മികളുടെ പാപങ്ങൾ എത്രയോ ബഹുലം. അവൻ വീടുകളിൽ കയറി അതുമിതും കൊണ്ടു

പോകുന്ന നായ(ശ്വാനൻ)യ്ക്കു തുല്യനാണ്; അധർമ്മിയും. അവൻ വീടു തോറും കയറി കലഹമുണ്ടാക്കുന്നു. അവൻ നന്മയെ തിന്മയായി വ്യത്യാസപ്പെടുത്തും. മോഹനീയ വസ്തുക്കൾ കൊണ്ട് അവൻ ഇടർച്ച വരുത്തും. അല്പം കനലുകൊണ്ട് അഗ്നി ആളിക്കത്തുന്നു. ഇങ്ങനെ തന്നേ അധർമ്മിയായ മനുഷ്യൻ വെള്ളംപോലെ ചോരയൊഴുക്കും. നീചനെ നീ ഭയപ്പെടുക. കാരണം അവൻ തിന്മ നിറഞ്ഞവനാണ്. ലോകത്തിന്റെ കളങ്കം നീയും പ്രാപിച്ചേക്കാം. അധർമ്മിയോട് നീ സഹവസിക്കരുത്. അവൻ നിന്നെ ദ്രോഹിക്കും. നിന്റെ സത്യത്തിൽ നിന്ന് അവൻ നിന്നെ പിന്തിരിപ്പിക്കുകയും ചെയ്യും.

അദ്ധ്യായം 12

1 ദുഷ്ടനു നീ ഗുണം ചെയ്താലും ഒരു
പ്രയോജനവുമില്ല. നിന്റെ ദയയ്ക്കു അവൻ
കൃതജ്ഞത പറകയില്ല. നീതിമാന്നു നീ
ഗുണം ചെയ്ക. അവനിൽനിന്നല്ലെങ്കിലും
ദൈവസന്നിധിയിൽനിന്ന് നിനക്കു പ്രതി
2 ഫലം ലഭിക്കും. ദുഷ്ടനെ ബഹുമാനിക്കുന്ന
വന്ന് യാതൊരു കൃപയും ലഭിക്കയില്ല.
നീതിമാനെ ബഹുമാനിക്കുന്നവന്ന് കൂലി
3 നഷ്ടപ്പെടുകയില്ല. നിന്റെ ദരിദ്രാവസ്ഥ
യിൽ ഒന്നുരണ്ട് ക്ലേശങ്ങൾ നീ അനു
4 ഭവിച്ചേക്കാം. നിന്റെ ആയുധങ്ങൾ മറ്റൊ
രുവന്നു നീ കൊടുക്കരുത്. അവകൊണ്ടു
തന്നെ അവൻ നിന്നോടു പോരാടിയേക്കാം.
5 ദുഷ്ടരെ ദൈവം വെറുക്കുന്നു. അധർമ്മിക
ളുടെ മേൽ അവൻ പ്രതികാരം വരുത്തുക
യുംചെയ്യും. ഉത്തമന് ഗുണം ചെയ്യുക.
6 ദുഷ്ടനിൽനിന്ന് അത് വിലക്കുക. വിനയാ
ന്വിതന് നീ ദാനം ചെയ്യുക. മത്സരക്കാര
7 നിൽനിന്ന് അത് വിലക്കുക. നല്ല കാലത്ത്
സ്നേഹിതനെ അറിയുവാൻ സാദ്ധ്യമല്ല.
കഷ്ടകാലത്ത് ശത്രു മറഞ്ഞിരിക്കയുമില്ല.
8 ഒരു മനുഷ്യന്റെ നല്ല കാലത്ത് അവന്റെ
ശത്രുക്കൾ ദുഃഖിക്കുന്നു. കഷ്ടകാലത്തോ
സ്നേഹിതന്മാർ പോലും തിരിഞ്ഞു പോ
കുന്നു. ശത്രുവിനെ ഒരിക്കലും നീ വിശ്വ
9 സിക്കരുത്. എന്തെന്നാൽ ചെമ്പിലെ ക്ലാവു
പോലെ അവൻ കൂട്ടുകാരനെ നശിപ്പിക്കും.
10 അതേ സമയം അവൻ നിന്നെ അനുസ
രിക്കുകയും നിന്റെ മുമ്പിൽ വിനീതനായി
11 നടന്നെന്നും വരാം. അവനെക്കുറിച്ചുള്ള
ഭീതി നിന്റെ മനസ്സിൽ ഉണ്ടായിരിക്കണം.
രഹസ്യം നീ അവന്ന് വെളിപ്പെടുത്തരുത്.
അവൻ നിന്നെ നശിപ്പിക്കും. അവന്റെ
പ്രവർത്തിയുടെ അന്ത്യം നീ അറിയും.
നിന്റെ സമീപം നീ അവനെ നിറുത്തരുത്.
അവൻ തിരിഞ്ഞ് നിന്റെ സ്ഥാനത്ത് കയറി
നില്ക്കും. നിന്റെ വലത്തു ഭാഗത്ത് അവനെ
ഇരുത്തരുത്. അവൻ നിന്റെ സിംഹാസ
നത്തിന്ന് ആഗ്രഹിക്കും. അവസാനം നീ
എന്റെ വാക്കുകൾ അറിയും. എന്റെ ഉപദേ
ശങ്ങളിൽ നീ അത്ഭുതപ്പെടുകയും ചെയ്യും.
പാമ്പാട്ടിയെ പാമ്പു കടിച്ചാൽ ആർക്കാണ്
സഹതാപം തോന്നുന്നത്? അങ്ങനെതന്നേ
ഹിംസ്ര ജന്തുക്കളോട് അടുക്കുന്നവനോടും.
ഇങ്ങനെതന്നേ അധർമ്മിയോട് ബന്ധപ്പെടു
ന്നവൻ അവനിൽ അഗ്നി ആളിക്കത്തു
ന്നതുവരെ വിട്ടു മാറാൻ സാദ്ധ്യമാകയില്ല.
നിന്നോടൊരുമിച്ച് അവൻ നടന്നാലും നീ
വീണുപോകുമ്പോൾ അവൻ ഒരു
സഹായവും ചെയ്കയില്ല. ശത്രു മധുരമായി
സംസാരിച്ചേക്കാം. എന്നാൽ മനസ്സിലോ
നിഗൂഢമായ ചിന്തയത്രേ.

അവന്റെ കണ്ണുകളിൽനിന്ന് ബാഷ്പധാര വരുത്തിക്കൊണ്ടുതന്നേ അവൻ അവസരം കിട്ടിയാൽ നിന്റെ രക്തം ചിന്തിയല്ലാതെ അവന് തൃപ്തി വരുകയില്ല. നിനക്ക് കഷ്ടകാലം വരുമ്പോൾ അവൻ ഒരു സഹായി എന്നപോലെ നിന്നോട് അടുക്കും. അതേസമയംതന്നെ നിന്റെ കുതികാൽ വെട്ടുവാൻ അവൻ ശ്രമിക്കുകയുംചെയ്യും. അപ്പോൾ അവൻ തലകുലുക്കി കയ്യടിച്ച് രഹസ്യം പറഞ്ഞ് അവന്റെ ഭാവം പ്രകടമാക്കും.

അദ്ധ്യായം 13

പശയോടടുത്താൽ അതു നിന്റെ 1
കൈമേൽ പറ്റും. അധർമ്മിയോട് കൂട്ടു 2
കൂടുന്നവൻ അവന്റെ മാർഗ്ഗംതന്നെ സ്വീക
രിക്കും. നിന്നേക്കാൾ ബഹുമാന്യനായവനെ 3
തേടിപ്പോകരുത്. നിന്നെക്കാൾ ധനിക
നോടു അധിക ബന്ധവും വേണ്ട. മൺകലം
എങ്ങനെ ഇരുമ്പുപാത്രവുമായി ഇടപഴകും?
അത് അതിനെ തട്ടി പൊട്ടിച്ചുകളയും.
ധനികൻ എങ്ങനെ ദരിദ്രനോട് സാമ്യ 4
മാകും. ധനികൻ പാപം ചെയ്യുന്നു. പക്ഷേ
അതിൽ തന്നെ അലസതയോടെ കഴിയു
ന്നു. ദരിദ്രനും പാപം ചെയ്യുന്നുണ്ട്. എന്നാൽ
അവനോ തുടർന്നു പ്രാർത്ഥിക്കുന്നു! നീ 5
ധനവാനെങ്കിൽ ആളുകൾ നിനക്കു
സേവനം ചെയ്യും. ദ്രരിദ്രനെങ്കിലോ നിന്നെ
ഉപേക്ഷിക്കും. നിന്റെതായി വല്ലതുമുണ്ടെ 6
ങ്കിൽ, നിന്നെ വിവരണങ്ങൾകൊണ്ടു
സന്തോഷിപ്പിക്കും, അതോടൊപ്പം നിന്നെ

നഷ്ടപ്പെടുത്തുകയും അവൻ ക്ലേശമൊ
ന്നും ഏൽക്കാതെ നിൽക്കുകയും ചെയ്യും.
അവൻെറ ഇഷ്ടാനുസരണം നിന്നോട്
അവൻ പ്രവർത്തിക്കുമ്പോൾ നിൻെറ
ഇഷ്ടാനുസരണമാണ് അവൻ പ്രവർത്തി
ക്കുന്നതെന്നു നിനക്കു തോന്നും. അവൻ
നിന്നെ ചതിക്കും. 'ഉത്തമൻ' എന്നു അവൻ
നിന്നെ വിളിക്കുമ്പോൾതന്നെ അവൻെറ
കാര്യം നടക്കുന്നതുവരെ, അവൻെറ
പ്രവർത്തനങ്ങളാൽ നിന്നെ ലജ്ജിതനാ
ക്കും. ഒന്നുരണ്ടു പ്രാവശ്യം നിനക്കെതിരായി
അവൻ ശക്തമായി പ്രവർത്തിക്കും; പിന്നെ
നിന്നെ കാണുമ്പോൾ അവൻ ഒളിച്ചുകള
യും. നിനക്കെതിരായി അവൻ തല കുലു
ക്കും. അവൻെറ കൈയിൽ നീ അകപ്പെട
ത്; സൂക്ഷിച്ചിരിക്കുക. അവൻെറ ഹൃദയ
ശൂന്യത നിമിത്തം നീ വഴി തെറ്റരുത്. ധനി
കൻ നിന്നോടടുക്കും, നീ അകന്നു മാറി
ക്കൊള്ളണം. പലപ്പോഴും അവൻ സമീപി
ക്കും; നീ അടുക്കരുത്. അടുത്താൽ നീ
കററപ്പെടും. അകന്നില്ലെങ്കിൽ നീ വെറു
ക്കപ്പെടും. അവനോടു സംസാരിപ്പാൻ നീ
ധൈര്യപ്പെടരുത്. അവൻെറ വർത്തമാന
ബാഹുല്യത്തെ വിശ്വസിക്കയുമരുത്.
അവൻെറ അതിഭാഷണത്തിൽ നിന്നെ
അവൻ പരീക്ഷിക്കും. നിൻെറ ഉദ്ദേശം അറി
യാനാണ് അവൻ സംസാരിക്കുന്നത്.
നിർദ്ദയമായി അവൻ നിന്നോട് പ്രതികാരം
ചെയ്യും. അനേകരുടെ പ്രാണനെക്കുറിച്ച്
അവനു സഹതാപമേയില്ല. കരുതലോടി
രിക്കുക. അപഹാരികളോട് ചേർന്നു നട
ക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളണം.
ഓരോ ജീവിയും അതതിൻെറ വർഗ്ഗ
ത്തെ സ്നേഹിക്കുന്നുണ്ട്. മനുഷ്യൻ
തന്നെപ്പോലുള്ളവനേയും. ഓരോ ജീവി
യും സ്വവർഗ്ഗത്തോടു ചേർന്നു നിൽക്കുന്നു.
മനുഷ്യൻ തൻെറ ഇനത്തിൽ പെട്ടവനോടും.
ചെന്നായും കുഞ്ഞാടുമായി എന്തു ബന്ധം?
അതുപോലെ അധർമ്മിക്കു നീതിമാനോട്
എന്തു ബന്ധം? പുലിയും നായയും തമ്മിൽ
യോജിപ്പെട്ടിരിക്കുമോ? ധനികനും ദരിദ്രനും
തമ്മിലും അങ്ങനെതന്നെ. സിംഹത്തിൻെറ
ഇര കാട്ടുകഴുതകൾ- അതുപോലെ ദരിദ്രൻ
ധനവാൻെറയും. ധനികൻ വീണാൽ ദുരി
തത്തിലാകും; ദരിദ്രൻ വീണാൽ അത്യ
ന്തം ദുരിതത്തിൽ പെടും- ധനവാൻ സംസാ
രിക്കുന്നു; അവന് അനുകൂലികൾ ഏറെ
- അവൻെറ വാക്കുകൾ നിഷിദ്ധ
മെങ്കിലും അതിൽ അവർ സന്തോഷം
കണ്ടെത്തിക്കും. ദരിദ്രനാണു സംസാരിക്കുന്ന
തെങ്കിലോ, അവർ അവനെ പുച്ഛിക്കയും
ചെയ്യും. ധനികൻ സംസാരിക്കുമ്പോൾ ജനം 25
സശ്രദ്ധരായിരിക്കയും അവനെ വാനോളം
പൊക്കുകയും ചെയ്യും. ദരിദ്രനാണു സംസാ 26
രിക്കുന്നതെങ്കിൽ ഇവൻ എന്തെല്ലാമാണീ
പറയുന്നതെന്നു പുച്ഛരിക്കയും ചെയ്യും.-
അവനു കാൽ ഇടറിയാൽ അവർ അവനെ
തള്ളിയിടും. പാപം കൂടാത്തതെങ്കിൽ ധനം 27
നല്ലതുതന്നെ. പാപസാമീപ്യമുള്ള ദാരി
ദ്രവും ചീത്തയാണ്. ഹൃദയത്തിലെ നന്മ 28
യ്ക്കും തിന്മയ്ക്കും അനുസരണമായി മുഖ
ഭാവത്തിൽ മാറ്റം വരും. നല്ല മനസ്സിൻെറ 29
ലക്ഷണം പ്രസന്നമുഖം തന്നെ. അതിഭാ
ഷണാധിക്യം അധർമ്മിയുടെ മനസ്സിനെ
വെളിപ്പെടുത്തുന്നു.

അദ്ധ്യായം 14

വാക്കിൽ തെറ്റുവരുത്താതെയും, 1
ന്യായവിധി തൻെറ ദൃഷ്ടിയിൽ വച്ചു
കൊണ്ടും ഇരിക്കുന്നവൻ ധന്യൻ. മന 2
സ്സാക്ഷി കുറ്റപ്പെടുത്താതെയും, പ്രവർത്ത
നങ്ങളിൽ അലസത കൂടാതെയും ഇരി
ക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. ലുബ്ധനു 3
ചേരുന്നതല്ല, ധനസമ്പത്ത്. അസൂയാലു
വിന് പണവും അർഹമല്ലാത്തതാകുന്നു. 4
സ്വന്തം കാര്യത്തിനു വേണ്ടതുപോലെ 5
ചെലവു ചെയ്യാതെ പണം ശേഖരിച്ചു
വയ്ക്കുന്നവൻ അതു അന്യർക്കു വിട്ടേച്ചു
പോകേണ്ടിവരും. അവൻെറ സമ്പത്തു 6
കൊണ്ട് അന്യർ സുഖമായി കഴിയും.
തന്നോടുതന്നെ പിശുക്കു കാണിക്കുന്നവൻ
ആർക്കെങ്കിലും ഗുണം ചെയ്യുമോ? ദുർമ്മ 7
നസ്സുള്ളവൻ സ്വന്ത സമ്പാദ്യത്തിൽ നിന്നും
അനുഭവിക്കയില്ല. അവനെക്കാൾ ദുഷ്ടൻ
മറ്റാരുമില്ല. അവനു ക്ലേശപൂരിതമായ 8
പ്രതികാരമാണുണ്ടാവുക. അവൻ നന്മ 9
ചെയ്യുന്നെങ്കിൽതന്നെ, അത് അറിയാതെ
വന്നു പോകുന്നതാണ്. അവസാനം അവ
ൻെറ തിന്മ അവനു ദൃശ്യമാകും. ഭോഷൻെറ 10
ദൃഷ്ടിയിൽ അവൻെറ ഓഹരി അല്പ
മാണെന്നേ തോന്നുകയുള്ളു. സ്നേഹി 11
തൻേറതു കൈവശപ്പെടുത്തുന്നവൻ സ്വയം
നശിക്കും. അസൂയാലുവിന് ഭക്ഷണ 12
വിഭവങ്ങൾ വളരെയുണ്ടായിരിക്കാം; എ
ന്നാൽ അവൻെറ ഭക്ഷണമേശമേൽ അവ
യെല്ലാം ഉണങ്ങിവരണ്ടിരിക്കും.
എൻെറ മകന് സമ്പത്തുണ്ടെങ്കിൽ 13
നിനക്കുവേണ്ടതിനുപയോഗിക്കുക. നിന
ക്കു സമ്പത്തുണ്ടെങ്കിൽ, നിനക്കു ഗുണമു
ള്ളത് ചെയ്യുക. ഇതുവരെയും നീ മരണം 14

15 കാണാതിരിക്കുന്നു. പാതാളം നിനക്കു
ഇപ്പോൾ അജ്ഞാതവുമാണ്. മരിക്കുന്ന
തിനു മുമ്പ് നിൻെറ സുഹൃത്തിന് നന്മ
വരുത്തുക. അവൻ നിന്നോടാവശ്യപ്പെ
ടുന്നതു അവനു കൊടുക്കണം. അതതു
ദിവസം ചെയ്യേണ്ട നല്ല കാര്യങ്ങൾക്കു
16 മുടക്കം വരുത്തരുത്. വഷളായ മോഹം
നിന്നിലുണ്ടാകരുത്. എന്തെന്നാൽ നിൻെറ
സമ്പാദ്യം അന്യർക്കു നീ വിട്ടിട്ടു പോകേ
ണ്ടിവരും. നിൻെറ പ്രയത്നഫലം മറ്റുള്ളവർ
17 നറുക്കിട്ടെടുക്കും. ദാനം ചെയ്യുക; സ്വീക
രിക്കുക. നിന്നെത്തന്നെ സംരക്ഷിക്കുക.
18 ദൈവസന്നിധിയിൽ പ്രസാദകരമായ
തെല്ലാം ചെയ്തുകൊണ്ടിരിക്കണം. എന്തെ
ന്നാൽ എല്ലാ മനുഷ്യരും ക്ഷയിച്ച് നശിച്ചു
പോകും. ഓരോ തലമുറയും മരിച്ചുപോകു
കതന്നെ ചെയ്യുന്നു. മരത്തിൽ നിന്നും
ഇലകൾ എന്നപോലെ അവർ കൊഴിഞ്ഞു
വീഴുന്നു. അപ്പോൾ ചിലർ തളിർക്കുകയും
ചെയ്യുന്നു. ഇതാണ് ജഡവും രക്തവുമുള്ള
19 മനുഷ്യൻെറ തലമുറകൾ. ഒരു തലമുറ
മരിക്കുന്നു; മറ്റൊരു തലമുറ ജനിക്കുന്നു.
മനുഷ്യൻെറ സർവ്വ പ്രവൃത്തികളും അവ
20 ൻെറ ദൃഷ്ടിയിൽ അറിയിക്കപ്പെടും.
അവൻെറ കൈകൾ ചെയ്തവയും അവ
21 ൻെറ പിന്നാലെ പോകുന്നു. വിജ്ഞാന
പൂർവ്വം ചിന്തിക്കുകയും വിവേകപൂർവ്വം
ആലോചിക്കുകയും ചെയ്യുന്ന മനുഷ്യനു
22 ഭാഗ്യം. അവൻ വിജ്ഞാനമാർഗ്ഗത്തിലേക്കു
മനസ്സിനെ തിരിക്കും, അതിൻെറ പാതക
ളെല്ലാം മനസ്സിലാക്കും. അന്വേഷകനെ
പ്പോലെ അവൻ അതിൻെറ പിന്നാലെ
23 നടന്നുകൊണ്ടിരിക്കും. അതിൻെറ പാതക
ളിൽ അവൻ കാത്തിരിക്കും. അവൻ ജാലക
ങ്ങളിലൂടെ അതിനെ നോക്കിക്കൊണ്ടി
24 രിക്കും. അതിൻെറ വാതിൽക്കൽ അവൻ
ശ്രദ്ധിച്ചുകൊണ്ട് നിൽക്കും. അതിൻെറ
മന്ദിരപരിസരങ്ങളിൽ അവൻ വാസമുറപ്പി
25 ക്കും. അതിൻെറ മതിലുകളിൽ സാക്ഷകൾ
ഉറപ്പിക്കും. അതിൻെറ ചില്ലികളെ എത്തിപ്പി
ടിക്കത്തക്കവണ്ണം നല്ല കൂടാരത്തിൽ അവൻ
26 പാർക്കും. അതിൻെറ വിപുല ശാഖകൾ
മദ്ധ്യേ അവൻ വസിക്കും. ഉഷ്ണക്കാററ്
ഏല്ക്കാതെ അതിൻെറ തണലിൽ
27 ഇരിക്കും. അതിൻെറ വിതാനങ്ങൾ അവനു
തണലേകും.

അദ്ധ്യായം 15

1 ദൈവത്തോടു ഭക്തിയുള്ളവൻ ഇങ്ങ
നെ ചെയ്യും. ന്യായപ്രമാണം അഭ്യസിക്കുന്ന
വൻ അതിനെ ആചരിക്കും. അവൻ അതിനെ 2
അമ്മയെപ്പോലെ സ്വീകരിക്കും. യൗവന
ത്തിലെ ഭാര്യയെപ്പോലെ അതിനെ ചേർത്തു
കൊള്ളും. വിജ്ഞാനമാകുന്ന അപ്പം 3
കൊണ്ട് അത് അവനെ സംപുഷ്ടനാക്കും.
വിവേകമാകുന്ന നിർമ്മലജലം അവനെ
കുടിപ്പിക്കും. അവൻ അതിൽ ചാരിനിൽ 4
ക്കും; വീണുപോകയില്ല, അതിൽ അവൻ
ആശ്രയംവെക്കും; ലജ്ജിതനാകുകയുമില്ല.
അവൻെറ സുഹൃദ്സഞ്ചയത്തേക്കാളുപരി
അവനെ ഉയർത്തും. സമൂഹങ്ങളിൽ അത 5
വനെക്കൊണ്ടു സംസാരിപ്പിക്കും. ആനന്ദാ
ഹ്ലാദങ്ങൾകൊണ്ട് അവനെ നിറയ്ക്കും.
ലോകത്തിൽ അവനൊരു മഹത്തായ നാമം
അവകാശമായും കൊടുക്കും. പാപികൾ 6
അതിൽകൂടി ചരിക്കയില്ല; അധർമ്മികൾ
അതിനെ കാണുകപോലുമില്ല. മത്സരി 7
കൾക്ക് അതു വിദൂരമാണ്. വഷളത്തം
സംസാരിക്കുന്നവർക്ക് അതിനെ എത്തി
പ്പിടിക്കുവാൻ സാദ്ധ്യമല്ല. അധർമ്മികളുടെ 8
സംസാരത്തിൽ അതിനു സ്ഥാനമില്ല.
കാരണം, ദൈവത്തിൽനിന്നും അതവർക്കു
ലബ്ധമായിട്ടില്ല. ജ്ഞാനികളുടെ വദന 9
ങ്ങളിൽനിന്നാണ് സ്തോത്രഗീതം ഉയരു
ന്നത്. അധികാരമുള്ളവനാണ് അതവനെ
പഠിപ്പിക്കുന്നത്.

ഞാൻ തെറ്റി, കുറ്റക്കാരനായത് ദൈവം 10
മൂലമാണ് എന്നു പറയരുത്. എന്തെന്നാൽ
വെറുക്കത്തക്ക യാതൊന്നും താൻ ചെയ്ക
യില്ല. ദൈവമാണ് എന്നെ വഴി തെറ്റിച്ചത് 11
എന്നും പറയരുത്: എന്തെന്നാൽ പാപിയെ
ക്കൊണ്ട് തനിക്ക് എന്തു പ്രയോജനം? എല്ലാ 12
തിന്മയും ധിക്കാരവും താൻ വെറുക്കുന്നു.
തൻെറ വത്സലർക്ക് താൻ അവ കൊടു
ക്കുകയില്ല.

ആദിയിൽ ദൈവം മനുഷ്യനെ സൃഷ്ടി 13
ച്ചു. അവരുടെ അമിതാഗ്രഹംമൂലം അവരെ
താൻ ശിക്ഷിച്ചു. നിനക്കാഗ്രഹമുണ്ടെങ്കിൽ 14
നിനക്കു കല്പനകൾ പാലിക്കാം. അവനിൽ 15
വിശ്വാസമർപ്പിച്ചാൽ നിനക്കു ജീവൻ
പ്രാപിക്കാം. തീയും വെള്ളവും നിൻെറ 16
മുമ്പിൽ വെച്ചിരിക്കുന്നു. ഏതാണ് നിനക്കി
ഷ്ടമെന്നാൽ അതിനായി കൈ നീട്ടുക.
മനുഷ്യനു ജീവനും മരണവും നൽകപ്പെട്ടി 17
ട്ടുണ്ട്. ജീവനെ തെരഞ്ഞെടുക്കുവാനും
മരണത്തെ പരിത്യജിക്കുവാനുമത്രെ അത്.
ദൈവത്തിൻെറ ജ്ഞാനം ശക്തിയേറി 18
യതും അത്ഭുതപ്രവർത്തനങ്ങൾക്കു ശക്ത
വുമാണ്. തൃക്കണ്ണുകൾ സർവ്വവും കാണു 19
ന്നുണ്ട്; മനുഷ്യചിന്തകളെല്ലാം അറിയു

ന്നുമുണ്ട്. പാപം ചെയ്യുവാൻ ഒരുവനോട്
താൻ കല്പിച്ചിട്ടില്ല; അധർമ്മമാചരിക്കു
വാൻ മനുഷ്യരോടു താൻ പറഞ്ഞിട്ടുമില്ല.
കള്ളത്തരം പ്രവർത്തിക്കുന്നവരോട് താൻ
അശേഷവും കരുണ കാണിക്കയുമില്ല.

അദ്ധ്യായം 16

പാപികളായ മക്കളുടെ ആധിക്യം നീ
ആഗ്രഹിക്കരുത്. വ്യാജം പ്രവർത്തിക്കുന്ന
മക്കളിൽ സന്തോഷിക്കയുമരുത്. അവരുടെ
സംഖ്യ വർദ്ധിച്ചാലും നീ സന്തോഷിക്കരുത്.
എന്തെന്നാൽ അവർ ദൈവഭക്തിയില്ലാ
ത്തവരാണ്. അവരുടെ ആയുസ്സിൽ നീ
പ്രതീക്ഷ വയ്ക്കുകയും വേണ്ട, അവർക്കു
നല്ലൊരന്ത്യം ഉണ്ടാകുമെന്നും നീ വിശ്വ
സിച്ചിരിക്കേണ്ട. എന്തെന്നാൽ ദൈവേഷ്ടം
ചെയ്യുന്ന ഒരുവൻ ആയിരം പേരേക്കാൾ
ഉത്തമനാണ്. അനീതിക്കാരായ അനേകം
മക്കളുള്ളവനേക്കാൾ മക്കളില്ലാതെ മരി
ക്കുന്നവനത്രെ ഭാഗ്യവാൻ. ദൈവാശ്രയ
മുള്ള ഒറ്റ ഒരുവൻ മൂലം നഗരം സംപൂർണ്ണ
മാകും. അധർമ്മികളായ അനേകരുണ്ടാ
യാൽപോലും അതു ശൂന്യമാകും. ഇവയി
ലുമധികം പലതും. എന്റെ കണ്ണുകൾ
കണ്ടിട്ടുണ്ട്. ഇവയേക്കാളും ഏറെ ഞാൻ
കേട്ടിട്ടുമുണ്ട്. അധർമ്മികളുടെ സമൂഹ
ത്തിൽ തീയ് ആളിക്കത്തുന്നു. ദൈവത്തെ
കോപിപ്പിക്കുന്ന ജനത്തിന്മേൽ ദൈവ
കോപം ശക്തമായിത്തീരുന്നു. തങ്ങളുടെ
ശക്തി ലോകമാകെ ചെലുത്തിയ രാജാ
ക്കന്മാരോട് താൻ ക്ഷമിച്ചില്ല. അവരുടെ
അഹങ്കാരം മൂലം കുററകരമായവ ചെയ്ത,
ലോത്തിന്റെ നഗരക്കാരോട് താൻ ദയ
കാണിച്ചില്ല. ശപ്തരായ ജനത്തോട് തനിക്ക്
അനുകമ്പ തോന്നിയില്ല. അവരുടെ പാപം
നിമിത്തം അവരെ നശിപ്പാൻ താൻ നിശ്ച
യിച്ചു. ഒരു കാലത്തു മത്സരികളായി
ത്തിനിരന്ന ആറുലക്ഷം പേരോട് താൻ
കരുണ കാണിച്ചില്ല. കഠിനകണ്ഠനായ
ഒരുവനേയുള്ളുവെങ്കിലും അവൻ നിരപ
രാധി എന്നവിധം രക്ഷപ്പെട്ടാൽ അത്
അത്ഭുതമാണ്. ദൈവസന്നിധിയിൽ കരു
ണയും കോപവുമുണ്ട്. താൻ അത്യധികം
ക്ഷമിക്കും. പാപങ്ങൾക്കു പ്രതികാരവും
ചെയ്യും. തന്റെ കരുണ എത്രയേറെ ബഹു
ലമോ, അതുപോലെതന്നെ, പാപങ്ങൾ
ക്കുള്ള പ്രതികാരവും. അവനവന്റെ പ്രവൃ
ത്തിക്കനുസരണം ഓരോരുവനേയും താൻ
വിധിക്കും. കാപട്യക്കാരനേയും അധർമ്മി
യേയും അവൻ വിട്ടയയ്ക്കയില്ല. നീതിയു
ള്ളവരുടെ പ്രത്യാശ ഒരിക്കലും വ്യർത്ഥമാവാക
യുമില്ല. പുണ്യപ്രവർത്തനങ്ങൾ ചെയ്യുന്ന 16
ഏവനും പ്രതിഫലമുണ്ട്. ഓരോരുവനും
അവനവന്റെ പ്രവൃത്തിക്കനുസരണം
അവിടെ കണ്ടെത്തും. തന്റെ പ്രവർത്തന
ങ്ങൾ സൂര്യനു കീഴിൽ കാണപ്പെടേണ്ട
തിന്നായിട്ടാണ്,. തന്നെ അറിയാതിരിക്കത്ത
ക്കവിധത്തിൽ ഫറവോന്റെ ഹൃദയം കഠിന
മാക്കിയത്. തന്റെ കരുണ സർവ്വ സൃഷ്ടി
കൾക്കും ദൃശ്യമായിരിക്കുന്നു. തന്റെ പ്രകാ
ശവും, അന്ധകാരവും മനുഷ്യർക്കായി താൻ
വേർതിരിച്ചു വച്ചിരിക്കുന്നു.

ഞാൻ ദൈവത്തിങ്കൽനിന്നും മറഞ്ഞിരി 17
ക്കും. മേൽ ഉയരത്തിൽ ആരാണ് എന്നെ
ഓർക്കുന്നത്? അനേകരുടെ ഇടയിൽ ഞാൻ
അറിയപ്പെടാതിരിക്കും. എല്ലാ മനുഷ്യരു
ടെയും ആത്മാക്കൾക്കിടയിൽ എന്റെ
ആത്മാവ് എന്തുള്ളു എന്നു നീ പറയരുത്.
ആകാശങ്ങളും ഭൂമിയും ആഴവും തനിക്കു 18
പ്രത്യക്ഷമായി നിലകൊള്ളുന്നു. പർവ്വത
ങ്ങളും. ഭൂമിയുടെ അടിസ്ഥാനങ്ങളും, താൻ
അവയുടെ മേൽ കാണപ്പെടുമ്പോൾ
വിറച്ചുപോകും. എന്നാൽ ഭോഷന്മാർ പുല 19
മ്പുന്നു: 'ഇതൊന്നും എന്റെ മനസ്സിൽ
ഞാൻ വച്ചിരിക്കയില്ല; എന്റെ വഴികൾ
ആരാണ് അറിയുന്നത്? ഞാൻ പാപം
ചെയ്താൽ ഒരു കണ്ണും എന്നെ കാണുക
യില്ല. നിഗൂഢമായ സ്ഥലത്തുവച്ചു ഞാൻ
വ്യാജവാർത്ത പരത്തിയാൽ ആരറിയാ
നാണ് എന്ന്. ഭോഷരേ! അധർമ്മികളാണ് 20
ഇങ്ങനെ ചിന്തിക്കുന്നത്.

എന്നെ ശ്രദ്ധിച്ചാലും! എന്റെ ഉപദേശം 21
കേട്ടാലും! എന്റെ വാക്കുകൾക്കെല്ലാം
നിങ്ങൾ ഹൃദയം തുറന്നു തരുവിൻ. വാക്കു
കൾ ഞാൻ ചുരുക്കിപ്പറയാം. ജ്ഞാന
പൂർവ്വകമായ എന്റെ ഉപദേശം ഞാൻ
ഗ്രഹിപ്പിക്കാം. ആദിയിൽ ദൈവം സൃഷ്ടി 22
ച്ചപ്പോൾ ആ സൃഷ്ടിയോടുകൂടെത്തന്നെ
ഓരോന്നിനുമുള്ള നിയമവും താൻ നിശ്ച
യിച്ചിട്ടുണ്ട്. അന്ത്യകാലംവരെ, സർവ്വ തല 23
മുറകൾ മേലും അധികാരമുള്ളവയാണ് ആ
നിയമങ്ങൾ. അവയ്ക്കു വിശപ്പില്ല; ദാഹവു 24
മില്ല. അവ ക്ലേശിച്ചു പ്രയത്നിക്കേണ്ടതുമില്ല.
അവയുടെ ശക്തിക്കു കുറവുണ്ടാകുന്നില്ല. 25
അവ പരസ്പരം വിദ്വേഷിക്കുന്നില്ല. ഒരു
കാലത്തും അവ തന്റെ വാക്കു ധിക്കരി 26
ക്കുന്നില്ല. ദൈവം ഭൂമിയെ സൂക്ഷിച്ചു
നോക്കി. അതിന്റെ എല്ലാ ഫലങ്ങളും
വഴിയായി അതിനെ അനുഗ്രഹിച്ചു. സർവ്വ 27
വിധ ജീവജാലങ്ങളെക്കൊണ്ട് ഭൂമു

ഖത്തെ നിറച്ചു. അവയുടെ എല്ലാ പ്രവൃ
ത്തികളും അതിനുള്ളിലേക്കു സംക്ഷേ
പിക്കും.

അദ്ധ്യായം 17

1 ദൈവം ആദാമിനെ മണ്ണിൽനിന്നും
സൃഷ്ടിച്ചു. മനുഷ്യനെ അതിലേക്കുതന്നെ
2 തിരികെ അയയ്ക്കുകയും ചെയ്യും. അവർ
ജീവിച്ചിരിക്കേണ്ട കാലസംഖ്യയും താൻ
3 നിശ്ചയിച്ചു. സകലത്തിന്മേലും അവരെ
അധികാരികളാക്കി. ശക്തിയും, ഭക്തിയും
4 അവരെ അണിയിച്ചു. മൃഗങ്ങൾ, പക്ഷിക
ളാദിയായവ അവരെ ഭയപ്പെടുമാറാക്കി.
അവരുടെ ഹൃദയത്തിൽ വിജ്ഞാനവും
5 ചിന്താശക്തിയും നൽകി. നന്മയും തിന്മയും
6 ഏവ എന്ന് അവരെ ഗ്രഹിപ്പിച്ചു. അവർക്കു
വായും, നാവും കണ്ണുകളും ചെവികളും
വിവേചനശേഷിയുള്ള മനസ്സും നൽകി-
7 ആയത് തന്റെ പ്രവർത്തനങ്ങളുടെ
പ്രാബല്യം കാണിച്ചുകൊടുക്കുവാനും,
തന്റെ പ്രത്യേകതകൾ ഗ്രഹിക്കുവാനും,
തന്നോടുള്ള ഭക്തിയെക്കുറിച്ച് ലോക
ത്തിനു വിവരിച്ചുകൊടുപ്പാനും, തന്റെ
മഹാപരിശുദ്ധ തിരുനാമത്തെ അവർ
8 മഹത്വപ്പെടുത്തുവാനുംതന്നെ. താൻ അവ
രുമായി ഉടമ്പടി ചെയ്തു. ജീവന്റെ
പ്രമാണങ്ങൾ അവരെ പഠിപ്പിച്ചു. നിത്യമായ
ഉടമ്പടി താൻ അവർക്കു നിശ്ചയിച്ചു.
9 തന്റെ വിധികൾ അവരെ ഗ്രഹിപ്പിച്ചു.
10 തന്റെ മഹിമയിൻ തേജസ്സ് അവരുടെ
കണ്ണുകൾകൊണ്ട് അവർ കണ്ടു. സ്വന്ത
ചെവികൾ കൊണ്ട് തന്റെ സംസാരമഹി
11 മയും അവർ ശ്രവിച്ചു. താൻ അവരോടു,
കാപട്യം കാണിക്കാതിരിപ്പാൻ സൂക്ഷിച്ചു
കൊള്ളണം എന്നു കല്പിച്ചു. കൂട്ടുകാര
നോടുള്ള കടമ എന്തെന്നും നിർദ്ദേശിച്ചു.
12 അവരുടെ വഴികൾ തിരുമുമ്പിൽ പ്രത്യ
ക്ഷമാണെന്നും തിരുദൃഷ്ടിയിൽനിന്നും
അവ മാറിപ്പോകുകയില്ല എന്നും അവരെ
13 ഗ്രഹിപ്പിച്ചു. സർവ്വജനതകൾക്കും അധി
കാരികളെ താൻ നിയമിച്ചു. എന്നാൽ
ഇസ്രയേലോ, തന്റെ സ്വന്തം അവകാശം.
14 അവരുടെ എല്ലാ പ്രവൃത്തികളും സൂര്യസ
മാനം തിരുമുമ്പിൽ ഉദയം ചെയ്തിരിക്കു
കയാണ്. അവരുടെ എല്ലാ ചിന്തകളും
തിരുസന്നിധിയിൽ പ്രസ്പഷ്ടമത്രെ.
15 അവരുടെ അപരാധങ്ങൾ തിരുമുമ്പിൽ
16 നിന്നും മറഞ്ഞിരിക്കുന്നില്ല. എല്ലാ മനുഷ്യ
രുടെയും പാപങ്ങൾ തിരുമുമ്പിൽ എഴുത
17 പ്പെട്ടിരിക്കുന്നു. എല്ലാവരുടെയും ജീവിത
വിജയവും എഴുതി മുദ്രിതമായിരിക്കുന്നു.
എല്ലാവരുടെയും ദാനധർമ്മങ്ങൾ കണ്ണി 18
ന്റെ കൃഷ്ണമണിപോലെ തിരുസന്നിധി
യിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. അവസാനം 19
താൻ വെളിപ്പെടും, പ്രതിഫലമേകു
കയും ചെയ്യും. അപരാധികൾക്കുള്ള
പ്രതികാരം അവരുടെ ശിരസ്സിന്മേൽ തന്നെ
പതിക്കും.

എന്നാൽ അനുതാപികൾക്കു താൻ 20
അനുതാപത്തിനുള്ള അവസരം നൽകിയി
രിക്കുന്നു. പുണ്യവാന്മാരെ ഉപദ്രവിക്കുന്ന 21
വരെ താൻ നശിപ്പിച്ചുകളയും. ദൈവ 22
സന്നിധിയിൽ പശ്ചാത്തപിപ്പിൻ. നിങ്ങൾ
നശിച്ചുപോകാതിരിപ്പാൻ അനുതപിപ്പിൻ.
പാപം വിട്ട്, ദൈവകോപം വരാതിരിപ്പാൻ 23
അനുതപിപ്പിൻ. ജീവനോടിരുന്ന് തനിക്കു
സ്തോത്രമർപ്പിക്കുന്നവർക്കു പകരം, ലോക
ത്തിൽ നശിച്ചുപോകുന്നവരെക്കൊണ്ട്
ദൈവത്തിന് എന്തു പ്രയോജനം? തിരുസ 24
ന്നിധിയിലേക്ക് അനുതാപപൂർവ്വം തിരിച്ചു
വരുന്നവർക്കായി ദൈവം വച്ചിട്ടുള്ള കരുണ
എത്ര നിസ്സീമം. എന്തെന്നാൽ മനുഷ്യനി 25
ലുള്ള രീതിയല്ല തന്റേത്. മനുഷ്യരുടെ
ചിന്തപോലെയല്ല തന്റെ ചിന്ത! പകലിൽ 26
നിന്നു സൂര്യൻ മാറിക്കഴിഞ്ഞാൽ അന്ധ
കാരം ഉളവാകുന്നു. ഇതാണ് മനുഷ്യൻ
ജഡവും രക്തവുമാകയാൽ അവനുളവാ
കുന്ന അമിതമോഹത്തെ നിയന്ത്രിക്കാത്ത
വന്റെയും സ്ഥിതി.

അദ്ധ്യായം 18

ദൈവം സ്വർഗ്ഗീയ സൈന്യങ്ങളെ 1
വിധിക്കുന്നു. പൂഴിയും ചാരവുമാകുന്ന
മനുഷ്യനേയും വിധിക്കുന്നു. തന്റെ 2
പ്രവൃത്തികളെ വിവരിക്കുവാൻ ആർക്കു
കഴിയും? തന്റെ വീര്യപ്രവൃത്തികളെ
എണ്ണി തീർക്കുവാൻ ആർക്കു സാധിക്കും?
ദൈവം ഏകൻ മാത്രം കുററമററവൻ. മനു 3
ഷ്യന്റെ അന്വേഷണത്തിന്റെ അവസാന 4
ത്തിലും അവൻ ആരംഭത്തിൽ തന്നെ
നിൽക്കുന്നു. അവർ അനുതപിക്കുമെങ്കിൽ 5
അവർ അത്ഭുതം കാണും. മനുഷ്യൻ
എന്തുള്ളു? എന്താണവരുടെ കുറവ്, 6
എന്താണവരുടെ പ്രയോജനം? അവരുടെ
ഗുണമെന്ത്, അവരുടെ ദോഷവുമെന്ത്? 7
മനുഷ്യൻ അങ്ങേയററം നൂറു വയസ്സുവരെ
ജീവിച്ചേക്കാം. എന്നാൽ സമുദ്രത്തിൽ ഒരു
തുള്ളിവെള്ളംപോലെയും ഒരു മണൽത്ത
രിപോലയുമല്ലോ. ഈ ലോകത്തിലെ 8
ആയിരമാണ്ടുകൾ പുണ്യവാളന്മാരുടെ

ലാകത്തിലെ ഒരു ദിവസംപോലെ അല്ല
യാ? അതിനാൽ താൻ മനുഷ്യനോട്
ർഘക്ഷമ കാണിക്കുന്നു. തന്റെ കരുണ
വരുടെമേൽ പൊഴിക്കുന്നു. എന്തെന്നാൽ
വരുടെ അന്ത്യം ദുരിതമാണെന്നു താന
യുന്നു. അതിനാൽ അവർക്കു ധാരാള
യി മാപ്പു കൊടുക്കുന്നു.
മനുഷ്യന്റെ സഹതാപം അവന്റെ
യൽക്കാരനോട്. ദൈവകരുണയോ
ന്റെ എല്ലാ സൃഷ്ടികളോടും കൂടെ. താൻ
വരെ വിജ്ഞാനികളാക്കും, ശിക്ഷണം
കും, പഠിപ്പിക്കും, തന്റെ അജസമൂഹ
മേയിക്കുന്ന അജപാലകനെപ്പോലെ
രെ നേർവഴിക്കു തിരിക്കും. ദൈവകരു
വിൽ ആശ്രയിക്കുന്നവർ ഭാഗ്യവാന്മാർ;
ന്റെ വിധികൾ അംഗീകരിക്കുന്നവനും
ങ്ങനെതന്നെ.
മകനേ കൂട്ടുകാരനു ഗുണം ചെയ്യുന്ന
നീ തടുക്കരുത്. ധർമ്മിഷ്ഠനെക്കുറിച്ച്
ൂയയുമരുത്. മഴ കഠിനചൂടു നിശ്ശേഷം
ന്നതുപോലെ വാക്ക് ദാനത്തിങ്കലേക്കു
യുന്നു. എന്തെന്നാൽ നല്ല വാക്കു
ത്തെക്കാൾ വിശിഷ്ടമത്രെ. ഉത്തമരായ
ഷ്യരിൽ ഇവ രണ്ടും ഉണ്ടായിരിക്കും.
ന്ത്യം കാണിക്കുന്നതിനുമുമ്പ് ഭോഷൻ
ക്കുന്നു. ദുഷ്ടന്റെ ദാനം, കണ്ണുകളെ
പ്പിക്കുന്നു, ശണ്ഠകൂടുന്നതിനുമുമ്പു
യിയെ തേടുക, രോഗത്തിൽ കിട
ിരിപ്പാൻ വൈദ്യനേയും അന്വേഷി
നിനക്കു വേദന വരാതിരിക്കേണ്ട
പ്രാർത്ഥിക്കുക, ആ വേദനയ്ക്കു
ന്നെ നിനക്കുത്തരം ലഭിക്കും. നീ
പോകാതിരിക്കുവാൻ പ്രാർത്ഥി
പാപത്തിൽ വീഴാതിരിപ്പാൻ ദാന
ും ചെയ്യുക. നിന്റെ കടപ്പാടുകൾ
തീർക്കുന്നതിൽനിന്നും ഒന്നും നിന്നെ
രുത്. അതു നിനക്കു വേദനാജനക
വരെ കാത്തിരിക്കരുത്. നിന്റെ
പേക്ഷിച്ച് അനുതപിപ്പാൻ നീ
നീട്ടരുത്. മരണം അത്രയേറെ
കയില്ല എന്ന് ഓർത്തുകൊൾക.
വിഷമം വരുന്നതിനു മുമ്പുതന്നെ
നേർച്ചകൾ ഒരുക്കിവെയ്ക്കുക.
ന്ത പരീക്ഷിക്കുന്നവനെപ്പോലെ നീ
ീരരുത്. മുമ്പും നീ നിരപരാധിയ
ന്നല്ലോ എന്നോർത്ത് നിന്റെ
ൾ നീ വർദ്ധിപ്പിക്കരുത്. സർവ്വ
ുടെയും അവസാനമാണ് ദൈവ
വരുന്നതെന്നും ദൈവം മുഖം
ളയാനിടയാകരുതെന്നും ഓർത്തു
കൊൾക. സമൃദ്ധിയുടെ കാലത്ത് വിശ
പ്പിനെക്കുറിച്ചു നിനക്കോർമ്മയുണ്ടായിരി
ക്കണം. സമ്പത്തുകാലത്ത് ദാരിദ്ര്യത്തേയും,
ഏകനായുള്ള നിസ്സഹായതയെക്കുറിച്ചും
ചിന്തിച്ചുകൊള്ളണം. പ്രഭാതംമുതൽ
സന്ധ്യവരെ നേരം വ്യത്യാസപ്പെട്ടുകൊണ്ടി
രിക്കുന്നു. അവയെല്ലാം ദൈവസന്നിധിയിൽ
നന്നായിരിക്കട്ടെ, ബുദ്ധിമാൻ എല്ലാ 19
കാര്യങ്ങളിലും ശ്രദ്ധയോടെ പരിശ്രമിക്കും.
ദുഷ്ടതയുടെ കാലങ്ങളിൽ ദുഷ്ടനെ
അവനു പേടിയില്ല. വിജ്ഞാനം ഉപദേ 20
ശിക്കത്തക്കവണ്ണം വിജ്ഞരും, സ്തോത്രം
അർപ്പിക്കുവാൻ അറിവുള്ളവരും, ഉപദേ
ശിക്കത്തക്ക വിജ്ഞാനമുള്ളവരും,
വിജ്ഞരായിക്കൊണ്ടിരിക്കും. അവർ, 21
ജീവിതാന്ത്യംവരെയും വിശിഷ്ട വചന
ങ്ങളും വിജ്ഞാനവചസ്സുകളും, ആത്മാ
വിന്റെ അഭ്യസനവും അറിഞ്ഞു കൊണ്ടു
മിരിക്കും.

എന്റെ മകനേ, സ്വന്ത വികാരങ്ങൾക്കു 22
പിന്നാലെ പോകരുതേ. അധമമോഹങ്ങളെ
നിന്നിൽനിന്നും തടഞ്ഞുനിറുത്തുക.
എന്തെന്നാൽ സ്വന്ത ഇഷ്ടം ചെയ്യുന്നവൻ, 23
ശത്രുവിന്റെ ആഗ്രഹം സാധിപ്പിക്കുന്നവനു
തുല്യനത്രെ. ആഡംബരാധിക്യത്തിൽ 24
അത്യാഹ്ലാദം വേണ്ട; ഒന്നുരണ്ടു നാൾ
കൊണ്ട് നീ ദരിദ്രനായേക്കാം. മദ്യപനും, 25
മോഹാതുരനും വായാടിയായി നടക്കുന്നു.
നിന്റെ പണസഞ്ചിയിൽ ഒന്നുമില്ലാതെ നീ
ദരിദ്രനാകരുത്.

അദ്ധ്യായം 19

മദ്യപനായ തൊഴിലാളിക്കു ഐശ്വര്യ 1
മുണ്ടാകയില്ല. ജഡമോഹിക്കവകാശമായി
വരുന്നത് ദാരിദ്ര്യം മാത്രം. മദ്യവും വനിതയും 2
മനസ്സിനെ അശുദ്ധമാക്കുന്നു. വേശ്യയുടെ
പിന്നാലെ നടക്കുന്നവൻ നശിക്കുകതന്നെ 3
ചെയ്യും. ക്രൂരമനസ്സിനെ അതിന്റെ ഉടയ 4
വൻ നശിപ്പിക്കും. പെട്ടെന്നു ഒരുവനിൽ വിശ്വ 5
സിക്കുന്നവൻ ബുദ്ധിശൂന്യൻ; മനഃപൂർവ്വമാ
യി പാപം ചെയ്യുന്നവനെ കുറ്റരഹിതനാക്കു
വാൻ ആർക്കു കഴിയും? തിന്മയിൽ ആഹ്ലാ 6
ദിക്കുന്നവനു തകർച്ചയുണ്ടാകും. പറഞ്ഞ
തുതന്നെ ആവർത്തിക്കുന്നവൻ ഭോഷ
നത്രെ. നീയോ പറഞ്ഞതുതന്നെ ആവർത്തി
ക്കരുത്. ആരും നിന്നെ പുച്ഛരിക്കാതി 7
രിക്കട്ടെ. സുഹൃത്തിനോടാകട്ടെ ശത്രുവി
നോടാകട്ടെ നീ വ്യാജമായി പ്രവർത്തിക്ക
രുത്. നിനക്കു പാപങ്ങളുണ്ടെങ്കിൽ അവയെ 8
പ്രതി പ്രാർത്ഥിക്കുക. നിന്റെ ശ്രോതാ 9

ക്കൾ നിന്നെ വെറുക്കാതിരിക്കേണ്ടതിന്;
ആരെയും കുറിച്ച് നീ ഏഷണി പറയരുത്.
10 ഒരു വഷളനായി അവർ നിന്നെ ഗണിക്കും.
നീ ഒരു കാര്യം കേട്ടു. അതു നിൻെറ ഹൃദ
യത്തിൽതന്നെ ഒതുങ്ങിക്കൊള്ളട്ടെ. അത്
നിന്നെ കുത്തിത്തുളയ്ക്കുന്ന അസ്ത്രം
11 പോലെ ആകാതിരിക്കട്ടെ. പ്രസവവേദന
അനുഭവിക്കുന്ന സ്ത്രീയെപ്പോലെ, ഭോഷൻ
കിട്ടിയ വാർത്ത പുറത്തുവിടാതിരുന്നിട്ട്
വേദനിക്കുന്നു. തുടയിൽ തറച്ച അമ്പു
പോലെയാണ് ഭോഷൻെറ ഉള്ളിലെ രഹ
12 സ്യം. തിന്മ ചെയ്യാതിരിപ്പാൻ നിൻെറ സ്നേ
ഹിതനെ ശാസിക്കുക. പിന്നെയും ചെയ്യുന്നു
വെങ്കിൽ ആവർത്തിക്കരുതെന്നു വിലക്കുക.
13 ഒരു കാര്യം പറയാതിരിക്കുവാൻ നിൻെറ
അയൽക്കാരനെ ഉപദേശിക്കുക; പിന്നെയും
തുടരുന്നുവെങ്കിൽ ആവർത്തിക്കാതി
രിക്കാൻ പറയുക. നിൻെറ സ്നേഹിതനെ
നീ ശാസിക്കുക. എന്തെന്നാൽ എത്ര പ്രാവ
ശ്യമാണ് കഴമ്പില്ലാത്ത ഏഷണി ഉണ്ടാ
14 കുന്നത്! കേൾക്കുന്ന വാക്കെല്ലാം നീ
പെട്ടെന്നു വിശ്വസിക്കരുത്. മനഃപൂർവ്വമ
ല്ലാതെ ഒരുവൻ തെറ്റു ചെയ്യുപോയേക്കാം.
നാവുകൊണ്ടല്ലാതെ ഇടർച്ച വരുത്തുന്ന
15 വനും ഉണ്ട്. അനേകർക്കു ദുഷ്യം വരുത്തിയ
ദുഷ്ടനെ ശാസിക്കണം. ഏതു വാക്കും നീ
വിശ്വസിച്ചുപോകരുത്.
16 പ്രവചനവചനങ്ങളും, വിജ്ഞാനവചന
ങ്ങളും; അവയിൽ ദൈവഭക്തി അടങ്ങി
യിരിക്കുന്നു. ദൈവഭക്തിയാണ് വിജ്ഞാ
17 നം. വിജ്ഞൻ വഷളനായിരിക്കയില്ല. അവ
നു പാപികളുടെ ചിന്താഗതിയുമില്ല. പാപ
മുളവാക്കുന്ന വക്രതയുള്ള ബുദ്ധിമാനു
18 മുണ്ട്. ബുദ്ധിഹീനൻ എന്നു വിചാരി
ക്കുന്നവരിലും പാപവിമുക്തരായിരിക്കു
ന്നവരുണ്ട്. പാപത്തിൽനിന്നും രക്ഷപ്പെട്ട്
19 നില്ക്കുന്നവരും അവരിലുണ്ട്. വളരെ
ബുദ്ധിമാന്മാരായിരുന്നിട്ടും പാപം ചെയ്യു
ന്നവരും വക്രതയുള്ളവരും അസത്യവാദി
20 കളുമുണ്ട്. ന്യായം വെളിപ്പെടുത്തുന്നതിൽ
21 അവർ കാപട്യം കാണിക്കയും ചെയ്യും. വിനീ
തനും ഹൃദയം നുറുങ്ങിയവനും എന്നവണ്ണം
പ്രകടനം നടത്തി, ഹൃദയാന്തർഭാഗത്തു
വഞ്ചനയുമായി നടക്കുന്നവരുമുണ്ട്.
22 ശിരസ്സു നമിച്ച് വിനീതനായും അതേസമയം
തിന്മയായുള്ളത് ചിന്തിച്ചു നടക്കുന്ന
വരുമുണ്ട്. അവരെ പരിചയമില്ലാത്ത സ്ഥല
ങ്ങളിൽ അവർ നീതിമാന്മാർ എന്നു
23 വിളിക്കപ്പെടാറുമുണ്ട്. ശക്തിയില്ലാത്ത
തിനാൽ പാപംചെയ്യാത്തവരുണ്ട്. ഉപദ്രവി
ക്കാൻ കഴിവു കിട്ടിയാൽ അവർ ഉപദ്രവി
ക്കയും ചെയ്യും. മനുഷ്യൻെറ മുഖഭാവം
കൊണ്ട് അവനെ മനസ്സിലാക്കാം. അവൻെറ
നിലപാടുകൊണ്ട് വിജ്ഞാനി അവനെ
മനസ്സിലാക്കുന്നു. മനുഷ്യൻെറ ഭാവം അവ
ൻെറ പ്രവർത്തനങ്ങളെ പ്രദർശിപ്പിക്കുന്നു.
അവൻെറ ഓരോ കാല്വെയ്പും അവനെ
ക്കുറിച്ചു സാക്ഷ്യംനല്കും. അവസരോ
ചിതമല്ലാത്ത ശാസനമുണ്ട്. മൗനം പാലി
ക്കുന്ന വിജ്ഞനുമുണ്ട്.

അദ്ധ്യായം 20

അധർമ്മിയെ ശാസിച്ചിട്ട് തനിക്കു
മാഹാത്മ്യം കിട്ടാവതല്ലാത്ത സ്ഥാനത്തു
നിന്നു അതു ലബ്ധമാക്കുന്നവന് പ്രതി
ഫലമില്ല. ഉപദ്രവിച്ച് നീതി നടത്തുന്നവൻ,
കന്യകയോട് സഹശയനം ചെയ്യുവാൻ
മോഹിക്കുന്ന ഷണ്ഡനെപ്പോലെയത്രെ.
മൗനംകൊണ്ട് ബുദ്ധിമാനായി ഗണി
ക്കപ്പെടുന്നവരുണ്ട്. അമിതഭാഷണം
കൊണ്ട് വെറുക്കപ്പെടുന്നവരുമുണ്ട്. സംസാ
രിക്കേണ്ട ആവശ്യമില്ലാത്തിടത്ത് സംസാ
രിക്കുന്നവരുണ്ട്. ബുദ്ധിമാൻ യഥാകാലം
മാത്രം സംസാരിക്കുന്നു. അധർമ്മിയും
മാത്സര്യമുള്ളവനും സമയം നോക്കി
സംസാരിക്കുന്നില്ല. അതിഭാഷണഹേതു
വായി വെറുക്കപ്പെടുന്നവരുണ്ട്. പൊങ്ങച്ചം
കാണിക്കുന്നവൻ ആയുഷ്പര്യന്തം വെറു
ക്കപ്പെടും. മനുഷ്യനു ദുഷ്യമായി ചില
തെല്ലാമുണ്ട്. അതിഭാഷണം അവനു അപ
മാനകാരണമാകും. കല്ലെറിയുമ്പോൾ
പക്ഷി പറന്നുപോകുന്നതെങ്ങനെയോ,
അങ്ങനെതന്നെ നിൻെറ യഥാർത്ഥ
സ്നേഹിതൻെറ മൈത്രി നീ നഷ്ടപ്പെ
ടുത്തും. അവനെ പിന്നെ നിനക്കു കണ്ടു
കിട്ടുകയുമില്ല. അല്പമെന്ന രീതിയിൽ
അധികം വായ്പ വാങ്ങുന്നവരുണ്ട് ; ഏഴി
രട്ടിയാണ് അവന് തിരികെ കൊടുക്കുന്നത്.
ബുദ്ധിഹീനൻെറ ദാനം ഉതകുന്നതല്ല. അവ
ൻെറ നോട്ടം മുഴുവൻ ഏഴിരട്ടിയിലാണ്.
അല്പം കൊടുത്തിട്ട് അധികം വാങ്ങുന്നവ
രുണ്ട്. അവൻ വായ തുറന്നാൽ സംസാരം
മുഴുവൻ തിന്മയും നിഷിദ്ധവുമാണ്. ഇന്ന്
വായ്പ കൊടുക്കുന്നു; നാളെ തിരികെ
ആവശ്യപ്പെടുന്നു. അവൻെറ ധനശേഖരം
പ്രതിഫലം പററാനുള്ള ധനശേഖരമത്രെ.
ഏതാദൃശന്മാർ ദൈവത്തിനും മനു
ഷ്യർക്കും നിഷിദ്ധരാണ്. ഭോഷൻ പറയു
ന്നു: എനിക്കു സ്നേഹിതന്മാരില്ല; എൻെറ
സൽപ്രവൃത്തികൾക്കു കൃതജ്ഞതയും

ിട്ടുന്നില്ല. എന്റെ അപ്പം തിന്നുന്നവർ
ാറപോലെയത്രെ. അനേകർ അവരെ
രിഹസിക്കും. പാറപ്പുറത്ത് ഒഴിക്കുന്ന
വള്ളംപോലെയാണ് നീതിമാന്മാരുടെ
ദ്ധ്യ അവന്റെ സംഭാഷണം. ഉപ്പു
ചർക്കാത്ത അപ്പം തിന്നുവാൻ സാധ്യമ
ാത്തതുപോലെയാണ് അവസരോചിത
ല്ലാതെ പറയുന്ന വാക്ക്. ഭോഷന്റെ
ംസാരത്തിൽ വാക്ക് ഇടറും; കാരണം
മയോചിതമല്ലാത്തതാണ് അവന്റെ
ഷണം. ദാരിദ്ര്യം നിമിത്തം പാപങ്ങളിൽ
ന്നും വിട്ടുനിൽക്കുന്നവരുണ്ട്. നീതിമാൻ
വന്റെ ധനംകൊണ്ടു ആശ്വാസമനു
ിക്കും. അപമാനംമൂലം സ്വയം നശി
ക്കുന്നവരുണ്ട്. ലജ്ജിതനായി സ്വയം
വസാനിപ്പിക്കുന്നവരുമുണ്ട്. തന്റെ
വമാനത്തെപ്രതി സ്നേഹിതനെ കുറ്റ
ടുത്തുന്നവൻ, ഒരു കാര്യവുമില്ലാതെ ഒരു
ുവിനെ സമ്പാദിക്കയത്രെ ചെയ്യുന്നത്.
ന്നയാണ് മനുഷ്യനിലുള്ള തിന്മ.
ഷന്റെ വായിലോ അതു ധാരാളമായി
. മോഷ്ടിക്കുവാനും, വ്യാജം പറയാനും
ൻ അത്യധികം ആഗ്രഹിക്കുന്നു.
ന്റെ ഈ രണ്ടു വഴികളും മൂലം അവൻ
മാനം അവകാശമാക്കും. നുണയനായ
ഷ്യന്റെ അന്ത്യം ശപ്തമായിരിക്കും.
ന്റെ അപമാനവും അവനൊരുമിച്ചു
ത്തിലേക്കു പോകും. വിജ്ഞാനമൊ
ർ വിജ്ഞനെ വെളിപ്പെടുത്തും. പ്രഭു
ാർ മേൽ അവൻ അധികാരിയാകും —
ചകളും കൈക്കൂലിയും കണ്ണുകളെ
ാനിതമാക്കും. വായെ അടപ്പിച്ചു
ും. ശാസനയെ മാറ്റിക്കളയും. മൂടി
ിക്കുന്ന വിജ്ഞാനം — ഒളിച്ചു വച്ചി
ന്ന നിക്ഷേപം — ഇവ രണ്ടുംകൊണ്ട്
പ്രയോജനം?
ന്ത വിജ്ഞാനം ഒളിച്ചുവച്ചിരിക്കു
നക്കാൾ നല്ലവനാണ് തന്റെ ഭോഷ
ച്ചുവയ്ക്കുന്നവൻ.

അദ്ധ്യായം 21

ന്റെ മകനേ പാപത്തിൽനിന്നും നീ
റിക്കൊള്ളണം. അടുത്താൽ അതു
കടിച്ചു കൊല്ലും. വ്യാജകഥനം
ദംഷ്ട്രംപോലെയാണ്. അതു മനു
ഷനെ നശിപ്പിക്കും. വേശ്യ ഇരുവായ്
ള്ള വാളാണ്. അതുകൊണ്ടുള്ള വെട്ട്
ചികിൽസയില്ല. പ്രഭാതംമുതൽ
ംവരെ ഭവനങ്ങൾ അവൾ നശി
വളരെയേറെ അരമനകളെ ഉന്മൂല
നാശം ചെയ്യും. ദരിദ്രന്റെ പ്രാർത്ഥന 6
അവന്റെ വദനത്തിൽനിന്നും ലോകങ്ങ
ളുടെ ന്യായാധീശന്റെ കർണ്ണങ്ങളിലേക്കു
ഉയർന്നുകയറും. അധർമ്മി, ശാസനം വെറു 7
ക്കുന്നു. ദൈവഭക്തൻ ഹൃദയപൂർവ്വം അനു
തപിക്കുന്നു. ജ്ഞാനി കണ്ടു മനസ്സിലാ 8
ക്കുന്നു. അധർമ്മികളെ അവൻ പരിശോധി
ച്ചറിയുന്നു. സ്നേഹിതരുടെ പണംകൊണ്ടു 9
വീടു പണിയിക്കുന്നവൻ, തന്റെ കല്ലറ
യ്ക്കായി കല്ലു ശേഖരിക്കയാണ്! വൃദ്ധന്റെ 10
കാലുകളിൽ അടിച്ചു കയറിയ മണൽ
പോലെയാണ്, അഗ്നിസമക്ഷം, അധർമ്മി
കളുടെ ശക്തിയും. ദുഷ്ടന്റെ പാതകളിൽ 11
അവൻ ഇടറി വീഴും. അവന്റെ അന്ത്യം
ആഴമേറിയ കൂപമാണ്. നിയമം പാലിക്കു 12
ന്നവൻ, അവന്റെ മോഹത്തെ നിയ
ന്ത്രിക്കും. ദൈവാശ്രയമുള്ളവന് ഒന്നിനും 13
കുറവും വരികയില്ല. വിജ്ഞാനിയുടെ 14
ബുദ്ധി ഉറവപോലെ വർദ്ധിച്ചുകൊ
ണ്ടിരിക്കും. അവന്റെ ഹൃദയം ജീവജലം 15
പോലെയും. ദുഷ്ടന്റെ ഹൃദയം പൊട്ട
ക്കലംപോലെയത്രെ. ജീവകാലത്തൊരി
ക്കലും അവൻ വിജ്ഞാനം നേടുകയില്ല.
ബുദ്ധിമാന്റെ വചനങ്ങൾ ബുദ്ധിയുള്ളവൻ 16
അനുസരിക്കുന്നു; അതിനെ പുകഴ്ത്തുന്നു.
അതിനെ വർദ്ധമാനമാക്കുന്നു. ഭോഷനാ 17
കട്ടെ അതേ വചനം കേട്ടിട്ട് അതിനെ
പരിഹസിക്കും; ഒരു വശത്തേക്ക് അതിനെ
എറിഞ്ഞുകളയും. ദുഷ്ടന്റെ ഭാഷണങ്ങൾ 18
വഴിയാത്രയിലെ ഭാരമേറിയ ചുമടുപോലെ 19
യാണ്. നീതിമാന്റെ സംസാരം ദയാ
പൂർവ്വകമാകുന്നു. സദസ്സുകളിൽ വിജ്ഞാ 20
നിയുടെ സംസാരത്തിന്നായി കാത്തി
രിക്കുന്നു. അവന്റെ പ്രഭാഷണം അവർ
ഹൃദയപൂർവ്വം ശ്രവിക്കും. ഭോഷന്, വിജ്ഞാ 21
നം കാരാഗൃഹതുല്യമാണ്. സുബോധ
മെന്നത് വഷളന് തീക്കനൽപോലെയും.
മൂഢനു വിദ്യാഭ്യാസം കാലുകളിൽ ചങ്ങല 22
പോലെയും, കൈയിൽ വിലങ്ങുപോലെയു
മാണ്.

ഭോഷൻ ഉറക്കെ പൊട്ടിച്ചിരിക്കുന്നു. 23
വിജ്ഞാനിയോ, ശാന്തമായി പുഞ്ചിരിക്കൊ
ള്ളുന്നു. ബുദ്ധിമാന് വിജ്ഞാനം സ്വർണ്ണ 24
കടകംപോലെയും വലംകൈയിൽ വള
പോലെയുമാണ്. ഭോഷന്റെ പാദങ്ങൾ 25
വീട്ടിനുള്ളിലേക്കു പാഞ്ഞുകയറുന്നു;
വിജ്ഞാനിയോ ശിരസു നമിക്കുന്നു. ഭോഷ 26
നായവൻ വാതിൽക്കൽ നിന്നുകൊണ്ട്
വീട്ടിനുള്ളിലേക്കു ഒളിഞ്ഞു നോക്കുന്നു.
വെളിയിൽനിന്നുകൊണ്ട് സംസാരിക്കുന്ന

27 വനാണ് മാന്യൻ. വാതിൽക്കൽ ഒളിഞ്ഞു
നിന്നുകൊണ്ട് സംഭാഷണം കേൾക്കുന്നത്
മോശമത്രെ. വിജ്ഞാനിയോ അങ്ങനെ
ചെയ്യുന്നത് ലജ്ജാകരമായി വിചാരിക്കും.
28 ദുഷ്ടൻെറ വായ സ്വന്തം കാര്യം സംസാരി
ക്കുന്നു. വിജ്ഞനോ വാക്കുകൾ തൂക്കി
നോക്കി സംസാരിക്കുന്നു.
29 ഭോഷൻെറ മനസ്സു വായിലും ബുദ്ധി
മാൻെറ വായ മനസ്സിലുമാകുന്നു.
30 തന്നോടു തെറ്റു ചെയ്യാത്തവനെ
ഭോഷൻ ശപിക്കുമ്പോൾ അവൻ തന്നെ
31 ത്തന്നെയാണു ശപ്തനാക്കുന്നത്. ഭോഷ
നോട് എന്താണു പറയേണ്ടത് എന്ന്
അറിയായ്കയാൽ അവനെയോർത്തു
വിജ്ഞാനിയുടെ മനസ്സു വിഷമിക്കുന്നു.

അദ്ധ്യായം 22

1 അഴുക്കു നിറഞ്ഞു തെരുവിൽ കിട
ക്കുന്ന കല്ലിൻെറ നാറ്റംമൂലം സർവ്വരും
അതിൽ നിന്നും ഓടി മാറുന്നതുപോലെ
തന്നെയാണ് ഭോഷൻേറയും സ്ഥിതി.
എല്ലാവരും അവങ്കൽനിന്ന് ഓടിമാറും.
2 തെരുവിൽ ഇറങ്ങിച്ചെല്ലുന്നവനെല്ലാം
3 അവനെ പുച്ഛരിക്കുന്നു. ഭോഷനായ മകൻ
അവൻെറ പിതാവിന് അവമാനമാണ്.
പെൺകുട്ടിയുടെ ജനനം ദൗർലഭ്യത്തിനു
കാരണമാകുന്നു. ദോഷിയായ പുത്രിയാൽ
അവളുടെമാതാപിതാക്കൾ ലജ്ജിതരാകും.
അവരിരുവരാലും അവൾ നിന്ദ്യയാകും.
4 അനവസരത്തിലുള്ള കഥാകഥനം, വിലാ
പഭവനത്തിൽ സംഗീതസദസു നടത്തു
ന്നതിനു സമമാണ്. ശിക്ഷണവും അഭ്യസ
നവും എപ്പോഴും വിജ്ഞാനദായകമത്രെ.
5 പൊട്ടക്കലക്കഷണങ്ങൾ ഒട്ടിച്ചു ചേർക്കു
വാൻ ശ്രമിക്കുന്നവനു തുല്യനാണ്, ഭോഷ
6 നെ പഠിപ്പിക്കുവാൻ ശ്രമിക്കുന്നവൻ. ഗാഢ
നിദ്രയിൽനിന്നും നിദ്രിതനെ ഉണർത്തു
വാൻ പണിപ്പെടുന്നതുപോലെയും വിശ
പ്പില്ലാത്തപ്പോൾ ഭക്ഷണം കഴിക്കുന്നതുപോ
7 ലെയുമാണ് അത്. നീ പറഞ്ഞു കഴിയു
മ്പോൾ അവൻ ചോദിക്കും; ഹെ, എന്താണു
8 നീ പറഞ്ഞത് എന്ന്! പ്രകാശത്തിൽനിന്നും
അറ്റുപോയ മരിച്ചവനെയോർത്ത് കരയുക;
വിജ്ഞാനമില്ലാത്ത ഭോഷനെപ്രതിയും
കരയുക. മൃതനെക്കുറിച്ച് അധികം കര
9 യേണ്ട; അവൻ വിശ്രമത്തിലേക്കാണല്ലോ
10 പോയത്. ദുർമ്മാർഗ്ഗജീവിതം മരണത്തേ
11 ക്കാൾ കഷ്ടമാണ്. മരിച്ചവൻെറ ഭവനം
ഏഴുദിവസമെ വിലാപഭവനമായിരി
ക്കുന്നുള്ളു. ഭോഷൻെറത് അവൻെറ
ആയുഷ്കാലമെല്ലാം വിലാപഭവനം
തന്നെ.

ഭോഷനുമായി സംസാരിച്ച് രസി
ക്കേണ്ട. ബുദ്ധിശൂന്യനോടുകൂടി യാത്രയും
വേണ്ട. അവൻ നിനക്കു വേദന വരുത്താ
തിരിപ്പാൻ അവനിൽനിന്നും എത്രയും വേഗം
അകന്നുകൊള്ളുക. അവൻ അഴുക്കു കുട
ഞ്ഞ് നിന്നെ അശുദ്ധനാക്കും. അവനിൽ
നിന്നും ദൂരെ മാറി നിൽക്കുക; നിനക്കാ
ശ്വാസം ഉണ്ടാകും. അവൻെറ അതിഭാഷണം
കൊണ്ട് നിന്നെ അവൻ വലയ്ക്കുവാനി
ടയാകരുത് ഈയത്തേക്കാൾ അതു ഭാര
മുള്ളതത്രെ. അവൻെറ പേര് 'ഭോഷൻ'
എന്നല്ലാതെ മറ്റെന്താണ്? ഭോഷനോട്
സഹവസിക്കുന്നതിനെക്കാൾ ഭാരം കുറ
വാണ് മണലും ഉപ്പും ഇരുമ്പും ചുമക്കുന്നത്.
കെട്ടിടത്തിൻെറ ഭിത്തികൾ തമ്മിൽ ഉറ
പ്പിച്ചുനിർത്തുന്ന തടികൊണ്ടുള്ള ഉത്തരം
പോലെയാണ് ബുദ്ധിപൂർവ്വമായ ആലോ
ചനകൊണ്ട് വിവേകമുള്ള ഹൃദയം. എത്ര
കഠിനഭീതിക്കും അതിനെ ഇളക്കുവാൻ
സാദ്ധ്യമല്ല. അലംകൃതഭിത്തികളിന്മേൽ 1
കൊത്തുപണി ചെയ്തു വച്ചിട്ടുള്ള അല
ങ്കാരവസ്തുക്കൾക്കു സമാനമാണ്, മന
സ്സിലെ ആലോചന കൊണ്ട് ഉറപ്പുള്ളതായ
നിർമ്മലഹൃദയവും. ഉയർന്ന പാറമേലുള്ള 1
ചെറിയ വേലിക്കു കാറ്റിനെതിരെ നില്പാൻ
സാദ്ധ്യമല്ല; മൃദുലവസ്ത്രത്തിനും വെള്ള 2
കമ്പിളിക്കും കൊടുങ്കാറ്റിന് എതിരെ
നിലകൊള്ളുവാൻ കഴിവില്ല. അങ്ങനെ
തൻെറ ഭോഷൻെറ ഹൃദയവും തകർന്നതും
വേദനയ്ക്കെതിരെ നില്ക്കുവാൻ കഴിവില്ലാ
ത്തതുമത്രെ.

കണ്ണിലെ മുറിവ്, കണ്ണീരൊഴുക്കും. 2
ഹൃദയത്തിലെ മുറിവ്, മൈത്രിയെ നഷ്ട
പ്പെടുത്തും. പക്ഷിയെ കല്ലെറിഞ്ഞാൽ അതു 2
പറന്നുപോകും. സ്നേഹിതനെ നിന്ദിച്ചാൽ
അവൻെറ സ്നേഹവും നഷ്ടമാകും.
നിൻെറ സ്നേഹിതനോടു നീ വ്യത്യാസം 2
കാണിക്കരുത്. കാണിച്ചാലോ അവനുമായി
സ്നേഹം ഉണ്ട് എന്നു പ്രത്യാശിക്കയും
വേണ്ട. നിൻെറ സുഹൃത്തിന്നെതിരെ നീ 2
വാളെടുത്തെങ്കിൽപോലും നീ നിരാശപ്പെ
ടേണ്ട. അതിനു നീക്കു പോക്ക് ഉണ്ടാക്കാം.
നിൻെറ സ്നേഹിതനെതിരെ നീ സംസാരി 2
ച്ചാൽ തന്നെയും നീ ഭയപ്പെടേണ്ട. അനു
രഞ്ജനം ഉണ്ടാക്കാം. രഹസ്യം വെളിപ്പെടു
ത്തുന്നവൻ നീചനാണ്.

അഭയസ്ഥാനം തകർക്കുന്നവൻ 2
സൗഹൃദം നശിപ്പിക്കും. നിൻെറ കൂട്ടുകാരന്

ദാരിദ്ര്യത്തിൽ കൈത്താങ്ങു കൊടുക്കുക.
അങ്ങനെ അവൻെറ സമൃദ്ധിയിലും നിനക്കു
പങ്കുചേരാം. അവൻെറ ദുഃഖകാലത്ത് നീ
അവന് സഹായി ആയിരിക്കുക. അവൻ
അവകാശം നേടുമ്പോൾ നിനക്കും അതിൽ
ബന്ധപ്പെടാം. അഗ്നിയിൽനിന്നും പുക
പൊങ്ങുന്നു. രക്തപാതകനിൽനിന്നും
അവമാനവും ഉണ്ടാകുന്നു. നിൻെറ സ്നേ
ഹിതൻ നിസ്വനായിപ്പോയാൽ അവനെ
ആക്ഷേപിക്കരുത്. അവനിൽനിന്ന് നീ
ഒളിച്ചുമാറുകയും അരുത്.

നിൻെറ സ്നേഹിതൻ ഒരു രഹസ്യം
നിന്നെ അറിയിച്ചാൽ നീ അതു പുറത്തു
വിടരുത്. അങ്ങനെ നീ ചെയ്താൽ നിന്നെ
കേൾക്കുന്നവർ എപ്പോഴും നിന്നിൽനിന്ന്
സൂക്ഷിച്ചു മാറിനിൽക്കും. ഒരു വഷളനായി
നിന്നെ അവർ വിചാരിക്കയും ചെയ്യും.
ആർക്കാണ് എൻെറ വായ്ക്കു കാവൽ
ക്കാരനെ നിശ്ചയിക്കുവാൻ കഴിവുള്ളത്?
അഥവാ ഞാൻ ചതിവായി സംസാരിക്കാ
തിരിപ്പാൻ ആരാണ് ബഹുമാനത്തിൻെറ
മുദ്ര എൻെറ അധരങ്ങൾക്ക് വച്ചിരിക്കു
ന്നത്? എൻെറ നാവു എനിക്കു ദോഷം
വരുത്തുകയില്ല എന്നു നീ പറയരുത്.

അദ്ധ്യായം 23

എൻെറ പിതാവായ ദൈവമേ! എൻെറ
ജീവൻെറ നാഥാ! ഇവ നിമിത്തമായി
എനിക്ക് ഇടർച്ച വരുത്തരുതേ. എൻെറ
ചിന്തയെ നയിക്കുവാൻ ഒരു ചാട്ടയും
എൻെറ ഹൃദയത്തിന്ന് അഭ്യസനത്തിൻെറ
വടിയും ആരെങ്കിലും എനിക്കു തന്നിരു
ന്നെങ്കിൽ! എൻെറ പാപങ്ങളിന്മേൽ ദൈവം
എന്നോടു കരുണ ചെയ്യും. അവരുടെ
ദ്രോഹങ്ങളിൽ അവ വർദ്ധിക്കയില്ല. അവർ
എനിക്കു നാശം വരുത്തുവാൻ ആഗ്രഹി
ക്കുമില്ല. എൻെറ പാപങ്ങൾ വർദ്ധിച്ചും
എൻെറ തെറ്റുകൾ ശക്തിപ്പെട്ടും വരുവാൻ
ഇടയാകരുതേ. ശത്രുവിന് ഞാൻ അടിമ
യാകരുതേ. വിരോധി എന്നെപ്രതി സന്തോ
ഷിക്കുകയുമരുതേ. എൻെറ പിതാവാം
ദൈവമേ! എൻെറ ജീവൻെറ നായകാ
അവരുടെ വഞ്ചനയ്ക്ക് എന്നെ ഏല്പി
ക്കരുതേ. ഉന്നതഭാവമുള്ള നോട്ടം എനിക്കു
തരരുതേ. ഭോഗാസക്തിയുള്ള മനസ്സ്
എന്നിൽനിന്നകറ്റണമെ. നല്ല കാര്യങ്ങളിൽ
നിന്ന് എന്നെ മാറ്ററുതേ. ജഡമോഹം,
എന്നെ അടിപ്പെടുത്തരുതേ. നിഗളമുള്ള
മനസ്സ് എൻെറ മേൽ അധികാരപ്പെടരുതേ.
എൻെറ മക്കളേ എൻെറ വായിൽനിന്നുള്ള
ഉപദേശം കേൾക്കുവിൻ. സൂക്ഷിച്ചിരിപ്പിൻ.
അതൊരിക്കലും നിസ്സാരമാക്കരുത്. ദുഷ്ടൻ
അവൻെറ സംസാരംകൊണ്ടുതന്നെ പിടി
ക്കപ്പെടും. ഭോഷൻ പ്രതിജ്ഞചെയ്തതിൽ
നിന്ന് ഇടറിപ്പോകുന്നു. നിൻെറ വായല്ല 8
നിന്നെ പഠിപ്പിക്കേണ്ടത്. വിധികർത്താ
ക്കളുടെ ഇടയിൽ നീ ഇരിക്കരുത്. എന്തെ
ന്നാൽ ഇടവിടാതെ സത്യം ചെയ്യുന്നവൻ
അതുമൂലം ശിക്ഷ കൂടാതെ നിരപരാധി
ആകുന്നില്ല. ആണയിട്ടിട്ടും വ്യാജം 9
പറയുന്നവൻ അവൻെറ തെറ്റുക
ളിൽ നിന്നും നിരപരാധി ആകയില്ല. എപ്പോ
ഴും ആണയിടുന്നവൻ അകൃത്യങ്ങൾ സമ്പാ
ദിച്ചു വയ്ക്കുകയാണ്. അവൻെറ ഭവന
ത്തിൽനിന്ന് കലഹം ഒരിക്കലും ഇല്ലാതാകു
കയില്ല. വഞ്ചനാപൂർവ്വമായിട്ടാണ് ആണ 10
യിടുന്നതെങ്കിൽ അവൻെറ പാപം അവൻെറ
മേലിരിക്കും. അവനിൽ സത്യമുണ്ടെങ്കിൽ
അവൻ ആണയിടേണ്ട ആവശ്യമേയില്ല.
എപ്പോഴും ആണയിടുന്നവൻ നിഷിദ്ധൻ 11
അവൻ നിരപരാധി ആകയില്ല. യാക്കോ
ബിൻെറ അവകാശത്തിൽ അവൻ കാണപ്പെ
ടുകയുമില്ല.

ഇവയിൽനിന്നെല്ലാം സ്വയം വിട്ടു 12
നിൽക്കുന്നവൻ ജീവൻ കാണും. അവൻ
പാപങ്ങളിൽ കലർന്ന് ചേരുകയില്ല. നിൻെറ 13
വായ് ഭോഷത്വം അഭ്യസിക്കരുത്. എന്തെ
ന്നാൽ അതിൽ വ്യാജവചനങ്ങളുണ്ട്.
നിനക്ക് അപ്പനും അമ്മയുമുണ്ടെന്ന് നീ 14
ഓർക്കണം. അവരുടെ മുമ്പിൽ തെറ്റു
കാരനാകാതെ ഭക്തിപൂർവ്വം രക്ഷപ്പെടുക.
അഭ്യസനത്തെ നീ പുച്ഛിക്കുകയും ഞാൻ 15
ജനിക്കാതിരുന്നെങ്കിൽ നന്നായിരുന്നു
എന്നു നീ പറയുകയും നിൻെറ ജന്മദി
നത്തെ നീ ശപിക്കുകയും അരുത്. നിഷ് 16
പ്രയോജനകാര്യങ്ങൾ അഭ്യസിക്കുന്നവൻ
അവൻെറ ആയുഷ്ക്കാലത്തൊരിക്കലും
വിജ്ഞാനം അഭ്യസിക്കുകയില്ല. ജഡമോ 17
ഹത്താൽ അശുദ്ധനായ മനുഷ്യൻ അഭ്യ
സനം സ്വീകരിക്കുകയില്ല. എൻെറ ഉള്ളം 18
രണ്ടു കാര്യം ദ്വേഷിച്ചിരിക്കുന്നു. മൂന്നു
കാര്യം ക്രോധം ഉയർത്തുന്നു. അഗ്നി
അവനിൽ എരിഞ്ഞു കത്തുന്നതുവരേയും.
ജഡമോഹംകൊണ്ട് അശുദ്ധനായ മനു 19
ഷ്യൻ ആശ്വാസം കാണുകയില്ല. ഭോഗാ
സക്തനായ മനുഷ്യൻെറ ശരീരത്തിന്
എല്ലാ ജഡവും ഇമ്പമുള്ളതായി തോന്നും.
അവൻ നശിച്ചു പോകുന്നതുവരേയും.
അതിൽനിന്നവൻ പിന്മാറുകയില്ല. തൻെറ 20
ശയ്യയെ അശുദ്ധമാക്കുന്നവൻ. ആരാണ്

എന്നെ കാണുന്നത്? എൻെറ ഭവനത്തി
ൻെറ ഭിത്തികൾ എനിക്കു മറയാണ്. എൻെറ
ഭവനത്തിൻെറ മേല്ത്തട്ട് എനിക്കു മേലാ
യുമുണ്ട്. ആരും എന്നെ കാണുകയുമില്ല.
ഞാൻ പാപം ചെയ്യുന്നതിൽനിന്ന് ആരാണ്
എന്നെ തടയുവാനുള്ളത് എന്ന് അവൻ
21 സ്വയം പറയുന്നു. എന്നാൽ ദൈവതൃക്ക
ണ്ണുകൾ സൂര്യനേക്കാൾ പതിനായിരം മടങ്ങ്
വലുതാണെന്നും എല്ലാ മനുഷ്യരുടേയും
വഴികൾ അവൻ കാണുന്നു എന്നും നിഗൂ
ഢസ്ഥലങ്ങൾ അവൻ അറിയുന്നു എന്നും
22 ഈ മനുഷ്യന് അറിഞ്ഞുകൂടാ. ഓരോന്നും
സംഭവിക്കുന്നതിനുമുമ്പുതന്നെ സർവ്വവും
തിരുസന്നിധിയിൽ പ്രത്യക്ഷമായിരിക്കുക
യാണ്.

23 ലോകാന്ത്യത്തിന്നു ശേഷം താൻ
അവനെ വിധിക്കും. താൻ പിടിക്കപ്പെടു
കയില്ല എന്ന് മനുഷ്യൻ വിചാരിക്കുന്ന
കാര്യവും തെരുവീഥികളിൽ പരസ്യമായി
24 പ്പോകും. തൻെറ ഭർത്താവിനോട് അവി
ശ്വസ്തത കാണിച്ച് മറ്റൊരുവനിൽനിന്ന്
അവകാശിയെ ഉല്പാദിപ്പിക്കുന്നവൾ
ഒന്നാമതായി ദൈവപ്രമാണത്തോടും
രണ്ടാമതായി അവളുടെ യൗവനത്തിലെ
ഭർത്താവിനോടും കാപട്യം കാണിക്കുകയും
മൂന്നാമതായി പരപുരുഷനിൽനിന്ന് സന്ത
ത്യുല്പാദനം നടത്തിയതിനാൽ വേശ്യാ
വൃത്തി നടത്തുകയും ചെയ്തിരിക്കുക
25 യാണ്. അവൾ സമൂഹത്തിൽനിന്ന് ബഹി
ഷ്കൃതയാകും. അവളുടെ പാപങ്ങൾ അവ
ളുടെ മക്കളോട് ഓർക്കുകയും ചെയ്യും.
26 അവളുടെ മക്കൾ ഭൂമിയിൽ വേരുപിടി
ക്കുകയോ അവളുടെ ശിഖരങ്ങൾ ഫലം
ഉല്പാദിപ്പിക്കുകയോ ചെയ്കയില്ല.
അവൾക്ക് ശാപഗ്രസ്ഥമായ ഓർമ്മ മാത്രമെ
ശേഷിക്കുകയുള്ളു. അവളുടെ തെറ്റുകൾ
മായിക്കപ്പെടുകയില്ല.

27 ഭൂതലത്തിൽ ജീവിച്ചിരിക്കുന്നവർ
ദൈവാശ്രയത്തേക്കാൾ ഉത്തമമായി
മറ്റൊന്നുമില്ലെന്നും, കർത്തൃകല്പന
പാലിക്കുന്നതിനേക്കാൾ ഇമ്പമുള്ളതായ
വേറൊന്നുമില്ലെന്നും ഗ്രഹിക്കുകയും
ചെയ്യും.

അദ്ധ്യായം 24

1 വിജ്ഞാനം അതിൽത്തന്നെ മഹിമപ്പെ
2 ടും. ദൈവജനമദ്ധ്യത്തിൽ അത് ബഹുമാ
നിതമാകും. ദൈവത്തിൻെറ സമൂഹത്തിൽ
3 അത് വായ്തുറക്കും. തൻെറ സൈന്യത്തി
ൻെറ മദ്ധ്യത്തിൽ അത് മഹിമപ്പെടും. അത്യു
ന്നതൻെറ വദനത്തിൽനിന്നാണ് ഞാൻ (വി 4
ജ്ഞാനം) പുറപ്പെട്ടത്. മൂടൽമഞ്ഞിനു തു
ല്യം ഞാൻ ഭൂതലത്തെ ആവരണംചെയ്തു.
അത്യുന്നതങ്ങളിൽ ഞാൻ കൂടാരമടിച്ചു. 5
മേഘസ്തംഭങ്ങളിലാണ് എൻെറ സിംഹാ
സനം. സ്വർഗ്ഗത്തിൽ ഞാൻ തന്നോടുകൂടെ 6
വാസം ചെയ്തു. ആഴിയുടെ അടിത്തട്ടിലും 7
നീരുറവകളിലും ഭൂമിയുടെ അടിസ്ഥാന
ങ്ങളിലും ഞാൻ ചുറ്റി സഞ്ചരിച്ചു. സർവ്വ 8
വിജാതികളുടേയും സ്വജനങ്ങളുടേയും
മേൽ ഞാൻ അധികാരിയായി. ഇവയി 9
ലെല്ലാം ഞാൻ വിശ്രമം അന്വേഷിച്ചു. ഏതു
ദേശത്ത് ഞാൻ വസിക്കണം എന്നാലോ
ചിച്ചു. അപ്പോൾ സർവ്വാധിനാഥൻ ആയവൻ 10
എൻെറ സൃഷ്ടികർത്താവ് എനിക്കു കൂടാ
രമടിച്ചു തന്നവനായ ദൈവം നീ യാക്കോ 11
ബിൽ വസിക്കുക. ഇസ്രായേലിൽ വാസം 12
ഉറപ്പിക്കുക എന്നെന്നോടു പറഞ്ഞു.

ലോകാരംഭങ്ങൾക്കു മുമ്പേ ഞാൻ 13
സൃഷ്ടിക്കപ്പെട്ടു. എൻെറ സ്മരണ
ഒരിക്കലും മാഞ്ഞുപോകയില്ല. തിരുമുമ്പിൽ 14
വിശുദ്ധകൂടാരത്തിൽ ഞാൻ തനിക്കു ശു
ശ്രൂഷ ചെയ്തു. സെഹിയോനിൽ ഞാൻ 15
നിലയുറപ്പിച്ചു. എന്നെപ്പോലെ തനിക്കു
പ്രിയമേറുന്ന നഗരിയിൽ താൻ എനിക്കു 16
വിശ്രമം നൽകി. യറുശലേമിൽ എനിക്ക്
അധികാരവും നൽകി. സംപൂജ്യമായ
ജനതയിൽ കർത്താവിൻെറ ഓഹരിയിൽ
ഇസ്രായേലിൻെറ അവകാശസ്ഥാനത്ത്
ഞാൻ വളർത്തപ്പെട്ടു. ലബാനോനിലെ 17
ദേവദാരുപോലെയും ഹെർമ്മോനിലെ
സുഗന്ധവൃക്ഷം പോലെയും ആണ് ഞാൻ
വളർന്നത്. ഏൻ-ഗേദിലെ ദക്ക്ലാപ്പോ 18
ലെയും യറീഹോയിലെ പനിനീർ ചെടി
പോലെയും ഞാൻ വളർന്നു. സമതലത്തെ 19
ഒലിവുമരംപോലെയും നീർചാലുകൾ
ക്കടുത്തുള്ള വന്മരംപോലെയും ഞാൻ
വളർന്നു നറുംപശ, സുഗന്ധവർഗ്ഗം, മേൽ 20
ത്തരമായ മൂറാ എന്നിവപോലെ എൻെറ
സുഗന്ധം പരന്നു. കുന്തിരുക്കംപോലെയും 21
സുരഭില തൈലംപോലെയും എൻെറ
സുഗന്ധം ഞാൻ പരത്തി. കരുവേലകമരം 22
പോലെ ഞാൻ വേരുറപ്പിച്ചു. എൻെറ
ശിഖരങ്ങൾ മഹിമയുടേയും സംപൂജ്യത
യുടേയും ശിഖരങ്ങളാകുന്നു: സുന്ദരമായ 23
മുന്തിരിച്ചെടിപോലെയാണു ഞാൻ. എൻെറ 24
ഫലങ്ങൾ ശോഭയും കാന്തിയുമുള്ള ഫല
ങ്ങൾ. എന്നെ ആഗ്രഹിക്കുന്നവർ എൻെറ
അടുക്കലേക്ക് ഓടിയെത്തി എൻെറ
സദ്ഫലങ്ങളിൽനിന്ന് സന്തോഷപൂർവ്വം

ആസ്വദിക്കട്ടെ. എന്തെന്നാൽ എൻെറ ഉപ
ദേശം തേനിനേക്കാൾ മധുരമേറിയതും
എന്നെ അവകാശപ്പെടുത്തുന്നവർക്ക് തേൻ
കട്ടയേക്കാൾ വിശിഷ്ടവുമാകുന്നു. എന്നെ
ക്ഷിക്കുന്നവർ പിന്നെയും വിശന്ന്
എൻെറ അടുക്കൽത്തന്നേ വരും. എന്നെ
പാനം ചെയ്യുന്നവർ വീണ്ടും ദാഹത്തോടെ
എൻെറ അടുത്തെത്തും. എന്നെ അനുസ
രിക്കുന്നവന് വീഴ്ചയുണ്ടാകയില്ല. അവ
ൻെറ ഒരൊറ്റ പ്രവൃത്തിയും നഷ്ടമാകയില്ല.
പ്പറഞ്ഞവയെല്ലാം കർത്താവിൻെറ ഉട
മ്പടിഗ്രന്ഥത്തിൽ എഴുതപ്പെട്ടിരിക്കുന്നു.
തേ മോശ കല്പിച്ച് യാക്കോബിൻ സമൂ
ഹങ്ങൾക്ക് നൽകിയതായ ആ നിയമ
ത്തിൽതന്നേ. അത് പീശോൻ നദിപോലെ
ജ്ഞാനംകൊണ്ട് നിറവുള്ളതാണ്. അത്
ളവെടുപ്പുകാലത്തെ ടൈഗ്രീസ് നദിപോ
ലയും നിറവുള്ളതാകുന്നു. മുമ്പുണ്ടായി
ന്നവർ അതു അവസാനിപ്പിക്കുകയില്ല.
മ്പന്മാർ അതിനെ എത്തിപ്പിടിക്കുകയില്ല.
ന്തെന്നാൽ മഹാസമുദ്രത്തിൽനിന്നാണ്
ജ്ഞാനം വർദ്ധിച്ചുവരുന്നത്. വിചിന്തനം
ത്യഗാധത്തിൽനിന്നും. ഞാൻ ദേശം
റയ്ക്കുന്ന നദിപോലെയാണ്. തോപ്പു
ിലേക്ക് ഒഴുകുന്ന ജലദാതാവാണ്. എ
റ തോപ്പിനെ ഞാൻ നനയ്ക്കുമെന്നും
ൻെറ സമതലങ്ങളെ ഞാൻ ഉന്മത്തമാ
ം എന്നും ഞാൻ പറഞ്ഞു. എൻെറ നദി
മുദ്രപര്യന്തമെത്തി. എൻെറ ഉപദേശം
തംതോറും ഞാൻ പ്രസ്താവിക്കും.
റിയ തലമുറകൾക്കായി ഞാൻ വച്ചി
ും. എൻെറ ഉപദേശം വിദൂരദേശം
യും പ്രവചനമായി അതിൻെറ അന്ത്യം
യും പ്രഘോഷിക്കും.

അദ്ധ്യായം 25

എൻെറ മനസ്സു മൂന്നു കാര്യങ്ങൾക്കാ
ിച്ചു. അവ ദൈവസന്നിധിയിലും
ഷ്യമുമ്പാകെയും മഹനീയങ്ങളാകുന്നു.
ായത് സഹോദരന്മാർ തമ്മിലുള്ള
ഹം; സ്നേഹിതർ തമ്മിലുള്ള മൈത്രി,
യും ഭർത്താവും യോജിച്ചുള്ള വാസം.
വിഷയങ്ങൾ എൻെറ മനസ്സു വെറു
അവരുടെ ജീവിതം എന്നെ വേദന
ത്തി. അതായത്. അന്തസ്സു കാണി
ദരിദ്രൻ, കള്ളത്തരമുള്ള ധനികൻ,
നും വിചാരശൂന്യനുമായ വയോധി

ിൻെറ ബാല്യകാലത്തു നീ വിജ്ഞാ
ഖരിച്ചില്ല. അതു നിൻെറ വാർദ്ധക്യ
ത്തിൽ നീ എങ്ങനെ കണ്ടെത്തും? വയോ 6
ധികർക്ക് നീതിബോധവും പ്രായംചെന്ന
വർക്ക് വിവേകവും എത്ര യോജിച്ചിരി
ക്കുന്നു. പ്രമാണികൾക്കു വിജ്ഞാനവും, 7
മാന്യന്മാർക്കു ആലോചനാശക്തിയും
എത്ര യോജിച്ചിരിക്കുന്നു. വൃദ്ധന്മാരുടെ 8
ബഹുമാനം നല്ല ആലോചനാശക്തിയും,
അവരുടെ മഹിമ ദൈവാശ്രയവുമാകുന്നു.
എൻെറ മനസ്സിന് ഇഷ്ടമില്ലാത്തവ 9
ഒൻപതു കാര്യങ്ങളാണ്, ഞാൻ സംസാരി
ക്കാൻ ഇഷ്ടപ്പെടാത്തവ പത്തെണ്ണമാണ്,
തൻെറ ജീവകാലത്തുതന്നെ തൻെറ ശത്രു 10
വിൻെറ പതനം കണ്ട് അധികമായി സന്തോ 11
ഷിക്കുന്ന മനുഷ്യൻ, ഉത്തമയായ ഭാര്യ
യുടെ ഭർത്താവ് ഭാഗ്യമുള്ളവൻ; കാള
യേയും കഴുതയേയും ഒരുമിച്ച് കൂട്ടിക്കെട്ടി
ഉഴവു നടത്താത്തവൻ, നാവുകൊണ്ട്
കലഹം വരുത്താത്തവൻ, തന്നേക്കാൾ എളി
യവന് വേലചെയ്തിട്ടില്ലാത്തവൻ, മിത്ര 12
ങ്ങളെ കണ്ടെത്തിയ മനുഷ്യൻ, ശ്രദ്ധിക്കുന്ന
കേൾവിക്കാരോട് പ്രഘോഷിക്കുന്നവൻ.
ദാരിദ്ര്യം അവനെ തകർത്തു കളഞ്ഞിട്ടി 13
ല്ലാത്ത ഭാഗ്യവാനായ മനുഷ്യൻ, ഏകാ
കിയായി വസിച്ചുള്ള തകർച്ചയുണ്ടായിട്ടി
ല്ലാത്തവൻ. ഇവ എല്ലാറ്റിനേക്കാളും 14
ഉയർന്നിരിക്കുന്നതാണ് ദൈവഭക്തി.
ദൈവത്തിൻെറ പിന്നാലെ പോകുവാൻ 15
വിശ്വാസത്തെ മുറുകെ പിടിക്കുക. എൻെറ 16
മകനേ അതുപേക്ഷിച്ചിട്ട് അതിനോടു
സാമ്യപ്പെടുത്തുവാൻ മറ്റൊന്നുമില്ല.
ഹൃദയത്തിൻെറ മുറിവുപോലെ മറ്റൊരു 17
മുറിവുമില്ല. സ്ത്രീയുടെ തിന്മപോലെ
മറ്റൊരു തിന്മയുമില്ല. ശത്രുവിൻെറ ഉപ 18
ദ്രവത്തിനു തുല്യമായി മറ്റൊരുപദ്രവവുമില്ല.
വൈരിയുടെ പ്രതികാരംപോലെ മറ്റൊരു
പ്രതികാരവുമില്ല. പാമ്പിൻെറ ശിരസ്സി 19
നേക്കാൾ കയ്പേറിയ മറ്റൊരു ശിരസ്സുമില്ല.
ഒരു സ്ത്രീയുടെ ശത്രുതയേക്കാൾ കയ്പേ 20
റിയ മറ്റൊരു ശത്രുതയുമില്ല. കൊള്ളരു 21
താത്ത സ്ത്രീയോടുകൂടി വീട്ടിൽ താമസി
ക്കുന്നതിൽ ഭേദം സിംഹത്തോടും പെരുമ്പാ
മ്പിനോടും കൂടെ കഴിയുന്നതാണ്. വഷളായ 22
ഭാര്യയുടെ വഷളത്തം, ഭർത്താവിൻെറ മുഖം
ഉണക്കിക്കളയും, അതിന് രട്ടിൻെറ നിറം
വരുത്തും. തൻെറ സ്നേഹിതരുടെ മദ്ധ്യേ 23
ഇരിക്കുന്ന ഭോഷിയുടെ ഭർത്താവ് അവന
റിയാതെ നെടുവീർപ്പിട്ടുപോകും. തിന്മപ്പെട്ട 24
സ്ത്രീയ്ക്കു പാപത്തിൻെറ നറുക്കു വീഴും.
വയോധികൻെറ കാൽ മണൽക്കുന്നു കയ 25
റുന്നതു പോലെയാണ്, വിനീതനായ

ഭർത്താവിൻെറ മുമ്പിൽ നീണ്ട നാവുമായി
26 നിൽക്കുന്ന ഭാര്യ. സുമുഖിയായ സ്ത്രീ
യുടെ സൗന്ദര്യത്താൽ നീ ആകൃഷ്ടനാക
27 രുത്, അവൾക്കു ധാരാളം സമ്പത്തുണ്ടെ
ങ്കിലും അവളെ നീ മോഹിക്കരുത്, തൻെറ
ഭർത്താവിനോടു വഷളായി പ്രവർത്തി
ക്കുന്ന ഭാര്യ, കഠിനയും, അധമയായ
28 ദുഷ്ടയുമാകുന്നു. അവൾ സ്വജനത്തിൻെറ
ഹൃദയത്തെ മൂടിക്കളയുന്നു. ദുഷ്ടയായ
സ്ത്രീ ഹൃദയത്തിന് അന്ധകാരവും
29 വ്രണവുമാകുന്നു. തൻെറ ഭർത്താവിനെ
ആദരിക്കാതെയും സ്തുതിക്കാതെയും ഇ
രിക്കുന്ന സ്ത്രീ കൈയ്ക്കു ബലക്ഷയവും
മുട്ടുകൾക്കു തകർച്ചയുമാകുന്നു. സ്ത്രീ
30 യിൽനിന്നാണ് പാപത്തിൻെറ ആരംഭം.
അവൾ നിമിത്തമാണ് നാമെല്ലാം മരിക്കു
31 ന്നതും. വെള്ളം തുറന്നുവിടരുത്. ദുഷ്ട
യ്ക്കു ബഹുമാനവും അധികാരവും കൊടു
ക്കരുത്. തുറന്നു വിടുന്ന വെള്ളം പെരു
കുന്നു. അതുപോലെ ദുഷ്ടയായവൾ
32 പോയി പാപം ചെയ്യുന്നു. അവൾ നിൻെറ
പിന്നാലെ കൂടി വരുന്നില്ലെങ്കിൽ നിൻെറ
മാംസം നുറുക്കി അവൾക്കു കൊടുത്ത്
വീട്ടിൽനിന്നും അവളെ പിരിച്ചയയ്ക്കുക.

അദ്ധ്യായം 26

1 ഉത്തമയായ ഭാര്യയുള്ള മനുഷ്യനാണു
ഭാഗ്യശാലി. അവൻെറ ആയുസ്സു പലമടങ്ങു
2 വർദ്ധിതമാകും- തൻെറ സൽപ്രവൃത്തി
കൾക്കു പ്രതിഫലമായി ദൈവഭക്തന്
3 ഉത്തമയായ ഭാര്യ നൽകപ്പെടും. സുശക്ത
യായ ഭാര്യ സ്വഭർത്താവിന് ആഹ്ലാദ
ദായകിയായിരിക്കും. അവൻെറ ആയു
ഷ്കാലം അവൻ ആനന്ദപൂർവ്വം തികയ്ക്കും.
4 അവൻ ധനികനാകട്ടെ ദരിദ്രനാകട്ടെ അവ
ൻെറ മനസ്സ് എപ്പോഴും നന്നായിരിക്കും.
അവൻെറ മുഖം പ്രശോഭിതമായിരിക്കും.
5 മൂന്നു കാര്യങ്ങളോർത്ത് എൻെറ ഉള്ളം
നടുങ്ങി. നാലു കാര്യങ്ങൾ നിമിത്തം ഞാൻ
6 അതീവ സംഭീതനായി. ജനസഞ്ചയത്തി
ൻെറ പിറുപിറുപ്പ്, നാവു കൊണ്ടുള്ള അടി
— ഇവയെക്കാളെല്ലാം കഠിനമായ നുകം,
7 ദുഷ്ടയായ ഭാര്യയും, അവളെ സഹിച്ചു
കഴിയുന്നവൻ, തേളിനെയാണ് കൈയിൽ
പിടിച്ചിരിക്കുന്നത്. മദ്യമത്തയും ഉഴലുന്ന
വളുമായ ഭാര്യ, ഒരു വലിയ ക്രോധശിക്ഷ
8 യത്രെ. അവളുടെ ലജ്ജ അവൾ മറ
യ്ക്കുന്നില്ല. അവളുടെ കണ്ണുകളുടെയും
കൺപോളകളുടെയും അഹങ്കാരപൂർവ്വ
മായ കടാക്ഷംകൊണ്ട് അവൾ വേശ്യ
യാണെന്നറിയാം. നിർബന്ധബുദ്ധിയായ 9
വൾക്ക് പ്രത്യേക സൂക്ഷിപ്പു നൽകുക.
അവൾക്കു കവർച്ച ചെയ്യാതെ ആശ്വാസ
മില്ല. അവളുടെ പിമ്പെ ദൃഷ്ടി വയ്ക്കുക
നീ കാലതാമസം വരുത്തരുത്. അവൾ
നിന്നോട് വ്യാജമായി പെരുമാറും. പിപാസ 10
പീഡിതനായ പഥികൻെറ വായ് പച്ചവെള്ള
ത്തിനായി തുറന്നിരിക്കുന്നു. ഏതു തരം
വെള്ളം കണ്ടാലും അവൻ കുടിച്ചു പോകും.
ഏതു മരത്തിന്മേലും അവൻ ചാരി
നിൽക്കും. അവൻെറ ആവനാഴി ഏതസ്ത്ര
ത്തിന്നുമായി തുറന്നിരിക്കും. ഇതുപോലെ
തന്നെയാണ് വ്യഭിചാരിണിയും. അവളുടെ 11
ഗർഭാശയം ആർക്കായും തുറന്നിരിക്കുന്നു!
എന്നാൽ ഉത്തമയായ ഭാര്യ ദൈവദാ 12
നമാണ്. അവളുടെ കണ്ഠനാദത്തിന് ഒരു
ന്യൂനതയുമില്ല. പരിപക്വമതിയായ സ്ത്രീ, 13
അനുഗ്രഹത്തിനു മേൽ അനുഗ്രഹമാണ്.
അവളുടെ വദനലാവണ്യം ഒരു തുലാസിനും
തൂക്കി നോക്കാവുന്നതല്ല. ആകാശവി 14
താനത്തു സൂര്യോദയം പോലെയാണ്,
തൻെറ ഭവനകാര്യത്തിൽ ഉത്തമയായ
സ്ത്രീയുടെ സൗകുമാര്യം. പരിശുദ്ധ
വിളക്കുതണ്ടിന്മേൽ പ്രകാശിക്കുന്ന ദീപ
സമാനമാണ് തൻെറ ഭവനകാര്യത്തിൽ
ഉത്തമയായ സ്ത്രീയുടെ കോമളത്വം. രജത 15
സ്തംഭത്തിൽ സ്വർണ്ണക്കുമിളകൾ പോലെ
യാണ് അവളുടെ വീട്ടുകാര്യത്തിൽ അവ
ളുടെ കാൽവയ്പ്.

എൻെറ മകനേ, നിൻെറ യൗവന 16
പ്രായത്തിൽ കരുതലുള്ളവനായിരിക്കണം-
അന്യർക്കു നിൻെറ ശക്തി നീ പ്രത്യാ
ശാപൂർവം കൊടുത്തുകളയരുത്. നിൻെറ 17
തലമുറകൾക്കായി വിത്തുവിതയ്ക്കുവാൻ
നല്ല സമതലനിലത്തിൽനിന്നും നിൻെറ
ഓഹരി അന്വേഷിക്കുക. അങ്ങനെ നിൻെറ
വിളവുകൾ, വർദ്ധിതമാകും.

വ്യഭിചാരിണി അശേഷവും പരിഗ 18
ണിക്കപ്പെടരുത്. ഒരു പുരുഷനു ഭാര്യയായ 19
വളോടു പറ്റിച്ചേരുവാൻ ആഗ്രഹിക്കു
ന്നവരുടെ മരണത്തിൻെറ ഗോപുരമായി
അവൾ ഗണിക്കപ്പെടണം. ധിക്കാരിയായ
സ്ത്രീ അധർമ്മിയായ പുരുഷനു നൽക
പ്പെടും. പുണ്യവതിയോ, ദൈവാശ്രയമുള്ള 20
വനു നൽകപ്പെടും. അടക്കമൊതുക്കമില്ലാ
ത്തവളെ അപമാനം ക്ഷയിപ്പിച്ചുകളയും.
പരിപക്വമതിയായ പുത്രിയെ അവളുടെ 21
ഭർത്താവും ആദരിക്കും. അടക്കമൊതുക്ക
മില്ലാത്തവളെ നായയെപ്പോലെ വിചാരി
ക്കണം. ദൈവഭക്തിയുള്ളവൾക്കേ, പരി 22

3 പാകതയുള്ളു. ഭർത്താവിനെ ആദരിക്കുന്ന
ഭാര്യ, വിജ്ഞാനിയാണെന്ന് എല്ലാവരാലും
പ്രകീർത്തിക്കപ്പെടും. തൻെറ കാന്തിയിൽ
അഹന്തകാണിക്കുന്നവൾ ധിക്കാരിയാ
ണെന്ന് ഏവർക്കും മനസ്സിലാകും. ഉത്തമ
യായ ഭാര്യ സ്വഭർത്താവിൻെറ ഭാഗ്യവ
സ്തുവാകുന്നു. അവൻെറ ആയുസ്സിൻെറ
സംവത്സരങ്ങൾ പലമടങ്ങായി വർദ്ധിത
മാകും. സ്ത്രീയുടെ കലഹം അധമബോധ
ത്തിൽ നിന്നാകുന്നു. ഉഗ്രമായ ജ്വരം പോലെ
അവൾ കാണപ്പെടും, കലഹപ്രിയയും
വായാടിയുമായവൾ യുദ്ധകാഹളസമാന
യാകുന്നു. അവളോടു കൂടെയുള്ളവൻ,
യുദ്ധബഹളത്തിൽ ദുരിതത്തോടെ
കഴിഞ്ഞുകൂടുന്നു. രണ്ടു കാര്യങ്ങൾ എൻെറ
മനസ്സു വേദനിപ്പിക്കുന്നു. മൂന്നാമത്തേത്
എനിക്ക് തീരെ ഇഷ്ടമല്ല. ദരിദ്രനും
നിസ്വനുമായിത്തീർന്ന സ്വതന്ത്രനായ
മനുഷ്യൻ. അവമാനിതരായിത്തീർന്ന
സൽപേരുള്ളവർ. ദൈവഭക്തിയിൽ നിന്നും
പിന്മാറ്റം നടത്തിയവൻ. അധർമ്മം ചെയ്യു
ന്നവനെ കൊലനാളിന്നായി ഏല്പിക്കും.
വളരെ പ്രയാസപ്പെട്ടാൽ മാത്രമേ ഒരു
വ്യാപാരിക്ക് പാപങ്ങളിൽ നിന്നു രക്ഷ
പ്പെടാൻ സാധിക്കൂ. ഒരു വ്യാപാരസ്ഥലം
നടത്തുന്നവന് പാപത്തിൽ നിന്ന് നിരപ
രാധിയായിരിപ്പാൻ കഴിയാതെ വരുന്നു.

അദ്ധ്യായം 27

അനേകരും ദൈവഭക്തിയുടെ അഭാവം
മൂലമാണ് പാപം ചെയ്തിട്ടുള്ളത്. പാപ
ങ്ങൾ വർദ്ധിപ്പാനാഗ്രഹിമുള്ളവൻ ഒന്നും
കണ്ടില്ലെന്നു നടിക്കുന്നു. രണ്ടു കല്ലുകൾ
ക്കിടയിൽ ഒരു ആപ്പ് അടിച്ചിരിക്കുന്നതു
പോലെ വിൽപനക്കാരൻെറയും വാങ്ങു
ന്നവൻെറയും മദ്ധ്യെ പാപങ്ങൾ ശക്തിപ്പെ
ടുന്നു. എൻെറ മകനേ, ദൈവഭക്തിയിൽ
നിന്നും നീ അല്പം വഴി വിട്ടാൽ വളരെ
ാലം നിനക്കു നഷ്ടം വരും. തീയ്ക്കുപരി
ിയ പുക പോലെയാണ്, കണക്കു
ബന്ധമായി പലരുടെയും പ്രസ്താവ
കൾ. വൃക്ഷത്തിനു ചെയ്യുന്ന പണിക്ക
നുസൃതമായി ഫലങ്ങൾ ഉണ്ടാകുന്നതു
പോലെയാണ് മനുഷ്യരുടെ ചിന്തകൾക്ക്
വരുടെ കണക്കുകൂട്ടലുകൾ. നീ സത്യ
ം അന്വേഷിച്ചാൽ, അതു നീ കണ്ടെ
ം. മഹിമാനിലയങ്കിപോലെ അതു നീ
ക്കും. ആകാശത്തിലെ പക്ഷികൾ
അതിൻെറ വർഗ്ഗത്തോടു കൂടെ ചേക്കേ
റും. സത്യവും അതിനെ പ്രവർത്തിക്കുന്ന
വരുടെ അടുക്കലെത്തുന്നു. സിംഹം ഇരയെ 8
തകർക്കുവാൻ പതിയിരിക്കുന്നതുപോലെ
യാണ്, അധർമ്മി, പാപം ചെയ്യുന്നവന്നായി
കാത്തിരിക്കുന്നത്, ഭോഷന്മാരുടെ മദ്ധ്യേ 9
സമയം നോക്കണം. വിജ്ഞന്മാരുടെ മദ്ധ്യേ
എപ്പോഴും സംസാരിക്കാം. വിജ്ഞരുടെ 10
വിവരങ്ങൾ എപ്പോഴും ജ്ഞാനസമ്പൂർണ്ണ
മാണ്. ഭോഷന് ചന്ദ്രനെപ്പോലെ വ്യതി
യാനം ഉണ്ടാകുന്നു. ഭോഷന്മാരുടെ വിവര 11
ങ്ങൾ നിഷിദ്ധമത്രെ അവരുടെ പൊട്ടിച്ചിരി
വെറും ധിക്കാരമാണ്. ദുഷ്ടൻെറ ദാനം 12
മുടിയിഴനാരുകളെ വിജൃംഭിപ്പിക്കുകയും
രക്തം ചിന്തുന്നവയുമാകുന്നു. ധിക്കാരിക 13
ളുടെ മദ്ധ്യത്തിൽ അധർമ്മികളുടെ വാക്കു
കൾ ശ്രദ്ധിക്കുവാനായി നീ ഇരിക്കരുത്.
അവർ ചിരിക്കുമ്പോൾ നിൻെറ ചെവിപൊ
ത്തുക. രഹസ്യം പരസ്യമാക്കുന്നവർ വിശ്വ 14
സ്തത നശിപ്പിക്കുന്നു. അവന് ഒരു ആത്മ
സ്നേഹിതനെ കണ്ടെത്തുകയില്ല. നിൻെറ 15
കൂട്ടുകാരനെ പരീക്ഷിച്ചു നോക്കുക; പി
ന്നീട് അവനെ ആശ്രയിക്കുക. വിശ്വസ്ത
തയുടെ രഹസ്യം അവൻ വെളിപ്പെടുത്തു
ന്നുവെങ്കിൽ, അവനെ നീ പിന്നെ അനുഗ
മിക്കരുത്. തൻെറ സ്വത്തിൻെറ ഓഹരി 16
നഷ്ടപ്പെടുത്തിയവനു തുല്യമാണ് നിൻെറ
സ്നേഹിതനുമായുള്ള സ്നേഹബന്ധം
നഷ്ടപ്പെടുത്തുന്നത്. ഒരു കുരുവിയെ 17
പ്പോലെ അതിനെ നീ പറപ്പിച്ചുകളഞ്ഞു;
അതിനെ പിന്നെ പിടിക്കുകയില്ല; അതിൻെറ
പിന്നാലെ നീ എന്തിനു പായുന്നു! വിഷ 18
പ്പല്ലിൽ നിന്നും ഇരയും, കെണിയിൽ നിന്നു
പക്ഷിയും എന്നപോലെ അതു വിട്ടുപോ
യിരിക്കുന്നു. ഏതു മുറിവിനും ഔഷധ
ലേപനമുണ്ട്. വഴക്കിന് രമ്യതയുമുണ്ടാകും. 19
എന്നാൽ രഹസ്യം പുറത്താക്കുന്നവനു 20
നിരാശമാത്രം. നിഗളം വിളിച്ചോതുന്ന 21
കണ്ണുള്ളവൻ തകർന്നുപോകും- ഞാൻ
വളരെ പരിശോധിച്ചു നോക്കി. അവനെ
പ്പോലെ ആരുമില്ല. ദൈവം അവനെ 22
വെറുക്കും, അവനെ ശപിക്കും. കല്ല് ആരെ 23
റിയുന്നുവോ അവൻെറ മേൽ തന്നെ അതു 24
തിരികെ വരും. പിമ്പിൽ നിന്നും അടിക്കു
ന്നവൻ വിനാശത്തിനു ഏല്പിക്കപ്പെടും.
കുഴി കുഴിക്കുന്നവൻ, അവൻെറ നില 25
കൊണ്ടു തന്നെ അതിനെ നിറയ്ക്കും.
കെണി വയ്ക്കുന്നവൻ, അതേ കെണിയിൽ 26
പെടും. തിന്മയായി ദുരാലോചന ചെയ്യു 27
ന്നവൻ, അതിൽ തന്നെ വീണുപോകും.
എവിടെ നിന്നാണ് ദുരിതത്തിൻെറ വരവ്
എന്ന് അവൻ അറിയുകയേയില്ല. കെണി 28

കളും വലകളും വയ്ക്കുന്നവരെ അവരുടെ
മരണനാൾവരെ, അവ അനുയാത്ര ചെയ്തു
29 കൊണ്ടിരിക്കും. വിദ്വേഷവും കോപവും,
അശുദ്ധം ആകുന്നു.

അദ്ധ്യായം 28

1 വഞ്ചകനായ മനുഷ്യൻ അവൻെറ
സ്വന്തം വഴിയെയാണ് നശിപ്പിക്കുന്നത്.
അവന്, ദൈവത്തിൽ നിന്നും പ്രതികാര
2 മുണ്ടാകും. എന്തെന്നാൽ അവൻെറ പാപ
ങ്ങളെല്ലാം കരുതിവെക്കപ്പെട്ടിട്ടുണ്ട് നിശ്ച
3 യം. നിൻെറ മനസ്സിലുള്ളതിനെ നീ വിട്ടു
കളഞ്ഞശേഷം പ്രാർത്ഥിക്കുക, നിൻെറ
സർവ്വപാപവും നിന്നോടു ക്ഷമിക്കപ്പെടും.
4 മനുഷ്യൻ മനുഷ്യനോടു കോപം വച്ചു
കൊണ്ടിരുന്നുകൊണ്ട് എന്തിനു സൌഖ്യ
5 ത്തിന്നായി അപേക്ഷിക്കുന്നു. മനുഷ്യന്
മനുഷ്യനോട് ക്ഷമിപ്പാൻ മനസ്സില്ലെങ്കിൽ-
6 ആരാണ് അവനോടു ക്ഷമിക്കുന്നത്? മര
ണമുണ്ടെന്നോർക്കുക; ശത്രുതയേയും,
പാതാളത്തേയും വിനാശത്തേയും അക
റ്റുക. പാപം ചെയ്യുന്നതിൽ നിന്നും സ്വയം
7 നിരോധിക്കുക, കല്പനകൾ ഓർത്തിരി
8 ക്കുക. നിൻെറ സ്നേഹിതനെ, ദൈവമു
മ്പാകെ നീ വെറുക്കരുത്. അവനു കുറ
വുള്ളത് നീ അവനു കൊടുക്കണം.
9 ശണ്ഠയിൽ നിന്ന് അകന്നു നിൽക്കണം.
അപ്പോൾ നിൻെറ പാപങ്ങൾ നിന്നിൽ
10 നിന്നും അകന്നു പോകും. വ്യവഹാര
പ്രിയനായ അധർമ്മി, സഹോദരമദ്ധ്യേ
11 ശത്രുത വരുത്തും. നീ തീയിൽ ഇടുന്ന
12 തെല്ലാം കത്തി എരിയും. നീ വ്യവഹാര
ത്തിൽ എത്രയേറെ വർദ്ധിക്കുന്നുവോ,
അതു പിന്നെയും വർദ്ധിക്കുകയാണ്.
13 മനുഷ്യൻെറ കരബലാനുസരണം അവനു
കോപവും! സമ്പത്തിൻെറ വർദ്ധന അനു
സരിച്ച്, അഹംഭാവവും!
14 അഗ്നി ദഹിപ്പിക്കുന്നു. അനേക ന്യായാ
ധിശന്മാർ രക്തം ചിന്തുന്നുണ്ട്. തീയിൽ
നീ ഊതിയാൽ അത് ആളിക്കത്തും.
അതിന്മേൽ വെള്ളം തളിച്ചാലോ അതു
കെട്ടുകൊള്ളും. ഇതു രണ്ടും നിന്നിൽ നിന്നു
15 തന്നെയല്ലേ? ഒരു മൂന്നാം നാവ് (ഏഷ
ണിക്കാരൻ) ശപിക്കപ്പെട്ടവൻ ആയിരിക്കും.
അവൻ അനേക കൊലപാതകങ്ങൾ വരു
16 ത്തിയവനാണ്. ഏതാദൃശൻ അനേകരെ
അടിമത്തത്തിലേക്ക് പറഞ്ഞു വിട്ടിട്ടുണ്ട്.
വിവിധ ജനതകളിലേക്ക് ചിതറിച്ചിട്ടുണ്ട്.
17 നഗരങ്ങളിലെ മാന്യന്മാരായ അനേകരെ
അവരുടെ മന്ദിരങ്ങളിൽനിന്നും ബഹിഷ്ക
രിച്ചിട്ടുണ്ട്. കൊട്ടാരങ്ങളേയും പൂർണ്ണമായി
നശിപ്പിച്ചിട്ടുണ്ട്. ഏഷണിക്കാർ അനേകരെ 18
പ്രവാസത്തിലേക്കയയ്ക്കുകയും, അവ
രുടെ സമ്പത്തുകളിൽ നിന്നും അന്യരാക്കു
കയും ചെയ്തിട്ടുണ്ട്. വടികൊണ്ടുള്ള അടി,
വ്രണമുളവാക്കുന്നു— നാവു കൊണ്ടുള്ള 19
അടിയോ അസ്ഥികളെപ്പോലും തകർക്കു
ന്നു. വാളാൽ നിഹതരായവർ അനേകരുണ്ട്, 20
എന്നാൽ നാവാൽ നിഹതരായവരോളമില്ല
തന്നെ. അവനിൽ നിന്നും രക്ഷപെട്ടവനും 21
അവൻെറ കോപത്തിനിരയാകാത്തവനും
ഭാഗ്യവാൻതന്നെ. അവൻെറ നുകം വഹി 22
ക്കാത്തവനും, അവൻെറ പാശങ്ങളാൽ
ബന്ധിതനാകാത്തവനും ഭാഗ്യവാൻ,
കാരണം, അവൻെറ നുകം അതികഠോര
മാണ്. അവൻെറ ബന്ധനങ്ങൾ ഇരുമ്പു
ചങ്ങലകളാലാണ്. അവൻെറ മരണം 23
ദുർമ്മരണമാണ്. അവനോടൊരുമിച്ചുള്ള
ജീവിതത്തേക്കാൾ ആശ്വാസം പാതാള
ത്തിലുണ്ട്! പുണ്യവാന്മാരുടെമേൽ അതു
കത്തി എരിഞ്ഞു ദഹിപ്പിക്കുകയില്ല.
തീനാമ്പുകൾ നിന്നെ ദഹിപ്പിച്ചു കളയുക 24
യില്ല. ദൈവഭക്തിയെ ഉപേക്ഷിക്കുന്നവൻ 25
അതിൽ നിപതിക്കും. അവരിൽ തീയ്
ആളിക്കത്തും. അതു കെടാത്ത തീയുമാണ്! 26
ഒരു സിംഹത്തെപ്പോലെ അത് അവരുടെ
മേൽ കർത്തൃത്വം ചെയ്യും. ഒരു പുള്ളിപ്പു
ലിയെപ്പോലെ അത് അവരെ കടിച്ചുകീറും.
മുള്ളുകൾകൊണ്ടു നീ വേലി കെട്ടുന്നതെ 27
ങ്ങനെയോ അവ്വണ്ണം തന്നെ നിൻെറ
വായ്ക്ക് കതകും സാക്ഷായും ഉറപ്പിക്കുക.
നിൻെറ വെള്ളിക്കും പൊന്നിനും മുദ്രപതി 28
ക്കുക. നിൻെറ വാക്കുകൾ എപ്പോഴും
തുലാസിൽ തൂക്കി എടുക്കുക. നീ വീഴാ 29
തെയും നിൻെറ ശത്രുഹസ്തത്തിൽ പെടാ
തെയും കരുതിയിരിക്കുക.

അദ്ധ്യായം 29

കൂട്ടുകാരനു വായ്പ കൊടുക്കുന്നവൻ 1
മനോഹരമായ പാശബന്ധമാണുളവാ
ക്കുന്നത്. അവനു കൈത്താങ്ങു കൊടു
ക്കുന്നവൻ കല്പന പാലിക്കുന്നവനാ
കുന്നു. നിൻെറ മിത്രത്തിൻെറ നിർദ്ധനാവ 2
സ്ഥയിൽ നീ അവനു വായ്പ കൊടുക്കണം.
അവനു നീ മനസ്സുറപ്പുനൽകണം. യഥാ 3
കാലം നിൻെറ വാക്കിനനുസരണം ചെയ്യ
ണം. നിൻെറ വാക്കു പാലിച്ച്, നിൻെറ
മിത്രവുമൊന്നിച്ചു നിലകൊള്ളുക. ഏതു 4
സമയത്തും അവനിൽനിന്നും നിൻെറ
ആഗ്രഹം സഫലമാകും. വായ്പ വാങ്ങുന്ന 5

അനേകർ അവർക്കു വായ്പ കൊടുക്കുന്ന
വരെ അത്ഭുതപ്പെടുത്താറുണ്ട്. വായ്പ
വാങ്ങുന്ന സമയത്ത് വായ്പ കൊടുക്കു
ന്നവൻെറ കൈ പിടിച്ച് അവർ ഉമ്മവയ്ക്കും.
അവൻെറ സമ്പത്തിനെക്കുറിച്ച് ശബ്ദമു
യർത്തി പ്രഘോഷിക്കും. എന്നാൽ വായ്പ
വീട്ടേണ്ട സമയം വരുമ്പോഴോ ഒഴിഞ്ഞു
മാറുന്നു. കഴിവുള്ളിടത്തോളം സമയം
ഇവൻ അവനു കൊടുക്കുന്നു. അപ്പോൾ
ഏകദേശം പകുതി തിരിച്ചു കൊടുക്കുന്നു.
അവൻ എന്തോ സാധിച്ചുവെന്നു കരുതു
കയും ചെയ്യുന്നു. അവൻെറ സമ്പത്തിൽ
നിന്നും അവൻെറ കൈ വൃഥാ ദാനം ചെയ്തു!
അങ്ങനെ അവനൊരു ശത്രുവിനേയും
സമ്പാദിച്ചു! വൃഥാ എങ്കിൽ കൊള്ളാമായി
രുന്നു. ഇവൻ അവന് പിണക്കവും പരിഹാ
സവുമാണു തിരിച്ചു കൊടുക്കുന്നത്! ബഹു
മാനിക്കേണ്ടതിനു പകരം അധിക്ഷേപം!
പലരും വായ്പ കൊടുക്കുന്നതിൽ വിമു
ഖരായിരിക്കുന്നത് അവരുടെ തിന്മ
നിമിത്തമല്ല. പ്രത്യുത വൃഥാ വഴക്കുണ്ടാകു
മെന്നു പേടിച്ചാണ്. എന്നാൽ നീയോ;
ദരിദ്രനോടു നീ ദീർഘകാലം ക്ഷമിക്കുക.
കല്പന പാലിക്കുവാനായി അവനു നീ
ആശ്വാസമേകണം. എന്തെങ്കിലും നഷ്ടമു
ണ്ടായാൽതന്നെയും അതു നീ മനസ്സിൽ
കാര്യമായെടുക്കരുത്. നിൻെറ സഹോദ
രനും മിത്രത്തിനും വേണ്ടി നിൻെറ പണം
ചെലവഴിച്ചുകൊള്ളട്ടെ. അതു നീ കല്ലിനു കീഴെ
യും മതിലിന്നടിയിലും വയ്ക്കരുത്. പുണ്യ
ത്തിലും സ്നേഹത്തിലും നിൻെറ നിക്ഷേപം
സൂക്ഷിക്കുക. നിനക്കുള്ള സകലത്തേ
ക്കാളും അതാണ് ഉത്തമം. ദാനധർമ്മത്തി
നായി നിശ്ചയിച്ച് നിൻെറ ഭണ്ഡാഗാരം
വയ്ക്കുക. സർവ്വ അനർത്ഥത്തിൽനിന്നും
നിന്നെ അതു സംരക്ഷിച്ചുകൊള്ളും. അതു
നിനക്കു ബലവത്തായ പരിചയും യുദ്ധ
ത്തിനു വാളും കോട്ടയുമായിരിക്കും.
അനേകർക്കെതിരെ അതു നിനക്ക് ആശ്വാ
സമാകും. നല്ല മനുഷ്യൻ കൂട്ടുകാരനു
ജാമ്യമായി നിൽക്കും. ലജ്ജയില്ലാത്തവ
നാണ് തൻെറ ജാമ്യക്കാരനിൽനിന്നും ഓടി
പ്പോകുന്നത്. ജാമ്യക്കാരൻെറ ദയ മറക്കു
ന്നവൻ അധർമ്മിയത്രെ. അവൻ അവൻെറ
രക്ഷിതാവിനേയും രക്ഷകനേയും ഉപേ
ക്ഷിക്കുന്നു. ജാമ്യം നിൽപ് അനേകർക്കു
നാശഹേതുകമായിത്തീർന്നിട്ടുണ്ട്. കട
ലിൻെറ ഓളങ്ങൾപോലെ അവരുടെ സമ്പ
ത്ത് നശിപ്പിച്ചിട്ടുണ്ട്. നല്ല സമ്പന്നന്മാരെ
പ്പോലും അതു നിർദ്ധനരാക്കിയിട്ടുണ്ട്.
അവർ അന്യജനതകളുടെ ഇടയിലേക്ക്
പോകാനും ഇടയാക്കിയിട്ടുണ്ട്. ദൈവകല്പ 20
നാലംഘകനായ പാപി, ജാമ്യംനിൽപിൽ
വീണുപോകും. പാപങ്ങൾ വരുത്തുവാൻ
വേണ്ടി പീഡനം നടത്തുന്നവൻ അതിൻെറ
വ്യവഹാരത്തിൽ വീണുപോകും. ജാമ്യം 21
നിൽപ് ഏറിയ പാപങ്ങൾ വരുത്തും.
കാര്യമില്ലാതെ ബുദ്ധിമുട്ടുന്നു. വിധിയിൽ 22
പെടുന്നു. നിൻെറ കഴിവിനനുസരണമായി
നിൻെറ മിത്രത്തിനുവേണ്ടി ജാമ്യം നിൽ
ക്കുക. പല മടങ്ങിൽ നിന്നും നീ സ്വയം
രക്ഷ നോക്കിക്കൊള്ളണം.
മനുഷ്യജീവിതത്തിൽ പ്രധാനപ്പെട്ടവ 23
ആഹാരം, വെള്ളം, വസ്ത്രം, അവമാനത്തിൽ
നിന്നും മറയ്ക്കുന്ന ഒരു പാർപ്പിടം എന്നി 24
വയത്രെ. പരദേശവാസിയായിട്ട് വളരെ
ധനമുള്ളതിലും നല്ലത് തൻെറ ഗ്രാമത്തി
ൻെറ തണലിൽ കഴിഞ്ഞുകൂടുന്ന ദരിദ്രൻെറ
ജീവിതമാണ്. ഏറിയവകൊണ്ടാണോ 25
കുറഞ്ഞവകൊണ്ടാണോ വീട്ടിനുള്ളിൽ
ഒരുവൻ കഴിയുന്നതെന്ന് ഒരുവൻ അറിയു
ന്നില്ല; അവനെ ആരും കാണുന്നില്ല. വീടു 26,27
തോറും കയറിയിറങ്ങിയുള്ള ജീവിതം
ദരിദ്രമാണ്. പ്രധാന ന്യായാധിപന്മാരുടെ 28,29
മുമ്പിൽ അവനു വായ് തുറപ്പാൻ സാദ്ധ്യമല്ല.
നീ ഒരു പരദേശിയെങ്കിൽ അപമാനമാണു 30,31
നീ പാനം ചെയ്യുന്നത്. കാരണം പിന്നീടു
നീ കഠിനമായ വാക്കുകൾ കേൾക്കേണ്ടി
വരും. നീ ഒരു പരദേശിയെങ്കിൽ നീ മാറി
നിൻെറ ഭക്ഷണം കഴിക്കുക. നിൻെറ
മുമ്പിലുള്ളതു ഭക്ഷിക്കുക. ബഹുമാന 32
ത്തിൻെറ മുമ്പിൽനിന്ന് ഓടി മാറിക്കൊ
ള്ളുക. വിജ്ഞാനിക്ക് ശാസനയും പലിശ 33
യും വായ്പ കൊടുക്കുന്നവൻെറ വായ്പ
യും ഭാരമേറിയവയാകുന്നു. ദരിദ്രനു നീ 34
ധാരാളമായി ദാനം ചെയ്യുക. നിൻെറ കൈ
വശമുള്ളതു അവനു ഭക്ഷിപ്പാൻ കൊടു
ക്കുക. അവൻ നഗ്നനെങ്കിൽ അവനു വസ്ത്രം 35
നൽകുക. എന്തെന്നാൽ നിൻെറ സ്വന്ത
ശരീരത്തെത്തന്നെയാണു നീ വസ്ത്രം
അണിയിക്കുന്നത്. ദൈവത്തിനാകുന്നു നീ
വായ്പ കൊടുക്കുന്നത്. അവൻ നിനക്ക് 36
ഏഴിരട്ടിയായി പ്രതിഫലം നൽകും.

അദ്ധ്യായം 30

സ്വപുത്രനെ സ്നേഹിക്കുന്നവൻ 1
തൻെറ സംഭരണപാത്രം പുതുക്കുന്നു.
എന്തെന്നാൽ അവസാനം അവൻ ശിക്ഷി
ക്കുന്ന പുത്രൻ അവനിൽ സന്തോഷിക്കും.
അവൻെറ മിത്രങ്ങളുടെ മദ്ധ്യേ അവൻ 2

3 മഹനീയനാകുന്നു. തൻെറ പുത്രനെ
ഉപദേശിക്കുന്നവൻ അവൻെറ വൈരിയെ
ലജ്ജിപ്പിക്കുന്നു. അവൻെറ സ്നേഹിത
രുടെ മുമ്പിൽ അവൻ മഹനീയനാകുന്നു.
4 അവൻെറ പിതാവു മരിക്കട്ടെ മരിക്കാതി
രിക്കട്ടെ. എന്തെന്നാൽ അവനോടു തുല്യ
നായ ഒരുവനെയാണ് അവൻ പിൻഗാമി
5 യായി ശേഷിപ്പിച്ചിരിക്കുന്നത്. ആയുഷ്ക്കാ
ലത്തു അവനെ കണ്ടു സന്തോഷിക്കും.
തൻെറ മരണസമയത്തു അവനു ദുഃഖമില്ല.
6 അവൻ തൻെറ സ്നേഹിതർക്കു ദയ പ്രതി
ഫലമായി നൽകും. അവൻെറ ശത്രുക്ക
ളിൽനിന്നു അവനു പ്രതികാരമാണല്ലോ
7 കിട്ടുന്നത്. സ്വപുത്രനെ സുഖഭോഗിയാക്കു
ന്നവൻ അവൻെറ മുറിവുകൾ വർദ്ധിപ്പിക്കും;
എല്ലാവിധ വേദനകൾക്കും അവൻെറ
8 ഹൃദയം പാത്രമാകും. നിയന്ത്രിക്കാവത
ല്ലാത്ത കുതിര എപ്രകാരമോ അപ്രകാര
മാണ് പിതാവിനെ അനുസരിക്കാത്ത മത്സര
9 ക്കാരനായ മകൻ. നീ അപമാനിതനാകാതി
രിപ്പാനായിട്ടു നിൻെറ പുത്രനെ ശിക്ഷിച്ചു
വളർത്തുക. നീ അവനുമൊത്തു ചിരിച്ചു
കഴിയുകയാണെങ്കിൽ അവൻ നിന്നെ
10 വേദനിപ്പിക്കും. അവൻെറ ഇഷ്ടാനുസ
രണം നീ അവനോടുകൂടെ പോകരുത്.
അങ്ങനെ ചെയ്താൽ അവൻ നിന്നെ കുപി
തനാക്കും. അവസാനം നിൻെറ സംവത്സര
ങ്ങളും അവൻ ദുരിതപൂർണ്ണമാക്കും. അവ
11 ൻെറ ബാല്യത്തിൽ നീ അവനു പൂർണ്ണാ
ധികാരം കൊടുക്കരുത്. അവൻെറ വഷള
ത്തങ്ങൾ എല്ലാം നീ ക്ഷമിക്കയുമരുത്.
12 ബാലനായിരിക്കവേ നീ അവൻെറ ശിരസ്സ്
നമിപ്പിക്കുക; അവൻ ചെറുപ്പമായിരിക്കു
മ്പോൾതന്നെ അവൻെറ ചിന്താഗതികൾ
നിയന്ത്രിക്കുക. അല്ലെങ്കിൽ അവൻ ശക്തി
13 യോടെ നിന്നോടു മത്സരിക്കും. മനസ്സിൻെറ
പ്രയാസങ്ങൾ നിൻെറ പുത്രനെ ഉപദേശി
ക്കുക. അവൻെറ ഭോഷത്തംമൂലം നിന്നോടു
അവൻ എതിർക്കാതിരിക്കത്തക്കവണ്ണം
അവനോടു അല്പം കഠിനമായി പെരുമാ
14 റുക. സത്യവാനായി ജീവിക്കുന്ന ദരിദ്രൻ
തൻെറ ജഡത്തിൽ പോരാട്ടമനുഭവിക്കുന്ന
15 ധനവാനെക്കാൾ മെച്ചമാണ്. സത്യസന്ധ
മായ ജീവിതം സ്വർണ്ണത്തെക്കാളും പ്രിയ
തരവും നല്ല മനസ്സു രത്നങ്ങളെക്കാളും വിശി
16 ഷ്ടവുമാകുന്നു. ശാരീരികമായ സത്യസന്ധ
തയ്ക്ക് സമാനമായി മറെറാരു ധനവുമില്ല.
നല്ല ഹൃദയത്തിനു സമാനമായി മറെറാരു
17 സന്തോഷവുമില്ല. ദുഷിച്ച ജീവിതത്തിൽ
നിന്നും മരിക്കുന്നതും പാതാളത്തിലേക്കു
ഇറങ്ങുന്നതുമാണ് നിലവിലുള്ള വേദനയെ
ക്കാൾ മെച്ചം. അടച്ച വായിൽ ഒളിച്ചുവച്ചിരി 18
ക്കുന്ന നന്മകൾ കല്ലറകൾക്കു മുമ്പിൽ വച്ചി
രിക്കുന്ന ഭോജ്യങ്ങൾ പോലെയാണ്. ജാതി 19
കളുടെ വിഗ്രഹങ്ങൾകൊണ്ട് എന്തു പ്രയോ
ജനം? അവ ഭക്ഷിക്കുന്നില്ല. ഘ്രാണിക്കുന്നി
ല്ല. അപ്രകാരംതന്നെയാണു ധനമുണ്ടായി 20
ട്ടും അതെടുത്തു ഉപയോഗിക്കാതെ കണ്ടു
കൊണ്ടിരിക്കയും ആശ്വസിക്കുകയും ചെയ്യു
ന്നവൻ. അവൻ കന്യകയോടുകൂടെ ശയി 21
ക്കുന്ന ഷണ്ഡനെപ്പോലെയാണ്. ദൈവം
അവനിൽ നിന്നു ധനം ആവശ്യപ്പെടും. നി
ൻെറ മനസ്സു വേദനയ്ക്കു നൽകരുത്.;
സ്വന്ത ആലോചനകൊണ്ടു നീ ഇടറിപ്പോക 22
യുമരുത്. ഹൃദയസന്തോഷമാണു മനുഷ്യ 23
ൻെറ ജീവിതം. മനുഷ്യൻെറ മനസ്സു അവ
ൻെറ ആയുസ്സു വർദ്ധിപ്പിക്കുന്നു. നീ സ്വയം 24
ആകൃഷ്ടനാകുക. നിൻെറ ഹൃദയദാഹം
ശമിപ്പിക്കുക! നിന്നിൽനിന്നു ദുഃഖത്തെ 25
ദൂരീകരിക്കുക. എന്തെന്നാൽ അനേകർക്ക്
മനോവേദന മരണകാരണമായിത്തീർന്നി
ട്ടുണ്ട്; ദുഃഖം അവരെ നശിപ്പിച്ചിട്ടുണ്ട്. വൈ 26
രാഗ്യവും കോപവും ആയുസ്സിൻെറ നാളു
കളെ ക്ഷയിപ്പിക്കുന്നു. വ്യാകുലത കാല
ത്തിനു മുമ്പുതന്നെ നര വരുത്തുന്നു. നല്ല 27
മനസ്സുള്ളവനു വേണ്ടുവോളം ഭക്ഷണം
കഴിക്കാം. അവൻ ഭക്ഷിക്കുന്നതെല്ലാം അവ
ൻെറ ദേഹത്തിനു പ്രയോജനപ്പെടും.

അദ്ധ്യായം 31

ഭക്ഷണം സാദ്ധ്യമല്ലാതെ ധനവാൻെറ 1
ശരീരം ക്ഷീണിക്കുന്നു. ആകുലചിന്ത 2
അവൻെറ ഉറക്കം കെടുത്തുന്നു. മനോവ്യഥ
അവൻെറ മയക്കത്തെപ്പോലും അകററിക്കള
യുന്നു. ശക്തമായ വ്യാധി അവൻെറ നിദ്ര 3
കെടുത്തുന്നു. സമ്പാദ്യങ്ങൾ ഉണ്ടാക്കു
വാൻ ധനവാൻ വളരെയേറെ പ്രയാസ
പ്പെടുന്നുണ്ട്. സുഖഭോഗവസ്തുക്കൾ ശേഖ
രിക്കുവാൻ അവൻ പരിശ്രമിക്കുന്നു. ദരിദ്രൻ 4
അവൻെറ വീട്ടിലെ കുറവു നികത്തുവാൻ
പ്രയത്നിക്കുന്നു. അവൻ വിശ്രമിച്ചിരുന്നാൽ
നിസ്വനായിത്തന്നെ കഴിയും. ദ്രവ്യാഗ്രഹി 5
ഒരിക്കലും വിജയിക്കുകയില്ല. സമ്പാദ്യ
ങ്ങളുടെ പിന്നാലെ പായുന്നവൻ അതുമൂലം
വഴി തെററും, ധനികരായിത്തീരുകയും 6
സമ്പത്തിന്മേൽ ആശ്രയിക്കുകയും ചെയ്ത
അനേകർക്കും അനർത്ഥത്തിൽനിന്നു
രക്ഷപ്പെടുവാൻ കഴിഞ്ഞിട്ടില്ല. അവരുടെ
ദുർദ്ദിവസത്തിൽ രക്ഷിക്കുവാനും കഴിഞ്ഞി
ട്ടില്ല. ദ്രവ്യം ഭോഷന്മാർക്കു ഒരു ഇടർച്ച 7

യാണ്. അതുമൂലം നേർവഴി തെററുന്നവൻ
ഇടറിപ്പോകും. നിർമ്മലനായി കാണപ്പെടു
കയും പണത്തിനു പിന്നാലെ വഴി പിഴയ്ക്കാ
തെയും ഇരുന്നിട്ടുള്ള ധനവാൻ ഭാഗ്യവാൻ.
ആരാണ് അവനെ പുകഴ്ത്താതിരിക്കുന്നത്?
അവൻ സ്വജനത്തിൽ വലിയ കാര്യങ്ങൾ
പവർത്തിക്കും. ആരാണ് അവനെ പിൻ
ചല്ലാതിരിക്കുന്നത്? അവനു സമാധാനമു
ണ്ടാകും: അവനു മഹിമ ഉണ്ടാകും. വഴി
തെററാൻ സൗകര്യമുണ്ടായിരുന്നിട്ടും
തെററാതിരുന്നവനാണ് അവൻ. കൂട്ടു
കാരനു ദോഷം വരുത്തുവാൻ പ്രാപ്തിയു
ണ്ടായിരുന്നിട്ടും അവൻ അതു ചെയ്യവനല്ല.
ൃകയാൽ അവൻെറ സൗഭാഗ്യം വർദ്ധി
മാകും. അവൻെറ പുകഴ്ചകൾ ജനസമൂ
ം ആവർത്തിച്ചാവർത്തിച്ചു പാടും.
ൻെറ മകനേ, ധനവാനോടൊത്തു നീ
ഷണത്തിനിരിക്കുമ്പോൾ നീ അവനോടു
ധികം സംസാരിക്കരുത്. എനിക്കു മതി
ായില്ല എന്ന് അവനോട് പറയരുത്.
ന്തെന്നാൽ ദുർന്നയനത്തെ ദൈവം
ുക്കുന്നു. സകലത്തിൻെറയും മുമ്പിൽ
ന്നു ചലിക്കുന്നു. മുഖത്തു കണ്ണുനീ
ാലിക്കുന്നു. നീ എന്തെങ്കിലും കണ്ടാൽ
നെ കൈ നീട്ടരുത്. പാത്രത്തിലേക്കു
ൻെറ കൈ കുത്തിക്കയററരുത്. നിൻെറ
ുകാരൻ നിന്നെപ്പോലെ തന്നെയാണെ
നീ അറിയണം. നിൻെറ മുമ്പിൽ
ിമ്പിയിരിക്കുന്നതു തിന്നണം. ഉത്ത
ായ മനുഷ്യനെപ്പോലെ നീ ആഹരി
ക. നീ വെറുക്കപ്പെടാതിരിക്കേണ്ടതിനു
അതിഭാഷണം ചെയ്യുന്നവനായിരി
ുത്. സാമൂഹ്യമര്യാദ നീ എപ്പോഴും
ക്ഷിക്കണം. അനേകരൊന്നിച്ചു നീ
ണത്തിനിരിക്കുമ്പോൾ അവർക്കെ
ർക്കും മുമ്പു നീ കൈ നീട്ടരുത്.
ിമാനായ മനുഷ്യൻ അല്പംകൊണ്ടു
ിദ്ധനായിപ്പോകുന്നു. നീതിമാൻ
ൻെറ ശയ്യയിൽ പരിഭ്രമിക്കുകയില്ല.
ായും നിദ്രാരാഹിത്യവും മനോവേദ
വിഷമവും ഉള്ളെരിച്ചിലും അത്യാ
ക്കുള്ളതാകുന്നു. നല്ല സുഖനിദ്ര
്യമായി പ്രവർത്തിക്കുന്ന മനുഷ്യന്
കും. പ്രഭാതംവരെ അവൻ ഉറങ്ങും.
ൻെറ മനസ്സു ശാന്തമായിരിക്കും.
നത്തെക്കുറിച്ചു നിനക്കു വിഷമമു
ിൽ പൊതുവായ സ്ഥാനത്തുനിന്നു
ിശ്രമിക്കുക. മകനേ, എന്നെ ശ്രദ്ധിച്ച്
ഉപദേശം സ്വീകരിക്കുക. നീ എന്നെ
ിക്കരുത്. അവസാനം നീ എൻെറ
വാക്കുകൾ കണ്ടെത്തുകതന്നെചെയ്യും.
നിൻെറ സർവ്വ പ്രവർത്തനങ്ങളിലും നീ 27
വിനീതനായിരിക്കണം. യാതൊരു തിന്മയും
നിന്നെ സമീപിക്കരുത്. അനുഗൃഹീത ഭക്ഷ 28
ണത്തിൽ നിൻെറ ദൃഷ്ടി വെക്കുക. നല്ല 29
സാക്ഷ്യം വിശ്വസനീയമത്രേ. വീഞ്ഞിൻെറ
കാര്യത്തിലും നീ അത്യധികം ശ്രദ്ധ വയ്ക്ക
രുത്. എന്തെന്നാൽ അതു പൂർവ്വികരായ
അനേകരെയും നശിപ്പിച്ചിട്ടുണ്ട്. ലോഹപ്പ 30
ണിക്കാരൻെറ നിർമ്മിതിയെ മൂശ പരിശോ
ധിക്കുന്നതുപോലെതന്നെയാണ് അധർമ്മി
യെ വീഞ്ഞു നിഷിദ്ധനാക്കുന്നത്. ദ്രാക്ഷാ 31
രസം അതിൻെറ അളവനുസരിച്ച് പാനം
ചെയ്യുമ്പോൾ അതു മനുഷ്യനു ജീവജലം
പോലെയാണ്. ദ്രാക്ഷാരസം കൂടാതെയുള്ള 32
ജീവിതം എന്തൊരു ജീവിതമാണ്! ആരംഭം 33
മുതലേ ആനന്ദത്തിനായിട്ടല്ലോ അതു
സൃഷ്ടിക്കപ്പെട്ടത്? ഹൃദയസന്തോഷ 34
ത്തിനും മാനസോല്ലാസത്തോടുകൂടിയുള്ള
നേരത്തിനും മിതമായ രീതിയിൽ പാനം
ചെയ്യപ്പെടുന്ന വീഞ്ഞു പ്രയോജനപ്പെ
ടുന്നു. എന്നാൽ കലഹത്തോടുകൂടി പാനം 35
ചെയ്യപ്പെടുന്ന വീഞ്ഞും അമിതമായ
വീഞ്ഞുപയോഗവും ഭോഷനു ഇടർച്ചകൾ
വരുത്തിവയ്ക്കുന്നു. അവൻെറ ശക്തി ക്ഷയി 36
പ്പിക്കുന്നു. അവൻെറ വ്രണങ്ങൾ വർദ്ധി
ക്കുന്നു. വിരുന്നിലെ പാനീയസമയത്തല്ല നീ 37
നിൻെറ കൂട്ടുകാരനെ ശാസിക്കേണ്ടത്; അവ
ൻെറ സന്തോഷസമയത്ത് അവനെ ശല്യം
ചെയ്യരുത്. അവമാനകരമായ വാക്കുകൾ
നീ അവനോടു പറയരുത്. സദസ്സിൽ നീ 38
അവനോടു ശണ്ഠകൂടരുത്.

അദ്ധ്യായം 32

മനുഷ്യർ നിന്നെ തലവനാക്കുമ്പോൾ 1
നീ നിഗളിക്കരുത്. ധനവാന്മാരിൽ നീ
ആശ്രയം വയ്ക്കരുത്. അവരിൽ ഒരാളായി
അവരോടു പെരുമാറണം. ആദ്യം അവരുടെ 2
കാര്യം ശ്രദ്ധിച്ചശേഷം പിന്നീടു നീ ഭക്ഷ
ണത്തിനിരിക്കണം. അവരുടെ എല്ലാ ആവ
ശ്യങ്ങളും നിറവേററിയിട്ടു നീ ഇരിക്കുക.
അങ്ങനെ അവസാനം നീ സന്തോഷിക്കും; 3
ഭക്ഷണമേശയിങ്കൽ നീ ബഹുമാനിത
നാകും. വിരുന്നിലെ പാനീയസമയത്തു നീ 4
വലിയ വിവരണങ്ങളൊന്നും പറയുകയോ
ചെയ്യരുത്. സ്വർണ്ണമടിശീലയ്ക്കു മുദ്ര 5
എന്നതുപോലെയാണ് പാനീയവിരുന്നിലെ
ദൈവമഹത്ത്വം. വിരുന്നുസമയത്തു സദ്ഭാ 6
ഷണങ്ങൾ സ്വർണ്ണപതക്കവും മുദ്രയും രത്ന
ങ്ങളും പോലെയത്രേ. അധികാരികളുടെ 7

മുമ്പിൽ നീ അധികം അഹങ്കരിക്കരുത്.
നിന്നിലും പ്രായമേറിയവരെ അധിക്ഷേപി
ക്കുവാൻ നീ ആഗ്രഹിക്കരുത്. ഭക്ഷണസമ
യത്ത് അധികസംസാരത്തിനു തുനിയരുത്.
9 നിനക്ക് ഓർമ്മയുള്ള കാലമത്രയും നിന്റെ
10 ഭവനത്തെ നീ സംരക്ഷിക്കുക. ന്യൂനതയോ
ടുകൂടെയല്ലാതെ ദൈവഭയത്തോടുകൂടി
11 നിന്റെ ആഗ്രഹം നിവർത്തിക്കുക. എല്ലാ
ററിനും ഉപരിയായി തന്റെ നന്മകൾ
കൊണ്ടു നിന്നെ തൃപ്തിപ്പെടുത്തിയവനായ
ദൈവത്തിന്റെ നാമത്തെ സ്തോത്രം
12 ചെയ്യുക. ദൈവത്തിന്റെ പ്രവർത്തനം
ചെയ്യുന്നവൻ വിജ്ഞാനം സമ്പാദിക്കും.
13 അവൻ പ്രാർഥിക്കുമ്പോൾ ദൈവം
14 അവനോട് ഉത്തരമരുളും. ദൈവഭക്തന്മാർ
ദൈവനീതിയാൽ വിജ്ഞരായി ഭവിക്കും;
അത്യധികവിജ്ഞാനം അവരുടെ ഹൃദയ
15 ത്തിൽനിന്നു പുറപ്പെടും. വക്രതയുള്ള
മനുഷ്യൻ ഉപദേശം മറച്ചുവച്ച് സ്വന്ത
ഇഷ്ടാനുസരണം അവന്റെ വഴിയിലൂടെ
16 അവൻ പോകും. വിജ്ഞനായ മനുഷ്യൻ
വിജ്ഞാനത്തെ നിഗൂഢമായി വച്ചിരി
ക്കുകയില്ല. അധർമ്മി, അവന്റെ നാവു
17 സൂക്ഷിക്കുകയില്ല. ആലോചന കൂടാതെ
ഒരു കാര്യവും നീ ചെയ്യരുത്. ഒരു കാര്യം
ചെയ്തശേഷം നിനക്കു ദുഃഖിപ്പാൻ ഇട
18 യാകരുത്. ഹീനമായ മാർഗത്തിലൂടെ നീ
പോകരുത്; നിന്റെ കാല് രണ്ടു പ്രാവശ്യം
19 കല്ലിൽ തട്ടിയേക്കും. അധർമികളുടെ
20 മാർഗത്തിൽ നീ ആശ്രയിക്കരുത്. നിന്റെ
മാർഗങ്ങളിൽ നീ സൂക്ഷ്മത പാലിക്കുക.
നിന്റെ സർവ പ്രവർത്തനങ്ങളിലും നിന്നെ
21 ത്തന്നെ സൂക്ഷിച്ചുകൊൾക. എന്തെന്നാൽ
ഇങ്ങനെയുള്ളവനെല്ലാം കല്പന പാലി
22 ക്കുന്നവൻ ആകുന്നു. സ്വയം മാർഗ്ഗം
സൂക്ഷിക്കുന്നവൻ ദൈവകല്പനയെ
23 യാകുന്നു പാലിക്കുന്നത്. ദൈവത്തിൽ
ആശ്രയം വെക്കുന്നവൻ ഒരിക്കലും നശി
ക്കുകയില്ല.

അദ്ധ്യായം 33

1 ദൈവഭക്തന് പരീക്ഷയല്ലാതെ
യാതൊരു തിന്മയും നേരിടുകയില്ല. പരീ
ക്ഷാ സന്ദർഭത്തിൽ അവൻ വീണ്ടും വിടു
2 വിക്കപ്പെടും. സുബുദ്ധിയുള്ളവൻ നിയമം
3 വെറുക്കുകയില്ല. ആത്മാർത്ഥതയില്ലാ
ത്തവൻ കാററിൽ ഉലയുന്ന വള്ളംപോലെ
യാണ്. വിവേകിയായ മനുഷ്യൻ പ്രമാണം
വിശ്വസിക്കുകയും ദൈവകല്പനയായി
വിശ്വസ്തതയോടെ അതു കാണുകയും
ചെയ്യും. നിന്നെ ആരെങ്കിലും ശ്രദ്ധിക്കണ 4
മെന്നാഗ്രഹമുണ്ടെങ്കിൽ പറയേണ്ടതു
നേരത്തെ ക്രമപ്പെടുത്തിവയ്ക്കുക. പഠനം
പൂർത്തിയാക്കുക. പിന്നീട് സംസാരിക്കുക. 5
അധർമിയുടെ ഹൃദയം വേഗതയുള്ള വണ്ടി
ച്ചക്രംപോലെയാണ്.

അവന്റെ ചിന്തകളെല്ലാം ഇതു 6
പോലെയാകുന്നു. അധർമിയുടെ കരുണ
ശബ്ദമുണ്ടാക്കുന്ന കുതിരയെപ്പോലെ
യാണ്. അതിനെ സ്നേഹിക്കുന്നവരുടെ
കീഴിലും അതു ശബ്ദമുണ്ടാക്കുന്നു. സംവ 7
ത്സരത്തിൽ ഒരു ദിവസം മററു ദിവ
സങ്ങളേക്കാൾ വ്യത്യസ്തമായിരിക്കുന്നത്
എന്തുകൊണ്ട്? എല്ലാ പ്രകാശഗോളങ്ങളും 8
സംവത്സരത്തിന്റെ ദിവസങ്ങൾക്ക് ശുശ്രൂ
ഷ ചെയ്യുന്നുണ്ടല്ലോ. എന്തെന്നാൽ ദൈവ
ജ്ഞാനത്താലാണ് അവ വ്യത്യസ്തങ്ങ
ളായിരിക്കുന്നത്. അവയിൽനിന്ന് കാല
ങ്ങളും സമയങ്ങളും നിർമിച്ചു. അവയിൽ
ചിലതിനെ അവൻ വാഴ്ത്തി ശുദ്ധീകരിച്ചു.
മററു ചിലതിനെ സാധാരണ ദിവസങ്ങ 9
ളാക്കി. എല്ലാ മനുഷ്യരേയും മണ്ണുകൊണ്ടാ
ണവൻ നിർമിച്ചത്. മണ്ണുകൊണ്ടാണ് ആദാം
സൃഷ്ടിക്കപ്പെട്ടത്. എന്തെന്നാൽ ദൈവ 10
വിജ്ഞാനത്താൽ അവയെ അവൻ
വ്യത്യസ്തങ്ങളാക്കി ഭൂവാസികളാക്കി
തീർത്തു. ചിലതിനെ അവൻ അനുഗ്രഹിച്ച് 11
മഹോന്നതമാക്കി. ചിലരെ അവൻ വിശുദ്ധീ
കരിച്ച് തന്റെ അടുക്കലേക്ക് ആനയി
ക്കുകയും ചെയ്തു. ചിലതിനെ അവൻ 12
ശപിച്ചു താഴ്ത്തി. അവയുടെ നിലപാടു
കളിൽനിന്ന് നീക്കിക്കളഞ്ഞു. കുശവന്റെ 13
കയ്യിൽ ഇരിക്കുന്ന കളിമണ്ണുപിണ്ഡം
പോലെയാണ് മനുഷ്യർ അവന്റെ സ്രഷ്ടാ
വിന്റെ കയ്യിലിരിക്കുന്നത്. അവന്റെ 14
ഇഷ്ടാനുസരണം പ്രവർത്തിക്കുവാൻ അവ
സ്ഥിതി ചെയ്യുന്നു. ദുഷ്ടനെതിരായി 15
ശിഷ്ടൻ നിർമ്മിതമായി. മരണത്തിന്നെതി
രായി ജീവൻ നിർമ്മിതമായി. പ്രകാശ
ത്തിനെതിരായി അന്ധകാരവും നിർമ്മിത
മായി. ഇങ്ങനെ ദൈവം ഒന്നിനെതിരായി
ഒന്ന് എന്ന രീതിയിൽ ഈരണ്ടായി തന്റെ
പ്രവൃത്തികൾ കാണിച്ചു. അവസാനമാണ്
ഞാൻ ആഗതനായത്. കാലാപെറുക്കുന്ന 16
വൻ മുന്തിരിപ്പഴം ശേഖരിക്കുന്നവനെ അനു
ഗമിക്കുന്നതുപോലെയാണ് ഞാൻ. ദൈവ
കരുണയാൽ ഞാൻ എഴുന്നേററു. കാലാ
പെറുക്കുന്നവനെപ്പോലെ എന്റെ മുന്തി
രിച്ചക്ക് ഞാൻ നിറച്ചു. അധികാരികളേ 17
എന്നെ കേൾപ്പിൻ. സംഘപ്രമാണികളേ

എന്നെ ശ്രദ്ധിപ്പിൻ. പുത്രനോ ഭാര്യയോ
സഹോദരനോ സ്നേഹിതനോ നിൻെറ
ജീവിതകാലത്ത് നിൻെറമേൽ അധികാര
പ്പെട്ടിരിക്കരുത്. നീ ജീവിച്ചിരിക്കുകയും
നിന്നിൽ ശ്വാസം ഉണ്ടായിരിക്കുകയും
ചെയ്യുന്ന കാലത്ത് ഒരുവനും നിൻെറമേൽ
അധികാരം ചെലുത്തരുത്. അവരിൽനിന്ന്
തിരികെ കിട്ടുവാനും അവരോട് ചോദിച്ച്
ടക്കുവാനും അന്യർക്കു നിൻെറ സമ്പത്ത്
ീ കൊടുക്കരുത്. നിൻെറ മക്കളോട് നീ
ആവശ്യപ്പെടുന്നതിനേക്കാൾ അവർ
നിന്നോടാവശ്യപ്പെടുന്നതാണ് നിനക്കു
ല്ലത്. നിൻെറ സർവപ്രവൃത്തികളും
ന്നതമായിരിക്കണം. നിൻെറ മഹിമയ്ക്ക്
ളങ്കം വരുത്തരുത്. നിൻെറ നാളുകളുടെ
ർണ്ണം തികയുമ്പോൾ നിൻെറ മരണദിവസ
ത്തോടടുത്ത് നിൻെറ സ്വത്തുക്കൾ നിൻെറ
ക്കൾക്ക് അവകാശമായി കൊടുക്കുക.
ഴുതയ്ക്ക് തീററ, വടി, ചുമട് ഇവ കൊടു
ുക. വേലക്കാരന് അപ്പം, ശിക്ഷണം,
ാലിയും കൊടുക്കുക. അവന് നീ വിശ്രമം
ൊടുക്കരുത്. നീ അല്പമൊന്ന് തല
റിയാൽ അവൻ സ്വാതന്ത്ര്യം അന്വേ
ക്കും. നിന്നോട് മത്സരിക്കാതിരിക്കുവാൻ
ൻെറ ദാസനെക്കൊണ്ട് വേല ചെയ്യി
ക. അലസത, അനേക ദുഷ്ക്കാര്യങ്ങൾ
യ്യും. എന്നാൽ യോഗ്യമായ രീതിയിൽ
ൻെറ ഭവനത്തിൽ അവനെ അധികാര
ടുത്തിക്കൊള്ളുക. അവൻ നിന്നെ
നുസരിക്കുന്നില്ലെങ്കിൽ അവൻെറ
ധനം വർദ്ധിപ്പിക്കുക. എല്ലാവരോടും
ദനെ ചെയ്യണമെന്നല്ല. പ്രമാണവിരു
ായി ഒരു കാര്യവും നീ ചെയ്യരുത്.
ക്ക് ഒരു ദാസനുണ്ടെങ്കിൽ അവനെ
ന്നപ്പോലെ കരുതുക. അവന് നിന്നെ
ലെ നിനക്കു അവനെക്കൊണ്ട് ആവശ്യ
ട്. നിനക്ക് ഒരു ദാസനുണ്ടെങ്കിൽ
ൻെറ സഹോദരനെപ്പോലെ അവനെ
തുക. നിൻെറ സ്വന്തരക്തത്തോട് നീ
ഹിക്കരുത്. നീ അവനെ വിഷമിപ്പിച്ചാൽ
ൻ പുറപ്പെട്ടുപോയി നശിച്ചുപോകും.
ദനെ നീ അവനെ കണ്ടെത്തും?

അദ്ധ്യായം 34

ൃർഥതയെ അന്വേഷിക്കുന്നവൻ
ഭത്തുന്നത് വ്യാജവും സ്വപ്നവും
ാമില്ലാത്ത സന്തോഷവുമാണ്. വലയും
ുകൊണ്ടിരുന്നിട്ടും പക്ഷി പറന്നുപോ
തുപോലെയാണ് രാത്രിയിലെ
നത്തെ വിശ്വസിക്കുന്നവൻെറ സ്ഥി
തിയും. നീ സ്വപ്നത്തിൽ കാണുന്നത് 3
മുഖത്തിൻെറ ഒരു പ്രതിച്ഛായയാണ്.
വിജയമുണ്ടാകുന്നത് ജനത്തിൻെറ നേതാ 4
വിൽനിന്നുമാകുന്നു. ഏതൊരു വ്യാജ
ക്കാരനാണ് വിജയിച്ചിട്ടുള്ളത്. എല്ലാ 5
പ്രശ്നവും ജ്യോതിഷവും സ്വപ്നവും വെറും
വഞ്ചന മാത്രമാണ്. അവയിൽ വിശ്വസി
ക്കുന്നവൻെറ ഹൃദയം അവയിൽ പതിഞ്ഞി
രിക്കുന്നു. രാത്രിസ്വപ്നങ്ങൾ ദൈവസന്നി 6
ധിയിൽനിന്ന് അയയ്ക്കപ്പെട്ടു എന്നു
വിചാരിക്കുന്നത് വെറും തെററാണ്. നീ
അതിൽ അല്പവും മനസ്സുവയ്ക്കരുത്.
അനേകർ സ്വപ്നംമൂലം വഴിപിഴച്ചു പോയി 7
ട്ടുണ്ട്. അവരുടെ മാർഗങ്ങളിൽ അവർ
ഇടറിയിട്ടുമുണ്ട്. പാപമില്ലാത്ത സ്ഥല 8
ത്താണ് ദൈവനിവാസം. അധർമ്മികളുടെ
ജ്ഞാനം വിശ്വസിക്കപ്പെടുന്നത് രാത്രിയി
ലാണ്.

വിജ്ഞാനിയായ മനുഷ്യൻ വളരെ 9
യേറെ പരിശോധിക്കും. അഭിവൃദ്ധി പ്രാപി
ക്കേണ്ടവൻ എല്ലാം ഗവേഷണം ചെയ്യും.
അഭ്യാസമില്ലാത്തവൻ അല്പം മാത്രമാണ്
അറിയുന്നത്. അഭ്യാസമുള്ളവനോ
വിജ്ഞാനം വർദ്ധിപ്പിക്കും. ഞാൻ പരി 10
ശോധന നടത്തിയപ്പോൾ വളരെയേറെ
കാര്യങ്ങൾ ഞാൻ കണ്ടു. അനേകം കാര്യ 11
ങ്ങൾ എന്നെ കടന്നുപോയി. വളരെ
പ്രാവശ്യം ഞാൻ മരണത്തോട് സമീപിച്ചു.
ഇവ മൂലമാണ് ഞാൻ രക്ഷ പ്രാപിച്ചത്.
തൻെറ ഭക്തന്മാരുടെ ഇഷ്ടം ദൈവം 12
ചെയ്തുതരും. എന്തെന്നാൽ അവൻെറ
പ്രത്യാശ വലുതാണ്. ദൈവം അവനെ 13
രക്ഷിക്കുകയും ചെയ്യും. ദൈവഭക്തിയുള്ള
വൻെറ ആത്മാവിനു ഭാഗ്യം. എന്തെന്നാൽ
അവൻ ദൈവത്തിലാണ് ആശ്രയം വച്ചി
രിക്കുന്നത്. ആരാണ് അവന് താങ്ങൽ
കൊടുക്കുന്നത്. ദൈവതൃക്കണ്ണുകൾ അവ
ൻെറ എല്ലാ പ്രവൃത്തികളിന്മേലും ഉണ്ട്.
അവൻ സൗജന്യരക്ഷ നൽകുന്നു. അവ 14
നാണ് വലിയ ആശ്രയം. അവൻ ശത്രുവിൽ
നിന്ന് സുരക്ഷിതനാക്കുന്നു. വെറുക്കുന്നവ 15
നിൽനിന്ന് സംരക്ഷിക്കുന്നു. ശിക്ഷയിൽ
നിന്ന് പുനരുദ്ധരിക്കുകയും ചെയ്യുന്നു. വീ 16
ണുപോകുന്നവന് വീണുപോകാതിരിപ്പാൻ
അവൻ താങ്ങൽ നൽകുന്നു. ഹൃദയസന്തോ
ഷവും കണ്ണുകളുടെ പ്രകാശവും ജീവിത
ത്തിലെ സൗഖ്യവും വാഴ്വുകളും പുണ്യവാ
ന്മാരുടെമേൽ പല മടങ്ങായി അവൻ
ചൊരിയുന്നു. അധർമികളുടെ യാഗങ്ങൾ 17
അനീതി നിറഞ്ഞവയാകുന്നു. അവരുടെ

18 വഴിപാടുകൾ സ്വീകൃതമാകയില്ല. ദൈവം
പാപികളുടെ യാഗങ്ങളിലും അവരുടെ
ഏറിയ കാഴ്ചനേർച്ചകളിലും അശേഷം
പ്രസാദിക്കുന്നില്ല. അവരോട് ക്ഷമിക്കു
19 ന്നില്ല. പിതാവിൻെറ മുമ്പിൽവച്ച് ഒരു മകനെ
അറുത്തുകൊല്ലുന്നതുപോലെയാണ്
പാവപ്പെട്ടവൻെറ വസ്തുവകകൾ ഉപ
20 യോഗിച്ച് യാഗമർപ്പിക്കുന്നത്. പാവപ്പെട്ട
വരുടെ ജീവനാണ് അവർക്കു കിട്ടുന്ന അപ്പം.
അത് അവരിൽനിന്ന് തടസ്സംചെയ്യുന്നവൻ
21 നിർദോഷരക്തം ചൊരിയുകയാണ്. തൻെറ
കൂട്ടുകാരനെ കൊലചെയ്ത് അവൻെറ വസ്തു
വകകൾ കൈക്കലാക്കുന്നതും നിർദോഷ
രക്തം ചൊരിയുന്നതും ദൈവത്തെ കോപി
22 പ്പിക്കലാണ്. കൂലിക്കാരൻെറ കൂലി നിരസി
ക്കുന്നതു അവൻെറ സ്രഷ്ടാവിനെ നിരസി
ക്കലാണ്. അവൻ തിന്മപ്പെട്ട പ്രതികാര
23 ത്തിന് പാത്രമാകും. ഒരുവൻ പണിയുന്നതു
വേറൊരുവൻ പൊളിക്കുന്നു. ആർക്ക് എന്തു
പ്രയോജനം? അത് വെറും പ്രയത്നമല്ലാതെ
മറെറന്താണ്?

24 ഒരുവൻ അനുഗ്രഹിക്കുന്നു. മറെറാരു
വൻ ശപിക്കുന്നു. ഈ ഇരുവരിൽ ആരുടെ
25 ശബ്ദമാണ് ദൈവം കേൾക്കുക. ഒരുവൻ
ശവം തൊട്ടതിനുശേഷം പ്രക്ഷാളനം ചെയ്യു
ന്നു. പിന്നെയും അതിനെ തൊടുന്നു. അവ
ൻെറ പ്രക്ഷാളനംകൊണ്ട് എന്തു പ്രയോ
26 ജനം? ഒരുവൻ പാപങ്ങളിൽനിന്ന് ഉപവാസം
അനുഷ്ഠിക്കുന്നു. വീണ്ടും അതുതന്നെ
ചെയ്യുന്നു. അവൻെറ പ്രാർത്ഥന ആരു
കേൾക്കും? അവൻ ഉപവസിച്ചതുകൊണ്ട്
എന്തു പ്രയോജനം?

അദ്ധ്യായം 35

1 ന്യായപ്രമാണത്തിൽ എഴുതപ്പെട്ടിരി
ക്കുന്നവ നീ പ്രവർത്തിച്ചു എങ്കിൽ നിൻെറ
പ്രവർത്തനങ്ങൾ നീ വർദ്ധിപ്പിച്ചു എങ്കിൽ
കല്പന പാലിച്ചു എങ്കിൽ നിൻെറ ആത്മാ
2 വിനു ഭാഗ്യം. കാഴ്ചയണയ്ക്കുന്നതിനേ
ക്കാൾ അതിനു നല്ല ശ്രേഷ്ഠതയുണ്ട്.
ദാനധർമ്മം ചെയ്യുന്നവൻ ന്യായപ്രമാണ
3 പാലകനാകുന്നു. തിന്മയായ സകല
ത്തിൽനിന്നും തെററി ഒഴിയുന്നതാണ്
4 ദൈവതിരുവിഷ്ടം. വർജ്ജ്യമായത് ചെയ്യാ
തിരിപ്പാൻ നിൻെറ ശക്തിയെ നീ വിലക്കുക.
5 നീ ദൈവസന്നിധിയിൽ വ്യർത്ഥമായി
കാണപ്പെടരുത്. എന്തെന്നാൽ നല്ലതു
ചെയ്യുന്നവനെല്ലാം കല്പന ആചരിക്കുന്ന
6 വനാകുന്നു. പുണ്യവാന്മാരുടെ കാഴ്ചകൾ,
അവരുടെ വായിൽനിന്നുള്ള പ്രാർത്ഥ
നകൾ. അവരുടെ പ്രവൃത്തികൾ, ആകാശം
കുത്തിത്തുളച്ചുകയറുന്നു. മനുഷ്യൻെറ 7
ദാനം നന്നായി സ്വീകൃതമാകും. പുണ്യ
വാന്മാരുടെ സ്മരണ എന്നേക്കുമായി 8
വിസ്മരിക്കപ്പെടുകയില്ല. നല്ല ദൃഷ്ടിയോടെ
ദരിദ്രന് ദാനം ചെയ്യുക. നിൻെറ ദാന 9
ങ്ങൾമൂലം നീ ഇളകാതിരിക്കും. നിൻെറ 10
സർവദാനങ്ങളിലും നിൻെറ മുഖം പ്രശോഭി
തമായിരിക്കട്ടെ. നിനക്ക് തന്നു വീട്ടുവാൻ
കഴിവില്ലാത്തവനും നീ സന്തോഷത്തോടെ
വായ്പ കൊടുക്കുക. എന്തെന്നാൽ ദൈവ
മാണ് പ്രതിഫലം നൽകുന്നത്. പതിനായിരം
പതിനായിരമായി അവൻ നിനക്കു
പ്രതിഫലം നൽകും. ദൈവം നിനക്കു ദാനം 11
ചെയ്തിരിക്കുന്നതുപോലെ നല്ല ദൃഷ്ടിയും
വലിയ കയ്യുമായി നീ ദൈവത്തിനു
സമർപ്പിക്കുക. പാവപ്പെട്ടവന് കൊടുക്കുന്ന
വൻ ദൈവത്തിനാണ് കൊടുക്കുന്നത്.

ദൈവമല്ലാതെ നിനക്കു പ്രതിഫലം 12
തരുവാൻ നിനക്കു മററാരുണ്ട്? സമർപ്പി
ക്കുവാൻ നീ വൈകരുത്. എന്തെന്നാൽ 13
അത് സ്വീകൃതമല്ലാതെവരും. അപഹ 14
രിച്ചെടുത്തതുകൊണ്ടുള്ള കാഴ്ച സ്വീകാ
ര്യമല്ല. എന്തെന്നാൽ ദൈവം നീതി നടത്തു
ന്നവനാകുന്നു. അവന് മുഖപക്ഷമില്ല. 15
ദരിദ്രൻെറ പ്രാർത്ഥന അവൻെറ സന്നിധി
യിൽ പ്രവേശിക്കും. മനസ്സു നീറുന്നവൻെറ
അപേക്ഷ അവൻ കേൾക്കും. അനാഥരുടെ
സങ്കടം അവൻ ഉപേക്ഷിക്കുകയില്ല.
വിധവമാരുടെ പ്രാർഥനയും പാവപ്പെട്ടവ 16
രുടെ പ്രാർഥനയും അവൻ കേൾക്കും.
പാവപ്പെട്ടവരുടെ പ്രാർഥന മേഘങ്ങളെ
താഴ്ത്തും. ദരിദ്രൻെറ പ്രാർഥന മേഘ
ങ്ങൾക്കുപരി ഉയർന്ന് ശ്രേഷ്ഠൻെറ
സന്നിധിയിൽ പ്രവേശിക്കും. അതേപ്പററി 17
ദൈവം ഉത്തരമരുളുന്നതുവരെ അത് മാറി
പ്പോകയില്ല. അവൻ സത്യമായി വിധി
ക്കുന്നവനാകുന്നു. അതുപോലെതന്നെ 18
അധർമികളുടെ പ്രവൃത്തികൾക്ക് പ്രതികാ
രം ചെയ്യുന്നതുവരെയും അവൻ ക്ഷമിച്ചി
രിക്കുകയില്ല. അലസമായിരിക്കുകയില്ല
പാപികളുടെ ബലം നശിപ്പിക്കുന്നതുവ 19
രേയും അവൻ ജാതികളുടെ നേരേ പ്രതി
കാരം തിരിച്ചുവിടും. അനാഥർക്ക് അവരുടെ
അവകാശം തിരിച്ചു കിട്ടുന്നതുവരേയും 20
അധർമികളായ അധികാരികളെ അവൻ
വിച്ഛേദിക്കുകതന്നെ ചെയ്യും. തൻെറ 21
ജനത്തിൻെറ വിധി നടത്തുന്നതുവരേയും
അധർമികളുടെ ആലോചന അവൻ നശി
പ്പിക്കും. അവൻെറ പ്രതികാരത്താൽ തൻെറ

ജനത്തെ അവൻ സന്തോഷിപ്പിക്കും. ആവ
ശ്യമുള്ള കാലത്ത് മഴക്കാറുപോലെ
കഷ്ടതയുടെ കാലത്ത് പ്രതിയോഗി
പരാജിതനാകും.

അദ്ധ്യായം 36

ഞങ്ങൾക്കെല്ലാം രക്ഷകനും കർത്താ
വും ദൈവവുമേ നിന്നെ അറിഞ്ഞിട്ടില്ലാത്ത
ജാതികളുടെമേൽ നിന്റെ ക്രോധം വരു
ത്തണമേ. അന്യജനത്തിന്മേൽ തൃക്കൈ
ഉയർത്തണമേ. അവർ നിന്റെ ശക്തി
അറിയട്ടെ. നിന്റെ പരിശുദ്ധത ഞങ്ങളുടെ
ഇടയിൽ വെളിപ്പെടുത്തിയത് അവർ
കണ്ടതുപോലെ നിന്റെ മഹത്വം അവരുടെ
മദ്ധ്യ വിശുദ്ധീകൃതമാകുന്നത് ഞങ്ങളും
കാണുവാനിടയാകട്ടെ. കർത്താവേ അവിടു
ന്നല്ലാതെ വേറെ ദൈവമില്ലെന്ന് ഞങ്ങൾ
അറിഞ്ഞതുപോലെ അവരും അറിയണമെ.
നിന്റെ അടയാളങ്ങൾ പുതുക്കണമെ.
നിന്റെ അത്ഭുതപ്രവൃത്തികൾ വർദ്ധി
പ്പിക്കണമെ. നിന്റെ വലങ്കയ്യും ഭുജവും
മഹത്വമാക്കണമെ. ശത്രുക്കളുടെമേൽ
നിന്റെ ക്രോധം ഉണർത്തി കോപം ഒഴിച്ച്
എതിരാളിയെ തകർക്കണമെ. ശത്രുവിനെ മായി
ച്ചുകളയണമെ. നീ നിശ്ചയിച്ച ആ ദിവസം
അടുക്കുകയും അത് വരുത്തുകയും ചെയ്യ
ണമേ. നീ എന്താണ് ചെയ്യുന്നത് എന്ന്
നിന്നോട് ചോദിപ്പാൻ ആരുമില്ല. ശത്രു
വിനെയും ജാതികളുടെ പ്രമാണികളെയും
അധികാരികളെയും ക്രോധത്തിലും അഗ്നി
യിലും മായിച്ചുകളയണമെ. എനിക്ക്
പുറമെ മറ്റാരുമില്ലെന്ന് വമ്പു പറയുന്ന
ശത്രുവിന്റെ കിരീടം നീ എടുത്തുകളയ
ണമേ. യാക്കോബിന്റെ വംശങ്ങളെയെല്ലാം
ശേഖരിക്കണമെ. നീ പൂർവ്വകാലത്ത് അരു
ളിയപ്രകാരം അവരുടെ അവകാശം
അവർ അനുഭവിക്കണമെ. നിന്റെ പേരു
വിളിച്ചിരിക്കുന്ന നിന്റെ ജനത്തിന്മേൽ
നിന്റെ ആദ്യജാതനെന്നു വിളിച്ചിരിക്കുന്ന
ഇസ്രായേലിന്മേൽ നീ സന്തുഷ്ടനാക
ണമേ. വിശുദ്ധിയുടെ നഗരമായ നിന്റെ
വാസസ്ഥാനമായ യറൂശലേമിന്മേൽ നീ
കരുണ ചെയ്യണമെ. സെഹിയോനെ
നിന്റെ മഹിമകൊണ്ടും ദൈവാലയത്തെ
നിന്റെ ബഹുമാനംകൊണ്ടും നിറയ്ക്ക
ണമേ. പണ്ടേപ്പോലെ നിന്റെ ദാസരുടെ
കൃത്യങ്ങൾ നീ നിലനിർത്തണമേ.
നിന്റെ നാമത്തിൽ സംസാരിച്ച നിന്റെ
പ്രവാചകരുടെ പ്രവചനങ്ങൾ പ്രാവർത്തിക
മാക്കണമെ. നിന്നെ പ്രതീക്ഷിക്കുന്നവർക്ക്
പ്രതിഫലം നല്കണമെ. നിന്റെ പ്രവാചകർ
വിശ്വസിക്കപ്പെടണമെ. നീ മാത്രമാണ് 19
നിത്യനായ ദൈവം എന്ന് ഭൂസീമകളിലുള്ള
എല്ലാവരും അറിയുവാൻ തക്കവണ്ണം
നിന്റെ ജനത്തിന്റെ ആഗ്രഹാനുസരണം
നിന്റെ ദാസരുടെ പ്രാർത്ഥന കേൾക്ക
ണമെ. എല്ലാ ഭക്ഷണവും ഒരുവൻ സ്വീക 20
രിക്കും. എന്നാൽ ഒന്നിനെക്കാൾ സ്വാദി
ഷ്ഠമായ മറെറാരു ഭക്ഷണമുണ്ട്. വായ്
ഭക്ഷണത്തിൻെറ രുചി അറിയുന്നു. വിജ്ഞ 21
രുടെ ഹൃദയം, അധർമ്മികളുടെ വചനങ്ങൾ,
ആകുലത മറച്ചുവച്ചിരിക്കുന്ന ഹൃദയം
ഇവയെല്ലാം വിജ്ഞാനിയായ മനുഷ്യൻ
മനസ്സിലാക്കും. സ്ത്രീകളുടെ സൗന്ദര്യം 22
അവളുടെ മുഖത്തിന് കാന്തിയായിരിക്കും.
കണ്മോഹത്തിന്മേൽ അവൾ ശക്തിപ്പെടും. 23
നിന്റെ സമ്പാദ്യങ്ങളുടെ ആരംഭമായി 24
ഉത്തമയായ ഭാര്യയെ നീ സമ്പാദിക്കുക.
അവൾ നിനക്ക് ആവശ്യാനുസരണമുള്ള
സഹായി ആയിരിക്കും. നിന്നെ താങ്ങുന്ന
തൂണുമായിരിക്കും. വേലിയില്ലാത്തിടത്ത് 25
മുന്തിരിത്തോപ്പ് കവർച്ച ചെയ്യപ്പെടും. ഭാര്യ
യില്ലാത്തിടത്ത് ഒരു മനുഷ്യൻ ഉഴന്നു നട
ക്കും. നഗരം തോറും ചുററിക്കറങ്ങി നടക്കു 26
ന്ന ചെറുപ്പക്കാരനെ ആരു വിശ്വസിക്കും?
അതുപോലെ തന്നെ ഭാര്യയില്ലാത്ത മനു
ഷ്യൻ എവിടെയെങ്കിലും കിടന്നു മരിക്കും.

അദ്ധ്യായം 37

ഞാനും നിന്റെ സ്നേഹിതനാണെന്ന് 1
ഒരുവൻ മറെറാരുത്തനോടു പറയും.
എന്നാൽ ചിലർക്ക് സ്നേഹിതൻ എന്ന
പേരുമാത്രമേയുള്ളു. മരണംവരെ നീണ്ടു
നിൽക്കുന്ന സ്നേഹിതൻ ഇല്ല. യഥാർഥ 2
സ്നേഹിതൻ നിന്നോട് നിന്നെപ്പോലെ
തന്നെ ആയിരിക്കും. ശത്രുവും ദുഷ്ടനും
എന്തിന് സൃഷ്ടിക്കപ്പെട്ടു. അധർമ്മ 3
പ്രവൃത്തികൾകൊണ്ട് ഭൂമുഖം നിറയ്ക്കു
വാൻ മാത്രം. ഭക്ഷണത്തിനു മാത്രം അടു 4
ത്തുകൂടുന്ന സ്നേഹിതൻ ദുഷ്ടനാണ്.
വേദനയുടെ കാലത്ത് അവൻ നേരേ
എതിരായി നിലകൊള്ളും. ശത്രുവിനെതി 5
രായി പരിച പിടിച്ച് പോരാട്ടം നടത്തുന്ന
സ്നേഹിതൻ നല്ലവനാകുന്നു. നിന്റെ 6
സ്നേഹിതനെ അടുത്തുനിർത്തിക്കൊണ്ടു
പുകഴ്ത്തരുത്. ' നിന്റെ ഭവനത്തിൽ നീ
അവനെ അധികാരിയുമാക്കരുത്. എല്ലാ 7
ആലോചനക്കാരെയും നീ പരിശോധി
ക്കണം. നല്ല ആലോചന തരുന്നവരുണ്ട്.
അധർമ്മിയായ ആലോചനക്കാരിൽ നിന്ന് 8

നിന്നെത്തന്നെ സൂക്ഷിച്ചുകൊളളണം.
അവൻ എന്താണ് ആഗ്രഹിക്കുന്നത്
9 എന്ന് മുൻകൂട്ടി നീ അറിയണം. നിനക്ക്
തിന്മപ്പെട്ട ഇടർച്ച വരുവാൻ തക്കവണ്ണം
അവൻ ചിന്തചെയ്യുന്നുണ്ടായിരിക്കാം.
10 അവൻ ഒരു പക്ഷേ "നിൻെറ വഴി
എത്ര വിശിഷ്ടം" എന്ന് പറഞ്ഞേക്കാം,
നിനക്കെതിരെ നിന്ന് നിൻെറ അപ
മാനം കാണുവാനാണ് അവൻ ആഗ്ര
11 ഹിക്കുന്നത്. നിൻെറ ശത്രുവുമായി നീ
ആലോചന ചെയ്യരുത്. അവനിൽനിന്ന്
നിൻെറ രഹസ്യം മറച്ചുവയ്ക്കുക. സ്ത്രീയു
12 മായിട്ട് നീ വ്യഭിചരിക്കരുത്. ശത്രുവുമാ
യിട്ടോ വ്യാപാരസംബന്ധമായി വ്യാപാരി
യുമായിട്ടോ, ക്രയവിക്രയം സംബന്ധമായി
വിൽപനക്കാരനുമായിട്ടോ നന്മ ചെയ്യു
വാനായി അധർമിയുമായിട്ടോ കരുണ
ചെയ്യുവാനായി ദയാശൂന്യനുമായിട്ടോ
പ്രവൃത്തിയിൽ വ്യാജം കാണിക്കുന്ന കൂലി
ക്കാരനുമായിട്ടോ നീ ശണ്ഠ ഉണ്ടാക്കരുത്.
13 അധർമ്മിയായ കൂലിക്കാരനുമായി നീ
രഹസ്യാലോചന ചെയ്യരുത്. യജമാനനെ
വിഴുങ്ങുവാനാഗ്രഹിക്കുന്ന ദാസനുമായി
14 നീ ആലോചന നടത്തരുത്. പുണ്യമുളള
മനുഷ്യരോടുകൂടി നീ വസിക്കുക. അവർ
ദൈവസന്നിധിയിൽ പാപം ചെയ്യുവാൻ
15 ഭയമുളളവരാണ്. അവരുടെ മനസ്സ് നിൻെറ
16 മനസ്സോട് യോജിപ്പുളളതാണ്. ഒരുവൻ
നിനക്കു ദോഷം വരുത്തുന്നുവെങ്കിൽ
അവനുതന്നെയാണ് ദോഷം വരുത്തുന്നത്.
നിനക്ക് ഗുണം വരുത്തുന്നുവെങ്കിൽ അവ
നുതന്നെയാണ് ഗുണം വരുത്തുന്നത്.
17 അവൻെറ വിശ്വസ്തതയാണ് അവനെ
ജീവിപ്പിക്കുന്നത്. അവനും നിന്നെപ്പോലെ
തന്നെ വിശ്വസ്തനാകുന്നു. പ്രയോജന
മില്ലാത്ത ലൗകികധനത്തേക്കാൾ അധിക
മായി മനുഷ്യൻ സന്തോഷിക്കുന്നത്
അവൻെറ പ്രവർത്തനസരണിയിലാണ്.
18 ഇവയ്ക്കെല്ലാം ഉപരിയായി നീ സർവ്വഥാ
ദൈവത്തോട് പ്രാർത്ഥിക്കുക. അവൻ
നിൻെറ വഴി മനുഷ്യരുടെ മുന്നിൽ സത്യ
19 ത്തിൽ ക്രമപ്പെടുത്തിക്കൊളളും. സകലത്തി
ൻെറയും സ്രഷ്ടാവായ കർത്താവ് നന്മയും
തിന്മയും ജീവനും മരണവും വച്ചിരിക്കുന്നു.
20 തൻെറ നാവിനെ അടക്കിവാഴുന്നവൻ
ദുഷ്ടനിൽ നിന്നു രക്ഷ പ്രാപിക്കും. തനി
ക്കുതന്നെ ജ്ഞാനിയെന്നു തോന്നുന്നവ
21 നാണ് ഭോഷൻ. ജ്ഞാനമുണ്ട് പക്ഷേ
അവൻെറ വിവരണങ്ങളെല്ലാം നിരസിക്ക
പ്പെടുന്നു. എല്ലാ ബഹുമാനത്തിൽ നിന്നും
അവൻ സ്വയം വിരോധിക്കുന്നു. എപ്പോഴും 22
സമർത്ഥനായിരിക്കുന്ന വിജ്ഞാനിയുണ്ട്.
വിവേകികളുടെ ഫലങ്ങൾ അവർക്കു
പ്രയോജനപ്പെടുന്നു. തനിക്കുതന്നെ 23
ജ്ഞാനിയായി തോന്നുന്ന വിജ്ഞാനി
യുണ്ട്. അവൻെറ പ്രവൃത്തിയുടെ ഫലങ്ങൾ
അവൻെറ ദൃഷ്ടിയിൽ തന്നെ കാണപ്പെ
ടുന്നു. വിജ്ഞാനിയായവൻ സമ്പത്തു 24
കൾകൊണ്ട് തന്നെത്തന്നെ സംതൃപ്തനാ
ക്കും. അവനെ കാണുന്നവരെല്ലാം അവനെ
പുകഴ്ത്തും. ജനത്തിലെ വിജ്ഞാനി 25
മാന്യത അവകാശമാക്കും. അവൻെറ
പേര് നിത്യമായി നിലനിൽക്കും. മകനേ 26
നിൻെറ ആയുഷ്കാലത്ത് നിന്നെത്തന്നെ
നീ പരിശോധിച്ചറിയുക. തിന്മയായിട്ടുളളത്
നീ കാണുക. നിൻെറ മനസ്സിനു തിന്മയാ 27
യിട്ടുളളതൊന്നും നീ കൊടുക്കാതിരിക്കുക.
എല്ലാ ഭക്ഷണവും നല്ലതല്ല. ഒരു മനസ്സും 28
അൽപമായി ചിന്തിക്കുന്നില്ല. വിശിഷ്ട 29
ഭോജ്യങ്ങൾ നീ വർധിപ്പിക്കേണ്ട. ധാരാളം
ഭോജ്യങ്ങളുടെമേൽ നീ കണ്ണു വയ്ക്കരുത്.
എന്തെന്നാൽ അമിതഭോജനംകൊണ്ട്
അസുഖം വരും. പലരും മരിച്ചത് അമിത
ഭോജനംകൊണ്ടാണ്. സൂക്ഷിക്കുന്നവൻ
അവൻെറ ആയുസ്സ് വർദ്ധിപ്പിക്കും.

അദ്ധ്യായം 38

വൈദ്യനെക്കൊണ്ട് ആവശ്യം ഉണ്ടാകു 1
ന്നതിനു മുമ്പുതന്നെ അവനെ ബഹുമാ
നിക്കുക. അവനേയും കർത്താവാണ്
സൃഷ്ടിച്ചത്. ഭിഷഗ്വരൻ ദൈവസന്നിധി 2
യിൽനിന്ന് വിജ്ഞാനം പ്രാപിക്കണം. വൈ
ദ്യൻെറ ആലോചനയെപ്രതി രാജാവിൽ
നിന്ന് അവൻ സമ്മാനങ്ങൾ സ്വീകരിക്കു
ന്നു. ജനം അവനെ ബഹുമാനിക്കുകയും 3
രാജസദസ്സുകളിൽ അവനെ നിർത്തുകയും
ചെയ്യും. ദൈവമാണ് ഭൂമിയിൽ നിന്ന് ഔഷ 4
ധങ്ങളെ സൃഷ്ടിച്ചത്. ബുദ്ധിയുളള മനു
ഷ്യൻ അവയെ പുച്ഛിക്കരുത്. മനുഷ്യർക്ക് 5
ജ്ഞാനം നൽകിയ ദൈവത്തിൻെറ ശക്തി
അറിയേണ്ടതിനായിട്ട് കൈപ്പുളള വെളള
ത്തെ മരക്കഷണംകൊണ്ട് മാധുര്യമുളളതാ
ക്കിയിട്ടുണ്ടല്ലോ. ദൈവം പ്രാപ്തി നൽകി
യിരിക്കുന്നതുകൊണ്ട് താൻ മഹിമപ്പെ
ടേണ്ടതിനായി വൈദ്യൻ വേദനകളിൽ
നിന്ന് ആശ്വാസമേകുന്നു. അവ ഉപ 6
യോഗിച്ച് വൈദ്യൻ ഔഷധനിർമ്മാണം 7
നടത്തുന്നു. അങ്ങനെ ഭൂമുഖത്തുനിന്ന് 8
അറിവും പ്രവർത്തനവും നഷ്ടപ്പെടാതിരി
ക്കുന്നു. മകനേ നിൻെറ രോഗാവസ്ഥയിൽ 9

ദൈവത്തോട് പ്രാർത്ഥിക്കുക. അവനാണ്
സൗഖ്യദാതാവ്. അധർമ്മവും വ്യാജവും
ൂരീകരിക്കുക. എല്ലാ പാപങ്ങളിൽ നിന്നും
ൃദയത്തെ നിർമ്മലമാക്കുക. വൈദ്യനും
ീ സ്ഥാനം കൊടുക്കുക. എന്തെന്നാൽ
തുമൂലം പ്രയോജനമുണ്ട്. അവൻ
ഴിയായി കർത്താവ് ദൈവത്തോട്
ാർത്ഥിക്കുവാൻ നിനക്കു സൗഖ്യവും
ാഗശാന്തിയും പ്രദാനം ചെയ്യുന്നു. അവൻ
ഴിയായി സൗഖ്യവും ജീവനും ദൈവ
ിങ്കൽനിന്ന് ആഗതമാകുന്നു. ദൈവ
ന്നിധിയിൽ തെററുചെയ്യുന്നവൻ വൈദ്യ
ൻെറ കയ്യിലേൽപിക്കപ്പെടും. എൻെറ
ന്നേ മൃതനായവനേക്കുറിച്ച് ധാരാള
യിക്കരയുക. നിനക്കു മനോവേദനയു
ായി വിലാപം പാടുക. അവന് അനു
ാജ്യമായ രീതിയിൽ അവൻെറ മൃത
ഹം ഒരുക്കുക. അവൻെറ സംസ്കാരം
സ്സാരമാക്കരുത്. വിലപിക്കുന്നവർക്കു
ത്തും ഭോജ്യവും നൽകുക. യോഗ്യമായ
ിയിൽ ഒന്നുരണ്ടു ദിവസം വിലാപം
ത്തുക. നിത്യജീവനെ ഓർത്ത് ആശ്വാ
പ്രാപിക്കുക. ദുഃഖത്തിൽനിന്നാണ്
ോവ്യഥ ഉണ്ടാകുന്നത്. വേദന ഉള്ള
സ്സ് മരണത്തേക്കാൾ ഹൃദയഭേദക
്. ദരിദ്രരെക്കുറിച്ച് കരുതലുള്ളവരാ
ിക്കുക. എന്തെന്നാൽ അവൻെറ
ിതം ഹൃദയവേദന നിറഞ്ഞതാകുന്നു.
ാകൾക്കായി നിൻെറ ഹൃദയം കൊടു
ത്. സങ്കടത്തെ ഓർത്തുകൊള്ളുക.
ങ്ങളിൽ നിന്നു വിട്ടകലുക. ധനത്തിൽ
ലും നീ ആശ്രയിക്കരുത്. കാരണം
പ്രത്യാശാദായകമല്ല. അത് ആകാശ
ല പക്ഷികളെപ്പോലെ ചിറകടിച്ച്
ുപോകും. സമ്പത്ത് മനുഷ്യർക്ക്
നയാകുന്നു. അത് നിന്നെ സന്തോ
ച്ചക്കാം മറെറാരുവനെ വേദനിപ്പി
ാം. ധനം ഇന്നലെ ഒരുത്തനും ഇന്നു
ും ഉണ്ടായേക്കാം എന്നോർക്കുക.
വൻ മാഞ്ഞുപോകുന്നതുപോലെ
ൻെറ സ്മരണയും മായുന്നു. അവൻെറ
നത്തിൽ നീ ആശ്വാസം നൽകുക.
ദ്വാൻെറ വിജ്ഞാനം അവൻെറ
ു വർദ്ധിപ്പിക്കും. വ്യർത്ഥമായവ
ാത്തവൻ വിജ്ഞാനിയായി
ം. കലപ്പയ്ക്ക് കൈപിടിച്ചിരിക്കു
എങ്ങനെ വിജ്ഞനാകും. അവൻെറ
ചാട്ട പിടിക്കുന്നതിലും കാളകളെ
ുന്നതിലും അവൻെറ സംസാരം
കാലികളെക്കുറിച്ചും ആകുന്നു.

വിത്തുപാത്രത്തിലാണ് അവൻെറ ശ്രദ്ധ 25
മുഴുവൻ. അവൻെറ ജോലി പൂർത്തി
യാക്കുവാൻ മാത്രമാണ് അവൻെറ പരി
ശ്രമം. ഇതുപോലെ തന്നെയാണ് ഓരോ
തൊഴിൽക്കാരും. കൊത്തുപണിയാകട്ടെ, 26
മുദ്രനിർമ്മാണമാകട്ടെ, രത്നങ്ങളിലുള്ള
ജോലിയാകട്ടെ ചെയ്യുന്നവൻ രാവും
പകലും അതിനെക്കുറിച്ചുതന്നെ ചിന്തിച്ചു
കൊണ്ടിരിക്കുന്നു. അവരുടെ നിർമ്മാണ
ത്തിന് അവരുടെ ചിന്തയാണ് ആവശ്യമാ
യിരിക്കുന്നത്. അവൻ മൂശയുടെ അടുത്തിരി
ക്കുന്നു. തീച്ചൂളയുടെ ചൂടിൽ അവൻ ശ്രദ്ധ 27
യോടെ സാധന നിർമ്മാണം ചെയ്യുന്നു.
തീയുടെ ചൂടുകൊണ്ട് അയാളുടെ മാംസം 28
ചുളുങ്ങിപ്പോകുന്നു. അവൻെറ കൈ
എപ്പോഴും ചലിച്ചുകൊണ്ടിരിക്കുകയാ
കുന്നു. അവൻെറ ദൃഷ്ടി എപ്പോഴും
അവൻെറ നിർമ്മാണവസ്തുവിൽ സൂക്ഷ്മ
തയോടിരിക്കും. അതുപോലെതന്നെ കുശ 29
വനും അവൻെറ ചക്രം തിരിച്ചുകൊണ്ട് പാ
ത്രനിർമ്മാണത്തിൽ ബദ്ധശ്രദ്ധനാവുന്നു.
അവൻെറ ദൃഷ്ടി എപ്പേഴും നിർമ്മാണവ
സ്തുവിൽ ഇരിക്കുന്നു. അവൻെറ ഭുജങ്ങൾ 30
കളിമണ്ണുകുഴയ്ക്കുന്നു. അവൻ മരിക്കു
ന്നതിനുമുമ്പ് കൂനിപ്പോകുന്നു. അവൻെറ
മനസ്സ് എപ്പോഴും സാധനനിർമ്മാണത്തിൽ
പതിഞ്ഞിരിക്കുന്നു. അവൻ ഒരു തീച്ചൂളയു 31
ണ്ടാക്കുവാൻ ഉറക്കിളച്ച് പണിചെയ്യുന്നു.
ഇവയെല്ലാം അവരുടെ പുരോഗമന
ത്തിനായി പ്രവർത്തിക്കുന്നു. ഓരോ മനു 32
ഷ്യനും അവനവൻെറ കരകൗശലത്തിൽ
വൈദഗ്ദ്ധ്യം പ്രാപിക്കുന്നു. അവരെക്കൂ 33
ടാതെ ഒരു നഗരത്തിനും നിലനിൽപ്പില്ല.
അവർ താമസിക്കുന്ന സ്ഥലത്ത് അവർക്ക്
പട്ടിണിയും ഉണ്ടാകയില്ല. എന്നാൽ ആലോ
ചനാസംഘത്തിൽ അവർക്ക് ഇരിപ്പിടമില്ല. 34
സംഘങ്ങളിൽ അവർ ഉയർത്തപ്പെടുന്നു
മില്ല. വിധിയുടെ സിംഹാസനത്തിന്മേൽ
അവർക്ക് ഇരിപ്പാൻ സാധ്യമല്ല. വിധിക 35
ളിലും നിയമങ്ങളിലും അവർക്ക് പരിജ്ഞാ
നമില്ല. വിജ്ഞാനഉപദേശങ്ങളിൽ അവർ
സമർത്ഥരല്ല. വിജ്ഞാനികളുടെ ഉപമാല
ങ്കാരങ്ങൾ അവർക്കു മനസ്സിലാകുകയില്ല.
എന്നാൽ പ്രവർത്തന മണ്ഡലത്തിൽ അവർ 36
പ്രശോഭിതരും അവരുടെ ചിന്തമുഴുവനും
അവരുടെ കരകൗശലപ്പണികളിലും ഒഴുകി
നടക്കുന്നു.

അദ്ധ്യായം 39

ദൈവഭക്തിയോടുകൂടെയിരിപ്പാനും 1

ജീവൻെറ പ്രമാണങ്ങൾ ഗ്രഹിക്കുവാനും
ആത്മാർത്ഥമായി ശ്രമിക്കുന്നവൻ സർവ്വ
പൂർവികരുടേയും വിജ്ഞാനം അന്വേഷി
2 ക്കും. പൂർവ്വിക പ്രവാചകന്മാരുടെ അടുക്ക
3 ലേക്ക് അവർ തിരിയും. ലോകത്തിലെ വിജ്
ഞാനപരമായ വിവരണങ്ങളെല്ലാം അവർ
4 അഭ്യസിക്കും. ആഴമായി അവർ ചിന്തിക്കും.
പഴമൊഴികളുടെ വിജ്ഞാനം അവർ അഭ്യ
സിക്കും. സ്ഥിരീകരിക്കപ്പെട്ട എല്ലാക്കാര്യ
ങ്ങളും അവർ ഗ്രഹിക്കും. അധികാരികളുടെ
5 മധ്യേ അവർ ചരിക്കും. രാജാക്കന്മാരുടേയും
പ്രഭുക്കന്മാരുടേയും മധ്യേ അവർ പരി
ചരണം ചെയ്യും. ലോകനഗരങ്ങളിലെല്ലാം
6 അവർ സഞ്ചരിക്കും. മനുഷ്യനിലുള്ള തിന്മ
അവർ പ്രസിദ്ധമാക്കുകയില്ല. അവർ
പ്രാർത്ഥനയിൽ ഉത്സുകരായിരുന്ന് കരു
7 ണയ്ക്കായി യാചിക്കും. അവർ പ്രാർത്ഥന
യ്ക്കായി വായ് തുറക്കുകയും പാപങ്ങൾക്ക്
പരിഹാരത്തിനായി അപേക്ഷിക്കുകയും
8 ചെയ്യും. പരിജ്ഞാനത്തിൻെറ ആത്മാ
വിനാൽ അവർ വിവേകികളായി ഭവിക്കും.
9 അവർ കാര്യമുള്ള വിവരങ്ങൾ പ്രസ്താവി
ക്കും. ജനങ്ങൾ അവരുടെ ആലോചന കളെ
10 പുകഴ്ത്തും. വിവരണങ്ങളും വിജ്ഞാന
ങ്ങളും അവർ സ്വായത്തമാക്കും. ഉറപ്പേറിയ
11 കാര്യങ്ങൾ അവർ ഗ്രഹിക്കും. അഭ്യസനം
മൂലമുള്ള വിജ്ഞാനം അവർ പ്രസിദ്ധ
12 മാക്കും. ജീവൻെറ പ്രമാണങ്ങൾ പാലിച്ച്
അവർ മഹിമ നേടും. അവരുടെ വിജ്ഞാ
നത്തിൽ നിന്ന് അനേകരും പഠിക്കും. ഒരി
ക്കലും അവരുടെ പേര് ലോകത്തിൽ
വിസ്മൃതമാകുന്നില്ല.

13 അവരുടെ സ്മരണ ഒരിക്കലും മാഞ്ഞു
പോകയുമില്ല. അവരുടെ പേര് തലമുറ
തലമുറയായി സ്മരണയിൽ നിൽക്കും.
14 സമൂഹങ്ങൾ അവരുടെ വിജ്ഞാനത്തെ
ആവർത്തിച്ചാവർത്തിച്ച് പറയും. ജനം
അവരുടെ മഹിമയെ കീർത്തിക്കും. ആയിരം
പേരുണ്ടെങ്കിലും അവരിൽ അവർ മഹിമ
15 പ്പെടും—ചെറിയോരു ജനക്കൂട്ടത്തിലും
അവർ മൗനമായിരുന്നാൽ പോലും
ചന്ദ്രൻെറ പ്രഭപോലെ അവരുടെ ഉപദേശം
16 സുഗ്രാഹ്യമാകും. നീതിമാന്മാരേ എന്നെ
ശ്രദ്ധിപ്പിൻ. നിങ്ങളുടെ ശരീരം ശൂശാന
കളെപ്പോലെയും ജലസാമീപ്യമുള്ള ദേവ
17 ദാരുകൾ പോലെയും പൊട്ടിക്കിളുർത്തു
വരും. നിങ്ങളുടെ സുഗന്ധം പരിമള വസ്തു
18 ക്കളുടേതുപോലെ വ്യാപിക്കും. ലബാനോ
നിലെ കാരകിലുകളുടെ മഹിമ പോലെയും
രാജ ഉദ്യാനത്തിലെ സുഗന്ധച്ചെടി

പോലെയും അത് ആയിത്തീരും. നിങ്ങൾ
ശബ്ദമുയർത്തി ഒന്നിച്ചു പ്രാർത്ഥിപ്പിൻ.
തൻെറ എല്ലാ പ്രവൃത്തികൾക്കുമായി
ദൈവത്തെ സ്തുതിപ്പിൻ. സ്ത്രോത്രം
ചെയ്യുവിൻ. സ്തുതിപ്പുകളോടും സ്തോ
ത്രങ്ങളോടും ഉറച്ച ശബ്ദത്തിലും ദൈവ
ത്തിൻെറ അത്ഭുതകാര്യങ്ങൾ എണ്ണിയെണ്ണി
പറയുവിൻ. ദൈവത്തിൻെറ സർവ്വ പ്രവർ
ത്തനങ്ങളും ഒരുപോലെ മനോഹരങ്ങളാ
കുന്നു. ഓരോന്നും ഓരോ കാര്യങ്ങൾ
ക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടവയാണ്. ഇതെ
ന്തിന് ഇതെന്തിന് എന്ന് പറയാവുന്ന
ഒന്നുമില്ല. എന്തെന്നാൽ എല്ലാം യുക്തമായ
രീതിയിൽ നിർമ്മിതങ്ങളാണ്. ഇതു ചീത്ത
അതു നല്ലത് എന്നും പറയുവാൻ ഒന്നുമില്ല.
എന്തെന്നാൽ എല്ലാം ഓരോന്നിൻേറയും
കാലത്ത് ഓരോന്നിനും ശക്തിയുണ്ട്.
ദൈവകല്പനയാൽ അവൻ സൂര്യനെ
ഉദിപ്പിക്കുന്നു. അതേ കല്പനയാൽ അതിന്
അസ്തമനവും നൽകുന്നു. സന്തോഷ
ത്തോടെ തൻെറ തിരുഹിതം പ്രാവർത്തിക
മാകുന്നു. അവൻെറ കല്പനയെ തടസ്സ
പ്പെടുത്തുവാൻ ഒന്നുമില്ല. സർവ്വ ജഡ
ത്തിൻേറയും പ്രവൃത്തികൾ അവനു നേരേ
യിരിക്കുന്നു. അവൻെറ മുമ്പിൽ നിന്ന്
മറഞ്ഞിരിക്കുന്നത് ഒന്നുമില്ല. അവൻെറ
മുമ്പിൽ അല്പമെന്നും അധികമെന്നും
ഒന്നുമില്ല. അവനെതിരെ ശക്തമായതും
കടുപ്പമേറിയതുമായ ഒന്നുമില്ല. അവൻെറ
വാഴ്വ് നദിപോലെ ഒഴുകി നീർച്ചാലു
പോലെ ഭൂമുഖം നനയ്ക്കുന്നു. അതു
പോലെതന്നെ അവൻെറ കോപത്താൽ
അവൻ ജാതികളെ വിധിക്കുന്നു. അവരുടെ
ദാഹശമനത്തിനുള്ള നിലത്തെ ലവണഭൂമി
യുമാക്കുന്നു. പുണ്യവാന്മാരുടെ വഴികൾ
തിരുമുമ്പിൽ ചൊവ്വുള്ളവയാകുന്നു. ദുഷ്ട
ന്മാർക്ക് അവ കുഴി നിറഞ്ഞവയത്രേ. നല്ല
കാര്യങ്ങൾ നല്ലവർക്കു വേണ്ടിയും ദോഷ
മുള്ളവ പാപികൾക്കു വേണ്ടിയും ആദ്യം
മുതൽതന്നെ സൃഷ്ടിക്കപ്പെട്ടു. മനുഷ്യ
ജീവിതത്തിന് ഏറ്റവും ആവശ്യമുള്ളവ വെ
ള്ളം, അഗ്നി, ഇരുമ്പ്, ഉപ്പ്, ഗോതമ്പ്, തേൻ,
പാൽ, മുന്തിരിപ്പഴം മുന്തിരിച്ചാറ്, എണ്ണ,
വസ്ത്രം, എന്നിവയാകുന്നു. നല്ലവർക്ക്
ഇവയെല്ലാം ഗുണത്തിനാണ്. ദുഷ്ട
ന്മാർക്കോ ഇവയെല്ലാം ദോഷത്തിനുമായി
ത്തീരുന്നു. പ്രതികാരത്തിൻെറ ദൂതരായി
നിർമ്മിതങ്ങളായ കാറ്റുകളുണ്ട്. അവയുടെ
കോപം കൊണ്ട് പർവ്വതങ്ങളെ അവ ഉന്മൂ
ലനം ചെയ്യുന്നു. അവയുടെ ശക്തി കോപ

സമയത്ത് അവ പ്രദർശിപ്പിക്കുന്നു.
ഗ്നിയും കൽമഴയും മൃത്യുവിൻ ശിലകളും
വയെല്ലാം ശിക്ഷാവിധിക്കായി സൃഷ്ടിക്ക
പ്പെട്ടവയാണ്. ഘോരമൃഗങ്ങളും തേളും
ണലിയും ദുഷ്ടന്മാരുടെ നാശത്തിനാ
ുള്ള പ്രതികാരത്തിന്റെ വാളുകളാണ്.
വയോടു കല്പിക്കുന്ന സമയത്തുതന്നെ
വ സന്തോഷിക്കുന്നു. ഭൂമിയിൽ സർവ്വ
ാലത്തും തന്റെ വചനത്തെ അവ
ഘിക്കാതിരിക്കുന്നു. ഇവയെല്ലാം ആദി
ലേ സൃഷ്ടിക്കപ്പെട്ടവയാണ്. ഇവയെല്ലാം
ന്ഥത്തിൽ എഴുതപ്പെട്ടവയുമാണെന്ന്
ുഷ്യർ മനസ്സിലാക്കിയിട്ടുള്ളതുമാണ്.
വന്റെ പ്രവൃത്തികളെല്ലാം നല്ലവയാ
ന്നു. ഓരോ കാര്യവും അതതിന്റെ
ലത്തേക്ക് സൃഷ്ടിക്കപ്പെട്ടതാകുന്നു.
ത് മറ്റൊന്നിനേക്കാൾ തിന്മപെട്ടതാ
ന്നു പറയുവാൻ ആർക്കും സാദ്ധ്യമല്ല.
ന്തന്നാൽ അവയെല്ലാം അറകളിൽ
ക്ഷിക്കപ്പെട്ടിരിക്കുന്നു. അതതിന്റെ
ലത്ത് അവ ശക്തിപ്രാപിക്കും. ആക
ൽ നിങ്ങൾ പൂർണ്ണഹൃദയത്തോടെ
വത്തെ പുകഴ്ത്തുക. അവന്റെ നാമ
ാ സ്തുതിപ്പീൻ.

അദ്ധ്യായം 40

ദൈവം വലിയ കാര്യങ്ങൾ നിർമ്മിച്ചിരി
ു. തങ്ങളുടെ മാതൃഉദരത്തിൽ നിന്നു
പ്പെട്ട കാലംമുതൽ ജീവന്റെ ദേശത്ത്
ക്കിരിക്കുന്നതുവരെയും അതിശക്ത
സൃഷ്ടിക്കപ്പെട്ട വർഗ്ഗങ്ങളുണ്ട്.
രുടെ മഹിമയും ഹൃദയചിന്തയും
നിവൃത്തിയും അവരുടെ മരണംവരെ
. രാജസിംഹാസനങ്ങളിൽ ഉപവി
മുതൽ പൂഴിയിലും ചാരത്തിലും
ുന്നവർവരെയും കിരീടം അണിയു
മുതൽ ദാരിദ്ര്യത്തിന്റെ വസ്ത്രം
ക്കുന്നവർവരെയും കോപം, ദുഃഖം,
ാഗ്യം. മരണഭീതി, കലഹം, മുതലാ
ുള്ളവരായിരിക്കും, അവരുടെ കിട
ൽ അവർ വിശ്രമിക്കുമ്പോൾ രാത്രി
അവർക്കു നിദ്ര ഇല്ല. പീഡകന്റെ
ൽ നിന്ന് ഓടി ഒളിക്കുന്ന മനുഷ്യ
ാലെ രാത്രിയിലെ സ്വപ്നത്തിൽ
അവ കാണപ്പെടുന്നു. അവന്റെ
ത്തിന്റെ ആഗ്രഹം വല്ലതുമുണ്ടെ
ണരുമ്പോൾ ഒന്നുമില്ലെന്ന് അവൻ
ു. എല്ലാ മനുഷ്യരോടുകൂടെയും
ടെ ചിന്താകുലം ഉണ്ട്. അത്
ാട നിദ്രയെ കെടുത്തുന്നു. എല്ലാം
ഭൂമിയിൽനിന്നാകുന്നു. അവ ഭൂമിയിലേക്ക്
തിരിയുന്നു. ഉയരത്തിൽ നിന്നുള്ളത് ഉയര 10
ത്തിലേക്കും പോകുന്നു. പാപം ചെയ്യുകയും
വ്യാജം പ്രവർത്തിക്കുകയും ചെയ്യുന്നവനെ
ല്ലാം മാഞ്ഞുപോകും. ലോകത്തിലെ സമ്പ 11
ന്നരെല്ലാം നിലച്ചുപോകും. വഞ്ചനയുടെ
സമ്പാദ്യങ്ങൾ മണൽതിട്ടപോലെ ഒഴുകി
പ്പോകും. നിമിഷതയുള്ള മേഘങ്ങളിൽ 12
നിന്നുള്ള മഴകൊണ്ടുണ്ടാകുന്ന പ്രവാഹ
ങ്ങൾ—അവയും അറ്റുപോകും. അധർമ്മി 13
യായ മനുഷ്യന് സ്വസ്ഥതയുണ്ടാകയില്ല.
പാപികളുടെ വേരുകൾ പാറയുടെ അഗ്ര 14
ത്തിൽ മുളച്ച ചെടിപോലെയാകുന്നു. അത്
നദിക്കരികെ മുളച്ച ഞാങ്ങണപ്പുല്ലു പോലെ
യാകുന്നു. എല്ലാ സസ്യങ്ങൾക്കും മുമ്പെ 15
അവ ഉണങ്ങിപ്പോകുന്നു. നീതിമാന്മാരുടെ
പ്രവൃത്തികൾ തക്ക സമയത്ത് അനുഗൃഹീ
തമായിത്തീരുന്നു. പുണ്യവാന്മാരുടെ പ്രവർ
ത്തനങ്ങൾ എക്കാലവും നിലനില്ക്കും.
അവരോട് അടുക്കുന്നവർ നിക്ഷേപം 16
കണ്ടെത്തിയവനെപ്പോലിരിക്കും. അവ 17
യുടെ ശ്രേഷ്ഠതയും ബഹുമാനവും അവ
രുടെ പേരു നിലനിർത്തും. വിജ്ഞാനം
കണ്ടെത്തിയവൻ ഇതുപോലെയാകുന്നു.
കെട്ടിടവും വൃക്ഷവും പേരു പുതു 18
ക്കുന്നു. ഇതു രണ്ടിനേക്കാളും വിശിഷ്ടം
ജ്ഞാനമുള്ള ഭാര്യയാണ്. പഴയ വീഞ്ഞ്
ഹൃദയാനന്ദകമാണ്. അതിനേക്കാൾ മഹ 19
ത്തരമാണ് സ്നേഹിതന്റെ സ്നേഹം.
കുഴലും വാദ്യവും സംഗീതത്തെ കൊഴു 20
പ്പിക്കുന്നു. അവ രണ്ടിനേക്കാളും വിശി
ഷ്ടമാണ് നിർമ്മലമായ നാവ്. ഭംഗിയും 21
സൗന്ദര്യവും കണ്ണുകൾക്ക് പീയൂഷമാണ്.
ഇവ രണ്ടിനേക്കാളും ഭംഗിയുള്ളതാണ്
വയലിലെ പുഷ്പം. സ്നേഹിതനും 22
കൂട്ടുകാരനും തക്ക സമയത്ത് അനുഗൃഹീ
തരാണ്. ഇവ രണ്ടിനേക്കാളും ഉത്തമയായ
ഭാര്യ വിശിഷ്ടയാണ്. സഹോദരനും 23
സഹായിയും കഷ്ടകാലത്ത് വിശിഷ്ട
മാണ്. അവർ രണ്ടിനേക്കാളും രക്ഷാദായകം
ദാനധർമ്മമത്രേ. സ്വർണ്ണവും വെള്ളിയും 24
കാലിന്നു ബലം നൽകുന്നുണ്ട്. ഇവ രണ്ടി
നേക്കാളും മെച്ചം നല്ല ആലോചനയാണ്.
ബലവും ശക്തിയും മനസ്സിനെ ഉണർത്തു 25
ന്നവയാണ്. ഇവ രണ്ടിലും വിശിഷ്ടം ദൈവ
ഭക്തിയത്രേ. ദൈവഭക്തി മൂലം കുറ 26
വൊന്നുമുണ്ടാകയില്ല. അതിനോടുകൂടി മറ്റു
സഹായി ആവശ്യവുമില്ല. ദൈവഭക്തി
യാണ് എല്ലാറ്റിലും ഉയർന്നിരിക്കുന്നത്.
എന്റെ മകനേ നീ അത് മുറുകെപ്പിടിച്ചു 27

കൊള്ളുക. നീ അത് വിട്ടുകളയരുത്.
28 മറ്റൊന്നും അതിനോട് സാമ്യമായിട്ടില്ല.
ദൈവഭക്തി തക്കസമയത്ത് അനുഗ്രഹം
29 പ്രദാനംചെയ്യും. എല്ലാ ബഹുമാനത്തേ
ക്കാളും അതാണ് മഹത്തരം. മകനേ
നിന്നോട് യാചിക്കുന്നവനെ നീ വിരോധി
ക്കരുത്. കൊല്ലുവാനല്ല ജീവിപ്പിക്കുവാൻ
അത്രേ നീ ഉത്തമനായിരിക്കേണ്ടത്.
30 മറ്റുള്ളവരുടെ മേശ കൊണ്ട് തൃപ്തി
പ്പെടുന്ന മനുഷ്യനെ സജീവനെന്നുളള
രീതിയിൽ ആരും വിചാരിക്കുകയില്ല.
31 മോഹങ്ങളെ സ്നേഹിക്കുന്നവൻ സ്വയം
32 നിഷിദ്ധനാകുകയാണ്. ഇവയെല്ലാം
അറിയുന്ന മനുഷ്യന് ഉള്ളിൽ വേദനയാ
കുന്നു. ലജ്ജയില്ലാത്തവൻെറ വായിൽ
ഭിക്ഷാടനം ഇമ്പകരമായി തോന്നും. അവ
ൻെറ ഉള്ളിലോ ജ്വലിക്കുന്ന അഗ്നിയത്രേ.

അദ്ധ്യായം 41

1 അല്ലയോ മരണമേ സമ്പത്തുള്ളവ
നായി ശക്തനായി എപ്പോഴും പ്രശോഭി
തനായി ഇരിക്കുന്നവനും വീണ്ടും വീണ്ടും
സ്വാദുഭോജനങ്ങൾ മതിയാകുവോളം
കഴിക്കുന്നവനുമായ ധനികന് നീ എത്ര
2 ഭയങ്കരനാകുന്നു. അല്ലയോ മരണമേ
ഹൃദയം തകർന്ന് വിഷമിച്ച് കഴിയുന്നവനും
എപ്പോഴും ഇടറുന്നവനും ഭക്ഷണമില്ലാത്ത
വനും വേലചെയ്യുവാൻ ശക്തിയല്ലാത്ത
വനുമായ വൃദ്ധനായ മനുഷ്യന് നീ എത്ര
3 സന്തുഷ്ടമായിരിക്കുന്നു. മരണത്തെ
ഓർത്ത് നീ ഭയപ്പെടേണ്ട. അതു നിനക്കുള്ള
4 ഓഹരിയാണ്. മുമ്പന്മാരും പിമ്പന്മാരും
നിന്നോടുകൂടെയുണ്ടെന്ന് ഓർത്തു
കൊള്ളുക. ദൈവതിരുമുമ്പിൽ സർവ്വ
മനുഷ്യരുടേയും അവസാനം ഇതാകുന്നു.
5 നിഷിദ്ധമായ സന്താനം, പാപികളുടെ
സന്തതിപരമ്പര, ദുരിതസമ്പൂർണ്ണരുടെ
തലമുറ, അധർമ്മികളുടെ പിന്മുറക്കാർ
6 ഇവയെല്ലാം നിഷിദ്ധരത്രേ. അധർമ്മിയായ
പുത്രനിൽനിന്ന് അധികാരം മാറിപ്പോകും.
അവൻെറ സന്തതിക്ക് എപ്പോഴും ദുർഭി
7 ക്ഷതയായിരിക്കും. അധർമ്മിയായ പിതാ
വിനെ നീതിയുള്ള മക്കൾ ശപിക്കും.
കാരണം അവൻ മൂലമാണ് അവർ ലോക
8 ത്തിൽ നിസ്വരായി തീർന്നത്. അധർമ്മി
കൾക്ക് ഹാ കഷ്ടം. മരണനാൾവരേയും
ദുരിതം അവരെ അനുധാവനം ചെയ്തു
കൊണ്ടിരിക്കും. അധർമ്മിയായ പിതാവ്
മരിച്ചാൽ നീതിയുള്ള അവൻെറ മക്കൾ
അവനെക്കുറിച്ച് വിലപിക്കുകയില്ല.
ദുഷ്ടൻെറ അവസാനം നാശത്തിലേക്കാ 9
കുന്നു. സൽപ്രവർത്തകരുടെ പേര് ഒരി
ക്കലും വിസ്മൃതമാകയില്ല. നിൻെറ 10
പേരിനെ സൂക്ഷിക്കുക. അത് ആയിരം
നിക്ഷേപങ്ങളേക്കാൾ കൂടുതലായി നിന്നെ
അനുയാത്ര ചെയ്തുകൊള്ളും.

അദ്ധ്യായം 42

നീ ആർക്കെങ്കിലും സമാധാനം 1
ആശംസിച്ചിട്ട് അവൻ മിണ്ടാതിരിക്കുന്നു
വെങ്കിൽ അവനൊരു മഹാദുഷ്ടനാണ്. നീ
അവന് കൊടുക്കുന്ന സമാധാനത്തിന്
അവൻ മറുപടി ചൊല്ലുന്നില്ലെങ്കിൽ നീ 2
അവനെ ഏല്പിക്കുന്ന മുതൽ അവൻ
എങ്ങനെ നിനക്കു തിരിച്ചു തരും? ഒരു പുത്രി 3
അവളുടെ പിതാവിനെ സംബന്ധിച്ചിട
ത്തോളം വലിയോരു ഭാരമാണ്. അവളെ
ക്കുറിച്ചുള്ള ചിന്ത അവൻെറ ഉറക്കം കെടു
ത്തുന്നു. അവളുടെ ഭർത്താവിനാൽ 4
വെറുക്കപ്പെടാതിരിക്കേണ്ടതിന് അവളുടെ
ബാല്യത്തിൽ അത്യധികം വാത്സല്ലിക്ക
പ്പെടരുത്. അവളുടെ കന്യാവ്രതത്തിൽ
അവൾ ലജ്ജിതയാകരുത്. അവളുടെ
ഭർത്താവിനെ മനസ്സുകൊണ്ട് നിന്ദിച്ച്
അന്യപുരുഷൻെറ പിന്നാലെ പോകാനിട
യാകരുത്. മകനേ നിൻെറ മകളെക്കുറിച്ച് 5
എപ്പോഴും സൂക്ഷ്മതപാലിക്കുക. അല്ലെ
ങ്കിൽ അവൾ നിനക്കു ദുഷ്പേരുണ്ടാക്കും.
ജനത്തിന്നിടയിൽ ആക്ഷേപവും പിറുപി
റുപ്പും ഉണ്ടാകും. നിൻെറ ഗ്രാമസംഘത്തിൽ 6
ജനത്തിൻെറ കുശുകുശുപ്പ് മൂലം അവൾ
നിനക്ക് ലജ്ജാകാരണമായിത്തീരും. അവ
ളുടെ പാർപ്പിടത്തിൽനിന്ന് അവൾ അധികം
പുറത്തു പോകരുത്. വീടുതോറും അധികം
ചുറ്റിക്കറങ്ങരുത്. എല്ലാ മനുഷ്യരോടും
നിൻെറ മനസ്സിലുള്ളതു വെളിപ്പെടുത്തരുത്.
സ്ത്രീകൾ തമ്മിൽ അധികസംസാരം നന്ന 7
ല്ല. എന്തെന്നാൽ വസ്ത്രം ചിതലരിക്കുന്ന
തുപോലെ കൂട്ടുകാരിയുടെ ദുഷ്പെരുമാറ്റ
ത്താൽ സ്ത്രീയിൽ വൈരാഗ്യമുളവാകും.
ദൈവത്തിൻെറ പ്രവൃത്തികൾ സ്മരി 8
ക്കുവിൻ. ഞാൻ കണ്ടത് ഞാൻ വിവരിക്കാം.
ദൈവവചനത്താൽ എല്ലാം സൃഷ്ടിക്ക 9
പ്പെട്ടു. എല്ലാ സൃഷ്ടിയും അവൻെറ ഇഷ്ടം
പ്രവർത്തിക്കുന്നു. സൂര്യൻ സകലത്തി 10
ന്മേലും ഉദിച്ചുയർന്നിരിക്കുന്നതുപോലെ
ദൈവത്തിൻെറ കരുണ എല്ലാ സൃഷ്ടികൾ
മേലും പ്രത്യക്ഷമായിരിക്കുന്നു. ദൈവ 11
ത്തിൻെറ സൈന്യങ്ങളുടെ ശക്തി എത്ര
യെന്നു ഗണിക്കുവാൻ ആർക്കും സാദ്ധ്യമല്ല.

12 തൻെറ ബഹുമാന സന്നിധിയിൽ നില്പാൻ
തൻെറ ഭക്തർക്ക് അവൻ ശക്തി നൽകി.
ഹൃദയത്തിൻെറ ആഴം അവൻ ഗൃഹിപ്പി
ക്കുന്നു. മനുഷ്യരുടെ എല്ലാ രഹസ്യങ്ങളും
സൂര്യനു തുല്യം—അവൻെറ മുമ്പിൽ പര
3 സ്യമത്രേ. ദൈവമുമ്പിൽ ഒന്നും നിഗൂഢമല്ല.
ലോകത്തിലേക്കു വരുന്നതെല്ലാം അവൻെറ
മുമ്പിൽ പ്രത്യക്ഷമല്ലേ? ഭൂതകാലവും
ഭാവികാലവും എല്ലാ രഹസ്യങ്ങളും തിരു
4 മമ്പിൽ പ്രത്യക്ഷമത്രേ. യാതൊരു
ജ്ഞാനവും തിരുമുമ്പിൽനിന്നറ്റുപോകു
ന്നില്ല. ശക്തിയുടെ ഒരു രഹസ്യവും
തിരുമുമ്പിൽ നിന്നു മറഞ്ഞിരിക്കുന്നില്ല.
വിജ്ഞാനം തിരുമുമ്പിൽ എന്നേക്കും
സ്ഥിതിചെയ്യുന്നു. ദൈവത്തിൻെറ എല്ലാ
പ്രവർത്തനങ്ങളും എന്നേക്കും സത്യത്തിൽ
നിലകൊള്ളുന്നു. എല്ലാം വിശുദ്ധിയോടെ
അവനു സ്തുതി പാടുന്നു. അവ എന്നേക്കും
സജീവമായി സ്ഥിതിചെയ്യുന്നു. എല്ലാ
വർക്കും തൻെറ എല്ലാ ഇഷ്ടവും ഒരു
ക്കിയിരിക്കുന്നു. അവയുടെ അധികാര
ത്തിൽ അവ ധൃതിപ്പെട്ടുകൊണ്ടിരിക്കുന്നു.
താൻ യാതൊന്നും ആവശ്യമില്ലാതെ
സൃഷ്ടിച്ചിട്ടില്ല. ഇതോടൊപ്പം അതും
ഇങ്ങനെ ഇരട്ട ഇരട്ടയായി സൃഷ്ടിക്ക
പ്പെട്ടിരിക്കുന്നു. അവയുടെ മഹത്വം കാണു
വാൻ ആർക്കും കഴിയും.

അദ്ധ്യായം 43

കാണുവാനും സ്തുതിക്കുവാനുമായി
അവൻ സൂര്യനെ നിർത്തിയിരിക്കുന്നു.
ഹോന്നതൻെറ ആ പ്രവൃത്തി ഒരു
അത്ഭുതവസ്തുതന്നെ. നട്ടുച്ചനേരത്ത്
അത് ഭൂതലത്തെ എരിക്കുന്നു. അതിൻെറ
ചൂടിനു നേരെ നില്ക്കുവാൻ ആർക്കു
കഴിയും. ലോഹപ്പണിക്കാരൻെറ ആ
ചൂളയേക്കാൾ എത്ര മടങ്ങ് ആണ്
അതിൻെറ ചൂട്. സൂര്യൻ പർവ്വതങ്ങളെ
ത്തിയെരിയിക്കുന്നു. ആവിയെ പുക
പോലെ ഉയർത്തുന്നു. അതിൻെറ കിരണ
ങ്ങൾ പ്രശോഭിതങ്ങൾ. അവ കണ്ണുകൾ
ു വെളിച്ചം നൽകുന്നു. അതിൻെറ
ഷ്ടാവ് എത്രയോ വലിയവൻ. ആ
ശുദ്ധൻെറ വചനങ്ങളാൽ അതിൻെറ
തിയെ ധൃതിപ്പെടുത്തുന്നു. ചന്ദ്രൻ
ലങ്ങൾക്കായി നിലകൊള്ളുന്നു. അത്
ലങ്ങളെ കാണിക്കുന്നു. അത് നിത്യമായ
ടയാളമാകുന്നു. ചന്ദ്രനിൽ നിന്നാകുന്നു
രുനാളുകളുടെ തീയതികൾ. അത്
വസാനംവരെയും പ്രവൃത്തി ചെയ്തു
പൂർത്തിയാക്കുന്ന പ്രകാശഗോളമാകുന്നു.
അതിൻെറ പേരിനനുസരിച്ചാണ് മാസങ്ങൾ. 9
അത് വ്യത്യസ്തമായ രീതിയിൽ വളർച്ച
പ്രാപിക്കുന്നു. അത് ആകാശവിരിവിനെ
പ്രശോഭിപ്പിക്കുന്നു. അത് ആകാശത്തിന് 10
അലങ്കാരം. അത് നക്ഷത്രങ്ങൾക്ക് മഹത്വം. 11
പരിശുദ്ധൻെറ വചനങ്ങൾക്കനുസരിച്ച്
അവ നിലനില്ക്കും. അതിൻെറ ഗതിക്ക്
വ്യത്യാസം വരികയുമില്ല.

അദ്ധ്യായം 44

കൃപയുള്ളവരായി ഓരോ തലമുറ 1
യിലും നമ്മുടെ പിതാക്കന്മാരായിരുന്നവരെ
ഞാൻ പുകഴ്ത്തും. അത്യധിക ബഹുമാനം 2
നമുക്ക് അവർക്കായി സമർപ്പിക്കാം.
ലോകത്തിലെ സർവ്വ തലമുറകളുടേയും
മേൽ അവരുടെ മഹിമ നിലനില്ക്കുന്നു.
അവർ അവരുടെ പ്രവചനങ്ങളാൽ അട 3
യാളങ്ങളും പരിജ്ഞാനത്താൽ ആലോച
നകളും നമുക്ക് കാണിച്ചുതന്നിരിക്കുന്നു.
അവരുടെ വിജ്ഞാനത്താൽ ജ്ഞാനികൾ
അഭ്യസ്തരായി.

അധികാരികൾ അവരുടെ സ്തുതിപ്പു 4
കൾ പ്രഘോഷിച്ചു. വീണയും കിന്നരവും 5
കൊണ്ട് അവർ മനുഷ്യരുടെ ഗ്രന്ഥത്തിൽ
മഹത്തായ വിവരങ്ങൾ പാടി പ്രസ്താവിച്ചു.
അവരുടെ തലമുറകളിൽ അവർക്കെല്ലാ
വർക്കും വലിയ ബഹുമാനവും അവരുടെ
നാളുകളിൽ വലിയ പുകഴ്ചയും സമ്പാ
ദിച്ചു. അവരുടെ പുകഴ്ചകളെക്കുറിച്ച് 6
വർണ്ണിക്കത്തക്ക നാമം അവശേഷിപ്പിച്ചവ
രുണ്ട്. അവരിൽ ചിലരുടെ ഓർമ്മകൾ
മാഞ്ഞുപോയിരിക്കുന്നു. എന്നാൽ കൃപയും 7
പുണ്യവും ലഭിച്ച ആ മനുഷ്യരുടെ ഭാഗ്യാ
വസ്ഥ ഒരിക്കലും അവസാനിക്കുകയില്ല.
അവരുടെ സന്തതിയോടുകൂടി അവരുടെ 8
ഭാഗ്യവും നിലനില്ക്കുന്നു. അവരുടെ 9
വേരായ മക്കളുടെ മക്കൾവരെയുംതന്നെ.
അവരുടെ നിലപാടിൽ തന്നെ അവരുടെ 10
സന്തതിയും. അവരുടെ സൽപ്രവൃത്തിക
ളിൽ തന്നെ അവരുടെ പൗത്രന്മാരും നില
കൊള്ളുന്നു. അവരുടെ സ്മരണ എന്നേ
ക്കുമായി സ്ഥിതിചെയ്യുന്നു. അവരുടെ 11
ബഹുമാനം വിസ്മൃതമാകുകയില്ല. അവ
രുടെ ശരീരങ്ങൾ സമാധാനത്തോടെ
സംസ്ക്കരിക്കപ്പെട്ടു. അവരുടെ നാമം
തലമുറതലമുറയായി സജീവമായിരിക്കു
ന്നു. അവരുടെ മഹത്വം ജനമെല്ലാം
പ്രഘോഷിക്കും. നീതിമാനായ നോഹ് 12
തൻെറ തലമുറയിൽ സമാധാനം

കണ്ടെത്തി. പ്രളയകാലത്ത് ലോകത്തിന്
വ്യത്യാസമുണ്ടായെങ്കിലും അവൻ നിമി
ത്തമായി അതിന് പുനരുത്ഥാനമുണ്ടായി.
3 വീണ്ടും പ്രളയമുണ്ടാകയില്ല എന്നും ഒരു
ജഡവും നശിച്ചുപോകുകയില്ലെന്നും
ദൈവം അവനോട് ആണയിട്ട് ഉറപ്പിച്ചു.
4 ജാതികളുടെ സമൂഹങ്ങളുടെ പിതാവായ
അബ്രാഹാമിൻെറ ബഹുമാനത്തിൽ ഒരു
5 കളങ്കവും ഉണ്ടായില്ല. അവൻ മഹോന്ന
തൻെറ വചനാനുസരണം പ്രവർത്തിക്കു
കയും തന്നോട് ഉടമ്പടിയിൽ പ്രവേശി
ക്കുകയും തൻെറ ജഡത്തിൽ ആ ഉടമ്പടി
6 നിലനിർത്തുകയും ചെയ്തു. അവൻെറ
പരീക്ഷണത്തിൽ അവൻ വിശ്വസ്തനായി
കാണപ്പെട്ടു. അങ്ങനെ അവൻെറ സന്ത
തിമൂലം സകല ജാതികളും അനുഗൃഹീത
രാകുമെന്നും കടൽക്കരയിലെ മണൽ
പോലെ അവൻെറ സന്തതിയെ വർദ്ധി
പ്പിക്കുമെന്നും സർവ്വജാതികൾക്കും ഉപരി
യായി അവൻെറ സന്തതിയെ ഉയർത്തു
മെന്നും സമുദ്രംമുതൽ സമുദ്രംവരെയും
യൂഫ്രട്ടീസ് ഭൂതല സീമയോളവും അവർക്ക്
അവകാശമായി കൊടുക്കുമെന്നും ദൈവം
17 അവനോടാണയിട്ടു. തൻെറ പിതാവായ
അബ്രഹാമിൻെറ നിമിത്തം ഇസഹാ
ക്കിനോടും താൻ ആണയിടുകയും എൻെറ
കടിഞ്ഞൂൽപുത്രനെന്ന് ഇസ്രായേലിനെ
വിളിച്ചുകൊണ്ട് ഇസ്രായേലിൻെറ ശിര
സ്സിന്മേൽ പൂർവ്വികരുടെ സർവ്വവാഴ്‌വും
18 ആവസിപ്പിക്കുകയും ചെയ്തു. താൻ അവന്
അവകാശം പ്രദാനം ചെയ്തു. ഗോത്ര
ങ്ങൾക്കു പിതാവാക്കി. അവൻ പുറപ്പെട്ട്
പന്ത്രണ്ടു ഗോത്രങ്ങളായി വിഭജിക്കപ്പെട്ടു.
അവനിൽ നിന്ന് പുണ്യവാന്മാരായ
19 പുരുഷന്മാർ ഉത്ഭവിച്ചു. ആയുഷ്ക്കാല
മെല്ലാം എല്ലാവരുടേയും ദൃഷ്ടിയിൽ അവൻ
കരുണ കണ്ടെത്തി. ദൈവമുമ്പാകെയും
മനുഷ്യരുടെ മുമ്പിലും അവൻ വത്സല
നായിത്തീരുകയും ചെയ്തു.

അദ്ധ്യായം 45

1 മോശ—അദ്ദേഹത്തിൻെറ ഓർമ്മ
വാഴ്‌വിന്നായിരിക്കട്ടെ. അവൻ മടിയിൽ
വളർത്തപ്പെട്ടു. ഭയന്നിരിക്കുന്നവർക്കായി
അവൻ അവനെ ശക്തനാക്കി. രാജസന്നിധി
യിൽ അവനെ നിർത്തി ജനങ്ങളുടെ മേൽ
അവനെ അധികാരിയാക്കി. തൻെറ മഹിമ
അവനെ കാണിച്ചു. ശബ്ദം അവനെ
2 കേൾപ്പിച്ചു. അവൻെറ വിശ്വാസവും
വിനയവും മൂലം സർവ്വ മനുഷ്യരിൽനിന്നും
അവനെ പ്രത്യേകം തെരഞ്ഞെടുത്തു.
തൻെറ മേഘസന്നിധിയിലേക്ക് അവനെ
കൊണ്ടുവന്നു ജീവൻേറയും അനുഗ്രഹ
ങ്ങളുടേയും ന്യായപ്രമാണം അവൻെറ
മുമ്പിൽ നിരത്തിവച്ചു. തൻെറ ന്യായപ്രമാ
ണം ഇസ്രായേൽ ഗൃഹത്തേയും തൻെറ വി 3
ധികളേയും ചട്ടങ്ങളേയും, യാക്കോബിനെ
യും പഠിപ്പിക്കുവാൻ നിയമിച്ചാക്കി. ലേവി 4
ഗോത്രത്തിൽനിന്ന് അവനെപ്പോലെതന്നെ
പരിശുദ്ധനായ അഹറോനെ താൻ
ഉയർത്തി. ജനത്തിൻെറ സുസ്ഥിരതയ്ക്കാ
യി അവനെ നിയമിച്ചു. തൻെറ ബഹുമാന
ത്തിൽനിന്നും മഹിമയിൽനിന്നും അവ 5
ൻെറമേൽ പ്രദാനം ചെയ്തു. തൻെറ
ബഹുമാനത്തിൻെറ ഉയരത്തിലേക്ക് അവ
നെ തെരഞ്ഞെടുത്തു. അലങ്കാരവസ്ത്ര
ങ്ങൾ അവനെ ധരിപ്പിക്കുകയും ശക്തി
യുടെ ഉടയാടകളാൽ അവനെ ബഹുമാനിത
നാക്കുകയും ചെയ്തു. മോശ, തൻെറ 6
കൈയ് അവൻെറ മേൽ വയ്ക്കുകയും
വിശുദ്ധതൈലംകൊണ്ടു അവനെ അഭി
ഷേകം ചെയ്യുകയും ചെയ്തു. അവനും
അവൻെറ സന്തതിക്കും ആകാശ
ത്തിൻെറ നാളുകൾ ഉള്ള കാലങ്ങൾ
വരെയും ദൈവനാമത്തിൽ തൻെറ ജന
ത്തിന് ശുശ്രൂഷ ചെയ്യുവാനും അനുഗ്രഹ
ദാനത്തിനുമായി ഉടമ്പടി ചെയ്തു കൊടു
ത്തു. ജീവനുള്ള എല്ലാവരിൽ നിന്നുമായി 7
ദൈവത്തിന് യാഗങ്ങളും ബലികളും
ധൂപവും അർപ്പിക്കുവാനും സർവ്വ ഇസ്രാ
യേലിനും പാപപരിഹാരം വരുത്തുവാനു
മായി അവനെ തെരഞ്ഞെടുത്തു. അവന്
കല്പനകൾ നൽകി. ചട്ടങ്ങൾക്കും വിധി 8
കൾക്കുമായി അവനെ അധികാരപ്പെടുത്തി.
അന്യജാതിക്കാർ അവനോട് ശണ്ഠകൂടി. 9
നാഥാൻ, അബീരാം ആദിയായവർ, കോര
ഹിൻെറ സംഘം മരുഭൂമിയിൽ വച്ച് അവ
നോട് അസൂയപ്പെട്ടു. ദൈവം അതു കണ്ട് 10
കുപിതനായി അവരെ അഗ്നിയിൽ ദഹി
പ്പിച്ചു. അവർക്ക് ശിക്ഷ നൽകി തൻെറ
ക്രോധശക്തിയാൽ അവരെ ഉന്മൂലനം
ചെയ്തു. അഹറോന് ബഹുമാനവും അവ 11
കാശവും— വിശുദ്ധമായ ആദ്യഫലങ്ങൾ
കാഴ്ചയപ്പത്തിൻെറ ഭോഗം ആദിയായവ
അവനും അവൻെറ സന്തതിയ്ക്കും അവകാ
ശമായി നൽകി. അവരുടെ ദേശത്ത്
അവർക്ക് അവകാശം കിട്ടിയില്ല. ജനത്തോ 12
ടൊരുമിച്ച് അവർക്ക് ഭാഗവും സിദ്ധിച്ചില്ല.
എന്തെന്നാൽ ഇസ്രായേലിൽ അവൻെറ
ഓഹരിയും അവകാശവും കർത്താവു

ന്നെയായിരുന്നു. ഏലിയാസാറിന്റെ
കനായ ഫിനഹാസും അവന്റെ പരാ
മതമൂലം ത്രിവിധ ബഹുമാനം സ്വായ
ത്തമാക്കി. നഗരത്തിലും ഇസ്രായേൽ
ക്കളുടെ ഇടയിലും അവൻ കാണിച്ചതായ
വരാഗ്യം തന്റെ ജനത്തിനു മദ്ധ്യസ്ഥനാ
ുള്ള അവന്റെ നിലപാട് ദൈവ
ത്തോടുള്ള അപേക്ഷ ഇതു നിമിത്തമായി
ദവം അവനും അവന്റെ സന്തതിയ്ക്കും
ഹത്തായ പൗരോഹിത്യം ഉണ്ടായിരി
ുമെന്നു വാഗ്ദാനം ചെയ്തു. ഇശ്ശായി
ടെ മകനായ ദാവീദും രാജാക്കന്മാരുടെ
അവകാശം തനിക്കായി സമ്പാദിച്ചു.
ഹറോന്റെ അവകാശം അവനും അവ
ൻ സന്തതിയ്ക്കും തന്റെ നാമത്തിൽ
ന്റെ ജനത്തെ വിധിപ്പാനായി ഹൃദയ
ജ്ഞാനം തനിക്കു നൽകിയ ദൈവത്തിന്
ർത്തനം പാടുവിൻ. അവരുടെ ഭാഗ്യം
ക്കലും വിസ്മൃതമാകയില്ല. അവരുടെ
ധികാരം ലോകത്തിന്റെ തലമുറകളുള്ള
ലത്തോളം ഉണ്ടായിരിക്കും.

അദ്ധ്യായം 46

മഹാശക്തനായിരുന്ന നൂന്റെ
നായ യോശുവ, മഹാനായ മോശയേ
ലെ ആയിത്തീരുവാൻ പ്രവചനത്താൽ
ക്ഷിതനായിരുന്നു. അവൻ മൂലം
ന്റെ സ്നേഹിതർക്ക് രക്ഷ വരുത്തു
ും ശത്രുക്കളോട് പ്രതികാരം ചെയ്യു
ും വാഗ്ദത്തദേശം ഇസ്രായേൽ
ത്തിന് അവകാശിക്കുവാനും അവൻ
ക്ഷിതനായിരുന്നു. അവൻ കൈ
ത്തി. നഗരങ്ങൾക്കെതിരെ വാൾവീശി.
ൻ എത്ര മഹത്വമുള്ളവൻ. അവന്റെ
ൽ ആർക്ക് നില്പാൻ സാധിക്കും.
ന്നം അവൻ കർത്താവിന്റെ യുദ്ധമായി
ചെയ്തത്. അവൻ മുഖാന്തിരം
ൻ നിശ്ചലമായി നിന്നു. ഒരു ദിവസ
രണ്ടിന്റെ ദൈർഘ്യമുണ്ടായി.
ദൈവത്തോട് പ്രാർത്ഥിച്ചു. താൻ
ഉത്തരമരുളി അവന്റെ കൈയ്ക്കു
മകി. കൽമഴയും ഗന്ധകവും
ശത്തു നിന്നും ഇറക്കി ശത്രുജനത്തെ
. ദൈവമാണ് അവരോടൊരുമിച്ച്
ചെയ്തത് എന്ന് ശക്തരായ ജാതി
ല്ലാം മനസ്സിലായി. അവൻ ദൈവ
പറ്റിച്ചേർന്ന് നടന്നു. മോശയുടെ
തും അവൻ ഒരു വൻ കാര്യം ചെയ്തു.
ത വഴിതെറ്റിക്കുവാനുള്ള ആ
ത്തെ തകർക്കുവാനും വാഗ്ദത്ത
ദേശത്തേക്കുറിച്ചുള്ള ദുഷ്പ്രചരണം അവ
സാനിപ്പിക്കുവാനും അവനും യഫുന്നയുടെ
മകനായ കാലേബിനും സാദ്ധ്യമായി.
അറുനൂറായിരം പേരിൽ നിന്ന്, പാലും 8
തേനും പ്രവഹിക്കുന്ന അവരുടെ അവ
കാശദേശത്തേക്ക് പ്രവേശിക്കുവാൻ അവർ
മാത്രം രക്ഷിതരായി. വാർദ്ധക്യകാലം 9
വരെയും ദേശത്തിന്മേൽ ആധിപത്യം
വഹിക്കുവാനും അവന്റെ സന്തതിയും
അവകാശമനുഭവിക്കുവാനും ദൈവം കാലേ
ബിനു ശക്തി നൽകി. കർത്താവിന്റെ
വിശ്വസ്ത അനുയായി ആയിരിക്കുക
എന്നത് എത്ര വിശിഷ്ടമാണെന്ന് ഇസ്രാ
യേലിന് ഗ്രഹിക്കുവാൻ കഴിഞ്ഞു.
ന്യായാധിപന്മാർ ഒന്നിനു പുറകെ ഒന്നായി 10
അവന്റെ നാമത്തിൽ പ്രവർത്തിച്ചു.
ഒന്നിലേക്കും അവരുടെ ഹൃദയം വഴുതി
പ്പോയില്ല. ദൈവത്തിന്റെ പ്രമാണത്തിൽ 11
നിന്ന് അവർ പിൻതിരിഞ്ഞില്ല. അവരുടെ
ഓർമ്മ വാഴ്വിന്നായിരിക്കട്ടെ. ശൂശാന 12
പുഷ്പങ്ങൾ പോലെ അവരുടെ അസ്ഥി
കൾ നവജീവൻ പറപ്പെടുവിക്കും. അവരുടെ 13
മക്കൾക്കായി അവർ സൽപേരും സർവ്വ
ജനത്തിനും മഹത്വവും വച്ചിട്ടു പോയി.
മാതാവിന്റെ ഉദരം മുതൽ തന്നെ തന്റെ 14
സ്രഷ്ടാവിനു സ്നേഹഭാജനവും വ്രത
സ്തനും പ്രവാചകനും ന്യായാധിപനും,
ആചാര്യനും ആയിരുന്ന ശമുവേലിന്റെ
വാക്കുകൊണ്ടാണ് രാജത്വം ക്രമപ്പെട്ടു
പോന്നത്. അവൻ ജനത്തിന് അധിപ 15
ന്മാരേയും രാജാക്കന്മാരേയും, അഭിഷേകം
ചെയ്തു. യാക്കോബിന്റെ ഉടയവൻ 16
കല്പിച്ചതു പോലെ അവൻ സമൂഹ
ങ്ങൾക്ക് പ്രമാണങ്ങൾ പ്രദാനം ചെയ്തു.
മുലകുടി മാറാത്ത കുഞ്ഞാടിന്റെ യാഗം 17
കൊണ്ട് അവന്റെ ചുറ്റുമുള്ള എല്ലാ
ശത്രുക്കളേയും അവൻ തകർത്തുകളഞ്ഞു.
അപ്പോൾ കർത്താവ് ആകാശത്തു നിന്ന് 18
ഗർജ്ജിക്കുകയും ബലമേറിയ ദേശത്ത്
അവന്റെ ശബ്ദം കേൾപ്പിക്കുകയും
ചെയ്തു. അവൻ സോറിന്റെ അധികാരി 19
കളെ തകർത്തു. ഫെലിസ്ത്യരുടെ
സ്വേച്ഛാധിപന്മാരെ നശിപ്പിച്ചു. അവന്റെ
കിടക്കമേൽ അവൻ വിശ്രമം കൊണ്ടപ്പോൾ
അവൻ ദൈവത്തിന്റേയും അവന്റെ
അഭിഷിക്തന്റേയും മുമ്പിൽ സാക്ഷി പറ
ഞ്ഞ്: "ഞാൻ ഒരു മനുഷ്യനിൽനിന്നും സ 20
മ്മാനവും കാഴ്ചയും വാങ്ങിയിട്ടില്ല." ഒരു
മനുഷ്യനും അവനെ കുറ്റപ്പെടുത്തിയില്ല.
അവൻ മരണശേഷവും പ്രവചിച്ചു.

21 രാജാവിനോട് അവൻെറ വഴി എന്തെന്നു
ള്ളതു കാണിച്ചുകൊടുത്തു. പാപങ്ങളെ
മായിച്ചുകളയുവാനായിട്ട് നിലത്തു നിന്ന്
പിന്നീട് അവൻെറ ശബ്ദം പ്രവചനത്തിൽ
ഉയർത്തി.

അദ്ധ്യായം 47

1 അദ്ദേഹത്തിനു ശേഷം ദാവീദിൻെറ
മുമ്പിൽ ശുശ്രൂഷ ചെയ്യുവാൻ നാഥാൻ
2 പ്രവാചകൻ എഴുനേറ്റു. യാഗത്തിൽ നിന്നും
കൊഴുപ്പ് ഉയർത്തപ്പെടുന്നതുപോലെ
ഇസ്രായേലിൽ വച്ച് ദാവീദ് മഹോന്നത
നായി തീർന്നു. അവൻ സിംഹങ്ങളെ
3 കോലാടുകളെ എന്നതു പോലെയും
ചെന്നായ്ക്കളെ കുഞ്ഞാട് എന്ന പോ
4 ലെയും കൊന്നുകളഞ്ഞു. അവൻെറ
ബാല്യത്തിൽതന്നെ മല്ലനെ അവൻ
5 കൊല്ലുകതന്നെ ചെയ്തു. അങ്ങനെ
6 അവമാനം അവൻ മാറ്റി. കയ്യിലെ കവിണ
അവൻ ചലിപ്പിച്ചു. ഗോല്യാത്തിൻെറ
അഹങ്കാരം അവൻ തകർത്തു. എങ്ങനെ
യെന്നാൽ അവൻ ദൈവത്തോട് പ്രാർത്ഥി
7 ച്ചു: യുദ്ധവിദഗ്ധനായ മല്ലനെ കൊല്ലുവാ
നും അവൻെറ ജനമായ ഇസ്രായേലിൻെറ
കൊമ്പുയർത്തുവാനും ദൈവം അവൻെറ
8 കൈക്കു ശക്തിയേകി. അങ്ങനെ സ്ത്രീ
ജനങ്ങൾ പതിനായിരങ്ങളായി അവനെ
പാടിപ്പുകഴ്ത്തി. അല്പം പോരാട്ടം കൊണ്ട്
അവൻെറ പരിസരങ്ങളിലുള്ള സകല
ശത്രുക്കളേയും അവൻ തകർത്തു ഫെലി
സ്ത്യരോട് പകരം വീട്ടി. അവരുടെ കൊമ്പു
9 തകർത്തിരിക്കുന്നു തന്മൂലം സ്ത്രോത്ര
ത്തിൻേറയും സ്തുതിപ്പിൻേറയും ശബ്ദം
10 അവൻ ദൈവത്തിനു സമർപ്പിച്ചു. പൂർണ്ണ
ഹൃദയത്തോടെ തൻെറ സ്രഷ്ടാവിനെ
11 സ്നേഹിച്ചു. ബലിപീഠസന്നിധിയിൽ
അനവരതം അവൻ കീർത്തനങ്ങൾ പാടി.
സംവത്സരം മുഴുവൻ മഹത്തായ സ്തോത്ര
12 ങ്ങൾ അവൻ അർപ്പിച്ചു. ദൈവവും അവ
ൻെറ പാപങ്ങൾ ക്ഷമിച്ചു. ശാശ്വതമായി
13 അവൻെറ കൊമ്പുയർത്തി. ഇസ്രായേൽ
രാജ്യത്തിൻെറ സിംഹാസനം അവനു
14 നൽകി. അവനുശേഷം ശക്തനായ രാജാ
വായ ശലോമോൻ രാജസ്ഥാനം പ്രാപിച്ചു.
അവൻെറ ചുറ്റുമുള്ള സ്ഥലങ്ങളിൽ
നിന്നെല്ലാം അവന് ആശ്വാസമുണ്ടായി.
15 ദൈവനാമത്തിനായി ആലയം പണിയു
16 വാൻ അവനു തുണയേകി. ശലോമോനേ
നിൻെറ ബാല്യത്തിൽ എത്ര വിജ്ഞാനിയാ
യിരുന്നു! നിൻെറ പരിജ്ഞാനം മൂലം ജ്ഞാ
നത്തെ നീ നദിപോലെ സർവ്വത്ര പ്രചരി
പ്പിച്ചു. രാജാക്കന്മാരുടെ ബഹുമാനത്തി
ൻെറ പാരമ്യത്തിൽ വിദൂരദ്വീപുകൾവരെ
നിൻെറ പ്രസിദ്ധി വ്യാപിച്ചു. നിന്നെ കേൾ
ക്കുവാൻ അവർ പ്രതീക്ഷയോടിരുന്നു.
ജ്ഞാനത്തിൻെറ മഹദ്വാക്യങ്ങൾ കൊ
ണ്ടു നീ ഗ്രന്ഥങ്ങൾ നിറച്ചു. പ്രവചനത്താൽ
ജാതികളെ അത്ഭുതപരതന്ത്രരാക്കി. ഇസ്രാ
യേലിൻെറ മഹത്വം എന്നു നീ വിളിക്ക
പ്പെട്ടവനാണ്. ഇസ്രായേലിൻെറ ദൈവം
എന്നു അറിയപ്പെടുന്ന ദൈവമായ കർത്താ
വിൻെറ നാമത്തിൽ നീ വിളിക്കപ്പെട്ടു.

ഈയംപോലെ സ്വർണ്ണവും പൂഴിപോ
ലെ വെള്ളിയും നീ സമ്പാദിച്ചു. എന്നാൽ
നിൻെറ ശരീരവും നിൻെറ ശക്തിയും
സ്ത്രീകൾക്കു വിട്ടുകൊടുത്തു. നിൻെറ
ശരീരത്തിന്മേൽ അവർക്ക് ആധിപത്യം
നൽകി. നിൻെറ ബഹുമാനത്തിന് നീ കളങ്കം
വരുത്തി. നിൻെറ വംശപരമ്പരയ്ക്ക് മക്ക
ളുടെ മക്കളുടെമേൽ പോലും അപമാനം
വരുത്തുവാൻ തക്കവണ്ണം നിൻെറ ശയ്യയെ
നീ അപമാനിച്ചു.

നിൻെറ രാജാധികാരം വിഭജിച്ചു
പോയി. എഫ്രയീമിൽനിന്നു ഒരു വിജാതിയ
ഭരണം നാമ്പെടുത്തു. എങ്കിലും ദൈവം
കരുണ ചെയ്യുന്നതിൽനിന്ന് ഒരിക്കലും
വിരമിച്ചില്ല. ഭൂമിയെ അവൻ ശിക്ഷകൊണ്ട്
നശിപ്പിച്ചുമില്ല. തൻെറ വത്സലരുടെ സന്ത
തിയെ അവൻ നശിപ്പിക്കുകയില്ല. പുണ്യ
വാന്മാരുടെ സന്തതിയെ അവൻ നിശ്ശേഷ
മാക്കുകയില്ല. അവൻ യാക്കോബിനു
വീണ്ടെടുപ്പ് നൽകി. ദാവീദിന് മഹത്തായ
രാജ്യവും പ്രദാനം ചെയ്തു. ശലോമോൻ 2
നിദ്രപ്രാപിച്ചു. ഭോഷനും വിജ്ഞാനരഹി
തനുമായ രഹബയാം അവനെ പിന്തുടർന്നു
രാജാവായി. അവൻ സ്വേച്ഛാപരമായി
ജനത്തെ ഭരിച്ചു. അതിനു ശേഷം രാജത്വം
പ്രാപിച്ചവനും പാപം ചെയ്ക മാത്രമല്ല
ഇസ്രായേലിനെക്കൊണ്ടു പാപം ചെയ്യി
ക്കുകയും ചെയ്ത യെറോബയാം രാജത്വം
പ്രാപിച്ചു. അവന് സ്മരണ ഉണ്ടാകാതി
രിക്കട്ടെ. എഫ്രയീം ദുഷ്ടമാർഗ്ഗത്തിൽ 2
പ്രയാണം ചെയ്യുകയാൽ പ്രവാസത്തിലേക്ക്
പോകുവാൻ ഇടയായി. അവർ അവരുടെ
പാപങ്ങളെ ഏറ്റം വർദ്ധിപ്പിച്ചു. അവരുടെ
തിന്മകൾ അവരുടെ മേൽ മേൽക്കോയ്മ
നടത്തുകയും ചെയ്തു.

അദ്ധ്യായം 48

അഗ്നിസമാനനായ പ്രവാചകൻ എഴു 1

റ്റു. അവൻെറ വചനം എരിയുന്ന തീച്ചൂ
പാലെയായിരുന്നു. അവൻ അവരുടെ
ൽ ക്ഷാമം വരുത്തി. അവരുടെ വൈരാഗ്യം
ം അവരെ കുത്തിത്തളച്ചു. കർത്തൃവച
ത്താൽ അവൻ ആകാശത്തെ തടസ്സം
യ്തു. മൂന്നു പ്രാവശ്യം അവൻ ആകാ
തു നിന്ന് തീ വിളിച്ചുവരുത്തി. ബലി
ത്തിന്മേൽ ദുഷ്ടരായ മനുഷ്യരുടെ
ൻ. അല്ലയോ ഏലിയായേ നീ എത്ര
കരൻ. നിന്നോട് സമൻ ആരുള്ളു.
ത്തൃഹിതപ്രകാരം നീ ശവക്കുഴിയിൽ
നു മരിച്ചവനെ ജീവിപ്പിച്ചവനാണ്.
വാന്മാരെ സിംഹാസനങ്ങളിൽ നിന്നു
മറിച്ചിട്ടവനാണ്. നിൻെറ ശാസന നീ
നെ കേൾപ്പിച്ചു. പ്രതികാരത്തിനു
ന്ദി രാജാക്കന്മാരേയും, തുടർന്ന്
ാചകരേയും നീ അഭിഷിക്തരാക്കി.
ത്തിലൂടെ അഗ്നിത്തേരിൽ നീ ആകാ
തക്ക് എടുക്കപ്പെട്ടു. കർത്താവിൻെറ
സം വരും മുമ്പെ അവൻ വരുവാനിരി
ു. ആയത് മക്കളെ പിതാക്കന്മാരുടെ
ക്കലേക്കു തിരിപ്പിക്കുവാനായും
ാക്കോബ് വംശങ്ങൾക്ക് സദ്വാർത്ത അറി
ുവാനും തന്നെ. നിന്നെക്കണ്ടിട്ടു
ർ ഭാഗ്യവാന്മാർ. അവൻ മരിച്ചു. പക്ഷേ
ൻ മരിക്കുന്നില്ല. പിന്നെയോ ജീവ
രിക്കുക തന്നെ ചെയ്യുന്നു. ഏലിയാ
ിൽ ആകാശത്തിലേക്ക് കൂട്ടിച്ചേർക്ക
ഏലിശാ പ്രവചനം ഇരട്ടിയായി
ിച്ചു. അവൻെറ ഉപദേശങ്ങൾ
യും അവൻെറ വായ് സംസാരിച്ചി
അത്ഭുതകാര്യങ്ങൾ ഏറെയുമാ
ു. അവൻ ആയുഷ്ക്കാലമൊക്കെ
ാതൊരു മനുഷ്യനേയും ഭയപ്പെട്ടി
. യാതൊരു ജഡവും അവന്മേൽ
ാരപ്പെട്ടുമില്ല. യാതൊരു വചനവും
ിൽ നിഗൂഢമായിരുന്നില്ല. അവൻ
ക വ്യത്യസ്തകാര്യങ്ങൾ പ്രവർത്തി
ാവൻെറ മരണശേഷവും അവൻ
നു ജീവൻ നൽകി. ഇതെല്ലാമായിട്ടും
അനുതപിച്ചില്ല. അവരുടെ ദുഷ്
തികളിൽ നിന്നു വിട്ടകന്നുമില്ല.
ാട ദേശത്തു നിന്ന് അവൻ പ്രവാ
ൽ പോയി. നഗരം തോറും അവർ
പ്പായി. യഹൂദാ മാത്രം അവശേ
ാവീദു ഗൃഹത്തിന് അല്പാധികാരം
ശേഷിച്ചു കിട്ടി. അവരിൽ ചിലർ
ിച്ചു. ചിലരോ പാപങ്ങൾ വർദ്ധിപ്പി
് ചെയ്തത്.
സക്കിയാ അവനായി ഒരു നഗരം

നിർമ്മിച്ചു. അവൻ അതിലേക്ക് വെള്ളം
വരുത്തി. അവൻെറ കാലത്ത് സെൻഹരീബ്
രാജ്യം ആക്രമിച്ചു. അവർക്കെതിരായി റാബ്
ശക്കായെ അയച്ചു. അവനോ സെഹി
യോനിൽ കൈ ഉയർത്തി. ധിക്കാരത്തോടെ
ദൈവദൂഷണം ചെയ്തു. ഹെസക്കിയാ 17
ദൈവമുമ്പാകെ കൈ മലർത്തി പ്രാർത്ഥിച്ചു.
ഉടൻ തന്നെ ദൈവം അവൻെറ പ്രാർത്ഥന
കേട്ടു. ഏശായാ ദീർഘദർശി വഴിയായി
അവനെ രക്ഷിച്ചു. അസ്സീറിയൻ പാളയത്തെ
തകർത്തു ഭയങ്കരമായ സംഹാരം നടത്തി.
എന്തെന്നാൽ ഹെസക്കിയാ നല്ലതു 18
ചെയ്തു. അവൻ ദീർഘദർശിമാരിൽ
മഹത്വമുള്ളവനായ ഏശായ ദീർഘദർശി
കല്പിച്ചതനുസരിച്ച് ദാവീദിൻെറ വഴിക
ളിൽ കൂടി നടന്നു. അവൻെറ കാലത്ത് 19
സൂര്യൻ പിൻവാങ്ങി നിന്നു. രാജാവിൻെറ
ആയുസ്സിനു ദൈർഘ്യം കിട്ടി. ശക്തിയുടെ
ആത്മാവു മൂലം പുതിയ ദർശനങ്ങൾ
അവൻ കണ്ടു. അവൻ സെഹിയോനിലെ 20
വിലപിതരെ ആശ്വസിപ്പിച്ചു. വരാനിരി
ക്കുന്ന കാര്യങ്ങളെ അവൻ ഭൂമിയിലായി
രിക്കുമ്പോൾതന്നെ മുൻകൂട്ടി അറിയിച്ചു.

അദ്ധ്യായം 49

യോശിയായുടെ നാമം വളരെയേറെ 1
സുഗന്ധദ്രവ്യങ്ങളുടെ മിശ്രിതം കൊണ്ടുള്ള
സുഗന്ധധൂപം പോലെയാണ്. അദ്ദേഹത്തെ
ക്കുറിച്ചുള്ള സ്മരണ അണ്ണാക്കിന് തേൻ
കട്ടയേക്കാൾ മാധുര്യമുള്ളതാണ്. വീഞ്ഞു 2
വിരുന്നിൽ സംഗീതം പോലെയാണ്.
എന്തെന്നാൽ അവൻ പരീക്ഷകളിൽ നിന്നു
അകന്നുനിന്നു. വഴിതെറ്റിക്കുന്ന പ്രവർത്ത 3
നങ്ങളെ അവൻ നിർമ്മൂലമാക്കി. അവൻെറ 4
ഹൃദയത്തെ ദൈവത്തിന്നായി വിട്ടു കൊടു
ത്തു. പാപം നിറഞ്ഞ കാലഘട്ടത്തിൽ അ 5
വൻ സത്യമായത് എന്തോ, അതു പ്രവർത്തി
ച്ചിരുന്നു. ദാവീദ് 'ഹെസക്കിയാ' യോശിയാ
ഇവർ ഒഴികെ എല്ലാവരും അധർമ്മം
ചെയ്തു. അന്ത്യംവരെയും യഹൂദരാജാ 6
ക്കന്മാർ ന്യായപ്രമാണം വിട്ടകന്നു ജീവി
ച്ചു. അവരുടെ ശക്തി അന്യർക്കും അവരുടെ 7
മഹിമ അന്യജാതിയ്ക്കും അവർ ഏല്പിച്ചു
കൊടുത്തു. അവരോ വിശുദ്ധനഗരത്തെ 8
ഉന്മൂലം നശിപ്പിച്ചു. അതിൻെറ സ്ഥലങ്ങ
ളെല്ലാം ശൂന്യമാക്കി. മാതൃഗർഭം മുതൽ 9
തന്നെ പ്രവാചകനായിത്തീർന്ന ഏറമിയാ
യുടെ നാളുകളിൽ ഇതെല്ലാം സംഭവിച്ചു.
ഹസ്ക്കിയേൽ രഥങ്ങളുടെ വിവിധ വർഗ്ഗ 10
ത്തെ കാണിച്ചു അവൻ ദർശനം കണ്ടു.

11 ഇയ്യോബിനെക്കുറിച്ചാണെങ്കിൽ; അ
വന്റെ എല്ലാ മാർഗ്ഗങ്ങളും നീതിയുള്ള
വയായിരുന്നു. ആ പന്ത്രണ്ടു പ്രവാചകന്മാ
രുടെ അസ്ഥികൾ അവ കിടക്കുന്ന തറയിൽ
നിന്നു പുതുജീവൻ പ്രശോഭിപ്പിക്കുന്നു.
12 എന്തെന്നാൽ അവർ ഇസ്രായേലിനെ
സൗഖ്യമാക്കുകയും രക്ഷപ്രാപിക്കുന്നവരെ
13 ധൈര്യപ്പെടുത്തുകയും ചെയ്യും. വലങ്ക
യ്യിന്മേലുള്ള മുദ്രമോതിരം പോലിരിക്കുന്ന
സുർബാബേലിനെ എങ്ങനെ പുകഴ്ത്തേണ്ടു?
യുസോദേക്കിന്റെ മകനായ യോശുവയും
14 അവനോടു കൂടെയുണ്ടായിരുന്നു. അവർ
ശാശ്വത ബഹുമാനത്തിനുള്ളതായ
ദേവാലയവും ബലിപീഠവും പണിതു.
15 നമ്മുടെ ശൂന്യസ്ഥലങ്ങൾ പുനരുദ്ധരിക്കു
കയും ഇടിഞ്ഞു പൊളിഞ്ഞവ പണി
തീർക്കുകയും കതകുകളും സാക്ഷാകളും
ഉറപ്പിക്കുകയും ചെയ്തവനായ നെഹമ്യാ
യുടെ സ്മരണ എന്നേക്കും വർദ്ധിതമായി
16 രിക്കട്ടെ. ഹനോക്കിനു തുല്യമായിട്ട്
ഭൂമിയിൽ സൃഷ്ടിക്കപ്പെട്ടവർ ദുർലഭമാണ്.
യൗസേഫിനെപ്പോലെ ഒരുവനെ പ്രസവിച്ച
17 മറ്റൊരു അമ്മയില്ല. അവന്റെ ശരീരം
സമാധാനത്തോടെ സംസ്ക്കരിക്കപ്പെട്ടു.
ശേത്തിനും ശേമിനും ഏനോശിനും മനു
ഷ്യരുടെ ഇടയിൽ അതിമഹത്തായ സ്ഥാ
നമത്രേ. എല്ലാറ്റിനും ഉപരിയായി ആദാ
മിന്റെ മഹത്വം.

അദ്ധ്യായം 50

1 മഹാപ്രധാനാചാര്യനായ നഥാന്യയുടെ
മകൻ ശീമോൻ തന്റെ ജനത്തിന്റെ
കിരീടവും അവന്റെ സഹോദരരിൽ പ്രമു
2 ഖനും ആയിരുന്നു. അവന്റെ കാലത്താണ്
ദേവാലയം പണിയപ്പെട്ടതും ആലയം
ശക്തമാക്കപ്പെട്ടതും കോട്ടമതിലുകൾ
ഉയർത്തപ്പെട്ടതും പുതുതായി പലതും
3 പണിയപ്പെട്ടതും. അവൻ ഒരു ജലാശയം
4 കുഴിച്ചുണ്ടാക്കി. അവൻ തന്റെ ജനത്തെ
5 ശത്രുക്കളിൽ നിന്ന് സംരക്ഷിച്ചു. അവൻ
തിരശ്ശീലയ്ക്കുള്ളിൽ നിന്നു പുറത്തു
കാണപ്പെടുമ്പോൾ അവൻ എത്ര തേജോ
6 മയനായി കാണപ്പെട്ടിരുന്നു. അവൻ മേഘ
ങ്ങളുടെ ഇടയിൽ കൂടി ഉയർന്നുവരുന്ന
7 ഉദയനക്ഷത്രം പോലെയും നീസാൻ മാസ
ത്തിലെ ചന്ദ്രനെപ്പോലെയും കൊട്ടാരങ്ങ
ളിന്മേൽ പ്രഭവീശുന്ന സൂര്യനെപ്പോലെ
യും മേഘങ്ങളിൽ മഴവില്ലുപോലെയും
വയലിലെ പൊൻകതിരുകൾ പോലെയും
ജലസാമീപ്യമുള്ള ശൂശാനപുഷ്പം
പോലെയും ലബാനോനിലെ വൃക്ഷങ്ങൾ
പോലെയും സുഗന്ധത്തിൽ കുന്തിരിക്ക
ത്തിന്റെ സുഗന്ധംപോലെയും നന്നായി
പണിതെടുക്കുകയും രത്നങ്ങളാൽ അലം
കൃതമാക്കപ്പെടുകയും ചെയ്ത സ്വർണ്ണമോ
തിരം പോലെയും ഉയർന്ന ശിഖരങ്ങളുള്ള
വിശിഷ്ടമായ ഒലിവു പോലെയും
അതിന്റെ ഫലങ്ങൾ കൊണ്ട് സംതൃപ്തി
പ്പെടുത്തുന്ന എണ്ണ ഉൽപാദിപ്പിക്കുന്ന
വൃക്ഷങ്ങൾ പോലെയും ആയിരുന്നു.
അവന്റെ വസ്ത്രങ്ങൾ വിശുദ്ധവസ്ത്ര
ങ്ങൾ. അവന്റെ അങ്കികൾ ബഹുമാന
ത്തിന്റെ ഉടയാടകൾ. അവൻ പുറത്തിറങ്ങു
മ്പോൾ പുകഴ്ചകൾ പ്രാപിച്ചിരുന്നു.
അവന്റെ വിശുദ്ധശക്തിയുടെ പ്രഭമൂലം
അവൻ പ്രശോഭിതനായിരുന്നു. അവന്റെ
സഹോദരന്മാരുടെ കൈകളിൽ നിന്നും അ
വൻ സ്വന്തഅവയവങ്ങൾ പോലെ സ്വീകൃ
തനായിരുന്നു. അവൻ ആൾകൂട്ടത്തി
നെല്ലാം ഉപരിയായി വർത്തിച്ചിരുന്നു.
അവന്റെ സഹോദരന്മാർ കിരീടം പോലെ
അവന്റെ ചുറ്റും നിന്നിരുന്നു. അഹറോന്റെ
മക്കളെല്ലാവരും അവനെ ബഹുമാനിച്ചു.
ഇസ്രായേലിനു വേണ്ടി അവരുടെ കൈക 1
ളിൽ കർത്താവിന്റെ വഴിപാടുമായി സർവ്വ
സഭയുടേയും മുമ്പാകെ നിന്നു. ബലിപീഠ 1
ത്തിങ്കൽ ശുശ്രൂഷിച്ചു തീരുന്നതുവരെയും
വിശുദ്ധശുശ്രൂഷ സന്തോഷത്തോടെ
പൂർത്തിയാക്കുന്നതുവരെയും പാത്രത്തി
ങ്കലേക്കു കൈ നീട്ടി മുന്തിരിച്ചാർ എടുത്ത്
പരിമളവാസനയായി യാഗപീഠത്തിനടുത്ത്
അവൻ ഒഴിക്കുകയും ചെയ്തിരുന്നു. 1
അപ്പോൾ ഇസ്രായേലിന്റെ സർവ്വ സമൂ
ഹത്തിന്റേയും മുമ്പിലായി അഹറോന്റെ
മക്കൾ കാഹളം ധ്വനിപ്പിച്ചു. സർവ്വ ജന 1
ത്തിന്റേയും മുമ്പിൽ അനുഗ്രഹത്തിന്നായി
അവർ കാഹളശബ്ദം കേൾപ്പിച്ചു. ജന 1
മെല്ലാം ദൈവത്തെ ആരാധിക്കുവാൻ
ഒരുമിച്ചു സാഷ്ടാംഗം വീണു. അവർ 2
സ്ത്രോത്രശബ്ദം ഉയർത്തി പ്രാർത്ഥനയിൽ
ഒരുമിച്ചു ആനന്ദം കൈവരിച്ചു. ദേശത്തെ 2
ജനമെല്ലാം ദേശത്തുള്ള വിവിധ നന്മ
കൾക്കുമായിട്ട് ദൈവത്തെ സ്തുതിച്ചു. 2
മനുഷ്യനെ മാതൃഉദരത്തിൽ സൃഷ്ടിക്കു 2
കയും തിരുഹിതാനുസരണം അവരെ
നയിക്കുകയും ഹൃദയവിജ്ഞാനം അവർക്ക് 2
നൽകുകയും ചെയ്ത ദൈവത്തെ അവർ
പുകഴ്ത്തി.

അവരുടെ ഇടയിൽ സമാധാനം 25
ഉണ്ടായിരിക്കട്ടെ. ശെമവുനോടും അവന്റെ 26

27 സന്തതിയോടും കൂടി രണ്ടു ലോകങ്ങളിലും
സമാധാനം വാഴുമാറാകട്ടെ. ജനമല്ലാത്ത
മൂന്നു കൂട്ടരെക്കുറിച്ച് എന്റെ മനസ്സ്
28 വേദനിക്കുന്നു. ഗാബേൽവാസികളേയും
ഫെലിസ്ത്യരേയും ശേഖേമിൽ പാർക്കുന്ന
ബുദ്ധിയില്ലാത്ത ജനത്തേയും തന്നേ.
29 വിജ്ഞാനികളുടെ ചൊല്ലുകളും അവരുടെ
വിവരണങ്ങളും ഈ പുസ്തകത്തിൽ
30 എഴുതപ്പെട്ടിട്ടുണ്ട്. ഇവയിലെല്ലാം ചിന്ത
ചെയ്യുകയും ഇവയെ പഠിക്കുകയും
ഹൃദിസ്ഥമാക്കി പ്രവർത്തനത്തിൽ വരു
ത്തുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.
ദൈവഭക്തിയുടെ ഔന്നത്യം മറ്റെല്ലാറ്റി
നേക്കാളും ഉന്നതമാകുന്നു. എന്റെ മകനേ
നീ അതു കാണണം. നീ അത് ഉപേക്ഷി
ക്കരുതേ.

അദ്ധ്യായം 51

രാജാവാം ദൈവമേ നിന്നെ ഞാൻ
സ്തോത്രം ചെയ്യും. കർത്താവേ നിന്റെ
നാമത്തിന് ദിനം തോറും ഞാൻ കീർത്തനം
പാടും. സ്തുതിപ്പുകളോടെ നിന്റെ തിരു
നാമം ഞാൻ വർണ്ണിക്കും. മഹോന്നതനേ
ആദിമുതൽ നീയാണെന്റെ ആശ്രയം.
മരണത്തിൽ നിന്ന് നീ എന്റെ പ്രാണനെ
രക്ഷിച്ചു. നാശത്തിൽ നിന്ന് നീ എന്റെ
ദേഹത്തെ രക്ഷിച്ചു. പാതാളത്തിൽ നിന്ന്
നീ എന്റെ കാലുകൾ രക്ഷിച്ചു. നിന്റെ
കരുണാതിരേകത്താൽ എനിക്കു നീ രക്ഷ
നൽകി. ഇടർച്ചയിൽ നിന്നും നാശത്തിൽ
നിന്നും നീ എന്നെ വീണ്ടെടുത്തു. എന്റെ
പ്രാണനായി കാംക്ഷിക്കുന്നവരുടെ കയ്യിൽ
നിന്ന് എന്നെ നീ വിടുവിച്ചു. അത്യധികമായ
മനോവ്യഥയിൽ നിന്ന് നീ എന്നെ
വീണ്ടെടുത്തു. അഗ്നിജ്വാലയിൽ നിന്ന് നീ
എന്നെ സ്വതന്ത്രനാക്കി. എന്റെ പ്രാണൻ
പാതാളത്തോടടുത്തു. എന്റെ ആത്മാവ്
മരണത്തോട് സമീപിച്ചു. സഹായം കിട്ടുമോ
എന്നു എന്റെ പിന്നിലേക്കു ഞാൻ
തിരിഞ്ഞുനോക്കി. താങ്ങുന്നവനുണ്ടോ
എന്ന് പ്രതീക്ഷയോടെ നോക്കി. ഞാൻ
കർത്താവിന്റെ കരുണയേയും അവനിൽ
ആശ്രയിക്കുന്നവരെ എല്ലാം രക്ഷിക്കുന്ന
അവന്റെ കൃപയേയും ഓർത്തു. ശക്തി
യേറിയവനിൽ നിന്നു താൻ അവരെ
രക്ഷിച്ചു. ഞാൻ ഭൂമിയിൽ എന്റെ
ശബ്ദമുയർത്തി പ്രാർത്ഥിച്ചു. ഉയരത്തി
ലുള്ള എന്റെ പിതാവിനെ ഞാൻ വിളി
ച്ചു. ശക്തനും രക്ഷകനുമായ ദൈവമേ
ആവേദനപ്പെടുത്തുന്ന സങ്കടത്തിന്റെ
ദിവസത്തിൽ നീ എന്നെ ഉപേക്ഷിക്ക
രുതേ.
നിന്റെ തിരുനാമത്തിന് സദാ ഞാൻ 15
സ്തുതി പാടും. സ്തുതിപ്പുകളോടെ ഞാൻ
നിന്നെ ഓർക്കും. അപ്പോൾ കർത്താവേ നീ 16
എന്റെ ശബ്ദം കേൾക്കും. എന്റെ നെടു
വീർപ്പുകൾ നീ ശ്രദ്ധിക്കും. എല്ലാവിധ അ 17
നർത്ഥത്തിൽ നിന്നും നീ എന്നെ രക്ഷിച്ചു.
എല്ലാവിധ വേദനയിൽ നിന്നും നീ എന്നെ
വിടുവിച്ചു. ഇതു നിമിത്തമായി ഞാൻ
സ്തോത്രത്തോടെ നിന്നെ സ്തുതിക്കും.
നിന്റെ പരിശുദ്ധ നാമത്തെ ഞാൻ
പുകഴ്ത്തും. ഞാൻ ബാലനാകുന്നു. നിന്റെ 18
നാമത്തിനായി ഞാൻ ആഗ്രഹിച്ചു. അതിനെ 19
അന്വേഷിച്ചു. എന്റെ നാഥാ നിന്റെ 20
സത്യത്തിൽ എന്റെ കാലുകൾ ചലിച്ചു.
എന്റെ ബാല്യം മുതൽ അഭ്യസനത്തിനായി 21
ഞാൻ ആഗ്രഹിച്ചു. ഞാൻ ചെറിയവ
നായിരിക്കുമ്പോൾ തന്നെ നിന്റെ സന്നി
ധിയിൽ ഞാൻ പ്രാർത്ഥിച്ചു. ഞാൻ 22
ധാരാളമായി അറിവു സമ്പാദിച്ചു. എന്റെ
ഗുരുനാഥന് ഞാൻ കൃതജ്ഞത അർപ്പി
ക്കും. നല്ലതു ചെയ്യുവാൻ ഞാൻ ചിന്ത 23
ചെയ്തു. അതു കണ്ടുകിട്ടിയാൽ ഞാൻ 24
അതിൽ നിന്നു പിന്തിരിയുകയില്ല. എന്റെ
ഉള്ളം അതിനോടു പറ്റിച്ചേർന്നിരിക്കുന്നു. 25
എന്റെ മുഖം ഞാൻ അതിൽനിന്നു
തിരിച്ചിട്ടില്ല. എന്നെത്തന്നെ ഞാൻ
അതിന്റെ പിന്നാലെ വിട്ടുകൊടുത്തി
രിക്കുന്നു. ഒരിക്കലും ഞാൻ അതു വിസ്മരി
ക്കുകയില്ല.
എന്റെ കൈ അതിന്റെ വാതിൽ 26
തുറന്നു. ഞാൻ അതിനെ ചുറ്റി നടന്നു
നോക്കി. അങ്ങനെ എനിക്കു തിരിച്ചറി
വുകിട്ടി. നിർമ്മലതയാലാണ് ഞാൻ 27
അതിനെ കണ്ടെത്തിയത്. ആദ്യം മുതലെ
ഞാൻ ഒരു നല്ല ഹൃദയം സമ്പാദിച്ചു.
ഞാൻ അത് ഒരിക്കലും ഉപേക്ഷിക്കു 28
കയില്ല. എന്റെ ഉള്ളം അതിലേക്ക് നോക്കു
വാൻ ചൂളപോലെ ജ്വലിച്ചുകൊണ്ടിരി
ക്കുന്നു. അതിനാൽ ഞാൻ നല്ല സമ്പാദ്യം 29
സമ്പാദിച്ചിരിക്കുന്നു. എന്റെ കർത്താവ് 30
എന്റെ നാവിനു പ്രതിഫലം തന്നു. എന്റെ
അധരങ്ങളാൽ ഞാൻ അതിനെ സ്തു
തിക്കുന്നു. ഭോഷന്മാർ എന്റെ അടുക്കൽ 31
നിന്നു തെറ്റിപ്പോയി. ജ്ഞാനമഭ്യസിക്കുന്ന
സ്ഥലത്ത് രാപാർക്കുവിൻ. എപ്പോഴെ 32
ങ്കിലും അതിനു കുറവു വന്നുപോയാൽ
നിങ്ങളുടെ മനസ്സു ദാഹിച്ചെരിയും. ഞാൻ 33
എന്റെ വായ്തുറന്നതുകൊണ്ട് സംസാ

34 രിച്ചു. പണം കൂടാതെ ജ്ഞാനം നിങ്ങൾ
സമ്പാദിച്ചുകൊൾവിൻ. അതിൻെറ നുക
ത്തിൻെറ കീഴിൽ നിങ്ങളുടെ കഴുത്തു വച്ചു
കൊടുക്കുവിൻ. അപ്പോൾ നിങ്ങൾക്കു
ശിക്ഷണം ലഭിക്കും. അതിനെ ആഗ്രഹി
ക്കുന്നവർക്ക് വിജ്ഞാനം സമീപസ്ഥമത്രേ.
സ്വയം അതിനായി സമർപ്പിക്കുന്നവൻ
35 അതു കണ്ടെത്തുക തന്നെ ചെയ്യും. നിങ്ങൾ
കണ്ണുയർത്തി കാണുവിൻ. ഞാൻ അതിൽ
അല്പമേ പരിശ്രമിച്ചിട്ടുള്ളു എങ്കിലും
അതിനെ അത്യധികമായി ഞാൻ കണ്ടെ
ത്തിയിരിക്കുന്നു. എൻെറ ഉപദേശം ചെറു 36
തെങ്കിലും അതു കേൾപ്പിൻ. സ്വർണ്ണവും
വെള്ളിയും അതിനാൽ നിങ്ങൾ സമ്പാദി
ക്കും. എന്നെക്കുറിച്ചുള്ള ധ്യാനത്തിൽ 37
സന്തുഷ്ടരാകും. എന്നെ സ്തുതിക്കുന്ന
തിനെപ്പറ്റി നിങ്ങൾ ലജ്ജിക്കരുത്. അസ 38
മയത്തു പോലും നിങ്ങളുടെ പ്രവൃത്തികൾ
ചെയ്യുവിൻ. തക്കകാലത്ത് നിങ്ങൾക്ക് അതി
നു പ്രതിഫലം ലഭിക്കും. ദൈവം എന്നേക്കും
വാഴ്ത്തപ്പെട്ടവൻ. അവൻെറ തിരുനാമ
ത്തിന് തലമുറ തലമുറയായി സ്തുതി.

ഇവിടെവരെയും ബാർ ആസീറേ എന്നു വിളിക്കപ്പെടുന്ന യേശു ബർശെമവൂൻെറ വചനങ്ങൾ സമാപ്തം. ഇദ്ദേഹം മക്കാബിയരുടെ കാലത്ത് ഉള്ളവനായിരുന്നു.

ഏറമിയായുടെ ലേഖനം

അദ്ധ്യായം 1

ബാബേൽ രാജാവായ നെബുക്കദ്
സർ ബാബേലിലേയ്ക്കു അടികളാക്കി
ണ്ടുപോയ പ്രവാസികൾക്കു ഏറമിയാ
ച്ച എഴുത്തിൻെറ പകർപ്പ്. കർത്താവി
ൽ ആജ്ഞാപിക്കപ്പെട്ടപ്രകാരം. അവരെ
പ്പിക്കുവാൻ അദ്ദേഹം എഴുതി. ദൈവ
മുമ്പാകെ നിങ്ങൾ ചെയ്ത പാപങ്ങൾ
ത്തം ബാബേൽ രാജാവായ നെബുഖദ്
റിനാൽ ബാബേലിലേക്കു നിങ്ങൾ
മകളായി കൊണ്ടുപോകപ്പെട്ടു. അവി
ിങ്ങൾ പ്രവേശിച്ചകാലം മുതൽ വളരെ
ത്തേക്ക്—എഴുപതു വർഷം—നി
അവിടെ ആയിരിക്കും. എഴുപതാണ്ടു
കഴിഞ്ഞ് ഞാൻ നിങ്ങളെ സമാധാന
ടെ അവിടെനിന്നും തിരികെ കൊണ്ടു
ചുമലിൽ ചുമന്നുകൊണ്ട് നടക്കു
സ്വർണ്ണവും വെള്ളിയും തടിയും കല്ലു
കൊണ്ടുണ്ടാക്കിയതുമായ ജാതി
ട വിഗ്രഹങ്ങൾ അവിടെ നിങ്ങൾ
ും. ആകയാൽ നിങ്ങളും ജാതിക
താദാത്മ്യപ്പെടാതിരിപ്പാൻ സൂക്ഷി
ാള്ളണം. അവയെ നിങ്ങൾ ഭയ
ത്. അവയുടെ മുമ്പിലും പിമ്പിലു
ഏറിയ പുരുഷാരം അവയെ നമസ്സ
നടക്കുന്നതായി നിങ്ങൾ കാണു
ഇളകിപ്പോകരുത്. പിന്നെയോ
മ അവിടന്നു മാത്രമാണ് ആരാധ
ൻ എന്നു നിങ്ങളുടെ മനസ്സിൽ
നം. എന്തെന്നാൽ ദൈവത്തിൻെറ
നിങ്ങളോടുകൂടെയുണ്ട്. അവൻ
ുടെ ആത്മാക്കൾക്കു വേണ്ടതു
കാള്ളും. ആ വിഗ്രഹങ്ങൾ തച്ചൻ
ിയുണ്ടാക്കി പൊന്നും വെള്ളിയും
ഞ്ഞിരിക്കയാണ്. അവ വ്യർത്ഥ
നിർജ്ജീവങ്ങളുമാകയാൽ അവ
ംസാരിപ്പാൻ കഴിവില്ല. കന്യകയ്ക്ക്
ങ്ങൾ മനോഹരമായിരിക്കുന്ന
ന്നെയാണ് അവർ പൊന്നുരുക്കി
ളുണ്ടാക്കി അവരുടെ ദേവന്മാരുടെ

ശിരസ്സുകളിൽ ചൂടിക്കുന്നത്. അവരുടെ
പൂജാരികൾ മരിക്കുമ്പോൾ,അവരുടെ
ദൈവങ്ങളിൽ നിന്നും പൊന്നും വെള്ളിയും
എടുത്തുമാററി അവർക്കായി അവ ഉപ
യോഗിക്കയും ഒരു ഭാഗം വേശ്യകൾക്കു
പോലും കൊടുക്കുകയും ചെയ്യാറുണ്ട്
എന്നതു പ്രസിദ്ധമാണ്. പൊന്നും വെള്ളി 10
യും തടിയും കൊണ്ടുള്ള ദേവന്മാരെ
മനുഷ്യരെ എന്നപോലെ ഉടയാടകൾ
കൊണ്ടും അവർ അലംകൃതരാക്കുന്നു.
എന്നിട്ടും അവരോ, വ്രണങ്ങളിൽ നിന്നോ 11
വിനാശത്തിൽനിന്നോ രക്ഷപ്പെടുന്നുമില്ല!
നീരാളിപ്പട്ടുകൊണ്ടുള്ള അങ്കികൾ അവയെ
അണിയിക്കുന്നു. ആലയത്തിൽനിന്നും 12
അടിച്ചുകയറി മുഖത്തു അടിഞ്ഞുകൂടിയി
രിക്കുന്ന പൊടിപടലം അവർ തുടച്ചു വെടി
പ്പാക്കുന്നു! രാജ്യത്തെ ന്യായാധിപൻ എന്ന 13
വണ്ണം കൈയിൽ അധികാരദണ്ഡ് അവർ
പിടിച്ചിട്ടുണ്ട്; പക്ഷെ തെററുചെയ്യുന്നവരെ
നശിപ്പിപ്പാൻ അവർക്കൊരു കഴിവുമില്ല.
വലങ്കൈയിൽ വാളുപിടിച്ചിട്ടുണ്ട്; ഇടങ്കൈ 14
യിൽ മഴുവുമുണ്ട്; എന്നാൽ യുദ്ധങ്ങളിൽ
നിന്നോ മോഷ്ടാക്കളിൽ നിന്നോ സ്വയം
രക്ഷപ്പെടുവാൻ അവർക്കു കഴിവില്ല!
ഇതിൽനിന്നെല്ലാം അവർ ദേവന്മാരല്ല എന്നു
അറിയപ്പെടണം. നിങ്ങൾ അവയെ
സേവിക്കരുത്. എന്തെന്നാൽ കുശവൻ 15
ഉണ്ടാക്കിയ പാത്രം ഉടഞ്ഞുപോയാൽ,
പിന്നെ അതുകൊണ്ട് ഒരു പ്രയോജനവും
ഇല്ലല്ലോ. ഇങ്ങനെയുള്ളവരാണ് അവരുടെ
ദേവന്മാർ! അവയെ ആലയങ്ങളിൽ അവർ 16
നാട്ടിനിറുത്തുന്നു. വരികയും പോകുകയും
ചെയ്യുന്നവരുടെ കാലുകളിലെ പൊടി
കൊണ്ടും അവരുടെ കണ്ണുകൾ നിറഞ്ഞി
രിക്കയാണ്. രാജാവിനാൽ കുററം വിധി 17
ക്കപ്പെട്ട ഒരുവനെപ്പോലെ, മരണത്തിനു
വിധിക്കപ്പെട്ടവർക്കു തുല്യം അവരുടെ
ഭുജങ്ങൾ ബന്ധിതമാണ്. ആ ദൈവങ്ങളെ
കള്ളന്മാർ മോഷ്ടിച്ചുകൊണ്ടു പോകാതി
രിക്കാനായി, പൂജാരികൾ അവയുടെ
ആലയങ്ങളെ താഴുകളും സാക്ഷാകളും

കൊണ്ടടച്ചു പൂട്ടി ഉറപ്പാക്കിയിരിക്കുന്നു!
18 കാണാൻ കഴിവില്ലാത്ത ദേവന്മാരുടെ
കണ്ണുകൾക്കുമുമ്പിൽ വളരെയേറെ ദീപ
ങ്ങളാണ് അവർ കൊളുത്തുന്നത്! അവ
വീടിൻെറ കഴുക്കോലുകൾക്കു തുല്യം! ഭൂമി
യിലെ കീടങ്ങളാൽ അവ നശിപ്പിക്കപ്പെ
ടുമ്പോൾ അവരുടെ ഹൃദയം കേഴുന്നു.
19 അവയും അവയുടെ അങ്കികളും നശിച്ചു
പോകുന്നുവെങ്കിലും അവ അതറിയു
20 ന്നേയില്ല. ക്ഷേത്രങ്ങളിൽ അവയുടെ
ഉടലിന്മേൽ ഏല്ക്കുന്ന പുകകൊണ്ടും
അവയുടെ മുഖങ്ങൾ കരിവാളിച്ചുപോ
21 കുന്നു! അവയുടെ തലയിൽ വവ്വാലും
നരിച്ചീറും മീവൽപക്ഷികളും മററു പക്ഷി
22 കളും കയറി ഇരിക്കുന്നു! അവർ ദൈവങ്ങ
ളല്ല എന്ന് ഇവയിൽ നിങ്ങൾ മനസ്സിലാ
ക്കണം. അവയെ നിങ്ങൾ സേവിക്കരുത്.
23 ഭംഗിക്കായി അവയുടെ മേൽ പൊതി
യപ്പെട്ടിരിക്കുന്ന പൊന്നിൻെറ കാന്തി മങ്ങി
പ്പോയാൽ ആരെങ്കിലും അതു മിനുക്കു
24 ന്നില്ലെങ്കിൽ അതു തിളങ്ങുകയില്ല. അവയെ
വാർത്തുണ്ടാക്കിയപ്പോൾ പോലും അവ
അതറിഞ്ഞില്ല! വലിയ വിലകൊടുത്തു
വാങ്ങിയവയാണെങ്കിലും അവയ്ക്കു
25 ജീവനില്ല! അവയ്ക്കു നടക്കാൻ കഴിവില്ല.
അതിനാൽ, ആളുകൾ അവയെ ചുമലിലേ
26 ററിക്കൊണ്ടുനടക്കുന്നു! ഇതുതന്നെ അവ
രുടെ നിസ്സാരത പ്രസ്പഷ്ടമാക്കുന്നു! അവ
നിലത്തെങ്ങാനും വീണുപോയാൽ അവ
യ്ക്കു സ്വയം എഴുന്നേൽക്കുവാൻ സാദ്ധ്യ
മല്ലാത്തതുകൊണ്ട് അവയുടെ ശുശ്രൂഷകർ
പോലും ലജ്ജിക്കുന്നു! ആരെങ്കിലും അവ
യെ പ്രതിഷ്ഠിച്ചാലും അവ അനങ്ങുകയേ
യില്ല. ഒന്നു ചെരിഞ്ഞുപോയാൽ നേരെ
നില്ക്കാനും സാധ്യമല്ല.! മരിച്ചവർക്കെന്ന
പോലെ അവർക്കു ഭക്ഷ്യം സമർപ്പിക്ക
27 പ്പെടുന്നുണ്ട്. അവയ്ക്കായി അർപ്പിക്കുന്ന
ബലികളിൽനിന്നും അവരുടെ പൂജാരിക
ളാകുന്നു തിന്നുന്നത്. അവരുടെ ഭാര്യമാരും
അവയിൽ അത്യാർത്തി കാണിക്കുന്നു. അവ
28 രുടെ ബലികളിൽ നിന്നും ഒരൊറ്റ സാധന
വും അനാഥർക്കും ദരിദ്രർക്കും കൊടുക്കു
ന്നേയില്ല! സ്ത്രീകൾക്ക് അവരുടെ ആർത്തവ
കാലത്തും പ്രസവകാലത്തും അശുദ്ധാവ
സ്ഥയിലും അവയുടെ അടുത്തുചെല്ലാം!
ഇവയിൽ നിന്നെല്ലാം ഇവർ ദേവന്മാരേയല്ല
എന്നു നിങ്ങൾ മനസ്സിലാക്കിക്കൊള്ളണം.
അവയെ നിങ്ങൾ സേവിക്കരുത്.
29 ഇവയെ എങ്ങനെ ദൈവങ്ങൾ എന്നു
വിളിക്കും? സ്ത്രീകളാണ് പൊന്നും വെള്ളിയും
തടിയും കൊണ്ടുള്ള ഈ ദേവന്മാർക്കു
ഭക്ഷണം ഒരുക്കുന്നത്. പൂജാരികളാണ്
അവയുടെ പീഠങ്ങളിൽ അവയെ ഇരു
ത്തുന്നത്! അവർ കീറിയ വസ്ത്രങ്ങൾ ധരിച്ച്,
തലയും താടിയും ക്ഷൌരവും ചെയ്ത് തല
മൂടാതെ ഇരിക്കുന്നു. മരിച്ചവരുടെ അടിയ
ന്തരസദ്യാസമയത്തു ചിലർ ചെയ്യുന്നതു
പോലെ അവരുടെ ദേവന്മാരുടെ മുമ്പിൽ
അവർ ഉച്ചത്തിൽ അലറുകയാണ്. അവ
യുടെ ഉടയാടകളിൽ നിന്നും കുറെയെല്ലാ
മെടുത്ത് പൂജാരികൾ അവരുടെ ഭാര്യ
മാർക്കും മക്കൾക്കും അണിയാൻ കൊടു
ക്കുന്നു! ഈ ദേവന്മാരോടു ആരെങ്കിലും
ഗുണമോ ദോഷമോ ചെയ്താലും തിരിച്ചു
ഒന്നും ചെയ്വാൻ അവർക്കു കഴിവില്ല! ഒരു
രാജാവിനെ നിയമിക്കുവാനോ നീക്കം
ചെയ്യുവാനോ അവർക്കു പ്രാപ്തിയില്ല.
ആർക്കെങ്കിലും ധനദ്രവ്യാദികൾ ദാനം
ചെയ്യുവാനും അവർ അശക്തരത്രെ.
അവർക്കു വല്ല നേർച്ചയും നേർന്നിട്ട് ഒന്നും
ചെയ്തില്ലെങ്കിലും അവനോടാവശ്യപ്പെടാൻ
സാദ്ധ്യമല്ല. മനുഷ്യനെ മരണത്തിൽനിന്നും
രക്ഷിപ്പാനും ബലഹീനനെ ശക്തനിൽ
നിന്നും ത്രാണനം ചെയ്വാനും അന്ധനു
കാഴ്ച കൊടുപ്പാനും അഗതികളുടെ ദുർഗ്ഗ
തിയിൽ എന്തെങ്കിലും കൊടുത്തു സഹായി
പ്പാനും അവയ്ക്കു പ്രാപ്തിയില്ല. വിധവമാ
രോടു കരുണയില്ല. അശുദ്ധരെ ഉത്തമ
ന്മാരാക്കുന്നില്ല. ദരിദ്രനെ സംരക്ഷിക്കുന്നു
മില്ല. തടിയും പൊന്നും വെള്ളിയും
കൊണ്ടുള്ള ആ ദേവന്മാർ മലകളിലെ
വെറും ശിലകൾക്കു തുല്യമാണ്. അവയെ
ക്കൊണ്ടൊരു പ്രയോജനവുമില്ലെന്നു
പൂജാരികൾക്കറിയാം. അവർ ലജ്ജിക്കും.
അവയുടെ പേരിൽ അവർ മനുഷ്യരെ
വഴിതെററിക്കും. ഇവ ദൈവങ്ങളാണെന്ന്
എങ്ങനെ അറിയാം? സംസാരശക്തിയില്ലാത്ത
മൂകനെ അവർ ക്ഷേത്രവാതില്ക്കൽ
കൊണ്ടുവന്ന് ദേവനു കഴിവുണ്ടെന്നുള്ള
ബോധ്യത്തോടെ പ്രാർത്ഥിക്കുകയും
വിളിക്കയും ചെയ്യുന്നു. കാര്യസാദ്ധ്യമില്ലാ
യ്കയാൽ കൽദയർ പോലും അവരുടെ ദേവ
ന്മാരെ അപമാനിക്കുന്നു. എന്നിട്ടും അവയെ
ഉപേക്ഷിക്കണമെന്നറിയുവാൻ അവർക്കു
സാദ്ധ്യമാകുന്നില്ല; എന്തെന്നാൽ അവർക്കു
ബുദ്ധി ഇല്ല! സ്ത്രീകൾ ചരടുകളാൽ 4
അലംകൃതകളായി വഴികളിൽ ഇരിക്കയും
സുഗന്ധദ്രവ്യങ്ങൾ അർപ്പിക്കയും ചെയ്യു
ന്നു. വഴിപോക്കരിൽ ഒരുവനാൽ അവരി 4
ലൊരുവൾ അവനുമൊത്തു ശയിപ്പാൻ

ആകൃഷ്ടയാകുമ്പോൾ എന്നെപ്പോലുള്ള
യോഗ്യത നിനക്കുണ്ടായില്ലല്ലോ എന്നു
4 പറഞ്ഞു പുച്ഛരിക്കുന്നു. ആ ദേവന്മാർക്ക്
ചെയ്യുന്നതെല്ലാം വെറുതെയായിപ്പോ
കുന്നു. ആകയാൽ അവർ ദേവന്മാരെന്ന്
എങ്ങനെ അവയെക്കുറിച്ച് സാക്ഷിപ്പാൻ
കഴിയും? അവരെ എങ്ങനെ ദൈവങ്ങൾ
5 എന്നു വിളിക്കും? ആശാരിയും ലോഹപ്പ
ണിക്കാരനും അവരുടെ ഇഷ്ടാനുസരണം
ഉണ്ടാക്കിയവയാണ് അവ. അവയുടെ
നിർമ്മാതാക്കൾക്കു പോലും അധികകാലം
ജീവിച്ചിരിക്കുവാൻ സാധിക്കുന്നില്ല. ആ
സ്ഥിതിക്ക് അവർ ഉണ്ടാക്കിയവ എങ്ങനെ
ദേവന്മാരായിരിക്കും? ജനിക്കാതിരിക്കു
ന്നവർക്കു വ്യാജവും അപമാനവും ആണ്
അവർ ശേഷിപ്പിച്ചിരിക്കുന്നത്. യുദ്ധമോ
ദുഷ്കാലമോ ആഗതമാകുമ്പോൾ ഈ
ദേവന്മാരെ എവിടെ കൊണ്ടുപോയി ഒളിച്ചു
വയ്ക്കണമെന്നാണ് പൂജാരികൾ പരസ്പരം
ആലോചിക്കുന്നത്. ആകയാൽ അവർ
ദൈവങ്ങളല്ലെന്നും മനുഷ്യരുടെ കൈപ്പ
ണിയാണെന്നും യുദ്ധങ്ങളിൽ നിന്നോ
ദുഷ്കാലങ്ങളിൽനിന്നോ സ്വയം രക്ഷി
പ്പാൻ കഴിവില്ലാത്തവയാണെന്നും മനസ്സി
ലാക്കുന്നത് യുക്തമല്ലയോ! തടികൊണ്ടും
വെള്ളികൊണ്ടും സ്വർണ്ണം കൊണ്ടും ഉണ്ടാ
ക്കപ്പെട്ടിരിക്കുന്നവ, അവസാനം ജാതികൾ
ക്കെല്ലാം മനസ്സിലാകും-വെറും വ്യാജമാ
ണെന്ന്. അവ ദേവന്മാരല്ല മനുഷ്യഹസ്ത
നിർമ്മിതം മാത്രമാണെന്നു രാജാവിനും
പ്രത്യക്ഷമായി മനസ്സിലാകും. ദൈവത്തി
ന്റെ ഏതൊരു പ്രവർത്തനവും അവയിൽ
ഇല്ലെന്നും ഗ്രഹിക്കും. അവ ദേവന്മാരല്ല
എന്ന് എല്ലാവർക്കും അറിയാം. എന്തെ
ന്നാൽ ഭൂമിയിൽ രാജാക്കന്മാരെ അവർ
നിയന്ത്രിക്കുന്നില്ല; നന്മ ചെയ്തുകൊടുക്കു
വാനോ ഉപദ്രവിക്കുവാനോ അവയ്ക്കു
കഴിവില്ല. മനുഷ്യർക്കുവേണ്ടി അവ മഴ
പെയ്യിക്കുന്നില്ല; സ്വന്ത കാര്യത്തിൽപോലും
ഒരു തീരുമാനം എടുപ്പാൻ കഴിവില്ല;
പീഡിതനെ അവനേക്കാൾ ശക്തനിൽനിന്നും
രക്ഷിക്കുവാനും പ്രാപ്തിയില്ല; ആകാശ
ത്തിനും ഭൂമിക്കും മദ്ധ്യേ വായുവിൽ പറ
ക്കുന്ന കാക്കകളെ പോലെയല്ലോ അവർ.
അവരുടെ ക്ഷേത്രങ്ങളിൽ തീപിടിത്തമുണ്ടാ
കുമ്പോൾ അവയുടെ പൂജാരികൾ പുറത്തേക്ക്
ഓടി അവരെത്തന്നെ രക്ഷിക്കുന്നുണ്ട്.
എന്നാൽ അവരുടെ ദേവന്മാരാകട്ടെ മര
ത്തടിപോലെ വെന്തെരിഞ്ഞും പോകു
ന്നു. രാജാവിന്റെ മുമ്പിലോ യുദ്ധവീരന്റെ
മുമ്പിലോ നിൽപാൻ അവർക്കു കഴിവില്ല.
പിന്നെ ഇവ എങ്ങനെ ദേവന്മാർ എന്ന് അറി
യപ്പെടും, വിശ്വസിക്കപ്പെടും? കൊള്ളക്കാ 56
രിൽനിന്നും കവർച്ചക്കാരിൽ നിന്നും തന്നെ
ത്താൻ രക്ഷപ്പെടുവാൻ അവർക്കു പ്രാപ്തിയി
ല്ല! അവ വെറും, തടി, പൊന്ന്, വെള്ളി ദേവ
ന്മാരാകുന്നു! ബലവും ശക്തിയുമുള്ളവർ 57
അവയുടെ മേലുള്ള പൊന്നും വെള്ളിയും
ഉടയാടകളും എടുത്തു കൊണ്ടുപോകുന്നു;
അവയ്ക്കോ സ്വയം സഹായിക്കാൻ സാദ്ധ്യ
മല്ലതാനും! തന്റെ വീര്യം പ്രദർശിപ്പിക്കു 58
ന്ന രാജാവ് ഇവയെക്കാൾ വിശിഷ്ടനാണ്.
നാഥാന്റെ ക്ഷേത്രത്തിൽ ഉപയോഗിക്കുന്ന
ഉപകരണങ്ങൾ ഈ വ്യാജദേവന്മാരെക്കാൾ
മേന്മയുള്ളവയാണ്. അവന്റെ നാഥനെ
കാത്തുസൂക്ഷിക്കുന്ന ദ്വാരപാലകർ ഈ
വ്യാജദേവന്മാരെക്കാൾ മുന്തിയവരാണ്.

സൂര്യചന്ദ്രനക്ഷത്രാദികൾ ആകാശ 59
ത്തുനിന്നു ഭൂമിയെ പ്രശോഭിപ്പിക്കു
ന്നു.അവയുടെ ജോലിക്കായി ദൈവത്താൽ
അവ അയയ്ക്കപ്പെടുന്നു; അവ അതനുസരി
ക്കയും ചെയ്യുന്നു. മിന്നലും അയയ്ക്കപ്പെടു
മ്പോൾ അവ വെട്ടിത്തിളങ്ങുന്നു. ഇങ്ങനെ 60
തന്നെ കാററും എല്ലാ സ്ഥലത്തും ഊതു
ന്നു. മേഘങ്ങൾ ചലിച്ച് ഭൂതലമാകെ മഴ 61
പെയ്യിക്കുവാൻ അവയോടു ആജ്ഞാപിക്ക
പ്പെടുമ്പോൾ, അവ കല്പനാനുസരണം
ചെയ്തു പൂർത്തീകരിക്കുന്നു. പർവതങ്ങളും 62
കുന്നുകളും വനങ്ങളും ദഹിപ്പിക്കുവാൻ
അഗ്നി അയയ്ക്കപ്പെടുമ്പോൾ അതും കല്പ
നാനുസരണം പ്രവർത്തിക്കുന്നു. എന്നാൽ 63
ഈ ദേവന്മാരാകട്ടെ ഏതാദൃശപ്രവൃത്തി
കളിൽ ഒന്നിനോടും സാമ്യത്തിലോ 64
ശക്തിയിലൊ പ്രവർത്തനത്തിലോ സാമ്യ
പ്പെടുന്നില്ല. തന്മൂലം ഇവർ ദൈവങ്ങൾ
ആകുന്നുവെന്ന് എങ്ങനെ വിചാരിക്കും?
എങ്ങനെ ദേവന്മാർ എന്നു വിളിക്കപ്പെടും?
നീതിപാലനം ചെയ്വാനോ മനുഷ്യർക്കു
നന്മയോ ദോഷമോ ചെയ്യാനോ അവയ്ക്കു
കഴിവില്ലതന്നെ. ആകയാൽ അവ ദേവ
ന്മാരേ അല്ല എന്നു നിങ്ങൾ അറിഞ്ഞുകൊ
ള്ളണം. അവയെ സേവിക്കയുമരുത്.

രാജാവിനെ അനുഗ്രഹിപ്പാനോ ശപി 65
ക്കുവാനോ അവയ്ക്കു കഴിവില്ല. ജാതി 66
കൾക്കായി ആകാശത്തിൽ അടയാളങ്ങൾ
കാണിക്കുവാനോ സൂര്യനെപ്പോലെ പ്രകാ
ശം ഉദിപ്പിക്കുവാനോ ചന്ദ്രനെപ്പോലെ ശോഭ
കൊടുക്കുവാനോ അവയ്ക്കു കഴിവില്ല.
വന്യമൃഗങ്ങൾ ഇവയെക്കാളും ഭേദമാണ്. 67
അവയ്ക്കു ഓടി രക്ഷപ്പെടുവാനുള്ള

കഴിവുണ്ടല്ലോ. ഇവ ദേവന്മാരാണെന്ന്
ഒന്നുകൊണ്ടും നമുക്കു പ്രത്യക്ഷമാകു
ന്നില്ല. ആകയാൽ നിങ്ങൾ അവയെ ഭയ
പ്പെടരുത്. അവർ മിഥ്യാബോധം വരുത്തുന്ന
നോക്കുകുത്തികൾ പോലെ മാത്രം. അവ
ഒന്നിനേയും രക്ഷിക്കുന്നില്ലല്ലോ. ഇതു
പോലെ തന്നെയാണ് തടി, വെള്ളി, പൊന്നു
കൊണ്ടുള്ള അവരുടെ ദേവന്മാരും! അവ
രെക്കൊണ്ട് ഒരു പ്രയോജനവുമില്ല. ഏതു
പക്ഷിയും വന്നിരിക്കുന്ന തോട്ടത്തിലെ
മുൾച്ചെടിപോലെയാണ് അവർ. ഇരുട്ടി
ലേക്ക് എറിയപ്പെട്ട നിർജീവർപോലെ
തന്നെയാണ്, പൊന്നും വെള്ളിയും തടിയും
കൊണ്ടുണ്ടാക്കിയ അവരുടെ ദൈവങ്ങൾ!
അവയെ അണിയിച്ചിരിക്കുന്ന പട്ടുടയാ 71
ടകൾ ജീർണ്ണിച്ചുപോകുന്നതുപോലെ
അവയും അവസാനം എന്നേക്കുമായി
നശിച്ചുപോകും. അവ ഭൂമിയിൽ അവമാന
പാത്രമാകും. അവ ദേവന്മാരല്ല എന്നു
നിങ്ങൾ അറിഞ്ഞുകൊള്ളണം. ആകയാൽ 72
വിഗ്രഹങ്ങളില്ലാത്ത നീതിമാനായി അവ
മാനത്തിൽനിന്നകന്ന് ദൈവമായ കർത്താ
വിന്നായി കാത്തിരിക്കുന്നതാണ് മനുഷ്യന്
ഉത്തമം.

യറുശലേമിൽനിന്നും ബാബേലിലേക്ക് ബറൂക്ക് ശാസ്ത്രി അയച്ച ലേഖനം 1

അദ്ധ്യായം 1

1 യൂഫ്രട്ടീസ് നദിയുടെ അക്കരെ സ്ഥിതി
ചെയ്തിരുന്ന ഒമ്പതര ഗോത്രങ്ങൾക്ക്
നേറിയായയുടെ മകൻ ബറൂക്ക് അയച്ച
ലേഖനം. അതിൽ ഇപ്രകാരം എഴുതപ്പെ
ട്ടിരുന്നു. പ്രവാസത്തിലിരിക്കുന്ന സഹോദ
രന്മാർക്ക് നേറിയായയുടെ മകൻ ബറൂക്കിൽ
നിന്ന് സ്നേഹവും സമാധാനവും. സഹോ
ദരരേ! നമ്മേ സൃഷ്ടിക്കുകയും ആദിമുത
ലേ നമ്മേ സ്നേഹിക്കുകയും ഒരിക്കലും
നമ്മേ വെറുക്കാതിരിക്കുകയും അധിക
മായി നമുക്ക് ശിക്ഷണം നൽകുകയും
ചെയ്യുവനെ ഞാൻ സദാ സ്മരിക്കുന്നു.
ആശൂര്യരാൽ നാമെല്ലാവരും — പന്ത്രണ്ടു
ഗോത്രവും ബന്ധിതരായിരിക്കുന്നു എന്ന്
സത്യമായി ഞാൻ അറിയുന്നു. നാമെല്ലാം
ഒരേ പിതാവിൽനിന്ന് ജനിച്ചവരാകകൊണ്ട്
ഞാൻ മരിക്കുന്നതിനുമുമ്പ് ഈ ലേഖനം
നിങ്ങൾക്ക് ഏല്പിച്ചിട്ട് പോകണം എന്നെ
നിക്ക് വളരെ താല്പര്യമുണ്ട്. നിങ്ങൾക്ക്
സംഭവിച്ച ദുരിതങ്ങളിൽ നിന്ന് നിങ്ങൾ
ആശ്വാസം പ്രാപിക്കണം. നിങ്ങളുടെ
സഹോദരന്മാർക്കും സംഭവിച്ച ദുരിതത്തെ
ഓർത്ത് നിങ്ങൾ ദുഃഖിക്കയും വേണം.
നിങ്ങൾ പ്രവാസത്തിൽ പോകണമെന്ന്
തീരുമാനിച്ച ദൈവത്തിൻെറ വിധിയെ
നിങ്ങൾ ന്യായീകരിപ്പിൻ. നിങ്ങൾ
ചെയ്തിട്ടുള്ളതിനേക്കാൾ വളരെ കുറവാണ്
നിങ്ങൾ അനുഭവിച്ച കഷ്ടതകൾ.
എന്തെന്നാൽ നിങ്ങളുടെ പിതാക്കന്മാർക്ക്
നിങ്ങൾ യോജിച്ചവരാണ് എന്നുള്ളത്
അവസാന സമയത്ത് കാണപ്പെടും. അവ
സാനം നിങ്ങൾ ശിക്ഷാവിധിയേററ് ദണ്ഡി
ക്കപ്പെടാതിരിക്കേണ്ടതിന് ഇപ്പോൾ
നിങ്ങൾ ദുരിതമനുഭവിക്കേണ്ടിവന്നത്
നിങ്ങളുടെ നന്മയ്ക്കാണെന്നും വിചാരി
ക്കണം. വ്യർത്ഥമായ തെററ് നിങ്ങളുടെ
ഹൃദയങ്ങളിൽ നിന്ന് വേണ്ടുവോളം
നിങ്ങൾ നീക്കിക്കളഞ്ഞാൽ നിത്യമായ
ആശ്വാസം നിങ്ങൾ പ്രാപിക്കും. ആ തെററു
കൾ നിമിത്തമാണല്ലോ നിങ്ങൾ ഇവിടെ
നിന്ന് പോകേണ്ടിവന്നത്. എന്തെന്നാൽ
ഇങ്ങനെ നിങ്ങൾ ചെയ്യുമെങ്കിൽ നമ്മേ
ക്കാൾ ശ്രേഷ്ഠരായവരോട് നമുക്കു വേണ്ടി
വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത് എപ്പോഴും
നിങ്ങളുടെ സ്മരണയിൽ ഇരിക്കട്ടെ. താൻ 8
എന്നേക്കുമായി നമ്മെ മറക്കുകയോ ഉപേ
ക്ഷിക്കുകയോ ഇല്ല. പിന്നെയോ ഏറിയ
കരുണയോടെ ചിതറിപ്പോയവരെ അവൻ
കൂട്ടിച്ചേർക്കും.
ഇനിയും എൻെറ സഹോദരന്മാരേ 9
ബാബിലോണിലെ നെബുക്കദ്നേസർ
രാജാവ് നമുക്കു വരുത്തിയ-സെഹിയോനു
സംഭവിച്ച കാര്യങ്ങൾ എന്തെന്ന് നിങ്ങൾ
ആദ്യമേ അറിഞ്ഞിരിക്കണം. നമ്മെ സൃഷ്ടി 10
ച്ചവനോട് നാം പാപം ചെയ്തു. നമ്മോടുള്ള
കല്പനകളെ നാം പാലിച്ചില്ല. നാം കൂടുതൽ
ദുരിതമനുഭവിക്കേണ്ടിവരും എന്നു നാം
ഓർത്തില്ല. ഇപ്പോൾ എൻെറ സഹോദരരേ 11
ഞാൻ നിങ്ങളെ അറിയിക്കുന്നു. ശത്രുക്കൾ
നഗരത്തെ വളഞ്ഞപ്പോൾ മഹോന്നതൻെറ
ദൂതന്മാർ അയയ്ക്കപ്പെട്ടു. അവർ ഉറപ്പേറിയ
കോട്ട മറിച്ചിട്ടു. ഇളക്കി മാററാവതല്ലാത്ത
ശക്തിയേറിയ ഇരുമ്പുസാക്ഷാകൾ അവർ
തകർത്തു. എന്നാൽ ശത്രുക്കൾ അശുദ്ധമാ
ക്കാതിരിക്കേണ്ടതിന് വിശുദ്ധ പൂജാ
ഉപകരണങ്ങളെല്ലാം അവർ മറച്ചുവച്ചു.
ഇവയ്ക്കെല്ലാം ശേഷം അവരെ ശത്രു 12
ക്കൾക്ക് ഏല്പിച്ചുകൊടുത്തു. കോട്ടമതിൽ
മറിഞ്ഞുകിടന്നു.ആലയം കൊള്ളചെയ്യ
പ്പെട്ടു. ദേവാലയത്തെ അഗ്നിക്കിരയാക്കു
കയുംചെയ്തു. അവർ ഏല്പിച്ചുകൊടുക്കപ്പെ
ട്ടതു മൂലമാണ് ജനം പരാജിതരായത്.
അതായത് യുദ്ധത്തിൽ മഹോന്നതൻെറ
ആലയംവരെ നശിപ്പിക്കുവാൻ ഞങ്ങൾക്കു
കഴിഞ്ഞു എന്ന് ശത്രുക്കൾ വമ്പു പറ
യാതിരിക്കേണ്ടതിന്നു തന്നേ. നമ്മുടെ 13
സഹോദരങ്ങളെ അവർ ബന്ധിതരാക്കി
ബാബേലിലേക്കു കൊണ്ടുപോയി. അവരെ
അവിടെ പാർപ്പിച്ചു. ഞങ്ങൾ അല്പം ചിലർ
ഇവിടെ ശേഷിക്കയും ചെയ്തു. ഇതാണ്

ഞാൻ നിങ്ങൾക്കെഴുതിയ സങ്കടത്തിൻെറ
14 കാരണം. സെഹിയോനിലെ വാസം
നിങ്ങൾക്കാശ്വാസപ്രദമായിരുന്നു.അവിടെ
നിന്നും നിങ്ങൾ ദൂരെപ്പോയതുകൊണ്ട്
നിങ്ങൾ ദുഃഖിക്കുന്നതിലപ്പുറം നിങ്ങൾക്കാ
ശ്വാസമായിരുന്നു. നിങ്ങളുടെ ആശ്വാ
സത്തിനായി ഈ വചനം കേൾപ്പിൻ.
15 ഞാൻ സെഹിയോനെക്കുറിച്ചു ദുഃഖി
ച്ചു വിലപിച്ചു. മഹോന്നതനോട് ഞാൻ
കരുണയ്ക്കായി യാചിച്ചു. എപ്പോൾവരെ
ഇതെല്ലാം നീണ്ടുനില്ക്കും എന്നു ഞാൻ
പറഞ്ഞുപോയി. ബലവാനായവൻ തൻെറ
കരുണാതിരേകത്താൽ മഹോന്നതൻ
തൻെറ ദയാധിക്യത്താൽ വരുത്തിയ
വിഷമങ്ങൾ എപ്പോഴും ഞങ്ങളുടെമേൽ
16 സംഭവിച്ചുകൊണ്ടിരിക്കുന്നു. ഞാൻ ആശ്വ
സിക്കത്തക്കവണ്ണം അവർ എനിക്ക് വചനം
വെളിപ്പെടുത്തി. ഇനിയും ഞാൻ ദുഃഖി
ക്കാതിരിക്കത്തക്കവണ്ണം ദർശനങ്ങൾ
അവൻ എന്നെ കാണിച്ചുതന്നു. ഇക്കാല
ത്തിൻെറ രഹസ്യവും കാലങ്ങളുടെ
ആഗമനവും താൻ എന്നെ അറിയിച്ചു.
17 ഇതിനാൽ നിങ്ങളുടെ മഹാദുഃഖത്തിൽ
നിന്ന് നിങ്ങൾ ആശ്വാസം പ്രാപിക്കേണ്ട
തിന്നായി ഞാൻ നിങ്ങൾക്ക് എഴുതിയി
രിക്കുന്നു. നിങ്ങൾ ഇക്കാര്യമറിയണം.
നമ്മുടെ സ്രഷ്ടാവ് നമുക്ക് എപ്പോഴും
ചെയ്തുതന്നിട്ടുള്ളതുപോലെ നമുക്കുവേണ്ടി
അവൻ നമ്മുടെ ശത്രുക്കളോട് പ്രതികാരം
ചെയ്യും.
18 മഹോന്നതൻെറ പ്രവർത്തനാന്ത്യം
സമീപിച്ചിരിക്കുന്നു. അവൻെറ കരുണ
ഉണ്ടാകുകതന്നെ ചെയ്യും. അവൻെറ
വിധിയുടെ അന്ത്യം അകലെയല്ല. എന്തെ
19 ന്നാൽ ജാതികൾ ദുഷ്ടന്മാരെങ്കിലും
അവരുടെ ഉയർച്ചയുടെ ആധിക്യം നാം
കാണുന്നുണ്ട്. എന്നാൽ അത് അതിവേദ
നയ്ക്കുള്ളതാകുന്നു. അവർ അധർമ്മികളെ
ങ്കിലും അവരുടെ അധികാരാധിക്യം നാം
കണ്ടുകൊണ്ടിരിക്കുന്നു. എന്നാൽ അവർ
ഒരു തുള്ളിക്ക് തുല്യമായിത്തീരും. നാഴിക
തോറും അവർ ബലവാനായ തമ്പുരാന്
എതിരായി നില്ക്കുമ്പോൾ തന്നേ അവ
20 രുടെ ശക്തിയുടെ ഉറപ്പും നാം കാണുന്നു.
എന്നാൽ തുപ്പലുപോലെ അവർ വിചാ
രിക്കപ്പെടും. മഹോന്നതൻെറ കല്പനകളെ
അവർ അനുഷ്ഠിക്കാതിരുന്നിട്ടും അവരുടെ
ശ്രേഷ്ഠതയുടെ മഹിമയേക്കുറിച്ച് നാം
ചിന്തിച്ചുപോകുന്നു. എന്നാൽ പുകപോലെ
21 അവർ കടന്നുപോകും. അശുദ്ധിയിൽ
തന്നെയാണ് അവരെപ്പോഴും കഴിയുന്നതെ
ങ്കിലും അവരുടെ സമ്പത്തിൻെറ മഹിമയെ
ക്കുറിച്ച് നാം ചിന്തിച്ചുപോകുന്നു. എന്നാൽ
വാടിപ്പോകുന്ന പുഷ്പംപോലെ അവർ
ഉണങ്ങിപ്പോകും. അവരുടെ അന്ത്യത്തേക്കു 22
റിച്ച് സ്മരണയില്ലാതെയുള്ള അവരുടെ
കഠിനമാനസത്തിൻെറ ശക്തിയെക്കുറിച്ച്
നാം ചിന്തിക്കാറുണ്ട്. എന്നാൽ കടന്നു പോ
കുന്ന കരടുപോലെ അവർ മാറിപ്പോകും.
അവർക്ക് താൻ നൽകിയ ദൈവകൃപയെ
അവർ ഉപേക്ഷിച്ചിട്ടും അവരുടെ ശക്തിയുടെ
മനോഹാരിത കണ്ട് നാം ചിന്തിച്ചുപോയി.
കടന്നുപോകുന്ന മേഘം പോലെ അവർ
മാറിപ്പോകും. എന്തെന്നാൽ മഹോന്നത 23
ൻെറ കാലങ്ങൾ അവൻ വേഗം വരുത്തും.
അവൻെറ സമയങ്ങൾ അവൻ വരുത്തുക
തന്നെ ചെയ്യും.അവനോട് എതിർത്തവരെ
അവൻ വിധിക്കും. അവരുടെ ഗൂഢമായ
എല്ലാ പ്രവർത്തനങ്ങളേയും അവൻ സത്യ
മായും വെളിവാക്കും. അവരുടെ നിഗൂഢ
ചിന്തകളെ അവൻ പരിശോധിക്കും. മനു
ഷ്യൻെറ അവയവങ്ങളുടെ ഉള്ളറയിൽ
വച്ചിരിക്കുന്നവയെല്ലാം എല്ലാ മനുഷ്യരു
ടേയും മുമ്പിൽ ശാസനയോടെ അവൻ
പരസ്യമാക്കും.
ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന 24
വയൊന്നും നിങ്ങളുടെ ഹൃദയത്തിൽ കടന്ന്
വേദനിപ്പിച്ചുകൊണ്ടിരിക്കരുത്. പ്രത്യുത
കൂടുതൽ പ്രതീക്ഷയോടെ നമുക്കിരിക്കാം.
എന്തെന്നാൽ നമ്മോടു താൻ വാഗ്ദാനം
ചെയ്തിട്ടുള്ളത് വരികതന്നെ ചെയ്യും.
ഇപ്പോൾ ജാതികളുടെ കല്പനയെ നാം 25
നോക്കേണ്ട. പിന്നെയോ അന്ത്യത്തിലേ
ക്കായി അവൻ നമുക്ക് വാഗ്ദാനം ചെയ്യ
പ്പെട്ടിട്ടുള്ളവ നമുക്ക് സ്മരിച്ചുകൊണ്ടി
രിക്കാം. എന്തെന്നാൽ കാലങ്ങളുടേയും 26
സമയങ്ങളുടേയും എല്ലാ കാര്യങ്ങളുടേയും
അതിർത്തികൾ നീങ്ങിപ്പോകും.അന്ത്യത്തി
ലോ ലോകനിയന്താവിൻെറ മഹത്തായ
ശക്തി അവൻ കാണിച്ചു തരും. എല്ലാം
ന്യായവിധിയിലേക്ക് വരും. ആകയാൽ 27
മുമ്പേ മുതൽ നിങ്ങൾ വിശ്വസിച്ചതിലേക്ക്
നിങ്ങളുടെ മനസ്സുകളെ തിരിക്കുവിൻ. രണ്ടു
ലോകങ്ങളാൽ നിങ്ങൾ വിധിക്കപ്പെ
ടാതിരിക്കട്ടെ. ഇപ്പോൾ നിങ്ങൾ അടിമക 28
ളാക്കപ്പെട്ടു. പിന്നീട് നിങ്ങൾ വേദനയനു
ഭവിക്കാതിരിക്കേണ്ടതിനു തന്നേ. ഇപ്പോ
ഴുള്ളവയും കഴിഞ്ഞുപോയവയും വരാനു
ള്ളവയും ആയവയിൽ ദുരിതം മുഴുവനും
ദുരിതവും നല്ലകാലം മുഴുവനും നല്ലതുമല്ല.

പ്പോഴുള്ള ദേഹസൗഖ്യം രോഗത്തിലേക്ക്
രിക്കും. ഇപ്പോഴുള്ള ബലമെല്ലാം
ലഹീനതയിലേക്ക് തിരിച്ചുപോകും.
പ്പാഴുള്ള ശക്തിയെല്ലാം അരിഷ്ടതയി
ക്കും തിരിച്ചുപോകും. ഇപ്പോഴുള്ള
ൗവനത്തിളപ്പെല്ലാം വാർദ്ധക്യത്തി
ക്കും അന്ത്യത്തിലേക്കുമാണ് തിരിച്ചു
ാകുന്നത്. ഇപ്പോഴുള്ള ഭംഗിയും സൗന്ദ
ുമെല്ലാം ഇല്ലാതായി വാടിക്കരിഞ്ഞ്
റുപ്പുള്ളതായിത്തീരും. ഇപ്പോഴുള്ള
ാര ഭരണമെല്ലാം അധഃപതനത്തി
ക്കും അവമാനത്തിലേക്കും തിരിയെ
കും. ഇപ്പോഴുള്ള നിഗളത്തിൻെറ ആ
ാപമെല്ലാം മൗനത്തിൻെറ ലജ്ജയി
ക് തിരിഞ്ഞുപോകും. ഇപ്പോഴത്തെ
മയും അഹങ്കാരവും പെട്ടെന്നുള്ള
ത്തിലേക്ക് തിരികെപ്പോകും. ഇപ്പോ
ന ആർഭാടവും മദിച്ചുള്ള ജീവിതവും
ത്തിലേക്ക് തിരിയും. ഇപ്പോഴത്തെ
സയുടെ അട്ടഹാസം എല്ലാം പൂഴിയി
ും മൗനത്തിലേക്കും തിരിഞ്ഞുവീഴും.
ാഴത്തെ സമ്പാദ്യവും ധനവുമെല്ലാം
നുഷ്യൻ തനിച്ച് ശവക്കുഴിയിലേക്ക്
യും. ഇപ്പോഴത്തെ മോഹിച്ചുള്ള
ാരം അവർക്ക് ഓർക്കാപ്പുറത്തുള്ള
ത്തിലേക്ക് തിരിയെപ്പോകും.
പ്പോഴുള്ള വികാരങ്ങളുടെ മോഹ
- നിത്യവേദനയ്ക്കുള്ള വിധിയായി
ാമിക്കും. ഇപ്പോഴുള്ള കൗശലവും
വും വഞ്ചനയും സത്യത്തിൻെറ ശാസ
വഴങ്ങും. ഇപ്പോഴത്തെ പ്രേരണ
മാധുര്യമെല്ലാം ശിക്ഷാവിധിക്കായി
മിക്കും. ഇപ്പോഴുള്ള വഞ്ചനയുടെ
ഹം സത്യംമൂലം ' അവമാന
ക്കും തിരിയും. ഇപ്പോൾ സംഭവിച്ചവ
ം പകരം കിട്ടാതെപോകയില്ല
ള പ്രത്യാശ എനിക്കുണ്ട്. എല്ലാ
യും അവസാനം സത്യത്തിലേക്ക്
ആകയാൽ ഞാൻ ജീവിച്ചിരിക്കു
തന്നേ നിങ്ങളെ ഞാൻ അറി
ക്കുന്നു. വിശിഷ്ടമായ കാര്യങ്ങൾ
പാലിക്കണം. ഞാൻ മരിക്കുന്നതിനു
തൻെറ വിധിയുടെ കല്പനകൾ
ങ്കിലും നിങ്ങളുടെ മുമ്പിൽ വച്ചു
നിങ്ങളെ ഉപദേശിക്കണമെന്ന്
ായ തമ്പുരാൻ എന്നോട് കല്പി
ന്നു.
ൽ മോശ നിങ്ങളോട് സാക്ഷിച്ചു
് നിങ്ങൾ ന്യായപ്രമാണം ലംഘി
ങ്ങൾ ചിതറിപ്പോകും. നിങ്ങൾ

ആചരിച്ചാലോ നിങ്ങൾ സുരക്ഷിതരാ
യിരിക്കും. നിങ്ങൾ പന്ത്രണ്ടു ഗോത്രങ്ങളും
ഒരുമിച്ച് മരുഭൂമിയിൽ ആയിരിക്കുമ്പോൾ
നിങ്ങളോട് അദ്ദേഹം മററു കാര്യങ്ങളും
പറഞ്ഞിട്ടുണ്ടായിരുന്നു. അദ്ദേഹത്തിൻെറ
മരണശേഷമോ നിങ്ങൾ അവയെല്ലാം
തള്ളിക്കളഞ്ഞു. തന്മൂലം മുൻ പറയപ്പെട്ടവ 35
യെല്ലാം നിങ്ങളെ പിടികൂടിയിരിക്കുന്നു.
നിങ്ങൾക്കു ഇവയെല്ലാം സംഭവിക്കുന്ന
തിനുമുമ്പ് മോശ ഇവയേക്കുറിച്ച് പറ
ഞ്ഞിട്ടുണ്ട്. അതുമൂലമാണ് നിങ്ങൾക്ക്
ഇവയെല്ലാം സംഭവിച്ചതും. എന്തെന്നാൽ 36
നിങ്ങൾ ന്യായപ്രമാണം ലംഘിച്ചു. ഞാനും
നിങ്ങളോട് പറയുന്നു. നിങ്ങൾ ദുരിതമ
നുഭവിക്കുമ്പോൾ നിങ്ങളോട് കല്പിക്ക
പ്പെട്ടിട്ടുള്ളവ നിങ്ങൾ അനുസരിക്കുമെങ്കിൽ
നിങ്ങൾക്കായി താൻ സൂക്ഷിച്ചുവച്ചിരി
ക്കുന്നവയെല്ലാം ബലവാനായ തമ്പുരാ
നിൽനിന്ന് നിങ്ങൾ പ്രാപിക്കും. ആ 37
ബലവാനായ കർത്താവിൻെറ കല്പനകൾ
എപ്പോഴും നിങ്ങളുടെ ഓർമ്മയിലിരിക്കണ
മെന്നുള്ളതിന് എനിക്കും നിങ്ങൾക്കും
മദ്ധ്യേ സാക്ഷിയായിരിക്കും. അങ്ങനെ
എന്നെ അയച്ചവൻെറ തിരുമുമ്പിൽ
എനിക്കും ധൈര്യമുണ്ടാകും. നിങ്ങൾ ന്യായ 38
പ്രമാണത്തേയും സെഹിയോനേയും വിശു
ദ്ധസ്ഥലത്തേയും നിങ്ങളുടെ സഹോദ
രന്മാരേയും നിങ്ങളുടെ പിതാക്കന്മാരുടെ
പ്രമാണത്തേയും ഓർത്തുകൊണ്ടിരി
ക്കണം. പെരുനാളുകളേയും ശാബതാചാ 39
രത്തെയും നിങ്ങൾ മറക്കരുത്. ഈ
ലേഖനവും ന്യായപ്രമാണ പാരമ്പര്യങ്ങളും
നിങ്ങൾക്കു പിമ്പെ വരുന്ന നിങ്ങളുടെ
മക്കളേയും നിങ്ങൾ ഭരമേൽപിക്കണം.
അതു നിങ്ങളുടെ പിതാക്കന്മാർ നിങ്ങളെ
ഭരമേൽപിച്ചതുപോലെ തന്നെ.
ബലവാനായ തമ്പുരാൻ നിങ്ങളോട് 40
നിരപ്പാകുവാൻ നിങ്ങൾ സർവ്വഥാ, താല്പ
ര്യപൂർവം പൂർണ്ണഹൃദയത്തോടെ കേണപേ
ക്ഷിച്ചുകൊണ്ടിരിക്കണം.
താൻ നിങ്ങളുടെ പാപബാഹുല്യം 41
കണക്കിടാതെ നിങ്ങളുടെ പിതാക്കന്മാരുടെ
ആ ചൊവ്വായ നടപ്പിനെ താൻ ഓർക്കു
മാറാകട്ടെ. തൻെറ കരുണാധിക്യത്തിനനു
സരിച്ചല്ലാതെ താൻ നമ്മെ വിധിക്കുന്ന
പക്ഷം ജാതരായ നമുക്കെല്ലാവർക്കും ഹാ!
കഷ്ടം. നിങ്ങൾ ഒരുകാര്യം കൂടെ അറിയ 42
ണം. മുൻകാലങ്ങളിലും പണ്ടത്തെ തലമുറ
കളിലും നമ്മുടെ ആ പിതാക്കന്മാർക്ക്
സഹായികളായി നീതിമാന്മാരും പുണ്യവാ

ന്മാരായ ദീർഘദർശിമാരും ഉണ്ടായിരുന്നു.
നമ്മുടെ ദേശത്തും ഉണ്ടായിരുന്നു. നാം
പാപം ചെയ്തുകൊണ്ടിരുന്നപ്പോൾ നമുക്കു
വേണ്ടി അവർ നമ്മുടെ സ്രഷ്ടാവിനോട്
പ്രാർത്ഥിച്ച് നമ്മെ സഹായിച്ചുകൊണ്ടിരു
43 ന്നു. അവർക്ക് അവരുടെ പ്രവൃത്തികളേ
ക്കുറിച്ച് പ്രത്യാശയുണ്ടായിരുന്നു. ബല
വാനായ തമ്പുരാൻ അവരുടെ പ്രാർത്ഥന
കേട്ട് നമുക്ക് പാപപരിഹാരം തരികയും
44 ചെയ്തിരുന്നു. ഇപ്പോഴാകട്ടെ ആ പുണ്യവാ
ന്മാരും ദീർഘദർശിമാരും നിദ്രപ്രാപിച്ചിരി
ക്കുന്നു. നാമും നമ്മുടെ ദേശത്തുനിന്ന്
പുറംതള്ളപ്പെട്ടിരിക്കുന്നു. സെഹിയോൻ
നമ്മിൽനിന്ന് എടുക്കപ്പെട്ടിരിക്കുന്നു.
ഇപ്പോൾ നമുക്ക് ബലവാനായ തമ്പുരാനും
അവന്റെ ന്യായപ്രമാണവുമല്ലാതെ ഒന്നു
45 മില്ല. ആകയാൽ നാം നമ്മുടെ ഹൃദയങ്ങളെ
നേരേയാക്കി പ്രതിഷ്ഠിക്കുമെങ്കിൽ നമുക്ക്
നഷ്ടപ്പെട്ടതെല്ലാം, പോരാ നാം നഷ്ടപ്പെ
ടുത്തിയതിനേക്കാൾ വിശേഷതരമായി
ട്ടുള്ളവ വളരെ മടങ്ങായുള്ളവ നമുക്കു
കിട്ടുക തന്നെ ചെയ്യും. നശ്വരമായതാണ്
നാം നഷ്ടപ്പെടുത്തിയത്. എന്നാൽ നമുക്ക്
കിട്ടുന്നതോ അനശ്വരമായിട്ടുള്ളതാണ്.
46 നമ്മുടെ സഹോദരന്മാർക്ക് ബാബേ
ലിലേക്ക് ഇവയെല്ലാം സാക്ഷിച്ചുകൊണ്ടും
ഞാൻ എഴുതിയിരിക്കുന്നു. മുൻ പറയ
പ്പെട്ടവയെല്ലാം നിങ്ങളുടെ ദൃഷ്ടിയിൽ
എപ്പോഴുമുണ്ടായിരിക്കട്ടെ.ഇപ്പോൾവരെ
സ്വതന്ത്രരായ നാം അധികാരത്തിൻ
കീഴിലായിരിക്കുന്നു. മഹോന്നതൻ ഇവി
ടെയും നമ്മോട് ദീർഘക്ഷമ കാണിക്കും.
47 വരുവാനുള്ളത് താൻ നമ്മെ അറിയിച്ചിരി
ക്കുന്നു. അവസാനം സംഭവിക്കുന്ന യാതൊ
ന്നും അവൻ നമ്മിൽനിന്നു മറച്ചുവച്ചിട്ടില്ല.
ആകയാൽ തന്റെ നീതിയും സത്യവും
നമ്മോട് ചോദ്യം ചെയ്യുന്നതിനു മുമ്പായി
നാം എടുക്കപ്പെടുവാനല്ല പ്രാപിപ്പാനും
ലജ്ജിതരാകാതെ പ്രത്യാശയോടിരിപ്പാനും
നമ്മുടെ പിതാക്കന്മാരോടൊരുമിച്ച് ആശ്വ
സിക്കുവാനും നമ്മുടെ വൈരികളോടൊ
രുമിച്ച് അതിവേദനപ്പെടാതിരിപ്പാനുമായി
തനിക്ക് യോഗ്യമായ രീതിയിൽ നമ്മെത്ത
ന്നെ സജ്ജമാക്കാം. എന്തെന്നാൽ ലോക
ത്തിന്റെ യൗവനാവസ്ഥ കടന്നുപോയിരി
ക്കുന്നു. സൃഷ്ടിയുടെ ആ ഉഗ്രതയും പണ്ടേ
തന്നേ അവസാനിച്ചിരിക്കുന്നു. കാലങ്ങ
ളുടെ ആഗമനവും കടന്നിരിക്കുന്നു. തൊട്ടി
കിണറിനോടും നമ്മുടെ യാത്രയുടെ വഴി
യിൽ ആ നഗരത്തോടും നിത്യജീവനോടും
ആ തുറമുഖത്തോട് ആ കപ്പൽ അടുത്തും
ഇരിക്കുന്നു. നിങ്ങളുടെ യാത്രയിൽ കുററ
ക്കാരാകാതെ നിങ്ങൾ കപ്പലിൽ നിന്നിറങ്ങി
വിശ്രമിക്കുവാൻ നിങ്ങളേത്തന്നെ ഒരുക്കു
വിൻ. മഹോന്നതൻ ഇവയെല്ലാം ആനയി
ക്കുമ്പോൾ അന്ത്യദിനത്തിൽ അവിടെ
പശ്ചാത്താപത്തിന്നവസരമില്ല. കാലങ്ങൾ
ക്കതിരില്ല. സമയങ്ങൾക്ക് ദൈർഘ്യമില്ല.
വഴികൾക്ക് വ്യത്യാസമില്ല. പ്രാർത്ഥനയ്ക്ക
വസരമില്ല. യാചനകൾക്ക് ഉത്തരമില്ല.
ജ്ഞാനം പ്രാപിപ്പാൻ അവസരമില്ല.
അപ്പോൾ സ്നേഹം നൽകുന്നവനില്ല.
പശ്ചാത്താപ തെററുകളേക്കുറിച്ചുള്ള
അപേക്ഷയും പിതാക്കന്മാരുടെ പ്രാർത്ഥന
യും ദീർഘദർശിമാരുടെ അപേക്ഷയും
പുണ്യവാന്മാരുടെ സഹായവുമില്ല. ന്യായ
വിധി സമയത്ത് സാദ്ധ്യതയില്ല. അത് നാശ
ത്തിന്റെ ന്യായവിധിയുടേയും അഗ്നിമാർഗ്ഗ
ത്തിൻേറയും നരകത്തിലേക്ക് കൊണ്ടുപോ
കുന്ന വഴിയുടെയും സമയമാകയാൽ ആ
സമയത്ത് ഒരു പ്രമാണം വഴി ലോകത്തിനും
അതിലുള്ളതിനുമെല്ലാം അറുതി വരും.
പുണ്യം പ്രാപിക്കുന്നവനു ജീവൻ ലഭ്യമാ
കും. പാപത്തിൽ പൂണ്ടു കിടക്കുന്നവരേ
യോ അവൻ ജനിപ്പിക്കും. ആകയാൽ
നിങ്ങൾ എന്റെ ഈ എഴുത്തുകിട്ടുമ്പോൾ
നിങ്ങളുടെ സംഘങ്ങളിൽ താല്പര്യത്തോ
ടെ ഇതു വായിക്കണം. പ്രത്യേകിച്ചും
ഉപവാസ ദിവസങ്ങളിൽ ഇതിനേക്കുറിച്ച്
ധ്യാനിക്കണം. ഈ ലേഖനം മൂലം ഞാൻ
നിങ്ങളെ ഓർക്കുന്നതുപോലെ നിങ്ങൾ
എന്നേയും ഓർത്തുകൊണ്ടിരിക്കണം.

(ഈ ഒന്നാം ലേഖനം മററു ചില ഭാഷാ പതിപ്പുകളിൽ കാണുന്നില്ല)

ബറൂക്ക് 2

അദ്ധ്യായം 1

ഹല്ക്കീയായുടെ മകൻ ശേറിയായുടെ
കൻ സെദക്കിയായുടെ മകൻ മാസ്യാ
ുടെ മകൻ നേറിയായുടെ മകൻ ബറൂക്ക്
ഴുതിയ ലേഖനത്തിലെ വചനങ്ങൾ. ഇവ
ല്ദയർ യെറുശലേമിനെ കീഴ്പെടുത്തി
തിനെ അഗ്നിക്കിരയാക്കിയ കാലത്ത്
ഞ്ചാമാണ്ടിൽ മാസത്തിന്റെ ഏഴാം തീയ
ബാബേലിലേക്ക് ഇവ എഴുതി. എഴുത
ട്ട ഈ ചുരുൾ ബറൂക്ക് യഹൂദ്യരാജാവാ
യൂയാക്കീമിന്റെ മകൻ യൂഖന്യായുടേ
ം ഈ ചുരുളിലുള്ളവ കേൾക്കുവാൻ
നു കൂടിയ സകല ജനത്തിന്റേയും പ്ര
ണികളുടേയും രാജാവിന്റെ പ്രഭുക്കന്മാ
ടേയും മൂപ്പന്മാരുടേയും ചെറിയവർ
ൽ വലിയവർവരെയുള്ള സകലജന
ിന്റേയും ബാബേലിലും സോർനദീതീര
ു വസിക്കുന്നവരുടേയും മുമ്പിൽവച്ച്
വചനങ്ങൾ വായിച്ചു. അവർ കരഞ്ഞ്
വസിച്ച് ദൈവസന്നിധിയിൽ പ്രാർത്ഥി
കൈവശമുള്ളതും കഴിവുള്ളതുമായ
ം ഓരോരുവനും ശേഖരിച്ച് പുരോഹി
ായ ശോലൂമിന്റെ മകൻ ഹല്ക്കീയാ
ട മകൻ യൂയാക്കീമിന്റെ പേർക്കും
ശലേമിൽ അവനോടുകൂടെയുണ്ടായി
പുരോഹിതന്മാരുടേയും സർവ്വജന
ന്റേയും പേർക്ക് അയച്ചുകൊടുത്തു.
ാലയത്തിൽനിന്നും കൊണ്ടുപോന്ന
യഹൂദ്യ ദേശത്തേക്കും നീസോൻമാസം
ാം തീയതി കൊണ്ടുപോകാനിരി
ന്നതുമായ ദേവാലയപാത്രങ്ങൾ അതാ
നെബുക്കദ്നേസർരാജാവ് യൂഖന്യാ
ും പ്രഭുക്കന്മാരേയും കൈത്തൊഴിൽ
രയും സൈന്യങ്ങളേയും യറുശലേ
നിന്ന് അടിമകളാക്കിക്കൊണ്ടുപോന്ന
ം യഹൂദ്യരാജാവായ യോശീയായുടെ
സിങ്ങക്കിയാ ഉണ്ടാക്കിയ പാത്രങ്ങൾ
എടുത്ത് ബാബേലിലേക്ക് കൊണ്ടു
ി. ഇവർ പറഞ്ഞു ഞങ്ങൾ നിങ്ങൾക്ക്
അയച്ചുതരുന്നു. ആ പണംകൊണ്ട്

പാപയാഗത്തിന്നുള്ള വസ്തുക്കളും കുന്തിരി
ക്കവും വാങ്ങി കാഴ്ചയായി സമർപ്പിച്ചു.
നമ്മുടെ ദൈവമായ കർത്താവിന്റെ ബലി
പീഠത്തിന്മേൽ അർപ്പിക്കുവിൻ. നിങ്ങൾ 11
ബാബേൽ രാജാവായ നെബുക്കദ്നേസറി
ന്റേയും അദ്ദേഹത്തിന്റെ പുത്രനായ
ബത്ത്ശസ്സറിന്റേയും നാളുകൾ ആകാശ
ത്തിലെ നാളുകൾ പോലെയായിരിപ്പാനും, 12
അദ്ദേഹത്തെ സേവിച്ച് ബാബേൽ രാജാ
വായ നെബുക്കദ് നേസറിന്റേയും അദ്ദേ
ഹത്തിന്റെ പുത്രനായ ബത്ത്ശസ്സറി
ന്റേയും തണലിൽ കൺകുളിർക്കെ
ആശ്വാസം കണ്ടെത്തുവാൻ ഞങ്ങൾക്ക്
ദൈവം ശക്തിതരുവാനും ഏറിയകാലം
അവരെ സേവിച്ച് അവരുടെ മുമ്പിൽ കരുണ
കണ്ടെത്തുവാനും നിങ്ങൾ പ്രാർത്ഥിക്കണം.
നമ്മുടെ ദൈവമായ കർത്താവിനോട് 13
ഞങ്ങൾക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിപ്പീൻ
എന്തെന്നാൽ ദൈവസന്നിധിയിൽ ഞങ്ങൾ
പാപം ചെയ്തിരിക്കുന്നു. ഇന്നുവരേയും
തന്റെ കോപവും ക്രോധവും ഞങ്ങളിൽ
നിന്നു മാറിപ്പോയിട്ടില്ല. ഞങ്ങൾ നിങ്ങൾ 14
ക്ക് അയച്ചതായ ഈ ചുരുൾ നിങ്ങൾ
വായിക്കയും പെരുനാൾ ദിവസത്തിലും
കർത്തൃദിനങ്ങളിലും ദൈവംമുമ്പാകെ
ദൈവാലയത്തിൽവച്ച് ഞങ്ങൾക്കുവേണ്ടി
നിങ്ങൾ സ്തോത്രം അർപ്പിക്കയും വേണം.
നീതി നമ്മുടെ ദൈവമായ കർത്താവിനുള്ള 15
താകുന്നു. എന്നാൽ ഇന്ന് യറുശലേമിൽ
പാർക്കുന്ന എല്ലാ യഹൂദന്മാരും ഞങ്ങളുടെ
രാജാക്കന്മാരും പ്രഭുക്കന്മാരും പുരോഹിത
ന്മാരും പിതാക്കന്മാരും ലജ്ജിതരായിരി
ക്കുന്നു. ഞങ്ങൾ ഞങ്ങളുടെ ദൈവമായ 16
കർത്താവിന്റെ മുമ്പാകെ പാപം ചെയ്തിരി
ക്കുന്നു. തന്നെ ഞങ്ങൾ അനുസരിച്ചില്ല. 17
തന്റെ കല്പനകൾ ഞങ്ങൾ നിന്ദിച്ചു.
ഞങ്ങളുടെ ദൈവമായ കർത്താവ് ഞങ്ങൾ
ക്കു നല്കിയതായ കല്പനകളിൽ നട
പ്പാൻ ഞങ്ങൾ സമ്മതിച്ചില്ല. തന്റെ 18
ശബ്ദം ഞങ്ങൾ കേട്ടതുമില്ല. ഈജിപ്തിൽ 19
നിന്നും നമ്മുടെ പിതാക്കന്മാരെ കർത്താവ്

പുറപ്പെടുവിച്ചുകൊണ്ടുവന്ന നാൾ മുതൽ
ഇന്നുവരേയും ഞങ്ങളുടെ ദൈവത്തെ
അനുസരിക്കാതെ കഴിയുന്നു. തൻെറ
ശബ്ദം കേൾക്കാതെ ഞങ്ങൾ മത്സരിച്ചു
20 കൊണ്ടിരിക്കുന്നു. പാലും തേനുമൊഴു
കുന്ന ദേശം നമുക്കു തരാമെന്ന് ഈജിപ്ത്
ദേശത്തുനിന്നും നമ്മുടെ പിതാക്കന്മാരെ
പുറപ്പെടുവിച്ചനാളിൽ തന്നെ ദൈവം
മോശയോട് കല്പിച്ചതായ ആ ദുരിതവും
ശാപവും ഞങ്ങളുടെ മേൽ വന്നിരിക്കുന്നു.
21 നാം തൻെറ ശബ്ദം കേട്ടില്ല. നമ്മുടെ
അടുക്കലേക്ക് താൻ അയച്ച തൻെറ
പ്രവാചകരുടെ വചനങ്ങളും നാം അനുസ
രിച്ചില്ല. ഓരോരുവനും തൻെറ സ്വന്ത
ഇഷ്ടാനുസരണം അന്യദൈവങ്ങളെ
ആരാധിപ്പാനും നമ്മുടെ ദൈവമായ
കർത്താവിൻെറ ദൃഷ്ടിയിൽ തിന്മയായതു
ചെയ്യുവാനും തക്കവണ്ണം പ്രവർത്തിച്ചു
വന്നു.

അദ്ധ്യായം 2

1 ഞങ്ങൾക്കെതിരായും ഇസ്രായേലി
നേയും യഹൂദിയായേയും ഭരിച്ചുകൊണ്ടി
രുന്ന ന്യായാധിപന്മാർക്കെതിരേയും നമ്മു
ടെ രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും
ഇസ്രായേലിലേയും യഹൂദ്യായിലേയും
ജനങ്ങൾക്കും എതിരായും താൻ സംസാ
രിച്ച വചനങ്ങൾ ദൈവം സ്ഥിരീകരിച്ചി
2 രിക്കുന്നു. മഹാദുരിതങ്ങൾ ദൈവം നമു
ക്കെതിരായി വരുത്തിവച്ചു. യറുശലേമിൽ
ഉണ്ടായതുപോലെയുള്ള ദുരിതം ആകാശ
ത്തിൻകീഴ് ഭൂതലത്തിൽ ഒരിടത്തും ഉണ്ടാ
3 യിട്ടില്ല. മോശെയുടെ പ്രമാണത്തിൽ ഒരു
വൻ അവൻെറ പുത്രൻെറ മാംസവും
ഒരുവൻ അവൻെറ പുത്രിയുടെ മാംസവും
4 തിന്നും എന്നു പറഞ്ഞതുപോലെ സംഭവി
ച്ചു. താൻ അവരെ നമ്മുടെ ചുറ്റുമുള്ള എല്ലാ
രാജ്യങ്ങളുടേയും കൈവശം നിന്ദയ്ക്കാ
യിട്ടും നമ്മുടെ ചുററുമുള്ള എല്ലാ വിജാ
തീയരുടേയും ഇടയിൽ വാളിന്നായും താൻ
ഏല്പിച്ചുകൊടുത്തു. ദൈവം നമ്മെ
5 ചിതറിച്ചു കളഞ്ഞു. നാം താഴോട്ട് താഴോട്ട
ല്ലാതെ മേലോട്ട്മേലോട്ട് കയറിയില്ല.
എന്തെന്നാൽ നമ്മുടെ ദൈവമായ കർത്താ
വിനോട് നാം പാപം ചെയ്തു. തൻെറ
6 ശബ്ദം നാം കേട്ടില്ല. നീതി നമ്മുടെ ദൈവ
ത്തിനുള്ളത് നമുക്കും നമ്മുടെ പിതാക്ക
ന്മാർക്കുമുള്ളതോ ഇന്നത്തേപ്പോലെയുള്ള
7 അവമാനം. നമ്മുടെമേൽ വന്നുകൂടിയിരി
ക്കുന്ന ഈ ദുരിതങ്ങളേക്കുറിച്ചെല്ലാം താൻ
നമുക്കെതിരായി സംസാരിച്ചിട്ടുണ്ടായി
രുന്നു. ഒരുവനും തൻെറ തിന്മ നിറഞ്ഞ 8
ഇഷ്ടത്തിൽ നിന്ന് പിൻതിരിയുവാൻ
തക്കവണ്ണം നാം ദൈവത്തോട് പ്രാർത്ഥി
ച്ചില്ല. നമ്മുടെ ദൈവം തൻെറ എല്ലാ 9
പ്രവൃത്തികളിലും നീതിമാനാകകൊണ്ട്
തിന്മയ്ക്കെതിരായി അവൻ ഉണരുകയും
ഇവയെല്ലാം നമ്മുടെ മേൽ വരുത്തുകയും
ചെയ്തിരിക്കുന്നു. ദൈവം നമുക്ക് കല്പിച്ചു 10
തന്നവ നാം അനുസരിച്ചില്ല. കർത്താവ്
നമുക്കു നൽകിയ തൻെറ കല്പനകൾ
പ്രകാരം നാം നടന്നുമില്ല. ഇപ്പോൾ ഇസ്രാ
യേലിൻെറ ദൈവമായ കർത്താവേ
അങ്ങയുടെ ജനത്തെ ഈജിപ്തുദേശത്തു
നിന്ന് ബലമേറിയ കയ്യാലും അടയാള
ങ്ങളാലും അത്ഭുതങ്ങളാലും ഉന്നതഭുജ
ത്താലും നീ പുറപ്പെടുവിച്ചുകൊണ്ടു വന്നു.
ഇന്നത്തേപ്പോലെ അങ്ങേയ്ക്ക് തിരുനാമം 11
ഉണ്ടാക്കി. ഇപ്പോഴേ ഞങ്ങളുടെ ദൈവമായ 12
കർത്താവേ നിൻെറ സർവ്വ കല്പനകൾ
ക്കെതിരായും സർവ്വനീതിക്കെതിരായും.
പാപം ചെയ്തു കുറ്റക്കാരായി ദുഷ്ട
രായിരിക്കുന്നു. ഞങ്ങളിൽ നിന്നും നിൻെറ 13
കോപം മാറ്റിക്കളയേണമെ. എന്തെന്നാൽ
ബഹുലതയിൽനിന്നും ഞങ്ങൾ അല്പ
മായി അവശേഷിച്ചിരിക്കയാണല്ലോ.
ഞങ്ങളെ ചിതറിച്ച് അവരുടെയിടയിലേക്ക്
കൊണ്ടുവന്ന വിജാതികളുടെയിടയിൽ
ഞങ്ങൾ എളിയവരായിരിക്കുന്നു. എങ്കിലും 14
കർത്താവേ ഞങ്ങളുടെ പ്രാർത്ഥനയും
യാചനയും കേട്ട് നിൻെറ തിരുമാനം നിമി
ത്തം ഞങ്ങളെ രക്ഷിക്കേണമെ. ഞങ്ങളെ
അടിമപ്പെടുത്തിയവരുടെ ദൃഷ്ടിയിൽ
ഞങ്ങൾക്ക് ദയ നൽകണമെ. ഞങ്ങളുടെ 15
ദൈവമായ കർത്താവ് നീയാകുന്നുവെന്ന്
സർവ്വലോകവും അറിയുവാൻ ഇടയാകട്ടെ.
അവിടുത്തെ പരിശുദ്ധനാമമാണല്ലോ
ഇസ്രായേലിൻേറയും അവൻെറ സകല
തലമുറയുടേയുംമേലും വിളിക്കപ്പെട്ടിരി
ക്കുന്നത്. കർത്താവേ അങ്ങയുടെ വിശു 16
ദ്ധവാസസ്ഥലത്തുനിന്ന് ഞങ്ങളെ നോക്കി
ക്കാണണമേ. അങ്ങേ ചെവിചായ്ച് 17
ഞങ്ങളെ കേൾക്കണമെ. അങ്ങേ കണ്ണു
തുറന്ന് ഞങ്ങളെ കാണണമെ. പാതാള
ത്തിലേക്ക് ഇറങ്ങിപ്പോയവർ ഞങ്ങളുടെ
ശരീരത്തിൽ നിന്ന് ആത്മാവ് എടുക്കപ്പെട്ട
മൃതദേഹിക്കൾ സ്തുതിയും സ്ത്രോത്രവും
കർത്തൃനീതിയും പ്രഘോഷിക്കയില്ലല്ലോ.
എന്നാൽ കർത്താവേ, അതിനുണ്ടായിരുന്ന 18
വലിമയെ ഓർത്തു ദുഃഖിക്കുന്നവർ താഴ്മ

യിലും ബലഹീനതയിലും നടക്കുന്നവനും
വിശന്നു കണ്ണുമങ്ങിയവനും അങ്ങയെ
മഹത്വപ്പെടുത്തുകയും അങ്ങേ നീതിയെ
പ്രഘോഷിക്കയും ചെയ്യും. ഞങ്ങളുടെയോ
ഞങ്ങളുടെ പിതാക്കന്മാരുടെയോ, രാജാ
ക്കന്മാരുടെയോ നീതിയിൽ ആശ്രയിച്ചല്ല,
നിന്നിൽ നിന്നും ഞങ്ങൾ കരുണയ്ക്കായി
യാചിക്കുന്നത്. എന്തെന്നാൽ നിന്റെ
കോപവും ക്രോധവും ഞങ്ങൾക്കെതിരെ നീ
തിരിച്ചിരിക്കുന്നു. നിന്റെ ദാസന്മാരായ
പ്രവാചകന്മാർ മുഖാന്തിരം അവിടന്ന്
പറഞ്ഞുവല്ലോ; നിങ്ങൾ ചുമൽ കുനിച്ച്
ബാബേൽ രാജാവിനെ സേവിപ്പിൻ.
നിങ്ങളുടെ പിതാക്കന്മാർക്കായി ഞാൻ
നൽകിയ ദേശത്തു തുടർന്ന് നിങ്ങൾ
വസിക്കും, ബാബേൽ രാജാവിനെ സേവി
പ്പാനായുള്ള കർത്തൃശബ്ദം നിങ്ങൾ
അനുസരിക്കാതിരുന്നാൽ, യഹൂദ്യാ നഗര
ങ്ങളിലും, യറുശലേമിന്റെ പരിസരങ്ങ
ളിലും ഉന്മൂലനം വരുത്തും. ആനന്ദത്തി
ന്റെയും ആഹ്ലാദത്തിന്റെയും, മണവാ
ളന്റെയും മണവാട്ടിയുടെയും സ്വരം
ഞാൻ നശിപ്പിക്കും. പാർക്കുവാൻ ആളി
ല്ലാതെ ദേശം മുഴുവനും വിജനമാകും.
ബാബേൽ രാജാവിനെ സേവിക്കുക എന്ന
അങ്ങയുടെ വചനം ഞങ്ങൾ അനുസരി
ച്ചില്ല. ഞങ്ങളുടെ പിതാക്കന്മാരുടെയും
രാജാക്കന്മാരുടെയും അസ്ഥികൾ അവ
രുടെ സ്ഥാനത്തു നിന്നും എടുക്കപ്പെടും
എന്ന് നിന്റെ ദാസരായ പ്രവാചകന്മാർ
വഴിയായി കല്പിച്ച വചനം അങ്ങു നിറ
വേറ്റി.
അവരിതാ പകലിന്റെ ചൂടും രാത്രി
യിലെ മഞ്ഞും ഏറ്റു കിടക്കുന്നു! അവർ
കഠിനവേദനകളാലും, പട്ടിണിയാലും,
യുദ്ധത്താലും, വാളാലും അടിമത്തത്തിലും
മരിച്ചു. അങ്ങേ തിരുനാമത്തിൽ വിളിക്കപ്പെ
ട്ടതായ ആലയമോ, ഇസ്രായേല്യരുടെയും
യഹൂദ്യരുടെയും തിന്മ നിമിത്തമായി അങ്ങ്
ഇന്നത്തെ നിലയിൽ ആക്കിത്തീർത്തു,
എന്നിട്ടും കർത്താവേ, നിന്റെ ദയയും തിരു
കൃപാവും ഞങ്ങളോടു പ്രദർശിപ്പിച്ചു.
ഇസ്രായേൽ ജനത്തിന്റെ മുമ്പിൽ വച്ച്
നിന്റെ പ്രമാണം എഴുതുവാൻ, നിന്റെ
ദാസനായ മോശയോടു കല്പിച്ചനാളിൽ,
അദ്ദേഹം വഴിയായി നീ കല്പിച്ചരുളി:
എന്റെ ശബ്ദം നിങ്ങൾ കേൾക്കാതി
രുന്നാൽ, ഈ ബഹുലവും ശ്രേഷ്ഠവുമായ
അല്പാവസ്ഥയിലായിത്തീരും.
ഞാനവനെ ചിതറിച്ചുകളഞ്ഞ എല്ലായിട
ത്തും അവർ കുറഞ്ഞു വരും. അവർ കഠിന 30
കണ്ഠരായ ജനമാകയാൽ അവരെന്നെ
ശ്രവിക്കയില്ലെന്ന് എനിക്കറിയാം. അവർ
അടിമകളായി കഴിഞ്ഞുകൂടിയ സ്ഥലത്തു
വച്ച് അവർ മനം തിരിഞ്ഞ് ഞാൻ അവരുടെ
ദൈവമായ കർത്താവാകുന്നു എന്ന് അവർ
അറിയും. ഞാൻ അവർക്കു തിരിച്ചറിവുള്ള 31
ഹൃദയവും, ശ്രവിക്കുന്ന ചെവികളും
നൽകും. അവർ എന്റെ നാമം ഓർക്കും.
അവരുടെ കഠിന കണ്ഠത്വത്തിൽ നിന്നും, 32
അവരുടെ ദുഷ്കർമ്മങ്ങളിൽ നിന്നും
അനുതപിക്കും. ദൈവമുമ്പാകെ പാപം 33
ചെയ്ത അവരുടെ പിതാക്കന്മാരുടെ വഴി
അവർ ഓർക്കും. അവരുടെ പിതാക്കന്മാ
രോട് — അബ്രഹാമിനോടും, ഇസഹാ
ക്കിനോടും, യാക്കോബിനോട് ഞാൻ
വാഗ്ദാനം ചെയ്ത ദേശത്തേക്കു ഞാൻ
അവരെ തിരികെ കൊണ്ടുവരും. അവർ 34
അവിടെ അധികൃതരായിരിക്കും. ഞാൻ
അവർക്കു വർദ്ധനവരുത്തും. അവർ ഇളകി
പ്പോകയില്ല. ഞാൻ എന്നേക്കുമായുള്ള
ഉടമ്പടി അവരുമായി ചെയ്യും. ഞാൻ 35
അവർക്കു ദൈവവും അവർ എനിക്കു
ജനവുമായിരിക്കും. ഞാനവർക്കു ദാനം
ചെയ്ത ദേശത്തു നിന്നും എന്റെ ജനമായ
ഇസ്രായേലിനെ ഇനിമേൽ ഇളക്കി മാറ്റുക
യുമില്ല.

അദ്ധ്യായം 3

ശക്തനായ കർത്താവേ, ഇസ്രായേ 1
ലിന്റെ ദൈവമേ, ഞെരുങ്ങിയിരിക്കുന്ന
ആത്മാവും, സങ്കടപ്പെടുന്ന ആത്മാവും
വ്യാകുലപ്പെടുന്ന ശരീരവും, തിരുസന്നി
ധിയിൽ നിലവിളിച്ചു. നാഥാ കേൾക്കണമെ,
കരുണ ചെയ്യണമെ. അവിടുന്നു കരുണാ 2
പൂർണ്ണനും, ദയ തോന്നുന്നവനുമാകയാൽ
ഞങ്ങളോടു കരുണ ചെയ്യണമെ. എന്തെ
ന്നാൽ ഞങ്ങൾ തിരുമുമ്പിൽ പാപം
ചെയ്തു. അവിടുന്ന് എന്നേക്കും സ്ഥിതി 3
ചെയ്യുന്നവനല്ലോ, ഞങ്ങളോ എന്നേക്കു
മായി നശിക്കുന്നു. ഇസ്രായേലിന്റെ ബല 4
വാനായ ദൈവമേ, ഇസ്രായേലിൽ മരിച്ച
വരുടേയും തിരുമുമ്പിൽ പാപം ചെയ്കയും,
അവരുടെ ദൈവമായ കർത്താവിന്റെ
സ്വരം കേൾക്കാതിരിക്കുന്ന അവരുടെ
മക്കളുടേയും പ്രാർത്ഥന കേൾക്കണമെ.
ശാപവും ദുരിതങ്ങളും ഞങ്ങളിൽ പറ്റി
ച്ചേർന്നിരിക്കുന്നു. ഞങ്ങളുടെ പിതാക്ക 5
ന്മാരുടെ അധർമ്മവും തെറ്റുകളും ഓർക്ക
രുതെ—പിന്നെയോ നിന്റെ ഭുജത്തേയും

തിരുനാമത്തേയും ഈ കാലത്ത് ഓർക്ക
6 ണമെ. അങ്ങ് ഞങ്ങളുടെ ദൈവമായ
കർത്താവാകയാൽ, നാഥാ ഞങ്ങൾ നിന്നെ
7 സ്തുതിക്കും. തിരുനാമത്തെ വിളിച്ച് ഈ
പ്രവാസദേശത്തു നിന്നെ സ്തുതിപ്പാൻ
നിന്നെക്കുറിച്ചുള്ള ഭക്തി ഞങ്ങളുടെ
ഹൃദയത്തിൽ തന്നിരിക്കുന്നു. തിരുമുമ്പിൽ
പാപം ചെയ്ത ഞങ്ങളുടെ പിതാക്കന്മാരുടെ
അധർമ്മവും തിന്മകളുമെല്ലാം ഞങ്ങളുടെ
8 ഹൃദയത്തിൽ നിന്നും മാറ്റിയിരിക്കുന്നു.
കണ്ടാലും അടിയങ്ങളെ ശാപത്തിനും, നിന്ദ
യ്ക്കും, അപമാനത്തിനും ശിക്ഷയ്ക്കുമായി
അവിടുന്നു ചിതറിച്ചതുമൂലം ഇന്നു ഞങ്ങൾ
9 പ്രവാസത്തിൽ കഴിയുന്നു. ആയതു
ഞങ്ങളുടെ ദൈവമായ കർത്താവേ,
ഞങ്ങളുടെ പിതാക്കന്മാർ നിന്നോടു
മത്സരിച്ച് പ്രവർത്തിച്ച എല്ലാ തെറ്റുകൾക്കും
അനീതിക്കും പ്രതികാരമായിട്ടു തന്നെ
യത്രെ.

10 അല്ലയോ ഇസ്രായേലേ ജീവന്റെ
കല്പനകൾ കേൾപ്പിൻ; തിരിച്ചറിവും
വിജ്ഞാനവും ശ്രദ്ധിപ്പിൻ. ഇസ്രായേൽ
11 ശത്രുരാജ്യത്തിൽ ക്ഷയിച്ചു! അന്യദേശത്തു
അശുദ്ധപ്പെട്ട് മൃതരോടൊപ്പം ഗണിക്കപ്പെട്ടു.
ശവക്കുഴിയിലേക്ക് ഇറങ്ങുന്നവരോടുകൂടെ
12 എണ്ണപ്പെട്ടു. വിജ്ഞാനത്തിന്റെ നീരുറവ
13 നീ പരിത്യജിച്ചു. നീ ദൈവത്തിന്റെ മാർഗ്ഗ
ത്തിലൂടെ ചരിച്ചിരുന്നുവെങ്കിൽ, എക്കാ
ലത്തും നീ സമാധാനത്തോടെ വസിക്കു
14 മായിരുന്നു. വിജ്ഞാനം എവിടെ? ശക്തി
എവിടെയാകുന്നു? പരിജ്ഞാനം എവി
ടെയാകുന്നു? ദീർഘായുസ് എവിടെയാ
കുന്നു? എന്നറിയുവാൻ നീ പഠിക്കുക.
ജീവൻ എവിടെയാകുന്നു? കണ്ണുകളുടെ
പ്രകാശവും സമാധാനവും എവിടെ എന്നും
15 ഗ്രഹിക്കും. ആരാണ് അവന്റെ സ്ഥാനം
കണ്ടിട്ടുള്ളത്? ആരാണ് അവന്റെ ഉൾമുറി
യിലും ഭണ്ഡാരപ്പുരയിലും കടന്നിട്ടു
ള്ളത്?

16 ലോകത്തിലെ അധികാരിവർഗ്ഗവും,
ഭൂമിയിലെ മൃഗങ്ങളുടെ മേൽ അധികാര
മുള്ളവരും, ആകാശത്തിലെ പക്ഷികളെ
ക്കൊണ്ടു വിനോദിക്കുന്നവരും എവിടെ?
17 മനുഷ്യൻ അതിൽ പ്രത്യാശവയ്ക്കുന്ന
പൊന്നും പണവും അവർ നിക്ഷേപിച്ചുവയ്
18 ക്കുന്നു, അവരുടെ സമ്പാദ്യത്തിന് അതി
രില്ല. പണം സമ്പാദിക്കുന്നവർ അതിനെക്കു
19 റിച്ചുള്ള ചിന്തയിൽ കഴിയുന്നു. അവരുടെ
20 പ്രവർത്തനങ്ങൾ അസംഖ്യമാണ്. എന്നിട്ടും
അവരും ക്ഷയിച്ച് പാതാളത്തിലേക്കിറങ്ങി
പ്പോയി. അവരുടെ സ്ഥാനത്ത് മറ്റാളുക
ളായി. യുവാക്കൾ പ്രകാശം കണ്ടു. ഭൂമിയിൽ 21
വസിച്ചുവെങ്കിലും സ്നേഹപരിജ്ഞാന
മാർഗ്ഗം അവരറിഞ്ഞതേയില്ല. അവർ
അതിന്റെ പാതകളും അതിന്റെ കരുത്തും
മനസ്സിലാക്കിയില്ല. അതിന്റെ മക്കൾ
അതിന്റേതായ മാർഗ്ഗത്തിൽ നിന്നും സ്വയം
അകന്നു; മത്സരികളുമായി. കനാനിൽ 22
അതേപ്പറ്റി കേട്ടിട്ടില്ല. തയ്മാനിൽ അതിനെ
കണ്ടിട്ടില്ല. ഭൗമികജ്ഞാനം തെരയുന്ന
ഹാഗാറിന്റെ സന്താനങ്ങളോ; മൂറാത്തി 23
ലേയും തയ്മാനിലേയും വ്യാപാരികളോ
കഥ എഴുത്തുകാരോ, പരിജ്ഞാനം അന്വേ
ഷിക്കുന്നവരോ അതിനെ കണ്ടെത്തിയില്ല!
വിജ്ഞാനത്തിന്റെ മാർഗ്ഗം അവർ അറി
ഞ്ഞില്ല. അതിന്റെ പാതകളിൽ പാദമൂന്നി
യിട്ടുമില്ല.

ഇസ്രായേലേ, ദൈവത്തിന്റെ ആലയം 24
എത്ര വലുത്! അതിന്റെ സമ്പാദ്യ ദേശം
വിസ്തൃതവും വിശാലവുമത്രെ. അതിനു
അതിരില്ല. അളവില്ലാത്തവണ്ണം അത് അത്ര 25
മഹോന്നതമാണ്. ആദ്യകാലം മുതൽ 26
തന്നെ പ്രസിദ്ധരായ മല്ലന്മാരും, ഏറ്റം പ്രമാ
ണികളായവരും യുദ്ധവിദഗ്ദ്ധന്മാരും അവി
ടെയാണ് ജാതരായത്. അവരെയെല്ല ദൈവം 27
തെരഞ്ഞെടുത്തത്. വിജ്ഞാനമാർഗ്ഗം
നൽകിയതും അവർക്കല്ല. വിജ്ഞാനവും 28
വിവേകവും അവർക്കില്ലാതിരുന്നതിനാൽ
അവർ നശിച്ചുപോയി. ചിന്താശക്തി
രാഹിത്യം മൂലം അവർ നശിച്ചു! ആരാണ് 29
സ്വർഗ്ഗത്തിൽ കയറി, മേഘങ്ങളിൽ നിന്ന്
അതിനെ പിടിച്ചെടുത്തത്—അഥവാ
ആരാണ് അതിന്റെ കടവുകൾ കടന്നു സമു
ദ്രാന്തർഭാഗത്ത് അതിനെ കണ്ടെത്തി
മേൽതരം സ്വർണ്ണത്തെയെന്നപോലെ 30
അതിനെ പൊക്കി എടുത്തുകൊണ്ടു
വന്നത്? അതിന്റെ മാർഗ്ഗമറിയാവു 31
ന്നവരും അതിന്റെ പാതകളെക്കുറിച്ചു
ചിന്ത ചെയ്യുന്നവരുമായി ആരുമില്ല.
എന്നാൽ സർവ്വവും അറിയുന്നവനോ, 32
അവൻ മാത്രമാണ് അതിനെ അറിയു
ന്നത്.

താൻ തന്റെ ജ്ഞാനത്താൽ എന്നേ 33
ക്കുമായി ഭൂമിയെ സ്ഥിരപ്പെടുത്തി.
നാൽക്കാലികളായ മൃഗങ്ങളെക്കൊണ്ട്
അതിനെ നിറച്ചു. താൻ പ്രകാശത്തെ അയ
യ്ക്കുന്നു; അതു യാത്ര ചെയ്യുന്നു.
താനതിനെ വിളിച്ചു; അതു തന്നെ അനു
സരിച്ചു വിറയലോടെ ഉത്തരം പറയുന്നു.
നക്ഷത്രങ്ങൾ സന്തോഷപൂർവ്വം അവയുടെ 34

സ്ഥാനങ്ങളിൽ പ്രശോഭിച്ചു. താൻ അവ
യെ വിളിച്ചു. അടിയങ്ങൾ ഇതാ എന്നു
പറഞ്ഞ് അവയുടെ സ്രഷ്ടാവിന്റെ
സന്നിധിയിൽ പ്രഭയേകി. അവനാണു
ദൈവം. അവനല്ലാതെ മറ്റൊരു ദൈവവു
മില്ല. തന്നെ കൂടാതെ മറ്റാരെയും ചിന്തി
ക്കപോലും അരുത്. താനാണ് വിജ്ഞാന
ത്തിന്റെ സർവ്വമാർഗ്ഗവും കാണിച്ചവൻ.
അതു തന്റെ ദാസനായ യാക്കോബിനും
വാത്സല്യഭാജനമായ ഇസ്രായേലിനും
നൽകി. പിന്നെ അത് ഭൂമിയിൽ പ്രത്യക്ഷ
പ്പെട്ടു മനുഷ്യരുടെ ഇടയിൽ വാസം
ചെയ്തു.

അദ്ധ്യായം 4

ഇതാകുന്നു ദൈവത്തിന്റെ കല്പന
ളുടെ ഗ്രന്ഥവും ഓർമ്മസ്തംഭവും നിത്യമായ
മാണവും. അതിനെ മുറുകെ പിടിക്കുന്ന
ർക്ക് അതു ജീവനു കാരണമായിരിക്കും.
തിനെ ത്യജിക്കുന്നവരോ മരിക്കും.
ാക്കോബേ മടങ്ങിവരിക, നന്നായി പഠി
ുക. പ്രകാശധാരയുടെ നേർക്കു അതി
ന്റെ വഴിയിലൂടെ നടക്കുക. നിന്റെ ബഹു
നവും മഹിമയും മറ്റാർക്കും നീ കൊടു
രുത്. നിനക്കു നല്ലതും പ്രയോജനമു
ള്ളതുമായവ അന്യ ജനതയ്ക്കും കൊടു
രുത്. നാം ഭാഗ്യശാലികൾ തന്നെ.
സ്രായേലേ നീ ഭാഗ്യവാൻ. എന്തെന്നാൽ
മ്മുടെ ദൈവത്തിനു പ്രസാദമായത് നാം
റിയുന്നു. ദൈവജനമേ, ഇസ്രയേലിന്റെ
മാരകമേ, ആശ്വസിപ്പിൻ. വിജാതീയരാൽ
ങ്ങൾ പരാജിതരാക്കപ്പെട്ടത് നാശത്തി
ായിട്ടല്ല. ദൈവത്തെ നിങ്ങൾ കോപിപ്പി
തു നിമിത്തം, നിങ്ങളുടെ ശത്രുക്കൾക്കു
ങ്ങൾ ഏല്പിക്കപ്പെട്ടു. നിങ്ങളുടെ
ഷ്ടാവിനെ, നിത്യനായ ദൈവത്തെ,
ദവത്തിന്നല്ലാതെ പിശാചുകൾക്കു നി
ൾ ബലിയർപ്പിച്ചതുമൂലം കോപിപ്പിച്ചു.
ങ്ങളെ വളർത്തിയ നിത്യനായ ദൈവ
ത നിങ്ങൾ മറന്നുകളഞ്ഞു. നിങ്ങളുടെ
ർത്തമ്മയായ യറുശലേമിനെ നിങ്ങൾ
ഖിപ്പിച്ചു! നിങ്ങൾക്കെതിരായി വന്ന
ാപത്തെ ദൈവമായ കർത്താവിന്റെ
നിധിയിൽ നിന്നും വന്ന ക്രോധത്തേയും
ന് യറുശലേം കണ്ടു. അതു പറഞ്ഞു:
ഹിയോൻ നിവാസികളേ എന്നെ
ിപ്പിൻ. ദൈവമായ കർത്താവ് എനിക്കു
ര വിലാപം വരുത്തിയിരിക്കുന്നു-
കാധിപന്മാരെ അവരുടെ മേൽ വരു
യതിനാൽ എന്റെ പുത്രന്മാരും
പുത്രികളും പ്രവാസത്തിൽ കഴിയുന്നതു
ഞാൻ കണ്ടു. ഞാൻ അവരെ സന്തോഷ 10
പൂർവ്വം വളർത്തിക്കൊണ്ടു വന്നതാണ്.
അവരെ ഞാൻ കരച്ചിലോടും വിലാപ 11
ത്തോടും നെടുവീർപ്പോടും കൂടെയാണല്ലോ
അയച്ചത്: എന്റെ വൈധവ്യത്തിലും 12
അനേകർ നഷ്ടപ്പെട്ടവൾ എന്ന നിലയിലും
ആരും എന്നിൽ സന്തോഷിക്കാതിരിക്കട്ടെ.
എന്റെ മക്കൾ പാപം ചെയ്തതു മൂലം, 13
ദൈവമായ കർത്താവിന്റെ മാർഗ്ഗത്തിൽ
നിന്നും അവർ വഴിതെറ്റിയതു മൂലം, തന്റെ
കല്പനകളും വിധികളും അറിയാതിരി
ക്കയും കല്പനകളുടെ മാർഗ്ഗത്തിലും
സത്യത്തിന്റെ ശിക്ഷണപാതയിലും നീതി
യോടെ അവർ നടക്കാതിരുന്നതിനാലും
ഇതെല്ലാം സംഭവിച്ചു.

സീയോൻ നിവാസികളേ! വന്നു 14
കേട്ടാലും, ലോകങ്ങളുടെ അധിപൻ എന്റെ
പുത്രന്മാർക്കും പുത്രിമാർക്കും വരുത്തിയ
അടിമത്തം ഓർക്കുക. മറ്റൊരു ഭാഷ 15
സംസാരിക്കുന്ന വിദൂരസ്ഥരായ ജനത്തെ
അവർക്കെതിരായി താൻ കൊണ്ടുവന്നു—
വൃദ്ധരോട് അവർക്കു ദയ തോന്നിയില്ല.
യുവാക്കളോട് കരുണ കാണിച്ചില്ല. ഈ 16
വിധവയുടെ വാത്സല്യഭാജനങ്ങളെ,
അവളുടെ പുത്രിമാരെ അവർ അടിമപ്പെ
ടുത്തി ഉപദ്രവിച്ചു. ഈ ഏകാകിനിയും 17
അനാഥയുമായവളെ അവർ നശിപ്പിച്ചു.
എനിക്കോ നിങ്ങളെ സഹായിപ്പാൻ ഒരു
കഴിവുമില്ല! നിങ്ങളുടെ മേൽ വേദനകൾ 18
വരുത്തിയവൻ തന്നെ, നിങ്ങളുടെ വൈരി
കളുടെ കൈയിൽ നിന്നും നിങ്ങളെ രക്ഷിച്ചു
കൊള്ളും. പൊയ്ക്കൊള്ളുവിൻ, എന്റെ 19
മക്കളേ പൊയ്ക്കോൾവിൻ! ഞാൻ 20
ശൂന്യയും അനാഥയുമായി ഉപേക്ഷിക്ക
പ്പെട്ടിരിക്കയാണ്. സമാധാനത്തിന്റെ
അങ്കി ഞാൻ മാറ്റി എന്റെ പ്രാർത്ഥന
യിൽ ഞാൻ രട്ടുടുത്തിരിക്കുകയാണ്.
നിത്യനായവനേ! എന്റെ ആയുഷ്കാല
മെല്ലാം ഞാൻ നിന്നോടു നിലവിളിക്കും. 21
എന്റെ മക്കളേ, ഉണർന്നെഴുന്നേറ്റു
കർത്താവിനോടു നിലവിളിക്കുവിൻ—
താൻ ബലശാലികളായ ശത്രുക്കളുടെ
കൈകളിൽ നിന്നും നിങ്ങളെ പരിരക്ഷിച്ചു
കൊള്ളും.

നിങ്ങളുടെ രക്ഷ നിത്യമായി ജീവി 22
ക്കുന്ന ദൈവത്തിൽ നിന്നും വരും എന്നു
ഞാൻ പ്രത്യാശിച്ചു. നിത്യനായ ദൈവമായ
കർത്താവിൽ നിന്ന് എനിക്കു സന്തോഷ
മുണ്ടായി! എന്തെന്നാൽ താൻ വേഗം അവ

രോടു കരുണചെയ്തു. അതെ, നിത്യനായ
നിങ്ങളുടെ രക്ഷകനായ ദൈവത്തിൻെറ
23 കരുണയാൽ തന്നെ. എൻെറ മക്കളേ ഞാൻ
നിങ്ങളെ കരച്ചിലോടും വിലാപത്തോടെയു
മാണ ല്ലോ, പറഞ്ഞുവിട്ടത്. ദൈവം നിങ്ങളെ
തിരികെ കൊണ്ടുവരും; തന്നിൽ നിന്നും
ഞാൻ അത്യാഹ്ലാദത്തോടെ നിങ്ങളെ
24 സ്വീകരിക്കയും ചെയ്യും സീയോനിലെ
നിവാസികൾ നിങ്ങളുടെ പ്രവാസത്തിൽ
ഇപ്പോൾ സന്തോഷിച്ചതുപോലെ ഉടനെ
തന്നെ നമ്മുടെ ദൈവമായ കർത്താവിൽ
നിന്നുള്ള നിങ്ങളുടെ രക്ഷയിലും സന്തോ
ഷിക്കാനിടയാകും. മഹാവലിയ സന്തോഷ
25 ത്തോടും പ്രാഭവത്തോടും ലോകങ്ങളുടെ
ഉടയവൻെറ പ്രഭയോടും കൂടി താൻ
നിങ്ങളെ കൊണ്ടുവരും. എൻെറ മക്കളേ
26 ദീർഘക്ഷമയോടിരിപ്പിൻ. ദൈവമായ
കർത്താവിൽ നിന്നും നിങ്ങളുടെമേൽ വന്ന
കോപം സഹിക്കുവിൻ. നിൻെറ ശത്രു
നിന്നെ ഉപദ്രവിച്ചു. ആകയാൽ അവൻെറ
നാശവും നീ ഉടനെ തന്നെ കാണും. അവ
രുടെ കഴുത്തിൽ നീ ചവിട്ടും. എൻെറ പിഞ്ചു
കുഞ്ഞുങ്ങൾ പ്രവാസത്തിൽ പോയി;
അവർ ദുർഘടവഴികളിലുടെ നടന്നു.
ശത്രുക്കൾ അപഹരിച്ച ആട്ടിൻപറ്റം പോലെ
അവർ ചിതറിപ്പോയി.
27 എൻെറ മക്കളേ ആശ്വസിപ്പിൻ! ദൈവ
സന്നിധിയിൽ അപേക്ഷിപ്പിൻ. നിങ്ങളുടെ
മേൽ ഇതെല്ലാം വരുത്തിയവൻ നിങ്ങളെ
28 ഓർക്കും. ദൈവത്തിങ്കൽ നിങ്ങളുടെ
ഹൃദയം എത്രയേറെ തെറ്റി അകന്നുവോ
അതിൻെറ പതിന്മടങ്ങായി അനുതപിച്ച്
ദൈവത്തിങ്കലേക്കു തിരിഞ്ഞ് പ്രായശ്ചി
ത്തം ചെയ്യുവിൻ. നിങ്ങൾക്കു ദുരിതങ്ങൾ
29 വരുത്തിയവൻ തന്നെ നിങ്ങളെ രക്ഷിച്ച്
നിത്യസന്തോഷം നിങ്ങൾക്കു തരും.
30 യറുശലേമേ, ആശ്വസിച്ചാലും. നിനക്കു
പ്രസിദ്ധിവരുത്തിയവൻ നിന്നെ ആശ്വ
31 സിപ്പിക്കും. നിനക്കുപദ്രവങ്ങൾ വരുത്തി
നിൻെറ പതനത്തിൽ സന്തോഷിച്ച നഗര
ങ്ങളെല്ലാം ഭയപ്പെടും. നിൻെറ മക്കളെ
അടിമപ്പെടുത്തിയ നഗരങ്ങളെല്ലാം പരി
32 ഭ്രമിക്കും. അവരുടെ പതനം ആസന്നമായി
രിക്കുന്നു. നിനക്കുപദ്രവം വരുത്തിയവർ
സംഭീതരാകും. നിൻെറ മക്കളെ കൈയേറ്റ
33 നഗരം ഭ്രമിച്ചുപോകും. നിൻെറ അധഃപത
നത്തിൽ അതു എത്രമാത്രം സന്തോഷി
ച്ചുവോ, അത്രയേറെ അതിൻെറ നാശത്തെ
34 ക്കുറിച്ച് അതു വ്യാകുലപ്പെടും. അതിൽ
നിന്നും വിഗ്രഹങ്ങളും പുരുഷാരത്തിൻെറ
ആഹ്ലാദാട്ടഹാസവും ഞാൻ എടുത്തു
കളയും. അതിൻെറ ആഹ്ലാദം വിലാപമായി
മാറും. നിത്യനായവനിൽ നിന്നും വളരെ
ക്കാലം അഗ്നി അതിന്മേൽ അയയ്ക്കപ്പെടും.
എക്കാലവും അതു പിശാചുക്കളുടെ പാർപ്പി
ടമായിരിക്കും. യറുശലേമേ, കിഴക്കോട്ടു 35
നോക്കുക; ദൈവസന്നിധിയിൽനിന്നു 36
നിനക്കായി വരുന്ന സന്തോഷം കാണുക.
കണ്ടാലും, നീ പറഞ്ഞുവിട്ട നിൻെറ 37
മക്കൾ നിങ്കലേക്കു തന്നെ വരുന്നു!
വിശുദ്ധനായ ദൈവമായ കർത്താവിൻെറ
വചനത്താൽ കിഴക്കു മുതൽ പടിഞ്ഞാറു
വരെയുള്ളവർ വന്ന് സമ്മേളിക്കുന്നു.
അവർ ദൈവമഹത്വത്തിൽ ആഹ്ലാദം
കൊള്ളുന്നു.

അദ്ധ്യായം 5

യറുശലേമേ, നിൻെറ വിലാപത്തിൻെറ, 1
ദുരിതത്തിൻെറ കഷ്ടപ്പാടുകളുടെ വസ്ത്രം
അഴിച്ചു കളഞ്ഞാലും! നിത്യമായ മഹത്വ
ത്തിനായി, ദൈവമായ കർത്താവിൻെറ
സന്നിധാനത്തു നിന്നുള്ള ശോഭ ധരിക്കുക.
ദൈവതിരുമുമ്പിൽ നിന്നുള്ള നീതിയിൽ 2
വസ്ത്രം ധരിച്ചാലും! ലോകാധിനാഥൻെറ
മഹത്വത്തിൻെറ പടത്തൊപ്പി നിൻെറ
ശിരസ്സിൽ അണിഞ്ഞാലും! എന്തെന്നാൽ 3
ഭൂതലമാകെ എല്ലാവരേയും ദൈവം
തമ്പുരാൻ നിൻെറ പ്രഭയെ കാണിക്കും.
നിത്യനായ ദൈവത്തിൽനിന്നും നിനക്കു
ഒരു പേരുണ്ടാകും—അതെ, നീതിയിൻ 4
സമാധാനം; ദൈവഭക്തിയുടെ തേജസ്സ്
എന്നു തന്നെ. ഉണരുക, യറുശലേമേ, 5
ഉണരുക- മേൽ ഉയരത്തിൽ നിന്നുകൊണ്ട്
കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക-
നിൻെറ മക്കൾ കൂട്ടം കൂട്ടമായി നിങ്കലേക്കു
വരുന്നതു നീ കാണുക. അതോ മഹാ
വിശുദ്ധൻെറ വചനത്താൽ പൂർവ്വദേശ
ത്തുനിന്നും പശ്ചിമദേശത്തുനിന്നും!
ദൈവസ്മരണയിൽ അവർ സന്തോഷി
ച്ചും കൊണ്ട് വരുന്നു. ശത്രുക്കൾ അവരെ 6
പിടിച്ചു കൊണ്ടുപോയപ്പോൾ അവർ
കാൽനടയായിട്ടാണു പോയത്. എന്നാൽ,
രാജസിംഹാസനത്തിൽ ഉയർത്തപ്പെ
ട്ടവരായിട്ടാണ് ദൈവം നിന്നിലേക്കു
അവരെ പ്രവേശിപ്പിക്കുന്നത്! ഉയർന്ന
പർവ്വതങ്ങളും കുന്നുകളും ഇടിച്ചു നിരത്തു
വാനും, ഇസ്രായേൽ സത്യത്തിലും 7
ദൈവതേജസിലും ധൈര്യമായി നടക്കു
വാൻ നിലം നിരപ്പാക്കുവാനും ദൈവം
കല്പിച്ചിരിക്കുന്നു. ദൈവകല്പനയാൽ

നവൃക്ഷങ്ങളും സുഗന്ധവൃക്ഷങ്ങളും
സ്രായേലിനു തണൽ കൊടുത്തു.
സ്രായേലിന്റെ ദൈവം സന്തോഷ
ത്താടും തന്റെ തേജസിന്റെ പ്രഭയോടും

കൂടി, നമ്മുടെ ദൈവത്തിന്റെ സന്നിധി
യിൽ നിന്നുള്ള കരുണയോടും നീതി
യോടുംകൂടി നിങ്ങളുടെമേൽ വാണു
കൊണ്ടിരിക്കും.

നോട്ട്: ഇതിനെ തുടർന്ന് 'ഏറമിയായുടെ ലേഖനം' ഇതിന്റെ തന്നെ 6-ാം അദ്ധ്യായമായിട്ടാണ് ചില പതിപ്പുകളിൽ (സുറിയാനിയിലല്ല) കാണുന്നത്.

ദാനിയേൽ (ശൂശാൻ)

അദ്ധ്യായം 13

ഭാഗ്യവതിയായ ശൂശാൻ

1 യുയാക്കീം എന്നു പേരുള്ള ഒരുവൻ
2 ബാബിലോണിൽ ജീവിച്ചിരുന്നു. അതീവ
സുന്ദരിയും ദൈവഭക്തയുമായി, ഹൽക്കാ
നായുടെ മകൾ ശൂശാൻ എന്നവളെ അയാൾ
3 വിവാഹംചെയ്തു. അവളുടെ മാതാപിതാ
ക്കൾ നീതിയുള്ളവരായിരുന്നു. അവർ
തങ്ങളുടെ പുത്രിയെ മോശയുടെ എല്ലാ
4 കല്പനകളും പഠിപ്പിച്ചിരുന്നു. അവളുടെ
ഭർത്താവായ യുയാക്കീം അതീവ ധനിക
നായിരുന്നു. അവൻെറ ഭവനത്തിനു ചുറ്റു
മായി അവൻേറതായ ഒരുദ്യാനവുമുണ്ടാ
യിരുന്നു. അവൻ എല്ലാവരേക്കാളും
ശ്രേഷ്ഠനായിരുന്നതുകൊണ്ട് യഹൂദന്മാർ
അയാളുടെ അടുക്കൽ എപ്പോഴും വന്നു
കൂടുമായിരുന്നു.

5 അക്കാലത്ത് ജനത്തിൻെറ അധികാരി
കളും ന്യായാധിപരുമായി ആ വർഷ
ത്തേക്കു രണ്ട് മൂപ്പന്മാർ (കശീശ) നിയ
മിതരായി. അവരെപ്പറ്റി ദൈവം അരുളി
6 ച്ചെയ്തിരുന്നു: "അവർമൂലം ബാബേലിൽ
നിന്നും അധർമ്മം പുറപ്പെട്ടുവരും" അതാ
യത് ദൈവാലയത്തിൽ പരികർമ്മിക്കുന്ന
കശീശന്മാരും ന്യായാധീശരുംമൂലം; എന്നു
തന്നെ. അവർ എപ്പോഴും യുയാക്കീമിൻെറ
7 ഭവനത്തിൽ വരാറുണ്ടായിരുന്നു. വ്യവ
ഹാരമുള്ളവരും അവിടെ വന്നുകൊണ്ടി
രുന്നു.

8 മദ്ധ്യാഹ്നത്തിൽ ജനമെല്ലാം പൊയ്ക്ക
ഴിഞ്ഞിട്ട്, ശൂശാനും അവളുടെ കന്യകകളും
അവളുടെ ഭർത്താവിൻെറ പൂന്തോപ്പിലേക്കു
പോകുമായിരുന്നു. ആ മൂപ്പന്മാർ പ്രതിദിനം,
അവളുടെ ഭർത്താവിൻെറ ഉദ്യാനത്തിൽ
അവൾ നടക്കുവാൻ പോകുന്നത് കാണാറു
മുണ്ടായിരുന്നു. അവർ അവളെ മോഹിച്ചു
9 പരവശരായി. സ്വർഗത്തിങ്കലേക്കു നോക്കാ
തെയും പുണ്യചരിതരോടുകൂടെ ചരിക്കാ
തെയും അവർ അവരുടെ ദൃഷ്ടി താഴ്ത്തി
10 ക്കളഞ്ഞു. അവരിരുവരും അവളോടു
സഹശയനം ചെയ്യണമെന്ന് അത്യധികം
മോഹിച്ചുവെങ്കിലും അവരുടെ മനോവ്യഥ
അവരിരുവരും പരസ്പരം വെളിപ്പെടുത്തി
11 യില്ല. നിഗൂഢമായി അവളോടു ചേരുവാൻ
12 അവർ ആഗ്രഹിച്ചു. അവളെ ഒരു നോക്കു
കാണുവാൻ അവർ പ്രതിദിനം പരിശ്രമിച്ചി
13 രുന്നു. ഭക്ഷണത്തിനുള്ള സമയമായി;
നമുക്ക് ഇവിടെനിന്നു പോകാം എന്നു
14 പറഞ്ഞ് അവർ ഒരുമിച്ചു പുറപ്പെട്ടു. അവർ
പരസ്പരം പിരിഞ്ഞു. എന്നാൽ മടങ്ങിവന്ന്
അവർ വീണ്ടും കണ്ടുമുട്ടി. വഞ്ചനാപൂർവം
അവർ പരസ്പരം പ്രവർത്തിച്ചതിനെക്കു
റിച്ചു അവർ ലജ്ജിച്ചു. വഷളും വിനാശകര
വുമായ അവരുടെ മോഹകാര്യം അന്യോ
ന്യം വെളിപ്പെടുത്തി, അതേ, പരിപക്വതാ
പൂർണ്ണയായ അവളെക്കുറിച്ചുള്ള മോഹം!
അന്നുമുതൽ അവളെ തനിച്ച് കണ്ടെത്തി. 15
സൽസ്മരണാർഹയായ അവളെ അപമാ
നിതയാക്കുവാൻ സമയം പാർത്തുവന്നു.

പ്രതിദിനം എന്നപോലെ അവൾ
പോകുന്നത് അവർ കണ്ടു. രണ്ടു ദാസിമാരും
അവളൊരുമിച്ചുണ്ടായിരുന്നു. ചൂടുണ്ടായി
രുന്നതിനാൽ അവിടെ ഉദ്യാനത്തിൽ കുളി
ക്കുവാൻ അവൾ ആഗ്രഹിച്ചു. ആ മൂപ്പ 16
ന്മാരും എത്തി തോട്ടത്തിൽ ഒളിച്ചിരുന്നു.
ആ മൂപ്പന്മാർ രണ്ടുപേരുമൊഴികെ ഉദ്യാ
നത്തിൽ മറ്റാരുമില്ലായിരുന്നു. ശൂശാൻ 17
ഭൃത്യകളോട് നിങ്ങൾ പോയി എനിക്കു
എണ്ണയും ലേപനസാധനങ്ങളും എടുത്തു
കൊണ്ടുവരുവിൻ, ഞാൻ സ്നാനം ചെയ്ക
യാകയാൽ ഉദ്യാനവാതിലും അടച്ചു
കൊള്ളണം എന്നു പറഞ്ഞു. അവൾ അവ 18
രോടു ആജ്ഞാപിച്ചതനുസരിച്ച് തോട്ട
ത്തിൻെറ വാതിൽ അടച്ച് ആജ്ഞാപിക്ക
പ്പെട്ടവ കൊണ്ടുവരുവാൻ അവർ പോയി.
അവിടെ മറഞ്ഞിരുന്ന മൂപ്പന്മാരെ അവർ
കണ്ടില്ലായിരുന്നു. ശൂശാൻെറ പരിചാരി 19
കകൾ പോയപ്പോൾ ആ മൂപ്പന്മാർ അവളുടെ
നേരെ ഓടിയടുത്ത് അവളോട്: ഉദ്യാന 20
വാതിലുകളെല്ലാം അടച്ചിരിക്കയാണ്. ആരും
നമ്മെ കാണുകയില്ല. ഞങ്ങൾ നിന്നെ
വളരെയേറെ മോഹിച്ചിരിക്കയാണ്. നീ 21
ഞങ്ങളുമൊത്തു ശയിക്കണം. ഞങ്ങളൊ
ത്തു ശയിക്കുവാൻ നിനക്കു മനസ്സില്ലെ
ങ്കിലോ, ഞങ്ങൾ നിനക്കെതിരായി കള്ള
സാക്ഷി പറയുകതന്നെ ചെയ്യും. അതായത്,
ഒരു യുവാവുമൊത്തു നിനക്കു ശയിക്കാൻ
വേണ്ടി നിൻെറ ദാസികളെ നീ പറഞ്ഞയച്ചു;
എന്ന്. ശൂശൻ ചിന്തിച്ചു. അവൾ പറഞ്ഞു: 22
എല്ലാ ഭാഗത്തുനിന്നും എനിക്കാപ
ത്തുതന്നെ. എന്തെന്നാൽ ഞാൻ ഇതു
ചെയ്താൽ ദൈവതിരുസന്നിധിയിൽ
നിന്നും എനിക്കു മരണമാണ്; എന്തെന്നാൽ
ഞാൻ എൻെറ ഭർത്താവിൻെറ ശയ്യയെ
അപമാനിക്കയാണ്, ചെയ്തില്ലെങ്കിലോ,
എൻെറ സ്വതന്ത്രാവസ്ഥയ്ക്ക് അനുയോ
ജ്യമല്ലാത്ത ദുഷ്പേരോടുകൂടി, നിങ്ങളുടെ
കൈയിൽനിന്നും ഹീനമായ മരണം എനി
ക്കു വന്നുകൂടും. ഇസ്രായേലിൻെറ തകർ 23

ച്ചയ്ക്കും ദുഷ്കാലത്തിനും അന്യജാതിക
ളുടെ പരിഹാസസവർദ്ധനവിനും പരിശ്രമി
ക്കുന്ന അധർമ്മികളായ മനുഷ്യരുടെ കള്ള
സാക്ഷ്യംകൊണ്ട് എൻെറ വംശത്തിനു
ആക്ഷേപവും ലജ്ജയും ഞാൻ വരുത്തി
വെക്കേണ്ടിവരും. തനിക്ക് യാതൊന്നും
മറഞ്ഞിരിക്കാൻ സാധിക്കാത്ത ദൈവ
സന്നിധിയിൽ ഞാൻ പാപം ചെയ്യുന്നതിനേ
ക്കാൾ അനീതിക്കാരായ നിങ്ങളുടെ
കൈകളാൽ മരിക്കുന്നതത്രെ എനിക്ക്
അഭികാമ്യം! ദൈവം നിങ്ങളുടെ കൈക
ളിൽനിന്നും എന്നെ രക്ഷിച്ചുകൊള്ളും എന്ന്
ഞാൻ അവനിൽ വിശ്വസിക്കുന്നു എന്നു
പറഞ്ഞു. ആ കാമാതുരരായ മനുഷ്യരിൽ
നിന്നുള്ള ആപത്തു നിമിത്തം ശൂശാൻ
ഉച്ചത്തിൽ നിലവിളിച്ചു. ആ മൂപ്പന്മാരും
അവൾക്കെതിരായി ഉച്ചത്തിൽ ആർത്തു.
അവരിലൊരുവൻ ഓടിച്ചെന്ന് ഉദ്യാന
വാതിൽ തുറന്നു. ശൂശാൻെറ വീട്ടിലുള്ളവർ
തോട്ടത്തിൽ ഈ ശബ്ദം കേട്ടപ്പോൾ,
അവൾക്ക് എന്തു സംഭവിച്ചുവെന്നറി
യുവാൻ തോട്ടത്തിൽ ഓടിക്കൂടി. ശൂശാൻെറ
ആൾക്കാരെല്ലാം വന്നു കൂടിയപ്പോൾ ആ
മൂപ്പന്മാർ അവൾക്കെതിരായി വഞ്ചന
യോടെ സാക്ഷിച്ചു: ഞങ്ങൾ തോട്ടത്തിനു
വെളിയിൽ കൂടെ കടന്നുപോകുമ്പോൾ
തോട്ടമൊന്നു കാണുവാൻ ഞങ്ങൾ സൂക്ഷി
ച്ചുനോക്കി. അപ്പോഴോ ശൂശാൻ ഒരു
യുവാവിനോടൊത്തു ശയിക്കുന്നതാണ്
ഞങ്ങൾ കണ്ടത്! അവനെ പിടിക്കുവാനായി
ഞങ്ങൾ ഓടിച്ചെന്നു. എന്നാൽ ആ യുവാവ്
ഞങ്ങളെക്കാൾ ശക്തനായിരുന്നതിനാൽ
അവനെ പിടിപ്പാൻ ഞങ്ങൾക്കു സാദ്ധ്യ
മായില്ല! മൂപ്പന്മാരുടെ ഈ വാക്കുകൾ
കേട്ടപ്പോൾ, അവൾ ചെയ്തതായി അവർ
പറഞ്ഞ ഇക്കാര്യം നിമിത്തം ശൂശാൻെറ
ആൾക്കാർ ലജ്ജിതരായി.

പിറ്റേദിവസം, വാസ്തവമായും ശൂശാൻ
വഷളത്വം പ്രവർത്തിച്ച് സ്വഭർത്താ
വായ യൂയാക്കിമിൻെറ ശയ്യയെ അപമാ
നിച്ചുവോ എന്നു പരിശോധിക്കുവാനും
(അങ്ങനെയെങ്കിൽ) അവൾ മരിക്കണം എന്നു
നിശ്ചയിക്കുവാനുമായി, ജനമെല്ലാം അവ
ളുടെ ഭർത്താവായ യൂയാക്കിമിൻെറ ഭവന
ത്തിൽ വന്നുകൂടി. അവളെ അനീതിയോടെ
മരിപ്പിക്കുവാനായി ആ രണ്ടു മൂപ്പന്മാരും
...തരായി. അവർ പറഞ്ഞു: 'ഹെൽക്കാ
യുടെ പുത്രിയും യൂയാക്കിമിൻെറ ഭാര്യ
യായ ശൂശാന് ആൾ അയയ്ക്കുവിൻ'.
അവൾക്കാളയച്ചു. അവളും അവളുടെ
കുടുംബം മുഴുവനും, അവളുടെ എല്ലാ
പരിചിതരും സ്നേഹിതന്മാരും വന്നു
ചേർന്നു. അവൾ ജനമദ്ധ്യത്തിൽ നിന്നു. 31
അവൾ അതീവ സുന്ദരിയും സർവ്വ സ്ത്രീ
കളേയുംകാൾ വിനീതയും, അവളുടെ
വസ്ത്രധാരണം പരിപക്വവുമായിരുന്നു. ആ 32
കശ്മലന്മാർ അവളെ കണ്ടപ്പോൾ, അവ
ളുടെ സൗന്ദര്യം ഒന്നാസ്വദിപ്പാൻ വേണ്ടി
അവളുടെ മൂടുപടം മാറ്റാൻ അവർ ആജ്ഞാ
പിച്ചു. അവളെ കണ്ടുകൊണ്ടിരുന്നവരെല്ലാം 33
കരഞ്ഞുപോയി. വളരെയേറെ പുരുഷാരം 34
അവൾക്കു ചുറ്റുമായി നിന്നപ്പോൾ ആ
മൂപ്പന്മാർ രണ്ടുപേരും കടന്നു വന്ന് അവൾ
ക്കെതിരായി കള്ളസാക്ഷി പറഞ്ഞു. അവർ
അവളുടെ ശിരസ്സിന്മേൽ കൈവെച്ചു
കൊണ്ട്; 'ഇവൾ ഒരു യുവാവുമായി
ശയിക്കുന്നത് ഞങ്ങൾ കണ്ടതാണ്' എന്നു
പറഞ്ഞു. ശൂശാനാകട്ടെ അവൾക്കു സംഭവി 35
ച്ചതു നിമിത്തം മനസ്സു നീറി സ്വർഗ്ഗത്തിൽ
ദൈവസന്നിധിയിലേക്കു കൺകളുയർത്തി.
എന്തെന്നാൽ അവളുടെ ഹൃദയം ദൈവ
ത്തിങ്കൽ സമർപ്പിതമായിരുന്നു. ആ 36
മൂപ്പന്മാർ ഇരുവരും പറഞ്ഞതെന്തെന്നാൽ:
-ഉദ്യാനത്തിന് വെളിയിലൂടെ ഇന്നലെ
ഞങ്ങൾ പൊയ്ക്കൊണ്ടിരുന്നപ്പോൾ
ശൂശാനും കൂടെ രണ്ടു ദാസികളും വന്ന്
ഉദ്യാനത്തിൽ കടന്നു. അവൾ ദാസികളെ 37
പറഞ്ഞയച്ചിട്ടു ഉദ്യാനവാതിലുകൾ അടച്ചു.
അവളെ കാത്ത് അവിടെ ഒളിച്ചിരുന്ന ഒരു
യുവാവ് അവളുടെ അടുക്കലെത്തി, അവ
ളൊന്നിച്ചു ശയിച്ചു. തോട്ടത്തിൽ കയറി 38
ഈ ദുഷ്കർമ്മം ഞങ്ങൾ കണ്ടതാണ്.
അവർ ശയിക്കുന്നതായി ഞങ്ങൾ കാണുക
തന്നെ ചെയ്തു. അവരെ പിടിപ്പാനായി
ഞങ്ങൾ ഓടിച്ചെന്നു. എന്നാൽ ആ യുവാവ് 39
ഞങ്ങളെക്കാൾ ശക്തനായിരുന്നതിനാൽ
അവനെ പിടിപ്പാൻ കഴിഞ്ഞില്ല. അവൻ
ഉദ്യാനവാതിൽ തുറന്ന് ഓടിക്കളഞ്ഞു.
എന്നാൽ ഇവളെയോ ഞങ്ങൾ പിടിച്ചു. 40
നിന്നോടു സഹശയനം ചെയ്ത ആ യുവാവ്
ആരെന്ന് അവളോടു ഞങ്ങൾ ചോദിച്ചു.
അവൻ ആരെന്ന് ഏറ്റു പറയുവാൻ ഇവൾ
ഇഷ്ടപ്പെട്ടില്ല. ഇത്രയും ഞങ്ങൾ നിങ്ങളു
ടെ മുമ്പിൽ വച്ചു സാക്ഷിക്കുന്നു എന്നു
പറഞ്ഞു. സംഘം മുഴുവനും അവരെ
വിശ്വസിച്ചു. അവർ ജനത്തിൻെറ മൂപ്പ 41
ന്മാരും, ന്യായാധിപരുമായിരുന്നല്ലോ.
ശൂശാൻ മരണത്തിന് അർഹയെന്ന് അവർ
വിധിച്ചു. ആയത്, എല്ലാ സ്ത്രീകൾക്കും
ഭയമുണ്ടാകുവാനും, അവർക്കും അവരുടെ

കുടുംബത്തിനും അപമാനമുണ്ടാക്കത്തക്ക
വണ്ണം ഈദൃശ പ്രവൃത്തിയെ ചെയ്യാതിരി
ക്കുന്നതിനും വേണ്ടിയത്രെ.
42 ശുശാനോ ഉച്ചത്തിൽ നിലവിളിച്ചു
കൊണ്ട്: സർവ്വവും അറിയുന്നവനും എല്ലാ
രഹസ്യവും തിരുമുമ്പിൽ പരസ്യമായി
ഇരിക്കുന്നവനും, സംഭവിക്കും മുമ്പുതന്നെ
ഭാവികാര്യങ്ങൾ അറിയുന്നവനും ആയ
43 ദൈവം, ഇവർ എന്നെ വെറും അസത്യം
കൊണ്ട് ഉപദ്രവിക്കയാണെന്നു കാണു
മാറാകട്ടെ. ഇവർ എനിക്കെതിരായി
സാക്ഷ്യം പറഞ്ഞതിൽ ഒരു കാര്യവും ഞാൻ
ചെയ്തിട്ടില്ലാതിരിക്കെ ഇതാ ഞാൻ
മരിക്കുന്നു. ഇവർ എന്നോടാവശ്യപ്പെട്ടതിനു
ഞാൻ സമ്മതിച്ചില്ല" എന്നു പറഞ്ഞു.
44 ശൂശാൻെറ ശബ്ദം ദൈവം കേട്ടു. അവൾ
45 മരിക്കാനായി പുറപ്പെടുംമുമ്പെ, പെട്ടെന്നു
ദൈവം, പന്ത്രണ്ടു വയസ്സുള്ള 'ദാനിയേൽ'
എന്ന ഒരു ചെറു ബാലൻെറമേൽ തൻെറ
പരിശുദ്ധാത്മാവിനെ അയച്ചു.
46 അവൻ ഉച്ചത്തിൽ, "ഈ സ്ത്രീയുടെ
രക്തത്തിൽനിന്നും ഞാൻ കുറ്റമറ്റവനാണ്.
എന്തെന്നാൽ ആരോപിതമായ ഈ അശു
ദ്ധിയിൽ പെടാതെ അവൾ നിഷ്കളങ്കയാണ്
47 എന്നു പറഞ്ഞു. ജനമെല്ലാം അവൻെറ
48 യടുത്തു വന്നുകൂടി. എന്താണ് നീ ഈ
പറഞ്ഞ കാര്യം? അവർ ചോദിച്ചു. അവനോ
അവരുടെ മദ്ധ്യെ നിന്നുകൊണ്ട് പറഞ്ഞു:
ഇസ്രായേൽ പുത്രിമാരെ നീതിയോടെ
വിധിക്കാത്ത ഇസ്രായേൽ മക്കളെ! നിങ്ങൾ
49 ഇത്ര ഭോഷന്മാരായിപ്പോയല്ലോ. എല്ലാവരും
ന്യായാസനത്തിങ്കലേക്കു തിരികെ വരു
വിൻ. എന്തെന്നാൽ വ്യാജം പറഞ്ഞാണ്
നിങ്ങൾ ഈ സ്ത്രീയെ കുറ്റം വിധിച്ചി
50 രിക്കുന്നത്. ജനമെല്ലാം ന്യായാസനത്തി
51 ങ്കൽ തിരികെ വന്നു. ആ മൂപ്പന്മാർ
ദാനിയേലിനോടു നീയും വന്നു ഞങ്ങളുടെ
മദ്ധ്യേ ഇരിക്കൂ. ദൈവം നിനക്കു മൂപ്പൻ
സ്ഥാനം തന്നിട്ടുണ്ടോ എന്നു ഞങ്ങൾ ഒന്നു
കാണട്ടെ എന്നു പറഞ്ഞു. ദാനിയേൽ
ജനസമൂഹത്തോട്: നിങ്ങൾ ഇവരെ
ഒരുവനിൽനിന്നും അപരനെ മാറ്റി നിറുത്തി
എനിക്കു തരുവിൻ. അപ്പോൾ ദൈവം
എനിക്കു പ്രദാനം ചെയ്തിരിക്കുന്നതനു
സരിച്ച് ഞാൻ ഇവരെ വിധിക്കാം. അപ്പോൾ
ഇവർ ശൂശാനെതിരായി അനീതിയോടെ
വെറും കള്ളസാക്ഷി പറഞ്ഞതാണെന്നു.
ഞാൻ തെളിയിച്ചുതരാം എന്നു പറഞ്ഞു.
52 ജനസമൂഹം അവരെ ഒരുവനിൽനിന്നും
മറ്റവനെ മാറ്റി നിറുത്തി. ദാനിയേൽ
അവരിൽ ഒരുവനെ വിളിച്ച് അവനോട്:
താങ്കൾ ദുർദിവസങ്ങൾകൊണ്ടു പഴകിയ
മനുഷ്യനാണ്. വളരെമുമ്പ് മുതൽ നീ
ചെയ്ത നിൻെറ പാപങ്ങൾ അടുത്തുവന്നി
രിക്കുന്നു. നീ അനീതിയുള്ള വിധി നടത്തി.
പുണ്യമുള്ളവരെ നീ കുറ്റം വിധിച്ചു. വിനീ 53
തരെ നീ നശിപ്പിക്കയായിരുന്നു. കുറ്റമറ്റ
വരെ നീ നിരപരാധികളാക്കിയില്ല. ഇപ്പോൾ 54
എന്നോടു പറയണം: ഈ സമൂഹസമക്ഷം
പറയണം; ഏതു വൃക്ഷത്തിൻ കീഴിലാണ്
ഈ സ്ത്രീയും ആ യുവാവും സഹശയനം
നടത്തുന്നതായി നീ കണ്ടത്? ആ മൂപ്പൻ
അവനോടു ലവംഗ (പെസ്ത്കൊ) വൃക്ഷ
ത്തിൻ കീഴിൽ! എന്നു പറഞ്ഞു. ദാനിയേൽ 55
അവനോട്: ഇതു നീ അറിഞ്ഞുകൊള്ളുക.
നീ വ്യാജമാണ് ഉറപ്പിച്ചു പറഞ്ഞതെങ്കിൽ,
നിൻെറ ശിരസ്സിൽ അതു കരേറും. എന്തെ
ന്നാൽ ദൈവസന്നിധിയിൽനിന്നും അരുള
പ്പാടു പ്രാപിച്ച മാലാഖ രണ്ടായി നിന്നെ
കീറിക്കളയുവാനിരിക്കുന്നു എന്നു പറ
ഞ്ഞു. പിന്നീട് അവൻെറ കൂട്ടുകാരനായ 56
മറ്റവനേയും വിളിച്ചു. അവനോട് കാനാൻെറ
സന്തതിയെ, യഹൂദായുടെ സന്തതിയല്ലാ
ത്തവനെ, ഈ സ്ത്രീയുടെ സൗന്ദര്യം 57
നിന്നെ കീഴടക്കി. അവളെക്കുറിച്ചുള്ള
ദുർമോഹം നിൻെറ ഹൃദയത്തെ തിരിച്ചു
കളഞ്ഞു. അവളുടെ നീതി നിമിത്തം നിങ്ങ 58
ളുടെ അശുദ്ധമായ ആഗ്രഹങ്ങൾക്കു
വഴങ്ങാത്തതിനാൽ ഇസ്രായേൽ പുത്രിമാ
രോടു ഇങ്ങനെയോ നിങ്ങൾ വർത്തിക്കു
ന്നത്! ഈ സർവ്വ സമൂഹത്തിൻെറയും
മുമ്പിൽവച്ച് നീ എന്നോടു പറയണം: ഏതു
മരത്തിൻെറ കീഴിലാണ് ഈ സ്ത്രീയും ആ
യുവാവും സഹശയനം ചെയ്തതായി
നിങ്ങൾ കണ്ടുപിടിച്ചത്? സർവ്വ സംഘത്തി 59
ൻെറയും മുമ്പിൽ വെച്ച് അവൻ പറഞ്ഞു:
കരുവേലകത്തിനു (റുമ്നോ)കീഴെ' എന്ന്.
ദാനിയേൽ അവനോടു: ഈ മനസ്സു
നൊന്തിരിക്കുന്ന സ്ത്രീക്ക് എതിരായി നീ
അനീതി സംസാരിച്ചിരിക്കുന്നു. കുറ്റമറ്റ
രക്തം അനീതിയായി ചിന്തുവാൻ നിങ്ങൾ
ആഗ്രഹിക്കുന്നു! ഇപ്പോഴിതാ മോശയുടെ
ന്യായപ്രമാണത്തിൽ ലിഖിതമായ പ്രകാരം
നിൻെറ തിന്മ നിൻെറ തലമേൽ വരുന്നു.
കണ്ടാലും, ദൈവത്തിൻെറ മാലാഖ വാളും
പിടിച്ചുകൊണ്ട് നിന്നെ ഒരറ്റംമുതൽ മറ്റെ
അറ്റം വരെ കീറിക്കളയുവാനും നിങ്ങൾ
ഇരുവരേയും ഒരുമിച്ചു സംഹരിക്കുവാനു
മായി അയയ്ക്കപ്പെട്ടിരിക്കുന്നു എന്നു പറ
ഞ്ഞു. ജനസമൂഹമെല്ലാം ഉറച്ച ശബ്ദത്തിൽ

രുമിച്ചു പറഞ്ഞു: തന്റെ തിരുനാമത്തിൽ
ിശ്വസിച്ചവരെ രക്ഷിച്ച ദൈവത്തിനു
സ്തുതി. ദാനിയേൽ അവർ കരുതിക്കൂട്ടി
ച്ച ഉപദ്രവത്തെ കുറ്റപ്പെടുത്തി. ജന
ാമൂഹമെല്ലാം, രഹസ്യങ്ങൾ വെളിച്ച
ാക്കുന്നവനും, നിരപരാധിക്ക് അവന്റെ
രപരാധിത്വത്തിനൊത്തതുപോലെ നൽ
ുന്നവനും, അധർമ്മിയോട് പ്രതികാരം
ചയ്ത് അവന്റെ മാർഗത്തെ അവന്റെ
രസ്സിൽതന്നെ വരുത്തുന്നവനുമായ
ദവത്തിനു സ്തുതിശബ്ദമുയർത്തി.
മൂഹമെല്ലാം അവർക്കെതിരായി എഴു
റ്റ് മോശയുടെ കല്പനാനുസരണം
വരോടു പ്രവർത്തിച്ചു. അവർ അവരെ
ാന്നുകളഞ്ഞു. അവർക്കർഹമായവിധം
ദവം ഭയങ്കര പ്രതികാരംചെയ്തു. ആ
ാത്തിൽ നിർദ്ദോഷരക്തം ജീവൻ
പിച്ചു. ഹെൽക്കാനായും ഭാര്യയും
യാക്കിമിന്റെ പത്നിയായ അവരുടെ
ളിൽ ഒരു മാലിന്യവും കണ്ടെത്തപ്പെടാ
ുന്നതിൽ ആഹ്ളാദിച്ചു. അവരിൽ
നും മാലിന്യത്തിന്റെ ദുഷ്പേര് നീക്ക
ത്തിൽ സർവ്വ ജനവും, ശൂശാന്റെ
ംബം മുഴുവനും ദൈവത്തെ സ്തുതിച്ചു.
ിയേൽ മഹാനായി. ശൂശാന്റെ
ംബം മുഴുവനിലും ഇസ്രായേലിന്റെ
വ്വ സംഘത്തിന്റേയും ദൃഷ്ടിയിലും
ൻ പ്രസിദ്ധനായി. അവൻ എപ്പോഴും
ന്റെ ജനത്തിൽ ന്യായപാലനവും
യും നടത്തിവന്നു. അവനു വെളി
ത്തപ്പെട്ട രഹസ്യങ്ങളും നിഗൂഢകാര്യ
ം നിമിത്തം അവന്റെ മഹത്വമുള്ള
സർവ്വ ജനത്താലും പുകഴ്ത്തപ്പെട്ടു.

അദ്ധ്യായം 14

ൽ

ാസ്തദ് ഗോസ് രാജാവ് അയാളുടെ
ന്മാരോടു ചേർന്നശേഷം പാഴ്സ്യ
കൂറോശ് (സൈറസ്), രാജത്വം
ച്ചു. ദാനിയേൽ രാജസന്നിധിയിൽ
ാന്യനായിരുന്നു. അവൻ രാജാവി
കൂടെയാണു താമസിച്ചിരുന്നതും.
ിന്റെ സർവ്വ സുഹൃത്തുക്കളാലും
ബഹുമാനിതനുമായിരുന്നു. ബാബി
ർക്ക് ഒരു വിഗ്രഹമുണ്ടായിരുന്നു.
ന്റെ പേരു 'ബാൽ'. അതിന്റെ നാമ
പ്രതിദിനം അവർ വളരെ ചെലവു
ിരുന്നു.
ിനോടു വളരെ ഭക്തിയുണ്ടാ
രാജാവ് ദിവസം തോറും പോയി

അതിനെ നമസ്കരിച്ചു വന്നു. ദാനിയേലോ
ദൈവത്തെ ആരാധിച്ചു. രാജാവ് ദാനിയേ
ലിനോട്: 'എന്റെ ബാൽ ദേവനെ നീ
എന്താണ് നമസ്കരിക്കാതിരിക്കുന്നത്'
എന്നു ചോദിച്ചു. ദാനിയേൽ അദ്ദേഹ
ത്തോട്, കൊത്തുപണി ചെയ്തുണ്ടാക്കിയ 5
പ്രതിമയേയും വിഗ്രഹത്തേയും ഞാൻ
ആരാധിക്കയില്ല; അവയെല്ലാം മനുഷ്യന്റെ
ഹസ്തനിർമ്മിതമല്ലയോ? എന്നാൽ
ഞാനോ, ആകാശത്തിന്റെയും ഭൂമിയു
ടെയും സ്രഷ്ടാവായ ജീവനുള്ള ദൈവത്തെ
ആരാധിക്കുന്നു, ഭയപ്പെടുന്നു. അദ്ദേഹ 6
മല്ലോ സർവ്വ ജഡത്തിന്റെയും ഉടയവൻ'
എന്നു പറഞ്ഞു. രാജാവു ദാനിയേലിനോട്,
എന്റെ ദേവനായ ബാൽ ജീവനുള്ളവ
നാകുന്നു എന്നു നിനക്കു തോന്നുന്നില്ലേ?
ഓരോ ദിവസവും അദ്ദേഹം ഭക്ഷിച്ചു പാനം
ചെയ്യുന്നത് നീ കാണുന്നില്ലേ? എന്നു
ചോദിച്ചു. ദാനിയേൽ അപ്പോൾ പൊട്ടി 7
ച്ചിരിച്ചുകൊണ്ട് രാജാവിനോട്: രാജാവെ,
അങ്ങ് മറക്കരുതെ. അതിന്റെ അകം
മുഴുവനും കളിമണ്ണും പുറംഭാഗം താമ്രവുമാ
ണല്ലോ. അത് ഒരു കാലത്തും ഭക്ഷിച്ചിട്ടില്ല;
കുടിച്ചിട്ടുമില്ല എന്നു പറഞ്ഞു. അപ്പോൾ 8
രാജാവ് കോപിഷ്ഠനായി ബാലിന്റെ
പുരോഹിതന്മാരെ വിളിച്ച് അവരോടു: ഈ
ചെലവെല്ലാം ചെയ്തു ഒരുക്കുന്നവ തിന്നു
തീർക്കുന്നത് ആരെന്നു നിങ്ങൾ പറഞ്ഞി
ല്ലെങ്കിൽ നിങ്ങൾ മരിക്കും നിശ്ചയം.
ബാലാണ് ഇതെല്ലാം ഭക്ഷിച്ചു തീർക്കുന്നത് 9
എന്നു നിങ്ങൾ എന്നെ ബോദ്ധ്യപ്പെടു
ത്തിയാൽ, ബാലിനെ ദുഷിച്ച ദാനിയേൽ
മരിക്കണം, എന്നു പറഞ്ഞു. ദാനിയേൽ 10
രാജാവിനോട്, രാജാവേ തിരുവചനം
പോലെ തന്നെ എന്നു പറഞ്ഞു. അവരുടെ
ഭാര്യമാരും മക്കളും കൂടാതെ തന്നെ ബാലി
ന്റെ പുരോഹിതർ എഴുപതു പേരുണ്ടാ
യിരുന്നു. രാജാവും ദാനിയേലും കൂടി
ബാലിന്റെ ആലയത്തിൽ വന്നു. പുരോ 11
ഹിതർ രാജാവിനോട്, ഞങ്ങൾ വെളിയി
ലേക്കു പൊയ്ക്കൊള്ളാം. തിരുമേനിതന്നെ
ബാലിനു ഭക്ഷണം അർപ്പിച്ചും, വീഞ്ഞു
കലർത്തിയും വച്ചുകൊള്ളുക. വാതിലടച്ച്
അങ്ങയുടെ മുദ്രാമോതിരംകൊണ്ട് മുദ്രയും
വച്ചുകൊള്ളുക. രാവിലെ എഴുന്നേറ്റ് വന്ന്
പരിശോധിക്കുക. ഭക്ഷണങ്ങൾ ബാൽ 12
ഭക്ഷിച്ചു തീർന്നതായി അങ്ങു കാണുന്നില്ലെ
ങ്കിൽ ഞങ്ങൾ മരിച്ചുകൊള്ളാം. ബാൽ ഭക്ഷി
ച്ചുവെങ്കിലോ, ഞങ്ങൾക്കെതിരെ ദൂഷണം
പറഞ്ഞ ദാനിയേൽ മരിക്കുക തന്നെ വേണം.

13 എന്നു പറഞ്ഞു. അവർക്ക് ഒരു കാര്യം
ഉറപ്പായിരുന്നു. അവർ മേശയ്ക്കു താഴെ
ഭാഗത്ത് ഒരു രഹസ്യപ്രവേശന മാർഗ്ഗം
ഉണ്ടാക്കിയിട്ടുണ്ടായിരുന്നു. അതിലൂടെ
അവർ അകത്തു കടക്കയും ബാലിനായി
സമർപ്പിതമായ സർവ്വവും ഭക്ഷിക്കയും,
ബാക്കി വരുന്നത് എടുത്തുകൊണ്ടു
14 പോകയുംചെയ്തിരുന്നു! പുരോഹിതന്മാർ
പോയശേഷം രാജാവ് ഭോജ്യങ്ങൾ വരുത്തി
മേശമേൽ നിരത്തി ബാലിൻെറ മുമ്പിൽ
വച്ചു. അവരുടെ പതിവുപോലെ വീഞ്ഞും
നിറച്ചുവച്ച് പുറത്തിറങ്ങി. അപ്പോൾ
ദാനിയേൽ ഭൃത്യന്മാരോട്: നിങ്ങൾ കുറെ
ചാരം കൊണ്ടുവരുവിൻ എന്നു പറഞ്ഞു.
അവർ കൊണ്ടുവന്ന ചാരം രാജാവിൻെറ
മുമ്പിൽ വെച്ചുതന്നെ ബാലിൻെറ ആല
യമാകെ വിതറി. രാജാവ് ഇതു കണ്ടു പുറ
ത്തിറങ്ങി. വാതിൽ അടച്ചു. രാജാവിൻെറ
മുദ്രമോതിരവും ദാനിയേലിൻെറ മോതി
രവുംകൊണ്ടു മുദ്രയും വച്ചു.
15 പതിവുപോലെ പുരോഹിതന്മാരും
അവരുടെ ഭാര്യമാരും മക്കളും വന്ന്
ബാലിനു നിവേദിച്ചിരുന്നതെല്ലാം ഭക്ഷിച്ചു,
16 വീഞ്ഞും കുടിച്ചു. രാജാവ് അതിരാവിലെ
ദാനിയേലുമൊരുമിച്ച് അവിടെ എത്തി.
17 രാജാവ് ദാനിയേലിനോട്, 'ദാനിയേലേ, മുദ്ര
എല്ലാം അതേ പടിതന്നെ ഇരിക്കുന്നു' എന്നു
18 പറഞ്ഞു. അങ്ങനെതന്നെ ഇരിക്കുന്നു
രാജാവേ എന്നു ദാനിയേലും പറഞ്ഞു.
വാതിൽ തുറന്ന് രാജാവ് മേശമേൽ
സൂക്ഷിച്ചു നോക്കി. ബാലിനുള്ള നിവേദ്യ
മെല്ലാം ഭക്ഷിക്കപ്പെട്ടിരുന്നതായി കണ്ടു!
അദ്ദേഹം പുറത്തു നിന്നുകൊണ്ടുതന്നെ
അത്യുച്ചത്തിൽ: അല്ലയോ ബാലേ അങ്ങു
വലിയവൻ; അങ്ങയുടെ സന്നിധിയിൽ
അല്പംപോലും വഞ്ചനയില്ല' എന്നു പറ
19 ഞ്ഞു. അപ്പോഴും ദാനിയേൽ ചിരിച്ചു
കൊണ്ടു, കുറച്ചു നേരം രാജാവിനെ
അകത്തു കയറ്റാതെ പിടിച്ചുനിറുത്തി.
ദാനിയേൽ രാജാവിനോട്: തിരുമേനിയായ
രാജാവെ നിലത്തൊന്നു സൂക്ഷിച്ചുനോക്കി
യാലും! ഈ കാണുന്ന കാല്പാദങ്ങൾ
20 ആരുടെതാണ്? എന്നു ചോദിച്ചു. അപ്പോൾ
രാജാവ്: നിലത്തു പുരുഷന്മാരുടെയും,
സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും
പാദമുദ്രകൾ ഞാൻ കാണുന്നു എന്നു
21 പറഞ്ഞു: രാജാവ് ക്രോധാവേശനായി ആ
പുരോഹിതന്മാരേയും ഭാര്യമാരേയും
മക്കളേയും പിടികൂടി. അവർ ബാലിനുള്ള
നിവേദ്യങ്ങൾ തിന്നുകുടിക്കാൻ അകത്തു
കടക്കുകയും പുറത്തിറങ്ങുകയും ചെയ്തു
കൊണ്ടിരുന്ന ആ ഗൂഢമാർഗ്ഗം അവർ
രാജാവിനു കാണിച്ചു കൊടുത്തു. രാജാവ് 22
അവരെയെല്ലാം കൊന്നുകളഞ്ഞു. ബാൽ
വിഗ്രഹത്തെ ഒരു സമ്മാനമെന്നപോലെ
ദാനിയേലിനു കൊടുത്തു. ദാനിയേൽ
അതിനെ ഉടച്ചു തകർത്തുകളഞ്ഞു. ബാലി
ൻെറ ആലയം നിലംപരിശാക്കുകയും
ചെയ്തു.

മഹാസർപ്പം

ആ പ്രദേശത്ത് ഒരു മഹാസർപ്പമു 23
ണ്ടായിരുന്നു. ബാബിലോന്യർ അതിനെ
ആരാധിച്ചുവന്നു! രാജാവ് ദാനിയേലി
നോട്: ഇതു ദേവനല്ല എന്ന് എതിര് 24
പറയുവാൻ നിനക്കു സാദ്ധ്യമല്ല. അത്
ജീവനുള്ള ദേവനാകയാൽ നീ അതിനെ
ആരാധിക്കണം എന്നു പറഞ്ഞു. ദാനിയേൽ 25
രാജാവിനോട്: ഞാൻ ദൈവമായ കർത്താ
വിനെ ആരാധിക്കുന്നു. എന്തെന്നാൽ
താനാകുന്നു ജീവനുള്ള ദൈവം. അല്ലയോ 26
തിരുമേനീ അതിന്മേൽ എനിക്ക് അധികാരം
തരണമെ. വാളും വടിയും കൂടാതെ ഈ
മഹാസർപ്പത്തെ ഞാൻ കൊല്ലാം. രാജാവ് 27
അവനോട്, 'അനുവദിച്ചിരിക്കുന്നു' എന്നു
പറഞ്ഞു. ദാനിയേൽ ടാറും കൊഴുപ്പും
തലമുടിയും എടുത്ത് ഒരുമിച്ചു പാകം
ചെയ്തു. അവകൊണ്ട് ഉരുളകൾ ഉണ്ടാക്കി
മഹാസർപ്പത്തിൻെറ വായിലേക്കു കയറ്റി.
മഹാസർപ്പം അതു വിഴുങ്ങി പൊട്ടിത്തെറിച്ച്
അതു ചത്തുപോയി! ദാനിയേൽ അപ്പോൾ
അല്ലയോ ബാബേൽക്കാരെ, നിങ്ങളുടെ 28
ആരാധനാമൂർത്തികളെ കണ്ടാലും എന്നു
പറഞ്ഞു. ബാബിലോന്യർ അതു കേട്ട
തോടെ അത്യധികം നീരസപ്പെട്ടു രാജ
സന്നിധിയിൽ ഒത്തുകൂടി, രാജാവിനെതിരെ
തിരിഞ്ഞ്, രാജാവ് യഹൂദനായിപ്പോയി,
അയാൾ ബാലിനെ തകർത്തുകളഞ്ഞു,
മഹാസർപ്പത്തെ കൊന്നുകളഞ്ഞു, പുരോ
ഹിതന്മാരെയും വധിച്ചു എന്നു പരസ്പരം
പറഞ്ഞു. അവർ രാജസന്നിധിയിലെത്തി 29
അയാളോട് ദാനിയേലിനെ ഞങ്ങൾക്കു
ഏല്പിച്ചു തരണം. അല്ലെങ്കിൽ നിന്നെയും
നിൻെറ കുടുംബത്തേയും ഞങ്ങൾ കൊല്ലും
എന്നു പറഞ്ഞു. അവരെല്ലാം ഒറ്റക്കെട്ടായി 30
തനിക്കെതിരായി എഴുന്നേറ്റിരിക്കയാണ്
എന്നു രാജാവ് കണ്ടപ്പോൾ, അയാൾക്കു
ഭീതിയായി. നിർബ്ബന്ധാനുസരണം ദാനി
യേലിനെ അവർക്കു ഏല്പിച്ചുകൊടുത്തു.
അവർ ദാനിയേലിനെ കൂട്ടിക്കൊണ്ടുപോയി 31

സിംഹക്കുഴിയിലിട്ടു. സിംഹങ്ങൾ വിശന്ന് അവനെ തിന്നുകളയുവാനായി ആറു ദിവസം അവിടെ ഇട്ടിരുന്നു. ആ സിംഹക്കുഴിയിൽ ഏഴു സിംഹങ്ങളുണ്ടായിരുന്നു. അവർക്ക് ഓരോ ദിവസവും രണ്ട് ദേഹങ്ങളും രണ്ട് ആടുകളേയും ഇട്ടു കൊടുക്കാറുണ്ടായിരുന്നു. എന്നാൽ അവയ്ക്കു വിശന്നിട്ട് ദാനിയേലിനെ തിന്നുകളയുവാൻവേണ്ടി, അവയ്ക്കു വിശപ്പ് വരുവാൻ തക്കവണ്ണം, ഈ ആറു ദിവസവും അവയ്ക്കു യാതൊന്നും തീറ്റ കൊടുത്തിരുന്നില്ല.

അക്കാലത്ത് യീഹൂദിൽ 'ഹബക്കുക്ക്' എന്ന പ്രവാചകനുണ്ടായിരുന്നു. അയാൾ വയലിൽ കൊയ്ത്തുകാർക്കായി ഭക്ഷണവും നുറുക്കിയ അപ്പവും കൊണ്ടുപോകുകയായിരുന്നു. ദൈവത്തിൻെറ മാലാഖ അയാളോട്, നിൻെറ കൈവശമുള്ള ഈ ഭോജ്യങ്ങൾ ദാനിയേലിന്നായി നീ കൊണ്ടുപോകുക. അവൻ ബാബേലിൽ സിംഹക്കുഴിയിൽ ഇടപ്പെട്ടിരിക്കയാണ് എന്നു പറഞ്ഞു, 'യജമാനനെ ബാബേൽ ഞാൻ കണ്ടിട്ടില്ലല്ലോ, സിംഹക്കുഴിയും എനിക്കറിഞ്ഞുകൂടല്ലോ' എന്നു ഹബ്ക്കുക്ക് പറഞ്ഞു. മാലാഖ അയാളുടെ തലയിൽ കൈവച്ച് അവൻെറ തലമുടിയിൽ പിടിച്ച് എടുത്തു പൊക്കി പരിശുദ്ധാത്മശക്തിയിൽ അയാളെ സിംഹക്കുഴിയുടെ ഉപരിഭാഗത്തായി കൊണ്ടുവന്നു വച്ചു. ദാനി
യേൽ, ദാനിയേൽ നീ എഴുന്നേറ്റു നിന 37
ക്കായി ദൈവം അയച്ചുതന്ന ഈ ഭക്ഷണം
കഴിക്കുക എന്ന് ഹബ്ക്കുക്ക് ദാനിയേലി
നോടു പറഞ്ഞു. അപ്പോൾ ദാനിയേൽ, 38
'ദൈവം എന്നെ ഓർത്തു! തൻെറ കരുണ
എന്നിൽനിന്നും മാറ്റിക്കളഞ്ഞില്ല; നാഥാ
അങ്ങയെ സ്നേഹിക്കുന്നവരെ അങ്ങു
കൈവിടുകയില്ല എന്നു ഞാൻ അറിയുന്നു
എന്നു പറഞ്ഞു. അവൻ എഴുന്നേറ്റു
ഭക്ഷണം കഴിച്ചു! തൽക്ഷണംതന്നെ ദൈവ 39
ത്തിൻെറ മാലാഖ ഹബ്ക്കുക്കിനെ മുമ്പ്
എവിടെനിന്നുമാണ് എടുത്തുയർത്തിയത്
അവിടെത്തന്നെ കൊണ്ടു പോയി നിറുത്തി!

ദാനിയേലിനെ ഓർത്തു രാജാവിനു 40
വളരെ ദുഃഖമുണ്ടായിരുന്നതിനാൽ ഏഴാം
ദിവസം അവനെക്കുറിച്ചു വിലപിപ്പാനായി,
സിംഹക്കുഴിയിങ്കലേക്കു വന്നു കുഴിയി
ലേക്കു സൂക്ഷിച്ചു നോക്കി. ദാനിയേൽ 41
അവിടെ ഇരിക്കുന്നതായി അയാൾ കണ്ടു-
അയാൾ, 'ദാനിയേലിൻെറ ദൈവം വലിയ 42
വൻതന്നെ' എന്ന് അത്യുച്ചത്തിൽ വിളിച്ചു
പറഞ്ഞു. ദാനിയേലിനെ കുഴിയിൽനിന്നു
കയറ്റി; അവനെക്കുറിച്ച് ഏഷണി പറയു
കയും അവനെ നിഗ്രഹിക്കാനാഗ്രഹിക്കയും
ചെയ്ത അവൻെറ ശത്രുക്കളെ അതേ
കുഴിയിൽ ഇടുകയും ചെയ്തു. അക്ഷണ
ത്തിൽതന്നെ രാജാവിൻെറയും ദാനിയേ
ലിൻേറയും കൺമുമ്പിൽ വച്ചുതന്നെ
സിംഹങ്ങൾ അവരെ തിന്നുകളഞ്ഞു.

മക്കാബിയരുടെ 1-ാം പുസ്തകം

അദ്ധ്യായം 1

1 കേത്യദേശത്തുനിന്നു പുറപ്പെട്ട മാസി
ഡോണിയനായ ഫിലിപ്പോസിൻെറ പുത്രൻ
അലക്സാണ്ടർ, പേർഷ്യയുടെയും മേദി
യയുടെയു രാജാവായ ദാരിയൂസിനെ
വധിച്ചശേഷം അവൻെറ സ്ഥാനത്തു രാജ
2 വാഴ്ച നടത്തി. നേരത്തെതന്നെ അയാൾ
(ഹലദാ) ഗ്രീസിൻെറ രാജാവായിരുന്നു.
അയാൾ മഹായുദ്ധങ്ങൾ നടത്തി വളരെ
യേറെ കോട്ടകൾ പിടിച്ചു, ഭൂരാജാക്കന്മാരെ
വധിച്ചു. ഭൂതലസീമവരെ അയാൾ മുന്നേറി;
3 നിരവധി ജാതികളെ കൊള്ളയിട്ടു, അയാ
ളുടെ കാലത്ത് സർവ്വ ഭൂതലത്തിലും
സമാധാനവും ശാന്തിയുമുണ്ടായി. അയാൾ
4 അഹങ്കരിച്ചു. ഹൃദയം നിഗളിച്ചു. പ്രബല
ന്മാരുടെ ഒരു മഹാസൈന്യവുമായി അയാൾ
ജാതികളുടെയും ജനങ്ങളുടെയും മേലും,
ദുർഭരണാധിപന്മാരുടെ മേലും അധികാരി
യായിത്തീർന്നു. അവർ അയാൾക്കു കപ്പം
5 കൊടുത്തുവന്നു. ഇവയ്ക്കെല്ലാം ശേഷം
അലക്സാണ്ടർ ശയ്യാവലംബിയായി
6 ത്തീർന്നു. താൻ മരിക്കാറായി എന്നു മനസ്സി
ലായപ്പോൾ അയാൾ തൻെറ ബാല്യകാലം
മുതൽ തന്നോടൊപ്പം വളർത്തപ്പെട്ടിരുന്ന
മാന്യരായ തൻെറ ദാസരെ വിളിച്ചു വരുത്തി
തൻെറ ജീവകാലത്തു രാജ്യം അവർക്കായി
7 പങ്കിട്ടു കൊടുത്തു. പന്ത്രണ്ട് സംവത്സരം
അലക്സാണ്ടർ ഭരണം നടത്തിയശേഷം
മരിച്ചു.
8 അവൻെറ ദാസരിൽ ഓരോരുവനും
അവനവൻെറ പ്രവിശ്യയിൽ ഭരണ
9 മാരംഭിച്ചു. അയാളുടെ മരണശേഷം അവർ
സ്വയം മകുടമണിഞ്ഞു; വളരെ വർഷങ്ങൾ.
അവരുടെ മക്കളും അവർക്കുശേഷം കിരീട
ധാരികളായി.
10 ദേശത്തെല്ലാം തിന്മകൾ വർദ്ധിച്ചു.
അവരിൽനിന്നും റോമിൽ ഭരണാധിപ
നായിരുന്ന അന്തിയാക്കോസ് രാജാ
വായിരുന്ന അന്തിയാക്കോസ് എഫിഫാ
നോസ് പാപത്തിൻെറ മൂലവേരായി
പുറപ്പെട്ടു. ഗ്രീക്ക് ഭരണത്തിൻെറ നൂറ്റിമുപ്പ 11
ത്തേഴാമാണ്ടിൽ അവൻ ഭരണമേറ്റു.
അക്കാലത്ത് ഇസ്രായേൽ ജനതയിലെ ചില
അധർമ്മികൾ പുറപ്പെട്ട് നമ്മുടെ ചുറ്റുമുള്ള
പുറജാതികളോട് നമുക്ക് സഖ്യം ചെയ്യാം.
എന്തെന്നാൽ അവരിൽനിന്നും നാം
വേർപെട്ടകാലം മുതൽ നാം വളരെയേറെ
ക്ലേശങ്ങൾ കണ്ടിരിക്കുന്നു, എന്നു പ്രചരി
പ്പിച്ചു. അവരുടെ വാക്ക് എല്ലാവർക്കും 12
സന്തോഷമായി. ജനത്തിൽ ചിലർ കൂടിയാ 13
ലോചന നടത്തി അവർ രാജസന്നിധി
യിലെത്തി. ജാതികളുടെ ആചാരം അനു
സരിച്ചുള്ള എന്തും ചെയ്തുകൊള്ളുവാൻ
രാജാവ് അവർക്കധികാരം നൽകി.
അനീതിയുടെ ആ സന്താനങ്ങൾ, ജാതി 14
കളുടെ പ്രമാണാനുസരണമായി ഒരു
രംഗസ്ഥലം പണിതു. അഗ്രചർമ്മികളെ
അവിടേക്ക് ആകർഷിച്ചു; പരിശുദ്ധ 15
ന്യായപ്രമാണത്തിൽനിന്നും അവർ സ്വയം
അകന്നുമാറി; ജാതികളുമായി കൂടി
ക്കലർന്നു. തിന്മകൾ പ്രവർത്തിക്കുവാൻ
അവർ മനസ്സുവെച്ചു. അന്തിയാക്കോസിന് 16
രാജത്വം ഭദ്രമായപ്പോൾ മെസ്രേൻ മേലും
അങ്ങനെ രണ്ടു രാജ്യങ്ങൾ മേൽ ഒരുമിച്ചു
വാഴുവാൻ ആഗ്രഹിച്ചു. പ്രബലമായ 17
സൈന്യത്തോടും, രഥങ്ങളോടും, ഗജങ്ങ
ളോടും, കുതിരപ്പട്ടാളത്തോടും കൂടി മഹാ
തേജസ്വിയായി അന്തിയാക്കോസ് മെസ്രേ
നിൽ (ഈജിപ്തിൽ) കടന്നു മെസ്രേൻ 18
രാജാവായ 'ടോളമി'യോടു യുദ്ധം ചെയ്തു.'
ടോളമി പരാജിതനായി. ജനമെല്ലാം
തോറ്റോടി. അനേകർ ഹതരായി വീണു 19
മെസ്രേനിലെ പ്രബലമായ നഗരങ്ങൾ
സൈന്യം പിടിച്ചടക്കി. മെസ്രേൻ രാജ്യം 20
മുഴുവൻ അവർ കൊള്ള നടത്തി. മെസ്രേനെ
അടിച്ചു (വീഴ്ത്തിയ) ശേഷം, അന്തിയാ
ക്കോസ് നൂറ്റിനാല്പത്തിമൂന്നാമാണ്ടിൽ
തിരികെ പോയി. അയാൾ ഇസ്രായേലി
നെതിരെയും ഒരു പ്രബല സൈന്യത്തോടു
കൂടെ യറുശലേമിലേക്കും കയറിവന്നു:
അഹങ്കാരത്തോടെ മഹാവിശുദ്ധ സ്ഥല

ത്തേക്കു കടന്നു. സ്വർണ്ണ ബലിപീഠവും,
വിളക്കുതണ്ടും, എല്ലാ പൂജാപാത്രങ്ങളും
കാഴ്ചയപ്പത്തിന്റെ മേശയും, പാനീയ
ബലിക്കുള്ള പാത്രങ്ങളും പീലാസകളും
(ചഷകങ്ങൾ) ബലികൾക്കും കാഴ്ചകൾ
ക്കുമായുള്ള സ്വർണ്ണപാത്രങ്ങളും തിരശ്ശീ
ലകളും, മകുടങ്ങളും, ദൈവാലയത്തിലെ
എല്ലാവിധ അലംകൃതവസ്തുക്കളും,
പൊന്നും വെള്ളിയും മോഹനീയ വസ്തു
ക്കളുമെല്ലാം അവർ കൊള്ളയടിച്ചു. നിഗൂ
ഢമായി സൂക്ഷിച്ചിരുന്ന നിക്ഷേപങ്ങൾ,
അയാൾ കണ്ടെത്തിയതെല്ലാം എടുത്തു.
ർവ്വവും അന്തിയാക്കോസ് കൈക്കലാക്കി
സ്വദേശത്തേക്കു പോയി, ഒരു മഹാസംഹാ
രവും അയാൾ നടത്തി. അഹങ്കാരത്തോടെ
അയാൾ സംസാരിച്ചു. ഇസ്രായേലിൽ എല്ലാ
ഭവനങ്ങളിലും വലിയ വിലാപമുളവായി.
നേതാക്കന്മാരും, വൃദ്ധരും, യുവാക്കളും
നെടുവീർപ്പിട്ടു. കന്യകമാർ, കുലീനസ്ത്രീ
കൾ അവരുടെ സൗന്ദര്യാഡംബരങ്ങൾ
റ്റി. ഓരോ മണവാളനും, മണിയറയിൽ
രിക്കുന്ന മണവാട്ടിയും വിലപിച്ചു,
ശവും അതിലെ നിവാസികളും സ്തംഭി
പോയി. യാക്കോബ് വംശജരെല്ലാം
പമാനംകൊണ്ടു വിഷമിച്ചു. രണ്ടു
വത്സരം കഴിഞ്ഞ് അന്തിയാക്കോസ്
ജാവ് യഹൂദിയിൽനിന്നും കപ്പം പിരി
ന്ന അധികാരിയെ അയച്ചു. അവൻ
ൗഢിയോടും, ശക്തമായ സേന
ാടുംകൂടി യെറുശലേമിലെത്തി. വഞ്ചന
ച്ചുവെച്ച് സമാധാനവാക്കുകൾ അവൻ
ഞ്ഞത് ജനം വിശ്വസിച്ചു. അവൻ
ട്ടെന്ന് നഗരത്തെ നിരോധിച്ചു. മഹാ
ഹാരം നടത്തി. ഇസ്രായേൽ ജനതയിൽ
രെപ്പേരെ നശിപ്പിച്ചു. നഗരം അവൻ
ാള്ളയിടുക മാത്രമല്ല അഗ്നിക്കിരയാ
കയും ചെയ്തു. ഭവനങ്ങളും ചുറ്റുമുള്ള
ട്ടയും അവൻ തട്ടിത്തകർത്തു. അവ
ട സ്ത്രീകളേയും മക്കളേയും മൃഗ
ളയും പിടിച്ചെടുത്തു. അവർക്ക് യഹൂദ
ുടെ മേൽ ആധിപത്യമായി. ബലമേറിയ
യ കോട്ടയും, ശക്തമായ ഗോപുര
ുമായി ദാവീദിന്റെ നഗരം അവർ
ത്തു. അത് അവർക്കു സങ്കേതമായി.
ർമ്മികളായ കുറെ ആളുകളെ അവിടെ
പ്പിച്ചു. അങ്ങനെ അവർ അതിൽ
ചരായി. അവർ അതിനുള്ളിൽ ആയു
ളും ഭോജ്യങ്ങളും ശേഖരിച്ചു വച്ചു.
ാലേമിൽനിന്നുള്ള കൊള്ളവസ്തുക്ക
ം അവിടെ അവർ സൂക്ഷിച്ചു. ആ
സ്ഥലം ഒരു വലിയ കെണിയും വിശുദ്ധ
ആലയത്തിന് തടസ്സവും ഇടർച്ചയും ഇസ്ര
യേലിനെ സദാ അലട്ടുന്ന കേന്ദ്രവുമാക്കി.
വിശുദ്ധാലയത്തിനു ചുറ്റുമായി നിരപരാ 37
ധികളുടെ രക്തം ചിന്തി. മഹാവിശുദ്ധ
സ്ഥലം അശുദ്ധമാക്കി. ഇവരുടെ നിമി
ത്തമായി യറുശലേം നിവാസികൾ ഓടി
പ്പോയി. അതു അന്യജാതിക്കാർക്കു വാസ 38
സ്ഥലമായിത്തീർന്നു. സ്വന്ത മക്കൾക്ക്
അത് അന്യയായി. അതിന്റെ മക്കൾ
അതിനെ വിട്ടുപോയി! വിശുദ്ധ ആലയം
മരുഭൂമിക്കു തുല്യം നശിച്ചു! അതിന്റെ 39
പെരുന്നാളാഘോഷങ്ങൾ വിലാപമായി
മാറി. അതിന്റെ മഹത്വം നിന്ദയായും 40
അതിന്റെ ബഹുമാനം അപമാനമായും
മാറി. അതിന്റെ ബഹുമാനം എത്ര അധിക
മായിരുന്നോ അതിന്റെ അപമാനവും അ
ത്രയ്ക്കു വർദ്ധിച്ചു. അതിന്റെ ഔന്നത്യം 41
അധഃപതനത്തിലായി. അന്തിയാക്കോസ്
രാജാവ് തന്റെ ആധിപത്യത്തിലുള്ളവ
രെല്ലാം ഒരേ ജനതതിയായിരിക്കണമെന്നും
ഓരോരുവനും അവനവന്റെ ന്യായപ്രമാ
ണങ്ങളെ ഉപേക്ഷിക്കണമെന്നും, തന്റെ
രാജ്യം മുഴുവനിലും എഴുതി വിളംബരം ചെ
യ്തു. രാജകല്പനാനുസരണം പ്രവർത്തി 42
ക്കുവാൻ എല്ലാ ജാതികളും സമ്മതിച്ചു.
ഇസ്രായേലിൽ വളരെപ്പേരും രാജസേവ 43
നത്തിൽ ഇഷ്ടപ്പെടുകയും അയാളുടെ വിഗ്ര
ഹങ്ങൾക്കു ബലികഴിക്കുകയും ശാബത്
ലംഘിക്കുകയുംചെയ്തു. അന്തിയാക്കോ 44
സ്, (ചെയ്തതെന്തെന്നാൽ) ദേശത്ത് അന്യ
പ്രമാണങ്ങൾ ആചരിക്കുന്നവരെ കണ്ടു
പിടിക്കാനും, ബലികളും പാനീയയാഗ 45
ങ്ങളും കാഴ്ചകളും വിശുദ്ധസ്ഥലത്തു
കൊണ്ടുവരാതെ നിരോധിക്കുവാനും, ശാ
ബതുകളും പെരുന്നാളുകളും നിർത്തലാക്കു
വാനും, വിശുദ്ധസ്ഥലം അശുദ്ധമാക്കു 46
വാനും, അവിടെ ബലിപീഠങ്ങളും വിഗ്രഹാ
ലയങ്ങളും സ്ഥാപിക്കുവാനും വിഗ്രഹങ്ങൾ
നിർമ്മിച്ചു നിറുത്തുവാനും, പന്നിയേയും 47
മറ്റു അശുദ്ധമൃഗങ്ങളേയും അവിടെവെച്ച്
അറുത്തു അർപ്പിക്കുവാനും, തങ്ങളുടെ മക്ക 48
ളെ ഇസ്രായേല്യർ പരിച്ഛേദന നടത്താ
തിരിക്കുവാനും, എല്ലാവിധ അശുദ്ധികൊ
ണ്ടും അവരുടെ മനസ്സിനെ അശുദ്ധമാക്കു
വാനും, ന്യായപ്രമാണം മറന്നുകളയാൻ
അവരെ പ്രേരിപ്പിക്കുവാനും, എല്ലാ കല്പ
നകളും വ്യത്യാസപ്പെടുത്തുവാനുമായി
അയാൾ, ദൂതന്മാരെ യറുശലേമിലേക്കും 49
യഹൂദ്യയിലെ എല്ലാ ഗ്രാമങ്ങളിലേക്കും

50 അയച്ചു. രാജകല്പന അനുസരിക്കാത്തവ
നെല്ലാം മരിക്കുമെന്നു വിളംബരം ചെയ്തു.
ഇതുപോലുള്ള വിളംബരം തന്റെ രാജ്യ
മാകെ പ്രസിദ്ധം ചെയ്തു. ജനത്തിന്മേൽ
ഭരണക്കാരെയും നിയമിച്ചു. യഹൂദരുടെ
എല്ലാ നഗരങ്ങളിലേക്കും അവർ ഓരോ
നഗരത്തിലും ബലികൾ അർപ്പിച്ചുകൊള്ള
51 ണമെന്നും കല്പന അയച്ചു. ജനത്തിൽ
നിന്നും വളരെപ്പേർ അവരോടു ചേർന്നു.
52 അവർ ന്യായപ്രമാണം ഉപേക്ഷിച്ചു അനേക
53 ദുഷ്കൃത്യങ്ങൾ ചെയ്തു. ഇസ്രായേല്യർ
പലായനം ചെയ്ത് എത്തിച്ചേർന്നിടത്തെ
ല്ലാം അവരെ നിഗൂഢസങ്കേതങ്ങളിൽ
പാർപ്പിച്ചു, നൂറ്റി അൻപത്തിനാലാമാണ്ട്
കോനൂൻക് ദിം മാസം പതിനഞ്ചാം തീയതി
അവർ ബലിപീഠത്തിന്റെ മേൽ ശൂന്യത
54 യുടെ മ്ലേച്ഛത സ്ഥാപിച്ചു. യഹൂദനഗ
രങ്ങളിലും പരിസരങ്ങളിലും യാഗപീഠ
55 ങ്ങളും പണിതു. ഭവനവാതിൽക്കലും, സൌ
56 ധങ്ങളിലും അവർ ബലി നടത്തിക്കൊണ്ടി
രുന്നു. കണ്ടുകിട്ടിയ ന്യായപ്രമാണ പുസ്ത
കങ്ങളെല്ലാം അവർ വലിച്ചു കീറി അഗ്നി
57 ക്കിരയാക്കി. ന്യായപ്രമാണപുസ്തകമോ,
ന്യായപ്രമാണത്തിൽ പ്രിയം വയ്ക്കുന്നവരെ
യോ, എവിടെ കണ്ടാലും നശിപ്പിച്ചു വന്നു.
അങ്ങനെയുള്ളവൻ മരിക്കണം എന്നായി
58 രുന്നു രാജാവിന്റെ വിധിതീർപ്പ്. നഗരങ്ങ
ളിൽ കാണപ്പെട്ടവരായ എല്ലാ ഇസ്രായേല്യ
രേയും മാസം തോറും ശക്തമായി പീഡി
59 പ്പിച്ചു. അതേ മാസം ഇരുപത്തഞ്ചാം തീയതി
ബലിപീഠത്തിൽ ബലി അർപ്പിച്ചുകൊണ്ടിരി
ക്കുന്ന സമയം, തങ്ങളുടെ മക്കൾക്കു പരി
ച്ഛേദന നൽകിയ എല്ലാ സ്ത്രീകളേയും
കൊണ്ടുവന്ന്, കല്പനാനുസരണം അവരെ
60 വധിച്ചു. വധസമയത്തോ അവരുടെ മക്കളെ
അവരുടെ കഴുത്തിൽ കെട്ടിത്തൂക്കിയിട്ടി
രുന്നു! അവരുടെ വീടുകൾ കൊള്ളയിട്ടു
പരിച്ഛേദന ചെയ്യിച്ച എല്ലാവരേയും
61 കൊന്നു. എന്നാൽ ഇസ്രായേല്യരിൽ അനേ
62 കർ ശക്തിപ്പെട്ട് പ്രബലരായി. അശുദ്ധമാ
63 യത് അവർ ഭക്ഷിച്ചില്ല, ഭോജ്യങ്ങൾമൂലം
അശുദ്ധരാകുന്നതിനേക്കാളും പരിശുദ്ധ
ന്യായപ്രമാണം ലംഘിക്കുന്നതിനേക്കാളും
നല്ലതു മരണം എന്ന് അവർ നിശ്ചയിച്ചു,
64 അനേകരും മരണം വരിച്ചു. ഇസ്രയേലിൽ
മഹാ (ദൈവ) കോപമുണ്ടായി.

അദ്ധ്യായം 2

1 അക്കാലത്ത് യറുശലേംകാരനായ
യോനാദാബിന്റെ മക്കളിൽ ഒരുവനായ
ശെമഓൻ പുരോഹിതന്റെ മകൻ, യോഹ
ന്നാന്റെ മകൻ മത്യാസ് എഴുന്നേറ്റു. അവർ
മൂറിയിമിൽ വന്നു പാർത്തു. അവന് അഞ്ചു 2
പുത്രന്മാർ ഉണ്ടായിരുന്നു. ഗദി എന്നു 3
വിളിക്കപ്പെട്ടിരുന്ന യൂഹാനോൻ, തർസായി
എന്ന ശെമഓൻ, മക്കാബി എന്നു വിളി 4
ക്കപ്പെട്ടിരുന്ന യൂദാ, ഹൂറോൻ എന്ന ഏലി
യാസാർ, ഹപ്പോസ് എന്ന യോനാഥാൻ, 5
യഹൂദ്യയിലെങ്ങും യറുശലേമിലും സംഭവി 6
ച്ചുകൊണ്ടിരുന്ന ദൈവദൂഷണ പ്രവർത്ത
നങ്ങൾ അവർ കണ്ടിട്ട് പറഞ്ഞു: എനിക്കു 7
കഷ്ടം; എന്റെ ജനത്തിന്റെ പുത്രിയു
ടെയും വിശുദ്ധ നഗരിയുടെയും തകർച്ച
കാണുവാൻ ഞാൻ എന്തിനു ജനിച്ചു! അവി
ടെയെല്ലാം അന്യർ കൈയേറി പാർത്തിരി
ക്കുന്നു. അതു ശത്രുകൈവശത്തിലായി.
മഹാവിശുദ്ധസ്ഥലം അന്യരുടെ പിടിയി
ലുമായി. വിശുദ്ധ ആലയം ഒരു കാലത്ത് 8
സംപൂജ്യനായ ഒരു മനുഷ്യനെപ്പോലെ
യായിരുന്നു. ഇപ്പോഴോ അതിന്റെ മഹ 9
ത്വത്തിന്റെ സാധനങ്ങൾ ഒന്നൊഴിയാതെ
പിടിച്ചെടുക്കപ്പെട്ടിരിക്കുന്നു! അതിലെ
കുഞ്ഞുങ്ങൾ സൌധങ്ങളിൽവച്ചുതന്നെ
വധിക്കപ്പെട്ടു! അതിലെ യുവാക്കൾ ശത്രു
ക്കളുടെ വാളിന്നിരയായി! സ്വന്ത രാജ്യത്ത് 1
അവകാശമില്ലാത്ത ജനതതി ഏതുണ്ട്?
അതിനെ കൊള്ള ചെയ്തിരിക്കുന്നു.
അതിന്റെ അലങ്കാരമെല്ലാം അതിൽനിന്നും
നീക്കപ്പെട്ടിരിക്കുന്നു! സ്വാതന്ത്ര്യത്തിൽ 1
നിന്നും അത് അടിമത്തത്തിൽ ആയി
ത്തീർന്നു. അയ്യോ നമ്മുടെ മഹാവിശുദ്ധ 1
സ്ഥലം, നമ്മുടെ അലങ്കാരവും നമ്മുടെ
മഹത്വവും നശിച്ചിരിക്കുന്നു. ജാതികൾ
സർവ്വവും അശുദ്ധമാക്കിയിരിക്കുന്നു!
ഇനിയും നാമെന്തിനു ജീവിച്ചിരിക്കണം? 1
മത്യാസും അവന്റെ മക്കളും അവരുടെ 1
അങ്കികൾ വലിച്ചു കീറി, രട്ടുടുത്തു അത്യ
ധികം വിലപിച്ചു. തെറ്റി മാറുന്നവരെ 1
ഉപദ്രവിക്കുവാനുള്ള രാജകിങ്കരന്മാർ ബലി
അർപ്പണത്തിനായി 'മുറിയിമി'ലെത്തി.
അനേക ഇസ്രായേല്യർ അവരുടെ അടു
ക്കൽ വന്നു. മത്യാസും അയാളോടു 1
കൂടെയുള്ളവരും ഒരുമിച്ചു കൂടി. രാജാ 1
വിന്റെ ഉദ്യോഗസ്ഥന്മാർ മത്യാസിനോട്,
'മക്കളാലും സഹോദരന്മാരാലും പ്രബ
ലനും, ഈ നഗരത്തിന്റെ തലവനും,
നഗരത്തിൽ ശ്രേഷ്ഠനും, മാന്യനും നീയാ
ണല്ലോ.ആകയാൽ ഇപ്പോൾ നീ തന്നെ 1
ഒന്നാമത് അടുത്തുവന്ന്, സർവ്വജാതികളും
ചെയ്തിരിക്കുന്നതുപോലെ, യറുശലേമിൽ

ശേഷിച്ചിരിക്കുന്ന യഹൂദന്മാർ ചെയ്തതു
പോലെ, രാജശാസനപ്രകാരം ചെയ്യുക.
നീയും നിന്റെ മക്കളും രാജാവിന്റെ
സ്നേഹിതരായിത്തീരും. നീയും നിന്റെ
മക്കളും, സ്വർണ്ണം, വെള്ളി, മറ്റു സമ്മാന
ങ്ങൾ എന്നിവയാൽ ബഹുമാനിതരാകും
എന്നു പറഞ്ഞു.
അപ്പോൾ മത്യാസ് ഉച്ചത്തിൽ വിളിച്ചു
പറഞ്ഞു: "തങ്ങളുടെ പിതാക്കന്മാരുടെ
ആരാധനയിൽനിന്നും അകന്നുമാറി രാജാ
വിന്റെ അധികാരസീമയിലുള്ള സർവ്വ
ജാതികളും, രാജകല്പനകളിൽ സന്തു
ഷ്ടരായാലും, ഞാനാകട്ടെ, എന്റെ മക്കളും
സഹോദരരുമാകട്ടെ, ഞങ്ങളുടെ പിതാ
ക്കന്മാരുടെ ന്യായപ്രമാണം മാത്രം ആച
രിക്കും. ദൈവത്തിന്റെ പ്രമാണവും തന്റെ
കല്പനകളും ഉപേക്ഷിപ്പാൻ ഞങ്ങൾക്കിട
യാകാതിരിക്കട്ടെ. ഞങ്ങളുടെ ഉടമ്പടിയും,
ആരാധനയും ഉപേക്ഷിക്കയോ, അവയിൽ
നിന്നും വലത്തേക്കോ ഇടത്തേക്കോ
മാറ്റിപ്പോകയോ ചെയ്തിട്ട് രാജകല്പന
ങ്ങൾ അനുസരിക്കയില്ല."
മത്യാസ് ഈ വചനങ്ങൾ പറഞ്ഞു
തീർന്നശേഷം, ഒരു യഹൂദൻ സർവ്വജന
ത്തിന്റെയും, കൺമുമ്പിൽവെച്ചുതന്നെ
രാജകല്പനപ്രകാരം, 'മുറിയിമി'ലെ ബലി
പീഠത്തിന്മേൽ ബലികഴിക്കാൻ അടുത്തു
വന്നു. മത്യാസ് ഇതു കണ്ടതോടെ
തീക്ഷ്ണവാനായി; അവന്റെ അന്തരംഗം
ഇളച്ചു. കോപാവിഷ്ഠനായി ഓടിച്ചെന്ന് ആ
ബലിപീഠത്തിങ്കൽവെച്ചുതന്നെ അവനെ
കൊന്നുകളഞ്ഞു. അതോടൊപ്പംതന്നെ,
ബലിയർപ്പണത്തിനു സർവ്വരേയും നിർബ
ന്ധിച്ചുകൊണ്ടിരുന്ന രാജാവിന്റെ മേലു
ദ്യോഗസ്ഥനേയും അക്ഷണംതന്നെ
വധിച്ചു. ബലിപീഠം അവൻ മറിച്ചിട്ടു. പണ്ട്
സാൽഫായുടെ മകനായ സിമ്രിയോടു
ഫീനഹാസ് ചെയ്തതുപോലെതന്നെ,
മത്യാസും ന്യായപ്രമാണത്തിൽ തീക്ഷ്ണ
വാനായി. നഗരത്തിൽ മത്യാസ് ശബ്ദ
മുയർത്തി വിളിച്ചുപറഞ്ഞു: "ന്യായപ്രമാ
ണത്തെക്കുറിച്ചു വൈരാഗ്യമുള്ളവരും,
ഉടമ്പടിയെ നിലനിർത്താൻ ആഗ്രഹി
ക്കുന്നവരുമായ എല്ലാവരും എന്റെ
പിന്നാലെ വരണം." അവനും അവന്റെ
മക്കളുംകൂടി പർവതത്തിങ്കലേക്കു ഓടി
പ്പോയി. അവർക്കുണ്ടായിരുന്നതെല്ലാം
പട്ടണത്തിൽ അവർ ഉപേക്ഷിച്ചു. അപ്പോൾ
നീതിയും ന്യായവും ആഗ്രഹിക്കുന്നവർ
മരുപ്രദേശത്തു താമസിപ്പാൻ പോയി.
അവരുടെ മക്കളും ഭാര്യമാരും, മൃഗങ്ങളും
അവിടേക്കു പോയി. എന്നെന്നാൽ 31
അവർക്കു ക്ലേശങ്ങൾ വർദ്ധിച്ചു. ദാവീ
ദിന്റെ നഗരമായ യറുശലേമിൽ ഉണ്ടായി
രുന്ന രാജഭൃത്യന്മാർക്കും സൈന്യത്തിനും,
രാജകല്പന ലംഘിച്ച് വളരെപ്പേർ
ഇറങ്ങിപ്പോയെന്നും, അവർ മരുഭൂമിയിലെ
ഒളിസങ്കേതങ്ങളിലുണ്ടെന്നും അറിവു കിട്ടി 32
യതോടെ, അവർ പാഞ്ഞെത്തി അവരെ
നേരിട്ടു. ശാബതു ദിവസത്തിൽ അവരോടു
യുദ്ധം ചെയ്തു. അവരോട് ഇപ്പോൾ 33
നിങ്ങൾക്കുള്ളതു മതി. പുറത്തു വന്ന്
രാജകല്പന അനുസരിച്ചു ജീവിച്ചുകൊള്ളു
വിൻ എന്നു പറഞ്ഞു. അവരാകട്ടെ ഞങ്ങൾ 34
വരികയില്ലതന്നെ. ശാബതുദിവസത്തെ
ലംഘിക്കത്തക്കവണ്ണം ഞങ്ങൾ രാജകല്പ
നാനുസരണം ചെയ്കയുമില്ല എന്നു
പറഞ്ഞു. യുദ്ധം അവരുടെ നേരെ ശക്തി
പ്പെട്ടു. അവരാകട്ടെ, മറുപടി പറയുകയോ, 35
അവരുടെ നേരെ കല്ലെറിയുകയോ അവ
രുടെ ഒളിത്താവളങ്ങൾ അടയ്ക്കുകയോ
ചെയ്യാതെ, ഞങ്ങളെല്ലാവരും ഞങ്ങളുടെ
നിഷ്കളങ്കതയോടെ മരിക്കും. ശിക്ഷാ 36
വിധികൊണ്ട് നിങ്ങൾ ഞങ്ങളെ നശിപ്പി
ക്കയില്ല. ആകാശവും ഭൂമിയും സാക്ഷി 37
എന്നു പറഞ്ഞു. ശാബതിൽ സേന അവ
രോടു യുദ്ധം ചെയ്തു. അവരെയെല്ലാം 38
സ്ത്രീകളേയും മൃഗങ്ങളേയും കൊന്നു
കളഞ്ഞു. ഏകദേശം ആയിരം ആളുകളെ!
മത്യാസും സ്നേഹിതന്മാരും ഇത 39
റിഞ്ഞ് അവരെയോർത്തു മഹാവിലാപം
നടത്തി. അവർ പരസ്പരം, നമ്മുടെ 40
സഹോദരന്മാർ ചെയ്തതുപോലെ നാം
ചെയ്താൽ നമുക്കു വേണ്ടിയും നമ്മുടെ
ന്യായപ്രമാണത്തിനു വേണ്ടിയും ജാതി
കളോടു നാം പടവെട്ടാതിരുന്നാൽ അവർ
വേഗം നമ്മെ സംഹരിച്ച് ഭൂമുഖത്തുനിന്നും
നീക്കിക്കളയും. അന്ന് അവർ ആലോചന 41
നടത്തി പറഞ്ഞു. ആരെങ്കിലും ശാബതിൽ
നമുക്കെതിരെ യുദ്ധത്തിനു വന്നാൽ
അവനോടു നാം യുദ്ധം ചെയ്യുകതന്നെ
വേണം. നമ്മുടെ സഹോദരന്മാർ ഒളിവിട
ങ്ങളിൽ വച്ചു മരിച്ചുപോയതുപോലെ
നാമെല്ലാം മരിപ്പാൻ ഇടയാകരുത്. അവ 42
രെല്ലാം മത്യാസിന്റെ ഭവനത്തിൽ
ഒരുമിച്ചുകൂടി ബലശാലികളായ ഇസ്രായേ
ല്യരിൽ ഒരു മഹാസംഘം—ന്യായപ്രമാണ
ത്തിൽ ഇഷ്ടപ്പെടുന്നവരും ദുഷ്കർമ്മ
ങ്ങളിൽനിന്നും ഓടി മാറുന്നവരും അവ
രോടു ചേർന്നു. അവർ ഉറച്ചുനിന്നു. അവർ 43

44 ഒരു സൈന്യം രൂപീകരിച്ചു. കോപാവി
ഷ്ഠരായി അധർമ്മികളേയും ക്രോധാ
ധിക്യത്തോടെ ന്യായപ്രമാണലംഘക
രേയും കൊന്നുകളഞ്ഞു. ശേഷിച്ചവർ
രക്ഷപെടുവാനായി ജാതികളുടെ പ്രദേശ
ങ്ങളിലേക്കു ഓടിപ്പോയി.
45 മത്ത്യാസും സ്നേഹിതരും ചുറ്റി സഞ്ച
രിച്ച ഇസ്രായേലിൻെറ അതിരുകളിൽ
46 കണ്ടെത്തിയ യാഗപീഠങ്ങളെല്ലാം ത
കർത്തു. പരിച്ഛേദന ഏല്ക്കാതിരുന്ന
പൈതങ്ങളെയെല്ലാം ബലാല്ക്കാരമായി
47 പരിച്ഛേദന ചെയ്തു. അഹംഭാവികളെ
യെല്ലാം അവർ പീഡിപ്പിച്ചു. അവരുടെ
പരിശ്രമത്താൽ പ്രവർത്തനമെല്ലാം നില
48 നിന്നു. ജാതികളുടെയും രാജാക്കന്മാരു
ടെയും കൈവശത്തിൽനിന്നും ന്യായ
പ്രമാണം വീണ്ടെടുത്തു. അധർമ്മത്തിൻെറ
കൊമ്പ് ഉയരുവാൻ അവർ സമ്മതിച്ചില്ല.
49 മത്ത്യാസ് മരണാസന്നനായപ്പോൾ തൻെറ
മക്കളോട്: ഇതാ, അഹങ്കാരവും നിന്ദയും
ബലപ്പെട്ടിരിക്കുന്നു. നാശത്തിൻേറയും
50 ഉഗ്രകോപത്തിൻേറയും നാളുകൾ! ഇപ്പോ
ഴോ എൻെറ മക്കളേ! ന്യായപ്രമാണകാര്യ
ത്തിൽ വൈരാഗ്യമുള്ളവരായിരിക്കണം.
നിങ്ങളുടെ പിതാക്കന്മാരുടെ ന്യായപ്രമാ
51 ണത്തെപ്രതി ജീവനർപ്പിക്കണം. അവരുടെ
തലമുറയിൽ അവരത് ആചരിച്ചിരുന്നു.
മഹത്തായ മഹിമയും, ശാശ്വതമായ പേരും
52 അവർ സ്വായത്തമാക്കിയിരുന്നു. പരീക്ഷ
ണത്തിലല്ലയോ അബ്രഹാം വിശ്വസ്തനാ
യിക്കാണപ്പെടുകയും, അവന് അതു നീതി
ക്കായി കണക്കിടപ്പെടുകയും ചെയ്തത്?
53 യൗസേഫും തൻെറ കഷ്ടകാലത്തു പ്രമാ
ണം പാലിക്കയും മെസ്രേന് അധിപനാക
54 യും ചെയ്തില്ലേ? നമ്മുടെ പിതാവായ ഫിന
ഹാസും അവൻെറ തീക്ഷ്ണാധിക്യം
ഹേതുവായി പൗരോഹിത്യത്തിൻെറ നിത്യ
55 പ്രമാണം പ്രാപിച്ചു. യോശുവായും തിരു
വചനാനുസരണം അനുഷ്ഠിച്ചതിനാൽ
56 ഇസ്രായേലിൻെറ ന്യായാധിപനായി. ജന
സമൂഹമദ്ധ്യേ സാക്ഷിച്ച കാലേബും അവ
57 കാശഭൂമിക്കർഹനായില്ലേ? ദാവീദ് അവ
ൻെറ കാരുണ്യാതിരേകത്താൽ നിത്യരാജ്യ
സിംഹാസനത്തിനും അവകാശിയായില്ലേ?
58 ന്യായപ്രമാണത്തോടുള്ള മഹത്തായ
ശുഷ്കാന്തി കാണിച്ച ഏലിയാ സ്വർഗ്ഗത്തി
59 ലേക്ക് ഉയർത്തപ്പെട്ടു. വിശ്വാസവീരന്മാ
രായ, ഹാനനിയാ, അസറിയാ, മീശായേൽ
എന്നിവർ എരിയുന്ന അഗ്നിയിൽനിന്നും
60 രക്ഷിതരായി. തൻെറ നിഷ്കന്മഷതമൂലം
ദാനിയേൽ സിംഹങ്ങളുടെ വായിൽനിന്നും
വിമുക്തനായില്ലേ! ഇങ്ങനെ ഓരോ തലമു 61
റയിലും തന്നിൽ പ്രത്യാശ വെച്ചവർ
വീഴ്ത്തപ്പെട്ടില്ല; ബലഹീനരായുമില്ല.
അധർമ്മിയുടെ വാക്കുകൾ കേട്ട് നിങ്ങൾ 62
സംഭീതരാകരുത്. എന്തെന്നാൽ അവൻെറ 63
മഹിമ വെറും ചവറിനും പുഴുവിനുമായി
ഭവിക്കും. ഇന്നവൻ ഉയരും; നാളെ അവൻ
ഇല്ല! എന്തെന്നാൽ അവൻ പൂഴിയിൽ 64
തിരികെച്ചേരും. അവൻെറ ആലോചനകൾ
നശിച്ചുപോകും.

നിങ്ങളോ, എൻെറ മക്കളേ! ന്യായ 65
പ്രമാണത്തെപ്രതി ശക്തരാകുവിൻ, പ്രബല
രാകുവിൻ, അതുമൂലം നിങ്ങൾക്കു മഹത്വ
മുണ്ടാകും. കണ്ടാലും നിങ്ങളുടെ സഹോ
ദരനായ ശീമോൻ, നല്ല വിവേകവും
ആലോചനാവിദഗ്ദ്ധനുമാണെന്ന് എനി
ക്കറിയാം. നിങ്ങളുടെ ജീവപര്യന്തം നിങ്ങൾ
അവനെ അനുസരിക്കണം. അവൻ നിങ്ങൾ
ക്കു ഭരണാധിപനും നേതാവുമായിരിക്കും.
യൂദാ മക്കാബിയോ, അവൻ ബാല്യം 66
മുതല്ക്കേ ബലശാലിയത്രേ. അവനും
നിങ്ങൾക്കു ഭരണാധിപനും യുദ്ധങ്ങളുടെ
നടത്തിപ്പുകാരനുമായിരിക്കും. അവൻ 67
വിജാതീയരോടു പട പൊരുതും. നിങ്ങൾ
ന്യായപ്രമാണാനുഷ്ഠാനകന്മാരെയെല്ലാം
കൂട്ടി വരുത്തുവിൻ. നിങ്ങളോടു അവർ
ചെയ്ത തെററിന് ജാതികളോട് ശക്തമായ
പ്രതികാരംചെയ്യുവിൻ. ന്യായപ്രമാണ 68
കല്പനകളിൽ സർവ്വഥാ ദൃഷ്ടി വെപ്പിൻ"
എന്നു പറഞ്ഞ് അയാൾ അവരെ അനുഗ്ര
ഹിച്ചശേഷം തൻെറ പിതാക്കന്മാരോടു
ചേർന്നു. രാജവർഷം നൂററിനാല്പത്തി 69
എട്ടിൽ മത്ത്യാസ് നിര്യാതനായി. അയാളുടെ 70
മക്കൾ "മുറിഇമിൽ" തങ്ങളുടെ പിതാക്ക
ന്മാരുടെ കല്ലറയിൽ അയാളെ സംസ്ക
രിച്ചു. സർവ്വ ഇസ്രായേലും അദ്ദേഹത്തെ
പ്രതി വലിയ വിലാപം നടത്തി.

അദ്ധ്യായം 3

അദ്ദേഹത്തിൻെറ സ്ഥാനത്ത് സ്വപു 1
ത്രൻ യഹൂദാ മക്കാബി എഴുന്നേറ്റു.
അവൻെറ സഹോദരന്മാർ എല്ലാവരും
അവൻെറ പിതാവിനെ അനുസരിച്ച് അദ്ദേ 2
ഹത്തോടൊപ്പം ഇസ്രായേലിനുവേണ്ടി
യുദ്ധം ചെയ്തിരുന്നു. എല്ലാവരും സന്തോഷ
ത്തോടും ആനന്ദപൂർവ്വവും അയാളെ
സഹായിച്ചുമിരുന്നു. യഹൂദ പ്രസിദ്ധനായി. 3
അയാളുടെ ജനത്തിന് മഹത്വമായി അയാൾ
വളർന്നു. യുദ്ധവീരനെപ്പോലെ അയാൾ

കവചമണിഞ്ഞു. ആയുധപാണിയായി;
യുദ്ധം ചെയ്ത് സേനകളെ വാൾകൊണ്ടു
വീഴ്ത്തി. അയാളുടെ പ്രവർത്തനങ്ങളിൽ
സിംഹസമാനനായിരുന്നു. തകർത്തുകളയു
വാനായി അലറുന്ന ബാലസിംഹതുല്യനു
മായിരുന്നു. അധർമ്മികളെ വൈരാഗ്യ
പൂർവ്വം അയാൾ പീഡിപ്പിച്ചു. തൻെറ ജന
ത്തെ ഉപദ്രവിച്ചിരുന്നവരെ തീയിൽ ദഹി
പ്പിച്ചു. അയാളെ ഭയപ്പെട്ട് അധർമ്മികൾ ഓടി
ഒളിച്ചു. അനീതി പ്രവർത്തിച്ചിരുന്നവരെല്ലാം
ഭയചകിതരായി. അയാൾ മുഖാന്തരം
ജനത്തിന് രക്ഷവന്നു. അനേകഭൂപാലകരെ
അയാൾ വിറകൊള്ളിച്ചു. സ്വപ്രവർത്തന
ങ്ങളാൽ ഇസ്രായേൽ ജനതയെ സന്തുഷ്ട
രുമാക്കി. അയാളുടെ ഓർമ്മ എന്നേക്കും
വാഴ്‌വിന്നായിരിക്കട്ടെ.
അയാൾ യഹൂദിയായാകെ സഞ്ചരിച്ച്
അധർമ്മികളെ സംഹരിച്ച് ഇസ്രായേ
ലിൽനിന്നും കോപമകറ്റി. ഭൂസീമകളോളം
അയാൾ പ്രസിദ്ധനായി. വിജാതികളേയും
ചിതറിപ്പോയവരെയും ശമറിയാദേശ
ത്തുനിന്നുമായി ഒരു വലിയ സൈന്യത്തെ
അപ്പോളോനിയോസ് ഇസ്രായേലിനെതിരെ
യുദ്ധം ചെയ്യുവാനായി സജ്ജീകരിച്ചു.
യഹൂദാ ഇതറിഞ്ഞ് അവർക്കെതിരെ ചെന്ന്
അവരെ തോല്പിച്ചു. അവരിൽ വളരെപ്പേർ
ഹതരായി നിലംപതിച്ചു. ശേഷിച്ചവർ
പാറ്റോടി. അവരെ കൊള്ളയിട്ട് അപ്പോ
ളോനിയോസിൻെറ വാളും യഹൂദാ കൈക്ക
ലാക്കി. അതുമായിട്ടാണ് പിന്നീട് എന്നും
അയാൾ പോരാടിയിരുന്നത്.
യൂദാ സേവനപ്രായമുള്ള വിശ്വാസി
കളുടെ സമൂഹത്തെ ശേഖരിച്ച് യുദ്ധത്തിനു
ഒരുപ്പെടുന്നുവെന്ന് സിറിയാ സർവ്വ
സൈന്യാധിപൻ 'സീറോൻ' അറിഞ്ഞു.
അവൻ പറഞ്ഞു, ഞാൻ എനിക്കു പ്രസിദ്ധി
സമ്പാദിക്കും. രാജ്യാന്തരങ്ങളിൽ ഞാൻ
മാനനാകും. യുദായോടും രാജ
കല്പന നിഷേധിക്കുന്ന അവൻെറ സഹ
ചാരികളോടും ഞാൻ പോരാടും.' അവൻ
തയാരംഭിച്ചു. അവൻെറ സഹായത്തി
നായി ഒരു വലിയ സേനയും അക്രമികളുടെ
ശക്തമായ കൂട്ടവും, ഇസ്രായേല്യരോട്
പ്രതികാരംചെയ്യുവാൻ പുറപ്പെട്ടു. ബെത്
ഹോറാൻ കയറ്റംവരയെത്തി. അല്പം
അനുയായികളുമായി യൂദാ അവനോടെ
തിർക്കാൻ പുറപ്പെട്ടു. യൂദായോടു കൂടെ
ഉണ്ടായിരുന്നവർ, അവർക്കെതിരെ വരുന്ന
ആ സൈന്യത്തെ കണ്ടതോടെ, യൂദാ
യോടും, ഈ പ്രബലമായ സേനയോടും
അല്പരായ നാം എങ്ങനെ പോരാടും?
ഞങ്ങളിതാ ക്ഷീണിച്ചുമിരിക്കുന്നു. ഇന്നു
ഞങ്ങൾ ഭക്ഷണമൊന്നും കഴിച്ചതുമല്ലല്ലോ
എന്നു പറഞ്ഞു. യൂദാ അവരോട്: അല്പം 18
പേരുടെ കൈകൊണ്ട് അനേകരുടെ അന്തം
വരുത്തുവാൻ വളരെ എളുപ്പമത്രെ. അല്പം
പേരെ കൊണ്ടോ അധികമാളുകളെക്കൊ
ണ്ടോ രക്ഷവരുത്തുവാൻ സ്വർഗ്ഗത്തിൽ
വസിക്കുന്നവന് കണക്കുനോക്കേണ്ടതില്ല.
എന്തെന്നാൽ വലിയ സേനകൊണ്ടല്ല 19
വിജയമാഗതമാകുന്നത്. പ്രത്യുത സ്വർഗ്ഗ
ത്തിൽനിന്നത്രെ ബാക്കി നല്കപ്പെടുന്നത്.
നമ്മെ ഉപദ്രവിക്കുവാനും, ഉന്മൂലമാക്കു 20
വാനും നമ്മെയും നമ്മുടെ സ്ത്രീകളേയും
കുഞ്ഞുങ്ങളേയും അടിമയാക്കിക്കൊണ്ടു
പോകുവാനുമത്രെ, അക്രമികളും നീചരു
മായവരുടെ വലിയ സൈന്യവുമായി നമു 21
ക്കെതിരെ വന്നിരിക്കുന്നത്. നാമാകട്ടെ
നമ്മുടെ ആത്മാക്കൾക്കും നമ്മുടെ ന്യായ
പ്രമാണത്തിനുംവേണ്ടിയാണ് പോരാട്ടം
നടത്തുന്നത്! ദൈവംതമ്പുരാൻ നമ്മുടെ 22
മുമ്പിൽ വെച്ച് അവരെ നശിപ്പിക്കും. അവ
രെക്കുറിച്ച് നിങ്ങൾക്കശേഷവും ഭീതി 23
വേണ്ട എന്നു പറഞ്ഞു.
യൂദാ സംസാരിച്ചു കഴിഞ്ഞ് അരക്ഷ
ണത്തിൽ അവരുടെമേൽ ചാടിവീണു.
സീറോനും അവൻെറ സൈന്യവും അയാ
ളുടെ മുമ്പിൽ നിലംപതിച്ചു. യൂദാകുടുംബ 24
ത്തിൽപെട്ടവർ ബെത്ഹാറാൻ ഇറക്ക
ത്തിലൂടെ സമതലംവരെ അവരെ ഓടിച്ചു
കളഞ്ഞു. അവരിൽ എണ്ണൂറുപേരോളം
ഹതരായി. ബാക്കിയുള്ളവർ ഫെലിസ്ത്യ
നാട്ടിലേക്കു പലായനംചെയ്തു. യൂദായേയും 25
സഹോദരരേയും പറ്റിയുള്ള ഭീതി ചുറ്റുമുള്ള
സർവ്വ ജാതികളിലും ഉളവായി. അവൻെറ
പ്രസിദ്ധി രാജസവിധംവരെ എത്തി. യൂദാ
യുടെ പ്രവർത്തനങ്ങളെക്കുറിച്ചു ജാതിക
ളെല്ലാം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു
കൊണ്ടിരുന്നു.
അന്തിയാക്കോസ് ഇക്കാര്യമെല്ലാം 26
കേട്ടപ്പോൾ കോപാകുലനായി. അവൻെറ
രാജ്യത്തുള്ള സർവ്വസൈന്യത്തേയും കൂട്ടി
വരുത്തി ഒരു ശക്തമായ സേനാവ്യൂഹം
ഒരുക്കി. അവൻ ഭണ്ഡാരം തുറന്ന് അവൻെറ 27
സൈന്യത്തിന് ഒരു വർഷത്തേക്കുള്ള
ധാന്യങ്ങൾ വിതരണം ചെയ്തു. ഏതു 28
പ്രവർത്തനത്തിനും അവർ സജ്ജരായി
ഒരുങ്ങിയിരിക്കണമെന്നും ആജ്ഞാപിച്ചു.
അവൻെറ വരവുകൾ കുറഞ്ഞുവരുന്ന 29
തായി കണ്ടു. പാരമ്പര്യപ്രകാരമുള്ള നിയ

മങ്ങളും ആചാരങ്ങളും അവൻ നിറുത്തലാ
ക്കിയതുമൂലം ഉളവായ അടുപ്പക്കുറവും
30 അക്രമവും നിമിത്തം അവനു കിട്ടിക്കൊണ്ടി
രുന്ന കപ്പവും മുടങ്ങിയിരുന്നു. സ്വന്ത
ചെലവുകൾക്കും, സിംഹാസനത്തിൽ
തൻെറ സർവ്വ മുൻഗാമികളേക്കാളും
അധികമായി അവൻ നല്കിവന്ന സമ്മാ
നങ്ങൾക്കുമായി മുമ്പെപ്പോലെ സമ്പത്തു
31 കൈവശമില്ലെന്നു അവൻ ഭയന്നു. അവ
ൻെറ മനസ്സു അത്യധികം വ്യാകുലപ്പെട്ടു.
അങ്ങനെ, പേർഷ്യയിലെത്തി, നിലത്തിലെ
ആദായങ്ങളും വളരെ ഏറെ പണവും സ്വരൂ
32 പിക്കുവാൻ ആലോചിച്ചു. രാജകുടുംബ
ത്തിൽപെട്ട മാന്യനായ ലൂസിയായെ
ഫ്രാത്തുനദിമുതൽ മെസ്രേൻ അതിർത്തി
വരെയുള്ള രാജാവിൻെറ പ്രവർത്തനങ്ങളും
33 താൻ തിരിച്ചെത്തുംവരെ അന്തിയാക്കോ
സിൻെറ മകൻെറ വളർച്ചയ്ക്കാവശ്യമുള്ള
34 വയും ഏല്പിച്ചു. ആനകൾ, തൻെറ സേന
യുടെ പാതിഭാഗം എന്നിവയും അയാളെ
ഏല്പിച്ചിട്ട്, അയാൾക്കിഷ്ടമുള്ള എന്തും
35 ചെയ്യുകൊള്ളുവാനും, യഹൂദ്യായിലും
യറൂശലേമിലുമുള്ളവരുടെമേൽ സർവ്വാ
ധികാരവും പ്രയോഗിക്കുവാനും, അവർക്കെ
തിരെ സേനയെ അയപ്പാനും, ഇസ്രയേലി
ൻെറ ശക്തി പൂർണ്ണമായി തുടച്ചുമാറ്റു
വാനും യറുശലേമിൽ ശേഷിച്ചവരെ
നശിപ്പിക്കുവാനും അവരുടെ സ്മരണ
തന്നെ ആ ദേശത്തുനിന്നു ഉന്മൂലനം
36 ചെയ്യുവാനും അവരുടെ എല്ലാ അതിർത്തി
ക്കുള്ളിലും· വിജാതീയരെ കുടിയിരുത്തു
വാനും, അവരുടെ സ്ഥലങ്ങൾ കൈവശപ്പെ
ടുത്തുവാനും ആജ്ഞയും കൊടുത്തു.
37 ശേഷിച്ച പകുതി സൈന്യവുമായി
രാജാവ് തൻെറ രാജനഗരിയായ അന്ത്യോ
ക്യായിൽനിന്നും ഒരുനൂറ്റിനാല്പത്തിയേഴാ
മാണ്ട് പുറപ്പെട്ട് യൂഫ്രട്ടീസ് നദി കടന്ന്
ഉയരമുള്ള സ്ഥലങ്ങളിലൂടെ സഞ്ചരിച്ചു.
38 ലൂസിയ, ദോറിമേനസിൻെറ പുത്രനായ
ടോളമിയേയും നിക്കാനോറിനേയും
ഗീവർഗിയായേയും രാജസ്നേഹിത
രിൽ നിന്നും വീരന്മാരായവരേയും തിര
39 ഞ്ഞെടുത്ത് അവരോടുകൂടെ നാല്പതി
നായിരം കാലാൾപടയേയും ഏഴായിരം
കുതിരപ്പടയേയും രാജകല്പനപ്രകാരം
യഹൂദിയാ ദേശത്തെ നശിപ്പിക്കുവാൻ
അയച്ചു.
40 ടോളമിയും സേനയും സമതലത്തിലെ
41 എമ്മാവോസിൻറരികെ പാളയമടിച്ചു. ആ
സ്ഥലത്തെ വണിക്ശ്രേഷ്ഠന്മാർ അവരുടെ
പേരുകേട്ടാറെ, അനവധി പണവും സ്വർണ്ണ
വും വിലങ്ങുകളുമായി പാളയ ത്തിലെത്തി,
ഇസ്രായേല്യരെ അടിമകളായി കൊണ്ടുപോ
കുവാൻ വന്നു. സിറിയായുടെ സൈന്യവും
ഫെലിസ്ത്യരും അവരോടു ചേർന്നു.
ക്ലേശങ്ങൾ വർദ്ധമാനമായിരിക്കുന്നു; 42
അവരുടെ അതിർത്തികളിൽ സൈന്യം
വളഞ്ഞിരിക്കുന്നുവെന്നും യൂദായും
സഹോദരന്മാരും കണ്ടപ്പോൾ, ഇസ്രയേൽ
ജനതയെ സംഹരിച്ചുതുടച്ചുനീക്കണ
മെന്നുള്ള രാജകല്പന അറിഞ്ഞപ്പോൾ,
ഓരോരുവനും പരസ്പരം നമ്മുടെ ജനത 43
യുടെ സംഹാരത്തിന്നെതിരായി നമ്മുക്കെ
ഴുന്നേല്ക്കാം, നമ്മുടെ ജനത്തിനും, നമ്മുടെ
വിശുദ്ധസ്ഥലത്തിനുംവേണ്ടി നമുക്കു
പോരാടാം എന്നു പറഞ്ഞു. യുദ്ധസന്ന 44
ദ്ധരായ അവരുടെ സമൂഹം ഒരുമിച്ചുകൂടി 45
പ്രാർത്ഥിച്ചു; കരുണയ്ക്കും ദയയ്ക്കുമായി
അഭയയാചന കഴിച്ചു. യറുശലേം ആൾ
പാർപ്പില്ലാതെ ശൂന്യമായിക്കിടന്നു. അതി
ൻെറ മക്കളാരും അതിൽ കയറി ഇറങ്ങിയി
രുന്നില്ല. മഹാവിശുദ്ധസ്ഥലത്തു ചവിട്ട
പ്പെട്ടു! പുറജാതിക്കാർ അതിൽ ഇരുപ്പു
റപ്പിച്ചു. അതു വിജാതീയർക്കു പാളയ
മായിത്തീർന്നു! യാക്കോബിൽ നിന്നും
സന്തോഷം മാറിപ്പോയി! തംബുരുകളും
വീണകളും അതിൽ നാമാവശേഷമായി!
അവർ യറുശലേമിന്ന് എതിരെയുള്ള 46
മിസ്പായിൽ സംഘം ചേർന്നു—എന്തെ
ന്നാൽ മുമ്പ് ഇസ്രയേൽക്കാർക്ക് പ്രാർത്ഥ
നാലയം മിസ്പയിൽ ആയിരുന്നല്ലോ.
അവർ ആ ദിവസം ഉപവസിച്ചു. ചാക്കു 47
ധരിച്ചു അവരുടെ ശിരസ്സുകളിൽ പൂഴി
വാരിയിട്ടു! അവരുടെ വസ്ത്രങ്ങൾ വലിച്ചു
കീറി. ന്യായപ്രമാണചുരുൾ തുറന്നു. അവ
രെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന ജാതിക
ളെക്കുറിച്ച് അവർ മഹാപരിശുദ്ധൻെറ 48
മുമ്പിൽ പ്രാർത്ഥിച്ചു. അവർ പൗരോഹിത്യ 49
അങ്കികൾ കൊണ്ടുവന്നു. ആദ്യവിളവുകളും
ദശാംശവും കൊണ്ടുവന്നു. തങ്ങളുടെ വ്രത
കാലം തീർത്തു വ്രതന്മാരെ അവർ നിയോ
ഗിച്ചു. സ്വർഗ്ഗത്തിൽ വാസം ചെയ്യുന്നവ
നോട് അവർ നിലവിളിച്ചു. ഇവരോട് 50
ഞങ്ങൾ എന്താണു ചെയ്യേണ്ടത് ഇവരെ
ഞങ്ങൾ എവിടെ കൊണ്ടുപോകും? കണ്ടാ 51
ലും അങ്ങേ മഹാവിശുദ്ധസ്ഥലം ചവിട്ട
പ്പെട്ട് അശുദ്ധമാക്കപ്പെട്ടിരിക്കുന്നു! അങ്ങേ 52
പുരോഹിതന്മാർ വിലാപത്തിലും അവ
മാനത്തിലും കഴിയുന്നു! ഞങ്ങൾക്ക് ഉന്മൂല
നാശം വരുത്തുവാൻ വിജാതിയർ ഒരുമിച്ചു

കൂടിയിരിക്കുന്നു! ഞങ്ങൾക്കെതിരായി
അവർ ആലോചന നടത്തുന്നത് അവിടുന്ന്
അറിയുന്നുവല്ലോ. തമ്പുരാനേ അവിടുന്ന്
അടിയങ്ങളെ സഹായിക്കാതെ അവരോട്
എതിർത്തുനില്പാൻ ഞങ്ങൾക്കു എങ്ങനെ
കഴിവുണ്ടാകും? അവർ കാഹളമൂതി.
ഉച്ചത്തിൽ നിലവിളിച്ചു! ഇവയ്ക്കെല്ലാം
ശേഷം, യൂദാ, ജനത്തിനു നായകന്മാരെ
നിയോഗിച്ചു. ആയിരങ്ങൾക്ക്, നൂറുകൾക്ക്,
അൻപതുകൾക്ക് എന്ന കണക്കിൽ.
അയാൾ പറഞ്ഞു, "ഭവനങ്ങൾ പണിതു
കൊണ്ടിരിക്കുന്നവരും വിവാഹനിശ്ചയം
കഴിഞ്ഞിരിക്കുന്നുവരും, തോട്ടങ്ങൾ നട്ടു
തുടങ്ങിയവരും ഭയമുള്ളവരും ന്യായ
പമാണം അനുവദിച്ചിട്ടുള്ളപോലെ സ്വഭവ
നങ്ങളിലേക്കു തിരിച്ചുപോകാം."
സേന പുറപ്പെട്ടു എമ്മാവോസിനു
തക്കുവശം അവർ പാളയമടിച്ചു. യൂദാ
വരോട് അര കെട്ടി ശക്തരായിരിപ്പിൻ-
മുക്കെതിരായി, നമ്മെയും നമ്മുടെ
ിശുദ്ധസ്ഥലത്തേയും ഉന്മൂലനംചെയ്
ാൻ കൂട്ടമായി വന്നിരിക്കുന്ന വിജാതിക
ളാടു പ്രഭാതത്തിൽ യുദ്ധം ചെയ്യത്തക്ക
ണ്ണം ഒരുങ്ങിയിരിപ്പിൻ. എന്തെന്നാൽ
മ്മുടെ ജനത്തിൻേറയും നമ്മുടെ വിശുദ്ധ
സ്ഥലത്തിൻേറയും ദുരിതം കണ്ടുകൊണ്ട്
ീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്ന
ാണ് നമുക്കു അഭികാമ്യം! സ്വർഗ്ഗത്തിൽ
സിക്കുന്നവന് എന്താണ് തിരുവിഷ്ടമെ
ാൽ അതു താൻ ചെയ്യുതരും, എന്നു
റഞ്ഞു.

അദ്ധ്യായം 4

ശേവർഗിയ അൻപതിനായിരം കാലാൾ
യും, തെരഞ്ഞെടുക്കപ്പെട്ട ആയിരം കുതി
ടയുമായി രാത്രിയിൽ സേനാനീക്കം
ത്തി. രാത്രിയിൽതന്നെ യൂദായുടെ
ാനമേൽ ചാടിവീണു അവരെ പെട്ടെന്നു
ഹരിക്കണമെന്നാഗ്രഹിച്ചു. ആ കോട്ട
ൽ ഇരുന്നവർ അവർക്കു മാർഗദർശി
ായി. യൂദാ ഇതറിഞ്ഞ് അയാളും
സന്യവും അമ്മോവോസിലുള്ള രാജ
നയുമായി പൊരുതുവാൻ പുറപ്പെട്ടു.
ൻറ പാളയത്തിൽനിന്നും സൈന്യവു
യി അയാൾ പോകുമ്പോൾ, അതാ
വർഗിയ, അയാളുടെ പാളയത്തിലേക്കു
ന്നു. മററാരെയും കണ്ടില്ല. അവർ
മകണ്ടു പലായനംചെയ്തു എന്നു
ത്ത് അവൻ സേനയെ മലയിൽത്തന്നെ
ത്തിയിരിക്കയായിരുന്നു. പ്രഭാതമായ
പ്പോൾ, മൂവായിരം കാലാൾപടയുമായി
യൂദാ സമതലത്തു കാണപ്പെട്ടു. അവർക്കു
വാളുകളും കുന്തങ്ങളും മാത്രമല്ലാതെ ഒന്നു
മില്ലായിരുന്നു. വിജാതീയരുടെ പ്രബലമായ 7
സേനയെ, ആയുധസജ്ജരായും, ചുററിലും
കുതിരപ്പട്ടാളവുമായി കാണപ്പെട്ടു. അവർ
യുദ്ധം അഭ്യസിപ്പിക്കയായിരുന്നു. യൂദാ 8
കൂടെയുള്ളവനോടു പറഞ്ഞു: അവരുടെ
ബാഹുല്യം കണ്ട് നിങ്ങൾ ഭയപ്പെടരുത്.
അവരുടെ സജ്ജീകരണം കണ്ട് ഭ്രമിക്കയു
മരുത്. നമ്മുടെ പിതാക്കന്മാർ ചെങ്കടലി 9
ങ്കൽവെച്ച് രക്ഷപ്പെട്ടത് അവരുടെ പീഡക
നായ ഫറവോൻെറ വലിയ സേനയിൽ
നിന്നു രക്ഷപ്പെട്ടത് എങ്ങനെ എന്ന് ഓർത്തു
നോക്കുവിൻ. ഇപ്പോൾ നമുക്കു സ്വർഗ്ഗ
ത്തിൽ വസിക്കുന്നവനോടു നിലവിളിക്കാം.
താൻ നമ്മോടു മനസ്സലിയും. നമ്മുടെ 10
പിതാക്കന്മാരുടെ ന്യായപ്രമാണത്തെ
കർത്താവ് ഓർക്കുകതന്നെ ചെയ്യും.
നമ്മുടെ മുമ്പിൽ കാണുന്ന ഈ സൈന്യ
ത്തെ ഇന്നു അവൻ സംഹരിക്കും. ഇസ്ര 11
യേലിനെ രക്ഷിച്ച് പാലിക്കുന്നവൻ ആരെ
ന്ന് ഇന്നു വിജാതിയർ അറിയുകയും ചെയ്യും
എന്നു പറഞ്ഞു. ഫെലിസ്ത്യർ 12
കണ്ണുയർത്തി നോക്കിയപ്പോൾ അവരുടെ
നേരെ വരുന്നവരെ കണ്ടു. അവരുടെ പാള 13
യത്തിൽനിന്നും പോരിനിറങ്ങി. യൂദാപക്ഷ
ക്കാർ കാഹളമൂതി അവരോടടുത്തു. വിജാ 14
തീയർ തകർക്കപ്പെട്ടു സമതലത്തേക്കു
പലായനംചെയ്തു. ശേഷിച്ചവർ വാളിൻെറ
വായ്ത്തലയാൽ വീണു. ഗോസർവരെയും 15
ഏദോം സമതലംവരെയും, ലാസാ, യാമീൻ
വരെയും ഓടിച്ചുകളഞ്ഞു. അവരിൽ മൂവാ
യിരംപേർ ഹതരായി. അവരെ പിൻതുടർന്നു 16
ഓടിച്ച ശേഷം യൂദായും സൈന്യവും മടങ്ങി
വന്നു. അയാൾ ജനത്തോട്: "കൊള്ളയ്ക്കാ 17
യി നിങ്ങൾ മോഹിക്കരുത്. കാരണം, ഇപ്പോ
ഴും യുദ്ധം നിലനിൽക്കുകയാണ്. ശേവർഗി
യായും അവൻെറ സേനയും പർവതത്തിൽ
ഉണ്ട്. നമ്മുടെ സമീപം തന്നെയുണ്ട്.
ആകയാൽ ഇപ്പോൾ നമ്മുടെ വൈരികൾ 18
ക്കെതിരെ നില്പിൻ. പോരാടുവിൻ. ഇതെ
ല്ലാം കഴിഞ്ഞ് നമുക്കു ധൈര്യമായി കൊള്ള
ചെയ്യാം." എന്നു പറഞ്ഞു. യൂദാ സംസാരിച്ചു 19
കൊണ്ടിരിക്കുമ്പോൾ മലയിൽനിന്നും, ശേ
വർഗിയായുടെ കൂടെയുള്ളവർ സൂക്ഷിച്ചു
നോക്കിയപ്പോൾ അവർക്കു തോന്നി; 'അവർ 20
പരാജിതരായെന്നും, യൂദായും കൂട്ടരും
അവരുടെ പാളയത്തിനു തീവെച്ചിരിക്കുന്നു
എന്നും.' എന്തെന്നാൽ പുക പൊങ്ങിക്കൊ

21 ണ്ടിരുന്നു. സംഭവിച്ചതെന്ത് എന്നതിന് അതു
ലക്ഷ്യമായിരുന്നു. ഇതു കണ്ട് അവർ
അത്യന്തം ഭയവിഹ്വലരായി. വീണ്ടും, യൂദാ
യുടെ സൈന്യം താഴ്‌വരയിൽ യുദ്ധസജ്ജ
രായി നിലകൊള്ളുന്നതും അവർ കണ്ടു.
22 എല്ലാവരും ഫെലിസ്ത്യദേശത്തേക്കു
23 പലായനംചെയ്തു. യൂദാ പാളയത്തിലെ
കൊള്ളയ്ക്കായി തിരികെവന്നു. വളരെയേ
റെ പൊന്നും പണവും, പട്ടുവസ്ത്രങ്ങളും
രക്തക്കല്ലുകളും, അങ്കികളും, വളരെ
അധികം ധനവും കിട്ടി. അവർ തിരിച്ചെത്തി
24 "കർത്താവ് വാഴ്ത്തപ്പെട്ടവൻ; അവൻെറ
ദയ എന്നേക്കുമുള്ളത്" എന്നു പാടി
സ്വർഗസ്ഥനായ ദൈവത്തെ സ്തുതിച്ചു.
25 അന്നേ ദിവസം തന്നെ ഇസ്രായേലിനു
26 രക്ഷയുണ്ടായി! ഫെലിസ്ത്യരിൽ ശേഷി
ച്ചിരുന്നവർ, വന്ന് സംഭവിച്ചതെല്ലാം
27 ലൂസിയായെ ധരിപ്പിച്ചു. അവൻ അതറിഞ്ഞു
വളരെ സങ്കടപ്പെട്ടു. അവനാഗ്രഹിച്ചിരുന്ന
തിനു വിപരീതമായി ഇസ്രയേലിന് ഇപ്ര
കാരം സാധിച്ചുവല്ലോ, രാജകല്പനക്കനു
സരണമല്ലാതെ ഇങ്ങനെ സംഭവിച്ചുവല്ലോ
എന്നായിരുന്നു അവൻെറ വിഷാദം!
28 പിററെ ആണ്ടിൽ ലൂസിയാ, അതി
ശക്തരായ അറുപതിനായിരംപേരെയും,
അയ്യായിരം കുതിരപ്പടയാളികളേയും കൂട്ടി
ഇസ്രായേലിനോടു യുദ്ധത്തിനു വന്നു.
29 അവർ ഏദോമിലെത്തി. കോട്ടപ്പട്ടണത്തിൽ
അവർ പാളയമടിച്ചു. പതിനായിരം
പേരുമായി യൂദാ അവർക്കെതിരെ ചെന്നു.
30 അയാൾ പ്രബലമായ ശത്രുസേനാവ്യൂഹ
ത്തെ കണ്ടു. അയാൾ പ്രാർഥിച്ചു പറഞ്ഞു:
ഇസ്രായേലിൻെറ രക്ഷകനേ, അങ്ങു
വാഴ്ത്തപ്പെട്ടവൻ! അവിടത്തെ ദാസനായ
ദാവീദുവഴിയായി ശക്തന്മാരുടെ ശരണ
മെല്ലാം അവിടന്നു ഇടിച്ചു വീഴ്ത്തി.
ശൌലിൻെറ മകനായ യോനാഥാൻേറയും
അവൻെറ ആയുധവാഹകൻേറയും കയ്യിൽ
ഫെലിസ്ത്യപാളയത്തെ അവിടന്ന് ഏല്പി
31 ച്ചുകൊടുത്തു. ഇപ്പോഴും കർത്താവേ,
നിൻെറ ജനമായ ഇസ്രായേലിൻെറ കൈ
യാൽ ഈ പാളയത്തെക്കുറിച്ച് അവിടന്നു
32 ചിന്തിക്കണമെ. അവരുടെ സൈന്യത്തിലും,
അവരുടെ അശ്വാരൂഢപട്ടാളത്തിലും അവർ
ലജ്ജിക്കുവാനിടയാകണമെ. അവർക്കു
33 ഭീതി വരുത്തണമെ. അവരുടെ സേനാ
ബലത്തെ അവിടന്നു തകർക്കണമെ. അവ
രുടെ വിനാശത്താൽ അവർ ഭ്രമിച്ചു
പോകണമെ. അവിടത്തെ വാത്സല്യഭാജന
ങ്ങളുടെ വാളിനാൽ അവരെ വീഴ്ത്തണമെ.
അവിടത്തെ തിരുനാമത്തെ അറിയുന്നവ
രെല്ലാം സ്തുതിഗീതങ്ങളാൽ അങ്ങയെ
പുകഴ്ത്തുമാറാകണമേ.
ആ സൈന്യം തമ്മിൽ തമ്മിൽ പോരാട്ടം 34
നടത്തി! ലൂസിയായുടെ സേനയിലെ അയ്യാ
യിരംപേർ ഹതരായി! ഇവരുടെ മുമ്പിൽ
വച്ചുതന്നെ അവർ തകർന്നു. തൻെറ 35
സൈന്യം പരാജിതരായി എന്നും യൂദായുടെ
സേന ശക്തിപ്രാപിച്ചുവെന്നും അവർ
വീരന്മാരെപ്പോലെ മരിപ്പാനോ ജീവിച്ചി
രിക്കുവാനോ ഒരുങ്ങിയിരിക്കയാണെന്നും
ലൂസിയാ കണ്ടതോടെ, അയാൾ അവിടെ
നിന്നും അന്ത്യോക്യായിലേക്കു പോയി.
വീണ്ടും ഒരു വലിയ സൈന്യത്തെ സജ്ജ
മാക്കി വീണ്ടും യൂദായ്ക്കെതിരെ വരണ
മെന്നു നിശ്ചയിച്ചു.
യൂദായും സഹോദരന്മാരും, കണ്ടാലും, 36
നമ്മുടെ ശത്രുക്കൾ തകർക്കപ്പെട്ടിരിക്കുന്നു.
നമുക്കു പോയി അതിവിശുദ്ധസ്ഥലം
വൃത്തിയാക്കി പ്രതിഷ്ഠിക്കാം എന്നു
പറഞ്ഞു. സേനയെല്ലാം ഒരുമിച്ചുചേർന്നു 37
സെഹിയോൻ മല കയറി. നശിപ്പിക്കപ്പെട്ട
മഹാവിശുദ്ധ സ്ഥലവും ബലിപീഠവും 38
അഗ്നിക്കിരയാക്കിയ വാതിലുകളും,
വനത്തിലെന്നപോലെ വൃക്ഷങ്ങൾ വളർന്ന
പ്രാകാരവും, എല്ലാ അലംകൃതസാധ
നങ്ങളും തകർത്തിട്ടിരിക്കുന്നതും അവർ
കണ്ടതോടെ, അവർ വസ്ത്രം കീറി ശിര 39
സിൽ പൂഴിവാരിയിട്ട് നിലത്തു സാഷ്ടാംഗം
വീണ് പ്രത്യേക കാഹളനാദത്തോടെ
സ്വർഗ്ഗത്തിൽ വസിക്കുന്നവൻെറ സന്നിധി 40
യിൽ നിലവിളിച്ചു. പിന്നെ യൂദാ ആജ്ഞാ 41
പിച്ച്, കോട്ടകളിൽ ഇരിക്കുന്നവരോടു
പോരാടുവാൻ ആളുകളെ നിയമിച്ചു.
കളങ്കപ്പെടാത്തവരും ന്യായപ്രമാണത്തിൽ 42
താല്പര്യമുള്ളവരുമായ പുരോഹിതന്മാരെ
തെരഞ്ഞെടുത്ത്, മഹാ വിശുദ്ധസ്ഥലം 43
വൃത്തിയാക്കി. അശുദ്ധിയുടെ ശിലകൾ
എടുത്ത് വൃത്തികെട്ട സ്ഥലത്തു ഇട്ടു
കളഞ്ഞു. കാഴ്ചയർപ്പിച്ചിരുന്നതും മലിന 44
പ്പെട്ടുപോയതുമായ ബലിപീഠംസംബ
ന്ധമായി എന്തു ചെയ്യണമെന്ന് അവർ
ആലോചിച്ചു. വിജാതീയർ അതിനെ 45
അശുദ്ധമാക്കിയതിനാൽ ഒരു കാലത്തും
അവർക്കു അവമാനം വരാത്തവണ്ണം അതു
പൊളിച്ചു മാററണമെന്ന നല്ല ആലോചന
അവർക്കുളവായി. അവർ അതു പൊളിച്ച് 46
ആലയത്തിൻെറ പരിസരത്തുതന്നെ ഒരു
പ്രത്യേകസ്ഥലത്ത് ആ കല്ലുകൾ വച്ചു.
ഇനിയുമൊരു പ്രവാചകൻ വന്ന് അവ എന്തു

ചെയ്യണം എന്നും പറയുന്നതുവരെക്കായി
അടുക്കിവെച്ചു.
ന്യായപ്രമാണത്തിൽ ലിഖിതമായിരി
ക്കുന്നതുപോലെ പൂർത്തീകരിക്കപ്പെട്ട കല്ലു
കൾകൊണ്ട് മുമ്പെപ്പോലെയുള്ള ബലി
പീഠം അവർ പണിതു. അവർ മഹാ വിശുദ്ധ
സ്ഥലവും ആലയത്തിൻെറ ഉൾഭാഗവും
പണിതീർത്തു. പ്രാകാരങ്ങൾ ശുദ്ധീകരിച്ചു.
പുതിയ വിശുദ്ധവസ്തുക്കളും അവർ ഉണ്ടാ
ക്കി. വിളക്കുതണ്ടും, ധൂപാർപ്പണ പീഠവും,
ആലയത്തിലെ മേശയും അവർ നിർമ്മിച്ചു.
അവർ ബലിപീഠത്തിന്മേൽ ബലിയർപ്പണം
നടത്തി. വിളക്കുതണ്ടിന്മേലുള്ള ദീപങ്ങ
ളെല്ലാം കൊളുത്തി ആലയത്തെ മുഴുവൻ
പ്രശോഭിതമാക്കി. മേശമേൽ കാഴ്ചയപ്പം
വച്ചു. ആലയത്തിൻെറ തിരശ്ശീല തൂക്കി.
അവരുടെ പണികളെല്ലാം പൂർത്തിയാക്കി!
യൗനായ (രാജ) വർഷം അറുനൂററി നാല്പ
ത്തിഎട്ടാമാണ്ട് ഒൻപതാം മാസമാകുന്ന
കാനൂൻ ക്ദീം (നവംബർ-ഡിസംബർ)
ാസം ഇരുപത്തിയഞ്ചാം തീയതി പ്രഭാത
ത്തിൽ അവർ ഒരുങ്ങിവന്ന് അവർ നിർമ്മിച്ച
ആ പുതിയ ദഹനയാഗബലിപീഠത്തി
ന്മേൽ, ന്യായപ്രമാണാനുസരണമുള്ള വഴി
ാടുകൾ അർപ്പിച്ചു! പുറജാതികൾ അ
ിനെ അശുദ്ധമാക്കിയിട്ടിരുന്ന കാലങ്ങൾ
ും ദിവസങ്ങൾക്കും ഒത്തവണ്ണംതന്നെ.
അതേ ദിവസംതന്നെ സങ്കീർത്തനങ്ങളോ
ം, തംബുരു വീണകളോടുംകൂടെ അതി
ൻെറ പ്രതിഷ്ഠയും നടന്നു. ജനമെല്ലാം സാ
ടാംഗം വീണു നമസ്കരിച്ചു. അവർക്കു
ഴി ക്രമീകരിച്ച് ഒരുക്കിക്കൊടുത്ത സ്വർഗ
ത്തിൽ വസിക്കുന്ന ദൈവത്തെ അവർ
കഴ്ത്തി. ആ പ്രതിഷ്ഠാപെരുന്നാൾ എട്ടു
വസമുണ്ടായിരുന്നു. ആനന്ദത്തോടെ
വർ ബലികൾ അർപ്പിച്ചു. രക്ഷയുടെയും
ഹത്വത്തിൻെറയും ബലികൾ. ആലയ
ിൻെറ മുൻവശം പൊന്നും പുഷ്പചക്ര
ളും കൊണ്ടുള്ള അലങ്കാരങ്ങളാൽ അലം
തമായി. വാതിലുകളും അലങ്കാര വസ്തു
ളും പുതിയതാക്കി. ജനത്തിന് മഹാസ
ാഷവും ആനന്ദവുമുളവായി. വിജാതീ
ുടെ നിന്ദമാറിപ്പോയി! അവരുടെ കാല
ല്ലാം ആണ്ടുതോറും കോനൂൻക്ദീം
ുപത്തഞ്ചുമുതൽ എട്ടു ദിവസം സന്തോ
ഹ്ലാദത്തോടു കൂടി ബലിപീഠം പ്രതി
ാദിവസങ്ങൾ ആയി ആചരിക്കണമെന്ന്
ായും സഹോദരന്മാരും സർവജനവും
ി നിശ്ചയം ചെയ്തു.
അക്കാലത്തുതന്നെ സെഹിയോൻ
കുന്നിനു ചുററുമായി ഉയരമേറിയ കോട്ട
കളും ബലവത്തായ ഗോപുരങ്ങളും പണി
തുയർത്തി. പണ്ട് ജാതികൾ ചെയ്തതു
പോലെ മേലാൽ ഒരിക്കലും വിജാതിയർ
വന്നു ചവിട്ടാതിരിക്കാൻതന്നെ. അതിനു 61
കാവലിന്നായി ഒരു സൈന്യത്തെയും
അവിടെ നിയോഗിച്ചു. ഏദോമിനെതിരായി
ജനത്തിന് ബലവത്തായ ഒരു കോട്ടയായിരു
പ്പാൻ കോട്ടയുടെ കാവൽസ്ഥലം ബലവ
ത്താക്കി.

അദ്ധ്യായം 5

ബലിപീഠം പണി കഴിഞ്ഞ്, പണ്ടെപ്പോ 1
ലെ മഹാവിശുദ്ധസ്ഥലത്തിൻെറ പ്രതി
ഷ്ഠയും നടന്നുവെന്ന് ചുററുമുള്ള ജാതി
കൾ കേട്ടപ്പോൾ അവർ കോപാന്ധരായി.
അവരുടെ മദ്ധ്യെ വസിച്ചിരുന്ന യാക്കോ 2
ബിൻ സന്തതിയെ ആക്രമാനം തുടച്ചുനീക്കു
വാൻ അവർ തീരുമാനിച്ചു. ജനത്തെ
കൊന്നു മുടിക്കുവാനാരംഭിച്ചു. ഏദോമിൽ 3
ഏശാവിൻെറ സന്തതികളുമായി യൂദാ
പോരു നടത്തുകയായിരുന്നു. എന്തെന്നാൽ,
അക്കർബാത്തിൽ അവൻ ഇസ്രായേലി
നോടുകൂടെ കഴിയുകയായിരുന്നു. അയാൾ
അവരെ അശേഷം തോല്പിച്ച് ചിതറിച്ചു
കളഞ്ഞു. കൊള്ളവസ്തുക്കൾ എടുത്തു.
ജനത്തിനു കെണിയും വിരുദ്ധരുമായിരുന്ന 4
ബയിന്യമക്കളുടെ തിന്മകൾ അയാൾ
ഓർത്തു. അവർ വഴിനീളെ പതിയിരിക്കുന്ന
കൂട്ടമായിരുന്നു. അവരെ അയാൾ കോട്ട 5
ഗോപുരങ്ങളിൽ ബന്ധനസ്ഥരാക്കി.
അവരെ പീഡിപ്പിച്ചു ശപിച്ചു. അവരുടെ
ഗോപുരങ്ങളെ അവയിലുള്ള സകലത്തോ
ടുംകൂടെ അഗ്നിക്കിരയാക്കി. അനന്തരം 6
യൂദാ അമ്മോന്യർ എന്ന പ്രബലമായ
ജനതതിയെ കണ്ടുമുട്ടി. അവരുടെ ഭരണാ 7
ധിപൻ തീമോത്തെയോസ് എന്നൊരുവ
നായിരുന്നു. അവരുമായി ഗംഭീരയുദ്ധ
ങ്ങൾതന്നെ അദ്ദേഹം നടത്തി. അയാളുടെ
മുമ്പിൽ അവർ തകർന്നടിഞ്ഞുവീണു.
അവരെ അയാൾ സംഹരിച്ചു. യാസീറി 8
നേയും അതിൻെറ ഗ്രാമങ്ങളേയും അടിമക
ളാക്കി. ഏദോമിലേക്കു യൂദാ തിരികെവന്നു. 9
ഇസ്രായേല്യരെ ഉന്മൂലമാക്കുവാനായി
അവരുടെ അതിരുകളിൽ ഗിലയാദിലുള്ള
വിജാതിയർ ഒരുമിച്ചുകൂടി. ജനം മല
ങ്കോട്ടയിലേക്കു ഓടിപ്പോയി. അവർ യഹൂ 10
ദർക്കും സഹോദരന്മാർക്കുമായി എഴുത്തു
കൊടുത്തയച്ചു. "ഞങ്ങൾക്കു ചുററുമുള്ള 11
വിജാതിയർ ഞങ്ങൾക്കെതിരായി സംഘടി

ച്ചിരിക്കുന്നു. ഞങ്ങൾ ഇപ്പോൾ കഴിഞ്ഞു
കൂടുന്ന ഈ കോട്ട പിടിച്ചടക്കുവാൻ അവർ
12 വരുവാൻ ഒരുങ്ങിയിരിക്കുന്നു. തീമോ
ത്തേയോസാണ് അവരുടെ നേതാവ്. ഞങ്ങ
ളിൽനിന്നും ഏറിയ ജനം നിപതിച്ചിരിക്ക
യാൽ അങ്ങ് വന്ന് അവരിൽനിന്നു ഞങ്ങളെ
13 രക്ഷിക്കണമെ. ഞങ്ങളുടെ നല്ലകാലങ്ങളി
ലുണ്ടായിരുന്ന ഞങ്ങളുടെ എല്ലാ സഹോ
ദരരും നിര്യാതരായിപ്പോയി! അവരുടെ
ഭാര്യമാരെയും, മക്കളേയും അടിമകളാക്കു
കയും അവരുടെ സമ്പാദ്യം മുഴുവനും അപ
ഹരിക്കയും ചെയ്തിരിക്കുന്നു. ആയിര
ത്തോളം ആളുകളെ അവിടെ സംഹരിച്ചി
ട്ടുണ്ട്."

14 ഈ എഴുത്തു വായിച്ചുകൊണ്ടിരിക്കെ
ത്തന്നെ, തങ്ങളുടെ വസ്ത്രം കീറിക്കൊ
ണ്ടും നിലവിളിച്ചുകൊണ്ടും ഗലീലയിൽ
നിന്നും മററു ചില ദൂതന്മാരെത്തി. അവർ
15 അറിയിച്ചത് എന്തെന്നാൽ: "ടോളമിയിൽ
നിന്നും, സോറിൽനിന്നും സീദോനിൽ
നിന്നും, ഗലീലാ മുഴുവനിൽനിന്നുമുള്ള
വിജാതിയർ, ഞങ്ങളെ നാമാവശേഷമാക്ക
ത്തക്കവണ്ണം ഞങ്ങൾക്കെതിരെ സംഘടി
16 ച്ചിരിക്കയാണ്." ഈ വാക്കുകൾ യൂദായും
സർവജനവും കേട്ടതോടെ ആലോചനയ്
17 ക്കായി ഒരു വലിയ സംഘം കൂടി. ഇങ്ങനെ
ഉപദ്രവമനുഭവിക്കുന്ന നമ്മുടെ സഹോദ
രരെ പ്രതി നാം എന്താണ് ചെയ്യേണ്ടത്?
എന്നാലോചിച്ചു. യൂദാ, സ്വസഹോദരനായ
ശീമോനോട്, നീ ആൾ കൂട്ടി ഗലീലയിൽ
പോയി നിൻെറ സഹോദരന്മാരെ രക്ഷി
ക്കണം. ഞാനും എൻെറ സഹോദരൻ
യോനാഥാനും ഗിലയാദിലേക്കും പോകാം.
18 അയാൾ, സ്കറിയായുടെ മകൻ യൌസേ
പ്പിനേയും, അസറിയായേയും, യഹൂദ്യ
യിലുള്ള ജനത്തിൻെറയും ശേഷം സൈന്യ
ങ്ങളുടെ അധിപരായിരുന്ന് കാത്തുസൂക്ഷി
ക്കുവാൻ നിയോഗിച്ചു. അവരോടാജ്ഞാ
19 പിച്ചു: "ഈ ജനത്തിൻെറ കാര്യമെല്ലാം വേ
ണ്ടതുപോലെ കരുതി പ്രവർത്തിച്ചുകൊ
ള്ളണം. ഞങ്ങൾ തിരികെ വരുന്നതുവരെ
നിങ്ങൾ വിജാതിയരോടു യുദ്ധത്തിനു
പോകരുത്."

20 ശീമോനോടുകൂടെ ഗലീലയിലേക്കു
പോകുവാൻ മൂവായിരം പേരെയും ഗില
യാദിലേക്കായി യൂദായുടെകൂടെ എണ്ണാ
21 യിരം പേരെയുമായി വിഭജിച്ചു. ശീമോൻ
ഗലീലയിലെത്തി ജാതികളുമായി ഘോര
യുദ്ധങ്ങൾ നടത്തി. ജാതികൾ അയാളുടെ
22 മുമ്പിൽ തകർന്നുവീണു. ടോളമിയാവ
രേയും അയാൾ അവരെ പിന്തുടർന്നു ഓടി
ച്ചു. ജാതികളിൽ മൂവായിരം പേർ ഹതരായി.
ഇവർ അവരെ കൊള്ളയിട്ടു. ഗലീലയിലും, 23
ബർദബത്തിലും ഉള്ളവരെ അവരുടെ
ഭാര്യമാർ മക്കൾ ആടുമാടുകൾ എന്നിവ
യോടുകൂടെ, ശീമോൻ മഹാസന്തോഷ
ത്തോടെ യഹൂദ്യയിലേക്കു മടക്കിക്കൊണ്ടു
വന്നു.

യൂദാ മക്കാബിയും അയാളുടെ സഹോ 24
ദരൻ യോനാഥാനും യോർദ്ദാൻ നദി കടന്ന്
മൂന്നു ദിവസത്തെ വഴി മരുഭൂമിയിലൂടെ
ചെന്നപ്പോൾ നബാത്യർ അവരെ എതിരേററ് 25
സമാധാനത്തോടെ സ്വീകരിച്ചു. ഗിലയാദി 26
ലുള്ള അവരുടെ സഹോദരന്മാർക്കു
സംഭവിച്ചതെല്ലാം വിശദമായി ധരിപ്പിച്ചു.
അവരിൽ അനേകർ ബസ്രയിലും സുറി
യായിലും കഴിയുകയാണെന്നും, ഏലീം,
കാസ്പുർ, മേക്കാർ, കരീനാ എന്നീ പ്രബ
ലങ്ങളായ മഹാനഗരങ്ങളിലും ഗെലയാ
ദിലെ മററു നഗരങ്ങളിലും ബന്ധിതരാണെ
ന്നും നാളെ അവർ കോട്ടകൾ തകർത്ത് 27
എല്ലാം ഒററദിവസംകൊണ്ട് നശിപ്പിപ്പാനി
രിക്കയാണെന്നും അറിയിച്ചു. യൂദായും 28
സൈന്യവും ബുസ്രാമരുഭൂമി വഴിയായി
തിരിച്ചെത്തി അരക്ഷണത്തിൽ നഗരത്തെ
ആക്രമിച്ചു. അവിടെയുള്ള പുരുഷപ്രജ
യെയെല്ലാം വാളാൽ കൊന്നു; അവിടത്തെ
മുതലെല്ലാം എടുത്തു ആ പട്ടണത്തിനു
തീവെച്ചു. യൂദാ രാത്രിയിൽ അവിടെനിന്നും 29
പുറപ്പെട്ട് അവർ കോട്ടവരെ പോയി. പിറെറ 30
ദിവസം രാവിലെ കണ്ണുകൾ ഉയർത്തി
നോക്കി, അസംഖ്യമായ ജനസമൂഹത്തെ
കണ്ടു. അവർ ഏണികൾ, കയറ് മുതലായവ
എടുത്തു കോട്ട കീഴടക്കുവാൻ നോക്കു
ന്നതാണവർ കണ്ടത്. യുദ്ധം മുറുകിയിരി 31
ക്കുന്നുവെന്നും നഗരത്തിലെ നിലവിളിയും,
കാഹളമൂത്തും, പരക്കപാച്ചിലും യൂദാ
കണ്ടു. യൂദാ സേനയോടാജ്ഞാപിച്ചു: 32
"നിങ്ങളുടെ സഹോദരർക്കുവേണ്ടി
നിങ്ങൾ പോരാടുവിൻ." അവരുടെ പിമ്പെ 33
യായി മൂന്നു സേനാവിഭാഗങ്ങളെയും അനു
ഗമിച്ചു. അവർ കാഹളമൂതി നിലവിളിച്ചു
പ്രാർത്ഥിച്ചു.

അത് മക്കാബിയാണെന്നറിഞ്ഞ് തീമോ 34
ത്തെയോസിൻെറ സൈന്യം പലായനം
ചെയ്തു. അയാളോ അവരിൽ ഒരു വലിയ
സംഹാരം നടത്തി. ആ ഒരൊററ ദിവസ
ത്തിൽ അവരിൽ എണ്ണായിരത്തോളം പേർ
ഹതരായി! യൂദാ പിന്നെ ഏലിമിലേക്കിറങ്ങി 35
അതിനോടു യുദ്ധം ചെയ്ത് അതിലുള്ള

പുരുഷപ്രജയെയെല്ലാം വധിച്ചു. അവിട
ാത്ത വസ്തുവകകൾ എടുത്തു പട്ടണ
ത്തിനു തീവച്ചു. അവിടെനിന്നും പുറപ്പെട്ട
യൂദാ കസേപാറും ബുസ്രയായും ഗില
ാദിലെ സർവനഗരങ്ങളും കീഴടക്കി.
തദനന്തരം തീമൊത്തെയോസ് മററൊ
ു സേന സംഘടിപ്പിച്ച് നദിക്കരികെയുള്ള
ീഫറീനു സമീപം പാളയമടിച്ചു. പാളയം
റ്റു നോക്കുവാൻ യൂദാ ആളയച്ചു. അവർ
ായാളോട്, അങ്ങക്കെതിരായി, ചുററു
ള്ള സർവ വിജാതിയരും സംഘടിച്ചിരി
യൊണ്. പ്രബലമായ ഒരു മഹാസൈന്യം
ന്നെ. സഹായത്തിനായി അറേബ്യരേയും
ൂലിക്കു വിളിച്ചിട്ടുണ്ട്. അവർ നദിക്കപ്പുറം
ാളയമടിച്ചിരിക്കുന്നു. അങ്ങേക്കെതിരായി
ുദ്ധത്തിനു പുറപ്പെടാൻ ഒരുങ്ങിയിരി
ുന്നു എന്നറിയിച്ചു. അവരെ നേരിടുവാൻ
ദാ പുറപ്പെട്ടു. തീമോത്തെയോസ്
വൻെറ സേനാധിപരോട്: 'യൂദായും അവ
ൻെറ സേനയുമാണ് നദിക്കര ആദ്യം കട
ുവരുന്നതെങ്കിൽ നമ്മുടെ സേനാശക്തി
യിച്ച് അവൻെറ മുമ്പിൽ നില്പാൻ
ുക്കു സാദ്ധ്യമാകയില്ല. എന്നാൽ അവൻ
പ്പെട്ട് നദിക്കപ്പുറം നിൽക്കുകയും നാം
വൻെറ നേരെ പാഞ്ഞു ചെല്ലുകയും ചെ
ാൽ അവൻെറ ശക്തി കെട്ടുപോകും.'
ന്നു പറഞ്ഞു.
യൂദാ നദിക്കരികെയെത്തി ജനത്തി
ൻ (ശാസ്ത്രിമാരെ) നദിക്കരികെ നിറു
അവരോട്, യുദ്ധത്തിനു വരാതെ
വൻപോലും മാറിയിരിപ്പാൻ സമ്മതി
ുത്. എല്ലാവരും പോരിനു വരികതന്നെ
ന്നം എന്നാജ്ഞാപിച്ചു. അദ്ദേഹം
ർക്കു മുമ്പായി കടന്നു; സർവ ജനവും
ദ്ദഹത്തെ അനുഗമിച്ചു. വിജാതിയർ
ദ്ദഹത്തിൻെറ മുമ്പാകെ തകർന്നു
യി. അവർ ആയുധമെല്ലാം വലിച്ചെ
ത് കർനായിലെ വിഗ്രഹാലയത്തിങ്ക
ു ഓടി. ആ യഹൂദ്യനഗരം അദ്ദേഹം
ക്കി, വിഗ്രഹമന്ദിരം ചുട്ടുപൊടിച്ചു.
ിലെ സർവവും നശിപ്പിച്ചു. കറിനാ
ക്കി. പിന്നെ ഒരിക്കലും യൂദായോട്
ർക്കുവാൻ പ്രാപ്തിയില്ലാത്ത വിധത്തി
ി. യൂദായാകട്ടെ, ഗിലയാദിലെ ഇസ്രാ
ിനെ മുഴുവനും വിളിച്ചുകൂട്ടി. വലിയ
ചെറിയവർ, അവരുടെ സ്ത്രീകൾ,
ുങ്ങൾ, വസ്തുവകകൾ എല്ലാം
ക്കാണ്ട് ഒരു വലിയ പ്രബലസേന
'ഗുപ്രാ'വരെ എത്തി. അതു മാർഗ
യുള്ള ഉറപ്പുള്ള ഒരു പട്ടണമായി
രുന്നു. അതിൽനിന്നും വലത്തോട്ടോ, ഇട
ത്തോട്ടോ തെററി ഒഴിയുവാൻ മാർഗമി
ല്ലാതെ അതിനുള്ളിലേക്കു കയറുകയ
ല്ലാതെ ഗത്യന്തരമില്ലാതായി. നഗരവാസി
കൾ അതു അടച്ചു. അതിൻെറ വാതിലുകൾ
കല്ലുകൊണ്ട് കെട്ടിയടച്ചു. യൂദാ അവരുടെ 47
അടുക്കലേക്കു സമാധാനത്തിൻെറ വച
സ്സുകൾ പറഞ്ഞ് ആളയച്ചു. 'ഞാൻ നിങ്ങ 48
ളുടെ സ്ഥലത്തുകൂടെ ഞങ്ങളുടെ നാട്ടി
ലേക്കു പൊയ്ക്കൊള്ളാം. ആരും യാതൊരു
പദ്രവവും നിങ്ങൾക്കു ചെയ്യുകയില്ല.
പിന്നെയൊ ഞങ്ങൾ നടന്നു പൊയ്ക്കൊ
ള്ളുക മാത്രമേ ചെയ്കയുള്ളു എന്നു
പറയിച്ചു. എന്നാൽ അവർക്കായി മാർഗം 49
തുറന്നുകൊടുക്കുവാൻ അവർ കൂട്ടാക്കി
യില്ല. അപ്പോൾ യൂദാ: ഓരോരുവനും
അവൻെറ സ്ഥാനത്തുതന്നെ പാളയമടി
ക്കുക എന്ന് സൈന്യത്തിലെല്ലാം അറി
യിപ്പാൻ കല്പനയായി. സേനയെല്ലാം 50
അവിടെ പാളയമടിച്ച് ആ നഗരത്തോട്
പകലും രാത്രി മുഴുവനും യുദ്ധം ചെയ്തു.
നഗരം അദ്ദേഹത്തിൻെറ കൈവശമായി.
സർവ പുരുഷപ്രജയേയും വാൾകൊണ്ട്
സംഹരിച്ചു. അതിനെ ഉന്മൂലമാക്കി വസ്തു
വകകൾ എല്ലാം എടുത്തു. ഹതരായി കിട 51
ക്കുന്നവരുടെ മുകളിൽക്കൂടി നഗരമദ്ധ്യത്തി
ലൂടെ കടന്നുപോയി! അവർ ബെത്യാശാന 52
നേരെയുള്ള വലിയ സമതലത്തേക്കു
യോർദാൻ കടന്നുപോയി. യൂദാ എല്ലാവ 53
രേയും വിളിച്ചുകൂട്ടി വഴിനീളെ അവർക്കു
ആശ്വാസം നൽകിക്കൊണ്ടിരുന്നു. അവർ 54
യഹൂദിയാ നാട്ടിലെത്തി. അത്യാഹ്ലാദ
ത്തോടെ അവർ സെഹിയോൻ പർവതത്തി
ലേക്കു കയറി. കാഴ്ചകളും യാഗങ്ങളും
അർപ്പിച്ചു. എന്തെന്നാൽ അവരിൽ ഒരൊററ
യാളും നഷ്ടപ്പെട്ടിരുന്നില്ല! അവർ സമാധാ
നപൂർവം തിരിച്ചെത്തി.
അക്കാലത്ത്, യൂദായും സഹോദരൻ 55
യോനാഥാനും ഗിലയാദിൽ ആയിരുന്ന
പ്പോൾ, അവൻെറ സഹോദരൻ ശീമോൻ
ഗലീലയിൽ ടോളമസിനെതിരായിരുന്നു.
സ്കറിയാ മകൻ യൌസേപ്പും സേനാധി 56
പനായ അസറിയായും, യൂദായുടെ വീര്യ
പ്രവർത്തനങ്ങളും മാഹാത്മ്യവും യുദ്ധ
ങ്ങളും സംബന്ധിച്ചു കേട്ടപ്പോൾ, നമുക്കും
ഒരു പേരെടുക്കണം. നമ്മുടെ ചുററുമുള്ള 57
ജാതികളോടു നമുക്കും യുദ്ധം ചെയ്യാം എ 58
ന്നു പറഞ്ഞ് അവരുടെ സേനയ്ക്ക് ആജ്ഞ
നൽകി. അവർ യമ്നിനിലേക്ക് ഇറങ്ങി. 59
ശേവർഗിയും ആൾക്കാരും നഗരങ്ങളിൽ

നിന്നും യുദ്ധത്തിന് അവർക്കെതിരെ വന്നു.
60 യൌസേപ്പും അസറിയായും പരാജിത
രായി! ശത്രുക്കൾ അവരെ ഏദോംവരെ
ഉപദ്രവിച്ചോടിച്ചു. ആ ഒരൊററ ദിവസം
ഇസ്രായേലിലെ രണ്ടായിരത്തോളംപേർ
61 വീണുപോയി! തങ്ങൾക്കും പേരും പെരു
മയുമുണ്ടാക്കുവാൻ ആഗ്രഹിച്ച് യൂദാ
യെയും അവൻെറ സഹോദരന്മാരെയും
അനുസരിക്കാതിരുന്നതുമൂലം ഇസ്രായേ
ലിൽ വലിയോരു തകർച്ചയുണ്ടായി!
62 ആരുവഴിയാണോ ദൈവം ഇസ്രായേലിനു
രക്ഷവരുത്തിയത്, അവരുടെ സന്തതിയിൽ
63 ഉൾപ്പെട്ടവരുമായിരുന്നു ഇവർ. എന്നാൽ
യൂദായും സഹോദരന്മാരും സർവ ഇസ്രാ
യേലിൻ മുമ്പാകെയും, സർവ വിജാതിയ
രുടെ ഇടയിലും കൂടുതൽ മഹിമയുള്ളവരാ
64 യിത്തീർന്നു. അവരുടെ പേരു കേൾക്കുന്നി
ടത്തെല്ലാം പുരുഷാരം ഓടിക്കൂടി അവരെ
65 പുകഴ്ത്തിയുമിരുന്നു. യൂദായും സ്വസഹോ
ദരന്മാരും തെക്കുദേശത്ത് ഏശാവിൻെറ
സന്തതിയുമായി പോരാട്ടം നടത്തി. ഹബ്രോ
നെയും അതിൻെറ ആളുകളേയും സംഹ
രിച്ചു; കോട്ടകൾ തകർത്തു. ഗോപുരങ്ങൾ
66 അഗ്നിക്കിരയാക്കി. അവിടെനിന്നും യൂദാ
ഫെലിസ്ത്യാ ദേശത്തേക്കു ശൊമരീനിൽ
കൂടെ കടന്നുപോയി. ആലോചന കൂടാതെ
67 യുദ്ധത്തിനു പുറപ്പെട്ട് തങ്ങൾക്കു ശ്രേ
ഷ്ഠത കൈവരുത്തണമെന്നാഗ്രഹിച്ച
പുരോഹിതർ ആ ദിവസം യുദ്ധത്തിൽ
68 നിഹതരായി. ഫെലിസ്ത്യദേശത്തുള്ള
സോത്തോസിനെ യൂദാ താഴ്ത്തുകയും,
അവരുടെ ബലിപീഠങ്ങൾ തകർക്കുകയും,
കൊത്തുപണിയുള്ള അവരുടെ വിഗ്രഹ
ങ്ങൾ ചുട്ടുകളകയുംചെയ്തു. നഗരങ്ങ
ളിലെ വസ്തുവകകൾ എല്ലാമെടുത്ത്
യഹൂദ്യയിലേക്കു തിരിച്ചുവന്നു.

അദ്ധ്യായം 6

1 അന്ത്യോക്കോസ് രാജാവ് ഉന്നത
പ്രദേശങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരിക്ക
2 വെ, പേർഷ്യയിൽ പ്രസിദ്ധമായ ഈലാം
നഗരത്തിൽ, സ്വർണവും വെള്ളിയുമായി
നിരവധി സമ്പത്തുണ്ടെന്നും, ഐശ്വര്യസമൃ
ദ്ധമായ ഒരു വിഗ്രഹാലയവും, ഗ്രേക്കരുടെ
മുൻരാജാവായിരുന്ന ഫിലിപ്പ് രാജാവിൻെറ
പുത്രനായ അലക്സാണ്ടർ ചക്രവർത്തി
3 അവിടെ വിട്ടിട്ടുപോന്ന സ്വർണ പടത്തൊ
പ്പിയും കവചങ്ങളും ആയുധങ്ങളും അവിടെ
സൂക്ഷിച്ചിട്ടുണ്ടെന്നും അറിഞ്ഞു. അയാൾ
അവിടെയെത്തി പട്ടണം കീഴടക്കി കൊള്ള
നടത്തണമെന്ന് ആഗ്രഹിച്ചു. പക്ഷേ,
കാര്യം നടന്നില്ല. സ്ഥലവാസികൾ വിവരം 4
നേരത്തെ അറിഞ്ഞിരുന്നു. നഗരവാസികൾ
അയാൾക്കെതിരെ പൊരുത്, ഓടിച്ചുക
ളഞ്ഞു. അവിടെനിന്നും, ബാബേലിലേക്കു 5
തിരികെ വരത്തക്കവണ്ണം വളരെ മനോഭാര
ത്തോടെയാണു പോയത്.

യഹൂദായിലേക്കു പോയിരുന്ന സേന 6
തോററുപോയ വിവരം, പേർഷ്യയിൽ വെച്ചു
അന്ത്യോക്കോസിന് അറിവുകിട്ടി. മുമ്പ്
ലൂസിയായും വലിയ സേനാസന്നാഹ
ത്തോടെ പോയിട്ടും പരാജിതനായ വിവര
വും അറിഞ്ഞു. യൂദാ മുതലായവർ ആയുധ
വർദ്ധനവിലും, ശക്തിയിലും പ്രബലരായി.
അവർ വിജയിച്ച പാളയങ്ങളിൽനിന്നുള്ള
കൊള്ളയും അധികമായിരുന്നുവെന്നും 7
യറുശലേമിലെ ബലിപീഠത്തിന്മേൽ സ്ഥാ
പിച്ചിരുന്ന ആ അശുദ്ധിയെ അവർ തള്ളി
മറിച്ചിട്ടുവെന്നും, മുമ്പെപ്പോലെ, വലിപ്പ
മേറിയ കോട്ടകൾ മഹാവിശുദ്ധ സ്ഥല
ത്തിനു ചുററുമായി അവർ പണിതുയർത്തി
അവരുടെ നഗരത്തിന് കാവൽഗോപുരമു
ണ്ടാക്കിയെന്നും അന്ത്യോക്കോസിന് വിവ
രം ലഭിച്ചു. ഈ വൃത്താന്തമെല്ലാം രാജാവ് 8
കേട്ടപ്പോൾ അത്യത്ഭുതം കൂറി പരിഭ്രമിച്ചു
പോയി. അയാൾ ശയ്യാവലംബിയായി,
മനോവേദനമൂലം രോഗിയുമായി. കാരണം
അയാൾ ഉദ്ദേശിച്ചപ്രകാരം ഒന്നും നടന്നില്ല. 9
അയാൾക്ക് മനഃക്ലേശം അത്യധികമായി
രുന്നതിനാൽ, വളരെ നാൾ അവിടെത്തന്നെ
താമസിച്ചു. താൻ മരിക്കാറായി എന്ന്
അന്ത്യോക്കോസിനു മനസ്സിലായി. അയാൾ 10
സ്നേഹിതന്മാരെയെല്ലാം വിളിച്ച് അവ
രോടു പറഞ്ഞു: എനിക്കു ഉറക്കം തീരെയില്ല;
പലവിധ ചിന്താഭാരംകൊണ്ട് എൻെറ
ഹൃദയം തളർന്നിരിക്കുന്നു. ഞാൻ എൻെറ 11
ഹൃദയത്തോട് എത്ര വലിയ ദുരിതത്തിൽ
നീ എത്തിയിരിക്കുന്നു! വലിയ തിരമാ
ലകൾക്കുള്ളിൽ ഞാൻ ആയിരിക്കുന്നു.
ഞാനോ സന്തുഷ്ടനും എൻെറ അധികാ
രത്തെ കാര്യമായി വിചാരിച്ചവനും ആയി
രുന്നു. എന്നാൽ ഇപ്പോഴാകട്ടെ; യറുശലേ 12
മിൽ ഞാൻ കാട്ടിക്കൂട്ടിയ തിന്മകളെല്ലാം
ഞാൻ ഓർക്കുന്നു. അവിടെയുണ്ടായിരുന്ന
പൊന്നും പണവുമെല്ലാം ഞാൻ കൈക്ക
ലാക്കി. യഹൂദാനിവാസികളെ തുടച്ചുമാററു
വാൻ സേനയെ അയച്ചു. ഫലമോ ശൂന്യം! 13
ഇതെല്ലാം നിമിത്തമാണ് എൻെറ മേൽ ഈ
ദുരിതമെല്ലാം ആഗതമായിരിക്കുന്നതെന്ന്
ഞാൻ അറിയുന്നു. ഇതാ, ഒരു അന്യരാജ്യ

ത്തുവെച്ചു മഹാവേദനയോടെ ഞാൻ മരി
ക്കുകയാണ് എന്നുപറഞ്ഞു. അന്ത്യോ
ക്കോസ് തന്റെ സുഹൃത്തുക്കളിൽ ഒരു
വനായ ഫിലിപ്പോസിനെ വിളിച്ച് തന്റെ
രാജ്യം മുഴുവന്റെയും ഭരണത്തിനു
നിയമിച്ചു. അയാളുടെ കിരീടവും, അങ്കിയും
മോതിരവും തന്റെ മകൻ അന്ത്യോക്കോ
സിനു കൊണ്ടുപോയി കൊടുക്കുവാനും,
രാജസ്ഥാനം പ്രാപിക്കത്തക്കവണ്ണം അവ
നെ വളർത്തുവാനും ചുമതല ഏല്പിച്ചു.
നൂററിനാല്പത്തി ഒൻപതാമാണ്ട് അന്ത്യോ
ക്കോസ് രാജാവ് അവിടെവെച്ചു നിര്യാത
നായി.

അന്ത്യാക്കോസിന്റെ അന്ത്യം ലൂസി
യാ അറിഞ്ഞപ്പോൾ അന്ത്യാക്കോസിന്റെ
കൻ അന്ത്യാക്കോസിനെ അയാൾ രാജ
സ്ഥാനത്തേററി. അവന്റെ ബാല്യംമുതൽ
അവനെ വളർത്തിയത് അയാൾ ആയിരു
ന്നു. 'എവ്പത്തോർ' എന്നു നാമകരണവും
ചെയ്തു. കോട്ടയിൽ സ്ഥിതിചെയ്തിരു
വർ വിശുദ്ധസ്ഥലത്തിനു ചുററുമായി
ല്ലാ വശത്തുനിന്നും ഇസ്രായേലിനെ
രുക്കിക്കൊണ്ടിരുന്നു. എത്രയേറെ
ദ്രവം വരുത്താമോ അതെല്ലാം ചെയ്യുക
മല്ല ജാതികൾക്കു സഹായികളായി
ക്കുകയും ചെയ്തു. അവരെ നിർമൂലമാ
വാൻ യൂദാ ആലോചിച്ചു. അയാൾ
മെല്ലാം അവരുടെമേൽ വിജയിക്കുവാൻ
വണ്ണം ജനത്തെ വിളിച്ചുകൂട്ടി. ജനമെ
നൂററി അൻപതാം ആണ്ടിൽ അവർക്കെ
ര കൂടി. അവരോടു പോരാടുവാൻ
പുരങ്ങളും യുദ്ധയന്ത്രങ്ങളും നിർമിച്ചു.
രിൽ ചിലർ തടവിൽനിന്നും പുറപ്പെട്ടി
ി. ഇസ്രായേലിൽനിന്നും ചില അധർമി
ം അവരോടു ചേർന്നു. അവർ രാജ
ിധിയിലെത്തി അയാളോട് ഞങ്ങളുടെ
ഹാദരന്മാരോട് ദ്രോഹം ചെയ്തവരോട്
കാരം ചെയ്വാനും നീതി നിർവഹിക്കു
ും അങ്ങ് എത്ര നാൾ ഇങ്ങനെയിരി
അങ്ങയുടെ പിതാവിനു ദാസ്യവേല
വാനും അദ്ദേഹത്തിന്റെ ആജ്ഞകൾ
ാ വഹിച്ചു നടക്കുവാനും അദ്ദേഹ
ന്റെ സർവ ആഗ്രഹങ്ങളും നിവർത്തി
ാനും ഞങ്ങൾ ജാഗരൂകമായിരുന്നു.
നാൽ ഞങ്ങളുടെ ജനം ഇപ്പോഴും
യിൽ കഴിയുന്നു. ഞങ്ങളെയും അന്യ
പോലെയാണ് അവർ കരുതുന്നത്.
ളിൽ ആരെക്കണ്ടാലും അവർ
ുകളയുന്നു; ഞങ്ങളുടെ വസ്തുവക
പഹരിക്കുകയും ചെയ്യുന്നു. ഞങ്ങൾ
ക്കെതിരെ മാത്രമല്ല, അവരുടെ അതിരു
കളിലുള്ള എല്ലാവർക്കുമെതിരെ അവർ
കൈ ഉയർത്തിയിരിക്കയാണ്. അവരിപ്പോൾ 26
യറുശലേമിലെ കോട്ടയിൽ താവളമടിച്ചി
രിക്കയാണ്, അതിനെ കീഴടക്കുവാൻ,
വിശുദ്ധ സ്ഥലവും കോട്ടയിലെ കാവൽ
ഗൃഹങ്ങളും അവർ ശക്തമാക്കിയിരിക്കു
ന്നു. ആകയാൽ ഉടനെ അവരെ ആക്രമി 27
ക്കണം. അല്ലെങ്കിൽ ഇവയിലും അധികമാ
യും വലുതായും അവർ പ്രവർത്തിക്കും.
അവരുടെ ശക്തിക്കെതിരു നില്പാൻ
നിങ്ങൾക്കു കഴിയാതെയും വരും. ഇതെല്ലാം 28
കേട്ട് രാജാവ് കോപിഷ്ടനായി. അയാൾ
സ്നേഹിതരേയും സേനാപതികളേയും
രഥാധികാരികളേയും വിളിച്ചുകൂട്ടി. മററു 29
രാജ്യങ്ങളിൽനിന്നും അനേക ദ്വീപുകളിൽ
നിന്നും കൂലിപ്പട്ടാളക്കാരും വന്നുചേർന്നു.
അയാളുടെ സൈന്യത്തിന്റെ സംഖ്യ ഒരു 30
ലക്ഷം കാലാൾ; ഇരുപതിനായിരം കുതിര
പ്പട്ടാളം, യുദ്ധാഭ്യാസമുള്ള മുപ്പത്തിരണ്ട്
ആനകൾ; അവർ ഏദോമിൽ എത്തി കോട്ട 31
യ്ക്കെതിരെ പാളയമടിച്ചു. വളരെ ദിവസം
പോരു നടന്നു. യുദ്ധയന്ത്രങ്ങൾ ഉണ്ടാക്കി.
ഇസ്രയേൽ അവയെയെല്ലാം അഗ്നിക്കിര
യാക്കി. പൌരുഷത്തോടെ യുദ്ധം ചെയ്തു.

യൂദാ കോട്ടയിൽനിന്നും പുറപ്പെട്ട് രാജ 32
സേനയ്ക്കെതിരെയുള്ള ബെത്സ്കറിയാ
യിൽ പാളയമടിച്ചു. രാജാവ് അതിരാവിലെ
തന്നെ ബെത്സ്കറിയാ വഴിയായി സേന
യെ നയിച്ചു. യുദ്ധത്തിനു സൈന്യത്തെ 33
ഒരുക്കി നിറുത്തി, അവർ കാഹളമൂതി.
ആനകളെ മുന്തിരിച്ചാറും, തുത്ത (മൾബറി)
ചാറും കുടിപ്പിച്ചു. അവയെ യുദ്ധത്തിനൊ
രുക്കി. പല ഭാഗമായി അവർ സേനയെ വിന്യ 34
സിച്ചു. ഇരുമ്പുചട്ട ധരിച്ചവരും, താമ്രപട
ത്തൊപ്പി വെച്ചവരുമായ ആയിരം പേരെ
വീതം ഓരോ ആനയ്ക്കും നിശ്ചയിച്ചു.
തെരഞ്ഞെടുത്ത അഞ്ഞൂറു കുതിരപ്പ 35
ട്ടാളക്കാർ വീതം ഓരോ ആനയേയും അനു
ഗമിച്ചു. അവയിൽ ഓരോന്നും എവിടെക്കു 36
പോയിക്കൊണ്ടിരുന്നുവോ, അവിടേക്ക്
ഇവയെല്ലാം പോയി—അവർ ആനയെ വിട്ടു
മാറിയിരുന്നില്ല. ഓരോ ആനയുടെയും 37
പുറത്തു നല്ല ഉറപ്പുള്ള തടികൊണ്ടുണ്ടാ
ക്കിയ ഓരോ കൂടാരവുമുണ്ടായിരുന്നു.
പ്രത്യേക പടസാധനങ്ങൾകൊണ്ട് ബന്ധി
ച്ചിരുന്നു. ഓരോന്നിന്റെയും പുറത്തു
മുപ്പതു ഭടന്മാരും ആനക്കാരുമുണ്ടായി
രുന്നു. പാളയത്തിന്റെ രണ്ടു ഭാഗത്തായി 38
അപ്പുറവും ഇപ്പുറവും ബാക്കി കുതിരപ്പട

യേയും നിറുത്തി. അവർ യുദ്ധം ചെയ്തു.
ഓരോ വിഭാഗത്തിലും അവരുടെ ആയുധ
39 ങ്ങൾ പ്രദർശിപ്പിച്ചു. സൂര്യോദയത്തോടു
കൂടി, സ്വർണ്ണവും താമ്രവും കൊണ്ടുള്ള
ആയുധങ്ങൾ മേൽ രശ്മി പതിച്ചപ്പോൾ
ദീപയഷ്ടികൾ സമാനം മലകളെ പ്രശോ
40 ഭിപ്പിച്ചുകൊണ്ടിരുന്നു. സേനയിൽ ഒരു
വിഭാഗം ഉയർന്ന മലകളിൽനിന്നും മറ്റു
ചിലതു ചെറുകുന്നുകളിലും നിലയുറപ്പിച്ചു.
41 അവർ നിരനിരയായി ധൈര്യപൂർവ്വം വന്നു
കൊണ്ടിരുന്നു. അവരുടെ സേനയുടെ
ശബ്ദവും ബഹുലമായ അവരുടെ മുന്നേ
റ്റവും ആയുധങ്ങൾ കൂട്ടിമുട്ടുമ്പോഴുള്ള
ഒച്ചയും കേട്ട് എല്ലാവരും പരിഭ്രമിച്ചു. ആ
സേന പ്രബലവും വളരെ ശക്തവുമായി
രുന്നു.
42 യൂദായും സൈന്യവും യുദ്ധത്തിനു
പുറപ്പെട്ടു. രാജസേനയിൽ അറുനൂറുപേർ
43 ഹതരായി. ഹവ്റാൻ എന്നു വിളിക്ക
പ്പെടുന്ന ഏലിയാസാർ, രാജകീയ ആയുധ
ങ്ങൾ വഹിച്ചിരുന്ന ആനകളിൽ ഒന്നിനെ
കണ്ടു. അതു മറ്റുള്ളവയേക്കാൾ ശ്രേഷ്ഠ
44 വുമായിരുന്നു. രാജാവ് അതിന്മേൽ
ആയിരിക്കും എന്ന് അവൻ വിചാരിച്ച്,
തൻെറ ജനത്തെ രക്ഷിപ്പാനും തനിക്കു
അനശ്വരമായ പേരുണ്ടാക്കുവാനും വേണ്ടി,
45 സേനയുടെ മദ്ധ്യത്തിലൂടെ ധൈര്യപൂർവം
ശക്തിയായി ഓടി, തൻെറ വലത്തും ഇട
ത്തും സംഹാരം നടത്തി. അവർ അങ്ങുമി
ങ്ങും ഓടി. ആനയുടെ കീഴെ ചെന്നെത്തിയ
46 ഹൌറാൻ ആനയുടെ വയറ്റത്തു വാൾ
കൊണ്ടു വെട്ടി അതിനെ കൊന്നു. അത്
അവൻെറ മേൽ വീണു. അവൻ അവിടെ
47 വച്ചു തന്നെ മരിച്ചുപോയി. യുദാ, രാജ
സേനയുടെ കരുത്തും സേനയുടെ ഒരുക്ക
വും കണ്ട് അവരിൽനിന്നും മാറി നിന്നു.
48 രാജസേന യറൂശലേമിലേക്കു കയറി.
രാജാവ് യഹൂദയിലും സെഹിയോൻ
49 മലയിലും പാളയമടിച്ചു. കോട്ടകളിലെ
വാസികളുമായി അയാൾ സഖ്യം ചെയ്തു.
അതിനുള്ളിൽ അവർക്കു ആഹാരവസ്തു
ക്കൾ ഇല്ലാതിരുന്നതുകൊണ്ട് അവർ
പട്ടണത്തിൽനിന്നും പുറത്തിറങ്ങി. എന്തെ
ന്നാൽ അത് ദേശത്തിൻെറ ശാബത്
50 കാലമായിരുന്നു. ബെത്ശൂറോ (കോട്ട)
രാജാവ് കീഴടക്കി. അവിടെ യാമംതോറും
51 മാറി മാറി കാവൽ നിറുത്തി. വിശുദ്ധ
സ്ഥലത്തിനു വേണ്ടി യുദ്ധം തുടങ്ങി വളരെ
നാൾ അതു നീണ്ടു നിന്നു. അവിടെ
ഗോപുരവും യുദ്ധയന്ത്രങ്ങളും സ്ഥാപിച്ച്
അവിടെ നിന്നുകൊണ്ട്, അമ്പ്, അഗ്നി,
കല്ലുകൾ എന്നിവ എറിയുന്നതിനുള്ള
ഒരുക്കങ്ങളും നടത്തി.
അവരുടെ യുദ്ധയന്ത്രങ്ങൾ പോലെ 52
തന്നെയുള്ളവ യൂദായും സജ്ജമാക്കി.
വളരെ നാൾ പടവെട്ടി എന്നാൽ അത് 53
ഏഴാം മാസമായിരുന്നതിനാൽ വിശുദ്ധ
സ്ഥലത്തെ അറകളിൽ ഭക്ഷണസാധ
നങ്ങൾ ഇല്ലായിരുന്നു. ജാതികളിൽ
നിന്നും രക്ഷപെട്ടുവന്നിരുന്നവർ ഭക്ഷണ
സാധനങ്ങളിൽ ബാക്കിയുള്ളതും
തീർത്തു. ക്ഷാമം ശക്തിപ്പെട്ടതോടു 54
കൂടി വിശുദ്ധസ്ഥല കേന്ദ്രത്തിൽ ആളുകൾ
കുറഞ്ഞു. ഓരോ സ്ഥലത്തേക്ക് അവർ
ചിതറിപ്പോയി. തൻെറ മകനെ വളർത്തി 55
അവനെ രാജസ്ഥാനത്താക്കുവാൻ അന്തി
യാക്കോസ് ജീവിച്ചിരിക്കെ നിയമിച്ച ഫിലി
പ്പോസ് പേർഷ്യായിൽനിന്നും മേദിയായിൽ 56
നിന്നും, രാജാവിനോടു കൂടെ പോയിരുന്ന
വലിയ സൈന്യവുമായി തിരിച്ചെത്തി
രാജത്വത്തിൻെറ കാര്യങ്ങളിൽ ഭരണം
തുടങ്ങി എന്നു ലൂസിയാ കേട്ടതോടെ, പോ
കുവാൻ ധൃതിപ്പെട്ടു. അയാൾ, രാജാവി 57
നോടും സേനാധിപന്മാരോടും നേതാക്ക
ളോടും പറഞ്ഞു: ഇവിടെ നാം ക്ഷീണി
ക്കുന്നു. ഭക്ഷ്യസാധനങ്ങളും നമുക്ക് വളരെ
കുറച്ചു മാത്രമേയുള്ള. നാം പാളയമടിച്ചി
രിക്കുന്ന ഈ ദേശം സുശക്തവും, വളരെ
കരുത്തുള്ളതുമാകുന്നു. രാജ്യകാര്യങ്ങളും 58
നിർവ്വഹിപ്പാൻ നമുക്ക് ചുമതലയുണ്ട്.
ആകയാൽ, ഈ മനുഷ്യർക്കു നമുക്കു
സമാധാനത്തിൻെറ വലങ്കൈ നീട്ടിക്കൊ
ടുത്ത് ജനവുമായി നമുക്ക് സമാധാനത്തിൽ
കഴിയാം. പണ്ടെന്നപോലെ അവരുടെ 59
ന്യായപ്രമാണം അനുസരിച്ചു നടന്നു
കൊള്ളാൻ സമ്മതിക്കാം. നാം അവരുടെ
ന്യായ പ്രമാണം നശിപ്പിച്ചത് നിമിത്തം
അവർ വളരെയേറെ കോപിച്ചിരിക്കുകയാ
ണ്. അതാണ് അവർ ഇതെല്ലാം ചെയ്ത
തിൻെറ കാരണം. രാജാവിനും പ്രഭുക്ക 60
ന്മാർക്കും ഈ വാക്കുകൾ സന്തോഷകര
മായി. അവരുമായി സമാധാനമാകുവാൻ
അവരുടെ അടുക്കൽ ആളയച്ചു. അവരും
സമ്മതിച്ചു. രാജാവും പ്രഭുക്കന്മാരും
ആയിട്ടു ഉറപ്പു നൽകി. ഇതനുസരിച്ച് യഹൂ 61
ദർ കോട്ടയിൽനിന്നും പുറത്തു പോയി.
സെഹിയോൻ മലയിലേക്കു രാജാവു കയറി 62
ച്ചെന്നു. സ്ഥലത്തെ കോട്ട കണ്ടു. അവൻ
ചെയ്ത ശപഥം ലംഘിച്ചു. ചുറ്റുമുള്ള കോട്ട
ഇടിച്ചു നിരത്തുവാൻ കല്പനയായി.

അയാൾ അവിടെനിന്നും പുറപ്പെട്ടു
അന്ത്യോക്യായിൽ എത്തിയപ്പോഴാകട്ടെ,
ഫിലിപ്പോസ് നഗരം പിടിച്ച് ആധിപത്യം
ുലർത്തിയിരിക്കുന്നതായിട്ടാണു കണ്ടത്.
ാവനോടു യുദ്ധം ചെയ്ത് ബലപ്രയോഗ
ത്താൽ നഗരം പിടിച്ചെടുത്തു.

അദ്ധ്യായം 7

ഒരുനൂറ്റി അൻപത്തൊന്നാമാണ്ടിൽ
ാമിൽനിന്നും സെലൂക്കസിൻെറ പുത്രൻ
ദമത്രിയസ് പുറപ്പെട്ടു കടൽതീരത്തുള്ള
ചറുനഗരങ്ങളിലെ കുറവുള്ള ജനസമൂ
ത്തെ കീഴ്പ്പെടുത്തി അവിടെ വാണു.
വൻെറ പിതാക്കന്മാരുടെ രാജധാനിയിൽ
വൻ പ്രവേശിച്ചപ്പോൾ, പടയാളികൾ
ന്ത്യോക്കോസിനേയും ലൂസിയായേയും
വൻെറ അടുക്കലെത്തിക്കുവാനായി
ടികൂടി. അന്ത്യോക്കോസ് കാര്യമറിഞ്ഞു.
ങ്ങൾ അവരുടെ മുമ്പിൽ എന്നെ കാണി
ുത് എന്നു പറഞ്ഞു. പടയാളികൾ
വനെ കൊന്നുകളഞ്ഞു.
ദമത്രിയോസ് തൻെറ രാജസിംഹാസന
ന്മേൽ ഇരുന്നു. ഇസ്രായേലിൽ നിന്നു
അധർമ്മികളും ദുഷ്ടന്മാരുമായ എല്ലാ
ം മഹാപുരോഹിതനാകുവാൻ മോഹി
ുന്ന ആൽകിമോസിൻെറ നേതൃത്വ
ൽ അവൻെറ സന്നിധിയിലെത്തി. സ്വജ
ത്തെക്കുറിച്ചു രാജസമക്ഷം അവർ ഏഷ
പറഞ്ഞു അങ്ങയുടെ സ്നേഹിതന്മാരെ
ായും അവൻെറ സഹോദരന്മാരും നശി
ുകളഞ്ഞു. ദേശത്തുനിന്നും ഞങ്ങളെ
ിച്ചു ഇപ്പോൾ അങ്ങയ്ക്കു വിശ്വസ്ത
ഒരാളെ അയച്ചാലും ഞങ്ങളോടും
ാവിൻെറ സ്ഥലത്തോടും അവൻ
ത നാശമൊക്കെയും അയാൾ കാണ
ാവൻ അവനെയും സഹായികളെയും
യേറെ ദണ്ഡിപ്പിച്ചു എന്ന് അയാൾ
ട്ടു കാണട്ടെ. രാജാവു സ്വസ്നേഹി
യ ബിക്രിയോസിനെ - അവനു നദി
അക്കരെ അധികാരമുണ്ടായിരുന്നു -
ഞ്ഞെടുത്തു - അവൻ രാജ്യത്തിൽ പ്ര
ും വിശ്വസ്തനുമായിരുന്നു. അവനേ
അൽകിമൊസിനെയും പറഞ്ഞയച്ചു.
ു പൌരോഹിത്യം നില നിറുത്തി
ുത്തു. ഇസ്രായേലിൽ പ്രതികാരം നട
ാൻ കല്പനയും കൊടുത്തു. അവർ
ട്ടു വലിയ സേനയോടുകൂടി യഹൂ
ാത്തെത്തി. അവർ യൂദായുടെയും
ാദരന്മാരുടെയും അടുക്കൽ ദൂത
വഞ്ചനയോടുകൂടി സമാധാനവാക്കു
കൾ പറയുവാൻ അയച്ചു. അവർ സൂക്ഷിച്ച് 11
ഇവരുടെ വാക്കുകൾ ഗ്രഹിച്ചു. എന്നാൽ
ഇവർ വലിയ സൈന്യവുമായിട്ടാണ് വന്നി
രിക്കുന്നത് എന്ന് അവർ കണ്ടു. അൽകിമോ 12
സിൻെറയും ബിക്രിയോസിൻെറയും അടു
ക്കൽ ന്യായശാസ്ത്രിമാർ നീതി നടപ്പാക്കു
വാൻ കൂടി. അവരിൽ മുമ്പന്മാർ ഇസ്രാ 13
യേലിലെ ഹസീദ്യർ ആയിരുന്നു. ഇവരിൽ
നിന്നും സമാധാനം അവർ ആവശ്യപ്പെട്ടു.
എന്തെന്നാൽ അഹറോൻെറ സന്തതി 14
യിൽനിന്നുതന്നെയുള്ള പുരോഹിതൻ
സേനയോടെ വന്നിരിക്കുന്നു. നമ്മെ
ഉപദ്രവിക്കുന്നുമില്ല എന്ന് അവർ പറഞ്ഞു.
അവൻ അവരോടു സമാധാനത്തിൻെറ 15
വാക്കുകൾ പറഞ്ഞു. നിങ്ങളോടോ നിങ്ങ
ളുടെ സ്നേഹിതരോടോ യാതൊരുപദ്ര
വവും ചെയ്യുകയില്ല എന്നു പ്രതിജ്ഞയും
ചെയ്തു. അവർ അവനെ വിശ്വസിച്ചു. 16
എന്നാൽ അവനോ അവരിൽ ആറുപേരെ
പിടികൂടി. നിൻെറ വിശുദ്ധരുടെ ശരീരവും
രക്തവും അവർ യറുശലേമിനു ചുറ്റും
ചിന്തി. അവരെ സംസ്കരിക്കാൻ ആരുമി
ല്ലായിരുന്നു എന്ന പ്രവാചകവാക്കുപോലെ
അവൻ അവരെ കൊന്നുകളഞ്ഞു. അവ 17
രെയുള്ള ഭീതി, ജനത്തിന്നാകമാനമു
ണ്ടായി. അവർ പറഞ്ഞു: ഇവർക്കു 18
സത്യവുമില്ല, നീതിയുമില്ല. ഇവർ തന്നെ
നിശ്ചയിച്ച ഉടമ്പടിയും ആണകളും അവർ
തന്നെ ലംഘിച്ചിരിക്കുന്നു.

ബിക്കാറിയോസ് യറുശലേമിൽനിന്നും 19
പുറപ്പെട്ടു 'ബെത്സറാ'യിൽ പാളയമിറങ്ങി.
അവനെതിരെ മത്സരിച്ചവരേയും യഹൂദ
ജനതയേയും അവൻ പിടിച്ചു ഒരു വലിയ
കിണറിന്നരികെ വെച്ച് അവരെ വെട്ടി നുറു
ക്കി കൊന്നു! ആ പ്രദേശം അൽകിമോസി 20
നെ ഭരമേൽപ്പിച്ച് അവൻെറ സഹായത്തിന്
ഒരു സൈന്യത്തേയും കൊടുത്തു. ബിക്കാ
റിയോസ് രാജസവിധമെത്തി. അൽകി 21
മോസ് മഹാപുരോഹിതസ്ഥാനത്തിനു
വേണ്ടി വഴക്കിട്ടുകൊണ്ടിരുന്നു. ജനത്തിൽ 22
കലഹമുണ്ടാക്കിക്കൊണ്ടിരുന്നവർ അവ
നോടു ചേർന്ന് അവർ യഹൂദിയാ പിടിച്ചു.
ഇസ്രായേലിൽ മഹാസംഹാരം നടത്തി.

വിജാതിയരേക്കാളും കൂടുതലായി 23
അൽകിമോസും അവൻെറ അനുചരന്മാരും
ഇസ്രായേൽ മക്കളോടു ചെയ്ത തിന്മയെ
ല്ലാം യൂദാ കേട്ടറിഞ്ഞു. അയാൾ യഹൂദിയാ 24
പരിസരങ്ങളിലേക്കു ചെന്നു മത്സരിക
ളെയെല്ലാം ദേശമാകെ ഉഴലത്തക്കവണ്ണം
ചിതറിച്ചു. അൽകിമോസ്, യൂദായും അനു 25

ചരന്മാരും പ്രബലരായതുകണ്ട് അവരുടെ
നേരെ നില്പാൻ അവനു സാദ്ധ്യമല്ല എന്നു
മനസ്സിലാക്കി, രാജസന്നിധിയിലേക്കു
തിരികെ പോയി, വളരെയേറെ തിന്മകൾ
അവർ ചെയ്തതായി ഏഷണി പറഞ്ഞു.
26 ദമത്രിയോസ് രാജാവ് തൻെറ പ്രഭുക്കന്മാ
രിൽ ശ്രേഷ്ഠരായവരിൽ ഒരുവനായ നിക്കാ
നോറിനെ അയച്ചു. അവനോ ഇസ്രായേലി
നോടു വെറുപ്പും ശത്രുതയും ഉള്ളവനായി
രുന്നു. യഹൂദജനത്തെ തുടച്ചു മായിച്ച്
ഉന്മൂലനം ചെയ്യുവാൻ അവനു കല്പന
27 കൊടുത്തു. അവൻ യറുശലേമിലെത്തി. ഒരു
വലിയ സേനയുമുണ്ടായിരുന്നു. യൂദായു
ടെയും സഹോദരന്മാരുടെയും അടുക്ക
ലേക്കു വഞ്ചന നിറഞ്ഞ സമാധാനവാക്കു
28 കളോടെ ആളയച്ചു പറഞ്ഞു: നാം തമ്മിൽ
വഴക്കൊന്നും ഉണ്ടാകരുത്. സമാധാന
ത്തോടെ നിങ്ങളുടെ മുഖങ്ങൾ കാണുവാ
നാണ് ഞാൻ വളരെക്കുറച്ച് ആളുകളുമായി
29 വന്നിരിക്കുന്നത്. അവർ യൂദായെ സമീ
പിച്ചു. പരസ്പരം സമാധാനം അവർ ചൊല്ലി.
എന്നാൽ സൈന്യമാകട്ടെ യൂദായെ പിടിച്ചു
കൊണ്ടുപോകുവാൻ തയ്യാറായി നിലകൊ
30 ള്ളുകയായിരുന്നു! വഞ്ചനയോടെയാണ്
അവർ തന്നെ സമീപിച്ചിരിക്കുന്നതെന്ന്
യൂദാ ഗ്രഹിച്ചപ്പോൾ ദൂതനിൽനിന്നും
അയാൾ മാറിയെന്നു മാത്രമല്ല അവൻെറ
മുഖം വീണ്ടും കാണാൻ ഇഷ്ടപ്പെട്ടുമില്ല.
31 തൻെറ ആലോചന വെളിപ്പെട്ടുപോയി
എന്നു നിക്കാനോർ കണ്ടപ്പോൾ കപ്പർ
ശ്ലോമ്മോക്കെതിരെ യൂദായെ നേരിടുവാൻ
32 യാത്രയായി. നിക്കാനോറിൻെറ അനുചര
ന്മാരിൽ അൻപതോളം പേർ ഹതരായി.
സൈന്യം ദാവീദിൻെറ നഗരത്തിലേക്കു
33 പലായനംചെയ്തു. നിക്കാനോർ സെഹി
യോൻ മലയിൽ കയറി -വിശുദ്ധ സ്ഥല
ത്തു നിന്നു പുരോഹിതന്മാരും ജനപ്രമാ
ണികളും അവനു കുശലം പറയുവാനും,
രാജാവിനു വേണ്ടി അർപ്പിക്കപ്പെട്ടുകൊ
ണ്ടിരിക്കുന്ന ബലികളും വഴിപാടുകളും
അവനു കാണിച്ചുകൊടുക്കുവാനുമായി
34 വന്നു. എന്നാൽ അവനാകട്ടെ അവരെ
നിന്ദിച്ച് പരിഹസിച്ചു അവരെ അവഹേളിച്ചു
അഹങ്കാരപൂർവ്വം പറഞ്ഞു. കോപത്തോടെ
35 ആണയിട്ടു പറഞ്ഞത്: ഇപ്പോൾതന്നെ
യൂദായേയും അവൻെറ പടയേയും എൻെറ
കൈവശം ഏല്പിക്കാത്തപക്ഷം ഞാൻ
സമാധാനത്തോടെ തിരികെ പോയശേഷം
ഈ ആലയത്തെ ഞാൻ ചുട്ടു ചാമ്പലാക്കും.
അയാൾ കോപാവിഷ്ഠനായി ഇറങ്ങി
പ്പോയി. പുരോഹിതന്മാർ ബലിപീഠത്തിനും 36
ഒരുക്കമുറിക്കും മുമ്പിൽ നിന്ന്, കരഞ്ഞു
പ്രാർത്ഥിച്ചു. ദൈവമെ, അങ്ങയുടെ നാമം 37
അതിന്മേൽ വിളിക്കപ്പെടുവാനായും ഇതു
നിൻെറ ജനത്തിൻെറ പ്രാർത്ഥനയ്ക്കും
യാചനയ്ക്കുമുള്ള പ്രാർത്ഥനാലയവുമായി
ഈ ആലയം അവിടുന്നു തെരഞ്ഞെടുത്തു
വല്ലോ. ഈ മനുഷ്യനോടും അവൻെറ 38
സേനയോടും പ്രതികാരം ചെയ്യണമേ.
അവർ വാളാൽ വീണുപോകണമെ. അവ
രുടെ ദൈവദൂഷണം ഓർക്കണമെ. അവർ
ക്കു ബലവും സഹനശക്തിയും കൊടുക്ക
രുതെ.

നിക്കാനോർ യറുശലേമിൽനിന്നും 39
പുറപ്പെട്ട് ബെത് ഹൗറാനിൽ പാളയമിറങ്ങി.
ഒരു സിറിയൻ സേന അവിടെ അവനോടു 40
ചേർന്നു. മുപ്പതിനായിരം പേരോടുകൂടി 41
യൂദാ ബർസായിൽ പാളയമടിച്ചു. യൂദാ
പ്രാർത്ഥിച്ചു: ദൈവംതമ്പുരാനെ ആസൂർ
രാജാവിൻെറ സൈന്യം നിന്നെ ദുഷിച്ച
പ്പോൾ അങ്ങയുടെ മാലാഖ ഇറങ്ങി വന്ന്
അവരുടെ ഒരുനൂറ്റി എൺപത്തി അയ്യായി
രത്തെ സംഹരിച്ചുവല്ലോ. അതുപോലെ 42
നാഥാ; ഇന്നു ഞങ്ങളുടെ മുമ്പിലുള്ള
സൈന്യത്തെ അങ്ങ് പീഡിപ്പിച്ചു തകർത്തു
കളയണമെ. ആ വിശുദ്ധ സ്ഥലത്തെക്കു
റിച്ച് അവർ തിന്മയായി സംസാരിച്ചുവെന്ന്
എല്ലാവരും അറിയുവാനിടയാകണമെ.
അവരുടെ ദുഷ്ടതയ്ക്കൊത്തവണ്ണം അവ
രെ വിധിക്കണമെ.

സേനകൾ തമ്മിൽ യുദ്ധം ഓദോർ 43
മാസം പതിമ്മൂന്നാം തീയതി ആരംഭിച്ചു.
നിക്കാനോറിൻെറ സേന തകർക്കപ്പെട്ടു! 44
യുദ്ധാരംഭത്തിൽതന്നെ നിക്കാനോർ നിലം
പതിച്ചു. നിക്കാനോർ ഹതനായി എന്ന്
അവൻെറ സേന അറിഞ്ഞപ്പോൾ അവരുടെ
ആയുധങ്ങൾ വലിച്ചെറിഞ്ഞ് അവർ
പലായനം ചെയ്തു. അർസാമുതൽ സിറാ 45
വരെ യൂദായുടെ സൈന്യം ഒരു ദിവസ
ത്തെവഴി മുഴുവൻ അവരെ പിന്തുടർന്ന്
അവരുടെ പിമ്പെ കാഹളധ്വനി മുഴക്കി 46
ക്കൊണ്ടു മുന്നേറ്റത്തിൽ എല്ലാ ഗ്രാമങ്ങളിൽ
നിന്നും ആളുകൾ ഓടിയെത്തി. അവർ
പരസ്പരം പടവെട്ടി അവരിൽ ഒറ്റയാൾ
പോലും ശേഷിക്കാതെ എല്ലാവരും വാളാൽ
വീണു! അവരെ കൊള്ളചെയ്തു മുതലും 47
അവരുടെ സർവ്വവും ഇവർ എടുത്തു. ഇവർ
നിക്കാനോറിൻെറ തലയും, അഹങ്കാര
പൂർവ്വം ഉയർത്തി അവൻെറ വലംകൈയും
എടുത്തുകൊണ്ട് വന്നു യറുശലേമിൽ

ൂക്കിയിട്ടു! ജനം അത്യധികം ആഹ്ളാദിച്ചു.
ഈ സുദിനം ആനന്ദത്തോടും സന്തോഷ
ത്തോടും നിലനിറുത്തി, എല്ലാ വർഷവും
ാദോർ പതിമൂന്നാം തീയതി ആഘോഷ
ിനമായി അവർ നിശ്ചയിച്ചു. കുറെക്കാലം
ഹൂദാദേശം ശാന്തമായിക്കഴിഞ്ഞു.

അദ്ധ്യായം 8

റോമൻ ജനത വളരെ ശക്തരാണെ
ും, അവരോടു ചേരുന്നവരിൽ അവർക്കു
ളരെ പ്രസാദമാണെന്നും അവരോടടു
ുന്ന ഏവരോടും സ്നേഹം പുലർത്തു
ുവെന്നും യൂദാ കേട്ടു. അവരുടെ വീര്യവും
ലാത്യരുമായി യുദ്ധം നടത്തി അവരെ
ീഴടക്കി അവർ റോമർക്കു കപ്പം കൊടുക്ക
ക്ക നിലയിലാക്കി എന്ന വസ്തുതയും
പെയിനിൽ അവർ നടത്തിയ കാര്യ
ളും, അവിടത്തെ പൊൻവെള്ളി ഖനികൾ
ിടിച്ചെടുത്തതും അവരുടെ വിവേകവും
ീഘക്ഷമയും മൂലം എല്ലാ ദേശവും പിടി
ക്കിയതും യൂദാ അറിഞ്ഞു. ആ രാജ്യ
ളെല്ലാം അവരിൽനിന്നും വിദൂരമായി
ു. ഭൂതല അതിർപ്രദേശങ്ങളിൽനിന്നും
വരുടെ നേരെ വന്ന രാജാക്കന്മാരെ
ർ ഓടിച്ചു. അവരെ അതികഠിനമായി
ഹരിച്ചു. മറ്റുള്ളവർ അവർക്കു ആണ്ടു
ാറും കപ്പം കൊടുക്കുന്നവരുമായി.
ിലിപ്പോസിനേയും, കേഥയാ രാജാക്ക
രയും, അവർക്കെതിരെ വന്ന സർവ്വ
ും അവർ യുദ്ധങ്ങളിൽ നിലംപരി
ക്കി. പീഡിപ്പിച്ചു. ആസിയായിലെ
രാജാവായ അന്ത്യോക്കോസ് അവരോ
ടയ്ക്കു പുറപ്പെട്ടു. അവനോടു കൂടെ
ഇരുപത് ആനകളും രഥങ്ങളും
തമായ മഹാസൈന്യവും ഉണ്ടായി
ു. അവൻെറ സൈന്യത്തെ മുഴുവൻ
ൻ വീഴ്ത്തി. അവനെ ജീവനോടെ
ച്ച് അവനും അവൻെറ പിൻഗാമി
ക്കന്മാരും ആണ്ടുതോറും ഒരു വലിയ
ൃ കപ്പം കൊടുക്കത്തക്കവണ്ണം നിശ്ച
ഇന്ത്യ, മേദിയാ, ലൂദിയാ എന്നീ അ
റ രാജ്യങ്ങളെ—തെരഞ്ഞെടുക്കപ്പെട്ട
ങ്ങളെ ജാമ്യമായും കൊടുത്തു.
ിൽനിന്നും അവയെല്ലാം എടുത്ത്
ിയോസ് രാജാവിനെ ഏല്പിച്ചു.
സി'ലുള്ളവർ (ഗ്രീക്കുകാർ) അവരെ
ിപ്പാൻ ആലോചിച്ചു.
വൻെറ സേനാധിപരിൽ ഒരുവനെ
ു യുദ്ധം ചെയ്തു. അവരിൽ അനേ
ഹതരായി. അവരുടെ സ്ത്രീകളേയും
മക്കളേയും അടിമയാക്കി. അവരെ കൊള്ള
ചെയ്തു. അവരുടെ സ്ഥലങ്ങൾ പിടിച്ച്
ആധിപത്യം ഉറപ്പിച്ചു. അവരുടെ ദുർഗ്ഗങ്ങൾ
തകർത്തു. ഇന്നുവരെയും അവരെ
അടിമകളാക്കി വെച്ചിരിക്കുന്നു. ശേഷമുള്ള 11
രാജ്യങ്ങളും ദ്വീപുസമൂഹങ്ങളും, ഒരിക്കലെ
ങ്കിലും അവരോട് എതിർക്കുന്നവരേയും
അവർ നശിപ്പിച്ച്, കൊള്ള ചെയ്തു അടിമ
പ്പെടുത്തി വന്നു. എന്നാൽ അവരുടെ മിത്ര 12
ങ്ങളോടും അവരുടെ അടുക്കൽ വന്നുകൊ
ണ്ടിരിക്കുന്നവരോടും മൈത്രി നിലനിർത്തി
യുമിരുന്നു. വിദൂരസ്ഥരും സമീപസ്ഥരു
മായ രാജാക്കന്മാരുടെ മേൽ അവർ ആധി
പത്യം സ്ഥാപിച്ചു ശക്തരായി കഴിഞ്ഞു.
അവരുടെ നാമശ്രവണമാത്രയിൽ ആളുകൾ 13
ഞെട്ടിപ്പോയി. അവർ സഹായിക്കാനിഷ്ട
പ്പെടുന്നവരെ സഹായിക്കയും ഭരണത്തി
ലിരിക്കാൻ അവർ ഇച്ഛിക്കുന്നവരെ
ക്കൊണ്ട് ഭരിപ്പിക്കുകയും ചെയ്തുവന്നു.
നിലംപരിചാക്കണമെന്ന് അവർ ആഗ്രഹി
ക്കുന്നവരെ വീഴ്ത്തിയുമിരുന്നു. അവർ 14
അത്യധികം ഉയർന്ന പ്രബലരായെങ്കിലും
അവരിലാരും കിരീടം ധരിച്ചില്ല. മഹത്വം
കാണിക്കാൻ പട്ടുനിലയങ്കികളും ധരിച്ചില്ല.
അവർ ആലോചനാമണ്ഡപം നിർമ്മിച്ചു.
രാജകുമാരന്മാരായ മുന്നൂറ്റി ഇരുപതുപേർ 15
അവർ എങ്ങനെ ജനത്തെ കരുതി ഭരിക്ക
ണമെന്നു ആലോചന ചെയ്തുവന്നു.
ഒരാൾക്ക് ഒരു സംവത്സരം മേൽ ഭരണം 16
എന്ന് അവർ നിശ്ചയിച്ചു. അയാൾ കല്പിച്ച്
സർവ്വദേശത്തും അധികാരം വഹിച്ചിരുന്നു.
ആ ഒരൊറ്റ ആളിനെ മാത്രം എല്ലാവരും
അനുസരിച്ചു. അവരുടെ മദ്ധ്യെ അസൂ
യയോ, വിരോധമോ, തീരെ ഇല്ലായിരുന്നു.
യൂദാ, അക്കോസിൻെറ മകൻ യുഹാ 17
നോൻെറ മകൻ അവ്പ്ലിമോസിനേയും,
ലാസറിൻെറ മകൻ ഈയാസോനെയും
തിരഞ്ഞെടുത്ത് റോമരുമായി മൈത്രിയും
സഹായവും നിലനിർത്തുവാനും ഗ്രീക്കു 18
ഭരണം ഇസ്രായേലിനെ അടിമകളാക്കി
കീഴ്പ്പെടുത്തിയിരുന്നതിനാൽ ആ അടിമ
നുകം നീക്കുവാനുമായി റോമിലേക്കയച്ചു.
അവ്പ്ലിവോസ് ആദിയായവർ റോമി
ലേക്കു പോയി. വഴിയോ സുദീർഘമായി 19
രുന്നു. ഇവർ അവരുടെ ആലോചനാമ
ണ്ഡപത്തിൽ എത്തി. അവർ അവരോട് 20
'യൂദാമക്കാബിയും അദ്ദേഹത്തിൻെറ
സഹോദരന്മാരും യൂദജനത മുഴുവനും കൂടി
ഞങ്ങളെ നിങ്ങളുടെ സവിധത്തിലേക്ക്
അയച്ചിരിക്കുകയാണ്. ആയത് നിങ്ങളു

മായി സഖ്യവും മൈത്രിയും നിലനിർത്തു
വാനും, ഞങ്ങളെ നിങ്ങൾ നിങ്ങളുടെ മിത്ര
ങ്ങളായും സഖ്യകക്ഷികളായും വിചാരിക്കേ
21 ണ്ടതിനുമത്രെ. ഈ വാക്കുകൾ അവർക്കു
പ്രസാദകരമായി. താമ്രത്തകിടിൽ ഉല്ലേ
ഖനം ചെയ്യപ്പെട്ടിരുന്നതു അവർക്ക് സ്നേഹ
22 ത്തിൻെറയും സഖ്യത്തിൻെറയും സമാധാന
ത്തിൻേറയും ഓർമ്മരേഖയായിരിപ്പാൻ യറു
ശലേമിലേക്കു കൊണ്ടുപോകപ്പെട്ട എഴു
ത്തിൻെറ പകർപ്പ്.
23 റോമാക്കാർക്ക് യഹൂദർക്കും സർവ്വ
കാലത്തും കടലിലും കരയിലും സമാധാനം
ഉണ്ടായിരിക്കട്ടെ. വാളും ശത്രുവും അവരിൽ
24 നിന്നും അകന്നുപോകട്ടെ. ആദ്യം റോമർ
ക്കോ അവരുടെ സഹായികൾക്കോ, അവർ
അധികാരത്തിലിരിക്കുന്ന ഏതെങ്കിലും
25 സ്ഥലത്തോ യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ
കാലത്തിനൊത്തവണ്ണം പൂർണ്ണഹൃദയ
ത്തോടെ അവരുടെ സഹായത്തിന് എത്ത
26 ണം. അവരോടു യുദ്ധം ചെയ്യുന്ന ശത്രുക്കൾ
ക്ക് ആശ്വസിപ്പാൻ ഇടകൊടുക്കരുത്.
അവർക്ക് കോതമ്പും, ആയുധങ്ങൾ, പണം,
കപ്പലുകൾ ഇവയൊന്നും കൊടുക്കാതെ
ഉപരോധം ഏർപ്പെടുത്തണം. റോമർക്ക്
പ്രസാദമുള്ള രീതിയിൽ, അവരിൽനിന്നും
പ്രതിഫലമൊന്നും വാങ്ങാതെ അവരുടെ
27 ചുമതലകൾ നിറവേറ്റും. ആദ്യം യഹൂദ
ജനതയ്ക്കാണ് യുദ്ധം സംഭവിക്കുന്നതെ
ങ്കിലോ, റോമൻ ജനത അവരുടെ പൂർണ്ണ
മനസ്സോടെ കാലത്തിൻെറ ആവശ്യാനുസര
28 ണം യുദ്ധം ചെയ്തു സഹായിക്കണം. അവ
രോടു യുദ്ധം ചെയ്യുന്നവർക്ക് കോതമ്പ്,
ആയുധം, പണം, കപ്പലുകൾ ഇവയൊന്നും
കൊടുക്കരുത്. റോമൻ ജനത അവരുടെ
ബാധ്യതകൾ അവരിൽനിന്നും വ്യാജംകൂടാ
തെ നിറവേറ്റണം.
29 ഈ വാക്കുകളിൽ റോമൻ ജനത യഹൂ
ദസംഘവുമായി സഖ്യം ചെയ്തു. ഈ വാക്കു
കൾ നിലവിൽ വന്ന ശേഷം ഇവയിൽനിന്നും
30 എന്തെങ്കിലും കുറയ്ക്കുവാനോ കൂട്ടിച്ചേർ
ക്കുവാനോ അവർ ആഗ്രഹിക്കുന്നുവെ
ങ്കിൽ ഇരുകൂട്ടർക്കും ഇഷ്ടമുള്ള വിധ
ത്തിൽ പ്രവർത്തിക്കാം. അങ്ങനെ അവർ
കുറയ്ക്കുന്നതോ കൂട്ടിച്ചേർക്കുന്നതോ
അവരുടെ മേൽ നിയമാനുസൃതമായിരി
31 ക്കും. ദെമത്രെയോസ് രാജാവ് നിങ്ങൾ
ക്കെതിരായി ചെയ്തുകൊണ്ടിരിക്കുന്ന
തിന്മകളെക്കുറിച്ച് അയാളോട്: ഞങ്ങളുടെ
സുഹൃത്തുകളും സഹായികളുമായ യഹൂ
ദരുടെ മേൽ നിൻെറ നുകം ഭാരമാക്കുന്നത്
എന്ത്? ആകയാൽ ഇനിയും അവർ നിന്നെ
ക്കുറിച്ച് പരാതിപ്പെട്ടാൽ അവർക്ക് പ്രതികാ
രവും നീതിയും പാലിക്കത്തക്കവണ്ണം കര
യിലും കടലിലും നിന്നോടു യുദ്ധം ചെയ്യും
എന്ന് എഴുതി അയച്ചിട്ടുമുണ്ട്.

അദ്ധ്യായം 9

നിക്കാനോറും സേനയും യുദ്ധത്തിൽ 1
പരാജിതരായി എന്നു ദമെത്രിയോസു കേട്ടു.
യഹൂദ്യദേശത്തേക്ക് വീണ്ടും ബിക്കാറി
യോസിനേയും അൽകിമോസിനേയും
അവൻ നിശ്ചയിച്ചു. വലതുദേശത്തുള്ള
സേനയേയും അവരൊന്നിച്ചയച്ചു. ബിക്കാ 2
റിയോസ് കൂട്ടർ ഗിലയാദുവഴി യാത്ര ചെയ്തു.
റബ്ലയിലെ മസ്ലൂസിൽ പാളയമടിച്ച്
അതിനെ കീഴടക്കി, അനേകരെ അഗ്നിക്കിര
യാക്കി. ആയിരത്തി അഞ്ഞൂറ്റി രണ്ടാമാണ്ട് 3
ഒന്നാം മാസത്തിൽ അവർ യറുശലേമിൽ
പാളയമിറങ്ങി. ഇരുപതിനായിരം കാലാൾ 4
പടയും രണ്ടായിരം കുതിരപ്പടയുമായി
അവർ ബിസ്റാത്തിലെത്തി.
യൂദാ അൽസയിൽ താമസിക്കയായി 5
രുന്നു. അവൻെറകൂടെ ശൂരരായ മൂവായിരം
പേരുമുണ്ടായിരുന്നു. ശത്രുസൈന്യം ഏറ്റം 6
പ്രബലമാണെന്നു കണ്ട് അവർ ഭയപരവശ
രായി. സേനയിൽനിന്നും പലരും പിന്മാറി
പ്പോയി. എണ്ണൂറുപേർ മാത്രം ശേഷിച്ചു.
സ്വസൈന്യം ചിതറിപ്പോയിരിക്കുന്നുവെ 7
ന്നും യുദ്ധം അനിവാര്യമായിരിക്കുന്നുവെ
ന്നും കണ്ടിട്ട് യൂദാ മനോവ്യഥയിലായി
ക്ഷീണിച്ചു. അവരെ വിളിച്ചുകൂട്ടുവാൻ സമ
യവുമില്ലായിരുന്നു. തൻെറകൂടെ, ശേഷിച്ചി 8
രുന്നവരോട് അയാൾ പറഞ്ഞു: നമുക്ക്
എഴുന്നേറ്റു ശത്രുക്കൾക്കെതിരെ കയറിച്ചെ
ല്ലാം. അവരോടു പടവെട്ടുവാൻ നമുക്കു
സാധിച്ചെന്നുവരാം. എന്നാൽ അവരും 9
എതിർത്തുപറഞ്ഞു: നമുക്കു സാദ്ധ്യമല്ല.
നമ്മുടെ ജീവൻ നമുക്കു രക്ഷിക്കാം. നമ്മുടെ
സഹോദരരുമൊത്തു നമുക്കു തിരിച്ചുവന്ന്
അവരോടു യുദ്ധം ചെയ്യാം. നാം കുറച്ചുപേർ
മാത്രമല്ലേ ഉള്ളു. യൂദാ അപ്പോൾ: ഇവരുടെ 10
മുമ്പിൽനിന്നും പിൻതിരിഞ്ഞു ഓടിപ്പോകു
വാൻ എനിക്കു ഇടയാകാതിരിക്കട്ടെ. നമ്മു
ടെ സമയം അടുത്തെങ്കിൽ നമ്മുടെ സഹോ
ദരർക്കുവേണ്ടി നമുക്കു ധീരമായി മരിക്കാം.
നമ്മുടെ മതത്തിന് നമ്മൾ കളങ്കം വരുത്ത
രുത് എന്നു പറഞ്ഞു.
അവർ സേനയുമായി യുദ്ധത്തിനു 11
പുറപ്പെട്ടു. കുതിരപ്പടയെ രണ്ടു ഭാഗമായി
തിരിച്ചു. വില്ലാളികളും കവിണക്കാരും

സൈന്യത്തിനു മുൻപു നടന്നു. ശക്ലരും
ണവീരന്മാരും പിമ്പേയും. ബിക്കാറി
യാസ് വലത്തെ അറ്റത്തായിരുന്നു. രണ്ടു
ാഗത്തുനിന്നും സേനാവിഭാഗങ്ങൾ ഒത്തു
ൂടി. അവർ കാഹളമൂതി. യൂദായും കൂട്ടരും
ാഹളം ധ്വനിപ്പിച്ചു. സേനകളുടെ ആരവം
ൂലം ഭൂമി കുലുങ്ങി. പ്രഭാതംമുതൽ സന്ധ്യ
രെ യുദ്ധം തുടർന്നു. ബിക്കാറിയോസും
ുശക്തസേനയും വലതു വശത്താണെന്നു
ൂദാ കണ്ടു. അവൻെറ സഹകാരികൾ
ൂർണ്ണഹൃദയത്തോടെ തങ്ങളെത്തന്നെ
മർപ്പിച്ചു. വലതുവ്യൂഹം തകർക്കപ്പെട്ടു.
ാസത്തോസുമലവരെ ഇവർ അവരെ
ന്തുടർന്നു. വലതുവ്യൂഹം പരാജയപ്പെട്ടു
ന്ന് ഇടതുവ്യൂഹം കണ്ടപ്പോൾ അവർ
ദായ്ക്കും അയാളോടുകൂടെയുള്ള
ിക്കും എതിരായി അവരുടെ പിൻഭാഗത്തു
ന്നും ആക്രമണമാരംഭിച്ചു. യുദ്ധം മുറുകി.
ുഭാഗത്തുനിന്നും അനേകർ ഹതരായി.
ദായും ഹതനായി.
ശേഷിച്ചവർ പിന്തിരിഞ്ഞോടി. യോനാ
നും ശീമോനും അവരുടെ സഹോദരൻ
ായെ എടുത്ത് 'മുറിഇമി'ലുള്ള അവ
ട പിതാക്കന്മാരുടെ ശവകുടീരത്തിൽ
സ്കരിച്ചു. ഇസ്രായേൽ മുഴുവനും
ായെക്കുറിച്ച് വേദനയോടെ കരഞ്ഞു.
ർ വളരെ ദിവസം അയാളെക്കുറിച്ച്
യ വിലാപം നടത്തി. "മഹാവീരനും
ശൂരനുമായ ഇസ്രായേലിൻെറ പരി
താവുമായവൻ എങ്ങനെ വീണു
യി" എന്ന് അവർ പറഞ്ഞു. യൂദായുടെ
മുള്ള വൃത്താന്തവും, അയാളുടെ
വാർത്തകളും മാഹാത്മ്യവും, വീര
കമവും, പ്രാബല്യവും, ഇവിടെ
തിയിട്ടില്ല. അവ അത്ര അധികമാകുന്നു.
ൂദായുടെ നിര്യാണശേഷം ഇസ്രായേ
ൻ എല്ലാ അതിർത്തിവരെയുമുള്ള
മ്മികൾ തലയുയർത്തി. ന്യായപ്രമാ
ലകരായ ദുഷ്ടന്മാരെല്ലാവരും വെളി
തുടങ്ങി. അക്കാലത്ത് ഒരു കഠിന
ുണ്ടായി, ദേശമെല്ലാം ക്ഷയിച്ചു.
ിക്കാറിയോസ് മഹാദുഷ്ടന്മാരെ
ത്തടുത്ത് ദേശത്തിൻെറ കർത്താക്ക
ധികാരികളുമായി നിയമിച്ചു. അവർ
ുടെ സുഹൃത്തുക്കളെ അന്വേഷിച്ചു
ബിക്കാറിയോസിൻെറ മുമ്പിൽ എ
അവരെ അപമാനിക്കയും പീഡിപ്പി
ചെയ്തു. അങ്ങനെ ഇസ്രായേലിന് വ
രുക്കമുണ്ടായി. പ്രവാചകരുടെ കാ
ഇങ്ങനെ ഒരവസ്ഥ ഉണ്ടായിട്ടില്ല.

യൂദായുടെ സ്നേഹിതരെല്ലാം യോനാ 28
ഥാൻെറ അടുത്തു ഒരുമിച്ചുകൂടി അയാ
ളോട്: അങ്ങയുടെ സഹോദരൻ യൂദാ മരിച്ച 29
ശേഷം, നമ്മുടെ സ്വജനത്തിൽനിന്നുതന്നെ
നമ്മോടു പോരാടുകയും നമ്മെ വെറുക്കുക
യും ചെയ്യുന്നവർക്കെതിരായും, നമ്മുടെ
ശത്രുക്കൾക്കെതിരായും, ബിക്കാറിയോ
സിനു എതിരായും പുറപ്പെടുവാൻ, യൂദാ
യ്ക്കു സമനായി മറ്റൊരുവൻ ഇല്ലല്ലോ.
എന്നാൽ ഇപ്പോൾ ഞങ്ങൾ, ഞങ്ങളുടെ
യുദ്ധങ്ങൾ നടത്തുവാൻ ഞങ്ങൾക്ക്
അധികാരിയും ഭരണാധിപനുമായി അങ്ങ് 30
ഇരിക്കണമെന്ന് അപേക്ഷിക്കുന്നു. ഞങ്ങൾ
അങ്ങയിൽ സന്തുഷ്ടരായിരിക്കുന്നു;
എന്നു പറഞ്ഞു. നായകനായിരിപ്പാൻ 31
യോനാഥാൻ സമ്മതിച്ചു. സ്വസഹോദര
ൻെറ സ്ഥാനത്ത് അദ്ദേഹം സ്ഥാനമേറ്റു.
ബിക്കാറിയോസ് അവനെ കൊല്ലു 32
മെന്നു യോനാഥാൻ മനസ്സിലാക്കി. യോനാ 33
ഥാനും സഹോദരൻ ശീമോനും, കൂടെയുള്ള
എല്ലാവരും തെക്കോവാ മരുഭൂമിയിലേക്കു
ഓടിപ്പോയി. എസ്പിർ ജലാശയത്തിന 34
ടുത്ത് അവർ താമസിച്ചു. ശാബതുദിവസം 35
ബിക്കാറിയോസ് ഇതറിഞ്ഞു. അവനും
സൈന്യം മുഴുവനും യോർദ്ദാൻ നദിക്കരെ
എത്തി.

ജനത്തിനു നേതാവായി യോനാഥാൻ 36
നിയമിച്ച സഹോദരൻ യോഹന്നാനെ, അവ
രുടെ വസ്തുവകയെല്ലാം സൂക്ഷിപ്പാൻ
ദയവുണ്ടാകണമെന്നു മിത്രങ്ങളായ നെബാ
ത്തിയരോടഭ്യർത്ഥിച്ചു. മദ്ബായിൽനി
ന്നുള്ള അംബ്രിയുടെ മക്കൾ വന്ന് യൂഹാ
നോനെയും സഹചരന്മാരെയും പിടിച്ചു
കൊണ്ടുപോയി.

തദനന്തരം, അംബ്രിയുടെ മക്കൾ ഒരു 37
വലിയ വിവാഹസദ്യ നടത്തുന്നുണ്ടെന്നും,
വധുവിനെ നബാത്തിൽനിന്നാണു കൊണ്ടു
വരുന്നതെന്നും, അവൾ, കനാന്യപ്രഭുക്ക
ളുടെ തലവന്മാരിൽ ഒരുവൻെറ മകളാണെ
ന്നും, വലിയ പ്രാഭവത്തോടും ജനസഞ്ചയ
ത്തോടുംകൂടെയാണു വരുന്നതെന്നും,
യോനാഥാനും സഹോദരൻ ശീമോനും
വിവരം കിട്ടി. യോനാഥാൻ സഹോദരൻ 38
ശീമോനുമായി ആലോചിച്ച്, മലയുടെ ഒരു
ഭാഗത്തു മറഞ്ഞിരുന്നു. അവർ നോക്കിയ 39
പ്പോൾ ഒരു ജനസമൂഹത്തിൻെറ ആരവം!
വരനും സുഹൃത്തുക്കളും. തപ്പും കിന്നരവു
മായി ആയുധപാണികളായി തൻെറ
സ്നേഹിതരും സഹോദരരും അവനെ എതി
രേറ്റുകൊണ്ടുവരികയായിരുന്നു. യോനാ 40

ഥാനും കൂട്ടരും ഒളിവിടത്തിൽനിന്നും അവ
രുടെ മേൽ ചാടിവീണ് അവരെ കൊന്നു.
വളരെപ്പേർ ഹതരായി വീണു. ശേഷിച്ചവർ
മലകളിലേക്കു പലായനം ചെയ്തു. അവരുടെ
41 മുതലെല്ലാം കൊള്ളയടിച്ചു. അങ്ങനെ
വിരുന്ന്, വിലാപമായി മാറി. ഗാനാലാപം
42 ശോകഗാനമായും തീർന്നു. ഇങ്ങനെ അവർ
അവരുടെ സഹോദരന്റെ രക്തത്തിനു പ്രതി
കാരം ചെയ്തശേഷം യോർദ്ദാൻകരയിങ്ക
ലേക്കു തിരച്ചെത്തി.
43 യോനാഥാൻ പ്രബലമായ സൈന്യവു
മായി ശാബതു ദിവസം യോർദ്ദാൻ അതി
രിലെത്തിയിട്ടുണ്ട് എന്നു ബിക്കാറിയോ
44 സിനു അറിവു കിട്ടി. യോനാഥാൻ തന്റെ
സഹചരരോട്, എഴുന്നേൽപിൻ, നമ്മുടെ
ജീവനുവേണ്ടി നമുക്കു പോരാടാം. എന്തെ
ന്നാൽ ഇന്ന് ഇന്നലെ പോലെയോ, പണ്ട
ത്തെപ്പോലെയോ അല്ല. യുദ്ധമിതാ, നമുക്കു
45 നേരെ! നമ്മുടെ മുമ്പിൽനിന്നും പിന്നിൽ
നിന്നും! യോർദ്ദാനിലെ വെള്ളം നമുക്കു
ചുറ്റും! മദ്ധ്യഭാഗത്തോ വനവും! അവനിൽ
നിന്നും മാറുവാൻ നമുക്കൊരു സ്ഥലവു
46 മില്ല! നിങ്ങൾ ഇപ്പോൾ, സ്വർഗ്ഗസ്ഥനായ
വന്റെ മുമ്പാകെ നിലവിളിക്കുവിൻ! നിങ്ങ
ളുടെ ശത്രുക്കളിൽനിന്നും നിങ്ങൾ രക്ഷ
പെടും.
47 യുദ്ധം ആരംഭിച്ചു. ബിക്കാറിയോസിനെ
വെട്ടുവാൻ യോനാഥാൻ കൈയുയർത്തി.
48 അവനോ പിന്നിലേക്കു മാറി. അവർ പിൻ
തിരിഞ്ഞ്, യോർദ്ദാനിലൂടെ നീന്തി അക്കരെ
കടന്നു. യോനാഥാനും സഹചരന്മാരും
49 അവർക്കു പിന്നാലെ കടന്നില്ല. ആ ദിവസം
ബിക്കാറിയോസിന്റെ ആയിരത്തോളം
50 പേർ ഹതരായി. ബിക്കാറിയോസ് യറുശ
ലേമിലേക്കു തിരികെ പോയി. യഹൂദിയാ
യിൽ അവൻ സുശക്തനഗരങ്ങൾ പണിതു.
അതിനും പുറമെ യറീഹോയിൽ ഒരു കോട്ട.
അൻമോസ്, ബെത്ഹൗറാൻ, ബെഥേൽ,
തമ്നാഥ്, പ്രാത്ത്, തപ്പൂസ് എന്നീ പ്രദേശ
ങ്ങളിൽ ഉയരമുള്ള കോട്ടകളും, വാതിലു
കളും സാക്ഷാകളും കൊണ്ട് ശക്തമാക്കി.
51 ഇസ്രായേലിന്റെ ശത്രുക്കളെ അവർക്കെ
52 ല്ലാം കാവൽക്കാരായും നിയമിച്ചു. ബെത്
ശൂരെ, ജസിറാ, ബെത്മെർദാ എന്നിവ
യേയും അവൻ ബലവത്താക്കി, അവിടെ
53 യെല്ലാം സൈന്യത്തെ പാർപ്പിച്ചു. സ്ഥല
ത്തെ പ്രഭുകുമാരന്മാരെ ജാമ്യത്തടവുകാ
രായി എടുത്തു. യറുശലേം കോട്ടയ്ക്കു
ള്ളിൽ അവരെ കാവലിൻ കീഴാക്കി.
54 ഒരുനൂറ്റി അൻപത്തിമൂന്നാം ആണ്ട്
രണ്ടാം മാസത്തിൽ-വിശുദ്ധസ്ഥലത്തി
ന്റെ അകത്തെ പ്രാകാരം ഇടിച്ചുപൊളിച്ചു
കളയുവാൻ അൽക്കിമോസ് ആജ്ഞാപിച്ചു.
പ്രവാചകന്മാരുടെ പ്രവൃത്തികളെ അവൻ
നശിപ്പിച്ചു. അതു നിർമ്മൂലമാക്കുവാൻ
ആരംഭിച്ചു. അതേ സമയംതന്നെ അൽക്കി 55
മോസിനു രോഗബാധയുണ്ടാകയാൽ
അവന്റെ പണിയെല്ലാം അവസാനിച്ചു.
അവനു സംസാരശക്തിയില്ലാതായി. ഒറ്റവാ
ക്കുപോലും സംസാരിപ്പാൻ അവനു സാധി
ച്ചില്ല. തന്റെ ഭവനകാര്യത്തെക്കുറിച്ചു
പോലും ആജ്ഞകൾ നൽകുവാൻ കഴിവു
ണ്ടായില്ല. മഹാവേദനകൾ അനുഭവിച്ച് 56
അക്കാലത്ത് അൽകിമോസു മരിച്ചു.
അൽകിമോസ് മരിച്ച വിവരം ബിക്കാ 57
റിയോസ് അറിഞ്ഞപ്പോൾ, അവൻ രാജസ
ന്നിധിയിലേക്കു തിരികെ പോയി. അങ്ങനെ
യഹൂദിയാദേശം രണ്ടു വർഷം ശാന്തിയും
ആശ്വാസവും അനുഭവിച്ചു.
അധർമ്മികളായ മനുഷ്യരാകട്ടെ 58
കൂട്ടംകൂടി ആലോചന നടത്തി. അവർ പറ
ഞ്ഞു. കണ്ടാലും യോനാഥാനും കൂട്ടുകാരും
ധൈര്യമായി ആശ്വാസത്തിൽ കഴിയുന്നു.
നമുക്ക് ഇപ്പോൾതന്നെ ബിക്കാറിയോ
സിനെ കൊണ്ടുവരണം. ഒറ്റരാത്രികൊണ്ട്
അവരെ പിടികൂടണം. അവർ പോയി 59
അവനുമായി ആലോചിച്ചു. ഒരു വലിയ 60
സൈന്യവുമായി അവൻ പുറപ്പെട്ടു. യോനാ
ഥാനെയും അനുചരന്മാരെയും പിടിക്കണം
എന്ന് അവൻ, യഹൂദിയായിലെ അവന്റെ
സഹായികൾക്ക് രഹസ്യസന്ദേശങ്ങളയച്ചു.
എന്നാൽ യോനാഥാന് അവരുടെ ആ
ലോചന അറിവു കിട്ടിയതിനാൽ, അവർക്കു
അതു സാദ്ധ്യമായില്ല. യോനാഥാൻ കൂട്ടർ 61
തിന്മയുടെ അധിപന്മാരായ അൻപതു
ദേശവാസികളെ പിടികൂടി അവരെ വധിച്ചു.
യോനാഥാനും, ശീമോനും, സഹചരന്മാരും 62
മരുഭൂമിയിലെ ബെത്യാശാനിലേക്കു
മാറിപ്പോയി അവിടെ ഇടിഞ്ഞുകിടന്നിരു
ന്നവയെയെല്ലാം ഉറപ്പായി പണിതു. ഇക്കാ 63
ര്യം ബിക്കാറിയോസിനു അറിവു കിട്ടി.
അവൻ അവന്റെ സർവ്വ സൈന്യത്തേയും
കൂട്ടി യഹൂദ്യയിലുള്ളവരോടും കല്പിച്ചു.
അവൻ ബെത്യാശാനിലേക്കു പുറപ്പെട്ടു 64
വളരെ നാൾ യുദ്ധം ചെയ്തു. യുദ്ധയന്ത്രങ്ങൾ
സജ്ജീകരിച്ചു. യോനാഥാൻ സഹോദ 65
രനായ ശീമോനെ നഗരത്തിൽ വിട്ട് ചുരുക്കം
ആളുകളുമായി സ്വയം നാട്ടിൻപുറത്തേക്കു
പുറപ്പെട്ട് ആദൂറെയെയും അവന്റെ 66
സഹോദരന്മാരെയും പ്ശീറോൻ സന്താന

ങ്ങളെയും അവരുടെ വാസസ്ഥലത്തു വെട്ടി
വീഴ്ത്തി. അവർ വെട്ടി വീഴ്ത്തിക്കൊണ്ട്
സൈന്യത്തിലേക്കു കയറി ചെന്നു.
ശീമോനും കൂടെയുള്ളവരും നഗരത്തിൽ
നിന്നും പുറത്തുവന്നു യുദ്ധയന്ത്രങ്ങളെല്ലാം
അഗ്നിക്കിരയാക്കി. അവർ ബിക്കാറിയോ
സിനോട് പോരാടി. അവരുടെ മുമ്പിൽ
അവൻ തകർന്നു. അവൻെറ കണക്കുകൂട്ട
ലും വരവും വ്യർത്ഥമായി. അവിടേക്കു
വരുവാൻ തനിക്കുപദേശം കൊടുത്ത ആ
നീചന്മാരെക്കുറിച്ച് അവനു അത്യധികം
ക്രോധമുളവായി. അവരിൽ പലരെയും
അവൻ കൊന്നുകളഞ്ഞു. തൻെറ സ്വദേശ
ത്തക്കു പോകുവാൻ അവൻ ആലോചിച്ചു.
യോനാഥാൻ വിവരമറിഞ്ഞ് അവനുമായി
സന്ധിയുണ്ടാക്കുവാനും അവൻ അടിമപ്പെ
ടുത്തിയവരെ തിരിച്ചു തരുവാനുമായി
തിനിധികളെ അയച്ചു. ബിക്കാറിയോസു
മ്മതിച്ച് അയാളുടെ വാക്കുകൾപ്രകാരം
വർത്തിച്ചു. അവൻെറ ജീവകാലത്തൊരി
ലും ഇനിയും അയാൾക്കു ദോഷം വരു
ത്തുവാൻ ശ്രമിക്കയില്ലെന്നു ആണകളാൽ
പ്പിക്കയും ചെയ്തു. യഹൂദിയാ ദേശത്തു
ന്നും അവൻ മുമ്പ് അടിമയാക്കിയിരുന്ന
രെയെല്ലാം വിട്ടുകൊടുത്തു. ബിക്കാറി
യോസ് സ്വദേശത്തേക്കു തിരികെ പോയി.
ന്നീടു അവൻ ആ അതിർത്തിക്കുള്ളിൽ
ക്കാൻ ശ്രമിച്ചുമില്ല. ഇസ്രായേലിൽ
ന്നും വാൾ മാറി. യോനാഥാൻ മക്ക്മോ
ൽ വാസം തുടങ്ങി. അയാൾ ഇസ്രായേൽ
തയ്ക്കു ന്യായപാലനം ചെയ്യുവാനും,
ജനത്തിൽനിന്നും നീചരായ മനുഷ്യരെ
പ്പിക്കുന്നതിനും ആരംഭിച്ചു.

അദ്ധ്യായം 10

ഒരുനൂറ്റിഅറുപതാമാണ്ടിൽ അന്തിയോ
സിൻെറ മകൻ, അന്തിയാക്കോസ്
ഫാനിയോസിൻെറ മകൻ അലക്സാ
-ടോളമിയാസ് ആക്രമിച്ചു കീഴടക്കി.
ർ അയാളെ സ്വീകരിച്ചു. അയാൾ
ടെ ഭരിച്ചു. ദെമത്രിയോസു രാജാവ്
റിഞ്ഞ് ഒരു വലിയ സേനയുമായി
ൾക്കെതിരെ യുദ്ധത്തിനു പുറപ്പെട്ടു.
ൾ യോനാഥാനെ പുകഴ്ത്തി. സമാ
വാക്കുകളിൽ യോനാഥാന് സന്ദേശമ
. ദെമത്രിയോസ് പറഞ്ഞു: ആദ്യം
ക്കു വേണം അവൻെറ സ്നേഹം
ദിക്കുവാൻ. അല്ലെങ്കിൽ അലക്സാ
പോയി അവനുമായി സഖ്യം ചെയ്യും;
ൻ നമുക്കു എതിരുമാകാം. എന്തെ
ന്നാൽ പണ്ടു നാം അവനോടും അവൻെറ
സഹോദരരോടും അവൻെറ ജനത്തോടും
ചെയ്ത തിന്മകൾ അവന് ഓർമ്മയുണ്ട്. യോ 6
നാഥാന് സേന രൂപീകരിക്കാനും, ന്യായ
പാലനം നടത്തുവാനും, അവൻ അധികാരം
കൊടുത്തു. അയാൾ രാജാവിനെ സഹാ
യിച്ചുകൊണ്ടിരിക്കണം. കോട്ടയിലുള്ള
ജാമ്യത്തടവുകാരെ അയാൾക്കു നൽകും.
യോനാഥാൻ യറുശലേമിൽ വന്നു. 7
സർവ്വജനവും കോട്ടയിലുള്ളവരും കേൾ
ക്കെ സന്ദേശങ്ങൾ വായിച്ചു. സൈന്യ 8
ശേഖരണം നടത്തിക്കൊള്ളുവാനും അധി
കാരപ്പെടുത്തി എന്നും കോട്ടവാസികളെ
ജാമ്യത്തടവുകാരായി യോനാഥാനെ
ഏല്പിച്ചിരിക്കുന്നു എന്നും കേട്ടപ്പോൾ 9
അവർ അത്യധികം ഭയപ്പെട്ടു. യോനാഥാനാ 10
കട്ടെ അവരെ അവരുടെ സ്വന്തക്കാർക്കു
വിട്ടുകൊടുത്തു.
യോനാഥാൻ യറുശലേമിൽ പാർത്തു 11
കൊണ്ട് നഗരം പണിയുവാനും പുതുക്കു
വാനും തുടങ്ങി. പണിക്കാരോടു യോനാ
ഥാൻ, സെഹിയോൻ മലയ്ക്കു ചുറ്റും
കോട്ട, സുശക്തമായി ഉറപ്പുള്ള കല്ലുകൾ
കൊണ്ടു പണിയണം എന്നു പറഞ്ഞു.
അവർ അങ്ങനെ ചെയ്തു. ബിക്കാറിയോസ് 12
പണിയിച്ച കോട്ടയിലുണ്ടായിരുന്ന അന്യ
ദേശസന്തതികളെല്ലാം സ്ഥലം വിട്ട് ഓടി.
ഓരോരുവനും സ്ഥലം വിട്ട് അവരുടെ 13
നാട്ടിലേക്കു പോയി. എന്നിട്ടും, ന്യായപ്രമാ 14
ണവും ചട്ടങ്ങളും വിട്ട ചിലർ കോട്ടയിൽ
ശേഷിച്ചു. അതവരുടെ അഭയകേന്ദ്രമായി
രുന്നു.
ദെമത്രിയോസ് വാഗ്ദാനം ചെയ്ത കാര്യ 15
മെല്ലാം അലക്സാണ്ടർ രാജാവു കേട്ടു.
അയാളും സഹോദരന്മാരും ചെയ്തിട്ടുള്ള
യുദ്ധങ്ങളേയും വീര്യപ്രവർത്തനങ്ങളേയും
ശക്തിപ്രകടനങ്ങളേയും അവരുടെ മാഹാ
ത്മ്യങ്ങളെയുംകുറിച്ച് അയാൾ വിവരമായി
അറിഞ്ഞു. ഇതുപോലെ ഒരുവനെ നമുക്കു 16
കണ്ടെത്താൻ സാദ്ധ്യമാകയില്ല. ആകയാൽ
അയാളെ നമുക്കു മിത്രവും സഹായിയുമാ
ക്കിത്തീർക്കണം എന്നു പറഞ്ഞു. അയാൾ 17
യോനാഥാന് എഴുത്തയച്ചു. എഴുതിയത്:
അലക്സാണ്ടർ രാജാവിൽനിന്നും എൻെറ 18
സഹോദരൻ യോനാഥാന്—സമാധാനം.
താങ്കൾ രണവീരനും നമ്മുടെ സ്നേഹിത
നായിരിപ്പാൻ അർഹനും എന്നു താങ്കളെ
ക്കുറിച്ചു നാം കേട്ടിരിക്കുന്നു. ഇപ്പോൾ നാം 19
താങ്കളെ സ്വന്തജനത്തിൻെറ മഹാപ്രധാ
നാചാര്യനായി നിയമിച്ചിരിക്കുന്നു. താങ്കൾ 20

"രാജമിത്രം" എന്നു സംബോധന ചെയ്യ
പ്പെടും! അയാൾക്കു പട്ടു മേലങ്കിയും
കിരീടവും കൂടെ കൊടുത്തയച്ചു. അയാൾ
പറഞ്ഞു: അയാൾക്കു നമ്മുടെ അഭിപ്രായ
ത്തോട് യോജിപ്പും, നമ്മോടുള്ള മൈത്രിയും
21 ഉണ്ടാകട്ടെ. യോനാഥാൻ, നൂറ്റി അറുപതാ
മാണ്ടിൽ, ഏഴാം മാസത്തിൽ കൂടാരപ്പെ
രുന്നാളിൽ ആ വിശുദ്ധമായ അങ്കി അണി
ഞ്ഞ്, സൈന്യത്തെ വിളിച്ചുകൂട്ടി. വളരെ
22 ആയുധശേഖരണവും നടത്തി. ദെമത്രി
യോസ് ഇക്കാര്യമെല്ലാം അറിഞ്ഞു. അയാൾ
23 ക്കു വിഷമമായി പറഞ്ഞു: യഹൂദന്മാരു
മായി അലക്സാണ്ടർക്കു മുൻപായി മൈത്രി
24 പുലർത്തുവാൻ നാം എന്തു ചെയ്യു? ഞാനും
അവർ നമ്മുടെ സഹായികളായിരിപ്പാൻ
വേണ്ടി അവർക്കു അപേക്ഷാരൂപത്തിലും
പുകഴ്ത്തിയും സമ്മാനങ്ങൾ കൊടുത്തും
25 കൊണ്ട് എഴുത്തുകൾ അയയ്ക്കാം. ഈ
വാക്കുകളിൽ അയാൾ സന്ദേശം അയച്ചു.
'ദെമത്രിയോസ് രാജാവിൽനിന്നും യഹൂദ
26 ജനതയ്ക്കു സമാധാനം. നാമുമായുള്ള
സഖ്യത്തിൽ നിങ്ങൾ ഉറച്ചു നിലകൊള്ളു
ന്നുവെന്നും, നമ്മോടുള്ള മൈത്രി നിങ്ങൾ
സംരക്ഷിച്ച് വരുന്നുവെന്നും, നമ്മുടെ ശത്രു
ക്കളുമായി നിങ്ങൾ സഹകരിച്ചിട്ടില്ലെന്നും,
നാം അറിഞ്ഞു സന്തോഷത്തോടിരിക്കുന്നു.
27 ഇപ്പോഴും നമ്മോടുള്ള അതേ മനസ്സോടെ
28 തന്നെ വർത്തിപ്പിൻ. വളരെയേറെ നല്ല
കാര്യങ്ങൾ നാം നിങ്ങൾക്കു പ്രതിഫലമായി
തരുന്നതാണ്. നിങ്ങൾ നമ്മോടും അങ്ങനെ
29 തന്നെ ചെയ്തിട്ടുള്ളവരാണല്ലോ. നിങ്ങൾക്കു
വളരെയേറെ ഇളവുകൾ നാം ചെയ്തു തരും.
സമ്മാനങ്ങളും പ്രദാനം ചെയ്യും. നിങ്ങൾ
30 ക്കു—യഹൂദന്മാർക്കും—ഉപ്പിന്റെ വില
യും രാജഭോഗവും അടയ്ക്കുന്നതിൽനിന്നും
നാം ഇളവു ചെയ്തിരിക്കുന്നു. വിളവുകളുടെ
മൂന്നിലൊന്നും വൃക്ഷഫലങ്ങളുടെ പകു
തിയും നമുക്കുള്ളത് ഇന്നുമുതൽ മേലാ
ലേക്കു നാം ഉപേക്ഷിച്ചിരിക്കുന്നു. അതു
സംബന്ധമായി ശമറിയായിൽനിന്നും,
ഗലീലയിൽനിന്നും നിശ്ചയിക്കപ്പെട്ടിട്ടുള്ള
നികുതികളും ഉന്നുമുതൽ മേലിലേക്കും നാം
ഉപേക്ഷിച്ചിരിക്കുന്നു.
31 യറുശലേം അതിന്റെ അതിർത്തികൾ
വരെയും പരിശുദ്ധവും സ്വതന്ത്രവും ആയി
രിക്കും. അവിടെനിന്നുള്ള ദശാംശവും
32 ചുങ്കവും നാം ഉപേക്ഷിച്ചിരിക്കുന്നു. യറുശ
ലേമിലെ കോട്ടയ്ക്ക് സൂക്ഷിപ്പുകാരായി
തനിക്കിഷ്ടമുള്ളവരെ നിയമിക്കുവാൻ
കോട്ടമേലുള്ള സർവ്വാധികാരവും മഹാ
പുരോഹിതനു നാം നൽകിയിരിക്കുന്നു.
യഹൂദിയാദേശത്തുനിന്നും അടിമകളാക്കി
നമ്മുടെ രാജ്യാതിർത്തിയിൽ എവിടെയു
മുള്ള എല്ലാ യഹൂദന്മാരെയും നാം സൗജന്യ
മായി സ്വതന്ത്രരാക്കിയിരിക്കുന്നു. അവരു 33
ടെയും അവരുടെ മൃഗങ്ങളുടെയും നികുതി
എല്ലാവരും റദ്ദാക്കിക്കൊള്ളും. അതിന്റെ 34
എല്ലാ പെരുന്നാളുകളും, ശാബതുകളും,
മാസാരംഭവും, മറ്റു വിശേഷദിവസങ്ങളും,
പെരുന്നാളുകൾക്കു മുമ്പും പിമ്പുമുള്ള
മൂന്നു ദിവസങ്ങളും നമ്മുടെ രാജ്യമാസകല
മുള്ള എല്ലാ യഹൂദർക്കും സ്വതന്ത്രങ്ങളായി
രിക്കും. അവരിൽനിന്നും ചുങ്കം ഉപേക്ഷിക്ക
പ്പെട്ടിരിക്കുന്നു. ഒരു കാര്യത്തിലും അവരിൽ 35
നിന്നും ആവശ്യപ്പെടുവാനോ, അവരിൽ
ഒരുവനെപ്പോലും ഞെരുക്കുവാനോ
ആർക്കും അധികാരമില്ല. രാജാവിന്റെ 36
സൈന്യത്തിലേക്കു അവരിൽനിന്നും മുവാ
യിരം പേരെ എടുക്കുന്നതും രാജസേനയിൽ
പെട്ടിരിക്കുന്നവർക്കു അർഹമായ സമ്മാന
ങ്ങൾ നൽകപ്പെടുന്നതുമാണ്. രാജാവിന്റെ 37
പ്രബലമായ കോട്ടകൾക്കധിപന്മാരായി
അവരിൽനിന്നും നിയമിക്കപ്പെടും. രാജാ
വിന്റെ വിശ്വസ്ത രഹസ്യകാര്യങ്ങൾ സംബ
ന്ധിച്ചും അവർ നിയമിതരാകും. അവരുടെ
ഭരണാധിപന്മാരും മേലധികാരികളും
അവരിൽനിന്നുതന്നെ ആയിരിക്കും. യഹൂ
ദിയാരാജ്യത്തിൽ രാജകല്പനപ്രകാരം
അവരുടെ ന്യായപ്രമാണത്താൽ അവർ
ഭരിക്കപ്പെടും. ശമറിയദേശത്തുനിന്നും 38
യഹൂദ്യായോടു കൂട്ടിച്ചേർക്കപ്പെട്ട പ്രവി
ശ്യകളും, എല്ലാവരും ഒരൊറ്റ അധികാര
ത്തിൻകീഴാകുവാൻ തക്കവണ്ണം യഹൂദി
യാക്കു നൽകപ്പെടണം. മഹാപുരോഹിത
നല്ലാതെ മറ്റാർക്കും അതിന്മേൽ അധികാര
പ്പെടാവുന്നതല്ല. വിശുദ്ധസ്ഥലത്തെ ചെല 39
വുകൾക്കായി ടോളമിയാസും അതിന്മേ
ലുള്ള അധികാരം യറുശലേമിലെ വിശു
ദ്ധർക്കായി നാം നൽകിയിരിക്കുന്നു. രാജഭ 40
ണ്ഡാരത്തിൽനിന്നും ആണ്ടുതോറും പതി
നയ്യായിരം വെള്ളിയും ഞാൻ തന്നുകൊ
ണ്ടിരിക്കും. പൂർവ്വജാതികൾക്ക് എന്നതു 41
പോലെ എനിക്കു വരേണ്ടവയിൽ കുടിശ്ശി
കയുള്ള മുഴുവനും ആലയത്തിന്റെ
പ്രവർത്തനങ്ങൾക്കായി ഇപ്പോൾ മുതൽ
നല്കപ്പെടണം. വീണ്ടും, വിശുദ്ധസ്ഥ 42
ലത്തെ കാര്യങ്ങളിൽനിന്നും ഞാൻ ആണ്ടു
തോറും എടുത്തുവന്നിരുന്ന അയ്യായിരം
'വെള്ളി' ഞാൻ ഉപേക്ഷിക്കുന്നു. എന്തെ
ന്നാൽ അത് ആലയത്തിൽ ശുശ്രൂഷ ചെയ്യു

ന്ന പുരോഹിതന്മാർക്കുള്ളതാകുന്നു. രാജാ
വിനു കടംവീട്ടാനുള്ളവരോ മറ്റേതെങ്കിലും
കാര്യമുള്ളവരോ, ആയി യറുശലേമിലോ
അതിരുകളിലോ ഉള്ളവർ യറുശലേം
ദൈവാലയത്തിൽ ഓടിവന്നു സങ്കേതം
പ്രാപിച്ചാൽ അവരും എൻെറ രാജ്യത്തു
അവർക്കുള്ള സർവ്വവും ശിക്ഷാവിമുക്തമാ
യിരിക്കും. വിശുദ്ധ സ്ഥലം പണിത് പുതു
താക്കണം. യറുശലേമിൻെറ കോട്ടകൾ
ചുറ്റും പണിയപ്പെട്ട് സുശക്തമാക്കപ്പെടണം.
യഹൂദ്യായുടെ കോട്ടകൾ പണിയുന്നതി
നുള്ള ചെലവു രാജകൊട്ടാരത്തിൽനിന്നു
അവർക്കു നൽകപ്പെട്ടിരിക്കുന്നു.
ദെമത്രിയോസ് അയച്ച ഈ സന്ദേശം
യോനാഥാനും ജനവും വായിച്ചു കേട്ട
പ്പോൾ, അവർ അവനെ വിശ്വസിച്ചില്ല. അവ
നിൽനിന്നും ഒന്നും സ്വീകരിച്ചുമില്ല. അവൻ
ഇസ്രായേലിനോടു ചെയ്ത എല്ലാ ദുഷ്ടത
കളും അത്യധികമായി പീഡിപ്പിച്ചുകൊണ്ടി
രുന്നതും അവർ ഓർത്തു. സമാധാനസ
ന്ദേശം ആദ്യം അയച്ചത് അലക്സാണ്ടർ
ആയിരുന്നതിനാൽ അയാളെയാണ് അവർ
ഇഷ്ടപ്പെട്ടത്. സദാ അവർ അയാളെ സഹാ
യിച്ചുകൊണ്ടുമിരുന്നു.
അലക്സാണ്ടർ രാജാവ് ഒരു പ്രബല
സേനയുമായി ചെന്ന് ദമത്രിയേയോസിനെ
തിരെ പാളയമിറങ്ങി. രണ്ടുരാജാക്കന്മാരും
ഘോരയുദ്ധം ചെയ്തു. ദമത്രിയോസിൻെറ
സൈന്യം പലായനം ചെയ്തു. അലക്സാണ്ടർ
അവരെ പിന്തുടർന്ന് ഓടിച്ചു; അവരുടെ
മേൽ ശക്തിപ്പെട്ടു. സൂര്യാസ്തമനംവരെയും
യുദ്ധം മുറുകി. ആ ദിവസം ദമത്രിയോസ്
ഹതനായി.
അന്നുതന്നെ അലക്സാണ്ടർ ഈജിപ്ത്
രാജാവായ ടോളമിയുടെ പേർക്കു താഴെ
കാണുന്ന സന്ദേശവുമായി പ്രതിനിധികളെ
അയച്ചു. ഞാൻ എൻെറ രാജ്യത്തിലേക്ക്
തിരിച്ചെത്തി. എൻെറ പിതാക്കന്മാരുടെ
സിംഹാസനത്തിൽ ഞാൻ ഉപവിഷ്ടനാ
യിരിക്കുന്നു. അതിൻെറ അധികാരം ഞാൻ
ഏറ്റിരിക്കുന്നു. ദമത്രിയോസിനെ ഞാൻ
തകർത്തുകഴിഞ്ഞു. ഞങ്ങളുടെ ദേശമെ
ഞാൻ പിടിച്ചെടുത്ത് പ്രബലനായി
രിക്കുന്നു. ഞാൻ അവനോടു യുദ്ധം ചെയ്ത്
അവനും അവൻെറ സൈന്യവും ഞങ്ങളുടെ
മുമ്പിൽ തകർന്നുവീണു. അവൻെറ രാജ്യ
സിംഹാസനത്തിലും ഞാൻ ഉപവിഷ്ഠ
നായി! ഇപ്പോൾ നമുക്കു പരസ്പരം
സൗഹൃദം നിലനിർത്താം. അങ്ങയുടെ
മകളെ എനിക്കു വിവാഹം ചെയ്തുതരിക.
ഞാൻ അങ്ങയുടെ മരുമകനായിരുന്നുകൊ
ള്ളാം. അങ്ങയ്ക്കു ചേർച്ചയുള്ള ഉപഹാര
ങ്ങൾ അങ്ങേയ്ക്കും അവൾക്കും ഞാൻ
തന്നുകൊള്ളാം.
ടോളമിരാജാവിൻെറ മറുപടി "നിൻെറ 55
പിതാവിൻെറ രാജ്യത്തേക്കു നീ പ്രത്യാഗ
മിച്ച്, നിൻെറ പിതാക്കന്മാരുടെ സിംഹാ
സനത്തിന്മേൽ ഇരുന്ന സുദിനം നന്നായി
വരട്ടെ. നീ എഴുതി അയച്ചതെല്ലാം നിനക്കു
ഞാൻ ചെയ്തു തരും. നീയോ ടോളമിയാസി 56
ലേക്കു വരണം. അവിടെ വച്ചു നമുക്കു
തമ്മിൽ കാണാം. എൻെറ മകളെ നീ പറഞ്ഞ
തുപോലെ വിവാഹം കഴിപ്പിച്ചു തരാം.
ടോളമിയും മകൾ ക്ലേയോപാത്രായും 57
ഈജിപ്റ്റിൽനിന്നും പുറപ്പെട്ട് ടോളമിയാസി
ലെത്തി. നൂറ്റിഅറുപത്തിരണ്ടാമാണ്ടിൽ
അലക്സാണ്ടർ രാജാവ് അവരെ സ്വാഗതം 58
ചെയ്തു. രാജാവ് ക്ലേയോപാത്രയെ അല
ക്സാണ്ടറിനു ഭാര്യയായി കൊടുത്തു.
വളരെ ആർഭാടത്തോടെ രാജോചിതമായി
വിവാഹവിരുന്നും നടത്തി.
തന്നെ സന്ദർശിക്കുവാൻ യോനാഥാൻ 59
വരണമെന്നു അലക്സാണ്ടർ രാജാവ്
എഴുത്തയച്ചു. യോനാഥാൻ ആഘോഷ
പൂർവ്വം ടോളമിയാസിലെത്തി. ഇരുരാജാക്ക
ന്മാരെയും സന്ദർശിച്ചു. അവർക്കും അവ 60
രുടെ സുഹൃത്തുക്കൾക്കും പൊന്നും വെള്ളി
യും സമ്മാനങ്ങളും കൊടുത്തു. അവരുടെ
ദൃഷ്ടിയിൽ അയാൾ കരുണ കണ്ടെത്തി.
എന്നാൽ ഇസ്രായേലിൽനിന്നും വഷള 61
ന്മാരും അധർമ്മികളുമായ ചിലർ രാജസ
ന്നിധിയിൽ എത്തി. യോനാഥാനെ എതിർ
പ്പാനായി സംഘം ചേർന്നു. രാജാവ് അവരെ
നോക്കുകപോലും ചെയ്തില്ല. അവരെ
സ്വീകരിച്ചുമില്ല. രാജകല്പനാനുസരണം 62
യോനാഥാൻെറ സാധാരണ വസ്ത്രങ്ങൾ മാറ്റി
പട്ടുനിലയങ്കി ധരിപ്പിച്ചു; രാജാ വിനോട് ഒപ്പം
ഇരുത്തുകയും ചെയ്തു. അയാൾ പ്രഭു
ക്കന്മാരോടു പറഞ്ഞു: നിങ്ങൾ ഇദ്ദേഹ 63
ത്തോടൊരുമിച്ച് നഗരമദ്ധ്യത്തിലേക്കു
പുറപ്പെടുവിൻ. യാതൊരു കാര്യത്തിലും 64
യാതൊരുവനും ഇദ്ദേഹത്തെ എതിർക്കു
കയോ, ഒരു കാരണവശാലും ശല്യം ചെയ്ക
യോ, ചെയ്തുകൂടാ എന്നു വിളംബരം ചെയ്യു
വിൻ. യോനാഥാന് എതിരു നിന്നവർ അയാ 65
ളുടെ പ്രതാപവും പ്രഘോഷകരുടെ വിളം
ബരവും അയാൾ അണിഞ്ഞിരുന്ന മേൽത
രമേലങ്കിയും എല്ലാം കണ്ടപ്പോൾ ഒളിച്ചോ
ടിപ്പോയി. രാജാവ് യോനാഥാനെ ശ്ലാഘി 66
ക്കുകയും, തൻെറ മിത്രപ്രധാനിയായി

അദ്ദേഹത്തെ രേഖപ്പെടുത്തുകയും സേനാ
ധിപനും ജന നേതാവുമായി നിയമിക്കു
കയും ചെയ്തു.
67 സമാധാനത്തോടും സന്തോഷത്തോ
ടും യോനാഥാൻ യറുശലേമിൽ തിരി
ച്ചെത്തി. (ഒരു നൂറ്റി അറുപത്തഞ്ചിൽ). ദെമ
ത്രിയോസിൻെറ പുത്രൻ ദമത്രിയോസ്
ക്രീറ്റിൽനിന്നും, അവൻെറ പിതൃദേശത്തേ
68 ക്കു വന്നു. അലക്സാണ്ടർ രാജാവ് ഇത
റിഞ്ഞ് ചിന്താകുലനായി; അന്ത്യോക്യയി
69 ലേക്കു തിരികെ പോയി. സിറിയാക്കധി
പനായി ദമത്രിയോസ് അഫ്ലോനിയോ
സിനെ നിയമിച്ചു. അവൻ സൈന്യശേഖര
ണം നടത്തി. യമ്നീനിൽ പാളയമിറങ്ങി.
മഹാപുരോഹിതനായ യോനാഥാൻെറ
70 അടുക്കൽ ആളയച്ചു പറഞ്ഞു. നീ മാത്ര
മാണ് ഞങ്ങൾക്കെതിരെ അഹങ്കരിക്കു
ന്നത്. നീ നിമിത്തം ഞാൻ അവമാനത്തിനും
71 പരിഹാസത്തിനും പാത്രമായി. ഞങ്ങളുടെ
അതിർത്തിയിൽ നീ എന്താണ് ഞങ്ങളുടെ
മേൽ ആധിപത്യം പുലർത്തുന്നത്? ഇപ്പോൾ
നിൻെറ പ്രാബല്യത്തെക്കുറിച്ചു നിനക്കു
ധൈര്യമുണ്ടെങ്കിൽ സമതലത്തു ഞങ്ങ
ളുടെ സമീപം ഇറങ്ങിവരിക. അവിടെവച്ചു
72 നമുക്കു തമ്മിൽ കാണാം. എന്നോടൊപ്പം
നഗരങ്ങളിലെ സൈന്യമെല്ലാമുണ്ട്. ഞാൻ
ആരെന്നും എൻെറ സഹായികൾ ആരെല്ലാ
മെന്നും നീ അന്വേഷിച്ചറിഞ്ഞുകൊള്ളുക.
ഞങ്ങളുടെ മുമ്പിൽ നിങ്ങൾക്കു കാലുറ
യ്ക്കുകയില്ലെന്നു അവർ പറയുന്നു. നിൻെറ
പിതാക്കന്മാർ അവരുടെ രാജ്യത്തുവച്ചു
തന്നെ രണ്ടു പ്രാവശ്യം തോറ്റോടിയില്ലേ?
73 ഇപ്പോൾ നിങ്ങൾക്കു ഞങ്ങളുടെ സൈന്യ
ത്തിൻെറയും അശ്വാരൂഢരുടെയും മുമ്പിൽ
നില്പാൻ ശക്തിയില്ലതന്നെ. ഈ സമതലം
കല്ലും പാറയുമാണ്. പലായനം ചെയ്യാൻ
ഇടവുമില്ലാത്തതാണ്.
74 അപ്പലോനിയോസിൻെറ വാക്കുകൾ
യോനാഥാൻ കേട്ടപ്പോൾ കോപാധീനനും
ചിന്താകുലനുമായി. യറുശലേമിൽനിന്നും
അയാൾ പതിനായിരം പേരെ കൂട്ടിച്ചേർത്തു.
സഹോദരൻ ശീമോനും സഹായത്തി
75 നെത്തി. യോനാഥാൻ യൂപ്പിയ്ക്കെതിരെ
പാളയമിറങ്ങി. നഗരവാസികളെയും നഗര
വാതിലും ബന്ധിച്ചു. അവിടെ അപ്പലോനി
യോസിൻെറ ഒരു കാവൽ സൈന്യമുണ്ടായി
രുന്നു. അവരോടു അയാൾ യുദ്ധം ചെയ്തു.
നഗരവാസികൾ ഭയാകുലരായി നഗരവാ
76 തിൽ തുറന്നുകൊടുത്തു. യോനാഥാൻ
77 യൂപ്പിമേൽ ആധിപത്യം ഉറപ്പിച്ചു. അപ്പ
ലോനിയോസ് ഇതറിഞ്ഞ് മൂവായിരം
അശ്വാരൂഢരും സൈന്യവുമായി സോത്തേ
ബിലേക്കു കടന്നുപോയി. അശ്വാരൂഢർ
അവനോടുകൂടെ ഉണ്ടായിരുന്നതിനാൽ
അവൻ ആദ്യമേ സമതലത്തെത്തി. സൈന്യ
ത്തെപ്രതി അവനു വളരെ ധൈര്യവുമുണ്ടാ
യിരുന്നു. യോനാഥാൻ സൊത്തേസിലേക്ക് 78
അവനെ പിൻതുടർന്നു. രണ്ടു സൈന്യവും 79
യുദ്ധത്തിന് അണിനിരന്നു. അപ്പലോനി
യോസ് ആയിരം അശ്വാരൂഢരെ ഒളിവിട
ങ്ങളിൽ മാറ്റി നിർത്തിയിരുന്നു. തൻെറ 80
പിന്നിൽ ഒളിച്ചിരിക്കുന്ന സൈന്യം ഉണ്ടെന്ന്
യോനാഥാൻ അറിഞ്ഞു. അവൻെറ സേന
യെ തിരിച്ച്, അവർ ജനത്തിന്മേൽ ധാരാ
ളമായി പ്രഭാതം മുതൽ മദ്ധ്യാഹ്നം വരെ
എയ്തു. ജനമോ യോനാഥാൻെറ കല്പന 81
പ്രകാരം നിലകൊണ്ടു. അവരുടെ അശ്വാരൂ 82
ഢർ ക്ഷീണിച്ചവശരായി. ശീമോൻ അവ
ൻെറ സേനയെ കൂട്ടി ആ അശ്വാരൂഢരും
സേനയും ചിതറിപ്പോകുന്നതുവരെ പോരാ
ട്ടം നടത്തി. അവർ അവരുടെ മുമ്പിൽനിന്നും 83
പലായനം ചെയ്തു. അശ്വാരൂഢർ സമതല
ത്തുവച്ചു തകർക്കപ്പെട്ടു. അവർ സൊത്തോ
സിലേക്കു പലായനം ചെയ്യുകയും രക്ഷ
പ്പെടുവാൻവേണ്ടി അവരുടെ വിഗ്രഹമായ
ദാഗോൻെറ ആലയത്തിൽ കടന്നിരിക്കു
കയും ചെയ്തു. യോനാഥാൻ അവരുടെ വിഗ്ര 84
ഹാലയവും ദാഗോൻ ആലയത്തിൽ ഓടി
ഒളിച്ചിരുന്നവരെയും അഗ്നിക്ക് ഇരയാക്കി.
സൊത്തേസിനെയും അതിൻെറ പരിസര
നഗരങ്ങളെയും അഗ്നിക്കിരയാക്കി, അവയെ
കൊള്ള ചെയ്തു. വാളാൽ വീണവരും അഗ്നി 85
ക്കിരയായവരുംകൂടി ഏകദേശം എണ്ണാ
യിരം പേരുണ്ടായിരുന്നു. യോനാഥാൻ 86
അവിടെനിന്നു പുറപ്പെട്ട് അശ്കലോനിൽ
പാളയമിറങ്ങി. നഗരവാസികൾ വലിയ
ആഘോഷത്തോടെ അയാളെ എതിരേറ്റു.
വളരെയേറെ കൊള്ളവസ്തുക്കളോടുകൂടി 87
യോനാഥാനും അനുചരന്മാരും യരുശലേ
മിൽ തിരിച്ചെത്തി. അലക്സാണ്ടർ രാജാവ് 88
ഇക്കാര്യമെല്ലാം കേട്ടപ്പോൾ യോനാഥാനോ
ടുള്ള ബഹുമാനം വർദ്ധിച്ചു. രാജകുടുംബ 89
ങ്ങളിലുള്ളവർക്ക് പതിവായി നൽകപ്പെ
ടുന്ന രീതിയിലുള്ള സ്വർണ്ണ പതക്കം
അയാൾക്ക് അയച്ചുകൊടുത്തു. അയാൾക്ക്
എക്രോനും അതിൻെറ അതിർത്തിപ്രദേശ
ങ്ങളും അവകാശമായി നൽകി.

അദ്ധ്യായം 11

കടൽത്തീരത്തെ മണൽപോലെ 1

ഈജിപ്ത് രാജാവ് അനേകായിരങ്ങളെ
വലിയോരു സേനയായി ശേഖരിച്ചു. അല
ക്സാണ്ടറിന്റെ രാജ്യം വഞ്ചനയിൽ പിടി
ച്ചെടുക്കുവാനും അവന്റെ രാജ്യത്തോടു
കൂട്ടിച്ചേർക്കുവാനും ആഗ്രഹിച്ചു. സമാധാ
നവാക്കുകളോടുകൂടി അയാൾ സിറിയാ
യിലേക്കു പുറപ്പെട്ടു. നഗരവാസികൾ
വാതിൽ തുറന്നുകൊടുത്ത് അദ്ദേഹത്തെ
എതിരേറ്റു. എന്തെന്നാൽ സ്ഥാനോചിത
മായി അദ്ദേഹത്തെ അവർ എതിരേൽക്ക
ണമെന്നു അലക്സാണ്ടർ കല്പന കൊടു
ത്തിരുന്നു. ടോളമി പ്രവേശിച്ച നഗരങ്ങളി
ലെല്ലാം കാവൽസൈന്യത്തെ നിർത്തി
യാണ് പോയിരുന്നത്. സൊത്തോസിൽ
ചെന്നപ്പോൾ തീക്കിരയാക്കപ്പെട്ടിരുന്ന
ദാഗോന്റെ വിഗ്രഹാലയവും ഇടിച്ചു തകർ
ക്കപ്പെട്ട സോത്തോസും പരിസരങ്ങളും
വലിച്ചെറിയപ്പെട്ടു കത്തിച്ചുകളഞ്ഞ ജഡ
ങ്ങളും അവർ അയാളെ കാണിച്ചു കൊ
ടുത്തു. അവർ വഴിനീളെ ദുരാലോചന
ചെയ്തിരുന്നു. അദ്ദേഹത്തെ അപമാനിക്കത്തെ
വണ്ണം ചെയ്തതെല്ലാം അവർ അയാളെ
ധരിപ്പിച്ചു. രാജാവ് ഇതെല്ലാം കേട്ടിട്ടും മൗനം
പാലിച്ചു. യോനാഥാൻ, രാജാവിനെ
ആർഭാടത്തോടെ യൂപ്പിയിൽവച്ച് സ്വീക
രിച്ചു പരസ്പരം സമാധാനം ആശംസിച്ചു.
അവർ അവിടെ രാപാർത്തു. ബീർഹിറാ
മെന്നുപേരുള്ള നദിവരെയും യോനാഥാൻ
രാജാവുമൊന്നിച്ചുപോയിട്ട് യറുശലേമി
ലേക്കു തിരികെ പോയി. കടൽതീരത്തുള്ള
സെലൂക്യാവരെ കടലോരത്തുള്ള സർവ്വന
ഗരങ്ങൾമേലും ടോളമി രാജാവ് ആധിപ
ത്യമുറപ്പിച്ചു. അലക്സാണ്ടറിനെതിരായി
അയാൾ ദുരാലോചനകളും നടത്തി.
ദമത്രിയോസ് രാജാവിന്റെ അടുത്തു
പ്രതിനിധികളെ അയച്ച് പറയിച്ചു. വരു,
നമുക്കു പരസ്പരം ഉടമ്പടി ചെയ്യാം. അല
ക്സാണ്ടർ പരിഗ്രഹിച്ച എന്റെ മകളെ
ഞാൻ നിനക്കു തരാം. നിന്റെ പിതാവിന്റെ
രാജ്യത്തിൽ നീ വാണുകൊള്ളുക. എന്റെ
മകളെ അവർക്കു കൊടുത്തതിൽ ഞാൻ
പശ്ചാത്തപിക്കുന്നു. എന്തെന്നാൽ അവൻ
എന്നെ കൊല്ലുവാനാഗ്രഹിച്ചു! ടോളമി
അലക്സാണ്ടറെ വെറുത്തു. ഉപേക്ഷിച്ചു.
കാരണം, ഇയാൾ അയാളുടെ രാജ്യത്തെ
മോഹിച്ചുവത്രെ. തന്റെ മകളെ അയാ
ളിൽനിന്നും വിടർത്തി എടുത്ത് ദമത്രയോ
സിനു നൽകി! അലക്സാണ്ടറിനോടുള്ള
ഭാവം മാറി; ശത്രുത സ്പഷ്ടമായി. ടോളമി
അന്ത്യാക്യായിൽ പ്രവേശിച്ചു. ആസിയാ
യുടെ കിരീടവും ചൂടി. ആസിയാ തുടങ്ങി
ഈജിപ്ത്‌വരെയുള്ള രാജ്യങ്ങളുടെതായി,
അവന്റെ തലയിൽ രണ്ടു കിരീടങ്ങൾ വച്ചു.
അക്കാലത്ത് അലക്സാണ്ടർ രാജാവ് കിലി 14
ക്യായിൽ ആയിരുന്നു. എന്തെന്നാൽ ആ
സ്ഥലവാസികൾ അവനെതിരെ മത്സരം
തുടങ്ങിയിരുന്നു. അലക്സാണ്ടർ വിവ 15
രമറിഞ്ഞ് ടോളമിക്കെതിരെ യുദ്ധത്തിനു
വന്നു. ടോളമിയും ഒരു പ്രബല സേനയോടും
ശക്തമായ ഭുജത്തോടുംകൂടി അയാൾക്കെ
തിരായി പുറപ്പെട്ടു അലക്സാണ്ടറിനെ
തോല്പിച്ചു. അയാൾ രക്ഷയ്ക്കായി അറേ 16
ബ്യായിലേക്കു പലായനം ചെയ്തു. ടോളമി
പ്രബലനായി. അറേബ്യനായ സബദിയേൽ
അലക്സാണ്ടറിന്റെ ശിരസു മുറിച്ചെടുത്ത്
ടോളമിക്ക് അയച്ചുകൊടുത്തു. എന്നാൽ 17
മൂന്നാം ദിവസം ടോളമിയും അവിടെവച്ചു
തന്നെ മരിച്ചു! കോട്ടകളിൽ അവൻ നിറു 18
ത്തിയിരുന്നവരിൽ പലരും കോട്ടകളിലും
മരിച്ചു! ഒരുനൂറ്റി അറുപത്തേഴാമാണ്ടിൽ 19
ദമത്രിയോസ് വാഴ്ച തുടങ്ങി.

അക്കാലത്ത് യോനാഥാൻ, യറുശലേം 20
കോട്ടയിൽ കഴിയുന്നവരോട് പോരാടുവാ
നായി യഹൂദിയായിൽനിന്നും ഒരു സേനയെ
ശേഖരിച്ചു. അതിന്നെതിരായി വളരെയേറെ
യുദ്ധയന്ത്രങ്ങളും നിർമ്മിച്ചു. സ്വജനദ്രോഹി
കളായ ചില ദുഷ്ടന്മാർ രാജസന്നിധിയി 21
ലെത്തി, അവനോട്: യോനാഥാൻ ഇതാ
കോട്ടയിങ്കൽ ഇരിക്കുന്നു എന്നു പറഞ്ഞു.
ഇതറിഞ്ഞു രാജാവ് കോപിഷ്ഠനായി. 22
ഉടനെ അയാൾ പുറപ്പെട്ട് ടോളമിയാസിൽ
എത്തി. യോനാഥാനും മറ്റും കോട്ടയിങ്കൽ
ഇരിക്കരുതെന്നും ഉടൻതന്നെ ടോളമി
യാസിൽ എത്തി തന്നെ കാണണമെന്നും
അയാൾക്ക് എഴുതി അയച്ചു. യോനാഥാ 23
നോ, സേന കോട്ടയിങ്കൽതന്നെ ഇരുന്നു
കൊള്ളണമെന്നു ആജ്ഞാപിച്ചു. അയാൾ
പുരോഹിതന്മാരിൽനിന്നും ഇസ്രായേൽ
മൂപ്പന്മാരിൽനിന്നും ചിലരെ തെരഞ്ഞെ
ടുത്ത് അപകടത്തിന് തന്നെത്തന്നെ
സമർപ്പിച്ചു. അയാൾ പൊന്നും വെള്ളിയും 24
വസ്ത്രങ്ങളും മററു കാഴ്ചവസ്തുക്കളുമായി
ടോളമിയാസിൽ രാജാവിന്റെ അടുത്തെ
ത്തി. രാജദൃഷ്ടിയിൽ കരുണ കണ്ടെത്തി.
സ്വജനത്തിൽതന്നെയുള്ള ആ ദുഷ്ടന്മാർ 25
അയാളെ എതിർത്തുകൊണ്ടിരുന്നു. തന്റെ 26
മുൻഗാമി പ്രവർത്തിച്ചതുപോലെതന്നെ
രാജമിത്രങ്ങളുടെയെല്ലാം സാന്നിദ്ധ്യത്തിൽ 27
രാജാവ് യോനാഥാനെ ബഹുമാനിക്കയും
അയാൾക്കു മുമ്പുണ്ടായിരുന്ന പൗരോഹി

ത്യാധികാരവും എല്ലാ പദവിയും പ്രദാനം
ചെയ്തതിനും പുറമെ, അയാളെ ഉയർത്തി
ശ്രേഷ്ഠരും സംപൂജ്യരുമായ രാജമിത്രങ്ങ
28 ളിൽ ഒരുവനാക്കുകയും ചെയ്തു. യോനാ
ഥാൻ, രാജാവിനോട്: യഹൂദിയായും, ശമറി
യായിലെ മൂന്നു പ്രവിശ്യകളേയും കപ്പം
കൊടുക്കുന്നതിൽനിന്നും ഒഴിവാക്കണ
29 മെന്നപേക്ഷിക്കയും മുന്നൂറു കക്രീൻ
നാണയം വാഗ്ദാനം ചെയ്കയും ചെയ്തു.
രാജാവു സന്തുഷ്ടനായി. യോനാഥാന്
ആവശ്യമുള്ള എല്ലാ കാര്യങ്ങൾക്കുമായി
രാജാവു എഴുത്തുകളും കൊടുത്തു. എഴു
30 ത്തു ഇപ്രകാരമായിരുന്നു: ദമത്രിയോസ്
രാജാവിൽനിന്നും എൻെറ സഹോദരൻ
യോനാഥാനും, യഹൂദജനതയ്ക്കു സമാ
ധാനം; എൻെറ കുടുംബക്കാരനായ ലെസ്ഥീ
നിസിനും ഈ എഴുത്ത് നാം അയച്ചിട്ടുണ്ട്.
31 നിങ്ങൾക്കും അറിവായിരിക്കേണ്ടതിനു
32 നിങ്ങൾക്കും നാം എഴുതിയിരിക്കുന്നു. ദമ
ത്രിയോസ്, എൻെറ പിതാവായ ലെസ്ഥീ
33 നോസിനു സമാധാനം. നാമുമായുള്ള
ഉടമ്പടി പാലിക്കുന്ന നമ്മുടെ മിത്രങ്ങളായ
യഹൂദ ജനതയ്ക്ക്, നമ്മോടുള്ള അവരുടെ
സമാധാനൈക്യം നിമിത്തം ഗുണകരമായ
പലതും ചെയ്യുവാൻ നാം ആഗ്രഹിച്ചിരി
34 ക്കുന്നു. യഹൂദിയായും, ശമരിയായിൽ
നിന്നും യഹൂദിയായോടു ചേർക്കപ്പെട്ട
അഫ്രേ, ലിദാ, റഥാമീൻ എന്നീ പ്രവിശ്യക
ളും അവയുടെ ചുററുമുള്ള സ്ഥലങ്ങളും
അവർക്കുള്ളതാകുന്നു എന്ന് നാം നിശ്ച
യിച്ചു നൽകിയിരിക്കുന്നു. യറുശലേമിൽ
കാഴ്ചകൾ അർപ്പിക്കുന്നവരിൽനിന്നും മുൻ
കാലങ്ങളിൽ ആണ്ടുതോറും ധാന്യങ്ങളിൽ
നിന്നും വൃക്ഷഫലങ്ങളിൽനിന്നും രാജാക്ക
ന്മാർ എടുത്തിരുന്ന നികുതി നാം ഉപേക്ഷി
35 ച്ചിരിക്കുന്നു. ദശാംശം ചുങ്കം, ഉപ്പളങ്ങളിൽ
നിന്നുള്ള ഭോഗം രാജാവിനുള്ള നികുതി
36 എന്നീ നമുക്കു ലഭിക്കേണ്ടവയും നാം ഉപേ
37 ക്ഷിച്ചിരിക്കുന്നു. ഈ ആനുകൂല്യങ്ങളിൽ
ഒന്നും ഒരു കാലത്തും നീക്കപ്പെട്ടുകൂടാ.
ഇപ്പോൾ താല്പര്യപൂർവം ഇതിൻെറ
പകർപ്പ് എഴുതി യോനാഥാനു കൊടു
ക്കണം. വിശുദ്ധ പർവ്വതത്തിൽ പ്രത്യേകവും
പരസ്യവുമായ സ്ഥാനത്ത് ഇതു സ്ഥാപി
ച്ചുവച്ചിരിക്കണം.
38 രാജ്യം ശാന്തമായി ആശ്വാസം വന്നി
രിക്കുന്നുവെന്നും തനിക്ക് ആരും എതിരാളി
കളായി ഇല്ലെന്നും ദമത്രിയോസു കണ്ട
പ്പോൾ, വിജാതീയരുടെ ദ്വീപുകളിൽനിന്നും
അയാൾ സൈന്യത്തിൽ ചേർത്തവരെ
ഒഴികെ തൻെറ സൈന്യത്തിലുള്ളവരെ
സ്വദേശങ്ങളിലേക്കു പിരിച്ചുവിട്ടു. അവ
ൻെറ പിതാക്കന്മാരെ സേവിച്ചിരുന്ന സൈ
ന്യം, തന്മൂലം അയാളോടു ശത്രുതയിലായി!
മുൻകാലത്ത് അലക്സാണ്ടർപക്ഷ 39
ത്തുള്ളവനായിരുന്ന ത്രിഫോൺ സൈന്യം
മുഴുവനും ദമത്രിയോസിനെതിരായി മത്സ
രിക്കുന്നു എന്നു കണ്ടപ്പോൾ, അലക്സാണ്ട
റിൻെറ മകൻ അന്തിയാക്കോസിനെ
വളർത്തിക്കൊണ്ടിരുന്ന അറേബ്യരാജാ
വിനെ സമീപിച്ചു. അവനോട്: തൻെറ 40
പിതാക്കന്മാരുടെ സ്ഥാനത്തു ഭരണം
നടത്തുവാനായി അന്ത്യാക്കോസിനെ
വിട്ടുകൊടുക്കണമെന്നപേക്ഷിച്ചു. ദമത്രി
യോസ് ചെയ്ത എല്ലാ കാര്യങ്ങളും അവനോ
ടുള്ള സൈന്യത്തിൻെറ ശത്രുതയും എല്ലാം
അറിയിച്ചു. കുറെ ദിവസം അവിടെ പാർത്തു.
കോട്ടകളിലും ദുർഗ്ഗങ്ങളിലും വസിക്കു 41
ന്നവരെ യറുശലേമിൽനിന്നു ബഹിഷ്ക
രിക്കുവാനായി യോനാഥാൻ ദെമത്രിയോ
സിൻെറ അടുക്കൽ ആളയച്ചു. എന്തെന്നാൽ
അവർ യഹൂദന്മാരോട് പൊരുതിക്കൊ
ണ്ടിരിക്കയായിരുന്നു. ദമത്രിയോസ് യോനാ 42
ഥാൻെറ അടുത്ത് ആളയച്ചു പറഞ്ഞു:
ഇത്രമാത്രമല്ല ഞാൻ നിനക്കും നിൻെറ
ജനത്തിനും ചെയ്തു തരുന്നത്. പിന്നെയോ
എനിക്കവസരം വരുമ്പോൾ മഹത്വംകൊണ്ട്
നിന്നെയും നിൻെറ ജനതയേയും ഞാൻ
ബഹുമാനിക്കും. എന്നാൽ ഇപ്പോഴാകട്ടെ 43
സൈന്യമെല്ലാം എന്നെ വിട്ടൊഴിഞ്ഞു
പോയിരിക്കകൊണ്ട് എൻെറ സഹായ
ത്തിന്നായി ആളുകളെ അയച്ചുതന്നാൽ വള
രെ നന്നായിരുന്നു. യോനാഥാൻ അന്ത്യോ 44
ക്യയിലേക്ക് രണശൂരരായ മൂവായിരം പേരെ
അയച്ചുകൊടുത്തു. അവർ രാജസവിധ
ത്തിലെത്തി. അവരുടെ ആഗമനത്തിൽ
രാജാവ് സന്തുഷ്ടനായി.
എന്നാൽ ദമത്രിയോസിനെ കൊന്നുകള 45
വാനായി ഒരുലക്ഷത്തി ഇരുപതിനായിരം
നഗരവാസികൾ നഗരമദ്ധ്യത്തിൽ തടിച്ചു
കൂടി. രാജാവ് ഓടി കൊട്ടാരത്തിൽ കയറി. 46
നഗരവാസികൾ എല്ലാ നഗരവാതിലുകളും
അടച്ചു. യുദ്ധവും തുടങ്ങി. രാജാവ് യഹൂ 47
ദന്മാരെ തൻെറ സഹായത്തിനായി വിളിച്ചു.
അവർ ഒറ്റക്കെട്ടായി അവൻെറ അടുത്തെ
ത്തി. നഗരത്തിലെങ്ങും അവർ പരന്ന്, ആ
ഒറ്റ ദിവസത്തിൽ അവർ ഒരുലക്ഷംപേരെ
സംഹരിച്ചു. നഗരത്തിനു തീ വച്ചു. വളരെ 48
യേറെ കൊള്ളയും എടുത്തു. അങ്ങനെ
അവർ രാജാവിനെ രക്ഷിച്ചു. യഹൂദർ ശക്തി 49

പ്പെട്ടിരിക്കുന്നുവെന്നും അവർക്കു തോന്നി
യതുപോലെ നഗരം മുഴുവൻ പിടിച്ചടക്കി
യിരിക്കുന്നുവെന്നും നഗരക്കാർ കണ്ടപ്പോൾ
അവരുടെ മനസ്സു വിഷമിച്ചു. അവർ രാജാ
വിനോട് നിലവിളിച്ചു അപേക്ഷിച്ചു. അങ്ങേ
വലങ്കൈ നീട്ടിത്തരണമെ. ഞങ്ങളോടും
നഗരത്തോടും യുദ്ധം ചെയ്തുകൊണ്ടിരി
ക്കുന്ന യഹൂദർ ഞങ്ങളിൽനിന്നും മാറി
പ്പോകണമെ. അവർ ആയുധം വച്ചു. വല
ങ്കൈ നൽകി സമാധാനമുണ്ടാക്കി. രാജ
സന്നിധിയിലും രാജ്യത്താകമാനവും യഹൂ
ർ കീർത്തി നേടി. വളരെയേറെ കൊള്ള
യാടുകൂടി അവർ യറുശലേമിൽ തിരി
ച്ചെത്തി. അങ്ങനെ ദമത്രയോസു രാജാവു
ൻെറ സിംഹാസനത്തിൽ വാണു. രാജ്യ
ാകെ ആശ്വാസവും സമാധാനവുമായി.
അയാൾ പറഞ്ഞിരുന്നതിലെല്ലാം
ായാൾ വ്യാജമായി പ്രവർത്തിച്ചു. യോനാ
ാനോടുള്ള പെരുമാറ്റം വ്യത്യസ്തമായി.
ായാൾക്കു വാഗ്ദാനം ചെയ്തിരുന്നതൊ
ും കൊടുത്തില്ല.
ത്രാഫിയോൻ ബാലനായ അന്തിയോ
ാസുമായി തിരിച്ചെത്തി. അവൻ മകുട
ണിഞ്ഞു വാഴ്ച നടത്തി. ദമത്രിയോസ്
തറിച്ചോടിച്ചുകളഞ്ഞ സൈന്യമെല്ലാം
വനോടു ചേർന്നു. ദമത്രിയോസുമായി
ദ്ധം ചെയ്തു. ദമത്രിയോസ് തോറ്റോടി.
ാഫിയോൻ അവൻെറ ആനകളെ എല്ലാം
കക്കലാക്കി അന്ത്യോക്യാ പിടിച്ചു.
റിയ അന്ത്യോക്കസ് യോനാഥാന് എഴു
"മഹാ പൗരോഹിത്യാധികാരം നിനക്കു
ാൻ നില നിർത്തുന്നു. ആ നാല് പ്രവിശ്യ
ക്കു മേലും അധികാരവും നൽകുന്നു.
രാജമിത്രങ്ങളിൽ ഒരാളായിരിക്കണം.'
യാൾക്കു സ്വർണ്ണപാത്രങ്ങളും അയച്ചു
ാടുത്തതിനു പുറമെ, സ്വർണ്ണചഷക
ളിൽനിന്നു കുടിക്കുവാനും, ധൂമ്രഅങ്കി
അണിയുന്നതിനും സ്വർണ്ണപതക്കം
ക്കുന്നതിനും അധികാരവും കൊടുത്തു.
സഹോദരൻ ശീമോനെ സോറിൻെറ
ിരു മുതൽ ഈജിപ്തിൻെറ അതിരു
യുള്ള ഭൂവിഭാഗത്തിൻെറ അധികാ
മാക്കി. യോനാഥാൻ നദിയുടെ അതി
ാരയും നഗരങ്ങളിലും പര്യടനം നടത്തി.
ാളുടെ സഹായത്തിന് സിറിയൻ
ന്യം മുഴുവൻ വന്നുചേർന്നു. യോനാ
അശ്കലോനിൽ എത്തിയപ്പോൾ
വാസികളെല്ലാം ആർഭാടത്തോടെ
ാളെ എതിരേറ്റു. അവിടെനിന്നും
ായിലേക്കു ചെന്നപ്പോൾ നഗരവാ
സികൾ അയാൾക്കെതിരെ നിലകൊണ്ടു.
ആ സ്ഥലത്തേയും പരിസരങ്ങളേയും
അയാൾ അഗ്നിക്കിരയാക്കി; അതിനെ
കൊള്ളയിട്ടു. ആസാനിവാസികൾ യോനാ
ഥാനോട് കേണപേക്ഷിച്ചു. അയാൾ അവർ 62
ക്കു വലങ്കൈ കൊടുത്തു. അവരുടെയും
അവരുടെ പ്രമാണികളുടെയും പുത്രന്മാരെ
ജാമ്യമായും എടുത്ത് യറുശലേമിലേക്ക
യച്ചു. അയാൾ ദമസ്കോസുവരെ നാട്ടി
ലുടനീളം സഞ്ചരിച്ചു.
ദമത്രിയോസിൻെറ പ്രഭുക്കന്മാർ വലിയ 63
സേനയുമായി ഗലീലയിലെ ക്ദേശിൽ
എത്തി എന്നും തൻെറ ലക്ഷ്യങ്ങളിൽ
നിന്നും തന്നെ അകറ്റുവാൻ ശ്രമിക്കുന്നു
വെന്നും യോനാഥാൻ കേട്ടു. സ്വസഹോദ
രൻ ശീമോനെ ആ സ്ഥലത്തു വിട്ടിട്ട്
അയാൾ പോയി അവരുമായി ഏറ്റുമുട്ടി. 64
ശീമോനും കോട്ടയിങ്കൽ നിലയുറപ്പിച്ച്
വളരെ ദിവസം അവരോടു പോരാടി. ദേശ 65
വാസികളെ ബന്ധനസ്ഥരാക്കി. അവർക്കു
'വലങ്കൈ' കൊടുക്കണമെ എന്നുള്ള അവ
രുടെ അപേക്ഷാനുസരണം അയാൾ ചെയ്തു.
അവരെ അവിടെനിന്നു പുറത്താക്കി നഗര 66
ത്തെ നിരോധിച്ചു; കാവലും ഏർപ്പെടുത്തി.
യോനാഥാൻെറ സൈന്യവും ഗനെസർ 67
ജലാശയത്തിങ്കൽ പാളയമടിച്ചു. അതി 68
രാവിലെ അവർ ആസോർ സമതലത്തി
ലെത്തി. സമതലത്തിൽ; ഫെലിസ്ത്യസൈ
ന്യം അവർക്കെതിരെ വന്നു. അവർ കെണി
കളും വച്ചിരുന്ന ഇവർക്കു പിന്നിൽനിന്നും 69
യുദ്ധമാരംഭിച്ചു. യോനാഥാൻെറ കൂട്ടരെല്ലാം
ഓടിപ്പോയി. അവരിലാരും അയാളുടെ 70
അടുക്കൽ ശേഷിച്ചില്ല. എന്നാൽ അബ്ശ
ലോമിൻെറ മകൻ മത്തിയാസും ഹാഫി
യുടെ മകൻ യൂദായും സേനാധിപന്മാരുടെ
പ്രമാണികളും യോനാഥാൻെറ കൂടെനിന്നു.
യോനാഥാൻ വസ്ത്രം വലിച്ചു കീറി തലയിൽ 71
പൂഴി വാരിയിട്ടു പ്രാർത്ഥിച്ചു. അവരുമായി 72
പോരിനിറങ്ങി. അയാൾ അവരെ ജയിച്ചു! 73
അവർ തോറ്റോടി. അയാളുടെകൂടെയു
ണ്ടായിരുന്നവർ, ഇവർ ഇങ്ങനെ പലായനം
ചെയ്യുന്നതു കണ്ടപ്പോൾ, തിരികെ അയാളു
ടെ അടുക്കലെത്തി അവരുടെ പാളയമായ
കലാസ്‌വരെ അവരെ പിന്തുടർന്നു. അവിടെ 74
പാളയമടിച്ചു. അന്ന്, ഫെലിസ്ത്യരിൽ മൂവാ
യിരത്തോളംപേർ ഹതരായി! യോനാഥാൻ
യറുശലേമിൽ തിരിച്ചെത്തി.

അദ്ധ്യായം 12

കാലം തനിക്കനുകൂലമെന്ന് യോനാ 1

ഥാൻ കണ്ടു. റോമരോടുള്ള മൈത്രി ഉറപ്പിച്ച്
നവീകരിക്കുവാൻ റോമിലേക്കും സ്പാർത്യ
രുടെ അടുക്കലേക്കും മറ്റു സ്ഥലങ്ങളി
ലേക്കും തെരഞ്ഞെടുത്ത ആളുകളെ അയ
2 ച്ചു. അവർക്ക് ഇപ്രകാരം എഴുത്തുകളും
3 കൊടുത്തയച്ചു. അവർ റോമിലെത്തി
ആലോചനാസൗധത്തിൽ പ്രവേശിച്ച്, അവ
രോട് മഹാപുരോഹിതനായ യോനാഥാ
നും, യഹൂദജനതയും കൂടി മുമ്പെപ്പോലെ
യുള്ള മൈത്രിയും സഹായവും പുതുക്കു
വാൻ ഞങ്ങളെ അയച്ചിരിക്കയാണ് എന്നു
പറഞ്ഞു. റോമാക്കാർ സന്തോഷപൂർവ്വം
4 അവരെ സ്വീകരിച്ചു. ഇവർ ഏതേതു സ്ഥല
ങ്ങളിൽകൂടെ കടന്നുപോകുന്നുവോ അവി
ടെയുള്ളവർ, ഇവരെ യഹൂദിയാരാജ്യ
ത്തേക്കു സമാധാനപൂർവ്വം അയച്ചുകൊള്ള
ണം എന്നുള്ള എഴുത്തുകളും ഇവർക്കു
5 കൊടുത്തു. യോനാഥാൻ സ്പാർത്യർക്കു
6 അയച്ച എഴുത്തിൻെറ പകർപ്പ്: മഹാപുരോ
ഹിതൻ യോനാഥാനും, പുരോഹിതന്മാരും,
മൂപ്പന്മാരും യഹൂദജനത മുഴുവനും കൂടി
ഞങ്ങളുടെ സഹോദരരായ സ്പാർത്യർക്കു
7 എഴുതുന്നത്: സമാധാനം. രേഖകൾ
പ്രസ്പഷ്ടമാക്കുന്നതുപോലെ, നിങ്ങൾ
ഞങ്ങളുടെ സഹോദരന്മാരാകുന്നു എന്നു
പറഞ്ഞുകൊണ്ട് നിങ്ങളുടെ രാജാവായി
രുന്ന ദാരിയുസ് പ്രധാനാചാര്യനായിരുന്ന
8 ഹാനിയാസിന് എഴുതിയിരുന്നല്ലോ. അദ്ദേ
ഹം രാജദൂതനെ ബഹുമാനപൂർവ്വം സ്വീക
രിക്കുകയും മൈത്രിയുടെയും സഖ്യത്തി
ൻെറയും പ്രസ്താവന അടങ്ങുന്ന ആ സന്ദേ
9 ശം സ്വീകരിക്കയും ചെയ്തു. ഞങ്ങളുടെ
കൈവശമുള്ള വിശുദ്ധ ഗ്രന്ഥങ്ങൾ ഞങ്ങൾ
ക്ക് സദാ ആശ്വാസമായുള്ളതുകൊണ്ടു,
ഇവയിലൊന്നുമല്ല ഞങ്ങൾ ധൈര്യം
10 കൊള്ളുന്നത്. ആകയാൽ ഞങ്ങൾ നിങ്ങൾ
ക്കു വെറും അന്യർ എന്നു വരാതിരി
ക്കേണ്ടതിന് നിങ്ങളോടുള്ള മൈത്രിയും
സാഹോദര്യവും നവീകരിക്കുവാൻവേണ്ടി
നിങ്ങളുടെ അടുക്കൽ ആളയയ്ക്കുവാൻ
11 ഞങ്ങൾ ആഗ്രഹിച്ചു. എന്തെന്നാൽ വളരെ
ക്കാലമായി ഞങ്ങളുടെ അടുക്കൽ നിങ്ങൾ
ആരെയെങ്കിലും അയച്ചിട്ട്, ഞങ്ങളോ, സദാ
ഒരുവൻ തൻെറ സഹോദരനെ സ്മരിക്കേ
ണ്ടത് ആവശ്യവും യുക്തവുമാകയാൽ,
മുടങ്ങാതെ, പെരുന്നാളുകളിലും, പ്രത്യേക
ദിവസങ്ങളിലും, ഞങ്ങൾ അർപ്പിക്കുന്ന
എല്ലാ കാഴ്ചകളിലും പ്രാർത്ഥനകളിലും
12 നിങ്ങളെ ഞങ്ങൾ സ്മരിക്കുന്നുണ്ട്, നിങ്ങ
ളുടെ പുകഴ്ചയിലും ഞങ്ങൾ ഏറെ സന്തോ
ഷിക്കുന്നു. ഞങ്ങളെ വളരെയേറെ ക്ലേശ 13
ങ്ങളും, ഞങ്ങളുടെ ചുറ്റുമുള്ള രാജാക്കന്മാർ
ഞങ്ങളോടു ചെയ്ത യുദ്ധങ്ങളും എല്ലാ
ഭാഗത്തുനിന്നും ഞങ്ങളെ വളഞ്ഞുവെങ്കി 14
ലും, നിങ്ങളെയാകട്ടെ എല്ലാ യുദ്ധങ്ങളിലും
ഞങ്ങളുടെ സഹായികളും മിത്രങ്ങളുമായി
രുന്നവരെയാകട്ടെ ശല്യപ്പെടുത്തുവാൻ
ഞങ്ങൾ ആഗ്രഹിച്ചില്ല. എന്തെന്നാൽ 15
സ്വർഗ്ഗത്തിൽനിന്നുള്ള സഹായം ഞങ്ങൾ
ക്കു എപ്പോഴുമുണ്ടായിക്കൊണ്ടിരുന്നു.
താൻ ഞങ്ങളെ സഹായിച്ചു; ഞങ്ങളുടെ
ശത്രുക്കളിൽനിന്നും ഞങ്ങളെ രക്ഷിച്ചു;
അവരെ ഞങ്ങളുടെ മുമ്പിൽ നിലംപരി 16
ശാക്കി. അന്തിയാക്കോസിൻെറ മകൻ
ആമ്നിയോസിനേയും അന്തിയിസോൻെറ
മകൻ അന്തിപത്രോസിനേയും തിരഞ്ഞെ
ടുത്ത് റോമരുടെ അടുക്കൽ ഞങ്ങളുമാ
യുള്ള സഖ്യവും സ്നേഹവും പുതുക്കുവാ
നായി അയച്ചിരുന്നു. അവരോട്, നിങ്ങളുടെ 17
അടുക്കലും അവർ വന്ന്, നിങ്ങൾക്കു സമാ
ധാനമാശംസിച്ച് നിങ്ങളുടെയടുത്തു ഞങ്ങ
ളുടെ സാഹോദര്യം നവീകരിക്കണമെന്നും 18
ഞങ്ങൾ നിർദ്ദേശിച്ചിരിക്കയാണ്. ഇപ്പോൾ
നിങ്ങൾ ഇതുപോലെ ഞങ്ങൾക്കും എഴുതു
മെങ്കിൽ നിങ്ങൾ നന്നായി പ്രവർത്തിക്കും.

സ്പാർത്തരുടെ അനീദാസ്[2] രാജാവ് 19
പ്രധാനാചാര്യനായ ശൂനിയായ്ക്ക് അയച്ച
എഴുത്ത്: സമാധാനം! സ്പാർത്യരുടെ 20
കൈവശമുള്ള രേഖകളിൽനിന്നും, യഹൂദർ
സഹോദരന്മാരും, അബ്രഹാമിൻെറ സന്ത
തിയിൽനിന്നുള്ളവരുമാണെന്നു ഞങ്ങൾ
ക്കു മനസ്സിലായി. ഇത്രയും ഞങ്ങൾ അറി 21
ഞ്ഞിരിക്കയാൽ, നിങ്ങളുടെ ക്ഷേമം സംബ
ന്ധിച്ചു നിങ്ങൾ എഴുതിയാൽ നന്നായി
രുന്നു. ഞങ്ങളുടെ സർവ്വകാര്യങ്ങളും 22
ഞങ്ങൾ നിങ്ങൾക്കു എഴുതിക്കൊള്ളാം.
എന്തെന്നാൽ നിങ്ങളുടേതെല്ലാം ഞങ്ങളു 23
ടേതും ഞങ്ങൾക്കുള്ളത് നിങ്ങളുടേതു
മാകുന്നു. ഇക്കാര്യമെല്ലാം നിങ്ങളോടു പറയ
ണമെന്ന് ഇവരോടു ഞങ്ങൾ നിർദ്ദേശിച്ചി
ട്ടുണ്ട്.

ദമത്രിയോസിൻെറ പ്രഭുക്കന്മാർ മുമ്പെ 24
ക്കാൾ വലിയ സൈന്യവുമായി തന്നോടു
യുദ്ധം ചെയ്വാൻ വരുന്നുവെന്നു യോനാ
ഥാൻ കേട്ടു. യോനാഥാൻ യറുശലേമിൽ 25
നിന്നും പുറപ്പെട്ട് ഹമാത്യരുടെ ദേശത്തു
വച്ച് അവരെ അഭിമുഖീകരിച്ചു. തൻെറ
ദേശത്തു കാൽ വെപ്പാൻ അയാൾ അവർക്കു
അവസരം നൽകിയില്ല. അയാൾ ഒറ്റുകാരെ 26
അവരുടെ പാളയത്തിലേക്കയച്ചു. രാത്രി

യിൽ നിങ്ങളോട് പോരിന് വരാനാലോചി
ക്കുന്നു എന്ന് അവർ വന്നു പറഞ്ഞു. സൂര്യാ
സ്തമയത്തോടെ, യോനാഥാൻ, തൻെറ
അനുചരന്മാരോട് ആയുധസജ്ജരായി
അവർ ഉണർന്നിരിക്കണമെന്നും രാത്രി
മുഴുവൻ യുദ്ധം ചെയ്യേണ്ടിവന്നേക്കുമെ
ന്നും പറഞ്ഞു. പാളയത്തിനു വെളിയിൽ
ചുറ്റുമായി കാവൽക്കാരെയും നിറുത്തി.
യോനാഥാനും സേനയും ഒരുങ്ങിയിരിക്കു
ന്നുവെന്നു ശത്രുക്കൾ കേട്ടപ്പോൾ അവർ
ഞെട്ടി വിറച്ചു ഭയാകുലരായി. അവരുടെ
പാവളത്തിന് തീ വെച്ചിട്ട് അവർ പലായനം
ചെയ്തു. യോനാഥാനും സേനയും പ്രഭാതം
വരെ ഇതറിഞ്ഞില്ല. തീ എരിയുന്നത് അവർ
കണ്ടിരുന്നു. യോനാഥാൻ അവരെ പിന്തു
ടർന്നു. അവരെ പിടിപ്പാൻ കഴിഞ്ഞില്ല;
എൽഹീറെ എന്നു പേരുള്ള നദി അവർ
കടന്നു കഴിഞ്ഞിരുന്നു. 'സബീദിയർ' എന്നു
വിളിക്കപ്പെടുന്ന അറബികൾക്കെതിരെ
യോനാഥാൻ തിരിഞ്ഞു; അവരെ സംഹ
രിച്ചു. അവിടെനിന്നും കൊള്ളമുതൽ എടു
ത്തു. അവിടെനിന്നും ദമസ്കോസിലെത്തി
ആ പ്രദേശങ്ങളിലൂടെ കടന്നു. ശീമോൻ
അശ്കലോനും അതിൻെറ പരിസരകോട്ട
കൾ വരെ എത്തി. യൂപ്പിയിൽ ചെന്ന് അതു
കീഴടക്കി. എന്തെന്നാൽ ദമത്രിയോസു
പക്ഷത്തിന് കോട്ട വിട്ടുകൊടുക്കുവാൻ
അവർ ആലോചിക്കയാണെന്ന് അയാൾ
കേട്ടു. അതു സൂക്ഷിക്കുവാൻ കാവൽസേന
യെയും നിറുത്തി.
യോനാഥാൻ തിരികെ വന്ന് ജനത്തി
ൻെറ പ്രമാണികളെ വിളിച്ചു കൂട്ടി യഹൂദി
യയിൽ കോട്ടകൾ പണിയുവാനും യറുശ
ലേമിൻെറ മതിലുകൾ പൊക്കി പണിയു
വാനും അവരുമായി ആലോചിച്ചു. കാവൽ
സേന ക്രയവിക്രയങ്ങൾ നടത്താതിരിക്കാൻ
നഗരത്തേയും കോട്ടയേയും വേർതിരി
ക്കുന്ന ഒരു മതിൽ പണിയുന്നതിനെക്കു
റിച്ചും അവർ തീരുമാനിച്ചു. നഗരം പണി
യുവാൻ അവർ ഒത്തുചേർന്നു. കിഴക്കെ
വരയ്ക്കു സമീപം കഫേനാദാ എന്നു
ക്കപ്പെടുന്ന സ്ഥലം വരെയും മറച്ചു.
ാൻ മതിൽ പുതുക്കിപ്പണിതു. അതി
ാതിലുകളും സാക്ഷാകളും കൊണ്ടു
ക്ഷമാക്കി.
ാഫിയോൻ ആസ്യാമേൽ വാഴു
ം കിരീടമണിയുവാനും, അന്തിയോ
രാജാവിനെ പിടികൂടുവാനും ആഗ്ര
യോനാഥാൻ അവനെ ഉപേക്ഷിക്കു
അവനോടു യുദ്ധം ചെയ്യുമോ എന്ന്

അവൻ ഭയപ്പെട്ടു. യോനാഥാനെ പിടികൂടി
അയാളെ നശിപ്പിക്കുവാൻ അവൻ അവ
സരം പാർത്തിരുന്നു. അവൻ ബെത്യാശാ
നിലെത്തി. യോനാഥാൻ സജ്ജരായ 41
നാല്പതിനായിരം പേരോടുകൂടി യുദ്ധ
ത്തിനു പുറപ്പെട്ടു, ബെത്യാശനിലെത്തി.
യോനാഥാൻ ഒരു വലിയ സേനയുമായി 42
ട്ടാണു വന്നിരിക്കുന്നതെന്ന് ത്രാഫിയോൻ
കണ്ടപ്പോൾ, അയാളോട് എതിരിടാൻ ഭയ
പ്പെട്ടു. ആദരവോടെ അയാളെ സ്വീകരിച്ചു.
അവൻെറ സുഹൃത്തുക്കളുടെ മുമ്പിൽവച്ച് 43
അയാളെ പുകഴ്ത്തി; സമ്മാനങ്ങൾ സമർപ്പി
ച്ചു. അവൻെറ സ്നേഹിതരോടു പറഞ്ഞ്
അവരും അയാൾക്കും സൈന്യത്തിനും
സമ്മാനങ്ങൾ കാഴ്ചവെച്ചു. തന്നെ എന്ന
പോലെതന്നെ ഇദ്ദേഹത്തേയും അവർ
അനുസരിക്കണം എന്നും കല്പിച്ചു. അവൻ 44
യോനാഥാനോട്: നാം തമ്മിൽ യുദ്ധമില്ലാ
തിരിക്കെ ഇത്രയും ജനത്തെ കൂട്ടിക്കൊണ്ട്
വന്നു എന്തിനാണു ബുദ്ധിമുട്ടിയത്?
ഇപ്പോൾ അവർ ഭവനങ്ങളിലേക്കു പൊയ് 45
ക്കൊള്ളുവാൻ പിരിച്ചയച്ചാലും. താങ്കളുടെ
കൂടെയുണ്ടായിരിപ്പാൻ വളരെ കുറച്ചുപേരെ
തെരഞ്ഞെടുക്കുക. എന്നോടൊരുമിച്ച്
ടോളമിയാസിലേക്കു പോകാം. അതു ഞാൻ
താങ്കളെ ഏല്പിച്ചും തരാം. പുറമെ, ശേഷ
മുള്ള കോട്ടകളും ശേഷിച്ച സൈന്യവും
ഓരോ കാര്യങ്ങൾക്കു നിയമിതരായവ
രേയും ഏല്പിച്ചു തന്നിട്ട് ഞാൻ മടങ്ങി
പൊയ്ക്കൊള്ളാം. എന്തെന്നാൽ ഇതിന്നാ
യിട്ടത്രെ ഞാൻ വന്നത്. യോനാഥൻ അവ 46
നെ വിശ്വസിച്ച് പറഞ്ഞതുപോലെയെല്ലാം
ചെയ്തു. സൈന്യത്തെ പിരിച്ചയച്ചു.
യഹൂദ്യയിൽ വന്നു. അയാളുടെ കൂടെ 47
മൂവായിരം പേരുണ്ടായിരുന്നതിൽ രണ്ടാ
യിരംപേരെ ഗലീലയിലും നിറുത്തി. അയാ
ളോടുകൂടെ പോയതു ആയിരം പേരായിരു
ന്നു. യോനാഥാൻ ടോളമിയാസിൽ എത്തി 48
യയുടനെ, അവർ അയാളെ ബന്ധനസ്ഥ
നാക്കി. കൂടെയുള്ളവരെ വാളാൽ കൊന്നു
കളഞ്ഞു. ത്രാഫിയോൻ, സേനയേയും 49
കുതിരപ്പടയേയും ഗലീലായ്ക്കും, വലിയ
താഴ്വരയിലേക്കും, യോനാഥൻ പക്ഷക്കാ
രെയെല്ലാം നശിപ്പിക്കുവാനായി അയച്ചു.
യോനാഥാൻ പിടിക്കപ്പെട്ടുവെന്നും അയാ 50
ളും കൂടെയുള്ളവരും വധിതരായി എന്നും
ജനം കേട്ടപ്പോൾ അവർ പരസ്പരം ആശ്വാ
സവും ധൈര്യവും പകർന്ന് ഒത്തു ചേർന്നു
പടയ്ക്കു പുറപ്പെട്ടു. ഇവർ ഉള്ളുരുകി 51
സർവശക്തിയോടെ പോരാടുകയാണെന്ന്

ആ പീഡകന്മാർ കണ്ടപ്പോൾ അവർ
52 തിരിച്ചുപോയി. എല്ലാവരും സമാധാന
ത്തോടെ യഹൂദ്യാ ദേശത്തുവന്നു. അവർ
യോനാഥാനേയും സഹചരന്മാരെയും പ്രതി
വിലാപം നടത്തി. അവർക്കു വലിയ ഭീതി
യായി. ഇസ്രായേൽ മുഴുവനും മഹാവിലാ
പം ആചരിച്ചു. ഇവരെ ഉന്മൂലം നശിപ്പി
ക്കുവാൻ ചുററുമുള്ള ജാതികൾ ആഗ്ര
ഹിച്ചു. അവരെ സഹായിപ്പാൻ ഒരു നായക
നുമില്ല. വരുവിൻ, നമുക്കവരോടു പടവെട്ടി
മനുഷ്യരുടെ ഇടയിൽനിന്നും അവരുടെ
നാമത്തെപ്പോലും നീക്കിക്കളയാം എന്ന്
അവർ പറഞ്ഞു.

അദ്ധ്യായം 13

1 ത്രാഫിയോൻ വലിയ സേനാസന്നാഹ
വുമായി യഹൂദിയാ ദേശത്തുവന്ന് അതിനെ
തുടച്ചുമാററുവാൻ ഇരിക്കുന്നു എന്ന്
ശീമോൻ കേട്ടു. ജനമോ പേടിച്ചു വിറച്ചി
2 രിക്കയുമായിരുന്നു! അയാൾ യറൂശലേമി
ലെത്തി ജനത്തെ വിളിച്ചുകൂട്ടി അവർക്കു
3 ആശ്വാസം പകർന്നുകൊണ്ട്: ഞാനും
എൻെറ സഹോദരന്മാരും എൻെറ പിതൃ
ഭവനം മുഴുവനും ന്യായപ്രമാണത്തെയും
വിശുദ്ധസ്ഥലത്തെയുംപ്രതി ചെയ്തതെ
ല്ലാം, നാം അനുഭവിച്ച ദുരിതങ്ങളും
യുദ്ധങ്ങളും നിങ്ങൾക്കറിയാമല്ലോ. ഇതു
4 നിമിത്തമാണ്—എല്ലാ ഇസ്രായേലിനെ
പ്രതിയുമാണ് എൻെറ സഹോദരന്മാരെല്ലാം
മരിച്ചതും. ഇപ്പോൾ ഞാൻ മാത്രം ശേഷി
5 ച്ചിരിക്കുന്നു. ദുരിതത്തിൻെറ കാലങ്ങ
ളോർത്തു എന്നോടുതന്നെ ദയകാണിക്കു
വാൻ എനിക്കിടവരാതിരിക്കട്ടെ. ഞാൻ
എൻെറ സഹോദരന്മാരെക്കാളും വിശിഷ്ട
നല്ലല്ലോ. നമ്മുടെ ജനത്തിനുവേണ്ടി, നമ്മു
ടെ വിശുദ്ധസ്ഥലത്തിനുവേണ്ടി, നമ്മുടെ
6 മക്കൾക്കു വേണ്ടി ഞാൻ പോരാടും. എന്തെ
ന്നാൽ ശത്രുതമൂലം നമ്മെ ഉന്മൂലനാശം
വരുത്തുവാൻ ജാതികളെല്ലാം ഒത്തുകൂടി
7 യിരിക്കയാണ്. അയാളുടെ വാക്കുകൾ കേട്ട
ക്ഷണത്തിൽ ജനത്തിൻെറ ആത്മാവു
8 ണർന്നു, വീര്യം പ്രാപിച്ചു. "അങ്ങയുടെ
സഹോദരന്മാരായ യൂദായുടെയും യോനാ
ഥാൻെറയും സ്ഥാനത്തു അങ്ങാണ് ഞങ്ങ
ളുടെ നേതാവ്. ഞങ്ങൾക്കായി യുദ്ധങ്ങൾ
9 നടത്തുക. അങ്ങു പറയുന്നതെല്ലാം ഞങ്ങൾ
അനുസരിച്ചു പ്രവർത്തിച്ചുകൊള്ളാം.
"എന്ന് ഉച്ചത്തിൽ അവർ വിളിച്ചുപറഞ്ഞു.
10 ശീമോൻ യുദ്ധവിദഗ്ദ്ധരായവരെ കൂട്ടി
ച്ചേർത്തു യറുശലേം കോട്ട പണി തീർത്ത്
അലംകൃതമാക്കുവാൻ ഉടനെ ശ്രമമാരംഭി
ച്ചു. അതിൻെറ പരിസരമാകെ ബലവത്താ
ക്കി. അബ്ശലോമിൻെറ മകൻ യോനാ 11
ഥാനെ ഒരു വലിയ സേനയുമായി യോപ്പാ
യിലേക്കയച്ചു. അവിടുണ്ടായിരുന്നവരെ
അയാൾ ബഹിഷ്ക്കരിച്ച് അയാൾ അവിടെ
വാസമാരംഭിച്ചു.

യഹൂദ്യായിൽ കടക്കുവാനായി ത്രാഫി 12
യോൻ ഒരു വലിയ സൈന്യവുമായി ടോള
മിയാസിൽനിന്നും പുറപ്പെട്ടു. ബന്ധിതനായ
യോനാഥാനും അവൻെറ കൂടെയുണ്ടായി
രുന്നു. ശീമോൻ സമതലത്തിന് എതിരെ
യുള്ള അദീറായിൽ പാളയമടിച്ചു. ശീമോൻ 13
അയാളുടെ സഹോദരൻ യോനാഥാൻെറ
സ്ഥാനത്ത് എഴുന്നേററുനിന്ന് തന്നോടു
യുദ്ധത്തിന് ഒരുങ്ങിനിൽക്കയാണെന്നും
ത്രാഫിയോൻ അറിഞ്ഞു. അവൻ അയാ 14
ളുടെ അടുക്കൽ ദൂതന്മാരെ അയച്ചു പറ
യിച്ചു: 'നിൻെറ സഹോദരൻ യോനാഥാൻ 15
വിവിധ കാര്യങ്ങൾക്കായി രാജഭണ്ഡാര
ത്തിലേക്ക് അടയ്ക്കേണ്ടിയിരുന്ന പണ
ത്തിനു വേണ്ടിയാണ് അയാളെ ഞങ്ങൾ
പിടിച്ചുവെച്ചിരിക്കുന്നത്. ഇപ്പോൾ നൂറു
താലന്തു വെള്ളിയും ജാമ്യമായി അയാളുടെ
രണ്ടു പുത്രന്മാരെയും അയച്ചുതരണം.
അല്ലെങ്കിൽ ഞങ്ങൾ അയാളെ അഴിച്ചുവിടു 16
മ്പോൾ ഞങ്ങളിൽനിന്നും തെററി മാറിപ്പോ
യേക്കും. ഇതു കിട്ടിയാലുടനെ അയാളെ
ഞങ്ങൾ ബന്ധനവിമുക്തനാക്കുന്നതാണ്.'
ചതിക്കാനാണ് അവൻെറ ഈ സംസാരം 17
എന്ന് ശീമോന് അറിയാമായിരുന്നുവെ
ങ്കിലും, പണവും യുവാക്കളേയും അയച്ചു
തരാതിരുന്നതുകൊണ്ടാണ് അവർ നശി
ക്കുവാനിടയായത് എന്നു പറഞ്ഞ് ഇസ്രാ 18
യേലിനോടു അവനു കൂടുതൽ ശത്രുത വരു
ത്താതിരിക്കുവാനായി, പണവും യുവാക്ക
ന്മാരെയും അയച്ചുകൊടുത്തു. അവനോ
വ്യാജമാണു പറഞ്ഞിരുന്നത്. യോനാ 19
ഥാനെ അയച്ചുകൊടുത്തുമില്ല. തദനന്തരം
ത്രാഫിയോൻ യഹൂദിയായെ ഉന്മൂലനം 20
ചെയ്വാനായി ആ പ്രദേശത്തുകൂടി സഞ്ച
രിച്ചു. അദൂറായ്ക്കുള്ള വഴിയെ അവൻ
പോയി. അവൻെറ മാർഗത്തിൽ ശീമോനും
സേനയും നേരത്തെതന്നെ പാളയമടിച്ചി
രുന്നു. കോട്ടയിലെ പട്ടാളം, ത്രാഫിയോൻ 21
മരുഭൂമിവഴി എത്രയും വേഗം അവരുടെ
അടുത്ത് എത്തണമെന്നും അവർക്കു ഭക്ഷ്യ
വസ്തുക്കൾ എത്തിച്ചുകൊടുക്കണമെന്നും
ദൂതരെ അയച്ചു പറയിച്ചു.

ത്രാഫിയോനും കുതിരപ്പടയും ആ 22

ാാത്രിതന്നെ എത്തുവാൻ ഒരുങ്ങി. എന്നാൽ
കഠിനമായ ഹിമപാതമുണ്ടായിരുന്നതി
നാൽ അവർക്കതു സാദ്ധ്യമായില്ല. അവൻ
ഗിലയാദിലേക്കു പോയി. ത്രാഫിയോൻ
ാബസ്ക്മെയിൽ എത്തി. അവിടെവച്ച്
അവൻ യോനാഥാനെ കൊന്നുകളഞ്ഞു.
അവിടെ അയാൾ സംസ്കരിക്കപ്പെട്ടു!

ത്രാഫിയോൻ സ്വദേശത്തേക്കു തിരിച്ചു
പായി. ശീമോൻ ആളയച്ച് അസ്ഥികൾ
ശഖരിച്ച് തൻെറ പിതാക്കന്മാരുടെ കല്ലറ
ിൽ മുറിയിംനഗരത്തിൽ അവയെ സംസ്ക
ിച്ചു. ഇസ്രായേൽ മുഴുവനും ഏറിയനാൾ
ാദ്ദേഹത്തെയോർത്തു വിലാപം നടത്തി.
ൻെറ പിതാവിൻേറയും സഹോദരന്മാരു
ടയും കല്ലറകൾക്കു മേലായി രണ്ടു വശ
ത്തും കൊത്തുപണികളുള്ള ശിലകൾ ഉയർ
ത്തി സ്ഥാപിച്ചു. അയാൾ തൻെറ പിതാ
നും, നാലു സഹോദരന്മാർക്കു മായി ഏഴു
തംഭങ്ങൾ ഒന്നിനുനേരെ ഒന്നായി സ്ഥാ
ച്ചു. അയാൾ വലിയ കൽതൂണുകളിൽ
ദ്ധായുധരൂപങ്ങളും കൊത്തിച്ച് നിത്യ
മാരകമായി സ്ഥാപിച്ചു. സമുദ്രയാത്ര
ാർക്കു കാണത്തക്കവണ്ണം കപ്പൽ മാതൃക
ളും ആയുധരൂപങ്ങൾക്കരികെ കൊത്തു
നി ചെയ്തുവച്ചു. മുറിയിമിൽ ശെമഗാൻ
ർമിച്ച ഈ കല്ലറ ഇന്നുവരെ കാണപ്പെ
ന്നു.

ത്രാഫിയോൻ വഞ്ചനയോടെ അന്ത്യോ
ാസുമായി കൂട്ടുകൂടി നടന്ന് അയാളെ
വധിച്ചു; രാജസ്ഥാനം കൈക്കലാക്കി
സിയായുടെ കിരീടധാരണം ചെയ്തു.
ാമെങ്ങും അവൻ സംഹാരതാണ്ഡവം
ത്തി.

ശീമോൻ യഹൂദ്യയിലെ കോട്ടകൾ
ിതു അവയ്ക്കുചുററും ഉത്തുംഗ ഗോപു
ളും വലിയ കോട്ടകളും പണിത് വാതി
ളും ഓടാമ്പലുകളും നിർമിച്ചു. കോട്ട
ൽ ഭക്ഷ്യസാധനങ്ങളും ശേഖരിച്ചു.
ാൻ ചിലരെ തെരഞ്ഞെടുത്ത് ദേശത്തു
ാസം കൈവരുത്തുവാൻ ദമത്രയോ
രാജസന്നിധിയിലേക്കയച്ചു. എന്തെ
് ത്രാഫിയോൻെറ പ്രവർത്തനങ്ങൾ
ഹരണം മാത്രമായിരുന്നു. ദമത്രി
സ് ഇങ്ങനെ മറുപടി അയച്ചു: എഴു
ൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നു:
യോസ് രാജാവിൽനിന്നും - മഹാപു
ിതനും, രാജമിത്രവുമായ ശീമോനും
നികൾക്കും, യൂദജനത മുഴുവനും -
ധാനം. നിങ്ങൾ കൊടുത്തയച്ച സ്വർണ
വും, അയച്ച മററുള്ളവയും നാം സ്വീക
രിച്ചിരിക്കുന്നു. നിങ്ങൾക്കു മഹത്തായ
സമാധാനം ഉറപ്പിക്കുവാനും നിങ്ങൾക്കു 38
കപ്പം ഇളച്ചുതരുവാൻ ഉദ്യോഗസ്ഥർക്കു
എഴുതുവാനും നാം ഒരുങ്ങിയിരിക്കുന്നു.
നാം നിങ്ങൾക്കയച്ചിട്ടുള്ള സർവവും
അതേപടി നിലനിൽക്കും. നിങ്ങൾ പടുത്തു
യർത്തിയ കോട്ടകളെല്ലാം നിങ്ങളുടെ സ്വന്ത
മായിരിക്കും. ഇന്നാൾവരെയുമുള്ള പാപ 39
ങ്ങളും തെററുകളും നാം ക്ഷമിക്കുകയും,
നിങ്ങൾ അടയ്ക്കേണ്ടിയിരുന്ന രാജഭോഗം
നാം ഇളവുചെയ്യുകയും ചെയ്തിരിക്കുന്നു.
യറുശലേമിൽ നികുതി കൊടുത്തിരുന്ന 40
വരിലാരും ഇനിമേൽ കൊടുക്കേണ്ട.
നമ്മുടെ സേനയിൽ ചേരുവാൻ നിങ്ങളുടെ
ജനത്തിലാരെങ്കിലും ആഗ്രഹിക്കുന്നെങ്കിൽ
അവർ ചേർക്കപ്പെടും. നാം തമ്മിൽ സമാ
ധാനം ഉണ്ടായിരിക്കട്ടെ.

ഒരുനൂററി എഴുപതാമാണ്ടിൽ ഇസ്ര 41
യേലിൽ നിന്നും ജാതികളുടെ നുകം നീക്ക
പ്പെട്ടു. "മഹാപുരോഹിതനും, അധികാരി
യും ഭരണാധിപനുമായ ശീമോൻെറ നാമ
ത്തിൽ - വാഴ്ചയുടെ ഒന്നാം ആണ്ടിൽ" 42
എന്ന് അവർ വാങ്ങുകയും കൊടുക്കുകയും
ചെയ്യുന്ന എല്ലാ രേഖകളിലും ജനം എഴു
തുവാൻ ആരംഭിച്ചു.

അക്കാലത്തു ശീമോൻ ആസായിൽ 43
താവളമടിച്ചു. സൈന്യത്താവളങ്ങൾ
ചുററും നിർമിച്ചു. കടുപ്പമുള്ള തടികൊണ്ടു
യുദ്ധയന്ത്രമുണ്ടാക്കി. നഗരത്തിൻെറ കോ
ട്ടയ്ക്കുനേരെ യുദ്ധമാരംഭിച്ചു. ഒരു ഗോപു
രം ഇടിച്ചുവീഴ്ത്തി; നഗരം പിടിച്ചു. ഗോപു 44
രങ്ങളിൽനിന്നും സൈന്യം പുറത്തുവന്ന്
നഗരത്തിൽ കടന്നു. നഗരത്തിനുള്ളിൽ 45
വലിയ സംഭ്രാന്തിയായി. നഗരത്തിലുള്ളവർ,
അവരുടെ സ്ത്രീകളും കുട്ടികളുമടക്കം
സ്വവസ്ത്രങ്ങൾ വലിച്ചുകീറിക്കൊണ്ടു
തങ്ങൾക്കു സമാധാനവലങ്കെ നൽക
ണമെ എന്ന് ഉച്ചത്തിൽ നിലവിളിച്ച് ശീമോ 46
നോടപേക്ഷിച്ചു. അങ്ങയുടെ ദയയ്ക്കനുസ
രിച്ചല്ലാതെ ഞങ്ങളുടെ തിന്മയ്ക്കൊത്തതു
പോലെ ഞങ്ങളോടു ചെയ്യരുതെ, എന്നു
പറഞ്ഞു. ശീമോൻ അവർക്കു മാപ്പു നൽകി. 47
അവരോടു യുദ്ധം ചെയ്തുമില്ല. അവരെ
നഗരത്തിൽനിന്നും പുറത്താക്കി. വിഗ്രഹ
ങ്ങൾ സൂക്ഷിച്ചിരുന്ന വീടുകളെല്ലാം
വൃത്തിയാക്കി. അയാൾ ദൈവത്തെ സ്തു
തിച്ചുംകൊണ്ട് നഗരത്തിൽ കടന്നു. അവി
ടെനിന്നും സർവ അശുദ്ധിയും വിപാടനം
ചെയ്തു. ന്യായപ്രമാണത്തിൽ താല്പര്യമു 48
ള്ളവരെ അവിടെ പാർപ്പിച്ചു. അവിടെ ഒരു

കോട്ടയും കെട്ടി. തനിക്കായി ഒരു ഭവനവും
അവിടെ തീർത്തു.
49 യറുശലേം കോട്ടയിലുണ്ടായിരുന്ന
വർക്ക് ഗമനാഗമനവും ക്രയവിക്രയവും
നിരോധിച്ചിരുന്നു. അവർ കടുത്ത പട്ടിണി
യിലായി. പട്ടിണിമൂലം അവരിൽ അനേകർ
50 മരിച്ചു. സഹായഹസ്തം നീട്ടണമെ എന്ന്
അവർ ശീമോനോടപേക്ഷിച്ചു; അതദ്ദേഹം
പ്രദാനം ചെയ്തു. അവരെ അവിടെനിന്നും
പുറത്തിറക്കി. എല്ലാ മ്ലേച്ഛതയിൽനിന്നും
51 കോട്ടയെ വെടിപ്പാക്കി. അങ്ങനെ ഒരുനൂ
ററിഎഴുപത്തൊന്നാമാണ്ട് രണ്ടാം മാസം
ഇരുപത്തിമൂന്നാം തീയതി ആഹ്ലാദത്തോ
ടും പ്രതാപത്തോടും, സ്തുതിപ്പുകളോടും,
കിന്നരവീണാവാദ്യഘോഷങ്ങളോടുംകൂടി
അവർ കോട്ടയിൽ കടന്നു. ഇസ്രായേലിൽ
നിന്നും മഹാശത്രു തകർക്കപ്പെട്ടു. ഇസ്രാ
യേലിനോടു പോരാടുന്നതിൽ നിന്നും
52 അന്യർ വിരമിച്ചു. ആണ്ടുതോറും ഈ
സുദിനം ആഹ്ലാദത്തിമിർപ്പോടുകൂടെ
ആഘോഷിക്കണം എന്നവർ നിശ്ചയിച്ചു.
കോട്ടയ്ക്കടുത്ത് ദൈവലായഗിരിയെ ബല
വത്താക്കി. ശീമോനും, അയാളുടെ കുടും
ബാംഗങ്ങളും അവിടെ പാർത്തു. തൻെറ
മകൻ യോഹന്നാൻ നല്ല വീരശൂരനാ
ണെന്നു ശീമോൻ കണ്ടിട്ട് തൻെറ സർവ
സേനയ്ക്കും അധിപനായി അവനെ നിയ
മിച്ചു. അയാൾ ജസിറായിൽ താമസ
മാക്കി.

അദ്ധ്യായം 14

1 ഒരുനൂററി എഴുപത്തിരണ്ടാമാണ്ടിൽ
ദമത്രിയോസ് സൈന്യസജ്ജീകരണത്തോ
ടെ മേദിയായിൽനിന്നും കൂടെ സേനയെ
ശേഖരിച്ച് ത്രാഫിയാനോടു യുദ്ധത്തിന്നാ
2 യി പുറപ്പെട്ടു. എന്നാൽ പേർഷ്യ, മേദ്യാ,
രാജാവായ അർസാക്ക്, ദമത്രിയോസ്
തൻെറ അതിർപ്രദേശങ്ങളിൽ എത്തിയിരി
ക്കുന്നുവെന്നു കേട്ടപ്പോൾ അവനെ ജീവ
നോടെ പിടിച്ചുകൊണ്ടുവരുവാൻ അവൻെറ
3 പ്രഭുക്കളിൽ ഒരുവനെ അയച്ചു. അവൻ
ചെന്ന് ദെമത്രിയോസിൻെറ സേനാവ്യൂ
ഹത്തെ സംഹരിച്ച് ദമത്രിയോസിനെ
ജീവനോടെ കൊണ്ടുവന്നു. അർസാക്ക്
4 അവനെ ബന്ധനസ്ഥനാക്കി. ശീമോൻെറ
ഭരണകാലമെല്ലാം ദേശം സമാധാനമായി
കഴിഞ്ഞു. അയാൾ ജനത്തിനു നന്മ
ചെയ്തു. അയാളുടെ വാഴ്ച അവർക്കു
സന്തോഷകരമായിരുന്നു. ആയുഷ്ക്കാ
5 ലമെല്ലാം പ്രതാപവാനുമായിരുന്നു. അയാൾ
സർവ പ്രഭാവത്തോടുംകൂടി യോപ്പാ തുറ
മുഖത്തെത്തി. അവിടെ കപ്പലുകൾ സുഗമ 6
മായി അടുക്കുമാറാക്കി. തൻെറ ജനത്തി
ൻെറ അതിരുകൾ വിസ്തീർണതപ്പെടുത്തി
വർദ്ധിപ്പിച്ചു. ശത്രുരാജ്യങ്ങളെല്ലാം പിടിച്ച് 7
വളരെപ്പേരെ അടിമകളാക്കി. ജസിറാ,
ബെത്ശൂറെ, ബെത്മർദ എന്നിവ മേലും
അധികാരപ്പെട്ടു. അവയിൽനിന്നെല്ലാം
എല്ലാ മ്ലേച്ഛതയും തുടച്ചുനീക്കി.
അയാൾക്കെതിരു നില്പാൻ ആരുമില്ലാ
തായി. എല്ലാവരും അവരുടെ നിലങ്ങളിൽ 8
വേലചെയ്തു സമാധാനത്തോടെ ജീവിതം
നയിച്ചു. വയലുകൾ ധാരാളമായ വിളവു
കളും വൃക്ഷങ്ങൾ, ഫലങ്ങളും പ്രദാനം
ചെയ്തു. വൃദ്ധന്മാർ തെരുവീഥികളിൽ 9
ഇരുന്ന് എല്ലാവരും സൽ കാര്യങ്ങൾ
ആലോചിച്ചുവന്നു. യുവാക്കൾ മഹിമാലം
കൃതരായി. യാതൊരു യുദ്ധസന്നാഹവു 10
മില്ല. അയാൾ നഗരങ്ങൾക്കു സംരക്ഷണം
നൽകിക്കൊണ്ടിരുന്നു. കോട്ട കൊത്തളങ്ങ
ളാൽ അവയെ ശക്തമാക്കി. ഭൂതലസീമ
യോളം അയാളുടെ നാമം പ്രസിദ്ധമായി. 11
ഇസ്രായേൽ മഹാസന്തോഷത്തോടെ
പാർത്തു. അയാൾ ദേശത്തെങ്ങും സമാധാ
നമുണ്ടാക്കി. ഓരോരുവനും തൻെറ മുന്തിരി, 12
അത്തിപ്പഴതോട്ടങ്ങളിൽ കഴിഞ്ഞു. അവരെ
ഭീതിപ്പെടുത്തുവാൻ ആരുമില്ലായിരുന്നു. 13
ശത്രുക്കളും യോദ്ധാക്കളും അവരുടെ
മുമ്പിൽനിന്നും തുടച്ചുനീക്കപ്പെട്ടു. അക്കാ
ലത്തു രാജാക്കന്മാരും തകർന്നുപോയി
രുന്നു. സ്വജനത്തിലെ ദരിദ്രരുടെ അടുത്ത് 14
ആളയച്ച് അവർക്കു ശക്തിനൽകി. എല്ലാ
ദുഷ്ടതയും അധർമ്മവും തിന്മയും അയാൾ
നീക്കി. ന്യായപ്രമാണകല്പന പുലർന്നു.
വിശുദ്ധി വളർന്നു. വിശുദ്ധസ്ഥലത്തെ 15
ഉപകരണങ്ങൾ വർദ്ധിപ്പിച്ചു.
യോനാഥാൻ മരിച്ചുപോയി എന്നു റോ 16
മിലെ ജനവും സ്പാർത്തരും കേട്ട് അവർക്കു
മഹാദുഃഖമുണ്ടായി. അയാളുടെ സ്ഥാ 17
നത്തു ശീമോൻ മഹാപുരോഹിതനായതും,
രാജ്യങ്ങളും നഗരങ്ങളും അവയിലുള്ള
വയും അദ്ദേഹം കൈവശപ്പെടുത്തിയതും
അവർ കേട്ടപ്പോൾ അയാളുടെ സഹോദ 18
രരായ യൂദായോടും യോനാഥാനോടും
പുലർത്തിയിരുന്ന സഖ്യവും സൌഹൃദവും 19
നവീകരിക്കുവാനുമായി അവർ താമ്രപത്ര
ത്തിൽ എഴുതി സന്ദേശമയച്ചു. യറുശലേ 20
മിൽ ജനസമൂഹത്തിൽ അതു വായിക്ക
പ്പെട്ടു. സ്പാർത്തരുടെ സന്ദേശം ഇങ്ങനെ
യായിരുന്നു: സ്പാർത്യരുടെയും രാജ്യങ്ങ

ളുടെയും അധിപനിൽനിന്നും - മഹാപുരോ
ഹിതനായ ശീമോനും പ്രമാണിമാർക്കും, പു
രോഹിതർക്കും ശേഷം യഹൂദജനതയ്ക്കും
സമാധാനം. ഞങ്ങളുടെ അടുക്കൽ നിങ്ങ
യച്ച പ്രധാനികൾ നിങ്ങളുടെ ക്ഷേമത്തെ
ക്കുറിച്ചും, ബഹുമാനത്തെക്കുറിച്ചും,
പ്രാഭവത്തെക്കുറിച്ചും നമ്മെ അറിയിച്ചു.
അവരുടെ ആഗമനത്തിൽ നാം അത്യധികം
സന്തുഷ്ടനായി. അവർ പറഞ്ഞതെല്ലാം
നമ്മുടെ ആലോചനാമണ്ഡപത്തിൽ നാം
ങ്ങനെ എഴുതി സൂക്ഷിച്ചിരിക്കുന്നു.
അന്തിയാക്കോസിൻെറ മകൻ നൂമിനിയോ
ും അയ്സോൻെറ മകൻ അന്തിപത്രോസു
കുന്ന യഹൂദപ്രധാനികൾ, നമ്മോടുള്ള
സൗഹൃദം പുതുക്കുവാൻ നമ്മുടെ അടു
ൽ ആഗതരായി. അവരിൽനിന്നും
ാമത്രി സ്വീകരിക്കുവാൻ ജനത്തിനു
ളരെ സന്തോഷമായിരുന്നു. ആഗതരായ
ര ആദരപൂർവം സ്വീകരിച്ചു. അവരുടെ
ഴുത്തുകൾ ഗ്രന്ഥഭണ്ഡാരത്തിൽ, സപാർ
ജനതയ്ക്ക് എന്നും സ്മരണയ്ക്കായി
ൂക്ഷിച്ചിരിക്കുന്നു. അവർക്കുള്ള മറുപടി
ാപുരോഹിതനായ ശീമോന് എഴുതിയു
ിക്കുന്നു.
തദനന്തരം, ആയിരം മിനാസ് വിലയുള്ള
വലിയ സ്വർണപരിചയുമായി ശീമോൻ
മരുമായുള്ള സഖ്യം നിലനിർത്തുവാൻ
നിയോസിനെ റോമിലേക്കയച്ചു. ഇക്കാ
മല്ലാം ജനം അറിഞ്ഞതോടെ അവർ,
ാപുരോഹിതനായ ശീമോനും അദ്ദേ
ത്തിൻെറ പുത്രന്മാർക്കും നാം എന്താണ്
ിഫലമായി കൊടുക്കേണ്ടത്? എന്തെ
ൽ അദ്ദേഹവും അദ്ദേഹത്തിൻെറ
ഹോദരന്മാരും പിതൃഭവനം മുഴുവനും
്രായേലിൻെറ വൈരികളോട് സുശക്തം
ോരാടുകയും അവരെയെല്ലാം ഓടിക്കുക
അവരുടെതെല്ലാം കൈവശപ്പെടുത്തി
ികയും ചെയ്തവരാണല്ലോ. അവർ
ീമോനെക്കുറിച്ചു താമ്രപത്രത്തിൽ ഇങ്ങ
ഉല്ലേഖനം ചെയ്ത് സെഹിയോൻ മല
സ്തംഭത്തിന്മേൽ സ്ഥാപിക്കയും
്തു.
ഒരുനൂററി എഴുപത്തിരണ്ടാമാണ്ട്
ൂൽ പതിനെട്ടാം തീയതി ഇസ്രായേ
മഹാനായ മഹാപുരോഹിതൻ
ാൻെറ വാഴ്ചയുടെ മൂന്നാമാണ്ടിൽ
ാഹിതരുടേയും ജനത്തിൻേറയും
മാണികളുടേയും ദേശത്തെ മൂപ്പ
ടേയും വലിയ സംഘത്തിൽവച്ച് ഇപ്ര
ഞങ്ങൾ നിങ്ങളെ അറിയിച്ചിരിക്കു
ന്നു. യോനാദാബിൻെറ മക്കളിൽപെട്ട 29
മത്ത്യാസിൻെറ മകനായ ശീമോനും അദ്ദേ
ഹത്തിൻെറ സഹോദരന്മാരും അപകട
സന്ദർഭങ്ങളിൽ സ്വയം പരിത്യജിച്ച് തങ്ങ
ളുടെ ന്യായപ്രമാണവും വിശുദ്ധസ്ഥലവും
നിലനിറുത്തുവാനായി അനേകപ്രാവശ്യം
അവരുടെ വൈരികളോട് യുദ്ധംചെയ്യു
കയും അവരുടെ ജനത്തിന് മഹിമ വളർത്തു
കയും ചെയ്തവരാണ്.
യോനാഥാൻ സ്വജനത്തെ കൂട്ടി 30
ച്ചേർക്കുകയും അവർക്ക് മഹാപുരോഹി
തനായിത്തീരുകയും സ്വജനമെല്ലാം അദ്ദേ
ഹത്തോട് ചേരുകയും ചെയ്തു. അവരെ 31
ഇല്ലായ്മ ചെയ്വാനും വിശുദ്ധസ്ഥലം
പിടിച്ചെടുക്കുവാനുമായിട്ട് ശത്രുക്കൾ ഈ
ദേശത്തേക്ക് വരുവാൻ ആഗ്രഹിച്ചു.
അപ്പോൾ ശീമോൻ എഴുന്നേററ് സ്വജന 32
ത്തിനുവേണ്ടി പോരാടി. സ്വന്ത സമ്പാദ്യ
ങ്ങളിൽനിന്ന് അദ്ദേഹം വളരെയേറെ ചില
വും ചെയ്തു. സ്വജനത്തിൽപെട്ട സൈനി
കർക്ക് ആയുധവും സമ്മാനങ്ങളും പ്രദാനം
ചെയ്തു. യഹൂദിയായിലെ നഗരങ്ങളും
അദ്ദേഹം സുശക്തമാക്കി. നഗരങ്ങളിലെ 33
ആയുധവർഗം മുമ്പ് സൂക്ഷിച്ചിരുന്ന ദുർഗ
ഭവനങ്ങളെയും ശക്തമാക്കി. യഹൂദരെ
അവിടെ കാവൽക്കാരായി നിയമിച്ചു.
കടൽതീരത്തുള്ള യോപ്പായേയും സോ
ത്തോസിൻെറ അതിരിങ്കലുള്ള ഗാസോ
റിനേയും കോട്ടകെട്ടി അദ്ദേഹം സുശക്ത
മാക്കി. അവിടെയായിരുന്നു പണ്ട് ശത്രു 34
ക്കൾ താമസിച്ചിരുന്നത്. അവിടെയെല്ലാം
അദ്ദേഹം യഹൂദരെ കുടിയിരുത്തുകയും
അവരുടെ ആഹാരത്തിന്നും നിലനില്പി
ന്നും വേണ്ടിയുള്ളവയെല്ലാം അവിടെ സംഭ
രിക്കുകയും ചെയ്തു.
ജനത ശീമോൻെറ പ്രവർത്തനങ്ങളും 35
സ്വജനത്തിന് പ്രതാപം വരുത്തുവാൻ
അദ്ദേഹം ആഗ്രഹിക്കുന്നതും കണ്ടിട്ട്
അദ്ദേഹത്തെ അവർ ഭരണാധിപനും മഹാ
പുരോഹിതനുമായി നിശ്ചയിച്ചു. സ്വജന
ത്തിന് നീതിയും വിശ്വാസവും പാലിക്കു
വാൻ തക്കവണ്ണം തൻെറ ജനത്തിന്
ഉയർച്ചവരുത്തുവാൻ ആഗ്രഹിച്ചും കൊണ്ട്
അദ്ദേഹം ഇപ്രകാരമെല്ലാം ചെയ്തു. 36
അദ്ദേഹത്തിൻെറ കാലത്ത് ദേശത്തുനിന്ന്
ജാതികളെ തുടച്ചു നീക്കുവാൻ അദ്ദേഹ
ത്തിന് സാധിച്ചു. യറുശലേമിൽ ദാവീദിൻെറ
നഗരത്തിൽ ഉണ്ടായിരുന്നവരേയും ഉന്മൂ
ലനം ചെയ്തു. എന്തെന്നാൽ അവർ വിശു
ദ്ധസ്ഥലത്തിൻെറ പരിസരമെല്ലാം അശുദ്ധ

മാക്കുകയും വിശുദ്ധസ്ഥലത്ത് വലിയ
സംഹാരം നടത്തുകയും ചെയ്തവരായി
37 രുന്നു. അവിടെയെല്ലാം ശീമോൻ യഹൂദ
ജനതയെ താമസിപ്പിക്കുകയും ദേശ
ത്തിന്നും നഗരത്തിന്നും സുരക്ഷിത സ്ഥാന
മായിരിപ്പാൻ തക്കവണ്ണം കോട്ടകളാൽ
അതിനെ ബലവത്താക്കുകയും യറു
ശലേമിന്റെ കോട്ട ഉയർത്തിപ്പണിയുകയും
38 ചെയ്തു. ദെമത്രയോസ് രാജാവ് ശീമോനെ
മഹാപുരോഹിതസ്ഥാനത്ത് സ്ഥിരപ്പെ
ടുത്തുകയും രാജസുഹൃത്താക്കുകയും
മഹാ വലിയ മഹത്വത്താൽ അദ്ദേഹത്തെ
39 സംപൂജ്യനാക്കുകയും ചെയ്തു. യഹൂദ
ന്മാരെ റോമർ സഹോദരന്മാരെന്നും മിത്ര
ങ്ങളെന്നും സഹായികളെന്നും വിളിച്ചു.
40 ശീമോന്റെ ദൂതന്മാരെ അവർ ആദരവോടെ
41 സ്വീകരിച്ചു. യൂദജനത മുഴുവനും പുരോഹി
തന്മാരും അദ്ദേഹം എന്നേക്കും അധിപനും
മഹാപുരോഹിതനും ആയി ഒരു വിശ്വ
സ്തപ്രവാചകൻ എഴുന്നേൽക്കുന്നതുവ
42 രേയും ആയിരിപ്പാൻ ആഗ്രഹിച്ചു. അദ്ദേഹം
അവർക്ക് ഭരണാധിപനായിരുന്നു വിശു
43 ദ്ധസ്ഥലത്തിന്നുവേണ്ടി പരിശ്രമിക്കുവാ
നും അവരുടെ പ്രവർത്തനങ്ങൾ, ആയുധ
സജ്ജീകരണം, കോട്ടകൾ എന്നിവയെ
നിയന്ത്രിക്കുവാനും വിശുദ്ധസ്ഥലത്തെക്കു
റിച്ച് പ്രത്യേകമായി കരുതലുള്ളവനായിരി
പ്പാനും എല്ലാവരും അദ്ദേഹത്തിന്ന് അനു
സരണമുള്ളവരായരിപ്പാനും നാട്ടിൽ നട
ക്കുന്ന എല്ലാ ക്രയവിക്രയ ആധാരങ്ങളും
അദ്ദേഹത്തിന്റെ പേരിൽ എഴുതപ്പെടണ
മെന്നും അദ്ദേഹം സ്വർണ്ണനിലയങ്കിയാൽ
ആവൃതനാകണമെന്നും നിശ്ചയിച്ചിരി
44 ക്കുന്നു. പുരോഹിതർക്കാകട്ടെ ജനത്തിൽ
ആർക്കുമാവട്ടെ ഇപ്പറഞ്ഞവയിൽനിന്ന്
ഒന്നുപോലും. ലംഘിപ്പാനോ അദ്ദേഹ
ത്തിന്റെ ആജ്ഞകൾക്കെതിരായി നില
കൊള്ളുവാനോ അദ്ദേഹത്തെ കൂടാതെ
എന്തെങ്കിലും ചെയ്യുവാനോ അധികാരമില്ല.
അദ്ദേഹം സ്വർണ്ണപതക്കത്തോടുകൂടി
45 നിലയങ്കി ധരിച്ചിരിക്കണം. ഇവയിലേതെ
ങ്കിലുമൊന്ന് ലംഘിക്കുന്നവൻ ശിക്ഷാർഹ
നായിരിക്കും.
46 ശീമോന് ഇവയെല്ലാം ഉണ്ടായിരിക്കു
47 വാൻ ജനമെല്ലാം ആഗ്രഹിച്ചു. ശീമോൻ ഇവ
യെല്ലാം അംഗീകരിക്കുകയും മഹാപുരോ
ഹിതനും ഭരണാധിപനും യൂദജനതയുടേ
യും പുരോഹിതരുടേയും മേലധികാരിയും
ആയിരിപ്പാനും എല്ലാ കാര്യത്തിലും ശ്രദ്ധ
വയ്ക്കുവാനും പ്രസാദിക്കുകയും ചെയ്തു."
ഈ ലിഖിതം താമ്രപത്രത്തിൽ ഉല്ലേഖനം
ചെയ്തു വിശുദ്ധസ്ഥലത്തു വയ്ക്കണ
മെന്നും ഇതിന്റെ പകർപ്പ് ശീമോനും അവ
ന്റെ മക്കൾക്കും സ്വായത്തമായിരിക്കുവാൻ
ഭണ്ഡാരപ്പുരയിൽ വയ്ക്കപ്പെടണമെന്നും
അവർ തീരുമാനിച്ചു.

അദ്ധ്യായം 15

ദമെത്രയോസ് രാജാവിന്റെ മകൻ 1
അന്ത്യോക്കോസ് മഹാപുരോഹിതനും
യൂദജാതിത്തലവനും ആയ ശീമോനും
സർവ്വ ജനത്തിന്നുമായി സമുദ്രത്തിലെ
ദ്വീപുകളിൽനിന്നും സന്ദേശങ്ങൾ അയച്ചു.
അവയിൽ ഇങ്ങനെ എഴുതിയിരുന്നു. 2
അന്ത്യോക്കോസ് രാജാവിൽനിന്നും -
മഹാപുരോഹിതനും ജനനായകനും ആയ
ശീമോനും, യൂദജനതയ്ക്കും സമാധാനം.
ചില ദുഷ്ടന്മാർ എന്റെ പിതാക്കന്മാരുടെ 3
രാജ്യം പിടിച്ചടക്കി. ഇപ്പോഴോ ഞാൻ
അവരിൽനിന്ന് അവയെല്ലാം വീണ്ടെടുക്കു
വാനും അവയെല്ലാം മുമ്പേപ്പോലെ ആക്കു
വാനും ആഗ്രഹിക്കുന്നു. ഞാൻ വലിയോരു
സേനയെ സജ്ജീകരിച്ചിട്ടുണ്ട്. യുദ്ധക്ക
പ്പലുകളും ഞാൻ ശരിപ്പെടുത്തിയിട്ടുണ്ട്.
ആകയാൽ ഞങ്ങളുടെ രാജ്യം നശിപ്പിച്ചവർ 4
ക്ക് എതിരെ പുറപ്പെടുവാൻ ഞാൻ ആഗ്ര
ഹിക്കുന്നു. അവർ രാജ്യത്തെ വളരെയേറെ
നഗരങ്ങൾ നശിപ്പിച്ചവരാണല്ലോ. എന്റെ 5
മുൻഗാമികളായ രാജാക്കന്മാർ ഇളച്ചുതന്നി
ട്ടുള്ള കപ്പവും അവർ നൽകിയ എല്ലാ
ദാനങ്ങളും താങ്കൾക്കായി ഞാൻ വിട്ടു
തരുന്നു. താങ്കളുടെ ആഗ്രഹാനുസരണം 6
തീരുമാനങ്ങൾ എടുക്കുവാനും കല്പന
പുറപ്പെടുവിക്കുവാനും താങ്കൾക്കും ഞാൻ
അധികാരം നൽകിയിരിക്കുന്നു. യറൂശലേ 7
മും വിശുദ്ധ സ്ഥലവും സ്വതന്ത്രമായിരി
ക്കും. താങ്കൾ സജ്ജീകരിച്ചിട്ടുള്ള ആയുധ
ങ്ങളും പണിയിച്ച കോട്ടകളും കൈവശ
മിരിക്കുന്നവയെല്ലാം താങ്കളുടേതായിരി
ക്കും. രാജാവിന് കൊടുക്കുവാനുള്ള കടവും 8
രാജകൊട്ടാരത്തിലേക്ക് വരേണ്ടവയും
എല്ലാം ഇതു മുതൽ എന്നേക്കുമായി
ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ രാജ 9
സ്ഥാനം ഉറച്ചു കഴിഞ്ഞ് താങ്കളുടെ
മഹിമ ഭൂതലമാകെ കാണപ്പെടുവാൻ തക്ക
വണ്ണം ഏറിയ മഹത്ത്വത്തോടെ താങ്കളേ
യും ദേവാലയത്തേയും താങ്കളുടെ ജനത
യേയും നാം മഹിമപ്പെടുത്തും.
ഒരു നൂറ്റി എഴുപത്തിനാലാമാണ്ട് 10
അന്ത്യോക്കോസ് അയാളുടെ പിതൃദേശ

ത്തേക്ക് പുറപ്പെട്ടു. ത്രാഫിയാനോടുകൂടി
നാല്പം ആളുകൾ മാത്രമല്ലാതെ ശേഷിക്കാ
വണ്ണം സൈന്യമെല്ലാം അദ്ദേഹത്തോടു
ചർന്നു. അന്ത്യോക്കാസ് രാജാവ് അവനെ
ാടിച്ചു. ത്രാഫിയാൻ പലായനം ചെയ്ത്
ടൽത്തീരത്തുള്ള ദ്വോറയിൽ എത്തി.
തനിക്ക് ദുരിതങ്ങൾ വർദ്ധിക്കുന്നുവെ
ന്ന് കണ്ടപ്പോൾ അവൻെറ സേനയെല്ലാം
ാവനെ ഉപേക്ഷിച്ച് പൊയ്ക്കളഞ്ഞു.
ന്ത്യോക്കോസ് ദ്വോറയ്ക്കെതിരായി
ാളയമിറങ്ങി. അവനോടുകൂടി പന്തീരാ
ാം യോദ്ധാക്കളും എണ്ണായിരം കുതിരപ്പ
ാളികളും ഉണ്ടായിരുന്നു. അവൻ നഗരം
ഞ്ഞു. കപ്പലുകളും അവൻ പിടിച്ചടക്കി.
ലിൽനിന്നും കരയിൽനിന്നും അവരെ
ിച്ചു. അകത്തു കടക്കുവാനും പുറത്തിറ
ുവാനും ആരെയും സമ്മതിച്ചില്ല.
നുമിനിയോസും സഹചരന്മാരും റോ
ിൽനിന്നും തിരിച്ചുവന്നു. രാജാക്കന്മാർ
രാജ്യങ്ങളിലേക്കുമുള്ള എഴുത്തുകളും
വരുടെ കൈവശമുണ്ടായിരുന്നു. അവ
ൽ എഴുതപ്പെട്ടിരുന്നത്: റോമിലെ പ്രതി
ുഷൻ ലൂക്കോസ്--- ടോളമി രാജാവിനു
ാധാനം. യഹൂദരുടെ മഹാപുരോഹി
ശീമോനും പണ്ടുമുതലുള്ള മൈത്രിയും
്യവും പുതുക്കുവാനായി അയച്ചവരും
ങ്ങളുടെ മിത്രങ്ങളും സഖ്യതയുള്ളവരു
യഹൂദപ്രമാണികൾ നമ്മുടെ
ത്തെത്തി. ആയിരം മിനാ സുവിലയുള്ള
ന്നപരിച നമുക്കായി അവർ കൊണ്ടുവ
ുന്നു. ആകയാൽ ആരും അവർക്കു
ാരുപദ്രവവും ചെയ്യരുതെന്നും, അവ
ാടോ അവരുടെ നഗരങ്ങളോടോ,
കളോടോ യുദ്ധത്തിലേർപ്പെടുകയോ
ാറെ ആക്രമിക്കുന്നവർക്കു സഹായം
ുകയോ ചെയ്യരുതെന്ന് എല്ലാ രാജ്യ
ലേക്കും രാജാക്കന്മാർക്കും എഴുതു
നമുക്കു പ്രസാദം തോന്നി. അവരിൽ
ും പരിച സ്വീകരിപ്പാനും നാം ഇഷ്ട
. ആകയാൽ അവരുടെ ദേശത്തു
ും നിങ്ങളുടെ അടുക്കലേക്ക് ഓടി
ി എല്ലാ അധർമ്മികളെയും, യഹൂദ
നം അനുസരിച്ച് വിധി നടത്തി ശിക്ഷി
തിന്നായി അവരെ മഹാപുരോഹി
യ ശീമോന് ഏല്പിച്ചുകൊടുക്കണം.
ാരംതന്നെ, ദെമത്രിയോസ് രാജാ
അത്താലോസിനും, അറിറാത്തിനും,
ാക്കിനും, എല്ലാ രാജ്യങ്ങൾക്കും,
കാസിനും, സ്പാത്യർക്കും ദാലോ
, പംഫുല്യാക്കും, ലക്കിയാക്കും, ലൽ
ക്രീനോസിനും, റോഡ്സിനും, ഫസ്ലിദാ
ക്കും, കാവിനും സീദോനിലേക്കും, ദെർ
നീനർക്കും നിദോസിനും, കുപ്രോസിനും,
കുറിനായ്ക്കും എഴുതി. ഇവയുടെയെല്ലാം 24
പകർപ്പ് മഹാപുരോഹിതനായ ശീമോനും
അയച്ചുകൊടുത്തു.
അന്തിയാക്കോസ് ദ്വറായ്ക്കു നേരെ 25
പാളയമിറങ്ങി. രണ്ടാം ദിവസം അവൻ യുദ്ധ
യന്ത്രങ്ങളൊരുക്കി. അതിനോടടുത്തു
ത്രിഫോന് രക്ഷപെടാൻ സാദ്ധ്യമാകാത്ത
വിധത്തിൽ എല്ലാ വശത്തുനിന്നും അവനെ
കുടുക്കി. അവരെ സഹായിപ്പാൻ ശീമോൻ 26
രണ്ടായിരം സുശിക്ഷിതരായ പടയാളിക
ളെയും സ്വർണ്ണവും വെള്ളിയും മറ്റനേക
സാധനങ്ങളും അയച്ചുകൊടുത്തുവെങ്കി
ലും അവൻ അവയൊന്നും സ്വീകരിച്ചി 27
ല്ലെന്നു മാത്രമല്ല അവൻ മുമ്പ് ചെയ്ത
വാഗ്ദാനങ്ങളിലെല്ലാം വ്യാജം കാണിക്ക
യും അദ്ദേഹത്തിനെതിരായി വ്യത്യസ്ത
നിലപാടു സ്വീകരിക്കുകയും ചെയ്തിട്ട്
അവൻെറ ഒരു സ്നേഹിതനായ അത്തനാ 28
ബിയോസിനോട് അവൻ പോയി എന്തെ
ല്ലാം ചെയ്യണമെന്നു നിർദ്ദേശിച്ച് (ശീമോ
ൻെറ അടുക്കലേക്കയച്ചു.) അയാൾ അറി
യിച്ചു: 'എൻെറ രാജ്യത്തിലെ നഗരങ്ങളായ
യോപ്പയും ജസീറയും, യറുശലേമിലെ
കോട്ടയും നിങ്ങൾ കൈയടക്കി വെക്കുക
മാത്രമല്ല അവയുടെ അതിർത്തിപ്രദേശ 29
ങ്ങൾ നിങ്ങൾ നശിപ്പിക്കുകയും, ദേശത്തു
വലിയ സംഹാരം നടത്തുകയും ചെയ്തിരി
ക്കുകയാണ്. എൻെറ രാജ്യസീമയിലുള്ള
പല സ്ഥലങ്ങളിലും നിങ്ങൾ അധികാരം
ചെലുത്തുകയും ചെയ്തിരിക്കയാണ്.
ആകയാൽ നിങ്ങൾ പിടിച്ചടക്കിയ നഗരങ്ങ 30
ളും യഹൂദ്യയുടെ അതിരുകൾക്കപ്പുറം
നിങ്ങൾ അധികാരം ചെലുത്തിയ സ്ഥല
ങ്ങളുടെ കപ്പവും ഇപ്പോൾതന്നെ ഏല്പി
ക്കണം. അല്ലെങ്കിൽ അവയ്ക്കു പകരമായി
അഞ്ഞൂറു താലന്തു വെള്ളിയും, നിങ്ങൾ
വരുത്തിയ നഷ്ടങ്ങൾക്കു പരിഹാരമായും,
നഗരങ്ങളുടെ കപ്പമായി മറ്റൊരു അഞ്ഞൂറു
താലന്തു വെള്ളിയും ഇപ്പോൾതന്നെ
ഏല്പിച്ചുകൊള്ളണം. തരാതിരിക്കുന്ന 31
പക്ഷം നാം വന്ന് നിങ്ങളോടു യുദ്ധം ചെയ്യു
ന്നതായിരിക്കും.
രാജമിത്രമായ അത്തനോബിയോസ് 32
യറുശലേമിൽ എത്തി. ശീമോൻെറ പ്രതാപ
വും സ്വർണ്ണ വെള്ളിപാത്രങ്ങളും, വിശിഷ്ട
വസ്തുക്കളും കണ്ട് രാജാവിൻെറ വാക്കു
കൾ അവൻ ശീമോനോടു പറഞ്ഞു.

33 ശീമോൻ മറുപടിയായി അന്യദേശമൊന്നും
ഞങ്ങൾ കൈവശപ്പെടുത്തിയിട്ടില്ല. ഞങ്ങ
ളുടേതല്ലാത്തത് ഒന്നും ഞങ്ങൾ പിടിച്ചട
ക്കിയിട്ടുമില്ല. ഞങ്ങളുടെ പൈതൃകാവ
കാശം മാത്രമാണ്, നീതിയും വിവേകവും
കൂടാതെ ഓരോ കാലത്തും ഞങ്ങളുടെ
ശത്രുക്കൾ പിടിച്ചെടുത്തവ മാത്രമാണു
34 ഞങ്ങൾ തിരിച്ചു പിടിച്ചത്. ഇപ്പോൾ
ഞങ്ങൾക്കു സൗകര്യമുണ്ടായപ്പോൾ ഞങ്ങ
ളുടെ പിതാക്കന്മാരുടെ അവകാശം ഞങ്ങൾ
വീണ്ടെടുത്തു. യോപ്പായേയും ജസീറാ
35 യേയും കുറിച്ചു നീ ചോദിച്ചുവല്ലോ. അവർ
ഞങ്ങളുടെ ദേശത്തും ജനതയിലും മഹാ
സംഹാരം നടത്തിവരികയായിരുന്നു. അവ
ക്കു പകരമായി ഞങ്ങൾ നൂറു താലന്ത് തരാം
എന്നു പറഞ്ഞു. അത്തനബിയോസ്
36 ഉത്തരമൊന്നും പറഞ്ഞില്ല. അവൻ കോപി
ച്ചിറങ്ങി രാജസവിധമെത്തി ഇക്കാര്യങ്ങ
ളെല്ലാം രാജാവിനെ അറിയിച്ചതിനും പുറമെ,
ശീമോൻെറ പ്രതാപവും അവൻ കണ്ട മറ്റു
കാര്യങ്ങളും രാജാവിനെ ധരിപ്പിച്ചു. രാജാ
37 വിന് ഉഗ്രകോപമായി. ത്രാഫിയോൻ കപ്പൽ
കയറി അർതുസിയായിലേക്കു പലായനം
38 ചെയ്തു. രാജാവ് കൽദബ്യോസിനെ
പ്രഹലോസിന് അധിപനായി നിയമിച്ചു.
കാലാൾ, കുതിരപ്പട്ടാളങ്ങളെ കൊടു
39 ക്കുകയും യഹൂദ്യക്ക് എതിരെ പാളയമിറ
ങ്ങുവാനും, ഹെബ്രോൻ പണിത് അതിൻെറ
കോട്ടവാതിലുകൾ സുശക്തമാക്കുവാനും,
ജനത്തോടു പോരാടുവാനും ആജ്ഞാപി
40 ച്ചു. രാജാവ് ത്രാഫിയോനെ പിന്തു
ടർന്നു.
41 കന്ദിബിയോസ് യമനിനിൽ എത്തി
ജനത്തെ പീഡിപ്പിച്ചുതുടങ്ങി. അവൻ
യഹൂദ്യയിലും കടന്ന് കൊലയും കീഴടക്ക
ലും ആരംഭിച്ചു. അവൻ ഹെബ്രോൻ പണി
യുകയും അവിടെ കാലാൾ കുതിരപ്പട്ടാള
ത്തെ നിർത്തുകയും ചെയ്തു. രാജകല്പന
പ്രകാരം അവർ യഹൂദിയാവീഥികളിലൂടെ
സഞ്ചരിച്ചു.

അദ്ധ്യായം 16

1 യോഹന്നാൻ ഗസീറായിൽനിന്നും,
കന്ദിബിയോസ് പ്രവർത്തിച്ചതെല്ലാം
2 സ്വപിതാവിനെ ധരിപ്പിച്ചു. അയാൾ തൻെറ
മൂത്ത മക്കൾ രണ്ടു പേരെയും — യൂദാ
യേയും യോഹന്നാനേയും വിളിച്ച് അവ
രോടു പറഞ്ഞു: "ഞാനും എൻെറ സഹോ
ദരന്മാരും എൻെറ പിതൃഭവനമെല്ലാം ഞങ്ങ
ളുടെ ബാല്യംമുതൽ ഇന്നുവരെയും ഇസ്രാ
യേലിൻെറ യുദ്ധങ്ങൾ ചെയ്തു. അനേകം
പ്രാവശ്യം ഇസ്രായേലിനെ ഞങ്ങൾ മുഖാ
ന്തരം രക്ഷിപ്പാൻ (ദൈവകൃപയും) നൽകി.
ഇപ്പോഴാകട്ടെ ഞാൻ വൃദ്ധനായി. നിങ്ങളോ 3
ദൈവകരുണയാൽ ബലശാലികളുമാ
കുന്നു. നിങ്ങൾ എഴുന്നേൽപിൻ: എനിക്കും
എൻെറ സഹോദരന്മാർക്കും പകരമായി
നിങ്ങൾ നിന്ന് നിങ്ങൾ പുറപ്പെട്ട് നമ്മുടെ
ജനത്തിനുവേണ്ടി ഉഗ്രപോരാട്ടം നടത്തണം.
സ്വർഗ്ഗസ്ഥനായവൻെറ സഹായം നിങ്ങ
ളോടു കൂടെ ഉണ്ടായിരിക്കട്ടെ."
യോഹന്നാൻ ദേശത്തുനിന്നും സുശി 4
ക്ഷിതരായ ഇരുപതിനായിരം പേരെയും
കുതിരപ്പടയേയും യുദ്ധത്തിന്നായി ശേഖ
രിച്ച് കന്ദിബിയോസിനെതിരെ ചെന്നു.
രാത്രിയിൽ അവർ മുറിയിമിൽ പാർത്തു.
അതിരാവിലെ അവർ സമതലത്തു കൂടി 5
പോകവേ ഇതാ ഒരു മഹാസൈന്യം —
കാലാളും കുതിരപ്പടയും അവർക്കെതിരെ
വന്നു. ഇരുകൂട്ടർക്കും മദ്ധ്യെ ഒരു താഴ്വരയു
ണ്ടായിരുന്നു. യോഹന്നാനും സേനയും 6
അവർക്കെതിരെ നിലകൊണ്ടു താഴ്വര
കടക്കുവാൻ ജനം ഭയപ്പെടുന്നു എന്ന്
അയാൾ കണ്ടപ്പോൾ താൻതന്നെ ഒന്നാമതു
കടന്നു. താൻ കടന്നതു കണ്ടതോടെ അവ 7
രും അദ്ദേഹത്തിൻെറ പിന്നാലെ കടന്നു.
അവരുടെ പാളയങ്ങൾക്കിടയിലൂടെ ജന
ത്തേയും കുതിരപ്പടയേയും വിഭാഗിച്ച്
വിന്യസിച്ചു. അവരുടെ ശത്രുക്കളുടെ
അശ്വാരൂഢസേന വളരെ വളരെ വലുതാ
യിരുന്നു. ഇവർ കാഹളം മുഴക്കി. കന്ദി 8
ബിയോസും സൈന്യവും പരാജിതരായി.
വളരെയേറെപ്പേർ അവരിൽനിന്നും ഹത
രായി നിലംപതിച്ചു. ശേഷിച്ചവർ കോട്ടക
ളിലേക്കു പലായനം ചെയ്തു. യോഹന്നാ 9
ൻെറ സഹോദരൻ യൂദായ്ക്കു മുറിവേറ്റു.
യോഹന്നാൻ അവരെ അവർ പണിത
ഹെസ്രോൻവരെ ഓടിച്ചു. സോത്തോസ്
ഗോപുരങ്ങൾവരെ അവർ ഓടിപ്പോയി.
യോഹന്നാൻ അതിനെ അഗ്നിക്കിരയാക്കി.
അവരിൽ മൂവായിരം പേർ ഹതരായി!
യോഹന്നാൻ യഹൂദ്യയിലേക്കു സമാധാന 10
പൂർവ്വം തിരിച്ചെത്തി. ഹബ്ബുബായുടെ മകൻ 11
ടോളമി, യറീഹോ, സമതലത്തിൽ ഭരണാ
ധികാരിയായി നിയമിതനായിരുന്നു. അവൻ
പൊന്നും പണവും വളരെയേറെ സമ്പാദിച്ചു.
അവൻ മഹാപുരോഹിതൻെറ പുത്രീ 12
ഭർത്താവുമായിരുന്നു. അവൻ അഹങ്കാരമന 13
സ്കനായി ദേശം മുഴുവനടക്കി അധികാരം
ചെലുത്തുവാൻ മോഹിച്ചു. ശീമോനേയും

അദ്ദേഹത്തിൻെറ മക്കളേയും വധിക്കാൻ ചതിയായി ഗൂഢാലോചന ചെയ്തു. ശീമോൻ ചുറ്റി സഞ്ചരിച്ച് ദേശത്തെ നഗരങ്ങൾ സന്ദർശിച്ച് അവർക്കാവശ്യമായതെല്ലാം ചെയ്തു കൊടുക്കുവാൻ ഉത്സുകനായിരുന്നു. അദ്ദേഹവും, മക്കളായ മത്യാസും യൂദായും നൂറ്റി എഴുപത്തേഴാമാണ്ട് പതിനൊന്നാം മാസമായ 'ശ്ബോത്തു' മാസത്തിൽ യറിഹോയിൽ ചെന്നു. അവരെ ടോളമി വഞ്ചനാപൂർവ്വം സ്വീകരിച്ചത് അവൻ കെട്ടിപ്പടുത്ത ദൊവിക് എന്ന കോട്ടയിലായിരുന്നു. അവർക്കായി അവൻ ഒരു സൽക്കാരം നടത്തി. അവിടെ ആളുകളെ ഒളിപ്പിച്ചിരുത്തിയിട്ടുണ്ടായിരുന്നു. ശീമോനും പുത്രന്മാരും പാനം ചെയ്തു സന്തോഷചിത്തരായിരിക്കവെ, ടോളമിയും സഹചരന്മാരും എഴുന്നേറ്റു വിരുന്നുശാലയിലേക്ക് ആയുധപാണികളായി ചെന്ന് ശീമോനെയും പുത്രന്മാരെയും അയാളുടെ ചില ദാസന്മാരെയും വധിച്ചുകളഞ്ഞു. അങ്ങനെ അവൻ മഹാപാതകം ചെയ്തു. നന്മയ്ക്കു പകരം തിന്മ പ്രതികാരമായി ചെയ്തു. ടോളമി, തനിക്കു സഹായത്തിനായി സൈന്യത്തെ അയയ്ക്കണമെന്നും, ഭൂപ്രദേശങ്ങളും നഗരങ്ങളും അവനെ ഏല്പിക്കണ
മെന്നും, രാജാവിൻെറ പേർക്ക് എഴുതി അയ
ച്ചു, യോഹന്നാനെ വധിക്കുവാനായി ഗസീ 20
റായ്ക്കും അവൻ ചിലരെ അയച്ചു. സ്വർണ്ണ
വും വെള്ളിയും സമ്മാനങ്ങളും അവർക്കു
കൊടുക്കേണ്ടതിന്നായി സഹസ്രാധിപന്മാർ
അവൻെറ അടുത്ത് എത്തണമെന്നും എഴു
ത്തുകൾ അയച്ചു. യറുശലേമും ദൈവാല
യഗിരിയും പിടിക്കുവാൻ മറ്റു ചിലരേയും
അയച്ചു.

ആളുകൾ ഗസീറയിലെത്തി യോഹ 21
ന്നാനെ, അവൻെറ പിതാവും സഹോദര
ന്മാരും മരിച്ച വിവരവും, നിന്നെയും കൊല്ലു
വാൻ ആളയച്ചിട്ടുണ്ട് എന്നതും അറിയിച്ചു.
യോഹന്നാൻ അത്ഭുതസ്തബ്ധനായി 22
പ്പോയി. അവനെതിരായി വന്നവരെ കൊന്നു
കളഞ്ഞു. തന്നെക്കൊല്ലുവാനാണ് അവർ
ആഗ്രഹിക്കുന്നതെന്ന് അയാൾ അറിഞ്ഞു.

യോഹന്നാൻെറ മറ്റു വിവരങ്ങളും, 23
അദ്ദേഹം നടത്തിയ യുദ്ധങ്ങളും തൻെറ
വിജയപ്രതാപത്തെക്കുറിച്ചും അദ്ദേഹം
നിർമ്മിച്ച കോട്ടയെക്കുറിച്ചും, അദ്ദേഹത്തി
ൻെറ മഹാപൗരോഹിത്യത്തിൻെറ നാളാഗമ
പുസ്തകത്തിൽ എഴുതപ്പെട്ടിട്ടുണ്ട്.

തൻെറ പിതാവിനുശേഷം അദ്ദേഹം 24
മഹാപുരോഹിതനായി.

മക്കാബിയരുടെ 2-ാം പുസ്തകം

അദ്ധ്യായം 1

1 യഹൂദിയായിലെ യറുശലേമിലുള്ള
യഹൂദസഹോദരന്മാരിൽനിന്നും, ഈജി
പ്തിലുള്ള ഞങ്ങളുടെ യഹൂദസഹോദര
ന്മാർക്ക് -സമാധാനം. സമാധാനവും കൃപ
യും നിങ്ങളോടു കൂടെ ഉണ്ടായിരിക്കുമാ
2 റാകട്ടെ. ദൈവം നിങ്ങൾക്കു നന്മ വരുത്തി
തൻെറ വിശ്വസ്ത ദാസരായിരുന്ന അബ്ര
ഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരോ
ടുള്ള ഉടമ്പടി താൻ ഓർക്കുമാറാകട്ടെ.
3 തന്നോടു ഭക്തിയുള്ളവരായിരുന്നു തൻെറ
കല്പനകൾ പൂർണ്ണ ഹൃദയത്തോടും പ്രസാ
4 ദമുള്ള മനസ്സോടും കൂടെ അനുഷ്ഠിപ്പാനും
നിങ്ങൾക്കെല്ലാവർക്കും ഹൃദയം നൽകട്ടെ.
5 തൻെറ ന്യായപ്രമാണങ്ങളും കല്പനകളും
കേൾപ്പാൻ നിങ്ങളുടെ കർണ്ണങ്ങളും ഹൃദയ
ങ്ങളും താൻ തുറക്കുമാറാകട്ടെ. ദുരിത
കാലത്ത് താൻ നിങ്ങളുടെ പ്രാർത്ഥന കേട്ടു
നിങ്ങളിൽ പ്രസാദിച്ച് നിങ്ങളെ ഉപേക്ഷി
6 ക്കാതിരിക്കയും ചെയ്യട്ടെ - കണ്ടാലും
ഞങ്ങൾ ഇവിടെ നിങ്ങൾക്കു വേണ്ടി
പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ദമത്രിയോ
സ് ഭരണത്തിൻെറ ഒരു നൂറ്റി അറുപത്തി
7 ഒൻപതാമാണ്ട് - രാജസ്ഥാനത്തുനിന്നും
ശുമ്മാസോനും അവനോടു കൂടെയുള്ള
വരും വിശുദ്ധ നാട്ടിലേക്ക് അയയ്ക്കപ്പെട്ട
അക്കാലത്ത് ഞങ്ങൾക്കുണ്ടായ വേദന
കളും ഞെരുക്കങ്ങളും അക്കാലത്ത് യഹൂ
ദരായ ഞങ്ങൾ അനുഭവിച്ചവയെപ്പറ്റി
8 നിങ്ങൾക്കു എഴുതിയിരുന്നു. അയ്സോൻ
വന്ന് വാതിലുകളെല്ലാം ദഹിപ്പിച്ചു. കുറ്റമി
ല്ലാത്ത രക്തം ധാരാളം ചിന്തി. ഞങ്ങൾ
ദൈവത്തോടു അഭയയാചന ചെയ്തു.
താൻ ഞങ്ങളുടെ ശബ്ദം ശ്രവിച്ചു. ഞങ്ങൾ
കാഴ്ചകളും നേർത്ത മാവും അർപ്പിച്ചു.
9 ഞങ്ങളുടെ വിളക്കുകൾ തെളിച്ചു. കാഴ്ച
യപ്പം സമർപ്പിച്ചു. കോനൂൻക്ദീമിൽ -
(ഡിസംബർ-ജനുവരി) നിങ്ങളും കൂടാര
പ്പെരുന്നാൾ ആഘോഷിക്കണം.
10 ഒരുനൂറ്റി എൺപത്തിഎട്ടാം ആണ്ടിൽ -
യറുശലേമിലും യഹൂദിയായിലുമുള്ളവരും,
യഹൂദ്യാമൂപ്പന്മാരും കൂടി - ടോളമി രാജാ
വിൻെറ ഗുരുനാഥനും അഭിഷിക്തരായ
പുരോഹിതന്മാരുടെ കുടുംബത്തിൽ പെട്ട
യാളുമായ അരിസ്ത ബോലോസിനും,
ഈജിപ്റ്റിലുള്ള യഹൂദർക്കുമായി എഴു 11
തുന്നത്, നിങ്ങൾക്കു ക്ഷേമവും സമാധാ
നവും! ഞങ്ങൾക്കു സംഭവിച്ചുകൊണ്ടിരുന്ന
എല്ലാ ഞെരുക്കങ്ങളിലും ഞങ്ങൾക്കായി
നിലകൊണ്ട് ഞങ്ങളെ രക്ഷിച്ച ദൈവത്തിന്
ഞങ്ങൾ അത്യധികം സ്തോത്രമർപ്പിക്കു
ന്നു. രാജാവ് പരിശുദ്ധ നഗരത്തിന്നെതിരെ 12
യുദ്ധം ചെയ്യാൻ വന്നപ്പോൾ അയാളെ
പേർഷ്യായിലേക്കു താൻ ഓടിച്ചു കളഞ്ഞു.
അയാളും സൈന്യവും അവിടേക്കു പോയ 13
പ്പോൾ, അജയ്യൻ എന്നു വിചാരിക്കപ്പെ
ട്ടിരുന്ന അയാൾ നോനിയുടെ ആലയത്തിൽ
വച്ചു വധിക്കപ്പെട്ടു. നോനിയുടെ പുരോ
ഹിതന്മാർ അവരെ ചതിവിൽ പിടിച്ചു ബന്ധ
നസ്ഥരാക്കി, അയാൾ അന്തിയാക്കോസും 14
സ്നേഹിതരോടും അവിടെ താമസിപ്പാൻ
പോകുകയായിരുന്നു. സ്ത്രീധനത്തിൻെറ 15
കണക്കിൽപ്പെടുത്തി വലിയോരു സംഖ്യ
അയാൾ എടുത്തിരുന്നു. നോനീ പുരോ
ഹിതന്മാർ കീഴ്പ്പെട്ടു വാഗ്ദാനവും
ചെയ്തു. അല്പം ആളുകളോടുകൂടി
ക്ഷേത്രകോട്ടയ്ക്കുള്ളിൽ അയാൾ പ്രവേ 16
ശിച്ചപ്പോൾ അവർ വാതിൽ തുറന്ന് ഒരു
ചെറിയ സ്ഥലത്തുകൂടി അവർ ഉള്ളിൽ
കടന്ന് അയാളുടെ മേൽ കല്ലെറിഞ്ഞു
കൊന്നുകളഞ്ഞു. അവർ അവൻെറ തല
വെട്ടി പുറത്തുനിൽക്കുന്നവരുടെ അടുക്ക
ലേക്ക് എറിഞ്ഞു. എല്ലാ ദുഷ്ടന്മാർക്കും 17
അന്ത്യം വരുത്തിയ നമ്മുടെ ദൈവം വാഴ്ത്ത
പ്പെട്ടവൻ.
ദൈവാലയത്തിൻെറ ശുദ്ധീകരണം 18
കോനൂൻക്ദീം മാസം ഇരുപത്തഞ്ചാം
തീയതി നടത്തുവാൻ ഞങ്ങൾ ഒരുക്കങ്ങൾ
ചെയ്യുന്നു. കൂടാരപ്പെരുന്നാളും ദൈവാ
ലയവും ബലിപീഠവും നിർമ്മിച്ച നെഹമിയാ
ബലികൾ അർപ്പിച്ചപ്പോൾ, നൽകപ്പെട്ട

പെരുന്നാളും നിങ്ങളും ആചരിക്കേണ്ടതി
ന്നായി നിങ്ങളേയും ഇതറിയിപ്പാൻ ഞങ്ങൾ
ആഗ്രഹിക്കയാണ്. നമ്മുടെ പിതാക്കന്മാർ
പേർഷ്യയിലേക്കു കൊണ്ടുപോകപ്പെട്ട
പ്പോൾ അക്കാലത്തെ പുണ്യചരിതരായ
പുരോഹിതന്മാർ ബലിപീഠത്തിലെ അഗ്നി
യിൽനിന്നും കുറെ എടുത്ത് വെള്ളമില്ലാത്ത
ഒരു കിണറ്റിൽ ഒളിച്ചുവച്ചു. അതെവിടെയാ
ണെന്നു ആരും അറിയാത്തവണ്ണം അതു മൂടി
വച്ചു. വളരെ സംവത്സരങ്ങൾ കഴിഞ്ഞ്
ദൈവം പ്രസാദിച്ച്, പേർഷ്യൻ രാജാവ്
നെഹമിയായേയും, അഗ്നി മറച്ചുവെച്ച ആ
പുരോഹിതന്മാരുടെ സന്തതികളേയും
അയച്ചപ്പോൾ: - അഗ്നി എടുത്തു കൊണ്ടു
വരുവാൻ നെഹമിയാ അവരെ അയച്ചു.
എന്നാൽ അവിടെ ഇളകി മറിയുന്ന വെള്ള
മല്ലാതെ, അഗ്നി അവിടെ കണ്ടില്ല എന്നു
പറഞ്ഞു,. ആ വെള്ളം കുറെ എടുത്തു
കൊണ്ടുവരുവാൻ നെഹമിയാ ആജ്ഞാ
പിച്ചു. അവർ ബലികളും കാഴ്ചകളും
അർപ്പിക്കുവാൻ വച്ചു കഴിഞ്ഞ് നെഹമിയാ
പുരോഹിതന്മാരോട് ആ വെള്ളം വിറകി
ന്മേലും ബലിവസ്തുക്കൾമേലും തളിക്കു
വാൻ നിർദേശിച്ചു. അവർ ഇങ്ങനെ ചെയ്യു
വാൻ കുറെ സമയം എടുത്തു. സൂര്യോദയ
ത്തിൽ മേഘാവൃതമായിരിക്കെ എല്ലാവരും
അത്ഭുതപ്പെടത്തക്കവണ്ണം അഗ്നി ആളി
ക്കത്തി! അതുകൊണ്ടുള്ള ആ ശുശ്രൂഷ
അവസാനിക്കുംവരെ പുരോഹിതന്മാർ
പ്രാർത്ഥനാനിരതരായി നിലകൊണ്ടു.
പുരോഹിതരും യോനാഥാനും മറ്റു
ള്ളവരും ഇറങ്ങിപ്പോരുമ്പോൾ അവർ പറ
ഞ്ഞു: നെഹമിയായുടെ പ്രാർത്ഥന മൂല
മാണ് അഗ്നി ആളിക്കത്തിയത് എന്ന്. അദ്ദേ
ഹം ഇങ്ങനെയാണ് പ്രാർത്ഥിച്ചത്: സർവ്വ
ശക്തനും സർവത്തിൻെറയും സ്രഷ്ടാവും,
ഭയങ്കരനും, അതിശക്തനും, നീതിമാനും,
കരുണാപൂർണ്ണനും, താനേകൻ മാത്രം
രാജാവും, താൻ മാത്രം ദയാലുവും, താൻ
മാത്രം സംരക്ഷണദായകനും, നീതിനിറ
ഞ്ഞവനും, സർവാധിപതിയും, എല്ലാ ദുരിത
ങ്ങളിൽനിന്നും ഇസ്രായേലിൻെറ രക്ഷക
നും ആയ ദൈവമെ, അവിടുന്നു ഞങ്ങളുടെ
പിതാക്കന്മാരെ തെരഞ്ഞെടുത്ത് വിശുദ്ധീ
കരിച്ചുവല്ലോ. അവിടുത്തെ സ്വന്തജനമായ
ഇസ്രായേൽ മുഴുവനും വേണ്ടി, ഈ കാഴ്ച
അംഗീകരിക്കണമെ. അങ്ങേ അവകാശ
ത്തെയും വിഭാഗത്തേയും കാത്തു പാലിച്ച്
വിശുദ്ധീകരിക്കണമെ. ചിതറിപ്പോയ ഞങ്ങ
ളെ കൂട്ടി വരുത്തണമെ. അശുദ്ധരും നിഷി
ദ്ധരുമായ വിജാതീയരുടെ ഇടയിൽ അടിമ
ത്വത്തിൽ കഴിയുന്നവരെ സ്വതന്ത്രരാക്ക
ണമെ. നാഥാ, ഞങ്ങളിൽ തൃക്കൺപാർക്ക 28
ണമെ. അവിടുന്നാണ് ഞങ്ങളുടെ ദൈവം
എന്നു വിജാതിയർ അറിയുമാറാകട്ടെ. അ
ഹങ്കാരത്തോടെ ഉയർന്ന് ഞങ്ങളെ കീഴ
മർത്തിയിരിക്കുന്നവരെ വേദനിപ്പിക്കണമെ,
മോശ പറഞ്ഞിട്ടുള്ളതുപോലെ അങ്ങയുടെ 29
ജനത്തെ അങ്ങേ വിശുദ്ധ സ്ഥലത്തു സു
സ്ഥിരരാക്കണമെ." പുരോഹിതർ, സ്തുതി 30
ഗീതങ്ങൾ പാടിക്കൊണ്ടു നിന്നിരുന്നു.
ബലികളും കാഴ്ചകളും അർപ്പിച്ചു കഴിഞ്ഞ
പ്പോൾ, ശേഷിച്ച വെള്ളം, വിശേഷപ്പെട്ട കല്ലു 31
കൾകൊണ്ട് ചുറ്റും പണിയപ്പെട്ട ഒരു സ്ഥല
ത്തു സൂക്ഷിച്ചുവയ്ക്കുവാൻ നെഹമിയാ
കല്പിച്ചു. അവർ അങ്ങനെ ചെയ്തപ്പോൾ, 32
ബലിപീഠത്തിലുള്ള അഗ്നിയുടെ ശോഭ
അവസാനിക്കുന്നതുവരെയും, അഗ്നി
ജ്വാല ജ്വലിച്ചുകൊണ്ടുതന്നെയിരുന്നു.
പ്രവാസത്തിൽ പോയവർ അഗ്നി സൂ 33
ക്ഷിച്ചുവെച്ചിരുന്ന സ്ഥലത്ത് തിളയ്ക്കുന്ന
വെള്ളം കാണപ്പെട്ടുവെന്നും ആ വെള്ളം
കൊണ്ട് നെഹമിയായും കൂടെയുള്ളവരും
വഴിപാടുകളും ബലികളും വിശുദ്ധീകരിച്ചു
വെന്നും, ഉള്ള വസ്തുത പേർഷ്യൻ 34
രാജസന്നിധിയിൽ അറിവു കിട്ടിയപ്പോൾ,
ആ സ്ഥലത്തു രാജാവ് ദൈവാലയം
പണിയിക്കുകയും കാര്യങ്ങൾ ആരാഞ്ഞ്, 35
രാജാവ് അവർക്കു വിശിഷ്ടങ്ങളും വില
യേറിയതുമായ ദാനങ്ങൾ നൽകുകയും
ചെയ്തു. അവരോ അത് സ്വീകരിച്ചു
മറ്റുള്ളവർക്കു കൊടുത്തുകൊണ്ടിരിക്കുക
യുംചെയ്തു. "നിർമ്മലീകരണം" എന്നർത്ഥ
മുള്ള 'ഗുൻപഥാർ' എന്ന് നെഹമിയായുടെ
ആലയത്തെ വിളിച്ചിരുന്നു. അനേകരും
'നഫ്തി' എന്ന് അതിനെ വിളിക്കുന്നു.

അദ്ധ്യായം 2

ഏറമിയ പ്രവാചകൻെറ ഗ്രന്ഥത്തിൽ 1
ഇങ്ങനെ കാണുന്നു. ഇതിനുശേഷം, ആ
അഗ്നി എടുത്തു സൂക്ഷിക്കുവാൻ അദ്ദേഹം
നിർദേശിച്ചു. ദൈവകല്പനകൾ ജനം മറന്ന്, 2
സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടും നിർമ്മി
തമായ വിഗ്രഹങ്ങളും അവയുടെ മോടിയും
കാണുമ്പോൾ അവരുടെ മനസ്സു മാറിപ്പോ
കരുതെന്നും സൂചിപ്പിച്ച് അദ്ദേഹം പ്രമാണ
വും നൽകി. ഏതാദൃശങ്ങളായ മറ്റ് അനേക 3
കാര്യങ്ങളും അദ്ദേഹം നിർദ്ദേശിച്ചിരുന്നു.
അവരുടെ ഹൃദയങ്ങളിൽനിന്നും ന്യായ
പ്രമാണം മാറിപ്പോകരുതെന്ന് നിഷ്കർഷി

4 ച്ചു. ആ ഗ്രന്ഥത്തിൽ ഇങ്ങനെയും ലിഖി
തമായിട്ടുണ്ട്. പ്രവാചകന് അറിയിക്ക
പ്പെട്ടതനുസരിച്ച്, നിയമപെട്ടകവും കൂടാ
രവും അദ്ദേഹത്തോടു കൂടെ പോയി. മോശ
5 പണ്ടു കയറിപ്പോയ പർവ്വതത്തിൽ അവർ
എത്തിയപ്പോൾ കർത്താവിൻെറ അവകാ
ശസ്ഥാനം അദ്ദേഹം അവിടെ കണ്ടെത്തി.
6 അവിടെ ഒരു ഗുഹാമന്ദിരം കണ്ട് അദ്ദേഹം
അതിൽ പ്രവേശിച്ച് കൂടാരവും പെട്ടകവും
ധൂപപീഠവും അവിടെ സൂക്ഷിച്ചുവച്ച്,
വാതിലും അടച്ചു. അദ്ദേഹത്തോടൊരുമിച്ചു
പോയവരിൽ ചിലർ, പിന്നീട് ആ പോയ
വഴിയും സ്ഥലവും അന്വേഷിച്ചുവെങ്കിലും
7 കണ്ടെത്താൻ കഴിഞ്ഞില്ല. ഏറമിയാ
അതറിഞ്ഞ് അവരെ ശാസിച്ചു. ദൈവം
തൻെറ ജനത്തെ ഒരുമിച്ചു ചേർത്തു അവ
രോടു കരുണ ചെയ്യുന്ന കാലംവരെയും ആ
8 സ്ഥലം അറിയപ്പെടുകയില്ല. അപ്പോൾ
ദൈവം അവർക്കു ഇതു വെളിപ്പെടുത്തും.
അപ്പോൾ ദൈവത്തിൻെറ തേജസ്സും, മോശ
മേൽ പ്രത്യേക്ഷമായതുപോലെയും വിശു
ദ്ധമന്ദിരം പവിത്രീകരിക്കണമെന്നു ശലോ
9 മോൻ പ്രാർത്ഥിച്ച് തൻെറ വിജ്ഞാന
ത്തോടെ ബലികളും കാഴ്ചകളും സമർപ്പി
ച്ചപ്പോൾ എന്നപോലെയും മഹത്വവും
മേഘവും പ്രത്യക്ഷമാകും. അവൻ ദൈവാ
ലയപ്രതിഷ്ഠയും സ്ഥാപനവും നടത്തി.
10 മോശ ദൈവത്തോടു പ്രാർത്ഥിച്ചു. ആകാ
ശത്തുനിന്നു തീ ഇറങ്ങി ബലിവഴിപാടുകൾ
11 ആസ്വദിച്ചു. ശലോമോനും പ്രാർത്ഥിക്കു
കയും അഗ്നി ഇറങ്ങി ബലികളും ഹോമ
യാഗങ്ങളും ആസ്വദിക്കുകയും ചെയ്തു.
പാപബലി ഭക്ഷിച്ചുകൂടാത്തതുകൊ
ണ്ടാണ് അവ ദഹിപ്പിക്കപ്പെട്ടത് എന്നു മോശ
12 പറഞ്ഞിരുന്നു. അതുപോലെതന്നെ എട്ടു
ദിവസം ശലോമോനും അനുഷ്ഠിച്ചു.

13 ഓർമ്മഗ്രന്ഥങ്ങളിൽ ഇപ്രകാരം എഴു
തിയിരിക്കുന്നു. നെഹമ്യാ ചെയ്തതു:
രാജാക്കന്മാരുടെയും പ്രവാചകന്മാരുടെയും
ദാവീദിൻെറയും ഗ്രന്ഥങ്ങളും ബലികാഴ്ച
കളാദിയായവയെക്കുറിച്ചുള്ള രാജാക്ക
14 ന്മാരുടെ ലേഖനങ്ങളും ശേഖരിച്ചു. അങ്ങ
നെതന്നെ യൂദായും നമ്മുടെ ജനത്തിനു
ണ്ടായ യുദ്ധങ്ങൾ നിമിത്തം ചിതറിക്കിടന്ന
രേഖകൾ ശേഖരിച്ചു. അവ ഇപ്പോഴും ഞങ്ങ
15 ളുടെ കൈവശമുണ്ട്. അവയിൽ നിങ്ങൾക്ക്
ആവശ്യമുള്ളവ ആളയച്ച് എടുത്തുകൊണ്ടു
16 പൊയ്ക്കൊള്ളുക. ഞങ്ങൾ വിശുദ്ധീ
കരണം നിർവഹിപ്പാൻ ഒരുക്കങ്ങൾ ചെയ്യു
ന്നതുകൊണ്ട് നിങ്ങളും അപ്രകാരംതന്നെ
ചെയ്യുവാൻ നിങ്ങൾക്കു ഞങ്ങൾ എഴുതി
യിരിക്കുന്നു. ദൈവം സർവ്വ കാര്യങ്ങളിലും 17
തൻെറ ജനതയെ രക്ഷിക്കുകയും എല്ലാ
വർക്കും അവകാശം നൽകുകയും ന്യായപ്ര
മാണംവഴിയായി വാഗ്ദാനം ചെയ്തിട്ടുള്ള
രാജത്വവും പൗരോഹിത്യവും വിശുദ്ധിയും
നൽകുകയും ചെയ്തിരിക്കുന്നു. ആ ദൈവം 18
വേഗത്തിൽ നിങ്ങളോടു കരുണ ചെയ്യും.
ആകാശത്തിൻ കീഴിലുള്ള എല്ലായിടത്തു
നിന്നും വിശുദ്ധ സ്ഥലത്തേക്കു ഞങ്ങളെ
കൂട്ടിച്ചേർക്കുമെന്നും ഞങ്ങൾ തന്നിൽ
പ്രത്യാശ വെയ്ക്കുന്നു. താൻ അനേക
ദുരിതങ്ങളിൽനിന്നും നമ്മെ രക്ഷിക്കുകയും
ഈ സ്ഥലത്തെ വെടിപ്പാക്കുകയും ചെയ്തി
രിക്കുന്നു.

യൂദാ മക്കാബിയെയും അയാളുടെ 19
സഹോദരന്മാരെയും കുറിച്ചും മഹത്തും
ബൃഹത്തും ആയ ദേവാലയത്തിൻെറ
ശുദ്ധീകരണത്തെയും പ്രതിഷ്ഠയെയും
കുറിച്ചും. അന്ത്യാക്കോസ് എപ്പിപ്പാനസും 20
അവൻെറ മകൻ എവുപത്തോറും ആയി
ഉണ്ടായ യുദ്ധങ്ങളെക്കുറിച്ചും യഹൂദന്മാർ
ക്കു വേണ്ടി വീറോടെ പൊരുതിയവരുടെ
മേൽ ആകാശത്തു നിന്നു പ്രത്യക്ഷമായി
ഉണ്ടായ അത്ഭുതങ്ങളെക്കുറിച്ചും അവയിൽ
എഴുതപ്പെട്ടിരിക്കുന്നു. അവർ സംഖ്യയിൽ 21
കുറവുള്ളവർ ആയിരുന്നിട്ടും വഷളത്വവും
അശുദ്ധിയും നിറഞ്ഞവരായി അവർക്ക്
എതിരായി വന്ന സർവ്വ ജാതികളെയും
നിശിപ്പിച്ച് ഓടിച്ചതിനെക്കുറിച്ചും എഴുത
പ്പെട്ടിരിക്കുന്നു. ഇങ്ങനെ സർവ്വലോക 22
പ്രസിദ്ധമായ ദേവാലയവും വിശുദ്ധ
സ്ഥലവും സമാധാനത്തിലും ആശ്വാസ
ത്തിലും ആയിത്തീർന്നു. വിജാതിയരുടെ
അടിമത്വത്തിൽനിന്നു നഗരം സ്വതന്ത്രമാ
ക്കപ്പെട്ടു. നശിച്ചുപോകാറായിരുന്ന ന്യായ
പ്രമാണങ്ങളെ അവർ ശേഖരിച്ചു കർത്തൃ
ഹിതപ്രകാരവും അവർക്കു ലഭിച്ചിരുന്ന
കരുണയാലും ക്രമപ്പെടുത്തുകയും ചെ
യ്തു. സംഭവിച്ചവയെല്ലാം കുറിയേനേക്കാര 23
നായ ഇയസോനാൽ അഞ്ചു പുസ്തകങ്ങ
ളിൽ എഴുതപ്പെട്ടു. വളരെ പ്രയാസപ്പെട്ടിട്ടാ
ണെങ്കിലും ഖണ്ഡശ്ശയായി എഴുത്തുകാരെ
ക്കൊണ്ട് അവ എഴുതിക്കണമെന്നും ഞ
ങ്ങൾക്ക് വളരെ വളരെ താല്പര്യമുണ്ടായി.
സംഭവിച്ച കാര്യങ്ങളുടെയെല്ലാം ചരിത്രം 24
പരിശോധിക്കണമെന്ന് വളരെയേറെ കാര്യ
ങ്ങൾ ഉൾപ്പെടുത്തി എഴുതുവാൻ പ്രയാസ
മാകകൊണ്ട്, വളരെ കാര്യങ്ങൾ ആവർ
ത്തിച്ച് എഴുതേണ്ടതുള്ളതുകൊണ്ട് വിഷമി

പ്പാണെങ്കിലും ഭാഗം ഭാഗമായി അവയെ വിഭജിച്ച് എഴുതി സൂക്ഷിപ്പാൻ ഞങ്ങൾക്ക് താല്പര്യം തോന്നി. അവ വായിക്കുന്നവരുടെ ആത്മാക്കൾ സത്യത്തിൽ അവരെ ഉപദേശിക്കേണ്ടതിനും താല്പര്യത്തോടെ ഇതിലെ വാക്കുകൾ മുറുകെ പിടിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് എളുപ്പമായിത്തീരുവാനും അവ വായിക്കുന്നവർക്ക് ശോഭയോടെ പ്രയോജനം ഉണ്ടാകുവാനുമായിട്ടു ഞങ്ങൾ ക്രമപ്പെടുത്തി വച്ചിരിക്കുന്നു. ഇവയെക്കുറിച്ച് ഞങ്ങൾക്ക് താല്പര്യമുണ്ടായിരുന്നതിനാൽ ഭാഗം ഭാഗമായി ഞങ്ങൾ എഴുതിയിരിക്കുന്നു. ഈ ജോലി ഞങ്ങൾ എളുപ്പമല്ലായിരുന്നു. പിന്നെയോ വിയർപ്പോം പ്രയത്നത്തോടും ദീർഘമായ ജാഗരണത്തോടും കൂടി ഈ ജോലി ഞങ്ങൾ നിർവ്വഹിച്ചിരിക്കുന്നു. ഇത് വിരുന്നൊരുക്കി അന്യരുടെ സന്തോഷത്തിനായി ശ്രമിക്കുന്നതുപോലെയത്രേ. അത് നിഷ്പ്രയാസം സാധിക്കാവുന്ന ഒരു കാര്യമല്ലല്ലോ! എന്നിരുന്നാലും അനേകർക്കു തൃപ്തി വരുത്തുവാൻ ഈ വിഷമമുള്ള ജോലി ഞങ്ങൾ ഏറ്റെടുക്കുകയാണ്. സൂക്ഷ്മമായ വിശദവിവരങ്ങൾ ചരിത്രകാരനു വിട്ടുകൊടുത്തുകൊണ്ട് ഞങ്ങൾ ചുരുക്കമായാണു പ്രസ്താവിക്കുന്നത്. ഒരു പുതിയ കെട്ടിടം ഉണ്ടാക്കുമ്പോൾ അതിൻെറ മുഴുവനായ രൂപത്തിനെന്ന് സമർത്ഥനായ പണിക്കാരൻ ശ്രദ്ധിക്കുന്നത്. അതിനെ മോടിപിടിപ്പിക്കുന്നവർ അതിൻെറ അലങ്കാരപ്പണികൾ മാത്രമാണല്ലോ ചിന്തിക്കുന്നത്. ഞങ്ങളുടെ കാര്യവും അങ്ങനെതന്നെ എന്നാണ് എനിക്കു തോന്നുന്നത്. കാര്യങ്ങളെല്ലാം ക്രമപ്പെടുത്തി വിശദമായി എഴുതുക എന്നുള്ളത് ചരിത്രനിർമ്മാതാവിൻെറ ചുമതലയാണ്. ആവർത്തിച്ച് എഴുതുന്നവന് തൻെറ രചനയിൽ ചുരുക്കമായി എഴുതുവാനും വിശദമായ വിവരണം ഉപേക്ഷിക്കുവാനും അനുവാദമുണ്ടല്ലോ. ആകയാൽ ഇപ്പോൾ കൂടുതലൊന്നും വിവരിക്കാതെ ഞങ്ങളുടെ വിവരണം ചുരുക്കമായി ആരംഭിക്കുന്നു. വലിയ ചരിത്രം ആരംഭിക്കുന്നതിനു മുമ്പെ ചുരുക്കമായി ഞങ്ങൾ പ്രസ്താവിക്കുകയാണ്.

അദ്ധ്യായം 3

വിശുദ്ധ നഗരം സമാധാനത്തോടും ശാന്തിയോടും കഴിഞ്ഞുകൂടിക്കൊണ്ടിരുന്നു. മഹാപുരോഹിതനും തിന്മകളെ വെറുക്കുന്നവനുമായ ഹൂനിയായുടെ ഭക്തിയും നിമിത്തം ന്യായപ്രമാണം നന്നായി
അനുഷ്ഠിക്കപ്പെട്ടിരുന്നു. രാജാക്കന്മാരും 2
ദേവാലയത്തെയും രാജ്യത്തെയും ബഹുമാ
നിക്കുവാനായി ആദരവോടും വിശിഷ്ടവും
ശ്രേഷ്ഠവുമായ കാഴ്ചകളോടും കൂടി വന്നു
കൊണ്ടിരുന്നു. ആസിയാ രാജാവായ 3
സെലൂക്കസ് പോലും വഴിപാടുകളുടെ
നിർവ്വഹണത്തിന് ആവശ്യമായതെല്ലാം
തൻെറ സ്വന്തസമ്പാദ്യത്തിൽ നിന്നു നൽകി
ക്കൊണ്ടിരുന്നു. ബെന്യാമിൻ ഗോത്രക്കാ 4
രനും കാര്യസ്ഥനായി നിയമിക്കപ്പെട്ടിരുന്ന
വനുമായ സീമോൻ പുരോഹിതൻ എതി
രായി എഴുന്നേറ്റു; നഗരത്തിൽ ഉണ്ടാക്കി
ക്കൊണ്ടിരുന്ന അധർമ്മങ്ങളെ അവൻ
സഹായിച്ചുകൊണ്ടും ഇരുന്നു. മഹാപുരോ 5
ഹിതനായ ഹൂനിയായെ ജയിക്കുവാൻ
അവനു കഴിയാതെ വന്നപ്പോൾ അവൻ
അക്കാലത്ത് സിറിയായുടെയും ഫിനിഷ്യാ
യുടെയും ഭരണാധിപനായിരുന്ന തർസ്യോ
സിൻെറ അപ്പലോനിയോസിൻെറ അടു
ക്കൽ ചെന്നു.

യെറൂശലേം ദേവാലയത്തിൽ ഉണ്ടായി 6
രുന്ന ഭണ്ഡാരത്തെക്കുറിച്ച് ഇവൻ അയാൾ
ക്കു അറിവു കൊടുത്തുകൊണ്ട് അവനോട്:
ആ ഭണ്ഡാരത്തിലുള്ള ധനത്തിനു അറുതി
കുറിയ്ക്കാവതല്ലാതവണ്ണം അത്രയേറെ
അസംഖ്യമാണ്; ഈ പണമെല്ലാം ബലിക
ളുടെയും കാഴ്ചകളുടെയും കണക്കിൽ
പെടുത്തുന്നതിന് ഒരു നീതീകരണവുമില്ല;
അവയെല്ലാം രാജാവിൻെറ അധികാരത്തിൽ
ആയിരിക്കട്ടെ. അപ്പലോനിയസ് ചെന്ന് 7
അവന് അറിവു കിട്ടിയ ആ ഭണ്ഡാരത്തേ
യും സമ്പത്തിനെയും കുറിച്ച് രാജാവിന്
അറിവു കൊടുത്തു. രാജാവ് കാര്യസ്ഥ
നായ ഹലിദോറോസിനെ വിളിച്ച് തനിക്ക്
അറിവു കിട്ടിയ ഈ ഭണ്ഡാരവും അതിലെ
ധനവുമെല്ലാം പിടിച്ചെടുത്തു കൊണ്ടുവരു
വാൻ കല്പിച്ചയച്ചു. അയാൾ ഉടൻതന്നെ 8
സിറിയയിലെയും ഫിനിഷ്യായിലെയും
നഗരങ്ങളിലേക്കു പുറപ്പെട്ടു. രാജകല്പന
എത്രയും വേഗം നിർവ്വഹിപ്പാൻ ധൃതിപ്പെട്ടു.
ഹലിദോറോസ് യറുശലേമിൽ ആഗത
നായി. മഹാപുരോഹിതനും സർവ്വ നഗര
വും ബഹുമാനപൂർവം അയാളെ സ്വീക
രിച്ചു. രാജാവിന് അറിവു കിട്ടിയ അക്കാ 9
ര്യത്തെ പ്രതിയാണ് താൻ അയയ്ക്കപ്പെട്ടിരി
ക്കുന്നത് എന്ന് അയാൾ വെളിപ്പെടുത്തി.
ഇതെല്ലാം സത്യമായി ഇങ്ങനെതന്നെയോ
എന്ന് അവരോടു ചോദിച്ചു. മഹാപുരോഹി 10
തൻ അയാളോട്: അനാഥർക്കും വിധവ
മാർക്കും വേണ്ടി ഉള്ളവയാണ് അവയെന്നും

അവയിൽ ചിലത് ധനികനും മഹാനുമായ
11 തോബിയായുടെ മകൻ ഹിർക്കാനോസി
ൻേറതാണെന്നും ദുഷ്ടനായ സീമോൻ
അവിടെ വന്ന് ഏഷണി പറഞ്ഞതുപോലെ
യൊന്നും അല്ലെന്നും ഇവയെല്ലാം കൂടി
നാനൂറു താലന്തു വെള്ളി മാത്രമാണെന്നും
12 അറിയിച്ചു. അവ കവർച്ച ചെയ്യപ്പെടാവുന്ന
വയല്ല. സ്ഥലത്തിൻെറ വിശുദ്ധിയെയും
ദൈവാലയത്തിൻെറ നിർമ്മലതയെയും സർവ്വ
ലോകത്തിലുമുള്ള അതിൻെറ മഹത്തായ
നാമത്തെയും വിശ്വസിക്കുന്നവർക്ക് അതു
13 കവർച്ച ചെയ്യുവാൻ സാദ്ധ്യമല്ല. എന്നാൽ
ഹലിദോറോസ് രാജകല്പന നിമിത്തമായി
അവരോട്: ഇവയെല്ലാം കൊട്ടാരത്തിൽ
കൊണ്ടുപോയി നിക്ഷേപിക്കേണ്ടതാണ്
14 എന്നു പറഞ്ഞു, എപ്പോഴാണ് അവിടെ
പ്രവേശിച്ചു ഇതെല്ലാം കാണേണ്ടതെന്നും
അതു കൈവശം മാറേണ്ടതെന്നും ഉള്ള
തിനു ദിവസം നിശ്ചയിച്ചു. നഗരത്തിൽ
ആകെ അത്യധികമായ പരിഭ്രമമായി.
15 പുരോഹിതന്മാർ പൗരോഹിത്യവേഷ
ത്തിൽ നിലത്തു വീണുകിടന്നുകൊണ്ട്
ന്യായപ്രമാണദാതാവിനോട്, ആദാനദ്രവ്യം
പൂർണ്ണമായി സുരക്ഷിതമാക്കേണ്ടതിനു
16 നിലവിളിച്ചു. മഹാപുരോഹിതനെ കണ്ട
വരുടെയെല്ലാം ഹൃദയം ശക്തിപ്പെട്ടു. അദ്ദേ
ഹത്തിൻെറ മുഖഭാവവും കാഴ്ചയിലുള്ള
വ്യത്യാസവും അദ്ദേഹത്തിൻെറ ഹൃദയവേദ
17 നയെ സ്പഷ്ടമാക്കിയിരുന്നു. കൃപാരീ
തിയും കാഴ്ചയിലെ സൗന്ദര്യവും അദ്ദേഹ
ത്തിൽനിന്നു മാറിപ്പോയിരുന്നു. അങ്ങനെ
അദ്ദേഹത്തിൻെറ മനോവ്യഥ സ്പഷ്ടമായി
18 കാണാമായിരുന്നു. ഭവനങ്ങളിൽനിന്നു
ജനങ്ങൾ കൂട്ടമായി പുറത്തുവന്നു ദൈവാ
ലയം നിന്ദയ്ക്കും അപമാനത്തിനും ഇടയാ
കാതിരിപ്പാനായി പ്രാർത്ഥിച്ചുകൊണ്ടി
രുന്നു. സ്ത്രീകളും രട്ടുടുത്തു വഴിനീളെ
19 അലഞ്ഞോടി. കന്യകമാരും, അവർക്കു
വീടുവിട്ടിറങ്ങൻ അനുവാദമില്ലെങ്കിലും,
വാതിൽക്കലേക്ക് ഓടി, അവരിൽ ചിലർ
കോട്ടകളിലേക്കും ഓടി. മറ്റു ചിലർ ജനാ
ലകളിലൂടെ പുറത്തേക്കു നോക്കിക്കൊണ്ടി
20 രുന്നു. അവരെല്ലാം കൈമലർത്തിക്കൊണ്ട്
സ്വർഗ്ഗസ്ഥനായവനോടു കരഞ്ഞപേക്ഷി
21 ച്ചുകൊണ്ടിരുന്നു. ജനത്തിൻെറ ഈ
ദുരിതവും കഷ്ടപ്പാടും മഹാപുരോഹിത
ൻെറ മനോവ്യഥയും ഹൃദയവേദനയും
22 ദയനീയമായ കാഴ്ചയായിരുന്നു. ആർക്കു
വേണ്ടിയാണോ ആ നിക്ഷേപമെല്ലാം വിശ്വ
സിച്ചേൽപിക്കപ്പെട്ടത്, അവർക്കായി കരുത
ലോടെ അവ സൂക്ഷിക്കപ്പെടണമേ എന്ന്
സർവ്വശക്തനായ ദൈവത്തോട് അവർ
നിലവിളിച്ചു. ഹലിദോറോസാകട്ടെ, ഏതു 23
കാര്യത്തിനാണോ അവൻ വന്നത് അക്കാ
ര്യം ഉടൻ നിർവ്വഹിക്കുവാൻ ഉറച്ചു. ആയു 24
ധധാരിയായ അവനും അവൻെറ പട്ടാള
ക്കാരും ഭണ്ഡാരപ്പുരയിലേക്കു പ്രവേശി
ക്കുവാൻ ആരംഭിച്ചയുടനെ തന്നെ ആത്മാ
ക്കളുടെ നാഥനും സർവ്വാധിപനും സർവ്വാ
ധികാര സംയുക്തനും ആയ ദൈവം അവി
ടെ അത്ഭുതവും മഹത്തായ പ്രത്യക്ഷതയും
നൽകി. അങ്ങനെ അവിടെ കടക്കുവാൻ
തുനിഞ്ഞവരെല്ലാവരും അവരുടെ മേൽ
പ്രത്യക്ഷപ്പെട്ട ദൈവത്തിൻെറ ഭീകരമായ
അത്ഭുതംമൂലം തളർന്നുവീണു. എന്തെ 25
ന്നാൽ കാഴ്ചയ്ക്കു മഹാസുന്ദരനും
തേജോ വസ്ത്രധാരിയുമായ ഒരു മനുഷ്യൻ
ഭയാനകമായ ഒരു കുതിരപ്പുറത്ത് അത്യ
ധികം ക്രോധത്തോടെ വരുന്നതായാണ്
അവർ കണ്ടത്. അദ്ദേഹത്തിൻെറ ആയുധ
വർഗ്ഗം കൂട്ടിമുട്ടുമ്പോൾ ഉള്ള ശബ്ദം ഹലി
ദോറോസിനെ ഭയപ്പെടുത്തി. അദ്ദേഹം
വാഹനമേറിയിരുന്നത് സ്വർണ്ണായുധങ്ങൾ
ധരിച്ചാണു കാണപ്പെട്ടത്. അതോടുകൂടി 26
ത്തന്നെ സുന്ദരരൂപികളും മഹാശക്തരും
അത്ഭുതകരമായി വസ്ത്രധാരണം ചെയ്ത
വരുമായ രണ്ടു ചെറുപ്പക്കാർ ഹലിദോറോ
സിൻെറ രണ്ടു വശവും നിന്ന് അത്യുഗ്രമായി
ചമ്മട്ടികൾകൊണ്ട് അടിച്ചുമിരുന്നു. മഹാ 27
അന്ധകാരത്തിൽ പെട്ട് അവൻ പെട്ടെന്നു
നിലത്തു വീണു. അവനെ ചുമന്നു പുറ
ത്തളത്തിലേക്ക് കൊണ്ടുപോയി. അല്പ 28
സമയം മുമ്പ് അഹങ്കാരത്തോടും ഏറിയ
ശക്തിയോടും കൂടെ ഭണ്ഡാരപ്പുരയിൽ കട
ന്നവൻ സ്വയം സഹായിപ്പാൻ സാദ്ധ്യമ
ല്ലാതെ അശക്തനായി വീണു കിടന്നു.
അങ്ങനെ ദൈവശക്തി പരസ്യമായി കാണ 29
പ്പെട്ടു. സത്യവാനായ ദൈവത്തിൻെറ
പ്രവർത്തനത്താൽ ജീവനെക്കുറിച്ചു പ്രത്യാ
ശയോ പ്രതീക്ഷയോ ഇല്ലാതെ അവൻ
തളർന്നു വീണുപോയി. ജനമാകട്ടെ, 30
തൻെറ സ്ഥലത്തിനു മഹത്വം വരുത്തിയ
ദൈവത്തെ സ്തോത്രം ചെയ്തു. അല്പ
സമയം മുമ്പ് പരിഭ്രമവും ഭയവും മുറ്റിനി
ന്നിരുന്ന ദൈവാലയം ദൈവത്തിൻെറ
പ്രവർത്തനത്താലും പ്രത്യക്ഷതയാലും ആ
ഹ്ലാദവും ആനന്ദവുംകൊണ്ടു നിറഞ്ഞു.
ഉടൻതന്നെ ഹലിദോറോസിൻെറ സ്നേഹി 31
തരിൽ ചിലർ അടുത്തു വന്നു പ്രത്യാശ
യില്ലാതെ അന്ത്യശ്വാസം വലിക്കുന്ന

അവർക്ക് ജീവൻ നൽകുവാനായി ദൈവ
ത്തോടു അപേക്ഷിക്കണമെന്നു ഹൂനിയാ
2യോടു യാചിച്ചു. ഹലിയോദോറോസിൻെറ
കാര്യത്തിൽ യഹൂദന്മാർ വല്ലതും ചെയ്തു
വോ എന്ന് രാജാവ് വിചാരിച്ചേക്കുമോ
എന്ന് അദ്ദേഹം വിചാരിച്ചിട്ട് ആ മനുഷ്യ
ൻെറ ജീവനു വേണ്ടി ബലി കാഴ്ചകൾ
അർപ്പിച്ചു. മഹാപുരോഹിതൻ നിന്നുകൊ
ണ്ട് അയാൾക്ക് പരിഹാരം നൽകുമ്പോൾ
ആ രണ്ടു യുവാക്കന്മാർ അവരുടെ ആദ്യ
വേഷത്തിൽതന്നെ ഫിലിദോറോസിനു
പ്രത്യക്ഷമായി അവനോട്: മഹാപുരോഹി
തനായ ഹൂനിയായ്ക്കു വളരെയേറെ നന്ദി
പറയുക. അദ്ദേഹത്തെ പ്രതിയാണു ദൈവം
നിനക്കു ജീവൻ നൽകിയത്. ദൈവത്തിൽ
നിന്ന് അടി കൊണ്ടവനായ നീ പോയി
എല്ലാവരോടും തൻെറ മഹിമയെയും മഹാ
ശക്തിയെയും പ്രഘോഷിക്കുക എന്നു
പറഞ്ഞു. ഇതു പറഞ്ഞശേഷം അവർ
പിന്നെ കാണപ്പെട്ടില്ല. ഹലിദോറോസ്
ദൈവത്തിനു കാഴ്ചകൾ സമർപ്പിച്ചു. അവ
നു ജീവൻ നൽകിയതിനു വേണ്ടി ദീർഘ
മായി പ്രാർത്ഥിച്ചു. ഹൂനിയായെയും അവൻ
അത്യധികം ആദരിച്ചു. അങ്ങനെ അവൻ
സ്വസേനയോടുകൂടെ രാജസന്നിധിയി
ലേക്കു തിരിച്ചുപോയി. അവൻെറ കൺമു
മ്പിൽ പ്രത്യക്ഷപ്പെട്ട ബലവാനായ ദൈവ
ത്തിൻെറ ശക്തിയെയും പ്രവർത്തനങ്ങ
ളെയുംകുറിച്ച് അവൻ എല്ലാവരോടും സാ
ക്ഷ്യം പറഞ്ഞു. കാര്യമെല്ലാം എങ്ങനെ
യെന്നു രാജാവ് ഫിലിദോറോസിനോട്
ചോദിച്ചു. രണ്ടാമതും അവനെ യറുശലേ
മിലേക്ക് അയയ്ക്കുവാൻ ആഗ്രഹിച്ചു.
ഫിലിദോറോസ് അയാളോട് ശിക്ഷാർഹ
നും അങ്ങേയ്ക്കു ശത്രുവുമായ ആരെയെ
ങ്കിലും അങ്ങോട്ട് അയച്ചാലും! അവൻ,
അഥവാ ജീവിച്ചിരുന്നാലും അടിയേറ്റു
ദണ്ഡിതനായേ തിരിച്ചു വരൂ. എന്തെന്നാൽ
ആ സ്ഥലത്ത് സത്യമായും ദൈവത്തിൻെറ
ശക്തിയുണ്ട്. സ്വർഗ്ഗസ്ഥനായ ദൈവം
തന്നെയാണ് ആ സ്ഥലത്തിൻെറ അധികാ
രിയും സംരക്ഷകനും. ആ സ്ഥലത്തെ ഉപ
ദ്രവിക്കുവാൻ പോകുന്നവരെ ആ ദൈവം
അടിപ്പിച്ച് ദണ്ഡിപ്പിച്ച് സംഹരിക്കും എന്നു
പറഞ്ഞു. ഹലിദോറോസിൻെറയും ഭണ്ഡാ
രസംരക്ഷണത്തിൻെറയും വിവരങ്ങൾ
ഇവയും.

അദ്ധ്യായം 4

മുമ്പു ഞങ്ങൾ പറഞ്ഞ ദുഷ്ടനായ
സീമോൻ, നഗരത്തെയും ശ്രീഭണ്ഡാര
ത്തെയും ഒറ്റിക്കൊടുത്തവനായ ആ
ദുഷ്ടൻ, വീണ്ടും ഹൂനിയായെക്കുറിച്ച് ഏഷ
ണി പറഞ്ഞു. ഫിലിദോറോസിനു സംഭവി
ച്ചതിൻെറയെല്ലാം സാക്ഷാൽ പ്രവർത്തകൻ
ഹൂനിയായായിരുന്നുവെന്നും അവനു
സംഭവിച്ച എല്ലാ ദുരിതങ്ങൾക്കും കാരണ
ക്കാരൻ അദ്ദേഹമായിരുന്നുവെന്നും അവൻ
പറഞ്ഞു. തൻെറ നഗരത്തിനു വേണ്ടി 2
അനേക നന്മകൾ ചെയ്യുകയും സ്വജനത്തി
നുവേണ്ടി പാടുപെടുകയും ന്യായപ്രമാ
ണത്തോടു തീക്ഷ്ണത കാണിച്ചുകൊണ്ടി
രിക്കുകയും ചെയ്യുന്ന അദ്ദേഹം ആണ് ഈ
തിന്മകൾക്കെല്ലാം കാരണക്കാരൻ എന്നു
പറയുവാനാണ് അവൻ ധൈര്യപ്പെട്ടത്.
ഇങ്ങനെ അവൻെറ ശത്രുത വർദ്ധിച്ചു. 3
സീമോൻെറ പ്രേരണയാൽ വളരെയേറെ
കൊലപാതകങ്ങളും അവിടെ നടന്നുകൊ
ണ്ടിരുന്നു. തിന്മ നിറഞ്ഞ ഈ അസൂയ 4
ഹൂനിയാ മനസ്സിലാക്കി. സിറിയായുടെയും
ഫിനിഷ്യായുടെ ഭരണാധിപനായ അപ്പൊ 5
ലോനിയോസ് സീമോൻെറ ഈ തിന്മകൾ
ക്കെല്ലാം സഹായവും നൽകിക്കൊണ്ടി
രുന്നു. രാജസന്നിധിയിലും ഇത് അറിവായി.
ഹൂനിയാവാകട്ടെ തൻെറ ജനത്തിന്
എങ്ങനെ രക്ഷ വരുത്തും എന്നുള്ളതിനെ
ക്കുറിച്ചു ചിന്തിച്ചുകൊണ്ടിരുന്നു, ദൈവ 6
കരുണ പ്രസാദിച്ചെങ്കിലല്ലാതെ സമാധാ
നമുണ്ടാകുവാൻ മറ്റു മാർഗ്ഗമില്ലെന്നും
ദൈവത്തെകൂടാതെ കാര്യങ്ങളൊന്നും ശരി
പ്പെടുകയില്ലെന്നും സ്വർഗ്ഗത്തിൽനിന്നു
സഹായം ഉണ്ടാകാതെ സീമോൻ അവൻെറ
ദുഷ്ടതയിൽനിന്നും കാഠിന്യത്തിൽനിന്നും
വിരമിക്കുകയില്ലെന്നും ഹൂനിയായ്ക്കു
മനസ്സിലായി.

സെലൂക്യസ് രാജാവു മരിച്ചശേഷം 7
എപ്പിപ്പാനോസ് എന്നു പേരുള്ള അന്തിയാ
ക്കോസ് രാജാവായി. മഹാപുരോഹിത
നായ ഹൂനിയായുടെ സഹോദരൻ ഈയാ
സോൻ ചതിവായി രാജാവിൽനിന്നും മഹാ
പുരോഹിതാധികാരം പ്രാപിച്ചു. ഇവൻ 8
അയാൾക്കു മുന്നൂറ്റിയറുപതു താലന്ത്
വെള്ളിയും മറ്റു വസ്തുവകകളിൽനിന്നായി
എൺപതു താലന്തും കൊടുക്കാമെന്നു
രാജാവിനോടു വാഗ്ദത്തം ചെയ്തു.
വീണ്ടും ഗ്രീക്കുകാരുടെ രീതി അനുസരി 9
ച്ചുള്ള ഒരു ജിംനേഷ്യവും മല്ലയുദ്ധത്തിനു
ഒരു വേദിയും യറുശലേമിൽ പണിയുവാനും
യറുശലേംകാരെ അന്ത്യോക്യൻ പൗരന്മാ
രായി പേർ ചാർത്തുവാനും രാജാവു തന്നെ

അനുവദിക്കുന്നപക്ഷം മറ്റൊരു നൂറ്റമ്പതു
താലന്തും കൊടുക്കാമെന്നും അയാൾ
0 വാക്കു കൊടുത്തു. രാജാവു സമ്മതിച്ചു.
അവൻ വഞ്ചനയിലൂടെ മഹാപുരോഹിത
സ്ഥാനവും അധികാരവും കൈക്കലാക്കി.
അക്കാലത്തുതന്നെ അവൻെറ ജനത്തെ
യെല്ലാം വിജാതീയ ആരാധനയിലേക്കു
11 തിരിക്കുകയും ചെയതു. ദൈവകരുണയാൽ
യഹൂദന്മാർക്കു നിശ്ചയിക്കപ്പെട്ടിരുന്ന
വയും സമാധാനത്തിനു വേണ്ടി റോമരുടെ
അടുക്കലേക്കു പ്രതിനിധിയായി പോയ
അപ്ലീമോസിൻെറ പിതാവായ യോഹന്നാൻ
വഴിയായി ക്രമപ്പെടുത്തിയിരുന്നവയു
മെല്ലാം ഇവൻ തുടച്ചു നീക്കി, സത്യപ്രമാ
ണത്തിൻെറ പ്രവർത്തനങ്ങളെല്ലാം അവൻ
ഇല്ലാതെയാക്കി. അവയ്ക്കെല്ലാം പകരമായി
തിന്മപ്പെട്ട ആചാരങ്ങളും പതിവുകളും അ
12 വൻ നിശ്ചയിക്കുകയും ചെയ്തു. അവൻ
നഗരമതിലിനു താഴെ ഭാഗത്തായി
ധൃതിയോടെ ഒരു ജിംനേഷ്യം സ്ഥാപിച്ചു.
13 ശക്തരെ അവൻ കീഴമർത്തി. ഇതുപോലെ
തന്നെ കാവ്യരീതികളോടും ഗ്രീക്കു മാലി
ന്യങ്ങളോടും വിജാതീയരുടെ തെറ്റുകളോ
ടും അവൻ വളരെ താല്പര്യം കാണിച്ചു.
അവൻ മഹാപുരോഹിതനല്ല, ഒരു അക്രമി
14 ആയിരുന്നു. പുരോഹിതന്മാർക്കു ബലിപീഠ
ത്തിങ്കലെ ശുശ്രൂഷയും ബലികാഴ്ചകൾ
അർപ്പിക്കുന്നതിലുള്ള താല്പര്യവും ഇല്ലാ
തെയാകത്തക്കവണ്ണം അശുദ്ധി അത്രമേൽ
ശക്തിപ്രാപിച്ചു. അവർപോലും ദേവാലയ
ത്തെയും അവിടുത്തെ ശുശ്രൂഷയെയും അ
പഹസിച്ചിരുന്നു. അക്രമപോരാട്ടം കണ്ടും
മൽപിടുത്തരംഗങ്ങളിൽ സന്തോഷിച്ചും
15 അവർ കഴിഞ്ഞിരുന്നു. പിതാക്കന്മാരുടെ
ശുശ്രൂഷയുടെ അന്തസ്സ് അവർ അവമാനി
തമാക്കി, കാവ്യപ്രവർത്തനങ്ങളുടെ വ്യർത്ഥ
മായ മഹത്ത്വത്തെയാണ് അവർ ആഗ്രഹി
16 ച്ചിരുന്നത്. തൻമൂലം ദുരിതം അവരെ പിടി
കൂടി, ആരുടെ പ്രവർത്തനങ്ങളിൽ ഇവർ
സഹകരിക്കുകയും അവരോടു സാമ്യപ്പെടു
വാൻ ആഗ്രഹിക്കയും ചെയ്തിരുന്നോ
അവർ, ഇവർക്കു ശത്രുക്കളായിത്തീരുകയും
17 ഇവരെ ശിക്ഷിക്കയും ചെയ്തു. പരിശുദ്ധ
ന്യായപ്രമാണത്തെ ലംഘിക്കുന്നതു നല്ല
തോ യുക്തമോ അല്ല എന്ന് ഓരോ കാല
ത്തും വെളിവായി വരും.
18 സോറിൽ അഞ്ചു വർഷത്തിലൊരി
ക്കൽ നടത്തപ്പെട്ടിരുന്ന മത്സരങ്ങൾ കാണു
വാൻ രാജാവും അവിടേക്കു പോയി.
ഹീനനും നീചനുമായ ഈയാസോനും
കാഴ്ചക്കാരായി അന്ത്യോക്യരായ ചിലരെ
യെറുശലേമിൽനിന്നും അയച്ചിരുന്നു.
അവിടെ ഹെർക്കുലീസിനായി നടത്തപ്പെ
ടുന്ന ബലിയുടെ ആവശ്യത്തിനു മൂവായി
രത്തി മുന്നൂറു നാണ്യങ്ങളും അവരുടെ
കൈവശം കൊടുത്തയച്ചിരുന്നു. ഈ പണം 19
കൊണ്ടുപോയവർ അത് ബലിശുശ്രൂഷ
യ്ക്കായി ഉപയോഗിക്കരുതെന്ന് അപേക്ഷി
ച്ചു. എന്തെന്നാൽ അതു ന്യായമല്ലായിരുന്നു. 20
അവർ അതു മറ്റു കാര്യങ്ങൾക്കായി നിശ്ച
യിച്ചു. അങ്ങനെ ഹെർക്യുലിസിൻെറ യാഗ
ത്തിനു കൊടുത്തയച്ച പണം അതു കൊണ്ടു
പോയവർ നിശ്ചയിച്ചതനുസരിച്ച് മറ്റേതെ
ങ്കിലും ശുശ്രൂഷയ്ക്കായി വിനിയോഗിക്കു
വാൻ അപേക്ഷിച്ചു.
മ്നസ്തിയോസിൻെറ മകനായ അപ്പൊ 21
ലോനിയോസ് ഈജിപ്തിലെ ടോളമി രാജാ
വിൻെറ അടുക്കലേക്ക് അയയ്ക്കപ്പെട്ട
പ്പോൾ അന്തിയോക്യസ് താൻ തൻെറ രാജ്യ
ത്തിലെ കാര്യങ്ങളിൽ അന്യനായിപ്പോയ
ല്ലോ, എന്നു മനസ്സിൽ വിചാരിച്ച് സ്വയരക്ഷ
കരുതിക്കൊണ്ടിരുന്നു. അവൻ പല കാര്യ 22
ങ്ങൾക്കുമായി യോപ്പയിലേക്കു പോയി.
അവിടെ നിന്നും യറുശലേമിലേക്കും
പോയി. ഈയാസോനും നഗരവാസികളും
വിജയാഘോഷപൂർവ്വം അവനെ സ്വീക
രിച്ചു. പിന്നീട് അവൻ ഫിനീഷ്യായിലേക്കു 23
പോയി, മൂന്നു സംവത്സരങ്ങൾക്കു ശേഷം
രാജാവിനു കൊടുക്കാമെന്നു വാഗ്ദാനം
ചെയ്തിരുന്ന സമ്മാനങ്ങളുമായി ദുഷ്ട
നായ സീമോൻെറ സഹോദരൻ മെനലാ
വോസിനെ ഈയാസോൻ അയച്ചു. തങ്ങൾ
ക്ക് ആവശ്യമായ വിശിഷ്ടകാര്യങ്ങളെ
ക്കുറിച്ചു പറയുവാനാണ് അയച്ചത്. അവ 24
നോ, അവിടെ ചെന്നപ്പോൾ സ്വയം രാജ
സന്നിധിയിൽ മഹിമപ്പെടുത്തുകയും മഹാ
പുരോഹിത സ്ഥാനം ആവശ്യപ്പെടുകയും
ചെയ്തു. ഈയാസോനും മേലായി അവൻ
ഉയർത്തപ്പെട്ടു. അവൻ മുന്നൂറു താലന്തു
വിശിഷ്ടമായ വെള്ളി കൊടുക്കുകയും
ചെയ്തു. രാജകല്പനയും വാങ്ങിച്ചു 25
കൊണ്ട് അവൻ വന്നെങ്കിലും മഹാപുരോ
ഹിതസ്ഥാനത്തിനു ചേരുന്നവയൊന്നും
അവൻ ചെയ്തിരുന്നില്ല, എങ്കിലും കോപ
വും ക്രോധവും നിറഞ്ഞവനായി അവൻ
നടന്നു. അവൻെറ നീചമായ ഹൃദയത്തിൽ
ഹീനമായ ആലോചനകൾ വച്ചു പുലർ
ത്തി. അങ്ങനെ തൻെറ സഹോദരനോടു 26
വഞ്ചന ചെയ്ത ഈയാസോൻ വേറൊ
രുവൻെറ വഞ്ചനയ്ക്കു അധീനനായി.

അവൻ അമ്മോന്യദേശത്തേക്കു ഓടി
പ്പോയി. മെനലാവോസ് അധികാരം ഏറ്റു.
രാജാവിനോടു വാഗ്ദാനം ചെയ്തിരുന്നതു
കൊടുക്കുവാൻ അവൻെറ കൈവശം ഇല്ലാ
യിരുന്നു. കോട്ടമേൽ അധികാരിയായി നിയ
മിക്കപ്പെട്ടിരുന്ന സൊത്രീത്തോസ് പണമ
ടയ്ക്കുവാൻ അവനെ നിർബ്ബന്ധിച്ചു
കൊണ്ടിരുന്നു; പണം വാങ്ങുവാൻ അവനെ
അധികാരപ്പെടുത്തിയിരുന്നു. അതുമൂലം
ഇരുവരും രാജസന്നിധിയിലേക്കു വിളിക്ക
പ്പെട്ടു. മെനലാവോസ് അവൻെറ സഹോ
ദരനായ ലൂസിംകോസിനെ പ്രധാനാചാര്യ
നായി നിയമിച്ചു. സൊത്രീത്തോസ്
കുപ്രോസിൻെറ സേനാധിപനായ കർത്താ
സായിക്കും ചുമതല കൊടുത്തു. ഇങ്ങനെ
യിരിക്കെ തൽസായരും മൽഹൂത്യരും
അന്ത്യോക്യായെ പ്രതി രാജാവിനോടു
ത്സരിച്ചുകൊണ്ടിരിക്കുകയായിരുന്നു. കാ
ണം, അന്ത്യോക്യാ രാജാവിൻെറ വെപ്പാ
ക്കു ദാനമായി കൊടുക്കപ്പെട്ടിരുന്നു. ഇതു
കേട്ടപ്പോൾ രാജാവ് അവരെ ശാന്തരാക്കു
ാൻ വന്നു. തനിക്കു പകരമായി പ്രധാന
ാര്യങ്ങൾക്കു ചുമതലയുള്ള അന്ത്രോണി
ക്കോസിനെ അവിടെ നിയോഗിച്ചു. മെന
ാവോസ് തനിക്ക് അവസരം കിട്ടിയെന്നു
ണ്ടപ്പോൾ അവൻ ദൈവാലയത്തിലെ
ർണ്ണ ഉപകരണങ്ങളിൽ ചിലതു
ാഷ്ടിച്ചു അന്ത്രോണിക്കോസിനു
ാടുക്കുകയും ബാക്കിയുള്ളവ സോറിലും
സരനഗരങ്ങളിലും വില്പന നടത്തുക
ം ചെയ്തു. ഇതിൻെറ സത്യാവസ്ഥയെ
ം ഹൂനിയാ അറിഞ്ഞപ്പോൾ അവനെ
സിക്കുകയും അന്ത്യോക്യായിക്കു സമീ
ള്ള ദഫിനെയിലേക്കു പോകുകയും
യ്തു, മെനലാവോസാകട്ടെ രഹസ്യ
യി അന്ത്രോണിക്കോസിനെ സമീപിച്ച്
നിയായെ കൊലചെയ്യുവാൻ അപേ
ക്കുകയുംചെയ്തു. അവൻ ഹൂനി
ായ സമീപിച്ചു വഞ്ചനാപൂർവ്വം സമാ
നം സംസാരിച്ചു. ആണയിട്ടു വലങ്കൈ
ടുത്തുംകൊണ്ടും വിശുദ്ധ സ്ഥലത്തു
ന്ന് അദ്ദേഹം പുറത്തു വരുവാൻ
പക്ഷിച്ചു. സംശയമുണ്ടായിരുന്നെങ്കി
അയാൾ പുറത്തു വന്നയുടനെ അദ്ദേ
ത്ത അവൻ കൊന്നു. ആ പുണ്യവാനെ
ല്ലുന്നതിൽ അവനു വിഷമമുണ്ടായില്ല.
ലം യഹൂദന്മാർ മാത്രമല്ല അവനെ അപ
ിക്കുകയും ദുഷിക്കുകയും ചെയ്തത്;
നക വിജാതീയർപോലും വഞ്ചന
ട ആ മനുഷ്യനെ കൊന്നതിനെക്കു
റിച്ചു അവനെ ദുഷിച്ചുകൊണ്ടിരുന്നു.
രാജാവ് കിലിക്യൻ പ്രദേശങ്ങളിൽനിന്നു 36
വന്നപ്പോൾ എല്ലാ നഗരങ്ങളിൽനിന്നുമുള്ള
യഹൂദന്മാർ ഹൂനിയായുടെ വധത്തിലുള്ള
ആ വഞ്ചന നിമിത്തമായി അവനോടെ
തിർത്തു. ജാതികൾക്കുപോലും അനീതി
യായി ഹൂനിയാ വധിക്കപ്പെട്ടതു നിമിത്തം
വളരെ മനോവേദന ഉണ്ടായിരുന്നതു
നിമിത്തം അവരും ഇവരെ സഹായിച്ചു.
അന്ത്യോക്കസ് രാജാവ് ഇതു കേട്ടപ്പോൾ 37
മനം നൊന്തു വളരെയേറെ കരഞ്ഞു. നീതി
മാനും പുണ്യവാനും വിനീതനും ശാന്തനും
ദയാലുവുമായ ആ മനുഷ്യൻെറ മരണത്തെ
പ്രതി അയാൾ വളരെ വേദനപ്പെട്ടു. അന്ത്യാ 38
ക്കോസ് കോപാവിഷ്ഠനായി അന്ത്രോണി
ക്കോസിൻെറ വസ്ത്രം ഉരിഞ്ഞ് വസ്ത്ര
ങ്ങൾ കീറി നഗരത്തിലാകെ കൊണ്ടു നട
ക്കുവാനും എവിടെവെച്ചാണോ ഹൂനിയാ
യെ കൊന്നത് അവിടെ വെച്ച് ആ ദുഷ്ടനെ
കൊല്ലുവാനും കല്പനയായി. അവനു
തക്കതായ പീഡനത്തിലൂടെ ദൈവം പ്രതി
കാരംചെയ്തു.

യറുശലേം നിവാസികൾ ലൂസിം 39
കോസിന് എതിരായുള്ള മെനലാവോസി
ൻെറ അഭിപ്രായത്തോടു യോജിച്ച് നഗര
ത്തിൽ ഒരുമിച്ചു കൂടി. അവൻ കൈക്ക
ലാക്കിയ ഏറിയ സ്വർണ്ണം അവർ ആവശ്യ
പ്പെട്ടു. വാർത്തകൾ വെളിക്കും പ്രസിദ്ധമായ 40
തോടെ ലൂസിംകോസിനെതിരായി വലിയ
പുരുഷാരം തടിച്ചുകൂടി. പുരുഷാരം കോപാ
കുലരായി ആരവമുണ്ടാക്കുന്നുവെന്ന്
ലൂസിംകോസ് കണ്ടതോടെ, ലൂസിംകോസ്
ഏതാണ്ട് മൂവായിരം പേരെ ആയുധ
പാണികളാക്കി അധർമ്മികളുടെ കൈയാൽ
അവരെ സംഹരിച്ചു. അവനു സഹായിയും
കൊലപാതകർക്കു നേതാവുമായി വഷള
നും അശുദ്ധനുമായ ഒരു മനുഷ്യൻ രംഗപ്ര
വേശം ചെയ്തു. അവൻ പ്രായാധിക്യമുള്ള
വനും വ്യത്യസ്ത സ്വഭാവമുള്ളവനുമായി
രുന്നു. ലൂസിംകോസിൻെറ ധിക്കാരവും 41
ദുഷിപ്പും കണ്ട ജനമാകെ കല്ലും വടികളും
എടുത്തു. അവർ ചാരവും വിതറി. ലൂസിം
കോസിൻെറ അനുചരന്മാർക്കു പരിഭ്രമവും
ബഹളവുമായി. അവരിൽ അനേകം പേർ
ഹതരായി വീണു. അവരിൽ ചിലരെ ജനം 42
എടുത്തു നിലത്തടിച്ചു. ശേഷിച്ചവർ പലാ
യനംചെയ്തു. ദൈവാലയകൊള്ളക്കാര
നായ അവനെ, ഭണ്ഡാരപുരയ്ക്കു സമീപം
കൊന്നുകളഞ്ഞു. ഇവയെക്കുറിച്ചെല്ലാം 43
മെനലാവോസ് അവർക്കെതിരായി

44 പരാതിപ്പെടുവാൻ തുനിഞ്ഞു. രാജാവ്
സോറിൽ ആഗതനായപ്പോൾ പരാതി
ബോധിപ്പിച്ചു സംഘത്തിൻെറ പ്രതിനിധിക
45 ളായ മൂവർ. മെനലാവോസ് താൻ
പരാജിതനാകുന്നുവെന്നു കണ്ടപ്പോൾ,
രാജാവിനോടപേക്ഷിച്ചുകൊണ്ട് ടോള
മിക്കു അനേക സമ്മാനങ്ങൾ വാഗ്ദാനം
46 ചെയ്തു. ടോളമി, രാജാവിനെ വിശ്രമിക്കാ
നെന്നമട്ടിൽ അല്പം ദൂരേക്കു മാറ്റിക്കൊ
47 ണ്ടുപോയി, അവൻെറ മനസ്സു മാറ്റി. സർവ്വ
തിന്മകൾക്കും കാരണക്കാരനായിരുന്ന
മെനലാവോസിനെ അവനെതിരായുള്ള
കുറ്റാരോപണങ്ങളിൽനിന്നും വിമുക്ത
നാക്കി. സക്കുത്യരുടെ മുമ്പിൽപോലും
പരാതിപ്പെട്ടിരുന്നെങ്കിൽ നിരപരാധികൾ
എന്നു വിധി കിട്ടുമായിരുന്ന അനാഥരും
ദരിദ്രരുമായ അവരെ വധശിക്ഷയ്ക്കും
48 രാജാവു വിധിച്ചു! അങ്ങനെ നഗരത്തിനും
ജനത്തിനും പൗരോഹിത്യാവശ്യത്തിനുള്ള
സാധനങ്ങൾക്കും വേണ്ടി ശബ്ദമുയർത്തി
യവർക്കു വേണ്ടി നഷ്ടപരിഹാരം നല്കേ
ണമെന്ന് നഗരങ്ങളിലെ നിവാസികൾ
നിശ്ചയിച്ചു. ആ മനുഷ്യരെ ഒരു കാരണവും
കൂടാതെ കൊന്നുകളഞ്ഞ ആ വിധി
തീർപ്പിൽ സോർക്കാർക്കും നീരസം തോ
49 ന്നി. വലിയ ബഹുമാനത്തോടെ അവരെ
സംസ്കരിച്ചു. മെനലാവോസാകട്ടെ
അധികാരികളുടെ അത്യാഗ്രഹത്തിൻെറ
മറവിൽ ശക്തിപ്പെട്ടും തിന്മയിൽ അധിക
50 രിച്ചുംവന്നു. അവൻെറ സ്വന്ത നഗരക്കാർ
ക്കു തന്നെ അവൻ പ്രതികൂലിയായി
വർത്തിച്ചു.

അദ്ധ്യായം 5

1 അക്കാലത്ത് അന്ത്യാക്കോസ് രണ്ടാമ
തും ഇജിപ്റ്റിൽ പോയി. നാല്പതു ദിവസ
2 ത്തോളം നഗരത്തിലെല്ലായിടത്തും സ്വർണ്ണ
വസ്ത്രങ്ങളണിഞ്ഞ അശ്വാരൂഢന്മാർ
ഊരിയ വാളും കുന്തവുമായി അന്തരിക്ഷ
ത്തിലൂടെ എന്നവണ്ണം പറക്കുന്നതുപോലെ
3 നഗരവാസികൾ കണ്ടു. കുതിരപ്പടയാളി
വ്യൂഹം നിരക്കുന്നതും ആക്രമണ പ്രത്യാ
ക്രമണങ്ങൾ നടത്തുന്നതു പരിചകൾ ചുഴറ്റി
കുന്തങ്ങൾ കൂട്ടിയുരുമ്മുന്നതും പന്തങ്ങൾ
എറിയുന്നതും, സർണ്ണകുടുക്കുകളും പല
തരം കവചങ്ങൾ മിന്നിത്തിളങ്ങുന്നതും
4 അവർ കണ്ടു. ഈ ദർശനം നന്മക്കായി
ഭവിക്കണമേ എന്ന് അവർ കരഞ്ഞു
5 പ്രാർത്ഥിച്ചു- അന്തിയാക്കോസ് മരിച്ചു
പോയി എന്ന് ഒരു കിംവദന്തി പരന്നു.
അപ്പോൾ ഈയാസോൻ, പെട്ടെന്ന് ആയിര
ത്തോളും ആളുകളുമായി നഗരത്തിന്നെ
തിരെ അണിനിരന്ന്, അതിനെ ഞെരുക്കി,
ശക്തിപ്രകടിപ്പിച്ചു. ജനത്തിൽ ഭൂരിഭാഗവും
ഓടി, കോട്ടയിൽ കടന്നു; നഗരം നാശത്തി
ൻെറ വക്കിലെത്തി. മെനലാവോസ് ഓടി
ദുർഗഗൃഹത്തിൽ കടന്നു. ഈയാസോൻ
സ്വന്തനഗരക്കാരെ കൊന്നൊടുക്കിക്കൊ
ണ്ടിരുന്നു. ആ ദുഷ്ടന് അവൻെറ ആഹ്ലാദം 6
സങ്കടത്തിനിടവരുത്തുന്നതാണെന്നും, യു
ദ്ധം മൂലമുള്ള വിലാപമുണ്ടാകുമെന്നും
അവൻെറ ജനത്തിലും ചാർച്ചക്കാരിലും
നടത്തിക്കൊണ്ടിരിക്കുന്ന കൊല ശുഭമല്ല
എന്നും അവൻ മനസ്സിലാക്കിയില്ല. ഇത്ര 7
യെല്ലാം ചെയ്തിട്ടും അധികാരം നിലനിറു
ത്തുവാൻ അവനു സാദ്ധ്യമായില്ല. അവൻെറ 8
അന്ത്യവും അപമാനപരമായിരുന്നു. അവൻ
വീണ്ടും അമ്മോന്യദേശത്തേക്ക് ഓടി
പ്പോയി. അവൻെറ അന്ത്യം അത്യന്തം ദുരി
തപൂർണ്ണവും കയ്പേറിയതുമായിരുന്നു.
അറബികളുടെ 'അർത്താ' രാജാവ്
അവനെ ബന്ധനസ്ഥനാക്കി. അവൻ അവി
ടെ നിന്നും രക്ഷപെട്ട്; നഗരം തോറും പലാ
യനം ചെയ്തുകൊണ്ടിരുന്നു. ന്യായപ്രമാ
ണലംഘകൻ എന്നുള്ള നിലയിൽ അവൻ
സർവ്വരാലും പിഡിതനും, നിഷിദ്ധനുമായി
ത്തീർന്നു. തൻെറ നഗരത്തേയും ജനത്തേ
യും ഒറ്റിക്കൊടുത്ത അവനെ അവർ ശപിച്ചു.
അപമാനിതനായി അവൻ ഇജിപ്തിലേക്കു 9
ഓടിപ്പോയി. വീട്ടിൽ നിന്നും ചപ്പുചവറു പുറ
ത്തേക്കു എറിഞ്ഞുകളയുന്നതുപോലെ
അവൻെറ നാട്ടിൽ നിന്നും അവൻ വലി
ച്ചെറിയപ്പെട്ടു. അന്യദേശത്തു 'ലക്കദ
മോനാ' എന്ന സ്ഥലത്തു അവൻ മരിച്ചു.
എന്തെന്നാൽ അവൻെറ സ്വന്തക്കാരുടെ
സംരക്ഷണയിൽ കഴിയുന്നതിന് അവൻ
അവിടെ എത്തിയതായിരുന്നു. അവൻെറ 10
പിതാക്കന്മാരുടെ കല്ലറയിൽ സംസ്കരിക്ക
പ്പെടുവാൻ അവനു ഭാഗ്യമുണ്ടായില്ല; അവ
നെക്കുറിച്ചു കരഞ്ഞു വിലപിക്കുവാൻ
ആരുമുണ്ടായില്ല. മനുഷ്യനെ സംസ്കരി
ക്കുന്ന ഒരു സ്ഥലവും അവനു കിട്ടിയില്ല!
ഈ സംഭവമെല്ലാം രാജസമക്ഷം അറി 11
യിക്കപ്പെട്ടു. യഹൂദ്യാദേശം മത്സരം തുടങ്ങു
മെന്ന അയാൾ വിചാരിച്ചു. കോപവും
ക്രോധവും പൂണ്ട് അയാൾ ഈജിപ്റ്റിൽ
നിന്നും വന്നു. നഗരത്തിൽ വളരെപ്പേരെ
വാളാൽ അരിഞ്ഞു വീഴ്ത്തി. കയ്യിൽ കിട്ടു 12
ന്ന സർവ്വരേയും നിർദ്ദയം സംഹരിപ്പാൻ
അയാൾ പട്ടാളക്കാർക്കു കല്പനകൊ

ടുത്തു. അവർ വീടുകളിൽ കയറിച്ചെന്ന്,
വൃദ്ധരേയും, യുവാക്കളേയും ബാലകരേയും
കന്യകമാരെയും നിർദ്ദയം കൊന്നു. പുത്ര
ന്മാരും പുത്രിമാരും കൊച്ചുകുഞ്ഞുങ്ങളും
നശിച്ചു. മൂന്നു ദിവസം ഇതു നീണ്ടുനിന്നു.
എൺപതിനായിരം പേരാണ് നശിച്ചത്-
നാൽപതിനായിരം വധിക്കപ്പെട്ടു. നാൽപതി
നായിരം അടിമകളായി വിൽക്കപ്പെട്ടു.
ഇതൊന്നുകൊണ്ടും രാജാവിന് മതിവന്നില്ല.
ലോകമെങ്ങും സംപൂജ്യമായ മഹത്തായ
പരിശുദ്ധാലയത്തിലേക്ക് കടക്കുവാൻ
അവൻ ധൈര്യപ്പെട്ടു. സ്വദേശത്തേയും
ന്യായപ്രമാണത്തേയും ഒറ്റിക്കൊടുത്ത
നലാവസ് ആയിരുന്നു അതിന്റെ ഭരണാ
ധികാരി. മറ്റു രാജാക്കന്മാർ കാഴ്ചവെച്ചിരു
ന്നവയും, നഗരങ്ങളിൽ നിന്നും ദൈവാല
യത്തിന്റെ മഹത്വത്തിനും ബഹുമാന
ത്തിനും, ശ്രേഷ്ഠതയ്ക്കുമായി നിക്ഷേപിക്ക
പ്പെട്ടിരുന്നവയും ആയ വിശുദ്ധ പൂജാപാ
ത്രങ്ങൾ അവന്റെ അശുദ്ധകൈകൾ
കൊണ്ട് അവൻ എടുത്ത് അവർക്കു കൊടു
ത്തു. അന്തിയാക്കോസ് അത്യധികം അഹ
രിച്ചു. എന്നാൽ ഒരുകാരും അവൻ മന
സ്സിലാക്കിയില്ല; അതായത് നഗരവാസിക
ടെ പാപങ്ങൾ നിമിത്തം അല്പകാല
ത്തേക്കു ദൈവം കോപിച്ച് ആ സ്ഥലത്തുനി
ന്നും തന്റെ ദൃഷ്ടി തിരിച്ചുവെന്നേയുള്ളു
ന്ന വസ്തുത. അവരുടെ ബഹുല പാപ
ങ്ങളാൽ അവർ പിടിക്കപ്പെട്ടില്ലായിരുന്നെ
ൽ ഇത്രയേറെ അവർക്കു സഹിക്കേണ്ടി
രുമായിരുന്നില്ല. ഭണ്ഡാരത്തിലെ നിക്ഷേ
ങ്ങൾ എടുത്തു കൊണ്ടുപോകുവാൻ
ലൂക്കസ് ഹ്ലീറോദോസിനെ അയച്ച
മയത്ത് അവൻ ഭണ്ഡാരപ്പുരയിൽ പ്രവേ
ക്കാൻ തുനിഞ്ഞപ്പോൾ, അവന്റെ മേൽ
ങ്കരമായ അടിവീണതും അവന്റെ അഭി
യം മാറിയതും സ്മരണീയമത്രെ. എന്തെ
ന്നാൽ ആ സ്ഥലത്തിനു വേണ്ടിയല്ല
മുണ്ടായത്- പ്രത്യുത ജനത്തിനു വേണ്ടി
സ്ഥലമുണ്ടായി. തന്മൂലം ജനത്തിന്റെ
മകൾക്കു പ്രതികാരമായി ജനത്തോ
പ്പം ആ സ്ഥലത്തും പ്രതികാരമുണ്ടാ
വീണ്ടും ദൈവത്തിൽ നിന്നും രക്ഷ
കയും ജനം, നന്മകളിൽ ബന്ധപ്പെടു
ും ചെയ്തപ്പോൾ- ദൈവകോപത്താൽ
ക്ഷിക്കപ്പെട്ടിരുന്ന ആലയം വീണ്ടും
ന്റെ തിരുമനസ്സാൽ മഹാപ്രതാപത്തിൽ
ത്തപ്പെട്ടു.
അന്ത്യാക്കോസ്, ദൈവാലയത്തിൽ
ന്നും ആയിരത്തിഎണ്ണൂറ് താലന്ത്
വാങ്ങിച്ചുകൊണ്ട് ധൃതിയായി അന്ത്യോ
ക്യായിലേക്കു പോയി. കരയെ കടലാക്കാ
നും കടലിനെ കരയാക്കാനും കഴിവുള്ളവ
നാണു താൻ എന്ന് അവൻ അഹങ്കാര
പൂർവ്വം വിചാരിച്ചു. അവൻ അത്യധികം
നിഗളിച്ചു. മനസാ അഹങ്കരിച്ചു, നമ്മുടെ 22
ജനത്തിന് ഉപദ്രവം വരുന്ന ഭരണാധിപ
ന്മാരെ അവൻ നിയമിച്ചു. ജാതിയിൽ
ഫ്രൂഗിയനായ ഫിലിപ്പോസിനെയാണ്
യറുശലേമിൽ നിയമിച്ചത്, അവനോ,
വഷളനും, ക്രൂരനും, നീചനും അവനെ നിയ
മിച്ചവനെക്കാൾ ദുഷ്ടനുമായിരുന്നു. ഇവ 23
രെക്കാളെല്ലാം ധിക്കാരിയും, തന്റെ നഗര
ക്കാരുടെ പീഡകനുമായ അന്ത്രോണിക്കോ
സിനെ ഗരിസീനിലും നിയമിച്ചു, അന്തി
യാക്കോസ് യഹൂദയോട് കോപിഷ്ഠനും,
കഠിനമാനസനും, ആയിരുന്നു. അവൻ 24
എല്ലാ നീചന്മാരുടെയും തലവനായ
അപ്ലോനിയോസിനെ വൃദ്ധരായ എല്ലാ
വരേയും കൊല്ലുവാനും യുവാക്കളേയും
സ്ത്രീകളേയും അടിമകളായി വിറ്റുകളയു
വാനുമായി ഇരുപത്തീരായിരം പേരടങ്ങുന്ന
ഒരു സൈന്യത്തോടുകൂടി അയച്ചു.
അവൻ യറുശലേമിൽ വന്ന് ചതിവോടെ 25
സമാധാനം സംസാരിച്ചു. ശാബതു നാൾ
വരെ അവൻ കാത്തിരുന്നു. അന്നേ ദിവസം
യഹൂദർ ഒരു ജോലിയും ചെയ്കയില്ല എന്ന്
അവനറിയാമായിരുന്നു. തന്റെ കൂടെയു
ള്ളവരെ ആയുധസജ്ജരാക്കി നഗരത്തിൽ
നിന്നു പുറത്താരെങ്കിലും കടന്നാൽ കാണു
ന്നമാത്രയിൽ അവരെ കൊന്നുകളയണ
മെന്ന് ആജ്ഞ കൊടുത്തു. അവനും 26
സേനയും ആയുധധാരികളായി പട്ടണത്തി
ലേക്കു കുതിച്ചു കയറി. വളരെയേറെ 27
ജനത്തെ കൊന്നു. യൂദാ മക്കാബി മറ്റ്
ഒൻപതുപേരുമൊന്നിച്ചു മരുപ്രദേശത്തേ
ക്കു ഓടിപ്പോയി; മൃഗതുല്യം മലകളിൽ
പാർത്തു. അവരുടെ ആഹാരമോ വേരു
കളും വെറും പുല്ലുമായിരുന്നു. അശുദ്ധി
യിൽ അവർ സംബന്ധികളായില്ല.

അദ്ധ്യായം 6

അല്പകാലം കഴിഞ്ഞ് രാജാവ്, യഹൂദർ 1
ന്യായപ്രമാണവും അവരുടെ പിതാക്കന്മാ
രുടെ പ്രമാണങ്ങളും പരിത്യജിക്കുവാനും
ദൈവത്തിന്റെ ന്യായപ്രമാണപ്രകാരം
അവർ നടക്കാതിരിക്കുവാനും, യറുശലേ 2
മിലെ ആലയത്തെ അവർ അശുദ്ധമാക്കി
അതിന് 'ബാൽശ്മിൻ ഒളിംപിയാസ്' എന്ന
നാമകരണം ചെയ്യുവാനും അവരെ പീഡി

പ്പിച്ചു നിർബ്ബന്ധിക്കുവാനുമായി അഥനിയാ
എന്നു പേരുള്ള മറ്റൊരുവനെ അയച്ചു,
ഗർസീനിലെ ആലയത്തിന് 'ബാൽശ്മിൻ
കസ്നിയോസു' എന്നു പേരു മാറ്റുവാനും
3 നിർദേശിച്ചിരുന്നു. സർവ്വർക്കും ഉളവായ
സങ്കടവും വേദനയും കഠിനതരമായിരുന്നു.
4 ദൈവാലയം വിജാതീയരുടെ ഉല്ലാസവും,
ആഹ്ലാദത്തിമിർപ്പും കൊണ്ടു നിറഞ്ഞു,
വളരെയേറെ അവർ അതിനെ അപമാനിച്ചു.
അതിൻെറ പരിസരത്ത് അവർ സ്ത്രീഗമനം
5 നടത്തി. അതിനും പുറമെ, അനുവദനീയമ
ല്ലാത്ത പലതും അവർ ദൈവാലയത്തിൽ
കടത്തി. ന്യായപ്രമാണാനുസരണമുള്ള
പ്രത്യേകകാര്യങ്ങൾക്കുള്ള ബലിപീഠം
എല്ലാവിധ അശുദ്ധിയും മാലിന്യവും
6 കൊണ്ട് നിറച്ച് അശുദ്ധമാക്കി. ഇങ്ങനെ,
ശാബതാചരണമോ പിതാക്കന്മാരുടെ പെരു
നാളുകളോ നടത്താൻ കഴിയാതെ ജനം
വലിയ ഞെരുക്കത്തിലായി. താൻ ഒരു
യഹൂദനാണെന്നു സമ്മതിച്ചു പറയാൻ
പോലും പറ്റാത്ത പരിതഃസ്ഥിതിയായി!
7 ഓരോ മാസവും രാജാവിൻെറ പിറന്നാൾ
ദിനത്തിൽ ബലിയായി, അത്യധിക
8 പീഡയേറ്റ് ജനങ്ങൾ മരിച്ചു! ദീയൊന്നാ
സ്യോസിൻെറ ഉത്സവവും നടത്തിവന്നു.
അടുത്തുള്ള വിജാതീയ നഗരങ്ങളിലേക്കും
ടൊളമിക്കും അവൻ കല്പന അയച്ചു.
യഹൂദന്മാരെ ഇങ്ങനെ പീഡിപ്പിച്ചിരുന്നു.
9 അനുസരിക്കുന്നവരോട് അവരുടെ ഇഷ്ടാ
നുസരണം ചെയ്യുന്നവരോടു അവർ കരുണ
കാണിച്ചു. കാവ്യരീതിയിലേക്കു പരി
വർത്തനം ചെയ്യുവാൻ മനസ്സില്ലാതിരുന്നവ
രെയോ കൊന്നുകളഞ്ഞു. ജനത്തിൻെറ
ദുരിതവും അധഃപതനവും കാണുന്നവർക്കു
ഹൃദയഭേദകമായിരുന്നു.
10 തങ്ങളുടെ പുത്രന്മാർക്കു ചേലാകർമ്മം
നടത്തിച്ച രണ്ടു സ്ത്രീകളെ അവർ പിടിച്ചു
കൊണ്ടുവന്നു. അവരുടെ സ്തനങ്ങളിൽ
ആ കുഞ്ഞുമക്കളെ തൂക്കിയിട്ടുകൊണ്ട്
പട്ടണമാകെ കൊണ്ടുനടന്നു! അവസാനം
അവരെ കോട്ടയിൽ കൊണ്ടുപോയി അവി
11 ടെ നിന്നും താഴോട്ടു തള്ളിയിട്ടു! ചിലർ
ഗൂഢമായി ശാബതാചരിക്കുവാൻ വേണ്ടി
ഗുഹകളിലേക്കു ഓടിപ്പോയി! ഈ വിവരം
പീലിപ്പോസിനെ അറിയിച്ചു. അവൻ ചെന്ന്
അവരെ ദഹിപ്പിച്ചുകളഞ്ഞു. സ്വയരക്ഷയ്
ക്കായിപ്പോലും ശാബതു ലംഘിക്കുവാൻ
ഭയപ്പെട്ടവരായിരുന്നു അവർ!
12 ഈ ഗ്രന്ഥം പാരായണം ചെയ്യുന്നവ
രോടു ഞാൻ അപേക്ഷിക്കുന്നു. ഞങ്ങൾക്കു
വന്നുകൂടിയ പീഡകളെ അറിഞ്ഞ് അവർ
സംഭീതരായി, പരിഭ്രമിച്ച് വിറച്ചു പോക
രുതേ പ്രത്യുത ഇവ ഞങ്ങളുടെ വിനാശ
ത്തിനു സംഭവിച്ച ശിക്ഷാവിധിയല്ല: നമ്മുടെ
ജനത്തിൻെറ സഹായത്തിനുള്ളവയായി
രുന്നുവെന്നു വിചാരിക്കണം. എന്തെന്നാൽ
തെറ്റു ചെയ്യുന്നവരെ ദീർഘകാലത്തേക്കു
വിടാതെ, പലതര ശിക്ഷ ലഭിക്കുക എന്ന
തു, ദയയുടെ ലക്ഷണമാകുന്നു. തങ്ങളുടെ 13
പാപപൂർത്തി വരുന്നതുവരെ മറ്റു വിജാ
തിയരോടു ദൈവം ദീർഘകാലം ക്ഷമി
ച്ചിരുന്ന് അവസാനം അവർക്കു നിത്യദണ്ഡ
നം പ്രതികാരം ചെയ്യുന്നതു പോലെയല്ല
ഞങ്ങളോടു ചെയ്തത്. അവസാനം ഞങ്ങ
ളെ ദണ്ഡിപ്പിക്കാതിരിക്കുവാൻ വേണ്ടി
ഇപ്പഴേ ഞങ്ങളോടു പ്രതികാരം ചെയ്തു
വെന്നേയുള്ളു. തന്മൂലം താൻ ഒരിക്കലും 14
ഞങ്ങളിൽ നിന്നും തൻെറ കരുണ മാറ്റിക്ക 15
ളഞ്ഞില്ല. തെറ്റിനു ഞങ്ങളെ ശിക്ഷിക്ക 16
തന്നെ ചെയ്തു. എന്നാൽ തൻെറ ജനത്തെ 17
ദൈവം കൈവിട്ടില്ല. ഇത്രയും നമ്മുടെ
സ്മരണക്കായി ഇരിക്കട്ടെ. ചരിത്രത്തി 18
ലേക്കു നമുക്ക് ഇനിയും തിരിച്ചു വരാം.
വേദശാസ്ത്ര നിപുണരിൽ ഒന്നാമനായി
രുന്ന ഏലിയാസാർ, വൃദ്ധനും, മോഹനീയ
ആകാരസൌഷ്ഠവം ഉള്ളവനും വളരെ
ഉത്തമനുമായിരുന്നു. പന്നിയിറച്ചി തീറ്റു
വാൻ അദ്ദേഹത്തെ വളരെ ഉപദ്രവിച്ചു.
അദ്ദേഹമാകട്ടെ അല്പം കാലം കൊള്ള 19
രുതാത്തവനായി ജീവിക്കുന്നതിലും കാര്യ
മായി ആഗ്രഹിച്ചത് മഹത്വപൂർണ്ണമായ
പീഡാമരണത്തിലായിരുന്നു. നിഷിദ്ധ
മായതു തിന്നു അശുദ്ധനായി പോകാതി
രിക്കുവാൻ വരുവാനുള്ള ജീവനിൽ പ്രത്യാ
ശയുള്ളവനെപ്പോലെ എല്ലാം സഹിക്കു 20
വാൻ സ്വയം ഏല്പിക്കുന്നവരെപ്പോലെ,
പീഡനങ്ങൾക്കും ദണ്ഡനങ്ങൾക്കുമായി
അദ്ദേഹം സ്വയം ഏല്പിച്ചു കൊടുത്തു.
അനീതി നിറഞ്ഞ വിസ്താരത്തിനും 21
അടിശിക്ഷ നടത്തുന്നതിനും രാജാവിനാൽ
നിയുക്ത രായിരുന്നവർ, ബഹുമാന്യനായ
ഏലിയാസാറിനെ തനിച്ചു കൂട്ടിക്കൊണ്ടു
പോയി. എന്തെന്നാൽ അവർക്കു അദ്ദേഹ
ത്തെക്കുറിച്ച് വളരെക്കാലമായി അറിയാ
മായിരുന്നു. അവർ അദ്ദേഹത്തോട് താങ്കൾ
ക്കു ഭക്ഷിക്കാവുന്ന മാംസഭക്ഷണം ഞങ്ങൾ
കൊണ്ടുവരാം. രാജകല്പന അനുസരിച്ചു
ബലി മാംസം എന്ന ഭാവത്തിൽ, അതു
ഭക്ഷിച്ചു കൊള്ളുക. അങ്ങനെ മരണത്തിൽ
നിന്നും രക്ഷപെട്ടാലും! എന്നുപദേശിച്ചു.

2 പണ്ടു മുതൽക്കെ അദ്ദേഹത്തോടുള്ള
സ്നേഹം നിമിത്തമാണ് ഈ ദയ അദ്ദേഹ
ത്തോടു പ്രകടിപ്പിക്കുന്നതെന്നും പറഞ്ഞു.
3 എന്നാൽ അദ്ദേഹമാകട്ടെ, തൻെറ വാർദ്ധ
ക്യത്തിനും സംപൂജ്യമായ തൻെറ കഴിഞ്ഞ
സംവത്സരങ്ങൾക്കും, ബാല്യം മുതൽ അഭ്യ
സിച്ചുവന്ന ദിവ്യബോധനത്തിനും ശിക്ഷണ
ത്തിനും അനുരൂപമായ വിധത്തിൽ അവ
രോടു പറഞ്ഞത്:" നിങ്ങൾ എത്രയും വേഗം
ശവക്കുഴിയിലേക്കു എന്നെക്കൊണ്ടു പോ
കുവിൻ. എന്തെന്നാൽ കാപട്യം കാണി
ക്കുക എന്നത് എൻെറ പ്രായത്തിനു ചേർന്ന
തല്ല. തൊണ്ണൂറു വയസ്സുകാരൻ ഏലിയാ
സാർ കാവ്യമതത്തിൽ ചേർന്നു എന്ന്
ചെറുപ്പക്കാരെല്ലാം പറയും. എൻെറ കാപ
ട്യവും അല്പകാലത്തേക്കു കൂടി ജീവിക്കാ
നുള്ള ആഗ്രഹവും മൂലം അവർ വഴിതെററി
നശിച്ചു പോകാനിടയാകും. ഞാനോ
എൻെറ വയസ്സുകാലത്ത് അവമാനിതനും
പരിഹസിക്കപ്പെടുന്നവനും നിഷിദ്ധനും,
ആക്ഷേപപാത്രവുമായിത്തീരും. മനു
ഷ്യരിൽ നിന്നും സംഭവിക്കുന്ന ഈ താൽ
ക്കാലിക മരണത്തിൽ നിന്നും ഓടിമാറു
വാൻ ഞാൻ ആഗ്രഹിച്ചാലും ദൈവതൃക്ക
ങ്ങളിൽ നിന്നും എൻെറ ജീവിതകാലത്താ
കട്ടെ മരണത്തിലാകട്ടെ എനിക്കു ഓടി
മാറുവാൻ സാദ്ധ്യമാകയില്ല. ആകയാൽ
ഞാൻ സുശക്തനായും ധീരനായും ഈ
ലോകത്തിൽ നിന്നും പുറപ്പെട്ടു പോകുന്നു
വെങ്കിൽ, എൻെറ വാർദ്ധക്യത്തിനനുയോ
ജ്യമായ അന്തസ്സു ഞാനതിനു നൽകുമെന്നു
മാത്രമല്ല- ചെറുപ്പക്കാർക്കു ധീരതയുടെയും
ശക്തിയുടെയും ദൃഷ്ടാന്തമായിരിക്കും.
ഞാനവർക്കായി വിട്ടിട്ടു പോകുന്നത്, പരിപ
ാവനവും പരിശുദ്ധവും മഹനീയവുമായ
ന്യായപ്രമാണത്തിനു വേണ്ടി, ദുരിത
ങ്ങൾക്കും പീഡനങ്ങൾക്കും അവർ സ്വമന
സാ സ്വയം ഏല്പിച്ചു കൊടുക്കത്തക്ക
ധൈര്യം അവർക്കു ഞാൻ കൊടുക്കുകയു
മാണു ചെയ്യുന്നത്" എന്നു പറഞ്ഞു. അല്പ
സമയംമുമ്പ് സ്നേഹിതരായിരുന്ന അവർ
ശത്രുക്കളായിമാറി, ഉടനെ അദ്ദേഹത്തെ
പീഡനങ്ങൾക്കായി കൂട്ടിക്കൊണ്ടു പോയി.
അവൻ പറഞ്ഞതെല്ലാം പൊങ്ങച്ചവും
ആത്മപ്രശംസയുമായിട്ടാണ് അവർ വിചാ
രിച്ചത്. അദ്ദേഹത്തെ അവർ ചമ്മട്ടികൾ
കൊണ്ട് അടി തുടങ്ങി. അടിയേറ്റു മരണാ
സന്നനായപ്പോൾ അദ്ദേഹം നെടുവീർപ്പോ
ടെ പറഞ്ഞു: ഈ മരണത്തിൽ നിന്നും
എനിക്കു രക്ഷപെടാമായിരുന്നിട്ടും ഞാൻ

പീഡനങ്ങളും അടികളും ഏൽക്കുന്നു
വെന്ന് പരിശുദ്ധമായ പരിജ്ഞാനമുള്ള
ദൈവത്തിൻെറ സന്നിധിയിൽ സ്പഷ്ടമാ
യിരിക്കുന്നു. വേദനകൾ എൻെറ ശരീര
ത്തിൽ ഞാൻ അനുഭവിക്കുന്നു. എൻെറ
ആത്മാവിലോ ഞാൻ സന്തോഷിക്കുന്നു.
എന്തെന്നാൽ ദൈവത്തിൻെറ ന്യായപ്രമാ
ണത്തിനും തൻെറ മതത്തിനും വേണ്ടിയാ
ണ് ഇവയെല്ലാം ഞാൻ സഹിക്കുന്നത്. ഈ 31
വാക്കുകളോടെ അദ്ദേഹം ഈ ലോകം വിട്ടു!
ചെറുപ്പക്കാർക്കു മാത്രമല്ല; നമ്മുടെ
ജനത്തിൽ അനേകർക്കും ധൈര്യത്തിൻെറ
യും ശക്തിയുടെയും മാതൃകയും ദൃഷ്ടാ
ന്തവും, സ്മരണയും മാഹാത്മ്യവും തൻെറ
മരണത്താൽ അദ്ദേഹം തന്നിട്ടു പോയി.

അദ്ധ്യായം 7

പിന്നെയും സംഭവിച്ചത്:-
ഏഴു സഹോദരന്മാർ അവരുടെ അമ്മ 1
യോടുകൂടെ പിടിക്കപ്പെട്ടു. നിഷേധമായ
പന്നിയിറച്ചി തിന്നുവാൻ രാജാവ് അവരെ
നിർബന്ധിച്ചു. ചമ്മട്ടികളും സർവ്വ വിധ
പീഡാസാമഗ്രികളും അവരുടെ മുമ്പിൽ
കൊണ്ടുവന്നു വച്ചു. അവരിൽ മൂത്തവൻ 2
രാജാവിനോടു പറഞ്ഞു: ഞങ്ങളിൽനിന്നും
എന്തു മനസ്സിലാക്കാനാണ് രാജാവു
ചോദ്യം ചെയ്യുന്നത്. ഞങ്ങൾ മരിപ്പാൻ
തന്നെയാണ് ഒരുങ്ങിയിരിക്കുന്നത്. ഞങ്ങ
ളുടെ പിതാക്കന്മാരുടെ ന്യായപ്രമാണം ഒരു
കാലത്തും ഞങ്ങൾ ലംഘിക്കയില്ലതന്നെ.
എന്നു പറഞ്ഞു. രാജാവ് അത്യധികം 3
കോപിഷ്ഠനായി. വറചട്ടികളും കുട്ടക
ങ്ങളും ചുട്ടു പഴുപ്പിക്കുവാൻ കല്പനയായി.
അവ ചുട്ടുപഴുത്തപ്പോൾ, അവൻെറ നാക്കു 4
ഛേദിപ്പാനും, എല്ലാ അവയവങ്ങളും
വെട്ടിമാറ്റുവാനും രാജാവു നിർദ്ദേശിച്ചു.
അവൻെറ അമ്മയും സഹോദരന്മാരും
അവനെ ഉറ്റുനോക്കിക്കൊണ്ടു നിന്നു!
അവൻെറ സർവ്വ അവയവങ്ങളും മുറിച്ച് 5
ജീവനോടെ അവനെ വറച്ചട്ടിയിലിട്ടു.
അവൻെറ ശരീരം വെന്ത ഗന്ധം ധാരാളമായി
വന്നുകൊണ്ടിരുന്നപ്പോൾ അവൻെറ സ
ഹോദരന്മാർ പരസ്പരവും അവരുടെ അമ്മ
യോടും പറഞ്ഞു: നമുക്കു ധീരതയോടെ 6
മരിക്കാം. കണ്ടാലും ഇതെല്ലാം ദൈവം കണ്ടു
കൊണ്ടാണിരിക്കുന്നത്. ദൈവം തൻെറ
ദാസരിൽ പ്രസാദിക്കുന്നു എന്നു മോശ പറ
ഞ്ഞിട്ടുള്ളതുപോലെ സത്യമായും നമ്മിലും
പ്രസാദിക്കും.
ഒന്നാമൻ ലോകം വിട്ടപ്പോൾ അവമാന 7

ത്തിനും ദണ്ഡനത്തിനുമായി രണ്ടാമനേയും
അവർ ആനയിച്ചു. അവനെ പിടിച്ച്, തൊലി
യോടുകൂടെ അവൻെറ തലമുടി പറി
ച്ചെടുത്തു! അവർ അവനോട് നിൻെറ ശരീരം
മുഴുവൻ വെന്തുനാറുന്നതിനുമുമ്പ്, 'നീ
തിന്നുമോ'? എന്നു ചോദിച്ചു. ഞാൻ
8 തിന്നുകയില്ല എന്ന് അവൻെറ പിതാക്ക
ന്മാരുടെ ഭാഷയിൽ അവൻ പറഞ്ഞു.
തന്മൂലം അവനേയും അവർ പീഡിപ്പിച്ചു
കൊന്നു. മരണാസന്നനായ അവൻ പറ
9 ഞ്ഞു: അല്ലയോ ദുഷ്ടാ ഈ താൽകാലിക
ആയുസ്സിൽനിന്നു ലോകരാജാവായ നീ
ഞങ്ങളെ തുടച്ചുകളയുന്നു. ഞങ്ങൾ ദൈവ
ത്തിൻെറ ന്യായപ്രമാണത്തെപ്രതി മരണം
വരിക്കുന്നു. താൻ ഞങ്ങളെ നിത്യജീവ
നായി ഉയർപ്പിച്ചുകൊള്ളും.
10 പിന്നീട് മൂന്നാമനെ കൊണ്ടുവന്നു:
പരിഹാസവും പീഡനവും തുടങ്ങി. അവ
ൻെറ നാവു മുറിച്ചുകളയാൻ കല്പനയായി.
അക്ഷണംതന്നെ അവൻ തൻെറ നാവും
സന്തോഷത്തോടെ കൈകളും നീട്ടിക്കൊടു
11 ത്തു. അവൻ സുധീരം പറഞ്ഞത്: ഇവ
എനിക്കു സ്വർഗ്ഗസ്ഥനായ പിതാവിൽനി
ന്നും കിട്ടിയവയാണ്. തൻെറ ന്യായപ്രമാണ
ത്തിനു വേണ്ടി, ഞാൻ അവ തിരിച്ചേൽപി
ക്കുന്നു! വീണ്ടും തന്നിൽനിന്നും ഇവയെല്ലാം
എനിക്കു കിട്ടുമെന്ന് എനിക്ക് പ്രത്യാശ
12 യുണ്ട്. അടികളേയും പീഡനങ്ങളേയും തരി
മ്പും ഭയപ്പെടാതെയും ഗണ്യമാക്കാതെയു
മുള്ള ആ യുവാവിൻെറ ധീരതയിൽ രാജാ
വും കൂട്ടരും വിസ്മയിച്ചുപോയി.
13 അവൻെറ കാര്യം തീർന്നശേഷം അവർ
നാലാമനെ കൊണ്ടുവന്നു. അവനേയും
അവർ അത്യധികം പീഡിപ്പിച്ചു. അവനും
14 മരിക്കാറായപ്പോൾ പറഞ്ഞത്: വരാനുള്ള
ലോകത്തിലേക്കു ദൈവം മൂലമുള്ള പുനരു
ത്ഥാനജീവിതത്തിൻെറ പ്രത്യാശയിങ്ക
ലേക്കു നോക്കുമ്പോൾ, മനുഷ്യരുടെ കൈ
യാലുള്ള പീഡനവും മരണവുമാണ് ഏറ്റം
നല്ലത്. നിനക്കാകട്ടെ ജീവൻെറ പുനരു
ത്ഥാനം ഉണ്ടാകയില്ല.
15 ഇതും കഴിഞ്ഞ് അവർ അഞ്ചാമനെ
ആനയിച്ചു. അവർ അവനെ ചമ്മട്ടികൊടിച്ചു
പീഡനമുറകൾ നടത്തി. അവൻ രാജാവിനെ
16 ഉറ്റുനോക്കിക്കൊണ്ടു പറഞ്ഞത്: നിനക്കു
മനുഷ്യാധികാരമുണ്ട്. നീ ശക്തനാകയാൽ
നിൻെറ ഇഷ്ടാനുസരണം പ്രവർത്തിക്കയും
ചെയ്യാം. എന്നാൽ ഞങ്ങളുടെ വംശം
ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടു എന്നു നീ
17 വിചാരിക്കേണ്ട. ഇക്കാലം കഴിഞ്ഞ് ദൈവം
നിന്നെയും നിൻെറ സന്തതിയേയും എങ്ങ
നെ ദണ്ഡിപ്പിക്കും എന്നു കണ്ടുകൊൾക.
അവസാനം നീ ദൈവത്തിൻെറ മഹിമാധി
പത്യത്തെ കാണും.
പിന്നീട് അവർ ആറാമനെ കൊണ്ടു 18
വന്നു; അവനും മരിക്കാറായപ്പോൾ: നീ
വൃഥാ തെറ്റിപ്പോകരുത്. ഞങ്ങൾ ഞങ്ങ
ളുടെ ആത്മാക്കൾക്കുവേണ്ടി ഇതെല്ലാം
സഹിക്കുന്നു. ഞങ്ങളുടെ ദൈവത്തോടു
ഞങ്ങൾ പാപം ചെയ്തുപോയി. അതിനാൽ 19
ഞങ്ങൾ മഹത്വത്തിൻെറ അത്ഭുതത്തി
ന്നായിത്തീർന്നു. നീ വിജയിക്കയാണ്
എന്നു നീ വിചാരിക്കേണ്ട. നീ ദൈവത്തി
ന്നെതിരായി നിൽക്കാനാഗ്രഹിക്കുന്നു എ
ന്നു പറഞ്ഞു.
വാഴ്വിൻെറ ഓർമ്മയ്ക്കും നിത്യസ്മര 20
ണയ്ക്കും യോഗ്യതയുള്ളവളായ അവരുടെ
സ്തുത്യർഹമായ അമ്മ, ഒരൊറ്റ ദിവസം
കൊണ്ട് അവളുടെ മക്കൾ ഏഴു പേരും
നഷ്ടപ്പെടുന്നതു നേരിട്ടു കണ്ടുകൊണ്ടിരു
ന്നിട്ടും, ദൈവസന്നിധിയിൽ ഉള്ള പ്രത്യാശ
നിമിത്തം അവൾ സന്തോഷപൂർവം എല്ലാം
സഹിച്ചുകൊണ്ടു നിന്നു. അവരുടെ പിതൃ
ഭാഷയിൽ അവരിൽ ഓരോരുവനോടും 21
അവൾ കേണു പറഞ്ഞു കൊണ്ടിരുന്നത്:
എൻെറ മകനേ എന്നോടു കരുണ തോന്നു
ക. അവൾ സുധീരമനസ്ക്കയായി നില
കൊണ്ടു സ്ത്രീസഹജമായ വ്യാകുലതയെ
അവൾ പുരുഷതുല്യമായ ധീരതയോടും
ക്രോധത്തോടുംകൂടി ഉണർത്തി, അവൾ
മക്കളോടപേക്ഷിച്ചു പറഞ്ഞു:
"എൻെറ മക്കളേ നിങ്ങൾ എങ്ങനെ 22
എൻെറ ഉദരത്തിൽ രൂപപ്പെട്ടു എന്ന് എനി
ക്കറിഞ്ഞുകൂടാ. ഞാനല്ല നിങ്ങൾക്കു ജീവ
നും ആത്മാവും തന്നത്, നിങ്ങളോരോരുവ
ൻേറയും രൂപവും ഛായയും ഞാനല്ല തന്നത്.
പ്രത്യുത, ലോകത്തിൻെറ സ്രഷ്ടാവ്, മനു 23
ഷ്യവംശത്തിൻെറ നിർമ്മാതാവ്, എല്ലാവരു
ടെയും ഹൃദയങ്ങൾ പരിശോധിക്കുവാൻ,
അദ്ദേഹമാണിതെല്ലാം തന്നത്. തൻെറ
പരിശുദ്ധ പ്രമാണങ്ങളെ പ്രതി, നിങ്ങളുടെ
ശരീരങ്ങൾ മരണത്തിന്നായി നിങ്ങൾ
സമർപ്പിച്ചിരിക്കകൊണ്ട് താൻ നിങ്ങൾക്കു
കരുണാപൂർവ്വം ജീവനും ആത്മാവും
വീണ്ടും തന്നുകൊള്ളും."
കുറ്റപ്പെടുത്തിക്കൊണ്ടിരുന്ന ആ സ്ത്രീ 24
യാൽ താൻ നിസ്സാരനാക്കപ്പെടുന്നു എന്ന്
അന്തിയാക്കോസ് കണ്ടിട്ടും, താൻ ഒന്നും
കേൾക്കുന്നില്ല എന്ന ഭാവത്തിൽ അലസ
നായിരുന്നു. ആ യുവാവ് അവൻെറ മുമ്പാ

കെ നിൽക്കവെ അവനോടു വാക്കു കൊണ്ട്
അപേക്ഷിക്കമാത്രമല്ല അവനോടു ചില
പ്രതിജ്ഞകൾ ചെയ്യുകയും ചെയ്തു. തന്നെ
അവൻ അനുസരിക്കുകയും പിതാക്കന്മാ
രുടെ ചിന്താഗതിയിൽനിന്നും അവൻ പിൻ
വലിയുകയും ചെയ്താൽ അവനെ മഹാധ
നികനും രാജമിത്രവും ആക്കിക്കൊള്ളാമെ
ന്നും; രാജ്യകാര്യങ്ങൾ അവനെ ഭരമേൽ
പ്പിക്കാമെന്നുംവരെ അവൻ സത്യം ചെയ്തു.
യുവാവാകട്ടെ അവൻെറ നേരെ നോക്കു
കയോ വാക്കു ശ്രദ്ധിക്കയോ ചെയ്യാതിരു
ന്നപ്പോൾ രാജാവ് അവൻെറ അമ്മയെ
വിളിച്ച്, അവൻ മരിക്കാതെ കഴിയാൻ മകനെ
ഉപദേശിക്കണമെന്നപേക്ഷിച്ചു. മറ്റു പലതും
അവൻ അവളോടു പറഞ്ഞപ്പോൾ ഞാൻ
അവനോടു പറയാം എന്ന് അവൾ പറഞ്ഞു.
അവൾ സ്വപുത്രൻെറ കാൽക്കൽ വീണിട്ട്
ആ നീചനായ നിഷ്ഠുരനെ നിന്ദിച്ചുകൊണ്ട്
അവരുടെ പിതാക്കന്മാരുടെ ഭാഷയിൽ
അവനോടു പറഞ്ഞത്: എൻെറ മകനേ,
എന്നോടു കരുണ തോന്നണം. ഞാൻ
എൻെറ വയറ്റിൽ നിന്നെ ഒമ്പതു മാസം
വഹിച്ചു. മൂന്നു വർഷം ഞാൻ നിനക്കു മുല
പ്പാൽ തന്നു വളർത്തി; ഈ നിലയിൽ നിന്നെ
ഞാൻ ആക്കിയിരിക്കുന്നു. എൻെറ മകനേ
നിന്നോടു ഞാൻ അപേക്ഷിക്കുന്നു: ആകാ
ശവും ഭൂമിയും അവയിലുള്ള സകലവും നീ
വീക്ഷിക്കുക; കണ്ടു മനസ്സിലാക്കുക. ഒന്നു
മില്ലായ്മയിൽനിന്നു ദൈവം എല്ലാം നിർമ്മി
ച്ചു. മനുഷ്യവംശവും അങ്ങനെതന്നെ ഉള
വായി. ആകയാൽ നീ ഈ ദുഷ്ടനെ അല്പ
വും ഭയപ്പെടേണ്ട. പിന്നെയോ നിൻെറ
സഹോദരന്മാരെപ്പോലെ മരണം സ്വീകരി
ക്കുക. നിങ്ങളുടെ മേലുളവാകുന്ന കരുണ
നിമിത്തം നിൻെറ സഹോദരരൊരുമിച്ച്
നിന്നെ വീണ്ടും ഞാൻ സ്വീകരിക്കും.

അവൾ ഇങ്ങനെ അപേക്ഷിച്ചുകൊണ്ടി
രിക്കുമ്പോൾ ആ യുവാവു പറഞ്ഞു:
നിങ്ങൾ എന്തിനു കാത്തിരിക്കുന്നു? രാജ
കല്പന ഞാൻ അനുസരിക്കയില്ല. മോശ
വഴിയായി നൽകപ്പെട്ട പിതാക്കന്മരുടെ
ന്യായപ്രമാണമേ ഞാൻ അനുസരിക്കൂ.
നീയോ രാജാവേ, ദുഷ്ടതയോടെ എബ്രാ
യർക്കു അത്യധികം ദുരന്തങ്ങൾ വരുത്തിയ
നിനക്കു ദൈവതൃക്കരങ്ങളിൽനിന്നും തെറ്റി
യൊഴിയുവാൻ സാദ്ധ്യമല്ല. ഞങ്ങൾ ഇവ
യെല്ലാം അനുഭവിക്കുന്നത് ഞങ്ങളുടെ
പാപങ്ങൾ നിമിത്തമാണ്, ഞങ്ങളുടെ
ജീവമായ കർത്താവ് അല്പകാലത്തേക്ക്
ഞങ്ങളെ ശാസിപ്പാനും ശിക്ഷിപ്പാനുമായി
കോപിച്ചിരിക്കുന്നു. വീണ്ടും തൻെറ ദാസ 33
രോട് അവൻ പ്രീതനാകും, ദുഷ്ടനും വഷ 34
ളനും സർവ്വമനുഷ്യരെക്കാളും നീചനുമായ
നീ ദൈവത്തിൻെറ ദാസർക്കെതിരായി
ഉയരരുത്, അഹങ്കരിക്കരുത്. സർവ്വാധിപ 35
നായ ദൈവത്തിൻെറ വിധിയിൽനിന്നും നീ
രക്ഷപ്പെടുകയില്ല. അല്പകാലമുള്ള പീഡ 36
അനുഭവിച്ച എൻെറ സഹോദരന്മാർ,
പ്രകാശജീവനിൽ, ദൈവരാജ്യമഹത്ത്വ
ത്തിൽ തന്നോടു കൂടെ ആയിരിക്കും. നീയാ
കട്ടെ ദൈവത്തിൻെറ നീതിപൂർവ്വകമായ
ന്യായവിധിയിൽ, നിനക്കർഹമായവിധം
നിൻെറ പ്രവൃത്തിക്കനുസരണമായ പ്രതി
കാരം നിന്നോടുണ്ടാകും, ഞാൻ എൻെറ 37
സഹോദരന്മാരെപ്പോലെ പിതാക്കന്മാരുടെ
ന്യായപ്രമാണത്തിനു വേണ്ടി എൻെറ
ആത്മാവിനേയും ശരീരത്തേയും ഭരമേൽ
പിക്കുന്നു. ഞങ്ങളുടെ ജനത്തോട് ദൈവമേ
അവിടുന്നു വേഗം പ്രീതനാകണമെ എന്നു
ഞാൻ പ്രാർത്ഥിക്കുന്നു. നീയോ പീഡന
ദണ്ഡനങ്ങളിൽനിന്നും വിരമിക്കുക. താൻ 38
മാത്രമാണ് ദൈവം എന്ന് നീയും ഏറ്റുപറ
യുക. ഞങ്ങളുടെ ജനത്തിന്മേൽ വന്ന
മഹോന്നതൻെറ കോപം ഞാനും എൻെറ
സഹോദരന്മാരും വഴിയായി ശമിപ്പാനിട
യാകട്ടെ.

രാജാവ് ഇത്രയും കേട്ടതോടെ കോപാ 39
വിഷ്ടനായി അവൻെറ സഹോദരന്മാരോടു
ചെയ്ത പീഡനദണ്ഡനങ്ങളേക്കാൾ അധി
കമായി അവനോടു ചെയ്തു. അവനോ 40
നിർമ്മലനായി ലോകം വിട്ടു! അവൻ പൂർണ്ണ
മായും ദൈവത്തിൽ പ്രത്യാശ വച്ചു.
അവരുടെ എല്ലാം അവസാനം അവരുടെ 41
അമ്മയും നിര്യാതയായി. വിസ്താരങ്ങൾ, 42
പീഡനങ്ങൾ, ഭയങ്കരവും കഠിനവുമായ
താഡനങ്ങൾ എന്നിവയെക്കുറിച്ച് ഇത്രയും.

*(പരിഭാഷകൻെറ നോട്ട്. ഈ ചരിത്രാ
വസാനം കാണുക.)*

അദ്ധ്യായം 8

യൂദാ മക്കാബിയും അനുചരന്മാരും 1
രഹസ്യമായി നാട്ടിൻപുറങ്ങളിൽ കടന്നു
ചെന്ന്, അവരുടെ ഗോത്രക്കാരേയും യഹു
ദന്യായപ്രമാണത്തിൽ ഉറച്ചുനിന്നിരുന്ന
വരേയും സംഘടിപ്പിച്ചുവന്നു. അവർ ഏക 2
ദേശം ആറായിരം പേരായി. അനേകരാലും 3
ചവിട്ടിമെതിക്കപ്പെടുന്ന ജനതയെ തൃക്കൺ
പാർക്കണമെന്നും, ദുഷ്ടന്മാർ മലിനീകൃത
മാക്കിയ ദൈവാലയത്തോട് കരുണ ചെയ്യ
ണമെന്നും, ആകെ ക്ഷയിച്ച് മരുപ്രദേശം

പോലെ ആകാറായിരിക്കുന്ന നഗരത്തെ
സംരക്ഷിക്കണമെന്നും, ഒരു കാരണവുമി
ല്ലാതെ രക്തം ചിന്തപ്പെട്ട വധിതരെ താൻ
4 കാണണമെ എന്നും, അനീതിയായി വധി
ക്കപ്പെട്ട ആ കൊച്ചു കുഞ്ഞുങ്ങളെ ഓർക്ക
ണമെന്നും, തൻെറ തിരുനാമത്തെ ദുഷിച്ചവ
രുടെ ദൈവദൂഷണങ്ങൾക്കെതിരായി താൻ
കോപാധിക്യത്തോടെ ഉണരണമെന്നും അ
5 വർ പ്രാർഥിച്ചു. മക്കാബിയും ജനസമൂഹ
വും, ശക്തമായിത്തീർന്നതോടെ, സർവ
വിജാതിയർക്കും ഭീതിയും പരിഭ്രമവുമായി.
6 ദൈവകോപം മാറി അവർക്കു കരുണ ലഭി
ച്ചു. അദ്ദേഹം പെട്ടെന്ന് പുറപ്പെട്ട് നഗര
ങ്ങളും ഗ്രാമങ്ങളും നശിപ്പിച്ചു. സമീപസ്ഥ
ങ്ങളായ പ്രദേശങ്ങൾ അവർ കൈവശപ്പെ
ടുത്തി. അദ്ദേഹം യുദ്ധങ്ങളിലെല്ലാം വിജ
7 യിച്ചു; അനേകരെ വധിച്ചു. അതിനും പുറമെ
നിശാവേളകളിൽ അനേകരേയും ആക്രമി
ച്ചു നശിപ്പിച്ചു. അദ്ദേഹത്തിൻെറ പ്രസിദ്ധി
ദേശമെങ്ങും പരന്നു.
8 മക്കാബി കരുത്തനായി അത്യധികം
പ്രകീർത്തിതനായി വരുന്നു എന്നും എല്ലാ
യുദ്ധവും അദ്ദേഹം ജയിക്കുന്നുവെന്നും
പീലിപ്പോസ് കണ്ടപ്പോൾ, സിറിയ, ഫിനീ
9 ഷ്യാഭരണാധിപനായ ടോളമിയോട് രാജ
കാര്യങ്ങളിൽ തന്നെ സഹായിക്കണമെന്ന്
അപേക്ഷിച്ച് എഴുതി. ഉടനെതന്നെ, ടോളമി
രാജമിത്രപ്രമുഖനായ പത്രക്ലോസിൻെറ
മകൻ നിക്കാനോരിനെ കല്പിച്ചയച്ചു.
അവന് ഇരുപതിനായിരം പേരടങ്ങുന്ന ഒരു
സൈന്യമാണുണ്ടായിരുന്നത്. യഹൂദജാതി
ഉള്ളടത്തെല്ലാം കടന്നുചെന്ന് അവരെ ഉന്മൂ
ലനം ചെയ്യണമെന്നായിരുന്നു നിർദേശം.
10 ഭരണാധിപനും, നേതാവും യുദ്ധവീരനുമാ
യിരുന്ന ഗേവർഗിയായേയും അവനോടൊ
രുമിച്ചയച്ചു. യഹൂദന്മാരെ കീഴ്പെടുത്തി
അവരിൽനിന്നുമായി രണ്ടായിരം താലന്തു
രാജഭണ്ഡാരത്തിലേക്കായി കൊണ്ടുവന്നു
കൊള്ളാമെന്ന് നിക്കാനോർ വാഗ്ദാനവും
11 ചെയ്തു. അവൻ ഉടൻതന്നെ സമുദ്രതീര
നഗരങ്ങളിൽ ആളയച്ച് ഒരു താലന്തിന്
തൊണ്ണൂറു യഹൂദന്മാരെവീതം അവർ വില
യ്ക്കെടുക്കണമെന്നു പറഞ്ഞൊത്തു. എ
ന്നാൽ ഉടനെ അവൻെറമേൽ നിപതിക്കാ
നിരിക്കുന്ന സർവാധിപതിയായ ദൈവ
ത്തിൻെറ ശിക്ഷാവിധിയെ അവൻ പ്രതീക്ഷി
12 ച്ചില്ല. നിക്കാനോറിൻെറ വരവിനെക്കുറിച്ച്
യൂദായ്ക്കു അറിവു കിട്ടി. അവൻെറ മഹാ
സൈന്യത്തെക്കുറിച്ചും വിശദവിവരം കിട്ടി.
13 യഹൂദന്മാർ ഇതറിഞ്ഞപ്പോൾ, അവരിൽ
അനേകരും ഭയചകിതരായി; ദൈവത്തി
ൻെറ നീതിയുള്ള വിധിയെപ്പററി സംശയാ
ലുക്കളുമായി. അവർ അങ്ങുമിങ്ങും പലാ
യനം ചെയ്യാൻ തുടങ്ങി. മററു ചിലർ ഉള്ള
തെല്ലാം വിററുപെറുക്കി. അവൻ വന്നു അവ 14
രെ കാണുംമുമ്പുതന്നെ അവരെ വിലയ്ക്കു
വിററ ദുഷ്ടനായ നിക്കാനോറിൻെറ പിടി
യിൽനിന്നും അവരെ രക്ഷിക്കുവാൻ എല്ലാ
വരുംകൂടി ദൈവത്തോടു പ്രാർത്ഥിച്ചു. അവ 15
രെ ഓർത്തല്ലെങ്കിലും, അവരുടെ പിതാക്ക
ന്മാരോട് താൻ ചെയ്ത ഉടമ്പടി ഓർത്ത്
അവരുടെ മേൽ വിളിക്കപ്പെട്ടിരിക്കുന്ന
തൻെറ മഹത്തും, പരിശുദ്ധവും, ശ്രേഷ്ഠവു
മായ നാമത്തെ ഓർത്ത് രക്ഷിക്കണമെ
എന്ന് അവർ നിലവിളിച്ചു പ്രാർത്ഥിച്ചു.
യൂദാമക്കാബി, തൻെറ അനുചരരെ കൂട്ടി; 16
അവർ ആറായിരത്തോളം പേരുണ്ടായിരു
ന്നു. അവർ യുദ്ധത്തെ ഓർത്തു സംഭീത
രാകുകയോ അന്യായമായി അവർക്കെ
തിരെ വന്നിരിക്കുന്ന വിജാതിയരുടെ
ബാഹുല്യം കണ്ട് പരിഭ്രമിക്കയോ ചെയ്യരു
തെന്നു പ്രബോധിപ്പിച്ച് അവർക്കു വീര്യം
പകർന്നു. അദ്ദേഹം അവരോട്: ജാതിക 17
ളാൽ അന്യായമായി പരിശുദ്ധസ്ഥലം
അവഹേളിതമായിരിക്കുന്നതു നിങ്ങൾ കാ
ണണം. നിങ്ങളുടെ ജീവൻ വച്ചും, വീറോ
ടെ പോരാടണം എന്നു പറഞ്ഞു. അവർ
മൂലം നഗരത്തിനു വന്നുപെട്ടിരിക്കുന്ന
ആക്ഷേപവും അവമാനവും അദ്ദേഹം
അവരെ അനുസ്മരിപ്പിച്ചു. അവർ മൂലം
പിതാക്കന്മാരുടെ ന്യായപ്രമാണങ്ങൾക്കു
ണ്ടായ പതനവും അവരെ ഓർപ്പിച്ചു. അവർ 18
അവരുടെ ആയുധങ്ങളിലും ആൾശക്തി
യിലുമാണ് ആശ്രയിച്ചിരിക്കുന്നത് — നാ 19
മോ, തൻെറ വായിൽനിന്നുള്ള ഒററശ്വാസ
ത്താൽ നമ്മുടെ വൈരികളെ മാത്രമല്ല;
സർവലോകത്തേയും നശിപ്പിക്കാൻ കഴി
വുള്ള സർവശക്തനായ നമ്മുടെ ദൈവ
മായ കർത്താവിലത്രെ പ്രത്യാശ വച്ചിരി
ക്കുന്നത് എന്നു പറഞ്ഞു. പിതാക്കന്മാരുടെ
കാലത്ത് അവരോടു താൻ കല്പിച്ചവയും,
സെൻഹറീബിൻെറ കാലത്ത് നൂററി എൺ
പത്തി അയ്യായിരം പേരെ സംഹരിച്ച് രക്ഷ
വരുത്തിയ കാര്യവും അനുസ്മരിപ്പിച്ചു.
ഗലാത്യരുമായുണ്ടായ യുദ്ധം അവരുടെ 20
എൺപതിനായിരം വരുന്ന സൈന്യവും
മക്കദോന്യരുടെ മറെറാരു നാല്പതിനാ
യിരം സഹായികളുമായി വന്നപ്പോൾ,
തങ്ങളോടുകൂടെയുണ്ടായിരുന്ന സ്വർഗ
സ്ഥനായവൻെറ സഹായത്താൽ ഒരു

ചെറുസൈന്യത്തെക്കൊണ്ട് അവരെ പരാ
ജിതരാക്കിയത് അദ്ദേഹം അനുസ്മരിപ്പിച്ചു.
ഇതെല്ലാം അവർ കേട്ടതോടെ, അവർ ശക്ത
രായി തയ്യാറെടുത്തു. അവരുടെ ന്യായപ്രമാ
ണത്തിനും രാജ്യത്തിന്നുമായി, സുധീരം
സ്വയം സമർപ്പിച്ചു.
യൂദാ, സേനയെ നാലു വിഭാഗമായി
തിരിച്ചു. ഓരോ വിഭാഗത്തിനും അദ്ദേഹത്തി
ന്റെ ഓരോ സഹോദരനെ അധിപനു
മാക്കി. സഹോദരരായ ശീമോനും യൌസേ
ഫിനും യോനാഥനും ആയിരത്തി അഞ്ഞൂറു
പേരെ വീതം ഏല്പിച്ചു. ഏലിയാസാർ,
വിശുദ്ധ ന്യായപ്രമാണം ജനത്തെ വായിച്ചു
കേൾപ്പിക്കുവാനും, ദൈവസഹായത്താ
ലുള്ള രക്ഷയുടെ അടയാളം നൽകുവാനും
ചുമതലപ്പെടുത്തി. ഒന്നാം വിഭാഗത്തിന്റെ
അധിപനായി അദ്ദേഹംതന്നെ നിന്ന്.
നിക്കാനോറുമായുള്ള യുദ്ധം തുടങ്ങി.
സർവശക്തനായ ദൈവം സ്വർഗത്തിൽ
നിന്നും അവർക്കു സഹായകനായി
പ്രവർത്തിച്ചു. ഒമ്പതിനായിരം ശത്രുക്കളെ
അവർ കൊന്നു. സേനയിൽ അനേകരുടെ
കൈകൾ മുറിച്ചു; കണ്ണു കുത്തിപ്പൊട്ടിച്ചു.
അവയവങ്ങൾ വിച്ഛേദിച്ചു. ആ വലിയ
സേനയിൽ ശേഷിച്ചവർ പലായനവും
ചെയ്തു! തങ്ങളെ വിലയ്ക്കു വാങ്ങുവാൻ
വന്നവരുടെ സമ്പത്തെല്ലാം ഇവർ കൈവ
ശപ്പെടുത്തി! അവരെ വളരെ ദൂരം ആട്ടി
യോടിച്ചു! ശാബത് ആരംഭം ആകാറായിരു
ന്നതുകൊണ്ട് ഇതെല്ലാം പെട്ടെന്നു തീർത്ത്
തിരിച്ചുവന്നു. ശത്രുക്കൾക്കുണ്ടായിരു
ന്നവയും, അവരുടെ ആയുധങ്ങളും എടു
ത്തുകൊണ്ടുപോന്നു. ആ ദിവസം ദൈവം
അവർക്കു വരുത്തിയ വലിയ രക്ഷയെപ്രതി
അവരോടു ചെയ്ത കരുണയെപ്രതി സ്തോ
ത്രഗീതങ്ങൾ പാടിക്കൊണ്ട്, ശാബതാച
രിപ്പാൻ അവർ മടങ്ങിവന്നു. ശാബതു ദിവ
സം കഴിഞ്ഞ്, കൊള്ളമുതലിൽനിന്നും ഒരു
ഭാഗം രോഗികൾക്കും, ദരിദ്രർക്കും അനാ
ഥർക്കും, വിധവമാർക്കുമായും, ശേഷമുള്ള
അവർക്കും ബാല്യക്കാർക്കുമായി വീതി
ച്ചുകൊടുത്തു. പിന്നീട് അവർ കരുണാനി
ധിയായ ദൈവത്തോടു നിലവിളിച്ചു അവ
സാനംവരെ തന്റെ ദാസരോട് സംപ്രീതനാ
യിരിക്കണമെ എന്നു പ്രാർഥിച്ചു.
വീണ്ടും അവർക്കെതിരായി തീമോത്തെ
യോസും ബിക്കാറിയോസും വന്നു. അവ
രുടെ സേനയിൽ മുപ്പതിനായിരംപേരെ
കൊന്നു; സുശക്തമായ കോട്ടകൾ പിടിച്ചു.
ധാരാളം കൊള്ളവസ്തുക്കൾ പിടിച്ചെടു
ത്തു. ജനത്തിലുള്ള അനാഥർക്കും വിധവ
മാർക്കും ദരിദ്രർക്കുമായി അവ പങ്കിട്ടു
കൊടുത്തു. വൃദ്ധന്മാർക്കും ദാനം ചെയ്തു.
അവരുടെ ആയുധങ്ങൾ ശേഖരിച്ച് പ്രത്യേ 31
കസ്ഥലങ്ങളിൽ സൂക്ഷിച്ചു. കൊള്ളയിൽ
ബാക്കിയുള്ളവ, അവർ യറുശലേമിൽ
ജനനേതാക്കന്മാരുടെ മുമ്പിലും കൊണ്ടുവ
ന്നു. അവരെ വളരെയേറെ പീഡിപ്പിച്ച
ദുഷ്ടനായ തീമോത്തെയോസിനെ അവർ 32
കൊന്നുകളഞ്ഞു. അവർ സ്വദേശത്തു തിരി 33
ച്ചെത്തി യുദ്ധവിജയാഘോഷം നടത്തി
വിശുദ്ധ വാതിലുകൾ കത്തിച്ചുകളഞ്ഞ
വനായ കാലിസ്തോസിനെയും സഹചര
ന്മാരെയും ഒരു വീട്ടിൽ വെച്ചു ചുട്ടുകളഞ്ഞു.
അങ്ങനെ അവരുടെ അധർമപ്രവർത്തന
ങ്ങൾക്കു യോജിച്ച പ്രതികാരം അവർക്കു
ലഭിച്ചു. വഷളനും ശിക്ഷാർഹനുമായ 34
നിക്കാനോറും,യഹൂദന്മാരെ വിലയ്ക്കു
വാങ്ങാൻ ആയിരം കച്ചവടക്കാരോടുകൂടി 35
വന്നവൻ; തന്റെ മുമ്പിൽ വെറും നിസ്സാരൻ
എന്ന് അവൻ വിചാരിച്ചിരുന്നവരുടെ
മുമ്പിൽ, ദൈവത്തിന്റെ ശക്തിയും സഹാ
യവുമുള്ളവരുടെ മുമ്പിൽ അടിപ്പെട്ടു
വീണുപോയി. അവന്റെ പ്രാഭവത്തിന്റെ
ചമയങ്ങൾ വലിച്ചെറിഞ്ഞ് അവൻ അന്ത്യോ
ക്യായിലേക്കു പലായനം ചെയ്തു. അവ
ന്റെ സേനയുടെ ഉന്മൂലനാശത്തിൽ
അടങ്ങാത്ത വ്യഥയോടും അപമാനിത
നായും അവൻ തിരിഞ്ഞോടി. യറുശലേ 36
മിനെ അടിമപ്പെടുത്തി അവിടെനിന്നും കപ്പം
വാങ്ങിക്കൊണ്ടുവരാം എന്നു റോമരോടു
വാഗ്ദത്തം ചെയ്തിരുന്നവൻ പറഞ്ഞു:
'യഹൂദയ്ക്ക് സഹായമായി ദൈവമുണ്ട്.
അവർ അവന്റെ കല്പനകളനുസരിച്ചു
നടക്കുന്നതുകൊണ്ട്, അവരെ പരാജിതരാ
ക്കുവാൻ സാദ്ധ്യമേയല്ല.'

അദ്ധ്യായം 9

അക്കാലത്തുതന്നെ സംഭവിച്ചതെന്തെ 1
ന്നാൽ: അന്തിയാക്കോസ് രാജാവ് അപമാ
നിതനും അത്യധികം വ്യാകുലനുമായി
പേർഷ്യയിൽനിന്നും പിന്തിരിഞ്ഞ് പോരേ
ണ്ടിവന്നു. അവൻ പേർഷ്യൻ രാജധാനി 2
പിടിച്ച് അവിടെയുള്ള ക്ഷേത്രങ്ങൾ കൊള്ള
ചെയ്വാൻ ഉദ്ദേശിച്ചിരുന്നു. നാട്ടുകാർ
അതറിഞ്ഞപ്പോൾ അത്യധികവീര്യത്തോടെ
അവന്ന് എതിരായി സംഘടിച്ചു. അവനെ 3
യും അവന്റെ സേനയെയും അവർ
തോല്പിച്ചു. താൻ പരാജിതനായി എന്നു
കണ്ടപ്പോൾ, ലജ്ജിതനായി തന്റെ സേന

യോടു കൂടെ തിരിച്ചുപോയി. അന്തിയാ
ക്കോസ്, 'ബത്നോന്' സമീപമെത്തിയ
പ്പോൾ നിക്കാനോറിനും തീമോത്തെയോ
സിനും സംഭവിച്ച കാര്യങ്ങൾ അവനറിവു
4 കിട്ടി. അവൻ ഞെട്ടി വിറിച്ചു. അവൻ
ക്രോധംകൊണ്ട് വിജൃംഭിതനായി. പേർഷ്യ
യിൽ ചെയ്തതെല്ലാം യഹൂദരോടും ചെയ്യ
ണമെന്ന് അവൻ തീരുമാനിച്ച് തൻെറ
തേരാളിയെ വിളിച്ച് ഉടൻതന്നെ യറുശലേമി
ലേക്കു പോകുവാൻ എല്ലാം ഏർപ്പാടു
ചെയ്യുവാനാജ്ഞാപിച്ചു. അവൻ പറഞ്ഞു:
യഹൂദരുടെ യറൂശലേംനഗരി ഞാൻ മുടി
ക്കും. അതു ഞാൻ വിജാതീയരുടെ പാർപ്പി
5 ടമാക്കും. എന്നാൽ ഇസ്രായേലിൻെറ ബല
വാനായ ദൈവംതമ്പുരാൻെറ ശിക്ഷാവിധി
പെട്ടെന്നു അവൻെറമേലുണ്ടായി! പുറത്തു
കാണാൻ കഴിയാത്ത ഒരു ഭയങ്കര ആഘാതം
അവനുണ്ടായി. അവൻെറ എല്ലാ ഉത്തരവും
6 നടപ്പാക്കാൻ അവൻ ആഗ്രഹിച്ചിരിക്കെ,
അവൻെറ ഉദരത്തിലും കുടലിലും കഠിന
വേദന പിടികൂടി. അനേകരേയും ഭീകര
പീഡനങ്ങളാൽ ഉപദ്രവിക്കയും മററുള്ള
വരുടെ വയററത്തു ചമ്മട്ടികൊണ്ടടിപ്പി
ക്കയും ചെയ്തവന് നീതിയോടുള്ള പ്രതി
7 കാരംതന്നെ ലഭിച്ചു. ഇത്രയെല്ലാം സംഭവി
ച്ചിട്ടും, അവൻ മനസ്സിൽ ധിക്കാരവും ഉഗ്ര
തയും പുണ്ട്, യഹൂദരുടെ നേരെ അഗ്നിതു
ല്യം ജ്വലിക്കുന്ന ക്രോധത്തോടെ, അവൻെറ
രഥം അതിവേഗം ഓടിക്കുവാൻ തേരാളി
യോടാജ്ഞാപിച്ചു. രഥത്തിൻെറ അമിത
വേഗത നിമിത്തം അവൻ തെറിച്ച് വീണ്
കഠിനവേദനയനുഭവിച്ചു. അവൻെറ സർവാ
8 വയങ്ങളും ചതഞ്ഞൊടിഞ്ഞു. അല്പം
നേരംമുമ്പ് കടലിലെ ഓളങ്ങളെപ്പോലും
തടഞ്ഞുനിർത്താമെന്നു വിചാരിച്ചിരുന്ന
വൻ, സർവ മനുഷ്യരേക്കാളും അധികമായി
തനിക്കുള്ള പ്രാഭവം നിമിത്തം ഗിരിശൃംഗ
ങ്ങളെപ്പോലും താഴ്ത്തിക്കളയാം എന്ന്
അഹങ്കരിച്ചവൻ ഇതാ, നിലത്തെറിയപ്പെ
ട്ടിരിക്കുന്നു! അങ്ങനെ ദൈവത്തിൻെറ
ശക്തി പരസ്യമായി എല്ലാവർക്കും ദൃശ്യ
9 മായി. അവൻെറ ശരീരത്തിൽനിന്നും പുഴു
ക്കൾ വന്നുകൊണ്ടിരിക്കത്തക്കവിധം ആ
ദുഷ്ടൻെറ വേദനകൾ അത്ര കഠോരമായി
രുന്നു. അവൻെറ സേനയിൽ പെട്ടവർക്കു
പോലും സഹിക്കാവതല്ലാത്ത ദുർഗന്ധം
10 അത്ര അധികമായിരുന്നു. അവനു ജീവ
നുള്ളപ്പോൾത്തന്നെ അവൻെറ മാംസം
തുണ്ടുതുണ്ടായി അടർന്നു വീണുകൊണ്ടി
രുന്നു. ആകാശത്തിലെ നക്ഷത്രങ്ങളെ
പ്പോലും കല്പിച്ചു ഭരിക്കാമെന്നു അല്പ
നേരംമുമ്പ് അഹങ്കരിച്ചവനിൽനിന്നും വന്ന
ദുർഗന്ധം മൂലം ആർക്കും അവൻെറ അടു
ത്തുനിൽക്കാൻ കഴിഞ്ഞില്ല. ഇത്രയുമായ 11
പ്പോൾ അവന് അവൻെറ നിസ്സാരത മനസ്സി
ലായി. അവൻ തകർന്നുവീണപ്പോൾ അവൻ
സത്യത്തിൻെറ പരിജ്ഞാനത്തിലേക്കു
തിരിഞ്ഞു. എന്തെന്നാൽ സ്വർഗത്തിൽ
നിന്നുള്ള അടികളാൽ അവൻ അതിവേദ
നപ്പെട്ടു ദുരിത പൂർണനായി. തൻെറ ദുർഗ 12
ന്ധം ദുസ്സഹമെന്നു കണ്ടപ്പോൾ അവൻ:
എല്ലാരും ദൈവത്തിന് കീഴ്പ്പെട്ടിരിക്കേ
ണ്ടതു ന്യായമാകുന്നു. മനുഷ്യൻ മരണ 13
മുള്ളവനായിരിക്കെ, അവൻ, ദൈവത്തിന്നെ
തിരായി ചിന്തിക്കപോലുമരുത് എന്നു പറ
ഞ്ഞുപോയി. ആ ദുഷ്ടൻ ദൈവത്തോടു 14
പ്രാർത്ഥിച്ചു. ഞാൻ ചെന്ന് ആ നഗരത്തെ
മറിച്ചുകളഞ്ഞു അതിനെ വിജാതിയരുടെ
വാസസ്ഥലമാക്കുമെന്നു ഞാൻ ഏതൊ
ന്നിനെ കുറിച്ചു പറഞ്ഞുവോ, ആ നഗരം
ഞാൻ പണിതു കൊള്ളാം. കോട്ട കെട്ടി 15
ക്കൊള്ളാം' എന്ന് യഹൂദന്മാരെപ്പററി അ
വൻ പറഞ്ഞു. യഹൂദരെ സംസ്കരിപ്പാൻ
പോലും ആരും ഉണ്ടായിരിക്കയില്ല. അവരും
ആകാശത്തിലെ പക്ഷികൾക്കും ഭൂമിയിലെ
മൃഗങ്ങൾക്കും ഇരയായിപ്പോകയേയുള്ളു.
അവരുടെ സ്ത്രീകളെയും കുഞ്ഞുങ്ങ
ളെയും ഞാൻ അനാഥരാക്കും എന്നു ഞാൻ
പറഞ്ഞതാണ്! മുമ്പു ഞാൻ കൊള്ള 16
ചെയ്ത വിശുദ്ധ ആലയത്തെ ഞാൻ എല്ലാ
വിധ അലങ്കാരങ്ങളാലും അലംകൃതമാക്കി
ക്കൊള്ളാം. പൂജാപാത്രങ്ങൾ പലമടങ്ങായി
ഞാൻ നൽകിക്കൊള്ളാം. അവിടത്തെ
ബലിവഴിപാടുകൾക്കുള്ള ചെലവു എൻെറ
സ്വന്ത കൈയിൽനിന്നും ഞാൻ വഹിച്ചു
കൊള്ളാം. ഇതിനെല്ലാം പുറമെ ഞാൻ യഹൂ 17
ദനുമായിക്കൊള്ളാം. ഞാൻ എവിടെയെല്ലാം
പോകുമോ, അവിടെയെല്ലാം ദൈവത്തി
ൻെറ ഭരണത്തിൻെറ മഹിമ ഞാൻ പ്രഘോ
ഷിച്ചുകൊള്ളാം.

ഇതെല്ലാമായിട്ടും അവൻെറ വേദന 18
കൾക്കു തെല്ലും ആശ്വാസം വന്നില്ല. എന്തെ
ന്നാൽ ദൈവത്തിൻെറ നീതിപൂർവകമായ
ശിക്ഷാവിധി അവനെ പിടികൂടിക്കഴിഞ്ഞി
രുന്നു. അവൻ നിരാശനായപ്പോൾ യഹൂദ
ന്മാർക്ക് അവൻ ഒരു അപേക്ഷ എഴുതി.
അതിപ്രകാരം:-

രാജാവും ഭരണാധിപനുമായ അന്തി 19
യാക്കോസ്, എൻെറ സ്വന്തനഗരക്കാരും
വത്സലരുമായ യഹൂദന്മാർക്കു എഴുതു

ന്നത്. നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും
സമാധാനവും ശാന്തിയും സൌഖ്യവും
ഉണ്ടായിരിക്കട്ടെ. സ്വർഗസ്ഥനായ ദൈവ
ത്തോടു ഞാൻ അപേക്ഷിച്ചു പ്രാർത്ഥി
ക്കുന്നു. എൻെറ പ്രത്യാശ, തന്നിലും തൻെറ
മഹാ വലിയ ദയയിലുമത്രെ. ഞാൻ രോഗി
യായതോടെ നിങ്ങളുടെ കാര്യം, നിങ്ങൾക്കു
ബഹുമാനവും വലിയ ആശ്വാസവും വരണ
മെന്ന് എപ്പോഴും ഓർത്തിരുന്നു. എന്തെ
ന്നാൽ നിങ്ങളോടുള്ള സ്നേഹത്തിൽ
എൻെറ ഉള്ളം ജ്വലിച്ചിരുന്നു. പേർഷ്യൻ
പ്രദേശത്തുനിന്നു ഞാൻ പുറപ്പെട്ട് ഇവിടെ
എത്തുന്നതിനു മുമ്പായി ഞാൻ രോഗിയാ
യിത്തീർന്നു. അതികഠോരവും വേദന നിറ
ഞ്ഞതുമായ രോഗമാണെനിക്കുണ്ടായത്.
എല്ലാററിനും മുമ്പായി നിങ്ങളുടെ കാര്യ
ത്തിൽ വേണ്ടതുചെയ്യണമെന്ന് എനിക്കു
താല്പര്യം തോന്നി. എന്തെന്നാൽ എനിക്ക്
എന്തു സംഭവിക്കുമെന്ന് അറിഞ്ഞുകൂട. ഈ
രോഗത്തിൽനിന്നും ഞാൻ രക്ഷപ്പെടുമെന്നു
എനിക്കു പ്രത്യാശയുണ്ട്. എൻെറ പിതാവും,
ദൂരെ ദേശങ്ങളിലേക്കു യാത്ര തുടങ്ങുന്നതി
നുമുമ്പ്, ആരാണു തൻെറ പിൻഗാമിയായി
വാഴേണ്ടത് എന്ന് അറിയിച്ചിരുന്നു. ആയത്
തനിക്ക് എന്തെങ്കിലും ദുര്യോഗം സംഭവിക്കു
ന്നപക്ഷം ആരാണ് പിൻഗാമിയെന്ന് പ്രജ
കൾ അറിഞ്ഞിരിക്കേണ്ടതിനും സ്ഥാന
ത്തിനുവേണ്ടി തമ്മിൽ തമ്മിൽ പോരാടാ
തിരിക്കുന്നതിനും വേണ്ടിയായിരുന്നു. രാജ്യ
കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും എ
ന്താണു സംഭവിക്കുന്നതെന്ന് നോക്കിയി
രിക്കുന്നവരുമായ എൻെറ രാജ്യത്തെ പ്രഭു
ക്കന്മാരെ കണ്ട് ഞാനും, എൻെറ മകൻ
അന്തിയാക്കോസിനെ രാജാവായി ഞാൻ
നിയമിച്ചി രിക്കുന്നു എന്ന് അറിയിച്ചിട്ടുണ്ട്.
ഞാൻ വിദൂരസ്ഥലങ്ങളിൽ പൊയ്ക്കൊ
ണ്ടിരുന്നപ്പാൾ പലപ്പോഴും ഞാൻ അവനെ
നിങ്ങൾക്കു ഭരമേൽപ്പിച്ചിട്ടുമുണ്ടല്ലോ. ഇ
തെല്ലാം ഞാൻ അവനും എഴുതിയിട്ടുണ്ട്.
നിങ്ങളോട്, നിങ്ങളെല്ലാവരോടും ഞാൻ
പ്രദർശിപ്പിച്ചിട്ടുള്ള നന്മകൾ നിങ്ങൾ
ഓർക്കണമെ എന്നു ഞാൻ വീണ്ടും വീണ്ടും
അപേക്ഷിക്കുന്നു. എൻെറ മകനോടു നി
ങ്ങൾ മൈത്രിയും സാഹോദര്യവും പു
ലർത്തിക്കൊള്ളണമെ എന്നു ഞാൻ ഓരോ
രുത്തരോടും അപേക്ഷിക്കുന്നു. അവൻ
ദേവകാര്യങ്ങളിലും എൻെറ അഭിപ്രായ
ത്തോടു യോജിച്ച്, നിങ്ങളോട് വിനയ
ത്തോടും, സ്നേഹപൂർവം സ്ഥിതി ചെയ്തു
കൊള്ളും.

കൊലയാളിയും, ദുഷ്ടനും, ദൈവദു 28
ഷകനുമായ അന്തിയാക്കോസ് അനേകരെ
അത്യധികം ദണ്ഡിപ്പിച്ചവൻ, അത്യധികമായ
വേദനകളോടും ദണ്ഡനങ്ങളോടും ദുരിത
ത്തോടുംകൂടി ഒരു വിദേശരാജ്യത്ത് പർവ
തപ്രദേശത്തുവെച്ച് മരിച്ചു! അവൻെറ 29
വളർത്തച്ഛൻെറ മകൻ ഫിലിപ്പോസ്,
അവൻെറ മൃതശരീരവുമായി അങ്ങെത്താ
റായപ്പോൾ, അവൻെറ മകൻ അന്ത്യാക്കോ
സിനെ പേടിച്ച് ഈജിപ്തിൽ ഫിലിമാ
ത്തൂറിൻെറ പുത്രൻ ടോളമിയുടെ അടുക്ക
ലേക്കു ഓടിപ്പോയി.

അദ്ധ്യായം 10

മക്കാബിയും സഹചരന്മാരും അവ 1
രോടുകൂടെയുണ്ടായിരുന്ന ദൈവത്തിൻെറ
സഹായത്താൽ ദൈവാലയവും നഗരവും
പിടിച്ചെടുത്തു. അവിടെ വിജാതീയരാൽ 2
തെരുവുതോറും പണിയപ്പെട്ടിരുന്ന ബലി
പീഠങ്ങളും ക്ഷേത്രങ്ങളും തകർത്തു.
ദൈവാലയം വെടിപ്പാക്കി. മറെറാരു ബലി 3
പീഠം പണിതുയർത്തി. കല്ലുകൾ തീയിൽ
ചുട്ടു. അവയിൽനിന്നും അഗ്നി എടുത്ത്,
രണ്ടു സംവത്സരത്തെ ഇടവേളയ്ക്കുശേഷം
ബലികളും കാഴ്ചകളും അർപ്പിച്ചു. വിള
ക്കുകളും വിളക്കുതണ്ടുകളും ധൂപകല
ശവും കാഴ്ചയപ്പവും ഉണ്ടാക്കി. അവർ 4
ഇങ്ങനെയെല്ലാം ചെയ്തിട്ട് ഇനിയും
അവർക്കു പീഡനങ്ങളും ദുരിതങ്ങളും
ഉണ്ടാകരുതെ എന്നും, അവർ പാപം ചെയ്യു
കമൂലം, കാരുണ്യപൂർവമല്ലാതെ അവരെ
ശിക്ഷിക്കരുതെന്നും, അഗ്രചർമികളും വഷ
ളന്മാരും ദൈവദൂഷകന്മാരുമായ ജാതി
കൾക്കു അവരെ ഏല്പിച്ചുകൊടുക്കരു
തെന്നും അവർ സാഷ്ടാംഗനമസ്ക്കാരം
ചെയ്തു പ്രാർത്ഥിച്ചു. ഏതു ദിവസമാണോ 5
വിജാതിയർ ദൈവാലയത്തെ അശുദ്ധമാ
ക്കിയത്, അതേദിവസംതന്നെ — കോനൂൻ
ക്ദിംമാസം ഇരുപത്തഞ്ചാംതീയതി അവിടെ
ശുദ്ധീകരണം നടത്തുവാൻ അവർക്കു
ഭാഗ്യമുണ്ടായി! എല്ലാ വർഷം കൂടാരപ്പെരു 6
ന്നാൾ ആഘോഷംപോലെ അവർ എട്ടു
ദിവസം ആഹ്ലാദത്തോടെ ഈ പെരുന്നാൾ
ആഘോഷിച്ചുവന്നു. കൂടാരപ്പെരുന്നാളിനു
കുറെ ദിവസം മുമ്പ് അവർ മലകളിലും
ഗർത്തങ്ങളിലും താമസിക്കയും, മൃഗതുല്യം
കഴിയുകയും ചെയ്തിരുന്നു. അവർ ദെക്ലാ 7
കൊമ്പുകളേന്തി അവർക്കു രക്ഷവരുത്തി
യവനെ സ്തുതിച്ചു കീർത്തനം പാടി.
തൻെറ നിവാസസ്ഥലം വെടിപ്പാക്കി വിശു

ദ്ധീകരിപ്പാൻ അവർക്കു ശക്തിയേകിയ
8 വനെ പുകഴ്ത്തി. യഹൂദന്മാർ എല്ലാവരും
ചേർന്നു പ്രതിവർഷം ആഘോഷിക്കണ
മെന്ന് ഏകകണ്ഠമായി നിശ്ചയം ചെയ്തു.
9 എപ്പിഫാനോസ് എന്നു പേരുള്ള അ
10 ന്ത്യാക്കോസിൻെറ അന്ത്യം. ഇനിയും ആ
ദുഷ്ടൻെറ മകൻ അന്തിയാക്കോസ് ഏവ്ഫ
ത്തോറിനെക്കുറിച്ചു പ്രസ്താവിക്കാം. യുദ്ധ
ങ്ങൾമൂലം ഉണ്ടായ അനേക ദുരിതങ്ങളെ
11 പ്പററി സംക്ഷിപ്തമായി വിവരിക്കാം. അവൻ
സ്വപിതാവിൻെറ സ്ഥാനത്തു രാജവാഴ്ച
തുടങ്ങിയപ്പോൾ, മുമ്പ് സിറിയാ, ഫിനീഷ്യാ
പ്രദേശങ്ങളുടെ ഭരണാധിപനായിരുന്ന
ലൂസിയാസിനെ തൻെറ ഭരണകാര്യങ്ങൾ
12 ക്കായി നിയമിച്ചു. മക്ക്ദോൻ എന്നു പേരു
ള്ള ടോളമി യഹൂദരോടു മൈത്രി പാലി
ച്ചിരുന്നു. അവർക്കുണ്ടായ ദുരിതങ്ങളെ
ക്കുറിച്ച് അവൻ മനോവ്യഥ പൂണ്ടിരുന്നു.
അവരുമായി സമാധാനത്തിൽ കഴിയണ
13 മെന്ന് അവൻ ആഗ്രഹിച്ചു. അവൻെറ
മിത്രങ്ങളിൽ ചിലർ ഏവ്ഫത്തോറിൻെറ
അടുത്തെത്തി ഇവനെപ്പററി കുററാരോ
പണം നടത്തി. ഫിലമത്തോർ അവനെ
കുപ്രോസ് ഏല്പിച്ചിരുന്നുവെങ്കിലും അ
വൻ അതു തിരസ്കരിച്ച് അന്തിയാക്കോസ്
എപ്പിപ്പാനിയോസിനെ സമീപിച്ചതിനാൽ
അവർ അവനെ രാജ്യദ്രോഹി എന്നു വിളി
ച്ചുവന്നു. അങ്ങനെ അവന് രാജ്യത്തിൽ
മാന്യതയോ, ബഹുമാനമോ ഇല്ലായിരുന്നു.
ഇതെല്ലാം സംഭവിച്ചതിൽ അവൻ വിഷം
കുടിച്ച് ആത്മഹത്യചെയ്തു.
14 അവൻെറ സ്ഥാനത്തു ഭരണനേതൃത്വം
ഗേവർഗിയാ ഏറെറടുത്തു. അനേകം
വിജാതിയരെ അവൻെറ പക്ഷത്തു ശേഖ
രിച്ച് സദാ യഹൂദരോടു യുദ്ധം ചെയ്തുവ
15 ന്നു. എദോമ്യരും അവനോടു ചേർന്നു.
സമീപമുള്ള കോട്ടകളെ അവർ ആക്രമിച്ചു.
യഹൂദരെ വളരെയേറെ പീഡിപ്പിച്ചു. യറു
ശലേമിൽനിന്നും ഓടിപ്പോകുന്നവരെ
അവർ സ്വീകരിച്ചുമിരുന്നു. ഇസ്രായേലി
നോട് പൊരുതുവാൻ അവർ ഒരുങ്ങി.
16 തങ്ങൾക്കു സഹായിയായിരിക്കണമെ
എന്ന് മക്കാബിയും അനുചരന്മാരും ദൈവ
ത്തോടു മുട്ടിപ്പായി നിലവിളിച്ചു പ്രാർഥിച്ചു.
17 അവർ എദോമ്യദുർഗങ്ങളിലേക്കു പാഞ്ഞു
ചെന്നു ധീരമായി അവരോട് പോരാടി.
അവരുടെ ശക്തിമൂലം അവരെ കീഴടക്കി.
കോട്ടകളുടെ സംരക്ഷണാർഥം പൊരു
തിയവരെ അവർ കൊന്നുകളഞ്ഞു. ഇരു
പതിനായിരം പേരെയാണ് അവർ സംഹരി

ച്ചത്. ഒൻപതിനായിരത്തോളം പേർ പലാ 18
യനം ചെയ്തു. സുപ്രധാനവും സുശക്തവു
മായ രണ്ടു കോട്ടകളിൽ ഇവർ പ്രവേശിച്ചു.
അത്യാവശ്യസ്ഥാനങ്ങളിൽ യൂദാ മക്കാബി 19
പൊയ്ക്കൊണ്ടിരുന്നു. കോട്ടകൾ കീഴടക്കു
വാൻ ശീമോനേയും യൗസേപ്പിനേയും
സക്കായിയേയും മററനേകരേയും നിയ
മിച്ചു. മക്കാബി അവിടംവിട്ടതോടെ, ശീമോ 20
നോടുകൂടെയുണ്ടായിരുന്ന ചിലർ ദ്രവ്യാഗ്ര
ഹം മുഴുത്ത് കോട്ടയിലുണ്ടായിരുന്നവ
രിൽനിന്നും കൈക്കൂലിവാങ്ങി എഴുപതി
നായിരം പണം കൈക്കലാക്കി. അവരിൽ
ചിലർ ഓടിപ്പൊയ്ക്കൊള്ളുവാൻ സമ്മതി
ക്കയും ചെയ്തു.! വിവരം മക്കാബിക്കു 21
അറിവുകിട്ടിയപ്പോൾ, ജനത്തിൻെറ പ്രമാ
ണികളെ വിളിച്ചുകൂട്ടി, പണത്തിനുവേണ്ടി
സ്വസഹോദരരെ വിലയ്ക്കുകൊടുക്കു
കയും, അവരുടെ ശത്രുക്കൾക്കു സമ്മതം
കൊടുക്കുകയും ഒററുകാരായി പ്രവർത്തിക്ക
യും ചെയ്ത സർവരേയും അവൻ കൊന്നു
കളഞ്ഞു. ക്ഷണനേരംകൊണ്ട് അല്പം 22
ആളുകളുമായി അയാൾ കോട്ടകൾ
കീഴടക്കി. രണ്ടു കോട്ടകളിലുമായി ഇരുപ 23
തിനായിരംപേരെ അയാൾ സംഹരിച്ചു.
ആദ്യത്തെ പ്രാവശ്യം യഹൂദരാൽ പരാജി 24
തനാക്കപ്പെട്ട തീമോത്തേയോസ്, വിജാതി
യരുടെ അസംഖ്യവും ശക്തവുമായ സേന
സംഘടിപ്പിച്ചു. ആസിയായിലെ യോദ്ധാ
ക്കളും കുതിരപ്പടയുമായി യറുശലേമിലെ
ത്തി യൂദായെ നശിപ്പിച്ച് നഗരത്തെ മുഴുവൻ
കീഴടക്കുവാൻ അവൻ ചിന്തചെയ്തു.
അവൻ ഇങ്ങെത്താറായി എന്ന് മക്കാബ്യർ 25
അറിഞ്ഞതോടെ തലയിൽ പൂഴി വാരിയിട്ടും,
രട്ടുടുത്തും ദൈവസന്നിധിയിൽ നിലവിളി
ച്ചു. അവർ ബലിപീഠസമക്ഷം, കവിണ്ണു 26
വീണ്, ദൈവം അവരോടു നിരപ്പാകണ
മെന്നും, താൻ സഹായിയായി നിന്നുകൊ
ണ്ട് അവരുടെ വൈരികൾക്കെതിരായി
പോരാടുകയും ന്യായപ്രമാണം പറയുന്നതു
പോലെ അവരെ വെറുക്കുന്നവർക്കെ
തിരായി നിലകൊള്ളണമെന്നും കേണ
പേക്ഷിച്ചു. പ്രാർഥനകൾക്കുശേഷം അവർ 27
ആയുധമെടുത്ത് നല്ല ധൈര്യത്തോടെ
പുറപ്പെട്ടു. യുദ്ധാരംഭത്തോടെ അവർ
മനഃസമാധാനത്തിലായി. സൂര്യോദയ 28
ത്തോടെ ഇരുഭാഗവും യുദ്ധമാരംഭിച്ചു.
ഇവർ, തങ്ങൾക്കു വിജയവും രക്ഷയും
നൽകുന്ന ദൈവംതമ്പുരാനിലും മററവർ
അവരുടെ സേനാധിപന്മാരിലും ആശ്രയം
വച്ചു. യുദ്ധം മുറുകിയതോടെ, അവരുടെ 29

ശത്രുക്കൾക്ക് ഒരു ദർശനമുണ്ടായി. മഹിമ നിറഞ്ഞ സുന്ദരരായ അഞ്ചു കുതിരപ്പടയാളികൾ സ്വർണകടിഞ്ഞാണുകളിട്ട അവരുടെ കുതിരകളെയുംകൊണ്ട് യഹൂദരെ സഹായിക്കുന്നതായാണ് അവർ കണ്ടത്. യൂദാ മക്കാബിയെ അവരുടെ മദ്ധ്യത്തിൽ നിർത്തിയിരിക്കുന്നതായും, അവരുടെ ആയുധങ്ങൾ അയാൾക്കു തണലേകിയിരിക്കുന്നതായും എല്ലാ ആയുധാഘാതങ്ങളിൽനിന്നും അദ്ദേഹത്തെ സംരക്ഷിക്കുന്നതായും അവർ കണ്ടു! അവരുടെ ശത്രുക്കൾ അമ്പും കുന്തവും പായിച്ചുകൊണ്ടിരുന്നു. ഇതെല്ലാം കണ്ടതോടെ അവരുടെ കണ്ണ് അഞ്ചിപ്പോയി! അവരുടെ സർവശക്തിയും ക്ഷയിച്ചു. ഇവർ അവരിൽ ഇരുപതിനായിരത്തിൽപരം കാലാൾപ്പടയെയും അറുന്നൂറു കുതിരപ്പടയെയും സംഹരിച്ചു! തീമോത്തെയോസാകട്ടെ - മുമ്പ് അവിടെ ഭരണാധിപനായിരുന്ന കേറാവോസിൻെറ കാരാഗൃഹമായിരുന്ന ഉറപ്പേറിയ 'ഗസറാ' കോട്ടയിലേക്ക് ഓടിപ്പോയി. മക്കാബിയും കൂട്ടരും നാലു ദിവസം കോട്ടയ്ക്കെതിരെ സുധീരം പോരാടി. അതിൻെറ കെട്ടുറപ്പിനെക്കുറിച്ചു ധൈര്യമുണ്ടായിരുന്ന കോട്ടനിവാസികൾ യൂദാ മക്കാബി പക്ഷക്കാരെ കളിയാക്കി ദുഷിച്ച് അതിനീചമായ വൃത്തികെട്ട വാക്കുകൾ പറഞ്ഞുകൊണ്ടിരുന്നു. അഞ്ചാം ദിവസം പ്രഭാതമാകാറായപ്പോൾ, മക്കാബിയുടെ കൂടെയുണ്ടായിരുന്നവരിൽ പത്തു യുവാക്കന്മാർ, അവരുടെ ദുഷിച്ച വാക്കുകളിൽ വിജൃംഭിതരായി, കോപംകൊണ്ട് ജ്വലിച്ച്, കോട്ടയിലേക്കോടി ക്രൂരമൃഗങ്ങളെപ്പോലെ, സുധീരം ചാടിക്കടന്ന്, അവരുടെ മുമ്പിൽ കണ്ടവരെയെല്ലാം കൊന്നു. മററു ചിലരും ചാടിക്കയറി കോട്ടയിലുണ്ടായിരുന്നവരെ ജീവനോടെ ചുട്ടുകരിച്ചു. ആ ദുർഭാഷകരെ അവർ അഗ്നിക്കിരയാക്കി. മററു ചിലർ കോട്ടവാതിലുകൾ തകർത്തു. അങ്ങനെ അവർ നഗരത്തിൽ കടന്ന് അതു കീഴടക്കി. തീമോത്തെയോസ് ഒരു കുഴിയിൽ ഒളിച്ചിരിക്കുന്നതായി കണ്ടുപിടിച്ചു. അവനെയും സഹോദരൻ കൊറാവോസിനേയും അപ്പോലോനിയോസിനെയും അവർ വധിച്ചു. ഇതെല്ലാം ചെയ്തു തീർത്തശേഷം, ഇസ്രായേലിനോടു ദയ ചെയ്തു, അതിനെ വിജയശാലിതമാക്കിയ ദൈവത്തെ സ്തുതിഗീതങ്ങൾ പാടി അവർ പുകഴ്ത്തി.

അദ്ധ്യായം 11

അല്പകാലം കഴിഞ്ഞ്: രാജകു
ടുംബാംഗവും രാജാവിൻെറ കാര്യസ്ഥനു
മായ ലൂസിയാസ് ഈ സംഭവമെല്ലാം
അറിഞ്ഞ് അത്യധികം കോപിഷ്ഠനായി.
അവൻ എൺപതിനായിരം കാലാൾപടയും 2
വളരെയേറെ അശ്വാരൂഢരുമായി യഹൂദരെ
നേരിടുവാൻ ആഗതനായി. യറുശലേം
നഗരത്തെ പുറജാതികളുടെ നിവാസ
കേന്ദ്രമാക്കുവാനും മററു ക്ഷേത്രങ്ങളെ
പ്പോലെ ദൈവാലയത്തെ നികുതിവിധേയ
മാക്കണമെന്നും മഹാപുരോഹിതസ്ഥാനം 3
നിർത്തലാക്കുവാനും അവൻ നിശ്ചയിച്ചു.
ദൈവത്തിൻെറ മഹിമയും നീതിപൂർവകവി
ധിയും അശേഷവും അവൻ ഓർത്തില്ല.
പ്രത്യുത പതിനായിരക്കണക്കിനുള്ള സേന, 4
ആയിരക്കണക്കിനുള്ള അശ്വാരൂഢവ്യൂഹം,
ആനകൾ എന്നിവയിൽ ധൈര്യപ്പെട്ടുകൊ
ണ്ട് അവൻ അഹങ്കരിച്ചു. അവൻ യഹൂ 5
ദിയായിൽ കടന്ന് കോട്ടയോടു സമീപിച്ചു.
യറുശലേമിൽനിന്നും പതിനായിരത്തഞ്ചു
സ്താദി ദൂരമുള്ള ഒരു വിശാലമായ വയ
ലിൽ പാളയമടിച്ചു ഉപദ്രവം തുടങ്ങി. അവൻ 6
കൊള്ളയിടുവാനും കീഴടക്കുവാനും
ആരംഭിച്ചുവെന്നു മക്കാബ്യർ കേട്ടപ്പോൾ
നിലവിളിയോടും കണ്ണീരോടും കൂടി അവർ
ദൈവത്തോടു ഇസ്രായേലിൻെറ രക്ഷ
യ്ക്കായി തൻെറ നല്ല മാലാഖയോടു
പ്രാർഥിച്ചു. മക്കാബി ആദ്യം ആയുധമെ 7
ടുത്തു. ശത്രുക്കളുടെ ഉപദ്രവത്തിൽ വല
യുന്ന അവരുടെ സഹോദരന്മാർക്കു
സഹായം ചെയ്യുവാൻ സ്വസഹോദരരെ
ഉത്തേജിപ്പിച്ചു വീര്യം പകർന്നു. അവർ 8
ഒരുമിച്ചു ധൈര്യപൂർവം യാത്രയാരംഭിച്ചു.
യറുശലേം അടുക്കാറായപ്പോൾ അവർ
ക്കൊരു നായകൻ വെള്ളവസ്ത്രധാരിയായി
കുതിരപ്പുറത്ത്, സ്വർണായുധം ധരിച്ച്
അവൻെറ ആയുധം മിന്നിത്തിളക്കി നീട്ടി
പ്പിടിച്ചുകൊണ്ട് നിൽക്കുന്നതായി കാണ
പ്പെട്ടു. ഉടനെ അവർ ഒരുമിച്ച് ശബ്ദമു 9
യർത്തി കാരുണ്യവാനായ സ്വർഗസ്ഥനെ
പുകഴ്ത്തി. മനുഷ്യനെ മറിച്ചിടുക മാത്രമല്ല
ക്രൂരമൃഗങ്ങളെയും ഇരുമ്പുവാതിലുകളും
തകർക്കുവാനും അവർക്കു കഴിയുമെന്ന്
മനസ്സിൽ ഉറച്ച് സുധീരരായി. ദൈവം അവ 10
രോടു കരുണയുള്ളവനും അവർക്കു സഹാ
യിയും ആയി നിലകൊള്ളും എന്ന ഉറച്ച
പ്രത്യാശയോടെ അവരുടെ ശത്രു ക്കൾക്കു
നേരെ സിംഹങ്ങളെപ്പോലെ അവർ പാഞ്ഞു
കയറി. അവരിൽ പതിനോരായിരം കാലാൾ 11
പടയേയും ആയിരത്തി അറുനൂറ് കുതിര
പ്പടയേയും അവർ അരിഞ്ഞുവീഴ്ത്തി.

12 ശേഷിച്ചവർ പലായനം ചെയ്തു. വെട്ടേറ്റ
അനേകർ നഗ്നരായി ഓടിപ്പോയി. ലൂസി
യാസും അത്യധികം അപമാനത്തോടെ
13 ഒളിച്ചോടി രക്ഷപെട്ടു. അവനു സുബോധം
വന്നതോടെ, അവനു സംഭവിച്ചവ ഓർത്ത്
ബലവാനായ ദൈവം അവരോടൊത്തു
ള്ളതിനാൽ എബ്രായർ ഒരിക്കലും പരാ
14 ജിതരാകയില്ല എന്നു പറഞ്ഞു. അവൻ
അവരുടെ അടുക്കൽ ആളയച്ച് സഖ്യത്തി
ന്നായി യാചിച്ചു. അവരോടു മൈത്രി കാണി
ക്കുവാൻ രാജാവിനെയും അവർ നിർബന്ധി
15 ക്കാമെന്നും പറഞ്ഞു. ലൂസിയാസ് അപേ
ക്ഷിച്ചതെല്ലാം ഗുണത്തിന്നായി ഭവിച്ചേ
ക്കുമെന്നു വിചാരിച്ച് മക്കാബി എല്ലാം
സമ്മതിച്ചു. യഹൂദന്മാരെപ്രതി മക്കാബി
ലൂസിയാസിന് എഴുതി അയച്ചിരുന്നതി
16 നോടെല്ലാം രാജാവ് അനുകൂലിച്ചു. ലൂസി
യാസ് യഹൂദന്മാർക്ക് എഴുതിയ കത്ത്
17 താഴെ:- "ലൂസിയായിൽ നിന്നും - യഹൂദ
ന്മാർക്ക് സമാധാനം - നിങ്ങൾ അയച്ചിരുന്ന
യോഹന്നാനും അബ്ശാലോമും എഴു
ത്തുകൾ എനിക്കു തന്നു. അവയിൽ പറ
ഞ്ഞിരിക്കുവയെക്കുറിച്ചും ഞാൻ രാജ
സന്നിധിയിൽ ബോധിപ്പിക്കേണ്ടും കാര്യ
ങ്ങളെക്കുറിച്ചും അവർ എന്നെ ധരിപ്പിച്ചു.
18 ഇളയ്ക്കേണ്ടവ എല്ലാം രാജാവ് ഇളച്ചിരി
ക്കുന്നു എന്നു ഞാൻ അവരോടു പറഞ്ഞി
19 ട്ടുണ്ട്. ആകയാൽ നിങ്ങൾ ഞങ്ങളോടുള്ള
സഖ്യം പാലിക്കുമെങ്കിൽ, ഞാൻ നിങ്ങൾക്ക്
20 ഗുണപ്രദമായ എല്ലാറ്റിനും കാരണക്കാര
നായി നിലകൊള്ളും. നിങ്ങൾ പറഞ്ഞയച്ച
കാര്യങ്ങൾ, നിങ്ങളുടെ ആഗ്രഹാനുസരണം
21 തന്നെ നടത്തപ്പെടും. നൂറ്റിനാല്പത്തി
എട്ടാമാണ്ട് ഉെശ്രീൻ ഫ്രേറായ് ഇരുപത്തി
നാലാം തീയതി രാജാവിൻെറ എഴുത്തു
22 വന്നു. അതിൽ:- അന്തിയാക്കോസ് രാജാ
വിൽ നിന്നും - സഹോദരൻ ലൂസിയാസിന്:
എൻെറ പിതാവ് ദേവന്മാരുടെ സന്നിധിയി
ലേക്കു വാങ്ങിപ്പോയിരിക്കയാൽ, എൻെറ
വാഴ്ച കലാപമൊന്നുമില്ലാത്തതായിരിക്ക
23 ണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതി
നാൽ യഹൂദന്മാരുടെ താല്പര്യത്തെക്കു
റിച്ച് ഞാൻ എഴുതി. കാവ്യത്തോട് എൻെറ
24 പിതാവിനുണ്ടായിരുന്ന അഭിപ്രായവുമായി
അവർക്ക് അനുകൂലിക്കുവാൻ മനസ്സില്ലായി
രുന്നുവെന്നും അവരുടെ ന്യായപ്രമാണ
ത്തിൽ ഉറച്ചുനിൽക്കുവാൻ അവർ ആഗ്ര
ഹിക്കുന്നതു കൊണ്ട് അവരുടെ ന്യായ
പ്രമാണം അവർക്കനുവദിച്ചു കൊടുക്ക
ണമെന്ന് അവർ അപേക്ഷിച്ചിരുന്നതായും
നാം കേട്ടിട്ടുണ്ട്. നമ്മുടെ ആഗ്രഹം, ഈ 25
ജനം കലഹങ്ങളിൽ പെടാതെ, യാതൊരു
ഭീതിയും കൂടാതെ ജീവിക്കാനിടയാകണ
മെന്നും, അവരുടെ ദൈവാലയം അവർക്കാ
യി നൽകപ്പെടണമെന്നും, അവരുടെ പിതാ
ക്കന്മാരുടെ നിയമങ്ങളും ആചാരങ്ങളും
അനുസരിച്ച് പ്രവർത്തിപ്പാനിടയാകണ
മെന്നും ആകുന്നു. ആകയാൽ നീ അവർക്കാ 26
ളയച്ച് പ്രതിജ്ഞയുടെ വലങ്കൈ അവർക്കു
കൊടുക്കുന്നത് നന്നായിരിക്കും. അവരോ
ടുള്ള നമ്മുടെ മനസ്ഥിതി അവർ ഗ്രഹിക്കു
മ്പോൾ, അവരുടെ സർവ്വ പ്രവർത്തനങ്ങളും
സന്തോഷത്തോടും സമാധാനത്തോടും
ചെയ്യുവാൻ അവർക്കിടയാകുമല്ലോ.

യഹൂദജനതയ്ക്കുള്ള രാജാവിൻെറ 27
സന്ദേശം:- അന്തിയാക്കോസു രാജാവിൽ
നിന്നും; യഹൂദപ്രമാണികൾക്കും മറ്റു
യഹൂദന്മാർക്കും - സമാധാനം. നിങ്ങൾക്കു
നാം ക്ഷേമം ആശംസിക്കുന്നു. നാമും ക്ഷേമ
മായിരിക്കുന്നു. നിങ്ങളുടെ ജോലികാര്യങ്ങ 28
ളിലും പ്രവർത്തനങ്ങളിലും സമാധാന
ത്തോടെ കഴിയണമെന്നും, നിങ്ങളുടെ 29
ന്യായപ്രമാണനുസരണം നിങ്ങൾ നയിക്ക
പ്പെടണമെന്നും, നിങ്ങൾ ആഗ്രഹിക്കുന്ന
തായി നിങ്ങളെപ്പറ്റി മനലാവോസ് നമ്മെ
അറിയിച്ചിട്ടുണ്ട്. നാമും, നിങ്ങൾക്കു വല 30
ങ്കൈ നീട്ടിത്തരികയും കുറ്റങ്ങൾ ക്ഷമിക്ക
യും ചെയ്തു. (നീസാൻമാസം മുപ്പതാം
തീയതിക്കു മുമ്പ് മടങ്ങിപ്പോകുന്നവർക്കു
നാം പൊതുമാപ്പ് വിളംബരം ചെയ്യുന്നു.)
ആകയാൽ യഹൂദന്മാർ അവരുടെ ന്യായ 31
പ്രമാണാനുസരണം മുമ്പെപ്പോലെ നടന്നു
കൊള്ളട്ടെ. യാതൊരു കാരണവശാലും
ആരും അവർക്കൊരുപദ്രവവും ചെയ്തു
കൂടാ. ഇവയെല്ലാം നിങ്ങളെ അറിയിക്കു 32
വാൻ മനലാവോസിനെ നാം അയച്ചിരി
ക്കുന്നു. നിങ്ങൾ ക്ഷേമത്തോടിരിപ്പിൻ എന്ന് 33
ഒരുനൂറ്റിനാല്പത്തിഎട്ടാമാണ്ട് നീസാൻ 34
മാസം പതിനഞ്ചാം തീയതി, റോമർ യഹൂദ
ന്മാർക്ക് അയച്ച സന്ദേശം - റോമിലെ മൂപ്പ
ന്മാരായ കാവിൻതോസ് മമ്മിയോസും
തീത്തോസ് മനിലിയോസുംകൂടി, യഹൂദ
ജനതയ്ക്ക് എഴുതുന്നത്: സമാധാനം.
രാജകുടുംബക്കാരനായ ലൂസിയാസ് 35
നിങ്ങൾക്ക് തന്ന അനുകൂല്യങ്ങൾക്കു
ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. രാജാ 36
വ് നിങ്ങളെപ്പറ്റി പറഞ്ഞതെല്ലാം ഞങ്ങൾ
അനുകൂലിക്കുന്നു. ഇവയെല്ലാം നിങ്ങൾക്കു
ചെയ്തുതരുവാനും നിങ്ങൾ ആഗ്രഹിക്കു
ന്നതിലെല്ലാം നിങ്ങൾക്ക് ആശ്വാസം

പകരുവാൻ ആളുകളേയും അയച്ചിട്ടുണ്ട്.
7 ഞങ്ങൾ അന്ത്യോക്യയ്ക്കു വരുവാൻ
ആഗ്രഹിച്ചിരിക്കയാണ്. നിങ്ങളുടെ സ്ഥിതി
വിവരങ്ങൾ ഞങ്ങളെ അറിയിപ്പിനായി
എത്രയും വേഗം ചിലരെ ഞങ്ങളുടെ അടു
ക്കലേക്കയയ്ക്കണം. ഒരുനൂറ്റിനാല്പത്തി
എട്ടാമാണ്ട് നീസാൻ മാസം പതിനഞ്ചാം
തീയതി.

അദ്ധ്യായം 12

ഇവയ്ക്കുശേഷം ലൂസിയാസ് രാജ
സന്നിധിയിലേക്കു പുറപ്പെട്ടു. യഹൂദന്മാർ
അവരുടെ തൊഴിലുകളിലേക്കും പ്രവർത്ത
നങ്ങളിലേക്കും തിരിച്ചുവന്നു. ഓരോ പ്രദേ
ശങ്ങളിലുമുള്ള ഭരണാധിപന്മാർ - തീമോ
ത്തെയോസ്, ഗാനിയുടെ പുത്രൻ അപ്പ്ലോ
നിയോസ്, ദീറോനിമോസ്, റംപോൻ, നിക്കാ
നോർ എന്നിവരും അവരോടു ചെർന്ന
കുപ്രോസുകാരും - അവർക്കു അടങ്ങിയിരി
പ്പാൻ സമ്മതമായില്ല: യോപ്പാക്കാർ ഇങ്ങ
നെ ഒരു കടുംകൈ ചെയ്തു. അവരോടു
കൂടെ കഴിയുന്നവരായ യഹൂദന്മാരോട് -
അവർ തമ്മിൽ യാതൊരു ശത്രുതയോ,
വഴക്കോ ഇല്ലാതെ, ഏകനഗരവാസികൾ
എന്ന വിധത്തിൽ ഒരുമിച്ചു കഴിയുമ്പോൾ -
ഇവരൊന്നിച്ച് അവരും അവരുടെ സ്ത്രീ
കളും കുഞ്ഞുങ്ങളും പടകിൽ കയറി യാത്ര
ചെയ്യാൻ ക്ഷണിച്ചു. അവർ തമ്മിൽ
യാതൊരു വിരോധവുമില്ലാതിരിക്കെ, അവർ
സമാധാനചിന്തയോടെ ക്ഷണിച്ചതാണെ
ന്നു വിചാരിച്ച് അവർ സന്തോഷപൂർവം
സമ്മതിച്ചു. പടകിൽ കയറിയിരുന്ന ഇരുനൂ
റാളം പേരെ അവർ കടലിൽ താഴ്ത്തി
കൊന്നുകളഞ്ഞു, തൻെറ ജനത്തിനു പറ്റിയ
ഈ ചതിയും ദുരന്തവും യൂദാ കേട്ടപ്പോൾ
തൻെറ അനുചരന്മാരോടാഞ്ജാപിച്ചു.
സത്യവാനായ ന്യായാധിപനായ ദൈവ
ത്തിൻെറ സന്നിധിയിൽ അയാൾ കരഞ്ഞു
പ്രാർത്ഥിച്ചു. അവരുടെ സഹോദരരുടെ
ഘാതകർക്കു നേരെ അദ്ദേഹം ചെന്ന് രാത്രി
യിൽ തുറമുഖം ചുട്ടെരിച്ചു. അവിടെ കിട
ന്നിരുന്ന കപ്പലുകളും അഗ്നിക്കിരയാക്കി.
അവയിലുണ്ടായിരുന്നവരെ കൊന്നുകള
ഞ്ഞു. നഗരവാസികൾ ഇതറിഞ്ഞതോടെ
നഗരവാതിലുകൾ അടച്ചു. അദ്ദേഹം
തിരികെ പോന്നു. വീണ്ടും അവർക്കെതിരെ
പോയി, യോപ്പാ നഗരത്തെയും നഗരവാസി
കളെയും ഉന്മൂലനം ചെയ്യുവാൻ അദ്ദേഹം
വിചാരിച്ചു. യാമ്നിൻ നിവാസികളും,
അവിടെ പാർക്കുന്ന യഹൂദരോടു എന്തോ
ചെയ്‌വാനിരിക്കയാണെന്നുള്ള വിവരം
യൂദായ്ക്കു കിട്ടി. രാത്രിയിൽ അവി 9
ടെച്ചെന്നു അവരുടെ തുറമുഖവും അവി
ടെയുള്ള സർവ്വവും അഗ്നിക്കിരയാക്കി.
അവിടത്തെ അഗ്നിജ്വാല, ഇരുനൂറ്റി
നാല്പത് സ്താദിയോൻ അകലെയുള്ള
യറുശലേമിലും കാണാമായിരുന്നത്രെ.
അവിടെ നിന്നും തീമോത്തെയോസിനെ 10
നേരിടുവാൻ ഏകദേശം ഒൻപതു സ്താദി
യോൻ പോയപ്പോൾ, അറബികൾ അയ്യാ
യിരത്തോളം കാലാളും, അഞ്ഞൂറു അശ്വാ
രൂഢരുമടങ്ങിയ സൈന്യവുമായി ഒരു
വലിയ യുദ്ധം നടന്നു. തങ്ങൾക്കുണ്ടായി 11
രുന്ന ദൈവസഹായത്താൽ യൂദായും
സൈന്യവും വിജയികളായി. നായകന്മാർ
പരാജിതരായതോടെ സമാധാനത്തിൻെറ
വലങ്കൈ അവർക്കു നീട്ടിക്കൊടുക്കണമെ
എന്നപേക്ഷിച്ചതിനും പുറമെ കന്നുകാലി
കളും അവർക്കു കൊടുക്കാമെന്നു വാഗ്ദാ
നം ചെയ്തു. പല കാര്യങ്ങൾക്കും അവരെ 12
കൊണ്ടു പ്രയോജനമുണ്ടാകുമെന്ന യൂദാ
യ്ക്കു തോന്നി, അവരുമായി രമ്യപ്പെട്ടു,
സഖ്യവും ചെയ്തു. അവരുടെ കൂടാരങ്ങളി
ലേക്കു പോയി. കോട്ടകളാൽ വലയം ചെയ്യ 13
പ്പെട്ട സുശക്തമായ ഒരു നഗരത്തെ യൂദാ
ആക്രമിച്ചു. അവിടെ വളരെയേറെ വിജാതി
യർ പാർത്തിരുന്നു. അതിൻെറ പേരു
'കസ്പാ'. സ്ഥലവാസികൾ കോട്ടകളുടെ 14
ഭദ്രതയിലും അതിനുള്ളിൽ അവർ സംഭ
രിച്ചു വച്ചിരുന്ന ആയുധബഹുലതയിലും
ധൈര്യം പൂണ്ട് യൂദായേയും കൂട്ടരേയും
പരിഹസിച്ചു അവമാനിച്ചുംകൊണ്ടിരുന്നു.
കൊള്ളരുതാത്ത വൃത്തികെട്ട വാക്കുക
ളാണ് അഹങ്കാരത്തോടെ അവർ ആവർത്തി
ച്ചിരുന്നത്. യൂദായും സംഘവും, കല്ലുകൊ 15
ണ്ടോ, യുദ്ധയന്ത്രങ്ങൾ കൊണ്ടോ, മനു
ഷ്യഹസ്തനിർമ്മിമായവ കൊണ്ടോ അല്ലാ
തെ, യോശുവായുടെ കാലത്തു യറീഹോ
കോട്ട മറിച്ചിട്ടവനായ ലോകങ്ങളുടെ
ബലവാനായ ദൈവത്തോട് കരഞ്ഞു
പ്രാർത്ഥിച്ചു. ക്രൂരമൃഗങ്ങളെപ്പോലെ അവർ
കോട്ടയോടു പാഞ്ഞടുത്തു. കോട്ട മറിച്ചിട്ട്
നഗരം പിടിച്ചടക്കി. ദൈവതിരുഹിതത്താൽ 16
അവർ അവരെ കൊന്നൊടുക്കി. അതിന
ടുത്ത് ഏകദേശം രണ്ടു സ്താദിയോൻ
വിസ്താരമുള്ള തടാകം മുഴുവൻ രക്തം
കൊണ്ടു നിറഞ്ഞു. അദ്ദേഹം അവിടെ 17
നിന്നും, ഏകദേശം എഴുനൂറ്റിഅൻപതു
സ്താദിയോൻ അകലെയുള്ള 'തുബിയാ
നർ' എന്നു വിളിക്കപ്പെടുന്ന യഹൂദന്മാരുടെ

കോട്ടയിലെത്തി, യാതൊരു ശക്തിയുമി
ല്ലാതെ കൈ വരണ്ടു കഴിയുന്ന തീമോ
ത്തെയോസിനെ അവർ അവിടെ കണ്ടുമുട്ടി.
18 അവനോടു കൂടെ സൈന്യമില്ലാതിരുന്നു.
ഒരു വലിയ സുശക്തമായ കോട്ടയിൽ ഒരു
19 കാവൽ സേന മാത്രമുണ്ടായിരുന്നു. മക്കാ
ബ്യനേതാക്കളായ ദസിത്തേവോസും,
സൗസി പത്രോസും കോട്ടയിൽ, ചെന്ന്
തീമോത്തെയോസിനുണ്ടായിരുന്ന അംഗ
രക്ഷകരെ കൊന്നുകളഞ്ഞു. അവർ പതി
നായിരത്തിലധികം പേരുണ്ടായിരുന്നു.
20 മക്കാബി തൻെറ കൂടെയുള്ള സൈന്യ
ത്തെ പല വിഭാഗങ്ങളിലായി വിഭജിച്ചു.
ഓരോ വിഭാഗത്തിനും സേനാനായകന്മാരെ
നിയമിച്ചു. പന്തീരായിരം കാലൾപടയും
രണ്ടായിരത്തി അഞ്ഞൂറു കുതിരപ്പടയു
മായി അവരെ നേരിട്ട തീമോത്തെയോ
21 സിനെ ആക്രമിച്ചു. മക്കാബ്യർ അവരുടെ
സ്ത്രീകളേയും കുഞ്ഞുങ്ങളേയും, വസ്തു
വകകളും, 'കർനാ' എന്ന ഗ്രാമത്തിലേക്കു
അയച്ചുവെന്നു തീമോത്തെയോസ് കേട്ടു.
ആ ഗ്രാമം സുശക്തവും കെട്ടുറപ്പുള്ളതും,
എളുപ്പത്തിൽ പിടിച്ചടക്കി കൊള്ളചെ
യ്‌വാൻ സാദ്ധ്യമല്ലാത്തതും ഏതുവശത്തു
നിന്നും അവിടേക്കുള്ള പ്രവേശനമാർഗ്ഗ
22 ങ്ങൾ ഇടുങ്ങിയതും ആയിരുന്നു. യൂദാ
യുടെ ഒന്നാമത്തെ സേനാവിഭാഗം പ്രത്യ
ക്ഷപ്പെട്ടതോടെ ശത്രുക്കൾക്കു ഭയവും പരി
ഭ്രമവുമായി. മക്കാബ്യരുടെ മേൽ തെളിഞ്ഞു
നിന്നിരുന്ന ദൈവതിരുഹിതംമൂലം ശത്രു
സൈന്യം പലായനം ചെയ്തു. ഓരോരു
വനും അവനവൻെറ ഭാഗത്തേക്കു തന്നെ
ഓടി. അങ്ങനെ അവർ തമ്മിൽ തന്നെ ഏറ്റു
മുട്ടി. അവരുടെ അവയവങ്ങൾക്കു മുറി
വേറ്റു. എന്തെന്നാൽ ഊരിപ്പിടിച്ചിരുന്ന
വാളുകളുമായാണ് അവർ ഓടിക്കൊണ്ടിരു
23 ന്നത്. യൂദാ ഉഗ്രമായി അവരെ പിന്തുടർന്നു.
ആ ദുഷ്ടന്മാരിൽ മുപ്പതിനായിരത്തോളം
24 പേരെ സംഹരിച്ചു! തീമോത്തെയോസ്,
ദുസിന്തോസിൻെറയും സൂസിപത്രോസി
ൻെറയും പിടിയിലായി. തന്നെ ജീവനോടെ
വിടണമേ എന്നു അവൻ അവരോടു
കെഞ്ചിയപേക്ഷിച്ചു. തങ്ങളുടെ സഹോദര
25 ന്മാരും വീട്ടുകാരുമായി വളരെപ്പേർ
അവൻെറ സമീപമുണ്ടായിരുന്നവരെ ജീവ
നോടെ വിട്ടുകൊള്ളാമെന്ന് അവൻ വാഗ്ദാ
26 നം ചെയ്തു. തങ്ങളുടെ സഹോദരന്മാരുടെ
ജീവനെയോർത്ത് അവനെ ജീവനോടെ
വിട്ടു. യൂദാ മക്കാബി കർനാവത്തർഗേത്തു
എന്നു പേരായ സ്ഥലത്തേക്കു പുറപ്പെട്ട്
അവിടെ അയാൾ ഇരുപത്തയ്യായിരം പേരെ
കൊന്നു. അവരെ തോല്പിച്ചു സംഹരിച്ച 27
ശേഷം, ലൂസിയാസ് പാർത്തിരുന്ന ഉറപ്പേ
റിയ അപ്രോൻ നഗരത്തെ ആക്രമിച്ചു.
അവിടെ വിജാതിയരുടെ ഒരു വലിയ സമൂ
ഹവും ബലശാലികളായ യുവാക്കന്മാരും
ഉണ്ടായിരുന്നു. കോട്ടയിൽ നിന്നുകൊണ്ട്
അമ്പ്, കുന്തം, മറ്റു യുദ്ധോപകരണങ്ങൾ
ഉപയോഗിച്ചുകൊണ്ട് സുധീരം പോരാടി.
മക്കാബ്യരാകട്ടെ, ശത്രുക്കളുടെ ഉഗ്ര 28
മായ ശക്തിയെ അമർത്തുവാൻ കഴിവുള്ള
ദൈവസന്നിധിയിൽ കരഞ്ഞു പ്രാർത്ഥിച്ചു.
താൻ നഗരം അവരുടെ കൈവശം ഏല്പി
ച്ചു. അവർ കടന്നു ചെന്ന് നഗരം പിടിച്ചടക്കി.
അവിടെ ഇരുപത്തയ്യായിരം പേരെ സംഹ
രിച്ചു. അവിടെ നിന്നും ബയ്ശാനിലേക്കു 29
തിരിച്ചു. അതു യറുശലേമിൽ നിന്നും
അറുനൂറ് സ്താദിയോൻ അകലെയായി
രുന്നു. അവിടെ പാർത്തിരുന്ന യഹൂദന്മാർ, 30
തങ്ങൾ വളരെ ആശ്വാസത്തോടെ കഴിയു
ന്നുവെന്നും, തങ്ങളെ മറ്റുള്ളവർ ബഹു
മാനിക്കുന്നുണ്ടെന്നും അറിയിച്ചു. യൂദായും
കൂട്ടരും അവർക്കു നന്ദി പറഞ്ഞു. അവർ
ഇവരെ സമാധാനപൂർവ്വം എതിരേറ്റു.
അവിടെനിന്നും പത്തീറ പെരുന്നാൾ 31
ആഘോഷിക്കുവാൻ അവർ യറുശലേമിൽ
എത്തി.

പെന്തക്കോസ്തി കഴിഞ്ഞ് ഏദോമ്യരുടെ 32
ഭരണാധികാരിയായ ഗേവർഗിയെ ആക്ര
മിക്കുവാൻ തിരിച്ചു. അവൻ മൂവായിരം
കാലാൾപടയും നാനൂറ് അശ്വാരൂഢ
സൈന്യവുമായി ഇവർക്കുനേരെ വന്നു.
യുദ്ധം തുടങ്ങിയപ്പോൾ, ഏദോമ്യരിൽ കുറേ 33
പ്പേർ മാത്രമെ വധിതരായുള്ളു. സുശക്ത 34
അശ്വാരൂഢയോദ്ധാവായ തുബിയാന്യ
നായ ദുസിത്തോസ്, ഗീവർഗിയെ അവൻെറ 35
വസ്ത്രത്തിൽ പിടിച്ച് ശക്തിയോടെ അവനെ
വലിച്ചിഴച്ചു കൊണ്ടുവന്നു. ആ കുറ്റവാ
ളിയെ ജീവനോടെ കൊണ്ടുവരണമെ
ന്നാണ് അയാൾ ആഗ്രഹിച്ചത്. അയാളുടെ
ഭടന്മാരിൽ ഒരുവൻ കക്ഷിതിരിഞ്ഞ് അയാ
ളുടെ ചുമലിന്മേൽ വെട്ടി; അയാളെ കൊന്നു
കളഞ്ഞു. അവൻ ഒരു തുർക്കിയായിരുന്നു.
ഗേവർഗിയാ, ശമര്യായിലേക്ക് ഓടി 36
പ്പോയി. അസറിയായും കൂട്ടരും വീറോടെ
പോരാടി അനേകരെ കൊന്നു. ദൈവം
തങ്ങൾക്കു സഹായിയായിരിക്കണമേ
എന്നു യൂദാ, ബലവാനായ ദൈവത്തോട്
കരഞ്ഞു പ്രാർത്ഥിച്ചു. അദ്ദേഹം മുമ്പനായി 37
നിന്നുകൊണ്ട് പിതാക്കന്മാരുടെ ശബ്ദ

ത്തിൽ സ്തുതിഗാനങ്ങൾ പാടി. ശത്രുക്കളെ
സംഹരിക്കാനാരംഭിച്ചു. ഗേവർഗിയും
സേനയും പരാജിതരായി പലായനം ചെയ്തു.
അദ്ദേഹം അവിടെനിന്നും സേനാസമേതം
പുറപ്പെട്ട് ദുൽമാ നഗരത്തിലെത്തി. ശാബത്
ആരംഭിക്കാറായപ്പോൾ അവരുടെ ആചാര
മനുസരിച്ച്, ശുദ്ധീകൃതരായി അവരവരുടെ
സ്ഥലത്ത് ശാബതാചരിച്ചു. പിറ്റെ ദിവസം,
ആളുകൾ യൂദായെ സമീപിച്ച് യുദ്ധത്തിൽ
ഹതരായവരുടെ ജഡങ്ങൾ എടുത്ത് അവര
വരുടെ പിതാക്കന്മാരുടെ കല്ലറകളിൽ
സംസ്കരിക്കുന്നതിന് അനുവാദമപേ
ക്ഷിച്ചു. ഓരോരുവൻെറയും അങ്കി
യ്ക്കുള്ളിൽ യമ്നീനിലെ ക്ഷേത്ര
ത്തിൽനിന്നുമെടുത്ത സ്വർണ്ണം ഒളിച്ചുവച്ചി
രിക്കുന്നതായി കണ്ടു. ഇങ്ങനെ എടുത്തു
സൂക്ഷിക്കരുത് എന്ന് ന്യായപ്രമാണം യഹൂ
ദരോട് ആജ്ഞാപിച്ചിട്ടുള്ളതത്രെ. ഇതു
നിമിത്തമാണ് അവർ ഹതരായിപ്പോയത്
എന്ന് എല്ലാവരും ഗ്രഹിച്ചു; വിശ്വസിച്ചു.
നിഗൂഢമായതെല്ലാം പരസ്യമാക്കുന്ന
ദൈവത്തിൻെറ നീതിയുള്ള വിധിതീർപ്പി
നെ എല്ലാവരും സ്തുതിച്ചു സ്ത്രോത്രം ചെയ്തു.
ഇതുനിമിത്തമായി അന്ത്യംവരുത്തുന്ന
പാപമായി അവരുടെ പേരിൽ എഴുതപ്പെട
തേ എന്ന് ജനമെല്ലാം ദൈവത്തോടു
രഞ്ഞപേക്ഷിച്ചു. വീരനായ യൂദാ, ജനം
പയം സൂക്ഷിച്ചുകൊള്ളണമെന്നും, പാപ
ത്തിൽനിന്നും കരുതലോടിരിക്കണമെന്നും
ർവ്വജനത്തോടും കേണപേക്ഷിച്ചു. അദ്ദേ
ം അവരോടു പറഞ്ഞു: ഈ മനുഷ്യർക്കു
ംഭവിച്ചതു നിങ്ങൾ സ്വന്ത കണ്ണുകൾകൊ
് ഇതാ കണ്ടുവല്ലോ! ജനമെല്ലാം ഒരു
ന്നപ്പിരിവു നടത്തണമെന്ന് അദ്ദേഹം
ശ്ചയിച്ചു. മൂവായിരം വെള്ളി പിരിച്ചെടു
് അവർക്കു (ആ ഹതരായവർക്കു)
ണ്ടി പാപപരിഹാരബലി അർപ്പിക്കുവാ
യി അദ്ദേഹം അതു യറൂശലേമിലേക്ക്
യച്ചുകൊടുത്തു.
മരിച്ചവരുടെ ഇടയിൽനിന്നുള്ള പുന
ഥാനത്തെക്കുറിച്ചുള്ള പ്രത്യാശമൂലം
ക്തമായും നീതിയായും അദ്ദേഹം ഇങ്ങ
പ്രവർത്തിച്ചു. മരിച്ചവർ ഉയർക്കും എന്ന്
ദ്ദേഹത്തിന് പ്രതീക്ഷയും പ്രത്യാശയു
ായിരുന്നെങ്കിൽ—മരിച്ചവർക്കുവേണ്ടി
ർത്ഥിക്കുന്നതും ബലിയർപ്പിക്കുന്നതും
ത്ഥവും ഭോഷത്വവുമാകുമായിരുന്നു.
ന്യത്തോടെ നിദ്ര പ്രാപിക്കുന്നവർക്കു
ാകാനിരിക്കുന്ന പ്രതിഫലത്തേയും പ്ര
ശയേയും ആശ്വാസത്തേയും അദ്ദേഹം
നോക്കിക്കണ്ടു. അതു മൂലമാണ് മരിച്ച
വർക്കു പാപമോചനം ലഭിപ്പാൻ അവർക്കു
വേണ്ടി പാപപരിഹാരകർമ്മം നടത്തുവാൻ
അദ്ദേഹം പണമയച്ചുകൊടുത്തത്.

അദ്ധ്യായം 13

ഒരുനൂറ്റിനാല്പത്തി ഒൻപതാമാണ്ടിൽ, 1
അന്തിയോക്കസ് ഏവ്ഫത്തോർ, കാര്യ
ങ്ങൾക്കെല്ലാം വിചാരകനായി നിയമിതനാ 2
യിരുന്ന ലൂസിയാസുമൊത്ത്, പതിനോ
രായിരം കാലാൾ ഭടന്മാരും, അയ്യായിരത്തി
മുന്നൂറ് അശ്വാരൂഢഭടന്മാരും ഇരുപത്തി
രണ്ട് ആനകളും യുദ്ധസജ്ജമായ മുന്നൂറ്
രഥങ്ങളുമടങ്ങുന്ന അനേക വിജാതിക
ളുടെ സേനയെ യഹൂദന്മാർക്കു എതിരായി
വന്നു. മനലാവോസും എത്തി അവരോടു 3
ചേർന്നു. അവർ, അന്തിയാക്കോസിനെ
സമീപിച്ച് അവനോട് തൻെറ ദേശത്തേയും
ദേശവാസികളേയും ഇടിച്ചുവീഴ്ത്തണ
മെന്നു താണപേക്ഷിച്ചു. അവരുടെ സഹാ
യത്തിനല്ല അവൻ അപേക്ഷിച്ചത്! എന്തെ
ന്നാൽ അവൻ ഭരണസ്ഥാനത്തു കയറു
മെന്നുള്ള പ്രതീക്ഷ അവനുണ്ടായിരുന്നു.
എന്നാൽ രാജാധിരാജാവായ ദൈവം, 4
കുറ്റവാളിയായ മനലാവോസിന്നെതിരെ
അന്തിയാക്കോസിനു കോപമുണർത്തി.
എന്തെന്നാൽ ഇവനാണ് എല്ലാ അനിഷ്ട
സംഭവങ്ങൾക്കും ഹേതുഭൂതൻ എന്ന്,
ലൂസിയാസ്, രാജാവിനെ ധരിപ്പിച്ചിട്ടുണ്ടാ
യിരുന്നു. അവനെ ഹലാബി (ആലപ്പോ)
ലേക്കു കൊണ്ടുപോയി സംഹരിക്കുവാൻ
രാജാവ് കല്പിച്ചു. അവിടെ അൻപതുമുഴം 5
ഉയരമുള്ളതും ചാരം നിറച്ചതുമായ ഒരു
'ഗോപുരം' ഉണ്ടായിരുന്നു. അത് യന്ത്ര
പ്പണിമൂലം ചക്രങ്ങളുപയോഗിച്ച് പ്രവർത്തി-
പ്പിക്കുന്നതായിരുന്നു. ദൈവാലയം കുത്തി 6
ക്കവർന്നവനും, സർവ്വ തിന്മകളുടെയും
സൂത്രധാരനുമായിരുന്ന മനലാവോസിനെ
അതിൽ ബന്ധിച്ചു. അങ്ങനെ ആ കുറ്റവാളി,
ആ മഹാദുഷ്ടൻ മരിച്ചു. ഭൂമിയിൽ 7
സംസ്കരിക്കപ്പെടുവാൻപോലും അവനു
ഭാഗ്യമുണ്ടായില്ല. നീതിപൂർവ്വകമായ 8
പ്രതികാരംതന്നെയാണ് അവനു ലഭിച്ചത്.
എന്തെന്നാൽ, വിശുദ്ധ അഗ്നിയും ചാര
വുമുള്ള ബലിപീഠത്തോട് അവൻ തിന്മകൾ
ചെയ്തതിനു പ്രതികാരമായി ചാരം കൊണ്ടു
തന്നെ അവൻെറ മരണവും സംഭവിച്ചു.
രാജാവ് അപ്പോഴും യഹൂദരോട് കോപി 9
ഷ്ഠനും, കഠിനമാനസനുമായിരുന്നു. അവ
ൻെറ പിതാവ് ചെയ്തതിലും അധികം തിന്മ

അവരോടു ചെയ്യണമെന്ന് അവൻ ചിന്തിച്ചി
10 രുന്നു. രാജാവിൻെറ ആഗമനവും ആലോച
നയും യൂദാ അറിഞ്ഞു. അദ്ദേഹം ജന
ത്തോട് രാവും പകലും ഉണർന്നിരുന്ന്
തങ്ങളെ സഹായിക്കുവാനും രക്ഷിപ്പാനും,
11 ന്യായപ്രമാണത്തിൽനിന്നും ദേശത്തുനി
ന്നും വിശുദ്ധ ആലയത്തിൽനിന്നും അവരെ
അകറ്റുവാനും ആഗ്രഹിക്കുന്ന ജാതികളുടെ
കൈയിൽനിന്നും ഇപ്പോഴും എപ്പോഴും
അവരെ രക്ഷിച്ചുകൊള്ളണമെന്നും ദൈവ
സന്നിധിയിൽ കരഞ്ഞപേക്ഷിക്കണമെ
ന്നും, അപേക്ഷിച്ചു. അല്പകാലം ആശ്വാസ
വും വിശ്രമവും ലഭിച്ച തങ്ങളെ ഇനിയും
നീചന്മാരായ അഗ്രചർമ്മികൾക്ക് അടിമ
പ്പെടുവാൻ ഇടയാക്കരുതെ എന്നു അവർ
12 പ്രാർത്ഥിച്ചു. മൂന്നു ദിവസം അവർ ഉപവ
സിച്ച് കവിണുവീണു, മുടങ്ങാതെ കരുണാ
വാരിധിയായ ദൈവത്തോടു കരഞ്ഞു
പ്രാർത്ഥിച്ചു. മൂന്നു ദിവസം കഴിഞ്ഞ്, യൂദാ
അവരെ ആശ്വസിപ്പിച്ച്, ഭക്ഷണം കഴിക്കു
വാൻ അപേക്ഷിച്ചു.
13 യൂദാ തനിയെ പ്രമാണികളെ സന്ദർശി
ച്ച് അവരുമായി ആലോചിച്ചു. രാജാവിൻെറ
സേന യഹൂദിയായിൽ കടന്നു പട്ടണം
പിടിച്ച് പട്ടണത്തിൻെറ പ്രതിരോധ ശക്തി
ഇല്ലാതാക്കുന്നതിനുമുമ്പ്, ദൈവസഹായ
ത്തോടെ, നാം പുറപ്പെട്ട് എല്ലാം ക്രമപ്പെ
14 ടുത്തണം എന്നു പറഞ്ഞു. സകലത്തി
ൻെറയും നിയന്ത്രണം ലോകസ്രഷ്ടാവായ
ദൈവത്തിൻെറ തൃക്കരങ്ങളിൽ അദ്ദേഹം
സമർപ്പിച്ചു. തൻെറ സഹചരന്മാരോട്,
അവർ ന്യായപ്രമാണത്തിനും ദൈവാലയ
ത്തിനും നഗരത്തിനും രാജ്യത്തിനും സ്വജന
ത്തിനുംവേണ്ടി വീറോടെ മരണപര്യന്തം
പോരാടണമെന്ന് അഭ്യർത്ഥിച്ചു. "ദൈവ
ത്തിൻെറ വിജയം" എന്നൊരടയാളവാക്കും
15 അവർക്കു കൊടുത്തു. സർവ്വസൈന്യത്തേ
യും മുറിഇമിൽകൂട്ടി സജ്ജീകരിച്ചു.
അദ്ദേഹം സുശിക്ഷിതരും വീരന്മാരുമായ
യുവാക്കളെ കൂട്ടിക്കൊണ്ട് പാളയത്തിൽ,
രാജാവിൻെറ വാസസ്ഥലത്തു രാത്രിയിൽ
എത്തി മുപ്പതിനായിരം പേരെയും ആന
സേനാനായകനേയും അവനോടുകൂടെയു
16 ള്ളവരേയും കൊന്നു. പാളയത്തിലാകെ
ബഹളവും പരിഭ്രമവുമായി. അവരോ
അത്യാഹ്ലാദത്തോടെ, പ്രഭാതത്തിൽ
17 അവിടെനിന്നും തിരികെ പോന്നു! ഇത്രയെ
ല്ലാം അവർ പ്രവർത്തിച്ചതു അവരോടുകൂടെ
ദൈവത്തിൻെറ ശക്തിയും സഹായവും
18 ഉണ്ടായിരുന്നതു നിമിത്തമായിരുന്നു. യഹൂ
ദരുടെ വീര്യവും ധൈര്യവും രാജാവ് അനു
ഭവത്തിൽ അറിഞ്ഞപ്പോൾ, കൗശലത്തിലും
ചതിയിലും അവരെ അടിപ്പെടുത്തുവാൻ
തുനിഞ്ഞു. അവൻ യഹൂദരുടെ കോട്ട 19
യ്ക്കുനേരെ ഒരു സേനയെ നിയോഗിച്ചു
അതിനെ ആക്രമിച്ചു. അവർ പരാജിതരായി
അവശേഷിച്ചു. കോട്ടയ്ക്കുള്ളിൽ ഉണ്ടായി 20
രുന്നവർക്കു യൂദാ ഭക്ഷ്യങ്ങൾ അയച്ചു.
യഹൂദിയാ ദേശത്തുനിന്നും, റോദിക്കോസ് 21
എന്നൊരുവൻ അവരുടെ ശത്രുക്കൾക്കു
തങ്ങളുടെ രഹസ്യം വെളിപ്പെടുത്തിക്കൊ
ടുത്തു. അവനെ കണ്ടുപിടിച്ചു കൊന്നുകള
ഞ്ഞു. രാജാവ് ബെത്ശൂറിൽ വീണ്ടും വന്ന്, 22
വാഗ്ദാന വലങ്കൈ കൊടുക്കുകയും സ്വീക
രിക്കുകയും ചെയ്തു. അവൻ യഹൂദിയാതല 23
ങ്ങളെ ആക്രമിച്ചു. പരാജിതനായി.
അന്ത്യോക്യയിൽ കാര്യനിർവ്വഹണത്തിന്നു
നിയുക്തനായിരുന്ന ഫിലിപ്പോസ്,
തനിക്കെതിരെ മത്സരിക്കുവാനാഗ്രഹിക്കു
ന്നുണ്ട് എന്നു വിചാരിച്ച് യഹൂദന്മാരുമായി
സന്ധിയുണ്ടാക്കി, അവർക്കു കീഴ്പ്പെട്ട്,
സത്യം ചെയ്ത് അവരുമായി മൈത്രീബന്ധം
സ്ഥാപിച്ചു. കാഴ്ചകൾ സമർപ്പിച്ച് ദൈവാ 24
ലയത്തെ അത്യധികം ആദരിച്ചു. ദേശത്തേ
യും സ്നേഹിച്ചു. വളരെ സ്നേഹപൂർവ്വം
അവൻ മക്കാബിയെ സ്വീകരിച്ചു. ടോളമി
മുതൽ ഗസർവരെയുള്ള പ്രദേശത്തിന്
ഭരണാധിപനായി ഹെഗ്മൂനിദോസിനെ
നിയമിച്ചു.
അവൻ ടോളമിയിൽ എത്തിയപ്പോൾ, 25
ടോളമിയർ, അവർ അവരുമായുണ്ടാക്കിയ
ഉടമ്പടിയെ പ്രതി വിഷമിച്ചും അവനോട്
വളരെ ക്രുദ്ധരായും ഇരിക്കയായിരുന്നു. ആ
ഉടമ്പടി റദ്ദാക്കുവാൻ അവർ ആഗ്രഹിച്ചു.
ലൂസിയാസ്, രാജന്യായാസനത്തിനു 26
മുമ്പിൽ ഹാജരായി അവർക്കു മറുപടി
കൊടുത്തു അവരെ ബോധ്യപ്പെടുത്തി
ശാന്തരാക്കി. അവിടെനിന്നും രാജാവ്
അന്ത്യോക്യായ്ക്ക് പോയി. രാജാവിൻെറ
വരവും യാത്രയും ഇങ്ങനെയായിരുന്നു.

അദ്ധ്യായം 14

മൂന്നു വർഷം കഴിഞ്ഞ് സെലൂക്ക 1
സിൻെറ മകൻ ദമത്രിയോസ്, യൂദയ്ക്കെ
തിരായി ആഗതനായി. സുശക്തമായ ഒരു
വലിയ സേനയോടുകൂടി സർവ്വഭുതലവും
പിടിച്ചടക്കത്തക്ക ആയുധവർഗ്ഗത്തോടു
കൂടി ആലസ്തുറമുഖത്തു കടന്നു. എന്തെ 2
ന്നാൽ അവൻ അന്തിയാക്കോസിനെയും
കാര്യസ്ഥൻ ലൂസിയാസിനെയും

3 വധിച്ചുകഴിഞ്ഞിരുന്നു. മുമ്പ്, പ്രധാനാചാ
ര്യനായിരുന്ന അകിൽമോസ് അറുവഷളനാ
യിരുന്നു. യോജിപ്പിൻെറ കാലത്ത് അവന്
4 ഒരു പ്രത്യാശയുമില്ല. ബലിപീഠത്തോടു
സമീപിക്കാൻപോലും സാദ്ധ്യമല്ല എന്നു
കണ്ട് ഒരു നൂറ്റിഅൻപത്തിഒന്നാമാണ്ട് ഒരു
പൊൻ കിരീടവും സ്വർണ്ണക്കതിരും ദൈവാ
ലയത്തിൽനിന്നും എടുത്തു. ഈന്തപ്പനതല
പ്പുകളും എടുത്തു ദെമത്രിയോസിനു സമ്മാ
5 നിച്ചു. അന്നു സമാധാനത്തോടെ അയാൾ
കഴിച്ചു. അൽകിമോസ് തൻെറ മത്സര
ത്തിനും ദുഷ്ടതയ്ക്കും അവസരമാഗത
മായി എന്നു ചിന്തിച്ചിരിക്കെ രാജാവ് രാജ
സദസ്സിലേക്ക് അവനെ വിളിപ്പിച്ച് എന്തു
ആലോചിച്ചും ചിന്തിച്ചും കൊണ്ടാണ് യഹൂ
ദർ ഇങ്ങനെ ശക്തിയാർജ്ജിക്കുന്നതെന്ന്
ചോദിച്ചു. യഹൂദരുടെ സ്തുതിപാടുന്നവർ
എന്നു വിളിക്കപ്പെടുന്നവരുടെ നേതാവാണ്
മക്കാബി. അവരാണ് മത്സരവും, വൈരാഗ്യ
വും യുദ്ധവും ശക്തിപ്പെടുത്തുന്നത്. രാജ്യ
ത്തു സമാധാനം ഉണ്ടായിരിപ്പാൻ അവർ
സമ്മതിക്കുന്നില്ല. ആകയാൽ ഞാനും
എൻെറ പിതാക്കന്മാരുടെ അന്തസ്സാകുന്ന
മഹാപുരോഹിതസ്ഥാനം ഉപേക്ഷിച്ചുകള
ഞ്ഞു. ഞാനിതാ അങ്ങേ സമക്ഷം രണ്ടു
പാവശ്യം വന്നിരിക്കുന്നു. എന്തെന്നാൽ
എനിക്കു ഒന്നാമതായി രാജാവിൻെറ കാര്യ
ങ്ങളിൽ അത്യുത്സാഹവും തീക്ഷ്ണത
യുമുണ്ട്. രണ്ടാമത് ഞങ്ങളുടെ ജനതയെ
കുറിച്ചുള്ള താല്പര്യം. മുമ്പു ഞാൻ
പറഞ്ഞവരുടെ നിഗളവും ധിക്കാരവും
ഞാൻ കണ്ടുകൊണ്ടിരിക്കുന്നു. അവർ
ഞങ്ങളുടെ ജനതയെ എത്രയേറെ വിഷമി
പ്പിക്കുന്നു? അവർക്കു അശേഷവും സ്വൈ
രം കൊടുക്കാതെയുമിരിക്കുന്നു! അല്ലയോ
രാജാവേ, ഇവയെല്ലാം മനസ്സിലാക്കിയ
അവിടുന്ന്, ഞങ്ങളുടെ ദേശത്തേയും ദുർഭ
ലരും അനാഥരുമായ ഞങ്ങളുടെ ജനത്തേ
യും കാര്യമായി ഓർത്ത് വേണ്ടതു ചെയ്യ
ണമെ. സർവ്വമനുഷ്യരോടും അങ്ങു ദയാലു
വാണല്ലോ. യൂദാ ജീവിച്ചിരിക്കുന്നിടത്തോ
ളം കാലം ഞങ്ങളുടെ ദേശത്തു സമാധാനം
ഉണ്ടാകയില്ല.
അവനിൽനിന്നും ഇത്രയും കേട്ടതോടെ,
രാജാവിൻെറ സ്നേഹിതന്മാർക്കു യൂദാ
യോടു ശത്രുമനോഭാവമുണ്ടായിരുന്നതു
കൊണ്ട് അവർ അദ്ദേഹത്തിനെതിരായി
ദെമത്രിയോസിൻെറ കോപം ആളിക്കത്തിച്ചു.
ക്ഷണംതന്നെ രാജാവ് ആനവ്യൂഹത്തി
ൻെറ നായകനും, സൈന്യനായകനുമായ
നിക്കാനോറിനെ വിളിച്ച് എഴുത്തുകൾ
കൊടുത്തു അയച്ച് അവനോട് യൂദായെ 13
കൊന്നുകളയണമെന്നും അവൻെറ അനു
ചരന്മാരെ ചിതറിച്ചു ഓടിക്കണമെന്നും,
മഹത്തായ വലിയ ദൈവാലയത്തിൻെറ
മഹാപുരോഹിതനായി അൽകിമോസിനെ
നിയമിക്കണമെന്നും നിർദ്ദേശിച്ചു. യഹൂ 14
ദിയാ ദേശത്തുനിന്നു പലായനംചെയ്തിരുന്ന
വിജാതികളും വന്നു നിക്കാനോറിനോടു
ചേർന്നു. യൂദായ്ക്കും കൂട്ടർക്കും വരാനി
രിക്കുന്ന ഞെരുക്കവും ദുരിതവുമോർത്ത്
ആനന്ദഭരിതരായി. നിക്കാനോറിൻെറ ആക്ര 15
മണത്തെയും വിജാതിയരുടെ വിജയാഹ്ലാ
ദത്തേയും യൂദായും കൂട്ടരും കേട്ടപ്പോൾ,
അവർ തലയിൽ പൂഴി വാരിയിട്ടുകൊണ്ട്,
എക്കാലവും അവരുടെ സഹായിയായിരുന്ന്
എപ്പോഴും സ്പഷ്ടമായി തൻെറ അവകാ
ശത്തെ രക്ഷിച്ച ദൈവത്തിൻെറ സന്നിധി
യിൽ, നിലവിളിച്ചു പ്രാർത്ഥിച്ചു. എല്ലാവരും 16
ആയുധമണിയുവാൻ യൂദാ വിളംബരം
ചെയ്തു. അവർ ഉടൻ പുറപ്പെട്ട് 'ശുവ്' എന്ന
സമതലത്തിൽ അവരുമായി ഏറ്റുമുട്ടി.
യൂദായുടെ സഹോദരൻ ശീമോൻ ഞൊടി 17
യിടയിൽ നിക്കാനോറിനെ എതിർത്തു.
അവൻെറ നേരെ ധൃതിയിൽ അവർ വന്ന
തുമൂലം അവൻ പരിഭ്രമിച്ചു. യൂദായുടെയും 18
കൂട്ടരുടെയും വീരപരാക്രമങ്ങളെയും,
അവരുടെ വിജയങ്ങളേയും, അവരുടെ
ജനത്തിനും ദേശത്തിനുംവേണ്ടി സ്വയം
സമർപ്പിക്കുന്നതിനേയും കുറിച്ചു നിക്കാ
നോർ കേട്ടപ്പോൾ, കൊലയും രക്തവും
കൊണ്ട് നീതി നടത്തുവാൻ അവനാഗ്രഹി
ച്ചില്ല. പ്രത്യുത പിസിദോനീസിനേയും 19
തേവോദിത്തോസിനേയും മത്യാസിനെയും
സമാധാനവലങ്കൈ കൊടുപ്പാനും സ്വീക
രിപ്പാനുമായി അയക്കയത്രെ ചെയ്തത്. യൂദാ 20
ഇതു അറിഞ്ഞപ്പോൾ ജനവുമായി
ആലോചന നടത്തി ഇവ സമാധാനവാക്കു
കൾതന്നെ എന്നു ഗ്രഹിച്ചു. അവനുമായി
സമാധാനമുണ്ടാക്കുവാൻ നിശ്ചയിച്ചു.
ഏതു ദിവസമാണ് പരസ്പരം കാണേണ്ടത് 21
എന്നും തീരുമാനിച്ചു. ഓരോരുത്തരും
അവരുടെ അങ്കികൾക്കിടയിൽ ആയുധമ
ണിഞ്ഞിരുന്നു, യൂദായും തൻെറ സേന 22
യോട്, പെട്ടെന്ന് എന്തെങ്കിലും ചതിവു
കാണിക്കുന്നപക്ഷം അവരാൽ അപകടമു
ണ്ടാകാവുന്ന സ്ഥാനങ്ങളിൽ ആയുധധാരി
കളായി ഒരുങ്ങി നിന്നുകൊള്ളണമെന്നാ
ജ്ഞാപിച്ചു. വളരെ സമാധാനപൂർവ്വം അവർ
തമ്മിൽ കണ്ടു. സമാധാനവാക്കുകൾ അവർ

23 സംസാരിച്ചു. നിക്കാനോർ യറുശലേമിൽ
ആയിരുന്നു. അവൻ ഒരുപദ്രവവും ചെയ്തില്ല.
അവൻെറ അടുക്കൽ തടിച്ചുകൂടിയ വിജാ
24 തിയരെ അവൻ പിരിച്ചയച്ചു. അവൻ യൂദയെ
സ്നേഹപൂർവ്വം കരുതിയിരുന്നു. അദ്ദേഹ
ത്തോട് എപ്പോഴും സന്തോഷഭാവത്തോടെ
വർത്തിച്ചുമിരുന്നു. യൂദാ വിവാഹംകഴിച്ച്
വംശം നിലനിർത്തുവാൻ അദ്ദേഹത്തോട
പേക്ഷിച്ചു. യൂദാ വിവാഹിതനായി. ലൗകിക
കാര്യങ്ങളിലും ഏർപ്പെട്ടു.
25 യൂദായും നിക്കാനോറും തമ്മിലുള്ള
സ്നേഹവും യോജിപ്പും അൽകിമോസ്
26 കണ്ടതോടെ അവൻ ദെമത്രിയോസ് രാജാ
വിൻെറ അടുക്കൽ ചെന്ന് നിക്കാനോറിനെ
ക്കുറിച്ച് അവൻ അങ്ങയുടെ രാജ്യത്തിനും
അങ്ങയുടെ കാര്യങ്ങൾക്കും എല്ലാം
അന്യനായിരിക്കുകയാണെന്നും അങ്ങ
യുടെ രാജ്യത്തിൻെറ ശത്രുവായ യൂദായെ
ബന്ധുവും സ്നേഹിതനും ആക്കിയിരിക്കു
27 കയാണെന്നും അറിയിച്ചു. ശത്രുവിൻെറ ഈ
ആരോപണം രാജാവ് കേട്ടതോടെ കോപാ
വിഷ്ഠനായി നിക്കാനോറിന് യൂദായുമാ
യിട്ടുള്ള മൈത്രിക്ക് എതിരായി കഠിന
ഭാഷയിൽ എഴുതി. അവൻ മക്കാബിയെ
ഉടനെ പിടിച്ചുകെട്ടി അന്തോക്യയ്ക്ക്
അയയ്ക്കണമെന്ന് കല്പിച്ചു.
28 നിക്കാനോർ എഴുത്ത് വായിച്ചതോടെ
തളർന്ന് ഏറ്റം ദുഖിതനായി. ഒരു തെറ്റും
ചെയ്യാത്ത യൂദായോട് ഭാവം മാറുവാൻ
29 അവനു മനസ്സ് വന്നില്ല. എന്നാൽ രാജ
കല്പന ധിക്കരിക്കാനും സാദ്ധ്യമല്ലായി
രുന്നു. എന്തു കാരണം പറഞ്ഞ് അയാളെ
പിടിക്കേണ്ടു എന്ന് അവൻ ആലോചിച്ചു,
30 മക്കാബി നിക്കാനോറിനെ കണ്ടത് മുൻ
മുഖഭാവത്തോടെ അല്ലായിരുന്നു. എപ്പോ
ഴുമുള്ളതിനെക്കാൾ ദുഃഖഭാവത്തിലും
വ്യത്യസ്തമായും ആയിരുന്നു. തന്നോടുള്ള
പെരുമാററം വ്യത്യാസപ്പെടുത്തിയിരി
ക്കുന്നു എന്ന് അയാൾക്കു മനസ്സിലായി.
തൻെറ ജനത്തിൽനിന്നും അനല്പമായ ഒരു
സമൂഹത്തെ ഒരുമിച്ചു കൂട്ടിക്കൊണ്ട്
നിക്കാനോറിൻെറ അടുക്കൽനിന്നും
31 പോയി. യൂദാ, തൻെറ സേനയെ സജ്ജീ
കരിച്ചിരിക്കുന്നുവെന്ന് അറിവായതോടെ
നിക്കാനോർ ശ്രേഷ്ഠവും പരിശുദ്ധവുമായ
ദൈവാലയത്തിൽ കടന്നുചെന്നു. അപ്പോൾ
പുരോഹിതന്മാർ കാഴ്ചയർപ്പിക്കുകയാ
32 യിരുന്നു. അവൻ അവരോട് യൂദായെ
എന്നെ ഏല്പിക്കുവിൻ എന്നു പറഞ്ഞു.
33 അവരോ അദ്ദേഹത്തെ ഞങ്ങൾ കണ്ടതേ
യില്ല എന്ന് ആണയിട്ടു പറഞ്ഞു. അദ്ദേഹം
എവിടെയാണെന്നു അവർക്കറിഞ്ഞുകൂടാ
യിരുന്നു. അവൻ ദൈവാലയത്തിനു നേരെ
കയ്യുയർത്തിക്കൊണ്ട്; ആണയിട്ടു പറ
ഞ്ഞത്: യൂദായെ പിടിച്ചുകെട്ടി നിങ്ങൾ
അവനെ എന്നെ ഏല്പിക്കാത്തപക്ഷം,
ഞാൻ ഈ ദൈവാലയത്തെ മരുഭൂമിതുല്യ
മാക്കും. ബലിപീഠം ഞാൻ ഇടിച്ചു
തകർക്കും. അതിൻെറ സ്ഥാനത്തു ഞാൻ
ദീവന്നാസ്യോസിന് ഒരു വിശിഷ്ട ബലി
പീഠം പണിയുകയും ചെയ്യും. അവൻ 34
ഇങ്ങനെ പ്രഖ്യാപിച്ചപ്പോൾ പുരോഹിത
ന്മാർ സ്വർഗ്ഗസ്ഥനായ ദൈവമുമ്പിൽ കൈ
വിടർത്തുകൊണ്ട് പ്രാർത്ഥിച്ചു: "തൻെറ
ജനത്തിന് എക്കാലവും സഹായിയായ
സകലത്തിൻെറയും അധിപനായ നാഥാ,
അവിടത്തേക്കു ഒന്നും ആവശ്യമില്ലെങ്കിലും 35
ഈ സ്ഥലം അങ്ങേക്ക് ആലയത്തിന്നായി
തെരഞ്ഞെടുക്കുവാൻ പ്രസാദിച്ചു, അങ്ങ
നെ ഞങ്ങളുടെ മദ്ധ്യേ അങ്ങു തിരുനിവാസം
ഉറപ്പിച്ചു. ഇപ്പോൾ മഹാവിശുദ്ധനായ 36
ദൈവമെ അവിടന്ന് ഈ സ്ഥലത്തേയും
ഇക്കാലത്തു ശുദ്ധീകരിക്കപ്പെട്ട നിർമ്മല
മായ ഈ ആലയത്തേയും എന്നേക്കും
സംരക്ഷിച്ചുകൊള്ളണമെ. അധർമ്മികളെ
മിണ്ടടക്കണമെ."
സ്വനഗരത്തെ സ്നേഹിക്കുന്നവനും 37
സൽപേരുള്ളവനുമായി യറുശലേമിലെ
മുമ്പന്മാരിൽ 'റ്ഹേശ്' എന്നൊരാളു
ണ്ടെന്നു നിക്കാനോറിന് അറിവു കിട്ടി.
അയാളുടെ സന്മനസ്സുനിമിത്തം 'യഹൂദ
രുടെ പിതാവ്' എന്നാണ് അയാൾ സംബോ
ധന ചെയ്യപ്പെട്ടിരുന്നത്. അയാൾ മുമ്പ് 38
ശിക്ഷയിലായിരുന്നു. യഹൂദജനതയുടെ
പോക്കിൽ താനും ഒരു കൂട്ടാളി ആകുവാൻ
അയാൾ സമ്മതിച്ചില്ല. യഹൂദാചാരനില
നിൽപിനുവേണ്ടി, പ്രാർത്ഥനകളോടും
അപേക്ഷകളോടും കൂടെ തൻെറ മനസ്സും
ശരീരവും സമർപ്പിച്ചിരുന്നു. നിക്കാനോർ 39
തനിക്കു യഹൂദരോടുള്ള വിദ്വേഷം
അറിയിക്കാനാഗ്രഹിച്ചുകൊണ്ട്, അയാളെ
പിടിച്ചുകൊണ്ടുവരുവാൻ അഞ്ഞൂറു
ഭടന്മാരെ അയച്ചു. ഇവനെ ഞാൻ പിടി 40
കൂടുമ്പോൾ യഹൂദന്മാർക്കു വലിയ വേദ
നയുണ്ടാകും എന്ന് അവൻ പറഞ്ഞു. പുരു 41
ഷാരം വന്നുകൂടി അയാളുടെ വാസസ്ഥലം
വളഞ്ഞുകൊണ്ടു വാതിലുകൾ തുറക്കു
വാനും അവരെ അഗ്നിക്കിരയാക്കുവാനും
ശ്രമിച്ചു. തന്നെ പിടിക്കാനാണ് അവർ
വന്നിരിക്കുന്നതെന്ന് അയാൾക്കു മനസ്സി

ലായപ്പോൾ, വാളെടുത്തു സ്വയം വയററ
2 ത്തു കുത്തി. ദുഷ്ടന്മാർക്കും അധർമ്മികൾ
ക്കും താൻ ഏല്പിക്കപ്പെട്ട് തന്റെ ബഹു
മാന്യവാർദ്ധക്യത്തെ അവർ അവമാനിക്കാ
നിടയാകാതെ സ്വതന്ത്രനായി മരിക്കാനാണ്
3 അയാൾ ആഗ്രഹിച്ചത്. അദ്ദേഹത്തിനു
പററിയ മുറിവ്, ധൃതിയിലായിരുന്നതിനാൽ
ഉടൻ ആപത്തുണ്ടായില്ല. വാസസ്ഥല
ത്തിന്റെ വാതിൽ കടന്നു ആ സംഘം
അകത്തു കടന്നതോടെ അയാൾ, ചാടി
യോടി കോട്ടമതിലിന്മേൽ കയറി സധൈര്യം
ആ സേനാമദ്ധ്യത്തിലേക്കു ചാടിവീണു.
അവരോ അതു കണ്ട് ഉടനെ അയാൾക്കു
വഴി കൊടുത്തു. അയാൾ അപ്പോഴും
സജീവനായി മതവൈരാഗ്യക്രോധ
ത്തോടെ ചാടി എഴുന്നേററു നിന്നു. രക്തം
ധാരാളമായി ഒഴുകിക്കൊണ്ടിരുന്നു. അയാ
ളുടെ മുറിവുകൾ അത്ര കഠോരമായിരു
ന്നു.അയാൾ ജനമദ്ധ്യേ കൂടെ ഓടി ഒരു
വരമുള്ള പാറപ്പുറത്തു കേറി നിന്നു. ദേഹ
ത്തുമുഴുവൻ രക്തം വാർന്നുകൊണ്ടിരുന്നു.
അയാളുടെ വെളിയിൽ ചാടിയ കുടലുകൾ
രണ്ടു കൈകളിലും താങ്ങിപ്പിടിച്ചു അതു
ജനത്തെ കാണിച്ചു കൊണ്ട്, ജീവന്മേലും
ആത്മാവിന്മേലും അധികാരിയായ
ദൈവത്തെ വിളിച്ച്, അവയെ വീണ്ടും
തനിക്കു തിരിച്ചു തരണമെ എന്നു പ്രാർത്ഥി
ച്ചുകൊണ്ട് ലോകം വിട്ടു.

അദ്ധ്യായം 15

യൂദായും കൂട്ടരും ശമരിയായ്ക്കു
സമീപമുണ്ട് എന്നു നിക്കാനോർ മനസ്സി
ലാക്കി. വളരെ ജനമുള്ള സമയത്തു ശാബ
ത്തുദിവസം അവരെ ആക്രമിക്കണമെന്നു
നിശ്ചയിച്ചു. യഹൂദന്മാർ വളരെ വേദന
യോടെ അവനോടു പറഞ്ഞു: അങ്ങ്
അങ്ങനെ ചെയ്യരുതെ! നിരപരാധികളെ
നശിപ്പിക്കരുതെ! സകലത്തിന്റെയും
സ്രഷ്ടാവും നിർമ്മാതാവുമായ ദൈവ
ത്താൽ സംപൂജ്യമാക്കപ്പെട്ട മഹത്തും
വിശുദ്ധവുമായ ഈ ദിവസത്തെ ആദരി
ക്കണമെ! ആ ദുഷ്ടനായ വഷളൻ
അവരോട്: സ്വർഗ്ഗത്തിലുള്ള ആ ബലവാ
നാണോ ശാബതുദിവസത്തെപ്പററി
കല്പന തന്നത് എന്നു ചോദിച്ചു. അവർ
അവനോട് താൻ ജീവനുള്ളവനും സ്വർഗ്ഗ
സ്ഥനായ ബലവാനുമാകുന്നു. ശാബത്
ആചരിക്കുവാൻ കല്പിച്ചതും അദ്ദേഹ
മാകുന്നു എന്നു പറഞ്ഞു. അശുദ്ധനായ
ദുഷ്ടൻ അവരോട്, ഭൂമിയിൽ
ഞാനും ബലവാനാണ്. ഞാൻ നിങ്ങളോ
ടാജ്ഞാപിക്കുന്നു: നിങ്ങളും ആയുധധാരി
കളായി രാജാവിന്റെ കാര്യങ്ങൾ ചെയ്തു
കൊള്ളണം.

നിക്കാനോർ നിഗളിച്ച് അങ്ങേയററം 6
അഹങ്കരിച്ചു. യൂദായും കൂട്ടരും ഒരുങ്ങി
നിൽക്കയാണ് എന്ന് അവൻ ഗ്രഹിച്ചപ്പോൾ
അവൻ കൂടുതൽ ഉഗ്രനായി.

യൂദാമക്കബിയാകട്ടെ, ദൈവം തനിക്കു 7
രക്ഷ നൽകുകതന്നെ ചെയ്യും എന്നു
പൂർണ്ണപ്രത്യാശയോടെ നിലകൊള്ളുകയും
തന്നോടൊരുമിച്ചുള്ളവർ അവരെ ആക്ര 8
മിക്കുന്ന വിജാതിയരെ ഭയപ്പെടരുതെന്നും
സ്വർഗ്ഗത്തിൽനിന്നും മുൻകാലത്തു അവർ
ക്കു ലഭിച്ച സഹായങ്ങൾ അവർ ഓർക്ക
ണമെന്നും പ്രബോധിപ്പിച്ച് അവർക്കു
ആശ്വാസം പകർന്നു. സർവ്വശക്തനായ
ദൈവത്തിൽനിന്നും അവർക്കു വന്നുചേ
രുന്ന വിജയം പ്രതീക്ഷിച്ചിരിപ്പിൻ എന്നു
അയാൾ പറഞ്ഞു. ന്യായപ്രമാണത്തിൽ 9
നിന്നും പ്രവാചകന്മാരിൽനിന്നും ഉദ്ധരിച്ച്
അയാൾ അവരെ ഉപദേശിച്ചു. മുമ്പ് അവർ
ചെയ്ത വീര്യപ്രവൃത്തികളും പോരാട്ടങ്ങളും
അവരെ അനുസ്മരിപ്പിച്ചു. അയാൾ 10
അവർക്കു ശക്തിയും ധൈര്യവും നൽകി.
വിജാതീയരുടെ ദുഷ്ടതകളും അവർ ചെയ്ത
വാഗ്ദാനലംഘനങ്ങളും ചൂണ്ടിക്കാണിച്ചു
കൊണ്ട് അവരുടെ കോപവും തീക്ഷ്ണ
തയും ഉത്തേജിപ്പിച്ചു. യൂദാ അവരിൽ 11
ഓരോരുവനേയും ആയുധമണിയിച്ചത്
വാളും പരിചയുംകൊണ്ടല്ല; പിന്നെയോ,
ആശ്വാസവും ധൈര്യവും ശക്തിയും പകരുന്ന
വാക്കുകൾ കൊണ്ടായിരുന്നു. താൻ കണ്ട
ദർശനങ്ങളെ അവരെ വിശദമായി അറി
യിച്ചു. അവ അംഗീകരിക്കയും വിശ്വസി
ക്കയും ചെയ്യേണ്ടതാണെന്നും ഗ്രഹിപ്പിച്ചു.
ഇത്രയും കേട്ടപ്പോൾ എല്ലാവരും സന്തോഷ
ചിത്തരായി.

അവൻ കണ്ട ദർശനത്തിന്റെ ചരിത്രം 12
ഇതാകുന്നു: ഉത്തമനും നല്ലവനും പരിപ
ക്വമാനസനും വിനീതനും സന്തോഷപൂർവ്വം
സംസാരിക്കുന്നവനും മഹായോഗ്യനും
ന്യായപ്രമാണാനുസൃതമുള്ള എല്ലാ നല്ല
കാര്യങ്ങളും ബാല്യംമുതൽതന്നെ ആച
രിച്ചു വന്നവനുമായ ഹൂനിയാ പുരോ
ഹിതൻ, യഹൂദജനത മുഴുവനും വേണ്ടി
കൈകൾ ഉയർത്തി പ്രാർത്ഥിച്ചുകൊണ്ടു
നിൽക്കുന്ന ദർശനമാണ് യൂദായ്ക്കു
ണ്ടായത്. വീണ്ടും നല്ല വാർദ്ധക്യവും മഹാ 13
തേജസ്വിയും കാഴ്ചയ്ക്കു വിശിഷ്ടനും

വിശുദ്ധിയുടെ തേജസ്സ് നിറഞ്ഞവനുമായ
14 ഒരു മനുഷ്യൻ കാണപ്പെട്ടു. ആളിനെപ്പററി,
തൻെറ സഹോദരന്മാരെ സ്നേഹിക്കു
ന്നവനും സ്വജനത്തിനു വേണ്ടിയും വിശുദ്ധ
നഗരത്തിനു വേണ്ടിയും സദാ വളരെയേറെ
പ്രാർത്ഥിക്കുകയും ചെയ്യുന്ന 'എറമിയ'
ഇദ്ദേഹമാകുന്നു എന്നു ഹൂനിയാ പറ
15 ഞ്ഞുകൊടുത്തു. എറമിയ വലങ്കൈ നീട്ടി
ഒരു സ്വർണ്ണവാൾ യൂദായ്ക്ക് കൊടുത്തു
16 കൊണ്ട്, ഈ വാൾ സ്വീകരിച്ചുകൊള്ളുക-
ഇതു ദൈവത്തിൽ നിന്നുള്ള സമ്മാനമാ
കുന്നു. ഇതിനാൽ നിൻെറ വൈരികളെയെ
ല്ലാം നീ വെട്ടിച്ചിതറിച്ചുകളയും എന്നു
17 പറഞ്ഞു. യൂദായുടെ സഹചരന്മാർ ഇതെ
ല്ലാം കേട്ടതോടെ; അയാളുടെ നല്ല വാക്കു
കളാൽ ആശ്വാസം പ്രാപിച്ചു ഏററം ശക്ത
രായി. എന്തെന്നാൽ, കേൾവിക്കാരെ ശക്തരും
ശ്രേഷ്ഠരും ധീരരുമാക്കുവാനും യുവാക്ക
ന്മാരുടെ മനസ്സ് ഉത്തേജിപ്പിക്കുവാനും
ആ വാക്കുകൾക്കു കഴിവുണ്ടായിരുന്നു.
യുദ്ധത്തിനുള്ള ഒരുക്കങ്ങളിലും സേനാ
വിന്യാസത്തിലുമല്ല ആശ്രയിക്കേണ്ട
തെന്നും വിശുദ്ധനഗരിയേയും വിശുദ്ധ
ദൈവാലയത്തേയും വിശുദ്ധ സ്ഥലത്തേ
യുംപ്രതി നല്ല വീര്യത്തോടെ ശക്തി പ്രാപി
ക്കണമെന്നും, പൂർണമനസ്സോടെ വേദന
കൾക്കായി സ്വയം സമർപ്പിക്കണമെന്നും
18 അവർ നിശ്ചയിച്ചു. അവരുടെ ഭാര്യമാർ,
മക്കൾ, സഹോദരർ, കുടുംബക്കാർ എന്നി
വരെക്കുറിച്ച് വളരെ കുറച്ചേ അവർ
ചിന്തിച്ചുള്ളു. വിശുദ്ധ ആലയത്തെക്കു
റിച്ചുള്ള ചിന്താഭാരമായിരുന്നു അധികമായി
19 അവർക്കുണ്ടായിരുന്നത്! നഗരത്തിൽ
കഴിയുന്നവരെക്കുറിച്ചും അവർക്കുള്ള
മനോവേദനയും ചിന്താഭാരവും അന
ല്പമായിരുന്നു. യുദ്ധകോലാഹലം മൂലം
അവർ ഭയപ്പെടുകയോ കുറഞ്ഞുപോക
20 യോ ചെയ്യേക്കുമോ എന്നവർ ശങ്കിച്ചു.
സംഭവിപ്പാനിരിക്കുന്ന വിധിയെ അവർ
പ്രതീക്ഷിച്ചിരിക്കുമ്പോൾ അവർക്കെതിരെ
ആക്രമണം ആരംഭിച്ചു.
21 ആനകൾ നിരനിരയായി അവയുടെ
സ്ഥാനത്തും കുതിരപ്പട്ടാളം ആയുധധാരി
കളായി അവരുടെ സ്ഥാനത്തും നില
യുറപ്പിച്ചു. യൂദാ മക്കാബി അവരുടെ
സേനാവ്യൂഹവും ശത്രുസൈന്യത്തിൻെറ
ശക്തിയും ഗജങ്ങളുടെ ഉഗ്രഭാവവും ആയു
ധശേഖരണവും കണ്ടപ്പോൾ സ്വർഗ്ഗത്തി
ലേക്കു കൈകളുയർത്തി വീര്യപ്രവൃത്തി
കളും അത്ഭുതങ്ങളും ചെയ്യുന്ന ദൈവ
ത്തോടു കരഞ്ഞ് പ്രാർത്ഥിച്ചു. എന്തെന്നാൽ
— ആയുധപ്രയോഗംകൊണ്ടല്ല വിജയമു
ണ്ടാകുന്നതെന്നും ദൈവം പ്രസാദിക്കുന്ന
വനു താൻ വിജയമരുളുമെന്നും അയാൾ
ക്കറിയാമായിരുന്നു. അയാൾ ഇങ്ങനെ
പ്രാർത്ഥിച്ചു: "ദൈവം തമ്പുരാനെ യഹൂ 22
ദിയാ രാജാവായ ഹെസക്കിയായുടെ
നാളുകളിൽ അങ്ങേ മാലാഖയെ അയച്ച്
സെൻഹറിബിൻെറ മഹാസേനയെ ഒരു
നൂററിഎൺപത്തിഅയ്യായിരത്തെ ആ
ദൂതൻ കൊന്നുകളഞ്ഞല്ലോ, ഇപ്പോഴും
സ്വർഗ്ഗസ്ഥനായ ബലവാനെ അങ്ങയുടെ
നല്ല മാലാഖയെ ഞങ്ങളുടെ മുമ്പിൽ 23
അയച്ചുതരണമെ. അവരിൽ സംഭ്രമവും
ഭീതിയും വിറയലും വരണമെ. അങ്ങേ 24
ഭുജബലത്താലും വീര്യത്താലും അവർ
നിൻെറ വിശുദ്ധ ജനത്തിനെതിരായി
ദൈവദൂഷണത്തോടെ വന്നിരിക്കുന്നവർ
നിലംപതിക്കണമെ." യൂദാ ഈ വാക്കുക
ളിൽ പ്രാർത്ഥന അവസാനിപ്പിച്ചു.
നിക്കാനോറുംസേനയും തംബുരു 25
വീണകളോടും കാഹളമൂതിയുംകൊണ്ട്
യുദ്ധം ചെയ്തു. യൂദായും കൂട്ടരും പ്രാർത്ഥ 26
നയോടും അപേക്ഷയോടുംകൂടി അവരു
ടെമേൽ ചാടിവീണു. അവർ കൈകൾ 27
കൊണ്ടു യുദ്ധം ചെയ്തു; ഹൃദയത്തിൽ അവർ
പ്രാർത്ഥിക്കയും ദൈവസന്നിധിയിൽ നില
വിളിക്കുകയും ചെയ്തു. ശത്രുക്കളിൽ മുപ്പ
ത്തിഅയ്യായിരം പേരെ അവർ സംഹരിച്ചു!
അവരോടൊന്നിച്ചുണ്ടായിരുന്ന ദൈവ
സഹായത്തെ ഓർത്ത് അവർ ആനന്ദതുന്ദി
ലരായി.
യുദ്ധം കഴിഞ്ഞ് അവർ, സന്തോഷ 28
ത്തോടെ ദൈവത്തെ സ്തുതിച്ചും സ്തോത്രം
പാടിയും തിരികെ പോരുമ്പോൾ, നിക്കാ
നോറും അവൻെറ അനുചരന്മാരെല്ലാവരും
യുദ്ധത്തിൽ മരിച്ചുവെന്നും അവൻെറ സേന
യിൽ പരിഭ്രമവും ഇളക്കവും തട്ടിയെന്നും
അറിഞ്ഞു. യൂദായും കൂട്ടരും അവരുടെ 29
പിതാക്കന്മാരുടെ ഭാഷയിൽ ദൈവത്തിനു
കീർത്തനം പാടി.
സ്വജനത്തിനും നഗരത്തിനുംവേണ്ടി 30
എല്ലാവിധ ദുരിതങ്ങൾക്കും തൻെറ മനസ്സും
ശരീരവും സമർപ്പിച്ചു. തൻെറ ജനത്തിൻെറ
നായകനും ഭരണാധിപനുമായി ആയു
ഷ്കാലമെല്ലാം അവർക്കുവേണ്ടി പോരാ
ടിയവനുമായ യൂദാ, നിക്കാനോറിൻെറ
ശിരസ്സും ചുമലോടുകൂടി കൈയും ഛേദിച്ച്
യറുശലേമിലേക്കു കൊണ്ടുവരുവാൻ
ഉത്തരവായി. മക്കാബി യറുശലേമിൽ 31

എത്തി, തന്റെ ജനത്തേയും പുരോഹിതന്മാരെയും ബലിപീഠത്തിൻ മുമ്പിൽ വിളിച്ചുകൂട്ടി. കോട്ടനിവാസികളേയും ആളയച്ചു വരുത്തി. വഷളനായ നിക്കാനോറിന്റെ ശിരസ്സും ധിക്കാരത്തോടും ഗർവ്വോടും കൂടി സർവ്വാധിപതിയായ ദൈവത്തിന്റെ ആലയത്തിന്നെതിരെ ആ ദൈവദൂഷകൻ ഉയർത്തി കൈയും അവരെ കാണിച്ചുകൊടുത്തു. ആ ദുഷ്ടന്റെ നാവ് ശിരസ്സിൽനിന്നും ഛേദിച്ച് കഷണം കഷണമായി മുറിച്ച് പക്ഷികൾക്കു എറിഞ്ഞു കൊടുപ്പാൻ കല്പിച്ചു. അവന്റെ കൈ ദൈവാലയത്തിന്നെതിർഭാഗത്തായി തൂക്കിയിട്ടു! അപ്പോൾ സർവ്വജനവും സ്വർഗ്ഗസ്ഥനായ കർത്താവേ, അങ്ങയുടെ സ്ഥലം നിർമ്മലമായിത്തന്നെ അവിടുന്നു പരിരക്ഷിച്ചുതന്നുവല്ലോ. അവിടുന്നു വാഴ്ത്തപ്പട്ടവൻ എന്ന് ആർത്തുപാടിക്കൊണ്ടിരുന്നു. നിക്കാനോറിന്റെ തല എല്ലാവർക്കും കാണത്തക്കവണ്ണം കോട്ടയ്ക്കെതിർവശത്തു ഉയരമുള്ള ഒരു പ്രത്യേക സ്ഥലത്തു തൂക്കിയിട്ടു. നമ്മുടെ ദൈവത്തിൽനിന്നുള്ള രക്ഷ എവിടെയും പ്രസിദ്ധമായി. ഈ ദിവസം വെറും സാധാരണ തിയിൽ ഗണിക്കാതെ, പന്ത്രണ്ടാം മാസമായ ഓദോർ പതിമ്മൂന്നാം തീയതി എല്ലാവരും ആചരിക്കണമെന്ന് നിശ്ചയവും ചെയ്തു. മോർദെക്കായിയുടെ ഓർമ ഒരു ദിവസം മുമ്പ് എന്നും അറമായഭാഷയിൽ പറഞ്ഞുവരുന്നു.

നിക്കാനോറും അവന്റെ കാലത്തു 37
സംഭവിച്ചവയും ഇവയത്രെ. അക്കാലം മുതൽ എബ്രായർ തന്നെ അവരുടെ ദേശാധിപന്മാരായി ഭരിച്ചു.

ഞാൻ ഇനിയും എന്റെ വാക്കുകൾ 38
അവസാനിപ്പിക്കട്ടെ. എല്ലാ കാര്യവും നന്നായും ഭംഗിയായുമാണ് ക്രമീകരിച്ചു ഞാൻ പറഞ്ഞിരിക്കുന്നതെങ്കിൽ ഞാനും സന്തോഷിക്കുന്നു. എന്നാൽ ചുരുക്കമായും ശിഷ്ടമായുമാണെങ്കിൽ എന്നോടു ക്ഷമിക്കണം. വീഞ്ഞു തനിച്ചോ, വെള്ളം മാത്ര 39
മായോ ഒരുവൻ കുടിച്ചാൽ അവനു മാനസോല്ലാസം വരാറില്ല. വീഞ്ഞു വെള്ളത്തിൽ കലർത്തിയാൽ അതു രുചികരമാണ്. പാനം ചെയ്യുന്നവർക്കു സന്തുഷ്ടിവരുത്തുന്നു. ഇങ്ങനെതന്നെയാണ് വാചകങ്ങളുടെയും സ്ഥിതി. താല്പര്യത്തോടെ വായിച്ച് ധ്യാനിച്ച് അന്വേഷിക്കുന്നവരെ അതു സന്തോഷിപ്പിച്ച് ആഹ്ലാദിപ്പിക്കും. ഇനിയും നിർത്തട്ടെ. ചരിത്രം ഇവിടെ അവസാനിക്കുന്നു.

* സുറിയാനി

നോട്ട്: ഈ മഹതിയായ വിശുദ്ധയുടെ പേര് ശ്മൂനി എന്നായിരുന്നു. മർത്തശ്മൂനി ന്ന നാമത്തിൽ സുറിയാനിസഭ ആ രക്തസാക്ഷിണിയെ വിശുദ്ധയായി ഗണിക്കുകയും, ്യപൂർവ്വദേശത്തും കേരളത്തിലും പ്രസ്തുത വിശുദ്ധയുടെ നാമത്തിൽ പള്ളികൾ ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സുപ്രസിദ്ധമായ മൂസലിനു സമീപം, "കരക്കോശ്" എന്ന മത്തിൽ ഉള്ള ദൈവാലയം അത്ഭുതകേന്ദ്രമത്രെ. വിശുദ്ധയുടെ ഓർമ്മദിവസത്തിൽ, ിവർഷം ഒരു അത്ഭുതപ്രകാശം വടക്കെ ഭിത്തിയിൽ ഉദയം ചെയ്യുകയും വി.മർത്ത ൂനിയും ഏഴു മക്കളും അതിലൂടെ നടക്കുന്നതുമായ കാഴ്ച പ്രസിദ്ധമത്രെ.

അങ്കമാലി ഭദ്രാസനത്തിന്റെ കാലംചെയ്ത ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് ുമനസ്സുകൊണ്ട് രചിച്ച '1946-ലെ ശീമായാത്ര' 257-ാം പുറത്തും ബ.കടവിൽ പോൾ ാൻ 1963-ൽ എഴുതിയ "1963-ലെ ശീമായാത്ര" 256-ാം പുറത്തും, റവ.ഫാ.ടി.സി. ്ജണ്* 1965-ൽ എഴുതിയ "എത്യോപ്യൻ സുന്നഹദോസും വിശുദ്ധനാടു സന്ദർശ ം" എന്ന പുസ്തകം 110-ാം പുറത്തും അവർ ഈ അത്ഭുതദർശനത്തിനു ദൃക്സാക്ഷി കുന്നുവെന്നു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

(പരിഭാഷകൻ)

*അഭിവന്ദ്യ മാർ ഔഗേൻ ബസേലിയോസ് കാതോലിക്കാബാവാ, ഇപ്പോഴത്തെ അഭിവന്ദ്യ മാർ ബസ്സേലിയോസ് പൗലൂസ് കാതോലിക്കാ ബാവാ (അന്നു മാർ പീലക്സീനോസ് പൗലോസ് മെത്രാപ്പോലീത്താ) ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ എന്നിവരൊത്തു പോയിരുന്നതിനെക്കുറിച്ച്.

പുതിയ നിയമം

വി. മത്തായിയുടെ സുവിശേഷം

സുവിശേഷോദ്ദേശ്യം: താൻ ഉൾപ്പെട്ടിരുന്ന യഹൂദജനത യേശു സാക്ഷാൽ മ്ശീഹാ ആണെന്നും, ദൈവം യഹൂദചരിത്രത്തിൽ വെളിപ്പെടുത്തിവന്ന സജ്ജീകരണത്തിൻെറ നിവൃത്തിയാണെന്നും, വിശദമാക്കുന്നു—യേശു ന്യായപ്രമാണത്തിൻെറയും പ്രവചനങ്ങളുടെയും നിവൃത്തിയാണെന്ന് കാണിക്കുന്ന, 40 വാക്യങ്ങൾ പഴയനിയമത്തിൽനിന്നും ഉദ്ധരിച്ചിട്ടുണ്ട്.

യേശുവിനെ മനുഷ്യപുത്രൻ എന്ന സംജ്ഞയിൽ 33 പ്രാവശ്യവും, മററു സുവിശേഷകരെക്കാൾ കൂടുതൽ പ്രാവശ്യം യേശു ദൈവപുത്രനാണെന്നും പറയുന്നുണ്ട്.

വി.മത്തായിയുടെ ആദ്യ പേര് ലേവി എന്നായിരുന്നു. നസ്രേത്തു സ്വദേശിയും ...സാഖാർ ഗോത്രക്കാരനുമായിരുന്നു. ഗലീലായുടെ തെത്രർക്കായായിരുന്ന ഹേറോദ് അന്തിപ്പാസിൻെറ ഭരണസീമയിൽകൂടെ കടന്നുപോകുന്ന വ്യാപാരസാധന...ളുടെ ചുങ്കം പിരിവിനായി കപ്പർന്നഹോമിൽ നിയമിതനായിരുന്നു. ചുങ്കക്കാരെയും, ...പികളെയും, ഒരേ ഗണത്തിൽപ്പെടുത്തി അവരെ സമൂഹത്തിൽനിന്നും ബഹിഷ്കരിച്ചിരുന്നു. ചുങ്കക്കാർ മിക്കവരും ധനികരുമായിരുന്നു. അയാളാണ് എല്ലാം ഉപേഷിച്ച് ...ശുവിൻെറ പിന്നാലെ പോയത്.(ലൂ.5.28). ആദ്യമായി യഹൂദ്യയിലും, പിന്നീട് ...ത്യോപ്യാ, പേഴ്സ്യാ, മേദിയ, പാർത്ഥിയാ എന്നീ രാജ്യങ്ങളിലും സുവിശേഷിച്ചു. ബലി അർപ്പണ സമയത്ത് എത്യോപ്യായിൽവച്ച് അദ്ദേഹം വധിക്കപ്പെട്ടു. 23 ...ഷം താൻ അവിടെ പാർത്തുവെന്നും, ആജീവനാന്തം അദ്ദേഹം ഒരു സസ്യഭുക്ക് ...യിരുന്നുവെന്നും, അലക്സാണ്ട്രിയായിലെ മാർ ക്ലീമീസ് എഴുതിയിട്ടുണ്ട്.

...ത്യകതകൾ:- (1) ഗിരിപ്രഭാഷണം. (2) സഭ എന്ന പദം ആദ്യമായി ഉപയോഗിച്ചിരിക്കുന്നു.* (3) പഴയനിയമ പ്രവചനങ്ങൾ മ്ശീഹായിൽ നിവൃത്തിയായിരിക്കുന്നു. (4) മ്ശീഹായെക്കുറിച്ച് യഹൂദന്മാരെ ബോധവാന്മാരാക്കുവാൻ ഒരു ...ൂദൻെറ തന്നെ വിവരണവും വിശദീകരണവും. (5) "ദൈവരാജ്യ"ത്തെക്കുറി...ള്ള വിശകലനം :

...രാജ്യത്തിൻെറ നിയമസംഹിത (5-7) 2. രാജ്യത്തിൻെറ നേതാക്കളുടെ ചുമ... (10) 3. രാജ്യത്തെക്കുറിച്ചുള്ള ഉപമകൾ (13) 4. രാജ്യത്തിൻെറ മഹിമയും ...യും (18) 5. രാജാവിൻെറ വരവ് (24,25)

...വിശേഷം എഴുതിയ ഭാഷയും

...ലവും:

...കി. 140ൽ സഭാപിതാവായ 'പാപ്പിയാസ്' 'മത്തായി തൻെറ സുവിശേഷം' ...റാമൈക്കിൽ" എഴുതി എന്ന് എവുസേബിയോസിൻെറ സഭാചരിത്രത്തിൽ ...323 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

...നമ്മുടെ കർത്താവിൻെറ കാലത്ത് പലസ്തീനിലെ സംസാരഭാഷ അറമൈ...(സുറിയാനി) ആയിരുന്നു. യായീറോസിൻെറ മകളെ ഉയിർപ്പിച്ചപ്പോൾ പറഞ്ഞ '...ത്താ കൂമി', കുരുടനു കാഴ്ച കൊടുത്തപ്പോൾ പറഞ്ഞ 'എസ്പത്താഹ്'. ...ശിന്മേൽവച്ച് ഉച്ചരിച്ച "ഏലി ഏലി, ലമാ ശബക്ത്താനി" എന്നിവയെല്ലാം ...താവു സംസാരിച്ച അറമൈക്കിലുള്ളവയത്രെ. ആകയാൽ സാധാരണക്കാരായ ...ദന്മാരെ ഉദ്ദേശിച്ച് എഴുതിയ സുവിശേഷം അന്നത്തെ സംസാര ഭാഷ...യിരിക്കുക സംഗതമാണ്.

* മത്താ- 16. 13-23, 18: 17

* രചനാകാലം : ക്രി.37, 60നും 70നും മദ്ധ്യേ-എന്നു വേദപുസ്തക പണ്ഡിതന്മാർ പറയുന്നു. പലസ്തീനിലോ അന്ത്യോക്യായിലോ-വച്ച് എഴുതപ്പെട്ടു.

* വി. വേദപുസ്തകം ഇന്ന് അനേക ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും, 2-ാം നൂററാണ്ടിൽ നടന്ന സുറിയാനി പ്ശീത്താ വിവർത്തനത്തിന് ഒരു പ്രത്യേകത ഇന്നു സർവ്വരും സമ്മതിക്കുന്നതിൻെറ കാരണവും ഇതാണ്.

ഉള്ളടക്കം

അദ്ധ്യാ. 1-2	യേശുവിൻെറ ജനനത്തോടു കൂടിയുള്ള ദൈവരാജ്യത്തിൻെറ ഉത്ഘാടനം.
3-7	രാജ്യത്തിൻെറ നിയമ സംഹിത.
8-10	ശ്ലീഹന്മാർവഴി അറിയിച്ച ദൈവരാജ്യത്തിൻെറ പ്രഖ്യാപനം.
11-13	ദൈവരാജ്യത്തിനുള്ള തടസ്സങ്ങൾ.
14-17	സഭയുടെ പ്രാരംഭ പ്രവർത്തനങ്ങൾ.
19-25	സഭാശത്രുക്കൾ മൂലം ഉണ്ടായ വിഷമങ്ങൾ
26-28	ക്രൂശുമരണം, പുനരുത്ഥാനംവഴി സജ്ജമായ ദൈവരാജ്യത്തിൻെറ ആഗമനം.

വി. മത്തായിയുടെ സുവിശേഷം

1

1 യേശുവിൻെറ വംശാവലി. (ലൂ. 3:23-38)
18-25 ജനനം. (ലൂ. 2:1-7)

2

1-12 ജ്യോതിശാസ്ത്രജ്ഞരുടെ ആഗമനം.
12-15 മെസ്രേനിലേക്കു പലായനം.
16-18 ശിശുവധം.
19-23 നസ്രേത്തിലേക്കുള്ള വരവ്.

3

1-12 യോഹന്നാൻ സ്നാപകൻെറ പ്രഭാഷണവും പ്രവർത്തനവും.
13-17 യേശുവിൻെറ മാമ്മൂദീസാ. (മർക്കോ. 1:9-11; ലൂ. 3:3-17, യോ. 1:19-2)

4

-11 യേശുവിൻെറ പരീക്ഷ. (മർക്കോ. 1:12, 13: ലൂ. 4:1-13)
2-17 യേശു കപ്പർന്നഹോമിൽ. (മർക്കോ. 1:14, ലൂ. 4:14, 15)
8-25 ആദ്യത്തെ നാലു ശിഷ്യരെ വിളിച്ചത്.

5

മലപ്രസംഗം

-12 ഭാഗ്യവാന്മാർ.
3-16 ഭൂമിയുടെ ഉപ്പും ലോകത്തിൻെറ വെളിച്ചവും.
-20 ന്യായപ്രമാണവും ക്രിസ്തുവും.
-26 രമ്യതയുടെ പ്രാധാന്യവും ആവശ്യകതയും.
-32 വ്യഭിചാരം, വിവാഹമോചനം.
-37 ആണയിടരുത്.
-42 നന്മകൊണ്ടു തിന്മയെ ജയിക്കണം.
-40 ശത്രുക്കളെ സ്നേഹിക്കണം.

6

മലപ്രസംഗം (തുടർച്ച)

ഭിക്ഷ കൊടുക്കുന്നത്.
പ്രാർത്ഥിക്കേണ്ടത്.
5 കർത്തൃപ്രാർത്ഥന.
18 ഉപവസിക്കേണ്ടത്.
21 നിക്ഷേപം സ്വർഗത്തിൽ.
23 കണ്ണിനെപ്പറ്റി
രണ്ടു യജമാനസേവ സാദ്ധ്യമല്ല.
4 ദൈവാശ്രയംമൂലം ജീവിതസമാധാനം.

7

അന്യരെ വിധിക്കരുത്.
പ്രാർത്ഥനയിലെ ഉറപ്പ്
4 ജീവനിലേക്കും നാശത്തിലേക്കുമുള്ള പാതകൾ.
വ്യാജപ്രവാചകരെക്കുറിച്ചുള്ള മുന്നറിയിപ്പ്.
ദൈവേഷ്ടം ചെയ്യാതെയുള്ള 'ഭക്തി' നിഷ്ഫലം.
രണ്ട് അടിസ്ഥാനങ്ങൾ.

8

കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നു.
ശതാധിപൻെറ ദാസനെ, സൗഖ്യമാക്കുന്നു.
പത്രോസിൻെറ അമ്മാവിഅമ്മയേയും മറ്റു രോഗികളേയും സൗഖ്യമാക്കുന്നു.
ശിഷ്യത്വം സംബന്ധിച്ച്.

23-27 കൊടുങ്കാറ്റ് ശമിപ്പിക്കുന്നു.
28-34 ഗദറാദേശത്തെ പിശാചു ബാധിതനെ സുഖമാക്കുന്നു.

9

1-8 തളർവാതരോഗിയെ സുഖപ്പെടുത്തുന്നു. മനുഷ്യൻെറ പുത്രൻ, പാപം മോചിക്കുവാൻ അധികാരമുള്ളവൻ.
9-13 മത്തായിയെ വിളിയ്ക്കുന്നു. പരീശന്മാരോടുള്ള പ്രബോധനം.
14-17 ഉപവാസത്തെക്കുറിച്ച്; യോഹന്നാൻെറ ശിഷ്യന്മാരോട്
18-26 രക്തസ്രാവക്കാരിയുടെ വിശ്വാസവും സൗഖ്യവും. യായീറോസിൻെറ മകളെ ഉയർപ്പിച്ചത്.
27-34 അന്ധർക്കു കാഴ്ചയും, ഊമനു സംസാരശക്തിയും നൽകി അനേകരെ സൗഖ്യമാക്കി.

10

1-42 ശ്ലീഹന്മാർക്കു അധികാരദാനം. പ്രവർത്തനമാർഗദർശനം-അവനെ സ്വീകരിക്കുന്നവർക്കുള്ള പ്രതിഫലം.

11

1-19 യോഹന്നാൻ സ്നാപകൻെറ അന്വേഷണം— മറുപടി—യോഹന്നാനെക്കുറിച്ച് യേശുവിൻെറ അഭിനന്ദനം.
20-27 കോറസിൻ, ബെത്സൈദാ, കപ്പർന്നഹോം എന്നീ വിശ്വസിക്കാത്ത നഗരങ്ങൾക്കു ദുരിതം—പിതാവാം ദൈവത്തെ സ്തുതിയ്ക്കുന്നു.
28-30 അദ്ധ്വാനിക്കുന്നവർക്കു ആശ്വാസദായകമായ ആശ്വാസം.

12

1-8 മനുഷ്യപുത്രൻ ശാബതിനും കർത്താവാകുന്നു.
9-14 കൈ വരണ്ട മനുഷ്യനു ശാബതിൽ സൗഖ്യം നൽകി.
15-21 യേശുവിൽ ഏശായ പ്രവചനം നിവൃത്തി. (തിബേറിയോസ് കടൽതീരം)
22 അന്ധനും ഊമനുമായ പിശാചുബാധിതനു സൗഖ്യം
23-30 ബെൽസ്ബൂബിനെക്കൊണ്ട് താൻ ഭൂതങ്ങളെ ഒഴിക്കുന്നു എന്ന ആരോപണത്തിനു മറുപടി.
31-32 പരിശുദ്ധാത്മാവിനെതിരായ പാപം.
33-37 ഫലംകൊണ്ട് വൃക്ഷത്തെ അറിയണം.
38-42 അടയാളമന്വേഷിച്ചവർക്കു 'യോന' എന്ന അടയാളം മാത്രം.
43-45 ഇറങ്ങിപ്പോയ അശുദ്ധാത്മാവിൻെറ തിരികെ വരവ്.
46-50 അമ്മയും സഹോദരന്മാരും.

13

സ്വർഗരാജ്യം സംബന്ധിച്ച്

1-23 വിതക്കാരൻെറ ഉപമയും വിശദീകരണവും.
24-29 കളകളുടെ ഉപമയും വിശദീകരണവും
30-32 കടുകുമണിയുടെ ഉപമയും വിശദീകരണവും
33-35 പുളിമാവിൻെറ ഉപമയും വിശദീകരണവും
36-43 2-ാം ഉപമയും വിശദീകരണവും
44 നിധി, ഉപമയും വിശദീകരണവും
45-46 രത്നത്തിൻെറ ഉപമയും വിശദീകരണവും
47-52 വലയുടെ ഉപമയും വിശദീകരണവും
53-58 നസ്രേത്തിൽ, സ്വന്തക്കാരാൽ തിരസ്കൃതൻ.

14

1-14 ഹേറോദേസും യോഹന്നാൻെറ ശിരച്ഛേദനവും
15-21 അഞ്ചപ്പംകൊണ്ടുള്ള അത്ഭുതം.
22-36 യേശു വെള്ളത്തിൻ മീതെ നടന്നു.

15

1-20 യേശു സൊപ്രേന്മാരേയും പരീശരേയും ശാസിക്കുന്നു.
21-28 കനാന്യസ്ത്രീയുടെ വിശ്വാസവും, പുത്രിയുടെ സൗഖ്യവും.

29-39 രോഗശാന്തികൾ-ഏഴപ്പം-അത്ഭുതം..

16

1-12 പരീശർക്കു ശാസന-പരീശരുടെയും സാദൂക്യരുടെയും പുളിമാവ്.
13-20 പത്രോസിൻെറ വിശ്വാസപ്രഖ്യാപനം.
സഭയെക്കുറിച്ചുള്ള യേശുവിൻെറ പ്രഖ്യാപനം.
21-23 തൻെറ കഷ്ടാനുഭവം, മരണം, പുനരുത്ഥാനം സംബന്ധിച്ച് മുന്നറിയിപ്പ്.
24-27 യഥാർത്ഥ ശിഷ്യനു ആവശ്യമായവ.

17

1-9 യേശുവിൻെറ 'മറുരൂപ'പ്പെടൽ.
10-13 ഏലിയായുടെ പ്രത്യാഗമനം സംഭവിച്ചുകഴിഞ്ഞു.
14-21 രോഗിയായ ബാലൻെറ സൗഖ്യവും, പൂർണവിശ്വാസത്തിൻെറ ആവശ്യകതയും.
22-23 തൻെറ മരണവും പുനരുത്ഥാനവും (രണ്ടാമതും മുന്നറിയിപ്പ്)
24-27 മത്സ്യത്തിൻെറ വായിലെ എസ്തീറാ.

18

ശിഷ്യന്മാരും യേശുവും

1-5 ആരാണു സ്വർഗരാജ്യത്തിൽ വലിയവൻ?
6-7 ഇടർച്ച വരുത്തുന്നവർക്കു കഷ്ടം!
8-10 ഇടർച്ച വരുത്തുന്ന അവയവത്തെ ഛേദിച്ചു കളയുക.
11-14 വഴി തെറ്റിയ ആടിൻെറ ഉപമ. "കാണാതെപോയതിനെ രക്ഷിപ്പാൻ
മനുഷ്യപുത്രൻ വന്നു".
15-20 ഭാവിയിലെ ശിക്ഷണക്രമം.
21-35 സഹോദരനോട് ക്ഷമിക്കുക. (യജമാനനും രണ്ടു ദാസന്മാരും).

19

1-12 യേശു യഹൂദ്യയിൽ-വിവാഹമോചന വ്യവസ്ഥ
13-15 യേശു യഹൂദ്യയിൽ-ശിശുക്കളെ അനുഗ്രഹിച്ചു.
16-26 ധനികനായ യുവ പ്രമാണിയുടെ രക്ഷാന്വേഷണവും പിൻമാറ്റവും.
27-30 വരുവാനുള്ള ലോകത്തിൽ ശ്ലീഹന്മാരുടെ മഹിമ.

20

-16 മുന്തിരിത്തോപ്പിലെ കൂലിക്കാർ
7-18 തൻെറ മരണം, ഉയിർപ്പ് (വീണ്ടും മുന്നറിയിപ്പ്)
9-28 യാക്കോബും, യോഹന്നാനും, അവരുടെ മാതാവും അവരുടെ അപേക്ഷയും.
9-34 രണ്ട് അന്ധന്മാരെ സൗഖ്യമാക്കി.

21

-11 "ഓശാന" യറുശലേം പ്രവേശനം.
2-17 ദൈവാലയ ശുചീകരണം.
8-22 ഫലമില്ലാത്ത അത്തിമരത്തിനു ശാപം.
3-32 യേശുവിൻെറ അധികാരത്തെപ്പറ്റി ചോദ്യം-ഉത്തരം.
3-46 തോട്ടമുടമയുടെയും, ദുഷ്ടദാസരുടെയും ഉപമ.

22

14 രാജാവിൻെറ വിരുന്നിനു വിളിക്കപ്പെട്ടവരുടെ ഉപമ.
-22 യേശുവും ഹേരോദ്യരും. (കൈസർക്കു കരം കൊടുക്കണമോ).
-33 യേശുവും സാദുക്യരും (മരിച്ചവരുടെ പുനരുത്ഥാനം).
-46 യേശുവും പരീശരും (ഏറ്റം പ്രധാനമായ കല്പന).

23

36 സൊപ്രേന്മാർക്കും പരീശർക്കും ദുരിതം.
-39 യറുശലേമിനെപ്പറ്റി വിലാപം.

24

ഒലിവുമല പ്രഭാഷണം

2 ദൈവാലയത്തിൻെറ നാശം
4 ദുരിതാരംഭം.

15-28 ദുരിതം ശക്തിപ്പെടും.
29-31 മനുഷ്യപുത്രന്റെ വരവ്.
32-42 മുന്നറിയിപ്പുകൾ.
43-50 വീട്ടുടമസ്ഥനും, വിശ്വസ്തനായ ഭവനവിചാരകനും.

25

1-13 പത്തു കന്യകമാരുടെ ഉപമ.
14-30 ദാസരും താലന്തുകളും
31-45 അന്ത്യവിധി (ഈ എളിയവർക്കു ചെയ്തതെല്ലാം......)

26

1-5 യഹൂദപ്രമാണികൾ യേശുവിനെ വധിക്കുവാൻ ആലോചന.
6-13 മറിയാം (ബഥാന്യ) തൈലം പൂശുന്നത്.
14-15 യൂദാ ഒറ്റുകൊടുത്ത് വില വാങ്ങി.
16-25 പെസഹാഭക്ഷണം.
26-29 എന്റെ ശരീരം.....എന്റെ രക്തം.....
30-46 ഒലിവു മലയിലേക്ക്-ഗത്സീമോനിലെ പ്രാർത്ഥന.
47-75 ബന്ധിതനായ യേശു ന്യായാസനമുമ്പാകെ-പത്രോസിന്റെ തള്ളിപ്പറച്ചിൽ.

27

1-10 യൂദായുടെ അന്ത്യം.
11-31 യേശു പീലാത്തോസിന്റെ മുമ്പിൽ. പരിഹാസവും മരണശിക്ഷാവിധിയും.
32-66 യേശുവിന്റെ ക്രൂശാരോഹണം, മരണം, സംസ്കാരം, കല്ലറയ്ക്കു കാവൽ.

28

1-10 യേശുവിന്റെ പുനരുത്ഥാനം. പ്രത്യക്ഷീഭവിക്കൽ.
11-15 യഹൂദപ്രധാനാചാര്യന്മാരുടെ വ്യാജപ്രചരണം.
16-20 പുനരുത്ഥാനം ചെയ്ത യേശുവിന്റെ അന്ത്യശാസനം.

വിശുദ്ധ ഏവൻഗേല്യോൻ
വി. മത്തായിയുടെ സുവിശേഷം

അദ്ധ്യായം 1

അബ്രഹാമിൻെറ പുത്രനായ ദാവീദി
ൻെറ പുത്രനായ യേശുമ്ശീഹായുടെ
ജനന വിവരണം. അബ്രഹാം ഇസഹാ
ക്കിനെ ജനിപ്പിച്ചു. ഇസഹാക്ക് യാക്കോ
വിനെ ജനിപ്പിച്ചു. യാക്കോബ്, യീഹൂദാ
യയും അവൻെറ സഹോദരന്മാരെയും
ജനിപ്പിച്ചു. യീഹൂദാ താമാറിൽനിന്നു
പാറെസിനെയും സോറഹിനെയും ജനി
പ്പിച്ചു. പോറെസ് ഹെസ്രോനെ ജനിപ്പിച്ചു.
ഹെസ്രോൻ ഓറോമിനെ ജനിപ്പിച്ചു. ഓറോം
അമീനാദാബിനെ ജനിപ്പിച്ചു. അമീനാദാബ്
നഹശൂനെ ജനിപ്പിച്ചു. നഹശൂൻ സൽമൂനെ
ജനിപ്പിച്ചു. സൽമൂൻ റാഹാബിൽ നിന്നു
ബോവോസിനെ ജനിപ്പിച്ചു. ബോവോസ്
രൂഥിൽനിന്ന് ഓബിദിനെ ജനിപ്പിച്ചു.
ഓബിദ് ഈശായിയെ ജനിപ്പിച്ചു. ഈശായ്
ദാവീദു രാജാവിനെ ജനിപ്പിച്ചു. ദാവീദ്
ഊറിയായുടെ ഭാര്യയിൽനിന്നു ശലോമോ
നെ ജനിപ്പിച്ചു. ശലോമോൻ റെഹബാമി
നെ ജനിപ്പിച്ചു. റെഹബാം ആബിയായെ
ജനിപ്പിച്ചു. ആബിയാ ഓസോയെ ജനിപ്പിച്ചു.
ഓസോ യഹോശാഫാത്തിനെ ജനിപ്പിച്ചു.
യഹോശാഫാത്ത് യൂറോമിനെ ജനിപ്പിച്ചു.
യൂറോം ഊസിയായെ ജനിപ്പിച്ചു. ഊസിയാ
യൂഥോമിനെ ജനിപ്പിച്ചു. യൂഥോം ഓഹാസി
നെ ജനിപ്പിച്ചു. ഓഹാസ് ഹെസക്കിയായെ
ജനിപ്പിച്ചു. ഹെസക്കിയാ മനശെയെ ജനിപ്പി
ച്ചു. മനശെ അമോനെ ജനിപ്പിച്ചു. അമോൻ
യോശിയായെ ജനിപ്പിച്ചു. യോശിയാ
ബാബേലിലെ അടിമവാസ (വിപ്രവാസ)
കാലത്ത് യൂഖനിയായെയും അവൻെറ
സഹോദരന്മാരെയും ജനിപ്പിച്ചു. ബാബേലി
ലെ വിപ്രവാസകാലത്തിനുശേഷം യൂഖനി
യാ ശേലത്തിയേലിനെ ജനിപ്പിച്ചു. ശേല
ത്തിയേൽ സുർബാബേലിനെ ജനിപ്പിച്ചു.
സുർബാബേൽ ആബിയൂദിനെ ജനിപ്പിച്ചു.
ആബിയൂദ് ഏലിയാക്കിമിനെ ജനിപ്പിച്ചു.
ഏലിയാക്കിം ഓസോറിനെ ജനിപ്പിച്ചു.
ഓസോർ സാദുക്കിനെ ജനിപ്പിച്ചു. സാദുക്ക്
ആഖീനെ ജനിപ്പിച്ചു. ആഖീൻ ഏലിയൂ
ദിനെ ജനിപ്പിച്ചു. ഏലിയൂദ് ഏലിയാസാ 15
റിനെ ജനിപ്പിച്ചു. ഏലിയാസാർ മാഥാനെ
ജനിപ്പിച്ചു. മാഥാൻ യാക്കോബിനെ
ജനിപ്പിച്ചു. മ്ശീഹാ എന്നു വിളിക്കപ്പെടുന്ന 16
യേശു ആരിൽനിന്നു ജാതനായോ ആ
മറിയാമിൻെറ ഭർത്താവായ യൌസേഫിനെ
യാക്കോബ് ജനിപ്പിച്ചു. ആകയാൽ അബ്ര 17
ഹാം മുതൽ ദാവീദുവരെ ആകെ തലമുറ
കൾ പതിന്നാല്. ദാവീദുമുതൽ ബാബേൽ
വിപ്രവാസംവരെ തലമുറകൾ പതിന്നാല്.
ബാബേൽ പ്രവാസം മുതൽ മ്ശീഹാവരെ
തലമുറകൾ പതിന്നാല്.

യേശുമ്ശീഹായുടെ ജനനം ഇപ്രകാര 18
മായിരുന്നു. തൻെറ മാതാവായ മറിയാം,
യൌസേഫിനു വിവാഹം നിശ്ചയിക്കപ്പെ
ട്ടിരിക്കെ—അവർ തമ്മിൽ സമാഗമിച്ചിട്ടില്ലാ
തിരിക്കെ—പരിശുദ്ധാത്മാവുമൂലം ഗർഭി
ണിയായി കാണപ്പെട്ടു. അവളുടെ ഭർത്താ 19
വായ യൌസേഫ് നീതിമാനായിരുന്നു.
അവൾക്ക് അവമാനം വരുത്തുവാൻ അവന്
മനസ്സായില്ല. രഹസ്യമായി അവളെ പരിത്യ
ജിക്കുവാൻ ആലോചിച്ചുകൊണ്ടിരുന്നു.
ഇങ്ങനെ അവൻ വിചാരിച്ചുകൊണ്ടിരി 20
ക്കുമ്പോൾ കർത്താവിൻെറ മാലാഖാ
(ദൂതൻ) സ്വപ്നത്തിൽ അവന് പ്രത്യക്ഷ
പ്പെട്ട്, അവനോട് "ദാവീദുപുത്രനായ
യൌസേഫേ, നിൻെറ ഭാര്യയായ മറിയാ
മിനെ സ്വീകരിപ്പാൻ നീ ഭയപ്പെടേണ്ട.
എന്തെന്നാൽ അവളിൽ ഉൽഭൂതനായിരിക്കു
ന്നവൻ, പരിശുദ്ധാത്മാവിനാൽ ആകുന്നു.
അവൾ ഒരു പുത്രനെ പ്രസവിക്കും. നീ 21
അവൻെറ പേര് 'യേശു' എന്നു വിളിക്കണം.
എന്തെന്നാൽ അവൻ സ്വന്ത ജനത്തെ
അവരുടെ പാപങ്ങളിൽനിന്ന് രക്ഷിക്കും"
എന്നു പറഞ്ഞു. "ഇതാ കന്യക ഗർഭം ധരിച്ച് 22
ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോ
ടുകൂടെ എന്നർത്ഥമായ 'ആമ്മാനൂഏൽ'
എന്ന് അവർ അവനു പേരു വിളിക്കും" എന്ന് 23
ദീർഘദർശി വഴിയായി കർത്താവിനാൽ
പറയപ്പെട്ടത് നിവൃത്തിയാകുവാൻ ഇവയെ
ല്ലാം സംഭവിച്ചു. യൌസേഫ് ഉറക്കത്തിൽ 24

നിന്നുണർന്ന് കർത്താവിൻെറ ദൂതൻ അവ
നോട് കല്പിച്ചതനുസരിച്ച് പ്രവർത്തിച്ചു
25 തൻെറ ഭാര്യയെ സ്വീകരിച്ചു. അവൾ
ആദ്യജാതനെ പ്രസവിച്ചതുവരെ അവൻ
അവളെ അറിഞ്ഞില്ല അവന് യേശു എന്ന്
അവൾ പേരു വിളിച്ചു.

അദ്ധ്യായം 2

1 ഹേറോദേസ് രാജാവിൻെറ കാലത്ത്
യേശു യഹൂദിയായിലെ ബേത്ലഹേമിൽ
ജാതനായശേഷം കിഴക്കുനിന്ന് ജ്യോതി
ശാസ്ത്രജ്ഞന്മാർ യറുശലേമിൽ ചെന്ന്
'ജാതനായ യഹൂദന്മാരുടെ രാജാവ്
2 എവിടെയാകുന്നു. എന്തെന്നാൽ അവ
ൻെറ നക്ഷത്രം ഞങ്ങൾ കിഴക്കു ദിക്കിൽ
കണ്ടു. അവനെ വന്ദിപ്പാനാണ് ഞങ്ങൾ
വന്നിരിക്കുന്നത്' എന്നു പറഞ്ഞു. അതു
3 കേട്ട് ഹേറോദേസ് രാജാവും അവ
നോടുകൂടെ യറുശലേം മുഴുവനും പരിഭ്ര
4 മിച്ചു. അവൻ സകല പ്രധാനാചാര്യന്മാ
രെയും ജനത്തിൻെറ സൊപ്രെന്മാരെയും
(ശാസ്ത്രാദ്ധ്യാപകരെയും) വിളിച്ചുകൂട്ടി
അവരോടു 'മ്ശീഹാ എവിടെയായിരിക്കും
5 ജനിക്കുന്നത്' എന്നു ചോദിച്ചു. അവർ പറ
ഞ്ഞു: യഹൂദ്യായിലെ ബേത്ലഹേമിൽ.
എന്തെന്നാൽ ദീർഘദർശിയാൽ ഇപ്രകാരം
6 എഴുതപ്പെട്ടിരിക്കുന്നു; "യഹുദ്യായിലെ
ബേത്ലഹേമേ, നീ യഹൂദാ രാജാക്കന്മാർ
ക്കിടയിൽ കുറവുള്ളവളല്ല. എന്തെന്നാൽ
എൻെറ ജനമായ ഇസ്രയേലിനെ മേയ്പ്പാ
നുള്ള രാജാവ് നിന്നിൽനിന്നു പുറപ്പെടും.'
7 അപ്പോൾ ഹേറോദേസ് ജ്യോതിശാസ്ത്ര
ജ്ഞന്മാരെ രഹസ്യമായി വിളിച്ച് നക്ഷത്രം
അവർക്കു പ്രത്യക്ഷപ്പെട്ടത് ഏതു കാലത്താ
8 ണെന്ന് അവരിൽനിന്നും ഗ്രഹിച്ചു. അവരെ
ബേത്ലഹേമിലേക്ക് അയച്ച് അവരോട്
നിങ്ങൾ പോയി ശിശുവിനെക്കുറിച്ച്
താല്പര്യമായി അന്വേഷിക്കണം; കണ്ടെ
ത്തിയാൽ ഞാനും പോയി അവനെ നമ
സ്കരിക്കേണ്ടതിന്, വന്ന് എന്നെ അറിയി
9 ക്കണം എന്നു പറഞ്ഞു. രാജാവിൽനിന്ന്
(ഇതു) കേട്ടശേഷം അവർ പുറപ്പെട്ടു.
കിഴക്ക് അവർക്ക് കാണപ്പെട്ട ആ നക്ഷത്രം
ശിശു സ്ഥിതി ചെയ്തിരുന്ന സ്ഥലത്തി
നുപരി വന്നു നിൽക്കുവോളം അവർക്കു
10 മുമ്പായി പൊയ്ക്കൊണ്ടിരുന്നു. നക്ഷത്രം
കണ്ട് അവർ അത്യധികം സന്തോഷിച്ചു.
11 അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ
അവൻെറ അമ്മയായ മറിയാമിനോടുകൂടെ
കണ്ട് വീണ് അവനെ വന്ദിച്ചു. അവർ
നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും മൂറും
കുന്തുരുക്കവും കാഴ്ചകളായി സമർപ്പിക്കു
കയും ചെയ്തു. ഹേറോദേസിൻെറ അടു 12
ക്കലേക്ക് അവർ തിരിയെ പോകരുതെന്ന്
സ്വപ്നത്തിൽ അവർക്ക് ദർശനമുണ്ടായി.
മറെറാരു വഴിയെ അവർ അവരുടെ ദേശ
ത്തേക്കു തിരികെ പോയി.
അവർ പോയ ശേഷം കർത്താവിൻെറ 13
ദൂതൻ സ്വപ്നത്തിൽ യൗസേഫിന് പ്രത്യ
ക്ഷനായി അവനോടു പറഞ്ഞു: നീ എഴു
ന്നേററ് ശിശുവിനേയും അവൻെറ അമ്മയേ
യും കൂട്ടിക്കൊണ്ട് മെസ്രേനിലേക്ക് ഓടി
പ്പോകുക. ഞാൻ നിന്നോടു പറയുന്നതു
വരെ അവിടെ വസിക്കുക. എന്തെന്നാൽ
ശിശുവിനെ നശിപ്പിക്കുന്നതിനുവേണ്ടി ഹേ
റോദേസ് അതിനെ അന്വേഷിപ്പാനിരിക്കു
കയാണ്. യൗസേഫ് എഴുന്നേററ് ശിശുവി 14
നേയും അവൻെറ അമ്മയേയും കൂട്ടിക്കൊ
ണ്ട് മെസ്രേനിലേക്ക് രാത്രിയിൽ ഓടിപ്പോ 15
യി. "മെസ്രേനിൽനിന്ന് എൻെറ പുത്രനെ
ഞാൻ വിളിച്ചു." എന്ന് ദീർഘദർശി മുഖാ
ന്തിരം കർത്താവിനാൽ പറയപ്പെട്ടത് നിവൃ
ത്തിയാകുമാറ്, ഹേറോദേസിൻെറ മരണം
വരെ അവൻ അവിടെ പാർത്തു.
അപ്പോൾ ഹേറോദേസ്, താൻ ജ്യോതി 16
ശാസ്ത്രജ്ഞന്മാരാൽ അവഹേളിക്കപ്പെട്ടു
എന്നു കണ്ട് ഏററം കോപിച്ച് അവരിൽനിന്ന്
താൻ തിരക്കി അറിഞ്ഞ കാലം അനുസരി
ച്ച്, ബേത്ലഹേമിലും അതിൻെറ സകല
അതിരുകളിലും ആളയച്ച് രണ്ടു വയസ്സും
താഴോട്ടുമുള്ള എല്ലാ ആൺകുട്ടികളേയും
കൊല്ലിച്ചു. അപ്പോൾ ഏറമിയാ ദീർഘ 17
ദർശിയാൽ പറയപ്പെട്ടിരുന്നത് നിറവേറി.
(അതായത്) "റംസായിൽ കരച്ചിലിൻേറയും 18
വളരെ വിലാപത്തിൻേറയും ശബ്ദം
കേൾക്കപ്പെട്ടു. റാഹേൽ അവളുടെ മക്കളെ
പ്രതി കരയുന്നു. അവർ ഇല്ലാതായിപ്പോയ
തുമൂലം ആശ്വസിക്കുവാൻ അവൾക്കു
മനസ്സു വരുന്നില്ല."
ഹേറോദേസ് രാജാവ് മരിച്ചപ്പോൾ, 19
കർത്താവിൻെറ മാലാഖ യൗസേഫിന്
മെസ്രേനിൽവച്ച് സ്വപ്നത്തിൽ പ്രത്യക്ഷ
പ്പെട്ട് അവനോട് "എഴുന്നേററു ശിശുവി 20
നേയും അവൻെറ അമ്മയേയും കൂട്ടിക്കൊ
ണ്ട് ഇസ്രായേൽ ദേശത്തേക്കു പൊയ്ക്കൊ
ള്ളുക. എന്തെന്നാൽ പൈതലിൻെറ
പ്രാണനെ (നശിപ്പിപ്പാൻ) അന്വേഷിച്ചിരു
ന്നവർ മരിച്ചുപോയി" എന്നു പറഞ്ഞു.
യൗസേഫ് എഴുന്നേററു പൈതലിനേയും 21
അവൻെറ അമ്മയേയും കൂട്ടിക്കൊണ്ട്

ഇസ്രായേൽ ദേശത്തു വന്നു. എന്നാൽ,
സ്വപിതാവായ ഹേറോദേസിനു പകരം
അർക്കലാവോസ് യഹൂദ്യയിൽ രാജാവായി
എന്നു കേട്ടപ്പോൾ, അവിടേക്കു പോകു
വാൻ യൌസേഫു ഭയപ്പെട്ടു. ഗലിലാ
ദേശത്തേക്കു പോകുവാൻ അവനു
സ്വപ്നത്തിൽ ദർശനമുണ്ടായി. "അവൻ
നൊസ്രയോ (നസ്രേത്തുകാരൻ) എന്നു
വിളിക്കപ്പെടും" എന്നു ദീർഘദർശിയാൽ
പറയപ്പെട്ടിരുന്നത് നിറവേറുമാറ് അവൻ
നസ്രേത്ത്' എന്നു വിളിക്കപ്പെടുന്ന
പട്ടണത്തിൽ വന്നു പാർത്തു.

അദ്ധ്യായം 3

അക്കാലത്ത് യോഹന്നാൻ സ്നാപകൻ
വന്ന് യഹൂദ്യാ മരുഭൂമിയിൽ പ്രസംഗിച്ചു
പറഞ്ഞു: "മാനസാന്തരപ്പെടുവിൻ-സ്വർഗ്ഗ
രാജ്യം സമീപിച്ചിരിക്കുന്നു." 'കർത്താ
വിൻെറ വഴി ഒരുക്കുവിൻ അവൻെറ പാത
കൾ നിരപ്പാക്കുവിൻ എന്ന് മരുഭൂമിയിൽ
വിളിച്ചു പറയുന്ന ശബ്ദം'[1] എന്ന് ഏശായാ
ദീർഘദർശിയാൽ[1] പറയപ്പെട്ടിട്ടുള്ളവൻ
ഇവനാകുന്നു. യോഹന്നാൻെറ വസ്ത്രം
ഒട്ടകരോമംകൊണ്ടുള്ളതും അരക്കെട്ടു
തോൽകൊണ്ടുള്ളതും ആയിരുന്നു. അവ
ൻെറ ആഹാരമോ [2]കംസയും കാട്ടുതേനും
ആയിരുന്നു. അപ്പോൾ യറൂശലേമും
യഹൂദ്യാ മുഴുവനും, യോർദ്ദാൻെറ ചുററു
മുള്ള സർവ്വ പ്രദേശവും അവൻെറ അടുക്ക
ലേക്കു പുറപ്പെട്ടു വന്നുകൊണ്ടിരുന്നു.
അവർ തങ്ങളുടെ പാപങ്ങൾ ഏററു പറഞ്ഞ്
യോർദ്ദാൻ നദിയിൽ അവനിൽനിന്നു
മാമ്മൂദീസാ (സ്നാനം) ഏറ്റിരുന്നു. പരീശ
ന്മാരിലും സാദൂക്യരിലും പലർ മാമ്മൂ
ദീസാ കൈക്കൊള്ളുവാൻ വരുന്നതു
കണ്ടിട്ട് അവൻ അവരോട് "സർപ്പ സന്തതി
കളേ! വരുവാനിരിക്കുന്ന കോപത്തിൽനി
ന്ന് ഓടി മാറുവാൻ നിങ്ങൾക്കു നിർദ്ദേശി
ച്ചു തന്നതാര്? ആകയാൽ മാനസാന്തര
ത്തിന് യോഗ്യമായ ഫലങ്ങൾ ഉളവാക്കു
വിൻ. അബ്രഹാം, ഞങ്ങൾക്കു പിതാവാ
യുണ്ട്, എന്ന് മനസ്സിൽ വിചാരിക്കുകയും
പറയുകയും അരുത്. എന്തെന്നാൽ ഞാൻ
നിങ്ങളോട് പറയുന്നു. ഈ കല്ലുകളിൽനി
ന്ന് (പോലും) അബ്രഹാമിന് മക്കളെ പുറ
പ്പെടുവിക്കുവാൻ ദൈവത്തിനു കഴിയും.
ഇതാ വൃക്ഷങ്ങളുടെ ചുവട്ടിന് കോടാലി
വയ്ക്കപ്പെട്ടിരിക്കുന്നു. ആകയാൽ നല്ല
ഫലങ്ങൾ കായ്ക്കാത്ത എല്ലാ വൃക്ഷവും
വെട്ടി തീയിൽ ഇടപ്പെടും. ഞാൻ നിങ്ങൾക്ക് 11
മാനസാന്തരത്തിന്നായി വെള്ളം കൊണ്ട്
മാമ്മൂദീസാ നൽകുന്നു. എൻെറ പിന്നാലെ
വരുന്നവനോ, എന്നെക്കാൾ വലിയവൻ.
അവൻെറ ചെരുപ്പ് വഹിപ്പാൻപോലും
ഞാൻ യോഗ്യനല്ല. അവൻ പരിശുദ്ധാത്മാ
വുകൊണ്ടും അഗ്നികൊണ്ടും നിങ്ങൾക്കു
മാമ്മൂദീസാ നൽകും. അവൻെറ കൈയിൽ 12
മുറം ഉണ്ട്. അവൻ തൻെറ കളങ്ങൾ വെടി
പ്പാക്കി, കോതമ്പിനെ അറകളിൽ ശേഖ
രിക്കും. പതിര് കെടാത്ത തീയിൽ ദഹിപ്പി
ക്കുകയും ചെയ്യും."
അനന്തരം യോഹന്നാനിൽനിന്നു 13
മാമ്മൂദീസാ സ്വീകരിപ്പാൻ യേശു ഗലീല
യിൽനിന്ന് യോർദ്ദാനിൽ അവൻെറ അടു
ക്കൽ വന്നു. യോഹന്നാൻ അവനെ തടഞ്ഞു 14
കൊണ്ട് 'ഞാൻ അങ്ങയിൽനിന്നു സ്നാനം
കൈക്കൊള്ളേണ്ടവനത്രെ. അങ്ങ് എൻെറ
അടുക്കൽ വന്നിരിക്കുന്നുവോ?' എന്നു
ചോദിച്ചു. യേശു ഉത്തരമായി അവനോട്: 15
'ഇപ്പോൾ സമ്മതിക്കുക; എന്തെന്നാൽ
ഇങ്ങനെ സർവ്വ നീതിയും നാം പൂർത്തിയാ
ക്കേണ്ടതാകുന്നു' എന്നു പറഞ്ഞു. അപ്പോൾ
യോഹന്നാൻ അവനെ (സ്നാനമേൽക്കു
വാൻ) സമ്മതിച്ചു. അപ്പോൾ യേശു സ്നാന 16
മേററ് ഉടനെ വെള്ളത്തിൽനിന്നു കയറി.
സ്വർഗ്ഗം അവനായി തുറക്കപ്പെട്ടു. ദൈവാ
ത്മാവ് പ്രാവുപോലെ ഇറങ്ങി, അത് തൻെറ
മേൽ വരുന്നത് അവൻ കണ്ടു. "ഞാൻ അവ 17
നിൽ പ്രസാദിച്ചിരിക്കുന്നു, എൻെറ പ്രിയ
പുത്രൻ ഇവനാകുന്നു" എന്നു പറയുന്ന
ശബ്ദവും സ്വർഗ്ഗത്തിൽനിന്നും ഉണ്ടായി.

അദ്ധ്യായം 4

അനന്തരം[3] ആകൽകർസോയാൽ പരീ 1
ക്ഷിക്കപ്പെടുവാൻ യേശു പരിശുദ്ധാത്മാ
വിനാൽ മരുഭൂമിയിലേക്കു നയിക്കപ്പെട്ടു.
താൻ അവിടെ നാല്പതു പകലും നാല്പതു 2
രാവും ഉപവസിച്ചു. അവസാനം തനിക്കു 3
വിശന്നു. പരീക്ഷകൻ തന്നെ സമീപിച്ച് 'നീ
ദൈവത്തിൻെറ പുത്രനാണെങ്കിൽ ഈ
കല്ലുകൾ അപ്പമാകുവാൻ (തക്കവണ്ണം) പറ
യുക' എന്നു പറഞ്ഞു. യേശു ഉത്തരമായി 4
"മനുഷ്യൻ ജീവിക്കുന്നത് അപ്പംകൊണ്ടു
മാത്രമല്ല; പിന്നെയോ ദൈവവദനത്തിൽ

പാഠഭേദം: 1 "പറയുന്നവൻെറ ശബ്ദം" 2 കംസാ-ഒരുതരം കിഴങ്ങ്; വെട്ടുക്കിളി
3 ആകൽകർസോ = പിശാച്

നിന്നും പുറപ്പെടുന്ന എല്ലാ വചനംകൊണ്ടും
അത്രെ എന്ന് എഴുതപ്പെട്ടിരിക്കുന്നു" എന്നു
5 പറഞ്ഞു. പിന്നീട് ആകൽകർസോ തന്നെ
'വിശുദ്ധനഗര'ത്തിലേക്ക് നയിച്ച്, ദൈവാ
ലയത്തിൻെറ അഗ്രത്തിന്മേൽ നിർത്തിയിട്ട്
6 'നീ ദൈവത്തിൻെറ പുത്രനെങ്കിൽ താഴോട്ടു
ചാടുക. എന്തെന്നാൽ "അവൻ തൻെറ ദൂത
ന്മാരോട് നിന്നെക്കുറിച്ച് കല്പിക്കും;
നിൻെറ കാൽ കല്ലിൽ തട്ടാതിരിപ്പാൻ അവർ
അവരുടെ കൈകളിൽ നിന്നെ വഹിക്കും
എന്ന് എഴുതപ്പെട്ടിരിക്കുന്നു" എന്നു പറ
7 ഞ്ഞു. യേശു അവനോട് 'നിൻെറ ദൈവമായ
കർത്താവിനെ പരീക്ഷിക്കരുത് എന്നും
8 എഴുതപ്പെട്ടിട്ടുണ്ട്' എന്നു പറഞ്ഞു. പിന്നീട്
ആകൽകർസോ തന്നെ വളരെ ഉയരമുള്ള
മലയിലേക്കു ആനയിച്ചിട്ട് ലോകത്തിലെ
സർവ്വ രാജ്യങ്ങളെയും അവയുടെ മഹത്വ
9 ത്തെയും കാണിച്ച് തന്നോട് 'നീ വീണ്
എന്നെ വന്ദിച്ചാൽ ഇവയെല്ലാം ഞാൻ നിന
10 ക്കു തരാം' എന്നു പറഞ്ഞു. അപ്പോൾ യേശു
അവനോട് 'സാത്താനെ നീ മാറി പോകൂ'
'നിൻെറ ദൈവമായ കർത്താവിനെ നീ
ആരാധിക്കണം. അവനെ മാത്രമെ സേവി
ക്കാവൂ' എന്നും എഴുതപ്പെട്ടിട്ടുണ്ട്' എന്നു
11 പറഞ്ഞു. അപ്പോൾ ആകൽകർസോ തന്നെ
വിട്ടുപോയി. മാലാഖമാർ അടുത്തു വന്നു
തനിക്കു ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നു.
12 യോഹന്നാൻ കാരാഗൃഹത്തിലായി
എന്നു കേട്ടപ്പോൾ യേശു ഗലീലയിലേക്കു
13 മാറിപ്പോയി. താൻ നസ്രേത്തുവിട്ട് സെബ
ലൂൻ നഫ്താലി അതൃത്തിയിൽ കടൽത്തീ
14 രത്ത്, കപ്പർന്നഹോമിൽ വന്നു പാർത്തു.
ഏശായ ദീർഘദർശിയാൽ പറയപ്പെട്ടിരു
ന്നത് നിവൃത്തിയാകുവാൻ ഇതു സംഭവിച്ചു.
15 "(അതായത്) കടൽത്തീരത്തെ വഴിയും,
യോർദ്ദാൻെറ തീരങ്ങളും ജാതികളുടെ
ഗലീലയുമായി-അന്ധകാരത്തിലിരുന്നി
16 രുന്ന ജനം വലിയ പ്രകാശം കണ്ടു. മരണ
ത്തിൻെറ സ്ഥലത്തും നിഴലിലും സ്ഥിതി
ചെയ്തിരുന്നവർക്ക് പ്രകാശം ഉദയം
17 ചെയ്തു." അതുമുതൽ—'മാനസാന്തരപ്പെ
ടുവിൻ; എന്തെന്നാൽ സ്വർഗ്ഗരാജ്യം സമീ
പിച്ചിരിക്കുന്നു' എന്നു പറഞ്ഞു യേശു
പ്രസംഗിക്കുവാൻ തുടങ്ങി.
18 താൻ ഗലീലാ കടൽതീരത്തു നടക്കു
മ്പോൾ കീപ്പാ (പത്രോസ്) എന്ന് പേർ
വിളിക്കപ്പെട്ട ശെമഓൻ, അവൻെറ സഹോ
ദരൻ അന്ത്രയോസ് എന്ന രണ്ടു സഹോദര
ന്മാർ കടലിൽ വലയിടുന്നതു കണ്ടു. എന്തെ
ന്നാൽ അവർ മീൻപിടുത്തക്കാരായിരുന്നു.
യേശു അവരോട്, "നിങ്ങൾ എൻെറ 19
പിന്നാലെ വരുവിൻ; ഞാൻ നിങ്ങളെ
മനുഷ്യരെ പിടിക്കുന്നവർ ആക്കിത്തീർ
ക്കാം." എന്നു പറഞ്ഞു. അവർ ഉടനെ 20
തന്നെ അവരുടെ വലകൾ ഉപേക്ഷിച്ച്
തൻെറ പിന്നാലെ പോയി—അവിടം കട 21
ന്നാറെ പടകിൽ, തങ്ങളുടെ പിതാവായ
സബദിയുമൊന്നിച്ചിരുന്ന് വലകൾ കേടു
പോക്കുന്ന മററു രണ്ടു സഹോദരന്മാരെ—
സബദിപുത്രനായ യാക്കോബിനെയും
അവൻെറ സഹോദരൻ യോഹന്നാനെയും
കണ്ടു. അവരെ വിളിച്ചു. തൽക്ഷണം അവർ 22
പടകിനെയും അവരുടെ പിതാവിനെയും
വിട്ട് തൻെറ പിന്നാലെ പോയി. യേശു 23
ഗലീലായിൽ എല്ലായിടത്തും ചുററി സഞ്ച
രിച്ച് അവരുടെ സംഘാലയങ്ങളിൽ പഠിപ്പി
ക്കുകയും, രാജ്യത്തിൻെറ സുവിശേഷം
പ്രസംഗിക്കുകയും, ജനങ്ങളിലെ സർവ്വ
വ്യാധികളെയും രോഗങ്ങളെയും സുഖപ്പെടു
ത്തുകയും ചെയ്തുകൊണ്ടിരുന്നു. സിറിയാ 24
മുഴുവനിലും തൻെറ കീർത്തി വ്യാപിച്ചു.
പലതരം രോഗങ്ങളാൽ കഷ്ടപ്പെടുന്നവ
രെയും അത്യധിക വേദനകളാൽ വലഞ്ഞവ
രെയും ഭൂതഗ്രസ്തരെയും ചന്ദ്രരോഗികളെ
യും പക്ഷാഘാതരോഗികളെയും തൻെറ
അടുക്കൽ (ജനം) കൊണ്ടുവന്നുകൊണ്ടി
രുന്നു. താൻ അവർക്കു സൌഖ്യം നൽകി. 25
ഗലീലായിൽനിന്നും, എസ്രാസ് മ്ദീനോ
സോ (ദക്കപ്പോലീസ് = 10 പട്ടണം)യിൽനി
ന്നും യറുശലേമിൽനിന്നും, യഹൂദ്യയിൽ
നിന്നും യോർദ്ദാൻെറ മറുകരയിൽനിന്നും
വളരെയേറെ ജനക്കൂട്ടം തന്നെ അനുഗമിച്ചു.

അദ്ധ്യായം 5

യേശു പുരുഷാരത്തെക്കണ്ടപ്പോൾ 1
മലയിൽ കയറി. താൻ ഇരുന്നപ്പോൾ ശിഷ്യ
ന്മാർ തന്നെ സമീപിച്ചു. താൻ വായ് തുറന്ന് 2
അവരെ പഠിപ്പിച്ചു പറഞ്ഞു:
ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ— 3
എന്തെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ള
താകുന്നു. ദുഃഖിതർ ഭാഗ്യവാന്മാർ— 4
എന്തെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും.
താഴ്മയുള്ളവർ ഭാഗ്യവാന്മാർ—അവർ 5
ഭൂമിയെ അവകാശമായനുഭവിക്കും. നീതി 6
യ്ക്കായി വിശന്നും ദാഹിച്ചും ഇരിക്കുന്ന
വർ ഭാഗ്യവാന്മാർ—അവർ തൃപ്തരാകും.
കരുണാമാനസർ ഭാഗ്യവാന്മാർ—അവ 7
രുടെമേൽ കരുണയുണ്ടാകും. നിർമ്മല 8
ഹൃദയർ ഭാഗ്യവാന്മാർ—അവർ ദൈവത്തെ
കാണും. സമാധാനം വരുത്തുന്നവർ ഭാഗ്യ 9

ാന്മാർ—അവർ ദൈവമക്കൾ എന്നു വിളി
ക്കപ്പെടും. നീതിയ്ക്കായി പീഡയേൽക്കു
ന്നവർ ഭാഗ്യവാന്മാർ—എന്തെന്നാൽ സ്വർഗ്ഗ
ാജ്യം അവർക്കുള്ളതാകുന്നു. മനുഷ്യർ
ിങ്ങളെ നിന്ദിക്കുകയും പീഡിപ്പിക്കുകയും
ന്നെപ്രതി നിങ്ങൾക്കെതിരായി സർവ്വ
ർവാക്കുകളും അസത്യമായി പറയുകയും
ചയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ—
ാപ്പോൾ നിങ്ങൾ സന്തോഷിച്ച് ആനന്ദി
ിൻ. എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾ
ുള്ള പ്രതിഫലം വർദ്ധിച്ചിരിക്കുന്നു.
ങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചക
ാരെയും അവർ ഇങ്ങനെ പീഡിപ്പിച്ചി
ട്ട്.

നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ഉപ്പ് ഉറ
ട്ടുപോയാൽ അതിനെ എങ്ങനെ ഉപ്പു
മുള്ളതാക്കും? പുറത്തേക്ക് എറിഞ്ഞു
ഞ്ഞിട്ട് മനുഷ്യരാൽ ചവിട്ടപ്പെടാനല്ലാ
മറ്റൊന്നിനും അതു പ്രയോജനപ്പെടുക
ല്ല. നിങ്ങൾ ലോകത്തിനു വെളിച്ചമാകു
. മലമേൽ പണിയപ്പെട്ടിരിക്കുന്ന നഗര
ിന് മറഞ്ഞിരിക്കാൻ സാദ്ധ്യമല്ല. ആരും
ക്കു കത്തിച്ച് പറയുടെ കീഴിൽ വയ്ക്കു
ില്ല. പിന്നെയോ വിളക്കുതണ്ടിന്മേലാ
വയ്ക്കുന്നത്. അപ്പോൾ അതു ഭവന
ലുള്ള എല്ലാവർക്കും പ്രകാശം പ്രദാനം
ുന്നു. ഇങ്ങനെതന്നെ മനുഷ്യർ നിങ്ങ
സൽപ്രവൃത്തികൾ കണ്ടിട്ട് നിങ്ങളുടെ
ഗ്ഗസ്ഥനായ പിതാവിനെ പുകഴ്ത്തു
തക്കവണ്ണം നിങ്ങളുടെ പ്രകാശം അവ
മുമ്പിൽ വിളങ്ങട്ടെ.

ന്യായപ്രമാണത്തെയോ ദീർഘദർശി
യോ നീക്കുവാൻ ഞാൻ വന്നുവെന്നു
ൾ വിചാരിക്കരുത്. നീക്കുവാനല്ല
ത്തിയാക്കുവാനാണ് ഞാൻ ആഗതനാ
ുന്നത്. ആകാശവും ഭൂമിയും അഴി
പോകുന്നതുവരെയും—സർവ്വവും
ിക്കുന്നതുവരെ—ന്യായപ്രമാണത്തി
ഒരക്ഷരമോ, വരയോ എങ്കിലും മാറി
യില്ലെന്നു സത്യമായി ഞാൻ നിങ്ങ
പറയുന്നു. ആകയാൽ ഈ ചെറിയ
നകളിൽ ഒന്നിനെ ലംഘിക്കുകയും
ാരം മനുഷ്യനെ പഠിപ്പിക്കുകയും
ുന്ന ഏവനും സ്വർഗ്ഗരാജ്യത്തിൽ
ൻ എന്നു വിളിക്കപ്പെടും. എന്നാൽ,
ഠിക്കുകയും പഠിപ്പിക്കുകയും ചെ
നോ, സ്വർഗ്ഗരാജ്യത്തിൽ ശ്രേഷ്ഠ
വിളിക്കപ്പെടും. നിങ്ങളുടെ നീതി
ന്മാരുടേയും പരീശന്മാരുടേതിനേ
ൾ വർദ്ധിതമല്ലെങ്കിൽ നിങ്ങൾ
സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല
എന്ന് ഞാൻ നിങ്ങളോടു പറയുന്നു.

നീ കൊല ചെയ്യരുത് എന്നും കൊല 21
പാതകൻ (ശിക്ഷാ) വിധിക്കർഹനാകുന്നു
എന്നും പൂർവ്വികരോടു പറയപ്പെട്ടിട്ടുണ്ട്
എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ
നിങ്ങളോടു പറയുന്നു. സ്വസഹോദരനോട് 22
വൃഥാ കോപിക്കുന്ന ഏവനും ശിക്ഷാവിധി
ക്കർഹനത്രെ. സഹോദരനെ മൂഢാ (റാക്കാ)
എന്നു വിളിക്കുന്നവൻ സംഘവിധിക്ക്
അർഹനാകുന്നു. ഭോഷാ എന്നു വിളിക്കു
ന്നവൻ അഗ്നിനരകത്തിനും അർഹനത്രെ.
ആകയാൽ ബലിപീഠത്തിങ്കൽ വഴിപാട് 23
അർപ്പിക്കുവാൻ കൊണ്ടുവരുമ്പോൾ,
നിന്റെ സഹോദരനു നിന്നോട് എന്തെ
ങ്കിലും വിരോധമുള്ളതായി നിനക്കോർമ്മ
വരുന്നുവെങ്കിൽ വഴിപാട് അവിടെ ബലി 24
പീഠത്തിന് മുമ്പിൽ വച്ചിട്ട് നീ പോയി
ആദ്യമേ സഹോദരനോട് രമ്യപ്പെടുക.
പിന്നീട് വന്ന് നിന്റെ വഴിപാട് അർപ്പിക്കുക.
അവനൊരുമിച്ചു വഴിയിൽ ആയിരിക്കു 25
മ്പോൾ തന്നെ നിന്റെ പ്രതിയോഗിയോട്
വേഗം ഐക്യപ്പെടുക. (അല്ലെങ്കിൽ) പക്ഷേ
നിന്നെ അവൻ ന്യായാധിപന്റെ മുമ്പാകെ
ഏൽപ്പിച്ചേക്കാം. ന്യായാധിപൻ നിന്നെ
സേവകന് ഏൽപ്പിക്കും. നീ കാരാഗൃഹ
ത്തിൽ ആകുകയും ചെയ്യും. അവസാന 26
ത്തെ ചില്ലിക്കാശുവരെ കൊടുത്തു തീർക്കാ
തെ നീ അവിടെനിന്നു പുറത്തു വരിക
യില്ല എന്നു ഞാൻ സത്യമായി നിന്നോടു
പറയുന്നു.

നീ വ്യഭിചരിക്കരുത് എന്ന് പറയപ്പെ 27
ട്ടിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ
നിങ്ങളോടു പറയുന്നു. സ്ത്രീയെ മോഹിച്ചു 28
കൊണ്ട് അവളെ നോക്കുന്ന ഏവനും
തൽക്ഷണം ഹൃദയംകൊണ്ട് അവളെ
വ്യഭിചരിച്ചു കഴിഞ്ഞു നിന്റെ വലത്തെ 29
കണ്ണാണ് നിനക്കു വിരുദ്ധത വരുത്തുന്ന
തെങ്കിൽ നിന്നിൽനിന്ന് അതു ചൂഴന്നെ
ടുത്ത് എറിഞ്ഞുകളക. എന്തെന്നാൽ
നിന്റെ ശരീരം മുഴുവൻ നരകത്തിൽ വീഴു
ന്നതിനെക്കാൾ നിന്റെ ഒരവയവം നഷ്ട
പ്പെടുന്നതാണ് നിനക്ക് നല്ലത്. നിന്റെ 30
വലങ്കൈ നിനക്ക് ഇടർച്ച വരുത്തുന്നുവെ
ങ്കിൽ അത് നിന്നിൽനിന്ന് ഛേദിച്ച് എറിഞ്ഞു
കളക. എന്തെന്നാൽ നിന്റെ ശരീരം മുഴു
വൻ നരകത്തിൽ വീഴുന്നതിനേക്കാൾ ഒരു
അവയവം നഷ്ടപ്പെടുന്നതാണ് നിനക്ക്
നല്ലത്. സ്വഭാര്യയെ ഉപേക്ഷിക്കുന്നവൻ 31
അവൾക്ക് ഉപേക്ഷണപത്രം കൊടുക്കണം

32 എന്നു പറയപ്പെട്ടിട്ടുണ്ട്. പരസംഗ കാരണം
കൊണ്ടല്ലാതെ സ്വഭാര്യയെ ഉപേക്ഷിക്കു
ന്നവൻ അവൾ വ്യഭിചാരിണിയാകുവാൻ
ഇടയാക്കുന്നു എന്നും, ഉപേക്ഷിക്കപ്പെട്ട
വളെ പരിഗ്രഹിക്കുന്നവൻ ചെയ്യുന്നത്
വ്യഭിചാരമാണെന്നും, ഞാൻ നിങ്ങളോടു
33 പറയുന്നു. വീണ്ടും, നിന്റെ ആണകളിൽ
നീ വ്യാജം കാണിക്കരുതെന്നും നിന്റെ
ആണകൾ കർത്താവിങ്കൽ നിർവ്വഹിക്കണ
മെന്നും പൂർവ്വികരോട് പറയപ്പെട്ടിട്ടുണ്ട്-
34 എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ
ഞാനോ നിങ്ങളോടു പറയുന്നു ആണയിടു
കയേ അരുത്. സ്വർഗ്ഗത്തെക്കൊണ്ട് അരുത്.
അതു ദൈവത്തിന്റെ സിംഹാസനമാ
35 കുന്നു. ഭൂമിയെക്കൊണ്ടും അരുത്; അത
വന്റെ പാദങ്ങൾക്കു കീഴെയുള്ള പീഠമാ
കുന്നു. യറുശലേമിനെക്കൊണ്ടും അരുത്.
അതു മഹാരാജാവിന്റെ നഗരമാകുന്നു.
36 നിന്റെ തലയെക്കൊണ്ടും ആണയിടരുത്.
എന്തെന്നാൽ അതിൽ ഒരു തലമുടിയിഴ
പോലും കറുത്തതോ വെളുത്തതോ
37 ആക്കുവാൻ നിനക്കു കഴിവില്ല.- നിങ്ങളുടെ
വാക്ക് ഉവ്വ്, ഉവ്വ് (ഉള്ളത്, ഉള്ളത്) എന്നും
ഇല്ല; ഇല്ല (ഇല്ലാത്തത്; ഇല്ലാ) എന്നും
ആയിരിക്കട്ടെ. ഇവയിൽ കവിഞ്ഞുള്ളത്
ദുഷ്ടനിൽനിന്ന് ഉണ്ടാകുന്നു.
38 "കണ്ണിനുപകരം കണ്ണ്, പല്ലിനു പകരം
പല്ല്" എന്നുപറയപ്പെട്ടിരിക്കുന്നതു നിങ്ങൾ
39 കേട്ടിട്ടുണ്ട്. ഞാനോ നിങ്ങളോടു പറയു
ന്നു, നിങ്ങൾ ദുഷ്ടനോടു എതിർത്തു
നില്ക്കരുത്. നിന്റെ വലതുചെകിട്ടത്ത്
അടിക്കുന്നവനു മറ്റേ ചെകിടും തിരിച്ചു
40 കാണിച്ചു കൊടുക്കുക. നിന്നോടു വ്യവഹ
രിച്ചു നിന്റെ കുപ്പായം എടുപ്പാനാഗ്രഹി
ക്കുന്നവന് നിന്റെ പുറം കുപ്പായംകൂടി വിട്ടു
41 കൊടുക്കുക. ഒരു മൈൽ (യാത്രയ്ക്കു)
നിന്നെ നിർബ്ബന്ധിക്കുന്നവനോടുകൂടെ
42 രണ്ടു മൈൽ പോകുക. നിന്നോടു യാചി
ക്കുന്നവനു കൊടുക്കണം—നിന്നോടു
വായ്പ വാങ്ങാനാഗ്രഹിക്കുന്നവനെ നീ
43 തിരസ്കരിക്കരുത് അയൽക്കാരനെ
സ്നേഹിക്കുക—ശത്രുവിനെ ദ്വേഷിക്കുക
എന്നു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടു
44 ണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നു:
നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കണം.
നിങ്ങളെ ശപിക്കുന്നവനെ അനുഗ്രഹി
ക്കണം. നിങ്ങളെ വെറുക്കുന്നവർക്കു
നിങ്ങൾ നന്മ ചെയ്യണം. നിങ്ങളെ ബലാൽ
ക്കാരമായി കൊണ്ടുപോയി പീഡിപ്പിക്കുന്ന
വർക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം.
അങ്ങനെ നിങ്ങൾ, നല്ലവരുടെയും ദുഷ്ട
ന്മാരുടെയുംമേൽ തന്റെ സൂര്യനെ ഉദിപ്പി
ക്കുകയും, നീതിമാന്മാരുടെമേലും അനീതി
ചെയ്യുന്നവരുടെമേലും തന്റെ മഴ പെയ്യി
ക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ നിങ്ങ
ളുടെ പിതാവിന്റെ പുത്രന്മാരായിത്തീരും.
നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങളും
സ്നേഹിച്ചാൽ നിങ്ങൾക്ക് എന്തു പ്രതിഫല
മാണുള്ളത്? ചുങ്കക്കാരും ഇങ്ങനെതന്നെ
യല്ലേ ചെയ്യുന്നത്? നിങ്ങളുടെ സഹോദര
ന്മാർക്ക് മാത്രം സമാധാനം ആശംസിക്കു
ന്നുവെങ്കിൽ നിങ്ങൾ വിശേഷാൽ എന്തു
ചെയ്തു? കണ്ടാലും, ചുങ്കക്കാരും ഇതു
തന്നെയാണ് ചെയ്യുന്നത്. ആകയാൽ
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ്
പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും
പൂർണ്ണരായിരിക്കണം.

അദ്ധ്യായം 6

മനുഷ്യർക്ക് കാണപ്പെടുവാനായിട്ട്
അവരുടെ മുമ്പിൽ വച്ചു ഭിക്ഷാദാനം ചെയ്യാ
തിരിക്കുവാൻ സൂക്ഷിപ്പിൻ. അല്ലെങ്കിൽ
നിങ്ങളുടെ സ്വർഗ്ഗസ്ഥപിതാവിന്റെ സന്നി
ധിയിൽ നിങ്ങൾക്കു പ്രതിഫലമില്ല. ആക
യാൽ നീ ഭിക്ഷ കൊടുക്കുമ്പോൾ, മനുഷ്യ
രാൽ പുകഴ്ത്തപ്പെടുവാനായി കപടഭക്തർ
സംഘാലയങ്ങളിലും തെരുവീഥികളിലും
ചെയ്യുന്നതുപോലെ നിന്റെ മുമ്പിൽ
കാഹളനാദം മുഴക്കരുത്. എന്തെന്നാൽ
അവരുടെ പ്രതിഫലം അവർക്ക് കിട്ടിക്കഴി
ഞ്ഞുവെന്ന് സത്യമായിട്ടും ഞാൻ നിങ്ങ
ളോടു പറയുന്നു. നീ ഭിക്ഷാദാനംചെയ്യു
മ്പോഴാകട്ടെ അത് രഹസ്യമായിരിപ്പാൻ
തക്കവണ്ണം നിന്റെ വലങ്കൈ എന്തു ചെയ്യു
ന്നുവെന്ന് നിന്റെ ഇടങ്കൈ അറിയരുത്.
രഹസ്യമായി കാണുന്ന നിന്റെ പിതാവ്
നിനക്കു പ്രതിഫലം പരസ്യമായി തരും.
മനുഷ്യരാൽ കാണപ്പെടുവാൻ വേണ്ടി
സംഘാലയങ്ങളിലും തെരുക്കോണുകളി
ലും നിന്നുകൊണ്ട് പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെ
ടുന്ന കപടഭക്തരെപ്പോലെ നീ പ്രാർത്ഥി
ക്കുമ്പോൾ ആകരുത്. അവരുടെ പ്രതി
ഫലം അവർക്ക് കിട്ടിക്കഴിഞ്ഞുവെന്നു
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.
നീയാകട്ടെ പ്രാർത്ഥിക്കുമ്പോൾ നിന്റെ
ഉൾമുറിയിൽ കടന്ന് കതകടച്ച്, രഹസ്യ
മായി സ്ഥിതിചെയ്യുന്ന നിന്റെ പിതാവി
നോടു പ്രാർത്ഥിക്കുക- രഹസ്യത്തിൽ
കാണുന്ന നിന്റെ പിതാവ് നിനക്കു പരസ്യ
മായി പ്രതിഫലം തരും.

നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ വിജാ
ീയരെപ്പോലെ ജല്പിക്കരുത്. എന്തെ
ന്നാൽ അതിഭാഷണത്താലാണ് ശ്രദ്ധിക്ക
പ്പെടുന്നത് എന്നാണവർ വിചാരിക്കുന്നത്.
ിങ്ങൾ അവരോടു സാമ്യപ്പെടരുത്. എന്തെ
ന്നാൽ നിങ്ങൾ അപേക്ഷിക്കുന്നതിനു
ുമ്പുതന്നെ നിങ്ങൾക്കെന്താണാവശ്യ
ള്ളത് എന്ന് നിങ്ങളുടെ പിതാവ് അറിയു
ന്നുണ്ട്. ആകയാൽ നിങ്ങൾ ഇപ്രകാരം
ാർത്ഥിപ്പിൻ, "സ്വർഗ്ഗസ്ഥനായ ഞങ്ങ
ുടെ പിതാവെ, നിന്റെ നാമം പരിശുദ്ധ
ക്കപ്പെടണമെ.നിന്റെ രാജ്യം വരണമെ.
ിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ
മിയിലും ആകണമെ. ഞങ്ങൾക്ക് ആവ
്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തര
ണമെ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ
ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ
ടങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ.
ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുതെ.
ന്നാലോ ദുഷ്ടനിൽ നിന്നു ഞങ്ങളെ
ക്ഷിക്കണമെ. എന്തെന്നാൽ രാജ്യവും
ക്തിയും മഹത്വവും എന്നന്നേക്കും നിന
ുള്ളതാകുന്നു. ആമീൻ." നിങ്ങൾ മനുഷ്യ
ോടു അവരുടെ കുററങ്ങൾ ക്ഷമിക്കു
ങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ
താവ് നിങ്ങളുടെ കുററങ്ങൾ നിങ്ങളോടും
മിക്കും. എന്നാൽ നിങ്ങൾ മനുഷ്യരോടു
മിക്കയില്ലെങ്കിൽ നിങ്ങളുടെ പിതാവ്
ങ്ങളുടെ കുററങ്ങളും ക്ഷമിക്കയില്ല.
നിങ്ങൾ ഉപവാസം അനുഷ്ഠിക്കു
ാൾ കപടഭക്തരെപോലെ നിങ്ങൾ ദുഃഖ
വമുള്ളവരായിരിക്കരുത്. എന്തെന്നാൽ
ങ്ങൾ ഉപവസിക്കുകയാണെന്ന് മനു
ർക്ക് കാണപ്പെടുവാൻവേണ്ടി, അവ
ടെ മുഖത്തു ക്ഷീണഭാവം കാണിക്കുന്നു.
ത്യമായിട്ടും ഞാൻ നിങ്ങളോടു പറയുന്നു
വരുടെ പ്രതിഫലം അവർ പ്രാപിച്ചു
ിഞ്ഞു. നീയോ, ഉപവസിക്കുമ്പോൾ
ം കഴുകി തലയിൽ തൈലം പൂശുക.
ങ്ങനെയായാൽ) രഹസ്യത്തിലുള്ള
ന്റെ പിതാവിനല്ലാതെ നീ ഉപവസിക്ക
ണെന്ന് മനുഷ്യർക്ക് കാണപ്പെടുകയില്ല.
സ്യത്തിൽ കാണുന്ന നിന്റെ പിതാവ്
ക്കു പ്രതിഫലം തരും. ചിതലും പുഴുവും
ിപ്പിക്കുന്നതും, കള്ളന്മാർ കുത്തിത്തു
മോഷണം നടത്തുന്നതുമായ ഭൂമി
ൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ
ങ്ങൾ സംഭരിക്കരുത്. എന്നാലോ ചിത
പുഴുവും നശിപ്പിക്കാത്തതും കള്ള
കുത്തിത്തുറന്നു മോഷ്ടിക്കാത്തതു

മായ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേ
പങ്ങൾ സംഭരിപ്പിൻ. എന്തെന്നാൽ നിങ്ങ 21
ളുടെ നിക്ഷേപം എവിടെയോ, അവിടെ
യായിരിക്കും നിങ്ങളുടെ ഹൃദയവും. കണ്ണാ 22
കുന്നു ശരീരത്തിന്റെ വിളക്ക്. ആകയാൽ
നിന്റെ കണ്ണു ചൊവ്വുള്ളതെങ്കിൽ നിന്റെ
ശരീരം മുഴുവനും പ്രകാശിതമായിരിക്കും.
എന്നാൽ നിന്റെ കണ്ണ് തിന്മയുള്ളതെങ്കിൽ, 23
നിന്റെ ശരീരം മുഴുവനും അന്ധകാരമുള്ള
തായിരിക്കും. ആകയാൽ നിന്നിലുള്ള
പ്രകാശം അന്ധകാരമായിപ്പോയാൽ നിന്റെ
ആ അന്ധകാരം എത്ര ഏറെയായിരിക്കും?

രണ്ട് യജമാനന്മാരെ സേവിപ്പാൻ 24
ആർക്കും സാദ്ധ്യമല്ല. എന്തെന്നാൽ ഒരുവ
നെ വെറുക്കുകയും മററവനെ സ്നേഹി
ക്കുകയും ചെയ്യും. അല്ലെങ്കിൽ ഒരുവനെ
ബഹുമാനിക്കുകയും മററവനെ ദുഷിക്കു
കയും ചെയ്യും. ദൈവത്തേയും ദ്രവ്യത്തേ
യും സ്നേഹിപ്പാൻ നിങ്ങൾക്കു സാദ്ധ്യ
മല്ല.

ആകയാൽ ഞാൻ നിങ്ങളോടു പറയു 25
ന്നു: നിങ്ങൾ എന്തു ഭക്ഷിക്കും എന്തു
കുടിക്കും എന്ന് നിങ്ങളുടെ പ്രാണനെക്കു
റിച്ചോ, എന്തു ധരിക്കും എന്നു സ്വശരീര
ത്തെക്കുറിച്ചോ നിങ്ങൾ വ്യാകുലപ്പെടരുത്.
ഭക്ഷണത്തേക്കാൾ പ്രാണനും, വസ്ത്രത്തെ
ക്കാൾ ശരീരവും ശ്രേഷ്ഠമല്ലയോ? ആകാശ 26
ത്തിലെ പക്ഷികളെ നോക്കുവിൻ; അവ
വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, അറകളിൽ
ശേഖരിച്ചുവയ്ക്കുന്നുമില്ല. സ്വർഗ്ഗസ്ഥനാ
യ നിങ്ങളുടെ പിതാവ് അവയെ പുലർത്തി
ക്കൊണ്ടിരിക്കുന്നു, കണ്ടാലും അവയേ
ക്കാൾ നിങ്ങൾ ശ്രേഷ്ഠരല്ലയോ? വിചാര 27
പ്പെടുന്നതുകൊണ്ട് തന്റെ ഉയരത്തോട്
ഒരുമുഴംകൂടി വർദ്ധിപ്പിക്കുവാൻ നിങ്ങളിൽ
ആർക്കു കഴിയും? വസ്ത്രത്തെക്കുറിച്ചും 28
നിങ്ങൾ വ്യാകുലപ്പെടുന്നതെന്തിന്?
കാട്ടിലെ ശുശാനകൾ എങ്ങനെ വളരുന്നു
വെന്ന് പരിശോധിപ്പിൻ. അവ അദ്ധ്വാനിക്കു
ന്നില്ല, നൂൽ നൂൽക്കുന്നില്ല. ഞാൻ നിങ്ങ 29
ളോടു പറയുന്നു ശലോമോൻ പോലും
അവന്റെ സർവ്വ മഹത്വത്തിലും അവയിൽ
ഒന്നിനോടു സമം അലംകൃതനായിരുന്നില്ല.
ഇന്നുള്ളതും നാളെ എരിതീയിൽ വീഴുന്ന 30
തുമായ വയലിലെ പുല്ലിനെ ദൈവം
ഇങ്ങനെ അലങ്കരിക്കുന്നുവെങ്കിൽ, അല്പ
വിശ്വാസികളേ നിങ്ങളെ അതിലും അധിക
മായി (അലങ്കരിക്കയില്ലയോ?). ആകയാൽ 31
ഞങ്ങൾ എന്തു ഭക്ഷിക്കും? എന്തു കുടിക്കും?
എന്തു ധരിക്കും? എന്നു നിങ്ങൾ വ്യാകുല

32 പ്പെട്ടു സംസാരിക്കരുത്. എന്തെന്നാൽ
ലോകത്തിലെ പുറജാതികളത്രെ ഇവയെ
ല്ലാം അന്വേഷിക്കുന്നത്. നിങ്ങൾക്ക് ഇവ
യെല്ലാം ആവശ്യമുണ്ടെന്നു സ്വർഗ്ഗസ്ഥ
നായ നിങ്ങളുടെ പിതാവ് അറിയുന്നുണ്ട്.
33 ആദ്യമെ ദൈവത്തിൻെറ രാജ്യവും അവ
ൻെറ നീതിയും അന്വേഷിപ്പിൻ. ഇവയെ
ല്ലാം അതോടു ചേർത്തു നിങ്ങൾക്കായി
34 നൽകും. ആകയാൽ നാളയെപ്രതി നിങ്ങൾ
വിചാരപ്പെടേണ്ട. എന്തെന്നാൽ ഈ 'നാളെ'
തന്നെ അതിൻെറ കാര്യം വിചാരിച്ചു
കൊള്ളും. അതതു ദിവസത്തെ കഷ്ടത
അന്നത്തേക്കു മതി.

അദ്ധ്യായം 7

1 നിങ്ങൾ വിധിക്കപ്പെടാതിരിപ്പാൻ,
2 നിങ്ങളും വിധിക്കരുത്. എന്തെന്നാൽ
നിങ്ങൾ വിധിക്കുന്ന വിധിക്ക് അനുസരിച്ച്
നിങ്ങളും വിധിക്കപ്പെടും. നിങ്ങൾ അളക്കു
ന്ന അളവിൻ പ്രകാരമായിരിക്കും നിങ്ങൾ
3 ക്കും അളക്കപ്പെടുന്നത്. സ്വന്ത കണ്ണിലെ
കോലുകാണാതെ നിൻെറ സഹോദരൻെറ
4 കണ്ണിലെ കരട് നോക്കുന്നതെന്ത്? അഥവാ
നിൻെറ കണ്ണിൽ കോലിരിക്കെ, നിൻെറ
സഹോദരനോട് നിൻെറ കണ്ണിൽനിന്ന്
കരട് എടുത്തുകളയുവാൻ അനുവദിച്ചാലും
5 എന്ന് നീ പറയുന്നതെങ്ങനെ? കപടഭക്താ,
ആദ്യമെ നിൻെറ കണ്ണിൽനിന്നു കോലിനെ
മാററുക. അപ്പോൾ നിൻെറ സഹോദരൻെറ
കണ്ണിലെ കരടു മാററുവാൻ നിനക്കു തെളി
6 വായിക്കാണാം. വിശുദ്ധമായത് നിങ്ങൾ
നായ്ക്കൾക്കു കൊടുക്കരുത്. നിങ്ങളുടെ
രത്നങ്ങൾ പന്നികളുടെ മുമ്പിലും ഇടരുത്.
അവ പക്ഷെ കാലുകൾകൊണ്ട് അവയെ
ചവിട്ടുകയും, തിരിഞ്ഞു നിങ്ങളെ പിച്ചിച്ചീ
7 ന്തുകയും ചെയ്തേക്കാം. യാചിപ്പിൻ-
നിങ്ങൾക്കു ലഭിക്കും, അന്വേഷിപ്പിൻ
നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾ
8 ക്കായി തുറക്കപ്പെടും. എന്തെന്നാൽ യാചി
ക്കുന്ന ഏവനും ലഭിക്കുന്നു. അന്വേഷിക്കു
ന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവനായി
9 തുറക്കപ്പെടുകയും ചെയ്യുന്നു. സ്വപുത്രൻ
അപ്പം ചോദിച്ചാൽ അവനു കല്ലുകൊടുക്കു
10 ന്നവനായി നിങ്ങളിൽ ആരുണ്ട്? മത്സ്യം
ആവശ്യപ്പെട്ടാൽ പാമ്പിനെയാണോ കൊടു
11 ക്കുന്നത്? ദോഷികളായ നിങ്ങൾപോലും
സ്വന്ത മക്കൾക്കു നല്ല ദാനങ്ങൾ കൊടു
ക്കുവാൻ അറിയുന്നവരെങ്കിൽ - സ്വർഗ്ഗ
സ്ഥനായ നിങ്ങളുടെ പിതാവ് തന്നോടു
അപേക്ഷിക്കുന്നവർക്ക് നന്മകൾ എത്ര
അധികമായി കൊടുക്കും? മനുഷ്യർ 12
നിങ്ങൾക്കായി ചെയ്യണമെന്നു നിങ്ങൾ
ആഗ്രഹിക്കുന്നതെല്ലാം അതുപോലെ
നിങ്ങളും അവർക്കായി ചെയ്യണം. എന്തെ
ന്നാൽ ഇതാകുന്നു ന്യായപ്രമാണവും
പ്രവാചകന്മാരും.

ഇടുക്കമുള്ള വാതിലിൽക്കൂടി പ്രവേശി 13
പ്പിൻ. എന്തെന്നാൽ നാശത്തിലേക്കു നയി
ക്കുന്ന വാതിൽ വീതിയുള്ളതും വഴി വിശാ
ലവുമാകുന്നു. അതിലൂടെ പോകുന്നവർ
അനേകരാകുന്നു. ജീവനിലേക്കു നയിക്കു 14
ന്ന വഴി ഞെരുക്കമുള്ളതും വാതിൽ ഇടുങ്ങി
യതുമത്രെ. അതിനെ കണ്ടെത്തുന്നവരോ
ചുരുക്കമത്രെ. നിങ്ങളുടെ അടുക്കൽ ആടു 15
കളുടെ വേഷത്തിൽ വരുന്ന കള്ളപ്രവാച
കന്മാരെ സൂക്ഷിച്ചുകൊള്ളണം. അകമേ
അവർ കടിച്ചു കീറുന്ന ചെന്നായ്ക്കൾ
ആകുന്നു. അവരെ അവരുടെ ഫലങ്ങൾ 16
കൊണ്ടു നിങ്ങൾ അറിഞ്ഞുകൊള്ളണം.
മുള്ളുകളിൽനിന്നു മുന്തിരിപ്പഴങ്ങളോ
ഞെരിഞ്ഞിലുകളിൽനിന്ന് അത്തിപ്പഴ
ങ്ങളോ പറിക്കാറുണ്ടോ? ഇങ്ങനെ എല്ലാ 17
നല്ല വൃക്ഷവും നല്ല ഫലങ്ങളെ കായ്ക്കു
ന്നു. ചീത്ത വൃക്ഷമോ ചീത്ത ഫലങ്ങളും 18
കായ്ക്കുന്നു. നല്ല വൃക്ഷത്തിനു ചീത്ത
ഫലങ്ങൾ കായ്ക്കാനോ ചീത്ത വൃക്ഷത്തി
നു നല്ല ഫലങ്ങൾ കായ്ക്കാനോ സാദ്ധ്യമല്ല.
സൽഫലങ്ങൾ കായ്ക്കാത്ത വൃക്ഷമെല്ലാം 19
വെട്ടപ്പെട്ട് അഗ്നിയിൽ വീഴുന്നു. ആകയാൽ 20
അവയുടെ ഫലങ്ങളിൽനിന്നും നിങ്ങൾ
അവരെ തിരിച്ചറിഞ്ഞു കൊള്ളണം.

"എൻെറ കർത്താവേ, എൻെറ കർത്താ 21
വേ" എന്ന് എന്നെ വിളിക്കുന്ന ഏവനുമല്ല;
എന്നാലോ സ്വർഗ്ഗസ്ഥനായ എൻെറ
പിതാവിൻെറ ഇഷ്ടം ചെയ്യുന്നവനത്രെ
സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിക്കുന്നത്.
ആ ദിവസം പലരും എന്നോട് എൻെറ 22
കർത്താവേ, എൻെറ കർത്താവേ അങ്ങയു
ടെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും
അങ്ങയുടെ നാമത്തിൽ ഞങ്ങൾ പിശാചു
ക്കളെ പുറത്താക്കുകയും, അങ്ങയുടെ
നാമത്തിൽ ഞങ്ങൾ വളരെയേറെ അത്ഭുത
ങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടില്ല
യോ? എന്നു ചോദിക്കും. അപ്പോൾ ഞാൻ 23
അവരോട് 'അനീതിചെയ്യുന്നവരേ, ഒരി
ക്കലും ഞാൻ നിങ്ങളെ അറിഞ്ഞിട്ടില്ല.
എൻെറ അടുക്കൽ നിന്ന് ദൂരെ പോകുവിൻ'
എന്നു തീർത്തു പറയും.

ആകയാൽ എൻെറ ഈ വചനങ്ങൾ 24
കേട്ട് അപ്രകാരം പ്രവർത്തിക്കുന്ന ഏവനും,

പാറമേൽ തൻെറ വീടു പണിത ബുദ്ധി
മാനായ മനുഷ്യനു സദൃശ്യനായിരിക്കും.
മഴപെയ്തു, നദികൾ പ്രവഹിച്ചു. കാററടിച്ചു
അവ ആ ഭവനത്തിൽ അടിച്ചു. അതു വീണു
പോയില്ല. എന്തെന്നാൽ അതിൻെറ അടി
സ്ഥാനം പാറമേൽ ആയിരുന്നു സ്ഥാപിത
മായിരുന്നത്. എൻെറ ഈ വചനങ്ങൾ
കേട്ടിട്ട് അപ്രകാരം പ്രവർത്തിക്കാത്ത
ഏവനും, തൻെറ വീട് മണലിന്മേൽ പണി
ത ഭോഷനായ മനുഷ്യനോട് സദൃശ്യ
നത്രെ. മഴപെയ്തു. നദികൾ പ്രവഹിച്ചു.
കാററടിച്ചു. അവ ആ ഭവനത്തിന്മേൽ അടി
ച്ചു. അതു വീണുപോയി. അതിൻെറ വീഴ്ച
വലുതായിരുന്നു." യേശു ഈ വചനങ്ങൾ
പറഞ്ഞു കഴിഞ്ഞപ്പോൾ പുരുഷാരം തൻെറ
ഉപദേശത്തെക്കുറിച്ചു അത്ഭുതപ്പെട്ടു.
എന്തെന്നാൽ താൻ പഠിപ്പിച്ചത് അവരുടെ
ശാസ്ത്രിമാരെയും പരീശന്മാരെയുംപോ
ലെ അല്ലായിരുന്നു: അധികാരമുള്ളവൻ
എന്ന വിധത്തിലായിരുന്നു.

അദ്ധ്യായം 8

യേശു മലയിൽ നിന്നിറങ്ങിവന്നപ്പോൾ
വലിയ ജനസമൂഹം തന്നെ അനുഗമിച്ചു.
ഒരു കുഷ്ഠരോഗി വന്ന് തന്നെ നമസ്കരിച്ചു
കൊണ്ട്, എൻെറ കർത്താവേ അങ്ങേയ്ക്കു
മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ
അങ്ങേയ്ക്കു കഴിയും എന്നു പറഞ്ഞു.
യേശു കൈനീട്ടി അവനെ തൊട്ട് അവനോട്
എനിക്കു മനസ്സുണ്ട്. നീ ശുദ്ധനാകുക'
എന്നു പറഞ്ഞു. തൽക്ഷണം അവൻെറ
കുഷ്ഠം നീങ്ങി ശുദ്ധനായി. യേശു അവ
നോട്, ഇത് ആരോടും പറയാതിരിക്കുവാൻ
സൂക്ഷിക്കുക. എന്നാൽ നീ പോയി പുരോ
ഹിതന്മാർക്കു നിന്നെത്തന്നെ കാണിച്ചു
കൊടുക്കുകയും അവരുടെ സാക്ഷ്യത്തി
നായി മോശ നിർദ്ദേശിച്ചിട്ടുള്ളതുപോലെ
കാഴ്ചപാടു സമർപ്പിക്കുകയും ചെയ്ക' എന്നു
പറഞ്ഞു.
യേശു കഫർന്നഹോമിൽ എത്തിയ
പ്പോൾ ഒരു ശതാധിപൻ അടുത്തുവന്ന്
തന്നോട് അപേക്ഷിച്ചു. 'എൻെറ കർത്താ
വേ എൻെറ ഭൃത്യൻ പക്ഷാഘാതം മൂലം
വീട്ടിൽകിടന്നു വളരെ കഷ്ടപ്പെടുന്നു.
യേശു അവനോട്, ഞാൻ വന്ന് അവനെ
സുഖപ്പെടുത്താം എന്നു പറഞ്ഞു. അതിന്
ഉത്തരമായി ആ ശതാധിപൻ 'എൻെറ
കർത്താവേ അവിടന്ന് എൻെറ കൂടാരത്തി
നുള്ളിൽ പ്രവേശിപ്പാൻ തക്ക യോഗ്യത
എനിക്കില്ല. എന്നാലോ ഒരു വാക്കു മാത്രം
കല്പിക്കുക. എൻെറ ഭൃത്യൻ സുഖം പ്രാപി
ക്കും. എന്തെന്നാൽ ഞാനും അധികാര 9
ത്തിൻ കീഴുള്ള ഒരാളാണ്. എൻെറ കീഴിൽ
ഭടന്മാരുമുണ്ട്. അവരിൽ ഒരുവനോടു
'പോകൂ' എന്നു ഞാൻ പറഞ്ഞാൽ അവൻ
പോകും. മറെറാരുവനോട് 'വരൂ' എന്നു പറ
ഞ്ഞാൽ അവൻ വരും. എൻെറ ദാസനോട്
ഇന്നതു ചെയ്യൂ എന്നു പറഞ്ഞാൽ അവ
നതു ചെയ്കയും ചെയ്യും" എന്നു പറഞ്ഞു.
യേശു ഇതു കേട്ടപ്പോൾ വിസ്മയിച്ച് 10
തന്നോടുകൂടെ വരുന്നവരോട്, ഇസ്രയേ
ലിൽപോലും ഇതുപോലുള്ള വിശ്വാസം
ഞാൻ കണ്ടിട്ടില്ല എന്നു സത്യമായും നിങ്ങ
ളോടു പറയുന്നു. കിഴക്കുനിന്നും പടി 11
ഞ്ഞാറുനിന്നും അനേകർ വന്ന് അബ്രഹാ
മിനോടും ഇസഹാക്കിനോടും യാക്കോബി
നോടുംകൂടെ സ്വർഗ്ഗരാജ്യത്തിൽ ഭക്ഷണ
ത്തിനിരിക്കും. രാജ്യത്തിൻെറ മക്കളോ പുറ 12
ത്തുള്ള അന്ധകാരത്തിലേക്കു പുറപ്പെടും.
അവിടെ കരച്ചിലും പല്ലുകടിയുമുണ്ടാകും
എന്നു സത്യമായും ഞാൻ നിങ്ങളോടു പറ
യുന്നു, എന്നു പറഞ്ഞു. അനന്തരം യേശു 13
ആ ശതാധിപനോട് 'പൊയ്ക്കൊൾക. നീ
വിശ്വസിച്ച പ്രകാരം നിനക്കു സംഭവിക്കും'
എന്നു പറഞ്ഞു. തൽസമയംതന്നെ അവ
ൻെറ ഭൃത്യൻ സുഖപ്പെട്ടു.
യേശു ശെമഓൻെറ ഭവനത്തിൽ വന്ന്, 14
അവൻെറ അമ്മായിഅമ്മ ജ്വരബാധിത
യായി കിടക്കുന്നതു കണ്ടു. യേശു അവ 15
ളുടെ കൈയിൽ തൊട്ടു. പനി വിട്ടുമാറി;
അവൾ എഴുന്നേററ് അവർക്കു ശുശ്രൂഷ
ചെയ്തു. സന്ധ്യയായപ്പോൾ (ആളുകൾ) 16
അനേകം ഭൂതഗ്രസ്തരെ തൻെറ സന്നിധി
യിൽ കൊണ്ടുവന്നു. താൻ വചനംകൊണ്ട്
അവരിൽനിന്നു പിശാചുക്കളെ പുറത്താ
ക്കി. കഠിന രോഗികളെല്ലാവരേയും താൻ
സുഖപ്പെടുത്തി. "അവൻ നമ്മുടെ വേദന 17
കൾ സ്വീകരിക്കും. നമ്മുടെ രോഗങ്ങളെ
വഹിക്കുകയും ചെയ്യും" എന്ന് ഏശായ
ദീർഘദർശിയാൽ പറയപ്പെട്ടിരുന്നത്
ഇങ്ങനെ നിവൃത്തിയായി.
വലിയ പുരുഷാരം തനിക്കു ചുററും 18
കൂടിയിരിക്കുന്നതായി കണ്ട് അക്കരയ്ക്കു
പോകുവാൻ താൻ കല്പിച്ചു. ഒരു ശാസ്ത്രി 19
തന്നെ സമീപിച്ച്, റബി, അവിടന്നുപോ
കുന്ന സ്ഥലത്തേക്ക് ഞാൻ അങ്ങയുടെ
പിന്നാലെ വന്നുകൊള്ളാം എന്നു പറഞ്ഞു. 20
യേശു അവനോട്' കുറുനരികൾക്ക് അളക
ളും ആകാശത്തിലെ പക്ഷികൾക്ക് കൂടുക
ളുമുണ്ട്. എന്നാൽ മനുഷ്യപുത്രനൊ തല

21 ചായ്പാൻ ഇടമില്ല' എന്നു പറഞ്ഞു. തൻെറ
ശിഷ്യരിൽ വേറൊരുവൻ തന്നോട് 'എൻെറ
കർത്താവേ ഞാൻ പോയി ആദ്യമെ എൻെറ
പിതാവിൻെറ കബറടക്കം നടത്തുവാൻ
എന്നെ അനുവദിക്കണമെ' എന്നു പറഞ്ഞു.
22 യേശുവോ, അവനോട് 'നീ എൻെറ
പിന്നാലെ വരിക. മരിച്ചവർ സ്വന്തം മരിച്ച
വരെ സംസ്കരിക്കട്ടെ' എന്നു പറഞ്ഞു.
23 യേശു പടകിൽ കയറിയപ്പോൾ തൻെറ
24 ശിഷ്യന്മാരുംകൂടെ കയറി. പടക് തിരമാല
കളാൽ മൂടപ്പെടുമാറ് സമുദ്രത്തിൽ വലിയ
ക്ഷോഭമുണ്ടായി. യേശുവോ ഉറങ്ങുകയാ
25 യിരുന്നു. ശിഷ്യന്മാർ തന്നെ സമീപിച്ച്
തന്നെ ഉണർത്തി "കർത്താവേ രക്ഷിക്ക
ണമെ; ഞങ്ങൾ നശിച്ചുപോകുന്നു" എന്നു
26 പറഞ്ഞു. യേശു അവരോട് "അല്പവിശ്വാ
സികളേ നിങ്ങൾ എന്തിനു ഭയവിഹ്വലരാ
യിരിക്കുന്നു." എന്നു പറഞ്ഞിട്ട് താൻ എഴു
ന്നേററു കാററിനേയും കടലിനേയും
ശാസിച്ചു. വലിയ ശാന്തതയുണ്ടായി.
27 ആളുകളോ അത്ഭുതപ്പെട്ട്, കാററും കടലും
അവനെ അനുസരിക്കുന്ന ഇദ്ദേഹം ആരാ
യിരിക്കും എന്നു പറഞ്ഞു.
28 യേശു അക്കരെ ഗദറയരുടെ ദേശത്ത്
എത്തിയപ്പോൾ പിശാചുബാധിതരായി ആ
വഴിയെ ആർക്കും കടന്നുപോകുവാൻ കഴി
യാത്തവണ്ണം അത്ര തിന്മപെട്ടവരായിരുന്ന
രണ്ടുപേർ കല്ലറകൾക്കിടയിൽനിന്നും
29 തനിക്കെതിരെ വന്ന് അട്ടഹസിച്ചു. "ദൈവ
പുത്രനായ യേശുവേ, ഞങ്ങൾക്കും
നിനക്കും എന്ത്? ഞങ്ങളെ പീഡിപ്പി
ക്കുവാൻ, കാലമാകുന്നതിനുമുമ്പ് നീ
ഇവിടെ വന്നിരിക്കുകയാണോ? എന്നു പറ
30 ഞ്ഞു. അവർക്ക് അല്പം അകലെ, ഒരു
വലിയ പന്നിക്കൂട്ടം മേഞ്ഞു നിൽപ്പുണ്ടാ
31 യിരുന്നു. ആ പിശാചുക്കൾ തന്നോട്, 'നീ
ഞങ്ങളെ പുറത്താക്കുന്നുവെങ്കിൽ ആ
പന്നിക്കൂട്ടത്തിലേക്കു പോകുവാൻ ഞങ്ങ
ളെ അനുവദിക്കണമെ' എന്നപേക്ഷിച്ചു.
32 യേശു അവരോട്, 'പൊയ്ക്കൊള്ളുവിൻ'
എന്നു പറഞ്ഞു. ഉടനെ അവർ പുറപ്പെട്ട് ആ
പന്നികളിൽ പ്രവേശിച്ചു. ആ കൂട്ടം മുഴു
വനും ഉയർന്ന കിഴക്കാം തൂക്കായുള്ള
സ്ഥലത്തുകൂടി ഓടി കടലിൽ വീണ്
വെള്ളത്തിൽ മുങ്ങി ചാവുകയും ചെയ്തു.
33 അവയെ മേയിച്ചിരുന്നവർ പട്ടണത്തി
ലേക്ക് ഓടിച്ചെന്ന് സംഭവിച്ചതു സർവ്വവും,
ആ ഭൂതബാധിതരുടെ വിവരവും അറി
34 യിച്ചു. നഗരം മുഴുവനും യേശുവിനു നേരെ
വന്നു; തന്നെക്കണ്ട് അവരുടെ അതിരുക
ളിൽനിന്നു താൻ മാറിപ്പോകണമെന്ന്
അപേക്ഷിച്ചു."

അദ്ധ്യായം 9

യേശു പടകു കയറി അക്കരെയ്ക്കു 1
കടന്ന് സ്വന്ത നഗരത്തിലെത്തി. (കിടക്ക 2
യിൽ) കിടക്കുന്ന ഒരു തളർവാത രോഗി
യെ ചിലർ തൻെറ അടുക്കൽ കൊണ്ടുവന്നു.
അവരുടെ വിശ്വാസം കണ്ടിട്ട് യേശു ആ
തളർവാതക്കാരനോട് "എൻെറ മകനെ
ധൈര്യപ്പെട്ടുകൊള്ളുക. നിൻെറ പാപങ്ങൾ
നിന്നോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്നു
പറഞ്ഞു. സൊഫ്രേന്മാരിൽ ചിലർ ഇവൻ 3
ദൈവദൂഷണമാണു പറയുന്നതു എന്ന്
ഉള്ളിൽ പറഞ്ഞു. യേശുവോ, അവരുടെ 4
ചിന്തകൾ അറിഞ്ഞിട്ട് അവരോട് നിങ്ങളുടെ
ഹൃദയത്തിൽ എന്തിനു തിന്മ വിചാരിക്കു
ന്നു? ഏതാണ് പറയുവാൻ എളുപ്പം? നിൻെറ 5
പാപങ്ങൾ നിന്നോടു ക്ഷമിച്ചിരിക്കുന്നു
എന്നോ, നീ എഴുന്നേററു നടക്കുക എന്നു
പറയുന്നതോ? ഭൂമിയിൽ പാപം മോചിക്കാ 6
നുള്ള അധികാരം മനുഷ്യപുത്രന് ഉണ്ട്
എന്നു നിങ്ങൾ അറിയുവാൻ - താൻ ആ
തളർവാതക്കാരനോട് നീ എഴുന്നേററ്
നിൻെറ കിടക്കയെടുത്തുകൊണ്ട് നിൻെറ
ഭവനത്തിലേക്കു പൊയ്ക്കൊള്ളുക എന്നു
പറഞ്ഞു. അവൻ എഴുന്നേററു സ്വഭവന 7
ത്തിലേക്കുപോയി. ആ ജന നിവഹമാകട്ടെ 8
ഇതു കണ്ടപ്പോൾ ഭയപ്പെട്ട് ഇങ്ങനെയുള്ള
അധികാരം മനുഷ്യർക്കു നൽകിയ ദൈവ
ത്തെ സ്തുതിച്ചു.
യേശു അവിടം കടന്ന് പോകുമ്പോൾ 9
ചുങ്കസ്ഥലത്തിരിക്കുന്ന 'മത്തായി' എന്നു
പേരുള്ള ഒരാളിനെക്കണ്ട് അവനോട് നീ
എൻെറ പിന്നാലെ വരൂ എന്നു പറഞ്ഞു.
അവൻ എഴുന്നേററു തൻെറ പിന്നാലെ
പോയി. അവർ ഭവനത്തിൽ ഭക്ഷണത്തി 10
നിരിക്കുമ്പോൾ അനേകം ചുങ്കക്കാരും
പാപികളും ചെന്ന് യേശുവിനോടും തൻെറ
ശിഷ്യന്മാരോടുമൊരുമിച്ച് ഭക്ഷണത്തി
നിരുന്നു. പരീശന്മാർ ഇതു കണ്ടിട്ട് തൻെറ 11
ശിഷ്യന്മാരോട് നിങ്ങളുടെ ഗുരു ചുങ്ക
ക്കാരും പാപികളുമൊത്ത് ഇരുന്ന് ഭക്ഷണം
കഴിക്കുന്നതെന്ത്? എന്നു ചോദിച്ചു. യേശു 12
ഇതു കേട്ട് അവരോടു "രോഗികൾക്കല്ലാതെ
സുഖമുള്ളവർക്ക് വൈദ്യനെക്കൊണ്ട്
ആവശ്യമില്ല. കരുണയെ ആകുന്നു; ബലി 13
യെ അല്ല ഞാൻ ആഗ്രഹിക്കുന്നത്.
എന്നുള്ളത് എന്താണെന്നു നിങ്ങൾ പോയി
പഠിക്കുവിൻ. എന്തെന്നാൽ പാപികളെയ

ല്ലാതെ പുണ്യവാന്മാരെ വിളിപ്പാനല്ല ഞാൻ
4 വന്നിരിക്കുന്നത്" എന്നു പറഞ്ഞു. അനന്തരം
യോഹന്നാൻെറ ശിഷ്യന്മാർ യേശുവിനെ
സമീപിച്ചുകൊണ്ട് 'ഞങ്ങളും പരീശന്മാരും
വളരെയേറെ ഉപവസിക്കുന്നുണ്ട്. അങ്ങയു
ടെ ശിഷ്യന്മാർ എന്താണ് ഉപവസിക്കാത്ത
5 ത്? എന്നു ചോദിച്ചു. യേശു അവരോട് മണ
വാളൻ തങ്ങളോടൊരുമിച്ചുള്ള കാലഘട്ട
ത്തിൽ മണവറക്കാർക്കു (തോഴർക്ക്)
ഉപവസിക്കുവാൻ കഴിയുമോ? മണവാളൻ
അവരിൽനിന്ന് എടുക്കപ്പെടുന്ന ദിവസ
ങ്ങൾ വരും. അപ്പോൾ അവർ ഉപവസിക്കും.
പഴയ വസ്ത്രത്തിൽ പുതിയ തുണി
ക്കഷണം ആരും വയ്ക്കാറില്ല. വച്ചാലോ
ആ വസ്ത്രത്തിന് വലിച്ചിൽ വരുത്തുകയും
കീറൽ അധികമാകുകയും ചെയ്യും. പുതിയ
വീഞ്ഞ് പഴയ തോൽക്കുടങ്ങളിൽ ആരും
ഒഴിക്കാറില്ല. തോൽ കുടങ്ങൾ പൊട്ടിക്കീറി
വീഞ്ഞ് ഒഴുകിപ്പോകുകയും തോൽകുട
ങ്ങൾ നശിച്ചു പോകുകയും ചെയ്യാതിരി
പ്പാൻ വേണ്ടിയാണ് (അങ്ങനെ ചെയ്യുന്നത്).
പുതിയ വീഞ്ഞു പുതിയ തുകൽ കുടങ്ങ
ളിൽ ഒഴിച്ചുവയ്ക്കുന്നു. അപ്പോൾ രണ്ടും
സുരക്ഷിതമായിരിക്കും എന്നു പറഞ്ഞു.

താൻ ഇവ അവരോട് സംസാരിച്ചു
കൊണ്ടിരിക്കുമ്പോൾ ഒരു പ്രമാണി
അടുത്തുവന്നു തന്നെ വന്ദിച്ചിട്ട് എൻെറ
കൾ ഇപ്പോൾ മരിച്ചു. അങ്ങുവന്ന് അവളു
ടമേൽ കൈവയ്ക്കണമേ എന്നാൽ അവൾ
ജീവൻ പ്രാപിക്കും; എന്നു പറഞ്ഞു. യേശു
എഴുന്നേററ് തൻെറ ശിഷ്യന്മാരുമൊത്ത്
അവൻെറ പിന്നാലെ പോയി. കണ്ടാലും
പന്ത്രണ്ടു സംവത്സരമായി രക്തസ്രാവമുള്ള
രു സ്ത്രീ തൻെറ പിന്നിൽ വന്നിട്ട് തൻെറ
ുപ്പായത്തിൻെറ വിളുമ്പിൽ തൊട്ടു. ഞാൻ
അദ്ദേഹത്തിൻെറ വസ്ത്രത്തിൽ തൊടുക
ാത്രം ചെയ്താലും എനിക്കു സൌഖ്യം
ിട്ടും എന്ന് അവൾ ഉള്ളിൽ പറഞ്ഞിരുന്നു.
യശു തിരിഞ്ഞ് അവളെ കണ്ട് അവളോട്
എൻെറ മകളെ നീ ധൈര്യപ്പെട്ടുകൊൾക.
ിൻെറ വിശ്വാസം നിന്നെ ജീവിപ്പിച്ചിരി
ുന്നു' എന്നു പറഞ്ഞു. അപ്പോൾ മുതൽ
വൾ സൌഖ്യവതിയായി. യേശു ആ
മാണിയുടെ വീട്ടിലെത്തി. (വിലാപ)
ായകരേയും ആരവമുണ്ടാക്കുന്ന ജന
മൂഹത്തേയും കണ്ട് അവരോട് 'മാറി
ൽക്കുവിൻ. എന്തെന്നാൽ ഈ ബാലിക
ിച്ചിട്ടില്ല; അവൾ ഉറങ്ങുകയത്രെ' എന്നു
ഞ്ഞു. അവരോ തന്നെ പരിഹസിച്ചു.
ാൻ ജനസമൂഹത്തെ പുറത്താക്കിയ
ശേഷം അവളുടെ കൈക്കുപിടിച്ചു, ബാല
എഴുന്നേററു. ഈ വാർത്ത ആ നാട്ടിലെല്ലാം 26
പരന്നു.

യേശു അവിടെനിന്നും പോകുമ്പോൾ 27
രണ്ട് കുരുടന്മാർ, ദാവീദുപുത്രാ! ഞങ്ങളു
ടെമേൽ കരുണചെയ്യണമെന്ന് വിളിച്ചു
പറഞ്ഞുകൊണ്ട് തൻെറ പിന്നാലെ ചെന്നു.
ഭവനത്തിൽ താൻ എത്തിയപ്പോൾ, ആ 28
കുരുടന്മാരെ തൻെറ അടുക്കൽ കൊണ്ടു
വന്നു. യേശു അവരോടു "ഇതു ചെയ്വാൻ
എനിക്കു കഴിയുമെന്നു നിങ്ങൾ വിശ്വസി
ക്കുന്നുണ്ടോ?" എന്നു ചോദിച്ചു. 'ഉവ്വ്, ഞങ്ങ 29
ളുടെ കർത്താവേ,' എന്ന് അവർ പറഞ്ഞു.
അപ്പോൾ താൻ അവരുടെ കണ്ണുകൾ തൊട്ട്
നിങ്ങൾ വിശ്വസിച്ചതുപോലെതന്നെ
നിങ്ങൾക്കു ഭവിക്കട്ടെ! എന്നു പറഞ്ഞു.
ഉടനെ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു.
യേശു അവരെ വിലക്കിക്കൊണ്ട്, നോക്കു 30
വിൻ; ആരും ഇതറിയരുത് എന്നു പറഞ്ഞു.
എന്നാൽ അവരോ പോയി ദേശത്തെല്ലാം 31
ഇതു പ്രസിദ്ധമാക്കി. യേശു അവിടെനിന്നും 32
പുറപ്പെട്ടപ്പോൾ പിശാചു ബാധയുള്ള ഒരു
ഊമനെ (ചിലർ) തൻെറ അടുക്കൽ
കൊണ്ടുവന്നു. ഭൂതം ഒഴിഞ്ഞുപോയപ്പോൾ 33
ആ ഊമൻ സംസാരിച്ചു. ജനസമൂഹം
അത്ഭുതപ്പെട്ടു. ഇസ്രായേലിൽ ഇങ്ങനെ
ഒരിക്കലും കണ്ടിട്ടില്ല എന്ന് അവർ പറഞ്ഞു.
എന്നാൽ പരീശന്മാരാകട്ടെ, ഇവൻ പിശാചു 34
ക്കളുടെ തലവനെക്കൊണ്ടാണ് പിശാചു
ക്കളെ പുറത്താക്കുന്നത് എന്നു പറഞ്ഞിരു
ന്നു. യേശു എല്ലാ നഗരങ്ങളിലും ഗ്രാമങ്ങ 35
ളിലും ചുററി സഞ്ചരിച്ച് അവരുടെ സംഘാ
ലയങ്ങളിൽ പഠിപ്പിക്കുകയും രാജ്യത്തി
ൻെറ സുവിശേഷം പ്രസംഗിക്കുകയും എല്ലാ
രോഗങ്ങളേയും വേദനകളേയും സുഖ
പ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.

ഇടയനില്ലാത്ത ആടുകളെപ്പോലെ 36
വലഞ്ഞും അഴിഞ്ഞും ഇരുന്ന ജന
സമൂഹത്തെക്കണ്ട് യേശുവിനു അവരോട്
കരുണ തോന്നി- തൻെറ ശിഷ്യന്മാരോട്
പറഞ്ഞു: "കൊയ്യുവാനുള്ളത് വളരെയു 37
ണ്ട് - വേലക്കാരോ ചുരുക്കം. ആകയാൽ 38
കൊയ്ത്തിനു വേലക്കാരെ അയപ്പാൻ
കൊയ്ത്തിൻെറ നാഥനോട് നിങ്ങൾ
അപേക്ഷിപ്പിൻ"

അദ്ധ്യായം 10

യേശു തൻെറ പന്ത്രണ്ടു ശിഷ്യന്മാരെ 1
വിളിച്ച്, അശുദ്ധാത്മാക്കളെ ബഹിഷ്ക്കരി
ക്കുവാൻ അവയുടെമേലും, സകല വ്യാധി

കളും രോഗങ്ങളും സുഖപ്പെടുത്തുവാനും
2 അവർക്ക് അധികാരം നൽകി. ആ പന്ത്രണ്ടു
ശ്ലീഹന്മാരുടെ നാമങ്ങൾ ഇവയാകുന്നു.
3 അവരുടെ ഒന്നാമൻ കീപ്പാ എന്നു വിളിക്ക
പ്പെടുന്ന ശെമഓൻ, അവൻെറ സഹോദരൻ
അന്ത്രയോസ്, സബദി പുത്രൻ യാക്കോബ്,
അവൻെറ സഹോദരൻ യോഹന്നാൻ,
ഫിലിപ്പോസ്, ബർതുൽമായ്, തോമാ,
ചുങ്കക്കാരൻ മത്തായി, ഹൽപായി പുത്രൻ
യാക്കോബ്, തദ്ദായ് എന്നു മറുപേരുള്ള
4 ലാബി; ശെമഓൻ ഖ്നാനോയോ, തന്നെ
ഒററുകൊടുത്തവനായ യഹൂദസ്കറി
5 യോത്താ. ഈ പന്ത്രണ്ടു പേരെയും അയ
ച്ചുകൊണ്ട് താനവരോടു കല്പിച്ചരുളി
ച്ചെയ്തു. പുറജാതികളുടെ വഴിയിൽ നിങ്ങൾ
പോകരുത്. ശെമറായരുടെ നഗരത്തിൽ
6 കടക്കുകയുമരുത്. ഇസ്രായേൽ ഭവനത്തിൽ
നിന്നു നഷ്ടപ്പെട്ടുപ്പോയ ആടുകളുടെ
അടുക്കലേക്കു പ്രത്യേകമായി പോകണം.
7 നിങ്ങൾ പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീ
പമായിരിക്കുന്നുവെന്നു പ്രസംഗിക്കണം.
8 രോഗികളെ സുഖപ്പെടുത്തുവിൻ, കുഷ്ഠ
രോഗികളെ ശുദ്ധരാക്കുവിൻ, മരിച്ചവരെ
ഉയിർപ്പിക്കുവിൻ. പിശാചുക്കളെ പുറത്താ
ക്കുവിൻ, സൗജന്യമായി നിങ്ങൾക്കു ലഭി
ച്ചു സൗജന്യമായി നിങ്ങൾ കൊടുപ്പിൻ.
9 നിങ്ങൾ പൊന്നും വെള്ളിയും സമ്പാദി
ക്കരുത്. നിങ്ങളുടെ മടിശീലകളിൽ നാണയ
10 ങ്ങളും (വേണ്ട). വഴിയാത്രയ്ക്കായി ഭാണ്ഡ
മോ, രണ്ട് കുപ്പായമോ, ചെരിപ്പുകളോ,
വടിയോ (എടുക്കേണ്ട). എന്തെന്നാൽ വേല
ക്കാരൻ അവൻെറ ഭക്ഷണത്തിന് അർഹത
11 യുള്ളവനത്രെ. നിങ്ങൾ പ്രവേശിക്കുന്ന
നഗരത്തിലും ഗ്രാമത്തിലും യോഗ്യനായവൻ
ആരെന്നു ചോദിച്ചറിയണം. നിങ്ങൾ അവി
ടെനിന്നും പുറപ്പെടുന്നതുവരെ അവിടെ
12 ത്തന്നെ ആയിരിക്കണം. ഭവനത്തിൽ
നിങ്ങൾ, പ്രവേശിക്കുമ്പോൾ ആ ഭവന
13 ത്തിനു സമാധാനം ചൊല്ലുവിൻ. ഭവനം
അർഹതയുള്ളതെങ്കിൽ നിങ്ങളുടെ സമാ
ധാനം അതിന്മേൽ ഉണ്ടാകും. അർഹതയു
ള്ളതല്ലെങ്കിൽ നിങ്ങളുടെ സമാധാനം
നിങ്ങളിലേക്കുതന്നെ മടങ്ങിപ്പോരും.
14 ആരെങ്കിലും നിങ്ങളെ സ്വീകരിക്കാതെയോ
നിങ്ങളുടെ വചനങ്ങൾ കേൾക്കാതെയോ
ഇരുന്നാൽ, നിങ്ങൾ ആ ഭവനത്തിൽനിന്നോ
ഗ്രാമത്തിൽനിന്നോ പുറപ്പെടുമ്പോൾ നിങ്ങ
ളുടെ കാലുകളിൽ (പറ്റിയ) പൊടി കുടഞ്ഞു
15 കളയുവിൻ. സോദോം, ആമോറാ നഗര
ങ്ങൾക്ക്, ആ നഗരത്തേക്കാൾ ന്യായവിധി
ദിവസം ആശ്വാസമുണ്ടാകും എന്ന് ഞാൻ
സത്യമായി നിങ്ങളോടു പറയുന്നു.

കണ്ടാലും, ചെന്നായ്ക്കളുടെ ഇടയി 16
ലേക്ക് കുഞ്ഞാടുകളെപ്പോലെയാണ് ഞാൻ
നിങ്ങളെ അയക്കുന്നത്. ആകയാൽ നിങ്ങൾ
പാമ്പുകളെപ്പോലെ ബുദ്ധിയും പ്രാവു
കളെപ്പോലെ പരമാർഥതയുമുള്ളവരായി
രിക്കണം. മനുഷ്യരെ നിങ്ങൾ സൂക്ഷിച്ചു 17
കൊള്ളണം. എന്തെന്നാൽ വിധിനിലയങ്ങ
ളിൽ അവർ നിങ്ങളെ ഏൽപ്പിക്കുകയും അവ
രുടെ സംഘാലയങ്ങളിൽവച്ചു നിങ്ങളെ
ചമ്മട്ടികൊണ്ടടിപ്പിക്കുകയും ചെയ്യും. നാടു 18
വാഴികളുടെയും രാജാക്കന്മാരുടെയും
മുമ്പാകെ അവരുടെയും ജാതികളുടെയും
സാക്ഷ്യത്തിന്നായി എന്നെപ്രതി അവർ
നിങ്ങളെ കൊണ്ടുപോകും. അവർ നിങ്ങളെ 19
ഏല്പിച്ചു കൊടുക്കുമ്പോൾ, എങ്ങനെ
യാണ് അല്ലെങ്കിൽ എന്താണു നിങ്ങൾ
സംസാരിക്കേണ്ടത് എന്ന് നിങ്ങൾ വിചാര
പ്പെടേണ്ട, പറയേണ്ടത് തൽക്ഷണം നിങ്ങൾ
ക്കു നൽകപ്പെടും—എന്തെന്നാൽ നിങ്ങള 20
ല്ല പറയുന്നത്, പിന്നെയോ നിങ്ങളുടെ
പിതാവിൻെറ ആത്മാവാണ് നിങ്ങളിലൂടെ
സംസാരിക്കുന്നത്. സഹോദരൻ അവൻെറ 21
സഹോദരനേയും, പിതാവു തൻെറ മക
നേയും കൊലയ്ക്ക് ഏല്പിച്ചുകൊടുക്കും.
പുത്രന്മാർ പിതാക്കന്മാർക്കെതിരായി
എഴുന്നേററ് അവരെ കൊല്ലിക്കും. എൻെറ 22
നാമം നിമിത്തമായി നിങ്ങൾ സർവ്വരാലും
ദ്വേഷിക്കപ്പെടും. അവസാനംവരെ സഹിച്ചു
നിൽക്കുന്നവനോ ജീവിക്കും. ഈ നഗര 23
ത്തിൽ അവർ നിങ്ങളെ പീഡിപ്പിക്കുമ്പോൾ
മററൊന്നിലേക്ക് ഓടി മാറുവിൻ. മനുഷ്യ
പുത്രൻ വരുവോളം നിങ്ങൾ ഇസ്രായേല്യ
നഗരങ്ങളെല്ലാം സഞ്ചരിച്ചു തീർക്കുകയില്ല
എന്നു ഞാൻ സത്യമായും നിങ്ങളോടു
പറയുന്നു.

ഒരു ശിഷ്യനും തൻെറ ഗുരുവിനേക്കാ 24
ളോ, ഒരു ദാസനും തൻെറ യജമാനനേക്കാ
ളോ മേന്മയുള്ളവനല്ല. ശിഷ്യൻ ഗുരു സമനാ 25
കുന്നതും ദാസൻ യജമാനതുല്യൻ ആകു
ന്നതും അവർക്ക് മതി. അവർ ഭവനനാഥനെ
'ബെൽസ്ബൂബ്' എന്നു വിളിച്ചെങ്കിൽ അവ
ൻെറ വീട്ടുകാരെ എത്ര അധികമായി
(വിളിക്കും)? ആകയാൽ നിങ്ങൾ അവരെ 26
ഭയപ്പെടേണ്ട. എന്തെന്നാൽ വെളിപ്പെടാതെ
മറഞ്ഞും, അറിയപ്പെടാതെ നിഗൂഢമായും
ഇരിക്കുന്നത് ഒന്നുമില്ല. ഞാൻ നിങ്ങളോടു 27
ഇരുട്ടത്തു പറയുന്നതു നിങ്ങൾ വെളിച്ചത്തു
പറഞ്ഞുകൊള്ളുവിൻ. നിങ്ങൾ ചെവിക

ളിൽ കേൾക്കുന്നത് പുരമുകളിൽനിന്നു
കൊണ്ട് നിങ്ങൾ പ്രസംഗിപ്പിൻ. ശരീരത്തെ
കൊല്ലുന്നവരെ നിങ്ങൾ ഭയപ്പെടേണ്ട.
ആത്മാവിനെ കൊല്ലുവാൻ അവർക്കു കഴി
വില്ലല്ലോ. ആത്മാവിനെയും ശരീരത്തെ
യും നരകത്തിൽ നശിപ്പിപ്പാൻ കഴിവുള്ള
വനെ പ്രത്യേകിച്ചും ഭയപ്പെടുവിൻ—ഒരു
ആസോറിന് (നാണയത്തിന്) രണ്ട് കുരു
വികൾ വില്ക്കപ്പെടുന്നില്ലയോ? അവയിൽ
ഒന്നുപോലും നിങ്ങളുടെ പിതാവ് അറിയാ
തെയല്ല ഭൂമിയിൽ വീഴുന്നത്. നിങ്ങളുടെ
തലമുടി ഇഴപോലും സർവ്വവും എണ്ണപ്പെട്ട
വയാണ്. ആകയാൽ നിങ്ങൾ ഭയപ്പെടേണ്ട.
വളരെയേറെ കുരുവികളേക്കാളും നിങ്ങൾ
ശ്രേഷ്ഠതയുള്ളവരല്ലോ. ആകയാൽ മനു
ഷ്യരുടെ മുമ്പിൽ എന്നെ ഏററു പറയുന്ന
വനെ സ്വർഗ്ഗസ്ഥനായ എൻെറ പിതാവി
ൻെറ മുമ്പാകെ ഞാനും ഏററു പറയും.
മനുഷ്യരുടെ മുമ്പിൽ എന്നെ ഉപേക്ഷിച്ചു
പറയുന്നവനെ സ്വർഗ്ഗസ്ഥനായ എൻെറ
പിതാവിൻെറ മുമ്പാകെ ഞാനും ഉപേ
ക്ഷിച്ചു പറയും.

ഭൂമിയിൽ സമാധാനം വരുത്തുവാൻ
ഞാൻ വന്നിരിക്കുന്നു എന്ന് നിങ്ങൾ വിചാ
രിക്കേണ്ട. ഞാൻ വന്നത് സമാധാനം വരു
ത്തുവാനല്ല പിന്നെയോ വാളിനെയത്രെ.
എന്തെന്നാൽ ഒരുവനെ അവൻെറ പിതാ
വിനെതിരായും പുത്രിയെ അവളുടെ മാതാ
വിനെതിരായും മരുമകളെ തൻെറ അമ്മാ
വിയമ്മയ്ക്ക് എതിരായും ഭിന്നിപ്പിക്കാനാണ്
ഞാൻ വന്നത്. മനുഷ്യൻെറ ശത്രുക്കൾ
അവൻെറ വീട്ടുകാർ തന്നെ. എന്നെ സ്നേ
ഹിക്കുന്നതിനേക്കാൾ അധികമായി പിതാ
വിനെയോ മാതാവിനെയോ സ്നേഹിക്കു
ന്നവൻ എനിക്കു യോജിക്കുന്നവനല്ല.
എന്നെക്കാൾ അധികമായി പുത്രനെയോ,
പുത്രിയെയോ സ്നേഹിക്കുന്നവനും എനി
ക്കു കൊള്ളാവുന്നവനല്ല. തൻെറ കുരിശെ
ടുത്ത് എൻെറ പിന്നാലെ വരാത്തവൻ
ആരും എനിക്കു യോജിക്കുന്നവനല്ല.
തൻെറ ജീവനെ കണ്ടെത്തിയവൻ അതി
നെ നശിപ്പിക്കും. എനിക്കുവേണ്ടി തൻെറ
ജീവനെ നശിപ്പിക്കുന്നവൻ അതിനെ കണ്ടെ
ത്തും. നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ
സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്ന
വനോ എന്നെ അയച്ചവനെ സ്വീകരിക്കു
ന്നു. ദീർഘദർശിയെ ദീർഘദർശി എന്ന
നാമത്തിൽ സ്വീകരിക്കുന്നവന് ദീർഘ
ദർശിയുടെ പ്രതിഫലം ലഭിക്കും. ഒരു
പുണ്യവാനെ പുണ്യവാൻ എന്ന പേരിൽ
സ്വീകരിക്കുന്നവനു പുണ്യവാൻെറ പ്രതി
ഫലം ലഭിക്കും. ശിഷ്യൻെറ നാമത്തിൽ 42
ഈ ചെറിയവരിൽ ഒരുവന് ഒരു പാത്രം
പച്ചവെള്ളം കുടിപ്പാൻ കൊടുത്താൽ
അവൻെറ പ്രതിഫലം നഷ്ടമാകുകയില്ല
എന്നു ഞാൻ സത്യമായി നിങ്ങളോടു
പറയുന്നു."

അദ്ധ്യായം 11

തൻെറ പന്തിരു ശിഷ്യരോട് ഇവ കല്പി 1
ച്ചു കഴിഞ്ഞശേഷം, നഗരങ്ങളിൽ പഠിപ്പി
ക്കുവാനും പ്രസംഗിക്കുവാനുമായി അവിടെ
നിന്നും താൻ പോയി. മ്ശീഹായുടെ പ്രവൃ 2
ത്തികളെക്കുറിച്ച് യോഹന്നാൻ കാരാഗൃഹ
ത്തിൽവച്ചു കേട്ടിട്ട്, തൻെറ ശിഷ്യന്മാരെ
പറഞ്ഞയച്ച് തന്നോട് ചോദിച്ചു: "വരുവാനു
ള്ളവൻ അങ്ങുതന്നെയോ? അതോ മററൊ 3
രാളെയാണോ ഞങ്ങൾ പ്രതീക്ഷിക്കേണ്ട
ത്?" യേശു അവരോട്: 'നിങ്ങൾ പോയി 4
നിങ്ങൾ കാണുന്നതും കേൾക്കുന്നതുമായ
പ്രവൃത്തികൾ യോഹന്നാനെ വിവരിച്ചു
ധരിപ്പിപ്പിൻ. അന്ധന്മാർ കാണുന്നു; മുട 5
ന്തർ നടക്കുന്നു; കുഷ്ഠരോഗികൾ വെടിപ്പാ
ക്കപ്പെടുന്നു; ബധിരർ കേൾക്കുന്നു; മരിച്ച
വർ ഉയിർത്തെഴുന്നേൽക്കുന്നു; ദരിദ്രരോട്
സുവിശേഷിക്കപ്പെടുന്നു. എന്നിൽ വിരുദ്ധ 6
പ്പെട്ടു പോകാത്തവൻ ഭാഗ്യവാൻ' എന്നു
പറഞ്ഞു. അവർ പോയശേഷം യേശു പുരു 7
ഷാരത്തോട് യോഹന്നാനെക്കുറിച്ച് പറയു
വാൻ തുടങ്ങി. "നിങ്ങൾ എന്തു കാണാനാ
ണ് വിജനപ്രദേശത്തേക്കു പോയത്? കാററു
കൊണ്ട് ആടുന്ന ഞാങ്ങണയേയോ? അല്ലെ 8
ങ്കിൽ പിന്നെ എന്തു കാണുവാൻ പോയി?
നേരിയ വസ്ത്രങ്ങൾ ധരിച്ചിരിക്കുന്ന മനു
ഷ്യനെയോ? മൃദുവസ്ത്രധാരികൾ രാജ
ഗൃഹത്തിലല്ലയോ? അല്ലെങ്കിൽ പിന്നെ 9
എന്തു കാണുവാൻ നിങ്ങൾ പോയി? ദീർഘ
ദർശിയേയോ? അതെ, ഞാൻ നിങ്ങളോടു
പറയുന്നു. ദീർഘദർശിയേക്കാൾ ശ്രേഷ്ഠ
നെ തന്നെ. എന്തെന്നാൽ 'നിനക്കു മുമ്പിൽ 10
വഴി ഒരുക്കുവാൻ നിനക്കു മുമ്പായി ഞാൻ
എൻെറ ദൂതനെ അയയ്ക്കുന്നു' എന്ന്
ആരെക്കുറിച്ചാണോ എഴുതപ്പെട്ടിരിക്കു
ന്നത്; ആയവനാകുന്നു ഇവൻ. സത്യമായി 11
ഞാൻ നിങ്ങളോടു പറയുകയാണ്, സ്ത്രീക
ളിൽനിന്നു ജനിച്ചവരിൽ യോഹന്നാൻ
മാംദാന (സ്നാപകനേ)യെക്കാൾ വലിയ
വൻ ഉണ്ടായിട്ടില്ല. സ്വർഗ്ഗരാജ്യത്തിൽ
ചെറിയവനോ അവനെക്കാൾ വലിയവനാ
കുന്നു. യോഹന്നാൻെറ കാലംമുതൽ ഇതു 12

വരേയും സ്വർഗ്ഗരാജ്യം ബലത്താൽ ആന
യിക്കപ്പെടുന്നു. ബലവാന്മാർ അതിനെ
13 പിടിച്ചടക്കുകയും ചെയ്യുന്നു. എന്തെന്നാൽ
ദീർഘദർശിമാർ എല്ലാവരും ന്യായപ്രമാണ
14 വും യോഹന്നാൻവരെ പ്രവചിച്ചു. നിങ്ങൾ
ക്കു മനസ്സുണ്ടെങ്കിൽ സ്വീകരിപ്പിൻ, വരു
വാനുള്ള ഏലിയാ ഇദ്ദേഹം തന്നെയാ
15 കുന്നു. കേൾപ്പാൻ ചെവിയുള്ളവൻ
കേൾക്കട്ടെ.
16 "ഈ തലമുറയെ ഞാൻ ആരോടു
17 സാമ്യപ്പെടുത്തേണ്ടു? തെരുവിൽ ഇരുന്ന്
അവരുടെ കൂട്ടുകാരോടു 'ഞങ്ങൾ നിങ്ങൾ
ക്കായി പാടി -നിങ്ങൾ നൃത്തം ചെയ്തില്ല.
ഞങ്ങൾ നിങ്ങൾക്കായി വിലപിച്ചു. നിങ്ങൾ
ദുഃഖിച്ചില്ല, എന്നു വിളിച്ചുപറയുന്ന കുട്ടി
18 കളോട് ഇതു സാമ്യപ്പെടുന്നു, എന്തെന്നാൽ
യോഹന്നാൻ ഭക്ഷിക്കാത്തവനും കുടിക്കാ
ത്തവനുമായി വന്നു. അവന് പിശാചുണ്ട്
19 എന്നു അവർ പറയുന്നു. മനുഷ്യപുത്രനോ
ഭക്ഷിക്കുന്നവനും കുടിക്കുന്നവനുമായി
വന്നു. കണ്ടാലും ഭക്ഷണപ്രിയനും വീഞ്ഞു
കുടിയനും, ചുങ്കക്കാരുടെയും പാപികളു
ടെയും സ്നേഹിതനും എന്ന് അവർ പറയു
ന്നു. ജ്ഞാനം അതിന്റെ പ്രവൃത്തികളാൽ
നീതീകരിക്കപ്പെട്ടു."
20 അനന്തരം യേശു, തന്റെ വളരെയേറെ
അത്ഭുതങ്ങൾ അവയിൽ നടന്നിട്ടും മാന
സാന്തരപ്പെടാതിരുന്ന നഗരങ്ങളെ കുറ്റപ്പെ
21 ടുത്തുവാൻ തുടങ്ങി. കോറസീനേ, നിനക്ക്
കഷ്ടം! ബെത്സൈദയെ, നിനക്കു കഷ്ടം!
നിങ്ങളിൽ നടന്ന അത്ഭുതങ്ങൾ സോറിലും
സീദോനിലുമാണ് നടന്നിരുന്നതെങ്കിൽ
അവർ ചാക്കുശീലധരിച്ചും ചാരത്തിൽ ഇരു
22 ന്നും അനുതപിക്കുമായിരുന്നു! ന്യായവിധി
ദിവസം നിങ്ങളെക്കാൾ ആശ്വാസം സോറി
നും സീദോനും ലബ്ധമാകും എന്നു സത്യ
മായി ഞാൻ നിങ്ങളോടു പറയുന്നു.
23 ആകാശംവരെ ഉയർത്തപ്പെട്ട കപ്പർന്ന
ഹോമേ, നീ പാതാളംവരെ താഴ്ത്തപ്പെടും.
നിന്നിൽ സംഭവിച്ച അത്ഭുതങ്ങൾ സോദോ
മിൽ ആയിരുന്നെങ്കിൽ അത് ഇന്നുവരെ
24 നിലനിൽക്കുമായിരുന്നു. എന്നാൽ വിധി
നാളിൽ നിന്നെക്കാൾ ആശ്വാസം സോദോ
മിനുണ്ടാകുമെന്നു ഞാൻ നിങ്ങളോടു
പറയുന്നു.
25 ആ സമയത്ത് യേശു തുടർന്നു പറഞ്ഞു:
"സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥ
നായ എന്റെ പിതാവേ, ജ്ഞാനികളിൽ
നിന്നും വിവേകമതികളിൽനിന്നും മറച്ച് ഇവ
ശിശുക്കൾക്കു വെളിപ്പെടുത്തിയതിനാൽ
നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. അതേ 26
പിതാവേ തിരുമുമ്പിൽ ഇങ്ങനെയായിരു
ന്നു തിരുവിഷ്ടം. എന്റെ പിതാവിനാൽ 27
സർവ്വവും എനിക്ക് ഏൽപ്പിക്കപ്പെട്ടിരിക്കു
ന്നു. പിതാവല്ലാതെ പുത്രനെ ആരും അറി
യുന്നില്ല. പുത്രനും, പുത്രൻ ആർക്കാണോ
വെളിപ്പെടുത്തുവാൻ ഇഷ്ടപ്പെടുന്നുത്.,
അവനും അല്ലാതെ ആരും പിതാവിനെയും
അറിയുന്നില്ല. അദ്ധ്വാനിച്ച് ക്ഷീണിച്ചവരും 28
ഭാരം വഹിക്കുന്നവരുമേ, നിങ്ങൾ എല്ലാ
വരും എന്റെ അടുക്കൽ വരുവിൻ. ഞാൻ 29
നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്ത
ശീലനും വിനീതഹൃദയനുമാകയാൽ
എന്റെ നുകം നിങ്ങളുടെമേൽ വഹിക്കയും
എന്നിൽനിന്നു പഠിക്കുകയും ചെയ്വിൻ.
നിങ്ങളുടെ ആത്മാക്കൾക്കു നിങ്ങൾ
ആശ്വാസം കണ്ടെത്തും. എന്തെന്നാൽ 30
എന്റെ നുകം സുഖകരവും എന്റെ ചുമട്
ഭാരം കുറഞ്ഞതുമാകുന്നു."

അദ്ധ്യായം 12

അക്കാലത്ത് ഒരു ശാബതിൽ യേശു 1
വിളഭൂമിയിലൂടെ നടക്കുകയായിരുന്നു.
തന്റെ ശിഷ്യന്മാർക്ക് വിശന്നു. അവർ കതി
രുകൾ പറിച്ചു കൈകൾകൊണ്ടു തിരുമ്മി
തിന്നുകൊണ്ടിരുന്നു. പരീശന്മാർ ഇതു 2
കണ്ട് തന്നോട് ശാബതിൽ ചെയ്യുവാൻ
അനുവാദമില്ലാത്തത് നിന്റെ ശിഷ്യന്മാർ
ഇതാ ചെയ്യുന്നു എന്നു പറഞ്ഞു. താൻ 3
അവരോട് ദാവീദിനും അവനോടുകൂടെയു
ള്ളവർക്കും വിശന്നപ്പോൾ ദാവീദ് എന്താ
ണു ചെയ്തത് എന്നു നിങ്ങൾ വായിച്ചിട്ടില്ല
യോ? 'അവൻ ദൈവഭവനത്തിലേക്കു 4
പ്രവേശിച്ച് ആചാര്യന്മാർക്ക് മാത്രമല്ലാതെ
അവനോ അവനോടുകൂടെയുള്ളവർക്കോ
ഭക്ഷിപ്പാൻ അനുവാദമില്ലാത്തതായിരുന്ന
കർത്തൃ മേശയിലെ അപ്പം ഭക്ഷിച്ചതെങ്ങ
നെ? അല്ലെങ്കിൽ പുരോഹിതന്മാർ ദൈവാല 5
യത്തിൽവച്ചു ശാബതിനെ ലംഘിച്ചാലും
അവർ കുററമില്ലാത്തവരായിരിക്കുന്നു'
എന്നും ന്യായപ്രമാണത്തിൽ നിങ്ങൾ
വായിച്ചിട്ടില്ലയോ? ഞാൻ നിങ്ങളോടു
പറയുന്നു: "ദൈവാലയത്തെക്കാൾ വലി 6
യവൻ ഇവിടെ ഉണ്ട്. 'ഞാൻ കരുണയെ 7
ആഗ്രഹിക്കുന്നു - ബലിയെയല്ല' എന്നു
ള്ളത് എന്താണെന്നു നിങ്ങൾ അറിഞ്ഞി
രുന്നെങ്കിൽ കുററമില്ലാത്തവരെ നിങ്ങൾ
കുററപ്പെടുത്തുകയില്ലായിരുന്നു. എന്തെ 8
ന്നാൽ മനുഷ്യപുത്രനത്രെ ശാബതിന്റെ
കർത്താവ്."

9 പിന്നീട് യേശു അവിടം വിട്ട് അവരുടെ
സംഘാലയത്തിൽ വന്നു. അവിടെ കൈ
ശോഷിച്ച ഒരു മനുഷ്യനുണ്ടായിരുന്നു.
10 അവർ തന്നിൽ കുററാരോപണം ചെയ്‌വാ
നായി ചോദിച്ചു: "ശാബതിൽ സുഖപ്പെടു
11 ത്തുന്നത് അനുവദനീയമോ?", താൻ അവ
രോട് "നിങ്ങളിൽ ഒരുവന് ഒരു ആടുണ്ടെ
ന്നിരിക്കട്ടെ. അതു ശാബതുദിവസം കുഴി
യിൽ വീണാൽ അവൻ അതിനെ പിടിച്ചു
12 കയറ്റുകയില്ലയോ? ആടിനേക്കാൾ മനു
ഷ്യൻ എത്രയോ ശ്രേഷ്ഠനാകുന്നു. ആക
യാൽ ശാബതിൽ നല്ലകാര്യം ചെയ്യാവുന്ന
13 താകുന്നു." പിന്നെ താൻ ആ മനുഷ്യനോട്
'കൈ നീട്ടുക' എന്നു പറഞ്ഞു. അവൻ കൈ
നീട്ടി. അതു മറേറ കൈപോലെ സുഖപ്പെ
14 ടുകയും ചെയ്തു. പരീശന്മാർ പുറത്തിറങ്ങി
തന്നെ നശിപ്പിക്കുവാൻ തനിക്കു വിരോധമാ
15 യി ആലോചിച്ചു. യേശു ഇതറിഞ്ഞ് അവിടെ
നിന്നും മാറിപ്പോയി. അനേകം പുരുഷാരം
തന്നെ അനുഗമിച്ചു. എല്ലാവരേയും താൻ
16 സുഖപ്പെടുത്തി. തന്നെ പരസ്യപ്പെടുത്തരു
തെന്ന് താൻ അവരെ വിലക്കി.(ഇത്)
17 ഏശായാ ദീർഘദർശിയാൽ പറയപ്പെട്ടിരു
18 ന്നത് നിവൃത്തിയാകുവാൻതന്നെ. (അതാ
യത്) ഇതാ ഞാൻ അവനിൽ പ്രസാദിച്ച
എൻെറ ദാസൻ-എൻെറ ആത്മാവ് അവ
നായി കാംക്ഷിച്ച എൻെറ വത്സലൻ; എൻെറ
ആത്മാവിനെ അവന്മേൽ ഞാൻ വയ്ക്കും.
അവൻ ജാതികൾക്കു ന്യായവിധി പ്രഘോ
19 ഷിക്കും. അവൻ തർക്കിക്കുകയോ കരയുക
യോ ചെയ്കയില്ല. തെരുവുകളിൽ ആരും
അവൻെറ ശബ്ദം കേൾക്കുകയുമില്ല.
20 അവൻ വിധിയെ വിജയത്തിൽ എത്തിക്കു
ന്നതുവരെ, അവൻ ചതഞ്ഞ ഞാങ്ങണയെ
ഒടിച്ചു കളയുകയും മങ്ങിക്കത്തുന്ന വിള
21 ക്കു കെടുത്തുകയുമില്ല. അവൻെറ നാമ
ത്തിൽ ജാതികൾ പ്രത്യാശ വക്കും."
22 അപ്പോൾ ഊമനും അന്ധനുമായ ഒരു
പിശാചുബാധിതനെ (ജനങ്ങൾ) അവൻെറ
അടുക്കൽ കൊണ്ടുവന്നു. ഊമനും അന്ധ
നുമായവൻ സംസാരിക്കുകയും കാണു
കയും ചെയ്യത്തക്കവണ്ണം താൻ അവനെ
23 സൌഖ്യമാക്കി. പുരുഷാരം മുഴുവൻ അത്ഭു
തപ്പെട്ട് 'ദാവീദുപുത്രൻ പക്ഷേ, ഇദ്ദേഹമാ
24 യിരിക്കും' എന്നു പറഞ്ഞു. എന്നാൽ പരീശ
ന്മാർ അതു കേട്ടപ്പോൾ ഇവൻ ഭൂതഗണ
ങ്ങളെ പുറത്താക്കുന്നത്, പിശാചുക്കളുടെ
തലവനായ ബെൽസ്ബൂബിനെക്കൊണ്ടേ
ല്ലാതെ (മറെറാന്നുകൊണ്ടും) അല്ല, എന്നു
പറഞ്ഞു. യേശു അവരുടെ ചിന്തകൾ അറി
ഞ്ഞ് അവരോട് 'തന്നിൽതന്നെ ഛിദ്രിക്കുന്ന
ഏതു രാജ്യവും നശിക്കും. തന്നിൽ തന്നെ
ഛിദ്രിക്കുന്ന ഏതു ഭവനവും നഗരവും
നിലനിൽക്കുകയില്ല. സാത്താൻ സാത്താ 26
നെ പുറത്താക്കുകയാണെങ്കിൽ അവൻ
സ്വയം ഛിദ്രിക്കുകയാണ്. ആകയാൽ
അവൻെറ രാജ്യം എങ്ങനെ നിലനിൽക്കും?
ബെൽസ്ബൂബിനെക്കൊണ്ടാണ് ഞാൻ 27
ഭൂതങ്ങളെ ബഹിഷ്ക്കരിക്കുന്നതെങ്കിൽ,
നിങ്ങളുടെ മക്കൾ ആരെക്കൊണ്ടാണ് അവ
യെ ബഹിഷ്ക്കരിക്കുന്നത്? ആകയാൽ
അവർ നിങ്ങൾക്കു വിധികർത്താക്കളാ
യിരിക്കും. ഞാൻ ഭൂതങ്ങളെ പുറത്താക്കു 28
ന്നത് ദൈവത്തിൻെറ ആത്മാവിനെക്കൊ
ണ്ടാണെങ്കിലോ സ്വർഗ്ഗരാജ്യം നിങ്ങൾക്കു
സമീപിച്ചിരിക്കുന്നു. ആദ്യമെ ശക്തനെ 29
പിടിച്ചു കെട്ടാതെ അവൻെറ വീട്ടിൽ കടന്ന്
അവൻെറ സാധനങ്ങൾ കവർച്ചചെയ്യുവാൻ
ഒരുവന് എങ്ങനെ സാദ്ധ്യമാകും? (ബന്ധി
ച്ചാലോ) അപ്പോൾ അവൻെറ വീടു കൊള്ള
യടിക്കാം. എന്നോടു കൂടെയല്ലാത്തവൻ 30
എനിക്ക് എതിരാളിയത്രെ. എന്നോടുകൂടെ
ചേർക്കാത്തവൻ, ചിതറിക്കതന്നെ ചെയ്യു
ന്നു. ആകയാൽ ഞാൻ നിങ്ങളോടു പറ 31
യുന്നു. മനുഷ്യരുടെ എല്ലാ പാപങ്ങളും
ദൈവദൂഷണങ്ങളും മനുഷ്യരോടു ക്ഷമി
ക്കപ്പെടും. 'ആത്മാവി'ന് എതിരായുള്ള
ദൈവദൂഷണം. മനുഷ്യരോടു ക്ഷമിക്കപ്പെ
ടുകയില്ല. ആരെങ്കിലും മനുഷ്യൻെറ പുത്രന് 32
എതിരായി വാക്കു പറഞ്ഞാൽ അവനോട്
അതു ക്ഷമിക്കപ്പെടും. ആരെങ്കിലും പരിശു
ദ്ധാത്മാവിന് എതിരായി പറഞ്ഞാൽ ഈ
ലോകത്തിലും വരുവാനുള്ള ലോകത്തിലും
അത് അവനോടു ക്ഷമിക്കപ്പെടുകയില്ല.
ഒന്നുകിൽ വൃക്ഷം നല്ലത്. അതിൻെറ ഫല 33
ങ്ങളും നല്ലത് എന്നു വയ്പിൻ. അല്ലെങ്കിൽ
വൃക്ഷം ചീത്ത, അതിൻെറ ഫലങ്ങളും
ചീത്ത എന്നു വയ്പിൻ. എന്തെന്നാൽ അതി
ൻെറ ഫലങ്ങൾകൊണ്ടാണ് വൃക്ഷം അറി
യപ്പെടുന്നത്. അണലിസന്തതികളേ, ദുഷ്ട 34
രായ നിങ്ങൾക്കു നല്ല കാര്യങ്ങൾ സംസാരി
പ്പാൻ എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞു
കവിയുന്നതിൽ നിന്നാണല്ലോ വായ്
സംസാരിക്കുന്നത്. നല്ല മനുഷ്യൻ നല്ല 35
നിക്ഷേപങ്ങളിൽനിന്ന് നല്ലതു പുറപ്പെടുവി
ക്കുന്നു. ചീത്ത മനുഷ്യൻ ചീത്ത നിക്ഷേപ
ങ്ങളിൽനിന്ന് തിന്മകളേയും പുറപ്പെടുവി
ക്കുന്നു. എന്തെന്നാൽ ഞാൻ നിങ്ങളോടു 36
പറയുന്നു. മനുഷ്യർ പറയുന്ന സർവ്വ
വ്യർത്ഥവാക്കുകൾക്കും വിധിദിവസത്തിൽ

37 അവർ ഉത്തരം പറയേണ്ടിവരും. നിന്റെ
വാക്കുകളാൽ നീ നീതീകരിക്കപ്പെടും;
നിന്റെ വാക്കുകളാൽ (തന്നെ) നീ കുറ്റം
വിധിക്കപ്പെടുകയും ചെയ്യും" എന്നു പറഞ്ഞു.
38 അപ്പോൾ സൊപ്രേന്മാരിലും പരീശ
ന്മാരിലും ചിലർ ഉത്തരമായി തന്നോട്-
ഗുരോ അങ്ങയിൽനിന്ന് ഒരു അടയാളം
കാണുവാൻ ഞങ്ങൾക്കാഗ്രഹമുണ്ട് എന്നു
39 പറഞ്ഞു. താൻ ഉത്തരമായി അവരോട്
'ദുഷിച്ചതും വ്യഭിചാരിയുമായ തലമുറ അട
യാളം അന്വേഷിക്കുന്നു. യോനാപ്രവാച
കന്റെ അടയാളമല്ലാതെ, മററു അടയാളം
40 അതിനു നൽകപ്പെടുകയില്ല. എന്തെന്നാൽ,
യോനാ മൂന്നു പകലും മൂന്നു രാവും മത്സ്യ
ത്തിന്റെ ഉദരത്തിൽ ആയിരുന്നതുപോലെ
തന്നെ മനുഷ്യന്റെ പുത്രൻ ഭൂമിക്കുള്ളിൽ
മൂന്നു പകലും മൂന്നു രാവും ആയിരിക്കും.
41 ന്യായവിധിദിവസത്തിൽ നിനുവക്കാർ ഈ
തലമുറയോടുകൂടിനിന്ന് ഇതിനെ കുററപ്പെ
ടുത്തും. എന്തെന്നാൽ അവർ യോനായുടെ
പ്രസംഗംമൂലം അനുതപിച്ചു. ഇതാ, യോന
42 യെക്കാൾ വലിയവൻ ഇവിടെയുണ്ട്,
തെക്കുദേശത്തിന്റെ രാജ്ഞി, ഈ തല
മുറയോടുകൂടി ന്യായവിധിയിൽ നിന്നു
കൊണ്ട് ഇതിനെ കുററപ്പെടുത്തും. എന്തെ
ന്നാൽ ശലോമോന്റെ ജ്ഞാനം കേൾക്കു
വാൻ അവൾ ഭൂമിയുടെ അതിരുകളിൽ
നിന്നു വന്നുവല്ലോ. ഇതാ, ശലോമോനേ
ക്കാൾ വലിയവൻ ഇവിടെയുണ്ട്.
43 അശുദ്ധാത്മാവ് ഒരു മനുഷ്യനിൽ
നിന്നു പുറത്താകുമ്പോൾ വെള്ളമില്ലാത്ത
സ്ഥലങ്ങളിൽ ചുററി സഞ്ചരിച്ച് ആശ്വാ
സം അന്വേഷിക്കുന്നു. കണ്ടെത്തുന്നില്ല.
44 അപ്പോൾ അത്, "ഞാൻ പുറപ്പെട്ടുപോന്ന
എന്റെ ഭവനത്തിലേക്കു തിരികെ ചെല്ലും"
എന്നു പറയുന്നു. തിരികെ വരുമ്പോൾ അത്
ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിക്കപ്പെട്ട
45 തുമായി കാണുന്നു. അപ്പോൾ അതുപോയി
തന്നെക്കാൾ തിന്മപ്പെട്ട ഏഴ് ആത്മാക്കളെ
യുംകൂടി കൂട്ടിക്കൊണ്ടുവന്ന് അവനിൽ
പ്രവേശിച്ചു വസിക്കുന്നു. അങ്ങനെ ആ
മനുഷ്യന്റെ അവസാനം ആദ്യത്തേതിനേ
ക്കാൾ തിന്മപ്പെട്ടതായിത്തീരുന്നു. ഈ
തിന്മപ്പെട്ട തലമുറയ്ക്കും ഇങ്ങനെതന്നെ
സംഭവിക്കും" എന്നു പറഞ്ഞു.
46 താൻ പുരുഷാരത്തോടു സംസാരിച്ചു
കൊണ്ടിരിക്കവെ തന്റെ അമ്മയും സഹോ
ദരന്മാരും വന്ന് പുറത്തു നിന്നുകൊണ്ട്
തന്നോട് സംസാരിക്കുവാൻ ആഗ്രഹിച്ചു.
47 അപ്പോൾ ഒരുവൻ തന്നോട് അങ്ങയുടെ
അമ്മയും സഹോദരന്മാരും പുറത്തു
നിൽക്കുന്നു. അങ്ങയോടു സംസാരിപ്പാൻ
ആഗ്രഹിക്കുന്നു എന്നു പറഞ്ഞു. ആ 48
പറഞ്ഞവനോട് താൻ ഉത്തരമായി. "ആരാ
കുന്നു എന്റെ അമ്മ? ആരാകുന്നു എന്റെ
സഹോദരന്മാർ?" എന്നു ചോദിച്ചിട്ട് തന്റെ 49
ശിഷ്യന്മാരുടെ നേരെ കൈ ചൂണ്ടിക്കൊണ്ട്,
'ഇതാ എന്റെ മാതാവ്, ഇതാ എന്റെ
സഹോദരന്മാർ, എന്തെന്നാൽ സ്വർഗ്ഗസ്ഥ 50
നായ എന്റെ പിതാവിന്റെ ഇഷ്ടം
ചെയ്യുന്ന എല്ലാവരും എന്റെ സഹോദരനും
എന്റെ സഹോദരിയും എന്റെ മാതാവും
ആകുന്നു' എന്നു പറഞ്ഞു.

അദ്ധ്യായം 13

ആ ദിവസം യേശു ഭവനത്തിൽനിന്നു 1
പുറപ്പെട്ട് കടൽത്തീരത്ത് ഇരുന്നു. താൻ 2
പടകിൽ കയറി ഇരിക്കത്തക്കവണ്ണം വളരെ
യേറെ പുരുഷാരം തന്റെ അടുക്കൽ വന്നു
കൂടി. ജനമെല്ലാം കടൽത്തീരത്തു നിന്നു.
താൻ ഉപമകളായി അവരോടു വളരെയേറെ 3
സംസാരിച്ചു. "കണ്ടാലും, വിതയ്ക്കുന്നവൻ
വിതയ്ക്കുവാൻ പുറപ്പെട്ടു. അവൻ വിതച്ച 4
പ്പോൾ ചിലതു വഴിയരികിൽ വീണു.
പക്ഷികൾ വന്ന് അതു തിന്നുകളഞ്ഞു.
മററു ചിലത് വളരെയേറെ മണ്ണില്ലാത്തതായ 5
പാറപ്പുറത്തു വീണു. മണ്ണിന് ആഴമില്ലാതിരു
ന്നതുകൊണ്ട് അത് ഉടനെതന്നെ മുളച്ചു.
എന്നാൽ സൂര്യൻ ഉദിച്ചപ്പോൾ അതു 6
വാടിപ്പോയി. അതിന് വേരില്ലാതിരുന്നതു
കൊണ്ട് അത് ഉണങ്ങിപ്പോയി. മറെറാന്ന് 7
മുള്ളുകൾക്കിടയിലാണ് വീണത്. മുൾച്ചെടി
കൾ വളർന്ന് അതിനെ ഞെരുക്കിക്കള
ഞ്ഞു. മറെറാന്നു നല്ല നിലത്തുവീണു. അത് 8
നൂറും അറുപതും മുപ്പതുമായി ഫലം പുറ
പ്പെടുവിച്ചു. കേൾപ്പാൻ ചെവിയുള്ളവൻ 9
കേൾക്കട്ടെ."
അനന്തരം ശിഷ്യന്മാർ തന്നെ സമീപിച്ച് 10
തന്നോട്: അങ്ങ് ഇവരോട് ഉപമകളായി
സംസാരിക്കുന്നത് എന്തുകൊണ്ട്? എന്നു
ചോദിച്ചു. താൻ ഉത്തരമായി അവരോട് 11
'സ്വർഗ്ഗരാജ്യരഹസ്യങ്ങൾ അറിയുവാൻ
നിങ്ങൾക്കാണ് (വരം) നൽകപ്പെട്ടിട്ടുള്ളത്.
അവർക്കോ നൽകപ്പെട്ടിട്ടില്ല. എന്തെ 12
ന്നാൽ ഉള്ളവനു നൽകപ്പെടും. അവന്
വർദ്ധിക്കുകയും ചെയ്യും. ഇല്ലാത്തവനിൽ 13
നിന്നാകട്ടെ അവന് ഉള്ളതുപോലും എടു
ക്കപ്പെടും. അവർ കണ്ടിട്ടും കാണാതെയും,
കേട്ടിട്ടും കേൾക്കാതെയും, മനസ്സിലാക്കാ
തെയും ഇരിക്കുന്നതുകൊണ്ടത്രെ ഞാൻ

അവരോട് ഉപമകളായി സംസാരിക്കുന്നത്.
14 ഏശായയുടെ പ്രവചനം ഇവരിൽ നിറവേ
റിയിരിക്കുകയാണ്. അതായത്, നിങ്ങൾ
നിശ്ചയമായും കേൾക്കും; ഗ്രഹിക്കുകയില്ല;
നിശ്ചയമായും നിങ്ങൾ കാണും. അറിയു
15 കയുമില്ല. എന്തെന്നാൽ, അവരുടെ കണ്ണു
കൾകൊണ്ട് കാണാതെയും ചെവികൾ
കൊണ്ട് കേൾക്കാതെയും ഹൃദയംകൊണ്ട്
തിരിച്ചറിയാതെയും അവർ മനംതിരിഞ്ഞിട്ട്
ഞാൻ അവരെ സുഖപ്പെടുത്താതെയും
ഇരിക്കത്തക്കവണ്ണം ഈ ജനത്തിൻെറ
ഹൃദയം കഠിനമായിരിക്കുന്നു. അവരുടെ
ചെവികൾകൊണ്ട് ഭാരത്തോടെ കേൾക്കു
16 ന്നു. കണ്ണുകൾ അടച്ചുമിരിക്കുന്നു. എന്നാൽ
(ഇവ) കാണുന്ന നിങ്ങളുടെ കണ്ണുകളും
കേൾക്കുന്ന നിങ്ങളുടെ ചെവികളും ഭാഗ്യ
17 മുള്ളവതന്നെ. സത്യമായി ഞാൻ നിങ്ങളോ
ടു പറയുന്നു. അനേകം പ്രവാചകന്മാരും
പുണ്യവാന്മാരും, നിങ്ങൾ കാണുന്നവ
കാണുവാൻ ആഗ്രഹിച്ചു. എന്നാൽ കണ്ടില്ല.
നിങ്ങൾ കേൾക്കുന്നവ കേൾക്കുവാനും
ആഗ്രഹിച്ചിരുന്നു; എന്നാൽ കേട്ടില്ല.
18 വിത്തിൻെറ ഉപമ നിങ്ങൾ കേട്ടുകൊൾ
19 വിൻ. രാജ്യത്തിൻെറ വചനം കേട്ടിട്ട് അതി
നെ ഗ്രഹിക്കാത്ത ഏവൻെറയും ഹൃദയ
ത്തിൽ വിതയ്ക്കപ്പെട്ടിരിക്കുന്ന വചനത്തെ
ദുഷ്ടൻ എടുത്തുകളയുന്നു. ഇതാകുന്നു
20 വഴിയരികിൽ വിതയ്ക്കപ്പെട്ടത്. പാറപ്പു
റത്തു വിതയ്ക്കപ്പെട്ടതോ - വചനം കേട്ട്
ഉടനെ സന്തോഷത്തോടെ അതു സ്വീകരി
21 ക്കുന്നവനാകുന്നു. അതിന് അവനിൽ
വേരില്ല. എന്നാലോ താൽക്കാലികമത്രെ.
വചനത്തെ പ്രതി ഞെരുക്കമോ പീഡനമോ
ഉണ്ടാകുമ്പോൾ അവൻ പെട്ടെന്ന് ഇടറി
22 പ്പോകുന്നു. മുള്ളുകളുടെ ഇടയിൽ വിത
യ്ക്കപ്പെട്ടതാകട്ടെ വചനം കേൾക്കുന്നു.
എന്നാൽ ഈ ലോക ചിന്തയും, ധനത്തി
ൻെറ ആസക്തിയും വചനത്തെ ഞെരുക്കു
23 ന്നു. അതു ഫലശൂന്യമായിത്തീരുന്നു. നല്ല
നിലത്തു വിതയ്ക്കപ്പെട്ടതോ, കേട്ട്, ഗ്രഹി
ച്ച് ഫലം നൂറും, അറുപതും, മുപ്പതും മേനി
യായി പുറപ്പെടുവിക്കുന്നതാകുന്നു.
24 മററൊരുപമയും താൻ അവരോടു പറ
ഞ്ഞു: 'തൻെറ വയലിൽ നല്ല വിത്തു വിതച്ച
മനുഷ്യനോടു സ്വർഗ്ഗരാജ്യം സാമ്യമു
ള്ളതാകുന്നു. ആളുകൾ ഉറങ്ങിയപ്പോൾ
അവൻെറ ശത്രു വന്ന് കോതമ്പുകൾക്കിട
യിൽ കളകൾ വിതച്ചിട്ടുപോയി. ഞാറുകൾ
വളർന്ന് വിളഞ്ഞപ്പോൾ കളകളും കാണ
പ്പെട്ടു. ദാസന്മാർ വീട്ടുടയവനെ സമീപിച്ച്
അവനോട് 'അങ്ങയുടെ വയലിൽ നല്ല
വിത്തല്ലയോ അങ്ങ് വിതച്ചത്?' പിന്നെ,
അതിൽ കളകളുണ്ടായത് എവിടെനിന്ന്?
എന്നു ചോദിച്ചു. അവൻ അവരോട്, 'ശത്രു 28
വായ മനുഷ്യനാണ് ഇതു ചെയ്തത്,' എന്നു
പറഞ്ഞു. ദാസന്മാർ അവനോട്, ഞങ്ങൾ
പോയി അവയെ തിരഞ്ഞു പറിച്ചു കൂട്ടുന്നത്
അങ്ങേക്ക് ഇഷ്ടമാണോ എന്നു ചോദിച്ചു.
അവൻ അവരോട് നിങ്ങൾ കളകൾ ശേഖ 29
രിക്കുമ്പോൾ അവയോടുകൂടെ കോതമ്പി
നേയും വേരോടെ പറിച്ചെന്നുവരാം. കൊ 30
യ്ത്തുവരെ അവ രണ്ടും ഒരുമിച്ചു വളർന്നു
കൊള്ളട്ടെ. കൊയ്ത്തുകാലത്ത് കൊയ്ത്തു
കാരോടു ഞാൻ പറയും, ആദ്യമെ കളകളെ
തിരഞ്ഞു ശേഖരിച്ച് ചുട്ടു കളയുവാൻ
കെട്ടുകളായി കെട്ടുവിൻ. കോതമ്പാകട്ടെ
എൻെറ അറപ്പുരകളിൽ ശേഖരിപ്പിൻ എന്ന്.

മററൊരുപമയും താനവരോടു പറഞ്ഞു. 31
സ്വർഗ്ഗരാജ്യം, 'ഒരു മനുഷ്യൻ എടുത്തു
തൻെറ വയലിൽ വിതച്ച കടുകുമണിയോടു
സദൃശ്യമാകുന്നു. അത് എല്ലാ ചെറുവിത്തു
കളിലും ചെറുതാകുന്നു. എന്നാൽ അതു 32
വളരുമ്പോഴാകട്ടെ എല്ലാ ചെടികളേക്കാളും
വലുതായി, ആകാശത്തിലെ പക്ഷി വന്ന്
അതിൻെറ ചില്ലികളിൽ കൂടുകെട്ടത്തക്ക
വണ്ണം വൃക്ഷമായിത്തീരുന്നു.

വേറൊരു ഉപമയും താൻ അവരോടു 33
പറഞ്ഞു. 'ഒരു സ്ത്രീ എടുത്ത മാവു മുഴു
വൻ പുളിക്കുവോളം മൂന്ന് അളവ് മാവിൽ
അടക്കിവച്ച പുളിമാവിനോടു സദൃശ്യ
മാകുന്നു സ്വർഗ്ഗരാജ്യം.'

പുരുഷാരത്തോട് യേശു ഇവയെല്ലാം 34
ഉപമയായി സംസാരിച്ചു. ഉപമ കൂടാതെ
താൻ അവരോടു സംസാരിച്ചില്ല. ആയതു
ദീർഘദർശിയാൽ പറയപ്പെട്ടതു നിവൃത്തി
യാകുവാൻതന്നെ. അതായതു "ഞാൻ 35
ഉപമകളോടെ എൻെറ വായ് തുറക്കും.
ലോകസ്ഥാപനത്തിനു മുമ്പുമുതലേ
യുള്ള നിഗൂഢകാര്യങ്ങൾ ഞാൻ വെളി
പ്പെടുത്തും."

അനന്തരം യേശു പുരുഷാരത്തെ വിട്ടു 36
ഭവനത്തിലേക്കു വന്നു. സ്വശിഷ്യന്മാർ
തന്നെ സമീപിച്ച് കളകളുടെയും വയലി
ൻെറയും ആ ഉപമ ഞങ്ങൾക്കു വിവരിച്ചു
തരണമെ എന്നു പറഞ്ഞു. താൻ അവരോട് 37
ഉത്തരം പറഞ്ഞത്, നല്ല വിത്തു വിതച്ചവൻ
—മനുഷ്യൻെറ പുത്രൻ ആകുന്നു. വയൽ 38
ലോകമത്രെ, നല്ല വിത്ത് എന്നതോ
രാജ്യത്തിൻെറ മക്കൾ, കളകൾ എന്നത്
പിശാചിൻെറ മക്കളുമാകുന്നു. അവയെ 39

വിതച്ച ശത്രു സാത്താൻ ആകുന്നു. കൊ
യ്ത്ത് എന്നാൽ ലോകത്തിന്റെ അവസാ
40 നം. കൊയ്ത്തുകാർ മാലാഖമാരും, ആക
യാൽ കളകൾ ശേഖരിച്ച് തീയിൽ ദഹിപ്പി
ക്കുന്നത് എങ്ങനെയോ, അപ്രകാരം തന്നെ
ഈ ലോകത്തിന്റെ അന്ത്യത്തിലും സംഭവി
41 ക്കും. മനുഷ്യന്റെ പുത്രൻ തന്റെ മാലാഖ
മാരെ അയയ്ക്കും. അവർ രാജ്യത്തിൽ
നിന്നും സർവ്വ ഇടർച്ചകളേയും, ദുഷ്ക്കർമ്മി
കളേയും തിരഞ്ഞെടുത്ത് തീച്ചൂളയിൽ
42 ഇടും. അവിടെ കരച്ചിലും പല്ലുകടിയുമു
43 ണ്ടാകും. നീതിമാന്മാരൊ അവരുടെ പിതാ
വിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ
പ്രശോഭിക്കും. കേൾപ്പാൻ ചെവിയുള്ളവൻ
കേൾക്കട്ടെ."

44 വീണ്ടും, സ്വർഗ്ഗരാജ്യം വയലിൽ മറച്ചു
വയ്ക്കപ്പെട്ടിരിക്കുന്ന നിധിയോട് സാമ്യമു
ള്ളതാകുന്നു. അത് ഒരു മനുഷ്യൻ കണ്ടെ
ത്തി. അവൻ അതു മറച്ചുവച്ചു. അവന്റെ
സന്തോഷം മൂലം അവൻ പോയി അവനുള്ള
തെല്ലാം വിററിട്ട് ആ വയൽ വാങ്ങി."

45 "വീണ്ടും, സ്വർഗ്ഗരാജ്യം നല്ല രത്നങ്ങൾ
അന്വേഷിച്ചുകൊണ്ടിരുന്ന വ്യാപാരിക്കു
46 സദൃശമത്രെ. അവൻ വിലയേറിയ ഒരു
രത്നം കണ്ടെത്തിയപ്പോൾ, അവൻ പോയി
അവനുള്ളതെല്ലാം വിററിട്ട് ആ രത്നം വാങ്ങി.

47 വീണ്ടും, കടലിൽ വീശിയതും എല്ലാ
ത്തരം (മത്സ്യത്തേയും) ശേഖരിച്ചെടു
ത്തതുമായ വലയോട്, സ്വർഗ്ഗരാജ്യം സാമ്യ
48 മുള്ളത്. അതു നിറഞ്ഞപ്പോൾ അവർ അതു
കടൽ തീരത്തേക്കു വലിച്ചു കയററിയിട്ട്,
ഇരുന്ന് തെരഞ്ഞുപെറുക്കി, നല്ലതെല്ലാം
പാത്രങ്ങളിൽ ഇടുകയും, ചീത്തയെല്ലാം
പുറത്തേക്ക് എറിഞ്ഞുകളയുകയും ചെയ്യു.
49 ലോകാന്ത്യത്തിലും ഇങ്ങനെതന്നെ സംഭവി
ക്കും. മാലാഖമാർ പുറപ്പെട്ട് പുണ്യവാന്മാരു
ടെ ഇടയിൽ നിന്ന് ദുഷ്ടന്മാരെ വേർതിരി
ക്കും അവരെ തീച്ചൂളയിൽ ഇടുകയും ചെയ്യും.
50 അവിടെ കരച്ചിലും പല്ലുകടിയുമുണ്ടാകും."

51 യേശു അവരോട് "ഇതെല്ലാം നിങ്ങൾ
ക്കു മനസ്സിലായോ" എന്നു ചോദിച്ചു. അവർ
തന്നോടു 'ഉവ്വ്, ഞങ്ങളുടെ കർത്താവേ'
52 എന്നു പറഞ്ഞു. താൻ അവരോട് 'ആക
യാൽ സ്വർഗ്ഗരാജ്യത്തിനു ശിഷ്യപ്പെടുന്ന
ഏത് ന്യായശാസ്ത്രിയും തന്റെ നിക്ഷേപ
ങ്ങളിൽനിന്നും പുതിയവയും പഴയവയുമാ
യവയെ പുറത്തെടുക്കുന്ന വീട്ടുടയവനോട്
സാമ്യമുള്ളവനാകുന്നു' എന്നു പറഞ്ഞു.

53 യേശു ഈ ഉപമകളെല്ലാം പറഞ്ഞു
54 തീർത്തശേഷം അവിടംവിട്ടു പോയി; തന്റെ
സ്വന്ത നഗരിയിൽ എത്തി അവരുടെ
സംഘാലയങ്ങളിൽ പഠിപ്പിച്ചു വന്നു. അവ
രോ അത്ഭുതപ്പെട്ടു. ഇവന് ഈ അറിവും
ശക്തികളും എവിടെനിന്നു (കിട്ടി)? ഇവൻ 55
ആ തച്ചന്റെ മകനല്ലയോ? ഇവന്റെ അമ്മ
മറിയം എന്നു വിളിക്കപ്പെടുന്നവളല്ലേ?
യാക്കോബും യോസിയും ശെമഓനും
യീഹൂദായും ഇവന്റെ സഹോദരന്മാര
ല്ലയോ? ഇവന്റെ എല്ലാ സഹോദരിമാരും 56
നമ്മുടെ അടുക്കൽ ഇല്ലയോ? ആകയാൽ
ഇവന് ഇവയെല്ലാം (കിട്ടിയത്) എവിടെ
നിന്ന്? എന്നു പറഞ്ഞ് തന്നിൽ വിരുദ്ധത
പ്പെട്ടു നിന്നു. യേശു അവരോട്, "തന്റെ 57
സ്വന്ത നഗരത്തിലും തന്റെ ഭവനത്തിലു
മല്ലാതെ അവമാനിതനായ ഒരു പ്രവാചക
നുമില്ല" എന്നു പറഞ്ഞു. അവരുടെ അവി 58
ശ്വാസം നിമിത്തം താൻ അവിടെ ഏറെ
അത്ഭുതങ്ങൾ പ്രവർത്തിച്ചില്ല.

അദ്ധ്യായം 14

അക്കാലത്ത് തെത്രർക്കായായ ഹേറോ 1
ദേസ് തന്റെ വാർത്ത കേട്ടിട്ട് തന്റെ 2
ദാസരോട്, ഇവൻ യോഹന്നാൻ സ്നാപ
കനത്രെ. അയാൾ മരിച്ചവരുടെ ഇടയിൽ
നിന്ന് ഉയിർത്തിരിക്കുകയാണ്. അതുകൊ
ണ്ടാണ് ഇവൻമൂലം അത്ഭുതങ്ങൾ ചെയ്യ
പ്പെടുന്നത്' എന്നു പറഞ്ഞു. ഈ ഹേറോ 3
ദേസ് തന്റെ സഹോദരൻ പീലിപ്പോ
സിന്റെ ഭാര്യ ഹേറോദ്യാ നിമിത്തം
യോഹന്നാനെ പിടിച്ചു ബന്ധിച്ച് തടവിൽ
ഇട്ടിരുന്നു. എന്തെന്നാൽ യോഹന്നാൻ 4
അവനോട് അവൾ നിനക്കു ഭാര്യയായിരി
ക്കുവാൻ പാടുള്ളതല്ല എന്ന് പറഞ്ഞിരു
ന്നു. അവനെ (യോഹന്നാനെ) കൊല്ലു 5
വാൻ അവൻ ആഗ്രഹിച്ചിരുന്നുവെങ്കിലും
അവൻ ജനസമൂഹത്തെ ഭയപ്പെട്ടിരുന്നു.
എന്തെന്നാൽ ജനം അദ്ദേഹത്തെ പ്രവാച
കനെപ്പോലെ സ്വീകരിച്ചിരുന്നു. ഹേറോദേ 6
സിന്റെ ജന്മദിനത്തിൽ ഭക്ഷണത്തിനിരു
ന്നവരുടെ മുമ്പിൽ ഹേറോദ്യായുടെ മകൾ
നൃത്തംചെയ്തു. ഹേറോദേസിന് സന്തോ
ഷമായി. അവൻ അവളോട്: അവൾ ആവ 7
ശ്യപ്പെടുന്നതെല്ലാം അവൾക്ക് നൽകാം
എന്ന് ആണയിട്ട് ഉറപ്പിച്ചു പറഞ്ഞു. അവളാ 8
കട്ടെ സ്വമാതാവിനാൽ ഉപദേശിക്കപ്പെ
ട്ടിരുന്നതുകൊണ്ട് 'സ്നാപകയോഹന്നാ
ന്റെ ശിരസ്സ് ഇവിടെ എനിക്ക് താലത്തിൽ
തരണം' എന്നു പറഞ്ഞു. ഇതു രാജാവിന് 9
സങ്കടമായി. എന്നാൽ പ്രതിജ്ഞകളും ഭക്ഷ
ണത്തിന്നിരുന്നവരും നിമിത്തമായിട്ട് അതു

അവൾക്കു കൊടുപ്പാൻ കല്പനയായി.
അവൻ ആളയച്ച് കാരാഗൃഹത്തിൽവച്ച്
യോഹന്നാൻെറ ശിരസ്സു ഛേദിച്ച് ഒരു താല
ത്തിൽ വരുത്തി ബാലികയ്ക്കു കൊടു
ത്തു. അവൾ അത് അമ്മയുടെ അടുക്കൽ
കൊണ്ടു പോയി. അവൻെറ ശിഷ്യന്മാർ
ചെന്ന് തൻെറ നിർജ്ജീവശരീരമെടുത്ത്
സംസ്ക്കരിച്ചു. അവർ വന്ന് വിവരം യേശു
വിനെ അറിയിച്ചു. അതു കേട്ട് യേശു തനി
യെ പടകിൽ ഒരു വിജനപ്രദേശത്തേക്കു
മാറിപ്പോയി. പുരുഷാരം ഇതു കേട്ട് നഗര
ങ്ങളിൽനിന്ന് കരവഴിയായി തൻെറ പിന്നാ
ലെ എത്തി. യേശു വന്ന് വലിയ പുരുഷാര
ത്തെക്കണ്ട് അവരോട് കരുണതോന്നി
അവരുടെ രോഗികളെ സുഖപ്പെടുത്തി.

സന്ധ്യയായപ്പോൾ സ്വശിഷ്യന്മാർ
തന്നെ സമീപിച്ച് ഇതൊരു വിജനസ്ഥലമാ
ണല്ലോ, നേരവും വൈകി. പുരുഷാരം ഗ്രാമ
ങ്ങളിലേക്കു പോയി അവർക്ക് ഭക്ഷണം
വാങ്ങുവാൻ അവരെ പിരിച്ചയയ്ക്കണമെ
എന്നു തന്നോടു പറഞ്ഞു. താനാകട്ടെ അവ
രോട്: "അവർ പോകേണ്ട ആവശ്യമില്ല.
അവർക്കു നിങ്ങൾ ഭക്ഷിപ്പാൻ കൊടുക്കണം
എന്നു പറഞ്ഞു. അവർ തന്നോട് ഞങ്ങളുടെ
കൈവശം ഇവിടെ അഞ്ച് അപ്പവും രണ്ടു
മീനുമല്ലാതെ ഒന്നുമില്ല എന്നു പറഞ്ഞു.
യേശു അവരോട് 'അവ ഇവിടേയ്ക്ക് എനി
ക്കായി കൊണ്ടുവരുവിൻ, എന്നു പറഞ്ഞു.
താൻ പുരുഷാരത്തോട് നിലത്ത് ഭക്ഷണ
ത്തിനിരിപ്പാൻ കല്പിച്ചിട്ട് ആ അഞ്ചപ്പവും
രണ്ടു മീനും എടുത്ത് സ്വർഗ്ഗത്തിലേക്ക്
ദൃഷ്ടിപതിച്ച് വാഴ്ത്തി മുറിച്ചു ശിഷ്യന്മാർ
ക്കു കൊടുത്തു. ആ ശിഷ്യന്മാർ അവ ജന
ക്കൂട്ടത്തിനു വിളമ്പി. എല്ലാവരും ഭക്ഷിച്ചു
തൃപ്തരായി. ബാക്കിവന്ന കഷണങ്ങൾ
പന്ത്രണ്ടു കൊട്ട നിറയെ അവർ എടുക്കു
കയും ചെയ്തു. ഭക്ഷണം കഴിച്ചവരാകട്ടെ
സ്ത്രീകളും കുട്ടികളും കൂടാതെതന്നെ
അയ്യായിരം പേരായിരുന്നു. താൻ പുരുഷാ
രത്തെ പിരിച്ചയയ്ക്കുന്നതിനിടയ്ക്ക് ശിഷ്യ
ന്മാർ പടകു കയറി തനിക്കു മുമ്പായി ഉടനെ
അക്കരയ്ക്കു പൊയ്ക്കൊള്ളുവാൻ നിർബ്ബ
ന്ധിച്ചു. പുരുഷാരത്തെ പിരിച്ചുവിട്ടശേഷം
പ്രാർത്ഥിപ്പാനായി താൻ തനിയെ മലയി
ലേക്കു കയറിപ്പോയി. നേരം ഇരുട്ടിയപ്പോൾ
താൻ മാത്രമേ അവിടെയുണ്ടായിരുന്നുള്ളു.

പടകു, കരയിൽനിന്നും വളരെ (എസ്റ്റാ
ദിയോൻ) അകലെയായിരുന്നു. പടക് തിര
മാലകൾമൂലം വളരെ ഇളകിക്കൊണ്ടിരുന്നു.
എന്തെന്നാൽ കാററ് പ്രതികൂലമായിരുന്നു.
രാത്രി നാലാം യാമത്തിൽ യേശു വെള്ളത്തി 25
ന്മേൽ നടന്ന് അവരുടെ അടുത്തെത്തി.
വെള്ളത്തിന്മേൽ താൻ നടക്കുന്നത് ശിഷ്യ 26
ന്മാർ കണ്ട് പരിഭ്രമിച്ചു. ഇതൊരു മായ
ക്കാഴ്ചയാണെന്ന് പറഞ്ഞ് ഭയന്ന് നില
വിളിച്ചു. യേശുവോ, ഉടനെ അവരോട് 27
സംസാരിച്ച് "ധൈര്യപ്പെടുവിൻ, ഞാനാ
കുന്നു — ഭയപ്പെടേണ്ട" എന്നു പറഞ്ഞു.
കീപ്പാ ഉത്തരമായി തന്നോട്, "എൻെറ 28
കർത്താവേ, അങ്ങാകുന്നുവെങ്കിൽ ഞാൻ
വെള്ളത്തിൻ മീതെകൂടെ അങ്ങയുടെ അടു
ക്കൽ വരുവാൻ എന്നോടു കല്പിക്കണമെ.'
എന്നു പറഞ്ഞു. യേശു അവനോട് 'വരിക' 29
എന്നു പറഞ്ഞു. കീപ്പാ പടകിൽ നിന്നിറങ്ങി
യേശുവിൻെറ അടുത്തെത്തുവാൻ വെള്ള
ത്തിൻ മീതെ നടന്നു. കാററു കഠിനമാകുന്നു 30
എന്നു കണ്ടതോടെ അവൻ ഭയപ്പെട്ടു മുങ്ങു
വാൻ തുടങ്ങി. അവൻ ശബ്ദമുയർത്തി
എൻെറ കർത്താവേ, എന്നെ രക്ഷിക്കണേ
എന്നു പറഞ്ഞു. നമ്മുടെ കർത്താവ് ഉടൻ 31
തന്നെ കൈ നീട്ടി അവനെ പിടിച്ചു. അവ
നോട് "അല്പവിശ്വാസി, നീ എന്തിനാണ്
സംശയിച്ചത്' എന്നു ചോദിച്ചു. അവർ 32
പടകിൽ കയറിയപ്പോൾ കാററു ശമിച്ചു.
പടകിലുണ്ടായിരുന്നവർ വന്നു തന്നെ 33
നമസ്ക്കരിച്ചുകൊണ്ട്- "അങ്ങ് സത്യമായും
ദൈവപുത്രനാകുന്നു" എന്നു പറഞ്ഞു. 34
അവർ യാത്ര ചെയ്ത് ഗനസാർ ദേശത്ത്
എത്തി. ആ സ്ഥലത്തെ ആളുകൾ തന്നെ 35
തിരിച്ചറിഞ്ഞു. അവർക്ക് ചുററുമുള്ള
സകല ഗ്രാമങ്ങളിലേക്കും ആളയച്ച് കഠിന
രോഗബാധിതരായ എല്ലാവരേയും തൻെറ
അടുക്കൽ കൊണ്ടുവന്നു. തൻെറ വസ്ത്ര 36
ത്തിൻെറ വിളുമ്പു മാത്രമെങ്കിലും തൊടു
വാൻ(അനുവദിക്കുവാൻ) തന്നോട് അവർ
അപേക്ഷിച്ചു. സ്പർശിച്ചവർ സുഖപ്പെട്ടു.

അദ്ധ്യായം 15

അനന്തരം യറുശലേമിൽനിന്നുമുള്ള 1
പരീശരും സൊപ്രേന്മാരും തന്നെ സമീപിച്ച്
തന്നോട് 'അങ്ങയുടെ ശിഷ്യന്മാർ മൂപ്പ
ന്മാരുടെ പാരമ്പര്യം ലംഘിച്ച് അപ്പം ഭക്ഷി 2
ക്കുമ്പോൾ കൈ കഴുകാതിരിക്കുന്നതെന്ത്
എന്നു ചോദിച്ചു. താൻ അവരോട് ഉത്തര 3
മായി; 'നിങ്ങളുടെ പാരമ്പര്യം നിമിത്തമായി
ദൈവത്തിൻെറ കല്പന നിങ്ങളും ലംഘി
ക്കുന്നതെന്ത്? എന്തെന്നാൽ ദൈവം കല്പി
ച്ചിരിക്കുന്നത്; നിൻെറ പിതാവിനേയും 4
മാതാവിനേയും ബഹുമാനിക്കണം; തൻെറ
അപ്പനേയോ, അമ്മയേയോ, അധിക്ഷേപി

ക്കുന്നവൻ നിശ്ചയമായും മരിച്ചേ മതി
5 യാകൂ എന്നത്രെ. എന്നാൽ നിങ്ങളോ പറ
യുന്നു: "എന്നിൽനിന്നും താങ്കൾക്ക് ഉപകാ
രിയായി ഭവിക്കേണ്ടത് എൻെറ വഴിപാട്"
എന്ന് അപ്പനോടോ, അമ്മയോടോ പറയു
ന്നവൻ അവൻെറ പിതാവിനെയോ, മാതാ
വിനെയോ, ബഹുമാനിക്കേണ്ടതില്ല' എന്ന
6 ത്രെ. നിങ്ങളുടെ പാരമ്പര്യത്തിൻെറ പേരിൽ
ദൈവവചനത്തെ നിങ്ങൾ നീക്കി മായ്ച്ചിരി
7 ക്കുന്നു. കപടഭക്തരേ, ഏശായ ദീർഘ
ദർശി നിങ്ങളെക്കുറിച്ച് നന്നായി പ്രവചി
8 ച്ചിട്ടുണ്ട്. "ഈ ജനം തങ്ങളുടെ അധരങ്ങൾ
കൊണ്ടാണ് എന്നെ ബഹുമാനിക്കുന്നത്.
അവരുടെ ഹൃദയമാകട്ടെ എന്നിൽനിന്നും
9 വളരെ അകന്നിരിക്കുന്നു. അവർ മനുഷ്യ
രുടെ കല്പനകളായ ഉപദേശങ്ങൾ പഠിപ്പി
ച്ചുകൊണ്ട് വ്യർത്ഥമായി എന്നെ സേവിക്കു
10 കയാണ്." യേശു പുരുഷാരത്തെ വിളിച്ച്
അവരോട് നിങ്ങൾ കേട്ടു മനസ്സിലാക്കു
11 വിൻ. "വായിലേക്കു പ്രവേശിക്കുന്നതല്ല
മനുഷ്യനെ അശുദ്ധമാക്കുന്നത്. വായിൽ
നിന്നു പുറത്തേക്കു വരുന്നതത്രെ. അതാണ്
മനുഷ്യനെ അശുദ്ധമാക്കുന്നത്" എന്നു
12 പറഞ്ഞു. അപ്പോൾ സ്വശിഷ്യന്മാർ അടുത്തു
വന്നു തന്നോട്—ഈ വചനം കേട്ടു പരീശർ
വിരുദ്ധപ്പെട്ടിരിക്കുന്നു എന്ന് അങ്ങ് അറി
13 യുന്നുവോ എന്നു ചോദിച്ചു. താനോ
ഉത്തരമായി അവരോട് "സ്വർഗ്ഗസ്ഥനായ
എൻെറ പിതാവ് നട്ടിട്ടില്ലാത്ത ഏതു നടു
തലയും വേരോടെ പിഴുതുകളയപ്പെടും."
14 അവരെ വിട്ടുമാറുവിൻ. അവർ അന്ധ
ന്മാരുടെ വഴികാട്ടികളായ അന്ധന്മാരാ
കുന്നു. കുരുടൻ കുരുടനെ നയിച്ചാൽ ഇരു
വരും കുഴിയിൽ വീഴും എന്നു പറഞ്ഞു.
15 ശെമഓൻ കീഫ്പാ ഉത്തരമായി തന്നോട്
എൻെറ കർത്താവേ, ഈ ഉപമ ഞങ്ങൾക്കു
വിശദീകരിച്ചു തരണമെ എന്നു പറഞ്ഞു.
16 താൻ അവരോട്, 'ഇത്രയുമായിട്ടും നിങ്ങളും
17 ഗ്രഹിക്കുന്നില്ലയോ? വായിൽ പ്രവേശിക്കു
ന്നത് വയററിലേക്കു പ്രവേശിക്കുന്നു. അവി
ടെനിന്നും മറപ്പുരയിൽവച്ച് ബഹിഷ്ക
രിക്കപ്പെടുന്നു എന്നും നിങ്ങൾക്കറിഞ്ഞു
18 കൂടായോ? എന്നാൽ വായിൽനിന്നു പുറ
ത്ത് വരുന്നത് ഹൃദയത്തിൽ നിന്നത്രെ പുറ
പ്പെടുന്നത്. അതാണ് മനുഷ്യനെ അശുദ്ധ
19 മാക്കുന്നത്. എന്തെന്നാൽ ദുശ്ചിന്തകൾ,
വ്യഭിചാരം, കൊല, വേശ്യാവൃത്തി, മോഷ
ണം, കള്ളസാക്ഷി, ദൂഷണം എന്നിവ
ഹൃദയത്തിൽ നിന്നാകുന്നു പുറപ്പെടുന്നത്.
20 ഇവയത്രെ മനുഷ്യനെ അശുദ്ധനാക്കുന്നത്.

ഒരുവൻ കൈ കഴുകാതെ ഭക്ഷിച്ചാലും
അശുദ്ധപ്പെടുന്നില്ല എന്നു പറഞ്ഞു.
യേശു അവിടെനിന്നും പുറപ്പെട്ടു 2
സോറിൻേറയും സീദോൻേറയും അതൃ
ത്തിയിൽ വന്നു. ആ അതൃത്തിപ്രദേശത്തു 2
നിന്ന് ഒരു കനാന്യസ്ത്രീ പുറപ്പെട്ടുവന്ന്,
'ദാവീദുപുത്രനായ എൻെറ കർത്താവേ,
എന്നോട് മനസ്സലിയണമേ. എൻെറ മകൾ
പിശാചിനാൽ അതികഠിനമായി ബാധിക്ക
പ്പെട്ടിരിക്കുന്നു' എന്നു പറഞ്ഞു. താൻ 2
അവളോട് ഉത്തരമൊന്നും പറഞ്ഞില്ല.
തൻെറ ശിഷ്യന്മാർ തന്നെ സമീപിച്ച്
തന്നോട്: "നമ്മുടെ പിന്നാലെ നിലവിളിച്ചു
(വരുന്ന) ഇവളെ പിരിച്ചു വിടണമെ' എന്ന
പേക്ഷിച്ചു. താൻ അവരോട് പറഞ്ഞു: 2
"ഇസ്രായേൽ വംശത്തിൽനിന്നു വഴിതെററി
പ്പോയ ആടുകളുടെ അടുക്കലേക്കല്ലാതെ
ഞാൻ അയയ്ക്കപ്പെട്ടിട്ടില്ല." അവളോ വന്ന് 2
തന്നെ വന്ദിച്ചുകൊണ്ട്, 'എൻെറ കർത്താ
വേ, എന്നെ സഹായിക്കണമേ' എന്നു പറ
ഞ്ഞു. യേശു അവളോട്, 'മക്കളുടെ അപ്പമെ 2
ടുത്ത് നായ്ക്കൾക്കു ഇട്ടു കൊടുക്കുന്നതു
നന്നല്ല' എന്നു പറഞ്ഞു. അവൾ തന്നോട്, 2
'കർത്താവേ, ശരിതന്നെ, എന്നാൽ നായ്ക്ക
ളും അവയുടെ ഉടമസ്ഥന്മാരുടെ മേശ
യിൽനിന്നു വീഴുന്ന കഷണങ്ങൾ തിന്നു
ജീവിക്കുന്നുണ്ടല്ലോ' എന്നു പറഞ്ഞു.
അപ്പോൾ യേശു അവളോട്, 'സ്ത്രീയേ, 2
നിൻെറ വിശ്വാസം വലുതുതന്നെ. നീ
ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവി
ക്കട്ടെ' എന്നു പറഞ്ഞു. അക്ഷണംതന്നെ
അവളുടെ മകൾക്കു സൌഖ്യം വന്നു. യേശു 2
അവിടംവിട്ട് ഗലീലാ കടൽകരയിൽ വന്ന്
ഒരു മലയിൽ കയറി ഇരുന്നു. വലിയ പുരു 3
ഷാരം തൻെറ അടുക്കൽ വന്നുകൂടി. അവ
രോടുകൂടി മുടന്തന്മാരും, അന്ധന്മാരും ഊമ
ന്മാരും അംഗഹീനരും മററ് അനേകരുമുണ്ടാ
യിരുന്നു. അവർ അവരെ യേശുവിൻെറ
പാദത്തിങ്കൽ സമർപ്പിച്ചു. ഊമന്മാർ 3
സംസാരിക്കുന്നതും, അംഗഹീനർ സുഖ
പ്പെടുന്നതും, മുടന്തന്മാർ നടക്കുന്നതും,
അന്ധന്മാർ കാഴ്ചപ്രാപിക്കുന്നതും കണ്ട്
ആ ജനാവലി വിസ്മയിക്കത്തക്കവണ്ണം
താൻ അവരെ സൌഖ്യമാക്കി. അവർ
ഇസ്രായേലിൻെറ ദൈവത്തെ സ്തുതിച്ചു.
യേശു തൻെറ ശിഷ്യരെ വിളിച്ച് അവ 3
രോട്, "ഈ ജനസമൂഹത്തോട് എനിക്കു
മനസ്സലിവു തോന്നുന്നു. എന്തെന്നാൽ
മൂന്നു ദിവസമായി ഇവർ എൻെറയടുക്കൽ
പാർക്കുകയാണ്. അവർക്കു ഭക്ഷിപ്പാനോ,

ഒന്നുമില്ല. അവരെ പട്ടിണിയായി പിരിച്ചയ
യ്ക്കാൻ എനിക്കു മനസ്സു വരുന്നില്ല. പക്ഷേ,
വഴിയിൽ അവർ തളർന്നു പോയേക്കും"
എന്നു പറഞ്ഞു. തൻെറ ശിഷ്യർ തന്നോട്,
"ഈ പുരുഷാരത്തെ മുഴുവനും തൃപ്തരാക്കത്തക്കവണ്ണം ഈ വിജനപ്രദേശത്ത്
അപ്പം നമുക്ക് എവിടെനിന്ന്?" എന്ന് ചോദി
ച്ചു. യേശു അവരോട് നിങ്ങൾക്ക് എത്ര അപ്പ
മുണ്ട് എന്നു ചോദിച്ചു. അവർ തന്നോട് ഏഴ്
(അപ്പമുണ്ട്); കുറച്ചു ചെറുമത്സ്യവും
എന്നു പറഞ്ഞു. താൻ ജനസമൂഹത്തോട്
നിലത്ത് ഭക്ഷണത്തിന് ഇരിപ്പാൻ കല്പി
ച്ചു. പിന്നെ താൻ ആ ഏഴ് അപ്പവും മത്സ്യ
ങ്ങളും എടുത്ത്, സ്തോത്രം ചെയ്ത് മുറിച്ച്
ശിഷ്യന്മാർ വശം നല്കി. ശിഷ്യർ ജനക്കൂട്ട
ത്തിനു കൊടുത്തു. എല്ലാവരും ഭക്ഷിച്ചു.
തൃപ്തരായി. ശേഷിച്ച കഷണങ്ങൾ ഏഴ്
വൻ കുട്ടകൾ നിറയെ എടുക്കുകയും ചെയ്തു.
ഭക്ഷിച്ചവരോ, സ്ത്രീകളേയും കുഞ്ഞുങ്ങ
ളേയും കൂടാതെ നാലായിരം പുരുഷന്മാ
രായിരുന്നു. പുരുഷാരത്തെ പിരിച്ചയച്ച
ശേഷം പടകുകയറി 'മാഗോദു'യുടെ
അതൃത്തിയിൽ വന്നു.

അദ്ധ്യായം 16

പരീശന്മാരും സാദൂക്യരും തന്നെ സമീ
പിച്ച് തന്നെ പരീക്ഷിച്ചുകൊണ്ട് സ്വർഗ
ത്തിൽനിന്നും ഒരടയാളം അവരെ കാണിക്ക
ണമെന്ന് ആവശ്യപ്പെട്ടു. താൻ അവരോട്
ഉത്തരം പറഞ്ഞു. "സന്ധ്യയാകുമ്പോൾ:
തെളിവാണ്; എന്തെന്നാൽ ആകാശം ചുവ
ന്നിരിക്കുന്നു" എന്നു നിങ്ങൾ പറയുന്നു:
രാവിലെയോ: "ഇന്നു മഴയാണ്. എന്തെ
ന്നാൽ ആകാശം മൂടലായി ചുവന്നിരിക്കു
ന്നു എന്നും നിങ്ങൾ പറയുന്നുണ്ട്. കപട
ഭക്തരേ, ആകാശത്തിൻെറ ഭാവത്തെ
വിവേചിക്കുവാൻ നിങ്ങൾക്കറിയാം. ഈ
കാലത്തിൻെറ അടയാളങ്ങളെ വിവേചി
പ്പാൻ നിങ്ങൾക്കറിഞ്ഞുകൂടെയോ? ദുഷിച്ച
തും വ്യഭിചരിക്കുന്നതുമായ തലമുറ അട
യാളം അന്വേഷിക്കുന്നു. യോനാപ്രവാച
കൻെറ അടയാളമല്ലാതെ ഒരടയാളവും
അതിനു നൽകപ്പെടുകയില്ല." താൻ അവരെ
വിട്ടുപോയി. തൻെറ ശിഷ്യന്മാർ അക്കര
ക്കു പോയപ്പോൾ അപ്പം എടുക്കാൻ മറ
ന്നു പോയിരുന്നു. താൻ അവരോട്: "നോ
ക്കുവിൻ, പരീശരുടെയും സാദൂക്യരുടെ
യും പുളിച്ച മാവിൽനിന്നു സൂക്ഷിച്ചുകൊ
ള്ളണം" എന്നു പറഞ്ഞു. തങ്ങൾ അപ്പം
എടുക്കാതിരുന്നതിനാലായിരിക്കും എന്ന്
അവർ ഉള്ളിൽ വിചാരിച്ചു. യേശു അത 8
റിഞ്ഞ് അവരോട്, "അല്പവിശ്വാസികളേ,
അപ്പം എടുക്കാതിരുന്നതിനാലാണ് എന്ന്
നിങ്ങൾ വിചാരിക്കുന്നതെന്ത്? ഇതുവരെ 9
നിങ്ങൾക്കു മനസ്സിലായില്ലയോ? അയ്യാ
യിരം പേരുടെ ആ അഞ്ചപ്പവും, നിങ്ങൾ
എത്ര കൊട്ട എടുത്തുവെന്നും, നാലായിരം 10
പേരുടെ ആ ഏഴപ്പവും, എത്ര വൻകൊട്ടകൾ
നിങ്ങൾ (മിച്ചം) എടുത്തു എന്നതും ഓർക്കു
ന്നില്ലയോ? പരീശരുടെയും സാദൂക്യരുടെ 11
യും പുളിമാവിനെ സൂക്ഷിച്ചുകൊള്ളണം
എന്നു ഞാൻ പറഞ്ഞത് അപ്പത്തെക്കുറി
ച്ചല്ല എന്നു നിങ്ങൾ ഗ്രഹിക്കാതിരുന്നത്
എന്തുകൊണ്ട്?" പരീശരുടെയും സാദൂക്യ 12
രുടെയും ഉപദേശത്തിൽ നിന്നല്ലാതെ,
അപ്പത്തിൻെറ പുളിപ്പിൽനിന്നല്ല, തങ്ങൾ
സൂക്ഷിച്ചുകൊള്ളുവാൻ താൻ പറഞ്ഞ
തെന്ന് അവർക്കു മനസ്സിലായി.

യേശു പീലിപ്പോസിൻെറ കേസറിയാ 13
പ്രദേശത്തു വന്നപ്പോൾ ശിഷ്യരോട്,
'മനുഷ്യപുത്രനായ ഞാൻ ആരാകുന്നു
എന്നാണ് മനുഷ്യർ എന്നെക്കുറിച്ചു പറയു
ന്നത്," എന്നു ചോദിച്ചു. അവർ തന്നോട് 14
"അങ്ങ് യോഹന്നാൻ സ്നാപകനാണ്
എന്ന് ചിലരും ഏലിയായാണെന്നു മററു
ചിലരും ഏറമിയായോ അല്ലെങ്കിൽ ദീർഘ
ദർശിമാരിൽ ഒരുവനോ എന്നു വേറെ
ചിലരും പറയുന്നുണ്ട്" എന്നു പറഞ്ഞു.
എന്നാൽ ഞാൻ ആരെന്നാണ് നിങ്ങൾ 15
പറയുന്നത് എന്ന് താൻ ചോദിച്ചു. ശെമഓൻ
കീപ്പാ, "അങ്ങു ജീവനുള്ള ദൈവത്തിൻെറ 16
പുത്രനായ മ്ശീഹാ ആകുന്നു" എന്നു
ത്തരം പറഞ്ഞു. യേശു ഉത്തരമായി 17
അവനോട് 'യൗനായുടെ മകനായ ശെമ
ഓനെ, നീ ഭാഗ്യവാൻ, എന്തെന്നാൽ
സ്വർഗ്ഗസ്ഥനായ എൻെറ പിതാവല്ലാതെ
ജഡവും രക്തവുമല്ല (ഇതു) നിനക്കു
വെളിപ്പെടുത്തിയത്. ഞാനും നിന്നോടു 18
പറയുന്നു: നീ കീഫോയാകുന്നു; ഈ
പാറമേൽ ഞാൻ എൻെറ സഭ പണിയും.
പാതാളവാതിലുകൾ അതിന്മേൽ പ്രബ
ലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിൻെറ 19
താക്കോലുകൾ ഞാൻ നിനക്കു തരും.
നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗ
ത്തിൽ കെട്ടപ്പെട്ടതായിരിക്കും. നീ ഭൂമി
യിൽ അഴിക്കുന്നതു സ്വർഗ്ഗത്തിലും അഴി
ക്കപ്പെട്ടിരിക്കും. എന്നു പറഞ്ഞു. താൻ 20
മ്ശീഹാ ആണെന്ന് ആരോടും അവർ പറ
യരുത് എന്നു താൻ തൻെറ ശിഷ്യരോടു
കല്പിച്ചു.

21 അപ്പോൾ മുതൽ യേശു താൻ യറുശലേ
മിലേക്കു പോകുവാനിരിക്കുന്നുവെന്നും,
കശ്ശീശന്മാരിൽനിന്നും, പ്രധാനാചാര്യന്മാ
രിൽനിന്നും സൊപ്രേന്മാരിൽനിന്നും വളരെ
യേറെ പീഡ അനുഭവിക്കുവാനും, കൊല്ല
പ്പെടുവാനും മൂന്നാംനാൾ പുനരുത്ഥാനം
ചെയ്യുവാനുമിരിക്കുന്നുവെന്നും തൻെറ
ശിഷ്യന്മാരെ അറിയിക്കുവാൻ തുടങ്ങി.
22 കീപ്പാ തന്നെ കൂട്ടിക്കൊണ്ടുപോയി,
"കർത്താവേ അങ്ങേക്ക് ഇങ്ങനെ സംഭവി
ക്കാനിടയാകരുതേ" എന്നു തന്നെ വിലക്കി
23 ക്കൊണ്ട് പറയുവാൻ തുടങ്ങി. താൻ
തിരിഞ്ഞ് കീപ്പായോട്, "സാത്താനെ, നീ
എൻെറ പിന്നിൽ പോകൂ. നീ എനിക്കു
തടസ്സമാകുന്നു. എന്തെന്നാൽ മനുഷ്യൻേറ
തല്ലാതെ ദൈവത്തിൻേറത് നീ ചിന്തിക്കു
ന്നില്ല" എന്നു പറഞ്ഞു.
24 പിന്നെ യേശു തൻെറ ശിഷ്യരോട്
"എൻെറ പിന്നാലെ വരുവാൻ ആഗ്രഹിക്കു
ന്നവൻ തന്നെത്തന്നെ ഉപേക്ഷിച്ച് തൻെറ
കുരിശ് എടുത്ത് എൻെറ പിന്നാലെ വരട്ടെ.
25 എന്തെന്നാൽ തൻെറ ജീവൻ രക്ഷിപ്പാനാ
ഗ്രഹിക്കുന്നവൻ അതിനെ നശിപ്പിക്കും.
എന്നെപ്രതി തൻെറ ജീവൻ നശിപ്പിക്കുന്ന
26 വൻ അതിനെ കണ്ടെത്തും. ഒരു മനുഷ്യൻ
ലോകം മുഴുവൻ നേടിയാലും തൻെറ
ആത്മാവിനെ നഷ്ടപ്പെടുത്തുന്നുവെങ്കിൽ
അവന് എന്തുപ്രയോജനം? അല്ലെങ്കിൽ
മനുഷ്യൻ തൻെറ ആത്മാവിനു പകരമായി
27 മറ്റെന്തു കൊടുക്കും? എന്തെന്നാൽ മനു
ഷ്യപുത്രൻ തൻെറ പിതാവിൻെറ മഹത്വ
ത്തിൽ വിശുദ്ധ മാലാഖമാരോടുകൂടി
വരുവാനിരിക്കുന്നു. അപ്പോൾ അവൻ,
ഓരോ മനുഷ്യനും അവൻെറ പ്രവൃത്തി
കൾക്കനുസരിച്ച് പ്രതിഫലം നൽകും.
28 മനുഷ്യപുത്രൻ തൻെറ രാജ്യത്തിൽ വരു
ന്നതു കാണുംവരെ മരണം ആസ്വദിക്കയി
ല്ലാത്ത ചിലർ ഇവിടെ നിൽക്കുന്നവരിൽ
ഉണ്ട് എന്നു ഞാൻ സത്യമായി നിങ്ങളോടു
പറയുന്നു." എന്നു പറഞ്ഞു.

അദ്ധ്യായം 17

1 ആറു ദിവസങ്ങൾക്കുശേഷം, യേശു
കീപ്പായേയും യാക്കോബിനേയും അവ
ൻെറ സഹോദരൻ യോഹന്നാനേയും
മാത്രം കൂട്ടിക്കൊണ്ട് ഒരു ഉയർന്ന മലയി
2 ലേക്കു അവരെ കയററി. യേശു അവരുടെ
മുമ്പിൽവച്ചു രൂപാന്തരപ്പെട്ടു. അവൻെറ
മുഖം സൂര്യനെപ്പോലെ ശോഭിച്ചു. അവൻെറ
വസ്ത്രങ്ങൾ വെളിച്ചം പോലെ വെള്ളയായി.
മോശയും ഏലിയായും തന്നോടു സംസാ 3
രിച്ചുകൊണ്ടിരിക്കുന്നതായി കാണപ്പെട്ടു.
കീപ്പാ യേശുവിനോട് "എൻെറ കർത്താവേ 4
നാം ഇവിടെ ഇരിക്കുന്നത് നല്ലത്. അങ്ങേ
യ്ക്ക് ഇഷ്ടമെങ്കിൽ ഞങ്ങൾ ഇവിടെ മൂന്നു
കുടിലുകൾ ഉണ്ടാക്കാം. ഒന്ന് അങ്ങേക്ക്,
ഒന്നു മോശയ്ക്ക്, ഒന്ന് ഏലിയായ്ക്കും"
എന്നു പറഞ്ഞു. അവൻ സംസാരിച്ചുകൊ 5
ണ്ടിരിക്കെതന്നെ ഒരു ശോഭയേറിയ മേഘം
അവരുടെ മേൽ നിഴലിട്ടു. മേഘത്തിൽ
നിന്നും "ഞാൻ അവനിൽ പ്രസാദിച്ചിരി
ക്കുന്ന എൻെറ പ്രിയപുത്രൻ ഇവനാകുന്നു.
ഇവനെ നിങ്ങൾ അനുസരിപ്പിൻ" എന്ന ഒരു
ശബ്ദം ഉണ്ടാകുകയും ചെയ്തു. ഇതു കേട്ട് 6
ശിഷ്യന്മാർ കവിണ്ണു വീണു. അവർ ഏററം
ഭയന്നുപോയി. യേശു അവരെ സമീപിച്ച് 7
അവരെ തൊട്ടു. "എഴുന്നേൽപ്പിൻ. ഭയപ്പെ
ടേണ്ട" എന്നുപറഞ്ഞു. അവർ കണ്ണുകൾ
ഉയർത്തി. യേശുവിനെ മാത്രം അല്ലാതെ 8
ആരെയും കണ്ടില്ല. അവർ മലയിൽനിന്നും 9
ഇറങ്ങുമ്പോൾ യേശു അവരോട്: "മനുഷ്യ
പുത്രൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴു
ന്നേൽക്കുന്നതുവരെ, ഈ കാഴ്ച നിങ്ങൾ
ആരോടും പറയരുത്" എന്നു പറഞ്ഞു.
ശിഷ്യന്മാർ തന്നോട് "ഏലിയാ മുമ്പേ 1
വരേണ്ടതാകുന്നു. എന്നു സൊപ്രേന്മാർ
പറയുന്നത് എന്തുകൊണ്ടാണ്" എന്നു ചോ
ദിച്ചു. യേശു ഉത്തരമായി അവരോട് "എല്ലാം 1
നിവൃത്തിയാക്കുവാൻ ഏലിയാ ആദ്യമെ
വരും. ഞാൻ നിങ്ങളോടു പറയുന്നു. ഇതാ 1
ഏലിയാ വന്നു കഴിഞ്ഞു. എന്നാൽ അവർ
അവനെ അറിഞ്ഞില്ല. അവർക്കു ഇഷ്ടപ്പെട്ട
തെല്ലാം അവനോട് അവർ ചെയ്തു.
ഇങ്ങനെതന്നെ മനുഷ്യപുത്രനും അവരിൽ
നിന്നും പീഡിതനാകാനിരിക്കുന്നു!" എന്നു
പറഞ്ഞു. യോഹന്നാൻ സ്നാപകനെ 1
ഉദ്ദേശിച്ചാണ് താൻ പറഞ്ഞത് എന്ന്
അപ്പോൾ ശിഷ്യന്മാർക്കു മനസ്സിലായി.
അവർ ജനസമൂഹത്തിൻെറ അടുക്കൽ 1
വന്നപ്പോൾ ഒരു മനുഷ്യൻ തൻെറ സമീപം
വന്ന് മുട്ടുകുത്തി തന്നോട്, 'എൻെറ 1
കർത്താവേ എന്നിൽ കരുണചെയ്യണമെ.
എൻെറ മകൻ ചന്ദ്രരോഗബാധിതനാണ്.
അവൻ അത്യധികം കഷ്ടപ്പെടുന്നു. അവൻ
എത്രയോ പ്രാവശ്യം തീയിലും വെള്ളത്തി
ലും വീണിരിക്കുന്നു. അങ്ങയുടെ ശിഷ്യ 1
ന്മാരുടെ അടുക്കൽ ഞാൻ അവനെ
കൊണ്ടുവന്നു. അവനെ സുഖപ്പെടുത്തു
വാൻ അവർക്കു കഴിഞ്ഞില്ല' എന്നു പറ
ഞ്ഞു. യേശു ഉത്തരമായിട്ട്, വിശ്വാസമി 1

ല്ലാത്ത - വക്രതയുള്ള വംശമേ ഞാൻ എത്ര
കാലം നിങ്ങളോടുകൂടെയിരിക്കും? എത്ര
ത്തോളം നിങ്ങളെ ഞാൻ സഹിക്കും?
അവനെ ഇവിടെ എൻെറ അടുക്കൽ
കൊണ്ടുവരിക' എന്നു പറഞ്ഞു.

യേശു അവനെ ശാസിച്ചു. പിശാച്
അവനിൽ നിന്നു വിട്ടുപോയി. ബാലൻ ആ
ക്ഷണം മുതൽ സൗഖ്യമുള്ളവനായി
ത്തീർന്നു. യേശു തനിച്ചിരിക്കുമ്പോൾ
ശിഷ്യന്മാർ അടുക്കൽ വന്നു തന്നോട്
അവനെ സുഖപ്പെടുത്തുവാൻ ഞങ്ങൾക്കു
സാദ്ധ്യമല്ലാതെ വന്നത് എന്തുകൊണ്ടാ
ണ്? എന്നു ചോദിച്ചു. യേശു അവരോട്
നിങ്ങളുടെ വിശ്വാസമില്ലായ്മ നിമിത്തം
തന്നെ. ഞാൻ സത്യമായിട്ടു നിങ്ങളോടു
പറയുന്നു. കടുകുമണിപോലെ വിശ്വാസം
നിങ്ങൾക്കുണ്ടായിരുന്നാൽ ഈ മലയോട്
ഇവിടെ നിന്നു മാറുവാൻ നിങ്ങൾക്കു പറ
യാം. അതു മാറുകതന്നെ ചെയ്യും. നിങ്ങൾ
ക്കു യാതൊന്നും അസാദ്ധ്യമായിരിക്കയില്ല.
ഉപവാസവും പ്രാർത്ഥനയും കൊണ്ടല്ലാ
തെ ഈ വർഗ്ഗം മാറിപ്പോകയില്ല" എന്നു
പറഞ്ഞു.

അവർ ഗലീലയിൽ സഞ്ചരിക്കവെ,
യേശു അവരോട് 'മനുഷ്യപുത്രൻ മനുഷ്യ
രുടെ കൈകളിൽ ഏല്പിക്കപ്പെടുവാനിരി
ക്കുന്നു. അവർ അവനെ കൊല്ലും. അവനോ
മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കും'
എന്നു പറഞ്ഞു. അവർക്കു വളരെ ദുഃഖ
മുണ്ടായി. അവർ കപ്പർന്നഹോമിൽ വന്ന
പ്പോൾ ഈരണ്ടു 'സൂസാ' തലവരി വാങ്ങു
ന്നവർ കീപ്പായെ സമീപിച്ച് അവനോട്
നിങ്ങളുടെ റബി തൻെറ രണ്ടു സൂസാ
തരുന്നില്ലയോ എന്നു ചോദിച്ചു. ഉവ്വ് എന്ന്
അവൻ അവരോടു പറഞ്ഞു. പിന്നെ കീപ്പാ
ഭവനത്തിനകത്തുവന്നപ്പോൾ യേശു മുൻ
കൂട്ടി അവനോട്: "ശീമോനേ, നിനക്കെന്തു
തോന്നുന്നു. ഭൂമിയിലെ രാജാക്കന്മാർ
ആരിൽനിന്നാണ് ചുങ്കവും തലവരിയും
പിരിയ്ക്കുന്നത്? സ്വന്ത മക്കളിൽ നിന്നോ
അന്യരിൽ നിന്നോ" എന്നു ചോദിച്ചു.
അന്യന്മാരോട് എന്നു ശെമഓൻ പറഞ്ഞു.
യേശു അവനോട്: "ആകയാൽ മക്കൾ
സ്വതന്ത്രരാണല്ലോ. എന്നാൽ നാം അവരെ
വിരുദ്ധതപ്പെടുത്താതിരിക്കേണ്ടതിന് നീ
കടലിൽ പോയി ചൂണ്ട ഇട്ട് ആദ്യം കിട്ടുന്ന
മത്സ്യത്തിൻെറ വായ് തുറക്കുക. അതിന
കത്ത് ഒരു എസ്തീറാ കാണും. നീ അതെ
ടുത്ത് എനിക്കും നിനക്കുമായി കൊടുത്തു
കൊള്ളുക" എന്നു പറഞ്ഞു.

അദ്ധ്യായം 18

ആ സമയം ശിഷ്യർ യേശുവിൻെറ അടു 1
ത്തുചെന്ന് "സ്വർഗ്ഗരാജ്യത്തിൽ വലിയവൻ
ആരാകുന്നു?" എന്നു ചോദിച്ചു. യേശു ഒരു 2
ബാലനെ വിളിച്ച് അവരുടെ മദ്ധ്യേ നിർത്തി
യിട്ട് "നിങ്ങൾ തിരിഞ്ഞ് പൈതങ്ങളെപ്പോ 3
ലെയായിത്തീരുകയില്ലെങ്കിൽ സ്വർഗ്ഗരാജ്യ
ത്തിൽ നിങ്ങൾ കടക്കുകയില്ല എന്നു ഞാൻ
സത്യമായി നിങ്ങളോടു പറയുന്നു. ആക 4
യാൽ ഈ ബാലനെപ്പോലെ തന്നെത്താൻ
താഴ്ത്തുന്നവൻ ആരോ, അവനായിരിക്കും
സ്വർഗ്ഗരാജ്യത്തിൽ വലിയവൻ."

ഈ പൈതലിനെപ്പോലെ (യുള്ള 5
വനെ) എൻെറ നാമത്തിൽ സ്വീകരിക്കുന്ന
വൻ എന്നെയാകുന്നു സ്വീകരിക്കുന്നത്.
എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ 6
ഒരുവന് ഇടർച്ച വരുത്തുന്നവൻ ആരോ,
അവൻ കഴുത്തിൽ കഴുതയുടെ തിരികല്ല്
കെട്ടിത്തൂക്കി സമുദ്രത്തിൻെറ ആഴത്തിൽ
താഴ്ത്തപ്പെടുന്നതായിരിക്കും അവനു നല്ല
ത്. ഇടർച്ചകൾ നിമിത്തം ലോകത്തിന് ഹാ 7
കഷ്ടം! ഇടർച്ചകൾ വരേണ്ടതു ആവശ്യം.
എന്നാൽ ആരുമൂലമാണോ വിരുദ്ധതക
ളുണ്ടാകുന്നുത്, ആ മനുഷ്യനു ഹാ കഷ്ടം!
നിൻെറ കൈയോ നിൻെറ കാലോ നിനക്കു 8
ഇടർച്ച വരുത്തുന്നുവെങ്കിൽ അതിനെ
നിന്നിൽനിന്നു മുറിച്ച് എറിഞ്ഞുകളയുക.
എന്തെന്നാൽ നീ രണ്ടു കൈയോ രണ്ടു
കാലോ ഉള്ളവനായി നിത്യാഗ്നിയിൽ
വീഴുന്നതിനേക്കാൾ നിനക്കു നല്ലത് മുടന്ത
നായോ അംഗഹീനനായോ ജീവനിലേക്കു
പ്രവേശിക്കുന്നതാകുന്നു. നിൻെറ കണ്ണാ 9
ണു നിനക്കു ഇടർച്ച വരുത്തുന്നതെങ്കിൽ
നിന്നിൽനിന്ന് അതു ചൂഴ്ന്നു കളക. നീ
രണ്ടു കണ്ണുള്ളവനായി അഗ്നി നരകത്തിൽ
വീഴുന്നതിനെക്കാൾ ഒററക്കണ്ണനായി ജീവ
നിൽ പ്രവേശിക്കുന്നതത്രെ നിനക്കു നല്ലത്.
ഈ ചെറിയവരിൽ ആരെയും നിങ്ങൾ 10
നിസ്സാരമായി വിചാരിക്കാതിരിപ്പാൻ കരുതി
ക്കൊള്ളണം എന്തെന്നാൽ സ്വർഗ്ഗത്തിൽ
അവരുടെ മാലാഖമാർ എൻെറ സ്വർഗ്ഗ
സ്ഥനായ പിതാവിൻെറ മുഖം എപ്പോഴും
കണ്ടു കൊണ്ടിരിക്കുന്നു എന്ന് ഞാൻ
നിങ്ങളോടു പറയുന്നു. എന്തെന്നാൽ
നശിച്ചുപോയതിനെ ജീവിപ്പിക്കാനത്രെ 11
മനുഷ്യൻെറ പുത്രൻ വന്നിരിക്കുന്നത്.
നിങ്ങൾക്കു എന്തു തോന്നുന്നു. ഒരു മനു 12
ഷ്യന് നൂറ് ആടുകൾ ഉണ്ടായിരിക്കെ അവ
യിൽ ഒന്ന് വഴിതെററിപ്പോയാൽ, തൊണ്ണൂ

റൊൻപതിനേയും മലയിൽ വിട്ടിട്ട് അവൻ
പോയി ആ കാണാതെ പോയതിനെ അന്വേ
13 ഷിക്കുന്നില്ലയോ? അതിനെ കണ്ടു കിട്ടി
യാലോ തെററിപ്പോകാത്ത തൊണ്ണൂററി
ഒൻപതിനെപ്പററി എന്നതിലധികം അതി
നെക്കുറിച്ച് അവൻ സന്തോഷിക്കുമെന്നു
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.
14 അങ്ങനെ തന്നെ ഈ ചെറിയവരിൽ ഒരു
വൻ നശിച്ചുപോകുന്നത് നിങ്ങളുടെ സ്വർഗ്ഗ
സ്ഥപിതാവിൻെറ സന്നിധിയിൽ ഇഷ്ട
15 മല്ല. നിൻെറ സഹോദരൻ നിന്നോടു തെററു
ചെയ്താൽ നീ ചെന്ന് നീയും അവനും മാത്ര
മുള്ളപ്പോൾ അവന് കുററബോധം വരുത്തു
ക. അവൻ നിന്നെ കേട്ടുവെങ്കിൽ നിൻെറ
16 സഹോദരനെ നീ നേടി. അവൻ നിൻെറ
വാക്കു കേട്ടില്ലെങ്കിൽ രണ്ടോ മൂന്നോ സാ
ക്ഷികളുടെ വായ്മൊഴിയിൽ സർവ്വ വച
നവും സ്ഥിരപ്പെടും എന്നതിനാൽ ഒന്നോ
രണ്ടോപേരെ നിൻെറകൂടെ കൊണ്ടുപോ
17 കുക. അവൻ അവരുടെ വാക്കും കേൾക്കാ
തിരുന്നാൽ, സഭയോടു പറയുക. അവൻ
സഭയേയും കേൾക്കുന്നില്ല എങ്കിൽ അവൻ
നിനക്കു ചുങ്കക്കാരനെപ്പോലെയും പുറ
ജാതിക്കാരനെപ്പോലെയും ആയിരിക്കട്ടെ.
18 നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം
സ്വർഗ്ഗത്തിലും കെട്ടപ്പെട്ടതായിരിക്കും.
നിങ്ങൾ ഭൂമിയിൽ അഴിക്കുന്നത് സ്വർഗ്ഗ
ത്തിൽ അഴിക്കപ്പെട്ടതുമായിരിക്കും എന്നു
ഞാൻ നിങ്ങളോട് സത്യമായി പറയുന്നു.
19 വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു.
നിങ്ങൾ പ്രാർത്ഥിക്കുന്ന ഏതു കാര്യത്തി
ലും നിങ്ങളിൽ ഇരുവർ യോജിപ്പുള്ള
വരായിരുന്നാൽ സ്വർഗ്ഗസ്ഥനായ എൻെറ
പിതാവിൽനിന്നും അത് അവർക്കു ലഭിക്കും.
20 എന്തെന്നാൽ എൻെറ നാമത്തിൽ രണ്ടോ
മൂന്നോ പേർ എവിടെ കൂടിയിരിക്കുന്നുവോ
അവിടെ അവരുടെ മദ്ധ്യേ ഞാനുണ്ടായിരി
21 ക്കും എന്നു പറഞ്ഞു. അപ്പോൾ കീപ്പാ
തന്നെ സമീപിച്ച് തന്നോടു ചോദിച്ചു.
"എൻെറ കർത്താവേ എൻെറ സഹോദരൻ
എന്നോടു തെററു ചെയ്താൽ എത്ര പ്രാ
വശ്യം ഞാനവനോടു ക്ഷമിക്കണം. ഏഴു
22 പ്രാവശ്യം വരെയോ?" യേശു അവനോട്
"ഏഴുവരെ എന്നല്ല ഞാൻ നിന്നോടു
പറയുന്നത്. ഏഴേഴു ഏഴുപതു പ്രാവശ്യം
വരെ എന്നത്രെ."
23 തൻെറ ദാസരിൽനിന്നു കണക്കു
കേൾപ്പാനാഗ്രഹിച്ച രാജാവിനോട് സ്വർഗ്ഗ
24 രാജ്യം സാമ്യപ്പെടുന്നു. അവൻ കണക്കു
കേട്ടു തുടങ്ങിയപ്പോൾ, പതിനായിരം
'കക്രിൻ' കടം വാങ്ങിയിരുന്ന ഒരുവനെ
അവൻെറ അടുക്കൽ അവർ കൊണ്ടുവന്നു.
കടം വീട്ടുവാൻ അവനു വകയില്ലാതിരുന്നതു 25
കൊണ്ട് അവനെയും അവൻെറ ഭാര്യയെയും
മക്കളെയും അവനുള്ളതെല്ലാം വിററു കടം
തീർക്കുവാൻ യജമാനൻ കല്പനയായി.
അപ്പോൾ ആ ദാസൻ വീണു വന്ദിച്ചുകൊ 26
ണ്ട് "എൻെറ യജമാനനെ എനിക്ക് അവധി
തരണമെ. ഞാൻ സർവ്വവും തന്നു തീർത്തു
കൊള്ളാം" എന്നു പറഞ്ഞു. ആ ദാസൻെറ 27
യജമാനനു അവനോടു ദയതോന്നി അവ
നെ വിട്ടയക്കുകയും അവൻെറ കടം ഇളവു
ചെയ്കയും ചെയ്തു. ആ ദാസൻ പുറത്തി 28
റങ്ങി, നൂറ് ദിനാറാ അവനു കൊടുപ്പാ
നുണ്ടായിരുന്ന അവൻെറ ഒരു കൂട്ടുകാരനെ
ക്കണ്ട് അവനെ പിടിച്ചു തൊണ്ടയ്ക്കു
ഞെക്കിക്കൊണ്ട് അവനോടു: "നീ എനിക്കു
കടപ്പെട്ടിട്ടുള്ളത് തരണം" എന്നു പറഞ്ഞു.
ആ കൂട്ടുകാരൻ അവൻെറ പാദത്തിങ്കൽ 29
വീണ് "എനിക്ക് അവധി തരണേ. സകലവും
തന്നു വീട്ടിക്കൊള്ളാം" എന്നു യാചിച്ചു
പറഞ്ഞു. എന്നാൽ അവൻ സമ്മതിച്ചില്ല. 30
പിന്നെയോ അവൻ പോയി, അവനു കട
പ്പെട്ടിരുന്നതു മുഴുവൻ ഇവൻ കൊടുത്തു
തീർക്കുംവരെ കാരാഗൃഹത്തിൽ ഇടുവിച്ചു.
സംഭവിച്ചത് അവരുടെ കൂട്ടുകാർ കണ്ട 31
പ്പോൾ ഏററം ദുഃഖിച്ച് അവർ വന്ന് സംഭവ
മെല്ലാം അവരുടെ യജമാനനെ അറിയിച്ചു.
യജമാനൻ അവനെ വിളിച്ച് അവനോട് 32
"ദുഷ്ട ദാസാ, നീ എന്നോടു അപേക്ഷിച്ച
തുമൂലം കടമെല്ലാം ഞാൻ നിനക്ക് ഇളച്ചു
തന്നുവല്ലോ. ഞാൻ നിന്നോട് കരുണ 33
ചെയ്തതുപോലെ നീയും കൂട്ടുകാരനോട്
കരുണ ചെയ്യാൻ നിനക്കു ചുമതലയില്ലേ?"
എന്നു പറഞ്ഞു. യജമാനൻ കോപിഷ്ഠനാ 34
യി കടം വാങ്ങിയിരുന്നതെല്ലാം കൊടുത്തു
തീർക്കുവോളം അവനെ ശിക്ഷാധികാരി
കൾക്കേല്പിച്ചു. നിങ്ങളിൽ ഓരോരുത്ത 35
നും തൻെറ സഹോദരനോട് അവൻെറ കുററ
ങ്ങൾ ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ
സ്വർഗ്ഗസ്ഥനായ എൻെറ പിതാവ് നിങ്ങളോ
ടും ഇങ്ങനെതന്നെ ചെയ്യും എന്നു പറഞ്ഞു.

അദ്ധ്യായം 19

ഈ വചനങ്ങൾ പറഞ്ഞവസാനിപ്പിച്ച
ശേഷം യേശു ഗലീലയിൽനിന്നു പുറപ്പെട്ട്
യോർദ്ദാനക്കരെ, യഹൂദിയാ അതൃത്തി
യിൽ വന്നു. വളരെ പുരുഷാരം തന്നെ അനു 2
ഗമിച്ചു. അവിടെ വച്ച് താൻ അവരെ സുഖ
പ്പെടുത്തി. പരീശർ തൻെറ അടുത്തു വന്ന് 3

തന്നെ പരീക്ഷിച്ചുകൊണ്ട് "ഏതുകാരണം
നിമിത്തവും ഒരുവന് തൻെറ ഭാര്യയെ
ഉപേക്ഷിക്കുവാൻ ന്യായമുണ്ടോ?" എന്നു
ചോദിച്ചു. അതിന് ഉത്തരമായി താൻ:
"ആദിയിൽ സ്രഷ്ടാവ് ആണും പെണ്ണുമാ
യി അവരെ സൃഷ്ടിച്ചു എന്നും, അതിനാൽ
ുരുഷൻ അവൻെറ പിതാവിനേയും മാതാ
ിനേയും വിട്ട് ഭാര്യയോട് ചേർന്നിരിക്കും.
അവരിരുവരും ഒരു ജഡമായിത്തീരുമെന്നും
താൻ പറഞ്ഞു എന്നും നിങ്ങൾ വായിച്ചിട്ടി
ല്ലയോ? ആകയാൽ അവർ രണ്ടല്ല; ഏക
ശരീരമത്രേ. തന്മൂലം ദൈവം യോജിപ്പി
ച്ചത് മനുഷ്യൻ വേർപിരിക്കരുത്" എന്നു
പറഞ്ഞു. അവർ തന്നോട് "അങ്ങനെയെ
ിൽ ഉപേക്ഷണ പത്രം കൊടുത്ത് അവളെ
ിരിച്ചുവിടാം എന്നു മോശ കല്പിച്ചിരിക്കു
ന്നത് എന്തുകൊണ്ട്?" എന്നു ചോദിച്ചു.
താൻ അവരോട് "നിങ്ങളുടെ ഹൃദയ
ാഠിന്യം നിമിത്തം നിങ്ങളുടെ ഭാര്യമാരെ
ിരിച്ചയച്ചു കൊൾവാൻ മോശ നിങ്ങൾക്ക
ുവാദം തന്നു. എന്നാൽ ആദിയിൽ അങ്ങ
നയല്ലായിരുന്നു. ഞാനോ നിങ്ങളോടു
റയുന്നു. വ്യഭിചാരം നിമിത്തമല്ലാതെ
ൻെറ ഭാര്യയെ ഉപേക്ഷിച്ച് മറെറാരുവളെ
ീകരിക്കുന്നവൻ ചെയ്യുന്നത് വ്യഭിചാര
ത്രേ. ഉപേക്ഷിക്കപ്പെട്ടവളെ പരിഗ്രഹിക്കു
വനും വ്യഭിചരിക്കുകയത്രെ" എന്നു പറ
ു. തൻെറ ശിഷ്യർ തന്നോട്, "സ്ത്രീ
ുരുഷന്മാരുടെ ഇടയിൽ സ്ഥിതി ഇങ്ങനെ
ുററകരമെങ്കിൽ സ്ത്രീയെ പരിഗ്രഹിക്കു
തേ നന്നല്ലല്ലോ" എന്നു പറഞ്ഞു. താൻ
വരോടു "(വരം) ലഭിച്ചവനല്ലാതെ
ല്ലാവരും ഈ വചനത്തിനു പ്രാപ്തരല്ല.
ന്തെന്നാൽ തങ്ങളുടെ മാതൃഉദരത്തിൽ
ന്ന് തന്നെ ഷണ്ഡന്മാരായി ജനിച്ച ഷണ്ഡ
ാരുണ്ട്, മനുഷ്യരാൽ ഷണ്ഡന്മാരാക്ക
ട്ട ഷണ്ഡന്മാരുണ്ട്. സ്വർഗ്ഗരാജ്യത്തെ
തി സ്വയം ഷണ്ഡന്മാരാക്കിത്തീർത്ത
ണ്ഡന്മാരുമുണ്ട്. പ്രാപ്തനാകുവാൻ, കഴിവു
വൻ പ്രാപ്തനായിരിക്കട്ടെ എന്നു പറഞ്ഞു.
അനന്തരം താൻ അവരുടെമേൽ കൈ
ച്ചു പ്രാർത്ഥിപ്പാനായി പൈതങ്ങളെ തൻെറ
ടുക്കൽ (ചിലർ) കൊണ്ടുവന്നു. ശിഷ്യ
ർ അവരെ വിലക്കി. യേശുവാകട്ടെ അവ
ട് "പൈതങ്ങൾ എൻെറ അടുക്കൽ വരു
ൻ സമ്മതിപ്പിൻ. നിങ്ങൾ അവരെ വില
രുത്. എന്തെന്നാൽ ഇവരെപ്പോലെയുള്ള
ുടെതാകുന്നു സ്വർഗ്ഗരാജ്യം." എന്നു പറ
ു. താൻ അവരുടെമേൽ കൈവച്ചു. (പി
ട്) അവിടെനിന്നു പോകുകയും ചെയ്തു.

ഒരുവൻ തന്നെ സമീപിച്ച് തന്നോട് 16
"നല്ലവനായ ഗുരോ എനിക്ക് നിത്യജീവനു
ണ്ടാകുവാൻ തക്കവണ്ണം ഞാൻ എന്തു നന്മ
ചെയ്യണം?" എന്നു ചോദിച്ചു. താൻ അവ 17
നോട് —"നീ എന്നെ നല്ലവൻ എന്നു വിളി
ക്കുന്നത് എന്തുകൊണ്ടാണ്? ഏകദൈവമ
ല്ലാതെ നല്ലവനില്ല. ജീവനിൽ പ്രവേശി
ക്കുവാൻ നിനക്കാഗ്രഹമുണ്ടെങ്കിൽ കല്പ
നകൾ ആചരിക്കണം" എന്നു പറഞ്ഞു. 18
അവൻ തന്നോട് 'അവ ഏതെല്ലാം?' എന്നു
ചോദിച്ചു. യേശു അവനോട്, നീ കൊല
ചെയ്യരുത്, വ്യഭിചരിക്കരുത്, മോഷ്ടിക്ക
രുത് - കള്ള സാക്ഷ്യം പറയരുത്, നിൻെറ 19
പിതാവിനേയും നിൻെറ മാതാവിനേയും നീ
ബഹുമാനിക്കണം. നിന്നെപ്പോലെ നിൻെറ
അയൽക്കാരനേയും സ്നേഹിക്കണം."
എന്നു പറഞ്ഞു. ആ യുവാവ് തന്നോട് "ഇവ 20
യെല്ലാം എൻെറ ബാല്യം മുതൽ തന്നെ
ഞാൻ പാലിച്ചു വന്നിട്ടുള്ളതാണ്. എനിക്ക്
(ഇനിയും) എന്താണു കുറവുള്ളത്?" എന്നു
ചോദിച്ചു. യേശു അവനോട് "നീ പൂർണ്ണ 21
നാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ -
നിൻെറ വസ്തുവകകൾ വിററു ദരിദ്രർക്കു
കൊടുക്കുക. നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേ
പമുണ്ടാകും. നീ എൻെറ പിന്നാലെ വരിക
യും ചെയ്യുക" എന്നു പറഞ്ഞു. എന്നാൽ 22
ആ യുവാവാകട്ടെ ഈ വചനം കേട്ട് ദുഃഖ
ത്തോടെ പോയി. എന്തെന്നാൽ അവനു വള 23
രെ സമ്പത്തുണ്ടായിരുന്നു. യേശു തൻെറ
ശിഷ്യരോട് "ധനവാൻ സ്വർഗ്ഗരാജ്യത്തിലേ
ക്ക് കടക്കുന്നത് പ്രയാസം എന്നു ഞാൻ
നിങ്ങളോടു പറയുന്നു. "ധനവാൻ സ്വർഗ്ഗ 24
രാജ്യത്തിൽ കടക്കുന്നതിനേക്കാൾ എളുപ്പം
ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാകു
ന്നു" എന്നു ഞാൻ വീണ്ടും നിങ്ങളോടു പറ
യുന്നു. ശിഷ്യന്മാർ ഇതുകേട്ട് ഏററം അത്ഭു 25
തപ്പെട്ടുപോയി. "ഇങ്ങനെ എങ്കിൽ ആർക്ക്
ജീവിപ്പാൻ കഴിയും എന്നു ചോദിച്ചു. യേശു 26
അവരെ നോക്കിക്കൊണ്ട്, മനുഷ്യർക്ക് ഇതു
കഴിവുള്ളതല്ല. എന്നാൽ ദൈവത്തിനു
സകലവും കഴിയും" എന്നു പറഞ്ഞു.
കീപ്പാ ഉത്തരമായി തന്നോട്, "ഇതാ 27
ഞങ്ങൾ എല്ലാം ഉപേക്ഷിച്ച് അങ്ങയുടെ
പിന്നാലെ വന്നിരിക്കുന്നു. ഞങ്ങൾക്ക്
എന്തുണ്ടാകും? എന്നു ചോദിച്ചു- യേശു 28
അവരോട് "എൻെറ പിന്നാലെ വന്നിരിക്കു
ന്ന നിങ്ങളോ, മനുഷ്യപുത്രൻ പുതിയ
ലോകത്തിൽ തൻെറ മഹത്വസിംഹാസന
ത്തിൽ ഇരിക്കുമ്പോൾ, നിങ്ങളും പന്ത്രണ്ടു
സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രയേ

24. കയർ എന്ന പാഠഭേദമുണ്ട്

ലിൻെറ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കും.
എന്നു സത്യമായി ഞാൻ നിങ്ങളോടു
29 പറയുന്നു. എൻെറ നാമം നിമിത്തം ആരെ
ങ്കിലും വീടുകളെയോ സഹോദരന്മാരെ
യോ, സഹോദരിമാരെയോ, അപ്പനെയോ,
അമ്മയേയോ, ഭാര്യയെയോ, മക്കളെയോ,
നിലങ്ങളെയോ ഉപേക്ഷിച്ചാൽ ഒന്നിനു
നൂറു മടങ്ങ് ലഭിക്കും. അവൻ നിത്യജീവനെ
30 അവകാശമാക്കുകയും ചെയ്യും. അനേകം
മുമ്പന്മാർ പിമ്പന്മാരായും പിമ്പന്മാർ മുമ്പ
ന്മാരായും ഭവിക്കും" എന്നു പറഞ്ഞു.

അദ്ധ്യായം 20

1 "തൻെറ മുന്തിരിത്തോപ്പിലേക്കു വേല
ക്കാരെ കൂലിക്കു വിളിക്കുവാൻ പ്രഭാത
ത്തിൽ പുറപ്പെട്ട വീട്ടുടമയായ മനുഷ്യ
2 നോടു സ്വർഗ്ഗരാജ്യം സാമ്യമുള്ളതാകുന്നു.
ദിവസം ഒന്നിന് ഒരു ദീനോറാ എന്നു വേല
ക്കാരോട് പറഞ്ഞൊത്ത് അവരെ തൻെറ
3 മുന്തിരിത്തോട്ടത്തിലേക്കയച്ചു. മൂന്നാംമണി
നേരത്തു അവൻ പുറപ്പെട്ടു. വേലയില്ലാതെ
തെരുവിൽ നിൽക്കുന്ന വേറെ ചിലരെ കണ്ട്.
4 അവരോട് നിങ്ങളും മുന്തിരിത്തോട്ടത്തി
ലേക്കു പൊയ്ക്കൊള്ളുവിൻ. നിങ്ങൾക്കു
ന്യായമായിട്ടുള്ളതു തരാം എന്നു പറഞ്ഞു.
5 അവർ പോയി. അവൻ വീണ്ടും ആറാം മണി
നേരത്തും ഒൻപതാംമണിനേരത്തും പുറ
6 പ്പെട്ട് അങ്ങനെ തന്നെ ചെയ്തു. പതി
നൊന്നാം മണിനേരത്തും അവൻ പുറപ്പെട്ട്
മിനക്കെട്ടു നിൽക്കുന്ന വേറെ ചിലരെക്ക
ണ്ട്, അവരോട് "നിങ്ങൾ ദിവസം മുഴുവൻ
വേലയില്ലാതെ നിൽക്കുന്നതെന്ത്?" എന്നു
7 ചോദിച്ചു. അവർ അവനോട് ആരും ഞങ്ങ
ളെ കൂലിക്കു വിളിക്കാതിരുന്നതുകൊണ്ടാ
ണ്" എന്നു പറഞ്ഞു. അവൻ അവരോട്
നിങ്ങളും മുന്തിരിത്തോപ്പിൽ പൊയ്ക്കൊ
ള്ളുവിൻ; ന്യായമായതു നിങ്ങൾക്കു കിട്ടും
8 എന്നു പറഞ്ഞു. സന്ധ്യയായപ്പോൾ മുന്തി
രിത്തോട്ടത്തിൻെറ ഉടമസ്ഥൻ തൻെറ ഭവന
വിചാരിപ്പുകാരനോട് വേലക്കാരെ വിളിച്ച്
അവരുടെ കൂലി കൊടുക്കുക. അവസാനം
വന്നവൻ തുടങ്ങി ആദ്യം വന്നവൻവരെ
9 (എന്ന ക്രമത്തിൽ) കൊടുക്കുക എന്നു പറ
ഞ്ഞു. പതിനൊന്നാംമണിനേരത്ത് വന്നവർ
10 വന്ന് ഓരോ ദീനോറാ വാങ്ങിച്ചു. ആദ്യം
വന്നവർ വന്നപ്പോൾ അവർക്കു കൂടുതൽ
കിട്ടുമെന്ന് വിചാരിച്ചു. അവർക്കും ഓരോ
11 ദീനോറാ കിട്ടി. അത് വാങ്ങിയിട്ട് അവർ
വീട്ടുടമസ്ഥന് എതിരായി പിറുപിറുത്തു.
12 "അവസാനം വന്ന ഇവർ ഒരു മണിക്കൂർ

മാത്രമല്ലേ വേല ചെയ്തുള്ളു. പകലത്തെ
ഭാരവും ചൂടും സഹിച്ചവരായ ഞങ്ങളോട്
അവരെ അങ്ങു തുല്യരാക്കിയല്ലോ." എന്നു
പറഞ്ഞു. അവൻ ഉത്തരമായി അവരിൽ
ഒരുവനോട് "എൻെറ സ്നേഹിതാ, ഞാൻ
നിന്നോടു ഒരു അന്യായവും ചെയ്യില്ലല്ലോ.
ഒരു ദിനോറാ അല്ലയോ നീ എന്നോടു പറ
ഞ്ഞൊത്തത്. നിൻേറത് നീ വാങ്ങിക്കൊ
ണ്ടു പൊയ്ക്കൊള്ളുക. നിനക്കെന്നതു
പോലെ ഈ അവസാനത്തവനും കൊടു
ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അഥവാ,
എൻേറതു കൊണ്ട് എനിക്കിഷ്ടമുള്ളതു
പോലെ ചെയ്യുവാൻ എനിക്കധികാരമി
ല്ലയോ? ഞാൻ നല്ലവനാകകൊണ്ട് നിനക്കു
അസൂയയോ? എന്നു പറഞ്ഞു.
ഇങ്ങനെ പിമ്പന്മാർ മുമ്പന്മാരും മുമ്പ
ന്മാർ പിമ്പന്മാരും ആയിത്തീരും. എന്തെ
ന്നാൽ വിളിക്കപ്പെട്ടവർ അനേകർ; തെര
ഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം.
യറുശലേമിലേക്ക് കയറി പോകുവാനി
രിക്കെ യേശു തൻെറ ശിഷ്യന്മാർ പന്ത്രണ്ട
പേരെയും കൂട്ടിക്കൊണ്ടു പോയി. വഴിയിൽ
താനും അവരും മാത്രമായിരിക്കെ അവ
രോട്. ഇതാ നാം യറുശലേമിലേക്കു കയ
റുന്നു. മനുഷ്യൻെറ പുത്രൻ പ്രധാനാചാര
ന്മാർക്കും സൊപ്രേന്മാർക്കും ഏല്പിച്ചു
കൊടുക്കപ്പെടും. അവർ അവന് മരണശിക്ഷ
വിധിക്കും. അവർ അവനെ പുറജാതികൾക്ക
ഏല്പിക്കും. അവനെ പരിഹസിക്കും. ചമ്മട്ട
കൊണ്ടടിക്കും. കുരിശിൽ തൂക്കുകയു
ചെയ്യും. മൂന്നാംനാൾ അവൻ ഉയിർത്തെ
ഴുന്നേൽക്കും" എന്നു പറഞ്ഞു.
അനന്തരം സെബദി പുത്രന്മാരുടെ
മാതാവും അവളുടെ പുത്രന്മാരും തൻെ
അടുക്കൽ വന്ന്, അവൾ തന്നെ വന്ദി
തന്നോടു ഒരു കാര്യം അപേക്ഷിച്ചു. താ
അവളോടു: നീ എന്താണാഗ്രഹിക്കുന്
തെന്നു ചോദിച്ചു. അവൾ തന്നോടു 'എൻെ
ഈ രണ്ടു പുത്രന്മാരും, ഒരുവൻ അങ്ങയു
വലത്തും ഒരുവൻ അങ്ങയുടെ ഇടത്തുമാ
അങ്ങയുടെ രാജ്യത്തിൽ ഇരിപ്പാൻ കല്പ
ക്കണമേ" എന്നു പറഞ്ഞു. യേശു ഉത്ത
മായിട്ട് "നിങ്ങൾ എന്താണു യാചിക്കുന്
തെന്നു നിങ്ങൾ അറിയുന്നില്ല. ഞാൻ കു
ക്കുവാനിരിക്കുന്ന പാനപാത്രം കുടിക്കുവ
നോ, ഞാൻ ഏല്ക്കുവാനിരിക്കുന്ന മാമ്മൂ
സ, ഏല്ക്കുവാനോ നിങ്ങൾക്കു കഴിയ
മോ?" എന്നു ചോദിച്ചു. അവർ തന്നോ
"ഞങ്ങൾക്കു കഴിയും" എന്നു പറഞ്ഞ
താൻ അവരോട് "എൻെറ പാനപാത്ര

നിങ്ങൾ കുടിക്കും. ഞാൻ ഏല്ക്കുന്ന
മാമ്മൂദീസാ നിങ്ങൾ ഏല്ക്കുകയും ചെയ്യും.
എന്നാൽ എൻെറ വലത്തും ഇടത്തും
ഇരിക്കുക എന്നതു എൻെറ പിതാവിനാൽ
ആർക്കായി ഒരുക്കപ്പെട്ടിരിക്കുന്നുവോ
അവർക്കല്ലാതെ നൽകുന്നത് എൻെറ
4 കാര്യമല്ല" എന്നു പറഞ്ഞു. പത്തുപേർ ഇതു
5 കേട്ടപ്പോൾ ആ രണ്ടു സഹോദരന്മാരുടെ
യും നേരെ കോപിച്ചു. യേശു അവരെ വിളിച്ച്
അവരോട് ജാതികളുടെ തലവന്മാർ അവ
രുടെ യജമാനന്മാരാകുന്നു; അവരുടെ
പ്രഭുക്കന്മാർ അവരുടെമേൽ അധികാരികൾ
6 എന്നും നിങ്ങൾക്കറിയാം. നിങ്ങളുടെ ഇട
യിൽ ഇങ്ങനെ ആകരുത്. പിന്നെയോ,
നിങ്ങളിൽ വലിയവൻ ആകുവാൻ ആഗ്രഹി
ക്കുന്നവൻ നിങ്ങൾക്കു ശുശ്രൂഷകനായിരി
ക്കണം. നിങ്ങളിൽ ഒന്നാമനാകുവാൻ
ആഗ്രഹിക്കുന്നവൻ നിങ്ങൾക്കു ദാസനു
മായിരിക്കണം. മനുഷ്യപുത്രൻ വന്നത്
ശുശ്രൂഷിക്കപ്പെടുവാനല്ല; ശുശ്രൂഷചെയ്യു
വാനും അനേകരുടെ വീണ്ടെടുപ്പിന്നായി
തൻെറ ജീവനെ കൊടുപ്പാനുമായിട്ടത്രെ"
എന്നു പറഞ്ഞു.

യേശു യറീഹോയിൽനിന്നു പുറപ്പെട്ട
പ്പോൾ വളരെ പുരുഷാരം തൻെറ പിന്നാലെ
വന്നുകൊണ്ടിരുന്നു. വഴിയരുകിൽ രണ്ടു
കുരുടന്മാർ ഇരുന്നിരുന്നു. യേശു കടന്നു
പോകുന്നുവെന്ന് അവർ കേട്ടപ്പോൾ,
"കർത്താവേ, ദാവീദ് പുത്രാ, ഞങ്ങളോടു
കരുണ ചെയ്യണമെന്ന്" അവർ ഉറച്ച ശബ്ദ
ത്തിൽ വിളിച്ചു പറഞ്ഞു. മിണ്ടാതിരിപ്പാൻ
ജനസമൂഹം അവരെ വിലക്കി. എന്നാൽ
അവരോ ശബ്ദം അധികം ഉയർത്തി, "ഞങ്ങ
ളുടെ കർത്താവേ, 'ഞങ്ങളോടു കരുണ
ചെയ്യണമെ' എന്നു പറഞ്ഞു. യേശു നിന്നു.
അവരെ വിളിച്ചു. "ഞാൻ നിങ്ങൾക്ക് എന്തു
ചെയ്യണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്ന
ത്?" എന്നു ചോദിച്ചു. ഞങ്ങളുടെ കർത്താ
വേ, ഞങ്ങളുടെ കണ്ണുകൾ തുറക്കപ്പെടണ
മെ എന്നു അവർ പറഞ്ഞു. താൻ മനസ്സലി
ഞ്ഞു. അവരുടെ കണ്ണുകളെ തൊട്ടു. തൽക്ഷ
ണം അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അ
വർ തൻെറ പിന്നാലെ പോകുകയും ചെയ്തു.

അദ്ധ്യായം 21

യേശു യറുശലേമിനോട് സമീപിച്ചു.
ഒലിവു മലയ്ക്കടുത്തുള്ള ബെത്പ്പോഗെ
യിൽ വന്നപ്പോൾ താൻ തൻെറ ശിഷ്യരിൽ
രണ്ടുപേരെ അയച്ച് അവരോട് "നിങ്ങൾക്കു
നേരെയുള്ള ഗ്രാമത്തിലേക്കു പോകുവിൻ.
കെട്ടപ്പെട്ടിരിക്കുന്ന ഒരു കഴുതയേയും
അതിനോടുകൂടെ കഴുതക്കുട്ടിയേയും ഉട
നെ നിങ്ങൾ കണ്ടെത്തും. അവയെ അഴിച്ച്
എനിക്കായി കൊണ്ടു വരുവിൻ. ആരെങ്കി 3
ലും നിങ്ങളോട് എന്തെങ്കിലും പറയുന്നു
വെങ്കിൽ "ഞങ്ങളുടെ കർത്താവിന് അവ
യെക്കൊണ്ട്" ആവശ്യമുണ്ട് എന്ന് അവ
നോടു പറയണം. അവൻ അവയെ ഉടനെ
ഇവിടേക്കു വിട്ടയക്കും" എന്നു പറഞ്ഞു.
ഈ സംഭവിച്ചതെല്ലാം പ്രവാചകൻ മുഖേന 4
പറയപ്പെട്ട കാര്യം നിവൃത്തിയാകുവാൻ
തന്നെ. അവൻ പറഞ്ഞിരുന്നു: 'സെഹി 5
യോൻ പുത്രിയോട് നിൻെറ രാജാവ് താഴ്മ
യുള്ളവനായി കഴുതയുടെമേലും കഴുത
ക്കുട്ടിയുടെമേലും കയറി നിൻെറ അടുക്ക
ലേക്കു വരുന്നു എന്നു പറയുവിൻ." ശിഷ്യർ 6
പോയി യേശു അവരോടു കല്പിച്ചതു
പോലെതന്നെ ചെയ്തു. അവർ കഴുത 7
യേയും കുട്ടിയേയും കൊണ്ടുവന്നു. കഴുത
ക്കുട്ടിയുടെമേൽ അവരുടെ വസ്ത്രങ്ങൾ
വിരിച്ചു. യേശു അതിന്മേൽ കയറി ഇരുന്നു.
പുരുഷാരത്തിൽ വളരെപ്പേർ തങ്ങളുടെ 8
മേലങ്കികൾ വഴിയിൽ വിരിച്ചു. മററു ചിലർ
വൃക്ഷങ്ങളിൽനിന്ന് ചെറുകമ്പുകൾ മുറിച്ചെ
ടുത്തു വഴിയിൽ വിതറി. തൻെറ മുമ്പേ പോ 9
യിരുന്നവരും പിമ്പേ വരുന്നവരുമായ പുരു
ഷാരം, "ദാവീദുപുത്രന് ഓശാന, കർത്താവി
ൻെറ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെ
ട്ടവനാകുന്നു. അത്യുന്നതങ്ങളിൽ ഓശാന."
എന്ന് ആർത്തുവിളിച്ചു. താൻ യറുശലേ 10
മിൽ പ്രവേശിച്ചപ്പോൾ നഗരമാകെ ഇളകി
'ഇദ്ദേഹം ആരാകുന്നു?" എന്നു പറഞ്ഞു.
ജനക്കൂട്ടം, ഇദ്ദേഹം യേശു; ഗലീലായിലെ 11
നസ്രേസത്തിൽനിന്നുള്ള പ്രവാചകൻ എന്നു
പറഞ്ഞു.

യേശു ദൈവാലയത്തിൽ പ്രവേശിച്ചു. 12
ദൈവാലയത്തിൽ വില്പന നടത്തുകയും
വാങ്ങുകയും ചെയ്തുകൊണ്ടിരുന്ന എല്ലാ
വരേയും പുറത്താക്കി. നാണയമാററക്കാ
രുടെ മേശകളേയും പ്രാവു വിൽപ്പനക്കാ
രുടെ പീഠങ്ങളെയും മറിച്ചിട്ടു. അവരോട് 13
"എൻെറ ഭവനം പ്രാർത്ഥനാഭവനം എന്നു
വിളിക്കപ്പെടും" എന്നെഴുതിയിരിക്കുന്നു.
എന്നാൽ നിങ്ങൾ അതിനെ കള്ളന്മാരുടെ
ഗുഹയാക്കിത്തീർത്തിരിക്കുന്നു" എന്നു
പറഞ്ഞു. അനന്തരം കുരുടന്മാരും മുടന്ത 14
ന്മാരും ദൈവാലയത്തിൽ തൻെറ അടുക്കൽ
വന്നു. താൻ അവർക്കു സൌഖ്യം നല്കി
താൻ ചെയ്തുകൊണ്ടിരുന്ന അത്ഭുതങ്ങളേ 15
യും "ദാവീദിൻെറ പുത്രന്" ഓശാന എന്ന്

ദൈവാലയത്തിൽ ആർത്ത് ആട്ടഹസി
ക്കുന്ന പൈതങ്ങളെയും കണ്ടപ്പോൾ പ്രധാ
നാചാര്യന്മാർക്കും പരിശന്മാർക്കും നീരസ
16 മായി. അവർ തന്നോട്, ഇവർ എന്താണു
പറയുന്നത്? എന്നു നീ കേൾക്കുന്നുവോ?
എന്നു ചോദിച്ചു. യേശു അവരോട് 'ഉവ്വ്,
"പൈതങ്ങളുടേയും ശിശുക്കളുടേയും
വായിൽനിന്ന് നീ സ്തുതി ക്രമീകരിച്ചു."
എന്നത് നിങ്ങൾ ഒരിക്കലും വായിച്ചിട്ടി
ല്ലയോ' എന്നു ചോദിച്ചു.
17 താൻ അവരെ വിട്ടു നഗരത്തിനു
പുറത്തു ബെത്അനിയായിൽ ചെന്ന്
18 അവിടെ രാത്രി താമസിച്ചു. പ്രഭാതത്തിൽ
നഗരത്തിലേക്കു തിരികെ വന്നപ്പോൾ
19 തനിക്കു വിശന്നു. വഴിയിൽ ഒരു അത്തി
വൃക്ഷം താൻ കണ്ടു. അതിന്നടുത്തു ചെന്നു.
എന്നാൽ ഇലകൾ മാത്രമല്ലാതെ അതിൽ
ഒന്നും കണ്ടെത്തിയില്ല. താൻ അതിനോട്
"ഇനിയും ഒരിക്കലും നിന്നിൽ ഫലമുണ്ടാ
കാതിരിക്കട്ടെ" എന്നു പറഞ്ഞു. പെട്ടെന്ന്
20 ആ അത്തിവൃക്ഷം ഉണങ്ങിപ്പോയി. ശിഷ്യർ
അതുകണ്ട് അത്ഭുതപ്പെട്ടു. "അത്തിവൃക്ഷം
ഇങ്ങനെ പെട്ടെന്ന് ഉണങ്ങിപ്പോയത് എങ്ങ
21 നെ?" എന്നു പറഞ്ഞു. യേശു ഉത്തരമായി
അവരോട്! "സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു. നിങ്ങളിൽ വിശ്വാസമുണ്ടായിരി
ക്കയും, സംശയമില്ലാതിരിക്കയും ചെയ്താൽ
അത്തിവൃക്ഷത്തോടുള്ള ഈ കാര്യം
നിങ്ങൾ ചെയ്യും. മാത്രമല്ല, ഈ മലയോട്
മാറി കടലിൽ പതിക്കുക എന്നു പറ
22 ഞ്ഞാൽ അതും സംഭവിക്കും. വിശ്വസിച്ചു
കൊണ്ട് പ്രാർത്ഥനയിൽ നിങ്ങൾ യാചിക്കു
23 ന്ന ഏതും നിങ്ങൾക്കു ലഭിക്കും." എന്നു
പറഞ്ഞു. യേശു ദൈവാലയത്തിൽ വന്നു
പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ പ്രധാനാ
ചാര്യന്മാരും ജനത്തിന്റെ കശീശന്മാരും
തന്റെ അടുത്തുചെന്ന്: "നീ ഏതധികാര
ത്താൽ ഇവ ചെയ്യുന്നു? നിനക്ക് ഈ അധി
24 കാരം ആരുതന്നു?" എന്നു ചോദിച്ചു. യേശു
അവരോട് ഉത്തരം പറഞ്ഞത്: "ഞാനും ഒരു
കാര്യം നിങ്ങളോടു ചോദിക്കാം. നിങ്ങൾ
എന്നോട് പറഞ്ഞാൽ, ഏതധികാരത്താ
ലാണ് ഞാൻ ഇവ ചെയ്യുന്നതെന്ന് ഞാനും
25 നിങ്ങളോടു പറയാം. "യോഹന്നാന്റെ
മാമ്മൂദീസാ എവിടെ നിന്നാകുന്നു? സ്വർഗ്ഗ
ത്തിൽ നിന്നോ-മനുഷ്യരിൽ നിന്നോ?"
അവർ ആലോചിച്ചിട്ട് "സ്വർഗ്ഗത്തിൽനിന്ന്
എന്നു നാം പറഞ്ഞാൽ, പിന്നെ എന്തുകൊ
ണ്ടു നിങ്ങൾ അവനെ വിശ്വസിച്ചില്ല എന്ന്
26 ഇവൻ നമ്മോടു ചോദിക്കും. മനുഷ്യരിൽ
നിന്ന് എന്നു നാം പറഞ്ഞാൽ ജനസമൂഹ
ത്തെ നാം ഭയപ്പെടുന്നു." എന്തെന്നാൽ
എല്ലാവരും യോഹന്നാനെ ഒരു പ്രവാച
കനെപ്പോലെ സ്വീകരിച്ചിരുന്നു. അവർ
തന്നോട്: "ഞങ്ങൾക്കറിഞ്ഞുകൂടാ" എന്നു 27
പറഞ്ഞു. യേശു അവരോട്: "ഞാൻ ഏത
ധികാരത്താൽ ഇവ ചെയ്യുന്നു എന്ന് ഞാനും
നിങ്ങളോട് പറയുന്നില്ല." എന്നു പറഞ്ഞു.
നിങ്ങൾക്കു എന്തു തോന്നുന്നു. ഒരു 28
മനുഷ്യനു രണ്ടു പുത്രന്മാരുണ്ടായിരുന്നു.
അവൻ ഒന്നാമന്റെ അടുക്കൽ ചെന്ന്
"എന്റെ മകനെ നീ ഇന്നു മുന്തിരിത്തോ
ട്ടിൽ പോയി വേലചെയ്യണം" എന്നു പറ
ഞ്ഞു. അവൻ "എനിക്കു മനസ്സില്ല" എന്നു 29
മറുപടി പറഞ്ഞു. അവസാനം അവൻ
പശ്ചാത്തപിച്ചു. അവൻ പോയി. അവൻ 30
മററവന്റെ അടുക്കൽ ചെന്ന് അവനോടും
ഇങ്ങനെ തന്നെ പറഞ്ഞു. അവനോ ഉത്തര
മായി "എന്റെ നാഥാ ഞാൻ പൊയ്ക്കൊ
ള്ളാം" എന്നു പറഞ്ഞു. എങ്കിലും അവൻ
പോയില്ല. "ഈ രണ്ടു പേരിൽ തന്റെ പിതാ 31
വിന്റെ ഇഷ്ടംചെയ്തവൻ ആരാകുന്നു?"
എന്നു ചോദിച്ചു. 'ഒന്നാമൻ' എന്ന് അവർ
തന്നോടു പറഞ്ഞു. യേശു അവരോട് "സത്യ
മായും ഞാൻ നിങ്ങളോടു പറയുന്നു. ചുങ്ക
ക്കാരും വേശ്യകളും നിങ്ങൾക്കു മുമ്പേ
ദൈവരാജ്യത്തിലേക്കുപോകും. എന്തെ 32
ന്നാൽ യോഹന്നാൻ നീതിമാർഗ്ഗത്തിലൂടെ
നിങ്ങളുടെ അടുക്കൽ വന്നു. നിങ്ങൾ
അവനെ വിശ്വസിച്ചില്ല. ചുങ്കക്കാരും വേശ്യ
കളുമോ അവനെ വിശ്വസിച്ചു. നിങ്ങൾ
അതു കണ്ടിട്ടും അവനെ വിശ്വസിക്കുവാ
നായി അവസാനംപോലും അനുതപിച്ചില്ല."
എന്നു പറഞ്ഞു.
വേറൊരു ഉപമ കേൾക്കുവിൻ. വീട്ടുടമ 33
യായ ഒരു മനുഷ്യനുണ്ടായിരുന്നു. അവൻ
ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി ചുററും
വേലികെട്ടി ഒരു ചക്കും സ്ഥാപിച്ചു. ഒരു
ഗോപുരവും പണിതു. അത് വേലക്കാരെ
ഏല്പിച്ചിട്ട് യാത്ര പോയി. ഫലകാലം 34
ആയപ്പോൾ തോട്ടത്തിലെ ഫലങ്ങളിൽ
നിന്ന് തനിക്കു കൊടുത്തയയ്ക്കേണ്ടതിന്
വേലക്കാരുടെ അടുക്കലേക്ക് സ്വദാസ 35
ന്മാരെ അയച്ചു. വേലക്കാർ അവന്റെ ദാസ
ന്മാരെ പിടിച്ചു. ചിലരെ അടിച്ചു, ചിലരെ
കല്ലെറിഞ്ഞു, ചിലരെ കൊല്ലുകയും ചെയ്തു.
അയാൾ വീണ്ടും ആദ്യത്തേക്കാൾ അധികം 36
ദാസന്മാരെ അയച്ചു. അവരോടും അവർ
അങ്ങനെ തന്നെ ചെയ്തു. അവസാനമായി,
എന്റെ മകനെ അവർ ശങ്കിച്ചേക്കാം എന്നു 37

പറഞ്ഞ് തൻെറ പുത്രനെ അവരുടെ അടു
8 ക്കൽ അയച്ചു. വേലക്കാർ പുത്രനെ കണ്ട
പ്പോൾ അവകാശി ഇവനാകുന്നു. വരുവിൻ,
ഇവനെ കൊന്ന് ഇവൻെറ അവകാശം
നമുക്കു കൈക്കലാക്കാം എന്നു തമ്മിൽ പറ
9 ഞ്ഞു. അവർ അവനെ പിടിച്ചു മുന്തിരിത്തോ
പ്പിനു പുറത്തു കൊണ്ടുപോയി കൊന്നു
കളഞ്ഞു. ആകയാൽ ആ മുന്തിരിത്തോട്ട
0 മുടമസ്ഥൻ ആ വേലക്കാരോട് എന്തു
1 ചെയ്യും? എന്നു ചോദിച്ചു. "അവൻ അവരെ
കഠിനമായി നശിപ്പിക്കുകയും യഥാസമയം
അവനു ഫലങ്ങൾ കൊടുക്കുന്ന വേറെ
ദാസന്മാരെ ഏല്പിക്കുകയും ചെയ്യും" എന്ന്
അവർ തന്നോടു പറഞ്ഞു.
2 യേശു അവരോട് "പണിക്കാർ ഉപേക്ഷി
ച്ചു കളഞ്ഞ കല്ലുതന്നെ മൂലക്കല്ലായി
ത്തീർന്നു. ഇതു കർത്താവിൽനിന്നു സംഭ
വിച്ചു. നമ്മുടെ കണ്ണുകൾക്ക് ആശ്ചര്യ
വുമാകുന്നു" എന്ന് നിങ്ങൾ ഗ്രന്ഥത്തിൽ
3 ഒരിക്കലും വായിച്ചിട്ടില്ലയോ? ആകയാൽ
ഞാൻ നിങ്ങളോടു പറയുന്നു. "തൻനിമി
ത്തം ദൈവരാജ്യം നിങ്ങളിൽനിന്നും എടു
ത്തു ഫലം പുറപ്പെടുവിക്കുന്ന ജനത്തിന്
4 നൽകപ്പെടും. ഈ കല്ലിന്മേൽ വീഴുന്നവൻ
തകർന്നുപോകും. ഇത് ആരുടെമേൽ വീഴു
മോ, അവരെയെല്ലാം അതു പൊടിയാക്കിക്ക
5 ളയും" എന്നു പറഞ്ഞു. പ്രധാനാചാര്യ
ന്മാരും പരീശരും തൻെറ ഉപമകൾ കേട്ട
പ്പോൾ താൻ അവരെക്കുറിച്ചാണു പറഞ്ഞ
തെന്നു മനസ്സിലാക്കി. അവർ തന്നെ പിടി
ക്കുവാൻ ശ്രമിച്ചു. എന്നാൽ പുരുഷാരത്തെ
അവർ ഭയപ്പെട്ടു. എന്തെന്നാൽ, തന്നെ പ്രവാ
ചകൻ എന്നപോലെ അവർ ഗണിച്ചിരുന്നു.

അദ്ധ്യായം 22

യേശു വീണ്ടും ഉപമാരീതിയിൽ ഇപ്ര
കാരം പറഞ്ഞു. "തൻെറ പുത്രനുവേണ്ടി
കല്യാണവിരുന്നു നടത്തിയ രാജാവായ ഒരു
മനുഷ്യനോട് സ്വർഗ്ഗരാജ്യം സാമ്യമുള്ള
താകുന്നു. വിവാഹവിരുന്നിനുള്ള ക്ഷണി
താക്കളെ വിളിപ്പാൻ അയാൾ ദാസന്മാരെ
അയച്ചു. അവരോ വരുവാൻ ഇഷ്ടപ്പെട്ടി
ല്ല. ഇതാ വിരുന്നു തയ്യാറായിരിക്കുന്നു.
കാളകളെയും പുഷ്ടിയുള്ള മൃഗങ്ങളെയും
കൊന്നിരിക്കുന്നു. സർവ്വവും സജ്ജമാ
യിരിക്കുന്നു; വിരുന്നിനായി വരുവിൻ
എന്നു ക്ഷണിതാക്കളോടു പറവിൻ" എന്നു
പറഞ്ഞ് അയാൾ ദാസന്മാരെ വീണ്ടും
അയച്ചു. എന്നാൽ, അവർ അതു നിരസിച്ച്
ചിലർ അവരുടെ വയലിലേക്കും ചിലർ
തങ്ങളുടെ വ്യാപാരത്തിന്നായും പോയി.
ശേഷം ചിലർ അയാളുടെ ദാസന്മാരെ 6
പിടികൂടുകയും അവമാനിക്കുകയും കൊല്ലു
കയും ചെയ്തു. രാജാവ് ഇതു കേട്ടപ്പോൾ 7
കോപിച്ച് തൻെറ സൈന്യത്തെ അയച്ച് ആ
കൊലയാളികളെ നശിപ്പിച്ചു. അവരുടെ
പട്ടണം അഗ്നിക്കിരയാക്കുകയും ചെയ്തു.
പിന്നെ അയാൾ തൻെറ ദാസനോട് വിരുന്നു 8
തയ്യാറായിരിക്കുന്നു. ക്ഷണിക്കപ്പെട്ടവരോ
അർഹരായില്ല. ആകയാൽ വഴിക്കവല 9
കളിൽചെന്നു കണ്ടുകിട്ടുന്ന ഏവരേയും
സദ്യയ്ക്ക് ക്ഷണിപ്പിൻ എന്നു പറഞ്ഞു. ആ 10
ദാസന്മാർ വഴികളിൽ ചെന്ന്, കണ്ടെത്തിയ
എല്ലാവരേയും—ദുഷ്ടന്മാരെയും നല്ലവ
രെയും കൂട്ടിക്കൊണ്ടുവന്നു. വിരുന്നുഭവനം 11
ഭക്ഷണത്തിന്നിരിക്കുന്നവരെക്കൊണ്ട് നിറ
ഞ്ഞു. വിരുന്നുകാരെ കാണുവാൻ രാജാവു
പ്രവേശിച്ചു. അവിടെ കല്യാണവസ്ത്രങ്ങൾ
ധരിച്ചിട്ടില്ലാത്ത ഒരുവനെ കണ്ടു. അവനോട്
എൻെറ സ്നേഹിതാ, നിനക്കു കല്യാണ 12
വസ്ത്രമില്ലാതെ ഇവിടെ നീ എങ്ങനെ പ്രവേ
ശിച്ചു?" എന്നു ചോദിച്ചു. അവനോ മിണ്ടാ
തിരുന്നു. അപ്പോൾ രാജാവ് ഭൃത്യരോട്
പറഞ്ഞു: അവൻെറ കൈകാലുകൾ കെട്ടി 13
പുറത്തെ അന്ധകാരത്തിലേക്ക് തള്ളിക്കള
യുവിൻ—അവിടെ കരച്ചിലും പല്ലുകടിയു
മുണ്ടാകും. വിളിക്കപ്പെട്ടവർ അനേകം; 15
തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം.
അനന്തരം പരീശന്മാർ പോയി യേശു 15
വിനെ വാക്കിൽ കുടുക്കേണ്ടത് എങ്ങനെ
എന്നാലോചിച്ചു. ഹേരോദ്യരോടുകൂടെ 16
സ്വശിഷ്യന്മാരെയും അവർ അയച്ചു. അവർ
തന്നോട്: "ഗുരോ, അങ്ങ് സത്യവാനാകു
ന്നു; ദൈവമാർഗ്ഗത്തെ അങ്ങ് സത്യമായി
പഠിപ്പിക്കുന്നു; അങ്ങ് മുഖപക്ഷമില്ലാത്ത
വനാകയാൽ ആരുടെയും താല്പര്യം
നോക്കുന്നുമില്ല എന്ന് ഞങ്ങൾക്കറിയാം.
കൈസറിനു തലവരി കൊടുക്കുന്നത് 17
ശരിയോ അല്ലയോ, അങ്ങേക്ക് എന്തു
തോന്നുന്നു? ഞങ്ങളോട് പറഞ്ഞാലും"
എന്നു പറഞ്ഞു. യേശു അവരുടെ ദുഷ്ടത
മനസ്സിലാക്കി അവരോട് "കപടഭക്തരെ, 18
നിങ്ങൾ എന്തിന് എന്നെ പരീക്ഷിക്കുന്നു?
തലവരിക്കുള്ള ദീനോറാ എന്നെ കാണി 19
പ്പിൻ" എന്നു പറഞ്ഞു. അവർ ഒരു ദീനോറാ
തൻെറ അടുത്തുകൊണ്ടു വന്നു. യേശു
അവരോട് "ഈ രൂപവും എഴുത്തും ആരു 20
ടേത്?" എന്നു ചോദിച്ചു. 'കൈസറിൻേറത്'
എന്ന് അവർ പറഞ്ഞു. താൻ അവരോട്
"അങ്ങനെയെങ്കിൽ കൈസറിൻേറതു 21

കൈസറിനും, ദൈവത്തിൻേറതു ദൈവ
22 ത്തിനും കൊടുപ്പിൻ" എന്നു പറഞ്ഞു.
അവർ ഇതു കേട്ട് അത്ഭുതപ്പെട്ടുപോയി.
അവർ തന്നെ വിട്ടുപോയി.
23 'മരിച്ചവർക്ക് ഉയിർപ്പ് ഇല്ല' എന്നു
പറയുന്ന സാദൂക്യരും അന്നുതന്നെ തൻെറ
അടുത്തെത്തി തന്നോടു ചോദിച്ചു:
24 "ഒരുവൻ മക്കളില്ലാതെ മരിച്ചുപോയാൽ
അവൻെറ ഭാര്യയെ അവൻെറ സഹോദരൻ
വിവാഹം ചെയ്ത് സഹോദരനുവേണ്ടി
സന്തതിയെ ഉൽപാദിപ്പിക്കാം എന്ന് മോശ
25 നമ്മോടു പറഞ്ഞിട്ടുണ്ടല്ലോ. ഞങ്ങളുടെ
അടുത്ത് ഏഴു സഹോദരന്മാരുണ്ടായി
രുന്നു. ഒന്നാമൻ വിവാഹം ചെയ്തു; മരിച്ചു
പോയി. അവനു മക്കളില്ലാതിരുന്നതിനാൽ
സഹോദരനായിട്ടു തൻെറ ഭാര്യയെ ശേഷി
26 പ്പിച്ചു. രണ്ടാമനും, മൂന്നാമനും, ഏഴാമൻ
27 വരെ ഇങ്ങനെ സംഭവിച്ചു. എല്ലാററിലും
28 അവസാനം ആ സ്ത്രീയും മരിച്ചു. ആക
യാൽ ഉയിർപ്പിൽ ഇവൾ ഈ ഏഴുപേരിൽ
ആരുടെ ഭാര്യയായിരിക്കും? എന്തെന്നാൽ
എല്ലാവരും അവളെ പരിഗ്രഹിച്ചതാണല്ലോ!'
29 യേശു അവരോട് "ദൈവശക്തിയും തിരു
വെഴുത്തുകളും അറിയായ്കയാൽ നിങ്ങൾ
30 ക്കു തെററു പററുന്നു. എന്തെന്നാൽ മരിച്ച
വർ ഉയിർക്കുമ്പോൾ അവർ വിവാഹം ചെ
യ്യാറില്ല; സ്ത്രീകൾ പുരുഷന്മാർക്കു ഭാര്യ
മാരാകുന്നുമില്ല; പിന്നെയോ, അവർ സ്വർഗ്ഗ
ത്തിൽ ദൈവത്തിൻെറ മാലാഖമാരെപ്പോ
31 ലെയത്രേ. മരിച്ചവരുടെ ഉയിർപ്പിനെക്കു
റിച്ച് നിങ്ങളോടു ദൈവം പറഞ്ഞിട്ടുള്ളത്
നിങ്ങൾ വായിച്ചിട്ടില്ലയോ? അതായത്,
32 "ഞാൻ അബ്രഹാമിൻെറ ദൈവവും, ഇസ
ഹാക്കിൻെറ ദൈവവും യാക്കോബിൻെറ
ദൈവവും എന്നു താൻ പറഞ്ഞു. "ദൈവം
മൃതരുടെയല്ല, ജീവനുള്ളവരുടേതാകു
33 ന്നു." പുരുഷാരം ഇതു കേട്ടപ്പോൾ തൻെറ
പ്രബോധനത്തെക്കുറിച്ചു വിസ്മയിച്ചു.
34 താൻ സാദൂക്യരെ മിണ്ടടക്കി എന്ന്
പരീശന്മാർ കേട്ടപ്പോൾ, പരീശന്മാർ ഒരു
35 മിച്ചുകൂടി. അവരിൽ ന്യായപ്രമാണം അറി
യാവുന്ന ഒരുവൻ തന്നെ പരീക്ഷിച്ചു
36 കൊണ്ടു ചോദിച്ചു. "ഗുരോ, ന്യായപ്രമാണ
ത്തിൽ വലിയ കല്പന ഏതാകുന്നു?"
37 യേശു അവനോട് നീ പൂർണ്ണ ഹൃദയത്തോ
ടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തി
യോടും പൂർണ്ണ മനസ്സോടുംകൂടി നിൻെറ
ദൈവമായ കർത്താവിനെ സ്നേഹിക്കണം.
38 ഇതാകുന്നു പ്രഥമവും പ്രധാനവുമായ
39 കല്പന. ഇതിനോടു തുല്യമായി രണ്ടാമ
ത്തേത് "നീ നിന്നെ എന്നപോലെതന്നെ
നിൻെറ അയല്ക്കാരനെ സ്നേഹിക്കണം;
എന്നുള്ളതുമാകുന്നു. ഈ രണ്ടു കല്പന 40
കളിൽ ന്യായപ്രമാണവും ദീർഘദർശികളും
അടങ്ങിയിരിക്കുന്നു" എന്നു പറഞ്ഞു. അന 41
ന്തരം പരീശന്മാർ ഒരുമിച്ചുകൂടിയിരിക്കു
മ്പോൾ യേശു അവരോട് "മ്ശീഹായെ 42
ക്കുറിച്ചു നിങ്ങൾ എന്തു പറയുന്നു. അവൻ
ആരുടെ പുത്രനാകുന്നു" എന്നു ചോദിച്ചു.
'ദാവീദിൻെറ പുത്രൻ' എന്ന് അവർ
തന്നോടു പറഞ്ഞു. താൻ അവരോട് "ദാവീദ് 43
ആത്മാവു മൂലം അവനെ 'കർത്താവ്'
എന്നു വിളിക്കുന്നത് എങ്ങനെ? "അതായത്, 44
നിൻെറ ശത്രുക്കളെ ഞാൻ നിൻെറ പാദ
ത്തിൻകീഴെ പീഠമാക്കിവെക്കുവോളം നീ
എൻെറ വലത്തുഭാഗത്ത് ഇരിക്കുക' എന്നു
കർത്താവ് എൻെറ കർത്താവിനോടു പറ
ഞ്ഞു എന്ന്" അവൻ പറഞ്ഞിട്ടുണ്ടല്ലോ. ആക 45
യാൽ ദാവീദ് അവനെ കർത്താവ് എന്നു വിളി
ക്കുമ്പോൾ അവൻ അവൻെറ പുത്രനാകു
ന്നത് എങ്ങനെ?" എന്നു ചോദിച്ചു. തന്നോ 46
ടു മറുപടി പറയുവാൻ ആർക്കും കഴിഞ്ഞി
ല്ല. ആ ദിവസം മുതൽ തന്നോടു ചോദ്യം
ചോദിപ്പാൻ ആരും ധൈര്യപ്പെട്ടതുമില്ല.

അദ്ധ്യായം 23

അനന്തരം യേശു പുരുഷാരത്തോടും 1
തൻെറ ശിഷ്യന്മാരോടും പറഞ്ഞു: സൊപ്രേ 2
ന്മാരും പരീശന്മാരും മോശയുടെ സിംഹാ
സനത്തിൽ ഇരുന്നു. ആകയാൽ നിങ്ങൾ 3
ആചരിക്കണമെന്ന് അവർ പറയുന്നതെല്ലാം
നിങ്ങൾ ആചരിക്കണം; പ്രവർത്തിക്കണം.
എന്നാൽ അവരുടെ പ്രവൃത്തികൾപോലെ
നിങ്ങൾ പ്രവർത്തിക്കരുത്. എന്തെന്നാൽ
അവർ പറയുന്നുണ്ട് - പ്രവർത്തിക്കുന്നില്ല.
അവർ ഭാരമുള്ള ചുമടുകൾ കെട്ടി മനുഷ്യ 4
രുടെ ചുമലുകളിൽ വയ്ക്കുന്നു. എന്നാൽ,
അവരോ അവരുടെ വിരൽകൊണ്ട് അവയെ
തൊടുവാൻ മനസ്സുവയ്ക്കുന്നില്ല. മനു 5
ഷ്യർക്കു കാണപ്പെടേണ്ടതിന്നായിട്ടാണ്
അവരുടെ എല്ലാ പ്രവൃത്തികളും അവർ
ചെയ്യുന്നത്. അവരുടെ നെററിപ്പട്ടകൾക്ക്
വീതി കൂട്ടുകയും കുപ്പായങ്ങളുടെ തൊങ്ങ
ലുകൾക്കു നീളം കൂട്ടുകയും ചെയ്യുന്നു.
അവർ വിരുന്നുകളിൽ മുഖ്യസ്ഥാനവും 6
സംഘാലയങ്ങളിൽ പ്രധാന പീഠവും
തെരുവുകളിൽ സമാധാനാ(ഭിവാദന)വും 7
മനുഷ്യരാൽ 'റബി' എന്നു വിളിക്കപ്പെടു
വാനും ആഗ്രഹിക്കുന്നു. നിങ്ങളാകട്ടെ, റബി 8
എന്നു വിളിക്കപ്പെടരുത്, എന്തെന്നാൽ

നിങ്ങളുടെ ഗുരു ഏകനാകുന്നു. നിങ്ങൾ
9 എല്ലാവരും സഹോദരന്മാരാകുന്നു. 'പിതാവ്'
എന്ന് ആരെയും ഭൂമിയിൽ നിങ്ങൾ വിളി
ക്കരുത്; എന്തെന്നാൽ സ്വർഗ്ഗത്തിലുള്ള
10 ഏകനത്രെ നിങ്ങളുടെ പിതാവ്. നിങ്ങൾ
ഭരണക്കാർ എന്ന് വിളിക്കപ്പെടരുത്; എന്തെ
ന്നാൽ നിങ്ങളുടെ ഭരണാധിപൻ ഒരുവൻ;
11 മ്ശിഹാ മാത്രം. നിങ്ങളിൽ വലിയവൻ
നിങ്ങൾക്കു ശുശ്രൂഷകനായിരിക്കണം.
12 എന്തെന്നാൽ സ്വയം ഉയർത്തുന്നവൻ
താഴ്ത്തപ്പെടും, സ്വയം താഴ്ത്തുന്നവൻ
ഉയർത്തപ്പെടുകയും ചെയ്യും.
13 "കപടഭക്തരായ സൊപ്രേന്മാരേ, പരീ
ശരേ, നിങ്ങൾക്ക് ഹാ കഷ്ടം. നിങ്ങളുടെ
പ്രാർത്ഥനകൾ ദീർഘിപ്പിച്ചുകൊണ്ട് വിധവ
കളുടെ ഭവനങ്ങൾ ഭക്ഷിച്ചുകളയുന്നു. ആക
യാൽ നിങ്ങൾ അധികമായ ശിക്ഷാവിധി
14 പ്രാപിക്കും. കപടഭക്തരായ സൊപ്രേന്മാരേ,
പരീശരേ, നിങ്ങൾക്ക് ഹാ കഷ്ടം! നിങ്ങൾ
സ്വർഗ്ഗരാജ്യം മനുഷ്യരുടെ മുമ്പിൽ അടച്ചി
രിക്കുകയാണ്. നിങ്ങൾ പ്രവേശിക്കുന്നില്ല;
പ്രവേശിക്കുന്നവരെ പ്രവേശിപ്പാൻ നിങ്ങൾ
15 സമ്മതിക്കുന്നുമില്ല. കപടഭക്തരായ സൊ
പ്രേന്മാരേ, പരീശരേ, നിങ്ങൾക്ക് ഹാ
കഷ്ടം! എന്തെന്നാൽ ഒരുവനെ മതാനു
സാരിയാക്കുവാൻ കടലും കരയും നിങ്ങൾ
ചുററി സഞ്ചരിക്കുന്നുണ്ട്. അവൻ അങ്ങനെ
ആയ ശേഷം അവനെ നിങ്ങളെക്കാൾ ഇര
ട്ടിയായി നരകസന്താനമാക്കിത്തീർക്കുക
16 യാണ് ചെയ്യുന്നത്. അന്ധരായ വഴികാട്ടിക
ളേ, നിങ്ങൾക്കു ഹാ കഷ്ടം! ആരെങ്കിലും
ദൈവാലയത്തെ ചൊല്ലി ആണയിട്ടാൽ
ഒന്നുമില്ലെന്നും, എന്നാൽ ദൈവാലയത്തി
ലെ സ്വർണ്ണത്തെക്കൊണ്ട് ആണയിട്ടാൽ
കുററക്കാരനാകുമെന്നും നിങ്ങൾ പറയു
17 ന്നു. മൂഢരേ, അന്ധരേ, ഏതാണു വലുത്?
സ്വർണ്ണമോ സ്വർണ്ണത്തെ വിശുദ്ധമാക്കുന്ന
18 ദൈവാലയമോ? ബലിപീഠത്തെചൊല്ലി
ആരെങ്കിലും ആണയിട്ടാൽ ഒന്നുമില്ലെന്നും,
എന്നാൽ അതിന്മേലുള്ള കാഴ്ച വസ്തു
വിനെക്കൊണ്ട് ആണയിട്ടാൽ കുററക്കാര
19 നാകുമെന്നും നിങ്ങൾ പറയുന്നുണ്ട്. മൂഢ
രേ, അന്ധരേ ഏതാണു വലുത്? കാഴ്ച
വസ്തുവോ, കാഴ്ചവസ്തുവിനെ വിശുദ്ധ
20 മാക്കുന്ന ബലിപീഠമോ! ആകയാൽ ആരെ
ങ്കിലും ബലിപീഠത്തെക്കൊണ്ട് ആണയി
ട്ടാൽ അവൻ അതിനെക്കൊണ്ടും അതിന്മേ
ലുള്ള സകലത്തെക്കൊണ്ടുമത്രെ ആണയി
ടുന്നത്. ദൈവാലയത്തെക്കൊണ്ട് ആണ
യിടുന്നവൻ, അതിനെക്കൊണ്ടും അതിൽ
വാസം ചെയ്യുന്നവനെക്കൊണ്ടുമാണ്
ആണയിടുന്നത്. സ്വർഗ്ഗത്തെക്കൊണ്ട് 22
ആണയിടുന്നവൻ, ദൈവസിംഹാസനത്തെ
ക്കൊണ്ടും അതിന്മേൽ ഇരിക്കുന്നവനെ
ക്കൊണ്ടുമാണ് ആണയിടുന്നത്.
കപടഭക്തരായ സൊപ്രേന്മാരേ, പരീ 23
ശരേ നിങ്ങൾക്കു കഷ്ടം! നിങ്ങൾ ചീരയി
ലും ചതകുപ്പയിലും ജീരകത്തിലും ദശാംശം
കൊടുക്കുന്നുണ്ട്. ന്യായപ്രമാണത്തിലെ
വിലയേറിയവ — ന്യായം, കരുണ, വിശ്വാ
സം എന്നിവ വിട്ടുകളയുകയും ചെയ്യുന്നു.
അവയെ നിങ്ങൾ അനുഷ്ഠിക്കുകയും
ഇവയെ വിട്ടുകളയാതിരിക്കുകയും അത്രേ
ചെയ്യേണ്ടത്. നിങ്ങൾ ഈച്ചകളെ അരി 24
ക്കുകയും ഒട്ടകങ്ങളെ വിഴുങ്ങുകയും ചെയ്യു
ന്ന അന്ധരായ വഴികാട്ടികളത്രെ. കപട
ഭക്തരായ സൊപ്രേന്മാരേ, പരീശരേ, 25
നിങ്ങൾക്ക് കഷ്ടം! നിങ്ങൾ പാനപാത്ര
ത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും
പുറം വെടിപ്പാക്കുന്നുണ്ട്. എന്നാൽ, അക
ത്താകട്ടെ അപഹാരവും അനീതിയും
കൊണ്ടു നിറഞ്ഞിരിക്കുകയാണ്. അന്ധ 26
രായ പരീശന്മാരേ, നിങ്ങൾ ആദ്യമേ പാന
പാത്രത്തിന്റെയും, ഭക്ഷണപാത്രത്തിന്റെ
യും അകം വെടിപ്പാക്കുവിൻ. അപ്പോൾ
അവയുടെ പുറവും നിർമ്മലമായിത്തീ 27
രുന്നു. കപടഭക്തരായ സൊപ്രേന്മാരേ, പരീ
ശരേ നിങ്ങൾക്ക് കഷ്ടം! നിങ്ങൾ വെള്ള
പൂശിയ കല്ലറകൾക്ക് തുല്യമാകുന്നു! അവ
പുറമെ മനോഹരമായി കാണപ്പെടുന്നു.
അകത്താകട്ടെ മൃതരുടെ അസ്ഥികളും;
സർവ്വ അശുദ്ധിയും നിറഞ്ഞതുമാകുന്നു.
അങ്ങനെ നിങ്ങളും പുറമെ പുണ്യവാന്മാ 28
രായി മനുഷ്യർക്കു കാണപ്പെടുന്നു. അക
മെയോ, അനീതിയും കപടഭക്തിയുംകൊണ്ടു
നിറഞ്ഞുമിരിക്കുന്നു.
കപടഭക്തരായ സൊപ്രേന്മാരും പരീശ 29
ന്മാരുമേ, ഹാ, കഷ്ടം! പ്രവാചകരുടെ
കബറുകൾ നിങ്ങൾ പണിയുകയും പുണ്യ
വാന്മാരുടെ ശവകുടീരങ്ങളെ അലങ്കരിക്കു
കയും ചെയ്യുന്നുണ്ട്. 'ഞങ്ങളുടെ പിതാ 30
ക്കന്മാരുടെ കാലത്ത് ഞങ്ങളായിരുന്നെ
ങ്കിൽ ദീർഘദർശിമാരുടെ രക്തത്തിന്
ഞങ്ങൾ പങ്കാളികളാകുകയില്ലായിരുന്നു
വെന്നു' നിങ്ങൾ പറയുന്നുമുണ്ട്. ഇങ്ങനെ, 31
നിങ്ങൾ പ്രവാചകന്മാരെ കൊലചെയ്ത
വരുടെ സന്തതിയാകുന്നുവെന്ന് നിങ്ങളെ
ക്കുറിച്ചുതന്നെ സാക്ഷ്യം പറയുന്നു! 32
നിങ്ങളുടെ പിതാക്കന്മാരുടെ അളവു നിങ്ങ
ളും പൂർത്തിയാക്കുവിൻ. അണലിസന്തതി 33

യാകുന്ന സർപ്പങ്ങളെ, നരകശിക്ഷാവിധി
യിൽനിന്ന് നിങ്ങൾ എങ്ങനെ ഓടിമാറും?
34 “ഇതു നിമിത്തമായി ദീർഘദർശിമാരെയും
ജ്ഞാനികളെയും, ശാസ്ത്രിമാരെയും ഞാൻ
നിങ്ങളുടെ അടുക്കലേക്കയയ്ക്കുന്നു. അവ
രിൽ ചിലരെ നിങ്ങൾ കൊല്ലും, ചിലരെ ക്രൂ
ശിൽ തറയ്ക്കും, ചിലരെ സംഘാലയങ്ങ
ളിൽ വച്ച് അടിക്കും. ഒരു നഗരത്തിൽനിന്നു
മറ്റൊരു നഗരത്തിലേക്ക് ഉപദ്രവിച്ച് ഓടി
35 ക്കുകയും ചെയ്യും. അങ്ങനെ പുണ്യവാനായ
ഹാബേലിൻെറ രക്തം മുതൽ ദൈവാലയ
ത്തിനും (ഹൈക്ക്‌ലാ) ബലിപീഠത്തിനും
മദ്ധ്യേവച്ചു നിങ്ങൾ കൊന്നു കളഞ്ഞ ബ്ര
ക്യായുടെ പുത്രനായ സ്കറിയായുടെ രക്തം
വരെ, ഭൂമിയിൽ ചിന്തപ്പെട്ടിട്ടുള്ള പുണ്യവാ
ന്മാരുടെ രക്തം മുഴുവൻ നിങ്ങളുടെമേൽ
36 വരും. ഇവ മുഴുവൻ ഈ തലമുറമേൽ
വരുമെന്നു സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു.
37 യറുശലേമേ, യറുശലേമേ, പ്രവാചക
ന്മാരെ കൊല്ലുന്നവളേ, തൻെറ അടുക്കലേ
ക്ക് അയക്കപ്പെട്ടവരെ കല്ലെറിയുന്നവളേ,
പിടക്കോഴി സ്വന്തം കുഞ്ഞുങ്ങളെ അതി
ൻെറ ചിറകിൻകീഴെ ചേർത്തു കൊള്ളുന്ന
തുപോലെ നിൻെറ കുഞ്ഞുങ്ങളെ ചേർത്തു
കൊള്ളുവാൻ ഞാൻ എത്ര പ്രാവശ്യം
38 ആഗ്രഹിച്ചു? നിങ്ങൾക്കോ മനസ്സായില്ല !
ഇതാ നിങ്ങളുടെ ഭവനം നിങ്ങൾക്ക് ശൂന്യ
39 മായി കൈവിടപ്പെട്ടിരിക്കുന്നു. നിങ്ങൾ ഈ
സമയം മുതൽ ‘കർത്താവിൻെറ നാമത്തിൽ
വരുന്നവൻ വാഴ്ത്തപ്പെട്ടവൻ’ എന്നു പറ
യുന്നതുവരെ നിങ്ങൾ എന്നെ കാണുകയി
ല്ലെന്നു ഞാൻ നിങ്ങളോടു പറയുന്നു.

അദ്ധ്യായം 24

1 യേശു ദൈവാലയത്തിൽനിന്നു പോകു
വാനിറങ്ങി. അപ്പോൾ തൻെറ ശിഷ്യന്മാർ
അടുത്തു ചെന്ന് ദൈവാലയത്തിൻെറ
2 പണികൾ തന്നെ കാണിച്ചു. താൻ അവരോട്
ഇതാ ഇതൊക്കെയും നിങ്ങൾ കാണുന്നി
ല്ലേ! ‘ഇവിടെ ഇടിക്കപ്പെടാത്തതായി കല്ലിനു
മുകളിൽ കല്ലു ശേഷിക്കയില്ല.’ എന്നു
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.
3 എന്നു പറഞ്ഞു. യേശു ഒലിവുമലയിൽ
ഇരുന്നപ്പോൾ ശിഷ്യന്മാർ തൻെറ അടു
ത്തു ചെന്ന് താനും അവരും മാത്രമായിരി
ക്കേ, “ഇവ എപ്പോൾ സംഭവിക്കും? അങ്ങയു
ടെ വരവിൻേറയും ലോകത്തിൻെറ അന്ത്യ
ത്തിൻേറയും അടയാളം എന്താകുന്നു?
എന്ന് ഞങ്ങളോട് പറഞ്ഞു തരണമേ” എന്ന്
തന്നോടു പറഞ്ഞു. താൻ അവരോട് ഉത്തര
മായി പറഞ്ഞത്: ആരും നിങ്ങളെ തെററി
ക്കാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളണം.
എന്തെന്നാൽ പലരും എൻെറ നാമത്തിൽ
വന്ന് ഞാൻ മ്ശീഹാ ആകുന്നു എന്നു പറ
ഞ്ഞ് അനേകരെ തെററിക്കും. നിങ്ങൾ കല
ഹങ്ങളും യുദ്ധവാർത്തകളും കേൾക്കും.
നിങ്ങൾ ചഞ്ചലപ്പെടാതിരിപ്പാൻ കരുതി
ക്കൊള്ളണം. എന്തെന്നാൽ ഇവയെല്ലാം
സംഭവിക്കേണ്ടിയിരിക്കുന്നു. എന്നാൽ
അപ്പോഴും അവസാനമായിട്ടില്ല. ജനം ജന
ത്തിന് എതിരായും രാജ്യം രാജ്യത്തിന്
വിരോധമായും നിലകൊള്ളും. അവിടവിടെ
ക്ഷാമവും വസന്തയും ഭൂകമ്പവുമുണ്ടാകും.
ഇവയെല്ലാം പ്രസവവേദനകളുടെ ആരംഭ
മത്രെ. അപ്പോൾ അവർ നിങ്ങളെ ഞെരുക്ക
ത്തിന്നായി ഏല്പിച്ചു കൊടുക്കും. അവർ
നിങ്ങളെ കൊല്ലുകയും ചെയ്യും. എൻെറ
നാമം നിമിത്തം സർവ്വജാതികളാലും
നിങ്ങൾ ദ്വേഷിക്കപ്പെടും. അപ്പോൾ പലരും
വിരുദ്ധപ്പെട്ടു പോകും. അന്യോന്യം ദ്വേഷി
ക്കും. ഒരുവൻ മറ്റൊരുവനെ ഒററിക്കൊടു
ക്കുകയും ചെയ്യും. അനേകം കള്ളപ്രവാച
കന്മാർ എഴുന്നേല്ക്കും. അനേകരെ അവർ
തെറ്റിക്കയും ചെയ്യും. അനീതിയുടെ ആധി
ക്യംമൂലം പലരുടെയും സ്നേഹം തണുത്തു
പോകും. അവസാനംവരെ സഹിച്ചു നിൽക്കു
ന്നവനോ ജീവിക്കും. സർവ്വജാതികളുടെ
യും സാക്ഷ്യത്തിന്നായി ഭൂലോകമെങ്ങും
രാജ്യത്തിൻെറ ഈ സുവിശേഷം പ്രസംഗി
ക്കപ്പെടും. അപ്പോൾ അന്ത്യം വരും. വിശുദ്ധ
സ്ഥലത്തു നിൽക്കുന്നതായി ദാനിയേൽ
പ്രവാചകനാൽ പറയപ്പെട്ടിട്ടുള്ള നാശത്തി
ൻെറ അശുദ്ധ അടയാളം നിങ്ങൾ കാണു
മ്പോൾ —വായിക്കുന്നവൻ ഗ്രഹിക്കട്ടെ —
യഹൂദിൽ ഉള്ളവർ മലയിലേക്ക് ഓടിപ്പോ
കട്ടെ. പുരമുകളിൽ ഇരിക്കുന്നവൻ വീട്ടിലു
ള്ളത് എടുപ്പാൻ ഇറങ്ങരുത്. വയലിൽ ഉള്ള
വൻ തൻെറ വസ്ത്രം എടുപ്പാൻ പുറകോട്ട്
തിരിച്ചു വരരുത്. അക്കാലത്ത് ഗർഭിണികൾ
ക്കും മുലകുടിപ്പിക്കുന്നവർക്കും ദുരിതം
തന്നെ. നിങ്ങളുടെ ഓടിപ്പോക്ക് വർഷ
കാലത്തും ശാബതിലും ആകാതിരിപ്പാൻ
പ്രാർത്ഥിപ്പിൻ. എന്തെന്നാൽ ലോകാരംഭം
മുതൽ ഇതുവരെ സംഭവിച്ചിട്ടില്ലാത്തതും
പിന്നീട് സംഭവിക്കാത്തതുമായ വലിയ
ഞെരുക്കം അപ്പോൾ ഉണ്ടാകും. ആ ദിവസ
ങ്ങൾ കുറയ്ക്കപ്പെട്ടില്ലെങ്കിൽ യാതൊരു
ജഡവും ജീവിക്കയില്ല. തിരഞ്ഞെടുക്കപ്പെട്ട
വരുടെ നിമിത്തം ആ ദിവസങ്ങൾ കുറയ്ക്ക

പ്പെടും. അപ്പോൾ, ഒരുവൻ, ഇതാ മ്ശീഹാ
ഇവിടെ —അഥവാ അവിടെ ഉണ്ട് എന്നു
പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കരുത്.
എന്തെന്നാൽ കള്ളമ്ശീഹാമാരും വ്യാജപ്ര
വാചകരും എഴുന്നേൽക്കും. കഴിയുമെങ്കിൽ
തിരഞ്ഞെടുക്കപ്പെട്ടവരെപ്പോലും തെറ്റിക്ക
ത്തക്ക വിധത്തിൽ വലിയ അത്ഭുതങ്ങൾ
കാണിക്കുകയും ചെയ്യും. ഇതാ ഞാൻ നിങ്ങ
ളോടു മുൻകൂട്ടി പറഞ്ഞിരിക്കുന്നു. ആക
യാൽ അവർ "അവനിതാ വിജനപ്രദേശ
ത്തുണ്ട്" എന്നു നിങ്ങളോടു പറഞ്ഞാൽ
നിങ്ങൾ പുറപ്പെടരുത്. അല്ലെങ്കിൽ "അവ
നിതാ ഭവനത്തിലുണ്ട്" എന്നു പറഞ്ഞാൽ
നിങ്ങൾ വിശ്വസിക്കയുമരുത്. എന്തെന്നാൽ
മിന്നൽ കിഴക്കുനിന്നു പുറപ്പെട്ട് പടിഞ്ഞാറു
വരെ കാണപ്പെടുന്നത് എങ്ങനെയോ അപ്ര
കാരമായിരിക്കും മനുഷ്യപുത്രന്റെ വരവ്.
ശവം എവിടെയുണ്ടോ അവിടെ കഴുകന്മാർ
വന്നു കൂടും. ആ ദിവസങ്ങളിലെ ഞെരുക്ക
ങ്ങൾക്കുശേഷം ഉടനെ സൂര്യൻ അന്ധകാര
പ്പെടും. ചന്ദ്രൻ അതിന്റെ ശോഭ കാണി
ക്കയുമില്ല. നക്ഷത്രങ്ങൾ ആകാശത്തിൽ
നിന്നു വീഴും ആകാശ ശക്തികൾ ഇളകു
കയും ചെയ്യും. അപ്പോൾ ആകാശത്തിൽ
മനുഷ്യപുത്രന്റെ അടയാളം കാണപ്പെടും.
അപ്പോൾ ഭൂമിയിലെ സർവ്വ തലമുറകളും
വിലപിക്കും. മനുഷ്യ പുത്രൻ വലിയ ശക്തി
യോടും മഹത്വത്തോടും കൂടി വാനമേഘ
ങ്ങളിൽ വരുന്നത് അവർ കാണും. അവൻ
തന്റെ മാലാഖമാരെ വലിയ കാഹളത്തോ
ടെ അയയ്ക്കും. അവർ അവന്റെ തിര
ഞ്ഞെടുക്കപ്പെട്ടവരെ, ആകാശത്തിന്റെ
അററം മുതൽ അററം വരെ നാലു വായുക്ക
ളിൽനിന്നുമായി കൂട്ടിച്ചേർക്കും. അത്തി
വൃക്ഷത്തിൽനിന്നും നിങ്ങൾ ഒരുപമ പഠി
ച്ചുകൊള്ളണം. അതിന്റെ കൊമ്പുകൾ ഇള
തായി ഇലകൾ തളിരിട്ടാലുടനെ വേനൽ
അടുത്തുവെന്നു നിങ്ങൾക്കറിയാം. അങ്ങ
നെതന്നെ നിങ്ങളും ഇവയെല്ലാം കാണു
മ്പോൾ അത് വാതുക്കൽ എത്തി എന്നറി
ഞ്ഞുകൊള്ളണം. സത്യമായി ഞാൻ നിങ്ങ
ളോടു പറയുന്നു—ഇവയെല്ലാം സംഭവി
ക്കുംവരെ, ഈ തല മുറ കടന്നുപോകയില്ല.
ആകാശവും ഭൂമിയും കടന്നുപോകും.
എന്റെ വചനങ്ങളോ കടന്നുപോകയില്ല.
ആ ദിവസത്തെക്കുറിച്ചും ആ നാഴിക
യെക്കുറിച്ചും പിതാവു മാത്രമല്ലാതെ ആരും
—സ്വർഗ്ഗത്തിലെ മാലാഖമാർപോലും
അറിയുന്നില്ല. നോഹയുടെ കാലം എപ്ര
കാരമായിരുന്നോ അപ്രകാരമായിരിക്കും
മനുഷ്യപുത്രന്റെ വരവും. ജലപ്രളയത്തിനു 38
മുമ്പുണ്ടായിരുന്നവർ നോഹ പെട്ടകത്തിൽ
പ്രവേശിച്ച ദിവസംവരെയും തിന്നുകയും
കുടിക്കുകയും സ്ത്രീകളെ പരിഗ്രഹിക്കുക
യും പുരുഷന്മാർക്ക് വിവാഹം ചെയ്തുകൊ
ടുക്കുകയും ചെയ്യുവന്നു. ജലപ്രളയം വന്ന് 39
എല്ലാവരേയും എടുത്തു കളഞ്ഞതുവരെ
അവർ അതറിഞ്ഞില്ല. അങ്ങനെതന്നെ
മനുഷ്യപുത്രന്റെ വരവിലും സംഭവിക്കും.
അപ്പോൾ രണ്ടുപേർ വയലിൽ ഉണ്ടായി 40
രിക്കും. ഒരുവൻ കൂട്ടിക്കൊണ്ടു പോക
പ്പെടും, ഒരുവൻ ഉപേക്ഷിക്കപ്പെടും. ഒരു 41
തിരികല്ലിൽ രണ്ടു സ്ത്രീകൾ പൊടിച്ചുകൊ
ണ്ടിരിക്കുകയായിരിക്കും. ഒരുവൾ കൂട്ടി
ക്കൊണ്ടുപോകപ്പെടും, മററവൾ ഉപേക്ഷി
ക്കപ്പെടും. ആകയാൽ നിങ്ങളുടെ കർത്താ 42
വ് ഏതു സമയത്താണു വരുന്നതെന്ന്
അറിയായ്കയാൽ ഉണർന്നിരിക്കണം. ഇതു
ഗ്രഹിപ്പിൻ: കള്ളൻ ഏതു യാമത്തിലാണു 43
വരുന്നതെന്ന് വീട്ടുടമസ്ഥൻ അറിഞ്ഞിരു
ന്നുവെങ്കിൽ അവൻ ഉണർന്നിരിക്കുകയും
തന്റെ വീടു തുരക്കപ്പെടുവാൻ സമ്മതി
ക്കാതിരിക്കുകയും ചെയ്യുമായിരുന്നു.
നിങ്ങൾ വിചാരിച്ചിരിക്കാത്ത നാഴികയിൽ 44
മനുഷ്യപുത്രൻ വരുമെന്നതിനാൽ നിങ്ങളും
ഒരുങ്ങിയിരിപ്പിൻ.

തന്റെ ഭവനക്കാർക്കു തക്ക സമയത്തു 45
ഭക്ഷണം കൊടുപ്പാനായി അവർക്കായി
യജമാനൻ നിയമിച്ചാക്കിയ വിശ്വസ്തനും
വിജ്ഞനുമായ ദാസൻ ആരായിരിക്കാം?
തന്റെ യജമാനൻ വരുമ്പോൾ ഇപ്രകാരം 46
ചെയ്യുന്നതായി കാണുന്ന ദാസൻ ഭാഗ്യ
വാൻ. അവൻ തനിക്കുള്ള സകലത്തി 47
ന്മേലും അവനെ നിയമിക്കും എന്നു ഞാൻ
സത്യമായി നിങ്ങളോടു പറയുന്നു. എന്നാൽ 48
ദുഷ്ടനായ ദാസനോ, എന്റെ യജമാനൻ
വരുവാൻ വൈകും എന്നു ഹൃദയത്തിൽ
ചിന്തിക്കുകയും തന്റെ കൂട്ടുകാരെ അടി 49
പ്പാൻ തുടങ്ങുകയും, മദ്യപാനികളോടു
കൂടി തിന്നു കുടിക്കുകയും ചെയ്താൽ, ആ 50
ദാസന്റെ യജമാനൻ അവൻ വിചാരിച്ചിരി
ക്കാത്ത ദിവസത്തിലും അറിയാത്ത സമയ
ത്തും വന്ന് അവനെ വേർതിരിക്കുകയും
അവന്റെ അവകാശം കപടഭക്തരോടു
കൂടെ ആക്കുകയും ചെയ്യും. അവിടെ കര
ച്ചിലും പല്ലുകടിയുമുണ്ടാകും.

അദ്ധ്യായം 25

വീണ്ടും സ്വർഗ്ഗരാജ്യം, തങ്ങളുടെ ദീപ 1
യഷ്ടികൾ എടുത്തുകൊണ്ട് മണവാള

ൻെറയും മണവാട്ടിയുടെയും എതിരേല്പി
ന്നായി പുറപ്പെട്ട പത്തു കന്യകമാരോടു
2 സാമ്യമുള്ളതത്രെ. അവരിൽ അഞ്ചുപേർ
ബുദ്ധിമതികളും അഞ്ചുപേർ ഭോഷികളു
3 മായിരുന്നു. ഭോഷികൾ ദീപയഷ്ടികൾ
എടുത്തു, എന്നാൽ എണ്ണ എടുത്തില്ല.
4 ബുദ്ധിമതികളോ അവരുടെ ദീപയഷ്ടി
കളോടുകൂടെ പാത്രങ്ങളിൽ എണ്ണയും
5 എടുത്തിരുന്നു. മണവാളൻ വരുവാൻ
വൈകിയതിനാൽ അവർ എല്ലാവരും
6 മയങ്ങി, ഉറങ്ങി. 'ഇതാ മണവാളൻ വരുന്നു.
അവൻെറ എതിരേല്പിനു പുറപ്പെടുവിൻ
എന്ന് അർദ്ധരാത്രിയിൽ വിളിച്ചുപറച്ചിലു
7 ണ്ടായി. അപ്പോൾ ആ കന്യകമാർ എല്ലാ
വരും എഴുന്നേററു തങ്ങളുടെ ദീപയഷ്ടി
8 കൾ ക്രമപ്പെടുത്തി. ഭോഷികൾ ബുദ്ധിമതി
കളോട് "നിങ്ങളുടെ എണ്ണയിൽനിന്നു
ഞങ്ങൾക്കു തരിക. ഇതാ ഞങ്ങളുടെ
ദീപയഷ്ടികൾ കെട്ടുപോയി" എന്നു പറ
9 ഞ്ഞു. ആ ബുദ്ധിമതികൾ ഉത്തരമായി,
'ഞങ്ങൾക്കും നിങ്ങൾക്കുംകൂടി മതിയാ
കാതെ വന്നേക്കാം. ആകയാൽ നിങ്ങൾ
വില്പനക്കാരുടെ അടുക്കൽ പോയി വാങ്ങു
10 വിൻ' എന്നു പറഞ്ഞു. അവർ വാങ്ങുവാൻ
പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയി
രുന്നവർ അവനോടുകൂടെ മണവറയിൽ
പ്രവേശിച്ചു. വാതിലും അടയ്ക്കപ്പെട്ടു.
11 അവസാനം ആ മററെ കന്യകമാരും വന്ന്
നാഥാ, നാഥാ ഞങ്ങൾക്കും വാതിൽ തുറ
12 ന്നു തരണമെ എന്നു പറഞ്ഞു. അവനോ
ഉത്തരമായി അവരോട് 'സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു: 'നിങ്ങളെ ഞാൻ
13 അറിയുന്നില്ല, ആകയാൽ ആ ദിവസവും
ആ സമയവും നിങ്ങൾക്കറിഞ്ഞുകൂടാത്ത
തിനാൽ നിങ്ങൾ ഉണർന്നിരിപ്പിൻ.'
14 വിദൂരദേശത്തേക്ക് യാത്ര തിരിച്ച ഒരു
മനുഷ്യനെപ്പോലെയുമാകുന്നു; സ്വർഗ
രാജ്യം അവൻ തൻെറ ദാസന്മാരെ വിളിച്ച്
15 തൻെറ സമ്പാദ്യം അവരെ ഏല്പിച്ചു.
അയാൾ ഒരുവന് അഞ്ച് കക്രായും, ഒരുവനു
രണ്ടും ഒരുവന് ഒന്നുംവീതം — അവനവ
ൻെറ ശക്തിക്കൊത്തവണ്ണം കൊടുത്തിട്ട്
16 ഉടനെ യാത്ര തിരിച്ചു. അഞ്ചു കക്രാ കിട്ടി
യവൻ പോയി അവകൊണ്ട് വ്യാപാരം
17 ചെയ്ത് അഞ്ചുകൂടി സമ്പാദിച്ചു. അങ്ങനെ
തന്നെ രണ്ടു കിട്ടിയവനും രണ്ടുകൂടി ലാഭി
18 ച്ചു. ഒന്നു വാങ്ങിയവനോ പോയി നിലം
കുഴിച്ച് യജമാനൻെറ ദ്രവ്യം മറച്ചുവച്ചു.
19 വളരെക്കാലത്തിനുശേഷം ആ ദാസന്മാ
രുടെ യജമാനൻ വന്ന് അവരോടു കണ
ക്കാവശ്യപ്പെട്ടു. അഞ്ചു കക്രാ ലഭിച്ചവൻ 20
വേറെ അഞ്ചുകൂടി കൊണ്ടുവന്ന് 'എൻെറ
യജമാനനെ അങ്ങ് എനിക്ക് അഞ്ചു കക്രാ
യാണല്ലോ തന്നിരുന്നത്; ഇതാ അവയോടു
വേറെ അഞ്ചുകൂടി ഞാൻ സമ്പാദിച്ചിരി
ക്കുന്നു' എന്നു പറഞ്ഞു. യജമാനൻ അവ 21
നോട് കൊള്ളാം' നല്ലവനും വിശ്വസ്തനു
മായ ദാസാ, നീ അല്പത്തിൽ വിശ്വസ്ത
നായിരിക്കുന്നു. ഞാൻ നിന്നെ അധിക
കാര്യങ്ങൾക്കു അധികാരിയാക്കും. നിൻെറ
യജമാനൻെറ സന്തോഷത്തിലേക്കു നീ
പ്രവേശിക്കുക' എന്നു പറഞ്ഞു. രണ്ടു കക്രാ 22
കിട്ടിയവനും അടുത്തുചെന്ന് എൻെറ
യജമാനനെ, രണ്ടു കക്രായാണല്ലോ അങ്ങ്
എനിക്കു തന്നത്. ഇതാ, അതിനോട് വേറെ
രണ്ടുകൂടി ഞാൻ സമ്പാദിച്ചിരിക്കുന്നു,
എന്നു പറഞ്ഞു." യജമാനൻ അവനോട്, 23
കൊള്ളാം—നല്ലവനും വിശ്വസ്തനുമായ
ദാസാ, നീ അല്പത്തിൽ വിശ്വസ്തനാ
യിരിക്കുന്നു. അധികകാര്യങ്ങൾക്കു ഞാൻ
നിന്നെ അധികാരിയാക്കും. നീയും യജ
മാനൻെറ സന്തോഷത്തിലേക്കു പ്രവേശി
ക്കുക" എന്നു പറഞ്ഞു. ഒരു കക്രം ലഭിച്ച 24
വനും അടുത്തുവന്ന് എൻെറ യജമാനനേ,
അങ്ങ് കഠിനനും, വിതയ്ക്കാത്തിടത്തു
നിന്നു കൊയ്യുന്നവനും, വിതറാത്തിടത്തു
നിന്നും ശേഖരിക്കുന്നവനുമാണെന്ന് എനി
ക്കറിയാമായിരുന്നു. അതിനാൽ ഞാൻ 25
ഭയപ്പെട്ടുപോയി. ഭൂമിക്കുള്ളിൽ അവിടത്തെ
കക്രാ ഞാൻ മറച്ചുവെച്ചിരുന്നു. ഇതാ അങ്ങ
യുടേത് എന്നു പറഞ്ഞു. യജമാനൻ ഉത്തര 26
മായിട്ട് അവനോടു പറഞ്ഞു: 'ദുഷ്ടനും
മടിയനുമായ ദാസാ, ഞാൻ വിതയ്ക്കാ
ത്തിടത്തു കൊയ്യുന്നവനും വിതറാത്തിട
ത്തുനിന്നു ശേഖരിക്കുന്നവനുമാണ് എന്ന്
നീ അറിഞ്ഞിരുന്നല്ലോ. എൻെറ ദ്രവ്യം നീ 27
പലിശയ്ക്ക് ഇടേണ്ടതായിരുന്നു. ഞാൻ
വന്ന് എൻേറത് പലിശയോടുകൂടി വാങ്ങു
മായിരുന്നല്ലോ. ഇവനിൽനിന്ന് ആ കക്രാ 28
വാങ്ങി പത്തു കക്രാ ഉള്ളവനു കൊടുപ്പിൻ.
എന്തെന്നാൽ ഉള്ളവനു നൽകപ്പെടും. അവ 29
നു വർദ്ധിക്കുകയും ചെയ്യും. ഇല്ലാത്തവനിൽ
നിന്നോ ഉള്ളത് കൂടെ എടുക്കപ്പെടും. മടിയ
നായ ദാസനെ പുറത്തെ അന്ധകാരത്തി 30
ലേക്കു തള്ളിക്കളയുവിൻ, അവിടെ കരച്ചി
ലുംപല്ലുകടിയുമുണ്ടാകും" എന്നു പറഞ്ഞു.
മനുഷ്യപുത്രൻ തൻെറ സകലവിശുദ്ധ 31
മാലാഖമാരുമായി തൻെറ മഹത്വത്തിൽ
വന്ന് മഹത്വസിംഹാസനത്തിൽ ഇരിക്കും.
സർവ്വ ജാതികളും അവൻെറ മുമ്പാകെ 32

ആനയിക്കപ്പെടും. ഇടയൻ ചെമ്മരിയാടു
കളെ കോലാടുകളിൽനിന്നു വേർതിരിക്കു
ന്നതുപോലെ അവൻ അവരെ തമ്മിൽ വേർ
തിരിക്കും. ചെമ്മരിയാടുകളെ തൻെറ വല
ത്തും കോലാടുകളെ തൻെറ ഇടത്തും
നിർത്തും. അപ്പോൾ രാജാവ് തൻെറ
വലതുഭാഗത്തുള്ളവരോട് "എൻെറ പിതാ
വിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, നിങ്ങൾ
വന്ന്, ലോകാരംഭം മുതൽ നിങ്ങൾക്കായി
ഒരുക്കിയിരിക്കുന്ന രാജ്യം അനുഭവമാക്കി
കൊൾവിൻ. എന്തെന്നാൽ, എനിക്കു വിശ
ന്നു, നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നു.
എനിക്കു ദാഹിച്ചു; നിങ്ങൾ എനിക്കു കുടി
പ്പാൻ തന്നു. ഞാൻ 'പരദേശി'യായിരുന്നു.
നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്ന
നായിരുന്നു. നിങ്ങൾ എന്നെ വസ്ത്രം ധരി
പ്പിച്ചു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ
എന്നെ വന്നു കണ്ടു, ഞാൻ കാരാഗൃഹ
ത്തിലായിരുന്നു, നിങ്ങൾ എൻെറ അടുത്തു
വന്നു" എന്നു പറയും. അപ്പോൾ ആ നീതി
മാന്മാർ അവനോട്, ഞങ്ങളുടെ കർത്താവേ,
എപ്പോഴാണ് ഞങ്ങൾ അങ്ങയെ വിശന്നിരി
ക്കുന്നവനായി കണ്ടിട്ട് ഭക്ഷണം തരികയോ
ദാഹിച്ചിരിക്കുന്നവനായി കണ്ടിട്ടു കുടി
പ്പാൻ തരികയോ ചെയ്തത്? ഞങ്ങൾ അങ്ങ
യെ പരദേശി എന്ന നിലയിൽ കണ്ടിട്ടു
സ്വീകരിക്കുകയോ, നഗ്നനായി കണ്ടിട്ടു
വസ്ത്രം ധരിപ്പിക്കുകയോ ചെയ്തത് എപ്പോൾ?
ഞങ്ങൾ അങ്ങയെ രോഗിയായോ, കാരാ
ഗൃഹത്തിലോ കണ്ട് അങ്ങയുടെ അടുത്തു
വന്നതും എപ്പോൾ?" എന്നു പറയും. രാജാവ്
അവരോട്! ചെറിയവരായ എൻെറ ഈ
സഹോദരരിൽ ഒരുവനു നിങ്ങൾ ചെയ്തിട്ടു
ള്ളതെല്ലാം എനിക്കാണു നിങ്ങൾ ചെയ്തത്
എന്നു ഞാൻ സത്യമായി നിങ്ങളോടു
പറയുന്നു, എന്ന് ഉത്തരം പറയും. പിന്നെ
അവൻ തൻെറ ഇടത്തുള്ളവരോട്-ശപി
ക്കപ്പെട്ടവരെ, നിങ്ങൾ എന്നെ വിട്ട് ആകൽ
ർസായ്ക്കും അവൻെറ ദൂതന്മാർക്കു
ആയി ഒരുക്കപ്പെട്ടിരിക്കുന്ന നിത്യാഗ്നിയി
ലേക്കു പോകുവിൻ! എന്തെന്നാൽ ഞാൻ
വിശന്നിരുന്നു. നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ
തന്നില്ല. എനിക്കു ദാഹിച്ചു. എനിക്കു
നിങ്ങൾ കുടിപ്പാൻ തന്നില്ല. ഞാൻ പരദേശി
യായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചില്ല,
ഞാൻ നഗ്നനായിരുന്നു. നിങ്ങൾ എന്നെ
വസ്ത്രം ധരിപ്പിച്ചില്ല. ഞാൻ രോഗിയും
കാരാഗൃഹത്തിലുമായിരുന്നു. നിങ്ങൾ
എന്നെ സന്ദർശിച്ചില്ല." എന്നു പറയും.
അപ്പോൾ അവർ ഉത്തരമായി, "ഞങ്ങളുടെ
കർത്താവേ, ഞങ്ങൾ എപ്പോഴാണ് അങ്ങ
യെ വിശന്നിരിക്കുന്നവനോ, ദാഹിച്ചിരി
ക്കുന്നവനോ, പരദേശിയോ, നഗ്നനോ,
രോഗിയോ കാരാഗൃഹ (വാസിയോ) ആയി
കണ്ടിട്ട് ശുശ്രൂഷിക്കാതിരുന്നത്?" എന്നു
പറയും. അപ്പോൾ അവരോട് 'ഈ ചെറിയ 45
വരിൽ ഒരുവനു നിങ്ങൾ ചെയ്യാതിരുന്നി
ട്ടുള്ളതെല്ലാം, എനിക്കാണ് ചെയ്യാതിരു
ന്നത് എന്നു ഞാൻ സത്യമായി നിങ്ങളോ
ടു പറയുന്നു' എന്നു പറയും. അവർ നിത്യ 46
പീഡയിലേക്കും നീതിമാന്മാർ നിത്യജീവ
നിലേക്കും പോകും.

അദ്ധ്യായം 26

യേശു ഈ വചനങ്ങളെല്ലാം അവസാ 1
നിപ്പിച്ച് തൻെറ ശിഷ്യന്മാരോട് പറഞ്ഞു:
"രണ്ടു ദിവസങ്ങൾക്കുശേഷം പെസഹാ 2
ആകുന്നുവെന്നു നിങ്ങൾക്കറിയാമല്ലോ.
മനുഷ്യപുത്രൻ കുരിശിൽ തറയ്ക്കപ്പെടു
വാനായി ഏല്പിക്കപ്പെടും."

അപ്പോൾ, പ്രധാനാചാര്യന്മാരും സൊ 3
പ്രേന്മാരും ജനത്തിൻെറ കശീശ്ശന്മാരും
കയ്യാപ്പാ എന്നു പേരുള്ള പ്രധാനാചാര്യ
ൻെറ മണ്ഡപത്തിൽ ഒരുമിച്ചുകൂടി. യേശു 4
വിനെ വഞ്ചനയാൽ പിടിച്ചു കൊല നടത്തേ
ണ്ടതിന് അവർ ആലോചിച്ചു. ജനമദ്ധ്യേ 5
കലഹമുണ്ടാകാതിരിക്കുവാനായി, "പെരു
ന്നാളിൽ വേണ്ട" എന്ന് അവർ പറഞ്ഞു.

യേശു ബഥാന്യയായിൽ കുഷ്ഠരോഗി 6
യായ ശെമഓൻെറ ഭവനത്തിൽ ഇരിക്കു
മ്പോൾ, ഒരു സ്ത്രീ ഒരു കുപ്പി വിലയേറിയ 7
പരിമളതൈലം താൻ ഭക്ഷണത്തിനിരിക്കെ
തൻെറ തലയിൽ ഒഴിച്ചു. തൻെറ ശിഷ്യന്മാർ 8
അതു കണ്ടിട്ട് അതൃപ്തരായിക്കൊണ്ട്
എന്തിന് ഈ പാഴ് ചെലവ്? ഇതു ഏറിയ 9
വിലയക്കു വിററ് ദരിദ്രർക്കു കൊടുക്കാമാ
യിരുന്നല്ലോ എന്നു പറഞ്ഞു. യേശു അത 10
റിഞ്ഞ് അവരോട് "ആ സ്ത്രീയെ നിങ്ങൾ
എന്തിനു വിഷമിപ്പിക്കുന്നു? അവൾ എൻെറ
അടുക്കൽ നല്ല പ്രവൃത്തിയാണ് ചെയ്തത്.
എന്തെന്നാൽ ദരിദ്രന്മാർ, നിങ്ങളോടുകൂടെ 11
എല്ലാ കാലത്തുമുണ്ട്. എന്നാൽ ഞാനോ
എല്ലാ സമയത്തും നിങ്ങളോടുകൂടെ ഉണ്ടാ
യിരിക്കയില്ല. എൻെറ ദേഹത്തിൽ ഈ 12
തൈലം ഒഴിച്ച ഇവൾ എൻെറ ശവസംസ്
ക്കാരത്തിന്നായി എന്നപോലെ ഇതു
ചെയ്തിരിക്കുന്നു. 'ലോകമാകെ എൻെറ ഈ 13
സുവിശേഷം പ്രസംഗിക്കപ്പെടുന്ന സ്ഥല
ത്തെല്ലാം ഇവൾ ചെയ്ത കാര്യവും അവ
ളുടെ സ്മരണയ്ക്കായി പറയപ്പെടും' എന്നു

സത്യമായി ഞാൻ നിങ്ങളോടു പറയുന്നു
എന്നു പറഞ്ഞു.
14 പിന്നീട് പന്തിരുവരിൽ ഒരുവൻ,
യഹൂദാസ്കറിയോത്താ എന്നു വിളിക്ക
പ്പെടുന്നവൻ, പ്രധാനാചാര്യന്മാരുടെ അടു
15 ത്തുപോയി അവരോട് "എനിക്ക് എന്തു
തരുവാൻ നിങ്ങൾക്ക് മനസ്സുണ്ട്, ഞാൻ
അയാളെ നിങ്ങൾക്ക് ഏല്പിച്ചു തരാം'
എന്നു പറഞ്ഞു. അവർ മുപ്പതു വെള്ളി
ക്കാശ് അവനുമായി ഉടമ്പടി ചെയ്തു.
16 അപ്പോൾ മുതൽ യേശുവിനെ ഒററുക്കൊ
ടുക്കാൻ പററിയ അവസരം അവൻ അന്വേ
ഷിച്ചു കൊണ്ടിരുന്നു.
17 പുളിപ്പില്ലാത്ത അപ്പങ്ങളുടെ (പത്തീറെ)
ഒന്നാം ദിവസം ശിഷ്യന്മാർ യേശുവിനെ
സമീപിച്ച് തന്നോട് "പെസഹാ, ഭക്ഷിപ്പാൻ
അങ്ങേയ്ക്കായി എവിടെ ഞങ്ങൾ ഒരുക്ക
ണമെന്നാണ് അങ്ങ് ആഗ്രഹിക്കുന്നത്"
18 എന്നു ചോദിച്ചു. താൻ അവരോട് "നിങ്ങൾ
നഗരത്തിൽ —ഇന്നയാളുടെ അടുക്കൽ
ചെന്ന് അവനോട് "ഞങ്ങളുടെ ഗുരു പറ
യുന്നു, എൻെറ സമയം ആഗതമായിരി
ക്കുന്നു. എൻെറ ശിഷ്യന്മാരുമൊരുമിച്ച്
നിൻെറ അടുക്കൽ എനിക്കു പെസഹാ
ആചരിക്കണം എന്നു പറയുവിൻ" എന്നു
19 പറഞ്ഞു. തൻെറ ശിഷ്യന്മാർ, യേശു അവ
രോടു കല്പിച്ചതുപോലെ തന്നെ ചെയ്തു.
20 അവർ പെസഹാ ഒരുക്കി. സന്ധ്യയായ
പ്പോൾ തൻെറ പന്തിരു ശിഷ്യരുമൊത്ത്
21 താൻ ഭക്ഷണത്തിന്ന് ഇരുന്നു. അവർ ഭക്ഷി
ക്കുമ്പോൾ "നിങ്ങളിൽ ഒരുവൻ എന്നെ
ഏല്പിച്ചു കൊടുക്കും" എന്നു സത്യമായി
22 ഞാൻ നിങ്ങളോടു പറയുന്നു എന്നു പറ
ഞ്ഞു. അവർക്കു വളരെയേറെ ദുഃഖമായി.
അവരിൽ ഓരോരുത്തനും തന്നോട്, എൻെറ
കർത്താവേ, 'അതു ഞാനോ' എന്നു ചോദി
23 പ്പാൻ തുടങ്ങി. താൻ ഉത്തരമായി "താല
ത്തിൽ എന്നോടുകൂടി കൈമുക്കുന്നവൻ
എന്നെ ഏല്പിച്ചു കൊടുക്കും. തന്നെക്കു
റിച്ച് എഴുതപ്പെട്ടിരിക്കുന്ന പ്രകാരം മനുഷ്യ
24 പുത്രൻ പോകും. എന്നാൽ മനുഷ്യപുത്രൻ
ആരാൽ ഏല്പിക്കപ്പെടുമോ ആ മനുഷ്യനു
ഹാ കഷ്ടം. അവൻ ജനിക്കാതിരുന്നെങ്കിൽ
ആ മനുഷ്യന് അതായിരുന്നു നല്ലത്" എന്നു
25 പറഞ്ഞു. ഏല്പിച്ചു കൊടുക്കുന്നവനായ
യഹൂദാ, റബി അതു ഞാനാണോ എന്നു
ചോദിച്ചു. യേശു അവനോട് "നീ തന്നെ
പറഞ്ഞിരിക്കുന്നു" എന്നു പറഞ്ഞു.
26 അവർ ഭക്ഷിച്ചു കൊണ്ടിരിക്കുമ്പോൾ
യേശു അപ്പം എടുത്തു വാഴ്ത്തി മുറിച്ച്
തൻെറ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട്
പറഞ്ഞു. "നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ-
ഇത് എൻെറ ശരീരമാകുന്നു." പിന്നീട് താൻ 2
പാനപാത്രം എടുത്ത് സ്തോത്രം ചെയ്തു
അവർക്ക് കൊടുത്തു, "വാങ്ങി നിങ്ങൾ
എല്ലാവരും ഇതിൽനിന്നും കുടിപ്പിൻ" ഇത്
പാപമോചനത്തിന്നായി അനേകർക്കു 2
വേണ്ടി ചിന്തപ്പെടുന്ന പുതിയ നിയമത്തി
നുള്ള രക്തം. ഇപ്പോൾമുതൽ എൻെറ പിതാ 2
വിൻെറ രാജ്യത്തിൽവച്ച് നിങ്ങളോടുകൂടി
പുതുതായി കുടിക്കുന്ന നാൾവരെ ഈ
മുന്തിരിരസത്തെ ഞാൻ കുടിക്കുകയില്ല
എന്നു നിങ്ങളോടു ഞാൻ പറയുന്നു എന്നു
പറഞ്ഞു. അനന്തരം സ്തോത്രം ചെയ്തിട്ട് 3
അവർ ഒലിവുമലയിലേക്കു പോയി.
അപ്പോൾ യേശു അവരോട്, "നിങ്ങൾ 3
എല്ലാവരും ഈ രാത്രിയിൽ എന്നിൽ ഇടറും.
എന്തെന്നാൽ 'ഇടയനെ ഞാൻ അടിക്കും.
അവൻെറ ആട്ടിൻകൂട്ടത്തിലെ ആടുകൾ
ചിതറിപ്പോകും' എന്ന് എഴുതപ്പെട്ടിട്ടുണ്ട
ല്ലോ. ഞാൻ ഉയിർത്തെഴുന്നേററശേഷം 3
നിങ്ങൾക്കുമുമ്പായി ഗലീലയ്ക്കു പോകും
എന്നു പറഞ്ഞു. കീപ്പാ തന്നോട് എല്ലാവരും 3
അങ്ങയിൽ വിരുദ്ധപ്പെട്ടാലും ഞാനോ
ഒരിക്കലും അങ്ങയിൽ ഇടറുകയില്ല എന്നു
പറഞ്ഞു. യേശു അവനോട്, "ഈ രാത്രി 3
യിൽ കോഴി കൂവുന്നതിനുമുമ്പ് മൂന്നു
പ്രാവശ്യം നീ എന്നെ തള്ളിപ്പറയും" എന്നു
നിന്നോടു ഞാൻ പറയുന്നു എന്നു പറഞ്ഞു.
കീപ്പാ തന്നോട്—"അങ്ങയോടുകൂടി മരി 3
ക്കേണ്ടി വന്നാലും ഞാൻ അങ്ങയെ തള്ളി
പ്പറകയില്ല" എന്നു പറഞ്ഞു. ഇതുപോലെ
തന്നെ ശിഷ്യന്മാർ എല്ലാവരും പറഞ്ഞു.
അനന്തരം യേശു അവരുമൊരുമിച്ച് ഗദ്സീ 3
മോൻ എന്നു പറയപ്പെടുന്ന സ്ഥലത്തു
വന്നു. താൻ ശിഷ്യരോട് "ഞാൻ പോയി
പ്രാർത്ഥിക്കുന്ന നേരത്ത് നിങ്ങൾ ഇവിടെ
ഇരിപ്പിൻ' എന്നു പറഞ്ഞു. താൻ കീപ്പാ 3
യേയും സബദി പുത്രന്മാർ ഇരുവരേയും
കൂട്ടിക്കൊണ്ടു പോയി ദുഃഖിപ്പാനും വിവശ
തപ്പെടുവാനും തുടങ്ങി. എൻെറ ആത്മാവ് 3
മരണംവരെയും ദുഃഖിതമാകുന്നു. നിങ്ങൾ
ഇവിടെ എനിക്കായി എന്നോടുകൂടെ
ഉണർന്നിരിപ്പിൻ എന്നു അവരോട് പറഞ്ഞു.
പിന്നെ താൻ അല്പം അകലെ മാറി കവി 3
ണ്ണു വീണ് 'എൻെറ പിതാവെ കഴിയുമെ
ങ്കിൽ ഈ പാനപാത്രം എങ്കൽനിന്നും
കടന്നുപോകണമെ. എങ്കിലും ഞാൻ
ആഗ്രഹിക്കുന്നതുപോലെയല്ല, അങ്ങ്
ഇഷ്ടപ്പെടുന്നതുപോലെ ആകട്ടെ' എന്നു

പറഞ്ഞുകൊണ്ടു പ്രാർത്ഥിച്ചു. താൻ തൻെറ
ശിഷ്യരുടെ അടുക്കൽ വന്നു. അവർ ഉറ
ങ്ങുന്നതായി കണ്ടു. താൻ കീപ്പായോട്
“എന്നോടുകൂടെ ഒരു നാഴികനേരം ഉണർ
ന്നിരിപ്പാൻ നിങ്ങൾക്കു സാധിച്ചില്ലയോ?
നിങ്ങൾ പരീക്ഷയിൽ പ്രവേശിക്കാതിരി
പ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ.
ആത്മാവ് ഒരുക്കമുള്ളത് —ശരീരമോ
ബലഹീനം എന്നു പറഞ്ഞു. താൻ വീണ്ടും
രണ്ടാമത് പ്രാർത്ഥിച്ചു പറഞ്ഞു. “എൻെറ
പിതാവേ, ഈ പാനപാത്രം ഞാൻ കുടി
ക്കാതെ അതു മാറിപ്പോകുവാൻ സാദ്ധ്യമ
ല്ലെങ്കിൽ, അങ്ങേ ഇഷ്ടം നടക്കട്ടെ.” താൻ
പിന്നെയും വന്ന് അവർ ഉറങ്ങുന്നതായി
കണ്ടു. എന്തെന്നാൽ അവരുടെ കണ്ണുകൾ
നിദ്രാ)ഭാരമുള്ളവയായിരുന്നു. താൻ
പിന്നെയും അവരെ വിട്ടുമാറി മൂന്നാമതും
അതേ വചനം തന്നെ പറഞ്ഞ് പ്രാർത്ഥിച്ചു.
പിന്നെ താൻ തൻെറ ശിഷ്യരുടെ അടുക്കൽ
വന്ന് തൻെറ ശിഷ്യരോട് ഇനിയും നിങ്ങൾ
ഉറങ്ങി ആശ്വസിച്ചു കൊള്ളുവിൻ. ഇതാ
സമയമടുത്തു. മനുഷ്യപുത്രൻ പാപികളു
ടെ കൈകളിൽ ഏല്പിക്കപ്പെടുന്നു. എഴു
ന്നേൽപ്പിൻ —നമുക്കു പോകാം. ഇതാ
എന്നെ ഏല്പിച്ചു കൊടുക്കുന്നവൻ അടു
ത്തു വന്നിരിക്കുന്നു” എന്നു പറഞ്ഞു.
താൻ സംസാരിച്ചുകൊണ്ടിരിക്കെ,
പന്തിരുവരിൽ ഒരുവനായ ഒററുക്കൊടുക്കു
ന്ന യഹൂദായും, അവൻെറ കൂടെ പ്രധാനാ
ചാര്യന്മാരുടെയും ജനത്തിൻെറ കശീശ്ശന്മാ
രുടെയും അടുത്തുനിന്ന് വാളുകളും വടി
കളുമായി വലിയ പുരുഷാരവും വന്നുകൂടി.
ഏല്പിച്ച് കൊടുക്കുന്നവനായ യഹൂദ,
'താൻ ആരെ ചുംബിക്കുന്നുവോ, അവനാ
കുന്നു ആൾ. അവനെ നിങ്ങൾ പിടിച്ചു
കൊള്ളുക' എന്ന് അവർക്ക് അടയാളം
പറഞ്ഞു കൊടുത്തിട്ടുണ്ടായിരുന്നു. ഉടനെ
അവൻ യേശുവിൻെറ അടുക്കൽ വന്ന്
“ശ്ലാം റബി” (ഗുരോ സമാധാനം) എന്നു
പറഞ്ഞു തന്നെ ചുംബിച്ചു. യേശു അവ
നോട് “എൻെറ സ്നേഹിതാ, ഇതിന്നായി
ോ നീ വന്നത്?” എന്നു ചോദിച്ചു. അപ്പോൾ
അവർ അടുത്തുവന്ന് യേശുവിൻെറ മേൽ
കൈ വച്ച് തന്നെ പിടിച്ചു. കണ്ടാലും,
യേശുവിനോടുകൂടെയുള്ളവരിൽ ഒരുവൻ
കൈ നീട്ടി വാൾ ഊരി പ്രധാനാചാര്യൻെറ
ദാസനെ വെട്ടി. അവൻെറ ചെവി ഛേദിച്ചു.
അപ്പോൾ യേശു അവനോട് “വാൾ അതി
ൻെറ ഉറയിൽ ഇടുക. എന്തെന്നാൽ വാൾ
എടുത്തവനെല്ലാം വാളാൽ മരിക്കും.”

“എൻെറ പിതാവിനോട് എനിക്ക് അപേ 53
ക്ഷിക്കുവാനും എനിക്കായിട്ട് താൻ മാലാ
ഖമാരുടെ പന്ത്രണ്ടിലധികം ലെഗിയോനു
കളെ ഇപ്പോൾ എനിക്കായി നിയമിക്കുവാ
നും കഴികയില്ലെന്നു നീ വിചാരിക്കുന്നോ?
അങ്ങനെയായാൽ, ഇപ്രകാരം സംഭവിക്കേ 54
ണ്ടതാകുന്നു എന്നുള്ള തിരുവെഴുത്തുകൾ
എങ്ങനെ നിറവൃത്തിയാകും?” എന്നു പറഞ്ഞു.
ആ സമയത്ത് പുരുഷാരത്തോടായി യേശു 55
ഇങ്ങനെ പറഞ്ഞു: “എന്നെ പിടിപ്പാൻ ഒരു
കള്ളൻെറ നേരെ എന്നപോലെ വാളുകളും
വടികളുമായി നിങ്ങൾ പുറപ്പെട്ടിരിക്കുന്നു.
ഞാൻ പ്രതിദിനം ദൈവാലയത്തിൽ നിങ്ങ
ളുടെ അടുത്തു ഇരുന്നു പഠിപ്പിച്ചിരുന്നു
വെങ്കിലും നിങ്ങൾ എന്നെ പിടിച്ചില്ല. പ്രവാ 56
ചകന്മാരുടെ ലിഖിതങ്ങൾ നിവൃത്തിയാ
കുവാൻ ഇതു സംഭവിച്ചിരിക്കുന്നു എന്നു
പറഞ്ഞു. അപ്പോൾ ശിഷ്യന്മാർ എല്ലാവരും
തന്നെ വിട്ട് ഓടിപ്പോയി.

യേശുവിനെ പിടികൂടിയവർ, മഹാ 57
പുരോഹിതനായ കയ്യാപ്പായുടെ അടുത്തു
തന്നെ കൊണ്ടുപോയി. അവിടെ സൊപ്രേ
ന്മാരും ജനത്തിൻെറ കശീശ്ശന്മാരും കൂടിയി
രുന്നു. എന്നാൽ ശെമഓൻ കീപ്പാ, പ്രധാനാ 58
ചാര്യൻെറ മുററം വരെ, തൻെറ പിന്നാലെ
ദൂരെയായി പൊയ്ക്കൊണ്ടിരുന്നു. അവൻ
അകത്തു കടന്ന് അവസാനം കാണുവാ
നായി സേവകരോടു കൂടെ ഇരുന്നു.

പ്രധാനാചാര്യന്മാരും കശ്ശീശ്ശന്മാരും 59
പുരുഷാരം മുഴുവനും, യേശുവിനെ കൊല്ലു
വാനായി സാക്ഷികളെ അന്വേഷിച്ചു. അവർ 60
കണ്ടെത്തിയില്ല. കള്ളസാക്ഷികൾ അനേ
കർ വന്നു. അവസാനം രണ്ടുപേർ എത്തി.
അവർ പറഞ്ഞു. “ദൈവാലയം പൊളിച്ച് 61
മൂന്നുദിവസം കൊണ്ടു അതിനെ പണിയു
വാൻ എനിക്കു കഴിയുമെന്നു ഇവൻ പറ
ഞ്ഞിരുന്നു.” മഹാപുരോഹിതൻ എഴു 62
ന്നേററ് തന്നോട്, “നീ ഒന്നും ഉത്തരം പറയു
ന്നില്ല. ഇവർ നിനക്ക് വിരോധമായി സാക്ഷി
പറയുന്നത് എന്ത്?” എന്നു ചോദിച്ചു. യേശു 63
വോ മൌനമായിരുന്നു. മഹാപുരോഹി
തൻ പിന്നെയും തന്നോട്, “നീ ദൈവത്തി
ൻെറ പുത്രനായ മിശിഹാ ആകുന്നുവോ,
എന്ന് നീ ഞങ്ങളോട് പറയണം എന്ന് ജീവ
നുള്ള ദൈവത്തെക്കൊണ്ട് ആണയിട്ട്
നിന്നോട് പറയുന്നു” എന്നു പറഞ്ഞു. യേശു 64
അവനോട് “നീ തന്നെ പറഞ്ഞുവല്ലോ.
ഇനിമേൽ മനുഷ്യപുത്രൻ ശക്തിയുടെ
വലത്തുഭാഗത്ത് ഇരിക്കുന്നതും വാനമേഘ
ങ്ങളിൽ അവൻ വരുന്നതും നിങ്ങൾ കാണും.

എന്നു സത്യമായി ഞാൻ പറയുന്നു" എന്നു
പറഞ്ഞു.
65 അപ്പോൾ മഹാപുരോഹിതൻ തൻെറ
വസ്ത്രങ്ങൾ കീറികൊണ്ട്: "ഇതാ ഇവൻ
ദൈവദൂഷണം പറഞ്ഞിരിക്കുന്നു. ഇനിയും
നമുക്ക് സാക്ഷികളെക്കൊണ്ട് എന്ത് ആവ
ശ്യം? ഇതാ ഇവൻെറ ദൈവദൂഷണം നി
66 ങ്ങൾ കേട്ടുവല്ലോ. നിങ്ങൾ എന്താണ്
ആഗ്രഹിക്കുന്നത്?" എന്നു ചോദിച്ചു. അവർ
ഉത്തരമായിട്ടു "ഇവൻ മരണയോഗ്യൻ
തന്നെ" എന്നു പറഞ്ഞു. അപ്പോൾ അവർ
67 തൻെറ മുഖത്തു തുപ്പി, തൻെറ കരണത്ത്
അടിച്ചു. മററു ചിലർ തന്നെ അടിച്ചു.
68 "മിശിഹായെ! നിന്നെ അടിച്ചത് ആരാ
ണെന്ന് പ്രവചിക്കുക" എന്നു പറഞ്ഞു.
69 കീപ്പാ പുറത്ത് മുററത്തിരിക്കുകയായി
രുന്നു. ഒരു ദാസി അവൻെറ അടുത്തു ചെന്ന്
നീയും നസ്രായനായ യേശുവിൻെറ കൂടെ
70 യായിരുന്നു എന്നു പറഞ്ഞു. അവനാകട്ടെ
എല്ലാവരുടെയും മുമ്പിൽ വച്ച് "നീ എന്താ
ണ് പറയുന്നതെന്ന് എനിക്കറിഞ്ഞുകൂടാ"
71 എന്ന് തള്ളിപ്പറഞ്ഞു. പിന്നെ അവൻ പടി
വാതിൽക്കൽ ചെന്നപ്പോൾ മറെറാരുവൾ
അവനെക്കണ്ടിട്ട് അവരോട് "ഈയാളും
അവിടെ നസ്രായനായ യേശുവിനോടു
കൂടെ ഉണ്ടായിരുന്നു" എന്നു പറഞ്ഞു.
72 അവൻ പിന്നെയും 'ആ മനുഷ്യനെ ഞാൻ
അറിയുകയില്ല' എന്ന് ആണയിട്ട് തള്ളിപ്പറ
73 ഞ്ഞു. അല്പം കഴിഞ്ഞ് അവിടെ നിൽക്കുന്ന
വർ അടുത്തു വന്ന് കീപ്പായോട്; "നീ സത്യ
മായും അവരിൽ ഒരുവനാണ്, നിൻെറ
സംസാരവും നിന്നെ വെളിപ്പെടുത്തുന്നു"
74 എന്നു പറഞ്ഞു. അപ്പോൾ അവൻ "ആ
മനുഷ്യനെ ഞാൻ അറിയുകയേയില്ല"
എന്നു പറഞ്ഞു ശപിപ്പാനും ആണയിടു
വാനും തുടങ്ങി. അതേ നാഴികയിൽ കോഴി
75 കൂവി. കോഴി കൂവുന്നതിനു മുമ്പ് നീ
മൂന്നുപ്രാവശ്യം എന്നെ തള്ളിപ്പറയും,
എന്ന് യേശു തന്നോട് പറഞ്ഞിരുന്ന
വചനം അപ്പോൾ കീപ്പാ ഓർത്തു. അവൻ
പുറത്തേക്കുപോയി അത്യധികദുഃഖത്തോ
ടെ കരഞ്ഞു.

അദ്ധ്യായം 27

1 പ്രഭാതമായപ്പോൾ പ്രധാനാചാര്യ
ന്മാരും ജനത്തിൻെറ മൂപ്പന്മാരും തന്നെ
കൊല്ലുവാനായി യേശുവിന്നെതിരായി
2 ആലോചിച്ചു. അവർ തന്നെ ബന്ധിച്ച്
കൊണ്ടുപോയി നാടുവാഴിയായ പീലാ
ത്തോസിനെ ഏല്പിച്ചു.

ഒററുക്കൊടുത്തവനായ യഹൂദാ 3
അപ്പോൾ, യേശു ശിക്ഷക്കു വിധിക്കപ്പെട്ടു
എന്ന് കണ്ടപ്പോൾ, അവന് പശ്ചാത്താപ
മുണ്ടായിട്ട് അവൻ പോയി പ്രധാനാചാര്യ
ന്മാർക്കും കശ്ശീശ്ശന്മാർക്കും ആ മുപ്പതു
വെള്ളിക്കാശു തിരിച്ചുകൊടുത്തിട്ട്- 4
"കുററമില്ലാത്ത രക്തം ഞാൻ ഏല്പിച്ചു
തന്നതുകൊണ്ട് ഞാൻ പാപം ചെയ്തു
പോയി" എന്നുപറഞ്ഞു. അവർ അവനോടു
"ഞങ്ങൾക്കെന്ത്? - നീ അറിയും." എന്നു
പറഞ്ഞു. അവൻ പണം ദൈവാലയത്തിൽ 5
വലിച്ചെറിഞ്ഞിട്ട് പോയി. കെട്ടിഞാന്നു.
പ്രധാനാചാര്യന്മാർ ആ ദ്രവ്യം എടുത്ത് 6
'ഇതു രക്തത്തിൻെറ വിലയാകയാൽ
നേർച്ചപെട്ടിയിൽ ഇടുന്നതു ശരിയല്ല'
എന്നു പറഞ്ഞു. അവർ ആലോചിച്ച്, പര
ദേശികളുടെ സംസ്കാരത്തിന്നായി ആ
(പണം) കൊണ്ട് കുശവൻെറ നിലം അവർ
വാങ്ങിച്ചു. ആകയാൽ "രക്തനിലം" എന്ന്
ഇന്നുവരെ ആ പറമ്പ് വിളിക്കപ്പെട്ടിരി
ക്കുന്നു. "വിലയേറിയവൻെറ വിലയായി
ഇസ്രയേൽ മക്കൾ വിലമതിച്ച മുപ്പതു
വെള്ളിക്കാശ് ഞാൻ എടുത്ത് കർത്താവ്
എന്നോടു കല്പിച്ച പ്രകാരം കുശവൻെറ
പറമ്പിന്നായി ഞാൻ അതു കൊടുത്തു"
എന്ന് പ്രവാചകൻ മുഖേന പറയപ്പെട്ടത്
അപ്പോൾ നിവൃത്തിയായി.

യേശു നാടുവാഴിയുടെ മുമ്പാകെ
നിന്നു. നാടുവാഴി തന്നോട് നീ യഹൂദന്മാ
രുടെ രാജാവാകുന്നുവോ? എന്നു ചോദിച്ചു.
യേശു അവനോട് "അങ്ങുതന്നെ പറഞ്ഞുവ
ല്ലോ" എന്നു പറഞ്ഞു. പ്രധാനാചാര്യന്മാരും
മൂപ്പന്മാരും തന്നെക്കുറിച്ച് ഏഷണി പറഞ്ഞി
ട്ടും താൻ ഒരുത്തരവും പറഞ്ഞില്ല. അപ്പോൾ
പീലാത്തോസു തന്നോട്: 'ഇവർ നിനക്കെ
തിരായി എത്രയേറെ സാക്ഷ്യങ്ങളാണ് പറ
യുന്നതെന്നു നീ കേൾക്കുന്നില്ലേ?' എന്നു
ചോദിച്ചു. താനോ ഒററവാക്കുപോലും
ഉത്തരം പറഞ്ഞില്ല. ഇതു നിമിത്തം അയാൾ
വളരെയധികം അത്ഭുതപ്പെട്ടുപോയി.

ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു കാരാ
ഗൃഹവാസിയെ പെരുന്നാൾതോറും നാടു
വാഴി അഴിച്ചു വിടുന്ന ഒരു പതിവുണ്ടാ
യിരുന്നു. ബർആബാ(ബറബാസ്) എന്ന്
വിളിക്കപ്പെടുന്ന ഒരു കുപ്രസിദ്ധ തടവുകാ
രൻ അവിടെ ബന്ധിതനായിരുന്നു. അവർ
കൂടിയിരിക്കെ പീലാത്തോസ് അവരോട്
'ബാർ ആബായെയാണോ, മ്ശീഹാ എന്നു
വിളിക്കപ്പെടുന്ന യേശുവിനെയാണോ. -
ആരെയാണ് നിങ്ങൾക്കായി ഞാൻ വിട്ടു

തരേണ്ടത് എന്നു നിങ്ങൾ ആഗ്രഹിക്കു
ന്നത്?' എന്നു ചോദിച്ചു. എന്തെന്നാൽ
അസൂയ നിമിത്തമാണ് അവർ തന്നെ
ഏല്പിച്ചതെന്ന് പീലാത്തോസിനറിയാ
മായിരുന്നു.
നാടുവാഴി ന്യായാസനത്തിൽ ഇരിക്കു
മ്പോൾ അവൻെറ ഭാര്യ ആളയച്ച് അയാ
ളോടു പറഞ്ഞു: "അങ്ങേയ്ക്ക് ആ നീതി
മാനുമായി ഒന്നുമില്ല. എന്തെന്നാൽ അദ്ദേ
ഹത്തെപ്രതി ഇന്നു സ്വപ്നത്തിൽ ഞാൻ
വളരെയേറെ വേദനപ്പെട്ടു." എന്നാൽ പ്രധാ
നാചാര്യന്മാരും കശ്ശീശ്ശന്മാരും ബാർ ആബാ
യെ മോചിപ്പിക്കുവാനും യേശുവിനെ നശി
പ്പിപ്പാനും അവർ ആവശ്യപ്പെടുവാൻ പുരു
ഷാരത്തെ പ്രേരിപ്പിച്ചു. പിന്നെയും നാടുവാഴി
അവരോട്: "ഈ രണ്ടുപേരിൽ ആരെ ഞാൻ
വിട്ടുതരണമെന്നാണു നിങ്ങൾ ആഗ്രഹി
ക്കുന്നത്" എന്നു ചോദിച്ചു. "ബാർആബാ
യ" എന്ന് അവർ പറഞ്ഞു. പീലാത്തോസ്
അവരോട് മ്ശീഹാ എന്നു വിളിക്കപ്പെടുന്ന
യേശുവിനെ ഞാൻ എന്തു ചെയ്യണം? എന്നു
ചോദിച്ചു. "അവൻ ക്രൂശിക്കപ്പെടണം,"
എന്ന് എല്ലാവരും പറഞ്ഞു. നാടുവാഴി അവ
രോട്, തിന്മയായി എന്താണ് ഇവൻ ചെയ്തത്?
എന്ന് ചോദിച്ചു. അവരോ: "അവൻ ക്രൂശി
ക്കപ്പെടണം" എന്ന് അധികമായി അട്ടഹസി
ച്ചു. പ്രയോജനമൊന്നും ഉണ്ടാകുന്നില്ലെന്നു
മാത്രമല്ല, ആരവം വർദ്ധിക്കുന്നേയുള്ളു
എന്നു പീലാത്തോസ് കണ്ടപ്പോൾ, വെള്ള
മെടുത്ത് പുരുഷാരത്തിൻെറ മുമ്പിൽ വച്ചു
കൈകൾ കഴുകിക്കൊണ്ടു പറഞ്ഞു: "ഈ
നീതിമാൻെറ രക്തത്തിൽ ഞാൻ കുററ
മററവനാകുന്നു. നിങ്ങൾ അറിയും." ജനമെ
ല്ലാം ഉത്തരമായി 'അവൻെറ രക്തം ഞങ്ങ
ളുടെമേലും ഞങ്ങളുടെ മക്കളുടെമേലും
ഇരുന്നുകൊള്ളട്ടെ' എന്നു പറഞ്ഞു.
അപ്പോൾ അയാൾ ബാർആബായെ
അവർക്കു മോചിപ്പിച്ചുകൊടുക്കുകയും,
യേശുവിനെ ചമ്മട്ടികൊണ്ട് അടിപ്പിച്ച്
ക്രൂശിക്കാൻ ഏല്പിക്കുകയും ചെയ്തു.
നാടുവാഴിയുടെ പട്ടാളക്കാർ തന്നെ പ്രേ
ത്താറിനിലേക്ക് കൊണ്ടുപോയി സേന
യെ മുഴുവൻ വിളിച്ചുകൂട്ടി. അവർ തൻെറ
വസ്ത്രമുരിഞ്ഞു. ഒരു ചുവന്ന കുപ്പായം
തന്നെ ധരിപ്പിച്ചു. അവർ മുള്ളുകൾകൊണ്ടു
ള്ള കിരീടം മുടഞ്ഞ് തൻെറ തലയിൽ വച്ചു.

അവൻെറ വലതുകയ്യിൽ ഒരു ഞാങ്ങണയും
കൊടുത്ത് തൻെറ മുമ്പിൽ അവർ മുട്ടു
മടക്കി തന്നെ ആക്ഷേപിച്ചുകൊണ്ട് 'യഹൂദ 30
ന്മാരുടെ രാജാവേ സമാധാനം' എന്നു പറ
ഞ്ഞു. അവർ തൻെറ മുഖത്തു തുപ്പി; കോലു
കൊണ്ട് തൻെറ തലയിൽ അടിക്കുകയും
ചെയ്തു. തന്നെ പരിഹസിച്ചുകൊണ്ട്, 31
ചുവന്ന കുപ്പായം ഉരിഞ്ഞ് സ്വന്ത വസ്ത്ര
ങ്ങൾ ധരിപ്പിച്ചു. കുരിശിൽ തറക്കുവാൻ 32
തന്നെ കൊണ്ടുപോയി. അവർ പോകു
മ്പോൾ കൂറിൻകാരൻ ശെമഓൻ എന്നു
പേരുള്ള ഒരു മനുഷ്യനെ കണ്ടു. തൻെറ
കുരിശു ചുമപ്പാൻ അവർ ഇവനെ നിർബ്ബ
ന്ധിച്ചു. പിന്നെ അവർ 'തലയോട്ടിയിടം' 33
എന്നർത്ഥമുള്ള ഗോഗുൽതാ എന്ന സ്ഥല
ത്തെത്തി. അവർ തനിക്കു കുടിപ്പാൻ കൈ 34
പ്പുകലർത്തിയ ചൊറുക്കാ കൊടുത്തു.
താൻ അതു രുചിച്ചുനോക്കി. കുടിപ്പാൻ
ഇഷ്ടപ്പെട്ടില്ല. അവർ തന്നെ ക്രൂശിച്ചശേഷം 35
നറുക്കിട്ട് തൻെറ വസ്ത്രങ്ങൾ ഭാഗിച്ചെ
ടുത്തു.* അവർ തന്നെ കാത്തുകൊണ്ട് 36
അവിടെ ഇരുന്നു. തൻെറ മരണത്തിൻെറ 37
കാരണം "ഇവൻ യഹൂദന്മാരുടെ രാജാ
വായ യേശു ആകുന്നു" എന്ന് തൻെറ തല
യ്ക്കു മുകളിലായി എഴുതിവെച്ചിരുന്നു.
രണ്ടു കള്ളന്മാർ—ഒരുവൻ തൻെറ വല 38
ത്തും ഒരുവൻ തൻെറ ഇടത്തുമായി -
തന്നോടുകൂടെ ക്രൂശിക്കപ്പെട്ടു. കടന്നു പൊ 39
യ്ക്കൊണ്ടിരുന്നവർ തലകുലുക്കിക്കൊണ്ട്
തന്നെ ദുഷിച്ച് 'ദൈവാലയം പൊളിച്ച് 40
അതിനെ മൂന്നു ദിവസംകൊണ്ടു പണിയു
ന്നവനേ, നീ ദൈവത്തിൻെറ പുത്രൻ
എങ്കിൽ നിന്നെത്തന്നെ രക്ഷിക്ക, ക്രൂശിൽ 41
നിന്നും ഇറങ്ങിവരിക' എന്നു പറഞ്ഞു.
പ്രധാനാചാര്യന്മാരോടും സൊപ്രന്മാരോടും
കശ്ശീശ്ശന്മാരോടും പരീശന്മാരോടും ചേർന്ന്
ഇങ്ങനെ പരിഹസിച്ചിരുന്നു. "ഇവൻ മററു 42
ള്ളവരെ ജീവിപ്പിച്ചു. തന്നെത്തന്നെ ജീവി
പ്പിക്കാൻ കഴിയുന്നുമില്ല? ഇവൻ ഇസ്രാ
യേലിൻെറ രാജാവാണെങ്കിൽ ഇപ്പോൾ
ക്രൂശിൽനിന്നും ഇറങ്ങിവരട്ടെ. ഞങ്ങൾ
അവനിൽ വിശ്വസിക്കാം. ഇവൻ ദൈവ 43
ത്തിൽ ആശ്രയിച്ചല്ലോ. താൻ ഇവനിൽ
പ്രസാദിക്കുന്നുവെങ്കിൽ ഇപ്പോൾ ഇവനെ
രക്ഷിക്കട്ടെ. എന്തെന്നാൽ ഞാൻ ദൈവ
ത്തിൻെറ പുത്രനാകുന്നുവെന്ന് ഇവൻ

*"അവർ എൻെറ വസ്ത്രങ്ങളെ അവർക്കായി വിഭാഗിച്ചു, എൻെറ ഉടുപ്പിന് അവർ ചീട്ടിട്ടു എന്ന് ദാവീദ് ദീർഘദർശിയാൽ പറയപ്പെട്ടത് ഇങ്ങനെ നിറവേറ്റിയായി" എന്നുംകൂടി ചില ഗ്രീക്കു പ്രതികളിലുണ്ട്.

പറഞ്ഞിരുന്നല്ലോ" എന്നു പറഞ്ഞു.
44 തന്നോടുകൂടെ ക്രൂശിക്കപ്പെട്ട കള്ളന്മാരും
ഇങ്ങനെതന്നെ യേശുവിനെ നിന്ദിച്ചു.
45 ആറാംമണി നേരംമുതൽ ഒൻപതാം
മണിവരെ ഭൂമി മുഴുവനിലും അന്ധകാരം
46 പരന്നു. ഒമ്പതാം മണി നേരത്ത് യേശു ഉറച്ച
ശബ്ദത്തിൽ "ഈൽ ഈൽ ല്മോനോ
47 ശ്ബക്ത്തോൻ" എന്നു പറഞ്ഞു. അവിടെ
നിന്നിരുന്നവരിൽ ചിലർ ഇതുകേട്ടപ്പോൾ
48 'ഇവൻ ഏലിയായെ വിളിച്ചു' എന്നു പറ
ഞ്ഞു. ഉടനെ അവരിൽ ഒരുവൻ ഓടിച്ചെന്ന്
എസ്പൂഗാ എടുത്ത് ചൊറുക്കാ നിറച്ച് ഒരു
കോലിന്മേൽ വച്ച് അവനു കുടിപ്പാൻ കൊടു
49 ത്തു. മറ്റുള്ളവർ '(ക്ഷമിച്ചു) നിൽക്കുവിൻ,
അവനെ രക്ഷിപ്പാൻ ഏലിയാ വരുമോ
50 എന്നു കാണട്ടെ,' എന്നു പറഞ്ഞു. യേശു
വീണ്ടും ഉറച്ച ശബ്ദത്തോടെ വിളിച്ചു
51 കൊണ്ട് തന്റെ ആത്മാവിനെ വിട്ടു. ഉടനെ
ദൈവാലയത്തിലെ തിരശ്ശീല മുകൾമുതൽ
അടിവരെ രണ്ടായി കീറിപ്പോയി. ഭൂമി കുലു
52 ങ്ങി, പാറകൾ പിളർന്നു, ശവക്കല്ലറകൾ
തുറക്കപ്പെട്ടു. നിദ്ര പ്രാപിച്ചിരുന്ന അനേകം
53 വിശുദ്ധരുടെ ശരീരങ്ങൾ പുനരുത്ഥാനം
ചെയ്തു. അവർ പുറത്തുവരികയും, തന്റെ
ഉയർപ്പിനു ശേഷം അവർ വിശുദ്ധ നഗര
ത്തിൽ പ്രവേശിച്ച് അനേകർക്കു കാണ
54 പ്പെടുകയും ചെയ്തു. ശതാധിപനും അവ
നോടുകൂടെ യേശുവിനെ കാത്തുനിന്ന
വരും, ഭൂകമ്പവും സംഭവിച്ച മറ്റുള്ള കാര്യ
ങ്ങളും കണ്ടപ്പോൾ, വളരെ ഭയപ്പെട്ട്, 'ഇവൻ
55 സത്യമായും ദൈവപുത്രനായിരുന്നു' എന്നു
പറഞ്ഞു. ഗലീലയിൽനിന്ന് യേശുവിന്റെ
പിന്നാലെ വന്നിരുന്നവരും തനിക്കു ശുശ്രൂ
ഷ ചെയ്തിരുന്നവരുമായി, ദൂരെ നോക്കി
56 നിന്നിരുന്ന പല സ്ത്രീകളും അവിടെയു
ണ്ടായിരുന്നു. അവരിൽ ഒരുവൾ മഗ്ദല
ക്കാരി മറിയാമും (മററവൾ) യാക്കോബി
ന്റേയും യോസിയുടെയും അമ്മയായ
മറിയാമും (വേറൊരുവൾ) സബദി പുത്ര
ന്മാരുടെ അമ്മയും ആയിരുന്നു.
57 സന്ധ്യയായപ്പോൾ 'റൊംതാ'ക്കാരൻ
യൌസേഫ് എന്നു പേരുള്ള ധനികനായ
ഒരു മനുഷ്യൻ വന്നു. ഇവനും യേശുവിനു
58 ശിഷ്യപ്പെട്ടവനായിരുന്നു. ഇവൻ പീലാ
ത്തോസിനെ സമീപിച്ച് യേശുവിന്റെ
ശരീരം ആവശ്യപ്പെട്ടു. ശരീരം അവനു
കൊടുപ്പാൻ പീലാത്തോസ് കല്പിച്ചു.
59 യൌസേപ്പ് ശരീരമെടുത്ത് നിർമ്മലമായ
'കേത്താനാ' തുണികൊണ്ടു പൊതിഞ്ഞു.
60 പാറയിൽ കുത്തിക്കുഴിച്ചുണ്ടാക്കിയിരുന്ന
അവന്റേതായ പുതിയ കല്ലറയിൽ അവൻ
അതിനെ സംസ്കരിച്ചു. കല്ലറയുടെ വാതിൽ
ക്കൽ ഒരു വലിയ കല്ല് ഉരുട്ടി കൊണ്ടുവന്ന്
വെച്ചിട്ട് അവൻ പോയി. അവിടെ കല്ലറക്കു 61
നേരെയായി മഗ്ദലക്കാരി മറിയാമും മറേറ
മറിയാമും ഇരുന്നിരുന്നു. വെള്ളിയാഴ്ച കഴി 62
ഞ്ഞുള്ള പിറെറ ദിവസം പ്രധാനാചാര്യ
ന്മാരും പരീശന്മാരും പീലാത്തോസിന്റെ
അടുക്കൽ ആഗതരായി. അവർ അവനോട് 63
'യജമാനനേ, മൂന്നു ദിവസങ്ങൾ കഴിഞ്ഞ്
ഞാൻ ഉയർത്തെഴുന്നേൽക്കുമെന്ന് ആ
വഞ്ചകൻ ജീവിച്ചിരിക്കുമ്പോൾ പറഞ്ഞ
തായി ഞങ്ങൾ ഓർക്കുന്നു. ആകയാൽ 64
അവന്റെ ശിഷ്യന്മാർ രാത്രിയിൽ വന്ന്
അവനെ മോഷ്ടിച്ചിട്ട് മരിച്ചവരുടെ ഇടയിൽ
നിന്ന് അവൻ ഉയർത്തെഴുന്നേററു എന്ന്
ജനത്തോടു പറയുകയും അങ്ങനെ ഒടുവി
ലത്തെ വഞ്ചന ആദ്യത്തേതിനേക്കാൾ
ദോഷമായി തീരുകയും ചെയ്യാതിരിക്കേണ്ട
തിന് മൂന്നു ദിവസംവരെ കല്ലറയിങ്കൽ
കരുതലോടിരിപ്പാൻ കല്പനയാകണമെ'
എന്നു പറഞ്ഞു. പീലാത്തോസ് അവരോട് 65
നിങ്ങൾക്കു പടയാളികൾ ഉണ്ടല്ലോ. നിങ്ങൾ
പോയി നിങ്ങൾക്കറിയാവുന്നതുപോലെ
കല്ലറ സൂക്ഷിച്ചുകൊള്ളുവിൻ എന്നു പറ
ഞ്ഞു. അവർ പോയി. കല്ലറ കരുതലോടെ 66
സൂക്ഷിക്കുകയും പടയാളികളോടു കൂടി ആ
കല്ലിനു മുദ്രവയ്ക്കുകയും ചെയ്തു.

അദ്ധ്യായം 28

ശാബത് അസ്തമിച്ച് ഞായറാഴ്ച
ആരംഭിക്കുന്ന സമയത്ത് മഗ്ദല മറിയാമും
മറെറ മറിയാമും കല്ലറ കാണ്മാനായി ചെന്നു.
ഇതാ, ഒരു വലിയ ചലനമുണ്ടായി. എന്തെ 2
ന്നാൽ കർത്താവിന്റെ മാലാഖ സ്വർഗ്ഗ
ത്തിൽ നിന്നിറങ്ങിവന്ന് വാതിൽക്കൽനിന്നു
കല്ലുരുട്ടിമാററി അതിന്മേൽ ഇരുന്നു. അവ 3
ന്റെ രൂപം മിന്നൽ സമാനമായിരുന്നു.
അവന്റെ വസ്ത്രം ഹിമംപോലെ വെളു
ത്തതുമായിരുന്നു. അവനെയുള്ള ഭയം 4
നിമിത്തം കാവൽക്കാർ പരിഭ്രമിച്ചു. മരിച്ച
വരെപ്പോലെയായി! മാലാഖ സ്ത്രീകളോട്: 5
'നിങ്ങൾ ഭയപ്പെടേണ്ട. ക്രൂശിക്കപ്പെട്ട
വനായ യേശുവിനെയത്രെ നിങ്ങൾ അന്വേ
ഷിക്കുന്നത് എന്ന് എനിക്കറിയാം. താൻ
ഇവിടെയില്ല. താൻ പറഞ്ഞിരുന്ന പ്രകാരം 6
പുനരുത്ഥാനം ചെയ്തു. നമ്മുടെ കർത്താവ്
സംസ്കരിക്കപ്പെട്ടിരുന്നതായ സ്ഥലം
നിങ്ങൾ വന്നുകാണുവിൻ. നിങ്ങൾ വേഗം 7
പോയി ശിഷ്യന്മാരോട് താൻ മരിച്ചവരുടെ

ഇടയിൽനിന്ന് ഉയിർത്തെഴുന്നേററു എന്നും
ഇതാ നിങ്ങൾക്കു മുമ്പായി താൻ ഗലീലക്കു
പോകും. അവിടെവച്ച് നിങ്ങൾ അദ്ദേഹത്തെ
കാണും എന്നും പറയുവിൻ. ഇതാ- ഞാൻ
നിങ്ങളോടു പറഞ്ഞിരിക്കുന്നു' എന്നു പറ
ഞ്ഞു. അവർ കല്ലറക്കൽനിന്നും ഭയത്തോ
ടും മഹാ സന്തോഷത്തോടും വേഗം പോയി.
തൻെറ ശിഷ്യന്മാരോടു പറയുവാൻ അവർ
ഓടുകയായിരുന്നു. ഇതാ യേശു അവർക്കു
നേരെചെന്ന് 'നിങ്ങൾക്ക് സമാധാനം'
എന്നു പറഞ്ഞു. അവർ അടുത്തുചെന്ന്
തൻെറ കാലുകൾ പിടിച്ച് തന്നെ വന്ദിച്ചു.
അപ്പോൾ യേശു അവരോട്: 'നിങ്ങൾ ഭയ
പ്പെടേണ്ട. എന്നാലോ, നിങ്ങൾപോയി
എൻെറ സഹോദരന്മാരോട്, അവർ ഗലീല
ക്കുപോകുവാനും അവിടെവച്ച് അവർ
എന്നെ കാണുമെന്നും പറയുവിൻ' എന്നു
പറഞ്ഞു.

അവർ പോയശേഷം ആ കാവൽ
പടയാളികളിൽ ചിലർ നഗരത്തിൽ വന്ന്,
സംഭവിച്ചതെല്ലാം പ്രധാനാചാര്യന്മാരോടു
പറഞ്ഞു. അവർ കശ്ശീശ്ശന്മാരുമായി കൂടി
ആലോചന നടത്തി. കാവൽക്കാർക്ക് അന
ല്പമായ ദ്രവ്യം കൊടുത്തിട്ട് അവരോടു
രാത്രിയിൽ ഞങ്ങൾ ഉറങ്ങുമ്പോൾ അവ
ൻെറ ശിഷ്യന്മാർ വന്ന് അവനെ മോഷ്ടിച്ചു
കൊണ്ടുപോയി എന്നു പറയണം. ഇതു
നാടുവാഴിയുടെ സന്നിധിയിൽ കേൾക്കപ്പെ
ട്ടാൽ ഞങ്ങൾ അദ്ദേഹത്തോടപേക്ഷിക്കു
കയും നിങ്ങളെ കരുതി പ്രവർത്തിക്കുകയും
ചെയ്തുകൊള്ളാം' എന്നു പറഞ്ഞു. അവർ 15
പണം വാങ്ങി ഇവർ അവരോട് ഉപദേശി
ച്ചതുപോലെ ചെയ്തു. ഈ വാർത്ത യഹൂദ
ന്മാരുടെ ഇടയിൽ ഇന്നുവരെ പ്രസിദ്ധമാ
യിരിക്കുന്നു.

ശിഷ്യന്മാർ പതിനൊന്നു പേരും ഗലീല 16
യിൽ യേശു അവർക്കായി നിശ്ചയിച്ചിരുന്ന
മലയിലേക്കുപോയി. അവർ തന്നെ കണ്ട 17
തോടെ തന്നെ വന്ദിച്ചു. അവരിൽ ചിലരോ
സംശയിച്ചു. യേശു അടുത്തുചെന്ന് അവ 18
രോട് ഇപ്രകാരം പറഞ്ഞു: "സ്വർഗ്ഗത്തിലും
ഭൂമിയിലും എനിക്കു സർവ്വ അധികാരവും
നൽകപ്പെട്ടിരിക്കുന്നു. എൻെറ പിതാവ്
എന്നെ അയച്ചിരിക്കുന്നത് എങ്ങനെയോ
അങ്ങനെ ഞാൻ നിങ്ങളേയും അയക്കുന്നു.
ആകയാൽ നിങ്ങൾപോയി സർവ്വജാതി 19
കളേയും ശിഷ്യപ്പെടുത്തുകയും പിതാവി
ൻെറയും പുത്രൻെറയും പരിശുദ്ധാത്മാവി
ൻെറയും നാമത്തിൽ അവരെ സ്നാന
പ്പെടുത്തുകയും ഞാൻ നിങ്ങളോട് കല്പി 20
ച്ചത് എല്ലാം പ്രമാണിപ്പാൻ അവരെ പഠി
പ്പിക്കയും ചെയ്യുവിൻ. കണ്ടാലും ലോക
ത്തിൻെറ അവസാനംവരെ എല്ലാനാളും
ഞാൻ നിങ്ങളുടെ കൂടെയുണ്ട്." ആമീൻ.

(പലസ്തീൻനാട്ടിൽ മത്തായിശ്ലീഹാ എബ്രായഭാഷയിൽ പ്രസംഗിച്ച പ്രസംഗമാകുന്ന വിശുദ്ധ ഏവൻഗേല്യോൻ സമാപ്തം)

വി. മത്തായിയുടെ സുവിശേഷം
വിവർത്തന വ്യത്യാസങ്ങളിൽ ചിലത്

		പാഠഭേദം
1.25	ആദ്യജാതനെ	ഇല്ല
	അവൾ പേരു വിളിച്ച	അവൻ......വിളിച്ചു
2.1	ജ്യോതി ശാസ്ത്രജ്ഞന്മാർ	വിദ്വാന്മാർ
6	രാജാവ്	പ്രഭു
3.3	പറയുന്ന ശബ്ദം	പറയുന്നവന്റെ ശബ്ദം
11	വെള്ളംകൊണ്ട്	വെള്ളത്തിൽ
16	അവനായി	ഇല്ല
4.6	നിന്റെ കാൽ ...... നിന്നെ വഹിക്കും.	അവൻ നിന്റെ കാൽ കല്ലിൽ തട്ടാതെ വണ്ണം നിന്നെ കൈയിൽ താങ്ങിക്കൊള്ളും
5.17	പൂർത്തിയാക്കുവാനാണ്	നിവർത്തിക്കുവാൻ
19	നിസ്സാരൻ	ചെറിയവൻ
22	വൃഥാ	ഇല്ല
48	പൂർണ്ണൻ	സൽഗുണപൂർണ്ണൻ
6. 1.	ഭിക്ഷാദാനം	നീതി
4	പരസ്യമായി	ഇല്ല
8 .29	"ഞങ്ങൾക്കും നിനക്കും എന്ത്?	ഞങ്ങൾക്കും നിനക്കും തമ്മിൽ എന്ത്

1) മോ ലാൻ ഉലോക്ക് -
വാക്കുകളുടെ ഈ പ്രയോഗം എല്ലാ സുവിശേഷങ്ങളിലുമുണ്ട്.

2)ലാൻ മൊലാൻ.	മത്തായി 27.4
3)മൊ ലാൻ ഉലോക്ക്	മർക്കോ. 1.24
4)മൊ ലാൻ ഉലോക്ക്	ലൂ - 4. 34
5)മൊ ലീ ഉലേക്ക്	യോഹ - 2.4

വാക്കുകളുടെ അർത്ഥം
മൊ - What ലാൻ - to us ഉലോക്ക് and to you)ഉലോക്ക് (F) = to you
മത്തായി 27 ലെ - "ലാൻ മൊലാൻ = ഞങ്ങൾക്ക് എന്ത്

K.G.V.	What (is that) to us		"
Scofield	"	"	"
Open Bible	"	"	"
The Interpreters Bible	"	"	"
Dummalow	"	"	"
Mathew Henry	"	"	"
മലയാളം പതിപ്പുകൾ എല്ലാം	"	"	"
Living N.T.			

ഇവയിൽ ഒരിടത്തും - തമ്മിൽ - between എന്ന വാക്കില്ല എന്ന് കാണാം.
അതേ പ്രയോഗം തന്നെയാണ് :- ഞങ്ങൾക്കും നിനക്കും എന്ത്

മത്താ. 8 - 29- മോലാൻ ഉലോക്ക് -	"
മർക്കോ - 1 .24 "	"
ലൂക്കോ - 4. 34.	"
യോഹ . 2.2 മോ ലീ ഉ ലേക്ക് (f) മൊ = What	"

ലീ to me - ലേക്ക് to you
എന്നാൽ
2 ദിന 35. 21 കാണുക.

What have I do with you "എനിക്കും നിനക്കും തമ്മിൽ എന്ത്" എല്ലാ ഇംഗ്ലീഷ് ബൈബിളുകളിലും ഇതുതന്നെ. മലയാളത്തിൽ "എനിക്കും നിനക്കും തമ്മിൽ എന്ത്?" എന്നുമാണ് അതുശരിയുമാണ്. അതിന്റെ സുറിയാനി കാണുക.

മോനോ	What എന്ത്
ഈസ്‌ലീ	I have എനിക്കുണ്ട്
ഉ ലോക്ക്	with thee നീയുമായി

അതായത് What have I with thee എനിക്കും നിനക്കും തമ്മിൽ എന്ത്.
എന്നാൽ മോലീ ഉലോക്ക് What to me and to you
മോനോ ഈസ്‌ലീ ആ ലോക്ക് What have I to do with you.

9.15	ഉപവസിക്കുവാൻ	ദുഃഖിപ്പാൻ
10.4	ഖ്നാനോയോ	ഇല്ല
15	ആശ്വാസമുണ്ടാകും	സഹിക്കാവതാകും
25	ബെൽസ്ബൂബ്	ബെയൽ സബൂൽ
28	ആസോർ (ഒരു ചെറിയ റോമൻ നാണയം)	
11.1	പഠിപ്പിക്കുവാനും	ഉപദേശിപ്പാൻ
14	സ്വീകരിപ്പിൻ	പരിഗ്രഹിപ്പാൻ
23	ആകാശംവരെ ഉയർത്തപ്പെട്ട കപ്പർന്നഹോമേ	നീ ആകാശത്തോളം ഉയരുമോ ?
12.1	മ്ലാഗ് - തിരുന്നി	ഇല്ല
48	ആരാകുന്നു എന്റെ അമ്മ? ആരാകുന്നു എന്റെ സഹോദരന്മാർ?	എന്റെ മാതാവും സഹോദരന്മാരും ആര്
14.1	തെത്രർക്കാ. (രാജ്യത്തിന്റെ നാലിലൊന്നിന്റെ ഗവർണ്ണർ)	
8	ഇവിടെ എനിക്ക്	"എനിക്ക്" ഇല്ല
15	വിജനസ്ഥലം (ഹുർബോ)	മരുഭൂമി (മദ്ബറോ) (മരുഭൂമിയെങ്കിൽ (വാക്യം 19) "പുല്ല്" ഇല്ല.)
18	'എനിക്കായി	ഇല്ല
24	എസ്താദിയോൻ (റോമൻ മൈലിന്റെ $^1/8$ 3-4 മൈൽ)	
26	മായക്കാഴ്ച	ഭൂതം
16.18	കീഹോ - പാറക്കല്ല്	
17.20	കടുകുമണിപോലെ	കടുകുമണിയോളം
18.11	നശിച്ചുപോയതിനെ ജീവിപ്പിക്കാനത്രെ മനുഷ്യന്റെ പുത്രൻ വന്നിരിക്കുന്നത്	ഇല്ല
12	മലയിൽ വിട്ടിട്ട്	മലയിൽ പോയി
29	പാദത്തിങ്കൽ വീണു.	ഇല്ല
19.16	നല്ലവനായ ഗുരോ	ഇല്ല
17	എന്നെ നല്ലവൻ എന്നു വിളിക്കുന്നതെന്ത്	നന്മയെക്കുറിച്ച് ചോദിക്കുന്നതെന്ത്
	ഏകദൈവമല്ലാതെ	ഇല്ല
20	എന്റെ ബാല്യംമുതൽ	ഇല്ല
27	ഞങ്ങൾക്ക് എന്തുണ്ടാകും	എന്തുകിട്ടും.
28	പുതിയ ലോകത്തിൽ	പുതിയ ജനനത്തിൽ
29	ഭാര്യയേയോ	ഇല്ല
20.7	ന്യായമായതു നിങ്ങൾക്കു കിട്ടും	ഇല്ല
16	തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം	ഇല്ല
2,23.	ഞാൻ ഏല്ക്കുവാനിരിക്കുന്ന സ്നാനം	ഇല്ല

21.2	എനിക്കായി	ഇല്ല
22.28	എല്ലാവരും അവളെ പരിഗ്രഹിച്ചതാണല്ലോ	എല്ലാവർക്കും അവൾ ആയിരുന്നു.
23.3	ആചരിക്കണം	ഇല്ല
23	വിശ്വാസം	വിശ്വസ്തത
35	പുണ്യവാന്മാരുടെ	നീതിയുള്ള
24.36	പുത്രനുംകൂടെ ഇല്ല	പുത്രനുംകൂടെ
48	ദുഷ്ടനായ ദാസൻ	ദുഷ്ടദാസനായി
50	വേർതിരിക്കും	ദണ്ഡിപ്പിക്കും
25.1	മണവാട്ടിയേയും	ഇല്ല
26.6	ശോതിപ്ത്തോ = ചെറിയ കുപ്പി	ഭരണി (ഭരണിക്ക് "ആഗോനോ")
26.38	മരണംവരെയും	മരണവേദനപോലെ
64	നീ തന്നെ പറഞ്ഞുവല്ലോ	ഞാൻ ആകുന്നു
53	ലെഗ്യോൻ	6000 ഭടന്മാരുള്ള സേനാവിഭാഗം
27.27	പ്രെത്തോറിൻ (വാററിൻ) = ഗവർണ്ണരുടെ ആസ്ഥാനമണ്ഡപം	
46	ഈൽഈൽ - - - എന്റെ ദൈവമേ . . . . . നമ്മുടെ കർത്താവ് സംസാരിച്ച അതേ സുറിയാനി (അറമൈക്കു) വാക്കുകൾ	
56	യാക്കോബ്, യോസി = (കർത്താവിന്റെ സഹോദരന്മാർ എന്ന നിലയിൽ) ഈ പേരുകൾ കാണാം. അവർ ഈ മറിയാമിന്റെ പുത്രന്മാരത്രെ- ചിലർ പറയുംപോലെ വി. കന്യകമറിയാമിന്റെ മക്കളല്ല.)	
65	നിങ്ങൾക്ക് പടയാളികൾ ഉണ്ടല്ലോ	കാവൽകൂട്ടത്തെ തരാം
66	അവർ പടയാളികളോടുകൂടി ആ കല്ലിന് മുദ്രവയ്ക്കുകയും ചെയ്തു.	അവർ ചെന്നു കല്ലിൽ മുദ്രവച്ച് കാവൽക്കാരെ നിറുത്തി.
28.18	എന്റെ പിതാവ് എന്നെ അയച്ചിരിക്കുന്നത്	ഇല്ല

വി. മർക്കോസ് എഴുതിയ സുവിശേഷം

വി. മർക്കോസ്; പ്രധാനികളായ രണ്ടു ശ്ലീഹന്മാരുടെ—വി. പത്രോസിൻെറയും വി. പൗലോസിൻെറയും ശുശ്രൂഷകനും സഹപ്രവർത്തകനുമായിരുന്നു. ജന്മനാ യഹൂദനായിരുന്ന ഇദ്ദേഹത്തിൻെറ ആദ്യപേര് യോഹന്നാൻ എന്നായിരുന്നു. ഇദ്ദേഹത്തിൻെറ മാതാവിൻെറ പേര് മറിയാം. ഇവരുടെ ഭവനത്തെക്കുറിച്ച് പാരമ്പര്യം പറയുന്നത്, കർത്താവു പെസഹാ കഴിച്ചതും ശ്ലീഹന്മാർ വാതിലുകൾ അടച്ച് ഭയന്നിരുന്നതും പത്രോസ് കാരാഗൃഹത്തിൽനിന്നും വന്നതും വി. മറിയാമും ശ്ലീഹന്മാരും പ്രാർത്ഥനയ്ക്കു കൂടിയിരുന്നതും പെന്തെക്കൊസ്തി ദിവസം പരിശുദ്ധാത്മാവ് ഇറങ്ങി വന്നതും ഈ ഭവനത്തിൽ ആയിരുന്നുവെന്ന് അത്രെ. (ഇന്ന് 'മാർ മർക്കോസിൻെറ ദയറാ' (യറുശലേം) എന്ന് വിളിക്കപ്പെടുന്നത് ഈ ഭവനമാണെന്നു സിറിയൻ ഓർത്തഡോക്സു സഭ അഭിമാനിക്കുന്നു.)

വി. പത്രോസിൻെറ സുവിശേഷീകരണത്തിൽ മർക്കോസ് ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു; പത്രോസിൻെറ ശിഷ്യനായിത്തീർന്നു. 1. പത്രോ. 5-13ൽ തൻെറ 'പുത്രൻ' എന്നാണദ്ദേഹത്തെ സംബോധന ചെയ്തിരിക്കുന്നത്. തൻെറ ശ്ലൈഹിക പര്യടനത്തിൽ മർക്കോസ് മിക്കപ്പോഴും ഉണ്ടായിരുന്നു. ഇദ്ദേഹം ബർന്നബാസിൻെറ ഒരു സഹോദരൻ (Cousin) ആയിരുന്നു. ബർന്നബാസ് വഴി അദ്ദേഹം പൌലോസുമായി ബന്ധപ്പെടുകയും പൌലോസിൻെറ 1-ാമത്തെ മിഷനറി യാത്രയിൽ പങ്കെടുക്കുകയും ചെയ്തങ്കിലും, അ. പ്ര. 5:13ൽ കാണുംപ്രകാരം തമ്മിൽ കുറെക്കാലത്തേക്കു വേർപിരിയുകയും ചെയ്തു. എന്നാൽ ആ അകൽച്ച മാറുകയും പൌലോസിൻെറ സഹപ്രവർത്തകനാകുകയും ചെയ്തു (കോലോ. 4:10,11 ഫിലമോൻ 24, 2 തീമോ 4:11) അദ്ദേഹം പത്രോസിൻെറയും സഹപ്രവർത്തകനായിരുന്നു (1 പത്രോ 5:13; വെളി. 14:8, 16:19; 17:5) ഇദ്ദേഹത്തെ പത്രോസ് അലക്സാന്ത്രിയായിലേക്ക് അയയ്ക്കുകയും അവിടെ അദ്ദേഹം സഭ സ്ഥാപിക്കുകയും, അനിയാനോസിനെ പിൻഗാമിയായി നിശ്ചയിക്കുകയും ചെയ്തുവെന്നും, രക്തസാക്ഷിമരണം പ്രാപിച്ചുവെന്നും വിശ്വസിക്കപ്പെടുന്നു.

ഇദ്ദേഹത്തെക്കുറിച്ചു പൂർവ്വിക സഭാപിതാക്കന്മാർ:

പാപ്പിയാസ് (ക്രി. 60-135): "മർക്കോസ് പത്രോസിൻെറ ദ്വിഭാഷിയും ശിഷ്യനുമായിരുന്നു. പത്രോസിൻെറ പ്രസംഗങ്ങൾ ഓർമ്മയിൽവച്ചുകൊണ്ട് ശരിയായി എഴുതിയ സുവിശേഷമത്രെ ഇത്....." ക്രി. 180-ൽ ലയൺസിലെ ബിഷപ്പായ ഐറേണിയോസും 4-ാം നൂററാണ്ടിൽ എവുസേബിയോസും ഇങ്ങനെതന്നെ എഴുതിയിട്ടുണ്ട്. വ്യാഖ്യാതാവായ ഡമ്മലോയുടെ അഭിപ്രായത്തിൽ പത്രോസ് അറമൈക്കിൽ ചെയ്തിരുന്ന പ്രസംഗങ്ങൾ ഗ്രീക്കിലേക്കോ ലത്തീനിലേക്കോ പരിഭാഷപ്പെടുത്തിയിരുന്നതു മർക്കോസ് ആയിരുന്നു. ക്രി. 67-ലെ പത്രോസിൻെറ രക്തസാക്ഷിമരണം കഴിഞ്ഞ് മർക്കോസിൻെറ സാക്ഷിമരണംവരെ അലക്സാന്ത്രിയായിൽ അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്നു.

ജാതികളുടെ ഇടയിൽ യേശു "ദൈവപുത്രൻ" എന്ന് വരച്ചു കാണിക്കുകയാണ് മർക്കോസിൻെറ സുവിശേഷത്തിൻെറ പ്രത്യേക മുഖമുദ്ര. (1:1) ജാതികൾക്കു മനസ്സിലാകത്തക്കവിധം, യഹൂദാചാര ക്രമങ്ങൾ, സ്ഥലവിവരണങ്ങൾ എന്നിവയ്ക്ക് പ്രത്യേക സ്ഥാനം കൊടുത്തിട്ടുണ്ട് (7:2, 14:12, 15:42 നോക്കുക.) അറമായ പദങ്ങളും അവയുടെ അർത്ഥവും കൊടുത്തിരിക്കുന്നു.

3:17 ബ്നായ് റ്ഗേശ്
5:41 തലീത്താകൂമി
7:11 കുർബ്ബാൻ (വഴിപാട്)
7:34 എസ്ഫത്താഹ്
10:46 ബർതീമായി
15:34 ഈൽ ഈൽ ല്മോനൊ ശ്ബക്തോൻ

രചനാകാലം ക്രി 66-70 എന്നു വിശ്വസിക്കപ്പെടുന്നു.

പത്രോസിൻെറ രക്തസാക്ഷിത്വത്തിനു മുമ്പോ പിമ്പോ എന്നതിനെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ട്. ഐറേനിയസ് (ക്രി. 170) പറയുന്നത്, 'പത്രോസ് പൌലോസ് ശ്ലീഹന്മാരുടെ നിര്യാണശേഷം, പത്രോസിൻെറ ശിഷ്യനും, ദ്വിഭാഷിയുമായ മർക്കോസ് പത്രോസിൻെറ പ്രസംഗങ്ങളുടെ സംഗ്രഹം നമുക്കു തന്നിരിക്കുന്നു' എന്നത്രേ. അലക്സാന്ത്രിയായിലെ വി. ക്ലീമിസിൻെറ അഭിപ്രായത്തിൽ "പത്രോസ് റോമിൽ പ്രസംഗിച്ചിരുന്നപ്പോൾ, ശ്രോതാക്കളായ അനേകരുടെ ആവശ്യപ്രകാരം വി. പത്രോസിൻെറ ജീവിതകാലത്തുതന്നെ എഴുതി" എന്നാണ്. ഈജിപ്തിൽ വച്ചാണ് മർക്കോസ് സുവിശേഷം എഴുതിയത് എന്ന് സെ. ജോൺ ക്രിസോസ്റ്റം പറയുന്നു.

വി. മർക്കോസിൻെറ സുവിശേഷം

1

1-8 യോഹന്നാൻ സ്നാപകൻ

9-11 യേശുവിൻെറ മാമ്മൂദീസാ

12-20 യേശു പരീക്ഷിക്കപ്പെടുന്നു; പ്രവർത്തനാരംഭം പത്രോസിനേയും അന്ത്രയോസിനേയും വിളിക്കുന്നു.

21-45 കപ്പർന്നഹോമിൽ ഭൂതങ്ങളെ പുറത്താക്കി. പത്രോസിൻെറ അമ്മാവിയമ്മയേയും, കുഷ്ഠരോഗിയേയും സൗഖ്യമാക്കി.

2

1-12 തളർവാതരോഗിയെ സൗഖ്യമാക്കി.

13-20 ചുങ്കക്കാരൻ ലേവി (മത്തായി)യുടെ വിളി-അയാളുടെ ഭവനത്തിലെ വിരുന്ന്-പരീശരുടെ കുറ്റാരോപണം മറുപടി: ഉപവാസം സംബന്ധിച്ച്.

21-22 തുണിയുടെയും തോൽകുടങ്ങളുടേയും ഉപമ.

23-27 മനുഷ്യപുത്രൻ ശാബതിൻെറയും കർത്താവ്.

3

1-12 കൈ വരണ്ട മനുഷ്യന് സൗഖ്യം, അനേകർക്കു സൗഖ്യം

13-21 പന്ത്രണ്ടു ശ്ലീഹന്മാരെ യേശു തിരഞ്ഞെടുത്തു-പേരുകൾ

22-30 പരിശുദ്ധാത്മാവിന് വിരോധമായ പാപം.

31-35 അമ്മയും സഹോദരന്മാരും.

4

1-20 വിതക്കാരൻെറ ഉപമയും വിശദീകരണവും

21-25 കത്തിച്ച വിളക്കു വിളക്കുതണ്ടിന്മേൽ

26-29 സ്വർഗരാജ്യവും വിത്തിൻെറ വളർച്ചയും

30-34 കടുകുമണിയുടെ ഉപമ. (മത്താ. 13:31, ലൂ. 13-18)

35-41 യേശു കൊടുങ്കാറ്റു ശമിപ്പിക്കുന്നു (മത്താ. 8:23; ലൂ. 8:22-25)

5

1-20 ഗദറാ പിശാചുബാധിതൻ. (മത്താ. 8:28, ലൂ. 8:26)

21-43 രക്തവാർച്ചക്കാരിക്കു സൗഖ്യം നൽകി. യായീറോസിൻെറ മകളെ ഉയിർപ്പിച്ചു. (മത്താ. 9:18, ലൂ. 8:41)

6

1-6 യേശു വീണ്ടും നസറേത്തിൽ.

7-13 പ്രസംഗിപ്പാനും സൗഖ്യം നൽകുവാനും പന്തിരുവരെ അയച്ചു. (മത്താ. 10:1, ലൂ. 9:1)

14-29 യോഹന്നാൻെറ ശിരഛേദനം. (മത്താ. 14:1, ലൂ. 9:7)

30-31 ശ്ലീഹന്മാരുടെ തിരിച്ചുവരവ്. (ലൂ. 9:10)
അയ്യായിരംപേർക്കു ഭക്ഷണം

32-45 യേശു കടലിന്മേൽ നടക്കുന്നു. (മത്താ. 14:22, ലൂ. 6:15)

46-56 യേശു വീണ്ടും രോഗികളെ സൗഖ്യമാക്കുന്നു.

7

1-23 യേശു പരീശന്മാരെ ശാസിക്കുന്നു. (മത്താ. 15:1)

24-30 യേശു കനാന്യസ്ത്രീയുടെ മകൾക്കു സൗഖ്യം നൽകി. (മത്താ. 15:21-15:21-29)

31-37 യേശു ഊമനും ബധിരനുമായവന് സൗഖ്യം നൽകി.

8

1-9 യേശു നാലായിരം പേരെ പോഷിപ്പിച്ചു. (മത്താ. 15:32)

10-21 പരീശന്മാർ അടയാളം അന്വേഷിച്ചു. (മത്താ. 16:1) പരിശന്മാരുടെ പുളിമാവ് വിശദീകരണം. (മത്താ. 16:1)

22-26 അന്ധനു കാഴ്ച നൽകി.

27-33 പത്രോസിൻെറ വിശ്വാസപ്രഖ്യാപനം (മത്താ. 16:13, ലൂ. 9:18)

34-38 യഥാർത്ഥമായ ജീവിതം. ആത്മാവിൻെറ അമൂല്യത (മത്താ. 16:24, ലൂ. 9:23)

9

1-13 യേശുവിൻെറ മറുരൂപം. (മത്താ. 17:1, ലൂ. 9:28)
14-29 ശ്ലീഹന്മാർക്കു സൗഖ്യമാക്കുവാൻ കഴിയാതിരുന്നവനെ യേശു സൗഖ്യമാക്കി: ഉപവാസവും പ്രാർത്ഥനയും
30-32 തൻെറ മരണത്തെക്കുറിച്ച് യേശുവിൻെറ മുന്നറിയിപ്പ്. (മത്താ. 17:22, ലൂ. 9:43)
33-37 ആരാണു വലിയവൻ? (മത്താ. 18:1, ലൂ. 9:46)
38-41 എതിരല്ലാത്തവൻ അനുകൂലി.
42-50 അഗ്നിനരകത്തെപ്പറ്റി.

10

1-12 വിവാഹമോചനത്തെപ്പറ്റി.
13-16 യേശു ശിശുക്കളെ അനുഗ്രഹിച്ചു. (മത്താ. 19:13, ലൂ. 18:15)
17-31 ധനികനായ യുവാവ്, ധനത്തെപ്പറ്റി യേശുവിൻെറ വീക്ഷണം. (മത്താ. 19:16, ലൂ. 18:18)
32-34 മരണത്തേയും തൻെറ പുനരുത്ഥാനത്തേയുംകുറിച്ച്.
35-45 യാക്കോബിൻേറയും യോഹന്നാൻേറയും ആഗ്രഹം. (മത്താ. 20:20)
46-52 അന്ധൻ ബർതിമായ്ക്കു കാഴ്ച ലഭിച്ചു. (മത്താ. 20:29, ലൂ. 18:33)

11

1-11 ഓശാന, യറുശലേം പ്രവേശനം. (മത്താ. 21:1; ലൂ. 19:29, യോ. 12:12)
12-14 ഫലം കായ്ക്കാത്ത അത്തിവൃക്ഷം (മത്താ. 21:19)
15-21 യേശു ദൈവാലയം ശുചീകരിക്കുന്നു. (മത്താ. 21:12, ലൂ. 19:45)
22-26 വിശ്വാസപൂർണമായ പ്രാർത്ഥന. (യാക്കോ. 5:15)
27-33 യേശുവിൻെറ അധികാരം ചോദ്യം ചെയ്യപ്പെട്ടു. (മത്താ. 21:23, ലൂ. 20:1)

12

1-12 തോട്ടത്തിൽനിന്നും ഫലം ആവശ്യപ്പെട്ട തോട്ടം ഉടമയുടെ ഉപമ. (മത്താ. 21:33; ലൂ. 20:9)
13-17 കൈസറിനു കരം കൊടുക്കണമോ? (മത്താ. 22:15, ലൂ. 20:19)
18-27 ഉയിർപ്പിനെക്കുറിച്ച് യേശു സാദുക്യരോട് (മത്താ. 22:23, ലൂ. 20:27)
28-34 വലിയ കല്പനകൾ. (മത്താ. 22:34)
35-40 പരീശരോട് യേശുവിൻെറ ചോദ്യം. (മത്താ. 22:41, ലൂ. 20:41)
41-44 വിധവയുടെ കൊച്ചുകാശ്. (ലൂ. 21:1)

13

1-37 ഒലിവുമലയിലെ പ്രബോധനം. (മത്താ. 24)

14

1-2 യേശുവിനെ വധിക്കുവാൻ ആലോചന. (മത്താ. 26:2, ലൂ. 22:1)
3-9 ബഥന്യായിൽ മറിയം തൈലം പൂശുന്നു. (മത്താ. 26:6, യോ. 12:1)
10-11 യൂദാ തന്നെ ഒറ്റിക്കൊടുക്കാൻ ഒരുങ്ങുന്നു. (മത്താ. 26:14, ലൂ. 22:3)
12-42 പെസഹാഭക്ഷണം, വി. കുർബാന സ്ഥാപനം, പത്രോസിൻെറ തള്ളിപ്പറച്ചിലിനെക്കുറിച്ച്, തോട്ടത്തിലെ വ്യഥ-പ്രാർത്ഥന.
43-52 യേശു ബന്ധിതനായി. (മത്താ. 26:47, ലൂ. 22:47, യോ. 18:3)
53-65 യേശു പ്രധാനാചാര്യനു മുമ്പിൽ (മത്താ. 26:57, യോ. 18:12)
66-72 പത്രോസിൻെറ തള്ളിപ്പറച്ചിൽ. (മത്താ. 26:69, ലൂ. 22:56, യോ. 18:16)

15

1-6 യേശു പീലാത്തോസിൻെറ മുമ്പിൽ. (മത്താ. 27:1, ലൂ. 23:1, യോ. 18:28)
7-15 ബാറാബായെ മതി എന്നു ജനം. (മത്താ. 27:16, ലൂ. 23:16, യോ. 18:40)
16-23 ക്രൂശാരോഹണത്തിന് കൊണ്ടുപോകുന്നു. (മത്താ. 27:27)
24-41 ക്രൂശാരോഹണം (മത്താ. 27:33, ലൂ. 23:33, യോ. 19:17)
42-47 കബറടക്കം. (മത്താ. 27:57, ലൂ. 23:50, യോ. 19:38)

16

1-18 പുനരുത്ഥാനവും അനന്തര സംഭവങ്ങളും. (മത്താ. 28:1, ലൂ. 24:1, യോ. 20:1)
19-20 സ്വർഗ്ഗാരോഹണം. (ലൂ. 24:50, ശ്ലീ.പ്ര. 1:6)

മർക്കോസ് മ്സ്ബറോനോ (അറിയിപ്പുകാരൻ)യുടെ വിശുദ്ധ ഏവൻഗേല്യോൻ

അദ്ധ്യായം 1

ദൈവപുത്രനായ യേശുമ്ശീഹായുടെ
സുവിശേഷത്തിന്റെ പ്രാരംഭം. "കർത്താ
വിന്റെ വഴി ഒരുക്കുവിൻ, അവന്റെ പാത
കൾ നന്നാക്കുവിൻ എന്നു മരുഭൂമിയിൽ
വിളിച്ചുപറയുന്ന ശബ്ദം നിന്റെ വഴി
ഒരുക്കുവാൻ നിനക്കു മുമ്പായി എന്റെ
ദൂതനെ ഞാൻ അയയ്ക്കും" എന്ന് ഏശായാ
ദീർഘദർശിയാൽ എഴുതപ്പെട്ടിരിക്കുന്ന
പ്രകാരം യോഹന്നാൻ വിജനപ്രദേശത്തു
സ്നാനം നടത്തിക്കൊണ്ടും പാപങ്ങളുടെ
മോചനത്തിനായുള്ള അനുതാപത്തിന്റെ
മാമ്മൂദീസാ പ്രസംഗിച്ചുകൊണ്ടുമിരുന്നു.
യഹൂദാദേശം മുഴുവനും യറുശലേം വാസി
കൾ എല്ലാവരും അവന്റെ അടുക്കലേക്കു
പുറപ്പെട്ടു വരികയും അവരുടെ പാപങ്ങൾ
ഏററുപറയുകയും ചെയ്തുകൊണ്ടിരുന്ന
പ്പോൾ അവൻ അവർക്കു യൂർദനാൻ
നദിയിൽ മാമ്മൂദീസാ നൽകിയിരുന്നു. ഈ
യോഹന്നാൻ ഒട്ടകരോമംകൊണ്ടുള്ള
ുപ്പായം ധരിച്ചിരുന്നു. അരയിൽ തോൽ
ചാറ് കെട്ടിയുമിരുന്നു. അവന്റെ ഭക്ഷണം
കംസയും കാട്ടുതേനുമായിരുന്നു. അവൻ
പ്രസംഗിച്ചു പറഞ്ഞത് "ഇതാ എന്നെക്കാൾ
വലവാൻ എന്റെ പിന്നാലെ വരുന്നുണ്ട്.
കുനിഞ്ഞുനിന്ന് അദ്ദേഹത്തിന്റെ ചെരിപ്പു
കളുടെ വാറഴിപ്പാൻപോലും എനിക്കു
യോഗ്യതയില്ല. ഞാൻ നിങ്ങൾക്കു വെള്ളം
കൊണ്ട് മാമ്മൂദീസാ നൽകി. അദ്ദേഹമോ
വിശുദ്ധാത്മാവുകൊണ്ട് നിങ്ങളെ സ്നാന
പ്പെടുത്തും."

ആ നാളുകളിൽ ഗലീലയിലെ നസ്രേ
ത്തിൽനിന്നും യേശു വന്ന് യോർദ്ദാനിൽ
യോഹന്നാനിൽനിന്നും മാമ്മൂദീസാ സ്വീ
കരിച്ചു. താൻ വെള്ളത്തിൽനിന്നും കയറിയ
ടനെ ആകാശം പിളർന്നതായും ആത്മാവു
പ്രാവുപോലെ തന്റെമേൽ ഇറങ്ങിയതും
താൻ കണ്ടു, "നീ എന്റെ വത്സലപുത്രൻ,
നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു." എന്ന

ശബ്ദം സ്വർഗ്ഗത്തിൽനിന്നുണ്ടാകുകയും
ചെയ്തു. ഉടനെ തന്നെ ആത്മാവ് തന്നെ 12
വിജനപ്രദേശത്തേക്കു കൊണ്ടുപോയി.
സാത്താനാൽ പരീക്ഷിക്കപ്പെട്ടുകൊണ്ട് 13
താൻ നാല്പതു ദിവസം വിജനപ്രദേശ
ത്തായിരുന്നു. താൻ കാട്ടുമൃഗങ്ങളോടു
കൂടെയായിരുന്നു. മാലാഖമാർ തന്നെ
ശുശ്രൂഷിച്ചുകൊണ്ടുമിരുന്നു.

യോഹന്നാൻ തടവിൽ ആക്കപ്പെട്ട 14
ശേഷം, യേശു ഗലീലയിലേക്കു വന്ന് ദൈവ
രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു
കൊണ്ട് കാലം തികഞ്ഞു. "ദൈവരാജ്യം സമീ 15
പമായി. നിങ്ങൾ അനുതപിപ്പിൻ, സുവിശേ
ഷത്തിൽ വിശ്വസിപ്പിൻ" എന്നു പറഞ്ഞു.

താൻ ഗലീലാ കടൽക്കരയിലൂടെ നട 16
ക്കുമ്പോൾ ശെമഓനും അവന്റെ സഹോ
ദരൻ അന്ത്രയോസും കടലിൽ വല വീശുന്ന
തായി താൻ കണ്ടു. എന്തെന്നാൽ അവർ
മീൻപിടുത്തക്കാരായിരുന്നു. യേശു അവ 17
രോട് "നിങ്ങൾ എന്റെ പിന്നാലെ വരുവിൻ.
നിങ്ങളെ ഞാൻ മനുഷ്യരെ പിടിക്കുന്നവ
രാക്കും" എന്നു പറഞ്ഞു. ഉടൻതന്നെ അവർ 18
വലകൾ ഉപേക്ഷിച്ച് തന്റെ പിന്നാലെ
പോയി. കുറച്ചു മുന്നോട്ടു കടന്നപ്പോൾ, 19
സബദിയുടെ മകനായ യാക്കോബിനേയും
അവന്റെ സഹോദരൻ യോഹന്നാനേയും
പടവിൽ തങ്ങളുടെ വല നന്നാക്കുന്നതായി
താൻ കണ്ടു. താൻ അവരെയും വിളിച്ചു. 20
ഉടനെ അവർ അവരുടെ പിതാവായ
സെബദിയെ കൂലിക്കാരോടുകൂടെ പടവിൽ
വിട്ടിട്ട് തന്റെ പിന്നാലെ പോയി.

അവർ കപ്പർന്നഹോമിൽ എത്തി, താമ 21
സിയാതെ ശബതുകളിൽ അവരുടെ
സംഘാലയങ്ങളിൽ താൻ പഠിപ്പിച്ചു വന്നു.
തന്റെ ഉപദേശത്തിൽ ജനങ്ങൾ അത്ഭുത 22
പ്പെട്ടു. എന്തെന്നാൽ അവരുടെ സൊപ്രേ
ന്മാരെപ്പോലെയല്ല; അധികാരമുള്ളവനെ
പ്പോലെയത്രെ താൻ അവരെ പഠിപ്പിച്ചത്.
അവരുടെ സംഘത്തിൽ അശുദ്ധാത്മാവു 23
ള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ 24

* കംസാ = ഒരുതരം കിഴങ്ങ്; വെട്ടുക്കിളി.

അട്ടഹസിച്ചുകൊണ്ട് നസ്രായനായ യേശു
വേ, ഞങ്ങൾക്കും നിനക്കും എന്ത്? ഞങ്ങളെ
നശിപ്പിക്കുവാൻ നീ വന്നിരിക്കുന്നു. നീ
ആരെന്ന് എനിക്കു നിന്നെ അറിയാം. നീ
ദൈവത്തിൻെറ പരിശുദ്ധൻ. എന്നു പറ
25 ഞ്ഞു. യേശു അവനെ ശാസിച്ചുകൊണ്ട്
നിൻെറ വായ് അടച്ച് അവനിൽനിന്നു വിട്ടു
26 പോകൂ എന്നു പറഞ്ഞു. അശുദ്ധാത്മാവ്
അവനെ മറിച്ചിട്ട് ഉച്ചത്തിൽ നിലവിളിച്ചു
കൊണ്ട് അവനെ വിട്ടുപോയി. എല്ലാവരും
27 അത്ഭുതപ്പെട്ടു. അവർ പരസ്പരം ചോദിച്ചു:
ഇതെന്ത്? അശുദ്ധാത്മാക്കളോടുപോലും
അധികാരത്തോടെ കല്പിക്കുകയും അവ
അനുസരിക്കുകയും ചെയ്യുന്ന ഈ പുതിയ
28 പഠിപ്പിക്കൽ എന്ത്? അവൻെറ കീർത്തി
ഗലീലാദേശം മുഴുവനിലും വേഗം വ്യാപിച്ചു.
29 താൻ സംഘാലയത്തിൽനിന്നു പുറ
പ്പെട്ട്, യാക്കോബും യോഹന്നാനുമൊരു
മിച്ച് ശെമഓൻെറയും അന്ത്രയോസിൻെറ
30 യും ഭവനത്തിലെത്തി. ശെമഓൻെറ അമ്മാ
വിയമ്മ പനിപിടിച്ചു കിടക്കുകയായിരുന്നു.
അവർ അവളെപ്പറ്റി തന്നോടു പറഞ്ഞു.
31 താൻ അടുത്തുചെന്ന് അവളുടെ കൈ
പിടിച്ച് അവളെ എഴുന്നേൽപിച്ചു. ഉടനെ
പനി അവളെ വിട്ടുമാറി. അവൾ അവർക്കു
ശുശ്രൂഷചെയ്യുകയും ചെയ്തു.
32 സൂര്യാസ്തമയത്തിങ്കൽ (സന്ധ്യാസമ
യത്ത്) എല്ലാ കഠിനരോഗബാധിതരേയും
പിശാചുബാധിതരേയും തൻെറ അടുക്കൽ
33 കൊണ്ടുവന്നു. നഗരം മുഴുവൻ വാതിൽ
34 ക്കൽ വന്നുകൂടി. വിവിധ രോഗങ്ങൾ കഠിന
മായി ബാധിച്ചിരുന്ന അനേകരെ താൻ സുഖ
പ്പെടുത്തി. വളരെ പിശാചുക്കളെ പുറത്താ
ക്കി. തന്നെ അവർ അറിഞ്ഞിരുന്നതു
കൊണ്ട് സംസാരിപ്പാൻ പിശാചുക്കളെ
താൻ അനുവദിച്ചിരുന്നില്ല.
35 പ്രഭാതസമയത്ത് വളരെ നേരത്തെ
തന്നെ യേശു എഴുന്നേറ്റ് വിജനപ്രദേശത്തു
പോയി അവിടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.
36 ശെമഓനും അവനോടുകൂടെയുള്ളവരും
തന്നെ അന്വേഷിച്ചുകൊണ്ടിരുന്നു. തന്നെ
37 കണ്ടെത്തിയപ്പോൾ, 'സർവ്വ മനുഷ്യരും
അങ്ങയെ അന്വേഷിക്കുന്നു' എന്നു പറ
38 ഞ്ഞു. താൻ അവരോട് "സമീപമുള്ള ഗ്രാമ
ങ്ങളിലേക്കും നഗരങ്ങളിലേക്കും നിങ്ങൾ
നടക്കുവിൻ: അവിടെയും ഞാൻ പ്രസംഗി
ക്കേണ്ടതാകുന്നു. എന്തെന്നാൽ ഇതിന്നാ
യല്ലോ ഞാൻ വന്നിരിക്കുന്നത്" എന്നു
39 പറഞ്ഞു. താൻ ഗലീലാ മുഴുവനിലുമുള്ള
അവരുടെ എല്ലാ സംഘാലയങ്ങളിലും
പ്രസംഗിച്ചു. പിശാചുക്കളെ ബഹിഷ്കരി
ക്കുകയും ചെയ്തു.
ഒരു കുഷ്ഠരോഗി വന്ന് തൻെറ കാൽ 40
ക്കൽ വീണ് തന്നോടപേക്ഷിച്ചുകൊണ്ട്:
'അങ്ങേക്കു മനസ്സാകുന്നെങ്കിൽ എന്നെ
വെടിപ്പാക്കുവാൻ അങ്ങേക്കു കഴിയുമല്ലോ'
എന്നു പറഞ്ഞു. യേശുവിന് അവനോടു മന 41
സ്സലിവു തോന്നി, തൻെറ കൈനീട്ടി അവനെ
തൊട്ടുകൊണ്ട്, 'എനിക്കു മനസ്സുണ്ട്. നീ
ശുദ്ധനാകുക,' എന്നു പറഞ്ഞു. അതേ 42
നിമിഷംതന്നെ കുഷ്ഠം അവനെ വിട്ടുമാറു
കയും അവൻ ശുദ്ധനാവുകയും ചെയ്തു.
താൻ അവനു നിർദ്ദേശം കൊടുത്തു പറഞ്ഞ 43
യച്ചു. "നോക്കൂ, നീ ഇത് ആരോടും പറയ 44
രുത്. എന്നാൽ, നീ ചെന്ന് നിന്നെത്തന്നെ
പുരോഹിതർക്ക് കാണിച്ചുകൊടുത്തിട്ട്—
അവരുടെ സാക്ഷീകരണത്തിനായി മോശ
കല്പിച്ചിരിക്കുന്ന പ്രകാരം നിൻെറ ശുദ്ധീ
കരണാർത്ഥം വഴിപാട് സമർപ്പിക്കണം"
എന്ന് അവനോടു പറഞ്ഞു. അവനോ 45
പുറപ്പെട്ട് വളരെയേറെ പ്രസംഗിപ്പാനും,
വസ്തുത പ്രസിദ്ധമാക്കുവാനും തുടങ്ങി.
അതിനാൽ പരസ്യമായി നഗരത്തിൽ
പ്രവേശിക്കുവാൻ യേശുവിനു കഴിഞ്ഞില്ല.
താൻ വിജനപ്രദേശത്തു പോയി. എല്ലാ
സ്ഥലങ്ങളിൽനിന്നും (ജനം) തൻെറ
അടുക്കൽ വന്നുകൊണ്ടിരുന്നു.

അദ്ധ്യായം 2

കുറെ ദിവസങ്ങൾ കഴിഞ്ഞു യേശു 1
വീണ്ടും കഫർന്നഹോമിൽ പ്രവേശിച്ചു.
താൻ ഭവനത്തിലുണ്ട് എന്നു കേട്ടപ്പോൾ 2
വാതിലിനു മുമ്പിലും നിയന്ത്രിക്കുവാൻ സാ
ദ്ധ്യമല്ലാത്തവിധം വളരെ ആളുകൾ വന്നു
കൂടി. താൻ അവരോടു വചനം സംസാരി
ച്ചുകൊണ്ടിരുന്നു. നാലുപേർ വഹിച്ച് ഒരു 3
തളർവാതക്കാരനെ തൻെറ അടുക്കലേക്കു
കൊണ്ടുവന്നു. പുരുഷാരം നിമിത്തം തൻെറ 4
സമീപം എത്തുവാൻ സാധിക്കായ്കയാൽ
അവർ വീടിൻെറ മേൽഭാഗത്തു കയറി,
യേശു ഇരുന്നിരുന്ന സ്ഥലത്തിൻെറ മേൽ
തട്ടു മാറ്റി. തളർവാതക്കാരൻ കിടന്നിരുന്ന
കിടക്ക താഴോട്ടിറക്കി. അവരുടെ വിശ്വാസം 5
കണ്ട് യേശു ആ പക്ഷവാതക്കാരനോട്,
"മകനെ നിൻെറ പാപങ്ങൾ നിന്നോടു ക്ഷമി
ക്കപ്പെട്ടിരിക്കുന്നു" എന്നു പറഞ്ഞു. സൊ 6
ഫ്രേത്താരിലും പരീശരിലും ചിലർ അവിടെ
ഇരിക്കുന്നുണ്ടായിരുന്നു. അവർ മനസ്സിൽ
ചിന്തിച്ചു. 'ഇവൻ ദൈവദൂഷണം പറയുന്ന 7
തെന്ത്? ദൈവം ഒരുവനല്ലാതെ പാപം

മോചിക്കുവാൻ ആർക്കാണ് കഴിയുന്നത്?' അവർ ഇങ്ങനെ മനസ്സിൽ വിചാരിക്കുന്നു എന്ന് യേശു ആത്മാവിൽ അറിഞ്ഞ് അവരോട് 'നിങ്ങളുടെ ഹൃദയങ്ങളിൽ ഇവ എന്തിനു ചിന്തിക്കുന്നു. തളർവാതക്കാരനോടു പറയാൻ എളുപ്പം ഏത്? നിൻെറ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതാണോ നീ എഴുന്നേററ് നിൻെറ കിടക്ക എടുത്തു നടക്കുക എന്നു പറയുന്നതാണോ? ഭൂമിയിൽ പാപങ്ങൾ ക്ഷമിപ്പാൻ മനുഷ്യപുത്രന് അധികാരമുണ്ട്—എന്നു നിങ്ങൾ അറിയേണ്ടതിന്—താൻ ആ തളർവാതക്കാരനോട് പറഞ്ഞു: "ഞാൻ നിന്നോടു പറയുന്നു; നീ നിൻെറ കിടക്കയും എടുത്തുകൊണ്ട് നിൻെറ വീട്ടിലേക്ക് പൊയ്ക്കൊള്ളുക." എല്ലാവരും അത്ഭുതപ്പെടുകയും "ഇങ്ങനെ നാം ഒരിക്കലും കണ്ടിട്ടില്ല" എന്നു പറഞ്ഞ് എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യത്തക്കവണ്ണം അവൻ തൽക്ഷണം എഴുന്നേററ് അവൻെറ കിടക്ക എടുത്ത് അവരെല്ലാം കാൺകെ പുറപ്പെട്ടു.

താൻ വീണ്ടും കടൽക്കരയിലേക്കു പോയി. പുരുഷാരമെല്ലാം തൻെറ അടുത്തെത്തി. താൻ അവരെ പഠിപ്പിച്ചുകൊണ്ടിരുന്നു. താൻ കടന്നു പോകുമ്പോൾ ചുങ്കസ്ഥലത്തിരിക്കുന്ന ഹൽപായിയുടെ പുത്രൻ ലേവിയെക്കണ്ടു. അവനോടു "നീ എൻെറ പിന്നാലെ വരിക" എന്നു പറഞ്ഞു. അവൻ എഴുന്നേററ് തൻെറ പിന്നാലെ പോയി. താൻ അവൻെറ ഭവനത്തിൽ ഭക്ഷണത്തിന് ഇരിക്കുമ്പോൾ യേശുവിനോടും തൻെറ ശിഷ്യന്മാരോടുംകൂടെ അനേകം ചുങ്കക്കാരും പാപികളും ഇരുന്നു. അവർ വളരെപ്പേർ ഉണ്ടായിരുന്നു. അവർ തൻെറ പിന്നാലെ വന്നവരായിരുന്നു. സൊഫ്രെന്മാരും പരീശരും താൻ ചുങ്കക്കാരോടും പാപികളോടും ഒരുമിച്ചിരുന്ന് ഭക്ഷിക്കുന്നതു കണ്ടിട്ട്—തൻെറ ശിഷ്യന്മാരോട് "ഈയാൾ ചുങ്കക്കാരോടും പാപികളോടുംകൂടി ഭക്ഷിക്കുകയും പാനംചെയ്കയും ചെയ്യുന്നത് എന്താകുന്നു?" എന്നു ചോദിച്ചു. യേശു അത് കേട്ടിട്ട് അവരോട് "കഠിന രോഗികൾക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെക്കൊണ്ടുള്ള ആവശ്യമില്ല. ഞാൻ പാപികളെയല്ലാതെ നീതിമാന്മാരെ വിളിക്കാനല്ല വന്നിരിക്കുന്നത്" എന്നു പറഞ്ഞു. യോഹന്നാൻെറയും പരീശന്മാരുടെയും ശിഷ്യന്മാർ ഉപവാസം അനുഷ്ഠിച്ചിരുന്നു. അവർ വന്നു തന്നോട്, "യോഹന്നാൻെറയും പരീശന്മാരു
ടെയും ശിഷ്യന്മാർ ഉപവസിക്കുന്നുണ്ട്.
അങ്ങയുടെ ശിഷ്യന്മാർ ഉപവസിക്കുന്നില്ല;
അത് എന്തുകൊണ്ടാണ്" എന്നു ചോദിച്ചു. 19
യേശു അവരോട് "മണവാളൻ കൂടെയുള്ള
ത്രയും കാലം ഉപവസിപ്പാൻ മണവറക്കാർ
ക്ക് സാദ്ധ്യമാണോ? അല്ലാ. അവരുടെ കൂട്ട 20
ത്തിൽനിന്നു മണവാളൻ പിരിയുന്ന ദിവസ
ങ്ങൾ വരും. അപ്പോൾ, ആ നാളിൽ അവർ
ഉപവസിക്കും. കോടിത്തുണിക്കഷണം 21
ആരും പഴയ വസ്ത്രത്തോട് ചേർത്തു
തുന്നാറില്ല. എന്തെന്നാൽ പുതിയത് പഴയ
തിൽനിന്ന് വലിഞ്ഞുപോകുകയും കീറൽ
അധികമാകുകയും ചെയ്യും. പഴയ തോൽകു 22
ടങ്ങളിൽ പുതിയ വീഞ്ഞും ആരും ഒഴിച്ചു
വയ്ക്കാറില്ല. അത് (വീഞ്ഞ്) തോൽകുട
ങ്ങൾ പിളർക്കുകയും തോൽകുടങ്ങൾ
നഷ്ടമാകുകയും വീഞ്ഞ് ഒഴുകിപ്പോകുക
യും ചെയ്യാതിരിക്കേണ്ടതിനത്രെ. പുതിയ
തോൽകുടങ്ങളിലാണ് പുതിയ വീഞ്ഞ്
ഒഴിച്ചു വയ്ക്കാറുള്ളത്."

ഒരു ശാബതിൽ യേശു വിളഭൂമിയിലൂ 23
ടെ പോകുമ്പോൾ തൻെറ ശിഷ്യന്മാർ നട
ന്നു പോകവെ, കതിരുകൾ പറിച്ചെടുത്തു
കൈയിൽ ഇട്ടു തിരുമ്മി. പരീശന്മാർ തന്നോ 24
ട്: കാണുക; ശാബതിൽ വിഹിതമല്ലാത്തത്
ഇവർ ചെയ്യുന്നതെന്ത്? എന്നു ചോദിച്ചു.
യേശു അവരോട് "ദാവീദ് തനിക്കും കൂടെ 25
യുണ്ടായിരുന്നവർക്കും മുട്ടുണ്ടായി, വിശന്ന
പ്പോൾ എന്താണ് ചെയ്തതെന്ന് നിങ്ങൾ
ഒരിക്കലും വായിച്ചിട്ടില്ലയോ? അബ്യാഥാർ 26
പ്രധാനാചാര്യനായിരിക്കുമ്പോൾ ദൈവാല
യത്തിൽ അവൻ പ്രവേശിച്ച് പുരോഹിതൻ
മാത്രമല്ലാതെ ഭക്ഷിപ്പാൻ അധികാരമില്ലാ
ത്ത—കർത്തൃ മേശയിലെ അപ്പം ഭക്ഷിക്കു
കയും കൂടെയുണ്ടായിരുന്നവർക്ക് കൊടു
ക്കുകയും ചെയ്തതെങ്ങിനെ?" പിന്നെയും 27
താൻ അവരോട് "ശാബത് മനുഷ്യനു
വേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്. മനുഷ്യൻ
ശാബതിനുവേണ്ടിയല്ല. ആകയാൽ മനുഷ്യ 28
പുത്രൻ ശാബതിൻെറയും ഉടയവനാകു
ന്നു" എന്നു പറഞ്ഞു.

അദ്ധ്യായം 3

യേശു വീണ്ടും സംഘാലയത്തിൽ പ്ര 1
വേശിച്ചു. അവിടെ കൈ ശോഷിച്ച ഒരു മനു
ഷ്യനുണ്ടായിരുന്നു. ശാബതിൽ താൻ അവ 2
നെ സുഖപ്പെടുത്തുന്നെങ്കിൽ തൻെറമേൽ
കുററാരോപണം നടത്തുവാനായി അവർ
തന്നെ സൂക്ഷിച്ചുകൊണ്ടിരുന്നു. കൈ 3
ശോഷിച്ച ആ മനുഷ്യനോട് താൻ "നീ മദ്ധ്യ

ത്തിൽ എഴുന്നേററു നിൽക്കുക" എന്നു പറ
4 ഞ്ഞു. അവരോടു താൻ, "ശാബതിൽ നല്ലതു
ചെയ്യുന്നതോ തിന്മ ചെയ്യുന്നതോ പ്രാണ
നെ ജീവിപ്പിക്കുന്നതോ നശിപ്പിക്കുന്നതോ
5 (ഏതാണ്) വിഹിതം' എന്നു ചോദിച്ചു. അവ
രോ മിണ്ടാതിരുന്നു. അവരുടെ ഹൃദയ
കാഠിന്യത്തിൽ സങ്കടപ്പെട്ടുകൊണ്ട് താൻ
കോപത്തോടെ അവരെ ഉററുനോക്കിയിരു
ന്നിട്ട് ആ മനുഷ്യനോട് "നിന്റെ കൈ
നീട്ടുക" എന്നു പറഞ്ഞു. അവൻ കൈ നീട്ടി.
6 കൈ സുഖപ്പെട്ടു. ഉടനെ തന്നെ, പരീശർ
ഹേറോദേസ്യരോടുകൂടെ പുറപ്പെട്ട് തന്നെ
എങ്ങനെ നശിപ്പിക്കണം എന്ന് തനിക്ക്
7 വിരോധ മായി ആലോചന നടത്തി. യേശു
തന്റെ ശിഷ്യരുമൊത്ത് കടൽത്തീരത്തേ
8 ക്കു പോയി. ഗലീലയിൽനിന്നും വളരെ ജനം
തന്നെ അനുഗമിച്ചു. യഹൂദിയായിൽനിന്നും
യറുശലേമിൽനിന്നും ആദോമിൽനിന്നും
യോർദാന്റെ മറുകരയിൽനിന്നും സോറിൽ
നിന്നും സീദോനിൽനിന്നും താൻ പ്രവർത്തി
ക്കുന്നതെല്ലാം കേട്ടറിഞ്ഞ് വലിയ പുരു
9 ഷാരം തന്റെ അടുക്കലേക്ക് വന്നു. പുരു
ഷാരം തന്നെ തിക്കാതിരിക്കേണ്ടതിന് ഒരു
പടകു കൊണ്ടുവരുവാൻ താൻ ശിഷ്യന്മാ
10 രോടു കല്പിച്ചു. എന്തെന്നാൽ തന്നെ
തൊടേണ്ടതിന്നായി തന്റെമേൽ ജനം
മറിഞ്ഞുവീഴുമാറ് അനേകരെ താൻ സുഖ
11 പ്പെടുത്തി. അശുദ്ധാത്മാക്കളുടെ ഉപദ്രവ
മുണ്ടായിരുന്നവർ തന്നെ കാണുമ്പോൾ
വീണ്, "അങ്ങു ദൈവപുത്രനാകുന്നു" എന്ന്
അട്ടഹസിച്ചു പറഞ്ഞിരുന്നു.

12 അവർ തന്നെ വെളിപ്പെടുത്താതിരിക്കു
വാൻ താൻ അവരെ അത്യധികം വില
ക്കിയിരുന്നു.

13 താൻ മലമേൽ കയറി തനിക്കിഷ്ടമുള്ള
വരെ വിളിച്ചു. അവർ തന്റെ അടുത്തെത്തി.
14 തന്നോടുകൂടെ ആയിരിപ്പാനും പ്രസംഗി
പ്പാൻ അവരെ അയയ്ക്കുവാനും, രോഗി
15 കളെ സുഖപ്പെടുത്തുവാനും ഭൂതങ്ങളെ
പുറത്താക്കുവാനും അധികാരമുള്ളവരായി
ത്തീരുവാനുമായി അവരിൽനിന്നു പന്ത്രണ്ടു
16 പേരെ താൻ തെരഞ്ഞെടുത്തു. ശെമഓനു
17 കീപ്പാ എന്നു പേർ വിളിച്ചു. സബദിയുടെ
പുത്രനായ യാക്കോബിനും സഹോദരൻ
യോഹന്നാനും 'ഇടിമുഴക്കത്തിന്റെ മക്കൾ'
എന്നർത്ഥമുള്ള ബ്നായ്റ്ഗേശ് എന്നു
18 പേരുകൊടുത്തു. അന്ത്രയോസ്, പീലി
പ്പോസ്, ബർതുൽമായി, മത്തായി, തോമാ,
ഹൽപായിയുടെ പുത്രനായ യാക്കോബ്,
19 തദായ്, ശെമഓൻ ക്നാനോയോയും ഒററി
ക്കൊടുത്ത യഹൂദാ സ്കറിയോത്തായും
തന്നെ.

അവർ വീട്ടിൽ വന്നു. അവർക്കു ഭക്ഷ 20
ണം കഴിക്കുവാൻപോലും സാധിക്കാത്ത
വണ്ണം പുരുഷാരം പിന്നെയും വന്നുകൂടി.
തന്റെ ചാർച്ചക്കാർ ഇതു കേട്ടിട്ട് തന്നെ 21
പിടിക്കുവാൻ പുറപ്പെട്ടു. എന്തെന്നാൽ
"അവനു സുബോധം പോയിരിക്കയാണ്,"
എന്ന് അവർ പറഞ്ഞു. യറൂശലേമിൽനിന്നു
വന്ന സൊപ്രേന്മാരാകട്ടെ, "ഇവൻ ഭൂതങ്ങ 22
ളുടെ തലവനായ ബ്എൽസ്ബൂബിനെ
ക്കൊണ്ടാണ് പിശാചുക്കളെ ബഹിഷ്കരി
ക്കുന്നത്" എന്നു പറഞ്ഞു. യേശു അവരെ 23
വിളിച്ച് ഉപമാരീതിയിൽ അവരോടു പറ
ഞ്ഞത്. "സാത്താന്, സാത്താനെ പുറത്താ
ക്കുവാൻ എങ്ങനെ കഴിയും? ഒരു രാജ്യം 24
അതിൽതന്നെ ഭിന്നിക്കുന്നെങ്കിൽ ആ
രാജ്യത്തിന് നിലനില്പാൻ സാദ്ധ്യമല്ല. ഒരു 25
ഭവനം തന്നിൽതന്നെ ഭിന്നിക്കുകയാണെ
ങ്കിൽ ആ ഭവനത്തിന് നിലനിൽക്കുവാൻ
സാദ്ധ്യമല്ല. സാത്താൻ അവനുതന്നെ 26
എതിരായി എഴുന്നേറ്റ് ഭിന്നിച്ചാൽ അവനും
നിലനിൽക്കാൻ സാദ്ധ്യമല്ല. പിന്നയോ അത്
അവന്റെ അവസാനമാകുന്നു. ഒരു ബലവാ 27
ന്റെ വീട്ടിൽ കടന്ന് അവന്റെ സാമാന
ങ്ങൾ മോഷ്ടിക്കുവാൻ ആർക്കും കഴിയുക
യില്ല. എന്നാൽ ആദ്യമേ അവനെ ബന്ധി
ച്ചാലോ പിന്നീട് അവന്റെ വീടു കവർച്ച
ചെയ്യാം. സകല പാപങ്ങളും മനുഷ്യർ പറ 28
യുന്ന എല്ലാ ദൂഷണങ്ങളും അവരോടു
ക്ഷമിക്കപ്പെടും. എന്നാൽ പരിശുദ്ധാത്മാ 29
വിനു വിരോധമായി ആരെങ്കിലും ദൂഷണം
പറഞ്ഞാലോ അവന് ഒരിക്കലും മോചന
മില്ല തന്നെ. അവൻ നിത്യമായ ശിക്ഷാ
വിധിക്കു കുറ്റക്കാരനായിത്തീരുന്നു എന്നു
ഞാൻ സത്യമായി നിങ്ങളോടു പറയുന്നു."
എന്തെന്നാൽ തന്നിൽ അശുദ്ധാത്മാവ് 30
ഉണ്ട് എന്ന് അവർ പറഞ്ഞിരുന്നു.

അവന്റെ അമ്മയും സഹോദരരും 31
വന്നു പുറത്തു നിന്നുകൊണ്ട് അവർക്കാ
യി അദ്ദേഹത്തെ വിളിപ്പാൻ ആളയച്ചു. പുരു 32
ഷാരം തന്റെ ചുററും ഇരുന്നിരുന്നു. അവർ
തന്നോട് "ഇതാ അങ്ങയുടെ അമ്മയും
അങ്ങയുടെ സഹോദരരും പുറത്ത് അങ്ങ
യെ അന്വേഷിക്കുന്നു" എന്നു പറഞ്ഞു.
യേശു ഉത്തരമായി അവരോട് 'ആരാകു 33
ന്നു എന്റെ അമ്മ? ആരാകുന്നു എന്റെ
സഹോദരർ?' എന്നു പറഞ്ഞിട്ട് തന്റെ 34
അടുക്കൽ ഇരിക്കുന്നവരെ നോക്കി "ഇതാ
എന്റെ അമ്മ; എന്റെ സഹോദരന്മാർ.

ന്തെന്നാൽ ദൈവഹിതം ചെയ്യുന്നവൻ
ൻെറ സഹോദരനും സഹോദരിയും
മ്മയുമാകുന്നു." എന്നു പറഞ്ഞു.

അദ്ധ്യായം 4

പിന്നെയും താൻ കടൽത്തീരത്തിരുന്ന്
ിപ്പിച്ചുതുടങ്ങി. താൻ കടലിൽ കിടന്ന
കിനകത്തു കയറി ഇരിപ്പാൻ തക്കവണ്ണം
ത്രയേറെ പുരുഷാരം വന്നുകൂടി. ജന
ല്ലാം കടൽ തീരത്ത് കരയിൽ നിന്നിരുന്നു.
രെയേറെ ഉപമകളായി താൻ അവരെ
ിപ്പിച്ചു. തൻെറ ഉപദേശത്തിൽ താൻ
ങ്ങനെ പറഞ്ഞു:
"കേൾപ്പിൻ; ഇതാ വിതക്കാരൻ വിതക്കു
ൻ പുറപ്പെട്ടു. അവൻ വിതയ്ക്കുമ്പോൾ
ിയരികിൽ വീണതുണ്ട്. പക്ഷി വന്ന്
തു തിന്നു കളഞ്ഞു. പാറമേൽ അധികം
ിട്ടില്ലാത്തിടത്തു വീണതുണ്ട്. മണ്ണിന്
ഴമില്ലാതിരുന്നതുകൊണ്ട് അതു വേഗം
ച്ചു വന്നു; സൂര്യൻ ഉദിച്ചപ്പോൾ അതു
ടിപ്പോയി; വേരില്ലാതിരുന്നതുകൊണ്ട്
ങ്ങിയും പോയി. മററു ചിലത് വീണത്
ളുകളുടെ ഇടയിലായിരുന്നു. മുള്ളുകൾ
ർന്ന് അതിനെ ഞെരുക്കിക്കളഞ്ഞു.
തു ഫലം പുറപ്പെടുവിച്ചില്ല. നല്ല നിലത്തു
ന്നതുണ്ട് അതു മുളച്ചു വളർന്ന് മുപ്പതു
ിയും, അറുപതു മേനിയും നൂറുമേനി
ായി ഫലങ്ങൾ നൽകി. കേൾപ്പാൻ
വികൾ ഉള്ളവൻ കേൾക്കട്ടെ" എന്നു
ൻ പറഞ്ഞു.
അനന്തരം അവൻ തനിച്ചിരിക്കുമ്പോൾ
ൻെറ പന്തിരുവരും തന്നോടുകൂടെയു
യിരുന്നു. അവർ ആ ഉപമയെക്കുറിച്ചു
ദിച്ചു. യേശു അവരോടു പറഞ്ഞു:
ദവരാജ്യത്തിൻെറ രഹസ്യം അറിയു
(കഴിവ്) നിങ്ങൾക്ക് നൽകപ്പെട്ടിട്ടുണ്ട്.
ത്തുള്ളവർക്കാകട്ടെ എല്ലാം ഉപമക
ും ആകുന്നു. അവർ മനം തിരിയാതെ
അവരുടെ പാപങ്ങൾ അവർക്കു ക്ഷമി
ിട്ടാതെയും ഇരിക്കേണ്ടതിന് അവർ
ിട്ടും കാണാതെയും കേട്ടിട്ടും കേൾക്കാ
ും തിരിച്ചറിയാതെയും ഇരിക്കുന്നു."
അവരോട്: ഈ ഉപമ നിങ്ങൾക്കു
ിലാകുന്നില്ലേ? എങ്കിൽ ഉപമകൾ
ം നിങ്ങൾ എങ്ങനെ ഗ്രഹിക്കും?
ആ വിതക്കാരൻ വിതച്ചത് 'വചനം.'
രികിൽ വിതയ്ക്കപ്പെട്ടവ, അവരിൽ
ം വിതയ്ക്കപ്പെട്ടവരാകുന്നു. അവർ
യുടനെ സാത്താൻ വന്ന് അവരുടെ
ത്തിൽ വിതയ്ക്കപ്പെട്ട വചനം എടുത്തു
കളയുന്നു. പാറമേൽ വിതയ്ക്കപ്പെട്ടവയോ, 16
വചനം കേട്ടപ്പോൾ സന്തോഷത്തോടെ
ഉടനെ അതു സ്വീകരിക്കുന്നവരാകുന്നു.
അവരിൽ വേരില്ല. പിന്നെയോ താൽക്കാ 17
ലികം മാത്രം. വചനം നിമിത്തം ഞെരുക്കമോ
പീഡയോ ഉണ്ടാകുമ്പോൾ പെട്ടെന്നു
അവർ ഇടറിപ്പോകുന്നു. മുള്ളുകളുടെ 18
ഇടയിൽ വിതക്കപ്പെട്ടവ,—വചനം കേട്ടവർ
തന്നെ. എന്നാൽ ഈ ലോകത്തിൻെറ 19
ചിന്തയും ധനത്തിൻെറ വഞ്ചനയും മററു
മോഹങ്ങളാദിയായവയും പ്രവേശിച്ചു വച
നത്തെ ഞെക്കിഞെരുക്കുന്നു. അതു ഫല
ശൂന്യമായും തീരുന്നു. നല്ല നിലത്തു വിത 20
ക്കപ്പെട്ടവയോ: വചനം കേൾക്കുകയും സ്വീ
കരിക്കുകയും, മുപ്പതും അറുപതും നൂറും
ആയി ഫലം നൽകുന്നവരാകുന്നു."
വീണ്ടും താൻ അവരോട് "വിളക്കു പറ 21
യിൻ കീഴിലോ കട്ടിലിൻ കീഴിലോ ആണോ
വയ്ക്കപ്പെടുന്നത്? വിളക്കു തണ്ടിന്മേലല്ലേ
വയ്ക്കപ്പെടേണ്ടത്? വെളിപ്പെടാതെ മറഞ്ഞി
രിക്കുന്നത് ഒന്നുമില്ല. വെളിപ്പെടാതെ ഗൂഢ 22
മായതും ഒന്നുമില്ല. കേൾക്കുവാൻ ആർക്കെ 23
ങ്കിലും ചെവികൾ ഉണ്ടെങ്കിൽ കേൾക്കട്ടെ"
എന്നു പറഞ്ഞു. താൻ വീണ്ടും അവരോടു 24
പറഞ്ഞു. "നിങ്ങൾ എന്തു കേൾക്കുന്നവെ
ന്നത് ശ്രദ്ധിപ്പിൻ. നിങ്ങൾ അളക്കുന്ന
അളവുകൊണ്ടാണ് നിങ്ങൾക്കും അളക്ക
പ്പെടുന്നത്. കേൾക്കുന്നവരായ നിങ്ങൾക്ക്
അധികമായി വർദ്ധിപ്പിക്കപ്പെടുകയും
ചെയ്യും. എന്തെന്നാൽ ഉള്ളവന് നൽകപ്പെ 25
പ്പെടും, ഇല്ലാത്തവനിൽനിന്ന് ഉള്ളതുകൂടെ
എടുക്കപ്പെടുകയും ചെയ്യും."
വീണ്ടും താൻ പറഞ്ഞു. "നിലത്തിൽ 26
വിത്തുവിതച്ച ഒരുവനെപ്പോലെയാകുന്നു
സ്വർഗ്ഗരാജ്യം. അയാൾ വിത്തുവിതച്ചിട്ട് 27
രാവും പകലും ഉറങ്ങിയും ഉണർന്നും കഴി
യവെ, അവൻ അറിയാതെ തന്നെ വിത്തു
മുളച്ച് വളർന്നു വരുന്നു. എന്തെന്നാൽ ഭൂമി 28
യാകുന്നു അവനു ഫലം പുറപ്പെടുവിച്ചു
കൊടുക്കുന്നത്. ആദ്യം ഞാറും അതിനു
ശേഷം കതിരും, അവസാനം കതിരിൽ നിറ
ഞ്ഞ ഗോതമ്പു മണിയും ഉണ്ടാകുന്നു. ഫല 29
ങ്ങൾ പാകമാകുമ്പോൾ കൊയ്ത്ത് സമീ
പിച്ചതിനാൽ അരിവാൾ കൊണ്ടുവരുന്നു."
വീണ്ടും താൻ പറഞ്ഞു: "ദൈവരാജ്യ 30
ത്തെ നമുക്ക് എന്തിനോട് സാമ്യപ്പെടുത്താം.
എന്തുപമകൊണ്ട് അതിനെ ഉപമിക്കാം.
അതു കടുകു മണിപോലെയാകുന്നു. നില 31
ത്തു വിതയ്ക്കപ്പെടുമ്പോൾ അതു ഭൂമിയി
ലെ എല്ലാ ചെറു വിത്തുകളിലും ചെറുതാ

32 കുന്നു. വിതയ്ക്കപ്പെട്ടശേഷമോ അതു
മുളച്ച് സകല ചെടികളേക്കാളും വലുതായി
തീരുന്നു. അതിന്റെ തണലിൽ പക്ഷിക്കു
പാർക്കുവാൻ തക്കവണ്ണം വലിയ ശിഖര
33 ങ്ങൾ ഉളവാക്കുകയും ചെയ്യുന്നു." ഇങ്ങനെ
യുള്ള ഉപമകളായി - അവർക്കു ഗ്രഹിക്കു
വാൻ കഴിയുംവിധത്തിലുള്ള ഉപമകളായി
34 താൻ അവരോടു സംസാരിച്ചു. ഉപമാരീതി
യിലല്ലാതെ താൻ അവരോടും സംസാരിച്ചി
രുന്നില്ല. തന്റെ ശിഷ്യന്മാരോടോ താനും
അവരും മാത്രമായിരിക്കുമ്പോൾ സർവ്വവും
അവർക്കു വ്യാഖ്യാനിച്ചു കൊടുത്തിരുന്നു.
35 ആ ദിവസം സന്ധ്യയ്ക്ക് താൻ അവ
രോട് "നമുക്ക് അക്കരയ്ക്കു കടന്നുപോകാം"
36 എന്നു പറഞ്ഞു. അവർ ജനസമൂഹത്തെ
വിട്ടിട്ട് പടകിൽ അദ്ദേഹത്തെ കൊണ്ടുപോ
യി. മററു പടകുകളും അവരോടുകൂടെയു
37 ണ്ടായിരുന്നു. അപ്പോൾ കൊടുങ്കാററുണ്ടാ
യി. പടകിൽ തിരകൾ കയറി വെള്ളം നിറ
38 യാറായി. യേശു പടകിന്റെ അമരത്ത് ഒരു
ചെറുമെത്തമേൽ ഉറങ്ങുകയായിരുന്നു.
അവർ വന്ന് തന്നെ ഉണർത്തി. "ഗുരോ
ഞങ്ങൾ നശിച്ചുപോകുന്നതിൽ അങ്ങേക്കു
39 വിചാരമില്ലയോ?" എന്നു ചോദിച്ചു. താൻ
എഴുന്നേററ് കാററിനെ ശാസിച്ചു. കടലി
നോട് "അടങ്ങുക. നിന്നെ വിരോധിച്ചിരി
ക്കുന്നു." എന്നു പറഞ്ഞു. കാററു നിലച്ച്
40 വലിയ ശാന്തതയുണ്ടായി. അനന്തരം താൻ
അവരോട് "നിങ്ങൾ ഇത്ര ഭയചകിതരായ
തെന്ത്? നിങ്ങളിൽ വിശ്വാസമില്ലാത്തത്
41 എന്തുകൊണ്ട്?" എന്നു ചോദിച്ചു. അവർ
വളരെ ഭയപ്പെട്ടു. കാററും കടലും കൂടി
അനുസരിക്കുന്ന ഇദ്ദേഹം ആര് എന്ന്
പരസ്പരം പറഞ്ഞു.

അദ്ധ്യായം 5

1 പിന്നീടു താൻ കടലിന്നക്കരെ ഗദറ
2 യരുടെ നാട്ടിൽ ചെന്നു. താൻ പടകിൽനിന്ന്
ഇറങ്ങിയപ്പോൾ അശുദ്ധാത്മാവ് ഉള്ള ഒരു
മനുഷ്യൻ ശവക്കല്ലറകളുടെ ഇടയിൽനിന്ന്
3 തനിക്കുനേരെ വന്നു. അവൻ ശവക്കല്ലറ
കൾക്കിടയിലായിരുന്നു പാർത്തിരുന്നത്.
ചങ്ങലകൾ കൊണ്ട് അവനെ ബന്ധിപ്പാൻ
4 ആർക്കും കഴിഞ്ഞില്ല. എന്തെന്നാൽ ആമാ
ത്തുകൾകൊണ്ടോ ചങ്ങലകൾകൊണ്ടോ
അവൻ ബന്ധിപ്പിക്കപ്പെട്ടപ്പോളെല്ലാം അവൻ
ചങ്ങലകൾ തകർക്കുകയും ആമാത്തുകൾ
പൊട്ടിക്കുകയും ചെയ്തിരുന്നു. അവനെ
5 കീഴ്പ്പെടുത്തുവാൻ ആർക്കും സാദ്ധ്യമായി
രുന്നില്ല. അവൻ രാവും പകലും എപ്പോഴും

കല്ലറകൾക്കിടയിലോ മലകളിലോ ആയി
രുന്നു. അവൻ അട്ടഹസിക്കയും കല്ലുകൾ
കൊണ്ട് തന്നെത്താൻ മുറിപ്പെടുത്തുകയു
ചെയ്തിരുന്നു. എന്നാൽ ദൂരെ വച്ച് യേശു
വിനെ കണ്ടപ്പോൾ, ഓടിച്ചെന്നു തന്നെ
വന്ദിച്ചു. "മഹോന്നതനായ ദൈവത്തിന്റെ
പുത്രനായ യേശുവേ, എനിക്കും നിനക്കു
എന്ത്?" എന്നെ നീ പീഡിപ്പിക്കരുത് എന്ന
ദൈവത്തെക്കൊണ്ടു ഞാൻ ആണയിട
ന്നു" എന്നു പറഞ്ഞു. എന്നാൽ യേശ
അവനോട്, അശുദ്ധാത്മാവേ ഈ മനുഷ്യ
നെ വിട്ടു പോകൂ എന്നു പറഞ്ഞു. നിന്റെ
പേരെന്ത് എന്നു താൻ അവനോടു ചോദി
ച്ചു. ഞങ്ങൾ അനേകരാകകൊണ്ട് ഞങ്ങ
ളുടെ പേര് 'ലെഗിയോൻ' എന്നാണ് എന്ന
അവൻ പറഞ്ഞു.

തന്നെ ആ ദേശത്തുനിന്നു പുറത്താക്ക
ക്കളയരുതേ എന്ന് അവൻ വളരെയേ
അപേക്ഷിച്ചു. അവിടെ മലയുടെ അടുത്ത
ഒരു വലിയ പന്നിക്കൂട്ടം മേഞ്ഞുനിൽക്കുന്ന
ണ്ടായിരുന്നു. ആ പിശാചുക്കൾ തന്നോട്
ആ പന്നികളിൽ പ്രവേശിക്കത്തക്കവണ്ണ
ഞങ്ങളെ അവയിലേക്ക് വിടണമേ എന്നപേ
ക്ഷിച്ചു. താൻ അനുവദിച്ചു. ആ അശുദ്ധ
ത്മാക്കൾ പുറപ്പെട്ട് ആ പന്നികളിൽ പ്രവേ
ശിച്ചു. രണ്ടായിരത്തോളം വരുന്ന ആ പന്ന
ക്കൂട്ടം കിഴുക്കാംതൂക്കായ സ്ഥലത്തേക
ഓടി. കടലിൽ വീണ് വെള്ളത്തിൽ ശ്വാസ
മുട്ടി ചത്തുപോയി. അവയെ മേയിച്ചിരുന
വർ ഓടിപ്പോയി, നഗരത്തിലും ഗ്രാമങ
ളിലും അറിയിച്ചു. സംഭവിച്ചതു കാണുവ
നായി ജനം പുറപ്പെട്ടു. അവർ യേശുവിന്റെ
അടുത്തുവന്നു പിശാചു ബാധിച്ചിരുന്ന—
ലെഗ്യോൻ ഉണ്ടായിരുന്ന—ആ മനുഷ്യ
വസ്ത്രം ധരിച്ചും, ശാന്തനായും ഇരിക്കുന്ന
കണ്ട് അവർ ഭയപ്പെട്ടു. കണ്ടു നിന്നിരുന
വർ, പിശാചു ബാധിതനു സംഭവിച്ചതു
ആ പന്നികളുടെ കാര്യവും അവരെ അറി
ച്ചു. അവരോ, താൻ അവരുടെ അതിർത്ത
വിട്ടു പോകണം എന്നപേക്ഷിച്ചു തുടങ
താൻ പടകു കയറിയപ്പോൾ, ആ ഭൂതബാധ
തനായിരുന്നവൻ, അവനും തന്നോടുകൂ
ഇരിക്കുവാൻ അനുവാദം അപേക്ഷിച്ച
താൻ സമ്മതിച്ചില്ല. "എന്നാലോ നീ നിന്റെ
വീട്ടിൽ സ്വന്തജനത്തിന്റെ അടുത്ത
ചെന്ന്, കർത്താവു നിനക്കു ചെയ്തു തന്നത
കരുണ കാണിച്ചതും അവരെ അറിയിക്കുക
എന്നു പറഞ്ഞു. അവൻ പോയി യേശു ത
ക്കായി ചെയ്തതെല്ലാം എദ്രാസ്മദീന
സോ (ദക്കപ്പോലീസ്-പത്തു പട്ടണം)യി

സിദ്ധമാക്കുവാൻ തുടങ്ങി. എല്ലാവരും
അത്ഭുതപ്പെട്ടു.
യേശു പടക് വഴിയായി അക്കരയ്ക്കു
ടന്നു കടൽത്തീരത്ത് ഇരിക്കുമ്പോൾ
ിന്നെയും വലിയ പുരുഷാരം തന്റെ അടു
ൽ വന്നുകൂടി. സംഘാലയപ്രമാണിക
ിൽ യായീറോസ് എന്നൊരാൾ വന്നു
ന്നെക്കണ്ട് കാൽക്കൽ വീണ് തന്നോട്:
എന്റെ മകൾ അവശതയിൽ ആയിരിക്കു
ു. അങ്ങു വന്ന് അവളുടെ മേൽ കൈ
യ്ക്കണമെ. അവൾ സുഖപ്പെട്ടു ജീവി
ും" എന്നു പറഞ്ഞ് വിനീതമായി അപേ
ഷിച്ചു. യേശു അയാളോടുകൂടെ പോയി.
ലിയ പുരുഷാരം തന്റെ പിന്നാലെ ചെന്ന്
ന്നെ തിക്കിക്കൊണ്ടിരുന്നു. പന്ത്രണ്ടു
ർഷമായി രക്തസ്രാവരോഗത്തിൽ ഇരി
ുന്നവളും പല വൈദ്യന്മാരിൽനിന്നും
ളരെയേറെ സഹിക്കയും തനിക്കുണ്ടായി
ുന്ന സർവ്വവും ചെലവാക്കുകയും ചെയ്തിട്ട്
ൂടുതൽ പീഡിതയായതല്ലാതെ യാതൊരു
ുണവും ലഭിക്കാതിരുന്നവളുമായ ഒരു സ്ത്രീ
യശുവിനെക്കുറിച്ചു കേട്ടപ്പോൾ ജനക്കൂട്ട
ത്തിന്റെ തിക്കലിന്നിടയിലൂടെ തന്റെ
ിറകിൽകൂടി വന്നു തന്റെ വസ്ത്രം തൊട്ടു.
ന്തെന്നാൽ തന്റെ വസ്ത്രത്തെയെ
ിലും തൊട്ടാൽ താൻ രക്ഷപ്പെടും എന്ന്
വൾ വിചാരിച്ചു. തൽക്ഷണം അവളുടെ
ക്തവാർച്ച നിന്നു. അവൾ വ്യാധിയിൽ
ിന്നും സുഖപ്പെട്ടതായി അവളുടെ ശരീര
ത്തിൽ അവൾക്ക് അനുഭവപ്പെട്ടു. തന്നിൽ
ിന്നു ശക്തി പുറപ്പെട്ടതായി യേശു മന
ിൽ ഉടനെ അറിഞ്ഞു. ജനക്കൂട്ടത്തിനു
നേരെ തിരിഞ്ഞ് "എന്റെ വസ്ത്രത്തിന്മേൽ
തൊട്ടതാരാണ്" എന്നു ചോദിച്ചു. ശിഷ്യ
ാർ തന്നോട് "അങ്ങയെ തിക്കിക്കൊണ്ടിരി
ുന്ന ജനസമൂഹത്തെക്കണ്ടിട്ടും എന്നെ
തൊട്ടത് ആര് എന്ന് അങ്ങു ചോദിക്കയോ
ന്നോ?" എന്നു പറഞ്ഞു. ഇതു ചെയ്തത്
ആര് എന്ന് കാണുവാൻ താൻ ചുററും
നോക്കി. ആ സ്ത്രീ തനിക്കു ഭവിച്ചതറിഞ്ഞ്,
യപ്പെട്ട് വിറച്ചു ചെന്ന് തന്റെ മുമ്പാകെ
ീണ് സത്യം മുഴുവൻ പറഞ്ഞു. താൻ അവ
ളോട് "എന്റെ മകളേ നിന്റെ വിശ്വാസം
ന്നെ ജീവിപ്പിച്ചിരിക്കുന്നു. നീ സമാധാന
ത്തോടെ പൊയ്ക്കൊള്ളുക. നിന്റെ വ്യാധി
ിൽനിന്നും സുഖപ്പെട്ടിരിക്കുക" എന്നു
റഞ്ഞു. ഇപ്രകാരം താൻ സംസാരിച്ചു
ൊണ്ടിരിക്കവേ, സംഘാലയപ്രമാണി
ുടെ വീട്ടിൽനിന്നും (ചിലർ) വന്ന് "അങ്ങ
ുടെ മകൾ മരിച്ചു പോയി: ഇനിയും ഗുരു
വിനെ എന്തിന് ബുദ്ധിമുട്ടിക്കുന്നു?" എന്നു
പറഞ്ഞു. യേശു അവർ പറഞ്ഞ വാക്കു 36
കേട്ടിട്ട് സംഘാലയപ്രമാണിയോട് "ഭയപ്പെ
ടേണ്ട, വിശ്വസിക്കമാത്രം ചെയ്യുക" എന്നു
പറഞ്ഞു. ശെമഓൻ കീപ്പായും, യാക്കോ 37
ബും, യാക്കോബിന്റെ സഹോദരൻ യോഹ
ന്നാനുമല്ലാതെ മററാരും തന്നോടൊരുമിച്ച്
ചെല്ലുവാൻ താൻ സമ്മതിച്ചില്ല. അവർ ആ 38
പള്ളിപ്രമാണിയുടെ ഭവനത്തിലെത്തി.
അവിടെ വിഷമിച്ചും വിലപിച്ചും കരയുന്ന
വരെ താൻ കണ്ടു. താൻ അകത്തു പ്രവേ 39
ശിച്ച്, അവരോട് "നിങ്ങൾ എന്തിനാണ്
പരിഭ്രമിച്ചു കരയുന്നത്? ബാലിക മരിച്ചിട്ടി
ല്ല: ഉറങ്ങുകയത്രെ" എന്നു പറഞ്ഞു. അവർ 40
തന്നെ പരിഹസിച്ചു. യേശുവോ, എല്ലാവ
രേയും പുറത്താക്കി ആ ബാലികയുടെ
പിതാവിനേയും മാതാവിനേയും തന്നോ
ടൊരുമിച്ചുണ്ടായിരുന്നവരേയും കൂട്ടിക്കൊ
ണ്ട്, ബാലിക കിടന്നിരുന്ന സ്ഥലത്തു
പ്രവേശിച്ചു. താൻ ബാലികയുടെ കൈ 41
പിടിച്ചുകൊണ്ട് അവളോട്: 'തലീത്താകൂമി'
(ബാലെ എഴുന്നേൽക്കുക) എന്നു പറഞ്ഞു.
ബാലിക തൽക്ഷണം എഴുന്നേററു. അവൾ 42
ക്കു പന്ത്രണ്ടു വയസ്സുണ്ടായിരുന്നു. പുരു
ഷാരം അത്യധികം അത്ഭുതപ്പെട്ടു. ആരും 43
ഇതറിയരുതെന്ന് താൻ നിഷ്കർഷിച്ചു.
അവൾക്കു ഭക്ഷണം കൊടുപ്പാൻ താൻ
കല്പിച്ചു.

അദ്ധ്യായം 6

അനന്തരം താൻ അവിടെനിന്നു പുറ 1
പ്പെട്ട് സ്വന്ത നഗരിയിൽ വന്നു. ശിഷ്യരും
കൂടെയുണ്ടായിരുന്നു. ശാബതായപ്പോൾ 2
താൻ സംഘാലയത്തിൽ പഠിപ്പിച്ചു തുടങ്ങി.
കേട്ടിരുന്ന അനേകർ അത്ഭുതപ്പെട്ടുകൊണ്ട്
'ഇവന് ഇതെല്ലാം എവിടെനിന്ന്?' ഇവനു
നൽകപ്പെട്ടിരിക്കുന്ന ജ്ഞാനവും എന്ത്?
ഇവൻ മൂലം ഇതുപോലുള്ള അത്ഭുതങ്ങൾ
നടക്കുന്നുണ്ടല്ലോ' എന്നു പറഞ്ഞു. ഇവൻ 3
മറിയാമിന്റെ മകനായ തച്ചൻ അല്ലയോ?
യാക്കോബിന്റെയും യോസിയുടെയും,
യഹൂദയുടെയും ശെമഓന്റെയും സഹോ
ദരനുമല്ലേ? ഇവന്റെ സഹോദരിമാരും,
ഇതാ, ഇവിടെ നമ്മോടു കൂടെയില്ലയോ?"
എന്നു പറഞ്ഞ് അവർ തന്നിൽ വിരു
ദ്ധപ്പെട്ടു. അപ്പോൾ യേശു അവരോട് "സ്വന്ത 4
നഗരത്തിലും ചാർച്ചക്കാരുടെ ഇടയിലും
സ്വന്ത ഭവനത്തിലുമല്ലാതെ അവമാനി
തനായ പ്രവാചകൻ ഇല്ല" എന്നു പറഞ്ഞു.
ഏതാനും രോഗികളെ തന്റെ കൈവച്ചു 5

സുഖപ്പെടുത്താനല്ലാതെ ഒരത്ഭുതവും
അവിടെ പ്രവർത്തിക്കുവാൻ തനിക്കു
6 കഴിഞ്ഞില്ല. അവരുടെ വിശ്വാസമില്ലാ
യ്മയിൽ താൻ അത്ഭുതപ്പെട്ടു. ഗ്രാമങ്ങളിൽ
പഠിപ്പിച്ചുകൊണ്ട് താൻ ചുററി സഞ്ചരിച്ചു.
7 താൻ തൻെറ പന്തിരുവരെ വിളിച്ച്
ഈരണ്ടുപേരായി അവരെ അയപ്പാൻ
തുടങ്ങി. അശുദ്ധാത്മാക്കളെ ബഹിഷ്കരി
ക്കുവാനുള്ള അധികാരം അവർക്കു കൊടു
8 ത്തു. താൻ അവരോട്: "വഴിക്കു വടി മാത്രമ
ല്ലാതെ ഭാണ്ഡമോ, അപ്പമോ, മടിശീലയിൽ
പണമോ ഒന്നും അവർ എടുക്കരുത് എന്നും,
9 വള്ളിച്ചെരുപ്പുകൾ ധരിക്കാമെന്നും, രണ്ട്
കുപ്പായങ്ങൾ ധരിക്കരുതെന്നും" കല്പിച്ചു.
10 വീണ്ടും താൻ പറഞ്ഞു: "ഏതെങ്കിലും ഭവന
ത്തിൽ നിങ്ങൾ പ്രവേശിച്ചാൽ, അവിടെ
നിന്നു പുറപ്പെടുന്നതുവരെ അവിടെത്തന്നെ
11 പാർക്കണം. ആരെങ്കിലും നിങ്ങളെ സ്വീകരി
ക്കാതെയോ വാക്കു കേൾക്കാതെയോ ഇരു
ന്നാൽ, നിങ്ങൾ അവിടെനിന്നു പുറപ്പെട്ടു
പോരുമ്പോൾ നിങ്ങളുടെ പാദത്തിന്നടി
യിലെ പൊടി അവർക്കു സാക്ഷ്യത്തിന്നായി
തട്ടിക്കളയണം. ന്യായവിധി ദിവസം സോ
ദോമിനും ആമോറായ്ക്കും ആ നഗര
ത്തേക്കാൾ ആശ്വാസമുണ്ടായിരിക്കുമെന്ന്
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു."
12 പിന്നീട് അവർ പുറപ്പെട്ട് അനുതപിക്കു
13 വാൻ പ്രസംഗിച്ചു. അവർ വളരെയേറെ
പിശാചുക്കളെ ബഹിഷ്കരിക്കുകയും
രോഗികളെ എണ്ണ പൂശി സുഖപ്പെടുത്തു
കയും ചെയ്തുകൊണ്ടിരുന്നു.
14 യേശുവിൻെറ നാമം പ്രസിദ്ധമാകുക
യാൽ ഹേറോദേസ് രാജാവ് യേശുവിനെ
പ്പററി കേട്ടു. "യോഹന്നാൻ സ്നാപകൻ
മരിച്ചവരുടെ ഇടയിൽനിന്നും ഉയിർത്തെഴു
ന്നേററിരിക്കുകയാണ്. അതിനാൽ അവൻ
മൂലം അത്ഭുതങ്ങൾ പ്രവർത്തിക്കപ്പെടുന്നു"
15 എന്നു പറഞ്ഞു. ഇവൻ ഏലിയായാകുന്നു
എന്നു ചിലരും ഇവൻ ഒരു പ്രവാചകനൊ,
പ്രവാചകതുല്യനോ എന്നു മറ്റു ചിലരും പറ
ഞ്ഞിരുന്നു. എന്നാൽ ഹേറോദേസോ, അതു
16 കേട്ടിട്ട് "ഞാൻ ശിരച്ഛേദം ചെയ്ത യോഹ
ന്നാൻ തന്നെയാണിവൻ. അവൻ മരിച്ചവ
രുടെ ഇടയിൽനിന്ന് ഉയിർത്തിരിക്കുകയാ
17 ണ്" എന്നു പറഞ്ഞു. താൻ പരിഗ്രഹിച്ചിരു
ന്നവളായി, തൻെറ സഹോദരൻ പീലിപ്പോ
സിൻെറ ഭാര്യയായിരുന്ന ഹേറോദിയാ
നിമിത്തം ആളയച്ച് യോഹന്നാനെ പിടിച്ചു
കാരാഗൃഹത്തിൽ ഈ ഹേറോദേസ് ആക്കി
18 യിരുന്നു. "നിൻെറ സഹോദരൻെറ ഭാര്യയെ
പരിഗ്രഹിക്കുന്നതിന് നിനക്കു അധികാര
മില്ല" എന്നു യോഹന്നാൻ ഹേറോദേസി
നോടു പറഞ്ഞുകൊണ്ടിരുന്നു. ഹേറോദിയ
അവനെ ദ്വേഷിച്ചു, അവനെ കൊല്ലുവാൻ
ആഗ്രഹിച്ചിരുന്നു. അവൾക്കു സാദ്ധ്യമാ
യില്ല, എന്തെന്നാൽ യോഹന്നാൻ നീതി
മാനും പരിശുദ്ധനുമാണെന്നറിയുകയാൽ
ഹേറോദേസ് അവനെ ഭയപ്പെടുകയും
അവനു സംരക്ഷണം നൽകുകയും ചെയ്തു
വന്നു. തന്നെ അനുസരിച്ച് പല കാര്യങ്ങൾ
ചെയ്കയും സന്തോഷത്തോടെ തൻെറ
വചനം കേൾക്കുകയും ചെയ്തിരുന്നു.
ഹേറോദേസ് തൻെറ പ്രഭുക്കന്മാർക്കും,
സഹസ്രാധിപന്മാർക്കും, ഗലീലാ പ്രമാണി
കൾക്കും, തൻെറ ജന്മദിനത്തിൽ വിരുന്നു
കൊടുക്കുന്ന പ്രധാന ദിനംവന്നു. അപ്പോൾ
ഹേറോദിയായുടെ മകൾ പ്രവേശിച്ച് നൃത്തം
ചെയ്തു. ഹേറോദേസിനും അവനോടൊപ്പം
വിരുന്നിനിരുന്നവർക്കും സന്തോഷമായി.
ആകയാൽ രാജാവ് ബാലികയോട് "നിന
ക്കാഗ്രഹമുള്ളത് ഏതും എന്നോടു ചോദി
ച്ചു കൊൾക. രാജ്യത്തിൻെറ പകുതി വരെ
യും നിനക്കു ഞാൻ തരാം" എന്നു സത്യം
ചെയ്തു പറഞ്ഞു. അവൾ ചെന്നു സ്വമാതാവി
നോട്, 'ഞാൻ എന്താവശ്യപ്പെടണം' എന്നു
ചോദിച്ചു.' സ്നാപക യോഹന്നാൻെറ തല'
എന്നു അവൾ പറഞ്ഞു. അവൾ ഉടൻതന്നെ
താല്പര്യത്തോടെ രാജസന്നിധിയിൽ പ്രവേ
ശിച്ച് അയാളോടു "യോഹന്നാൻ സ്നാ
പകൻെറ തല ഒരു താലത്തിൽ, ഈ നിമിഷ
ത്തിൽ എനിക്കു തരണം" എന്നു പറഞ്ഞു.
രാജാവിന് വളരെ ദുഃഖമായി. എന്നാൽ
പ്രതിജ്ഞയെയും വിരുന്നുകാരെയും നിമി
ത്തം, നിഷേധിക്കുവാൻ അയാൾക്കു സാധി
ച്ചില്ല. യോഹന്നാൻെറ തല കൊണ്ടുവരു
വാൻ കല്പിച്ച് രാജാവ് ഉടൻ തന്നെ
വാൾക്കാരനെ അയച്ചു. അവൻ പോയി
കാരാഗൃഹത്തിൽ വച്ച് യോഹന്നാൻെറ
തല വെട്ടി. അവൻ അത് ഒരു താലത്തിൽ
കൊണ്ടുവന്ന് ബാലികയ്ക്കു കൊടുത്തു.
ബാലിക അവളുടെ അമ്മയ്ക്കും കൊടുത്തു.
അവൻെറ ശിഷ്യന്മാർ (വിവരം) അറിഞ്ഞ്
വന്ന് മൃതദേഹമെടുത്ത് കല്ലറയിൽ അടക്കി.
ശ്ലീഹന്മാർ യേശുവിൻെറ അടുത്തു
വന്നു കൂടി. തങ്ങൾ പ്രവർത്തിച്ചതും പഠി
പ്പിച്ചതുമെല്ലാം തന്നോടുപറഞ്ഞു. താൻ
അവരോട് "വരുവിൻ, നമുക്കു തനിച്ച്
വിജനസ്ഥലത്തേക്കു പോകാം. അല്പം
വിശ്രമിക്കുവിൻ" എന്നു പറഞ്ഞു. വന്നും
പോയും കൊണ്ടിരുന്നവർ വളരെയേറെ

യായിരുന്നതിനാൽ അവർക്കു ഭക്ഷിപ്പാൻ
പോലും അവസരം ഇല്ലായിരുന്നു. അവർ
തനിച്ച് പടകു വഴി ഒരു വിജനപ്രദേശത്തേ
ക്കുപോയി. അവർ പോകുന്നത് അനേകർ
കണ്ട് അറിഞ്ഞ് കരവഴി എല്ലാ നഗരങ്ങ
ളിൽനിന്നും ഓടി തനിക്കു മുമ്പെ അവിടെ
എത്തി. യേശു പുറത്തുവന്ന് ഇടയനില്ലാത്ത
ആടുകൾക്കു സമമായിരുന്ന പുരുഷാ
രത്തെ കണ്ടിട്ട് അവരോട് കരുണ തോന്നി
അനേക കാര്യങ്ങൾ അവരെ പഠിപ്പിപ്പാൻ
ആരംഭിച്ചു.
നേരം വളരെ ആയപ്പോൾ തന്റെ
ശിഷ്യർ അടുത്തുവന്ന്, തന്നോട്, "ഇതു
വിജനസ്ഥലമാണല്ലോ. നേരവും വളരെ
ആയി. ഇവർക്കു ഭക്ഷിപ്പാൻ ഒന്നുമില്ലാത്ത
തിനാൽ നമുക്കു ചുററുപാടുമുള്ള ഗ്രാമങ്ങ
ളിലും പട്ടണങ്ങളിലും ചെന്നു തങ്ങൾക്കു
അപ്പം വാങ്ങുവാനായി അവരെ പിരിച്ചയ
ച്ചാലും" എന്നു പറഞ്ഞു. താൻ അവരോട്
"നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുക്ക
ണം" എന്നു പറഞ്ഞു. അവരോ തന്നോട്
ഞങ്ങൾ പോയി ഇരുന്നൂറ് ദിനാറയ്ക്ക്
അപ്പം വാങ്ങി ഇവർക്കു ഭക്ഷിപ്പാൻ കൊടു
ക്കണമോ?" എന്നു ചോദിച്ചു. താൻ അവ
രോട്, "നിങ്ങൾക്കു ഇവിടെ എത്ര അപ്പമു
ണ്ട് എന്ന് നോക്കുവിൻ" എന്നു പറഞ്ഞു.
അവർ നോക്കിയിട്ട് 'അഞ്ചപ്പവും രണ്ടുമീനും'
എന്നു പറഞ്ഞു. എല്ലാവരെയും പുല്ലിന്മേൽ
പന്തി പന്തിയായി ഇരുത്തുവാൻ താൻ
കല്പിച്ചു. നൂറും നൂറും അമ്പതും അമ്പതും
പന്തിയായി അവർ ഭക്ഷണത്തിന്നിരുന്നു.
താൻ ആ അഞ്ചപ്പവും രണ്ടുമീനും എടുത്ത്
സ്വർഗ്ഗത്തിലേക്കു നോക്കി വാഴ്ത്തി. താൻ
അപ്പം മുറിച്ച്, അവർക്കു വിളമ്പുവാനായി
ശിഷ്യന്മാർക്കു കൊടുത്തു. ആ രണ്ടു മീനും
എല്ലാവർക്കുമായി ഭാഗിച്ചു കൊടുത്തു.
എല്ലാവരും ഭക്ഷിച്ചു തൃപ്തരായി. ശേഷിച്ച
അപ്പക്കഷണങ്ങളും മീൻ നുറുങ്ങുകളും
പന്ത്രണ്ട് കുട്ട നിറയെ എടുത്തു. അപ്പം ഭക്ഷി
ച്ചവരോ, അയ്യായിരം പുരുഷന്മാർ! താൻ
പുരുഷാരത്തെ പിരിച്ചുവിടുന്നതിന്നിടയ്ക്ക്
തന്റെ ശിഷ്യന്മാർ പടവുകയറി തനിക്കു
മുമ്പായി ബെത്സൈദാക്കു പൊയ്ക്കൊ
ള്ളുവാൻ നിർബ്ബന്ധിച്ചു അവരെ പിരിച്ചയച്ച
ശേഷം താൻ പ്രാർത്ഥിപ്പാനായി മലയി
ലേക്കു കയറിപ്പോയി.
സന്ധ്യയായപ്പോൾ പടവ് നടുക്കടലി
ലും താൻ മാത്രം കരയിലും ആയിരുന്നു.
അവർ യാത്രചെയ്യുമ്പോൾ വളരെ വിഷമി
ക്കുന്നതായി താൻ കണ്ടു. എന്തെന്നാൽ
കാററ് അവർക്ക് പ്രതികൂലമായിരുന്നു.
രാത്രിയുടെ നാലാം യാമത്തിൽ യേശു
വെള്ളത്തിൻമീതെ നടന്ന് അവരുടെ സമീപ
മെത്തി കടന്നു പോകുവാൻ ഭാവിച്ചു. താൻ 49
വെള്ളത്തിൻ മീതെ നടക്കുന്നത് അവർ
കണ്ടിട്ട് അതൊരു മായക്കാഴ്ച എന്നു
വിചാരിച്ച് അവർ നിലവിളിച്ചു. എല്ലാവരും 50
തന്നെക്കണ്ടു ഭയപ്പെട്ടു. ഉടനെ താൻ അവ
രോടു സംസാരിച്ചു. "ധൈര്യപ്പെടുവിൻ, ഞാ
നാകുന്നു ഭയപ്പെടേണ്ട" എന്നു പറഞ്ഞു.
താൻ പടവിൽ അവരുടെ അടുക്കലേയ്ക്കു 51
കയറി. കാററു ശമിച്ചു. അവർ വിസ്മയിച്ചു
പോയി. അത്യധികം അത്ഭുതപ്പെട്ടു. ആ 52
അപ്പത്തിന്റെ (കാര്യത്തിൽ) നിന്നും അവർ
ഗ്രഹിച്ചില്ല. എന്തെന്നാൽ അവരുടെ ഹൃദയം
കടുത്തിരുന്നു.
അവർ അക്കരെ കടന്ന് ഗനസർ ദേശത്തു 53
വന്നു. പടവിൽനിന്ന് ഇറങ്ങിയ ഉടനെ ആ 54
സ്ഥലവാസികൾ തന്നെ തിരിച്ചറിഞ്ഞു.
അവർ ആ പ്രദേശം മുഴുവൻ ഓടിനടന്ന് 55
കഠിന രോഗങ്ങളിൽപെട്ടിരുന്നവരെ കട്ടി
ലിൽ വഹിച്ചുകൊണ്ട് താൻ ഉണ്ടെന്നു കേട്ട
സ്ഥലത്തേക്കു കൊണ്ടുവരുവാൻ തുടങ്ങി.
താൻ കടന്നുചെന്ന എല്ലാ നഗരങ്ങളിലും 56
ഗ്രാമങ്ങളിലും രോഗികളെകൊണ്ടുവന്നു
തെരുവുകളിൽ കിടത്തിയിരുന്നു. തന്റെ
വസ്ത്രത്തിന്റെ വിളുമ്പ് എങ്കിലും തൊടു
വാൻ (അനുവദിക്കണമെന്ന്) തന്നോട്
അപേക്ഷിച്ചുകൊണ്ടിരുന്നു. അവനെ
തൊടുന്നവരെല്ലാം സുഖം പ്രാപിച്ചിരുന്നു.

അദ്ധ്യായം 7

യറുശലേമിൽനിന്നു വന്ന പരീശന്മാരും 1
സൊപ്രേന്മാരും, തന്റെ അടുക്കൽ വന്നു
കൂടി. തന്റെ ശിഷ്യരിൽ ചിലർ കൈ കഴു 2
കാതെ ഭക്ഷണം കഴിക്കുന്നതു കണ്ട് അവർ
കുററാരോപണം ചെയ്തു. എന്തെന്നാൽ
എല്ലാ യഹൂദന്മാരും, പരീശന്മാരും മൂപ്പ 3
ന്മാരുടെ പാരമ്പര്യം മുറുകെ പിടിച്ചിരുന്നതി
നാൽ ശ്രദ്ധാപൂർവ്വം കൈ കഴുകാതെ അവർ
ഭക്ഷിക്കാറില്ലായിരുന്നു. അവർ തെരുവിൽ
നിന്നു വന്നാൽ കുളിക്കാതെ ഭക്ഷിക്കാറില്ല. 4
അവർ ആചരിക്കുവാൻ കൈക്കൊണ്ടിരുന്ന
മററ് അനേക കാര്യങ്ങൾ ഉണ്ടായിരുന്നു.
അതായത് പാനപാത്രങ്ങൾ, കുടങ്ങൾ, 5
ചെമ്പു പാത്രങ്ങൾ, കട്ടിലുകൾ മുതലായവ
യുടെ ക്ഷാളനം (തുടങ്ങിയവ). സൊപ്രേന്മാ
രും പരീശരും തന്നോടു ചോദിച്ചു. "അങ്ങ
യുടെ ശിഷ്യന്മാർ എന്തുകൊണ്ടാണ് പൂർവ്വ
ന്മാരുടെ പാരമ്പര്യപ്രകാരം നടക്കാത്തത്?

കൈ കഴുകാതെയല്ലേ അവർ അപ്പം ഭക്ഷി
6 ക്കുന്നത്?" താൻ അവരോട്: കപടഭക്തരേ!
ഏശായാ പ്രവാചകൻ നിങ്ങളെക്കുറിച്ച്
ശരിയായി പ്രവചിച്ചിട്ടുണ്ട്. ഇങ്ങനെ എഴു
തപ്പെട്ടിരിക്കുന്നു. "ഈ ജനം അധരങ്ങൾ
കൊണ്ടാണ് എന്നെ ബഹുമാനിക്കുന്നത്.
അവരുടെ ഹൃദയമോ എന്നിൽനിന്നും
7 വളരെ അകന്നിരിക്കുന്നു. മനുഷ്യകല്പന
കളാകുന്ന ഉപദേശങ്ങൾ അവർ പഠിപ്പിച്ചു
കൊണ്ട് അവർ വ്യർഥമായി എന്നോടു
8 ഭക്തി പ്രകടിപ്പിക്കുന്നു. എന്തെന്നാൽ
നിങ്ങൾ ദൈവകല്പനകൾ ഉപേക്ഷിച്ചിട്ട്
പാനപാത്രങ്ങളുടെയും കുടങ്ങളുടെയും
പ്രക്ഷാളനവും ഇവയ്ക്കു തുല്യമായ മററു
പലതുമായി മനുഷ്യരുടെ പാരമ്പര്യം മുറു
കെ പിടിക്കുകയും ചെയ്യുന്നു" എന്നു പറ
9 ഞ്ഞു. നിങ്ങളുടെ പാരമ്പര്യം നിലനിർത്തു
വാനായി ദൈവിക കല്പനയെ നിങ്ങൾ ശരി
10 ക്കും നിരസിക്കുന്നു. നിൻെറ പിതാവിനേ
യും മാതാവിനേയും ബഹുമാനിക്കണം;
അപ്പനേയോ അമ്മയേയോ അധിക്ഷേപി
ക്കുന്നവൻ നിശ്ചയമായും മരിക്കണം എന്നു
11 മോശ പറഞ്ഞിരിക്കുന്നു. എന്നാൽ നിങ്ങ
ളോ പറയുന്നു: ഒരുവൻ തൻെറ പിതാവി
നോടോ മാതാവിനോടോ എന്നിൽനിന്നും
അങ്ങേയ്ക്ക് പ്രയോജനപ്പെടേണ്ടത് എൻെറ
വഴിപാട് (കുർബ്ബാന) ആകുന്നു എന്നു പറ
12 ഞ്ഞാൽ(മതി) എന്ന്! തൻെറ മാതാവിനോ
പിതാവിനോ വേറെ എന്തെങ്കിലും ചെ
യ്‌വാൻ നിങ്ങൾ അവനെ സമ്മതിക്കുന്നു
13 മില്ല. നിങ്ങൾ ഭരമേല്പിച്ച നിങ്ങളുടെ
പാരമ്പര്യം നിമിത്തം നിങ്ങൾ ദൈവത്തി
ൻെറ വചനത്തെ നിരസിക്കുന്നു. ഇവയ്ക്കു
സമമായ അനേക കാര്യങ്ങൾ നിങ്ങൾ
14 ചെയ്യുന്നുണ്ട് എന്നു പറഞ്ഞു. പിന്നെ യേശു
പുരുഷാരത്തെയെല്ലാം വിളിച്ച് അവരോട്
"നിങ്ങൾ എല്ലാവരും എന്നെ കേട്ട് മനസ്സിലാ
15 ക്കുവിൻ; മനുഷ്യനിൽ പ്രവേശിച്ച് അവനെ
അശുദ്ധിപ്പെടുത്തുവാൻ, അവനു വെളി
യിൽനിന്നുള്ള ഒന്നിനും കഴിയുകയില്ല.
16 പിന്നെയോ, അവനിൽനിന്നു പുറപ്പെടുന്ന
താകുന്നു മനുഷ്യനെ അശുദ്ധനാക്കുന്നത്.
കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ"
എന്നു താൻ പറഞ്ഞു.
17 യേശു ഭവനത്തിൽ പ്രവേശിച്ചപ്പോൾ
തൻെറ ശിഷ്യന്മാർ തന്നോടു ആ ഉപമ
18 യെക്കുറിച്ചു ചോദിച്ചു. താൻ അവരോട്
"നിങ്ങളും (ഗ്രഹിപ്പാൻ) ഇത്ര പ്രയാസമുള്ള
വരോ? പുറത്തുനിന്ന് മനുഷ്യനിൽ പ്രവേ
ശിക്കുന്ന യാതൊന്നിനും അവനെ അശുദ്ധ
നാക്കുവാൻ കഴിയുകയില്ല എന്നു നിങ്ങൾ
ക്കറിഞ്ഞുകൂടെയോ? എന്തെന്നാൽ അതു 1
അവൻെറ ഹൃദയത്തിലേക്കല്ല പ്രവേശി
ക്കുന്നത്. പിന്നെയോ ഉദരത്തിലേക്കത്രെ.
പിന്നീട് ഭക്ഷണമെല്ലാം മറപ്പുരയിൽ തള്ള
പ്പെടുന്നു. മനുഷ്യനിൽനിന്നു പുറപ്പെടു 2
ന്നത് എന്തോ അതാണ് അവനെ അശുദ്ധ
നാക്കുന്നത്. എന്തെന്നാൽ — ഉള്ളിൽനി 2
ന്ന് — മനുഷ്യരുടെ ഹൃദയത്തിൽനിന്ന്
ദുശ്ചിന്തകൾ, വ്യഭിചാരം, വേശ്യാദോഷം,
മോഷണം, കൊലപാതകം, അത്യാഗ്രഹം,
ദുഷ്ടത, വഞ്ചന, കാമവികാരം, ദുർശ 2
യനം, ദൂഷണം, അഹങ്കാരം, മൂഢത
എന്നിവ പുറപ്പെടുന്നു. ഈ തിന്മകളെല്ലാം 2
അകത്തുനിന്നാണു പുറപ്പെടുന്നത്. അവ
മനുഷ്യനെ അശുദ്ധനാക്കുന്നു എന്നു
പറഞ്ഞു.
യേശു അവിടെനിന്നു എഴുന്നേററ് 2
സോറിൻെറയും സൈദോൻെറയും അതിർ
ത്തിയിൽ എത്തി ഒരു ഭവനത്തിൽ പ്രവേ
ശിച്ചു. ആരും തന്നെ അറിയരുതെന്നു താൻ
ആഗ്രഹിച്ചു. എങ്കിലും മറഞ്ഞിരിപ്പാൻ
തനിക്കു സാധിച്ചില്ല. തൻെറ മകൾക്കു 2
അശുദ്ധാത്മാവ് ഉണ്ടായിരുന്ന ഒരു സ്ത്രീ
ഉടനെ തന്നെക്കുറിച്ചു കേട്ട് വന്ന് തൻെറ
പാദങ്ങൾക്കു മുമ്പിൽ വീണു. ആ സ്ത്രീ
സിറിയായിലെ ഫിനിഷ്യാക്കാരിയായ
പുറജാതിക്കാരിയായിരുന്നു. അവളുടെ
പുത്രിയിൽനിന്നു പിശാചിനെ ബഹിഷ്ക്ക
രിക്കണമേ എന്ന് തന്നോടപേക്ഷിച്ചു.
യേശു അവളോട്: "ആദ്യമേ മക്കൾ തൃപ്തി
പ്പെടുവാൻ സമ്മതിക്കുക. മക്കൾക്കുള്ള
അപ്പം എടുത്ത് നായ്ക്കൾക്ക് ഇട്ടു കൊടു
ക്കുന്നത് നന്നല്ല" എന്നു പറഞ്ഞു. അവൾ
ഉത്തരമായി തന്നോട്, "അതേ എൻെറ
കർത്താവേ മേശക്കീഴെനിന്ന് മക്കളുടെ
അപ്പത്തിൻെറ നുറുങ്ങുകൾ നായ്ക്കളും
തിന്നുന്നുണ്ടല്ലോ" എന്നു പറഞ്ഞു. യേശു
അവളോട്, "ഈ വാക്കു നിമിത്തം നിൻെറ
മകളിൽനിന്നു പിശാചു വിട്ടുപോയിരിക്കു
ന്നു" എന്നു പറഞ്ഞു. അവൾ വീട്ടിലെത്തി
യപ്പോഴാകട്ടെ, മകൾ കട്ടിലിൽ കിടക്കുന്ന
തായും പിശാച് അവളിൽനിന്ന് ഒഴിഞ്ഞു
പോയിരിക്കുന്നതായും കണ്ടു!
അനന്തരം യേശു സോറിൻെറയും
സൈദോൻെറയും അതിർത്തിവിട്ട് "പത്തു
പട്ടണ" അതിർത്തിയിൽ ഗലീലാ കടൽ
തീരത്തേക്കു വന്നു. അപ്പോൾ ഊമനായ
ഒരു ബധിരനെ തൻെറ അടുക്കൽ ചിലർ
കൊണ്ടുവന്ന്, അവൻെറ മേൽ കൈ വയ്ക്ക

33 ണമെന്ന് അപേക്ഷിച്ചു. ജനക്കൂട്ടത്തിൽ
നിന്നും അവനെ തനിച്ചു താൻ മാററിക്കൊ
ണ്ടുപോയി. ചെവികളിൽ തൻെറ വിരലു
കൾ ഇടുകയും തുപ്പുകയും അവൻെറ
34 നാവിനെ തൊടുകയും ചെയ്തു. താൻ സ്വർഗ്ഗ
ത്തിലേക്കു നോക്കി നെടുവീർപ്പിട്ടുകൊ
ണ്ട് 'എസ്പതാഹ്' (തുറക്കപ്പെടട്ടെ) എന്നു
35 പറഞ്ഞു. തൽക്ഷണം അവൻെറ ചെവികൾ
തുറക്കപ്പെടുകയും, നാവിൻെറ ബന്ധനം
അഴിയുകയും അവൻ സ്ഫുടമായി സംസാ
36 രിക്കുകയും ചെയ്തു. ഇത് ആരോടും പറയ
രുത് എന്നു താൻ അവർക്കു നിർദ്ദേശം
നൽകി. എത്രയേറെ അവരെ സൂക്ഷ്മതപ്പെ
ടുത്തിയോ, അത്രയേറെ അവർ പ്രഘോഷി
37 ക്കുകയാണ് ചെയ്തത്. ജനം അത്യധികം
വിസ്മയിച്ചുകൊണ്ട് "ഇദ്ദേഹം സർവ്വവും
ഭംഗിയായി ചെയ്യുന്നു. ബധിരനെ കേൾക്കു
മാറാക്കുന്നു. സംസാരിക്കാത്തവരെ സംസാ
രിക്കുമാറാക്കുന്നു" എന്നു പറഞ്ഞു.

അദ്ധ്യായം 8

ആ നാളുകളിൽ ജനക്കൂട്ടം വളരെയും,
അവർക്കു ഭക്ഷിപ്പാൻ ഒന്നുമില്ലാതെയും
ഇരിക്കുമ്പോൾ താൻ തൻെറ ശിഷ്യന്മാരെ
വിളിച്ച് അവരോട്: "ഈ പുരുഷാരത്തോട്
എനിക്കു മനസ്സലിവുതോന്നുന്നു. എന്തെ
ന്നാൽ ഇതാ മൂന്നു ദിവസമായി ഇവർ
എൻെറ അടുക്കൽ പാർക്കുന്നു. അവർക്കു
ഭക്ഷിപ്പാനോ ഒന്നുമില്ല. ഞാൻ അവരെ
പട്ടിണിയായി സ്വഭവനങ്ങളിലേക്കു പിരിച്ചു
വിട്ടാൽ അവർ വഴിയിൽ തളർന്നു വീണു
പോയേക്കാം. അവരിൽ ചിലർ ദൂരെനിന്നു
വന്നവരാണല്ലോ" എന്നു പറഞ്ഞു. തൻെറ
ശിഷ്യന്മാർ, തന്നോട് "ഇവരെ എല്ലാം ഈ
വിജനപ്രദേശത്ത് അപ്പം കൊടുത്തു തൃപ്തി
പ്പെടുത്തുവാൻ ആർക്ക് എവിടെ നിന്നും
സാദ്ധ്യമാകും" എന്നു പറഞ്ഞു. താൻ അവ
രോട് "നിങ്ങളുടെ കൈവശം എത്ര അപ്പം
ഉണ്ട്" എന്നു ചോദിച്ചു. 'ഏഴ്' എന്ന് അവർ
പറഞ്ഞു. പുരുഷാരത്തോട് നിലത്ത്
പന്തിയായി ഭക്ഷണത്തിന് ഇരിക്കുവാൻ
താൻ കല്പിച്ചു. താൻ ആ ഏഴ് അപ്പം എടു
ത്തു വാഴ്ത്തി മുറിച്ച് വിളമ്പുവാൻ തൻെറ
ശിഷ്യന്മാർക്കു കൊടുത്തു. അവർ അതു
പുരുഷാരത്തിനു വിളമ്പി. കുറെ മത്സ്യ
വും ഉണ്ടായിരുന്നു. അവമേലും താൻ
വാഴ്ത്തി വിളമ്പുവാൻ അവരോട് പറ
ഞ്ഞു. എല്ലാവരും ഭക്ഷിച്ചു തൃപ്തരു
മായി. ബാക്കി വന്ന കഷണങ്ങൾ ഏഴ്
വൻവട്ടികളിൽ അവർ ശേഖരിച്ചു. ഭക്ഷണം
കഴിച്ച ആളുകളോ —നാലായിരത്തോള 10
മായിരുന്നു! താൻ അവരെ പിരിച്ചയച്ച
ശേഷം ശിഷ്യരുമൊത്ത് ഉടനെ പടവു കയറി
'ദൽമോനൂസോ' ദേശത്തെത്തി.

പരീശന്മാർ വന്ന് തന്നോടു വാദിപ്പാൻ 11
തുടങ്ങി. തന്നെ പരീക്ഷിച്ചു കൊണ്ട്
സ്വർഗ്ഗത്തിൽ നിന്ന് അടയാളം കാണിപ്പാൻ
തന്നോട് ആവശ്യപ്പെട്ടു. താൻ ആത്മാവിൽ 12
നെടുവീർപ്പിട്ടുകൊണ്ട് "ഈ തലമുറ അട
യാളം ചോദിക്കുന്നത് എന്തിന്? ഈ തലമു
റയ്ക്ക് അടയാളം നൽകപ്പെടുകയില്ല എന്നു
ഞാൻ സത്യമായി നിങ്ങളോടു പറയുന്നു" 13
എന്നു പറഞ്ഞു. താൻ അവരെ വിട്ടു പട
വിൽ കയറി അക്കരയ്ക്കു പോയി.

അവർ അപ്പം എടുക്കുവാൻ മറന്നു 14
പോയി. ഒരപ്പമല്ലാതെ പടവിൽ അവരുടെ
പക്കൽ ഒന്നും ഉണ്ടായിരുന്നില്ല. താൻ 15
അവരോട് "നോക്കുവിൻ, പരീശന്മാരുടെ
പുളിമാവിൽനിന്നും ഹേറോദേസിൻെറ
പുളിമാവിൽനിന്നും കരുതലുള്ളവരായി
രിക്കണം" എന്നു പറഞ്ഞു. 'നമ്മുടെ കൈ 16
വശം അപ്പം ഇല്ലാത്തതിനാലാണ് (താൻ പറ
ഞ്ഞത്) എന്ന് അവർ പരസ്പരം ചിന്തിച്ചു
കൊണ്ടിരുന്നു. യേശുവോ അതറിഞ്ഞിട്ട്
"നിങ്ങളുടെ പക്കൽ അപ്പമില്ലാത്തതുകൊ 17
ണ്ടാണ് എന്നു നിങ്ങൾ ചിന്തിക്കുന്നതെന്ത്?
ഇതുവരേയും നിങ്ങൾ അറിയുന്നില്ലേ?
മനസ്സിലാക്കുന്നില്ലേ? ഇതുവരെയായിട്ടും
നിങ്ങളുടെ ഹൃദയം കടുപ്പമായാണോ ഇരി
ക്കുന്നത്? നിങ്ങൾക്കു കണ്ണുകൾ ഉണ്ട്;
നിങ്ങൾ കാണുന്നില്ല. നിങ്ങൾക്കു ചെവി 18
കൾ ഉണ്ട്; നിങ്ങൾ കേൾക്കുന്നില്ല. ഓർമ്മി
ക്കുന്നുമില്ല! ആ അഞ്ചപ്പം അയ്യായിരത്തി
നായി ഞാൻ മുറിച്ചു കൊടുത്തപ്പോൾ, 19
കഷണങ്ങൾ എത്ര കൊട്ട നിറയെയാ
ണു നിങ്ങൾ എടുത്തത്?" 'പന്ത്രണ്ട്' എന്ന് 20
അവർ പറഞ്ഞു. ആ ഏഴപ്പം നാലായിര
ത്തിനു (കൊടുത്തശേഷം) എത്ര വൻവട്ടി
കൾ നിങ്ങൾ ശേഖരിച്ചു. 'ഏഴ്' എന്ന് അവർ
പറഞ്ഞു. 'താൻ അവരോട് ഇതുവരെയാ 21
യിട്ടും നിങ്ങൾ മനസ്സിലാക്കാത്തത് എന്ത്?
എന്നു ചോദിച്ചു.

താൻ ബെസ് സൈദായിൽ വന്നു. 22
(ചിലർ) ഒരു അന്ധനെ തൻെറ സന്നിധി
യിൽ കൊണ്ടുവന്നു. താൻ അവനെ സ്പർ
ശിക്കണമെന്നപേക്ഷിച്ചു. താൻ ആ കുരുട 23
ൻെറ കൈയ്ക്കു പിടിച്ച്, ഗ്രാമത്തിനു പുറ
ത്തു കൊണ്ടുപോയി, അവൻെറ കണ്ണുക
ളിൽ തുപ്പി, തൻെറ കൈവച്ച് അവനോട്
അവൻ എന്തു കാണുന്നു എന്നു ചോദിച്ചു.

24 അവൻ സൂക്ഷിച്ചു നോക്കി. മനുഷ്യരെ,
നടക്കുന്ന വൃക്ഷങ്ങളെ പോലെയാണ്
ഞാൻ കാണുന്നത് എന്നു പറഞ്ഞു.
25 വീണ്ടും അവന്റെ കൺകൾമേൽ താൻ
26 കൈവച്ചു. അവൻ സുഖപ്പെട്ടു. അവൻ
സർവ്വവും തെളിവായി കണ്ടു. താൻ അവനെ
സ്വഭവനത്തിലേക്കയച്ചു. അവനോട് "നീ
ഗ്രാമത്തിൽ പ്രവേശിക്കുകയോ ഗ്രാമ
ത്തിൽ ആരോടും പറയുകയോ അരുത്"
എന്നു പറഞ്ഞു.

27 യേശുവും തന്റെ ശിഷ്യന്മാരും ഫീലി
പ്പോസിന്റെ കൈസറിയായിലെ ഗ്രാമങ്ങ
ളിലേക്കു പുറപ്പെട്ടു. വഴിയിൽ വച്ച് താൻ
തന്റെ ശിഷ്യരോട് "ഞാൻ ആരാകുന്നു
എന്നാണ് മനുഷ്യർ എന്നെക്കുറിച്ച് പറയു
28 ന്നത്?" എന്നു ചോദിച്ചു. അവർ തന്നോട്,
"അങ്ങ് യോഹന്നാൻ സ്നാപകനാണ്
എന്നു ചിലരും, ഏലിയാ എന്നു മററു
ചിലരും, പ്രവാചകന്മാരിൽ ഒരുവൻ എന്നു
വേറെ ചിലരും പറയുന്നുണ്ട്" എന്നു പറ
29 ഞ്ഞു. എന്നാൽ "ഞാൻ ആരാകുന്നു എന്നാ
ണ് എന്നെക്കുറിച്ചു നിങ്ങൾ പറയുന്നത്?"
എന്നു ചോദിച്ചു. ശെമഓൻ ഉത്തരമായി
തന്നോട് "അങ്ങ് ജീവനുള്ള ദൈവത്തി
ന്റെ പുത്രനായ മ്ശീഹാ ആകുന്നു" എന്നു
30 പറഞ്ഞു. തന്നെക്കുറിച്ച് ആരോടും പറയ
രുത് എന്ന് താൻ അവരെ വിലക്കി.

31 മനുഷ്യന്റെ പുത്രൻ വളരെയേറെ
കഷ്ടമനുഭവിപ്പാനും, കശ്ശീശ്ശന്മാരാലും
പ്രധാനാചാര്യന്മാരാലും സൊഫ്രേന്മാരാലും
നിരസിക്കപ്പെടുവാനും, കൊല്ലപ്പെടുവാനും
മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുവാനു
മിരിക്കുന്നു എന്ന് താൻ അവരെ ഗ്രഹിപ്പി
32 ക്കുവാൻ തുടങ്ങി. താൻ ഈ കാര്യം സ്പ
ഷ്ടമായി പ്രസ്താവിച്ചു. കീപ്പാ തന്നെ
കൂട്ടിക്കൊണ്ടുപോയി തന്നെ വിലക്കുവാൻ
33 ആരംഭിച്ചു. താൻ തിരിഞ്ഞ് തന്റെ ശിഷ്യ
ന്മാരെ നോക്കിയിട്ട് ശെമഓനെ ശാസിച്ചു
കൊണ്ട് 'സാത്താൻ, നീ എന്റെ പിന്നിൽ
പോകുക. എന്തെന്നാൽ നീ ദൈവത്തിന്റേ
തല്ല, മനുഷ്യന്റേതത്രെ വിചാരിക്കുന്നത്'
എന്നു പറഞ്ഞു.

34 യേശു പുരുഷാരത്തേയും തന്റെ
ശിഷ്യന്മാരേയും വിളിച്ച് അവരോട് പറ
35 ഞ്ഞത്: "എന്റെ പിന്നാലെ വരുവാൻ ആഗ്ര
ഹിക്കുന്നവൻ തന്നെത്തന്നെ ത്യജിച്ച്
തന്റെ കുരിശെടുത്ത് എന്റെ പിന്നാലെ
വരണം. എന്തെന്നാൽ തന്റെ ജീവനെ
രക്ഷിപ്പാൻ ആഗ്രഹിക്കുന്നവൻ അതിനെ
നശിപ്പിക്കും. എന്നെ പ്രതിയും എന്റെ
സുവിശേഷത്തെ പ്രതിയും തന്റെ ജീവനെ
നശിപ്പിക്കുന്നവനോ, അതിനെ ജീവിപ്പി
ക്കും. ഒരു മനുഷ്യൻ സർവ്വലോകവും നേടി 36
യിട്ടും തന്റെ ആത്മാവിനെ നഷ്ടമാക്കി
യാൽ അവന് എന്തു പ്രയോജനം? അഥവാ, 37
മനുഷ്യൻ തന്റെ ആത്മാവിനു പകരമായി
എന്തുകൊടുക്കും? എന്തെന്നാൽ പാപവും 38
വ്യഭിചാരവുമുള്ള ഈ തലമുറയിൽ ഒരുവൻ
എന്നിലും എന്റെ വചനങ്ങളിലും ലജ്ജി
ച്ചാൽ, മനുഷ്യപുത്രൻ തന്റെ പിതാവി
ന്റെ മഹത്ത്വത്തോടെ തന്റെ വിശുദ്ധ
മാലാഖമാരുമായി വരുമ്പോൾ അവനിലും
ലജ്ജിക്കും."

അദ്ധ്യായം 9

യേശു അവരോട് "ദൈവരാജ്യം ശക്തി 1
യോടെ വരുന്നതായി കാണുന്നതുവരെ
മരണം ആസ്വദിക്കാത്തവരായി ഇവിടെ
നിൽക്കുന്നവരിൽ ചിലർ ഉണ്ടെന്നു സത്യ
മായി ഞാൻ നിങ്ങളോടു പറയുന്നു" എന്നു
പറഞ്ഞു. ആറു ദിവസം കഴിഞ്ഞ് യേശു 2
കീപ്പായേയും യാക്കോബിനേയും, യോഹ
ന്നാനേയും മാത്രമായി ഒരുയർന്ന മലയി
ലേക്കു കരേററി കൊണ്ടുപോയി. അവരുടെ 3
മുമ്പിൽ വച്ചു താൻ രൂപാന്തരപ്പെട്ടു.
ഭൂമിയിൽ മനുഷ്യർക്കു വെളുപ്പിപ്പാൻ കഴി
യാത്ത വിധത്തിൽ, തന്റെ വസ്ത്രം പ്രകാ
ശിതവും ഹിമംപോല അത്ര അധികം ശുഭ്ര
വും ആയിത്തീർന്നു. അപ്പോൾ, മോശയും 4
ഏലിയായും യേശുവിനോട് സംസാരിച്ചു
കൊണ്ടിരിക്കുന്നതായി അവർക്കു കാണ
പ്പെട്ടു. കീപ്പാ തന്നോട് "റബീ നാം ഇവിടെ 5
ആയിരിക്കുന്നതു നമുക്കു നല്ലത്. ഞങ്ങൾ
മൂന്നു കൂടാരങ്ങൾ —ഒന്നു അങ്ങേയ്ക്കും
ഒന്നു മോശയ്ക്കും ഒന്നു ഏലിയായ്ക്കുമാ
യി—ഇവിടെ ഉണ്ടാക്കാം" എന്നു പറഞ്ഞു.
അവൻ എന്താണ് പറയുന്നതെന്ന് അവൻ 6
അറിഞ്ഞിരുന്നില്ല. എന്തെന്നാൽ അവർ
ഭീതിയിൽ ആയിരുന്നു.

ഒരു മേഘം വന്ന് അവരുടെ മേൽ നിഴ 7
ലിച്ചു. "ഇവൻ എന്റെ പ്രിയപുത്രൻ, ഇവനെ
നിങ്ങൾ അനുസരിപ്പിൻ" എന്ന് മേഘത്തിൽ
നിന്ന് ഒരു ശബ്ദവും ഉണ്ടായി. പെട്ടെന്ന് 8
അവർ നോക്കിയപ്പോൾ ശിഷ്യന്മാർ അവ
രുടെകൂടെ യേശുവിനെ മാത്രമല്ലാതെ മററാ
രേയും കണ്ടില്ല. മനുഷ്യപുത്രൻ മരിച്ചവ 9
രുടെ ഇടയിൽനിന്ന് ഉയിർത്തതിനുശേഷ
മല്ലാതെ അവർ കണ്ട ഇക്കാര്യം ആരോടും
പറയരുതെന്ന് അവർ മലയിറങ്ങുമ്പോൾ
താൻ അവരോട് കല്പിച്ചു. 'മരിച്ചവരുടെ ഇട 1

യിൽനിന്ന് ഉയിർത്തതിനുശേഷം' എന്നുള്ള
ഈ വചനം എന്ത് എന്ന് അന്വേഷിച്ചുകൊ
ണ്ട് ആ വചനം അവർ അവരിൽതന്നെ സംഗ്ര
1 ഹിച്ചു. അവർ തന്നോട് "മുന്നമേ ഏലിയാ
വരേണ്ടതാകുന്നു എന്നു സൊപ്രേന്മാർ പറ
യുന്നത് എന്തുകൊണ്ടാണ്?" എന്നു ചോദി
2 ച്ചു. താൻ അവരോട് "സർവ്വവും ക്രമപ്പെ
ടുത്തുവാനായി ഏലിയാ മുന്നമെ വരും.
മനുഷ്യപുത്രനെക്കുറിച്ച് എഴുതപ്പെട്ടിരിക്കു
3 ന്നത് എങ്ങനെ? അവൻ വളരെ പീഡയനു
ഭവിക്കയും നിരസിക്കപ്പെടുകയും ചെയ്യും
എന്നത്രെ. എന്നാലോ ഞാൻ നിങ്ങളോടു
പറയുകയാണ്, ഏലിയാ വന്നുകഴിഞ്ഞു.
അവനെക്കുറിച്ച് എഴുതപ്പെട്ടിരുന്ന പ്രകാരം,
അവർക്കിഷ്ടപ്പെട്ടതെല്ലാം അവനോട്
അവർ ചെയ്കയും ചെയ്തു" എന്നു പറഞ്ഞു.
താൻ തന്റെ ശിഷ്യന്മാരുടെ സമീപം
വന്നപ്പോൾ അവരുടെ അടുക്കൽ വളരെ
പുരുഷാരത്തേയും അവരോടു തർക്കിച്ചു
കൊണ്ടിരിക്കുന്ന സൊപ്രേന്മാരേയും കണ്ടു.
ഉടനെതന്നെ ജനക്കൂട്ടമെല്ലാം തന്നെ കണ്ട്
അത്ഭുതപ്പെട്ടു. അവർ ഓടിവന്ന് തനിക്ക്
സമാധാനം ചൊല്ലി. താൻ സൊപ്രേന്മാരോട്
"നിങ്ങൾ അവരുമായി എന്താണ് തർക്കി
ക്കുന്നത്" എന്നു ചോദിച്ചു. പുരുഷാര
ത്തിൽനിന്നും ഒരുവൻ ഉത്തരമായിട്ട് 'ഗുരോ,
മൂകമായ ആത്മാവ് (ബാധിച്ച) എന്റെ
മകനെ അങ്ങയുടെ അടുക്കലേയ്ക്കായി
ഞാൻ കൊണ്ടുവന്നു. അത് അവനെ പിടി
കൂടുന്നിടത്തുവച്ച് അവനെ തള്ളി മറിച്ചിടു
കയും, അവൻ പത പുറപ്പെടുവിച്ച് പല്ലു
കടിച്ച്, സ്തംഭിച്ചുപോകയും ചെയ്യുന്നു. അതി
നെ പുറത്താക്കുവാൻ അങ്ങയുടെ ശിഷ്യ
ന്മാരോട് ഞാൻ പറഞ്ഞു. അവർക്കു സാധ്യ
മായില്ല' എന്നു പറഞ്ഞു. യേശു ഉത്തരമാ
യി അവരോട്: 'വിശ്വസിക്കാത്ത തലമുറയേ!
എത്രത്തോളം ഞാൻ നിങ്ങളോടു കൂടെ
ഇരിക്കും? നിങ്ങളെ സഹിക്കും? അവനെ
എന്റെ അടുത്തു കൊണ്ടുവരുവിൻ" എന്നു
പറഞ്ഞു. അവർ അവനെ തന്റെ അടുക്കൽ
കൊണ്ടുവന്നു. ആ ആത്മാവ് തന്നെ കണ്ട
ഉടനെ അവനെ തള്ളിയിട്ടു. അവൻ നില
ത്തു വീണു ഉരുണ്ടു. നുര പുറപ്പെടുവിച്ചു.
യേശു അവന്റെ പിതാവിനോട് "ഇവന്
ഇങ്ങനെയായിട്ട് എത്ര കാലമായി?" എന്നു
ചോദിച്ചതിന് "അവന്റെ ബാല്യം മുതൽ
തന്നെ. അവനെ നശിപ്പിക്കുവാനായി പല
പ്രാവശ്യം തീയിലും വെള്ളത്തിലും അവനെ
തള്ളിയിട്ടിട്ടുണ്ട്. അങ്ങയ്ക്കു കഴിയുന്നത്ര
എന്നെ സഹായിക്കണമേ, എന്നോടു കരുണ
ചെയ്യണമേ" എന്നു പറഞ്ഞു. യേശു അവ 23
നോട് 'നിനക്കു വിശ്വസിപ്പാൻ കഴിയു
മെങ്കിൽ, വിശ്വസിക്കുന്നവന് സർവ്വവും
സാധിതമാകും.' എന്നു പറഞ്ഞു. ആ 24
ബാലന്റെ പിതാവ് തൽക്ഷണം ഉച്ചത്തിൽ
അട്ടഹസിച്ചുകൊണ്ട് "ഞാൻ വിശ്വസിക്കു
ന്നു. വിശ്വാസക്കുറവുള്ള എന്നെ സഹാ
യിക്കണമെ" എന്നു കരഞ്ഞു പറഞ്ഞു.
ജനമെല്ലാം തന്റെ അടുക്കലേക്ക് ഓടിക്കൂ 25
ടുന്നത് യേശു കണ്ടപ്പോൾ ആ അശുദ്ധാ
ത്മാവിനെ താൻ ശാസിച്ച് അതിനോട്
"സംസാരിക്കാത്ത ബധിരനായ ആത്മാവേ,
നിന്നോടു ഞാൻ ആജ്ഞാപിക്കുന്നു. ഇവ
നിൽനിന്നും ഒഴിഞ്ഞുപോകുക ഇനിയും
ഇവനിൽ പ്രവേശിക്കുകയുമരുത്" എന്നു
പറഞ്ഞു. ആ പിശാച് അധികമായി അട്ടഹ 26
സിച്ച് അവനെ പീഡിപ്പിച്ച് അവനെ വിട്ടു
പോയി. ആ (ബാലൻ) മരിച്ചുപോയി എന്ന്
അനേകർ പറയത്തക്കവണ്ണം അവൻ മരിച്ച
വനെപ്പോലെ ആയിത്തീർന്നു. യേശുവോ 27
അവന്റെ കൈക്കുപിടിച്ച് അവനെ എഴു
ന്നേൽപിച്ചു. താൻ ഭവനത്തിൽ പ്രവേശി 28
ച്ചപ്പോൾ അവർ തനിച്ചായിരിക്കെ തന്റെ
ശിഷ്യന്മാർ തന്നോട് "അതിനെ പുറത്താ
ക്കുവാൻ ഞങ്ങൾക്കു സാധിക്കാതിരുന്നത്
എന്തുകൊണ്ടാണ്?" എന്നു ചോദിച്ചു. താൻ 29
അവരോട് "ഉപവാസവും പ്രാർത്ഥനയും
കൊണ്ടല്ലാതെ ഒന്നുകൊണ്ടും ഈ വർഗ്ഗം
പുറത്തുപോകുവാൻ സാദ്ധ്യമല്ല" എന്നു
പറഞ്ഞു.
അവർ അവിടെനിന്നും പുറപ്പെട്ട് ഗലീല 30
യിലൂടെ കടന്നു പോകുമ്പോൾ ആരും
തന്നെ അറിയണമെന്ന് താൻ ആഗ്രഹിച്ചില്ല.
താൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചുകൊ
ണ്ട്, മനുഷ്യന്റെ പുത്രൻ മനുഷ്യരുടെ കൈ 31
കളിൽ ഏല്പിക്കപ്പെടുമെന്നും, അവർ
അവനെ കൊല്ലുമെന്നും, കൊല്ലപ്പെട്ടശേഷം
മൂന്നാംനാൾ അവൻ ഉയിർത്തെഴുന്നേൽക്കു
മെന്നും അവരോട് പറഞ്ഞു. അവർക്കാകട്ടെ 32
ആ വചനം മനസ്സിലായില്ല. തന്നോടു ചോദി
പ്പാൻ അവർ ഭയപ്പെട്ടുമിരുന്നു.
അവർ കഫർന്നഹോമിലേക്കു വന്നു. 33
ഭവനത്തിൽ പ്രവേശിച്ചശേഷം താൻ
അവരോടു ചോദിച്ചു. "വഴിയിൽ വച്ചു
നിങ്ങൾ പരസ്പരം എന്താണ് ആലോചി
ച്ചത്?" അവർ മിണ്ടാതിരുന്നു. എന്തെന്നാൽ 34
അവർ വഴിയിൽ വച്ചു പരസ്പരം തർക്കി
ച്ചിരുന്നത് അവരിൽ ആരാണ് വലിയവൻ
എന്നായിരുന്നു. യേശു ഇരുന്നു. താൻ 35
പന്തിരുവരെ വിളിച്ച് അവരോട് "ഒന്നാമ

നാകുവാൻ ആഗ്രഹിക്കുന്നവൻ എല്ലാ
വർക്കും പിമ്പനും എല്ലാവരുടെയും ശുശ്രൂ
36 ഷകനും ആയിരിക്കണം.” താൻ ഒരു ബാല
നെ എടുത്ത് അവരുടെ മദ്ധ്യത്തിൽ നിർത്തി.
തന്റെ ഭുജങ്ങളിൽ അവനെ എടുത്തു.
37 അവരോട് “ഈ പൈതലിനെപ്പോലെ
യുള്ളവനെ എന്റെ നാമത്തിൽ കൈക്കൊ
ള്ളുന്നവൻ എന്നെയാകുന്നു കൈക്കൊള്ളു
ന്നത്. എന്നെ കൈക്കൊള്ളുന്നവൻ, എന്നെ
യല്ല എന്നെ അയച്ചവനെയത്രെ കൈക്കൊ
ള്ളുന്നത്” എന്നു പറഞ്ഞു.
38 യോഹന്നാൻ തന്നോടു “റബീ, ഒരുവൻ
അങ്ങയുടെ നാമത്തിൽ ഭൂതങ്ങളെ പുറത്താ
ക്കുന്നതു ഞങ്ങൾ കണ്ടു. അയാൾ നമ്മെ
അനുഗമിക്കാത്തതുകൊണ്ട് ഞങ്ങൾ അയാ
ളെ വിലക്കി” എന്നു പറഞ്ഞു. യേശു അവ
39 രോട് “അവനെ നിങ്ങൾ വിലക്കേണ്ട.
എന്തെന്നാൽ ഒരുവൻ എന്റെ നാമത്തിൽ
അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ഉടൻ
തന്നെ എന്നേക്കുറിച്ച് ദൂഷ്യം പറയുകയും
40 ചെയ്‌വാൻ സാദ്ധ്യമല്ല. ആകയാൽ നിങ്ങൾ
ക്ക് എതിരല്ലാത്തവൻ നിങ്ങൾക്ക് അനു
41 കൂലിയാകുന്നു. എന്തെന്നാൽ നിങ്ങൾ
മ്ശീഹായ്ക്കുള്ളവർ എന്ന പേരിൽ ഒരു
പാത്രം വെള്ളം നിങ്ങൾക്കു കുടിപ്പാൻ തരു
ന്ന ആരും തന്റെ പ്രതിഫലം നഷ്ടപ്പെടു
ത്തുകയില്ല എന്നു ഞാൻ സത്യമായി നിങ്ങ
42 ളോടു പറയുന്നു. എന്നിൽ വിശ്വസിക്കുന്ന
ഈ ചെറിയവരിൽ ഒരുവനെ വിരുദ്ധപ്പെ
ടുത്തുന്നവൻ ആരോ, അവൻ തന്റെ കഴു
ത്തിൽ കഴുതയുടെ തിരികല്ലുകെട്ടി സമുദ്ര
ത്തിൽ ചാടിയിരുന്നെങ്കിൽ അതായിരുന്നു
അവനു നല്ലത്.
43 നിന്റെ കൈ നിനക്ക് ഇടർച്ച വരു
ത്തുന്നുവെങ്കിൽ അതിനെ മുറിച്ചു കള
44 യുക. രണ്ടു കൈകൾ ഉള്ളവനായി ചാകാ
ത്ത പുഴുവും കെടാത്ത തീയുമുള്ള നരക
ത്തിൽ നീ വീഴുന്നതിനേക്കാൾ അംഗ
ഹീനനായി ജീവനിലേക്കു കടക്കുന്നതല്ലേ
45 നിനക്കു നല്ലത്? നിന്റെ കാലാണ് നിനക്ക്
ഇടർച്ച വരുത്തുന്നതെങ്കിൽ അതിനെ ഛേദി
46 ച്ചു കളയുക. ചാകാത്ത പുഴുവും കെടാത്ത
തീയുമുള്ള നരകത്തിൽ രണ്ടു കാലു
ള്ളവനായി നീ നിപതിക്കുന്നതിലും നിന
ക്കു നല്ലത് മുടന്തനായി ജീവനിലേക്കു കട
47 ക്കുന്നതത്രെ. നിന്റെ കണ്ണു നിനക്ക് ഇടർച്ച
വരുത്തുന്നെങ്കിൽ അതിനെ ചൂഴന്നുകള
യുക. ചാകാത്ത പുഴുവും കെടാത്ത തീയു
മുള്ള നരകത്തിൽ രണ്ടു കണ്ണുള്ളവനായി
നീ വീഴുന്നതിനേക്കാൾ ഒററക്കണ്ണനായി
ദൈവത്തിന്റെ രാജ്യത്തിലേക്കു പ്രവേശി
ക്കുന്നതല്ലേ നിനക്കു നല്ലത്? എല്ലാം അഗ്നി 48
യാൽ രുചിപ്പിക്കപ്പെടണം എല്ലാ ബലിയും 49
ഉപ്പിനാൽ രുചിപ്പിക്കപ്പെടണം. ഉപ്പു നല്ലതാ 50
കുന്നു. എന്നാൽ ഉപ്പ് ഉറകെട്ടുപോയാൽ
എന്തൊന്നിനാൽ അതു രുചിയുള്ളതാക്ക
പ്പെടും? നിങ്ങളിൽ ഉപ്പുണ്ടായിരിക്കട്ടെ.
നിങ്ങൾ പരസ്പരം സമാധാനത്തിൽ
ഇരിപ്പിൻ” എന്നു പറഞ്ഞു.

അദ്ധ്യായം 10

യേശു അവിടെനിന്നു പുറപ്പെട്ട്, 1
യോർദ്ദാനക്കരെ യഹൂദിയ അതിർത്തിയിൽ
എത്തി: അവിടെ വലിയ പുരുഷാരം തന്റെ
അടുത്തു വന്നു ചേർന്നു. പതിവുപോലെ
താൻ അവരെ പഠിപ്പിച്ചു. പരീശന്മാർ തന്നെ 2
സമീപിച്ച് തന്നെ പരീക്ഷിച്ചുകൊണ്ട്:
‘ഒരുവൻ തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നത്
ശരിയോ’ എന്നു ചോദിച്ചു. താൻ അവരോട് 3
“മോശ എന്താണ് നിങ്ങളോടു കല്പിച്ചി
രിക്കുന്നത്?” എന്നു ചോദിച്ചു. അവൾക്ക് 4
ഉപേക്ഷണപത്രം കൊടുത്തു പിരിച്ചയ
യ്ക്കാം എന്നു മോശ ഞങ്ങൾക്ക് അനുവാദം
തന്നിട്ടുണ്ട് എന്ന് അവർ പറഞ്ഞു. യേശു 5
അവരോട് “മോശ നിങ്ങൾക്കായി ഈ
കല്പന എഴുതിയത് നിങ്ങളുടെ ഹൃദയ
കാഠിന്യം നിമിത്തമായിരുന്നു. ആദിയിൽ
ദൈവം അവരെ പുരുഷനും സ്ത്രീയുമായി
സൃഷ്ടിച്ചു. ആകയാൽ പുരുഷൻ തന്റെ
പിതാവിനേയും മാതാവിനേയും വിട്ട് തന്റെ
ഭാര്യയോട് ചേർന്നിരിക്കും. അവർ ഇരുവരും
ഏകശരീരമായിരിക്കും. പിന്നീട് അവർ രണ്ട
ല്ല. ഏക ശരീരമത്രെ. ആകയാൽ ദൈവം
യോജിപ്പിച്ചത് മനുഷ്യൻ വേർപിരിക്കരുത്”
എന്നു പറഞ്ഞു.
ഭവനത്തിൽവച്ച് ഇതു സംബന്ധമായി
തന്റെ ശിഷ്യന്മാർ തന്നോടു ചോദിച്ചു.
“തന്റെ ഭാര്യയെ പിരിച്ചുവിട്ട് മററൊരുവളെ
പരിഗ്രഹിക്കുന്നവൻ വ്യഭിചരിക്കുകയാണ്.
ഭാര്യ അവളുടെ ഭർത്താവിനെ വിട്ട് മററൊ
രുവനോടു ചേർന്നാൽ അവളും വ്യഭിചരി
ക്കുകയത്രെ” എന്നു താൻ പറഞ്ഞു.
താൻ പൈതങ്ങളെ സ്പർശിക്കുവാ
നായി ആളുകൾ അവരെ തന്റെ അടുക്കൽ
കൊണ്ടുവന്നു. തന്റെ ശിഷ്യന്മാർ അവരെ
കൊണ്ടുവന്നവരെ തടസ്സം ചെയ്തു. ഇതു
കണ്ട് തനിക്കു നീരസം തോന്നി അവരോട്:
“പൈതങ്ങൾ എന്റെ അടുക്കൽ വരുവാൻ
വിടുവിൻ, നിങ്ങൾ അവരെ തടസ്സം ചെയ്യ
രുത്. എന്തെന്നാൽ ദൈവരാജ്യം ഇവരെപ്പോ

5 ലുള്ളവർക്ക് ഉള്ളതാകുന്നു. സത്യമായും
ഞാൻ നിങ്ങളോടു പറയുന്നു. ഒരു പൈതൽ
എന്നപോലെ ദൈവരാജ്യത്തെ സ്വീകരി
ക്കാത്ത ഒരുവനും അതിലേക്കു പ്രവേശി
6 ക്കുകയില്ല." എന്നു പറഞ്ഞു. താൻ പൈത
ങ്ങളെ തന്റെ ഭുജങ്ങളിൽ എടുത്ത് അവ
രുടെമേൽ കൈവച്ച് അവരെ അനുഗ്രഹിച്ചു.
7 താൻ വഴിയെ പൊയ്ക്കൊണ്ടിരുന്ന
പ്പോൾ, ഒരുവൻ ഓടിവന്ന് മുട്ടുകുത്തി
തന്നോട്: "നല്ലവനായ ഗുരുവേ, ഞാൻ
നിത്യജീവൻ അവകാശമാക്കുവാൻ എന്താ
8 ണു ചെയ്യേണ്ടത്?" എന്നു ചോദിച്ചു. യേശു
അവനോട് "നീ എന്നെ 'നല്ലവൻ' എന്നു
വിളിക്കുന്നത് എന്ത്? ദൈവം ഒരുവനല്ലാതെ
9 നല്ലവൻ ഇല്ല. കല്പനകൾ നിനക്കറിയാ
മല്ലോ! നീ വ്യഭിചരിക്കരുത്, മോഷ്ടിക്കരുത്,
കൊല ചെയ്യരുത്, കള്ളസാക്ഷി പറയരുത്,
ദ്രോഹിക്കരുത്, പിതാവിനേയും മാതാവി
നേയും ബഹുമാനിക്കണം" എന്നു പറഞ്ഞു.
0 അവൻ ഉത്തരമായി തന്നോട് "ഗുരോ ഇവ
യെല്ലാം എന്റെ ബാല്യംമുതൽ തന്നെ
ഞാൻ ആചരിച്ചുപോന്നിട്ടുണ്ട്" എന്നു
1 പറഞ്ഞു. യേശു അവനെ സൂക്ഷിച്ചു
നോക്കി അവനെ സ്നേഹിച്ചു; അവനോടു
പറഞ്ഞു: "നിനക്കു ഒന്നു കുറവുണ്ട്. നീ
പോയി നിനക്കുള്ളതെല്ലാം വിററ് ദരിദ്രർക്കു
കൊടുക്കുക. സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേ
പമുണ്ടാകും. നീ നിന്റെ കുരിശെടുത്തു
2 എന്റെ പിന്നാലെ വരിക." ഈ വചന
ത്തിൽ അവൻ വളരെ ദുഃഖിതനായി, മനോ
വേദനയോടുകൂടി പോയി. എന്തെന്നാൽ
അവനു വളരെയേറെ സമ്പത്തുണ്ടായിരു
3 ന്നു. യേശു തന്റെ ശിഷ്യന്മാരെ നോക്കി
അവരോട്: "സമ്പത്തുള്ളവർക്കു ദൈവ
രാജ്യത്തിൽ പ്രവേശിപ്പാൻ എത്ര പ്രയാസം"
4 എന്നു പറഞ്ഞു: ശിഷ്യന്മാരോ തന്റെ
ഈ വചനങ്ങളിൽ അത്ഭുതപ്പെട്ടു. യേശു
വീണ്ടും അവരോട് "എന്റെ മക്കളേ, തങ്ങ
ളുടെ സമ്പത്തിന്മേൽ ആശ്രയം വച്ചിരിക്കു
ന്നവർക്ക് ദൈവരാജ്യത്തിലേക്കു കടക്കു
5 വാൻ എത്ര പ്രയാസം! ധനികൻ ദൈവരാജ്യ
ത്തിൽ കടക്കുന്നതിനേക്കാൾ എളുപ്പം
ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത
6 ത്രെ." എന്നു പറഞ്ഞു. അവരോ കൂടുതൽ
വിസ്മിതരായിക്കൊണ്ട് (അങ്ങനെയെ
ങ്കിൽ) രക്ഷപ്രാപിക്കുവാൻ ആർക്കു സാ
ദ്ധ്യമാകും? എന്നു തമ്മിൽ തമ്മിൽ പറഞ്ഞു.
7 യേശു അവരെ നോക്കിക്കൊണ്ട്: "മനു
ഷ്യർക്ക് ഇത് സാദ്ധ്യമല്ല; എന്നാൽ ദൈവ
സന്നിധിയിലോ സാധിക്കും, സർവ്വവും
ദൈവസന്നിധിയിൽ സാദ്ധ്യമത്രെ" എന്നു
പറഞ്ഞു.
കീപ്പാ തന്നോടു പറയുവാൻ തുടങ്ങി. 28
"ഇതാ, ഞങ്ങൾ സർവ്വവും ഉപേക്ഷിച്ച്
അങ്ങയെ അനുഗമിച്ചിരിക്കുകയാണല്ലോ."
യേശു ഉത്തരമായി അവനോട് "എനിക്കു 29
വേണ്ടിയും എന്റെ സുവിശേഷത്തെ
പ്രതിയും ഭവനങ്ങളോ, സഹോദരന്മാരേ
യോ സഹോദരികളേയോ, പിതാവിനേ
യോ, മാതാവിനേയോ, ഭാര്യയേയോ, മക്ക
ളേയോ, വയലുകളേയോ, ഉപേക്ഷിക്കുന്ന
വൻ, ഇപ്പോൾ ഇക്കാലത്തുതന്നെ - ഞെരു 30
ക്കത്തോടെ - ഒന്നിനു നൂറായി വീടുകളേ
യും സഹോദരന്മാരേയും സഹോദരികളേ
യും, അമ്മമാരേയും മക്കളേയും നിലങ്ങളേ
യും-വരുവാനുള്ള ലോകത്തിൽ നിത്യജീവ
നേയും പ്രാപിക്കാതിരിക്കുകയില്ല എന്ന്
ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.
മുമ്പന്മാരായ പലരും പിമ്പന്മാരും, പിമ്പന്മാർ 31
മുമ്പന്മാരും, ആകും" എന്നു പറഞ്ഞു.
അവർ യറുശലേമിലേക്കു കയറിപ്പോ 32
കുമ്പോൾ യേശു മുമ്പേ ആയിരുന്നു. അവ
രൊ അത്ഭുതപ്പെട്ടും ഭീതരായും തന്റെ
പിന്നാലെ പൊയ്ക്കൊണ്ടിരുന്നു. തനിക്കു
സംഭവിപ്പാനിരിക്കുന്നവയെ പന്തിരുവരോടു
താൻ പറയുവാൻ തുടങ്ങി. "നാം ഇതാ യറു 33
ശലേമിലേക്കു കയറിപ്പോകുന്നു. മനുഷ്യ
ന്റെ പുത്രൻ പ്രധാനാചാര്യന്മാർക്കും സൊ
പ്രേന്മാർക്കും ഏല്പിച്ചു കൊടുക്കപ്പെടും.
അവർ അവനെ മരണത്തിനു വിധിക്കുക
യും പുറജാതികൾക്കു ഏല്പിക്കുകയും
ചെയ്യും. അവർ അവനെ പരിഹസിക്കും 34
ചമ്മട്ടികൊണ്ട് അടിക്കും. അവന്റെ മുഖ
ത്തു തുപ്പും. അവനെ കൊല്ലുകയും ചെയ്യും.
അവനോ മൂന്നാം നാളിൽ ഉയിർത്തെഴു
ന്നേൽക്കും" എന്നു പറഞ്ഞു.
സബദിപുത്രരായ യാക്കോബും 35
യോഹന്നാനും തന്നെ സമീപിച്ച് തന്നോട്
"ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നതെല്ലാം
അങ്ങ് ഞങ്ങൾക്കു ചെയ്തു തരണം എന്നു
ഞങ്ങൾ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞു.
"ഞാൻ നിങ്ങൾക്കായി എന്തു ചെയ്യണമെ 36
ന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?" എന്നു
താൻ അവരോടു ചോദിച്ചു. അവർ തന്നോട് 37
"അങ്ങയുടെ മഹത്ത്വത്തിൽ ഞങ്ങളിൽ
ഒരാൾ അങ്ങയുടെ വലത്തു ഭാഗത്തും
ഒരാൾ അങ്ങയുടെ ഇടത്തുഭാഗത്തും ഇരി
ക്കുവാൻ (വരം) നൽകണമെ" എന്നു പറ
ഞ്ഞു. താൻ അവരോട് "നിങ്ങൾ എന്താണ് 38
ചോദിക്കുന്നത് എന്നു നിങ്ങൾക്കു അറി

*ശമ്ലോ = ഒട്ടകം, കയറ്, വടം.

ഞ്ഞുകൂടാ. ഞാൻ കുടിക്കുന്ന 'കാസാ'
(പാനപാത്രം) കുടിപ്പാനും, ഞാൻ ഏറ്റ്ക്കു
ന്ന മാമ്മൂദീസാ ഏൽക്കുവാനും നിങ്ങൾക്കു
39 കഴിയുമോ" എന്നു ചോദിച്ചു. "ഞങ്ങൾക്കു
കഴിയും" എന്ന് അവർ പറഞ്ഞു. യേശു അവ
രോട് "ഞാൻ കുടിക്കുന്ന കാസാ നിങ്ങൾ
കുടിക്കും ഞാൻ ഏൽക്കുന്ന സ്നാനം
40 നിങ്ങളും ഏൽക്കും. എന്നാൽ എന്റെ വല
ത്തും എന്റെ ഇടത്തും ഇരിക്കുക എന്നു
ള്ളത്, അത് ആർക്കായി ഒരുക്കപ്പെട്ടിരി
ക്കുന്നോ അവർക്കല്ലാതെ നൽകുന്നത്
എന്റെ (കാര്യമല്ല)" എന്നു പറഞ്ഞു. പത്തു
41 പേർ ഇതുകേട്ടപ്പോൾ യാക്കോബിനേയും
യോഹന്നാനേയുംകുറിച്ചു പിറുപിറുക്കു
42 വാൻ തുടങ്ങി. യേശു അവരെ വിളിച്ച്
അവരോട്: "ജാതികളുടെ തലവന്മാർ എന്നു
വിചാരിക്കപ്പെടുന്നവർ അവരുടെ യജമാന
ന്മാരും അവരുടെ പ്രഭുക്കന്മാർ അവരുടെ
മേൽ അധികാരമുള്ളവരും ആകുന്നുവെന്നു
43 നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെ
ഇടയിൽ ഇപ്രകാരം ആയിരിക്കരുത്. നിങ്ങ
ളിൽ 'വലിയവൻ' ആകുവാൻ കാംക്ഷിക്കു
ന്നവൻ നിങ്ങൾക്കു ശുശ്രൂഷകനായിരിക്ക
44 ണം. നിങ്ങളിൽ ഒന്നാമനാകുവാൻ ആഗ്ര
ഹിക്കുന്നവനോ എല്ലാവർക്കും ദാസനു
45 മായിരിക്കണം. എന്തുകൊണ്ടെന്നാൽ, മനു
ഷ്യന്റെ പുത്രനും ശുശ്രൂഷിക്കപ്പെടുവാനല്ല
വന്നത്; പിന്നെയോ ശുശ്രൂഷ ചെയ്‌വാനും,
അനേകർക്കുവേണ്ടി രക്ഷയായി തന്നെ
ത്തന്നെ നൽകാനുമത്രെ വന്നത്." എന്നു
പറഞ്ഞു. അവർ യറീഹോയിൽ എത്തി.
46 യേശു യറീഹോയിൽനിന്ന് തന്റെ
ശിഷ്യന്മാരും വലിയ പുരുഷാരവുമായി പുറ
പ്പെട്ടപ്പോൾ, തീമായ് ബർ തീമായി എന്ന
അന്ധൻ വഴിയരുകിൽ ഭിക്ഷ യാചിച്ചുകൊ
47 ണ്ടിരിക്കുകയായിരുന്നു. 'നസ്രായനായ യേശു'
ആകുന്നു എന്ന് അവൻ കേട്ടപ്പോൾ, "ദാവീദു
പുത്രാ എന്നോട് കരുണ ചെയ്യണമെ" എന്ന്
48 നിലവിളിച്ചു പറഞ്ഞു. അവൻ മിണ്ടാതിരി
പ്പാൻ അനേകർ അവനെ വിലക്കി. എന്നാൽ
അവനോ കൂടുതലായി അട്ടഹസിച്ചുകൊ
ണ്ട് 'ദാവീദുപുത്രാ, എന്നോട് കരുണ ചെയ്യ
49 ണമെ' എന്നു പറഞ്ഞുകൊണ്ടിരുന്നു.
യേശു (അവിടെ) നിന്നു. അവനെ വിളിപ്പാൻ
ആജ്ഞാപിച്ചു. അവർ ആ കുരുടനെ
വിളിച്ച് അവനോട് "ധൈര്യപ്പെട്ടുകൊൾക.
എഴുന്നേൽക്കുക. അദ്ദേഹം നിന്നെ വിളി
50 ക്കുന്നു" എന്നു പറഞ്ഞു. ആ കുരുടൻ
തന്റെ മേൽവസ്ത്രം ഇട്ടുംവച്ച് എഴുന്നേറ്റ്
51 യേശുവിന്റെ സമീപം വന്നു. യേശു അവ
നോട് "നിനക്കു ഞാൻ എന്തു ചെയ്യണ
മെന്നാണ് നീ ആഗ്രഹിക്കുന്നത്?" എന്നു
ചോദിച്ചു. ആ കുരുടൻ തന്നോട് "റബ്ബീ
എനിക്കു കാഴ്ചയുണ്ടാകണമെ." എന്നു
പറഞ്ഞു. യേശു അവനോട്. "പൊയ്ക്കൊ 52
ള്ളുക. നിന്റെ വിശ്വാസം നിന്നെ ജീവി
പ്പിച്ചിരിക്കുന്നു" എന്നു പറഞ്ഞു. ഉടൻ
തന്നെ അവനു കാഴ്ച കിട്ടി. അവന്റെ
വഴിയ്ക്കു പോകുകയും ചെയ്തു.

അദ്ധ്യായം 11

യേശു ഒലിവുമലയുടെ സമീപം ബെ 1
സ്പാഗെയും ബെസ് അനിയയുംവരെ
യറുശലേമിനോടടുത്തപ്പോൾ തന്റെ
ശിഷ്യരിൽ രണ്ടുപേരെ അയച്ച് അവരോടു
"നമുക്ക് എതിരെയുള്ള ആ ഗ്രാമത്തിലേക്കു 2
പോകുവിൻ. നിങ്ങൾ അതിൽ പ്രവേശിച്ചാ
വുടനെ, മനുഷ്യരിലാരും അതിന്മേൽ കയറി
യിട്ടില്ലാത്ത - കെട്ടപ്പെട്ട ഒരു കഴുതക്കുട്ടിയെ
കാണും. അതിനെ അഴിച്ചു കൊണ്ടുവരു
വിൻ. നിങ്ങൾ എന്താണ് ഈ ചെയ്യുന്നത് 3
എന്ന് ആരെങ്കിലും ചോദിച്ചാൽ ഞങ്ങളുടെ
കർത്താവിന് അതിനെക്കൊണ്ട് ആവശ്യ
മുണ്ട് എന്നു പറഞ്ഞുകൊൾവിൻ. ഉടനെ
അവൻ അതിനെ ഇങ്ങോട്ടയയ്ക്കും" എന്നു
പറഞ്ഞു. അവർ പോയി പുറത്ത് തെരുവിൽ 4
വാതിൽക്കൽ കെട്ടപ്പെട്ടിരിക്കുന്ന കഴുത
ക്കുട്ടിയെക്കണ്ടു അവർ അതിനെ അഴിച്ച 5
പ്പോൾ അവിടെ നിന്നിരുന്നവരിൽ ചിലർ
"നിങ്ങൾ കഴുതക്കുട്ടിയെ അഴിക്കുന്നത്
എന്ത്?" എന്നു ചോദിച്ചു. യേശു അവരോടു 6
കല്പിച്ചിരുന്നതുപോലെ അവർ അവരോടു
പറഞ്ഞു. അവർ അവരെ വിട്ടയച്ചു. അവർ 7
കഴുതക്കുട്ടിയെ യേശുവിന്റെ അടുക്കൽ
കൊണ്ടുവന്നു. അവരുടെ വസ്ത്രങ്ങൾ അതി
ന്മേൽ വിരിച്ചു. യേശു അതിന്മേൽ കയറി
യിരുന്നു. അനേകർ അവരുടെ വസ്ത്ര 8
ങ്ങൾ വഴിയിൽ വിരിച്ചു. ചിലർ വൃക്ഷങ്ങ
ളിൽനിന്നു ചില്ലികൾ വെട്ടിയെടുത്തു വഴി
യിൽ വിതറി. തനിക്കു മുമ്പും തന്റെ പിന്നാ 9
ലെയും ഉള്ളവർ 'ഓശാന കർത്താവിന്റെ
നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാ
കുന്നു. നമ്മുടെ പിതാവായ ദാവീദിന്റേതാ 10
യി വരാനിരിക്കുന്ന രാജ്യവും വാഴ്ത്തപ്പെട്ട
താകുന്നു. അത്യുന്നതങ്ങളിൽ ഓശാന'
എന്നു അവർ അട്ടഹസിച്ചുകൊണ്ടിരുന്നു.
യേശു യറുശലേമിൽ ദൈവാലയത്തിൽ 11
പ്രവേശിച്ചു. എല്ലാം കണ്ടു. സന്ധ്യയായ
പ്പോൾ താൻ പന്തിരുവരോടു കൂടി ബെത്
അനിയായിലേക്കു പോയി.

12 പിറെറ ദിവസം ബെത് അനിയായിൽ
13 നിന്നു പോരുമ്പോൾ തനിക്കു വിശന്നു. ഇല
കളുള്ള ഒരു അത്തിവൃക്ഷം താൻ ദൂരത്തു
കണ്ടു, അതിൽ വല്ലതും കണ്ടേക്കാം (എന്നു
കരുതി) അതിന് അടുത്തെത്തി. ചെന്ന
പ്പോൾ, ഇലകളല്ലാതെ അതിൽ ഒന്നും
കണ്ടില്ല. എന്തെന്നാൽ അപ്പോൾ അത്തി
14 പ്പഴങ്ങളുടെ കാലമല്ലായിരുന്നു. താൻ
അതിനോട്, “ഇനി ഒരിക്കലും ഒരുവനും
നിന്നിൽനിന്നും ഫലം ഭക്ഷിക്കാതിരിക്കട്ടെ.”
എന്നു പറഞ്ഞു. ശിഷ്യന്മാർ ഇതു കേട്ടു.
അവർ യറുശലേമിൽ വന്നു.
15 യേശു ദൈവാലയത്തിലേക്കു പ്രവേ
ശിച്ചു ആലയത്തിന്നുള്ളിൽവച്ച്, വാങ്ങു
കയും വിൽക്കുകയും ചെയ്തവരെ, താൻ
പുറത്താക്കുവാൻ തുടങ്ങി. നാണയമാററ
ക്കാരുടെ മേശകളും പ്രാവ് വില്പനക്കാ
16 രുടെ ഇരിപ്പിടങ്ങളും താൻ മറിച്ചിട്ടു. ദൈവാ
ലയത്തിനുള്ളിൽ കൂടെ സാമാനങ്ങൾ കട
ത്തിക്കൊണ്ടുപോകാൻ താൻ സമ്മതിച്ചില്ല.
17 താൻ അവരെ പഠിപ്പിച്ചുകൊണ്ട് “എൻെറ
ഭവനം സർവ്വ ജാതികൾക്കും പ്രാർത്ഥനാല
യം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടി
ട്ടില്ലയോ? നിങ്ങളോ അതിനെ കള്ളന്മാരുടെ
ഗുഹയാക്കി തീർത്തിരിക്കുകയാണ്.”
18 എന്നു പറഞ്ഞു. പ്രധാനാചാര്യന്മാരും
സൊപ്രേന്മാരും ഇതുകേട്ടു. തന്നെ എങ്ങ
നെയാണ് നശിപ്പിക്കേണ്ടത് എന്ന് അവർ
അന്വേഷിച്ചു. എന്നാൽ ജനം മുഴുവൻ
തൻെറ ഉപദേശത്തിൽ വിസ്മയിച്ചിരുന്നതു
മൂലം തന്നെ അവർ ഭയപ്പെട്ടിരുന്നു.
19 സന്ധ്യയായപ്പോൾ അവർ നഗരത്തിൽ
20 നിന്നു പുറപ്പെട്ടു. പ്രഭാതത്തിൽ അവർ കട
ന്നു പോകുമ്പോൾ ആ അത്തിവൃക്ഷം വേ
രോടെ ഉണങ്ങി നിൽക്കുന്നതായിക്കണ്ടു.
21 ശെമഓന് ഓർമ്മ വന്ന് തന്നോട് “റബീ
കണ്ടാലും അങ്ങു ശപിച്ചതായ ആ അത്തി
വൃക്ഷം ഉണങ്ങിപ്പോയിരിക്കുന്നു!” എന്നു പറ
22 ഞ്ഞു. യേശു ഉത്തരമായി അവരോട്: “നിങ്ങ
ളിൽ ദൈവവിശ്വാസമുണ്ടായിരിക്കട്ടെ. ഈ
23 മല ഇവിടെനിന്നും മാറി കടലിൽ വീഴട്ടെ
എന്നു പറയുകയും, തൻെറ ഹൃദയത്തിൽ
സംശയിക്കാതെ, പറയുന്ന കാര്യം സംഭ
വിക്കുകതന്നെ ചെയ്യും എന്നു വിശ്വസിക്കു
കയും ചെയ്താൽ, അവൻ പറയുന്നതു സംഭ
വിക്കും എന്നു ഞാൻ സത്യമായി നിങ്ങളോ
24 ടു പറയുന്നു. ആകയാൽ നിങ്ങൾ പ്രാർത്ഥി
ക്കുകയും യാചിക്കുകയും ചെയ്യുന്നതെല്ലാം
നിങ്ങൾക്കു ലഭിക്കുമെന്നു വിശ്വസിപ്പിൻ.
എന്നാൽ അതു നിങ്ങൾക്കുണ്ടാകും എന്നു
ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ
പ്രാർത്ഥിപ്പാൻ നിൽക്കുമ്പോൾ, ആരോടെ 25
ങ്കിലും നിങ്ങൾക്കു (വിരോധം) വല്ലതുമു
ണ്ടെങ്കിൽ, ക്ഷമിപ്പിൻ. സ്വർഗ്ഗസ്ഥനായ
നിങ്ങളുടെ പിതാവും നിങ്ങളുടെ കുററങ്ങൾ
നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ ക്ഷമിക്കു 26
ന്നില്ലെങ്കിലോ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ
പിതാവ് നിങ്ങളുടെ കുററങ്ങളും ക്ഷമിക്കുക
യില്ല” എന്നു പറഞ്ഞു.
അവർ വീണ്ടും യറുശലേമിലേക്കു 27
വന്നു. പ്രധാനാചാര്യന്മാരും സൊപ്രേന്മാ
രും കശീശന്മാരും തൻെറ അടുത്തെത്തി
തന്നോട് “നീ ഏത് അധികാരത്താലാണ് 28
ഇവ ചെയ്യുന്നത്. ഇതെല്ലാം ചെയ്യുവാൻ നി
നക്ക് ആര് അധികാരം തന്നു?” എന്നു ചോ
ദിച്ചു. യേശു അവരോട് “നിങ്ങൾ എന്നോ 29
ടു പറയേണ്ടതിനായി ഒരു വാക്കു ഞാനും
ചോദിക്കാം. ഞാൻ ഏതധികാരത്തിൽ ഇവ
ചെയ്യുന്നുവെന്ന് (അപ്പോൾ) ഞാനും നിങ്ങ
ളോടു പറയാം ‘യോഹന്നാൻെറ മാമ്മൂദീ 30
സാ’ എവിടെനിന്ന് ആകുന്നു. സ്വർഗ്ഗത്തിൽ
നിന്നോ മനുഷ്യനിൽ നിന്നോ? എന്നോടു
പറയുവിൻ” എന്നു പറഞ്ഞു. അവർ അവ
രിൽ തന്നെ ചിന്തിച്ചു പറഞ്ഞു. സ്വർഗ്ഗ 31
ത്തിൽനിന്ന് എന്നു നാം പറഞ്ഞാൽ അവൻ
നമ്മോട്, “പിന്നെ എന്തുകൊണ്ട് അയാളെ
നിങ്ങൾ വിശ്വസിച്ചില്ല? എന്ന് ചോദിക്കും.
മനുഷ്യനിൽ നിന്നു എന്നു നാം പറഞ്ഞാൽ, 32
മനുഷ്യരെ ഭയപ്പെടണം എന്തെന്നാൽ യോ
ഹന്നാൻ സത്യമായും പ്രവാചകൻ ആകു
ന്നുവെന്ന് ജനം അംഗീകരിച്ചിരുന്നു. അവർ 33
യേശുവിനോട് “ഞങ്ങൾക്കറിഞ്ഞുകൂടാ”
എന്ന് ഉത്തരം പറഞ്ഞു. താൻ അവരോട്,
“ഏതധികാരത്താലാണ് ഞാൻ ഇവ
പ്രവർത്തിക്കുന്നത് എന്നു ഞാനും നിങ്ങ
ളോടു പറയുന്നില്ല” എന്നു പറഞ്ഞു.

അദ്ധ്യായം 12

ഉപമകളായി താൻ അവരോട് സംസാരി 1
പ്പാൻ തുടങ്ങി “ഒരു മനുഷ്യന് ഒരു മുന്തിരി
ത്തോട്ടമുണ്ടായിരുന്നു. അതിനു ചുറ്റും
വേലി കെട്ടി, അതിൽ ഒരു ചക്കും സ്ഥാപി
ച്ചു, ഒരു ഗോപുരവും പണിതു. അവൻ
അതു വേലക്കാരെ ഏല്പിച്ചിട്ട് യാത്ര തിരി
ച്ചു. തക്കകാലത്ത് മുന്തിരിത്തോട്ടത്തിലെ
ഫലങ്ങൾ വാങ്ങുവാനായി വേലക്കാരുടെ
അടുക്കലേക്കു തൻെറ ദാസനെ അയച്ചു. 2
അവരോ, അവനെ അടിക്കുകയും, വെറും
കൈയ്യായി അവനെ അയക്കുകയും ചെയ്തു.
വീണ്ടും വേറൊരുവനെ അയച്ചു. അവനെ 3

അവർ കല്ലെറിഞ്ഞു മുറിവേല്പിച്ച്, അപ
4 മാനിച്ചയച്ചു. വീണ്ടും അവൻ മററൊരുവനെ
അയച്ചു. അവനെ അവർ കൊന്നുകളഞ്ഞു.
5 മററു വളരെ ദാസന്മാരേയും അവൻ അയച്ചു.
ചിലരെ അവർ അടിച്ചു. ചിലരെ കൊല്ലു
6 കയും ചെയ്തു. അവന് ഒരു പ്രിയ പുത്രൻ
ഉണ്ടായിരുന്നു. പക്ഷെ, എൻെറ പുത്രനെ
അവർ ശങ്കിക്കും എന്നു പറഞ്ഞ് അവസാനം
അവനെ അവരുടെ അടുക്കൽ അയച്ചു. ആ
7 വേലക്കാരാകട്ടെ, 'ഇവനാകുന്നു അവ
കാശി, വരുവിൻ, നമുക്ക് ഇവനെ കൊന്നു
കളയാം, അവകാശം നമ്മുടെതായിത്തീരു
കയും ചെയ്യും' എന്ന് തമ്മിൽ പറഞ്ഞു.
8 അവർ അവനെ പിടിച്ച് കൊലചെയ്ത് തോട്ട
9 ത്തിന് വെളിയിൽ കളഞ്ഞു. ആകയാൽ ആ
തോട്ടമുടമസ്ഥൻ എന്തുചെയ്യും? അവൻ
വന്ന് ആ വേലക്കാരെ നശിപ്പിക്കുകയും
തോട്ടം മററാളുകളെ ഏല്പിക്കുകയും
10 ചെയ്യും. "പണിക്കാർ നിരസിച്ച കല്ലു
മൂലക്കല്ലായിത്തീർന്നു. ഇതു കർത്താവിൽ
11 നിന്നു സംഭവിച്ചു. നമ്മുടെ കണ്ണുകളിൽ
അത്ഭുതമാകുന്നു' എന്നു തിരുവെഴുത്ത്
12 നിങ്ങൾ വായിച്ചിട്ടില്ലയോ?" താൻ ഈ ഉപമ
തങ്ങളെക്കുറിച്ചാണ് പറഞ്ഞത് എന്ന്
അറിഞ്ഞു അവർ തന്നെ പിടിപ്പാൻ ശ്രമിച്ചു.
എന്നാൽ അവർ ജനത്തെ ഭയപ്പെട്ടു. അവർ
തന്നെ വിട്ടുപോയി.
13 തന്നെ വാക്കിൽ കുടുക്കുവാനായി
അവർ സൊപ്രേന്മാരിലും ഹേറോദേസ്യ
രിലും ചിലരെ തൻെറ അടുക്കൽ അയച്ചു.
14 അവർ വന്ന് തന്നോട്, "ഗുരോ അങ്ങു
സത്യവാനാകുന്നു. അങ്ങ് ദൈവമാർഗ്ഗം
സത്യമായി പഠിപ്പിക്കുകയല്ലാതെ, മുഖ
പക്ഷം നോക്കി ഒരുവനോടും പ്രത്യേകത
കാണിക്കാത്തവനെന്നും ഞങ്ങൾക്കറിയാം.
കൈസറിന് തലവരി കൊടുക്കുന്നത്
വിഹിതമോ, അല്ലയോ? കൊടുക്കണമൊ?
കൊടുക്കാതിരിക്കണമൊ?" എന്നു ചോദി
15 ച്ചു. താൻ അവരുടെ വഞ്ചന മനസ്സിലാക്കി
അവരോട്, "എന്തിന് നിങ്ങൾ എന്നെ പരീ
ക്ഷിക്കുന്നു? എനിക്കു കാണുവാനായി
ഒരു ദീനോറോ കൊണ്ടുവരിക" എന്നു
16 പറഞ്ഞു. അവർ അതുകൊണ്ടുവന്നു.
താൻ അവരോട് "ഈ രൂപവും എഴുത്തും
ആരുടേതാകുന്നു എന്നു ചോദിച്ചു. അവർ
തന്നോട് "കൈസറിൻേറത്" എന്നു പറ
17 ഞ്ഞു. യേശു അവരോട് "കൈസറിൻേറത്
കൈസറിനു കൊടുപ്പിൻ. ദൈവത്തിൻേറത്
ദൈവത്തിനും (കൊടുപ്പിൻ)" എന്നു പറ
ഞ്ഞു. അവർ അവനിൽ അത്ഭുതപ്പെട്ടു.

പുനരുത്ഥാനമേ ഇല്ല എന്നു പറയുന്ന 18
സാദൂക്യർ തൻെറ അടുത്തെത്തി. തന്നോടു
ചോദിച്ചുകൊണ്ട് അവർ പറഞ്ഞു. "ഗുരോ, 19
ഒരുവൻെറ സഹോദരൻ മക്കളില്ലാതെ മരി
ക്കുകയും ഭാര്യ അവശേഷിച്ചിരിക്കുകയും
ചെയ്താൽ, സ്വസഹോദരൻ അവൻെറ
ഭാര്യയെ പരിഗ്രഹിച്ച് അവൻെറ സഹോദര
നായി സന്തതിയെ ഉൽപാദിപ്പിക്കാം എന്നു
മോശ നമുക്കായി എഴുതിയിട്ടുണ്ടല്ലോ. ഏഴു 20
സഹോദരന്മാർ ഉണ്ടായിരുന്നു. ഒന്നാമൻ
ഒരു സ്ത്രീയെ പരിഗ്രഹിച്ചു. സന്തതിയി
ല്ലാതെ മരിച്ചു. രണ്ടാമൻ അവളെ പരിഗ്ര 21
ഹിച്ചു. അവനും സന്തതിയില്ലാതെ മരിച്ചു.
മൂന്നാമനും അങ്ങനെതന്നെ. അവർ ഏഴു 22
പേരും അവളെ പരിഗ്രഹിച്ചു. ആർക്കും
സന്തതിയുണ്ടായില്ല. എല്ലാവർക്കും അവ
സാനമായി ആ സ്ത്രീയും അന്തരിച്ചു. ആക 23
യാൽ, ഉയിർപ്പു സമയത്ത് ഇവൾ അവരിൽ
ആരുടെ ഭാര്യയായിരിക്കും? എന്തെന്നാൽ
അവർ ഏഴുപേരും അവളെ പരിഗ്രഹിച്ചിരു
ന്നല്ലോ." യേശു അവരോട് "തിരുവെഴുത്തു 24
കളും ദൈവത്തിൻെറ ശക്തിയും നിങ്ങൾക്ക
റിഞ്ഞുകൂടായ്കയാലല്ലയോ നിങ്ങൾക്കു
തെററു പററുന്നത്? അവർ മരിച്ചവരിൽ 25
നിന്നും പുനരുത്ഥാനം ചെയ്യുമ്പോൾ സ്ത്രീ
കളെ പരിഗ്രഹിക്കുന്നില്ല. പുരുഷന്മാരെ
ക്കൊണ്ട് സ്ത്രീകളെ വിവാഹം ചെയ്യിക്കുന്നു
മില്ല. പിന്നെയോ അവർ സ്വർഗ്ഗത്തിലുള്ള
മാലാഖമാരെപ്പോലെയത്രെ. പുനരുത്ഥാനം 26
ചെയ്യുന്ന മരിച്ചവരെക്കുറിച്ചു മോശയുടെ
പുസ്തകത്തിൽ നിങ്ങൾ വായിച്ചിട്ടില്ലയോ?
മുൾപ്പടർപ്പിൽനിന്നും ദൈവം അദ്ദേഹത്തോ
ട് എങ്ങനെയാണ് പറഞ്ഞത്? 'ഞാൻ അബ്ര
ഹാമിൻെറ ദൈവവും ഇസഹാക്കിൻെറ
ദൈവവും യാക്കോബിൻെറ ദൈവവും
(എന്നല്ലയോ?)' ദൈവം മരിച്ചവരുടെ അല്ല, 27
ജീവിക്കുന്നവരുടെ ദൈവമാകുന്നു. ആക
യാൽ നിങ്ങൾക്കു വളരെ തെററുപററിയിരി
ക്കുകയാകുന്നു" എന്നു പറഞ്ഞു.
അനന്തരം സൊപ്രേന്മാരിൽ ഒരുവൻ 28
തൻെറ അടുത്തുവന്നു. അവർ തർക്കിക്കു
ന്നത് അവൻ കേട്ടു. താൻ ഭംഗിയായി അവ
രോടു മറുപടി പറഞ്ഞു എന്ന് അവൻ കണ്ടു.
അവൻ തന്നോട് "എല്ലാററിലും ഒന്നാമത്തെ 29
കല്പന ഏതാകുന്നു?" എന്നു ചോദിച്ചു.
താൻ അവനോട് "എല്ലാററിലും ഒന്നാമത്തെ
കല്പനയോ? ഇസ്രായേലെ കേട്ടുകൊൾക
-നമ്മുടെ ദൈവമായ കർത്താവ് ഏക ദൈവ 30
മാകുന്നു. നിൻെറ ദൈവമായ കർത്താ
വിനെ നിൻെറ പൂർണ്ണ ഹൃദയത്തോടും

നിൻെറ പൂർണ്ണ ആത്മാവോടും നിൻെറ
പൂർണ്ണ മനസ്സോടും നിൻെറ പൂർണ്ണ ശക്തി
യോടും സ്നേഹിക്കണം." ഇതാകുന്നു
ഒന്നാമത്തെ കല്പന. ഇതിനോടു സാമ്യ
മുള്ള രണ്ടാമത്തേതോ "നീ നിന്നെ എന്ന
പോലെ തന്നെ നിൻെറ അയൽക്കാരനേയും
സ്നേഹിക്കണം." ഇവയേക്കാൾ വലിയ
വേറൊരു കല്പനയുമില്ല. എന്നു പറഞ്ഞു.
ആ സൊപ്രേൻ തന്നോട് ശരിതന്നെ റബി,
ഞങ്ങു സത്യമായിത്തന്നെ പറഞ്ഞു.
(ദൈവം) ഒരുവനേയുള്ളു. താനൊഴികെ
വേറൊരുവൻ ഇല്ല. ഒരുവൻ, തന്നെ പൂർണ്ണ
ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ
ആത്മാവോടും, പൂർണ്ണ ശക്തിയോടും
സ്നേഹിക്കണം. തന്നെ എന്നപോലെ
തന്നെ തൻെറ അയല്ക്കാരനേയും സ്നേ
ഹിക്കണം. ഇതു സർവ്വ ദഹനയാഗങ്ങ
ളെക്കാളും ബലികളെക്കാളും വിശിഷ്ട
മാകും' എന്നു പറഞ്ഞു
അവൻ ജ്ഞാനത്തോടെ മറുപടി പറ
ഞ്ഞു എന്ന് യേശു കണ്ടു അവനോട് "നീ
ദൈവരാജ്യത്തിൽനിന്നു അകന്നവനല്ല"
എന്നു പറഞ്ഞു. വീണ്ടും തന്നോടു ചോദ്യം
ചോദിക്കുവാൻ ആരും ധൈര്യപ്പെട്ടില്ല.
യേശു ദൈവാലയത്തിൽ പഠിപ്പിച്ചുകൊ
ണ്ടിരിക്കുമ്പോൾ, "മ്ശീഹാ ദാവീദിൻെറ
പുത്രനാകുന്നു എന്നു സൊപ്രേന്മാർ പറയു
ന്നതെങ്ങനെ? "ഞാൻ നിൻെറ ശത്രുക്കളെ
നിൻെറ പാദങ്ങൾക്കു കീഴെ പീഠമാക്കു
വോളം, നീ എൻെറ വലത്തുഭാഗത്തിരി
ക്കുക എന്ന് കർത്താവ് എൻെറ കർത്താവി
നോട് പറഞ്ഞു." എന്ന് ദാവീദുതന്നെ വിശു
ദ്ധാത്മാവിനാൽ പറഞ്ഞിട്ടുണ്ടല്ലോ. ആക
യാൽ ദാവീദ് അവനെ 'എൻെറ കർത്താവ്'
എന്നു വിളിക്കുന്ന സ്ഥിതിക്ക് അവൻ
അവൻെറ 'പുത്രൻ' ആകുന്നതെങ്ങനെ?"
എന്നു യേശു ചോദിച്ചു. പുരുഷാരമെല്ലാം
അവൻെറ വചനങ്ങൾ സന്തോഷപൂർവ്വം
കേട്ടുകൊണ്ടിരുന്നു.
തൻെറ ഉപദേശത്തിൽ താൻ അവ
രോടു പറഞ്ഞു. "നിലയങ്കികളിട്ടു നടക്കു
വാൻ ആഗ്രഹിക്കുകയും തെരുവുകളിൽ
വച്ചു വന്ദനവും സംഘങ്ങളിൽ പ്രധാന
സ്ഥാനവും, വിരുന്നുകളിൽ മുഖ്യാസ
നവും ഇച്ഛിക്കുകയും ചെയ്യുന്ന സൊപ്രേ
ന്മാരെ സൂക്ഷിച്ചുകൊള്ളണം. തങ്ങളുടെ
പ്രാർത്ഥനകൾ ദീർഘിപ്പിച്ചുകൊണ്ട് അവർ
വിധവകളുടെ ഭവനങ്ങൾ ഭക്ഷിച്ചുകള
യുന്നവരായാണ്. അവർ വലുതായ ശിക്ഷാവിധി
അനുഭവിക്കും.

യേശു ശ്രീഭണ്ഡാരത്തിനുനേരെ ഇരി 41
ക്കുമ്പോൾ ജനക്കൂട്ടം ഭണ്ഡാരത്തിൽ
നേർച്ചപ്പണം ഇടുന്നത് എങ്ങനെ എന്നു
സൂക്ഷിച്ചു നോക്കുന്നുണ്ടായിരുന്നു. വലിയ
ധനവാന്മാർ വളരെ ഇട്ടിരുന്നു. ദരിദ്രയായ 42
ഒരു വിധവ വന്ന് രണ്ടു 'മനിയാ' എന്ന ചില്ലി
ക്കാശുകൾ ഇട്ടു. യേശു ശിഷ്യരെ വിളിച്ചു. 43
ഭണ്ഡാരത്തിൽ പണം വച്ച സകല ആളു
കളേയുംകാൾ കൂടുതൽ ഇട്ടത് ദരിദ്രയായ
ഈ വിധവയത്രെ എന്നു സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു. അവരെല്ലാവരും 44
തങ്ങൾക്കു മിച്ചമായി ഉണ്ടായിരുന്നതിൽ
നിന്നുമാണ് ഇട്ടത്. ഇവളാകട്ടെ തൻെറ
ഇല്ലായ്മയിൽനിന്ന് — തനിക്കുണ്ടായി
രുന്നതു മുഴുവനും, സർവ്വ സമ്പാദ്യവുമത്രെ
നേർച്ചയിട്ടത്" എന്നു താൻ പറഞ്ഞു.

അദ്ധ്യായം 13

യേശു ദൈവാലയത്തിൽനിന്നു പുറ 1
ത്തു വന്നപ്പോൾ ശിഷ്യരിൽ ഒരുവൻ ത
ന്നോട് "ഗുരോ, നോക്കിയാലും. എങ്ങനെ
യുള്ള കല്ലുകൾ! എങ്ങനെയുള്ള പണികൾ!"
എന്നു പറഞ്ഞു. യേശു അവനോട് "ബൃഹ 2
ത്തായ ഈ പണികൾ നീ കാണുന്നുണ്ട
ല്ലോ. ഇടിക്കപ്പെടാത്തതായി കല്ലിന്മേൽ കല്ല്
ഇവിടെ ശേഷിക്കുകയില്ല" എന്നു പറഞ്ഞു.
ദൈവാലയത്തിന്നെതിരെ ഒലിവു 3
മലയിൽ യേശു ഇരുന്നപ്പോൾ കീപ്പായും,
യാക്കോബും, യോഹന്നാനും, അന്ത്രയോ
സും മാത്രമായി, തന്നോടു ചോദിച്ചു: "ഇവ 4
എപ്പോൾ സംഭവിക്കുമെന്നും ഇവയെല്ലാം
നിവൃത്തിയാകുവാൻ അടുത്തിരിക്കുന്നു
എന്നതിന് അടയാളം എന്തായിരിക്കു
മെന്നും ഞങ്ങളോടു പറയണമെ" എന്നു
പറഞ്ഞു. യേശു അവരോടു പറഞ്ഞുതുട 5
ങ്ങി: "ആരും നിങ്ങളെ തെററിക്കാതിരിപ്പാൻ
സൂക്ഷിച്ചുകൊള്ളണം. എന്തെന്നാൽ അനേ 6
കർ എൻെറ പേരിൽ വരും. ഞാനാകുന്നു
എന്ന് അവർ പറയും. അനേകരെ അവർ
തെററിക്കുകയും ചെയ്യും. യുദ്ധങ്ങളേയും 7
കലഹവാർത്തകളേയുംകുറിച്ചു കേൾക്കു
മ്പോൾ നിങ്ങൾ ഭയപ്പെടരുത്. എന്തെന്നാൽ
അതെല്ലാം സംഭവിക്കേണ്ടിയിരിക്കുന്നവ
യത്രെ. എന്നാൽ അപ്പോഴും അവസാനമല്ല.
എന്തെന്നാൽ ജനം ജനത്തിന്നെതിരായും 8
രാജ്യം രാജ്യത്തിന്നെതിരായും എഴുന്നേൽ
ക്കും. അവിടവിടെ ഭൂകമ്പങ്ങൾ ഉണ്ടാകും.
ക്ഷാമവും കലഹങ്ങളും ഉണ്ടാകും. ഇവയോ,
വേദനകളുടെ പ്രാരംഭം അത്രെ, നിങ്ങൾ
നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളണം.

9 എന്തെന്നാൽ അവർ നിങ്ങളെ ന്യായാധി
പർക്കു ഏല്പിച്ചു കൊടുക്കും. അവരുടെ
സംഘങ്ങളിൽവച്ചു ചമ്മട്ടികൊണ്ട് നിങ്ങളെ
അടിക്കും. അവരുടെ സാക്ഷ്യത്തിന്നായി
രാജാക്കന്മാരുടെയും നാടുവാഴികളുടെയും
മുമ്പിൽ എന്നെപ്രതി നിങ്ങൾ നില്ക്കേണ്ടി
10 വരും. എന്നാൽ എന്റെ സുവിശേഷമോ,
മുന്നമേ സർവ്വജാതികളിലും പ്രസംഗിക്ക
11 പ്പെടും. നിങ്ങളെ ഏല്പിച്ചു കൊടുക്കുവാൻ
അവർകൊണ്ടുപോകുമ്പോൾ, നിങ്ങൾ
എന്തു സംസാരിക്കണമെന്നു മുൻകൂട്ടി
ആകുലപ്പെടുകയും ചിന്തിക്കുകയും വേണ്ട.
എന്നാലോ ആ സമയത്തു നിങ്ങൾക്കു
നൽകപ്പെടുന്നത് എന്തോ, അതു പറയു
വിൻ. എന്തെന്നാൽ സംസാരിക്കുന്നതു നി
12 ങ്ങളല്ല; പരിശുദ്ധാത്മാവത്രെ. സഹോദരൻ
സ്വസഹോദരനേയും പിതാവ് സ്വപുത്ര
നേയും മരണത്തിന്നായി ഏല്പിക്കും.
മക്കൾ പിതാക്കൾക്കെതിരായി എഴുന്നേറ്റ്
13 അവരെ കൊല്ലിക്കും. നിങ്ങളോ എന്റെ
നാമം നിമിത്തം സർവ്വരാലും ദ്വേഷിക്ക
പ്പെടും. അവസാനംവരെ സഹിച്ചു നിൽക്കു
14 ന്നവനോ ജീവിക്കും. ദാനിയേൽ പ്രവാച
കൻ പറഞ്ഞിട്ടുള്ള നാശത്തിന്റെ അശുദ്ധ
മായ അടയാളം അതിനു വിഹിതമല്ലാത്ത
സ്ഥാനത്തു നിൽക്കുന്നതായി നിങ്ങൾ
കാണുമ്പോൾ വായിക്കുന്നവൻ മനസ്സി
ലാക്കികൊള്ളണം. യഹൂദിയായിലുള്ള
വർ മലയിലേക്ക് ഓടിപ്പോയ്ക്കൊള്ളണം.
15 പുരയുടെ മേൽത്തട്ടിലിരിക്കുന്നവൻ ഇറങ്ങ
രുത്. അവന്റെ എന്തെങ്കിലും എടുക്കുവാൻ
16 ഭവനത്തിൽ പ്രവേശിക്കരുത്. വയലിൽ
ആയിരിക്കുന്നവൻ തന്റെ വസ്ത്രം എടു
ക്കുവാൻ പിന്നോക്കം തിരിച്ചുപോകരുത്.
17 ആ കാലത്ത് ഗർഭിണികൾക്കും മുലകുടിപ്പി
18 ക്കുന്നവർക്കും ദുരിതം തന്നെ. നിങ്ങളുടെ
പലായനം ശീതകാലത്തു സംഭവിക്കാതിരി
19 പ്പാൻ പ്രാർത്ഥിപ്പിൻ. എന്തെന്നാൽ ദൈവം
സൃഷ്ടിച്ച സൃഷ്ടിയുടെ ആരംഭംമുതൽ
ഇതുവരെ സംഭവിച്ചിട്ടില്ലാത്തതും ഇനിയും
സംഭവിക്കുകയില്ലാത്തതുമായ ഞെരുക്കം
20 ആ കാലത്തുണ്ടാകും. കർത്താവ് ആ നാളു
കൾ ചുരുക്കാതിരുന്നാൽ യാതൊരു ജഡ
വും ജീവിക്കുകയില്ലായിരുന്നു. എന്നാൽ
താൻ തെരഞ്ഞെടുത്ത തെരഞ്ഞെടുക്കപ്പെ
ട്ടവർക്കുവേണ്ടി ആ നാളുകൾ ചുരുക്കിയി
21 രിക്കുന്നു. അപ്പോൾ ആരെങ്കിലും നിങ്ങ
ളോട് "ഇതാ മശീഹാ ഇവിടെ, ഇതാ അവി
ടെ എന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസി
22 ക്കരുത്. എന്തെന്നാൽ വ്യാജത്തിന്റെ മിശി
ഹാമാരും, വ്യാജത്തിന്റെ പ്രവാചകന്മാരും
എഴുന്നേൽക്കും. അവർ അടയാളങ്ങളും
അത്ഭുതങ്ങളും കാണിക്കുകയും ചെയ്യും.
കഴിയുമെങ്കിൽ തെരഞ്ഞടുക്കപ്പെട്ടവരേയും
അവർ വഴി തെററിക്കും. എന്നാൽ നിങ്ങളോ
സൂക്ഷിച്ചു കൊള്ളണം. ഇതാ സർവ്വകാര്യ
വും നിങ്ങളോട് ഞാൻ മുൻകൂട്ടിത്തന്നെ
പറഞ്ഞിരിക്കുന്നു. ആ നാളുകളിൽ ആ
ഞെരുക്കത്തിനുശേഷം സൂര്യൻ അന്ധകാര
പ്പെടും. ചന്ദ്രൻ അതിന്റെ ശോഭ നൽകുക
യുമില്ല. നക്ഷത്രങ്ങൾ ആകാശത്തിൽനിന്നു
താഴെ വീഴും. ആകാശശക്തികൾക്കു
ഇളക്കം തട്ടുകയും ചെയ്യും. അപ്പോൾ മനു
ഷ്യപുത്രൻ വലിയ ശക്തിയോടും മഹിമ
യോടുംകൂടെ ആകാശമേഘങ്ങളിന്മേൽ
വരുന്നതായി അവർ കാണും. താൻ തന്റെ
മാലാഖമാരെ അയച്ച് ഭൂമിയുടെ സീമ
മുതൽ ആകാശത്തിന്റെ അററംവരെയുള്ള
തന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ നാലു
കാററുകളിൽനിന്നുമായി ശേഖരിക്കും.

അത്തിവൃക്ഷത്തിൽനിന്നും ഒരുപമ
പഠിപ്പിൻ. അതിന് ഇളം ചില്ലികളുണ്ടാകു
കയും, അതിന്റെ ഇലകൾ തളിരിടുകയും
ചെയ്യുമ്പോൾ വേനൽക്കാലം അടുത്തു
എന്ന് നിങ്ങൾക്കറിയാം. അപ്രകാരം തന്നെ
നിങ്ങളും ഇവയെല്ലാം സംഭവിക്കുന്നതായി
കാണുമ്പോൾ അതു വാതിൽക്കൽ വന്നെ
ത്തിയിരിക്കുന്നുവെന്നു അറിഞ്ഞുകൊ
ള്ളണം. ഇവയെല്ലാം സംഭവിക്കുംവരെ ഈ
തലമുറ കടന്നുപോകുകയില്ല എന്നു ഞാൻ
സത്യമായും നിങ്ങളോടു പറയുന്നു. ആകാ
ശവും ഭൂമിയും കടന്നുപോകും; എന്റെ
വാക്കുകളോ അഴിഞ്ഞുപോകുകയില്ല.

എന്നാൽ ആ ദിവസത്തെക്കുറിച്ചും ആ
നാഴികയെക്കുറിച്ചും ആർക്കും അറിഞ്ഞു
കൂടാ. സ്വർഗ്ഗത്തിലെ മാലാഖമാരും അറിയു
ന്നില്ല. പിതാവ് അല്ലാതെ പുത്രൻതന്നെയും
അറിയുന്നില്ല. നിങ്ങൾ സൂക്ഷിച്ചുകൊള്ള
ണം, ഉണർന്നിരിക്കണം, പ്രാർത്ഥിക്കയും
ചെയ്യുവിൻ. എന്തെന്നാൽ ആ സമയം എപ്പോ
ഴാകുന്നുവെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടാ.
അത്, തന്റെ ദാസന്മാർക്ക് അധികാരവും
ഓരോരുവനും അവന്റെ ജോലിയും കൊടു
ത്തിട്ട് തന്റെ ഭവനത്തിൽനിന്നും ദൂരയാത്ര
യ്ക്കുപോയ ഒരു മനുഷ്യനേപ്പോലെയാകു
ന്നു. വാതിൽ കാവൽക്കാരനോട് ഉണർന്നി
രുന്നുകൊള്ളണം എന്നും കല്പിച്ചിരുന്നു.
ആകയാൽ നിങ്ങൾ ഉണർവ്വുള്ളവരായിരി
പ്പിൻ. എന്തെന്നാൽ, ഭവനനാഥൻ എപ്പോൾ
സന്ധ്യയ്ക്കോ, പാതിരാത്രിയിലോ, കോഴി

കുകുമ്പോഴോ, പ്രഭാതത്തിലോ എപ്പോൾ വരുമെന്നു നിങ്ങൾക്കറിഞ്ഞുകൂടാ. പക്ഷെ അയാൾ പെട്ടെന്ന് വന്നു നിങ്ങൾ ഉറങ്ങു ന്നവരായി കണ്ടെത്തിയേക്കാം. നിങ്ങളോ ടായി ഞാൻ ഈ പറയുന്നത് നിങ്ങൾ എല്ലാവരോടുമാണ് ഞാൻ പറയുന്നത്. നിങ്ങൾ ഉണർന്നിരിപ്പിൻ!

അദ്ധ്യായം 14

രണ്ടു ദിവസം കഴിഞ്ഞ് പത്തീറാ(പുളി
പ്പില്ലാത്ത അപ്പം)യുടെ പെസഹാ ആയിരു
ന്നു. തന്നെ വഞ്ചനയോടെ പിടിച്ചു കൊല്ലേ
ണ്ടത്, എങ്ങനെ എന്നു പ്രധാനാചാര്യന്മാ
രും സൊദപ്രന്മാരും അന്വേഷിച്ചുകൊണ്ടി
രുന്നു. അവർ പറഞ്ഞു, പെരുന്നാളിൽ വേണ്ട,
ജനങ്ങളുടെ ഇടയിൽ കലാപം ഉണ്ടാകും.
താൻ ബഥാന്യായിൽ കുഷ്ഠരോഗി
ശമഓൻെറ ഭവനത്തിൽ ഭക്ഷണത്തിന്നി
രിക്കുമ്പോൾ വളരെ വിലകൂടിയ മേൽതരം
ർദിൻപരിമള (തൈല) കുപ്പിയുമായി ഒരു
സ്ത്രീ വന്ന്, അതു തുറന്ന് യേശുവിൻെറ തല
യിൽ ഒഴിച്ചു. ശിഷ്യന്മാരിൽ ചിലർ ഉള്ളിൽ
നീരസപ്പെട്ടുകൊണ്ട്, എന്തിന് ഈ തൈലം
ഷ്ടപ്പെടുത്തി. ഇത് മുന്നൂറിൽ കൂടുതൽ
ദിനാറായ്ക്കു വിറ്റിട്ട് ദരിദ്രർക്കു കൊടുക്കു
വാൻ കഴിയുമായിരുന്നല്ലോ, എന്നു പറഞ്ഞ്
അവളോട് അതൃപ്തിപ്പെട്ടു. യേശുവോ "അവ
ളെ സമ്മതിക്കൂ. എന്തിന് നിങ്ങൾ അവളെ
ശല്യപ്പെടുത്തുന്നു എൻെറ അടുക്കൽ
അവൾ നല്ല പ്രവൃത്തിയാണ് ചെയ്തിരിക്കു
ന്നത്. നിങ്ങളോടൊന്നിച്ച് ദരിദ്രർ എപ്പോ
ഴുമുണ്ട്. നിങ്ങൾ ആഗ്രഹിക്കുമ്പോഴെല്ലാം
അവർക്കു നന്മചെയ്യാൻ നിങ്ങൾക്കു കഴി
യുമല്ലോ. എന്നാൽ ഞാനോ എല്ലാ സമയ
വും നിങ്ങളുടെ അടുക്കൽ ഉണ്ടായിരിക്ക
ില്ല. അവൾക്കുള്ളത് ചെയ്തു. ശവസംസ്കാ
രത്തിനെന്നവണ്ണം ഇവൾ എൻെറ ശരീര
ത്തിൽ മുൻകൂട്ടിത്തന്നെ തൈലം പൂശുക
യാണ് ചെയ്യുന്നത്. സത്യമായും ഞാൻ
ങ്ങളോടു പറയുന്നു: ലോകം മുഴുവനി
ൽ എവിടെയെല്ലാം എൻെറ സുവിശേഷം
സംഗിക്കപ്പെടുമോ, (അവിടെയെല്ലാം)
ൾ ചെയ്തതും ഇവളുടെ ഓർമ്മയ്ക്കായി
സ്താവിക്കപ്പെടണം." എന്നു പറഞ്ഞു.
പന്തിരുവരിൽ ഒരുവനായ യഹൂദാ
റിയോത്താ, യേശുവിനെ അവർക്കു
പിച്ചു കൊടുപ്പാനായി പ്രധാനാചാര്യ
രുടെ അടുക്കലേക്കുപോയി. അവർ
തു കേട്ടു സന്തോഷിച്ചു. അവർ അവന്
ം കൊടുക്കാമെന്നു വാഗ്ദാനവും
ചെയ്തു. തന്നെ ഒററിക്കൊടുക്കത്തക്ക അവ
സരം അവൻ ആരാഞ്ഞുകൊണ്ടിരുന്നു.
പുളിപ്പില്ലാത്ത അപ്പത്തിൻെറ ഒന്നാം 12
ദിവസം, യഹൂദന്മാർ പെസഹാബലി അർപ്പി
ക്കുന്ന ദിനം, ശിഷ്യന്മാർ തന്നോട് "അങ്ങേ
യ്ക്കു പെസഹാ ഭക്ഷിക്കേണ്ടതിന് ഞങ്ങൾ
എവിടെപോയി ഒരുക്കണമെന്നാണ് അങ്ങ്
ആഗ്രഹിക്കുന്നത്?" എന്നു ചോദിച്ചു. താൻ 13
തൻെറ ശിഷ്യരിൽ രണ്ടുപേരെ അയച്ചുകൊ
ണ്ട്; ഒരു മനുഷ്യൻ ഒരു കുടം വെള്ളവുമായി
നിങ്ങൾക്കു നേരെ വരും. അവൻെറ പിന്നാ
ലെ പോകണം. അവൻ എവിടെയാണോ 14
കയറി ചെല്ലുന്നത് - ആ വീടിൻെറ ഉടമസ്ഥ
നോട് -'എനിക്ക് എൻെറ ശിഷ്യന്മാരോടു
കൂടി പെസഹാ ഭക്ഷണം നടത്തുവാനുള്ള
വാസസ്ഥലം ഏതാകുന്നു' എന്നു ഞങ്ങളു
ടെ ഗുരു ചോദിക്കുന്നു എന്നു പറയുവിൻ.
അയാൾ വിരിച്ചൊരുക്കപ്പെട്ട ഒരു വലിയ 15
മാളിക നിങ്ങളെ കാണിച്ചു തരും. അവിടെ
നമുക്കായി ഒരുക്കുവിൻ. ശിഷ്യർ പുറപ്പെട്ടു
നഗരത്തിൽ വന്ന്, താൻ പറഞ്ഞിരുന്നതു 16
പോലെ കാണുകയും പെസഹാ ഒരുക്കുക
യും ചെയ്തു. സന്ധ്യയായപ്പോൾ താൻ 17
തൻെറ പന്തിരുവരും ഒരുമിച്ചുവന്നു. അവർ 18
ഇരുന്നു ഭക്ഷിക്കുമ്പോൾ "എന്നോടുകൂടെ
ഭക്ഷിക്കുന്ന നിങ്ങളിൽ ഒരുവൻ എന്നെ
ഏല്പിച്ചുകൊടുക്കും" എന്നു പറഞ്ഞു.
അവർ സങ്കടപ്പെട്ട്, 'ഞാനോ' എന്ന് ഓരോ 19
രുവനും ചോദിച്ചു തുടങ്ങി. താൻ അവരോട് 20
"പന്തിരുവരിൽ ഒരുവൻ എന്നോടുകൂടി
താലത്തിൽ കൈ മുക്കുന്നവൻ തന്നെ!
തന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്ന പ്ര 21
കാരം മനുഷ്യപുത്രൻ പോകും. മനുഷ്യ
പുത്രൻ ആരാൽ ഒററുക്കൊടുക്കപ്പെടുന്നു
വോ, ആ മനുഷ്യനു ഹാ കഷ്ടം! ആ മനു
ഷ്യൻ ജനിക്കാതിരുന്നെങ്കിൽ അതായി
രുന്നു അവനു നല്ലത്!" എന്നു പറഞ്ഞു.
അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ, 22
യേശു അപ്പം എടുത്ത് വാഴ്ത്തി മുറിച്ച്
അവർക്കു കൊടുത്തു. അവരോട് "വാങ്ങി
ക്കൊള്ളുവിൻ ഇത് എൻെറ ശരീരമാ
കുന്നു" എന്നു പറഞ്ഞു. പിന്നെ താൻ പാന 23
പാത്രം എടുത്തു സ്തോത്രം ചെയ്തു
വാഴ്ത്തി അവർക്കു കൊടുത്തു. എല്ലാവരും
അതിൽനിന്നും പാനംചെയ്തു. താൻ പറ 24
ഞ്ഞു: "ഇത് അനേകർക്കുവേണ്ടി ചിന്തപ്പെ
ടുന്ന, പുതിയ നിയമത്തിൻെറതായ എൻെറ
രക്തം ആകുന്നു. ഈ മുന്തിരിരസം: 25
ദൈവത്തിൻെറ രാജ്യത്തിൽ പുതുതായി
ഞാൻ അതു കുടിക്കുന്ന നാൾ വരെ, ഇനി

ഞാൻ കുടിക്കുകയില്ല. എന്നു സത്യമായി
നിങ്ങളോടു പറയുന്നു" എന്നു പറഞ്ഞു.
26 പിന്നെ അവർ സ്തോത്രം അർപ്പിച്ചിട്ട് ഒലിവു
മലയിലേക്കു പോയി.
27 യേശു അവരോട് ഈ രാത്രിയിൽ നി
ങ്ങൾ എല്ലാവരും എന്നിൽ വിരുദ്ധപ്പെടും.
'എന്തെന്നാൽ ഇടയനെ ഞാൻ അടിക്കും
അവൻെറ ആടുകൾ ചിതറിപ്പോകും' എന്ന്
28 എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ ഞാൻ
ഉയിർത്തെഴുന്നേറ്റശേഷം ഞാൻ നിങ്ങൾക്കു
മുമ്പായി ഗലീലയ്ക്കുപോകും എന്നു പറ
29 ഞ്ഞു. കീപ്പാ തന്നോട് "എല്ലാവരും വിരുദ്ധ
പ്പെട്ടാലും ഞാൻ വിരുദ്ധപ്പെടുകയില്ല" എന്നു
30 പറഞ്ഞു. യേശു അവനോട് "ഈ രാത്രി
യിൽ കോഴി രണ്ടു പ്രാവശ്യം കൂവുന്നതിനു
മുമ്പ്, നീയോ മൂന്നു പ്രാവശ്യം എന്നെ തള്ളി
പ്പറയും എന്നു സത്യമായി നിന്നോടു പറയു
31 ന്നു" എന്നു പറഞ്ഞു. "എൻെറ കർത്താവേ
ഞാൻ അങ്ങയോടുകൂടെ മരിക്കേണ്ടിവന്നാ
ലും ഞാൻ അങ്ങയെ തള്ളിപ്പറയുകയില്ല"
എന്ന് ശീമോൻ ഉറപ്പിച്ചു പറഞ്ഞു. അവനെ
പ്പോലെതന്നെ എല്ലാവരും പറഞ്ഞു.
32 അവർ ഗെത്സീമോൻ എന്നു വിളിക്ക
പ്പെടുന്ന സ്ഥലത്തു വന്നു. താൻ തൻെറ
ശിഷ്യരോട്, "ഞാൻ പ്രാർത്ഥന കഴിക്കും
വരെ നിങ്ങൾ ഇവിടെ ഇരിപ്പിൻ" എന്നു
33 പറഞ്ഞു. പിന്നെ കീപ്പായേയും യാക്കോബി
നേയും യോഹന്നാനേയും കൂട്ടിക്കൊണ്ടു
പോയി ദുഃഖിപ്പാനും വ്യാകുലപ്പെടുവാനും
34 തുടങ്ങി. താൻ അവരോട് "എൻെറ ആത്മാ
വ് മരണംവരെ ദുഃഖിക്കുന്നു. നിങ്ങൾ
ഇവിടെ ആയിരിപ്പിൻ. ഉണർന്നിരിപ്പിൻ"
35 എന്നു പറഞ്ഞു. താൻ അല്പം മുന്നോട്ടു
ചെന്ന് നിലത്തുവീണ് കഴിയുമെങ്കിൽ ആ
നാഴിക തന്നിൽ നിന്നകന്നു പോകുവാ
36 നായി പ്രാർത്ഥിച്ചു. താൻ പറഞ്ഞു: "പിതാ
വേ, എൻെറ പിതാവേ, സർവ്വവും അവിട
ത്തേക്കു കഴിയുമല്ലോ, ഈ പാനപാത്രം
എങ്കൽനിന്നു മാറിപ്പോകണമേ; എന്നാലോ,
എൻെറ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം
37 നടക്കട്ടെ." താൻ വന്ന് അവർ ഉറങ്ങുന്നതാ
യി കണ്ട് കീപ്പായോട് "ശീമോനേ നീ ഉറ
ങ്ങിയോ? ഒരു മണിക്കൂർ ഉണർന്നിരിക്കു
38 വാൻ നിനക്കു സാധ്യമായില്ലല്ലോ. പരീക്ഷ
യിൽ ഉൾപ്പെടാതിരിപ്പാൻ നിങ്ങൾ ഉണർന്നി
രിപ്പിൻ, പ്രാർത്ഥിപ്പിൻ. ആത്മാവ് ആഗ്രഹ
മുള്ളതും ഒരുക്കമുള്ളതുമാകുന്നു. ശരീര
39 മോ ബലഹീനം" എന്നു പറഞ്ഞു. താൻ
പോയി വീണ്ടും, അതേ വചനം പറഞ്ഞു
40 പ്രാർത്ഥിച്ചു. താൻ തിരികെ വന്നു; വീണ്ടും
അവർ ഉറങ്ങുന്നതായി കണ്ടു. എന്തെന്നാൽ
അവരുടെ കണ്ണുകൾ നിദ്രാഭാരമുള്ളവ
ആയിരുന്നു. തന്നോട് എന്താണ് പറയേ
ണ്ടത് എന്ന് അവർക്ക് അറിവില്ലായിരുന്നു.
താൻ മൂന്നാമതും വന്ന് അവരോട് 'ഇനിയും 41
നിങ്ങൾ ഉറങ്ങി ആശ്വസിച്ചുകൊള്ളുവിൻ.
അവസാനമായി നാഴിക വന്നിരിക്കുന്നു.
മനുഷ്യൻെറ പുത്രൻ പാപികളുടെ കൈക
ളിൽ ഇതാ ഏല്പിക്കപ്പെടുന്നു. എഴുന്നേൽ 4
പിൻ നമുക്കു പോകാം. ഇതാ എന്നെ
ഒററുക്കൊടുക്കുന്നവൻ അടുത്തെത്തിയിരി
ക്കുന്നു' എന്നു പറഞ്ഞു.
താൻ സംസാരിച്ചുകൊണ്ടിരിക്കു 4
മ്പോൾ പന്തിരുവരിൽ ഒരുവനായ യഹൂദ
സ്കറിയോത്തായും വാളും വടികളുമായി
വളരെ ജനവും പ്രധാനാചാര്യന്മാരുടേയും
സൊപ്രേന്മാരുടേയും കശീശന്മാരുടേയും
അടുത്തുനിന്നും വന്നെത്തി. "ഞാൻ ആരേ 4
ചുംബിക്കുന്നുവോ അവനാകുന്നു (ആൾ).
അവനെ നിങ്ങൾ സൂക്ഷിച്ചു പിടിച്ചു കൊ
ണ്ടുപൊയ്ക്കൊള്ളണം" എന്ന് ആ ഒററു
ക്കൊടുക്കുന്നവൻ, അവർക്കു അടയാളം
കൊടുത്തിരുന്നു. അവൻ ഉടനെ അടുത്തു
വന്ന്, റബ്ബി റബ്ബി (എൻെറ ഗുരോ) എന്നു
പറഞ്ഞു തന്നെ ചുംബിച്ചു. അവർ തൻെറ
മേൽ കൈവച്ച് തന്നെ പിടിച്ചു. നിന്നിരുന്ന
വരിൽ ഒരുവൻ വാളൂരി പ്രധാനാചാര്യൻെറ
ദാസനെ വെട്ടി അവൻെറ ചെവി ഛേദിച്ചു.
യേശു അവരോട് "ഒരു കള്ളൻെറ നേരെ
എന്നപോലെ എന്നെ പിടിക്കുവാൻ നിങ്ങൾ
വാളുകളും വടികളുമായിട്ടു പുറപ്പെട്ടിരിക്കു
ന്നു. എല്ലാ ദിവസവും ഞാൻ ദൈവാലയ
ത്തിൽ പഠിപ്പിച്ചുകൊണ്ട് നിങ്ങളുടെ അടു
ക്കൽ തന്നെ ഉണ്ടായിരുന്നല്ലോ. നിങ്ങൾ
എന്നെ പിടിച്ചില്ല. എന്നാൽ തിരുവെഴുത്തു
കൾ നിവൃത്തിയാകുവാൻ, ഇതു സംഭവിച്ചി
രിക്കുന്നു" എന്നു പറഞ്ഞു. അപ്പോൾ ശിഷ്യ
ന്മാർ തന്നെ വിട്ടിട്ട് ഓടിപ്പോയി. ഒരു യുവാവ്
തൻെറ പിന്നാലെ വന്നിരുന്നു. അവൻ ഒരു
പുതപ്പുമാത്രം ധരിച്ചിരുന്നു. അവർ അവനെ
പിടിച്ചു. അവൻ പുതപ്പ് ഉപേക്ഷിച്ചു
നഗ്നനായി ഓടിപ്പോയി.
അവർ യേശുവിനെ മഹാപുരോഹി
തനായ കയ്യാപ്പായുടെ അടുക്കലേക്കു
കൊണ്ടുപോയി. എല്ലാ പ്രധാനാചാര്യ
ന്മാരും സൊപ്രേന്മാരും മൂപ്പന്മാരും അയാ
ളുടെ അടുക്കൽ വന്നുകൂടി. ശീമോൻ ദൂരെ
യായി തൻെറ പിന്നാലെ മഹാപുരോഹി
തൻെറ നടുമുററംവരെ വന്ന് ദാസരോടു
കൂടെ തീ കാഞ്ഞുകൊണ്ടിരുന്നു. പ്രധാനാ

ചാര്യന്മാരും അവരുടെ സംഘംമുഴുവനും
തന്നെ കൊല്ലിക്കുവാൻവേണ്ടി തനിക്കെതി
രായി സാക്ഷ്യം (സാക്ഷികളെ) അന്വേഷി
56 ച്ചു. കണ്ടുകിട്ടിയില്ല. പലരും തനിക്കെതി
രായി സാക്ഷി പറഞ്ഞുവെങ്കിലും അവരുടെ
സാക്ഷ്യങ്ങൾ ഒരുപോലെ അല്ലായിരുന്നു.
57 ചില കള്ളസാക്ഷികൾ തനിക്കെതിരായി
58 നിന്നുകൊണ്ട് "കൈകളാൽ നിർമ്മിതമായ
ഈ ദൈവാലയം ഞാൻ പൊളിച്ചു കളഞ്ഞിട്ട്
കൈകളാൽ നിർമ്മിതമല്ലാത്ത മറ്റൊന്ന്
മൂന്നു ദിവസംകൊണ്ടു ഞാൻ പണിയും
എന്ന് ഇവൻ പറഞ്ഞത് ഞങ്ങൾ കേട്ടിട്ടു
59 ണ്ട്." എന്നു പറഞ്ഞു. ഇതിൽപോലും അവ
60 രുടെ സാക്ഷ്യം യോജിച്ചിരുന്നില്ല. മഹാ
പുരോഹിതൻ എഴുന്നേററ് മദ്ധ്യത്തിൽ
നിന്നുകൊണ്ട് യേശുവിനോട് 'നീ മറുപടി
പറയുന്നില്ലേ?' ഇവർ നിനക്കെതിരായി
സാക്ഷ്യം നൽകുന്നതെന്ത്? എന്നു ചോദി
ച്ചു. താനാകട്ടെ മൗനമായി നിന്നു. അയാ
ളോടു ഒന്നും മറുപടി പറഞ്ഞില്ല. മഹാ
പുരോഹിതൻ വീണ്ടും തന്നോട്, "വാഴ്ത്ത
പ്പെട്ടവൻെറ പുത്രനായ മ്ശീഹാ നീ ആകു
62 ന്നുവോ" എന്നു ചോദിച്ചു. യേശു അയാ
ളോട് "ഞാൻ തന്നെയാകുന്നു. മനുഷ്യൻെറ
പുത്രൻ ശക്തിയുടെ വലത്തുഭാഗത്തിരിക്കു
ന്നതും ആകാശമേഘങ്ങൾമേൽ വരുന്നതും
നിങ്ങൾ കാണും," എന്നു പറഞ്ഞു. അപ്പോൾ
മഹാപുരോഹിതൻ അയാളുടെ കുപ്പായം
കീറിക്കൊണ്ട്, 'ഇനിയും നമുക്കു സാക്ഷി
കളെക്കൊണ്ട് എന്താണാവശ്യം? ഇതാ
ഇവൻെറ വായിൽനിന്നു തന്നെ ദൈവദൂഷ
ണം നിങ്ങൾ കേട്ടുകഴിഞ്ഞു. നിങ്ങൾക്ക്
എന്തു തോന്നുന്നു?' എന്നു ചോദിച്ചു.
'ഇവൻ മരണത്തിന് കുററക്കാരൻ' എന്ന്
അവർ എല്ലാവരും വിധിച്ചു. ചിലർ തൻെറ
മുഖത്തു തുപ്പുവാനും തൻെറ മുഖം മൂടി
യിട്ട് അടിക്കുവാനും പ്രവചിക്കുക എന്നു
പറയുവാനും തുടങ്ങി. പടയാളികൾ തൻെറ
ചെകിട്ടത്തു അടിച്ചു.

ശീമോൻ താഴെ മുററത്തിരിക്കുമ്പോൾ
മഹാപുരോഹിതൻെറ ഒരു ദാസി വന്ന്,
അവൻ തീ കായുന്നതു കണ്ടു. അവൾ അവ
നെ സൂക്ഷിച്ചു നോക്കിയിട്ട് "നീയും നസ്രാ
യനായ യേശുവിനോടുകൂടെ ഉണ്ടായിരു
ന്നുവല്ലോ" എന്നു പറഞ്ഞു. എന്നാൽ അവ
നോ, "നീ എന്താണു പറയുന്നതെന്ന് എനി
ക്കറിഞ്ഞുകൂടാ" എന്നു തള്ളിപ്പറഞ്ഞു പുറ
ത്തു പടിപ്പുരയിലേക്കു പുറപ്പെട്ടു. കോഴി
കൂവുകയും ചെയ്തു. വീണ്ടും ആ യുവതി
അവനെക്കണ്ടു അവിടെ നിന്നിരുന്നവരോട്
'ഇവനും അവരിൽ ഒരുവനാകുന്നു' എന്നു
പറഞ്ഞു തുടങ്ങി. അവൻ വീണ്ടും തള്ളിപ്പ 70
റഞ്ഞു. അല്പം കഴിഞ്ഞ് അവിടെ നിന്നിരു
ന്നവർ വീണ്ടും കീപ്പായോട് "സത്യമായിട്ടും
നീ അവരിൽ ഒരുവൻ തന്നെ എന്തെന്നാൽ
നീ ഗലിലക്കാരനാണ്, നിൻെറ സംസാര
(രീതിയും)വും അതുപോലിരിക്കുന്നു."
എന്നു പറഞ്ഞു. അവനോ 'നിങ്ങൾ പറയു 71
ന്ന ഈ മനുഷ്യനെ ഞാൻ അറിയുന്നേയില്ല'
എന്ന് ശപിക്കുവാനും ആണയിടുവാനും തുട
ങ്ങി. തൽക്ഷണം രണ്ടാമതും കോഴി കൂകി. 72
'രണ്ടുപ്രാവശ്യം കോഴി കൂകുന്നതിനുമുമ്പ്
മൂന്നു പ്രാവശ്യം നീ എന്നെ തള്ളിപ്പറയും'
എന്ന് യേശു അവനോടു പറഞ്ഞിരുന്ന
വചനം ഓർത്ത് ശീമോൻ കരഞ്ഞു തുടങ്ങി.

അദ്ധ്യായം 15

ഉടനെ പ്രഭാതത്തിൽ പ്രധാനാചാര്യ 1
ന്മാർ, സൊപ്രേന്മാരും കശീശന്മാരും സർവ്വ
സംഘവുമായി ആലോചന നടത്തി,
യേശുവിനെ ബന്ധിച്ച് കൊണ്ടുപോയി
പീലാത്തോസിനെ ഏല്പിച്ചു. പീലാത്തോ 2
സ് തന്നോട് "അങ്ങ് യഹൂദന്മാരുടെ
രാജാവാണോ? എന്നു ചോദിച്ചു. താൻ
അയാളോട് 'താങ്കൾ പറഞ്ഞിരിക്കുന്നു'
എന്നു പറഞ്ഞു. പ്രധാനാചാര്യന്മാർ പലതും 3
തന്നെക്കുറിച്ചു ഏഷണി പറഞ്ഞു. പീലാ 4
ത്തോസ് വീണ്ടും തന്നോട് 'നീ മറുപടി
ഒന്നും പറയുന്നില്ലല്ലോ. നോക്കൂ! ഇവർ
നിനക്കെതിരായി എത്രയേറെ സാക്ഷ്യം
പറയുന്നു' എന്നു പറഞ്ഞു. യേശുവാകട്ടെ 5
ഒരുത്തരവും പറഞ്ഞില്ല. പീലാത്തോസ്
അത്ഭുതപ്പെട്ടു. അവർ ആവശ്യപ്പെടുന്ന ഒരു 6
തടവുകാരനെ പെരുന്നാൾതോറും മോചി
പ്പിക്കുന്ന ഒരു പതിവുണ്ടായിരുന്നു. കല 7
ഹവും കൊലപാതകവും നടത്തിയവരോടു
കൂടെ തടവിലാക്കപ്പെട്ട ബാർആബാ എന്നു
വിളിക്കപ്പെടുന്ന ഒരുവൻ ഉണ്ടായിരുന്നു.
ജനങ്ങൾ, പതിവുപോലെ തങ്ങൾക്കു 8
ചെയ്തു കിട്ടുവാൻ ഉച്ചത്തിൽ അട്ടഹസിച്ച്
അപേക്ഷിച്ചുകൊണ്ടിരുന്നു. പീലാത്തോസ് 9
ഉത്തരമായിട്ട്: "യഹൂദന്മാരുടെ രാജാവിനെ
ഞാൻ നിങ്ങൾക്കു വിട്ടുതരുന്നത് നിങ്ങൾ
ക്കിഷ്ടമാണോ" എന്നു ചോദിച്ചു. എന്തെ 10
ന്നാൽ അസൂയ നിമിത്തമാണ് പ്രധാനാ
ചാര്യന്മാർ തന്നെ ഏല്പിച്ചുകൊടുത്തതെ
ന്നു പീലാത്തോസിന് അറിയാമായിരുന്നു.
എന്നാൽ ബാർആബായെ തങ്ങൾക്കു 11
വിട്ടുകൊടുക്കണമെന്ന് പറയുവാൻ പുരു
ഷാരത്തെ അവർ അധികമായി പ്രേരിപ്പിച്ചു.

12 പീലാത്തോസ് അവരോട് "യഹൂദന്മാരുടെ
രാജാവ് എന്നു നിങ്ങൾ വിളിക്കുന്ന ഈ
ആളോട് ഞാൻ എന്തു ചെയ്യണമെന്ന്
നിങ്ങൾ ആഗ്രഹിക്കുന്നു?" എന്നു ചോദിച്ചു.
13 'അവനെ ക്രൂശിക്കണം' എന്ന് അവർ
വീണ്ടും അട്ടഹസിച്ചു. പീലാത്തോസാകട്ടെ
14 അവരോട്, "ഇയാൾ തിന്മയായി എന്താണ്
ചെയ്തത്?" എന്നു ചോദിച്ചു. എന്നാൽ
"അവനെ ക്രൂശിക്കുക" എന്ന് അവർ കൂടു
15 തൽ ആർത്തുവിളിച്ചുകൊണ്ടിരുന്നു. പീലാ
ത്തോസ് ജനക്കൂട്ടത്തിൻെറ ആഗ്രഹം
നടത്തുവാൻ മനസ്സായി, ബാർആബായെ
അവർക്കു അഴിച്ചു വിട്ടു കൊടുത്തു. യേശു
വിനെ ചമ്മട്ടി കൊണ്ടടിച്ചിട്ടു ക്രൂശിക്കുവാ
നായി അവരെ ഏല്പിക്കുകയും ചെയ്തു.
16 പടയാളികൾ തന്നെ 'പ്രത്തോറിയോൻ'
എന്ന മണ്ഡപത്തിലേക്ക് കൊണ്ടുപോയി
പട്ടാളസംഘത്തെ വിളിച്ചുകൂട്ടി. അവർ
17 തന്നെ രക്താംബരം ധരിപ്പിക്കുകയും ഒരു
മുൾമുടി മെനഞ്ഞ് തന്നെ ചൂടിക്കുകയും
18 ചെയ്തു. 'യഹൂദന്മാരുടെ രാജാവേ സമാ
ധാനം' എന്നു തന്നോട് അഭിവാദ്യം പറയു
19 വാനും തുടങ്ങി. അവർ കോൽകൊണ്ടു
തൻെറ തലയിൽ അടിച്ചു, മുഖത്തു തുപ്പി
20 മുട്ടുകുത്തി വന്ദിക്കുകയും ചെയ്തു! അവർ
തന്നെ ആക്ഷേപിച്ചുകൊണ്ട് രക്താംബരം
മാററി, തൻെറ തന്നെ വസ്ത്രങ്ങൾ ധരിപ്പിച്ച്,
21 കുരിശിൽ തറപ്പാൻ കൊണ്ടുപോയി. അല
ക്സന്ത്രോസിൻെറയും റൂഹോസിൻെറയും
പിതാവ് - ഗ്രാമത്തിൽനിന്ന് വന്ന് ആ വഴി
കടന്നുപോയ കുറിനാക്കാരൻ-ശെമഓനെ,
തൻെറ കുരിശ് എടുക്കുവാൻ അവർ നിർബ്ബ
22 ന്ധിച്ചു. 'തലയോട്ടി' എന്നർത്ഥമുള്ള ഗോ
ഗുൽഗാ എന്ന സ്ഥലത്തേക്ക് അവർ തന്നെ
23 കൊണ്ടു പോയി. അവർ തനിക്കു കുടിപ്പാൻ
മൂറാ കലർത്തിയ വീഞ്ഞുകൊടുത്തു. താൻ
അതു സ്വീകരിച്ചില്ല.
24 അവർ തന്നെ കുരിശിൽ തറച്ചശേഷം
തൻെറ വസ്ത്രങ്ങൾക്കായി ആർക്കു എന്തു
25 കിട്ടും എന്നു നറുക്കിട്ടു. അവർ തന്നെ ക്രൂശി
ച്ചപ്പോൾ മൂന്നാം മണി നേരമായിരുന്നു.
26 "ഇവൻ യഹൂദന്മാരുടെ രാജാവാകുന്നു"
എന്ന് തൻെറ മരണകാരണം എഴുതി വെ
27 യ്ക്കുകയും ചെയ്തു. അവർ രണ്ടു കള്ള
ന്മാരെ, ഒരുവനെ തൻെറ വലത്തും, ഒരു
വനെ ഇടത്തുമായി ക്രൂശിച്ചു. "അധർമ്മിക
28 ളോടു കൂടി അവൻ എണ്ണപ്പെട്ടു" എന്ന തിരു
വെഴുത്ത് അങ്ങനെ നിവൃത്തിയായി.
29 കടന്നു പൊയ്ക്കൊണ്ടിരുന്നവരും
തന്നെ ദുഷിച്ചു. അവർ തലയാട്ടിക്കൊണ്ട്,
"ദൈവാലയം പൊളിച്ചു മൂന്നുനാൾകൊണ്ടു
പണിയുന്നവനേ, നീ നിന്നെത്തന്നെ രക്ഷി 30
ച്ചു കുരിശിൽ നിന്നിറങ്ങിവരിക" എന്നു പറ
ഞ്ഞുകൊണ്ടിരുന്നു. അങ്ങനെ തന്നെ പ്രധാ 31
നാചാര്യന്മാരും സൊപ്രേമ്മാരും ആക്ഷേപി
ച്ചുകൊണ്ട് "ഇവൻ മററുള്ളവരെ ജീവിപ്പി
ച്ചു. എന്നാൽ തന്നെത്തന്നെ ജീവിപ്പിപ്പാൻ
കഴിയുന്നുമില്ല" "ഇസ്രയേലിൻെറ രാജാവാ 32
യ മശീഹാ ക്രൂശിൽ നിന്നിറങ്ങി വരട്ടെ നമു
ക്കു കണ്ടു വിശ്വസിക്കാമല്ലോ" എന്ന് പര
സ്പരം പറഞ്ഞു. തന്നോടുകൂടെ ക്രൂശിതരാ
യിരുന്നവരും തന്നെ നിന്ദിച്ചിരുന്നു. ആറാം 33
മണിയായപ്പോൾ, ഭൂതലം മുഴുവനിലും,
ഒമ്പതാം മണിവരെ അന്ധകാരമുണ്ടായി.
ഒമ്പതാംമണി സമയത്ത് യേശു 'ഈൽ 34
ഈൽ ലമ്മാനൊ ശ്ബക്തോൻ' (എൻെറ
ദൈവമെ, എൻെറ ദൈവമേ, നീ എന്നെ
ഉപേക്ഷിച്ചതെന്ത്?) എന്ന് അത്യുച്ചത്തിൽ
അട്ടഹസിച്ചു. അവിടെ നിൽപുണ്ടായിരുന്ന 35
വരിൽ, ഇതുകേട്ട ചിലർ, 'അവൻ ഏലിയാ
യെ വിളിച്ചു' എന്നു പറഞ്ഞു. ഒരുവൻ ഓടി 36
ച്ചെന്ന് പൊറുക്കാകൊണ്ട് നീർപ്പഞ്ഞി നിറ
ച്ച്, തന്നെ കുടിപ്പിക്കുവാനായി ഒരു കോ
ലിൽ വെച്ചുകെട്ടി. ചിലർ, "നിൽക്കൂ- ഏലി
യാ വന്ന് അവനെ ഇറക്കിക്കൊണ്ടുവരുമോ
എന്നു നമുക്കു കാണാമല്ലോ" എന്നു പറഞ്ഞു.
യേശു ഉറച്ച ശബ്ദത്തിൽ അട്ടഹസിച്ചു 37
കൊണ്ട് അവസാനിച്ചു. (മരിച്ചു). അപ്പോൾ 38
ദൈവാലയത്തിൻെറ തിരശ്ശില, മുകൾ
മുതൽ അടിവരെ രണ്ടായി കീറിപ്പോയി.
തൻെറ സമീപം നിന്നിരുന്ന ശതാധിപൻ 39
താൻ ഇങ്ങനെ അട്ടഹസിച്ച് അവസാനിച്ച
തു കണ്ടപ്പോൾ, "ഈ മനുഷ്യൻ സത്യമായി
ട്ടും ദൈവത്തിൻെറ പുത്രൻ ആയിരുന്നു"
എന്നു പറഞ്ഞു. ദൂരെ നിന്നുകൊണ്ട് ഇതെ 40
ല്ലാം കണ്ടുകൊണ്ടിരുന്നവരായ സ്ത്രീകളും
ഉണ്ടായിരുന്നു. മറിയം മഗ്ദലൈത്താ, ചെറി
യ യാക്കോബിൻെറയും യോസിയുടെയും
അമ്മ മറിയാം, ശോലും—ഇവർ താൻ 41
ഗലീലയിലായിരുന്നപ്പോൾ തന്നെ അനു
ഗമിക്കുകയും തനിക്കു ശുശ്രൂഷ ചെയ്യു
കയും ചെയ്തിരുന്നവർ ആയിരുന്നു. മററു
വളരെ സ്ത്രീകളും തന്നോടൊരുമിച്ച്
യറുശലേമിലേക്കു വന്നിരുന്നു.

ശാബതിന് മുമ്പുള്ള വെള്ളിയാഴ്ചയുടെ 42
സന്ധ്യയായപ്പോൾ മാന്യനും പ്രമാണിയും,
ദൈവരാജ്യത്തിനായി പ്രതീക്ഷിച്ചുകൊ 43
ണ്ടിരുന്നവനുമായ, റോംസാക്കാരൻ യൗ
സേഫ് വന്നു. അവൻ ധൈര്യപ്പെട്ടുകൊണ്ട്
പീലാത്തോസിൻെറ സന്നിധിയിൽ പ്രവേ

ശിച്ച്, യേശുവിൻെറ ശരീരത്തിനായി അപേക്ഷിച്ചു. ഇത്രവേഗം താൻ മരിച്ചുവോ എന്ന് പീലാത്തോസ് അത്ഭുതപ്പെട്ടു. അയാൾ ശതാധിപനെ വിളിച്ച്, 'സമയത്തിനുമുമ്പുതന്നെ അയാൾ മരിച്ചുവോ?" എന്നു ചോദിച്ചു. (കാര്യം) മനസ്സിലാക്കിയശേഷം തൻെറ ശരീരം യൌസേഫിനു കൊടുത്തു. യൌസേഫ് ഒരു കേത്താനാ തുണി വിലയ്ക്കു വാങ്ങിക്കൊണ്ടുവന്നു തന്നെ (ക്രൂശിൽ നിന്നും) ഇറക്കി, (ആ തുണികൊണ്ട്) ചുറ്റിപ്പൊതിഞ്ഞ്, പാറയിൽ കുഴിച്ചുണ്ടാക്കപ്പെട്ട കബറി (കല്ലറ)ൽ തന്നെ സംസ്കരിച്ചു. കല്ലറയുടെ വാതിൽക്കൽ ഒരു കല്ലും അവൻ ഉരുട്ടിക്കൊണ്ടുവന്നു വച്ചു. മറിയം മഗ്ദലൈത്തായും യോസിയുടെ അമ്മ മറിയാമും സംസ്കരിക്കപ്പെട്ട സ്ഥലം കണ്ടു.

അദ്ധ്യായം 16

ശാബതു കഴിഞ്ഞപ്പോൾ മറിയം മഗ്ദലൈത്തായും, യാക്കോബിൻെറ അമ്മ മറിയാമും ശോവുമും തന്നെ പൂശുവാനായി സുഗന്ധവസ്തുക്കൾ വിലയ്ക്കുവാങ്ങി.

ഞായറാഴ്ച അതിരാവിലെ, സൂര്യൻ ഉദിച്ചതോടെ അവർ കല്ലറയ്ക്കൽ വന്നു. "കല്ലറയുടെ വാതിൽക്കൽ നിന്നും ആര് ആ കല്ല് ഉരുട്ടി മാററിത്തരും" എന്ന് അവർ പരസ്പരം പറഞ്ഞു. അവർ നോക്കി; ആ കല്ല് ഉരുട്ടി മാററിവയ്ക്കപ്പെട്ടിരിക്കുന്നതായി അവർ കണ്ടു. അതു വളരെയേറെ വലുതായിരുന്നു. അവർ കല്ലറയിലേക്കു കടന്നു ചെന്നു. വെള്ളവസ്ത്രം ധരിച്ച് ഒരു യുവാവ് വലതുഭാഗത്തിരിക്കുന്നതായി കണ്ട് അവർ അത്ഭുതപ്പെട്ടു. അയാൾ അവരോട്: "നിങ്ങൾ ഭയപ്പെടേണ്ട, ക്രൂശിക്കപ്പെട്ട നസ്രായനായ യേശുവിനെയല്ലയോ നിങ്ങൾ അന്വേഷിക്കുന്നത്? അദ്ദേഹം ഉയിർത്തെഴുന്നേററു, ഇവിടെയില്ല, അദ്ദേഹം വയ്ക്കപ്പെട്ടതായ സ്ഥലം ഇതാ! നിങ്ങളോ പോയി അവൻെറ ശിഷ്യന്മാരോടും കീപ്പാായോടും താൻ പറഞ്ഞിരുന്നപ്രകാരം, നിങ്ങൾക്കു മുമ്പായി താൻ ഗലീലക്കു പോകുമെന്നും, അവിടെവച്ച് നിങ്ങൾ അദ്ദേഹത്തെ കാണും എന്നും പറയണം" എന്നു പറഞ്ഞു. അവർ അതു കേട്ട് കല്ലറക്കൽനിന്നും ഓടിപ്പോയി. എന്തെന്നാൽ അത്ഭുതവും സംഭ്രമവും അവരെ ബാധിച്ചിരുന്നു. അവർ ആരോടും ഒന്നും പറഞ്ഞതുമില്ല. എന്തെന്നാൽ അവർ വളരെ സംഭീതരായിരുന്നു.

ഞായറാഴ്ച അതിരാവിലെ താൻ പുന 9
രുത്ഥാനം ചെയ്തു. ആരിൽ നിന്നാണോ
താൻ ഏഴു ഭൂതങ്ങളെ പുറത്താക്കിയത്, ആ
മറിയം മഗ്ദലൈത്തായ്ക്ക് താൻ ആദ്യമെ
പ്രത്യക്ഷനായി. അവൾ പോയി കർത്താവി 10
നോടുകൂടെയുണ്ടായിരുന്നവരോട്, വില
പിച്ചും കരഞ്ഞും ഇരുന്നവരോട്, വിവരം
അറിയിച്ചു. 'താൻ ജീവിച്ചിരിക്കുന്നു; അവർ 11
ക്കു കാണപ്പെടുകയും ചെയ്തു' എന്ന് ആ
സ്ത്രീകൾ പറയുന്നതു കേട്ടിട്ട് അവരെ വിശ്വ
സിച്ചില്ല. ഇതിനുശേഷം, അവരിൽ രണ്ടു 12
പേർ ഗ്രാമത്തിലേക്കു നടന്നുപോകു
മ്പോൾ മറെറാരു വിധത്തിൽ താൻ
അവർക്കു കാണപ്പെട്ടു. അവർ പോയി 13
മററുള്ളവരോടു പറഞ്ഞു അവരേയും
അവർ വിശ്വസിച്ചില്ല.

അവസാനം, ആ പതിനൊന്നുപേരും 14
ഭക്ഷണത്തിന്നിരിക്കുമ്പോൾ താൻ അവർ
ക്കു കാണപ്പെട്ടു. താൻ പുനരുത്ഥാനം
ചെയ്തതായി കണ്ടവരെ അവർ വിശ്വസി
ക്കാതിരുന്നതുനിമിത്തം അവരുടെ വിശ്വാ
സക്കുറവിനെയും ഹൃദയകാഠിന്യത്തേയും
താൻ കുററപ്പെടുത്തി. താൻ അവരോട്, 15
"നിങ്ങൾ ലോകമെങ്ങും പോയി സർവ്വ
സൃഷ്ടിയിലും എൻെറ സുവിശേഷം പ്രസം
ഗിപ്പിൻ. വിശ്വസിക്കുകയും, സ്നാനമേൽ 16
ക്കുകയും ചെയ്യുന്നവൻ രക്ഷ പ്രാപിക്കും.
വിശ്വസിക്കാത്തവൻ കുററക്കാരനായി 17
വിധിക്കപ്പെടും. വിശ്വസിക്കുന്നവരോട് ഈ
അടയാളങ്ങൾ ചേർന്നിരിക്കും. അവർ
എൻെറ നാമത്തിൽ ഭൂതങ്ങളെ പുറ
ത്താക്കും, പുതിയ ഭാഷകളിൽ സംസാ
രിക്കും, അവർ സർപ്പങ്ങളെ പിടിച്ചെടുക്കും, 18
മരണകരമായ വിഷം കുടിച്ചാലും അത
വർക്കു ഉപദ്രവം വരുത്തുകയില്ല, അവർ
രോഗികളുടെമേൽ കൈവെക്കും രോഗി
കൾക്കു സൌഖ്യമുണ്ടാകുകയും ചെയ്യും."
എന്നു പറഞ്ഞു.

നമ്മുടെ കർത്താവായ യേശു അവ 19
രോടു സംസാരിച്ചശേഷം താൻ സ്വർഗ്ഗത്തി
ലേക്കു ആരോഹണം ചെയ്തു. ദൈവത്തി
ൻെറ വലത്തു ഭാഗത്ത് ഇരുന്നു.

അവർ പുറപ്പെട്ട് സർവ്വസ്ഥലത്തും 20
പ്രസംഗിച്ചു. നമ്മുടെ കർത്താവ് അവരെ
സഹായിക്കുകയും അവർ ചെയ്തുകൊ
ണ്ടിരുന്ന അത്ഭുതങ്ങൾമൂലം അവരു
ടെ വചനങ്ങൾക്ക് ഉറപ്പുവരുത്തുകയും
ചെയ്തിരുന്നു.

(റോമിൽ, അറിയിപ്പുകാരനായ മർക്കോസ് റോമാ ഭാഷയിൽ(ലത്തീനിൽ) സംസാരിച്ച് സുവിശേഷിച്ച വി.ഏവൻഗേല്യോൻ സമാപ്തം.)

വിശുദ്ധ മർക്കോസിൻെറ സുവിശേഷം

		പാഠഭേദം
1:3	പറയുന്ന ശബ്ദം	പറയുന്നവൻെറ ശബ്ദം
8	വെള്ളംകൊണ്ട്	വെള്ളത്തിൽ
24.	ഞങ്ങൾക്കും നിനക്കും എന്ത്	----തമ്മിൽ എന്ത്.
27	പഠിപ്പിക്കൽ	ഉപദേശം
44	മോശ.........വഴിപാട്	അത്.
2:4	മേൽഭാഗത്ത് കയറി	ഇല്ല
3:8	സോറിൽ നിന്നും.......	ചുററുപാടു നിന്നും
11	അശുദ്ധാത്മാക്കളുടെ ഉപദ്രവമുണ്ടായിരുന്നവർ	അശുദ്ധാത്മാക്കൾ.
15.	രോഗികളെ സുഖപ്പെടുത്തുവാനും	ഇല്ല.
15	തിരഞ്ഞെടുത്തു	നിയമിച്ചു.
4:11	അറിയുവാൻ (കഴിവ്) നിങ്ങൾക്ക്	മർമ്മം നിങ്ങൾക്ക്
37.	നിറയാറായി .	മുങ്ങാറായി.
40	ഇല്ലാത്തതെന്തുകൊണ്ട്?	ഇല്ലയോ.
5. 2	നേരെവന്നു	എതിരേററു വന്നു.
13	കിഴുക്കാംതൂക്കായ സ്ഥലത്തേക്ക്	കടുംതൂക്കോടെ.
6. 7.	ബഹിഷ്കരിക്കുവാനുള്ള	മേൽ.
11	ന്യായവിധി ദിവസം.....	ഇല്ല.
20	പല കാര്യങ്ങൾ ചെയ്കയും	കലങ്ങി.
49	മായക്കാഴ്ച.	ഭൂതം
7. 2	അവർ കുററാരോപണം ചെയ്തു	ഇല്ല.
9	ശരിക്കും നിരസിക്കുന്നു	തള്ളികളയുന്നത് നന്നായി.
34	എസ്പതാഹ്	എഫത്താ.
8. 6	വാഴ്ത്തി	സ്തോത്രം ചെയ്തു.
29.	ജീവനുള്ള ദൈവത്തിൻെറ പുത്രനായ	ഇല്ല.
8:31	മൂന്നാംനാൾ	മൂന്നു നാൾ കഴിഞ്ഞിട്ടു
10:34	"	"
9:22	കഴിയുന്നത്ര എന്നെ സഹായിക്കണമേ	നിനക്കു കഴിയുമെങ്കിൽ
23	വിശ്വസിപ്പാൻ കഴിയുമെങ്കിൽ,	വിശ്വസിക്കുന്നവന് നിന്നാൽ കഴിയുമെങ്കിൽ എന്നോ?
29	ഉപവാസവും	ഇല്ല
44.46	ചാകാത്ത പുഴു	ഇല്ല
49	എല്ലാ ബലിയും ഉപ്പിനാൽ രുചിക്കപ്പെടണം	എല്ലാവനും തീകൊണ്ട് ഉപ്പിടും
10:21	നിൻെറ ക്രൂശ് എടുത്ത്	ഇല്ല
11:8	വൃക്ഷങ്ങളിൽനിന്നു	പറമ്പുകളിൽനിന്നും
24	ലഭിക്കും എന്ന്	ലഭിച്ചു.
12:30	ഇതാകുന്നു 1-ാമത്തെ കല്പന	ഇല്ല
30	ഇതിനോടു.....	ഇല്ല
14:3	തൈലക്കുപ്പി.	വെൺകൽ ഭരണി.

14:27	ഈ രാത്രിയിൽ	ഇല്ല
64	ഇവൻെറ വായിൽനിന്നു തന്നെ	"
70	നിൻെറ സംസാര(രീതിയും)വും	"
15:2	താങ്കൾ പറഞ്ഞിരിക്കുന്നു	ഞാനാകുന്നു.
23.	മൂറാ "	കണ്ടിവെണ്ണ

വി. മർക്കോസ് 16:9 മുതൽ 20 വരെയുള്ള ഭാഗത്തെക്കുറിച്ച് വ്യാഖ്യാതാക്കളുടെ അഭിപ്രായം: "It was not written by Mark is the widely accepted conclusion."

വി. ലൂക്കോസ്

സുവിശേഷ ഗ്രന്ഥങ്ങളിൽ പ്രധാനം എന്ന് പണ്ഡിതന്മാർ വിശേഷിപ്പിക്കുന്ന വി. ലൂക്കോസിൻെറ സുവിശേഷം എഴുതിയ കാലത്തെക്കുറിച്ച് ഏകാഭിപ്രായമല്ല ഉള്ളത്. ക്രി. 57-59; 62-65; 70-80 എന്നിങ്ങനെ കാലനിർണ്ണയം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും യറുശലേമിൻെറ നാശത്തിനു മുമ്പ് എന്നതാണ് മിക്കവാറും സ്വീകൃതമായിട്ടുള്ളത്. ഈ സുവിശേഷത്തിൽനിന്നും ക്രി. 150-ൽ ജാസ്റ്റിൻ മാർട്ടിയറും, 160-ൽ തത്തിയാനും, 177-ൽ ഐറേണിയോസും 180-ൽ അന്ത്യോക്യായുടെ മാർ തേയോഫീലോസും 200 നോടടുത്തു തെർത്തൂല്യനും ഉദ്ധരിച്ചിട്ടുള്ളതായി രേഖകളുണ്ട്. സുവിശേഷാരംഭത്തിൽ പേരുപറയപ്പെടുന്ന തേയോഫീലോസ് റോമിലെ ഒരു മാന്യനാണെന്നും അലക്സാന്ത്ര്യാക്കാരനാണെന്നും അഭിപ്രായമുണ്ട്.

സുവിശേഷമെഴുതിയ നാലുപേരിൽ ഇദ്ദേഹം മാത്രമാണ് ജാതികളിൽ നിന്നും ക്രിസ്തുമതാവലംബിയായ ആൾ. സിറിയയിലെ അന്ത്യോക്യായിൽ ജാതനായ ഇദ്ദേഹം വി. പൌലോസിൻെറ സുവിശേഷഘോഷണത്തിൻെറ മഹനീയ ഫലമാണ്. വി. പൌലോസിൻെറ സന്തതസഹവാസിയും സഹപ്രവർത്തകനുമായ ലൂക്കോസ്, പൌലോസിൻെറ കാരാഗൃഹവാസക്കാലത്തും തൻെറ ശുശ്രൂഷകനായിരുന്നു. കൊലോസ്യ 4:14-ൽ വൈദ്യനായ ലൂക്കോസിനെ സ്മരിക്കുന്നു. (ഇദ്ദേഹം വൈദ്യം പഠിച്ചത് Tarsus-ൽ വച്ചാണെന്നു പറയപ്പെടുന്നു. പൌലോസ് ഇദ്ദേഹത്തെ എപ്പിസ്കോപ്പയായി വാഴിച്ചുവെന്നു പറയപ്പെടുന്നുണ്ട്. വൈദ്യനെന്നതിനും പുറമെ, ഒരു നല്ല ചിത്രകാരനുമായിരുന്നു. വി. കന്യകമറിയാമിൻെറ ചിത്രം സ്പാനിഷ് കത്തീഡ്രലിൽ ഉള്ളതായി ബാർഹ്ലെ പറയുന്നുണ്ട്. അദ്ദേഹം വരച്ചതെന്നു വിശ്വസിക്കപ്പെടുന്ന വി. കന്യകമറിയാമിൻെറ ചിത്രം മർക്കോസിൻെറ (യെറുശലേം) ഭവനത്തിൽ (ദയറായിൽ) ഞാനും കണ്ടിട്ടുണ്ട്. ഇദ്ദേഹം ഈജിപ്തിൽ സുവിശേഷവേല ചെയ്തതായും, നീറോയുടെ കല്പനയാൽ രക്തസാക്ഷി മരണം പ്രാപിച്ചതായും വിശ്വസിക്കപ്പെടുന്നു. ഗ്രീസിൽവച്ചാണ് അന്ത്യം എന്ന് മൂന്നാം നൂറ്റാണ്ടിലെ ഒരു കൃതിയിൽ കാണുന്നു. ജന്മനാ സിറിയായിലെ അന്ത്യോക്യാക്കാരനും അപ്പോസ്തോലന്മാരുടെ സഹചാരിയും, പിന്നീട് പ. പൗലൂസ് ശ്ലീഹായുടെ സഹപ്രവർത്തകനുമായിരുന്ന ഇദ്ദേഹം മരണപര്യന്തം തൻെറ നാഥനെ കളങ്കമെന്യേ സേവിച്ചു. ഭാര്യയും മക്കളുമില്ലാതിരുന്ന ലൂക്കോസ്, പരിശുദ്ധാത്മ നിറവുള്ളവനായി 74-ാം വയസ്സിൽ 'ബിഥിന്യായി'ൽവെച്ച് നിര്യാതനായി എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

ലൂക്കോസിൻെറ സുവിശേഷ പ്രത്യേകതകൾ

ഓരോ സുവിശേഷത്തിനും, ഓരോ അടയാളങ്ങൾ വ്യാഖ്യാതാക്കൾ കൊടുത്തിട്ടുണ്ട്. ഹസ്കീയേൽ ദർശനവെളിച്ചത്തിൽ മത്തായിയുടേത് 'മനുഷ്യൻ' (Man), മർക്കോസിൻേറത് 'സിംഹം' (Lion), യോഹന്നാൻേറത് 'കഴുകൻ' (Eagle), ലൂക്കോസിൻേറത് 'കാള' (Calf). അവസാനം പറഞ്ഞത് ബലിമൃഗമത്രെ. സർവ്വലോകത്തിനും വേണ്ടിയുള്ള ബലിയായി, യഹൂദനും ജാതികൾക്കും വേണ്ടിയുള്ള ബലിയായിത്തീർന്ന നമ്മുടെ കർത്താവ് ലോകരക്ഷകനായിരിക്കുന്നു എന്നദ്ദേഹം കാണിച്ചു.

പലരും ക്രിസ്തുവിനെക്കുറിച്ച് എഴുതിയിരുന്നെന്നും, സമകാലീന കാര്യത്തെക്കുറിച്ച് അറിവുള്ള അനേകരോടും അദ്ദേഹം സമ്പർക്കം പുലർത്തിയെന്നും എല്ലാം

ക്രമപ്രകാരം എഴുതുന്നുവെന്നും മുഖവുരയിൽ തന്നെ പറയുന്നുണ്ട്. യോഹന്നാൻ സ്നാപകൻെറ ആഗമനകാലത്തെ രാഷ്ട്രീയ, മതപര ഭരണക്കാരെക്കുറിച്ച് പറയുന്ന ഭാഗം (ലൂ: 3:1,2) നോക്കുക. അതായത് രേഖാമൂലമായ പാരമ്പര്യങ്ങൾ 1,2,3 അദ്ധ്യായങ്ങൾ നോക്കുമ്പോൾ ജീവിച്ചിരിക്കുന്നവരിൽനിന്നുള്ള സാക്ഷ്യങ്ങളും ശേഖരിച്ചിരിക്കുന്നു. കർത്താവിൻെറ ജനനം സംബന്ധിച്ചും ബാല്യം സംബന്ധിച്ചുമുള്ള വിവരങ്ങൾ ലൂക്കോസ് പലസ്തീനിൽ ആയിരിക്കുമ്പോൾ വി. കന്യക മാതാവിൽനിന്നും നേരിട്ട് ശേഖരിച്ചതായി ഡമ്മലോ പറയുന്നുണ്ട്.

പ്രത്യേകതകൾ

1. ജാതികളെ ഉദ്ദേശിച്ച്:-1. വി. മത്തായി ചെയ്തിരിക്കുന്നതുപോലെ പ്രവചനാനുസരണമുള്ള നിവൃത്തി എന്നുള്ളതിന് ലൂക്കോസ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നില്ല. 2. പഴയനിയമം വളരെ ചുരുക്കമായി മാത്രമാണ് ഉദ്ധരിക്കുന്നത്. 3. അറമായ വാക്കുകൾക്കുള്ള അർത്ഥം മർക്കോസിനെപ്പോലെ കൊടുക്കുന്നുണ്ട്. 4. മത്തായി, മശിഹായുടെ വംശാവലി യഹൂദ ജാതിയുടെ പിതാവായ അബ്രഹാം മുതൽ കൊടുക്കുമ്പോൾ ലൂക്കോസ്, മനുഷ്യജാതിയുടെ പിതാവായ ദൈവം മുതൽ കൊടുക്കുന്നു.

2. നമ്മുടെ കർത്താവിൻെറ പ്രാർത്ഥനകളെക്കുറിച്ച് വളരെയേറെ ഭാഗങ്ങൾ ഈ സുവിശേഷത്തിൽ കാണാം. 3:21 5: 16; 6: 12; 9.18; 9:29; 23:46. പ്രാർത്ഥനയെക്കുറിച്ചുള്ള ഉപമകൾ: 11:5-13; ദൈവഭയമില്ലാത്ത ന്യായാധിപൻ- 18:1-8.

3. സ്ത്രീകളുടെ പേരുകൾ കൂടുതലായി കാണിച്ചിരിക്കുന്നു. വി. കന്യകമറിയാം, എലിസബേത്ത്, ഹന്നാ, നയിനിലെ വിധവ, പരീശനായ ശീമോൻെറ ഭവനത്തിൽ വച്ച് തൈലം പൂശിയ സ്ത്രീ, മാർത്ത, മറിയം, മഗ്ദലനമറിയം മുതലായവർ.

4. പുറജാതികളെയും, ദരിദ്രരെയും സ്മരിക്കുന്നവനും, പാപികളുടെ സ്നേഹിതനും അത്രെ നമ്മുടെ കർത്താവ് എന്നു കാണിച്ചിരിക്കുന്നു. ലൂ. 10:30-37, 17:11-19; 11:25-27; 7:9;13:29; 7:36-19:50;1-10; 23:43;15:11-32.

വി. ലൂക്കോസിൻെറ സുവിശേഷം

1

1-4 മുഖവുര
5-25 സ്കറിയായോടുള്ള അറിയിപ്പ്.
26-38 വി. മറിയാമിനോടുള്ള അറിയിപ്പ്
39-45 വി. മറിയാമും ഏലിശബേത്തും.
46-56 വി. മറിയാമിൻെറ സ്തുതിഗീതം.
57-80 യോഹന്നാൻെറ ജനനവും അനന്തരകാര്യങ്ങളും.

2

1-7 യേശുവിൻെറ ജനനം. (മത്താ. 1:18, 2:1, യോ. 1:14)
8-24 ഇടയന്മാരുടെ ആഗമനവും ആരാധനയും. യേശുവിൻെറ ചേലാകർമ്മം.
25-40 ശെമഓൻെറയും ഹന്നായുടെയും ആരാധന. നസ്രസത്തിലേക്കു തിരികെ പോക്ക്.
41-52 ബാലനായ യേശു ദൈവാലയത്തിൽ.

3

1-20 യോഹന്നാൻ സ്നാപകൻെറ പ്രവർത്തനം. (മത്താ. 3:1, മർക്കോ. 1:1)
21-22 യേശുവിൻെറ മാമ്മൂദീസാ. (മത്താ. 3:13, മർക്കോ. 1:9)
23-38 വംശാവലി.

4

1-13 യേശുമ്ശീഹായ്ക്കുണ്ടായ പരീക്ഷകൾ. (മത്താ. 4:1, മർക്കോ. 1:12)
14-30 യേശു നസ്രസത്തിലെ പ്രാർത്ഥനാലയത്തിൽ.
31-44 യേശു കഫർന്നഹോമിൽ-അത്ഭുതങ്ങൾ. (മർക്കോ. 1:23)

5

1-11 അത്ഭുതകരമായ മീൻ പിടുത്തം.
12-16 യേശു കുഷ്ഠരോഗിയെ സൗഖ്യമാക്കി. (മത്താ. 8:2, മർക്കോ. 1:40)
17-26 യേശു തളർവാതക്കാരനെ സൗഖ്യമാക്കി. (മത്താ. 9:2, മർക്കോ. 2:1)
27-29 യേശു മത്തായിയെ വിളിച്ചു. (മത്താ. 9:9, മർക്കോ. 2:13)
30-39 യേശു സൊപ്രേന്മാരോടും പരീശരോടും പ്രതിവാദിക്കുന്നു.
(മത്താ. 9:10, മർക്കോ. 2:16)

6

1-5 യേശുവും ശാബതും. (മത്താ. 12:1, മർക്കോ. 2:23)
6-11 യേശു കൈവരണ്ട മനുഷ്യനെ സൗഖ്യമാക്കി. (മത്താ. 12:9, മർക്കോ. 3:1)
12-19 യേശു പന്തിരുവരെ തെരഞ്ഞെടുത്തു. സൗഖ്യദാനം. (മത്താ. 10:2, മർക്കോ. 3:13)
20-49 ഭാഗ്യങ്ങളും മറ്റു പ്രബോധനങ്ങളും (മത്താ. 5, 7:24)

7

1-10 യേശു ശതാധിപൻെറ ഭൃത്യനെ സൗഖ്യമാക്കി. (മത്താ. 8:5)
11-18 യേശു വിധവയുടെ മകനെ ഉയിർപ്പിച്ചു.
19-23 യേശുവിൻെറ അടുക്കൽ യോഹന്നാൻ ആളയച്ചു. (മത്താ. 11:2)
24-29 യോഹന്നാനെക്കുറിച്ച് യേശുമ്ശീഹാ. (മത്താ. 11:7)
30-35 അവിശ്വാസത്തെക്കുറിച്ച് യേശുവിൻെറ പ്രസ്താവന. (മത്താ. 11:16)
36-40 പരീശൻെറ ഭവനത്തിൽ-പാപിനിയുടെ കണ്ണുനീർ.
41-50 കടം ഇളവു ചെയ്ത യജമാനനും രണ്ടു കടക്കാരും.

8

1-3 ഗലീലയിലെ പ്രവർത്തനം.
4-15 വിതക്കാരൻെറ ഉപമ. (മത്താ. 13:1, മർക്കോ. 4:1)
16-18 വിളക്കു കത്തിച്ച് വിളക്കുതണ്ടിന്മേൽ. (മത്താ. 5:15, മർക്കോ. 4:21, ലൂ. 11:33)
19-21 മാതാവും സഹോദരന്മാരും. (മത്താ. 12:46, മർക്കോ. 3:31)
22-25 കടലിനെ ശാന്തമാക്കുന്നു. (മത്താ. 8:23, മർക്കോ. 4:36)
26-39 ഗദറായിലെ പിശാചുബാധിതൻ. (മത്താ. 8:28, മർക്കോ. 5:1)
40-56 രോഗസൗഖ്യം. യായിറോസിൻെറ മകളെ ഉയിർപ്പിച്ചത്.
(മത്താ. 9:18, മർക്കോ. 5:22)

9

1-9 പന്തിരുവരെ നിയോഗിച്ചയച്ചു. (മത്താ. 10-1, മർക്കോ. 6:3)
10-17 പന്തിരുവർ തിരിച്ചുവന്നു. അഞ്ചപ്പം അത്ഭുതം. (മത്താ. 14:13)
18-22 പത്രോസിൻെറ വിശ്വാസപ്രഖ്യാപനം. മത്താ. 16:13, മർക്കോ. 8:27)
23-26 യഥാർത്ഥ ശിഷ്യത്വം. (മത്താ. 16:22, മർക്കോ. 8:32)
27-36 മറുരൂപം. (മത്താ. 17:1, മർക്കോ. 9:2)
37-45 ഒരു ബാലനിൽനിന്നു പിശാചിനെ നീക്കി. (മത്താ. 17:14, മർക്കോ. 9:14)
46-50 വലിയവൻ ആര്. പൈതലിനെപ്പോലെ. (മത്താ. 18:1, മർക്കോ. 9:33)
51-56 ശമറയഗ്രാമം-മനുഷ്യപുത്രൻ വന്നത്.
57-62 യഥാർത്ഥ ശിഷ്യത്വം. (മത്താ. 8:18)

10

1-12 എഴുപതുപേരെ അയച്ചു.
13-24 കോറസിൻ മുതലായ നഗരങ്ങൾക്കു കഷ്ടം. (മത്താ. 11:20)
25-29 നിത്യജീവൻ പ്രാപിപ്പാൻ. (മത്താ. 22:34, മർക്കോ. 12:28)
30-36 നല്ല ശമറിയക്കാരൻ-ഉപമ.
37-42 മാർത്തയും മറിയാമും.

11

1-13 യേശു പ്രാർത്ഥനയെക്കുറിച്ച്. അർദ്ധരാത്രിയിൽ വന്ന സ്നേഹിതൻ-അപ്പൻ മക്കൾക്കു ദാനം ചെയ്യുന്നു.
14-23 യേശു ബെൽസബൂബിനെക്കൊണ്ട് ഭൂതങ്ങളെ പുറത്താക്കുന്നുവെന്ന ആരോപണം. (മത്താ. 12:22)
24-28 പുറത്താക്കപ്പെട്ട അശുദ്ധാത്മാവ്. (മത്താ. 12:43)
29-32 യോനായുടെ അടയാളം മാത്രം. (മത്താ. 12:39)
33-37 കത്തിച്ച വിളക്കിൻെറ ഉപമ. (മത്താ. 5:15, മർക്കോ. 4:21)
38-54 യേശു-പരീശർക്കും, ശാസ്ത്രികൾക്കും കുറ്റം ആരോപിക്കുന്നു. (മത്താ. 23-13)

12

1-15 (1) പരീശരുടെ പുളിമാവ്.
(2) ദൈവം കരുതുന്നു.
16-34 ഭോഷനായ ധനവാൻെറ ആത്മഗതം.
35-41 തൻെറ പുനരാഗമനം, മുന്നറിയിപ്പുകൾ. (മത്താ. 24:37)
42-48 യഥാർത്ഥ ഭവനാധികാരിയുടെ സ്വഭാവം.
49-59 ഭിന്നതയുണ്ടാകും. കാലം വിവേചിച്ചറിയണം.

13

1-5 അനുതപിക്കണം.
6-9 തോട്ടത്തിൽ ഫലം കായ്ക്കാത്ത വൃക്ഷം.
10-17 കൂനിയായ സ്ത്രീ സൗഖ്യം പ്രാപിച്ചു.
18-21 കടുകുമണിയുടെ ഉപമ. പുളിമാവ്.
22-33 യറുശലേമിലേക്കുള്ള യാത്രാമദ്ധ്യേ പ്രബോധനം.
34-35 യറുശലേമിനെക്കുറിച്ചു വിലാപം. (മത്താ. 23:37)

14

1-6 യേശു ശാബതിൽ സൗഖ്യമാക്കുന്നു.
7-15 മുഖ്യാസനം തേടിനടക്കുന്നവനെക്കുറിച്ചുള്ള ഉപമ. വിരുന്നുകളിൽ അഗതികളെ കരുതണം.
16-24 വിരുന്നിനു ക്ഷണിച്ചിട്ടും വരാത്ത അതിഥികൾ.
25-27 യഥാർത്ഥ ശിഷ്യത്വം.
28-33 കഴിവുണ്ടോ? എന്നാലോചിച്ചിട്ട് പ്രവൃത്തി ചെയ്യൂ.
34-35 ഉപ്പിൻെറ കാരവും കാരമില്ലായ്മയും. (മത്താ. 5:13)

15

1-2 പരീശരുടെ പിറുപിറുപ്പ്.
3-32 കാണാതെപോയ ആട്-കാണാതെപോയ ദ്രവ്യം. നഷ്ടപ്പെട്ട മകൻ-ഉപമകൾ.

16

1-13 അനീതിയുള്ള കാര്യസ്ഥൻ-ഉപമ.
14-17 പരീശരോടു പ്രത്യുത്തരം.

18 വിവാഹമോചനത്തെപ്പറ്റി.
19-31 ധനവാനും ലാസറും.

17

1-6 പരസ്പരം ക്ഷമിക്കുക.
7-10 സേവനസംബന്ധമായ ഉപമ.
11-19 സൗഖ്യം പ്രാപിച്ച 10 കുഷ്ഠരോഗികൾ.
20-37 തൻെറ പുനരാഗമനത്തെക്കുറിച്ച്.

18

1-8 അനീതിയുള്ള ന്യായാധിപൻ-ഉപമ.
9-14 പരീശനും ചുങ്കക്കാരനും ദൈവാലയത്തിൽ.
15-17 യേശു ശിശുക്കളെ അനുഗ്രഹിക്കുന്നു.
18-27 നിത്യജീവൻ തേടിയ ധനികയുവാവ്. (മത്താ. 19:16, മർക്കോ. 10:17)
28-30 യേശുവിനെ പ്രതി എല്ലാം ഉപേക്ഷിച്ചവർക്കു പ്രതിഫലം.
31-34 യേശുവിൻെറ മരണം-പുനരുത്ഥാനം-വീണ്ടും മുന്നറിയിപ്പ്.
35-43 യേശു യറിഹോയ്ക്കു സമീപം അന്ധനെ സുഖപ്പെടുത്തുന്നു.

19

1-10 സഖായിയുടെ മാനസാന്തരം.
11-27 താലന്തുകളുടെ ഉപമ.
28-40 ഓശാന-യറുശലേം പ്രവേശനം. (മത്താ. 21:1, മർക്കോ. 11:1, യോ. 12:12)
41-44 യേശു യറുശലേമിനെ പ്രതി കരഞ്ഞു.
45-48 യേശു ദൈവാലയശുചീകരണം. (മത്താ. 21:12, മർക്കോ. 11:15)

20

1-8 യോഹന്നാൻെറ സ്നാനം എവിടെനിന്ന്? (മത്താ. 21:23, മർക്കോ. 11:27)
9-18 അവകാശിയെ കൊന്ന തോട്ടം വേലക്കാരുടെ ഉപമ.
(മത്താ. 21:33, മർക്കോ. 12:1)
19-26 കൈസറിനു കരം കൊടുക്കണമോ? (മത്താ. 22:15, മർക്കോ. 12:13)
27-38 പുനരുത്ഥാനത്തെക്കുറിച്ചു സാദൂക്യർക്കു മറുപടി.
(മത്താ. 22:23, മർക്കോ. 12:18)
39-42 യേശു സൊപ്രേന്മാരെപ്പറ്റി (മത്താ. 22:41, മർക്കോ. 12:35)

21

1-4 വിധവയുടെ ചില്ലിക്കാശ്. (മർക്കോ. 12:41)
5-38 ഒലിവുമലയിൽവച്ചുള്ള പ്രബോധനം.

22

1-6 യൂദാ, തന്നെ ഒറ്റുകൊടുക്കാൻ തീരുമാനിച്ചു. (മത്താ. 26:3, മർക്കോ. 14:1)
7-20 പെസഹാഭക്ഷണവും വി.കുർബാനസ്ഥാപനവും. (മത്താ. 26:26, മർക്കോ. 14:22)
21-23 ഒറ്റുകൊടുക്കുന്നവനെപ്പറ്റി. (മത്താ. 26:11, മർക്കോ 14:18, യോഹ. 13:18)
24-27 ആരാണു വലിയവൻ? (മത്താ. 20:25, മർക്കോ. 10:42)
31-34 പത്രോസു തള്ളിപ്പറയും. (മത്താ. 26:33, മർക്കോ. 14:29)
35-53 യേശുവും ശിഷ്യന്മാരും തോട്ടത്തിൽ. (മത്താ. 26:36, മർക്കോ. 14:32, യോഹ. 18:1)
54-71 യേശു ബന്ധിതനായി-പരിഹസിക്കപ്പെട്ടു. പ്രധാനാചാര്യനു മുമ്പിൽ.

23

1-38 പീലാത്തോസിനു മുമ്പിൽ. ബാർനാബായെ സ്വതന്ത്രനാക്കി. യേശുവിനു
വധശിക്ഷ വിധിച്ചു. ക്രൂശാരോഹണം.
39-45 അനുതപിച്ച കള്ളൻ.
46-56 ക്രൂശുമരണം. കബറടക്കം.

24

1-12 യേശുമ്ശീഹായുടെ പുനരുത്ഥാനം. (മത്താ. 28:1, മർക്കോ. 16:1)
13-45 ഉയിർത്തെഴുന്നേറ്റ മ്ശീഹാ.
1. എമ്മാവോസിലേക്കു പോയ ശിഷ്യന്മാർ.
2. പത്തുപേർക്ക് കാണപ്പെട്ടു. (മർക്കോ. 16:14, യോഹ. 20-19)
46-48 സുവിശേഷിപ്പാൻ അധികാരം നല്കി. (മത്താ. 28:18, മർക്കോ. 16:15, ശ്ലീ.പ്ര.1:8)
49-53 സ്വർഗാരോഹണം. (മർക്കോ. 16:19, ശ്ലീ.പ്ര. 1:9)

വിശുദ്ധ ഏവൻഗേല്യോൻ അറിയിപ്പുകാരനായ ലൂക്കോസിൻെറ സുവിശേഷം

അദ്ധ്യായം 1

ആദിമുതൽ ദൃക്സാക്ഷികളും വചന
ത്തിൻെറ ശുശ്രൂഷകരുമായിരുന്നവർ നമു
ക്ക് പരമ്പരയാ ഏല്പിച്ചു തന്നിട്ടുള്ളതു
പോലെ നാം പൂർണ്ണമായി സമ്മതിച്ചിട്ടുള്ള
പ്രവർത്തനങ്ങളുടെ ചരിത്രം അനേകർ
എഴുതുവാൻ ആഗ്രഹിച്ചിരിക്കുന്നു. അവരെ
ല്ലാവരോടും താത്പര്യപൂർവ്വം ഞാൻ സമീപ
സ്ഥനായിരുന്നതിനാൽ, - ശ്രേഷ്ഠനായ
തേയോഫീലോസേ, താങ്കൾ അതിനു
ശിഷ്യപ്പെട്ട വചനങ്ങളുടെ നിജസ്ഥിതി
താങ്കൾ അറിയേണ്ടതിനു യഥാ ക്രമം എല്ലാ
കാര്യങ്ങളും താങ്കൾക്ക് എഴുതണമെന്ന്
എനിക്കും തോന്നി.

യഹൂദിയാ രാജാവായ ഹേറോദേസി
ൻെറ നാളുകളിൽ ആബിയാ കുടുംബ
ശുശ്രൂഷാ ഗണത്തിൽപ്പെട്ട സ്കറിയ എന്നു
പേരുള്ള ഒരു പുരോഹിതനുണ്ടായിരുന്നു.
അദ്ദേഹത്തിൻെറ ഭാര്യ അഹറോൻെറ
പുത്രിമാരിൽ പെട്ടവളായിരുന്നു. അവളുടെ
പേര് എലിസബേത്ത് എന്നായിരുന്നു. ഇരു
വരും ദൈവസന്നിധിയിൽ നീതിയുള്ളവരും
കർത്താവിൻെറ സർവ്വ കല്പനകളിലും
നീതിയിലും കുറ്റമറ്റ രീതിയിൽ നടക്കുന്നവ
രുമായിരുന്നു. അവർക്ക് ഒരു പുത്രനില്ലാ
യിരുന്നു. എന്തെന്നാൽ എലിസബേത്ത്
വന്ധ്യയായിരുന്നു. അവർ ഇരുവരും വളരെ
വാർദ്ധക്യം പ്രാപിച്ചവരുമായിരുന്നു.

അദ്ദേഹം തൻെറ ശുശ്രൂഷയുടെ ക്രമ
പ്രകാരം ദൈവസന്നിധിയിൽ ആചാര്യ
ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുമ്പോൾ,
പൗരോഹിത്യത്തിൻെറ പതിവനുസരിച്ച്
അദ്ദേഹം ധൂപം അർപ്പിക്കേണ്ട സമയം
വന്നു. അദ്ദേഹം ദേവാലയത്തിലേക്ക് പ്രവേ
ശിച്ചു. ജനക്കൂട്ടം മുഴുവനും, ധൂപാർപ്പണ
സമയത്തു പുറത്തു പ്രാർത്ഥിച്ചുകൊണ്ടു
നിന്നു. 'സുഗന്ധബലിപീഠ'ത്തിൻെറ
വലത്തുഭാഗത്തായി കർത്താവിൻെറ
മാലാഖ നില്ക്കുന്നതായി സ്കറിയായ്ക്കു
കാണപ്പെട്ടു. മാലാഖയെ കണ്ടപ്പോൾ
സ്കറിയാ പരിഭ്രമിച്ചു; ഭയപരവശനായി.
മാലാഖ അദ്ദേഹത്തോട്, "സ്കറിയായേ, 13
ഭയപ്പെടേണ്ട. എന്തെന്നാൽ നിൻെറ
പ്രാർത്ഥന കേൾക്കപ്പെട്ടിരിക്കുന്നു. നിൻെറ
ഭാര്യ എലിസബേത്ത് നിനക്കായി ഒരു
പുത്രനെ പ്രസവിക്കും. 'യോഹന്നാൻ'
എന്നു നീ അവൻെറ പേരുവിളിക്കും. നിന
ക്കു സന്തോഷവും ആനന്ദവുമുണ്ടാകും.
അവൻെറ ജനനത്തിങ്കൽ അനേകർ സ 14
ന്തോഷിക്കും. എന്തെന്നാൽ അവൻ കർത്താ 15
വിൻെറ സന്നിധിയിൽ വലിയവനായി
ത്തീരും. വീഞ്ഞും മദ്യവും അവൻ കുടിക്കുക
യില്ല. അവൻെറ മാതാവിൻെറ ഉദരത്തിൽ
ആയിരിക്കവേതന്നെ അവൻ പരിശുദ്ധാ
ത്മാവിനാൽ നിറയും. യിസ്രായേൽ മക്ക 16
ളിൽ അനേകരെ അവരുടെ ദൈവമായ
കർത്താവിൻെറ സന്നിധിയിലേക്ക് അവൻ
തിരിക്കും. അവൻ പിതാക്കന്മാരുടെ ഹൃദയ 17
ത്തെ പുത്രന്മാരിലേക്കും അനുസരണമില്ലാ
തിരിക്കുന്നവരെ നീതിമാന്മാരുടെ പരി
ജ്ഞാനത്തിലേക്കും തിരിയ്ക്കുവാനും
കർത്താവിനായി ഒരു പരിപൂർണ്ണതയുള്ള
ജനത്തെ ഒരുക്കുവാനുമായി, ഏലിയാ
പ്രവാചകൻെറ ആത്മാവോടും ശക്തിയോടും
കൂടെ കർത്താവിനു മുമ്പായി പോകും.

സ്കറിയാ മാലാഖയോട്: 'എന്തൊന്നി 18
നാൽ ഞാൻ ഇതറിയും? എന്തെന്നാൽ
ഞാൻ വൃദ്ധനാണ്. എൻെറ ഭാര്യ വളരെ
പ്രായംചെന്നവളുമാകുന്നുവല്ലോ' എന്നു
പറഞ്ഞു. മാലാഖ ഉത്തരമായി പറഞ്ഞു: 19
'ഞാൻ ദൈവമുമ്പാകെ നിൽക്കുന്ന ഗബ്രി
യേൽ ആകുന്നു. നിന്നോട് സംസാരിപ്പാനും,
ഇവ നിന്നെ അറിയിക്കുവാനുമായി ഞാൻ
അയയ്ക്കപ്പെട്ടിരിക്കുകയാണ്. യഥാകാലം 20
നിവൃത്തിയാകുന്ന എൻെറ ഈ വചനങ്ങൾ
നീ വിശ്വസിക്കായ്കമൂലം, ഇവ സംഭവിക്കു
ന്ന ദിവസം വരെ നീ ഊമനായിരിക്കും. നിന
ക്ക് സംസാരിപ്പാൻ സാദ്ധ്യമാവുകയുമില്ല."

ജനം സ്കറിയായെ പ്രതീക്ഷിച്ചു 21
കൊണ്ട് നിന്നിരുന്നു. ദൈവാലയത്തിൽ
അദ്ദേഹത്തിനുണ്ടായ താമസത്തെപ്പറ്റി

22 അവർ അത്ഭുതംകൂറിനിന്നു. സ്കറിയാ
പുറത്തു വന്നപ്പോൾ അവരോട് സംസാരി
പ്പാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ദൈവാല
യത്തിൽവച്ച് അദ്ദേഹത്തിന് ദർശനമു
ണ്ടായി എന്ന് അവർ മനസ്സിലാക്കി. അദ്ദേഹം
അവരോട് ആംഗ്യം കാണിക്കുകമാത്രം
ചെയ്തുകൊണ്ട് ഊമനായി കഴിഞ്ഞു.
23 അദ്ദേഹത്തിന്റെ ശുശ്രൂഷയുടെ ദിവസ
ങ്ങൾ പൂർത്തിയായപ്പോൾ അദ്ദേഹം തന്റെ
ഭവനത്തിലേക്ക് പോയി.
24 ആ ദിവസങ്ങൾക്കുശേഷം അദ്ദേഹ
ത്തിന്റെ ഭാര്യ എലിസബേത്ത് ഗർഭവതി
യായി. അഞ്ചുമാസം അതു സ്വയം മറച്ചു
25 വച്ചു. മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടാ
യിരുന്ന നിന്ദ നീക്കുവാനായി കർത്താവ്
എന്നെ കടാക്ഷിച്ച നാളുകളിൽ താൻ എനി
ക്കായി ഇവ എന്നോട് ചെയ്തിരിക്കുന്നു;
എന്ന് അവൾ പറഞ്ഞിരുന്നു.
26 ആറാംമാസത്തിൽ ഗലീലയിൽ നസ്രേ
27 ത്തു പട്ടണത്തിലേക്ക്-ദാവീദ് വംശത്തിൽ
യൌസേഫ് എന്നു പേരുള്ള ഒരുവന്
വിവാഹം നിശ്ചയിക്കപ്പെട്ടിരുന്ന കന്യക
യുടെ അടുക്കലേക്ക് - ദൈവസന്നിധിയിൽ
നിന്ന് ഗബ്രിയേൽ മാലാഖ അയയ്ക്കപ്പെട്ടു.
ആ കന്യകയുടെ പേര് മറിയാം എന്നായിരു
28 ന്നു. മാലാഖ അവളുടെ അടുക്കൽ കടന്നു
വന്ന് അവളോട് 'കൃപ നിറഞ്ഞവളേ,
നിനക്കു സമാധാനം. സ്ത്രീകളിൽ അനു
ഗ്രഹിക്കപ്പെട്ടവളേ, ഞങ്ങളുടെ കർത്താവ്
29 നിന്നോടു കൂടെ' എന്നു പറഞ്ഞു. അവൾ
അതു കണ്ട് മാലാഖയുടെ വചനത്തിൽ
പരിഭ്രമിച്ചുപോയി. ഈ 'സമാധാനം' എന്ത്?
30 എന്ന് അവൾ ചിന്തിച്ചു. മാലാഖ അവളോട്
'മറിയാമേ ഭയപ്പെടേണ്ട, എന്തെന്നാൽ
ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തി
31 യിരിക്കുന്നു. നീ ഗർഭവതിയായി പുത്രനെ
പ്രസവിക്കും. അവനു 'യേശു' എന്നു നീ
32 പേരു വിളിക്കണം. അവൻ വലിയവൻ
ആയിരിക്കും. അത്യുന്നതന്റെ പുത്രനെ
ന്നു വിളിക്കപ്പെടും. അവന്റെ പിതാവായ
ദാവീദിന്റെ സിംഹാസനം ദൈവമായ
33 കർത്താവ് അവനു കൊടുക്കും. അവൻ
യാക്കോബിന്റെ ഭവനത്തിന്മേൽ എന്നേ
ക്കും വാഴ്ച നടത്തും. അവന്റെ രാജ്യത്തിന്
അവസാനമുണ്ടാകുകയില്ല." എന്നു പറ
34 ഞ്ഞു. മറിയാം മാലാഖയോട് 'ഞാൻ പുരു
ഷനെ അറിഞ്ഞിട്ടില്ലാത്തതിനാൽ ഇത്
എങ്ങനെ സംഭവിക്കും' എന്നു ചോദിച്ചു.
35 മാലാഖ ഉത്തരമായി അവളോട് പറഞ്ഞു:
'പരിശുദ്ധാത്മാവു വരും. മഹോന്നതന്റെ
ശക്തി നിന്റെമേൽ ആവസിക്കും. ഇതു നിമി
ത്തം, നിന്നിൽ നിന്നു ജനിക്കുന്നവൻ പരി
ശുദ്ധനാകുന്നു. 'ദൈവത്തിന്റെ പുത്രൻ'
എന്ന് അവൻ വിളിക്കപ്പെടും. കണ്ടാലും 3
നിന്റെ ചാർച്ചക്കാരിയായ എലിസബേ
ത്തും അവളുടെ വാർദ്ധക്യത്തിൽ ഒരു പുത്ര
നെ ഗർഭം ധരിച്ചിരിക്കുകയാണ്. 'വന്ധ്യ'
എന്നു വിളിക്കപ്പെട്ടിരുന്ന അവൾക്ക് ഇത്
ആറാംമാസവുമാണ്. എന്തെന്നാൽ ദൈവ 3
ത്തിന് ഒന്നും അസാദ്ധ്യമല്ലല്ലോ.' മറിയാം
(അപ്പോൾ) പറഞ്ഞു: 'ഇതാ, ഞാൻ കർത്താ 3
വിന്റെ ദാസി. നിന്റെ വചനംപോലെ
എനിക്കു സംഭവിക്കട്ടെ." മാലാഖ അവളുടെ
അടുക്കൽ നിന്ന് പോയി.
ആ നാളുകളിൽ മറിയാം എഴുന്നേറ്റ് 3
യഹൂദ്യാ മലനാട്ടിലെ നഗരത്തിലേക്ക്
ഉത്സാഹത്തോടെ പോയി. അവൾ സ്കറി 4
യായുടെ ഭവനത്തിൽ പ്രവേശിച്ച് എലി
സബേത്തിന് 'സമാധാനം' ചൊല്ലി. മറിയാ 4
മിന്റെ സമാധാനം കേട്ടപ്പോഴുണ്ടായ
തെന്തെന്നാൽ- 'എലിസബേത്തിന്റെ ഉദര
ത്തിൽ പ്രജ സന്തോഷിച്ചു തുള്ളി. എലി
സബേത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവ
ളായി. അത്യുച്ചത്തിൽ അവൾ മറിയാമി
നോട്: 'സ്ത്രീകളിൽ നീ അനുഗ്രഹിക്ക 4
പ്പെട്ടവൾ. നിന്റെ ഉദരഫലവും അനുഗ്ര
ഹിക്കപ്പെട്ടത്. 'എന്റെ കർത്താവിന്റെ 4
അമ്മ' എന്റെ അടുക്കൽ വരുവാനുള്ള
ഈ ഭാഗ്യം എനിക്കെവിടെനിന്ന്? എന്തെ 4
ന്നാൽ കണ്ടാലും, നിന്റെ സമാധാന
ത്തിന്റെ ശബ്ദം എന്റെ ചെവികളിൽ
വീണപ്പോൾ പ്രജ എന്റെ ഉദരത്തിൽ
മഹാ വലിയ സന്തോഷത്തോടെ തുള്ളി. 4
കർത്തൃസന്നിധിയിൽ നിന്ന് തന്നോടു
സംസാരിക്കപ്പെട്ടവയ്ക്ക് നിവൃത്തിയു
ണ്ടാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി'
എന്ന് പറഞ്ഞു.
മറിയാം പറഞ്ഞു: "എന്റെ ദേഹി 4
കർത്താവിനെ പുകഴ്ത്തുന്നു. എന്റെ 4
ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ
ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ 4
താൻ തന്റെ ദാസിയുടെ താഴ്മയെ നോ
ക്കിക്കണ്ടു. ഇതാ, ഇപ്പോൾ മുതൽ സർവ്വ
തലമുറകളും എന്നെ ഭാഗ്യവതി എന്നു
കീർത്തിക്കും.
ശക്തനും തന്റെ നാമം പരിശുദ്ധവുമാ 4
യിരിക്കുന്നവൻ വലിയ കാര്യങ്ങൾ എന്നിൽ
പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ 5
അവനോടു ഭക്തിയുള്ളവരുടെമേൽ തലമുറ
തലമുറയായും വംശങ്ങളായും ഉണ്ടായി

1 രിക്കും. അവൻ തന്റെ ഭുജത്താൽ ജയ
മുണ്ടാക്കി. ഹൃദയചിന്തയിൽ അഹങ്കാരിച്ച
2 വരെ അവൻ ചിതറിച്ചു. അവൻ ശക്തരെ
സിംഹാസനങ്ങളിൽ നിന്ന് തള്ളിയിടു
കയും താഴ്മയുള്ളവരെ ഉയർത്തുകയും
3 ചെയ്തു. വിശന്നിരുന്നവരെ നന്മകൾ കൊണ്ട്
സംതൃപ്തരാക്കി. സമ്പന്നരെ വ്യർത്ഥമായി
4 അയച്ചു. നമ്മുടെ പിതാക്കന്മാരോട്
അബ്രഹാമിനോടും എന്നേയ്ക്കും അവ
ന്റെ സന്തതിയോടും സംസാരിച്ചപ്രകാരം,
5 അവൻ തന്റെ ദാസനായ ഇസ്രായേലിനെ
സഹായിക്കുകയും തന്റെ കരുണയെ
6 ഓർക്കുകയും ചെയ്തു." മറിയാം എലിസ
ബേത്തിന്റെ അടുക്കൽ മൂന്നുമാസ
ത്തോളം താമസിച്ചു; അനന്തരം അവളുടെ
ഭവനത്തിലേക്ക് തിരികെപ്പോയി.
7 എലിസബേത്തിന് പ്രസവത്തിനുള്ള
8 കാലമായി. അവൾ മകനെ പ്രസവിച്ചു.
അവളുടെ ചാർച്ചക്കാരും കുടുംബക്കാരും
ദൈവം അവളുടെ അടുക്കൽ തന്റെ കരുണ
ധാരാളമായി നല്കിയെന്നതു കേട്ട്,
അവളോടൊത്ത് ആനന്ദിച്ചു.
എട്ടാം ദിവസം അവനു ചേലാകർമ്മം
ചെയ്യുവാൻ അവർ വന്നു, അവന്റെ
പിതാവിന്റെ പേരിൻ പ്രകാരം 'സ്കറിയാ'
യെന്ന് അവർ അവനു പേരുവിളിച്ചു.
അവന്റെ അമ്മ അവരോട് - അങ്ങനെയല്ല;
എന്നാലോ അവൻ 'യോഹന്നാൻ' എന്നു
വിളിക്കപ്പെടണമെന്നു പറഞ്ഞു. അവർ
അവളോട് നിന്റെ വംശത്തിൽ ഇതേ
പേരിൽ വിളിക്കപ്പെടുന്ന ഒരുവനും ഇല്ലല്ലോ
എന്നു പറഞ്ഞു. അവനെന്തു പേരാണിടേ
ണ്ടതെന്ന് അവർ അവന്റെ പിതാവിനോട്
ആംഗ്യംകാണിച്ചു ചോദിച്ചു.
അദ്ദേഹം ഒരു എഴുത്തു പലക ആവശ്യ
പ്പെട്ടു. 'അവന്റെ പേര് യോഹന്നാൻ'
എന്നെഴുതുകയും പറയുകയും ചെയ്തു.
എല്ലാവരും അത്ഭുതപ്പെട്ടു. ഉടനെ തന്നെ
അദ്ദേഹത്തിന്റെ വായും നാവും തുറക്ക
പ്പെട്ടു. അദ്ദേഹം സംസാരിച്ചു; ദൈവത്തെ
പുകഴ്ത്തി. അവരുടെ അയല്ക്കാർക്കെ
ല്ലാം വളരെ ഭയമുണ്ടായി. യഹൂദിയാ
മലനാട്ടിലെങ്ങും, ഇത് സംഭാഷണവിഷയ
മായി. കേട്ടവരെല്ലാം ഹൃദയത്തിൽ ചി
ന്തിച്ചു: 'ഈ പൈതൽ എന്തായിത്തീരും'
എന്ന് അവർ പറഞ്ഞിരുന്നു. ദൈവത്തിന്റെ
കൈ അവനോടുകൂടെയുണ്ടായിരുന്നു.
അവന്റെ പിതാവായ സ്കറിയാ പരി
ശുദ്ധാത്മാവ് കൊണ്ട് നിറഞ്ഞ് അവൻ
പ്രവചിച്ചു പറഞ്ഞു:

'തന്റെ ജനത്തെ സന്ദർശിച്ച് അതിന് 68
രക്ഷ വരുത്തിയ ഇസ്രായേലിന്റെ ദൈവ 69
മായ കർത്താവ് വാഴ്ത്തപ്പെട്ടവൻ; നമ്മുടെ 70
ശത്രുക്കളിൽ നിന്നും നമ്മെ ദ്വേഷിക്കുന്ന 71
സർവ്വരിൽ നിന്നും നമ്മെ രക്ഷിപ്പാൻ ആദി
മുതലുള്ള പ്രവാചകരുടെ വായിലൂടെ
സംസാരിച്ചപ്രകാരം, തന്റെ ദാസനായ
ദാവീദിന്റെ കുടുംബത്തിൽ രക്ഷയുടെ
കൊമ്പ് അവൻ നമുക്കായി എഴുന്നേല്പി
ച്ചിരിക്കുന്നു. നമ്മുടെ പിതാക്കന്മാരോട് 72
താൻ കരുണ ചെയ്തു. ശത്രുക്കളുടെ കയ്യിൽ 73
നിന്നും നാം രക്ഷപ്രാപിച്ച് - ആയുഷ്കാലം
മുഴുവൻ നീതിയോടും പുണ്യത്തോടും
തന്റെ മുമ്പാകെ ഭീതികൂടാതെ സേവ 74
ചെയ്വാൻ, നമുക്കു (വരം) തരാമെന്നുള്ള
തന്റെ പരിശുദ്ധ നിയമങ്ങളെയും നമ്മുടെ 75
പിതാവായ അബ്രഹാമിനോട് ഉറപ്പിച്ചു
പറഞ്ഞിട്ടുള്ള ആണകളെയും താൻ
ഓർത്തിരിക്കുന്നു.
നീയോ പൈതലേ, അത്യുന്നതന്റെ 76
പ്രവാചകൻ എന്നു വിളിക്കപ്പെടും. അവ
ന്റെ വഴിയൊരുക്കുവാനും തന്റെ ജന 77
ത്തിനു പാപമോചനം മൂലമുള്ള ബോധം
നല്കുവാനും അന്ധകാരത്തിലും മരണ 78
നിഴലിലും ഇരിക്കുന്നവർക്ക് നമ്മുടെ ദൈവ
ത്തിന്റെ കരുണാതിരേകത്താൽ ഉയര 79
ത്തിൽനിന്ന് ഉദയം നമ്മെ സന്ദർശിക്കു
മ്പോൾ അവരെ പ്രശോഭിപ്പിക്കുവാനും
സമാധാനത്തിന്റെ മാർഗ്ഗത്തിൽ നമ്മുടെ
കാലുകളെ നയിക്കുവാനും വേണ്ടിത്തന്നെ.'
പൈതൽ വളർന്ന് ആത്മാവിൽ ശക്തി 80
പ്രാപിച്ചുകൊണ്ടിരുന്നു. ഇസ്രായേലിന്റെ
അടുക്കൽ തന്നെത്തന്നെ കാണിക്കുന്ന നാൾ
വരെ അവൻ വിജനപ്രദേശത്തായിരുന്നു.

അദ്ധ്യായം 2

ആ കാലത്ത്, തന്റെ ആധിപത്യത്തിൻ 1
കീഴുള്ള സർവ്വ ജനവും 'പേർവഴി ചാർത്ത
പ്പെടണം' എന്ന കല്പന, ആഗസ്തോസ്
കൈസറിൽനിന്ന് പുറപ്പെട്ടു. സിറിയയിൽ
കുറിനോസ് നാടുവാഴി ആയിരിക്കുമ്പോൾ 2
ഈ പേർവഴിചാർത്തൽ ആദ്യത്തെതായി
രുന്നു. അവരവരുടെ നഗരിയിൽ, പേർവഴി 3
ചാർത്തപ്പെടേണ്ടതിന്നായി എല്ലാവരും
പൊയ്ക്കൊണ്ടിരുന്നു. യൗസേഫും ദാവീ 4
ദിന്റെ കുടുംബത്തിലും വംശത്തിലും
പെട്ടവനായിരുന്നതുകൊണ്ട് യഹൂദയിൽ
'ബേത്‌ലഹേം' എന്നു വിളിക്കപ്പെടുന്ന ദാവീ
ദിന്റെ പട്ടണത്തിലേക്ക് - ഗലീലയിലെ 5
നസ്രേത്ത് പട്ടണത്തിൽനിന്നും - തനിക്കു

വിവാഹം നിശ്ചയം ചെയ്യപ്പെട്ടിരുന്ന ഗർഭി
ണിയായ മറിയാമിനോടുകൂടെ - പേർവഴി
6 ചാർത്തപ്പെടുവാനായി പോയി. അവർ
അവിടെ ആയിരിക്കുമ്പോൾ അവൾക്കു
പ്രസവിപ്പാനുള്ള ദിവസങ്ങൾ തികഞ്ഞു.
7 അവൾ അവളുടെ ആദ്യജാതനെ പ്രസ
വിച്ചു. അവൾ അവനെ പിള്ളക്കച്ചകൾ
കൊണ്ടു പൊതിഞ്ഞ്, അവർ പാർത്തിരുന്ന
സ്ഥലത്തു മറ്റു സ്ഥലമില്ലാതിരുന്ന
തിനാൽ, പുൽത്തൊട്ടിയിൽ കിടത്തി.
8 അവർ പാർത്തിരുന്ന ആ പ്രദേശത്ത്
തങ്ങളുടെ ആട്ടിൻപറ്റത്തിന് രാത്രിയാമ
ത്തിൽ കാവൽ നിന്നിരുന്ന ഇടയന്മാർ
9 ഉണ്ടായിരുന്നു. ഇതാ, ദൈവദൂതൻ അവ
രുടെ അടുക്കൽ വന്നു. കർത്താവിന്റെ
10 തേജസ് അവരുടെമേൽ പ്രശോഭിച്ചു. മഹാ
വലിയ ഭീതി അവർക്കുണ്ടായി. മാലാഖ
അവരോട് - നിങ്ങൾ ഭയപ്പെടേണ്ട. എന്തെ
ന്നാൽ സർവ്വ ലോകത്തിനും ഉണ്ടാകുവാ
നിരിക്കുന്ന മഹാസന്തോഷമത്രെ ഞാൻ
11 നിങ്ങളെ അറിയിക്കുന്നത്. എന്തെന്നാൽ
ദാവീദിന്റെ നഗരിയിൽ മിശിഹാ കർത്താ
വായ രക്ഷകൻ ഇന്നു നിങ്ങൾക്കായി
12 ജാതം ചെയ്തിരിക്കുന്നു. ഇതു നിങ്ങൾക്ക്
അടയാളം. തുണികൾ കൊണ്ടു പൊതിഞ്ഞ്
പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന
ശിശുവിനെ നിങ്ങൾ കാണും എന്നു പറ
13 ഞ്ഞു. പെട്ടെന്ന് ആ മാലാഖയോട് ഒരുമിച്ച്
വളരെയധികം സ്വർഗ്ഗീയ സൈന്യങ്ങൾ
കാണപ്പെട്ടു. അവർ ദൈവത്തെ സ്തുതിച്ചു
കൊണ്ട് പറഞ്ഞു:
14 "അത്യുന്നതങ്ങളിൽ ദൈവത്തിന്നു
സ്തുതി, ഭൂമിയിൽ സമാധാനം - മനുഷ്യർക്ക്
15 സംപ്രീതി" (നല്ല പ്രത്യാശ). മാലാഖമാർ
അവരുടെ അടുക്കൽനിന്നു സ്വർഗ്ഗത്തിലേ
ക്ക് പോയശേഷം ആട്ടിടയന്മാർ, "കർത്താ
വു നമ്മെ അറിയിച്ചപ്രകാരം സംഭവിച്ചതു
നമുക്കു ബേത്ലഹേംവരെ ചെന്നു കാണാം."
16 എന്നു പരസ്പരം പറഞ്ഞു. അവർ ഏറ്റം
ധൃതിയോടെ വന്ന്, മറിയാമിനേയും യൌ
സേഫിനേയും പുൽത്തൊട്ടിയിൽ കിടത്തി
17 യിരുന്ന ശിശുവിനെയും കണ്ടു. അവർ
അവരെ കണ്ടപ്പോൾ, ഈ ശിശുവിനെക്കു
റിച്ച് അവരോട് സംസാരിക്കപ്പെട്ട വചനം
18 അറിയിച്ചു. ഇടയന്മാരാൽ പറയപ്പെട്ടവ
കേട്ടവർ എല്ലാം അതേപ്പറ്റി അത്ഭുതപ്പെട്ടു.
19 മറിയാമോ, ഈ വചനങ്ങളെല്ലാം അവളുടെ
ഹൃദയത്തിൽ സംഗ്രഹിച്ചു നിരൂപണം
20 ചെയ്തിരുന്നു. അവരോട് സംസാരിക്കപ്പെട്ട
തുപോലെതന്നെ സർവ്വവും അവർ കാണു
കയും കേൾക്കുകയും ചെയ്തതു മൂലം ഇടയ
ന്മാർ ദൈവത്തെ സ്തുതിച്ചും കീർത്തിച്ചും
കൊണ്ട് തിരികെ പോയി.

ശിശുവിന് ചേലാകർമ്മം നടത്തുവാ 21
നുള്ള എട്ട് ദിവസമായപ്പോൾ, അവൻ
ഉദരത്തിൽ ഗർഭസ്ഥിതനാകുന്നതിനു
മുമ്പ്തന്നെ മാലാഖയാൽ വിളിക്കപ്പെട്ടതു
പോലെ അവന്റെ പേര് 'യേശു' എന്നു
വിളിക്കപ്പെട്ടു. മോശയുടെ ന്യായപ്രമാണ 22
പ്രകാരമുള്ള അവരുടെ ശുദ്ധീകരണനാളു
കൾ തികഞ്ഞപ്പോൾ, കർത്തൃസന്നിധി
യിൽ അവനെ സമർപ്പിക്കുവാനായി അവർ
അവനെ യറുശലേമിലേക്ക് കൊണ്ടുപോ
യി. (അതായത്) ഗർഭപാത്രം തുറക്കുന്ന 23
(ആദ്യജാതനാകുന്ന) പുരുഷപ്രജയെല്ലാം
'കർത്താവിന്റെ വിശുദ്ധൻ' എന്നു വിളിക്ക
പ്പെടണം എന്നു ന്യായപ്രമാണത്തിൽ എഴു
തപ്പെട്ടിരിക്കുന്ന പ്രകാരവും, കർത്താവി 24
ന്റെ ന്യായപ്രമാണത്തിൽ പറയപ്പെട്ടിരി
ക്കുന്ന പ്രകാരം രണ്ടു ചെങ്ങാലികളെയോ
രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ ബലി
ക്കായി നൽകേണ്ടതിനുമായിത്തന്നെ.

യറുശലേമിൽ'ശെമഓൻ' എന്നു പേരു 25
ള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അദ്ദേഹം
നീതിമാനും പുണ്യവാനും ഇസ്രായേലി
ന്റെ ആശ്വാസത്തിന്നായി പ്രതീക്ഷി
ച്ചിരിക്കുന്നവനുമായിരുന്നു. പരിശുദ്ധാ
ത്മാവ് അദ്ദേഹത്തിന്മേൽ ഉണ്ടായിരുന്നു.
'കർത്താവിന്റെ അഭിഷിക്തനെ കാണും 26
വരെ അവൻ മരണം കാണുകയില്ല.'എന്ന്
പരിശുദ്ധാത്മാവിനാൽ അവനോട് പറയ
പ്പെട്ടിട്ടുണ്ടായിരുന്നു. ഇദ്ദേഹം (പരിശുദ്ധ) 27
ആത്മനിയോഗത്താൽ ദൈവാലയത്തി
ലേക്ക് വന്നു. പ്രമാണത്തിൽ കൽപ്പിക്കപ്പെ
ട്ടിരിക്കുന്നത് പ്രകാരം അവനു വേണ്ടിയു
ള്ളവ ചെയ്യുവാൻ ശിശുവിനെ അവന്റെ 28
മാതാപിതാക്കൾ അകത്തേക്ക് കൊണ്ടു
വന്നപ്പോൾ അവൻ ശിശുവിനെ തന്റെ ഭുജ
ങ്ങളിലെടുത്ത് ദൈവത്തെ സ്തുതിച്ചുകൊ
ണ്ട് പറഞ്ഞു: എന്റെ കർത്താവേ, അങ്ങ 29
യുടെ തിരുവചനപ്രകാരം അവിടത്തെ ദാസ
നെ സമാധാനത്തോടെ പിരിച്ചയക്കേണമേ; 30
എന്തെന്നാൽ എന്റെ കണ്ണുകൾ നിന്റെ
കരുണയെ കണ്ടിരിക്കുന്നു. ആയത് പുറ 31
ജാതികൾക്ക് പ്രത്യക്ഷമാകുവാനുള്ള പ്രകാ
ശവും, അങ്ങയുടെ ജനമായ ഇസ്രായേലിന് 32
മഹത്ത്വവുമായി സർവ്വ ജനത്തിന്റെയും
മുമ്പിൽ അവിടുന്ന് ഒരുക്കിയിട്ടുള്ളതാ 33
ണല്ലോ. യൌസേഫും തന്റെ മാതാവും
തന്നെക്കുറിച്ച് സംസാരിക്കപ്പെട്ടവയെക്കു

റിച്ച് അത്യത്ഭുതപ്പെട്ടു. ശെമഓൻ അവരെ
അനുഗ്രഹിച്ച് മാതാവായ മറിയാമിനോട്:
കണ്ടാലും, ഇവൻ ഇസ്രായേലിൽ അനേ
കരുടെ വീഴ്ചയ്ക്കും എഴുന്നേൽപിനും,
തർക്കത്തിന്റെ അടയാളത്തിനുമായി
നിയോഗിക്കപ്പെട്ടവനാണ്. അനേകരുടെ
ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിന്റെ
പ്രാണനിൽകൂടെ വാൾ കടക്കും.
ആശേർ ഗോത്രത്തിൽ ഫനുവേലിന്റെ
മകൾ ഹന്ന എന്ന പ്രവാചകി- അവൾ
വയോവൃദ്ധയും തന്റെ കന്യകാത്വകാലം
കഴിഞ്ഞ് ഏഴുവർഷം ഭർത്താവിനോട് കൂടെ
കഴിഞ്ഞശേഷം, എൺപത്തിനാലു വർഷ
മായി വിധവയായി കഴിയുന്നവളും ദൈവാ
ലയത്തിൽനിന്നു മാറാതെ രാവും പകലും
ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടി
(ദൈവത്തെ) സേവിച്ചിരുന്നവളും ആയി
രുന്നു. ആ സമയത്ത് അവളും എഴുന്നേറ്റ്
കർത്താവിനെ സ്തോത്രം ചെയ്തു. യറുശലേ
മിന്റെ രക്ഷയ്ക്കായി കാത്തിരിക്കുന്ന
എല്ലാവരോടും തന്നെക്കുറിച്ച് സംസാരിക്കു
കയും ചെയ്തു. കർത്താവിന്റെ ന്യായപ്രമാ
ണപ്രകാരമുള്ളതെല്ലാം നിർവ്വഹിച്ചശേഷം
അവർ ഗലീലയിൽ അവരുടെ നഗരമായ
നസ്രേത്തിലേക്ക് തിരികെ പോയി.
പൈതൽ വളർന്നു; ആത്മാവിൽ
ശക്തിപ്പെട്ടു. ജ്ഞാനം കൊണ്ടു നിറഞ്ഞു.
ദൈവത്തിന്റെ കൃപ അവന്റെ മേൽ
ഉണ്ടായിരുന്നു.
അവന്റെ (യേശുവിന്റെ) ആളുകൾ
വർഷംതോറും പെസഹാ പെരുന്നാളിൽ
യറുശലേമിലേക്ക് പോകാറുണ്ടായിരുന്നു.
യേശുവിന് പന്ത്രണ്ട് വയസ്സുള്ളപ്പോൾ
പെരുന്നാളിന് അവർ പതിവുപോലെ
പോയി. (പെരുന്നാൾ) ദിവസങ്ങൾ കഴിഞ്ഞ്
അവർ തിരികെ പോന്നു. ബാലനായ യേശു
യറുശലേമിൽ തന്നെ താമസിച്ചു. യൌ
സേഫും അവന്റെ മാതാവും ഇതറിഞ്ഞില്ല.
സഹയാത്രികരുടെകൂടെ അവൻ ഉണ്ടായി
രിക്കും എന്ന് അവർ വിചാരിച്ചു. ഒരു ദിവ
സത്തെ വഴി ചെന്നപ്പോൾ, അവരുടെ ആളു
കളുടെ അടുക്കലും അവരെ പരിചയമുള്ള
വരുടെ അടുത്തും അവനെ അന്വേഷിച്ചു.
അവനെ കണ്ടെത്തിയില്ല. അവർ വീണ്ടും
യറുശലേമിലേക്ക് തിരികെപ്പോയി തന്നെ
അന്വേഷിച്ചുകൊണ്ടിരുന്നു. മൂന്നു ദിവസ
ങ്ങൾക്കുശേഷം അവർ ദൈവാലയത്തിൽ
അവൻ ഉപദേഷ്ടാക്കന്മാരുടെ മദ്ധ്യേ ഇരു
ന്നുകൊണ്ട് അവരിൽനിന്ന് കേൾക്കുകയും
അവരോട് ചോദിക്കുകയും ചെയ്യുന്നതായി
അവനെ കണ്ടെത്തി. അവനെ കേട്ടുകൊണ്ടി 47
രുന്നവർ അവന്റെ വിജ്ഞാനത്തിലും
വചനങ്ങളിലും അത്ഭുതപ്പെട്ടിരുന്നു. അവ 48
നെ കണ്ടപ്പോൾ അവർ അത്ഭുതപ്പെട്ടു.
തന്റെ മാതാവ് തന്നോട്- എന്റെ മകനേ,
നീ ഞങ്ങളോടിങ്ങനെ ചെയ്തതെന്ത്? കണ്ടാ
ലും, നിന്റെ പിതാവും ഞാനും വളരെ
വേദനയോടെ നിന്നെ അന്വേഷിക്കുക
യായിരുന്നു എന്നു പറഞ്ഞു. അവൻ അവ 49
രോട്, നിങ്ങളെന്തിനാണ് എന്നെ അന്വേഷി
ച്ചത്; എന്റെ പിതാവിന്റെ ഭവനത്തിൽ
ഞാൻ ആയിരിക്കേണ്ടതാകുന്നു എന്ന്
നിങ്ങൾ അറിയുന്നില്ലയോ? എന്നു പറഞ്ഞു.
അവൻ അവരോട് പറഞ്ഞ വചനം 50
അവർക്കു മനസ്സിലായില്ല. അവൻ ഇറങ്ങി 51
അവരോടൊരുമിച്ച് നസ്രേത്തിലേക്ക് വന്ന്
അവർക്ക് കീഴ്പ്പെട്ടിരുന്നു. അവന്റെ
മാതാവ് ഈ വചനങ്ങളെല്ലാം അവളുടെ
ഹൃദയത്തിൽ സൂക്ഷിച്ചു. യേശു പ്രായ 52
ത്തിലും ജ്ഞാനത്തിലും, ദൈവമുമ്പാകെ
യും മനുഷ്യരുടെ അടുക്കലും കൃപയിലും
വളർന്നുവന്നു.

അദ്ധ്യായം 3

തീബേറിയോസ് കൈസറിന്റെ വാഴ്ച 1
യുടെ പതിനഞ്ചാം ആണ്ടിൽ - യഹൂദി
യായിൽ പൊന്തിയോസ് പീലാത്തോസി
ന്റെ നാടുവാഴി ഭരണകാലത്ത് ഹേറോ
ദേസ് യഹൂദിയായിൽ നാലിലൊരുഭാഗ
ത്തിന്റെ അധിപനായും അവന്റെ സഹോ 2
ദരൻ പീലിപ്പോസ് ഇത്തൂറിയ ത്രിക്കോനോ
ദേശത്തിന്റെ (നാലിലൊന്ന്) അധിപനാ
യും ലൂസിനിയ ആബിലീനിയിൽ നാലി
ലൊന്നധിപനായും, ഹന്നാനും കയ്യാഫായും
മഹാ പുരോഹിതരുമായിരിക്കുമ്പോൾ,
വിജനപ്രദേശത്തുവച്ച് സ്കറിയായുടെ
പുത്രനായ യോഹന്നാന് ദൈവത്തിന്റെ
അരുളപ്പാടുണ്ടായി. അവൻ യോർദ്ദാനു 3
ചുറ്റുമുള്ള സർവ്വ സ്ഥലത്തുമെത്തി. പാപ
ങ്ങളുടെ മോചനത്തിനായി അനുതാപ
ത്തിന്റെ മാമോദീസായെ പ്രഘോഷിച്ചു.
“കർത്താവിന്റെ വഴി ഒരുക്കുവിൻ, നമ്മു 4
ടെ ദൈവത്തിന് സമഭൂമിയിൽ പാതകൾ
ചൊവ്വാക്കിത്തീർക്കുവിൻ, സകല താഴ്വര 5
കളും നികത്തപ്പെടും. സർവ്വ പർവ്വതങ്ങളും
കുന്നുകളും താഴ്ത്തപ്പെടും. ചെങ്കുത്താ
യത് സമഭൂമിയും, നിരപ്പില്ലാത്തിടം മൈതാ
നവുമാകും. സർവ്വ ജഡവും ദൈവത്തി 6
ന്റെ രക്ഷ കാണും എന്നു മരുഭൂമിയിൽ
വിളിച്ചു പറയുന്ന ശബ്ദം.’ എന്ന് ഏശായാ

യുടെ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന
പ്രകാരം തന്നെ.
7 അവൻെറയടുക്കൽ സ്നാനമേൽക്കു
വാൻ വന്ന പുരുഷാരത്തോട് അവൻ
ഇങ്ങനെ പറഞ്ഞു. "സർപ്പസന്തതികളേ,
വരുവാനിരിക്കുന്ന കോപത്തിൽനിന്ന് ഓടി
പ്പോകുവാൻ നിങ്ങളെ ആര് ഉപദേശിച്ചു?
8 ആകയാൽ അനുതാപത്തിന് യോജിച്ച
ഫലങ്ങൾ പുറപ്പെടുവിക്കുവിൻ; അബ്രഹാം
ഞങ്ങൾക്ക് പിതാവായുണ്ട് എന്ന് നിങ്ങ
ളുടെ ഉള്ളത്തിൽ പറയുവാൻ തുടങ്ങരുത്.
എന്തെന്നാൽ അബ്രഹാമിന്ന് ഈ കല്ലു
കളിൽ നിന്ന് മക്കളെ എഴുന്നേല്പിപ്പാൻ
ദൈവത്തിന്ന് കഴിയും എന്ന് ഞാൻ നിങ്ങ
9 ളോട് പറയുന്നു. കോടാലി, ഇതാ വൃക്ഷ
ങ്ങളുടെ ചുവടിന് വയ്ക്കപ്പെട്ടിരിക്കുന്നു.
ആകയാൽ നല്ല ഫലങ്ങൾ കായ്ക്കാത്ത
വൃക്ഷമെല്ലാം വെട്ടി അഗ്നിയിലിടപ്പെടും.
10 പുരുഷാരം അദ്ദേഹത്തോട് 'ആകയാൽ
ഞങ്ങളെന്തു ചെയ്യണം?' എന്നു ചോദിച്ചു
11 കൊണ്ടിരുന്നു. അദ്ദേഹം അവരോട് 'രണ്ടു
വസ്ത്രങ്ങളുള്ളവൻ ഇല്ലാത്തവനു കൊടു
ക്കണം. ഭക്ഷണസാധനങ്ങൾ ഉള്ളവനും
അങ്ങനെതന്നെ ചെയ്യണം എന്നു പറഞ്ഞു.
12 ചുങ്കക്കാരും സ്നാനമേൽക്കുവാൻ വന്നു.
അവർ അദ്ദേഹത്തോട് ഗുരോ ഞങ്ങളെ
13 ന്താണ് ചെയ്യേണ്ടതെന്ന് ചോദിച്ചു. 'ഈടാ
ക്കുവാൻ നിങ്ങളോട് ആജ്ഞാപിക്കപ്പെ
ട്ടിട്ടുള്ളതിൽ അധികമായി ഒന്നും നിങ്ങൾ
ഈടാക്കരുത് എന്ന് അവരോട് അദ്ദേഹം
14 പറഞ്ഞു. പട്ടാളസേവനം ചെയ്യുന്നവരും
അദ്ദേഹത്തോട് ചോദിച്ചു; ഞങ്ങളും എന്തു
ചെയ്യണം? നിങ്ങൾ ആരെയും ഉപദ്രവി
ക്കരുത്. ആരെയും വിഷമിപ്പിക്കരുത്.
നിങ്ങൾക്ക് നിങ്ങളുടെ ശമ്പളം മതി (എന്ന്
വിചാരിക്കണം) എന്നദ്ദേഹം പറഞ്ഞു.
15 യോഹന്നാനെക്കുറിച്ച് പുരുഷാരം,
പക്ഷേ ഇദ്ദേഹം തന്നെയായിരിക്കുമോ
16 മിശിഹാ എന്നു ചിന്തിക്കുകയും എല്ലാവരും
ഹൃദയങ്ങളിൽ ആലോചിക്കുകയും ചെയ്തു
കൊണ്ടിരിക്കുമ്പോൾ, യോഹന്നാൻ ഉത്തര
മായി അവരോട്, കണ്ടാലും; ഞാൻ നിങ്ങളെ
വെള്ളംകൊണ്ട് സ്നാനപ്പെടുത്തുന്നു.
എന്നാൽ എന്നേക്കാൾ ബലവാൻ വരു
ന്നുണ്ട്. അദ്ദേഹത്തിൻെറ ചെരുപ്പുകളുടെ
വാറുകളഴിപ്പാൻ (പോലും) ഞാൻ യോഗ്യ
നല്ല. അദ്ദേഹം പരിശുദ്ധാത്മാവിനാലും
അഗ്നിയാലും നിങ്ങളെ സ്നാനപ്പെടുത്തും.
17 അവൻെറ കൈയിൽ വീശുന്ന മുറം പിടി
ച്ചിരിക്കുന്നു. അദ്ദേഹം തൻെറ കളങ്ങൾ
വെടിപ്പാക്കിയിട്ട്- ഗോതമ്പ് തൻെറ കളപ്പുര
യിൽ ശേഖരിക്കുകയും പതിര് കെടാത്ത
തീയിൽ ദഹിപ്പിക്കുകയും ചെയ്യും. മറ്റ് പല 18
തും താൻ ജനത്തോട് ഉപദേശിക്കുകയും
അറിയിക്കുകയും ചെയ്തുകൊണ്ടിരുന്നു.
തെത്രർക്കായായ ഹേറോദേസ് അയാ 19
ളുടെ സഹോദരനായ പീലിപ്പോസിൻെറ
ഭാര്യ ഹേറോദ്യായെക്കുറിച്ചും അയാൾ
ചെയ്തുകൊണ്ടിരുന്ന തിന്മകൾ നിമിത്തവും
യോഹന്നാനാൽ ശാസിക്കപ്പെട്ടുകൊണ്ടി
രുന്നു. എന്നാൽ അയാൾ അവയ്ക്കെല്ലാം 20
പുറമെ യോഹന്നാനെ കാരാഗൃഹത്തിൽ
ബന്ധിതനാക്കുകയും ചെയ്തു.
ജനമെല്ലാം സ്നാനമേറ്റശേഷം യേശു 21
വും സ്നാനമേറ്റു. താൻ പ്രാർത്ഥിച്ചു
കൊണ്ടു നില്ക്കവേ സ്വർഗ്ഗം തുറക്കപ്പെട്ടു.
പരിശുദ്ധാത്മാവ് പ്രാവിൻെറ ശരീരരൂപ 22
ത്തിൽ തൻെറ മേലിറങ്ങി (ആവസിച്ചു) 'നീ
എൻെറ വത്സലപുത്രനാകുന്നു; നിന്നിൽ
ഞാൻ പ്രസാദിച്ചിരിക്കുന്നു.' എന്നു പറ
യുന്ന ശബ്ദം സ്വർഗ്ഗത്തിൽ നിന്നുമുണ്ടായി.
യേശു അപ്പോൾ ഏകദേശം മുപ്പത് 23
വയസ്സുള്ളവനായിരുന്നു. താൻ യൌസേ
ഫിൻെറ മകനെന്നു വിചാരിക്കപ്പെട്ടിരുന്നു.
യൌസേഫ് ഹേലിയുടെ പുത്രൻ, അവൻ
മഥാത്തിൻെറ പുത്രൻ; അവൻ ലേവിയുടെ
പുത്രൻ-ലേവി മൽക്കിയുടെ പുത്രൻ, മൽ 24
ക്കി യാനിയുടെ പുത്രൻ-യാനി യൌസേ
ഫിൻെറ പുത്രൻ - യൌസേഫ് മത്തായുടെ
പുത്രൻ. മത്താ ആമോസിൻെറ പുത്രൻ.
ആമോസ് നാഹൂമിൻെറ പുത്രൻ. നാഹൂം 25
ഹെസ്ലിയുടെ പുത്രൻ. ഹെസ്ലി നാഗിയു
ടെ പുത്രൻ, നാഗി മോത്ത്യാസിൻെറ പുത്രൻ-
മോത്ത്യാസ് മഥാത്തിൻെറ പുത്രൻ, മഥാത്ത് 26
ശമയിയുടെ പുത്രൻ-ശമയി യൌസേഫി
ൻെറ പുത്രൻ-യൌസേഫ് യിഹൂദായുടെ 27
പുത്രൻ - യിഹൂദാ യുഹാനോൻെറ പുത്രൻ-
യുഹാനോൻ റോസോയുടെ പുത്രൻ;
റോസോ സുർബാബേലിൻെറ പുത്രൻ-
സുർബാബേൽ ശേലഥിയേലിൻെറ
പുത്രൻ- ശേലഥിയേൽ നീറിയുടെ പുത്രൻ- 28
നീറി മൽകിയുടെ പുത്രൻ - മൽകി ആദി
യുടെ പുത്രൻ - ആദി കൂസാമിൻെറ
പുത്രൻ- കൂസാം എൽമൂദോദിൻെറ പുത്രൻ
- എൽമൂദോദ് ഈറിൻെറ പുത്രൻ, ഈർ
യൂസിയുടെ പുത്രൻ-യൂസി ഏലിയാസാ
റിൻെറ പുത്രൻ - ഏലിയാസാർ യുറോ
മിൻെറ പുത്രൻ; യുറോം മഥീഥോയുടെ
പുത്രൻ - മഥീഥോ ലേവിയുടെ പുത്രൻ -
ലേവി ശെമഓൻെറ പുത്രൻ - ശെമഓൻ

യീഹൂദായുടെ പുത്രൻ - യീഹൂദാ യൌസേ
ഫിന്റെ പുത്രൻ-യൌസേഫ് യുറോമി
ന്റെ പുത്രൻ, യുറോം ഏലിയാക്കിമിന്റെ
മകൻ - ഏലിയാക്കിം മലിയായുടെ മകൻ -
മലിയാ മാനിയുടെ മകൻ -മാനി മഥഥാ
യുടെ മകൻ - മഥഥാ നാഥാന്റെ മകൻ;
നാഥാൻ ദാവീദിന്റെ മകൻ - ദാവീദ് ഇശാ
യിയുടെ മകൻ, ഇശായി ഊബിദിന്റെ
മകൻ- ഊബിദ് ബോവോസിന്റെ മകൻ-
ബോവോസ് സൽമോന്റെ മകൻ - സൽ
മോൻ നഹശോന്റെ മകൻ - നഹശോൻ
അമീനാദാബിന്റെ മകൻ - അമീനാദാബ്
ഓറോമിന്റെ മകൻ - ഓറോം ഹെസ്രോ
ന്റെ മകൻ - ഹെസ്രോൻ പാറെസിന്റെ
മകൻ -പാറെസ് യീഹൂദായുടെ മകൻ -
യീഹൂദാ യാക്കോബിന്റെ മകൻ- യാക്കോ
ബ് ഇസഹാക്കിന്റെ മകൻ- ഇസഹാക്ക്
അബ്രഹാമിന്റെ മകൻ, അബ്രഹാം തേറഹി
ന്റെ മകൻ- തേറഹ് നാഹോറിന്റെ മകൻ-
നാഹോർ സോറൂഗിന്റെ മകൻ, സോറൂഗ്
അറഊയുടെ മകൻ-അറഊ ഫോലോഗി
ന്റെ മകൻ - ഫോലോഗ് ഓബോറിന്റെ
മകൻ-ഓബോർ ശോലഹിന്റെ മകൻ
ശോലഹ് കയ്നാന്റെ മകൻ- കയ്നാൻ
അർപക്ശാദിന്റെ മകൻ - അർപക്ശാദ്
ശേമിന്റെ മകൻ - ശേം നോഹയുടെ മകൻ
- നോഹ ലാമേക്കിന്റെ മകൻ - ലാമേക്ക്
മത്ശാലഹിന്റെ മകൻ - മത്ശാലഹ്
ഹനോക്കിന്റെ മകൻ - ഹനോക്ക് യാറെ
ദിന്റെ മകൻ - യാറെദ് മഹലലിയേലിന്റെ
മകൻ - മഹലലിയേൽ കയ്നാന്റെ മകൻ -
കയ്നാൻ ഏനോശിന്റെ മകൻ - ഏനോശ്
ശീതിന്റെ മകൻ - ശീത് ദൈവത്തിൽ
നിന്നുള്ളവനായ ആദാമിന്റെ മകനും
ആയിരുന്നു).

അദ്ധ്യായം 4

യേശു പരിശുദ്ധാത്മാവ് കൊണ്ടു
നിറഞ്ഞവനായി യോർദ്ദാനിൽനിന്ന്
ടങ്ങി. ആകൽകർസായാൽ താൻ പരീ
ക്ഷിക്കപ്പെടേണ്ടതിന്നായി നാല്പതു ദിവ
സത്തേക്ക് ആത്മാവ് തന്നെ വിജനപ്രദേശ
ത്തേക്ക് കൂട്ടിക്കൊണ്ടുപോയി. ആ ദിവസ
ങ്ങളിൽ താൻ ഒന്നും ഭക്ഷിച്ചതേയില്ല. ആ
ദിവസങ്ങൾ താൻ പൂർത്തിയാക്കി. അവ
സാനം തനിക്കു വിശന്നു. ആകൽകർസാ
തന്നോട് - നീ ദൈവത്തിന്റെ പുത്രനെങ്കിൽ
അപ്പമായി തീരുവാൻ ഈ കല്ലിനോടു
കല്പിക്കുക എന്നു പറഞ്ഞു. യേശു ഉത്തര
മായി അവനോട്, "മനുഷ്യൻ ജീവിക്കുന്നത്
അപ്പംകൊണ്ടുമാത്രമല്ല; എന്നാലോ
ദൈവത്തിന്റെ എല്ലാ വചനത്താലും
അത്രേ" എന്ന് എഴുതപ്പെട്ടിട്ടുണ്ട് എന്ന്
അവനോട് പറഞ്ഞു. സാത്താൻ തന്നെ 5
ഒരു ഉയർന്ന പർവ്വതത്തിലേക്ക് കരേറ്റി
ക്കൊണ്ടുപോയി ലോകത്തിലെ എല്ലാ
രാജ്യങ്ങളും അല്പസമയംകൊണ്ട് കാണി
ച്ചുകൊടുത്തിട്ട് ആകൽകർസാ തന്നോട്, 6
'എനിക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഈ
സർവ്വാധികാരവും അതിന്റെ മഹത്വവും
ഞാൻ നിനക്കു തരാം. എനിക്കിഷ്ടമുള്ള
ആർക്കും ഞാനിതു കൊടുക്കും. ആകയാൽ 7
നീ എന്നെ വന്ദിക്കുമെങ്കിൽ, ഇവയെല്ലാം
നിന്റേതായിത്തീരും' എന്ന് പറഞ്ഞു. 8
യേശു അവനോട്: "നിന്റെ ദൈവമായ
കർത്താവിനെ നീ ആരാധിക്കണം. അവന്
മാത്രമേ നീ സേവചെയ്യാവൂ. എന്നെഴുതപ്പെ
ട്ടിരിക്കുന്നു." എന്നുത്തരം പറഞ്ഞു. അവൻ 9
തന്നെ യറുശലേമിലേക്ക് കൊണ്ടുവന്നു.
തന്നെ ദൈവാലയാഗ്രത്തിന്മേൽ നിർത്തി
തന്നോട് 'നീ ദൈവപുത്രനെങ്കിൽ ഇവിടെ
നിന്ന് താഴോട്ട് ചാടുക. എന്തെന്നാൽ 10
അവൻ തന്റെ മാലാഖമാരോട് നിന്നെ
സൂക്ഷിപ്പാൻ നിന്നെക്കുറിച്ച് കല്പിക്കും.' 11
എന്നും, 'നിന്റെ കാൽ കല്ലിൽ തട്ടാതിരി
പ്പാൻ അവർ അവരുടെ ഭുജങ്ങളിൽ നിന്നെ
വഹിച്ചുകൊള്ളുമെന്നും എഴുതപ്പെട്ടിട്ടു
ണ്ടല്ലോ.' എന്നു പറഞ്ഞു. യേശു ഉത്തര 12
മായി അവനോട് 'നിന്റെ ദൈവമായ
കർത്താവിനെ നീ പരീക്ഷിക്കരുത്.' എന്നും
പറയപ്പെട്ടിട്ടുണ്ട് എന്ന് പറഞ്ഞു. ആകൽ 13
കർസാ അവന്റെ പരീക്ഷകളെല്ലാം
കഴിച്ചശേഷം കുറേക്കാലത്തേക്ക് തന്നെ
വിട്ടുപോയി.

യേശു പരിശുദ്ധാത്മാവിന്റെ ശക്തിയോ 14
ടെ ഗലീലായിലേക്ക് തിരിച്ചു വന്നു. സമീപ
പ്രദേശങ്ങളിലെങ്ങും തന്നെക്കുറിച്ചുള്ള
കീർത്തി പരന്നു. താൻ അവരുടെ സംഘാ 15
ലയങ്ങളിൽ പഠിപ്പിച്ചുവന്നു. എല്ലാവരാലും
താൻ പുകഴ്ത്തപ്പെട്ടു. താൻ വളർത്തപ്പെട്ട
സ്ഥലമായ നസ്രേത്തിൽ താൻ വന്നു.
ശാബത് ദിനത്തിൽ, പതിവനുസരിച്ച് താൻ 16
സംഘാലയത്തിൽ പ്രവേശിച്ച് വായിപ്പാ
നായി എഴുന്നേറ്റുനിന്നു. ഏശായ പ്രവാചക 17
ന്റെ പുസ്തകം അദ്ദേഹത്തിനു നല്കപ്പെട്ടു.
യേശു പുസ്തകം തുറന്നു. "കർത്താവിന്റെ
ആത്മാവ് എന്റെ മേൽ ഉണ്ട്. ഇതു നിമി 18
ത്തം, ദരിദ്രരോട് സുവിശേഷിപ്പാൻ എന്നെ
അഭിഷേകം ചെയ്തിരിക്കുന്നു, ഹൃദയം തകർ
ന്നിരിക്കുന്നവരെ സൗഖ്യമാക്കുവാനും

അടിമകൾക്ക് മോചനവും കുരുടന്മാർക്ക്
കാഴ്ചയും, പ്രസംഗിക്കുവാനും, മനം തകർ
19 ന്നവരെ മോചിച്ചയപ്പാനും - കർത്താവിൻെറ
സ്വീകാര്യവർഷം പ്രസംഗിപ്പാനുമായി
അവൻ എന്നെ അയച്ചിരിക്കുന്നു" എന്നു
20 എഴുതപ്പെട്ടതു കണ്ടെത്തി. പിന്നെ താൻ
ചുരുൾ ചുരുട്ടി ശുശ്രൂഷകനു കൊടുത്തിട്ട്
ഇരുന്നു. സംഘാലയത്തിലുള്ള എല്ലാവരു
ടെയും കൺകൾ അവൻെറമേൽ പതിച്ചി
21 രുന്നു. താൻ അവരോട് ഈ തിരുവെഴുത്ത്
നിങ്ങളുടെ കണ്ണുകളിൽ ഇന്ന് നിവൃത്തിയാ
യിരിക്കുന്നു എന്നു പറയുവാൻ തുടങ്ങി.
22 എല്ലാവരും തന്നെ സൂക്ഷിക്കുകയും, തൻെറ
വായിൽനിന്ന് പുറപ്പെട്ടുകൊണ്ടിരുന്ന
കൃപാവചനങ്ങളിൽ വിസ്മയിക്കുകയും
ചെയ്തു. ഇദ്ദേഹം യൌസേഫിൻെറ പുത്രനാ
23 യ യേശുവല്ലയോ എന്ന് അവർ പറഞ്ഞു.
യേശു അവരോട്: 'വൈദ്യാ, നീ നിന്നെ
ത്തന്നെ സുഖപ്പെടുത്തുക' എന്ന ഉപമാ
വചനം നിങ്ങൾ പക്ഷേ എന്നോട് പറഞ്ഞേ
ക്കാം. നീ കഫർന്നഹോമിൽ ചെയ്തതെല്ലാം
ഇവിടെയും നിൻെറ നഗരിയിൽ ചെയ്യുക
24 എന്നും (പറഞ്ഞേക്കാം എന്ന്) താൻ പറ
ഞ്ഞു: "തൻെറ സ്വന്ത നഗരിയിൽ അംഗീക
രിക്കപ്പെടുന്ന ഒരു പ്രവാചകനുമില്ല എന്നു
ഞാൻ സത്യമായും നിങ്ങളോട് പറയുന്നു.
25 എന്തെന്നാൽ സത്യം ഞാൻ നിങ്ങളോട്
പറയുന്നു. ഏലിയാ പ്രവാചകൻെറ കാല
ത്ത് മൂന്ന് സംവത്സരവും ആറുമാസവും
ആകാശമടയ്ക്കപ്പെട്ട് ഭൂതലമാകെ വലിയ
ക്ഷാമമുണ്ടായപ്പോൾ ഇസ്രായേലിൽ
26 അനേകം വിധവകളുണ്ടായിരുന്നിട്ടും സൈ
ദോനിലെ സരഫാത്തിലെ വിധവയുടെ
അടുക്കലേക്കല്ലാതെ, മറ്റൊരു വിധവയുടെ
അടുക്കലേക്കും അദ്ദേഹം അയയ്ക്കപ്പെ
27 ട്ടില്ല. പ്രവാചകനായ ഏലിശായുടെ നാളുക
ളിൽ ഇസ്രായേൽ ജനതയിൽ വളരെയേറെ
കുഷ്ഠരോഗികളുണ്ടായിരുന്നു. ആരാമ്യ
നായ (സിറിയക്കാരനായ) നയാമാനല്ലാതെ
അവരിൽ ഒരാൾപോലും വെടിപ്പാക്കപ്പെ
28 ട്ടില്ല" എന്നു പറഞ്ഞു. സംഘാലയത്തിലു
ള്ളവർ ഇതെല്ലാം കേട്ടപ്പോൾ എല്ലാവരും
കോപം കൊണ്ടു നിറഞ്ഞു. അവർ എഴു
29 ന്നേറ്റ് തന്നെ പട്ടണത്തിന് പുറത്താക്കു
കയും, കീഴ്ക്കാംതൂക്കായ സ്ഥലത്തു
നിന്നു തന്നെ തള്ളി താഴെ ഇടുവാനായി,
അവരുടെ പട്ടണം പണിയപ്പെട്ടിരുന്ന മല
യുടെ അഗ്രംവരെ തന്നെ കൊണ്ടുപോയി.
30 താനോ അവരുടെ ഇടയിൽക്കൂടെ കടന്നു
പോയി.

ഗലീലാ നഗരമായ കഫർന്നഹോമിൽ 31
താൻ വന്ന് ശാബതുകളിൽ അവരെ 32
പഠിപ്പിച്ചിരുന്നു. തൻെറ ഉപദേശത്തിൽ
അവർ അത്ഭുതപ്പെട്ടു. എന്തെന്നാൽ തൻെറ
വചനം ആധികാരികമായിരുന്നു. സംഘാല 33
യത്തിൽ അശുദ്ധപിശാചിൻെറ ആത്മാവ്
ബാധിച്ച ഒരു മനുഷ്യനുണ്ടായിരുന്നു.
അവൻ ഉറച്ച ശബ്ദത്തിൽ അട്ടഹസിച്ചു 34
പറഞ്ഞു. നസ്രയനായ യേശുവേ, നീ എന്നെ
വിട്ടിട്ട് പോകൂ. ഞങ്ങൾക്കും നിനക്കും
എന്ത്? നീ ഞങ്ങളെ നശിപ്പിക്കാൻ വന്നിരി
ക്കയാണ്. നീ ആരാകുന്നു എന്ന് - ദൈവ
ത്തിൻെറ പരിശുദ്ധൻ ആകുന്നു എന്ന് എനി
ക്കറിയാം. യേശു അവനെ ശാസിച്ചു 35
കൊണ്ട്: "നീ വായ് അടയ്ക്കുക. ഇവനെ
വിട്ടു പോകുക" എന്നു പറഞ്ഞു. പിശാച്
അവനെ മദ്ധ്യത്തിൽ മറിച്ചിട്ട് അവനിൽ
ഒരുപദ്രവവും ചെയ്യാതെ, അവനെ വിട്ടു
പോയി. എല്ലാവർക്കും വളരെ വിസ്മയമു 36
ണ്ടായി. അവർ പരസ്പരം പറഞ്ഞു: ഇതെ
ന്തൊരു വചനം? ഇദ്ദേഹം അധികാരത്തോ
ടും ശക്തിയോടും കൂടെ അശുദ്ധാത്മാക്ക
ളോട് ആജ്ഞാപിക്കുന്നു. അവ വിട്ടൊഴി 37
ഞ്ഞ് പോകുകയും ചെയ്യുന്നുവല്ലോ! അവ
രുടെ ചുറ്റുമുള്ള സർവ്വ സ്ഥലത്തും തൻെറ
പ്രസിദ്ധി വ്യാപിച്ചു.

യേശു സംഘാലയത്തിൽനിന്നു പുറ 38
പ്പെട്ട്, ശെമഓൻെറ ഭവനത്തിൽ പ്രവേശി
ച്ചു. ശെമഓൻെറ അമ്മാവിയമ്മ ഉഗ്രമായ
പനിപിടിച്ച് വിഷമിച്ചിരിക്കയായിരുന്നു.
അവൾക്കുവേണ്ടി അവർ തന്നോട് അപേ
ക്ഷിച്ചു. താൻ അവളുടെ അടുത്തുനിന്നു 39
കൊണ്ട് പനിയെ ശാസിച്ചു. അത് അവളെ
വിട്ടുമാറി. അവൾ ഉടനെ എഴുന്നേറ്റ്
അവർക്ക് ശുശ്രൂഷ ചെയ്തു.

സൂര്യാസ്തമനമായപ്പോൾ, വിവിധ 40
രോഗങ്ങളാൽ ക്ഷീണിച്ചിരുന്ന രോഗികളെ
ജനം തൻെറ അടുക്കൽ കൊണ്ടുവന്നു.
താനോ അവരിൽ ഓരോരുത്തരുടേയും
മേൽ തൻെറ കൈവച്ച് അവരെ സൌഖ്യ
മാക്കിക്കൊണ്ടിരുന്നു. വളരെപ്പേരിൽനിന്ന് 41
പിശാചുക്കളും ഒഴിഞ്ഞുപോയി. 'അങ്ങ്
ദൈവത്തിൻെറ പുത്രനായ മ്ശിഹാ ആകു
ന്നു.' എന്നവർ അട്ടഹസിച്ച് പറഞ്ഞിരുന്നു.
താൻ മ്ശിഹാ ആകുന്നുവെന്ന് അവർ അറി
യുന്നു എന്നുപറയുവാൻ താൻ അവരെ
സമ്മതിച്ചിരുന്നില്ല.

പിറ്റേദിവസം പ്രഭാതത്തിൽ താൻ ഒരു 42
വിജനപ്രദേശത്തേക്കു പോയി. ജനം തന്നെ
അന്വേഷിച്ചുകൊണ്ട് തൻെറ അടുക്കൽ

എത്തുകയും അവരുടെ അടുത്തു നിന്ന്
3 താൻ പോകാതിരിപ്പാൻ തന്നെ അവർ
നിർബന്ധിക്കുകയും ചെയ്തു. യേശു അവ
രോട് "എനിക്ക് മറ്റു നഗരങ്ങളിലും ദൈവ
ത്തിൻെറ രാജ്യം പ്രഘോഷിക്കേണ്ടിയിരി
ക്കുന്നു. ഇതിനായിട്ടാകുന്നു ഞാൻ അയ
യ്ക്കപ്പെട്ടിരിക്കുന്നത്" എന്ന് പറഞ്ഞു.
4 ഗലീലയിലെ സംഘാലയങ്ങളിൽ താൻ
പ്രസംഗിച്ചുകൊണ്ടിരുന്നു.

അദ്ധ്യായം 5

1 യേശു ഗനേസർതടാകത്തിൻെറ തീര
ത്തു നിന്നിരുന്നപ്പോൾ ദൈവത്തിൻെറ
വചനം കേൾപ്പാൻ പുരുഷാരം തൻെറ
2 അടുക്കൽ കൂട്ടമായി എത്തി. തടാക
തീരത്തിനടുത്തു രണ്ടു പടവുകൾ കിട
ക്കുന്നതും മത്സ്യം പിടുത്തക്കാർ അവയിൽ
നിന്നിറങ്ങി വലകൾ കഴുകുന്നതും താൻ
3 കണ്ടു. അവയിൽ ഒന്ന് ശെമഓൻ കീപ്പാ
യുടേതായിരുന്നു. യേശു അതിൽ കയറി
യിരുന്നു. കരയിൽനിന്ന് വെള്ളത്തിലേക്ക്
അത് അല്പം നീക്കുവാൻ താൻ പറഞ്ഞു.
താൻ ആ പടവിൽ ഇരുന്ന് പുരുഷാരത്തെ
4 പഠിപ്പിച്ചു. താൻ സംസാരം അവസാനിപ്പിച്ച
ശേഷം ശെമഓനോട് ആഴമുള്ളിടത്തേക്ക്
പടകു കൊണ്ടുപോയി. മത്സ്യബന്ധനത്തി
ന് വലയിടുക എന്നു പറഞ്ഞു. ശെമഓൻ
ഉത്തരമായി തന്നോട് റബീ, രാത്രിമുഴു
വൻ ഞങ്ങൾ അദ്ധ്വാനിച്ചതാണ്. ഒന്നും ഞ
ങ്ങൾക്ക് കിട്ടിയില്ല; എങ്കിലും; അങ്ങയുടെ
വാക്കിനെ പ്രതി ഞാൻ വലയിറക്കാം എന്നു
പറഞ്ഞു. അവർ അങ്ങനെ ചെയ്തപ്പോൾ
വളരെയധികം മത്സ്യം അതിൽ പെട്ടു. വല
കീറുമാറായി. മറ്റേ പടകിലുള്ള അവരുടെ
കൂട്ടുകാരോട്, അവർ വന്നു സഹായിക്കു
വാൻ ആംഗ്യം കാണിച്ചു. അവർ വന്ന് രണ്ടു
പടവുകളും മുങ്ങുമാറാകുവോളം (മത്സ്യം)
നിറച്ചു. ശെമഓൻ കീപ്പാ ഇതു കണ്ടപ്പോൾ
അവൻ യേശുവിൻെറ കാൽക്കൽ വീണ്,
എൻെറ കർത്താവേ, ഞാൻ പാപിയായ
മനുഷ്യനാകയാൽ എന്നെ വിട്ടുപോക
ണമേ എന്നപേക്ഷിച്ചു. അവർ വീശിപ്പിടിച്ച
ആ മത്സ്യക്കൂട്ടം നിമിത്തം അവനും അവ
ൻെറ കൂടെയുണ്ടായിരുന്നവർക്കും അത്യാ
ശ്ചര്യമുണ്ടായി. അതുപോലെതന്നെ ശെമ
ഓൻെറ കൂട്ടുജോലിക്കാരായിരുന്ന സബദി
പുത്രന്മാരായ യാക്കോബും യോഹന്നാനും
(അത്ഭുതപ്പെട്ടു) യേശു ശെമഓനോട് നീ
ഭയപ്പെടേണ്ട. ഇപ്പോൾമുതൽ നീ മനുഷ്യ
രെയായിരിക്കും ജീവനിലേക്ക് പിടിക്കുന്നത്
എന്നു പറഞ്ഞു. അവർ പടവുകൾ കരയ്ക്ക 11
ടുപ്പിച്ചശേഷം സർവ്വവും ഉപേക്ഷിച്ചു തൻെറ
പിന്നാലെ പോയി.

യേശു ഒരു പട്ടണത്തിലായിരിക്കവെ, 12
മുഴുവനും കുഷ്ഠം നിറഞ്ഞ ഒരു മനുഷ്യൻ
വന്ന്, യേശുവിനെ കണ്ട് കവിണ്ണു വീണ്
തന്നോട്, 'അവിടത്തേക്ക് മനസ്സുണ്ടെങ്കിൽ
എൻെറ കർത്താവേ, എന്നെ ശുദ്ധനാക്കു
വാൻ കഴിയും' എന്നു പറഞ്ഞു. യേശു
തൻെറ കൈനീട്ടി അവനെ തൊട്ടു! അവ 13
നോട് "എനിക്ക് മനസ്സുണ്ട്. നീ ശുദ്ധനാ
കുക" എന്നു പറഞ്ഞു. തൽക്ഷണം തന്നെ 14
അവൻെറ കുഷ്ഠം മാറിപ്പോയി. താൻ അവ
നോട് "ആരോടും നീ (ഇതു) പറയരുത്
എന്നാൽ നീ പുരോഹിതരുടെ അടുക്കൽ
പോകണം. നിന്നെത്തന്നെ അവർക്ക്
കാണിച്ചുകൊടുക്കണം. അവരുടെ സാക്ഷ്യ
ത്തിന്നായി മോശ കല്പിച്ച വഴിപാട് നിൻെറ
ശുദ്ധീകരണത്തിന്നായി സമർപ്പിക്കുകയും
ചെയ്യണം" എന്ന് ആജ്ഞാപിച്ചു. തന്നെക്കു 15
റിച്ചുള്ള പ്രസിദ്ധി കൂടുതലായി വ്യാപിച്ചു.
തന്നിൽ നിന്നു കേൾക്കുവാനും അവരുടെ
രോഗങ്ങളിൽ നിന്നു സൗഖ്യമാകുവാനു
മായി വളരെ ജനം വന്നുകൂടിക്കൊണ്ടി
രുന്നു. താനോ വിജനപ്രദേശത്തേക്കു മാറി 16
പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം യേശു പഠിപ്പിച്ചുകൊണ്ടി 17
രിക്കുമ്പോൾ ഗലീലയിലേയും യഹൂദിയാ
യിലേയും യറുശലേമിലേയും സർവ്വ ഗ്രാമ
ങ്ങളിൽനിന്നും വന്നിരുന്ന പരീശന്മാരും
ന്യായപ്രമാണോപദേഷ്ടാക്കന്മാരും അവി
ടെ ഇരിപ്പുണ്ടായിരുന്നു. ജനത്തെ സുഖപ്പെ
ടുത്തുവാൻ കർത്താവിൻെറ ശക്തി തനിക്കു
ണ്ടായിരുന്നു.

ചില ആളുകൾ തളർവാതക്കാരനായ 18
ഒരു മനുഷ്യനെ കട്ടിലിൽ എടുത്തുകൊണ്ടു
വന്ന് അകത്തുകടന്ന് തൻെറ സന്നിധിയിൽ
അവനെ വയ്ക്കേണ്ടതിന്നായി ആഗ്രഹിച്ചു.
എന്നാൽ ജനാധിക്യം നിമിത്തം അവനെ 19
അകത്തുകൊണ്ടുവരാൻ അവർക്കു സാധി
ക്കായ്കയാൽ, അവർ പുരമുകളിൽ കയറി
മച്ചിൽനിന്നും യേശുവിൻെറ മുമ്പിലേക്ക്
അവൻെറ ശയ്യയോടുകൂടി മദ്ധ്യത്തിലേക്ക്
ഇറക്കി. യേശു അവരുടെ വിശ്വാസം 20
കണ്ടപ്പോൾ - താൻ ആ തളർവാതക്കാര
നോട് 'മനുഷ്യാ, നിൻെറ പാപങ്ങൾ
നിന്നോട് ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്നു
പറഞ്ഞു. സൊപ്രേന്മാരും പരീശരും - 21
'ദൈവദൂഷണം പറയുന്ന ഇവനാര്? ദൈവ
ത്തിനു മാത്രമല്ലാതെ പാപം മോചിപ്പാൻ

ആർക്കാണ് കഴിവുള്ളത്?' എന്ന് ചിന്തിക്കാ
22 നും പറയുവാനും തുടങ്ങി. യേശു അവരുടെ
ചിന്തകൾ അറിഞ്ഞ് അവരോട് "നിങ്ങൾ
നിങ്ങളുടെ ഹൃദയത്തിൽ എന്താണ് ചിന്തി
23 ക്കുന്നത്? പറയുവാൻ എളുപ്പം ഏതാണ്?
നിന്റെ പാപങ്ങൾ നിന്നോട് ക്ഷമിക്കപ്പെട്ടി
രിക്കുന്നു എന്നു പറയുവാനോ? അതോ നീ
എഴുന്നേററു നടക്കുക എന്നു പറയുവാ
24 നോ? ഭൂമിയിൽ പാപം മോചിപ്പാൻ മനു
ഷ്യന്റെ പുത്രന് അധികാരമുണ്ട് എന്ന്
നിങ്ങൾ അറിയേണ്ടതിന് താൻ ആ
തളർവാതക്കാരനോട് 'എഴുന്നേല്ക്കുക,
നിന്റെ ശയ്യ എടുത്തുകൊണ്ട് നിന്റെ വീട്ടി
ലേക്ക് പൊയ്ക്കൊള്ളുക എന്നു ഞാൻ
25 നിന്നോട് പറയുന്നു' എന്നു പറഞ്ഞു. ഉടൻ
തന്നെ അവരുടെ കൺമുമ്പിൽവച്ച് അവൻ
എഴുന്നേറ്റ് - അവന്റെ കിടക്കയും എടുത്ത്
ദൈവത്തെ സ്തുതിച്ചുകൊണ്ട് അവന്റെ
26 വീട്ടിലേക്ക് പോയി. എല്ലാവർക്കും മഹാ
ശ്ചര്യം ഉണ്ടായി, അവർ ദൈവത്തെ
സ്തുതിച്ചു. അവർ ഭയം നിറഞ്ഞവരായി,
"ഇന്നു നാം അത്ഭുതങ്ങൾ കണ്ടിരിക്കുന്നു"
എന്നു പറഞ്ഞു.
27 ഇവയ്ക്കുശേഷം യേശു പുറപ്പെട്ടു
ചുങ്കസ്ഥലത്തിരിക്കുന്ന ലേവി എന്ന്
പേരുള്ള ചുങ്കക്കാരനെ കണ്ടു. 'നീ എന്റെ
പിന്നാലെ വരിക' എന്നു താൻ അവനോടു
28 പറഞ്ഞു. അവൻ എല്ലാം ഉപേക്ഷിച്ച്
എഴുന്നേററ് തന്റെ പിന്നാലെ പോയി.
29 ലേവി അവന്റെ ഭവനത്തിൽ തനിക്കായി
ഒരു വലിയ സ്വീകരണം നടത്തി. അവരോടു
കൂടി ചുങ്കക്കാരും മറ്റുള്ളവരുമായി ഒരു
വലിയ സമൂഹവും ഭക്ഷണത്തിനിരുന്നു.
30 സൊപ്രേന്മാരും പരീശന്മാരും പിറുപിറുത്തു
- അവർ തന്റെ ശിഷ്യന്മാരോട് 'നിങ്ങൾ
ചുങ്കക്കാരോടും പാപികളോടും ഒരുമിച്ച്
ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്ന
31 തെന്ത്?' എന്നു പറഞ്ഞു. യേശു അവരോട്
ഉത്തരമായി, "രോഗികൾക്കല്ലാതെ സുഖ
മുള്ളവർക്ക് വൈദ്യനെക്കൊണ്ട് ആവശ്യമി
32 ല്ലല്ലോ. അനുതാപത്തിലേക്ക് പാപികളെ
അല്ലാതെ, നീതിമാന്മാരെ വിളിപ്പാനല്ല
33 ഞാൻ വന്നത്." എന്നു പറഞ്ഞു. അവർ
തന്നോട് യോഹന്നാന്റെയും പരീശന്മാരു
ടെയും ശിഷ്യന്മാർ എപ്പോഴും ഉപവസിക്കു
കയും പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്.
നിന്റെ ശിഷ്യന്മാരാകട്ടെ ഭക്ഷിക്കുകയും
കുടിക്കുകയും ചെയ്യുന്നു. അതെന്തുകൊ
34 ണ്ട്? എന്നു ചോദിച്ചു. താൻ അവരോട്
"മണവാളൻ തങ്ങളുടെ കൂടെയുള്ളത്രയും

കാലം തോഴരെക്കൊണ്ട് ഉപവസിപ്പിക്കു
വാൻ നിങ്ങൾക്കു സാദ്ധ്യമല്ലല്ലോ. മണ 35
വാളൻ അവരിൽനിന്നും മാറ്റപ്പെടുന്ന നാളു
കൾ വരും അപ്പോൾ ആ നാളുകളിൽ-
അവർ ഉപവാസം അനുഷ്ഠിക്കും" ഒരുപ
മയും താൻ പറഞ്ഞു. "ആരും പുതിയ 36
തുണിയിൽ നിന്ന് കഷണം മുറിച്ചെടുത്ത്
പഴയ തുണിയോടു ചേർക്കാറില്ലല്ലോ.
(ചേർത്താൽ) പുതിയതിന് കീറൽ ഉണ്ടാ
കുകയും പുതിയതിൽനിന്നുള്ള തുണിക്ക
ഷണം പഴയതിനോട് ചേരാതിരിക്കുകയും
ചെയ്യും. ആരും പുതുവീഞ്ഞ് പഴയ തോൽ 37
കുടങ്ങളിൽ ഒഴിക്കാറില്ല. ഒഴിച്ചാൽ പുതു
വീഞ്ഞ് തോൽകുടങ്ങളെ പിളർക്കും.
വീഞ്ഞ് ഒഴുകിപ്പോകും. തോൽകുടങ്ങൾ
നശിച്ചുപോകുകയും ചെയ്യും. പുതിയ 38
വീഞ്ഞ് പുതിയ തോൽകുടങ്ങളിൽ ഒഴിച്ചു
വയ്ക്കുന്നു. അപ്പോൾ രണ്ടും സുരക്ഷിത
മായിരിക്കും. ആരും പഴയ വീഞ്ഞ് കുടിച്ച 39
യുടനെ പുതിയത് ആഗ്രഹിക്കാറില്ല. എന്തെ
ന്നാൽ പഴയതാകുന്നു രുചിയുള്ളത് എന്ന്
അവൻ പറയുന്നു.

അദ്ധ്യായം 6

ഒരു ശാബത് ദിവസം യേശു വിളഭൂമി 1
യിൽക്കൂടെ നടന്നുകൊണ്ടിരിക്കുമ്പോൾ
തന്റെ ശിഷ്യന്മാർ കതിരുകൾ ഊരി,
കൈകൾകൊണ്ടു തിരുമ്മി തിന്നുകൊണ്ടി
രുന്നു. പരീശന്മാരിൽ ചിലർ അവരോട് 2
"ശാബതിൽ വിഹിതമല്ലാത്തത് നിങ്ങൾ
ചെയ്യുന്നതെന്ത്?" എന്നു ചോദിച്ചു. യേശു 3
ഉത്തരമായി അവരോട്:-"തനിക്കും കൂടെ
യുള്ളവർക്കും വിശന്നപ്പോൾ ദാവീദ്
എന്താണ് ചെയ്തത്? അദ്ദേഹം ദൈവാല 4
യത്തിൽ കടന്നു ചെന്ന്, പുരോഹിതർക്കു
മാത്രമല്ലാതെ മറ്റുള്ളവർക്ക് ഭക്ഷിപ്പാൻ
അവകാശമില്ലാത്ത കർത്തൃമേശയിലെ
അപ്പം എടുത്ത് താൻ ഭക്ഷിക്കുകയും കൂടെ
യുള്ളവർക്ക് കൊടുക്കുകയും ചെയ്തത് നി
ങ്ങൾ വായിച്ചിട്ടില്ലയോ?" താൻ അവരോട്
"മനുഷ്യപുത്രൻ ശാബതിന്റെയും കർത്താ 5
വാകുന്നു" എന്നു പറഞ്ഞു.

മറ്റൊരു ശാബതിൽ താൻ സംഘാലയ 6
ത്തിൽ പ്രവേശിച്ച് പഠിപ്പിച്ചു. അവിടെ വലം
കൈ വരണ്ട ഒരു മനുഷ്യനുണ്ടായിരുന്നു.
തന്നെക്കുറിച്ച് കുറ്റാരോപണം നടത്തു 7
വാൻ താൻ ശാബതിൽ അവനെ സുഖപ്പെ
ടുത്തുമോ എന്ന് സൊപ്രേന്മാരും പരീശരും
തന്നെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. താനാ 8
കട്ടെ അവരുടെ ആലോചന ഗ്രഹിച്ചിട്ട് ആ

കൈ വരണ്ട മനുഷ്യനോട് “നീ എഴുന്നേറ്റ്
സംഘത്തിൻെറ മദ്ധ്യത്തിലേക്ക് വരിക”
എന്നു പറഞ്ഞു. അവൻ വന്നുനിന്നപ്പോൾ
9 യേശു അവരോട് “ഞാൻ നിങ്ങളോട്
ചോദിക്കട്ടെ, ശാബതിൽ എന്തുചെയ്യുന്ന
താണ് വിഹിതം? നന്മയോ, തിന്മയോ?
ജീവനെ രക്ഷിക്കുന്നതോ, നശിപ്പിക്കുന്ന
10 തോ? താൻ അവരെയെല്ലാം സൂക്ഷിച്ചു
നോക്കിയിട്ട്, അവനോട്: “നീ നിൻെറ കൈ
നീട്ടുക” എന്നു പറഞ്ഞു. അവൻ കൈനീട്ടി.
11 അതു മറ്റേ കൈപോലെ സ്വസ്ഥമായി!
അവരാകട്ടെ, അസൂയ നിറഞ്ഞ് ഈ
യേശുവിനോട് എന്തു ചെയ്യണം എന്ന്
അന്യോന്യം പറഞ്ഞു.
12 അക്കാലത്ത് ഒരു ദിവസം യേശു
പ്രാർത്ഥിപ്പാൻ മലയിലേക്ക് പോയി. നേരം
വെളുക്കുവോളം താൻ ദൈവത്തോടുള്ള
13 പ്രാർത്ഥനയിൽ കഴിച്ചു. പ്രഭാതമായപ്പോൾ
താൻ തൻെറ ശിഷ്യരെ വിളിച്ച് അവരിൽനി
ന്ന് പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു. അവ
14 രെ ‘ശ്ലീഹന്മാർ’ എന്നു പേരുവിളിച്ചു. കീപ്പാ
എന്നു താൻ പേരുവിളിച്ച ശെമഓൻ, അവ
ൻെറ സഹോദരൻ അന്ത്രയോസ്, യാക്കോ
15 ബ്, യോഹന്നാൻ, പീലിപ്പോസ്, ബർതുൽ
മായ്, മത്തായി, തോമാ, ഹൽപായിയുടെ
16 മകൻ യാക്കോബ്, തീഷ്ണവാൻ എന്നു
വിളിക്കപ്പെടുന്ന ശെമഓൻ, യാക്കോബിൻെറ
പുത്രൻ യീഹൂദാ, ഒറ്റുകാരനായിത്തീർന്ന
യഹൂദാ സ്കറിയോത്തായും തന്നെ.
17 യേശു അവരൊരുമിച്ച് ഇറങ്ങിവന്ന്
സമതലത്ത് നിന്നു. ശിഷ്യന്മാരുടെ വലിയ
സമൂഹവും യീഹൂദിൽ എല്ലാസ്ഥലത്തു
നിന്നും യറുശലേമിൽനിന്നും സോർസൈ
ദോൻ കടൽത്തീരങ്ങളിൽനിന്നും തൻെറ
വചനം കേൾപ്പാനും അവരുടെ രോഗങ്ങ
ളിൽനിന്ന് സുഖപ്പെടേണ്ടതിനും വളരെ
ജനസംഘവും അവിടെയുണ്ടായിരുന്നു.
18 അശുദ്ധാത്മാക്കളാൽ വിഷമിച്ചിരുന്നവരും
19 സൌഖ്യപ്പെട്ടുകൊണ്ടിരുന്നു. പുരുഷാര
മെല്ലാം തന്നെ ഒന്നു തൊടുവാൻ ആഗ്ര
ഹിച്ചു. എന്തെന്നാൽ തന്നിൽനിന്നും ശക്തി
പുറപ്പെട്ട് എല്ലാവരെയും സൌഖ്യമാക്കി
ക്കൊണ്ടിരുന്നു.
താൻ തൻെറ ശിഷ്യരുടെമേൽ ദൃഷ്ടി
ഉയർത്തിക്കൊണ്ടു പറഞ്ഞു: “ദരിദ്രരായ
നിങ്ങൾ ഭാഗ്യവാന്മാർ; എന്തെന്നാൽ ദൈവ
രാജ്യം നിങ്ങൾക്കുള്ളതാകുന്നു. ഇപ്പോൾ
വിശക്കുന്ന നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ
തൃപ്തരാകും. ഇപ്പോൾ കരയുന്നവരായ
നിങ്ങൾ ഭാഗ്യവാന്മാർ. എന്തെന്നാൽ
നിങ്ങൾ ചിരിക്കും. മനുഷ്യപുത്രനെ പ്രതി 22
മനുഷ്യർ നിങ്ങളെ വെറുക്കുകയും നിങ്ങളെ
വേർതിരിച്ച് മാറ്റുകയും നിങ്ങളെ നിന്ദിക്ക
യും, ദുഷ്ടന്മാർ എന്നപോലെ നിങ്ങൾക്ക്
ദുഷ്പേര് പരത്തുകയും ചെയ്യുമ്പോൾ
നിങ്ങൾ ഭാഗ്യവാന്മാർ; ആ ദിവസത്തിൽ 23
സന്തോഷിച്ചാനന്ദിക്കുവിൻ; എന്തെന്നാൽ
സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വർദ്ധി
ച്ചിരിക്കുകയാണ്. അവരുടെ പിതാക്കന്മാർ
പ്രവാചകന്മാരോടും ഇങ്ങനെ ചെയ്തുകൊ
ണ്ടിരുന്നവരത്രെ.
എന്നാൽ ധനികരേ! നിങ്ങൾക്കു ഹാ 24
കഷ്ടം. നിങ്ങൾ നിങ്ങളുടെ ആശ്വാസം
അനുഭവിച്ചു കഴിഞ്ഞിരിക്കുന്നു. സംതൃപ്തി 25
യോടെ കഴിയുന്നവരേ, നിങ്ങൾക്കു കഷ്ടം.
നിങ്ങൾക്കു വിശക്കും. ഇപ്പോൾ ചിരിക്കു
ന്നവരായ നിങ്ങൾക്കു കഷ്ടം; എന്തെന്നാൽ
നിങ്ങൾ കരയും, വിലപിക്കും. മനുഷ്യർ 26
നിങ്ങളെക്കുറിച്ച് നല്ല കാര്യങ്ങൾ പറയു
മ്പോൾ നിങ്ങൾക്കു കഷ്ടം; എന്തെന്നാൽ
അവരുടെ പിതാക്കന്മാർ കള്ളപ്രവാചക
ന്മാരോട് ഇങ്ങനെ ചെയ്തിട്ടുണ്ട്. എന്നെ 27
കേൾക്കുന്നവരായ നിങ്ങളോട് ഞാൻ പറ
യുന്നു; നിങ്ങളുടെ ശത്രുക്കളെ സ്നേഹി
ക്കണം. നിങ്ങളെ ദ്വേഷിക്കുന്നവന് നിങ്ങൾ
നന്മ ചെയ്യണം. നിങ്ങളെ ശപിക്കുന്നവരെ 28
നിങ്ങൾ അനുഗ്രഹിക്കണം. നിങ്ങളെ ബല
മായി കൊണ്ടുപോകുന്നവർക്കുവേണ്ടി
പ്രാർത്ഥിക്കണം. നിൻെറ ഒരു ചെകിട്ടത്ത് 29
അടിക്കുന്നവന് മറ്റേ ചെകിടും കാണിച്ചു
കൊടുക്കുക. നിൻെറ പുറംകുപ്പായം
എടുത്തുകൊണ്ടുപോകുന്നവനിൽനിന്ന്
നിൻെറ ഉൾക്കുപ്പായവും നീ തടയരുത്.
നിന്നോടു ചോദിക്കുന്നവർക്കെല്ലാം കൊടു 30
ക്കണം. നിൻേറതായിരിക്കുന്നത് എടുത്തു
കൊണ്ടുപോകുന്നവനോട് തിരികെ ചോ 31
ദിക്കരുത്. മനുഷ്യർ നിങ്ങളോട് എങ്ങനെ
പ്രവർത്തിക്കണം എന്ന് നിങ്ങൾ ആഗ്ര
ഹിക്കുന്നുവോ, അങ്ങനെതന്നെ നിങ്ങളും
അവരോട് ചെയ്യണം. എന്തെന്നാൽ നിങ്ങ 32
ളെ സ്നേഹിക്കുന്നവരെയാണ് നിങ്ങളും
സ്നേഹിക്കുന്നതെങ്കിൽ നിങ്ങൾക്ക് എന്താ
ണ് മേന്മ? പാപികൾപോലും അവരെ
സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നുണ്ട്.
നിങ്ങൾക്ക് നന്മ ചെയ്യുന്നവർക്ക് നിങ്ങളും 33
നന്മ ചെയ്യുകയാണെങ്കിൽ എന്തു മേന്മ
യാണുള്ളത്? പാപികളും അങ്ങനെതന്നെ
യല്ലയോ ചെയ്യുന്നത്? അവരിൽനിന്നും 34
തിരിച്ചുകിട്ടുമെന്നുള്ള വിചാരത്തോടെ
നിങ്ങൾ ആർക്കെങ്കിലും വായ്പ കൊടു

ക്കുകയാണെങ്കിൽ എന്താണ് നിങ്ങൾക്ക്
മേന്മ? ഇങ്ങനെ തിരികെ കിട്ടുമെന്നു വിചാ
രിച്ചുകൊണ്ട് പാപികളും പാപികൾക്കു കടം
35 കൊടുക്കുന്നില്ലയോ? എന്നാൽ നിങ്ങളോ,
നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കണം.
അവർക്ക് നന്മ ചെയ്യണം. വായ്പ കൊടു
പ്പിൻ; ആരെയും നിരാശപ്പെടുത്തരുത്.
അപ്പോൾ നിങ്ങളുടെ പ്രതിഫലം വളരെയാ
യിരിക്കും. നിങ്ങൾ, ദുഷ്ടന്മാരോടും നന്ദിഹീ
നരോടും ദയാലുവായിരിക്കുന്ന മഹോന്ന
തന്റെ മക്കൾ ആയിത്തീരുകയും ചെയ്യും.
36 ആകയാൽ നിങ്ങളുടെ പിതാവ് കാരുണ്യവാ
നായിരിക്കുന്നതുപോലെതന്നെ നിങ്ങളും
കരുണയുള്ളവരായിരിക്കണം.
37 നിങ്ങൾ വിധിക്കരുത്. നിങ്ങളും വിധി
ക്കപ്പെടുകയില്ല. നിങ്ങൾ കുറ്റം ചുമത്തരുത്.
നിങ്ങളും കുറ്റം ചുമത്തപ്പെടുകയില്ല. അഴി
ച്ചുവിടുവിൻ നിങ്ങളും അഴിച്ചുവിടപ്പെടും.
38 കൊടുപ്പിൻ നിങ്ങൾക്കു നല്കപ്പെടും. അ
മർത്തിക്കുലുക്കിയതും കവിഞ്ഞു വീഴുന്ന
തുമായ വിധത്തിലുള്ള നല്ല അളവിൽ നിങ്ങ
ളുടെ മടികളിലും അളന്നു കിട്ടും. എന്തെ
ന്നാൽ നിങ്ങൾ അളക്കുന്ന അളവിനാൽ
തന്നെ നിങ്ങൾക്കും അളന്നു കിട്ടും." അവ
39 രോട് താൻ ഉപമയായും പറഞ്ഞു: "കുരുടന്
കുരുടനെ വഴികാണിക്കുവാൻ കഴിയുമോ?
ഇരുവരും കുഴിയിൽ വീഴുകയില്ലേ.?"
40 "തന്റെ ഗുരുവിനേക്കാൾ വലിയവനാ
യ ശിഷ്യൻ ഇല്ല. എന്തെന്നാൽ പൂർണ്ണനായ
ഏവനും തന്റെ ഗുരുവിനു തുല്യൻ ആകും.
41 "നീ നിന്റെ സഹോദരന്റെ കണ്ണിലെ
കരട് നോക്കുന്നതെന്ത്? നിന്റെ കണ്ണിലെ
കോല് നീ കാണുന്നുമില്ല. അഥവാ,
42 എന്റെ സഹോദരാ നില്ക്കൂ! നിന്റെ
കണ്ണിൽ നിന്നു ഞാൻ കരടെടുത്തു കളയ
ട്ടെ, എന്നു നിന്റെ സഹോദരനോട് പറയു
വാൻ എങ്ങനെ നിനക്കു കഴിയും? കണ്ടാലും,
നിന്റെ കണ്ണിലെ കോല് നിനക്ക് കാണ
പ്പെടുന്നില്ല! കപടഭക്താ, ആദ്യമേ നിന്റെ
കണ്ണിൽനിന്നു കോല് പുറത്തെടുത്തു കള
യുക. അപ്പോൾ നിന്റെ സഹോദരന്റെ
കണ്ണിൽനിന്ന് കരടെടുത്തു കളയുവാൻ
നിനക്ക് കാഴ്ചയുണ്ടാകും.
43 "ദുഷ്ഫലങ്ങൾ കായ്ക്കുന്ന നല്ല വൃക്ഷ
മില്ല. നല്ല ഫലങ്ങൾ കായ്ക്കുന്ന ചീത്ത
44 വൃക്ഷവുമില്ല. ഓരോ വൃക്ഷവും അറിയ
പ്പെടുന്നത് അതിന്റെ ഫലങ്ങളാലാകുന്നു.
എന്തെന്നാൽ മുൾ(ചെടിയിൽ)നിന്നു
മാതളപ്പഴവും ഞെരിഞ്ഞിലിൽനിന്ന്
മുന്തിരിപ്പഴവും പറിച്ചെടുക്കപ്പെടുന്നില്ല
തന്നെ. നല്ല മനുഷ്യൻ അവന്റെ ഹൃദയ 45
ത്തിലുള്ള നല്ല നിക്ഷേപങ്ങളിൽനിന്നും
നന്മകളെ പുറപ്പെടുവിക്കുന്നു. ചീത്ത മനു
ഷ്യൻ അവന്റെ ഹൃദയത്തിലുള്ള തിന്മ
കളിൽനിന്നും തിന്മകളും പുറപ്പെടുവി
ക്കുന്നു. എന്തെന്നാൽ ഹൃദയത്തിൽ നിന്ന്
നിറഞ്ഞ് കവിയുന്നതിനെയാണല്ലോ
അധരങ്ങൾ സംസാരിക്കുന്നത്. എന്നെ 46
നിങ്ങൾ 'എന്റെ കർത്താവേ, എന്റെ
കർത്താവേ' എന്നു വിളിക്കുന്നുണ്ട്.
എന്നാൽ ഞാൻ പറയുന്നത് നിങ്ങൾ
ചെയ്യാതിരിക്കുന്നതെന്ത്?
എന്റെ അടുക്കൽ വന്ന് എന്റെ വചന 47
ങ്ങൾ കേട്ട് അവയെ അനുഷ്ഠിക്കുന്നവൻ
ആർക്കു സമനായിരിക്കും എന്നു ഞാൻ
നിങ്ങൾക്ക് കാണിച്ചുതരാം. ആഴത്തിൽ 48
കുഴിച്ച് പാറമേൽ അടിത്തറയിട്ട് വീടു
പണിത മനുഷ്യനോട് അവൻ സാമ്യമുള്ള
വനാകുന്നു. ജലപ്രളയം ഉണ്ടായി, വെള്ള
പ്പാച്ചിൽ ആ വീടിന്മേൽ അടിച്ചു. അടി
സ്ഥാനം പാറമേൽ ആയിരുന്നതിനാൽ
അതിനെ ഇളക്കുവാൻ കഴിഞ്ഞില്ല. കേട്ടിട്ടും 49
പ്രവർത്തിക്കാത്തവനോ അടിസ്ഥാനം
ഇടാതെ മണ്ണിന്മേൽ വീടു പണിതവനോട്
സമാനൻ. ഒഴുക്ക് അതിന്മേൽ ആഞ്ഞ
ടിച്ചപ്പോൾ പെട്ടെന്ന് അതു വീണുപോയി.
ആ വീടിന്റെ വീഴ്ച വലുതുമായിരുന്നു.

അദ്ധ്യായം 7

ജനം കേൾക്കെ ഈ വചനമെല്ലാം 1
പ്രസംഗിച്ചുതീർന്നശേഷം, യേശു കഫർന്ന
ഹോമിൽ പ്രവേശിച്ചു. അവിടെ ഒരു ശതാധി 2
പന് പ്രിയമുള്ള ഒരു ദാസൻ കഠിനരോഗം
ബാധിച്ച് മരിക്കാറായിരുന്നു. അയാൾ യേശു
വിനെക്കുറിച്ച് കേട്ടു. യഹൂദമൂപ്പന്മാരെ 3
അയച്ച്, താൻ വന്ന് അയാളുടെ ദാസനെ
ജീവിപ്പിക്കണമെന്ന് അപേക്ഷിച്ചു. അവർ 4
യേശുവിന്റെ അടുക്കൽ വന്ന് താത്പര്യ
മായി തന്നോട് അപേക്ഷിച്ചു 'അയാൾക്ക് 5
ഇത് അങ്ങ് ചെയ്തുകൊടുക്കാൻ അയാൾ
അർഹനാണ്. എന്തെന്നാൽ അയാൾ നമ്മു
ടെ ജനത്തെ സ്നേഹിക്കുന്നവനാണ്. ഒരു
സംഘാലയം നമുക്കായി പണിയിച്ചു തന്നി
ട്ടുണ്ട്' എന്നു പറഞ്ഞു. യേശു അവരോടു 6
കൂടെ പോയി. വീട്ടിൽനിന്നും അധികം ദൂര
ത്തല്ലായിരിക്കെ ശതാധിപൻ സ്നേഹിതരെ
തന്റെ അടുക്കൽ അയച്ച് ഇപ്രകാരം പറ
ഞ്ഞു: 'എന്റെ യജമാനനേ, അവിടന്ന് പ്രയാ
സപ്പെടണമെന്നില്ല. അങ്ങ് എന്റെ കൂടാര
ത്തിനകത്ത് പ്രവേശിക്കത്തക്ക യോഗ്യത

എനിക്കില്ല. അങ്ങയുടെ അടുക്കൽ വരുവാ
നുള്ള യോഗ്യതയും എനിക്കില്ല. അങ്ങ് ഒരു
വാക്ക് കല്പിച്ചാലും! എൻെറ ദാസന് സൗഖ്യം
ലഭിക്കുകതന്നെ ചെയ്യും. ഞാൻ അധികാര
ത്തിൻ കീഴിലുള്ള ഒരു മനുഷ്യനത്രെ.
എൻെറ കീഴിൽ പടയാളികൾ ഉണ്ട്. ഒരുവ
നോട് പോകുക എന്നു ഞാൻ പറഞ്ഞാൽ
അവൻ പോകും. മറ്റൊരുവനോട് വരിക
എന്നു പറഞ്ഞാൽ അവൻ വരും. നീ ഇന്നതു
ചെയ്യൂ എന്ന് എൻെറ ദാസനോട് പറ
ഞ്ഞാൽ അവൻ അതു ചെയ്യുകയും ചെയ്യും.'
യേശു ഇവ കേട്ടപ്പോൾ അവനെക്കുറിച്ച്
അത്ഭുതപ്പെട്ടു. താൻ തിരിഞ്ഞ് തൻെറ
പിന്നാലെ വന്നുകൊണ്ടിരുന്ന ജനക്കൂട്ട
ത്തോട്, ഇതുപോലുള്ള വിശ്വാസം ഇസ്രാ
യേലിൽപോലും ഞാൻ കണ്ടിട്ടില്ല എന്നു
ഞാൻ നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു.
അയയ്ക്കപ്പെട്ടിരുന്നവർ ഭവനത്തിൽ തിരി
കെ എത്തി. രോഗിയായിരുന്ന ആ ദാസൻ
സുഖപ്പെട്ടിരിക്കുന്നതായി അവർ കണ്ടു.

പിറ്റേ ദിവസം താൻ നയിൻ എന്ന പട്ട
ണത്തിലേക്ക് പോകുകയായിരുന്നു. തന്നോ
ടൊരുമിച്ച് തൻെറ ശിഷ്യന്മാരും വലിയ
പുരുഷാരവുമുണ്ടായിരുന്നു. താൻ നഗര
വാതിലിനു സമീപം എത്തിയപ്പോൾ, തൻെറ
അമ്മയ്ക്ക് ഏകപുത്രനായിരുന്ന ഒരു മരിച്ച
വനെ സംസ്ക്കരിക്കുവാൻ ചിലർ കൊണ്ടു
പോകുന്നതായി കണ്ടു. അവൻെറ അമ്മ
യോ, വിധവയായിരുന്നു. നഗരവാസികളു
ടെ ഒരു വലിയ സമൂഹം അവളോടുകൂടെ
യുണ്ടായിരുന്നു. അവളെ യേശു കണ്ടു; അവ
ളോട് തനിക്ക് കരുണതോന്നി. അവളോട്,
"നീ കരയേണ്ട" എന്നു പറഞ്ഞു. താൻ
ചെന്ന് മഞ്ചത്തെ തൊട്ടു. അതു വഹിച്ചി
രുന്നവർ നിന്നു; താൻ, "യുവാവേ നിന്നോടു
ഞാൻ പറയുന്നു; നീ എഴുന്നേല്ക്കുക"
എന്നു പറഞ്ഞു. മരിച്ചവനായിരുന്ന അവൻ
എഴുന്നേറ്റിരുന്ന് സംസാരിച്ചു തുടങ്ങി. താൻ
അവനെ അവൻെറ അമ്മയ്ക്കു നല്കി.
എല്ലാവർക്കും വളരെ ഭയമുണ്ടായി. അവർ
ദൈവത്തെ സ്തുതിച്ചുകൊണ്ട്, നമ്മുടെ
മദ്ധ്യെ ഒരു ശ്രേഷ്ഠപ്രവാചകൻ എഴുന്നേറ്റി
രിക്കുന്നു. ദൈവം തൻെറ ജനത്തെ സന്ദർശി
ച്ചിരിക്കുന്നു; എന്നു പറഞ്ഞു. തന്നെക്കു
റിച്ച് ഈ വാർത്ത യഹൂദിയാ മുഴുവനിലും
എല്ലാ പരിസരപ്രദേശങ്ങളിലും പരന്നു.
യോഹന്നാൻെറ ശിഷ്യന്മാർ ഇവയെല്ലാം
അദ്ദേഹത്തെ വിശദമായി അറിയിച്ചു.

യോഹന്നാൻ തൻെറ ശിഷ്യരിൽ രണ്ടു
പേരെ വിളിച്ച് അവരെ യേശുവിൻെറ അടു
ക്കലേക്കയച്ചു ചോദിച്ചു: "വരുവാനുള്ളവൻ
അങ്ങുതന്നെയോ, അതോ മറ്റൊരുവനെ
യാണോ ഞങ്ങൾ പ്രതീക്ഷിക്കേണ്ടത്?"
അവർ യേശുവിൻെറ അടുത്തുവന്നു 20
തന്നോട്, വരുവാനുള്ളവൻ അങ്ങുതന്നെ
യോ, അതോ മറ്റൊരുവനെയാണോ
ഞങ്ങൾ പ്രതീക്ഷിക്കേണ്ടത് (എന്നു ചോദി
പ്പാൻ) യോഹന്നാൻ സ്നാപകൻ ഞങ്ങളെ
അങ്ങയുടെ സവിധത്തിലേക്ക് അയച്ചിരിക്ക
യാണ് എന്ന് പറഞ്ഞു. ആ സമയത്തു 21
തന്നെ, വളരെപ്പേരെ താൻ രോഗങ്ങളിൽ
നിന്നും, വ്യാധികളിൽനിന്നും, ദുരാത്മാക്ക
ളിൽനിന്നും സുഖപ്പെടുത്തി. വളരെയേറെ
അന്ധന്മാർക്ക് കാഴ്ച നല്കി.

യേശു ഉത്തരമായി അവരോട്: "കുരുട 22
ന്മാർ കാഴ്ച പ്രാപിക്കുന്നതും, മുടന്തന്മാർ
നടക്കുന്നതും, കുഷ്ഠരോഗികൾ വെടിപ്പാ
ക്കപ്പെടുന്നതും, ബധിരന്മാർ കേൾക്കു
ന്നതും, മരിച്ചവർ ഉയിർത്തെഴുന്നേല്ക്കു
ന്നതും, ദരിദ്രർക്ക് സുവിശേഷം അറിയി
ക്കപ്പെടുന്നതുമായി നിങ്ങൾ കാണുകയും
കേൾക്കുകയും ചെയ്യുന്നതെല്ലാം നിങ്ങൾ 23
പോയി യോഹന്നാനോട് പറയുവിൻ.
എന്നിൽ വിരുദ്ധനാകാതിരിക്കുന്നവൻ
ഭാഗ്യവാൻ" എന്നു പറഞ്ഞു.

യോഹന്നാൻെറ ശിഷ്യന്മാർ പൊയ്ക്ക 24
ഴിഞ്ഞപ്പോൾ യേശു പുരുഷാരത്തോട്,
യോഹന്നാനെക്കുറിച്ച് പറഞ്ഞു തുടങ്ങി:
'വിജനപ്രദേശത്ത് നിങ്ങൾ എന്തു കാണു
വാനാണ് പോയത്?കാറ്റത്ത് ആടുന്ന
ഞാങ്ങണയെയോ? അല്ലെങ്കിൽ പിന്നെ 25
എന്തു കാണുവാൻ പോയി? നേരിയ
വസ്ത്രങ്ങളണിഞ്ഞ മനുഷ്യനെ കാണു
വാനോ? ഇതാ മാർദ്ദവ വസ്ത്രങ്ങളണിഞ്ഞും
സുഖഭോഗത്തോടും കഴിയുന്നവർ രാജ
ഗൃഹങ്ങളിലത്രേ. അല്ലെങ്കിൽ നിങ്ങൾ 26
എന്തു കാണുവാൻ പോയി? പ്രവാചക
നെയോ? അതേ പ്രവാചകനേക്കാളും
ശ്രേഷ്ഠനായവനെത്തന്നെ എന്നു ഞാൻ
നിങ്ങളോട് പറയുന്നു. "നിനക്കു മുമ്പായി 27
വഴിയൊരുക്കുവാൻ ഞാൻ എൻെറ ദൂതനെ
അയയ്ക്കും" എന്ന് ആരെക്കുറിച്ച് എഴുത
പ്പെട്ടിരിക്കുന്നുവോ; അവൻ ഇവനാകുന്നു.
ഞാൻ നിങ്ങളോട് പറയുന്നു; സ്ത്രീകളിൽ 28
നിന്ന് ജനിച്ചവരിൽ, യോഹന്നാൻ സ്നാപ
കനേക്കാൾ വലിയ ഒരു പ്രവാചകൻ ഇല്ല.
ദൈവത്തിൻെറ രാജ്യത്തിൽ ചെറിയവൻ
ഇദ്ദേഹത്തെക്കാൾ വലിയവനാകുന്നു.'
ഇതു കേട്ട എല്ലാ ജനവും, ചുങ്കക്കാർ 29
പോലും യോഹന്നാൻെറ സ്നാനം ഏറ്റിരു

ന്നവരായിരുന്നതുകൊണ്ട് ദൈവത്തെ പുക
30 ഴ്ത്തി. സൊപ്രേന്മാരും പരീശരുമാകട്ടെ
അദ്ദേഹത്തിൽനിന്നും സ്നാനമേൽക്കാതെ
ദൈവഹിതം നിരസിച്ചു.
31 "ഈ തലമുറയിലെ ജനങ്ങളെ ഞാൻ
ആരോട് സാമ്യപ്പെടുത്തേണ്ടു! ആരോടാണ്
32 ഇവർ സാമ്യരാകുന്നത്? 'ഞങ്ങൾ നിങ്ങൾ
ക്കായി പാടി, നിങ്ങൾ നൃത്തം ചെയ്തില്ല;
ഞങ്ങൾ നിങ്ങൾക്കായി വിലപിച്ചു, നിങ്ങൾ
കരഞ്ഞില്ല' എന്നു തങ്ങളുടെ കൂട്ടുകാരുടെ
നേരെ തെരുവിലിരുന്ന് അട്ടഹസിക്കുന്ന
33 കുട്ടികളോട് ഇവർ സദൃശപ്പെടുന്നു. എന്തെ
ന്നാൽ യോഹന്നാൻ സ്നാപകൻ അപ്പം
ഭക്ഷിക്കാത്തവനും, വീഞ്ഞു കുടിക്കാത്തവ
നുമായി വന്നു. അവനിൽ പിശാചുണ്ട് എന്ന്
34 നിങ്ങൾ പറയുന്നു. മനുഷ്യന്റെ പുത്രൻ
ഭക്ഷിക്കുന്നവനും പാനം ചെയ്യുന്നവനു
മായി വന്നു. അപ്പോൾ നിങ്ങൾ പറയുന്നു;
ഇതാ ഭക്ഷണപ്രിയനും, വീഞ്ഞു കുടിക്കു
ന്നവനും ചുങ്കക്കാരുടെയും പാപികളു
35 ടെയും സ്നേഹിതനും എന്ന്! ജ്ഞാനം
അതിന്റെ എല്ലാ സന്താനങ്ങളാലും
സാധൂകരിക്കപ്പെട്ടിരിക്കുന്നു!
36 "യേശു അയാളോടു കൂടെ ഭക്ഷണം കഴി
ക്കണം എന്ന് ഒരു പരീശൻ വന്ന് തന്നോട്
അപേക്ഷിച്ചു. താൻ ആ പരീശന്റെ ഭവന
ത്തിൽ പ്രവേശിച്ച് ഭക്ഷണത്തിനിരുന്നു.
37 പാപിനിയായ ഒരു സ്ത്രീ ആ നഗരത്തിലു
ണ്ടായിരുന്നു. പരീശന്റെ ഭവനത്തിൽ താൻ
ഭക്ഷണത്തിനിരിക്കയാണെന്ന് അവൾ
38 അറിഞ്ഞപ്പോൾ, അവൾ ഒരു ചെറിയ കുപ്പി
സുഗന്ധതൈലം എടുത്തുകൊണ്ട് തന്റെ
പിന്നിൽ പാദാന്തികം വന്നു കരഞ്ഞുകൊ
ണ്ട് നിന്നു. അവളുടെ കണ്ണുനീരുകൾ
തന്റെ പാദങ്ങൾ നനച്ചു. തലമുടികൊണ്ട്
ആ പാദങ്ങൾ അവൾ തുടച്ചു. തന്റെ പാദ
ങ്ങൾ അവൾ മുത്തിക്കൊണ്ടിരുന്നു. സുഗ
39 ന്ധതൈലം പൂശുകയും ചെയ്തു. തന്നെ
ക്ഷണിച്ച പരീശൻ ഇതുകണ്ട് അവന്റെ
മനസ്സിൽ ഇങ്ങനെ ചിന്തിച്ചു: ഇദ്ദേഹം പ്രവാ
ചകനായിരുന്നുവെങ്കിൽ ഇവൾ ആരാണെ
ന്നും ഇവളെക്കുറിച്ചുള്ള കേൾവി എന്തെ
ന്നും തന്നെ സ്പർശിച്ച സ്ത്രീ പാപിനിയാ
ണെന്നും അറിയുമായിരുന്നല്ലോ എന്ന്.
40 യേശു ഉത്തരമായി അവനോട് ശെമഗോനെ,
എനിക്ക് നിന്നോട് ഒന്ന് പറയുവാനുണ്ട്
എന്നു പറഞ്ഞു. അയാൾ തന്നോട് ഗുരോ
41 പറഞ്ഞാലും എന്നു പറഞ്ഞു. യേശു അയാ
ളോട്: "കടം കൊടുക്കുന്ന ഒരുവന് രണ്ടു
കടക്കാർ ഉണ്ടായിരുന്നു. ഒരാൾ അവനോട്
അഞ്ഞൂറ് ദീനോറാ കടപ്പെട്ടിരുന്നു. മറ്റൊ
രാൾ അമ്പത് ദീനോറായും. വായ്പ വീട്ടു 42
വാൻ അവർക്ക് ഒന്നുമില്ലാത്തതുകൊണ്ട്
രണ്ടുപേർക്കും അയാൾ കടം ഇളവു ചെയ്തു
കൊടുത്തു. അവരിൽ ആരായിരിക്കും
അയാളെ കൂടുതലായി സ്നേഹിക്കുന്നത്?"
എന്നു ചോദിച്ചു. ശെമഗോൻ ഉത്തരമായി 43
'അധികം ആർക്ക് ഇളച്ചുകൊടുത്തുവോ
അവനായിരിക്കും എന്ന് ഞാൻ വിചാരിക്കു
ന്നു' എന്നു പറഞ്ഞു. യേശു അയാളോട്
'നീ ശരിയായിത്തന്നെ വിധിച്ചിരിക്കുന്നു'
എന്നു പറഞ്ഞു. താൻ ആ സ്ത്രീയുടെ നേരെ 44
തിരിഞ്ഞിട്ട് ശെമഗോനോട് 'നിങ്ങൾ ഈ
സ്ത്രീയെ കാണുന്നുവല്ലോ. ഞാൻ നിന്റെ
ഭവനത്തിലേക്ക് പ്രവേശിച്ചു: എന്റെ കാലു
കൾക്ക് (കഴുകുവാൻ) നീ വെള്ളം തന്നില്ല
ല്ലോ. ഇവളാകട്ടെ, അവളുടെ കണ്ണുനീരാൽ
എന്റെ പാദങ്ങൾ കഴുകി. അവളുടെ തല
മുടികൊണ്ട് അവയെ തുടച്ചു. നീ എനിക്ക് 45
ചുംബനം തന്നില്ല; ഇവളാകട്ടെ കടന്നു വന്ന
ശേഷം എന്റെ പാദങ്ങൾ ചുംബിക്കുന്ന
തിൽനിന്ന് വിരമിച്ചില്ല. നീ എന്റെ തലയിൽ 46
തൈലം പൂശിയില്ലല്ലോ - ഇവളോ സുഗന്ധ
തൈലംകൊണ്ട് എന്റെ കാലുകളെ പൂശി.
ഇതു നിമിത്തം ഞാൻ നിന്നോട് പറയുകയാ 47
ണ്; 'അവൾ അധികം സ്നേഹിച്ചതുകൊ
ണ്ട് അവളുടെ ഏറിയ പാപങ്ങൾ അവളോട്
ക്ഷമിക്കപ്പെട്ടിരിക്കുന്നു. അല്പം ക്ഷമിക്ക 48
പ്പെട്ടവൻ അല്പമായും സ്നേഹിക്കുന്നു'
എന്നു പറഞ്ഞു. താൻ ആ സ്ത്രീയോട് 49
'നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കു
ന്നു.' എന്നു പറഞ്ഞു. ഭക്ഷണത്തിനിരുന്ന 50
വർ ഉള്ളിൽ പറഞ്ഞു: 'പാപങ്ങളും ക്ഷമിക്കു
ന്ന ഇദ്ദേഹം ആരായിരിക്കും?' എന്ന്. താൻ
ആ സ്ത്രീയോട് "നിന്റെ വിശ്വാസം നിന്നെ
ജീവിപ്പിച്ചിരിക്കുന്നു. നീ സമാധാനത്തോ
ടെ പൊയ്ക്കൊള്ളുക" എന്നു പറഞ്ഞു.

അദ്ധ്യായം 8

ഇവയ്ക്കുശേഷം സംഭവിച്ചത് എന്തെ 1
ന്നാൽ:- യേശു നഗരങ്ങളിലും ഗ്രാമങ്ങളിലും
ചുറ്റി സഞ്ചരിച്ചുകൊണ്ട് 'ദൈവരാജ്യം'
പ്രസംഗിച്ച് സുവിശേഷിച്ചുകൊണ്ടിരുന്നു.
തന്റെ പന്തിരുവരും തന്നോടുകൂടെ ഉണ്ടാ
യിരുന്നു. രോഗങ്ങളിൽനിന്നും ദുരാത്മാ 2
ക്കളിൽനിന്നും സൌഖ്യമാക്കപ്പെട്ട സ്ത്രീക
ളും - അതായത് - ഏഴു ഭൂതങ്ങൾ അവളിൽ
നിന്ന് പുറത്തുപോയ മഗ്ദലെത്താ എന്നു
വിളക്കപ്പെടുന്ന മറിയാമും, ഹേറോദേസി 3
ന്റെ ഭവനവിചാരകനായ കൂസായുടെ ഭാര്യ

യോഹന്നായും, ശൂശാനും, തങ്ങളുടെ
സമ്പാദ്യങ്ങൾകൊണ്ട് അവർക്ക് ശുശ്രൂഷ
ചെയ്തുവന്ന മറ്റു വളരെ സ്ത്രീകളുമുണ്ടാ
4 യിരുന്നു. വളരെയേറെ പുരുഷാരം കൂടിയ
പ്പോൾ എല്ലാ നഗരങ്ങളിൽ നിന്നും തൻെറ
അടുക്കലേക്ക് ആളുകൾ വന്നുകൊണ്ടി
രുന്നു. അപ്പോൾ താൻ ഉപമയായി അവ
രോട് പറഞ്ഞു:
5 "വിതക്കാരൻ വിത്തു വിതയ്ക്കുവാൻ
പോയി. അവൻ വിതച്ചപ്പോൾ വഴിയരികിൽ
വീണവയുണ്ട്. അവ ചവിട്ടപ്പെടുകയും
6 പക്ഷി കൊത്തിത്തിന്നുകയും ചെയ്തു. മററു
ചിലത് പാറമേൽ വീണു. പെട്ടെന്ന് അവ
മുളച്ചു. എന്നാൽ ഈർപ്പം ഇല്ലാതിരുന്നതി
7 നാൽ അവ ഉണങ്ങിപ്പോയി. മററു ചിലത്
മുള്ളുകളുടെയിടയിൽ വീണു. അതോ
ടൊപ്പം മുള്ളുകളും മുളച്ച് അവയെ ഞെരു
8 ക്കിക്കളഞ്ഞു. മററുചിലത് കൊള്ളാവുന്ന
നല്ല നിലത്തു വീണു. അവ മുളച്ച് നൂറു
മേനി ഫലം പുറപ്പെടുവിച്ചു." താൻ ഇത്
പറഞ്ഞിട്ട്, കേൾപ്പാൻ ചെവിയുള്ളവൻ
കേൾക്കട്ടെയെന്ന് വിളിച്ചു പറഞ്ഞു.
9 ഈ ഉപമ എന്താകുന്നു എന്ന് ശിഷ്യ
10 ന്മാർ തന്നോട് ചോദിച്ചു. താൻ അവരോട്:
ദൈവരാജ്യത്തിൻെറ രഹസ്യങ്ങളറിയു
വാൻ നിങ്ങൾക്കാകുന്നു വരം നല്കപ്പെട്ടി
ട്ടുള്ളത്: മറ്റുള്ളവരോട് ഉപമകളായി പറയ
പ്പെടുന്നു. അവർ കണ്ടിട്ടും കാണാതെയും
കേട്ടിട്ടും കേൾക്കാതെയും തിരിച്ചറിയാ
11 തെയും ഇരിക്കും. ഉപമ ഇതാകുന്നു: വിത്ത്
12 ദൈവവചനം ആകുന്നു. വഴിയരികിൽ
വീണത്; വചനം ചിലർ കേൾക്കുന്നു. അവർ
വിശ്വസിക്കുകയും ജീവിക്കയും ചെയ്യാതിരി
പ്പാനായി ശത്രു വന്ന് വചനം എടുത്തു കള
13 യുന്നു. പാറമേൽ ഉള്ളവയോ: അവർ വചനം
കേട്ടു കഴിയുമ്പോൾ സന്തോഷത്തോടെ
13 സ്വീകരിക്കുന്നു. അവയ്ക്കോ വേരില്ല. അവ
രുടെ വിശ്വാസം താത്ക്കാലികം മാത്രം. പരീ
ക്ഷാ സന്ദർഭങ്ങളിൽ അവർ ഇടറിപ്പോ
14 കുന്നു. മുള്ളുകൾക്കിടയിൽ വീണതാകട്ടെ:
അവർ വചനം കേൾക്കുന്നു. എന്നാൽ ചി
ന്താകുലതയാലും ധനത്താലും ലോകമോ
ഹങ്ങളാലും ഞെരുക്കപ്പെടുന്നതുമൂലം
ഫലം പുറപ്പെടുവിക്കുന്നില്ല. നല്ല നിലത്തു
15 വീണതോ: നിഷ്കളങ്കവും ഉത്തമവുമായ
ഹൃദയത്തോടെ വചനം കേൾക്കുകയും,
അത് സംഗ്രഹിക്കുകയും ക്ഷമയോടുകൂടി
ഫലങ്ങൾ നല്കുന്നവരുമാകുന്നു.
"ആരും വിളക്ക് കത്തിച്ചിട്ട് അതിനെ
പാത്രംകൊണ്ട് മൂടിവയ്ക്കുകയോ കട്ടി

ലിൻെറ കീഴിൽ വയ്ക്കുകയോ ചെയ്യുന്നി
ല്ല. പിന്നെയോ, പ്രവേശിക്കുന്നവരെല്ലാം
പ്രകാശം കാണേണ്ടതിന് അതിനെ വിളക്കു
തണ്ടിന്മേൽ വയ്ക്കുന്നു. എന്തെന്നാൽ,
വെളിപ്പെടാതെ നിഗൂഢമായത് ഒന്നുമില്ല; 17
അറിയപ്പെടാതെയും പരസ്യമാകാതെയും,
മറച്ചുവയ്ക്കപ്പെട്ടതും ഒന്നുമില്ല. നിങ്ങൾ 18
എന്തു കേട്ടു എന്ന് ഓർത്തുകൊള്ളുവിൻ.
എന്തെന്നാൽ ഉള്ളവന് നൽകപ്പെടും.
ഇല്ലാത്തവനിൽ നിന്നോ അവനുണ്ടെന്ന്
അവൻ വിചാരിക്കുന്നതും എടുക്കപ്പെടും."
തൻെറ അമ്മയും സഹോദരന്മാരും 19
തൻെറ അടുത്തെത്തി. പുരുഷാരം നിമിത്തം
തന്നോട് സംസാരിപ്പാൻ അവർക്ക് സാദ്ധ്യ
മായില്ല. ചിലർ തന്നോട് അങ്ങയുടെ 20
മാതാവും അങ്ങയുടെ സഹോദരന്മാരും
പുറത്തു നില്ക്കുന്നു. അങ്ങയെ കാണു
വാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു.
താൻ ഉത്തരമായിട്ട് അവരോട്: 'ദൈവത്തി 21
ൻെറ വചനം കേട്ട് അതിനെ അനുഷ്ഠിക്കു
ന്നവർ എൻെറ മാതാവും എൻെറ സഹോദര
ന്മാരുമാകുന്നു.' എന്നു പറഞ്ഞു.
ഒരു ദിവസം താനും തൻെറ ശിഷ്യ 22
ന്മാരും പടവിൽ കയറി. താൻ അവരോട്:
"നമുക്ക് തടാകത്തിൻെറ അക്കരയ്ക്ക് കട
ക്കാം' എന്നു പറഞ്ഞു. അവർ യാത്ര ചെയ്തു 23
കൊണ്ടിരിക്കെ യേശു ഉറങ്ങി. അപ്പോൾ
തടാകത്തിൽ വലിയ കൊടുങ്കാറ്റുണ്ടായി.
പടവു മുങ്ങാറായി. തൻെറ ശിഷ്യന്മാർ 24
തന്നെ സമീപിച്ച്, തന്നെ ഉണർത്തിക്കൊണ്ട്
'റാബാൻ, റാബാൻ (ഞങ്ങളുടെ ഗുരോ)
ഞങ്ങൾ നശിച്ചുപോകുന്നു.' എന്നു പറ
ഞ്ഞു. താൻ എഴുന്നേറ്റ് കാറ്റിനേയും ഓള 25
ങ്ങളേയും ശാസിച്ചു. അവ ശമിച്ചു. ശാന്തത
യുമുണ്ടായി. താൻ അവരോട് ചോദിച്ചു;
'നിങ്ങളുടെ വിശ്വാസം എവിടെ?' അവരോ
സംഭീതരായി, അത്ഭുതപ്പെട്ടുകൊണ്ട്
കാറ്റിനോടും ഓളങ്ങളോടും കല്പിക്കു
കയും അവ തന്നെ അനുസരിക്കുകയും
ചെയ്യുന്ന ഇദ്ദേഹം ആരായിരിക്കാം എന്ന്
തമ്മിൽ തമ്മിൽ പറഞ്ഞു. അവർ യാത്ര 26
ചെയ്ത് ഗലീലായ്ക്ക് അക്കരെ ഗദരയരുടെ
ദേശത്തു വന്നു.
താൻ കരയിലേക്കു വന്നപ്പോൾ, വളരെ 27
ക്കാലമായി പിശാച് ബാധിച്ചിരുന്ന ഒരു
മനുഷ്യൻ, പട്ടണത്തിൽനിന്നും തനിക്കു
നേരെ വന്നു. അവൻ വസ്ത്രം ധരിച്ചിരുന്നില്ല.
വീട്ടിൽ പാർത്തിരുന്നുമില്ല. കല്ലറകൾക്കിട
യിലായിരുന്നു (അവൻെറ വാസം). അവൻ 28
യേശുവിനെ കണ്ടപ്പോൾ അട്ടഹസിച്ചു

കൊണ്ട് തൻെറ പാദത്തിങ്കൽ വീണു.
അവൻ ഉറച്ച ശബ്ദത്തിൽ 'മഹോന്ന
തനായ ദൈവത്തിൻെറ പുത്രനായ യേശു
വേ, ഞങ്ങൾക്കും അങ്ങേയ്ക്കുമെന്ത്?
അങ്ങ് എന്നെ ദണ്ഡിപ്പിക്കരുതേ എന്നു
ഞാൻ അപേക്ഷിക്കുന്നു എന്നു പറഞ്ഞു.
29 എന്തെന്നാൽ യേശു ആ അശുദ്ധാത്മാ
വിനോട് 'ആ മനുഷ്യനെ വിട്ടുപോകുക'
എന്നു കല്പിച്ചിരുന്നു. ഇവൻ വളരെക്കാല
മായി അതിനു അടിമപ്പെട്ടിരിക്കയായി
രുന്നു. ചങ്ങലകളാൽ അവൻ ബന്ധിതനും,
വിലങ്ങുവച്ച് സൂക്ഷിക്കപ്പെട്ടവനുമായി
രുന്നു. എന്നിട്ടും അവൻ അവൻെറ ബന്ധന
ങ്ങൾ തകർക്കുകയും ആ പിശാചിനാൽ
വിജനപ്രദേശത്തേക്ക് നയിക്കപ്പെടുകയും
30 ചെയ്തുപോന്നു. യേശു അവനോട്: 'നിൻെറ
പേരെന്ത്?' എന്ന് ചോദിച്ചു: 'ലെഗിയോൻ'
എന്ന് അവൻ ഉത്തരം പറഞ്ഞു. എന്തെ
ന്നാൽ വളരെയേറെ ഭൂതങ്ങൾ അവനിൽ
31 കടന്നുകൂടിയിട്ടുണ്ടായിരുന്നു. അഗാധത്തി
ലേക്ക് പോകുവാൻ താൻ അവരോട് കല്പി
ക്കരുതെന്ന് അവ തന്നോടപേക്ഷിച്ചു.
32 അവിടെ മലയിൽ വളരെ പന്നിക്കൂട്ടം
മേഞ്ഞുകൊണ്ടിരുന്നു. ആ പന്നികളിൽ
പ്രവേശിപ്പാൻ താൻ അവയെ അനുവദിക്ക
ണമേ എന്ന് അവ തന്നോട് അപേക്ഷിച്ചു.
33 താൻ അവയെ അനുവദിച്ചു. ആ പിശാചു
ക്കൾ ആ മനുഷ്യനിൽനിന്ന് പുറപ്പെട്ട് പന്നി
കളിൽ കടന്നുകൂടി. ആ പന്നിക്കൂട്ടം മുഴു
വൻ കീഴ്ക്കാംതൂക്കായുള്ള സ്ഥലത്തേ
ക്കോടി (അവിടെനിന്നും) തടാകത്തിൽ
34 വീണ് ശ്വാസംമുട്ടി ചത്തു. സംഭവിച്ചവ,
മേയിക്കുന്നവർ കണ്ടിട്ട് ഓടിപ്പോയി നഗര
ങ്ങളിലും ഗ്രാമങ്ങളിലും വിശദമായി അറി
35 യിച്ചു. സംഭവിച്ചവ കാണുവാൻ ആളുകളെ
ത്തി. അവർ യേശുവിൻെറ അടുക്കൽ വന്നു.
ഭൂതങ്ങൾ ഒഴിഞ്ഞുപോയ ആ മനുഷ്യൻ
വസ്ത്രം ധരിച്ച് അടക്കമുള്ളവനായി യേശു
വിൻെറ പാദത്തിങ്കൽ ഇരിക്കുന്നതായി
36 അവർ കണ്ടു. അവർ ഭയപ്പെട്ടുപോയി. ആ
ഭൂതബാധിതൻ എങ്ങനെയാണ് സൌഖ്യം
പ്രാപിച്ചതെന്ന്, അതു കണ്ടുനിന്നിരുന്നവർ
37 അവരെ അറിയിച്ചു. ഗദരയരായ ആ ജന
മെല്ലാം താൻ അവരുടെ അടുത്തുനിന്നു
പോകണമെന്ന് അപേക്ഷിച്ചു. എന്തെന്നാൽ
വലിയ ഭയം അവരെ ബാധിച്ചിരുന്നു. യേശു
പടവു കയറി അവരുടെ അടുക്കൽനിന്നു
38 തിരികെപ്പോയി. പിശാചുക്കൾ അവനിൽ
നിന്നൊഴിഞ്ഞുപോയ ആ മനുഷ്യൻ,
അവൻ തന്നോടൊരുമിച്ചു കഴിയുവാൻ
(അനുവാദത്തിന്) അപേക്ഷിച്ചു. യേശു 3
അവനോട് 'നീ നിൻെറ വീട്ടിലേക്ക് തിരിച്ചു
ചെല്ലുക. ദൈവം നിനക്കു ചെയ്തുതന്നത്
അറിയിക്കുകയും ചെയ്ക.' എന്ന് പറഞ്ഞ്
അവനെ അയച്ചു. അവൻ പോയി. യേശു
അവനു ചെയ്തുകൊടുത്തതെല്ലാം നഗരം
മുഴുവനിലും പ്രഘോഷിച്ചു. യേശു തിരികെ 4
വന്നപ്പോൾ വളരെയേറെ പുരുഷാരം തന്നെ
സ്വീകരിച്ചു. എന്തെന്നാൽ എല്ലാവരും
തനിക്കായി നോക്കിയിരിക്കുകയായിരുന്നു.
സംഘാലയപ്രമാണി യായിറോസ് എന്നു 4
പേരുള്ള ഒരു മനുഷ്യൻ യേശുവിൻെറ
കാൽക്കൽ വീണ് അവൻെറ ഭവനത്തി
ലേക്ക് യേശു കടന്നു വരണമെന്ന് അപേ
ക്ഷിച്ചു. എന്തെന്നാൽ അയാൾക്ക് ഏക 4
ദേശം പന്ത്രണ്ട് വയസ്സുള്ള ഏകപുത്രി
യുണ്ടായിരുന്നു. അവൾ മരിക്കാറായി
കിടന്നിരുന്നു. യേശു അയാളുടെകൂടെ
പോകുമ്പോൾ വലിയ പുരുഷാരം തന്നെ
തിക്കിക്കൊണ്ടിരുന്നു. പന്ത്രണ്ടു സംവത്സര 4
മായി 'രക്തസ്രാവം' ബാധിച്ചിരുന്നവളും
തൻെറ സമ്പാദ്യം മുഴുവൻ വൈദ്യന്മാരുടെ
ഇടയിൽ ചെലവഴിച്ചിട്ടും, ആരാലും സുഖ
പ്പെടുത്തുവാൻ കഴിയാതിരുന്നവളുമായ
ഒരു സ്ത്രീ തൻെറ പിന്നിൽക്കൂടെ അടുത്തു 4
വന്ന് തൻെറ കുപ്പായത്തിൻെറ വിളുമ്പിൽ
തൊട്ടു. അതേനിമിഷം അവളുടെ രക്ത
സ്രാവം നിലച്ചു. 'ആരാണ് എന്നെ തൊട്ടത്?' 4
എന്ന് യേശു ചോദിച്ചു. എല്ലാവരും ഒഴിഞ്ഞു
പറഞ്ഞുകൊണ്ടിരുന്നപ്പോൾ ശെമഓൻ
കീപ്പായും തൻെറകൂടെയുള്ളവരും ത
ന്നോട് "റാബാൻ, പുരുഷാരം അങ്ങയെ
തിക്കിഞെരുക്കിക്കൊണ്ടിരിക്കുമ്പോൾ,
'എന്നെ തൊട്ടതാർ?' എന്ന് അങ്ങ് പറയുക
യാണോ? എന്നു ചോദിച്ചു. താൻ പറഞ്ഞു: 4
"ആരോ എന്നെ തൊട്ടിട്ടുണ്ട്. എന്തെന്നാൽ
എന്നിൽ നിന്ന് ശക്തി പുറപ്പെട്ടു എന്ന് എനി
ക്കറിയാം.' ആ സ്ത്രീയാകട്ടെ കാര്യം താൻ 4
അറിയാതെപോകുകില്ലാ എന്നു കണ്ടപ്പോൾ,
അവൾ വിറയലോടെ വീണ് തന്നെ വന്ദി
ച്ചു. എന്തു കാരണം നിമിത്തമാണ് അവൾ
തന്നെ തൊട്ടതെന്നും അവൾക്കെങ്ങനെ
പെട്ടെന്ന് സൌഖ്യം ലഭിച്ചുവെന്നും സർവ്വ
ജനത്തിൻെറയും മുമ്പിൽ വച്ച് അവൾ
പറഞ്ഞു. യേശു അവളോട്: 'എൻെറ മകളേ, 4
നീ ധൈര്യമായിരിക്കുക. നിൻെറ വിശ്വാസം
നിന്നെ ജീവിപ്പിച്ചിരിക്കുന്നു. നീ സമാധാന
ത്തോടെ പൊയ്ക്കൊള്ളുക" എന്നു പറ
ഞ്ഞു. താൻ സംസാരിച്ചുകൊണ്ടിരിക്കു 4
മ്പോൾ സംഘാലയപ്രമാണിയുടെ വീട്ടിൽ

നിന്നും ഒരുവൻ വന്ന് അയാളോട്, അങ്ങ
യുടെ മകൾ മരിച്ചുപോയി. ഗുരുവിനെ
ബുദ്ധിമുട്ടിക്കേണ്ടതില്ല, എന്നു പറഞ്ഞു.
50 യേശു അതു കേട്ട് ആ ബാലികയുടെ പിതാ
വിനോട് 'നീ ഭയപ്പെടേണ്ട വിശ്വസിക്കുക
മാത്രം ചെയ്യുക. അവൾ ജീവൻ പ്രാപിക്കും'
51 എന്നു പറഞ്ഞു. യേശു ഭവനത്തിലേക്ക്
വന്നു. ശെമഓനും യാക്കോബും യോഹ
ന്നാനും ആ ബാലികയുടെ പിതാവും മാതാ
വുമല്ലാതെ മറ്റാരും തന്നോടുകൂടെ അക
52 ത്തു കടക്കുവാൻ താൻ സമ്മതിച്ചില്ല. എല്ലാ
വരും അവളെക്കുറിച്ച് കരഞ്ഞ് വിലപിച്ചു
കൊണ്ടിരുന്നു. യേശു അവരോട് 'നിങ്ങൾ
കരയേണ്ട; ബാലിക മരിച്ചിട്ടില്ല- അവൾ ഉറ
53 ങ്ങുകയത്രെ' എന്നു പറഞ്ഞു. ബാലിക
മരിച്ചു കഴിഞ്ഞു എന്ന് അവർക്ക് അറിയാമാ
യിരുന്നതിനാൽ അവർ തന്നെ പരിഹസിച്ചു.
54 എന്നാൽ താൻ എല്ലാവരേയും പുറത്തിറ
ക്കിയിട്ട് അവളുടെ കൈയ്ക്ക് പിടിച്ച്,
അവളെ വിളിച്ചുകൊണ്ട് 'ബാലികേ എഴു
55 ന്നേല്ക്കുക' എന്നു പറഞ്ഞു. അവളുടെ
ആത്മാവ് തിരിച്ചു വന്നു. അവൾ ഉടനെ
എഴുന്നേറ്റു. അവൾക്ക് ഭക്ഷിപ്പാൻ കൊടു
56 ക്കുവാൻ താൻ ആജ്ഞാപിച്ചു. അവളുടെ
മാതാപിതാക്കൾ അത്ഭുതപ്പെട്ടു. സംഭവിച്ച
കാര്യം അവർ ആരോടും പറയരുത് എന്ന്
താൻ അവരോട് നിഷ്ക്കർഷിച്ചു.

അദ്ധ്യായം 9

1 യേശു തൻെറ പന്തിരുവരെ വിളിച്ച്
സർവ്വ ഭൂതങ്ങളെയും ഒഴിക്കുവാനും രോഗ
ങ്ങൾ സൌഖ്യമാക്കുവാനുമുള്ള ശക്തിയും
2 അധികാരവും അവർക്കു കൊടുത്തു. ദൈവ
ത്തിൻെറ രാജ്യം പ്രസംഗിപ്പാനും, രോഗി
കളെ സുഖപ്പെടുത്തുവാനും താൻ അവരെ
3 അയച്ചു. അവരോട് താൻ പറഞ്ഞു: "നി
ങ്ങൾ വഴിയാത്രയ്ക്ക് വടിയോ ഭാണ്ഡമോ,
അപ്പമോ, പണമോ യാതൊന്നും എടുക്ക
രുത്. രണ്ട് കുപ്പായവും നിങ്ങൾക്കുണ്ടാ
4 യിരിക്കരുത്. നിങ്ങൾ ഏതു ഭവനത്തിൽ
പ്രവേശിക്കുന്നുവോ, അവിടെത്തന്നെ
താമസിക്കണം. അവിടെനിന്നു തന്നെ
5 പുറപ്പെടുകയും ചെയ്യണം. ആരെങ്കിലും
നിങ്ങളെ കൈക്കൊള്ളുന്നില്ലെങ്കിൽ,
നിങ്ങൾ ആ പട്ടണത്തിൽനിന്ന് പുറപ്പെട്ടു
പോരുമ്പോൾ അവർക്കെതിരായ സാക്ഷ്യ
ത്തിനായി, നിങ്ങളുടെ പാദങ്ങളിലെ
6 പൊടികൂടെയും തട്ടിക്കളയുവിൻ." ശ്ലീഹ
ന്മാർ പുറപ്പെട്ട് നഗരങ്ങളിലും ഗ്രാമങ്ങ
ളിലും ചുറ്റി സഞ്ചരിച്ചും സുവിശേഷിച്ചും
എല്ലായിടത്തും രോഗശാന്തി നല്കിയു
മിരുന്നു.
താൻ മൂലം സംഭവിക്കുന്നതെല്ലാം 7
തെത്രർക്കായായ ഹേറോദേസ് കേട്ടപ്പോൾ
അയാൾ അത്ഭുതപ്പെട്ടു. എന്തെന്നാൽ
യോഹന്നാൻ ഉയിർത്തെഴുന്നേറ്റിരിക്ക
യാണ് എന്ന് ചിലർ പറഞ്ഞിരുന്നു. മറ്റു 8
ചിലർ ഏലിയ പ്രത്യക്ഷനായിരിക്കുന്നു
എന്നും, വേറെ ചിലർ, പണ്ടുള്ള പ്രവാചക
ന്മാരിൽ ഒരു പ്രവാചകൻ പുനരുത്ഥാനം
ചെയ്തിരിക്കുകയാണെന്നും പറഞ്ഞിരുന്നു.
ഹേറോദേസ് പറഞ്ഞു: യോഹന്നാൻെറ 9
ശിരസ്സ് ഞാൻ ഛേദിച്ചതാണല്ലോ. ഇവ
യെല്ലാം ഇവനെക്കുറിച്ച് ഞാൻ കേൾക്കു
ന്ന ഇവൻ ആര്?, അയാൾ തന്നെ കാണു
വാൻ ആഗ്രഹിച്ചിരുന്നു. ശ്ലീഹന്മാർ തിരി 10
ച്ചെത്തി. അവർ പ്രവർത്തിച്ചതെല്ലാം വിശദ
മായി യേശുവിനെ അറിയിച്ചു. താൻ അവരെ
മാത്രമായി ബെത്സൈദായിലുള്ള ഒരു
വിജനപ്രദേശത്തേക്ക് കൂട്ടിക്കൊണ്ടു
പോയി. ജനസമൂഹം ഇതറിഞ്ഞപ്പോൾ, 11
തൻെറ പിന്നാലെയെത്തി, താൻ അവരെ
സ്വീകരിച്ചു. അവരോട് ദൈവരാജ്യത്തെ
ക്കുറിച്ച് സംസാരിച്ചു. സൌഖ്യം ആവശ്യ
മുള്ളവരെ സുഖപ്പെടുത്തുകയും ചെയ്തു.
പകൽ അവസാനിക്കാറായപ്പോൾ 12
തൻെറ ശിഷ്യന്മാർ അടുത്തുവന്ന് തന്നോട്
ഈ പുരുഷാരം ചുറ്റുമുള്ള ഗ്രാമങ്ങളിലും
നാട്ടിൻപുറങ്ങളിലും പോയി രാപാർക്കു
വാനും അവർക്കു ഭക്ഷണം കണ്ടെത്തു
വാനുമായി അവരെ പിരിച്ചയയ്ക്കേണമേ,
എന്തെന്നാൽ നാം വിജനസ്ഥലത്താ
ണല്ലോ എന്നു പറഞ്ഞു. യേശു അവരോട് 13
'അവർക്ക് ഭക്ഷിപ്പാൻ നിങ്ങൾ കൊടു
ക്കണം' എന്നു പറഞ്ഞു. അവരോ തന്നോട്,
അഞ്ച് അപ്പവും രണ്ടു മീനുമല്ലാതെ അധിക
മായി ഒന്നും ഞങ്ങളുടെ കൈവശമില്ലല്ലോ.
പിന്നെ ഞങ്ങൾ പോയി ഈ ജനത്തിനെ
ല്ലാമായി ഭക്ഷണം വാങ്ങിക്കൊണ്ടുവര
ണമോ എന്നു പറഞ്ഞു. എന്തെന്നാൽ 14
അയ്യായിരത്തോളം പുരുഷന്മാരുണ്ടാ
യിരുന്നു. യേശു അവരോട് അവരെ പന്തി 15
കളായി ഒരു പന്തിയിൽ അമ്പതുപേരെ
വീതം ഇരുത്തുവിൻ എന്നു പറഞ്ഞു. ശിഷ്യ
ന്മാർ അങ്ങനെ ചെയ്തു. അവരെല്ലാവരെ 16
യും പന്തികളായി ഇരുത്തി. യേശു ആ
അഞ്ച് അപ്പവും രണ്ടു മത്സ്യവും എടുത്ത്
സ്വർഗ്ഗത്തിലേക്ക് ദൃഷ്ടി പതിച്ച് വാഴ്ത്തി,
നുറുക്കി. പുരുഷാരത്തിനു വിളമ്പുവാനാ
യി ശിഷ്യന്മാർക്ക് കൊടുത്തു. എല്ലാവരും 17

ഭക്ഷിച്ചു. തൃപ്തരായി. അധികം വന്ന അപ്പക്ക
ഷ്ണങ്ങൾ പന്ത്രണ്ടു കുട്ട നിറയെ അവർ
എടുത്തു.
18 താൻ തനിച്ചു പ്രാർത്ഥിച്ചുകൊണ്ടിരി
ക്കവെ, ശിഷ്യന്മാരും തൻെറ കൂടെയുണ്ടാ
യിരുന്നു. താൻ അവരോട് 'ഞാൻ ആരാ
കുന്നു എന്നാണ് ജനങ്ങൾ എന്നെക്കുറിച്ച്
19 പറയുന്നത്' എന്നു ചോദിച്ചു. ഉത്തരമായി
അവർ തന്നോട് പറഞ്ഞു. 'അങ്ങ് യോഹ
ന്നാൻ സ്നാപകനാകുന്നു എന്ന് ചിലരും
ഏലിയാ എന്നു മറ്റുചിലരും, പൂർവ്വിക
പ്രവാചകരിൽ ഒരു പ്രവാചകൻ ഉയിർത്തെ
ഴുന്നേറ്റിരിക്കുകയാണ് എന്ന് മറ്റു ചിലരും
20 പറയുന്നുണ്ട്.' "ഞാൻ ആരാകുന്നു എന്നാ
ണ് നിങ്ങൾ പറയുന്നത്" എന്ന് താൻ അവ
21 രോട് ചോദിച്ചു. ശെമഓൻ ഉത്തരമായി
തന്നോട് "അങ്ങ് ദൈവത്തിൻെറ മ്ശിഹാ"
എന്നു പറഞ്ഞു. ഇത് അവർ ആരോടും
പറയരുത് എന്ന് താൻ അവരെ നിഷ്ക്കർഷ
22 മായി വിലക്കി. താൻ അവരോട് "മനു
ഷ്യൻെറ പുത്രൻ വളരെയേറെ കഷ്ടമ
നുഭവിപ്പാനും, മൂപ്പന്മാരാലും പ്രധാനാ
ചാര്യന്മാരാലും സൊപ്രേന്മാരാലും നിരസി
ക്കപ്പെടുവാനും ഇരിക്കുന്നുവെന്നും അവർ
തന്നെ കൊല്ലുമെന്നും, മൂന്നാം ദിവസം
താൻ പുനരുത്ഥാനം ചെയ്യുമെന്നും" പറ
23 ഞ്ഞു. എല്ലാവരുടെയും മുമ്പിൽവച്ച് താൻ
പറഞ്ഞു: "എൻെറ പിന്നാലെ വരുവാൻ
ആഗ്രഹിക്കുന്നവനാരോ അവൻ സ്വയം
ത്യജിച്ച്, പ്രതി ദിനം തൻെറ ക്രൂശെടുത്ത്
24 എൻെറ പിന്നാലെ വരണം. എന്തെന്നാൽ
തൻെറ ജീവനെ രക്ഷിപ്പാൻ ആഗ്രഹിക്കു
ന്നവൻ അതിനെ നശിപ്പിക്കും, എന്നാൽ
എൻെറ നിമിത്തമായി തൻെറ ജീവനെ
നശിപ്പിക്കുന്നവനോ അതിനെ ജീവിപ്പി
25 ക്കും. ഒരു മനുഷ്യൻ സർവ്വ ലോകവും നേടി
യിട്ടും തൻെറ ജീവനെ നശിപ്പിക്കുകയും
നഷ്ടപ്പെടുത്തുകയുമാണ് ചെയ്യുന്നതെ
ങ്കിൽ-ആ മനുഷ്യന് എന്തു പ്രയോജനം?
26 ആരെങ്കിലും എന്നിലും എൻെറ വചനങ്ങ
ളിലും ലജ്ജിക്കുന്നു എങ്കിൽ, തൻെറ പിതാ
വിൻെറ മഹത്വത്തിൽ തൻെറ മാലാഖമാരു
മായി വരുമ്പോൾ മനുഷ്യൻെറ പുത്രൻ
അവരെക്കുറിച്ചും ലജ്ജിക്കും."
27 സത്യം ഞാൻ നിങ്ങളോട് പറയുന്നു:
'ദൈവത്തിൻെറ രാജ്യം കാണുന്നതുവരെ
മരണം ആസ്വദിക്കാത്തവരായി ഇവിടെ
നില്ക്കുന്നവരിൽ ചിലരുണ്ട്.
28 ഈ വചനങ്ങൾ പറഞ്ഞിട്ട് ഏകദേശം
എട്ടു ദിവസങ്ങൾക്കുശേഷം, ശെമഓനെയും
യാക്കോബിനെയും യോഹന്നാനെയും
കൂട്ടിക്കൊണ്ട് പ്രാർത്ഥിപ്പാൻ താൻ മല
യിലേക്ക് കയറിപ്പോയി. താൻ പ്രാർത്ഥിച്ചു 29
കൊണ്ടിരിക്കവെ തൻെറ മുഖഭാവം മാറി,
തൻെറ വസ്ത്രങ്ങൾ വെളുത്തുതിളങ്ങി. ഇതാ, 30
രണ്ടു മനുഷ്യർ തന്നോട് സംസാരിച്ചു
കൊണ്ടിരുന്നു. അവർ തേജസ്സിൽ പ്രത്യക്ഷ
പ്പെട്ട മോശയും ഏലിയായും ആയിരുന്നു.
അവർ യെറുശലേമിൽ താൻ ഏല്പിച്ചുകൊ 31
ടുക്കപ്പെടുവാനിരിക്കുന്നു എന്ന് തൻെറ
നിര്യാണത്തെക്കുറിച്ച് പറയുകയായിരുന്നു.
ശെമഓനും കൂടെയുള്ളവരും നിദ്രാഭാര 32
മുള്ളവരായിരുന്നു. അവർ പ്രയാസപ്പെട്ടു
ണർന്ന് തൻെറ മഹത്വവും അടുത്തു നിന്നി
രുന്ന ആ രണ്ട് മനുഷ്യരേയും കണ്ടു. അവർ
തന്നിൽനിന്നും പിരിഞ്ഞു പോകുവാൻ
തുടങ്ങിയപ്പോൾ ശെമഓൻ യേശുവിനോട്: 33
'റബീ നാം ഇവിടെയായിരിക്കുന്നത് നമുക്ക്
നല്ലത്. ഞങ്ങൾ മൂന്നു കുടിലുകൾ ഉണ്ടാ
ക്കാം - ഒന്ന് അങ്ങേയ്ക്കും ഒന്ന് മോശയ്ക്കും
ഒന്ന് ഏലിയായ്ക്കും.' എന്നു പറഞ്ഞു. താൻ
എന്താണ് പറയുന്നതെന്ന് അയാൾ അറി
ഞ്ഞിരുന്നില്ല. അയാൾ ഇതു പറഞ്ഞപ്പോൾ 34
ഒരു മേഘം അവരുടെമേൽ നിഴലിച്ചു. ആ
മേഘത്തിലേക്ക് മോശയും ഏലിയായും
പ്രവേശിക്കുന്നത് അവർ കണ്ടപ്പോൾ അവർ
ഭയപ്പെട്ടു. "ഇവനാകുന്നു എൻെറ പ്രിയ 35
പുത്രൻ; ഇവനെ നിങ്ങൾ അനുസരിപ്പിൻ"
എന്നു പറയുന്ന ശബ്ദം മേഘത്തിൽനിന്നു
മുണ്ടായി. ശബ്ദമുണ്ടായപ്പോൾ യേശു
മാത്രമായി കാണപ്പെട്ടു. അവർ മൌനം 36
പാലിച്ചു. അവർ കണ്ട കാര്യം ആ നാളുക
ളിൽ അവർ ആരോടും പറഞ്ഞില്ല.
പിറ്റെ ദിവസം അവർ മലയിൽനിന്നിറ 37
ങ്ങി വന്നപ്പോൾ വലിയൊരു ജനസമൂഹം
അവർക്കു നേരെ വന്നു. പുരുഷാരത്തിൽ
നിന്നും ഒരാൾ വിളിച്ചു പറഞ്ഞു: 'ഗുരോ 38
അങ്ങയോട് ഞാനപേക്ഷിക്കുന്നു. എ
ന്നോട് കരുണചെയ്യേണമെ. എനിക്കുള്ള 39
ഏകപുത്രനെ ആത്മാവ് ശക്തിയായി
ബാധിക്കുന്നു. അവൻ ഉടനെ അട്ടഹസി
ക്കുകയും പല്ലുകടിക്കുകയും നുരപുറപ്പെ
ടുവിക്കയും ചെയ്യുന്നു. വളരെ വിഷമിപ്പിച്ച
ശേഷം അല്പം വിട്ടുമാറുന്നു. ഞാൻ അങ്ങ 40
യുടെ ശിഷ്യന്മാരോട് അപേക്ഷിച്ചു. അതി
നെ പുറത്താക്കുവാൻ അവർക്കു കഴി
ഞ്ഞില്ല, എന്നു പറഞ്ഞു. യേശു ഉത്തരമാ 41
യിട്ട് 'വിശ്വാസമില്ലാത്തതും വക്രതയുള്ള
തുമായ വംശമേ, ഞാൻ എപ്പോൾ വരെ
നിങ്ങളോടു കൂടെയിരിക്കും? നിങ്ങളെ

സഹിക്കും? നിൻെറ മകനെ ഇവിടെ കൊ
ണ്ടുവരിക എന്നു പറഞ്ഞു. അവനെ
കൊണ്ടുവന്നപ്പോൾ ഭൂതം അവനെ മറിച്ചിട്ട്
വിഷമിപ്പിച്ചു. യേശു ആ അശുദ്ധാത്മാ
വിനെ ശാസിച്ച് ആ ബാലനെ സൌഖ്യ
മാക്കി അവൻെറ പിതാവിന് അവനെ
നല്കി. എല്ലാവരും ദൈവത്തിൻെറ വലിമ
യെക്കുറിച്ച് അത്ഭുതപ്പെട്ടു. യേശു പ്രവർ
ത്തിക്കുന്ന സകലത്തെക്കുറിച്ചും എല്ലാ
വരും അത്ഭുതം കൂറിയിരിക്കെ താൻ
തൻെറ ശിഷ്യരോട്: 'ഈ വചനങ്ങൾ നിങ്ങ
ളുടെ കർണ്ണങ്ങളിൽ സൂക്ഷിച്ചുകൊള്ള
ണം. എന്തെന്നാൽ മനുഷ്യൻെറ പുത്രൻ
നുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെ
ുവാനിരിക്കുന്നു.' എന്നു പറഞ്ഞു. അവർ
ക്കാ ഈ വചനം മനസ്സിലായില്ല. എന്തെ
നാൽ അവർ അറിയാതിരിക്കത്തക്കവണ്ണം
അത് അവരിൽനിന്നും നിഗൂഢമായിരുന്നു.
ഈ വചനത്തെക്കുറിച്ച് തന്നോട് ചോദി
പ്പാൻ അവർ ഭയപ്പെട്ടുമിരുന്നു.

അവരിൽ ആരാണ് വലിയവൻ, എന്ന
ചിന്ത അവരിൽ കടന്നുകൂടി. അവരുടെ
ഹൃദയചിന്ത യേശു ഗ്രഹിച്ചിട്ട് താൻ ഒരു
പൈതലിനെ എടുത്ത് തൻെറ അടുക്കൽ
നിറുത്തി അവരോട്: "ഇവനെപ്പോലെയുള്ള
ഒരു പൈതലിനെ എൻെറ നാമത്തിൽ
സ്വീകരിക്കുന്നവൻ എന്നെയത്രേ സ്വീകരി
ക്കുന്നത്. എന്നെ സ്വീകരിക്കുന്നവൻ
എന്നെ അയച്ചവനെ സ്വീകരിക്കുന്നു.
നിങ്ങളിൽ ആരാണോ ചെറിയവൻ അവനാ
യിരിക്കും വലിയവൻ' എന്നു പറഞ്ഞു.

യോഹന്നാൻ തന്നോട് 'ഗുരോ, ഒരു
ൻ അങ്ങയുടെ നാമത്തിൽ പിശാചുക്കളെ
പുറത്താക്കുന്നതായി ഞങ്ങൾ കണ്ടു.
അവൻ ഞങ്ങളോടൊരുമിച്ച് അങ്ങയുടെ
പിന്നാലെ വരാത്തതുകൊണ്ട് ഞങ്ങൾ
അവനെ വിലക്കി' എന്നു പറഞ്ഞു. യേശു
അവരോട്, 'നിങ്ങൾ വിലക്കേണ്ട. എന്തെ
ന്നാൽ നിങ്ങൾക്ക് എതിരല്ലാത്തവൻ
നിങ്ങൾക്കു വേണ്ടിയുള്ളവൻ ആകുന്നു'
എന്നു പറഞ്ഞു.

തൻെറ ആരോഹണത്തിൻെറ ദിന
ങ്ങൾ തികയാറാകവേ താൻ യറുശലേ
മിലേക്ക് പോകുവാൻ നിശ്ചയിച്ചു. താൻ
തനിക്കുമുമ്പേ ദൂതന്മാരെ അയച്ചു. അവർ
തനിക്കായി ഒരുക്കം ചെയ്‌വാൻ ശമര്യ
രുടെ ഒരു ഗ്രാമത്തിൽ എത്തി. എന്നാൽ
താൻ യറുശലേമിലേക്ക് പോകുവാൻ
നിശ്ചയിച്ചിരുന്നതിനാൽ അവർ തന്നെ
സ്വീകരിച്ചില്ല. തൻെറ ശിഷ്യരായ യാക്കോ
ബും യോഹന്നാനും ഇതു കണ്ടിട്ട് തന്നോട്
ഞങ്ങളുടെ കർത്താവേ, ഏലിയാ ചെയ്ത
തുപോലെ ആകാശത്തുനിന്ന് അഗ്നി
ഇറങ്ങി ഇവരെ പാടെ നശിപ്പിക്കണം എന്നു
ഞങ്ങൾ പറയുന്നത് അങ്ങേയ്ക്കിഷ്ട
മാണോ? എന്നു ചോദിച്ചു. താൻ തിരിഞ്ഞ് 55
അവരെ ശാസിച്ചുകൊണ്ട്, 'നിങ്ങൾ ഏത്
ആത്മാവിലുള്ളവർ എന്നു നിങ്ങൾ അറി
യുന്നില്ലയോ? മനുഷ്യപുത്രൻ പ്രാണനെ 56
നശിപ്പിപ്പാനല്ല വന്നിരിക്കുന്നത് ജീവിപ്പിക്കു
വാനത്രെ എന്നു പറഞ്ഞു. അവർ മറ്റൊരു
ഗ്രാമത്തിലേക്ക് പോയി.

അവർ വഴിയേ പോകുമ്പോൾ ഒരുവൻ 57
വന്ന് തന്നോട്: അങ്ങ് പോകുന്നിടത്തെല്ലാം
ഞാൻ അങ്ങയെ അനുഗമിച്ചുകൊള്ളാം
എന്നു പറഞ്ഞു. യേശു അവനോട്: 'കുറു 58
നരികൾക്ക് മാളങ്ങളുണ്ട്. ആകാശത്തിലെ
പക്ഷിക്ക് കൂടുമുണ്ട്. മനുഷ്യപുത്രനാകട്ടെ
തൻെറ തലചായ്പാൻ സ്ഥലമില്ല' എന്നു
പറഞ്ഞു. മറ്റൊരുവനോട് 'നീ എൻെറ 59
പിന്നാലെ വരിക' എന്നു പറഞ്ഞു. അവൻ
തന്നോട് 'എൻെറ കർത്താവേ ഞാനാദ്യമേ
പോയി എൻെറ പിതാവിനെ സംസ്ക്കരിക്കു
വാൻ എന്നെ അനുവദിക്കണമേ' എന്നു പറ
ഞ്ഞു. യേശു അവനോട് 'മരിച്ചവർ തങ്ങളു 60
ടെ മരിച്ചവരെ സംസ്ക്കരിക്കട്ടെ. നീ പോയി
ദൈവത്തിൻെറ രാജ്യം പ്രസംഗിക്കുക'
എന്നു പറഞ്ഞു. മറ്റൊരുവൻ തന്നോട്
'എൻെറ കർത്താവേ, ഞാൻ അങ്ങയുടെ 61
പിന്നാലെ വരാം. ആദ്യമേ എൻെറ വീട്ടുകാ
രോട് യാത്ര പറയുവാൻ എനിക്ക് അനുവാദം
തരണമേ' എന്നു പറഞ്ഞു. യേശു അവനോ
ട്: 'കലപ്പയ്ക്കു കൈവച്ചശേഷം പിന്നോട്ട് 62
നോക്കുന്നവനാരും ദൈവരാജ്യത്തിന്
കൊള്ളാവുന്നവനല്ല' എന്നു പറഞ്ഞു.'

അദ്ധ്യായം 10

ഇവയ്ക്കുശേഷം തൻെറ ശിഷ്യന്മാരിൽ 1
നിന്ന് യേശു എഴുപതുപേരെ വേർതിരിച്ച്,
താൻ പോകാനിരിക്കുന്ന എല്ലാ പ്രദേശ
ത്തേക്കും നഗരിയിലേക്കും തനിക്കു
മുമ്പായി ഈരണ്ട് ഈരണ്ടുപേരായി
അയച്ചു. താൻ അവരോട് 'കൊയ്ത്തു
വളരെയുണ്ട്. വേലക്കാരോ ചുരുക്കം. ആക 2
യാൽ തൻെറ കൊയ്ത്തിനായി വേലക്കാ
രെ അയപ്പാൻ കൊയ്ത്തിൻെറ ഉടമസ്ഥ
നോട് നിങ്ങൾ അപേക്ഷിപ്പിൻ. പൊയ്ക്കൊ 3
ള്ളുവിൻ. ചെന്നായ്ക്കളുടെ ഇടയിൽ കു
ഞ്ഞാടുകളെപ്പോലെ ഞാനിതാ നിങ്ങളെ
അയയ്ക്കുന്നു. നിങ്ങൾ നിങ്ങൾക്കായി 4

മടിശ്ശീലകളോ, ഭാണ്ഡങ്ങളോ ചെരുപ്പു
കളോ എടുക്കേണ്ട. വഴിയിൽവച്ച് നിങ്ങളാ
രോടും 'സമാധാനം' ചൊല്ലുകയും വേണ്ട.
5 ഏതെങ്കിലും ഭവനത്തിൽ പ്രവേശിച്ചാൽ
ആദ്യമേ ആ ഭവനത്തിനു സമാധാനം
6 ചൊല്ലുവിൻ. സമാധാനത്തിൻെറ പുത്രൻ
അവിടെയുണ്ടെങ്കിൽ നിങ്ങളുടെ സമാ
ധാനം അവൻെറ മേലിരിക്കും. ഇല്ലെങ്കിൽ
നിങ്ങളുടെ സമാധാനം നിങ്ങളിലേക്ക്
7 തന്നെ തിരികെപ്പോരും. അവർക്ക് ഉള്ളതിൽ
നിന്ന് നിങ്ങൾ ഭക്ഷിച്ചും കുടിച്ചുംകൊണ്ട്
ആ വീട്ടിൽതന്നെ താമസിക്കണം. എന്തെ
ന്നാൽ വേലക്കാരൻ അവൻെറ കൂലിക്ക്
അർഹനാകുന്നു. ഒരു വീട്ടിൽ നിന്ന് മറ്റൊരു
വീട്ടിലേക്ക് നിങ്ങൾ മാറിമാറി പോകരുത്.
8 നിങ്ങൾ പ്രവേശിക്കുകയും അവർ നിങ്ങളെ
സ്വീകരിക്കുകയും ചെയ്യുന്ന ഏതു നഗരി
യിലും അവർ നിങ്ങൾക്ക് ഭക്ഷിപ്പാൻ തരു
9 ന്നത് ഭക്ഷിപ്പിൻ. അവിടെയുള്ള രോഗികളെ
10 സൌഖ്യമാക്കുവിൻ. ഏതെങ്കിലും നഗര
ത്തിൽ നിങ്ങൾ കടന്നു ചെന്നിട്ട് അവർ
നിങ്ങളെ സ്വീകരിക്കുന്നില്ലെങ്കിൽ നിങ്ങൾ
തെരുവീഥിയിലേക്ക് പുറപ്പെട്ട് ഇങ്ങനെ പറ
11 യുവിൻ: "നിങ്ങളുടെ പട്ടണത്തിൽനിന്നും
ഞങ്ങളുടെ പാദങ്ങളിൽ പറ്റിയ പൊടിപോ
ലും നിങ്ങൾക്കായിത്തന്നെ ഞങ്ങൾ കുട
ഞ്ഞിടുന്നു." എന്നാൽ ഇതറിഞ്ഞുകൊള്ള
ണം: ദൈവരാജ്യം നിങ്ങൾക്ക് സമീപിച്ചിരി
12 ക്കുന്നു." ആ ദിവസത്തിൽ ആ പട്ടണത്തെ
ക്കാൾ ആശ്വാസം സോദോമിനുണ്ടാകും
എന്നു ഞാൻ നിങ്ങളോട് പറയുന്നു. കൊറ
13 സിനെ നിനക്കു കഷ്ടം! ബെത്സൈദാ
നിനക്കു കഷ്ടം! നിങ്ങളിലുണ്ടായ അത്ഭുത
ങ്ങൾ സോറിലും സീദോനിലുമായിരുന്നെ
ങ്കിൽ അവ(ർ) പണ്ടേ തന്നെ രട്ടിലും വെണ്ണീ
റിലുമായി അനുതപിക്കുമായിരുന്നു.
14 എന്നാൽ ന്യായവിധിയുടെ ദിവസത്തിൽ
സോറിനും സീദോനും നിങ്ങളെക്കാൾ
15 ആശ്വാസമുണ്ടായിരിക്കും. കഫർന്നഹോ
മേ, നീ ആകാശത്തോളം ഉയർന്നു: പാതാളം
16 വരെ നീ താഴ്ത്തപ്പെടും. നിങ്ങളെ കേൾക്കു
ന്നവൻ എന്നെയാണ് കേൾക്കുന്നത്. നിങ്ങ
ളെ നിരസിക്കുന്നവൻ എന്നെയാണ് നിര
സിക്കുന്നത്. എന്നെ നിരസിക്കുന്നവനോ,
എന്നെ അയച്ചവനെ നിരസിക്കുന്നു."
17 താൻ അയച്ചിരുന്ന ആ എഴുപതുപേർ
മഹാവലിയ സന്തോഷത്തോടെ തിരിച്ചു
വന്നു. അവർ തന്നോട്, "ഞങ്ങളുടെ കർത്താ
വേ, പിശാചുക്കൾപോലും അങ്ങയുടെ
നാമത്തിൽ ഞങ്ങൾക്ക് കീഴ്പ്പെടുന്നു,"

എന്നു പറഞ്ഞു. താൻ അവരോട്, 'സാ
ത്താൻ മിന്നൽപ്പിണർപോലെ ആകാശ
ത്തിൽനിന്നും വീണത് ഞാൻ കണ്ടു. ഇതാ
പാമ്പുകളെയും തേളുകളെയും ശത്രുവി
ൻെറ സർവ്വശക്തിയേയും ചവിട്ടിമെതിയ്ക്കു
വാനുള്ള അധികാരം ഞാൻ നിങ്ങൾക്കു
തരുന്നു. യാതൊന്നും നിങ്ങളെ ഉപദ്രവിക്ക
യില്ല. എന്നാൽ പിശാചുക്കൾ നിങ്ങൾക്ക്
കീഴ്പ്പെട്ടതിലല്ല നിങ്ങൾ സന്തോഷിക്കേ
ണ്ടത്. പിന്നെയോ, സ്വർഗ്ഗത്തിൽ നിങ്ങളുടെ
നാമങ്ങൾ എഴുതപ്പെട്ടു കഴിഞ്ഞു എന്ന
തിൽ നിങ്ങൾ സന്തോഷിപ്പിൻ.'

ആ നാഴികയിൽ യേശു പരിശുദ്ധാത്മാ
വിൽ ആനന്ദിച്ചുകൊണ്ടു പറഞ്ഞു, 'സ്വർഗ്ഗ
ത്തിൻെറയും ഭൂമിയുടെയും നാഥനായ
എൻെറ പിതാവെ, അവിടുന്ന് ഇവയെ
ജ്ഞാനികളിൽനിന്നും പണ്ഡിതന്മാരിൽ
നിന്നും മറച്ചുവച്ചിട്ട് ശിശുക്കൾക്ക് വെളി
പ്പെടുത്തിയതിനാൽ ഞാൻ അങ്ങയെ
സ്തോത്രം ചെയ്യുന്നു. ഉവ്വ്, എൻെറ പിതാവെ
തിരുമുമ്പിൽ ഇങ്ങനെയാണല്ലോ ഇഷ്ട
മായത്!' തൻെറ ശിഷ്യർക്ക് നേരെ താൻ
തിരിഞ്ഞുകൊണ്ട് അവരോട്: സർവ്വവും
എൻെറ പിതാവിനാൽ എനിക്ക് ഏല്പിക്ക
പ്പെട്ടിരിക്കുന്നു. പുത്രൻ ആരാകുന്നുവെന്ന്
പിതാവല്ലാതെ മറ്റാരുമറിയുന്നില്ല. പുത്രനും
പുത്രൻ ആർക്കു വെളിപ്പെടുത്തിക്കൊടു
ക്കുവാൻ ഇഷ്ടപ്പെടുന്നോ അവനുമല്ലാതെ
'പിതാവ്' ആരെന്നും അറിയുന്നില്ല. തൻെറ
ശിഷ്യരുടെ നേരെ മാത്രമായി താൻ തിരി
ഞ്ഞ് അവരോട്: "നിങ്ങൾ ഇക്കാണുന്നത്
കാണുന്ന കണ്ണുകൾ ഭാഗ്യമുള്ളവ. എന്തെ
ന്നാൽ ഞാൻ നിങ്ങളോട് പറയുന്നു: വളരെ
പ്രവാചകന്മാരും രാജാക്കന്മാരും, നിങ്ങൾ
ഈ കാണുന്നത് കാണാൻ ആഗ്രഹിച്ചതാ
ണ്; അവർ കണ്ടില്ല. നിങ്ങൾ ഈ കേൾക്കു
ന്നത് കേൾക്കുവാനും ആഗ്രഹിച്ചു; അവർ
കേട്ടതുമില്ല."

ഒരു സൊപ്രേൻ എഴുന്നേറ്റ് തന്നെ
പരീക്ഷിക്കുവാനായി ചോദിച്ചു, "ഗുരോ
നിത്യജീവൻ അവകാശമാക്കുവാൻ ഞാൻ
എന്തു ചെയ്യണം?" യേശു അവനോട്
ന്യായപ്രമാണത്തിൽ എങ്ങനെ എഴുത
പ്പെട്ടിരിക്കുന്നു? നീ എങ്ങനെ വായിക്കു
ന്നു? എന്നു ചോദിച്ചു. അവൻ തന്നോട്
ഉത്തരമായി, നീ നിൻെറ ദൈവമായ കർത്താ
വിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ
ആത്മാവോടും പൂർണ്ണശക്തിയോടും
പൂർണ്ണമനസ്സോടും സ്നേഹിക്കണം
നിൻെറ അയല്ക്കാരനെ നിന്നെപ്പോലെ

തന്നെ (സ്നേഹിക്കണം)' എന്നു പറഞ്ഞു.
28 യേശു അവനോട് 'നീ ശരിയായിത്തന്നെ
യാണ് പറഞ്ഞത്. നീയും ഇതു ചെയ്യുക.
29 നീ ജീവിക്കും' എന്നു പറഞ്ഞു. എന്നാൽ
അവൻ സ്വയം നീതീകരിക്കാൻവേണ്ടി
എന്റെ അയല്ക്കാരൻ ആരാകുന്നു? എന്നു
ചോദിച്ചു.
30 യേശു അവനോട്, ഒരു മനുഷ്യൻ
യറുശലേമിൽ നിന്ന് ഇറിഹോയിലേക്ക്
ഇറക്കം ഇറങ്ങി പോവുകയായിരുന്നു.
കൊള്ളക്കാർ അവന്റെ മേൽ ചാടിവീണ്
അവന്റെ വസ്ത്രം ഉരിഞ്ഞ് അവനെ അടിച്ചു;
അവനിൽ അല്പം ജീവൻ ഇരിക്കവെ
31 അവനെ ഉപേക്ഷിച്ചിട്ടു പോയി. ഒരു പുരോ
ഹിതൻ ആ വഴിയേ ഇറങ്ങിവരുവാൻ ഇട
യായി.അയാൾ അവനെ കണ്ട് കടന്നു
32 പോയി. ഒരു ലേവ്യനും ഇങ്ങനെ തന്നെ ആ
സ്ഥലത്തെത്തി; അവനെ കണ്ടു; കടന്നു
33 പോയി. ഒരു ശമറിയാക്കാരൻ യാത്ര
ചെയ്യവേ, അവൻ കിടക്കുന്ന സ്ഥലത്തെ
ത്തി അവനെ കണ്ടു. അവനോട് മനസ്സ
ലിവു തോന്നി. അവന്റെ മുറിവുകൾ വച്ചു
34 കെട്ടി. വീഞ്ഞും എണ്ണയും അവമേൽ ധാര
കോരി. അവന്റെ കഴുതപ്പുറത്ത് അവനെ
കയറ്റിയിരുത്തി. സത്രത്തിലേക്ക് കൊണ്ടു
വന്നു. അവനെക്കുറിച്ച് താത്പര്യമായി
പ്രവർത്തിച്ചു. പിറ്റേ പ്രഭാതത്തിൽ അയാൾ
സത്രക്കാരന്ന് രണ്ടു ദീനോറാ ഏല്പിച്ചിട്ട്
അയാളോട് 'ഇവന്റെ കാര്യത്തിൽ ശ്രദ്ധി
ക്കണം. കൂടുതലെന്തെങ്കിലും നിങ്ങൾ ചെല
വാക്കുന്നുവെങ്കിൽ ഞാൻ തിരിച്ചു വരു
മ്പോൾ തന്നുകൊള്ളാം" എന്നു പറഞ്ഞു.
ആകയാൽ കൊള്ളക്കാരുടെ കയ്യിലക
പ്പെട്ടുപോയ ആ മനുഷ്യന് അയല്ക്കാര
നായിത്തീർന്നത് ഈ മൂവരിൽ ആരാണെ
ന്നാണ് നിനക്ക് തോന്നുന്നത് എന്ന്
ചോദിച്ചു. 'അവനോട് കരുണ ചെയ്തവൻ
തന്നെ' എന്ന് അവൻ പറഞ്ഞു. യേശു
അവനോട് "നീയും പോയി ഇങ്ങനെ തന്നെ
ചെയ്യുക" എന്നു പറഞ്ഞു.

അവർ വഴിയേ യാത്ര ചെയ്യുമ്പോൾ ഒരു
ഗ്രാമത്തിൽ പ്രവേശിച്ചു. മാർത്ത എന്നു
പേരുള്ള ഒരു സ്ത്രീ അവളുടെ ഭവനത്തിൽ
തന്നെ സ്വീകരിച്ചു. അവൾക്ക് മറിയാം
എന്നുപേരുള്ള ഒരു സഹോദരിയുണ്ടായി
രുന്നു. അവൾ വന്ന് നമ്മുടെ കർത്താവി
ന്റെ പാദാന്തികം ഇരുന്ന് തന്റെ വചന
ങ്ങൾ കേട്ടുകൊണ്ടിരുന്നു. മാർത്തയാകട്ടെ
പലവിധ ശുശ്രൂഷയിൽ വ്യാപൃതയായി
രുന്നു. അവൾ വന്ന് തന്നോട്, "എന്റെ
കർത്താവേ, എന്റെ സഹോദരി എന്നെ
തനിച്ച് ശുശ്രൂഷയ്ക്കായി വിട്ടിരിക്കുന്ന
തിൽ അങ്ങേയ്ക്ക് കരുതലില്ലയോ? അവൾ
എന്നെ സഹായിക്കാൻ പറയണമേ" എന്നു
പറഞ്ഞു. യേശു ഉത്തരമായി അവളോട് 41
"മാർത്തയേ, മാർത്തയേ, നീ അനേക
കാര്യങ്ങളെക്കുറിച്ച് കരുതുകയും ബദ്ധ
പ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.
എന്നാൽ ആവശ്യമായുള്ളത് ഒന്നുമാത്രം. 42
മറിയാം ആ നല്ല ഓഹരി അവൾക്കായി
തിരഞ്ഞെടുത്തു, അത് അവളിൽനിന്ന്
എടുക്കപ്പെടുകയില്ല" എന്നു പറഞ്ഞു.

അദ്ധ്യായം 11

താൻ ഒരു സ്ഥലത്ത് പ്രാർത്ഥിച്ചു 1
കൊണ്ടിരിക്കുകയായിരുന്നു. (പ്രാർത്ഥന)
കഴിഞ്ഞപ്പോൾ തന്റെ ശിഷ്യരിൽ ഒരുവൻ
തന്നോട് "യോഹന്നാൻ അദ്ദേഹത്തിന്റെ
ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ അവിടുന്ന്
ഞങ്ങളെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കണമേ"
എന്നു പറഞ്ഞു. യേശു അവരോട്: "നിങ്ങൾ 2
പ്രാർത്ഥിക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥി
ക്കുവിൻ: 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ
പിതാവേ നിന്റെ നാമം പരിശുദ്ധമാക്കപ്പെ
ടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ
തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമി
യിലും ആകണമേ. ദിനംതോറും ഞങ്ങൾ 3
ക്ക് ആവശ്യത്തിനുള്ള അപ്പം തരേണമേ.
ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോട് ക്ഷമി 4
ക്കണമേ. എന്തെന്നാൽ ഞങ്ങളുടെ കടക്കാ
രോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നു. പരീക്ഷ
യിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ.
ദുഷ്ടനിൽനിന്നും ഞങ്ങളെ രക്ഷിച്ചു
കൊള്ളണമേ."

നിങ്ങളിൽ ആർക്കാണോ ഒരു സ്നേഹി 5
തനുള്ളത്, അവൻ പാതിരാത്രിയിൽ വന്ന്
അവനോട് 'എന്റെ സ്നേഹിതാ എനിക്കു
മൂന്ന് അപ്പം വായ്പതരണമേ. വഴിയാത്ര 6
യിൽ ഒരു സ്നേഹിതൻ എന്റെ അടുത്ത്
വന്നിരിക്കുന്നു. അയാൾക്ക് വിളമ്പുവാൻ
എന്റെ കൈവശം ഒന്നുമില്ല' (എന്നു പറ
യുന്നുവെങ്കിൽ) അവന്റെ സ്നേഹിതൻ 7
അകത്തുനിന്ന് 'നീ എന്നെ ശല്യപ്പെടുത്ത
രുതേ. ഇതാ വാതിൽ അടയ്ക്കപ്പെട്ടുപോയി.
എന്റെ മക്കളും എന്നോടൊരുമിച്ച് കട്ടി
ലിൽ (കിടക്കുന്നു). എഴുന്നേറ്റു നിനക്കു
തരുവാൻ സാദ്ധ്യമല്ല, എന്നു പറയും (എന്നി
രിക്കട്ടെ). ഞാൻ നിങ്ങളോടു പറയുന്നു 8
സ്നേഹം നിമിത്തം, അവനു കൊടുക്കയി
ല്ലെങ്കിലും അവന്റെ നിർബന്ധം മൂലം എഴു

ന്നേറ്റ് അവനാവശ്യമുള്ളതത്രയും കൊടു
9 ക്കും. ആകയാൽ ഞാനും നിങ്ങളോട് പറ
യുന്നു: യാചിപ്പിൻ നിങ്ങൾക്കു നൽക
പ്പെടും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെ
ത്തും, മുട്ടുവിൻ നിങ്ങൾക്കായി തുറക്ക
10 പ്പെടും. എന്തെന്നാൽ യാചിക്കുന്ന ഏവനും
പ്രാപിക്കും, അന്വേഷിക്കുന്നവൻ കണ്ടെ
ത്തും, മുട്ടുന്നവനു തുറക്കപ്പെടുകയും
11 ചെയ്യും. സ്വന്ത മകൻ തന്നോട് അപ്പം
ചോദിച്ചാൽ അവനു കല്ലു നീട്ടിക്കൊടു
ക്കുകയും, മീൻ ചോദിച്ചാൽ മീനിനു പകരം
പാമ്പിനേയും, മുട്ട ചോദിച്ചാൽ തേളിനേയും
കൊടുക്കുകയും ചെയ്യുന്ന പിതാവായി നിങ്ങ
12 ളിൽ ആരുണ്ട്? തിന്മപെട്ടവരായ നിങ്ങൾ
. നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങൾ കൊടു
13 ക്കുവാൻ അറിയുന്നുവെങ്കിൽ, തന്നോടു
യാചിക്കുന്നവർക്കു സ്വർഗ്ഗത്തിൽനിന്നും
നിങ്ങളുടെ പിതാവ് പരിശുദ്ധാത്മാവിനെ
14 എത്ര അധികമായി നൽകും" എന്നു പറ
ഞ്ഞു. താൻ മൂകനായ ഒരു പിശാചിനെ പുറ
ത്താക്കി. ഭൂതം പുറത്ത് ആയപ്പോൾ ആ
ഊമൻ സംസാരിച്ചു. പുരുഷാരം അത്ഭുത
15 പ്പെട്ടു. അവരിൽ ചിലർ ആകട്ടെ, ഇവൻ
പിശാചുക്കളുടെ തലവനായ ബ്എൽസ്
ബൂബിനെ കൊണ്ടത്രെ ഭൂതങ്ങളെ പുറത്താ
16 ക്കുന്നത് എന്നു പറഞ്ഞു. വേറെ ചിലർ
തന്നെ പരീക്ഷിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ
നിന്ന് ഒരടയാളം ആവശ്യപ്പെട്ടു. അവരുടെ
17 ചിന്തകൾ അറിഞ്ഞ് യേശു അവരോട്:
"ഏതു രാജ്യവും തന്നിൽ തന്നെ ഛിദ്രിച്ചാൽ
അതു നശിക്കും. ഏതു ഭവനവും തന്നിൽ
തന്നെ ഛിദ്രിച്ചാൽ അതു വീണുപോകും.
18 സാത്താൻ സാത്താനുമായി ഭിന്നിച്ചാൽ
അവന്റെ രാജ്യം എങ്ങനെ നിലനില്ക്കും?
നിങ്ങൾ പറയുന്നു, ബ്എൽസ്ബൂബിനെ
ക്കൊണ്ടാണ് ഞാൻ ഭൂതങ്ങളെ പുറത്താ
19 ക്കുന്നത് എന്ന്. ഞാൻ ബ്എൽസ്ബൂബി
നെക്കൊണ്ടാണ് ഭൂതങ്ങളെ പുറത്താക്കു
ന്നത് എങ്കിൽ, നിങ്ങളുടെ മക്കൾ എന്തിനെ
ക്കൊണ്ടാണ് പുറത്താക്കുന്നത്? അതി
നാൽ, അവർ തന്നെ നിങ്ങൾക്ക് വിധി
20 കർത്താക്കളായിരിക്കട്ടെ. എന്നാൽ ഞാനോ
ദൈവത്തിന്റെ വിരൽകൊണ്ടാണ് ഭൂതങ്ങ
ളെ പുറത്താക്കുന്നത് എങ്കിൽ, ദൈവരാജ്യം
21 നിങ്ങൾക്കു സമീപിച്ചിരിക്കുന്നു. ബലവാൻ
ആയുധധാരിയായി തന്റെ ഭവനം കാത്തു
കൊണ്ടിരിക്കുമ്പോൾ അവന്റെ സമ്പാദ്യം
22 സുരക്ഷിതമായിരിക്കും. എന്നാൽ അവനെ
ക്കാൾ ശക്തനായ ഒരുവൻ വന്ന് അവനെ
ജയിച്ചാൽ, അവൻ ആശ്രയംവച്ചിരിക്കുന്ന
ആയുധമെല്ലാം എടുത്തുകൊണ്ടുപോവു
കയും കവർച്ചവസ്തു വിഭജിച്ചെടുക്കുക
യും ചെയ്യും. എന്നോടുകൂടെയല്ലാത്തവൻ 23
എനിക്കു പ്രതികൂലി അത്രെ. എന്നോടു
കൂടെ ശേഖരിക്കാത്തവൻ ചിതറിക്കുക
തന്നെ ചെയ്യുന്നു.

അശുദ്ധാത്മാവ് ഒരു മനുഷ്യനിൽ നിന്ന് 24
പുറപ്പെട്ടു പോയശേഷം വിശ്രമം അന്വേ
ഷിച്ച് വെള്ളമില്ലാത്ത സ്ഥലങ്ങളിൽ ചുറ്റി
സഞ്ചരിക്കുന്നു. കണ്ടുകിട്ടാത്തപ്പോൾ അതു
പറയും, 'ഞാനെവിടെനിന്നു പുറപ്പെട്ടു
പോന്നോ, ആ എന്റെ വീട്ടിലേക്ക് ഞാൻ
തിരികെ ചെല്ലും.' അതു വന്നാലോ ആ ഭവ 25
നം അടിച്ചുവാരി അലംകൃതമായിരിക്കുന്ന
തായി കാണുന്നു. അപ്പോൾ അതുപോയി 26
അതിനേക്കാൾ തിന്മപെട്ട മറ്റ് ഏഴ് ആത്മാ
ക്കളെയും കൂട്ടിക്കൊണ്ടുവരും. അവ അവി
ടെ പ്രവേശിച്ച് വസിക്കും. ആ മനുഷ്യന്റെ
അവസാനം ആദ്യത്തേതിലും കഷ്ടതരമാ
യിരിക്കും എന്നു പറഞ്ഞു. താൻ ഇവ സംസാ 27
രിക്കുമ്പോൾ പുരുഷാരത്തിൽ ഒരു സ്ത്രീ
ശബ്ദമുയർത്തി തന്നോട് വിളിച്ചു പറഞ്ഞു:
"അങ്ങയെ വഹിച്ച ഉദരവും അങ്ങയെ കുടി
പ്പിച്ച മുലകളും ഭാഗ്യമുള്ളവ." താൻ അവളോട് 28
"ദൈവത്തിന്റെ വചനം കേട്ട് അതിനെ
പാലിക്കുന്നവർക്ക് ഭാഗ്യം" എന്നു പറഞ്ഞു.

പുരുഷാരം കൂടിയിരിക്കവെ, താൻ 29
പറയുവാൻ തുടങ്ങി. "തിന്മയുള്ള ഈ വംശം
അടയാളം അന്വേഷിക്കുന്നു. യൗനാൻ
പ്രവാചകന്റെ അടയാളമല്ലാതെ മറ്റൊരു
അടയാളവും അതിനു നല്കപ്പെടുകയില്ല.
എന്തെന്നാൽ യോനാ നിനവെക്കാർക്കു 30
അടയാളമായിരുന്ന പ്രകാരം തന്നെ മനു
ഷ്യന്റെ പുത്രൻ ഈ തലമുറയ്ക്കും അട
യാളമായിരിക്കും. തെക്കെ (രാജ്യത്തെ) 31
രാജ്ഞി ന്യായവിധിയിൽ ഈ തലമുറയി
ലെ ആളുകളോടുകൂടി എഴുന്നേറ്റ് അവരെ
കുറ്റപ്പെടുത്തും. എന്തെന്നാൽ ശലോമോ
ന്റെ ജ്ഞാനം കേൾപ്പാൻ അവൾ ഭൂമിയു
ടെ അതിർത്തികളിൽ നിന്നാണ് വന്നത്.
കണ്ടാലും ശലോമോനിലും വലിയവൻ
ഇവിടെയുണ്ട്. നിനവെക്കാർ ന്യായവിധി 32
യിൽ ഈ തലമുറയോടുകൂടിനിന്ന് ഇതിനെ
കുറ്റപ്പെടുത്തും. എന്തെന്നാൽ യോനായുടെ
പ്രസംഗത്താൽ അവർ അനുതപിച്ചുവല്ലോ.
കണ്ടാലും യോനയെക്കാൾ വലിയവൻ
ഇവിടെയുണ്ട്!"

"ആരും വിളക്ക് കത്തിച്ച് അതു മറവി 33
ലോ പറയിൻകീഴിലോ വയ്ക്കുകയില്ല.
പിന്നെയോ പ്രവേശിക്കുന്നവർ പ്രകാശം

കാണുവാൻ വിളക്കുതണ്ടിന്മേൽ വയ്ക്കു
4 ന്നു. നിന്റെ കണ്ണാകുന്നു നിന്റെ ശരീരത്തി
5 ന്റെ വിളക്ക്. ആകയാൽ നിന്റെ കണ്ണ്
ചൊവ്വുള്ളത് എങ്കിൽ, നിന്റെ ശരീരം
മുഴുവൻ പ്രകാശിതമായിരിക്കും. എന്നാൽ
അതു തിന്മയുള്ളത് എങ്കിൽ നിന്റെ
ശരീരവും അന്ധകാരമായിരിക്കും. ആക
യാൽ നിന്നിലുള്ള പ്രകാശം അന്ധകാര
6 മാകാതെ സൂക്ഷിച്ചുകൊള്ളണം. നിന്റെ
ശരീരം മുഴുവനും പ്രകാശിതവും, അതിൽ
അന്ധകാരത്തിന് ഒരു പങ്കുമില്ലാതിരിക്കു
കയും ചെയ്യുന്നുവെങ്കിൽ വിളക്ക് അതിന്റെ
വെളിച്ചത്താൽ നിന്നെ പ്രശോഭിപ്പിക്കു
ന്നതുപോലെ അതു മുഴുവനും പ്രകാശി
തമായിരിക്കും."

താൻ സംസാരിച്ചുകൊണ്ടിരിക്കവെ ഒരു
പരീശൻ വന്ന് താൻ അവനോടുകൂടെ ഭക്ഷ
ണം കഴിക്കണമെന്ന് അപേക്ഷിച്ചു. താൻ
അകത്ത് കടന്ന് ഭക്ഷണത്തിനിരുന്നു. ഭക്ഷ
ണത്തിനു മുമ്പ് താൻ പതിവുള്ള പ്രക്ഷാ
ളനം നടത്തിയില്ല എന്നു കണ്ടിട്ട് ആ പരീ
ശൻ ആശ്ചര്യപ്പെട്ടു. യേശു അവനോട്:
"ഇപ്പോൾ പരീശരേ, നിങ്ങൾ പാനപാത്ര
ത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും
പുറം വെടിപ്പാക്കുന്നു. നിങ്ങളുടെ ഉള്ളിലോ
അപഹാരവും തിന്മയും! ബുദ്ധിഹീനരെ!
പുറം ഭാഗം നിർമ്മിച്ചവൻ തന്നെയല്ലേ അക
ഭാഗവും നിർമ്മിച്ചത്? ഉള്ളത് ഭിക്ഷ നല്കു
വിൻ. കണ്ടാലും സർവ്വവും നിങ്ങൾക്ക് നിർമ്മ
ലമായിരിക്കും. എന്നാലോ പരീശന്മാരേ
നിങ്ങൾക്ക് കഷ്ടം. നിങ്ങൾ ചീരയിലും ജീര
കത്തിലും എല്ലാ സസ്യങ്ങളിലും ദശാംശം
കൊടുക്കുന്നുണ്ട്. എങ്കിലും നീതിയും
ദൈവസ്നേഹവും നിങ്ങൾ ലംഘിക്കുന്നു.
അവയെ നിങ്ങൾ അനുഷ്ഠിക്കേണ്ടതും
മറ്റവയെ നിങ്ങൾ ഉപേക്ഷിക്കരുതാത്തവയു
മാകുന്നു. പരീശന്മാരേ! നിങ്ങൾക്കു കഷ്ടം.
നിങ്ങൾ സമൂഹങ്ങളിൽ മുഖ്യാസനവും
തെരുവുകളിൽ 'സമാധാനവും' (വന്ദനവും)
ആഗ്രഹിക്കുന്നു. കപടഭക്തരായ സൊപ്രേ
ന്മാരേ, പരീശരേ നിങ്ങൾക്കു കഷ്ടം. നി
ങ്ങൾ അറിയപ്പെടാത്ത ശവക്കല്ലറകൾപോ
ലെയാകുന്നു! മനുഷ്യർ അവയുടെ മീതെ
നടക്കുന്നു. അറിയുന്നില്ല." എന്നു പറഞ്ഞു.
സൊപ്രേന്മാരിൽ ഒരുവൻ തന്നോട്: ഗുരോ
അങ്ങ് ഇങ്ങനെ പറയുമ്പോൾ ഞങ്ങളേയും
അവമാനിക്കയാണ് എന്നു പറഞ്ഞു. (അ
പ്പോൾ) താൻ സൊപ്രേന്മാരേ നിങ്ങൾക്കും
കഷ്ടം: നിങ്ങൾ മനുഷ്യരെക്കൊണ്ട് ഭാരമേ
റിയ ചുമടുകൾ ചുമപ്പിക്കുന്നു. നിങ്ങളുടെ
ഒരു വിരൽ കൊണ്ടുപോലും ആ ചുമടുകളെ
തൊടുന്നുമില്ല! നിങ്ങൾക്കു കഷ്ടം. നിങ്ങ 47
ളുടെ പിതാക്കന്മാർ കൊന്നുകളഞ്ഞ പ്രവാ
ചകന്മാരുടെ കല്ലറകളാണ് നിങ്ങൾ പണിയു
ന്നത്. ആകയാൽ നിങ്ങളുടെ പിതാക്കന്മാ 48
രുടെ പ്രവൃത്തികളിൽ നിങ്ങൾ ഇഷ്ടപ്പെടു
ന്നു എന്ന് നിങ്ങൾ തന്നെ സാക്ഷിക്കുന്നു.
എന്തെന്നാൽ അവർ അവരെ കൊന്നു.
നിങ്ങൾ അവരുടെ കല്ലറകളെ പണിയുന്നു!

ഇതുമൂലം ദൈവത്തിന്റെ ജ്ഞാനം 49
പറഞ്ഞിരിക്കുന്നു. ഞാൻ അവർക്കായി പ്ര
വാചകരെയും ശ്ലീഹന്മാരെയും അയയ്ക്കും.
അവരിൽ ചിലരെ അവർ പീഡിപ്പിക്കുകയും
കൊല ചെയ്യുകയും ചെയ്യും. അതു ലോകാ 50
രംഭം മുതൽ—ഹാബേലിന്റെ രക്തം മുതൽ
ദൈവാലയത്തിനും മദ്ബഹായ്ക്കും (ബലി
പീഠം) മദ്ധ്യെവച്ച് കൊല്ലപ്പെട്ട സ്കറിയാ 51
യുടെ രക്തംവരെ ചൊരിയപ്പെട്ടിട്ടുള്ള സർവ്വ
പ്രവാചകന്മാരുടെ രക്തത്തിനും ഈ തല
മുറയോട് പകരം ചോദിക്കപ്പെടുവാനത്രെ.
അതെ, ഈ തലമുറയോട് അതിനു പകരം
ചോദിക്കും എന്നു ഞാൻ നിങ്ങളോട് പറയു
ന്നു. സൊപ്രേന്മാരേ, നിങ്ങൾക്കു കഷ്ടം; 52
പരിജ്ഞാനത്തിന്റെ താക്കോൽ നിങ്ങളെ
ടുത്തിരിക്കുകയാണ്. നിങ്ങൾ പ്രവേശിച്ചി
ല്ല. പ്രവേശിക്കുന്നവരെ നിങ്ങൾ തടസ്സം ചെ
യ്കയും ചെയ്തിരിക്കുകയാണ് എന്നു പറ
ഞ്ഞു. താൻ ഇവ പറഞ്ഞുകൊണ്ടിരുന്ന 53
പ്പോൾ, അത് സൊപ്രേന്മാർക്കും പരീശന്മാർ
ക്കും നീരസമായി. അവർ കോപിഷ്ഠരായി. 54
തന്നെ വാക്കുകളിൽ കുടുക്കുവാൻ തുടങ്ങി.
തന്നെക്കുറിച്ച് ഏഷണി പറയുവാൻവേണ്ടി
തന്റെ വായിൽ (നാക്കിൽ) നിന്നും എന്തെ
ങ്കിലും പിടിച്ചെടുക്കേണ്ടതിന് പലവിധ
ത്തിൽ വഞ്ചനയായി പെരുമാറി.

അദ്ധ്യായം 12

ആളുകൾ പരസ്പരം ചവിട്ടത്തക്ക 1
വണ്ണം ഏറിയ പുരുഷാരം പതിനായിരങ്ങ
ളായി വന്നു കൂടിയപ്പോൾ യേശു തന്റെ
ശിഷ്യരോട് പറഞ്ഞു തുടങ്ങി: മുന്നമെ
നിങ്ങൾ പരീശന്മാരുടെ കപടഭക്തിയാകുന്ന
പുളിമാവിൽനിന്നും നിങ്ങളെത്തന്നെ സൂ
ക്ഷിച്ചുകൊള്ളണം. വെളിപ്പെടാതെ രഹ 2
സ്യമായിരിക്കുന്നത് ഒന്നുമില്ല; അറിയ
പ്പെടാതെ നിഗൂഢമായിരിക്കുന്നതും ഒന്നു
മില്ല. എന്തെന്നാൽ അന്ധകാരത്തിൽ 3
നിങ്ങൾ പറഞ്ഞത് വെളിച്ചത്ത് കേൾക്ക
പ്പെടും. മുറിക്കുള്ളിൽവച്ച് ചെവികളിൽ
മന്ത്രിച്ചവ, മട്ടുപ്പാവിൽ (നിന്ന്) പ്രസംഗിക്ക

4 പ്പെടും. എൻെറ സ്നേഹിതന്മാരേ, നിങ്ങ
ളോട് ഞാൻ പറയുന്നു: ശരീരത്തെ കൊല്ലു
ന്നവരെ നിങ്ങൾ ഭയപ്പെടരുത്. അതിനു
ശേഷം നിങ്ങളോട് മറ്റൊന്നും അധികമായി
5 ചെയ്യാൻ അവർക്കാവില്ല. നിങ്ങൾ ആരെ
യാണ് ഭയപ്പെടേണ്ടത് എന്ന് ഞാൻ നിങ്ങൾ
ക്ക് കാണിച്ചു തരാം. കൊന്നതിൻെറ ശേഷ
വും തീനരകത്തിലിടുവാൻ കഴിവുള്ളവനെ
ത്തന്നെ നിങ്ങൾ ഭയപ്പെടുവിൻ! അതേ,
ഞാൻ നിങ്ങളോട് പറയുകയാണ്: ഇവനെ
6 ത്തന്നെ നിങ്ങൾ ഭയപ്പെടുവിൻ. ഒരു
'ആസോറി'ന് അഞ്ചു കുരുവികൾ വിൽക്ക
പ്പെടുന്നില്ലയോ? അവയിൽ ഒന്നുപോലും
ദൈവമുമ്പാകെ വിസ്മൃതമല്ല തന്നെ.
7 നിങ്ങളുടെ ശിരസ്സിലെ മുടിയിഴകൾ
എല്ലാം എണ്ണപ്പെട്ടവയത്രെ! ആകയാൽ
നിങ്ങൾ ഭയപ്പെടരുത്. വളരെയേറെ കുരു
വികളെക്കാളും നിങ്ങൾ ശ്രേഷ്ഠരാകുന്നു!
8 ഞാൻ നിങ്ങളോട് പറയുന്നു; മനുഷ്യരുടെ
മുമ്പിൽ എന്നെ ഏറ്റുപറയുന്നവനെ,
ദൈവത്തിൻെറ മാലാഖമാരുടെ മുമ്പാകെ
9 വച്ച് മനുഷ്യപുത്രൻ ഏറ്റു പറയും. മനുഷ്യ
രുടെ മുമ്പിൽവച്ച് എന്നെ ഉപേക്ഷിച്ചു
പറയുന്നവനോ, ദൈവത്തിൻെറ മാലാഖ
മാരുടെ മുമ്പിൽ ഉപേക്ഷിച്ചു പറയപ്പെടും.
10 മനുഷ്യപുത്രന് എതിരായി വചനം പറ
യുന്നവനോട് ക്ഷമിക്കപ്പെടും. എന്നാൽ
പരിശുദ്ധാത്മാവിനെതിരായി ദൂഷണം
പറയുന്നവനോട് ക്ഷമിക്കപ്പെടുകയില്ല
11 തന്നെ. അവർ നിങ്ങളെ സംഘാലയങ്ങ
ളിലേക്ക്, തലവന്മാരുടെയും അധികാരി
കളുടെയും മുമ്പിലേക്ക് കൊണ്ടുപോകു
മ്പോൾ, നിങ്ങൾ എങ്ങനെ പ്രതിവാദി
ക്കേണ്ടു എന്നോ നിങ്ങൾ എങ്ങനെ പറയ
12 ണമെന്നോ വിചാരപ്പെടേണ്ട. നിങ്ങൾ
പറയേണ്ടത് ആ സമയത്ത് പരിശുദ്ധാ
ത്മാവ് നിങ്ങളെ പഠിപ്പിച്ചുകൊള്ളും.
13 ആ പുരുഷാരത്തിൽ നിന്നും ഒരുവൻ
തന്നോട് ഗുരോ, അവകാശം ഞാനുമായി
ഭാഗം തീർക്കാൻ എൻെറ സഹോദരനോട്
14 പറയണമെ, എന്നു പറഞ്ഞു. യേശു അവ
നോട്, മനുഷ്യാ എന്നെ നിങ്ങളുടെമേൽ
ന്യായാധിപനും, ഭാഗം തീർക്കുന്നവനുമായി
15 നിയമിച്ചതാര്? എന്നു ചോദിച്ചു. താൻ തൻെറ
ശിഷ്യന്മാരോട് പറഞ്ഞു. എല്ലാവിധ അത്യാ
ഗ്രഹത്തിൽനിന്നും നിങ്ങൾ സൂക്ഷിച്ചു
കൊള്ളണം. എന്തെന്നാൽ സമ്പത്തിൻെറ
16 ആധിക്യത്തിലല്ല ജീവനിരിക്കുന്നത്. ഈ
ഉപമയും താൻ അവരോട് പറഞ്ഞു: ധനിക
നായ ഒരു മനുഷ്യന് അവൻെറ നിലങ്ങളിൽ
നിന്ന് വളരെയേറെ വരുമാനമുണ്ടായി.
അവൻ മനസ്സിലിങ്ങനെ ചിന്തിച്ചു. എൻെറ 17
വിളവുകൾ സൂക്ഷിക്കാൻ മാത്രം ഇടമില്ല
ല്ലോ; ഞാൻ എന്തുചെയ്യും? എൻെറ കള
പ്പുര ഇടിച്ചുപൊളിച്ച് വലുതാക്കി ഞാൻ
പണിയും. എൻെറ ധാന്യങ്ങളും വസ്തുവ 18
കയും എല്ലാം ഞാൻ അതിൽ ശേഖരിച്ചു
വച്ചിട്ട്, ഞാൻ എന്നോടു തന്നെ, എൻെറ 19
ആത്മാവെ, അനേക സംവത്സരങ്ങളിലേക്ക്
ആവശ്യമുള്ളത്ര അനേക വിശിഷ്ട സാധന
ങ്ങൾ നിനക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു.
നീ ആശ്വസിച്ചിരുന്ന്, തിന്നുക, കുടിക്കുക,
ആനന്ദിക്കുക എന്നു പറയും. എന്നാൽ 20
ദൈവമോ അവനോട് പറയുന്നു: മൂഢാ, ഈ
രാത്രിയിൽ നിൻെറ പ്രാണനെ നിന്നോട്
ചോദിച്ചാൽ, നീ ഒരുക്കിവച്ച ഇവയെല്ലാം
ആർക്കിരിക്കും? തനിക്കായിത്തന്നെ 21
നിക്ഷേപങ്ങൾ സൂക്ഷിച്ചുവക്കുകയും
ദൈവത്തിൽ സമ്പന്നനാകാതെ ഇരിക്കു
കയും ചെയ്യുന്നവൻ ഇങ്ങനെ ആകുന്നു.
താൻ തൻെറ ശിഷ്യന്മാരോട് പറഞ്ഞു. 22
ഇതു നിമിത്തം ഞാൻ നിങ്ങളോട് പറയുന്നു.
സ്വന്തം പ്രാണനുവേണ്ടി നിങ്ങൾ എന്തു
ഭക്ഷിക്കും; നിങ്ങളുടെ ശരീരത്തിനുവേണ്ടി
നിങ്ങൾ എന്തു ധരിക്കും എന്നോർത്ത്
നിങ്ങൾ വിചാരപ്പെടേണ്ട. എന്തെന്നാൽ 23
പ്രാണൻ ഭക്ഷണസാധനത്തെക്കാളും,
ശരീരം വസ്ത്രത്തെക്കാളും വിശിഷ്ടതരമല്ല
യോ? കാക്കകളെ പരിശോധിക്കുവിൻ; അവ 24
വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല. അവയ്ക്ക്
അറകളും കളപ്പുരയുമില്ല.' ദൈവം അവയെ
പോറ്റിപ്പുലർത്തുന്നു! ആകയാൽ പക്ഷി
കളെക്കാൾ നിങ്ങൾ എത്രയേറെ വിശിഷ്ടർ!
വിചാരപ്പെടുന്നതുകൊണ്ട് തൻെറ നീള 25
ത്തിൽ ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ
ആർക്കു കഴിയും? ഏറ്റം ചെറുതുപോലും 26
ചെയ്‌വാൻ നിങ്ങൾക്ക് അസാദ്ധ്യമെങ്കിൽ
മററുള്ളവയെക്കുറിച്ച് നിങ്ങൾ എന്തിനു
വിചാരപ്പെടണം? ശൂശാന പുഷ്പങ്ങൾ 27
നിങ്ങൾ പരിശോധിപ്പിൻ! അവ എങ്ങനെ
വളരുന്നു: അവ അദ്ധ്വാനിക്കുന്നില്ല, നൂൽ
നൂൽക്കുന്നുമില്ല. എന്നാൽ ഞാൻ നിങ്ങ
ളോട് പറയുകയാണ്: ശലോമോൻപോലും
അവൻെറ സർവ്വ മഹിമയിലും ഇവയിലൊ
ന്നിനെപ്പോലെ അലംകൃതനായിരുന്നില്ല.
ഇന്നു വയലിൽ ഉള്ളതും നാളെ തീച്ചൂള 28
യിൽ വീണുപോകുന്നതുമായ പുല്ലിനെ
ദൈവം ഇപ്രകാരം അണിയിച്ചൊരുക്കുന്നു
വെങ്കിൽ, അല്പവിശ്വാസികളേ നിങ്ങളെ
എത്ര അധികമായി (അലങ്കരിക്കും)! നിങ്ങൾ 29

എന്തു തിന്നും, എന്ത് കുടിക്കും എന്നു അന്വേഷിക്കേണ്ട. അവയെപ്രതി നിങ്ങൾ പതറിപ്പോകയും വേണ്ട. ഇവയെല്ലാം ലോക ത്തിലെ ജാതികളാണ് അന്വേഷിക്കുന്നത്. നിങ്ങൾക്ക് ഇവയെല്ലാം ആവശ്യമുണ്ട് എന്ന് നിങ്ങളുടെ പിതാവ് അറിയുന്നുണ്ട്. എന്നാൽ ദൈവത്തിൻെറ രാജ്യം അന്വേഷി പ്പിൻ; അപ്പോൾ ഇവയെല്ലാം നിങ്ങൾക്കു കൂടുതലായി ലഭിക്കും.

നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്കു തരുവാൻ ഇഷ്ടപ്പെട്ടിരിക്കയാൽ ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടേണ്ട. നിങ്ങൾ നിങ്ങ ളുടെ സമ്പത്തു വിററ് ഭിക്ഷകൊടുപ്പിൻ. പഴകിപ്പോകാത്ത മടിശ്ശീലകളും കവർച്ച ചെയ്യപ്പെടാത്ത നിക്ഷേപങ്ങളും സ്വർഗ്ഗ ത്തിൽ നിങ്ങൾ ഉണ്ടാക്കുവിൻ. അവിടെ കള്ളൻ അടുക്കുകയോ ചിതൽ നശിപ്പി ക്കയോ ചെയ്കയില്ല. എന്തെന്നാൽ എവി ടെയാണോ നിങ്ങളുടെ നിക്ഷേപം അവിടെ യായിരിക്കും, നിങ്ങളുടെ ഹൃദയവും! നിങ്ങ ളുടെ അരകൾ കെട്ടപ്പെട്ടും ദീപങ്ങൾ പ്രശോ ഭിതങ്ങളുമായിരിക്കട്ടെ. അവരുടെ യജമാ നൻ വിരുന്നുഭവനത്തിൽനിന്ന് എപ്പോൾ തിരിച്ചു വന്ന് (വാതില്ക്കൽ) മുട്ടുന്നുവോ, അപ്പോൾ തന്നെ അവനു തുറന്നുകൊടുക്കു വാൻ തക്കവണ്ണം തങ്ങളുടെ യജമാനനെ കാത്തിരിക്കുന്ന മനുഷ്യരോട് നിങ്ങൾ സാമ്യപ്പെടണം. അവരുടെ യജമാനൻ വരു മ്പോൾ ഉണർന്നിരിക്കുന്നവരായി അവൻ കണ്ടെത്തുന്ന ദാസന്മാർ ഭാഗ്യവാന്മാർ! സത്യമായും ഞാൻ നിങ്ങളോട് പറയുന്നു: അവൻ തൻെറ അരകെട്ടി, അവരെ ഭക്ഷണ ത്തിനിരുത്തി നടന്ന് പരിചരിക്കും. അവൻ രണ്ടാമത്തെയോ മൂന്നാമത്തെ യോ യാമത്തിലാണ് വരുന്നതെങ്കിലും ഇപ്ര കാരം അവൻ കണ്ടെത്തുന്നുവെങ്കിൽ ആ ദാസന്മാർ ഭാഗ്യവാന്മാർ. ഇതറിഞ്ഞു കൊൾവിൻ - കള്ളൻ ഏതു യാമത്തിൽ വരും എന്ന് ഭവനനാഥൻ അറിഞ്ഞിരിക്കു ന്നുവെങ്കിൽ അവൻ ഉണർന്നിരിക്കും. അവൻെറ ഭവനം കവർച്ചചെയ്യപ്പെടാൻ സമ്മതിക്കയുമില്ല. ആകയാൽ നിങ്ങളും ഒരുക്കമുള്ളവരായിരിപ്പിൻ; എന്തെന്നാൽ നിങ്ങൾ വിചാരിക്കാത്ത നാഴികയിൽ മനു ഷ്യൻെറ പുത്രൻ വരും." ശെമഓൻ തന്നോട്: 'ഞങ്ങളുടെ കർത്താവേ, ഈ ഉപമ ഞങ്ങ ളോട് മാത്രമാണോ പറയുന്നത്? അതോ എല്ലാവരോടുമാണോ?' എന്നു ചോദിച്ചു.

യേശു അവനോട്: "തൻെറ ഭവന ക്കാർക്ക് ആഹാരം കൊടുക്കുവാനായി
അവൻെറ യജമാനൻ അവനെ തൻെറ 43
ശുശ്രൂഷയ്ക്കായി നിയമിച്ചാക്കിയ വിശ്വ
സ്തനും, വിജ്ഞാനിയുമായ വീട്ടുകാര്യ
സ്ഥൻ ആരായിരിക്കും! അവൻെറ യജമാ
നൻ വന്ന് ഇപ്രകാരം ചെയ്യുന്നവനായി
കാണുന്ന ദാസന് ഭാഗ്യം. സത്യമായി ഞാൻ
നിങ്ങളോട് പറയുന്നു. അവൻെറ സർവ്വ 44
സമ്പാദ്യത്തിന്മേലും ഇവനെ (അധികാരി
യായി) നിയമിക്കും. എന്നാൽ ആ ദാസനാ 45
കട്ടെ 'എൻെറ യജമാനൻ വരുവാൻ താമ
സിക്കും' എന്ന് ഉള്ളത്തിൽ പറയുകയും,
തൻെറ യജമാനൻെറ ദാസന്മാരെയും
ദാസികളേയും അടിപ്പാനും, മദ്യപിച്ച് ലഹരി
പിടിക്കാനുമാണ് തുടങ്ങുന്നതെങ്കിൽ ആ
ദാസൻെറ യജമാനൻ അവൻ വിചാരി 46
ക്കാത്ത ദിവസത്തിലും അവനറിയാത്ത
സമയത്തും വന്ന് അവനെ പിരിച്ചയയ്ക്കു
കയും അവിശ്വസ്തരോടുകൂടെ അവൻെറ
ഓഹരി നിശ്ചയിക്കുകയും ചെയ്യും. തൻെറ 47
യജമാനൻെറ ഇഷ്ടം അറിഞ്ഞിരുന്നിട്ടും
അവൻെറ ഇഷ്ടാനുസരണം അവന്നായി
ഒരുക്കം ചെയ്യാത്ത ദാസൻ വളരെയേറെ
ശിക്ഷ അനുഭവിക്കും. അവൻെറ (ഇഷ്ടം) 48
അറിഞ്ഞിട്ടില്ലാത്തവൻ ശിക്ഷയ്ക്കർഹമാ
യതു ചെയ്തുപോയാലും അവൻ കുറച്ചു
ശിക്ഷ അനുഭവിക്കും. എന്തെന്നാൽ
അധികം നല്കപ്പെട്ടിട്ടുള്ളവനോട് അധികം
ചോദിക്കപ്പെടും. ആർക്ക് അധികം ഏല്പി
ക്കപ്പെട്ടിട്ടുണ്ടോ അവനോട് അധികം
ആവശ്യപ്പെടും.' എന്നു പറഞ്ഞു.

"ഞാൻ ഭൂമിയിൽ അഗ്നിയിടുവാൻ 49
വന്നിരിക്കയാണ്. അതു മുമ്പെ തന്നെ ജ്വലി
ച്ചിരുന്നെങ്കിൽ! എന്നു ഞാൻ ആഗ്രഹിക്കു
ന്നു. എനിക്ക് ഏൽക്കുവാൻ ഒരു സ്നാന 50
മുണ്ട്. അത് പൂർത്തിയാകുന്നതുവരെ
ഞാൻ വളരെ ഞെരുങ്ങുന്നു. ഭൂമിയിൽ 51
സമാധാനം ഇടുവാനാണ് ഞാൻ വന്നതെ
ന്നാണ് നിങ്ങൾ വിചാരിക്കുന്നത്. ഞാൻ
നിങ്ങളോട് പറയുന്നു: അല്ല, പിന്നെയോ
ഭിന്നതയെയത്രെ. എന്തെന്നാൽ ഇപ്പോൾ 52
മുതൽ ഒരു ഭവനത്തിൽ അഞ്ചുപേരുണ്ടാ
യിരിക്കും; മൂന്നു പേർ രണ്ടുപേർക്ക് വിരോ
ധമായും രണ്ടുപേർ മൂന്നുപേർക്കു വിരോ
ധമായും ഭിന്നിച്ചിരിക്കും. എന്തെന്നാൽ 53
പിതാവ് സ്വപുത്രനെതിരായും, പുത്രൻ
സ്വപിതാവിന് എതിരായും, അമ്മ അവളുടെ
മകൾക്ക് എതിരായും, മകൾ സ്വമാതാവിന്
എതിരായും, അമ്മാവിയമ്മ മരുമകൾക്കെ
തിരായും, മരുമകൾ അമ്മാവിയമ്മയ്ക്കെ
തിരായും ഭിന്നിക്കും."

54 താൻ പുരുഷാരത്തോട് പറഞ്ഞു: "പടി
ഞ്ഞാറ്നിന്ന് മേഘം ഉയരുന്നതുകാണു
മ്പോൾ മഴപെയ്യും' എന്ന് നിങ്ങൾ ഉടനെ
പറയാറുണ്ട്. അങ്ങനെ സംഭവിക്കുകയും
55 ചെയ്യുന്നുണ്ട്. "തെക്കൻ കാറ്റ് ഊതുമ്പോൾ
ചൂടുണ്ടാകും" എന്ന് നിങ്ങൾ പറയുന്നുണ്ട്.
അങ്ങനെ സംഭവിക്കുകയും ചെയ്യുന്നു.
56 കപടഭക്തരെ, ഭൂമിയുടെയും ആകാശത്തി
ൻെറയും മുഖം (ഭാവം) തിരിച്ചറിയുവാൻ
നിങ്ങൾക്ക് അറിയാം. പിന്നെ ഈ കാലം
നിങ്ങൾ തിരിച്ചറിയാതിരിക്കുന്നത് എങ്ങ
57 നെ? നിങ്ങൾ സ്വയം സത്യം വിധിക്കാതിരി
ക്കുന്നതും എന്ത്?
58 നീ നിൻെറ പ്രതിയോഗിയോടുകൂടി
അധികാരിയുടെ അടുക്കലേക്ക് പോകു
മ്പോൾ വഴിക്കുവച്ച് തന്നെ ഇടപാടു
തീർത്ത് അവനിൽനിന്നും രക്ഷപ്പെട്ടുകൊ
ള്ളണം. അല്ലെങ്കിൽ അവൻ നിന്നെ ന്യായാ
ധിപൻെറ അടുക്കൽ കൊണ്ടുപോകും.
ന്യായാധിപതി നിന്നെ സേവകനെ ഏല്പി
ക്കും. സേവകൻ നിന്നെ കാരാഗൃഹത്തിലാ
59 ക്കുകയും ചെയ്യും. അവസാനത്തെ ചില്ലി
ക്കാശ് പോലും നീ കൊടുത്തു തീർക്കുന്ന
തുവരെ അവിടെനിന്ന് നീ ഇറങ്ങിപ്പോരു
കയില്ല എന്നു ഞാൻ സത്യമായും നിങ്ങ
ളോട് പറയുന്നു."

അദ്ധ്യായം 13

1 ആ കാലത്ത് പീലാത്തോസ് അവരുടെ
രക്തം അവരുടെ ബലികളോട് കലർത്തിയ
ഗലീലക്കാരെക്കുറിച്ച് ചില ആളുകൾ വന്ന്
2 തന്നോടു പറഞ്ഞു. യേശു ഉത്തരമായി
അവരോട്: "ആ ഗലീലക്കാർക്ക് അപ്രകാരം
സംഭവിച്ചതുകൊണ്ട് ആ ഗലീലക്കാർ സക
ല ഗലീലക്കാരെക്കാളും അധികം പാപിക
ളായിരുന്നുവെന്നു നിങ്ങൾ വിചാരിക്കുന്നു
3 ണ്ടോ? അല്ല; നിങ്ങളെല്ലാവരും അനുതപി
ക്കയില്ലെങ്കിൽ അങ്ങനെ തന്നെ നിങ്ങളും
നശിച്ചുപോകും എന്ന് ഞാൻ നിങ്ങളോട്
4 പറയുന്നു. ശീലോഹായിൽ ഗോപുരം ഇടി
ഞ്ഞ് വീണ് മരണത്തിനിരയായ ആ പതി
നെട്ടുപേർ, യറുശലേമിൽ പാർത്തിരുന്ന
മറ്റെല്ലാ മനുഷ്യരെക്കാളും പാപികളായി
രുന്നു എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?
5 അല്ല, നിങ്ങളും എല്ലാവരും അനുതപിച്ചി
ല്ലെങ്കിൽ അവരെപ്പോലെ നശിച്ചു പോകും
എന്നു ഞാൻ പറയുന്നു. എന്നു പറഞ്ഞു.
6 ഈ ഉപമ താൻ പറഞ്ഞു. "ഒരുവന്
അവൻെറ മുന്തിരിത്തോപ്പിൽ നട്ടിരുന്ന ഒരു
അത്തി വൃക്ഷമുണ്ടായിരുന്നു. അവൻ വന്ന്
അതിൽ ഫലമന്വേഷിച്ചു; കണ്ടെത്തിയില്ല.
അപ്പോൾ അവൻ വേലക്കാരനോട്; ഇതാ
ഇപ്പോൾ മൂന്നു സംവത്സരമായി ഞാൻ വന്ന്
ഈ അത്തിയിൽ ഫലം അന്വേഷിക്കുന്നു;
കണ്ടെത്തുന്നില്ല. നീ അതിനെ വെട്ടിക്കളയു
ക. എന്തിനാണ് അത് ഭൂമിയെ മെനക്കെടു
ത്തുന്നത്.' എന്നു പറഞ്ഞു. വേലക്കാരനോ
അവനോട്, "എൻെറ യജമാനനെ, ഞാൻ
അതിനു കിളച്ചു വളമിടുവോളം ഒരാണ്ടു
കൂടി ക്ഷമിക്കണേ. പക്ഷേ, ഫലമുണ്ടായേ
ക്കാം. ഇല്ലെങ്കിൽ വെട്ടിക്കളഞ്ഞു കൊൾക"
എന്നു പറഞ്ഞു.

സംഘാലയങ്ങളിലൊന്നിൽ യേശു
ശാബതിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ
അവിടെ പതിനെട്ടു സംവത്സരമായി
രോഗാത്മാവ് ബാധിച്ച ഒരു സ്ത്രീയുണ്ടാ
യിരുന്നു. അവൾ കൂനിയായിരുന്നു. അവൾ
ക്ക് ഒട്ടും നിവരുവാൻ സാധിച്ചിരുന്നില്ല.
യേശു അവളെ കണ്ടു; അവളെ വിളിച്ചു. അവ
ളോട് "സ്ത്രീയേ, നിൻെറ രോഗത്തിൽ നിന്നു
നീ അഴിച്ചു വിടപ്പെട്ടിരിക്കുന്നു" എന്നു പറ
ഞ്ഞ് അവളുടെമേൽ തൻെറ കൈവച്ചു.
പെട്ടെന്ന് അവൾ നിവർന്നു നിന്നു ദൈവ
ത്തെ മഹത്വപ്പെടുത്തി. സംഘപ്രമാണി
യേശു ശാബതിൽ സൌഖ്യമാക്കിയതിൽ
കോപിഷ്ഠനായി. പുരുഷാരത്തോട്: നിങ്ങൾ
ക്കു വേലചെയ്വാൻ അനുവാദമുള്ള ആറു
ദിവസങ്ങളുണ്ട്. അവയിൽ വന്നു സുഖം
പ്രാപിച്ചു കൊള്ളണം. ശാബത് ദിവസ
ത്തിൽ അരുത്. എന്നു പറഞ്ഞു. യേശു അവ
നോട് "കപടഭക്തനേ! നിങ്ങളിലോരോരുത്ത
നും ശാബതിൽ തൻെറ കാളയെയോ കഴുത
യെയോ തൊഴുത്തിൽനിന്ന് അഴിച്ചുകൊ
ണ്ടുപോയി വെള്ളം കുടിപ്പിക്കുന്നില്ലയോ?
ഇവളോ അബ്രഹാമിൻെറ പുത്രിയാണ്.
ആകൽകർസോ ഇവളെ പതിനെട്ടു സംവ
ത്സരമായി ബന്ധിച്ചിട്ടിരിക്കുകയായിരുന്നു.
ഈ ബന്ധനത്തിൽനിന്ന് ഇവളെ ശാബത്
ദിവസത്തിൽ അഴിച്ചു വിടുന്നത് വിഹിതമ
ല്ലയൊ?" എന്നു ചോദിച്ചു. താൻ ഇവ പറ
ഞ്ഞപ്പോൾ, തനിക്കെതിരായി നിലകൊണ്ടി
രുന്നവരെല്ലാം ലജ്ജിച്ചുപോയി. താൻ മൂലം
സംഭവിച്ചുകൊണ്ടിരുന്ന എല്ലാ അത്ഭുത
ങ്ങളെക്കുറിച്ചും ജനമെല്ലാം സന്തോഷിച്ചു.

"ദൈവരാജ്യത്തെ ഏതിനോട് സദൃശ
മാക്കുന്നു? എന്തിനോടാണ് ഞാൻ അതിനെ
ഉപമിക്കേണ്ടത്! ഒരുവൻ എടുത്ത് തൻെറ
തോട്ടത്തിൽ ഇട്ട കടുകുമണിയോട് അതു
സാമ്യമുള്ളതാകുന്നു. അത് വളർന്ന് വലിയ
വൃക്ഷമായിത്തീർന്നു. അതിൻെറ ചില്ലികളി

ന്മേൽ ആകാശത്തിലെ പക്ഷികൾ വന്ന്
കൂടുവച്ചു." വീണ്ടും യേശു പറഞ്ഞു. "ദൈവ
രാജ്യത്തെ എന്തിനോട് ഞാൻ സാമ്യപ്പെടു
21 ത്തും? അത് ഒരു സ്ത്രീ എടുത്തു മൂന്നു പറ
ഗോതമ്പുമാവിന്നുള്ളിൽ - അതു മുഴുവൻ
പുളിക്കുവോളം - ചേർത്തുവച്ച പുളിമാവി
നോട് സാമ്യമുള്ളതത്രേ."
22 താൻ ഗ്രാമങ്ങളിലും നഗരങ്ങളിലും
പഠിപ്പിച്ചുകൊണ്ട് യാത്ര ചെയ്തിരുന്നു. താൻ
യറുശലേമിലേക്ക് പോയി.
23 ഒരുവൻ തന്നോട് ചോദിച്ചു: "ജീവൻ
പ്രാപിക്കുന്നവർ ചുരുക്കമാണോ?" യേശു
24 അവനോട് പറഞ്ഞു: "ഇടുങ്ങിയ വാതി
ല്ക്കൽകൂടി പ്രവേശിക്കുവാൻ ശ്രമിപ്പിൻ. -
എന്തെന്നാൽ ഞാൻ നിങ്ങളോട് പറയുന്നു.
വളരെപ്പേർ പ്രവേശിക്കുവാൻ ശ്രമിക്കും.
25 അവർക്ക് സാദ്ധ്യമാകയില്ല. വീട്ടുടയവൻ
എഴുന്നേറ്റ് വാതിൽ അടയ്ക്കുന്ന നാഴിക
യിൽ നിങ്ങൾ പുറത്തുനിന്നു വാതിൽക്കൽ
മുട്ടിക്കൊണ്ട്, കർത്താവേ, കർത്താവേ
ഞങ്ങൾക്ക് തുറന്നു തരണമെ എന്നു പറ
ഞ്ഞു തുടങ്ങും. നിങ്ങൾ എവിടെനിന്ന്
എന്ന് എനിക്കറിഞ്ഞുകൂടാ എന്ന് അവൻ
26 ഉത്തരമായി പറയും. അപ്പോൾ നിങ്ങൾ,
'അങ്ങയുടെ മുമ്പിൽവച്ച് ഞങ്ങൾ ഭക്ഷി
ക്കയും പാനം ചെയ്കയും ചെയ്തിട്ടുണ്ട
ല്ലോ. അങ്ങ് ഞങ്ങളുടെ തെരുവീഥികളിൽ
പഠിപ്പിച്ചിട്ടുമുണ്ടല്ലോ.' എന്നു പറഞ്ഞു
27 തുടങ്ങും. അപ്പോൾ അവൻ അവരോട്
'നിങ്ങൾ എവിടെനിന്ന് എന്ന് ഞാൻ
അറിയുന്നില്ല. വ്യാജം പ്രവർത്തിക്കുന്നവരേ,
നിങ്ങൾ എന്റെ അടുക്കൽനിന്നും പോകു
വിൻ' എന്നു പറയും. ദൈവത്തിന്റെ
രാജ്യത്തിൽ അബ്രഹാമിനെയും ഇസഹാ
ക്കിനെയും യാക്കോബിനെയും സർവ്വ
പ്രവാചകന്മാരെയും നിങ്ങൾ കാണുമ്പോൾ,
നിങ്ങൾ പുറത്തു തള്ളപ്പെടും. അവിടെ
കരച്ചിലും പല്ലുകടിയുമുണ്ടാകും. കിഴക്കു
നിന്നും, പടിഞ്ഞാറുനിന്നും, തെക്കുനിന്നും,
വടക്കുനിന്നും പലരും വന്ന് ദൈവരാജ്യ
ത്തിൽ ഭക്ഷണത്തിനിരിക്കും. മുമ്പന്മാരാ
യിത്തീരുന്ന പിമ്പന്മാരും പിമ്പന്മാരായി
ത്തീരുന്ന മുമ്പന്മാരുമുണ്ട്."
ആ ദിവസം തന്നെ പരീശന്മാരിൽ ചിലർ
അടുത്തുവന്ന് തന്നോട്: "അങ്ങ് ഇവിടെ
നിന്ന് പൊയ്ക്കൊള്ളുക. എന്തെന്നാൽ
ഹെറോദേസ് അങ്ങയെ കൊല്ലുവാൻ ആഗ്ര
ഹിക്കുന്നു" എന്നു പറഞ്ഞു. യേശു അവ
രോട് "ഇന്നും നാളെയും ഞാൻ ഭൂതങ്ങളെ
പുറത്താക്കുകയും രോഗികളെ സൗഖ്യ
മാക്കുകയും ചെയ്യും. മൂന്നാംദിവസം ഞാൻ
സമാപ്തമാക്കപ്പെടുകയും ചെയ്യും എന്ന്
നിങ്ങൾ പോയി ആ കുറുനരിയോട് പറയു
വിൻ" എന്നു പറഞ്ഞു. "എന്നാൽ ഇന്നും 33
നാളെയും ഞാൻ പ്രവർത്തിക്കേണ്ടിയിരി
ക്കുന്നു. അടുത്ത ദിവസം ഞാൻ പോകും.
എന്തെന്നാൽ യറുശലേമിനു പുറത്തുവച്ച്
ഒരു പ്രവാചകനും നശിച്ചുപോകാൻ കഴിയാ
ത്തതാകുന്നു. ദീർഘദർശിമാരെ കൊല്ലുന്ന 34
വളും അവളുടെ അടുക്കലേക്ക് അയയ്ക്ക
പ്പെട്ടവരെ കല്ലെറിയുന്നവളുമായ യറുശ
ലേമേ, യറുശലേമേ, ഒരു തള്ളക്കോഴി അതി
ന്റെ കുഞ്ഞുങ്ങളെ അതിന്റെ ചിറകു
കൾക്കു കീഴെ കൂട്ടിവയ്ക്കുന്നതുപോലെ,
നിന്റെ മക്കളെ കൂട്ടിച്ചേർക്കുവാൻ ഞാൻ
എത്രപ്രാവശ്യം ആഗ്രഹിച്ചു. നിങ്ങൾക്കോ
മനസ്സായില്ല. ഇതാ നിങ്ങളുടെ ഭവനം ശൂന്യ 35
മായി ഉപേക്ഷിക്കപ്പെടുന്നു. എന്തെന്നാൽ
കർത്താവിന്റെ നാമത്തിൽ വരുന്നവൻ
വാഴ്ത്തപ്പെട്ടവനാകുന്നു എന്നു നിങ്ങൾ
പറയുന്നതുവരെ നിങ്ങൾ എന്നെ കാണുക
യില്ല എന്നു ഞാൻ നിങ്ങളോട് പറയുന്നു."

അദ്ധ്യായം 14

ഒരു ശാബത് ദിവസം ഭക്ഷണം കഴി 1
ക്കുവാനായി പരീശപ്രമാണികളിൽ ഒരു
വന്റെ ഭവനത്തിൽ താൻ പ്രവേശിച്ചപ്പോൾ
അവർ തന്നെ നോക്കിക്കൊണ്ടിരുന്നു. ഒരു
മഹോദരരോഗിയായ മനുഷ്യൻ തന്റെ 2
മുമ്പിലുണ്ടായിരുന്നു. താൻ പരീശന്മാ 3
രോടും സൊപ്രേന്മാരോടുമായി ശാബതിൽ
സൗഖ്യമാക്കുന്നത് വിഹിതമാണോ
എന്നു ചോദിച്ചു.അവർ മൌനം പാലിച്ചു. 4
താൻ അവനെ സൗഖ്യമാക്കി പറഞ്ഞയ
ച്ചു. താൻ അവരോട് ചോദിച്ചു: "നിങ്ങളിൽ 5
ഒരുവന്റെ മകനോ കാളയോ ശാബത്
ദിവസം കിണറ്റിൽ വീണുപോയാൽ ഉടനെ
തന്നെ അതിനെ പിടിച്ച് കയറ്റാത്തവൻ
നിങ്ങളിൽ ആരുണ്ട്?". തന്നോട് ഇതേപ്പറ്റി 6
ഒരുത്തരവും പറയാൻ അവർക്ക് കഴിഞ്ഞില്ല.
അവിടെ ക്ഷണിക്കപ്പെട്ടവർ പന്തിയിൽ 7
മുഖ്യാസനങ്ങൾ അവർക്കായി അന്വേഷി
ക്കുന്നത് താൻ കണ്ടതിനാൽ അവരോടായി
താൻ ഈ ഉപമ പറഞ്ഞു. "ആരെങ്കിലും 8
നിന്നെ വിരുന്നു ഭവനത്തിലേക്ക് ക്ഷണി
ക്കുമ്പോൾ നീ പോയി മുഖ്യസ്ഥാനത്തി
രിക്കരുത്. പക്ഷേ നിന്നെക്കാൾ ബഹുമാ
ന്യനായ ഒരുവൻ അവിടേക്ക് ക്ഷണിക്കപ്പെ
ട്ടിട്ടുണ്ടായിരിക്കാം. നിന്നെയും അവനെയും 9
ക്ഷണിച്ചവൻ നിന്റെ അടുക്കൽ വന്ന്,

ഇദ്ദേഹത്തിന് സ്ഥലം (ഒഴിഞ്ഞു) കൊടു
ക്കുക എന്നു പറയുന്നുവെങ്കിൽ, നീ എഴു
ന്നേറ്റ് ഒടുവിലത്തെ സ്ഥാനത്തേക്ക് പോകു
10 മ്പോൾ നീ ലജ്ജിക്കേണ്ടിവരും. എന്നാൽ
നീ ക്ഷണിക്കപ്പെടുമ്പോൾ അവസാനത്തെ
സ്ഥാനത്തിരിക്കുക. നിന്നെ ക്ഷണിച്ചവൻ
വരുമ്പോൾ, അവൻ നിന്നോട് 'എന്റെ
സ്നേഹിതാ അങ്ങു മേലോട്ടു കയറിയിരി
ക്കുക' എന്നു പറഞ്ഞാൽ നിന്നോടുകൂടെ
ഭക്ഷണത്തിനിരിക്കുന്ന എല്ലാവരുടെയും
11 മുമ്പിൽ നിനക്കു മഹത്വമുണ്ടാകും. എന്തെ
ന്നാൽ ആര് തന്നെത്തന്നെ ഉയർത്തുന്നു
വോ അവൻ താഴ്ത്തപ്പെടും. തന്നെത്തന്നെ
താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടുകയും
12 ചെയ്യും." തന്നെ ക്ഷണിച്ചവനോടും താൻ
പറഞ്ഞു: "നീ മുത്താഴവിരുന്നോ അത്താഴ
വിരുന്നോ കഴിക്കുമ്പോൾ നീ നിന്റെ സ്നേ
ഹിതരെയും നിന്റെ സഹോദരന്മാരെയും
ബന്ധുക്കളെയും, നിന്റെ ധനികരായ അയ
ല്ക്കാരെയുമല്ല വിളിക്കേണ്ടത്. പക്ഷേ,
അവർ നിന്നെയും വിളിക്കും. അത് നിനക്കു
പ്രതിഫലമായി കിട്ടുകയും ചെയ്യും.
13 എന്നാൽ നീ വിരുന്നു കഴിക്കുമ്പോൾ, ദരിദ്ര
ന്മാരെയും മുടന്തന്മാരെയും, അംഗഹീന
രെയും അന്ധന്മാരെയും വിളിക്കണം. നിന
14 ക്ക് പ്രതിഫലമായി ഒന്നും തരുവാൻ അവർ
ക്ക് ഇല്ലായ്കകൊണ്ട് നിനക്ക് ഭാഗ്യം. പു
ണ്യവാന്മാരുടെ പുനരുത്ഥാനത്തിൽ നിന
ക്കു പ്രതിഫലം കിട്ടും." പന്തിക്കിരുന്നവരിൽ
15 ഒരുവൻ ഇവ കേട്ടപ്പോൾ, തന്നോട് "ദൈവ
ത്തിന്റെ രാജ്യത്തിൽ അപ്പം ഭക്ഷിക്കുന്ന
16 വൻ ഭാഗ്യവാൻ" എന്നു പറഞ്ഞു. യേശു
അവനോട് ഒരു മനുഷ്യൻ ഒരു വലിയ വിരു
17 ന്ന് നടത്തി. വളരെപ്പേരെ ക്ഷണിച്ചു. 'എല്ലാം
നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്നു,
വരുവിൻ' എന്ന് വിളിക്കപ്പെട്ടവരോട് പറയു
വാൻ വിരുന്നു സമയമായപ്പോൾ അവന്റെ
18 ദാസനെ അയച്ചു. എല്ലാവരും ഒരുപോലെ
ഒഴികഴിവു പറഞ്ഞു തുടങ്ങി. ഒന്നാമൻ
അവനോട് ഞാനൊരു നിലം വാങ്ങി.
ഞാൻ പോയി അതു കണ്ടേ മതിയാകൂ
ഞാൻ പിന്മാറുന്നത് ക്ഷമിക്കണം എന്ന്
അപേക്ഷിക്കുന്നു എന്നു പറഞ്ഞു. മറ്റൊരു
19 വൻ പറഞ്ഞു. ഞാൻ എട്ട് കാളകളെ വില
യ്ക്കു വാങ്ങി പരിശോധിക്കുവാൻ ഞാൻ
പോകുകയാണ്. ഞാൻ പിന്മാറുന്നതിൽ
എന്നോട് ക്ഷമിക്കണേ എന്നു ഞാൻ അപേ
20 ക്ഷിക്കുന്നു. മറ്റൊരുവനാകട്ടെ ഞാൻ
വിവാഹിതനായിരിക്കുന്നു. അതിനാൽ
എനിക്കു വരാൻ സാദ്ധ്യമല്ല എന്നു പറഞ്ഞു.

ആ ദാസൻ വന്ന് അവന്റെ യജമാനനോട് 21
ഇതെല്ലാം പറഞ്ഞു. അപ്പോൾ ഭവനനാഥൻ
കോപിഷ്ഠനായി അവന്റെ ദാസനോട്:
ക്ഷണംതന്നെ തെരുവുകളിലേക്കും നഗര
ത്തിലെ ഇടവഴികളിലേക്കും ചെന്ന്, ദരിദ്ര
ന്മാരെയും വേദനപ്പെടുന്നവരെയും, മുടന്ത
ന്മാരെയും, കുരുടന്മാരെയും ഇങ്ങോട്ടു കൂട്ടി 22
ക്കൊണ്ടുവന്ന് പ്രവേശിപ്പിക്കുക എന്നു
പറഞ്ഞു. ആ ദാസൻ 'എന്റെ യജമാനനേ,
അങ്ങ് ആജ്ഞാപിച്ചതുപോലെ ചെയ്തിരി
ക്കുന്നു. ഇനിയും സ്ഥലമുണ്ട്' എന്നു പറ
ഞ്ഞു. യജമാനൻ ദാസനോട് നീ വഴി 23
കളിലേക്കും വേലിപ്പുറങ്ങളിലേക്കും ചെന്ന്
എന്റെ ഭവനം നിറയത്തക്കവണ്ണം ജനം
കടന്നു വരാൻ നിർബന്ധിക്കുക എന്നു
പറഞ്ഞു. എന്തെന്നാൽ ഞാൻ നിങ്ങളോട് 24
പറയുന്നു: ക്ഷണിക്കപ്പെട്ടവരിൽ ഒരുവൻ
പോലും എന്റെ വിരുന്നിൽനിന്ന് രുചിക്കുക
പോലുമില്ല.

തന്നോടുകൂടെ ഒരു വലിയ പുരുഷാരം 25
പൊയ്ക്കൊണ്ടിരിക്കവെ താൻ തിരിഞ്ഞ്
അവരോടായി പറഞ്ഞു: "എന്റെ അടുക്ക 26
ലേക്ക് വരികയും, തന്റെ പിതാവിനെയും
മാതാവിനെയും സ്വസഹോദരന്മാരെയും
സ്വസഹോദരികളെയും സ്വഭാര്യയെയും,
തന്റെ മക്കളെയും, തന്നെത്തന്നെയും
പരിത്യജിക്കാതിരിക്കുകയും ചെയ്യുന്നവന്
എന്റെ ശിഷ്യനായിരിപ്പാൻ സാദ്ധ്യമല്ല.
തന്റെ കുരിശെടുത്ത് എന്റെ പിന്നാലെ 27
വരാതിരിക്കുന്നവനും, എനിക്ക് ശിഷ്യ
നായിരിപ്പാൻ സാദ്ധ്യമല്ല. എന്തെന്നാൽ 28
നിങ്ങളിലൊരുവൻ ഒരു ഗോപുരം പണി
ചെയ്‌വാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അതി
ന്റെ പൂർത്തീകരണത്തിന് അവനു വക
യുണ്ടോ എന്ന് മുന്നമേ ഇരുന്ന് കണക്കു
നോക്കുകയില്ലയോ? അല്ലെങ്കിൽ അടി 29
സ്ഥാനമിട്ടിട്ട് അതു പൂർത്തീകരിക്കാൻ കഴി
യാതെ വരുമ്പോൾ അതു കാണുന്നവർ
അവനെ പരിഹസിക്കും. 'ഈ മനുഷ്യൻ 30
പണി തുടങ്ങി; പൂർത്തിയാക്കാൻ അവനു
കഴിഞ്ഞുമില്ല' എന്ന് അവർ പറയും. അല്ലെ 31
ങ്കിൽ തന്റെ അയൽ (രാജ്യ)ക്കാരനായ
രാജാവിനോട് ഏറ്റുമുട്ടി യുദ്ധത്തിന്
പോകുമ്പോൾ ഇരുപതിനായിരവുമായി
തനിക്കെതിരെ വരുന്നവനോട് 'പതിനായിര
വുമായി തനിക്കേറ്റുമുട്ടാൻ സാദ്ധ്യമോ
എന്ന് ആലോചിക്കാത്ത രാജാവ് ആരുണ്ട്!
സാദ്ധ്യമല്ല എന്നു കണ്ടാൽ അയാൾ 32
ഈയാളിൽനിന്നും ദൂരത്തായിരിക്കു
മ്പോൾ തന്നെ, പ്രതിനിധികളെ അയച്ച്

സമാധാനത്തിനായി അപേക്ഷിക്കുന്നു.
33 അപ്രകാരം തന്നെ, തൻെറ സമ്പാദ്യമെല്ലാം
ത്യജിക്കാത്ത ഒരുവന് എൻെറ ശിഷ്യനായി
34 രിപ്പാൻ സാദ്ധ്യമല്ല. ഉപ്പു നല്ലതാകുന്നു.
ഉപ്പിന് കാരംപോയാൽ എന്തുകൊണ്ട്
35 അതിനെ ഉപ്പുരസമുള്ളതാക്കാം. നിലത്തി
നോ വളത്തിനോ അതു കൊള്ളുകയില്ല.
അത് അവർ പുറത്തേക്കെറിഞ്ഞു കളയും.
കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

അദ്ധ്യായം 15

1 തന്നെ കേൾക്കുവാൻ ചുങ്കക്കാരും
പാപികളും തൻെറ അടുത്തു കൂടിക്കൊ
2 ണ്ടിരുന്നു. സൊപ്രേന്മാരും പരീശരും 'ഇവൻ
പാപികളെ സ്വീകരിക്കുകയും അവരോടു
കൂടെ ഭക്ഷണം കഴിക്കുകയും ചെയ്യുന്നുവ
3 ല്ലോ' എന്നു പിറുപിറുത്തു. അവരോടായി
4 യേശു ഈ ഉപമ പറഞ്ഞു - "ഒരുവന് നൂറ്
ആടുണ്ടായിരുന്നിട്ട് അവയിൽ ഒരെണ്ണം
കാണാതെ പോയാൽ, തൊണ്ണൂറ്റിഒൻപ
തിനേയും വിജനപ്രദേശത്ത് വിട്ടുംവച്ച്,
കാണാതെ പോയതിനെ കണ്ടെത്തുവോളം
അതിനെ അന്വേഷിക്കാത്തവൻ നിങ്ങളിൽ
5 ആരുണ്ട്? അതിനെ കണ്ടുകിട്ടിയാൽ
അവൻ സന്തോഷിക്കും. അവൻെറ ചുമലു
കളിന്മേൽ അതിനെ വഹിച്ചുകൊണ്ട് വീട്ടി
6 ലേക്ക് വരും. അവൻെറ സ്നേഹിതരെയും
അയല്ക്കാരെയും വിളിച്ച് അവരോട്,
കാണാതെപോയ എൻെറ ആടിനെ കണ്ടു
കിട്ടിയിരിക്കയാൽ നിങ്ങളും എന്നോടുകൂടെ
7 സന്തോഷിപ്പിൻ എന്നു പറയും. ഇങ്ങനെ
തന്നെ, മാനസാന്തരം ആവശ്യമില്ലാത്ത
തൊണ്ണൂറ്റിഒൻപത് നീതിമാന്മാരെക്കാൾ
അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച്
സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകും എന്ന്
ഞാൻ നിങ്ങളോട് പറയുന്നു.
8 അല്ലെങ്കിൽ ഒരു സ്ത്രീക്ക് പത്ത് 'സുസാ'
കൾ ഉണ്ടായിരുന്നിട്ട് അവയിലൊരെണ്ണം
നഷ്ടപ്പെട്ടാൽ വിളക്കു കൊളുത്തി വീടു
മുഴുവൻ തൂത്തുവാരി, അതു കണ്ടു കിട്ടു
വോളം വളരെ താല്പര്യപൂർവ്വം അന്വേ
ഷിക്കാത്ത ഏതെങ്കിലും സ്ത്രീയുണ്ടോ?
9 അതു കണ്ടുകിട്ടുമ്പോൾ അവൾ അവ
ളുടെ സ്നേഹിതകളെയും അയല്ക്കാ
രെയും വിളിച്ച് അവരോട് കാണാതെ
പോയ എൻെറ 'സുസാ' ഞാൻ കണ്ടെ
ത്തിയിരിക്കയാൽ നിങ്ങൾ എന്നോടൊരു
മിച്ച് സന്തോഷിപ്പിൻ എന്നു പറയും. അനു
തപിക്കുന്ന ഒരു പാപിയെക്കുറിച്ച് ദൈവ
ത്തിൻെറ മാലാഖമാരുടെ മുമ്പിൽ ഇതു
പോലെ തന്നെ സന്തോഷമുണ്ടാകുമെന്ന്
ഞാൻ നിങ്ങളോട് പറയുന്നു."
വീണ്ടും യേശു അവരോട് പറഞ്ഞു: 11
"ഒരു മനുഷ്യന് രണ്ട് പുത്രന്മാരുണ്ടായിരു
ന്നു. ഇളയമകൻ അയാളോട്, എൻെറ 12
പിതാവേ, അങ്ങയുടെ ഭവനത്തിൽനിന്നും
എനിക്കു വരേണ്ട ഭാഗം എനിക്കു തരണം
എന്നു പറഞ്ഞു. അയാൾ തൻെറ സമ്പാദ്യം
അവർക്കു ഭാഗിച്ചുകൊടുത്തു. അല്പ 13
ദിവസങ്ങൾക്കു ശേഷം ആ ഇളയപുത്രൻ
അവന് കിട്ടിയതെല്ലാം ശേഖരിച്ച് വിദൂര
ദേശത്തേക്ക് പോയി. അവിടെ ധൂർത്തനായി
ജീവിച്ച് അവൻെറ സമ്പാദ്യമെല്ലാം നാനാ
വിധമാക്കിക്കളഞ്ഞു. അവനുള്ളതെല്ലാം 14
തീർത്തു കഴിഞ്ഞപ്പോൾ, ആ പ്രദേശത്ത്
ഒരു വലിയ ക്ഷാമമുണ്ടായി. അവന് ജീവിത
മാർഗം ഇല്ലാതായിത്തുടങ്ങി. അവൻ 15
പോയി ആ പ്രദേശത്തെ പൌരന്മാരിൽ
ഒരുവനോട് ചേർന്നു അയാൾ അവനെ
പന്നികളെ മേയിക്കുവാൻ വയലിലേക്കയ 16
ച്ചു. പന്നികൾ തിന്നുന്ന കാട്ടുപയറുകൊണ്ട്
അവൻെറ വയറു നിറപ്പാൻ അവൻ ആഗ്ര
ഹിച്ചു. എങ്കിലും ആരും അവന് കൊടുത്തി
ല്ല. അവന് സുബോധം വന്നപ്പോൾ അവൻ
പറഞ്ഞു: 'ഇപ്പോൾ എൻെറ പിതാവിൻെറ 17
ഭവനത്തിൽ തങ്ങൾക്ക് ആവശ്യത്തിലുമ
ധികം ഭക്ഷണം ഉള്ള എത്രയോ കൂലിവേല
ക്കാരുണ്ട്. ഞാനോ ഇവിടെ എൻെറ വിശ
പ്പുമൂലം നശിക്കുന്നു. ഞാനെഴുന്നേറ്റ് 18
എൻെറ പിതാവിൻെറ അടുക്കലേക്ക് പോ
കുന്നു. ഞാൻ അദ്ദേഹത്തോട്: എൻെറ
പിതാവേ, ഞാൻ സ്വർഗ്ഗത്തിനെതിരായും,
അവിടുത്തെ മുമ്പാകെയും പാപം ചെയ്തു
പോയി. ഇനിയും അങ്ങയുടെ മകൻ എന്നു 19
വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല.
അങ്ങയുടെ (ദിവസ) കൂലിക്കാരിൽ ഒരു
വനെപ്പോലെ എന്നെ എടുക്കണമെ എന്നു
ഞാൻ പറയും. 'അവൻ എഴുന്നേറ്റ് സ്വപിതാ 20
വിൻെറ അടുക്കലേക്കു പോയി. അവൻ
ദൂരെയായിരിക്കുമ്പോൾതന്നെ അവൻെറ
പിതാവ് അവനെ കണ്ടു. അവനോടു മനസ്സ
ലിവുതോന്നി അയാൾ ഓടിച്ചെന്ന് കഴു
ത്തിൽ കെട്ടിപ്പിടിച്ച് അവനെ ചുംബിച്ചു.
അവൻെറ മകൻ അവനോട് എൻെറ അപ്പാ, 21
ഞാൻ സ്വർഗ്ഗത്തിനെതിരായും അങ്ങയുടെ
മുമ്പാകെയും പാപം ചെയ്തു പോയി. അങ്ങ
യുടെ മകൻ എന്നു വിളിക്കപ്പെടാൻ എനി
ക്കു യോഗ്യതയില്ല എന്നു പറഞ്ഞു. അവ 22
ൻെറ പിതാവ് തൻെറ ദാസന്മാരോട് മേൽ
ത്തരം അങ്കി കൊണ്ടു വന്ന് ഇവനെ ധരിപ്പി

ക്കുവിൻ. ഇവൻെറ കൈയിൽ മോതിര
23 വും കാലിൽ ചെരിപ്പും ഇടുവിക്കുവിൻ,
തടിച്ച കാളയെക്കൊണ്ടുവന്ന് കൊല്ലു
വിൻ. നമുക്ക് ഭക്ഷിച്ച് ആനന്ദിക്കാം! എന്തെ
24 ന്നാൽ എൻെറ ഈ മകൻ മരിച്ചവനാ
യിരുന്നു; അവൻ ജീവിച്ചിരിക്കുന്നു.
കാണാതെ പോയവനായിരുന്നു; കണ്ടെ
ത്തപ്പെട്ടുമിരിക്കുന്നു!" അവർ ആനന്ദിപ്പാൻ
തുടങ്ങി.
25 അയാളുടെ മൂത്തമകൻ വയലിൽ ആയി
രുന്നു. അവൻ വന്ന് വീടിനടുത്തപ്പോൾ
26 വലിയ സംഗീതാലാപം കേട്ടു. അവൻ ഭൃത്യ
രിൽ ഒരുവനെ വിളിച്ച് അവനോട് എന്താണി
തെല്ലാം എന്നു ചോദിച്ചു. അവൻ അവനോട്
27 'അങ്ങയുടെ സഹോദരൻ വന്നു! അദ്ദേഹ
ത്തെ സൌഖ്യത്തോടെ സ്വീകരിക്കാനിട
യായതിൽ അങ്ങയുടെ പിതാവ് കൊഴു
ത്ത കാളയെ കൊല്ലിച്ചിരിക്കുന്നു' എന്നു
28 പറഞ്ഞു. അവൻ കോപിഷ്ഠനായി. അക
ത്തു കടപ്പാൻ അവൻ ഇഷ്ടപ്പെട്ടില്ല. അവ
ൻെറ പിതാവ് പുറത്തുചെന്നു അവനോട്
29 അപേക്ഷിച്ചു. എന്നാൽ അവനോ തൻെറ
പിതാവിനോട്: "കണ്ടാലും എത്ര നാളായി
ഞാൻ അവിടത്തേക്കു ദാസ്യവേല ചെയ്യു
ന്നു. ഒരിക്കലും ഞാൻ അവിടത്തെ ആജ്ഞ
ലംഘിച്ചിട്ടുമില്ല. എൻെറ സ്നേഹിതരോ
ടൊത്ത് ആനന്ദിക്കുവാനായി ഒരാട്ടിൻകുട്ടി
യെപോലും എനിക്കു തന്നിട്ടില്ലല്ലോ.
30 എന്നാൽ അങ്ങയുടെ ഈ മകൻ ആകട്ടെ
അങ്ങയുടെ സ്വത്ത് വേശ്യകളൊത്ത് മുടിച്ചു
കളഞ്ഞ ശേഷം വന്നപ്പോൾ അങ്ങ് അവ
നായി തടിച്ച കാളയെ അറുത്തിരിക്കുന്നു!
31 എന്നു പറഞ്ഞു. അവൻെറ പിതാവ് അവ
നോട് "എൻെറ മകനെ, നീ എപ്പോഴും
എന്നോടൊരുമിച്ച് തന്നെയായിരുന്നല്ലോ.
എൻേറതെല്ലാം നിൻേറതല്ലയോ. ഇപ്പോൾ
നാം സന്തോഷിച്ചാനന്ദിക്കേണ്ടിയിരിക്കു
32 ന്നു, എന്തെന്നാൽ നിൻെറ സഹോദരൻ
മരിച്ച വനായിരുന്നു. അവൻ ജീവിച്ചു.
അവൻ നഷ്ടപ്പെട്ടവനായിരുന്നു അവൻ
കണ്ടെത്തപ്പെട്ടിരിക്കുന്നു" എന്നു പറഞ്ഞു.

അദ്ധ്യായം 16

1 താൻ തൻെറ ശിഷ്യരോടായി ഈ ഉപമ
പറഞ്ഞു. "ധനികനായ ഒരു മനുഷ്യനുണ്ടാ
യിരുന്നു. അവന് ഒരു ഭവനകാര്യസ്ഥൻ
ഉണ്ടായിരുന്നു. അയാളുടെ സമ്പാദ്യം
ഇവൻ ദുർവ്യയം ചെയ്കയാണ് എന്ന് അവ
നെക്കുറിച്ച് ഏഷണിപറയപ്പെട്ടു. അവൻെറ
2 യജമാനൻ അവനെ വിളിച്ച് 'നിന്നെക്കുറിച്ച്
ഞാനീ കേൾക്കുന്നത് എന്ത്? നിൻെറ
കാര്യസ്ഥതയുടെ കണക്ക് എന്നെ ഏല്പി
ക്കണം. എന്തെന്നാൽ മേലാൽ നീ എനിക്ക്
കാര്യസ്ഥനായിരിപ്പാൻ സാദ്ധ്യമല്ല' എന്നു
പറഞ്ഞു. ആ കാര്യസ്ഥൻ സ്വയം പറഞ്ഞു:
'എൻെറ യജമാനൻ കാര്യസ്ഥത എന്നിൽ 3
നിന്നും എടുത്തു കളഞ്ഞാൽ ഞാനെന്തു
ചെയ്യും? കിളപ്പാൻ എനിക്കു സാദ്ധ്യമല്ല.
ഭിക്ഷയാചിക്കാൻ ഞാൻ ലജ്ജിക്കുന്നു.
ഞാൻ കാര്യസ്ഥതയിൽനിന്ന് പുറത്താ 4
യിക്കഴിയുമ്പോൾ (ആളുകൾ) അവരുടെ
വീടുകളിൽ എന്നെ സ്വീകരിക്കുവാൻ തക്ക
വണ്ണം ഞാനെന്തു ചെയ്യണം എന്ന് എനി
ക്കറിയാം.' അവൻ അവൻെറ യജമാനൻെറ 5
കടക്കാരിൽ ഓരോരുത്തരെയായി വിളിച്ചു
വരുത്തി. ഒന്നാമത്തെവനോട് നീ എൻെറ
യജമാനന് എത്രയാണ് കടപ്പെട്ടിരിക്കു
ന്നത് എന്നു ചോദിച്ചു. അവൻ ഇവനോട് 6
നൂറു 'മാത്രിയോൻ' എണ്ണ എന്നു പറഞ്ഞു.
ഇവൻ അവനോട് നീ നിൻെറ രേഖ
എടുത്ത് വേഗം ഇരുന്ന് അൻപതു മാത്രി
യോൻ എന്ന് എഴുതിക്കൊൾക എന്നു
പറഞ്ഞു. മറ്റൊരുവനോട് നീ എൻെറ യജ 7
മാനന് എത്രയാണ് കടപ്പെട്ടിരിക്കുന്നത്
എന്നു ചോദിച്ചു. അവൻ ഇവനോട് നൂറു
'കൂറീൻ' ഗോതമ്പ് എന്നു പറഞ്ഞു. ഇവൻ
അവനോട് നിൻെറ രേഖ വാങ്ങി എൺപത്
എന്നു എഴുതിക്കൊള്ളുക എന്നു പറഞ്ഞു.
അനീതിയുള്ള കാര്യസ്ഥൻ ബുദ്ധിയോടെ 8
പ്രവർത്തിച്ചതുകൊണ്ട് യജമാനൻ അവനെ
പുകഴ്ത്തി. എന്തെന്നാൽ ഈ ലോകത്തി
ൻെറ മക്കൾ അവരുടെ ഈ തലമുറയിൽ
പ്രകാശത്തിൻെറ മക്കളേക്കാൾ ജ്ഞാനമു
ള്ളവരാകുന്നു. ഞാനും നിങ്ങളോട് പറ 9
യുന്നു: "അനീതിയുടെ സമ്പത്തുകൊണ്ട്
നിങ്ങൾ മിത്രങ്ങളെ സമ്പാദിപ്പിൻ. അത്
തീർന്നുപോകുമ്പോൾ അവർ അവരുടെ
നിത്യവസതികളിൽ നിങ്ങളെ സ്വീകരിക്കു
വാനിടയാകും. അല്പമായതിൽ വിശ്വസ്തൻ 10
- അധികമായതിലും വിശ്വസ്തൻ. അല്പ
ത്തിൽ അനീതിയുള്ളവൻ അധികത്തിലും
അനീതിയുള്ളവൻ അത്രെ. ആകയാൽ 11
അനീതിയുടെ ദ്രവ്യത്തിൽ നിങ്ങൾ വിശ്വസ്ത
രായിരിക്കയില്ലെങ്കിൽ യഥാർത്ഥമായത്
ആർ നിങ്ങളെ വിശ്വസിച്ചേൽപ്പിക്കും? നിങ്ങ 12
ളുടേത് അല്ലാത്തതിൽ നിങ്ങൾ വിശ്വസ്ത
രായി കാണപ്പെട്ടില്ലെങ്കിൽ നിങ്ങളുടേത്
നിങ്ങൾക്ക് ആരു തരും?
"രണ്ടു യജമാനന്മാരെ സേവിപ്പാൻ കഴി 13
വുള്ള ഒരു ദാസനുമില്ല. എന്തെന്നാൽ

അവൻ ഒന്നുകിൽ ഒരുവനെ സ്നേഹിക്കും
മറ്റവനെ ദ്വേഷിക്കും. അല്ലെങ്കിൽ ഒരുവനെ
ബഹുമാനിക്കും, അപരനെ അവമാനിക്കും.
നിങ്ങൾക്കു ദൈവത്തേയും ദ്രവ്യത്തേയും
ഒപ്പം സേവിപ്പാൻ സാദ്ധ്യമല്ല."
14 പരീശന്മാർ ഇതെല്ലാം കേട്ടപ്പോൾ
അവർ ദ്രവ്യാഗ്രഹികളായിരുന്നതിനാൽ
15 അവർ തന്നെ പരിഹസിച്ചു. യേശു അവ
രോട് "നിങ്ങൾ മനുഷ്യരുടെ മുമ്പിൽ നിങ്ങ
ളെത്തന്നെ നീതീകരിക്കുന്നവരാകുന്നു.
ദൈവമോ നിങ്ങളുടെ ഹൃദയങ്ങൾ അറി
16 യുന്നു. മനുഷ്യരുടെ മുമ്പിൽ ഉന്നതമായത്
ദൈവമുമ്പാകെ നിന്ദ്യമാകുന്നു. ന്യായപ്ര
മാണവും ദീർഘദർശിമാരും യോഹന്നാൻ
വരെ. അതുമുതൽ ദൈവരാജ്യം പ്രസംഗിക്ക
പ്പെടുന്നു. എല്ലാവരും അതിലേക്ക് പ്രവേശി
17 ക്കുവാൻ തിരക്കുകൂട്ടുന്നു. ന്യായപ്രമാണ
ത്തിൽനിന്ന് ഒരക്ഷരം മാറിപ്പോകുന്നതിനെ
ക്കാൾ, ആകാശവും ഭൂമിയും കടന്നു പോകു
ന്നതായിരിക്കും എളുപ്പം.
18 "സ്വഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുവളെ
പരിഗ്രഹിക്കുന്നവൻ വ്യഭിചരിക്കുകയാണ്.
ഉപേക്ഷിക്കപ്പെട്ടവളെ പരിഗ്രഹിക്കുന്ന
വനും വ്യഭിചരിക്കുന്നു."
19 ധനവാനായൊരു മനുഷ്യൻ ഉണ്ടായി
രുന്നു. അവൻ പട്ടും മൃദുല വസ്ത്രവും ധരിക്കു
കയും, ദിവസവും ആഡംബരപൂർവ്വം സുഖി
20 ക്കുകയും ചെയ്തുകൊണ്ടിരുന്നു. ലാസർ
എന്നുപേരുള്ള ഒരു ദരിദ്രൻ ഉണ്ടായിരുന്നു.
അവൻ വ്രണം നിറഞ്ഞവനായി ആ ധനവാ
ന്റെ പടിവാതിൽക്കൽ കിടക്കുകയും ആ
21 ധനവാന്റെ ഭക്ഷണമേശയിൽനിന്നു
വീഴുന്ന ഉച്ഛിഷ്ടങ്ങൾ കൊണ്ട് വയറു
നിറയ്ക്കുവാൻ ആഗ്രഹിക്കുകയും ചെയ്തി
22 രുന്നു. നായ്ക്കൾ വന്ന് അവന്റെ വ്രണ
ങ്ങളെ നക്കിക്കൊണ്ടുമിരുന്നു. സംഭവിച്ചതെ
ന്തെന്നാൽ, ആ ദരിദ്രൻ മരിച്ചു. മാലാഖമാർ
അവനെ അബ്രഹാമിന്റെ മടിയിലേക്ക്
കൊണ്ടുപോയി. ആ ധനവാനും മരിച്ചു;
23 സംസ്കരിക്കപ്പെട്ടു. അവൻ പാതാളത്തിൽ
വേദനയനുഭവിക്കുമ്പോൾ ദൂരെനിന്നും
അവൻ കൺകൾ ഉയർത്തി അബ്രഹാമിനെ
യും അദ്ദേഹത്തിന്റെ മടിയിൽ ലാസറിനേ
24 യും കണ്ടു. അവൻ അത്യുച്ചശബ്ദത്തിൽ
വിളിച്ചു പറഞ്ഞു: "എന്റെ പിതാവായ
അബ്രഹാമേ എന്നോട് കരുണ തോന്നണ
മെ. ലാസർ അവന്റെ വിരൽതുമ്പ് വെള്ള
ത്തിൽ മുക്കി എന്റെ നാവിനെ തണുപ്പി
ക്കേണ്ടതിന്നായി അവനെ അയച്ചു തര
ണമെ. എന്തെന്നാൽ ഞാൻ ഈ എരിതീ
യിൽ അതിവേദനപ്പെടുന്നു.' അബ്രഹാം 25
അവനോട് എന്റെ മകനേ, നീ നിന്റെ
ആയുഷ്ക്കാലത്ത് നന്മകളും (സുഖങ്ങളും)
ലാസർ തിന്മകളും (ദുഷ്ക്കാലങ്ങളും) അനു
ഭവിച്ചു. ഇപ്പോഴാകട്ടെ അവൻ ഇവിടെ
ആശ്വാസത്തോടിരിക്കുന്നു. നീയോ അതി
വേദനപ്പെടുന്നു. ഇവയോടൊപ്പം തന്നെ 26
ഞങ്ങൾക്കും നിങ്ങൾക്കും മദ്ധ്യേയായി
വലിയൊരു ഗർത്തവും സ്ഥാപിതമായിട്ടു
ണ്ട്. ആകയാൽ ഇവിടെ നിന്നു നിങ്ങളുടെ
അടുക്കലേക്ക് കടന്നു വരുവാൻ ആഗ്രഹി
ക്കുന്നവർക്കു സാദ്ധ്യമല്ല. അവിടെനിന്നു
ഞങ്ങളുടെ അടുക്കലേക്കും സാദ്ധ്യമല്ല.
അപ്പോൾ അവൻ (അബ്രഹാമിനോട്) 27
അങ്ങനെയെങ്കിൽ എന്റെ പിതാവേ,
അവനെ എന്റെ പിതൃഭവനത്തിലേക്കയ
യ്ക്കണമെ എന്നു ഞാൻ അപേക്ഷിക്കുന്നു.
എന്തെന്നാൽ എനിക്ക് അഞ്ചു സഹോ 28
ദരന്മാരുണ്ട്. അവരും ഈ അതിവേദനയു
ടെ സ്ഥലത്തേക്കു വന്നു ചേരാതിരിക്കുവാ
നായി അവൻ പോയി അവരോട് സാക്ഷ്യം
പറയട്ടെ എന്നു പറഞ്ഞു. അബ്രഹാം അവ
നോട്, അവർക്കു മോശയും പ്രവാചക 29
ന്മാരും ഉണ്ടല്ലോ, അവരെ അനുസരിക്കട്ടെ
എന്നു പറഞ്ഞു. അവൻ, എന്റെ പിതാ 30
വായ അബ്രഹാമേ, അങ്ങനെയല്ല. മരിച്ച
വരിൽനിന്നും ഒരാൾ അവരുടെ അടുത്തു
ചെന്നാൽ അവർ അനുതപിക്കും എന്നു
പറഞ്ഞു. അബ്രഹാം അവനോട്: അവർ
മോശയുടേയും പ്രവാചകന്മാരുടേയും
(വാക്കു) കേൾക്കുന്നില്ലെങ്കിൽ, മരിച്ചവരിൽ 31
നിന്നും ഒരുവൻ ഉയിർത്തെഴുന്നേറ്റു ചെ
ന്നാലും അവർ അവനെ വിശ്വസിക്കുകയില്ല
എന്നു പറഞ്ഞു.

അദ്ധ്യായം 17

യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു: 1
"ഇടർച്ചകൾ വരാതിരിക്കുവാൻ സാദ്ധ്യമല്ല.
എന്നാൽ ആരുമൂലമാണോ അവ വരുന്നത്
അവന് ഹാ കഷ്ടം. ഈ ചെറിയവരിൽ 2
ഒരുവന് ഇടർച്ച വരുത്തുന്നതിനേക്കാൾ
അവന് നല്ലത്, അവന്റെ കഴുത്തിൽ തിരി
കല്ല് കെട്ടിത്തൂക്കി സമുദ്രത്തിൽ എറിയപ്പെ
ടുന്നതാണ്. സ്വയം സൂക്ഷിച്ചുകൊള്ളണം. 3
നിന്റെ സഹോദരൻ പാപം ചെയ്താൽ നീ
അവനെ ശാസിക്കണം. അവൻ അനുതപി
ക്കുന്നുവെങ്കിൽ നീ അവനോട് ക്ഷമിക്കണം.
ഒരു ദിവസം തന്നെ ഏഴു പ്രാവശ്യം അവൻ 4
നിന്നോടു തെറ്റു ചെയ്തിട്ട് ആ ദിവസം തന്നെ
ഏഴുപ്രാവശ്യവും നിങ്കലേക്കു തിരിച്ചു വന്ന്

ഞാൻ പശ്ചാത്തപിക്കുന്നു എന്നു പറ
ഞ്ഞാൽ നീ അവനോടു ക്ഷമിക്കണം."
5 ശ്ലീഹന്മാർ നമ്മുടെ കർത്താവിനോട്
"ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിച്ചു തര
6 ണമേ" എന്നു പറഞ്ഞു. താൻ അവരോട്
"നിങ്ങൾക്കു കടുകുമണിപോലെയുള്ള
വിശ്വാസം ഉണ്ടായിരുന്നിട്ട് നിങ്ങൾ ഈ
"തൂത്താ" (വൃക്ഷം) വേരോടെ പിഴുത് കട
ലിൽ നടപ്പെടട്ടെ (സ്ഥിതിചെയ്യട്ടെ) എന്നു
പറഞ്ഞാൽ അതു നിങ്ങളെ അനുസരി
7 ക്കുകതന്നെ ചെയ്യും. ഉഴവുകാരനോ ആടു
മേയ്ക്കുന്നവനോ ആയ ഒരു ദാസൻ
നിങ്ങൾക്ക് ഉണ്ടെന്നിരിക്കട്ടെ. അവൻ
വയലിൽ നിന്നും വന്നു കഴിഞ്ഞാൽ ഉട
നെ നീ കടന്നുചെന്ന് ഭക്ഷണത്തിനിരുന്നു
8 കൊള്ളുക എന്നു പറയുമോ? അതോ
എനിക്ക് അത്താഴത്തിന് ഒരുക്കുക. ഞാൻ
ഭക്ഷിച്ച് പാനം ചെയ്യുവോളം നീ അരകെട്ടി
എന്നെ പരിചരിച്ചിട്ട് പിന്നീടു നീ ഭക്ഷിച്ചു
പാനംചെയ്തുകൊള്ളുക എന്നായിരിക്കുമോ
9 പറയുന്നത്? കല്പിക്കപ്പെട്ടത് ചെയ്ത ആ
ദാസനോട് നന്ദി പറയുമോ? ഇല്ല, ഞാൻ
10 വിചാരിക്കുന്നില്ല. ഇപ്രകാരം നിങ്ങളും
നിങ്ങളോട് കല്പിക്കപ്പെട്ടിട്ടുള്ളവ എല്ലാം
ചെയ്തശേഷവും ഞങ്ങൾ യാതൊരു പ്രയോ
ജനവുമില്ലാത്ത ദാസരാകുന്നു. എന്തെ
ന്നാൽ ഞങ്ങൾ ചെയ്യുവാൻ കടപ്പെട്ടിട്ടു
ള്ളതേ, ഞങ്ങൾ ചെയ്തുള്ളു എന്നു
പറയുവിൻ."
11 യേശു യറുശലേമിലേക്കു പോകു
മ്പോൾ ശമറിയായ്ക്കും ഗലീലയ്ക്കും മദ്ധ്യേ
കടന്നു പോകവെ, താൻ ഒരു ഗ്രാമത്തെ
12 സമീപിക്കാറായപ്പോൾ പത്തു കുഷ്ഠരോഗി
കൾ തനിക്ക് നേരെ വന്നു ദൂരെ നിന്നുകൊ
13 ണ്ട് ശബ്ദമുയർത്തി റാബൊൻ (ഗുരോ)
യേശുവേ! ഞങ്ങളോട് മനസ്സലിയണമേ
14 എന്നു പറഞ്ഞു. താൻ അവരെ കണ്ടപ്പോൾ
അവരോട്, നിങ്ങൾ പോയി നിങ്ങളെത്ത
ന്നെ പുരോഹിതന്മാർക്കു കാണിപ്പിൻ
15 എന്നു പറഞ്ഞു. അവർ പൊയ്ക്കൊണ്ടിരി
ക്കവേ അവർ ശുദ്ധരാക്കപ്പെട്ടു! താൻ ശുദ്ധ
നായി എന്ന് അവരിൽ ഒരാൾ കണ്ടപ്പോൾ
അവൻ തന്റെ അടുക്കൽ തിരികെ വന്നു.
16 ഉറച്ച ശബ്ദത്തിൽ അവൻ ദൈവത്തെ
സ്തുതിച്ചു. അവൻ തന്നെ സ്തോത്രം ചെയ്ത്
യേശുവിന്റെ കാൽക്കൽ വീണു. അവൻ
17 ഒരു ശമറിയാക്കാരനായിരുന്നു. യേശു അവ
നോട്, പത്തുപേരല്ലയോ വെടിപ്പാക്കപ്പെ
18 ട്ടത് - ഒൻപതുപേർ എവിടെ? അന്യജന
ത്തിൽപ്പെട്ട ഇവനല്ലാതെ മറ്റുള്ളവരി
ലാർക്കും വന്നു ദൈവത്തെ സ്തുതിക്കണ
മെന്നു തോന്നിയില്ലല്ലോ. താൻ അവനോട് 19
നീ എഴുന്നേറ്റു പൊയ്ക്കൊള്ളുക. നിന്റെ
വിശ്വാസം നിന്നെ ജീവിപ്പിച്ചിരിക്കുന്നു
എന്നു പറഞ്ഞു.
"ദൈവരാജ്യം എപ്പോൾ വരും?" എന്ന് 20
പരീശരിൽ ചിലർ തന്നോടു ചോദിച്ചപ്പോൾ,
താൻ ഉത്തരമായി പറഞ്ഞു: "ദൈവരാജ്യം
പ്രതീക്ഷിക്കപ്പെടുന്നതുപോലെയല്ല വരു
ന്നത്. ഇതാ, അത് ഇവിടെയാകുന്നു 21
എന്നും അവിടെയാകുന്നുവെന്നും ആരും
പറയുന്നുമില്ല. എന്തെന്നാൽ 'ഇതാ ദൈവ
രാജ്യം നിങ്ങളുടെ ഉള്ളിലാകുന്നു' എന്നു
പറഞ്ഞു. തന്റെ ശിഷ്യന്മാരോടായി; മനു 22
ഷ്യപുത്രന്റെ നാളുകളിൽ ഒന്നു കാണു
വാൻ നിങ്ങൾ ആഗ്രഹിക്കുന്ന ദിനങ്ങൾ
വരും; എങ്കിലും നിങ്ങൾ കാണുകയില്ല.
അവർ നിങ്ങളോട് ഇതാ അവൻ ഇവിടെ 23
യുണ്ട്, അവൻ അവിടെയുണ്ട് എന്നു
പറഞ്ഞാൽ നിങ്ങൾ പോകരുത്, എന്തെ
ന്നാൽ മിന്നൽ ആകാശത്തു തിളങ്ങി 24
ആകാശത്തിനു കീഴുള്ളവയെയെല്ലാം
പ്രകാശിപ്പിക്കുന്നത് എപ്രകാരമോ, മനു
ഷ്യന്റെ പുത്രൻ തന്റെ ദിവസങ്ങളിൽ
അപ്രകാരം ആയിരിക്കും വരുന്നത്. എന്നാൽ 25
ആദ്യം അവൻ വളരെയധികം കഷ്ടത
അനുഭവിക്കുകയും ഈ തലമുറയാൽ
നിരസിക്കപ്പെടുകയും ചെയ്യും. നോഹിന്റെ 26
നാളുകളിൽ സംഭവിച്ചത് എങ്ങനെയോ
അങ്ങനെ തന്നെ മനുഷ്യപുത്രന്റെ
നാളുകളിലും സംഭവിക്കും. നോഹ പെട്ടക 27
ത്തിൽ പ്രവേശിക്കുകയും പ്രളയം വന്ന്
എല്ലാവരേയും നശിപ്പിക്കുകയും ചെയ്ത
ദിവസംവരെയും അവർ തിന്നും കുടിച്ചും
വിവാഹം ചെയ്തും വിവാഹം ചെയ്യിച്ചുമിരു 28
ന്നല്ലോ. വീണ്ടും ലോത്തിന്റെ കാലത്തു
സംഭവിച്ചതുപോലെ ആയിരിക്കും അത്.
അവർ തിന്നുകയും കുടിക്കുകയും, വാങ്ങി
ക്കുകയും വിൽക്കുകയും നടുകയും പണി
കൾ നടത്തുകയും ചെയ്തിരുന്നു. ലോത്ത് 29
സോദോമിൽനിന്നു പുറത്തു പോന്ന
ദിവസം ദൈവം ആകാശത്തു നിന്നു തീയും
ഗന്ധകവും വർഷിച്ച് എല്ലാവരേയും നശി 30
പ്പിച്ചു. മനുഷ്യന്റെ പുത്രൻ പ്രത്യക്ഷനാ
കുന്ന ദിവസത്തിലും ഇങ്ങനെ സംഭവി
ക്കും. ആ ദിവസം വീടിന്റെ മേൽത്തട്ടിൽ 31
ഇരിക്കുന്നവൻ വീടിനകത്തുള്ള അവന്റെ
സാമാനങ്ങൾ എടുക്കുവാൻ ഇറങ്ങിവര
രുത്. വയലിൽ ഇരിക്കുന്നവനും തിരികെ 32
വരരുത്. ലോത്തിന്റെ ഭാര്യയെ ഓർത്തു 33

കൊള്ളുവിൻ, ആരാണോ തന്നെത്തന്നെ
ജീവിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്
അവൻ അതിനെ നശിപ്പിക്കും. സ്വയത്തെ
നഷ്ടപ്പെടുത്തുന്നവനോ അതിനെ ജീവി
34 പ്പിക്കും. ഞാൻ നിങ്ങളോട് പറയുന്നു: ആ
രാത്രിയിൽ രണ്ടു പേർ ഒരു കട്ടിലിൽ ആയി
രിക്കും; ഒരുവൻ കൂട്ടിക്കൊണ്ടു പോകപ്പെ
ടുകയും അപരൻ ഉപേക്ഷിക്കപ്പെടുകയും
35 ചെയ്യും. ഒരു തിരികല്ലിൽ രണ്ടു സ്ത്രീകൾ
പൊടിച്ചുകൊണ്ടിരിക്കും; ഒരുവൾ കൂട്ടി
ക്കൊണ്ടു പോകപ്പെടും മറ്റവൾ ഉപേക്ഷിക്ക
36 പ്പെടും. രണ്ടു പേർ വയലിൽ ഉണ്ടായിരി
ക്കും; ഒരുവൻ കൂട്ടിക്കൊണ്ടു പോകപ്പെടും,
37 മറ്റവൻ ഉപേക്ഷിക്കപ്പെടും. അവർ തന്നോട്
'എങ്ങോട്ട് ? ഞങ്ങളുടെ കർത്താവേ' എന്നു
ചോദിച്ചു. താൻ അവരോട്; "ശവം എവിടെ
യോ അവിടെ കഴുകന്മാർ വന്നുകൂടും"
എന്നു പറഞ്ഞു.

അദ്ധ്യായം 18

1 താൻ അവരോട് അവർ ഏതു സമ
യവും പ്രാർത്ഥിക്കണമെന്നും അതിൽ
മടികാണിക്കരുതെന്നും കാണിപ്പാനായി
2 ഒരു ഉപമ പറഞ്ഞു. "ഒരു നഗരത്തിൽ ദൈവ
ത്തെ ഭയപ്പെടുകയാകട്ടെ, മനുഷ്യനെ ശങ്കി
ക്കുകയാകട്ടെ ചെയ്യാതിരുന്ന ഒരു ന്യായാ
3 ധിപനുണ്ടായിരുന്നു. ആ നഗരത്തിൽ ഒരു
വിധവയുണ്ടായിരുന്നു. അവൾ അയാളുടെ
അടുക്കൽ വന്ന് 'എന്റെ പ്രതിയോഗി
യോട് എനിക്കുവേണ്ടി പകരം ചോദിക്ക
ണമെ, എന്നു പറഞ്ഞുകൊണ്ടിരുന്നു.
4 വളരെക്കാലം അയാൾ അതിൽ മനസ്സു
വച്ചില്ല. പിന്നീട് അയാൾ സ്വയം പറഞ്ഞു:
'എനിക്കു ദൈവത്തെ ഭയമില്ല. മനുഷ്യനെ
5 ഞാൻ ശങ്കിക്കുന്നുമില്ല. എന്നാലും, ഈ
വിധവ എന്നെ അസഹ്യപ്പെടുത്തുന്നതി
നാൽ, ഇവൾ ഏതു നേരത്തും വന്ന് എന്നെ
ശല്യപ്പെടുത്താതിരിക്കേണ്ടതിന്നായി,
ഞാൻ അവൾക്കുവേണ്ടി നീതി നടത്തും."
6 കർത്താവു പറഞ്ഞു: "അനീതിയുള്ള ആ
ന്യായാധിപൻ എന്തു പറഞ്ഞു എന്നാ
7 ലോചിക്കുവിൻ. രാവും പകലും തന്നെ
വിളിക്കുന്ന തന്റെ തിരഞ്ഞെടുക്കപ്പെട്ട
വർക്കുവേണ്ടി ദൈവം എത്ര അധികം
പ്രതിക്രിയ നടത്തും? അവരോർക്ക് കാല
8 താമസം വരുത്തുമോ? വേഗത്തിൽ താൻ
അവർക്കുവേണ്ടി പ്രതികാരം ചെയ്യും എന്നു
ഞാൻ നിങ്ങളോടു പറയുന്നു. എന്നാൽ
മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമി
യിൽ വിശ്വാസം കണ്ടെത്തുമോ?"

തങ്ങൾ നീതിമാന്മാരാകുന്നു എന്ന് 9
സ്വയം അഭിമാനിച്ചു മറ്റ് എല്ലാവരേയും
നിന്ദിക്കുന്നവർക്കെതിരായി താൻ ഈ
ഉപമ പറഞ്ഞു. രണ്ടു മനുഷ്യർ പ്രാർത്ഥി 10
പ്പാൻ ദൈവാലയത്തിലേക്ക് കയറി. ഒരാൾ
പരീശൻ, മറ്റെയാൾ ചുങ്കക്കാരൻ. ആ പരീ 11
ശൻ നിന്നുകൊണ്ട് സ്വയം ഇങ്ങനെ
പ്രാർത്ഥിച്ചു: 'ദൈവമെ! ഞാൻ പിടിച്ചു പറി
ക്കുന്നവരും അത്യാഗ്രഹികളും വ്യഭിചാരി
കളുമായ മറ്റാളുകളെപ്പോലെയും, ഈ ചുങ്ക
ക്കാരനെപ്പോലെയും അല്ലാത്തതിനാൽ
നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. എന്നാ 12
ലോ, ആഴ്ചയിൽ രണ്ടു(ദിവസം) ഞാൻ
ഉപവസിക്കുന്നുണ്ട്. ഞാൻ സമ്പാദിക്കുന്ന
എല്ലാറ്റിലും ഞാൻ ദശാംശവും കൊടുക്കു
ന്നുണ്ട്, ആ ചുങ്കക്കാരനോ ദൂരെനിന്നുകൊ 13
ണ്ട്, സ്വർഗ്ഗത്തിലേക്ക് അവന്റെ കണ്ണുകൾ
ഉയർത്താൻപോലും തുനിയാതെ മാറത്തടി
ച്ചുകൊണ്ട്, "ദൈവമേ പാപിയായ എന്നോട്
കരുണ ചെയ്യണമെ" എന്നു പ്രാർത്ഥിച്ചു.
ഞാൻ നിങ്ങളോട് പറയുന്നു: ഇവനാണ് 14
ആ പരീശനേക്കാൾ അധികം നീതീകരി
ക്കപ്പെട്ടവനായി അവന്റെ ഭവനത്തിലേക്ക്
പോയത്. എന്തെന്നാൽ തന്നെത്താൻ ഉയർ
ത്തുന്നവനെല്ലാം താഴ്ത്തപ്പെടും. തന്നെ
ത്താൻ താഴ്ത്തുന്നവനോ ഉയർത്തപ്പെടും."
താൻ അവരെ സ്പർശിച്ചനുഗ്രഹിക്കു 15
വാനായി ചിലർ ശിശുക്കളെ തന്റെ അടു
ക്കൽ കൊണ്ടുവന്നു. ശിഷ്യന്മാർ അവരെക്ക
ണ്ട് വിലക്കി. യേശുവോ, അവരെ വിളിച്ച് 16
അവരോട് "കുഞ്ഞുങ്ങൾ എന്റെ അടു
ക്കൽ വരുവാൻ വിടുവിൻ. നിങ്ങൾ അവരെ
തടസ്സം ചെയ്യരുത്. എന്തെന്നാൽ ഇങ്ങനെ
യുള്ളവരാരോ അവരുടേതാകുന്നു സ്വർഗ്ഗ
രാജ്യം. സത്യമായും ഞാൻ നിങ്ങളോട് പറ 17
യുന്നു, ശിശു എന്നപോലെ ദൈവരാജ്യ
ത്തെ കൈക്കൊള്ളാത്തവൻ അതിൽ കട
ക്കുകയില്ല."
പ്രമാണികളിൽ ഒരുവൻ തന്നോട്, "നല്ല 18
വനായ ഗുരോ, നിത്യജീവൻ അവകാശ
മാക്കുവാൻ എന്താണ് ഞാൻ ചെയ്യേണ്ടത്?"
എന്നു ചോദിച്ചു. യേശു അവനോട്, "നീ 19
എന്നെ നല്ലവൻ എന്നു വിളിക്കുന്നത് എന്ത്?
ഏകദൈവം അല്ലാതെ നല്ലവൻ ആരുമില്ല.
കല്പനകൾ നിനക്കറിയാമല്ലോ. നീ കൊല 20
ചെയ്യരുത്, വ്യഭിചരിക്കരുത്, മോഷ്ടിക്ക
രുത്, കള്ളസാക്ഷി പറയരുത്. നിന്റെ പിതാ
വിനെയും മാതാവിനെയും ബഹുമാനി
ക്കണം." എന്നു പറഞ്ഞു. അവൻ തന്നോട്, 21
ഇവയെല്ലാം എന്റെ ബാല്യംമുതൽതന്നെ

ഞാൻ പാലിച്ചുകൊണ്ടിരിക്കുന്നു എന്നു
22 പറഞ്ഞു. യേശു അവനോട് നിനക്ക് ഒരു
കുറവുണ്ട്. നീ പോയി നിനക്കുള്ളതെല്ലാം
വിറ്റു ദരിദ്രർക്ക് കൊടുക്കുക. നിനക്കു
സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും. നീ
എൻെറ പിന്നാലെ വരികയും ചെയ്ക
23 എന്നു പറഞ്ഞു. അവൻ ഇതുകേട്ടപ്പോൾ
വളരെ ദുഃഖിച്ചു. എന്തെന്നാൽ അവൻ
24 വലിയ സമ്പന്നനായിരുന്നു. അവൻ ദുഃഖി
ച്ചു എന്ന് യേശു കണ്ടപ്പോൾ, താൻ പറഞ്ഞു:
"ധനമുള്ളവർക്കു ദൈവരാജ്യത്തിലേക്ക്
25 പ്രവേശിക്കുവാൻ എത്ര പ്രയാസം! ധന
വാൻ ദൈവരാജ്യത്തിലേക്കു കടക്കുന്നതി
നേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയി
26 ലൂടെ കടക്കുന്നതാകുന്നു." കേട്ടുകൊണ്ടി
രുന്നവർ തന്നോട് (അങ്ങനെയെങ്കിൽ)
ആർക്കാണ് ജീവൻ പ്രാപിക്കുവാൻ സാദ്ധ്യ
27 മാകുന്നത്! എന്നു ചോദിച്ചു. യേശു അവ
രോട് മനുഷ്യർക്കു അസാദ്ധ്യമായവ ദൈവ
സന്നിധിയിൽ സംഭവിപ്പാൻ സാദ്ധ്യമത്രെ
എന്നു പറഞ്ഞു.
28 ശെമഓൻ കീപ്പാ തന്നോട്, "കണ്ടാലും
ഞങ്ങൾ സർവ്വവും ഉപേക്ഷിച്ച് അങ്ങയുടെ
29 പിന്നാലെ വന്നു" എന്നു പറഞ്ഞു. യേശു
അവനോട്, ദൈവരാജ്യത്തെ പ്രതി ആരെ
ങ്കിലും ഭവനങ്ങളെയോ, മാതാപിതാക്ക
ളെയോ സഹോദരരെയോ, ഭാര്യയേയോ
30 മക്കളേയോ വിട്ടുപിരിഞ്ഞാൽ, അവൻ
ഇക്കാലത്തുതന്നെ അനേക മടങ്ങായി
പ്രതിഫലവും, വരുവാനുള്ള ലോകത്തിൽ
നിത്യജീവനേയും പ്രാപിക്കാതിരിക്കയില്ല
എന്നു ഞാൻ സത്യമായും നിങ്ങളോടു
പറയുന്നു എന്നു പറഞ്ഞു.
31 യേശു തൻെറ പന്തിരുവരെ കൂട്ടി
ക്കൊണ്ടു പോയി അവരോട്: "ഇതാ നാം
യറുശലേമിലേക്കു കയറിപ്പോകുകയാണ്,
മനുഷ്യപുത്രനെക്കുറിച്ച് ദീർഘദർശിമാ
രാൽ എഴുതപ്പെട്ടിട്ടുള്ളവയെല്ലാം നിറ
32 വേറും. അവൻ പുറജാതികൾക്ക് ഏല്പി
ക്കപ്പെടും. അവർ അവനെ പരിഹസിക്കും,
33 അവൻെറ മുഖത്തു തുപ്പും , ചമ്മട്ടികൊണ്ട്
അവനെ അടിക്കും അവനെ അവമാനിക്കും.
അവനെ കൊല്ലുകയും ചെയ്യും. അവനോ
മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കും."
34 എന്നു പറഞ്ഞു. അവർക്കോ ഇതൊന്നും
മനസ്സിലായില്ല. ഈ വാക്ക് അവർക്ക്
നിഗൂഢമായിരുന്നു. അവരോട് സംസാരി
ക്കപ്പെട്ടവ അവർക്ക് മനസ്സിലായില്ല.
35 താൻ യറിഹോയോടു സമീപിച്ചപ്പോൾ
ഒരു കുരുടൻ വഴിയരികിൽ ഭിക്ഷയാചിച്ചു
കൊണ്ടിരിക്കുകയായിരുന്നു. കടന്നുപോ 36
കുന്ന പുരുഷാരത്തിൻെറ ശബ്ദം അവൻ
കേട്ടിട്ട് "ഇത് ആരാകുന്നു?" എന്നു ചോദി
ച്ചു. ജനക്കൂട്ടം അവനോട് "നസ്രയനായ
യേശുവാകുന്നു കടന്നുപോകുന്നത്" എന്ന് 37
പറഞ്ഞു: അവൻ, "ദാവീദുപുത്രനായ
യേശുവേ എന്നോടു കരുണ ചെയ്യണമെ" 38
എന്നട്ടഹസിച്ചു പറഞ്ഞു. യേശുവിൻെറ
മുമ്പെ പൊയ്ക്കൊണ്ടിരുന്നവർ അവൻ 39
മിണ്ടാതിരിക്കാൻ അവനെ ശാസിച്ചു.
എന്നാൽ അവനോ, "ദാവീദുപുത്രാ
എന്നോടു കരുണ ചെയ്യണം" എന്ന് കൂടു
തൽ ശബ്ദത്തിൽ വിളിച്ചു പറഞ്ഞുകൊ
ണ്ടിരുന്നു. യേശു അവിടെ നിന്നു. തൻെറ 40
അടുക്കലേക്ക് അവനെ കൊണ്ടുവരുവാൻ
കല്പിച്ചു. അവൻ തൻെറ അടുത്തുവന്ന 41
പ്പോൾ, 'ഞാൻ നിനക്ക് എന്തു ചെയ്യു
തരണമെന്നാണ് നീ ആഗ്രഹിക്കുന്നത്?'
എന്നു ചോദിച്ചു. 'എനിക്ക്, എൻെറ കർത്താ
വേ, കാഴ്ചലഭിക്കണമെ' എന്ന് അവൻ
പറഞ്ഞു. യേശു അവനോട് "നീ കാഴ്ച 42
പ്രാപിക്കുക, നിൻെറ വിശ്വാസം നിന്നെ
ജീവിപ്പിച്ചിരിക്കുന്നു" എന്നു പറഞ്ഞു.
അതേനിമിഷം അവൻ കാഴ്ച പ്രാപിച്ചു. 43
അവൻ തൻെറ പിന്നാലെ വന്ന് ദൈവത്തെ
സ്തുതിച്ചുകൊണ്ടിരുന്നു. ഇതു കണ്ട ജന
മെല്ലാം ദൈവത്തിനു സ്തുതിയർപ്പിച്ചു.

അദ്ധ്യായം 19

യേശു യറീഹോയിൽ പ്രവേശിച്ചു കട 1
ന്നു പോകുമ്പോൾ ധനവാനും ചുങ്കക്കാ 2
രുടെ പ്രധാനിയുമായിരുന്ന സക്കായി
എന്നു പേരുള്ള ഒരു മനുഷ്യൻ യേശു
ആരാകുന്നു എന്ന് കാണുവാൻ ആഗ്ര
ഹിച്ചു. എന്നാൽ സക്കായി ഉയരം കുറ 3
ഞ്ഞവനായിരുന്നതുകൊണ്ട് ജനക്കൂട്ടം
നിമിത്തം തന്നെ കാണുവാൻ അവനു
സാദ്ധ്യമായിരുന്നില്ല. അവൻ ഓടി യേശു 4
വിൻെറ മുമ്പിൽ കടന്ന് ഒരു കാട്ടത്തിമേൽ
കയറി. എന്തെന്നാൽ തനിക്കു കടന്നുപോ
കേണ്ടിയിരുന്നത് ആ വഴിയെയായിരുന്നു.
യേശു ആ സ്ഥലത്തു വന്നപ്പോൾ അവനെ 5
കണ്ടു. അവനോട്, "സക്കായി, വേഗം
ഇറങ്ങി വരിക, എന്തെന്നാൽ ഇന്ന്
നിൻെറ ഭവനത്തിൽ എനിക്കു താമസിക്കേ
ണ്ടിയിരിക്കുന്നു" എന്നു പറഞ്ഞു. അവൻ 6
വേഗം ഇറങ്ങിവന്ന് സന്തോഷത്തോടെ
തന്നെ സ്വീകരിച്ചു. എല്ലാവരും ഇതു കണ്ട് 7
പിറു പിറുത്തുകൊണ്ട് ഇദ്ദേഹം പാപി
യായ മനുഷ്യൻെറ അടുത്തു ചെന്നാ

നല്ലോ താമസിച്ചത് എന്നു പറഞ്ഞു.
സക്കായി നിന്നുകൊണ്ട് യേശുവിനോട്:
എൻെറ കർത്താവേ, ഇതാ എൻെറ
സമ്പാദ്യത്തിൽ പകുതി ഞാൻ ദരിദ്രർക്കു
കാടുക്കുകയാണ്. ഞാൻ (ആരിൽനി
ന്നല്ലാം) അപഹരിച്ച് എടുത്തിട്ടുണ്ടോ
അവർക്ക് എല്ലാവർക്കും ഒന്നിനു നാലു
ീതം ഞാൻ തിരിച്ചു കൊടുക്കുകയും
ചയ്യും" എന്നു പറഞ്ഞു. യേശു അവനോട്:
ഇന്ന് ഈ ഭവനത്തിന് ജീവനുണ്ടായി.
ഇവനും അബ്രഹാമിൻെറ പുത്രനാകുന്നു;
എന്തെന്നാൽ കാണാതെപോയതിനെ
അന്വേഷിപ്പാനും, ജീവിപ്പിക്കുവാനുമാണ്
നുഷ്യപുത്രൻ വന്നിരിക്കുന്നത്" എന്നു
റഞ്ഞു.

അവർ ഇവ കേട്ടുകൊണ്ടിരിക്കെ ഒരു
പമയും താൻ പറഞ്ഞു. എന്തെന്നാൽ
വർ യറുശലേമിനു സമീപത്തായിരുന്നു.
ാ സമയത്തു ദൈവരാജ്യം വെളിപ്പെടു
മന്ന് ജനം വിചാരിച്ചിരുന്നു. താൻ പറഞ്ഞു:
ഉന്നത കുടുംബജാതനായ ഒരു മനുഷ്യൻ,
ജസ്ഥാനം പ്രാപിച്ച് തിരിച്ചു വരുവാനായി
രു വിദൂരസ്ഥലത്തേക്ക് പോയി. അവൻ
ൻെറ ദാസന്മാരെ വിളിച്ച് അവർക്കു
ത്തു 'മനിയാ' കൊടുത്തിട്ട് അവരോട്
ാൻ വരുന്നതുവരെ വ്യാപാരം ചെയ്തു
കാള്ളുവിൻ എന്നു പറഞ്ഞു. അവൻെറ
ഗരക്കാരാകട്ടെ അവനെ വെറുത്തിരുന്നു.
വർ അവൻെറ പിന്നാലെ പ്രതിനിധികളെ
യച്ച് 'ഇയ്യാൾ ഞങ്ങളുടെ മേൽ ഭരണം
ടത്തുന്നത് ഞങ്ങൾക്കിഷ്ടമല്ല' (എന്നറി
ച്ചു). അയാൾ രാജസ്ഥാനം പ്രാപിച്ച്
രിച്ചു വന്നപ്പോൾ, അയാൾ ദ്രവ്യം
ാടുത്തിരുന്ന ഓരോരുത്തരും എന്തു
ഭമുണ്ടാക്കി എന്നറിയുവാനായി ആ
സന്മാരെ വിളിപ്പാൻ പറഞ്ഞു. ഒന്നാമൻ
ന്: 'എൻെറ യജമാനനേ അങ്ങയുടെ
നിയാ' പത്തു 'മനിയാ' ലാഭമുണ്ടാക്കി'
ന്നു പറഞ്ഞു. അയാൾ അവനോട്
കാള്ളാം നല്ല ദാസാ, നീ അല്പത്തിൽ
ശ്വസ്തനായി കാണപ്പെട്ടിരിക്കുന്നു: നീ
ത്തു കോട്ടകൾമേൽ അധികാരിയായി
ിും' എന്നു പറഞ്ഞു. രണ്ടാമൻ വന്നിട്ട്
ൻെറ യജമാനനേ, അങ്ങയുടെ മനിയാ
ഞ്ചു മനിയാകൂടെ ലാഭമുണ്ടാക്കിയിട്ടു
' എന്നു പറഞ്ഞു. ഇവനോടും അയാൾ,
അഞ്ചുകോട്ടകൾമേൽ അധികാരിയാ
ിക്കുക' എന്നു പറഞ്ഞു. വേറൊരുവൻ
ു. 'എൻെറ യജമാനനേ തുവാലയിൽ
ാതിഞ്ഞ് എൻെറ പക്കൽ ഉള്ളതായ
അങ്ങയുടെ മനിയാ ഇതാ! എന്തെന്നാൽ 21
അവിടന്ന് കഠിനനായ മനുഷ്യനാണെന്നും,
അങ്ങ് വയ്ക്കാത്തത് എടുക്കുന്നവനും വിത
യ്ക്കാത്തത് കൊയ്യുന്നവനുമാണെന്നുള്ള
തിനാൽ ഞാൻ അങ്ങയെ ഭയപ്പെട്ടിരുന്നു.'
എന്നു പറഞ്ഞു. അയാൾ അവനോട് 'ദുഷ്ട 22
നായ ദാസാ നിൻെറ വായ് (വാക്ക്) കൊണ്ടു
തന്നെ ഞാൻ നിന്നെ വിധിക്കും. ഞാൻ
കഠിന മനുഷ്യനും, ഞാൻ വയ്ക്കാത്തത്
എടുക്കുന്നവനും വിതയ്ക്കാത്തതു കൊയ്യു
ന്നവനുമാണെന്ന് നീ അറിഞ്ഞിരുന്നു
(എന്നിട്ടും) നീ എൻെറ പണം എന്തുകൊ
ണ്ട് പലിശയ്ക്കു കൊടുത്തില്ല? ഞാൻ വന്ന് 23
പലിശയോടുകൂടി അതു വാങ്ങിക്കുമായി
രുന്നല്ലോ' എന്നു പറഞ്ഞിട്ട്, അയാളുടെ
മുമ്പാകെ നിൽക്കുന്നവരോട് 'ആ മനിയാ 24
അവനിൽനിന്ന് എടുത്ത്, പത്തു മനിയാ
ഉള്ളവനു കൊടുപ്പിൻ, എന്നു പറഞ്ഞു.
അവർ അയാളോട്, "ഞങ്ങളുടെ യജമാന 25
നേ, അയാൾക്ക് പത്തു മനിയാ ഉണ്ടല്ലോ"
എന്നു പറഞ്ഞു. അയാളാകട്ടെ, അവരോട് 26
"ആർക്കാണോ ഉള്ളത്; അവന് നല്കപ്പെ
ടും. ഇല്ലാത്തവനിൽ നിന്നോ അവനുള്ളതും
കൂടെ എടുക്കപ്പെടും എന്നു ഞാൻ നിങ്ങ
ളോട് പറയുന്നു. എന്നാൽ ഞാൻ അവരുടെ 27
മേൽ ഭരണം നടത്തുന്നത് ഇഷ്ടപ്പെടാതി
രുന്ന എൻെറ ശത്രുക്കളെ കൊണ്ടുവന്ന്,
എൻെറ മുമ്പിൽ വച്ചു തന്നെ അവരെ
കൊന്നുകളവിൻ" (എന്നു പറഞ്ഞു).

യേശു ഇവ പറഞ്ഞശേഷം യറുശലേമി 28
ലേക്കു പോകുവാനായി മുന്നോട്ടു നടന്നു.
അവൻ 'ബേസ് സൈത്തെ' (ഒലിവ് തോട്ടം)
എന്നു വിളിക്കപ്പെടുന്ന മലയുടെ അടു 29
ത്ത് ബെത്ഫാഗെക്കും ബെത്അനിയാ
(ബഥന്യാ)ക്കും സമീപിച്ചപ്പോൾ, തൻെറ
ശിഷ്യന്മാരിൽ രണ്ടുപേരെ അയച്ച് അവ
രോട് നമുക്ക് എതിരെയുള്ള ആ ഗ്രാമ 30
ത്തിലേക്ക് നിങ്ങൾ പോകുവിൻ. നിങ്ങൾ
അതിൽ കടന്നാലുടൻ, ആരും ഒരിക്കലും
അതിന്മേൽ കയറിയിട്ടില്ലാത്ത - കെട്ടപ്പെട്ട
തായ ഒരു കഴുതയെ കണ്ടെത്തും. നിങ്ങൾ
അതിനെ അഴിച്ചു കൊണ്ടുവരണം. നിങ്ങൾ 31
അതിനെ അഴിക്കുന്നതെന്ത്? എന്ന് ആരെ
ങ്കിലും നിങ്ങളോടു ചോദിക്കുന്നെങ്കിൽ
"ഞങ്ങളുടെ കർത്താവിന് അതിനെക്കൊ
ണ്ട് ആവശ്യമുണ്ട്." എന്നു പറയണം എന്നു
പറഞ്ഞു. അയയ്ക്കപ്പെട്ടവർ പോയി താൻ 32
അവരോട് പറഞ്ഞിരുന്നതുപോലെ കണ്ടെ
ത്തി. അവർ കഴുതയെ അഴിക്കുമ്പോൾ 33
അതിൻെറ ഉടമസ്ഥർ അവരോട്: "നിങ്ങൾ

ആ കഴുതയെ അഴിക്കുന്നതെന്ത്?' എന്നു
34 ചോദിച്ചു. 'ഞങ്ങളുടെ കർത്താവിന് അതി
നെ ആവശ്യമുണ്ട്' എന്ന് അവർ പറഞ്ഞു.
35 അവർ അതിനെ യേശുവിൻെറ അടുക്കൽ
കൊണ്ടുവന്നു. അതിന്മേൽ അവരുടെ
അങ്കികൾ വിരിച്ചു. യേശുവിനെ അതിന്മേൽ
കയറ്റി ഇരുത്തി.
36 താൻ പോകുമ്പോൾ (ജനങ്ങൾ) അവ
37 രുടെ വസ്ത്രങ്ങൾ വഴിയിൽ വിരിച്ചു. അവർ
ഒലിവുമലയുടെ ഇറക്കത്തോട് അടുത്ത
പ്പോൾ ശിഷ്യഗണം മുഴുവനും, തങ്ങൾ കണ്ട
തായ അത്ഭുതങ്ങൾ നിമിത്തം സന്തോ
ഷിച്ച് ഉച്ചത്തിൽ ദൈവത്തെ സ്തുതിച്ചു
38 കൊണ്ടിരുന്നു. "കർത്താവിൻെറ നാമത്തിൽ
വരുന്ന രാജാവ് വാഴ്ത്തപ്പെട്ടവൻ ആകു
ന്നു. സ്വർഗ്ഗത്തിൽ സമാധാനം, അത്യുന്നത
ങ്ങളിൽ മഹത്വം" എന്ന് അവർ പറഞ്ഞു
39 കൊണ്ടിരുന്നു. ജനക്കൂട്ടത്തിനിടയിൽനിന്ന്
പരീശരിൽ ചിലർ തന്നോട് "റബ്ബി, അങ്ങ
യുടെ ശിഷ്യന്മാരെ വിലക്കുക" എന്നു പറ
40 ഞ്ഞു. താൻ അവരോട് 'അവർ മിണ്ടാ
തിരുന്നാൽ കല്ലുകൾ ആർത്തു വിളിക്കും
എന്നു ഞാൻ നിങ്ങളോട് പറയുന്നു' എന്നു
പറഞ്ഞു.
41 താൻ നഗരത്തെ സമീപിച്ച് അതിനെ
കണ്ടപ്പോൾ അതിനെക്കുറിച്ച് താൻ കര
42 ഞ്ഞു. താൻ പറഞ്ഞു: "നിൻെറ സമാധാന
ത്തിനുള്ളവ നിൻെറ ഈ ദിവസത്തിലെ
ങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ നന്നായി
രുന്നു. എന്നാൽ ഇപ്പോൾ അവ നിൻെറ
കണ്ണുകൾക്കു മറഞ്ഞിരിക്കുകയാണ്.
43 നിൻെറ സന്ദർശനത്തിൻെറ കാലം നീ
അറിയാതിരുന്നതുകൊണ്ട്, നിൻെറ ശത്രു
ക്കൾ നിന്നെ വളയുകയും എല്ലാ ഭാഗത്തു
44 നിന്നും നിന്നെ ഞെരുക്കുകയും, നിന്നെ
യും നിൻെറ ഉള്ളിൽവച്ച് നിൻെറ മക്കളേ
യും നശിപ്പിക്കുകയും കല്ലിന്മേൽ കല്ല്
ശേഷിപ്പിക്കാതിരിക്കുകയും ചെയ്യുന്ന
ദിവസങ്ങൾ വരും."
45 താൻ ദൈവാലയത്തിൽ പ്രവേശിച്ച
ശേഷം, അതിനുള്ളിൽ ക്രയവിക്രയം
നടത്തിയിരുന്നവരെ പുറത്താക്കുവാൻ
46 തുടങ്ങി. താൻ അവരോട് "എൻെറ ആലയം
പ്രാർത്ഥനാലയമാകുന്നു" എന്ന് എഴുതപ്പെ
ട്ടിരിക്കുന്നു. നിങ്ങളോ അതിനെ കള്ളന്മാ
രുടെ ഗുഹയാക്കിത്തീർത്തിരിക്കുകയാണ്."
47 എന്നു പറഞ്ഞു. താൻ എല്ലാ ദിവസവും
ദൈവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നു.
എന്നാൽ പ്രധാനാചാര്യന്മാരും സൊപ്രേ
ന്മാരും ജനത്തിൻെറ കശീശന്മാരും തന്നെ
നശിപ്പിക്കുവാൻ തക്കം നോക്കിക്കൊണ്ടി
രുന്നു. തന്നോട് എന്തെങ്കിലും ചെയ്‌വാൻ
അവർക്കു കഴിഞ്ഞില്ല. എന്തെന്നാൽ തന്നെ
കേൾക്കുവാൻ ജനമെല്ലാം ഉത്സുകരാ
യിരുന്നു.

അദ്ധ്യായം 20

ഒരു ദിവസം താൻ ദൈവാലയത്തിൽ
ജനത്തെ പഠിപ്പിച്ചും പ്രസംഗിച്ചും കൊണ്ടി
രുന്നപ്പോൾ, പ്രധാനാചാര്യന്മാരും സൊപ്രേ
ന്മാരും കശീശന്മാരോടുകൂടി തനിക്ക് വിരോ
ധമായി നിന്നുകൊണ്ട് തന്നോട്: "നീ ഏത്
അധികാരംകൊണ്ട് ഇവ ചെയ്യുന്നു? ആരാ
ണ് നിനക്ക് ഈ അധികാരം തന്നത്? എന്ന്
നീ ഞങ്ങളോട് പറയണം" എന്നു പറഞ്ഞു
യേശു ഉത്തരമായി അവരോട് പറഞ്ഞു
"ഞാനും ഒരു കാര്യം നിങ്ങളോട് ചോദിക്കും
എന്നോടു നിങ്ങളും പറയണം. യോഹന്നാ
ൻെറ മാമോദീസ സ്വർഗ്ഗത്തിൽ നിന്നായിരു
ന്നോ? അതോ മനുഷ്യരിൽ നിന്നോ?"
അവർ തങ്ങളിൽതന്നെ ആലോചിച്ച
പറഞ്ഞു: സ്വർഗ്ഗത്തിൽനിന്ന് എന്നു നാ
പറഞ്ഞാൽ പിന്നെ എന്തുകൊണ്ട് നിങ്ങ
അവനെ വിശ്വസിച്ചില്ല? എന്ന് ഇവ
നമ്മോടു ചോദിക്കും. മനുഷ്യരിൽനിന്ന
എന്നു നാം പറഞ്ഞാൽ ജനമെല്ലാം നമ്മെ
കല്ലെറിയുകയും ചെയ്യും. എന്തെന്നാ
യോഹന്നാൻ പ്രവാചകനാണെന്ന് (എല്ല
വരും) സമ്മതിച്ചിട്ടുള്ളതാണ്. അവ
തന്നോട് എവിടെ നിന്നാണെന്നു ഞങ്ങ
ക്കറിഞ്ഞുകൂടാ എന്നു പറഞ്ഞു. യേശ
അവരോട് ഞാൻ ഏതധികാരംകൊണ്ട
ണ് ഇതു ചെയ്യുന്നത് എന്നു ഞാനും നിങ്ങ
ളോടു പറയുന്നില്ല എന്നു പറഞ്ഞു.
താൻ ജനത്തോടായി ഈ ഉപമ പ
ഞ്ഞു: "ഒരു മനുഷ്യൻ ഒരു മുന്തിരിത്തോട്ട
നട്ടുണ്ടാക്കി, അതിനെ വേലക്കാരെ ഏല്പ
ച്ചിട്ട് അവൻ ദീർഘകാലം മാറിത്താമസിച്ച
കാലമായപ്പോൾ വേലക്കാർ തോട്ടത്തിലെ
ഫലം തനിക്ക് കൊടുത്തയപ്പാനായി തൻെ
ദാസനെ അവരുടെ അടുക്കലേക്കയച്ച
വേലക്കാർ അവനെ അടിച്ച് ഒന്നും കൊ
ക്കാതെ അയച്ചു. അയാൾ വീണ്ടും മറ്റൊ
ദാസനെ അയച്ചു. അവനേയും അവ
അടിക്കുകയും അവമാനിക്കുകയും ഒന്ന
കൊടുക്കാതെ അയയ്ക്കുകയും ചെയ്ത
അയാൾ വീണ്ടും മൂന്നാമതും ഒരുവ
അയച്ചു. അവർ അവനേയും മുറിവേല്പ
ച്ചു പുറത്തിറക്കിവിട്ടു. ആ തോട്ടത്തിൻെ
ഉടമസ്ഥൻ 'ഞാൻ എന്തു ചെയ്യണ

എൻെറ വത്സലപുത്രനെത്തന്നെ അയ
യ്ക്കാം. അവർ അവനെ കണ്ട് ശങ്കിക്കും'
എന്നു പറഞ്ഞു. എന്നാൽ വേലക്കാരാകട്ടെ
അവനെ കണ്ടപ്പോൾ തമ്മിൽ ആലോചി
ച്ചു: 'ഇവനാണവകാശി. വരുവിൻ നമുക്ക
വനെ കൊന്നുകളയാം. അങ്ങനെ അവ
കാശം നമുക്കായിത്തീരുകയും ചെയ്യും'
എന്ന് പറഞ്ഞു. അവർ അവനെ മുന്തിരി
ത്തോപ്പിൽനിന്നു പുറത്താക്കി കൊന്നു
കളഞ്ഞു! ആകയാൽ തോപ്പുടമസ്ഥൻ
അവരോട് എന്തു ചെയ്യും? അയാൾ വന്ന്
ആ വേലക്കാരെ നശിപ്പിക്കും. മുന്തിരി
ത്തോട്ടം വേറെ ആളുകൾക്ക് കൊടുക്കുക
യും ചെയ്യും" എന്നു പറഞ്ഞു. അവർ ഇതു
കേട്ടപ്പോൾ 'ഇങ്ങനെ സംഭവിക്കാതിരി
ക്കട്ടെ' എന്നു പറഞ്ഞു. യേശു അവരെ
ഉറ്റുനോക്കി പറഞ്ഞത്: 'പണിക്കാർ നിര
സിച്ചു കളഞ്ഞ കല്ലു തന്നെ പ്രധാനമൂലക്ക
ല്ലായിത്തീർന്നു എന്ന് എഴുതപ്പെട്ടിരിക്കു
ന്നത് എന്താകുന്നു? ആ കല്ലിന്മേൽ വീഴുന്ന
ഏവനും തകർന്നുപോകും. ആ കല്ല് ആരു
ടെമേൽ വീഴുമോ, അവനെ അതു പൊടി
യാക്കിക്കളയുകയും ചെയ്യും.' അക്ഷണം
തന്നെ, തൻെറമേൽ കൈവെക്കുവാൻ (പിടി
ക്കുവാൻ) അവർ ആഗ്രഹിച്ചു. എന്നാൽ
ജനത്തെ അവർ ഭയപ്പെട്ടു. തങ്ങളെക്കുറി
ച്ചാണ് താൻ ഈ ഉപമ പറഞ്ഞതെന്ന് അവർ
മനസ്സിലാക്കി.

തന്നെ വാക്കിൽ കുടുക്കുവാനും ന്യാ
യാധിപനു മുമ്പിൽ തന്നെ ഏൽപ്പിക്കുവാ
നുമായി നീതിമാന്മാരുടെ ഭാവത്തിലുള്ള
ചാരന്മാരെ അവർ തൻെറ അടുക്കൽ അയ
ച്ചു. അവർ തന്നോട് പറഞ്ഞു. "ഗുരോ,
അവിടുന്ന് ശരിയായിട്ടുള്ളത് സംസാരി
ക്കയും, പഠിപ്പിക്കുകയും, മുഖപക്ഷം ഇല്ലാ
തിരിക്കുകയും ചെയ്യുന്നുവെന്നും ദൈവ
ത്തിൻെറ മാർഗ്ഗം സത്യമായിത്തന്നെ പഠി
പ്പിക്കുന്നുവെന്നും ഞങ്ങൾക്കറിയാം. നാം
കൈസർക്ക് തലവരിപ്പണം കൊടുക്കുന്നത്
ശരിയോ അല്ലയോ?" താനോ അവരുടെ
തന്ത്രം മനസ്സിലാക്കിയിട്ട് അവരോട്
നിങ്ങൾ എന്തിനെന്നെ പരീക്ഷിക്കുന്നു?
ഒരു ദീനോറ എന്നെ കാണിപ്പിൻ. അതിലെ
സ്വരൂപവും എഴുത്തും ആരുടേത്?" അവർ
പറഞ്ഞു: "കൈസറിൻേറത്." യേശു അവ
രോട് "ആകയാൽ കൈസറിൻേറത് കൈ
സറിനും ദൈവത്തിൻേറത് ദൈവത്തിനും
കൊടുപ്പിൻ" എന്നു പറഞ്ഞു. ജനത്തി
ൻെറ മുമ്പിൽ വച്ച് തന്നെ വാക്കിൽ കുടു
ക്കുവാൻ അവർക്കു കഴിഞ്ഞില്ല. അവർ
തൻെറ പ്രത്യുത്തരത്തിൽ അത്ഭുതപ്പെട്ടു
നിശ്ശബ്ദരായി.

'പുനരുത്ഥാനമില്ല' എന്നു പറയുന്ന 27
സാദുകൃരിൽ ചിലർ തന്നെ സമീപിച്ചു,
തന്നോട് ചോദിച്ചു: 'ഗുരോ, മോശ നമു 28
ക്കായി എഴുതിയിട്ടുണ്ടല്ലോ: - ഒരുവൻെറ
സഹോദരൻ ഭാര്യ ഇരിക്കെ മക്കളില്ലാതെ
മരിച്ചുപോയാൽ അവൻെറ സഹോദരൻ
സഹോദരൻെറ ഭാര്യയെ സ്വീകരിച്ച് സ
ഹോദരനുവേണ്ടി സന്തതിയെ ഉത്പാദി
പ്പിക്കാം എന്ന്. ഏഴു സഹോദരന്മാർ ഉണ്ടാ 29
യിരുന്നു. അവരിൽ ഒന്നാമൻ ഒരു സ്ത്രീയെ
പരിഗ്രഹിച്ചു. മക്കളില്ലാതെ മരിച്ചു. രണ്ടാ 30
മനും ആ സ്ത്രീയെ പരിഗ്രഹിച്ചു. അവനും
മക്കളില്ലാതെ മരിച്ചു. പിന്നെ മൂന്നാമനും, 31
അവളെ പരിഗ്രഹിച്ചു. അങ്ങനെ അവർ
ഏഴുപേരും അവളെ പരിഗ്രഹിച്ചു മക്കളി 32
ല്ലാതെ മരിച്ചു. അവസാനം ആ സ്ത്രീയും 33
മരിച്ചു. ആകയാൽ പുനരുത്ഥാനത്തിൽ
അവൾ അവരിൽ ആരുടെ ഭാര്യയായി
രിക്കും. എന്തെന്നാൽ ഏഴുപേരും അവളെ
പരിഗ്രഹിച്ചതാണല്ലോ' എന്നു പറഞ്ഞു. 34
യേശു അവരോട് 'ഈ ലോകത്തിൻെറ
മക്കൾ സ്ത്രീകളെ പരിഗ്രഹിക്കുകയും, സ്ത്രീ
കൾ പുരുഷന്മാരാൽ പരിഗ്രഹിക്കപ്പെടു
കയും ചെയ്യുന്നു. എന്നാൽ പരലോകത്തി 35
നും മരിച്ചവരിൽ നിന്നുള്ള ഉയിർപ്പിനും
യോഗ്യരായവർ വിവാഹം കഴിക്കുന്നില്ല.
പുരുഷന്മാർക്ക് ഭാര്യമാരായിരിക്കുന്നതു
മില്ല. വീണ്ടും മരിക്കുവാനും അവർക്ക് 36
സാദ്ധ്യമല്ല. എന്തെന്നാൽ അവർ മാലാഖ
മാരെപ്പോലെ ആകുന്നു. അവർ ഉയിർപ്പി
ൻെറ മക്കളായി തീർന്നതുകൊണ്ട് ദൈവ
ത്തിൻെറ മക്കളുമാകുന്നു. മരിച്ചവർ ഉയിർ 37
ത്തെഴുന്നേല്ക്കുമെന്നത് മോശ തന്നെ
യും മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. അതായത്
'കർത്താവ് അബ്രഹാമിൻെറ ദൈവവും
ഇസഹാക്കിൻെറ ദൈവവും യാക്കോബി
ൻെറ ദൈവവും' എന്ന് മുൾപ്പടർപ്പിൽവച്ച്
പറയുന്നതായി മോശ ഓർപ്പിച്ചിരിക്കുന്നു. 38
അവരെല്ലാവരും തനിക്ക് (തൻെറ മുമ്പാ
കെ) ജീവനുള്ളവരാകകൊണ്ട് ദൈവം
മരിച്ചവരുടെ ദൈവമല്ല; ജീവനുള്ളവരുടെ
ദൈവമാകുന്നു.' സൊപ്രേന്മാരിൽ ചിലർ 39
ഉത്തരമായി തന്നോട് "ഗുരോ അങ്ങു വളരെ
നന്നായിത്തന്നെ പറഞ്ഞിരിക്കുന്നു" എന്നു
പറഞ്ഞു. പിന്നീട് ഒന്നിനെക്കുറിച്ചും ത 40
ന്നോട് ചോദിപ്പാൻ അവർ ധൈര്യപ്പെട്ടില്ല.

യേശു അവരോട് "മ്ശീഹാ ദാവീദി 41
ൻെറ പുത്രനാകുന്നു എന്ന് സൊപ്രേന്മാർ

42 പറയുന്നതെങ്ങനെ?' ദാവീദ് തൻെറ
സങ്കീർത്തന പുസ്തകത്തിൽ 'ഞാൻ നിൻെറ
ശത്രുക്കളെ നിൻെറ പാദത്തിൻകീഴാക്കു
43 വോളം നീ എൻെറ വലത്തു ഭാഗത്തിരി
ക്കുക എന്ന് കർത്താവ് എൻെറ കർത്താവി
നോട് പറഞ്ഞു' എന്നു പറഞ്ഞിട്ടുണ്ടല്ലോ.
44 ആകയാൽ ദാവീദ് അവനെ 'എൻെറ
കർത്താവ്' എന്നു വിളിക്കുന്നുവെങ്കിൽ
അവൻ അവൻെറ പുത്രനാകുന്നതെങ്ങ
45 നെ? എന്നു ചോദിച്ചു. ജനമെല്ലാം കേട്ടുകൊ
ണ്ടിരിക്കെ താൻ തൻെറ ശിഷ്യന്മാരോട്
46 പറഞ്ഞു: "മേലങ്കികളോടെ നടക്കുവാനാ
ഗ്രഹിക്കുകയും, തെരുവീഥികളിൽ സമാ
ധാനവും (വന്ദനം) സംഘങ്ങളിൽ മുഖ്യാ
സനവും, വിരുന്നുകളിൽ പ്രധാനസ്ഥാന
വും ഇച്ഛരിക്കുകയും ചെയ്യുന്ന സൊപ്രേ
47 ന്മാരെ സൂക്ഷിച്ചുകൊള്ളണം. അവരുടെ
പ്രാർത്ഥനകൾ നീട്ടുന്നതുവഴിയായി അവർ
വിധവകളുടെ ഭവനങ്ങൾ വിഴുങ്ങിക്കളയു
കയാണ്. അവർ കൂടുതൽ ശിക്ഷാവിധി
പ്രാപിക്കും."

അദ്ധ്യായം 21

1 ധനവാന്മാർ ഭണ്ഡാരത്തിൽ അവരുടെ
വഴിപാടുകൾ ഇടുന്നത് താൻ സൂക്ഷിച്ചു
2 നോക്കിക്കൊണ്ടിരുന്നു. രണ്ട് ചില്ലിക്കാശിട്ട
ദരിദ്രയായ ഒരു വിധവയെയും കണ്ട് താൻ
3 പറഞ്ഞു: 'സത്യം ഞാൻ നിങ്ങളോട്
പറയുന്നു, ദരിദ്രയായ ഈ വിധവയാണ്
എല്ലാവരേക്കാൾ കൂടുതൽ (വഴിപാട്)
4 ഇട്ടത്. മറ്റുള്ളവർ എല്ലാം, ആവശ്യത്തിലു
മധികം തങ്ങൾക്കുള്ളതിൽ നിന്നാണ്
ദൈവത്തിനുള്ള കാഴ്ച (ഭണ്ഡാര)പ്പെട്ടി
യിൽ ഇട്ടത്. ഇവളോ ഇവളുടെ ദാരിദ്ര്യ
ത്തിൽനിന്നും അവൾ സമ്പാദിച്ചതു മുഴു
വനുമാണ് നേർച്ചയിട്ടത്.
5 ചിലർ ദൈവാലയത്തെക്കുറിച്ച് ; അത്
മനോഹരകല്ലുകൾ കൊണ്ടും, കാഴ്ച
നേർച്ചകൾകൊണ്ടും അലങ്കൃതമായിരി
ക്കുന്നു എന്നു പറഞ്ഞപ്പോൾ യേശു അവ
6 രോട്: "നിങ്ങൾ ഈ കാണുന്നവയിൽ
തകർക്കപ്പെടാത്തതായി കല്ലിന്മേൽ കല്ലു
ശേഷിക്കാത്ത നാളുകൾ വരും" എന്നു പറ
7 ഞ്ഞു. അവർ തന്നോട്: "ഗുരോ, എപ്പോൾ
സംഭവിക്കും? ഇവ സംഭവിക്കാനടുത്തിരി
ക്കുന്നു എന്നതിന് എന്താണ് അടയാളം?"
8 എന്നു ചോദിച്ചു. താൻ അവരോട് "നിങ്ങൾ
തെറ്റിപ്പോകാതിരിപ്പാൻ കരുതിക്കൊള്ള
ണം. എന്തെന്നാൽ അനേകർ എൻെറ
നാമത്തിൽ വരും. ഞാനാകുന്നു മിശിഹാ
എന്ന് അവർ പറയും. അപ്പോൾ കാലം
സമീപിച്ചു. അവരുടെ പിന്നാലെ നിങ്ങൾ
പോകരുത്. യുദ്ധങ്ങളെയും, ലഹളകളെയും 9
കുറിച്ച് കേൾക്കുമ്പോൾ നിങ്ങൾ ഭയപ്പെട
രുത്. എന്തെന്നാൽ ഇവയെല്ലാം ആദ്യം
വരേണ്ടതാകുന്നു. എന്നാൽ അപ്പോഴും 10
അവസാനമാകയില്ല. ജനം ജനത്തിന് എതി
രായും രാജ്യം രാജ്യത്തിനെതിരായും എഴു
ന്നേല്ക്കും. അവിടവിടെ വലിയ ഭൂകമ്പങ്ങ 1
ളും ക്ഷാമവും വസന്തകളും ഉണ്ടാവും. ഭയ
വും സംഭ്രമവും ആകാശത്തുനിന്ന് വലിയ
അടയാളങ്ങളുമുണ്ടാകും. അതിവർഷവും
സംഭവിക്കും. ഇവയ്ക്കെല്ലാം മുമ്പായി 1
എൻെറ നാമത്തെ പ്രതി അവർ നിങ്ങളുടെ
മേൽ കൈവയ്ക്കും. നിങ്ങളെ പീഡിപ്പി
ക്കും. സംഘങ്ങളിലേക്കും കാരാഗൃഹങ്ങളി
ലേക്കും നിങ്ങളെ ഏല്പിക്കും. രാജാക്കന്മാ 1
രുടെയും നാടുവാഴികളുടെയും മുമ്പാകെ
നിങ്ങളെ അവർ കൊണ്ടുപോകും. അതു
നിങ്ങൾക്കു സാക്ഷ്യത്തിനായി ഭവിക്കും.
പ്രതിവാദത്തിനായി നിങ്ങൾ പഠിക്കേണ്ടതി 1
ല്ല എന്നു ഹൃദയത്തിൽ ഉറച്ചുകൊൾവിൻ.
എന്തെന്നാൽ നിങ്ങളുടെ സർവ്വ ശത്രുക്കൾ 1
കൂടിയാലും അതിനോടെതിർത്ത് നിൽപ്പാൻ
കഴിയാത്ത വായും നാവും ഞാൻ നിങ്ങൾ
ക്കു തരും. നിങ്ങളുടെ സ്വന്തപിതാക്കന്മാരും
നിങ്ങളുടെ സഹോദരന്മാരും നിങ്ങളുടെ
ചാർച്ചക്കാരും, നിങ്ങളുടെ സ്നേഹിതരും
തന്നെ നിങ്ങളെ ഏല്പിച്ചു കൊടുക്കും.
നിങ്ങളിൽ ചിലരെ കൊല്ലിക്കുകയും
ചെയ്യും. എൻെറ നാമത്തെ പ്രതി എല്ലാവ
രാലും നിങ്ങൾ നിരസിക്കപ്പെടും.നിങ്ങളു
ടെ തലയിലെ ഒരു തലനാരിഴപോലും
നശിച്ചുപോകയില്ല. നിങ്ങളുടെ സഹനം
കൊണ്ട് നിങ്ങളുടെ ജീവൻ നിങ്ങൾ നേടും.
"യറുശലേം സേനയാൽ ചുറ്റപ്പെട്ടിരി
ക്കുന്നതു കാണുമ്പോൾ അതിൻെറ പൂർണ്ണ
നാശം അടുത്തു എന്ന് അറിഞ്ഞുകൊള്ള
ണം. അപ്പോൾ യഹൂദ്യയിലുള്ളവർ, മല
യിലേക്ക് ഓടിപ്പോകട്ടെ. അതിനുള്ളിലുള്ള
വരും ഓടിപ്പോകട്ടെ. ഗ്രാമങ്ങളിലുള്ളവർ
അവിടേക്ക് പ്രവേശിക്കരുത്. എന്തെന്നാൽ
അവ, എഴുതപ്പെട്ടിരിക്കുന്ന സകലവും
നിറവേറ്റുവാൻവേണ്ടി പ്രതികാരത്തിൻെറ
നാളുകളാകുന്നു. ആ ദിവസങ്ങളിൽ ഗർഭി
ണികൾക്കും മുലകുടിപ്പിക്കുന്നവർക്കും
വലിയ ദുരിതം തന്നെ. എന്തെന്നാൽ ഭൂമി
യിൽ വലിയ ഞെരുക്കവും ഈ ജനത്തി
ന്മേൽ കോപവുമുണ്ടാകും. അവർ വാളി
ൻെറ വായ്ത്തലയാൽ വീഴും. എല്ലാ ദേശ

ത്തേക്കും അവർ അടിമകളായി കൊണ്ടു
പോകപ്പെടും. പുറജാതികളുടെ കാലം
തികയുവോളം പുറജാതികളാൽ യറുശലേം
ചവിട്ടി മെതിയ്ക്കപ്പെടും.
സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങ
ളിലും അടയാളങ്ങളും ഭൂമിയിലെ ജാതി
കൾക്ക് ഞെരുക്കവും സമുദ്രത്തിലെ മുഴ
ക്കത്തിന്റെ ഭയങ്കരതകൊണ്ട് ഭീതിയും,
ഭൂമിയിൽ എന്തോ സംഭവിക്കാനിരിക്കുന്നു
എന്നുള്ള ഭയംകൊണ്ട് മനുഷ്യർക്ക് പ്രാണ
ഹാനി വരത്തക്ക ഭയവും ഉണ്ടാകും.
ആകാശശക്തികൾ ഇളകും. അപ്പോൾ
മനുഷ്യന്റെ പുത്രൻ വളരെ ശക്തി
യോടും വലിയ മഹത്ത്വത്തോടുംകൂടെ
മേഘങ്ങളിൽ വരുന്നത് അവർ കാണും.
എന്നാൽ ഈ കാര്യങ്ങൾ സംഭവിച്ചു
തുടങ്ങുമ്പോൾ നിങ്ങളുടെ രക്ഷ അടു
ത്തിരിക്കുന്നതുകൊണ്ട് നിങ്ങളോ ധൈര്യ
പ്പെട്ട് നിങ്ങളുടെ ശിരസ് ഉയർത്തി
ക്കൊൾവിൻ."
താൻ അവരോട് ഒരു ഉപമ പറഞ്ഞു:
അത്തിവൃക്ഷത്തെയും മറ്റ് എല്ലാ വൃക്ഷങ്ങ
ളെയും നോക്കുവിൻ. അവ തളിർക്കുമ്പോൾ
വേനൽ അടുത്തിരിക്കുന്നുവെന്ന് നിങ്ങൾ
ഉടനെ മനസ്സിലാക്കുന്നു. അങ്ങനെതന്നെ
നിങ്ങളും ഇവയെല്ലാം സംഭവിക്കുന്നതു
കാണുമ്പോൾ, ദൈവരാജ്യം സമീപമാ
യിരിക്കുന്നു എന്നറിഞ്ഞുകൊള്ളണം. ഇവ
യെല്ലാം സംഭവിക്കുംവരെ ഈ തലമുറ
കഴിഞ്ഞുപോകയില്ല എന്നു ഞാൻ സത്യ
മായി നിങ്ങളോടു പറയുന്നു. ആകാശവും
ഭൂമിയും കടന്നുപോകും. എന്റെ വാക്കു
കളോ മാറിപ്പോകയില്ല. അതിഭക്ഷണത്താ
ലും, മദ്യലഹരിയാലും ലൌകികചിന്ത
യാലും ഒരിക്കലും നിങ്ങളുടെ ഹൃദയങ്ങൾ
ഭാരപ്പെടാതിരിപ്പാൻ സ്വയം കരുതിയിരി
പ്പിൻ. ആ ദിവസം പെട്ടെന്ന് നിങ്ങളുടെ
മേൽ വരും. എന്തെന്നാൽ ഒരു കെണി
എന്നപോലെ ഭൂമുഖത്തു പാർക്കുന്ന
എല്ലാവരുടെ മേലും അതു വന്നുവീഴും.
ആകയാൽ സംഭവിപ്പാനിരിക്കുന്ന ഇവ
യിൽനിന്നും ഓടിപ്പോകുവാനും മനുഷ്യ
പുത്രന്റെ മുമ്പാകെ നിങ്ങൾ നിൽക്കു
വാനും യോഗ്യരാകേണ്ടതിനും എല്ലാ
സമയത്തും നിങ്ങൾ ഉണർന്നിരുന്ന്
പ്രാർത്ഥിപ്പിൻ.
പകൽ സമയം ദൈവാലയത്തിൽ താൻ
പഠിപ്പിച്ചു. രാത്രിയിൽ 'ബെത്സൈത്താ'
(ഒലിവുമല)യിൽ പോയി കഴിച്ചുകൂട്ടി.
അവന്റെ വചനം കേൾപ്പാൻ ജനമെല്ലാം
തനിക്കുമുമ്പുതന്നെ ദൈവാലയത്തിൽ
എത്തിക്കൊണ്ടിരുന്നു.

അദ്ധ്യായം 22

'പെസഹാ' എന്നു വിളിക്കപ്പെടുന്ന 1
(പത്തീറാ) പുളിപ്പില്ലാത്ത അപ്പത്തിന്റെ
പെരുനാൾ സമീപിച്ചിരുന്നു. പ്രധാനാചാ 2
ര്യന്മാരും സൊപ്രേന്മാരും എങ്ങനെ തന്നെ
കൊല്ലണമെന്ന് ആലോചിച്ചു. എന്നാൽ
അവർ ജനത്തെ ഭയപ്പെട്ടിരുന്നു.
പന്തിരുവരുടെ ഗണത്തിൽ ഒരുവനാ 3
യിരുന്ന "സ്കറിയോത്ത"യെന്നു വിളിക്ക
പ്പെടുന്ന യൂദായിൽ സാത്താൻ പ്രവേശിച്ചു.
അവൻ പോയി പ്രധാനാചാര്യന്മാരോടും 4
സൊപ്രേന്മാരോടും 'ദൈവാലയ സേന'യുടെ
അധിപന്മാരോടും യേശുവിനെ അവൻ
അവർക്ക് ഒറ്റുക്കൊടുക്കുന്നത് സംബന്ധിച്ച്
സംസാരിച്ചു. അവർ സന്തുഷ്ടരായി അവന് 5
പണം കൊടുക്കാമെന്ന് ഉടമ്പടി ചെയ്തു.
അവൻ അവർക്കു വാക്കും കൊടുത്തു. 6
ജനക്കൂട്ടമില്ലാത്ത (അവസരത്തിൽ) തന്നെ
അവർക്ക് ഏല്പിച്ചുകൊടുക്കുവാൻ അവൻ
അവസരം അന്വേഷിച്ചുകൊണ്ടിരുന്നു.
പെസഹാ (കുഞ്ഞാട്) അറുക്കപ്പെ 7
ടുക പതിവുള്ള പത്തീറായുടെ ദിവസം
ആഗതമായി. യേശു കീപ്പായോടും യോഹ 8
ന്നാനോടും, 'നിങ്ങൾ പോയി നമുക്ക് ഭക്ഷി
പ്പാനായി പെസഹാ തയ്യാറാക്കുവിൻ' എന്നു
പറഞ്ഞയച്ചു. 'ഞങ്ങൾ എവിടെ തയ്യാറാക്ക 9
ണമെന്നാണ് അവിടുന്നാഗ്രഹിക്കുന്ന
തെന്ന്' അവർ ചോദിച്ചു. താൻ അവരോട് 10
'നിങ്ങൾ നഗരത്തിൽ പ്രവേശിക്കുമ്പോൾ
ഒരു കുടം വെള്ളം ചുമന്നുകൊണ്ട് ഒരാൾ
നിങ്ങളുടെ നേരെ വരും. അവന്റെ പിന്നാ 11
ലെ നിങ്ങൾ പോകണം. അവൻ പ്രവേശി
ക്കുന്നിടത്തെ വീട്ടുടമസ്ഥനോട് എനിക്ക്
എന്റെ ശിഷ്യന്മാരുമൊത്ത് പെസഹാ
ഭക്ഷണം നടത്തേണ്ട ഭവനം എവിടെ
യാകുന്നു എന്ന് ഞങ്ങളുടെ ഗുരു ചോ
ദിക്കുന്നുവെന്നു പറയണം. കണ്ടാലും,
വിരിച്ചൊരുക്കപ്പെട്ട ഒരു വലിയ മാളിക 12
അവൻ നിങ്ങൾക്കു കാണിച്ചു തരും.
അവിടെ തയ്യാറാക്കിക്കൊള്ളുവിൻ' എന്നു
പറഞ്ഞു. അവർ പോയി താൻ പറഞ്ഞതു 13
പോലെ കാണുകയും, പെസഹാ ഒരുക്കു
കയും ചെയ്തു.
സമയമായപ്പോൾ യേശു വന്ന് ഭക്ഷണ 14
ത്തിനിരുന്നു. തന്റെ പന്ത്രണ്ട് ശ്ലീഹന്മാരും
തന്നോട് കൂടെ ഇരുന്നു. താൻ അവരോട്
പറഞ്ഞു: "ഞാൻ പീഡയനുഭവിക്കുന്നതിനു 15

മുമ്പ് ഈ പെസഹാ നിങ്ങളുമൊരുമിച്ച്
ഭക്ഷിപ്പാൻ ഞാൻ അത്യധികം ആഗ്രഹിച്ചു.
16 എന്തെന്നാൽ ദൈവരാജ്യത്തിൽ പൂർത്തി
യാകുന്നതുവരെ ഇനി ഞാൻ ഇതു ഭക്ഷി
17 ക്കയില്ല എന്നു ഞാൻ നിങ്ങളോട് പറ
യുന്നു. താൻ കാസാ (പാന പാത്രം) എടുത്ത്
സ്തോത്രം ചെയ്തിട്ട്, ഇത് നിങ്ങൾ വാങ്ങി
നിങ്ങളുടെ ഇടയിൽ ഭാഗിച്ചെടുപ്പിൻ.
18 എന്തെന്നാൽ ദൈവരാജ്യം വരുന്നതുവരെ
മുന്തിരിച്ചാറിൽ നിന്ന് ഞാൻ കുടിക്കുക
യില്ല എന്നു ഞാൻ നിങ്ങളോട് പറയുന്നു.
19 താൻ അപ്പമെടുത്ത് സ്തോത്രം ചെയ്ത് മുറിച്ച്
അവർക്ക് കൊടുത്തുകൊണ്ട് അവരോട്
'ഇത് നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന
എൻെറ ശരീരമാകുന്നു. എൻെറ ഓർമ്മ
യ്ക്കായിട്ട് ഇതു നിങ്ങൾ ചെയ്തുകൊണ്ടി
20 രിക്കണം' എന്നു പറഞ്ഞു. അവർ ഭക്ഷണം
കഴിച്ചശേഷം ഇങ്ങനെ തന്നെ പാനപാത്ര
ത്തെക്കുറിച്ച് പറഞ്ഞു. ഈ പാനപാത്രം
നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എൻെറ
രക്തംകൊണ്ടുള്ള പുതിയ നിയമമാകുന്നു.
21 എന്നാലോ എന്നെ ഒറ്റിക്കൊടുക്കുന്ന
വൻെറ കൈ മേശമേലുണ്ട്. നിയോഗിക്ക
22 പ്പെട്ടിരിക്കുന്നതുപോലെ മനുഷ്യപുത്രൻ
പോകും. എന്നാൽ ആരുമൂലം അവൻ
ഏല്പിച്ചുകൊടുക്കപ്പെടുന്നുവോ ആ മനു
23 ഷ്യനു കഷ്ടം?" 'അവരിൽ ആരായിരിക്കാം
ഇതു ചെയ്യാനിരിക്കുന്നത്?' എന്ന് അവ
രുടെയിടയിൽ അന്യോന്യം അവർ അന്വേ
ഷിച്ചു തുടങ്ങി.
24 അവരിൽ വലിയവനാര്? എന്നൊരു
തർക്കവും അവർ തമ്മിൽ ഉണ്ടായി. യേശു
25 അവരോട്: "പുറജാതികളുടെ രാജാക്കന്മാർ
അവരുടെ ഉടയവരാകുന്നു. അവരുടെമേൽ
അധികാരം നടത്തുന്നവർ 'നന്മ ചെയ്യുന്ന
വർ' എന്നു വിളിക്കപ്പെടുകയും ചെയ്യുന്നു.
26 എന്നാൽ നിങ്ങൾ അങ്ങനെയല്ല. പ്രത്യുത
നിങ്ങളിൽ വലിയവൻ; ചെറിയവനെപ്പോ
ലെയും, നേതാവ് ശുശ്രൂഷകനെപ്പോലെ
27 യും ആയിരിക്കണം. എന്തെന്നാൽ ആരാണ്
വലിയവൻ? ഭക്ഷണത്തിനിരിക്കുന്നവനോ,
പരിചരിക്കുന്നവനോ? ഭക്ഷണത്തിനിരി
ക്കുന്നവനല്ലയോ? ഞാനാകട്ടെ നിങ്ങളുടെ
ഇടയിൽ ശുശ്രൂഷകനെപ്പോലെയാകുന്നു.
28 എൻെറ പരീക്ഷകളിൽ നിങ്ങൾ എന്നോടു
കൂടെ സ്ഥിതിചെയ്തു. എൻെറ പിതാവ്
29 രാജ്യം എനിക്കായി വാഗ്ദത്തം ചെയ്തതു
30 പോലെതന്നെ, ഞാനും നിങ്ങൾക്ക് വാഗ്ദാ
നം ചെയ്യുന്നു. നിങ്ങൾ എൻെറ രാജ്യത്തി
ലെ മേശയിൽനിന്ന് ഭക്ഷിക്കുകയും പാനം
ചെയ്കയും ചെയ്യും. നിങ്ങൾ സിംഹാസന
ങ്ങളിലിരുന്ന് ഇസ്രയേലിൻെറ പന്ത്രണ്ട്
ഗോത്രങ്ങളെയും വിധിക്കുകയും ചെയ്യും"
എന്നു പറഞ്ഞു.

യേശു ശെമഓനോട്: "ശെമഓനെ, 31
ഗോതമ്പിനെ എന്നപോലെ നിങ്ങളെ പാറ്റു
വാൻ സാത്താൻ ആഗ്രഹിക്കുന്നു. നിൻെറ 32
വിശ്വാസം കുറഞ്ഞുപോകാതിരിക്കേണ്ട
തിനു ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു.
നീയും തക്ക കാലത്ത് തിരിഞ്ഞ് (വീണ്ടും)
നിൻെറ സഹോദരന്മാരെ ഉറപ്പിക്കുക"
എന്നു പറഞ്ഞു. ശെമഓൻ തന്നോട്:
"എൻെറ കർത്താവെ,അങ്ങയോടുകൂടെ 33
കാരാഗൃഹത്തിനും മരണത്തിനും ഞാനൊ
രുങ്ങിയിരിക്കുന്നു" എന്നു പറഞ്ഞു. യേശു 34
അവനോട് "ശെമഓനെ, നീ എന്നെ അറി
യുകയേയില്ല എന്നു മൂന്നു പ്രാവശ്യം
എന്നെ തള്ളിപ്പറയുംവരെ ഇന്നു കോഴി
കൂവുകയില്ല എന്നു ഞാൻ നിന്നോടു പറ
യുന്നു" എന്നു പറഞ്ഞു.

"പണസഞ്ചികളും ഭാണ്ഡവും ചെരുപ്പു 35
കളും കൂടാതെ ഞാൻ നിങ്ങളെ അയച്ച
പ്പോൾ, എന്തിനെങ്കിലും നിങ്ങൾക്ക് കുറവു
ണ്ടായോ?" എന്നു താൻ അവരോട് ചോദി
ച്ചു. അവർ തന്നോട് 'ഇല്ല' എന്നു പറഞ്ഞു.
താൻ അവരോട്, "പണസഞ്ചിയുള്ളവൻ, 36
അതെടുക്കട്ടെ. അതുപോലെതന്നെ ഭാണ്ഡ
വും എടുത്തുകൊള്ളട്ടെ. വാളില്ലാത്തവൻ
തൻെറ വസ്ത്രം വിറ്റും വാൾ വാങ്ങിക്കൊ 37
ള്ളട്ടെ! 'അധർമ്മികളോടുകൂടെ ഞാൻ
എണ്ണപ്പെടും' എന്ന് എഴുതപ്പെട്ടിരിക്കു
ന്നതും എന്നിൽ നിവൃത്തിയാകേണ്ടതാ
കുന്നു." അവർ തന്നോട് 'ഇവിടെ രണ്ട് 38
വാൾ ഉണ്ട്' എന്നു പറഞ്ഞു. 'അതു മതി'
എന്നു താൻ അവരോടു പറഞ്ഞു.

പതിവുപോലെ താൻ ഒലിവുമലയി 39
ലേക്ക് പോയി. തൻെറ ശിഷ്യന്മാരും തൻെറ
പിന്നാലെ പോയി. ഒരു സ്ഥലത്തെത്തിയ 40
പ്പോൾ 'നിങ്ങൾ പരീക്ഷയിൽ അകപ്പെടാ
തിരിപ്പാൻ പ്രാർത്ഥിപ്പിൻ' എന്നു പറഞ്ഞു.
താനോ ഒരു കല്ലേറു ദൂരം അവരിൽനിന്നും 41
മാറി അകലെപ്പോയി മുട്ടുകുത്തി പ്രാർത്ഥി
ച്ചു: 'പിതാവേ അവിടത്തേക്ക് ഇഷ്ടമെങ്കിൽ 42
ഈ പാനപാത്രം എന്നെ വിട്ടുമാറിപ്പോക
ണമെ; എങ്കിലും എൻെറ ഇഷ്ടമല്ല അവി
ടത്തെ ഇഷ്ടം ആകട്ടെ' (അപ്പോൾ) തന്നെ 43
ശക്തീകരിക്കുന്നതിനായി മാലാഖ സ്വർഗ്ഗ
ത്തിൽനിന്നും തനിക്കു പ്രത്യക്ഷപ്പെട്ടു.
താൻ ഭക്തിപൂർവ്വം അതിവേദനയോടെ 44
പ്രാർത്ഥിച്ചു. തൻെറ വിയർപ്പു രക്തത്തുള്ളി

കൾപോലെയായി നിലത്തുവീണു. താൻ
പാർത്ഥന കഴിഞ്ഞെഴുന്നേറ്റ് ശിഷ്യന്മാ
ുടെ സമീപം വന്നു. മനോവേദനമൂലം
അവർ ഉറങ്ങുന്നതായി കണ്ടു. താൻ അവ
രോട് "നിങ്ങൾ ഉറങ്ങുന്നതെന്ത്? പരീക്ഷ
യിൽ അകപ്പെടാതിരിപ്പാൻ, ഉണർന്നിരുന്നു
പാർത്ഥിപ്പിൻ" എന്നു പറഞ്ഞു.
താൻ സംസാരിച്ചുകൊണ്ടിരിക്കു
മ്പാൾ, ഇതാ ഒരു ജനക്കൂട്ടം. പന്തിരുവ
ിൽ ഒരുവനായ യൂദാ എന്നു വിളിക്കപ്പെടു
നവൻ അവരുടെ മുമ്പിലുമായി വരുന്നു.
അവൻ യേശുവിൻെറ അടുത്തുവന്ന് തന്നെ
ചും ബിച്ചു. എന്തെന്നാൽ, 'ഞാൻ ആരെയാ
ണാ ചുംബിക്കുന്നത് അവനാണ് ആൾ'
എന്ന് അവർക്ക് ലക്ഷ്യം കൊടുത്തിട്ടുണ്ടാ
യിരുന്നു. യേശു അവനോട് 'യൂദായേ
ചുംബനംകൊണ്ടാണോ മനുഷ്യപുത്രനെ
ഏല്പിച്ചുകൊടുക്കുന്നത്' എന്നു പറഞ്ഞു.
സംഭവിച്ചത് തൻെറ കൂടെയുള്ളവർ
കണ്ടപ്പോൾ അവർ തന്നോട് 'ഞങ്ങളുടെ
കർത്താവേ, ഞങ്ങൾ ഇവരെ വാളുകൾ
കൊണ്ട് വെട്ടട്ടെയോ,' എന്നു ചോദിച്ചു.
അവരിൽ ഒരുവൻ മഹാപുരോഹിതൻെറ
ദാസനെ വെട്ടി അവൻെറ വലതു ചെവി
മുറിച്ചു കളഞ്ഞു. 'ഇത്രത്തോളം മതി' എന്ന്
യേശു പറഞ്ഞിട്ട്, വെട്ടേറ്റവൻെറ ചെവി
തൊട്ട് സുഖപ്പെടുത്തി.
തനിക്കെതിരായി വന്നവരോട് യേശു
പറഞ്ഞു. "പ്രധാനാചാര്യന്മാരേ, മൂപ്പന്മാരേ,
ദൈവാലയ സേനാനായകന്മാരേ ഒരു
കള്ളൻെറ നേരെ എന്നപോലെ, എന്നെ
പിടിക്കുവാനായി വാളുകളും വടികളുമായി
എൻെറ നേരെ നിങ്ങൾ പുറപ്പെട്ടിരിക്കുന്നു.
ദൈവാലയത്തിൽ പ്രതിദിനം നിങ്ങളോ
ടൊരുമിച്ച് ഞാൻ ഉണ്ടായിരുന്നുവല്ലോ.
നിങ്ങൾ എനിക്കെതിരായി കൈ ഓങ്ങി
യില്ലല്ലോ. എന്നാൽ ഇതാകട്ടെ നിങ്ങളുടെ
സമയവും അന്ധകാരത്തിൻെറ അധികാര
വുമാകുന്നു എന്നു പറഞ്ഞു.
അവർ തന്നെ പിടികൂടി, മഹാപുരോഹി
തൻെറ ഭവനത്തിലേക്ക് കൊണ്ടുപോയി.
ശെമഓൻ അകലെ തൻെറ പിന്നാലെ വന്നു
കൊണ്ടിരുന്നു. മുറ്റത്തിൻെറ നടുവിൽ
അവർ തീകത്തിച്ച് അതിനുചുറ്റും ഇരുന്നു.
ശെമഓൻ അവരുടെയിടയിൽ ഇരുന്നു.
അവൻ തീ കാഞ്ഞുകൊണ്ടിരിക്കുന്നതായി
ഒരു യുവതി കണ്ടു. അവനെ സൂക്ഷിച്ചു
നോക്കി; 'ഇയാളും അയാളോടു കൂടെയായി
രുന്നു' എന്നു പറഞ്ഞു. അവൻ "സ്ത്രീയേ
താൻ അയാളെ അറിയുകയേയില്ല" എന്നു
തള്ളിപ്പറഞ്ഞു. അല്പനേരം കഴിഞ്ഞ് 58
മറ്റൊരുവൻ അവനെ കണ്ടിട്ട് അവനോട്
'നീയും അവരിൽ പെട്ടവനാകുന്നു' എന്നു
പറഞ്ഞു. 'ഞാൻ ആയിരുന്നില്ല' എന്ന്
അവൻ പറഞ്ഞു. ഒരു നാഴിക നേരം കഴിഞ്ഞ് 59
ഒരുവൻ വാദിച്ചുകൊണ്ട് തന്നെ പറഞ്ഞു:
'സത്യമായിട്ടും ഇവനും അവനോടുകൂടെയു
ണ്ടായിരുന്നു. എന്തെന്നാൽ ഇവനും ഗലീ
ലക്കാരനത്രേ.' അപ്പോൾ കീപ്പാ, 'മനുഷ്യാ 60
നീയെന്താണ് പറയുന്നതെന്ന് എനിക്കറി
ഞ്ഞുകൂടാ' എന്നു പറഞ്ഞു. അവൻ അതു
സംസാരിക്കുമ്പോൾ കോഴികൂവി.
യേശു തിരിഞ്ഞ് കീപ്പായെ സൂക്ഷിച്ചു 61
നോക്കി. 'കോഴി കൂവുന്നതിനുമുമ്പ് നീ
മൂന്നു പ്രാവശ്യം എന്നെത്തള്ളിപ്പറയും'
എന്ന് നമ്മുടെ കർത്താവ് അവനോട്
പറഞ്ഞിരുന്ന വാചകം ശെമഓൻ ഓർത്തു. 62
ശെമഓൻ പുറത്തേക്കിറങ്ങിപ്പോയി അതി
വേദനയോടെ കരഞ്ഞു.
യേശുവിനെ ബന്ധനസ്ഥനാക്കി 63
യിരുന്ന ആളുകൾ തന്നെ ആക്ഷേപിക്കു
കയും മുഖം മൂടിയിട്ട് തൻെറ മുഖത്തടിക്കു 64
കയും 'നിന്നെ അടിച്ചതാരാണെന്ന് പ്രവചി
ക്കുക' എന്നും പറഞ്ഞു മറ്റ് അനേക വിധ
ത്തിലും തനിക്കെതിരെ അവർ ദൂഷണം 65
പറഞ്ഞുകൊണ്ടിരുന്നു.
പ്രഭാതമായപ്പോൾ പ്രധാനാചാര്യന്മാ 66
രും കശീശന്മാരും, സൊപ്രേന്മാരും ഒരുമി
ച്ചു കൂടി അവരുടെ സംഘാലയത്തിലേക്ക്
തന്നെ കൊണ്ടുപോയി. അവർ തന്നോട് 67
'നീ മ്ശീഹാ ആകുന്നുവെങ്കിൽ ഞങ്ങളോട്
പറയുക' എന്നു പറഞ്ഞു. താൻ അവരോട്:
'ഞാൻ നിങ്ങളോട് പറഞ്ഞാൽ നിങ്ങൾ 68
എന്നെ വിശ്വസിക്കുകയില്ല. ഞാൻ ചോദി
ച്ചാൽ നിങ്ങൾ ഉത്തരം പറയുകയോ എന്നെ
അഴിച്ചുവിടുകയോ ചെയ്കയില്ല. മനുഷ്യ
പുത്രൻ ഇപ്പോൾ മുതൽ ദൈവത്തിൻെറ 69
ശക്തിയുടെ വലതുഭാഗത്ത് ഇരിക്കും' എന്നു
പറഞ്ഞു. അപ്പോൾ എല്ലാവരുംകൂടി 'ആക 70
യാൽ നീ ദൈവത്തിൻെറ പുത്രനാണോ?'
എന്നു ചോദിച്ചു. 'ഞാൻ ആകുന്നു എന്ന്
നിങ്ങൾ തന്നെ പറയുന്നുവല്ലോ' എന്നു
പറഞ്ഞു. അപ്പോൾ അവർ, 'ഇനി നമുക്ക് 71
സാക്ഷികളെക്കൊണ്ട് എന്താവശ്യം?
എന്തെന്നാൽ ഇവൻെറ വായിൽനിന്നു
തന്നെ നാം കേട്ടുവല്ലോ' എന്നു പറഞ്ഞു.

അദ്ധ്യായം 23

അവരുടെ ആ സംഘമെല്ലാം എഴുന്നേറ്റ് 1
തന്നെ പീലാത്തോസിൻെറ സന്നിധിയിൽ

2 കൊണ്ടുപോയി. അവർ തന്നെക്കുറിച്ച്
കുറ്റാരോപണം തുടങ്ങി. 'ഇവൻ ഞങ്ങളുടെ
ജനത്തെ വഴിതെറ്റിക്കുന്നതായും, കൈസ
റിന് തലവരി കൊടുക്കേണ്ടതില്ല എന്ന്
തടസ്സം ചെയ്യുന്നതായും ഞങ്ങൾ കണ്ടിരി
ക്കുന്നു. താൻ മ്ശീഹാ എന്ന രാജാവാകു
ന്നു എന്ന് തന്നെക്കുറിച്ച് തന്നെ പറയു
കയും ചെയ്യുന്നു' എന്ന് അവർ പറഞ്ഞു.
3 പീലാത്തോസ് തന്നോട് 'നീ യഹൂദന്മാരു
ടെ രാജാവാണോ?' എന്നു ചോദിച്ചു. യേശു
അയാളോട് 'അങ്ങുതന്നെ പറഞ്ഞുവല്ലോ.'
4 എന്നു പറഞ്ഞു. പീലാത്തോസ് പ്രധാനാ
ചാര്യന്മാരോടും സംഘത്തോടുമായിട്ട് 'ഈ
മനുഷ്യനെതിരായിട്ട് ഒരു കുറ്റവും ഞാൻ
കാണുന്നില്ല' എന്നു പറഞ്ഞു. അവർ ഉച്ച
5 ത്തിൽ പറഞ്ഞു: 'ഇവൻ യഹൂദാ മുഴുവ
നിലും പഠിപ്പിച്ച് ഞങ്ങളുടെ ജനത്തെ കല
6 ക്കിയിരിക്കുകയാണ്. ഗലീലായിൽ തുടങ്ങി
ഇവിടെവരെ ആയിരിക്കുന്നു.' 'ഗലീല'
എന്ന പേരു കേട്ടപ്പോൾ, 'ഈ മനുഷ്യൻ
7 ഗലീലക്കാരനാണോ' എന്ന് പീലാത്തോസ്
ചോദിച്ചു. ഹേറോദേസിന്റെ അധികാരാ
തിർത്തിയിൽപെട്ടവനാണ് താൻ, എന്ന്
പീലാത്തോസ് അറിഞ്ഞപ്പോൾ, ഹേറോ
ദേസിന്റെ അടുത്തേക്ക് യേശുവിനെ
അയാൾ അയച്ചു. എന്തെന്നാൽ ആ നാളു
കളിൽ ഹേറോദേസ് യറുശലേമിൽ ഉണ്ടാ
8 യിരുന്നു. ഹേറോദേസ് യേശുവിനെ കണ്ട
പ്പോൾ വളരെ സന്തോഷിച്ചു. അയാൾ വള
9 രെക്കാലമായി തന്നെ കാണുവാൻ ആഗ്ര
ഹിച്ചിരിക്കുകയായിരുന്നു. എന്തെന്നാൽ
തന്നെക്കുറിച്ച് വളരെ കാര്യങ്ങൾ അയാൾ
കേൾക്കുകയും, തന്നിൽനിന്ന് എന്തെങ്കി
ലും അത്ഭുതം കാണാം എന്ന് വിചാരിക്ക
10 യും ചെയ്തിരുന്നു. അയാൾ വളരെയേറെ
കാര്യങ്ങൾ തന്നോട് ചോദിച്ചു. യേശുവാ
കട്ടെ യാതൊരുത്തരവും പറഞ്ഞില്ല. പ്രധാ
നാചാര്യന്മാരും, സൊപ്രേന്മാരും നിന്നു
കൊണ്ട് ഉഗ്രമായി തന്നിൽ കുറ്റാരോപണം
11 നടത്തിക്കൊണ്ടിരുന്നു. ഹേറോദേസും
അയാളുടെ പടയാളികളും തന്നെ നിന്ദിച്ചു.
ആക്ഷേപിച്ചുകൊണ്ട് ചുമപ്പുകുപ്പായം
ധരിപ്പിച്ച് തന്നെ പീലാത്തോസിന്റെ അടു
12 ക്കലേക്ക് അയച്ചു. ആ ദിവസം ഹേറോ
ദേസും പീലാത്തോസും പരസ്പരം സ്നേ
ഹിതന്മാരായി. എന്തെന്നാൽ മുമ്പ് അവർ
തമ്മിൽ ശത്രുതയുണ്ടായിരുന്നു.
13 പീലാത്തോസ് പ്രധാനാചാര്യന്മാ
രെയും സംഘപ്രമാണികളെയും, ജനത്തെ
14 യും വിളിച്ച് അവരോട്: 'ഈ മനുഷ്യൻ നിങ്ങ
ളുടെ ജനത്തെ തെറ്റിക്കുന്നവൻ എന്നവണ്ണം
എന്റെ മുമ്പാകെ ഹാജരാക്കി. നിങ്ങളുടെ
മുമ്പിൽവച്ച് തന്നെ ഇയാളെ ഞാൻ പരി
ശോധിച്ചു. നിങ്ങൾ ഈയാളിൽ ആരോപി
ക്കുന്ന ഒരു കുറ്റവും ഈ മനുഷ്യനിൽ ഞാൻ
കണ്ടില്ല. ഹേറോദേസും കണ്ടില്ല. എന്തെ
ന്നാൽ അയാളുടെ അടുത്തേക്ക് ഞാൻ
അയച്ചുവല്ലോ. മരണാർഹമായ ഒരു പ്രവൃ
ത്തിയും അവനിൽ കണ്ടില്ല. ആകയാൽ
ഞാൻ ഈയാൾക്ക് ശിക്ഷകൊടുത്ത് വിട്ട
യയ്ക്കും' എന്നു പറഞ്ഞു. പെരുനാളിൽ
ഒരുവനെ മോചിപ്പിക്കുന്ന ഒരു പതിവ്
ഉണ്ടായിരുന്നു. ജനമെല്ലാം അട്ടഹസിച്ചു
കൊണ്ട് ഇവനെ നീക്കികളക; ബാർ
ആബായെ വിട്ടു തരിക എന്നു പറഞ്ഞു
കൊണ്ടിരുന്നു. ഈ ബാർആബ പട്ടണത്തി
ലുണ്ടായ കലഹവും കൊലപാതകവും
നിമിത്തം കാരാഗൃഹത്തിൽ അടയ്ക്കപ്പെ
ട്ടവനായിരുന്നു. യേശുവിനെ വിട്ടയയ്ക്കു
വാൻ ആഗ്രഹിച്ചുകൊണ്ട് പീലാത്തോസ്
വീണ്ടും അവരോട് സംസാരിച്ചു. എന്നാൽ
അവരോ, 'അവനെ ക്രൂശിക്കുക, ക്രൂശി
ക്കുക' എന്ന് ആർത്തുകൊണ്ടിരുന്നു.
മൂന്നാമതും അയാൾ അവരോട്: 'ഈ മനു
ഷ്യൻ എന്തു ദോഷമാണ് ചെയ്തത്? മരണ
ത്തിന് യോഗ്യമായ ഒരു കുറ്റവും ഞാൻ
ഈയാളിൽ കണ്ടിട്ടില്ല. ആകയാൽ ഞാൻ
ശിക്ഷിച്ച് വിട്ടയയ്ക്കും' എന്നു പറഞ്ഞു.
എന്നാൽ അവരോ വലിയ ശബ്ദത്തിൽ
അവനെ ക്രൂശിക്കണമെന്ന് പിന്നെയും
പിന്നെയും അപേക്ഷിച്ചു. അവരുടെയും
പ്രധാനാചാര്യന്മാരുടെയും ശബ്ദം ശക്തി
പ്പെട്ടു. അപ്പോൾ പീലാത്തോസ്, അവരുടെ
അപേക്ഷ നടക്കട്ടെ എന്നുത്തരവായി. കല
ഹവും കൊലപാതകവും നിമിത്തം തടവിൽ
കിടന്നിരുന്നവനും അവർ ആവശ്യപ്പെട്ടവ
നുമായ ബാർആബായെ അവർക്കായി
മോചിപ്പിച്ചുകൊടുത്തു. യേശുവിനെയോ
അവരുടെ ഇഷ്ടാനുസരണം ചെയ്‌വാൻ
ഏല്പിച്ചുംകൊടുത്തു.

അവർ തന്നെ കൊണ്ടുപോകുമ്പോൾ,
ഗ്രാമത്തിൽ നിന്നു വന്നിരുന്ന കുറിൻകാരൻ
ശെമഓനെ അവർ പിടികൂടി യേശുവിന്റെ
പിറകിൽനിന്ന് കുരിശ് വഹിപ്പാനായി അവ
ന്റെ മേൽവച്ചു. വളരെയേറെ ജനങ്ങളും,
തന്നെക്കുറിച്ച് വിലപിച്ചുകൊണ്ട് സ്ത്രീകളും
തന്റെ പിന്നാലെ വന്നു. യേശു ആ സ്ത്രീക
ളുടെ നേരെ തിരിഞ്ഞ് അവരോട് പറഞ്ഞു:
"യറുശലേം പുത്രിമാരേ, നിങ്ങൾ എന്നെക്കു
റിച്ച് കരയേണ്ട. പിന്നെയോ നിങ്ങളേയും

നിങ്ങളുടെ മക്കളെയും ഓർത്ത് കരയുവിൻ.
എന്തെന്നാൽ, ഇതാ, 'വന്ധ്യകൾക്കും, പ്രസ
വിക്കാത്ത ഉദരങ്ങൾക്കും, കുടിപ്പിക്കാത്ത
മുലകൾക്കും ഭാഗ്യം' എന്നു പറയുന്ന നാളു
കൾ വരും. അപ്പോൾ നിങ്ങൾ മലകളോടു
'ഞങ്ങളുടെമേൽ വീഴുവിൻ, കുന്നുകളോട്
ഞങ്ങളെ മൂടിക്കൊള്ളേണമേ' എന്നും
പറയും. പച്ചമരത്തോട് ഇവർ ഇങ്ങനെ
യാണ് ചെയ്യുന്നതെങ്കിൽ ഉണങ്ങിയതിനു
എന്തായിരിക്കും സംഭവിക്കുക?" ദുഷ്പ്രവൃ
ത്തിക്കാരായ മറ്റു രണ്ടുപേർകൂടി വധിക്ക
പ്പെടേണ്ടതിനായി തന്നോടുകൂടെ വരുന്നു
ണ്ടായിരുന്നു. 'തലയോട്' എന്ന് വിളിക്കപ്പെ
ടുന്ന ഒരു സ്ഥലത്ത് അവർ വന്നപ്പോൾ
അവിടെ അവർ തന്നെ ക്രൂശിച്ചു. ആ ദുഷ്പ്ര
വൃത്തിക്കാരിൽ ഒരുവനെ തൻെറ വലത്തും
ഒരുവനെ തൻെറ ഇടത്തുമായി ക്രൂശിച്ചു.
യേശു പറഞ്ഞു: "പിതാവേ ഇവരോട്
ക്ഷമിക്കണമേ, എന്തെന്നാൽ ഇവർ എന്താ
ണ് ചെയ്യുന്നതെന്ന് ഇവർ അറിയുന്നില്ല."
അവർ തൻെറ വസ്ത്രങ്ങൾ വിഭജിച്ചെടുത്തു.
അവയ്ക്കായി ചീട്ടിട്ടു. ജനം കണ്ടുനിന്നു.
പ്രമാണികളും തന്നെ പരിഹസിച്ചുകൊണ്ട്,
'ഇവൻ മറ്റുള്ളവരെ ജീവിപ്പിച്ചല്ലോ. ഇവൻ
ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ട
വനായ മ്ശീഹായാണെങ്കിൽ തന്നെത്ത
ന്നെ ജീവിപ്പിക്കട്ടെ' എന്ന് അവർ പറഞ്ഞു.
പടയാളികളും തൻെറ അടുത്തുവന്ന് തന്നെ
പരിഹസിച്ചു. തനിക്ക് അവർ ചൊറുക്കാ
കൊടുത്ത് 'നീ യഹൂദന്മാരുടെ രാജാവെ
ങ്കിൽ നീ നിന്നെത്തന്നെ ജീവിപ്പിക്കുക'
എന്നു പറഞ്ഞു. "ഇവൻ യഹൂദന്മാരുടെ
രാജാവ് ആകുന്നു" എന്ന് ഗ്രീക്ക്, ലത്തീൻ,
എബ്രായ ഭാഷകളിൽ എഴുതിയ ഒരു മേലെ
ഴുത്തും തനിക്കു മുകളിലായി വയ്ക്കപ്പെട്ടി
രുന്നു. തന്നോടൊരുമിച്ച് ക്രൂശിക്കപ്പെട്ടി
രുന്ന ആ ദുഷ്ക്കർമ്മികളിലൊരുവൻ
തന്നെ ദുഷിച്ചുകൊണ്ട് 'നീ മ്ശിഹാ ആകു
ന്നുവെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക,
ഞങ്ങളെയും രക്ഷിക്കുക' എന്നു പറഞ്ഞു.
അവൻെറ കൂട്ടുകാരൻ അവനെ ശാസിച്ചു
കൊണ്ട്: 'നീ ശിക്ഷാവിധിയിൽപ്പെട്ടിട്ടും
ദൈവത്തെ നിനക്ക് ഭയമില്ലയോ? നമ്മൾ
പ്രവർത്തിച്ചിരുന്നതിന് ന്യായമായ പ്രതി
ഫലമാണ് അനുഭവിക്കുന്നത്. എന്നാൽ
ഇദ്ദേഹമോ നിഷിദ്ധമായ യാതൊന്നും
ചെയ്തവനല്ല' എന്നു പറഞ്ഞു. അവൻ യേശു
വിനോട് "എൻെറ കർത്താവേ, അങ്ങ് അവി
ടത്തെ രാജ്യത്തിൽ വരുമ്പോൾ എന്നെ
ഓർക്കണമേ" എന്നു പറഞ്ഞു. യേശു അവ
നോട് "സത്യമായും ഞാൻ നിന്നോട് പറ
യുന്നു, ഇന്ന് നീ എന്നോടുകൂടെ പറുദീ
സായിൽ ആയിരിക്കും" എന്നു പറഞ്ഞു.
ഏകദേശം ആറാംമണിനേരമായി 44
രുന്നു. ഒമ്പതാം മണിവരെ ഭൂതലമാകെ
ഇരുൾ വ്യാപിച്ചു. സൂര്യൻ അന്ധകാരപ്പെട്ടു. 45
ദൈവാലയത്തിൻെറ തിരശ്ശീല നടുവെ
കീറിപ്പോയി. എൻെറ പിതാവേ, എൻെറ 46
ആത്മാവിനെ അവിടുത്തെ കൈകളിൽ
സമർപ്പിക്കുന്നു." എന്ന് ഉച്ചസ്വരത്തിൽ
യേശു അട്ടഹസിച്ചു പറഞ്ഞു. ഇതു പറ
ഞ്ഞിട്ട് താൻ ജീവൻ വിട്ടു.
സംഭവിച്ചത് ശതാധിപൻ കണ്ടപ്പോൾ, 47
അയാൾ ദൈവത്തെ സ്തുതിക്കയും "ഈ
മനുഷ്യൻ സത്യമായിട്ടും പുണ്യവാനാ
യിരുന്നു" എന്നു പറയുകയും ചെയ്തു. ഈ 48
കാഴ്ച കാണാൻ കൂടിയിരുന്ന പുരുഷാര
മെല്ലാം സംഭവിച്ചവ കണ്ടിട്ട് നെഞ്ചത്തടിച്ചു
കരഞ്ഞുകൊണ്ട് തിരികെപ്പോയി. യേശു 49
വിനെ അറിയുന്നവരെല്ലാവരും, ഗലീല
യിൽനിന്ന് തൻെറ കൂടെ വന്ന സ്ത്രീകളും
ദൂരെനിന്ന് ഇതെല്ലാം കണ്ടുകൊണ്ടിരുന്നു.
യഹൂദ്യയിലെ റാംസാ നഗരക്കാരനാ 50
യ യൗസേഫ് എന്നു പേരുള്ള ഒരു സംഘാം
ഗമുണ്ടായിരുന്നു. അയാൾ നല്ലവനും പുണ്യ
വാനുമായിരുന്നു. ഇയാൾ യഹൂദരുടെ 51
ഇഷ്ടത്തിനും പ്രവൃത്തിക്കും സഹകരിക്കാ
തെ ദൈവരാജ്യത്തെ പ്രതീക്ഷിച്ചിരുന്ന
ഒരുവനായിരുന്നു. അയാൾ പീലാത്തോ 52
സിനെ സമീപിച്ച്, യേശുവിൻെറ ശരീരത്തി
നായി അപേക്ഷിച്ചു. അയാൾ ശരീരം ഇറക്കി
കേത്താന ശീലകളിൽ ചുറ്റിപ്പൊതിഞ്ഞ് 53
അതുവരെയും ആരെയും വച്ചിട്ടില്ലാത്ത
പാറകുഴിച്ചുണ്ടാക്കപ്പെട്ട ഒരു കല്ലറയിൽ
തന്നെ സംസ്കരിച്ചു. അതു വെള്ളിയാഴ്ച 54
ദിവസമായിരുന്നു. ശാബത് ആരംഭിക്കാറു 55
മായിരുന്നു. ഗലീലയിൽനിന്ന് തൻെറകൂടെ
വന്നിരുന്ന സ്ത്രീകൾ അടുത്തുണ്ടായിരുന്നു.
അവർ കല്ലറയും തൻെറ ശരീരം സംസ്ക്ക
രിക്കപ്പെട്ട സ്ഥലവും കണ്ടു. അവർ തിരികെ 56
പോയി, പരിമള വസ്തുക്കളും സുഗന്ധദ്രവ്യ
ങ്ങളും ഒരുക്കി. കല്പിക്കപ്പെട്ടിരിക്കുന്ന
പ്രകാരം അവർ ശാബതിൽ സ്വസ്ഥമായി
കഴിച്ചുകൂട്ടി.

അദ്ധ്യായം 24

ഞായറാഴ്ച അതിരാവിലെ ഇരുട്ടുള്ള 1
പ്പോൾ അവർ ഒരുക്കിവച്ചിരുന്ന സുഗന്ധ
വർഗം എടുത്തുകൊണ്ട് അവർ കല്ലറയിങ്കൽ
എത്തി. അവരുടെകൂടെ മറ്റ് സ്ത്രീകളും ഉണ്ടാ

2 യിരുന്നു. കല്ലറയിങ്കൽനിന്നും കല്ല് ഉരുട്ടി
മാറ്റപ്പെട്ടിരിക്കുന്നതായി അവർ കണ്ടു.
3 അവർ ഉള്ളിലേക്ക് കടന്നു. യേശുവിൻെറ
4 ശരീരം (അവിടെ) കണ്ടില്ല. അവർ ഇതേപ്പറ്റി
അത്ഭുതപ്പെട്ടു നില്ക്കുമ്പോൾ ഇതാ, രണ്ടു
പേർ അവർക്കുപരിയായി വന്നുനിന്നു. അവ
5 രുടെ വസ്ത്രം തിളങ്ങിക്കൊണ്ടിരുന്നു. സ്ത്രീ
കൾ ഭയപ്പെട്ട് നിലത്തേക്ക് മുഖം തിരിച്ചു
6 നില്ക്കവേ, അവർ അവരോട്: "നിങ്ങൾ,
ജീവിച്ചിരിക്കുന്നവനെ മരിച്ചവരുടെ ഇട
യിൽ അന്വേഷിക്കുന്നതെന്ത്? താൻ ഇവി
7 ടെയില്ല. താൻ പുനരുത്ഥാനം ചെയ്തി
രിക്കുന്നു. താൻ ഗലീലയിൽ ആയിരിക്കു
മ്പോൾ നിങ്ങളോട് പറഞ്ഞിട്ടുള്ളവ
ഓർക്കുവിൻ: 'മനുഷ്യപുത്രൻ പാപികളായ
മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടും.
അവൻ ക്രൂശിക്കപ്പെടും. അവൻ മൂന്നാം
ദിവസം ഉയിർത്തെഴുന്നേല്ക്കും' എന്ന്
താൻ പറഞ്ഞിട്ടുണ്ടായിരുന്നുവല്ലോ" എന്നു
8 പറഞ്ഞു. അവർ തൻെറ വചനങ്ങൾ
9 ഓർത്തു, അവർ കല്ലറയിങ്കൽനിന്നു തിരി
കെപ്പോയി, ആ പതിനൊന്നുപേരോടും
മറ്റുള്ളവരോടും ഇവയെല്ലാം പറഞ്ഞു.
10 അവർ മറിയം മഗ്ദലൈത്തായും, യോഹ
ന്നായും, യാക്കോബിൻെറ മാതാവായ
മറിയാമും, അവരൊന്നിച്ചുണ്ടായിരുന്ന
മറ്റുള്ളവരുമാണ് ശ്ലീഹന്മാരോട് പറഞ്ഞത്.
11 അവരുടെ ദൃഷ്ടിയിൽ ഈ വചനങ്ങൾ
കഥ പറച്ചിൽ പോലെയാണ് തോന്നിയത്.
12 അവർ അവരെ വിശ്വസിച്ചില്ല. എന്നാൽ
ശെമഓൻ എഴുന്നേറ്റ് കല്ലറയിങ്കലേക്ക്
ഓടിച്ചെന്നു, സൂക്ഷിച്ചുനോക്കിയപ്പോൾ
കേത്താന തുണികൾമാത്രം അവിടെ
വയ്ക്കപ്പെട്ടിരിക്കുന്നതായി കണ്ടു. സംഭ
വിച്ചവയെക്കുറിച്ച് അവൻ അത്ഭുതപ്പെട്ടു
മടങ്ങിപ്പോയി.
13 ആ ദിവസം തന്നെ അവരിൽ രണ്ടുപേർ
"എമ്മാവോസ്" എന്ന ഗ്രാമത്തിലേക്ക്
പോകുകയായിരുന്നു. അത് യറുശലേമിൽ
നിന്ന് അറുപത് 'സ്താദി' അകലെയായി
14 രുന്നു. സംഭവിച്ചവ എല്ലാറ്റിനെപ്പറ്റിയും
15 അവർ പരസ്പരം സംസാരിച്ചിരുന്നു. അവർ
തമ്മിൽ സംസാരിക്കുകയും ചർച്ച ചെയ്യു
കയും ചെയ്യുകൊണ്ടിരിക്കെ യേശു വന്ന്
അവരോടടുത്തു. അവരോട് കൂടെ താൻ
16 നടന്നു. തന്നെ അവർ തിരിച്ചറിയാതിരിക്ക
ത്തക്കവണ്ണം അവരുടെ കണ്ണുകൾ അടഞ്ഞി
17 രുന്നു. താൻ അവരോട് "നിങ്ങൾ സങ്കട
ത്തോടെ നടന്നുകൊണ്ട് പരസ്പരം സംസാ
രിക്കുന്ന ഈ വാക്കുകൾ എന്താണ്?"

എന്നു ചോദിച്ചു. അവരിൽ ക്ലേയോപ്പാ 18
എന്നു പേരുള്ളവൻ ഉത്തരമായിട്ട്: 'നീ
മാത്രം യറുശലേമിൽനിന്ന് അന്യനായിരി
ക്കുന്നോ? ഈ ദിവസങ്ങളിൽ അവിടെ
സംഭവിച്ചതൊന്നും നീ അറിഞ്ഞില്ലയോ?'
എന്നു ചോദിച്ചു. "എന്ത്" എന്ന് താൻ അവ
രോട് ചോദിച്ചു. അവർ തന്നോട്, "നസ്രായ 19
നായ യേശുവിനെക്കുറിച്ച് തന്നെ. അദ്ദേഹം
ദീർഘദർശിയായിരുന്നു. ദൈവത്തിൻെറ
യും ജനത്തിൻെറയും മുമ്പാകെ അദ്ദേഹം
വാക്കിലും പ്രവൃത്തിയിലും ശക്തനുമായി
രുന്നു. പ്രധാനാചാര്യന്മാരും കശീശന്മാരും 20
മരണശിക്ഷയ്ക്ക് അദ്ദേഹത്തെ ഏല്പിക്കു
കയും തന്നെ ക്രൂശിക്കുകയും ചെയ്തു. ഇസ്ര
യേലിനെ രക്ഷിപ്പാനിരിക്കുന്നവൻ ഇദ്ദേഹ 21
മത്രെ എന്നാണ് ഞങ്ങൾ വിചാരിച്ചിരുന്ന
ത്. എന്നാൽ ഇങ്ങനെയെല്ലാം സംഭവിച്ചിട്ട്
ഇപ്പോൾ മൂന്നു ദിവസം ആയിരിക്കുന്നു.
എന്നാൽ ഞങ്ങളിൽപ്പെട്ട ചില സ്ത്രീകൾ 22
ഞങ്ങളെ അത്ഭുതപ്പെടുത്തിയിരിക്കുകയാ
ണ്. അവർ ആദ്യമേ കല്ലറയിങ്കൽ പോയി
രുന്നു. തൻെറ ശരീരം അവിടെ കണ്ടെ 2
ത്താൻ കഴിയാതെ വന്നപ്പോൾ അവർ വന്ന്
ഞങ്ങളോട് അവർ അവിടെ മാലാഖമാരെ
കണ്ടു എന്നും താൻ ജീവിച്ചിരിക്കുന്നതായി
അവർ പറഞ്ഞതായും ഞങ്ങളോടു പറ
ഞ്ഞു. ഞങ്ങളിൽ ചിലരും കല്ലറയിങ്കൽ 2
എത്തി. ആ സ്ത്രീകൾ പറഞ്ഞതുപോലെ
തന്നെ യേശുവിനെ അവർ കണ്ടില്ല" - എന്നു
പറഞ്ഞു.

അപ്പോൾ യേശു അവരോട് "ബുദ്ധി 2
ക്കുറവുള്ളവരേ, പ്രവാചകന്മാർ പറഞ്ഞി
രുന്നവയെ വിശ്വസിപ്പാൻ ഹൃദയഭാരമു 2
ള്ളവരേ, മ്ശീഹാ പീഡ അനുഭവിക്കയും
മഹത്വത്തിലേക്ക് പ്രവേശിക്കുകയും ചെ
യ്യേണ്ടതല്ലേ?" എന്നു ചോദിച്ചിട്ട് മോശയു 2
ടെയും സർവ്വ പ്രവാചകന്മാരുടെയും എല്ലാ
എഴുത്തുകളിൽനിന്നും തന്നെക്കുറിച്ചു
ള്ളവ എല്ലാം താൻ വിശദീകരിച്ചു പറഞ്ഞു.
അവർ പൊയ്ക്കൊണ്ടിരുന്ന ഗ്രാമത്തോട് 2
അവർ സമീപിച്ചു. താൻ വിദൂരമായ ഒരു
സ്ഥലത്തേക്ക് പോകുന്നതായി അവർക്ക്
തോന്നിച്ചു. അവർ തന്നോട് 'ഇപ്പോൾ
സൂര്യൻ അസ്തമിക്കാറായിരിക്കുന്നതുകൊ
ണ്ട് ഞങ്ങളോട് കൂടെ താമസിച്ചാലും' എന്ന്
നിർബന്ധമായിപ്പറഞ്ഞു. അവരുടെ അടു
ത്ത് താമസിപ്പാനായി താൻ കയറി. അവരു
മൊരുമിച്ച് ഭക്ഷണത്തിനിരുന്നപ്പോൾ താൻ
അപ്പമെടുത്ത് വാഴ്ത്തി മുറിച്ച് അവർക്ക്
കൊടുത്തു. ഉടനെ അവരുടെ കണ്ണുകൾ

തുറക്കപ്പെട്ടു - തന്നെ അവർ തിരിച്ചറിഞ്ഞു.
താനോ അവരിൽ നിന്ന് അപ്രത്യക്ഷനായി.
32 അവർ പരസ്പരം പറഞ്ഞു: 'അദ്ദേഹം വഴി
യിൽവച്ച് നമ്മോടു സംസാരിക്കുകയും,
തിരുവെഴുത്തുകൾ നമുക്ക് വിശദീകരിച്ചു
തരികയും ചെയ്തപ്പോൾ, നമ്മുടെ ഹൃദയം
33 ജ്വലിച്ചുകൊണ്ടിരുന്നില്ലയോ' അവർ തൽ
ക്ഷണം എഴുന്നേറ്റ് യറുശലേമിലേക്ക്
തിരികെ പോയി; ഒരുമിച്ചു കൂടിയിരുന്ന
പതിനൊന്നുപേരെയും അവരുടെ കൂടെ
34 യുള്ളവരെയും കണ്ടു. "നമ്മുടെ കർത്താവ്
സത്യമായും ഉയിർത്തെഴുന്നേറ്റു. ശെമഓന്
കാണപ്പെടുകയും ചെയ്തു" എന്ന് അവർ പറ
35 യുകയായിരുന്നു. അപ്പോൾ ഇരുവരും
വഴിയിൽവച്ച് സംഭവിച്ചവയും, താൻ അപ്പം
മുറിച്ച് കൊടുത്തപ്പോൾ തങ്ങൾ എങ്ങനെ
തിരിച്ചറിഞ്ഞു എന്നുള്ള കാര്യവും വിശദ
മായി പറഞ്ഞു.

36 അവർ ഇങ്ങനെ സംസാരിച്ചുകൊണ്ടിരി
ക്കുമ്പോൾ, യേശു അവരുടെ മദ്ധ്യേ (വന്നു)
നിന്നുകൊണ്ട് അവരോട് "നിങ്ങൾക്ക്
സമാധാനം. ഞാനാകുന്നു. നിങ്ങൾ ഭയപ്പെ
37 ടേണ്ട" എന്നു പറഞ്ഞു. അവർ പരിഭ്രമിച്ചു.
ഭയപ്പെട്ടു. എന്തെന്നാൽ ഒരാത്മാവിനെയാ
ണ് അവർ കാണുന്നതെന്ന് അവർ വിചാരി
38 ച്ചു. യേശു അവരോട് 'നിങ്ങൾ പരിഭ്രമിക്കു
ന്നതും നിങ്ങളുടെ ഹൃദയങ്ങളിൽ ചിന്തകൾ
ഉയർന്നു വരുന്നതും എന്ത്? ഞാൻ തന്നെ
39 യാകുന്നു എന്നുള്ളതിന് നിങ്ങൾ എൻെറ
കൈകളും കാലുകളും കാണ്മിൻ, എന്നെ
തൊട്ടുനോക്കി അറിയുവിൻ. എനിക്കുള്ള
തായി നിങ്ങൾ കാണുന്നതുപോലുള്ള
മാംസവും അസ്ഥികളും ആത്മാവിനില്ല
40 ല്ലോ.' ഇവ പറഞ്ഞു തൻെറ കൈകളും കാലു
കളും അവരെ കാണിച്ചു. എന്നിട്ടും അവർ
41 സന്തോഷം നിമിത്തം വിശ്വസിക്കാതെയും
വിസ്മയിച്ചും ഇരിക്കുമ്പോൾ താൻ അവ
രോട് "ഭക്ഷിപ്പാൻ വല്ലതും ഇവിടെ നിങ്ങ
ളുടെ കൈവശമുണ്ടോ?" എന്നു ചോദിച്ചു.
അവർ വറുത്ത മീനും തേൻകട്ടയും തനി 42
ക്കു കൊടുത്തു. താൻ അത് സ്വീകരിച്ച് 43
അവരുടെ മുമ്പിൽവച്ചു തന്നെ ഭക്ഷിച്ചു.

പിന്നെ താൻ അവരോട്, "എന്നെക്കുറി 44
ച്ച്, മോശയുടെ ന്യായപ്രമാണത്തിലും
ദീർഘദർശനങ്ങളിലും സങ്കീർത്തനങ്ങളി
ലും എഴുതപ്പെട്ടിരിക്കുന്ന സർവ്വവും നിവൃത്തി
യാകേണ്ടതാകുന്നു എന്നു ഞാൻ നിങ്ങ
ളോട് പറഞ്ഞിട്ടുണ്ടായിരുന്നുവല്ലോ" എന്നു
പറഞ്ഞു. അനന്തരം, തിരുവെഴുത്തുകൾ 45
അവർ തിരിച്ചറിയുവാൻ തക്കവണ്ണം താൻ
അവരുടെ ബോധത്തെ തുറന്നു. താൻ അവ
രോട് പറഞ്ഞു: "ഇങ്ങനെ മ്ശീഹാ കഷ്ടമ 46
നുഭവിക്കേണ്ടതാകുന്നു എന്നും മരിച്ചവരു
ടെ ഇടയിൽനിന്ന് മൂന്നാം ദിവസം ഉയിർത്തെ
ഴുന്നേല്ക്കുകയും, സകല ജാതികളോടും, 47
പാപമോചനത്തിനായി അനുതാപം അവ
ൻെറ നാമത്തിൽ പ്രസംഗിക്കപ്പെടുകയും
ചെയ്യുമെന്ന് എഴുതപ്പെട്ടിട്ടുണ്ട്. ആരംഭം
യറുശലേമിൽനിന്നും ആയിരിക്കട്ടെ. ഇക്കാ 48
ര്യങ്ങൾക്കെല്ലാം നിങ്ങളാകുന്നു സാക്ഷി
കൾ. എൻെറ പിതാവിൻെറ വാഗ്ദാനം 49
നിങ്ങളുടെമേൽ ഞാൻ അയച്ചുതരും.
ഉയരത്തിൽനിന്നും നിങ്ങൾ ശക്തിപ്രാപി
ക്കുവോളം നിങ്ങൾ യറുശലേം നഗരത്തിൽ
താമസിപ്പിൻ."

താൻ അവരെ ബെത്അനിയാവരെ 50
കൊണ്ടുപോയി. താൻ തൻെറ കൈകൾ
ഉയർത്തി അവരെ അനുഗ്രഹിച്ചു. താൻ 51
അവരെ അനുഗ്രഹിച്ചുകൊണ്ടിരിക്കവെ
താൻ അവരിൽ നിന്ന് വിട്ടു പിരിഞ്ഞ് സ്വർഗ്ഗ
ത്തിലേക്ക് ആരോഹണം ചെയ്തു.

അവർ തന്നെ വന്ദിക്കുകയും മഹാ വലി 52
യ സന്തോഷത്തോടെ യറുശലേമിലേക്ക്
തിരികെ പോകുകയും ചെയ്തു. അവർ ദൈവ 53
ത്തെ സ്തുതിച്ചും പുകഴ്ത്തിയുംകൊണ്ട്
എപ്പോഴും ദൈവാലയത്തിൽ ആയിരുന്നു.

അറിയിപ്പുകാരനായ ലൂക്കോസിൻെറ പരിശുദ്ധ ഏവൻഗേല്യോൻ സമാപ്തം.

വി. ലൂക്കോസ്

		പാഠഭേദം
1.17	പരിപൂർണ്ണ ജനത്തെ	ഒരുക്കമുള്ള ജനത്തെ
28	കൃപ നിറഞ്ഞവളെ	കൃപ ലഭിച്ചവളെ
32	സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളെ	ഇല്ല
32	ആയിരിക്കും	ആകും
2.1.	ആധിപത്യത്തിൻ കീഴുള്ള	ലോകമൊക്കെയിലുമുള്ള
2.14	ഇല്ല.	ദൈവപ്രസാദമുള്ള
22	അവരുടെ	അവളുടെ
31	കരുണയെ	രക്ഷയെ
33	യൌസേഫും തന്റെ മാതാവും	അമ്മയപ്പന്മാർ
4.22	കൃപാവചനങ്ങൾ	ലാവണ്യവാക്കുകൾ
34	ഞങ്ങൾക്കും ..... എന്ത്?	ഞങ്ങൾക്കും........ തമ്മിൽ എന്ത്?
5.10	ജീവനിലേക്ക്	ഇല്ല.
6.35	വായ്പകൊടുപ്പിൻ, ആരെയും നിരാശപ്പെടുത്തരുത്	പകരം ഇച്ഛരിക്കാതെ കടംകൊടുപ്പിൻ
	വിജാതിയരോട്	നന്ദികെട്ടവരോട്
9.10	വിജനപ്രദേശത്തേക്ക്	പട്ടണത്തിലേക്ക്
26	തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ മാലാഖമാരുമായി	തന്റെയും, പിതാവിന്റേയും വി. ദൂതന്മാരുടേയും മഹത്ത്വത്തോടുകൂടെ
11.13	സ്വർഗ്ഗത്തിൽ നിന്നു നിങ്ങളുടെ പിതാവ് -	സ്വർഗ്ഗസ്ഥനായ-----

11.28 1. നിന്നെ വഹിച്ച ഉദരവും...... ഭാഗ്യമുള്ളവ" എന്നതിനു മറുപടിയായി കർത്താവ് - അല്ല..... അത്രെ എന്നു പറഞ്ഞതായി പ്രൊട്ട. മലയാളത്തിൽ കാണുന്നു. "അല്ല" യും 'അത്രെ' യും മറ്റൊരു ഭാഷയിലും എന്റെ അന്വേഷണത്തിൽ കാണുന്നില്ല. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള അനേക വേദ പുസ്തക പതിപ്പുകളും ഹിന്ദിയിലും സംസ്കൃതത്തിലും ഓരോ പതിപ്പും എന്റെ കൈവശമുണ്ട് . ചിലതിൽനിന്നും താഴെ ചേർക്കുന്നു.

King James Version "yea" (yes) അതേ,	
Scofield	,, ,,
Interpreters Bible	,,
Mathew Henry - commentary	yes
Popular	yea"
Dummalow "Christ" does not deny, his mother is blessed	
28 മൂളിയിൽ N.T	'ശരി'
Living N.T.	Yes
വിശുദ്ധ വേദം (മല.)	ആകട്ടെ
B&F Bible Society Printed in Great Britain 1957	yes
ഹിന്ദി	ഹാം
സംസ്കൃതം	ഭവതു

11.50	കൊല്ലപ്പെട്ട	പട്ടുപോയ
13.33	ഇന്നും നാളെയും ഞാൻ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അടുത്ത ദിവസം ഞാൻ പോകും	ഇന്നും നാളെയും മറ്റെന്നാളും ഞാൻ സഞ്ചരിക്കേണ്ടതാകുന്നു.
17.21	നിങ്ങളുടെ ഉള്ളിൽ	നിങ്ങളുടെ ഇടയിൽ
14.	പരീശനേക്കാളധികം	ഇല്ല

20.23	നിങ്ങൾ എന്തിന് എന്നെ പരീക്ഷിക്കുന്നു!	ഇല്ല
36	അവർ മാലാഖമാരെപ്പോലെ ആകുന്നു	“അവർ പുനരുത്ഥാന സന്താനങ്ങളായിത്തീർന്നതുകൊണ്ടു ദൈവമക്കളായിത്തീർന്നിരിക്കുന്നു അവർ...ളാകയാൽ ദൈവതുല്യരും.......
22.14	പന്ത്രണ്ട്	ഇല്ല.
20	രക്തംകൊണ്ടുള്ള	രക്തത്തിലെ
47	ഞാൻ ആരെയാണോ ചുംബിക്കുന്നത്	ഇല്ല.
22 51	ഇത്രത്തോളം മതി.	ഇത്രയ്ക്കു വിടുവിൻ
23 11	ചുമപ്പു	ശുഭ്ര
26.	ഗ്രാമം (ക്രീസോ രണ്ടർത്ഥമുണ്ട്)	വയൽ
	മാത്രിയോൻ	ഒരു അളവ്
	കൂറീസ്	ഒരു അളവ്
	മനിയാ	pound (സ്വർണ്ണം)
	ഭീനോറൊ	സ്വർണ്ണനാണയം
	സ്താദി	യൂന്നോനാല്ലോമൈൻ

വി. യോഹന്നാൻ

'നമ്മുടെ കർത്താവ് സ്നേഹിച്ചിരുന്ന ശിഷ്യൻ' എന്നറിയപ്പെടുന്ന വി. യോഹന്നാൻ, ധനികനും മത്സ്യബന്ധനമെന്ന തൊഴിലിൽ ഏർപ്പെട്ടിരുന്നവനുമായ സെബദിയുടെ പുത്രനാണ്. മാതാവിന്റെ പേര് ശോലും (ശലോമി). വി. സ്നാപക യോഹന്നാന്റെ ശിഷ്യനായിരുന്ന ഇദ്ദേഹമാണ്, യോഹന്നാൻ മ്ശിഹായെക്കുറിച്ച് പറഞ്ഞ വാക്കുകൾ (യോ. 1:31) കേട്ട് തന്റെ പിന്നാലെ അന്ത്രയോസിനോടുകൂടെ പോകുകയും കർത്താവിനോടുകൂടെ രാപാർക്കുകയും ചെയ്ത മറ്റെ ആൾ എന്നു വിശ്വസിക്കപ്പെടുന്നു. പത്രോസും, ഇദ്ദേഹത്തിന്റെ സഹോദരൻ യാക്കോബും ഇദ്ദേഹവും നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ പല സുപ്രധാന സംഭവങ്ങൾക്കും ദൃക്സാക്ഷികളായിരുന്നു. (യായിറോസിന്റെ ഭവനം, മറു രൂപമല, ഗത്സീമാൻ തോട്ടം മുതലായവ). കർത്താവ് ബന്ധിതനാക്കപ്പെട്ട് വിസ്താരത്തിനു കൊണ്ടുപോയപ്പോഴും, വിസ്താരസ്ഥലത്തും അദ്ദേഹമുണ്ടായിരുന്നു. ക്രൂശുമരണസമയത്ത് ക്രൂശിനടുത്തുണ്ടായിരുന്ന ഏകശിഷ്യനും, പുനരുത്ഥാന വിവരം അറിഞ്ഞയുടനെ കല്ലറയിങ്കലേക്ക് ആദ്യമായി ഓടിയവനും ഇദ്ദേഹം തന്നെ. മ്ശിഹാ തന്റെ പ്രിയ മാതാവിന്റെ സംരക്ഷണച്ചുമതല ഏല്പിച്ചതും ഇദ്ദേഹത്തെയത്രെ. യാക്കോബിനും യോഹന്നാനും 'ഇടിമക്കൾ' എന്ന അപരനാമം കർത്താവു നല്കി.

പ്രവർത്തനസ്ഥലം, ഏഷ്യാമൈനർ ആയിരുന്നു. പർഗ്ഗമോസ്, തിയത്തൂറ, ഫിലദെൽഫിയ, ലവോദിക്യാ, സ്മിർണ എന്നീ സ്ഥലങ്ങളിലെ പ്രാദേശികസഭകളുടെ സ്ഥാപകൻ ഇദ്ദേഹമത്രെ. സ്മിർണായുടെ എപ്പിസ്കോപ്പായായിരുന്ന പോളിക്കാർപ്പ് ഇദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു. അന്ത്യോക്യായിലും ഇദ്ദേഹം സുവിശേഷിച്ചിട്ടുണ്ട്. റോമൻ കൈസറായിരുന്ന ഡൊമിഷ്യന്റെ കാലത്ത് ഇദ്ദേഹം പത്മോസ് ദ്വീപിലേക്ക് നാടുകടത്തപ്പെട്ടു. അവിടെവെച്ച് അദ്ദേഹത്തിനുണ്ടായ വെളിപാടാണ് വെളിപാടുപുസ്തകത്തിലെ ഉള്ളടക്കം. 'സ്നേഹത്തിന്റെ ശിഷ്യൻ' എന്ന് അപരാഭിധാനമുള്ള യോഹന്നാൻ എപ്പോഴും സ്നേഹത്തെക്കുറിച്ച് പ്രസംഗിച്ചിരുന്നുവെന്നും, അതിന്റെ കാരണം ആരാഞ്ഞ സ്വശിഷ്യരോട് 'ഈ ഒരൊററ സൽഗുണം ഉണ്ടായാൽ മറെറല്ലാമുണ്ടാകുമെന്നും' പറഞ്ഞിരുന്നുവത്രെ. 120-ാം വയസ്സിൽ, ക്രി. 98-117 വരെ ഭരിച്ച ട്രാജന്റെ കാലത്ത് അദ്ദേഹം നിര്യാതനായി എന്ന് ഐറേനിയോസും, എഫേസൂസിൽ വെച്ചാണ് എന്നു പോളിക്രാത്തിസും രേഖപ്പെടുത്തിയിട്ടുണ്ട്.

സുവിശേഷം

ഇദ്ദേഹത്തിന്റെ പേരിലുള്ള സുവിശേഷം അദ്ദേഹം എഴുതിയതല്ല. (വി. പൗലോസിന്റെ ചില ലേഖനങ്ങളും അദ്ദേഹത്തിന്റേതുമല്ല) എന്നു സമർത്ഥിക്കുന്നവർ ഇരുപതാം നൂറ്റാണ്ടിൽ ഉണ്ടായിട്ടുണ്ടെങ്കിലും, വി. യോഹന്നാന്റെ സുവിശേഷം അദ്ദേഹം തന്നെയാണ് എഴുതിയത് എന്നതിന് ആദ്യകാല പിതാക്കന്മാരുടെ രേഖകളിൽ നിന്നും പാശ്ചാത്യ വേദപുസ്തക പണ്ഡിതന്മാർതന്നെ ഉദ്ധരിച്ച് സമർത്ഥിച്ചിട്ടുള്ളത് ഒരുവലിയ കാര്യമാണ്. വി. ഇഗ്നാത്യോസ് (110)-വി. പോളിക്കാർപ്പ് (110), പാപ്പിയാസ് (130), ജസ്ററിൻ മാർട്ടിയർ (150); താഷ്യൻ -(160), അന്ത്യോക്യായിലെ വി. തെയോഫിലോസ് (180). വി.ഐറേനിയോസ് - (177), അലക്സാന്ത്രിയായിലെ വി. ക്ലീമീസ്(200), തെർത്തുല്യൻ (200), ഒറിജൻ -(220),

എവുസേബിയോസ് 330 മുതലായവർ ഈ സുവിശേഷത്തിൻെറ നിജസ്ഥിതിയെ സമ്മതിച്ചിട്ടുണ്ട്. എന്നു മാത്രമല്ല, അതിൽനിന്നും ധാരാളമായി ഉദ്ധരിച്ചിട്ടുമുണ്ട്.

സുവിശേഷം എഴുതിയ കാലവും ഉദ്ദേശവും:- എഫേസോസിൽ വച്ച് എ.ഡി. 98ലോ 99ലോ എഴുതി എന്നു വിശ്വസിക്കപ്പെടുന്നു. അന്ത്യോക്യയിൽവച്ച് എന്ന അഭിപ്രായമുള്ളവരുമുണ്ട്. പ്രധാനമായും ഗ്രീക്കുകാരെ ഉദ്ദേശിച്ച് ഗ്രീക്കിൽ എഴുതിയെങ്കിലും എബ്രായപദങ്ങളും യഹൂദാചാരങ്ങളും വിശദീകരിച്ചിട്ടുണ്ട്. മ്ശീഹാ യുടെ ദൈവത്വത്തിൻെറ തത്വങ്ങളെ അദ്ദേഹം വെളിവാക്കിക്കാണിച്ചിരിക്കുന്നതിനാൽ ഹസ്കിയേൽ പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന കഴുകൻെറ സൂചന അദ്ദേഹത്തെക്കുറിച്ചാണെന്നാണ് വ്യാഖ്യാതാക്കളുടെ അഭിപ്രായം.

യേശു ദൈവത്തിൻെറ പുത്രനായ മ്ശീഹായാണ് എന്നു സമർത്ഥിക്കയാണ് തൻെറ പരമപ്രധാനമായ ഉദ്ദേശ്യമെന്നു (യോഹ. 20:30,31)-ൽ അദ്ദേഹംതന്നെ പ്രസ്താവിച്ചിട്ടുണ്ട്. വി. യോഹന്നാൻെറ കാലത്തു തന്നെ വേദവിപരീതോപദേശങ്ങൾ ആരംഭിച്ചിരുന്നു. അതിലൊന്ന് "ഡൊസെറ്റിസം" എന്നറിയപ്പെടുന്നു. നമ്മുടെ കർത്താവിൻെറ ദൈവത്വം സമ്മതിക്കുന്നതോടൊപ്പം താൻ യഥാർത്ഥ മനുഷ്യൻ അല്ല എന്നായിരുന്നു അവരുടെ ചിന്താഗതി. അതിനെതിരായി: അ. 1:14, 10:11,17,12:27, 11:33, 13:21, 20:20,27, 4:6, നോക്കുക. ഇതിനും പുറമെ, എഫേസോസിൽ അദ്ദേഹത്തിൻെറ കടുത്ത പ്രതിയോഗിയായിരുന്ന കുറിന്തോസ് (Cerinthus) യേശു ഒരു സാധാരണ മനുഷ്യൻ മാത്രമായിരുന്നു മാമുദിസാ സമയത്ത് ദൈവത്തിൻെറ പുത്രൻ അവനിൽ ഇറങ്ങി ആവസിച്ചു എന്നും മറ്റുമായിരുന്നു അയാളുടെ അഭിപ്രായം. തൻെറ സുവിശേഷവും ലേഖനങ്ങളും സൂക്ഷ്മപഠനം നടത്തുമ്പോൾ ഈ രണ്ടു വാദഗതികളേയും സമർത്ഥമായി അദ്ദേഹം ഖണ്ഡിക്കുന്നതു കാണാം.

മ്ശീഹായുടെ പേരുകളായി (titles) യോ. 1:1, 14, 4:42, 1:4, 8:12, 9:5, 6:31, 10:7; 14:6; 11:25; 15:1; 6:69;

യോഹന്നാൻ 14,15,16 അദ്ധ്യായങ്ങൾ മറ്റു സുവിശേഷങ്ങളെ അപേക്ഷിച്ച് പ്രത്യേകതയുള്ളവയായി കാണപ്പെടുന്നു.

വി. യോഹന്നാൻെറ സുവിശേഷം

1

1-2 യേശു മ്ശിഹായുടെ ദൈവത്വം.

3-5 മനുഷ്യാവതാരത്തിനു മുമ്പുള്ള പ്രവർത്തനം.

6-8 യോഹന്നാൻ സ്നാപകൻെറ പ്രവർത്തനം.

9-10 യേശുമ്ശിഹാ സാക്ഷാൽ പ്രകാശം.

11-13 മക്കൾ-വിശ്വാസികൾ-അധികാരം.

14 മനുഷ്യാവതാരം ചെയ്ത മ്ശിഹാ.

15-34 യോഹന്നാൻ സ്നാപകൻെറ സാക്ഷ്യം. (മത്താ. 3:1, മർക്കോ. 1:1, ലൂ. 3:1)

35-51 മ്ശിഹായുടെ പരസ്യശുശ്രൂഷാരംഭം.

2

1-12 കാനാ (കൊത്ത്നെ) വിവാഹവിരുന്ന്. അത്ഭുതപ്രവർത്തനം.

13-25 ദൈവാലയ ശുചീകരണം.

3

1-21 യേശുവും നിക്കോദിമൊസും (വീണ്ടും ജനനം)

22-36 സ്നാപകയോഹന്നാൻ യേശുവിനെക്കുറിച്ച്.

4

1-5 യേശു ഗലീലയ്ക്കു പോകുന്നു.

6-30 യേശു ശമറയസ്ത്രീയോടുള്ള പ്രബോധനം.

31-39 യേശു ശിഷ്യന്മാരോട്-പിതാവിൻെറ ഇഷ്ടം ചെയ്യുന്നതിനെപ്പറ്റി.

40-45 യേശു ശമറിയായിൽ.

46-54 യേശു പ്രമാണിയുടെ മകനെ സൗഖ്യമാക്കി.

5

1-15 യേശു ബെതെസ്ദാകുളക്കരയിൽവച്ചു രോഗിക്കു സൗഖ്യം നൽകി.

16-32 യേശു മൃതരുടെ പുനരുത്ഥാനത്തെക്കുറിച്ച്.

33-47 യേശുവിനെക്കുറിച്ചു നാലു സാക്ഷ്യങ്ങൾ.

1. യോഹന്നാൻെറത് 33-35
2. തൻെറ പ്രവൃത്തികൾ 36
3. പിതാവ് 37-38 (മത്താ. 3:17)
4. തിരുവെഴുത്തുകൾ 39-47

6

1-14 അഞ്ചപ്പവും അയ്യായിരവും. (മത്താ. 14:13, മർക്കോ. 6:32, ലൂ. 9-10)

15-21 യേശു കടലിന്മീതെ നടന്നു. (മത്താ. 14:22, മർക്കോ. 6:45)

22-66 ജീവൻെറ അപ്പത്തെക്കുറിച്ചുള്ള പ്രബോധനം.

67-71 കീപ്പായുടെ വിശ്വാസപ്രഖ്യാപനം.

7

1-39 യറുശലേമിൽ പെരുന്നാളിന്. പരിശുദ്ധാത്മാവിനെപ്പറ്റി. (37-39)

40-53 യേശുവിനെക്കുറിച്ചു ഭിന്നാഭിപ്രായങ്ങൾ.

8

1-11 വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ (ഈ ഭാഗം ചില കൈയെഴുത്തുപ്രതികളിൽ ഇല്ല)

12-59 പെരുന്നാളിനു ശേഷമുള്ള യേശുവിൻെറ സുദീർഘപ്രബോധനം.

9

1-41 ജന്മനാ അന്ധനായവനു കാഴ്ച നൽകി.

10

1-21 "നല്ല ഇടയനെ"ക്കുറിച്ചുള്ള പ്രബോധനം.

22-39 യേശു തൻെറ ദൈവത്വത്തെക്കുറിച്ചു പ്രസ്താവിക്കുന്നു.

40-42 യേശു യോർദ്ദാൻ പ്രദേശത്ത്.

11

1-46 ലാസറിനെ ഉയിർപ്പിച്ചത്.

47-57 പരീശർ യേശുവിനെ വധിക്കുവാൻ ആലോചിക്കുന്നു.

12

1-11 ബഥാന്യയിലെ വിരുന്ന്, മറിയാം തൈലം പൂശുന്നു.

12-19 ഓശാന-യറുശലേം പ്രവേശനം (മത്താ. 21:4, മർക്കോ. 11:7, ലൂ. 19:35)

20-22 ചില ഗ്രീക്കുകാർ യേശുവിനെ കാണാനാഗ്രഹിച്ചു.

23-50 യേശുവിൻെറ സുദീർഘ പ്രസ്താവന.

13

1-38 പെസഹാ ഭക്ഷണവും, പ്രബോധനങ്ങളും.

2-20 ശ്ലീഹന്മാരുടെ കാലുകഴുകലും പ്രബോധനവും.

21-35 താൻ ഒറ്റു കൊടുക്കപ്പെടുമെന്ന്. (മത്താ. 26, മർക്കോ. 14, ലൂ. 22)

36-38 കീപ്പാ, തന്നെ തള്ളിപ്പറയും. (മത്താ. 26, മർക്കോ. 14, ലൂ. 22)

14

ശ്ലീഹന്മാരോട്

1-31 1-6 ആശ്വാസദായക വാക്കുകൾ. (വാസം ഒരുക്കുവാൻ പോകുന്നു: "വഴിയും സത്യവും ജീവനും."

7-12 താനും പിതാവും ഒന്നുതന്നെ.

13-15 പ്രാർത്ഥിപ്പിൻ-ഞാൻ ചെയ്തു തരും.

16-26 പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നു.

27-31 "ഞാൻ നിങ്ങൾക്കു സമാധാനം തരുന്നു."

15

1-14 ഞാൻ മുന്തിരിവള്ളി. ചില്ലികൾ മുന്തിരിവള്ളിയിൽ വസിക്കന്നു.

15-17 'നിങ്ങൾ എൻെറ സ്നേഹിതന്മാർ'

18-25 നിങ്ങളും ലോകവും.

26-27 നിങ്ങളും പരിശുദ്ധാത്മാവും.

16

1-6 നിങ്ങൾ പീഡനങ്ങൾ അനുഭവിക്കും.

7-11 പരിശുദ്ധാത്മാവും ലോകവും.

12-15 പരിശുദ്ധാത്മാവും ശ്ലീഹന്മാരും.

16-33 തൻെറ മരണം, ഉയിർപ്പ്, പുനരാഗമനം എന്നിവയെക്കുറിച്ച് പ്രസ്താവന.

17

1-26 ശ്ലീഹന്മാർക്കുവേണ്ടിയുള്ള പ്രാർത്ഥന.

18

1-11 ഗത്സീമോൻ തോട്ടത്തിൽ-ഒറ്റു കൊടുക്കലും ബന്ധനവും (മത്താ. 26, മർക്കോ. 14, ലൂ. 22)

12-14 യേശു-പ്രധാനാചാര്യനു മുമ്പിൽ. (മത്താ. 26, മർക്കോ. 14, ലൂ. 22)

15-18 യേശുവിനെ കീപ്പാ തള്ളിപ്പറയുന്നു. (മത്താ. 26, മർക്കോ. 14, ലൂ. 22)

19-27 യേശു പ്രധാനാചാര്യനു മുമ്പിൽ.

28-38 യേശു പീലാത്തോസിനു മുമ്പിൽ. (മത്താ. 27, മർക്കോ. 15, ലൂ. 23)

39-40 യേശു മരണത്തിനു വിധിക്കപ്പെട്ടു. ബാറാബായെ മോചിപ്പിച്ചു. (മത്താ. 27, മർക്കോ. 15, ലൂ. 23)

19

1-13 യേശുവിനെ മുൾമുടി അണിയിച്ച് പീലാത്തോസ് ജനത്തിനു മുമ്പിൽ നിർത്തി. (മർക്കോ. 15)

14-15 യേശുവിനെ അധികാരികളും ജനവും ഉപേക്ഷിച്ചു.

16-30 യേശുവിൻെറ ക്രൂശാരോഹണം. (മത്താ. 27, മർക്കോ. 15, ലൂ. 23)

20-22 പലകമേലുള്ള എഴുത്ത്.

23-24 ഭടന്മാർ കുപ്പായത്തിനു നറുക്കിട്ടു.

25-27 "ഇതാ നിൻെറ അമ്മ, ഇതാ നിൻെറ മകൻ."
28-30 "എല്ലാം നിവൃത്തിയായി."
31-42 "അവൻെറ അസ്ഥി ഒടിച്ചില്ല, കബറിൽ സംസ്കരിച്ചു."
(മത്താ. 27, മർക്കോ. 15, ലൂ. 23)

20

1-10 യേശുവിൻെറ പുനരുത്ഥാനം. (മത്താ. 28, മർക്കോ. 16, ലൂ. 24)
11-18 യേശു മഗ്ദലൈത്താ മറിയാമിനു പ്രത്യക്ഷപ്പെട്ടു.
19-20 യേശു തോമാശ്ലീഹാ ഇല്ലാതിരുന്നപ്പോൾ പ്രത്യക്ഷപ്പെട്ടു.
21-23 യേശു ശ്ലീഹന്മാർക്കു പരിശുദ്ധാത്മാവിനെയും പാപമോചനാധികാരവും നൽകി.
24-29 യേശു തോമാശ്ലീഹാ ഉള്ളപ്പോൾ പ്രത്യക്ഷപ്പെട്ടു.
30-31 തൻെറ സുവിശേഷത്തിൻെറ ഉദ്ദേശം. യോഹന്നാൻ പ്രസ്താവിക്കുന്നു.

21

1-14 തിബേറിയോസ് കടൽക്കരയിൽ യേശു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു.
അത്ഭുതകരമായ മത്സ്യം പിടുത്തം. യേശുവിൻെറ കരുതൽ.
15-17 യേശു ശെമഓൻ കീപ്പായ്ക്ക് കുഞ്ഞാടുകളെയും പെണ്ണാടുകളെയും,
ആടുകളെയും തനിക്കായി മേയിപ്പാൻ അധികാരം നൽകി.
18-19 കീപ്പായുടെ അന്ത്യത്തെപ്പറ്റി യേശുവിൻെറ മുന്നറിയിപ്പ്.
20-25 യോഹന്നാൻ തന്നെക്കുറിച്ച്-ഈ സുവിശേഷത്തിൽ എഴുതിയിട്ടില്ലാത്ത
മറ്റനേകം കാര്യങ്ങൾ യേശു ചെയ്തിട്ടുണ്ട്.

വിശുദ്ധ യോഹന്നാൻെറ ഏവൻഗേല്യോൻ

അദ്ധ്യായം 1

വചനം ആദിയിലെ ആയിരുന്നു. ഈ
ചനം ദൈവസന്നിധിയിൽ ആയിരുന്നു.
ാ വചനം ദൈവം ആയിരുന്നു. ആദിയിലെ
ാ വചനം ദൈവസന്നിധിയിൽ ആയിരു
ു. സർവ്വവും താൻമൂലം ഉണ്ടായി, ഉണ്ടാ
തൊന്നും തന്നെ കൂടാതെ ഉണ്ടായതല്ല,
ൻമൂലം ജീവൻ ഉണ്ടായി. ആ ജീവനാ
ന്നു മനുഷ്യരുടെ പ്രകാശം. ആ പ്രകാശം
ന്ധകാരത്തിൽ പ്രശോഭിക്കുന്നു. അന്ധ
രം അതിനെ കീഴടക്കിയില്ല.
ദൈവത്താൽ അയയ്ക്കപ്പെട്ട (ഒരു)
ുഷ്യൻ ഉണ്ടായിരുന്നു. അവൻെറ പേർ
ാഹന്നാൻ. അവൻ മൂലം എല്ലാവരും
ശ്വസിക്കേണ്ടതിന്, പ്രകാശത്തെക്കുറിച്ച്
ാക്ഷ്യം വഹിപ്പാൻ അവൻ സാക്ഷ്യത്തി
യി വന്നു. അവനല്ലായിരുന്നു പ്രകാശം.
ന്നെയോ പ്രകാശത്തെക്കുറിച്ചു സാക്ഷ്യം
ഹിപ്പാൻ (വന്നവൻ) അത്രെ. ആ പ്രകാശം
ാകത്തിലേക്കു വരുന്ന ഏവനേയും
കാശിപ്പിക്കുന്ന സത്യപ്രകാശമായിരുന്നു.
വൻ ലോകത്തിൽ ഉണ്ടായിരുന്നു.ലോകം
ൻ മൂലം ഉണ്ടായി. ലോകമോ തന്നെ
റിഞ്ഞില്ല. താൻ തൻെറ സ്വന്തമായതി
ക്കു വന്നു. തൻെറ സ്വന്തമോ തന്നെ
കക്കൊണ്ടില്ല. തന്നെ സ്വീകരിച്ചവർക്കു
ൻെറ നാമത്തിൽ വിശ്വസിക്കുന്നവർക്കു
ദൈവത്തിൻെറ മക്കൾ ആയിത്തീരുവാൻ
ധികാരം കൊടുത്തു. അവർ രക്തത്തിൽ
ന്നല്ല, ജഡത്തിൻെറ അഭിലാഷത്തിൽ
ന്നല്ല; പുരുഷൻെറ അഭിലാഷത്തിൽ
നുമല്ല, എന്നാലോ ദൈവത്തിൽനിന്നും
തരായി. വചനം ജഡമായി നമ്മിൽ
വസിച്ചു. അവൻെറ മഹത്ത്വം, പിതാ
ൽ നിന്നുള്ള ഏകജാതൻെറ മഹത്ത്വം
ന്നപോലെ ഞങ്ങൾ കണ്ടു. അവൻ
പയും സത്യവും നിറഞ്ഞവനാകുന്നു.
യോഹന്നാൻ അവനെക്കുറിച്ച് സാക്ഷി
ാകാണ്ടു പ്രഘോഷിച്ചു: എൻെറ പിന്നാ
വരുന്നവൻ എനിക്കു മുമ്പായി. എന്തെ
ന്നാൽ താൻ എന്നേക്കാൾ മുമ്പനാകുന്നു
എന്നു ഞാൻ പറഞ്ഞത്; ഇദ്ദേഹമത്രേ.
'അദ്ദേഹത്തിൻെറ നിറവിൽ നിന്നത്രെ 16
നാമെല്ലാവരും കൃപയ്ക്കുമേൽ കൃപ' കൈ
ക്കൊണ്ടിരിക്കുന്നത്. എന്തെന്നാൽ ന്യായ 17
പ്രമാണം മോശവഴിയായി നൽകപ്പെട്ടു.
സത്യവും കൃപയും യേശു മ്ശീഹായാൽ
ഉണ്ടായി.
ആരും ഒരിക്കലും ദൈവത്തെ കണ്ടിട്ടില്ല. 18
തൻെറ പിതാവിൻെറ മടിയിലിരിക്കുന്ന
ദൈവമായ ഏകജാതൻ ഇതെല്ലാം വിവര
മായി അറിയിച്ചിരിക്കുന്നു.
നീ ആരാകുന്നു എന്നു ചോദിപ്പാൻ, 19
യഹൂദന്മാർ യറുശലേമിൽനിന്നു പുരോ
ഹിതന്മാരെയും ലേവ്യരേയും അദ്ദേഹ
ത്തിൻെറ അടുക്കൽ അയച്ചപ്പോൾ യോഹ
ന്നാൻെറ സാക്ഷ്യം ഇതായിരുന്നു. 'ഞാനല്ല 20
മ്ശീഹാ' എന്ന് അദ്ദേഹം ഏറ്റു പറഞ്ഞു.
മറുത്ത് പറഞ്ഞില്ല. പിന്നെയും അവർ അവ 21
നോട്: ആകയാൽ എന്ത്? അങ്ങ് ഏലിയാ
യാണോ? എന്നു ചോദിച്ചു. ഞാൻ അല്ല.
എന്ന് അവൻ പറഞ്ഞു. അങ്ങ് പ്രവാചകനാ
ണോ (എന്നു ചോദിച്ചു), അല്ല എന്ന് അവൻ
പറഞ്ഞു. അവർ അവനോട് 'ഞങ്ങളെ 22
അയച്ചവർക്ക് മറുപടി കൊടുക്കേണ്ടതി
ന്നായി അങ്ങ് ആരാകുന്നു? അങ്ങയെ
കുറിച്ചുതന്നെ അങ്ങു എന്തു പറയുന്നു?'
എന്നു ചോദിച്ചു: ഏശായ പ്രവാചകൻ 23
പറഞ്ഞിരിക്കുന്നതുപോലെ കർത്താവി
ൻെറ വഴി ഒരുക്കുവിൻ എന്നു മരുഭൂമിയിൽ
വിളിച്ചു പറയുന്ന (ആ) ശബ്ദമാണ് ഞാൻ
എന്നു പറഞ്ഞു. അയയ്ക്കപ്പെട്ടവർ പരീശ 24
ഗണത്തിൽപ്പെട്ടവരായിരുന്നു. അവർ 25
അദ്ദേഹത്തോട് - അങ്ങു മിശിഹാ അല്ല,
ഏലിയാ അല്ല, ദീർഘദർശിയുമല്ല എങ്കിൽ
പിന്നെ അങ്ങ് സ്നാനപ്പെടുത്തുന്നതെന്ത്?
എന്നു ചോദിച്ചു; യോഹന്നാൻ ഉത്തരമായി 26
അവരോട്: ഞാൻ വെള്ളത്താൽ സ്നാന
പ്പെടുത്തുന്നു. നിങ്ങൾ അയാളെ അറിയാ
ത്തവനായി നിങ്ങളുടെ മദ്ധ്യെ ഒരുവൻ നിൽ
ക്കുന്നുണ്ട്. ഇദ്ദേഹമാണ് എൻെറ പിന്നാലെ 27

വരുന്നവൻ - എനിക്കു മുമ്പൻ. അദ്ദേഹത്തി
ന്റെ ചെരിപ്പുകളുടെ വാറഴിപ്പാൻപോലും
എനിക്കു യോഗ്യതയില്ല എന്നു പറഞ്ഞു.
28 ഇത് യോർദ്ദാന്റെ അക്കരെ യോഹന്നാൻ
സ്നാനം നൽകിക്കൊണ്ടിരുന്ന, ബെത്
അനിയായിൽ സംഭവിച്ചു.
29 പിറ്റെ ദിവസം, യേശു തന്റെ അടുക്ക
ലേക്കു വരുന്നതായി, യോഹന്നാൻ കണ്ട്
ഇങ്ങനെ പറഞ്ഞു: "ഇതാ, ലോകത്തിന്റെ
പാപം വഹിക്കുന്ന ദൈവത്തിന്റെ കു
30 ഞ്ഞാട്." 'എന്റെ പിന്നാലെ വരുന്നവൻ,
എന്നേക്കാൾ മുമ്പനാണ്, എന്തെന്നാൽ,
അവൻ എനിക്കു മുമ്പേതന്നെ ഉണ്ടായി
രുന്നു' എന്നു ഞാൻ പറഞ്ഞത് ഇദ്ദേഹ
31 ത്തെക്കുറിച്ച് ആയിരുന്നു. അദ്ദേഹത്തെ
ഞാനും അറിഞ്ഞിരുന്നില്ല. എന്നാൽ ഇസ്രാ
യേലിന് ഇദ്ദേഹത്തെ വെളിപ്പെടുത്തി
ക്കൊടുക്കുവാനായി, വെള്ളംകൊണ്ടുള്ള
32 മാമൂദീസായുമായി ഞാൻ വന്നു. യോഹ
ന്നാൻ വീണ്ടും: "ആത്മാവു സ്വർഗ്ഗത്തിൽ
നിന്നും, പ്രാവിനേപ്പോലെ ഇറങ്ങുന്നതും അ
ദ്ദേഹത്തിന്മേൽ ആവസിക്കുന്നതും ഞാൻ
33 കണ്ടു. ഞാനോ അദ്ദേഹത്തെ അറിഞ്ഞിരു
ന്നില്ല. എന്നാൽ വെള്ളംകൊണ്ട് സ്നാനം
നൽകുവാൻ എന്നെ അയച്ചവൻ എന്നോട്
പറഞ്ഞു: 'ആരുടെ മേലാണ് ആത്മാവ്
ഇറങ്ങി ആവസിക്കുന്നതായി നീ കാണു
ന്നത്, അവനാണ് പരിശുദ്ധാത്മാവിനെ
34 ക്കൊണ്ട് സ്നാനം നൽകുന്നവൻ.' അതു
ഞാൻ കണ്ടു. അദ്ദേഹം ദൈവപുത്രനാണ്
എന്നു ഞാൻ സാക്ഷ്യം നൽകുകയും
ചെയ്യുന്നു" എന്നു സാക്ഷ്യം പറഞ്ഞു.
35 അടുത്ത ദിവസം യോഹന്നാൻ രണ്ടു
ശിഷ്യന്മാരോടുകൂടി നിൽക്കുമ്പോൾ യേശു
36 കടന്നു പോകുന്നതു കണ്ടു. അയാൾ അവ
രോട് 'ഇതാ ദൈവത്തിന്റെ കുഞ്ഞാട്'
37 എന്നു പറഞ്ഞു. അദ്ദേഹം പറഞ്ഞതുകേട്ട്
ആ രണ്ടു ശിഷ്യന്മാർ യേശുവിന്റെ പിന്നാ
38 ലെ പോയി. യേശു തിരിഞ്ഞ് അവർ തന്റെ
പിന്നാലെ വരുന്നതു കണ്ട് അവരോട്
'നിങ്ങൾ എന്താണ് അന്വേഷിക്കുന്നത്'
എന്നു ചോദിച്ചു. അവർ തന്നോട്, 'ഗുരോ
അങ്ങ് എവിടെയാണ് താമസിക്കുന്നത്?'
39 എന്നു ചോദിച്ചു. താൻ അവരോട് 'നിങ്ങൾ
വന്നു കണ്ടുകൊള്ളുക' എന്നു പറഞ്ഞു.
അവർ ചെന്ന് താൻ താമസിക്കുന്ന സ്ഥലം
കണ്ട് അവിടെ തന്നോടുകൂടെ അന്നേദിവ
സം താമസിച്ചു. എന്തെന്നാൽ അപ്പോൾ
40 പത്താംമണി* സമയമായിരുന്നു. യോഹ

ന്നാൻ പറഞ്ഞതു കേട്ട് യേശുവിനെ അനുഗ
മിച്ചവരിൽ ഒരാൾ ശെമഓന്റെ സഹോദരൻ
അന്ത്രയോസ് ആയിരുന്നു. അയാൾ ആദ്യമ
തന്റെ സഹോദരനായ ശെമഓനെ കണ്ടെ
ത്തി, അയാളോട് "ഞങ്ങൾ മ്ശിഹായെ ക
ണ്ടെത്തി" എന്നു പറഞ്ഞു. അയാൾ ശെമഓ
നെ യേശുവിന്റെ അടുക്കൽ കൂട്ടിക്കൊണ്ടു
വന്നു. യേശു അയാളെ നോക്കി: 'നീ യൗനാ
യുടെ മകൻ ശെമഓൻ. ഇനിയും നീ "കീപ്പാ"
എന്നു വിളിക്കപ്പെടും' എന്നു പറഞ്ഞു.
അടുത്ത ദിവസം ഗലീലയ്ക്കു പോകു
വാൻ യേശു നിശ്ചയിച്ചു. താൻ ഫിലിപ്പോ
സിനെ കണ്ടു 'എന്റെ പിന്നാലെ വരിക'
എന്നു പറഞ്ഞു. ഫിലിപ്പോസ്, ശെമഓ
ന്റേയും അന്ത്രയോസിന്റേയും നഗരമായ
ബെത് സൈദായിൽ നിന്നുള്ളവനായി
രുന്നു. ഫിലിപ്പോസ് നഥാനിയേലിനെ
കണ്ടു, അവനോട് 'മോശയുടെ ന്യായപ്രമാ
ണത്തിലും, പ്രവാചകരിലും ആരെക്കുറി
ച്ചാണോ എഴുതിയിരിക്കുന്നത്; അവൻ
നസ്രേത്തിലെ യൌസേഫിന്റെ പുത്രൻ
'യേശു' ആണെന്നു ഞങ്ങൾ കണ്ടിരിക്കു
ന്നു' എന്നു പറഞ്ഞു. നഥാനിയേൽ അവ
നോട് 'നസ്രേത്തിൽനിന്നും എന്തെങ്കിലും
നന്മയുണ്ടാകുമോ?' എന്നു ചോദിച്ചു. 'വന്നു
കണ്ടാലും' എന്നു ഫിലിപ്പോസു പറഞ്ഞു.
നഥാനിയേൽ തന്റെ അടുക്കലേക്ക്
വരുന്നത് കണ്ട് 'ഇതാ, കാപട്യമില്ലാത്ത
സാക്ഷാൽ ഇസ്രായേല്യൻ' എന്നു യേശു
പറഞ്ഞു. നഥാനിയേൽ തന്നോട് 'അങ്ങ്
എവിടെവച്ച് എന്നെ അറിയും?' എന്നു
ചോദിച്ചു. യേശു അവനോട്, 'പീലിപ്പോസ്
നിന്നെ വിളിക്കുംമുമ്പ്, നീ അത്തിയുടെ
ചുവട്ടിൽ ഇരിക്കുമ്പോൾ നിന്നെ ഞാൻ
കണ്ടു' എന്നു പറഞ്ഞു. നഥാനിയേൽ
തന്നോട് 'ഗുരോ, അങ്ങു ദൈവപുത്രനാണ്.
ഇസ്രായേലിന്റെ രാജാവാണ്' എന്നു
പറഞ്ഞു. യേശു അവനോട് 'അത്തിയുടെ
ചുവട്ടിൽ നിന്നെ ഞാൻ കണ്ടു എന്നു
പറഞ്ഞതിനാൽ നീ വിശ്വസിക്കുന്നു. ഇവ
യെക്കാൾ വലിയ കാര്യങ്ങൾ നീ കാണും.
സ്വർഗ്ഗം തുറന്നിരിക്കുന്നതായും ദൈവ
ത്തിന്റെ മാലാഖമാർ മനുഷ്യപുത്രന്റെ
അടുക്കലേക്കു കയറുന്നതും ഇറങ്ങുന്നതും
നിങ്ങൾ കാണും' എന്നു പറഞ്ഞു.

അദ്ധ്യായം 2

മൂന്നാം ദിവസം ഗലീലയിലെ പട്ടണ
മായ കൊത്ത്നെ (കാനാ)യിൽ ഒരു

* വൈകുന്നേരം 4 മണി

വാഹവിരുന്നുണ്ടായിരുന്നു. യേശു
ൻെറ അമ്മ അവിടെ ഉണ്ടായിരുന്നു.
ശുവും തൻെറ ശിഷ്യന്മാരും ആ വിരുന്നി
ക്ഷണിക്കപ്പെട്ടിരുന്നു. വീഞ്ഞു കുറവാ
പ്പോയി. യേശുവിനോട് തൻെറ മാതാവ്;
വർക്ക് വീഞ്ഞ് ഇല്ലല്ലോ" എന്നു പറ
തു. യേശു അവളോട് "സ്ത്രീയേ, എനിക്കും
വിടത്തേക്കും എന്ത്? എൻെറ സമയം
തുവരെ വന്നിട്ടില്ല" എന്നു പറഞ്ഞു.
ൻെറ മാതാവാകട്ടെ പരിചാരകരോട്
അവൻ നിങ്ങളോടു പറയുന്നതുപ്രകാരം
ങൾ ചെയ്യണം" എന്നു പറഞ്ഞു. യഹൂദ
ർക്കു ശുചീകരണാവശ്യത്തിനായി
ച്ചിരുന്നവയും രണ്ടോ മൂന്നോ പറ വീതം
ൊള്ളുന്നവയുമായ ആറു കൽഭരണികൾ
ണ്ടായിരുന്നു. യേശു അവരോട് 'ഭരണി
ളിൽ വെള്ളം നിറപ്പിൻ' എന്നു പറഞ്ഞു.
വർ അവയെ വക്കുവരെ നിറച്ചു. താൻ
വരോട് "ഇനിയും, കോരി എടുത്ത് പന്തി
മാണിക്കു കൊണ്ടുപോയി കൊടുപ്പിൻ"
ന്നു പറഞ്ഞു. അവർ കൊണ്ടുപോയി
ൊടുത്തു. വീഞ്ഞായിത്തീർന്ന വെള്ളം
തിപ്രമാണി രുചിച്ചുനോക്കി. അത്
വിടെ നിന്നാണ് എന്ന് അവൻ അറിഞ്ഞി
ന്നില്ല. എന്നാൽ വേലക്കാരാകട്ടെ തങ്ങൾ
ള്ളമാണ് നിറച്ചതെന്ന് അറിഞ്ഞിരുന്നു.
തിപ്രമാണി മണവാളനെ വിളിച്ച് അവ
ോട് 'എല്ലാവരും ആദ്യമെ നല്ല വീഞ്ഞു
ൊണ്ടുവരും. ലഹരിച്ചശേഷം കുറഞ്ഞ
വും കൊണ്ടുവരും. നീയാകട്ടെ നല്ല
ഞ്ഞ് ഇതുവരെ സൂക്ഷിച്ചുവച്ചിരുന്ന
ാ' എന്നു പറഞ്ഞു. ഗലീലയിലെ കൊ
്നെയിൽ യേശു പ്രവർത്തിച്ച 'ഒന്നാ
ത്ത അദ്ഭുതം' ഇതാകുന്നു. താൻ തൻെറ
ത്വം അറിയിച്ചു. തൻെറ ശിഷ്യന്മാർ
ന്നിൽ വിശ്വസിക്കുകയും ചെയ്തു.
തദനന്തരം, താൻ തൻെറ അമ്മയും,
ഹോദരരും സ്വശിഷ്യരുമൊത്ത് കഫർന്ന
ാമിലേക്കു പോയി. അവിടെ കുറച്ചു
സം പാർത്തു. യഹൂദരുടെ പെസഹാ
മീപിച്ചിരുന്നു. യേശു യറുശലേമിലേക്കു
ായി. അവിടെ ദൈവാലയത്തിൽ കാള
ളയും ആടുകളേയും പ്രാവുകളേയും
ൽക്കുന്നവരേയും, നാണയം മാറുന്നവ
യും താൻ കണ്ടു. താൻ ചരടുകൊണ്ട്
ട്ടിയുണ്ടാക്കി എല്ലാവരേയും, ആടുക
യും കാളകളേയും നാണയമാറ്റക്കാരെ
പുറത്തിറക്കി. നാണയങ്ങൾ ചിതറു
ും അവരുടെ മേശകൾ മറിച്ചിടുകയും
യ്തു. പ്രാവുവിൽപ്പനക്കാരോട്, ഇവ
യെല്ലാം ഇവിടെനിന്നും എടുത്തു മാറ്റുവിൻ;
എൻെറ പിതാവിൻെറ ഭവനത്തെ നിങ്ങൾ
ഒരു വ്യാപാരസ്ഥലമാക്കരുത്, എന്നു
പറഞ്ഞു. "നിൻെറ ഭവനത്തെക്കുറിച്ചുള്ള
തീക്ഷ്ണത എന്നെ തിന്നുകളഞ്ഞു" എന്ന് 17
എഴുതപ്പെട്ടിരിക്കുന്നത് തൻെറ ശിഷ്യന്മാർ
ഓർത്തു. യഹൂദന്മാർ തന്നോട് "നീ ഇവ 18
യെല്ലാം ചെയ്യുന്നത് (സംബന്ധിച്ച്) നീ
ഞങ്ങൾക്ക് എന്ത് അടയാളം കാണിച്ചു
തരും" എന്നു ചോദിച്ചു. യേശു ഉത്തരമായി: 19
"ഈ ആലയം നിങ്ങൾ പൊളിക്കുവിൻ.
മൂന്നു ദിവസംകൊണ്ട് ഞാൻ അതിനെ
പുനരുദ്ധരിക്കും" എന്നു പറഞ്ഞു. യഹൂദ 20
ന്മാർ തന്നോട്: "നാല്പത്തിയാറു സംവത്സര
ങ്ങൾകൊണ്ടാണ് ഈ ആലയം പണിയ
പ്പെട്ടത്. നീ മൂന്നുദിവസം കൊണ്ട് അതു
പുനരുദ്ധരിക്കുമോ" എന്നു ചോദിച്ചു.
എന്നാൽ താനോ തൻെറ ശരീരമാകുന്ന 21
ആലയത്തെക്കുറിച്ചത്രെ പറഞ്ഞത്. താൻ 22
മരിച്ചവരുടെ ഇടയിൽനിന്നും പുനരു
ത്ഥാനം ചെയ്തപ്പോൾ ഇതാണ് താൻ
പറഞ്ഞതെന്ന് തൻെറ ശിഷ്യന്മാർ ഓർത്ത്
അവർ തിരുവെഴുത്തുകളേയും, യേശു
പറഞ്ഞ വചനത്തേയും വിശ്വസിച്ചു.
പെസഹാ പെരുന്നാളിൽ യേശു യറുശ 23
ലേമിൽ ആയിരിക്കുമ്പോൾ താൻ പ്രവർ
ത്തിച്ച അത്ഭുതങ്ങൾ നിമിത്തം അനേകർ
തന്നിൽ വിശ്വസിച്ചു. എന്നാൽ യേശുവാ 24
കട്ടെ സ്വയം അവരെ വിശ്വസിച്ചില്ല. എന്തെ
ന്നാൽ, താൻ എല്ലാവരേയും അറിഞ്ഞി
രുന്നു. ഒരു മനുഷ്യനെക്കുറിച്ച് ഒരുവനും 25
തന്നോട് സാക്ഷ്യപ്പെടുത്തേണ്ട ആവശ്യം
തനിക്കില്ലായിരുന്നു, എന്തെന്നാൽ മനുഷ്യ
നിൽ എന്താണുള്ളത് എന്നു തനിക്കറി
യാമായിരുന്നു.

അദ്ധ്യായം 3

യഹൂദന്മാരുടെ പ്രമാണി, നീക്കോദി 1
മോസ് എന്നുപേരുള്ള ഒരു പരീശൻ ഉണ്ടാ
യിരുന്നു. ഇയാൾ രാത്രിയിൽ യേശുവി 2
ൻെറ അടുക്കൽ വന്ന് തന്നോട്, "റബീ, അവി
ടന്ന് ഉപദേഷ്ടാവായി ദൈവത്താൽ അയയ്
ക്കപ്പെട്ടിരിക്കയാണെന്നു ഞങ്ങൾക്കറിയാം
എന്തെന്നാൽ ദൈവം തന്നോടുകൂടെയുള്ള
ഒരുവനല്ലാതെ, അങ്ങു ചെയ്യുന്നതുപോ
ലുള്ള അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ
ആർക്കും കഴികയില്ല" എന്നു പറഞ്ഞു.
യേശു ഉത്തരമായി അയാളോട്: "ഒരുവൻ 3
വീണ്ടും ജനിക്കാതെ ആർക്കും ദൈവത്തി
ൻെറ രാജ്യം കാണ്മാൻ കഴികയില്ല എന്ന്

ഞാൻ സത്യമായും സത്യമായും നിന്നോടു
4 പറയുന്നു" എന്നു പറഞ്ഞു. നിക്കോദിമോ
സ് തന്നോട്: "വൃദ്ധനായ ഒരു മനുഷ്യന്
എങ്ങനെ ജനിപ്പാൻ കഴിയും? അവൻ രണ്ടാം
പ്രാവശ്യവും അവൻെറ അമ്മയുടെ ഉദര
ത്തിലേക്കു പ്രവേശിച്ചു ജനിക്കുവാൻ കഴി
5 യുമോ?" എന്നു ചോദിച്ചു. യേശു ഉത്തര
മായി അവനോട് "ഒരുവൻ വെള്ളത്താലും
ആത്മാവാലും ജനിക്കുന്നില്ല എങ്കിൽ
അവനു ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ
സാദ്ധ്യമല്ല എന്നു സത്യമായും സത്യമായും
6 ഞാൻ നിന്നോടു പറയുന്നു. ജഡത്തിൽ
നിന്നു ജാതമായതു ജഡമാകുന്നു. ആത്മാ
7 വിൽനിന്നു ജാതമായത് ആത്മാവുമാകു
ന്നു. നിങ്ങൾ വീണ്ടും ജനിക്കേണ്ടതാകുന്നു
എന്നു ഞാൻ പറഞ്ഞതിൽ നീ അത്ഭുതപ്പെ
8 ടേണ്ട. കാറ്റ് അതിന് ഇഷ്ടമുള്ള സ്ഥാന
ത്തേക്ക് ഊതുന്നു. അതിൻെറ ശബ്ദം നീ
കേൾക്കുന്നുമുണ്ട്. എന്നാൽ, അതു വരുന്ന
ത് എവിടെനിന്ന്, എവിടേക്കു പോകുന്നു
എന്നു നീ അറിയുന്നില്ല. ആത്മാവിൽനി
ന്നു ജാതനായ എല്ലാവൻേറയും (സ്ഥിതി)
ഇങ്ങനെയാകുന്നു" എന്നു താൻ പറഞ്ഞു.
9 നിക്കോദിമോസ് ഉത്തരമായി തന്നോട്:
"ഇവയെല്ലാം എങ്ങനെ സംഭവിപ്പാൻ കഴി
10 യും?" എന്നു ചോദിച്ചു. യേശു ഉത്തരമായി
അവനോട് "നീ ഇസ്രായേലിൻെറ മൽപാൻ
(ഉപദേഷ്ടാവ്-ഗുരു) ആയിരുന്നിട്ടും ഇവ
11 അറിയുന്നില്ലയോ? സത്യമായും സത്യ
മായും ഞാൻ നിന്നോടു പറയുന്നു. ഞങ്ങൾ
അറിയുന്നതിനെ ഞങ്ങൾ സംസാരിക്കുന്നു.
ഞങ്ങൾ കണ്ടതിനെ ഞങ്ങൾ സാക്ഷിക്കു
കയും ചെയ്യുന്നു. ഞങ്ങളുടെ സാക്ഷ്യം
12 നിങ്ങൾ അംഗീകരിക്കുന്നില്ല. ഭൂമിയിലുള്ള
തു ഞാൻ നിങ്ങളോടു പറഞ്ഞിട്ട് നിങ്ങൾ
വിശ്വസിക്കുന്നില്ലെങ്കിൽ സ്വർഗ്ഗത്തിലു
ള്ളതു ഞാൻ നിങ്ങളോടു പറഞ്ഞാൽ
നിങ്ങൾ എങ്ങനെ എന്നെ വിശ്വസിക്കും?"
എന്നു പറഞ്ഞു.
13 സ്വർഗ്ഗത്തിലുള്ളവനായി, സ്വർഗ്ഗത്തിൽ
നിന്നിറങ്ങി വന്നവനായ മനുഷ്യപുത്രൻ
അല്ലാതെ മറ്റാരും സ്വർഗ്ഗത്തിലേക്കു കയറി
14 യിട്ടില്ല. മോശ മരുഭൂമിയിൽ പിച്ചള സർപ്പ
ത്തെ ഉയർത്തിയതുപോലെതന്നെ മനുഷ്യ
പുത്രനും ഉയർത്തപ്പെടുവാനിരിക്കുന്നു.
15 ആയതു തന്നിൽ വിശ്വസിക്കുന്ന ഒരുവനും
നശിച്ചു പോകാതെ അവനു നിത്യജീവൻ
16 ഉണ്ടാകേണ്ടതിനുതന്നെ. അവനിൽ വിശ്വ
സിക്കുന്ന ഒരുവനും നശിച്ചുപോകാതെ
അവനു നിത്യജീവൻ ഉണ്ടാകുവാൻ വേണ്ടി

- തൻെറ ഏകജാതനായ പുത്രനെ നൽകു
വാൻ തക്കവണ്ണം ദൈവം ലോകത്തെ അത്ര
യേറെ സ്നേഹിച്ചു. എന്തെന്നാൽ ദൈവം
തൻെറ പുത്രനെ ലോകത്തിലേക്കയച്ചതു
ലോകത്തെ ന്യായം വിധിപ്പാനല്ല; പിന്നെ
യോ, ലോകം അവൻമൂലം ജീവിപ്പാനത്രെ.
അവനിൽ വിശ്വസിക്കുന്നവൻ ശിക്ഷയ്ക്കു
വിധിക്കപ്പെടുകയില്ല. അവനിൽ വിശ്വസി
ക്കാത്തവനോ, ദൈവത്തിൻെറ ഏകജാത
നായ പുത്രൻെറ നാമത്തിൽ വിശ്വസിക്കാ
യ്കയാൽ, പണ്ടേ തന്നെ ശിക്ഷയ്ക്കു വിധി
ക്കപ്പെട്ടിരിക്കുന്നു. ശിക്ഷാവിധി ഇതാകു
ന്നു; അതായത് പ്രകാശം ലോകത്തിലേക്കു
വന്നു. മനുഷ്യർ പ്രകാശത്തെക്കാൾ അത്യ
ധികമായി അന്ധകാരത്തെ സ്നേഹിച്ചു!
എന്തെന്നാൽ അവരുടെ പ്രവൃത്തികൾ
ദോഷമുള്ളവയായിരുന്നു. നിന്ദ്യമായി
പ്രവർത്തിക്കുന്നവർ പ്രകാശത്തെ വെറു
ക്കുന്നു. അവൻെറ പ്രവൃത്തികൾ ശാസിക്ക
പ്പെടാതിരിക്കുവാനായി അവൻ പ്രകാശത്തി
ലേക്കു വരുന്നില്ല. സത്യമായതു പ്രവർത്തി
ക്കുന്നവനോ, അവൻെറ പ്രവൃത്തികൾ
ദൈവത്താൽ നടത്തപ്പെടുന്നുവെന്ന് അറി
യപ്പെടുവാൻ തക്കവണ്ണം വെളിച്ചത്തി
ലേക്കു വരുന്നു എന്നു പറഞ്ഞു.

ഇവയ്ക്കുശേഷം യേശുവും സ്വശിഷ്യ
ന്മാരും യഹൂദിയാദേശത്തേക്കു വന്നു. താൻ
അവിടെ അവരോടു ഒരുമിച്ചു ചുറ്റി സഞ്ച
രിച്ച് സ്നാനപ്പെടുത്തിക്കൊണ്ടിരുന്നു.
യോഹന്നാനും ശോലിമിന്നടുത്ത് ഇൻയോ
നിൽ സ്നാനം നടത്തിക്കൊണ്ടിരുന്നു.
എന്തെന്നാൽ അവിടെ ധാരാളം വെള്ളമു
ണ്ടായിരുന്നു. ജനങ്ങൾ വന്നു സ്നാനമേറ്റി
രുന്നു. എന്തെന്നാൽ അതുവരെ യോഹ
ന്നാൻ തടവിൽ ആയിട്ടില്ലായിരുന്നു.

യോഹന്നാൻെറ ശിഷ്യന്മാരിൽ ഒരു
വനും ഒരു യഹൂദനുമായി 'ശുദ്ധീകരണ'
ത്തെക്കുറിച്ച് ഒരു തർക്കമുണ്ടായി. അവർ
യോഹന്നാൻെറ അടുക്കൽ വന്ന്, റാബാൻ
(ഞങ്ങളുടെ ഗുരോ) അങ്ങ് ആരെക്കുറിച്ച്
സാക്ഷ്യം പറഞ്ഞോ, അങ്ങയോടുകൂടെ
യോർദ്ദാൻ കടവിൽ ഉണ്ടായിരുന്ന അദ്ദേ
ഹവും സ്നാനപ്പെടുത്തുന്നുണ്ട്. അനേകർ
അദ്ദേഹത്തിൻെറ അടുക്കൽ വരുന്നുമുണ്ട്
എന്നു പറഞ്ഞു: യോഹന്നാൻ ഉത്തരമായി
അവരോടു പറഞ്ഞു. "സ്വർഗ്ഗത്തിൽനിന്നും
ഒരുവനു നൽകപ്പെട്ടുവെങ്കിൽ അല്ലാതെ-
മനുഷ്യന് സ്വയമായി ഒന്നും സ്വീകരിപ്പാൻ
സാദ്ധ്യമല്ല. ഞാൻ മ്ശീഹാ അല്ലെന്നും,
പ്രത്യുത അവനു മുമ്പായി അയയ്ക്കപ്പെട്ടവ

നാണെന്നും ഞാൻ പറഞ്ഞതിന് നിങ്ങൾ
എനിക്കു സാക്ഷികളാകുന്നു. മണവാട്ടി
യുള്ളവൻ മണവാളനാകുന്നു. അവനെ
ശ്രദ്ധിച്ചു കേട്ടു നിൽക്കുന്ന മണവാളൻെറ
സ്നേഹിതനോ, മണവാളൻെറ സ്വരം
നിമിത്തം വളരെയേറെ സന്തോഷിക്കുന്നു.
ആകയാൽ എൻെറ സന്തോഷം ഇതാ
പൂർണ്ണമായിരിക്കുന്നു. അദ്ദേഹം വളരേണ്ടി
യിരിക്കുന്നു; ഞാൻ കുറയേണ്ടിയുമിരി
ക്കുന്നു. എന്തെന്നാൽ ഉയരത്തിൽ നിന്നു
വന്നവൻ എല്ലാവരിലും ഉപരിയാകുന്നു.
ഭൂമിയിൽ നിന്നുള്ളവൻ, ഭൌമികനാകുന്നു.
അവൻ ഭൌമികമായതു സംസാരിക്കുന്നു.
സ്വർഗ്ഗത്തിൽനിന്നു വന്നവൻ എല്ലാവരേ
ക്കാളും മേലാകുന്നു. അദ്ദേഹം കണ്ടതും
കേട്ടതുമായ കാര്യങ്ങളെ സാക്ഷിക്കുന്നു.
അദ്ദേഹത്തിൻെറ സാക്ഷ്യം ആരും സ്വീകരി
ക്കുന്നുമില്ല. അദ്ദേഹത്തിൻെറ സാക്ഷ്യം
അംഗീകരിച്ചവനാകട്ടെ ദൈവം സത്യവാ
നാകുന്നു എന്നുള്ളതിന് മുദ്രവെച്ചിരിക്കു
ന്നു. ദൈവം ആരെ അയച്ചുവോ അവൻ
ദൈവത്തിൻെറ വചനങ്ങളത്രെ സംസാരി
ക്കുന്നത്. ദൈവം അവന് ആത്മാവിനെ
കൊടുത്തത് അളവായിട്ടല്ല - പിതാവ് പുത്ര
നെ സ്നേഹിക്കുന്നു. സർവ്വവും അദ്ദേഹ
ത്തിൻെറ കൈകളിൽ നൽകിയുമിരിക്കു
ന്നു. പുത്രനിൽ വിശ്വസിക്കുന്നവനു നിത്യ
ജീവൻ ഉണ്ട്. പുത്രനെ അനുസരിക്കാ
ത്തവൻ 'ജീവൻ' കാണുകയില്ല; ദൈവ
ത്തിൻെറ കോപം അവനിൽ വസിക്കും."

അദ്ധ്യായം 4

താൻ വളരെയേറെ ശിഷ്യന്മാരെ ചേർ
ത്ത് യോഹന്നാനെക്കാളും അധികമാളുക
ളെ സ്നാനപ്പെടുത്തുന്നുണ്ടെന്ന് പരീശ
ന്മാർ കേട്ടു എന്ന് യേശു അറിഞ്ഞു. എന്നാൽ
യേശുവല്ല സ്നാനപ്പെടുത്തിയിരുന്നത്.
പിന്നെയോ തൻെറ ശിഷ്യന്മാരത്രെ. താൻ
യഹൂദിയ വിട്ട് വീണ്ടും ഗലീലയ്ക്കു
പോയി. തനിക്കു ശമരിയ ദേശത്തുകൂടെ
കടന്നുപോകേണ്ടിയിരുന്നു. യാക്കോബ്
സ്വപുത്രനായ യൌസേഫിനു നൽകിയി
രുന്ന വയലിന്നടുക്കൽ ശോക്കാർ എന്നു
വിളിക്കപ്പെടുന്ന ശമരിയ നഗരത്തിലേക്കു
താൻ വന്നു. അവിടെ യാക്കോബിൻെറ
വെള്ളത്തിൻെറ ഉറവ (കിണർ) ഉണ്ടായി
രുന്നു. യേശു യാത്ര ചെയ്ത് ക്ഷീണിതനായി
ആ ഉറവിൻെറ സമീപം ഇരുന്നു. അപ്പോൾ
ആറാം മണി സമയമായിരുന്നു. ശമറിനിൽ
നിന്നും ഒരു സ്ത്രീ വെള്ളം കോരുവാൻ വന്നു.
യേശു അവളോട്, എനിക്കു കുടിപ്പാൻ
വെള്ളം തരിക എന്നു പറഞ്ഞു. എന്തെ 8
ന്നാൽ തൻെറ ശിഷ്യന്മാർ അവർക്ക്
ആഹാരം വാങ്ങുവാനായി പട്ടണത്തി
ലേക്കു പോയിരിക്കുകയായിരുന്നു. ആ 9
ശമറീൻകാരി സ്ത്രീ തന്നോട്, 'ഞാൻ ശമ
റീൻകാരി സ്ത്രീ ആയിരിക്കെ യഹൂദനായ
അങ്ങ് എന്നോട് കുടിപ്പാൻ ചോദിക്കുന്ന
തെങ്ങനെ? എന്തെന്നാൽ യഹൂദർ ശമറയ
രോട് സംസർഗ്ഗം ചെയ്യാറില്ലല്ലോ' എന്നു
പറഞ്ഞു. യേശു ഉത്തരമായി അവളോട്, 10
ദൈവത്തിൻെറ ദാനവും, എനിക്കു കുടി
പ്പാൻ തരിക എന്നു നിന്നോടു പറയുന്ന
താരാകുന്നു എന്നും നീ അറിഞ്ഞിരുന്നു
എങ്കിൽ, നീ അവനോടു ചോദിക്കുകയും
അവൻ നിനക്ക് ജീവജലം നൽകുകയും
ചെയ്യുമായിരുന്നു എന്നു പറഞ്ഞു. ആ സ്ത്രീ
തന്നോട് - മോർ (എൻെറ യജമാനനേ) 11
അങ്ങയുടെ കൈയിൽ തൊട്ടി ഇല്ലല്ലോ -
കിണർ ആഴമുള്ളതുമാണല്ലോ. പിന്നെ
ജീവവെള്ളം അങ്ങേയ്ക്ക് എവിടെനിന്ന്?
ഈ കിണർ ഞങ്ങൾക്കു തന്ന, ഞങ്ങളുടെ 12
പിതാവായ യാക്കോബിനേക്കാൾ അങ്ങു
വലിയവനാണോ? അദ്ദേഹവും തൻെറ
മക്കളും ആടുകളും ഇതിൽ നിന്നാണു കുടി
ച്ചിരുന്നത് എന്നു പറഞ്ഞു. യേശു ഉത്തര
മായി അവളോട്, ഈ വെള്ളത്തിൽനിന്നു 13
കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും.
എന്നാൽ ഞാൻ അവനു നൽകുന്ന വെള്ളം 14
കുടിക്കുന്നവനോ ഒരിക്കലും ദാഹിക്കുകയി
ല്ല; പിന്നെയോ ഞാൻ അവനു കൊടുക്കു
ന്ന വെള്ളം, നിത്യജീവനിലേക്കു പൊട്ടി
പ്പുറപ്പെട്ടുവരുന്ന വെള്ളമായി അവനിൽ
സ്ഥിതി ചെയ്യും എന്നു പറഞ്ഞു. ആ സ്ത്രീ 15
തന്നോട്: മോർ, എനിക്കു വീണ്ടും ദാഹ
മുണ്ടാകാതിരിപ്പാനും, ഞാൻ ഇവിടെ വന്നു
വെള്ളം കോരാതെ കഴിയേണ്ടതിനുമായി -
ആ വെള്ള്ത്തിൽ നിന്ന് എനിക്കു തരണമേ,
എന്നു പറഞ്ഞു. യേശു അവളോട്, 'നീ 16
പോയി നിൻെറ ഭർത്താവിനെ വിളിച്ചു
കൊണ്ട് ഇവിടേക്കു വരിക' എന്നു പറഞ്ഞു.
അവൾ തന്നോട്, 'എനിക്കു ഭർത്താവില്ല' 17
എന്നു പറഞ്ഞു. യേശു അവളോട് 'എനി
ക്കു ഭർത്താവില്ല' എന്നു നീ പറഞ്ഞത് ശരി.
എന്തെന്നാൽ നിനക്ക് അഞ്ചു ഭർത്താക്ക 18
ന്മാർ ഉണ്ടായിരുന്നു. ഇപ്പോൾ നിനക്കു
ള്ളവനോ, നിൻെറ ഭർത്താവുമല്ല. ഇതു
സത്യമായി നീ പറഞ്ഞു എന്നു പറഞ്ഞു.
ആ സ്ത്രീ തന്നോട് - "മോർ, അവിടന്ന് പ്രവാ 19
ചകനാകുന്നു എന്ന് ഞാൻ കാണുന്നു.

20 ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ
ആരാധന നടത്തി. എന്നാൽ ആരാധന
നടത്തേണ്ട സ്ഥലം യറുശലേം ആണെ
ന്നു നിങ്ങൾ പറയുന്നു." എന്നു പറഞ്ഞു.
21 യേശു അവളോട്, "സ്ത്രീയേ! എന്നെ വിശ്വ
സിക്കുക. ഈ മലയിലുമല്ല യരുശലേ
മിലുമല്ല പിതാവിനെ ആരാധിക്കേണ്ടത്
22 എന്ന നാഴിക വരും. നിങ്ങൾ അറിയാത്ത
തിനെ നിങ്ങൾ ആരാധിക്കുന്നു. എന്നാൽ
ഞങ്ങളോ, ഞങ്ങൾ അറിയുന്നതിനെ
23 ആരാധിക്കുന്നു. എന്തെന്നാൽ 'ജീവൻ'
യഹൂദന്മാരിൽ നിന്നാണല്ലോ. സത്യ
ആരാധകർ പിതാവിനെ ആത്മാവിലും
സത്യത്തിലും ആരാധിക്കണം എന്ന നാഴിക
വരുന്നു. അത് ഇപ്പോൾ തന്നെയുമാ
24 കുന്നു. എന്തെന്നാൽ പിതാവും ഇതു
പോലുള്ള ആരാധകരെയത്രെ ആഗ്രഹി
ക്കുന്നത്. എന്തെന്നാൽ ദൈവം ആത്മാവാ
കുന്നു. തന്നെ ആരാധിക്കുന്നവർ ആത്മാ
വിലും സത്യത്തിലും ആരാധിക്കേണ്ടതാ
25 കുന്നു" എന്നു പറഞ്ഞു. ആ സ്ത്രീ തന്നോട്
'മ്ശീഹാ വരുമെന്നും അദ്ദേഹം വരുമ്പോൾ
എല്ലാ കാര്യവും ഞങ്ങളെ പഠിപ്പിക്കുമെന്നും
ഞാൻ അറിയുന്നു,' എന്നു പറഞ്ഞു. യേശു
26 അവളോട് "നിന്നോട് സംസാരിച്ചുകൊ
ണ്ടിരിക്കുന്ന ഞാൻ തന്നെയാകുന്നു
(അദ്ദേഹം)" എന്നു പറഞ്ഞു.

27 താൻ സംസാരിച്ചിരിക്കവെ തന്റെ
ശിഷ്യന്മാർ വന്നു. താൻ ആ സ്ത്രീയോടു
സംസാരിക്കുന്നതിൽ അവർ അത്ഭുത
പ്പെട്ടു. എന്നാൽ, 'അങ്ങ് എന്താണ് ആവശ്യ
പ്പെടുന്നത് എന്നോ, എന്താണ് അവളോടു
സംസാരിക്കുന്നതെന്നോ,' ആരും തന്നോടു
ചോദിച്ചില്ല.

28 ആ സ്ത്രീ അവളുടെ കുടം അവിടെ
ഉപേക്ഷിച്ചിട്ട് പട്ടണത്തിലേക്ക് പോയി;
29 ആളുകളോട് 'ഞാൻ പ്രവർത്തിച്ച കാര്യ
മെല്ലാം എന്നോടു പറഞ്ഞ മനുഷ്യനെ
30 നിങ്ങൾ വന്നു കാണുവിൻ- അദ്ദേഹം
പക്ഷെ മ്ശീഹാ ആയിരിക്കും' എന്നു
പറഞ്ഞു. ആളുകൾ പട്ടണത്തിൽനിന്നു
പുറപ്പെട്ട് തന്റെ അടുക്കലേക്കു വന്നു
കൊണ്ടിരുന്നു.

31 ഇതിനിടയ്ക്ക്- തന്റെ ശിഷ്യന്മാർ
തന്നോട് 'ഞങ്ങളുടെ ഗുരോ! ഭക്ഷണം കഴി
32 ച്ചാലും!' എന്നു പറഞ്ഞു. താൻ അവരോട്:
"നിങ്ങൾ അറിയാത്തതായ ആഹാരം
എനിക്കു ഭക്ഷിപ്പാനുണ്ട്." എന്നു പറഞ്ഞു.
33 ഇദ്ദേഹത്തിന് ഭക്ഷിപ്പാൻ ആരെങ്കിലും
വല്ലതും കൊണ്ടുവന്നിരിക്കാം, എന്നു ശിഷ്യ
ന്മാർ പരസ്പരം പറഞ്ഞു. യേശു അവരോട്: 34
എന്റെ ഭക്ഷണം എന്നത് എന്നെ അയച്ച
വന്റെ ഇഷ്ടം ഞാൻ ചെയ്ത് തന്റെ
പ്രവൃത്തിയെ പൂർത്തിയാക്കുക എന്നതാ
കുന്നു. നാലു മാസം കഴിഞ്ഞ് കൊയ്ത്തു 35
വരും എന്നു നിങ്ങൾ പറയുന്നില്ലയോ?
ഇതാ, ഞാൻ നിങ്ങളോടു പറയുന്നു;
നിങ്ങൾ കണ്ണുകൾ ഉയർത്തി പണ്ടേ തന്നെ
വിളഞ്ഞ് (വെള്ള നിറമായി) കൊയ്ത്തിന്
പാകമായിരിക്കുന്ന വയലുകൾ കാണുവിൻ.
കൊയ്യുന്നവൻ കൂലി പ്രാപിക്കും. നിത്യ 36
ജീവനിലേക്കു ഫലങ്ങൾ ശേഖരിക്കുകയും
ചെയ്യും. വിതയ്ക്കുന്നവനും കൊയ്യുന്ന
വനും ഒരുമിച്ചു സന്തോഷിക്കും. 'വിതയ്ക്കു
ന്നത് ഒരുവൻ, കൊയ്യുന്നത് മറ്റൊരുവൻ, 37
എന്നതു ഇവിടെ സത്യവചനമാകുന്നു.
നിങ്ങളതിൽ പണിചെയ്യാതിരുന്നത് കൊയ്യു 38
വാൻ ഞാൻ നിങ്ങളെ അയച്ചു. എന്തെ
ന്നാൽ പണി എടുത്തത് മറ്റുള്ളവർ. നിങ്ങ
ളോ അവരുടെ അദ്ധ്വാനത്തിലേക്കു പ്രവേ
ശിച്ചിരിക്കുകയാണ് എന്നു പറഞ്ഞു.

ആ പട്ടണത്തിൽ നിന്നു വളരെയേറെ 39
ശമറായർ, 'ഞാൻ ചെയ്തതെല്ലാം അദ്ദേഹം
എന്നോടു പറഞ്ഞു എന്നു സാക്ഷിച്ച ആ
സ്ത്രീയുടെ വാക്കു നിമിത്തം തന്നിൽ വിശ്വ
സിച്ചു. ശമറായർ തന്റെ അടുക്കൽ വന്ന്, 40
അവരോടുകൂടെ താൻ താമസിക്കണ
മെന്നപേക്ഷിച്ചു. രണ്ടു ദിവസം താൻ അവ
രോടു കൂടെ താമസിച്ചു. തന്റെ വചനം 41
നിമിത്തം വളരെപ്പേർ തന്നിൽ വിശ്വസിച്ചു.
അവർ ആ സ്ത്രീയോട് - 'ഇനിയും, നിന്റെ
വചനം നിമിത്തമല്ല ഞങ്ങൾ ഇദ്ദേഹത്തിൽ 42
വിശ്വസിക്കുന്നത് - എന്തെന്നാൽ ലോക
ത്തിന് ജീവൻ നൽകുന്ന മ്ശീഹാ സത്യ
മായും ഇദ്ദേഹമാകുന്നു എന്നു ഞങ്ങൾ
കേട്ടും അറിഞ്ഞുമിരിക്കുന്നു' എന്നു
പറഞ്ഞു.

രണ്ടു ദിവസം കഴിഞ്ഞ് യേശു അവിടെ 43
നിന്നു പുറപ്പെട്ടു ഗലീലായ്ക്കു പോയി. "പ്ര 44
വാചകൻ തന്റെ സ്വന്ത നഗരത്തിൽ ബഹു
മാനിതനാകുകയില്ല" എന്ന് യേശുതന്നെ
സാക്ഷ്യപ്പെടുത്തിയിരുന്നു. എന്നാൽ താൻ 45
ഗലീലയ്ക്കു വന്നപ്പോൾ ഗലീലക്കാർ
തന്നെ സ്വീകരിച്ചു. എന്തെന്നാൽ, യറുശലേ
മിൽ വച്ചു പെരുന്നാൾ ദിവസം താൻ ചെയ്ത
അത്ഭുതങ്ങൾ അവർ കണ്ടിരുന്നു. അവരും
പെരുന്നാളിന് പോയിട്ടുണ്ടായിരുന്നു.
താൻ വെള്ളത്തെ വീഞ്ഞാക്കി തീർത്ത 46
ഗലീലയിലെ കൊത്ത്നെയിലേക്കു താൻ
വീണ്ടും വന്നു.

തന്റെ മകൻ രോഗിയായി കിടക്കുന്ന
ഒരു രാജസേവകൻ കഫർന്നഹോമിൽ
ഉണ്ടായിരുന്നു. യേശു യഹൂദ്യയിൽ നിന്നു
ഗലീലയിൽ വന്നു എന്ന് ഇവൻ കേട്ടു.
അവൻ തന്റെ അടുക്കൽ പോയി, താൻ
ഇറങ്ങി വന്ന് അവന്റെ മകനെ സുഖപ്പെടു
ത്തണമെന്ന് തന്നോടപേക്ഷിച്ചു. എന്തെ
ന്നാൽ അവൻ മരണാസന്നൻ ആയിരുന്നു.
യേശു അവനോട് 'അടയാളങ്ങളും അത്ഭുത
ങ്ങളും കാണാതെ നിങ്ങൾ വിശ്വസിക്കയി
ല്ലല്ലോ' എന്നു പറഞ്ഞു. ആ രാജഭൃത്യൻ
തന്നോട് - "എന്റെ കർത്താവേ, പൈതൽ
മരിക്കുംമുമ്പെ വരണമെ" എന്നു പറഞ്ഞു.
യേശു അവനോട്: "നീ പൊയ്ക്കൊള്ളുക-
നിന്റെ മകൻ ജീവിച്ചിരിക്കുന്നു" എന്നു
പറഞ്ഞു. യേശു അവനോടു പറഞ്ഞ വാക്ക്
ആ മനുഷ്യൻ വിശ്വസിച്ച് പോയി. അവൻ
പോകുമ്പോൾ അവന്റെ ദാസന്മാർ
എതിരെ വന്ന് അവനോട് 'അങ്ങയുടെ
മകൻ ജീവിച്ചു (ജീവിച്ചിരിക്കുന്നു)' എന്നു
പറഞ്ഞു. അവൻ അവരോട് "ഏതു നാഴിക
യിലാണ് അവൻ സൌഖ്യം പ്രാപിച്ചത്?"
എന്നു ചോദിച്ചു. അവർ അവനോട് 'ഇന്ന
ലെ ഏഴാംമണി നേരത്ത് പനി വിട്ടുമാറി'
എന്നു പറഞ്ഞു. 'നിന്റെ മകൻ ജീവിച്ചിരി
ക്കുന്നു' എന്ന് യേശു അവനോടു പറഞ്ഞ
അതേ നാഴികയിൽ തന്നെയാണ് (ഇതു
സംഭവിച്ചത്) എന്ന് അവന്റെ പിതാവ്
അറിഞ്ഞു. അവനും അവന്റെ കുടുംബം
മുഴുവനും വിശ്വസിച്ചു. താൻ യഹൂദ്യയിൽ
നിന്നു ഗലീലയിൽ വന്നപ്പോൾ യേശു ചെയ്ത
രണ്ടാമത്തെ അത്ഭുതമായിരുന്നു ഇത്.

അദ്ധ്യായം 5

ഇവയ്ക്കുശേഷം യഹൂദന്മാരുടെ പെരു
ന്നാൾ ഉണ്ടായി. യേശു യറുശലേമിലേക്കു
കരേറിപ്പോയി. അവിടെ യറുശലേമിൽ
എബ്രായ ഭാഷയിൽ 'ബെത് ഹെസ്ദാ'
എന്നു വിളിക്കപ്പെടുന്ന ഒരു സ്നാന സ്ഥലം
ഉണ്ടായിരുന്നു. അതിൽ അഞ്ചു മണ്ഡപ
ങ്ങൾ ഉണ്ടായിരുന്നു. അവയിൽ രോഗിക
ളുടെ ഒരു വലിയ സമൂഹത്തെ-കുരുടന്മാ
രെയും മുടന്തന്മാരേയും ശോഷിച്ചവരേയും
കിടത്തിയിരുന്നു. അവർ വെള്ളത്തിന്റെ
ചലനം കാത്തു കിടക്കുകയായിരുന്നു.
എന്തെന്നാൽ ഒരു മാലാഖ ചിലപ്പോൾ
കുളത്തിലേക്ക് ഇറങ്ങി വന്ന് ആ വെള്ളം
ഇളക്കുമായിരുന്നു. വെള്ളത്തിന്റെ ചലനം
കഴിഞ്ഞ് ആദ്യമായി ഇറങ്ങിച്ചെല്ലുന്നവന്,
അവനുണ്ടായിരുന്ന ഏതു രോഗവും സുഖ
പ്പെടുമായിരുന്നു. അവിടെ മുപ്പത്തിഎട്ടു 5
സംവത്സരമായി രോഗത്തിലായിരുന്ന ഒരു
മനുഷ്യൻ ഉണ്ടായിരുന്നു. ഇവൻ കിടക്കു 6
ന്നത് യേശു കാണുകയും വളരെ കാലമായി
എന്ന് അറിയുകയും ചെയ്തു. താൻ അവ
നോട് "സുഖപ്പെടുവാൻ നിനക്കാഗ്രഹമു
ണ്ടോ?" എന്നു ചോദിച്ചു. ആ രോഗി ഉത്തര 7
മായി: "ഉവ്വ് കർത്താവേ, എന്നാൽ വെള്ളം
ഇളക്കപ്പെടുമ്പോൾ എന്നെ കുളത്തിൽ
ഇറക്കുവാൻ എനിക്കാരുമില്ല. ഞാൻ വരു
മ്പോഴേക്കും ഒരുവൻ എനിക്കു മുമ്പായി
ഇറങ്ങും" എന്നു പറഞ്ഞു. യേശു അവനോട് 8
- "നീ എഴുന്നേററ് നിന്റെ കിടക്കയും
എടുത്ത് നടന്നു പൊയ്ക്കൊള്ളുക" എന്നു
പറഞ്ഞു. അതേ ക്ഷണം ആ മനുഷ്യൻ 9
സുഖം പ്രാപിച്ചു! അവൻ എഴുന്നേററ്
കിടക്കയും എടുത്തു നടന്നു. ആ ദിവസം
ശാബതായിരുന്നു.

സൌഖ്യമാക്കപ്പെട്ടവനോട് യഹൂദന്മാർ 10
പറഞ്ഞു: 'ശാബതാണ് - നിന്റെ കിടക്ക
ചുമക്കുവാൻ നിനക്കനുവാദമില്ല' അവ
നോ ഉത്തരമായി: "എന്നെ സൌഖ്യമാക്കിയ 11
വൻ എന്നോട്: 'നീ നിന്റെ കിടക്ക എടുത്തു
നടക്കുക' എന്നു പറഞ്ഞു" എന്ന് അവരോട്
പറഞ്ഞു. നിന്നോട് 'നിന്റെ കിടക്ക എടു 12
ത്തു നടക്കുക' എന്നു പറഞ്ഞ ഈ മനു
ഷ്യൻ ആരാകുന്നു എന്ന് അവർ ചോദിച്ചു.
അതാരാകുന്നു എന്ന് സൌഖ്യം പ്രാപിച്ചവൻ 13
അറിഞ്ഞിരുന്നില്ല. എന്തെന്നാൽ ആ സ്ഥല
ത്തുണ്ടായിരുന്ന ജനക്കൂട്ടത്തിൽ യേശു
മറഞ്ഞു. കുറച്ചു സമയം കഴിഞ്ഞ് യേശു 14
അവനെ ദൈവാലയത്തിൽ കണ്ടെത്തി.
അവനോട്, "നീ ഇതാ സുഖപ്പെട്ടിരിക്കുന്നു.
ഇനിയും നീ പാപം ചെയ്യരുത്. ആദ്യത്തേ
തിൽ കൂടുതലായി എന്തെങ്കിലും തിന്മപെ
ട്ടത് നിനക്കു സംഭവിച്ചേക്കും" എന്നു പറ
ഞ്ഞു. ആ മനുഷ്യൻ പോയി യഹൂദന്മാരോട് 15
അവനു സൌഖ്യം നൽകിയത് യേശു
ആകുന്നു എന്നു പറഞ്ഞു. ഇതു നിമിത്തം 16
യഹൂദന്മാർ യേശുവിനെ ഉപദ്രവിച്ചു
കൊണ്ടിരുന്നു. താൻ ഇവയെല്ലാം ശാബ
തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതിനാൽ
തന്നെ കൊല്ലുവാനും അവർ ആഗ്രഹിച്ചു.

യേശു അവരോട്: "എന്റെ പിതാവ് 17
ഇപ്പോൾ വരെയും പ്രവർത്തിക്കുന്നു;
ഞാനും പ്രവർത്തിക്കുന്നു" എന്നു
പറഞ്ഞു. ഇതു നിമിത്തമായി തന്നെ
കൊല്ലുവാൻ കൂടുതലായി അവർ ഉദ്യമിച്ചു.
എന്തെന്നാൽ താൻ ശാബത് ലംഘിക്കുക 18
മാത്രമല്ല; പിന്നെയോ ദൈവം തന്റെ

പിതാവാകുന്നു എന്നു പറഞ്ഞ് തന്നെ
ത്തന്നെ ദൈവത്തോട് സമനാക്കിയതു
കൊണ്ടും തന്നെ.
19 യേശു ഉത്തരമായി അവരോട്: “സത്യ
മായി സത്യമായി ഞാൻ നിങ്ങളോട് പറ
യുന്നു: പിതാവു ചെയ്യുന്നതായി കാണുന്ന
വയല്ലാതെ പുത്രന് സ്വന്തമായി ഒന്നും
ചെയ്വാൻ കഴികയില്ല. എന്തെന്നാൽ പിതാ
വു പ്രവർത്തിക്കുന്നവ, അപ്രകാരം തന്നെ
20 പുത്രനും ചെയ്യുന്നു. എന്തെന്നാൽ പിതാവു
തന്റെ പുത്രനെ സ്നേഹിക്കുന്നു. താൻ
ചെയ്യുന്നതെല്ലാം അവനെ കാണിക്കുന്നു.
നിങ്ങൾ അത്ഭുതപ്പെടുമാറ് അവയെക്കാൾ
അധികമായവയും അവനു കാണിച്ചുകൊടു
21 ക്കും. എന്തെന്നാൽ പിതാവ് മരിച്ചവരെ
ഉയിർപ്പിച്ച് അവരെ ജീവിപ്പിക്കുന്നതു
പോലെതന്നെ, പുത്രനും തനിക്കിഷ്ടമുള്ള
22 വരെ ജീവിപ്പിക്കുന്നു. എല്ലാവരും പിതാ
വിനെ ബഹുമാനിക്കുന്നതുപോലെതന്നെ
23 പുത്രനെയും ബഹുമാനിക്കുവാനായി-
പിതാവ് ആരെയും വിധിക്കാതെ, ന്യായ
വിധി മുഴുവനും പുത്രനു നൽകിയിരി
ക്കുന്നു. പുത്രനെ ബഹുമാനിക്കാത്തവൻ
അവനെ അയച്ച പിതാവിനെയും ആദരി
24 ക്കുന്നില്ല - സത്യമായി സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ട്
എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു
നിത്യജീവനുണ്ട്. അവൻ ശിക്ഷാവിധിയി
ലേക്ക് വരികയില്ല. എന്നാലോ മരണത്തിൽ
നിന്നു ജീവനിലേക്കു മാറിയിരിക്കുന്നു.
25 സത്യമായി സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ
ശബ്ദം കേൾക്കുകയും കേൾക്കുന്നവർ
ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു;
26 അത് ഇപ്പോൾതന്നെയുമാകുന്നു. പിതാ
വിന് തന്നിൽതന്നെ ജീവനുള്ള പ്രകാരം
തന്നിൽ തന്നെ ജീവനുണ്ടായിരിപ്പാൻ
27 പുത്രനും നൽകിയിരിക്കുന്നു. അവൻ മനു
ഷ്യപുത്രനാകയാൽ വിധികർത്താവാകുവാ
നും അവനെ അധികാരപ്പെടുത്തിയിരിക്ക
28 യത്രെ. നിങ്ങൾ ഇതിൽ അത്ഭുതപ്പെടേണ്ട;
നാഴിക വരും. അപ്പോൾ കല്ലറകളിലുള്ളവർ
എല്ലാവരും അവന്റെ ശബ്ദം കേൾക്കും.
29 നന്മ ചെയ്തിരുന്നവർ ജീവന്റെ ഉയിർപ്പി
ലേക്കും, തിന്മ ചെയ്തിരുന്നവർ ശിക്ഷാവിധി
യുടെ ഉയിർപ്പിലേക്കും പുറപ്പെടും.
30 എനിക്ക് സ്വയത്തിൽനിന്നും ഒന്നും
ചെയ്വാൻ കഴികയില്ല. എന്നാലോ ഞാൻ
കേൾക്കുന്നതനുസരിച്ച് വിധിക്കുന്നു.
എന്റെ വിധി നീതിയുള്ളതാകുന്നു. എന്തെ
ന്നാൽ ഞാൻ എന്റെ ഇഷ്ടം അല്ല ആഗ്ര
ഹിക്കുന്നത്. പിന്നെയോ എന്നെ അയച്ച
വന്റെ ഇഷ്ടം (അന്വേഷിക്കുന്നു). ഞാൻ 31
എന്നെക്കുറിച്ചു തന്നെ സാക്ഷ്യം പറയുന്നു
വെങ്കിൽ എന്റെ സാക്ഷ്യം സത്യമായിരി
ക്കയില്ല. മറ്റൊരുവനത്രെ എന്നെപ്പറ്റി
സാക്ഷ്യം പറയുന്നത്. അവൻ എന്നെക്കു 32
റിച്ച് പറയുന്ന അവന്റെ സാക്ഷ്യം സത്യ
മാകുന്നു എന്നു ഞാൻ അറിയുന്നു. നിങ്ങൾ 33
യോഹന്നാന്റെ അടുത്ത് ആളയച്ചുവല്ലോ.
അയാൾ സത്യത്തെക്കുറിച്ചു സാക്ഷിക്ക
യുംചെയ്തു. ഞാനാകട്ടെ മനുഷ്യരിൽനിന്നല്ല 34
സാക്ഷ്യം സ്വീകരിക്കുന്നത്. നിങ്ങൾ ജീവി
ക്കേണ്ടതിനായി ഞാൻ ഇവ പറയുന്നു.
അദ്ദേഹം ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കാ 35
യിരുന്നു. നിങ്ങൾ അല്പസമയം അദ്ദേഹ
ത്തിന്റെ പ്രകാശത്തിൽ പ്രശംസിപ്പാൻ
ആഗ്രഹിച്ചു. എനിക്കോ, യോഹന്നാന്റെ 36
(സാക്ഷ്യത്തേക്കാൾ) വലിയ സാക്ഷ്യമുണ്ട്.
എന്തെന്നാൽ ഞാൻ അവയെ പൂർത്തിയാ
ക്കുവാനായി എന്റെ പിതാവ് എനിക്കു
നൽകിയ പ്രവൃത്തികൾ - ഞാൻ ചെയ്തുകൊ
ണ്ടിരിക്കുന്ന ആ പ്രവൃത്തികൾ, പിതാവ്
എന്നെ അയച്ചു എന്നതിന് എന്നെക്കുറിച്ച് 37
സാക്ഷിക്കുന്നു. എന്നെ അയച്ച പിതാവ് -
താൻ എന്നെക്കുറിച്ചു സാക്ഷിക്കുന്നു. 38
തന്റെ ശബ്ദം നിങ്ങൾ ഒരുനാളും കേട്ടി
ട്ടില്ല; തന്റെ രൂപം കണ്ടിട്ടുമില്ല. തന്റെ
വചനം നിങ്ങളിൽ വസിക്കുന്നുമില്ല. എന്തെ
ന്നാൽ താൻ അയച്ചവനിൽ നിങ്ങൾ
വിശ്വസിക്കുന്നില്ല. അവയിൽ നിങ്ങൾക്കു 39
നിത്യജീവൻ ഉണ്ട് എന്നു നിങ്ങൾ വിചാരി
ക്കുന്ന തിരുവെഴുത്തുകൾ നിങ്ങൾ പരി
ശോധിപ്പിൻ; അവയും എന്നെക്കുറിച്ചു
സാക്ഷിക്കുന്നു. നിങ്ങൾക്കു നിത്യജീവനു 40
ണ്ടാകേണ്ടതിന് എന്റെ അടുക്കൽ വരു
വാൻ നിങ്ങൾക്കു മനസ്സില്ല. മനുഷ്യരിൽ 41
നിന്ന് മഹത്വം ഞാൻ സ്വീകരിക്കുന്നില്ല;
എന്നാൽ നിങ്ങളിൽ ദൈവത്തിന്റെ 42
സ്നേഹം ഇല്ല എന്നു ഞാൻ നിങ്ങളെ
അറിഞ്ഞിരിക്കുന്നു. ഞാൻ എന്റെ പിതാ 43
വിന്റെ നാമത്തിൽ വന്നു. നിങ്ങൾ എന്നെ
അംഗീകരിക്കുന്നില്ല. മറ്റൊരുവൻ സ്വന്തം
പേരിൽ വന്നാൽ അവനെ നിങ്ങൾ സ്വീക
രിക്കും. അന്യോന്യം മഹത്വം കൈക്കൊള്ളു 44
കയും ഏക ദൈവത്തിൽനിന്നുള്ള മഹത്വം
ആഗ്രഹിക്കാതിരിക്കുകയും ചെയ്യുന്ന
നിങ്ങൾക്ക് എങ്ങനെ വിശ്വസിപ്പാൻ കഴി
യും? പിതാവിന്റെ മുമ്പാകെ ഞാൻ 45
നിങ്ങളെക്കുറിച്ചു കുററാരോപണം നടത്തു

ന്നുവെന്ന് നിങ്ങൾ വിചാരിക്കുന്നുവോ?
നിങ്ങളെ കുറ്റപ്പെടുത്തുന്ന ഒരാൾ ഉണ്ട്;
ആരിൽ നിങ്ങൾ ആശ്രയിച്ചിരിക്കുന്നുവോ
6 ആ മോശ തന്നെ. മോശയിൽ നിങ്ങൾ വിശ്വ
സിച്ചിരുന്നുവെങ്കിൽ എന്നിലും വിശ്വസി
ക്കുമായിരുന്നു: എന്തെന്നാൽ മോശ എന്നെ
7 ക്കുറിച്ച് എഴുതിയിരിക്കുന്നു. അദ്ദേഹ
ത്തിൻെറ ഗ്രന്ഥങ്ങൾ നിങ്ങൾ വിശ്വസിക്കു
ന്നില്ലെങ്കിൽ, എൻെറ വചനങ്ങൾ നിങ്ങൾ
എങ്ങനെ വിശ്വസിക്കും?"

അദ്ധ്യായം 6

1 അനന്തരം യേശു തീബേര്യോസ് എന്ന
ഗലീലാ കടലിൻെറ അക്കരയ്ക്കു പോയി.
2 താൻ രോഗികളിൽ പ്രവർത്തിച്ചു വന്ന
അത്ഭുതങ്ങൾ കണ്ടതുകൊണ്ട് വളരെയേ
റെ ജനസമൂഹം തൻെറ പിന്നാലെ പോയി.
3 യേശു മലയിൽ കയറി തൻെറ ശിഷ്യന്മാരു
4 മൊരുമിച്ച് അവിടെ ഇരുന്നു. യഹൂദന്മാരു
ടെ പെസഹാപെരുന്നാൾ സമീപിച്ചിരുന്നു.
5 യേശു കണ്ണുകൾ ഉയർത്തി വളരെ
യേറെ പുരുഷാരം തൻെറ അടുക്കലേക്ക്
വരുന്നതായി കണ്ടു. "ഇവരെല്ലാം ഭക്ഷണം
കഴിക്കത്തക്കവണ്ണം നാം എവിടെ നിന്നും
6 അപ്പം വാങ്ങും?" എന്ന് താൻ ഫിലിപ്പോസി
നോടു ചോദിച്ചു. ഫിലിപ്പോസിനെ പരീക്ഷി
പ്പാനായിരുന്നു താൻ ഇങ്ങനെ പറഞ്ഞത്.
എന്തെന്നാൽ താൻ എന്താണ് ചെയ്വാനിരി
ക്കുന്നത് എന്ന് തനിക്കറിയാമായിരുന്നു.
7 ഫിലിപ്പോസ് തന്നോട്: "ഓരോരുത്തർക്ക്
കുറേശെയെങ്കിലും ലഭിക്കുന്നതിന് ഇരു
ന്നൂറ് ദീനാറായ്ക്കുള്ള അപ്പം മതിയാക
8 യില്ല." എന്നു പറഞ്ഞു. തൻെറ ശിഷ്യരിൽ
ഒരുവനും, ശെമഓൻ കീപ്പായുടെ സഹോ
9 ദരനുമായ അന്ത്രയോസ് തന്നോട്: 'ഇവിടെ
ഒരു ബാലനുണ്ട്. അവൻെറ പക്കൽ അഞ്ച്
യവ അപ്പവും രണ്ടു മീനുമുണ്ട്. എന്നാൽ ഇ
വർക്കെല്ലാവർക്കും കൂടി അവ എന്തുള്ളു?'
10 എന്നു പറഞ്ഞു. യേശു അവരോട് - 'എല്ലാ
വരേയും ഭക്ഷണത്തിന്നായി ഇരുത്തു
വിൻ' എന്നു പറഞ്ഞു. ആ സ്ഥലത്തു
ധാരാളം പുല്ലുണ്ടായിരുന്നു. അയ്യായിരം
പുരുഷന്മാർ ഭക്ഷണത്തിന്നിരുന്നു. യേശു
അപ്പം എടുത്തു വാഴ്ത്തി. അതുപോലെ
തന്നെ മീനും. ഭക്ഷണത്തിന്നിരുന്നവർ
ക്കായി വേണ്ടുവോളം വിഭാഗിച്ചു കൊടു
ത്തു. അവർ സംതൃപ്തരായിക്കഴിഞ്ഞപ്പോൾ
താൻ തൻെറ ശിഷ്യന്മാരോട് - ഒന്നും
നഷ്ടപ്പെട്ടുപോകാതെ, മിച്ചമുള്ള നുറുക്കു
കൾ ശേഖരിക്കുവിൻ എന്നു പറഞ്ഞു.

അഞ്ച് യവഅപ്പത്തിൽ നിന്നും അവർ 13
ഭക്ഷിച്ചിട്ട് അധികം വന്ന കഷണങ്ങൾ
പന്ത്രണ്ടു കുട്ട നിറച്ചു ശേഖരിച്ചു.

യേശു ചെയ്ത അത്ഭുതം കണ്ടവരായ 14
ആളുകൾ "ലോകത്തിലേക്കു വരേണ്ടതായ
ആ പ്രവാചകൻ സത്യമായും ഇവൻ തന്നെ
യാകുന്നു" എന്നു പറഞ്ഞു. അവർ വന്നു 15
തന്നെ ബലമായി പിടിച്ചുകൊണ്ടുപോയി
രാജാവാക്കാനിരിക്കുന്നു എന്നറിഞ്ഞിട്ട്
താൻ തനിയെ മലയിലേക്ക് മാറി പോയി.

സന്ധ്യയായപ്പോൾ തൻെറ ശിഷ്യന്മാർ 16
കടൽപുറത്തേക്കുപോയി പടകിൽ കയറി.
അവർ അക്കരെ കഫർന്നഹോമിലേക്കു 17
പോകുകയായിരുന്നു. നേരം ഇരുട്ടി. യേശു
അവരുടെ അടുക്കലേക്കു വന്നിട്ടില്ലായിരു
ന്നു. കൊടുങ്കാറ്റ് അടിച്ചതുകൊണ്ട് കടൽ 18
ക്ഷോഭിച്ചു. ഇരുപത്തഞ്ചോ മുപ്പതോ 19
'എസ്താദികൾ' പടകു പോയപ്പോൾ, യേശു
കടലിൻമീതെകൂടെ നടക്കുന്നതായി അവർ
കണ്ടു. അവരുടെ പടകിനോട് താൻ സമീ
പിച്ചപ്പോൾ അവർ സംഭീതരായി. യേശു
അവരോട് 'നിങ്ങൾ ഭയപ്പെടേണ്ട. ഞാൻ 20
തന്നെ'- എന്നു പറഞ്ഞു. അവർ പടകിലേ
ക്കു തന്നെ സ്വീകരിപ്പാനാഗ്രഹിച്ചു. ആ 21
ക്ഷണം തന്നെ ആ പടക് അവർക്ക് എത്തേ
ണ്ട സ്ഥലത്ത് എത്തിക്കഴിഞ്ഞു!

പിറ്റെ ദിവസം കടലിനക്കരെ നിന്നിരുന്ന 22
ജനക്കൂട്ടം - ശിഷ്യന്മാർ കയറിയ പടകല്ലാ
തെ വേറെ പടക് അവിടെ ഇല്ലായിരുന്നു
വെന്നും, ശിഷ്യന്മാരോടുകൂടെ യേശു പട
കിൽ കയറിയിട്ടില്ലായിരുന്നുവെന്നും കണ്ട
താണ്. യേശു വാഴ്ത്തിയ അപ്പം അവർ 23
ഭക്ഷിച്ചതായ ആ സ്ഥലത്തിനു സമീപം,
തീബേറിയോസിൽ നിന്നും മറ്റു പടവുകൾ
വന്നു. യേശുവും ശിഷ്യന്മാരും അവിടെ ഇല്ല 24
എന്ന് ജനസമൂഹം കണ്ടപ്പോൾ അവർ ആ
പടവുകളിൽ കയറി കഫർന്നഹോമിൽ വ
ന്ന് യേശുവിനെ അന്വേഷിച്ചു. അവർ കടലി 25
ന് അക്കരെ യേശുവിനെ കണ്ടെത്തിയ
പ്പോൾ 'ഗുരോ അങ്ങ് എപ്പോഴാണ് ഇവിടെ
വന്നത്?' എന്നു ചോദിച്ചു. യേശു ഉത്തര
മായി അവരോട് "സത്യമായും സത്യമായും 26
ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ എ
ന്നെ അന്വേഷിക്കുന്നത് അത്ഭുതം കണ്ടതു
കൊ ണ്ടല്ല, പ്രത്യുത അപ്പം ഭക്ഷിച്ചു തൃപ്ത
രായതു കൊണ്ടത്രെ. നശിച്ചുപോകുന്ന 27
ആഹാര ത്തിനുവേണ്ടിയല്ല, പിന്നെയോ
മനുഷ്യ പുത്രൻ നിങ്ങൾക്കു തരുന്നതായ,
നിത്യ ജീവന്നായി നിലനിൽക്കുന്ന ആഹാര
ത്തിനു വേണ്ടിയാണ് പ്രയത്നിക്കേണ്ടത്.

പിതാവ്, ഇതിനായി അവനെ മുദ്രകുത്തി
28 യിരിക്കുന്നു." എന്നു പറഞ്ഞു. അവർ
തന്നോട് - "ദൈവത്തിൻെറ പ്രവൃത്തികൾ
അനുഷ്ഠിക്കുവാൻ ഞങ്ങൾ എന്തു ചെയ്യ
29 ണം?" എന്നു ചോദിച്ചു. യേശു ഉത്തരമായി
അവരോട് - "ദൈവത്തിൻെറ പ്രവൃത്തി
എന്നത് ഇതാകുന്നു - അതായത് താൻ
അയച്ചവനിൽ നിങ്ങൾ വിശ്വസിക്കണം"
എന്നു പറഞ്ഞു.
30 അവർ തന്നോട് "ഞങ്ങൾ കണ്ട് അങ്ങ
യിൽ വിശ്വസിക്കുവാനായി അങ്ങ് എന്ത്
അത്ഭുതം പ്രവർത്തിക്കും? എന്തു പ്രവർത്തി
31 ക്കും? ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമി
യിൽ വച്ചു മന്നാ ഭക്ഷിച്ചു. 'അവൻ അവർ
ക്കു ഭക്ഷിപ്പാൻ സ്വർഗ്ഗത്തിൽനിന്ന് അപ്പം
കൊടുത്തു' എന്ന് എഴുതപ്പെട്ടിരിക്കു
32 ന്നല്ലോ" എന്ന് പറഞ്ഞു. യേശു അവരോട്:
"സത്യമായി സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു. സ്വർഗ്ഗത്തിൽ നിന്നു നിങ്ങൾക്കു
അപ്പം തന്നതു മോശയല്ല. എന്നാലോ
എൻെറ പിതാവ് സാക്ഷാൽ അപ്പം സ്വർഗ്ഗ
33 ത്തിൽനിന്ന് നിങ്ങൾക്കു തരുന്നു. 'ദൈവ
ത്തിൻെറ അപ്പം' എന്നത് 'സ്വർഗ്ഗത്തിൽ
നിന്നിറങ്ങി ലോകത്തിന് ജീവൻ നൽകുന്ന
വൻ ആകുന്നു." എന്നു പറഞ്ഞു. അവർ
34 തന്നോടു 'ഞങ്ങളുടെ കർത്താവേ, ഈ
അപ്പം ഞങ്ങൾക്കു തരണമെ' എന്നു പറഞ്ഞു.
35 യേശു അവരോട് "ഞാൻ ആകുന്നു ജീവ
ൻെറ അപ്പം. എൻെറ അടുക്കൽ വരുന്നവനു
വിശക്കുകയില്ല, എന്നിൽ വിശ്വസിക്കുന്ന
36 വനു ദാഹിക്കുകയുമില്ല. എന്നാലോ
നിങ്ങൾ എന്നെ കണ്ടിട്ടും വിശ്വസിക്കുന്നില്ല
37 എന്നു ഞാൻ നിങ്ങളോടു പറഞ്ഞു. എൻെറ
പിതാവ് എനിക്കു തന്നവരെല്ലാം എൻെറ
അടുക്കൽ വരും. എൻെറ അടുക്കൽ വരുന്ന
38 വനെ ഞാൻ പുറന്തള്ളുകയില്ല. ഞാൻ
സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നത് എന്നെ
അയച്ചവൻെറ ഇഷ്ടം ചെയ്യാനല്ലാതെ
39 എൻെറ ഇഷ്ടം നിറവേറ്റുവാനല്ല. എന്നെ
അയച്ചവൻെറ ഇഷ്ടം താൻ എനിക്കു
തന്ന ഒരുവനേയും തന്നിൽനിന്നും നഷ്ട
പ്പെടുത്താതെ അവസാന ദിവസം ഞാന
വനെ ഉയിർപ്പിക്കണം എന്നുള്ളതാകുന്നു.
40 പുത്രനെ കണ്ട് അവനിൽ വിശ്വസിക്കുന്ന
ഏവനും നിത്യജീവനുണ്ടാകണം; അവ
സാനദിവസം ഞാൻ അവനെ ഉയിർപ്പി
ക്കണം എന്നതാണ് എൻെറ പിതാവിൻെറ
41 ഇഷ്ടം." ഞാൻ സ്വർഗ്ഗത്തിൽനിന്നും
ഇറങ്ങി വന്ന അപ്പമാകുന്നു എന്നു താൻ
പറഞ്ഞതിനാൽ യഹൂദന്മാർ തനിക്കെതി
രായി പിറുപിറുത്തു. 'ഇവൻ യൗസേഫി 42
ൻെറ മകനായ യേശു അല്ലേ. ഇവൻെറ
അപ്പനേയും അമ്മയേയും നാം അറിയുന്നു.
പിന്നെ, ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി
വന്നു എന്ന് ഇവൻ എങ്ങനെ പറയുന്നു?"
യേശു അവരോട് "നിങ്ങൾ തമ്മിൽ തമ്മിൽ 43
പിറുപിറുക്കേണ്ട. എന്നെ അയച്ച പിതാവ്
ഒരുവനെ ആകർഷിച്ചെങ്കിലല്ലാതെ 44
ആർക്കും എൻെറ അടുക്കൽ വരുവാൻ
കഴിയുന്നതല്ല. അന്ത്യദിനത്തിൽ ഞാൻ
അവനെ ഉയിർപ്പിക്കും. എന്തെന്നാൽ എല്ലാ
വരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവ 45
രാകും എന്ന് ദീർഘദർശിയാൽ എഴുതപ്പെ
ട്ടിരിക്കുന്നു. ആകയാൽ പിതാവിൽനിന്നു
കേൾക്കുകയും അവനിൽനിന്നു പഠിക്കു
കയും ചെയ്യുന്നവനെല്ലാം എൻെറ അടു
ക്കൽ വരും. പിതാവിനെ ആരും കണ്ടിട്ടില്ല.
എന്നാൽ ദൈവത്തിൽനിന്നും ഉള്ളവൻ 46
ആരോ അവനാണ് പിതാവിനെ കാണു
ന്നത്. സത്യമായി സത്യമായി ഞാൻ നിങ്ങ 47
ളോടു പറയുന്നു, എന്നിൽ വിശ്വസിക്കുന്ന
വന് നിത്യജീവൻ ഉണ്ട്.
ഞാൻ ആകുന്നു ജീവൻെറ അപ്പം. 48
നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ വച്ചു 49
മന്നാ ഭക്ഷിച്ചു; അവർ മരിച്ചുപോയി!
സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി വന്ന അപ്പം 50
ഇതാകുന്നു. അതിൽനിന്നും ഒരുവൻ ഭക്ഷി
ച്ചാൽ അവൻ മരിക്കയില്ല. ഞാൻ സ്വർഗ്ഗ 51
ത്തിൽനിന്നിറങ്ങി വന്ന ജീവനുള്ള അപ്പ
മാകുന്നു. ഒരുവൻ ഈ അപ്പത്തിൽ നിന്നു
ഭക്ഷിച്ചാൽ അവൻ നിത്യമായി ജീവിക്കും.
ഞാൻ നൽകുന്ന അപ്പമോ, ലോകത്തിൻെറ
ജീവനുവേണ്ടി ഞാൻ നൽകുന്ന എൻെറ
ശരീരമാകുന്നു" എന്നു പറഞ്ഞു. യഹൂദ 52
ന്മാർ തർക്കിച്ചുകൊണ്ട് പരസ്പരം; 'നമുക്കു
ഭക്ഷിപ്പാനായി തൻെറ ശരീരം തരുവാൻ
ഈയാൾക്ക് എങ്ങനെ കഴിയും?' എന്നു പറ 53
ഞ്ഞു. യേശു അവരോട്, 'നിങ്ങൾ മനുഷ്യ
പുത്രൻെറ ശരീരം ഭക്ഷിക്കുകയും അവ
ൻെറ രക്തം കുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ
നിങ്ങൾക്ക് നിങ്ങളിൽ തന്നെ ജീവനില്ല
എന്നു ഞാൻ സത്യമായും സത്യമായും 54
നിങ്ങളോട് പറയുന്നു. എൻെറ ശരീരത്തിൽ
നിന്നു ഭക്ഷിക്കുകയും എൻെറ രക്തത്തിൽനി
ന്നു പാനം ചെയ്കയും ചെയ്യുന്നവനാരോ
അവന് നിത്യജീവനുണ്ട്. അന്ത്യദിനത്തിൽ
ഞാൻ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും.
എൻെറ ശരീരം സത്യമായിട്ടും ഭക്ഷണമാകു 55
ന്നു. എൻെറ രക്തം സത്യമായിട്ടും പാനീയവു
മാകുന്നു. എൻെറ ശരീരം ഭക്ഷിക്കുകയും 56

എൻെറ രക്തം പാനംചെയ്കയും ചെയ്യുന്ന
വൻ എന്നിൽ വസിക്കും. ഞാൻ അവനിലും
7 വസിക്കും. ജീവനുള്ള പിതാവ് എന്നെ അയ
ച്ചിട്ട്, പിതാവ് നിമിത്തം ഞാൻ ജീവനുള്ള
വനായിരിക്കുന്നതുപോലെ, എന്നെ ഭക്ഷി
ക്കുന്നവനും ഞാൻ നിമിത്തം ജീവിക്കും.
8 സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം
ഇതാകുന്നു. നിങ്ങളുടെ പിതാക്കന്മാർ
മന്നാ ഭക്ഷിച്ചു: അവർ മരിച്ചു. അതുപോ
ലെയല്ല, ഈ അപ്പത്തിൽനിന്നു ഭക്ഷിക്കു
ന്നവൻ, നിത്യമായി ജീവിക്കും." എന്നു
പറഞ്ഞു.
9 താൻ കഫർന്നഹോമിൽ പഠിപ്പിക്കു
മ്പോൾ സംഘാലയത്തിൽവച്ച് ഇവ പറ
0 ഞ്ഞു. തൻെറ ശിഷ്യന്മാരിൽ തന്നെ അനേ
കർ ഇതു കേട്ടിട്ട് - 'ഇതു കഠിനമായ വാക്ക്
- ഇതു കേൾപ്പാൻ ആർക്ക് കഴിയും?' എന്നു
1 പറഞ്ഞു. തൻെറ ശിഷ്യന്മാർ ഇതിനെ
ക്കുറിച്ച് പിറുപിറുക്കുന്നുണ്ട് എന്ന് യേശു
തന്നിൽതന്നെ അറിഞ്ഞ്; അവരോട് 'ഇതു
നിങ്ങൾക്ക് വിരുദ്ധമായി തോന്നുന്നുണ്ടോ?
2 മനുഷ്യപുത്രൻ മുമ്പ് ആയിരുന്ന സ്ഥല
ത്തേക്ക് അവൻ കരേറുന്നത് നിങ്ങൾ
3 കണ്ടാലോ? ജീവൻ നൽകുന്നത് ആത്മാവാ
കുന്നു. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല.
ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ,
ആത്മാവാകുന്നു, ജീവനുമാകുന്നു.
4 എന്നാൽ വിശ്വസിക്കാത്തവരായി നിങ്ങ
ളിൽ ചിലരുണ്ട്' എന്നു പറഞ്ഞു. വിശ്വസി
ക്കാത്തവർ ആരെല്ലാമെന്നും, തന്നെ
ഏൽപ്പിച്ചുകൊടുക്കുന്നവൻ ആരെന്നും
5 യേശു മുൻകൂട്ടി അറിഞ്ഞിരുന്നു. താൻ
അവരോട് പറഞ്ഞു: 'ഇതു നിമിത്തമാണ്
എൻെറ പിതാവിനാൽ ഒരുവനു നൽകപ്പെ
ടാതെ, എൻെറ അടുക്കൽ ആർക്കും വരു
വാൻ കഴികയില്ല. എന്നു ഞാൻ പറഞ്ഞത്.'
ഈ വചനം നിമിത്തം തൻെറ ശിഷ്യരിൽ
പലർ പിൻവാങ്ങിപ്പോയി. (പിന്നീട്)
തന്നോടുകൂടെ നടന്നതുമില്ല. യേശു തൻെറ
പന്തിരുവരോട് 'നിങ്ങളും പോകുവാനാ
ഗ്രഹിക്കുന്നോ?' എന്ന് ചോദിച്ചു. ശെമഓൻ
കീപ്പാ തന്നോട് - 'എൻെറ കർത്താവേ,
ഞങ്ങൾ ആരുടെയടുക്കൽ പോകണം?
അവിടത്തേക്കു നിത്യജീവൻെറ വചന
ങ്ങൾ ഉണ്ടല്ലോ. അവിടന്ന് ജീവനുള്ള ദൈവ
ത്തിൻെറ പുത്രനായ മ്ശീഹാ ആകുന്നു
എന്ന് ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അറി
ഞ്ഞുമിരിക്കുന്നു.' എന്നുത്തരം പറഞ്ഞു.
യേശു അവരോട്, 'നിങ്ങൾ പന്ത്രണ്ടുപേരെ
യല്ലയോ ഞാൻ തിരഞ്ഞെടുത്തത്: നിങ്ങ
ളിൽ ഒരുവൻ 'സാത്താൻ' ആകുന്നു.' എന്നു
പറഞ്ഞു. ഇതു താൻ പറഞ്ഞത് ശെമഓൻ 71
സ്കറിയോത്തായുടെ മകൻ യീഹൂദായെ
ക്കുറിച്ചായിരുന്നു. എന്തെന്നാൽ പന്ത്ര
ണ്ടിൽ ഒരുവൻ ആയ അവൻ, തന്നെ ഏല്പി
ച്ചുകൊടുക്കുവാൻ ഇരിക്കുകയായിരുന്നു.

അദ്ധ്യായം 7

പിന്നീട് യേശു ഗലീലയിൽ സഞ്ചരി 1
ക്കുകയായിരുന്നു. എന്തെന്നാൽ യഹൂദ
ന്മാർ തന്നെ കൊല്ലുവാൻ ആഗ്രഹിച്ചിരു
ന്നതുകൊണ്ട് യഹൂദ്യയിൽ സഞ്ചരിപ്പാൻ
താൻ ഇഷ്ടപ്പെട്ടില്ല.
യഹൂദന്മാരുടെ കൂടാരപ്പെരുന്നാൾ സ 2
മീപിച്ചിരുന്നു. തൻെറ സഹോദരർ തന്നോട്: 3
'നീ ചെയ്യുന്ന പ്രവൃത്തികൾ നിൻെറ ശിഷ്യ
ന്മാർ കാണേണ്ടതിന്നായി നീ ഇവിടെ
നിന്നും യഹൂദ്യയിലേക്കു പോകുക. എന്തെ
ന്നാൽ ഒരുവൻ രഹസ്യമായി വല്ലതും 4
ചെയ്തിട്ട് അതു പരസ്യമായിത്തീരണമെന്ന്
ആഗ്രഹിക്കുന്നില്ല. നീ ഇവ ചെയ്യുന്നുവെ
ങ്കിൽ, ലോകത്തിനു നിന്നെത്തന്നെ കാണി
ക്കുക' എന്നു പറഞ്ഞു. തൻെറ സഹോദര 5
രും യേശുവിൽ വിശ്വസിച്ചിരുന്നില്ല. യേശു 6
അവരോട് - 'എൻെറ സമയം ഇതു വരെ
വന്നിട്ടില്ല. നിങ്ങളുടെ സമയമോ എപ്പോഴും
തയാറായിരിക്കുന്നു. നിങ്ങളെ ദ്വേഷിപ്പാൻ 7
ലോകത്തിനു കഴിയുകയില്ല. എന്നാൽ
എന്നെയോ അതു വെറുക്കുന്നു. എന്തെ
ന്നാൽ അതിൻെറ പ്രവൃത്തികൾ ചീത്തയാ
കുന്നു എന്ന് അതിനെതിരായി ഞാൻ
സാക്ഷിക്കുന്നു. ഈ പെരുന്നാളിന് നിങ്ങൾ 8
പൊയ്ക്കൊള്ളുവിൻ. ഈ പെരുന്നാളിന്
ഇപ്പോൾ ഞാൻ വരുന്നില്ല- എന്തെന്നാൽ
എൻെറ സമയം ഇനിയും പൂർത്തിയായി
ട്ടില്ല.' എന്നു പറഞ്ഞു. താൻ ഇങ്ങനെ പറ 9
ഞ്ഞിട്ട് ഗലീലയിൽ താമസിച്ചു. എന്നാൽ 10
തൻെറ സഹോദരർ പെരുന്നാളിനു പോയ
ശേഷം താനും പോയി. പരസ്യമായല്ല
രഹസ്യമായിട്ടത്രെ.
യഹൂദന്മാർ പെരുന്നാളിൽ തന്നെ 11
അന്വേഷിച്ച്: 'അയാൾ എവിടെ' എന്നു പറ
ഞ്ഞു. ജനസമൂഹത്തിൽ തന്നെക്കുറിച്ച് 12
വളരെ പിറുപിറുപ്പുണ്ടായി. എന്തെന്നാൽ
ചിലർ പറഞ്ഞു, 'അദ്ദേഹം നല്ലവനാകുന്നു'
എന്ന്. മറ്റു ചിലരോ, 'അല്ല - അവൻ ജനത്തെ
വഴി തെറ്റിക്കുന്നവനാകുന്നു' എന്നും പറ
ഞ്ഞു - എന്നാൽ യഹൂദന്മാരെയുള്ള ഭയം 13
നിമിത്തം ഒരുവനും തന്നെക്കുറിച്ച് പരസ്യ
മായി സംസാരിച്ചില്ല.

14 പെരുന്നാൾ ദിവസങ്ങൾ പകുതി ആയ
പ്പോൾ, യേശു ദൈവാലയത്തിലേക്കു
കയറിച്ചെന്ന് പഠിപ്പിച്ചുകൊണ്ടിരുന്നു. യഹൂ
15 ദന്മാർ അത്ഭുതപ്പെട്ട്, 'പഠിത്തമില്ലാതിരി
ക്കെ, ഇയാൾ ഗ്രന്ഥങ്ങൾ അറിയുന്ന
തെങ്ങനെ?' എന്ന് പറഞ്ഞു. യേശു
16 ഉത്തരമായിട്ട് 'എന്റെ ഉപദേശം എന്റെ
സ്വന്തമല്ല; എന്നാലോ, എന്നെ അയച്ചവ
17 ന്റേതത്രെ. എന്റെ ഉപദേശം ദൈവത്തിൽ
നിന്നാണോ, അതോ ഞാൻ സ്വയത്തിൽ
നിന്നു സംസാരിക്കയാണോ എന്ന്, ദൈവ
ത്തിന്റെ ഇഷ്ടം ചെയ്യാൻ ആഗ്രഹിക്കു
18 ന്നവൻ തിരിച്ചറിയും. തന്റെ സ്വന്തം
ആലോചനയിൽനിന്നും സംസാരിക്കുന്ന
വൻ തനിക്കുതന്നെ മഹത്വം ആരായുക
യാണ്. എന്നാൽ തന്നെ അയച്ചവന്റെ
മഹത്വം ആരായുന്നവനോ, സത്യവാനാകു
19 ന്നു. അവനിൽ അനീതിയില്ല. മോശയല്ലേ
നിങ്ങൾക്കു ന്യായപ്രമാണം തന്നത്?
നിങ്ങളിലാരും ന്യായപ്രമാണം ആചരിക്കു
20 ന്നില്ല. നിങ്ങൾ എന്തിന് എന്നെ കൊല്ലു
വാനാഗ്രഹിക്കുന്നു?' എന്നു പറഞ്ഞു. പുരു
ഷാരം ഉത്തരമായി തന്നോട് 'നിനക്കു
ഭൂതമുണ്ട്; ആരാണ് നിന്നെ കൊല്ലുവാനാ
21 ഗ്രഹിക്കുന്നത്?' എന്നു പറഞ്ഞു. യേശു
ഉത്തരമായി അവരോട് 'ഞാൻ ഒരു പ്രവൃ
ത്തി ചെയ്തു. നിങ്ങളെല്ലാവരും അത്ഭുത
22 പ്പെടുകയും ചെയ്യുന്നു. മോശ നിങ്ങൾക്കു
പരിഛേദനം നൽകി - അതു മോശയിൽ
നിന്നുമല്ല, പിതാക്കന്മാരിൽ നിന്നും അത്രെ.
ശാബതിൽ നിങ്ങൾ മനുഷ്യർക്കു പരിഛേ
23 ദനം നടത്തുന്നു. മോശയുടെ ന്യായപ്രമാ
ണത്തിന് ലംഘനം ആകാതെ, ഒരു മനു
ഷ്യൻ ശാബതിൽ പരിഛേദനം ചെയ്യപ്പെടാ
മെങ്കിൽ; ഞാൻ ശാബതിൽ ഒരു മനുഷ്യനെ
പൂർണ്ണമായും സൌഖ്യമാക്കിയതിന്
നിങ്ങൾ എനിക്കെതിരായി എന്തിനു പിറു
24 പിറുക്കുന്നു? നിങ്ങൾ മുഖപക്ഷത്തോടെ
വിധിക്കരുത്. നീതിയുള്ള വിധി നടത്തു
25 വിൻ' എന്നു പറഞ്ഞു. യറുശലേംകാരിൽ
ചിലർ, അവർ കൊല്ലുവാനാഗ്രഹിക്കുന്നത്
26 ഇദ്ദേഹത്തെ അല്ലയോ? ഇതാ അദ്ദേഹം
പരസ്യമായി സംസാരിക്കുന്നു. അവർ
തന്നോട് ഒന്നും പറയുന്നുമില്ല. പക്ഷെ നമ്മു
ടെ മൂപ്പന്മാർ ഇദ്ദേഹമാണ് സത്യമായും
27 മ്ശിഹാ എന്നറിഞ്ഞുകാണും. എന്നാൽ
ഇദ്ദേഹം എവിടെ നിന്നാണ് എന്നു നമു
ക്കറിയാം. മ്ശിഹാ വരുമ്പോഴാകട്ടെ അദ്ദേ
ഹം എവിടെനിന്ന് എന്ന് ആരും അറിയുകയി
ല്ലല്ലോ എന്നു പറഞ്ഞു.

ദൈവാലയത്തിൽ താൻ പഠിപ്പിക്കു 28
മ്പോൾ ശബ്ദമുയർത്തിക്കൊണ്ടു പറഞ്ഞു:
'നിങ്ങൾ എന്നെ അറിയുന്നു. ഞാൻ എവിടെ
നിന്നാണ് എന്നും നിങ്ങൾ അറിയുന്നു.
ഞാൻ സ്വയമായി വന്നവനല്ല. എന്നാലോ
എന്നെ അയച്ചവൻ സത്യവാനാകുന്നു -
നിങ്ങൾ അദ്ദേഹത്തെ അറിയുന്നില്ല. ഞാൻ 29
അദ്ദേഹത്തിന്റെ അടുക്കൽ നിന്നാകയാ
ലും അദ്ദേഹം എന്നെ അയച്ചിരിക്കയാലും,
ഞാനോ അദ്ദേഹത്തെ അറിയുന്നു.' അവർ 30
തന്നെ പിടിപ്പാൻ ആഗ്രഹിച്ചു. എന്നാൽ
ആരും തന്നിൽ കൈവെച്ചില്ല; എന്തെന്നാൽ
തന്റെ നാഴിക അപ്പോഴും വന്നിരുന്നില്ല. 31
പുരുഷാരത്തിൽ അനേകർ തന്നിൽ വിശ്വ
സിച്ചു: അവർ 'ഇദ്ദേഹം ചെയ്യുന്നതിലധികം
അത്ഭുതങ്ങൾ, മ്ശിഹാ വരുമ്പോൾ ചെയ്യു
മോ?' എന്നു പറഞ്ഞു.

തന്നെക്കുറിച്ച് ജനസമൂഹം ഇവയെല്ലാം 32
സംസാരിക്കുന്നതു പരീശന്മാർ കേട്ടു.
അവരും പ്രധാനാചാര്യന്മാരും തന്നെ പിടി
പ്പാൻ പടയാളികളെ അയച്ചു.

യേശു പറഞ്ഞു: "അല്പകാലം കൂടി 33
ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.
എന്നെ അയച്ചവന്റെ അടുക്കലേക്കു
ഞാൻ പോകും. നിങ്ങൾ എന്നെ അന്വേഷി 34
ക്കും. എന്നെ കണ്ടെത്തുകയില്ല. ഞാൻ
ആകുന്നിടത്ത് വരുവാൻ നിങ്ങൾക്കു കഴി
യുകയുമില്ല." യഹൂദന്മാർ അവരിൽ തന്നെ
പറഞ്ഞു: 'നമുക്കവനെ കണ്ടെത്താൻ കഴി 35
യാത്ത ഏതു സ്ഥലത്തേക്കാണ് ഇവൻ
പോകുവാനിരിക്കുന്നത്? ഇവൻ ജാതികളു
ടെ ദേശങ്ങളിൽ പോയി വിജാതീയരെ പഠി
പ്പിക്കാനിരിക്കയാണോ? എന്നെ നിങ്ങൾ 36
അന്വേഷിക്കും, നിങ്ങൾ എന്നെ കണ്ടെ
ത്തുകയില്ല. ഞാൻ ആയിരിക്കുന്നിടത്തു
വരാനും നിങ്ങൾക്കു സാദ്ധ്യമല്ല - എന്ന്
ഇവൻ പറഞ്ഞ ഈ വചനമെന്ത്?'

പെരുന്നാളിന്റെ അവസാനത്തെ 37
വലിയ ദിവസം, യേശു നിന്നുകൊണ്ട്
വിളിച്ചു പറഞ്ഞത്: 'ഒരുവന് ദാഹിക്കുന്നു
വെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു
കുടിക്കട്ടെ - എന്നിൽ വിശ്വസിക്കുന്നവന്റെ 38
ഉദരത്തിൽ നിന്നും - തിരുവെഴുത്തു പറയും
പോലെ - ജീവജല നദികൾ പ്രവഹിക്കും.'
ഇതു താൻ പറഞ്ഞത്; തന്നിൽ വിശ്വസി 39
ക്കുന്നവർ പ്രാപിക്കാനിരിക്കുന്ന ആത്മാവി
നെക്കുറിച്ചത്രെ. എന്തെന്നാൽ അതുവരെ
യേശു മഹത്വപ്പെട്ടു കഴിഞ്ഞിട്ടില്ലാതിരുന്ന
തിനാൽ ആത്മാവ് നൽകപ്പെട്ടിരുന്നില്ല.
ജനസമൂഹത്തിൽ തന്റെ വചനങ്ങൾ കേട്ട 40

വളരെപ്പേർ - 'ഇദ്ദേഹം സത്യമായും പ്രവാച
41 കൻ തന്നെ' എന്നു പറഞ്ഞു. വേറെ ചിലർ
- 'ഇദ്ദേഹമാകുന്നു മ്ശീഹാ' എന്നു പറ
42 ഞ്ഞു. മറ്റു ചിലരാകട്ടെ, 'മ്ശീഹാ ഗലീല
യിൽനിന്നു വരുമോ? ദാവീദീൻെറ സന്തതി
യിൽനിന്ന്, ദാവീദിൻെറ ഗ്രാമമായ ബേത്ല
ഹേമിൽ നിന്നാകുന്നു മ്ശിഹാ വരുന്ന
തെന്ന് തിരുവെഴുത്തു പറയുന്നില്ലേ' എന്നു
43 പറഞ്ഞു. തന്നെപ്രതി, ജനത്തിൽ ഭിന്നാഭി
44 പ്രായമുണ്ടായി. തന്നെ പിടികൂടണമെന്ന്
ആഗ്രഹമുള്ളവർ അവരിൽ ചിലരുണ്ടായി
രുന്നു. എന്നാൽ ആരും തന്നിൽ കൈവച്ചില്ല.
45 ആ പടയാളികൾ പ്രധാനാചാര്യന്മാ
രുടേയും പരീശന്മാരുടേയും അടുത്തു വന്നു.
അവർ അവരോട് 'നിങ്ങൾ അവനെ എന്തു
കൊണ്ടു കൊണ്ടുവന്നില്ല?' എന്നു ചോദിച്ചു.
46 പടയാളികൾ അവരോട് ഈ 'മനുഷ്യൻ
സംസാരിക്കുന്നതുപോലെ ഒരു നാളും ഒരു
മനുഷ്യനും സംസാരിച്ചിട്ടില്ല' എന്നു പറ
ഞ്ഞു. പരീശന്മാർ അവരോട് 'നിങ്ങളും വഴി
47 തെറ്റുന്നോ? ന്യായപ്രമാണം അറിവില്ലാത്ത
48 ഈ ജനമല്ലാതെ, പ്രമാണികളിലോ, പരീ
ശരിലോ ഒരുവൻപോലും അവനിൽ വിശ്വ
49 സിച്ചിട്ടില്ല. (ആ ജനം) ശപിക്കപ്പെട്ടവർ'
എന്നു പറഞ്ഞു. രാത്രിയിൽ യേശുവിൻെറ
50 അടുക്കൽ വന്ന - അവരിലൊരുവനായ
51 നീക്കോദിമോസ് അവരോട് 'ഒരുവനിൽ
നിന്ന് ആദ്യം കേട്ട് - അവൻ എന്താണ്
ചെയ്തതെന്ന് അറിയാതെ ഒരുവനെ, നമ്മുടെ
ന്യായപ്രമാണം കുറ്റം വിധിക്കുന്നുണ്ടോ?'
52 എന്നു ചോദിച്ചു. അവർ ഉത്തരമായി
അവനോട് 'നീയും ഗലീലയിൽനിന്നാ
ണോ? പ്രവാചകൻ ഗലീലയിൽനിന്നും
എഴുന്നേൽക്കുകയില്ല. എന്നു നീ തിരുവെ
ഴുത്തു പരിശോധിച്ചു കാണുക' എന്നു
പറഞ്ഞു. [*ഓരോരുത്തനും അവനവൻെറ
ഭവനത്തിലേക്കു പോയി.

അദ്ധ്യായം 8

യേശു ഒലിവു മലയിലേക്കു പോയി.
വീണ്ടും പ്രഭാതത്തിൽ താൻ ദൈവാലയ
ത്തിലേക്കു വന്നു. ജനമെല്ലാം തൻെറ അടു
ത്തെത്തി. താൻ ഇരുന്നുകൊണ്ട് അവരെ
പഠിപ്പിച്ചു.

വ്യഭിചാരത്തിന് പിടിക്കപ്പെട്ട ഒരു സ്ത്രീ
യെ സൊപ്രേന്മാരും പരീശന്മാരും കൊണ്ടു
വന്നു. അവളെ നടുവിൽ നിർത്തിക്കൊണ്ട്
അവർ തന്നോട് പറഞ്ഞു: 'ഗുരോ, ഈ സ്ത്രീ 4
വ്യഭിചാരപ്രവർത്തനമദ്ധ്യേ പരസ്യമായി
പിടിക്കപ്പെട്ടവളാണ്. ഇത്തരക്കാരെ കല്ലെ 5
റിയണം എന്ന് മോശയുടെ ന്യായപ്രമാ
ണത്തിൽ കൽപ്പിച്ചിട്ടുണ്ടല്ലോ. അങ്ങ് എന്തു
പറയുന്നു?' തൻെറ മേൽ കുററാരോപണം 6
ചെയ്യുവാൻ വല്ലതും കിട്ടേണ്ടതിനായി
തന്നെ പരീക്ഷിച്ചുകൊണ്ടാണ് അവർ
ഇങ്ങനെ പറഞ്ഞത്. യേശുവോ കീഴോട്ട്
കുനിഞ്ഞ് നിലത്ത് എഴുതിക്കൊണ്ടിരുന്നു.
അവർ തന്നോട് ആവർത്തിച്ചു ചോദിച്ചു.
താൻ നിവർന്നിരുന്ന് അവരോട്: 'നിങ്ങളിൽ 7
പാപമില്ലാത്തവർ ആദ്യം അവളുടെമേൽ
കല്ലെറിയണം' എന്നുപറഞ്ഞു. വീണ്ടും
താൻ കുനിഞ്ഞിരുന്ന് നിലത്ത് എഴുതി 8
ക്കൊണ്ടിരുന്നു. അവരോ ഇതു കേട്ടപ്പോൾ,
മൂപ്പൻമാർ മുതൽ ഓരോരുത്തരായി 9
പിരിഞ്ഞുപോയി. നടുവിൽ നിന്നിരുന്ന
സ്ത്രീ മാത്രം ശേഷിച്ചു. യേശു നിവർന്നിട്ട്
ആ സ്ത്രീയോട്: 'അവർ എവിടെ? ആരും 10
നിന്നെ കുററം വിധിച്ചില്ലയോ?' എന്നു ചോ
ദിച്ചു. അവൾ തന്നോട് കർത്താവേ, ആരും
(വിധിച്ചില്ല) എന്നു പറഞ്ഞു. യേശു അവ
ളോട് ഞാനും നിന്നെ കുററം വിധിക്കുന്നില്ല. 11
നീ പൊയ്ക്കൊള്ളുക. ഇനിമുതൽ വീണ്ടും
നീ പാപം ചെയ്യരുത് എന്നു പറഞ്ഞു.]

യേശു വീണ്ടും ജനക്കൂട്ടത്തോട്: 'ഞാൻ 12
ലോകത്തിൻെറ പ്രകാശമാകുന്നു. എൻെറ
പിന്നാലെ വരുന്നവൻ അന്ധകാരത്തിൽ
നടക്കുകയില്ല. പിന്നെയോ, അവൻ ജീവ
ൻെറ വെളിച്ചം കണ്ടെത്തും.' പരീശന്മാർ 13
തന്നോട് - "നീ നിന്നെക്കുറിച്ച് തന്നെ
സാക്ഷ്യം പറയുകയാണ്. നിൻെറ സാക്ഷ്യം
സത്യമല്ല" എന്നു പറഞ്ഞു. യേശു ഉത്തര 14
മായി അവരോട്: "ഞാൻ തന്നെ എന്നെ
ക്കുറിച്ച് സാക്ഷ്യം പറഞ്ഞാലും, എൻെറ
സാക്ഷ്യം സത്യമാകുന്നു. എന്തെന്നാൽ
ഞാൻ എവിടെനിന്നു വന്നുവെന്നും എവി
ടേക്കു പോകുന്നു എന്നും ഞാനറിയുന്നു.
നിങ്ങളാകട്ടെ ഞാൻ എവിടെനിന്നു വന്നു
എന്നും എവിടേക്കാണ് പോകുന്നതെന്നും
അറിയുന്നില്ല. നിങ്ങൾ ശാരീരികമായി 15
വിധിക്കുന്നു. ഞാൻ ആരെയും വിധിക്കു
ന്നില്ല. എന്നാൽ ഞാൻ വിധിച്ചാൽ എൻെറ 16
വിധി സത്യമായിരിക്കും. എന്തെന്നാൽ
ഞാൻ തനിച്ചല്ല; പിന്നെയോ, ഞാനും
എന്നെ അയച്ച എൻെറ പിതാവും കൂടി

*(ഇവിടെ മുതൽ 8 - 11 വരെയുള്ള ഭാഗങ്ങൾ പ്ശീത്താവേർഷനിൽ [ ] ഇട്ടു ചേർത്തിരിക്കയാണ്. ഈ ഭാഗം എല്ലാ പകർപ്പുകളിലും ഇല്ല).

17 യാണ്. രണ്ടുപേരുടെ സാക്ഷ്യം സത്യമാ
യിട്ടുള്ളതത്രെ എന്നു നിങ്ങളുടെ ന്യായ
പ്രമാണത്തിലും എഴുതപ്പെട്ടിരിക്കുന്നു:
18 ഞാൻ തന്നെ എന്നെക്കുറിച്ച് സാക്ഷിക്കു
ന്നു; എന്നെ അയച്ച എൻെറ പിതാവും
19 എന്നെക്കുറിച്ച് സാക്ഷിക്കുന്നു." അവർ ത
ന്നോട് "എവിടെയാകുന്നു നിൻെറ പിതാവ്"
എന്നു ചോദിച്ചു. യേശു ഉത്തരമായി അവ
രോട്: "എന്നെയാകട്ടെ എൻെറ പിതാവിനെ
യാകട്ടെ നിങ്ങൾക്കറിഞ്ഞുകൂടാ. എന്നെ
നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ- എൻെറ
പിതാവിനെയും നിങ്ങൾ അറിയുമായി
20 രുന്നു" എന്നു പറഞ്ഞു. ദൈവാലയത്തിൽ,
താൻ പഠിപ്പിക്കവെ, ഭണ്ഡാരമുറിയിൽ വച്ച്
ഈ വചനങ്ങൾ താൻ സംസാരിച്ചു. ഒരു
വനും തന്നെ പിടികൂടിയില്ല; എന്തെന്നാൽ
തൻെറ സമയം അതുവരെയും വന്നിട്ടില്ലാ
യിരുന്നു.
21 യേശു വീണ്ടും അവരോട്: "ഞാൻ
പോകുന്നു. നിങ്ങൾ എന്നെ അന്വേഷിക്കും.
നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും.
22 ഞാൻ പോകുന്നിടത്ത് നിങ്ങൾക്ക് വരുവാൻ
കഴിയുകയില്ല;" എന്നു പറഞ്ഞു. 'ഞാൻ
പോകുന്നിടത്ത് നിങ്ങൾക്ക് വരുവാൻ സാ
ദ്ധ്യമല്ല എന്ന് ഇവൻ പറയുന്നതുകൊണ്ട്,
ആത്മഹത്യ ചെയ്യുമായിരിക്കും' എന്ന്
23 യഹൂദന്മാർ പറഞ്ഞു. താൻ അവരോട്
പറഞ്ഞു: "നിങ്ങൾ താഴെ നിന്നുള്ളവരാകു
ന്നു. ഞാനോ ഉയരത്തിൽനിന്നുള്ളവനാ
കുന്നു. നിങ്ങൾ ഈ ലോകത്തിൽ നിന്നു
24 ള്ളവരാകുന്നു. ഞാനോ ഈ ലോകത്തിൽ
നിന്നുമല്ല. നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ
മരിക്കും എന്നു ഞാൻ നിങ്ങളോട് പറഞ്ഞു.
എന്തെന്നാൽ 'ഞാൻ ആകുന്നു' എന്നു
നിങ്ങൾ വിശ്വസിക്കുകയില്ലെങ്കിൽ നിങ്ങ
ളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും."
25 യഹൂദന്മാർ - 'നീ ആരാകുന്നു' എന്നു
ചോദിച്ചു. യേശു അവരോട്: 'ഞാൻ നിങ്ങ
26 ളോട് ആരംഭത്തിൽ തന്നെ പറഞ്ഞു. നിങ്ങ
ളെക്കുറിച്ച് പറയുവാനും, വിധിപ്പാനും
എനിക്കുണ്ട്. എന്നാൽ എന്നെ അയച്ചവൻ
സത്യവാനാകുന്നു. ഞാനോ തന്നിൽനിന്ന്
കേട്ടവ തന്നെയാണ് ലോകത്തിൽ സംസാ
27 രിക്കുന്നത്' എന്നു പറഞ്ഞു. പിതാവിനെ
ക്കുറിച്ചാണ് താൻ പറഞ്ഞതെന്ന് അവർ
ഗ്രഹിച്ചില്ല.
28 യേശു വീണ്ടും അവരോട്: "നിങ്ങൾ
മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ -
ഞാൻ തന്നെയാണ് (അവൻ) എന്നു
നിങ്ങൾ അപ്പോൾ അറിയും. എൻെറ സ്വയ
ത്തിൽനിന്ന് ഞാൻ ഒന്നും ചെയ്യുന്നില്ല.
എന്നാലോ എൻെറ പിതാവ് എന്നെ പഠി
പ്പിച്ചിരിക്കുന്നതുപോലെ ഞാൻ സംസാരി
ക്കുന്നു. എന്നെ അയച്ചവൻ എന്നോട് 29
കൂടെയുണ്ട്. എൻെറ പിതാവ് എന്നെ ഏക
നായി വിട്ടിട്ടില്ല. എന്തെന്നാൽ - തനിക്കു
പ്രസാദകരമായവയാണ് ഞാൻ എപ്പോഴും
ചെയ്യുന്നത്" എന്നു പറഞ്ഞു. താൻ ഇവ 30
സംസാരിച്ചപ്പോൾ അനേകർ തന്നിൽ
വിശ്വസിച്ചു. തന്നിൽ വിശ്വസിച്ചവരായ 31
യഹൂദന്മാരോട് യേശു പറഞ്ഞു: "നിങ്ങൾ
എൻെറ വചനത്തിൽ നിലനില്ക്കുമെങ്കിൽ
- സത്യമായും നിങ്ങൾ എൻെറ ശിഷ്യന്മാരാ
യിരിക്കും. നിങ്ങൾ സത്യം അറിയുകയും, 32
ആ സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും
ചെയ്യും." അവർ തന്നോട് - "അബ്രഹാമി 33
ൻെറ സന്തതിയാണ് ഞങ്ങൾ. ഒരിക്കലും
ഞങ്ങൾ ആർക്കും ദാസ്യവേല ചെയ്തിട്ടില്ല.
അപ്പോൾ നിങ്ങൾ സ്വതന്ത്രരായിത്തീരു
മെന്ന് അങ്ങു പറയുന്നത് എന്ത്?" എന്നു
ചോദിച്ചു. യേശു അവരോട് "സത്യമായി 34
സത്യമായി ഞാൻ നിങ്ങളോട് പറയുന്നു,
പാപം ചെയ്യുന്നവനെല്ലാം പാപത്തിൻെറ
അടിമയാകുന്നു. അടിമ നിത്യമായി ഭവന 35
ത്തിൽ വസിക്കുന്നില്ല. പുത്രനോ എന്നേ
ക്കും വസിക്കുന്നു. ആകയാൽ പുത്രൻ 36
നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ
സത്യമായും സ്വതന്ത്രരായിത്തീരും. നിങ്ങൾ 37
അബ്രഹാമിൻെറ മക്കളാകുന്നു എന്ന് എനി
ക്കറിയാം. എന്നാൽ എൻെറ വചനം (ഗ്രഹി
പ്പാൻ) നിങ്ങൾക്ക് കഴിവില്ലാത്തതുകൊണ്ട്
നിങ്ങൾ എന്നെ കൊല്ലുവാൻ ആഗ്രഹി
ക്കുന്നു. എൻെറ പിതാവിൻെറ സന്നിധി 38
യിൽ ഞാൻ കണ്ടതു ഞാൻ സംസാരിക്കു
ന്നു. നിങ്ങളോ നിങ്ങളുടെ പിതാവിൻെറ
അടുക്കൽ കണ്ടത് ചെയ്യുന്നു" എന്നു പറ
ഞ്ഞു. അവർ ഉത്തരമായി തന്നോട് - 39
'അബ്രഹാമാണ് ഞങ്ങളുടെ പിതാവ്'
എന്നു പറഞ്ഞു. യേശു അവരോട്, "നിങ്ങൾ
അബ്രഹാമിൻെറ മക്കളായിരുന്നെങ്കിൽ,
അബ്രഹാമിൻെറ പ്രവൃത്തികൾ നിങ്ങൾ 40
ചെയ്യുമായിരുന്നു. എന്നാൽ ഇപ്പോഴോ
ദൈവത്തിൽനിന്ന് ഞാൻ കേട്ട സത്യം നിങ്ങ
ളോട് സംസാരിച്ച മനുഷ്യനായ എന്നെ
കൊല്ലുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു.
അബ്രഹാം ഇപ്രകാരം ചെയ്തിട്ടില്ല. നിങ്ങൾ
നിങ്ങളുടെ പിതാവിൻെറ പ്രവൃത്തികളാ
ണ് ചെയ്യുന്നത്" എന്നു പറഞ്ഞു. അവർ 41
തന്നോട്: "ഞങ്ങൾ വ്യഭിചാരത്തിൽനി
ന്നുള്ള സന്തതികളല്ല; 'ദൈവം' എന്ന ഏക

പിതാവേ ഞങ്ങൾക്കുള്ളു" എന്നു പറഞ്ഞു
2 - യേശു അവരോട്; "ദൈവം നിങ്ങളുടെ
പിതാവായിരുന്നെങ്കിൽ നിങ്ങൾ എന്നെ
സ്നേഹിക്കുമായിരുന്നു. എന്തെന്നാൽ
ഞാൻ ദൈവത്തിൽനിന്നാണ് പുറപ്പെട്ടു
വന്നിരിക്കുന്നത്. ഞാൻ സ്വയമായി വന്നവ
3 നല്ല; പിന്നെയോ താൻ എന്നെ അയച്ചിരിക്കു
കയാണ്. നിങ്ങൾ എന്റെ വചനം മനസ്സിലാ
ക്കാത്തത് എന്തുകൊണ്ട്? എന്റെ വചനം
അനുസരിപ്പാൻ നിങ്ങൾക്ക് കഴിവില്ലാത്ത
4 തിനാൽ തന്നെ. നിങ്ങൾ ആകൽകർസാ
എന്ന പിതാവിൽനിന്നുള്ളവരാകുന്നു.
നിങ്ങളുടെ പിതാവിന്റെ ഇഷ്ടം ചെയ്യു
വാൻ നിങ്ങൾ ആഗ്രഹിക്കുന്നു. അവൻ
ആദിമുതലേ മനുഷ്യരെ കൊല്ലുന്നവനാ
കുന്നു. അവൻ സത്യത്തിൽ നിലകൊള്ളു
കയില്ല. എന്തെന്നാൽ സത്യം അവനിൽ
ഇല്ല. അവൻ വ്യാജം സംസാരിക്കുന്നത്
സ്വയത്തിൽ നിന്നുതന്നെയാകുന്നു. എന്തെ
ന്നാൽ അവൻ വ്യാജം സംസാരിക്കുന്നവ
5 നും, അതിന്റെ പിതാവുമാകുന്നു. സത്യം
സംസാരിക്കുന്നവനായ എന്നെയോ നി
6 ങ്ങൾ വിശ്വസിക്കുന്നില്ല. നിങ്ങളിൽ
ആർക്കെങ്കിലും പാപത്തെക്കുറിച്ച് എന്നെ
കുറ്റപ്പെടുത്താമോ? ഞാൻ സത്യം പറയു
7 ന്നെങ്കിൽ നിങ്ങൾ എന്നെ എന്തുകൊണ്ട്
വിശ്വസിക്കുന്നില്ല? ദൈവത്തിൽനിന്നുമു
ള്ളവൻ ദൈവത്തിന്റെ വചനങ്ങൾ
കേൾക്കും, ആകയാൽ നിങ്ങൾ ദൈവ
ത്തിൽനിന്നുള്ളവർ അല്ലായ്കയാൽ
നിങ്ങൾ കേൾക്കുന്നില്ല" എന്നു പറഞ്ഞു.
8 യഹൂദന്മാർ ഉത്തരമായി തന്നോട് - 'നീ
ശമറയനാണെന്നും നിന്നിൽ പിശാചുണ്ട്
എന്നും ഞങ്ങൾ പറയുന്നത് ശരിയല്ലയോ?'
9 എന്നു ചോദിച്ചു. യേശു അവരോട് -
"എന്നിൽ പിശാചില്ല. എന്നാലോ ഞാൻ
0 എന്റെ പിതാവിനെ ബഹുമാനിക്കുന്നു;
നിങ്ങൾ എന്നെ അപമാനിക്കുന്നു. ഞാൻ
എന്റെ സ്വന്ത മഹത്വം കാംക്ഷിക്കുന്നില്ല.
അത് ആരായുകയും ന്യായം വിധിക്കയും
ചെയ്യുന്ന ഒരുവനുണ്ട്. സത്യമായും ഞാൻ
നിങ്ങളോട് പറയുന്നു: എന്റെ വചനം
കാത്തു പാലിക്കുന്നവൻ ഒരുനാളും മരണം
2 കാണുകയില്ല" എന്നു പറഞ്ഞു. യഹൂദന്മാർ
തന്നോട് "നിനക്ക് പിശാചുണ്ട് എന്ന്
ഇപ്പോൾ ഞങ്ങൾ അറിഞ്ഞിരിക്കുന്നു.
അബ്രഹാമും ദീർഘദർശിമാരും മരിച്ചു.
നീയോ, 'എന്റെ വചനം പാലിക്കുന്നവൻ,
ഒരിക്കലും മരണം ആസ്വദിക്കയില്ല' എന്നു
പറയുന്നു. മരിച്ചുപോയ നമ്മുടെ പിതാവായ 53
അബ്രഹാമിനെക്കാളും മൃതരായ പ്രവാചക
ന്മാരെക്കാളും നീ വലിയവനാണോ? നീ
നിന്നെത്തന്നെ ആർ ആക്കുകയാണ്?"
എന്നു ചോദിച്ചു. യേശു അവരോട് - "ഞാൻ 54
എന്നെത്തന്നെ മഹിമപ്പെടുത്തുകയാണെ
ങ്കിൽ എന്റെ മഹത്വം ഒന്നുമില്ല. എന്നെ
മഹത്വപ്പെടുത്തുന്നത് എന്റെ പിതാവാകു
ന്നു. അവൻ ഞങ്ങളുടെ ദൈവമാകുന്നു 55
എന്ന് നിങ്ങൾ പറയുന്നവൻ തന്നെ.
നിങ്ങൾ, അവനെ അറിഞ്ഞിട്ടില്ല. ഞാനോ,
അവനെ അറിയുന്നു. ഞാൻ, അവനെ അറി
യുന്നില്ല എന്നു ഞാൻ പറഞ്ഞാൽ, ഞാനും
നിങ്ങളെപ്പോലെ അസത്യം പറയുന്നവനാ
കും. എന്നാൽ ഞാനോ അവനെ അറിയുക
യും തന്റെ വചനം പാലിക്കുകയും ചെയ്യു
ന്നു. അബ്രഹാം- നിങ്ങളുടെ പിതാവ്, 56
എന്റെ ദിവസം കാണുവാൻ ആഗ്രഹിച്ചിരു
ന്നു. അദ്ദേഹം അതു കണ്ടു: സന്തുഷ്ടനാകു
കയും ചെയ്തു" എന്നു പറഞ്ഞു. യഹൂദന്മാർ 57
തന്നോട്- 'ഇപ്പോഴും നിനക്ക് അൻപത്
വയസ്സുപോലും ആയിട്ടില്ല! നീ അബ്രഹാ
മിനെ കാണുകയും ചെയ്തുവോ?' എന്നു ചോ
ദിച്ചു. യേശു അവരോട് 'സത്യമായും സത്യ 58
മായും അബ്രഹാം ഉണ്ടാകുന്നതിനുമുമ്പും
ഞാനുണ്ട്.' എന്നു പറഞ്ഞു. അവർ തന്നെ 59
എറിയുവാൻ കല്ലുകളെടുത്തു. യേശു അവ
രുടെ ഇടയിലൂടെ, കടന്ന് നിഗൂഢമായി
ദൈവാലയത്തിൽനിന്ന് പുറത്തേക്കു പോയി.

അദ്ധ്യായം 9

താൻ കടന്നുപൊയ്ക്കൊണ്ടിരിക്കു 1
മ്പോൾ മാതൃ ഉദരം മുതൽ (പിറവിയിൽ)
കുരുടനായ ഒരു മനുഷ്യനെ കണ്ടു. ശിഷ്യ 2
ന്മാർ തന്നോട് - "*റാബാൻ, ഇവൻ കുരുട
നായി ജനിക്കുവാൻ തക്കവണ്ണം പാപം ചെ
യ്തത് ആര്? ഇവനോ ഇവന്റെ മാതാപിതാ
ക്കളോ?" എന്നു ചോദിച്ചു. യേശു അവ 3
രോട്: "ഇവനോ, ഇവന്റെ മാതാപിതാ
ക്കളോ പാപം ചെയ്തതുകൊണ്ടല്ല; പിന്നെ
യോ, അവനിൽ ദൈവത്തിന്റെ പ്രവൃത്തി
കൾ കാണപ്പെടേണ്ടതിനത്രെ. എന്നെ അയ 4
ച്ചവന്റെ പ്രവൃത്തികൾ, പകലുള്ളിടത്തോ
ളം ഞാൻ ചെയ്യേണ്ടതാകുന്നു. ആർക്കും
വേല ചെയ്വാൻ സാദ്ധ്യമല്ലാത്ത രാത്രി വരു
ന്നു. ഞാൻ ലോകത്തിൽ ആയിരിക്കു 5
ന്നത്രയുംകാലം ഞാൻ ലോകത്തിന്റെ
പ്രകാശമാകുന്നു." ഇവ പറഞ്ഞിട്ട് താൻ 6
നിലത്ത് തുപ്പി തന്റെ തുപ്പൽകൊണ്ട്

*റാബാൻ- ഞങ്ങളുടെ ഗുരു.

ചേറ് കുഴച്ച് ആ കുരുടൻെറ കണ്ണുകളി
7 ന്മേൽ പുരട്ടി, "നീ പോയി 'ശീലൂഹ' കുള
ത്തിൽ കഴുകുക" എന്നു പറഞ്ഞു. അവൻ
പോയി കഴുകി, കാഴ്ച പ്രാപിച്ചു തിരികെ
8 വന്നു. അവൻെറ അയൽക്കാരും മുമ്പ് അവ
നിരുന്ന് ഭിക്ഷ യാചിച്ചിരുന്നത് കണ്ടിട്ടുള്ള
വരും, "അവിടെയിരുന്ന് ഭിക്ഷ യാചിച്ചവൻ
9 ഇവനല്ലയോ?" എന്നു പറഞ്ഞു. അവൻ
തന്നെ എന്നു പറയുന്നവരും, 'അവൻ അല്ല,
അവനെപ്പോലെയിരിക്കുന്ന ഒരുവനാണ്'
എന്നു പറയുന്നവരും ഉണ്ടായിരുന്നു. അവ
നോ "ഞാൻ തന്നെയാകുന്നു" എന്നു പറ
10 ഞ്ഞു. അവർ അവനോട് "നിൻെറ കണ്ണുകൾ
തുറക്കപ്പെട്ടത് എങ്ങനെ?" എന്നു ചോദി
11 ച്ചു. അവൻ അവരോട് "യേശു എന്നു പേരു
ള്ള മനുഷ്യൻ, ചേറുണ്ടാക്കി എൻെറ കണ്ണു
കളിന്മേൽ പുരട്ടിയിട്ട് എന്നോട് - "നീ
'ശീലൂഹാ'യിലെ വെള്ളത്തിൽ കഴുകുക
എന്നു പറഞ്ഞു. ഞാൻ പോയി കഴുകി -
എനിക്കു കാഴ്ച കിട്ടി" എന്നു പറഞ്ഞു.
12 അവർ അവനോട് - 'അയാൾ എവിടെ?'
എന്നു ചോദിച്ചു. "എനിക്ക് അറിഞ്ഞുകൂടാ"
13 എന്ന് അവൻ അവരോട് പറഞ്ഞു. മുമ്പ്
കുരുടനായിരുന്ന അവനെ അവർ പരീശ
14 ന്മാരുടെ അടുക്കൽ കൊണ്ടുവന്നു. യേശു
ചേറുണ്ടാക്കി അവൻെറ കണ്ണുകൾ തുറ
ന്നത് ശാബത് ദിവസത്തിലായിരുന്നു.
15 വീണ്ടും, പരീശന്മാർ അവനോട് -
നിനക്ക് എങ്ങനെ കാഴ്ച കിട്ടി എന്നു ചോദി
ച്ചു. അവൻ അവരോട് "അദ്ദേഹം ചേറ്
(ഉണ്ടാക്കി) എൻെറ കണ്ണുകൾ മേൽ വെച്ചു.
ഞാൻ കഴുകി. എനിക്കു കാഴ്ച കിട്ടുകയും
16 ചെയ്തു." എന്നു പറഞ്ഞു. " ഇവൻ ശാബത്
പാലിക്കാത്തതുകൊണ്ട് ഇവൻ ദൈവ
ത്തിൽ നിന്നുള്ളവനല്ല" എന്നു പരീശന്മാ
രിൽ ചിലർ പറഞ്ഞു. എന്നാൽ മറ്റുചിലരോ
"ഇങ്ങനെയുള്ള അത്ഭുതങ്ങൾ പ്രവർത്തി
ക്കുവാൻ പാപിയായ ഒരു മനുഷ്യന് എ
ങ്ങനെ കഴിയും" എന്നു പറഞ്ഞു. ഇങ്ങനെ
അവരുടെയിടയിൽ ഭിന്ന (അഭിപ്രായ)
17 മുണ്ടായി. അവർ വീണ്ടും ആ കുരുടനോട്,
"നിൻെറ കണ്ണുകൾ നിനക്ക് തുറന്നുതന്ന
വനെക്കുറിച്ച് നീ എന്താണ് പറയുന്നത്?"
എന്നു ചോദിച്ചു. അവൻ അവരോട് -
"അദ്ദേഹം ഒരു പ്രവാചകൻ എന്നാണ് ഞാൻ
18 പറയുന്നത്" എന്നു പറഞ്ഞു. ആ കാഴ്ച
പ്രാപിച്ചവൻെറ മാതാപിതാക്കളെ വിളി
ക്കുന്നതുവരെ, കുരുടനായിരുന്നശേഷം
കാഴ്ച പ്രാപിച്ച അവനെ യഹൂദന്മാർ വിശ്വ
19 സിച്ചില്ല. അവർ അവരോട് - "കുരുടനായി
ട്ടാണ് ജനിച്ചതെന്ന് നിങ്ങൾ പറയുന്ന
നിങ്ങളുടെ മകൻ ഇവനാകുന്നുവോ, അവൻ
ഇപ്പോൾ കാഴ്ചയുള്ളവനായത് എങ്ങനെ?'
എന്നു ചോദിച്ചു. അവൻെറ മാതാപിതാ 20
ക്കൾ ഉത്തരമായിട്ട് "ഇവൻ ഞങ്ങളുടെ
മകനാണെന്നും, കുരുടനായിട്ടാണ് ജനിച്ച
തെന്നും ഞങ്ങൾക്കറിയാം. എന്നാൽ അവൻ 21
ഇപ്പോൾ എങ്ങനെ കാഴ്ച പ്രാപിച്ചിരിക്കു
ന്നുവെന്നോ ആരാണ് അവൻെറ കണ്ണുകൾ
തുറന്നുകൊടുത്തതെന്നോ ഞങ്ങൾക്കറി
ഞ്ഞുകൂടാ. അവന്ന് പ്രായമായിട്ടുണ്ടല്ലോ.
അവനോട് തന്നെ ചോദിപ്പിൻ; അവൻ അവ
നുവേണ്ടി തന്നെ സംസാരിച്ചുകൊള്ളും"
എന്നു പറഞ്ഞു. അവൻെറ അമ്മയപ്പന്മാർ 22
ഇങ്ങനെ പറഞ്ഞത് - അവർ യഹൂദന്മാരെ
ഭയപ്പെട്ടിരുന്നതിനാലത്രെ; എന്തെന്നാൽ
'താൻ മ്ശിഹാ ആണെന്ന് ആരെങ്കിലും
ഏറ്റുപറഞ്ഞാൽ അവനെ സംഘത്തിൽ
നിന്നും ബഹിഷ്ക്കരിക്കണം.' എന്ന് യഹൂദ
ന്മാർ നിശ്ചയം ചെയ്തിട്ടുണ്ടായിരുന്നു.
ഇതുമൂലമത്രെ അവൻെറ അമ്മയപ്പന്മാർ - 23
'അവന് പ്രായമായിട്ടുണ്ടല്ലോ അവനോട്
നിങ്ങൾ ചോദിപ്പിൻ.' എന്നു പറഞ്ഞത്.
കുരുടനായിരുന്ന ആ മനുഷ്യനെ അവർ 24
രണ്ടാമതും വിളിച്ച് അവനോട് - "നീ ദൈവ
ത്തെ മഹത്വപ്പെടുത്തുക. എന്തെന്നാൽ ഈ
മനുഷ്യൻ പാപിയാകുന്നു എന്ന് ഞങ്ങൾ
ക്കറിയാം" എന്നു പറഞ്ഞു. അവനോ അവ 25
രോട് - "അദ്ദേഹം പാപിയാണോ എന്ന്
എനിക്ക് അറിഞ്ഞുകൂടാ. എന്നാൽ ഒന്നു
ഞാൻ അറിയുന്നു: ഞാൻ അന്ധനായി
രുന്നു; ഇതാ ഇപ്പോൾ ഞാൻ കാഴ്ചയുള്ള
വനാകുന്നു" എന്നുത്തരം പറഞ്ഞു. അവർ 26
വീണ്ടും അവനോട് "അവൻ നിനക്ക് എന്തു
ചെയ്തു? എങ്ങനെയാണ് നിൻെറ കണ്ണുകൾ
അവൻ തുറന്നത്?" എന്നു ചോദിച്ചു. അവൻ 27
അവരോട് "ഞാൻ നിങ്ങളോട് പറഞ്ഞു
വല്ലോ - നിങ്ങൾ കേട്ടില്ലയോ? വീണ്ടും
നിങ്ങൾ കേൾക്കുവാൻ ആഗ്രഹിക്കുന്നത്
എന്തിന്? നിങ്ങളും അദ്ദേഹത്തിനു ശിഷ്യ
രാകുവാൻ ആഗ്രഹിക്കുന്നുവോ?" എന്നു
പറഞ്ഞു. അവർ അവനെ ആക്ഷേപിച്ചു 28
കൊണ്ട് അവനോട്: "നീ അവൻെറ ശിഷ്യ
നാണ്. എന്നാൽ ഞങ്ങളോ മോശയുടെ
ശിഷ്യരത്രെ. മോശയോട് ദൈവം സംസാ 29
രിച്ചു എന്നു ഞങ്ങൾ അറിയുന്നു. എന്നാൽ
ഇവൻ എവിടെ നിന്നു(വന്നവനാ)കുന്നു
എന്നു ഞങ്ങൾ അറിയുന്നില്ല" എന്നു പറ 30
ഞ്ഞു. ആ മനുഷ്യൻ ഉത്തരമായി അവരോട്
"ആകയാൽ, ഇതിൽ അത്ഭുതപ്പെടേണ്ടി

യിരിക്കുന്നു! അദ്ദേഹം എവിടെനിന്നാകു
ന്നു എന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടാ!
അദ്ദേഹം എൻെറ കണ്ണുകൾ തുറന്നു തന്നു!
1 ദൈവം പാപികളുടെ ശബ്ദം കേൾക്കുകയി
ല്ല എന്നും, തന്നെ ഭയപ്പെട്ടു തൻെറ ഇഷ്ടം
ചെയ്യുന്നവനെയാണ് കേൾക്കുന്നതെന്നും
2 നമുക്കറിയാം. കുരുടനായി ജനിച്ചവൻെറ
കണ്ണുകൾ ആരും തുറന്നതായി ഒരിക്കലും
3 കേൾക്കപ്പെട്ടിട്ടില്ലല്ലോ. ഇദ്ദേഹം ദൈവ
ത്തിൽനിന്നുള്ളവനല്ല എന്നുവരികിൽ ഇതു
ചെയ്യുവാൻ അദ്ദേഹത്തിനു കഴിയുമായി
4 രുന്നില്ല." എന്നു പറഞ്ഞു. അവർ ഉത്തര
മായി അവനോട് - "നീ മുഴുവനായും പാപ
ത്തിൽ ജനിച്ചവനാകുന്നു. നീ ഞങ്ങളെ
പഠിപ്പിക്കുന്നോ?" എന്നു പറഞ്ഞു. അവർ
5 അവനെ പുറത്താക്കി. അവർ അവനെ
ബഹിഷ്ക്കരിച്ചു എന്ന് യേശു കേട്ട്, ദൈവാ
ലയത്തിൽവച്ച് അവനെ കണ്ടെത്തി അവ
നോട്: "നീ ദൈവത്തിൻെറ പുത്രനിൽ
6 വിശ്വസിക്കുന്നുവോ?" എന്നു ചോദിച്ചു.
സൌഖ്യം പ്രാപിച്ചവൻ ഉത്തരമായിട്ട്:
"എൻെറ യജമാനനേ, അദ്ദേഹത്തിൽ
7 ഞാൻ വിശ്വസിക്കുവാൻ അദ്ദേഹം ആരാ
കുന്നു?" എന്നു ചോദിച്ചു. യേശു അവനോട്
"നീ അവനെ കണ്ടു കഴിഞ്ഞു. നിന്നോട്
സംസാരിക്കുന്നവൻ തന്നെയാകുന്നു
8 അവൻ" എന്നു പറഞ്ഞു. അവൻ 'എൻെറ
കർത്താവേ ഞാൻ വിശ്വസിക്കുന്നു.' എന്നു
പറഞ്ഞിട്ട് വീണ് തന്നെ നമസ്ക്കരിച്ചു.
യേശു പറഞ്ഞു: "ഈ ലോകത്തിൻെറ
ന്യായവിധിക്കായി ഞാൻ വന്നിരിക്കുന്നു.
കാഴ്ചയില്ലാത്തവർ കാണും; കാഴ്ചയുള്ള
വർ അന്ധരാകുകയും ചെയ്യും." തൻെറ
കൂടെയുണ്ടായിരുന്ന പരീശന്മാർ ഇതു
കേട്ടിട്ട് തന്നോട് - 'ഞങ്ങളും അന്ധരാണോ'
എന്നു ചോദിച്ചു. യേശു അവരോട് "നിങ്ങൾ
അന്ധരായിരുന്നെങ്കിൽ നിങ്ങൾക്ക് പാപ
മില്ലായിരുന്നു. എന്നാൽ ഇപ്പോൾ 'ഞങ്ങൾ
കാണുന്നുണ്ട്' എന്നു നിങ്ങൾ പറയുന്നു.
അതിനാൽ നിങ്ങളുടെ പാപം നിലനില്ക്കു
ന്നു" എന്നു പറഞ്ഞു.

അദ്ധ്യായം 10

"സത്യമായും സത്യമായും ഞാൻ നിങ്ങ
ളോട് പറയുന്നു: ആട്ടിൻതൊഴുത്തിലേക്ക്
വാതിലിൽക്കൂടി പ്രവേശിക്കാതെ, മറ്റു ഭാഗ
ങ്ങളിലൂടെ കയറുന്നവൻ കള്ളനും കവർച്ച
ക്കാരനുമാകുന്നു. വാതിലിലൂടെ പ്രവേശി
ക്കുന്നവനത്രെ ആടുകളുടെ ഇടയൻ.
വാതിൽകാവൽക്കാരൻ അവനു വാതിൽ
തുറന്നുകൊടുക്കുന്നു. ആടുകൾ അവൻെറ
ശബ്ദത്തെ അനുസരിക്കും. അവൻ അവ
ൻെറ ആടുകളെ പേര് ചൊല്ലി വിളിക്കും.
അവയെ പുറത്തുകൊണ്ടു പോകും. ആടു 4
കളെ പുറത്തിറക്കിയശേഷം അവൻ അവ
യ്ക്കു മുമ്പെ നടക്കും. ആടുകൾക്ക് അവ
ൻെറ ശബ്ദം തിരിച്ചറിയാവുന്നതുകൊണ്ട്
അവൻെറ സ്വന്തം ആടുകൾ അവൻെറ
പിന്നാലെ പോകുകയും ചെയ്യും. എന്നാൽ
ആടുകൾ അന്യൻെറ പിന്നാലെ പോകുക 5
യില്ല; പിന്നെയോ, അന്യൻെറ ശബ്ദം അവ
യ്ക്ക് അറിഞ്ഞുകൂടാത്തതിനാൽ അവ
അവൻെറ അടുക്കൽനിന്നും ഓടിയകലു
ന്നു." ഈ ഉപമ, കർത്താവ് അവരോട് പറ 6
ഞ്ഞു; എന്നാൽ അവരോ താൻ എന്താണ്
അവരോട് സംസാരിച്ചതെന്ന് ഗ്രഹിച്ചില്ല.
വീണ്ടും യേശു അവരോട്; "സത്യമായും 7
സത്യമായും ഞാൻ നിങ്ങളോട് പറയുന്നു.
ഞാനാകുന്നു ആടുകളുടെ വാതിൽ. വന്ന 8
വരെല്ലാം കള്ളന്മാരും കവർച്ചക്കാരുമായി
രുന്നു. എന്നാൽ ആടുകൾ അവരെ ശ്രദ്ധി
ച്ചില്ല. ഞാനാകുന്നു വാതിൽ. ഒരുവൻ എന്നി 9
ലൂടെ പ്രവേശിച്ചാൽ ജീവിക്കും. അവൻ
അകത്തു കടക്കുകയും പുറത്തിറങ്ങുകയും
മേച്ചിൽസ്ഥലം കണ്ടെത്തുകയും ചെയ്യും.
കള്ളൻ മോഷ്ടിപ്പാനും, കൊല്ലുവാനും, 10
നശിപ്പിക്കാനുമല്ലാതെ വരുന്നില്ല. ഞാൻ
വന്നത് അവർക്ക് ജീവനുണ്ടാകുവാനും
അതു സമൃദ്ധിയായി ഉണ്ടാകുവാനുമത്രെ.
"ഞാൻ നല്ല ഇടയനാകുന്നു. നല്ല 11
ഇടയൻ തൻെറ ആടുകൾക്കുവേണ്ടി സ്വന്ത
ജീവൻ അർപ്പിക്കുന്നു. എന്തെന്നാൽ 12
കൂലിക്കാരൻ ഇടയനല്ലാത്തതിനാലും
ആടുകൾ അവൻെറ സ്വന്തമല്ലാത്ത
തിനാലും ചെന്നായ് വരുന്നതു
കാണുമ്പോൾ ആടുകളെ വിട്ടിട്ട് ഓടി
പ്പോകുന്നു. ചെന്നായ് വന്ന് ആടുകളെ
പിടിക്കുകയും ആട്ടിൻകൂട്ടത്തെ ചിതറിക്കു
കയും ചെയ്യുന്നു. അവൻ കൂലിക്കാരനാ
കയാലും, ആടുകളെക്കുറിച്ച് അവന് കരു 13
തൽ ഇല്ലാത്തതുകൊണ്ടും, കൂലിക്കാരൻ
ഓടിപ്പോകുന്നു. ഞാനാകുന്നു നല്ല ഇട
യൻ. എൻെറതിനെ ഞാനറിയുന്നു; എനി 14
ക്കുള്ളവയാൽ ഞാൻ അറിയപ്പെടുകയും
ചെയ്യുന്നു. ആയത് എൻെറ പിതാവ് എന്നെ 15
അറിയുകയും ഞാൻ എൻെറ പിതാവിനെ
അറിയുകയും ചെയ്യുന്നതുപോലെ തന്നെ.
ഈ തൊഴുത്തിൽ ഉൾപെടാത്ത വേറെ 16
ആടുകളും എനിക്കുണ്ട്. അവയെയും ഞാൻ
കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എൻെറ

ശബ്ദം കേൾക്കും. അങ്ങനെ എല്ലാംകൂടി
ഒരു ഒറ്റ ആട്ടിൻകൂട്ടവും ഒരു ഇടയനുമാ
17 യിരിക്കും. ഞാൻ അതിനെ വീണ്ടും പ്രാപി
പ്പാൻ തക്കവണ്ണം ഞാൻ എൻെറ ജീവനെ
വയ്ക്കുന്നതുമൂലം എൻെറ പിതാവ് എന്നെ
18 സ്നേഹിക്കുന്നു. ഒരുവനും എന്നിൽ നിന്നും
അതിനെ (ജീവനെ) എടുക്കുകയല്ല; പിന്നെ
യോ ഞാൻ സ്വമനസ്സാ അതിനെ സമർപ്പി
ക്കയത്രെ. എന്തെന്നാൽ അതിനെ വച്ചു
കൊടുക്കുവാൻ എനിക്ക് അധികാരമുണ്ട്.
വീണ്ടും അതിനെ പ്രാപിപ്പാനും എനിക്ക്
അധികാരമുണ്ട്; എന്തെന്നാൽ ഈ കല്പന
എൻെറ പിതാവിൽനിന്ന് ഞാൻ സ്വീകരി
19 ച്ചിട്ടുള്ളതാകുന്നു" എന്നു പറഞ്ഞു. ഈ
വചനങ്ങൾ നിമിത്തം, യഹൂദരുടെ ഇടയിൽ
20 വീണ്ടും ഭിന്നതയുണ്ടായി. അവരിൽ പലരും:
'ഇവനു പിശാചുണ്ട് - ഇവൻ ഭ്രാന്തു തന്നെ
യാണ് പറയുന്നത്, നിങ്ങളെന്തിന് അവനെ
21 ശ്രദ്ധിക്കുന്നു' എന്നു പറഞ്ഞു. മറ്റുള്ളവരോ
'ഈ വചനങ്ങളൊന്നും ഒരു പിശാചുബാധി
തൻേതല്ല തന്നെ. പിശാചിന് ഒരു കുരുട
ൻെറ കണ്ണ് തുറക്കുവാൻ കഴിവുണ്ടോ?'
എന്നും പറഞ്ഞു.
22 യറുശലേമിൽ പ്രതിഷ്ഠാപെരുന്നാൾ
23 ആയിരുന്നു. വർഷകാലവും ആയിരുന്നു.
ദൈവാലയത്തിൽ 'ശ്ലേമോൻെറ മണ്ഡപ
ത്തിൽ' കൂടെ യേശു നടക്കുകയായിരുന്നു.
24 യഹൂദന്മാർ തൻെറ ചുറ്റും കൂടി, തന്നോട് :
"നീ എത്രകാലം ഞങ്ങളെ സംശയിപ്പിക്കും?
നീ മ്ശീഹാ ആണെങ്കിൽ സ്പഷ്ടമായി
ഞങ്ങളോട് പറയുക" എന്നു പറഞ്ഞു.
25 യേശു ഉത്തരമായി അവരോട്: "ഞാൻ നി
ങ്ങളോട് പറഞ്ഞുവല്ലോ. നിങ്ങൾ വിശ്വസി
ക്കുന്നില്ല. എൻെറ പിതാവിൻെറ നാമത്തിൽ
ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എന്നെ
26 ക്കുറിച്ച് സാക്ഷിക്കുന്നു. എന്നാൽ ഞാൻ
നിങ്ങളോട് പറഞ്ഞതുപോലെ, നിങ്ങൾ
എൻെറ ആടുകളിൽ പെട്ടവരല്ലായ്കയാൽ
27 നിങ്ങളോ, വിശ്വസിക്കുന്നില്ല. എൻെറ
ആടുകൾ എൻെറ ശബ്ദം കേൾക്കും. ഞാന
വയെ അറിയുകയും ചെയ്യുന്നു. അവ
എൻെറ പിന്നാലെ വരികയും ചെയ്യുന്നു.
28 ഞാൻ അവയ്ക്കു നിത്യജീവൻ പ്രദാനം
ചെയ്യും. അവ ഒരിക്കലും നശിച്ചുപോവുക
യില്ല. എൻെറ കൈയിൽനിന്ന് ഒരുവനും
29 അവയെ അപഹരിക്കയില്ല. എന്തെന്നാൽ
അവയെ എനിക്കു തന്നവനായ എൻെറ
പിതാവ് എല്ലാവരിലും വലിയവനാകുന്നു.
എൻെറ പിതാവിൻെറ കൈയിൽ നിന്ന്
അപഹരിപ്പാൻ ഒരുവനും കഴികയില്ല.
ഞാനും എൻെറ പിതാവും - ഞങ്ങളൊന്നാ 30
കുന്നു" എന്നു പറഞ്ഞു. യഹൂദന്മാർ തന്നെ 31
എറിയുവാൻ പിന്നെയും കല്ലുകളെടുത്തു.
യേശു അവരോട്: "ഞാൻ എൻെറ പി 32
താവിൻെറ സന്നിധിയിൽനിന്നുള്ള വളരെ
യേറെ നല്ല പ്രവൃത്തികൾ നിങ്ങൾക്കു
കാണിച്ചു തന്നു. അവയിൽ ഏതു പ്രവൃത്തി
നിമിത്തമാണ് നിങ്ങൾ എന്നെ കല്ലെറി
യുന്നത്?" എന്നു ചോദിച്ചു. യഹൂദന്മാർ
തന്നോട്: "നല്ല പ്രവൃത്തികൾ നിമിത്തമല്ല 33
ഞങ്ങൾ നിന്നെ കല്ലെറിയുന്നത്; പിന്നെ
യോ നീ ദൈവദൂഷണം പറയുന്നതുകൊ
ണ്ടാണ്. നീ മനുഷ്യനായിരിക്കെ നീ നിന്നെ
ത്തന്നെ ദൈവമാക്കുന്നതുകൊണ്ടത്രെ."
എന്നു പറഞ്ഞു. യേശു അവരോട്: "നിങ്ങൾ 34
ദൈവങ്ങളാകുന്നു എന്നു ഞാൻ പറഞ്ഞു
എന്നു നിങ്ങളുടെ ന്യായപ്രമാണത്തിൽ
എഴുതപ്പെട്ടിട്ടില്ലയോ? ദൈവത്തിൻെറ 35
വചനം അവരുടെ പക്കൽ ഉണ്ടായിരുന്നതി
നാൽ, അവരെ 'ദൈവങ്ങൾ' എന്നു പറ
ഞ്ഞുവെങ്കിൽ - തിരുവെഴുത്ത് അഴിഞ്ഞു
പോകാൻ സാദ്ധ്യമല്ലാതിരിക്കെ - പിതാവ് 36
അവനെ വിശുദ്ധീകരിച്ച് ലോകത്തിലേക്ക്
അയച്ചവനെക്കുറിച്ച്, 'ഞാൻ ദൈവത്തി
ൻെറ പുത്രനാകുന്നു' എന്നു ഞാൻ നിങ്ങ
ളോട് പറഞ്ഞതുകൊണ്ട് - ഞാൻ ദൈവ
ദൂഷണം പറയുന്നു എന്നു നിങ്ങളോ പറയു
ന്നു. ഞാൻ എൻെറ പിതാവിൻെറ പ്രവൃ 37
ത്തികൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ എന്നെ
വിശ്വസിക്കേണ്ട. ഞാൻ പ്രവർത്തിക്കുന്നെ 38
ങ്കിലോ എന്നെ വിശ്വസിക്കുന്നില്ലെങ്കിലും
എൻെറ പിതാവ് എന്നിലും ഞാൻ എൻെറ
പിതാവിലും ആകുന്നുവെന്ന് നിങ്ങൾ
അറിഞ്ഞ് വിശ്വസിക്കേണ്ടതിന്, ആ പ്രവൃ
ത്തികളെ നിങ്ങൾ വിശ്വസിപ്പിൻ" എന്നു പ
റഞ്ഞു. പിന്നെയും അവർ തന്നെ പിടികൂടു 39
വാൻ ആഗ്രഹിച്ചു. താൻ അവരുടെ കൈ 40
കളിൽനിന്നും പുറത്തുകടന്ന് 'യോർദ്ദാ'ൻ
കരയിൽ യോഹന്നാൻ പണ്ട് സ്നാനപ്പെ
ടുത്തിക്കൊണ്ടിരുന്ന സ്ഥലത്തുപോയി
അവിടെ പാർത്തു. വളരെയേറെ ജനം 41
തൻെറ അടുത്തെത്തി. അവർ പറഞ്ഞു:
'യോഹന്നാൻ ഒരു അദ്ഭുതംപോലും ചെ
യ്തില്ല. എന്നാൽ യോഹന്നാൻ ഈ മനു 42
ഷ്യനെക്കുറിച്ച് പറഞ്ഞിരുന്നതെല്ലാം സത്യം
തന്നെ.' അനേകർ തന്നിൽ വിശ്വസിച്ചു.

അദ്ധ്യായം 11

'ബെത് അനിയാ' ഗ്രാമത്തിൽ, മറിയാ 1
മിൻേറയും മാർത്തയുടേയു സഹോദരൻ -

ലാസർ എന്നൊരുവൻ രോഗിയായി. ഈ
മറിയാമാണ്, യേശുവിൻെറ പാദങ്ങളിന്മേൽ
സുഗന്ധതൈലം പൂശി അവളുടെ തലമുടി
കൊണ്ട് തുടച്ചവൾ. രോഗിയായിരുന്ന ലാ
സർ ഇവളുടെ സഹോദരൻ ആയിരുന്നു.
അവൻെറ ഈ രണ്ടു സഹോദരികൾ യേശു
വിൻെറ അടുക്കൽ ആളയച്ച്, "മോറാൻ
(കർത്താവേ) കണ്ടാലും, അങ്ങ് സ്നേഹി
ക്കുന്നവൻ രോഗിയായിരിക്കുന്നു" എന്നു പറ
യിച്ചു. യേശുവോ, "ഈ രോഗം മരണത്തി
നായിട്ടല്ല പിന്നെയോ അവൻ നിമിത്തമായി
ദൈവത്തിൻെറ പുത്രൻ മഹിമപ്പെടുവാനാ
യി-ദൈവമഹത്വത്തിനുവേണ്ടിയുള്ളതാ
കുന്നു." എന്നു പറഞ്ഞു. യേശു മാർത്തയേ
യും മറിയാമിനേയും, ലാസറിനേയും സ്നേ
ഹിച്ചിരുന്നു. അവൻ രോഗിയായി എന്നു
കേട്ടിട്ടും താൻ വസിച്ചിരുന്ന സ്ഥലത്തു
തന്നെ രണ്ടുദിവസം താമസിച്ചു. അനന്തരം
തൻെറ ശിഷ്യന്മാരോട്, "വരുവിൻ. നമുക്ക്
വീണ്ടും യഹൂദിയയിലേക്ക് പോകാം"
എന്ന് യേശു പറഞ്ഞു. തൻെറ ശിഷ്യർ
തന്നോട്: 'റാബാൻ (ഞങ്ങളുടെ ഗുരോ)
ഇപ്പോൾ യഹൂദന്മാർ അങ്ങയെ കല്ലെറിയു
വാൻ ആഗ്രഹിച്ചുകൊണ്ടിരിക്കയാണല്ലോ.
വീണ്ടും അങ്ങ് അവിടേക്ക് പോകയാണോ?"
എന്നു ചോദിച്ചു. യേശു അവരോട് "പക
ലിന് പന്ത്രണ്ട് മണിക്കൂറില്ലയോ? പകൽ
സമയത്ത് ഒരുവൻ നടന്നാൽ അവൻ ഈ
ലോകത്തിൻെറ വെളിച്ചം കാണുന്നതുമൂലം
അവന് കാലിടറുകയില്ല. എന്നാൽ ഒരുവൻ
രാത്രിയിൽ നടന്നാൽ വെളിച്ചമില്ലാത്തതി
നാൽ അവന് കാലിടറുന്നു, എന്നു പറഞ്ഞു.
യേശു ഇതു പറഞ്ഞശേഷം അവരോട്-
'നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങു
ന്നു. ഞാൻ അവനെ ഉണർത്തുവാനായി
പോകുന്നു' എന്നു പറഞ്ഞു. തൻെറ ശിഷ്യ
ന്മാർ തന്നോട്: 'മോറാൻ, അയാൾ ഉറങ്ങി
യെങ്കിൽ സുഖപ്പെടുമല്ലോ' എന്നു പറഞ്ഞു.
എന്നാൽ യേശുവോ അവൻെറ മരണ
ത്തെക്കുറിച്ചത്രെ പറഞ്ഞത്. അവർ വിചാ
രിച്ചത് കേവലം ഉറക്കമാകുന്ന നിദ്രയെ
ക്കുറിച്ചാണ് താൻ പറഞ്ഞത് എന്നായി
രുന്നു. അപ്പോൾ യേശു അവരോട് വ്യക്ത
മായി പറഞ്ഞു: "ലാസർ മരിച്ചുപോയി.
നിങ്ങളെപ്രതി - നിങ്ങൾ വിശ്വസിക്കേ
ണ്ടതിന് - ഞാൻ അവിടെ ഇല്ലാതിരുന്ന
തിൽ ഞാൻ സന്തോഷിക്കുന്നു എന്നു പറ
ഞ്ഞു. നമുക്ക് അങ്ങോട്ട് നടക്കാം." 'ഇരട്ട'
എന്നു പറയപ്പെടുന്ന തോമാ അവൻെറ
സഖാക്കളായ ശിഷ്യന്മാരോട്: "നമുക്കും
പോയി തന്നോട് ഒരുമിച്ച് മരിക്കാം." എന്നു
പറഞ്ഞു.
യേശു ബെത് അനിയായിലെത്തി. 17
ലാസർ കല്ലറയിൽ വയ്ക്കപ്പെട്ടശേഷം
നാലു ദിവസമായി എന്നു മനസ്സിലായി.
ബെത് അനിയാ, യറുശലേമിനു സമീപം, 18
ഏകദേശം പതിനഞ്ചു 'സ്താദി' അകലെ
യായിരുന്നു. അവരുടെ സഹോദരനെ പ്രതി 19
അവരെ ആശ്വസിപ്പിക്കുവാനായി യഹൂദ
രിൽ വളരെപ്പേർ മാർത്തയുടെയും മറിയാ
മിൻെറയും അടുക്കൽ വന്നിട്ടുണ്ടായിരുന്നു.
യേശു ആഗതനായി എന്ന് മാർത്താ കേട്ട 20
പ്പോൾ, തന്നെ എതിരേല്ക്കാൻ പുറപ്പെട്ടു.
മറിയാമോ വീട്ടിൽ തന്നെ ഇരുന്നു. മാർത്താ 21
യേശുവിനോട്: 'എൻെറ കർത്താവേ! അങ്ങ്
ഇവിടെ ഉണ്ടായിരുന്നെങ്കിൽ എൻെറ
സഹോദരൻ മരിക്കുമായിരുന്നില്ലല്ലോ.
എന്നാൽ ഇപ്പോഴും അങ്ങ് ദൈവത്തോട് 22
എന്തു ചോദിച്ചാലും താൻ നല്കും എന്നു
ഞാൻ അറിയുന്നു' എന്നു പറഞ്ഞു. യേശു
അവളോട് - "നിൻെറ സഹോദരൻ ഉയിർത്ത് 23
എഴുന്നേല്ക്കും" എന്നു പറഞ്ഞു. മാർത്താ
തന്നോട്: "അവസാന ദിവസം പുനരുത്ഥാ 24
നത്തിൽ അവനും ഉത്ഥാനം ചെയ്യുമെന്ന്
എനിക്കറിയാം" എന്നു പറഞ്ഞു. യേശു
അവളോട്- "ഞാനാകുന്നു പുനരുത്ഥാന 25
വും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ
മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് 26
എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരിക്ക
ലും മരിക്കയില്ല. നീ ഇതു വിശ്വസിക്കുന്നു
വോ?" എന്നു ചോദിച്ചു. അവൾ തന്നോട്
'ഉവ്വ്, എൻെറ കർത്താവേ, ലോകത്തിലേക്ക് 27
വരുന്ന ദൈവപുത്രനായ മ്ശീഹാ അങ്ങാ
കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു'
എന്നു പറഞ്ഞു. ഇതു പറഞ്ഞിട്ട് അവൾ 28
പോയി. അവളുടെ സഹോദരി മറിയാമിനെ
രഹസ്യമായി വിളിച്ച് അവളോട് - "നമ്മുടെ
ഗുരു വന്നു! അദ്ദേഹം നിന്നെ വിളിക്കുന്നു
എന്നു പറഞ്ഞു. മറിയാം ഇതു കേട്ടപ്പോൾ 29
പെട്ടെന്ന് എഴുന്നേറ്റ് തൻെറ അടുക്കലേക്ക്
വന്നു. യേശു ഇതുവരെ ഗ്രാമത്തിലേക്ക് 30
പ്രവേശിച്ചിട്ടില്ലായിരുന്നു. പിന്നെയോ, 31
മാർത്താ തന്നെ കണ്ടുമുട്ടിയ അതേ സ്ഥല
ത്തു തന്നെയായിരുന്നു. അവളെ ആശ്വസി
പ്പിച്ചുകൊണ്ട് വീട്ടിൽ അവളോടു കൂടെ
യുണ്ടായിരുന്ന യഹൂദന്മാരും, മറിയാം
പെട്ടെന്ന് എഴുന്നേറ്റ് പുറപ്പെട്ടതു കണ്ട
പ്പോൾ, അവരും അവളുടെ പിന്നാലെ
പോയി. എന്തെന്നാൽ അവൾ കല്ലറയിങ്കൽ
കരയുവാൻ പോകുകയാണ് എന്ന് അവർ

32 വിചാരിച്ചു. യേശു നിന്നിരുന്നിടത്ത് അവൾ
വന്നു. തന്നെ കണ്ടപ്പോൾ, അവൾ തൻെറ
പാദത്തിൽ വീണ്, തന്നോട്: "എൻെറ
കർത്താവേ, അവിടുന്ന് ഇവിടെയുണ്ടാ
യിരുന്നെങ്കിൽ എൻെറ സഹോദരൻ മരി
ക്കയില്ലായിരുന്നല്ലോ" എന്നു പറഞ്ഞു.
33 അവൾ കരയുന്നതും അവളോടു കൂടെ
വന്നിരുന്ന യഹൂദന്മാർ കരയുന്നതും യേശു
കണ്ടപ്പോൾ - താൻ ഉള്ളം നൊന്തു കലങ്ങി
34 "നിങ്ങൾ അവനെ എവിടെയാണ്
സംസ്കരിച്ചത്?" എന്നു ചോദിച്ചു. അവർ
തന്നോട് കർത്താവേ, വന്നു കണ്ടാലും
35 എന്നു പറഞ്ഞു. യേശു കണ്ണുനീർ വാർത്തു!
36 യഹൂദന്മാർ, 'നോക്കുവിൻ, ഇദ്ദേഹം
അവനെ എത്രയേറെ സ്നേഹിച്ചിരുന്നു.'
37 എന്നു പറഞ്ഞു. അവരിൽ ചിലർ - 'ആ
കുരുടൻെറ കണ്ണു തുറന്ന ഇദ്ദേഹത്തിന്
ഇവൻ മരിക്കാതിരിക്കേണ്ടതിനു വേണ്ടതു
ചെയ്യുവാൻ കഴിയുമായിരുന്നില്ലേ?' എന്നു
38 പറഞ്ഞു. യേശു ഉള്ളംനൊന്ത് കല്ലറയ്ക്കൽ
എത്തി. ആ കല്ലറ ഒരു ഗുഹയായിരുന്നു.
അതിൻെറ വാതില്ക്കൽ ഒരു കല്ല് വയ്ക്ക
39 പ്പെട്ടിരുന്നു. "ഈ കല്ല് മാറ്റുവിൻ" എന്ന്
യേശു പറഞ്ഞു. ആ മരിച്ചവൻെറ സഹോ
ദരി മാർത്താ തന്നോട് - "എൻെറ കർത്താ
വേ, പണ്ടേ തന്നെ അഴുകിക്കാണും. എന്തെ
ന്നാൽ നാലു ദിവസമായല്ലോ" എന്നു
40 പറഞ്ഞു. യേശു അവളോട് 'നീ വിശ്വസി
ക്കുമെങ്കിൽ, നീ ദൈവത്തിൻെറ മഹത്വം
കാണുമെന്ന് ഞാൻ നിന്നോടു പറ
41 ഞ്ഞില്ലയോ?' എന്നു പറഞ്ഞു. അവർ ആ
കല്ല് എടുത്തുമാറ്റി. യേശു തൻെറ കണ്ണു
കൾ മേലോട്ടുയർത്തി "പിതാവേ, അവിട
ന്ന് എന്നെ കേട്ടതിനാൽ ഞാൻ അങ്ങയെ
42 സ്തോത്രം ചെയ്യുന്നു. അങ്ങ് എപ്പോഴും
എന്നെ ചെവിക്കൊള്ളും എന്ന് എനിക്കറി
യാം. എന്തെന്നാൽ അവിടന്ന് എന്നെ അയ
ച്ചിരിക്കുന്നു എന്ന് ഈ നിൽക്കുന്ന ജന
ക്കൂട്ടം വിശ്വസിക്കുവാൻ വേണ്ടി ഈ ജന
ക്കൂട്ടത്തെ പ്രതി ഞാൻ ഇവ പറയുന്നു,"
എന്നു പറഞ്ഞിട്ട് വളരെ ഉച്ചത്തിൽ:
43 'ലാസറേ നീ പുറത്തു വരിക' എന്നു ശബ്ദ
44 മുയർത്തി പറഞ്ഞു. അവൻെറ കൈകളും
കാലുകളും ശീലകളാൽ കെട്ടപ്പെട്ടവനായും
മുഖം തൂവാലയാൽ മൂടപ്പെട്ടവനായും ആ
മരിച്ചവൻ പുറത്തു വന്നു. യേശു അവരോട്
- "അവനെ അഴിച്ചു വിടുവിൻ - അവൻ
45 പോകട്ടെ" എന്നു പറഞ്ഞു. മറിയാമിൻെറ
അടുക്കൽ വന്നിരുന്ന യഹൂദരിൽ വളരെ
പ്പേർ, യേശു പ്രവർത്തിച്ചതു കണ്ടപ്പോൾ

തന്നിൽ വിശ്വസിച്ചു. അവരിൽ ചിലരോ 46
പരീശരുടെ അടുത്തുചെന്ന്, യേശു ചെയ്ത
കാര്യം അവരോടു പറഞ്ഞു.
പ്രധാനാചാര്യന്മാരും, പരീശന്മാരും 47
ഒരുമിച്ചുകൂടി 'നാം എന്താണു ചെയ്യേണ്ടത്?
ഈ മനുഷ്യൻ വളരെയേറെ അത്ഭുതങ്ങൾ
ചെയ്യുന്നു. ഇവനെ ഇങ്ങനെ നാം വിടുന്നു 48
വെങ്കിൽ - എല്ലാ മനുഷ്യരും അവനിൽ വിശ്വ
സിക്കും. റോമാക്കാർ വന്നു നമ്മുടെ ദേശ
ത്തെയും ജനത്തേയും കയ്യടക്കുകയും
ചെയ്യും' എന്നു പറഞ്ഞു. അവരിൽ ഒരുവൻ 49
'കയ്യാപ്പാ' എന്ന പേരുള്ളവൻ, ആ വർഷ
ത്തെ മഹാപുരോഹിതനായിരുന്നു.
അയാൾ അവരോട്: 'നിങ്ങൾക്ക് ഒന്നും
അറിഞ്ഞുകൂടാ. ജനമെല്ലാം നശിക്കുന്നതി 50
നേക്കാൾ-ജനത്തിനുവേണ്ടി ഒരു മനുഷ്യൻ
മരിക്കുന്നതാണ് നല്ലത് എന്നു നിങ്ങൾ
ചിന്തിക്കുന്നില്ല' എന്നു പറഞ്ഞു. ഇത്
അയാൾ സ്വയമായി പറഞ്ഞതല്ല. എന്നാ 51
ലോ, അയാൾ ആ സംവത്സരത്തിലെ മഹാ
പുരോഹിതനായിരുന്നതുകൊണ്ട് യേശു
ജനത്തിനുവേണ്ടി മരിക്കാനിരിക്കുന്നു
എന്നു ദീർഘദർശനം പറയുകയായിരുന്നു.
അതു ജനത്തിനു വേണ്ടി മാത്രമല്ല; ചിതറി 52
യിരുന്ന ദൈവമക്കളെ ഒരുമിച്ച് കൂട്ടി
ച്ചേർക്കുവാനുമായിരുന്നു. തന്നെ കൊല്ലു 53
വാൻ ആ ദിവസം മുതൽ അവർ ആലോ
ചന നടത്തിവന്നു. യേശുവോ പരസ്യമായി 54
യഹൂദരുടെ ഇടയിൽ നടക്കാതെ, മരുഭൂമി
ക്കടുത്തുള്ള സ്ഥലമായ 'അപ്രേയിം' കോട്ട
യിലേക്കു പോയി അവിടെ തൻെറ ശിഷ്യരു
മൊത്തു സഞ്ചരിച്ചിരുന്നു.
യഹൂദന്മാരുടെ പെസഹ അടുത്തു. പെരു 55
ന്നാളിന് മുമ്പ് തങ്ങളെത്തന്നെ ശുദ്ധമാക്കു
വാൻ ഗ്രാമങ്ങളിൽനിന്നും അനേകർ യറുശ
ലേമിലേക്കു പോയി. അവർ യേശുവിനെ
അന്വേഷിച്ചു. "നിങ്ങൾ എന്തു വിചാരിക്കു 56
ന്നു; അദ്ദേഹം പെരുന്നാളിനു വരികയില്ല
യോ" എന്ന് അവർ ദൈവാലയത്തിൽ വച്ചു
പരസ്പരം പറഞ്ഞിരുന്നു. താൻ എവിടെയു 57
ണ്ട് എന്ന് ആരെങ്കിലും അറിഞ്ഞാൽ തന്നെ
പിടികൂടേണ്ടതിന്നായി അവരെ മുൻകൂട്ടി
അറിയിക്കണം എന്നു പ്രധാനാചാര്യന്മാരും
പരീശന്മാരും ആജ്ഞാപിച്ചിട്ടുണ്ടായിരുന്നു.

അദ്ധ്യായം 12

പെസഹായ്ക്ക് ആറു ദിവസം മുമ്പ്, 1
യേശു, താൻ മരിച്ചവരുടെ ഇടയിൽ നിന്നു
യിർപ്പിച്ച ലാസർ പാർത്തിരുന്ന ബെത്
അനിയായിൽ വന്നു. അവർ അവിടെ തനി 2

ക്കായി ഒരു വിരുന്നുനടത്തി. മാർത്താ പരി
പരിച്ചുകൊണ്ടിരുന്നു. ലാസറും തന്നോടു
കൂടെ പന്തിക്കിരുന്നവരിൽ ഒരുവനായിരു
ന്നു. മറിയാം വളരെ വിലകൂടിയ മേൽത്തരം
നറുദീൻ സുഗന്ധതൈലത്തിൻെറ ഒരു
കുപ്പി എടുത്ത് യേശുവിൻെറ പാദങ്ങളിൽ
പൂശി അവളുടെ തലമുടി കൊണ്ടു തുടച്ചു.
സുഗന്ധതൈലത്തിൻെറ പരിമളം കൊണ്ട്
ആ വീടു നിറഞ്ഞു. തൻെറ ശിഷ്യന്മാരിൽ
ഒരുവനായ യഹൂദ സ്കറിയോത്ത- തന്നെ
ഏല്പിച്ചു കൊടുക്കുവാനിരിക്കുന്നവൻ -
ഈ തൈലം മുന്നൂറു ദീനോറോയ്ക്കു വിറ്റ്
എന്തുകൊണ്ട് ദരിദ്രർക്ക് കൊടുത്തില്ല'
എന്നു പറഞ്ഞു. ഇതവൻ പറഞ്ഞത് - അവ
നു ദരിദ്രരെക്കുറിച്ചു കരുതലുള്ളവനായിരു
ന്നതുകൊണ്ടല്ല, പിന്നെയോ അവൻ കള്ള
നായിരുന്നതുകൊണ്ടും പണസഞ്ചി അവ
ൻെറ കൈവശം ആയിരുന്നതുകൊണ്ടും,
അതിൽ വീണിരുന്നത് അവൻ വഹിച്ചിരുന്ന
തുകൊണ്ടും ആയിരുന്നു. "അവളിതു ചെയ്യ
ട്ടെ - അവൾ എൻെറ സംസ്കാരത്തിന്നായി
ഇതു സൂക്ഷിച്ചിരിക്കുകയായിരുന്നു. ദരിദ്ര
ന്മാർ എപ്പോഴും നിങ്ങളോടുകൂടെയുണ്ട്.
ഞാനോ എപ്പോഴും നിങ്ങളോടു കൂടെയു
ണ്ടായിരിക്കയില്ല" എന്ന് യേശു പറഞ്ഞു.
യേശു അവിടെയുണ്ട് എന്ന് ഒരു വലിയ
യഹൂദ സമൂഹം കേട്ട് അവിടെ വന്നിരുന്നു.
യേശുവിനെപ്രതി മാത്രമല്ല, എന്നാലോ,
മരിച്ചവരുടെ ഇടയിൽ നിന്നു താൻ ഉയിർ
പ്പിച്ച ലാസറിനെ കാണുവാനും ആയിരുന്നു.
ലാസറിനേയും കൊല്ലണമെന്നു പ്രധാനാ
ചാര്യന്മാർ ആലോചിച്ചു. എന്തെന്നാൽ
യഹൂദരിൽ വളരെപ്പേർ അവൻെറ നിമിത്ത
മായി പോയി യേശുവിൽ വിശ്വസിച്ചു വന്നു.

അടുത്ത ദിവസം, പെരുന്നാളിനു വന്നി
രുന്ന വലിയ പുരുഷാരം, യേശു യറുശലേ
മിലേക്കു വരുന്നുണ്ട് എന്നു കേട്ടപ്പോൾ,
അവർ 'ദക്ലാ'* കൊമ്പുകൾ എടുത്ത് തന്നെ
എതിരേൽപ്പാൻ പുറപ്പെട്ടു. അവർ ഇങ്ങനെ
ആർത്തട്ടഹസിച്ചു പറഞ്ഞു: "ഓശാനാ,
ഇസ്രായേൽ രാജാവായി കർത്താവിൻെറ
നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവ
നാകുന്നു" യേശു ഒരു കഴുതയെ കണ്ടെത്തി
അതിന്മേൽ (കയറി) ഇരുന്നു. "സെഹി
യോൻ പുത്രീ നീ, ഭയപ്പെടേണ്ട; കണ്ടാലും
നിൻെറ രാജാവ്, കഴുതക്കുട്ടിമേൽ വാഹന
മേറി നിങ്കലേക്കു വരുന്നു" എന്ന് എഴുതപ്പെ
ട്ടിരിക്കുന്ന പ്രകാരം തന്നെ. ആ സമയത്തു
അവൻെറ ശിഷ്യന്മാർ അതു ഗ്രഹിച്ചിരുന്നില്ല.
എന്നാൽ യേശു മഹത്വപ്പെട്ടശേഷം -
തന്നെക്കുറിച്ച് ഇവ എഴുതപ്പെട്ടിരുന്നുവെ
ന്നും, അവർ തന്നോട് അപ്രകാരം പ്രവർത്തി
ച്ചുവെന്നും അവർ ഓർത്തു. തന്നോടുകൂടെ 17
യുണ്ടായിരുന്ന ആ പുരുഷാരം, താൻ
ലാസറിനെ കല്ലറയിൽ നിന്നും വിളിച്ച്
മരിച്ചവരുടെ ഇടയിൽനിന്ന് അവനെ ഉയിർ
പ്പിച്ചു എന്നതിന് സാക്ഷ്യം വഹിച്ചു. തന്മൂലം 18
താൻ ഈ അത്ഭുതം പ്രവർത്തിച്ചു എന്നു
കേട്ടിട്ട് വലിയ പുരുഷാരം തന്നെ എതി
രേൽപ്പാൻ വന്നു. എന്നാൽ പരീശരാകട്ടെ 19
"നിങ്ങൾക്ക് ഒന്നും സാധിക്കുന്നില്ല എന്നു
നിങ്ങൾ കാണുന്നില്ലയോ? ഇതാ ലോക
മെല്ലാം അവൻെറ പിന്നാലെ പൊയ്ക്കഴി
ഞ്ഞു" എന്നു പരസ്പരം പറഞ്ഞു.

പെരുന്നാളിൽ ആരാധന നടത്തുവാൻ 20
വന്ന ചില പുറജാതിക്കാരുമുണ്ടായിരുന്നു.
അവർ വന്നു ഗലീലയിലെ ബെത്സെദാ 21
ക്കാരൻ ഫീലിപ്പോസിനെ സമീപിച്ച്, യജമാ
നനേ, ഞങ്ങൾക്ക് യേശുവിനെ കാണാൻ
ആഗ്രഹമുണ്ട് എന്നു പറഞ്ഞു. ഫീലി 22
പ്പോസ് വന്ന് അന്ത്രയോസിനോടു പറഞ്ഞു.
അന്ത്രയോസും ഫീലിപ്പോസും കൂടി
യേശുവിനോടു പറഞ്ഞു.

യേശു ഉത്തരമായി അവരോടു പറഞ്ഞു: 23
"മനുഷ്യൻെറ പുത്രൻ മഹത്വപ്പെടുവാ
നുള്ള നാഴിക വന്നിരിക്കുന്നു. സത്യമായും 24
സത്യമായും ഞാൻ നിങ്ങളോടു പറയുന്നു;
കോതമ്പു മണി നിലത്തു വീണ് അഴുകാ
തിരുന്നാൽ അത് ഒറ്റയായിത്തന്നെ കഴിയു
ന്നു. എന്നാൽ അഴുകുന്നുവെങ്കിലോ, വളരെ
യേറെ ഫലങ്ങൾ പുറപ്പെടുവിക്കും. തൻെറ 25
ജീവനെ സ്നേഹിക്കുന്നവൻ അതിനെ
നശിപ്പിക്കും. ഈ ലോകത്തിൽ തൻെറ
ജീവനെ ദ്വേഷിക്കുന്നവനോ, നിത്യജീവ
ന്നായി അതിനെ കാത്തു സൂക്ഷിക്കും.
എന്നെ ഒരുവൻ ശുശ്രൂഷിക്കുന്നുവെങ്കിൽ 26
അവൻ എൻെറ പിന്നാലെ വരട്ടെ. ഞാൻ
എവിടെ ആയിരിക്കുമോ, അവിടെ എൻെറ
ശുശ്രൂഷകനുമായിരിക്കും. എന്നെ ശുശ്രൂ
ഷിക്കുന്നവനെ എൻെറ പിതാവു ബഹുമാ
നിക്കുകയും ചെയ്യും. എൻെറ ഉള്ളം കല 27
ങ്ങിയിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു.
എൻെറ പിതാവേ, ഈ നാഴികയിൽനിന്ന്
എന്നെ പരിരക്ഷിക്കണമേ. എന്നാൽ ഈ
നാഴികയ്ക്കായിട്ടു തന്നെയാണല്ലോ ഞാൻ
വന്നത്. പിതാവേ അവിടത്തെ നാമം മഹ
ത്വപ്പെടുത്തണമെ!" അപ്പോൾ സ്വർഗ്ഗത്തിൽ 28
നിന്നും, "ഞാൻ മഹിമപ്പെടുത്തി - ഇനിയും

* ഈന്തപ്പന

ഞാൻ മഹിമപ്പെടുത്തും" എന്ന് ഒരു ശബ്ദം
29 കേൾക്കപ്പെട്ടു. അവിടെ നിന്നിരുന്ന ജനം
ഇതുകേട്ടു - 'ഒരു ഇടിമുഴക്കമുണ്ടായി' എന്ന്
അവർ പറഞ്ഞു. വേറെ ചിലരോ, 'മാലാഖ
തന്നോടു സംസാരിച്ചു' എന്ന് പറഞ്ഞു:
30 യേശു ഉത്തരമായി അവരോട് പറഞ്ഞു:
"എനിക്കു വേണ്ടിയല്ല ഈ ശബ്ദം ഉണ്ടായ
ത്. പിന്നെയോ നിങ്ങൾക്കു വേണ്ടിയത്രെ.
ഇപ്പോൾ ഈ ലോകത്തിൻെറ ന്യായവിധി
31 ആകുന്നു. ഇപ്പോൾ ഈ ലോകത്തിൻെറ
പ്രമാണി പുറത്തു തള്ളപ്പെടം. ഞാനോ ഈ
32 ഭൂമിയിൽനിന്നും ഉയർത്തപ്പെട്ടു കഴിയു
33 മ്പോൾ എല്ലാവരേയും എങ്കലേക്കു ഞാൻ
ആകർഷിക്കും." ഏതുവിധത്തിലുള്ള മരണ
മാണ് താൻ അനുഭവിക്കുന്നതെന്നു കാണി
34 പ്പാൻ താൻ ഇതു പറഞ്ഞു. പുരുഷാരം
തന്നോട്: "മ്ശീഹാ എന്നേക്കും വാഴും
എന്നാണ് ഞങ്ങൾ ന്യായപ്രമാണത്തിൽ
നിന്നും കേട്ടിട്ടുള്ളത്. എന്നാൽ മനുഷ്യൻെറ
പുത്രൻ ഉയർത്തപ്പെടുവാനിരിക്കുന്നു
വെന്ന് അങ്ങു പറയുന്നത് എങ്ങനെ? ആരാ
ണ് ഈ മനുഷ്യപുത്രൻ?" എന്നു ചോദിച്ചു.
35 യേശു അവരോട്: "അല്പകാലം കൂടി
പ്രകാശം നിങ്ങളോട് ഒരുമിച്ചുണ്ട്. അന്ധകാ
രം നിങ്ങളെ ഗ്രസിക്കാതിരിപ്പാൻ നിങ്ങളോ
ടുകൂടെ പ്രകാശം ഉള്ളിടത്തോളം (അതിൽ)
നടപ്പിൻ. അന്ധകാരത്തിൽ നടക്കുന്നവൻ
എവിടെക്കാണു പോകുന്നതെന്ന് അറിയു
36 ന്നില്ല. നിങ്ങൾ പ്രകാശത്തിൻെറ മക്കളാകു
വാനായി, നിങ്ങൾക്കു പ്രകാശമുള്ള കാല
ത്തോളം പ്രകാശത്തിൽ നിങ്ങൾ വിശ്വസി
പ്പിൻ" എന്നു പറഞ്ഞു. യേശു ഇവ സംസാരി
ച്ചശേഷം അവരെ വിട്ടുമാറിപ്പോയി.
37 ഈ അത്ഭുതങ്ങളെല്ലാം അവരുടെ
മുമ്പാകെ താൻ ചെയ്തിട്ടും അവർ തന്നിൽ
38 വിശ്വസിച്ചില്ല. "കർത്താവേ ഞങ്ങളുടെ
പ്രസംഗം ആർ വിശ്വസിച്ചു? കർത്താവിൻെറ
ഭുജം ആർക്കു വെളിപ്പെട്ടു?" എന്ന് ഏശായ
ദീർഘദർശി പറഞ്ഞ വചനം നിറവേറുമാറ്
39 (ഇങ്ങനെ സംഭവിച്ചു) ഇതുമൂലം അവർക്കു
വിശ്വസിപ്പാൻ സാധിച്ചില്ല.വീണ്ടും ഏശായ
40 പറഞ്ഞിരുന്നു: "അവരുടെ കണ്ണുകൾകൊ
ണ്ടു കാണാതെയും, അവരുടെ ഹൃദയംകൊ
ണ്ടു തിരിച്ചറിയാതെയും, അവർ മനം തിരി
ഞ്ഞ്, ഞാൻ അവരെ സൌഖ്യമാക്കാതെ
യും ഇരിക്കത്തക്കവണ്ണം അവർ തങ്ങളുടെ
കണ്ണുകൾ അന്ധമാക്കുകയും ഹൃദയം അന്ധ
41 കാരപ്പെടുത്തുകയും ചെയ്തു." ഏശായാ,
തൻെറ മഹത്വം കണ്ടപ്പോഴാണ് ഇങ്ങനെ
പറഞ്ഞു തന്നെക്കുറിച്ച് സംസാരിച്ചത്.

പ്രധാനികളിലും അനേകർ തന്നിൽ 42
വിശ്വസിച്ചു. എന്നാൽ സംഘത്തിൽ നിന്നും
പുറന്തള്ളപ്പെടാതിരിക്കേണ്ടതിന്ന്, പരീ
ശർ നിമിത്തമായി അവർ അത് ഏറ്റു
പറഞ്ഞിരുന്നില്ല. എന്തെന്നാൽ അവർ 43
ദൈവത്തിൻെറ മഹത്വത്തെക്കാൾ അധിക
മായി മനുഷ്യരുടെ മഹത്വത്തെയത്രെ
ഇഷ്ടപ്പെട്ടത്!

യേശു ഉച്ചത്തിൽ പറഞ്ഞു: "എന്നിൽ 44
വിശ്വസിക്കുന്നവൻ എന്നിലല്ല; എന്നെ അയ
ച്ചവനിലത്രെ വിശ്വസിക്കുന്നത്. എന്നെ 45
കാണുന്നവൻ എന്നെ അയച്ചവനെ കണ്ടി
രിക്കുന്നു. എന്നെ വിശ്വസിക്കുന്നവരാരും 46
അന്ധകാരത്തിൽ വസിക്കാതിരിപ്പാൻ
വേണ്ടി ഞാൻ പ്രകാശമായി ലോകത്തി
ലേക്കു വന്നു. എൻെറ വചനങ്ങൾ കേട്ടിട്ട് 47
അവയെ ആചരിക്കാത്തവനെ ഞാൻ
ന്യായം വിധിക്കുന്നില്ല. എന്തെന്നാൽ ലോക
ത്തെ ജീവിപ്പിപ്പാനല്ലാതെ അതിനെ വിധി
പ്പാൻ ഞാൻ വന്നിട്ടില്ല. എന്നെ നിരസിക്കു 48
കയും എൻെറ വചനങ്ങൾ സ്വീകരിക്കാതി
രിക്കയും ചെയ്യുന്നവന് വിധികർത്താവു
ണ്ട്- ഞാൻ സംസാരിച്ച എൻെറ വചനം
അന്ത്യദിനത്തിൽ അവനെ വിധിക്കും-
എൻെറ സ്വയമായി ഞാൻ സംസാരിച്ചിട്ടില്ല. 49
എന്നാൽ, ഞാൻ എന്താണ് പറയേണ്ടത്,
എങ്ങനെയാണ് സംസാരിക്കേണ്ടത് എന്ന്
എന്നെ അയച്ച പിതാവു എനിക്കു കൽപ്പന
തന്നിട്ടുണ്ട്. തൻെറ കൽപ്പന നിത്യജീവനാ 50
കുന്നു എന്നു ഞാൻ അറിയുന്നു. ആക
യാൽ എൻെറ പിതാവ് എനിക്ക് എപ്രകാരം
തന്നുവോ, അപ്രകാരം തന്നെയാണ് ഞാൻ
സംസാരിക്കുന്നത്."

അദ്ധ്യായം 13

ഈ ലോകത്തിൽനിന്നു തൻെറ പിതാ 1
വിൻെറ സന്നിധിയിലേക്കു താൻ വാങ്ങി
പ്പോകാനുള്ള സമയം വന്നു എന്ന് പെസഹ
പ്പെരുന്നാളിനു മുമ്പ് താൻ അറിഞ്ഞിരുന്നു.
ഈ ലോകത്തിലുള്ള തൻെറ സ്വന്തമായ
വരെ താൻ സ്നേഹിച്ചു. അവസാനംവരെ
താൻ അവരെ സ്നേഹിച്ചു. തന്നെ ഏല്പി 2
ച്ചുകൊടുക്കണമെന്ന് ശെമഓൻ സ്കറി
യോത്തായുടെ മകൻ യഹൂദായുടെ ഹൃദയ
ത്തിൽ, അത്താഴസമയത്തു സാത്താൻ
തോന്നിച്ചു. പിതാവ് സർവ്വവും തൻെറ കൈ 3
യിൽ നൽകിയിരിക്കുന്നുവെന്നും, ദൈവ
സന്നിധിയിൽ നിന്നു താൻ പുറപ്പെട്ടുവന്ന്,
ദൈവസന്നിധിയിലേക്കു തന്നെ പോകുക
യാണെന്നും യേശു അറിഞ്ഞിരുന്നതുമൂലം,

4 അത്താഴം കഴിഞ്ഞ് തന്റെ മേൽവസ്ത്രങ്ങൾ
മാറ്റിവെച്ച്, തൂവാലയെടുത്ത് അരയിൽ
ചുറ്റി, പാത്രത്തിൽ വെള്ളം ഒഴിച്ച് തന്റെ
5 ശിഷ്യന്മാരുടെ കാലുകൾ കഴുകുവാനും,
അരയിൽ കെട്ടിയിരുന്ന തൂവാലകൊണ്ട്
6 തുടയ്ക്കുവാനും തുടങ്ങി. താൻ ശെമഓൻ
കീപ്പായുടെ അടുത്തെത്തിയപ്പോൾ, ശെമ
ഓൻ തന്നോട്: "എന്റെ കർത്താവേ, അവി
ടന്ന് എന്റെ കാലുകൾ കഴുകുകയോ?"
7 എന്നു പറഞ്ഞു. യേശു ഉത്തരമായി അവ
നോട്: "ഞാൻ ഈ ചെയ്യുന്നത് ഇപ്പോൾ
നീ അറിയുന്നില്ല. പിന്നീടു നീ അറിഞ്ഞു
8 കൊള്ളും." എന്നു പറഞ്ഞു. ശെമഓൻ
കീപ്പാ തന്നോട് - "അവിടന്ന് ഒരു നാളും
എന്റെ കാലു കഴുകരുതേ" എന്നു പറ
ഞ്ഞു. യേശു അവനോട് "ഞാൻ നിന്നെ
കഴുകുന്നില്ല എങ്കിൽ, നിനക്ക് എന്നോടു
9 കൂടെ പങ്കില്ല" എന്നു പറഞ്ഞു. ശെമഓൻ
കീപ്പാ തന്നോട്; "ആകയാൽ, എന്റെ
കർത്താവേ, എന്റെ പാദങ്ങൾ മാത്രമല്ല;
എന്റെ കൈകളും എന്റെ തലയും അവിട
10 ന്നു കഴുകണമെ" എന്നു പറഞ്ഞു. യേശു
അവനോട് പറഞ്ഞു: "കുളിച്ചിരിക്കുന്നവന്ന്
അവന്റെ കാലുകൾ മാത്രമല്ലാതെ കഴു
11 കേണ്ട ആവശ്യമില്ല. എന്തെന്നാൽ അവൻ
ആകെ ശുദ്ധിയുള്ളവനാകുന്നു. നിങ്ങളും
ശുദ്ധിയുള്ളവരാകുന്നു. എന്നാൽ എല്ലാ
വരും അല്ലതാനും." എന്തെന്നാൽ തന്നെ
ഏല്പിച്ചു കൊടുക്കുന്നവനെ യേശു അറി
ഞ്ഞിരുന്നു. അതിനാലാണ് 'നിങ്ങൾ എല്ലാ
വരും അല്ല' എന്നു താൻ പറഞ്ഞത്.
12 അവരുടെ പാദങ്ങൾ കഴുകിയശേഷം,
താൻ മേൽവസ്ത്രം ധരിച്ച് ഇരുന്ന്
അവരോട്, "ഞാൻ നിങ്ങൾക്ക് എന്താണ്
ചെയ്തതെന്ന് അറിയുന്നുവോ? നിങ്ങൾ
എന്നെ 'റാബാൻ, മോറാൻ' എന്നു വിളിക്കു
13 ന്നുണ്ട്. ഞാൻ അങ്ങനെയാകയാൽ നി
ങ്ങൾ നന്നായിത്തന്നെ പ്രവർത്തിക്കുന്നു.
14 ആകയാൽ, നിങ്ങളുടെ ഗുരുവും കർത്താവു
മായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകി
യെങ്കിൽ, നിങ്ങൾ അന്യോന്യം പാദങ്ങൾ
കഴുകുവാൻ എത്ര അധികം കടപ്പെട്ടവരാ
15 കുന്നു? ഞാൻ നിങ്ങൾക്കു ചെയ്തതുപോ
ലെ തന്നെ നിങ്ങളും ചെയ്യണം എന്നുള്ള
തിന് ഈ മാതൃക ഞാൻ നിങ്ങൾക്കു
തന്നിരിക്കുന്നു.
16 "സത്യമായും സത്യമായും ഞാൻ നിങ്ങ
ളോടു പറയുന്നു. തന്റെ യജമാനനെക്കാൾ
വലിയവനായ ദാസൻ ഇല്ല. തന്നെ അയച്ച
വനേക്കാൾ വലിയവനായ പ്രേഷിതനുമില്ല,
നിങ്ങൾ ഇവ അറിഞ്ഞിരുന്നെങ്കിൽ, നിങ്ങൾ 17
ഇവ ചെയ്യുമെങ്കിൽ, നിങ്ങൾ ഭാഗ്യമുള്ളവ
രാകുന്നു. നിങ്ങൾ എല്ലാവരെക്കുറിച്ചുമല്ല 18
ഞാൻ പറയുന്നത്. എന്തെന്നാൽ ഞാൻ
തിരഞ്ഞെടുത്തവരെ ഞാൻ അറിയുന്നു. എ
ന്നാൽ "എന്നോടൊരുമിച്ച് അപ്പം ഭക്ഷിക്കു
ന്നവൻ, എനിക്കെതിരായി അവന്റെ കുതി
കാൽ ഉയർത്തി" എന്ന തിരുവെഴുത്തു നിവൃ
ത്തിയാകേണ്ടതാകുന്നു. 'ഞാൻ തന്നെയാ 19
കുന്നു അവൻ' എന്ന് അവ സംഭവിക്കു
മ്പോൾ നിങ്ങൾ വിശ്വസിക്കേണ്ടതിനായി,
അവ സംഭവിക്കുന്നതിനു മുമ്പേ ഇപ്പോൾ
തന്നെ ഞാൻ നിങ്ങളോട് പറയുന്നു: സത്യ 20
മായി, സത്യമായി ഞാൻ നിങ്ങളോട് പറ
യുന്നു: 'ഞാൻ അയയ്ക്കുന്നവനെ അംഗീക
രിക്കുന്നവൻ എന്നെയാകുന്നു അംഗീകരി
ക്കുന്നത്. എന്നെ കൈക്കൊള്ളുന്നവനോ,
എന്നെ അയച്ചവനെ കൈക്കൊള്ളുന്നു.'
യേശു ഇവ പറഞ്ഞിട്ട് നെടുവീർപ്പിട്ടു 21
കൊണ്ട്: "നിങ്ങളിൽ ഒരുവൻ എന്നെ
ഏല്പിച്ചുകൊടുക്കും എന്നു സത്യമായും
സത്യമായും നിങ്ങളോടു പറയുന്നു." എന്നു
സാക്ഷിച്ച് പറഞ്ഞു. ആരെക്കുറിച്ചാണ് 22
താൻ ഇതു പറഞ്ഞത് എന്ന് അവർ അറി
യായ്കയാൽ ശിഷ്യന്മാർ അന്യോന്യം
നോക്കി. ശിഷ്യന്മാരിൽ ഒരുവൻ യേശുവി 23
ന്റെ മാറിടത്തിൽ ചാരിയിരിക്കുന്നുണ്ടാ
യിരുന്നു. അവൻ യേശുവിന് വത്സലൻ
ആയിരുന്നു. യേശു ആരെക്കുറിച്ചാണ് 24
പറഞ്ഞത് എന്ന് തന്നോടു ചോദിപ്പാൻ
ശെമഓൻ കീപ്പാ അവനോട് ആംഗ്യം കാ
ണിച്ചു. ആ ശിഷ്യൻ യേശുവിന്റെ മാറിട 25
ത്തിലേക്ക് ചേർന്നുകൊണ്ട് - തന്നോട്,
"എന്റെ കർത്താവേ, ഇത് ആരാകുന്നു"
എന്നു ചോദിച്ചു. യേശു ഉത്തരമായി
അവനോട്: 'ആർക്കു ഞാൻ അപ്പം മുക്കി 26
ക്കൊടുക്കുന്നുവോ, അവൻ തന്നെയാകു
ന്നു' എന്നു പറഞ്ഞു. യേശു അപ്പം മുക്കി
ശെമഓൻ സ്കറിയോത്തായുടെ മകൻ
യഹൂദായ്ക്കു കൊടുത്തു. അപ്പത്തിന്റെ 27
പിന്നാലെ സാത്താനും അവനിൽ പ്രവേ
ശിച്ചു! യേശു അവനോട്, "നീ ചെയ്യുന്നത് -
വേഗം തന്നെ ചെയ്തു കൊള്ളുക" എന്നു പറ
ഞ്ഞു. എന്തിനെപ്പറ്റിയാണ് താൻ അവ 28
നോട് പറഞ്ഞത് എന്ന് പന്തിക്കിരുന്നവ
രിൽ ആർക്കും മനസ്സിലായില്ല. ചിലർ വിചാ 29
രിച്ചത് - പണസഞ്ചി യഹൂദായുടെ കൈ
വശമായിരുന്നതുകൊണ്ട്- പെരുന്നാളിന്
ആവശ്യമുള്ളത് വല്ലതും വാങ്ങുവാനോ
ദരിദ്രർക്ക് എന്തെങ്കിലും കൊടുക്കുന്ന

തിനോ, കല്പിക്കയായിരുന്നു എന്നായി
30 രുന്നു, യഹൂദയാകട്ടെ അപ്പം സ്വീകരി
ച്ചിട്ട്, അക്ഷണംതന്നെ പുറത്തേക്കു
പോയി. അവൻ പുറത്തു പോയപ്പോൾ
രാത്രിയായിരുന്നു.
31 യേശു പറഞ്ഞു: "ഇപ്പോൾ മനുഷ്യ
പുത്രൻ മഹത്വീകരിക്കപ്പെട്ടു. അവൻ മൂലം
32 ദൈവം മഹിമപ്പെട്ടിരിക്കുന്നു. ദൈവം
അവൻ മൂലം മഹിമപ്പെട്ടുവെങ്കിൽ, ദൈവ
വും താൻമൂലം അവനെ മഹിമപ്പെടുത്തും.
അവനെ ഉടനെ തന്നെ മഹിമപ്പെടുത്തും.
33 എന്റെ മക്കളേ, ഞാൻ ഇനിയും അല്പ
(കാല)വും കൂടി നിങ്ങളോടു കൂടെയുണ്ടാ
യിരിക്കും. നിങ്ങൾ എന്നെ അന്വേഷിക്കും-
'ഞാൻ പോകുന്നിടത്തേക്കു നിങ്ങൾക്കു
വരുവാൻ കഴികയില്ല' എന്ന് ഞാൻ യഹൂദ
ന്മാരോട് പറഞ്ഞതുപോലെ ഇപ്പോൾ നിങ്ങ
ളോടും പറയുന്നു: പുതിയ കല്പന ഞാൻ
34 നിങ്ങൾക്കു തരുന്നു. നിങ്ങൾ പരസ്പരം
സ്നേഹിച്ചുകൊണ്ടിരിക്കണം. ഞാൻ നി
ങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അ
35 ന്യോന്യം സ്നേഹിക്കണം- നിങ്ങളിൽ പര
സ്പരം സ്നേഹം ഉണ്ടായിരിക്കുമെങ്കിൽ -
നിങ്ങൾ എന്റെ ശിഷ്യന്മാരാകുന്നു എന്ന്
എല്ലാവരും അറിയും" എന്നു പറഞ്ഞു.
36 ശെമഓൻ കീപ്പാ തന്നോട് - "മോറാൻ അവി
ടന്ന് എവിടേക്കാണ് പോകുന്നത്?" എന്നു
ചോദിച്ചു. യേശു ഉത്തരമായി അവനോട് -
"ഞാൻ പോകുന്നിടത്തേക്ക് ഇപ്പോൾ
എന്റെ പിന്നാലെ വരാൻ നിനക്കു കഴിക
37 യില്ല- എന്നാൽ അവസാനം നീ വരും"
എന്നു പറഞ്ഞു.-ശെമഓൻ കീപ്പാ തന്നോട്-
"എന്റെ കർത്താവേ, ഇപ്പോൾ അങ്ങയുടെ
പിന്നാലെ വരുവാൻ എനിക്കു കഴിയാത്തത്
എന്തുകൊണ്ടാണ്? എന്റെ ജീവൻ അങ്ങേ
ക്കായി ഞാൻ അർപ്പിക്കും" എന്നു പറഞ്ഞു.
38 യേശു അവനോട് "നിന്റെ ജീവൻ എ
നിക്കായി അർപ്പിക്കും എന്നോ? നീ എന്നെ
മൂന്നു പ്രാവശ്യം തള്ളിപ്പറയുന്നതുവരെ
കോഴി കൂവുകയില്ല എന്ന് ഞാൻ സത്യമായി
നിന്നോട് പറയുന്നു" എന്നു പറഞ്ഞു.

അദ്ധ്യായം 14

1 "നിങ്ങളുടെ ഹൃദയം ചഞ്ചലപ്പെട്ടു
പോകരുത്. ദൈവത്തിൽ വിശ്വസിപ്പിൻ,
2 എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവി
ന്റെ ഭവനത്തിൽ അനേകം വാസസ്ഥല
ങ്ങളുണ്ട്. ഇല്ലെങ്കിൽ അക്കാര്യം ഞാൻ
പറയുമായിരുന്നു: നിങ്ങൾക്കായി സ്ഥല
3 മൊരുക്കുവാൻ ഞാൻ പോകുന്നു. ഞാൻ
പോയാൽ നിങ്ങൾക്കായി ഞാൻ സ്ഥലം
ഒരുക്കും. വീണ്ടും ഞാൻ വരും; എന്റെ
അടുക്കലേക്ക് നിങ്ങളെ ഞാൻ കൂട്ടിക്കൊ
ണ്ടുപോകും. അതെ, ഞാൻ എവിടെ ആയി
രിക്കുമോ നിങ്ങളും അവിടെ ആയിരിക്കും.
ഞാൻ എവിടേക്കു പോകുന്നു എന്നു 4
നിങ്ങൾ അറിയുന്നു. വഴിയും നിങ്ങൾക്ക
റിയാം" എന്നു പറഞ്ഞു. തോമാ തന്നോട് - 5
"മോറാൻ, അങ്ങ് എവിടേക്കു പോകുന്നു
എന്നു ഞങ്ങൾക്കറിഞ്ഞുകൂടല്ലോ (പിന്നെ)
ഞങ്ങൾ വഴി അറിയുന്നതെങ്ങനെ?" എന്നു
പറഞ്ഞു. "ഞാൻ വഴിയും സത്യവും ജീവനു 6
മാകുന്നു. എന്നിൽ കൂടെ അല്ലാതെ ആരും
എന്റെ പിതാവിന്റെ സന്നിധിയിലേക്കു
വരികയില്ല. എന്നെ നിങ്ങൾ അറിഞ്ഞിരു 7
ന്നെങ്കിൽ എന്റെ പിതാവിനേയും നിങ്ങൾ
അറിയുമായിരുന്നു. ഇപ്പോൾ മുതൽ നി
ങ്ങൾ അദ്ദേഹത്തെ അറിയുന്നു. നിങ്ങൾ
അദ്ദേഹത്തെ കണ്ടുമിരിക്കുന്നു" എന്നു
താൻ പറഞ്ഞു. ഫീലിപ്പോസ് തന്നോട് "മോ 8
റാൻ, പിതാവിനെ ഞങ്ങൾക്ക് കാണിച്ചുത
രണമേ; ഞങ്ങൾക്ക് അതുമതി" എന്നു പറ
ഞ്ഞു. യേശു അവനോട്, 'ഈ കാലമെല്ലാം 9
ഞാൻ നിങ്ങളോടുകൂടെ ഇരുന്നിട്ടും, ഫിലി
പ്പേ! നീ എന്നെ അറിഞ്ഞില്ലയോ? എന്നെ
കാണുന്ന വൻ പിതാവിനെ കണ്ടിരിക്കുന്നു.
പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചു
തരണമേ' എന്നു നീ പറയുന്നതെങ്ങനെ?
ഞാൻ എന്റെ പിതാവിലും, എന്റെ പിതാ 10
വ് എന്നിലും എന്നും, ഞാൻ സംസാരിക്കു
ന്ന വചനങ്ങൾ എന്റെ സ്വയത്തിൽനിന്നല്ല
ഞാൻ സംസാരിക്കുന്നതെന്നും നീ വിശ്വസി
ക്കുന്നില്ലയോ? എന്നിൽ വസിക്കുന്ന
എന്റെ പിതാവത്രെ ഈ പ്രവൃത്തികൾ
ചെയ്യുന്നത്. ഞാൻ എന്റെ പിതാവിലും 11
എന്റെ പിതാവ് എന്നിലും ആകുന്നു എന്നു
വിശ്വസിപ്പിൻ - പ്രവൃത്തികൾ നിമിത്തമെ
ങ്കിലും വിശ്വസിപ്പിൻ. സത്യമായും സത്യ 12
മായും ഞാൻ നിങ്ങളോടു പറയുന്നു, ഞാൻ
ചെയ്യുന്ന പ്രവൃത്തികൾ എന്നിൽ വിശ്വസി
ക്കുന്നവനും പ്രവർത്തിക്കും. ഞാൻ എന്റെ
പിതാവിന്റെ അടുക്കലേക്കു പോകുന്ന
തിനാൽ, അവയിൽ അധികമായും അവൻ
ചെയ്യും. പിതാവ് തന്റെ പുത്രനിൽ മഹിമ 13
പ്പെടുവാനായി എന്റെ നാമത്തിൽ നിങ്ങൾ
ചോദിക്കുന്നതെല്ലാം ഞാൻ നിങ്ങൾക്കു
ചെയ്യുതരും. എന്റെ നാമത്തിൽ നിങ്ങൾ 14
യാചിച്ചാൽ ഞാൻ ചെയ്യു തരും.
നിങ്ങൾ എന്നെ സ്നേഹിക്കുന്നുണ്ടെ 15
ങ്കിൽ എന്റെ കല്പനകൾ പാലിക്കുവിൻ.

16 ഞാൻ എൻെറ പിതാവിനോട് അപേക്ഷി
ക്കും. എന്നേക്കും നിങ്ങളോടുകൂടെ ഇരി
ക്കേണ്ടതിനായി മറ്റൊരു ആശ്വാസപ്രദനെ
17 താൻ നിങ്ങൾക്കു തരും. അദ്ദേഹം സത്യത്തി
ൻെറ ആത്മാവാകുന്നു. ലോകത്തിന്,
തന്നെ സ്വീകരിക്കുവാൻ കഴികയില്ല.
എന്തെന്നാൽ ലോകം, തന്നെ കണ്ടിട്ടില്ല;
അറിഞ്ഞിട്ടുമില്ല. എന്നാൽ താനാകട്ടെ
നിങ്ങളോടൊരുമിച്ചു വസിക്കയും, നിങ്ങ
ളിൽ സ്ഥിതിചെയ്യുകയും ചെയ്യുന്നതു
കൊണ്ട്, നിങ്ങളോ, തന്നെ അറിയുന്നു.
18 ഞാൻ നിങ്ങളെ അനാഥരായി വിട്ടു
കളകയില്ല. എന്തെന്നാൽ അല്പം കഴിഞ്ഞു
19 ഞാൻ നിങ്ങളുടെ അടുക്കൽ വരും. ലോകം
എന്നെ കാണുകയില്ല. എന്നാൽ നിങ്ങളോ
എന്നെ കാണും. ഞാൻ ജീവനുള്ളവനാ
20 കയാൽ നിങ്ങളും ജീവിക്കും. ഞാൻ എൻെറ
പിതാവിലും; നിങ്ങൾ എന്നിലും ഞാൻ
നിങ്ങളിലും ഇരിക്കുന്നു എന്ന് ആ ദിവസം
നിങ്ങൾ അറിയും.
21 എൻെറ കല്പനകൾ ആചരിക്കുന്നവൻ
ആരോ അവനാണ് എന്നെ സ്നേഹിക്കു
ന്നത്. എന്നെ സ്നേഹിക്കുന്നവൻ എൻെറ
പിതാവിനാൽ സ്നേഹിക്കപ്പെടും. ഞാനും
അവനെ സ്നേഹിക്കും. എന്നെത്തന്നെ
അവനു ഞാൻ കാണിച്ചുകൊടുക്കുകയും
22 ചെയ്യും.” സ്കറിയോത്ത അല്ലാത്ത യഹൂദാ
തന്നോട്: “എൻെറ കർത്താവേ അങ്ങ്
ലോകത്തിന്നല്ല; ഞങ്ങൾക്കായി അങ്ങയെ
ത്തന്നെ കാണിച്ചു തരുന്നത് എങ്ങനെ?”
എന്നു ചോദിച്ചു. യേശു ഉത്തരമായി
23 അവനോട്: “എന്നെ സ്നേഹിക്കുന്നവൻ
എൻെറ വചനം പാലിക്കും. എൻെറ പിതാവ്
അവനെ സ്നേഹിക്കും. അവൻെറ അടു
ക്കൽ ഞങ്ങൾ വരും; അവനോട് കൂടെ
24 വസിക്കുകയും ചെയ്യും. എന്നാൽ എന്നെ
സ്നേഹിക്കാത്തവൻ എൻെറ വചനം
പാലിക്കുകയില്ല. നിങ്ങൾ കേട്ടുകൊണ്ടിരി
ക്കുന്ന ഈ വചനം എൻേറതല്ല എന്നെ
അയച്ച എൻെറ പിതാവിൻേറതത്രെ.
25 ഞാൻ നിങ്ങളോടുകൂടെ ആയിരിക്കു
മ്പോൾ ഇവ ഞാൻ സംസാരിച്ചിരിക്കുന്നു.
26 എൻെറ പിതാവ് എൻെറ നാമത്തിൽ
അയയ്ക്കുന്ന പരിശുദ്ധാത്മാവ് എന്ന
ആശ്വാസപ്രദൻ സർവ്വവും നിങ്ങളെ
പഠിപ്പിക്കും. ഞാൻ നിങ്ങളോട് പറഞ്ഞ
തെല്ലാം അവൻ നിങ്ങളെ ഓർമ്മപ്പെടുത്തു
27 കയും ചെയ്യും. സമാധാനം നിങ്ങൾക്കായി
ഞാൻ വച്ചിട്ടുപോകുന്നു. എൻെറ സമാ
ധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം
തരുന്നതുപോലെയല്ല; ഞാൻ നിങ്ങൾക്കു
തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്;
ഭയപ്പെടുകയുമരുത്. ഞാൻ പോകുക 28
യാണ്, ഞാൻ നിങ്ങളുടെ അടുക്കലേക്ക്
വരും എന്നു നിങ്ങളോട് ഞാൻ പറഞ്ഞതു
നിങ്ങൾ കേട്ടല്ലോ. എന്നെ നിങ്ങൾ സ്നേ
ഹിച്ചിരുന്നുവെങ്കിൽ, എൻെറ പിതാവിൻെറ
അടുക്കലേക്കു ഞാൻ പോകുന്നതിൽ
നിങ്ങൾ സന്തോഷിക്കുമായിരുന്നു. എന്തെ
ന്നാൽ എൻെറ പിതാവ് എന്നേക്കാൾ
വലിയവനാകുന്നു.
സംഭവിക്കുമ്പോൾ, നിങ്ങൾ വിശ്വസി 29
ക്കേണ്ടതിന്നായി സംഭവിക്കുന്നതിനു
മുമ്പെ, ഇപ്പോൾ ഇതാ ഞാൻ നിങ്ങളോടു
പറഞ്ഞിരിക്കുന്നു. ഇനിയും ഞാൻ നിങ്ങ 30
ളോടു വളരെ കാര്യങ്ങൾ സംസാരിക്കയില്ല.
എന്തെന്നാൽ ലോകത്തിൻെറ പ്രമാണി
വരുന്നു. അവന് എന്നോട് ഒരധികാരവു 31
മില്ല. ഞാൻ എൻെറ പിതാവിനെ സ്നേഹി
ക്കുന്നുവെന്നും, എൻെറ പിതാവ് എന്നോട്
കല്പിച്ച പ്രകാരം തന്നെയാണ് ഞാൻ
ചെയ്യുന്നതെന്നും ലോകം അറിയും. എഴു
ന്നേൽപ്പിൻ, നമുക്ക് ഇവിടെനിന്നു പോകാം”
എന്നു താൻ പറഞ്ഞു.

അദ്ധ്യായം 15

“ഞാൻ യഥാർത്ഥ മുന്തിരിവള്ളിയാകു 1
ന്നു. എൻെറ പിതാവ് കൃഷിക്കാരനും ആകു 2
ന്നു. എന്നിൽ ഫലം നൽകാത്ത എല്ലാ
ശാഖയും അവൻ നീക്കിക്കളയും. ഫലം
നൽകുന്നതിനേയോ, വളരെയേറെ ഫലം
ഉൽപാദിപ്പിക്കുന്നതിന്നായി അവൻ അതി
നെ വെടിപ്പാക്കുകയും ചെയ്യും. ഞാൻ
നിങ്ങളോട് സംസാരിച്ചിട്ടുള്ള വചനം 3
നിമിത്തം നിങ്ങൾ മുമ്പുമുതൽ തന്നെ
ശുദ്ധരായിരിക്കുന്നു. നിങ്ങൾ എന്നിൽ 4
വസിപ്പിൻ; ഞാൻ നിങ്ങളിലും (വസിക്കും).
മുന്തിരിത്തണ്ടിന്, മുന്തിരിവള്ളിയിൽ
വസിച്ചിട്ടല്ലാതെ സ്വയമായി ഫലം ഉൽപാ
ദിപ്പിക്കുവാൻ സാദ്ധ്യമല്ലാത്തതുപോ
ലെതന്നെ, നിങ്ങളും എന്നിൽ വസിച്ചിട്ട
ല്ലാതെ (സാദ്ധ്യമല്ല). ഞാനാകുന്നു മുന്തിരി 5
വള്ളി. നിങ്ങൾ ശാഖകളുമാണ്. ഒരുവൻ
എന്നിലും ഞാൻ അവനിലും വസിച്ചാൽ,
അവൻ വളരെയേറെ ഫലം പുറപ്പെടു
വിക്കും. എന്തെന്നാൽ എന്നെക്കൂടാതെ
നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല.
എന്നാൽ ഒരുവൻ എന്നിൽ വസിക്കുന്നില്ലെ 6
ങ്കിൽ ഉണങ്ങിയ കമ്പുപോലെ അവൻ
പുറത്തേക്കു തള്ളപ്പെടും. അതു കത്തി

ദഹിക്കുവാനായി അതിനെ എടുത്ത്
7 അഗ്നിയിൽ ഇടുകയും ചെയ്യും. എന്നാൽ
നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ
വചനങ്ങൾ നിങ്ങളിൽ വസിക്കയും ചെയ്യു
മെങ്കിലോ, നിങ്ങൾ ചോദിപ്പാൻ ആഗ്രഹി
ക്കുന്നതു സർവ്വവും നിങ്ങൾക്കു ലഭിക്കും.
8 നിങ്ങൾ അധിക ഫലം പുറപ്പെടുവിക്കു
കമൂലം പിതാവ് മഹിമപ്പെടുന്നു. നിങ്ങൾ
എന്റെ ശിഷ്യരായിരിക്കയും ചെയ്യും.
9 എന്റെ പിതാവ് എന്നെ സ്നേഹിച്ചതു
പോലെ ഞാനും നിങ്ങളെ സ്നേഹിച്ചു.
നിങ്ങൾ എന്റെ സ്നേഹത്തിൽ വസിപ്പിൻ.
10 ഞാൻ എന്റെ പിതാവിന്റെ കല്പനകൾ
അനുഷ്ഠിച്ച് തന്റെ സ്നേഹത്തിൽ വസി
ക്കുന്നതുപോലെ തന്നെ, നിങ്ങൾ എന്റെ
കല്പനകൾ അനുഷ്ഠിക്കുമെങ്കിൽ എന്റെ
11 സ്നേഹത്തിൽ വസിക്കും- എന്റെ സന്തോ
ഷം നിങ്ങളിൽ ആകുവാനും, നിങ്ങളുടെ
സന്തോഷം പൂർണ്ണമാകുവാനുമായിട്ട്,
ഞാൻ ഇവ നിങ്ങളോടു സംസാരിച്ചു.
12 എന്റെ കല്പന ഇതാകുന്നു: ഞാൻ നിങ്ങ
ളെ സ്നേഹിച്ചതുപോലെ നിങ്ങൾ അന്യോ
13 ന്യം സ്നേഹിക്കണം. ഒരുവൻ തന്റെ സ്നേ
ഹിതർക്കുവേണ്ടി തന്റെ ജീവനെ വെച്ചു
കൊടുക്കുന്നതിനെക്കാൾ വലിയ സ്നേഹ
14 മില്ല. ഞാൻ നിങ്ങളോട് കല്പിക്കുന്ന
തെല്ലാം നിങ്ങൾ ചെയ്യുമെങ്കിൽ നിങ്ങൾ
15 എന്റെ സ്നേഹിതന്മാരായിരിക്കും. ഇനി
യും ഞാൻ ദാസരെന്നു നിങ്ങളെ വിളിക്കു
കയില്ല. എന്തെന്നാൽ അവന്റെ യജമാനൻ
എന്താണ് ചെയ്യുന്നതെന്ന് ദാസന് അറി
ഞ്ഞുകൂടാ. എന്റെ സ്നേഹിതന്മാർ എന്നു
ഞാൻ നിങ്ങളെ വിളിച്ചു. എന്തെന്നാൽ
എന്റെ പിതാവിൽനിന്നും ഞാൻ കേട്ട
തെല്ലാം നിങ്ങളെ ഞാൻ അറിയി
16 ച്ചിട്ടുണ്ട് നിങ്ങൾ എന്നെ തെരഞ്ഞെടുക്കു
കയല്ല, ഞാനാകുന്നു നിങ്ങളെ തെരഞ്ഞെ
ടുത്തത്. നിങ്ങളും പോയി ഫലം കായ്ക്കു
വാൻ ഞാൻ നിങ്ങളെ നിയമിച്ചുമിരിക്കുന്നു.
നിങ്ങളുടെ ഫലങ്ങൾ നിലനിൽക്കുകയും
ചെയ്യും. എന്റെ നാമത്തിൽ എന്റെ പിതാ
വിനോട് നിങ്ങൾ അപേക്ഷിക്കുന്നതെല്ലാം
17 താൻ നിങ്ങൾക്കു തരും. ഇവ ഞാൻ നിങ്ങ
18 ളോട് ആജ്ഞാപിക്കുന്നു. നിങ്ങൾ അന്യോ
ന്യം സ്നേഹിക്കണം. ലോകം നിങ്ങളെ
വെറുക്കുന്നുവെങ്കിൽ, നിങ്ങളെ വെറുക്കു
ന്നതിനു മുമ്പ് തന്നെ അത് എന്നെ ദ്വേഷിച്ചു
എന്ന് അറിഞ്ഞുകൊൾവിൻ. നിങ്ങൾ
19 ലോകത്തിൽനിന്ന് (ലോകത്തിന്റേത്)
ആയിരുന്നെങ്കിൽ ലോകം അതിന്റെ സ്വന്ത
മായതിനെ സ്നേഹിക്കുമായിരുന്നു.
എന്നാൽ നിങ്ങളോ ലോകത്തിന്റേതല്ല;
എന്തെന്നാൽ ഞാൻ നിങ്ങളെ ലോകത്തിൽ
നിന്ന് തെരഞ്ഞെടുത്തിരിക്കയാണ് . ഇതു
മൂലം ലോകം നിങ്ങളെ ദ്വേഷിക്കും. 'ദാസൻ 20
യജമാനനെക്കാൾ വലിയവനല്ല' എന്നു
ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ള വചനം
ഓർത്തുകൊള്ളണം. എന്നെ അവർ പീഡി
പ്പിച്ചുവെങ്കിൽ നിങ്ങളേയും പീഡിപ്പിക്കും.
എന്റെ വചനം അവർ പാലിക്കുന്നുവെ
ങ്കിൽ നിങ്ങളുടേതും പാലിക്കും. എന്നെ 21
അയച്ചവനെ അവർ അറിഞ്ഞിട്ടില്ലാത്തതി
നാൽ എന്റെ നാമം നിമിത്തമായി ഇവ
യെല്ലാം അവർ നിങ്ങളോട് പ്രവർത്തിക്കും.
ഞാൻ വരികയും അവരോടു സംസാരിക്കു 22
കയും ചെയ്യില്ലായിരുന്നുവെങ്കിൽ അവർക്കു
പാപമില്ലായിരുന്നു. എന്നാൽ ഇപ്പോൾ 23
അവർക്കു സ്വന്ത പാപത്തിൽ ഒഴികഴിവില്ല.
എന്നെ ദ്വേഷിക്കുന്നവൻ എന്റെ പിതാവി 24
നെയും ദ്വേഷിക്കുന്നു. മറ്റാരും ചെയ്യിട്ടില്ലാ
ത്ത പ്രവൃത്തികൾ അവരുടെ കൺമുമ്പിൽ
ഞാൻ ചെയ്യില്ലായിരുന്നെങ്കിൽ അവർക്കു
പാപമില്ലായിരുന്നു. ഇപ്പോഴാകട്ടെ, അവർ
(അതെല്ലാം) കണ്ടിട്ടു എന്നെയും എന്റെ
പിതാവിനെയും ദ്വേഷിച്ചിരിക്കുന്നു. 'അവർ 25
എന്നെ വെറുതെ ദ്വേഷിച്ചു' എന്ന അവ
രുടെ ന്യായപ്രമാണത്തിൽ എഴുതപ്പെട്ടിരി
ക്കുന്ന വചനം നിവൃത്തിയാകണമല്ലോ.
എന്റെ പിതൃസന്നിധിയിൽനിന്നും നിങ്ങൾ 26
ക്കായി ഞാൻ അയയ്ക്കുന്ന ആശ്വാസ
പ്രദൻ-എന്റെ പിതാവിന്റെ അടുക്കൽനി
ന്നു പുറപ്പെടുന്ന സത്യത്തിന്റെ ആത്മാ
വു-വരുമ്പോൾ അവൻ എന്നെക്കുറിച്ച്
സാക്ഷിച്ചുകൊള്ളും. നിങ്ങളും സാക്ഷിക 27
ളാകുന്നു. എന്തെന്നാൽ ആരംഭം മുതൽ
നിങ്ങൾ എന്റെകൂടെയുണ്ടല്ലോ.

അദ്ധ്യായം 16

"നിങ്ങൾ ഇടറിപ്പോകാതിരിപ്പാനായി 1
ഇവ ഞാൻ നിങ്ങളോട് സംസാരിച്ചിരി
ക്കുന്നു. എന്തെന്നാൽ അവരുടെ സംഘാല 2
യങ്ങളിൽനിന്നും നിങ്ങളെ അവർ പുറത്താ
ക്കും. നിങ്ങളെ കൊല്ലുന്നവനെല്ലാം അവൻ
ദൈവത്തിന്നു വഴിപാട് അർപ്പിക്കുകയാ
കുന്നു എന്നു വിചാരിക്കുന്ന സമയവും
വരും. എന്നെയും എന്റെ പിതാവിനേയും 3
അവർ അറിയായ്കയാൽ ഇവയെല്ലാം
അവർ ചെയ്യും.

ഓരോന്നിന്റെയും സമയം വരുമ്പോൾ 4
ഞാൻ നിങ്ങളോട് പറഞ്ഞിട്ടുണ്ടായിരുന്നു

എന്നു നിങ്ങൾ ഓർക്കുവാനായിട്ടാണ്, ഇവ
ഞാൻ നിങ്ങളോട് സംസാരിച്ചത്. ഇവയൊ
ന്നും മുമ്പ് ഞാൻ നിങ്ങളോട് പറഞ്ഞില്ല.
എന്തെന്നാൽ ഞാൻ നിങ്ങളുടെകൂടെ
5 ത്തന്നെ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ
ആകട്ടെ, ഞാൻ എന്നെ അയച്ചവൻെറ
സന്നിധിയിലേക്ക് പോകുകയാണ്; അങ്ങ്
എവിടേക്കു പോകുന്നു എന്നു നിങ്ങളി
6 ലാരും എന്നോടു ചോദിക്കുന്നില്ല. എന്തെ
ന്നാൽ ഇവ ഞാൻ നിങ്ങളോട് പറഞ്ഞതു
കൊണ്ട് നിങ്ങൾക്കു ദുഃഖമുണ്ടായി,
നിങ്ങളുടെ ഹൃദയം നിറഞ്ഞിരിക്കയാണ്.
7 എന്നാൽ സത്യം ഞാൻ നിങ്ങളോട് പറ
യുന്നു: ഞാൻ പോകുന്നതു നിങ്ങൾക്കു
നല്ലതാണ്. എന്തെന്നാൽ ഞാൻ പോയില്ല
എങ്കിൽ ആശ്വാസപ്രദൻ നിങ്ങളുടെ അടു
ക്കലേക്ക് വരികയില്ല. ഞാൻ പോയാലോ,
നിങ്ങൾക്കായി അവനെ ഞാൻ അയച്ചു
8 തരും. അവൻ വരുമ്പോൾ, പാപത്തെ
ക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധി
യെക്കുറിച്ചും ലോകത്തെ ശാസിച്ചു മനസ്സി
9 ലാക്കും. അവർ എന്നിൽ വിശ്വസിക്കാത്ത
തുകൊണ്ട് പാപത്തെക്കുറിച്ചും, ഞാൻ
10 എൻെറ പിതാവിൻെറ അടുക്കലേക്കു പോ
കുകയും വീണ്ടും നിങ്ങൾ എന്നെ കാണാ
തിരിക്കുകയും ചെയ്യുന്നതിനാൽ നീതിയെ
11 ക്കുറിച്ചും, ഈ ലോകത്തിൻെറ പ്രമാണി
വിധിക്കപ്പെട്ടിരിക്കയാൽ ന്യായവിധിയെക്കു
12 റിച്ചും തന്നെ. ഇനിയും വളരെ കാര്യങ്ങൾ
നിങ്ങളോട് എനിക്കു പറയുവാനുണ്ട്.
എന്നാൽ ഇപ്പോൾ അവയെ ഗ്രഹിക്കു
13 വാൻ നിങ്ങൾക്കു കഴിവില്ല. എന്നാൽ സത്യ
ത്തിൻെറ ആത്മാവു വരുമ്പോൾ, സർവ്വ
സത്യത്തിലും അവൻ നിങ്ങളെ വഴിനട
ത്തിക്കൊള്ളും. എന്തെന്നാൽ അവൻ അവ
ൻേറതായി സംസാരിക്കയില്ല. പിന്നെയോ,
അവൻ കേൾക്കുന്നത് അവൻ സംസാരി
ക്കും. വരുവാനുള്ള കാര്യങ്ങളും അവൻ
നിങ്ങളെ അറിയിച്ചുതരും. അവൻ എന്നെ
14 മഹിമപ്പെടുത്തും. എന്തെന്നാൽ അവൻ
എനിക്കുള്ളതിൽ നിന്നെടുത്ത് നിങ്ങളെ
15 കാണിച്ചുതരും. എൻെറ പിതാവിനുള്ളത്
സകലവും എൻേറതുമാകുന്നു. അതു
മൂലമാണ് അവൻ എനിക്കുള്ളതിൽനിന്നും
എടുത്ത് നിങ്ങൾക്കു കാണിച്ചുതരും എന്നു
ഞാൻ നിങ്ങളോട് പറഞ്ഞത്.
16 അല്പം കഴിഞ്ഞ് നിങ്ങൾ എന്നെ
കാണുകയില്ല; വീണ്ടും അല്പം കഴിഞ്ഞ്
നിങ്ങൾ എന്നെ കാണും. എന്തെന്നാൽ
ഞാൻ പിതാവിൻെറ അടുക്കലേക്കു
പോകുന്നു" എന്നു പറഞ്ഞു. തൻെറ ശിഷ്യ
ന്മാർ പരസ്പരം; 'അല്പം കഴിഞ്ഞ് 17
നിങ്ങൾ എന്നെ കാണുകയില്ല. വീണ്ടും
അല്പം കഴിഞ്ഞ് നിങ്ങൾ എന്നെ കാണും'
എന്ന് ഇദ്ദേഹം നമ്മോട് പറഞ്ഞത്
എന്താണ്? താൻ പറഞ്ഞ ഈ 'അല്പം' 18
എന്താണ്? അദ്ദേഹം എന്താണ് പറയു
ന്നതെന്നു നമുക്ക് അറിഞ്ഞുകൂടല്ലോ"
എന്നു പറഞ്ഞു. തന്നോട് ചോദിപ്പാൻ 19
അവർ ആഗ്രഹിക്കുന്നു എന്ന് യേശു
അറിഞ്ഞ് അവരോട് "അല്പം കഴിഞ്ഞ്
നിങ്ങൾ എന്നെ കാണുകയില്ല, വീണ്ടും
അല്പം കഴിഞ്ഞ് നിങ്ങൾ എന്നെ കാണും
എന്നു ഞാൻ നിങ്ങളോട് പറഞ്ഞതി
നെക്കുറിച്ച് നിങ്ങൾ പരസ്പരം അന്വേഷി
ക്കുന്നു. സത്യമായും സത്യമായും ഞാൻ 20
നിങ്ങളോട് പറയുന്നു: നിങ്ങൾ കരഞ്ഞ്
വിലപിക്കും. ലോകം സന്തോഷിക്കും -
നിങ്ങൾ ദുഃഖിക്കും. എന്നാൽ നിങ്ങളുടെ
ദുഃഖം സന്തോഷത്തിന്നായിത്തീരും. അവ 21
ളുടെ പ്രസവദിവസം വന്നതുകൊണ്ട്, പ്രസ
വിക്കുന്ന സ്ത്രീ ദുഃഖിക്കുന്നു. എന്നാൽ
അവൾ പുത്രനെ പ്രസവിച്ചശേഷമോ, ഒരു
മനുഷ്യൻ ലോകത്തിലേക്ക് ജാതനായതി
ലുള്ള സന്തോഷം നിമിത്തം അവളുടെ വിഷ
മത്തെ അവൾ ഓർക്കുന്നില്ല. നിങ്ങൾക്കും 22
ഇപ്പോൾ ദുഃഖമുണ്ട്. എന്നാൽ ഞാൻ
വീണ്ടും നിങ്ങളെക്കാണും. നിങ്ങളുടെ
ഹൃദയം സന്തോഷിക്കും. നിങ്ങളുടെ
സന്തോഷം ആരും നിങ്ങളിൽനിന്നും എടു
ത്തുകളയുകയുമില്ല. ആ നാളിൽ നിങ്ങൾ 23
ഒന്നും എന്നോട് ചോദിക്കയില്ല. സത്യമായും
സത്യമായും ഞാൻ നിങ്ങളോട് പറയുന്നു:
എൻെറ നാമത്തിൽ എൻെറ പിതാവിനോട്
നിങ്ങൾ യാചിക്കുന്നതു സർവ്വവും അവൻ
നിങ്ങൾക്കു തരും. ഇതുവരെ എൻെറ നാമ 24
ത്തിൽ നിങ്ങൾ ഒന്നും യാചിച്ചിട്ടില്ല. യാചി
പ്പിൻ, നിങ്ങളുടെ സന്തോഷം പൂർണ്ണമാകു
വാൻ തക്കവണ്ണം നിങ്ങൾക്കു ലഭിക്കും. ഇവ 25
ഉപമകളായി ഞാൻ നിങ്ങളോട് പറഞ്ഞിരി
ക്കുന്നു. ഉപമാരീതിയിലല്ലാതെ പിതാവിനെ
ക്കുറിച്ച് വ്യക്തമായി ഞാൻ നിങ്ങളോട്
അറിയിക്കുന്ന സമയം വരുന്നു. ആ ദിവസം 26
എൻെറ നാമത്തിൽ നിങ്ങൾ അപേക്ഷിക്കും.
പിതാവിനോടു നിങ്ങൾക്കുവേണ്ടി ഞാൻ
അപേക്ഷിക്കും എന്നു പറയുന്നില്ല. എന്തെ 27
ന്നാൽ നിങ്ങൾ എന്നെ സ്നേഹിക്കുകയും,
ഞാൻ പിതാവിൻെറ സന്നിധിയിൽനിന്നു
പുറപ്പെട്ടുവന്നു എന്നു നിങ്ങൾ വിശ്വസി
ക്കുകയും ചെയ്തിരിക്കുകയാൽ പിതാവു

28 നിങ്ങളെ സ്നേഹിക്കുന്നു. ഞാൻ പിതാവി
ൻെറ സന്നിധിയിൽനിന്നു പുറപ്പെട്ടു ലോക
ത്തിലേക്കു വന്നു. ഇനിയും ഞാൻ ലോക
ത്തെ വിട്ട് പിതാവിൻെറ അടുക്കലേക്ക്
29 പോകും" എന്നു പറഞ്ഞു. തൻെറ ശിഷ്യ
ന്മാർ തന്നോട്, "ഇതാ ഇപ്പോൾ അങ്ങ് സ്പ
ഷ്ടമായി പറയുന്നു. ഒരുപമയും അങ്ങു പറ
30 യുന്നില്ല. അവിടന്നു സർവ്വവും അറിയുന്നു
വെന്നും, ആരും അങ്ങയോട് ചോദിക്കേണ്ട
ആവശ്യം അങ്ങേക്ക് ഇല്ലെന്നും, ഇപ്പോൾ
ഞങ്ങൾ അറിയുന്നു. അങ്ങ് ദൈവത്തിൽ
നിന്നു പുറപ്പെട്ടുവന്നു എന്ന് ഇതിനാൽ
ഞങ്ങൾ വിശ്വസിക്കുന്നു" എന്നു പറഞ്ഞു.
31 യേശു അവരോട്: "വിശ്വസിപ്പിൻ.
32 നിങ്ങൾ ഓരോരുവനും അപ്പോൾ അവനവ
ൻെറ സ്ഥലത്തേക്കായി ചിതറിപ്പോകയും
എന്നെ ഏകനായി വിട്ടിട്ടു പോകയും ചെ
യ്യുന്ന സമയം വരുന്നു. വന്നുമിരിക്കുന്നു.
എന്നാൽ ഞാൻ തനിച്ചല്ല. എന്തെന്നാൽ
33 എൻെറ പിതാവ് എൻെറ കൂടെയുണ്ട്. ഇവ
ഞാൻ നിങ്ങളോട് പറഞ്ഞത് എന്നിൽ
നിങ്ങൾക്കു സമാധാനം ഉണ്ടായിരിക്കുവാ
നത്രെ. ലോകത്തിൽ നിങ്ങൾക്കു ഞെരുക്കം
ഉണ്ടാകും. എന്നാൽ ധൈര്യപ്പെട്ടുകൊള്ള
ണം. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു."

അദ്ധ്യായം 17

1 യേശു ഇവ സംസാരിച്ചശേഷം, സ്വർഗ്ഗ
ത്തിലേക്കു കണ്ണുകളുയർത്തി പറഞ്ഞു:
"എൻെറ പിതാവെ, നാഴിക വന്നിരിക്കുന്നു.
അവിടത്തെ പുത്രൻ നിന്നെ മഹത്വപ്പെടു
ത്തേണ്ടതിന്, നിൻെറ പുത്രനെ മഹിമപ്പെ
2 ടുത്തണമേ. അങ്ങ് അവനു നൽകിയിട്ടുള്ള
സകലർക്കും നിത്യജീവൻ കൊടുക്കേണ്ടതി
ന്നായി അങ്ങ് അവന് സർവ്വ ജഡത്തി
ന്മേലും അധികാരം നൽകിയിട്ടുണ്ടല്ലോ.
3 അവിടുന്നു മാത്രമാണ് സത്യദൈവമെന്നും,
നീ അയച്ചവനാണ് യേശു മ്ശീഹാ എന്നും
4 അറിയുന്നതാണല്ലോ നിത്യജീവൻ. ലോക
ത്തിൽ ഞാൻ അങ്ങയെ മഹത്വപ്പെടുത്തി.
ഞാൻ ചെയ്യുവാനായി അവിടന്ന് എനിക്കു
തന്നതായ പ്രവൃത്തി ഞാൻ പൂർത്തിയാക്കി
5 യുമിരിക്കുന്നു. ഇപ്പോൾ എൻെറ പിതാവെ,
ലോകം ഉണ്ടാകുന്നതിനുമുമ്പെ, അവിട
ത്തെ അടുക്കൽ എനിക്കുണ്ടായിരുന്നതായ
അതേ മഹത്വത്താൽത്തന്നെ ഇപ്പോഴും
എന്നെ മഹിമപ്പെടുത്തണമേ. നിൻെറ നാമം
6 ഞാൻ മനുഷ്യർക്ക് അറിയിച്ചു. ലോക
ത്തിൽ നീ എനിക്കു നൽകിയവർ - നിൻേറ
തായിരുന്നു. അവരെ എനിക്ക് അവിടന്ന്
തരികയും അവർ അങ്ങയുടെ വചനം പാലി
ക്കയും ചെയ്തു. നീ എനിക്കു നൽകിയതെ 7
ല്ലാം നിൻെറ സന്നിധിയിൽനിന്നാകുന്നു
എന്ന് ഞാൻ അറിയുന്നു. അവിടന്ന് എനി 8
ക്കു തന്നതായ വചനങ്ങൾ ഞാൻ ഇവർക്കു
കൊടുത്തു. അവർ അതു കൈക്കൊള്ളു
കയും, ഞാൻ സത്യമായും അവിടത്തെ
സന്നിധിയിൽനിന്നും പുറപ്പെട്ടുവന്നുവെന്ന
റിയുകയും, അവിടന്ന് എന്നെ അയച്ചു
എന്നു വിശ്വസിക്കുകയും ചെയ്തിരിക്കുന്നു.
അവർക്കു വേണ്ടി ഞാൻ അപേക്ഷിക്കുന്നു; 9
ലോകത്തിനുവേണ്ടിയല്ല ഞാൻ അപേക്ഷി
ക്കുന്നത്, അവർ നിൻേറതാകയാൽ നീ
എനിക്കു നൽകിയിട്ടുള്ളവർക്കുവേണ്ടിയ
ത്രെ. എനിക്കുള്ളതെല്ലാം നിൻേറതാകുന്നു. 10
അവിടത്തേക്കുള്ളത് എൻേറതുമാകുന്നുവ
ല്ലോ: അവയാൽ ഞാൻ മഹിമയുള്ളവനും
ആകുന്നു. ഇനിയും ഞാൻ ലോകത്തിൽ 11
ഇല്ലല്ലോ. ഇവരോ ലോകത്തിൽ ആകുന്നു.
ഞാൻ നിൻെറ സന്നിധിയിലേക്കു വരുന്നു.
നാം ഒന്നായിരിക്കുന്ന പ്രകാരം ഇവരും
ആയിരിപ്പാനായിട്ട് അവിടന്ന് എനിക്കു
നൽകിയ നിൻെറ നാമത്തിൽ പരിശുദ്ധനാ
യ പിതാവേ, ഇവരെ കാത്തുകൊള്ളണമെ.
ഞാൻ ലോകത്തിൽ ആയിരുന്നപ്പോൾ 12
അങ്ങയുടെ നാമത്തിൽ ഞാൻ അവരെ സു
ക്ഷിച്ചു. അങ്ങ് എനിക്കു തന്നവരെ ഞാൻ
പാലിച്ചു. തിരുവെഴുത്തു നിവൃത്തിപ്പെടു
മാറ്, അവരിൽ ആ 'നാശത്തിൻെറ പുത്രൻ'
അല്ലാതെ മറ്റാരും നശിച്ചുപോയിട്ടുമില്ല.
ഇപ്പോൾ ഞാൻ അങ്ങയുടെ അടുക്കലേ 13
ക്കു വരുന്നു. ഇവരിൽ എൻെറ സന്തോഷം
പൂർണ്ണമാകുവാൻവേണ്ടി ലോകത്തിൽ
വച്ച് ഇവ ഞാൻ സംസാരിക്കുന്നു. അങ്ങ 14
യുടെ വചനം ഞാൻ അവർക്കു കൊടുത്തു.
ഞാൻ ലോകത്തിൽ നിന്നല്ലാത്തതുപോലെ
അവരും ലോകത്തിൽനിന്ന് അല്ലാത്തതി
നാൽ ലോകം അവരെ ദ്വേഷിച്ചു. ലോക 15
ത്തിൽനിന്നും അങ്ങ് അവരെ എടുത്തു
കൊള്ളണമേ എന്നല്ല ഞാൻ അപേക്ഷിക്കു
ന്നത്, പിന്നെയോ, ദുഷ്ടനിൽനിന്നും അവ
രെ കാത്തു കൊള്ളണമേ എന്നത്രെ. എന്തെ 16
ന്നാൽ ഞാൻ ലോകത്തിൻെറത് അല്ലാ
ത്തതുപോലെ അവരും ലോകത്തിൻെറതല്ല.
പിതാവേ നിൻെറ വചനം സത്യമാകയാൽ 17
അങ്ങയുടെ സത്യംകൊണ്ട് അവരെ വിശു
ദ്ധീകരിക്കണമെ. അവിടന്ന് എന്നെ ലോക 18
ത്തിലേക്കയച്ചതുപോലെ ഞാനും ഇവരെ
ലോകത്തിലേക്കയച്ചു. സത്യത്താൽ അവർ 19
വിശുദ്ധീകൃതരാകേണ്ടതിന് അവർക്കു

വേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരി
20 ക്കുന്നു. ഞാൻ ഇവർക്കുവേണ്ടിമാത്രമല്ല
അങ്ങയോടപേക്ഷിക്കുന്നത്; പിന്നെയോ
ഇവരുടെ വചനം മൂലം എന്നിൽ വിശ്വസി
21 ക്കുന്നവർക്കു വേണ്ടിയുമത്രെ. അവിടന്ന്
എന്നെ അയച്ചുവെന്ന് എന്റെ പിതാവേ,
22 ലോകം വിശ്വസിക്കുന്നതിനായി, അവിടന്ന്
എന്നിലും ഞാൻ അങ്ങയിലും ആയിരി
ക്കുന്നപ്രകാരം, അവർ നമ്മിൽ ഒന്നായിരി
23 ക്കുവാൻ, എല്ലാവരും ഒന്നാകുവാൻ വേണ്ടി
ത്തന്നെ അവിടന്ന് എനിക്കു തന്നതായ
മഹത്വം ഞാൻ ഇവർക്കായി കൊടുത്തു.
ആയത് നാം ഒന്നായിരിക്കുന്ന പ്രകാരം
ഇവരും ഒന്നായിരിപ്പാൻ തന്നെ. ഇവർ
പൂർണ്ണമായി ഒന്നായിരിപ്പാനും, അങ്ങ്
എന്നെ അയച്ചുവെന്നും അങ്ങ് എന്നെ
സ്നേഹിച്ചപോലെ ഞാൻ ഇവരെ സ്നേ
ഹിച്ചുവെന്നും ലോകം അറിവാനുമായി,
ഞാൻ ഇവരിലും അവിടന്ന് എന്നിലും
24 ആയിരിക്കട്ടെ. പിതാവേ, ലോകാരംഭത്തിനു
മുമ്പേ തന്നെ അവിടന്ന് എന്നെ സ്നേഹിച്ച്
അങ്ങ് എനിക്കു തന്ന എന്റെ മഹത്വം ഇവർ
കാണേണ്ടതിനായി; ഞാനിരിക്കുന്ന സ്ഥ
ലത്ത്, അവിടന്ന് എനിക്കു തന്നവരായ
ഇവരും എന്നോടുകൂടെ ആയിരിക്കണമേ
25 എന്നു ഞാൻ ആഗ്രഹിക്കുന്നു. നീതിയുള്ള
എന്റെ പിതാവേ, ലോകം അങ്ങയെ
അറിഞ്ഞില്ല. ഞാനോ അങ്ങയെ അറിഞ്ഞു.
അവിടന്ന് എന്നെ അയച്ചിരിക്കുന്നു എന്ന്
26 ഇവരും അറിഞ്ഞിരിക്കുന്നു. അങ്ങയുടെ
നാമം ഞാൻ ഇവരെ അറിയിച്ചു; അവിടന്ന്
എന്നെ സ്നേഹിച്ച അതേ സ്നേഹം
ഇവരിൽ ഉണ്ടായിരിക്കുവാനും, ഞാൻ
ഇവരിൽ ആയിരിപ്പാനുമായി ഞാൻ
അറിയിച്ചുകൊണ്ടുമിരിക്കുന്നു."

അദ്ധ്യായം 18

യേശു ഇവ പറഞ്ഞിട്ട്, തന്റെ ശിഷ്യരു
മൊത്ത് കെദ്രോൻ തോട്ടിന്നക്കരയ്ക്കു
പുറപ്പെട്ടു. അവിടെ ഒരു തോട്ടമുണ്ടാ
യിരുന്നു. താനും തന്റെ ശിഷ്യരും അവിടെ
പ്രവേശിച്ചു. ഒറ്റുകാരനായ യഹൂദയ്ക്ക് ഈ
സ്ഥലം അറിയാമായിരുന്നു. എന്തെന്നാൽ
അനേകം പ്രാവശ്യം യേശു തന്റെ ശിഷ്യ
ന്മാരുമൊത്ത് ഇവിടെ കൂടാറുണ്ടായിരുന്നു.
യഹൂദാ, പട്ടാളക്കാരെയും, പ്രധാനാചാര്യ
ന്മാരുടെയും പരീശരുടെയും അടുക്കൽ
നിന്ന് പടയാളികളെയും കൂട്ടി, പന്തങ്ങളും,
ദീപയഷ്ടികളും ആയുധങ്ങളുമായി അവി
ടേക്കു വന്നു. തനിക്കു സംഭവിക്കാനിരിക്കു
ന്ന സകലവും യേശു അറിഞ്ഞിരുന്നു. താൻ
മുന്നോട്ടുചെന്ന്, അവരോട്, "നിങ്ങൾ ആരെ
യാണ് അന്വേഷിക്കുന്നത്?" എന്നു ചോദി
ച്ചു. 'നസ്രയനായ യേശുവിനെ' എന്ന് അവർ 5
പറഞ്ഞു. യേശു അവരോട് 'അതു ഞാൻ
തന്നെയാകുന്നു' എന്നു പറഞ്ഞു. ഏല്പി
ച്ചുകൊടുക്കുന്നവനായ യഹൂദായും അവ
രോടുകൂടെ നിന്നിരുന്നു! 'അതു ഞാൻ തന്നെ 6
യാകുന്നു' എന്ന് യേശു അവരോട് പറഞ്ഞ
പ്പോൾ അവർ പിന്നോട്ടു പോയി നിലത്തു
വീണു. യേശു അവരോട്: 'നിങ്ങൾ ആരെ 7
യാണ് അന്വേഷിക്കുന്നത്' എന്നു വീണ്ടും
ചോദിച്ചു. 'നസ്രയനായ യേശുവിനെ' എന്ന് 8
അവർ പറഞ്ഞു. യേശു അവരോട് 'അതു
ഞാൻ തന്നെ എന്നു നിങ്ങളോടു ഞാൻ
പറഞ്ഞല്ലോ. എന്നെയാണ് നിങ്ങൾ അന്വേ
ഷിക്കുന്നതെങ്കിൽ ഇവർ പൊയ്ക്കൊ
ള്ളുവാൻ അനുവദിപ്പിൻ.' എന്നു പറഞ്ഞു.
'അങ്ങ് എനിക്കു തന്നിട്ടുള്ളവരിൽ 9
ഒരുവനേയും ഞാൻ നഷ്ടപ്പെടുത്തിയിട്ടില്ല'
എന്നു താൻ പറഞ്ഞ വചനം നിവൃത്തിയാ
കുവാൻ (തന്നെ). ശെമഗോൻ കീപ്പാ വശം 10
ഒരു വാൾ ഉണ്ടായിരുന്നു. അവൻ അത് ഊരി
മഹാപുരോഹിതന്റെ ദാസനെ വെട്ടി അവ
ന്റെ വലതു ചെവി ഛേദിച്ചു. ആ ദാസന്റെ
പേര് 'മോലേക്' എന്നായിരുന്നു. യേശു 11
കീപ്പായോടു 'വാൾ അതിന്റെ ഉറയിൽ
ഇടുക. എന്റെ പിതാവ് എനിക്കു തന്ന
പാനപാത്രം ഞാൻ അനുഭവിക്കേണ്ടത
ല്ലയോ' എന്നു പറഞ്ഞു. അപ്പോൾ പട്ടാള 12
വും സഹസ്രാധിപന്മാരും, യഹൂദരുടെ
പടയാളികളും യേശുവിനെ പിടിച്ചു
ബന്ധിച്ചു. ആദ്യമെ അവർ തന്നെ 'ഹന്നാ 13
ന്റെ' അടുക്കൽ കൊണ്ടുവന്നു. എന്തെ
ന്നാൽ അയാൾ ആ സംവത്സരത്തെ മഹാ
പുരോഹിതനായിരുന്ന 'കയ്യാപ്പ'യുടെ
അമ്മായിയപ്പനായിരുന്നു. 'ജനത്തിനുവേ 14
ണ്ടി ഒരു മനുഷ്യൻ മരിക്കുന്നതു നല്ലതാകു
ന്നു' എന്ന് യഹൂദന്മാരോട് ആലോചന പറ
ഞ്ഞു കൊടുത്തതു കയ്യാപ്പാ ആയിരുന്നു.
ശെമഗോൻ കീപ്പായും മറ്റു ശിഷ്യന്മാരിൽ 15
ഒരുവനും യേശുവിന്റെ പിന്നാലെ വരു
ന്നുണ്ടായിരുന്നു. മഹാപുരോഹിതന് ആ
ശിഷ്യനെ പരിചയമുണ്ടായിരുന്നു. അവൻ
യേശുവിനോടുകൂടെ പ്രാകാരത്തിൽ കട
ന്നു ചെന്നു. ശെമഗോൻ പുറത്തു വാതിലിന്ന 16
ടുത്ത് നിൽക്കുകയായിരുന്നു. മഹാപുരോ
ഹിതൻ അറിയുമായിരുന്ന ആ മറ്റെ ശിഷ്യൻ
പുറത്തു വന്ന്, വാതിൽ കാവൽക്കാരിയോട്
പറഞ്ഞ് ശെമഗോനെ അകത്തു കയറ്റി.

17 വാതിൽ കാവൽക്കാരിയായ ആ യുവതി,
ശെമഒാനോട്- 'നീയും ഈ മനുഷ്യൻെറ
ശിഷ്യനാണോ?' എന്നു ചോദിച്ചു. അവൻ
അവളോട് 'അല്ല' എന്നു പറഞ്ഞു. ഭൃത്യ
18 ന്മാരും ഭടന്മാരും അവിടെ നിന്നിരുന്നു. അ
വർ തീ കായുവാനായി തീ കൂട്ടിക്കൊണ്ടി
രുന്നു; എന്തെന്നാൽ വളരെ തണുപ്പുണ്ടായി
രുന്നു. ശെമഒാനും അവരോടൊരുമിച്ച് തീ
കാഞ്ഞുകൊണ്ട് അവിടെ നിന്നിരുന്നു.
19 മഹാപുരോഹിതൻ യേശുവിനോട്,
അവൻെറ ശിഷ്യന്മാരെയും, ഉപദേശത്തേ
20 യുംകുറിച്ചു ചോദ്യം ചെയ്തു. യേശു അയാ
ളോട് 'ഞാൻ ജനങ്ങളോട് പരസ്യമായി
സംസാരിച്ചു. എല്ലാ യഹൂദന്മാരും വന്നു
കൂടുന്ന സംഘാലയങ്ങളിലും ദൈവാലയ
ത്തിലും വച്ചാണ് എപ്പോഴും ഞാൻ പഠിപ്പിച്ചു
കൊണ്ടിരുന്നത്. ഞാൻ യാതൊന്നും രഹ
21 സ്യമായി സംസാരിച്ചിട്ടില്ല. നീ എന്നോട്
ചോദിക്കുന്നതെന്തിന്? ഞാൻ എന്താണ്
അവരോട് സംസാരിച്ചിട്ടുള്ളത് എന്നു കേട്ടി
ട്ടുള്ളവരോട് ചോദിച്ചാലും. ഞാൻ പറഞ്ഞ
തെല്ലാം അവർക്ക് അറിയാം!" എന്നു പറ
22 ഞ്ഞു. താൻ ഇവ പറഞ്ഞപ്പോൾ അവിടെ
നിന്നിരുന്ന പടയാളികളിൽ ഒരുവൻ യേശു
വിൻെറ ചെകിട്ടത്തടിച്ചുകൊണ്ട്, 'ഇങ്ങനെ
യാണോ മഹാപുരോഹിതനോട് ഉത്തരം
ബോധിപ്പിക്കേണ്ടത്?' എന്നു ചോദിച്ചു.
23 യേശു അവനോട് 'ഞാൻ ചീത്തയായി
എന്തെങ്കിലും സംസാരിച്ചിട്ടുണ്ടെങ്കിൽ ആ
തിന്മ തെളിയിക്കുക. ഞാൻ നന്നായിട്ടാണു
പറഞ്ഞതെങ്കിൽ നീ എന്തിന് എന്നെ അടി
24 ച്ചു?' എന്നു ചോദിച്ചു. എന്നാൽ ഹന്നാൻ
യേശുവിനെ ബന്ധനസ്ഥനാക്കി മഹാ
പുരോഹിതനായ കയ്യാപ്പായുടെ അടുക്ക
25 ലേക്ക് അയച്ചു.
ശെമഒാൻ കീപ്പാ തീ കാഞ്ഞുകൊണ്ടു
നിൽക്കുകയായിരുന്നു. അവർ അവനോട്:-
'നീയും അവൻെറ ശിഷ്യരിൽ ഒരുവൻ അല്ല
യോ?' എന്നു ചോദിച്ചു. 'ഞാൻ ആയിരു
ന്നില്ല' എന്ന് അവൻ നിഷേധിച്ചു പറ
26 ഞ്ഞു. മഹാപുരോഹിതൻെറ ദാസരിൽ ഒരു
വൻ, ശെമഒാൻ ചെവിമുറിച്ച ആളിൻെറ
ചാർച്ചക്കാരൻ, അവനോട്-തോട്ടത്തിൽ
വച്ച് അവൻെറകൂടെ നിന്നെയും ഞാൻ
27 കണ്ടതല്ലേ? എന്നു പറഞ്ഞു. ശെമഒാൻ
വീണ്ടും തള്ളിപ്പറഞ്ഞു. അതേ നിമിഷം
കോഴികൂവി.
28 അവർ കയ്യാപ്പയുടെ അടുക്കൽനിന്ന്
യേശുവിനെ പ്രത്തോറിനിലേക്ക്* കൊണ്ടു
വന്നു. അപ്പോൾ പ്രഭാതമായിരുന്നു. അവർ
പെസഹാ ഭക്ഷിക്കുന്നതിനു മുമ്പ് 'അശുദ്ധ
പ്പെട്ടു' പോകാതിരിപ്പാൻ അവർ പ്രത്തോറി
നിലേക്കു കടന്നു ചെന്നില്ല. പീലാത്തോസ് 29
അവരുടെ അടുക്കലേക്ക് പുറത്ത് വന്ന് അവ
രോട്: 'ഈ മനുഷ്യനെക്കുറിച്ച് എന്താരോ
പണമാണു നിങ്ങൾക്കുള്ളത്?' എന്നു
ചോദിച്ചു. അവർ ഉത്തരമായി അയാളോട് 30
'ഇവൻ ദുഷ്കർമ്മി അല്ലായിരുന്നെങ്കിൽ
ഇവനെ അങ്ങയുടെ മുമ്പിൽ ഏല്പിക്കുക
യില്ലായിരുന്നുവല്ലോ' എന്നു പറഞ്ഞു.
പീലാത്തോസ് അവരോട് 'നിങ്ങൾ ഇയ്യാളെ 31
കൊണ്ടുപോയി നിങ്ങളുടെ ന്യായപ്രമാണം
അനുസരിച്ച് വിധിച്ചുകൊൾവിൻ' എന്നു
പറഞ്ഞു. യഹൂദന്മാർ അയാളോട് 'ആരെ
യും കൊല്ലുവാൻ ഞങ്ങൾക്കധികാരമില്ല'
എന്നു പറഞ്ഞു. ഏതുവിധമുള്ള മരണമാ 32
ണ് താൻ അനുഭവിപ്പാനിരിക്കുന്നതെന്ന്
അറിയിച്ചുകൊണ്ട് യേശു പറഞ്ഞ വചനം
ഇങ്ങനെ നിവൃത്തിയായി.
പീലാത്തോസ് പ്രത്തോറിനിൽ പ്രവേ 33
ശിച്ച് യേശുവിനെ വിളിച്ച് തന്നോട് 'നീ
യഹൂദന്മാരുടെ രാജാവാണോ?' എന്നു ചോ
ദിച്ചു. യേശു അയാളോട് 'ഇത് നീ സ്വയ 34
മായി ചോദിച്ചതാണോ, അതോ മറ്റുള്ളവർ
എന്നെക്കുറിച്ച് നിന്നോട് പറഞ്ഞതാണോ?'
എന്നു ചോദിച്ചു. പീലാത്തോസ് തന്നോട് - 35
'ഞാൻ യഹൂദനാണോ? നിൻെറ സ്വജന
ങ്ങളും പ്രധാനാചാര്യന്മാരും കൂടി നിന്നെ
എൻെറ അടുക്കൽ ഹാജരാക്കി. നീ എന്താ
ണ് പ്രവർത്തിച്ചത്?' എന്നു ചോദിച്ചു. യേശു
അയാളോട്, "എൻെറ രാജത്വം (രാജ്യം) ഈ 36
ലോകത്തിൽ നിന്നുള്ളതല്ല. എൻെറ രാജ്യം
ഈ ലോകത്തിൽനിന്നുള്ളതായിരുന്നു
വെങ്കിൽ ഞാൻ യഹൂദരുടെ കൈയിൽ
ഏല്പിക്കപ്പെടാതിരിക്കുവാൻ എൻെറ
സേവകന്മാർ പോരാടുമായിരുന്നു. എൻെറ
രാജത്വം ഐഹികമല്ല" എന്നു പറഞ്ഞു.
പീലാത്തോസ് തന്നോട്: 'ആകയാൽ നീ 37
രാജാവാകുന്നുവോ?' എന്നു ചോദിച്ചു.
'ഞാൻ രാജാവാകുന്നുവെന്ന് നീ തന്നെ
പറഞ്ഞു. സത്യത്തെക്കുറിച്ച് സാക്ഷിപ്പാൻ
- ഇതിന്നായി- ഞാൻ ജനിച്ചിരിക്കുന്നു.
ഇതിന്നായിത്തന്നെ ഞാൻ ലോകത്തിലേ
ക്ക് വന്നുമിരിക്കുന്നു. സത്യത്തിൽ നിന്നു
ള്ള ഏവനും എൻെറ ശബ്ദം കേൾക്കും'
എന്നു പറഞ്ഞു. പീലാത്തോസ് തന്നോട്, 38
'സത്യമെന്നാൽ എന്ത്?' എന്നു ചോദിച്ചു.
അയാൾ ഇതു പറഞ്ഞിട്ട് വീണ്ടും യഹൂദ

* നാടുവാഴിയുടെ ആസ്ഥാനമണ്ഡപം

രുടെ അടുക്കലേക്ക് വന്ന് അവരോട്;
"ഒരൊറ്റ കുറ്റംപോലും ഇവനിൽ ഞാൻ
കാണുന്നില്ല. പെസഹാ ദിവസം ഒരാളിനെ
നിങ്ങൾക്കു മോചിപ്പിച്ചുതരുന്ന ഒരു
പതിവ് നിങ്ങൾക്കുണ്ടല്ലോ. ആകയാൽ,
ഈ യഹൂദന്മാരുടെ രാജാവിനെ ഞാൻ
നിങ്ങൾക്കു മോചിപ്പിച്ചു തരുന്നത് നി
ങ്ങൾക്കിഷ്ടമാണോ?" എന്നു ചോദിച്ചു.
അവരോ എല്ലാവരും 'ഇവനെയല്ല - ബാർ
ആബായെ (മോചിപ്പിക്കുക), എന്ന് ഉറച്ചു
വിളിച്ചു പറഞ്ഞു - ഈ ബാർ ആബാ ഒരു
കവർച്ചക്കാരനായിരുന്നു!

അദ്ധ്യായം 19

അപ്പോൾ പീലാത്തോസ് യേശുവിനെ
ചമ്മട്ടികൊണ്ട് അടിപ്പിച്ചു. ഭടന്മാർ മുള്ളു
കൾകൊണ്ട് ഒരു കിരീടം മുടഞ്ഞുണ്ടാക്കി,
അതു തൻെറ തലയിൽ വച്ചു. രക്തവർണ്ണ
മുള്ള വസ്ത്രവും തന്നെ ധരിപ്പിച്ചു. 'യഹൂദ
ന്മാരുടെ രാജാവേ, സമാധാനം' എന്ന്
അവർ പറഞ്ഞ് തൻെറ ചെകിട്ടത്ത് അടിച്ചു
കൊണ്ടുമിരുന്നു!

പീലാത്തോസ് വീണ്ടും പുറത്തു വന്ന്,
"ഞാൻ ഇവനിൽ ഒരു കുറ്റംപോലും കാണു
ന്നില്ല എന്ന് നിങ്ങൾ അറിയേണ്ടതിന്
ഇതാ ഞാൻ അവനെ നിങ്ങളുടെ അടുക്ക
ലേക്കു പുറത്തേക്ക് ഇറക്കിവിടുന്നു" എന്നു
പറഞ്ഞു.

മുൾക്കിരീടവും രക്താംബരവും ധരിച്ച്
യേശു പുറത്തേക്കുവന്നു. പീലാത്തോസ്
അവരോട് "ഇതാ ആ മനുഷ്യൻ" എന്നു
പറഞ്ഞു. പ്രധാനാചാര്യന്മാരും സേവകരും
തന്നെ കണ്ടപ്പോൾ, 'അവനെ ക്രൂശിക്കുക
ക്രൂശിക്കുക' എന്ന് ആർത്തു വിളിച്ചു. പീ
ലാത്തോസ് അവരോട് - 'നിങ്ങൾ കൊണ്ടു
പോയി ക്രൂശിച്ചുകൊള്ളുവിൻ. ഞാനോ
യാതൊരു കുറ്റവും ഇവനിൽ കാണുന്നില്ല'
എന്നു പറഞ്ഞു.

യഹൂദന്മാർ അയാളോട്, "ഞങ്ങൾക്കു
ന്യായപ്രമാണമുണ്ട്. ഞങ്ങളുടെ ന്യായ
പ്രമാണമനുസരിച്ച് ഇവൻ മരണത്തിന്
അർഹനത്രെ. എന്തെന്നാൽ ഇവൻ തന്നെ
ത്തന്നെ 'ദൈവപുത്രൻ' ആക്കിയവനാണ്."
പീലാത്തോസ് ഈ വചനം കേട്ടപ്പോൾ,
അത്യധികം ഭയപ്പെട്ടു. അയാൾ വീണ്ടും
പ്രത്തോറിനിൽ പ്രവേശിച്ച് യേശുവി
നോട് "നീ എവിടെ നിന്നാകുന്നു?" എന്നു
ചോദിച്ചു. യേശു ഉത്തരമൊന്നും പറഞ്ഞില്ല.
പീലാത്തോസ് തന്നോട്: "എന്നോട് നീ
സംസാരിക്കയില്ലയോ? നിന്നെ അഴിച്ചു
വിടാനുള്ള അധികാരവും, നിന്നെ ക്രൂശി
ക്കാനുള്ള അധികാരവും എനിക്കുണ്ട്
എന്നു നീ അറിയുന്നില്ലേ?" എന്നു ചോദിച്ചു.
യേശു അവനോട്, 'ഉയരത്തിൽനിന്നും 11
അങ്ങേക്കു നൽകപ്പെട്ടില്ലായിരുന്നുവെ
ങ്കിൽ എൻെറമേൽ ഒരധികാരവും അങ്ങേ
ക്കുണ്ടാകയില്ലായിരുന്നു. ആകയാൽ
അങ്ങേക്ക് എന്നെ ഏല്പിച്ചവൻെറ പാപം
അങ്ങയുടെതിനേക്കാൾ വലുതാകുന്നു'
എന്നു പറഞ്ഞു. ഇതുനിമിത്തം പീലാ 12
ത്തോസ് തന്നെ വിട്ടയപ്പാൻ ആഗ്രഹിച്ചു.
യഹൂദന്മാരോ അട്ടഹസിച്ചുകൊണ്ട് "അങ്ങ്
ഇവനെ വിട്ടയയ്ക്കുന്നുവെങ്കിൽ അങ്ങ്
കൈസറിൻെറ സ്നേഹിതനല്ല. എന്തെ
ന്നാൽ സ്വയം ആരെങ്കിലും രാജാവാകുന്നു
വെങ്കിൽ അവൻ കൈസറിൻെറ എതിരാളി
ആകുന്നു," എന്നു പറഞ്ഞു. പീലാത്തോസ് 13
ഈ വാക്കു കേട്ടപ്പോൾ യേശുവിനെ പുറ
ത്തിറക്കി, എബ്രായ ഭാഷയിൽ ഗ്പിപ്താ
എന്നു പറയുന്ന 'കൽത്തളം' എന്നു വിളിക്ക
പ്പെടുന്ന സ്ഥലത്ത് ന്യായാസനത്തിന്മേൽ
ഇരുന്നു. അതു പെസഹായുടെ വെള്ളി 14
യാഴ്ചയായിരുന്നു.

ഏകദേശം ആറാം മണി നേരമായി,
അയാൾ യഹൂദന്മാരോട് 'ഇതാ നിങ്ങളുടെ
രാജാവ്' എന്നു പറഞ്ഞു. അവരോ ഇവനെ 15
എടുത്തു കളക എടുത്തുകളക, "ഇവനെ
ക്രൂശിക്കുക" എന്ന് ആർത്തട്ടഹസിച്ചു.
പീലാത്തോസ് അവരോട് - 'നിങ്ങളുടെ
രാജാവിനെ ഞാൻ ക്രൂശിക്കണമോ?' എന്നു
ചോദിച്ചു. 'കൈസറല്ലാതെ ഞങ്ങൾക്കു
രാജാവില്ല' എന്നു പ്രധാനാചാര്യന്മാർ
പറഞ്ഞു. അപ്പോൾ, തന്നെ ക്രൂശിക്കുവാ 16
നായി അയാൾ അവർക്കു ഏല്പിച്ചുകൊടു
ത്തു. യേശു ക്രൂശു വഹിച്ചു. അവർ തന്നെ 17
'ഗോഗുൽത്താ' എന്ന് എബ്രായ ഭാഷയിൽ
പറയപ്പെടുന്ന, കർകപ്താ (തലയോട്)
എന്നു പേരുള്ള സ്ഥലത്തേക്കു കൂട്ടിക്കൊ
ണ്ടുപോയി. അവർ തന്നെ അവിടെ ക്രൂശി
ച്ചു. യേശുവിനെ മദ്ധ്യത്തിലും ഒരുവനെ 18
ഒരുവശത്തും വേറൊരുവനെ മറുവശത്തും
ആയി മറ്റു രണ്ടുപേരെക്കൂടി ക്രൂശിച്ചു.
പീലാത്തോസ് ഒരു പലക എഴുതി തൻെറ 19
കുരിശിന്മേൽ വച്ചു. അതിൽ ഇപ്രകാരം
എഴുതപ്പെട്ടിരുന്നു: "ഇവൻ യഹൂദന്മാരുടെ
രാജാവായ നസ്രായനായ യേശു." യേശു 20
ക്രൂശിക്കപ്പെട്ട സ്ഥലം നഗരത്തിന് അടു
ത്തായിരുന്നതുകൊണ്ടു യഹൂദരിൽ അനേ
കർ ഈ മേലെഴുത്തു വായിച്ചു. അത്
എബ്രായ, യൗനായ (ഗ്രീക്ക്) റോമാ

(ലത്തീൻ) ഭാഷകളിൽ എഴുതപ്പെട്ടിരുന്നു.
21 പ്രധാനാചാര്യന്മാർ പീലാത്തോസിനോട്:
ഇവൻ 'യഹൂദന്മാരുടെ രാജാവാകുന്നു'
എന്ന് അങ്ങ് എഴുതരുത്. പിന്നെയോ
'ഞാൻ യഹൂദന്മാരുടെ രാജാവാകുന്നു
എന്ന് ഇവൻ പറഞ്ഞു' (എന്നെഴുതണം)
22 എന്നു പറഞ്ഞു.അപ്പോൾ പീലാത്തോസ്
പറഞ്ഞു: "ഞാൻ എഴുതിയത് - എഴുതി
യതു തന്നെ."
23 പടയാളികൾ യേശുവിനെ ക്രൂശിച്ച
ശേഷം, തൻെറ വസ്ത്രങ്ങൾ എടുത്ത് ഓരോ
രുവന് ഓരോ ഭാഗം വീതമായി നാലായി
ഭാഗിച്ചു. തൻെറ അങ്കിയാകട്ടെ, മുകൾ
മുതൽ തയ്യൽ കൂടാതെ മുഴുവനും നെയ്തതാ
24 യിരുന്നു. 'നാം ഇത് കീറണ്ട. അതു ആർക്ക്
കിട്ടുമെന്ന് നമുക്ക് ചീട്ടിടാം" എന്നു അവർ
തമ്മിൽ തമ്മിൽ പറഞ്ഞു. "എൻെറ വസ്ത്ര
ങ്ങൾ അവരുടെ ഇടയിൽ അവർ വിഭാ
ഗിച്ചു. എൻെറ അങ്കിക്കായി അവർ ചീട്ടിട്ടു"
എന്നു പറഞ്ഞിരിക്കുന്ന ആ തിരുവെഴുത്ത്
അങ്ങനെ നിവൃത്തിയായി! പടയാളികൾ
അങ്ങനെ ചെയ്തു.
25 യേശുവിൻെറ ക്രൂശിൻെറ അടുക്കൽ
തൻെറ അമ്മയും, അമ്മയുടെ സഹോദരി
യും, ക്ലേയോപ്പായുടെ മറിയാമും, മറിയം
26 മാഗ്ദലൈത്തായും നിന്നിരുന്നു. യേശു,
തൻെറ അമ്മയേയും, അവിടെ നിന്നിരുന്ന
താൻ സ്നേഹിക്കുന്ന ശിഷ്യനേയും കണ്ടു.
താൻ തൻെറ അമ്മയോട്, 'സ്ത്രീയേ, ഇതാ
27 അവിടത്തെ മകൻ' എന്നു പറഞ്ഞു. ആ
ശിഷ്യനോട് - "ഇതാ നിൻെറ അമ്മ" എന്നും
പറഞ്ഞു. ആ നാഴികമുതൽ തന്നെ ആ
ശിഷ്യൻ അവൻെറ അടുക്കൽ അവളെ
സ്വീകരിച്ചു.
28 ഇവയ്ക്കുശേഷം, സർവ്വവും പൂർത്തി
യായി എന്ന് യേശു അറിഞ്ഞിട്ട് -തിരുവെഴു
ത്തു നിവൃത്തിയാകുവാൻ 'എനിക്കു ദാഹി
29 ക്കുന്നു' - എന്നു പറഞ്ഞു. വിന്നാഗിരി നിറച്ച
ഒരു പാത്രത്തിൽ നിന്നും അവർ ഒരു 'എസ്
പുഗാ' യിൽ വിന്നാഗിരി നിറച്ച്, 'സോപ്പ്'
തണ്ടിൽ വച്ചു തൻെറ വായോട് അടുപ്പിച്ചു.
30 യേശു ആ വിന്നാഗിരി സ്വീകരിച്ചശേഷം,
"ഇതാ സർവ്വവും പൂർത്തിയായി" എന്നു
പറഞ്ഞു, തല ചായിച്ചു തൻെറ ആത്മാ
വിനെ ഏല്പിച്ചു.
31 വെള്ളിയാഴ്ച ആയിരുന്നതുകൊണ്ട് -
ആ ശരീരങ്ങൾ കുരിശിൽ രാത്രിയിൽ
കിടക്കരുത് എന്ന് യഹൂദന്മാർ പറഞ്ഞു.
എന്തെന്നാൽ 'ശാബത്' തുടങ്ങാറായി
രുന്നു. എന്തെന്നാൽ ആ ശാബത് ദിവസം
സുപ്രധാന ദിവസമായിരുന്നു. ആകയാൽ
ആ ക്രൂശിക്കപ്പെട്ടവരുടെ മുഴങ്കാലുകൾ
ഒടിച്ച് അവരെ (കുരിശിൽനിന്നും) ഇറക്ക
ണമെന്ന് അവർ പീലാത്തോസിനോട്
അപേക്ഷിച്ചു. പടയാളികൾ ചെന്ന് ആദ്യ 32
ത്തെ ആളിൻെറയും തന്നോടുകൂടെ ക്രൂശി
ക്കപ്പെട്ട മറ്റേയാളിൻെറയും മുഴങ്കാലുകൾ
ഒടിച്ചു. യേശുവിൻെറ അടുക്കൽ ചെന്ന 33
പ്പോഴോ, താൻ വളരെ നേരത്തേതന്നെ മരി
ച്ചു കഴിഞ്ഞു എന്ന് അവർ കണ്ടിട്ട്, തൻെറ
മുഴങ്കാലുകൾ തകർത്തില്ല. എന്നാൽ പട 34
യാളികളിൽ ഒരുവൻ കുന്തം കൊണ്ട് തൻെറ
വിലാപ്പുറത്തു കുത്തി. ഉടൻതന്നെ രക്തവും
വെള്ളവും ഒഴുകി. അതു കണ്ടവനാണ് 35
സാക്ഷിച്ചിരിക്കുന്നത്. അവൻെറ സാക്ഷ്യം
സത്യമാകുന്നു. നിങ്ങളും വിശ്വസിക്കേണ്ട
തിന് അവൻ സത്യം പറഞ്ഞിരിക്കുന്നു
എന്ന് അവൻ അറിയുന്നു. "അവൻെറ 36
അസ്ഥികൾ തകർക്കപ്പെടുകയില്ല" എന്നു
ള്ള തിരുവെഴുത്തും "അവർ കുത്തിയവനി 37
ലേക്ക് അവർ നോക്കും" എന്നു പറഞ്ഞി
ട്ടുള്ള മറ്റൊരു തിരുവെഴുത്തും നിവൃത്തി
യാകുവാൻ ഇവ സംഭവിച്ചു.
അനന്തരം, യേശുവിൻെറ ശിഷ്യനായി 38
രുന്നവനും, എന്നാൽ യഹൂദരെയുള്ള ഭയം
നിമിത്തം അതു ഗുഢമാക്കിവെച്ചിരുന്നവനു
മായ, റൊംതാദേശക്കാരനായ യൌസേഫ്
യേശുവിൻെറ ശരീരം എടുക്കുവാനായി
പീലാത്തോസിനോട് അനുവാദം അപേക്ഷി
ച്ചു. പീലാത്തോസ് സമ്മതിച്ചു. അവൻ വന്ന്
യേശുവിൻെറ ശരീരം എടുത്തു. മുമ്പ് രാത്രി 39
യിൽ യേശുവിൻെറ അടുക്കൽ വന്നവനായ
നിക്കോദിമോസും വന്നു. ഏകദേശം നൂറു
റാത്തൽ മൂറും അൽവായിയും ചേർന്ന
സുഗന്ധക്കൂട്ടും കരുതിക്കൊണ്ടു വന്നിരു
ന്നു. അവർ യേശുവിൻെറ ശരീരം എടുത്തു. 40
ശവസംസ്കാരത്തിന്ന് യഹൂദന്മാർക്കു
പതിവുള്ളതുപോലെ സുഗന്ധദ്രവ്യങ്ങളോ
ടുകൂടെ കേത്താനാ തുണിയിൽ പൊതി
ഞ്ഞു. യേശു ക്രൂശിക്കപ്പെട്ട സ്ഥലത്ത് ഒരു 41
തോട്ടമുണ്ടായിരുന്നു. തോട്ടത്തിൽ അതു
വരെയും ആരെയും സംസ്കരിച്ചിട്ടില്ലാത്ത
ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു.
ശാബത് തുടങ്ങാറായിരുന്നതുകൊണ്ടും, 42
കല്ലറ അടുത്തായിരുന്നതുകൊണ്ടും അവർ
യേശുവിനെ അതിൽ സംസ്കരിച്ചു.

അദ്ധ്യായം 20

ഞായറാഴ്ച പ്രഭാതത്തിൽ- ഇരുട്ടുള്ള 1
പ്പോൾ തന്നെ - മറിയാം മഗ്ദലൈത്താ

കല്ലറയിങ്കൽ വന്നു. കല്ലറയിൽനിന്ന് കല്ല്
എടുത്തു മാറ്റപ്പെട്ടതായി അവൾ കണ്ടു.
അവൾ ഓടി ശെമഒാൻ കീപ്പായുടെ അടു
ക്കലും, യേശു സ്നേഹിച്ചിരുന്ന ആ മറ്റെ
ശിഷ്യൻെറ അടുക്കലുമെത്തി, അവരോട്
'അവർ നമ്മുടെ കർത്താവിനെ കല്ലറയിൽ
നിന്നും എടുത്തുമാറ്റി. അവർ തന്നെ എവി
ടെവച്ചു എന്ന് എനിക്കറിഞ്ഞുകൂടാ' എന്നു
പറഞ്ഞു. ശെമഒാനും ആ മറ്റെ ശിഷ്യനും
പുറപ്പെട്ട് കല്ലറയ്ക്കൽ എത്തി. അവർ
ഇരുവരും ഒരുമിച്ച് ഓടുകയായിരുന്നു. ആ
ശിഷ്യൻ ശെമഒാനെ മുൻ കടന്ന് ഓടി ആദ്യം
കല്ലറയിങ്കൽ എത്തി അവൻ സൂക്ഷിച്ചു
നോക്കി. കേത്താനാ ശീലകൾ അവിടെ
വയ്ക്കപ്പെട്ടിരിക്കുന്നതായി കണ്ടു. അവൻ
അകത്തേക്കു കടന്നില്ല. അവൻെറ പിന്നാ
ലെ ശെമഒാൻ വന്നു; കല്ലറയിലേക്ക് അവൻ
കടന്നു. കേത്താനാകൾ (മാറ്റി) വയ്ക്ക
പ്പെട്ടിരിക്കുന്നതായും, തൻെറ തലയിൽ
ചുറ്റിക്കെട്ടിയിരുന്ന തൂവാല, കേത്താനാക
ളുടെകൂടെയല്ലാതെ മറ്റൊരു സ്ഥാനത്ത്
ചുരുട്ടിവെച്ചിരിക്കുന്നതായും കണ്ടു. ആദ്യം
വന്നവനായ ശിഷ്യനും അപ്പോൾ കല്ലറയി
ലേക്കു കടന്നു ചെന്നു. അവൻ കണ്ടു: വിശ്വ
സിച്ചു. മരിച്ചവരുടെ ഇടയിൽ നിന്നും താൻ
ഉയിർത്തെഴുന്നേല്ക്കും എന്ന കാര്യം തിരു
വെഴുത്തിൽ നിന്നും അതുവരെയും അവർ
ഗ്രഹിച്ചിരുന്നില്ല. ആ ശിഷ്യന്മാർ വീണ്ടും
അവരുടെ സ്ഥലത്തേക്കു മടങ്ങിപ്പോയി.
മറിയാം കല്ലറയുടെ അടുത്തുനിന്നു
കരയുകയായിരുന്നു. കരഞ്ഞുകൊണ്ട്
അവൾ കല്ലറയിലേക്കു സൂക്ഷിച്ചുനോക്കി
യപ്പോൾ, യേശുവിൻെറ ശരീരം വയ്ക്കപ്പെ
ട്ടിരുന്ന സ്ഥാനത്തു വെള്ളവസ്ത്രധാരിക
ളായി രണ്ടു മാലാഖമാർ, ഒരുവൻ തലയ്ക്ക
ലും ഒരുവൻ കാൽക്കലുമായി ഇരിക്കുന്നതാ
യി കണ്ടു. അവർ അവളോട്: 'സ്ത്രീയേ നീ
എന്തിനാണ് കരയുന്നത്' എന്നു ചോദിച്ചു.
അവൾ അവരോട്, 'എൻെറ കർത്താവിനെ
അവർ എടുത്തുകൊണ്ടു പോയി - അവർ
തന്നെ എവിടെ വെച്ചിരിക്കുന്നു എന്നു
താൻ അറിയുന്നില്ല" എന്നു പറഞ്ഞു. ഇതു
പറഞ്ഞിട്ട് അവൾ പിന്നിലേക്കു തിരിഞ്ഞ
പ്പോൾ, യേശു നിൽക്കുന്നതായി അവൾ
കണ്ടു. അതു യേശുവാകുന്നു എന്ന് അ
വൾ മനസ്സിലാക്കിയില്ല. യേശു അവളോട്
"സ്ത്രീയേ, നീ എന്തിനാണ് കരയുന്നത്?
ആരെയാണ് നീ അന്വേഷിക്കുന്നത്?"
എന്നു ചോദിച്ചു. അവളോ അയാൾ തോട്ട
ക്കാരൻ ആണെന്നു വിചാരിച്ചു പറഞ്ഞു:

'യജമാനനേ, അവിടന്ന് അദ്ദേഹത്തെ എടു
ത്തു മാറ്റിയെങ്കിൽ - അങ്ങ് അദ്ദേഹത്തെ
എവിടെയാണ് വച്ചിരിക്കുന്നത് എന്ന്
എന്നോട് പറയണമെ, ഞാൻ പോയി അദ്ദേ
ഹത്തെ എടുത്തുകൊള്ളാം' എന്നു പറഞ്ഞു.
യേശു അവളെ 'മറിയാം' എന്ന് വിളിച്ചു.. 16
അവൾ ഉത്തരമായിട്ടു തന്നോട് 'ഗുരു'
എന്നർത്ഥമുള്ള "റബൂനി" എന്നു എബ്രായ
ഭാഷയിൽ പറഞ്ഞു. യേശു അവളോട്- "നീ 17
എന്നോടടുക്കരുത്-എന്തെന്നാൽ ഇതു
വരെ ഞാൻ എൻെറ പിതാവിൻെറ അടുക്ക
ലേക്ക് ആരോഹണം ചെയ്തില്ല. നീ എൻെറ
സഹോദരന്മാരുടെ അടുക്കൽ പോയി, അവ
രോട്, 'എൻെറ പിതാവും നിങ്ങളുടെ പിതാ
വും, എൻെറ ദൈവവും, നിങ്ങളുടെ ദൈവ
വുമാകുന്നവൻെറ സന്നിധിയിലേക്കു
ഞാൻ കരേറിപ്പോകുന്നു' എന്നു പറയുക"
എന്നു പറഞ്ഞു. അപ്പോൾ, മറിയം മഗ്ദലൈ 18
ത്താ വന്ന്, അവൾ നമ്മുടെ കർത്താവിനെ
കണ്ടു എന്നതും താൻ അവളോട് പറഞ്ഞ
കാര്യങ്ങളും ശിഷ്യന്മാരോട് അറിയിച്ചു.
ആ ഞായറാഴ്ച ദിവസം സന്ധ്യയായ 19
പ്പോൾ യഹൂദന്മാരെയുള്ള ഭയം നിമിത്തം
ശിഷ്യന്മാർ ഇരുന്നിരുന്ന സ്ഥലത്തിൻെറ
വാതിലുകൾ അടയ്ക്കപ്പെട്ടിരിക്കെ - യേശു
വന്ന് അവരുടെ നടുവിൽ നിന്നു. 'നിങ്ങൾ 20
ക്കു സമാധാനം' എന്നു പറഞ്ഞു. ഇതു
പറഞ്ഞിട്ട് തൻെറ കൈകളും വിലാപ്പുറവും
അവർക്കു കാണിച്ചുകൊടുത്തു. നമ്മുടെ
കർത്താവിനെ കണ്ടതിനാൽ, ശിഷ്യന്മാർ
സന്തോഷിച്ചു. യേശു വീണ്ടും അവരോട്, 21
"നിങ്ങൾക്കു സമാധാനം, എൻെറ പിതാവ്
എന്നെ അയച്ചതുപോലെ തന്നെ ഞാനും
നിങ്ങളെ അയയ്ക്കുന്നു" എന്നു പറഞ്ഞു.
ഇങ്ങനെ പറഞ്ഞശേഷം താൻ അവരുടെ 22
മേൽ ഊതി - "നിങ്ങൾ പരിശുദ്ധാത്മാ
വിനെ കൈക്കൊൾവിൻ - ഒരുവൻെറ പാപം 23
നിങ്ങൾ മോചിച്ചാൽ, അവന് അവ മോചി
ക്കപ്പെട്ടിരിക്കും. നിങ്ങൾ പിടിച്ചാലോ
(മോചിക്കാതിരുന്നാൽ) അവ പിടിക്കപ്പെട്ടു
മിരിക്കും" എന്നു പറഞ്ഞു.
യേശു വന്നപ്പോൾ പന്തിരുവരിൽ ഒരു 24
വനായ ഇരട്ട എന്നു വിളിക്കപ്പെടുന്ന
തോമാ അവരോടൊരുമിച്ച് അവിടെ ഉണ്ടാ
യിരുന്നില്ല. ശിഷ്യന്മാർ അവനോട് 'നമ്മുടെ 25
കർത്താവിനെ ഞങ്ങൾ കണ്ടു' എന്നു പറ
ഞ്ഞു. എന്നാൽ അവൻ അവരോട്, 'ഞാൻ
തൻെറ കൈകളിൽ ആണിപ്പാടുകൾ കാണു
കയും, ആ (പാടുകളിൽ) എൻെറ വിരലു
കൾ ഇടുകയും, തൻെറ വിലാപ്പുറത്ത്

എൻെറ കൈ നീട്ടിനോക്കുകയും ചെയ്യാതെ
ഞാൻ വിശ്വസിക്കുകയില്ല" എന്നു പറഞ്ഞു.
26 എട്ടു ദിവസങ്ങൾ കഴിഞ്ഞ്, ശിഷ്യന്മാർ
(ഭവന)ത്തിനുള്ളിൽ ഇരിക്കുമ്പോൾ,
തോമായും അവരോടു കൂടെയുണ്ടായി
രുന്നു. വാതിലുകൾ അടയ്ക്കപ്പെട്ടിരിക്കെ
യേശു വന്ന് അവരുടെ മദ്ധ്യേ നിന്നുകൊ
ണ്ട് 'സമാധാനം നിങ്ങളോടുകൂടെ' എന്നു
പറഞ്ഞു. പിന്നെ താൻ തോമായോട്,
27 "നിൻെറ വിരൽ ഇവിടെ കൊണ്ടുവരിക.
എൻെറ കൈകൾ നീ കാണുക. നിൻെറ
കൈ കൊണ്ടുവന്ന് എൻെറ വിലാപ്പുറത്തു
നീട്ടുക,' നീ അവിശ്വാസിയാകാതെ വിശ്വാ
28 സിയായിരിക്കുക" എന്നു പറഞ്ഞു. തോമ്മാ
ഉത്തരമായി തന്നോട് "എൻെറ കർത്താവേ,
29 എൻെറ ദൈവമേ!" എന്നു പറഞ്ഞു. യേശു
അവനോട് "ഇപ്പോൾ നീ എന്നെ കണ്ടതു
കൊണ്ടു വിശ്വസിച്ചു. എന്നെ കാണാതെ
യും വിശ്വസിച്ചവർ ഭാഗ്യവാന്മാർ;" എന്നു
പറഞ്ഞു.
30 ഈ പുസ്തകത്തിൽ എഴുതപ്പെട്ടിട്ടി
ല്ലാത്ത മററ് അനേക അത്ഭുതങ്ങളും യേശു
തൻെറ ശിഷ്യന്മാരുടെ മുമ്പിൽവെച്ചു
പ്രവർത്തിച്ചിട്ടുണ്ട്. ഇവ എഴുതപ്പെട്ടിരി
ക്കുന്നത് - യേശു ദൈവത്തിൻെറ പുത്രനായ
മ്ശിഹാ ആകുന്നുവെന്നു നിങ്ങൾ വിശ്വസി
ക്കേണ്ടതിനും, അങ്ങനെ വിശ്വസിച്ച്, തൻെറ
നാമത്തിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടാ
കുവാനുമത്രെ.

അദ്ധ്യായം 21

1 ഇവയ്ക്കുശേഷം യേശു വീണ്ടും,
തീബേരിയോസ് കടൽക്കരെവച്ചു തൻെറ
ശിഷ്യന്മാർക്കു തന്നെത്തന്നെ കാണിച്ചു
കൊടുത്തു. അതിപ്രകാരമായിരുന്നു.
2 ശെമഓൻ കീപ്പായും, ഇരട്ട എന്നു
വിളിക്കപ്പെടുന്ന തോമായും, ഗലീലയിലെ
കൊത്തിനെക്കാരനായ നഥാനിയേലും,
സബദി പുത്രന്മാരും, ശിഷ്യന്മാരിൽ മററു
3 രണ്ടുപേരും ഒരുമിച്ചിരിക്കയായിരുന്നു. ശെമ
ഓൻ കീപ്പാ അവരോട് 'ഞാൻ മീൻ പിടി
ക്കാൻ പോകയാണ്' എന്നു പറഞ്ഞു. അവർ
അവനോട് 'ഞങ്ങളും നിന്നോടുകൂടെ വരി
കയാണ്' എന്നു പറഞ്ഞു. അവർ പുറപ്പെട്ട്
പടകിൽ കയറി. ആ രാത്രിയിൽ അവർക്ക്
4 ഒന്നും കിട്ടിയില്ല. പ്രഭാതമായപ്പോൾ യേശു
കടൽത്തീരത്തു നിന്നു. അത് യേശുവാണെ
5 ന്നു ശിഷ്യന്മാർ അറിഞ്ഞില്ല. യേശു അവ
രോട് 'കുഞ്ഞുങ്ങളേ, നിങ്ങൾക്കു ഭക്ഷി
പ്പാൻ വല്ലതുമുണ്ടോ?' എന്നു ചോദിച്ചു.
'ഇല്ല' എന്ന് അവർ തന്നോടു പറഞ്ഞു, 6
താൻ അവരോട് 'പടകിൻെറ വലതു ഭാഗ
ത്തു വല വീശുവിൻ. നിങ്ങൾക്കു കിട്ടും'
എന്നു പറഞ്ഞു. അവർ വലവീശി. വല
യിൽപെട്ട മത്സ്യങ്ങളുടെ ആധിക്യം നിമി
ത്തം വല വലിച്ചു കയറ്റാൻ അവർക്കു കഴി
ഞ്ഞില്ല. യേശു സ്നേഹിച്ചിരുന്ന ആ ശി 7
ഷ്യൻ കീപ്പായോട്: 'ഇതു നമ്മുടെ കർത്താ
വാണല്ലോ' എന്നു പറഞ്ഞു. നമ്മുടെ
കർത്താവാകുന്നു എന്ന് ശെമഓൻ കേട്ട
പ്പോൾ, ശെമഓൻ അവൻെറ കുപ്പായം
എടുത്ത് അരയിൽ ചുറ്റി: എന്തെന്നാൽ
അവൻ നഗ്നനായിരുന്നു. അവൻ കടലിലേ
ക്കു ചാടി, യേശുവിൻെറ അടുക്കലേക്കു
വന്നു. മറ്റു ശിഷ്യന്മാർ പടകിൽ വന്നു. അവർ 8
കരയിൽ നിന്ന് ഏകദേശം ഇരുന്നൂറു മുഴ
ത്തിലധികം ദൂരത്തല്ലായിരുന്നു. മത്സ്യം
നിറഞ്ഞ ആ വലയും അവർ വലിച്ചുകൊണ്ടു
വന്നു. അവർ കരയ്ക്കു കയറിയപ്പോൾ, 9
തീക്കനലുകൾ കൂട്ടിയിരിക്കുന്നതായും,
മത്സ്യം അതിന്മേൽ വയ്ക്കപ്പെട്ടിരിക്കുന്ന
തായും, അപ്പവും അവർ കണ്ടു. യേശു അവ 10
രോട്: 'നിങ്ങൾ ഇപ്പോൾ പിടിച്ച മത്സ്യ
ങ്ങളിൽനിന്നും കൊണ്ടുവരുവിൻ' എന്നു
പറഞ്ഞു. ശെമഓൻ കീപ്പാ കയറി നൂറ്റി 11
അൻപത്തിമൂന്നു വലിയ മത്സ്യങ്ങൾ നിറ
ഞ്ഞ ആ വലയെ കരയിലേക്കു വലിച്ചു
കയറ്റി. ഈ ഭാരമെല്ലാം ഉണ്ടായിരുന്നിട്ടും
ആ വല കീറിയില്ല! യേശു അവരോട് - 'വരു 12
വിൻ, ഭക്ഷണം കഴിപ്പിൻ' എന്നു പറഞ്ഞു:
അതാരാകുന്നു എന്നു ചോദിപ്പാൻ തൻെറ
ശിഷ്യന്മാരിൽ ആരും തുനിഞ്ഞില്ല; എന്തെ
ന്നാൽ, അതു നമ്മുടെ കർത്താവാകുന്നു
എന്ന് അവർക്ക് അറിയാമായിരുന്നു. യേശു 13
അടുത്തുചെന്ന് അപ്പവും മത്സ്യങ്ങളും
എടുത്ത് അവർക്ക് കൊടുത്തു. യേശു 14
മരിച്ചവരുടെ ഇടയിൽ നിന്നു പുനരുത്ഥാനം
ചെയ്തശേഷം തൻെറ ശിഷ്യർക്ക് ഇങ്ങനെ
മൂന്നാം പ്രാവശ്യം പ്രത്യക്ഷനായി.
അവർ ഭക്ഷണം കഴിച്ചശേഷം, യേശു 15
ശെമഓൻ കീപ്പായോട്: "യൗനായുടെ
മകനായ ശെമഓനേ, ഇവരെക്കാൾ കൂടുത
ലായി നീ എന്നെ സ്നേഹിക്കുന്നുവോ?" -
എന്നു ചോദിച്ചു - "ഉവ്വ് എൻെറ കർത്താവേ,
ഞാൻ അങ്ങയെ സ്നേഹിക്കുന്നു എന്ന്
അവിടത്തേക്കറിയാമല്ലോ" എന്നു പറഞ്ഞു.
താൻ അവനോട് "നീ എനിക്കായി എൻെറ
കുഞ്ഞാടുകളെ മേയിക്കുക" എന്നു പറ
ഞ്ഞു. വീണ്ടും രണ്ടാം പ്രാവശ്യം; താൻ അവ 16
നോട്, "യൗനായുടെ മകനായ ശെമഓനേ,

നീ എന്നെ സ്നേഹിക്കുന്നുവോ?" എന്നു
ചോദിച്ചു. "ഉവ്വ് എൻെറ കർത്താവേ, ഞാൻ
അങ്ങയെ സ്നേഹിക്കുന്നു എന്ന് അവിട
ത്തേക്കറിയാമല്ലോ" എന്നു പറഞ്ഞു. യേശു
അവനോട്: "നീ എനിക്കായി എൻെറ പെ
ണ്ണാടുകളെ മേയിക്കുക" എന്നു പറഞ്ഞു.
മൂന്നാമതും താൻ അവനോട് - "യൗനാ
യുടെ മകനായ ശെമഓനേ, നീ എന്നെ
സ്നേഹിക്കുന്നുവോ?" എന്നു ചോദിച്ചു. നീ
എന്നെ സ്നേഹിക്കുന്നുവോ എന്നു മൂന്നാ
മതും അവനോട് ചോദിച്ചതിൽ കീപ്പായ്ക്കു
ദുഃഖമായി. അവൻ തന്നോട്: "എൻെറ
കർത്താവെ, സർവ്വവും അവിടന്നു പൂർണ്ണമാ
യി അറിയുന്നു. ഞാൻ അങ്ങയെ സ്നേഹി
ക്കുന്നു എന്നും അവിടന്നറിയുന്നു" എന്നു
പറഞ്ഞു. യേശു അവനോട്: "നീ എനി
ക്കായി എൻെറ ആടുകളെ മേയിക്കുക.
സത്യമായി സത്യമായി ഞാൻ നിന്നോട്
പറയുന്നു: നീ ചെറുപ്പമായിരുന്നപ്പോൾ സ്വ
യമായി അരകെട്ടുകയും, നിനക്ക് ഇഷ്ട
മുള്ളിടത്തേക്ക് നീ നടക്കുകയും ചെയ്തിരു
ന്നു. നീ വൃദ്ധനാകുമ്പോഴോ നീ നിൻെറ
കൈ നീട്ടിക്കൊടുക്കും; മറ്റൊരുവൻ നിൻെറ
അരമുറുക്കും. ഇഷ്ടമില്ലാത്ത സ്ഥല
ത്തേക്ക് കൊണ്ടുപോകുകയും ചെയ്യും"
എന്നു പറഞ്ഞു. താൻ ഇതു പറഞ്ഞത്
ഏതു വിധത്തിലുള്ള മരണത്താലാണ്
അവൻ ദൈവത്തെ മഹത്വപ്പെടുത്താനിരി
ക്കുന്നതെന്ന് കാണിപ്പാനായിരുന്നു. ഇതു
പറഞ്ഞിട്ട് താൻ അവനോട് "നീ എൻെറ
പിന്നാലെ വരിക" എന്നു പറഞ്ഞു.

ശെമഓൻ തിരിഞ്ഞു നോക്കി. യേശു 20
സ്നേഹിച്ചിരുന്ന ആ ശിഷ്യൻ അവൻെറ
പിന്നാലെ വരുന്നതുകണ്ടു. അത്താഴസമ
യത്ത് യേശുവിൻെറ മാറിൽ ചാരിക്കിടന്ന്,
എൻെറ കർത്താവേ, അങ്ങയെ ഏല്പിച്ചു
കൊടുക്കുന്നവൻ ആരാകുന്നു? എന്നു
ചോദിച്ചത് ഇവനായിരുന്നു. കീപ്പാ ഇവനെ 21
കണ്ടപ്പോൾ യേശുവിനോട് - എൻെറ
കർത്താവേ, ഇവന് എന്ത് (ഉണ്ടാകും)
എന്നു ചോദിച്ചു. യേശു അവനോട്: 'ഞാൻ 22
വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണം
എന്നാണ് എനിക്കിഷ്ടമെങ്കിൽ അതിനു
നിനക്കെന്ത്? നീ എൻെറ പിന്നാലെ വ
രിക' എന്നു പറഞ്ഞു. ആ ശിഷ്യൻ മരിക്ക
യില്ല എന്ന സംസാരം സഹോദരന്മാ
രുടെ ഇടയിൽ പരന്നു. എന്നാൽ യേശു 23
വാകട്ടെ, അവൻ മരിക്കയില്ലെന്നല്ല പറ
ഞ്ഞത്. പിന്നെയോ, 'ഞാൻ വരുന്നതു
വരെ ഇവൻ ഇരിപ്പാനാണ് ഞാൻ ഇഷ്ട
പ്പെടുന്നതെങ്കിൽ- നിനക്കെന്ത്?' എന്നാണു
പറഞ്ഞത്.

ഇവയെല്ലാറ്റിനെക്കുറിച്ചും സാക്ഷി 24
ക്കയും ഇവ എഴുതുകയും ചെയ്തത് ഈ
ശിഷ്യൻ തന്നെയാകുന്നു. അവൻെറ
സാക്ഷ്യം സത്യമായിട്ടുള്ളതെന്നു ഞങ്ങൾ
അറിയുന്നു.

യേശു ചെയ്ത മറ്റ് അനേകം കാര്യങ്ങളു 25
മുണ്ട്. അവ ഓരോന്ന് ഓരോന്നായി എഴുത
പ്പെട്ടിരുന്നുവെങ്കിൽ എഴുതപ്പെടുന്ന പുസ്ത
കങ്ങൾ ലോകത്തിൽ ഒതുങ്ങുമായിരു
ന്നില്ല എന്നു ഞാൻ വിചാരിക്കുന്നു.

എഫേസോസിൽവച്ച് ഗ്രീക്കുഭാഷയിലുള്ള യോഹന്നാൻ ഏവൻഗേലിസ്ഥായുടെ
പ. ഏവൻഗേലിയോൻ സമാപ്തം. ദൈവമേ നിനക്കു സ്തുതി.

പാഠഭേദം
വി. യോഹന്നാൻ

1. 4.	താൻ മൂലം ജീവൻ ഉണ്ടായി	അവനിൽ ജീവനുണ്ടായിരുന്നു.
9.	ആ പ്രകാശം ലോകത്തിലേക്ക് വരുന്ന ഏവനേയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശമായിരുന്നു	ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന വെളിച്ചം ലോകത്തിലേക്കു വന്നു കൊണ്ടിരുന്നു.
18	ദൈവമായ ഏകജാതൻ	ഏകപുത്രൻ
23	പറയുന്ന ശബ്ദം	പറയുന്നവൻെറ ശബ്ദം
26	വെള്ളത്താൽ	വെള്ളത്തിൽ
2.4.	സ്ത്രീയേ എനിക്കും അവിടത്തേക്കും എന്ത്?	സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്ത്?

സുറിയാനി- സോ, മൊലി ഉലേക്ക് - ഈ പ്രയോഗത്തെക്കുറിച്ച് മുമ്പു വി. മത്തായിയുടെ സുവിശേഷത്തിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. യൂദായോടു പുരോഹിതന്മാർ പറഞ്ഞത് - ലാൻ മൊ ലാൻ - ഞങ്ങൾക്ക് എന്ത്. എനിക്കും നിനക്കും തമ്മിൽ എന്ന വിവർത്തനം ശരിയാണെങ്കിൽ - പുരോഹിതന്മാർ പറഞ്ഞത് "ഞങ്ങൾക്കു തമ്മിൽ എന്ത് എന്നു ഭാഷാന്തരം ചെയ്യണം ! പാശ്ചാത്യ പ്രോട്ട. പണ്ഡിതന്മാരിൽ ചിലരുടെ അഭിപ്രായം താഴെക്കാണുക

Good News Bible - you must not tell me what to do
(ഞാൻ എന്തുചെയ്യണമെന്ന് എന്നോടു പറയേണ്ട)
Good News for modern man ഇതുതന്നെ
The Open Bible 1982. what does your concern do with me? (അങ്ങേ ചിന്താഭാരത്തിന് എന്നോടെന്ത്)
Living N.T. I can't help you now (ഇപ്പോൾ അങ്ങയേ സഹായിപ്പാൻ എനിക്കു കഴികയില്ല).
Popular commentary "What have we two in common with this (ഇക്കാര്യവുമായി നമുക്കു രണ്ടുപേർക്കും പൊതുവായി എന്തുണ്ട്).
Usual meaning of the Greek words. But the words also mean. 'What have I and you to do with that, ie, Never mind, dont be worried
ഗ്രീക്കുപദങ്ങളുടെ സാധാരണമായ വിവർത്തനമാണ് (തമ്മിൽ) എന്നു ചേർത്തുള്ളത്. എന്നാൽ ആ വാക്കുകൾക്ക് ഇങ്ങനെയും അർത്ഥം വരാം: അതിൽ എനിക്കും അവിടത്തേക്കും എന്തുചെയ്യാനാണ്. അതായത് "കാര്യമാക്കണ്ട, വിഷമിക്കേണ്ട."
Souter-Commentary: What is a little thing like that to you and me?
ഈ ചെറിയ കാര്യത്തിൽ നമുക്കെന്ത്?
Barclay-This is a indeed a true stating of the words, but it does not in way give the tone. It means, Dont worry. You don't understand what is going on. Leave things to me and I will.
വിഷമിക്കേണ്ട, എന്താണു നടക്കുന്നതെന്ന് അവിടേക്ക് മനസ്സിലാകുന്നില്ല. കാര്യം എന്നെ ഏല്പിക്കുക. എൻെറ സ്വന്ത രീതിയിൽ ഞാൻ അതു ശരിയാക്കിക്കൊള്ളാം.
പു.നി. ഡോ.ഫ്രഡറിക്ക് മുളിയൻ: അതിനു ഞാൻ എന്താണു വേണ്ടത്?
19-ാം നൂററാണ്ട് ആരംഭത്തിലുള്ള കൈയെഴുത്തുപ്രതി.
എനിക്കും നിനക്കും എന്ത്? (തമ്മിൽ ഇല്ല)

2-5	പറയുന്നതുപ്രകാരം	കല്പിച്ചാൽ
24	വിശ്വസിച്ചില്ല	വിശ്വസിച്ചേൽപ്പിച്ചില്ല.
3-3	വീണ്ടും ജനിക്കാതെ (സു)-മെൻദ്റീശ്- വീണ്ടും	പുതുതായി.....
5.39	പരിശോധിപ്പിൻ	പരിശോധിക്കുന്നു.
45	വിചാരിക്കുന്നുവോ	തോന്നരുത്

6.69	ജീവനുള്ള ദൈവത്തിൻെറ പുത്രനായ മ്ശീഹ	ദൈവത്തിൻെറ പരിശുദ്ധൻ.
7.4	ഒരുവൻ രഹസ്യമായി വല്ലതും ചെയ്തിട്ടു അതു പരസ്യമായി തീരണമെന്ന് ആഗ്രഹിക്കുന്നില്ല	പ്രസിദ്ധനാകുവാൻ ആഗ്രഹിക്കുന്ന ആരും രഹസ്യമായി ഒന്നും ചെയ്യുന്നില്ല.
8.38	കണ്ടത്	കേട്ടിട്ടുള്ളത്
9.4	ഞാൻ	നാം
13.8	കഴുകരുതേ	കഴുകുകയില്ല
14.18,19	അല്പം കഴിഞ്ഞു ഞാൻ നിങ്ങളുടെ അടുക്കൽ വരും. ലോകം എന്നെ കാണുകയില്ല.	ഞാൻ... വരും. കുറെ കഴിഞ്ഞു ലോകം എന്നെ കാണുകയില്ല
15.24	കണ്ടിട്ടും എന്നെയും എൻെറ പിതാവിനെയും ദ്വേഷിച്ചിരിക്കുന്നു	എന്നെയും എൻെറ പിതാവിനെയും കാണുകയും പകയ്ക്കുകയും ചെയ്തിരിക്കുന്നു
7.12	അങ്ങയുടെ നാമത്തിൽ ഞാൻ അവരെ	നീ എനിക്കു തന്ന നിൻെറ നാമത്തിൽ
21. 15, 16, 17	എനിക്കായി (മേയിക്കുക) പെണ്ണാടുകളെ	ഇല്ല ആടുകളെ

ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ

'പ്രാക്സെയ്സ്' (പ്രക്ക്സീസ്) തന്നെ സുറിയാനിയിലും ഉപയോഗിച്ചിരിക്കുന്നു. "എടുത്തു പറയത്തക്ക പ്രവർത്തനങ്ങൾ, നേട്ടങ്ങൾ" എന്ന അർത്ഥത്തിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നു. ഗ്രന്ഥകർത്താവ് വി. ലൂക്കോസാണെന്ന് ആദിമസഭയും, സാന്ദർഭികവുമായ തെളിവുകൾകൊണ്ട് പണ്ഡിതന്മാരും ഐകകണ്ഠ്യേന സമ്മതിക്കുന്നുണ്ട്. 2-ാം നൂറ്റാണ്ടു മുതൽ ഈ ഗ്രന്ഥം ശ്ലീഹന്മാരുടെ പ്രവൃത്തികൾ എന്ന പേരിൽ അറിയപ്പെടുന്നു. വിശുദ്ധരായ പത്രോസ്, പൌലോസ്, യോഹന്നാൻ, സ്തേപ്പാനോസ്, യാക്കോബ്, ഫിലിപ്പോസ്, ബർനബാ മുതലായവരുടെ പേരുകൾ എടുത്തു പറയപ്പെട്ടിരിക്കുന്നു.

ഈ "പ്രവർത്തനങ്ങളുടെ" (Acts) ശേഷം 'അന്ത്രയോസിന്റെ പ്രവർത്തനങ്ങൾ, തോമസിന്റെ പ്രവർത്തനങ്ങൾ, യോഹന്നാന്റെയും പൌലോസിന്റെയും പ്രവർത്തനങ്ങൾ (Acts) എന്ന പല പ്രവർത്തനങ്ങളും അറിയപ്പെട്ടിരുന്നെങ്കിലും നിലനിൽക്കുന്നത് ഈ "പ്രവർത്തനങ്ങൾ" മാത്രമാണ്.

മറ്റൊരു പ്രത്യേകത, ഈ ഗ്രന്ഥത്തിൽ വി. പത്രോസിന്റെ അഞ്ച്, വി.പൌലോസിന്റെ ഏഴ്, വി. സ്തേപ്പാനോസിന്റെ ഒന്ന് എന്നിങ്ങനെ 13 പ്രസംഗങ്ങൾ കാണാം.

ഉള്ളടക്കത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ:-

1. ലൂക്കോസ് എഴുതിയ സുവിശേഷത്തിൽ, യേശു ആരംഭിച്ചവയും പഠിപ്പിച്ചവയുമാണെങ്കിൽ, പ്രവർത്തനങ്ങളിൽ, യേശു പരിശുദ്ധാത്മാവു വഴിയായി ആരംഭിച്ചവയും പഠിപ്പിച്ചവയുമാണ്. അങ്ങനെ 32-35 വർഷത്തെ ചരിത്രമാണ് ഇതിൽ ഉൾക്കൊണ്ടിരിക്കുന്നത്.

2. പെന്തിക്കോസ്തി, ശൗലിന്റെ മാനസാന്തരം, യറുശലേം സുന്നഹദോസ്, മുതലായവയെക്കുറിച്ച് വിശദമായി പ്രസ്താവിച്ചിരിക്കുന്നു.

3. സുവിശേഷം യഹൂദന്മാരിലാരംഭിച്ച് വിജാതികളിൽ അഥവാ യറുശലേമിൽ നിന്ന് റോമൻ സാമ്രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുന്നതിന്റെ ചരിത്രം.

4. ഒരു ന്യൂനവിഭാഗം പൗലൂസിന്റെ പ്രവർത്തനങ്ങൾ വഴിയായി അന്നറിയപ്പെടുന്ന ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും വികസിച്ചു. ഈ വികസനത്തിന് രണ്ടു ഘട്ടമുണ്ട്. 1. യഹൂദന്മാരുടെ ഇടയിലുള്ള പത്രോസിന്റെ പ്രവർത്തനം. 2. വിജാതീയരുടെ ഇടയിലുള്ള പൗലുസിന്റെ പ്രവർത്തനം.

5. 1-മുതൽ 12-വരെയുള്ള അദ്ധ്യായങ്ങൾ പ്രധാനമായി പത്രോസിനെക്കുറിച്ചും, ബാക്കി ഭാഗങ്ങൾ പൗലുസിനെക്കുറിച്ചും പ്രതിപാദിക്കുന്നു.

6. വിഭജനം: 1-8-വരെ അദ്ധ്യായങ്ങൾ (യറുശലേമിലെ സഭ)
8-11-വരെ സഭ യഹുദിയായിലും ശമര്യായിലും.
11-28-വരെ സഭ ലോകമെങ്ങും.

7. രചനാകാലം: എ.ഡി. 64-65 എന്നും, 70-80 എന്നും 80-90 എന്നും വിവിധരീതിയിൽ പറയപ്പെടുന്നുണ്ട്. നീറോ ചക്രവർത്തിയാൽ പത്രോസും, പൗലൂസും രക്തസാക്ഷി മരണം പ്രാപിച്ചതിനെക്കുറിച്ച് ഒന്നും പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ അതിനുമുമ്പ് 64-65-ൽ റോമിൽവച്ച് എഴുതപ്പെട്ടു എന്നാണ് ഒരു വിഭാഗത്തിന്റെ അഭിപ്രായം.

8. ചൂണ്ടിക്കാണിക്കാവുന്ന മറ്റൊരു വൈശിഷ്ട്യം അത് "ആരംഭങ്ങളുടെ ഒരു പുസ്തകം" എന്നതിലാണ്. അതിൽ ആദിമസഭയുടെ വികസനത്തേക്കുറിച്ചുള്ള ഒന്നാമത്തെ രേഖ. ശ്ലൈഹീകമായ ഒന്നാമത്തെ അത്ഭുതം. ഒന്നാമത്തെ ശ്ലൈഹികപ്രസംഗം, സഭയിലെ സ്ഥാനങ്ങളുടെ ഒന്നാമത്തെ വിവരണം, ഒന്നാമത്തെ പീഡനം, ഒന്നാമത്തെ രക്തസാക്ഷി, ഒന്നാമത്തെ വിജാതീയരിൽനിന്നുള്ള ക്രിസ്ത്യാനി, യുറോപ്പിലെ ഒന്നാമത്തെ സഭ.

ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ

1

1-2 മുഖവുര.
3-7 പുനരുത്ഥാനാനന്തരം യേശുവിൻെറ പ്രവർത്തനം.
8-9 ശ്ലീഹന്മാർ പ്രവർത്തിക്കേണ്ടത്. സ്വർഗാരോഹണം.
10-11 യേശു വീണ്ടും വരുമെന്ന വാഗ്ദാനം.
12-14 ശ്ലീഹന്മാരും വി. മാതാവും മാളികയിൽ.
15-26 മത്തിയാസിൻെറ തിരഞ്ഞെടുപ്പ്.

2

1-41 പെന്തക്കൊസ്തി. പരിശുദ്ധാത്മാഗമനം. കീപ്പായുടെ പ്രസംഗം.
1. യോവേൽ പ്രവചനം നിവൃത്തിയായി. 2. യേശുവിൻെറ പ്രവൃത്തികൾ, താൻ മ്ശീഹായും കർത്താവുമാണെന്നു തെളിയിച്ചു. 3. മ്ശിഹായുടെ രാജത്വവും പുനരുത്ഥാനവും ദാവീദു പ്രവചിച്ചിരുന്നു. 4. താൻ മ്ശിഹായും കർത്താവുമെന്ന് പുനരുത്ഥാനം സ്പഷ്ടമാക്കി. 5. ഇസ്രയേൽ എന്തു ചെയ്യണം? 3000 പേർ അന്ന് വിശ്വസിച്ചു മാമ്മൂദീസാ സ്വീകരിച്ചു.
42-47 ആദ്യസഭ

3

1-11 ശ്ലൈഹികമായ ആദ്യത്തെ അത്ഭുതപ്രവർത്തനം-മുടന്തൻെറ സൌഖ്യം.
12-26 വാഗ്ദാനങ്ങൾ പൂർത്തിയാകും. കീപ്പായുടെ 2-ാം പ്രസംഗം.

4

1-4 1-ാമത്തെ പീഡനം.
5-12 യഹൂദപ്രമാണികളോടുള്ള കീപ്പായുടെ ഉൽബോധനം.
13-22 പ്രസംഗിക്കരുതെന്ന് അവരുടെ നിരോധനം.
23-31 ശ്ലീഹന്മാരുടെ പ്രാർത്ഥനയും, പരിശുദ്ധാത്മാവാസവും.
32-37 യറുശലേമിലെ സഭയുടെ സ്ഥിതി.

5

1-11 അനന്യാസ് ശഫീറമാരുടെ പാപവും മരണവും.
12-16 കൂടുതൽ വിശ്വാസികൾ. കീപ്പായുടെ നിഴൽപോലും രോഗശാന്തി വരുത്തി.
17-28 2-ാമത്തെ പീഡനം.
29-33 ശ്ലീഹന്മാരുടെ മറുപടി.
34-42 ഗമാലിയേലിൻെറ ഉപദേശം.

6

1-7 ശ്ലൈഹിക കൈവെപ്പുവഴി ആദ്യത്തെ ശെമ്മാശന്മാർ.
8-15 3-ാം പീഡനം. സ്തേഫാനോസ് പ്രമാണിസംഘത്തിനു മുമ്പിൽ.

7

1-53 സ്തേഫാനോസിൻെറ പ്രസംഗം.
54-60 ഒന്നാമത്തെ സഹദാ (രക്തസാക്ഷി).

8

1-4 4-ാം പീഡനം. പ്രധാന പീഡകൻ ശൌൽ.
5-25 ഫിലിപ്പോസിൻെറ പ്രവർത്തനം-കൈവെപ്പു മൂലം പരിശുദ്ധാത്മാവ്. ക്ഷുദ്രക്കാരൻ സീമോൻ
26-40 ഫിലിപ്പോസും എത്യോപ്യനും.

9

1-16 ശൌലിൻെറ മാനസാന്തരം (ശ്ലീ. 22:1, 26:9 നോക്കുക)
17 അനനിയാസിൻെറ കൈവപ്പ്, പൌലോസിനു പരിശുദ്ധാത്മാവ്.
18-25 പൌലൂസിൻെറ മാമ്മൂദീസായും, പ്രസംഗവും.
26-29 പൌലൂസ് യറുശലേം സന്ദർശിക്കുന്നു.

30-31 പൌലൂസ് തർസീസിലേക്ക്.
32-43 പൌലൂസ് അനിയാസിനെ സുഖപ്പെടുത്തി; തബീത്തായെ ഉയിർപ്പിച്ചു.

10

പത്രോസ്-താക്കോൽ അധികാരത്തിൻെറ രണ്ടാം പ്രവർത്തനം (ജാതികൾക്കു സുവിശേഷം മത്താ. 16:19. ശ്ലീ. 2:14-41)

1-8 കൊർന്നല്യോസിൻെറ ദർശനവും ആളയയ്ക്കലും.
9-16 യോപ്പായിൽ പത്രോസിനുണ്ടായ ദർശനം.
17-22 പത്രോസ് കൊർന്നല്യോസിൻെറ ദൂതന്മാരുമൊത്ത് യാത്ര.
23-33 പത്രോസ് കൊർന്നല്യോസിൻെറ ഭവനത്തിൽ.
34-43 പത്രോസ് കൊർന്നല്യോസിൻെറ ഭവനത്തിൽ പ്രസംഗം.
44-48 പത്രോസ് കൊർന്നല്യോസിൻെറ ഭവനത്തിൽ സ്നാനപ്പെടുത്തി.

11

1-18 പത്രോസ് ജാതികളുടെ ഇടയിലെ പ്രവർത്തനം ന്യായീകരിക്കുന്നു.
19-26 അന്ത്യോക്യായിലെ സഭ. 'ക്രിസ്ത്യാനി' എന്ന പേര് (വാ. 26)
27-30 അന്ത്യോക്യായിലെ സഭ യറുശലേമിനു സഹായം അയയ്ക്കുന്നു.

12

1-4 5-ാം പീഡനം. പത്രോസ് ബന്ധനസ്ഥൻ.
5-19 പത്രോസിൻെറ മോചനാർത്ഥം പ്രാർത്ഥന. പത്രോസ് മോചിതൻ.
20-25 ഹേറോദേസിൻെറ ദാരുണമരണം.

13

1-5 പൌലൂസിൻെറ 1-ാം മിഷ്യനറി യാത്ര.
6-13 മന്ത്രവാദിയുടെ എതിർപ്പും അവനു കിട്ടിയ ശിക്ഷയും.
14-43 പിസിദിയായിലെ അന്ത്യോക്യയിൽ പൌലൂസിൻെറ പ്രസംഗം.
44-52 യഹൂദരുടെ എതിർപ്പ്. പൌലൂസ് വിജാതിയരുടെ ഇടയിൽ പ്രസംഗാരംഭം.

14

1-7 ഇക്കോന്യാ, ദർബി, ലിസ്ത്രാ പ്രവർത്തനം.
8-19 ലുസ്ത്രായിൽ പൌലൂസ് ചെയ്ത അത്ഭുതം. താൻ കല്ലേറ് ഏറ്റു.
20-22 മറ്റു പ്രവർത്തനങ്ങൾ.
23-28 ഓരോ പ്രാദേശിക സഭയിലും കശീശന്മാരെ വാഴിച്ചാക്കി (ordained.

15

1-35 യറുശലേം സിനഡ്. ചേലാകർമ്മം സംബന്ധിച്ച് തീരുമാനം.
36 പൌലൂസിൻെറ 2-ാം മിഷ്യനറി യാത്ര.

16

1-5 പൌലൂസ് തീമോത്തെയോസിനെ സേവനത്തിനെടുത്തു.
6-11 പരിശുദ്ധാത്മാവു നയിച്ചു. 'മക്കദോന്യൻ' ദർശനം.
12-15 പൌലൂസും ശീലാസും ഫിലിപ്പ്യയിൽ. യൂറോപ്പിലെ ഒന്നാമത്തെ ക്രിസ്തുമതാവലംബി (നി) 'ലിദിയാ'
16-24 പൌലൂസ് ഭൂതത്തെ പുറത്താക്കി. പൌലൂസും ശീലാസും മർദ്ദിക്കപ്പെട്ടു. ബന്ധനസ്ഥരായി.
25-40 ഫിലിപ്പ്യാ കാരാഗൃഹപ്രമാണി സ്നാനമേററു. കാരാഗൃഹവിമുക്തരായി.

17

1-9 തെസലോനിക്യായിൽ സഭാസ്ഥാപനം. യഹൂദരുടെ എതിർപ്പ്.
10-21 പൌലൂസ് ബെറുവായിൽ-ആതൻസിൽ
22-34 പൌലൂസ് ആതൻസിൽ-പ്രസംഗം

18

1-23 പൌലൂസ് കോരിന്തിൽ. സഭാസ്ഥാപനം. ക്രിസ്പോസിൻെറ സ്നാനം.
24-28 അപ്പലോസ് എഫേസോസിൽ.

19

1-10 പൌലൂസ് എഫേസോസിൽ-കൈവെപ്പും പരിശുദ്ധാത്മാവും.

11-22 പൌലൂസിൻെറ അത്ഭുതപ്രവർത്തനങ്ങൾ. വിശ്വസിച്ചവരുടെ പാപം ഏറ്റു പറച്ചിൽ.
23-41 എഫേസോസിലെ തട്ടാന്മാരുടെ വ്യർത്ഥപ്രക്ഷോഭം.

20

1-16 പൌലൂസ് മക്കദോന്യ, ത്രോവാസ്, മിലിത്തോസ്, എന്നീ സ്ഥലങ്ങളിൽ.
17-36 എഫേസോസിൽ കശീശന്മാരെ വിളിച്ചുകൂട്ടിയുള്ള ഹൃദയസ്പൃക്കായ വിടവാങ്ങൽ പ്രഭാഷണം.

21

1-13 പൌലൂസിൻെറ യാത്രകൾ.
14-26 പൌലൂസ് യറുശലേമിൽ-നേർച്ച നിർവഹണം.
27-32 പൌലൂസിനെ യഹൂദന്മാർ ദൈവാലയത്തിൽ വച്ചു പിടികൂടുന്നു.
33-40 പൌലൂസ് ചങ്ങലകളാൽ ബന്ധിതനാകുന്നു.

22

1-24 പൌലൂസ് യറുശലേമിൽ പ്രസംഗിക്കുന്നു.
25-30 പൌലൂസ് റോമൻ പൗരൻ.

23

1-10 പൌലൂസ് ന്യായാധിപസംഘമുമ്പാകെ.
11 പൌലൂസിനു ദർശനത്തിൽ കർത്താവു ധൈര്യം നൽകി.
12-22 പൌലൂസിനെ വധിക്കാനുള്ള ഗൂഢാലോചന.
23 പൌലൂസ് ഫെലിക്സിൻെറ മുമ്പിൽ.

24

1-27 പൌലൂസിൻെറ പ്രതിവാദം-2 കൊല്ലം കൈസറിയാ തടവിൽ.

25

1-10 പൌലൂസ് ഫെസ്തോസിനു മുമ്പിൽ.
11-27 പൌലൂസ് കൈസറിനെ അഭയം ചൊല്ലുന്നു.

26

1-32 പൌലൂസ് അഗ്രീപ്പായുടെ മുമ്പിൽ പ്രതിവാദം.

27

1-13 പൌലൂസ് റോമിലേക്ക് അയയ്ക്കപ്പെട്ടു.
14-44 കൊടുങ്കാറ്റ്-കപ്പലപകടം.

28

1-6 മിലിത്തിയിൽ-സർപ്പദംശനവും അത്ഭുതവും.
7-15 പുബ്ളിയോസിൻെറ പിതാവിനു സൗഖ്യം.
16-31 പൌലൂസ് റോമിൽ-യഹൂദന്മാരുടെയും പുറജാതികളുടെയും ഇടയിൽ പ്രവർത്തനം.

പ്രക്സീസ്
അതായത്
ധന്യരായ ശ്ലീഹന്മാരുടെ ചരിത്രം
വി. ലൂക്കോസ് ഏവൻഗേലിസ്റ്റായാൽ വിരചിതം

അദ്ധ്യായം 1

1 അല്ലയോ തേയോഫീലോസെ, നമ്മുടെ
കർത്താവ് യേശു മിശിഹാ, പരിശുദ്ധാത്മാ
വിനാൽ തിരഞ്ഞെടുത്ത ശ്ലീഹന്മാർക്കു
കല്പന നൽകിയതിനുശേഷം (സ്വർഗ്ഗത്തി
2 ലേക്ക്) ആരോഹണം ചെയ്ത ദിവസംവരെ
താൻ പ്രവർത്തിക്കുവാനും പഠിപ്പിക്കു
വാനും തുടങ്ങിയ സകലത്തേയും കുറിച്ച്
ആദ്യ പുസ്തകത്തിൽ ഞാൻ എഴുതിയിരുന്ന
3 ല്ലോ. താൻ നാല്പതു ദിവസം അവർക്കു
പ്രത്യക്ഷപ്പെട്ടുകൊണ്ടും, ദൈവരാജ്യം സം
ബന്ധിച്ച കാര്യങ്ങൾ സംസാരിച്ചുകൊണ്ടും,
പീഡയനുഭവിച്ചശേഷവും താൻ സജീവനാ
യി ഇരിക്കുന്നു എന്ന് വളരെയേറെ അത്ഭു
തങ്ങൾ വഴിയായി തന്നെത്തന്നെ അവർക്കു
4 വെളിപ്പെടുത്തി. താൻ അവരോടുകൂടെ
അപ്പം ഭക്ഷിക്കയും ചെയ്തു. അവർ, യറുശ
ലേമിൽ നിന്നും വിട്ടുപോകരുത് എന്നും
"എന്നിൽ നിന്നും നിങ്ങൾ കേട്ടിട്ടുള്ള പിതാ
വിൻെറ വാഗ്ദാനത്തിന്നായി (അവിടെ)
വസിക്കണമെന്നും" താൻ അവരോട് കല്പി
5 ച്ചു. യോഹന്നാൻ വെള്ളത്താൽ സ്നാന
പ്പെടുത്തി. വളരെ നാളുകൾ കഴിയുന്നതിനു
മുമ്പായി നിങ്ങൾ പരിശുദ്ധാത്മാവിനാൽ
മാമൂദീസാ സ്വീകരിക്കും എന്നും പറഞ്ഞു.
6 അവർ ഒരുമിച്ചു കൂടിയിരിക്കുമ്പോൾ
അവർ തന്നോട്: 'കർത്താവേ, ഇസ്രയേലിന്
അങ്ങു രാജ്യം പുനഃസ്ഥാപിച്ചു കൊടുക്കു
ന്നത് ഈ കാലത്താണോ?' എന്നു ചോദിച്ചു.
7 താൻ അവരോട്: 'പിതാവ് തൻെറ സ്വന്തം
അധികാരത്തിൽ വച്ചിരിക്കുന്ന കാലമോ
കാലങ്ങളോ അറിയുന്നതു നിങ്ങളുടെ
8 കാര്യമല്ലാ. എന്നാൽ പരിശുദ്ധാത്മാവ്
നിങ്ങളുടെമേൽ വരുമ്പോൾ, നിങ്ങൾ ശക്തി
പ്രാപിക്കും. യറുശലേമിലും, യഹൂദിയ മുഴു
വനിലും, ശമര്യരുടെ സ്ഥലത്തും, ഭൂമിയു
ടെ അതിർത്തികൾ വരെയും നിങ്ങൾ എനി
ക്കു സാക്ഷികളാകും' എന്നു പറഞ്ഞു.
താൻ ഇതു പറഞ്ഞിട്ട് അവർ തന്നെ
കണ്ടുകൊണ്ടിരിക്കെത്തന്നെ, ആരോ
ഹണം ചെയ്തു. ഒരു മേഘം തന്നെ സ്വീക
രിച്ച് അവരുടെ ദൃഷ്ടിയിൽനിന്നും താൻ
മറയ്ക്കപ്പെടുകയും ചെയ്തു. താൻ പോകു 10
മ്പോൾ അവർ ആകാശത്തിലേക്ക് സൂക്ഷി
ച്ചുനോക്കിക്കൊണ്ടിരിക്കെ വെള്ളവസ്ത്ര
ധാരികളായ രണ്ടാളുകൾ അവരുടെ സമീ
പം നിൽക്കുന്നതായി അവർക്കു ദൃശ്യമാ
യി. അവർ ഇവരോട് "ഗലീലക്കാരായ മനു 11
ഷ്യരേ, നിങ്ങൾ ആകാശത്തിലേക്കു ഉറ്റു
നോക്കി നിൽക്കുന്നതെന്ത്? നിങ്ങളിൽ
നിന്നും സ്വർഗ്ഗത്തിലേക്ക് ആരോഹണം
ചെയ്തവനായ ഈ യേശു സ്വർഗ്ഗത്തിലേക്ക്
കരേറിയതായി നിങ്ങൾ കണ്ടതുപോലെ
തന്നെ-അദ്ദേഹം വരും" എന്നു പറഞ്ഞു.
പിന്നീട് അവർ, യറുശലേമിനു സമീപം, 12
ഏകദേശം ഏഴ് 'എസ്റ്റദാ' അകലത്തിലുള്ള
'ഒലിവുകളുടെ സ്ഥലം' എന്നു പറയപ്പെ
ടുന്ന മലയിൽനിന്നും യറുശലേമിലേക്കു
തിരികെ പോയി. അവർ (നഗരത്തിൽ) പ്രവേ 13
ശിച്ചശേഷം അവർ താമസിച്ചുകൊണ്ടി
രുന്ന മാളികയിലേക്ക് പ്രവേശിച്ചു. പത്രോ
സും, യോഹന്നാനും യാക്കോബും, അന്ത്ര
യോസും, പീലിപ്പോസും തോമായും, മത്താ
യിയും, ബർത്തുൽമായിയും, ഹൽപായി
പുത്രൻ യാക്കോബും, തീക്ഷ്ണനായ ശെമ
ഓനും, യാക്കോബിൻെറ പുത്രൻ യഹൂദാ
യും, സ്ത്രീകൾ, യേശുവിൻെറ അമ്മ മറിയാം, 14
തൻെറ സഹോദരർ എന്നിവർ ഒരുമിച്ച്
ഏകമനസ്സോടെ പ്രാർത്ഥനയിൽ എപ്പോഴും
വ്യാപൃതരായി ഇരുന്നു.
ആ ദിവസങ്ങളിൽ അവിടെ ഏകദേശം 15
നൂറ്റി ഇരുപതുപേരുള്ള ഒരു സംഘം കൂടിയി
രുന്നു. ശിഷ്യന്മാരുടെ നടുവിൽ ശെമഓൻ
കീപ്പാ എഴുന്നേറ്റു നിന്നുകൊണ്ട് പറഞ്ഞു:
സഹോദരരായ മനുഷ്യരേ, യേശുവിനെ 16
പിടിച്ചവർക്കു മാർഗ്ഗദർശകനായിത്തീർന്ന
ആ യഹൂദായെക്കുറിച്ച് ദാവീദിൻെറ
വായാൽ പരിശുദ്ധാത്മാവ് മുൻകൂട്ടി പറ
ഞ്ഞിരുന്ന തിരുവെഴുത്തു നിറവേറേണ്ടിയി
രുന്നു. അവൻ ഞങ്ങളോടുകൂടി ഗണിക്ക 17
പ്പെട്ടവനായിരുന്നതുകൊണ്ട് അവന് ഈ

18 ശുശ്രൂഷയിൽ പങ്കുണ്ടായിരുന്നു. പാപ
ത്തിൻെറ പ്രതിഫലംകൊണ്ട് തനിക്കായി
ഒരു നിലം സമ്പാദിച്ചവൻ ഇവനാകുന്നു.
19 ഇവൻ കമിഴ്ന്നു നിലത്തു വീണു. നടുവെ
പിളർന്നു, കുടലെല്ലാം പുറത്തുചാടി. യറുശ
ലേമിൽ പാർക്കുന്ന എല്ലാവർക്കും ഇതറിവു
ള്ളതാണല്ലോ. ഇങ്ങനെ ആ നിലം ദേശ
ഭാഷയിൽ 'ഹ്ക്കൽദ്മോ' എന്നു വിളിക്ക
പ്പെട്ടു. അതിൻെറ പരിഭാഷ: "രക്തനിലം" -
20 എന്തെന്നാൽ സങ്കീർത്തന പുസ്തകത്തിൽ
'അവൻെറ ഭവനം ശൂന്യമായിപ്പോകട്ടെ
അതിൽ ആരും വസിക്കാതിരിക്കട്ടെ - അവ
ൻെറ ശുശ്രൂഷ മറ്റൊരുവൻ സ്വീകരിക്കട്ടെ'
21 എന്ന് എഴുതപ്പെട്ടിരിക്കുന്നു. ആകയാൽ
യോഹന്നാൻെറ മാമ്മൂദീസ മുതൽ, യേശു
നമ്മുടെ അടുക്കൽനിന്നു സ്വർഗ്ഗാരോ
ഹണം ചെയ്ത നാൾ വരെ - താൻ നമ്മുടെ
ഇടയിൽ സഞ്ചരിച്ച കാലത്തെല്ലാം ഞങ്ങ
ളോട് കൂടെയുണ്ടായിരുന്നവരിൽ ഒരാളി
22 നെ, നമ്മുടെ കർത്താവായ യേശു മിശിഹാ
യുടെ ഉയിർത്തെഴുന്നേല്പിന് ഞങ്ങളോട്
ഒരുമിച്ച് സാക്ഷിയായിരിപ്പാൻ — ആവശ്യ
23 മാകുന്നു.അവർ യുസ്തോസ് എന്ന മറു
നാമമുള്ള ബർശബാ എന്നു വിളിക്കപ്പെ
ടുന്ന യൗസേഫ്, മത്തിയാസ് എന്നീ രണ്ടു
പേരെ നിർദ്ദേശിച്ച് അവർ പ്രാർത്ഥിച്ചു.
24 "എല്ലാവരുടെയും ഹൃദയത്തിലുള്ളവയെ
അറിയുന്നവനായ കർത്താവേ, തൻെറ
സ്ഥലത്തേക്കു പോയ യഹൂദാ അതിൽ
നിന്നു വേർപെട്ടുപോയ ശുശ്രൂഷയുടെയും,
ശ്ലൈഹികസ്ഥാനത്തിൻേറയും അവകാശം
വഹിക്കുവാനായി ഈ രണ്ടുപേരിൽ ആരെ
യാണ് അവിടുന്നു തിരഞ്ഞെടുക്കുന്നത് -
25 എന്നു കാണിക്കണമെ" അനന്തരം അവർ
ചീട്ടിട്ടു. മത്തിയാസിനു ചീട്ടുവീണു.
അയാൾ പതിനൊന്നു ശ്ലീഹന്മാരോടുകൂടി
എണ്ണപ്പെടുകയും ചെയ്തു.

അദ്ധ്യായം 2

1 'പെന്തിക്കൊസ്തി'യുടെ ദിവസങ്ങൾ
പൂർത്തിയായപ്പോൾ, അവരെല്ലാവരും ഒരു
2 മിച്ചു കൂടിയിരിക്കവെ പെട്ടെന്ന് കൊടുങ്കാറ്റി
ൻെറ മുഴക്കംപോലെയുള്ള ശബ്ദം ആകാ
ശത്തുനിന്നും ഉണ്ടായി. അവർ ഇരുന്നിരുന്ന
വീടു മുഴുവൻ അതുകൊണ്ടു നിറഞ്ഞു.
3 അഗ്നിപോലെ, പിളർന്നിരുന്ന നാവുകൾ
അവർക്കു കാണപ്പെട്ടു. അത് അവരിൽ
ഓരോരുത്തരുടെയുംമേൽ ആവസിച്ചു.
4 എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറവു
ള്ളവർ ആയിത്തീർന്നു. പരിശുദ്ധാത്മാവ്
അവർക്കു ദാനം ചെയ്ത പ്രകാരം, വിവിധ
ഭാഷകളിൽ അവർ സംസാരിച്ചു തുടങ്ങി.
ആകാശത്തിൻ കീഴുള്ള സകല ജാതിക 5
ളുടെ (ഇടയിൽ) നിന്നുള്ളവരും ദൈവഭക്തി
യുള്ളവരുമായി യറുശലേമിൽ പാർക്കുന്ന
യഹൂദന്മാർ അവിടെ ഉണ്ടായിരുന്നു. ആ 6
ശബ്ദമുണ്ടായപ്പോൾ, ജനമെല്ലാം ഒരുമിച്ചു
കൂടി - അവരിൽ ഓരോരുത്തരുടെയും
ഭാഷകളിൽ ഇവർ സംസാരിക്കുന്നതു കേട്ട്
അവർ പരിഭ്രമിച്ചു. അവരെല്ലാം അത്ഭുത 7
പ്പെട്ടു വിസ്മയംകൂറി തമ്മിൽ തമ്മിൽ
പറഞ്ഞു: "ഇതാ ഈ സംസാരിക്കുന്നവ
രെല്ലാം ഗലീലക്കാർ തന്നെയല്ലയോ! പിന്നെ 8
ഇവർ നമ്മുടെ ഓരോരുത്തരുടെയും മാതൃ
ഭാഷയിൽ സംസാരിക്കുന്നതായി നാം കേൾ
ക്കുന്നതെങ്ങനെ? പാർത്ഥ്യരും മേദ്യരും, 9
ആലാന്യരും, ബെസ് നഹറിനിൽ പാർക്കു
ന്നവരും യഹൂദിയക്കാരും, കപ്പദോക്യരും,
പൊന്തോസ് ആസിയാദേശക്കാരും, ഫ്രു 10
ഗിയ, പംഫുല്യാ, മെസ്രേൻ ദേശക്കാരും,
കോറിനായ്ക്കു സമീപമുള്ള ലൂബി (ലിബി
യാ) ദേശങ്ങളിൽ ഉള്ളവരും, റോമിൽനി 11
ന്നു വന്നവരും-യഹൂദന്മാരും യഹൂദമതാനു
സാരികളും, ക്രീത്തുകാരും, അറേബിയക്കാ
രുമായ നമ്മൾ, ഇതാ ദൈവത്തിൻെറ
അത്ഭുത കാര്യങ്ങൾ നമ്മുടെ സ്വന്തഭാഷ
കളിൽ ഇവർ സംസാരിക്കുന്നതായി
കേൾക്കുന്നുവല്ലോ. ഇതെന്തൊരു കാര്യം?" 12
എന്ന് ചോദിച്ച് അവർ പരസ്പരം എല്ലാ
വരും അത്ഭുതപ്പെട്ട് വിസ്മിതരായി. മറ്റു
ചിലരോ, "ഇവർ പുതുവീഞ്ഞു കുടിച്ചു 13
ലഹരി പിടിച്ചിരിക്കയാണ്" എന്നു പറഞ്ഞ്
അവരെ പരിഹസിച്ചു.

അനന്തരം ശെമഓൻ കീപ്പാ പതിനൊ 14
ന്നു ശ്ലീഹന്മാരോടു കൂടെ നിന്നുകൊണ്ട്
ശബ്ദം ഉയർത്തി അവരോടു പറഞ്ഞു:
"യഹൂദ പുരുഷന്മാരേ, യറുശലേമിൽ
പാർക്കുന്ന എല്ലാവരുമേ, ഇതു നിങ്ങൾക്ക്
അറിവായിരിക്കട്ടെ - എൻെറ വാക്കുകൾ
ശ്രദ്ധിച്ചു കേൾക്കുവിൻ. നിങ്ങൾ വിചാരിക്കു 15
ന്നതുപോലെ ഇവർ ലഹരി പിടിച്ചവരല്ല.
ഇപ്പോൾ മൂന്നാം മണി നേരമല്ലെ ആയി
ട്ടുള്ളു? എന്നാൽ ഇതു യോവേൽ പ്രവാച 16
കൻ പറഞ്ഞിട്ടുള്ളതാണ്.

'അവസാനകാലത്ത്, സർവ്വ ജഡത്തി 17
ന്മേലും എൻെറ ആത്മാവിനെ ഞാൻ
വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രി
കളും പ്രവചിക്കും. നിങ്ങളുടെ യുവാക്കന്മാർ
ദർശനങ്ങൾ കാണും, നിങ്ങളുടെ വൃദ്ധ
ന്മാർ സ്വപ്നങ്ങൾ കാണും, ആ നാളുക 18

ളിൽ എൻെറ ദാസന്മാരുടെയും എൻെറ
ദാസികളുടെയുംമേൽ എൻെറ ആത്മാ
വിനെ ഞാൻ വർഷിക്കും. അവർ പ്രവചി
19 ക്കും. ആകാശത്തിൽ അടയാളങ്ങളും
ഭൂമിയിൽ അത്ഭുതങ്ങളും ഞാൻ കാണി
ക്കും:- രക്തവും അഗ്നിയും, പുകയും ആവി
20 യും തന്നെ. കർത്താവിൻെറ വലുതും ഭയ
ങ്കരവുമായ ആ ദിവസം വരുന്നതിനുമുമ്പ്,
സൂര്യൻ ഇരുളും. ചന്ദ്രൻ രക്തവർണമായും
21 മാറിപ്പോകും - കർത്താവിൻെറ നാമത്തെ
വിളിക്കുന്നവനെല്ലാം ജീവിക്കും എന്ന്
കർത്താവ് അരുളിച്ചെയ്യുന്നു."
22 ഇസ്രായേൽ മക്കളായ പുരുഷന്മാരേ,
ഈ വാക്കുകൾ കേൾപ്പിൻ: ദൈവത്തിൽ
നിന്നുള്ള ആളായ നസ്രയനായ യേശു,
നിങ്ങൾ അറിയുന്നതുപോലെ, ദൈവം
താൻമൂലം നിങ്ങളുടെ ഇടയിൽ പ്രവർത്തി
ച്ച അടയാളങ്ങളാലും ശക്തികളാലും വീര്യ
പ്രവർത്തനങ്ങളാലും നിങ്ങളുടെ അടുക്കൽ
23 കാണപ്പെട്ടു. ദൈവത്തിൻെറ മുന്നറിവാലും
ഇഷ്ടത്താലും ഇതിനായി വേർതിരിക്ക
പ്പെട്ടവനെ, നിങ്ങൾ ദുഷ്ടന്മാരുടെ കൈ
യിൽ ഏല്പിച്ചു കൊടുക്കുകയും നിങ്ങൾ
കുരിശിൽ തറച്ച് കൊല്ലുകയും ചെയ്തു.
24 എന്നാൽ താനോ, പാതാളത്തിൽ ബന്ധിത
നാകാൻ സാദ്ധ്യമല്ലാതിരുന്നതിനാൽ,
ദൈവം അവനെ ഉയിർപ്പിക്കുകയും പാതാള
ത്തിൻെറ പാശങ്ങൾ അഴിച്ചു കളയുകയും
25 ചെയ്തു. ദാവീദ് തന്നെക്കുറിച്ച് പറഞ്ഞത്:
"ഞാൻ ഇളകിപ്പോകാതിരിക്കേണ്ടതിന്
എൻെറ വലതു ഭാഗത്തിരിക്കുന്ന എൻെറ
കർത്താവിനെ ഞാൻ എപ്പോഴും മുൻകൂട്ടി
26 കണ്ടിരുന്നു. അതിനാൽ എൻെറ ഹൃദയം
സന്തോഷിച്ചു. എൻെറ നാവ് ആനന്ദിച്ചു.
എൻെറ ശരീരവും പ്രത്യാശയിൽ വസിക്കും.
27 എന്തെന്നാൽ നീ എൻെറ ആത്മാവിനെ
പാതാളത്തിൽ വിട്ടുകളയുകയില്ല. നിൻെറ
പുണ്യവാനെ നാശം കാണുവാൻ നീ സമ്മ
28 തിക്കയില്ല. ജീവൻെറ വഴി എനിക്കു നീ
വെളിപ്പെടുത്തി. നിന്നോടുകൂടെയുള്ള
ആനന്ദംകൊണ്ട് എന്നെ നിറയ്ക്കും."
29 ഞങ്ങളുടെ സഹോദരരായ മനുഷ്യരേ,
പിതാക്കന്മാരുടെ തലവനായ ദാവീദിനെ
ക്കുറിച്ച്, നിങ്ങളുടെ അടുക്കൽ വ്യക്തമായി
പറയുവാൻ അനുവദിച്ചാലും. ദാവീദു
30 മരിച്ചു; സംസ്ക്കരിക്കപ്പെട്ടുവല്ലോ. അദ്ദേഹ
ത്തിൻെറ ശവകുടീരം ഇന്നും നമ്മുടെ സമീ
പത്തു തന്നെയുണ്ടല്ലോ. അദ്ദേഹം ദീർഘ
ദർശിയായിരുന്നു. 'നിൻെറ ഉദരഫലങ്ങ
ളിൽനിന്നും ഒരുവനെ നിൻെറ സിംഹാസന
ത്തിന്മേൽ ഞാൻ ഇരുത്തും' എന്ന് ദൈവം
അവനോട് ആണയിട്ടു സത്യം ചെയ്തു എന്ന്
അവൻ അറിഞ്ഞിരുന്നു. ആകയാൽ 'അവൻ 31
പാതാളത്തിൽ ഉപേക്ഷിക്കപ്പെട്ടില്ല; അവ
ൻെറ ശരീരം ദ്രവത്വം കണ്ടതുമില്ല' എന്ന്
അവൻ മിശിഹായുടെ ഉയിർപ്പിനെക്കുറിച്ച്
മുൻകൂട്ടിക്കണ്ടു പറഞ്ഞിരിക്കുന്നു. ഈ 32
യേശുവിനെ ദൈവം ഉയിർപ്പിച്ചു. ഞങ്ങ
ളെല്ലാം ഇതിനു സാക്ഷികളുമാകുന്നു. താൻ 33
ദൈവത്തിൻെറ വലതു ഭാഗത്തേക്ക്
ഉയർത്തപ്പെട്ടു. പരിശുദ്ധാത്മാവിനെക്കുറി
ച്ചുള്ള വാഗ്ദാനം പിതാവിൽനിന്നു പ്രാപി
ക്കുകയും ചെയ്തു. നിങ്ങൾ കാണുകയും
കേൾക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ
ദാനത്തെ താൻ വർഷിക്കുകയും ചെയ്തി
രിക്കുന്നു. എന്തെന്നാൽ ദാവീദ് സ്വർഗ്ഗത്തി 34
ലേക്ക് കരേറിയിട്ടില്ലല്ലോ. 'ഞാൻ നിൻെറ 35
ശത്രുക്കളെ നിൻെറ പാദങ്ങൾക്കു പീഠമാ
ക്കുന്നതുവരെ; നീ എൻെറ വലത്തുഭാഗത്ത്
ഇരിക്കുക എന്ന് കർത്താവ്, എൻെറ
കർത്താവിനോട് പറഞ്ഞു' എന്ന് (ദാവീദ്)
പറഞ്ഞിരിക്കുന്നു - ആകയാൽ സർവ്വ 36
ഇസ്രായേൽ വംശവും സത്യമായി അറിഞ്ഞു
കൊള്ളട്ടെ; നിങ്ങൾ ക്രൂശിച്ചവനായ
യേശുവിനെ ദൈവം കർത്താവും മിശിഹാ
യുമായി ആക്കിയിരിക്കുന്നു.'
അവർ ഇതു കേട്ടപ്പോൾ ഹൃദയത്തിൽ 37
തറച്ച് ശെമഓനോടും മറ്റു ശ്ലീഹന്മാരോടും
"സഹോദരന്മാരേ, ഞങ്ങൾ എന്തു ചെയ്യ
ണം" എന്നു ചോദിച്ചു. ശെമഓൻ അവരോട്: 38
"നിങ്ങൾ അനുതപിപ്പിൻ. പരിശുദ്ധാത്മ
ദാനം നിങ്ങൾ സ്വീകരിക്കുവാനായി, പാപ
ങ്ങളുടെ മോചനത്തിന് ഓരോരുവനും
കർത്താവായ യേശുവിൻെറ നാമത്തിൽ
സ്നാനം ഏല്ക്കുവിൻ! എന്തെന്നാൽ ഈ 39
വാഗ്ദത്തം, നിങ്ങൾക്കും, നിങ്ങളുടെ
മക്കൾക്കും ദൈവം അവരെ വിളിക്കുന്ന
ദൂരസ്ഥർക്കും ഉള്ളതാകുന്നു." മറ്റനേകം 40
വചനങ്ങളാലും അവൻ അവരോട് സാക്ഷി
ക്കുകയും, വക്രതയുള്ള ഈ തലമുറയിൽ
നിന്നും (അകന്നു) ജീവിക്കുവിൻ എന്ന്
അപേക്ഷിച്ചു പറകയും ചെയ്തു. അവരിൽ 41
ചിലർ താല്പര്യത്തോടെ അവൻെറ
വാക്കു വിശ്വസിച്ച് സ്നാനമേറ്റു. അങ്ങനെ
ആ ദിവസം ഏകദേശം മൂവായിരത്തോളം
ആളുകൾ, ചേർക്കപ്പെട്ടു. അവർ ശ്ലീഹന്മാ 42
രുടെ പഠിപ്പിക്കൽ സദാ കേട്ടുകൊണ്ടും,
പ്രാർത്ഥനയിലും 'എവുക്കറിസ്തിയാ
ഖണ്ഡനത്തിലും' സംബന്ധിച്ചുകൊണ്ടിരി
ക്കുകയും ചെയ്തു.

43 എല്ലാവർക്കും ഭയമായി. ശ്ലീഹന്മാർ
മൂലം യറുശലേമിൽ വളരെയേറെ അടയാള
ങ്ങളും അത്ഭുതങ്ങളും ഉണ്ടായിക്കൊണ്ടി
44 രുന്നു. വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചു
തന്നെയായിരുന്നു. അവർക്കുണ്ടായിരുന്ന
45 വയെല്ലാം പൊതുവായിരുന്നു. സമ്പാദ്യമു
ണ്ടായിരുന്നവർ അവ വിററ് ഓരോരുവനും
ആവശ്യത്തിനനുസരിച്ച് ഭാഗിച്ചു കൊടു
46 ത്തു. എല്ലാ ദിവസവും അവർ ദൈവാലയ
ത്തിൽ ഏക മനസ്സോടെ ഉററിരിക്കുകയും
ഭവനത്തിൽ വച്ച് 'ബലിയപ്പം' മുറിക്കുകയും,
ആനന്ദത്തോടും ഹൃദയപരമാർത്ഥതയോ
ടും കൂടെ ഭക്ഷണം കഴിക്കുകയും, ദൈവ
47 ത്തെ സ്തുതിക്കയും സർവ്വജനത്തിനും
മുമ്പിൽ പ്രശംസ പ്രാപിക്കുകയും ചെയ്തി
രുന്നു. നമ്മുടെ കർത്താവ്, രക്ഷ പ്രാപി
ക്കുന്നവരെ പ്രതിദിനം സഭയിൽ വർദ്ധിപ്പി
ച്ചു ചേർത്തുകൊണ്ടിരുന്നു.

അദ്ധ്യായം 3

1 ഒമ്പതാം മണി നേരത്തെ പ്രാർത്ഥന
യുടെ സമയത്ത് ശെമഓൻ കീപ്പായും
യോഹന്നാനും ഒരുമിച്ചു ദൈവാലയത്തിലേ
2 ക്ക് പോകുമ്പോൾ സംഭവിച്ചത്: അവൻെറ
മാതാവിൻെറ ഉദരം മുതൽ തന്നെ മുടന്ത
നായ ഒരുവനെ ദൈവാലയത്തിൽ പ്രവേശി
ക്കുന്നവരോട് ഭിക്ഷ യാചിക്കുവാനായി
പതിവായി ചിലർ ചുമന്നുകൊണ്ടുവന്ന്
ദൈവാലയത്തിൻെറ 'സുന്ദരം' എന്നു വിളി
ക്കപ്പെടുന്ന വാതിൽക്കൽ ഇരുത്തുമായി
3 രുന്നു. ശെമഓനും യോഹന്നാനും ദൈവാ
ലയത്തിലേക്ക് പ്രവേശിക്കുന്നതായി അവൻ
കണ്ടപ്പോൾ അവന് ഭിക്ഷകൊടുക്കുവാ
4 നായി അവരോട് അവൻ യാചിച്ചു. ശെമ
ഓനും യോഹന്നാനും അവനെ ഉററുനോ
ക്കിയിട്ട് അവനോട്: "നീ ഞങ്ങളുടെ നേരെ
5 നോക്കുക" എന്നു പറഞ്ഞു. അവരിൽനി
ന്നും വല്ലതും കിട്ടുമെന്ന് വിചാരിച്ച് അവൻ
അവരുടെ നേരെ നോക്കി. ശെമഓൻ അവ
6 നോട്: "പൊന്നും വെള്ളിയും എനിക്കില്ല.
എനിക്കുള്ളത് ഞാൻ നിനക്കു തരാം.
നസ്രയനായ യേശു മ്ശീഹായുടെ നാമ
ത്തിൽ നീ എഴുന്നേററ് നടക്കുക" എന്നു
7 പറഞ്ഞു. അവൻെറ വലങ്കൈയിൽ പിടിച്ച്
അവനെ എഴുന്നേൽപ്പിച്ചു. അതേ നിമിഷം
അവൻെറ കാലുകളും പാദങ്ങളും ശക്തി
8 പ്പെട്ടു. അവൻ ചാടി എഴുന്നേററ് നടന്നു!
അവൻ നടക്കുകയും ചാടുകയും ദൈവ
ത്തെ സ്തുതിക്കുകയും ചെയ്തുകൊണ്ട്, അവ
രുടെകൂടെ ദൈവാലയത്തിൽ പ്രവേശിച്ചു.
അവൻ നടക്കുന്നതായും, ദൈവത്തെ സ്തുതി 9
ക്കുന്നതായും ജനമെല്ലാം കണ്ടു. സുന്ദരം 10
എന്നു വിളിക്കപ്പെടുന്ന വാതിൽക്കൽ
ദിവസംതോറും ഇരുന്ന് ഭിക്ഷ യാചിച്ചിരുന്ന
ആ യാചകൻ ഇവനാണെന്ന് അവർക്കു മന
സ്സിലായി. സംഭവിച്ച കാര്യം നിമിത്തം അവർ
വിസ്മയവും അത്ഭുതവും നിറഞ്ഞവരായി.
അവൻ ശെമഓനോടും യോഹന്നാനോ 11
ടും ചേർന്നു നിൽക്കുമ്പോൾ, ജനമെല്ലാം
അത്ഭുതപ്പെട്ട് അവരുടെ അടുക്കൽ "ശ്ലേമോ
ൻെറത്" എന്നു വിളിക്കപ്പെടുന്ന മണ്ഡപ
ത്തിങ്കലേക്ക് ഓടിക്കൂടി. അതുകണ്ട് ശെമ 12
ഓൻ: 'ഇസ്രയേൽ മക്കളായ മനുഷ്യരേ,
ഇവനിൽ നിങ്ങൾ അത്ഭുതപ്പെടുന്നതെ
ന്തിന്? ഞങ്ങളുടെ സ്വന്തശക്തി കൊണ്ടോ,
ഞങ്ങളുടെ അധികാരം കൊണ്ടോ ആണ്
ഞങ്ങൾ ഇവനെ നടക്കുമാറാക്കിയത്
എന്നവണ്ണം ഞങ്ങളേയും നിങ്ങൾ സൂക്ഷി
ച്ചു നോക്കുന്നതെന്ത്? അബ്രഹാമിൻെറ 13
യും ഇസഹാക്കിൻെറയും യാക്കോബിൻെറ
യും ദൈവം, നമ്മുടെ പിതാക്കന്മാരുടെ
ദൈവം, തൻെറ പുത്രനായ യേശുവിനെ
മഹിമപ്പെടുത്തി. അവനെ നിങ്ങൾ ഏല്പി
ച്ചു കൊടുത്തു. പീലാത്തോസ് അവനെ
വിട്ടയപ്പാൻ നീതിയായി നിശ്ചയിച്ചപ്പോഴും
പീലാത്തോസിൻെറ മുമ്പിൽ നിങ്ങൾ
അവനെ തള്ളിപ്പറഞ്ഞു. പരിശുദ്ധനും 14
പുണ്യവാനുമായവനെ നിങ്ങൾ തള്ളിപ്പറ
ഞ്ഞു. കൊലപാതകനായ മനുഷ്യനെ
നിങ്ങൾക്കു തരണമെന്നു നിങ്ങൾ അപേ
ക്ഷിക്കുകയും ചെയ്തു. ജീവൻെറ നാഥനെ
നിങ്ങൾ കൊന്നുകളഞ്ഞു. ദൈവം മരിച്ച 15
വരുടെ ഇടയിൽനിന്നും അവനെ ഉയിർപ്പി
ച്ചു. ഞങ്ങൾ എല്ലാവരും തൻെറ സാക്ഷിക
ളാകുന്നു. നിങ്ങൾ കാണുകയും അറിയു 16
കയും ചെയ്യുന്ന ഇവന്, തൻെറ നാമത്തി
ലുള്ള വിശ്വാസം മൂലം താൻ ബലം നൽകി
സൌഖ്യമാക്കി. ആ വിശ്വാസമാണ് -
നിങ്ങൾ എല്ലാവരുടെയും മുമ്പിൽവെച്ച്
ഈ സൌഖ്യം ഇവനു കൊടുത്തത്.
എന്നാൽ ഇപ്പോൾ എൻെറ സഹോദര 17
ന്മാരേ നിങ്ങളുടെ നേതാക്കന്മാർ ചെയ്തതു
പോലെ, നിങ്ങളും അബദ്ധത്തിൽ ഇതു
ചെയ്തു എന്നു ഞാൻ അറിയുന്നു. "തൻെറ 18
അഭിഷിക്തൻ (മശിഹാ) കഷ്ടമനുഭവിക്കും"
എന്നു സർവ്വ പ്രവാചകന്മാരും മൂലം ദൈവം
മുൻകൂട്ടി പ്രസംഗിച്ചിട്ടുള്ളത് ഇങ്ങനെ
നിവൃത്തിയായി. ആകയാൽ നിങ്ങളുടെ 19
പാപങ്ങൾ മായിക്കപ്പെടുവാനും, കർത്താ
വിൻെറ മുഖത്തിൻ മുമ്പിൽനിന്നും, ആശ്വാ 20

സത്തിൻെറ കാലങ്ങൾ നിങ്ങൾക്കു വരു
വാനും, നിങ്ങൾക്കായി നിയോഗിക്കപ്പെട്ടിരി
ക്കുന്ന മ്ശീഹായെ നിങ്ങളുടെ അടുക്കലേ
ക്ക് അയപ്പാനുമായി അനുതപിച്ച് മാനസാ
ന്തരപ്പെട്ടുകൊൾവിൻ. ആദിമുതലുള്ള
തൻെറ പരിശുദ്ധ പ്രവചാചകന്മാരുടെ വാ
യ്കൾ വഴിയായി ദൈവം സംസാരിച്ചിട്ടുള്ള
സകലത്തിൻെറയും പൂർത്തീകരണംവരെ
സ്വർഗ്ഗം തന്നെ കൈക്കൊള്ളേണ്ടതാകു
ന്നു. "ദൈവം നിങ്ങളുടെ സഹോദരന്മാരിൽ
നിന്നും എന്നെപ്പോലെ ഒരു ദീർഘദർശി
യെ എഴുന്നേൽപ്പിക്കും. അവൻ നിങ്ങളോടു
സംസാരിക്കുന്ന സകലവും നിങ്ങൾ അനു
സരിക്കണം. ആ ദീർഘദർശിയെ അനുസ
രിക്കാത്ത ഏവനും ജനമദ്ധ്യത്തിൽ നിന്നു
നശിച്ചുപോകും" എന്നു മോശെ പറഞ്ഞിട്ടു
ണ്ടല്ലോ. ശമുവേൽ മുതലുള്ള സർവ്വ പ്രവാ
ചകന്മാരും, അദ്ദേഹത്തിനുശേഷം ഉണ്ടാ
യിട്ടുള്ളവരും ആ നാളുകളെക്കുറിച്ച് സം
സാരിക്കുകയും പ്രഘോഷിക്കുകയും ചെ
യ്തിട്ടുണ്ട്. നിങ്ങൾ പ്രവാചകന്മാരുടെയും,
"ഭൂമിയിലെ സകല വംശങ്ങളും നിൻെറ
സന്തതിയാൽ അനുഗ്രഹിക്കപ്പെടും, എന്നു
ദൈവം അബ്രഹാമിനോടു പറഞ്ഞുകൊണ്ട്
നമ്മുടെ പിതാക്കന്മാരോട് ചെയ്തിട്ടുള്ള
ഉടമ്പടിയുടെയും മക്കളല്ലോ. നിങ്ങളുടെ
തിന്മകളിൽ നിന്ന് നിങ്ങൾ മനം തിരിഞ്ഞ്
അനുതപിക്കുമെങ്കിൽ നിങ്ങളെ അനുഗ്രഹി
പ്പാനായി ദൈവം ആദ്യംതന്നെ തൻെറ
പുത്രനെ നിയോഗിച്ച് അയച്ചുതന്നു."

അദ്ധ്യായം 4

അവർ ഈ വചനങ്ങൾ ജനങ്ങളോടു
സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പുരോ
ഹിതന്മാരും സാദുക്യരും, ദൈവാലയ പ്രമാ
ണികളും അവർക്കെതിരായി എഴുന്നേറ്റു.
ഇവർ ജനത്തെ പഠിപ്പിക്കുന്നതുകൊണ്ടും,
മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാ
നത്തെ മ്ശിഹായുടെ ദൃഷ്ടാന്തത്താൽ
പ്രസംഗിക്കുകയാലും അവർ ഇവർക്കെ
തിരെ കോപാവിഷ്ടരായി അവരെ പിടിച്ചു.
സന്ധ്യ അടുത്തിരുന്നതിനാൽ പിറ്റെ ദിവസം
വരെ സൂക്ഷിപ്പിൽവെച്ചു. വചനം കേട്ട
അനേകർ വിശ്വസിച്ചു. എണ്ണത്തിൽ അവർ
അയ്യായിരം പുരുഷന്മാരോളമുണ്ടായിരുന്നു.
പിറ്റെദിവസം പ്രമാണികളും മൂപ്പന്മാരും
സൊപ്രേന്മാരും-മഹാപുരോഹിതനായ ഹ
ന്നാനും, കയ്യാപ്പായും, യോഹന്നാനും, അല
ക്സാന്ത്രോസും പ്രധാനാചാര്യന്മാരുടെ
വംശത്തിലുള്ളവരും ഒരുമിച്ചുകൂടി. ഇവരെ
നടുവിൽ നിർത്തിക്കൊണ്ട് ഇവരോട് അവർ
ചോദിച്ചു: "ഏതു ശക്തിയാൽ - അഥവാ ഏതു
നാമത്തിലാണ് നിങ്ങൾ ഇത് പ്രവർത്തിച്ച
ത്?" അപ്പോൾ ശെമഓൻ കീപ്പാ പരിശുദ്ധാ 8
ത്മാവ് നിറഞ്ഞവനായി അവരോട് പറ
ഞ്ഞു: "ജനത്തിൻെറ പ്രമാണികളും ഇസ്രാ 9
യേലിൻെറ മൂപ്പന്മാരുമേ, കേട്ടുകൊൾവിൻ
- രോഗിയായ ഒരു മനുഷ്യൻ- അവൻ ഏതി
നാൽ സുഖം പ്രാപിച്ചു? എന്ന് ഇന്ന് നിങ്ങ
ളാൽ ഞങ്ങൾ വിസ്തരിക്കപ്പെടുന്നുവെങ്കിൽ,
ഇതു നിങ്ങൾക്കും സർവ ഇസ്രായേൽ ജന
ത്തിനും അറിവായിരിക്കട്ടെ. നിങ്ങൾ ക്രൂശി 10
ച്ചവനായ - മരിച്ചവരുടെ ഇടയിൽനിന്നും
ദൈവം അവനെ ഉയിർപ്പിച്ചവനായ - നസ്രാ
യനായ യേശുമിശിഹയുടെ നാമത്തിൽ -
അതേ നാമത്തിൽ ഇവൻ ഇതാ സൌഖ്യം
പ്രാപിച്ചു നിങ്ങളുടെ മുമ്പിൽ നിൽക്കുന്നു-
പണിക്കാരായ നിങ്ങൾ നിരസിച്ചതും മൂല 11
ക്കല്ലായിത്തീർന്നതുമായ കല്ല് അവനാകു
ന്നു - ആകയാൽ മറ്റൊരുവനിലും രക്ഷ 12
യില്ല- ജീവിപ്പാൻ (രക്ഷ പ്രാപിപ്പാൻ) മനു
ഷ്യന്, ആകാശത്തിൻ കീഴിൽ നൽകപ്പെട്ടി
ട്ടുള്ള മറ്റൊരു നാമവുമില്ല" എന്നു പറഞ്ഞു.
ശെമഓനും യോഹന്നാനും, ധൈര്യ 13
മായി പറഞ്ഞ വാക്കു കേട്ടപ്പോൾ, ഇവർ
പുസ്തകപരിജ്ഞാനമില്ലാത്തവരും അക്ഷ
രാഭ്യാസമില്ലാത്തവരും ആണെന്നു മനസ്സി
ലാക്കി അവർ അത്ഭുതപ്പെട്ടു. ഇവർ യേശു
വിനോടുകൂടെ നടന്നിരുന്നുവെന്നും അവർ
ഗ്രഹിച്ചു. സൌഖ്യം പ്രാപിച്ച ആ മുടന്തൻ 14
അവരുടെകൂടെ നിൽക്കുന്നതുകാണുക
യാൽ അവർക്കെതിരായി ഒന്നും പറയു
വാൻ അവർക്ക് കഴിഞ്ഞില്ല. അപ്പോൾ 15
അവരുടെ സംഘത്തിൽനിന്ന് ഇവരെ പുറ
ത്താക്കുവാൻ ആജ്ഞാപിച്ചിട്ട് തമ്മിൽ
തമ്മിൽ പറഞ്ഞു: 'ഈ മനുഷ്യരോട് നാം
എന്താണ് ചെയ്യേണ്ടത്? എന്തെന്നാൽ ഇവർ 16
മൂലമുണ്ടായ പരസ്യമായ അത്ഭുതം, യറു
ശലേം നിവാസികളെല്ലാം അറിഞ്ഞു കഴി
ഞ്ഞിരിക്കുന്നു. നിഷേധിപ്പാൻ നമുക്കു
സാദ്ധ്യവുമല്ല' - എന്നാൽ ഈ വർത്തമാനം 17
ജനങ്ങളിൽ കൂടുതലായി പ്രചരിക്കാതിരി
ക്കേണ്ടതിന് 'ഇനിയും ഈ നാമത്തിൽ
മനുഷ്യരിലൊരുവനോടും ഇവർ സംസാരി
ക്കുരുതെന്ന് അവരെ ശാസിക്കണം'- പിന്നെ 18
അവർ ഇവരെ വിളിച്ച്, യേശുവിൻെറ നാമ
ത്തിൽ അശേഷവും സംസാരിക്കയും പഠി
പ്പിക്കുകയും ചെയ്യരുതെന്നു കല്പിച്ചു.
ശെമഓൻ കീപ്പായും യോഹന്നാനും 19
അവരോട്: 'ഞങ്ങൾ ദൈവത്തെക്കാൾ

അധികമായി നിങ്ങളെ അനുസരിക്കുന്നത്
നീതിയാണോ എന്നു നിങ്ങൾതന്നെ തീരു
20 മാനിക്കുവിൻ. എന്തെന്നാൽ ഞങ്ങൾ കാ
ണുകയും കേൾക്കുകയും ചെയ്തിട്ടുള്ളവ, സം
സാരിക്കാതിരിപ്പാൻ ഞങ്ങൾക്കു സാദ്ധ്യമല്ല
തന്നെ' എന്നു പറഞ്ഞു. അവർ ശാസിച്ച്
21 ഇവരെ വിട്ടയച്ചു. ഇവരെ ശിക്ഷിപ്പാൻ ജനം
നിമിത്തം അവർക്കു കഴിഞ്ഞില്ല - എന്തെ
ന്നാൽ ഈ സംഭവം നിമിത്തം എല്ലാവരും
22 ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു. രോഗ
ശമനത്തിൻെറ ഈ അത്ഭുതം അവനിൽ നട
ന്നതായ മനുഷ്യൻ നാല്പതു വയസ്സിലധി
23 കം പ്രായമുള്ളവനായിരുന്നു. അവർ വിട്ടയ
യ്ക്കപ്പെട്ടശേഷം അവരുടെ സഹോദരന്മാ
രുടെ അടുത്തെത്തി, പുരോഹിതന്മാരും മൂപ്പ
ന്മാരും പറഞ്ഞതെല്ലാം വിവരമായി അവരെ
24 അറിയിച്ചു. അവരോ അതു കേട്ടപ്പോൾ, ഒരു
മിച്ച്, ദൈവസന്നിധിയിലേക്കു ശബ്ദമു
യർത്തി പറഞ്ഞു: 'കർത്താവേ, ആകാശ
ത്തേയും ഭൂമിയേയും സമുദ്രങ്ങളേയും അവ
യിലുള്ള സകലത്തെയും സൃഷ്ടിച്ച ദൈവം
25 അവിടുന്നാകുന്നുവല്ലോ. "പുറജാതികൾ
കലഹിച്ചതും, സ്വജനങ്ങൾ വ്യർത്ഥമായവ
26 ചിന്തിച്ചതും എന്തിന്?" എന്നും ."ഭൂമിയിലെ
രാജാക്കന്മാരും അധികാരികളും എഴുന്നേറ്റ്
കർത്താവിനും തൻെറ അഭിഷിക്തനുമെതി
രായി കൂടിയാലോചന ചെയ്തു" എന്നും
തൻെറ ദാസനായ ദാവീദിൻെറ വായാൽ
പരിശുദ്ധാത്മാവ് മൂലം സംസാരിച്ചവനും
27 അവിടുന്നാകുന്നു - എന്തെന്നാൽ ഹേറോ
ദേസും പീലാത്തോസും ജാതികളോടും
ഇസ്രയേൽ സംഘത്തോടും കൂടിച്ചേർന്ന്,
28 സംഭവിക്കണമെന്ന് അവിടത്തെ കൈയും
തിരുഹിതവും മുൻ കൂട്ടി നിശ്ചയിച്ചിട്ടുള്ള
സകലവും ചെയ്യുവാനായി - അവിടന്ന്
അഭിഷേകം ചെയ്തവനായ പരിശുദ്ധനായ
അവിടത്തെ പുത്രൻ യേശുവിനെതിരായി
സത്യമായും ഈ പട്ടണത്തിൽ ഒത്തുകൂടി.
29 ഇപ്പോഴും കർത്താവെ, അവരുടെ ഭീഷണി
കൾ നോക്കണമെ, അവിടത്തെ പരിശുദ്ധ
പുത്രനായ യേശുവിൻെറ നാമത്തിൽ,
രോഗശാന്തിയും, അത്ഭുതപ്രവർത്തന
ങ്ങളും അടയാളങ്ങളും ഉണ്ടാകുവാനായി,
30 അവിടത്തെ കൈ നീട്ടിത്തന്നുകൊണ്ട്
തിരുവചനത്തെ ധൈര്യമായി പ്രസംഗി
പ്പാൻ അവിടത്തെ ദാസന്മാർക്കു കൃപ
നൽകണമെ.'
31 അവർ ഇങ്ങനെ അപേക്ഷിച്ചു പ്രാർത്ഥി
ച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം
കുലുങ്ങി. എല്ലാവരും പരിശുദ്ധാത്മാവു
കൊണ്ടു നിറവുള്ളവരായി. ദൈവവചനം
അവർ ധൈര്യമായി സംസാരിച്ചു.
വിശ്വസിച്ചവരായ സമൂഹത്തിന് ഏക 32
മനസ്സും ഏക അഭിപ്രായവുമായിരുന്നു.
അവനവൻ സമ്പാദിച്ച സമ്പാദ്യങ്ങളെക്കു
റിച്ച് അവരിലാരും സ്വന്തമെന്നു പറഞ്ഞിരു
ന്നില്ല. പിന്നെയോ അവർക്കുണ്ടായിരുന്ന
സർവ്വവും പൊതുവകയായിരുന്നു. യേശു 33
മ്ശിഹായുടെ പുനരുത്ഥാനത്തെക്കുറിച്ച്
ശ്ലീഹന്മാർ മഹാശക്തിയോടെ സാക്ഷിച്ചു
പോന്നു. അവരെല്ലാവരോടുംകൂടെ വലിയ
കൃപ ഉണ്ടായിരുന്നു. ദരിദ്രനായി അവരിൽ 34
(ജനത്തിൽ) ആരുമുണ്ടായിരുന്നില്ല. എന്തെ
ന്നാൽ നിലങ്ങളും വീടുകളും കൈവശ
മുണ്ടായിരുന്നവർ അവയെ വിറ്റു. വിൽക്ക
പ്പെടുന്നവയുടെ വില അവർ കൊണ്ടുവന്ന്
ശ്ലീഹന്മാരുടെ കാൽക്കൽ വയ്ക്കുകയും, 35
ഓരോരുത്തനും ആവശ്യമായതനുസരിച്ച്
നൽകപ്പെടുകയും ചെയ്തു വന്നു. കുപ്രോസ് 36
ദേശക്കാരനായ ലേവ്യനും, 'ആശ്വാസത്തി
ൻെറ പുത്രൻ' എന്നർത്ഥമുള്ള ബർനാബാ
എന്ന് ശ്ലീഹന്മാർ മറുനാമം വിളിച്ചവനുമായ
യൌസേഫിന് ഒരു നിലമുണ്ടായിരുന്നു.
അവൻ അതു വിറ്റ്, അതിൻെറ വില കൊണ്ടു 37
വന്ന് ശ്ലീഹന്മാരുടെ കാൽക്കൽ സമർപ്പിച്ചു.

അദ്ധ്യായം 5

ഹാനനിയ (അനന്യാസ്) എന്നു പേരു 1
ള്ള ഒരുവനും അവൻെറ ഭാര്യ ശഫീറായും
കൂടി അവൻെറ നിലം വിറ്റു. അതിൻെറ വില 2
യിൽനിന്നു (കുറെ) എടുത്ത് ഒളിച്ചു മാറ്റി
വച്ചു. അവൻെറ ഭാര്യയ്ക്കും ഇതറിവുണ്ടാ
യിരുന്നു. പണത്തിൽ (ഒരുഭാഗം) കൊണ്ടു 3
വന്ന് അവൻ ശ്ലീഹന്മാരുടെ പാദത്തിങ്കൽ
സമർപ്പിച്ചു. ശെമഓൻ അവനോട്: "അന
ന്യാസേ, പരിശുദ്ധാത്മാവിനോട് വ്യാജം
കാണിക്കുവാനും, നിലത്തിൻെറ വിലയാകു
ന്ന പണത്തിൽ കുറെ എടുത്തു മറച്ചുവയ്
ക്കുവാനും തക്കവണ്ണം, സാത്താൻ നിൻെറ
ഹൃദയത്തെ ഇങ്ങനെ സ്വാധീനിച്ചതെന്ത്?
അതിൻെറ വില്പനയ്ക്കു മുമ്പ് നിൻെറ 4
തല്ലായിരുന്നോ? അതിൻെറ വില്പനകഴി
ഞ്ഞ ശേഷവും, അതിൻെറ വിലസംഖ്യ
യിൽ നിനക്കധികാരമുണ്ടായിരുന്നല്ലോ.
പിന്നെ ഇക്കാര്യം ചെയ്യുവാൻ നിൻെറ
ഹൃദയത്തിൽ നീ നിശ്ചയിച്ചതെന്ത്? മനു
ഷ്യരോടല്ല, നീ വ്യാജം കാണിച്ചിരിക്കുന്നത്
- പിന്നെയോ ദൈവത്തോടത്രെ." ഹാന 5
നിയ ഈ വാക്കുകൾ കേട്ടപ്പോൾ അവൻ
വീണു മരിച്ചു. കേട്ടവർക്കെല്ലാം വളരെ

6 ഭയമുണ്ടായി. അവരിൽ യുവാക്കന്മാരായ
ചിലർ എഴുന്നേറ്റ് അവനെ മൂടിപ്പൊതിഞ്ഞ്
പുറത്തു കൊണ്ടുപോയി സംസ്കരിച്ചു.
7 മൂന്നു മണിക്കൂർ കഴിഞ്ഞപ്പോൾ അവൻെറ
ഭാര്യയും വന്നു. എന്തു സംഭവിച്ചുവെന്ന്
8 അവൾ അറിഞ്ഞിരുന്നില്ല. ശെമഓൻ അവ
ളോട്: 'ഈ വിലയ്ക്കാണോ നിങ്ങൾ നിലം
വിറ്റത്? നീ എന്നോടു പറയുക' എന്നു പറ
ഞ്ഞു. 'അതേ, ഈ വിലയ്ക്കുതന്നെ' എന്ന്
9 അവൾ പറഞ്ഞു. ശെമഓൻ അവളോട്
'ദൈവത്തിൻെറ ആത്മാവിനെ പരീക്ഷി
പ്പാൻ നിങ്ങൾ യോജിച്ചതുകൊണ്ട് നിൻെറ
ഭർത്താവിനെ സംസ്കരിച്ചവരുടെ കാലുകൾ
വാതുക്കൽ തന്നെയുണ്ട്; അവർ നിന്നെയും
പുറത്തുകൊണ്ടു പോകും' എന്നു പറഞ്ഞു.
ഉടനെ അവൾ അവൻെറ കാൽക്കൽ വീണു
മരിച്ചുപോയി. ആ യുവാക്കൾ അകത്തു
വന്ന്, അവൾ മരിച്ചു എന്നു കണ്ടിട്ട്, പുറത്തു
കൊണ്ടുപോയി, ഭർത്താവിൻെറ സമീപം
സംസ്കരിച്ചു. സഭമുഴുവനിലും, ഇതു കേട്ട
എല്ലാവർക്കും വലിയ ഭയമുണ്ടായി.
ജനത്തിൽ വളരെയേറെ അത്ഭുതശക്തി
കളും അടയാളങ്ങളും ശ്ലീഹന്മാർ മുഖാന്തരം
നടന്നുകൊണ്ടിരുന്നു. ശ്ലേമോൻെറ മണ്ഡപ
ത്തിൽ അവർ എല്ലാവരും കൂടിയിരിക്കയാ
യിരുന്നു. അന്യരിൽ ആരും അവരുടെ അടു
ക്കൽ വന്നു കൂടുവാൻ തുനിഞ്ഞില്ല.
എന്നാൽ ജനമോ അവരെ പുകഴ്ത്തിക്കൊ
ണ്ടിരുന്നു. പുരുഷന്മാരും സ്ത്രീകളുമായി
കർത്താവിൽ വിശ്വസിക്കുന്ന സമൂഹം
കൂടുതൽ വർദ്ധിച്ചു വന്നു. ശെമഓൻ വഴിയി
ലൂടെ വരുമ്പോൾ, അദ്ദേഹത്തിൻെറ നിഴ
ലെങ്കിലും അവരുടെമേൽ വീഴുവാൻ തക്ക
വണ്ണം, രോഗികളെ കട്ടിലുകളിൽ തെരുവു
കളിൽ കൊണ്ടുവന്നു (കിടത്തിയിരുന്നു).
രോഗികളേയും അശുദ്ധാത്മബാധിതരേ
യും, യറുശലേമിൻെറ ചുററുമുള്ള മറ്റു പട്ട
ണങ്ങളിൽനിന്നും അനേകർ കൊണ്ടുവന്നു
കൊണ്ടിരുന്നു. എല്ലാവരും സൌഖ്യം പ്രാ
പിക്കുകയും ചെയ്തു.
മഹാപുരോഹിതനും, സാദൂക്യരുടെ
ഉപദേശത്തിൽപെട്ടിരുന്നവരായി അയാ
ളോട് കൂടെയുള്ളവരും അസൂയകൊണ്ടു
നിറഞ്ഞു.അവർ ശ്ലീഹന്മാരെ പിടിച്ച് തടവി
ലാക്കി. അപ്പോൾ, രാത്രിയിൽ ദൈവത്തി
ൻെറ മാലാഖ കാരാഗൃഹത്തിൻെറ വാതിൽ
തുറന്നു കൊടുത്തു. അവരെ പുറത്തിറക്കി.
അവരോട് 'നിങ്ങൾ പോയി ദൈവാലയ
ത്തിൽ നിന്നുകൊണ്ട് ജീവൻെറ വചനങ്ങ
ളെല്ലാം ജനത്തോടു സംസാരിപ്പിൻ' എന്നു
പറഞ്ഞു. അവർ അതിരാവിലെ ദൈവാലയ 21
ത്തിൽ പ്രവേശിച്ച് പഠിപ്പിച്ചുകൊണ്ടിരുന്നു.
മഹാപുരോഹിതനും, അയാളോട് കൂടെയു
ള്ളവരും, അവരുടെ കൂട്ടുകാരേയും, ഇസ്രാ
യേലിൻെറ മൂപ്പന്മാരെയും വിളിച്ച്, ശ്ലീഹ
ന്മാരെ കൊണ്ടുവരുവാൻ കാരാഗൃഹത്തി
ലേക്കയച്ചു. അയയ്ക്കപ്പെട്ടവർ അവിടെ 22
ചെന്നപ്പോൾ ഇവരെ കാരാഗൃഹത്തിൽ
കണ്ടില്ല. അവർ തിരികെവന്ന് പറഞ്ഞു:
'കാരാഗൃഹം സൂക്ഷ്മതയോടെ പൂട്ടിയിരി 23
ക്കുന്നതായും, വാതിൽക്കൽ കാവൽക്കാർ
നില്ക്കുന്നതായും ഞങ്ങൾ കണ്ടു. ഞങ്ങൾ
വാതിൽ തുറന്നു. അവിടെ ഞങ്ങൾ ആരെ
യും കണ്ടില്ല!" പ്രധാനാചാര്യന്മാരും ദൈവാ 24
ലയ പ്രമാണികളും ഈ വാക്കുകൾ കേട്ട
പ്പോൾ, അവരെക്കുറിച്ച് അത്യത്ഭുതപ്പെട്ടു
പോയി! എന്താണിത്? എന്നവർ ആലോചി
ച്ചുകൊണ്ടിരുന്നു. ഒരുവൻ വന്ന് "നിങ്ങൾ 25
തടവിൽ ബന്ധിച്ചിട്ടിരുന്നവർ ഇതാ ദൈവാ
ലയത്തിൽ നിന്നുകൊണ്ട് ജനത്തോട് ഉപ
ദേശിക്കുന്നു" എന്നു പറഞ്ഞു. അപ്പോൾ 26
പ്രമാണികൾ പടയാളികളെക്കൂട്ടിക്കൊണ്ട്
അവരെ കൊണ്ടുവരുവാൻ പോയി. ബലാൽ
ക്കാരമായി കൊണ്ടുവരുവാനല്ല; എന്തെ
ന്നാൽ ജനം അവരെ കല്ലെറിഞ്ഞേക്കുമോ
എന്ന് അവർ ഭയപ്പെട്ടിരുന്നു. അവരെ കൊ 27
ണ്ടുവന്ന് പുരുഷാരത്തിൻെറ മുമ്പാകെ നിറു
ത്തി. മഹാപുരോഹിതൻ അവരോട്: "ഈ 28
നാമത്തിൽ നിങ്ങൾ ആരെയും പഠിപ്പിക്കരു
ത് എന്നു നിങ്ങളോടു കർശനമായി കല്പി
ച്ചിരുന്നില്ലയോ? എന്നാൽ നിങ്ങളാകട്ടെ നി
ങ്ങളുടെ പ്രബോധനംകൊണ്ട് യറുശലേമി
നെ നിറച്ചിരിക്കുന്നു. ആ മനുഷ്യൻെറ രക്തം
ഞങ്ങളുടെമേൽ വരുത്തുവാനാണോ നി
ങ്ങൾ ആഗ്രഹിക്കുന്നത്?" എന്നു പറഞ്ഞു.
ശ്ലീഹന്മാരുടെ കൂടെ ശെമഓൻ നിന്നു 29
കൊണ്ട് അവരോട്: 'ഞങ്ങൾ മനുഷ്യരെ
ക്കാൾ കൂടുതലായി ദൈവത്തെ അനുസരി
ക്കേണ്ടത് ന്യായമാകുന്നു. നിങ്ങൾ ക്രൂശിൽ 30
തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാ
ക്കന്മാരുടെ ദൈവം ഉയിർത്തെഴുന്നേൽ
പ്പിച്ചു. ഇസ്രയേലിന് അനുതാപവും പാപ 31
മോചനവും നൽകുവാനായി അദ്ദേഹത്തെ
തലവനും ജീവദായകനുമായി നിയോ
ഗിക്കുകയും, തൻെറ വലതുഭാഗത്തേക്ക്
ഉയർത്തുകയും ചെയ്തിരിക്കുന്നു. ഈ വാക്കു 32
കൾക്ക് ഞങ്ങളും, തന്നിൽ വിശ്വസിക്കു
ന്നവർക്ക് ദൈവം നൽകിയ പരിശുദ്ധാ
ത്മാവും സാക്ഷികളാകുന്നു' എന്നു പറ
ഞ്ഞു. അവർ ഈ വാക്കുകൾ കേട്ടപ്പോൾ 33

കോപംകൊണ്ടു ജ്വലിക്കുകയും അവരെ
കൊല്ലുവാൻ ആലോചിക്കുകയും ചെയ്തു.
34 അപ്പോൾ ന്യായപ്രമാണ ഉപദേഷ്ടാ
വും സർവ്വ ജനത്താലും ബഹുമാനിതനും
പരീശരിൽ ഒരുവനുമായിരുന്ന 'ഗമാലി
യേൽ' എഴുന്നേറ്റ് കുറച്ചു സമയം ശ്ലീഹന്മാ
രെ പുറത്തുകൊണ്ടുപോകുവാൻ കല്പി
35 ച്ചിട്ട് ഇങ്ങനെ പറഞ്ഞു: "ഇസ്രയേൽ മക്ക
ളായ മനുഷ്യരേ! നിങ്ങൾ നിങ്ങളെത്തന്നെ
സൂക്ഷിച്ചുകൊൾവിൻ; ഈ ആളുകളെക്കു
റിച്ച് നിങ്ങൾ എന്താണ് പ്രവർത്തിക്കേണ്ടത്
36 എന്നു ചിന്തിപ്പിൻ. ഇക്കാലത്തിന് അല്പം
മുമ്പ്, 'തോദാ' എന്ന ഒരുവൻ എഴുന്നേറ്റ്,
താൻ മഹാനാണെന്നു തന്നെക്കുറിച്ച്ത
ന്നെ പറയുകയും ഏകദേശം നാനൂറു പേർ
അവനെ അനുഗമിക്കുകയും ചെയ്തു. അവൻ
വധിക്കപ്പെട്ടു. അവന്റെ പിന്നാലെ പോയി
രുന്നവർ ചിതറിപ്പോകുകയും ചെയ്തു. അവർ
37 ഒന്നുമില്ലാതായി. അവനു ശേഷം, തലവരി
ക്കായി പേർവഴി ചാർത്തുന്ന ആ കാലത്ത്
ഗലീലക്കാരൻ യഹൂദാ എഴുന്നേറ്റു വളരെ
ജനത്തെ അവന്റെ പിന്നാലെ വഴി തെറ്റിച്ചു.
അവൻ മരിച്ചു. അവനെ അനുഗമിച്ചവ
രെല്ലാം ചിതറിയുംപോയി. ഇപ്പോൾ ഞാൻ
38 നിങ്ങളോട് പറയുന്നു: "ഈ മനുഷ്യരിൽ
നിന്ന് നിങ്ങൾ വിട്ടുനിൽപ്പിൻ; അവരെ വിട്ട
യപ്പിൻ. ഈ ചിന്തയും, ഈ പ്രവർത്തനവും
മാനുഷികമെങ്കിൽ, അഴിഞ്ഞുമാഞ്ഞു
39 പോകും. എന്നാൽ, ദൈവത്തിൽനിന്ന്
എങ്കിലോ, അതിനെ മായിച്ചുകളയുവാൻ
നിങ്ങൾക്കു കഴിവില്ലതന്നെ. നിങ്ങൾ
ദൈവത്തിന്നെതിരായി നിൽക്കുന്നുവെന്ന്
നിങ്ങൾ കണ്ടെത്തപ്പെടുകയും ചെയ്യും."
40 എന്നുപറഞ്ഞു. അവർ അയാളെ അനുസ
രിച്ചു. അവർ ശ്ലീഹന്മാരെ വിളിച്ചുവരുത്തി
ചമ്മട്ടികൊണ്ട് അടിപ്പിച്ചിട്ട്: യേശുവിന്റെ
നാമത്തിൽ അവർ ഒരിക്കലും സംസാരിക്ക
രുതെന്ന് ആജ്ഞ നൽകി അവരെ വിട്ടയച്ചു.
41 തങ്ങൾ, തന്റെ നാമത്തെ പ്രതി അവ
മാനിതരാകുവാൻ യോഗ്യരായതിൽ അവർ
സന്തോഷിച്ചുകൊണ്ട് അവരുടെ മുമ്പിൽ
42 നിന്നു പോയി. ദൈവാലയത്തിലും ഭവന
ത്തിലുംവച്ച് നമ്മുടെ കർത്താവായ യേശു
മ്ശിഹായെക്കുറിച്ച് പ്രതിദിനം പഠിപ്പിക്കു
ന്നതിൽനിന്നും അവർ വിരമിച്ചില്ല.

അദ്ധ്യായം 6

1 ആ നാളുകളിൽ ശിഷ്യന്മാർ വർദ്ധിച്ച
പ്പോൾ, ദിനംതോറുമുള്ള ശുശ്രൂഷയിൽ
തങ്ങളുടെ വിധവമാർ അവഗണിക്കപ്പെ
ടുന്നു എന്നതിനെ പ്രതി, യൗനായക്കാ
രായ (ഗ്രീക്കു) ശിഷ്യന്മാർ എബ്രായരായ
ശിഷ്യർക്ക് എതിരായി പിറുപിറുത്തു.
അപ്പോൾ ശ്ലീഹന്മാർ പന്ത്രണ്ടുപേരും കൂടി 2
ശിഷ്യസമൂഹത്തെ മുഴുവനും വിളിച്ചുകൂട്ടി
അവരോട്: "ഞങ്ങൾ ദൈവവചനം വിട്ടിട്ട്
മേശകളിൽ പരിചരിക്കുന്നത് നല്ലതല്ല. ആക
യാൽ എന്റെ സഹോദരരേ, 'അവരെക്കു 3
റിച്ച് സാക്ഷ്യമുള്ളവരും, ദൈവത്തിന്റെ
ആത്മാവും വിജ്ഞാനവും നിറഞ്ഞവരു
മായ ഏഴുപേരെ നിങ്ങളിൽനിന്നു തന്നെ
പരിശോധിച്ച് തിരഞ്ഞെടുക്കുവിൻ. ഞങ്ങൾ
അവരെ ഇക്കാര്യത്തിന്നായി നിയോഗിക്കാം.
ഞങ്ങളോ എപ്പോഴും പ്രാർത്ഥനയിലും 4
വചനശുശ്രൂഷയിലും വ്യാപൃതരുമായി
രിക്കാം." എന്നു പറഞ്ഞു. സർവ്വ ജനത്തിനും 5
ഈ വചനം സന്തോഷമായി. അവർ, വിശ്വാ
സവും പരിശുദ്ധാത്മാവും നിറഞ്ഞവനായ
സ്തേഫാനോസിനെയും, ഫിലിപ്പോസിനെ
യും, പ്രക്കോറോസിനെയും, നിക്കാനോറി
നേയും തീമോനെയും, ഫർമിനായേയും,
യഹൂദമതാനുസാരിയായ അന്ത്യോക്യാക്കാ
രൻ നിക്കലാവോസിനെയും തെരഞ്ഞെ
ടുത്തു. അവർ ശ്ലീഹന്മാരുടെ മുമ്പാകെ 6
നിന്നു. ശ്ലീഹന്മാർ പ്രാർത്ഥിച്ച് ഇവരുടെ
മേൽ കൈവെച്ചു. ദൈവവചനം വളർന്നു 7
പ്രചരിക്കുകയും യറുശലേമിൽ ശിഷ്യന്മാ
രുടെ സംഖ്യ വളരെയേറെ വർദ്ധിക്കുകയും
ചെയ്തു. യഹൂദന്മാരിൽ വളരെപ്പേർ വിശ്വാസ
ത്തിന് അധീനരായിത്തീർന്നു.

സ്തേഫാനോസ്, കൃപയും ശക്തിയും നിറ 8
ഞ്ഞവനായി ജനമദ്ധ്യത്തിൽ അത്ഭുതങ്ങ
ളും അടയാളങ്ങളും പ്രവർത്തിച്ചുകൊണ്ടി
രുന്നു. കുറീനിക്കാരും, അലക്സാന്ത്ര്യാക്കാ 9
രും, കിലിക്യായിൽനിന്നും ആസിയായിൽ
നിന്നും വന്നിട്ടുള്ളവരായി-'ലിബർത്തിനോ'
എന്നു വിളിക്കപ്പെടുന്ന സമൂഹത്തിൽ
നിന്നും ചിലർ എഴുന്നേറ്റു സ്തേപ്പാനോസി
നോടു വാദപ്രതിവാദം നടത്തി. എന്നാൽ 10
അദ്ദേഹത്തിന്റെ ജ്ഞാനത്തോടും അദ്ദേ
ഹത്തിലൂടെ സംസാരിച്ചുകൊണ്ടിരുന്ന
ആത്മാവിനോടും എതിർത്തു നിൽപ്പാൻ
അവർക്കു കഴിഞ്ഞില്ല. അപ്പോൾ അവർ, 11
'ഇവൻ മോശയ്ക്കെതിരായും, ദൈവത്തി
നെതിരായും ദൂഷണം പറയുന്നതു ഞങ്ങൾ
കേട്ടതാണ്' എന്നു പറയുവാനായി ചില മ
നുഷ്യരെ പഠിപ്പിച്ച് അയച്ചു. അവർ ജനത്തേ 12
യും, മൂപ്പന്മാരെയും, സൊപ്രേന്മാരെയും
ഇളക്കിവിടുകയും, അദ്ദേഹത്തിനെതിരായി
വന്നു നിലകൊള്ളുകയും അദ്ദേഹത്തെ

പിടിച്ച് പുരുഷാരമദ്ധ്യത്തിൽ കൊണ്ടു
3 വന്നു നിറുത്തുകയും ചെയ്തു. “ഈ മനു
ഷ്യൻ ന്യായപ്രമാണത്തിന്നെതിരായും, ഈ
പരിശുദ്ധ സ്ഥലത്തിനു വിരോധമായുമുള്ള
വാക്കുകൾ മുടങ്ങാതെ പറഞ്ഞുകൊണ്ടി
4 രിക്കുന്നു. നസ്രയനായ യേശു ഈ സ്ഥല
ത്തെ നശിപ്പിക്കുമെന്നും, മോശ നിങ്ങളെ
ഭരമേൽപ്പിച്ചിട്ടുള്ള പതിവുകളെ വ്യത്യാസ
പ്പെടുത്തുമെന്നും, ഇവൻ പറയുന്നതു
ഞങ്ങൾ കേട്ടതാണ്” എന്ന് പറയുവാൻ
5 അവർ കള്ളസാക്ഷികളെ ഏർപ്പെടുത്തി.
സംഘത്തിൽ ഇരുന്നിരുന്നവരെല്ലാം അദ്ദേ
ഹത്തെ സൂക്ഷിച്ചു നോക്കി. അദ്ദേഹത്തി
ൻെറ മുഖം ഒരു മാലാഖയുടെ മുഖംപോലെ
അവർ കണ്ടു.

അദ്ധ്യായം 7

മഹാപുരോഹിതൻ അദ്ദേഹത്തോട്,
‘ഇക്കാര്യങ്ങൾ ഇങ്ങനെ തന്നെയോ’ എന്നു
ചോദിച്ചു. അദ്ദേഹം പറഞ്ഞു: “സഹോദ
രരും പിതാക്കന്മാരുമായ മനുഷ്യരേ കേട്ടു
കൊൾവിൻ. നമ്മുടെ പിതാവായ അബ്രഹാം
ഹാറാനിൽ വന്നു പാർക്കും മുമ്പെ ബെസ്ന
ഹറിനിൽ (മെസോപൊട്ടേമിയാ) ആയിരി
ക്കുമ്പോൾ മഹത്വത്തിൻെറ ദൈവം അദ്ദേഹ
ത്തിനു പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തോട് -
നിൻെറ ദേശത്തു നിന്നും നിൻെറ കുടുംബ
ക്കാരുടെ ഇടയിൽ നിന്നും പുറപ്പെട്ടു ഞാൻ
നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു
നീ വരിക എന്നു പറഞ്ഞു. അപ്പോൾ
അബ്രഹാം കൽദായരുടെ ദേശത്തുനിന്ന്
പുറപ്പെട്ട് ഹാറാനിൽ വന്നു പാർത്തു.
അദ്ദേഹത്തിൻെറ പിതാവ് മരിച്ചശേഷം,
ദൈവം അദ്ദേഹത്തെ അവിടെനിന്നു
നിങ്ങൾ ഇന്നു പാർക്കുന്ന ഈ ദേശത്തേ
ക്കു മാറ്റി. അവിടെ അദ്ദേഹത്തിന് ഒരടി
സ്ഥലംപോലും കൊടുത്തില്ല. അദ്ദേഹ
ത്തിനു പുത്രനില്ലാതിരിക്കെത്തന്നെ, തനി
ക്കും സന്തതിക്കുമായി അതിനെ അവകാശ
മായി കൊടുക്കും എന്നും ദൈവം വാഗ്ദത്തം
ചെയ്തു. ദൈവം അദ്ദേഹത്തോടു സംസാരി
ച്ചുകൊണ്ട്, ‘നിൻെറ സന്തതി അന്യദേശ
ത്ത് പ്രവാസിയായി പാർക്കും. അവർ (ആ
ദേശക്കാർ) ഇവരെ നാനൂറു വർഷം അടിമ
കളായി വയ്ക്കുകയും ഇവർക്കു ദോഷം
വരുത്തുകയും ചെയ്യും എന്നു പറഞ്ഞു.
അവരെക്കൊണ്ട് അടിമവേല ചെയ്യിക്കുന്ന
ജനത്തെ ഞാൻ വിധിക്കുമെന്നും, അവ
യ്ക്കുശേഷം അവർ പുറപ്പെട്ടു വന്ന് ഈ
സ്ഥലത്ത് എനിക്കു സേവനം നടത്തും
എന്നും ദൈവം അരുളിച്ചെയ്തു. അബ്രഹാ 8
മിനു താൻ ‘ചേലാകർമ്മ’ നിയമം നൽകി.
പിന്നീട് അദ്ദേഹം ഇസഹാക്കിനെ ജനിപ്പി
ച്ചു. എട്ടാം ദിവസം അവനെ ‘ചേല ചെയ്തു.’
ഇസഹാക്ക് യാക്കോബിനെ ജനിപ്പിച്ചു,
യാക്കോബ് നമ്മുടെ പന്ത്രണ്ട് പിതാക്കന്മാ
രെയും ജനിപ്പിച്ചു. ആ നമ്മുടെ പിതാക്ക 9
ന്മാർക്ക് യൗസേഫിനോട് അസൂയ തോന്നി
അവനെ മെസ്രേനിലേക്കു വിറ്റുകളഞ്ഞു.
ദൈവമോ അവനോടുകൂടെയുണ്ടായിരു
ന്നു. അവനെ ഉപദ്രവിച്ച എല്ലാവരിൽനി
ന്നും ദൈവം അവനെ രക്ഷിച്ചു. മെസ്രേൻ 10
രാജാവായ ഫറഓൻെറ മുമ്പിൽ അവന്
കൃപയും വിജ്ഞാനവും നൽകി. രാജാവ്
അവനെ മെസ്രേൻ ദേശത്തിന്മേലും, തൻെറ
ഭവനം മുഴുവൻ മേലും അധികാരിയായി
നിയമിച്ചു. മെസ്രേൻ മുഴുവനിലും, കനാൻ 11
ദേശത്തും ക്ഷാമവും വലിയ ബുദ്ധിമുട്ടു
മുണ്ടായി. നമ്മുടെ പിതാക്കന്മാർക്കു ഭക്ഷി
ച്ചു (തൃപ്തിപ്പെടുവാൻ) ഒന്നുമില്ലാതായി.
മെസ്രേനിൽ ഗോതമ്പ് ഉണ്ട് എന്ന് കേട്ട് 12
യാക്കോബ് നമ്മുടെ പിതാക്കന്മാരെ ആദ്യ
മായി അങ്ങോട്ടയച്ചു. അവർ രണ്ടാം പ്രാവ 13
ശ്യം ചെന്നപ്പോൾ യൗസേഫ് തൻെറ സ
ഹോദരന്മാർക്കു തന്നെത്തന്നെ വെളിപ്പെ
ടുത്തി. ഫറവോൻ യൗസേഫിൻെറ കുടും
ബത്തെ അറിയാനിടയായി. യൗസേഫ് 14
ആളയച്ച് തൻെറ പിതാവായ യാക്കോബി
നെയും തൻെറ കുടുംബം മുഴുവനേയും
കൊണ്ടുവന്നു. സംഖ്യയിൽ അവർ എഴു
പത്തഞ്ചു പേരുണ്ടായിരുന്നു. യാക്കോബ് 15
മെസ്രേനിലെത്തി. അദ്ദേഹവും നമ്മുടെ
പിതാക്കന്മാരും അവിടെവച്ചു മരിച്ചു.
അദ്ദേഹത്തെ ശേഖേമിലേക്കു കൊണ്ടു 16
വന്ന് അബ്രഹാം ഹമോറിൻെറ മക്കളോട്
പണം കൊടുത്തു വാങ്ങിയ കല്ലറയിൽ
സംസ്ക്കരിച്ചു. ദൈവം അബ്രഹാമിനോട് 17
ആണകളാൽ വാഗ്ദാനം ചെയ്ത കാര്യങ്ങ
ളുടെ കാലം തികഞ്ഞപ്പോൾ യൌസേഫി
നെ അറിഞ്ഞിട്ടില്ലാത്ത മറ്റൊരു രാജാവ് 18
ഭരണമേററതുവരെ മെസ്രേനിൽ ജനം
വർദ്ധിച്ചും ശക്തിപ്പെട്ടുംവന്നു. ആ രാജാവ് 19
നമ്മുടെ ഗോത്രത്തോട് ഉപായം പ്രയോഗി
ക്കുകയും നമ്മുടെ പിതാക്കന്മാരെ ഉപദ്രവി
ക്കുകയും അവരുടെ ശിശുക്കൾ ജീവിച്ചി
രിക്കാതിരിപ്പാനായി എറിഞ്ഞുകളയപ്പെട
ണമെന്നു കല്പനയാകുകയും ചെയ്തു.
അക്കാലത്ത് മോശ ജാതനായി. അദ്ദേഹം 20
ദൈവത്തിനു പ്രിയപ്പെട്ടവൻ ആയിരുന്നു.
മൂന്നുമാസം അദ്ദേഹം സ്വപിതാവിൻെറ

21 ഭവനത്തിൽ വളർത്തപ്പെട്ടു. അനന്തരം
തൻെറ ജനത്താൽ പുറത്തു കളയപ്പെട്ട
പ്പോൾ ഫറവോൻെറ പുത്രി തന്നെ കണ്ടെ
ത്തുകയും, അവൾക്കു മകനായിട്ടു വളർത്തു
22 കയും ചെയ്തു. മോശ മെസ്രയിമ്യരുടെ സർവ്വ
വിജ്ഞാനത്തിലും അഭ്യസ്തവിദ്യനും വാക്കി
ലും പ്രവൃത്തിയിലും സമർത്ഥനുമായി
ത്തീർന്നു.
23 അദ്ദേഹത്തിനു നാല്പതു വയസ്സായ
പ്പോൾ, ഇസ്രയേൽക്കാരായ തൻെറ സ
ഹോദരരെ സന്ദർശിക്കണമെന്ന് മനസ്സിൽ
24 തോന്നി. അദ്ദേഹത്തിൻെറ വംശക്കാരനായ
ഒരുവൻ ആക്രമിക്കപ്പെടുന്നതായി കണ്ട
പ്പോൾ അവനു തുണനിന്നു പ്രതിക്രിയ
ചെയ്തു. മെസ്രയിമ്യനെ കൊന്നുകളഞ്ഞു.
25 ഇസ്രയേല്യരായ തൻെറ സഹോദരന്മാർ,
താൻ മൂലം ദൈവം അവർക്കു മോചനം
നൽകും എന്നു ഗ്രഹിക്കും എന്ന് വിചാരിച്ചു.
26 അവരോ ഗ്രഹിച്ചില്ല. പിറ്റെ ദിവസം അവർ
തമ്മിൽ തമ്മിൽ കലഹിച്ചുകൊണ്ടിരിക്കു
മ്പോൾ അദ്ദേഹം അവരുടെ അടുക്കൽ വന്ന്:
അല്ലയോ പുരുഷന്മാരേ നിങ്ങൾ സഹോ
ദരന്മാരല്ലയോ? തമ്മിൽ തമ്മിൽ ദ്രോഹം
ചെയ്യുന്നതെന്തിന്? എന്നു പറഞ്ഞു. അവർ
27 രമ്യതപ്പെടുവാൻ അപേക്ഷിച്ചു. എന്നാൽ
തൻെറ കൂട്ടുകാരനോട് അക്രമം ചെയ്തുകൊ
ണ്ടിരുന്നവൻ, അവൻെറ അടുക്കൽനിന്നും
അദ്ദേഹത്തെ തള്ളിമാറ്റിയിട്ട് 'നിന്നെ
ആരാണു ഞങ്ങളുടെമേൽ അധികാരിയും
28 ന്യായാധിപനുമാക്കിയത്? ഇന്നലെ നീ,
മിസ്രയിമ്യനെ കൊന്നതുപോലെ എന്നെ
യും കൊല്ലുവാൻ നീ ആഗ്രഹിക്കയാണോ?'
29 എന്നു പറഞ്ഞു. ഈ വാക്കുകേട്ട് മോശ
ഓടിപ്പോയി മിദിയാൻ ദേശത്തു ചെന്നു
പാർത്തു. അവിടെവച്ച് അദ്ദേഹത്തിനു രണ്ടു
പുത്രന്മാർ ഉണ്ടായി.
30 അവിടെ നാല്പതു സംവത്സരം പൂർത്തി
യാക്കിയപ്പോൾ, സീനായി മരുഭൂമിയിൽ
ദൈവത്തിൻെറ മാലാഖ, മുൾപ്പടർപ്പിൽ
എരിയുന്ന അഗ്നിയിൽ അദ്ദേഹത്തിനു
31 പ്രത്യക്ഷപ്പെട്ടു. ഇതുകണ്ട് മോശ, ഈ
കാഴ്ചയിൽ അത്ഭുതപ്പെട്ടു. അടുത്തു
കാണുവാനായി ചെന്നപ്പോൾ, കർത്താവ്
32 ഉറച്ച ശബ്ദത്തിൽ, 'ഞാൻ നിൻെറ പിതാ
ക്കന്മാരുടെ ദൈവം, അബ്രഹാമിൻെറയും
ഇസഹാക്കിൻെറയും യാക്കോബിൻെറയും
ദൈവമാകുന്നു' എന്നു പറഞ്ഞു. മോശ
വിറച്ചുപോയി. ആ ദർശനത്തെ സൂക്ഷിച്ചു
33 നോക്കുവാൻ ധൈര്യപ്പെട്ടില്ല. കർത്താവ്
അദ്ദേഹത്തോട്: "നിൻെറ കാലുകളിൽ
നിന്നു ചെരിപ്പുകൾ അഴിച്ചുമാറ്റുക. എന്തെ
ന്നാൽ നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാ
കുന്നു. മെസ്രേനിലുള്ള എൻെറ ജനത്തി 34
ൻെറ ഞെരുക്കം ഞാൻ പൂർണ്ണമായി കണ്ടി
രിക്കുന്നു. അവരുടെ നെടുവീർപ്പുകൾ
ഞാൻ കേട്ടുമിരിക്കുന്നു. അവരെ രക്ഷിപ്പാ
നാണ് ഞാൻ ഇപ്പോൾ ഇറങ്ങിവന്നിരിക്കു
ന്നത്. ഇപ്പോൾ നീ വരിക; ഞാൻ നിന്നെ
മെസ്രേനിലേക്ക് അയയ്ക്കും" എന്നു പറ
ഞ്ഞു. 'നിന്നെ ഞങ്ങളുടെമേൽ അധിപനും 35
ന്യായാധിപനുമായി നിയമിച്ചതാര്?' എന്നു
പറഞ്ഞ് തന്നെ തള്ളിപ്പറഞ്ഞ അതേ മോശ
യെ മുൾപ്പടർപ്പിൽ പ്രത്യക്ഷനായ മാലാഖ
മുഖാന്തരം ദൈവം അവർക്കു അധിപനും
രക്ഷകനുമായി അയച്ചു. അദ്ദേഹമാകുന്നു, 36
മെസ്രേൻ ദേശത്തും, ചെങ്കടലിലും, നാല്പ
തു സംവത്സരം മരുഭൂമിയിലും, അടയാളങ്ങ
ളും , അത്ഭുതങ്ങളും ശക്തമായ കാര്യങ്ങളും
ചെയ്തുകൊണ്ട് അവരെ നടത്തിക്കൊണ്ടു
വന്നത്.
ഈ മോശ തന്നെയാണ് ഇസ്രയേൽ 37
മക്കളോട് "എന്നെപ്പോലെ ഒരു ദീർഘദർശി
യെ നിങ്ങളുടെ സഹോദരന്മാരിൽനിന്നും
ദൈവമായ കർത്താവ് നിയമിക്കും; അവനെ
നിങ്ങൾ അനുസരിച്ചുകൊള്ളണം" എന്നു
പറഞ്ഞത്. ഇദ്ദേഹം തന്നെയാണ് സീനായ് 38
മലയിൽ തന്നോടു സംസാരിച്ച മാലാഖ
യോടും, നമ്മുടെ പിതാക്കന്മാരോടുംകൂടി
മരുഭൂമിയിലെ സമൂഹത്തിൽ വസിച്ചിരു
ന്നവനും നമുക്കു നൽകുവാൻ ജീവൻെറ
വചനങ്ങൾ സ്വീകരിച്ചവനും. നമ്മുടെ പിതാ 39
ക്കന്മാരാകട്ടെ അദ്ദേഹത്തിനു കീഴ്പ്പെടു
വാൻ ആഗ്രഹിക്കാതെ തന്നെ ഉപേക്ഷിക്കു
കയും ഹൃദയംകൊണ്ട് മെസ്രേനിലേക്കു
പിൻതിരിയുകയും ചെയ്തു. അവർ അഹ 40
റോനോട്, 'ഞങ്ങളുടെ മുമ്പിൽ നടപ്പാൻ
ഞങ്ങൾക്ക് ദേവന്മാരെ ഉണ്ടാക്കിത്തരണം.
എന്തെന്നാൽ ഞങ്ങളെ മെസ്രേനിൽനിന്നും
പുറപ്പെടുവിച്ച ഈ മോശയ്ക്ക് എന്തു സംഭ
വിച്ചു എന്നു ഞങ്ങൾ അറിയുന്നില്ല' എന്നു
പറഞ്ഞു. അഹറോൻ അവർക്കായി ഒരു 41
കാളക്കുട്ടിയെ അക്കാലത്ത് ഉണ്ടാക്കി.
അവർ വിഗ്രഹങ്ങൾക്കു ബലി അർപ്പിച്ചു.
അവരുടെ കൈപ്പണിയിൽ അവർ ആനന്ദി
ച്ചു. ദൈവവും പിന്തിരിഞ്ഞു. ആകാശത്തി 42
ൻെറ സൈന്യങ്ങളെ ആരാധിപ്പാൻ അവരെ
കൈവിട്ടു. "ഇസ്രയേൽ മക്കളേ! നിങ്ങൾ
നാല്പതു സംവത്സരക്കാലം മരുഭൂമിയിൽ
വച്ച് എനിക്കു ഹനനയാഗങ്ങളോ, ഭോജന
യാഗങ്ങളോ അർപ്പിച്ചുവോ? നിങ്ങളോ 43

നിങ്ങൾ അവയെ ആരാധിപ്പാനായി ഉണ്ടാ
ക്കിയ മൽകൂമിൻെറ (മോലേക്കിൻെറ)
കൂടാരവും റേഫോൻ ദേവൻെറ നക്ഷത്രവും
വഹിച്ചു നിങ്ങൾ നടന്നുവല്ലോ. 'ഞാൻ
നിങ്ങളെ ബാബേലിനപ്പുറം നീക്കിക്കളയും'
എന്ന് ദീർഘദർശിമാരുടെ പുസ്തകത്തിൽ
എഴുതപ്പെട്ടിരിക്കുന്ന പ്രകാരം തന്നെ.

താൻ അവനെ കാണിച്ചുകൊടുത്ത
രീതിയിൽ അതിനെ നിർമ്മിക്കണം എന്ന്
മോശയോട് സംസാരിച്ചവൻ കല്പിച്ചതു
പോലെ, നമ്മുടെ പിതാക്കന്മാർക്ക് മരുഭൂമി
യിൽ 'സാക്ഷിയിൻ കൂടാരം' ഉണ്ടായിരുന്നു.
തങ്ങളുടെ മുമ്പിൽനിന്നു പുറജാതികളെ
നീക്കിക്കളഞ്ഞ് അവരിൽനിന്നും ദൈവം
അവർക്ക് (നമ്മുടെ പിതാക്കന്മാർക്കു) അവ
കാശമായി കൊടുത്ത ദേശത്തേക്ക് നമ്മുടെ
പിതാക്കന്മാർ യോശുവായുമൊരുമിച്ച് ആ
കൂടാരം കൊണ്ടുവന്നു. അതു ദാവീദിൻെറ
കാലംവരെ നിലനിന്നു. ദൈവമുമ്പാകെ
കരുണ കണ്ടെത്തിയ അദ്ദേഹം യാക്കോ
ബിൻ ദൈവത്തിന് ഒരു ആലയം ഉണ്ടായി
ക്കാണുവാൻ ആഗ്രഹിച്ചു. ശലോമോൻ
അദ്ദേഹത്തിന്നായി ഒരു ഭവനം പണിതു.
എന്നാൽ "ആകാശം എൻെറ സിംഹാസ
നവും ഭൂമി എൻെറ പാദത്തിൻ കീഴുള്ള
പീഠവും ആയിരിക്കെ, നിങ്ങൾ എനിക്കായി
പണിയുന്ന ഭവനം ഏതാകുന്നു? അഥവാ
എൻെറ വിശ്രമസ്ഥാനം ഏത്?" എന്നും,
എൻെറ കൈ അല്ലയോ ഇവയെല്ലാം
ഉണ്ടാക്കിയത്?" എന്നും കർത്താവ് അരുളി
ച്ചെയ്യുന്നു എന്ന് പ്രവാചകൻ പറഞ്ഞ
പ്രകാരം, ദൈവം കൈപ്പണിയായുള്ളതിൽ
വസിച്ചില്ല.

കഠിനകണ്ഠന്മാരും ഹൃദയത്തിനും
ചെവിക്കും പരിഛേദനയില്ലാത്തവരുമായ
വരേ, നിങ്ങളുടെ പിതാക്കന്മാരെപ്പോലെ
നിങ്ങളും എപ്പോഴും പരിശുദ്ധാത്മാവിന്
എതിരായി നിലകൊള്ളുന്നു. നിങ്ങൾ
അവനെ ഏല്പിച്ചുകൊടുത്തു കൊന്നു
കളഞ്ഞവനായ ആ പുണ്യവാൻെറ ആഗ
മനത്തെക്കുറിച്ച് മുൻകൂട്ടി അറിയിച്ച പ്രവാ
ചകരിൽ ആരെയാണ് നിങ്ങളുടെ പിതാ
ക്കന്മാർ പീഡിപ്പിക്കാതെയും കൊല്ലാതെ
യും ഇരുന്നിട്ടുള്ളത്? മാലാഖമാരുടെ
കല്പനയായി ന്യായപ്രമാണം പ്രാപിച്ചു.
എന്നാൽ നിങ്ങൾ അതിനെ ആചരിച്ചില്ല."

ഇതു കേട്ടപ്പോൾ അവർ കോപം നിറ
ഞ്ഞവരായി അദ്ദേഹത്തിന്നെതിരെ പല്ലു
കടിച്ചു. അദ്ദേഹമാകട്ടെ വിശ്വാസവും പരി
ശുദ്ധാത്മാവും നിറഞ്ഞവനായി സ്വർഗ്ഗ
ത്തിലേക്കു നോക്കി ദൈവത്തിൻെറ മഹ
ത്വവും, ദൈവത്തിൻെറ വലതു ഭാഗത്തായി
യേശു നിൽക്കുന്നതും കണ്ടു. 'ഇതാ സ്വർഗ്ഗം 56
തുറന്നിരിക്കുന്നതായും, ദൈവത്തിൻെറ
വലതു ഭാഗത്തായി മനുഷ്യപുത്രൻ
നിൽക്കുന്നതായും ഞാൻ കാണുന്നു' എന്ന്
അദ്ദേഹം പറഞ്ഞു. അവർ എല്ലാവരും ഉറച്ച 57
ശബ്ദത്തിൽ അട്ടഹസിച്ച് ചെവി പൊത്തി
അദ്ദേഹത്തിന്ന് നേരെ പാഞ്ഞുചെന്നു. 58
അവർ അദ്ദേഹത്തെ പിടികൂടി നഗരത്തിനു
പുറത്തു കൊണ്ടുപോയി കല്ലെറിഞ്ഞു.
അദ്ദേഹത്തിന്നെതിരായി സാക്ഷി പറഞ്ഞ
വർ അവരുടെ വസ്ത്രങ്ങൾ 'ശൌൽ' എന്നു
പേരുള്ള ഒരു യുവാവിൻെറ കാൽക്കൽ
വച്ചു. "ഞങ്ങളുടെ കർത്താവായ യേശുവേ 59
എൻെറ ആത്മാവിനെ കൈക്കൊള്ളണ
മെ" എന്ന് അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടി
രിക്കുമ്പോൾ അവർ സ്തേപ്പാനോസിനെ
കല്ലെറിഞ്ഞുകൊണ്ടിരുന്നു. താൻ മുട്ടു 60
കുത്തി "കർത്താവേ, ഇവർക്ക് ഈ പാപം
നിലനിറുത്തരുതെ," എന്ന് ഉച്ചത്തിൽ
അട്ടഹസിച്ചുകൊണ്ട് നിദ്ര പ്രാപിച്ചു.
ശൌൽ അദ്ദേഹത്തിൻെറ വധത്തിന് 61
ഇഷ്ടപ്പെടുകയും അതിൽ സംബന്ധിക്കു
കയും ചെയ്തിരുന്നു.

അദ്ധ്യായം 8

അക്കാലത്തു യറുശലേമിലെ സഭ 1
യ്ക്കു മഹാവലിയ പീഡയുണ്ടായി. ശ്ലീഹ
ന്മാർ ഒഴികെ എല്ലാവരും യഹൂദിയാ ഗ്രാമ
ങ്ങളിലും ശമറയരുടെ ഇടയിലുമായി ചിതറി
പ്പോയി. വിശ്വാസികൾ സ്തേഫാനോസിനെ 2
വസ്ത്രത്തിൽ പൊതിഞ്ഞ് സംസ്കാരം നട
ത്തി. അദ്ദേഹത്തിൻെറ പേരിൽ അത്യധിക
മായ വിലാപം നടത്തി.

ശൌൽ വീടുകളിൽ കടന്നു ചെന്നു 3
പുരുഷന്മാരെയും സ്ത്രീകളേയും വലിച്ചിഴച്ച്
കാരാഗൃഹത്തിൽ ഏല്പിച്ചുകൊണ്ട്
ദൈവത്തിൻെറ സഭയെ പീഡിപ്പിച്ചുകൊ
ണ്ടിരുന്നു. ചിതറിപ്പോയവർ ചുറ്റി സഞ്ചരിച്ച് 4
ദൈവവചനം പ്രസംഗിച്ചുകൊണ്ടിരുന്നു.
ഫിലിപ്പോസ് ശമറയരുടെ പട്ടണത്തിലേ 5
ക്കു ചെന്ന് മ്ശീഹായെക്കുറിച്ച് അവരോട്
പ്രസംഗിച്ചു. അദ്ദേഹത്തിൻെറ വചനം കേട്ട 6
പ്പോൾ അവിടെയുള്ളവർ ശ്രദ്ധിക്കുകയും,
അദ്ദേഹം ചെയ്തുകൊണ്ടിരുന്ന അത്ഭുത
ങ്ങൾ കണ്ടതിനാൽ, താൻ പറയുന്നതു സക
ലവും അനുസരിക്കുകയും ചെയ്തു. അശു 7
ദ്ധാത്മാക്കൾ ബാധിച്ചിരുന്ന വളരെയാളു
കളിൽനിന്നും അവ ഉച്ചത്തിൽ അട്ടഹസിച്ചു

8 കൊണ്ട് വിട്ടൊഴിഞ്ഞുപോയിരുന്നു. പക്ഷ
വാതരോഗികളും മുടന്തന്മാരുമായ മറ്റ്
അനേകരും സൌഖ്യം പ്രാപിച്ചു.
9 ആ പട്ടണത്തിൽ മഹാവലിയ സന്തോ
ഷമുണ്ടായി. ആ പട്ടണത്തിൽ വളരെ കാല
മായി പാർത്തിരുന്ന, 'സീമോൻ' എന്ന
10 ഒരുവൻ ഉണ്ടായിരുന്നു. അവൻ ശമറയ ജന
ത്തെ അവൻെറ ആഭിചാരപ്രവൃത്തികൾ
മൂലം വഴിതെറ്റിച്ചു പോന്നിരുന്നു. താൻ
മഹാനാണെന്നു പറഞ്ഞു സ്വയം വലിമപ്പെ
ടുത്തിക്കൊണ്ടുമിരുന്നു. വലിയവരും ചെറി
യവരും, 'ഇയാൾ ദൈവത്തിൻെറ മഹാ
ശക്തിയാണെ'ന്ന് പറഞ്ഞ് അവനെ ശ്രദ്ധിച്ചു
11 വന്നു. എന്തെന്നാൽ ഏറിയ കാലമായി
അവൻെറ ക്ഷുദ്രം കൊണ്ട് അവരെ അത്ഭുത
പ്പെടുത്തിയതിനാൽ അത്രെ അവർ അവനെ
12 അനുസരിച്ചത്. ദൈവരാജ്യത്തെക്കുറിച്ച്
സുവിശേഷിച്ചുകൊണ്ടിരുന്ന ഫീലിപ്പോ
സിനെ വിശ്വസിച്ച് പുരുഷന്മാരും സ്ത്രീകളും
നമ്മുടെ കർത്താവ് യേശു മിശിഹായുടെ
13 നാമത്തിൽ മാമ്മൂദീസായേറ്റു. സീമോനും
വിശ്വസിച്ചു സ്നാനമേറ്റു. അവനും ഫീലി
പ്പോസിനോടു ചേർന്നുനിന്നു. അദ്ദേഹം
മൂലം സംഭവിച്ചുകൊണ്ടിരുന്ന വളരെ
ഏറെ അത്ഭുതങ്ങളും വലിയ വീര്യപ്രവൃ
ത്തികളും കണ്ട് അവൻ അത്യധികമായി
അത്ഭുതപ്പെട്ടു.
14 യറുശലേമിലുണ്ടായിരുന്ന ശ്ലീഹന്മാർ,
ശമറയർ ദൈവവചനം കൈക്കൊണ്ടു
എന്നു കേട്ടപ്പോൾ ശെമഓൻ കീപ്പായേയും
യോഹന്നാനെയും അവരുടെ അടുക്കലേ
15 ക്കയച്ചു. അവർ ഇറങ്ങിച്ചെന്ന്, ശമറയ
വിശ്വാസികൾ പരിശുദ്ധാത്മാവിനെ പ്രാപി
16 ക്കുവാനായി പ്രാർത്ഥിച്ചു. അവരിൽ ഒരുവ
ൻെറമേലും അതുവരെ ആത്മാവു വന്നിരു
ന്നില്ല. അവർ നമ്മുടെ കർത്താവായ യേശു
വിൻെറ നാമത്തിൽ സ്നാനമേൽക്കുക
17 മാത്രമെ ചെയ്തിരുന്നുള്ളു. ശ്ലീഹന്മാർ അവ
രുടെ മേൽ കൈവച്ചപ്പോൾ അവർ പരിശു
18 ദ്ധാത്മാവിനെ പ്രാപിച്ചു. ശ്ലീഹന്മാരുടെ
കൈവെപ്പാൽ പരിശുദ്ധാത്മാവ് നൽകപ്പെ
ടുന്നു എന്ന് സീമോൻ കണ്ടപ്പോൾ, അവൻ
19 അവർക്കു പണം കൊണ്ടുവന്നു. അവരോട്
'ഞാൻ ആരുടെമേൽ കൈവെക്കുന്നുവോ
അവൻ പരിശുദ്ധാത്മാവിനെ പ്രാപിക്കത്ത
ക്കവണ്ണം, ഈ അധികാരം എനിക്കും നൽക
20 ണമെ' എന്നു പറഞ്ഞു. ശെമഓൻ കീപ്പാ
അവനോട്, 'നീ ദൈവത്തിൻെറ നൽവരം
ലൌകിക ധനംകൊണ്ട് സമ്പാദിക്കാമെന്നു
വിചാരിച്ചതിനാൽ, നിൻെറ പണം നിന്നോടു

കൂടെ നാശത്തിലേക്ക് പോകട്ടെ. നിൻെറ 2
ഹൃദയം ദൈവമുമ്പാകെ നേരുള്ളതല്ലാത്ത
തിനാൽ ഈ വിശ്വാസത്തിൽ നിനക്ക് ഓഹ
രിയും അവകാശവുമില്ലതന്നെ. എന്നാൽ, 2
നിൻെറ ഈ തിന്മയിൽനിന്നും നീ അനു
തപിക്കുക, ദൈവത്തോടു പ്രാർത്ഥിക്കുക,
പക്ഷെ നിൻെറ ഹൃദയത്തിൻെറ ദുഷ്ട
വിചാരം ക്ഷമിക്കപ്പെട്ടേക്കാം. എന്തെന്നാൽ 2
നീ കഠിനമായ പകയിലും, അനീതിയുടെ
ബന്ധനത്തിലുമാകുന്നു എന്നു ഞാൻ
കാണുന്നു' എന്നു പറഞ്ഞു. സീമോൻ 2
ഉത്തരമായി: നിങ്ങൾ ഈ പറഞ്ഞവയിൽ
ഒന്നും എൻെറമേൽ വരാതിരിപ്പാനായി,
എനിക്കുവേണ്ടി നിങ്ങൾ ദൈവത്തോടു
പ്രാർത്ഥിക്കണമെ എന്നു പറഞ്ഞു. ശെമ
ഓനും യോഹന്നാനും, അവരെ ദൈവ 2
വചനം സാക്ഷിച്ചു പഠിപ്പിച്ചശേഷം, അവർ
യറുശലേമിലേക്കു തിരികെപ്പോയി. ശമറ
യരുടെ അനേകം ഗ്രാമങ്ങളിൽ അവർ
സുവിശേഷമറിയിച്ചു.
കർത്താവിൻെറ മാലാഖ ഫിലിപ്പോസി 2
നോട് 'നീ എഴുന്നേറ്റ്, യറുശലേമിൽനിന്നും
ഗാസായിലേക്ക് ഇറങ്ങുന്ന മരുഭൂമിയിലൂ
ടെ തെക്കോട്ടു പോകുക' എന്നു പറഞ്ഞു.
അദ്ദേഹം എഴുന്നേറ്റു പോയി. എത്യോപ്യൻ 2
രാജ്ഞിയുടെ മന്ത്രിയും, രാജ്ഞിയുടെ
സർവ്വഭണ്ഡാരത്തിൻെറയും അധികാരി
യുമായ ഒരു ഷണ്ഡനെ കണ്ടുമുട്ടി. ഇവൻ
എത്യോപ്യായിൽനിന്നും യറുശലേമിൽ
ആരാധന നടത്തുവാൻ വന്നവനായിരുന്നു.
അയാൾ തിരികെ പോകുമ്പോൾ രഥത്തിൽ
ഇരുന്ന് ഏശായ ദീർഘദർശിയുടെ പുസ്തകം
വായിക്കുകയായിരുന്നു. ആത്മാവ്, ഫീലി
പ്പോസിനോട്, 'നീ രഥത്തോട് അടുത്ത് നട
ക്കുക' എന്നു പറഞ്ഞു. അദ്ദേഹം അടുത്തു
ചെന്നപ്പോൾ അയാൾ ഏശായ ദീർഘ
ദർശിയുടെ പുസ്തകം വായിക്കുന്നതുകേട്ടു.
അദ്ദേഹം അയാളോട്, 'അങ്ങ് വായിക്കു
ന്നതു മനസ്സിലാകുന്നുണ്ടോ?' എന്നു ചോദി
ച്ചു. 'ആരെങ്കിലും എനിക്ക് അത് ഉപദേശിച്ചു
തരാതെ എങ്ങനെ മനസ്സിലാക്കുവാൻ കഴി
യും?' എന്നു പറഞ്ഞിട്ട് ഫിലിപ്പോസും
രഥത്തിൽ കയറി അയാളോട്കൂടെ ഇരി
പ്പാൻ അപേക്ഷിച്ചു. അയാൾ വായിച്ചിരുന്ന
ഭാഗം ഇതായിരുന്നു: "അവൻ അറുപ്പിന്
കുഞ്ഞാട് എന്നപോലെ കൂട്ടിക്കൊണ്ടു
പോകപ്പെട്ടു രോമം കത്രിക്കുന്നവൻെറ
മുമ്പിൽ പെണ്ണാട് എന്നപോലെ അവൻ
മിണ്ടാതിരുന്നു ഇങ്ങനെ അവൻെറ താഴ്മ
മൂലം അവൻ വായ് തുറന്നില്ല. ബന്ധന

ത്താലും ശിക്ഷാവിധിയാലും അവൻ നയി
ക്കപ്പെട്ടു. അവൻെറ തലമുറയെ ആർ
വിവരിക്കും? ഭൂമിയിൽ നിന്നും അവൻെറ
34 ജീവൻ എടുക്കപ്പെടുന്നു." ആ ഷണ്ഡൻ
ഫീലിപ്പോസിനോട്: 'ഞാൻ അങ്ങയോട
പേക്ഷിക്കുന്നു; ദീർഘദർശി ആരെക്കുറി
ച്ചാണ് ഇതു പറയുന്നത്? തന്നെക്കുറിച്ചു
തന്നെയോ അതോ മറ്റാരെയെങ്കിലും കുറി
ച്ചാണോ? (എന്നു പറഞ്ഞുതരണം)' എന്നു
പറഞ്ഞു.
35 അപ്പോൾ ഫീലിപ്പോസ് വായ തുറന്ന്,
ഈ തിരുവെഴുത്തിൽനിന്നും നമ്മുടെ
കർത്താവായ യേശുവിനെക്കുറിച്ച് സുവി
36 ശേഷിപ്പാൻ തുടങ്ങി. അവർ വഴിയെ
ഇങ്ങനെ പോകുമ്പോൾ, വെള്ളമുള്ള ഒരു
സ്ഥലത്ത് എത്തി. ഷണ്ഡൻ: ഇതാ വെള്ളം.
ഞാൻ സ്നാനമേൽക്കുന്നതിന് ഇനി എന്തു
37 തടസമാണുള്ളത്? എന്നു ചോദിച്ചു. ഫീലി
പ്പോസ് അയാളോട്, 'അങ്ങു പൂർണ്ണഹൃദയ
ത്തോടെ വിശ്വസിക്കുന്നെങ്കിൽ ആകാം'
എന്നു പറഞ്ഞു. അയാൾ പറഞ്ഞു: "യേശു
മ്ശിഹാ ദൈവത്തിൻെറ പുത്രനാകുന്നു
38 എന്നു ഞാൻ വിശ്വസിക്കുന്നു." അയാൾ
രഥം നിറുത്തുവാൻ കല്പിച്ചു. അവർ ഇരു
വരും വെള്ളത്തിൽ ഇറങ്ങി. ഫീലിപ്പോസ്
39 ആ ഷണ്ഡനെ സ്നാനപ്പെടുത്തി. അവർ
വെള്ളത്തിൽനിന്നും കയറിയപ്പോൾ ദൈവ
ത്തിൻെറ ആത്മാവ് ഫീലിപ്പോസിനെ
വഹിച്ചുകൊണ്ടുപോയി. ആ ഷണ്ഡൻ
പിന്നെ അദ്ദേഹത്തെ കണ്ടില്ല. എന്നാലോ,
സന്തോഷത്തോടെ അയാൾ തൻെറ
40 വഴിക്കുപോയി, ഫീലിപ്പോസ് (പിന്നീട്)
അസോത്തോസിൽ കാണപ്പെട്ടു. അവിടെ
നിന്നും അദ്ദേഹം കൈസറിയായിൽ എത്തു
ന്നതുവരെ എല്ലാ നഗരങ്ങളിലും ചുറ്റി സഞ്ച
രിച്ചു സുവിശേഷിച്ചുകൊണ്ടിരുന്നു.

അദ്ധ്യായം 9

ശൌൽ അപ്പോഴും നമ്മുടെ കർത്താ
വിൻെറ ശിഷ്യന്മാർക്കെതിരെ അവരെ
കൊന്നുകളയത്തക്കവണ്ണമുള്ള കോപവും
ക്രോധവും നിറഞ്ഞവനായി, ഈ മാർഗ്ഗ
ത്തിൽ നടക്കുന്ന പുരുഷന്മാരെയോ സ്ത്രീക
ളെയോ കണ്ടെത്തിയാൽ അവരെ ബന്ധന
സ്ഥരാക്കി യറുശലേമിലേക്കു കൊണ്ടു
വരുവാൻ തക്കവണ്ണം ദമസ്കോസിലെ
സംഘങ്ങൾക്കു കൊടുപ്പാൻ മഹാപുരോ
ഹിതനിൽനിന്നും അയാൾ എഴുത്തുകൾ
ആവശ്യപ്പെട്ടു. അയാൾ പൊയ്ക്കൊണ്ടിരി 3
ക്കെ ദമസ്കോസിന് അടുത്തെത്താറായി.
അപ്പോൾ പെട്ടെന്ന് ആകാശത്തുനിന്ന് ഒരു
പ്രകാശം അയാളുടെമേൽ ശോഭിച്ചു.
അയാൾ നിലത്തു വീണുപോയി. "ശൌലേ 4
ശൌലേ നീ എന്തിനാണ് എന്നെ പീഡിപ്പി
ക്കുന്നത്? മുള്ളുകളോട് ഉതയ്ക്കുന്നത് നിന
ക്ക് അസാദ്ധ്യമാകുന്നു"* എന്നു തന്നോട്
പറയുന്ന ഒരു ശബ്ദം അയാൾ കേട്ടു.
അയാൾ ഉത്തരമായിട്ട് 'നാഥാ, അങ്ങ് 5
ആരാകുന്നു' എന്നു ചോദിച്ചു. നമ്മുടെ
കർത്താവ് അവനോട് - 'നീ ആരെ പീഡി 6
പ്പിക്കുന്നുവോ ആ നസ്രയനായ യേശുവാ
കുന്നു ഞാൻ. എന്നാൽ നീ എഴുന്നേറ്റു
പട്ടണത്തിൽ പ്രവേശിക്കുക. നീ എന്താണ്
ചെയ്യേണ്ടത് എന്നതിനെക്കുറിച്ച് അവിടെ
വച്ചു നിന്നോടു പറയപ്പെടും' എന്നു പറ
ഞ്ഞു. യാത്രയിൽ അയാളോടുകൂടെപ്പോയി 7
രുന്ന മനുഷ്യർ വിസ്മയത്തോടെ നിന്നു
പോയി. എന്തെന്നാൽ ശബ്ദം മാത്രമെ
അവർ കേട്ടുള്ളു. ആരെയും അവർ കണ്ടില്ല!
ശൌൽ നിലത്തുനിന്നും എഴുന്നേറ്റു. കണ്ണു 8
കൾ തുറന്നിരുന്നിട്ടും ഒന്നും അയാൾക്കു
കാണുവാൻ കഴിഞ്ഞില്ല. അവർ അയാളെ
കൈയ്ക്കുപിടിച്ച് ദമസ്കോസിലേക്ക് കൊ
ണ്ടുപോയി. മൂന്നു ദിവസം അയാൾ കാഴ്ച 9
യില്ലാതെയും ഒന്നും ഭക്ഷിക്കാതെയും പാനം
ചെയ്യാതെയും ഇരുന്നു.
ദമസ്കോസിൽ 'ഹാനനിയ' (അനനി 10
യാസ്) എന്നു പേരുള്ള ഒരു ശിഷ്യൻ ഉണ്ടാ
യിരുന്നു. കർത്താവ് ദർശനത്തിൽ അയാ
ളോട്: 'ഹാനനിയാ' എന്നു പറഞ്ഞു. അയാൾ
തന്നോട് 'എൻെറ കർത്താവെ, അടിയൻ
ഇതാ' എന്നു പറഞ്ഞു. നമ്മുടെ കർത്താവ് 11
അയാളോട് 'നീ എഴുന്നേറ്റ് നേർവീഥി എന്ന
തെരുവിൽ, യഹൂദായുടെ ഭവനത്തിൽ
തർശീശുകാരൻ ശൌലിനെ അന്വേഷി
ക്കുക. എന്തെന്നാൽ അവൻ പ്രാർത്ഥിച്ചു 12
കൊണ്ടിരിക്കവെ, അവൻെറ കണ്ണുകൾ തുറ
ക്കപ്പെടേണ്ടതിന്നായി, ഹാനനിയാ എന്നു
പേരുള്ള ഒരു മനുഷ്യൻ പ്രവേശിച്ച് അവ
ൻെറമേൽ കൈവെക്കുന്നതായി അവൻ
ദർശനത്തിൽ കണ്ടിരിക്കുന്നു' എന്നു പറ
ഞ്ഞു. ഹാനനിയായാകട്ടെ 'എൻെറ കർത്താ 13
വേ, ഈ മനുഷ്യൻ യറുശലേമിൽ അങ്ങയു
ടെ വിശുദ്ധന്മാരെ എത്രയേറെ ഞെരുക്കങ്ങ
ളാണ് അനുഭവിപ്പിച്ചതെന്ന്, അനേകരിൽ
നിന്നും ഞാൻ കേട്ടിട്ടുണ്ട്. ഇവിടെയും അങ്ങ 14

* ഈ വാചകം ചില പതിപ്പുകളിൽ ഇല്ല.

യുടെ നാമം വിളിക്കുന്നവരെയെല്ലാം
ബന്ധനസ്ഥരാക്കുവാൻ, പ്രധാനാചാര്യ
ന്മാരിൽ നിന്ന് അധികാരപത്രവുമുണ്ടല്ലോ"
15 എന്നു പറഞ്ഞു. കർത്താവ് അയാളോട് -
"നീ എഴുന്നേറ്റു പൊയ്ക്കൊള്ളുക. എന്തെ
ന്നാൽ, പുറജാതികളുടെയും രാജാക്കന്മാ
രുടെയും ഇസ്രയേൽ മക്കളുടെയും മുമ്പിൽ
എൻെറ നാമം വഹിപ്പാൻ അവൻ എനി
ക്കായി തെരഞ്ഞെടുക്കപ്പെട്ട പാത്രമാകു
16 ന്നു. എൻെറ നാമത്തിനുവേണ്ടി അവൻ
എത്രയേറെ കഷ്ടമനുഭവിപ്പാനിരിക്കുന്നു
എന്നു ഞാൻ അവനു കാണിച്ചുകൊടുക്കും"
എന്നു പറഞ്ഞു.
17 അപ്പോൾ ഹാനനിയാ ആ ഭവനത്തിൽ
അയാളുടെ അടുക്കലേക്ക് പോയി; അയാ
ളുടെ മേൽ കൈവച്ചുകൊണ്ട് "എൻെറ
സഹോദരാ, ശൌലേ, നീ വരുന്ന വഴി
യിൽ വച്ച് നിനക്കു പ്രത്യക്ഷനായ നമ്മുടെ
കർത്താവായ യേശു നിൻെറ കണ്ണുകൾ
തുറക്കപ്പെടേണ്ടതിനും, നീ വിശുദ്ധാത്മാ
വുകൊണ്ടു നിറവുള്ളവനാകുവാനുമായി
എന്നെ അയച്ചിരിക്കയാണ്"- എന്നു പറ
18 ഞ്ഞു. തൽക്ഷണം അവൻെറ കണ്ണുകളിൽ
നിന്നും ചെതുമ്പൽപോലെയുള്ള എന്തോ
വീണുപോയി! അവന് കാഴ്ച ലഭിക്കുകയും
ചെയ്തു.
19 അവൻ എഴുന്നേറ്റ് മാമ്മൂദീസാ സ്വീക
20 രിച്ചു. ഭക്ഷണം കഴിച്ച് ശക്തിപ്പെട്ടു. അയാൾ
കുറെ ദിവസം ദമസ്കോസിലുള്ള ശിഷ്യ
ന്മാരുടെ അടുക്കൽ പാർത്തു. താമസിയാ
തെ "യേശു ദൈവത്തിൻെറ പുത്രനാകു
ന്നു" എന്ന് യഹൂദന്മാരുടെ സംഘാലയങ്ങ
21 ളിൽ പ്രസംഗിച്ചു. അദ്ദേഹത്തെ കേട്ടുകൊ
ണ്ടിരുന്നവർ എല്ലാവരും അത്ഭുതപ്പെട്ടു.
"യറുശലേമിൽ ഈ നാമം വിളിക്കുന്ന
എല്ലാവരേയും പീഡിപ്പിച്ചുകൊണ്ടിരിക്കു
കയും ഇവിടെ അങ്ങനെയുള്ളവരെ ബന്ധ
നസ്ഥരാക്കി പ്രധാനാചാര്യന്മാരുടെ അടു
ക്കൽ കൊണ്ടുപോകുവാൻ അവരാൽ അയ
യ്ക്കപ്പെട്ടിരിക്കയും ചെയ്യുന്നവനല്ലയോ
ഈയാൾ" എന്ന് പറയുകയും ചെയ്തു.
22 ശൌൽ കൂടുതൽ ശക്തി പ്രാപിച്ചു.
(യേശു) തന്നെ മ്ശീഹാ എന്ന് തെളിയിച്ചു
കാണിച്ചുകൊണ്ട് ദമസ്കോസിൽ പാർത്തി
23 രുന്ന യഹൂദന്മാരെ സംഭ്രമിപ്പിച്ചു. വളരെ
ദിവസങ്ങൾ ഇങ്ങനെ കഴിഞ്ഞപ്പോൾ, യഹൂ
ദന്മാർ തന്നെ കൊല്ലുവാനായി വഞ്ചനാ
24 പൂർവ്വം ആലോചിച്ചു. തന്നോട് അവർ ചെ
യ്യുവാനിരിക്കുന്ന കാര്യവും തന്നെ കൊല്ലു
വാൻ പട്ടണവാതില്ക്കലെല്ലാം അവർ
രാവും പകലും കാവൽ നിൽക്കുന്നതായും
അദ്ദേഹത്തിന്നു മുന്നറിവു കിട്ടി. അപ്പോൾ 25
ശിഷ്യന്മാർ അദ്ദേഹത്തെ ഒരു കുട്ടയിലി
രുത്തി രാത്രിയിൽ കോട്ടമതിലിൽനിന്നും
കെട്ടിയിറക്കി.
അദ്ദേഹം യറുശലേമിലേക്ക് പോയി. 26
ശിഷ്യന്മാരോട് ചേർന്നു നടക്കുവാൻ ആഗ്ര
ഹിച്ചു. എന്നാൽ എല്ലാവരും അദ്ദേഹത്തെ
ഭയപ്പെട്ടു. താൻ ഒരു ശിഷ്യനാണെന്ന്
അവർ വിശ്വസിച്ചില്ല. എന്നാൽ ബർനബാ
അദ്ദേഹത്തെ ശ്ലീഹന്മാരുടെ അടുക്കലേക്ക്
കൂട്ടിക്കൊണ്ടുപോയി. അയാൾ അവരോട് 27
താൻ വഴിയിൽവച്ച് കർത്താവിനെ കണ്ട
തെങ്ങനെ? കർത്താവു തന്നോട് എങ്ങനെ 28
സംസാരിച്ചു? ദമസ്കോസിൽ താൻ യേശു
വിൻെറ നാമത്തിൽ എങ്ങനെ സംസാരിച്ചു?
എന്നെല്ലാമുള്ള കാര്യങ്ങൾ വിശദമായി
അറിയിച്ചു. അദ്ദേഹം അവരോടുകൂടെ യറു 29
ശലേമിൽ പ്രവേശിച്ച് സഞ്ചരിക്കുകയും
യേശുവിൻെറ നാമത്തിൽ ധൈര്യമായി
സംസാരിക്കുകയും, ഗ്രീക്കു ഭാഷ അറിയാമാ
യിരുന്ന യഹൂദന്മാരോട് വാദപ്രതിവാദം ചെ
യ്കയും ചെയ്തു വന്നു. അവർ തന്നെ കൊല്ലു
വാൻ ആഗ്രഹിച്ചു. സഹോദരന്മാർ ഇതറി 30
ഞ്ഞ് രാത്രിയിൽ കൈസറിയായ്ക്കു കൊ
ണ്ടുപോകുകയും അവിടെനിന്നും തർസീ
സിലേക്ക് അദ്ദേഹത്തെ അയയ്ക്കുകയും
ചെയ്തു. യഹൂദിയാ മുഴുവനിലും, ഗലീലയി 31
ലും ശമറിയയിലും സഭയ്ക്കു സമാധാനമു
ണ്ടായി. അവ ആത്മികാഭിവൃദ്ധി പ്രാപിച്ചും
ദൈവഭക്തിയിൽ നടന്നും, പരിശുദ്ധാത്മാ
വിൻെറ ആശ്വാസത്താൽ വർദ്ധിച്ചും വന്നു.
ശെമഓൻ പട്ടണങ്ങളിൽ ചുറ്റി സഞ്ച 32
രിച്ചു വരവെ, ലുദ് പട്ടണത്തിൽ പാർക്കുന്ന
വിശുദ്ധരുടെയും അടുക്കൽ ചെന്നെത്തി.
അവിടെ പക്ഷവാതം പിടിച്ച് എട്ടു സംവ 33
ത്സരമായി കട്ടിലിൽ കിടപ്പായിരുന്ന 'അനി
യാസ്' എന്നു പേരുള്ള ഒരു മനുഷ്യനെ ക
ണ്ടെത്തി. ശെമഓൻ അവനോട്, "അനിയാ 34
സേ, യേശുമിശിഹാ നിന്നെ സൌഖ്യമാ
ക്കുന്നു. നീ എഴുന്നേറ്റ് നിൻെറ കിടക്ക വിരി
ക്കുക" എന്നു പറഞ്ഞു. അതേ നാഴികയിൽ
അവൻ എഴുന്നേറ്റു. ലുദ്ദയിലും സാറോ 35
നായിലും പാർക്കുന്ന എല്ലാവരും അവനെ
ക്കണ്ട്, അവർ ദൈവത്തിങ്കലേക്ക് തിരിഞ്ഞു.
യോപ്പാ പട്ടണത്തിൽ തബീത്താ എന്നു 36
പേരുള്ള ഒരു ശിഷ്യയുണ്ടായിരുന്നു. അവൾ
ചെയ്തുപോന്ന സൽപ്രവൃത്തികളിലും ദാന
ധർമ്മങ്ങളിലും സമ്പന്നയായിരുന്നു. ആ 37
നാളുകളിൽ അവൾ രോഗിണിയായി മരിച്ചു.

അവളെ കുളിപ്പിച്ച് മേൽ മുറിയിൽ കിടത്തി.
38 യോപ്പായ്ക്കു സമീപമുള്ള ലൂദ് പട്ടണ
ത്തിൽ ശെമഓൻ ഉണ്ടെന്നു ശിഷ്യന്മാർ
കേട്ടിട്ട്, അദ്ദേഹം മടിയ്ക്കാതെ അവരുടെ
അടുക്കൽ എത്തണമെന്ന് തന്നോടപേക്ഷി
ക്കുവാൻ രണ്ടുപേരെ തൻെറ അടുക്കൽ
39 അയച്ചു. ശെമഓൻ എഴുന്നേറ്റ് അവരുടെ
കൂടെപോയി. അദ്ദേഹം വന്നുചേർന്നപ്പോൾ
അവർ അദ്ദേഹത്തെ മേൽ മുറിയിലേക്കു
കൂട്ടിക്കൊണ്ടു പോയി. തൻെറ ചുറ്റുമായി
വിധവമാരെല്ലാം അവിടെ കൂട്ടംകൂടി കര
ഞ്ഞുകൊണ്ടു നിന്നിരുന്നു. തബീത്താ
ജീവിച്ചിരുന്നപ്പോൾ അവൾ അവർക്കു
സമ്മാനിച്ച കുപ്പായങ്ങളും അങ്കികളും
അവർ തന്നെ കാണിച്ചുകൊടുത്തു. ശെമ
ഓൻ എല്ലാവരെയും പുറത്തേക്കു പറഞ്ഞ
40 യച്ചിട്ടു മുട്ടുകുത്തി പ്രാർത്ഥിച്ചു. മൃതശരീര
ത്തിങ്കലേക്ക് അദ്ദേഹം തിരിഞ്ഞ്: "തബീ
ത്താ എഴുന്നേൽക്കുക" എന്നു പറഞ്ഞു.
അവൾ കണ്ണുകൾ തുറന്നു! ശെമഓനെ
കണ്ട് എഴുന്നേറ്റിരുന്നു. താൻ കൈനീട്ടി
41 അവളെ എഴുന്നേല്പിച്ചു. 'വിശുദ്ധരേയും'
വിധവമാരെയും വിളിച്ച് അവളെ ജീവനു
42 ള്ളവളായി ഏല്പിച്ചുകൊടുത്തു. ഈ
വിവരം പട്ടണമാകെ പ്രസിദ്ധമായി. അനേ
കർ നമ്മുടെ കർത്താവിൽ വിശ്വസിച്ചു.
43 അദ്ദേഹം യോപ്പായിൽ തോൽപണിക്കാ
രനായ ശെമഓൻെറ ഭവനത്തിൽ വളരെ
ദിവസങ്ങൾ പാർത്തു.

അദ്ധ്യായം 10

1 കൈസറിയായിൽ, 'ഇറ്റാലിക്കീ' എന്നു
വിളിക്കപ്പെടുന്ന സൈന്യവിഭാഗത്തിൽ
'കൊർന്നല്യോസ്' എന്നു പേരുള്ള ഒരു
2 ശതാധിപൻ ഉണ്ടായിരുന്നു. ഇയാൾ നീതി
മാനും ദൈവഭക്തിയുള്ളവനുമായിരുന്നു.
അയാളും കുടുംബം മുഴുവനും, ജനത്തിന്
വളരെയേറെ ദാനധർമ്മങ്ങൾ ചെയ്കയും,
എപ്പോഴും ദൈവത്തോടു പ്രാർത്ഥിക്കയും
3 ചെയ്തുവന്നു. (ഒരു ദിവസം) പകൽ ഒമ്പതാം
മണി സമയത്ത് ദൈവത്തിൻെറ മാലാഖ
വ്യക്തമായി ദർശനത്തിൽ അയാളുടെ അടു
ത്തേക്കുവന്ന് അയാളോട് 'കൊർന്നല്യോ
4 സേ' എന്നു പറയുന്നതായി കണ്ടു. അയാൾ
മാലാഖയെ സൂക്ഷിച്ചുനോക്കിക്കൊണ്ട്,
"എൻെറ യജമാനനേ എന്ത്?" എന്നു പറ
ഞ്ഞു. മാലാഖ അയാളോട് "നിൻെറ
പ്രാർത്ഥനകളും ദാനധർമ്മങ്ങളും ദൈവസ
ന്നിധിയിൽ ഓർമ്മയ്ക്കായി കരേറിയിരി
5 ക്കുന്നു. ഇപ്പോൾ നീ യോപ്പായിലേക്ക്
ആളുകളെ അയച്ച് 'കീപ്പാ' എന്നു വിളിക്ക
പ്പെടുന്ന ശെമഓനെ വരുത്തുക. ഇതാ 6
അവൻ കടൽത്തീരത്തു താമസിക്കുന്ന
തോൽപണിക്കാരനായ ശെമഓൻെറ
വീട്ടിൽ പാർക്കുന്നുണ്ട്," എന്നു പറഞ്ഞു.
അയാളോടു സംസാരിച്ച മാലാഖ പോയ 7
ഉടനെ, അയാൾ തൻെറ വീട്ടുകാരിൽ രണ്ടു
പേരെയും എപ്പോഴും തന്നോടുകൂടെ പെരു
മാറിയിരുന്നവനും, ദൈവഭക്തനുമായ ഒരു ഭട
നേയും വിളിച്ച്, താൻ കണ്ടതെല്ലാം വിവര 8
മായി അവരെ ധരിപ്പിച്ച് അവരെ യോപ്പാ
യ്ക്ക് അയച്ചു.

അവർ യാത്ര ചെയ്ത്, പിറ്റെദിവസം പട്ടണ 9
ത്തോട് അടുക്കാറായ സമയം, ആറാംമണി
നേരത്തു പ്രാർത്ഥിപ്പാനായി ശെമഓൻ മേൽ
മുറിയിൽ കയറി. അദ്ദേഹത്തിനു വിശന്നു. 10
വല്ലതും ഭക്ഷിപ്പാൻ ആഗ്രഹിച്ചു. (വീട്ടിലുള്ള
വർ) അദ്ദേഹത്തിന് ഭക്ഷണം തയ്യാറാക്കി
ക്കൊണ്ടിരുന്നു. തനിക്ക് ഒരു വിവശത വന്നു. 11
ആകാശം തുറക്കപ്പെട്ടിരിക്കുന്നതായും
വലിയ കേത്താനാ തുണിപോലുള്ളതും
നാലു മൂലയും ബന്ധിതവുമായ ഒരു വസ്ത്രം
ആകാശത്തിൽനിന്നും ഭൂമിയിലേക്ക് ഇറ
ങ്ങിവരുന്നതായും അദ്ദേഹം കണ്ടു. അതിൽ 12
ഭൂമിയിലെ എല്ലാ നാൽക്കാലികളും ഇഴ
ജന്തുക്കളും, ആകാശത്തിലെ പക്ഷികളുമു 13
ണ്ടായിരുന്നു. 'ശെമഓനേ, എഴുന്നേറ്റ് അറു
ത്തു ഭക്ഷിക്കുക' എന്നു പറയുന്ന ശബ്ദ
വും അദ്ദേഹം കേട്ടു. ശെമഓൻ 'എൻെറ 14
കർത്താവെ അതരുതെ, എന്തെന്നാൽ
മലിനവും അശുദ്ധവുമായ ഒന്നും ഞാൻ
ഒരിക്കലും ഭക്ഷിച്ചിട്ടില്ലല്ലോ' - എന്നു പറ
ഞ്ഞു. വീണ്ടും രണ്ടാംപ്രാവശ്യവും 'ദൈവം 15
വെടിപ്പാക്കിയവയെ നീ അശുദ്ധമെന്ന്
വിചാരിക്കരുത്' എന്നൊരു ശബ്ദം അവൻ
കേട്ടു. ഇതു മൂന്നു പ്രാവശ്യം സംഭവിച്ചു. 16
അനന്തരം ആ വസ്ത്രം ആകാശത്തേക്ക്
ഉയർന്നു പോയി. താൻ കണ്ട ഈ ദർശനം 17
എന്തായിരിക്കും എന്ന് ശെമഓൻ വിസ്മ
യിച്ചുകൊണ്ടിരിക്കുമ്പോൾ, കൊർന്നൊലി
യോസിനാൽ അയയ്ക്കപ്പെട്ട ആളുകൾ
അവിടെ എത്തി. ശെമഓൻ പാർത്തിരുന്ന
വീടിനെക്കുറിച്ച് അവർ അന്വേഷിച്ച്, പടി
വാതിൽക്കൽ വന്നുനിന്നു. 'കീപ്പാ എന്നു 18
വിളിക്കപ്പെടുന്ന ശെമഓൻ ഇവിടെയാ
ണോ പാർക്കുന്നതെ'ന്ന് അവർ വിളിച്ചു
ചോദിച്ചു. ശെമഓൻ, ദർശനത്തെക്കുറിച്ച് 19
ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ആത്മാവ്
അവനോട്: "ഇതാ മൂന്നുപേർ നിന്നെ
അന്വേഷിക്കുന്നു. നീ എഴുന്നേറ്റ്, താഴെയി 20

റങ്ങിച്ചെല്ലുക- സംശയിക്കാതെ അവരോടു
കൂടെ പൊയ്ക്കൊള്ളുക. എന്തെന്നാൽ
ഞാൻ അത്രെ അവരെ അയച്ചിരിക്കുന്നത്"
21 എന്നു പറഞ്ഞു. അപ്പോൾ ശെമഓൻ ആ
ആളുകളുടെ അടുക്കൽ ഇറങ്ങിവന്ന് അവ
രോട് "നിങ്ങൾ അന്വേഷിക്കുന്നയാൾ
ഞാൻ തന്നെ. നിങ്ങൾ വന്നകാര്യം എന്താ
22 കുന്നു?" എന്നു ചോദിച്ചു. അവർ അദ്ദേഹ
ത്തോട് നീതിമാനും, ദൈവഭക്തനും, യഹൂദ
ജനത മുഴുവനിലുംനിന്നും നല്ല സാക്ഷ്യമു
ള്ളവനും, ശതാധിപനുമായ കൊർന്നല്യോ
സ് എന്നു പേരുള്ള ആളിനോട് ദൈവത്തി
ൻെറ പരിശുദ്ധ മാലാഖ 'അദ്ദേഹം ആളയച്ച്
അങ്ങയെ തൻെറ ഭവനത്തിലേക്ക് ആന
യിച്ച് അങ്ങയിൽനിന്നും വചനം കേൾക്കണ
മെന്ന് ദർശനത്തിൽ പറയപ്പെട്ടിരിക്കുക
23 യാണ്' എന്നു പറഞ്ഞു. ശെമഓൻ അവരെ
ഭവനത്തിലേക്ക് പ്രവേശിപ്പിച്ച് താൻ
പാർത്തിരുന്ന സ്ഥലത്ത് അവരെ സ്വീക
രിച്ചു. അടുത്ത ദിവസം അദ്ദേഹം എഴുന്നേറ്റ്
അവരുമൊരുമിച്ച് പോയി. തന്നോടുകൂടെ
യോപ്പായിലെ സഹോദരന്മാരിൽ ചിലരും
24 പോയിരുന്നു. അടുത്ത ദിവസം അവർ
കൈസറിയായിൽ എത്തി. കൊർന്നല്യോ
സ് തൻെറ ഭവനക്കാരായ എല്ലാവരെയും
അവൻെറ സ്നേഹിതരേയും വിളിച്ചു കൂട്ടി,
കാത്തിരിക്കുകയായിരുന്നു.
25 ശെമഓൻ കടന്നു ചെന്നപ്പോൾ,
കൊർന്നല്യോസ് അദ്ദേഹത്തെ എതിരേറ്റു
കൊണ്ട് അദ്ദേഹത്തിൻെറ കാൽക്കൽ
26 വീണു വന്ദിച്ചു. "എഴുന്നേൽക്കുക, ഞാനും
ഒരു മനുഷ്യൻ തന്നെ" എന്നു പറഞ്ഞ്
അദ്ദേഹം അയാളെ പിടിച്ചെഴുന്നേൽപ്പിച്ചു.
27 അയാളോടു സംസാരിച്ചു കൊണ്ട് അകത്തു
പ്രവേശിച്ചപ്പോൾ, അവിടെ അനേകർ ആഗ
28 തരായിരിക്കുന്നതു കണ്ടു. അദ്ദേഹം അവ
രോട്, ഒരു യഹൂദന് അവൻെറ വംശക്കാര
ല്ലാത്ത അന്യരായ ആളുകളുമായി ചേരു
വാൻ അനുവാദമില്ല എന്നു നിങ്ങൾക്ക
റിയാമല്ലോ. എന്നാൽ ഒരുവനെക്കുറിച്ചും
അവൻ മലിനൻ എന്നോ അശുദ്ധൻ എന്നോ
ഞാൻ പറയരുത് എന്നു ദൈവം എന്നെ കാ
29 ണിച്ചു തന്നിരിക്കുന്നു. അതിനാലാണ്
നിങ്ങൾ എനിക്കായി ആളയച്ചപ്പോൾ ഞാൻ
ഒരുങ്ങി വന്നിരിക്കുന്നത്. എന്നാൽ നിങ്ങൾ
എനിക്കാളയച്ചത് എന്തിനാണ് എന്നു
ഞാൻ ചോദിക്കയാണ് - എന്നു പറഞ്ഞു.
കൊർന്നല്യോസ് അദ്ദേഹത്തോടു പറഞ്ഞു:
30 "ഇപ്പോൾ നാലു ദിവസമായി - ഞാൻ
ഉപവസിക്കുകയായിരുന്നു. എൻെറ ഭവന
ത്തിൽ ഒൻപതാം മണിനേരത്തു ഞാൻ
പ്രാർത്ഥിച്ചുകൊണ്ടു നിൽക്കുമ്പോൾ,
കണ്ടാലും, വെള്ള വസ്ത്രധാരിയായ ഒരാൾ
എൻെറ മുമ്പിൽ നിന്നുകൊണ്ട് എന്നോട്:
കൊർന്നല്യോസെ, നിൻെറ പ്രാർത്ഥന 31
കേൾക്കപ്പെട്ടിരിക്കുന്നു. നിൻെറ ദാനധർമ്മ
ങ്ങൾ ദൈവമുമ്പാകെ ഓർമ്മയ്ക്കായുമിരി
ക്കുന്നു. നീ യോപ്പാ പട്ടണത്തിലേക്ക് ആള 32
യച്ച് കീപ്പാ എന്നു വിളിക്കപ്പെടുന്ന ശെമ
ഓനെ വരുത്തുക. അവൻ കടൽക്കരയിൽ
തോൽ പണിക്കാരനായ ശെമഓൻെറ ഭവന
ത്തിൽ പാർക്കുന്നു, അവൻ വന്ന് നിന്നോടു
സംസാരിക്കും" എന്നു പറഞ്ഞു. തൽക്ഷണം 33
തന്നെ ഞാൻ അങ്ങയുടെ അടുക്കൽ ആള
യച്ചു. അവിടുന്നു വന്നതു നന്നായി. ഇതാ
ഞങ്ങളെല്ലാം അങ്ങയുടെ മുമ്പാകെ കൂടി
യിരിക്കുന്നു. ദൈവത്താൽ അങ്ങയോട്
കല്പിക്കപ്പെട്ടിട്ടുള്ളതെല്ലാം കേൾക്കു
വാൻ ഞങ്ങൾ ആഗ്രഹത്തോടിരിക്കുന്നു."
അപ്പോൾ ശെമഓൻ വായ് തുറന്ന് പറ 34
ഞ്ഞത്: "ദൈവത്തിനു മുഖപക്ഷമില്ലെന്നും, 35
സർവ്വ ജാതികളിലും നീതി പ്രവർത്തിക്കു
കയും, തന്നെ ആരാധിക്കയും ചെയ്യുന്നവരെ
താൻ സ്വീകരിക്കുമെന്നും സത്യമായും
ഞാൻ ഗ്രഹിച്ചിരിക്കുന്നു. എന്തെന്നാൽ 36
താൻ ഇസ്രായേൽ മക്കൾക്ക് വചനം അയ
യ്ക്കുകയും സകലത്തിൻെറയും കർത്താ
വായ യേശു മ്ശിഹാ വഴിയായി സമാധാന
വും സംപ്രീതിയും അറിയിക്കുകയും ചെയ്തു.
യോഹന്നാൻ പ്രസംഗിച്ച സ്നാനത്തിന്നു 37
ശേഷം, ഗലീലായിൽ തുടങ്ങി, യഹൂദിയ, മു
ഴുവനിലും സംഭവിച്ച കാര്യങ്ങൾ (അതായ
ത്, നസ്രയനായ യേശുവിനെക്കുറിച്ചുള്ള
തു്) ദൈവം പരിശുദ്ധാത്മാവുകൊണ്ടും ശ 38
ക്തി കൊണ്ടും തന്നെ അഭിഷേകം ചെയ്തു.
ദൈവം തന്നോടുകൂടെത്തന്നെയുണ്ടായിരു
ന്നതിനാൽ താൻ ചുറ്റിസ്സഞ്ചരിച്ച്, പിശാചി
നാൽ ഉപദ്രവിക്കപ്പെട്ടിരുന്ന എല്ലാവരേയും
സുഖപ്പെടുത്തിക്കൊണ്ടിരുന്നു. യഹൂദിയാ 39
ദേശം മുഴുവനിലും, യറുശലേമിലും താൻ
പ്രവർത്തിച്ച എല്ലാ കാര്യങ്ങൾക്കും ഞങ്ങൾ
സാക്ഷികളുമാകുന്നു. യഹൂദന്മാർ അദ്ദേഹ 40
ത്തെ (ക്രൂശു) മരത്തിൽ തൂക്കിക്കൊന്നു.
മൂന്നാം ദിവസം ദൈവം അദ്ദേഹത്തെ
ഉയിർത്തെഴുന്നേൽപ്പിച്ചു. പരസ്യമായി
കാണപ്പെടുമാറാക്കുകയും ചെയ്തു. സർവ്വ 41
ജനത്തിനുമല്ല, തനിക്കു സാക്ഷികളാകു
വാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട
ഞങ്ങൾക്കു മാത്രം. മരിച്ചവരുടെ ഇടയിൽ
നിന്നുള്ള തൻെറ പുനരുത്ഥാനശേഷം

ഞങ്ങൾ തന്നോടുകൂടെ ഭക്ഷിക്കുകയും
42 കുടിക്കുകയും ചെയ്തവരത്രെ. ജീവനുളളവ
രുടെയും മരിച്ചവരുടേയും ന്യായാധിപ
നായി ദൈവത്താൽ വേർതിരിക്കപ്പെട്ടവൻ
ഇവനാകുന്നു എന്ന് ജനത്തോട് പ്രസംഗിച്ച്
സാക്ഷീകരിക്കുവാൻ താൻ ഞങ്ങൾക്ക്
43 കല്പന തന്നു. തൻെറ നാമത്തിൽ വിശ്വ
സിക്കുന്ന ഏവനും പാപമോചനം പ്രാപി
ക്കും എന്നു തന്നെക്കുറിച്ച് സർവ്വ പ്രവാച
കന്മാരും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു."
44 ശെമഓൻ ഈ വാക്കുകൾ സംസാരിച്ചു
കൊണ്ടിരുന്നപ്പോൾ വചനം കേട്ടിരുന്ന
എല്ലാവരുടെമേലും പരിശുദ്ധാത്മാവ്
45 ആവസിച്ചു. ജാതികളുടെമേലും പരിശുദ്ധാ
ത്മാവിൻെറ ദാനം വർഷിക്കപ്പെട്ടതു കണ്ട്
അദ്ദേഹത്തോടുകൂടെ വന്ന പരിഛേദന
ക്കാരായ സഹോദരൻമാർ വിസ്മയിച്ച്
46 അത്ഭുതപ്പെട്ടു. എന്തെന്നാൽ അവർ ഓരോ
ഭാഷയിൽ സംസാരിച്ച് ദൈവത്തെ മഹിമ
47 പ്പെടുത്തുന്നതായി അവർ കേട്ടു. അപ്പോൾ
ശെമഓൻ 'ഇവരും നമ്മെപ്പോലെ പരിശു
ദ്ധാത്മാവിനെ പ്രാപിച്ചിരിക്കുകകൊണ്ട്,
ഇവർ മാമ്മൂദീസാ ഏൽക്കാതിരിക്കത്തക്ക
വണ്ണം വെള്ളം വിലക്കുവാൻ ആർക്കു കഴി
48 യും?' എന്നു പറഞ്ഞു. അനന്തരം അദ്ദേഹം
അവരോട് നമ്മുടെ കർത്താവേശുമ്ശീഹാ
യുടെ നാമത്തിൽ മാമ്മൂദീസാ ഏല്ക്കു
വാൻ ആജ്ഞാപിച്ചു. താൻ അവരുടെ കൂടെ
കുറെ ദിവസം താമസിക്കണമെന്ന് അവർ
തന്നോട് അപേക്ഷിച്ചു.

അദ്ധ്യായം 11

1 പുറജാതികളും ദൈവവചനം സ്വീക
രിച്ചുവെന്ന് യഹൂദ്യയിലുള്ള ശ്ലീഹന്മാരും
2 സഹോദരന്മാരും കേട്ടു. കീപ്പാ യറുശലേ
മിൽ ചെന്നപ്പോൾ, അദ്ദേഹം, അഗ്രചർമ്മി
കളുടെ (ചേലാകർമ്മം ചെയ്യാത്തവരുടെ)
3 കൂടെ ചെന്ന് അവരോടൊരുമിച്ച് ഭക്ഷ
ണവും കഴിച്ചു എന്നു പറഞ്ഞുകൊണ്ട് പരി
ഛേദനക്കാരിൽ ചിലർ തൻെറമേൽ കുറ്റം
4 ചുമത്തി. ശെമഓൻ വിവരം ഒന്നിനു പുറകെ
ഒന്നായി അവരോടു പറഞ്ഞു തുടങ്ങി:-
5 "ഞാൻ യോപ്പായിൽവച്ചു പ്രാർത്ഥിച്ചു
കൊണ്ടിരിക്കവെ, നാലുമൂലയും കെട്ടപ്പെട്ട
തും കേത്താനായോടു സാമ്യമുള്ളതുമായ
ഒരു വസ്ത്രം ആകാശത്തിൽ നിന്നും എൻെറ
അടുക്കൽവരെയും ഇറങ്ങി വരുന്നതായി
ദർശനത്തിൽ ഞാൻ കണ്ടു. ഞാൻ
6 സൂക്ഷിച്ചുനോക്കി. അതിൽ ഭൂമിയിലെ
നാൽക്കാലികളേയും ഇഴജന്തുക്കളേയും
ആകാശത്തിലെ പക്ഷികളേയും ഞാൻ
കണ്ടു. 'ശെമഓനെ! എഴുന്നേറ്റ് അറുത്തു 7
ഭക്ഷിക്കുക' എന്ന് എന്നോടു പറയുന്ന
ശബ്ദവും ഞാൻ കേട്ടു. അതരുതെ കർത്താ 8
വേ, അശുദ്ധവും മലിനവുമായ ഒന്നും ഒരി
ക്കലും എൻെറ വായിൽ കടന്നിട്ടില്ല എന്നു
ഞാൻ പറഞ്ഞു. 'ദൈവം വെടിപ്പാക്കിയതി 9
നെ അശുദ്ധം എന്നു നീ വിചാരിക്കരുത്'
എന്ന് വീണ്ടും ആകാശത്തുനിന്ന് ഒരു
ശബ്ദം എന്നോടു പറഞ്ഞു. ഇതു മൂന്നു 10
പ്രാവശ്യം സംഭവിച്ചു. പിന്നീട് എല്ലാം ആകാ
ശത്തേക്കു കരേറ്റപ്പെട്ടു. അതേ സമയം 11
തന്നെ കേസറിയായിൽനിന്ന് കോർന്ന
ല്യോസിനാൽ എൻെറ അടുക്കലേക്ക്
അയയ്ക്കപ്പെട്ട മൂന്ന് ആളുകൾ വന്ന് ഞാൻ
പാർത്തിരുന്ന വീടിൻെറ പടിവാതിൽക്കൽ
നിന്നു. ആത്മാവ് എന്നോട് "നീ ഒരു 12
സംശയവും കൂടാതെ അവരുമൊരുമിച്ച്
പൊയ്ക്കൊള്ളുക" എന്ന് അരുളിച്ചെയ്തു.
ഈ ആറു സഹോദരന്മാരും എന്നോ
ടൊരുമിച്ചു വന്നിട്ടുണ്ടായിരുന്നു. ആ മനു
ഷ്യൻെറ ഭവനത്തിലേക്കു ഞങ്ങൾ കടന്നു
ചെന്നു. അപ്പോൾ ആ മനുഷ്യൻ ഞങ്ങളോ 13
ട്: അയാളുടെ ഭവനത്തിൽ മാലാഖ നിൽക്കു
ന്നതായി അയാൾ കണ്ടുവെന്നും, യോപ്പാ
യ്ക്ക് ആളയച്ചു കീപ്പാ എന്നു വിളിക്കപ്പെ
ടുന്ന ശെമഓനെ വരുത്തുക. നീയും നിൻെറ 14
കുടുംബം മുഴുവനും ജീവിക്കത്തക്കവണ്ണ
മുള്ള വാക്കുകൾ അവൻ നിന്നോടു സംസാ
രിക്കും എന്ന് പറഞ്ഞുവെന്നും അയാൾ
വിവരിച്ചു ഞങ്ങളോട് പറഞ്ഞു. ഞാൻ 15
അവിടെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ
പരിശുദ്ധാത്മാവ് മുമ്പ് നമ്മുടെമേൽ എന്ന
തുപോലെ അവരുടെമേൽ ആവസിച്ചു.
'യോഹന്നാൻ വെള്ളത്താൽ സ്നാനപ്പെടു 16
ത്തി, എന്നാൽ നിങ്ങളോ പരിശുദ്ധാത്മാവി
നാൽ സ്നാനമേൽക്കും' എന്നു നമ്മുടെ
കർത്താവു പറഞ്ഞിരുന്ന വചനം ഞാൻ
ഓർത്തു. ആകയാൽ നമുക്കു നൽകിയ 17
പ്രകാരം തന്നെ, നമ്മുടെ കർത്താവായ
യേശു മിശിഹായിൽ വിശ്വസിച്ച പുറജാതി
കൾക്കും ദൈവം ദാനം നൽകിയെങ്കിൽ ആ
ദൈവത്തെ തടയത്തക്കവണ്ണം കഴിവുള്ള
വനാകുവാൻ ഞാനാര്! എന്നു പറഞ്ഞു.
അവർ ഈ വചനങ്ങൾ കേട്ടപ്പോൾ ശാന്ത 18
രായി, ദൈവത്തെ സ്തുതിച്ചു. "ദൈവം പുറ
ജാതികൾക്കു ജീവന്നായുള്ള മാനസാന്തരം
നൽകിയല്ലോ "എന്ന് അവർ പറഞ്ഞു.
സ്തേപ്പാനോസിന്മേലുണ്ടായ പീഡനം 19
മൂലം ചിതറിപ്പോയവർ, യഹൂദന്മാരോട

ല്ലാതെ മറ്റാരോടും വചനം സംസാരിക്കാതെ
ഫിനിഷ്യാ, കുപ്രോസ്, അന്ത്യോക്യാ എന്നീ
20 പ്രദേശങ്ങൾവരെ എത്തി. അവരിൽ ചിലർ
കുപ്രോസിൽനിന്നും കൊറിനായിൽ നിന്നും
ഉള്ളവരായിരുന്നു. അവർ അന്ത്യോക്യാ
യിൽ എത്തിയശേഷം ഗ്രീക്കുകാരോടും
നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ
21 ക്കുറിച്ചു സുവിശേഷം അറിയിച്ചു. കർത്താ
വിൻെറ കൈ അവരോടുകൂടെയുണ്ടാ
യിരുന്നു. വളരെയേറെപ്പേർ വിശ്വസിച്ച്
22 കർത്താവിങ്കലേക്കു തിരിഞ്ഞു. യറുശലേ
മിലുള്ള സഭാമക്കളുടെ കേൾവിയിൽ ഈ
വിവരം എത്തിയപ്പോൾ, അവർ ബർന
ബായെ അന്ത്യോക്യയിലേക്ക് അയച്ചു.
23 അദ്ദേഹം അവിടെ എത്തി ദൈവത്തിൻെറ
കൃപ കണ്ടു സന്തോഷിച്ചു. അവർ പൂർണ്ണ
ഹൃദയത്തോടെ നമ്മുടെ കർത്താവിനോടു
പറ്റിച്ചേർന്ന് നില്പാൻ അവരോട് അപേ
24 ക്ഷിച്ചു. എന്തെന്നാൽ അദ്ദേഹം ഉത്തമനായ
മനുഷ്യനും, പരിശുദ്ധാത്മാവിനാലും
വിശ്വാസത്താലും നിറഞ്ഞവനുമായിരുന്നു.
വളരെയേറെ ജനം അധികമധികം നമ്മുടെ
25 കർത്താവിനോട് ചേർന്നു. അദ്ദേഹം
ശൌലിനെ അന്വേഷിച്ച് തർസീസിലേക്കു
പോയി. അദ്ദേഹത്തെ കണ്ടെത്തി തന്നോടു
കൂടെ അന്ത്യോക്യായിലേക്കു കൊണ്ടു
26 പോയി. അവർ ഒരാണ്ടുമുഴുവൻ സഭയിൽ
ഒരുമിച്ചുകൂടുകയും വളരെയേറെ ജനത്തെ
പഠിപ്പിക്കുകയും ചെയ്തു. അക്കാലം മുതൽ
അന്ത്യോക്യായിൽ വച്ച് ശിഷ്യന്മാർക്ക്
ആദ്യമായി "ക്രിസ്ത്യാനികൾ" എന്നു പേരു
27 ണ്ടായി. ആ കാലത്ത് പ്രവാചകന്മാർ യറു
ശലേമിൽനിന്നും അന്ത്യോക്യയിലേക്കു
28 വന്നു. അവരിൽ , 'ആഗാബോസ്' എന്നു
പേരുള്ള ഒരുവൻ എഴുന്നേറ്റ് ഭൂമിയിലെല്ലാം
വലിയ ക്ഷാമം ഉണ്ടാകുമെന്ന് ആത്മാവി
നാൽ അറിയിച്ചു. ക്ലോഡിയസ് കൈസറി
ൻെറ നാളുകളിൽ അതു സംഭവിക്കുകയും
29 ചെയ്തു. എന്നാൽ ശിഷ്യന്മാരാകട്ടെ യഹൂദി
യായിൽ പാർക്കുന്ന സഹോദരന്മാരുടെ
സഹായത്തിനായി ഓരോരുവനും തന്നാൽ
30 കഴിവുള്ളതുപോലെ ദാനം വേർതിരിച്ചു
വയ്ക്കുകയും, ബർന്നബാസും ശൌലും
വഴിയായി അവിടെയുള്ള കശീശന്മാരുടെ
പേർക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

അദ്ധ്യായം 12

1 അക്കാലത്ത് അഗ്രീപ്പാ എന്നു മറുനാമ
മുള്ള ഹേറോദേസ്, സഭയിലുള്ള ചിലരെ
2 ഉപദ്രവിപ്പാൻ ഉദ്യമിച്ചു. യോഹന്നാൻെറ
സഹോദരൻ യാക്കോബിനെ വാൾകൊണ്ട്
വധിച്ചു. ഇതു യഹൂദന്മാർക്കു സന്തോഷ 3
മായി എന്ന് അയാൾ കണ്ടിട്ട് ശെമഓൻ
കീപ്പായേയും പിടിച്ചു. അതു പത്തീറായുടെ
ദിവസങ്ങളായിരുന്നു. അദ്ദേഹത്തെ പിടിച്ചു 4
തടവിലിട്ടു. അദ്ദേഹത്തെ കാവൽ ചെയ്‌വാ
നായി പതിനാറു പട്ടാളക്കാരെയും നിയോ
ഗിച്ചു. പെസഹായ്ക്കുശേഷം അദ്ദേഹത്തെ
യഹൂദജനതയ്ക്ക് ഏല്പിക്കുവാനായി
രുന്നു (അങ്ങനെ ചെയ്തത്). ശെമഓൻ 5
കാരാഗൃഹത്തിൽ സൂക്ഷിക്കപ്പെട്ടിരുന്ന
പ്പോൾ അദ്ദേഹത്തിനു വേണ്ടി സഭ നിരന്തര
മായ പ്രാർത്ഥന ദൈവസന്നിധിയിൽ
സമർപ്പിച്ചുകൊണ്ടിരുന്നു. തന്നെ ഏല്പിച്ചു 6
കൊടുക്കാനിരുന്ന പ്രഭാതത്തിൻെറ തലേ
രാത്രിയിൽ, ശെമഓൻ രണ്ടു ഭടന്മാരുടെ
നടുവിൽ ഉറങ്ങിക്കിടക്കുകയായിരുന്നു.
രണ്ടു ചങ്ങലകളാൽ അദ്ദേഹം, ബന്ധിതനാ
യിരുന്നു. വേറെ ചിലർ കാരാഗൃഹത്തിൻെറ
വാതിൽ കാത്തും നിന്നിരുന്നു. കർത്താ 7
വിൻെറ മാലാഖ അവന് ഉപരിയായി നില
കൊണ്ടു. ആ മുറി മുഴുവനിലും പ്രകാശം
വ്യാപിച്ചു. മാലാഖ അദ്ദേഹത്തിൻെറ വിലാ
പ്പുറത്തു തട്ടി ഉണർത്തി തന്നോട്, വേഗം
എഴുന്നേൽക്കുക എന്നു പറഞ്ഞു. ഉടനെ
അദ്ദേഹത്തിൻെറ കൈകളിൽനിന്നും ചങ്ങ
ലകൾ വീണുപോയി. മാലാഖ തന്നോട് - 8
നീ അരകെട്ടുക, ചെരിപ്പുകൾ ഇടുക -
എന്നു പറഞ്ഞു. അദ്ദേഹം അങ്ങനെ ചെയ്തു.
വീണ്ടും തന്നോട് 'നിൻെറ മേൽവസ്ത്രം
ധരിച്ച് എൻെറ പിന്നാലെ വരിക' എന്നു
പറഞ്ഞു. അദ്ദേഹം പുറപ്പെട്ട് മാലാഖയുടെ
പിന്നാലെ പോയി. മാലാഖമൂലം സംഭവിച്ച 9
തെല്ലാം യഥാർത്ഥമെന്ന് അദ്ദേഹം അറി
ഞ്ഞിരുന്നില്ല. ഒരു ദർശനം കാണുകയാണെ
ന്നാണ് അദ്ദേഹം വിചാരിച്ചത്. അവർ ഒന്നാ 10
മത്തെയും രണ്ടാമത്തെയും കാവൽ സൗധ
ങ്ങൾ കടന്ന് ഇരുമ്പു വാതിൽവരെ എത്തി.
അത് അവർക്കായി താനെ തുറക്കപ്പെട്ടു.
അവർ പുറപ്പെട്ട് ഒരു തെരുവീഥി കടന്ന
പ്പോൾ മാലാഖ അദ്ദേഹത്തിൻെറ അടു
ക്കൽനിന്നു വിട്ടുപോയി. അപ്പോൾ ശെമ
ഓന് കാര്യം മനസ്സിലായി. 'കർത്താവു 11
തൻെറ മാലാഖയെ അയച്ച് ഹേറോദേസ്
രാജാവിൻെറ കയ്യിൽ നിന്നും യഹൂദന്മാർ
എനിക്കെതിരായി ആലോചന ചെയ്തതിൽ
നിന്നും എന്നെ വിടുവിച്ചിരിക്കുന്നു എന്നു
ള്ള സത്യം ഇപ്പോൾ ഞാൻ അറിഞ്ഞിരിക്കു
ന്നു' എന്നു പറഞ്ഞു. അദ്ദേഹം, മർക്കോസ് 12
എന്ന് അപരനാമമുള്ള യോഹന്നാൻെറ

മാതാവായ മറിയാമിൻെറ ഭവനത്തിൽ
വന്നെത്തി. എന്തെന്നാൽ വളരെ സഹോദര
ന്മാർ അവിടെ കൂടിയിരുന്നു പ്രാർത്ഥിക്കു
13 ന്നുണ്ടായിരുന്നു. അദ്ദേഹം പടിവാതിൽ
ക്കൽ മുട്ടി. അപ്പോൾ 'റോദാ' എന്നു പേരു
ള്ള ഒരു ബാലിക വിളി കേൾപ്പാൻ അവിടേ
14 ക്കു ചെന്നു. ശെമഓൻെറ ശബ്ദം അവൾ
തിരിച്ചറിഞ്ഞു. എന്നാൽ അവളുടെ സ
ന്തോഷംമൂലം, അവൾ വാതിൽ തുറക്കാതെ
തിരികെ ഓടിച്ചെന്ന് അവരോട് 'ശെമഓൻ
അതാ പടിവാതിൽക്കൽ നിൽക്കുന്നു'
15 എന്നു പറഞ്ഞു. അവർ അവളോട് 'നിന
ക്കു സംഭ്രമം പിടിച്ചിരിക്കയാണ്' എന്നു
പറഞ്ഞു. അവളാകട്ടെ, 'ഇത് ഇങ്ങനെ
തന്നെയാകുന്നു' എന്ന് ഉറപ്പിച്ചു പറഞ്ഞു.
അവരോ 'ഒരുപക്ഷെ അദ്ദേഹത്തിൻെറ
16 ദൂതൻ ആയിരിക്കാം' എന്നുപറഞ്ഞു. ശെമ
ഓൻ വാതിൽക്കൽ മുട്ടിക്കൊണ്ടിരുന്നു.
17 അവർ പുറത്തുവന്നു തന്നെ കണ്ട് അത്ഭു
തപ്പെട്ടു. അവർ നിശ്ശബ്ദരായിരിപ്പാൻ
അദ്ദേഹം ആംഗ്യം കാണിച്ചിട്ട് അകത്തു
പ്രവേശിച്ച്, കർത്താവ് അദ്ദേഹത്തെ കാരാ
ഗൃഹത്തിൽനിന്നു പുറത്തു വരുത്തിയത്
എങ്ങനെയെന്നു വിശദമായി അറിയിച്ചു,
താൻ അവരോട് ഈ വിവരമെല്ലാം യാക്കോ
ബിനേയും സഹോദരന്മാരെയും അറിയി
പ്പിൻ എന്നു പറഞ്ഞു. അനന്തരം അദ്ദേഹം
മറ്റൊരു സ്ഥലത്തേക്ക് പുറപ്പെട്ടു.
18 പ്രഭാതമായപ്പോൾ, ശെമഓന് എന്തു
സംഭവിച്ചു എന്ന് പടയാളികളുടെ ഇടയിൽ
19 വലിയ സംഭ്രമമായി. ഹേറോദേസ് അദ്ദേഹ
ത്തെ അന്വേഷിച്ചുവെങ്കിലും കണ്ടെത്താൻ
കഴിയായ്കയാൽ അയാൾ കാവൽക്കാരെ
വിസ്തരിക്കുകയും വധിക്കുവാൻ കല്പനയാ
കുകയും ചെയ്തു. അയാൾ യഹൂദിയായിൽ
നിന്നു പുറപ്പെട്ടു കൈസറിയായിൽ താമസി
20 ച്ചു. അയാൾ സൂറുകാരോടും സൈദോന്യ
രോടും കുപിതനായിരിക്കുകയായിരുന്നു.
അവർ ഒരുമിച്ചുകൂടി അയാളുടെ അടുക്കൽ
എത്തി രാജാവിൻെറ പള്ളിയറക്കാരനായ
ബ്ളിസ്തോസിനോട് - രാജാവ് തങ്ങളോട്സ
മാധാനമായിരിപ്പാൻ അപേക്ഷിച്ചു. എന്തെ
ന്നാൽ അവരുടെ ദേശത്തിൻെറ ഭക്ഷണ
സാധനാവശ്യങ്ങൾ വന്നിരുന്നത് ഹേറോ
ദേസിൻെറ ഭരണസീമയിൽനിന്നായിരുന്നു.
ഒരു സുപ്രധാനദിവസം ഹേറോദേസ്
രാജവസ്ത്രം ധരിച്ച് സിംഹാസനത്തിലിരുന്ന്,
പുരുഷാരത്തോടു സംസാരിക്കുകയായി
രുന്നു. "ഈ വചനങ്ങൾ, മനുഷ്യൻേറതല്ല
ദൈവത്തിൻേറതാകുന്നു" എന്നു ജനമെ
ല്ലാം ആർത്തു വിളിച്ചുപറഞ്ഞു. അയാൾ 23
ദൈവത്തിനു മഹത്വം കൊടുക്കാതിരുന്നതു
മൂലം, കർത്താവിൻെറ മാലാഖ അപ്പോൾ
തന്നെ അയാളെ ശിക്ഷിച്ചു. അയാൾ പുഴു 24
അരിച്ച് മരിച്ചു. ദൈവത്തിൻെറ സുവിശേഷം
പ്രസംഗിക്കപ്പെടുകയും അഭിവൃദ്ധിപ്പെട്ടു
വർദ്ധിക്കുകയും ചെയ്തു.
ബർനബായും ശൌലും അവരുടെ 25
ശുശ്രൂഷ പൂർത്തിയാക്കിയശേഷം യറുശ
ലേമിൽനിന്ന് അന്ത്യോക്യായിലേക്കു
തിരികെപ്പോയി. മർക്കോസ് എന്നു മറുനാമ
മുള്ള യോഹന്നാനെയും അവർ കൂട്ടി
ക്കൊണ്ടുപോയി.

അദ്ധ്യായം 13

ബർന്നബാ, നീഗർ എന്നു വിളിക്കപ്പെ 1
ടുന്ന ശെമഓൻ, കുറീനാ നഗരത്തിൽ
നിന്നുള്ള ലൂക്കിയാസ്, ഹേറോദേസ്
തെത്രക്കായുടെകൂടെ വളർന്നവനായ
മനായേൽ, ശൗൽ എന്നീ പ്രവാചകന്മാരും,
ഉപദേഷ്ടാക്കന്മാരും അന്ത്യോക്യയിലെ
സഭയിൽ ഉണ്ടായിരുന്നു. അവർ ഉപവസിച്ചു 2
പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, പരി
ശുദ്ധാത്മാവ് അവരോട് ശൌലിനെയും
ബർന്നബായേയും ഞാൻ അവരെ വിളിച്ചിരി
ക്കുന്ന ജോലിക്കായി, എനിക്കായി വേർതി
രിപ്പിൻ എന്നു പറഞ്ഞു. അവർ ഉപവസിച്ചു 3
പ്രാർത്ഥിച്ച് അവരുടെമേൽ കൈവപ്പു നട
ത്തി അവരെ യാത്രയാക്കി.
അവർ, പരിശുദ്ധാത്മാവിനാൽ അയ 4
യ്ക്കപ്പെട്ടശേഷം 'സെലൂക്യാ'യിലേക്കു
പോയി. അവിടെനിന്നും അവർ സമുദ്രമാർഗ്ഗം
യാത്ര ചെയ്തു കുപ്രോസിലെത്തി. അവർ 5
'സലാമിനാ' നഗരത്തിൽ ചെന്ന്, യഹൂദന്മാ
രുടെ സംഘാലയങ്ങളിൽ നമ്മുടെ കർത്താ
വിൻെറ വചനം സുവിശേഷിച്ചുകൊണ്ടിരു
ന്നു. യോഹന്നാൻ അവർക്കു ശുശ്രൂഷകനാ 6
യിരുന്നു. അവർ ആ ദ്വീപു മുഴുവൻ ചുററി
സഞ്ചരിച്ച് പാപ്പോസ് പട്ടണത്തിലെത്തിയ
പ്പോൾ, 'ബർശൂമാ' എന്നു പേരുള്ള കള്ള
പ്രവാചകനായ ഒരു യഹൂദമന്ത്രവാദിയെ
കാണുവാനിടയായി. ഇവൻ ദേശാധിപ 7
തിയും ബുദ്ധിമാനുമായ സർഗ്ഗിയോസ്
പൌലോസ് എന്നു പേരുള്ളയാളുടെ അനു
യായി ആയിരുന്നു. ദേശാധിപതി ശൌലി
നേയും ബർന്നബായേയും വിളിച്ച്; അവരിൽ
നിന്നും ദൈവവചനം കേൾക്കുവാൻ ആഗ്ര
ഹിച്ചു. എന്നാൽ ക്ഷുദ്രക്കാരനായ ബർശൂ 8
മാ (എലുമാസ് എന്നർത്ഥം), അവർക്കെ
തിരായിനിന്ന് ദേശാധിപതിയെ വിശ്വാസ

ത്തിൽനിന്നു തെറ്റിപ്പാൻ ആഗ്രഹിച്ചു.
9 അപ്പോൾ പൌലോസ് എന്നു വിളിക്കപ്പെട്ട
ശൌൽ പരിശുദ്ധാത്മാവുകൊണ്ടു നിറ
ഞ്ഞ് അവൻെറ നേരെ സൂക്ഷിച്ചു നോക്കി
10 ക്കൊണ്ട്: "സർവ്വ വഞ്ചനയും തിന്മകളും
നിറഞ്ഞവനേ, ആകൽകറുസായുടെ
മകനും സർവ്വനീതിയുടെയും ശത്രുവുമായ
വനേ! കർത്താവിൻെറ നേരായ വഴികൾ
തെറ്റിക്കുന്ന പ്രവൃത്തിയിൽനിന്നു നീ വിര
11 മിക്കയില്ലയോ? ഇപ്പോൾ കർത്താവിൻെറ
കൈ നിൻെറമേൽ വീഴും. ഒരു സമയംവരെ
ക്കും നീ അന്ധനായിരിക്കും. നീ സൂര്യനെ
കാണുകയില്ല' എന്നു പറഞ്ഞു. തൽക്ഷണം
അവൻെറമേൽ അന്ധകാരവും കൂരിരുട്ടും
പതിച്ചു. അവനെ ആരു കൈക്കുപിടിച്ചു
നടത്തും എന്ന് അന്വേഷിച്ച് അവൻ ചുറ്റി
12 നടന്നു. ദേശാധിപതി, ഈ സംഭവം കണ്ട്
അത്ഭുതപ്പെട്ട് കർത്താവിൻെറ ഉപദേശ
ത്തിൽ വിശ്വസിച്ചു.

13 പൌലോസും ബർന്നബായും പാപ്പോ
സു പട്ടണത്തിൽനിന്നും സമുദ്രയാത്ര ചെയ്ത്
പംപുല്യായിലെ ഫെർഗി നഗരത്തിലെത്തി.
യോഹന്നാൻ അവരിൽനിന്നു പിരിഞ്ഞ്
14 യറുശലേമിലേക്കു പോയി. അവർ ഫെർഗി
യിൽനിന്നും പുറപ്പെട്ട് പിസിദ്യായിലെ
അന്ത്യോക്യാ എന്ന പട്ടണത്തിലെത്തി.
അവർ ശാബതിൽ സംഘാലയത്തിൽ കട
15 ന്നുചെന്ന് ഇരുന്നു. ന്യായപ്രമാണവും പ്രവ
ചനങ്ങളും വായിക്കപ്പെട്ടശേഷം, സംഘാ
ലയപ്രധാനികൾ അവരെ വിളിപ്പിച്ച് അവ
രോട്: സഹോദരപുരുഷന്മാരേ, ആശ്വാസ
ത്തിൻെറ വചനം എന്തെങ്കിലും നിങ്ങൾക്കു
ണ്ടെങ്കിൽ ജനത്തോടു സംസാരിപ്പിൻ എന്നു
പറഞ്ഞു.

16 പൌലോസ് എഴുന്നേറ്റ് കൈചലിപ്പിച്ചു
കൊണ്ടുപറഞ്ഞു: ഇസ്രയേൽ മക്കളായ
പുരുഷന്മാരേ, ദൈവത്തെ ഭയപ്പെടുന്നവരേ,
17 കേൾക്കുവിൻ. ഈ ജനത്തിൻെറ ദൈവം
നമ്മുടെ പിതാക്കന്മാരെ, അവർ മെസ്രേൻ
ദേശത്തു പരദേശവാസികളായിരിക്കെ
അവർക്ക് ഉയർച്ച കൊടുത്ത് അഭിവൃദ്ധി
പ്പെടുത്തുകയും ഉന്നത ഭുജത്താൽ അവരെ
അവിടെനിന്നും പുറപ്പെടുവിക്കുകയും
18 ചെയ്തു. നാല്പതു വർഷക്കാലം മരുഭൂമി
യിൽ താൻ അവരെ പോറ്റി പുലർത്തി.
19 കനാൻ ദേശത്തെ ഏഴു ജാതികളെ നശി
പ്പിച്ച് അവരുടെ ദേശം ഇവർക്ക് അവകാശ
20 മായും കൊടുത്തു. പിന്നെ ശമുവേൽ ദീർഘ
ദർശി വരെ, നാനൂറ്റി അൻപതു വർഷം
അവർക്കു ന്യായാധിപന്മാരെയും നൽകി.
അപ്പോൾ അവർക്കു രാജാവിനെ അവർ 21
ആവശ്യപ്പെട്ടു. ദൈവം കീശിൻെറ മകൻ
ശൌലിനെ - ബെന്യാമീൻഗോത്രക്കാരനെ
- നാല്പതു വർഷത്തേക്കു നിയമിച്ചു
കൊടുത്തു. പിന്നീട് അയാളെ നീക്കി ദാവീ 22
ദിനെ രാജാവായി നിയമിച്ചു. അദ്ദേഹ
ത്തെക്കുറിച്ചു സാക്ഷ്യം പറഞ്ഞിരിക്കുന്നത്,
"ഇശായിയുടെ പുത്രനായ ദാവീദിനെ
എൻെറ ഹൃദയത്തിനു ചേരുന്ന മനുഷ്യ
നായി ഞാൻ കണ്ടെത്തിയിരിക്കുന്നു.
അവൻ എൻെറ സർവ്വ ഇഷ്ടവും നിർവ്വഹി
ക്കും." എന്നത്രെ. ഇദ്ദേഹത്തിൻെറ സന്തതി 23
യിൽനിന്നും, ദൈവം വാഗ്ദാനം ചെയ്തിരി
ക്കുന്ന പ്രകാരം, ഇസ്രയേലിന് രക്ഷകനായി
യേശുവിനെ എഴുന്നേല്പിച്ചു. ഇസ്രയേൽ 24
ജനത്തിനു മുഴുവൻ 'മാനസാന്തരത്തിൻെറ
മാമ്മൂദീസാ' പ്രസംഗിപ്പാനായി, ഇദ്ദേഹ
ത്തിൻെറ ആഗമനത്തിനു മുമ്പായി ദൈവം
യോഹന്നാനെ അയച്ചു. തൻെറ ശുശ്രൂഷ 25
നിർവഹിക്കവെ യോഹന്നാൻ പറഞ്ഞത്:
"ഞാൻ ആരെന്നാണ് നിങ്ങൾ വിചാരിക്കു
ന്നത്, ആ ആൾ ഞാനല്ല; അദ്ദേഹം, ഇതാ
എൻെറ പിന്നാലെ വരുന്നുണ്ട്. അദ്ദേഹ
ത്തിൻെറ ചെരിപ്പുകളുടെ ചരടഴിപ്പാൻ
പോലും ഞാൻ യോഗ്യനല്ല" എന്നത്രെ.

അബ്രഹാമിൻെറ വംശസന്താനങ്ങളും, 26
നിങ്ങളോടൊത്ത് ദൈവഭക്തിയുള്ളവരുമായ
സഹോദരപുരുഷന്മാരേ, ജീവൻെറ വചനം
നിങ്ങൾക്കായിട്ടാണ് അയയ്ക്കപ്പെട്ടത്.
എങ്കിലും, യറുശലേം നിവാസികളും അവരു 27
ടെ തലവന്മാരും ആ വചനത്തെയോ, ഓരോ
ശാബതിലും വായിക്കപ്പെടുന്ന തിരുവെഴു
ത്തുകളേയോ തിരിച്ചറിഞ്ഞില്ല. പിന്നെയോ
അവർ അദ്ദേഹത്തെ ശിക്ഷയ്ക്കു വിധിക്കു
കയും, എഴുതപ്പെട്ടിരിക്കുന്ന സകലവും
അവർ നിവർത്തിക്കുകയും ചെയ്തു. മരണ 28
ത്തിനുള്ള ഒരു കുറ്റവും തന്നിൽ കണ്ടുപിടി
ക്കാൻ കഴിയാതിരുന്നിട്ടും, തന്നെ കൊന്നു
കളയുവാൻ അവർ പീലാത്തോസിനോട്
അപേക്ഷിച്ചു. തന്നെക്കുറിച്ച് എഴുതപ്പെട്ടി 29
രുന്ന സർവ്വവും അവർ നിവൃത്തിയാക്കിയ
ശേഷം തന്നെ അവർ കുരിശിൽനിന്നും ഇറ
ക്കി കല്ലറയിൽ അടക്കി. എന്നാൽ ദൈവം 30
അദ്ദേഹത്തെ മരിച്ചവരിൽനിന്നും ഉയിർപ്പി
ച്ചു. ഗലീലയിൽനിന്നും യറുശലേമിലേക്കു 31
തന്നോടുകൂടെ കരേറിപ്പോയിരുന്നവർക്ക്
വളരെ ദിവസങ്ങളിൽ താൻ പ്രത്യക്ഷനായി.
അവരാകുന്നു ഇപ്പോൾ ജനത്തിൻെറ അടു
ക്കൽ തൻെറ സാക്ഷികളായിരിക്കുന്നത്:
"നീ എൻെറ പുത്രൻ, ഇന്നു ഞാൻ നിന്നെ 32

ജനിപ്പിച്ചിരിക്കുന്നു" എന്നു രണ്ടാം സങ്കീർ
ത്തനത്തിൽ എഴുതപ്പെട്ടിരിക്കുന്ന പ്രകാരം
—യേശുവിനെ ദൈവം ഉയർപ്പിച്ചിരിക്ക
യാൽ —നമ്മുടെ പിതാക്കന്മാരോട് ദൈവം
ചെയ്ത വാഗ്ദത്തം, അവരുടെ മക്കളായ
നമുക്ക് നിറവേറ്റിത്തന്നിരിക്കുന്നു എന്നു
ഞങ്ങൾ നിങ്ങളോടറിയിക്കുന്നു. ഇനിയും,
അവൻ വീണ്ടും നാശം കാണുകയില്ല എന്ന
തിൻപ്രകാരം ദൈവം, തന്നെ മരിച്ചവരിൽ
നിന്ന് ഉയിർപ്പിച്ചിരിക്കുന്നതിനാൽ, 'ദാവീദി
ൻെറ വിശ്വസ്തമായ കൃപയെ ഞാൻ നിങ്ങൾ
ക്കു തരും' എന്നു പറഞ്ഞിരിക്കുന്നു.
'നിൻെറ പുണ്യവാൻ ദ്രവത്വം കാണുവാൻ
നീ വിട്ടുകൊടുക്കയില്ല' എന്നു മറ്റൊരു
സങ്കീർത്തനത്തിലും പറഞ്ഞിരിക്കുന്നു.
ദാവീദ് തൻെറ തലമുറയിൽ ദൈവത്തിൻെറ
ഇഷ്ടം ചെയ്തു. അദ്ദേഹം നിദ്ര പ്രാപിച്ചു.
തൻെറ പിതാക്കളോട് ചേർക്കപ്പെട്ടു.
അദ്ദേഹം ദ്രവത്വം കാണുകയും ചെയ്തു.
എന്നാൽ ദൈവം ഉയിർപ്പിച്ച ഇദ്ദേഹമാകട്ടെ
ദ്രവത്വം കണ്ടില്ല. ആകയാൽ ഞങ്ങളുടെ
സഹോദരന്മാരേ, അറിഞ്ഞുകൊൾവിൻ:
അദ്ദേഹം മൂലമായിത്തന്നെയാണ് നിങ്ങൾ
ക്കു പാപമോചനം പ്രസംഗിക്കപ്പെടുന്നത്.
മോശയുടെ ന്യായപ്രമാണത്താൽ നീതീ
കരിക്കപ്പെടുവാൻ സാധിക്കാതിരുന്ന സക
ലത്തിൽനിന്നും, തന്നിൽ വിശ്വസിക്കുന്ന
വരെല്ലാം താൻ മൂലം നീതീകരിക്കപ്പെടുന്നു.
ആകയാൽ പ്രവാചകന്മാരാൽ എഴുതപ്പെ
ട്ടവ നിങ്ങൾക്കു സംഭവിക്കാതിരിപ്പാൻ
സൂക്ഷിപ്പിൻ. അതായത്, "നിന്ദിക്കുന്നവരെ!
നിങ്ങൾ കാണുവിൻ, നിങ്ങൾ ഭ്രമിച്ചു
നശിച്ചുപോകും. ആരെങ്കിലും നിങ്ങളോട്
വിശദമായി അറിയിച്ചാലും നിങ്ങൾ വിശ്വ
സിക്കാത്ത പ്രവൃത്തി നിങ്ങളുടെ നാളുക
ളിൽ ഞാൻ ചെയ്യും" എന്നുതന്നെ.
പൗലോസും ബർന്നബായും അവിടെ
നിന്നു പുറപ്പെടുവാൻ ഇറങ്ങിയപ്പോൾ,
മറ്റൊരു ശാബതിലും ഈ വചനങ്ങൾ അവ
രോട് സംസാരിക്കണമെന്ന് അവർ ഇവ
രോടപേക്ഷിച്ചു. സംഘം പിരിഞ്ഞശേഷം
അനേക യഹൂദന്മാരും ദൈവഭയമുള്ള
യഹൂദമതാനുസാരികളും അവരുടെ
പിന്നാലെ പോയി. ഇവർ അവരോട്
ദൈവകൃപയെ പിൻപറ്റിക്കൊണ്ടിരിപ്പാ
നായി സംസാരിച്ച് പ്രബോധിപ്പിച്ചു.
അടുത്ത ശാബതിൽ ദൈവവചനം
കേൾക്കുവാനായി നഗരവാസികളെല്ലാം
ഒരുമിച്ചുകൂടി. യഹൂദന്മാരാകട്ടെ ഏറിയ
ജനക്കൂട്ടത്തെക്കണ്ട് അസൂയ നിറഞ്ഞവ
രായി. അവർ പൌലോസ് പറയുന്ന വചന 45
ങ്ങൾക്കെതിരായി നിന്നുകൊണ്ട് ദൂഷണം
പറഞ്ഞുകൊണ്ടിരുന്നു. എങ്കിലും പൗലോ 46
സും ബർന്നബായും ധൈര്യമായി പറഞ്ഞു:
"ദൈവവചനം ആദ്യം നിങ്ങളോടായിരുന്നു
പ്രഘോഷിക്കപ്പെടേണ്ടിയിരുന്നത്. എ
ന്നാൽ നിങ്ങൾ അതിനെ തള്ളിക്കളയു
കയും നിത്യജീവനു നിങ്ങൾ അർഹരല്ല
എന്നു സ്വയം നിശ്ചയിക്കുകയും ചെയ്തിരി
ക്കയാൽ ഞങ്ങൾ ഇതാ പുറജാതികളുടെ
അടുക്കലേക്ക് തിരിയുന്നു. 'ഭൂമിയുടെ 47
അതിരുകളോളം നീ ജീവന്നായി തീരുവാൻ
തക്കവണ്ണം ജാതികൾക്കു പ്രകാശമായി
നിന്നെ ഞാൻ നിയമിച്ചു' എന്ന് എഴുതപ്പെ
ട്ടിരിക്കുന്ന പ്രകാരം, ഞങ്ങളുടെ കർത്താവ്
ഞങ്ങളോട് ആജ്ഞാപിച്ചിട്ടുണ്ട്" എന്ന്
അവർ പറഞ്ഞു. പുറജാതികൾ ഇതുകേട്ട് 48
സന്തോഷിച്ച് ദൈവത്തെ സ്തുതിച്ചു. നിത്യ 49
ജീവന്നായി നിശ്ചയിക്കപ്പെട്ടവർ വിശ്വ
സിച്ചു. ദേശം മുഴുവൻ, കർത്താവിൻെറ
വചനം പ്രസംഗിക്കപ്പെട്ടു. യഹൂദന്മാരാകട്ടെ 50
നഗരാധികാരികളേയും ദൈവഭക്തിയുള്ള
ധനവതികളായ സ്ത്രീകളേയും പ്രേരിപ്പിച്ച്
പൗലോസിൻേറയും ബർന്നബായുടെയും
നേരെ ഉപദ്രവം തുടങ്ങി. അവരുടെ അതിരു 51
കൾ വിട്ട് അവർ പോയപ്പോൾ അവരുടെ
കാലുകളിലെ പൊടി അവർക്കെതിരായി
തട്ടിക്കളഞ്ഞ്, ഇക്കോന്യാ നഗരിയിലേക്ക്
പോയി. ശിഷ്യന്മാർ സന്തോഷവും പരിശു 52
ദ്ധാത്മാവും നിറഞ്ഞവരായി.

അദ്ധ്യായം 14

അവർ വന്ന് യഹൂദന്മാരുടെ സംഘാല 1
യത്തിൽ പ്രവേശിച്ചു. യഹൂദന്മാരിലും
ഗ്രീക്കുകാരിലും അനേകർ വിശ്വസിക്ക
ത്തക്കവണ്ണം അവരോട് ഇവർ സംസാരിച്ചു.
അനുകൂലിക്കാതിരുന്ന യഹൂദന്മാർ സഹോ 2
ദരന്മാരെ ഉപദ്രവിക്കാൻ പുറജാതികളെ
പ്രേരിപ്പിച്ചു. ഇവർ വളരെക്കാലം അവിടെ 3
പാർത്തും കർത്താവിനെക്കുറിച്ച് ധൈര്യ
മായി സംസാരിച്ചിരുന്നു. താൻ അവർ മൂലം
ചെയ്തിരുന്ന അടയാളങ്ങളും അത്ഭുതങ്ങ
ളുംകൊണ്ട് തൻെറ കൃപയുടെ വചനത്തെ
പ്പറ്റി സാക്ഷ്യം നൽകുകയും ചെയ്തു. ആ 4
പട്ടണത്തിലെ ജനം മുഴുവൻ ഭിന്നാഭിപ്രാ
യക്കാരായി. ചിലർ യഹൂദരോട് കൂടെയും
ചിലർ ശ്ലീഹന്മാരോടു ചേർന്നും നിന്നു.
പുറജാതികളും, യഹൂദന്മാരും അവരുടെ 5
പ്രധാനികളും ഇവരെ അപമാനിക്കു
വാനും കല്ലെറിയുവാനും തീരുമാനിച്ചു.

6 ഇവർ അതറിഞ്ഞ് അവിടെനിന്നും മാറി,
ലുക്കാനിയ, ലുസ്ത്രാ, ദെർബ്ബാ പട്ടണങ്ങ
7 ളിലും അവയുടെ ചുറ്റുമുള്ള ഗ്രാമങ്ങളിലും
അഭയം പ്രാപിച്ച് അവിടെയെല്ലാം സുവിശേ
ഷിച്ചുവന്നു.
8 ലുസ്ത്രാ പട്ടണത്തിൽ, കാലുകൾക്കു
ബലമില്ലാതെ മാതൃഗർഭം മുതൽതന്നെ
(ജന്മനാ) മുടന്തനായൊരു മനുഷ്യൻ ഇരു
ന്നിരുന്നു. ഒരിക്കലും അവൻ നടന്നിട്ടുള്ളവ
9 നല്ല. പൗലോസ് സംസാരിക്കുന്നത് അവൻ
കേട്ടു. പൗലോസ് അവനെ കണ്ടപ്പോൾ,
അവനിൽ രക്ഷ പ്രാപിക്കാനുള്ള വിശ്വാസം
ഉണ്ട് എന്നു മനസ്സിലാക്കി അവനോട്,
10 "നമ്മുടെ കർത്താവ് യേശു മ്ശിഹായുടെ
നാമത്തിൽ നീ കാലൂന്നി എഴുന്നേറ്റു നിൽ
ക്കുക എന്നു നിന്നോട് ഞാൻ പറയുന്നു"
എന്ന് ഉറച്ച ശബ്ദത്തിൽ പറഞ്ഞു. അവൻ
11 കുതിച്ചെഴുന്നേറ്റു—നടന്നു! പൗലോസ്
ചെയ്ത ഇക്കാര്യം ജനക്കൂട്ടം കണ്ടപ്പോൾ,
അവർ ശബ്ദമുയർത്തി ആ ദേശഭാഷ
യിൽ പറഞ്ഞു: "ദേവന്മാർ മനുഷ്യർക്കു
സദൃശ്യരായി നമ്മുടെ അടുക്കൽ ഇറങ്ങി
12 വന്നിരിക്കയാണ്." അവർ ബർന്നബായ്ക്ക്
'ദേവന്മാരുടെ നാഥൻ' എന്നും, പൌലോസ്
വചനം ആരംഭിച്ചതുകൊണ്ട് അദ്ദേഹത്തിനു
13 'ഹെർമീസ്' എന്നും പേരുവിളിച്ചു. പട്ടണ
ത്തിനു പുറത്തായിരുന്ന, 'ദേവനാഥന്റെ'
പൂജാരി, അവർ പാർത്തിരുന്ന സ്ഥലത്തി
ന്റെ പടിവാതിൽക്കൽ കാളകളേയും പു
ഷ്പകിരീടങ്ങളും കൊണ്ടുവരികയും അ
വർക്കായി ബലികഴിപ്പാൻ തുനിയുകയും
14 ചെയ്തു. ബർന്നബായും പൌലോസും ഇതു
കേട്ടപ്പോൾ അവർ അവരുടെ വസ്ത്രങ്ങൾ
കീറിക്കൊണ്ട് ജനക്കൂട്ടത്തിന്റെ മുമ്പിലേ
ക്ക് ചാടിയിറങ്ങിച്ചെന്ന് വിളിച്ചു പറഞ്ഞു:
15 "പുരുഷന്മാരെ! നിങ്ങൾ എന്താണു ചെയ്യു
ന്നത്?' ഞങ്ങളും നിങ്ങളെപ്പോലെതന്നെ
വികാരമുള്ള മനുഷ്യർതന്നെയാകുന്നു.
നിങ്ങൾ ഈ വ്യർത്ഥകാര്യങ്ങൾ വിട്ടൊ
ഴിഞ്ഞ് ആകാശവും ഭൂമിയും സമുദ്രങ്ങളും
അവയിലുള്ള സകലവും സൃഷ്ടിച്ചവനായ
ജീവനുള്ള ദൈവത്തിങ്കലേക്കു തിരിയണം
എന്നു ഞങ്ങൾ നിങ്ങളോട് അറിയിക്കുന്നു.
16 ആ (ദൈവം) ആദ്യ തലമുറകളിൽ. അ
വരവരുടെ മാർഗ്ഗങ്ങളിലൂടെ പൊയ്ക്കൊ
ള്ളുവാൻ അനുവദിച്ചിരുന്നു. എന്നാലും
ആകാശത്തുനിന്ന് അവർക്കു നന്മകൾ ചെ
യ്തുകൊണ്ടും, അവർക്കായി മഴ പെയ്യിച്ചും,
കാലാകാലങ്ങളിൽ ഫലങ്ങളെ പോഷി
പ്പിച്ചും, പോഷണവും ആനന്ദവും കൊണ്ട്
അവരുടെ ഹൃദയങ്ങളെ നിറച്ചുംകൊണ്ട്
തന്നെക്കുറിച്ചുള്ള സാക്ഷ്യമില്ലാതെ വിട്ടു
കളഞ്ഞില്ല." ഇവ പറഞ്ഞശേഷം, ആരും 17
തങ്ങൾക്കായി ബലി നൽകാതിരിപ്പാൻ,
അവർ ജനത്തെ വളരെ പണിപ്പെട്ടു തടസ്സം
ചെയ്തു.
എന്നാൽ ഇക്കോന്യായിൽ നിന്നും 18
യറുശലേമിൽനിന്നും യഹൂദന്മാർ അവിടെ
യുമെത്തി, അവർക്കെതിരായി ജനത്തെ
ഇളക്കി. അവർ പൌലോസിനെ കല്ലെറി
ഞ്ഞു. അദ്ദേഹം മരിച്ചുപോയി എന്ന് അവർ
വിചാരിച്ചതു നിമിത്തം പട്ടണത്തിനു പുറ
ത്തേക്ക് അദ്ദേഹത്തെ വലിച്ചുകൊണ്ടു
പോകുകയും ചെയ്തു. ശിഷ്യന്മാർ അദ്ദേഹ
ത്തിനു ചുറ്റും കൂടി. അദ്ദേഹം എഴുന്നേറ്റു 19
പട്ടണത്തിൽ പ്രവേശിച്ചു.
പിറ്റെദിവസം, അദ്ദേഹം ബർന്നബാ 20
യെയും കൂട്ടിക്കൊണ്ട് അവിടെനിന്നും
പുറപ്പെട്ട് 'ദെർബി' നഗരത്തിലെത്തി. അവർ
ആ പട്ടണത്തിൽ സുവിശേഷിച്ചുകൊണ്ട്
അനേകരെ ശിഷ്യപ്പെടുത്തി. അവർ ലുസ്ത്രാ
പട്ടണത്തിലേക്കും, ഇക്കോന്യയിലേക്കും
അന്ത്യോക്യായ്ക്കും തിരിച്ചുപോയി. അവർ
ശിഷ്യപ്പെട്ടവരുടെ മനസ്സുകൾ ഉറപ്പിച്ചു
കൊണ്ട് അവർ വിശ്വാസത്തിൽ തന്നെ
നിലനിൽക്കണമെന്ന് അവരോടപേക്ഷിച്ചു.
വളരെയേറെ ഞെരുക്കങ്ങളിൽ കൂടെ ദൈവ 21
രാജ്യത്തിൽ പ്രവേശിക്കേണ്ടിയിരിക്കുന്നു
എന്ന് അവർ അവരോട് പറഞ്ഞു. അവർ 22
ഉപവസിച്ചും അവരോടുകൂടെ പ്രാർത്ഥിച്ചും
കൊണ്ട് ഓരോ സഭയിലും 'കശീശന്മാരെ'
*നിയമിച്ചു. അവർ ആരിലാണോ വിശ്വസി
ച്ചത് ആ നമ്മുടെ കർത്താവിന്, അവരെ
ഭരമേൽപ്പിച്ചു. അവർ 'പിസിദിയാ'യിൽ 23
സഞ്ചരിച്ചിട്ട് 'പംഫുല്യാ'യിൽ എത്തി. അവർ
'ഫെർഗിയാ' നഗരത്തിൽ കർത്താവിന്റെ 24
വചനം പ്രസംഗിച്ചശേഷം 'ഇത്താലിയാ'യി
ലേക്ക് പോയി. അവിടെനിന്നും അവർ
സമുദ്രയാത്ര ചെയ്ത് അന്ത്യോക്യായിൽ
വന്നു. എന്തെന്നാൽ അവർ നിർവ്വഹിച്ച 25
തായ ഈ വേലയ്ക്കായി കർത്താവിന്റെ
കൃപയ്ക്ക് അവർ ഭരമേൽപ്പിക്കപ്പെട്ടത്
ഇവിടെനിന്നും ആയിരുന്നുവല്ലോ. അവർ 26
സഭ മുഴുവനേയും വിളിച്ചുകൂട്ടി, ദൈവം
അവരോടു കൂടെയിരുന്നുകൊണ്ടു ചെയ്ത
സർവ്വ കാര്യങ്ങളും, പുറജാതികൾക്കും

* Ordained

വിശ്വാസത്തിൻെറ വാതിൽ തുറന്നുകൊടു
ത്തു എന്നതും അവർ വിശദമായി അവരോട്
പറഞ്ഞു. അവിടെയുള്ള ശിഷ്യരോടു കൂടെ
വളരെക്കാലം താമസിച്ചു.

അദ്ധ്യായം 15

യഹൂദ്യായിൽനിന്നും ചിലർ വന്ന്,
നിങ്ങൾ ന്യായപ്രമാണമര്യാദ അനുസരിച്ച്,
പരിച്ചേഛദന ഏൽക്കാതിരുന്നാൽ, നിങ്ങൾ
ക്കു ജീവൻ പ്രാപിക്കുവാൻ സാദ്ധ്യമേയല്ല'
എന്നു സഹോദരന്മാരോട് ഉപദേശിച്ചു.
പൌലോസിനും ബർന്നബായ്ക്കും അവരു
മായി ശണ്ഠയും വാദവുമുണ്ടായി. പൌ
ലോസും ബർന്നബായും അവരോടുകൂടെ
ചിലരും, ഈ വാദത്തെ പ്രതി യറുശലേമിൽ
ശ്ലീഹന്മാരുടെയും കശീശന്മാരുടെയും അടു
ക്കൽ പോകേണ്ടിവന്നു. 'സഭ' അനുയാത്ര
യോടെ അവരെ പറഞ്ഞയച്ചു. അവർ,
ഫിനിഷ്യാ മുഴുവനിലും ശമറിയായിലും,
പുറജാതികളുടെ തിരിച്ചുവരവിനെക്കുറി
ച്ച് വിശദീകരിച്ചുകൊണ്ട് യാത്ര ചെയ്തു.
സഹോദരന്മാർ എല്ലാവർക്കും വലിയ
സന്തോഷം ഉളവാക്കി.

അവർ യറുശലേമിൽ എത്തിയപ്പോൾ,
സഭയാലും ശ്ലീഹന്മാരാലും കശീശന്മാ
രാലും സ്വീകരിക്കപ്പെട്ടു. ദൈവം തങ്ങളോടു
കൂടെയിരുന്നു പ്രവർത്തിച്ച സർവ്വകാര്യ
ങ്ങളും അവർ വിശദമായി ധരിപ്പിച്ചു. പരീശ
ന്മാരുടെ പഠിപ്പിക്കൽ വിട്ട് വിശ്വസിച്ച ആളു
കൾ, എഴുന്നേററ്, "നിങ്ങൾ അവരെ പരി
ച്ഛേദന ചെയ്യേണ്ടിയിരുന്നു; മോശയുടെ
ന്യായപ്രമാണം അവർ പാലിക്കണം എന്ന്
ആജ്ഞാപിക്കേണ്ടതുമായിരുന്നു" എന്നു
പറഞ്ഞു. ഈ കാര്യത്തെക്കുറിച്ച് ആലോ
ചിക്കുവാൻ ശ്ലീഹന്മാരും കശീശന്മാരും
ഒരുമിച്ചുകൂടി. വളരെയേറെ വാദപ്രതിവാദം
ഉണ്ടായപ്പോൾ, ശെമഒാൻ എഴുന്നേററ്
അവരോട് പറഞ്ഞു: "സഹോദരരായ മനു
ഷ്യരേ, പുറജാതികൾ എൻെറ വായിൽ
നിന്നും സുവിശേഷവചനം കേട്ട് വിശ്വസി
ക്കേണ്ടതിന് ആദ്യമേ ദൈവം നിശ്ചയിച്ചു
എന്ന് നിങ്ങൾ അറിയുന്നുവല്ലോ. ഹൃദയ
ങ്ങളിലുള്ളവ അറിയുന്നവനായ ദൈവം
അവരെക്കുറിച്ച് സാക്ഷ്യം വഹിക്കുകയും,
നമുക്കെന്നതുപോലെ അവർക്കും പരിശു
ദ്ധാത്മാവിനെ നൽകുകയും ചെയ്തു. വിശ്വാ
സത്താൽ അവരുടെ ഹൃദയങ്ങളെ ദൈവം
നിർമ്മലമാക്കിയതുകൊണ്ട്, നമുക്കും
അവർക്കും തമ്മിൽ യാതൊരു വേർതിരിവും
അവൻ വച്ചിട്ടില്ല. ആകയാൽ നമ്മുടെ പിതാ
ക്കന്മാർക്കോ നമുക്കോ വഹിക്കാൻ കഴിയാ
തിരുന്ന നുകം ശിഷ്യപ്പെടുന്നവരുടെ കഴു
ത്തിന്മേൽ വെക്കുവാൻ, നിങ്ങൾ ഇപ്പോൾ
ദൈവത്തെ പരീക്ഷിക്കുന്നത് എന്തിന്?
എന്നാലോ, നമ്മുടെ കർത്താവ് യേശു 11
മ്ശിഹായുടെ കൃപയാൽ ജീവൻ പ്രാപിക്കു
മെന്ന് അവരെപ്പോലെ തന്നെ നാം വിശ്വസി
ക്കുന്നു." സംഘം നിശ്ശബ്ദമായി. പൌലൂ 12
സും ബർന്നബായും തങ്ങൾ മുഖാന്തിരം
ദൈവം പുറജാതികളുടെ ഇടയിൽ കാണിച്ച
മഹൽ പ്രവർത്തനങ്ങളും അത്ഭുതങ്ങളും
വിവരിച്ചത് അവർ കേൾക്കുകയും ചെയ്തു.
അവർ നിശ്ശബ്ദരായശേഷം യാക്കോബ് 13
എഴുന്നേററ് പറഞ്ഞു: "സഹോദരരായ മനു
ഷ്യരെ എന്നെ ശ്രദ്ധിച്ചാലും. ദൈവം പുറ 14
ജാതികളിൽനിന്നും തൻെറ നാമത്തിന്നായി
ഒരു ജനത്തെ തെരഞ്ഞെടുക്കുവാൻ എപ്ര
കാരം ആരംഭിച്ചു എന്നു ശെമഒാൻ നിങ്ങ
ളോടു വിവരിച്ചു പറഞ്ഞുവല്ലോ. പ്രവാച 15
കന്മാരുടെ വചനങ്ങളും ഇതിനോടു യോജി
ക്കുന്നു. ശേഷമുള്ള ജനങ്ങളും, എൻെറ 16
നാമം അവരുടെ മേൽ വിളിക്കപ്പെട്ടിട്ടുള്ള
സർവ്വജാതികളും എന്നെ അന്വേഷിപ്പാ
നായി, വീണുപോയ ദാവീദിൻെറ കൂടാര
ത്തെ വീണ്ടും ഞാൻ ഉയർത്തും, അതിൽ 17
നിന്നും വീണുപോയവ ഞാൻ പണി തീർ
ക്കും എന്ന് ഇവയെല്ലാം നിർമ്മിച്ച കർത്താവ്
പറയുന്നു എന്നിങ്ങനെ അവയിൽ എഴുത
പ്പെട്ടിട്ടുണ്ടല്ലോ. ദൈവത്തിൻെറ പ്രവർത്ത 18
നങ്ങൾ ആദി മുതൽക്കേ പ്രസിദ്ധമല്ലോ.
ആകയാൽ ഞാൻ പറയുന്നു: പുറജാതിക 19
ളിൽനിന്നും ദൈവത്തിങ്കലേക്ക് തിരിയുന്ന
വർക്ക് ഭാരം വരുത്താതെ, വിഗ്രഹബലി 20
യുടെ അശുദ്ധിയിൽനിന്നും, വേശ്യാവൃത്തി
യിൽനിന്നും, ശ്വാസംമുട്ടിച്ചു കൊന്നതിൽ
നിന്നും, രക്തത്തിൽനിന്നും അവർ അകന്നിരി
ക്കണം എന്ന് അവർക്കു ലേഖനം അയ
യ്ക്കപ്പെടണം. ആദിമതലമുറകൾ മുതൽ 21
തന്നെ, മോശയുടെ ന്യായപ്രമാണം എല്ലാ
ശാബതുകളിലും സംഘാലയങ്ങളിൽ
വായിക്കുന്ന പ്രസംഗകന്മാർ പട്ടണംതോറു
മുണ്ടായിരുന്നുവല്ലോ."

അപ്പോൾ ശ്ലീഹന്മാരും കശീശന്മാരും 22
സർവ്വസഭയും കൂടി അവരിൽനിന്നും ചില
ആളുകളെ തിരഞ്ഞെടുത്തു. അവരിൽപ്പെട്ട
ആളുകളും, സഹോദരന്മാരിൽ വിജ്ഞാനി
കളുമായ 'ശാബാ' എന്നു വിളിക്കപ്പെടുന്ന
യഹൂദായേയും, ശീലാസിനേയും, പൌ
ലോസിനോടും ബർന്നബായോടും കൂടെ
അന്ത്യോക്യായിലേക്കയച്ചു.

23 അവർ ഇവരുടെ കൈവശം ഇപ്രകാരം
ഒരു ലേഖനം കൊടുത്തയച്ചു: "ശ്ലീഹന്മാരും,
കശീശന്മാരും, സഹോദരന്മാരും(കൂടി)
അന്ത്യോക്യായിലും, സിറിയയിലും, കിലി
ക്യായിലും ഉള്ളവരായി, പുറജാതികളിൽ
നിന്നുള്ള സഹോദരന്മാർക്കു സമാധാനം.
24 ഞങ്ങൾ അവർക്കു കൽപ്പന കൊടുത്തിട്ടി
ല്ലാത്തവരായി ഞങ്ങളിൽനിന്നു ചിലർ
പുറപ്പെട്ട് നിങ്ങൾ പരിച്ഛേദന ഏൽക്കണ
മെന്നും, ന്യായപ്രമാണം ആചരിക്കണമെ
ന്നും പറഞ്ഞ് വചനങ്ങൾ കൊണ്ട് നിങ്ങളെ
ചഞ്ചലരാക്കുകയും, നിങ്ങളുടെ മനസ്സ്
തിരിക്കുകയും ചെയ്തതായി ഞങ്ങൾ കേട്ടി
25 രിക്കുന്നു. ഇതുനിമിത്തം ഞങ്ങൾ എല്ലാ
വരും സംഘംകൂടി ആലോചിച്ച്, ആളുകളെ
26 തെരഞ്ഞെടുത്ത് ഞങ്ങളുടെ വത്സലരും,
നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ
നാമത്തിനുവേണ്ടി തങ്ങളെത്തന്നെ സമർ
പ്പിച്ചവരുമായ പൌലോസിനോടും ബർന്ന
ബായോടുംകൂടെ യഹൂദയേയും ശീലാസി
27 നേയും ഞങ്ങൾ അയച്ചിരിക്കുന്നു. കാര്യ
മെല്ലാം അവർ നിങ്ങളോട് വാക്കാൽ പറ
28 യും; വിഗ്രഹാർപ്പിതങ്ങളിൽനിന്നും രക്ത
ത്തിൽനിന്നും, ശ്വാസംമുട്ടിച്ചു കൊന്നതിൽ
നിന്നും, വേശ്യാവൃത്തിയിൽനിന്നും നിങ്ങൾ
അകന്നിരിക്കണം എന്നുള്ള അത്യാവശ്യ
കാര്യങ്ങളേക്കാൾ കൂടുതലായ ഭാരം നിങ്ങ
ളുടെമേൽ വെയ്ക്കപ്പെട്ടുകൂടാ എന്നു പരി
ശുദ്ധാത്മാവിനും ഞങ്ങൾക്കും ഇഷ്ടം
29 തോന്നിയിരിക്കുന്നു. ഇവയിൽനിന്നും
തന്നെത്താൻ സൂക്ഷിച്ചുകൊണ്ടാൽ നി
ങ്ങൾക്കു നന്നായിരിക്കും. നിങ്ങൾ നമ്മുടെ
കർത്താവിൽ സുസ്ഥിരരായിരിപ്പിൻ."
30 അയയ്ക്കപ്പെട്ടവർ അന്ത്യോക്യയിലേ
ക്കു വന്നു. ജനമെല്ലാം ഒരുമിച്ചുകൂടി. ഇവർ
31 ലേഖനം അവർക്കു കൊടുത്തു. അവർ
അതു വായിച്ചു സന്തുഷ്ടരായി ആശ്വാസം
32 പ്രാപിച്ചു. യഹൂദായും ശീലാസും മറ്റും
പ്രവാചകന്മാരായിരുന്നതുകൊണ്ട് അവർ
സമൃദ്ധമായ വചനങ്ങളാൽ സഹോദര
33 ന്മാരെ ശക്തമായി ഉറപ്പിച്ചു നിറുത്തി. കുറെ
കാലം അവർ അവിടെ പാർത്തശേഷം,
സഹോദരന്മാർ അവരെ ശ്ലീഹന്മാരുടെ
അടുക്കലേക്കു സമാധാനത്തോടെ അയച്ചു.
എങ്കിലും അവിടെ താമസിക്കണമെന്നാണ്
ശീലാസ് ആഗ്രഹിച്ചത്.
34 പൌലോസും ബർന്നബായും അന്തോ
ക്യയിൽതന്നെ താമസിച്ചു. മററു പലരു
മൊരുമിച്ചു ദൈവവചനം പഠിപ്പിക്കയും
35 പ്രബോധിപ്പിക്കയും ചെയ്തുവന്നു. കുറെ
നാളുകൾക്കു ശേഷം പൌലോസ് ബർന്ന
ബായോട്: നാം തിരിച്ചു ചെന്ന് നമ്മൾ
ദൈവവചനം പ്രസംഗിച്ച എല്ലാ നഗരികളി
ലുമുള്ള സഹോദരന്മാരെ സന്ദർശിച്ച്,
അവരെന്തു ചെയ്യുന്നു എന്നു നമുക്കു
നോക്കാം എന്നു പറഞ്ഞു. മർക്കോസ് 3
എന്നു മറുനാമമുള്ള യോഹന്നാനെ കൂടെ
കൊണ്ടുപോകുവാൻ ബർന്നബാ ആഗ്രഹി
ച്ചു. പൌലോസാകട്ടെ, അവർ പംപുല്യാ 3
യിൽ ആയിരിക്കുമ്പോൾ അയാൾ അവരെ
വിട്ടു പോകുകയും, അവരൊന്നിച്ചു പോകാ
തിരിക്കയും ചെയ്തതു നിമിത്തം, അയാളെ
അവരുടെ കൂടെ കൊണ്ടുപോകുവാൻ
ഇഷ്ടപ്പെട്ടില്ല. ഈ തർക്കം നിമിത്തം അവർ 3
തമ്മിൽ പിരിഞ്ഞു. ബർന്നബാ മർക്കോസി 3
നെയും കൂട്ടിക്കൊണ്ട് സമുദ്രയാത്ര ചെയ്ത്
കുപ്രോസിൽ എത്തി. പൌലോസാകട്ടെ 4
തനിക്കായി ശീലാസിനെ തെരഞ്ഞെടുത്തു.
ദൈവകൃപയ്ക്ക് സഹോദരന്മാരെ ഭര
മേൽപ്പിച്ചുകൊണ്ട് അവർ പുറപ്പെട്ട് സിറി 4
യായിലും കിലിക്യായിലും യാത്ര ചെയ്ത്
സഭകളെ ഉറപ്പിച്ചുപോന്നു.

അദ്ധ്യായം 16

അവർ ദെർബി നഗരത്തിലും ലുസ്ത്രാ 1
യിലും എത്തി. അവിടെ വിശ്വാസിനിയായ
ഒരു യഹൂദസ്ത്രീയുടെ മകനായി 'തീമോ
ത്തേവോസ്' എന്നു പേരുള്ള ഒരു ശിഷ്യൻ
ഉണ്ടായിരുന്നു. അയാളുടെ പിതാവ് ഒരു
പുറജാതിക്കാരനായിരുന്നു. ലുസ്ത്രാ 2
യിലും ഇക്കാന്യോയിലുമുള്ള ശിഷ്യന്മാർ
എല്ലാവരും അയാളെക്കുറിച്ച് സാക്ഷ്യം
വഹിച്ചിരുന്നു. ഈ ആളെ തന്റെ കൂടെ 3
കൊണ്ടുപോകണമെന്നു പൌലോസ്
ആഗ്രഹിച്ചു. ആ സ്ഥലത്തുള്ള യഹൂദ
ന്മാരെ പ്രതി അയാൾക്കു പരിച്ഛേദന
നടത്തി. എന്തെന്നാൽ അയാളുടെ പിതാവ് 4
ഒരു പുറജാതിക്കാരൻ ആയിരുന്നുവെന്ന്
അവർക്കെല്ലാം അറിയാമായിരുന്നു. അവർ
നഗരങ്ങളിൽ സഞ്ചരിച്ചുകൊണ്ട് യറുശ
ലേമിലുള്ള ശ്ലീഹന്മാരും കശീശന്മാരും
എഴുതിയ കല്പനകൾ അവർ പാലിക്കണ
മെന്ന് പ്രസംഗിക്കുകയും പഠിപ്പിക്കുകയും
ചെയ്തുകൊണ്ടിരുന്നു. സഭകൾ വിശ്വാസ 5
ത്തിൽ നിലനിന്നും, പ്രതിദിനം എണ്ണ
ത്തിൽ വർദ്ധിച്ചുംവന്നു. അവർ ഫ്രുഗിയാ,
ഗലാത്തിയാ പ്രദേശങ്ങളിൽ സഞ്ചരിച്ചു.
'ആസിയായിൽ ദൈവവചനം അവർ പ്രസം 6
ഗിക്കേണ്ട' എന്ന് പരിശുദ്ധാത്മാവ് അവരെ
വിരോധിച്ചു. അവർ 'മുസിയാ' ദേശത്തു 7

ചെന്നിട്ട്, അവിടെനിന്നും ബിഥുന്യയി
ലേക്കു പോകുവാൻ ആഗ്രഹിച്ചു. എന്നാൽ
യേശുവിൻെറ ആത്മാവ് അവരെ അനു
വദിച്ചില്ല.
അവർ മൂസിയായിൽനിന്നും പുറപ്പെട്ട്
"ത്രോവാസ്' ദേശത്തെത്തി. മക്കദോന്യ
ക്കാരനായ ഒരാൾ നിന്നുകൊണ്ട് 'അങ്ങ്
മക്കദോന്യായിലേക്ക് വന്ന് എന്നെ സഹാ
യിക്കണ'മെന്ന് പറയുന്നതായ ഒരു ദർശനം
പൌലോസ് രാത്രിയിൽ കണ്ടു. പൌലോ
സ് ഈ ദർശനം കണ്ടപ്പോൾ നമ്മുടെ
കർത്താവ് അവരോട് സുവിശേഷിപ്പാൻ
ഞങ്ങളെ വിളിച്ചിരിക്കുന്നു എന്ന് മനസ്സി
ലാക്കി. ഉടനെതന്നെ മക്കദോനിയായി
ലേക്കു പുറപ്പെടുവാൻ ഞങ്ങൾ ആഗ്രഹി
ച്ചു. ഞങ്ങൾ ത്രോവാസിൽനിന്നും യാത്ര
ചെയ്ത് നേരെ, സമത്രോക്കിയിലും അവിടെ
നിന്നും പിറ്റേദിവസം 'നിയോപോലീസ്'
പട്ടണത്തിലും എത്തി. അവിടെനിന്നും
മക്കദോന്യായിലെ പ്രധാനപട്ടണവും കുടി
യേറ്റ പ്രദേശവുമായ ഫിലിപ്യായിലുമെത്തി.
അവിടെ നിശ്ചിതകാലം ഞങ്ങൾ പാർത്തു.
ശാബതുദിവസം ഞങ്ങൾ പുറപ്പെട്ട്, നഗര
ത്തിനു വെളിയിൽ ആറ്ററികത്ത് ഒരു
പ്രാർത്ഥനാലയം കണ്ടു. അവിടെ ഇരുന്നു.
അവിടെ വന്നു കൂടിക്കൊണ്ടിരുന്ന സ്ത്രീക
ളോട് ഞങ്ങൾ സംസാരിച്ചു. അവിടെ ദൈവ
ഭയമുള്ളവളും തെവൊത്രിയ പട്ടണക്കാ
രിയും രക്താംബരം വിൽക്കുന്നവളുമായി
'ലുദിയ' എന്നു പേരുള്ള ഒരു സ്ത്രീ ഉണ്ടാ
യിരുന്നു. നമ്മുടെ കർത്താവ് അവളുടെ
ഹൃദയം തുറന്നു. പൌലോസ് പറയുന്നത്
അവൾ ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരുന്നു.
അവളും അവളുടെ കുടുംബം മുഴുവനും
മാമ്മൂദിസാ ഏറ്റു. 'നമ്മുടെ കർത്താവിൽ
ഞാൻ വിശ്വസിച്ചു എന്നു നിങ്ങൾക്ക്
യഥാർത്ഥമായി ബോദ്ധ്യമുണ്ടെങ്കിൽ
നിങ്ങൾ വന്ന് എൻെറ വീട്ടിൽ പാർക്കണ
മ' എന്ന് അവൾ ഞങ്ങളോടപേക്ഷിച്ചു.
അവൾ ഞങ്ങളെ വളരെ നിർബന്ധിച്ചു.
ഞങ്ങൾ പ്രാർത്ഥനാലയത്തിലേക്കു
പോകുമ്പോൾ, 'ഭാവി പറയുന്ന' പൈശാ
ചികാത്മാവുള്ളവളും, ലക്ഷണം പറച്ചി
ലന്ന ജോലികൊണ്ട് അവളുടെ യജമാന
ന്മാർക്കു വളരെ ആദായം വരുത്തിക്കൊണ്ടി
രുന്നവളുമായ ഒരു യുവതി ഞങ്ങൾക്കു
നേരെ വന്നു. അവൾ പൌലോസിൻെറ
പിന്നാലെയും വന്നു. 'ഇവർ മഹോന്നതനാ
യ ദൈവത്തിൻെറ ദാസന്മാർ. ഇവർ
ജീവൻെറ മാർഗ്ഗം നിങ്ങളെ അറിയിക്കുന്നു'
എന്നു വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.
വളരെ ദിവസം ഇങ്ങനെ അവൾ ചെയ്തു 18
കൊണ്ടിരുന്നു. പൌലോസിന് നീരസമു
ണ്ടായി. അദ്ദേഹം ആത്മാവിനോട് "നീ അവ
ളിൽനിന്ന് ഒഴിഞ്ഞുപോകുക എന്നു യേശു
മിശിഹായുടെ നാമത്തിൽ ഞാൻ നിന്നോട്
കല്പിക്കുന്നു" എന്നു പറഞ്ഞു. അതേ
നിമിഷംതന്നെ അത് അവളെ വിട്ടുപോയി.
തങ്ങളുടെ ആദായമാർഗ്ഗത്തിൽനിന്നുള്ള 19
പ്രതീക്ഷ പൊയ്പോയതു കണ്ടപ്പോൾ
അവളുടെ യജമാനന്മാർ, പൌലോസി
നെയും ശീലാസിനെയും പിടികൂടി വലി
ച്ചിഴച്ച്, തെരുവിൽ കൊണ്ടുവന്നു, നഗരാ
ധിപരുടെയും പ്രധാനികളുടെയും മുമ്പിൽ
നിറുത്തി ഇങ്ങനെ പറഞ്ഞു: "യഹൂദരായ 20
ഈ ആളുകൾ ഞങ്ങളുടെ പട്ടണത്തെ
കലക്കി, റോമാക്കാരായ നമുക്ക് സ്വീകരി 21
പ്പാനും, ആചരിപ്പാനും അനുവദനീയമ
ല്ലാത്ത മര്യാദകൾ, ഞങ്ങളോടു പ്രസംഗി
ക്കുന്നു." അവർക്കെതിരായി പുരുഷാരവും 22
തടിച്ചുകൂടി. അവരുടെ വസ്ത്രങ്ങൾ വലിച്ചു
കീറിക്കൊണ്ട്, അവരെ ചമ്മട്ടികൊണ്ടടി
പ്പാൻ അധികാരികൾ കല്പിച്ചു. അവരെ 23
വളരെയേറെ അടിപ്പിച്ചശേഷം കാരാഗൃഹ
ത്തിലാക്കി. വളരെ സൂക്ഷ്മതയോടെ
അവർക്കു കാവൽ നില്പാൻ, കാരാഗൃഹ
പ്രമാണിയോടും കല്പിച്ചു. അയാൾ ഈ 24
കല്പന കിട്ടുകയാൽ, അവരെ കാരാഗൃഹ
ത്തിൻെറ ഉൾമുറിയിൽ ബന്ധിച്ചിട്ടു. അവ
രുടെ കാലുകൾക്കു വിലങ്ങിട്ടു. അർദ്ധ 25
രാത്രിയിൽ പൌലോസും ശീലാസും
പ്രാർത്ഥിച്ചും ദൈവത്തെ സ്തുതിച്ചുകൊ
ണ്ടും, തടവുകാർ അവരെ ശ്രദ്ധിച്ചുകൊ
ണ്ടുമിരുന്നു. പെട്ടെന്ന്, ഒരു വലിയ ഭൂകമ്പ 26
മുണ്ടായി, കാരാഗൃഹത്തിൻെറ അസ്തി
വാരങ്ങൾ ഇളകി. പെട്ടെന്ന് എല്ലാ
വാതിലുകളും തുറക്കപ്പെട്ടു. എല്ലാവരു
ടെയും ബന്ധനങ്ങൾ അഴിഞ്ഞുപോയി!
കാരാഗൃഹപ്രമാണി ഉണർന്ന് നോക്കിയ 27
പ്പോൾ, കാരാഗൃഹത്തിൻെറ വാതിലുകൾ
തുറന്നു കിടക്കുന്നതായി കണ്ട്, അയാൾ
വാളെടുത്ത് ആത്മഹത്യ ചെയ്യുവാൻ
തുനിഞ്ഞു. തടവുകാരെല്ലാം ഓടിപ്പോയി
എന്നാണയാൾ വിചാരിച്ചത്. പൌലോസ്
ഉച്ചത്തിൽ അയാളെ വിളിച്ചിട്ട്: 'നീ നിനക്കു 28
ദോഷമൊന്നും ചെയ്യരുത്. എന്തെന്നാൽ ഞ
ങ്ങൾ എല്ലാവരും ഇവിടെത്തന്നെയുണ്ട്-'
എന്നു പറഞ്ഞു. അയാൾ വിളക്കു തെളിച്ച്, 29
വിറച്ചുകൊണ്ട് അകത്തേക്ക് ഓടിക്കയറി
പൌലോസിൻെറയും ശീലാസിൻെറയും

30 കാൽക്കൽ വീണു. അയാൾ അവരെ പുറ
ത്തു കൊണ്ടുവന്നിട്ട് അവരോട് യജമാന
ന്മാരേ രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു
31 ചെയ്യണം എന്നു ചോദിച്ചു. അവർ അയാ
ളോട്, "നമ്മുടെ കർത്താവായ യേശുമ്ശി
ഹായിൽ വിശ്വസിക്കുക; നീയും നിന്റെ
കുടുംബവും രക്ഷപ്രാപിക്കും" എന്നു പറ
32 ഞ്ഞു. അയാളോടും കുടുംബത്തിലുള്ള
എല്ലാവരോടും കർത്താവിന്റെ വചനം
33 അവർ സംസാരിച്ചു. അതേ രാത്രിയിൽ,
അതേ നാഴികയിൽ അവരെ കൂട്ടിക്കൊണ്ടു
പോയി, അടികളാലുണ്ടായ മുറിവുകൾ
കഴുകി.
34 അയാളും അയാളുടെ കുടുംബത്തി
ലുള്ള എല്ലാവരും മാമ്മൂദീസ ഏറ്റു. അയാൾ
അവരെ തന്റെ ഭവനത്തിൽ കൊണ്ടു
പോയി അവർക്കു ഭക്ഷണം കൊടുത്തു.
അയാളും തന്റെ ഭവനക്കാരെല്ലാവരും
ദൈവത്തിൽ വിശ്വസിച്ചതിനാൽ അത്യ
35 ധികം ആനന്ദിച്ചു. പ്രഭാതമായപ്പോൾ ഈ
മനുഷ്യരെ വിട്ടയച്ചുകൊൾക എന്ന് കാരാ
ഗൃഹപ്രമാണിയോടു പറയുവാൻ അധി
കാരികൾ 'ദണ്ഡുവാഹികളെ' അയച്ചു.
36 കാരാഗൃഹപ്രമാണി ഇതു കേട്ടതോടെ,
നിങ്ങളെ അഴിച്ചു വിട്ടുകൊൾവാൻ അധി
കാരികൾ ആളയച്ചിരിക്കുന്നു. നിങ്ങൾ സമാ
ധാനത്തോടെ പുറത്തിറങ്ങി പൊയ്ക്കൊ
37 ണ്ടാലും എന്നു പറഞ്ഞു. പൌലോസ്
അയാളോട്, 'റോമക്കാരായ ഞങ്ങളെ ലോ
കരുടെ എല്ലാം മുമ്പിൽവെച്ച്, ഒരു കുറ്റവും
ചെയ്യാത്ത ഞങ്ങളെ ചമ്മട്ടിക്കടിപ്പിച്ച് അവർ
ഞങ്ങളെ തടവിൽ ഇട്ടു. ഇപ്പോൾ ഞങ്ങളെ
രഹസ്യമായി പുറത്തു വിടുകയാണോ?
അതു വേണ്ട, എന്നാലോ അവർ തന്നെ
വന്ന് ഞങ്ങളെ പുറത്തിറക്കട്ടെ' എന്നു
38 പറഞ്ഞു. അവരോടു പറയപ്പെട്ട ഈ
വചനങ്ങൾ ആ ദണ്ഡുവാഹികൾ ചെന്ന്
39 അധികാരികളെ അറിയിച്ചു. ഇവർ 'റോമാ
ക്കാർ' ആണെന്നു കേട്ടപ്പോൾ അവർ
ഭയപ്പെട്ടു. അവർ ഇവരുടെ അടുക്കൽ വന്ന്,
ഇവർ പട്ടണത്തിൽനിന്നും മാറിപ്പോക
40 ണമെ എന്നപേക്ഷിച്ചു. അവർ കാരാഗൃഹ
ത്തിൽനിന്നും പുറത്തിറങ്ങി ലുദിയായുടെ
അടുക്കൽ ചെന്നു. അവിടെവച്ച് സഹോ
ദരന്മാരെ കണ്ട് അവരെ ആശ്വസിപ്പിച്ചിട്ട്
അവിടെനിന്നും പുറപ്പെട്ടു.

അദ്ധ്യായം 17

1 അവർ അംഫിപൊലിസ്, അപ്പലോനിയ
എന്നീ നഗരങ്ങൾ കടന്ന് തെസ്സലോനിക്യാ
യിൽ എത്തി. അവിടെ യഹൂദന്മാരുടെ ഒരു
സംഘലായമുണ്ടായിരുന്നു. പൌലോസ് 2
പതിവുപോലെ അവിടെ കടന്നുചെന്നു.
മൂന്നു ശാബത് ദിവസങ്ങളിൽ തിരുവെഴു 3
ത്തുകളിൽനിന്നും, മശിഹാ കഷ്ടമനുഭവി
ക്കുകയും മരിക്കയും പുനരുത്ഥാനം ചെ
യ്കയും വേണ്ടതാകുന്നു എന്ന് അവരോട്
അറിയിച്ചു. ഞാൻ നിങ്ങളോടു പ്രസംഗി 4
ക്കുന്നത് ആ യേശു മിശിഹായെക്കുറിച്ചാ
കുന്നു എന്നു പറഞ്ഞു. അവരിൽ ചിലർ
വിശ്വസിച്ച് പൌലോസിനോടും ശീലാസി
നോടും ചേർന്നു. ഗ്രീക്കുകാരിൽ ദൈവഭയ
മുള്ള അനേകരും, പ്രസിദ്ധ സ്ത്രീകളും അന
ല്പമായി അവരോടു ചേർന്നു. യഹൂദന്മാർ 5
അസൂയാലുക്കളായി പട്ടണത്തിലെ തെരു
വുകളിൽനിന്നുമായി കുറെ ദുഷിച്ച ആളു
കളെ സംഘടിപ്പിച്ച് ഒരു വലിയ കൂട്ടമായി
പട്ടണത്തെ ഇളക്കി മറിച്ചു. അവർ വന്ന്
ഈയാസോന്റെ വീടു വളഞ്ഞ്, ഇവരെ
അവിടെനിന്നും ഇറക്കി, ജനക്കൂട്ടത്തിന്
ഏല്പിച്ചുകൊടുക്കുവാൻ ആവശ്യപ്പെട്ടു.
ഇവരെ അവിടെ കണ്ടെത്താൻ കഴിയാതെ 6
വന്നപ്പോൾ, അവർ ഈയാസോനെയും
അവിടെയുണ്ടായിരുന്ന സഹോദരന്മാ
രെയും അവിടെനിന്നും വലിച്ചിഴച്ച്, നഗരാ
ധിപന്റെ അടുക്കൽ കൊണ്ടുചെന്നു:
'ഇവർ ഭൂതലമാകെ കലക്കിയവരാണ്.
കണ്ടാലും ഇവിടെയും അവർ എത്തിയിരി
ക്കുന്നു. അവരെ സ്വീകരിച്ച ഈയാസോ 7
നും, ഇവരെല്ലാവരും യേശു എന്നു മറ്റൊരു
രാജാവുണ്ടെന്നു പറഞ്ഞു കൈസറിന്റെ
ആജ്ഞകൾക്കെതിരായി നിലകൊള്ളുന്നു
എന്ന് ആർത്തുവിളിച്ചു. നഗരാധികാരികളും 8
മറ്റു ജനവുമെല്ലാം ഇതുകേട്ടു സംഭ്രമിച്ചു. 9
യാസോനിൽനിന്നും സഹോദരന്മാരിൽ
നിന്നും ജാമ്യക്കാരെ സ്വീകരിച്ച് അവരെ
വിട്ടയച്ചു.
സഹോദരന്മാരാകട്ടെ അക്ഷണം, ആ
രാത്രിയിൽ തന്നെ, പൌലോസിനേയും
ശീലാസിനേയും 'ബെറുവാ' നഗരിയിലേക്ക്
അയച്ചു. അവിടെ അവർ എത്തി യഹൂദന്മാ
രുടെ സംഘലായങ്ങളിലേക്കു കടന്നു
ചെന്നു. തെസ്സലനോക്യായിൽ ഉണ്ടായി
രുന്ന യഹൂദന്മാരെക്കാൾ, അവിടെയുള്ള
യഹൂദർ, സ്വതന്ത്ര തീരുമാനമുള്ളവർ
ആയിരുന്നു. ഇവരിൽനിന്നും അവർ ദിവസ
വും സന്തോഷത്തോടെ വചനം കേൾക്കു
കയും, അവയെല്ലാം ഇങ്ങനെതന്നെയോ
എന്ന് തിരുവെഴുത്തുകളിൽനിന്നും വിവേചി
ക്കയും ചെയ്തിരുന്നു. അവരിൽ അനേകരും,

അങ്ങനെതന്നെ, ഗ്രീക്കുകാരിൽനിന്നും
വളരെയാളുകളും പ്രസിദ്ധ സ്ത്രീകളും വിശ്വ
3 സിച്ചു. തെസ്സലനോക്യായിലുള്ള യഹൂദർ,
പൗലോസ് ബെറുവാ നഗരിയിൽ ദൈവ
വചനം പ്രസംഗിച്ചു എന്നു കേട്ടപ്പോൾ അവി
ടെയുമെത്തി. പുരുഷാരത്തെ ഇളക്കിമറി
ക്കുന്ന കാര്യത്തിൽനിന്നും അവർ വിരമി
ച്ചില്ല. സഹോദരന്മാർ പൗലോസിനെ
സമുദ്രംവഴി യാത്രയാക്കി. ശീലാസും
തീമോത്തെയോസും ആ പട്ടണത്തിൽ
തന്നെ താമസിച്ചു.

പൗലോസിനെ അനുയാത്രചെയ്തിരു
ന്നവർ 'ആതൻസ്' നഗരംവരെ അദ്ദേഹ
ത്തോടുകൂടെ വന്നു. തന്റെ അടുക്കൽ
നിന്നും അവർ പുറപ്പെട്ടപ്പോൾ ശീലാസും
തീമോത്തെയോസും ഉടനെ തന്നെ തന്റെ
അടുക്കലെത്തണമെന്ന് അവർക്കായി
എഴുത്തു വാങ്ങി. ആതൻസിൽ പൗലോസ്
താമസിച്ചുകൊണ്ടിരിക്കുമ്പോൾ, പട്ടണ
മാകെ വിഗ്രഹങ്ങൾകൊണ്ടു നിറഞ്ഞിരി
ക്കുന്നതായി കണ്ടു, ആത്മാവിൽ അസ്വ
സ്ഥനായി യഹൂദന്മാരോടും, ദൈവഭക്തി
യുള്ളവരോടും സംഘാലയത്തിൽ വച്ചും,
ദിനംതോറും തെരുവിൽ കണ്ടുമുട്ടുന്നവ
രോടും സംസാരിച്ചു വന്നു. 'എപ്പികൂറസി
ന്റെ' ഉപദേശത്തിൽപെട്ട തത്വജ്ഞാനി
കളും, 'സ്റ്റോയിക്കർ' എന്നു വിളിക്കപ്പെ
ടുന്ന വേറെ ചിലരും അദ്ദേഹത്തോടു വാദം
നടത്തി. അവരിൽ ചിലർ ഈ 'വിടുവായൻ'
എന്താണാഗ്രഹിക്കുന്നത് എന്നും, വേറെ
ചിലർ 'ഇവൻ അന്യദേവന്മാരെ പ്രസംഗി
ക്കുന്നു' എന്നും പറഞ്ഞു. എന്തെന്നാൽ
അദ്ദേഹം യേശുവിനെയും തന്റെ പുനരു
ത്ഥാനത്തേയും കുറിച്ചു പ്രസംഗിച്ചിരുന്നു.
അവർ അദ്ദേഹത്തെ പിടിച്ച് 'അറിയോസ്
പാഗോസ്' എന്നു വിളിക്കപ്പെട്ടിരുന്ന കച്ചേ
രിയിലേക്കു കൊണ്ടുപോയി. അവർ പറ
ഞ്ഞു:- 'നീ പ്രസംഗിക്കുന്ന ഈ പുതിയ ഉപ
ദേശം എന്താണെന്ന് അറിയിക്കാമോ?
എന്തെന്നാൽ ചില അപരിചിതവാക്കുകൾ
ഞങ്ങളുടെ ചെവികളിൽ നീ വിതയ്ക്കുന്നു.
ഇവ എന്ത് എന്ന് അറിയുവാൻ ഞങ്ങൾ
ആഗ്രഹിക്കുന്നു.' എല്ലാ അഥേന്യരും അവി
ടെക്കു വരുന്ന അന്യന്മാരും വല്ല പുതു
മയും പറയുകയും കേൾക്കുകയും ചെയ്യാ
നല്ലാതെ മറ്റൊന്നിനും താല്പര്യമുള്ളവരാ
യിരുന്നില്ല.

പൗലോസ് അറിയോസ് പാഗോസിൽ
നിന്നുകൊണ്ട് ഇങ്ങനെ പറഞ്ഞു: 'ആതൻ
സുകാരായ മനുഷ്യരേ, നിങ്ങൾ എല്ലാറ്റി
ലുമുപരി, പിശാചാരാധനയിൽ മുന്തിയ
വരാണെന്നു ഞാൻ കാണുന്നു. ഞാൻ ചുറ്റി 23
നടന്ന് നിങ്ങളുടെ ആരാധനാലയങ്ങൾ
നോക്കിക്കണ്ടു. "അദൃശ്യനായ (അറിയപ്പെ
ടാത്തവനായ) ദേവന്" എന്ന് എഴുതിയിരു
ന്ന ഒരു ബലിപീഠം കണ്ടു. ആകയാൽ, നി
ങ്ങൾ അറിയാതിരുന്ന് ആരെ ആരാധിക്കു
ന്നുവോ, ആ ദൈവത്തെപ്പറ്റിത്തന്നെയാണ്
ഞാൻ നിങ്ങളോട് അറിയിക്കുന്നത്. എന്തെ 24
ന്നാൽ ലോകത്തേയും അതിലുള്ള സകല
ത്തേയും നിർമ്മിച്ചവൻ, സ്വർഗ്ഗത്തിന്റെ 25
യും ഭൂമിയുടെയും ഉടയവൻ കൈപ്പണി
യായ ആലയങ്ങളിലല്ല വസിക്കുന്നത്.
മനുഷ്യകൈകളാൽ ശുശ്രൂഷിക്കപ്പെടണ
മെന്നുമില്ല. അദ്ദേഹത്തിന് ഒന്നും ആവശ്യ
വുമില്ല. എന്തെന്നാൽ താനാണല്ലോ എല്ലാ
വർക്കും ജീവനും ആത്മാവും നൽകിയത്.
ഭൂതലമെങ്ങും വസിപ്പാൻ തക്കവണ്ണം ഒരേ 26
രക്തത്തിൽനിന്നും മനുഷ്യലോകത്തെ
മുഴുവനും ഉളവാക്കി. തന്റെ കല്പനയാൽ
താൻ കാലങ്ങളെയും മനുഷ്യവാസത്തിന്
അതിരുകളും തിരിച്ചു. ആയത്, അവർ ദൈവ 27
ത്തെ അന്വേഷിക്കുന്നവരും വിവേചിക്കുന്ന
വരും തന്റെ സൃഷ്ടികൾ വഴിയായി, തന്നെ
കണ്ടെത്തുന്നവരും ആയിരിപ്പാൻതന്നെ.
നമ്മിൽ ഓരോരുത്തരിൽ നിന്നും താൻ 28
അകന്നിരിക്കുന്നവൻ അല്ല. എന്തെന്നാൽ
അവനിലാകുന്നു നാം ജീവിക്കയും, ചരി
ക്കുകയും, ആയിരിക്കുകയും ചെയ്യുന്നത്.
നമ്മുടെ വംശം തന്നിൽനിന്നാകുന്നു, എന്ന്
നിങ്ങളുടെ ചില തത്വജ്ഞാനികളും പറ
ഞ്ഞിട്ടുണ്ടല്ലോ. നമ്മുടെ കുടുംബത്തിലെ 29
ആളുകൾ ദൈവത്തിൽനിന്നുണ്ടായവരാ
കയാൽ, മനുഷ്യന്റെ കരവിരുതാലും
ജ്ഞാനത്താലും കൊത്തിയുണ്ടാക്കിയി
രിക്കുന്ന പൊന്നിനോടോ, വെള്ളിയോടോ,
കല്ലിനോടോ, ദൈവത്വം സദൃശമായിരിക്കും
എന്നു വിചാരിപ്പാൻ പാടുള്ളതല്ല. എന്തെ 30
ന്നാൽ അറിവില്ലായ്മ(തെറ്റ്)യുടെ കാല
ങ്ങളെ ദൈവം കടത്തിക്കളഞ്ഞു. എല്ലാ
വരും, എല്ലാ സ്ഥലത്തും മാനസാന്തരപ്പെ
ടണം എന്ന് എല്ലാ മനുഷ്യരോടും താൻ
ഇപ്പോൾ ആജ്ഞാപിക്കുന്നു. താൻ വേർ 31
തിരിച്ചു നിയമിച്ചവൻമൂലം ഭൂതലത്തെ
യെല്ലാം നീതിയോടെ ന്യായം വിധിപ്പാൻ
ഒരു ദിവസം നിശ്ചയിക്കയും, അദ്ദേഹ
ത്തെ മരിച്ചവരുടെ ഇടയിൽ താൻ ഉയിർ
പ്പിച്ചതുമൂലം, അവന്റെ വിശ്വാസത്തി
ലേക്ക് എല്ലാവരേയും തിരിക്കുകയും
ചെയ്തിരിക്കുന്നു.

32 മരിച്ചവരുടെ ഇടയിൽനിന്നുള്ള 'പുനരു
ത്ഥാനം' എന്നു കേട്ടിട്ട് അവരിൽ ചിലർ പരി
ഹസിച്ചു. 'ഇതേപ്പറ്റി വേറൊരു സമയത്തു
നിന്നിൽനിന്നും ഞങ്ങൾ കേട്ടുകൊള്ളാം'
33 എന്നു മറ്റു ചിലരും പറഞ്ഞു. ഇങ്ങനെ അവ
രുടെ ഇടയിൽനിന്നും പൌലോസ് പുറ
34 പ്പെട്ടു. അവരിൽ ചിലർ തന്നോട് ചേർന്ന്
വിശ്വസിച്ചു. അവരിൽ ഒരാൾ അറിയോസ്
പാഗോസിലെ ന്യായാധിപന്മാരിൽ ഒരുവ
നായ 'ദീവന്നാസ്യോസ്' ആയിരുന്നു. 'ദാമാ
റീസ്' എന്ന ഒരു സ്ത്രീയും, അവരോടുകൂടെ
മറ്റു ചിലരും (വിശ്വസിച്ചു).

അദ്ധ്യായം 18

1 പൌലോസ് ആതൻസിൽനിന്നു പുറ
2 പ്പെട്ട് 'കോറിന്തിൽ' എത്തി. റോമിൽനിന്നും
യഹൂദന്മാരെല്ലാം ഒഴിഞ്ഞു പൊയ്ക്കൊള്ള
ണമെന്നുള്ള ക്ലോഡിയാസ് കൈസറിൻെറ
ഉത്തരവുമൂലം ഇറ്റലി രാജ്യത്തുനിന്നും
വന്നവനായ, പൊന്തോസ് ദേശക്കാരൻ
അക്വിലാസിനേയും അവൻെറ ഭാര്യ
പ്രിസ്കില്ലായേയും അദ്ദേഹം അവിടെ
കണ്ടുമുട്ടി. അവരുടെ അടുക്കൽ ചെന്നു.
3 എന്തെന്നാൽ അവരും തന്നെപ്പോലെ ഒരേ
തൊഴിൽക്കാരായിരുന്നു. താൻ അവരൊ
ന്നിച്ച് പാർത്ത് അവരൊന്നിച്ചു പണി
ചെയ്തിരുന്നു. അവരുടെ തൊഴിലിൽ അവർ
തോൽപ്പണി(കൂടാരപ്പണി)ക്കാരായിരുന്നു.
4 താൻ ശാബതുതോറും സംഘാലയത്തിൽ
പ്രസംഗിക്കുകയും, യഹൂദന്മാരെയും
പുറജാതിക്കാരെയും ബോദ്ധ്യപ്പെടുത്തു
5 കയും ചെയ്തിരുന്നു. ശീലാസും തീമോത്തെ
യോസും മക്കദോന്യായിൽനിന്നു വന്നു
ചേർന്നപ്പോൾ, പൌലോസ് വചനകാര്യ
ത്തിൽ വിഷാദിച്ചിരിക്കുകയായിരുന്നു!
എന്തെന്നാൽ യഹൂദന്മാർ തനിക്കെതിരായി
നിന്നുകൊണ്ട് "യേശുതന്നെയാകുന്നു
മ്ശീഹാ" എന്നു താൻ സാക്ഷിച്ചതിനാൽ
6 തന്നെ ദുഷിച്ചുകൊണ്ടിരുന്നു. അദ്ദേഹം
തൻെറ വസ്ത്രം കുടഞ്ഞുകൊണ്ട്: "(നിങ്ങ
ളുടെ രക്തം നിങ്ങളുടെ തലമേൽ ഇരിക്കട്ടെ)
ഇപ്പോൾ മുതൽ ഞാൻ നിർമ്മലനാകുന്നു
(നിർദ്ദോഷിയാകുന്നു). ഞാൻ പുറജാതി
കളുടെ അടുക്കലേക്കു പോകുന്നു" എന്നു
പറഞ്ഞു.
7 താൻ അവിടെനിന്നും പുറപ്പെട്ട്, ദൈവ
ഭക്തനായിരുന്ന 'തീത്തോസ്' എന്നു പേരു
ള്ള ഒരുവൻെറ ഭവനത്തിൽ എത്തി. അയാ
ളുടെ ഭവനം സംഘാലയത്തിനു സമീപ
8 മായിരുന്നു. സംഘാലയപ്രമാണിയായ
ക്രിസ്പോസും അവൻെറ കുടുംബത്തി
ലുള്ള എല്ലാവരും നമ്മുടെ കർത്താവിൽ
വിശ്വസിച്ചു. വളരെയേറെ കോരിന്ത്യരും,
വചനം കേട്ട് ദൈവത്തിൽ വിശ്വസിച്ച്
മാമ്മൂദീസാ ഏറ്റു.
കർത്താവ്, ദർശനത്തിൽ പൌലോസി 9
നോട്, 'നീ ഭയപ്പെടരുത്, സംസാരിക്കുക,
മൌനമായിരിക്കരുത്, എന്തെന്നാൽ ഞാൻ
നിന്നോടുകൂടെയുള്ളതിനാൽ ആർക്കും
നിന്നെ ഉപദ്രവിപ്പാൻ കഴിവുണ്ടാകയില്ല.
ഈ പട്ടണത്തിൽ എനിക്കു വളരെയേറെ 10
ജനമുണ്ട്' എന്നു പറഞ്ഞു. അദ്ദേഹം കോരി 11
ന്തിൽ ഒരു വർഷവും ആറുമാസവും
പാർത്തു, അവരെ ദൈവവചനം പഠിപ്പിച്ചു.
ഗലിയോൻ അഖായായിൽ ദേശാധിപതി 12
ആയിരിക്കുമ്പോൾ, യഹൂദന്മാർ പൌലോ
സിനെതിരായി ഒരുമിച്ചു കൂടി അദ്ദേഹത്തെ
ന്യായാസനമുമ്പാകെ കൊണ്ടുപോയി.
'ഇവൻ ന്യായപ്രമാണമുറ വിട്ട്, ദൈവത്തെ 13
ആരാധിപ്പാൻ മനുഷ്യരെ പ്രോത്സാഹിപ്പി
ക്കുന്നു' എന്നു പറഞ്ഞു. പൌലോസ് 14
സംസാരിക്കുവാൻ വായ് തുറക്കവേ ഗലി
യോൻ യഹൂദന്മാരോട്, "എന്തെങ്കിലും തിന്മ
യായിട്ടുള്ളതോ, വഞ്ചനാപരമായതോ,
നിഷിദ്ധമോ ആയ കാര്യത്തെക്കുറിച്ചാണ്,
യഹൂദന്മാരേ, നിങ്ങൾ ഇയ്യാളുടെമേൽ
കുറ്റാരോപണം നടത്തിയിരുന്നതെങ്കിൽ,
ന്യായമായും ഞാൻ നിങ്ങളെ സ്വീകരിക്കേ
ണ്ടതായിരുന്നു. എന്നാൽ വാക്കിനെപ്പറ്റി 15
യോ, നാമങ്ങളെപ്പറ്റിയോ ന്യായപ്രമാണ
ത്തെപ്പറ്റിയോ ആണ് തർക്കങ്ങളെങ്കിൽ
അതു നിങ്ങൾക്കു തന്നെ അറിവുള്ളതാണ്.
ഞാനോ ഈ കാര്യങ്ങളിൽ ന്യായാധിപനാ
യിരിക്കുവാൻ ആഗ്രഹിക്കുന്നില്ല" എന്നു
പറഞ്ഞു; തൻെറ ന്യായാസനസന്നിധിയിൽ 16
നിന്നും അവരെ ബഹിഷ്കരിച്ചു. പുറജാതി
ക്കാരെല്ലാം കൂടി, സംഘാലയ മൂപ്പനായ
സുസ്ഥീനോസിനെ പിടികൂടി, ന്യായാസന
ത്തിൻ മുമ്പിൽ വച്ചുതന്നെ അവനെ അടി
ച്ചു. ഗലിയോൻ ഇതിൽനിന്നെല്ലാം അലസ 17
നായി ഇരുന്നതേയുള്ളു. പൌലോസ്
അവിടെ വളരെനാൾ പാർത്തശേഷം, 18
സഹോദരന്മാർക്കു സമാധാനം ചൊല്ലി,
സിറിയായിലേക്കു സമുദ്രം വഴിയായി യാത്ര
ചെയ്തു. അദ്ദേഹത്തോടു കൂടെ പ്രിസ്കി
ല്ലായും അക്വിലാസും വന്നിരുന്നു. തനിക്ക്
ഒരു "നേർച്ച"യുണ്ടായിരുന്നതുകൊ
ണ്ട് കെംക്രിയായിൽ വച്ചു തല ക്ഷൌരം
ചെയ്യിച്ചിരുന്നു. അവർ എഫേസോസിൽ
എത്തി.

19 പൗലോസ് സംഘാലയത്തിൽ പ്രവേ
ശിച്ച് യഹൂദന്മാരോടു സംസാരിച്ചു.
20 അദ്ദേഹം അവരോടു കൂടെ ദീർഘകാലം
പാർക്കണം എന്ന് അവർ അപേക്ഷിച്ചു.
21 അതിന് അദ്ദേഹം സമ്മതിച്ചില്ല. എന്തെ
ന്നാൽ, വരുന്ന പെരുന്നാൾ ഞാൻ യറുശ
ലേമിൽ ആചരിക്കേണ്ടിയിരിക്കുന്നു. ദൈവം
ഇഷ്ടപ്പെടുന്നുവെങ്കിൽ ഞാൻ വീണ്ടും
നിങ്ങളുടെ അടുക്കൽ തിരിച്ചു വരാം എന്നു
22 പറഞ്ഞു. അക്വിലാസിനെയും പ്രിസ്കില്ലാ
യെയും എഫേസോസിൽ വിട്ടിട്ട് അദ്ദേഹം
സമുദ്രയാത്ര ചെയ്തു കേസറിയായിൽ വന്നു.
അവിടെ സഹോദരരോട് സമാധാനം
ചൊല്ലിയിട്ട് അന്ത്യോക്യായിലേക്കു പോയി.
23 അവിടെ കുറെ നാൾ പാർത്തശേഷം ഒന്നി
നു പുറകെ ഒന്നായി ഗലാത്യ ഫ്രൂഗിയ,
പ്രദേശങ്ങളിൽ സഞ്ചരിച്ച് എല്ലാ ശിഷ്യന്മാ
രെയും ഉറപ്പിച്ചു നിറുത്തി.
24 അലക്സാന്ത്രിയക്കാരനും വാഗ്വൈ
ഭവവും തിരുവെഴുത്തുകളിൽ പ്രാഗല്ഭ്യവും
ഉള്ളവനുമായ അപ്പലോസ് എന്നു പേരുള്ള
ഒരു യഹൂദൻ എഫേസോസിൽ എത്തി.
25 ഇയാൾ കർത്താവിന്റെ മാർഗ്ഗത്തിലേക്ക്
ശിഷ്യപ്പെട്ടവനായിരുന്നു. യോഹന്നാന്റെ
സ്നാനത്തെക്കുറിച്ചല്ലാതെ മറ്റൊന്നും അറി
യാമായിരുന്നില്ലെങ്കിലും ആത്മാവിൽ തീ
ക്ഷ്ണതയുള്ളവനായി സംസാരിച്ച് യേശു
വിനെക്കുറിച്ച് പൂർണ്ണമായി പഠിപ്പിച്ചു.
26 അയാൾ സംഘാലയത്തിൽ ധൈര്യമായി
സംസാരിച്ചുതുടങ്ങി. അക്വിലാസും പ്രി
സ്കില്ലയും അയാളുടെ വചനങ്ങൾ കേട്ടിട്ട്
അയാളെ അവരുടെ ഭവനത്തിലേക്ക് കൊ
ണ്ടുപോയി കർത്താവിന്റെ മാർഗ്ഗം പൂർണ്ണ
മായി അയാൾക്കു കാണിച്ചു കൊടുത്തു.
27 അയാൾ അഖയായിലേക്കു പോകുവാൻ
ആഗ്രഹിച്ചപ്പോൾ, സഹോദരന്മാർ അയാ
ളെ പ്രോത്സാഹിപ്പിക്കുകയും, അയാളെ
അവർ സ്വീകരിക്കണമെന്ന് (അവിടെയു
ള്ള) ശിഷ്യന്മാർക്ക് എഴുത്തു കൊടുക്കുക
യും ചെയ്തു. അയാൾ അവിടെ എത്തി. അവി
ടെയുള്ള വിശ്വാസികൾക്ക് എല്ലാം (ദൈവ)
28 കൃപയാൽ വളരെ സഹായം ചെയ്തു. 'യേശു
തന്നെയത്രെ മ്ശീഹാ' എന്നു തിരുവെഴു
ത്തുകളിൽ നിന്നും കാണിച്ചുകൊണ്ട് പുരു
ഷാരത്തിന്റെ മുമ്പിൽവച്ച്, യഹൂദർക്ക്
എതിരായി ശക്തിയോടെ വാദിച്ചു.

അദ്ധ്യായം 19

1 അപ്പലോസ് കോരിന്തിൽ ആയിരിക്കു
മ്പോൾ, പൗലോസ് ഉന്നതപ്രദേശങ്ങളിൽ
സഞ്ചരിച്ചിട്ട് എഫേസോസിൽ എത്തി.
അവിടെ താൻ കണ്ടെത്തിയ ശിഷ്യരോട്, 2
'നിങ്ങൾ വിശ്വസിച്ചശേഷം പരിശുദ്ധാത്മാ
വിനെ സ്വീകരിച്ചുവോ?' എന്നു ചോദിച്ചു.
അവർ ഉത്തരമായി തന്നോട്, 'പരിശുദ്ധാ
ത്മാവ് ഉണ്ട് എന്നുപോലും തങ്ങൾ കേട്ടി
ട്ടില്ലല്ലോ' എന്നു പറഞ്ഞു. താൻ അവരോട്,
നിങ്ങൾ പിന്നെ എന്തിനാലാണ് മാമ്മൂദീ 3
സാ സ്വീകരിച്ചത് എന്ന് ചോദിച്ചു. 'യോഹ
ന്നാന്റെ മാമ്മൂദീസായാൽ,' എന്ന് അവർ
പറഞ്ഞു. പൗലോസ് അവരോട്, 'യോഹ 4
ന്നാൻ, അവന്റെ പിന്നാലെ വരുന്നവനിൽ
അതായത് യേശുമ്ശീഹായിൽ അവർ വിശ്വ
സിക്കണം' എന്നു പറഞ്ഞുകൊണ്ടാണ്,
മാനസാന്തരത്തിന്റെ മാമ്മൂദീസാ നടത്തി
യത് എന്നു പറഞ്ഞു. അവർ അതു കേട്ട 5
പ്പോൾ, നമ്മുടെ കർത്താവ് യേശുമ്ശീഹാ
യുടെ നാമത്തിൽ മാമ്മൂദീസാ ഏറ്റു.
പൗലോസ് അവരുടെമേൽ കൈ വച്ചു. 6
പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു.
അവർ വിവിധ ഭാഷകളിൽ സംസാരിക്കയും
പ്രവചിക്കുകയും ചെയ്തു. അവർ ആകെ 7
പന്ത്രണ്ടുപേർ ആയിരുന്നു. പൗലോസ്
സംഘാലയത്തിൽ കടന്നുചെന്ന്, മൂന്നു
മാസം ധൈര്യത്തോടെ സംസാരിച്ചു: ദൈവ 8
രാജ്യത്തെക്കുറിച്ച് അവരെ പ്രബോധി
പ്പിച്ചു. എന്നാൽ ചിലർ കഠിനപ്പെട്ട് തർക്കി 9
ക്കുകയും, പുറജാതികളുടെ മുമ്പിൽ ദൈവ
മാർഗ്ഗത്തെ ആക്ഷേപിക്കുകയും ചെയ്തു.
അപ്പോൾ പൗലോസ് ശിഷ്യപ്പെട്ടവരെ
അവരിൽനിന്ന് അകററി വേർതിരിച്ച്, 'തുറ
ന്നോസ്' എന്നു പേരുള്ള ഒരുവന്റെ പാഠ
ശാലയിൽവച്ച് എല്ലാ ദിവസവും അവരോട്
സംസാരിക്കുകയും ചെയ്തുവന്നു. യഹൂദന്മാ 10
രും പുറജാതികളുമായി 'ആസിയായിൽ'
പാർക്കുന്ന എല്ലാവരും കർത്താവിന്റെ
വചനം കേൾക്കുവോളം ഇങ്ങനെ രണ്ടു
സംവത്സരം പ്രവർത്തിച്ചു. പൗലോസി 11
ന്റെ കൈയാൽ ദൈവം വലിയ അത്ഭുത
ങ്ങൾ പ്രവർത്തിച്ചുകൊണ്ടുമിരുന്നു. അദ്ദേ 12
ഹത്തിന്റെ ശരീരത്തിന്മേലുള്ള വസ്ത്ര
ങ്ങൾ—തൂവാലകളോ വസ്ത്രശകലങ്ങളോ
ജനങ്ങൾ കൊണ്ടുപോയി രോഗികളുടെ
മേൽ വയ്ക്കുമായിരുന്നു. അവരിൽ നിന്നും
രോഗങ്ങൾ മാറിപ്പോയിരുന്നു. ഭൂതങ്ങളും
ഒഴിഞ്ഞുപൊയ്ക്കൊണ്ടിരുന്നു!
പിശാചുബാധകളെ അകറ്റാനായി ചുറ്റി 13
സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ചില യഹൂദ
ന്മാർ, 'പൗലോസ് പ്രസംഗിക്കുന്ന യേശു
വിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളെ

ക്കൊണ്ട് ആണയിടീക്കുന്നു' എന്നു പറ
ഞ്ഞുകൊണ്ട് അശുദ്ധാത്മാക്കളെക്കൊണ്ട്
നമ്മുടെ കർത്താവായ യേശുവിൻെറ നാമ
ത്തിൽ ആണയിടീക്കാൻ ആഗ്രഹിച്ചു.
14 പ്രധാന പുരോഹിതനായ 'സ്കേവാ'
എന്നൊരു യഹൂദൻെറ ഏഴു പുത്രന്മാർ
15 ഇപ്രകാരം ചെയ്തുകൊണ്ടിരുന്നു. തിന്മപ്പെട്ട
ഒരു പിശാച് അവരോട്—യേശുവിനെ
ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. പൌലോ
സിനേയും എനിക്കറിയാം. എന്നാൽ നിങ്ങൾ
16 ആര്? എന്നു പറഞ്ഞിട്ട് ആ ദുഷ്ടാത്മാവു
ണ്ടായിരുന്നയാൾ അവരുടെമേൽ ചാടി
വീണ് ശക്തിയോടെ അവരെ അടിച്ചുവീഴിച്ചു.
അവർ നഗ്നരായി മുറിവേറ്റ് ആ വീട്ടിൽനി
17 ന്നും ഓടിപ്പോയി. ഈ വസ്തുത എഫേസോ
സിൽ പാർത്തിരുന്ന എല്ലാ യഹൂദന്മാരും
പുറജാതികളും അറിഞ്ഞു. അവർക്കെല്ലാം
വളരെ ഭയമായി. നമ്മുടെ കർത്താവേശു
മ്ശിഹായുടെ നാമം മഹത്വപ്പെട്ടു.
18 വിശ്വസിച്ചവരിൽ അനേകർ വന്ന്,
അവർ ചെയ്ത കുറ്റങ്ങൾ വിവരമായി അറിയി
ക്കുകയും, ഏറ്റു പറയുകയും ചെയ്തിരുന്നു.
19 അനേകം മന്ത്രവാദികളും അവരുടെ ഗ്രന്ഥ
ങ്ങൾ ശേഖരിച്ചുകൊണ്ടു വന്ന് എല്ലാവരു
ടെയും മുമ്പിൽവെച്ച് അവയെ കത്തിച്ചു കള
ഞ്ഞു. അവയുടെ വില അൻപതിനായിരം
വെള്ളിക്കാശ് എന്നു കണക്കാക്കപ്പെട്ടു.
20 ഇങ്ങനെ ദൈവവിശ്വാസം ശക്തിപ്പെട്ടു
വർദ്ധിച്ചുവന്നു.
21 ഇവയെല്ലാം പൂർത്തിയാക്കി, മക്കദോ
ന്യാ മുഴുവനിലും ആഖിയായിലും സഞ്ച
രിച്ച ശേഷം യറുശലേമിലേക്കു പോകു
വാൻ പൌലോസ് നിശ്ചയിച്ചു. അവിടെ
ചെന്ന ശേഷം റോമായും എനിക്കു സന്ദർശി
ക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം പറ
22 ഞ്ഞു. തനിക്കു ശുശ്രൂഷ ചെയ്തുകൊണ്ടി
രുന്ന രണ്ടുപേരെ — തീമോത്തെയോസി
നെയും അരിസ്റ്റോസിനേയും അദ്ദേഹം മക്ക
ദോന്യായിലേക്കയച്ചു. താനോ കുറച്ചു
23 കാലം ആസിയായിൽ താമസിച്ചു. ഇക്കാ
ലത്ത് അവിടെ ദൈവമാർഗ്ഗത്തെ പ്രതി
24 ഒരു കലഹമുണ്ടായി. ആർത്തമീസിൻെറ
വെള്ളി ക്ഷേത്രരൂപങ്ങൾ ഉണ്ടാക്കി തൻെറ
തൊഴിൽക്കാർക്ക് വളരെ ആദായമുണ്ടാക്കി
ക്കൊണ്ടിരുന്ന 'ദെമെത്രയോസ്' എന്നു
പേരുള്ള ഒരു തട്ടാൻ അവിടെയുണ്ടായിരു
25 ന്നു. ഇവൻ തൻെറ തൊഴിലിൽപെട്ട എല്ലാ
വരേയും അവരോടുകൂടി ജോലിചെയ്തിരുന്ന
വരേയും ഒരുമിച്ചുകൂട്ടി—അല്ലയോ പുരുഷ
ന്മാരേ നിങ്ങളുടെ ആദായം മുഴുവൻ ഈ
പണിയിൽനിന്നാണെന്നു നിങ്ങൾക്കറിയാ
മല്ലോ. എന്നാൽ ഈ പൌലോസാകട്ടെ, 26
മനുഷ്യകൈകളാൽ നിർമ്മിക്കപ്പെടുന്നവർ
ദേവന്മാരല്ല എന്നു പറഞ്ഞുകൊണ്ട് എഫേ
സ്യരെ മാത്രമല്ല, ആസിയാ എങ്ങുമുള്ള
അനേകരെയും സമ്മതിപ്പിച്ചു മറിച്ചു കള
ഞ്ഞു എന്നുള്ള കാര്യം നിങ്ങൾ കാണുകയും
കേൾക്കുകയും ചെയ്തുകൊണ്ടിരിക്കയാ
ണല്ലോ. അങ്ങനെ ഈ കാര്യം ആക്ഷേപിക്ക 27
പ്പെട്ടു മാഞ്ഞുപോയേക്കും എന്നുമാത്രമല്ല,
മഹതിയായ ആർത്തമീസ് ദേവിയുടെ
ക്ഷേത്രംപോലും ഒന്നുമില്ലാത്തതായി കരു
തപ്പെടുകയും, എല്ലാവരും ആരാധിക്കുന്ന
ആസിയാ മുഴുവൻേറയും ദേവി നിന്ദിക്ക
പ്പെടുകയും ചെയ്യും എന്നു പറഞ്ഞു. അവർ 28
ഇതു കേട്ടപ്പോൾ കോപം നിറഞ്ഞവരായി;
'എഫേസോസുകാരുടെ ആർത്തമീസ്
മഹതിയാകുന്നു' എന്ന് ആർത്തു വിളിച്ചു.
നഗരം മുഴുവൻ ഇളകി. അവർ ഒരുമിച്ച് 29
രംഗസ്ഥലത്തേക്ക് ഓടിച്ചെന്ന് പൌലോ
സിൻെറ സഹയാത്രികരും മക്കദോന്യ
ക്കാരുമായ ഗായോസ്, അറിസ്ത്രാക്കോ
സ് എന്നിവരെ പിടിച്ച് അവരുടെകൂടെ
കൊണ്ടുപോയി.
പൌലോസും രംഗസ്ഥലത്തു കടക്കു 30
വാൻ ആഗ്രഹിച്ചു. എന്നാൽ ശിഷ്യന്മാർ
അദ്ദേഹത്തെ തടഞ്ഞു. ആസിയായിലെ 31
പ്രമാണികൾ അദ്ദേഹത്തിൻെറ സ്നേഹിത
ന്മാരായിരുന്നതിനാൽ, അവർ ആളയച്ചു
താൻ രംഗസ്ഥലത്തേക്കു പ്രവേശിക്കാൻ
ശ്രമിക്കരുത് എന്ന് അപേക്ഷിച്ചു. രംഗസ്ഥ 32
ലത്തുണ്ടായിരുന്ന പുരുഷാരം വളരെ
ക്ഷോഭിച്ചിരുന്നു, വളരെയേറെപ്പേർ പലതും
വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. അവരിൽ
അനേകർക്കും അവർ എന്തിനാണ് വന്നു
കൂടിയത് എന്നുപോലും അറിവില്ലായിരു
ന്നു. അവിടെയുണ്ടായിരുന്ന യഹൂദന്മാർ, 33
അവരിൽ പെട്ടവനും അലക്സാന്ത്രോസ്
എന്നു പേരുള്ളവനുമായ ഒരു യഹൂദനെ,
നിർദ്ദേശിച്ചു. അവൻ എഴുന്നേറ്റ് ജനത്തോട്
സംസാരിപ്പാൻ ആഗ്രഹിച്ചു. അവൻ 34
യഹൂദനാണെന്ന്, അവർ അറിഞ്ഞതോടെ
പുരുഷാരമെല്ലാം ഏകദേശം രണ്ടുമണി
ക്കൂർ "എഫേസ്യരുടെ ആർത്തമീസ് മഹതി
യാകുന്നു" എന്ന് ആർത്തു വിളിച്ചു. നഗരാ 35
ധിപൻ അവരെ ശാന്തരാക്കിയശേഷം,
"എഫേസ്യ പുരുഷന്മാരേ, എഫേസ്യരുടെ
ഈ നഗരം, മഹതിയായ ആർത്തമീസ്
ദേവിക്കും ആകാശത്തുനിന്നും ഇറങ്ങിവന്ന
അവളുടെ പ്രതിമയ്ക്കും പൂജ നടത്തുന്നവ

ളാണെന്നു, മനുഷ്യരിൽ ആർക്കാണ് അറി
36 ഞ്ഞുകൂടാത്തത്? ആകയാൽ ഇതിന്നെ
തിരായി ആർക്കും ഒന്നും പറയാൻ സാദ്ധ്യ
മല്ലാത്തതിനാൽ, നിങ്ങൾ അടങ്ങിയിരി
37 പ്പിൻ, ധൃതിയിൽ ഒന്നും ചെയ്യരുത്. നിങ്ങൾ
കൊണ്ടുവന്ന ഈ മനുഷ്യർ ക്ഷേത്രം
കവർച്ചചെയ്തില്ല; നമ്മുടെ ദേവിയെ അവർ
38 ആക്ഷേപിച്ചുമില്ല. എന്നാൽ ഈ ദമിത്രയോ
സിനും അവൻെറ തൊഴിലിൽപ്പെട്ടവർക്കും
ആർക്കെങ്കിലും എതിരെ പരാതിയുണ്ടെ
ങ്കിൽ - ഇതാ പട്ടണത്തിൽ ദേശാധിപതി
യുണ്ട്. ഉദ്യോഗസ്ഥരുമുണ്ട്. അവർ പോയി
39 പരസ്പരം വ്യവഹരിക്കട്ടെ. മറ്റേതെങ്കിലും
കാര്യമാണ് നിങ്ങൾ ആഗ്രഹിക്കുന്നതെ
ങ്കിൽ, നിയമത്താൽ സ്വീകൃതമായ സംഘ
ത്തിൽ വച്ച് അവ തീരുമാനിക്കപ്പെടാവു
ന്നതുമാകുന്നു" എന്നു പറഞ്ഞു. അപ്പോൾ
അവർ 'നാം ഇപ്പോൾ, കലാപകാരികൾ
എന്ന നിലയിൽ അപകടത്തിലാണു
40 നിൽക്കുന്നത്. ഇന്നത്തെ ഈ സംഘം
ചേരലിനെക്കുറിച്ച് സമാധാനം പറയുവാൻ
നമുക്കു കഴിവില്ല. എന്തെന്നാൽ നാം
അനാവശ്യമായി കൂട്ടം കൂടുകയും കാരണം
കൂടാതെ നമ്മൾ കലഹമുണ്ടാക്കുകയു
മാണ് ചെയ്തിരിക്കുന്നത്' എന്നു പറഞ്ഞ്
അവർ ജനസമൂഹത്തെ പിരിച്ചുവിട്ടു.

അദ്ധ്യായം 20

1 കലഹം ശാന്തമായശേഷം പൌലോസ്
ശിഷ്യന്മാരെ വിളിച്ച്, അവരെ ആശ്വസിപ്പി
ക്കുകയും ചുംബനം നൽകുകയും ചെയ്തിട്ട്
2 മക്കദോന്യയിലേക്കു പുറപ്പെട്ടു. ആ പ്രദേശ
ങ്ങളിലെല്ലാം സഞ്ചരിച്ച്, അനേക വചനങ്ങ
ളാൽ അവരെ ആശ്വസിപ്പിച്ചശേഷം 'ഹാ
3 ലേസ്' (ഗ്രീസ്) ദേശത്ത് എത്തി. അവിടെ
അദ്ദേഹം മൂന്നു മാസം താമസിച്ചു. താൻ
സിറിയായിലേക്കു പോകുവാനൊരുങ്ങിയ
പ്പോൾ, യഹൂദന്മാർ തനിക്കെതിരായി
വഞ്ചന പ്രയോഗിക്കുകമൂലം, മക്കദോന്യ
യിലേക്കുതന്നെ തിരികെ പോകുവാൻ
4 വിചാരിച്ചു. ബെറുവാ നഗരക്കാരനായ
സുപത്രോസും, തെസലനോക്യരായ അറി
സ്താർകോസും, സക്കുന്തോസും, ദെർബി
നഗരക്കാരൻ ഗായോസും ലുസ്ത്രായിൽ
നിന്നുള്ള തീമോത്തെയോസും, ആസിയാ
വരെ അദ്ദേഹത്തോടുകൂടെ പോയി. അവർ
മുൻകൂട്ടി പുറപ്പെട്ട്, ത്രോവാസിൽ ഞങ്ങൾ
ക്കായി കാത്തിരുന്നു. ഞങ്ങൾ പത്തീറാ
പെരുന്നാൾ ദിവസങ്ങൾക്കുശേഷം മക്ക
ദോന്യാ പട്ടണമായ ഫിലിപ്യായിൽനിന്നു
പുറപ്പെട്ട് സമുദ്രയാത്ര ചെയ്ത് അഞ്ചു
ദിവസംകൊണ്ട് ത്രോവാസിൽ എത്തി
അവിടെ ഏഴു ദിവസം താമസിച്ചു.
ഞായറാഴ്ച ദിവസം 'എവ്കാറിസ്തീ 7
യാ' ഖണ്ഡിപ്പാനായി ഞങ്ങൾ ഒരുമിച്ചു കൂടി
യപ്പോൾ പൌലോസ് അവരോട് സംസാ
രിച്ചു. പിറ്റേദിവസം താൻ പുറപ്പെടുവാനി
രുന്നതിനാൽ പാതിരാത്രിവരെ തൻെറ
പ്രസംഗം ദീർഘിപ്പിച്ചു. ഞങ്ങൾ കൂടിയിരു 8
ന്ന ആ മാളികയിൽ വളരെയേറെ വിളക്കു
കൾ കത്തിനിന്നിരുന്നു. 'എവുതിക്കോസ്' 9
എന്നു പേരുള്ള ഒരു യുവാവ്, പ്രസംഗം കേട്ടു
കൊണ്ട് ഒരു ജനൽപടിയിൽ ഇരിക്കുകയാ
യിരുന്നു. പൌലോസ് പ്രസംഗം ദീർഘി
പ്പിച്ചപ്പോൾ അവൻ നിദ്രാഭാരംമൂലം, മൂന്നാം
നിലയിൽ നിന്നും താഴെ വീണു. അവൻ
മരിച്ചവനായി എടുക്കപ്പെട്ടു. പൌലോസ് 10
ഇറങ്ങിച്ചെന്ന് അവൻെറമേൽ കമിഴ്ന്നു
കിടന്ന് അവനെ കെട്ടിപ്പിടിച്ചുകൊണ്ട് പറ
ഞ്ഞു: "നിങ്ങൾ പരിഭ്രമിക്കേണ്ട. ഇവനിൽ
ജീവനുണ്ട്." കയറി വന്നശേഷം അദ്ദേഹം
"അപ്പം മുറിച്ചു" ഭക്ഷിച്ചു. പ്രഭാതമാകുംവ 11
രെ പ്രസംഗിച്ചു. പിന്നീട് കരവഴിയായി പോ
കുവാൻ യാത്രപുറപ്പെട്ടു. ആ യുവാവിനെ 12
സജീവനായി അവർ കൊണ്ടുപോയി. അവ
നെപ്പറ്റി അത്യധികം സന്തോഷിക്കുകയും
ചെയ്തു. ഞങ്ങളോ കപ്പൽ കയറി - 'തേസോ 13
സിൽ' - പൌലോസിനെ സ്വീകരിക്കത്തക്ക
വണ്ണം ആ തുറമുഖത്തേക്ക് യാത്ര ചെയ്തു.
അദ്ദേഹം കരവഴി യാത്ര തിരിച്ചപ്പോൾ
ഇപ്രകാരമായിരുന്നു ഞങ്ങളോട് ആജ്ഞാ
പിച്ചിരുന്നത്. അദ്ദേഹത്തെ തേസോസിൽ 14
ഞങ്ങൾ സ്വീകരിച്ചശേഷം കപ്പൽ കയറി
ഞങ്ങൾ 'മിത്തുലിനിയിൽ' എത്തി. പിറ്റെ 15
ദിവസം അവിടെനിന്നും ഞങ്ങൾ യാത്ര
ചെയ്തു. 'കിയൂസ്'ദ്വീപിലും, വീണ്ടും പിറ്റെ
ദിവസം സാമോസിലും എത്തി. 'ത്രുഗാലി
യോനി'ൽ താമസിച്ചു. പിറ്റേദിവസം
ഞങ്ങൾ 'മിലിത്തോസിലും' വന്നു ചേർന്നു.
കഴിയുമെങ്കിൽ പെന്തക്കോസ്തി ദിനം യറുശ 16
ലേമിൽ കഴിക്കണം എന്നു പൌലോസ്
ധൃതിപ്പെട്ടിരുന്നതുകൊണ്ട് എഫേസോ
സിൽ അധികതാമസം വരാതെ അവിടം
കടക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചിരുന്നു.
മിലിത്തോസിൽനിന്നും ആളയച്ച് 17
എഫേസോസിലെ സഭയിലെ കശീശന്മാരെ
വരുത്തി. അവർ അദ്ദേഹത്തിൻെറ അടുത്തു 18
വന്നു ചേർന്നപ്പോൾ, അദ്ദേഹം അവരോട്
"ഞാൻ ആസിയായിൽ പ്രവേശിച്ച ആദ്യ
ദിവസംമുതൽതന്നെ അക്കാലമെല്ലാം

ഞാൻ നിങ്ങളോടുകൂടെ ആയിരുന്നുവെന്നു
19 നിങ്ങൾക്കറിയാമല്ലോ. ഞാൻ വളരെയേറെ
താഴ്മയോടും കണ്ണുനീരോടുംകൂടി യഹൂദ
ന്മാരുടെ വഞ്ചനമൂലം എനിക്കു നേരിട്ടിരു
ന്ന കഷ്ടതകളിൽ കൂടെയും ഞാൻ ദൈവ
20 ത്തെ സേവിച്ചുകൊണ്ടിരുന്നു. നിങ്ങളുടെ
ആത്മാക്കൾക്ക് പ്രയോജനമുള്ള യാതൊ
ന്നും ഉപേക്ഷിച്ചുകളയാതെ നിങ്ങളോടു
പ്രസംഗിച്ച് തെരുവുകളിലും ഞാൻ നിങ്ങളെ
21 ഉപദേശിച്ചു. ദൈവത്തിങ്കലേക്കുള്ള മാന
സാന്തരത്തെയും നമ്മുടെ കർത്താവേശു
മ്ശീഹായിലുള്ള വിശ്വാസത്തേയും,
യഹൂദന്മാർക്കും പുറജാതികൾക്കും ഞാൻ
സാക്ഷീകരിക്കയും ചെയ്തിരുന്നുവല്ലോ.
22 ഇപ്പോൾ ഇതാ ആത്മാവിനാൽ ബന്ധിത
നായി ഞാൻ യറുശലേമിലേക്കു പോകു
കയാണ്. അവിടെ എനിക്ക് എന്താണ്
നേരിടുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ.
23 എന്നാൽ ബന്ധനങ്ങളും പീഢകളും നിന
ക്കു വരുവാനിരിക്കുന്നുവെന്ന്, ഓരോ
പട്ടണത്തിൽവച്ചും പരിശുദ്ധാത്മാവ്
24 എന്നോട് സാക്ഷിച്ചു പറയുന്നുണ്ട്. എൻെറ
പ്രാണനെ ഞാൻ സാരമായി കരുതുന്നില്ല.
എൻെറ ഓട്ടം തികയ്ക്കണമെന്നും നമ്മുടെ
കർത്താവായ യേശുവിൽ നിന്നും ഞാൻ
സ്വീകരിച്ച ശുശ്രൂഷ—അതായത് ദൈവ
ത്തിൻെറ കൃപയുടെ സുവിശേഷത്തെക്കു
റിച്ചു ഞാൻ സാക്ഷിക്കണം എന്ന്—
നിർവ്വഹിക്കണമെന്ന് മാത്രമേ എനി
25 ക്കുള്ളു. ചുറ്റി സഞ്ചരിച്ച് 'ദൈവരാജ്യം'
നിങ്ങൾ എല്ലാവരോടും പ്രസംഗിച്ചുനടന്ന
വനായ എൻെറ മുഖം ഇനിയും നിങ്ങൾ
കാണുകയില്ല എന്നു ഞാൻ ഇപ്പോൾ
26 അറിയുന്നു. ആകയാൽ നിങ്ങൾ എല്ലാവരു
ടെയും രക്തത്തിൽനിന്നും ഞാൻ കുറ്റമറ്റവ
നായിരിക്കും എന്ന് ഇന്ന് ഈ ദിവസം ഞാൻ
27 നിങ്ങളോട് സാക്ഷിക്കുന്നു. എന്തെന്നാൽ
ദൈവതിരുഹിതം മുഴുവനും നിങ്ങളെ അറി
യിക്കുന്നതിൽനിന്നും ഞാൻ ഒരിക്കലും
28 വിരമിച്ചിരുന്നിട്ടില്ല. ആകയാൽ നിങ്ങളെ
ത്തന്നെയും, ദൈവം തൻെറ രക്തത്താൽ
സമ്പാദിച്ച ദൈവത്തിൻെറ സഭയെ
മേയിപ്പാനായി, പരിശുദ്ധാത്മാവ്, നിങ്ങളെ
എപ്പിസ്കോപ്പാമാരായി നിയോഗിച്ചിട്ടുള്ള
അതാത് ഇടവക(ആട്ടിൻകൂട്ടം)യേയും
സൂക്ഷിച്ചുകൊള്ളണം.
29 ഞാൻ പോയ്ക്കഴിഞ്ഞാൽ ഇടവക
യോട് ദയയില്ലാത്ത ശക്തരായ ചെന്നാ
യ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കുമെന്നും,
30 അവരുടെ പിന്നാലെ പോകത്തക്കവണ്ണം
ശിഷ്യന്മാരെ തിരിപ്പിക്കുന്ന അസത്യവും
വക്രവുമായ കാര്യങ്ങൾ സംസാരിക്കുന്ന
ആളുകൾ നിങ്ങളുടെ ഇടയിൽനിന്നുതന്നെ
എഴുന്നേൽക്കുമെന്നും ഞാൻ അറിയുന്നു.
ഇതു നിമിത്തം നിങ്ങൾ ഉണർവ്വുള്ളവരും 31
ഓർമ്മയുള്ളവരും ആയിരിക്കണം. എന്തെ
ന്നാൽ മൂന്നു സംവത്സരം, രാവും പകലും,
നിങ്ങളിൽ ഓരോരുവനോടും കണ്ണുനീരോ
ടെ ബുദ്ധിയുപദേശിക്കുന്നതിൽനിന്നും
ഞാൻ അടങ്ങിയിരുന്നിട്ടില്ല. ഇപ്പോൾ 32
ഇതാ നിങ്ങളെ ദൈവത്തിനും, നിങ്ങളെ
അഭിവൃദ്ധിപ്പെടുത്തുന്നതും സർവ്വവിശുദ്ധ
രോടുംകൂടി നിങ്ങൾക്ക് അവകാശം തരു
വാൻ കഴിവുള്ളതുമായ കൃപയുടെ വചന
ത്തിനും ഞാൻ നിങ്ങളെ ഭരമേൽപ്പിക്കുന്നു.
വെള്ളിയോ, സ്വർണ്ണമോ, വസ്ത്രമോ ഞാൻ 33
മോഹിച്ചിട്ടില്ല. എൻെറയും എൻെറ കൂടെ 34
യുള്ളവരുടെയും ആവശ്യത്തിന് എൻെറ
ഈ കൈകൾ വേലചെയ്തു എന്നു നിങ്ങൾ
ക്കറിയാമല്ലോ. എല്ലാം ഞാൻ നിങ്ങൾക്കു
കാണിച്ചു തന്നിരിക്കുന്നു. ഇപ്രകാരം 35
അദ്ധ്വാനിക്കുകയും, രോഗത്തിൽപ്പെട്ടിരി
ക്കുന്നവർക്കു വേണ്ടി പരിശ്രമിക്കുകയും
"വാങ്ങുന്നവനെക്കാൾ കൊടുക്കുന്നവനു
ഭാഗ്യം" എന്നു പറഞ്ഞിട്ടുള്ള കർത്താവി
ൻെറ വചനങ്ങൾ ഓർമ്മപ്പെടുത്തുകയും
ചെയ്‌വാൻ യോഗ്യമാകുന്നു." ഇവ പറഞ്ഞ 36
ശേഷം താനും തന്നോടുകൂടെ എല്ലാവരും
മുട്ടുകുത്തി പ്രാർത്ഥിച്ചു. എല്ലാവരിലും
വലിയ കരച്ചിൽ ഉണ്ടായി. അവർ അദ്ദേഹ
ത്തെ കെട്ടിപ്പിടിച്ചും ചുംബിച്ചുംകൊണ്ടി
രുന്നു. "ഇനിയും അവർ അദ്ദേഹത്തിൻെറ
മുഖം കാണുകയില്ല" എന്നു പറഞ്ഞ വാ
ക്കിനെ ഓർത്താണ് അവർ അത്യധികം
വേദനപ്പെട്ടത്. കപ്പൽ കയറുന്നതുവരെ
അവർ തന്നെ അനുയാത്ര ചെയ്തു.

അദ്ധ്യായം 21

ഞങ്ങൾ അവരെ വിട്ടുപിരിഞ്ഞ് 'കൊ' 1
ദ്വീപിലേക്ക് കപ്പലിൽ യാത്ര ചെയ്തു. പിറ്റെ
ദിവസം ഞങ്ങൾ 'റോഡ്സിലും' അവിടെ
നിന്നും 'പത്തറാ'യിലുമെത്തി. അവിടെ 2
ഞങ്ങൾ ഫിനിഷ്യായിലേക്കു പോകുന്ന
ഒരു കപ്പൽ കണ്ടെത്തി, അതിൽ കയറി
യാത്ര ചെയ്ത്, കുപ്രോസ് ദ്വീപുവരെ എത്തി.
അതിനെ ഇടത്തു ഭാഗത്തായി വിട്ടുകൊണ്ട് 3
ഞങ്ങൾ സിറിയായിലും അവിടെനിന്നു
'സോറി'ലും വന്നുചേർന്നു. എന്തെന്നാൽ
അവിടെ ആ കപ്പലിൽനിന്നും ചരക്കുകൾ
ഇറക്കേണ്ടിയിരുന്നു. അവിടെ ഞങ്ങൾ

4 ശിഷ്യന്മാരെ കണ്ടുമുട്ടി. അവരുടെ അടു
ക്കൽ ഏഴു ദിവസം പാർത്തു. അവർ ആത്മാ
വുമൂലം, പൌലോസിനോട് അദ്ദേഹം
യറുശലേമിലേക്കു പോകരുതേ എന്നു
5 പറഞ്ഞു. അനന്തരം, യാത്ര തുടർന്നു.
അവർ എല്ലാവരും, അവരുടെ ഭാര്യമാരും,
മക്കളും നഗരാതിർത്തിക്കു വെളിയിൽ
വരെയ്ക്കും ഞങ്ങളെ അനുയാത്ര ചെയ്തു.
6 കടൽക്കരയിൽ അവർ മുട്ടുകുത്തി പ്രാർത്ഥി
ച്ചു. പരസ്പരം ചുംബനം ചെയ്തശേഷം
ഞങ്ങൾ കപ്പലിൽ കയറി. അവർ അവരുടെ
ഭവനങ്ങളിലേക്കു തിരികെ പോയി.
7 ഞങ്ങൾ സോറിൽനിന്നും യാത്ര തുടർ
ന്ന് 'ആവ്വൂ' നഗരത്തിലെത്തി, അവിടെ
യുള്ള സഹോദരന്മാർക്കു ഞങ്ങൾ സമാ
ധാനം ആശംസിച്ച് അവരുടെ അടുക്കൽ
8 ഒരു ദിവസം താമസിച്ചു. പിറ്റെ ദിവസം
അവിടെനിന്നും പുറപ്പെട്ട് ഞങ്ങൾ കൈ
സറിയായിൽ എത്തി, ഏഴുപേരിൽ ഒരു
വനായ സുവിശേഷകൻ (മസബ്റോനോ)
ഫീലിപ്പോസി ൻെറ വീട്ടിൽ ഞങ്ങൾ
9 ചെന്നു പാർത്തു. ഇദ്ദേഹത്തിന് പ്രവചന
വരം ലഭിച്ചിരുന്ന, കന്യകകളായ നാലു
0 പുത്രിമാർ ഉണ്ടായിരുന്നു. അവിടെ ഞങ്ങൾ
വളരെ ദിവസം താമസിച്ചിരിക്കുമ്പോൾ,
'അഗാബോസ്' എന്നു പേരുള്ള ഒരു പ്രവാ
ചകൻ യഹൂദിയായിൽനിന്നും അവിടെ
1 വന്നു. ഇയാൾ ഞങ്ങളുടെ അടുക്കൽ വന്ന്
പൌലോസിൻെറ അരവാറ് എടുത്ത്
സ്വന്തം കാലുകളും കൈകളും കെട്ടിക്കൊ
ണ്ട് ഇങ്ങനെ പറഞ്ഞു: "ഈ അരവാറിൻെറ
ഉടമസ്ഥനായ മനുഷ്യനെ, യഹൂദന്മാർ
യറുശലേമിൽവച്ച് ഇങ്ങനെ ബന്ധിക്കും.
ജാതികളുടെ കൈയിൽ അവനെ ഏല്പി
ക്കും എന്നു പരിശുദ്ധാത്മാവ് അരുളിച്ചെ
2 യ്യുന്നു." ഈ വാക്കുകൾ കേട്ടപ്പോൾ,
ഞങ്ങളും സ്ഥലവാസികളുംകൂടി അദ്ദേഹം
യറുശലേമിലേക്കു പോകരുതേ എന്ന
പേക്ഷിച്ചു.
3 അപ്പോൾ പൌലോസ് ഉത്തരമായിട്ട്:
'നിങ്ങൾ കരഞ്ഞ് എൻെറ ഹൃദയത്തെ
വേദനപ്പെടുത്തുന്നത് എന്ത്? യറുശലേമിൽ
ഞാൻ ബന്ധിക്കപ്പെടുവാൻ മാത്രമല്ല,
നമ്മുടെ കർത്താവേശുമ്ശിഹായുടെ നാമ
ത്തിനുവേണ്ടി മരിപ്പാനും ഞാൻ ഒരുങ്ങി
4 യിരിക്കയാണ്' എന്നു പറഞ്ഞു. അദ്ദേഹം
സമ്മതിക്കായ്കയാൽ, കർത്താവിൻെറ
തിരുവിഷ്ടം നടക്കട്ടെ എന്നു പറഞ്ഞ്
5 ഞങ്ങൾ ശാന്തരായി. ഈ ദിവസങ്ങൾക്കു
ശേഷം ഞങ്ങൾ ഒരുങ്ങി യറുശലേമിലേക്കു
പോയി. കുപ്രോസ്കാരനും, ആദ്യകാല 16
ശിഷ്യന്മാരിൽ ഒരുവനുമായ 'മനാസോൻ'
അയാളുടെ വീട്ടിൽ ഞങ്ങളെ താമസിപ്പി
ക്കുവാൻ വേണ്ടി, അയാളെയും കൂട്ടിക്കൊ
ണ്ട് കൈസറിയായിലെ ശിഷ്യന്മാരിൽ
ചിലർ ഞങ്ങളോടുകൂടെ വന്നിരുന്നു.
ഞങ്ങൾ യറുശലേമിൽ വന്നപ്പോൾ 17
സഹോദരന്മാർ സന്തോഷത്തോടെ ഞങ്ങ
ളെ സ്വീകരിച്ചു. പിറ്റെദിവസം പൌലോസി 18
നോടുകൂടി ഞങ്ങൾ യാക്കോബിൻെറ അടു
ക്കൽ ചെന്നു. അപ്പോൾ, അദ്ദേഹത്തിൻെറ
അടുക്കൽ കശീശന്മാർ എല്ലാവരും ഉണ്ടായി
രുന്നു. ഞങ്ങൾ അവർക്കു 'സമാധാനം 19
ചൊല്ലി'. തൻെറ ശുശ്രൂഷ വഴിയായി ദൈവം
ജാതികളിൽ പ്രവർത്തിച്ച സർവ്വ കാര്യങ്ങ
ളും ഓരോന്നായി പൌലോസ് അവരെ
വിവരമായി ധരിപ്പിച്ചു. അവർ ഇതു കേട്ട 20
പ്പോൾ ദൈവത്തെ സ്തുതിച്ചു. അവർ അദ്ദേ
ഹത്തോട് - 'വിശ്വസിച്ചവരായ പതിനാ
യിരങ്ങൾ യറുശലേമിൽ ഉണ്ടെന്നും, അവ
രെല്ലാവരും ന്യായപ്രമാണത്തിൽ അതീവ
തീക്ഷ്ണതയുള്ളവരാണെന്നും അങ്ങ്
അറിയുന്നല്ലോ. ജാതികളുടെ മദ്ധ്യേയുള്ള 21
യഹൂദന്മാരോട് അവർ അവരുടെ മക്കളെ
പരിച്ഛേദനചെയ്യിക്കരുതെന്നും ന്യായ
പ്രമാണചട്ടങ്ങൾ പ്രകാരം അവർ നടക്കേ
ണ്ടതില്ലെന്നും മോശയിൽനിന്നും വിട്ടൊ
ഴിയണമെന്നും അങ്ങു പറഞ്ഞു പഠിപ്പിക്കു
ന്നതായി അങ്ങയെക്കുറിച്ച് പറയപ്പെടു
ന്നുണ്ട്. ആകയാൽ അങ്ങ് ഇവിടെ വന്നി 22
ട്ടുണ്ട് എന്ന കാര്യം അവർ കേട്ടിരിക്കുന്നതി
നാൽ - ഞങ്ങൾ പറയുന്നതുപോലെ അങ്ങ്
ചെയ്യണം - തങ്ങൾ ശുദ്ധീകരിക്കപ്പെട്ടുകൊ 23
ള്ളാം എന്ന് നേർച്ച നേർന്നിട്ടുള്ള നാലു
പേർ ഞങ്ങളുടെ അടുത്തുണ്ട് - അങ്ങ് 24
അവരെയും കൂട്ടിക്കൊണ്ട് പോയി, അവരൊ
ന്നിച്ചു ശുദ്ധനാകുക. അവരുടെ തല ക്ഷൗരം
ചെയ്യാനുള്ള ചെലവ് അങ്ങ് വഹിക്കണം.
അപ്പോൾ അങ്ങയെക്കുറിച്ച് പറയപ്പെട്ട
തെല്ലാം വ്യാജമാണെന്നും, അങ്ങ് ന്യായപ്ര
മാണം അനുസരിക്കുന്നവനും ആചരിക്കു
ന്നവനും ആകുന്നുവെന്നും എല്ലാവരും അറി
യും. ജാതികളിൽനിന്നും, വിശ്വസിച്ചവർ, 25
വിഗ്രഹാർപ്പിതം, വേശ്യാദോഷം, ശ്വാസം
മുട്ടിച്ചു കൊല്ലപ്പെട്ടത്, രക്തം എന്നിവയിൽ
നിന്നും, അവരെത്തന്നെ സൂക്ഷിച്ചുകൊള്ള
ണമെന്ന്, നമ്മൾ എഴുതിയിട്ടുണ്ടല്ലോ'
എന്നു പറഞ്ഞു. പിറ്റെദിവസം പൌലോസ് 26
ആ മനുഷ്യരേയും കൂട്ടിക്കൊണ്ടുപോയി
അവരൊരുമിച്ചു 'ശുദ്ധീകരിക്കപ്പെട്ടു.' അവ

തിൽ ഓരോരുത്തനും വേണ്ടി വഴിപാടു കഴി
പ്പാനുള്ള ശുദ്ധീകരണകാലം തികഞ്ഞു
എന്നറിയിച്ചു.
27 ഏഴാം ദിവസം ആസ്യയിൽനിന്നു വന്ന
യഹൂദന്മാർ, തന്നെ ദൈവാലയത്തിൽ
കണ്ടപ്പോൾ, ജനത്തെയാകെ ഇളക്കി,
28 അദ്ദേഹത്തെ പിടികൂടി. "ഇസ്രയേൽ മക്ക
ളായ പുരുഷന്മാരേ, സഹായിപ്പിൻ. ഇവ
നാണ് എല്ലാ സ്ഥലത്തും നമ്മുടെ ജന
ത്തിന് എതിരായും ന്യായപ്രമാണത്തിന്നെ
തിരായും ഈ സ്ഥലത്തിന്നെതിരായും
പഠിപ്പിച്ചുകൊണ്ടിരിക്കുന്നവൻ. ഇവൻ പുറ
ജാതിക്കാരെയും ഈ ദൈവാലയത്തിൽ
പ്രവേശിപ്പിച്ച് ഈ പരിശുദ്ധ സ്ഥലത്തെ
അശുദ്ധമാക്കിയിരിക്കുന്നു" എന്ന് അവർ
29 ആർത്തു വിളിച്ചു. എന്തെന്നാൽ എഫേസ്യ
നായ ത്രോപ്പിമോസിനെ അദ്ദേഹത്തോ
ടൊരുമിച്ചു പട്ടണത്തിൽവച്ച് അവർ നേര
ത്തെ കണ്ടിരുന്നു. അവനും പൌലോസി
നോടുകൂടെ ദൈവാലയത്തിൽ പ്രവേശിച്ചു,
30 എന്നാണവർ വിചാരിച്ചത്. നഗരമാകെ
ഇളകി. ജനമെല്ലാം ഒത്തുകൂടി. അവർ
പൌലോസിനെ പിടിച്ച്, ദൈവാലയത്തിൽ
നിന്നു പുറത്തേക്കു വലിച്ചുകൊണ്ടുപോയി.
ഉടനെ തന്നെ വാതിലുകളും അടയ്ക്കപ്പെ
31 ട്ടു. പുരുഷാരം അദ്ദേഹത്തെ കൊന്നുകള
യുവാൻ തുനിഞ്ഞപ്പോൾ, പട്ടണമെല്ലാം
പ്രക്ഷുബ്ധമായിരിക്കയാണെന്ന് പട്ടാള
32 ത്തിന്റെ സഹസ്രാധിപൻ കേട്ടിട്ട്, ഉടനെ
തന്നെ ശതാധിപനേയും വളരെയേറെ പട
യാളികളേയും കൂട്ടി അവരുടെ നേരെ
പാഞ്ഞുചെന്നു. അവർ സഹസ്രാധിപനേ
യും പടയാളികളേയും കണ്ടതോടെ, പൌ
ലോസിനെ അടിക്കുന്നതിൽനിന്നും വിര
33 മിച്ചു. സഹസ്രാധിപൻ അദ്ദേഹത്തിന്റെ
അടുത്തെത്തി അദ്ദേഹത്തെ പിടിച്ചു രണ്ടു
ചങ്ങലകളാൽ ബന്ധിപ്പാൻ കല്പിച്ചു.
'ഇവൻ ആര്? ഇവൻ എന്താണ് ചെയ്തത്?'
34 എന്നു തന്നെക്കുറിച്ച് ചോദിച്ചു. ജനസഞ്ചയ
ത്തിൽനിന്നും ആളുകൾ അതുമിതും
വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. അവരുടെ
അട്ടഹാസം നിമിത്തം ഏതാണ് സത്യം
എന്നു മനസ്സിലാക്കുവാൻ അയാൾക്കു
കഴിഞ്ഞില്ല. അദ്ദേഹത്തെ പാളയത്തിലേ
ക്കു കൊണ്ടുപോകുവാൻ കല്പനയായി.
35 പൌലോസ് കോണിപ്പടിക്കൽ എത്തിയ
പ്പോൾ, ജനങ്ങളുടെ തിരക്കുമൂലം, പട്ടാള
ക്കാർ അദ്ദേഹത്തെ ചുമക്കേണ്ടിവന്നു.
36 എന്തെന്നാൽ ജനം അദ്ദേഹത്തിന്റെ
പിന്നാലെ എത്തി. 'ഇവനെ എടുത്തുകള
യുക' എന്നാർത്തട്ടഹസിച്ചു. പാളയത്തിൽ 37
പ്രവേശിക്കാറായപ്പോൾ പൌലോസ് സഹ
സ്രാധിപനോട് 'അങ്ങ് എന്നെ അനുവദി
ച്ചാൽ, ഞാൻ അങ്ങയോടു സംസാരിക്കാം'
എന്നു പറഞ്ഞു. അയാൾ അദ്ദേഹത്തോട്
'നിനക്കു ഗ്രീക്കു ഭാഷ അറിയാമോ? കുറെ 38
നാൾ മുമ്പ്, ദുഷ്കർമ്മികളായ നാലായിരം
പേരെ സംഘടിപ്പിച്ച് മരുഭൂമിയിലേക്കു
കൂട്ടിക്കൊണ്ടു പോയ ആ മെസ്രയിമ്യനല്ലേ
നീ?' എന്നു ചോദിച്ചു. പൌലോസ് അയാ 39
ളോട്, 'ഞാൻ പ്രസിദ്ധമായ തർശീശ് പട്ടണ
ത്തിൽ ജാതനായ യഹൂദനാണ്. ജന
ത്തോടു സംസാരിപ്പാൻ അങ്ങ് എന്നെ
അനുവദിക്കണമേ എന്നു ഞാൻ അങ്ങ
യോടപേക്ഷിക്കുന്നു.' എന്നു പറഞ്ഞു.
അയാൾ അനുവദിച്ചപ്പോൾ, പൌലോസ് 40
പടിക്കെട്ടിന്മേൽ കേറി നിന്നുകൊണ്ട്,
ആംഗ്യം കാണിച്ചു. അവർ ഒന്നടങ്ങിയ
പ്പോൾ പൌലോസ് എബ്രായ ഭാഷയിൽ
അവരോട് സംസാരിച്ചു.

അദ്ധ്യായം 22

പൌലോസ് അവരോടു പറഞ്ഞു: 'സ 1
ഹോദരന്മാരെ, പിതാക്കന്മാരെ, നിങ്ങളോടു
ള്ള എന്റെ വിശദീകരണം കേട്ടാലും.
അദ്ദേഹം എബ്രായഭാഷയിൽ അവരോട് 2
സംസാരിക്കുന്നത് കേട്ടപ്പോൾ അവർ കൂടു
തൽ ശാന്തരായി. അദ്ദേഹം തുടർന്നു:
'ഞാൻ യഹൂദനത്രെ. കിലിക്യായിലെ 3
തർശീശിൽ ആണ് ഞാൻ ജാതനായത്.
ഇതേ പട്ടണത്തിൽ ഗമാലിയേലിന്റെ
പാദാന്തികത്തിലാണ് ഞാൻ വളർത്ത
പ്പെട്ടത്. നമ്മുടെ പിതാക്കന്മാരുടെ ന്യായ
പ്രമാണത്തെ പൂർണ്ണമായി ഞാൻ അഭ്യ
സിക്കുകയും ചെയ്തു. നിങ്ങളെ എല്ലാവ
രേയുംപോലെ തന്നെ ദൈവത്തിന്റെ
(മാർഗ്ഗത്തിൽ) അതിതീക്ഷ്ണതയുള്ളവ
നുമായിരുന്നു. പുരുഷന്മാരെയും സ്ത്രീക 4
ളെയും ഞാൻ ബന്ധിച്ച് തടവിലാക്കി
ക്കൊണ്ട് ഈ മാർഗ്ഗത്തെ മരണത്തോളം
ഞാൻ പീഡിപ്പിക്കുകയും ചെയ്തിട്ടുണ്ട്
എന്ന് മഹാപുരോഹിതനും മൂപ്പന്മാരും 5
എന്നെക്കുറിച്ച് സാക്ഷിക്കും. എന്തെന്നാൽ
ദമസ്കോസിൽ ഉള്ളവരേയും ബന്ധിത
രാക്കി യറുശലേമിലേക്കു കൊണ്ടു വരു
വാനും ശിക്ഷിപ്പാനുമായി ദമസ്കോ
സിലെ സഹോദരന്മാരുടെ അടുക്കൽ
ഞാൻ പോകുവാനായി മേൽപറഞ്ഞവ
രിൽനിന്നും അധികാരപത്രവും ഞാൻ
വാങ്ങിയിരുന്നു.

6 ഞാൻ പൊയ്ക്കൊണ്ടിരിക്കെ, ദമ
സ്കോസിൽ എത്താറായപ്പോൾ, മദ്ധ്യാ
ഹ്നത്തിൽ, ആകാശത്തുനിന്ന് പെട്ടെന്ന്
ഒരു വലിയ ശോഭ എൻെറ മേൽ മിന്നിത്തി
ളങ്ങി. ഞാൻ നിലത്തു വീണുപോയി.
7 "ശൌലേ, ശൌലേ, നീ എന്നെ പീഡിപ്പി
ക്കുന്നത് എന്തിന്?" എന്ന്, എന്നോട് പറയു
8 ന്ന ശബ്ദവും ഞാൻ കേട്ടു. ഞാൻ ഉത്തര
മായിട്ട്, യജമാനനേ അങ്ങ് ആരാകുന്നു?
എന്നു ചോദിച്ചു. "നീ പീഡിപ്പിച്ചുകൊണ്ടിരി
ക്കുന്ന നസ്രയനായ യേശുവാണ് ഞാൻ"
എന്ന് അദ്ദേഹം എന്നോട് പറഞ്ഞു.
9 എന്നോടു കൂടെയുണ്ടായിരുന്നവർ ആ
പ്രകാശം കണ്ടു. എന്നോടു സംസാരിച്ച
10 വൻെറ ശബ്ദം അവർ കേട്ടില്ല. "ഞാൻ
എന്തുചെയ്യണം, എൻെറ കർത്താവേ?"
എന്നു ഞാൻ ചോദിച്ചു. അപ്പോൾ നമ്മുടെ
കർത്താവ് എന്നോട് "നീ എഴുന്നേറ്റ് ദമ
സ്കോസിലേക്കു പോകുക. നീ ചെയ്യേണ്ട
തു സർവ്വവും അവിടെ വച്ചു നിന്നോടു പറയ
പ്പെടും" എന്നു പറഞ്ഞു. ആ പ്രകാശത്തി
ൻെറ മഹിമ മൂലം എനിക്കു കാഴ്ച നഷ്ട
പ്പെട്ടു. എന്നോടു കൂടെയുണ്ടായിരുന്നവർ
എൻെറ കൈയ്ക്കു പിടിച്ചുകൊണ്ടു ഞാൻ
ദമസ്കോസിൽ പ്രവേശിച്ചു. അവിടെയുള്ള
യഹൂദന്മാരെല്ലാം സാക്ഷ്യപ്പെടുത്തുന്നതു
പോലെ, ന്യായപ്രമാണപ്രകാരം നീതി
മാനായ, 'ഹാനനിയാ' എന്നൊരാൾ എൻെറ
അടുക്കൽ വന്നു. അദ്ദേഹം 'ശൌലേ,
എൻെറ സഹോദരാ, നിൻെറ കണ്ണുകൾ
തുറക്കുക' എന്ന് എന്നോടു പറഞ്ഞു. തൽ
ക്ഷണം എൻെറ കണ്ണുകൾ തുറക്കപ്പെട്ടു.
ഞാൻ അദ്ദേഹത്തെ നോക്കിക്കണ്ടു!
അദ്ദേഹം എന്നോട്: 'നമ്മുടെ പിതാക്കന്മാ
രുടെ ദൈവം തൻെറ തിരുഹിതം നീ അറി
യുവാനും, ആ പുണ്യവാനെ കാണുവാനും
തൻെറ തിരുവായിൽ നിന്നുമുള്ള ശബ്ദം
കേൾക്കുവാനും, നീ കാണുകയും, കേൾക്കു
കയും ചെയ്ത സകലത്തെക്കുറിച്ചും സർവ്വ
മനുഷ്യരുടെയും മുമ്പാകെ നീ അദ്ദേഹത്തി
നു സാക്ഷിയായിരിപ്പാനും നിന്നെ നിയമി
ച്ചിരിക്കുന്നു. ഇനിയും നീ താമസിക്കുന്ന
തെന്ത്? നീ എഴുന്നേറ്റ്, തൻെറ നാമം വിളി
ച്ചുകൊണ്ട് മാമ്മൂദീസാ ഏറ്റു നിൻെറ
പാപങ്ങളിൽനിന്നു നീ വെടിപ്പാക്കപ്പെടട്ടെ,'
എന്നു പറഞ്ഞു.

ഞാൻ തിരികെ ഇവിടെ യറുശലേമിൽ
വന്ന് ദൈവാലയത്തിൽ പ്രാർത്ഥിച്ചു.
അദ്ദേഹം, നീ ധൃതിപ്പെട്ട് യറുശലേമിൽ
നിന്നു പുറപ്പെടുക. എന്തെന്നാൽ എന്നെ
ക്കുറിച്ചുള്ള നിൻെറ സാക്ഷ്യം ഇവർ കൈ
ക്കൊള്ളുകയില്ല എന്ന് എന്നോടു പറയു
ന്നതായി ഞാൻ ദർശനത്തിൽ തന്നെ കണ്ടു.
ഞാൻ തന്നോട്: എൻെറ കർത്താവേ 19
അങ്ങയിൽ വിശ്വസിച്ചുകൊണ്ടിരുന്ന
എല്ലാവരേയും ഞാൻ കാരാഗൃഹത്തി
ലേൽപ്പിക്കയും, സംഘാലയങ്ങളിൽവെച്ച്
അവരെ അടിക്കുകയും ചെയ്തിരുന്നതും,
അങ്ങയുടെ രക്തസാക്ഷി (സഹദാ)യായ 20
സ്തേപ്പാനോസിൻെറ രക്തം ചിന്തപ്പെട്ട
സമയത്ത്, ഞാനും അവരോടൊരുമിച്ച്
നിൽക്കുകയും, അദ്ദേഹത്തെ കൊലചെയ്ത
വരുടെ ഹിതത്തിന് ഞാനും അനുകൂലിക്കു
കയും, അദ്ദേഹത്തെ കല്ലെറിയുന്നവരുടെ
വസ്ത്രങ്ങൾ ഞാൻ കാത്തു സൂക്ഷിക്കുക
യും ചെയ്തുവെന്നുമുള്ള വസ്തുത ഇവർക്കും
അറിയാമല്ലോ എന്നു പറഞ്ഞു. അദ്ദേഹം 21
എന്നോട്: "നീ പോകുക; എന്തെന്നാൽ പുറ
ജാതികളോടു പ്രസംഗിക്കുവാനായി നിന്നെ
ഞാൻ വിദൂരദേശത്തേക്കു അയയ്ക്കു
ന്നു" എന്നു പറഞ്ഞു.

ഈ വാക്കുവരെ പൌലോസിൻെറ 22
പ്രസംഗം അവർ കേട്ടുകൊണ്ടിരുന്നു, പിന്നെ
അവർ ശബ്ദം ഉയർത്തി, "ഇങ്ങനെയുള്ള
വൻ ഭൂമിയിൽനിന്നും എടുക്കപ്പെടുകതന്നെ
വേണം. അവൻ ജീവിച്ചിരിപ്പാൻ പാടില്ല."
എന്ന് ആർത്തുവിളിച്ചു. അവർ ഇങ്ങനെ 23
വിളിച്ചുപറഞ്ഞും വസ്ത്രം വലിച്ചെറിഞ്ഞും
ആകാശത്തേക്കു പൂഴി വാരി എറിഞ്ഞും
കൊണ്ടിരുന്നു. അപ്പോൾ സഹസ്രാധിപൻ 24
അദ്ദേഹത്തെ പാളയത്തിലേക്ക് കടത്തി
ക്കൊണ്ടുവന്ന്, അദ്ദേഹത്തിനെതിരായി
ഇവർ ഇങ്ങനെ ആർത്തു വിളിക്കുന്നതി
ൻെറ കാരണം എന്തെന്നറിവാനായി ചമ്മട്ടി
അടികളാൽ ചോദ്യം ചെയ്യപ്പെടുവാൻ കല്പ
നയായി. അവർ അദ്ദേഹത്തെ തോൽവാറു 25
കൾകൊണ്ട് ബന്ധിച്ചുകൊണ്ടിരിക്കു
മ്പോൾ, പൌലോസ് തൻെറ സമീപം നിന്നി
രുന്ന ശതാധിപനോട് - 'കുറ്റം വിധിക്കപ്പെട്ടി
ട്ടില്ലാത്ത റോമാ (പൌരനായ) മനുഷ്യനെ
ചമ്മട്ടികൊണ്ടടിപ്പാൻ നിങ്ങൾക്ക് അനു
വാദമുണ്ടോ?' എന്നു ചോദിച്ചു. ശതാധിപൻ 26
ഇതു കേട്ടതോടെ, സഹസ്രാധിപനെ സമീ
പിച്ച് അയാളോട് "അങ്ങ് എന്താണ് ഈ
ചെയ്യുന്നത്? എന്തെന്നാൽ ഇയാൾ റോമാ
പൌരനാണ്" എന്നു പറഞ്ഞു. സഹസ്രാധി 27
പൻ പുറത്തുവന്ന്, 'നീ റോമാ പൌരനാ
ണോ? എന്നോടു പറയുക' എന്നു പറഞ്ഞു.
അദ്ദേഹം അയാളോട് 'അതേ' എന്നു
പറഞ്ഞു. സഹസ്രാധിപൻ ഉത്തരമായി 28

അദ്ദേഹത്തോട്: ഞാൻ വളരെ പണംകൊ
ണ്ടാണ് റോമാപൌരത്വം സമ്പാദിച്ചത്;
എന്നു. പറഞ്ഞു. പൌലോസ് അയാളോട്
'ഞാൻ ജന്മനാതന്നെ അങ്ങനെയുള്ളവ
29 നാകുന്നു' എന്നു പറഞ്ഞു. ഉടനെ, ചമ്മട്ടി
കൊണ്ട് തന്നെ അടിപ്പാൻ ഉദ്യമിച്ചവർ
അദ്ദേഹത്തിൻെറ അടുക്കൽനിന്നും മാറി
നിന്നു. സഹസ്രാധിപനും, അദ്ദേഹം റോമാ
പൗരനാണെന്നറിഞ്ഞതോടെ അദ്ദേഹത്തെ
ബന്ധിച്ചതിൽ ഭയപ്പെട്ടു.
30 പിറ്റേദിവസം യഹൂദന്മാർ അദ്ദേഹ
ത്തിനെതിരായി കൊണ്ടുവരുന്ന കുററാരോ
പണം എന്താണെന്ന് സത്യമായി അറിയു
വാൻ, സഹസ്രാധിപൻ ആഗ്രഹിച്ചു.
അയാൾ അദ്ദേഹത്തെ അഴിച്ചുവിട്ടു.
പ്രധാനാചാര്യന്മാരും, അവരുടെ പ്രമാണി
സംഘം മുഴുവനും, വരുവാൻ കൽപന
യായി. പൌലോസിനെ കൊണ്ടുവന്ന്
അവരുടെ മദ്ധ്യേ നിറുത്തി.

അദ്ധ്യായം 23

1 പൌലോസ് ആ സംഘത്തെ ഉററുനോ
ക്കിക്കൊണ്ട്, 'എൻെറ സഹോദരന്മാരായ
മനുഷ്യരെ! ഞാൻ ഇന്നുവരെയും എല്ലാ
വിധത്തിലും, നല്ല മനസ്സാക്ഷിയോടുകൂടെ
ദൈവമുമ്പാകെ നടന്നിരിക്കുന്നു' എന്നു
2 പറഞ്ഞു. അപ്പോൾ, ആചാര്യനായ ഹാന
നിയാ അയാളുടെ അടുത്തു നിന്നിരുന്നവ
രോട് അദ്ദേഹത്തിൻെറ മുഖത്ത് അടിപ്പാൻ
3 ആജ്ഞാപിച്ചു. പൌലോസ് അയാളോട് —
വെള്ളപൂശപ്പെട്ട ചുമരേ, ദൈവം നിന്നെ
അടിക്കുകതന്നെ ചെയ്യും. നീ ന്യായപ്രമാണ
പ്രകാരം എന്നെ വിധിപ്പാനിരിക്കയും ന്യായ
പ്രമാണത്തിന് വിരുദ്ധമായി എന്നെ അടി
പ്പാൻ കല്പിക്കുകയും ചെയ്യുന്നുവോ?
4 എന്നു ചോദിച്ചു. അവിടെ നിന്നിരുന്നവർ
അദ്ദേഹത്തോട് - ദൈവത്തിൻെറ പുരോ
ഹിതനെ നീ അപമാനിക്കുന്നോ? എന്നു
5 ചോദിച്ചു. പൌലോസ് അവരോട് - എൻെറ
സഹോദരന്മാരേ അദ്ദേഹം പുരോഹിതനാ
കുന്നു എന്ന് എനിക്ക് അറിഞ്ഞുകൂടായി
രുന്നു. "നിൻെറ ജനത്തിൻെറ തലവനെ നീ
ശപിക്കരുത്" എന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ
എന്നു പറഞ്ഞു.
6 ജനത്തിൽ ചിലർ സാദൂക്യരും, ചിലർ
പരീശരും ആകുന്നുവെന്ന് പൌലോസ്
അറിഞ്ഞിട്ട്; ഉറച്ച ശബ്ദത്തിൽ, "എൻെറ
സഹോദരപുരുഷന്മാരേ, ഞാൻ ഒരു പരീ
ശൻെറ മകനായ പരീശനാകുന്നു. മരിച്ച
വരുടെ പുനരുത്ഥാനത്തിലുള്ള പ്രത്യാശ
നിമിത്തമായി ഞാൻ ന്യായവിസ്താരത്തിൽ
ആയിരിക്കുന്നു." എന്നു പറഞ്ഞു. അദ്ദേഹം 7
ഇങ്ങനെ പറഞ്ഞപ്പോൾ പരീശന്മാരും സാദൂ
ക്യരും തമ്മിൽ ഇടഞ്ഞു. ജനക്കൂട്ടം ഭിന്നിച്ചു.
എന്തെന്നാൽ സാദൂക്യർ- 'പുനരുത്ഥാ 8
നവും, മാലാഖമാരും, ആത്മാവും ഇല്ല,'
എന്നു പറയുന്നു. പരീശരോ അവയെല്ലാം
ഉണ്ടെന്ന് ഏറ്റു പറയുന്നു. ഇങ്ങനെ വലിയ
ആരവമായി. പരീശപക്ഷക്കാരായ ചില 9
സൊപ്രേന്മാർ എഴുന്നേറ്റ് വാദിക്കുകയും—
ഈ മനുഷ്യനിൽ യാതൊരു ദോഷവും
ഞങ്ങൾ കണ്ടെത്തുന്നില്ല, ഇയാളോട്
മാലാഖയോ ആത്മാവോ സംസാരിച്ചിട്ടു
ണ്ടെങ്കിൽ അതിലെന്ത് (തെറ്റ്) എന്നു പറ
യുകയും ചെയ്തു. ഇങ്ങനെ അവരുടെ ഇട 10
യിൽ വലിയ കലഹമായപ്പോൾ പൌലോ
സിനെ അവർ വലിച്ചു കീറിക്കളയും എന്നു
സഹസ്രാധിപൻ ഭയപ്പെട്ടു. അദ്ദേഹത്തെ
അവരുടെ നടുവിൽനിന്നും പിടിച്ചുമാറ്റി
പാളയത്തിലേക്കു കൊണ്ടുപോകാൻ സഹ
സ്രാധിപൻ റോമൻ (പടയാളികളെ)
അയച്ചു. രാത്രിയായപ്പോൾ നമ്മുടെ 11
കർത്താവ് പൌലോസിന് ദൃശ്യനായി
അദ്ദേഹത്തോട്, "നീ ശക്തനായിരിക്കുക,
എന്തെന്നാൽ യറുശലേമിൽ നീ എന്നെ
ക്കുറിച്ചു സാക്ഷീകരിച്ചതുപോലെ റോ
മായിലും സാക്ഷീകരിപ്പാനിരിക്കുന്നു"
എന്നു പറഞ്ഞു. പ്രഭാതമായപ്പോൾ യഹൂദ 12
രിൽ ചിലർ ഒരുമിച്ചുകൂടി. പൌലോസിനെ
കൊന്നുകളയുവോളം അവർ ഒന്നും തിന്നു
കയോ കുടിക്കുകയോ ചെയ്കയില്ല എന്നു
ശപഥം ചെയ്തു. ഇങ്ങനെ ആണയിട്ടുറച്ചവർ
നാല്പതിൽ അധികം പേരായിരുന്നു. അവർ 13
പുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും
അടുക്കൽ എത്തി 'പൌലോസിനെ 14
ഞങ്ങൾ വധിക്കുംവരെ ഞങ്ങൾ യാതൊ
ന്നും ആഹരിക്കുകയില്ല എന്ന് ഉഗ്രശപഥം
ചെയ്തിരിക്കയാണ്. ആകയാൽ അവൻെറ 15
പ്രവർത്തനം സൂക്ഷ്മമായി പരിശോധിക്കു
വാൻ നിങ്ങൾ ആഗ്രഹിക്കുന്നു എന്ന
ഭാവത്തിൽ അവനെ നിങ്ങളുടെ അടുക്കൽ
കൊണ്ടുവരുവാനായി സഹസ്രാധിപനോട്
നിങ്ങളും സംഘപ്രമാണികളും ചേർന്ന്
അപേക്ഷിക്കണം. അവൻ നിങ്ങളുടെ
അടുക്കൽ എത്തുന്നതിനു മുമ്പ് ഞങ്ങൾ
അവനെ കൊല്ലുവാനാണ് ഒരുങ്ങിയിരിക്കു
ന്നത്' എന്നു പറഞ്ഞു. ഈ പതിയിരിപ്പിനെ 16
ക്കുറിച്ച്, പൌലോസിൻെറ സഹോദരി
യുടെ മകൻ കേട്ടിട്ട് അവൻ പാളയത്തിൽ
കടന്നു ചെന്ന് പൌലോസിന് മുന്നറിയിപ്പു

17 കൊടുത്തു. പൌലോസ് ആളയച്ച് ഒരു
ശതാധിപനെ വിളിച്ചുവരുത്തി "ഈ യുവാ
വിനു സഹസ്രാധിപനോട് ഒരു കാര്യം പറ
യുവാനുള്ളതുകൊണ്ട് ഇവനെ അദ്ദേഹ
ത്തിന്റെ സന്നിധിയിൽ കൊണ്ടുപോക
18 ണം" എന്നു പറഞ്ഞു. ശതാധിപൻ ആ
യുവാവിനെ കൂട്ടിക്കൊണ്ടു സഹസ്രാധി
പന്റെ അടുക്കൽ ചെന്നിട്ട്, ബന്ധന
സ്ഥനായ പൌലോസ് എന്നെ വിളിച്ച്,
ഈ യുവാവിന് അങ്ങയോട് എന്തോ
ബോധിപ്പിക്കുവാനുള്ളതിനാൽ ഇവനെ
അങ്ങയുടെ സന്നിധിയിൽ കൊണ്ടുപോക
ണമെന്ന് എന്നോടപേക്ഷിച്ചു എന്നു
19 പറഞ്ഞു. സഹസ്രാധിപൻ ആ യുവാവിനെ
കൈയ്ക്കു പിടിച്ച് ഒരു വശത്തേക്കു മാറ്റി
നിർത്തിക്കൊണ്ട് അവനോട്: 'നിനക്ക്
എന്താണ് എന്നോട് പറയാനുള്ളത്?' എന്നു
20 ചോദിച്ചു. യുവാവ് അയാളോട്: 'പൌലോ
സിൽനിന്നും കൂടുതലായി തെളിവെടു
ക്കുവാൻ എന്ന ഭാവത്തിൽ—അവരുടെ
സംഘത്തിലേക്കു നാളെ അങ്ങ് അദ്ദേഹ
ത്തെ കൊണ്ടുവരണം എന്ന് യഹൂദന്മാർ
അങ്ങയോടപേക്ഷിക്കുവാൻ . ആലോചി
ച്ചിരിക്കയാണ്. അങ്ങ് അവർക്ക് അനുവാദം
21 കൊടുക്കരുതെ! എന്തെന്നാൽ അവരിൽ
നാല്പതിലധികം പേർ അദ്ദേഹത്തെ
പ്രതീക്ഷിച്ച് ഒളിച്ചിരിക്കയാണ്. അദ്ദേഹ
ത്തെ കൊല്ലാതെ അവർ ഭക്ഷിക്കുകയും
കുടിക്കുകയും ചെയ്കയില്ല എന്ന് ശപഥം
ചെയ്തിരിക്കയാണ്. അവരിതാ, തയ്യാറായി
അവിടുത്തെ അനുവാദം പ്രതീക്ഷിച്ചിരിക്കു
22 ന്നു' എന്നു പറഞ്ഞു. ഇക്കാര്യം നീ എനി
ക്കു മുന്നറിയിപ്പു തന്നു എന്ന് ആരും അറി
യരുത് എന്ന് കല്പിച്ചിട്ട് ആ യുവാവിനെ
പറഞ്ഞയച്ചു.
23 അയാൾ രണ്ടു ശതാധിപന്മാരെ വിളിച്ച്
അവരോട്, നിങ്ങൾ പോയി, കൈസറിയായി
ലേക്കു പോകുവാൻ ഇരുന്നൂറു റോമൻ പട
യാളികളെയും എഴുപതു കുതിരപ്പട്ടാളക്കാ
രെയും, ഇരുന്നൂറു കുന്തക്കാരെയും രാത്രി
യിൽ മൂന്നു മണിക്കു പുറപ്പെടുവാൻ തക്ക
വിധത്തിൽ ഒരുക്കി നിർത്തുവിൻ. നാടു
വാഴിയായ ഫെലിക്സിന്റെ അടുക്കൽ
അവനെ സുരക്ഷിതനായി എത്തിക്കുവാൻ
അവനായി ഒരു സവാരി മൃഗത്തേയും ഒരു
ക്കുവിൻ എന്നു പറഞ്ഞു. അദ്ദേഹത്തിനായി
ഒരു എഴുത്ത് അവരെ ഏല്പിച്ചു. അതിൽ
ഇപ്രകാരം ആയിരുന്നു എഴുതിയിരുന്നത്:
"ശ്രേഷ്ഠ നാടുവാഴിയായ ഫെലിക്സി
ന്, ക്ലോഡിയസ് ലൂസിയോസ്—വന്ദനം.
ഈ മനുഷ്യനെ യഹൂദന്മാർ പിടിച്ചു കൊല്ലു 27
വാൻ ഭാവിച്ചപ്പോൾ, ഇയാൾ റോമൻ പൌര
നാണെന്നു ഞാൻ അറിഞ്ഞു. റോമൻ
പട്ടാളക്കാരെ കൂട്ടി ചെന്ന് ഇയാളെ വിടുവി
ച്ചു. അവർ ഈ ആളിന്റെമേൽ ചുമത്തുന്ന 28
കുറ്റം എന്താണെന്ന് അറിയുവാനാഗ്രഹിച്ച്
ഞാൻ ഇവനെ അവരുടെ സംഘത്തിലേക്കു
കൊണ്ടുപോയി. അവരുടെ ന്യായപ്രമാണം 29
സംബന്ധമായ കാരണങ്ങളാൽ ഇവനെ
അവർ കുറ്റം ചുമത്തുകയാണെന്നും, ബന്ധ
നത്തിനോ മരണത്തിനോ അർഹമായ
യാതൊരു കാര്യവും ഇവനിലില്ലെന്നും
ഞാൻ കണ്ടു. യഹൂദന്മാർ ഇവന് എതിരായി 30
നടത്തിയ ഗൂഢമായ വഞ്ചന എനിക്ക്
അറിവു കിട്ടിയപ്പോൾ ഉടനെ, ഇവനെ അങ്ങ
യുടെ അടുക്കലേക്ക് അയച്ചിരിക്കുന്നു.
ഇവന്റെമേൽ കുറ്റം ആരോപിക്കുന്നവർ
വന്ന് ഇവനെക്കുറിച്ച് അങ്ങയുടെ മുമ്പിൽ
ബോധിപ്പിക്കുവാൻ ഞാൻ അവരോടാ
ജ്ഞാപിച്ചിട്ടുണ്ട്. സൌഖ്യത്തോടെ ഇരു
ന്നാലും." അനന്തരം പടയാളികൾ കല്പന 31
പ്രകാരം രാത്രിയിൽ പൌലോസിനേയും
കൂട്ടിക്കൊണ്ട് 'അന്തിപത്രൊസ്' നഗര
ത്തിൽ വന്നു. പിറ്റേദിവസം അവരുടെ കൂട്ടു 32
കാരായ കാലാൾപടയാളികളെ കുതിര
പ്പട്ടാളക്കാർ തിരിച്ചയച്ചു. അവർ അദ്ദേഹ 33
ത്തെ കൈസറിയായിൽ കൊണ്ടുചെന്ന്,
എഴുത്ത് നാടുവാഴിക്ക് കൊടുത്തിട്ട് പൌ
ലോസിനെ അദ്ദേഹത്തിന്റെ മുമ്പിൽ നിറു
ത്തി. അദ്ദേഹം എഴുത്തു വായിച്ചിട്ട്—താൻ 34
ഏതു സംസ്ഥാനക്കാരൻ ആകുന്നു? എന്നു
ചോദിച്ചു. അദ്ദേഹം കിലിക്യക്കാരനാകുന്നു 35
വെന്നു മനസ്സിലാക്കി തന്നോട്, 'നിന്റെ
എതിരാളികൾ വന്നശേഷം നിന്നിൽ നിന്നും
നിന്റെ വാദം ഞാൻ കേട്ടുകൊള്ളാം' എന്നു
പറഞ്ഞ് ഹേറോദേസിന്റെ ആസ്ഥാന
മണ്ഡപത്തിങ്കൽ അദ്ദേഹത്തെ സൂക്ഷി
പ്പാൻ കല്പിച്ചു.

അദ്ധ്യായം 24

അഞ്ചു ദിവസം കഴിഞ്ഞ് പ്രധാനാ 1
ചാര്യനായ ഹാനനിയാ മൂപ്പന്മാരോടും
തർത്തുലോസ് എന്ന ഒരു വ്യവഹാര വാഗ്മി
യോടുംകൂടി അവിടെ എത്തി. നാടുവാഴി
യോട് പൌലോസിനെതിരായി ബോധിപ്പി
ച്ചു. അദ്ദേഹം വിളിക്കപ്പെട്ടപ്പോൾ, തർത്തു 2
ലോസ് അദ്ദേഹത്തിൽ കുറ്റാരോപണം
നടത്തിക്കൊണ്ട് പറഞ്ഞു: "ശ്രേഷ്ഠനായ 3
ഫെലിക്സേ, അങ്ങു നിമിത്തം ഞങ്ങൾ
വളരെ സമാധാനത്തോടെ വസിക്കുന്നു.

അങ്ങയുടെ താല്പര്യത്താൽ ഈ ജനത
യ്ക്ക് വളരെ ഗുണങ്ങൾ ഉണ്ടായിട്ടുണ്ട്.
ഞങ്ങൾ എല്ലാവരും എല്ലാ സ്ഥലത്തും
അങ്ങയോടു നന്ദിയുള്ളവരുമായിരിക്കുന്നു.
4 വളരെയേറെ കാര്യങ്ങൾ (ബോധിപ്പിച്ചു)
ഞങ്ങൾ അങ്ങയെ ബുദ്ധിമുട്ടിക്കയില്ല. ആക
യാൽ ചുരുക്കത്തിൽ, വിനീതരായ ഞങ്ങൾ
ബോധിപ്പിക്കുന്നത് കേൾക്കുമാറാകണ
5 മെന്നു ഞാൻ അപേക്ഷിക്കുന്നു. ഈ മനു
ഷ്യനെ, ഒരു ബാധയും, ലോകമെങ്ങുമുള്ള
യഹൂദന്മാരുടെ ഇടയിൽ കലഹമുണ്ടാക്കു
ന്നവനും ആയി ഞങ്ങൾ കണ്ടെത്തിയിരി
ക്കുന്നു. എന്തെന്നാൽ ഇവൻ നസ്രായ
രുടെ ഉപദേശത്തിന്റെ തലവനാകുന്നു.
6 ഇവൻ ഞങ്ങളുടെ ദൈവാലയത്തെ അശു
ദ്ധപ്പെടുത്താൻ ഭാവിച്ചു. ഞങ്ങൾ ഇവനെ
പിടിച്ച് ഞങ്ങളുടെ ന്യായപ്രമാണപ്രകാരം
7 ശിക്ഷിപ്പാൻ ആഗ്രഹിച്ചപ്പോൾ സഹസ്രാധി
പനായ ലുസിയോസ് വന്ന് വലിയ ബലപ്ര
യോഗത്തോടെ ഞങ്ങളുടെ കൈകളിൽ
നിന്നും ഇവനെ വിടുവിക്കുകയും, അങ്ങ
യുടെ സന്നിധിയിലേക്ക് ഇവനെ അയയ്ക്കു
8 കയും ചെയ്തിരിക്കുകയാണ്. ഇവനിൽ കുറ്റാ
രോപണം ചെയ്യുന്നവർ അങ്ങയുടെ മുമ്പാ
കെ ഹാജരാകണമെന്നും കല്പിച്ചു. അങ്ങ്
ഇവനെ വിസ്തരിക്കുമ്പോൾ, ഞങ്ങൾ ഇവ
നിൽ ആരോപിക്കുന്ന എല്ലാ കുറ്റങ്ങളെക്കു
റിച്ചും മനസ്സിലാക്കുവാൻ അങ്ങേക്കുതന്നെ
9 കഴിയും." അപ്പോൾ ആ യഹൂദന്മാർ പൌ
ലോസിനെതിരായി ആരവമുണ്ടാക്കി 'ഇ
തെല്ലാം അങ്ങനെ തന്നെ' എന്നു പറഞ്ഞു
കൊണ്ടിരുന്നു.

10 നാടുവാഴി പൌലോസ് സംസാരിക്കു
വാൻ ആംഗ്യം കാണിച്ചു. പൌലോസ് ഉത്ത
രമായി പറഞ്ഞത്: "വളരെ സംവത്സരങ്ങ
ളായി അവിടുന്ന് ഈ ജനതയുടെ ന്യായാ
ധിപനാണ് എന്ന് എനിക്കറിയാം. ആക
യാൽ എനിക്കുവേണ്ടി ഞാൻ തന്നെ
സന്തോഷത്തോടെ പ്രതിവാദിച്ചുകൊള്ളു
11 ന്നു. ആരാധനയ്ക്കായി ഞാൻ യറുശലേ
മിലേക്കു പോയിട്ട് പന്ത്രണ്ടു ദിവസങ്ങളിൽ
അധികമായിട്ടില്ല എന്ന് അങ്ങേയ്ക്കു അറി
12 യുവാൻ കഴിയും. ദൈവാലയത്തിൽവച്ച്
ഞാൻ ആരോടെങ്കിലും സംസാരിക്കുന്ന
തായി ഇവർ എന്നെ കണ്ടിട്ടില്ല. അവരുടെ
സംഘാലയങ്ങളിലോ പട്ടണത്തിലോവച്ച്
ഒരു സംഘത്തെ വിളിച്ചുകൂട്ടിയതായിട്ടും
13 ഇവർ കണ്ടിട്ടില്ല. ഇപ്പോൾ ഇവർ എന്നിൽ
ആരോപിക്കുന്ന കുറ്റങ്ങൾ അങ്ങയുടെ
മുമ്പാകെ തെളിയിക്കുവാനും ഇവർക്കു കഴി
യുകയില്ല. എന്നാൽ, ന്യായപ്രമാണത്തിലും 14
പ്രവചനങ്ങളിലും എഴുതപ്പെട്ടിരിക്കുന്ന
സകലവും ഞാൻ വിശ്വസിച്ചുകൊണ്ടും
മരിച്ചവരുടെ ഇടയിൽനിന്ന് നീതിമാന്മാരു 15
ടെയും അധർമ്മികളുടെയും പുനരുത്ഥാനം
ഉണ്ടാകുവാനിരിക്കുന്നു എന്ന് ഇവർ
പ്രത്യാശിക്കുന്നതുപോലെ ഞാനും ദൈവ
ത്തിൽ പ്രത്യാശിച്ചുകൊണ്ട് ഇവർ പറയുന്ന
തായ ഈ മതം വഴിയായിത്തന്നെ എന്റെ
പിതാക്കന്മാരുടെ ദൈവത്തെ ഞാൻ ആരാ
ധിക്കുന്നവനാകുന്നു എന്നു ഞാൻ സമ്മ
തിച്ച് ഏറ്റു പറഞ്ഞുകൊള്ളുന്നു. ആകയാൽ 16
ദൈവസന്നിധിയിലും മനുഷ്യരുടെ മുമ്പാ
കെയും എനിക്കു നിർമ്മല മനഃസാക്ഷിയു
ണ്ടായിരിപ്പാൻ ഞാൻ എപ്പോഴും ശ്രമിക്കു
ന്നു. ദാനം സമർപ്പിക്കുവാനും വഴിപാടു നട 17
ത്തുവാനുമായി, വളരെ സംവത്സരങ്ങൾ
കൂടിയാണ് ഞാൻ എന്റെ ജനത്തിന്റെ
അടുക്കൽ വന്നത്. ഞാൻ ശുദ്ധീകൃതനായി 18
രിക്കെ ഇവർ ദൈവാലയത്തിൽവച്ച്
എന്നെ കണ്ടു. അത് ഒരു സംഘത്തോടു
കൂടിയല്ല; കലഹത്തോടുകൂടിയുമല്ല.
ആസിയായിൽനിന്നും വന്നെത്തിയ ചില 19
യഹൂദന്മാരാണു കലഹമുണ്ടാക്കിയത്.
അവർ ഇവിടെ എന്നോടുകൂടെ അങ്ങയു
ടെ മുമ്പാകെ നിന്നുകൊണ്ട്, അവർക്ക്
ഉന്നയിക്കാനുള്ള കുറ്റാരോപണം നടത്തേ
ണ്ടതായിരുന്നു. 'മരിച്ചവരുടെ ഇടയിൽനി 20
ന്നുള്ള പുനരുത്ഥാനത്തിന്റെ പേരിൽ
ഇന്നു ഞാൻ നിങ്ങളുടെ മുമ്പിൽ വിസ്ത
രിക്കപ്പെടുന്നു' എന്ന് ഞാൻ അവരുടെ
സമൂഹമുമ്പാകെ നിന്നുകൊണ്ട് പ്രസ്താ
വിച്ച ആ ഒരൊറ്റ വാചകമല്ലാതെ, മറ്റെന്തു 21
കുറ്റമാണ് ഇവർ എന്നിൽ കണ്ടെത്തിയത്
എന്ന് ഇവർതന്നെ പറയട്ടെ."

ഫെലിക്സിന്, ഈ മാർഗ്ഗത്തെക്കുറിച്ച് 22
പൂർണ്ണമായ അറിവുണ്ടായിരുന്നതിനാൽ,
സഹസ്രാധിപൻ വന്നശേഷം നിങ്ങൾ
തമ്മിലുള്ള വാദം ഞാൻ കേൾക്കാം എന്നു
പറഞ്ഞ് അവരെ താമസിപ്പിച്ചു. പൌലോ 23
സിനെ ആശ്വാസകരമായവിധം കാത്തു
കൊള്ളണമെന്നും, അവന്റെ പരിചിതർ
ആരെങ്കിലും അവനെ ശുശ്രൂഷിക്കുന്നതിൽ
നിന്നും തടസ്സം ചെയ്യരുതെന്നും ശതാധിപ
നോടു കല്പിക്കുകയും ചെയ്തു.

കുറച്ച് ദിവസങ്ങൾ കഴിഞ്ഞ് ഫെലി 24
ക്സും യഹൂദ വനിതയായിരുന്ന അവന്റെ
ഭാര്യ ദ്രുസിലായുംകൂടി ആളയച്ചു പൌ
ലോസിനെ വരുത്തി മ്ശിഹായിലുള്ള വി
ശ്വാസത്തെക്കുറിച്ച് അദ്ദേഹത്തിൽനിന്നും

കേട്ടു. അവരോട് പുണ്യത്തെക്കുറിച്ചും,
വിശുദ്ധിയെക്കുറിച്ചും, വരുവാനുള്ള ന്യായ
വിധിയെക്കുറിച്ചും അദ്ദേഹം സംസാരിച്ചു
കൊണ്ടിരിക്കുമ്പോൾ ഫെലിക്സ് ഭയപര
വശനായി അയാൾ പൌലോസിനോട്
“ഇപ്പോൾ പൊയ്ക്കൊള്ളുക. ഇനിയും
എനിക്ക് അവസരമുണ്ടാകുമ്പോൾ നിന
ക്കു ഞാൻ ആൾ അയയ്ക്കാം” എന്നു പറ
ഞ്ഞു. പൌലോസിൽനിന്നു കൈക്കൂലി
കിട്ടുമെന്ന് അയാൾ വിചാരിച്ചു. അതിനാൽ,
എപ്പോഴും അയാൾ പൌലോസിനെ ആള
യച്ചു വരുത്തി അദ്ദേഹത്തോട് സംസാ
രിക്കുമായിരുന്നു.

രണ്ടു സംവത്സരങ്ങൾ കഴിഞ്ഞപ്പോൾ
'പൊർകിയോസ് ഫെസ്റ്റോസ്' എന്നു പേരു
ള്ള മറ്റൊരു നാടുവാഴി ആ സ്ഥാനത്തേക്ക്
മാറിവന്നു. ഫെലിക്സാകട്ടെ, യഹൂദ
രോട് ദയ കാണിക്കുവാൻ എന്നവണ്ണം
പൌലോസിനെ തടവുകാരനായിത്തന്നെ
വിട്ടിട്ടു പോയി.

അദ്ധ്യായം 25

ഫെസ്തോസ് കൈസറിയായിൽ
എത്തിയിട്ട് മൂന്നു ദിവസം കഴിഞ്ഞ് യറുശ
ലേമിലേക്ക് പോയി. പൌലോസിനെ
ക്കുറിച്ച് പ്രധാനാചാര്യന്മാരും യഹൂദപ്രമാ
ണികളും അദ്ദേഹത്തെ ധരിപ്പിച്ചു. ആളയച്ച്
അദ്ദേഹത്തെ യറുശലേമിലേക്ക് കൊണ്ടു
വരുവാൻ ദയവുണ്ടാകണം എന്ന് അവർ
അദ്ദേഹത്തോട് അപേക്ഷിച്ചു. അവരാകട്ടെ,
വഴിയിൽവെച്ച് പൌലോസിനെ കൊല്ലു
വാൻ ആളുകളെ ഒളിവിൽ ഇരുത്തിയിരുന്നു.
ഫെസ്റ്റോസ്, ഉത്തരമായി അവരോട്, 'പൌ
ലോസ് കൈസറിയായിൽ സൂക്ഷിക്കപ്പെട്ടി
ട്ടുണ്ട്. എനിക്കോ യാത്ര പുറപ്പെടുവാൻ
ധൃതിയുമുണ്ട്. ആകയാൽ നിങ്ങളിൽ പ്രാപ്തി
യുള്ളവർ ഞങ്ങളോടുകൂടെ വന്ന്, ആ മനു
ഷ്യനിൽ ഉള്ള സർവ്വ കുറ്റങ്ങളെക്കുറിച്ചും
വാദിച്ചുകൊള്ളുക' എന്നു പറഞ്ഞു.
അയാൾ എട്ടോ പത്തോ ദിവസം താമസിച്ച
ശേഷം കൈസറിയായിലേക്കു പോയി.
പിറ്റെദിവസം അയാൾ ന്യായാസനത്തിൽ
ഇരുന്ന് പൌലോസിനെ ഹാജരാക്കുവാൻ
കല്പിച്ചു. അദ്ദേഹം വന്നപ്പോൾ യറുശലേ
മിൽനിന്നും വന്ന യഹൂദന്മാർ അദ്ദേഹ
ത്തിൻെറ ചുറ്റും കൂടി. അവർക്കു തെളിയി
പ്പാൻ സാദ്ധ്യമല്ലാത്ത വളരെയേറെ കുറ്റ
ങ്ങൾ തൻെറമേൽ ആരോപിച്ചു. താൻ ഒരു
കാര്യത്തിലും യഹൂദന്മാരുടെ ന്യായപ്രമാ
ണം സംബന്ധിച്ചോ, ദൈവാലയം സംബ
ന്ധിച്ചോ കൈസറിനെ സംബന്ധിച്ചോ, കുറ്റ
കരമായി ഒരു തെറ്റും ചെയ്തിട്ടില്ല എന്നു
പൌലോസ് പ്രതിവാദിച്ചുകൊണ്ടിരിക്കെ,
ഫെസ്റ്റോസ് യഹൂദന്മാർക്കു സൌജന്യം 9
ചെയ്വാൻ ആഗ്രഹിച്ചുകൊണ്ട് പൌലോ
സിനോട്, നീ യറുശലേമിൽ വന്ന് അവിടെ
എൻെറ മുമ്പാകെ, ഈ സംഗതികളെക്കു
റിച്ച് വിസ്തരിക്കപ്പെടുവാൻ നിനക്കു സമ്മത
മാണോ? എന്നു ചോദിച്ചു. പൌലോസ് 10
ഉത്തരമായിട്ട്, 'കൈസറുടെ ന്യായാസന
ത്തിൽ ഞാൻ നില്ക്കുന്നു. ഇവിടെവച്ചു
തന്നെയാണ് ഞാൻ വിസ്തരിക്കപ്പെടേണ്ടത്.
അങ്ങേയ്ക്കും നല്ലവണ്ണം അറിവുള്ളതുപോ
ലെ, ഞാൻ യഹൂദന്മാരോട് ഒരു തെറ്റും
ചെയ്തിട്ടില്ല. ഞാൻ എന്തെങ്കിലും കുറ്റം ചെയ്തി 11
ട്ടുണ്ടെങ്കിൽ—അഥവാ മരണയോഗ്യമായ
വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ—മരണശിക്ഷ
യിൽനിന്നും ഞാൻ ഒഴിഞ്ഞുമാറുകയില്ല.
എന്നാൽ ഇവർ എൻെറമേൽ ആരോപിക്കു
ന്ന കുറ്റമൊന്നും എന്നിലില്ലെങ്കിൽ എന്നെ
അവർക്കു ദാനമായി ഏല്പിച്ചുകൊടുക്കാ
വതുമല്ല. ഞാൻ കൈസറിനെ അഭയം
ചൊല്ലുന്നു എന്നു പറഞ്ഞു. ഫെസ്റ്റോസ് 12
തൻെറ ആലോചനാസഭയോടു സംസാരി
ച്ചശേഷം—അദ്ദേഹത്തോട്—'നീ കൈസ
റിനെ അഭയം ചൊല്ലിയല്ലോ. കൈസറുടെ
അടുക്കലേക്കുതന്നെ നീ പോകും' എന്ന്
പറഞ്ഞു.

കുറെ ദിവസങ്ങൾ കഴിഞ്ഞ് അഗ്രീപ്പാ 13
രാജാവും ബെർണീക്കിയും, ഫെസ്റ്റോസിന്
ക്ഷേമം ആശംസിക്കുവാൻ കൈസറിയാ
യിൽ വന്നു. കുറച്ചു ദിവസം അവർ അവിടെ 14
താമസിച്ചുകൊണ്ടിരിക്കെ, പൌലോസി
ൻെറ 'വിസ്താര'കാര്യം ഫെസ്റ്റോസ് വിവര
മായി രാജാവിനെ ധരിപ്പിച്ചു. അയാൾ
പറഞ്ഞു:' ഫെലിക്സ് തടവുകാരനായ
ഒരുവനെ വിട്ടേച്ചു പോയി. ഞാൻ യറുശ
ലേമിൽ ആയിരിക്കവെ, യഹൂദന്മാരുടെ 15
പ്രധാനാചാര്യന്മാരും മൂപ്പന്മാരും അവനെ
ക്കുറിച്ച് എന്നോടറിയിച്ചു, അവൻെറ മേൽ
ഒരു വിധിയുണ്ടാകണമെന്ന് അവർ എന്നോ
ടപേക്ഷിച്ചു. ഞാനോ അവരോട്: പ്രതി 16
യോഗി വന്ന് അവനു നേരെ നിന്ന് അവ
ൻെറമേൽ കുറ്റാരോപണം ചെയ്കയും,
ആരോപിക്കപ്പെടുന്ന കാര്യത്തെക്കുറിച്ച്
അവനു പ്രതിവാദം ചെയ്വാൻ അവസരം
കൊടുക്കുകയും ചെയ്യുന്നതുവരെ—ഒരു
മനുഷ്യനെ വെറുതെ കൊലയ്ക്കു കൊടു
ക്കുന്ന പതിവ് റോമക്കാർക്ക് ഇല്ല എന്നു
മറുപടികൊടുത്തു. ഞാൻ ഇവിടെയെത്തി 17

ഒട്ടും താമസം കൂടാതെ പിറ്റെദിവസംതന്നെ
ന്യായാസനത്തിലിരുന്ന് ആ മനുഷ്യനെ
എൻെറ അടുക്കൽ ആനയിക്കുവാൻ കല്പി
ച്ചു. കുറ്റാരോപണക്കാരും ഹാജരായി.
18 അവർക്ക് അവൻെറമേൽ, ഞാൻ വിചാരി
ച്ചിരുന്നതുപോലുള്ള കുറ്റമൊന്നും തെളി
19 യിപ്പാൻ സാധിച്ചില്ല. അവരുടെ മതത്തെ
ക്കുറിച്ചും, "താൻ ജീവിച്ചിരിക്കുന്നു" എന്ന്
പൌലോസ് പറയുന്ന മരിച്ചുപോയ യേശു
എന്ന ഒരുവനെക്കുറിച്ചും ചിലചില തർക്ക
ങ്ങളേ അവർക്ക് അവനുമായി ഉണ്ടായിരു
20 ന്നുള്ളു. ഇങ്ങനെയുള്ള കാര്യങ്ങളിൽ
പരിശോധനയിൽ ഞാൻ ഏർപ്പെട്ടിട്ടില്ലാ
ത്തതിനാൽ ഞാൻ പൌലോസിനോട്
നിനക്ക് യറുശലേമിൽ പോയി അവിടെവച്ച്
ഇവയെക്കുറിച്ച് വിസ്തരിക്കപ്പെടുന്നത് സമ്മ
21 തമാണോ എന്നു ചോദിച്ചു. എന്നാൽ
അവൻ കൈസറിൻെറ വിധിവരെ താൻ
സൂക്ഷിക്കപ്പെടണം എന്നപേക്ഷിച്ചു. കൈ
സറിൻെറ അടുക്കലേക്ക് ഞാൻ അവനെ
അയയ്ക്കുന്നതു വരെ, അവൻ സൂക്ഷിക്ക
പ്പെടുവാൻ ഞാൻ കല്പനയും കൊടുത്തു'
22 എന്നു പറഞ്ഞു. അപ്പോൾ അഗ്രീപ്പാ, എനി
ക്ക് ഈ മനുഷ്യനെ ഒന്നു കേൾക്കണമെ
ന്നാഗ്രഹമുണ്ട് എന്നു പറഞ്ഞു. 'നാളെ
താങ്കൾക്ക് അവനെ കേൾക്കാം,' എന്നു
ഫെസ്തോസു പറഞ്ഞു.
23 പിറ്റെദിവസം അഗ്രീപ്പായും ബർണീക്കി
യും വലിയ ആഘോഷത്തോടെ വന്ന്,
സഹസ്രാധിപനും നഗരാധിപനും ഒരുമിച്ചു
ന്യായവിസ്താരസ്ഥലത്തു പ്രവേശിച്ചു.
ഫെസ്തോസ് കല്പനയായി; പൌലോസു
24 വന്നു. ഫെസ്തോസ് പറഞ്ഞു: അഗ്രീപ്പാ
രാജാവേ, ഞങ്ങളോടു കൂടെയിരിക്കുന്ന
വരുമേ, നിങ്ങൾ കാണുന്ന ഈ മനുഷ്യ
നെക്കുറിച്ച് യഹൂദജനമെല്ലാം യറുശലേ
മിൽവച്ചും, ഇവിടെവച്ചും എന്നെ സമീ
പിച്ച്, 'ഇവൻ ഇനിയും ജീവിച്ചിരിക്കേണ്ട
25 വനല്ല,' എന്നാർത്തുവിളിച്ചു. ഇവൻ മരണ
യോഗ്യമായത് ഒന്നും ചെയ്തിട്ടില്ല എന്ന്
26 എനിക്കു ബോദ്ധ്യമായി. എന്നാൽ കൈസ
റിൻെറ വിധി തീർപ്പിനായി താൻ സൂക്ഷിക്ക
പ്പെടണം എന്ന് അവൻ അപേക്ഷിച്ചതു
കൊണ്ട്- അങ്ങോട്ടയയ്ക്കപ്പെടണം എന്നു
ഞാൻ ആജ്ഞാപിച്ചിരിക്കയാണ്. ഇവനെ
പ്പറ്റി കൈസർക്കു ഞാൻ എന്താണ് എഴുതേ
ണ്ടത് എന്ന് എനിക്കറിഞ്ഞുകൂടാ. അതിനാ
ലത്രെ, നിങ്ങളുടെ മുമ്പിൽ, പ്രത്യേകിച്ച്
അഗ്രീപ്പാ രാജാവേ, അങ്ങയുടെ മുമ്പാകെ
യും ഇവനെ കൊണ്ടുവരുവാൻ ഞാൻ ആഗ്ര
ഹിച്ചത്. ഇവൻെറ വിസ്താരം കഴിയുമ്പോൾ
ഞാൻ എന്ത് എഴുതണം എന്നു നിങ്ങൾ
കണ്ടുപിടിക്കണം. എന്തെന്നാൽ നാം ഒരു 27
തടവുകാരനെ അയയ്ക്കുമ്പോൾ അവൻെറ
കുറ്റം എന്താണ് എന്ന് എഴുതാതിരിക്കു
ന്നത് ന്യായമല്ലല്ലോ.

അദ്ധ്യായം 26

അഗ്രീപ്പാ പൌലോസിനോട്, നിന്നെ 1
ക്കുറിച്ച് സംസാരിപ്പാൻ നിന്നെ അനുവദി
ച്ചിരിക്കുന്നു എന്നു പറഞ്ഞു. അപ്പോൾ
പൌലോസ് കൈ നീട്ടിക്കൊണ്ട് തൻെറ
വിശദീകരണം ആരംഭിച്ചു. അഗ്രീപ്പാ രാജാ 2
വേ, യഹൂദന്മാരാൽ എൻെറമേൽ ചുമത്ത
പ്പെട്ടിരിക്കുന്ന എല്ലാ കുറ്റങ്ങളേയുംകുറിച്ച്,
ഇന്ന് അവിടുത്തെ മുമ്പാകെ സ്വയം പ്രതി
വാദം ചെയ്വാൻ ഇടയായതുകൊണ്ട് —
വിശിഷ്യാ യഹൂദന്മാരുടെ തർക്കങ്ങളും 3
നിയമങ്ങളും എല്ലാം അങ്ങേക്ക് അറിയാം
എന്ന് എനിക്കു ബോദ്ധ്യമുള്ളതുകൊണ്ടും
ഞാൻ ഭാഗ്യവാൻ എന്ന് എന്നെക്കുറിച്ചു
തന്നെ വിചാരിക്കുന്നു. ആകയാൽ അവി
ടുന്ന് ക്ഷമയോടെ എന്നെ കേൾക്കണമെ,
എന്നപേക്ഷിക്കുന്നു. ആദിമുതൽ, -എൻെറ 4
ബാല്യം മുതൽ - എൻെറ ജനത്തിൻെറ
ഇടയിലും യറുശലേമിലുമുള്ള എൻെറ
നടപടികൾ - അവർക്കു മനസ്സുണ്ടെങ്കിൽ -
സാക്ഷ്യപ്പെടുത്തുവാൻ തക്കവണ്ണം, ഈ
യഹൂദന്മാർക്കുതന്നെയും അറിയാവുന്നവ
യാണ്. പരീശന്മാരുടെ മേൽത്തരമായ ഉപ 5
ദേശം അനുസരിച്ചാണ് ഞാൻ ജീവിച്ചതെ
ന്നു ദീർഘകാലമായി ഇവർ അറിഞ്ഞും
ബോദ്ധ്യപ്പെട്ടുമാണിരിക്കുന്നത്. ദൈവ 6
ത്തിൽനിന്നും നമ്മുടെ പിതാക്കന്മാർക്കു
ണ്ടായ വാഗ്ദത്തത്തിൻെറ പ്രത്യാശമൂല
മാണ് ഞാൻ ഇപ്പോൾ ഇവിടെ നിന്നു
കൊണ്ട് വിസ്തരിക്കപ്പെടുന്നത്. പന്ത്രണ്ടു 7
ഗോത്രങ്ങളും, രാവും പകലുമുള്ള പ്രാർത്ഥ
നകൾകൊണ്ട് ചെന്നെത്താമെന്നു പ്രതീ
ക്ഷിക്കുന്ന ഈ പ്രത്യാശയെപ്പറ്റിത്തന്നെ
യാണ്, അല്ലയോ അഗ്രീപ്പാരാജാവേ, യഹൂദ
ന്മാരാൽ ഞാൻ കുറ്റം ചുമത്തപ്പെടുന്നത്.
നിങ്ങൾ എങ്ങനെ വിധിക്കുന്നു? ദൈവം 8
മരിച്ചവരെ ഉയിർപ്പിക്കും എന്നു ഞങ്ങൾ
വിശ്വസിക്കേണ്ടതല്ലയോ? നസ്രായനായ 9
യേശുവിൻെറ നാമത്തിനെതിരായി അനേ
കം എതിർ പ്രവർത്തനങ്ങൾ നടത്തണമെ
ന്ന് മുമ്പുമുതലെ എൻെറ മനസ്സിൽ കരുതി
യിരുന്നു. ഇത് യറുശലേമിൽ ഞാൻ പ്രവർ 10
ത്തിക്കുകയും ചെയ്തു. പ്രധാനാചാര്യന്മാ

രിൽനിന്നും ഞാൻ പ്രാപിച്ച അധികാരം
മൂലം, വളരെയേറെ വിശുദ്ധരെ ഞാൻ തട
വിലാക്കുകയും ചെയ്തു. അവരിൽ ചിലർ
വധിക്കപ്പെട്ടപ്പോൾ, അവരിൽ കുറ്റം ചുമ
ത്തിയവരോട് ഞാൻ സഹകരിക്കുകയും
1 ചെയ്തു. യേശുവിൻെറ നാമത്തെ ദുഷിക്കു
വാനായി നിർബന്ധിച്ചുകൊണ്ട് എല്ലാ
സംഘത്തിലും അവരെ ഞാൻ പീഡിപ്പിച്ചു
കൊണ്ടുമിരുന്നു. അവരുടെ നേരെ എന്നിൽ
നിറഞ്ഞു നിന്ന കോപംമൂലം, അവരെ പീഡി
പ്പിക്കുവാൻ വേണ്ടി മറ്റു പട്ടണങ്ങളിലേ
2 ക്കും ഞാൻ പൊയ്ക്കൊണ്ടിരുന്നു. ഇക്കാ
ര്യത്തിനായി ഞാൻ പ്രധാനാചാര്യന്മാരുടെ
അധികാരത്തോടും അനുവാദത്തോടുംകൂടി
3 ദമസ്കോസിലേക്ക് പോകുമ്പോൾ—
മദ്ധ്യാഹ്നനേരത്ത് — അല്ലയോ രാജാവെ,
സൂര്യനേക്കാളും അധികമായ പ്രകാശം
എൻെറ മേലും എന്നോടു കൂടെയുണ്ടായിരു
ന്നവരുടെമേലും, ആകാശത്തുനിന്നു മിന്നി
ത്തിളങ്ങിയതു ഞാൻ കണ്ടു. ഞങ്ങൾ എല്ലാ
4 വരും നിലത്തു വീണു. അപ്പോൾ 'ശൌലേ
ശൌലേ നീ എന്തിന് എന്നെ പീഡിപ്പി
ക്കുന്നു? മുള്ളിനോട് ഉതയ്ക്കുന്നത് നിന
ക്ക് നല്ലതല്ല'എന്ന്, എബ്രായ ഭാഷയിൽ
എന്നോടു പറയുന്ന ശബ്ദം ഞാൻ കേട്ടു,
5 'യജമാനനേ അങ്ങ് ആരാകുന്നു?' എന്നു
ഞാൻ ചോദിച്ചു. നമ്മുടെ കർത്താവ്
എന്നോട്, 'നീ പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന
നസ്രയനായ യേശുവാകുന്നു ഞാൻ' എന്നു
6 പറഞ്ഞു. അദ്ദേഹം എന്നോട്, നീ, കാലൂന്നി
എഴുന്നേൽക്കുക. നീ എന്നെ കണ്ട സംഗ
തിക്കും, ഇനിയും നീ എന്നെ കാണുവാനിരി
ക്കുന്നതിനും, സാക്ഷിയും ശുശ്രൂഷകനു
മായി നിന്നെ നിയമിപ്പാനാണ് ഞാൻ നിന
ക്കു കാണപ്പെട്ടത് എന്ന് പറഞ്ഞു. ഞാൻ
നിന്നെ യഹൂദ ജനത്തിൽനിന്നും അവരുടെ
അടുക്കലേക്ക് നിന്നെ അയയ്ക്കുന്ന മറ്റു
ജാതികളിൽനിന്നും രക്ഷിക്കും. അവർ
അന്ധകാരത്തിൽനിന്നും പ്രകാശത്തി
ലേക്കും, സാത്താൻെറ അധികാരത്തിൽ
നിന്ന് ദൈവസന്നിധിയിലേക്കും തിരിയു
വാൻ തക്കവണ്ണം നീ അവരുടെ കണ്ണുകൾ
തുറക്കും. എന്നിലുള്ള വിശ്വാസം വഴി
യായി അവർ പാപമോചനവും വിശുദ്ധ
രോട് കൂടെയുള്ള ഓഹരിയും പ്രാപിക്കും
എന്നു പറഞ്ഞു. ആകയാൽ അഗ്രീപ്പാ
രാജാവെ, ആ സ്വർഗ്ഗീയദർശനത്തിന്നെ
തിരായി ഞാൻ തർക്കിച്ചു നിന്നില്ല. എന്നാ
ലോ, ആദ്യം ദമസ്കോസിലുള്ളവരോടും,
യറുശലേംകാരോടും യഹൂദിയായിലെ
സർവ്വ ഗ്രാമങ്ങളിലുള്ളവരോടും ഞാൻ
പ്രസംഗിച്ചു. ജാതികൾ മാനസാന്തരപ്പെട്ട്
ദൈവത്തിങ്കലേക്ക് തിരിഞ്ഞ്, മാനസാന്തര
ത്തിന് അനുയോജ്യമായ പ്രവൃത്തികൾ
ചെയ്യണമെന്ന് അവരോട് ഞാൻ പ്രസംഗി
ച്ചു. ഇക്കാര്യങ്ങൾ നിമിത്തം യഹൂദന്മാർ 21
ദൈവാലയത്തിൽ വച്ച് എന്നെ പിടികൂടി.
അവർ എന്നെ കൊല്ലുവാനും ആഗ്രഹിച്ചു.
എന്നാൽ ദൈവം ഈ ദിവസംവരെയും
എന്നെ സഹായിച്ചു. ഇതാ ഞാൻ നിന്നു 22
കൊണ്ട് ചെറിയവരോടും വലിയവരോടും
സാക്ഷിക്കുന്നു. മ്ശീഹാ, കഷ്ടമനുഭവിക്കു 23
മെന്നും, മരിച്ചവരുടെ ഇടയിൽനിന്നുള്ള
പുനരുത്ഥാനത്തിന് ആദ്യഫലമായിരിക്കു
മെന്നും അവൻ ജനത്തോടും പുറജാതി
കളോടും പ്രകാശത്തെ പ്രസംഗിക്കുമെന്നും,
മോശയും ദീർഘദർശിമാരും പറഞ്ഞിട്ടുള്ള
തിൽ അപ്പുറമൊന്നും ഞാൻ പറയുന്നില്ല!
എന്നു പറഞ്ഞു.

പൌലോസ് ഇപ്രകാരം പ്രതിവചിക്കു 24
ന്നതിന്നിടയ്ക്ക്, ഫെസ്തോസ്, 'പൌലോസ്
നിനക്കു ഭ്രാന്താണ്! അധികവിദ്യ നിന്നെ
ഭ്രാന്തനാക്കിയിരിക്കയാണ്,' എന്ന് ഉച്ച
ത്തിൽ വിളിച്ചു പറഞ്ഞു. അപ്പോൾ പൌ 25
ലോസ് 'ശ്രേഷ്ഠനായ ഫെസ്തോസ്! എനി
ക്കു ഭ്രാന്തില്ല. പിന്നെയോ സത്യവും ശരി
യുമായ വചനങ്ങളാണ് ഞാൻ പറയുന്നത്.
അഗ്രീപ്പാ രാജാവുതന്നെയും ഇവയെപ്പറ്റി 26
കൂടുതലായി അറിയുന്നു. അതിനാലാണ്
അദ്ദേഹത്തിൻെറ സന്നിധിയിൽ ഞാൻ
ധൈര്യത്തോടെ സംസാരിക്കുന്നത്. ഈ
വചനങ്ങളിൽ ഒന്നുപോലും അദ്ദേഹത്തി
ൻെറ അറിവിൽപ്പെടാത്തതല്ല. എന്തെന്നാൽ
ഇവ ഒന്നും രഹസ്യമായി നടന്നതല്ല എന്നു
ഞാൻ വിചാരിക്കുന്നു. അല്ലയോ അഗ്രീപ്പാ 27
രാജാവേ, പ്രവാചകന്മാരെ അങ്ങു വിശ്വ
സിക്കുന്നുവോ? അങ്ങ് വിശ്വസിക്കുന്നുണ്ട്
എന്ന് എനിക്കറിയാം എന്നു പറഞ്ഞു.
അഗ്രീപ്പാ രാജാവ് അദ്ദേഹത്തോട്, 'ഞാൻ 28
ഒരു "ക്രിസ്ത്യാനി" ആകുവാൻ നീ അല്പം
എന്തോകൊണ്ട് എന്നെ സമ്മതിപ്പിക്കയാ
ണോ?' എന്നു ചോദിച്ചു. പൌലോസ് 29
ഉത്തരമായിട്ട് 'അല്പംകൊണ്ടാകട്ടെ,
അധികംകൊണ്ടാകട്ടെ, അങ്ങുമാത്രമല്ല,
ഇന്ന് എൻെറ വചനം കേൾക്കുന്ന എല്ലാ
വരുംതന്നെ - ഈ വിലങ്ങുകൾ ഒഴികെ -
എന്നെപ്പോലെ ആയിത്തീരുവാൻ ഞാൻ
ദൈവത്തോടു പ്രാർത്ഥിക്കുന്നു' എന്നു
പറഞ്ഞു. അനന്തരം രാജാവും നാടുവാഴി 30
യും, ബർണീക്കിയും അവരോടൊരുമിച്ച്

31 ഇരുന്നവരും എഴുന്നേറ്റു. അവർ അവിടെ
നിന്ന് മാറിനിന്ന് 'മരണത്തിനോ, ബന്ധന
ത്തിനോ അർഹമായ യാതൊന്നും, ഈ
മനുഷ്യൻ ചെയ്തിട്ടില്ലതന്നെ' എന്നു പര
32 സ്പരം പറഞ്ഞു. അഗ്രീപ്പാ ഫെസ്തോസി
നോട്, ഈ മനുഷ്യൻ 'കൈസറിനെ'
'അഭയം ചൊല്ലി'യില്ലായിരുന്നെങ്കിൽ വിട്ടയ
യ്ക്കപ്പെടാമായിരുന്നു എന്നു പറഞ്ഞു.

അദ്ധ്യായം 27

1 "ഇറ്റലിയിൽ കൈസറിൻെറ സന്നിധി
യിലേക്ക് ഇവൻ അയയ്ക്കപ്പെടട്ടെ" എന്ന്
ഫെസ്തോസ് ഉത്തരവായി. അയാൾ പൌ
ലോസിനെയും കൂടെയുള്ള തടവുകാരെ
യും 'സെബസ്തി' എന്ന പട്ടാളവിഭാഗത്തിലെ,
യൂലിയോസ് എന്നു പേരുള്ള ഒരു ശതാധിപ
2 നെ ഏല്പിച്ചു. യാത്രയ്ക്കു സമയമായ
പ്പോൾ, ആദ്രമത്തോസ് പട്ടണത്തിൽ നിന്നു
ള്ളതും 'ആസിയാ' ദേശത്തേക്കു പോകുന്ന
തുമായ കപ്പലിൽ ഞങ്ങൾ കയറി. തെസ
ലോനിക്യാ നഗരത്തിൽനിന്നുള്ള മക്കദോ
ന്യനായ 'അരിസ്തക്കോസും' ഞങ്ങളോടുകൂ
3 ടി കപ്പലിൽ കയറി. പിറ്റെദിവസം ഞങ്ങൾ
'സീദോനിൽ' എത്തി. ശതാധിപൻ കാരു
ണ്യപൂർവ്വമാണ് പൌലോസിനോട് പെരുമാ
റിയത്. അദ്ദേഹം തൻെറ സ്നേഹിതരുടെ
അടുക്കൽ പോയി വിശ്രമിച്ചുകൊള്ളുവാൻ
4 അനുവദിച്ചു. അവിടെനിന്നും ഞങ്ങൾ
യാത്ര തുടർന്നു, എന്നാൽ കാറ്റ് പ്രതികൂല
5 മായിരുന്നതിനാൽ ഞങ്ങൾ 'കുപ്രോസി
നെ' ചുറ്റി, കിലിക്യാ, പംപുല്യാ കടൽ കടന്ന്
'ലുക്കിയ'യിലെ 'മുറാ' പട്ടണത്തിൽ എത്തി
6 ച്ചേർന്നു. അവിടെവച്ച് അലക്സാന്ത്രിയ
യിൽനിന്നും ഇറ്റലിക്കു പോകുന്ന ഒരു
കപ്പൽ ശതാധിപൻ കണ്ടെത്തി ഞങ്ങളെ
7 അതിൽ കയറ്റിയിരുത്തി. കപ്പൽ വിഷമത
യോടെ പ്രയാണം ചെയ്തിരുന്നതുകൊണ്ട്
ഞങ്ങൾ വളരെ പ്രയാസപ്പെട്ട് വളരെ നാളു
കൾകൊണ്ട് ക്നീദോസ് ദ്വീപിലെത്തി.
നേരെ പോകുവാൻ കാറ്റ് സമ്മതിക്കായ്ക
യാൽ 'ക്രേത്താ' ദ്വീപിനെ ചുറ്റി 'സൽമോ
8 നാ' നഗരത്തിനു നേരെ യാത്ര ചെയ്തു. അതി
ൻെറ ചുറ്റംകൂടി വളരെ പ്രയാസത്തോടെ
യാത്ര ചെയ്തുകൊണ്ട് 'ഭംഗിയുള്ള തുറമുഖ
ങ്ങൾ' എന്നു വിളിക്കപ്പെടുന്ന സ്ഥലത്തെ
ത്തിച്ചേർന്നു. 'ലാസിയാ' എന്നു പേരുള്ള
പട്ടണം അതിനു സമീപമായിരുന്നു.
9 യഹൂദന്മാരുടെ ഉപവാസദിവസം കഴി
യുന്നതുവരെ ഞങ്ങൾ വളരെക്കാലം
അവിടെ പാർത്തു. (അപ്പോൾ) ആരെങ്കിലും
സമുദ്രയാത്ര ചെയ്യുന്നത് അപകടകരമാ
യിരുന്നു. പൌലോസ് അവരോട് ആലോ 10
ചന പറഞ്ഞത്: 'അല്ലയോ മനുഷ്യരേ,
നമ്മുടെ യാത്ര വളരെ ഞെരുക്കത്തിലും
നഷ്ടത്തിലും ആയിത്തീരും; നമ്മുടെ കപ്പ
ലിലുള്ള ചരക്കുകൾക്കുമാത്രമല്ല; നമ്മുടെ
ജീവനുതന്നെയും നഷ്ടം വരും എന്നു
ഞാൻ കാണുന്നു.' എന്നാൽ ശതാധിപനാ 11
കട്ടെ, പൌലോസിൻെറ വാക്കുകളേക്കാൾ
കൂടുതലായി, കപ്പിത്താൻെറയും കപ്പലുടമ
സ്ഥൻെറയും വാക്കുകളാണ് ശ്രദ്ധിച്ചത്. ആ 12
തുറമുഖം വർഷകാലം കഴിയാൻ പറ്റിയത
ല്ലായ്കയാൽ അവിടെനിന്നും യാത്ര ചെ
യ്‌വാനും, കഴിയുമെങ്കിൽ ക്രീത്തിൽ ഉള്ള
തും 'ഫോനിക്സ്' എന്നു പേരുള്ളതും, തെ
ക്കോട്ട് അഭിമുഖമായതുമായ ഒരു തുറമുഖ
ത്ത് എത്തി, അവിടെ വർഷകാലം കഴിച്ചു
കൂട്ടുവാനും ഞങ്ങളിൽ അനേകരും ആഗ്ര
ഹിച്ചു. തെക്കൻ കാറ്റ് ഊതിയപ്പോൾ അവ 13
രുടെ ഇഷ്ടാനുസരണം എത്തിച്ചേരാമെന്ന്
അവർ വിചാരിച്ചു. ഞങ്ങൾ ക്രേത്തയുടെ
പരിസരത്തൂടെ യാത്ര ചെയ്തു. അല്പം 14
കഴിഞ്ഞപ്പോഴാകട്ടെ, തൗഫോനിക്കോസ്
എവുറോക്ക് ലിദോൻ (വടക്കു കിഴക്കൻ
കാറ്റ്) എന്ന ചുഴലിക്കാറ്റ് ഞങ്ങൾക്കെതിരാ
യി അടിച്ചു. കപ്പൽ കാറ്റടിച്ചുകൊണ്ടുപോക 15
പ്പെട്ടു. കാറ്റിനോട് എതിർത്തു നില്ക്കുവാൻ
അതിനു കഴിഞ്ഞില്ല. അതിനാൽ പോയ
വഴിക്കുതന്നെ അതിനെ ഞങ്ങൾ വിട്ടു.
'കൂദാ' എന്നു വിളിക്കപ്പെടുന്ന ഒരു ദ്വീപ് 16
കടന്നപ്പോൾ പ്രയാസപ്പെട്ട് ഒരു തോണി
കൈവശപ്പെടുത്തുവാൻ ഞങ്ങൾക്കു സാ
ധിച്ചു. അതു വലിച്ചു കയറ്റിയശേഷം ഞ 17
ങ്ങൾ അതിനെ കപ്പലിനോട് ചേർത്തുകെട്ടി.
ഞങ്ങൾ സമുദ്രത്തിൻെറ ആഴത്തിലേക്ക്
വീണുപോയേക്കും എന്നു ഭയപ്പെട്ട് 'കപ്പൽ
പായ'യുമിറക്കി. ഇങ്ങനെ ഞങ്ങൾ യാത്ര
തുടർന്നു. ശക്തമായ കൊടുങ്കാറ്റ് ഞങ്ങൾക്ക് 18
പ്രതികൂലമായി നീണ്ടുനിന്നതിനാൽ, പിറ്റെ
ദിവസം ഞങ്ങളുടെ സാമാനങ്ങൾ ഞങ്ങൾ
കടലിൽ എറിഞ്ഞുകളഞ്ഞു. മൂന്നാം ദിവസം 19
കപ്പൽ സാമാനങ്ങൾതന്നെയും ഞങ്ങൾ
എടുത്തെറിഞ്ഞു. വർഷകാലം വളരെ ദിവ
സങ്ങൾ നീണ്ടുനിന്നു. സൂര്യനും ചന്ദ്രനും 20
നക്ഷത്രങ്ങളും ഞങ്ങൾക്കു കാണപ്പെടാ
തായി. ഞങ്ങളുടെ ജീവിതാശ മുഴുവനായും
അറ്റുപോയി! ആരും യാതൊരു ഭക്ഷണവും 21
കഴിച്ചിരുന്നില്ല. അപ്പോൾ പൌലോസ്
അവർക്കിടയിൽ എഴുന്നേറ്റ് നിന്നുകൊണ്ട്
'അല്ലയോ മനുഷ്യരേ, നിങ്ങൾ എന്നെ

അനുസരിച്ചിരുന്നുവെങ്കിൽ, നമ്മൾ ക്രേ
ത്തായിൽനിന്ന് യാത്ര തുടരുകയില്ലായി
രുന്നു. ഈ നഷ്ടത്തിൽനിന്നും ഞെരുക്ക
ത്തിൽനിന്നും രക്ഷപ്പെടുകയും ചെയ്യുമായി
2 രുന്നു. ഇപ്പോൾ ഞാൻ നിങ്ങളോട് ഗുണ
ദോഷിക്കുന്നു. നിങ്ങൾ വ്യാകുലം കൂടാതി
രിക്കണം. കപ്പൽ ഒഴികെ നിങ്ങളിൽ ഒരു
വൻെറപോലും ജീവൻ നഷ്ടപ്പെടുകയില്ല.
3 എൻെറ ഉടമസ്ഥനും, ഞാൻ ആരാ
ധിക്കുന്നവനുമായ ദൈവത്തിൻെറ മാലാഖ,
ഈ രാത്രിയിൽ എനിക്കു പ്രത്യക്ഷപ്പെട്ട്
4 'പൌലോസേ, നീ ഭയപ്പെടേണ്ട. നീ കൈസ
റിൻെറ മുമ്പിൽ ചെന്ന് നിൽക്കും. നിന്നോടു
കൂടെ യാത്രചെയ്യുന്ന എല്ലാവരേയും ദൈവം
നിനക്കു ദാനമായി തന്നിരിക്കുന്നു' എന്ന്
5 എന്നോട് പറഞ്ഞിട്ടുണ്ട്. ആകയാൽ പുരുഷ
ന്മാരേ, ധൈര്യപ്പെട്ടിരിപ്പിൻ. എന്തെന്നാൽ,
എന്നോടു സംസാരിക്കപ്പെട്ടതുപോലെ
തന്നെ സംഭവിക്കും എന്നു ഞാൻ ദൈവ
- ത്തിൽ വിശ്വസിക്കുന്നു. എങ്കിലും ഒരു
ദ്വീപിൽ നാം തള്ളപ്പെടും' എന്നു പറഞ്ഞു.
പിന്നെ പതിന്നാലു ദിവസം 'ഹെദ്രിയാ
സ്' കടലിൽ വഴിതെറ്റി ഞങ്ങൾ വലഞ്ഞു.
തങ്ങൾ കരയോട് അടുക്കുകയാണെന്ന് ഒരു
പാതിരാത്രിയിൽ കപ്പൽക്കാർ വിചാരിച്ചു.
അവർ അളവു സാധനം നോക്കി, 'ഇരുപ
താൾ ആഴം' എന്നു കണ്ടു. വീണ്ടും കുറെ
ക്കൂടി യാത്ര ചെയ്തു. പതിനഞ്ചാൾ ആഴം
എന്നും കണ്ടു. പാറക്കെട്ടുള്ള സ്ഥലങ്ങൾ
ഉണ്ടായിരുന്നേക്കുമോ എന്നു ഞങ്ങൾ
ഭയപ്പെട്ടിരിക്കുമ്പോൾ അവർ കപ്പലിൻെറ
അമരത്തുനിന്നും നാലു നങ്കൂരമിട്ട് പ്രഭാത
മാകുവാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.
കപ്പൽക്കാർ കപ്പലിൽനിന്നും ഓടി രക്ഷപ്പെ
ടുവാൻ ആഗ്രഹിച്ചു. അവർ കരയിൽ കപ്പൽ
കെട്ടി നിർത്തുവാൻ എന്ന കാരണം പറഞ്ഞ്
കപ്പലിൽനിന്നു തോണി കടലിലേക്ക് ഇറ
ക്കി. പൌലോസ് ഇതു കണ്ടപ്പോൾ ശതാധി
പനോടും പടയാളികളോടുമായി: അവർ
കപ്പലിൽതന്നെ ഇരിക്കാത്തപക്ഷം, നിങ്ങൾ
ക്കു ജീവനോടിരിപ്പാൻ കഴിയുന്നതല്ല എന്നു
പറഞ്ഞു. അപ്പോൾ പടയാളികൾ, തോണി
യുടെ കയറുമുറിച്ചു വിട്ടുകളഞ്ഞു.
പൌലോസ്, അവർ ഭക്ഷണം കഴിക്ക
ണം എന്ന് പ്രഭാതമാകുവോളം എല്ലാവ
രോടും നിർബന്ധിച്ചുകൊണ്ട് ഇങ്ങനെ
പറഞ്ഞു: അപകടം നിമിത്തം, ഇന്നു പതി
നാലു ദിവസങ്ങളായി യാതൊന്നും നിങ്ങൾ
ഭക്ഷിച്ചിട്ടില്ലല്ലോ. ആകയാൽ നിങ്ങളോട്
ഞാൻ അപേക്ഷിക്കുന്നു: നിങ്ങളുടെ ജീവ
ൻെറ നിലനിൽപ്പിനുവേണ്ടി നിങ്ങൾ ഭക്ഷ
ണം കഴിക്കണം. എന്തെന്നാൽ നിങ്ങളിൽ
ഒരുവൻെറയെങ്കിലും ഒരു തലമുടിനാരു
പോലും നശിച്ചുപോകയില്ല. ഇതു പറഞ്ഞിട്ട് 35
- അദ്ദേഹംതന്നെ അപ്പമെടുത്ത് എല്ലാവരു
ടെയും മുമ്പാകെ ദൈവത്തെ മഹത്വപ്പെടു
ത്തി, മുറിച്ച് ഭക്ഷിക്കുവാൻ തുടങ്ങി. എല്ലാ 36
വർക്കും ആശ്വാസമായി. അവരും ഭക്ഷണം
കഴിച്ചു. കപ്പലിൽ ഞങ്ങൾ ഇരുന്നൂററി എഴു 37
പത്താറുപേരാണുണ്ടായിരുന്നത്. ഭക്ഷണം 38
കഴിച്ച് തൃപ്തരായശേഷം, കോതമ്പ് എടുത്ത്
കടലിൽ എറിഞ്ഞ് കപ്പലിൻെറ ഭാരം കുറച്ചു.
നേരം പ്രഭാതമായിട്ടും ആ സ്ഥലം ഏതെന്ന് 39
കപ്പൽക്കാർക്ക് മനസ്സിലായില്ല. എങ്കിലും
കരയോടടുത്ത് കടലിൻെറ ഒരു കൈവഴി
കണ്ടു. കഴിയുമെങ്കിൽ കപ്പൽ അങ്ങോട്ടു
നീക്കാമെന്നു വിചാരിച്ചു. അവർ നങ്കൂര 40
ങ്ങൾ കപ്പലിൽനിന്നു ഛേദിച്ച് കടലിൽ ഉപേ
ക്ഷിച്ചു ചുക്കാൻെറ കെട്ടുകളും അഴിച്ചു.
ഊതിക്കൊണ്ടിരുന്ന കാറ്റിന് ചെറിയ പായ
യും ഉയർത്തി- കരയിലേക്ക് യാത്ര തുടർ
ന്നു, കപ്പൽ കടലിൻെറ രണ്ട് ആഴങ്ങൾക്കിട 41
യിൽ ഉള്ള ഉയർന്ന ഒരു സ്ഥാനത്തു മുട്ടി;
അവിടെ ഉറച്ചു. അതിൻെറ മുൻഭാഗം അതി
ന്മേൽ ഇളകാതെ ഉറച്ചു നിന്നു. മറ്റെ ഭാഗം
ഓളങ്ങളുടെ ശക്തികൊണ്ട് ഉടഞ്ഞുപോയി.
ബന്ധനസ്ഥർ ഇറങ്ങി നീന്തി ഓടിപ്പോകാ 42
തിരിപ്പാൻവേണ്ടി, അവരെ കൊന്നുകള
യാൻ പടയാളികൾ ആഗ്രഹിച്ചു. എന്നാൽ 43
ശതാധിപനാകട്ടെ പൌലോസിനെ രക്ഷ
പ്പെടുത്തണമെന്നാഗ്രഹിച്ചുകൊണ്ട് അവ
രെ അതിൽനിന്നും വിലക്കി. നീന്തുവാൻ
കഴിവുള്ളവർ ആദ്യം നീന്തി കരയിലെത്തു
വാൻ അയാൾ കല്പിച്ചു. ശേഷമുള്ളവരെ, 44
പലകകളിന്മേലും കപ്പലിൻെറ മറ്റു തടികൾ
മേലുമായി കടത്തിവിടുകയും ചെയ്തു.
അങ്ങനെ എല്ലാവരും കരയിലെത്തി
രക്ഷപ്പെട്ടു.

അദ്ധ്യായം 28

ആ ദ്വീപിൻെറ പേര് 'മിലിത്തി' എന്നാ 1
ണെന്ന് ഞങ്ങൾ പിന്നീട് മനസ്സിലാക്കി.
അവിടെ പാർത്തിരുന്ന 'ബർബരന്മാർ' 2
ഞങ്ങളോട് വളരെയേറെ ദയ കാണിച്ചു.
അവിടെയുണ്ടായിരുന്ന കനത്ത മഴയും
കുളിരും നിമിത്തം അവർ തീ കുട്ടി, തീ കായു
വാൻ ഞങ്ങളെ എല്ലാവരേയും വിളിച്ചു.
പൌലോസ് വളരെയേറെ ഉണക്കക്കമ്പു 3
കൾ എടുത്ത് തീയിൽ ഇട്ടു. തീയുടെ ചൂടു
കൊണ്ട് ഒരു അണലിസർപ്പം പുറത്തു വന്ന്

4 അദ്ദേഹത്തിൻെറ കൈയിൽ കടിച്ചു. ആ
സർപ്പം അദ്ദേഹത്തിൻെറ കൈയിൽ തൂങ്ങി
ക്കിടക്കുന്നത് ആ ബർബരന്മാർ കണ്ട
പ്പോൾ, ഇവൻ ഒരു കൊലപാതകൻ ആയി
രിക്കാം; കടലിൽനിന്നും അവൻ രക്ഷപ്പെട്ടു.
5 എന്നാൽ അവൻ ജീവനോടിരിക്കാൻ നീതി
സമ്മതിക്കുന്നില്ല എന്ന് അവർ പറഞ്ഞു.
6 എന്നാൽ പൌലോസാകട്ടെ തൻെറ കൈ
കുടഞ്ഞ് ആ അണലിസർപ്പത്തെ തീയി
ലേക്ക് എറിഞ്ഞുകളഞ്ഞു. യാതൊരു ദോഷ
വും അദ്ദേഹത്തിനു സംഭവിച്ചില്ല. എന്നാൽ
അദ്ദേഹം ഉടനെ തന്നെ തളർന്നു നിലത്തു
മരിച്ചു വീഴും എന്നാണ് ആ ബർബരന്മാർ
വിചാരിച്ചിരുന്നത്. വളരെ നേരം അവർ
കാത്തിരുന്നിട്ടും അദ്ദേഹത്തിന് ഒരു ദോഷ
വും സംഭവിച്ചില്ല എന്ന് അവർ കണ്ടപ്പോൾ,
അവർ അവരുടെ വാക്കു വ്യത്യാസപ്പെടു
ത്തി, 'ഇദ്ദേഹം ദേവനാകുന്നു' എന്നു പറ
7 ഞ്ഞു. ആ ദ്വീപിൻെറ അധിപനായിരുന്ന
'പുപ്ലിയോസ്' എന്നയാൾക്ക് ആ സ്ഥല
ത്തു വളരെയേറെ വസ്തുക്കൾ ഉണ്ടായിരുന്നു.
അദ്ദേഹം മൂന്നു ദിവസം അദ്ദേഹത്തിൻെറ
ഭവനത്തിൽ സന്തോഷപൂർവ്വം (അതിഥി
8 കളായി) ഞങ്ങളെ സ്വീകരിച്ചു. പുപ്ലിയോ
സിൻെറ പിതാവ്, പനിയും വയറുവേദന
യുമായി കിടപ്പിലായിരുന്നു. പൌലോസ്
അയാളുടെ അടുത്തു ചെന്ന് പ്രാർത്ഥിച്ചു:
തൻെറ കൈ അയാളുടെമേൽ വച്ച് സുഖ
9 പ്പെടുത്തി. ഇതു സംഭവിച്ചതോടെ, ആ ദ്വീപി
ലാകെ ശേഷമുള്ള എല്ലാ രോഗികളേയും
അദ്ദേഹത്തിൻെറ അടുക്കൽ കൊണ്ടുവന്നു
കൊണ്ടിരുന്നു. അവർ സുഖം പ്രാപിക്കുക
10 യും ചെയ്തിരുന്നു. അവർ ഞങ്ങളെ അത്യധി
കം ബഹുമാനിക്കുകയും ഞങ്ങൾ അവിടെ
നിന്നും പുറപ്പെട്ടപ്പോൾ ഞങ്ങൾക്കു വഴി
ക്കു വേണ്ടുന്ന ഭക്ഷണസാധനങ്ങൾ
ഞങ്ങൾക്കു തരികയും ചെയ്തു.
11 മൂന്നു മാസം കഴിഞ്ഞ് അതേ ദ്വീപിൽ
വർഷകാലം കഴിച്ചുകൂട്ടി കിടന്നിരുന്നതും
അശ്വിനി ചിഹ്നമുള്ളതുമായ ഒരു അല
ക്സാന്ത്രിയൻ കപ്പലിൽ ഞങ്ങൾ യാത്ര
12 തുടർന്നു. ഞങ്ങൾ സറക്കോസ് പട്ടണത്തി
ലെത്തി. അവിടെ മൂന്നു ദിവസം പാർത്തു.
13 അവിടെനിന്നും ഞങ്ങൾ ചുറ്റി സഞ്ചരിച്ച്
'റെഗിയോൻ' പട്ടണത്തിലെത്തി. ഒരു
ദിവസം കഴിഞ്ഞപ്പോൾ ഞങ്ങൾക്കു
'തെക്കൻ കാറ്റു' കിട്ടി രണ്ടു ദിവസംകൊണ്ട്
ഞങ്ങൾ ഇറ്റലിയിൽ 'പൂത്തിയാലോസ്'
14 പട്ടണത്തിൽ വന്നു. അവിടെ ഞങ്ങൾ
സഹോദരന്മാരെ കണ്ടു. അവർ ഞങ്ങളോട

പേക്ഷിച്ചതിനാൽ ഏഴു ദിവസം അവരുടെ
അടുക്കൽ പാർത്തശേഷം 'റോമാ'യിലേക്ക്
പോയി. അവിടെയുള്ള സഹോദരന്മാർ
വിവരം കേട്ടപ്പോൾ ഞങ്ങളെ എതിരേൽക്ക
വാനായി, 'അപ്പിയൊസ് പോറോസ്' എന്ന
വിളിക്കപ്പെടുന്ന തെരുവുവരെയും ത്രി
ണ്ഡപംവരെയും വന്നു. പൌലോസ് അവരെ
കണ്ടപ്പോൾ ദൈവത്തിനു സ്തോത്രമർപ്പ
ച്ചു; ശക്തിപ്പെട്ടു. ഞങ്ങൾ റോമിൽ പ്രവേശ
ച്ചു. അദ്ദേഹത്തിനു കാവൽ നിന്നിരുന
പടയാളിയോടുകൂടി, ഇഷ്ടമുള്ള സ്ഥല
ത്തു താമസിച്ചുകൊള്ളുവാൻ ശതാധിപന
പൌലോസിനെ അനുവദിച്ചു.
മൂന്നു ദിവസങ്ങൾക്കുശേഷം പൌലോ
സ് ആളയച്ച് യഹൂദന്മാരുടെ പ്രധാനികളെ
വിളിപ്പിച്ചു. അവർ വന്ന് കൂടിയപ്പോൾ
അദ്ദേഹം അവരോട്: 'എൻെറ സഹോദ
ന്മാരേ, ജനത്തിന്നെതിരായോ നമ്മുടെ
പിതാക്കന്മാരുടെ ന്യായപ്രമാണത്തിന
എതിരായോ ഒരു കാര്യത്തിലും ഞാൻ നില
കൊള്ളാതിരിക്കെ, യറുശലേമിൽനിന്നു
എന്നെ ബന്ധനസ്ഥനാക്കി റോമാക്കാരുടെ
കൈയിൽ ഏല്പിച്ചു. അവരാകട്ടെ, എന്നെ
വിസ്തരിച്ചപ്പോൾ, മരണയോഗ്യമായ ഒരു
കുറ്റവും എന്നിൽ അവർക്കു കാണുവാ
കഴിയാതിരുന്നതിനാൽ, എന്നെ വിമു
നാക്കുവാൻ അവർ ആഗ്രഹിച്ചു. എന്നാൽ
യഹൂദന്മാർ എനിക്കു വിരോധമായി നി
കൊണ്ടതിനാൽ കൈസറെ അഭയം ചൊല്ലു
വാൻ ഞാൻ നിർബന്ധിതനായി. യാതൊ
ന്നിലും സ്വജനത്തെ കുറ്റപ്പെടുത്തുവാ
എനിക്കില്ല. ഇതു നിമിത്തം ഞാൻ നിങ്ങളെ
ക്കണ്ട് ഇവയെല്ലാം വിശദമായി നിങ്ങളോട്
പറയുവാനാണ് നിങ്ങൾ വരണമെന്ന് നിങ്ങ
ളോടപേക്ഷിച്ചത്. എന്തെന്നാൽ ഇസ്രയേ
ലിൻെറ പ്രത്യാശനിമിത്തമാണ് ഈ ചങ്ങ
കൊണ്ടു ഞാൻ ബന്ധിതനായിരിക്കുന്നത്
എന്നു പറഞ്ഞു. അവർ അദ്ദേഹത്തോട്
യഹൂദ്യായിൽനിന്നും അങ്ങയെക്കുറിച്ച്
ഒരെഴുത്തും ഞങ്ങൾക്ക് കിട്ടിയിട്ടില്ല. യറു
ലേമിൽനിന്നും വന്ന സഹോദരന്മാരി
ആരും അങ്ങയെക്കുറിച്ച് ദോഷമായി
ഒന്നും ഞങ്ങളോട് പറഞ്ഞിട്ടുമില്ല. എന്നാ
ഈ ഉപദേശം ആരാലും സ്വീകരിക്കപ്പെ
ട്ടില്ല എന്നു ഞങ്ങൾക്കറിവുള്ളതാകയാ
അങ്ങു വിചാരിക്കുന്ന കാര്യം അങ്ങിൽനി
ന്നുതന്നെ കേൾക്കുവാൻ ഞങ്ങൾക്ക് ആഗ്ര
ഹമുണ്ട് എന്നു പറഞ്ഞു. അവർ ഒരു ദിവസ
നിശ്ചയിച്ചു. താൻ താമസിച്ചിരുന്ന സ്ഥ
ത്തു തൻെറ അടുക്കൽ വളരെപ്പേർ വന്

കൂടി. അദ്ദേഹം അവർക്കു ദൈവരാജ്യത്തെ
ക്കുറിച്ച് വെളിവായി കാണിച്ചുകൊടുത്തു.
പ്രഭാതംമുതൽ സന്ധ്യവരെയും മോശയുടെ
ന്യായപ്രമാണത്തിൽനിന്നും ദീർഘദർശിമാ
രിൽനിന്നും, യേശുവിനെക്കുറിച്ച് സാക്ഷിച്ച്
24 അവരെ പ്രബോധിപ്പിച്ചു. അവരിൽ ചിലർ
തൻെറ വാക്കുകൾക്ക് അനുകൂലിച്ചു. മറ്റു
25 ചിലർ അനുകൂലിച്ചില്ല. പരസ്പരം യോജി
ക്കാതെ അവർ തൻെറ അടുക്കൽനിന്നും
പിരിഞ്ഞുപോയി. പൌലോസ് അവരോട്:
26 'ഈ ജനത്തിൻെറ അടുക്കലേക്ക് നീ പോകു
ക, നിങ്ങൾ നിശ്ചയമായും കേൾക്കും, തിരി
ച്ചറികയില്ല, നിങ്ങൾ കാണും, പക്ഷേ ഗ്രഹി
ക്കയുമില്ല. കണ്ണുകൊണ്ടു കാണാതെയും
ചെവികൊണ്ടു കേൾക്കാതെയും ഹൃദയം
കൊണ്ട് ഗ്രഹിച്ചു മനം തിരിയാതെയും ഞാൻ
അവരെ സൌഖ്യമാക്കാതെയും ഇരിക്കത്ത
ക്കവണ്ണം ഈ ജനത്തിൻെറ ഹൃദയം തടിച്ചി
രിക്കുന്നു. അവരുടെ കേൾവി ഭാരമായിരി 27
ക്കുന്നു: അവരുടെ കണ്ണുകൾ അവർ അടച്ചി
രിക്കുന്നു എന്ന് പറയുക' എന്ന് പരിശുദ്ധാ
ത്മാവ് നിങ്ങളുടെ പിതാക്കന്മാർക്ക് എതി
രായി ഏശായ ദീർഘ ദർശിയുടെ വായാൽ
പറഞ്ഞിരിക്കുന്നതു ശരിതന്നെ— എന്നീ
വാക്യവും പറഞ്ഞു. ആകയാൽ നിങ്ങൾക്ക് 28
ഇത് അറിവായിരിക്കട്ടെ. ദൈവത്തിൻെറ
ഈ രക്ഷ ജാതികൾക്കായി അയച്ചിരി
ക്കുന്നു. അവർ ഇതു കേട്ടനുസരിക്കും.

താൻ കൂലിക്കു വാങ്ങിയ വീട്ടിൽ 29
പൌലോസ് രണ്ടു സംവത്സരം പാർത്തു.
തൻെറ അടുക്കൽ വരുന്ന എല്ലാവരേയും
അദ്ദേഹം അവിടെ സ്വീകരിച്ചിരുന്നു.
അദ്ദേഹം ദൈവരാജ്യത്തെക്കുറിച്ച് പ്രഘോ 30
ഷിച്ചു. നമ്മുടെ കർത്താവേശുമ്ശിഹായെ
ക്കുറിച്ച് തടസ്സം കൂടാതെ ധൈര്യസമേതം
പഠിപ്പിച്ചും പോന്നു.

ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ

		പാഠഭേദം
1.4	വാഗ്ദാനത്തിനായി അവിടെ വസിക്കണമെന്നും (ത്കാവുൻ)	വാഗ്ദ....കാത്തിരിക്കണം
12	ഏസ്റ്റദാ = 1 കിലോമീറ്റർ	
15	ശിഷ്യന്മാരുടെ	സഹോദരന്മാരുടെ
19	ഹ്ക്കൽദ്മൊ	അക്കൽദാമാ
2.24	പാതാളത്തിൻെറ പാശങ്ങൾ	മരണത്തിൻെറ....
38	കർത്താവായ യേശുവിൻെറ	യേശുക്രിസ്തുവിൻെറ
42	(ഇല്ല)	കൂട്ടായ്മയിലും
3.26	തൻെറ പുത്രനെ	തൻെറ ദാസനായ
4.2	മ്ശിഹായുടെ	യേശുവിൻെറ
28,30	പരിശുദ്ധ പുത്രൻ	പരിശുദ്ധ ദാസൻ
5.37	തലവരിക്കായി	ഇല്ല
42	ഭവനത്തിലും (മർക്കോസിൻെറ..... യേശുമ്ശിഹായെക്കുറിച്ച്	വീടുതോറും വിടാതെ.... യേശു ക്രിസ്തുവാണെന്ന്
6.7	യഹൂദന്മാരിൽ വളരെ പേർ വിശ്വാസത്തിന് അധീനരായി	പുരോഹിതന്മാരിലും വലിയൊരു കൂട്ടം
7.20	ദൈവത്തിനു പ്രിയപ്പെട്ടവൻ	ദിവ്യസുന്ദരൻ
8.21	ഈ വിശ്വാസത്തിൽ	ഈ കാര്യത്തിൽ
22	ദുഷ്ടവിചാരം	നിരൂപണം
26	യറുശലേമിൽനിന്ന് ഗാസായിലേക്ക് ഇറങ്ങുന്ന മരുഭൂമിയിലൂടെ തെക്കോട്ടു പോകുക	തെക്കോട്ട് യറുശലേമിൽനിന്ന് ഗാസയ്ക്കുള്ള നിർജനമായ വഴിയിലേക്കു പോകുക
9.4	മുള്ളുകളോട് ഉതയ്ക്കുന്നതു നിനക്ക് അസാദ്ധ്യമാകുന്നു	ഇല്ല
8	കണ്ണുകൾ തുറന്നിരുന്നിട്ടും	കണ്ണു തുറക്കാതെ
39	തബീത്താ...അവർക്കു സമ്മാനിച്ച	തബീത്താ....ഉണ്ടാക്കിയ
10.11	വസ്ത്രം	പാത്രം
	മോനൊ എന്ന വാക്കിന് വസ്ത്രമെന്നും പാത്രമെന്നും അർത്ഥമുണ്ട്	
48	കർത്താവേശുമ്ശിഹായുടെ നാമത്തിൽ മാമ്മൂദീസാ ഏല്ക്കുവാൻ (ദ്നേംദുൻ) ആജ്ഞാപിച്ചു	യേശുവിൻെറ സ്നാനം കഴിപ്പിപ്പാൻ കല്പിച്ചു
13.6	ബർശൂമാ....ഒരു യഹൂദ മന്ത്രവാദിയെ...	ബർ യേശു...വിദ്വാനെ
113	പൌലോസും ബർന്നബായും	പൗലോസും കൂടെയുള്ളവരും
118	നാല്പതു വർഷക്കാലം മരുഭൂമിയിൽ താൻ അവരെ പോറ്റിപ്പുലർത്തി	നാല്പതുവത്സരം അവരുടെ സ്വഭാവം സഹിച്ചു
29	കുരിശിൽനിന്നും ഇറക്കി	മരത്തിൽനിന്നും ഇറക്കി
14.10	നമ്മുടെ കർത്താവ് യേശുമ്ശിഹായുടെ നാമത്തിൽ	ഇല്ല
11	ആ ദേശഭാഷയിൽ	ലുക്കവോന്യ ഭാഷയിൽ
15.7	ആദ്യമേ	കുറെനാൾ മുമ്പെ
29	നമ്മുടെ കർത്താവിൽ സുസ്ഥിരരായിരിപ്പിൻ	ഇല്ല
33	എങ്കിലും അവിടെ താമസിക്കണമെന്നാണ് ശീലാസ് ആഗ്രഹിച്ചത്	ഇല്ല

20.28	...ദൈവം തൻെറ രക്തത്താൽ സമ്പാദിച്ച ദൈവത്തിൻെറ സഭയെ മേയിപ്പാനായി പരിശുദ്ധാത്മാവ് നിങ്ങളെ എപ്പിസ്കോപ്പന്മാരായി നിയോഗിച്ചിട്ടുള്ള അതത് ഇടവകയേയും (ആട്ടിൻകൂട്ടം) സൂക്ഷിച്ചുകൊള്ളണം	താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിൻെറ സഭയെ മേയിപ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷന്മാരാക്കി വെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ
26.18	അവർ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും, സാത്താൻെറ അധികാരത്തിൽനിന്നും ദൈവസന്നിധിയിലേക്കും തിരിയുവാൻ തക്കവണ്ണം നീ അവരുടെ കണ്ണുകൾ തുറക്കും. എന്നിലുള്ള വിശ്വാസം വഴിയായി അവർ പാപമോചനവും വിശുദ്ധന്മാരോടു കൂടെയുള്ള ഓഹരിയും പ്രാപിക്കും	അവർക്കു പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിപ്പാൻ അവരുടെ കണ്ണുകളെ തുറപ്പാനും......
27.12	തെക്കോട്ട് അഭിമുഖമായതുമായ	തെക്കു പടിഞ്ഞാറായും വടക്കു പടിഞ്ഞാറായും തുറന്നു കിടക്കുന്ന.....
28.2	ബർബരന്മാർ = അപരിഷ്കൃതർ-ആദിവാസികൾ-ഭാഷാജ്ഞാനമില്ലാത്തവർ	

റോമർക്കുള്ള ലേഖനം

1. വി. പൌലോസിൻെറ പ്രവർത്തനകാലത്തെക്കുറിച്ച് വേദപുസ്തകപണ്ഡിതന്മാരുടെ നിഗമനം.

വി. പൌലോസിൻെറ മാനസാന്തരം. 36-A.D

1-ാം മിഷനറി യാത്ര 47

യറുശലേം സുന്നഹദോസ് 49.

2-ാം മിഷനറി യാത്ര 49-52

3-ാം യാത്ര 52-56.

യറുശലേമിൽ ബന്ധനസ്ഥനായത് 56.

കൈസറിയായിലെ കാരാഗൃഹത്തിൽ 56-58.

റോമിൽ എത്തിയത് 59.

രക്തസാക്ഷി മരണം. 65.

2. വി. പൌലോസിൻെറ ലേഖനങ്ങൾ:-

1-2 തെസ്സലോനിക്യർ A.D. 51; 1-2 കോരിന്ത്യർ; ഗലാത്യർ; റോമർ-52-56; ഫിലിപ്യാ; എഫേസ്യാ; കൊലോസ്യ; ഫിലമോൻ 59-61.

1,2 തിമോത്തെയോസ്, തീത്തോസ് പിന്നീട്. ഇവയുടെ കാലത്തെക്കുറിച്ച് അല്പമായ വ്യത്യാസങ്ങളും കാണപ്പെടുന്നുണ്ട്.

3. റോമിലെ യഹൂദന്മാർ:- യറുശലേമും റോമുമായി സുഗമമായി യാത്രാ സൗകര്യങ്ങളും രാഷ്ട്രീയമായും, വ്യാപാരപരമായും സംസർഗവുമുണ്ടായിരുന്നു. ക്രി.മു. 2-ാം നൂറ്റാണ്ടു മുതൽ യഹൂദന്മാർ പലപ്പോഴും രാജ്യകാര്യപരമായ സമ്പർക്കത്തിൽ കഴിഞ്ഞിരുന്നു. ക്രി.മു. 63-ൽ പോംപി യറുശലേം പിടിച്ചപ്പോൾ അനേക യഹൂദരെ അടിമകളായും അല്ലാതെയും റോമിൽ കൊണ്ടുവന്നു. അവർ അവിടെ ഒരു സിനഗോഗ് സ്ഥാപിച്ചു അനേകരെ മതാനുസാരികളുമാക്കി. ആരംഭത്തിൽ റോമൻ ചക്രവർത്തിമാർ സൗഹാർദ്ദതയിൽ ആയിരുന്നെങ്കിലും, തിബേറിയോസിൻെറയും കലിഗുലായുടെയും കാലത്തു സ്ഥിതി വ്യത്യസ്തമായി. 52 A.D യിൽ ക്ലോഡിയസിൻെറ കാലത്തു കുറെപ്പേരെ നാടുകടത്തി. അവരിൽ പെട്ടവരാണ്, ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ 18:2-ൽ കാണുന്ന അക്വിലായും പ്രസ്കില്ലായും. നീറോയുടെ കാലം വരെ അവർ അഭിവൃദ്ധിപ്പെട്ടിരുന്നു.

വി. പൌലോസ് റോമിലെത്തിയപ്പോൾ അവിടെ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നുവെന്ന് ശ്ലീ.പ്ര. 28:15-28-ൽ നിന്നും മനസ്സിലാക്കാം. ക്രി. 91-100 വരെ റോമിലെ സഭയുടെ അദ്ധ്യക്ഷനായിരുന്ന വി. ക്ലിമീസ്, 78-107 വരെ അന്ത്യോക്യായുടെ മേൽ പട്ടക്കാരനായിരുന്ന വി. ഇഗ്നാത്തിയോസ്, 166-ൽ നിദ്ര പ്രാപിച്ച സ്മിർണ്ണായിലെ വി. പോളിക്കാർപ്പ, 150-ൽ രക്തസാക്ഷിയായിത്തീർന്ന വി. ജസ്റ്റിൻ (മാർട്ടിയർ) മുതലായ സഭാ പിതാക്കന്മാരുടെ എഴുത്തുകളിൽ ഈ ലേഖനത്തിൽനിന്നുള്ള ഉദ്ധരണികൾ കാണാം.

വിഷയങ്ങൾ ആറായി പൊതുവെ വിവരിക്കാം.

1. മനുഷ്യരുടെ പാപാവസ്ഥ 1-3.
2. മനുഷ്യൻ യേശുമൂലം നീതീകരിക്കപ്പെടുന്നു 3-5
3. വിശ്വസിക്കുന്നവർ നീതീകരണം പ്രാപിക്കുന്നു 6-8.
4. ഇസ്രായേലിൻെറ അവിശ്വാസം 9-11.
5. ക്രിസ്തീയ ജീവിതം സംബന്ധിച്ച പ്രബോധനങ്ങൾ 12-15.
6. ഉപസംഹാരം 16.

റോമർക്കുള്ള ലേഖനം

1

1-7 മുഖവുര
8-17 റോമിലെ ക്രൈസ്തവരുടെ വിശ്വാസമഹിമ. പൌലോസും സുവിശേഷ ഘോഷണവും
18-20 മനുഷ്യപാപം ദൈവകോപത്തിനു കാരണം.
21-32 വിജാതിയരുടെ പാപങ്ങൾ

2

1-16 വിജാതീയ പ്രവർത്തനരീതി.
17-29 ന്യായപ്രമാണം അറിയുന്ന യഹൂദൻ ന്യായപ്രമാണത്താൽ കുറ്റം വിധിക്കപ്പെടും.

3

1-8 യഹൂദന് അഭിമാനിക്കാൻ പലതുണ്ടെങ്കിലും അവനുള്ള പ്രതികാരം അധികമാണ്.
9-20 സർവലോകവും ദൈവമുമ്പാകെ കുറ്റമുള്ളത്.
21-31 നീതീകരണം എന്ത്?

4

1-25 നീതീകരണത്തിൻെറ വിശദീകരണം.

5

1-7 വിശ്വാസത്താൽ നീതീകരിക്കപ്പെട്ടതുമൂലം നമുക്കുള്ള പ്രയോജനം.
8-9 അവൻെറ രക്തത്താൽ നമുക്കു നിരപ്പുണ്ടായി.
10-19 ആദാമിനാൽ മരണം-മശിഹായാൽ ജീവൻ
20-21 പാപം വർദ്ധിച്ചിടത്ത് കൃപയും പെരുകി.

6

1-14 നമ്മുടെ സ്നാനം മൂലം പാപത്തിന് മരിച്ചവരാകകൊണ്ട് തുടർന്ന് പാപം ചെയ്യരുത്.
15-22 ക്രിസ്തുവിലായവർ പാപത്തിൽനിന്നു സ്വതന്ത്രർ.
23 പാപത്തിൻെറ പ്രതിഫലം മരണം.

7

1-6 ക്രിസ്തുവിലായവർ ന്യായപ്രമാണത്തിൽനിന്നു സ്വതന്ത്രർ
7-25 ന്യായപ്രമാണവും പാപവും മരണവും.

8

1-17 നാം ദൈവമക്കളാകയാൽ തദനുസരണമായ ജീവിതം ആവശ്യം
18-30 രക്ഷയിലുള്ള പ്രത്യാശ.
31-39 ദൈവസ്നേഹത്തിൽനിന്ന് നമ്മെ മാറ്റുവാൻ ഒന്നിനും സാദ്ധ്യമല്ല.

9

1-13 ഇസ്രായേല്യരും പൗലൂസും
14-29 ദൈവത്തിൻെറ കാരുണ്യം.
30-33 ന്യായപ്രമാണം വഴിയുള്ള ഇസ്രായേല്യരുടെ തീക്ഷ്ണത വ്യർത്ഥമായി.

10

1-4 മശിഹായത്രേ ന്യായപ്രമാണത്തിൻെറ പൂർത്തീകരണം.
5-15 കർതൃനാമം വിളിച്ചപേക്ഷിക്കുന്നവർ രക്ഷാമാർഗ്ഗത്തിൽ.
16-20 ഇസ്രായേലിൻെറ പിന്മാറ്റവും ജാതികളുടെ ആഗമനവും.

11

1-12 ദൈവം തൻെറ ജനത്തെ ഉപേക്ഷിക്കയില്ല.
13-24 സാക്ഷാൽ ഒലിവിൻേറയും കാട്ടൊലിവിൻേറയും ഉദാഹരണം.
25-36 സെഹിയോനിൽനിന്ന് രക്ഷകൻ വരും.

12

1-8 വിവിധ വരങ്ങളും അവയുടെ ഉപയോഗവും
9-21 ആത്മീക ജീവിതം എങ്ങനെ?

13

1-7 ക്രൈസ്തവരും ഭരണാധികാരികളും

8-14 സ്നേഹത്തെക്കുറിച്ചും ദുർമാർഗ ഉപേക്ഷണത്തേക്കുറിച്ചും.

14

1-12 പരസ്പര വിധി അരുത്.

13-23 ക്രൈസ്തവ ജീവിതം ക്രിസ്തുവിനുവേണ്ടി, ഭക്ഷണം സംബന്ധിച്ചുള്ള വിശദീകരണം.

15

1-13 പരസ്പരം സ്നേഹിച്ചും സഹായിച്ചും ഇരിക്കുവിൻ.

14-29 ആതുവരെയുള്ള പ്രവർത്തനഫലവും, ഭാവിയിലെ യാത്രാപരിപാടിയും.

30-33 റോമരുടെ പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുന്നു.

16

1-16 വിവിധ പ്രവർത്തകർക്കുള്ള സമാധാനാശംസകൾ.

17-20 കള്ളപ്രവാചകന്മാരെ സൂക്ഷിക്കണം.

21-23 അഭിവാദനങ്ങൾ.

24-27 സമാപനം.

പൗലോസ്ശ്ലീഹാ റോമർക്ക് എഴുതിയ ലേഖനം

അദ്ധ്യായം 1

1 പ്രവാചകന്മാർ വഴി വിശുദ്ധ തിരുവെഴു
2 ത്തുകളിൽ ദൈവം മുൻകൂട്ടി വാഗ്ദാനം
ചെയ്തിരുന്ന സുവിശേഷത്തിന്നായി
വേർതിരിക്കപ്പെട്ട്, വിളിക്കപ്പെട്ടവനും ശ്ലീഹാ
യും യേശുമ്ശീഹായുടെ ദാസനുമായ
പൗലോസ് (എഴുതുന്നത്)
3 ശരീരപ്രകാരം ദാവീദ് വംശത്തിലെ
സന്തതിയിൽനിന്നു ജനിക്കുകയും, മരി
ച്ചവരിൽനിന്നു താൻ ഉയിർത്തെഴുന്നേറ്റ
തുമൂലം, ശക്തിയാലും പരിശുദ്ധാത്മാവി
4 നാലും "ദൈവപുത്രൻ" എന്നറിയപ്പെടു
കയും ചെയ്ത ഈ പുത്രന്റെ നാമത്തി
ലുള്ള വിശ്വാസം സർവ്വ വിജാതീയരാലും
അനുസരിക്കപ്പെടുവാൻ തക്കവണ്ണം
5 താൻമൂലം ഞങ്ങൾ കൃപാവരവും ശ്ലീഹാ
6 സ്ഥാനവും പ്രാപിച്ചിരിക്കുന്നു. യേശുമ്ശീ
ഹായാൽ വിളിക്കപ്പെട്ടവരായ നിങ്ങളും
7 അവരിൽ ഉൾപ്പെടുന്നു. വിളിക്കപ്പെട്ടവരും
വിശുദ്ധരുമായി ദൈവത്തിന്റെ വത്സല
രായി-റോമിലുള്ള എല്ലാവർക്കും; സമാധാ
നവും കൃപയും നമ്മുടെ പിതാവായ ദൈവ
ത്തിൽനിന്നും നമ്മുടെ കർത്താവായ യേശു
മ്ശീഹായിൽനിന്നും, ഉണ്ടായിരിക്കട്ടെ.
8 നിങ്ങളുടെ വിശ്വാസം ലോകമെങ്ങും
പ്രസിദ്ധമായിരിക്കുന്നതുമൂലം നിങ്ങൾക്കെ
ല്ലാവർക്കും വേണ്ടി ആദ്യമായി യേശുമ്ശീ
ഹാ മുഖാന്തരം എന്റെ ദൈവത്തെ ഞാൻ
9 സ്തോത്രം ചെയ്യുന്നു. എന്റെ പ്രാർത്ഥന
കളിൽ, മുടങ്ങാതെ എപ്പോഴും നിങ്ങളെ
ഞാൻ സ്മരിക്കുന്നുണ്ട് എന്നതിന്, തന്റെ
പുത്രന്റെ സുവിശേഷത്തിൽ, ആത്മാവിൽ
ഞാൻ ആർക്കു ശുശ്രൂഷ ചെയ്യുന്നുവോ ആ
10 ദൈവം സാക്ഷിയാകുന്നു. ഞാൻ നിങ്ങളു
ടെ അടുക്കൽ വന്നു ചേരുവാൻ ദൈവതിരു
വിഷ്ടത്താൽ ഒരു വഴി തുറന്നു കിട്ടുവാനും
ഞാൻ ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.
11 നിങ്ങളെ കാണുവാനും, നിങ്ങൾ അതിൽ
ഉറച്ചുനിൽക്കേണ്ടതിന് ആത്മാവിന്റെ
നൽവരം നിങ്ങൾക്കു തരുന്നതിനും ഞാൻ
അത്യധികമായി കാംക്ഷിച്ചുകൊണ്ടിരിക്കു
ന്നു. അങ്ങനെ നിങ്ങളുടെയും എന്റെയും 12
വിശ്വാസംമൂലം നമുക്ക് ഒരുമിച്ച് ആശ്വാസം
പ്രാപിക്കുവാൻ ഇടയാകട്ടെ.
മററു പുറജാതികളിൽ എന്നതുപോലെ 13
തന്നെ, നിങ്ങളിലും എനിക്കു ഫലമുളവാ
കേണ്ടതിന്, നിങ്ങളുടെ അടുക്കൽ വരു
വാൻ ഞാൻ പല പ്രാവശ്യം ആഗ്രഹിച്ചു
വെന്നും, ഇപ്പോൾവരെ തടസ്സം നേരിട്ടു
എന്നും നിങ്ങൾ അറിയണമെന്നു ഞാൻ
ആഗ്രഹിക്കുന്നു. ഗ്രീക്കുകാരും, *ബർബര 14
ന്മാരും, വിജ്ഞാനികളും ഭോഷരുമായ
എല്ലാവരോടും പ്രസംഗിപ്പാൻ ഞാൻ
കടപ്പെട്ടവനാകുന്നു. അങ്ങനെ റോമിലു 15
ള്ളവരായ നിങ്ങളോടും സുവിശേഷിപ്പാൻ
ഞാൻ ഉത്സാഹത്തോടിരിക്കുന്നു. സുവിശേ 16
ഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല.
എന്തെന്നാൽ അത്, വിശ്വസിക്കുന്ന ഏവ
നും-ആദ്യം യഹൂദർക്കും, പിന്നെ പുറ
ജാതികൾക്കും ജീവനായുള്ള ദൈവത്തി
ന്റെ ശക്തിയാകുന്നു. നീതിമാൻ വിശ്വാസം 17
മൂലം ജീവൻ പ്രാപിക്കും എന്നെഴുതപ്പെട്ടി
രിക്കുന്നതുപോലെ, വിശ്വാസം മൂലവും
വിശ്വാസത്തിന്നായും ദൈവത്തിന്റെ നീതി
അതുമൂലം വെളിപ്പെടുന്നു.
സത്യത്തെ അനീതികൊണ്ട് മറച്ചുകള 18
യുന്ന മനുഷ്യരുടെ സകല അനീതിക്കും,
ദുഷ്ടതയ്ക്കും എതിരായി ദൈവത്തിന്റെ
കോപം സ്വർഗ്ഗത്തിൽനിന്നും വെളിപ്പെടു
ന്നു. ദൈവത്തെക്കുറിച്ച് അറിയേണ്ടവ 19
അവർക്കു വെളിപ്പെട്ടിരിക്കുന്നു. ദൈവം
അവർക്ക് അതു വെളിപ്പെടുത്തിക്കൊടുത്തി
ട്ടുണ്ടല്ലോ. എന്തെന്നാൽ അദൃശ്യകാര്യങ്ങ 20
ളും, തന്റെ ശക്തിയും നിത്യമായ ദൈവ
ത്വവും-ലോകാരംഭം മുതൽതന്നെ തന്റെ
സൃഷ്ടികൾക്ക് ബുദ്ധിപരമായി പ്രത്യക്ഷ
പ്പെട്ടിരിക്കുന്നു. അവർക്ക് ഒഴികഴിവിനു
വകയില്ല. എന്തെന്നാൽ അവർ ദൈവത്തെ 21
അറിഞ്ഞിട്ടും ദൈവത്തിനു യോഗ്യമായ

* അപരിഷ്കൃതർ

വിധത്തിൽ അവർ തന്നെ സ്തുതിക്കയോ
സ്തോത്രമർപ്പിക്കുകയോ ചെയ്യാതെ, തങ്ങ
ളുടെ ചിന്തകളിൽ വ്യർത്ഥരായിത്തീർന്നു.
വിവേകമില്ലാത്ത അവരുടെ ഹൃദയം അന്ധ
22 കാരാവൃതമായി. തങ്ങൾ ജ്ഞാനികളാണെ
ന്ന് സ്വയം വിചാരിച്ച്, അവർ ഭോഷരായി
23 ത്തീർന്നു. അക്ഷയനായ ദൈവത്തിൻെറ
മഹത്വത്തെ, അവർ ക്ഷയിച്ചുപോകുന്ന
മനുഷ്യൻെറ രൂപത്തിലും, പക്ഷി, നാല്ക്കാ
ലി മൃഗം, ഭൂമിയിലെ ഇഴജന്തുക്കൾ എന്നി
വയുടെ ഛായയിലുമായി മാററിക്കളഞ്ഞു.
24 ഇതു മൂലം അവയെക്കൊണ്ട് അവരുടെ
ശരീരങ്ങൾ അപമാനിതമാകത്തക്ക വിധ
ത്തിൽ, അവരുടെ ഹൃദയത്തിലെ അശുദ്ധ
മോഹങ്ങൾക്കായി അവരെ വിട്ടുകൊടു
25 ത്തു. ദൈവത്തിൻെറ സത്യത്തെ അവർ
വ്യാജംകൊണ്ടു വ്യത്യാസപ്പെടുത്തി സ്ര
ഷ്ടാവിനേക്കാൾ അധികമായി അവർ
സൃഷ്ടിയെ ആരാധിച്ച് ശുശ്രൂഷ ചെയ്തു.
ആ ദൈവത്തിന് എന്നേക്കും സ്തുതിയും
വന്ദനവും ഉണ്ടായിരിക്കട്ടെ. ആമീൻ.
26 ആകയാൽ ദൈവം അവരെ അവമാന
കരങ്ങളായ വികാരങ്ങൾക്ക് ഏല്പിച്ചു.
അവരുടെ സ്ത്രീകൾ സ്വാഭാവികമായ
പെരുമാററത്തെ ഭേദപ്പെടുത്തി. പ്രകൃതി
27 വിരുദ്ധമായ രീതിയിൽ പെരുമാറി. അവ
രുടെ പുരുഷന്മാരും ഇങ്ങനെതന്നെ, സ്ത്രീ
കളുമായുള്ള ബന്ധം വിട്ടിട്ട് പരസ്പരം
മോഹത്തിൽ ജ്വലിച്ചിട്ട് പുരുഷനോടു പുരു
ഷൻ ലജ്ജാകരമായതു ചെയ്തു. തങ്ങളുടെ
തെററിന് തക്കതായ പ്രതിഫലം അവരിൽ
തന്നെ അവർ പ്രാപിക്കുകയും ചെയ്തു.
28 ദൈവത്തെ അറിയുവാൻ അവർ സ്വയം
നിശ്ചയിക്കാതിരുന്നതിന് അനുസരണമാ
യി ഉചിതമല്ലാത്തവ ചെയ്യുവാൻ അവരെ
ദൈവം വ്യർത്ഥബോധത്തിന് ഏല്പിച്ചു.
29 അവർ സർവ്വവിധ അനീതിയും, വ്യഭിചാര
വും, കാഠിന്യവും, ദുഷ്ടതയും അത്യാഗ്ര
ഹവും, അസൂയയും, കൊലപാതകവും,
തർക്കവും, വഞ്ചനയും, ദുർവികാരങ്ങളും,
ഈർഷ്യയും ഏഷണിയും നിറഞ്ഞവരും,
30 ദൈവത്തെ ദ്വേഷിക്കുന്നവരും പരിഹാസി
കളും, നിഗളികളും, ആത്മപ്രശംസക്കാരും,
തിന്മ കണ്ടെത്തുന്നവരും, ബുദ്ധിഹീനരും,
മാതാപിതാക്കന്മാരെ അനുസരിക്കാത്ത
31 വരും, നിയമലംഘകരും, സ്നേഹമില്ലാത്ത
വരും, യോജിപ്പില്ലാത്തവരും, ദയാശൂന്യരും
32 ആയിത്തീർന്നു. ഇപ്രകാരം പ്രവർത്തിക്കു
ന്നവർ മരണയോഗ്യരാണെന്നുള്ള ദൈവ
ത്തിൻെറ വിധിയെ അവർ അറിഞ്ഞിരു
ന്നിട്ടും, അവർ അതെല്ലാം ചെയ്യുകമാത്രമല്ല;
അങ്ങനെ ചെയ്യുന്നവരോട് ബന്ധപ്പെടു
കയും ചെയ്യുന്നു.

അദ്ധ്യായം 2

ആകയാൽ, തൻെറ കൂട്ടുകാരനെ കുററം 1
വിധിക്കുന്ന മനുഷ്യാ, നിനക്ക് ന്യായീകര
ണമില്ല. നീ നിൻെറ കൂട്ടുകാരനെ കുററം
വിധിക്കുന്നതുവഴിയായി, നീ നിന്നെത്ത
ന്നെയാകുന്നു കുററക്കാരനാക്കുന്നത്.
എന്തെന്നാൽ വിധിക്കുന്ന നീയും, അവ
യിൽ തന്നെയാണ് ചരിക്കുന്നത്.
ഇങ്ങനെയുള്ളവ പ്രവർത്തിക്കുന്നവ 2
രുടെമേൽ സത്യമായും ദൈവത്തിൻെറ
ശിക്ഷാവിധി ഉണ്ടാകുമെന്നും നാം അറി
യുന്നു. ഇങ്ങനെയുള്ളവരെ കുററം വിധി 3
ക്കുകയും അങ്ങനെതന്നെ പ്രവർത്തിക്കു
കയും ചെയ്യുന്നവനായ മനുഷ്യാ, നീ എന്തു
വിചാരിക്കുന്നു? ദൈവത്തിൻെറ ശിക്ഷാ
വിധിയിൽനിന്നും നിനക്ക് ഓടിമാറുവാൻ
(സാദ്ധ്യമോ?) അല്ലെങ്കിൽ തൻെറ ദയാ 4
സമൃദ്ധിയേയും, തൻെറ ദീർഘക്ഷമയേയും
നിനക്കു നൽകിയ അവസരത്തേയും നീ
ധിക്കരിക്കുന്നുവോ? ദൈവത്തിൻെറ ദയ
നിന്നെ മാനസാന്തരത്തിലേക്ക് നടത്തുന്നു
എന്നു നീ അറിയുന്നില്ലയോ? പിന്നെയോ 5
അനുതാപമില്ലാത്ത നിൻെറ ഹൃദയത്തി
ൻെറ കാഠിന്യം നിമിത്തം, കോപത്തിൻെറ
ആ ദിവസത്തേക്കും ഓരോ മനുഷ്യനും 6
അവനവൻെറ പ്രവൃത്തികൾക്കു തക്കവണ്ണം
പ്രതിഫലം നൽകുന്ന ദൈവത്തിൻെറ
നീതിപൂർവ്വകമായ ന്യായവിധിയുടെ ആ
വെളിപാടു സമയത്തേക്കുമായി കോപ
ത്തിൻെറ നിക്ഷേപം നിനക്കായി നീ
സംഭരിക്കുന്നു. സൽപ്രവൃത്തികളിലുള്ള 7
സഹനത്തോടെ, മഹത്വവും ബഹുമാനവും
അക്ഷയത്വവും അന്വേഷിക്കുന്നവർക്കു
താൻ നിത്യജീവൻ പ്രദാനം ചെയ്യുന്നു.
എന്നാൽ ശാഠ്യംപൂണ്ട് സത്യത്തെ അനു 8
സരിക്കാതിരിക്കുകയും അനീതിയെ അനു
സരിക്കുകയും ചെയ്യുന്നവർക്ക് — തിന്മ
ചെയ്യുന്ന എല്ലാവർക്കും മുന്നമെ യഹൂ
ദർക്കും പിന്നെ പുറജാതികൾക്കും — താൻ 9
കോപവും ക്രോധവും, ഞെരുക്കവും പീഡ
യും പ്രതിപകരമായി കൊടുക്കും. സൽ 10
കാര്യങ്ങൾ ചെയ്യുന്ന എല്ലാവർക്കും —
ആദ്യം യഹൂദർക്കും, പിന്നെ പുറജാതി
കൾക്കും - താൻ മഹത്വവും ബഹുമാനവും
സമാധാനവും നൽകും. ദൈവസന്നിധി 11
യിൽ മുഖപക്ഷമില്ല. എന്തെന്നാൽ ന്യായ 12

പ്രമാണം ഇല്ലാതെ പാപം ചെയ്തവർ
ന്യായപ്രമാണം കൂടാതെതന്നെ നശിച്ചു
പോകും. ന്യായപ്രമാണത്തോടെ (സ്ഥിതി
ചെയ്തുകൊണ്ട്) പാപം ചെയ്തവർ, ന്യായ
പ്രമാണംകൊണ്ടുതന്നെ വിധിക്കപ്പെടും.
എന്തെന്നാൽ ന്യായപ്രമാണത്തെ കേൾ
ക്കുന്നവരല്ല ദൈവമുമ്പാകെ നീതിമാന്മാർ;
പ്രത്യുത ന്യായപ്രമാണത്തെ അനുഷ്ഠിക്കു
ന്നവരത്രെ നീതീകരിക്കപ്പെടുന്നത്.

ന്യായപ്രമാണമില്ലാത്ത പുറജാതികൾ
ന്യായപ്രമാണപ്രകാരം പ്രവർത്തിച്ചാൽ-
തങ്ങൾക്കു ന്യായപ്രമാണമില്ലാതിരുന്നിട്ടും-
അവർ തങ്ങൾക്കുതന്നെ ന്യായപ്രമാണ
മാകുന്നു. ന്യായപ്രമാണത്തിൻെറ പ്രവൃ
ത്തി, അവരുടെ ഹൃദയങ്ങളിൽ എഴുതപ്പെട്ടി
രിക്കുന്നതായി കാണിക്കുന്നു, അവരുടെ
വിചാരങ്ങൾതന്നെ പരസ്പരം കുററപ്പെടു
ത്തുകയോ, പ്രതിവാദിക്കുകയോ ചെയ്യുന്ന
തിനാൽ അവരുടെ മനഃസാക്ഷി അവരെ
പ്പററി സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു.
അത് എൻെറ സുവിശേഷംമൂലമായി, യേശു
മ്ശീഹാ മൂലം മനുഷ്യരുടെ രഹസ്യങ്ങൾ
ദൈവം ന്യായം വിധിക്കുന്ന ആ ദിവസത്തി
ലാകുന്നു. നീ യഹൂദൻ എന്നു വിളിക്കപ്പെടു
കയും ന്യായപ്രമാണത്തിൽ ആശ്രയി
ക്കുന്നവൻ ആണെന്നു വിചാരിക്കുകയും,
നിനക്കു തൻെറ തിരുവിഷ്ടം അറിയാ
മെന്നും, ന്യായപ്രമാണത്തിൽനിന്നു നീ
പഠിച്ചിട്ടുള്ള വേണ്ടപ്പെട്ട കാര്യങ്ങൾ നിന
ക്കു തിരിച്ചറിയാമെന്നു പ്രസംഗിക്കുകയും
ചെയ്യുന്നു. അന്ധന്മാർക്കു നീ വഴി കാണി
ക്കുന്നവനും, അന്ധകാരത്തിലിരിക്കുന്ന
വർക്കു പ്രകാശവും, ബുദ്ധിഹീനർക്ക് ഉപ
ദേഷ്ടാവും ബാലകർക്ക് അദ്ധ്യാപകനും
ന്യായപ്രമാണത്തിൽ സത്യത്തിൻെറയും
അറിവിൻെറയും മാതൃക നിനക്കു സിദ്ധി
ച്ചിട്ടുണ്ടെന്നും നിന്നെക്കുറിച്ചുതന്നെ നീ
ഉറപ്പോടിരിക്കുകയും ചെയ്യുന്നുവെങ്കിൽ -
അന്യരെ പഠിപ്പിക്കുന്നവനായ നീ നിന്നെ
ത്തന്നെ പഠിപ്പിക്കുന്നില്ലല്ലോ. മോഷ്ടിക്കരു
തെന്നു പ്രസംഗിക്കുന്ന നീ മോഷ്ടിക്കു
ന്നുവോ? വ്യഭിചരിക്കരുതെന്നു പറയുന്ന
നീ വ്യഭിചരിക്കുന്നുവോ? വിഗ്രഹങ്ങളെ
ദുഷിക്കുന്നവനായ നീ, വിശുദ്ധീകൃതസ്ഥ
ലം കൊള്ളചെയ്യുന്നുവോ? ന്യായപ്രമാണ
ത്തിൽ പ്രശംസിക്കുന്നവനായ നീ, ന്യായ
പ്രമാണലംഘനത്താൽ ദൈവത്തെയാ
കുന്നു അവമാനിക്കുന്നത്. എന്തെന്നാൽ
എഴുതപ്പെട്ടിരിക്കുന്നതുപോലെ - നിങ്ങൾ
നിമിത്തമാകുന്നു ദൈവതിരുനാമം ജാതി
കളുടെ ഇടയിൽ ദുഷിക്കപ്പെടുന്നത്. നീ 25
ന്യായപ്രമാണത്തെ പൂർണ്ണമായി ആചരി
ച്ചാൽ ചേലാകർമ്മം പ്രയോജനപ്പെടും. നീ
ന്യായപ്രമാണലംഘനം നടത്തിയാലോ,
നിൻെറ ചേലാകർമ്മം അഗ്രചർമ്മമായി
തീർന്നുപോകും. ഒരു അഗ്രചർമ്മി ന്യായ 26
പ്രമാണത്തിൻെറ നിയമങ്ങളെ പ്രമാണി
ച്ചാൽ അവൻെറ ചേലയില്ലായ്മ ചേലാ
കർമ്മമായി ഗണിക്കപ്പെടുകയില്ലയോ?
സ്വാഭാവികമായി ന്യായപ്രമാണം അനുഷ്ഠി 27
ക്കുന്ന അഗ്രചർമ്മി തിരുവെഴുത്തുകളോടും
ചേലാകർമ്മത്തോടുംകൂടെ സ്ഥിതിചെയ്തു
ന്യായപ്രമാണം ലംഘിക്കുന്നവനായ നിന്നെ
കുററം വിധിക്കയില്ലയോ? എന്തെന്നാൽ 28
പുറമെ യഹൂദനായിരിക്കുന്നവനല്ല യഹൂ
ദൻ. ശരീരത്തിൽ കാണപ്പെടുന്നതു പരി
ച്ഛേദനയുമല്ല. എന്നാൽ അകമെ യഹൂദ 29
നായിരിക്കുന്നവനാണ് യഹൂദൻ. അക്ഷര
പ്രകാരമുള്ളതല്ല; ആത്മാവിൽ ഹൃദയ
ത്തിൻെറതായിട്ടുള്ളതാണ് പരിച്ഛേദന.
അതിൻെറ മഹത്വവും, മനുഷ്യരിൽനിന്നല്ല
പ്രത്യുത ദൈവത്തിൽനിന്നുമത്രെ.

അദ്ധ്യായം 3

ആകയാൽ യഹൂദൻെറ വൈശിഷ്ട്യം 1
എന്ത്? അഥവാ പരിച്ഛേദനകൊണ്ടുള്ള
പ്രയോജനമെന്ത്? എല്ലാവിധത്തിലും 2
വളരെയുണ്ട്. ദൈവത്തിൻെറ വചനങ്ങൾ
ആദ്യം നൽകപ്പെട്ടത് അവർക്കാണ്. അവ 3
രിൽ ചിലർ അവിശ്വസിച്ചുവെങ്കിൽ അവർ
വിശ്വസിക്കാതിരുന്നതുമൂലം ദൈവത്തി
ൻെറ വിശ്വാസം അവർക്കു നീക്കിക്കളയാൻ
(സാദ്ധ്യമോ) ഒരിക്കലുമില്ല; ദൈവം സത്യ 4
വാനും, മനുഷ്യരെല്ലാം അസത്യവാദികളു
മാകുന്നു. "നിൻെറ വാക്കുകളിൽ നീ നീതി
മാനായിരിക്കുവാനും അവർ നിന്നെ വിധി
ക്കുമ്പോൾ നീ നിരപരാധിയായിരിക്കുവാ
നും" എന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ. എന്നാൽ 5
നമ്മുടെ അനീതി ദൈവത്തിൻെറ നീതിയെ
ശക്തമാക്കുന്നുവെങ്കിൽ നാം എന്തു പറയേ
ണ്ടു? തൻെറ കോപം കാണിക്കുന്ന ദൈവം
അനീതിയുള്ളവനെന്നോ? - ഞാൻ മനുഷ്യ
രീതിയിലാണ് പറയുന്നത്: ഒരിക്കലുമില്ല.
നീതിമാൻ അല്ലെങ്കിൽ ദൈവം എങ്ങനെ 6
ലോകത്തെ വിധിക്കും? എൻെറ വ്യാജംമൂലം 7
ദൈവത്തിൻെറ സത്യം തൻെറ മഹിമയ്ക്കാ
യി വർദ്ധിച്ചുവെങ്കിൽ ഞാൻ പാപി എന്നു
വിധിക്കപ്പെടുന്നത് എന്ത്? അല്ലെങ്കിൽ - 8
നന്മകൾ വർദ്ധിക്കുവാനായി നമുക്കു തിന്മ
ചെയ്യാം എന്നു ഞങ്ങൾ പറയുന്നു എന്നു

പറഞ്ഞുകൊണ്ട് ചില ആളുകൾ ഞങ്ങൾ
ക്കെതിരായി ദുഷ്പ്രചരണം ചെയ്യുന്നതു
പോലെയോ? ഇവർക്കു നീതിയുള്ള ശിക്ഷാ
വിധി സൂക്ഷിക്കപ്പെട്ടിരിക്കുന്നു.
9 ആകയാൽ നാം കൂടുതലായി എന്തു
പ്രാപിച്ചിരിക്കുന്നു? യഹൂദന്മാരെക്കുറിച്ചും
പുറജാതികളെക്കുറിച്ചും അവർ എല്ലാവരും
പാപത്തിന് കീഴ്പ്പെട്ടവരാകുന്നുവെന്ന്
മുന്നമേതന്നെ ഞങ്ങൾ ഖണ്ഡിതമായി
കാണിച്ചിട്ടുണ്ടല്ലോ.
10 "നീതിമാനായി ആരുമില്ല. ഒരുവൻ
പോലുമില്ല. തിരിച്ചറിഞ്ഞ് ദൈവത്തെ
11 അന്വേഷിക്കുന്നവനുമില്ല. എല്ലാവരും
ഒരുപോലെ വഴിതെററി, കൊള്ളരുതാത്ത
12 വരായി. നന്മചെയ്യുന്നവൻ ഇല്ല; ഒരുവൻ
13 പോലുമില്ല. അവരുടെ തൊണ്ടകൾ
തുറന്നുവെച്ചിരിക്കുന്ന ശവക്കുഴികൾ; അവ
രുടെ നാവുകൾ വഞ്ചന നിറഞ്ഞവ, അവ
രുടെ അധരങ്ങൾക്കു കീഴെ സർപ്പവിഷ
14 മാണുള്ളത്. അവരുടെ വായിൽ ശാപവും
15 കയ്പും നിറഞ്ഞിരിക്കുന്നു. അവരുടെ
കാലുകൾ രക്തം ചൊരിയുവാനായി
16 വേഗതയോടിരിക്കുന്നു. അവരുടെ വഴിക
17 ളിൽ വേദനയും, ദുരിതവും; സമാധാന
ത്തിൻെറ മാർഗ്ഗം അവർ അറിഞ്ഞിട്ടേയില്ല.
18 അവരുടെ കൺമുമ്പിൽ ദൈവഭയവുമില്ല"
എന്ന് എഴുതിയിരിക്കുന്നുവല്ലോ.
19 ന്യായപ്രമാണം പറഞ്ഞിട്ടുള്ളത്, ന്യായ
പ്രമാണത്തിൽ ഉൾപ്പെട്ടവരോടാകുന്നു
എന്നു നാം അറിയുന്നു. അങ്ങനെ, എല്ലാ
വായും അടഞ്ഞ് സർവ്വലോകരും ദൈവ
സന്നിധിയിൽ ശിക്ഷാർഹരാകേണ്ടതിനു
20 തന്നെ. എന്തെന്നാൽ ന്യായപ്രമാണപ്രകാര
മുള്ള പ്രവൃത്തികൾകൊണ്ട് യാതൊരു ജഡ
വും തൻെറ സന്നിധിയിൽ നീതീകരിക്ക
പ്പെടുകയില്ല. എന്തെന്നാൽ ന്യായപ്രമാണം
21 വഴിയായി പാപം അറിയപ്പെട്ടു. ഇപ്പോഴോ,
ദൈവത്തിൻെറ നീതി, ന്യായപ്രമാണം
കൂടാതെ തന്നെ സ്പഷ്ടമായിരിക്കുന്നു.
ന്യായപ്രമാണം തന്നെയും, പ്രവാചകന്മാരും
അതിനെക്കുറിച്ചു സാക്ഷ്യം വഹിക്കുന്നു.
22 ദൈവത്തിൻെറ നീതി, യേശുമ്ശീഹാ
യിലുള്ള വിശ്വാസംമൂലമാണ് എല്ലാവർക്കും
— തന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും
(ഉണ്ടായിരിക്കുന്നത്). ഒരു വ്യത്യാസവുമില്ല.
23 എന്തെന്നാൽ എല്ലാവരും പാപംചെയ്ത്
ദൈവതേജസ്സില്ലാത്തവരായിത്തീർന്നു.
24 അവർ കൃപയാലും യേശുമ്ശീഹായാലുള്ള
രക്ഷയാലും സൌജന്യമായി നീതിയുള്ള
25 വരായിത്തീരുന്നു. തൻെറ രക്തത്തിലുള്ള
വിശ്വാസത്താൽ നമുക്കു പാപപരിഹാര
മുണ്ടാകുവാൻ ദൈവം അദ്ദേഹത്തെ
മുൻകൂട്ടി നിശ്ചയിച്ചുതന്നു. മുൻകാലത്തു 26
നാം ചെയ്തുപോയ നമ്മുടെ പാപങ്ങളെ
തൻെറ ദീർഘക്ഷമമൂലം അവഗണിക്കുക
യും ഇക്കാലത്തു തൻെറ നീതിയെ വെളിപ്പെ
ടുത്തുകയും ചെയ്തിരിക്കുന്നു. അങ്ങനെ
താൻ നീതിമാനാണെന്നും നമ്മുടെ കർത്താ
വേശുമ്ശീഹായുടെ വിശ്വാസത്തിലുൾ
പ്പെട്ടവരെ നീതീകരിക്കുന്നവനാണെന്നും
കാണിച്ചു തന്നിരിക്കുന്നു.
ആകയാൽ പ്രശംസ എവിടെ? അതു 27
മാഞ്ഞുപോയിരിക്കുന്നു! ഏതു പ്രമാണം
വഴി? കർമ്മങ്ങളുടെ ന്യായപ്രമാണം വഴി
യോ? അല്ല. പിന്നെയോ, വിശ്വാസത്തിൻെറ
പ്രമാണത്താൽ അത്രെ. ആകയാൽ മനു 28
ഷ്യൻ നീതീകരിക്കപ്പെടുന്നത് ന്യായപ്രമാ
ണത്തിൻെറ പ്രവൃത്തികളാൽ അല്ല വിശ്വാ
സത്താലാകുന്നു എന്നു നാം കരുതുന്നു.
എന്തെന്നാൽ ദൈവം യഹൂദന്മാരുടെ 29
മാത്രമാണോ? പുറജാതികളുടേത് അല്ലാ
എന്നോ? അതേ, പുറജാതികളുടെയും
അത്രെ. വിശ്വാസംമൂലം പരിച്ഛേദന 30
യേയും അതേ വിശ്വാസംമൂലം തന്നെ ചേല
യില്ലായ്മയേയും നീതീകരിക്കുന്ന ദൈവം
ഒരുവൻതന്നെ. ആകയാൽ വിശ്വാസ 31
ത്താൽ നാം ന്യായപ്രമാണത്തെ ദുർബ്ബലമാ
ക്കുകയാണോ? ഒരിക്കലുമല്ല. ന്യായപ്രമാ
ണത്തെ നാം ഉറപ്പിക്കുകയാണ്.

അദ്ധ്യായം 4

ആകയാൽ പിതാക്കന്മാരുടെ തല 1
വനായ അബ്രഹാം ശരീരപ്രകാരം എന്തു
പ്രാപിച്ചു എന്നാണ് നാം പറയുന്നത്?
അബ്രഹാം പ്രവൃത്തികളാലാണ് നീതീകരി 2
ക്കപ്പെട്ടതെങ്കിൽ, അദ്ദേഹത്തിനു പ്രശംസി
ക്കുവാൻ വകയുണ്ടായിരുന്നു. എന്നാൽ
ദൈവസന്നിധിയിൽ അല്ല. തിരുവെഴുത്ത് 3
എന്തു പറഞ്ഞിരിക്കുന്നു? അബ്രഹാം
ദൈവത്തിൽ വിശ്വസിച്ചു. അത് അവനു
'നീതി'യായി ഗണിക്കപ്പെട്ടു എന്നല്ലയോ?
വേലചെയ്യുന്നവന് അവൻെറ കൂലി, ദാന 4
മെന്ന വിധത്തിലല്ല ഗണിക്കപ്പെടുന്നത്.
പിന്നെയോ, അത് അവനു കടപ്പെട്ടിട്ടുള്ളത്
എന്ന വിധമാകുന്നു. എന്നാൽ, പ്രവൃത്തി 5
ചെയ്യാതെ, പാപികളെ നീതീകരിക്കുന്നവ
നിൽ വിശ്വസിക്കുകമാത്രം ചെയ്യുന്നവന്
ആ വിശ്വാസം നീതിക്കായി ഗണിക്കപ്പെടു
ന്നു. പ്രവൃത്തികൂടാതെതന്നെ, ദൈവം 6
അവനു നീതി കണക്കിടുന്ന മനുഷ്യൻെറ

ഭാഗ്യത്തെക്കുറിച്ചു ദാവീദു പറഞ്ഞിരിക്കു
ന്നു: “അന്യായം ക്ഷമിക്കപ്പെട്ടും പാപം
മറയ്ക്കപ്പെട്ടും ഇരിക്കുന്നവർ ഭാഗ്യവാന്മാർ.
തന്റെ പാപം ദൈവം അവനോടു കണക്കി
ടാതിരിക്കുന്ന മനുഷ്യനു ഭാഗ്യം” എന്ന്.
ആകയാൽ ഈ ഭാഗ്യാവസ്ഥ പരിച്ഛേ
ദനത്തിനോ, ചേലയില്ലായ്മയ്ക്കോ?
എന്തെന്നാൽ ‘അബ്രഹാമിന്റെ വിശ്വാസം’
നീതിയായി ഗണിക്കപ്പെട്ടു എന്നാണല്ലോ
നാം പറയുന്നത്. എങ്ങനെയാണ് ഗണിക്ക
പ്പെട്ടത്? പരിച്ഛേദനയിൽ (ഇരിക്കുമ്പോ
ഴോ) അഗ്രചർമ്മത്തിലിരിക്കുമ്പോഴോ?
പരിച്ഛേദനയിലല്ല, അഗ്രചർമ്മത്തിൽ
(ഇരിക്കുമ്പോൾ) ആയിരുന്നു. എന്തെന്നാൽ
അദ്ദേഹം അഗ്രചർമ്മിയായിരിക്കുമ്പോ
ഴുള്ള വിശ്വാസത്തിന്റെ നീതിയുടെ അട
യാളവും മുദ്രയുമായി അദ്ദേഹം പരിച്ഛേ
ദന സ്വീകരിച്ചു. ആയത് അഗ്രചർമ്മ
ത്തോടിരുന്നിട്ടും, വിശ്വസിക്കുന്ന എല്ലാ
വർക്കും നീതിയായി കണക്കിടത്തക്കവണ്ണം
അദ്ദേഹം അവർക്കു പിതാവായിരിപ്പാനും,
പരിച്ഛേദനയുള്ളവർക്കു മാത്രമല്ല,
നമ്മുടെ പിതാവായ അബ്രഹാമിന്റെ
ചേലയില്ലാതിരിക്കുമ്പോഴുള്ള വിശ്വാസ
ത്തിന്റെ പിന്നടികളിൽ അനുസരിച്ചു
നടക്കുന്നവർക്കുംകൂടി പരിച്ഛേദനയ്ക്കു
പിതാവായിരിക്കേണ്ടതിനും വേണ്ടിയത്രെ.
അബ്രഹാമും അദ്ദേഹത്തിന്റെ സന്ത
തിയും ലോകത്തിന് അവകാശിയായി
ത്തീരുമെന്നുള്ള വാഗ്ദാനമുണ്ടായത്-
ന്യായപ്രമാണത്താലല്ല. പ്രത്യുത, അദ്ദേഹ
ത്തിന്റെ വിശ്വാസത്തിന്റെ നീതിയാലാ
കുന്നു. ന്യായപ്രമാണത്തിൽനിന്നുള്ളവർ
ആണ് അവകാശികളായിത്തീർന്നതെ
ങ്കിൽ-വിശ്വാസം വ്യർത്ഥവും, വാഗ്ദത്തം
നിഷ്ഫലവും എന്നുവരും. എന്തെന്നാൽ
ന്യായപ്രമാണം കോപത്തെ ഉളവാക്കുന്ന
താകുന്നു. ന്യായപ്രമാണം ഇല്ലാത്തിടത്തു
ലംഘനവും ഇല്ലല്ലോ. ആകയാൽ അബ്ര
ഹാമിന്റെ സർവ്വ സന്തതിക്കും-ന്യായ
പ്രമാണപ്രകാരമുള്ളവർക്കു മാത്രമല്ല -
നമുക്കെല്ലാവർക്കും പിതാവായ അദ്ദേഹ
ത്തിന്റെ വിശ്വാസത്തിലുള്ളവർക്കുംകൂടി
വാഗ്ദത്തം സത്യമായിരിപ്പാൻ വേണ്ടി -
കൃപയാലുള്ളതായ വിശ്വാസംമൂലം - നാം
നീതീകരിക്കപ്പെടേണ്ടതിനത്രെ. “മരിച്ച
വരെ ജീവിപ്പിക്കുകയും ഇല്ലാത്തതിനെ
ഉള്ളതുപോലെ വിളിക്കുകയും ചെയ്യുന്ന
വൻ എന്നു നീ അവനിൽ വിശ്വസിച്ച ദൈവ
ത്തിന്റെ മുമ്പാകെ അനേകം ജാതികൾക്കു
പിതാവായി നിന്നെ ഞാൻ നിയമിച്ചിരിക്കു
ന്നു”എന്ന് എഴുതപ്പെട്ടിരിക്കുന്നു. ‘നിന്റെ 18
സന്തതി ഇപ്രകാരം ആകും’ എന്ന് എഴുത
പ്പെട്ടിരിക്കുന്നതുപോലെ, താൻ ബഹുജാതി
കൾക്കു പിതാവ് ആയിത്തീരും എന്ന് ആശ
യില്ലാതിരിക്കെ താൻ പ്രത്യാശയോടെ
വിശ്വസിച്ചു. നൂറു വയസ്സായ തന്റെ നിർജീ 19
വശരീരത്തേയോ, സാറായുടെ നിർജീവ
മായ ഗർഭപാത്രത്തേയോ ഓർത്ത് ആലോ
ചിച്ചില്ല, അദ്ദേഹം വിശ്വാസത്തിൽ ക്ഷീണി
ച്ചില്ല. അദ്ദേഹം, ദൈവത്തിന്റെ വാഗ്ദത്ത 20
ത്തിൽ, അവിശ്വാസിയെപ്പോലെ സംശയി
ക്കാതെ, വിശ്വാസത്തിൽ ബലപ്പെട്ടു ദൈവ
ത്തിനു മഹത്വം അർപ്പിച്ചു, ദൈവം തന്നോട് 21
വാഗ്ദത്തം ചെയ്ത കാര്യം നിവർത്തിപ്പാൻ
ദൈവത്തിനു കഴിയും എന്ന് അദ്ദേഹം
ഉറച്ചിരിക്കുകയും ചെയ്തു. അതുകൊണ്ട്, 22
അദ്ദേഹത്തിന് അതു നീതിയായി കണക്കി
ടപ്പെട്ടു. ‘അവന്റെ വിശ്വാസം നീതിയായി 23
കണക്കിടപ്പെട്ടു’ എന്ന് എഴുതപ്പെട്ടിരി
ക്കുന്നത് അദ്ദേഹത്തെക്കുറിച്ചു മാത്രമല്ല -
നമ്മുടെ പാപങ്ങൾക്കുവേണ്ടി ഏല്പിക്ക 24
പ്പെടുകയും നമ്മെ നീതീകരിക്കുവാൻവേ
ണ്ടി പുനരുത്ഥാനം ചെയ്യുകയും ചെയ്ത,
നമ്മുടെ കർത്താവേശുമ്ശീഹായെ മരിച്ച 25
വരുടെ ഇടയിൽനിന്നും എഴുന്നേൽപ്പിച്ച
വനിൽ വിശ്വസിച്ചവരായ നാമും ഗണിക്ക
പ്പെടേണ്ടതിനാൽ നമ്മെക്കുറിച്ചും കൂടി
യാണ് അത് എഴുതപ്പെട്ടിരിക്കുന്നത്.

അദ്ധ്യായം 5

ഇങ്ങനെ വിശ്വാസംമൂലം നാം നീതീ 1
കരിക്കപ്പെട്ടിട്ടുള്ളതിനാൽ നമ്മുടെ കർത്താ
വേശുമ്ശീഹാമൂലം നമുക്കു ദൈവസന്നിധി
യിൽ സമാധാനമുണ്ടാകും. താൻ മൂല 2
മാണല്ലോ നാം സ്ഥിതിചെയ്യുന്നതായ ആ
കൃപയിലേക്കു വിശ്വാസം മുഖാന്തരം അടു
ത്തുവന്നിരിക്കുന്നത്. ദൈവമഹത്വത്തി
ന്റെ പ്രത്യാശയാൽ നാം പ്രശംസിക്കു
കയുംചെയ്യുന്നു. ഇതു മാത്രമല്ല, നമ്മുടെ 3
ഞെരുക്കങ്ങളിലും നാം പ്രശംസിക്കുന്നു!
എന്തെന്നാൽ ഞെരുക്കങ്ങൾ സഹന 4
ശക്തിയേയും, സഹനശക്തി പരിശോധന
യേയും, പരിശോധന പ്രത്യാശയേയും
നമ്മിൽ സമ്പൂർണ്ണമാക്കുന്നു എന്നു നാം
അറിയുന്നു. പ്രത്യാശ ലജ്ജിപ്പിക്കുന്നില്ല. 5
എന്തെന്നാൽ നമുക്കു ദാനം ചെയ്യപ്പെട്ട
പരിശുദ്ധാത്മാവുമൂലം, ദൈവത്തിന്റെ
സ്നേഹം നമ്മുടെ ഹൃദയങ്ങൾമേൽ ചൊരി
ഞ്ഞിരിക്കയത്രെ. നമ്മുടെ ബലഹീനത 6

നിമിത്തം മ്ശീഹാ ഇക്കാലത്തു ദുഷ്ട
7 ന്മാർക്കുവേണ്ടി മരിച്ചു. എന്തെന്നാൽ
ദുഷ്ടന്മാർക്കുവേണ്ടി ഒരുവൻ മരിക്കുന്നതു
ദുർല്ലഭം. നല്ലവർക്കുവേണ്ടി മരിപ്പാൻ
8 ഒരുവൻ പക്ഷേ തുനിഞ്ഞേക്കാം. മ്ശീഹാ
യാകട്ടെ, നാം പാപികളായിരിക്കുമ്പോൾ
തന്നെ നമുക്കുവേണ്ടി മരിച്ചതിനാൽ,
ദൈവം ഇവിടെ നമ്മോടുള്ള തൻെറ
9 സ്നേഹം പ്രദർശിപ്പിക്കുന്നു. ഇപ്പോൾ നാം
തൻെറ രക്തത്താൽ എത്രയോ അധികം
നീതീകരിക്കപ്പെടുകയും അതുമൂലം കോപ
10 ത്തിൽനിന്നു രക്ഷപ്പെടുകയുംചെയ്യും. നാം
ശത്രുക്കളായിരിക്കുമ്പോൾതന്നെ ദൈവം,
തൻെറ പുത്രൻെറ മരണംമൂലം നമ്മോടു
രമ്യമായി എങ്കിൽ ആ നിരപ്പുമൂലം നാം എത്ര
അധികമായി തൻെറ ജീവൻമൂലം ജീവി
11 ക്കും? അതുമാത്രമല്ല; ആരുമൂലമാണോ
ഇപ്പോൾ നാം സമാധാനം പ്രാപിച്ചിരിക്കു
ന്നത്, ആ നമ്മുടെ കർത്താവേശുമ്ശീഹാ
മൂലം ദൈവത്തിൽ നാം പ്രശംസിക്കുന്നു.
12 ഏകമനുഷ്യനാൽ പാപവും, പാപ
ത്താൽ മരണവും, ലോകത്തിലേക്കു പ്രവേ
ശിച്ചപ്രകാരംതന്നെ, സകല മനുഷ്യരും
പാപം ചെയ്കയാൽ അവരിലും മരണം
13 കടന്നിരിക്കുന്നു. ന്യായപ്രമാണംവരെയും
പാപം ലോകത്തിൽ ഉണ്ടായിരുന്നിട്ടും,
ന്യായപ്രമാണമില്ലാതിരുന്നതുകൊണ്ട്,
14 അതു പാപമായി ഗണിച്ചിരുന്നില്ല. എങ്കിലും
വരുവാനുള്ളവൻെറ സദൃശനായ ആദാ
മിൻെറ കല്പന ലംഘനത്തിൻെറ രീതി
യിൽ, പാപം ചെയ്യാത്തവരുടെ മേലും
മരണം ആദാംമുതൽ മോശവരെ വാണു.
15 ലംഘനത്തിൻെറ കാര്യം പോലെയല്ല
കൃപാവരത്തിൻെറ കാര്യം. ഏകൻെറ
തെററുമൂലം അനേകർ മരിച്ചുവെങ്കിൽ -
യേശുമ്ശീഹാ എന്ന ഏക മനുഷ്യൻമൂലം
ദൈവത്തിൻെറ കൃപയും തൻെറ ദാനവും
എത്ര കൂടുതലായി അനേകരിലും വർദ്ധി
16 ച്ചിരിക്കും? ഒരുവൻെറ കുററം എപ്രകാരമോ,
അപ്രകാരമല്ല വരദാനം. ഒരുവനിൽനിന്നു
ണ്ടായ പാപം ശിക്ഷാവിധി കല്പിപ്പാൻ
കാരണമായിത്തീർന്നു. കൃപാവരമോ,
അനേക പാപങ്ങളിൽനിന്ന് നീതിക്കായി
17 പരിണമിച്ചു. ഏകൻെറ കുററം നിമിത്തം
മരണം വാഴ്ച നടത്തിയെങ്കിൽ, കൃപയു
ടെയും വരത്തിൻെറയും നീതിയുടെയും
സമൃദ്ധി ലഭിച്ചവർ, യേശുമ്ശീഹാ എന്ന
ഏകൻമൂലം ജീവനിൽ എത്രയോ അധിക
18 മായി വാഴും. ആകയാൽ ഒരു മനുഷ്യൻെറ
കുററം നിമിത്തം എല്ലാ മനുഷ്യർക്കും
ശിക്ഷാവിധി വന്നതുപോലെതന്നെ
ഏകൻെറ നീതിമൂലം ജീവനിലേക്കുള്ള
വിജയവും വരും. ഒരു മനുഷ്യൻെറ അനു 19
സരണക്കേടുമൂലം അനേകർ പാപിക
ളായിത്തീർന്നതുപോലെതന്നെ ഒരുവൻെറ
അനുസരണം നിമിത്തം അനേകർ നീതി
മാന്മാരായിത്തീരും. ന്യായപ്രമാണത്തിൻെറ 20
പ്രവേശനം പാപം വർദ്ധിക്കുവാൻ (കാരണ
മായി)എങ്കിലും പാപം വർദ്ധിച്ചിടത്തുതന്നെ
കൃപയും വർദ്ധിച്ചു. ആയത് പാപം 21
മരണത്താൽ വാണതുപോലെതന്നെ
നമ്മുടെ കർത്താവേശുമ്ശീഹാമൂലം നിത്യ
ജീവങ്കലേക്കു നീതിയാൽ കൃപയും
വാഴേണ്ടതിനുതന്നെ.

അദ്ധ്യായം 6

ആകയാൽ നാം എന്തു പറയേണ്ടു? 1
കൃപ വർദ്ധിക്കേണ്ടതിനായി പാപത്തിൽ
തന്നെ ഇരിക്കുകയെന്നോ? ഒരിക്കലും 2
അരുത്. എന്തെന്നാൽ പാപസംബന്ധമായി
മരിച്ചവരായ നാം എങ്ങനെ അതിൽ വീണ്ടും
ജീവിക്കും? അല്ലെങ്കിൽ യേശുമ്ശീഹായിൽ 3
സ്നാനം ഏററവരായ നാം തൻെറ മരണ
ത്തിലാകുന്നു മാമ്മൂദീസാ ഏററിരിക്കുന്നത്
എന്നു നിങ്ങൾ അറിയുന്നില്ലയോ? യേശു 4
മ്ശീഹാ തൻെറ പിതാവിൻെറ മഹത്വ
ത്തോടെ ഉയിർത്തെഴുന്നേററതുപോലെ
നാമും പുതിയ ജീവനിൽ നടക്കേണ്ടതി
ന്നായി, മാമ്മൂദീസായാൽ മരണത്തിനു നാം
തന്നോടുകൂടെ സംസ്കരിക്കപ്പെട്ടു. തൻെറ 5
മരണത്തിൻെറ സാദൃശ്യത്തിൽ നാം
തന്നോടുകൂടെ സംസ്ക്കരിക്കപ്പെട്ടുവെ
ങ്കിൽ - തൻെറ പുനരുത്ഥാനത്തിലും നാം
അതുപോലെതന്നെ ആയിരിക്കും. നാം ഇനി 6
പാപത്തിനു ശുശ്രൂഷ ചെയ്യാതിരിക്കത്ത
ക്കവണ്ണം നമ്മുടെ പാപശരീരം നീങ്ങി
പ്പോകേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ
തന്നോടു കൂടെ ക്രൂശിക്കപ്പെട്ടു എന്ന് നാം
അറിയുന്നു. അങ്ങനെ, മരിച്ചവൻ പാപ 7
ത്തിൽനിന്നും സ്വതന്ത്രനാക്കപ്പെട്ടിരി
ക്കുന്നു. ആകയാൽ നാം മ്ശീഹായോടു 8
കൂടെ മരിച്ചുവെങ്കിൽ, മ്ശീഹായോടുകൂടെ
ത്തന്നെ നാം ജീവിക്കും എന്നു നാം
വിശ്വസിക്കണം. എന്തെന്നാൽ, മ്ശീഹാ 9
മരിച്ചവരുടെ ഇടയിൽനിന്നും ഉയിർത്തെഴു
ന്നേററു എന്നും, ഇനിയും മരിക്കയില്ലെന്നും,
മരണത്തിനു തൻെറ മേൽ അധികാരമി
ല്ലെന്നും നാം അറിയുന്നു. താൻ മരിച്ചത് 10
പാപത്തിനുവേണ്ടി ഒരിക്കലായി മരിച്ചു.
താൻ ജീവിക്കുന്നതോ ദൈവത്തിന്നായി

11 ജീവിക്കുന്നു. അതുപോലെ നിങ്ങളും
പാപത്തിനു മരിച്ചവരാകുന്നുവെന്നും,
നമ്മുടെ കർത്താവേശുമ്ശീഹാമൂലം ദൈവ
ത്തിനു ജീവിക്കുന്നവർ എന്നും സ്വയം
കരുതിക്കൊള്ളണം.
12 ആകയാൽ പാപം നിങ്ങളുടെ മൃതിയു
ള്ള ശരീരത്തിൽ, അതിൻെറ മോഹങ്ങളെ
അനുസരിക്കുമാറ് ഇനി ഭരണം നടത്തരുത്.
13 നിങ്ങളുടെ അവയവങ്ങളെ പാപത്തിന്
അനീതിയുടെ ആയുധമായി നിങ്ങൾ ഒരുക്ക
രുത്. പിന്നെയോ നിങ്ങൾ മരിച്ചവരിൽ
നിന്നും ജീവിച്ചവരെപ്പോലെ നിങ്ങളെ
ത്തന്നെ ദൈവത്തിന്നായി ഒരുക്കിക്കൊ
ള്ളണം. നിങ്ങളുടെ അവയവങ്ങൾ ദൈവ
ത്തിൻെറ നീതിക്ക് ആയുധവുമായിത്തീ
14 രണം. നിങ്ങൾ ന്യായപ്രമാണത്തിനു കീഴി
ലല്ല; പിന്നെയോ കൃപയ്ക്കു കീഴിലാക
യാൽ പാപം നിങ്ങളുടെമേൽ അധികാരം
നടത്തുകയില്ല. ആകയാൽ എന്ത്? നാം
ന്യായപ്രമാണത്തിനു കീഴിലല്ല കൃപയ്ക്കു
കീഴിലാകയാൽ നമുക്കു പാപം ചെയ്യാ
മെന്നോ? ഒരിക്കലും പാടില്ല. നിങ്ങൾ
ദാസരായി അനുസരിച്ചുകൊള്ളാമെന്നു
പാപത്തിനോ, നീതിയുടെ അനുസരണ
ത്തിനോ നിങ്ങളെത്തന്നെ ഒരുക്കുന്നു,
ആയതിനെ അനുസരിക്കുന്ന ദാസന്മാരാ
കുന്നു നിങ്ങൾ എന്ന് അറിയുന്നില്ലയോ?
നിങ്ങൾ പാപത്തിൻെറ അടിമകളായിരുന്നു
വെങ്കിലും നിങ്ങൾക്കു ഭരമേൽപിക്ക
പ്പെട്ടിട്ടുള്ള വിശ്വാസോപദേശത്തിൻെറ
രൂപത്തെ ഹൃദയപൂർവ്വം അനുസരിക്കു
കയും പാപത്തിൽനിന്നും സ്വതന്ത്രരായി
നീതിക്കു ദാസരായി നിങ്ങൾ തീരുകയും
ചെയ്തതിനാൽ ദൈവത്തിനു സ്തുതി.
നിങ്ങളുടെ ജഡത്തിൻെറ ബലഹീനത
നിമിത്തം, മനുഷ്യരുടെ രീതിയിൽ ഞാൻ
പറയുന്നു: അശുദ്ധിയുടെയും അനീതിയു
ടെയും ദാസ്യത്തിന് നിങ്ങളുടെ അവയവ
ങ്ങളെ ഒരുക്കിയത് എങ്ങനെയോ അങ്ങ
നെതന്നെ, ഇപ്പോൾ, നീതിയുടെയും വിശു
ദ്ധിയുടെയും ദാസ്യത്തിന് നിങ്ങളുടെ
അവയവങ്ങളെ ഒരുക്കുവിൻ. നിങ്ങൾ
പാപത്തിനു ദാസരായിരുന്നപ്പോൾ നീതി
യിൽനിന്നു സ്വതന്ത്രരായിരുന്നു. നിങ്ങൾക്ക്
അന്ന് എന്ത് പ്രയോജനമുണ്ടായി? ഇപ്പോൾ
നിങ്ങൾ ഏതിൽ ലജ്ജിക്കുന്നുവോ, അതു
തന്നെ. അതിൻെറ അവസാനം മരണമത്രെ.
ഇപ്പോഴോ നിങ്ങൾ പാപത്തിൽനിന്നു
സ്വതന്ത്രരാക്കപ്പെട്ടു ദൈവത്തിന് ദാസ
രായിത്തീർന്നിരിക്കയാൽ നിങ്ങൾക്കു
വിശുദ്ധ ഫലങ്ങൾ ഉണ്ട്. അവയുടെ അവ
സാനം നിത്യജീവനുമാകുന്നു. പാപത്തി 23
ൻെറ വേതനം മരണമാകുന്നു. എന്നാൽ
ദൈവത്തിൻെറ കൃപാദാനമോ, നമ്മുടെ
കർത്താവേശുമ്ശീഹായാൽ നിത്യജീവനു
മാകുന്നു.

അദ്ധ്യായം 7

അല്ലയോ എൻെറ സഹോദരന്മാരെ, 1
ന്യായപ്രമാണം അറിയുന്നവരോടാണല്ലോ
ഞാൻ സംസാരിക്കുന്നത്. മനുഷ്യൻ ജീവി
ച്ചിരിക്കുന്ന കാലമത്രയും, പ്രമാണത്തിന്
അവൻെറമേൽ അധികാരമുണ്ട് എന്നു
നിങ്ങൾ അറിയുന്നില്ലയോ? ഭാര്യ അവളുടെ 2
ഭർത്താവു ജീവിച്ചിരിക്കുന്ന കാലത്തോളം
ഭർത്താവിനോട്, പ്രമാണപ്രകാരം ബന്ധി
തയാണ്. എന്നാൽ ഭർത്താവ് മരിച്ചാൽ
അവളുടെ ഭർത്താവിൻെറ നിയമത്തിൽ
നിന്നു അവൾ സ്വതന്ത്രയായി. എന്നാൽ 3
ഭർത്താവു ജീവിച്ചിരിക്കുമ്പോൾ, മററൊരു
പുരുഷനോടു ചേർന്നാൽ അവൾ വ്യഭിചാ
രിണി ആയിത്തീരും. അവളുടെ ഭർത്താവു
മരിച്ചു കഴിഞ്ഞാലോ, നിയമത്തിൽനിന്നും
അവൾ സ്വതന്ത്രയായി. പിന്നീട് അവൾ
വേറൊരു പുരുഷനെ പ്രാപിച്ചാലും, വ്യഭി
ചാരിണി ആകുന്നില്ല. ഇപ്പോൾ, എൻെറ 4
സഹോദരന്മാരെ, അതുപോലെ, നിങ്ങളും
ദൈവത്തിന് ഫലങ്ങൾ ഉളവാക്കുമാറ് -
മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേററ
വനായ വേറൊരുവനുള്ളവർ ആകുവാൻ
തക്കവണ്ണം, മ്ശീഹായുടെ ശരീരംമൂലം
ന്യായപ്രമാണത്തിന് മരിച്ചിരിക്കുന്നവരാ
കുന്നു. നാം ജഡത്തിൽ ആയിരുന്നപ്പോൾ 5
ന്യായപ്രമാണപ്രകാരം — പാപത്തിൻെറ
വികാരങ്ങൾ - മരണത്തിന്നായുള്ള ഫല
ങ്ങൾ പുറപ്പെടുവിക്കുമാറ്, നമ്മുടെ അവയ
വങ്ങളിൽ ഉത്സാഹപൂർവ്വം പ്രവർത്തിച്ചു
കൊണ്ടിരുന്നു. ഇപ്പോഴോ നാം, ഇനിയും, 6
അക്ഷരത്തിൻെറ പഴക്കത്തിലല്ല, ആത്മാ
വിൻെറ പുതുക്കത്തോടെ ശുശ്രൂഷ ചെയ്യു
വാൻ തക്കവണ്ണം നാം ന്യായപ്രമാണത്തിൽ
നിന്നും ഒഴിവുള്ളവരാകുകയും നമ്മെ പിടി
ച്ചടക്കിയിരുന്നവന് മരിച്ചവരായിത്തീരു
കയും ചെയ്തിരിക്കുന്നു. ആകയാൽ നാം 7
എന്താണു പറയുന്നത്? 'ന്യായപ്രമാണം
പാപമാകുന്നു' എന്നോ? ഒരിക്കലുമല്ല.
എങ്കിലും ന്യായപ്രമാണം മൂലമല്ലാതെ
ഞാൻ പാപത്തെ അറിഞ്ഞിട്ടില്ല. 'മോഹിക്ക
രുത്' എന്നു ന്യായപ്രമാണം പറയാതിരു
ന്നെങ്കിൽ ഞാൻ മോഹത്തെ അറികയി

8 ല്ലായിരുന്നു. ഈ കല്പനയാൽ പാപത്തിന്
അവസരം കിട്ടി എന്നിൽ എല്ലാവിധ മോഹ
ങ്ങളേയും പൂർണ്ണമാക്കി. ന്യായപ്രമാണം
ഇല്ലാതിരുന്നപ്പോൾ, പാപം നിർജീവമായി
9 രുന്നു. ഞാൻ മുമ്പ് ന്യായപ്രമാണം കൂടാതെ
ജീവിച്ചിരുന്നു. എന്നാൽ കല്പന വന്ന
പ്പോഴോ പാപം ജീവിച്ചു, ഞാൻ മരിക്കു
10 കയും ചെയ്തു. ജീവൻെറ ആ കല്പന
മരണത്തിന് ഹേതു എന്ന് എനിക്കു കാണ
11 പ്പെടുകയും ചെയ്തു. കല്പനമൂലം പാപ
ത്തിന് അവസരം ലഭിച്ചിട്ട് അത് എന്നെ
വഴിതെററിച്ച് അതിനാൽ എന്നെ കൊല്ലു
12 കയും ചെയ്തു. ന്യായപ്രമാണം വിശുദ്ധം;
കല്പന വിശുദ്ധവും നീതിയുള്ളതും നല്ലതു
13 മാകുന്നു. ആകയാൽ നന്മയായിട്ടുള്ള
താണോ എന്നിൽ പാപം ഉളവാക്കിയത്?
ഒരിക്കലുമല്ല. നന്മയായിട്ടുള്ളതിലൂടെ
പാപമാണ് എന്നിൽ മരണം ഉളവാക്കിയത്.
ആയത്, പാപം പാപമായിത്തന്നെ കാണ
പ്പെടുന്നതിനും, കല്പനവഴിയായി കൂടു
തൽ പാപകരമായി തീരേണ്ടതിനും ആകു
14 ന്നു. ന്യായപ്രമാണം ആത്മികം എന്നു നാം
അറിയുന്നു. ഞാനോ, ജഡമയൻ, പാപ
15 ത്തിന്നായി വിൽക്കപ്പെട്ടവൻതന്നെ. എന്തെ
ന്നാൽ ഞാൻ പ്രവർത്തിക്കുന്നതു ഞാൻ
അറിയുന്നില്ല. ഞാൻ ഇഷ്ടപ്പെടുന്നതല്ല
ഞാൻ ചെയ്യുന്നത്. പിന്നെയോ ഞാൻ
വെറുക്കുന്നതിനെ അത്രെ ഞാൻ ചെയ്യു
16 ന്നത്. ഞാൻ ഇച്ഛരിക്കാത്തതിനെയാണു
ഞാൻ ചെയ്യുന്നതെങ്കിൽ, ന്യായപ്രമാണം
ഉത്തമം എന്നു ഞാൻ സാക്ഷിക്കുന്നു.
17 ഇപ്പോഴാകട്ടെ, അതിനെ പ്രവർത്തിക്കുന്നത്
ഞാനല്ല, എന്നിൽ വസിക്കുന്ന പാപമത്രെ.
18 എന്നിൽ, അതായത് എൻെറ ജഡത്തിൽ
നന്മ വസിക്കുന്നില്ല എന്ന് ഞാൻ അറിയു
ന്നുണ്ട്. നന്മയെ ആഗ്രഹിക്കുവാൻ എനിക്ക്
എളുപ്പമാണ്; എന്നാൽ അതു പ്രാവർത്തി
കമാക്കുവാനോ എനിക്കു കഴിയാതേയും
19 ഇരിക്കുന്നു. ഞാൻ ചെയ്യുവാൻ ഇഷ്ട
പ്പെടുന്ന നന്മയെയല്ല, പ്രത്യുത ഞാൻ
ചെയ്യുവാൻ ഇഷ്ടപ്പെടാത്ത തിന്മയത്രെ
20 ഞാൻ ചെയ്യുന്നത്. ഞാൻ ഇഷ്ടപ്പെടാ
ത്തതാണ് ഞാൻ ചെയ്യുന്നതെങ്കിലോ,
ഞാനല്ല, എന്നിൽ വാസം ചെയ്യുന്ന പാപ
21 മത്രെ അതു ചെയ്യുന്നത്. ആകയാൽ നന്മ
ചെയ്യുവാൻ ആഗ്രഹിക്കുന്ന ഒരു പ്രമാണ
ത്തെ ഞാൻ കണ്ടെത്തുന്നു. എന്തെന്നാൽ
തിന്മ എന്നോട് അടുത്തുതന്നെയിരിക്കു
22 ന്നു. അകമെയുള്ള മനുഷ്യനിൽ-ദൈവ
ത്തിൻെറ ന്യായപ്രമാണത്തിൽ ഞാൻ
സന്തോഷിക്കുന്നു. എന്നാൽ എൻെറ 2
ഹൃദയത്തിൻെറ പ്രമാണത്തിന് എതിരായി
പോരാടുകയും എൻെറ അവയവങ്ങളിലു
ള്ള പാപത്തിൻെറ പ്രമാണങ്ങൾക്ക് എന്നെ
അടിമയാക്കുകയും ചെയ്യുന്ന വേറൊരു പ്ര
മാണത്തെ എൻെറ അവയവങ്ങളിൽ കാണു
ന്നു. ഞാൻ അരിഷ്ടനായ ഒരു മനുഷ്യൻ! 2
മരണത്തിൻേറതായ ഈ ശരീരത്തിൽ
നിന്നും ആര് എന്നെ രക്ഷിക്കും? നമ്മുടെ 2
കർത്താവേശുമ്ശീഹാ മുഖാന്തരം ദൈവ
ത്തെ ഞാൻ സ്തോത്രം ചെയ്യുന്നു. ആക 2
യാൽ ഞാൻ ഇപ്പോൾ എൻെറ ബുദ്ധി
കൊണ്ട് ദൈവത്തിൻെറ പ്രമാണത്തിൻെറ
ദാസനും എൻെറ ജഡംകൊണ്ട് പാപ
ത്തിൻെറ ദാസനുമാകുന്നു.

അദ്ധ്യായം 8

ജഡപ്രകാരം ചരിക്കാതെ യേശു 1
മ്ശീഹായിൽ വിശ്വസിക്കുന്നവർക്ക് ഇനി
മേൽ ശിക്ഷാവിധി ഇല്ല. യേശുമ്ശീഹായി 2
ലുള്ള ജീവൻെറ ആത്മാവിൻെറ നിയമം
പാപത്തിൻെറയും മരണത്തിൻേറയും
പ്രമാണത്തിൽനിന്നും നിന്നെ സ്വതന്ത്ര
നാക്കിയിരിക്കുന്നു. ജഡത്തിൻെറ ബല 3
ഹീനതമൂലം ന്യായപ്രമാണം ബലഹീന
മായിരുന്നതുകൊണ്ട്, തൻെറ ശരീരം
കൊണ്ട് പാപത്തെ ശിക്ഷാവിധി ചെയ്യു
വാൻ ദൈവം തൻെറ പുത്രനെ പാപ
ശരീരത്തിൻെറ സാദൃശ്യത്താലും പാപം
നിമിത്തവും അയച്ചു. അതു ജഡത്തിലല്ല 4
ആത്മാവിൽ ചരിക്കുന്നവരായ നമ്മിൽ
ന്യായപ്രമാണത്തിൻെറ നീതി പൂർത്തീകരി
ക്കേണ്ടതിനായിരുന്നു. ജഡത്തിൻേറതാ 5
യിരിക്കുന്നവർ ജഡത്തിൻേറതു ചിന്തിക്കു
ന്നു. ആത്മാവിൻേറതായിരിക്കുന്നവർ,
ആത്മാവിൻേറതും ചിന്തിക്കുന്നു. ജഡ 6
ത്തിൻെറ ചിന്ത മരണം,ആത്മാവിൻെറ
ചിന്തയോ ജീവനും സമാധാനവും. എന്തെ
ന്നാൽ ജഡത്തിൻെറ ചിന്ത ദൈവത്തിനെ
തിരായ ശത്രുതയത്രെ. ദൈവത്തിൻെറ 7
നിയമത്തിന് അതു കീഴ്പ്പെടുന്നില്ല. അതിന്
അതു സാദ്ധ്യവുമല്ല.

ജഡമയന്മാരായിരിക്കുന്നവർക്കു 8
ദൈവത്തെ പ്രസാദിപ്പിക്കാൻ സാദ്ധ്യമല്ല.
ദൈവത്തിൻെറ ആത്മാവ്, സത്യമായും 9
നിങ്ങളിൽ വസിക്കുന്നുവെങ്കിൽ നിങ്ങൾ
ജഡമയന്മാരല്ല ആത്മമയന്മാർ അത്രെ.
ഒരുവനിൽ മ്ശീഹായുടെ ആത്മാവ് ഇല്ലെ
ങ്കിൽ അവൻ തനിക്കുള്ളവനല്ല. എന്നാൽ 10
മ്ശീഹാ നിങ്ങളിൽ ഉണ്ടെങ്കിലോ, ജഡം

പാപം നിമിത്തം നിർജ്ജീവവും ആത്മാവ്
നീതിനിമിത്തം ജീവനുള്ളതുമാകുന്നു.
നമ്മുടെ കർത്താവേശുമ്ശീഹായെ മരിച്ച
വരുടെ ഇടയിൽനിന്നും ഉയിർപ്പിച്ചവൻെറ
ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കി
ലോ-യേശുമ്ശീഹായെ മരിച്ചവരുടെ
ഇടയിൽനിന്നും പുനരുത്ഥാനം ചെയ്യിച്ച
വൻ, നിങ്ങളുടെ നിർജ്ജീവമായ ശരീര
ങ്ങളേയും നിങ്ങളിൽ വാസം ചെയ്യുന്ന
തൻെറ ആത്മാവുമൂലം സജീവമാക്കും.
ഇപ്പോൾ എൻെറ സഹോദരന്മാരെ, നാം
ജഡപ്രകാരം നടക്കേണ്ടതിന്, നാം ജഡ
ത്തോട് കടപ്പെട്ടവരല്ല. എന്തെന്നാൽ ജഡി
കമായിട്ടാണു നിങ്ങൾ ജീവിക്കുന്നതെങ്കിൽ
നിങ്ങൾ മരിക്കേണ്ടിവരും. ജഡത്തിൻെറ
നടപടികളെ ആത്മാവുമൂലം നിർജ്ജീവ
മാക്കുന്നുവെങ്കിലോ-നിങ്ങൾ ജീവിക്കും.
ദൈവത്തിൻെറ ആത്മാവിനാൽ ഭരിക്ക
പ്പെടുന്നവർ, ദൈവത്തിൻെറ മക്കൾ ആകു
ന്നു. വീണ്ടും, ഭയത്തിന്നായി അടിമത്വത്തി
ൻെറ ആത്മാവിനെയല്ല നിങ്ങൾ പ്രാപിച്ചി
രിക്കുന്നത്. പിന്നെയോ ദൈവത്തെ
'ആബോ', 'ഞങ്ങളുടെ പിതാവേ' എന്നു
വിളിക്കുന്ന പുത്രസ്വീകാരത്തിൻെറ ആത്മാ
വിനെയത്രെ നിങ്ങൾ സ്വീകരിച്ചിരിക്കു
ന്നത്. ഈ ആത്മാവ്, നമ്മുടെ ആത്മാവി
നോട് 'നാം ദൈവത്തിൻെറ മക്കൾ ആകു
ന്നു' എന്നു സാക്ഷിപ്പെടുത്തുന്നു. നാം മക്ക
ളാകുന്നുവെങ്കിലോ, നാം അവകാശികൾ-
ദൈവത്തിൻെറ അവകാശികൾ- യേശു
മ്ശീഹായുടെ കൂട്ടവകാശികളുമാകുന്നു.
തന്നോടുകൂടെ നാം കഷ്ടമനുഭവിച്ചാൽ,
തന്നോടുകൂടെ നാം മഹിമപ്പെടും. ഈ
കാലത്തെ കഷ്ടതകൾ, നമ്മിൽ വെളി
പ്പെടാനിരിക്കുന്ന മഹത്വത്തോടു സാമ്യപ്പെ
ടുത്താവുന്നവയല്ല എന്ന് ഞാൻ വിചാരി
ക്കുന്നു. എന്തെന്നാൽ സർവ്വ സൃഷ്ടിയും
ദൈവമക്കളുടെ പ്രത്യക്ഷതയ്ക്ക് പ്രത്യാ
ശിച്ചും പ്രതീക്ഷിച്ചും ഇരിക്കുന്നു. എന്തെ
ന്നാൽ സർവ്വ സൃഷ്ടികളും വ്യർത്ഥതയ്ക്കു
കീഴ്പ്പെട്ടിരിക്കുന്നു: അതു സ്വമനസാ അല്ല,
പിന്നെയോ, ദൈവമക്കളുടെ മഹത്വത്തി
ൻെറ സ്വാതന്ത്ര്യം വഴിയായി, നാശത്തിൻെറ
ദാസ്യത്വത്തിൽനിന്ന് സ്വതന്ത്രമാക്കപ്പെടും
എന്നുള്ള പ്രത്യാശയോടുകൂടി ആകുന്നു.
സർവ്വസൃഷ്ടിയും ഇന്നുവരെ, നെടുവീർ
പ്പിട്ട് വേദനയോടിരിക്കുന്നു എന്നു നാം
അറിയുന്നു. അവമാത്രമല്ല; ആത്മാവിൻെറ
ആദ്യഫലം ഉള്ളവരായ നാമും നമ്മിൽ
തന്നെ നെടുവീർപ്പിട്ടും, പുത്രസ്വീകാര
ത്തിന്, നമ്മുടെ ശരീരങ്ങളുടെ രക്ഷയ്ക്കാ
യി കാത്തിരിക്കുന്നു. എന്തെന്നാൽ പ്രത്യാ 24
ശയാലല്ലോ നാം ജീവിച്ചത്. കാണപ്പെടുന്ന
പ്രത്യാശ പ്രത്യാശയല്ല; നാം അതു കണ്ടു
കൊണ്ടുതന്നെയാണിരിക്കുന്നതെങ്കിൽ
പിന്നെ എന്തിന് അതിനായി നാം കാത്തി
രിക്കുന്നു? കാണപ്പെടാത്തതിനെയാണു 25
നാം പ്രത്യാശിക്കുന്നതെങ്കിലോ അതിനാ
യി ക്ഷമയോടെ നാം കാത്തിരിക്കുന്നു.
ഇങ്ങനെ ആത്മാവുതന്നെയും, നമ്മുടെ 26
ബലഹീനതയെ സഹായിക്കുന്നു. വേണ്ടതു
പോലെ പ്രാർത്ഥിക്കേണ്ടത് എങ്ങനെ
യെന്നു നാം അറിയുന്നില്ല. എന്നാലോ, ഈ
ആത്മാവുതന്നെ അവർണ്ണനീയ നെടു
വീർപ്പുകളോടുകൂടി നമുക്കുവേണ്ടി
പ്രാർത്ഥിക്കുന്നു. ദൈവേഷ്ടപ്രകാരം വിശു 27
ദ്ധർക്ക് വേണ്ടി പ്രാർത്ഥിക്കുന്ന ആത്മാ
വിൻെറ വിചാരം എന്താകുന്നു എന്ന് ഹൃദയ
ങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു.
ദൈവത്തെ സ്നേഹിക്കുന്നവർക്ക്- 28
വിളിക്കപ്പെടുവാൻ നിർണ്ണയിക്കപ്പെട്ട
വർക്ക്- എല്ലാററിലും നന്മയ്ക്കായി താൻ
സഹായിക്കുന്നു എന്നു നാം അറിയുന്നു.
താൻ ആദിമുതൽ അവരെ അറിയുകയും 29
തൻെറ പുത്രൻ അനേകസഹോദരരിൽ
ആദ്യജാതനാകുവാൻ തൻെറ പുത്രൻെറ
സാദൃശ്യംകൊണ്ട് അവരെ അടയാളപ്പെടു
ത്തുകയും ചെയ്തു. താൻ മുൻകൂട്ടി മുദ്ര 30
യിട്ടവരെ വിളിക്കുകയും, വിളിച്ചവരെ നീതീ
കരിക്കുകയും, താൻ നീതീകരിച്ചവരെ
മഹിമപ്പെടുത്തുകയും ചെയ്തു. ആകയാൽ 31
ഇവയെക്കുറിച്ചു നാം എന്തു പറയേണ്ടു?
ദൈവം നമുക്ക് അനുകൂലമെങ്കിൽ പ്രതി
കൂലം ആർ? തൻെറ പുത്രനിൽ ദയ കാണി 32
ക്കാതെ നമുക്കെല്ലാവർക്കും വേണ്ടി
ഏല്പിച്ചുതന്നുവെങ്കിൽ, തന്നോടുകൂടെ
സകലവും നമുക്കു നൽകാതിരിക്കുമോ?
ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ടവരോട് 33
ആർ എതിർക്കും? ദൈവം നീതീകരി
ക്കുന്നു, ആരു കുററപ്പെടുത്തും? മ്ശീഹാ 34
മരിച്ച് ഉയിർത്തെഴുന്നേററ് ദൈവത്തിൻെറ
വലതുഭാഗത്തിരിക്കുന്നു; നമുക്കുവേണ്ടി
അപേക്ഷിക്കുകയും ചെയ്യുന്നു. മ്ശീഹാ 35
യുടെ സ്നേഹത്തിൽനിന്നും ആര് എന്നെ
വേർപിരിക്കും? ഞെരുക്കമോ, ബന്ധനമോ?
പീഡയോ? പട്ടിണിയോ, നഗ്നതയോ? ആപ
ത്തോ? വാളോ? "നിന്നെ പ്രതി ഞങ്ങൾ 36
നിത്യവും മരിക്കുന്നു. അറുക്കാനുള്ള ആടു
പോലെ ഞങ്ങൾ ഗണിക്കപ്പെടുന്നു" എന്ന്
എഴുതപ്പെട്ടിരിക്കുന്നതുപോലെതന്നെ.

37 എന്നാൽ ഞങ്ങളോ, ഞങ്ങളെ സ്നേഹിച്ച
വൻ മുഖാന്തരം ഇവയിലെല്ലാം ജയം പ്രാപി
38 ച്ചിരിക്കുന്നു. എന്തെന്നാൽ മരണത്തിനോ,
ജീവനോ, മാലാഖമാർക്കോ, അധി കാര
ങ്ങൾക്കോ, ശക്തികൾക്കോ, ഇപ്പോൾ ഉള്ള
വയ്ക്കോ, വരുവാനുള്ളവയ്ക്കോ, ഉയര
39 ത്തിനോ, ആഴത്തിനോ,യാതൊരു സൃഷ്ടി
ക്കോ യേശുമ്ശീഹാമൂലമുള്ള ദൈവ
സ്നേഹത്തിൽനിന്നും എന്നെ വേർപിരിക്കു
വാൻ സാദ്ധ്യമല്ലതന്നെ, എന്ന് എനിക്കു
നിശ്ചയമാണ്.

അദ്ധ്യായം 9

1 ഞാൻ മ്ശീഹായിൽ സത്യം പറയുന്നു.
2 വ്യാജം പറയുകയില്ല. എനിക്കു വലിയ
ദുഃഖമുണ്ടെന്നും, എൻെറ ഹൃദയവേദന
അടങ്ങുന്നില്ലെന്നും, എൻെറ മനസ്സ് പരിശു
ദ്ധാത്മാവിൽ എനിക്കു സാക്ഷിയാകുന്നു.
3 ഇസ്രയേല്യരായ എൻെറ സഹോദരന്മാർ
ക്കുവേണ്ടിയും ജഡത്തിലുള്ള എൻെറ
ചാർച്ചക്കാർക്കുവേണ്ടിയും, ഞാൻതന്നെ
മ്ശീഹാമൂലം ഉപഹാരമാകുവാൻ പ്രാർത്ഥി
4 ച്ചുകൊണ്ടിരുന്നു. പുത്രസ്വീകാരവും, മഹ
ത്വവും, ഉടമ്പടികളും, ന്യായപ്രമാണവും,
ശുശ്രൂഷാരാധനയും, വാഗ്ദത്തങ്ങളും
5 പിതാക്കന്മാരും അവർക്കുള്ളവ. എല്ലാററി
ന്മേലും (അധികാരമുള്ള) ദൈവമായ
മ്ശീഹായും ജഡത്തിൽ പ്രത്യക്ഷപ്പെട്ടത്
അവരിൽനിന്നാണല്ലോ. തനിക്ക് എന്നെ
ന്നേക്കും സ്തുതിയും സ്തോത്രങ്ങളും
ഉണ്ടായിരിക്കട്ടെ. ആമീൻ.
6 ദൈവവചനം വൃഥാവായിപ്പോയിട്ടില്ല.
എന്തെന്നാൽ ഇസ്രായേലിൽനിന്നുള്ളവർ
7 എല്ലാവരും, ഇസ്രായേല്യർ അല്ല. അബ്രഹാ
മിൻെറ സന്തതികൾ എല്ലാവരും അദ്ദേഹ
ത്തിൻെറ മക്കൾ എന്നും വരികയില്ല. എന്തെ
ന്നാൽ "ഇസഹാക്കിൽനിന്നും (ജനിക്കു
ന്നവർ) നിൻെറ സന്തതി" എന്നു വിളിക്ക
8 പ്പെടും എന്നു പറയപ്പെട്ടിട്ടുണ്ടല്ലോ. അതാ
യതു, ജഡപ്രകാരം ജനിച്ച മക്കളല്ല ദൈവ
ത്തിൻെറ മക്കൾ-എന്നാലോ വാഗ്ദത്ത
പ്രകാരമുള്ള മക്കളത്രെ 'സന്തതി'എന്നു
9 ഗണിക്കപ്പെടുന്നത് എന്തെന്നാൽ ആ വാ
ഗ്ദത്തം, ഈ വചനമായിരുന്നു. "ഈ സമ
യത്തു ഞാൻ വരും. അപ്പോൾ സാറായ്ക്ക്
10 ഒരു പുത്രനുണ്ടാകും." ഇതുമാത്രമല്ല, റിബേ
ക്കായ്ക്കു ഒരുവനോട്—നമ്മുടെ പിതാ
വായ ഇസഹാക്കിനോട്—സംഗമമുണ്ടായ
11 പ്പോൾ അവരുടെ മക്കൾ ജനിച്ചു. നന്മയോ,
തിന്മയോ ചെയ്യുന്നതിനു മുമ്പെ, ദൈവ
ത്തിൻെറ തിരഞ്ഞെടുപ്പ് പ്രവൃത്തികളെ
ആശ്രയിച്ചല്ല; വിളിച്ചവനെ ആശ്രയിച്ചാണ്
എന്നു മുൻകൂട്ടി അറിയിക്കപ്പെട്ടു. എന്തെ 1
ന്നാൽ "മൂത്തവൻ ഇളയവന് ദാസനായി
ത്തീരും" എന്നു പറയപ്പെട്ടു. "യാക്കോബി 1
നെ ഞാൻ സ്നേഹിച്ചു. ഏശാവിനെ ഞാൻ
ദ്വേഷിച്ചു" എന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ.
ആകയാൽ എന്താണു നാം പറയേണ്ടത്? 1
ദൈവസന്നിധിയിൽ അനീതി ഉണ്ടെന്നോ?
ഒരിക്കലുമില്ല. കണ്ടാലും, മോശയോട് താൻ
ഇങ്ങനെ കല്പിച്ചു: "എനിക്കു കരുണ 1
തോന്നുന്നവനോട് ഞാൻ കരുണചെയ്യും,
എനിക്ക് ദയ തോന്നുന്നവനോട് ഞാൻ ദയ
ചെയ്യും." ആകയാൽ ആഗ്രഹിക്കുന്നവ
നാലുമല്ല, ഓടുന്നവനാലുമല്ല, പിന്നെയോ
കരുണയുള്ളവനായ ദൈവത്താലത്രെ
(സർവ്വവും സാധിക്കുന്നത്). തിരുവെഴു
ത്തിൽ ഫറവോനോട് പറയുന്നത്: "എൻെറ
ശക്തി നിന്നിൽ കാണിക്കുവാനും, എൻെറ
നാമം ഭൂമിയിലെല്ലാം പ്രസിദ്ധമാകേണ്ട
തിനും നിന്നെ ഞാൻ നിർത്തിയിരിക്കുന്നു."
അങ്ങനെ തനിക്ക് മനസ്സുള്ളവരോട് താൻ
കരുണചെയ്യുന്നു. തനിക്കു മനസ്സുള്ളവനെ
കഠിനനാക്കുകയുംചെയ്യുന്നു. അങ്ങനെയെ
ങ്കിൽ നമ്മെ കുററപ്പെടുത്തുന്നത് എന്തിന്?
എന്തെന്നാൽ തൻെറ ഇഷ്ടത്തിനു
വിരോധമായി നിൽപ്പാൻ ആർക്കെങ്കിലും
കഴിയുമോ എന്നു നീ പറഞ്ഞേക്കാം. അല്ല
യോ മനുഷ്യാ, ദൈവത്തോട് പ്രത്യുത്തരം
പറയുന്ന നീ ആര്? നിർമ്മിക്കപ്പെട്ടത്
നിർമ്മിച്ചവനോട്, നീ എന്നെ ഇങ്ങനെ
നിർമ്മിച്ചതെന്ത്? എന്നു ചോദിക്കാമോ?
കുശവന് ഒരേ കളിമണ്ണുപിണ്ഡത്തിൽ
നിന്നും ഒരു പാത്രം ബഹുമാനത്തിനും ഒരു
പാത്രം ഹീനമായതിനും ഉണ്ടാക്കുവാൻ
കളിമണ്ണിന്മേൽ അധികാരമില്ലയോ?
എന്നാൽ ദൈവം തൻെറ ക്രോധം
കാണിപ്പാനും തൻെറ ശക്തി അറിയിപ്പാനും
നാശപൂർണ്ണങ്ങളായ കോപയോഗ്യരിൽ
തൻെറ ദീർഘക്ഷമയുടെ ആധിക്യത്തോടു
കൂടെ കോപം പ്രദർശിപ്പിക്കുവാനും- യഹൂദ
രിൽനിന്നു മാത്രമല്ല, പുറജാതികളിൽ
നിന്നും വിളിക്കപ്പെട്ടവരും, മഹിമയ്ക്കായി
ദൈവത്താൽ ഒരുക്കപ്പെട്ടിരിക്കുന്ന കരുണ
യുടെ പാത്രങ്ങളുമായ നമ്മിൽ കരുണ ചൊ
രിയുകയുമാണു ചെയ്തിരിക്കുന്നത് എങ്കിൽ
എന്ത്? ഹോശയായുടെ പ്രവചനത്തിലും പ
റഞ്ഞിരിക്കുന്നു. "എൻെറ ജനമല്ലാതിരുന്ന
വരെ 'എൻെറ ജനം' എന്നും, 'പ്രിയ' അല്ലാ
ത്തവളെ പ്രിയ, എന്നും ഞാൻ വിളിക്കും.

26 നിങ്ങൾ എന്റെ ജനമല്ല എന്നു പറഞ്ഞ
സ്ഥാനത്ത് അവർ ജീവനുള്ള ദൈവത്തി
27 ന്റെ മക്കൾ എന്നും വിളിക്കപ്പെടും" ഏശാ
യായും ഇസ്രായേലിനെ കുറിച്ച് "ഇസ്രാ
യേൽ മക്കളുടെ സംഖ്യ കടൽക്കരയിലെ
മണൽപോലെ ആയിരുന്നാലും, അവരിൽ
നിന്നും ഒരു ശേഷിപ്പേ ജീവിക്കുകയുള്ളു.
28 കർത്താവ് ഈ വചനം തീർച്ചപ്പെടുത്തി
ഉറപ്പിച്ച് ഭൂമിയിൽ അതിനെ നിർവ്വഹിക്കും''
29 എന്നു പറഞ്ഞിരിക്കുന്നു. ഏശായാ പിന്നെ
യും പറയുന്നു: "സർവ്വശക്തനായ കർത്താ
വ് ഒരു ശേഷിപ്പിനെ നമുക്കായി വച്ചില്ലാ
യിരുന്നെങ്കിൽ നാം സോദോമിനെപ്പോലെ
ആകുമായിരുന്നു. ആമോറയ്ക്കു സദൃശ
മാവുകയും ചെയ്യുമായിരുന്നു."
30 ആകയാൽ നാം എന്താണു പറയേ
ണ്ടത്? നീതിയുടെ പിന്നാലെ നടക്കാതിരു
ന്നവർ നീതി പ്രാപിച്ചു. അതു വിശ്വാസ
31 ത്താലുള്ള നീതി. നീതിയുടെ ന്യായപ്രമാണ
ത്തിന്റെ പിന്നാലെ പോയിരുന്ന ഇസ്രാ
യേലോ ആ നീതിയുടെ പ്രമാണത്തെ പ്രാപി
32 ച്ചില്ല. എന്തുകൊണ്ട്? അവർ വിശ്വാസത്തെ
യല്ല ന്യായപ്രമാണത്തിന്റെ പ്രവർത്തന
ങ്ങളെ (അവർ അന്വേഷിച്ചതിനാൽ) അവർ
ഇടർച്ചയുടെ പാറയിൽ തട്ടി വീണുപോയി.
33 ''ഞാൻ ഇതാ സെഹിയോനിൽ ഒരു തട
ങ്ങൽ പാറയും ഇടർച്ചയുടെ കല്ലും വയ്ക്കു
ന്നു. അതിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചു
പോകയില്ല'' എന്നെഴുതപ്പെട്ടിരിക്കുന്നു.

അദ്ധ്യായം 10

1 എന്റെ സഹോദരന്മാരേ, എന്റെ
ഹൃദയത്തിന്റെ ആഗ്രഹവും, അവർക്കു
വേണ്ടി ദൈവസന്നിധിയിലുള്ള എന്റെ
പ്രാർത്ഥനയും, അവർ രക്ഷിക്കപ്പെടണം
2 എന്നാകുന്നു. വിജ്ഞാനയുക്തമായിട്ടല്ലെ
ങ്കിലും ദൈവത്തെക്കുറിച്ചുള്ള തീക്ഷ്ണത
അവർക്കുണ്ടെന്ന് ഞാൻ സാക്ഷ്യപ്പെടു
3 ത്തുന്നു. അവർ ദൈവത്തിന്റെ നീതിയെ
മനസ്സിലാക്കിയില്ല. പിന്നെയൊ, അവരുടെ
സ്വന്തം നീതി സ്ഥാപിപ്പാൻ അവർ ആഗ്ര
ഹിച്ചു. തൻമൂലം ദൈവത്തിന്റെ നീതിക്ക്
4 അവർ കീഴ്പ്പെട്ടില്ല. ന്യായപ്രമാണത്തിന്റെ
അന്ത്യം മ്ശീഹാ ആകുന്നു. തന്നിൽ വിശ്വ
സിക്കുന്ന എല്ലാവർക്കും നീതി (ലഭിപ്പാൻ)
5 തന്നെ. ന്യായപ്രമാണത്താലുള്ള നീതിയെ
ക്കുറിച്ച്-"അത് അനുഷ്ഠിക്കുന്നവൻ അ
തിനാൽ (ന്യായപ്രമാണത്താൽ) ജീവിക്കും"
6 എന്ന് മോശ എഴുതിയിട്ടുണ്ട്. എന്നാൽ
വിശ്വാസത്താലുള്ള നീതി ഇപ്രകാരം
പറയുന്നു: സ്വർഗ്ഗത്തിലേക്ക് കയറിച്ചെന്ന്
മ്ശീഹായെ ഇറക്കിക്കൊണ്ടുവന്നത് ആരാ
കുന്നുവെന്നും, പാതാളത്തിന്റെ ആഴത്തി 7
ലേക്ക് ഇറങ്ങിച്ചെന്ന് മ്ശീഹായെ മരിച്ചവ
രുടെ ഇടയിൽനിന്ന് കരേററിക്കൊണ്ടു വന്ന
ത് ആരാകുന്നു എന്നും നിന്റെ ഹൃദയ
ത്തിൽ നീ പറയരുത്, പിന്നെ എന്തു പറ 8
ഞ്ഞിരിക്കുന്നു?" വചനം നിന്നോട് നിന്റെ
വായോടും ഹൃദയത്തോടും അടുത്തിരിക്കു
ന്നു. ഇതാകുന്നു ഞങ്ങൾ പ്രസംഗിക്കുന്ന
വിശ്വാസത്തിന്റെ വചനം. നമ്മുടെ 9
കർത്താവായ യേശുവിനെ നീ വായ്കൊ
ണ്ട് ഏററുപറയുകയും, മരിച്ചവരുടെ ഇട
യിൽനിന്നും ദൈവം തന്നെ ഉയിർപ്പിച്ചു എ
ന്നു ഹൃദയംകൊണ്ടു വിശ്വസിക്കുകയും ചെ
യ്യുന്നുവെങ്കിൽ നീ ജീവൻ പ്രാപിക്കും. എ
ന്തെന്നാൽ തന്നിൽ വിശ്വസിക്കുന്ന ഹൃദയം 10
നീതി പ്രാപിക്കും. തന്നെ ഏററു പറയുന്ന 11
വായ രക്ഷപ്രാപിക്കുകയും ചെയ്യുന്നു.
എന്തെന്നാൽ തിരുവെഴുത്തു പറഞ്ഞിരി
ക്കുന്നു, 'അവനിൽ വിശ്വസിക്കുന്നവർ
ആരും ലജ്ജിച്ചുപോകയില്ല.' ഇതിൽ 12
അദ്ദേഹം യഹൂദനെന്നോ പുറജാതിയെ
ന്നോ വേർതിരിച്ചിട്ടില്ല. എന്തെന്നാൽ
എല്ലാവരുടേയും കർത്താവ് ഒരുവൻതന്നെ.
അദ്ദേഹമോ, തന്നെ വിളിച്ചപേക്ഷിക്കുന്ന
ഏവനും നൽകുവാൻ തക്കവണ്ണം സമ്പന്നൻ
ആകുന്നു. കർത്താവിന്റെ നാമം വിളിക്കു 13
ന്ന ഏവനും ജീവിക്കും. അവർ വിശ്വസിച്ചി 14
ട്ടില്ലാത്തവനെ അവർ എങ്ങനെ വിളിക്കും?
കേട്ടിട്ടില്ലാത്തവനെ എങ്ങനെ വിശ്വസി
ക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾ
ക്കും? അവർ അയയ്ക്കപ്പെടാതെ എങ്ങനെ 15
പ്രസംഗിക്കും? "സമാധാനം സുവിശേഷി
ക്കയും നല്ല കാര്യങ്ങൾ അറിയിക്കുകയും
ചെയ്യുന്നവരുടെ പാദങ്ങൾ എത്ര മനോ
ഹരം?" എന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ.
എന്നാൽ എല്ലാവരും സുവിശേഷത്തിന്റെ 16
അറിയിപ്പിനെ അനുസരിച്ചിട്ടില്ല. "കർത്താ
വേ ഞങ്ങളുടെ വാക്കിനെ ആരു വിശ്വസി
ച്ചു" എന്ന് ഏശായായും പറഞ്ഞിട്ടുണ്ട്.
ആകയാൽ വിശ്വാസം കേൾവിയാലും, 17
കേൾവി ദൈവവചനത്താലും ഉണ്ടാകുന്നു.
എന്നാലോ ഞാൻ ചോദിക്കുന്നു, അവർ 18
കേട്ടില്ലയോ? എന്ന്. കണ്ടാലും, ഭൂതല
മെങ്ങും അവരുടെ ശബ്ദവും, ഭൂതലത്തി
ന്റെ അററംവരെയും അവരുടെ വചനങ്ങളും
വ്യാപിച്ചിരിക്കുന്നു. ഇസ്രയേൽ അറിഞ്ഞി 19
ല്ലായിരിക്കുമോ എന്നു ഞാൻ ചോദിക്കുന്നു.
ജനമല്ലാത്ത ജനത്തെക്കൊണ്ട് നിങ്ങൾക്ക്

ഉത്സാഹം വരുത്തും. അനുസരണമില്ലാത്ത
ജനത്തെക്കൊണ്ട് ഞാൻ നിങ്ങളെ കോ
പിപ്പിക്കും എന്ന് മുന്നമെ മോശ പറഞ്ഞി
20 രിക്കുന്നു. ഏശായായും, "എന്നെ അന്വേ
ഷിക്കാതിരുന്നവർക്ക് ഞാൻ കാണപ്പെട്ടു.
എന്നെ ആവശ്യപ്പെടാത്തവർക്ക് ഞാൻ
പ്രത്യക്ഷനായി" എന്ന് ധൈര്യമായി പറ
21 ഞ്ഞിരിക്കുന്നു. "മറുത്തു പറയുന്നതും അ
നുസരിക്കാത്തതുമായ ജനത്തിന്റെ അടു
ക്കലേക്ക് ദിവസം മുഴുവൻ ഞാൻ എന്റെ
കൈകൾ നീട്ടി'' എന്ന് ഇസ്രയേലിനോട്
അവൻ പറഞ്ഞു.

അദ്ധ്യായം 11

1 എന്നാൽ ദൈവം തന്റെ സ്വന്ത ജന
ത്തെ തള്ളിക്കളഞ്ഞുവോ? എന്നു ഞാൻ
ചോദിക്കുന്നു. ഒരിക്കലുമില്ല എന്തെന്നാൽ
ഞാനും ഇസ്രയേലിൽ ഉൾപ്പെട്ടവൻ; അബ്ര
ഹാമിന്റെ സന്തതി - ബെന്യാമിൻ ഗോത്ര
2 ത്തിൽപ്പെട്ടവൻ ആകുന്നുവല്ലോ. താൻ
മുന്നറിഞ്ഞിട്ടുള്ള തന്റെ ജനത്തെ ദൈവം
തള്ളിക്കളഞ്ഞിട്ടില്ല. ഏലിയാ ഇസ്രയേലിന്
വിരോധമായി നിന്നുകൊണ്ട് ദൈവസന്നി
ധിയിൽ എന്തു പറഞ്ഞു എന്ന് അദ്ദേഹത്തി
ന്റെ ഗ്രന്ഥത്തിൽ നിന്നു നിങ്ങൾ അറിയു
3 ന്നില്ലയോ? 'എന്റെ കർത്താവേ അവർ
അങ്ങയുടെ പ്രവാചകന്മാരെ കൊന്നുകള
ഞ്ഞു. അങ്ങയുടെ ബലിപീഠങ്ങളെ ഇടിച്ചു
തകർത്തുംകളഞ്ഞു. ഞാൻ മാത്രം ശേഷിച്ചി
രിക്കുന്നു. എന്റെ പ്രാണനേയും അവർ
4 അന്വേഷിക്കുന്നു' എന്നത്രെ. അപ്പോൾ
വെളിപാടിൽ അദ്ദേഹത്തോട് 'ബാലിനു
മുട്ടുകുത്താത്തവരും അതിനെ ആരാധി
ക്കാത്തവരുമായി ഏഴായിരം പേരെ എനി
ക്കായി ശേഷിപ്പിച്ചിട്ടുണ്ട്' എന്നു പറയ
5 പ്പെട്ടു. അപ്രകാരം ഈ കാലത്തും, കൃപയു
ടെ തിരഞ്ഞെടുപ്പിൻ പ്രകാരം ഒരു ശേഷി
6 പ്പുണ്ട്. കൃപയാൽ എങ്കിൽ പ്രവൃത്തികളാൽ
അല്ല; അങ്ങനെയല്ലെങ്കിലോ 'കൃപ' കൃപ
യല്ല. പ്രവൃത്തികളാൽ എങ്കിൽ കൃപയാലല്ല.
അല്ലെങ്കിൽ പ്രവൃത്തി, പ്രവൃത്തിയുമല്ല,
7 ആകയാൽ എന്ത്? ഇസ്രയേൽ അന്വേഷി
ച്ചതു കണ്ടുകിട്ടിയില്ല. തെരഞ്ഞെടുക്കപ്പെട്ട
വരോ അതു കണ്ടെത്തി. ശേഷമുള്ളവർ
8 ഹൃദയത്തിൽ അന്ധരായിപ്പോയി. ''ദൈവം
അവർക്ക് ഇന്നുവരേയും അന്ധമായ
ആത്മാവും, കാണാത്ത കണ്ണുകളും കേൾ
ക്കാത്ത ചെവികളും കൊടുത്തു" എന്ന്
9 എഴുതപ്പെട്ടിരിക്കുന്നു. ദാവീദും "അവരുടെ
മേശ അവരുടെ മുമ്പിൽ കെണിയും,
അവരുടെ പ്രതിഫലം ഇടർച്ചയും ആയി
രിക്കും. അവരുടെ കണ്ണുകൾ കാണാത 10
വണ്ണം ഇരുണ്ടുപോകും. അവരുടെ മുതുക്
എപ്പോഴും കൂനിയിരിക്കും" എന്നു പറഞ്ഞി
രിക്കുന്നു.

ഞാൻ ചോദിക്കുന്നു. അവർ വീഴത്തക്ക 11
വണ്ണം ഇടറിപ്പോയോ? ഒരിക്കലുമില്ല.
അവർക്കു ശുഷ്കാന്തിയുണ്ടാകുവാനായി
അവരുടെ ഇടർച്ചകൾ മൂലം പുറജാതി
ക്കാർക്കു 'ജീവൻ' ഉണ്ടാകയത്രെ ചെയ്തത്.
അവരുടെ ഇടർച്ച ലോകത്തിന് ധനവും 12
അവരുടെ കുററം പുറജാതികൾക്ക് സമ്പ
ത്തും ആയിത്തീർന്നുവെങ്കിൽ, അവരുടെ
പൂർണ്ണത എത്ര അധികം (ഐശ്വര്യമാ
യിരിക്കും!)

പുറജാതികളായ നിങ്ങളോടു ഞാൻ 13
പറയുന്നു. പുറജാതികളുടെ ശ്ലീഹാ ആയ
ഞാൻ എന്റെ സ്വജനങ്ങളെ തീക്ഷ്ണത 14
പ്പെടുത്തി അവരിൽ ചിലരെ രക്ഷിക്കാം
എന്നു വിചാരിച്ച് എന്റെ ശുശ്രൂഷയെ
പുകഴ്ത്തുന്നു. അവരുടെ തിരസ്കാരം 15
ലോകത്തിനു നിരപ്പിനായിത്തീർന്നുവെ
ങ്കിൽ അവരുടെ തിരിച്ചുവരവ് എത്രയധികം,
മരിച്ചവരിൽനിന്നുള്ള ജീവൻതന്നെ
ആയിരിക്കും അത്.

ആദ്യഭാഗം വിശുദ്ധമെങ്കിൽ, പിണ്ഡം 16
മുഴുവനും വിശുദ്ധം. വേരു വിശുദ്ധമെങ്കിൽ
കൊമ്പുകളും അങ്ങനെതന്നെ. കൊമ്പു 17
കളിൽ ചിലതു മുറിച്ചുകളഞ്ഞിട്ട് അവയുടെ
സ്ഥാനങ്ങളിൽ കാട്ട് ഒലീവായ നീ ഒട്ടിച്ചു
ചേർക്കപ്പെടുകയും ഒലിവുമരത്തിന്റെ
വേരിന്റേയും പുഷ്ടിയുടെയും പങ്കുകാര
നായി നീ തീരുകയും ചെയ്തുവെങ്കിൽ —
ഈ കൊമ്പുകൾക്കെതിരായി നീ അഹ 18
ങ്കരിക്കരുത്. നീ പ്രശംസിക്കുന്നുവെങ്കിൽ
നീ വേരിനെയല്ല; വേര് നിന്നെയാണ് വഹി
ച്ചിരിക്കുന്നത് (എന്നോർക്കുക). ഞാൻ 19
അവയുടെ സ്ഥാനങ്ങളിൽ ഒട്ടിക്കപ്പെടേണ്ട
തിനായിട്ടാണ് അവ മുറിച്ചുകളയപ്പെട്ടത്
എന്നു നീ പക്ഷെ പറയുമായിരിക്കും, ശരി;
അവർ വിശ്വസിക്കായ്ക നിമിത്തം മുറിക്ക 20
പ്പെട്ടു. വിശ്വാസത്താൽ നീ നിലകൊണ്ടു.
നിന്റെ ചിന്തയിൽ അഹങ്കരിക്കാതെ ഭയ
ത്തോടെ നില്ക്കുക. സ്വാഭാവിക കൊമ്പു 21
കളോടു ദൈവം കരുണകാണിച്ചില്ലെങ്കിൽ,
പക്ഷേ നിന്നോടും കരുണ കാണിക്കയില്ല.
ആകയാൽ ദൈവത്തിന്റെ ദയയും, 22
കാഠിന്യവും നീ കാണുക. വീണുപോയ
വരോടു കാഠിന്യവും ആ ദയയിൽ നീ നില
നിന്നാൽ നിന്നോടു ദയയുംതന്നെ. അല്ലെ

23 ങ്കിലോ, നീയും മുറിച്ചുകളയപ്പെടും. അവർ
വിശ്വാസരാഹിത്യത്തിൽ നിലനിൽക്കുക
യില്ലെങ്കിൽ അവരും ഒട്ടിക്കപ്പെടും. എന്തെ
ന്നാൽ വീണ്ടും അവരെ ഒട്ടിച്ച് ചേർക്കുവാൻ
24 ദൈവത്തിനു കഴിയുമല്ലോ. പ്രകൃത്യാ
കാട്ടുസൈത്താകുന്ന നീ മുറിക്കപ്പെട്ട്,
നിൻെറ പ്രകൃതിയിലല്ലാത്ത നല്ല ഒലിവു
മരത്തിൽ ഒട്ടിച്ചു ചേർക്കപ്പെട്ടുവെങ്കിൽ-
തങ്ങളുടെതന്നെ പ്രകൃതിയുള്ള ഒലിവു
മരത്തിൽ അവർ എത്ര അധികമായി
ഒട്ടിക്കപ്പെടും?
25 എൻെറ സഹോദരന്മാരെ, ഈ രഹസ്യം
നിങ്ങൾ അറിയണം എന്നു ഞാൻ ആഗ്രഹി
ക്കുന്നു. നിങ്ങൾ സ്വന്തബുദ്ധിയിൽ ജ്ഞാ
നികളെന്നു വിചാരിക്കരുത്. പുറജാതി
കളുടെ പ്രവേശനം പൂർണ്ണതയിൽ എത്തു
വോളം ഇസ്രയേലിന് കുറെക്കാലത്തേക്ക്
26 ഹൃദയാന്ധകാരം ഉണ്ടായിരിക്കും. പിന്നീട്
ഇസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും.
ഇപ്രകാരമാണല്ലോ എഴുതപ്പെട്ടിരിക്കുന്ന
ത്. രക്ഷകൻ സീയോനിൽനിന്നു വരും.
അവൻ യാക്കോബിൽ നിന്ന് അനീതിയെ
27 നീക്കും. ഞാൻ അവരുടെ പാപങ്ങൾ ക്ഷമി
ക്കുമ്പോൾ എൻെറ അടുക്കൽനിന്നുള്ള
28 നിയമം അവർക്ക് ലഭിക്കും. സുവിശേഷം
സംബന്ധിച്ച് നിങ്ങൾ നിമിത്തം അവർ
ശത്രുക്കൾ, തെരഞ്ഞെടുപ്പു സംബന്ധിച്ച്
പിതാക്കന്മാർ നിമിത്തം അവർ വത്സലരു
29 മാകുന്നു. എന്തെന്നാൽ ദൈവം തൻെറ
ദാനത്തിലും തൻെറ വിളിയിലും വ്യതിചലി
30 ക്കുന്നില്ല. മുമ്പ് നിങ്ങളും ദൈവത്തെ
അനുസരിക്കാതിരുന്നിട്ട് അവരുടെ അനു
സരണമില്ലായ്മയാൽ ഇപ്പോൾ കരുണ
31 പ്രാപിച്ചിരിക്കുന്നതുപോലെ അവർ, തങ്ങ
ളുടെമേലും കരുണയുണ്ടാകേണ്ടതിന്,
നിങ്ങളുടെമേലുള്ള കരുണയെ അവരും
32 ഇപ്പോൾ ആദരിക്കാതിരിക്കുന്നു. എല്ലാ
മനുഷ്യരോടും കരുണ ചെയ്യേണ്ടതിന്
എല്ലാവരേയും അനുസരണക്കേടിൽ
33 ദൈവം ബന്ധിതരാക്കി. ഹാ, ദൈവത്തിൻെറ
ധനം, ജ്ഞാനം, ബുദ്ധി എന്നിവയുടെ ആഴം!
തൻെറ വിധികൾ ഒരുവനും സ്പർശിച്ചിട്ടില്ല.
തൻെറ വഴികൾ പരിശോധിക്കപ്പെടാവുന്ന
34 വയുമല്ല. കർത്താവിൻെറ മനസ്സ് അറിഞ്ഞ
വർ ആരുണ്ട്? അഥവാ തൻെറ ആലോചന
35 ക്കാരനായിരുന്നവൻ ആർ? ആദ്യം തനിക്ക്
കൊടുത്തിട്ട് പിന്നെ അവിടെനിന്നു വാങ്ങി
യവൻ ആരുണ്ട്? എന്തെന്നാൽ എല്ലാം
തന്നിൽനിന്നും, എല്ലാം തന്നിലും, എല്ലാം
താൻ മൂലവുമാകുന്നു. എന്നുമെന്നേക്കും
തനിക്ക് സ്തുതികളും സ്തോത്രങ്ങളും
(ഉണ്ടായിരിക്കട്ടെ) ആമീൻ.

അദ്ധ്യായം 12

ആകയാൽ സഹോദരന്മാരേ, ദൈവ 1
ത്തിൻെറ കരുണയാൽ ഞാൻ നിങ്ങളോട
പേക്ഷിക്കുന്നു. നിങ്ങൾ നിങ്ങളുടെ ശരീര
ങ്ങളെ ബുദ്ധിപൂർവ്വകമായ ശുശ്രൂഷ വഴി
യായി ജീവനുള്ളതും പരിശുദ്ധവും ദൈവ
ത്താൽ സ്വീകാര്യവുമായ ബലിയായി
സമർപ്പിക്കണം. നിങ്ങൾ ഈ ലോകത്തോട് 2
അനുരൂപരാകരുത്. പിന്നെയോ നിങ്ങളുടെ
മനസ്സിൻെറ പുതുക്കത്താൽ രൂപാന്തരപ്പെ
ടണം. നല്ലതും സ്വീകാര്യവും പരിപൂർണ്ണവു
മായ ദൈവതിരുഹിതം എന്താകുന്നു എന്ന്
വിവേചിച്ച് അറിയുവിൻ. എനിക്ക് നൽക 3
പ്പെട്ടിട്ടുള്ള കൃപ മുഖാന്തിരം നിങ്ങൾ എല്ലാ
വരോടും ഞാൻ പറയുന്നു. നിങ്ങൾ ചിന്തി
ക്കേണ്ടതിലപ്പുറം ചിന്തിക്കരുത്. പിന്നെ
യോ, നിങ്ങളിൽ ഓരോരുത്തരും, അളന്ന്
ഭാഗിച്ചു തന്നിരിക്കുന്ന വിശ്വാസം അനു
സരിച്ച് പരിപാകതയോടെ ചിന്തിക്കണം.
എന്തെന്നാൽ, ഒരു ശരീരത്തിൽ നമുക്ക് പല 4
അവയവങ്ങൾ ഉണ്ടായിരിക്കയും എല്ലാ
അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ലാതിരി
ക്കുകയും ചെയ്യുന്നതുപോലെ, പലരായി 5
രിക്കുന്ന നാമും മ്ശീഹായിൽ ഏക ശരീരമാ
കുന്നു. നമ്മിൽ ഓരോരുവനും, അന്യോന്യം
അവയവങ്ങളുമാകുന്നു. എന്നാൽ നമുക്ക് 6
നൽകപ്പെട്ടിരിക്കുന്ന കൃപയ്ക്കനുസരിച്ച്
നമുക്ക് വിവിധ വരങ്ങളാണുള്ളത്. ഒരു
വൻെറ വിശ്വാസത്തിൻെറ അളവനുസരിച്ച്
പ്രവചനത്തിൻെറ വരമുള്ളവനുണ്ട്. തൻെറ 7
ശുശ്രൂഷയിൽ ശുശ്രൂഷയുടെ വരമുള്ള
വനും ഉപദേശത്തിൽ ഗുരുവിൻെറ വരമുള്ള
വനും തൻെറ ആശ്വസിപ്പിക്കൽകൊണ്ട്
ആശ്വാസദാതാവിൻെറ വരമുള്ളവനും
ഉണ്ട്. ധാരാളമായി ദാനം ചെയ്യുന്നവനും, 8
ഉത്സാഹത്തോടെ ഭരണം നടത്തുന്നവനും
സന്തോഷത്തോടെ കരുണ കാണിക്കുന്ന
വനുമുണ്ട്. നിങ്ങളുടെ സ്നേഹം വഞ്ചനാ 9
പരമായിരിക്കരുത്. പിന്നെയോ, നിങ്ങൾ
ദുഷ്കാര്യങ്ങളെ വെറുക്കുകയും സൽകാര്യ
ങ്ങളോട് ചേർന്നിരിക്കയും വേണം. നിങ്ങൾ 10
നിങ്ങളുടെ സഹോദരന്മാരെ സ്നേഹിക്കു
കയും പരസ്പരം സ്നേഹത്തോടിരിക്കയും
ചെയ്യുവിൻ. പരസ്പരം ബഹുമാനിക്കുന്ന
തിൽ നിങ്ങൾ മുന്നിട്ടുനിൽക്കണം. നിങ്ങൾ 11
ഉത്സാഹമുള്ളവരും അലസതയില്ലാത്തവരു
മായിരിക്കണം. നിങ്ങൾ ആത്മാവിൽ

ജ്വലിക്കുന്നവരും നിങ്ങളുടെ കർത്താവിനെ
12 സേവിക്കുന്നവരും ആയിരിപ്പിൻ. നിങ്ങളുടെ
പ്രതീക്ഷയിൽ സന്തോഷിപ്പിൻ, ഞെരുക്ക
ങ്ങൾ സഹിക്കുവിൻ, എപ്പോഴും പ്രാർത്ഥ
13 നയിൽ ഉററിരിപ്പിൻ, വിശുദ്ധരുടെ ആവശ്യ
ങ്ങളിൽ സഹകരിക്കുകയും അതിഥികളെ
(പരദേശികളെ) സ്നേഹിക്കുകയും വേണം.
14 നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹി
15 പ്പിൻ - അനുഗ്രഹിപ്പിൻ - ശപിക്കരുത്. സ
ന്തോഷിക്കുന്നവരോടുകൂടെ സന്തോഷി
ക്കുകയും, കരയുന്നവരോടുകൂടെ കരയു
16 കയും ചെയ്യുവിൻ. നിങ്ങളെക്കുറിച്ച് നിങ്ങൾ
വിചാരിക്കുന്നതുപോലെതന്നെ നിങ്ങളുടെ
സഹോദരന്മാരെ പ്രതിയും (വിചാരിക്ക
ണം). ഉന്നതഭാവം നിങ്ങൾക്കുണ്ടാകരുത്.
പ്രത്യുത താഴ്മയുള്ളവരോടു ചേർന്നു നട
പ്പിൻ. നിങ്ങൾ ജ്ഞാനികളെന്നു സ്വയം
17 ഭാവിക്കരുത്. ആരോടും തിന്മയ്ക്കു പകരം
തിന്മ പ്രതികാരം ചെയ്യരുത്. പിന്നെയോ,
സർവ്വ മനുഷ്യരുടെയും മുമ്പിൽ നന്മചെയ്യു
18 വാൻ നിങ്ങൾ തല്പരരായിരിക്കണം. നി
ങ്ങൾക്കു കഴിവുള്ളിടത്തോളം എല്ലാ മനു
ഷ്യരോടും സമാധാനത്തോടെ വസിക്കണം.
19 എൻെറ വത്സലരേ, നിങ്ങൾ സ്വയം പ്രതി
കാരം ചെയ്യാതെ (ദൈവ) കോപത്തിന് ഇട
കൊടുക്കുവിൻ. എന്തെന്നാൽ "നീ സ്വയ
മായി വിധിക്കാതിരുന്നാൽ നിൻെറ വിധി
ഞാൻ നടത്തിക്കൊള്ളാം എന്നു ദൈവം
അരുളിച്ചെയ്യുന്നു" എന്നാണല്ലോ എഴുത
20 പ്പെട്ടിരിക്കുന്നത്. നിൻെറ ശത്രുവിനു വിശ
ക്കുന്നുവെങ്കിൽ അവനു നീ ഭക്ഷണം
കൊടുക്കണം. അവൻ ദാഹിച്ചിരിക്കയാണെ
ങ്കിൽ അവനു കുടിപ്പാനും കൊടുക്കണം.
നീ അവനോട് ഇവ ചെയ്യുമെങ്കിൽ, അത്
അവൻെറ തലയിൽ തീക്കനലുകൾ
21 കൂട്ടുകയാണ്. തിന്മ നിങ്ങളെ ജയിക്കരുത്.
പിന്നെയോ നിങ്ങൾ നന്മകൊണ്ട് തിന്മയെ
ജയിക്കണം.

അദ്ധ്യായം 13

1 ഓരോരുവനും മേലധികാരത്തിനു
കീഴ്പ്പെട്ടിരിക്കണം. എന്തെന്നാൽ ദൈവ
ത്തിൽനിന്നുള്ളതല്ലാതെ ഒരധികാരവുമില്ല.
ഉള്ള അധികാരങ്ങൾ ദൈവത്താൽ കല്പി
2 ക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാര
ത്തോട് എതിർത്തു നിലകൊള്ളുന്നവൻ,
ദൈവത്തിൻെറ കല്പനയ്ക്കു വിരോധമാ
യാണു നിൽക്കുന്നത്. അവയോട് എതിർ
ത്തു നിൽക്കുന്നവൻ ശിക്ഷാവിധി അനുഭ
3 വിക്കും. വിധികർത്താക്കൾ, സൽപ്രവൃത്തി
കൾക്കല്ല, പിന്നെയോ, ദുഷ്പ്രവൃത്തി
കൾക്കത്രെ ഭയ(കാരണ)മായിരിക്കുന്നത്.
ആകയാൽ, അധികാരത്തെ ഭയപ്പെടാതിരി
ക്കാൻ നീ ആഗ്രഹിക്കുന്നുവോ? (എന്നാൽ)
നന്മചെയ്യുക, അതിൽനിന്നു നിനക്കു
മഹത്വമുണ്ടാകും. എന്തെന്നാൽ, അയാൾ 4
ദൈവത്തിൻെറ ശുശ്രൂഷകനാകുന്നു. നിന
ക്കോ അതു നന്മയ്ക്കായിട്ടാകുന്നു. നീ
തിന്മ ചെയ്യുന്നുവെങ്കിൽ ഭയപ്പെടുക.
അയാൾ വാൾ ധരിച്ചിരിക്കുന്നതു വെറുതെ
യല്ല. അയാൾ ദൈവത്തിൻെറ ശുശ്രൂഷ
കനും, തിന്മചെയ്യുന്നവരോട് കോപത്തി
ൻെറ പ്രതികാരം ചെയ്യുന്നവനുമാകുന്നു.
ആകയാൽ, കോപത്തെ ഓർത്തു മാത്രമല്ല, 5
നമ്മുടെ മനസ്സാക്ഷി നിമിത്തവും കീഴ്പ്പെ
ട്ടിരിക്കുവാൻ നാം നിർബ്ബന്ധിതരാകുന്നു.
അവർ ഇവയ്ക്കുവേണ്ടി നിയമിക്കപ്പെട്ട 6
ദൈവത്തിൻെറ ശുശ്രൂഷകരാകയാൽ
നിങ്ങൾ തലവരിപ്പണവും കൊടുക്കുന്നു.
ആകയാൽ ഓരോരുത്തനും കടപ്പെട്ടിരിക്കു 7
ന്നതുപോലെ എല്ലാവർക്കും കൊടുത്തു
വീട്ടുവിൻ. തലവരി കൊടുക്കേണ്ടവന് തല
വരിയും, ചുങ്കം കൊടുക്കേണ്ടവനു ചുങ്കവും
കൊടുപ്പിൻ. ഭയപ്പെടേണ്ടവനെ ഭയപ്പെടുക
യും, ബഹുമാനിക്കേണ്ടവനെ ബഹുമാനി
ക്കുകയും വേണം. നിങ്ങൾ, ആർക്കും ഒന്നും 8
കടപ്പെട്ടവരായിരിക്കരുത്. എന്നാലോ
പരസ്പരം, സ്നേഹിപ്പിൻ. എന്തെന്നാൽ
തൻെറ കൂട്ടുകാരനെ സ്നേഹിക്കുന്നവൻ,
ന്യായപ്രമാണത്തെ നിവർത്തിച്ചിരിക്കുന്നു.
"നീ കൊല ചെയ്യരുത്, വ്യഭിചരിക്കരുത്, 9
മോഷ്ടിക്കരുത്, മോഹിക്കരുത്" എന്നു
പറയപ്പെട്ടിരിക്കുന്നതും, ഇനിയും മററു
കല്പനകൾ ഉണ്ടെങ്കിൽ അതും നിന്നെ
പ്പോലെതന്നെ നിൻെറ അയൽക്കാരനേയും
സ്നേഹിക്കണം എന്ന ഈ വാക്യത്തിൽ
പൂർണ്ണമാകുന്നു. സ്നേഹം അയൽക്കാര 10
നോടു തിന്മചെയ്യുന്നില്ല. എന്തെന്നാൽ
സ്നേഹം ന്യായപ്രമാണത്തിൻെറ പൂർത്തീ
കരണമാകുന്നു.

ഇതും നിങ്ങൾ അറിയണം, ഇനിയും 11
നാം നമ്മുടെ നിദ്രയിൽനിന്നും ഉണരുവാ
നുള്ള കാലവും സമയവുമായി. നാം വിശ്വ
സിച്ചിരുന്നപ്പോഴത്തേക്കാൾ അധികമായി
നമ്മുടെ "രക്ഷ" നമ്മോട് അടുത്തിരി
ക്കുന്നു. രാത്രി കഴിഞ്ഞുപോയി. പകൽ 12
അടുത്തിരിക്കുന്നു. ആകയാൽ നാം അന്ധ
കാരത്തിൻെറ പ്രവൃത്തികൾ നമ്മിൽനിന്നും
നീക്കിവെച്ചിട്ട് പ്രകാശത്തിൻെറ ആയുധം
ധരിക്കണം. പകൽ സമയത്ത് എന്നതു 13

പോലെ നാം മര്യാദയായി നടക്കണം. വെറി
ക്കൂത്തുകളിലും, മദ്യലഹരിയിലും, അശുദ്ധ
ശയനത്തിലും, അസൂയയിലും, തർക്കത്തി
14 ലുമല്ല, പിന്നെയോ, നിങ്ങൾ നമ്മുടെ
കർത്താവായ യേശുമ്ശീഹായെ ധരിക്ക
ണം. മോഹങ്ങൾ (ജനിക്കുമാറ്) നിങ്ങളുടെ
ജഡത്തിൻേറത് ശ്രദ്ധിക്കയും അരുത്.

അദ്ധ്യായം 14

1 വിശ്വാസത്തിൽ ബലഹീനനായവനു
നിങ്ങൾ കൈ(ത്താങ്ങ്) കൊടുക്കണം.
വിചാരങ്ങളിൽ നിങ്ങൾ സംശയാലുക്കളാ
2 കരുത്. എന്തെന്നാൽ, സകലവും ഭക്ഷി
ക്കാമെന്നു വിശ്വസിക്കുന്നവരുണ്ട്. ബല
3 ഹീനൻ സസ്യം ഭക്ഷിക്കുന്നു. ഭക്ഷിക്കുന്ന
വൻ ഭക്ഷിക്കാത്തവനെ നിന്ദിക്കരുത്.
ഭക്ഷിക്കാത്തവൻ ഭക്ഷിക്കുന്നവനെ വിധി
ക്കയുമരുത്. എന്തെന്നാൽ ദൈവം അവനെ
4 സ്വീകരിച്ചിരിക്കുന്നു. നിൻെറതല്ലാത്ത
ദാസനെ വിധിപ്പാൻ നീ ആര്? അവൻ
നിൽക്കുന്നുവെങ്കിൽ അത് അവൻെറ
യജമാനനുവേണ്ടിയാകുന്നു. അവൻ
വീഴുന്നുവെങ്കിൽ അവൻെറ യജമാനനു
വേണ്ടി വീഴുന്നു. അവൻ നിൽക്കുകതന്നെ
ചെയ്യും. എന്തെന്നാൽ അവനെ നിറുത്തു
5 വാൻ അവൻെറ യജമാനനു കഴിയും. ഒരു
ദിവസത്തെ മറെറാരു ദിവസത്തെക്കാൾ
(പ്രധാനം) എന്നു വിധിക്കുന്നവരുണ്ട്.
എല്ലാ ദിവസവും പ്രധാനമെന്നു വിധിക്കു
ന്നവരുമുണ്ട്. ഏതു മനുഷ്യനും സ്വന്ത
ബോധത്തിൽ ഉറച്ചുനിൽക്കട്ടെ. ഒരു
6 ദിവസത്തെ ആദരിക്കുന്നവൻ അവൻെറ
കർത്താവിനുവേണ്ടി ആദരിക്കുന്നു. ഒരു
ദിവസത്തെ ആദരിക്കാത്തവനും അവൻെറ
കർത്താവിനുവേണ്ടി ആദരിക്കാതിരിക്കു
ന്നു. ഭക്ഷിക്കുന്നവൻ, അവൻെറ കർത്താവി
നുവേണ്ടി ഭക്ഷിക്കുകയും ദൈവത്തെ സ്തുതി
ക്കുകയും ചെയ്യുകയും ചെയ്യുന്നു. ഭക്ഷി
ക്കാതിരിക്കുന്നവനും തൻെറ കർത്താവി
നുവേണ്ടി ഭക്ഷിക്കാതിരിക്കുന്നു. അവനും
7 ദൈവത്തെ സ്തോത്രം ചെയ്യുന്നു. എന്തെ
ന്നാൽ നമ്മിൽ ആരും തനിക്കായിത്തന്നെ
ജീവിക്കുന്നില്ല. തനിക്കായിത്തന്നെ മരി
8 ക്കുന്നുമില്ല. എന്തെന്നാൽ നാം ജീവി
ക്കുന്നുവെങ്കിൽ നമ്മുടെ കർത്താവിന്നായി
ജീവിക്കുന്നു. മരിക്കുന്നുവെങ്കിൽ നമ്മുടെ
കർത്താവിന്നായി നാം മരിക്കുന്നു. ആക
യാൽ നാം ജീവിച്ചിരിക്കുന്നുവെങ്കിലും
മരിക്കുന്നുവെങ്കിലും, നാം നമ്മുടെ കർത്താ
9 വിൻേറതാകുന്നു. ഇതു നിമിത്തമായി
മരിച്ചവർക്കും, ജീവിച്ചിരിക്കുന്നവർക്കും
കർത്താവാകുവാൻ മ്ശീഹാ മരിക്കുകയും
ജീവിച്ച് എഴുന്നേൽക്കുകയും ചെയ്തു.

നീ നിൻെറ സഹോദരനെ വിധിക്കുന്ന 10
തെന്ത്? അല്ലെങ്കിൽ നിൻെറ സഹോദരനെ
നീ നിന്ദിക്കുന്നതും എന്തിന്? എന്തെന്നാൽ
നാം എല്ലാവരും മ്ശീഹായുടെ ന്യായാസന
ത്തിൻ മുമ്പാകെ നിൽക്കേണ്ടവരാകുന്നു.
ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "ഞാൻ 11
ജീവനുള്ളവനാകുന്നു. എല്ലാ മുഴങ്കാലും
എൻെറ മുമ്പിൽ മടങ്ങും. എല്ലാ നാവും
എന്നെ സ്തുതിക്കും എന്നു കർത്താവ്
അരുളിച്ചെയ്യുന്നു." ആകയാൽ നമ്മിൽ 12
ഓരോരുവനും, തന്നെക്കുറിച്ച് ദൈവത്തി
ൻെറ മുമ്പിൽ തനിക്കുവേണ്ടിത്തന്നെ
ഉത്തരം പറയേണ്ടിവരും.

ഇനിമേൽ നാം അന്യോന്യം വിധിക്ക 13
രുത്. നിൻെറ സഹോദരന് നീ ഇടർച്ചവരു
ത്താതിരിപ്പാൻ പ്രത്യേകമായും കരുതി
ക്കൊള്ളണം. സ്വയമെ അശുദ്ധമായത് 14
ഒന്നുമില്ലെന്ന് കർത്താവായ യേശു മുഖാ
ന്തിരം ഞാനറിയുന്നു; ബോദ്ധ്യപ്പെട്ടുമിരി
ക്കുന്നു. എന്തെങ്കിലും അശുദ്ധമാണ് എന്നു 15
വിചാരിക്കുന്നവനു മാത്രമാണ് അത്
അശുദ്ധം. ഭക്ഷണത്തെ പ്രതി നിൻെറ
സഹോദരനെ നീ ദുഃഖിപ്പിക്കുന്നുവെങ്കിൽ
സ്നേഹത്തിലല്ല നീ നടക്കുന്നത്. മ്ശീഹാ 16
ആർക്കുവേണ്ടി മരിച്ചുവോ, അവനെ
നിൻെറ ഭക്ഷണം കൊണ്ടു നീ നശിപ്പിക്ക
രുത്. നമ്മുടെ നന്മ ദുഷിക്കപ്പെടാതിരിക്ക 17
ട്ടെ. എന്തുകൊണ്ടെന്നാൽ, ദൈവരാജ്യം
ഭക്ഷണവും പാനീയവുമല്ല. നീതിയും സമാ
ധാനവും പരിശുദ്ധാത്മാവിൽ സന്തോഷ
വുമത്രെ. ഇവകൊണ്ട് മ്ശീഹായെ ശുശ്രൂ 18
ഷിക്കുന്നവൻ, ദൈവത്തെ പ്രസാദിപ്പി
ക്കുന്നു. അവൻ മനുഷ്യരുടെ മുമ്പാകെ
പരിശോധിക്കപ്പെട്ടവനുമാകുന്നു. ഇപ്പോൾ 19
നമുക്ക് സമാധാനത്തിൻെറയും അന്യോന്യ
മുള്ള ആത്മിക വർദ്ധനയുടെയും പിന്നാ
ലെ ഓടാം. ഭക്ഷണം നിമിത്തമായി ദൈവ 20
ത്തിൻെറ പ്രവർത്തനത്തെ നാം നശിപ്പിക്ക
രുത്. എന്തെന്നാൽ എല്ലാം ശുദ്ധമാകുന്നു.
എന്നാൽ ഇടർച്ച വരുത്തുമാറ് ഭക്ഷിക്കു
ന്നവന് അതു ദോഷകരമാകുന്നു. മാംസം 21
ഭക്ഷിക്കാതെയും വീഞ്ഞു കുടിക്കാതെയും,
നമ്മുടെ സഹോദരന് ഇടർച്ചവരുത്തുന്ന
യാതൊന്നും (ചെയ്യാതെയിരിക്കയും)
ചെയ്യുന്നതു നല്ലത്. വിശ്വാസമുള്ളവനായ 22
നീ ദൈവമുമ്പാകെ നിന്നിൽതന്നെ അതു
സൂക്ഷിച്ചുകൊള്ളുക. താൻ വേർതിരിച്ചു

സ്വീകരിച്ചതിൽ തന്നെത്തന്നെ കുററപ്പെടു
23 ത്താത്തവൻ ഭാഗ്യവാൻ. എന്തെന്നാൽ
സംശയിച്ചുകൊണ്ടു ഭക്ഷിക്കുന്നവൻ, അതു
വിശ്വാസത്തിൽനിന്ന് അല്ലാത്തതിനാൽ
കുററക്കാരനായിപ്പോയി. എന്തെന്നാൽ
വിശ്വാസത്തിൽനിന്ന് അല്ലാത്തത് എല്ലാം
പാപമാകുന്നു.

അദ്ധ്യായം 15

1 ആകയാൽ ശക്തരായ നാം ബലഹീന
രുടെ ബലഹീനതകളെയും വഹിപ്പാൻ കട
പ്പെട്ടവരാകുന്നു. നാം നമ്മെത്തന്നെ പ്രസാ
2 ദിപ്പിക്കരുത്. പിന്നെയോ അവൻെറ അഭി
വൃദ്ധിക്കായി തൻെറ സൽപ്രവൃത്തികളാൽ
തൻെറ അയൽക്കാരനെയും പ്രസാദിപ്പി
3 ക്കണം. എന്തെന്നാൽ മ്ശീഹായും തന്നെ
ത്തന്നെ പ്രസാദിപ്പിക്കയല്ലായിരുന്നു.
പ്രത്യുത "നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ
എൻേറമേൽ വീണു" എന്ന് എഴുതപ്പെട്ടിരി
4 ക്കുന്നപ്രകാരംതന്നെ. മുമ്പ് എഴുതപ്പെട്ടി
ട്ടുള്ളവയെല്ലാം സഹനത്താലും തിരുവെഴു
ത്തുകളുടെ ആശ്വാസത്താലും നമുക്ക്
പ്രത്യാശയുണ്ടാകുവാനായി നമ്മുടെ പഠന
5 ത്തിനായി എഴുതപ്പെട്ടവയത്രെ. നിങ്ങൾ
യേശുമ്ശീഹായിൽ ഒരുവൻ മറ്റൊരുവ
നെപ്പറ്റി ഐക്യത്തോടുകൂടി വിചാരിക്കുവാ
നായി ക്ഷമയുടെയും ആശ്വാസത്തിൻെറ
യും ദൈവം നിങ്ങൾക്കു (കൃപ) നൽകട്ടെ.
6 അത് ഒരേ മനസ്സോടും ഒരേ ശബ്ദത്തോടും
കൂടെ നമ്മുടെ കർത്താവേശുമ്ശീഹായുടെ
പിതാവാം ദൈവത്തെ നിങ്ങൾ സ്തുതിപ്പാ
7 നായിട്ടാകുന്നു. മ്ശീഹാ ദൈവതേജസ്സിങ്ക
ലേക്കു നിങ്ങളെ അടുപ്പിച്ചതുപോലെ,
നിങ്ങളും പരസ്പരം സമീപിച്ചും (ഭാരം)
8 വഹിച്ചും ഇരിപ്പിൻ. നമ്മുടെ പിതാക്കന്മാ
രോടുള്ള വാഗ്ദാനം ഉറപ്പിക്കുവാൻ ദൈവ
ത്തിൻെറ സത്യത്തിനുവേണ്ടി യേശു
മ്ശീഹാ പരിച്ഛേദനശുശ്രൂഷ ഏററു
9 എന്നും അവരുടെമേൽ ഉണ്ടായ കരുണ
കൾക്കായി ജാതികൾ ദൈവത്തെ സ്തു
തിക്കും എന്നും ഞാൻ പറയുന്നു. "ജാതി
കളുടെ ഇടയിൽ ഞാൻ നിന്നെ സ്തോത്രം
ചെയ്യും, നിൻെറ നാമത്തിനായി ഞാൻ
പാടും" എന്ന് എഴുതപ്പെട്ടിരിക്കുന്നു.
10 വീണ്ടും "പുറജാതികളേ അവൻെറ ജന
ത്തോട് ഒരുമിച്ച് ആനന്ദിപ്പിൻ" എന്നും പറ
11 ഞ്ഞിരിക്കുന്നു. വീണ്ടും, "പുറജാതികളേ
നിങ്ങൾ എല്ലാവരും കർത്താവിനെ സ്തുതി
പ്പിൻ, സർവ്വജനങ്ങളുമേ അവനെ നിങ്ങൾ
സ്തുതിപ്പിൻ" എന്നും പറഞ്ഞിരിക്കുന്നു.

ഏശായ പറഞ്ഞിരിക്കുന്നത് "ഇശ്ശായിക്ക് 12
ഒരു വേരായി എഴുന്നേൽക്കുന്നവൻ ജാതി
കൾക്കു ഭരണാധിപനായിരിക്കും, ജാതികൾ
അവനിൽ പ്രത്യാശവയ്ക്കും" എന്നത്രെ,
പ്രത്യാശയുടെ ദൈവം, പരിശുദ്ധാത്മ 13
ശക്തിയാൽ തൻെറ പ്രത്യാശയിൽ നിങ്ങൾ
അഭിവൃദ്ധിപ്പെടുവാനായി, വിശ്വാസംമൂലം
സർവ്വസന്തോഷവും സമാധാനവും കൊണ്ട്
നിങ്ങളെ നിറയ്ക്കുമാറാകട്ടെ.

എൻെറ സഹോദരന്മാരേ, നിങ്ങൾ 14
നന്മനിറഞ്ഞവരും സകലവിധ ജ്ഞാനം നിറ
ഞ്ഞവരും, മററുള്ളവർക്ക് ഉപദേശം
കൊടുപ്പാൻ കഴിവുള്ളവരും ആകുന്നു
എന്ന് എനിക്ക് ബോദ്ധ്യമുണ്ട്. എൻെറ 15
സഹോദരന്മാരേ, പുറജാതികളാകുന്ന
കാഴ്ച, പരിശുദ്ധാത്മാവിനാൽ അംഗീകൃ
തവും, പരിശുദ്ധമാക്കപ്പെട്ടതും ആയിത്തീരു
വാനായി പുറജാതികളുടെ ഇടയിൽ
യേശു മ്ശീഹായ്ക്ക്, ശുശ്രൂഷ ചെ
യ്‌വാനും ദൈവത്തിൻെറ സുവിശേഷത്തി
ന് വേല ചെയ്‌വാനും തക്കവണ്ണം, ദൈവ 16
ത്താൽ എനിക്കു നൽകപ്പെട്ട കൃപയാൽ
നിങ്ങളെ ഓർമ്മിപ്പിക്കുവാൻവേണ്ടി അല്പം
ശക്തമായി എഴുതിയിട്ടുള്ളതാകുന്നു. ആക 17
യാൽ ദൈവമുമ്പാകെ യേശുമ്ശീഹാമൂലം
എനിക്കു പ്രശംസയുണ്ട്. പുറജാതികളുടെ 18
അനുസരണത്തിന്നായി, വചനത്താലും
പ്രവൃത്തിയാലും അടയാളങ്ങളുടെയും
അത്ഭുതങ്ങളുടെയും ശക്തിയാലും, ദൈവാ
ത്മാവിൻെറ ശക്തിയാലും മ്ശീഹാ ഞാൻ
മുഖാന്തിരം പ്രവർത്തിച്ചിട്ടുള്ളവയല്ലാതെ
മററു യാതൊന്നും പറയുവാൻ ഞാൻ
തുനിയുന്നില്ല. അങ്ങനെ ഞാൻ യറു 19
ശലേം മുതൽ ഇല്ലിറിക്കോൻവരെ ചുറ്റി
സഞ്ചരിച്ച് മ്ശീഹായുടെ സുവിശേഷ
ഘോഷണം പൂർത്തിയാക്കിയിരിക്കുന്നു.
ഞാൻ, അന്യ(രിട്ട) അടിസ്ഥാനത്തിന്മേൽ 20
പണിയാതിരിക്കേണ്ടതിന്, മ്ശീഹായുടെ
നാമം വിളിക്കപ്പെട്ടിടത്തല്ല, സുവിശേഷി
പ്പാൻ ഉത്സാഹിക്കുന്നത്. പിന്നെയോ, 21
"അവനെപ്പററി ആരോട് പറയപ്പെട്ടിട്ടി
ല്ലയോ, അവർ അവനെ കാണും. കേട്ടിട്ടി
ല്ലാത്തവർ അനുസരിക്കും" എന്ന് എഴുത
പ്പെട്ടിരിക്കുന്നതു പോലെയത്രെ (ഞാൻ
പ്രവർത്തിക്കുന്നത്). അതിനായി നിങ്ങളുടെ 22
അടുക്കൽ വരുന്നതിന് അനേകപ്രാവശ്യം
എനിക്കു തടസ്സമുണ്ടായി.

എന്നാൽ ഇപ്പോഴാകട്ടെ, ഈ പ്രദേശ 23
ങ്ങളിൽ എനിക്ക് ഇനി ഇടമില്ലാത്തതു
കൊണ്ടും, വളരെ സംവത്സരങ്ങൾക്കു മുമ്പു

തന്നെ നിങ്ങളുടെ അടുക്കൽ വരണമെന്ന്
എനിക്ക് ആഗ്രഹമുണ്ടായിരുന്നതുകൊ
24 ണ്ടും, സ്പെയിനിലേക്ക് ഞാൻ പോകുന്ന
സമയത്ത് വന്ന് നിങ്ങളെ കാണാമെന്നും
നിങ്ങളെക്കണ്ട് ഏറെക്കുറെ സന്തോഷിച്ച
ശേഷം നിങ്ങൾ എന്നെ അവിടേക്കു യാത്ര
യയയ്ക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു.
25 ഇപ്പോൾ ഞാൻ വിശുദ്ധർക്കു ശുശ്രൂഷ
ചെയ്യുവാൻ യറുശലേമിലേക്ക് പോകുക
26 യാണ്. എന്തെന്നാൽ, യറുശലേമിലു
ള്ള ദരിദ്രരായ വിശുദ്ധരോട് പങ്കുണ്ടാ
കുവാൻ മക്കദോന്യയിലും അഖിയായി
27 ലുമുള്ളവർക്ക് ആഗ്രഹമുണ്ട്. അവർക്ക്
അതിനു കടമയുണ്ട് എന്നതുകൊണ്ടു മാത്ര
മല്ല, പുറജാതികൾ അവരോട് ആത്മിക
കാര്യങ്ങളിൽ സംബന്ധപ്പെട്ടുവെങ്കിൽ
ശാരീരികകാര്യത്തിലും, അവർക്കു ശുശ്രൂഷ
ചെയ്യേണ്ടത് അവരുടെ കടമയാകുകയാലും
28 അത്രെ അവർ ആഗ്രഹിച്ചത്. ആകയാൽ
അതു ഞാൻ നിർവഹിക്കുകയും ആ ഫലം
അവരെ ഏല്പിക്കുകയും ചെയ്തശേഷം,
നിങ്ങളുടെ വഴിയായി ഞാൻ സ്പെയിനി
29 ലേക്കു പോകുന്നതാണ്. ഞാൻ നിങ്ങ
ളുടെ അടുക്കൽ വരുമ്പോൾ, അത് മ്ശീ
ഹായുടെ സുവിശേഷത്തിൻെറ അനുഗ്രഹ
ത്തികവോടെ ആയിരിക്കും എന്ന് ഞാൻ
അറിയുന്നു.
30 എൻെറ സഹോദരന്മാരേ, യഹൂദി
യായിൽ, വിശ്വാസം കൈക്കൊള്ളാതെ
നിൽക്കുന്നവരിൽനിന്നും ഞാൻ രക്ഷപ്പെ
31 ടുവാനും, യറുശലേമിലുള്ള വിശുദ്ധർക്കാ
യി ഞാൻ കൊണ്ടുപോകുന്ന ശുശ്രൂഷ
(സഹായം) നന്നായി അംഗീകരിക്കപ്പെടു
32 വാനും, ദൈവ തിരുഹിതാനുസരണം ഞാൻ
നിങ്ങളുടെ അടുക്കൽ സന്തോഷത്തോടെ
വന്ന് നിങ്ങളുമൊരുമിച്ച് ആശ്വസിക്കു
വാനും ഇടയാകുവാൻ, ദൈവസന്നിധിയിൽ
എനിക്കുവേണ്ടിയുള്ള പ്രാർത്ഥനകളിൽ
എന്നോടൊരുമിച്ചു നിങ്ങളും അദ്ധ്വാനിക്ക
ണമെ എന്ന് നമ്മുടെ കർത്താവേശു
മ്ശീഹായിലും, ആത്മാവിൻെറ സ്നേഹ
ത്തോടും ഞാൻ നിങ്ങളോടപേക്ഷിക്കുന്നു.
33 സമാധാനത്തിൻെറ ദൈവം നിങ്ങൾ എല്ലാ
വരോടും കൂടെ ഇരിക്കുമാറാകട്ടെ. ആമീൻ.

അദ്ധ്യായം 16

1 കൻക്രയോസ് സഭയിലെ ശുശ്രൂഷ
കയും നമ്മുടെ സഹോദരിയുമായ 'ഫൂബി'
യെ, ഞാൻ നിങ്ങൾക്കു ഭരമേൽപിക്കുന്നു.
2 വിശുദ്ധർക്കുചിതമായ വിധത്തിൽ നമ്മുടെ
കർത്താവിനെ ഓർത്ത് നിങ്ങൾ അവളെ
സ്വീകരിക്കുകയും അവൾ നിങ്ങളോട് ആവ
ശ്യപ്പെടുന്ന എല്ലാ കാര്യങ്ങളിലും അവളെ
നിങ്ങൾ സഹായിക്കയും ചെയ്യണം. എന്തെ
ന്നാൽ അവൾ അനേകർക്കും - എനിക്കും-
ഇപ്രകാരം ചെയ്തിട്ടുള്ളവളത്രെ. യേശു 3
മ്ശീഹായുടെ (കാര്യത്തിൽ) എനിക്കു കൂട്ടു
വേലക്കാരായ പ്രിസ്കിലായ്ക്കും അകിലാ
സിനും സമാധാനം ആശംസിപ്പിൻ. എന്തെ 4
ന്നാൽ എൻെറ ജീവനുവേണ്ടി അവർ
സ്വന്ത കഴുത്തു വച്ചുകൊടുത്തവരാകുന്നു.
അവർക്കു ഞാൻ മാത്രമല്ല ജാതികളുടെ
സർവ്വസഭകളും നന്ദിപറയുന്നു. അവരുടെ 5
ഭവനത്തിൽ (കൂടുന്ന) സഭയ്ക്കും സമാധാ
നം ചൊല്ലുവിൻ. ആഖിയായിൽ- മ്ശീഹാ
യിൽ ആദ്യഫലമായ, എൻെറ വത്സലനായ,
അഫെൻതോസിനും വന്ദനം ചൊല്ലുവിൻ-
നിങ്ങൾക്കുവേണ്ടി വളരെയേറെ അദ്ധ്വാനി 6
ച്ചവളായ 'മാറിയാ'യ്ക്കും സമാധാനം ചൊ
ല്ലുവിൻ. എൻെറ ചാർച്ചക്കാരും, എന്നോടു 7
കൂടെ തടവുകാരുമായിരുന്ന, അന്ത്രോനി
ക്കോസിനും യോനിയായ്ക്കും വന്ദനം
ചൊല്ലുവിൻ; അവർ ശ്ലീഹന്മാരുടെ ഇട
യിലും പ്രസിദ്ധരും എനിക്കു മുമ്പേ വിശ്വ
സിച്ചവരും ആകുന്നു. നമ്മുടെ കർത്താ 8
വിൽ എൻെറ വത്സലനായ അംപ്ലേവോ
സിനും സമാധാനം ചൊല്ലുവിൻ. മ്ശീഹാ 9
യിൽ ഞങ്ങളോടൊത്തു വേലചെയ്ത
വനായ ഉർബാനോസിനും എൻെറ വത്സ
ലനായ എസ്തക്കോസിനും സമാധാനം
ചൊല്ലുവിൻ - നമ്മുടെ കർത്താവിൽ തെര 10
ഞ്ഞെടുക്കപ്പെട്ടവനായ അപ്പേലിക്കു സമാ
ധാനം ചൊല്ലുവിൻ. അരിസ്തബോലോ 11
സിൻെറ ഭവനക്കാർക്ക് സമാധാനം ചൊല്ലു
വിൻ. എൻെറ ചാർച്ചക്കാരനായ ഹേറോദി
യോനു സമാധാനം ചൊല്ലുവിൻ. നമ്മുടെ 12
കർത്താവിൽ ഉള്ളവരായ നർക്കീസോസി
ൻെറ ഭവനക്കാർക്കു സമാധാനം ചൊല്ലു
വിൻ. നമ്മുടെ കർത്താവിൻെറ കാര്യത്തിൽ
അദ്ധ്വാനിച്ചവരായ ത്രുഫാനെക്കും ത്രുഫോ
സേക്കും സമാധാനം ചൊല്ലുവിൻ. നമ്മുടെ
കർത്താവിനുവേണ്ടി വളരെ അദ്ധ്വാനിച്ച
എൻെറ വത്സലയായ പർസീസിന് സമാ
ധാനം ചൊല്ലുവിൻ. കർത്താവിൽ തെര 13
ഞ്ഞെടുക്കപ്പെട്ടവനായ റൂഫസിനും, എനി
ക്കും അമ്മയായ അവൻെറ അമ്മയ്ക്കും
സമാധാനം ചൊല്ലുവിൻ. അസുൻക്രി
ത്തോസിനും, ഫ്ലീഗോനും, ഹെർമോസി 14
നും, പത്രോബായ്ക്കും ഹെർമ്മാനും അവ
രോടുകൂടെയുള്ള സഹോദരന്മാർക്കും

15 സമാധാനം ചൊല്ലുവിൻ. ഫിലോലോഗോ
സിനും, യൂലിയായ്ക്കും, നീറോസിനും,
അവന്റെ സഹോദരിക്കും, ഒലുംപാസി
നും അവരോടുകൂടെയുള്ള സർവ്വ വിശു
16 ദ്ധർക്കും സമാധാനം ചൊല്ലുവിൻ. പരി
ശുദ്ധ ചുംബനത്താൽ നിങ്ങൾ പരസ്പരം
സമാധാനം ചൊല്ലുവിൻ. മ്ശീഹായുടെ
എല്ലാ സഭകളും നിങ്ങൾക്കു സമാധാനം
ചൊല്ലുന്നു.

17 എന്റെ സഹോദരന്മാരേ, നിങ്ങളോടു
ഞാൻ അപേക്ഷിക്കുന്നു. നിങ്ങൾ പഠിച്ച
തായ വേദസത്യത്തിന്* എതിരായി ഭിന്നത
കളും, വിരുദ്ധതകളും ഉണ്ടാക്കുന്നവരിൽ
നിന്നും നിങ്ങൾ അകന്നിരിപ്പാൻ സൂക്ഷിച്ചു
കൊള്ളണം എന്നു ഞാൻ അപേക്ഷിക്കുന്നു.
18 എന്തെന്നാൽ ഇപ്രകാരം ചെയ്യുന്നവർ നമ്മു
ടെ കർത്താവേശുമ്ശീഹായെയല്ല; സ്വന്തം
വയറിനെ അത്രെ സേവിക്കുന്നത്. അവർ
ഇമ്പമുള്ള വാക്കുകളാലും സ്തുതിപ്പുകളാലും
പരമാർത്ഥികളുടെ ഹൃദയങ്ങളെ വഴിതെറ്റി
19 ക്കുന്നു. നിങ്ങളുടെ അനുസരണം സർവ്വർ
ക്കും പ്രസിദ്ധമായിരിക്കുന്നു. ആകയാൽ
ഞാൻ നിങ്ങളിൽ സന്തോഷിക്കുന്നു.
നിങ്ങൾ നന്മകളിൽ ജ്ഞാനികളും തിന്മക
ളിൽ നിഷ്കളങ്കരും ആയിരിക്കണം എന്നു
20 ഞാൻ ആഗ്രഹിക്കുന്നു. സമാധാനത്തി
ന്റെ ദൈവം, സാത്താനെ വേഗത്തിൽ
നിങ്ങളുടെ കാൽകീഴെ ഞെരിച്ചുകളയട്ടെ.
നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളോടു
കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

എന്റെ കൂട്ടുവേലക്കാരനായ തീമോ 21
ത്തെയോസും എന്റെ ചാർച്ചക്കാരായ
ലൂക്കിയോസും ഇയാസോനും,. സൂസി
പത്രോസും നിങ്ങൾക്കു സമാധാനം ചൊ
ല്ലുന്നു. നമ്മുടെ കർത്താവിന്റെ നാമത്തിൽ 22
ഈ ലേഖനം എഴുതിയിരിക്കുന്ന തർതി 23
യോസ് ആകുന്ന ഞാനും നിങ്ങൾക്കു
സമാധാനം ചൊല്ലുന്നു. എനിക്കും സഭ
യ്ക്കു മുഴുവനും ആതിഥ്യം നൽകുന്ന
ഗായോസ് നിങ്ങൾക്കു സമാധാനം ചൊല്ലു
ന്നു. നഗരത്തിന്റെ കാര്യസ്ഥനായ ഏറ
സ്തോസ്സും സഹോദരനായ ക്വർതോസും
നിങ്ങൾക്കു സമാധാനം ചൊല്ലുന്നു.

പൂർവ്വകാലം മുതൽ മറവായിരുന്നതും 24
എന്നാൽ പ്രവാചകന്മാരുടെ എഴുത്തുകളും,
ദൈവത്തിന്റെ നിത്യമായ കല്പനയും
മൂലം ഇക്കാലത്തു വെളിവാക്കപ്പെട്ട് വിശ്വാ 25
സത്തിന്റെ അനുസരണത്തിന്നായി സകല
പുറജാതികൾക്കും അറിയപ്പെട്ടതുമായ
രഹസ്യത്തിന്റെ വെളിപാട് അനുസരിച്ച്,
യേശുമ്ശീഹായെക്കുറിച്ച് പ്രസംഗിക്കപ്പെട്ട 27
എന്റെ സുവിശേഷത്താൽ നിങ്ങളെ
സ്ഥിരപ്പെടുത്തുവാൻ കഴിയുന്നവനായി
താൻ മാത്രം ജ്ഞാനിയായിരിക്കുന്ന
വനായ ദൈവത്തിന് യേശുമ്ശീഹാമൂലം
എന്നുമെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ.
ആമീൻ.

നമ്മുടെ കർത്താവായ യേശുമ്ശീഹാ
യുടെ കൃപ നിങ്ങൾ എല്ലാവരോടും കൂടെ
ഉണ്ടായിരിക്കുമാറാകട്ടെ. ആമീൻ.

(കൊറിന്തിൽ വച്ച് എഴുതപ്പെട്ടതും, വിശ്വാസശുശ്രൂഷകയായ ഫൂബിയുടെ കൈവശം
കൊടുത്തയയ്ക്കപ്പെട്ടതുമായ - റോമർക്കുള്ള ലേഖനം സമാപ്തം.)

*Doctrine (KJV)

റോമർക്കുള്ള ലേഖനം

		പാഠഭേദം
1:10	വഴി തുറന്നു കിട്ടുവാനും	കഴിയേണ്ടതിന്
3:9	നാം കൂടുതലായി എന്തു പ്രാപിച്ചിരിക്കുന്നു	നമുക്കു വിശേഷതയുണ്ടോ? അശേഷമില്ല
4:16	കൃപയാലുള്ളതായ വിശ്വാസം മൂലം	കൃപാദാനം എന്നു വരേണ്ടതിന് വിശ്വാസത്തിലത്രെ
5:6	ദുഷ്ടന്മാർക്കുവേണ്ടി	നീതിമാനുവേണ്ടി
18	ഒരു മനുഷ്യൻെറ കുറ്റം നിമിത്തം... ഏകൻെറ നീതിമൂലം.....	ഏകലംഘനത്താൽ...... ഏക അനുസരണത്താൽ....
6:3	യേശു മ്ശിഹായിൽ സ്നാനമേറ്റവരായ നാം തൻെറ മരണത്തിലാകുന്നു.....	യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം.....
8:1	ജഡപ്രകാരം ചരിക്കാതെ, യേശുമ്ശിഹായിൽ വിശ്വസിക്കുന്നവർക്ക് ഇനിമേൽ ശിക്ഷാവിധി ഇല്ല	ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല
2	നിന്നെ	എനിക്ക്
39	എന്നെ	നമ്മെ

കോരിന്ത്യർക്കുള്ള ലേഖനങ്ങൾ

കോരിന്തിലെ നിവാസികൾ, റോമാ സാമ്രാജ്യത്തിലെ ഉദ്യോഗസ്ഥർ, വ്യാപാരികൾ, ഗ്രീക്കുകാർ, യഹൂദന്മാർ മുതലായവരായിരുന്നു. ക്രി. 52-ൽ പൌലോസ് അവിടെ സഭയ്ക്ക് ആരംഭമിട്ടു. (ശ്ലീ.പ്ര. 18:1-11, റോ. 16:21, 1 കോരി. 9:20 നോക്കുക) അദ്ദേഹം ഇവിടെ താമസിക്കുന്ന കാലത്താണ് 1 തെസ്സ, 2 തെസ്സ. ലേഖനങ്ങൾ എഴുതിയത്. ദുർമാർഗവും വിവിധമതങ്ങളും നിറഞ്ഞ ആ സ്ഥലത്ത് വി. പൌലോസിൻെറ പ്രവർത്തനങ്ങൾ വിജയിച്ചത് അത്ഭുതകരമത്രെ.

അവിടെ, പാരിത്ര്യത്തിൻെറ മാഹാത്മ്യം, സന്മാർഗത്തിൻെറ മഹിമ എന്നിവയെക്കുറിച്ച് വലിയ താല്പര്യമില്ലായിരുന്നു. സന്മാർഗത്തെക്കുറിച്ച് ശക്തിയായി പ്രബോധിപ്പിക്കുന്നു. (1:17) വി. പൌലോസ് അതിനും പുറമെ പുറജാതികൾക്കു പോലും മ്ലേച്ഛമായ അസാന്മാർഗികതയും നടമാടിയിരുന്നു. (അ. 5) പരസ്പരമുള്ള വഴക്കുകൾ രമ്യമാക്കുവാനുള്ള ശ്രമം വിശ്വാസികൾ നടത്തിയില്ല. അവിശ്വാസികളെ അഭയം പ്രാപിക്കുന്ന അവരുടെ സ്വഭാവത്തെ വി. പൌലോസ് അപലപിച്ചു. (അ. 6) വിവാഹസംബന്ധവും ഭാര്യാഭർത്തൃബന്ധവും സംബന്ധിച്ചുള്ള പ്രബോധനവും 6-ൽ തന്നെ കാണാം. വിശ്വാസികൾക്ക് ഇടർച്ച വരുത്തുന്ന ചിലരെക്കുറിച്ചുള്ള ശാസനമാണ് 8,9 അദ്ധ്യായങ്ങളിലെ പ്രധാന ചർച്ചാവിഷയം. വിഗ്രഹാർപിതങ്ങൾ ഭക്ഷിക്കുന്നവർ, ക്ഷേത്രസദ്യകളിൽ പങ്കുകൊള്ളുന്നവർ മുതലായവർ.

ആരാധനാ സംബന്ധമായവ:- സ്ത്രീകൾ തലമൂടി പ്രാർത്ഥിക്കണം. സർവോപരി: കർത്തൃശരീരരക്തങ്ങളുടെ അനുഭവത്തിൽ അനുവർത്തിക്കേണ്ട ഭക്തി. 15-20 അദ്ധ്യായത്തിൻെറ സിംഹഭാഗം ഇതിന്നായി നീക്കിവച്ചിരിക്കുന്നു. 3-ാമത് കൃപാവരദാനങ്ങളെക്കുറിച്ചു. (12-20) ശരീരത്തിൻെറ പുനരുത്ഥാനത്തെക്കുറിച്ചുള്ള പ്രബോധനം. എഴുതിയ കാലം ക്രി. 56 എന്നു ഗണിക്കപ്പെടുന്നു.

രണ്ടാം ലേഖനവും 56-ൽ തന്നെ എഴുതപ്പെട്ടു. ഈ ലേഖനത്തിൽനിന്നും വി. പൌലോസിൻെറ ആശകളും ആശയങ്ങളും സങ്കടങ്ങളും തിന്മയ്ക്കെതിരായുള്ള തൻെറ ഉറച്ച നിലപാടും, പാപികളോടുള്ള അനുകമ്പ ആദിയായവയും ഗ്രഹിക്കാം. തനിക്കുണ്ടായ ദർശനം-ശരീരത്തിലെ മുള്ള്-നേരിട്ട ഉപദ്രവങ്ങൾ മുതലായവ ഈ ലേഖനത്തിൽ കാണാം. (4:7; 10:10, 11:23, 12:1-7) ക്രൈസ്തവ തത്വജ്ഞാനത്തെ സുവ്യക്തം ഈ ലേഖനത്തിൽ കാണിച്ചിട്ടുണ്ട്. 3:6, 5:14, 4:16, 5:8, 8:9, 13:14.

പൌലോസ്ശ്ലീഹാ കോരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനം

അദ്ധ്യായം 1

1 ദൈവതിരുവിഷ്ടത്താൽ യേശു
മ്ശീഹായാൽ വിളിക്കപ്പെട്ടവനും ശ്ലീഹായു
മായ പൌലൂസും സഹോദരൻ സുസ്തീ
2 നോസും കൂടി കോരിന്തിലുള്ള ദൈവ
ത്തിൻെറ സഭയ്ക്ക്-യേശുമ്ശീഹായാൽ
വിളിക്കപ്പെട്ടവരും വിശുദ്ധരുമായവർക്ക്
അവരുടേയും ഞങ്ങളുടെയും കർത്താവായ
യേശുമ്ശീഹായുടെ നാമത്തെ വിളിച്ചപേ
ക്ഷിക്കുന്നവരായി എല്ലാ സ്ഥലത്തുമുള്ള
എല്ലാവർക്കുംവേണ്ടി (എഴുതുന്നത്).
3 നമ്മുടെ പിതാവാം ദൈവത്തിൽനിന്നും
നമ്മുടെ കർത്താവായ യേശുമ്ശീഹായിൽ
നിന്നും, കൃപയും സമാധാനവും നിങ്ങളോടു
കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.
4 യേശുമ്ശീഹാ മുഖാന്തിരം നിങ്ങൾക്കു
നൽകപ്പെട്ട ദൈവത്തിൻെറ കൃപയെ പ്രതി
നിങ്ങൾക്കുവേണ്ടി ഞാൻ എൻെറ ദൈവ
5 ത്തെ എപ്പോഴും സ്തോത്രം ചെയ്യുന്നു. മ്ശീ
ഹായുടെ സാക്ഷ്യം നിങ്ങളിൽ സുസ്ഥിര
6 മായിരിക്കുന്നതുപോലെ, താൻമൂലം നി
ങ്ങൾ സകലത്തിലും സർവ്വവചനത്തിലും,
സർവ്വപരിജ്ഞാനത്തിലും സമ്പന്നരായി
7 രിക്കുന്നു. തൻെറ വരദാനങ്ങളിൽ ഒന്നിൽ
പോലും നിങ്ങൾക്കു കുറവു വന്നിട്ടില്ല.
നിങ്ങളോ നമ്മുടെ കർത്താവേശുമ്ശീഹാ
യുടെ പ്രത്യക്ഷതയ്ക്കായി പ്രതീക്ഷിച്ചു
കൊണ്ടുമിരിക്കുന്നു. നമ്മുടെ കർത്താവ്
യേശുമ്ശീഹായുടെ ദിവസത്തിൽ നിങ്ങൾ
കുറ്റമില്ലാത്തവരായിരിക്കേണ്ടതിന്, അന്ത്യം
വരെയും താൻ നിങ്ങളെ സുസ്ഥിര
രാക്കും. നമ്മുടെ കർത്താവേശുമ്ശീഹാ
യാകുന്ന തൻെറ പുത്രനുമായുള്ള ബന്ധ
ത്തിനായി താൻ മൂലം നിങ്ങളെ വിളിച്ച
വനായ ദൈവം വിശ്വസ്തനാകുന്നു.
എൻെറ സഹോദരന്മാരേ, നമ്മുടെ
കർത്താവേശുമ്ശീഹായുടെ നാമത്തിൽ
ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.
നിങ്ങൾക്കെല്ലാവർക്കും ഒരേ വാക്കുതന്നെ
ഉണ്ടായിരിക്കണം. നിങ്ങളുടെ ഇടയിൽ
ഭിന്നത ഉണ്ടാകരുത്. പിന്നെയോ, ഒരേ
മനസ്സോടും, ഒരേ അഭിപ്രായത്തോടുംകൂടി
നിങ്ങൾ പൂർണ്ണരായിരിക്കണം. എന്നാൽ 11
നിങ്ങളുടെ മദ്ധ്യേ തർക്കങ്ങൾ ഉണ്ടായി
രിക്കുന്നു എന്ന്, ക്ലോവെയുടെ ആളുകളിൽ
നിന്നും എനിക്ക് അറിവു കിട്ടിയിരിക്കുന്നു.
നിങ്ങളിൽ ഓരോരുത്തൻ ഞാൻ പൌലോ 12
സിൻെറ(പക്ഷക്കാരൻ), ഞാൻ അപ്പൊലോ
സിൻെറ പക്ഷക്കാരൻ, ഞാൻ കീപ്പായുടെ
പക്ഷക്കാരൻ, ഞാൻ മ്ശീഹായുടെ പക്ഷ
ക്കാരൻ എന്നു പറയുന്നുണ്ടത്രെ. മ്ശീഹാ 13
വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ? അഥവാ,
പൌലോസാണോ നിങ്ങൾക്കുവേണ്ടി
ക്രൂശിക്കപ്പെട്ടത്? അല്ലെങ്കിൽ, പൌലോസി
ൻെറ നാമത്തിലോ നിങ്ങൾ മാമ്മൂദീസാ
ഏററത്? എൻെറ നാമത്തിൽ ഞാൻ 14
മാമ്മൂദീസാ നൽകി എന്ന് ആരും പറയാ
തിരിക്കേണ്ടതിന് ക്രിസ്പോസിനെയും 15
ഗായോസിനെയുമല്ലാതെ മററാരെയും,
നിങ്ങളിൽ ആരെയും ഞാൻ സ്നാനപ്പെടു
ത്തിയിട്ടില്ലാത്തതിനാൽ എൻെറ ദൈവ
ത്തെ ഞാൻ സ്തോത്രം ചെയ്യുന്നു. എസ്ത
പ്പാനായുടെ വീട്ടുകാർക്ക് ഞാൻ മാമ്മൂദീ
സാ നൽകിയിട്ടുണ്ട്. മററാർക്കെങ്കിലും മാ 16
മ്മൂദീസാ നൽകിയതായി എനിക്കറിഞ്ഞു
കൂടാ. മ്ശീഹാ എന്നെ അയച്ചിരിക്കുന്നത് 17
മാമ്മൂദീസാ നൽകുവാനല്ല, സുവിശേഷം
പ്രസംഗിക്കുവാനത്രെ. അതും മ്ശീഹായുടെ
ക്രൂശ് വ്യർത്ഥമാകാതിരിപ്പാൻ, വാഗ്സാമർ
ത്ഥ്യത്തോടെയല്ലതാനും. എന്തെന്നാൽ ക്രൂ 18
ശിൻെറ വചനം, നശിച്ചുപോകുന്നവർക്കു
ഭോഷത്വമാകുന്നു. എന്നാൽ ജീവൻ പ്രാപി
ച്ചിരിക്കുന്നവരായ നമുക്കോ അതു ദൈവ
ത്തിൻെറ ശക്തിയാകുന്നു, “ജ്ഞാനികളു 19
ടെ ജ്ഞാനം ഞാൻ നശിപ്പിക്കും, ബുദ്ധിമാ
ന്മാരുടെ വിചാരം ഞാൻ നീക്കിക്കളയുക
യും ചെയ്യും” എന്ന് എഴുതപ്പെട്ടിരിക്കുന്നുവ
ല്ലോ. വിജ്ഞാനി എവിടെ? ശാസ്ത്രി എവി 20
ടെ? ഈ ലോകത്തിലെ താർക്കികൻ എവി
ടെ? കണ്ടാലും, ഈ ലോകത്തിൻെറ ജ്ഞാ
നത്തെ ദൈവം ഭോഷത്തമാക്കിയില്ലയോ?

21 എന്തെന്നാൽ ജ്ഞാനംകൊണ്ട് ലോകം
ദൈവത്തെ അറിഞ്ഞില്ല എന്നതിനാൽ,
പ്രസംഗത്തിന്റെ ഭോഷത്വംകൊണ്ട് വിശ്വ
സിക്കുന്നവരെ ജീവിപ്പിക്കുവാൻ, ദൈവ
ത്തിന്റെ ജ്ഞാനത്താൽ ദൈവം തിരുവി
22 ഷ്ടപ്പെട്ടു. യഹൂദന്മാർ അടയാളങ്ങൾ
ആവശ്യപ്പെടുന്നു. യവനന്മാർ ജ്ഞാനം
23 അന്വേഷിക്കുന്നു. ഞങ്ങളോ ക്രൂശിക്കപ്പെട്ട
വനായ മ്ശീഹായെ പ്രസംഗിക്കുന്നു. അതു
യഹൂദന്മാർക്ക് ഇടർച്ചയും, ജാതികൾക്കു
24 ഭോഷത്വവുമായി (തോന്നുന്നു). എന്നാൽ
വിളിക്കപ്പെട്ടവരായ യഹൂദന്മാർക്കും വിജാ
തീയർക്കും, മ്ശീഹാ ദൈവത്തിന്റെ ശക്തി
യും, ദൈവത്തിന്റെ ജ്ഞാനവുമാകുന്നു.
25 എന്നാൽ ദൈവത്തിന്റെ ഭോഷത്വം മനു
ഷ്യജ്ഞാനത്തേക്കാൾ ജ്ഞാനമേറി
യതും ദൈവത്തിന്റെ ബലഹീനത
മനുഷ്യരെക്കാൾ ബലമേറിയതുമാകുന്നു.
26 എന്റെ സഹോദരന്മാരെ, നിങ്ങളുടെ
വിളിയെക്കുറിച്ച് ശ്രദ്ധിക്കുവിൻ. നിങ്ങളിൽ
ജഡപ്രകാരം, വിജ്ഞാനികൾ വളരെയില്ല.
നിങ്ങളിൽ ശക്തന്മാരും അധികമില്ല.
നിങ്ങളിൽ ഉന്നതകുടുംബക്കാരും ഏറെ
27 യില്ല. എന്നാൽ ദൈവമോ, ലോകദൃഷ്ടി
യിൽ വിജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ
ലോകത്തിൽ മൂഢന്മാരെ തെരഞ്ഞെടുത്തു.
ബലവാന്മാരെ ലജ്ജിപ്പിക്കുവാൻ, താൻ
ലോകപ്രകാരം ബലഹീനരായവരേയും
28 തെരഞ്ഞെടുത്തു. ഉള്ളവരെ മാറ്റുവാനായി
ദൈവം ലോകത്തിൽ താഴ്ന്ന കുടുംബക്കാ
രെയും, നിഷിദ്ധരായവരേയും ആരുമല്ലാത്ത
29 വരേയും തെരഞ്ഞെടുത്തു. ആയത് ഒരു
ജഡവും തന്റെ മുമ്പിൽ പ്രശംസിക്കാതിരി
30 പ്പാൻതന്നെ. നിങ്ങളും നമുക്കു ജ്ഞാനവും
നീതിയും, വിശുദ്ധിയും, രക്ഷയുമായിരിക്കു
ന്ന യേശു മ്ശീഹാമൂലം തന്നിൽ (ദൈവ
31 ത്തിൽ) നിന്നുള്ളവരാകുന്നു. ഇപ്രകാരം
എഴുതപ്പെട്ടിരിക്കുന്നു: "പ്രശംസിക്കുന്നവൻ
കർത്താവിൽ പ്രശംസിക്കട്ടെ."

അദ്ധ്യായം 2

1 എന്റെ സഹോദരന്മാരേ, ഞാൻ നിങ്ങ
ളുടെ അടുക്കൽ വന്നപ്പോൾ, ദൈവത്തി
ന്റെ രഹസ്യത്തെ നിങ്ങളോടു സുവിശേഷി
ച്ചത്, വാഗ്വൈഭവത്താലോ, വിജ്ഞാനം
2 കൊണ്ടോ അല്ലായിരുന്നു. യേശുമ്ശീഹാ
യെ—അതേ—ക്രൂശിക്കപ്പെട്ടവനെ—
അല്ലാതെ മറെറാന്നും അറിയുന്നവനായി
നിങ്ങളുടെ ഇടയിൽ എന്നെക്കുറിച്ചുതന്നെ
3 ഞാൻ ഭാവിച്ചുമില്ല. ഞാൻ വലിയ ഭയ
ത്തോടും വിറയലോടും കൂടിയാണ് നിങ്ങ
ളുടെ അടുക്കൽ ആയിരുന്നത്. നിങ്ങളുടെ 4
വിശ്വാസം മനുഷ്യരുടെ വിജ്ഞാനത്തിന്റെ
തല്ല, ദൈവത്തിന്റെ ശക്തിയാൽ ആയിരി
പ്പാൻ വേണ്ടി—എന്റെ വചനവും എന്റെ 5
പ്രസംഗവും വിജ്ഞാനത്തിന്റെ വചന
ത്തിന്റെ ചാതുര്യത്തോടുകൂടി അല്ലായി
രുന്നു. പിന്നെയോ, ആത്മാവിന്റെയും
ശക്തിയുടെയും പ്രദർശനത്തോടുകൂടി
ആയിരുന്നു. എന്നാൽ പൂർണ്ണരുടെ ഇടയിൽ 6
ഞങ്ങൾ വിജ്ഞാനം സംസാരിക്കുന്നു.
അത് ഈ ലോകപരമായ ജ്ഞാനമല്ല—
ഈ ലോകത്തിലെ നശിച്ചുപോകുന്ന
ശക്തന്മാരുടേതുമല്ല. മറവായിരുന്നതും 7
ലോകാരംഭങ്ങൾക്കുമുമ്പേ നമ്മുടെ മഹത്വ
ത്തിനായി ദൈവം വേർതിരിച്ചു നിശ്ചയി
ച്ചിരുന്നതുമായ ദൈവത്തിന്റെ ജ്ഞാന
മത്രെ 'മർമ്മ'മായി ('രഹസ്യം') ഞങ്ങൾ
സംസാരിക്കുന്നത്. ഈ ലോകത്തിന്റെ 8
ഒരധികാരിയും അതിനെ അറിഞ്ഞിട്ടില്ല.
അത് അവർ അറിഞ്ഞിരുന്നെങ്കിൽ, അവർ
മഹത്വത്തിന്റെ കർത്താവിനെ ക്രൂശിക്ക
യില്ലായിരുന്നു. "ദൈവം തന്നെ സ്നേഹി 9
ക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് കണ്ണു
കണ്ടിട്ടില്ല; ചെവി കേട്ടിട്ടില്ല; മനുഷ്യന്റെ
ഹൃദയത്തിൽ പ്രവേശിച്ചിട്ടുമില്ല" എന്ന്
എഴുതപ്പെട്ട പ്രകാരംതന്നെ.
എന്നാൽ ദൈവം തന്റെ ആത്മാവ് 10
മൂലം നമുക്കു വെളിപ്പെടുത്തിത്തന്നിരി
ക്കുന്നു. ആത്മാവ് സകലത്തേയും,—
ദൈവത്തിന്റെ ആഴമേറിയ കാര്യങ്ങളെയും
ആരായുന്നു. ഒരു മനുഷ്യനിലുള്ളത് 11
അവനിലുള്ള മനുഷ്യാത്മാവ് അല്ലാതെ
മററാര് അറിയുന്നു? അതുപോലെതന്നെ,
ദൈവത്തിലുള്ളതും ദൈവാത്മാവുമാത്ര
മല്ലാതെ മററാരും ഗ്രഹിക്കുന്നില്ല. നാമോ, 12
ലോകത്തിന്റെ ആത്മാവിനെയല്ല—
ദൈവത്തിൽനിന്നും നമുക്കു നൽകപ്പെട്ടി
ട്ടുള്ള വരങ്ങളെ അറിയുവാനായി ദൈവ
ത്തിൽനിന്നുള്ള ആത്മാവിനെ അത്രെ
പ്രാപിച്ചിരിക്കുന്നത്. ഞങ്ങൾ സംസാരിക്കു 13
ന്നത്, മനുഷ്യരുടെ ജ്ഞാനവാക്യങ്ങളുടെ
പഠനംകൊണ്ടല്ല; ആത്മാവിന്റെ ഉപദേശ
ത്താൽ അത്രെ. ആത്മീകർക്കു ഞങ്ങൾ
ആത്മീകങ്ങളായവ വ്യാഖ്യാനിക്കുന്നു.
എന്നാൽ ലൌകിക മനുഷ്യൻ ആത്മീക 14
കാര്യങ്ങൾ സ്വീകരിക്കുന്നില്ല. എന്തെന്നാൽ
അവ അവനു ഭോഷത്വമാകുന്നു. അവ
ആത്മാവാലത്രെ വിവേചിക്കപ്പെടുന്നത്
എന്നതിനാൽ അവനു ഗ്രഹിപ്പാൻ കഴിയു

15 കയില്ല. എന്നാൽ ആത്മികനോ, എല്ലാം
സ്വയമായി വിധിക്കുന്നു. അവൻ മററാരാ
16 ലും കുററം വിധിക്കപ്പെടുന്നില്ല. കർത്താ
വിനെ ഉപദേശിക്കുവാൻ തക്കവണ്ണം തൻെറ
മനസ്സറിഞ്ഞവൻ ആരുണ്ട്? എന്നാൽ
ഞങ്ങൾക്കാകട്ടെ മ്ശീഹായുടെ മനസ്സ്
ലഭിച്ചിട്ടുണ്ട്.

അദ്ധ്യായം 3

1 എൻെറ സഹോദരന്മാരേ, ജഡികരോട്
എന്നപോലെയും മ്ശീഹായിൽ ശിശുക്ക
ളോട് എന്നപോലെയുമല്ലാതെ ആത്മിക
രോട് എന്നപോലെ നിങ്ങളോടു സംസാരി
2 പ്പാൻ എനിക്കു സാധിച്ചില്ല. ഞാൻ
നിങ്ങൾക്കു ഭക്ഷണമല്ല, പാൽ അത്രെ
നൽകിയത്. എന്തെന്നാൽ (ഭക്ഷണമായി)
കഴിപ്പാൻ നിങ്ങൾക്കു കഴിവില്ലായിരുന്നു.
ഇപ്പോഴും പ്രാപ്തരായിട്ടില്ല. എന്തെന്നാൽ
3 ഇപ്പോഴും നിങ്ങൾ ജഡികരല്ലോ. നിങ്ങളിൽ
അസൂയയും, തർക്കവും, ഭിന്നതകളും
ഉള്ളിടത്തോളം കാലം നിങ്ങൾ ജഡികന്മാർ
തന്നെയല്ലയോ? ജഡപ്രകാരമല്ലേ നിങ്ങൾ
4 പ്രവർത്തിക്കുന്നതും? നിങ്ങളിൽ ഒരുത്തൻ
ഞാൻ പൌലോസിനുള്ളവൻ എന്നും,
മററൊരുവൻ ഞാൻ അപ്പല്ലോസിനുള്ളവൻ
എന്നും പറയുമ്പോൾ, ഹാ, നിങ്ങൾ കേവലം
5 ജഡികരല്ലയോ? പൗലോസ് ആര്? അല്ലെ
ങ്കിൽ അപ്പല്ലോസ് ആര്? ഓരോരുത്തനും
കർത്താവു വരം നൽകിയതിനനുസരിച്ച്,
നിങ്ങൾ അവർ മൂലം വിശ്വസിക്കുവാൻ
കാരണക്കാരായിത്തീർന്ന ശുശ്രൂഷകർ
6 അത്രെ അവർ. ഞാൻ നട്ടു, അപ്പല്ലോസ്
7 നനച്ചു, ദൈവം വളർത്തി. ആകയാൽ
നടുന്നവനും, നനയ്ക്കുന്നവനും, ഏതുമല്ല.
പിന്നെയോ, വളർത്തുന്നവനായ ദൈവം
8 മാത്രമാണ് എല്ലാം. എന്നാൽ നടുന്നവനും
നനയ്ക്കുന്നവനും ഒരുപോലെ ആകുന്നു.
ഓരോരുത്തനും അവനവൻെറ അദ്ധ്വാന
ത്തിനു തക്കവണ്ണം കൂലി പ്രാപിക്കും.
9 ഞങ്ങൾ ദൈവത്തോടുകൂടെ വേലചെയ്യു
ന്നവർ ആകുന്നു. നിങ്ങൾ ദൈവത്തിൻെറ
കൃഷിയും പണിയുമാകുന്നു.
0 എനിക്കു നൽകപ്പെട്ടതായ ദൈവത്തി
ൻെറ കൃപയ്ക്കനുസരിച്ച്, വിജ്ഞാനമുള്ള
ഒരു ശിൽപിയെപ്പോലെ ഞാൻ അടിസ്ഥാന
മിട്ടിരിക്കുന്നു. മററൊരുവൻ അതിന്മേൽ
പണിയുന്നു. അതിന്മേൽ താൻ എങ്ങനെ
യാണു പണിയുന്നതെന്ന് ഓരോരുവനും
നോക്കിക്കൊള്ളട്ടെ. എന്തെന്നാൽ സ്ഥാപി 11
തമായിരിക്കുന്ന - യേശുമ്ശീഹാ ആകുന്ന
ഈ അടിസ്ഥാനമൊഴികെ മറ്റൊന്നു സ്ഥാ
പിക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഈ അടി 12
സ്ഥാനത്തിന്മേൽ ആരെങ്കിലും, സ്വർണ്ണ
മോ, വെള്ളിയോ, വിലയേറിയ കല്ലുകളോ,
തടികളോ, പുല്ലോ, വൈക്കോലോ ചേർത്തു
പണിയുന്നുവെങ്കിൽ, ഓരോരുത്തൻേറയും
നിർമ്മാണം വെളിപ്പെട്ടുവരും. ആ ദിവസം 13
അഗ്നിയോടെ വെളിപ്പെടുന്നതിനാൽ, അതി
നെ വെളിപ്പെടുത്തും. ഓരോരുവൻെറയും
പ്രവൃത്തി ഏതുവിധമെന്ന് അഗ്നി പരിശോ
ധിക്കും. ഒരുവൻെറ പണി നിലനിൽക്കുമെ 14
ങ്കിൽ അവൻ കൂലി പ്രാപിക്കും. ആരുടേതു 15
ദഹിച്ചുപോകുമോ, അവനു നഷ്ടപ്പെടും.
അവനോ, അഗ്നിയിൽ നിന്ന് എന്നപോലെ
രക്ഷപ്പെടും.

നിങ്ങൾ ദൈവത്തിൻെറ ആലയമാകു 16
ന്നുവെന്നും, ദൈവത്തിൻെറ ആത്മാവ്
നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ
അറിയുന്നില്ലയോ? ദൈവത്തിൻെറ ആലയ 17
ത്തെ നശിപ്പിക്കുന്നവനെ ദൈവം നശിപ്പി
ക്കും. ദൈവത്തിൻെറ ആലയം വിശുദ്ധമാകു
ന്നു. അതു നിങ്ങൾ തന്നെയുമാകുന്നു.
ആരും സ്വയം വഴിതെററരുത്. ഈ ലോക 18
ത്തിൽ ജ്ഞാനി എന്നു നിങ്ങളിൽ ആരെ
ങ്കിലും വിചാരിക്കുന്നുവെങ്കിൽ അവൻ
ജ്ഞാനിയാകുവാനായി ഭോഷനായിരി
ക്കട്ടെ. എന്തെന്നാൽ ഈ ലോകസംബന്ധ 19
മായ ജ്ഞാനം ദൈവസന്നിധിയിൽ ഭോഷ
ത്വമാകുന്നു. "ദൈവം ജ്ഞാനികളെ അവ
രുടെ കൗശലത്തിൽതന്നെ കുടുക്കുന്നു
എന്നും, "ജ്ഞാനികളുടെ ആലോചനകൾ 20
വ്യർത്ഥം എന്ന് കർത്താവ് അറിയുന്നു"
എന്നും എഴുതപ്പെട്ടിട്ടുണ്ടല്ലോ. ആകയാൽ 21
ആരും മനുഷ്യരിൽ പ്രശംസിക്കരുത്.
പൗലോസാകട്ടെ, അപ്പല്ലോസ് ആകട്ടെ, 22
കീപ്പായാകട്ടെ, ലോകമാകട്ടെ, ജീവനാ
കട്ടെ, മരണമാകട്ടെ, ഇപ്പോഴുള്ളവയാകട്ടെ,
വരുവാനുള്ളവയാകട്ടെ, സകലവും നിങ്ങൾ
ക്കുള്ളതാകുന്നു. നിങ്ങൾ മ്ശീഹായുടേ 23
തും, മ്ശീഹാ, ദൈവത്തിൻെറതുമാകുന്നു.

അദ്ധ്യായം 4

മ്ശീഹായുടെ ശുശ്രൂഷകന്മാരും[1] ദൈവ 1
ത്തിൻെറ മർമ്മങ്ങളുടെ[2] ഭവനാധികാരിക
ളും[3] ആയി നിങ്ങൾ ഞങ്ങളെ പരിഗണിക്ക
ണം. ഭവനാധികാരികളിൽ ആവശ്യമായിരി 2

1. Ministers 2. Mysteries. 3 റാബായ് ബോത്തെ - Stewards.

ക്കുന്നതോ, അവർ വിശ്വസ്തരായിരിക്കണം
3 എന്നുള്ളതാണ്. നിങ്ങളാലോ മറ്റുള്ളവരാ
ലോ ഞാൻ വിധിക്കപ്പെടുന്നത് എനിക്കു
4 നിസ്സാരമാകുന്നു. ഞാൻ എന്നെത്തന്നെ
വിധിക്കുന്നില്ല. എന്തെന്നാൽ എൻെറ മന
സ്സിൽ എന്തെങ്കിലും കുറ്റമുള്ളതായ ബോദ്ധ്യം
എനിക്കില്ല. എന്നാൽ അതുകൊണ്ട് ഞാൻ
നീതീകരിക്കപ്പെടുന്നില്ല. കർത്താവാകു
5 ന്നു എന്നെ വിധിക്കുന്നവൻ. ആകയാൽ
കർത്താവു വരുന്നതുവരെ, സമയത്തിനു
മുമ്പ്, നിങ്ങൾ, ഒന്നും വിധി കല്പിക്കുന്ന
വരാകരുത്. താൻ അന്ധകാരത്തിൽ മറ
ഞ്ഞിരിക്കുന്ന രഹസ്യങ്ങളെ വെളിച്ചത്താ
ക്കും. അവരുടെ ഹൃദയചിന്തകളെ വെളി
പ്പെടുത്തുകയും ചെയ്യും. അപ്പോൾ ഓരോ
രുവനും ദൈവത്തിൽനിന്നുള്ള മഹിമ
ലഭിക്കും.
6 എൻെറ സഹോദരന്മാരെ, ഞാൻ
എന്നെത്തന്നെയും അപ്പല്ലോസിനെയും
കുറിച്ച് പറഞ്ഞത് നിങ്ങളെപ്രതിയാകുന്നു.
എഴുതപ്പെട്ടതിനപ്പുറം നിങ്ങൾ വിചാരിക്കരു
തെന്നും, ഒരുവൻ മററൊരുവൻ നിമിത്തം,
തൻെറ കൂട്ടുകാരൻെറ മേൽ അഹങ്കരിക്കരു
തെന്നും, ഞങ്ങളിൽനിന്നും നിങ്ങൾ പഠി
7 ക്കേണ്ടതിനത്രെ. നിനക്കു ശ്രേഷ്ഠത
നൽകിയതാരാണ്? ദാനമായി ലഭിച്ചത
ല്ലാതെ നിനക്ക് എന്തുണ്ട്? നിനക്കു ലഭിച്ച
സ്ഥിതിക്ക്, നിനക്കു ലഭിച്ചതല്ല എന്ന മട്ടിൽ
8 നീ അഹങ്കരിക്കുന്നതെന്ത്? ഇത്ര ക്ഷണ
ത്തിൽ നിങ്ങൾ തൃപ്തരായി, നിങ്ങൾ സമ്പ
ന്നരായി, ഞങ്ങളെ കൂടാതെ തന്നെ നിങ്ങൾ
വാഴുകയും ചെയ്തു! നിങ്ങളോടുകൂടെ
ഞങ്ങളും വാഴത്തക്കവണ്ണം നിങ്ങൾ വാണു
വെങ്കിൽ കൊള്ളാമായിരുന്നു.
9 ഞങ്ങൾ ലോകത്തിനും, ദൂതന്മാർ
ക്കും, മനുഷ്യർക്കും വിനോദകാഴ്ച
യായി തീർന്നിരിക്കയാൽ - ശ്ലീഹന്മാരായ
ഞങ്ങളെ മരണത്തിന് എന്നപോലെ അവ
സാന സ്ഥാനക്കാരായിട്ടാണ് ദൈവം വച്ചി
രിക്കുന്നത് എന്ന് എനിക്കു തോന്നുന്നു.
10 ഞങ്ങൾ മ്ശീഹായെ പ്രതി, ഭോഷന്മാർ-
നിങ്ങൾ മ്ശീഹായിൽ ബുദ്ധിമാന്മാർ;
ഞങ്ങൾ ബലഹീനർ, നിങ്ങളോ ശക്ത
11 ന്മാർ; നിങ്ങൾ പുകഴ്ത്തപ്പെടുന്നു, ഞങ്ങൾ
അവമാനിക്കപ്പെടുന്നു. ഞങ്ങൾ ഇപ്പോഴും
വിശപ്പുള്ളവരും, ദാഹമുള്ളവരും, നഗ്നന്മാ
രും, അടിക്കപ്പെടുന്നവരും, ഭവനരഹിതരു
12 മാകുന്നു. ഞങ്ങൾ സ്വന്ത കൈകൾകൊണ്ട്
13 വേല ചെയ്ത് അദ്ധ്വാനിക്കുന്നു. അവർ
ഞങ്ങളെ അവമാനിക്കുന്നു; ഞങ്ങളോ,
അനുഗ്രഹിക്കുന്നു. അവർ ഞങ്ങളെ പീഡി
പ്പിക്കുന്നു; ഞങ്ങളോ സഹിക്കുന്നു.
അവർ ഞങ്ങളെ ആക്ഷേപിക്കുന്നു;
ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങൾ ലോക
ത്തിനു ചവറുപോലെയും, എല്ലാവർക്കും
മാലിന്യം പോലെയും ആയിരിക്കുന്നു.
നിങ്ങളെ ലജ്ജിപ്പിക്കുവാനല്ല ഞാൻ 14
ഇതെല്ലാം എഴുതുന്നത്. പിന്നെയോ
വാത്സല്യമേറും മക്കളോട് എന്നപോലെ
ഞാൻ ഉപദേശിക്കുകയാണ്.
മ്ശീഹായിൽ നിങ്ങൾക്കു പതിനായിരം 15
ഗുരുക്കന്മാർ ഉണ്ടായാലും, പിതാക്കന്മാർ
വളരെയില്ല. എന്തെന്നാൽ, സുവിശേഷം
മൂലം യേശുമ്ശീഹായിൽ നിങ്ങളെ ജനിപ്പി
ച്ചത് ഞാനാണ്. ആകയാൽ നിങ്ങൾ എന്നെ 16
അനുകരിക്കുന്നവരായിരിക്കണം എന്നു
ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.
ആകയാൽ എൻെറ വത്സലപുത്രനും, 17
കർത്താവിൽ വിശ്വസ്തനുമായ തീമോ
ത്തേവോസിനെ ഞാൻ നിങ്ങളുടെ അടുക്ക
ലേക്കയച്ചിരിക്കുന്നു. എല്ലാ സഭകളിലും
ഞാൻ പഠിപ്പിക്കുന്നതുപോലെ, മ്ശീഹാ
യിലുള്ള എൻെറ വഴികൾ, അവൻ നിങ്ങളെ
അനുസ്മരിപ്പിക്കും. ഞാൻ നിങ്ങളുടെ അടു 18
ക്കലേക്കു വരികയില്ല എന്ന ഭാവത്തിൽ
നിങ്ങളിൽ ചിലർ അഹങ്കരിച്ചു. എന്നാൽ 19
കർത്താവ് ഇഷ്ടപ്പെടുന്നെങ്കിൽ ഞാൻ
വേഗം നിങ്ങളുടെ അടുക്കൽ വരും. സ്വയം
അഹങ്കരിച്ചിരിക്കുന്നവരുടെ വചനമല്ല
അവരുടെ ശക്തിതന്നെ ഞാൻ അറിയും.
എന്തെന്നാൽ ദൈവരാജ്യം വചനത്തിലല്ല- 20
ശക്തിയിലത്രെ സ്ഥിതിചെയ്യുന്നത്.
നിങ്ങൾ എങ്ങനെയാണ് ആഗ്രഹിക്കുന്നത്?
ഞാൻ വടിയുമായി നിങ്ങളുടെ അടുക്ക
ലേക്കു വരണമോ? അതോ സ്നേഹ
ത്തോടും താഴ്മയുള്ള ആത്മാവോടും
കൂടെയോ?

അദ്ധ്യായം 5

നിങ്ങളുടെ ഇടയിൽ വ്യഭിചാരം ഉണ്ടെ 1
ന്നു സർവ്വത്ര കേൾക്കപ്പെടുന്നു. ഈ വ്യഭി
ചാരമോ! മകൻ അവൻെറ പിതാവിൻെറ
ഭാര്യയെ പ്രാപിക്കുക എന്നത്! ഇങ്ങനെ
യുള്ള വ്യഭിചാരവൃത്തി പുറജാതികളുടെ
ഇടയിൽപോലും കേട്ടിട്ടുള്ളതല്ല! എന്നിട്ടും
നിങ്ങൾ അഹങ്കാരത്തോടിരിക്കുന്നു! ഈ 2
പ്രവൃത്തിചെയ്തവൻ നിങ്ങളുടെ ഇട
യിൽ നിന്നു നീക്കപ്പെടുവാൻ തക്കവണ്ണം
നിങ്ങൾ പ്രത്യേകിച്ചു വിലാപത്തോടെ
ഇരുന്നുമില്ല! ഞാൻ ശരീരപ്രകാരം നിങ്ങ 3

ളിൽനിന്നും അകലെയാണ് ഇരിക്കുന്നത്.
എന്നാൽ ആത്മാവിലോ ഞാൻ നിങ്ങ
ളുടെ അടുത്തു തന്നെയാണ്. അടുത്തിരി
ക്കുന്നവൻ എന്നപോലെ- അപ്രകാരം
ചെയ്തവനെക്കുറിച്ച് ഞാൻ പണ്ടേതന്നെ
ഇപ്രകാരം വിധിച്ചിരിക്കുന്നു:
നമ്മുടെ കർത്താവേശുമ്ശീഹായുടെ
നാമത്തിൽ നിങ്ങൾ എല്ലാവരും ഒരുമിച്ചു
കൂടണം. നമ്മുടെ കർത്താവേശുമ്ശീഹാ
യുടെ ശക്തിയോടുകൂടി ആത്മാവിൽ
ഞാനും നിങ്ങളോടൊരുമിച്ച് ഉണ്ടായി
രിക്കും. നമ്മുടെ കർത്താവേശുമ്ശീഹാ
യുടെ ദിവസത്തിൽ അവൻ ആത്മാവിൽ
ജീവിക്കേണ്ടതിന്, അവൻെറ ശരീരത്തി
ൻെറ നാശത്തിനായിട്ടു സാത്താന്
ഏല്പിക്കുവിൻ.
നിങ്ങളുടെ അഹംഭാവം നന്നല്ല. അല്പം
പുളിമാവു പിണ്ഡത്തെ പുളിപ്പിക്കുന്നു
എന്നു നിങ്ങൾക്ക് അറിഞ്ഞുകൂടെയോ?
നിങ്ങൾ പുളിപ്പില്ലാത്തവരായിരിക്കു
ന്നതുപോലെതന്നെ, പുതിയ പിണ്ഡമാകു
വാൻ തക്കവണ്ണം, നിങ്ങളിൽനിന്ന് പഴയ
പുളിമാവ് നീക്കിക്കളയണം. നമുക്കുവേണ്ടി
അറുക്കപ്പെട്ട മ്ശീഹാ ആകുന്നു നമ്മുടെ
പെസഹാ. ആകയാൽ, പഴയ പുളിമാവു
കൊണ്ടല്ല; തിന്മയും ദുഷ്ടതയുമാകുന്ന
പുളിമാവുകൊണ്ടുമല്ല; പ്രത്യുത നിർമ്മലത
യുടെയും വിശുദ്ധിയുടെയും പുളിമാവു[1]
കൊണ്ട് നമുക്കു പെരുന്നാൾ ആഘോഷി
ക്കാം. വ്യഭിചാരികളോടു നിങ്ങൾ സംസർഗ്ഗം
ചെയ്യരുത് എന്ന് ലേഖനത്തിൽ ഞാൻ
എഴുതിയിട്ടുണ്ടല്ലോ. ഈ ലോകത്തിലുള്ള
വ്യഭിചാരികളോടോ, അത്യാഗ്രഹികളോ
ടോ, കവർച്ചക്കാരോടോ, വിഗ്രഹാരാധക
രോടോ അരുത് എന്നല്ല; അങ്ങനെ എങ്കിൽ
നിങ്ങൾ ഈ ലോകത്തിൽനിന്നും പോകേ
ണ്ടിവരും. എന്നാൽ ഞാൻ നിങ്ങൾക്ക്
എഴുതിയത്—'സഹോദരൻ' എന്നു വിളി
ക്കപ്പെടുന്ന ഒരുവൻ വ്യഭിചാരിയോ, അത്യാ
ഗ്രഹിയോ, വിഗ്രഹാരാധകനോ, നിന്ദവരു
ത്തുന്നവനോ, മദ്യപനോ, കവർച്ചക്കാരനോ
ആയിരുന്നാൽ അവനോടു നിങ്ങൾക്കു
സംസർഗ്ഗം പാടില്ല—എന്നത്രെ. അങ്ങനെ
യുള്ളവനോടുകൂടെ നിങ്ങൾ ഭക്ഷണം
കഴിക്കപോലും അരുത്. പുറത്തുള്ളവരെ
വിധിക്കുവാൻ എനിക്കെന്തു കാര്യം?
നിങ്ങൾ അകത്തുള്ളവരെ വിധിപ്പിൻ.
പുറത്തുള്ളവരെ ദൈവം വിധിക്കും. ആ
ദുഷ്ടനെ, നിങ്ങളുടെ ഇടയിൽനിന്നു
പുറന്തള്ളുവിൻ.

അദ്ധ്യായം 6

നിങ്ങളിൽ ഒരുവന് തൻെറ സഹോദര 1
നുമായി വ്യവഹരിക്കേണ്ടിവരുമ്പോൾ,
വിശുദ്ധന്മാരുടെ മുമ്പാകെയല്ല, അനീതി
ക്കാരുടെ മുമ്പാകെ വ്യവഹരിപ്പാൻ തുനി
യുന്നുവോ? 'വിശുദ്ധന്മാർ ലോകത്തെ 2
വിധിക്കും' എന്നറിയുന്നില്ലയോ? ലോകം
തന്നെ നിങ്ങളാൽ വിധിക്കപ്പെടുമെങ്കിൽ
—ചെറിയ കാര്യങ്ങളിൽ വിധികല്പിക്കു
വാൻ നിങ്ങൾ അയോഗ്യരോ? മാലാഖ 3
മാർക്കും നാം വിധി കല്പിക്കും എന്നു
നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെയെ
ങ്കിൽ ഈ ലോകത്തിൻെറ കാര്യങ്ങളിൽ
എത്ര അധികം? നിങ്ങൾക്കു ലോകകാര്യ 4
ങ്ങളെക്കുറിച്ചു വ്യവഹാരമുണ്ടെങ്കിൽ—
സഭയിൽ നിസ്സാരരായവരെ, വിധി കല്പി
ക്കുവാൻ ഇരുത്തിക്കൊള്ളുവിൻ. [2] നിങ്ങൾ 5
ലജ്ജിക്കുവാൻ ഞാൻ നിങ്ങളോടു ചോദി
ക്കുന്നു. ഒരു സഹോദരനെ അവൻെറ
സഹോദരനുമായി രമ്യതപ്പെടുത്തുവാൻ[3]
കഴിവുള്ള ഒരു ജ്ഞാനിപോലും നിങ്ങളിൽ
ഇല്ലയോ? സഹോദരൻ അവൻെറ സഹോ 6
ദരനുമായി വ്യവഹരിക്കുന്നു. അതും അവി
ശ്വാസികളുടെ മുമ്പിൽ! തമ്മിൽ വ്യവഹാര 7
മുണ്ടാകുന്നതുതന്നെ നിങ്ങൾക്കു കുറ്റകര
മാകുന്നു. നിങ്ങൾ ദ്രോഹം സഹിച്ചു
കൊള്ളാത്തതെന്ത്? നഷ്ടം ഏററുകൊള്ളാ
ത്തതുമെന്ത്? എന്നാൽ നിങ്ങൾ, സ്വസഹോ 8
ദരന്മാരോടുതന്നെ അക്രമം പ്രവർത്തി
ക്കുകയും അവർക്കു നഷ്ടം വരുത്തുകയും
ചെയ്യുന്നു! അനീതിയുള്ളവർ ദൈവത്തി 9
ൻെറ രാജ്യം അവകാശമാക്കുകയില്ല എന്നു
നിങ്ങൾ അറിയുന്നില്ലയോ?
നിങ്ങൾ വഴിതെററിപ്പോകരുത്. വേശ്യാ
ദോഷക്കാരും, വിഗ്രഹാരാധകരും, വ്യഭിചാ
രികളും, സ്വയംഭോഗികളും, സ്വവർഗ്ഗ
സംഭോഗികളും, അത്യാഗ്രഹികളും, മോഷ് 10
ടാക്കളും, മദ്യപന്മാരും, പരദുഷണം ചെയ്യു
ന്നവരും, കവർച്ചക്കാരും, ഇവരാരും ദൈവ
രാജ്യം അവകാശമാക്കുകയില്ല. നിങ്ങളിൽ 11
ചിലർക്ക് ഇവ ഉണ്ടായിരുന്നു. എന്നാൽ
നിങ്ങൾ നമ്മുടെ കർത്താവേശുമ്ശീഹാ
യുടെ നാമത്തിലും നമ്മുടെ ദൈവത്തിൻെറ
ആത്മാവിലും കഴുകി, വിശുദ്ധീകൃതമായി
നീതീകരിക്കപ്പെട്ടിരിക്കയാണ്.

1. ബഹ്മീറോ 2. ലൈലേൻ ദബ്സേൻ ബ് ഈദത്തോ അവ്തേബ് ല്കുൻ 3. നശ്റെ!

12 എല്ലാം എനിക്കധികാരമുള്ളതാണ്.
എന്നാൽ എല്ലാം എനിക്കു നന്നല്ല. എല്ലാം
എനിക്ക് അധികാരമുള്ളതാണ്. എന്നാൽ
ഒന്നും എൻെറമേൽ അധികാരപ്പെടുകയില്ല.
13 ഭക്ഷണം ഉദരത്തിനുള്ളതാകുന്നു. ഉദരം
ഭക്ഷണത്തിനും ഉള്ളത്. ദൈവം അവ രണ്ടി
14 നേയും ഇല്ലായ്മ ചെയ്യും. ശരീരം വേശ്യാ
വൃത്തിക്കുള്ളതല്ല. പിന്നെയോ നമ്മുടെ
കർത്താവിനുള്ളതാകുന്നു. കർത്താവു
15 ശരീരത്തിനും. ദൈവം നമ്മുടെ കർത്താവി
നെ ഉയിർപ്പിച്ചു. നമ്മെയും തൻെറ ശക്തി
യാൽ ഉയിർപ്പിക്കും. നിങ്ങളുടെ ശരീരങ്ങൾ
മ്ശീഹായുടെ അവയവങ്ങളാകുന്നു എന്ന
റിയുന്നില്ലയോ? നാം മ്ശീഹായുടെ അവ
യവം എടുത്ത് അത് വേശ്യയുടെ അവയവ
16 മാക്കാമോ? ഒരിക്കലും പാടില്ല. വേശ്യയോടു
ചേരുന്നവൻ, (അവളോടുകൂടെ) ഒരു ശരീര
മായിത്തീരുന്നുവെന്നും നിങ്ങൾ അറിയു
ന്നില്ലേ! എന്തെന്നാൽ 'അവർ ഇരുവരും ഒരു
ശരീരമായിത്തീരും' എന്നു പറയപ്പെട്ടിരി
17 ക്കുന്നു. നമ്മുടെ കർത്താവിനോടു ചേരു
ന്നവനാകട്ടെ തന്നോടുകൂടെ ഏക ആത്മാ
18 വായിത്തീരുന്നു. വേശ്യാദോഷത്തിൽ
നിന്നും വിട്ടോടിക്കൊള്ളണം. എന്തെന്നാൽ
മനുഷ്യൻ ചെയ്യുന്ന പാപമെല്ലാം അവൻെറ
ശരീരത്തിനു വെളിയിൽ ആകുന്നു.
എന്നാൽ വേശ്യാദോഷം ചെയ്യുന്നവനോ
തൻെറ ശരീരത്തിൽത്തന്നെ പാപം ചെയ്യു
19 ന്നു. അഥവാ, നിങ്ങൾ ദൈവത്തിൽനിന്നും
പ്രാപിച്ചവനായി നിങ്ങളിൽ വാസം ചെയ്യു
ന്ന പരിശുദ്ധാത്മാവിൻെറ ആലയമാകു
ന്നു, നിങ്ങളുടെ ശരീരം എന്ന് അറിയുന്നില്ല
20 യോ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. എന്തെ
ന്നാൽ നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവ
രത്രെ. ആകയാൽ ദൈവത്തിൻെറ സ്വന്തം
ആയിരിക്കുന്ന നിങ്ങളുടെ ശരീരം കൊണ്ടും
നിങ്ങളുടെ ആത്മാവുകൊണ്ടും ദൈവത്തെ
മഹത്വപ്പെടുത്തുന്നവരായിരിക്കണം.

അദ്ധ്യായം 7

1 നിങ്ങൾ എനിക്ക് എഴുതിയവയെക്കുറി
ച്ചാകട്ടെ: സ്ത്രീയോട് അടുക്കാതിരിക്കുന്ന
2 താണ് പുരുഷനു നല്ലത്. എങ്കിലും വ്യഭിചാര
ദോഷം വരാതിരിപ്പാനായിട്ട് ഓരോരുത്ത
നും ഭാര്യയേയും, ഓരോ സ്ത്രീയും സ്വന്ത
ഭർത്താവിനേയും സ്വീകരിച്ചുകൊള്ളട്ടെ.
3 ഭർത്താവു തൻെറ ഭാര്യയ്ക്കു കടപ്പെട്ടിരി
ക്കുന്ന സ്നേഹം പ്രദാനം ചെയ്യണം. അങ്ങ
നെതന്നെ ഭാര്യയും, അവളുടെ ഭർത്താ
4 വിനോട് (നിർവ്വഹിക്കണം). ഭാര്യയ്ക്ക്
അവളുടെ ശരീരത്തിന്മേൽ അധികാരമില്ല.
അവളുടെ ഭർത്താവിനത്രെ അധികാരം.
അപ്രകാരംതന്നെ, ഭർത്താവിൻെറ ശരീര
ത്തിന്മേൽ ഭാര്യയ്ക്കല്ലാതെ അവനും അധി
കാരമില്ല. ആകയാൽ ഉപവാസത്തിനും, 5
പ്രാർത്ഥനയ്ക്കുമായി ഏകാഭിപ്രായമായി
ഉൾപ്പെടുന്ന കാലത്തല്ലാതെ പരസ്പരം
പിരിഞ്ഞിരിക്കരുത്. എന്നാൽ നിങ്ങളുടെ
ശരീരത്തിൻെറ മോഹംകൊണ്ട് സാത്താൻ
നിങ്ങളെ പരീക്ഷിക്കാതിരിപ്പാനായി
വീണ്ടും സംയോജിച്ചുകൊള്ളുവിൻ. ഞാൻ 6
ഇത് ബലഹീനന്മാരോട് എന്നപോലെ
പറയുന്നതാണ്; കല്പനയായിട്ടല്ല. എന്തെ 7
ന്നാൽ എല്ലാ മനുഷ്യരും എന്നെപ്പോലെ
നൈർമല്യത്തിലിരിക്കണം എന്നാണ് ഞാൻ
ആഗ്രഹിക്കുന്നത്. എങ്കിലും ഒരുവന് ഒരു
പ്രകാരവും മററൊരുവന് മററൊരുപ്രകാര
വുമാണ് ദൈവത്തിൽനിന്ന് വരം ലഭിച്ചി
ട്ടുള്ളത്.

ഭാര്യമാരില്ലാത്തവരോടും, വിധവമാ 8
രോടും ഞാൻ പറയുന്നു. അവർ എന്നെ
പ്പോലെ, ഇരിക്കുന്നതാണ് അവർക്കു നല്ലത്.
സഹനത്തോടെ ഇരിപ്പാൻ സാദ്ധ്യമല്ലെ 9
ങ്കിൽ അവർ വിവാഹിതരാകട്ടെ. മോഹ
ത്താൽ എരിയുന്നതിനെക്കാൾ വിവാഹം
കഴിക്കുകയാകുന്നു നല്ലത്. ഭാര്യമാരുള്ളവ 10
രോട് ഞാൻ—ഞാനല്ല എൻെറ കർത്താവു
തന്നെ കല്പിക്കുന്നു. ഭാര്യ ഭർത്താവിൽ
നിന്നു വേർപിരിയരുത്. അവൾ പിരിയുന്നെ 11
ങ്കിൽ അന്യപുരുഷനെക്കൂടാതെ അവൾ
പാർക്കുകയോ, സ്വഭർത്താവിനോടു യോജി
ക്കുകയോ ചെയ്യണം. ഭർത്താവ് ഭാര്യയെ
ഉപേക്ഷിക്കയുമരുത്. ശേഷമുള്ളവരോട്
കർത്താവല്ല, ഞാൻ തന്നെ പറയുന്നത്: ഒരു
സഹോദരന് അവിശ്വാസിനിയായ ഭാര്യ
ഉണ്ടായിരിക്കുകയും, അവൾ അവനോടു
കൂടെ ജീവിക്കുവാൻ ആഗ്രഹിക്കുകയും
ചെയ്യുന്നുവെങ്കിൽ അവൻ അവളെ ഉപേ
ക്ഷിക്കരുത്. അവിശ്വാസിയായ ഭർത്താവ്
ഉള്ള സ്ത്രീയും, അവൻ അവളോടുകൂടെ
പാർക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ,
തൻെറ ഭർത്താവിനെ ഉപേക്ഷിക്കരുത്.
എന്തെന്നാൽ വിശ്വാസം സ്വീകരിച്ചിട്ടി
ല്ലാത്ത ഭർത്താവ് വിശ്വാസിനിയായ ഭാര്യ
മൂലം ശുദ്ധീകൃതനായിരിക്കുന്നു; വിശ്വാസം
സ്വീകരിച്ചിട്ടില്ലാത്ത ഭാര്യ വിശ്വാസിയായ
ഭർത്താവു മൂലവും ശുദ്ധീകരിക്കപ്പെട്ടിരി
ക്കുന്നു. അല്ലാത്തപക്ഷം അവരുടെ മക്കൾ
അശുദ്ധരായിപ്പോകുമായിരുന്നു. ഇപ്പോഴോ
അവർ ശുദ്ധരായിരിക്കുന്നു. അവിശ്വാസി

വേർപിരിയുന്നുവെങ്കിൽ പിരിഞ്ഞുകൊ
ള്ളട്ടെ. ഈ വക കാര്യങ്ങളിൽ ആ സഹോ
ദരനോ സഹോദരിയോ, ബന്ധിതരായി
രിക്കുന്നില്ല. ദൈവം സമാധാനത്തിലേ
ക്കാകുന്നു നമ്മെ വിളിച്ചിരിക്കുന്നത്.
6 സ്ത്രീയേ, നീ ഭർത്താവിന് രക്ഷ വരുത്തു
മെന്ന് നിനക്കെങ്ങനെ അറിയാം? അല്ലെ
ങ്കിൽ പുരുഷാ! നിൻെറ ഭാര്യയെ നീ രക്ഷി
7 ക്കുമെന്ന് നിനക്കറിയാമോ? എന്നാൽ
ഓരോരുത്തനും കർത്താവ് വിഭജിച്ചുകൊ
ടുത്തിരിക്കുന്നതുപോലെ—ഓരോരു
ത്തനും ദൈവം അവനെ വിളിച്ചിരിക്കു
ന്നതുപോലെ ജീവിക്കട്ടെ. എല്ലാ സഭക
ളോടും ഞാൻ ഇങ്ങനെയാണ് കല്പിക്കു
8 ന്നത്. ഒരുവൻ പരിച്ഛേദന ചെയ്യപ്പെട്ടി
രിക്കെ വിളിക്കപ്പെട്ടുവെങ്കിൽ അവൻ അഗ്ര
ചർമ്മത്തിലേക്കു പിൻതിരിയരുത്. അഗ്ര
ചർമ്മിയായിരിക്കെ വിളിക്കപ്പെട്ടുവെങ്കിൽ
അവൻ ചേലാകർമ്മം സ്വീകരിക്കുകയും
9 അരുത്. എന്തെന്നാൽ പരിച്ഛേദന ഒന്നു
മല്ല; അഗ്രചർമ്മവും ഒന്നുമല്ല. പിന്നെയോ,
ദൈവത്തിൻെറ കല്പനകളുടെ ആചരണം
0 അത്രെ പ്രധാനം. ഓരോരുത്തനും വിളിക്ക
പ്പെട്ട വിളിയിൽ തന്നെ നിലനില്ക്കട്ടെ.
1 നീ ദാസനായിരിക്കെയാണ് വിളിക്കപ്പെട്ട
തെങ്കിൽ—വിചാരപ്പെടേണ്ട, നിനക്കു സ്വത
ന്ത്രനാകുവാൻ കഴിയുമെങ്കിലും, ശുശ്രൂ
ഷാനുഷ്ഠാനംതന്നെ തെരഞ്ഞെടുത്തു
2 കൊള്ളുക. ദാസനായി കർത്താവിൽ വിളി
ക്കപ്പെട്ടവൻ, ദൈവത്തിൻെറ സ്വതന്ത്രൻ
ആകുന്നു. അങ്ങനെതന്നെ, സ്വതന്ത്രനായി
വിളിക്കപ്പെട്ടവൻ, മ്ശീഹായുടെ ദാസനു
3 മാകുന്നു. നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ട
വരാകുന്നു. നിങ്ങൾ മനുഷ്യരുടെ അടിമ
4 കളാകരുത്. എൻെറ സഹോദരന്മാരേ,
ഓരോരുവൻ വിളിക്കപ്പെട്ട സ്ഥിതിയിൽ
ദൈവസന്നിധിയിൽ വസിക്കണം.
5 കന്യാത്വത്തെ (ബ്രഹ്മചര്യത്തെ)
ക്കുറിച്ച് ദൈവത്തിൽനിന്നും എനിക്കു
കല്പന കിട്ടിയിട്ടില്ല. എങ്കിലും വിശ്വസ്ത
നായിരിപ്പാൻ തക്കവണ്ണം ദൈവത്തിൽ
നിന്നും എനിക്കു കരുണ ലഭിച്ചിട്ടുള്ള ഒരു
മനുഷ്യൻ എന്ന നിലയിൽ ഞാൻ ഉപദേശം
തരുന്നു. തല്ക്കാല അത്യാവശ്യങ്ങൾ പരി
ഗണിച്ച് ഇതു നല്ലതാണെന്നു ഞാൻ വിചാ
രിക്കുന്നു. അതു മനുഷ്യനു നല്ലതാകുന്നു.
നീ ഭാര്യയോടു ബന്ധിക്കപ്പെട്ടിരിക്കുന്നു
വോ, എന്നാൽ വേർപാട് ആഗ്രഹിക്കരുത്.
നീ ഭാര്യയിൽനിന്നും വിമുക്തനാണോ,
ഭാര്യയെ അന്വേഷിക്കരുത്. നീ സ്ത്രീയെ പരി
ഗ്രഹിക്കുക എന്നതു പാപമല്ല. ഒരു കന്യക
വിവാഹിതയാകുക എന്നത് അവൾക്കും
പാപമല്ല. എങ്കിലും ഇപ്രകാരമുള്ളവർക്ക്
ശരീരപ്രകാരം ക്ലേശമുണ്ടാകാം. എനിക്കു
നിങ്ങളെപ്പററി കരുണ തോന്നുന്നു. എൻെറ 29
സഹോദരന്മാരേ, കാലം പരിമിതമാണ്.
ഭാര്യയുള്ളവർ, ഇല്ലാത്തവരെപ്പോലെയും,
വിലപിക്കുന്നവർ, വിലപിക്കാത്തവരെപ്പോ 30
ലെയും സന്തോഷിക്കുന്നവർ സന്തോഷി
ക്കാത്തവരെപ്പോലെയും, വിലയ്ക്കു വാങ്ങു
ന്നവർ കൈവശപ്പെടുത്താത്തവരെപ്പോ
ലെയും ഇരിക്കണം എന്നു ഞാൻ പറയു
ന്നു. ഈ ലോകത്തിൽ ഇടപെടുന്നവർ 31
പെരുമാററത്തിൻെറ നിയമത്തിന് അപ്പുറം
പോകരുത്. എന്തെന്നാൽ ഈ ലോകത്തി
ൻെറ രൂപം കടന്നുപോകും. ആകയാൽ 32
നിങ്ങൾ ചിന്താകുലം ഇല്ലാത്തവർ ആയിരി
ക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഭാര്യ
ഇല്ലാത്തവൻ തൻെറ കർത്താവിനെ
എങ്ങനെയാണ് പ്രസാദിപ്പിക്കേണ്ടത് എന്നു
വിചാരിച്ച് തൻെറ കർത്താവിൻെറ കാര്യം
ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഭാര്യയുള്ളവൻ, 33
തൻെറ ഭാര്യയെ എങ്ങനെ പ്രസാദിപ്പിക്കും
എന്നു ചിന്തിച്ച് ലോകസംബന്ധമായ
വയെക്കുറിച്ച് വിചാരപ്പെടുന്നു. ഭാര്യയ്ക്കും 34
കന്യകയ്ക്കും തമ്മിൽ വ്യത്യാസമുണ്ട്.
പുരുഷനു ഭാര്യയായിത്തീർന്നിട്ടില്ലാത്ത
വൾ, അവളുടെ ശരീരത്തിലും, ആത്മാ
വിലും വിശുദ്ധയാകേണ്ടതിന് അവളുടെ
കർത്താവിനുള്ളത് ചിന്തിക്കുന്നു. ഭർത്താ
വുള്ളവളോ അവളുടെ ഭർത്താവിനെ
എങ്ങനെ പ്രസാദിപ്പിക്കും എന്നു വിചാരി
ച്ച് ലോകത്തിനുള്ളതു ചിന്തിക്കുന്നു. ഇതു 35
ഞാൻ നിങ്ങളോടു പറയുന്നത് നിങ്ങളുടെ
സഹായത്തിനുവേണ്ടിയാണ്,—കുടുക്ക്
ഇടുവാനല്ല. പിന്നെയോ, നിങ്ങൾ ലോക
ത്തിൻേറതു ചിന്തിക്കാതെ നിങ്ങളുടെ
കർത്താവിൻെറ സന്നിധിയിൽ എപ്പോഴും
മര്യാദയായി നിൽക്കേണ്ടതിനത്രെ. വിവാഹ 36
പ്രായം കഴിഞ്ഞിട്ടും തൻെറ കന്യക നിമി
ത്തമായി ആക്ഷേപിക്കപ്പെടുന്നു എന്നും
അവളെ വിവാഹം ചെയ്തുകൊടുക്കേണ്ടത്
ആവശ്യമെന്നും ഒരു മനുഷ്യൻ വിചാരി
ക്കുന്നെങ്കിൽ—അവൻെറ ഇഷ്ടാനുസ
രണം ചെയ്തുകൊള്ളട്ടെ. അവൻ ചെയ്യു
ന്നതു പാപമല്ല. അവൾ വിവാഹം ചെയ്യപ്പെ
ടട്ടെ. ആരെങ്കിലും അക്കാര്യം നിർബന്ധ 37
മല്ലെന്നും ഇഷ്ടംപോലെ ചെയ്യുവാൻ
തനിക്ക് അധികാരമുണ്ടെന്നും ശരിയായി
മനസ്സിൽ നിശ്ചയിക്കുകയും, അവൻെറ

കന്യകയെ കാത്തുകൊള്ളാം എന്ന് തന്റെ
ഹൃദയത്തിൽ ഉറയ്ക്കുകയും ചെയ്താൽ,
അവൻ നന്നായിത്തന്നെ പ്രവർത്തിക്കുന്നു.
38 ആകയാൽ തന്റെ കന്യകയെ വിവാഹം
കഴിപ്പിച്ചുകൊടുക്കുന്നവൻ ചെയ്യുന്നതു
നല്ലത്. ഒരുവൻ തന്റെ കന്യകയെ വിവാഹം
കഴിപ്പിച്ചു കൊടുക്കാതിരിക്കുന്നെങ്കിലോ
39 അത് ഏറെ നല്ലത്. തന്റെ ഭർത്താവ് ജീവി
ച്ചിരിക്കുന്ന കാലത്തോളം നിയമത്താൽ
ഭാര്യ ബന്ധിതയായിരിക്കുന്നു. എന്നാൽ
ഭർത്താവ് നിദ്രപ്രാപിച്ചാലോ, അവൾക്ക്
ഇഷ്ടമുള്ളവനു ഭാര്യയാകുവാൻ അവൾക്ക്
സ്വാതന്ത്ര്യമുണ്ട്. അത് നമ്മുടെ കർത്താ
വിൽ ആയിരിക്കണം. എന്നാൽ അവൾ
എന്റെ അഭിപ്രായപ്രകാരം ജീവിതം
40 നയിച്ചാൽ അവൾക്ക് ഭാഗ്യം. ദൈവത്തി
ന്റെ ആത്മാവ് എന്നിലുണ്ടെന്ന് ഞാൻ
വിചാരിക്കുന്നു.

അദ്ധ്യായം 8

1 വിഗ്രഹാർപ്പിതങ്ങളെക്കുറിച്ച് നമുക്കെ
ല്ലാവർക്കും അറിവുണ്ട് എന്നു നാം വിചാരി
ക്കുന്നു. അറിവ് ഗർവ്വുണ്ടാക്കുന്നു. സ്നേ
2 ഹമോ, അഭിവൃദ്ധി വരുത്തുന്നു. ഒരുവൻ,
തനിക്കെന്തെങ്കിലും അറിയാമെന്ന് വിചാ
രിക്കുന്നെങ്കിൽ, താൻ അറിയേണ്ടതു
പോലെ ഒന്നും ഇതുവരെ അറിഞ്ഞിട്ടില്ല.
3 ഒരുവൻ ദൈവത്തെ സ്നേഹിക്കുന്നു
വെങ്കിൽ, അവൻ ദൈവത്താൽ അറിയപ്പെട്ടി
4 രിക്കുന്നു. ആകയാൽ വിഗ്രഹാർപ്പിതങ്ങളെ
ഭക്ഷിക്കുന്നതിനെക്കുറിച്ച്: വിഗ്രഹം ലോക
ത്തിൽ ഒന്നുമല്ലാത്തത് ആകുന്നുവെന്നും,
ഏകദൈവമല്ലാതെ മറ്റൊരു ദൈവമി
5 ല്ലെന്നും നമുക്ക് അറിയാം. അനേകദേവ
ന്മാരും അനേക കർത്താക്കന്മാരും ഉണ്ട്
എന്നതനുസരിച്ച് ആകാശത്തിലോ ഭൂമിയി
6 ലോ ദേവന്മാർ എന്നു വിളിക്കപ്പെടുന്നവർ
ഉണ്ടെങ്കിലും പിതാവായ ഏകദൈവമേ
നമുക്കുള്ളു. എല്ലാം തന്നിൽനിന്നാണു
ണ്ടായത്. നാമും തന്നിൽ ആകുന്നു സ്ഥിതി
ചെയ്യുന്നത്. യേശുമ്ശീഹാ എന്ന ഏക
കർത്താവ് നമുക്കുണ്ട്. താൻ മുഖാന്തിരം
സകലവും, നാമും അവനാൽ തന്നെയു
7 മാകുന്നു. എന്നാൽ എല്ലാവർക്കും ഈ
അറിവില്ല. വിഗ്രഹങ്ങളെക്കുറിച്ച് ഇതുവരെ
തങ്ങൾക്കുള്ള അറിവനുസരിച്ച് ബലിയർപ്പി
ക്കപ്പെട്ടവ എന്നവണ്ണം ഭക്ഷിക്കുന്ന ചില
രുണ്ട്. അവരുടെ മനഃസാക്ഷി ബലഹീന
മാകയാൽ, അത് അശുദ്ധമായിത്തീരുകയും
8 ചെയ്യുന്നു. ഭക്ഷണം, നമ്മെ ദൈവത്തോട്
അടുപ്പിക്കുന്നില്ല. നാം ഭക്ഷിക്കുന്നെങ്കിൽ
നമുക്ക് വർദ്ധനവോ ഭക്ഷിക്കാതിരുന്നതു
കൊണ്ട് നമുക്ക് കുറവോ വരുന്നില്ല. നിങ്ങ 9
ളുടെ ഈ സ്വാതന്ത്ര്യം ബലഹീനർക്ക്
ഇടർച്ചയ്ക്കാകാതിരിപ്പാൻ സൂക്ഷിച്ചുകൊ
ള്ളണം. ജ്ഞാനിയായ നീ വിഗ്രഹാലയ 10
ത്തിൽ ഭക്ഷണത്തിന് ഇരിക്കുന്നതായി
ഒരുവൻ കണ്ടാൽ—അവന്റെ മനഃസാക്ഷി
ബലഹീനമാകയാൽ, വിഗ്രഹാർപ്പിതം
ഭക്ഷിക്കാം എന്ന് അവന്റെ മനസ്സിൽ
ഉറയ്ക്കുകയില്ലയോ? മ്ശീഹാ ആർക്കു 11
വേണ്ടി മരിച്ചുവോ, ആ ബലഹീനൻ നിന്റെ
ജ്ഞാനത്തിന്റെപേരിൽ നശിച്ചുപോ
കുന്നു. ഇങ്ങനെ നിങ്ങൾ നിങ്ങളുടെ 12
സഹോദരന്മാരോടു തെറ്റു ചെയ്ത് അവ
രുടെ ദുർബ്ബലമനഃസാക്ഷിയെ നശിപ്പി
ക്കുന്നുവെങ്കിൽ മ്ശീഹായോടാകുന്നു
നിങ്ങൾ തെറ്റു ചെയ്യുന്നത്. ആകയാൽ 13
ഭക്ഷണം എന്റെ സഹോദരന് ഇടർച്ച
വരുത്താതിരിക്കേണ്ടതിന് ഞാൻ ഒരു നാളും
മാംസം ഭക്ഷിക്കുകയില്ല.

അദ്ധ്യായം 9

ഞാൻ സ്വതന്ത്രനല്ലയോ? ഞാൻ ശ്ലീഹാ 1
യല്ലയോ? ഞാൻ നമ്മുടെ കർത്താവായ
യേശുമ്ശീഹായെ കണ്ടിട്ടില്ലയോ? നിങ്ങൾ 2
എന്റെ കർത്താവിൽ എന്റെ പ്രവൃത്തി
യുടെ (ഫലമല്ലയോ?) മറ്റുള്ളവർക്ക് ഞാൻ
ശ്ലീഹാ അല്ലെങ്കിൽ തന്നെയും, നിങ്ങൾക്ക്
ഞാൻ ശ്ലീഹായാകുന്നു. എന്റെ ശ്ലീഹാ
സ്ഥാനത്തിന്റെ മുദ്ര നിങ്ങൾ ആകുന്നു.
എന്നെ കുറ്റപ്പെടുത്തുന്നവരോട് എന്റെ 3
മറുപടി ഇതാകുന്നു. അതായത് ഭക്ഷി 4
പ്പാനും പാനം ചെയ്യുവാനും ഞങ്ങൾക്ക്
അധികാരമില്ലയോ? ശേഷം ശ്ലീഹന്മാരെ 5
പ്പോലെയോ, നമ്മുടെ കർത്താവിന്റെ
സഹോദരന്മാരെപ്പോലെയോ കീപ്പായെ
പ്പോലെയോ സഹോദരിയായി ഒരു സ്ത്രീയെ
ഞങ്ങളുടെകൂടെ കൊണ്ടു നടക്കുവാൻ
ഞങ്ങൾക്കധികാരമില്ലയോ? അതോ വേല 6
ചെയ്യാതിരിക്കാൻ ഞങ്ങൾക്ക്—എനിക്കും
ബർണബായ്ക്കും മാത്രം അധികാരമില്ലെ
ന്നോ? സ്വന്തചെലവിൽ സൈന്യസേവനം 7
ചെയ്യുന്നവനായി ആരുണ്ട്? മുന്തിരി
ത്തോട്ടം നട്ടുണ്ടാക്കിയിട്ട് അതിൽനിന്നുള്ള
ഫലം ആസ്വദിക്കാതിരിക്കുന്നവനും ആരു
ണ്ട്? അഥവാ ആടുകളെ മേയിച്ചിട്ട് അതി
ന്റെ പാൽ അനുഭവിക്കാത്തവൻ ആരുണ്ട്?
ഇതെല്ലാം ഞാൻ കേവലം മനുഷ്യരീതി 8
യിലോ പറയുന്നത്? കണ്ടാലും ന്യായപ്രമാ

ണവും ഇതുതന്നെയാണ് പറഞ്ഞിരിക്കു
9 ന്നത്. "കററ മെതിയ്ക്കുന്ന കാളയുടെ വായ്
മൂടിക്കെട്ടരുത്" എന്ന് മോശെയുടെ ന്യായ
പ്രമാണത്തിൽത്തന്നെ എഴുതപ്പെട്ടിട്ടുണ്ട്.
ദൈവത്തിന് കാളകളെക്കുറിച്ച് ഇത്ര
10 കരുതലോ? എന്തെന്നാൽ അത് നമ്മേ
ക്കുറിച്ചാണ് പറഞ്ഞതെന്നും, നമ്മെക്കുറിച്ച്
അത് എഴുതപ്പെട്ടിരിക്കുന്നു എന്നും സ്പ
ഷ്ടമാണ്. എന്തെന്നാൽ ഉഴുന്നവൻ
പ്രത്യാശയോടെ ഉഴവു നടത്തുകയും മെതി
ക്കുന്നവൻ പ്രതിഫലത്തിന്റെ പ്രതീക്ഷ
യോടെ മെതിക്കുകയും ചെയ്യേണ്ടതാ
11 കുന്നു. ആത്മീകമായവ ഞങ്ങൾ നിങ്ങളിൽ
വിതച്ചിട്ട് ശാരീരികമായവ നിങ്ങളിൽനിന്നു
കൊയ്യുന്നുവെങ്കിൽ അത് വലിയ തെററാ
12 ണോ? മററുള്ളവർക്ക് നിങ്ങളുടെമേൽ
അധികാരമുണ്ടെങ്കിൽ, ഞങ്ങൾക്ക് ആ
അധികാരം കൂടുതലായി വേണ്ടതല്ലയോ?
എന്നാൽ മ്ശീഹായുടെ സുവിശേഷത്തിന്
യാതൊന്നുകൊണ്ടും തടസ്സം വരാതിരിക്കേ
ണ്ടതിന് ഞങ്ങൾ ഈ അധികാരം പ്രയോ
ഗിക്കാതെ സർവ്വവും സഹിക്കയാണ്.
13 വിശുദ്ധസ്ഥലത്ത് കർമ്മങ്ങൾ നടത്തു
ന്നവർ, വിശുദ്ധസ്ഥലംകൊണ്ട് ഉപജീവി
ക്കുന്നു എന്നും മദ്ബഹായിൽ (ബലിപീഠ
ത്തിങ്കൽ) വേലചെയ്യുന്നവർ, ബലിപീഠ
ത്തോടുകൂടി ഓഹരി പററുന്നു എന്നും
14 നിങ്ങൾക്ക് അറിഞ്ഞുകൂടയോ? അതുപോ
ലെതന്നെ, നമ്മുടെ കർത്താവും തന്റെ
സുവിശേഷം അറിയിക്കുന്നവർ, തന്റെ
സുവിശേഷംകൊണ്ടുതന്നെ ജീവിക്കണം
15 എന്ന് കല്പിച്ചിരിക്കുന്നു. എങ്കിലും ഈ
അവകാശമൊന്നും ഞാൻ പ്രയോഗിച്ചിട്ടില്ല.
എനിക്ക് കിട്ടണം എന്നു വിചാരിച്ച് അതി
ന്നായി ഞാൻ എഴുതിയതുമല്ല. ആരെങ്കിലും
എന്റെ പ്രശംസ വ്യർത്ഥമാക്കുന്നതിനേ
ക്കാൾ മരിക്കുന്നതാണ് എനിക്കു നല്ലത്.
16 ഞാൻ സുവിശേഷം അറിയിക്കുന്നുവെങ്കിൽ
എനിക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. എന്തെ
ന്നാൽ അത് എന്റെ കടമയത്രെ. ഞാൻ
സുവിശേഷം അറിയിച്ചില്ലെങ്കിൽ എനിക്ക്
17 ഹാ കഷ്ടം! എന്തെന്നാൽ ഞാൻ അത്
മനഃപൂർവ്വം ചെയ്യുന്നുവെങ്കിൽ എനിക്ക്
പ്രതിഫലം ഉണ്ട്. മനസ്സാലെ അല്ലെങ്കിലും
ആ ഭവനാധികാരം (കാര്യസ്ഥത) എങ്കൽ
വിശ്വസ്തമായി ഏല്പിക്കപ്പെട്ടിരിക്കുന്നു.
18 ആകയാൽ എന്തായിരിക്കും എനിക്കുള്ള
പ്രതിഫലം? ഞാൻ സുവിശേഷം അറിയി
ക്കുമ്പോൾ, മ്ശീഹായുടെ ആ സുവിശേഷ
പ്രസംഗം സൗജന്യമായി നിർവ്വഹിക്കു
കയും, സുവിശേഷത്തിൽ എനിക്കു നൽകി
യിട്ടുള്ള അധികാരം പ്രയോഗിക്കാതിരി
ക്കുകയും ചെയ്യുന്നതാകുന്നു. ഇവയിൽ 19
എല്ലാററിൽനിന്നും ഞാൻ സ്വതന്ത്രനായി
രിക്കെ അനേകരെ നേടുവാൻ വേണ്ടി എല്ലാ
വർക്കും എന്നെത്തന്നെ ഞാൻ ദാസനാക്കി.
യഹൂദന്മാരെ നേടേണ്ടതിന്, ഞാൻ 20
യഹൂദന്മാരോടുകൂടെ യഹൂദനെപ്പോ
ലെയായി. ന്യായപ്രമാണത്തിൻ കീഴിലുള്ള
വരെ നേടുവാൻ ന്യായപ്രമാണത്തിനു കീഴി
ലുള്ളവൻ എന്നപോലെ ന്യായപ്രമാണ
ത്തിൻ കീഴിലുള്ളവരോടുംകൂടെ ഞാൻ
കൂടി. ന്യായപ്രമാണമില്ലാത്തവരെ സമ്പാ 21
ദിക്കുവാനായി, ന്യായപ്രമാണത്തിന് അധീ
നനല്ലാത്തവനെപ്പോലെ ഞാൻ ന്യായ
പ്രമാണമില്ലാത്തവരോടും കൂടി. ആയത്
ഞാൻ ദൈവത്തിങ്കൽ പ്രമാണമില്ലാത്തവ
നാകാതിരിപ്പാൻ മ്ശിഹായുടെ പ്രമാണ
ത്തിൽ ഉൾപ്പെട്ടവനായിട്ടായിരുന്നു. ബല 22
ഹീനരെ നേടുവാൻവേണ്ടി ഞാൻ ബല
ഹീനരോടൊപ്പം ബലഹീനനായി. എല്ലാവ
രേയും രക്ഷിക്കുവാൻ വേണ്ടി ഞാൻ എല്ലാ
വർക്കും എല്ലാമായി. സുവിശേഷത്തിന് 23
ഞാൻ ഓഹരിക്കാരനാകുവാനായിട്ടാണ്
ഞാൻ ഇവയെല്ലാം ചെയ്യുന്നത്. ഓട്ടക്കള 24
ത്തിൽ ഓടുന്നവരെല്ലാവരുംകൂടിയാണ്
ഓടുന്നതെങ്കിലും ഒരുവന് മാത്രമേ സമ്മാ
നം ലഭിക്കുന്നുള്ളു എന്ന് നിങ്ങൾ അറിയു
ന്നില്ലയോ? നിങ്ങളും ആ സമ്മാനം കരസ്ഥ
മാക്കുവാൻ തക്കവണ്ണം ഓടുവിൻ. മത്സരം 25
നടത്തുന്നവർ എല്ലാവരും എല്ലാററിൽ
നിന്നും തന്റെ മനസ്സിനെ നിയന്ത്രിച്ചു
നിർത്തുന്നു. അവർ വാടിപ്പോകുന്ന കിരീട
വും നാം വാടാത്ത കിരീടവും പ്രാപിക്കുവാ
നായി ഓടുന്നു. ആകയാൽ അറിയപ്പെ 26
ടാത്ത ഒന്നിലേക്ക് എന്നതുപോലെയല്ല
ഞാൻ ഓടുന്നത്. അങ്ങനെ തന്നെ, ഞാൻ
യുദ്ധം ചെയ്യുന്നത് വായുവിനെ അടിക്കു
ന്നതുപോലെയുമല്ല. എന്നാലോ മററുള്ള 27
വരോട് പ്രസംഗിച്ചവനായ ഞാൻതന്നെ
നിന്ദ്യനായിപ്പോകാതിരിപ്പാൻ എന്റെ
സ്വന്തശരീരത്തെ ഞാൻ നിയന്ത്രിച്ചു
കീഴ്പെടുത്തുന്നു.

അദ്ധ്യായം 10

എന്റെ സഹോദരന്മാരെ, നിങ്ങൾ 1
ഇതറിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു.
നമ്മുടെ പിതാക്കന്മാരെല്ലാവരും മേഘ
ത്തിൻ കീഴിൽ ആയിരുന്നു. അവരെല്ലാവരും 2
സമുദ്രത്തിൽക്കൂടി കടന്നു. അവർ എല്ലാ

വരും മോശ മുഖാന്തരം മേഘത്തിലും
3 സമുദ്രത്തിലും സ്നാനമേററു. എല്ലാവരും
ഒരേ ആത്മികഭക്ഷണം കഴിച്ചു. എല്ലാവരും
4 ഒരേ ആത്മികപാനീയം കുടിച്ചു. അവരോ
ടാരുമിച്ചു വന്നിരുന്ന ആത്മികപ്പാറ
യിൽനിന്നാണ് അവർ കുടിച്ചത്. ആ പാറ
5 മ്ശീഹാ ആയിരുന്നു. എങ്കിലും അവരിൽ
അനേകരിലും ദൈവം പ്രസാദിച്ചില്ല.
അവരോ മരുഭൂമിയിൽ മരിച്ച് വീണുപോയി.
6 അവർ മോഹിച്ചതുപോലെ തിന്മകളെ നാം
മോഹിക്കാതിരിക്കേണ്ടതിന് അവർ നമുക്ക്
7 പാഠമായിത്തീർന്നിരിക്കുന്നു. അവരിൽ
ചിലർ ചെയ്തതുപോലെ നാം വിഗ്രഹാരാ
ധകന്മാർ ആകരുത്. "ജനം തിന്നുവാനും
കുടിക്കുവാനും ഇരുന്നു; അവർ ഉല്ലസിപ്പാൻ
എഴുന്നേററു" എന്ന് എഴുതിയിരിക്കുന്നു
8 വല്ലോ. അവരിൽ ചിലർ വ്യഭിചാരം
ചെയ്തതുപോലെ നാം വ്യഭിചരിക്കരുത്.
ഒററ ദിവസത്തിൽ അവരിൽ ഇരുപത്തി
മൂവായിരം പേരാണ് വീണുപോയത്!
9 അവരിൽ ചിലർ പരീക്ഷിച്ചതുപോലെ നാം
മ്ശീഹായെ പരീക്ഷിക്കരുത്. സർപ്പങ്ങൾ
10 അവരെ നശിപ്പിച്ചുകളഞ്ഞു. അവരിൽ
ചിലർ പിറുപിറുത്തതുപോലെ നിങ്ങൾ
മുറുമുറുക്കരുത്. സംഹാരകൻ മുഖാന്തരം
11 അവർ നശിച്ചുപോയി. അവർക്ക് സംഭവിച്ച
ഇവയെല്ലാം നമുക്ക് പാഠമായിത്തീർന്നു.
ലോകത്തിന്റെ അന്ത്യം സമീപിച്ചിരിക്ക
കൊണ്ട് നമ്മുടെ പഠനത്തിനായി അവ
12 എഴുതപ്പെട്ടിരിക്കുന്നു. താൻ നിൽക്കുന്നു
എന്നു വിചാരിക്കുന്നവൻ ഇനിയും വീഴാ
13 തിരിക്കുവാൻ സൂക്ഷിച്ചുകൊള്ളട്ടെ. മനു
ഷ്യർക്കുണ്ടാകാവുന്നതല്ലാത്ത പരീക്ഷ
ഒന്നും നിങ്ങൾക്ക് നേരിട്ടിട്ടില്ല. ദൈവം വിശ്വ
സ്തനാകുന്നു. നിങ്ങൾക്ക് കഴിവുള്ളതി
ലപ്പുറമായി പരീക്ഷിക്കപ്പെടുവാൻ താൻ
നിങ്ങളെ കൈവിടുകയില്ല, പ്രത്യുത
നിങ്ങൾക്ക് സഹിപ്പാൻ കഴിവുണ്ടാകത്ത
ക്കവണ്ണം നിങ്ങളുടെ പരീക്ഷയ്ക്കു താൻ
ഒഴികഴിവുണ്ടാക്കിക്കൊള്ളും.

14 ആകയാൽ എന്റെ വത്സലരേ, വിഗ്ര
ഹാരാധന വിട്ട് നിങ്ങൾ ഓടി മാറിക്കൊ
15 ള്ളണം. വിജ്ഞാനികളോട് എന്നപോലെ
ഞാൻ പറയുന്നു: ഞാൻ പറയുന്നതിനെ
16 നിങ്ങൾ തന്നെ വിവേചിച്ചറിയുവിൻ. നാം
വാഴ്ത്തുന്ന സ്തോത്രത്തിന്റെ ആ പാന
പാത്രം മ്ശീഹായുടെ രക്തത്തോടുള്ള
പങ്കുകൊള്ളൽ അല്ലയോ? നാം മുറിക്കുന്ന
ആ അപ്പം മ്ശീഹായുടെ ശരീരത്തിന്റെ
17 പങ്ക് കൊള്ളലും അല്ലയോ? ആകയാൽ ആ
അപ്പം ഒന്നായിരിക്കുന്നതുപോലെ നാം
എല്ലാവരും ഒരു ശരീരമാകുന്നു. എന്തെ
ന്നാൽ നാം എല്ലാവരും ആ ഒരേ അപ്പ
ത്തിൽനിന്നുതന്നെയാകുന്നു സ്വീകരി
ക്കുന്നത്. ജഡപ്രകാരമുള്ള ഇസ്രയേലിനെ 18
നോക്കുവിൻ. ബലിവസ്തുക്കൾ ഭക്ഷിക്കു
ന്നവർ ബലിപീഠത്തിന് സംബന്ധികളാകു
ന്നില്ലയോ? ആകയാൽ ഞാൻ പറയുന്നത് 19
എന്താകുന്നു? വിഗ്രഹം എന്തെങ്കിലും
സാരമുള്ളത് ആകുന്നു എന്നോ? വിഗ്രഹ
ബലിവസ്തുക്കൾ എന്തെങ്കിലും സാരമു
ള്ളത് ആകുന്നു എന്നോ? അല്ലതന്നെ.
പിന്നെയോ, പുറജാതികൾ ബലിയർപ്പി 20
ക്കുന്നത്—ദൈവത്തിനല്ല പിശാചുകൾക്ക്
ആകുന്നു. നിങ്ങൾ പിശാചുക്കളോട് ബന്ധ
മുള്ളവർ ആകുവാൻ എനിക്കിഷ്ടമില്ല.
നമ്മുടെ കർത്താവിന്റെ പാനപാത്രവും 21
പിശാചുക്കളുടെ പാനപാത്രവും കുടിപ്പാൻ
നിങ്ങൾക്ക് സാദ്ധ്യമല്ല. നമ്മുടെ കർത്താ
വിന്റെ മേശയിങ്കലും, പിശാചുക്കളുടെ
മേശയിലും പങ്കുകൊള്ളുവാനും നിങ്ങൾക്ക്
സാദ്ധ്യമല്ല. അഥവാ നാം നമ്മുടെ കർത്താ 22
വിന് ക്രോധം ജ്വലിപ്പിക്കണമോ? നാം
തന്നേക്കാൾ ബലവാന്മാരോ?

എല്ലാററിനും എനിക്കധികാരമുണ്ട്. 23
എന്നാൽ എല്ലാം എനിക്ക് കൊള്ളാവുന്നവ
യല്ല. എല്ലാററിനും എനിക്കധികാരമുണ്ട്.
എന്നാൽ എല്ലാം എനിക്ക് ആത്മികവർദ്ധന
വരുത്തുന്നവയല്ല. ഓരോരുത്തനും സ്വന്ത 24
കാര്യം (മാത്രം) നോക്കുന്നവനായിരിക്ക
രുത്. എന്നാലോ തന്റെ കൂട്ടുകാരന്റെ
കാര്യവും നോക്കണം. വില്പനസ്ഥലത്തു 25
വിൽക്കപ്പെടുന്ന ഏതും മനഃസാക്ഷിനിമി
ത്തം ഒന്നും അന്വേഷിക്കാതെ ഭക്ഷിച്ചു
കൊള്ളുവിൻ. എന്തെന്നാൽ ഭൂമിയും അതി 26
ലുള്ള സകലവും കർത്താവിന്റേതല്ലോ.
പുറജാതിക്കാരിൽ ആരെങ്കിലും നിങ്ങളെ 27
ക്ഷണിച്ചാൽ നിങ്ങൾക്കു പോകുവാൻ
മനസ്സുണ്ടെങ്കിൽ നിങ്ങളുടെ മുമ്പിൽ വിള
മ്പുന്നത് ഏതും മനസ്സാക്ഷിക്കുവേണ്ടി
വിവേചനകൂടാതെ ഭക്ഷിച്ചുകൊള്ളുവിൻ.
എന്നാൽ ഒരുവൻ ഇത് വിഗ്രഹത്തിന് 28
അർപ്പിച്ചതാണ് എന്ന് നിങ്ങളോട് പറ
ഞ്ഞാൽ, ആ പറഞ്ഞവൻ നിമിത്തവും
മനഃസാക്ഷി നിമിത്തവും നിങ്ങൾ അത്
ഭക്ഷിക്കരുത്. മനഃസാക്ഷി എന്നു ഞാൻ 29
പറഞ്ഞത് നിങ്ങളുടെതല്ല. എന്നാലോ പറ
യുന്നവന്റെതത്രെ. എന്തെന്നാൽ മററുള്ള
വരുടെ മനഃസാക്ഷികൊണ്ട് എന്റെ സ്വാ
തന്ത്ര്യം കുററം വിധിക്കപ്പെടുന്നത് എന്തിന്?

30 കൃപയാൽ പെരുമാറുന്ന ഞാൻ സ്തോത്രം
ചെയ്ത് ഉപയോഗിക്കുന്നവയെക്കുറിച്ച് എന്തി
31 ന് ഞാൻ നിന്ദിതനാകണം? ആകയാൽ
നിങ്ങൾ ഭക്ഷിക്കുന്നുവെങ്കിലും പാനം ചെ
യ്യുന്നുവെങ്കിലും എന്തെങ്കിലും പ്രവർത്തി
ക്കുന്നുവെങ്കിലും അതെല്ലാം ദൈവത്തി
ൻെറ മഹത്വത്തിന്നായി ചെയ്യുവിൻ. നി
32 ങ്ങൾ യഹൂദന്മാർക്കും പുറജാതികൾക്കും,
ദൈവത്തിൻെറ സഭയ്ക്കും വിരുദ്ധകാരണ
33 മാകാതിരിപ്പിൻ. ഞാനും എല്ലാവരേയും
എല്ലാററിലും പ്രസാദിപ്പിക്കുകയും വളരെ
പ്പേർ രക്ഷ പ്രാപിക്കുവാനായി അവർക്ക്
പ്രയോജനമുള്ളവയെ അല്ലാതെ എനിക്ക്
ഗുണകരമായതിനെ ഞാൻ അന്വേഷിക്കാ
തിരിക്കുകയും ചെയ്യുന്നതുപോലെതന്നെ.

അദ്ധ്യായം 11

1 ഞാൻ മ്ശീഹായെ അനുകരിക്കുന്നതു
പോലെ നിങ്ങൾ എന്നെ അനുകരിക്കുവിൻ.
2 എൻെറ സഹോദരരെ, നിങ്ങൾ എല്ലാ കാര്യ
ത്തിലും എന്നെ ഓർക്കുകയും കല്പനകൾ
ഞാൻ നിങ്ങളെ ഭരമേൽപ്പിച്ചപ്രകാരം തന്നെ
നിങ്ങൾ മുറുകെ പിടിച്ചിരിക്കുകയും ചെയ്യു
ന്നതിനാൽ ഞാൻ നിങ്ങളെ ശ്ലാഘിക്കുന്നു.
3 നിങ്ങൾ ഇത് അറിയണം എന്ന് ഞാൻ ആഗ്ര
ഹിക്കുന്നു. (അതായത്) ഏതു പുരുഷൻെറ
യും ശിരസ്സ് മ്ശീഹായാകുന്നു. സ്ത്രീയുടെ
ശിരസ്സ് പുരുഷനാകുന്നു. മ്ശീഹായുടെ
4 ശിരസ്സ് ദൈവവുമാകുന്നു. തൻെറ തല മൂടി
ക്കൊണ്ട് പ്രാർത്ഥിക്കുകയോ പ്രവചിക്കു
കയോ ചെയ്യുന്ന ഏതു പുരുഷനും തൻെറ
5 തലയെ അവമാനിക്കുകയാണ്. തല മൂടാ
തെ പ്രാർത്ഥിക്കയോ, പ്രവചിക്കുകയോ
ചെയ്യുന്ന ഏത് സ്ത്രീയും അവളുടെ തലയെ
അവമാനിക്കുന്നു. അവൾ തൻെറ തല
മുണ്ഡനം ചെയ്യപ്പെട്ടവൾക്കു തുല്യയാകു
6 ന്നു. സ്ത്രീ മൂടുപടം ഇടുന്നില്ലെങ്കിൽ മുടി
കത്രിച്ചുകളയട്ടെ. കത്രിച്ചുകളയുന്നതും മുടി
വടിച്ചുകളയുന്നതും അവൾക്ക് അവമാന
7 മെങ്കിൽ അവൾ മൂടുപടം ഇടട്ടെ. പുരുഷൻ
ദൈവത്തിൻെറ സദൃശവും മഹിമയും ആക
യാൽ അവന് തല മൂടേണ്ട ആവശ്യമില്ല.
സ്ത്രീയാകട്ടെ പുരുഷൻെറ മഹത്വമാകു
8 ന്നു. പുരുഷൻ സ്ത്രീയിൽനിന്നല്ല; സ്ത്രീ,
പുരുഷനിൽനിന്നത്രെ ഉണ്ടായത്. പുരുഷൻ
9 സ്ത്രീക്കായിട്ടല്ല, സ്ത്രീ—പുരുഷനായിട്ടാ
ണല്ലോ സൃഷ്ടിക്കപ്പെട്ടത്. ആകയാൽ
10 മാലാഖമാരെ ആദരിച്ച് സ്ത്രീക്ക് അവളുടെ
ശിരസ്സിന്മേൽ വിധേയത്വസൂചകം ഉണ്ടായി
രിക്കുവാൻ ന്യായമാകുന്നു. എന്നാൽ 11
നമ്മുടെ കർത്താവിൽ, സ്ത്രീയെ കൂടാതെ
പുരുഷനില്ല; പുരുഷനെ കൂടാതെ സ്ത്രീയു
മില്ല. എന്തെന്നാൽ സ്ത്രീ, പുരുഷനിൽ 12
നിന്ന് എന്നതുപോലെതന്നെ, പുരുഷൻ
സ്ത്രീമൂലമായും ഉണ്ടായി. എല്ലാം ദൈവ
ത്തിൽനിന്നും ഉണ്ടായി. നിങ്ങൾതന്നെ വിധി 13
പ്പിൻ. സ്ത്രീ അവളുടെ തല മൂടാതെ ദൈവ
ത്തോട് പ്രാർത്ഥിക്കുന്നതു യോഗ്യമോ?
പുരുഷൻ മുടി നീട്ടിയാൽ അത് അവന് അപ 14
മാനമെന്നും, സ്ത്രീ മുടി നീട്ടിയാലോ അവ 15
ളുടെ തലമുടി മൂടുപടത്തിനു പകരമായി
നൽകപ്പെട്ടതുകൊണ്ട് അത് അവൾക്ക്
മഹത്വമാകുന്നു എന്നും, പ്രകൃതിതന്നെ
നിങ്ങളെ പഠിപ്പിക്കുന്നില്ലയോ? ഇതിനെതി 16
രായി ആരെങ്കിലും തർക്കിച്ചാൽ, ഇങ്ങനെ
യുള്ള പതിവ് ഞങ്ങൾക്കാകട്ടെ, ദൈവ
ത്തിൻെറ സഭയ്ക്കാകട്ടെ ഇല്ല.
ഇതു ഞാൻ നിങ്ങളോട് കല്പിക്കു 17
കയാണ്: ഞാൻ നിങ്ങളെ പുകഴ്ത്തുന്നില്ല.
എന്തെന്നാൽ നിങ്ങൾ മുന്നോട്ട് വരികയല്ല,
ഹീനതയിലേക്ക് ഇറങ്ങുകയത്രെ ചെയ്തി
രിക്കുന്നത്. എന്തെന്നാൽ ഒന്നാമതായി 18
നിങ്ങൾ പള്ളിയിൽ* ഒരുമിച്ചു കൂടുമ്പോൾ
നിങ്ങളുടെ ഇടയിൽ ഭിന്നതകൾ ഉണ്ടാ
കുന്നതായി ഞാൻ കേൾക്കുന്നു. പലതും
ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു.
നിങ്ങളിൽ ശോധന ചെയ്യപ്പെട്ടവർ അറിയ 19
പ്പെടേണ്ടതിന് നിങ്ങളുടെ ഇടയിൽ തർക്ക
ങ്ങളും ഉണ്ടാകേണ്ടതുതന്നെ. നിങ്ങൾ 20
ഒരുമിച്ചു കൂടുമ്പോൾ നമ്മുടെ കർത്താ
വിൻെറ ദിവസത്തിന് അനുയോജ്യമായ
വിധത്തിലല്ല നിങ്ങൾ ഭക്ഷിക്കുകയും പാനം
ചെയ്കയും ചെയ്യുന്നത്. എന്നാൽ ഓരോരു 21
വനും അവനവൻെറ ആഹാരം മുൻകൂട്ടി
കഴിക്കുന്നു. അങ്ങനെ ഒരുവൻ വിശന്നും,
ഒരുവൻ ലഹരിപിടിച്ചും ഇരിക്കുന്നു.
നിങ്ങൾക്കു തിന്നുവാനും, കുടിക്കുവാനും 22
വീടുകൾ ഇല്ലയോ? നിങ്ങൾ ദൈവത്തിൻെറ
സഭയെ നിന്ദിക്കുകയും ഒന്നുമില്ലാത്ത
വനെ ലജ്ജിപ്പിക്കുകയും ചെയ്യുന്നുവോ?
ഞാൻ നിങ്ങളോട് എന്താണ് പറയേണ്ടത്?
ഞാൻ നിങ്ങളെ ശ്ലാഘിക്കണമോ? ഇതിൽ
ഞാൻ (നിങ്ങളെ) പുകഴ്ത്തുന്നില്ല.
എന്തെന്നാൽ ഞാൻ നിങ്ങളെ ഭരമേൽ 23
പ്പിച്ചിട്ടുള്ളത്, നമ്മുടെ കർത്താവിൽനിന്നു
ഞാൻ പ്രാപിച്ചിട്ടുള്ളതാണ്. (ആയത്) എന്തെ

* in the Church

ന്നാൽ നമ്മുടെ കർത്താവായ യേശു ഏല്പി
ക്കപ്പെട്ട ആ രാത്രിയിൽ, താൻ അപ്പം എടു
24 ത്തു വാഴ്ത്തി മുറിച്ചു. "ഇത് നിങ്ങൾ വാങ്ങി
ഭക്ഷിപ്പിൻ. ഇത് നിങ്ങൾക്കുവേണ്ടി മുറിക്ക
പ്പെടുന്ന എൻെറ ശരീരമാകുന്നു. എൻെറ
ഓർമ്മയ്ക്കായി ഇതു നിങ്ങൾ ചെയ്യണം"
25 എന്നു പറഞ്ഞു. അപ്രകാരം തന്നെ അത്താഴം
കഴിഞ്ഞശേഷം താൻ പാനപാത്രവും കൊടു
ത്തിട്ട്: "ഈ പാനപാത്രം എൻെറ രക്തംകൊ
ണ്ടുള്ള പുതിയ നിയമം ആകുന്നു. നിങ്ങൾ
പാനം ചെയ്യുമ്പോഴെല്ലാം എൻെറ ഓർമ്മ
യ്ക്കായി ഇതു ചെയ്യുവിൻ" എന്നും പറഞ്ഞു.
26 എന്തെന്നാൽ, ഈ അപ്പം നിങ്ങൾ ഭക്ഷിക്ക
യും, ഈ പാനപാത്രത്തിൽനിന്ന് പാനം
ചെയ്യുകയും ചെയ്യുമ്പോഴെല്ലാം നമ്മുടെ
കർത്താവിൻെറ മരണത്തെ തൻെറ വരവു
വരെ നിങ്ങൾ അനുസ്മരിപ്പിക്കുകയാകുന്നു.
27 ആകയാൽ, അയോഗ്യതയോടെ കർത്താ
വിൻെറ അപ്പത്തിൽനിന്നു ഭക്ഷിക്കുകയും
തൻെറ പാനപാത്രത്തിൽനിന്നു കുടിക്കു
കയും ചെയ്യുന്നവൻ, കർത്താവിൻെറ ശരീര
വും രക്തവും സംബന്ധിച്ചു കുറ്റക്കാരനാകു
28 ന്നതിനാൽ ഓരോരുവനും സ്വയം പരിശോ
ധിച്ചിട്ടുവേണം ഈ അപ്പത്തിൽനിന്നു ഭക്ഷി
ക്കുകയും ഈ പാനപാത്രത്തിൽ നിന്നു കുടി
29 ക്കുകയും ചെയ്‌വാൻ. എന്തെന്നാൽ, അ
യോഗ്യമായി ഇതിൽനിന്നു ഭക്ഷിക്കുകയും
കുടിക്കുകയും ചെയ്യുന്നവൻ കർത്താവി
ൻെറ ശരീരത്തെ വിവേചിക്കായ്കകൊണ്ടു
തനിക്കുതന്നെ ശിക്ഷാവിധി തിന്നുകയും
30 കുടിക്കുകയുമത്രെ ചെയ്യുന്നത്. ഇതു നിമി
ത്തം നിങ്ങളിൽ അനേകർ ബലഹീനരും
രോഗികളുമായിത്തീരുന്നു. അനേകർ നിദ്ര
31 പ്രാപിക്കുകയും ചെയ്യുന്നു. നാം നമ്മെത്ത
ന്നെ വിധിച്ചിരുന്നുവെങ്കിൽ നാം വിധിക്കപ്പെ
32 ടുകയില്ലായിരുന്നു. നമ്മുടെ കർത്താവി
നാൽ നാം വിധിക്കപ്പെടുമ്പോൾ ലോകത്തോ
ടുകൂടെ നാം കുറ്റം വിധിക്കപ്പെടാതിരിക്കേ
33 ണ്ടതിന്, നാം ശാസിക്കപ്പെടുന്നു. എൻെറ
സഹോദരന്മാരേ, ഇനിയും നിങ്ങൾ ഭക്ഷണം
കഴിക്കുവാനായി കൂടുമ്പോൾ അന്യോന്യം
34 കാത്തിരിപ്പിൻ. വിശക്കുന്നവൻ അവൻെറ
വീട്ടിൽവെച്ചു ഭക്ഷണം കഴിക്കട്ടെ. നിങ്ങൾ
ഒരുമിച്ച് കൂടുന്നത് ശിക്ഷാവിധിക്കായിത്തീ
രരുത്. ശേഷം കാര്യങ്ങളെക്കുറിച്ച് ഞാൻ
വന്നതിനു ശേഷം കല്പന തന്നുകൊള്ളാം.

അദ്ധ്യായം 12

1 എൻെറ സഹോദരന്മാരേ! ആത്മിക
ദാനങ്ങളെക്കുറിച്ചു നിങ്ങൾ അറിയണം
എന്നു ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ
പുറജാതികളായിരുന്നു. ശബ്ദമില്ലാത്ത 2
വിഗ്രഹങ്ങളുടെ അടുക്കലേക്ക്, വിവേചനാ
ബുദ്ധിയില്ലാതെ നിങ്ങൾ നയിക്കപ്പെട്ടു
മിരുന്നു. ഇതുനിമിത്തമായി, നിങ്ങളെ 3
ഞാൻ അറിയിക്കുന്നു. ദൈവത്തിൻെറ
ആത്മാവിൽ സംസാരിക്കുന്ന ഒരുവനും
യേശു ശപിക്കപ്പെട്ടവനാകുന്നു എന്നു
പറയുകയില്ല. പരിശുദ്ധാത്മാവിൽ അല്ലാ
തെ, 'യേശു കർത്താവാകുന്നു' എന്നു പറ
യുവാനും ആർക്കും കഴിയുകയില്ല.
കൃപാവരങ്ങൾ വിവിധങ്ങളാണ്. 4
എന്നാൽ ആത്മാവ് ഒന്നേയുള്ളു. ശുശ്രൂഷ 5
കൾ വിവിധങ്ങളാണ്. എന്നാൽ കർത്താവ്
ഒന്നേയുള്ളു. അത്ഭുതശക്തികളും വിവിധ 6
ങ്ങൾ അത്രെ. എന്നാൽ എല്ലാവരിലും 7
എല്ലാം പ്രവർത്തിപ്പിക്കുന്ന ദൈവം, ഒരുവൻ
മാത്രമേയുള്ളു. ആത്മാവിൻെറ വെളിപാടും
ഓരോരുത്തനും അവന് പ്രയോജനകരമായ
വിധത്തിൽ നൽകപ്പെടുന്നു.
ഒരുവന് ആത്മാവ് മുഖാന്തരം ജ്ഞാന 8
ത്തിൻെറ വചനവും മറ്റൊരുവന് അതേ
ആത്മാവിനാൽതന്നെ അറിവിൻെറ വച
നവും വേറൊരുവന് അതേ ആത്മാവിനാൽ 9
തന്നെ വിശ്വാസവും, മറ്റൊരുവന് അതേ
ആത്മാവിനാൽതന്നെ രോഗശാന്തിയുടെ
വരവും, വേറൊരുവന് അത്ഭുതശക്തികളും, 10
വേറൊരുവന് പ്രവചനവും, വേറൊരുവന്
ആത്മാക്കളുടെ വിവേചനപ്രാപ്തിയും,
വേറൊരുവന് വിവിധ ഭാഷകളും മറ്റൊരു
വന് ഭാഷകളുടെ വ്യാഖ്യാനവും നൽകപ്പെട്ടി
രിക്കുന്നു. എന്നാൽ ഇവയെല്ലാം പ്രവർത്തി 11
ക്കുന്നത് ഒരേ ആത്മാവ് തന്നെയത്രെ. ആ
ആത്മാവ് ഇച്ഛിക്കുന്നതുപോലെ ഓരോ
രുത്തനും വിഭാഗിച്ചുകൊടുക്കുന്നു.
എങ്ങനെയെന്നാൽ ശരീരം ഏകമാകു 12
ന്നു. അതിൽ അനേക അവയവങ്ങൾ ഉണ്ട്.
ശരീരത്തിലെ അവയവങ്ങൾ പലതായിരി
ക്കവെതന്നെ ശരീരം ഒന്നേയുള്ളു. ഇങ്ങനെ
തന്നെയാകുന്നു മ്ശീഹായും. ആകയാൽ 13
നാം എല്ലാവരും, യഹൂദന്മാരാകട്ടെ, പുറജാ
തികളാകട്ടെ, അടിമകളാകട്ടെ, സ്വതന്ത്രരാ
കട്ടെ, ഒരേ ശരീരത്തിലേക്ക് ഒരേ ആത്മാ
വുമൂലം മാമ്മൂദീസാ ഏൽക്കുകയും, ഒരേ
ആത്മാവിനെ പാനം ചെയ്യുകയും ചെയ്തി
രിക്കുന്നു.
എന്തെന്നാൽ ശരീരം ഒററ അവയവമല്ല, 14
പലതത്രെ. ഞാൻ കൈ അല്ലാത്തതു കൊ 15
ണ്ട് ഞാൻ ശരീരത്തിൽ പെട്ടതല്ല എന്നു
കാൽ പറയുന്നുവെങ്കിൽ, തന്മൂലം അത്

ശരീരത്തിൽ പെട്ടതല്ല എന്നു വരികയില്ല.
16 ഞാൻ കണ്ണ് അല്ലാത്തതുകൊണ്ട് ശരീര
ത്തിൽ ഉള്ളതല്ല എന്നു ചെവി പറയുകയാ
ണെങ്കിൽ—അതുമൂലം അതു ശരീരത്തിൽ
17 പെട്ടതല്ല എന്നു വരികയില്ല. എന്തെന്നാൽ
ശരീരം മുഴുവൻ കണ്ണായിരുന്നാൽ- ചെവി
എവിടെ? മുഴുവനും ചെവികൾ ആയിരു
18 ന്നാൽ എങ്ങനെ ഘ്രാണിക്കും? ഇപ്പോഴാ
കട്ടെ, ദൈവം താൻ ഇച്ഛിച്ചതുപോലെ
ശരീരത്തിൽ ഓരോ അവയവത്തെയും
19 സ്ഥാപിച്ചിരിക്കുന്നു. അവയെല്ലാം ഒരവയവ
മായിരുന്നെങ്കിൽ പിന്നെ ശരീരം എവിടെ?
20 ഇപ്പോഴാകട്ടെ അവയവങ്ങൾ പലത്; ശരീരം
21 ഒന്നുതന്നെ. കണ്ണിനു കൈയോട്, നിന്നെ
ക്കൊണ്ട് എനിക്കാവശ്യമില്ലെന്നു പറയു
വാൻ നിവൃത്തിയില്ല. നിങ്ങളെക്കൊണ്ട്
എനിക്കാവശ്യമില്ല എന്നു തലയ്ക്കു കാലു
22 കളോടും പറയുവാൻ നിവൃത്തിയില്ല. ബല
ഹീനങ്ങൾ എന്നു വിചാരിക്കപ്പെടുന്ന അവ
യവങ്ങൾ ഏവയോ അവയെക്കൊണ്ടാണ്
23 കൂടുതൽ ആവശ്യം. ശരീരത്തിൽ മാന്യത
കുറഞ്ഞവ എന്നു നാം വിചാരിക്കുന്ന
വയ്ക്ക് നാം അധിക ബഹുമാനം നൽകുന്നു.
പരിപാകതയുടെതായവയ്ക്ക് നാം അധിക
24 ഭംഗി വരുത്തുന്നു. മാന്യങ്ങളായി നമ്മിലുള്ള
അവയവങ്ങൾക്ക് കൂടുതൽ ബഹുമാനം
25 ആവശ്യമില്ലല്ലോ. എന്തെന്നാൽ ദൈവം,
ശരീരത്തിൽ ഭിന്നത വരാതെ അവയവ
ങ്ങൾ പരസ്പരം ഒരുപോലെ കരുതേണ്ടതി
നായി കുറവുള്ളതിന് കൂടുതൽ ബഹുമാനം
നൽകിക്കൊണ്ട് ശരീരത്തെ ക്രമീകരിച്ചിരി
26 ക്കുന്നു. അതിനാൽ ഒരവയവം വേദന
അനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും
വേദന അനുഭവിക്കുന്നു. ഒരവയവം മാനി
ക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും
മാനിക്കപ്പെടുന്നു.
27 നിങ്ങൾ മ്ശീഹായുടെ ശരീരവും ഓരോ
രുത്തനും അതാതിൻെറ സ്ഥാനത്ത് അവ
യവങ്ങളുമാകുന്നു.
28 ദൈവം തൻെറ സഭയിൽ ആദ്യം ശ്ലീഹ
ന്മാരെയും, അനന്തരം പ്രവാചകന്മാരെയും,
തുടർന്ന് ഗുരുക്കന്മാരെയും, അത്ഭുത പ്ര
വർത്തകരെയും, പിന്നെ രോഗശാന്തി വരം
ലഭിച്ചവരേയും സഹായികളെയും, ഭരണ
കർത്താക്കളെയും, വിവിധ ഭാഷ സംസാരി
29 ക്കുന്നവരെയും നിയമിച്ചു. എല്ലാവരും ശ്ലീഹ
ന്മാരോ എല്ലാവരും പ്രവാചകന്മാരോ
ആണോ? എല്ലാവരും ഗുരുഭൂതന്മാരാണോ?
എല്ലാവരും വീര്യപ്രവൃത്തികൾ ചെയ്യുന്ന
30 വരാണോ? എല്ലാവർക്കും രോഗശാന്തിവര
മുണ്ടോ? എല്ലാവരും വിവിധ ഭാഷകൾ
സംസാരിക്കുന്നവരാണോ? എല്ലാവരും
വ്യാഖ്യാനിക്കുന്നുവോ? ശ്രേഷ്ഠവരങ്ങളിൽ 31
നിങ്ങൾ തീക്ഷ്ണതയോടിരിക്കുമെങ്കിൽ
അതിശ്രേഷ്ഠമായ വഴി ഇനിയും നിങ്ങൾക്ക്
ഞാൻ കാണിച്ചുതരാം.

അദ്ധ്യായം 13

ഞാൻ മനുഷ്യരുടെയും മാലാഖമാരു 1
ടെയും സർവ്വഭാഷകളിലും സംസാരിച്ചാലും,
എന്നിൽ 'സ്നേഹം' ഇല്ലെങ്കിൽ ഞാൻ
മുഴങ്ങുന്ന ചേങ്ങലയോ ശബ്ദം നൽകുന്ന
കൈത്താളമോ ആയിരിക്കും. എന്നിൽ 2
പ്രവചനവരം ഉണ്ടായിരിക്കയും സർവ്വരഹ
സ്യങ്ങളും സർവ്വജ്ഞാനവും ഞാൻ ഗ്രഹി
ക്കുകയും പർവ്വതങ്ങളെ മാററുവാൻ തക്ക
വണ്ണമുള്ള പൂർണ്ണവിശ്വാസം എനിക്കുണ്ടാ
യിരിക്കയും ചെയ്താലും എന്നിൽ സ്നേഹ
മില്ലെങ്കിൽ ഞാൻ ഒന്നുമല്ല. എനിക്കുള്ള 3
തെല്ലാം ഞാൻ ദരിദ്രർക്ക് ഭക്ഷിപ്പാൻ കൊടു
ത്താലും ദഹിപ്പിക്കുവാനായി എൻെറ സ്വന്ത
ശരീരത്തെ ഞാൻ നൽകിയാലും, എന്നിൽ
സ്നേഹമില്ലെങ്കിൽ എനിക്ക് ഒരു പ്രയോ
ജനവുമുണ്ടാകയില്ല.

സ്നേഹം ദീർഘക്ഷമയുള്ളതും ദയ 4
യുള്ളതുമാകുന്നു. സ്നേഹം അസൂയപ്പെ
ടുന്നില്ല. സ്നേഹം കലഹിക്കുന്നില്ല. അഹ
ങ്കരിക്കുന്നില്ല. അതു ലജ്ജാകരമായതു
പ്രവർത്തിക്കുന്നില്ല. സ്വാർത്ഥം അന്വേഷി 5
ക്കുന്നില്ല. കോപിക്കുന്നില്ല; തിന്മയായതു
ചിന്തിക്കുന്നുമില്ല. അത് അനീതിയിൽ 6
സന്തോഷിക്കാതെ സത്യത്തിൽ സന്തോഷി
ക്കുന്നു. അത് സകലവും സഹിക്കുന്നു. 7
സർവ്വവും വിശ്വസിക്കുന്നു. എല്ലാം പ്രത്യാ
ശിക്കുന്നു. എല്ലാററിലും സഹനത്തോടിരി
ക്കുന്നു. സ്നേഹം ഒരിക്കലും വീണുപോകു 8
കയില്ല. എന്തെന്നാൽ പ്രവചനങ്ങൾ ഇല്ലാ
തായിപ്പോകും. ഭാഷകൾ നിന്നുപോകും.
അറിവ് മാഞ്ഞുപോകും. നാം വളരെയുള്ള 9
തിൽ കുറച്ചുമാത്രമാകുന്നു അറിയുന്നത്.
വളരെക്കാര്യങ്ങളിൽ കുറച്ചുമാത്രം പ്രവചി 10
ക്കുകയും ചെയ്യുന്നു. എന്നാൽ പൂർണ്ണത
വരുമ്പോൾ അപൂർണ്ണമായിരുന്നത് ഇല്ലാ
താകും. ഞാൻ ശിശുവായിരുന്നപ്പോൾ 11
ശിശുവിനെപ്പോലെ സംസാരിച്ചിരുന്നു.
ശിശുവിനെപ്പോലെ ചിന്തിച്ചിരുന്നു. ശിശു
വിനെപ്പോലെ ആലോചിച്ചുമിരുന്നു.
എന്നാൽ ഞാൻ പുരുഷ(പ്രായത്തിൽ)
നായപ്പോൾ ഞാൻ ബാലസഹജമായത്
ഉപേക്ഷിച്ചു. ഇപ്പോൾ നാം കണ്ണാടിയിലൂടെ 12

എന്നതുപോലെ അവ്യക്തമായി കാണു
ന്നു. അപ്പോഴോ-നാം മുഖാഭിമുഖം കാണും.
ഇപ്പോൾ ഞാൻ വളരെ കാര്യങ്ങളിൽ
അല്പംമാത്രം അറിയുന്നു. അപ്പോഴോ
ഞാൻ അറിയപ്പെട്ടിട്ടുള്ളതുപോലെതന്നെ
13 ഞാനും അറിയും. എന്തെന്നാൽ നില
നിൽക്കുന്നവ ഇവ മൂന്നാകുന്നു. വിശ്വാസം,
പ്രത്യാശ, സ്നേഹം.
ഇവയിൽ മഹത്തരം സ്നേഹംതന്നെ.

അദ്ധ്യായം 14

1 സ്നേഹത്തിന്റെ പിന്നാലെ ഓടിച്ചെ
ല്ലുവിൻ. ആത്മാവിന്റെ വരദാനങ്ങളിൽ
പ്രത്യേകിച്ചും പ്രവചിക്കുവാൻ നിങ്ങൾ
2 തീക്ഷ്ണതയുള്ളവരായിരിക്കണം. എന്തെ
ന്നാൽ (അന്യ)ഭാഷയിൽ സംസാരിക്കുന്ന
വൻ, മനുഷ്യരോടല്ല ദൈവത്തോടത്രെ
സംസാരിക്കുന്നത്. അവൻ സംസാരിക്കുന്ന
തിനെ ആരും ശ്രദ്ധിക്കുന്നില്ല. അവൻ
ആത്മാവിൽ രഹസ്യങ്ങളെ സംസാരി
3 ക്കുന്നു. പ്രവചിക്കുന്നവനാകട്ടെ, മനുഷ്യ
രോട് ആത്മികവർദ്ധനവിനായും ധൈര്യ
ത്തിന്നായും ആശ്വാസത്തിന്നായും സംസാ
4 രിക്കുന്നു. അന്യഭാഷയിൽ സംസാരിക്കുന്ന
വൻ തനിക്കുതന്നെ ആത്മികാഭിവൃദ്ധി വരു
ത്തുന്നു. പ്രവചിക്കുന്നവനോ, സഭയ്ക്ക്
5 അഭിവൃദ്ധി വരുത്തുന്നു. നിങ്ങൾ എല്ലാവരും
അന്യഭാഷയിൽ സംസാരിക്കണമെന്ന്—
മുഖ്യമായി പ്രവചിക്കണമെന്ന് ഞാൻ ആഗ്ര
ഹിക്കുന്നു. എന്തെന്നാൽ, (അന്യ)ഭാഷ
യിൽ സംസാരിക്കുന്നവൻ, വ്യാഖ്യാനിക്കു
ന്നില്ലെങ്കിൽ—പ്രവചിക്കുന്നവൻ അവനെ
ക്കാൾ വലിയവനാകുന്നു. വ്യാഖ്യാനിച്ചു
പറയുന്നുവെങ്കിലോ അവൻ സഭയ്ക്ക്
അഭിവൃദ്ധി വരുത്തുന്നു.*
6 ഇപ്പോൾ എന്റെ സഹോദരന്മാരേ,
ഞാൻ നിങ്ങളുടെ അടുക്കൽ വന്ന്,
അന്യഭാഷകളിൽ സംസാരിച്ചാൽ ഞാൻ
നിങ്ങൾക്ക് എന്തു പ്രയോജനമാണ് വരു
ത്തുന്നത്? എന്നാൽ വെളിവായിട്ടോ,
ജ്ഞാനത്തോടുകൂടിയോ, പ്രവചനമായോ,
ഉപദേശമായോ സംസാരിച്ചാൽ (നിങ്ങൾക്ക്
7 പ്രയോജനമുണ്ട്.) കുഴലോ, വീണയോ
ശബ്ദം നൽകുന്ന ഏതു നിർജ്ജീവ
വസ്തുക്കളും—ഒന്ന് മറേറതിൽനിന്നും
സ്വരഭേദം വരുത്തിയില്ലെങ്കിൽ ഊതുന്നതും
8 മീട്ടുന്നതും എങ്ങനെ തിരിച്ചറിയും? കാഹളം
വ്യക്തമല്ലാത്ത ശബ്ദമാണ് പുറപ്പെടുവി
ക്കുന്നതെങ്കിൽ, യുദ്ധത്തിന് ആര് ഒരുങ്ങും?
ഇപ്രകാരംതന്നെ നിങ്ങളും അന്യഭാഷയിൽ 9
വചനം സംസാരിക്കുകയും അതു വ്യാഖ്യാ
നിക്കപ്പെടാതിരിക്കുകയും ചെയ്താൽ,
നിങ്ങൾ പറയുന്നത് എന്തെന്ന് എങ്ങനെ
അറിയും? വായുവിനോട് സംസാരിക്കു
ന്നതുപോലെ ആകുമല്ലോ അത്. ലോക 10
ത്തിൽ ഭാഷകൾ അനവധിയുണ്ട്. അവയിൽ
ഒന്നും ശബ്ദാർത്ഥമില്ലാത്തതല്ല. ശബ്ദ 11
ത്തിന്റെ അർത്ഥം എനിക്ക് മനസ്സിലാകാ
തിരുന്നാൽ—സംസാരിക്കുന്നവന് ഞാൻ
ബർബരനെപ്പോലിരിക്കും; സംസാരിക്കുന്ന
വൻ എനിക്കും ബർബരനെപ്പോലിരിക്കും.
അങ്ങനെ നിങ്ങളും ആത്മാവിന്റെ വര 12
ദാനങ്ങളെപ്പററി തീക്ഷ്ണതയുള്ളവരാക
യാൽ, സഭയുടെ ആത്മികവർദ്ധനയ്ക്കാ
യി അഭിവൃദ്ധിപ്പെടുവാൻ ശ്രമിക്കുവിൻ.
അതിനാൽ അന്യഭാഷ സംസാരിക്കുന്നവൻ, 13
വ്യാഖ്യാനവരം ലഭിപ്പാൻ പ്രാർത്ഥിക്കണം.
അന്യഭാഷയിൽ ഞാൻ പ്രാർത്ഥിക്കുന്നുവെ 14
ങ്കിൽ എന്റെ ആത്മാവ് അത്രെ പ്രാർത്ഥി
ക്കുന്നത്. എന്റെ മനസ്സോ ശൂന്യമായിരി
ക്കുന്നു. ആകയാൽ, ഞാൻ എന്താണ് 15
ചെയ്യേണ്ടത്? ഞാൻ ആത്മാവ്കൊണ്ടു
പ്രാർത്ഥിക്കും. എന്റെ ബുദ്ധികൊണ്ടും
പ്രാർത്ഥിക്കും. ഞാൻ എന്റെ ആത്മാവ്
കൊണ്ടു പാടും. എന്റെ മനസ്സുകൊണ്ടു
പാടും. അല്ലെങ്കിൽ—നീ ആത്മാവ്കൊണ്ട് 16
സ്തോത്രം ചെയ്യുന്നുവെങ്കിൽ—അറിവില്ലാ
ത്തവൻ നിന്റെ സ്തോത്രത്തിന് എങ്ങനെ
"ആമീൻ" എന്നു പറയും?
എന്തെന്നാൽ നീ എന്താണ് പറയുന്നത്
എന്ന് അവന് മനസ്സിലാകുന്നില്ലല്ലോ. നീ 17
നന്നായിത്തന്നെയാണ് സ്തോത്രം ചെയ്യു
ന്നത്. പക്ഷേ നിന്റെ കൂട്ടുകാരന് ആത്മി
കാഭിവൃദ്ധി വരുന്നില്ല. നിങ്ങൾ എല്ലാവരേ 18
ക്കാളും അധികം ഞാൻ ഭാഷകളിൽ
സംസാരിക്കുന്നതുകൊണ്ട് ഞാൻ ദൈവ
ത്തെ സ്തോത്രം ചെയ്യുന്നു. എങ്കിലും 19
അന്യഭാഷയിൽ പതിനായിരം വാക്കുകൾ
സംസാരിക്കുന്നതിനേക്കാൾ ഞാൻ ആഗ്ര
ഹിക്കുന്നത് മററുള്ളവരേയും പഠിപ്പിക്കേ
ണ്ടതിന് ബോധപൂർവ്വം സഭയിൽ അഞ്ചു
വാക്ക് സംസാരിക്കുവാനാകുന്നു.
എന്റെ സഹോദരന്മാരേ, നിങ്ങൾ 20
ബുദ്ധിയിൽ കുഞ്ഞുങ്ങളായിരിക്കരുത്.
എന്നാൽ, തിന്മകളിൽ ശിശുക്കളായിരി
ക്കണം. നിങ്ങളുടെ വിചിന്തനങ്ങളിൽ

* ചില വിവർത്തനങ്ങളിൽ ഈ ഭാഗം ഇല്ല.

21 പൂർണ്ണരുമായിരിക്കണം. എന്തെന്നാൽ
ന്യായപ്രമാണത്തിൽ എഴുതപ്പെട്ടിരിക്കുന്നു:
"അന്യവാക്കിലും അന്യഭാഷയിലും ഞാൻ
ഈ ജനത്തോട് സംസാരിക്കും. എങ്കിലും
അവർ എൻെറ (വാക്ക്) കേൾക്കുകയില്ല
എന്ന് കർത്താവ് അരുളിച്ചെയ്യുന്നു" എന്ന്.
22 അതുകൊണ്ട് "ഭാഷകൾ" അടയാളമായി
വച്ചിരിക്കുന്നത് വിശ്വാസികൾക്കല്ല, അവി
ശ്വാസികൾക്കത്രെ. പ്രവചനമാകട്ടെ, അവി
ശ്വാസികൾക്കല്ല; വിശ്വാസികൾക്കായി
23 വച്ചിരിക്കുന്നു. ആകയാൽ സഭ മുഴുവൻ
ഒരുമിച്ചു കൂടുകയും, എല്ലാവരും (പല) ഭാഷ
കളിൽ സംസാരിക്കുകയും അറിവില്ലാത്ത
വരോ അവിശ്വാസികളോ അകത്തു പ്രവേ
ശിക്കുകയും ചെയ്താൽ ഇവർക്ക് 'ഭ്രാന്താ'
24 ണ് എന്നു പറയുകയില്ലയോ? എന്നാൽ
നിങ്ങൾ എല്ലാവരും പ്രവചിക്കുകയും,
അറിവില്ലാത്തവനോ അവിശ്വാസിയോ
അകത്തുവരികയും ചെയ്താലോ അവൻ
നിങ്ങൾ എല്ലാവരാലും പരിശോധിക്കപ്പെടു
കയും നിങ്ങളാൽ അവന് കുററബോധം
25 വരികയും ചെയ്യും. അവൻെറ ഹൃദയത്തിലെ
രഹസ്യങ്ങൾ വെളിപ്പെടുത്തപ്പെടും. അവൻ
കവിഴ്ന്നു വീണ് ദൈവത്തെ ആരാധി
ക്കുകയും "സത്യമായും ദൈവം നിങ്ങളിൽ
ഉണ്ട്" എന്നു പറയുകയുംചെയ്യും.
26 ആകയാൽ എൻെറ സഹോദരന്മാരേ,
ഞാൻ പറയുന്നു: നിങ്ങൾ ഒരുമിച്ചു സമ്മേളി
ക്കുമ്പോൾ, നിങ്ങളിൽ സങ്കീർത്തനത്തിനും
ഉപദേശത്തിനും വെളിപാടിനും (അന്യ)
ഭാഷയ്ക്കും വ്യാഖ്യാനത്തിനും കഴിവുള്ള
വർ ഉണ്ട്. എല്ലാം ആത്മീകവർദ്ധനവിന്നാ
27 യിരിക്കട്ടെ. അന്യഭാഷയിൽ സംസാരി
ക്കുന്നുവെങ്കിൽ രണ്ടുപേരോ, ഏറിയാൽ
മൂന്നുപേരോ സംസാരിക്കട്ടെ.
28 അവർ ഓരോരുത്തരായി സംസാരിക്ക
യും ഒരാൾ വ്യാഖ്യാനിക്കുകയും ചെയ്യട്ടെ.
വ്യാഖ്യാതാവ് ഇല്ലെങ്കിൽ—അന്യഭാഷ
യിൽ സംസാരിക്കുന്നവൻ സഭയിൽ മിണ്ടാ
തിരുന്ന് താനും ദൈവവും തമ്മിൽ സംസാരി
29 ക്കട്ടെ. പ്രവാചകന്മാരും രണ്ടോ മൂന്നോ പേർ
സംസാരിക്കട്ടെ. ശേഷമുള്ളവർ വിവേചിക്കു
30 കയും ചെയ്യട്ടെ. കൂടിയിരിക്കുന്നവരിൽ ഒരു
വന് വെളിപാടുണ്ടായാൽ ആദ്യത്തെയാൾ
31 മിണ്ടാതിരിക്കണം. എല്ലാവരും പഠിക്കേണ്ട
തിനും. എല്ലാവരും വിശ്വാസം പ്രാപിക്കുന്ന
തിനുമായി ഓരോരുത്തരായി പ്രവചിക്കു
32 വാൻ നിങ്ങൾക്ക് കഴിയുമല്ലോ. പ്രവാചക
രുടെ ആത്മാവ് പ്രവാചകർക്ക് കീഴ്പെടു
33 ന്നു. എന്തെന്നാൽ വിശുദ്ധന്മാരുടെ സർവ്വ
സഭകളിലും എന്നപോലെ ദൈവം സമാ
ധാനത്തിൻെറയല്ലാതെ കലഹത്തിൻെറ
ദൈവമല്ല.
സഭയിൽ നിങ്ങളുടെ സ്ത്രീകൾ നിശ്ശ 34
ബ്ദരായിരിക്കട്ടെ. ന്യായപ്രമാണവും പറ
യുന്നതുപോലെ, കീഴ്പ്പെട്ടിരിക്കാനല്ലാതെ,
സംസാരിപ്പാൻ അവർക്ക് അനുവാദമില്ല.
അവർക്ക് എന്തെങ്കിലും പഠിപ്പാൻ ആഗ്രഹ 35
മുണ്ടെങ്കിൽ, അവരുടെ വീടുകളിൽ വച്ച്
ഭർത്താക്കന്മാരോട് ചോദിക്കട്ടെ. സ്ത്രീ
സഭയിൽ സംസാരിക്കുന്നത് ലജ്ജാവ
ഹമാകുന്നു.
ദൈവവചനം നിങ്ങളിൽനിന്നാണോ 36
ഉത്ഭവിച്ചത്? അഥവാ നിങ്ങളുടെ അടുക്കൽ
മാത്രമോ അത് വന്നു ചേർന്നിട്ടുള്ളത്?
നിങ്ങളിൽ ഒരുവൻ താൻ പ്രവാചകൻ 37
എന്നോ ആത്മീയപുരുഷൻ എന്നോ സ്വയം
വിചാരിക്കുന്നുവെങ്കിൽ - ഞാൻ നിങ്ങൾക്ക്
എഴുതിയിരിക്കുന്നവ എല്ലാം നമ്മുടെ
കർത്താവിൻെറ കല്പനകൾ ആകുന്നു
എന്ന് അവൻ അറിഞ്ഞുകൊള്ളട്ടെ. ഒരു 38
വൻ അറിയുന്നില്ലെങ്കിൽ അറിയേണ്ട.
ആകയാൽ സഹോദരന്മാരേ, പ്രവചിപ്പാൻ 39
തീക്ഷ്ണതയുള്ളവരായിരിക്കണം. അന്യ
ഭാഷകളിൽ സംസാരിക്കുന്നതിനെ നിങ്ങൾ
വിലക്കുകയും വേണ്ട. എന്നാൽ സർവ്വവും 40
ഭംഗിയായും ക്രമമായും ഇരിക്കട്ടെ.

അദ്ധ്യായം 15

എൻെറ സഹോദരന്മാരേ, ഞാൻ 1
നിങ്ങളെ അറിയിച്ചതും നിങ്ങൾ സ്വീകരി
ച്ചതും നിങ്ങൾ അതിൽ നിലകൊള്ളുന്നതു
മായ ഏവൻഗേല്യോൻ (സുവിശേഷം)
ഞാൻ നിങ്ങളെ അനുസ്മരിപ്പിക്കുന്നു.
നിങ്ങൾ വിശ്വസിച്ചത് വ്യഥാ അല്ലെങ്കിൽ 2
ഏതു വചനത്തിലാണ് ഞാൻ നിങ്ങളോട്
സുവിശേഷിച്ചതെന്നു നിങ്ങൾ ഓർക്കുന്നു
വെങ്കിൽ നിങ്ങൾ അതുമൂലം ജീവിക്കും.
ഞാൻ സ്വീകരിച്ചതുപോലെതന്നെ മുന്നമെ, 3
നിങ്ങൾക്ക് ഞാൻ ഭരമേൽപ്പിച്ചു തന്നിട്ടു
മുണ്ട്. അതായത്, മ്ശീഹാ, തിരുവെഴു 4
ത്തിൻപ്രകാരം നമ്മുടെ പാപങ്ങൾക്കു
വേണ്ടി മരിക്കയും സംസ്കരിക്കപ്പെടുകയും
തിരുവെഴുത്തിൻപ്രകാരം മൂന്നാം ദിവസം 5
ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു.
പിന്നീടു താൻ കീപ്പായ്ക്കും അനന്തരം
പന്തിരുവർക്കും പ്രത്യക്ഷനായി. അതിനു
ശേഷം അഞ്ഞൂറിൽപ്പരം സഹോദരന്മാർക്ക് 6
ഒരുമിച്ച് പ്രത്യക്ഷനായി. അവരിൽ പലരും
ഇപ്പോഴും ഉണ്ട്. ചിലർ നിദ്രപ്രാപിച്ചുപോയി.

7 ഇവയ്ക്കുശേഷം യാക്കോബിനും പിന്നീ ടു
എല്ലാ ശ്ലീഹന്മാർക്കും പ്രത്യക്ഷനായി.
8 എല്ലാവർക്കും അവസാനമായി അകാല
പ്രജ എന്നപോലുള്ള എനിക്കും പ്രത്യ
9 ക്ഷനായി. ഞാൻ ശ്ലീഹന്മാരിൽ എളിയ
വനാകുന്നു. ഞാൻ ദൈവത്തിൻെറ സഭയെ
ഉപദ്രവിച്ചവനാകയാൽ 'ശ്ലീഹാ' എന്നു
10 വിളിക്കപ്പെടുവാൻ യോഗ്യനുമല്ല. ഞാൻ
എന്തായിരിക്കുന്നുവോ, അതു ദൈവ
ത്തിൻെറ കൃപയാൽ ആകുന്നു. എന്നോ
ടുള്ള തൻെറ കൃപ വ്യർത്ഥമായിട്ടില്ല.
എന്തെന്നാൽ അവരെല്ലാവരേക്കാളും
അത്യധികമായി ഞാൻ അദ്ധ്വാനിച്ചു.
11 എന്നാൽ ഞാൻ അല്ല; എന്നോടുകൂടെ
യുള്ള ദൈവത്തിൻെറ കൃപയത്രെ. ആക
യാൽ ഞങ്ങൾ-ഞാനാകട്ടെ അവരാകട്ടെ
ഇപ്രകാരം പ്രസംഗിക്കുന്നു. ഇപ്രകാരം
നിങ്ങൾ വിശ്വസിച്ചുമിരിക്കുന്നു.
12 മ്ശീഹാ മരിച്ചവരുടെ ഇടയിൽനിന്നും
ഉയിർത്തെഴുന്നേററു എന്നു പ്രസംഗിക്ക
പ്പെടുന്ന സ്ഥിതിക്ക് 'മരിച്ചവരുടെ പുനരു
ത്ഥാനം ഇല്ല' എന്നു പറയുന്നവരായി നിങ്ങ
ളിൽ തന്നെ ചിലർ ഉണ്ടായത് എങ്ങനെ?
13 മരിച്ചവർക്ക് പുനരുത്ഥാനമില്ലെങ്കിൽ -
മ്ശീഹായും ഉയിർത്തെഴുന്നേററിട്ടില്ല.
14 മ്ശീഹാ, ഉയിർത്തെഴുന്നേററിട്ടില്ലെങ്കിൽ -
ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ
15 വിശ്വാസവും വ്യർത്ഥം. ദൈവം മ്ശീഹായെ
ഉയിർപ്പിച്ചിട്ടില്ലെങ്കിൽ താൻ മ്ശീഹായെ
ഉയിർപ്പിച്ചു എന്നു ഞങ്ങൾ സാക്ഷ്യം പറ
ഞ്ഞതുകൊണ്ട് ഞങ്ങൾ ദൈവത്തിൻെറ
കാര്യത്തിൽ കള്ളസാക്ഷികൾ എന്നു കാണ
16 പ്പെടുകയും ചെയ്യും. മരിച്ചവർ ഉയിർക്കുക
യില്ലെങ്കിൽ മ്ശീഹായും ഉയിർത്തെഴുന്നേ
17 ററിട്ടില്ല; മ്ശീഹാ പുനരുത്ഥാനം ചെയ്തി
ട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം പാഴാകു
ന്നുവല്ലോ. നിങ്ങൾ ഇപ്പോഴും നിങ്ങളുടെ
18 പാപങ്ങളിൽ തന്നെ ഇരിക്കുന്നു! മ്ശീഹാ
യിൽ നിദ്ര പ്രാപിച്ചവരും നശിച്ചുപോയെ
19 ന്നോ? നാം മ്ശീഹായിൽ പ്രത്യാശ വെക്കു
ന്നത് ഈ ജീവിതത്തിൽ മാത്രമാണെങ്കിൽ
നാം എല്ലാ മനുഷ്യരെക്കാളും നിർഭാഗ്യ
വാന്മാരത്രെ.
20 ഇപ്പോഴാകട്ടെ മ്ശീഹാ മരിച്ചവരുടെ
ഇടയിൽനിന്നും ഉയിർത്തെഴുന്നേററ് നിദ്ര
പ്രാപിച്ചവർക്ക് ആദ്യഫലമായിത്തീർന്നിരി
21 ക്കുന്നു. മനുഷ്യൻ മൂലം മരണം ഉണ്ടായതു
പോലെതന്നെ-മനുഷ്യൻമൂലം മരിച്ചവർക്ക്
22 പുനരുത്ഥാനവും ഉണ്ടാകുന്നു. ആദാംമൂലം
എല്ലാ മനുഷ്യരും മരിക്കുന്നതുപോലെ

തന്നെ-മ്ശീഹാമൂലം എല്ലാവരും ജീവിക്കും.
ഓരോരുത്തരും താന്താൻെറ ക്രമമനുസ 23
രിച്ച്. മ്ശീഹാ ആദ്യഫലം. അനന്തരം തൻെറ
വരവിങ്കൽ മ്ശീഹായ്ക്കുള്ളവർ. താൻ രാ 24
ജത്വം തൻെറ പിതാവാം ദൈവത്തെ ഏല്പി
ക്കുകയും സകല വാഴ്ചകളേയും എല്ലാ
അധികാരങ്ങളേയും എല്ലാ ശക്തികളേയും
മായിച്ചുകളയുകയും ചെയ്യുമ്പോൾ അവ
സാനം സംഭവിക്കും. എന്തെന്നാൽ സർവ്വ 25
ശത്രുക്കളേയും തൻെറ കാൽക്കീഴ് ആക്കു
ന്നതുവരേയും താൻ വാഴുവാനിരിക്കുന്നു.
അവസാനത്തെ ശത്രുവായ മരണവും മായി 26
ക്കപ്പെടും. സർവ്വവും തൻെറ പാദങ്ങൾക്ക് 27
കീഴാക്കി, സകലവും തനിക്ക് കീഴ്പെട്ടിരി
ക്കുന്നു എന്ന് പറഞ്ഞതിൽനിന്നും സക
ലവും തനിക്ക് കീഴ്പെടുത്തിയവൻ ഒഴികെ
എന്നു സ്പഷ്ടമാണല്ലോ. എല്ലാം അവന് 28
കീഴ്പെട്ടശേഷം ദൈവം സകലത്തിലും
സർവ്വവും ആകേണ്ടതിന് പുത്രൻ തന്നെ
യും, സകലവും തനിക്ക് കീഴ്പെടുത്തിയ
വന് കീഴ്പെടും.
മരിച്ചവർക്കുവേണ്ടി സ്നാനം ഏല്ക്കു 29
ന്നവൻ എന്തു ചെയ്യുന്നു? മരിച്ചവർ
ഉയിർക്കുന്നില്ല എങ്കിൽ അവർ മരിച്ചവർക്കു
വേണ്ടി സ്നാനം ഏൽക്കുന്നത് എന്തിന്?
ഞങ്ങളും വിനാഴികതോറും പ്രാണഭയ 30
ത്തോടെ ഇരിക്കുന്നതുമെന്തിന്? സഹോ 31
ദരന്മാരെ, ഞാൻ പ്രതിദിനം മരിക്കുന്നു
വെന്ന്, നമ്മുടെ കർത്താവേശുമ്ശീഹാ
യിൽ എനിക്ക് നിങ്ങളെക്കുറിച്ചുള്ള പ്രശംസ
യോടുകൂടി ഞാൻ ഉറപ്പിച്ചു പറയുന്നു.
എഫേസോസിൽവച്ച് മൃഗങ്ങൾക്ക് ഞാൻ 32
ഇട്ടുകൊടുക്കപ്പെട്ടുവെങ്കിൽ മാനുഷിക
മായി എനിക്ക് എന്തു നേട്ടമാണുണ്ടായത്?
മരിച്ചവർ പുനരുത്ഥാനം ചെയ്യുന്നില്ലെങ്കിൽ
(അതുകൊണ്ട്) എനിക്കെന്തു പ്രയോജന
മാണ്? 'നാം തിന്നുക, കുടിക്കുക എന്തെ
ന്നാൽ നാളെ നാം മരിക്കും,' (എന്ന് ഒരു
ചൊല്ലുണ്ടല്ലോ). നിങ്ങൾ വഞ്ചിതരാകരുത്. 33
ചീത്ത സംഭാഷണം സദ്‌വിചാരങ്ങളെ
നശിപ്പിച്ചുകളയുന്നു.
നീതിയോടെ നിങ്ങളുടെ ഹൃദയത്തെ 34
ഉണർത്തുവിൻ. പാപം ചെയ്യാതിരിപ്പിൻ.
ദൈവത്തെക്കുറിച്ച് അറിവ് ഇല്ലാത്ത ചില
രുണ്ട്. നിങ്ങളെ ലജ്ജിപ്പിക്കുവാൻ ഞാൻ
പറയുന്നു. മരിച്ചവർ എങ്ങനെ ഉയിർക്കും? 35
ഏതു ശരീരത്തോടുകൂടെ വരും? എന്ന്
ഒരുവൻ ചോദിച്ചേക്കാം. ഭോഷാ, നീ വിത 36
യ്ക്കുന്ന വിത്ത്, മരിക്കുന്നില്ലെങ്കിൽ അത്
ജീവിക്കുകയില്ല. നീ വിതയ്ക്കുന്നത് ഉണ്ടാ 37

കുവാൻ പോകുന്ന ശരീരമല്ല; ഗോതമ്പി
ൻെറയോ യവത്തിൻെറയോ മറ്റ് വിത്തുകളു
8 ടെയോ വെറും മണിയത്രെ വിതയ്ക്കുന്നത്..
എന്നാൽ ദൈവം താൻ ഇഷ്ടപ്പെടുന്ന വിധ
ത്തിൽ ശരീരം കൊടുക്കുന്നു. വിത്തുകളിൽ
ഓരോന്നിനും അതതിൻെറ പ്രകൃതിയനുസ
9 രിച്ചുള്ള ശരീരംകൊടുക്കുന്നു. എന്തെന്നാൽ
എല്ലാ ശരീരവും ഒരുപോലെയല്ല. മനുഷ്യ
ൻെറ ശരീരം ഒന്ന്, മൃഗങ്ങളുടെ ശരീരം
വേറൊന്ന്, പക്ഷികളുടെ ശരീരം മറെറാന്ന്,
മത്സ്യങ്ങളുടെ ശരീരം വേറെ. സ്വർഗ്ഗീയ
ശരീരങ്ങൾ ഉണ്ട്. ഭൗമികശരീരങ്ങളുമുണ്ട്.
എന്നാൽ സ്വർഗ്ഗീയരുടെ തേജസ് ഒന്ന്,
ഭൗമികരുടെ തേജസ് മറെറാന്ന്. സൂര്യൻെറ
തേജസ് ഒന്ന്, ചന്ദ്രൻെറ തേജസ് മറെറാന്ന്.
നക്ഷത്രങ്ങളുടെ തേജസ് വേറൊന്ന്. ഒരു
നക്ഷത്രം മറെറാരു നക്ഷത്രത്തെക്കാൾ
വിശേഷപ്പെട്ടുമിരിക്കുന്നു. അപ്രകാരം
തന്നെയാകുന്നു മരിച്ചവരുടെ പുനരുത്ഥാ
നവും. ദ്രവത്വമുള്ളത് വിതയ്ക്കപ്പെടുന്നു,
ക്ഷയമില്ലാത്തതായി ഉയിർക്കുന്നു. അവ
മാനത്തിൽ വിതയ്ക്കപ്പെടുന്നു; തേജസ്സോ
ടെ ഉയിർക്കുന്നു. ബലഹീനതയിൽ വിത
യ്ക്കപ്പെടുന്നു; ശക്തിയോടെ എഴുന്നേൽ
ക്കുന്നു. പ്രാണമയമായ ശരീരമാണ് വിത
യ്ക്കപ്പെടുന്നത്. ആത്മീകശരീരമാണ്
ഉയിർക്കുന്നത്. എന്തെന്നാൽ പ്രാണമയ
മായ ശരീരമുണ്ട്; ആത്മീകശരീരവുമുണ്ട്.
ഇപ്രകാരം എഴുതപ്പെട്ടുമിരിക്കുന്നു. 'ഒന്നാ
മത്തെ ആദാം ജീവനുള്ള ദേഹിയായി
ത്തീർന്നു. ഒടുവിലത്തെ ആദാം ജീവിപ്പി
ക്കുന്ന ആത്മാവുമായി.' എന്നാൽ ആദ്യം
ഉണ്ടായത് ആത്മമയനല്ല. പിന്നെയോ
പ്രാണമയൻ; പിന്നീട് ആത്മമയൻ. ഒന്നാ
മത്തെ മനുഷ്യൻ ഭൂമിയിൽനിന്നു മണ്ണു
കൊണ്ട് നിർമ്മിതൻ. രണ്ടാമത്തെ മനുഷ്യ
നോ, സ്വർഗ്ഗത്തിൽനിന്നുള്ള കർത്താവ്.
മൺമയൻ എങ്ങനെ ഇരിക്കുന്നുവോ;
മൺമയരും അങ്ങനെതന്നെ. സ്വർഗ്ഗീയൻ
എങ്ങനെയോ അങ്ങനെതന്നെ സ്വർഗ്ഗീ
യരും. മണ്ണിൽനിന്നുള്ളവൻെറ സാദൃശ്യം
നാം ധരിച്ചതുപോലെതന്നെ, സ്വർഗ്ഗത്തിൽ
നിന്നുള്ളവൻെറ സാദൃശ്യവും നാം ധരിക്കും.
എൻെറ സഹോദരന്മാരേ, ഇത് ഞാൻ
നിങ്ങളോട് പറയുന്നു: ജഡത്തിനും, രക്ത
ത്തിനും സ്വർഗ്ഗരാജ്യം അവകാശിപ്പാൻ
കഴിയുന്നതല്ല. ക്ഷയമുള്ളത് അക്ഷയത്വ
ത്തെയും അവകാശിക്കുകയില്ല. ഒരു
രഹസ്യം ഞാൻ നിങ്ങളോട് പറയുന്നു: നാം
എല്ലാവരും നിദ്ര പ്രാപിക്കയില്ല. അവസാന
കാഹളം ഊതുമ്പോൾ, കണ്ണിമയ്ക്കുന്ന
അത്ര പെട്ടെന്ന്, നാം എല്ലാവരും രൂപാന്തര
പ്പെടും. മരിച്ചവർ അക്ഷയരായി ഉയിർത്തെ
ഴുന്നേൽക്കും. നാം രൂപാന്തരം പ്രാപിക്കു
കയും ചെയ്യും. എന്തെന്നാൽ നാശമുള്ളത് 53
നാശമില്ലായ്മയേയും മരണമുള്ളത് മര
ണമില്ലായ്മയേയും ധരിപ്പാനിരിക്കുന്നു.
നശ്വരമായത് നാശമില്ലായ്മയേയും മർത്ത്യ 54
മായത് മരണമില്ലായ്മയേയും ധരിക്കു
മ്പോൾ, "മരണം വിജയത്താൽ ഗ്രസിക്ക
പ്പെട്ടു" എന്ന് എഴുതപ്പെട്ടിരിക്കുന്ന വചനം
നിവൃത്തിയാകും.

മരണമേ നിൻെറ മുള്ള് എവിടെ? പാതാ 55
ളമേ നിൻെറ ജയം എവിടെ? മരണത്തിൻെറ 56
മുള്ള്—പാപം ആകുന്നു. പാപത്തിന്
ശക്തി ന്യായപ്രമാണവുമാകുന്നു. നമ്മുടെ 57
കർത്താവേശുമ്ശീഹാമൂലം നമുക്ക് ജയം
നൽകിയ ദൈവത്തിന് സ്തോത്രം. ഇനിയും 58
എൻെറ സഹോദരന്മാരെ, എൻെറ വത്സ
ലരേ! നിങ്ങൾ സുസ്ഥിരരായിരിപ്പിൻ.

നിങ്ങൾ ചഞ്ചലിക്കരുത്. നിങ്ങളുടെ
അദ്ധ്വാനം കർത്താവിൽ വ്യർത്ഥമല്ല എന്ന
റിഞ്ഞുകൊണ്ട് കർത്താവിൻെറ വേലയിൽ
എപ്പോഴും അഭിവൃദ്ധി പ്രാപിച്ചവരും
ആയിരിപ്പിൻ.

അദ്ധ്യായം 16

വിശുദ്ധർക്കുവേണ്ടിയുള്ള ധർമ്മ 1
ശേഖരണത്തെക്കുറിച്ച് ഗലാത്യയിലെ സഭ
കളോട് ഞാൻ കല്പിച്ചിട്ടുള്ളതുപോലെ
തന്നെ നിങ്ങളും പ്രവർത്തിക്കണം. പിരിവു 2
ശേഖരണം ഞാൻ വന്നതിനുശേഷമാകാ
തിരിപ്പാൻവേണ്ടി, എല്ലാ ഞായറാഴ്ചയും
നിങ്ങളിൽ ഓരോരുവനും തനിക്ക് കഴിവു
ള്ളത് തൻെറ ഭവനത്തിൽ നീക്കി വച്ചു
കൊള്ളണം. ഞാൻ വന്നശേഷം യറുശലേ 3
മിലേക്ക് നിങ്ങളുടെ ദാനം, കൊണ്ടു
പോകുവാനായി നിങ്ങൾ തിരഞ്ഞെടുക്കു
ന്നവർക്ക് ഞാൻ എഴുത്തുകൊടുത്ത് അയ
യ്ക്കാം. ഞാനും കൂടെ പോകേണ്ട കാര്യമു 4
ണ്ടെങ്കിൽ അവർ എന്നോട് കൂടെ പോരട്ടെ.
ഞാൻ മക്കദോന്യായ്ക്ക് പോകുന്നതു 5
കൊണ്ട്, മക്കദോന്യ വിട്ടുപോരുമ്പോൾ
നിങ്ങളുടെ അടുക്കൽ വരാം. ഞാൻ പോകു 6
ന്നിടത്തേക്ക് നിങ്ങൾ എന്നെ യാത്ര അയ
പ്പാൻ തക്കവണ്ണം ഞാൻ നിങ്ങളുടെ അടു
ക്കൽ താമസിക്കുകയോ ശീതകാലം കഴി
ക്കുകയോ ചെയ്യാം. കർത്താവ് അനുവദി 7
ക്കുന്നപക്ഷം കുറച്ചുകാലം നിങ്ങളോടൊ
ത്ത് താമസിക്കണമെന്ന് ഞാൻ ആഗ്രഹി

ക്കുന്നതിനാൽ, ഒരു വഴിയാത്രക്കാരനെ
പ്പോലെ വന്ന് നിങ്ങളെക്കാണുവാൻ ഞാൻ
8 ആഗ്രഹിക്കുന്നില്ല. എഫേസോസിൽ ഞാൻ
പെന്തിക്കൊസ്തിവരെ താമസിക്കും.
9 എന്തെന്നാൽ പ്രവർത്തനങ്ങൾക്കായി ഒരു
വലിയ വാതിൽ എനിക്കായി തുറക്കപ്പെട്ടി
ട്ടുണ്ട്. എതിരാളികളും അനേകരുണ്ട്.
10 തിമോത്തെയോസ് നിങ്ങളുടെ അടു
ക്കൽ വരുമ്പോൾ അയാൾ നിങ്ങളുടെ
അടുക്കൽ നിർഭയനായി കഴിയുവാൻ
നോക്കിക്കൊള്ളണം. എന്നെപ്പോലെതന്നെ
അയാൾ കർത്താവിൻെറ ജോലിയിൽ വ്യാ
11 പൃതനാണ്. ആകയാൽ ആരും അയാളെ
നിന്ദിക്കരുത്. പിന്നെയോ, അയാൾ എൻെറ
അടുക്കൽ സമാധാനത്തോടെ വരുവാൻ
തക്കവണ്ണം യാത്ര അയയ്ക്കണം. എന്തെ
ന്നാൽ സഹോദരന്മാരോടുകൂടെ അയാൾ
ക്കായി ഞാൻ കാത്തിരിക്കുന്നു.
12 എൻെറ സഹോദരന്മാരേ! മററു സഹോ
ദരന്മാരോടുകൂടെ നിങ്ങളുടെ അടുക്കൽ
വരുവാൻ ഞാൻ അപ്പല്ലോസിനോടു വളരെ
യേറെ അപേക്ഷിച്ചു. നിങ്ങളുടെ അടുക്കൽ
ഇപ്പോൾ വരുവാൻ ഒരുപക്ഷേ അയാൾക്ക്
ഇഷ്ടമില്ലായിരുന്നിരിക്കാം. എന്നാൽ അവ
സരം കിട്ടുമ്പോൾ അയാൾ നിങ്ങളുടെ
അടുക്കൽ വരും.
13 നിങ്ങൾ ഉണർന്നിരിപ്പിൻ, വിശ്വാസ
ത്തിൽ നിലനിൽപ്പിൻ, പൌരുഷത്തോടെ
14 വർത്തിപ്പിൻ, ശക്തി പ്രാപിക്കുവിൻ, നിങ്ങ
ളുടെ സർവ്വകാര്യങ്ങളും സ്നേഹത്തോടു
കൂടെയായിരിക്കണം.
15 എൻെറ സഹോദരന്മാരേ! എസ്തേപ്പാ
നായുടെ കുടുംബത്തെ ക്കുറിച്ച് നിങ്ങളോട്
ഞാൻ അപേക്ഷിക്കുന്നു. എന്തെന്നാൽ
അവർ ആകിയായിലെ ആദ്യഫലമാ
ണെന്നും, വിശുദ്ധരുടെ ശുശ്രൂഷയ്ക്കായി
തങ്ങളെത്തന്നെ സമർപ്പിച്ചുവെന്നും
നിങ്ങൾക്കറിയാമല്ലോ. ഇങ്ങനെയുള്ളവ 1
രേയും ഞങ്ങളോടു സഹകരിച്ച് അദ്ധ്വാനി
ക്കുകയും സഹായിക്കുകയും ചെയ്യുന്ന
എല്ലാവരേയും നിങ്ങൾ അനുസരിക്കണം.
എസ്തെപ്പാനായുടെയും, പർത്തുനാത്തോ 1
സിൻെറയും, അക്കായിക്കോസിൻെറയും
വരവിൽ ഞാൻ സന്തോഷിക്കുന്നു. നിങ്ങൾ
എൻെറ അടുക്കൽ കുറവ് വരുത്തിയത്
അവർ പരിഹരിച്ചിരിക്കുന്നു. എന്തെന്നാൽ 1
അവർ എൻെറയും നിങ്ങളുടേയും മനസ്സി
നെ ആശ്വസിപ്പിച്ചു. ആകയാൽ ഇങ്ങനെ
യുള്ളവരെ നിങ്ങൾ തിരിച്ചറിയണം.
ആസിയായിലെ സഭകളെല്ലാം നിങ്ങൾ
ക്ക് സമാധാനം ആശംസിക്കുന്നു. അക്വിലാ
സും ഫ്രസ്കില്ലായും അവരുടെ ഭവനത്തിൽ
കൂടുന്ന സഭയോടുകൂടെ നമ്മുടെ കർത്താ
വിൽ നിങ്ങൾക്ക് അത്യധികമായി സമാധാ
നം ആശംസിക്കുന്നു. നമ്മുടെ എല്ലാ സഹോ 2
ദരന്മാരും നിങ്ങൾക്ക് സമാധാനം ആശംസി
ക്കുന്നു. വിശുദ്ധചുംബനത്താൽ നിങ്ങൾ
പരസ്പരം സമാധാനം ആശംസിപ്പിൻ.
പൌലോസായ എൻെറ സ്വന്തം കൈ
എഴുത്താൽ "സമാധാനം". നമ്മുടെ
കർത്താവായ യേശുമ്ശീഹായെ സ്നേഹി
ക്കാത്തവൻ ശപിക്കപ്പെട്ടവനായിരിക്കും.
"മോറാൻ ഏസോ—."*
നമ്മുടെ കർത്താവേശുമ്ശീഹായുടെ
കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ.
യേശുമ്ശീഹായിൽ എൻെറ സ്നേഹവും
നിങ്ങൾ എല്ലാവരോടുംകൂടെ ഉണ്ടായിരിക്കു
മാറാകട്ടെ. ആമീൻ.

*"നമ്മുടെ കർത്താവ് വന്നു."

മക്കദോന്യയിലെ ഫിലിപ്യായിൽവച്ച് കോരിന്ത്യർക്കായി എഴുതപ്പെട്ടതും
തിമോത്തെയോസിൻെറ കൈവശം അയയ്ക്കപ്പെട്ടതുമായ ഒന്നാം ലേഖനം സമാപ്തം.

കോരിന്ത്യർക്കുള്ള 1-ാം ലേഖനം

		പാഠഭേദം
1:27	ദൈവമോ....ലോകത്തിൽ മൂഢന്മാരെ തെരഞ്ഞെടുത്തു	ദൈവം.......ഭോഷത്വമായത്....
2:12	നൽകപ്പെട്ടിട്ടുള്ള വരങ്ങളെ	നല്കിയത്.
3:4	നിങ്ങൾ കേവലം ജഡികർ അല്ലയോ?	ശേഷം മനുഷ്യരെപ്പോലെയല്ലയോ?
10	വിജ്ഞാനമുള്ള ഒരു ശില്പി	പ്രധാനശില്പി
17	അതു നിങ്ങൾ തന്നെ	നിങ്ങളും അങ്ങനെതന്നെ.
5:3,4	അപ്രകാരം ചെയ്തവനെക്കുറിച്ച് ഞാൻ ഇപ്രകാരം വിധിച്ചിരിക്കുന്നു. നമ്മുടെ കർത്താവേശുമ്ശിഹായുടെ നാമത്തിൽ നിങ്ങൾ എല്ലാവരും ഒരുമിച്ചു കൂടണം. നമ്മുടെ കർത്താവേശുമ്ശിഹായുടെ ശക്തിയോടുകൂടി ആത്മാവിൽ ഞാനും നിങ്ങളോടൊരുമിച്ചുണ്ടായിരിക്കും.	.....ഈ ദുഷ്കർമ്മം ചെയ്തവനെക്കുറിച്ച്: നിങ്ങളും എൻെറ ആത്മാവും നമ്മുടെ കർത്താവായ യേശുവിൻെറ നാമത്തിൽ അവനെ.......
8	പുളിമാവുകൊണ്ട്	പുളിപ്പില്ലായ്മകൊണ്ട്
6.4	'സഭയിൽ' നിസ്സാരരായവരെ....... ഇരുത്തിക്കൊൾവിൻ. (ലൈലേൻ ദബ്സേൻ, ബ്ഈത്തോ, അവ്തേബ്, ല്കൂൻ)	സഭ ഗണ്യമാക്കാത്തവരെ ഇരുത്തുന്നുവോ?

Scofield: If you have judgement of things pertaining to this life, set them to judge who are least esteemed in the church.
Dummalow: Make umpires of unimportant church members.

7:5	ഉപവാസത്തിനും പ്രാർഥനയ്ക്കുമായി....	'ഉപവാസം' ഇല്ല.
7	എന്നെപ്പോലെ നൈർമല്യത്തിൽ (ബ്ദക്യൂസോ) ഇരിക്കണം	എന്നെപ്പോലെ ആയിരിക്കണം
14	....ഭാര്യ വിശ്വാസിയായ ഭർത്താവുമൂലം	...ഭാര്യ, "സഹോദരൻ" മൂലം
	അവരുടെ	നിങ്ങളുടെ
25	കന്യാത്വത്തെക്കുറിച്ച്....	കന്യകമാരെക്കുറിച്ച്
31	ഈ ലോകത്തിൽ ഇടപെടുന്നവർ പെരുമാറ്റത്തിൻെറ നിയമത്തിന് അപ്പുറം പോകരുത്	ലോകത്തെ അനുഭവിക്കുന്നവർ അതിനെ അനുഭവിക്കാത്തവരെപ്പോലെയും
9:5	സഹോദരിയായി ഒരു സ്ത്രീയെ	ഭാര്യയായോരു സഹോദരി
17	കാര്യസ്ഥത എങ്കൽ വിശ്വസ്തമായി ഏല്പിക്കപ്പെട്ടിരിക്കുന്നു	കാര്യം എങ്കൽ
20	ഇല്ല	ഞാൻ ന്യായപ്രമാണത്തിൻ കീഴുള്ളവൻ അല്ല എങ്കിലും
11:20	നിങ്ങൾ ഒരുമിച്ചു കൂടുമ്പോൾ നമ്മുടെ കർത്താവിൻെറ ദിവസത്തിന് അനുയോജ്യമായ വിധത്തിലല്ല നിങ്ങൾ ഭക്ഷിക്കയും പാനം ചെയ്കയും ചെയ്യുന്നത്.	നിങ്ങൾ കൂടി വരുമ്പോൾ കർത്താവിൻെറ അത്താഴമല്ല കഴിക്കുന്നത്

11:23	ഞാൻ നിങ്ങളെ ഭരമേൽപിച്ചിട്ടുള്ളത്, നമ്മുടെ കർത്താവിൽനിന്നു ഞാൻ പ്രാപിച്ചിട്ടുള്ളതാണ്.	ഞാൻ കർത്താവിൽനിന്നു പ്രാപിക്കയും നിങ്ങളെ ഏല്പിക്കുകയും ചെയ്തത് എന്തെന്നാൽ
24	വാഴ്ത്തി	സ്തോത്രം ചൊല്ലി
26	അനുസ്മരിപ്പിക്കുന്നു	പ്രസ്താവിക്കുന്നു
27	കർത്താവിൻെറ അപ്പം	അപ്പം
29	കർത്താവിൻെറ ശരീരത്തെ	ശരീരത്തെ
12:7	പ്രവർത്തിപ്പിക്കുന്ന	പ്രവർത്തിക്കുന്ന
13	ഒരേ ശരീരത്തിലേക്ക്	ഏകശരീരമാകുമാറ്
15:18	മ്ശിഹായിൽ നിദ്രപ്രാപിച്ചവരും നശിച്ചുപോയെന്നോ?	ക്രിസ്തുവിൽ നിദ്രപ്രാപിച്ചവരും നശിച്ചുപോയി.
55	പാതാളമെ!	മരണമെ!

പൌലോസ്ശ്ലീഹാ കോരിന്ത്യർക്ക് എഴുതിയ രണ്ടാം ലേഖനം

അദ്ധ്യായം 1

1 ദൈവതിരുഹിതത്താൽ, യേശുമ്ശീഹാ
യുടെ ശ്ലീഹായായ പൌലോസും സഹോ
ദരൻ തീമോത്തെയോസുംകൂടി കോരിന്തി
ലുള്ള ദൈവത്തിൻെറ സഭയ്ക്കും 'ആഖിയാ'
യിലുള്ള എല്ലാ വിശുദ്ധന്മാർക്കുമായി
എഴുതുന്നത്.
2 നമ്മുടെ പിതാവായ ദൈവത്തിൽനി
ന്നും നമ്മുടെ കർത്താവായ യേശുമ്ശീഹാ
യിൽനിന്നും കൃപയും സമാധാനവും നിങ്ങ
3 ളോടുകൂടെ ഉണ്ടായിരിക്കുമാറാകട്ടെ. കരു
ണയുള്ള പിതാവും സർവ്വ ആശ്വാസവും
നൽകുന്നവനുമായ ദൈവം - നമ്മുടെ
കർത്താവേശുമ്ശീഹായുടെ പിതാവാം
4 ദൈവം - വാഴ്ത്തപ്പെട്ടവൻ. യാതൊരു
ആശ്വാസത്താലാണോ ദൈവം ഞങ്ങളെ
ആശ്വസിപ്പിക്കുന്നത് അതേ ആശ്വാസ
ത്താൽ, സർവ്വവിധ ക്ലേശങ്ങളിലും താൻ
ഞങ്ങളെ ആശ്വസിപ്പിച്ചുകൊണ്ടിരിക്കുന്നു.
ആയത് പലവിധ ക്ലേശങ്ങളിൽ അകപ്പെ
ട്ടിരിക്കുന്നവർക്ക് ആശ്വാസം നൽകുവാൻ
ഞങ്ങളെ പ്രാപ്തരാക്കേണ്ടതിനുതന്നെ.
5 മ്ശീഹായെപ്രതിയുള്ള ഞങ്ങളുടെ ക്ലേശ
ങ്ങൾ ഞങ്ങളിൽ വർദ്ധിക്കുന്നതുപോലെ
തന്നെ, മ്ശീഹാ മൂലം ഞങ്ങളുടെ ആശ്വാ
സവും വർദ്ധിതമായിക്കൊണ്ടിരിക്കുന്നു.
6 ഞങ്ങൾ ക്ലേശങ്ങൾ അനുഭവിക്കുന്നുണ്ടെ
ങ്കിലും, അത് നിങ്ങളുടെ ആശ്വാസത്തിനും
ജീവനുംവേണ്ടി ആകുന്നു. ഞങ്ങൾ ആശ്വ
സിക്കുന്നുവെങ്കിൽ, അത് നിങ്ങൾ ആശ്വാ
സം പ്രാപിക്കേണ്ടതിനും, ഞങ്ങൾ സഹി
ക്കുന്ന കഷ്ടതകൾ സഹിപ്പാൻ നിങ്ങൾ
7 ക്കും താല്പര്യമുണ്ടാകുവാനുമത്രെ. നിങ്ങ
ളെപ്പററി ഞങ്ങൾക്കുള്ള പ്രത്യാശ ഉറപ്പേറി
യതാകുന്നു. എന്തെന്നാൽ കഷ്ടതകളിൽ
നിങ്ങൾ സഹകരിക്കുന്നുവെങ്കിൽ ആശ്വാ
സത്തിലും നിങ്ങൾ പങ്കാളികൾ തന്നെ
എന്നു ഞങ്ങൾ അറിയുന്നു.
8 എൻെറ സഹോദരന്മാരേ, ആസിയാ
യിൽ ഞങ്ങളനുഭവിച്ച ഞെരുക്കങ്ങളെ
പ്പററി നിങ്ങൾ അറിയണമെന്നു ഞങ്ങൾക്ക്
ആഗ്രഹമുണ്ട്. ഞങ്ങളുടെ ശക്തിയെക്ക
വിഞ്ഞ്, ജീവൻ തന്നെ അവസാനിക്കാറാ
കുവോളം അത്യധികക്ലേശം ഞങ്ങൾ അനു
ഭവിച്ചു. മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവ 9
ത്തിലല്ലാതെ ഞങ്ങളിൽതന്നെ ആശ്രയി
ക്കാതിരിക്കത്തക്കവണ്ണം, മരിക്കാമെന്നു
തന്നെ ഞങ്ങൾ നിശ്ചയിച്ചു. ഇത്ര ഭയാനക 10
മായ മരണത്തിൽനിന്ന് ദൈവം ഞങ്ങളെ
രക്ഷിച്ചു. ഞങ്ങളെ പ്രതിയുള്ള നിങ്ങളുടെ
പ്രാർത്ഥനാസഹായംമൂലം ഇനിയും താൻ
ഞങ്ങളെ രക്ഷിച്ചുകൊള്ളുമെന്ന് ഞങ്ങൾ
ക്കു പ്രത്യാശയുണ്ട്. ആയത്, ഞങ്ങളിലു 11
ള്ള തൻെറ കൃപാദാനം അനേകർക്കുവേ
ണ്ടി ചെയ്യപ്പെട്ട കൃപയായിത്തീരുവാനും,
ഞങ്ങൾ നിമിത്തമായി അനേകർ തന്നെ
സ്തുതിക്കുവാനും വേണ്ടിത്തന്നെ. ഞങ്ങൾ 12
ലോകത്തിലും, പ്രത്യേകിച്ച് നിങ്ങളുടെ അടു
ക്കലും, ശാരീരികമായ ജ്ഞാനത്തോടു
കൂടിയല്ല; പരമാർത്ഥതയോടും നൈർമ്മല്യ
ത്തോടും, ദൈവത്തിൻെറ കൃപയോടും
കൂടെയാകുന്നു പെരുമാറിയത് എന്ന ഞ
ങ്ങളുടെ മനസ്സിൻെറ സാക്ഷ്യമാണ് ഞങ്ങ
ളുടെ അഭിമാനം. നിങ്ങൾ അറിഞ്ഞും 13
ഗ്രഹിച്ചുമിരിക്കുന്ന കാര്യങ്ങളല്ലാതെ മററു
കാര്യങ്ങൾ ഞങ്ങൾ നിങ്ങൾക്ക് എഴുതു
ന്നില്ല. നമ്മുടെ കർത്താവായ യേശുമ്ശീഹാ 14
യുടെ ദിവസത്തിൽ നിങ്ങൾ ഞങ്ങൾക്ക്
എന്നപോലെ, ഞങ്ങൾ നിങ്ങൾക്കും
പ്രശംസയാകും എന്ന് ഏറെക്കുറെ നിങ്ങൾ
ഗ്രഹിച്ചിരിക്കുന്ന പ്രകാരം, അവസാനം
വരെ നിങ്ങൾ ഗ്രഹിക്കുമെന്നും ഞാൻ
പ്രത്യാശിക്കുന്നു. ഈ പ്രത്യാശമൂലം 15
നിങ്ങൾ ഇരട്ടിയായി കൃപ പ്രാപിക്കേണ്ട
തിന് നിങ്ങളുടെ അടുക്കൽ വരണമെന്നും,
നിങ്ങളുടെ അടുത്തുനിന്നും, മക്കദോന്യാ
യിലേക്കു പോയി, വീണ്ടും മക്കദോന്യാ 16
യിൽനിന്നും നിങ്ങളുടെ അടുക്കൽ വരണ
മെന്നും നിങ്ങൾ എന്നെ യഹൂദിയായി
ലേക്കു യാത്ര അയയ്ക്കണമെന്നും ഞാൻ
വളരെ നാളായി ആഗ്രഹിച്ചിരുന്നു. ഞാൻ 17

ഇങ്ങനെ വിചാരിച്ചത് ദ്രുതഗതിക്കാരനെ
പ്പോലെയാണോ? അഥവാ ഞാൻ വിചാരി
ക്കുന്നത് ശാരീരികസംഗതികളെയാണോ?
ഇവയിൽ (ചിലപ്പോൾ) അതെ, അതെ
എന്നും, ചിലപ്പോൾ അല്ല, അല്ല എന്നും
18 ആയിരിക്കേണ്ടതാണല്ലോ. നിങ്ങളോടുള്ള
ഞങ്ങളുടെ വചനം, ചിലപ്പോൾ 'അതെ'
എന്നും ചിലപ്പോൾ 'അല്ല' എന്നും ആയിരു
ന്നില്ല എന്നതിന് ദൈവം വിശ്വസ്ത (സാ
19 ക്ഷിയാകുന്നു). ഞങ്ങളാൽ - എന്നാലും
സിൽവാനോസിനാലും തീമോത്തിയോ
സിനാലും-നിങ്ങളോടു പ്രസംഗിക്കപ്പെട്ട
ദൈവപുത്രനായ യേശുമ്ശീഹാ, ചില
പ്പോൾ 'അതെ'എന്നും ചിലപ്പോൾ 'അല്ല'
എന്നും ആയിരുന്നില്ല. (എപ്പോഴും) അതേ
20 എന്നുതന്നെയായിരുന്നു. ദൈവത്തിൻെറ
വാഗ്ദാനങ്ങളെല്ലാം - മ്ശീഹായിൽ -
'അതെ' തന്നെയായിരുന്നു. ആകയാൽ
ദൈവത്തിൻെറ മഹത്വത്തിന് താൻമൂലം ഞ
21 ങ്ങൾ 'ആമീൻ' പറയുന്നു. ഞങ്ങളെ നിങ്ങ
ളോടുകൂടെ മ്ശീഹായിൽ സുസ്ഥിരരാ
ക്കുന്നവൻ ഞങ്ങളെ അഭിഷേകം ചെയ്ക
22 യും, ഞങ്ങളിൽ മുദ്രപതിക്കയും, തൻെറ
ആത്മാവിൻെറ അച്ചാരം ഞങ്ങളുടെ ഹൃദയ
ങ്ങളിൽ നൽകുകയും ചെയ്ത ദൈവമാ
23 കുന്നു. നിങ്ങളെക്കുറിച്ച് എനിക്കു കരുണ
തോന്നുന്നതുകൊണ്ടത്രെ കോരിന്തിലേ
ക്കു ഞാൻ വരാതിരുന്നത് എന്ന് എനിക്കു
വേണ്ടി ദൈവത്തെ ഞാൻ സാക്ഷിയാ
24 ക്കുന്നു. ഞങ്ങൾ നിങ്ങളുടെ വിശ്വാസത്തി
ൻെറ യജമാനന്മാരല്ല, പിന്നെയൊ നിങ്ങൾ
വിശ്വാസത്തിൽ നിലനിൽക്കുന്നതുകൊ
ണ്ട് നിങ്ങളുടെ സന്തോഷത്തിൽ ഞങ്ങൾ
സഹായികൾ ആകുന്നു.

അദ്ധ്യായം 2

1 വീണ്ടും ഞാൻ ദുഃഖിതനായി നിങ്ങ
ളുടെ അടുക്കൽ വരരുത് എന്ന് എൻെറ
2 മനസ്സിൽ നിശ്ചയിച്ചു. എന്തെന്നാൽ ഞാൻ
നിങ്ങളെ ദുഃഖിപ്പിച്ചുവെങ്കിൽ-ഞാൻ
ആരെയാണോ ദുഃഖിപ്പിച്ചത്, അവനല്ലാ
തെ ആരാകുന്നു എന്നെ സന്തോഷിപ്പി
3 ക്കുന്നത്? ഞാൻ വരുമ്പോൾ, എന്നെ
സന്തോഷിപ്പിക്കേണ്ടവർ തന്നെ എന്നെ
ദുഃഖിപ്പിക്കാതിരിക്കുവാനാണ് ഇതു ഞാൻ
നിങ്ങൾക്ക് എഴുതിയത്. എൻെറ സന്തോ
ഷം നിങ്ങൾ എല്ലാവരുടെയും സന്തോഷ
മാകുന്നു എന്നു നിങ്ങളെല്ലാവരേയുംകു
4 റിച്ച് എനിക്ക് ഉറപ്പുണ്ട്. വലിയ ഞെരു
ക്കവും ഹൃദയവേദനയും മൂലമാണ് കണ്ണു
നീരോടുകൂടി എഴുതിയത്. അതു നിങ്ങളെ
ദുഃഖിപ്പിക്കുവാനല്ല; എനിക്കു നിങ്ങളോ
ടുള്ള സ്നേഹാധിക്യം നിങ്ങൾ അറിയേ
ണ്ടതിനത്രെ. ആരെങ്കിലും (എന്നെ) ദുഃഖി 5
പ്പിച്ചുവെങ്കിൽ, എന്നെയല്ല അവൻ ദുഃഖി
പ്പിച്ചത്, മിക്കവാറും നിങ്ങളെ എല്ലാവരേ
യുമാണ് ദുഃഖിപ്പിച്ചത് - വചനം നിങ്ങളുടെ
മേൽ ഭാരമാകരുത്. അവനാകട്ടെ, പല 6
രിൽനിന്നുമുണ്ടായ ശാസനം മതിയാകും.
അവൻ അതീവ ദുഃഖത്താൽ വിഴുങ്ങ 7
പ്പെടാതിരിക്കേണ്ടതിന്ന് നിങ്ങൾ ഇനി
അവനോടു ക്ഷമിക്കുകയും അവനെ
ആശ്വസിപ്പിക്കുകയും അത്രെ വേണ്ടത്.
ആകയാൽ നിങ്ങളുടെ സ്നേഹം അവ 8
നിൽ സുസ്ഥിരമാക്കണം എന്നു ഞാൻ
നിങ്ങളോടപേക്ഷിക്കുന്നു. നിങ്ങൾ സക 9
ലത്തിലും അനുസരണമുള്ളവരാകുന്നു
വോ എന്ന് പരീക്ഷിച്ച് അറിയേണ്ടതി
ന്നായിരുന്നു, ഞാൻ എഴുതിയത്. നിങ്ങൾ 10
ക്ഷമിക്കുന്നവനോടു ഞാനും ക്ഷമിക്കു
ന്നു. ഞാൻ തന്നെയും ആരോടു ക്ഷമിച്ചു
വോ അതു നിങ്ങൾ നിമിത്തം മ്ശീഹാ
യുടെ പ്രതിപുരുഷസ്ഥാനത്തിലാകുന്നു.
അത് സാത്താൻ നമ്മെ തോല്പിക്കാ 11
തിരിക്കുവാൻ തന്നെ. എന്തെന്നാൽ അവ
ൻെറ ആലോചനകൾ നമുക്കറിവുള്ള
താണല്ലോ.

മ്ശീഹായുടെ സുവിശേഷഘോഷ 12
ണവുമായി ഞാൻ ത്രോവാസിൽ വരികയും
കർത്താവുമൂലം എനിക്ക് വാതിൽ തുറക്ക
പ്പെടുകയും ചെയ്തപ്പോൾ - എൻെറ സഹോ 13
ദരനായ തീത്തോസിനെ കാണായ്കയാൽ
എനിക്ക് മനസ്സമാധാനമുണ്ടായില്ല. ഞാൻ
അവരെ വിട്ട് മക്കദോന്യയിലേക്കു പോയി.
മ്ശീഹായിൽ ഞങ്ങളെ എപ്പോഴും വിജ 14
യികളാക്കുകയും, എല്ലാ സ്ഥലത്തും
തൻെറ പരിജ്ഞാനത്തിൻെറ സുഗന്ധം
ഞങ്ങളിലൂടെ വെളിപ്പെടുത്തുകയും
ചെയ്ത ദൈവത്തിനു സ്തോത്രം. എന്തെ 15
ന്നാൽ ജീവൻ പ്രാപിക്കുന്നവരുടെ ഇട
യിലും, നശിച്ചുപോകുന്നവരുടെ ഇടയിലും
ഞങ്ങൾ മ്ശീഹാമൂലം ദൈവത്തിനു
പരിമളവാസനയാകുന്നു. അത്, ചിലർക്ക് 16
മരണത്തിന്നായി മരണത്തിൻെറ വാസ
നയും ചിലർക്ക് ജീവന്നായി, ജീവൻെറ
വാസനയുമാകുന്നു. ഇതിന് ആരാകുന്നു,
യോഗ്യനാകുന്നത്? ദൈവത്തിൻെറ വചന 17
ങ്ങളിൽ മായം ചേർക്കുന്ന മററുള്ളവരെ
പ്പോലെയല്ല ഞങ്ങൾ. ഞങ്ങൾ, സത്യ
മായും ദൈവത്തിൽനിന്നുള്ളതുപോലെ

തന്നെ, ദൈവമുമ്പാകെ മ്ശീഹാമൂലം
സംസാരിക്കുന്നു.

അദ്ധ്യായം 3

1 ഞങ്ങൾ എങ്ങനെയുള്ളവർ എന്ന്
നിങ്ങളെ കാണിക്കുവാൻ വീണ്ടും ഞങ്ങൾ
ആരംഭിക്കയാണോ? അല്ലെങ്കിൽ മററു
ചിലരെപ്പോലെ, ഞങ്ങളെപ്പററി നിങ്ങൾക്ക്
ആജ്ഞാപത്രങ്ങൾ എഴുതിക്കുകയോ;
നിങ്ങളെക്കൊണ്ട് ശ്ലാഘ്യപത്രങ്ങൾ എഴു
തിക്കുകയോ ചെയ്യേണ്ട ആവശ്യം ഞങ്ങൾ
2 ക്കുണ്ടോ? ഞങ്ങളുടെ ഹൃദയത്തിൽ എഴുത
പ്പെട്ടിരിക്കുന്നതും, എല്ലാവരാലും അറിയ
പ്പെട്ടതും വായിക്കപ്പെടുന്നതുമായ ഞങ്ങ
ളുടെ പ്രശംസാലേഖനം നിങ്ങൾതന്നെ
3 യാകുന്നു. ഞങ്ങളുടെ ശുശ്രൂഷയാൽ
(എഴുതപ്പെട്ട) മ്ശീഹായുടെ പത്രം നിങ്ങൾ
തന്നെയാകുന്നുവെന്ന് നിങ്ങൾക്കറിയാ
മല്ലോ. അതു മഷികൊണ്ടല്ല പിന്നെയോ
ജീവനുള്ള ദൈവത്തിൻെറ ആത്മാവുകൊ
ണ്ടാകുന്നു - കൽപലകകളിലല്ല; ശാരീരി
കമായ ഹൃദയപലകകളിലത്രെ.
4 ഞങ്ങൾക്കു മ്ശീഹാമൂലം ദൈവസന്നി
5 ധിയിൽ ഇപ്രകാരം ഉറപ്പുണ്ട്. സ്വയത്തിൽ
നിന്നും എന്നപോലെ എന്തെങ്കിലും വിചാ
രിപ്പാൻ ഞങ്ങൾക്കു കഴിവില്ല. പിന്നെയോ
ഞങ്ങളുടെ ശക്തി ദൈവത്തിൽനിന്നാ
6 കുന്നു. താൻ ഞങ്ങളെ പുതിയ നിയമ
ത്തിൻെറ ശുശ്രൂഷകന്മാരാക്കി. അക്ഷര
ത്തിൻെറ അല്ല; ആത്മാവിൻെറ ശുശ്രൂഷ
കർ! എന്തെന്നാൽ അക്ഷരം കൊല്ലുന്നു.
7 ആത്മാവു ജീവിപ്പിക്കുന്നു. മരണത്തിൻെറ
ശുശ്രൂഷ കല്ലുകളിൽ അക്ഷരമായി കൊത്ത
പ്പെടുകയും, നീക്കം വന്നതായ മോശയുടെ
മുഖതേജസ്സാൽ ഇസ്രയേൽ മക്കൾക്ക്
അവൻെറ മുഖത്തു നോക്കിക്കൂടാതവണ്ണം
8 തേജസ്സുള്ളതായെങ്കിൽ-ആത്മാവിൻെറ
ശുശ്രൂഷ തേജസ്സിൽ അത്യധികമാകയി
9 ല്ലയോ! ശിക്ഷാവിധിയുടെ ശുശ്രൂഷയ്ക്കു
തേജസ്സുണ്ടായി എങ്കിൽ, നീതിയുടെ
ശുശ്രൂഷ എത്ര അധികമായി തേജസ്സിൽ
0 വർദ്ധിതമായിരിക്കും? തേജസ്സുള്ള അത്
ഈ അധികതേജസ്സിനോട് താരതമ്യപ്പെടു
ത്തുമ്പോൾ, ഇതുപോലെ മഹത്വപ്പെട്ടിട്ടില്ല.
1 എന്തെന്നാൽ മാഞ്ഞുപോയത്, തേജസ്സുള്ള
തായിരുന്നെങ്കിൽ, നിലനിൽക്കുന്നത് തേജ
2 സ്സിൽ എത്ര അധികമായിരിക്കും? ആക
യാൽ ഈ പ്രത്യാശ ഞങ്ങൾക്കുള്ളതു
കൊണ്ട് ഞങ്ങൾ ധൈര്യത്തോടെ ശുശ്രൂഷ
3 നിർവഹിക്കുന്നു. നീങ്ങിപ്പോകുന്നതിൻെറ
അന്ത്യത്തിൽ ഇസ്രായേല്യർ നോക്കാതിരി
ക്കത്തക്കവണ്ണം മോശ തൻെറ മുഖത്തു
മൂടുപടം ഇട്ടതുപോലെയല്ല. അവരുടെ 14
ബോധം അന്ധമായിപ്പോയി. പഴയ നിയമം
വായിക്കപ്പെടുമ്പോഴെല്ലാം ആ മൂടുപടം
നീങ്ങാതെ ഇന്നുവരെയും ഇരിക്കുന്നു.
അതു നീക്കപ്പെടുന്നത് മ്ശീഹായാൽ
ആകുന്നു. ഇപ്പോഴും മോശയുടെ പുസ്തകം 15
വായിക്കുമ്പോൾ മൂടുപടം അവരുടെ ഹൃദയ
ത്തിന്മേൽ കിടക്കുന്നു. അവരിൽ ഒരുവൻ 16
കർത്താവിങ്കലേക്കു തിരിയുമ്പോഴാകട്ടെ
ആ മൂടുപടം അവനിൽനിന്നും നീക്കപ്പെ
ടുന്നു. കർത്താവ് ആത്മാവാകുന്നു. 17
കർത്താവിൻെറ ആത്മാവ് ഉള്ളിടത്തു
സ്വാതന്ത്ര്യമുണ്ട്. എന്നാൽ നാമെല്ലാവരും 18
മൂടാത്ത മുഖംകൊണ്ട് കർത്താവിൻെറ
തേജസ്സ് കണ്ണാടിയിൽ എന്നതുപോലെ
കാണുന്നു. ആത്മാവാകുന്ന കർത്താവിൽ
നിന്നും എന്നപോലെ തേജസ്സിൽനിന്നു
തേജസ്സിലേക്ക് അതേ സാദൃശ്യമായി നാം
രൂപാന്തരപ്പെടുകയും ചെയ്യുന്നു.

അദ്ധ്യായം 4

ആകയാൽ ഞങ്ങൾക്കുണ്ടായ കരുണ 1
യ്ക്കനുസൃതമായി ഞങ്ങൾ സ്വീകരിച്ചിരി
ക്കുന്ന ഈ ശുശ്രൂഷയിൽ ഞങ്ങൾക്ക്
അലസതയുണ്ടാകുന്നില്ല. ലജ്ജാകരങ്ങ 2
ളായ രഹസ്യങ്ങളെ ഞങ്ങൾ ത്യജിച്ചിരി
ക്കുന്നു. ഉപായതന്ത്രങ്ങളോടെ ഞങ്ങൾ
നടക്കുകയുമില്ല. ഞങ്ങൾ ദൈവത്തിൻെറ
വചനത്തെ വഞ്ചിക്കയില്ല. സത്യത്തിൻെറ
വെളിപ്പെടുത്തൽകൊണ്ട് ദൈവമുമ്പാകെ
സകല മനുഷ്യരുടെയും മനസ്സാക്ഷിക്കായി
ഞങ്ങൾ ഞങ്ങളെത്തന്നെ കാണിച്ചുകൊടു
ക്കുന്നു. എന്നാൽ ഞങ്ങളുടെ സുവിശേഷം 3
മറവായിരിക്കുന്നു എങ്കിൽ, അതു നശിച്ചു
പോകുന്നവർക്കാകുന്നു. അവർ വിശ്വസി 4
ക്കാതിരിക്കുന്നതുകൊണ്ട്, ദൈവത്തിൻെറ
പ്രതിരൂപമായ മ്ശീഹായുടെ തേജസ്സാ
കുന്ന സുവിശേഷത്തിൻെറ പ്രകാശം
അവർക്ക് ഉദിക്കാതിരിക്കേണ്ടതിന് ഈ
ലോകത്തിൻെറ ദൈവം അവരുടെ ബോധ
ത്തെ അന്ധമാക്കിക്കളഞ്ഞു. ഞങ്ങൾ 5
പ്രസംഗിക്കുന്നത് ഞങ്ങളെക്കുറിച്ചല്ല;
പിന്നെയോ നമ്മുടെ കർത്താവായ യേശു
മ്ശീഹായെക്കുറിച്ചത്രെ. ഞങ്ങളെക്കുറി
ച്ചോ-ഞങ്ങൾ യേശുനിമിത്തമായി നിങ്ങ
ളുടെ ദാസന്മാർ എന്നുമത്രെ. 'ഇരുളിൽ 6
നിന്നും പ്രകാശം ഉദിക്കട്ടെ' എന്നരുളി
ച്ചെയ്ത ദൈവം, യേശുമ്ശീഹാ മുഖാന്തിരം

ഞങ്ങൾ ദൈവമഹത്വത്തിൻെറ ജ്ഞാന
ത്താൽ പ്രകാശിക്കപ്പെടുവാൻ തക്കവണ്ണം,
ഞങ്ങളുടെ ഹൃദയങ്ങളിൽ ഉദയം ചെയ്തി
രിക്കുന്നു.
7 എങ്കിലും ഈ ശക്തിയുടെ ആധിക്യം
ഞങ്ങളിൽനിന്നല്ല -ദൈവത്തിൽനിന്നും
എന്നു വരേണ്ടതിന് ഈ നിക്ഷേപം മൺ
8 പാത്രങ്ങളിലത്രെ ഞങ്ങൾക്കുള്ളത്. എല്ലാ
കാര്യങ്ങളിലും ഞങ്ങൾ ഞെരുക്കം അനുഭ
വിക്കുന്നുണ്ട്. എങ്കിലും ഞങ്ങൾ ഞെരുങ്ങു
ന്നില്ല. ഞങ്ങൾ വിഷമിക്കുന്നു. എങ്കിലും
9 ഞങ്ങൾ കടക്കാരാകുന്നില്ല. ഞങ്ങൾ പീഡി
പ്പിക്കപ്പെടുന്നുണ്ടെങ്കിലും ഞങ്ങൾ ഉപേ
ക്ഷിക്കപ്പെടുന്നില്ല. ഞങ്ങൾ വീഴ്ത്തപ്പെടു
ന്നുണ്ട് എങ്കിലും ഞങ്ങൾ നശിച്ചുപോകു
10 ന്നില്ല. യേശുവിൻെറ ജീവൻ ഞങ്ങളുടെ
ശരീരങ്ങളിൽ വെളിപ്പെടുവാൻ യേശു
വിൻെറ മരണത്തെ ഞങ്ങൾ എപ്പോഴും
11 സ്വന്തശരീരങ്ങളിൽ വഹിക്കുന്നു. ജീവിച്ചി
രിക്കുന്ന ഞങ്ങൾ യേശുവിനെ പ്രതി മരണ
ത്തിന് ഏല്പിക്കപ്പെടുന്നു എങ്കിൽ, മരിക്കു
ന്നതായ ഞങ്ങളുടെ ഈ ശരിരത്തിൽ
യേശുവിൻെറ ജീവനും വെളിപ്പെടും.
12 ഇപ്പോൾ ഞങ്ങളിൽ മരണവും ജീവൻ
13 നിങ്ങളിലും വ്യാപരിക്കുന്നു. "ഞാൻ വിശ്വ
സിച്ചു. അതുമൂലം ഞാൻ സംസാരിച്ചു"
എന്ന് എഴുതപ്പെട്ടിരിക്കുന്നപ്രകാരം-
ഞങ്ങൾക്കു വിശ്വാസത്തിൻെറതായ ഏക
ആത്മാവുള്ളതുകൊണ്ട് ഞങ്ങൾ വിശ്വസി
ക്കുന്നു; അതിനാൽ ഞങ്ങൾ സംസാരിക്കു
14 കയും ചെയ്യുന്നു. നമ്മുടെ കർത്താവായ
യേശുമ്ശീഹായെ ഉയിർപ്പിച്ചവൻ, യേശു
മൂലം ഞങ്ങളെയും ഉയിർപ്പിക്കും എന്നും
ഞങ്ങളെയും നിങ്ങളോടുകൂടെ തൻെറ
സന്നിധിയിലേക്ക് ആനയിക്കും എന്നും
15 ഞങ്ങൾ അറിയുന്നു. സകലവും നിങ്ങൾക്കു
വേണ്ടിയാകുന്നു. അനേകർമൂലം കൃപ
വർദ്ധിക്കുമ്പോൾ- ദൈവത്തിൻെറ മഹത്വ
ത്തിന്നായി സ്തോത്രവും വർദ്ധിക്കും.
16 ആകയാൽ ഞങ്ങൾക്ക് അലസതയു
ണ്ടാകുന്നില്ല. ഞങ്ങളുടെ പുറമെയുള്ള
മനുഷ്യൻ നശിച്ചുപോകുന്നുവെങ്കിലും,
ഞങ്ങളുടെ അകമെയുള്ള മനുഷ്യൻ ഓരോ
ദിവസവും പുതുക്കം പ്രാപിച്ചുകൊണ്ടിരി
17 ക്കയാണ്. ഏററവും ലഘുവും കുറഞ്ഞതു
മായ ഞങ്ങളുടെ ഞെരുക്കം അതിരില്ലാത്ത
വലിയ മഹത്വം ഞങ്ങൾക്കായി ഒരുക്കി
18 ത്തരുന്നു. കാണപ്പെടുന്നവയെ അല്ല;
കാണപ്പെടാത്തവയെയാണു ഞങ്ങൾ
നോക്കുന്നത്. കാണപ്പെടുന്നവ താല്കാ
ലികം; കാണപ്പെടാത്തവയോ നിത്യവു
മാകുന്നു.

അദ്ധ്യായം 5

ഭൂമിയിലുള്ള നമ്മുടെ ശരീരമാകുന്ന 1
ഈ ഭവനം അഴിഞ്ഞുപോയാൽ, ദൈവ
നിർമ്മിതമായ, കൈപ്പണിയല്ലാത്ത, ഒരു
ഭവനം സ്വർഗ്ഗത്തിൽ എന്നെന്നേക്കുമായി
ഞങ്ങൾക്കുണ്ട് എന്നു ഞങ്ങൾ അറിയുന്നു.
ഇതു നിമിത്തം ഞങ്ങൾ നെടുവീർപ്പിടു 2
കയും, സ്വർഗീയമായ ഞങ്ങളുടെ ഭവന
ത്തെ ധരിക്കണം എന്നു പ്രതീക്ഷിച്ചിരിക്കു
കയും ചെയ്യുന്നു. അല്ലെങ്കിൽ ധരിച്ചശേഷ 3
വും ഞങ്ങൾ നഗ്നരായി കാണപ്പെട്ടേക്കാം.
ഇപ്പോൾ ഈ ഭവനത്തിൽ ഇരിക്കുമ്പോൾ 4
അതിൻെറ ഭാരം നിമിത്തം ഞങ്ങൾ നെടു
വീർപ്പിടുന്നു. ഇതിൻെറ മരണാവസ്ഥ ജീവ
നാൽ വിഴുങ്ങപ്പെടേണ്ടതിന് - ഇതിനുമേൽ
ധരിപ്പാനല്ലാതെ അത് ഉരിഞ്ഞുകളയുവാൻ
ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഇതിലേക്കു 5
ഞങ്ങളെ തയ്യാറാക്കുന്നത് ദൈവമാകുന്നു.
താൻ ഞങ്ങൾക്കു തൻെറ ആത്മാവിനെ
അച്ചാരമായി തന്നിരിക്കുന്നു. ആകയാൽ ഞ 6
ങ്ങൾ ഈ ശരീരത്തിൽ ഇരിക്കുന്നിടത്തോ
ളം നമ്മുടെ കർത്താവിൽനിന്നു ഞങ്ങൾ
നിർജ്ജീവരായിരിക്കുന്നു എന്നു ഞങ്ങൾ
അറിയുന്നു, ബോധ്യപ്പെട്ടിരിക്കുന്നു. ഞ 7
ങ്ങൾ നടക്കുന്നത് വിശ്വാസത്താലാകുന്നു
- കാഴ്ചയാൽ അല്ല - തന്മൂലം ഞങ്ങൾ, ഈ
ശരീരത്തിൽനിന്നു മരിച്ച് നമ്മുടെ കർത്താ 8
വിൻെറ സന്നിധിയിൽ ആയിരിപ്പാൻ പ്രത്യാ
ശിച്ചിരിക്കുകയും ആകാംക്ഷയോടിരിക്കു
കയും ചെയ്യുന്നു. (ശരീരത്തെ) വിട്ടിട്ടായാ 9
ലും, ശരീരത്തിൽ വസിച്ചായാലും ഞങ്ങൾ,
തന്നെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ
ഉത്സാഹിക്കുന്നു. എന്തെന്നാൽ നന്മയാ 10
കട്ടെ തിന്മയാകട്ടെ ഓരോരുത്തൻ ചെയ്തി
ട്ടുള്ളതിന് - അവൻെറ ശരീരത്തിൽ പ്രതി
ഫലം പ്രാപിക്കുവാനായി നാം എല്ലാവരും
മ്ശീഹായുടെ ന്യായാസനത്തിൻ മുമ്പാകെ
നിൽക്കുവാനുള്ളവരാകുന്നു.
നമ്മുടെ കർത്താവിനെ ഭയപ്പെടണം 11
എന്ന് ഞങ്ങൾക്ക് അറിയാവുന്നതിനാൽ,
മനുഷ്യരെ ഞങ്ങൾ ബോദ്ധ്യപ്പെടുത്തുന്ന
ത് ഇതാണ്: ദൈവത്തിനോ ഞങ്ങൾ വെളി
പ്പെട്ടിരിക്കുന്നു. നിങ്ങളുടെ മനസ്സുകളിലും
ഞങ്ങൾ വെളിപ്പെട്ടിരിക്കുന്നു എന്നു ഞാൻ
വിചാരിക്കുന്നു. വീണ്ടും ഞങ്ങൾ ഞങ്ങളെ 12
ത്തന്നെ നിങ്ങളുടെ മുമ്പിൽ പുകഴ്ത്തുക
യില്ല; ഹൃദയം നോക്കിയല്ല, മുഖം നോക്കി

പ്രശംസിക്കുന്നവരോട്, ഞങ്ങളെക്കുറിച്ച്
പ്രശംസിക്കുവാൻ തക്കവണ്ണം നിങ്ങൾക്ക്
കാരണം തരികയത്രെ ചെയ്യുന്നത്. ഞങ്ങൾ
കൊള്ളരുതാത്തവർ എങ്കിൽ അതു ദൈവ
ത്തിനും - ഞങ്ങൾ ക്രമപ്രകാരമാണ് ഇരി
ക്കുന്നതെങ്കിൽ അതു നിങ്ങൾക്കും വേണ്ടി
യാകുന്നു. എന്തെന്നാൽ ഇങ്ങനെ ചിന്തി
ക്കുവാൻ മ്ശീഹായുടെ സ്നേഹം ഞങ്ങളെ
നിർബ്ബന്ധിക്കുന്നു. ഒരുവൻ എല്ലാവർക്കും
വേണ്ടി മരിച്ചു. ആകയാൽ എല്ലാവരും
മരിച്ചിരിക്കുന്നു എന്നും, ജീവിക്കുന്നവർ
ഇനി തങ്ങൾക്കായിട്ടല്ല, തങ്ങൾക്കുവേണ്ടി
മരിച്ച് ഉയിർത്തവനുവേണ്ടി ജീവിക്കേണ്ട
താകുന്നു എന്നും തന്നെ. ആകയാൽ ഇനി
മേൽ ആരെയും ഞങ്ങൾ ശാരീരികമായി
അറിയുന്നില്ല. മ്ശീഹായെ ജഡപ്രകാരം
ഞങ്ങൾ അറിഞ്ഞുവെങ്കിലും ഇനിമേൽ
അങ്ങനെ അറിയുകയില്ല.

ആകയാൽ മ്ശീഹായിൽ ജീവിക്കുന്ന
ഏവനും പുതിയ സൃഷ്ടിയാകുന്നു. പഴയവ
കടന്നുപോയിരിക്കുന്നു. മ്ശീഹാമൂലം
തന്നോടു നമ്മെ രമ്യതപ്പെടുത്തിയ ദൈവ
ത്താൽ എല്ലാം പുതിയവയായിത്തീർന്നു.
താൻ നിരപ്പിൻെറ ശുശ്രൂഷ ഞങ്ങൾക്കു
തന്നിരിക്കുന്നു. താൻ മ്ശീഹാമൂലം തൻെറ
മഹത്വത്തെ ലോകത്തോടു രമ്യതപ്പെടു
ത്തുകയും, അവരുടെ പാപങ്ങളെ അവരിൽ
പരിഗണിക്കാതിരിക്കുകയും ചെയ്തു. ആ
നിരപ്പിൻെറ വചനം ഞങ്ങളെ ഭരമേൽപ്പി
ച്ചിരിക്കുന്നു.

ആകയാൽ ഞങ്ങൾ മ്ശീഹായുടെ
പ്രതിനിധികളാകുന്നു. ദൈവം ഞങ്ങൾ
മുഖാന്തരം നിങ്ങളോട് ഉൽബോധിപ്പിക്കു
ന്നതുപോലെ - ദൈവത്തോട് നിരന്നു
കൊള്ളണം എന്ന് മ്ശീഹായ്ക്കു പകരം
ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു.
പാപം അറിഞ്ഞിട്ടില്ലാത്തവനെ, ദൈവം
നിങ്ങൾക്കുവേണ്ടി, പാപമാക്കി ചെയ്തു.
ആയത് താൻമൂലം നാം ദൈവത്തിൻെറ
നീതിയാകുവാൻ വേണ്ടിത്തന്നെ.

അദ്ധ്യായം 6

നിങ്ങൾ പ്രാപിച്ചിരിക്കുന്ന ദൈവകൃപ
വ്യർത്ഥമായിപ്പോകരുതെ, എന്ന് ഞങ്ങൾ
സഹായികൾ എന്ന നിലയിൽ നിങ്ങളോട
പേക്ഷിക്കുന്നു. എന്തെന്നാൽ "അംഗീകൃത
സമയത്ത് ഞാൻ നിനക്ക് ഉത്തരമരുളി,
രക്ഷയുടെ ദിവസത്തിൽ ഞാൻ നിന്നെ
സഹായിച്ചു" എന്നു താൻ അരുളിച്ചെയ്തിട്ടു
ണ്ടല്ലോ-ഇപ്പോൾ ആകുന്നു സ്വീകാര്യകാലം;
ഇതാ ഇപ്പോഴാകുന്നു രക്ഷയുടെ ദിവസം.
ഞങ്ങളുടെ ശുശ്രൂഷയിൽ ഞങ്ങൾ കളങ്ക 3
മില്ലാത്തവരായിരിക്കേണ്ടതിന് നിങ്ങൾ ഒരു
കാര്യത്തിലും ആർക്കും ഇടർച്ചയ്ക്കു ഹേതു
വാകരുത്. എല്ലാ കാര്യങ്ങളിലും ഞങ്ങൾ 4
ദൈവത്തിൻെറ ശുശ്രൂഷകന്മാർ ആകുന്നു
വെന്ന് ഞങ്ങൾ ഞങ്ങളെത്തന്നെ കാണിച്ചു
കൊണ്ടിരിക്കും. അത്യധികമായ സഹനം, 5
ഞെരുക്കങ്ങൾ, ബുദ്ധിമുട്ട്, തടവ്, അടികൾ,
ബന്ധനങ്ങൾ, കലഹങ്ങൾ, അദ്ധ്വാനം, ജാ 6
ഗരണം, ഉപവാസം, നൈർമ്മല്യം, ജ്ഞാനം,
ദീർഘ ക്ഷമ, ദയ, പരിശുദ്ധാത്മാവ്, വഞ്ച 7
നയില്ലാത്ത സ്നേഹം, സത്യത്തിൻെറ
വചനം, ദൈവത്തിൻെറ ശക്തി എന്നിവയി
ലും വലംകൈയിലും ഇടംകൈയിലും നീതി 8
യുടെ ആയുധം വഹിച്ചും മാനത്തിലും
അവമാനത്തിലും കീർത്തിയിലും ദുഷ്കീർ
ത്തിയിലും ആയും ഞങ്ങൾ സ്ഥിതി ചെയ്യു
ന്നു. ഞങ്ങൾ വഞ്ചകരെപ്പോലെ കരുതുന്നു. 9
ഞങ്ങളെ സത്യസന്ധരാണ്. അജ്ഞാത
രാണെങ്കിലും അറിയപ്പെട്ടവരത്രെ. ഞങ്ങൾ
മരിച്ചവരെപ്പോലെ ഇരുന്നിട്ടും ഞങ്ങൾ
ജീവിക്കുന്നു. ഞങ്ങൾ ശിക്ഷിക്കപ്പെടുന്ന
വർ, എന്നിട്ടും ഞങ്ങൾ മരിക്കുന്നില്ല. ഞ 10
ങ്ങൾ ദുഃഖിതരെപ്പോലെ എങ്കിലും ഞങ്ങൾ
എപ്പോഴും സന്തോഷിക്കുന്നു. ഞങ്ങൾ ദരി
ദ്രരെപ്പോലെയെങ്കിലും അനേകരെ ഞങ്ങൾ
സമ്പന്നരാക്കുന്നു. ഒന്നുമില്ലാത്തവരെ
ങ്കിലും, സകലവും കൈവശമുള്ളവരായും
ഇരിക്കുന്നു.

അല്ലയോ കോരിന്ത്യരേ, ഞങ്ങളുടെ 11
വായ് നിങ്ങൾക്കായി തുറക്കപ്പെട്ടിരിക്കുന്നു.
ഞങ്ങളുടെ ഹൃദയം വിശാലമായി തുറന്നു
കാണിക്കുന്നു. ഞങ്ങളുടെ ഉള്ളിൽ അല്ല 12
നിങ്ങൾ ഞെരുങ്ങുന്നത്. നിങ്ങളുടെ
ഉള്ളിൽതന്നെ നിങ്ങൾ ഞെരുങ്ങുന്നു.
മക്കളോട് എന്നതുപോലെ ഞാൻ പറ 13
യുന്നു. നിങ്ങളുടെ ഇടയിലുള്ള എൻെറ
ജോലിക്ക് എനിക്കു പ്രതിഫലം തരുവിൻ -
അതേ - എന്നോടുള്ള നിങ്ങളുടെ സ്നേഹം
വിസ്തൃതമാക്കുവിൻ. നിങ്ങൾ അവിശ്വാ 14
സികളോട് കൂട്ടുചേരരുത്. എന്തെന്നാൽ
നീതിക്ക് അനീതിയുമായി എന്തു ബന്ധം?
അഥവാ പ്രകാശത്തിന് ഇരുളുമായി എന്തു
ചേർച്ച? മ്ശീഹായ്ക്കും സാത്താനുമായി 15
എന്തു യോജ്യതയുണ്ട്? വിശ്വസിക്കുന്ന
വർക്ക് വിശ്വസിക്കാത്തവരുമായി എന്താണ്
പങ്ക്? ദൈവാലയത്തിന്, പിശാചുക്കളുടേ 16
തുമായി എന്തു യോജിപ്പുണ്ട്? നിങ്ങൾ
ജീവനുള്ള ദൈവത്തിൻെറ ആലയങ്ങളാ

കുന്നു. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു:
''ഞാൻ അവരിൽ വസിക്കും. അവരിൽ
ചരിക്കും; ഞാൻ അവരുടെ ദൈവവും അവർ
എനിക്കു ജനവുമായിരിക്കും. ആകയാൽ അ
ശുദ്ധരുടെ ഇടയിൽനിന്നും പുറത്തുവരു
വിൻ; അവരിൽനിന്നു വേർപിരിയുകയും
ചെയ്യുവിൻ; എന്നു കർത്താവ് അരുളിച്ചെയ്യു
17 ന്നു.'' "നിങ്ങൾ, അശുദ്ധമായതിനോട് അടു
ക്കരുത്. അപ്പോൾ ഞാൻ നിങ്ങളെ സ്വീക
രിക്കും, ഞാൻ നിങ്ങൾക്കു പിതാവായിരി
ക്കും. നിങ്ങളോ എനിക്കു പുത്രന്മാരും
പുത്രിമാരും ആയിരിക്കും;" എന്നു സർവ്വാധി
പതിയായ കർത്താവ് അരുളിച്ചെയ്യുന്നു.

അദ്ധ്യായം 7

1 എന്റെ വത്സലരേ, നമുക്കായി ഈ
വാഗ്ദാനങ്ങൾ ഉള്ളതുകൊണ്ട്, ജഡത്തി
ന്റെയും ആത്മാവിന്റെയും സർവ്വ
അശുദ്ധിയിൽനിന്നും, നമ്മെത്തന്നെ നിർമ്മ
ലരാക്കുകയും, ദൈവഭയത്തോടെ വിശു
2 ദ്ധിയെ ആചരിക്കയും ചെയ്യണം. എന്റെ
സഹോദരന്മാരേ, നിങ്ങൾ ക്ഷമയോടെ
കേൾപ്പിൻ; ഞങ്ങൾ ആരോടും അന്യായ
മായി പ്രവർത്തിച്ചിട്ടില്ല; ഞങ്ങൾ ആരെ
യും ദുഷിച്ചിട്ടില്ല; ആരെയും വഞ്ചിച്ചിട്ടുമി
3 ല്ല. നിങ്ങളെ കുററം വിധിപ്പാനല്ല ഞാൻ ഇതു
പറയുന്നത്. ഒരുമിച്ചു മരിപ്പാനും, ഒരുമിച്ചു
ജീവിപ്പാനുമായി നിങ്ങൾ ഞങ്ങളുടെ
ഹൃദയത്തിൽ സ്ഥിതിചെയ്യുന്നുവെന്ന്
ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ.
4 എനിക്കു നിങ്ങളുടെ മുമ്പിൽ വളരെ
ധൈര്യമുണ്ട്. നിങ്ങളിൽ എനിക്കു വളരെ
യേറെ പ്രശംസയുമുണ്ട്. ആശ്വാസംകൊണ്ട്
ഞാൻ നിറഞ്ഞിരിക്കയാണ്. എന്റെ എല്ലാ
ഞെരുക്കങ്ങളിൽ(പോലും) സന്തോഷം
5 എന്നിൽ അത്യധികം വർദ്ധിക്കുന്നു. മക്ക
ദോന്യായിൽ ഞങ്ങൾ വന്നതിനുശേഷം,
ഞങ്ങളുടെ ശരീരത്തിന് ഒരാശ്വാസവും
ഉണ്ടായില്ല. പിന്നെയോ എല്ലാ കാര്യങ്ങ
ളിലും ഞങ്ങൾ ഞെരുക്കപ്പെട്ടിരുന്നു -
6 പുറമെ യുദ്ധങ്ങളും, അകമെ ഭയവും!
എന്നാൽ താഴ്മയുള്ളവരെ ആശ്വസിപ്പി
ക്കുന്നവനായ ദൈവം, തീത്തോസിന്റെ
ആഗമനംമൂലം ഞങ്ങൾക്കാശ്വാസം തന്നു.
7 ആയത് അവന്റെ വരവുമൂലം മാത്രമല്ല,
അവന് നിങ്ങൾ മൂലം ലഭിച്ച ആശ്വാസം
കൊണ്ടും ആയിരുന്നു. എന്തെന്നാൽ,
നിങ്ങൾക്കു ഞങ്ങളോടുള്ള സ്നേഹത്തെ
ക്കുറിച്ചും, ഞങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ
സങ്കടത്തേയും, ഞങ്ങളുടെ കാര്യത്തിൽ
നിങ്ങൾക്കുള്ള തീക്ഷ്ണതയെക്കുറിച്ചും
അവൻ ഞങ്ങളെ അറിയിച്ചു. അതു ഞാൻ
കേട്ടപ്പോൾ, അത്യധികം സന്തോഷം എനി
ക്കുണ്ടായി. ആ ലേഖനംമൂലം ഞാൻ 8
നിങ്ങൾക്ക് ദുഃഖം വരുത്തിയതിൽ എനിക്കു
മനസ്താപമുണ്ടായി. എങ്കിലും ഇപ്പോൾ
സങ്കടമില്ല; എന്തെന്നാൽ ആ ലേഖനംമൂലം
കുറച്ചുകാലത്തേക്കു നിങ്ങളെ ഞാൻ
ദുഃഖിപ്പിച്ചുവെങ്കിലും, അത് എനിക്കു 9
സന്തോഷം വരുത്തിയിരിക്കുന്നു. അതു
നിങ്ങൾ ദുഃഖിച്ചതുകൊണ്ടല്ല - പിന്നെയോ,
നിങ്ങളുടെ ദുഃഖം അനുതാപത്തിലേക്കു
നിങ്ങളെ കൊണ്ടുവന്നിരിക്കുന്നു! ഞങ്ങ
ളിൽനിന്നും ഒരു കാര്യത്തിലും നിങ്ങൾക്കു
നഷ്ടം വരാതിരിക്കത്തക്കവണ്ണം, ദൈവ
കാര്യത്തിലല്ലോ, നിങ്ങൾ ദുഃഖിച്ചത്.
എന്തെന്നാൽ ദൈവത്തെക്കുറിച്ചുള്ള 1
ദുഃഖം, പിൻതിരിയാത്തതും ജീവനിലേ
ക്കു തിരിപ്പിക്കുന്നതുമായ പശ്ചാത്താപ
ത്തെ ഉളവാക്കുന്നു. ലോകത്തിന്റേതായ 1
ദുഃഖമാകട്ടെ മരണത്തെയാണ് ഉളവാ
ക്കുന്നത്. ഇതാ, ദൈവത്തെ പ്രതി നിങ്ങൾ
ദുഃഖിച്ചത് എത്ര അധികം ഉത്സാഹവും
ധൈര്യവും കോപവും ഭക്തിയും സ്നേഹവും
തീക്ഷ്ണതയും ശിക്ഷയും നിങ്ങളിൽ
ജനിപ്പിച്ചു. ഇക്കാര്യത്തിൽ നിങ്ങൾ നിർമ്മ
ലർ എന്ന് എല്ലാ വിധത്തിലും നിങ്ങൾ
നിങ്ങളെത്തന്നെ കാണിച്ചിരിക്കുന്നു! കുറ്റം
ചെയ്തവൻ നിമിത്തമല്ല; അന്യായം അനു
ഭവിച്ചവൻ നിമിത്തവുമല്ല; ഞങ്ങളെ പ്രതി
യുള്ള നിങ്ങളുടെ ഉത്സാഹം ദൈവത്തിൻ
മുമ്പാകെ വെളിപ്പെടുവാനായിട്ടായിരുന്നു.
അതുകൊണ്ട്, ഞങ്ങൾക്ക് ആശ്വാസമു
ണ്ടായി. ഞങ്ങളുടെ ആശ്വാസത്തോടു
കൂടെത്തന്നെ തീത്തോസിന്റെ സന്തോഷ
ത്താൽ ഞങ്ങൾ കൂടുതലായും സന്തോ
ഷിച്ചു. എന്തെന്നാൽ അവന്റെ മനസ്സ്
നിങ്ങൾ എല്ലാവരുമൊത്ത് ആശ്വസിച്ചു
വല്ലോ. ഞാൻ നിങ്ങളെക്കുറിച്ച് അവനോടു
പ്രശംസിച്ച കാര്യത്തിൽ ഞാൻ ലജ്ജിക്കേ
ണ്ടിവന്നില്ല. എന്നാലോ, സകലത്തിലും
ഞങ്ങൾ നിങ്ങളോടു സത്യം സംസാരിച്ച
തുപോലെതന്നെ, തീത്തോസിനോടുള്ള
ഞങ്ങളുടെ പ്രശംസയും സത്യമായി കാണ
പ്പെട്ടിരിക്കുന്നു. നിങ്ങൾ എല്ലാവരുടെയും
അനുസരണത്തെ ഓർത്തിട്ട് അവന്റെ
സ്നേഹം അത്യധികം വർദ്ധിച്ചിരിക്കുന്നു.
എന്തെന്നാൽ ഭയത്തോടും വിറയലോടും
കൂടെയാണല്ലോ അവനെ നിങ്ങൾ സ്വീകരി
ച്ചത്. നിങ്ങളെക്കുറിച്ച് എല്ലാ കാര്യത്തിലും

എനിക്കു പ്രത്യാശയുള്ളതിനാൽ ഞാൻ സന്തോഷിക്കുന്നു.

അദ്ധ്യായം 8

മക്കദോന്യയിലെ സഭകളിൽ നൽക
പ്പെട്ട ദൈവത്തിന്റെ കൃപയെക്കുറിച്ച്,
എന്റെ സഹോദരന്മാരേ, ഞങ്ങൾ നിങ്ങളെ
അറിയിക്കുന്നു. അവരുടെ ഞെരുക്കത്തി
ന്റെ അത്യധികമായ പരീക്ഷണത്താൽ
അവരുടെ സന്തോഷം വർദ്ധിച്ചു. അവരുടെ
ദാരിദ്ര്യത്തിന്റെ ആഴത്തിൽനിന്നാകട്ടെ
അവരുടെ നിർമ്മലതയുടെ ധനത്താൽ
അഭിവൃദ്ധി പ്രാപിക്കയും ചെയ്തു. അവരുടെ
ശക്തിക്കനുസരിച്ചും പോരാ, അവരുടെ
ശക്തിക്കപ്പുറമായും അവർ ദാനം ചെയ്തു
എന്നു ഞാൻ സാക്ഷിക്കുന്നു. വിശുദ്ധന്മാ
രുടെ ശുശ്രൂഷയ്ക്കായുള്ള ധർമ്മശേഖര
ത്തിൽ അവരേയും സംബന്ധിപ്പിക്കണമെന്ന്
വളരെയേറെ നിർബന്ധപൂർവ്വം ഞങ്ങളോട്
അപേക്ഷിച്ചു. അതു ഞങ്ങൾ വിചാരിച്ചിരു
ന്നതുപോലെയല്ല; പിന്നെയോ അവർ
അവരെത്തന്നെ ആദ്യമെ നമ്മുടെ കർത്താ
വിനും, പിന്നെ ദൈവേഷ്ടപ്രകാരം ഞങ്ങൾ
ക്കും സമർപ്പിച്ചു. അങ്ങനെ തീത്തോസി
നോട് ഈ ധർമ്മശേഖരം അവൻ നിങ്ങളുടെ
ഇടയിൽ ആരംഭിച്ചതുപോലെതന്നെ
പൂർത്തിയാക്കണമെന്നു ഞങ്ങൾ അപേ
ക്ഷിക്കും. വിശ്വാസത്തിലും വചനത്തിലും
പരിജ്ഞാനത്തിലും എല്ലാവിധമായ ഉത്സാ
ഹത്തിലും, നിങ്ങളെക്കുറിച്ചുള്ള ഞങ്ങളുടെ
സ്നേഹം എന്നിങ്ങനെ എല്ലാ കാര്യത്തിലും
നിങ്ങൾ മികച്ചു നിൽക്കുന്നതുപോലെ ഈ
ധർമ്മശേഖരത്തിലും നിങ്ങൾ മികച്ചു
നിൽക്കണം. ഞാൻ നിങ്ങളോട് അശേഷവും
കല്പിക്കുകയല്ല, എന്നാലോ, നിങ്ങളുടെ
കൂട്ടുകാരുടെ ഉത്സാഹംകൊണ്ട് നിങ്ങളുടെ
സ്നേഹത്തിന്റെ യാഥാർത്ഥ്യത്തെ പരീ
ക്ഷിക്കയത്രെ.

തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ ധനവാ
ന്മാരാകേണ്ടതിന് താൻ ധനവാനായിരി
ക്കെത്തന്നെ, നിങ്ങൾക്കുവേണ്ടി ദരിദ്രനാ
യിത്തീർന്ന നമ്മുടെ കർത്താവേശുമ്ശീഹാ
യുടെ കൃപയെ നിങ്ങൾ അറിയുന്നുവല്ലോ.
എന്നാൽ, ആഗ്രഹിക്കുവാൻ മാത്രമല്ല,
കഴിഞ്ഞയാണ്ടുമുതൽ പ്രവർത്തിക്കുവാനും
കൂടി നിങ്ങൾ ആരംഭിച്ചിരിക്കകൊണ്ട്
നിങ്ങൾക്കു സഹായകമായി ഈ ആലോ
ചന ഞാൻ പറഞ്ഞുതരുന്നു. നിങ്ങൾ
ആഗ്രഹിച്ചത് പ്രവൃത്തിയിൽ ഇപ്പോൾ
നിങ്ങൾ പൂർത്തീകരിക്കുവിൻ. ആഗ്രഹി
ക്കുവാൻ നിങ്ങൾക്കു താല്പര്യമുണ്ടായതു
പോലെതന്നെ, നിങ്ങൾക്കുള്ളതിൽനിന്നും,
പ്രവൃത്തികൊണ്ട് പൂർത്തീകരിക്കണം.
ആഗ്രഹമുണ്ടെങ്കിൽ അവനവനുള്ളതിന 12
നുസരിച്ച് - ഇല്ലാത്തവനെപ്പോലെയല്ല,
ദാനം ചെയ്യുന്നത് സ്വീകരിക്കപ്പെടും. ഇതു 13
മററുള്ളവർക്ക് ആശ്വാസവും നിങ്ങൾക്കു
ഞെരുക്കവും ഉണ്ടാകുവാനായിട്ടല്ല, നിങ്ങ
ളുടെ സമൃദ്ധി അവരുടെ കുറവിന് പരി
ഹാരം ആകുവാനും, അവരുടെ അധികത്വം 14
നിങ്ങളുടെ കുറവിനു പരിഹാരം ആകു
വാനുംവേണ്ടി ഇപ്പോൾ നിങ്ങൾ സമത്വ
ത്തിൽ ഇരിപ്പിൻ. "അധികം എടുത്തവനു 15
സമൃദ്ധിയുണ്ടായില്ല, കുറച്ച് എടുത്തവനു
കുറവുമുണ്ടായില്ല" എന്ന് എഴുതപ്പെട്ടിട്ടു
ണ്ടല്ലോ. നിങ്ങളെ പ്രതി തീത്തോസിന്റെ 16
ഹൃദയത്തിൽ ഈ താല്പര്യം നല്കിയ
ദൈവത്തിന് സ്തുതി. അവൻ ഞങ്ങളുടെ 17
അപേക്ഷ സ്വീകരിക്കുകയും, അവനും
വളരെ ഉത്സാഹം ഉള്ളവനാകയാൽ സ്വമന
സാ നിങ്ങളുടെ അടുക്കലേക്ക് പുറപ്പെടു
കയും ചെയ്തു. സുവിശേഷ സംബന്ധമായ 18
കാര്യങ്ങളിൽ സർവ്വ സഭകളിലും തനിക്കു
മഹത്വമുള്ളവനായ ഞങ്ങളുടെ സഹോദര
നേയും അവനോടു കൂടി ഞങ്ങൾ അയച്ചിരി
ക്കുന്നു. ദൈവത്തിന്റെ മഹത്വത്തിനും, 19
ഞങ്ങളുടെ മനോധൈര്യത്തിന്നുമായി,
ഞങ്ങളാൽ നടത്തപ്പെടുന്ന ഈ ധർമ്മ
ശേഖരത്തിൽ ഞങ്ങളോടുകൂടെ പുറപ്പെടു
വാൻ സഭകളാൽ തെരഞ്ഞെടുക്കപ്പെട്ടവനു
മാകുന്നു അവൻ. ഞങ്ങളാൽ നടത്തപ്പെടു 20
ന്ന ഈ വലിയ കാര്യത്തിൽ ആരും മാലിന്യം
ആരോപിക്കാതിരിക്കേണ്ടതിന് ദൈവ 21
മുമ്പാകെ മാത്രമല്ല, മനുഷ്യരുടെ മുമ്പിലും
നല്ല കാര്യങ്ങൾ പ്രവർത്തിക്കുവാൻ
ഞങ്ങൾ ഉത്സാഹത്തോടിരിക്കുന്നു. അവൻ 22
ഉത്സാഹിയാകുന്നു എന്ന് പലപ്പോഴും
അനേക കാര്യങ്ങൾകൊണ്ടും ഞങ്ങളാൽ
പരിശോധിക്കപ്പെട്ടവനും, നിങ്ങളെക്കുറി
ച്ചുള്ള അത്യധികമായ പ്രത്യാശയാൽ
ഇപ്പോൾ, കൂടുതലായി ഉത്സാഹമുള്ളവനു
മായ ഞങ്ങളുടെ സഹോദരനേയും ഞങ്ങൾ
അവരോടുകൂടെ അയച്ചിരിക്കുന്നു. ആക 23
യാൽ തീത്തോസ് എന്റെ സഹപ്രവർത്ത
കനും, നിങ്ങൾക്കു സഹായിയും ആകുന്നു.
ഞങ്ങളുടെ മറേറ സഹോദരന്മാരോ, അവർ
മ്ശീഹായുടെ മഹത്വമാകുന്ന സഭകളുടെ
ശ്ലീഹന്മാരുമാകുന്നു. ഇനിയും, നിങ്ങളുടെ 24
സ്നേഹത്തിൻേറയും, നിങ്ങളിലുള്ള
ഞങ്ങളുടെ പ്രശംസയുടെയും തെളിവ്

സകല സഭകളുടെയും മുമ്പാകെ ഇവരിൽ
നിങ്ങൾ പ്രദർശിപ്പിക്കണം.

അദ്ധ്യായം 9

1 വിശുദ്ധന്മാർക്കുള്ള സേവനത്തെ
ക്കുറിച്ച് ഞാൻ നിങ്ങൾക്ക് എഴുതുന്നു
വെങ്കിൽ - വേണ്ടതിൽ അധികമായിരിക്കും
ഞാൻ ചെയ്യുന്നത്. എന്തെന്നാൽ നിങ്ങ
ളുടെ മനസ്സിൻെറ ഒരുക്കം എനിക്കറിയാം.
2 ആകയാൽ 'ആഖിയാ' കഴിഞ്ഞ വർഷം
മുതൽ തന്നെ ഒരുങ്ങിയിരിക്കുകയാണെ
ന്ന്, നിങ്ങളെക്കുറിച്ചു മക്കദോന്യരോടു
ഞാൻ പ്രശംസിച്ചു. നിങ്ങളുടെ തീക്ഷ്ണത
3 അനേകരേയും പ്രേരിപ്പിച്ചിട്ടുണ്ട്. ഇക്കാര്യം
സംബന്ധിച്ച് നിങ്ങളെക്കുറിച്ചു ഞങ്ങൾ
ചെയ്തിട്ടുള്ള പ്രശംസ, വ്യർത്ഥമാകാതിരി
ക്കേണ്ടതിന്, ഞാൻ പറഞ്ഞിട്ടുള്ളതു
പോലെ നിങ്ങൾ ഒരുങ്ങിയിരിക്കുവാനാ
കുന്നു, സഹോദരന്മാരെ ഞാൻ അയച്ചിരി
4 ക്കുന്നത്. അല്ലെങ്കിൽ മക്കദോന്യർ പക്ഷെ
എന്നോടു കൂടെ വരികയും, നിങ്ങളെ ഒരു
ക്കമില്ലാത്തവരായി കാണുകയും ചെ
യ്താൽ- നിങ്ങൾ എന്നല്ല ഞങ്ങൾ ചെയ്ത
ആ പ്രശംസമൂലം ഞങ്ങളും ലജ്ജിക്കേണ്ടി
5 വരും. ആകയാൽ, സമ്മർദ്ദം എന്ന
വിധത്തിലല്ല, സമ്മാനം എന്നപോലെ
തയ്യാറാക്കപ്പെട്ടിരിക്കണം എന്ന് മുമ്പേ
തന്നെ നിങ്ങൾ കേട്ടിട്ടുള്ളതായ ധർമ്മ
ശേഖരം ഒരുക്കുവാനായി, നിങ്ങളുടെ അടു
ക്കലേക്ക് എനിക്കുമുമ്പായി (അവിടെ)
വരണമെന്ന് എൻെറ ഈ സഹോദരന്മാ
രോട് അപേക്ഷിക്കുവാൻ എനിക്കു താല്പ
6 ര്യം തോന്നി. ലോപമായി വിതയ്ക്കുന്നവൻ
ലോപമായി കൊയ്യും, വാഴ്‌വോടെ വിത
7 യ്ക്കുന്നവൻ വാഴ്‌വോടെ കൊയ്യും. ഓരോ
രുത്തനും തൻെറ മനസ്സിലെ നിശ്ചയം
പോലെ ചെയ്യട്ടെ. സങ്കടത്തോടെ അരുത്.
നിർബ്ബന്ധത്താലുമരുത്. എന്തെന്നാൽ
സന്തോഷത്തോടെ കൊടുക്കുന്നവനെയാ
8 കുന്നു ദൈവം സ്നേഹിക്കുന്നത്. നിങ്ങൾ
ക്കു മതിയായവ എപ്പോഴും എല്ലാ കാര്യത്തി
ലും നിങ്ങൾക്കുണ്ടായിരിക്കുകയും സർവ്വ
സൽപ്രവൃത്തികളിലും നിങ്ങൾ അഭിവൃദ്ധി
പ്രാപിക്കുകയും ചെയ്യത്തക്കവണ്ണം എല്ലാ
കൃപയും നിങ്ങളിൽ സമൃദ്ധമാക്കുവാൻ
9 ദൈവത്തിനു കഴിയും. "അവൻ വാരിവിതറി
ദരിദ്രന്മാർക്കു കൊടുത്തു. അവൻെറ നീതി
എന്നേക്കും നില നിൽക്കുന്നു" എന്ന് എഴുത
10 പ്പെട്ടിട്ടുണ്ടല്ലോ. വിതയ്ക്കുന്നവനു വിത്തും,
ഭക്ഷണത്തിന് അപ്പവും തരുന്നവൻ നിങ്ങൾ
ക്കു തരികയും നിങ്ങളുടെ വിത്തിനെ
വർദ്ധിപ്പിക്കുകയും, നിങ്ങളുടെ നീതിയിൻ
ഫലങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും.
ഇപ്രകാരം ഞങ്ങൾ വഴിയായി ദൈവത്തി 11
നു സ്തോത്രം ഉളവാക്കുന്ന സകല ഔദാ
ര്യത്തോടുംകൂടി നിങ്ങൾ എല്ലാ കാര്യങ്ങ
ളിലും അഭിവൃദ്ധിയുള്ളവരായിരിക്കും.
എന്തെന്നാൽ ഈ സേവനത്തിൻെറ നിർവ്വ 12
ഹണം വിശുദ്ധന്മാരുടെ ദാരിദ്ര്യം മാററുക
മാത്രമല്ല; ദൈവത്തിന് വളരെയേറെ
സ്തോത്രം വരുത്തുകയും ചെയ്യും. എന്തെ
ന്നാൽ ഈ സേവനത്തിൻെറ പരിശോധന
കൊണ്ട് മ്ശീഹായുടെ സുവിശേഷത്തി
ൻെറ അനുസരണത്തിനു നിങ്ങൾ കീഴ്പെ
ടുകയും അവരോടും സകല മനുഷ്യരോടും
ഔദാര്യംമൂലം നിങ്ങൾ ബന്ധപ്പെടുകയും
ചെയ്തതിനാൽ അവർ ദൈവത്തെ സ്തു
തിക്കുകയും, നിങ്ങളുടെ മേലുള്ള ദൈവ
ത്തിൻെറ കൃപയുടെ ആധിക്യം നിമിത്തം
നിങ്ങൾക്കുവേണ്ടി വലിയ സ്നേഹത്തോ
ടെ പ്രാർത്ഥന അർപ്പിക്കുകയും ചെയ്യും.
അവർണ്ണനീയമായ തൻെറ ദാനത്തെപ്രതി
ദൈവത്തിന് സ്തോത്രം.

അദ്ധ്യായം 10

നിങ്ങളുടെ അടുത്തിരിക്കുമ്പോൾ വിനീ
തനും, അകലെയിരിക്കുമ്പോൾ നിങ്ങളെ
ക്കുറിച്ചു പ്രത്യാശയുള്ളവനുമായ പൌലോ
സായ ഞാൻ, മ്ശീഹായുടെ ശാന്തത
യോടും താഴ്മയോടും കൂടെ നിങ്ങളോടപേ
ക്ഷിക്കുന്നു. ഞങ്ങൾ ജഡത്തെ അനുസരി
ച്ചാണു നടക്കുന്നതെന്ന് വിചാരിക്കുന്ന
ചിലരോടു - ഞാൻ വിചാരിക്കുന്നതു
പോലെ - ധീരതയോടെ പ്രവർത്തിപ്പാൻ,
അവിടെ വരുമ്പോൾ ഞാൻ നിർബ്ബന്ധിതനാ
കരുത് എന്നു നിങ്ങളോടു ഞാൻ അപേ
ക്ഷിക്കുന്നു. ഞങ്ങൾ ജഡത്തിൽ സഞ്ചരി
ക്കുന്നുവെങ്കിലും ഞങ്ങൾ ജഡത്തിൻേറ
തല്ല പ്രവർത്തിക്കുന്നത്. ഞങ്ങളുടെ ജോലി
യുടെ ആയുധം ജഡത്തിൻെറതല്ല; പിന്നെ
യോ, ദൈവത്തിൻെറ ശക്തിയുടേതത്രെ.
അതിനാൽ ഞങ്ങൾ ബലമേറിയ കോട്ടകൾ
കീഴടക്കുന്നു. ദൈവജ്ഞാനത്തിന് എതി
രായി ഉയരുന്ന എല്ലാ ഉയർച്ചയേയും
ഞങ്ങൾ ഇടിച്ചുകളയുന്നു. മ്ശീഹായെ
അനുസരിപ്പാൻ തക്കവണ്ണം സർവ്വബോധ
ങ്ങളെയും ഞങ്ങൾ കീഴ്പെടുത്തുന്നു.
നിങ്ങളുടെ അനുസരണം പൂർണ്ണമാകു
മ്പോൾ അനുസരിക്കാത്തവരോട് പ്രതി
കാരം ചെയ്യുവാൻ ഞങ്ങൾ ഒരുങ്ങിയിരി

7 ക്കുന്നു. നിങ്ങൾ മുഖം നോക്കുന്നു. ഒരുവൻ,
താൻ മ്ശീഹായ്ക്കുള്ളവൻ എന്നു സ്വയം
ഉറച്ചിരിക്കുന്നുവെങ്കിൽ അവൻ എങ്ങനെ
മ്ശീഹായ്ക്കുള്ളവൻ ആകുന്നുവോ,
ഞങ്ങളും അങ്ങനെതന്നെയാകുന്നുവെന്ന്,
8 സ്വയം അറിഞ്ഞുകൊള്ളട്ടെ. നമ്മുടെ
കർത്താവ് എനിക്കു തന്നിട്ടുള്ള അധികാര
ത്തെപ്പററി ഞാൻ വല്ലതും അധികമായി
പ്രശംസിച്ചാലും ഞാൻ ലജ്ജിക്കുന്നില്ല.
നിങ്ങളെ ഇടിച്ചു തകർക്കുവാനല്ല നിങ്ങളെ
പണിതുറപ്പിക്കുവാനത്രെ കർത്താവ്
9 ഞങ്ങൾക്ക് അധികാരം തന്നിട്ടുള്ളത്. ഞാൻ
എന്റെ ലേഖനങ്ങളാൽ നിങ്ങളെ ഭയ
പ്പെടുത്തുന്നു എന്നു നിങ്ങൾ വിചാരിക്കാ
തിരിപ്പാൻവേണ്ടി പിൻവാങ്ങുന്നു. എന്തെ
ന്നാൽ - അവന്റെ ലേഖനങ്ങൾ ഭാരമേറി
യവയും, ശക്തിയേറിയവയും ആകുന്നു.
10 എന്നാൽ അവന്റെ ശാരീരികാഗമനം ബല
ഹീനവും, വചനം നിസ്സാരവുമത്രെ എന്നു
11 പറയുന്ന ചിലരുണ്ടല്ലോ. എന്നാൽ ഇങ്ങനെ
പറയുന്നവൻ ധരിച്ചുകൊള്ളട്ടെ—അകലെ
യായിരിക്കുമ്പോൾ ഞങ്ങളുടെ ലേഖന
ത്തിന്റെ വചനത്തിൽ എപ്രകാരമോ,
അപ്രകാരംതന്നെ, അടുത്തിരിക്കുമ്പോൾ
12 പ്രവൃത്തിയിലും ആയിരിക്കും. എന്തെ
ന്നാൽ, സ്വയപ്രശംസചെയ്യുന്നവരോട്
ഞങ്ങളെ സാമ്യപ്പെടുത്തുവാനോ, ചിന്തി
പ്പാനോ ഞങ്ങൾ തുനിയുന്നില്ല. എന്നാൽ
അവർ തങ്ങളോടു തങ്ങളെത്തന്നെ ഉപമി
ക്കുന്നവരാകയാൽ, അവർ തിരിച്ചറിയുന്നി
13 ല്ല. നിങ്ങളുടെ അടുക്കലോളവും ഞങ്ങൾ
വന്ന് എത്തണമെന്ന് ദൈവം ഞങ്ങൾക്കായി
തിരിച്ചുവെച്ചിട്ടുള്ള അതിർത്തിയുടെ അള
വനുസരിച്ചല്ലാതെ, ഞങ്ങളുടെ അതിരിന
പ്പുറമായി ഞങ്ങൾ പ്രശംസിക്കുന്നില്ല.
14 ഞങ്ങൾ നിങ്ങളുടെ അടുക്കൽ എത്താതെ
അതിരുകടന്നു പോകുന്നില്ല. മ്ശീഹായുടെ
സുവിശേഷവുമായി ഞങ്ങൾ നിങ്ങളുടെ
15 അടുക്കലും വന്നുവല്ലോ. മററുള്ളവരുടെ
പ്രയത്നത്തിൽ ഞങ്ങളുടെ അതിരു കവിഞ്ഞ്
ഞങ്ങൾ പ്രശംസിക്കുന്നില്ല. നിങ്ങളുടെ
വിശ്വാസം നിങ്ങളിൽ വർദ്ധിക്കുമ്പോൾ,
ഞങ്ങളുടെ അളവനുസരിച്ച് ഞങ്ങൾ
16 ഉയർത്തപ്പെടുമെന്നും, നിങ്ങൾക്ക് അപ്പുറ
മുള്ള സ്ഥലങ്ങളിലും സുവിശേഷിക്കുന്നത്
അഭിവൃദ്ധി പ്രാപിക്കാമെന്നും ഞങ്ങൾക്ക്
പ്രത്യാശയുണ്ട്. മററുള്ളവരുടെ അതിരിൽ
ക്രമപ്പെടുത്തിയിരിക്കുന്നവയെപ്പററി
17 ഞങ്ങൾ പ്രശംസിക്കയില്ല. പ്രശംസിക്കുന്ന
വൻ കർത്താവിൽ പ്രശംസിക്കട്ടെ. തന്നെ
ത്താൻ പുകഴ്ത്തുന്നവനല്ല പിന്നെയൊ,
കർത്താവ് പുകഴ്ത്തുന്നവനത്രെ ശോധന
ചെയ്യപ്പെട്ടവൻ.

അദ്ധ്യായം 11

ഞാൻ നിരർത്ഥകമായി സംസാരിക്കു 1
ന്നുവെങ്കിൽ നിങ്ങൾ എന്നോട് അല്പം
ക്ഷമിച്ചെങ്കിൽ കൊള്ളാമായിരുന്നു. നിങ്ങൾ
എന്നോടു ക്ഷമിച്ചുകൊണ്ടിരിക്കുകയാ
ണല്ലോ. ഞാൻ നിങ്ങളെക്കുറിച്ച് ദൈവ 2
ത്തിലുള്ള തീക്ഷ്ണതയാൽ എരിയുക
യാണ്. എന്തെന്നാൽ മ്ശീഹാ എന്ന ഏക
പുരുഷന് നിങ്ങളെ നിർമ്മലകന്യകയായി
സമർപ്പിക്കേണ്ടതിന് ഞാൻ വിവാഹ
നിശ്ചയംചെയ്തിരിക്കുകയാണ്. എന്നാൽ 3
സർപ്പം വഞ്ചനയാൽ ഹവ്വയെ വഴി തെററി
ച്ചതുപോലെ മ്ശീഹായോടുള്ള നിഷ്കള
ങ്കതയിൽനിന്നും നിങ്ങളുടെ ബോധങ്ങളെ
ചിലർ വഷളാക്കുമോ എന്നു ഞാൻ ഭയ
പ്പെടുന്നു. ഒരുവൻ നിങ്ങളുടെ അടുക്കൽ 4
വന്ന് ഞങ്ങൾ പ്രസംഗിക്കാത്ത മററൊരു
യേശുവിനെ പ്രസംഗിക്കുകയോ, നിങ്ങൾ
പ്രാപിച്ചിട്ടില്ലാത്ത മററൊരു ആത്മാവി
നേയോ നിങ്ങൾ സ്വീകരിച്ചിട്ടില്ലാത്ത
മററൊരു സുവിശേഷത്തേയോ കുറിച്ചു
പ്രസംഗിക്കുകയോ ചെയ്യുന്നു എങ്കിൽ
നിങ്ങൾ നല്ലതുപോലെ അനുസരിക്കുമാ
യിരുന്നു. ഏററവും ശ്രേഷ്ഠതയുള്ള ശ്ലീഹ 5
ന്മാരെക്കാൾ, ഞാൻ ഒട്ടും കുറഞ്ഞവനല്ല
എന്നു ഞാൻ വിചാരിക്കുന്നു. ഞാൻ 6
വചനത്തിൽ സാമർത്ഥ്യമില്ലാത്തവനെ
ങ്കിലും എന്റെ പരിജ്ഞാനത്തിൽ അങ്ങനെ
യല്ല എന്ന് ഞങ്ങൾ സർവ്വകാര്യത്തിലും
നിങ്ങളുടെ അടുക്കൽ പ്രത്യക്ഷപ്പെടുത്തി
യിട്ടുണ്ട്. അഥവാ, നിങ്ങൾ ഉയർത്തപ്പെടേ 7
ണ്ടതിനായി ഞാൻ എന്നെത്തന്നെ താഴ്ത്തി
ക്കൊണ്ട് ദൈവത്തിന്റെ സുവിശേഷം
പ്രതിഫലംകൂടാതെ പ്രസംഗിക്കുന്നതിൽ
ഞാൻ തെററു ചെയ്തുവോ? നിങ്ങളുടെ 8
ഇടയിൽ സേവനം ചെയ്യുവാനായി, ഞാൻ
മററു സഭകളെ കവർന്ന് അവരോടു ചെല
വിനു വാങ്ങി. ഞാൻ നിങ്ങളുടെ ഇടയിൽ 9
എത്തിയശേഷം എനിക്കു മുട്ടുണ്ടായ
പ്പോൾ നിങ്ങളിൽ ആരെയും ഞാൻ ഭാര
പ്പെടുത്തിയില്ല. മക്കദോന്യയിൽനിന്നു
വന്ന സഹോദരന്മാർ എന്റെ ആവശ്യം
നിർവ്വഹിച്ചുതന്നു. ഞാൻ ഒരു വിധത്തിലും
നിങ്ങൾക്കു ഭാരമാകാതിരിപ്പാൻ ഞാൻ
സകലത്തിലും സൂക്ഷിച്ചു. ഇനിയും സൂക്ഷി
ക്കയും ചെയ്യും. മ്ശീഹായുടെ സത്യം 10

എന്നിൽ സ്ഥിതിചെയ്യുന്നു. എൻെറ ഈ
പ്രശംസ 'ആഖിയ' പ്രദേശങ്ങളിൽനിന്നും
11 മായ്ക്കപ്പെടുന്നതല്ല. എന്തുകൊണ്ട്? ഞാൻ
നിങ്ങളെ സ്നേഹിക്കാത്തതുകൊണ്ടാ
12 ണോ? ദൈവം അറിയുന്നു! (ഞങ്ങളെ നിന്ദി
പ്പാൻ) കാരണം അന്വേഷിക്കുന്നവർക്കു
കാരണം കിട്ടാതിരിക്കേണ്ടതിന്നായി, ഞാൻ
ചെയ്തുകൊണ്ടിരിക്കുന്നത് ഇനിയും
ചെയ്യും. അവർ പ്രശംസിക്കുന്ന കാര്യത്തിൽ
അവരും ഞങ്ങളെപ്പോലെ കാണപ്പെടേണ്ട
13 തിനത്രേ. എന്തെന്നാൽ ഇവർ വ്യാജമുള്ള
ശ്ലീഹന്മാർ, വഞ്ചകരായ വേലക്കാർ, മ്ശീ
ഹായുടെ ശ്ലീഹന്മാരുടെ വേഷം ധരിച്ചിരി
14 ക്കുന്നവർ. ഇതിൽ അത്ഭുതപ്പെടേണ്ടതില്ല.
എന്തെന്നാൽ സാത്താനും പ്രകാശദൂതൻെറ
15 വേഷം അണിയുന്നുണ്ടല്ലോ. അവൻെറ
ശുശ്രൂഷകന്മാർ, നീതിയുടെ ശുശ്രൂഷക
ന്മാരുടെ വേഷം ധരിച്ചാൽ അതു വലിയ
കാര്യമല്ല. അവരുടെ അവസാനം അവരുടെ
പ്രവൃത്തികൾക്ക് അനുസരിച്ചായിരിക്കും.
16 ആരും, എന്നെപ്പററി, ഞാൻ ബുദ്ധിഹീ
നൻ എന്നു വിചാരിക്കരുതെന്ന് ഞാൻ
വീണ്ടും പറയുന്നു. അല്ലെങ്കിൽ, ഞാനും
അല്പം പ്രശംസിക്കേണ്ടതിന്, ബുദ്ധിഹീന
നെപ്പോലെയെങ്കിലും എന്നെ സ്വീകരിക്കു
17 വിൻ. ഇപ്പോൾ ഞാൻ സംസാരിക്കുന്നത്
നമ്മുടെ കർത്താവിലല്ല; പ്രശംസയുടെ ഈ
സ്ഥാനത്ത് ബുദ്ധിഹീനതകൊണ്ട് എന്ന
വിധത്തിൽ സംസാരിക്കുകയാകുന്നു.
18 അനേകരും ജഡപ്രകാരം പ്രശംസിക്കുന്നതു
19 കൊണ്ട് ഞാനും പ്രശംസിക്കട്ടെ. നിങ്ങൾ
ബുദ്ധിമാന്മാരാകയാൽ, ബുദ്ധി കുറഞ്ഞവർ
പറയുന്നതു കേൾക്കുവാൻ, ക്ഷമയുള്ളവരാ
20 ണല്ലോ. നിങ്ങളെ കീഴ്പെടുത്തുന്നവനും,
നിങ്ങളെ വിഴുങ്ങിക്കളയുന്നവനും, നിങ്ങ
ളിൽനിന്നു കൈക്കലാക്കുന്നവനും, നിങ്ങ
ളുടെമേൽ അഹങ്കരിക്കുന്നവനും, നിങ്ങ
ളുടെ മുഖത്ത് അടിക്കുന്നവനുമെല്ലാം
നിങ്ങൾ വഴങ്ങിക്കൊടുക്കുന്നുണ്ടല്ലോ.
21 ഞങ്ങൾ ബലഹീനർ, എന്നു ഞാൻ മാനം
വിട്ടു പറയുന്നു. ആരെങ്കിലും ധൈര്യമായി
പറയുന്ന ഏതു കാര്യത്തിലും ഞാനും
ധൈര്യത്തോടെ പറയുന്നു എന്ന് ബുദ്ധി
22 ഹീനനായി ഞാൻ പറയുന്നു. അവർ
ഹെബ്രായരാണെങ്കിൽ - ഞാനും അങ്ങനെ
തന്നെ. അവർ ഇസ്രയേല്യരാണെങ്കിൽ
ഞാനും അങ്ങനെതന്നെ. അവർ അബ്രഹാ
മിൻെറ സന്തതി എങ്കിൽ ഞാനും അങ്ങനെ
23 തന്നെ. അവർ മ്ശീഹായുടെ ശുശ്രൂഷക
ന്മാരെങ്കിൽ - അവരേക്കാൾ കൂടുതലായി

ഞാനും അങ്ങനെതന്നെ; എന്ന് ബുദ്ധിഹീ
നതയോടെ ഞാൻ പറയുന്നു. അദ്ധ്വാനത്തി
ലോ - ഞാൻ അവരെക്കാൾ അധികം (അ
ദ്ധ്വാനിച്ചു.) അവരെക്കാളധികം ഞാൻ അടി
കൊണ്ടു. അവരെക്കാളധികം തടവിൽ കിട
ന്നു. പലപ്പോഴും മരണഭയത്തിലായി. യഹൂ 24
ദന്മാരിൽനിന്നും "ഒന്നു കുറയെ നാല്പത്"
അടി ഞാൻ അഞ്ചു പ്രാവശ്യം ഏറ്റു. മൂന്നു 25
പ്രാവശ്യം ഞാൻ വടികൊണ്ടുള്ള അടിയേ
റ്റു. ഒരു പ്രാവശ്യം ഞാൻ കല്ലേറുകൊണ്ടു.
കപ്പലപകടത്തിൽപ്പെട്ട് ഒരു രാത്രിയും പക
ലും പടവില്ലാതെ ഞാൻ സമുദ്രത്തിൽ കഴി
ഞ്ഞു. ഞാൻ പല പ്രാവശ്യം യാത്രചെയ്തു. 26
നദികളിലെ അപകടത്തിലും, കവർച്ചക്കാ
രിൽനിന്നുള്ള അപകടത്തിലും, എൻെറ
സ്വന്ത കുടുംബക്കാരിൽനിന്നുള്ള ആപത്ത്,
ജാതികളിൽ നിന്നുള്ള ആപത്ത്, പട്ടണങ്ങ
ളിൽവെച്ചുള്ള അപകടങ്ങൾ, വിജനപ്രദേശ
ത്തുണ്ടായ അപകടങ്ങൾ, സമുദ്രത്തിൽ
വച്ചുണ്ടായ അപകടങ്ങൾ, കള്ള സഹോദര
ന്മാരിൽ നിന്നുള്ള ആപത്ത് എന്നിവയിലും
- അദ്ധ്വാനത്തിലും, പ്രയത്നത്തിലും നീണ്ട 27
ജാഗരണത്തിലും പട്ടിണിയിലും ദാഹത്തി
ലും നീണ്ട ഉപവാസത്തിലും കുളിരിലും
നഗ്നതയിലും ഞാൻ അകപ്പെട്ടിട്ടുണ്ട്. ഇവ 28
യ്ക്കെല്ലാം പുറമെ, എനിക്കെതിരായി കൂട്ടു
കെട്ട്, ഓരോ ദിവസവും സഭകളെക്കുറി
ച്ചുള്ള ചിന്താഭാരം! ഇവയും ഉണ്ടായിരുന്നു.
ആർ ബലഹീനനാകുമ്പോഴാണ് ഞാൻ 29
വേദനപ്പെടാതിരിക്കുന്നത്? ആര് ഇടറുമ്പോ
ഴാണ് എൻെറ ഹൃദയം കത്താതിരിക്കുന്നത്?
പ്രശംസിക്കുന്നതു യുക്തമെങ്കിൽ എൻെറ 30
ബലഹീനതയെക്കുറിച്ചു ഞാൻ പ്രശംസി
ക്കും. ഞാൻ വ്യാജം പറയുന്നില്ല എന്നു നമ്മു 31
ടെ കർത്താവായ യേശു മ്ശീഹായുടെ
പിതാവും എന്നേക്കും വാഴ്ത്തപ്പെട്ടവനു
മായ ദൈവം അറിയുന്നു. ദമസ്കോസിൽ 32
വച്ച് 'അരേത്തോസ്' രാജാവിൻെറ സൈ
ന്യാധിപൻ ദമസ്കോസുകാരുടെ പട്ടണ
ത്തിനു കാവൽ നിറുത്തി. എന്നാൽ അവർ 33
(ദമസ്കോസുകാർ) എന്നെ ഒരു കൊട്ടയി
ലാക്കി കോട്ടയിൽ നിന്നും ഒരു ജനൽവഴി
താഴോട്ട് ഇറക്കിവിട്ടു. അങ്ങനെ ഞാൻ
അവൻെറ കൈകളിൽ നിന്നും രക്ഷപെട്ടു.

അദ്ധ്യായം 12

ആത്മപ്രശംസയ്ക്ക് അവകാശമുണ്ട്. 1
എന്നാൽ അതുകൊണ്ടു പ്രയോജനമില്ല.
ഇനിയും ഞാൻ നമ്മുടെ കർത്താവിൻെറ
ദർശനങ്ങളേയും വെളിപാടുകളേയുംകുറി

2 ച്ചാണ് പറയുവാൻ ഉദ്ദേശിക്കുന്നത്. പതി
ന്നാലു സംവത്സരങ്ങൾക്കുമുമ്പ് - ശരീര
ത്തോടുകൂടെയോ, ശരീരംകൂടാതെയോ
എന്ന് എനിക്കറിഞ്ഞുകൂടാ, - ദൈവത്തിന്ന
റിയാം - മൂന്നാം സ്വർഗ്ഗംവരെ* എടുക്കപ്പെട്ട
ഒരു മനുഷ്യനെ മ്ശീഹായിൽ ഞാൻ അറി
3 യും. ഈ മനുഷ്യനെ എനിക്കറിയാം. അവൻ
ശരീരത്തോടുകൂടെയോ ശരീരം കൂടാതെ
യോ എന്നെനിക്കറിവില്ല. ദൈവം അറിയു
4 ന്നു. അവൻ പറുദീസായിലേക്ക് എടുക്ക
പ്പെട്ടു! അവൻ അവർണ്ണനീയങ്ങളും മനുഷ്യ
നു സംസാരിക്കാൻ അധികാരമില്ലാത്തവയു
5 മായ വചനങ്ങൾ കേട്ടു. അവനെക്കു
റിച്ചു ഞാൻ പ്രശംസിക്കും; എന്നെക്കു
റിച്ചു ഞാൻ പ്രശംസിക്കയില്ല. എന്നാൽ
എന്നെക്കുറിച്ചോ എന്റെ ബലഹീനതക
6 ളിൽ ഞാൻ പ്രശംസിക്കും. ഞാൻ പ്രശംസി
ക്കുവാൻ ആഗ്രഹിക്കുന്നു എന്നതു നിമി
ത്തം ഞാൻ ബുദ്ധിഹീനനായിത്തീരുന്നില്ല.
എന്തെന്നാൽ സത്യമാകുന്നു ഞാൻ പറ
യുന്നത്. എന്നെ കാണുകയും എന്നിൽ
നിന്നു കേൾക്കുകയും ചെയ്യുന്നതിൽ അധി
കമായി ആരും എന്നെപ്പററി വിചാരിക്കാ
തിരിക്കേണ്ടതിന്, ഞാൻ വിരമിക്കുന്നു.
7 ദർശനങ്ങളുടെ ആധിക്യത്തിൽ ഞാൻ
അഹങ്കരിക്കാതിരിക്കേണ്ടതിന് സാത്താ
ന്റെ ദൂതനാകുന്ന ഒരു മുള്ള് എനിക്കു
ശരീരത്തിൽ തന്നിരിക്കുന്നു. അതു ഞാൻ
അഹങ്കരിക്കാതിരിപ്പാൻ എന്നെ പീഡിപ്പി
8 ക്കുവാനാകുന്നു. അത് എന്നിൽനിന്ന്
അകററുവാനായി മൂന്നു പ്രാവശ്യം എന്റെ
കർത്താവിനോട് ഞാൻ അപേക്ഷിച്ചു.
9 താനോ എന്നോട് "എന്റെ കൃപ മതി
നിനക്ക് - എന്റെ ശക്തി ബലഹീനതയിൽ
ആകുന്നു പൂർണ്ണമാകുന്നത്" എന്നു പറ
ഞ്ഞു. ആകയാൽ മ്ശീഹായുടെ ശക്തി
എന്റെമേൽ ആവസിപ്പാനായി, ഞാൻ
സന്തോഷത്തോടെ എന്റെ ബലഹീനത
10 കളിൽ പ്രശംസിക്കും. ഇതുമൂലം മ്ശീഹാ
യ്ക്കുവേണ്ടിയുള്ള ബലഹീനതകളിലും
അവമാനത്തിലും ഞെരുക്കങ്ങളിലും പീഡ
കളിലും ബന്ധനങ്ങളിലും ഞാൻ ഇഷ്ട
പ്പെടുന്നു. എന്തെന്നാൽ എപ്പോഴാണോ
ഞാൻ ബലഹീനനായിരിക്കുന്നത് അപ്പോ
ഴാണ് ഞാൻ ശക്തനായിത്തീരുന്നത്.
11 നിങ്ങൾ എന്നെ നിർബ്ബന്ധിച്ചതുകൊണ്ട്,
എന്റെ പ്രശംസമൂലം ഞാനിതാ ബുദ്ധി
ഹീനനായിരിക്കുന്നു! ഞാൻ നിസ്സാരനെ
ങ്കിലും ഏററം ശ്രേഷ്ഠരായ ശ്ലീഹന്മാരേ
ക്കാൾ ഞാൻ ഒട്ടും കുറഞ്ഞവനല്ലാത്തതു
കൊണ്ട് നിങ്ങൾ എന്നെക്കുറിച്ച് സാക്ഷ്യം
നൽകേണ്ടതായിരുന്നു. ശ്ലീഹന്മാരുടെ 12
സർവ്വ അടയാളങ്ങളും ക്ഷമയോടും, വീര്യ
പ്രവൃത്തികളോടും അത്ഭുതങ്ങളോടും,
ശക്തിയോടുംകൂടെ നിങ്ങളുടെ മദ്ധ്യേ
ഞാൻ പ്രവർത്തിച്ചിട്ടുണ്ട്. എന്നെപ്രതി 13
നിങ്ങൾക്കു ഭാരം വന്നിട്ടില്ല എന്ന കാര്യ
ത്തിലല്ലാതെ, മററു സഭകളെക്കാൾ എന്തു
കാര്യത്തിലാണ് നിങ്ങൾക്കു കുറവു വന്നിട്ടു
ള്ളത്? ഈ തെററ് നിങ്ങൾ എന്നോടു
ക്ഷമിപ്പിൻ.
ഇതാ ഇപ്പോൾ ഞാൻ നിങ്ങളുടെ 14
അടുക്കൽ വരുവാൻ ഒരുങ്ങുന്നുത് മൂന്നാം
പ്രാവശ്യമാണ്. നിങ്ങളെ ഞാൻ ഭാരപ്പെടു
ത്തുകയില്ല. എന്തെന്നാൽ നിങ്ങൾക്കുള്ള
തിനെയല്ല, നിങ്ങളെയാണ് ഞാൻ ആഗ്രഹി
ക്കുന്നത്. എന്തെന്നാൽ പിതാക്കന്മാർ
മക്കൾക്കു വേണ്ടിയല്ലാതെ മക്കൾ പിതാക്ക
ന്മാർക്കു വേണ്ടിയല്ലല്ലോ നിക്ഷേപങ്ങൾ
കരുതുവാൻ ബാദ്ധ്യസ്ഥരാകുന്നത്. ഞാൻ 15
നിങ്ങളെ വളരെയേറെ സ്നേഹിക്കുന്നു;
നിങ്ങൾ എന്നെ അല്പമായും സ്നേഹി
ക്കുന്നു - എങ്കിലും, ഞാൻ സന്തോഷത്തോ
ടെ ചെലവുകൾ ചെയ്യുകയും, നിങ്ങളുടെ
ആത്മാക്കളെപ്രതി എന്നെത്തന്നെ സമർപ്പി
ക്കുകയും ചെയ്യും. ഞാൻ നിങ്ങൾക്കു ഭാരം 16
വരുത്തിയിട്ടില്ല എങ്കിലും ഉപായി ആയ
മനുഷ്യനെപ്പോലെ ഞാൻ നിങ്ങളെ കവർച്ച
ചെയ്തിരിക്കുമോ? നിങ്ങളുടെ അടുക്ക 17
ലേക്കു ഞാനയച്ചിട്ടുള്ള മററാരെങ്കിലും
വഴിയായി ഞാൻ അത്യാഗ്രഹം കാണിച്ചി
ട്ടുണ്ടോ? ഞാൻ തീത്തോസിനോട് അപേ 18
ക്ഷിക്കുകയും അവനോടൊരുമിച്ചു സഹോ
ദരന്മാരെ അയയ്ക്കുകയും ചെയ്തുവല്ലോ.
തീത്തോസ് വല്ല കാര്യത്തിലും നിങ്ങളോട്
അത്യാഗ്രഹം പ്രദർശിപ്പിച്ചുവോ? ഞങ്ങൾ
ഒരേ ആത്മാവിലും ഒരേ കാൽചുവടുക
ളിലും അല്ലയോ നടന്നത്?
ഞങ്ങൾ നിങ്ങളോടു പ്രതിവാദിക്കുന്നു 19
എന്നു നിങ്ങൾ വിചാരിക്കുന്നുവോ? ദൈവ
മുമ്പാകെ മ്ശീഹായിൽ ആകുന്നു ഞങ്ങൾ
സംസാരിക്കുന്നത്. എന്റെ വത്സലരേ,
സർവ്വവും നിങ്ങളുടെ ആത്മീകവർദ്ധന
യ്ക്കായിട്ടത്രെ. ഞാൻ നിങ്ങളുടെ അടുക്കൽ 20
വരുമ്പോൾ, ഞാൻ ആഗ്രഹിക്കുന്നതു
പോലെ നിങ്ങളെ കാണാതിരിക്കുകയും,

* തുൽസോ ദശ്മായോ - സ്വർഗ്ഗത്തിന്റെ മൂന്നാം ഭാഗം എന്നും ഭാഷാന്തരമുണ്ട്.

നിങ്ങൾ ആഗ്രഹിക്കാത്ത വിധത്തിൽ
എന്നെ കാണുകയും ചെയ്യുമോ എന്നും,
ശണ്ഠ, അസൂയ, കോപം, ശാഠ്യം, കുരള,
പിറുപിറുപ്പ്, അഹങ്കാരം, കലഹം എന്നിവ
21 ഉണ്ടായിരിക്കുമോ എന്നും, ഞാൻ നിങ്ങ
ളുടെ അടുക്കൽ വരുമ്പോൾ എന്റെ ദൈവം
എന്നെ താഴ്ത്തുകയും പാപം ചെയ്തിട്ട്,
തങ്ങൾ ചെയ്തിട്ടുള്ള അശുദ്ധി, വ്യഭിചാരം,
ദുഷ്കാമം എന്നിവയിൽനിന്നും അനുതപി
ക്കാതിരിക്കുന്നവരെക്കുറിച്ച് എനിക്കു
വിലപിക്കേണ്ടിവരികയും ചെയ്തേക്കുമോ
എന്നും ഓർത്ത് ഞാൻ ഭയപ്പെടുന്നു.

അദ്ധ്യായം 13

1 ഞാൻ നിങ്ങളുടെ അടുക്കൽ വരുവാൻ
ഒരുങ്ങിയിരിക്കുന്നത്, ഇതു മൂന്നാം പ്രാവ
ശ്യമാകുന്നു. "രണ്ടുമൂന്നു സാക്ഷികളുടെ
വാമൊഴിയാൽ ഏതു കാര്യവും ഉറപ്പാകും"
എന്ന് മുമ്പു ഞാൻ നിങ്ങളോടു പറഞ്ഞി
2 ട്ടുണ്ടായിരുന്നു; ഞാൻ നിങ്ങളുടെ അടു
ക്കൽ രണ്ടു പ്രാവശ്യവും ഇരുന്നപ്പോൾ
നിങ്ങളോടു പറഞ്ഞിട്ടുള്ളതുപോലെ
ഇപ്പോഴും മുൻകൂട്ടി പറയുന്നു. പാപം
ചെയ്തവരോടും ശേഷംപേരോടും ഞാൻ
വന്നാൽ കരുണ കാണിക്കുകയില്ലെന്ന്
ദൂരെ ഇരുന്നുകൊണ്ട് ഇപ്പോഴും ഞാൻ
എഴുതുന്നു.
3 മ്ശീഹാ, ഞാൻ വഴിയായി സംസാരി
ക്കുന്നു എന്നതിന് നിങ്ങൾ തെളിവ് അന്വേ
ഷിക്കുന്നുവല്ലോ. താൻ നിങ്ങളിൽ ബല
ഹീനനായിട്ടല്ല; ശക്തനായിട്ടത്രെ സ്ഥിതി
4 ചെയ്യുന്നത്. ബലഹീനതയിൽ താൻ ക്രൂശി
ക്കപ്പെട്ടിട്ടും ദൈവത്തിന്റെ ശക്തിയോടെ
അവൻ ജീവനുള്ളവനാകുന്നു. ഞങ്ങളും
തന്നോടുകൂടെ ബലഹീനരായിരിക്കുന്നു
വെങ്കിലും നിങ്ങളിലുള്ള ദൈവശക്തി
കൊണ്ട് ഞങ്ങളും തന്നോടുകൂടെ ജീവിച്ചി
5 രിക്കുന്നു. നിങ്ങൾ വിശ്വാസത്തിൽതന്നെ
യാണോ സ്ഥിതിചെയ്യുന്നതെന്ന് സ്വയം
പരിശോധിക്കണം. നിങ്ങളെത്തന്നെ സ്വ
സ്ഥരാക്കുവിൻ. യേശുമ്ശീഹാ നിങ്ങളിൽ
സ്ഥിതി ചെയ്യുന്നുണ്ട് എന്നു നിങ്ങൾ
ഗ്രഹിക്കുന്നില്ലയോ? സ്ഥിതിചെയ്യുന്നി
ല്ലെങ്കിൽ നിങ്ങൾ നിഷിദ്ധരായിരിക്കും.
ഞങ്ങൾ നിഷിദ്ധരല്ല എന്നു നിങ്ങൾ 6
അറിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു.
ഞങ്ങളുടെ യോഗ്യത വെളിപ്പെടുവാനായി 7
നിങ്ങളിൽ യാതൊരു തിന്മയും ഉണ്ടാകാതെ
നന്മ പ്രവർത്തിക്കുന്നവരായിരിക്കണമെ,
എന്നു ഞാൻ ദൈവത്തോട് അപേക്ഷി
ക്കുന്നു. ഞങ്ങൾ നിഷിദ്ധർ എന്നപോലെ
ഇരുന്നുകൊള്ളട്ടെ. സത്യത്തിനുവേണ്ടി 8
യല്ലാതെ സത്യത്തിനു വിരുദ്ധമായി ഒന്നും
പ്രവർത്തിപ്പാൻ ഞങ്ങൾക്കു സാദ്ധ്യമല്ല.
ഞങ്ങൾ ബലഹീനരും നിങ്ങൾ ശക്തരും 9
ആയിരിക്കുമ്പോൾ ഞങ്ങൾ സന്തോഷി
ക്കുന്നു. നിങ്ങൾ പൂർണ്ണരാകുവാൻവേണ്ടി
ഞങ്ങൾ പ്രാർത്ഥിക്കുന്നു.
ഞാൻ വന്നശേഷം എന്റെ കർത്താവ് 10
എനിക്കു നൽകിയിട്ടുള്ള അധികാരം
നിങ്ങളുടെ ആത്മികാഭിവൃദ്ധിക്ക് അല്ലാതെ
നിങ്ങളെ അധഃപതിപ്പിക്കുവാൻ - കഠിന
മായി പ്രവർത്തിക്കുവാൻ ഇടയാകാതിരി
ക്കണം എന്നു വിചാരിച്ച് ദൂരെ ഇരുന്നു
കൊണ്ട് ഇതെഴുതുന്നു. ഇനിയും എന്റെ 11
സഹോദരന്മാരേ, സന്തോഷിപ്പിൻ, പൂർണ്ണ
രാകുവിൻ, ആശ്വസിപ്പിൻ. ഐക്യവും
സമാധാനവും നിങ്ങളിൽ ഉണ്ടായിരിക്കട്ടെ.
സ്നേഹത്തിന്റെയും സമാധാനത്തി
ന്റെയും ദൈവം നിങ്ങളോടുകൂടെ ഉണ്ടാ
യിരിക്കട്ടെ. വിശുദ്ധ ചുംബനത്തോടെ 12
അന്യോന്യം സമാധാനം ചൊല്ലുവിൻ.
വിശുദ്ധന്മാർ എല്ലാവരും നിങ്ങൾക്കു
സമാധാനം ചൊല്ലുന്നു. നമ്മുടെ കർത്താ 13
വേശുമ്ശീഹായുടെ സമാധാനവും, ദൈവ
ത്തിന്റെ സ്നേഹവും പരിശുദ്ധാത്മാ
വിന്റെ സംബന്ധവും നിങ്ങൾ എല്ലാവ
രോടും കൂടെ ഉണ്ടായിരിക്കട്ടെ. ആമീൻ.

മക്കദോന്യയിൽ വച്ച് എഴുതപ്പെട്ട് തീത്താസുവശം കൊടുത്തയച്ച കോരിന്ത്യർക്ക്
എഴുതിയ രണ്ടാം ലേഖനം സമാപ്തം.

കോരിന്ത്യർക്കുള്ള 2-ാം ലേഖനം

		പാഠഭേദങ്ങൾ
2.10	പ്രതിപുരുഷസ്ഥാനത്തിലാകുന്നു (ബ്പർസൂപ്പെ) in the person of Christ (Scof)	സന്നിധാനത്തിൽ
5.1	ശരീരമാകുന്ന	കൂടാരമാകുന്ന
6.3	നിങ്ങൾ	ഞങ്ങൾ
7.10	ദൈവത്തെപ്രതിയുള്ള ദുഃഖം പിൻതിരിയാത്തതും ജീവനിലേക്കു തിരിപ്പിക്കുന്നതുമായ പശ്ചാത്താപത്തെ ഉളവാക്കുന്നു.	ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷയ്ക്കായി ഉളവാക്കുന്നു.

ഗലാത്യർക്കുള്ള ലേഖനം

ഗലാത്യ: യൂറോപ്പിൽനിന്നുള്ള 'ഗാൾസ്' ക്രി.മു. 278-ൽ ആസ്യയിലുള്ള ഈ പ്രദേശം ആക്രമിച്ചു കീഴടക്കി. അങ്ങനെ ആ സ്ഥലത്തിന് 'ഗലാത്യ' എന്നു പേർ സിദ്ധിച്ചു. റോമരുടെ സഹായത്തോടെ ഗലാത്യർ രാജ്യഭരണം നടത്തിവരവെ ക്രി.മു. 25 ഓടുകൂടി റോമൻ കൈസർ അതിനെ സ്വന്ത സാമ്രാജ്യത്തോടു ചേർത്ത് ഒരു പ്രവിശ്യയാക്കി. ദർബ്ബ, ലുസ്ത്രാ, ഇക്കോന്യാ എന്നിങ്ങനെ ശ്ലീ.പ്ര.-ൽ പറയപ്പെട്ടിരിക്കുന്ന ഭൂവിഭാഗങ്ങൾ ഇതിന് തെക്കുഭാഗത്താണ്.

ഗ്രന്ഥകർത്താവ്: വേദപുസ്തക പണ്ഡിതന്മാരുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായം വി.പൗലോസാണ് ലേഖനകർത്താവ് എന്നത്രെ. സ്വന്തകാര്യങ്ങൾ പലതും പ്രസ്താവിക്കുന്നു. 1. ശ്ലൈഹികാധികാരം, ശ്ലീഹന്മാരിൽ നിന്നല്ല നമ്മുടെ കർത്താവിൽനിന്നും നേരിട്ടു ലഭിച്ചതാണെന്നും, 2. തന്റെ ജീവിതവ്യതിയാനവും, 3. യറുശലേമിൽ പോയതും, ശ്ലീഹന്മാരുമായുള്ള സ്നേഹപൂർവമായ സമ്പർക്കവും (1;18;2:1) വിശദമായി കാണിച്ചിരിക്കുന്നു.

കാലം: എഴുതിയ കാലത്തെക്കുറിച്ച് വിവിധ അഭിപ്രായങ്ങൾ ഉണ്ട്. 1. ശ്ലീ. പ്ര. 15-ൽ പറയുന്ന യറുശലേം സുന്നഹദോസിനു മുമ്പ് (49-50ന് മുമ്പ്), 2. ശ്ലീ.പ്ര. 19:8-ൽ പറയുന്ന പ്രകാരം എഫേസോസിൽ പാർക്കുമ്പോൾ 54-56, 3. മക്കദോന്യയിൽ വച്ച് (ശ്ലീ.പ്ര. 20) 56-57 ലോ, 4. മറ്റു ചിലരുടെ അഭിപ്രായത്തിൽ 53,60 എന്നിങ്ങനെ കാണുന്നു. സുറിയാനി പുതിയ നിയമത്തിൽ, ഈ ലേഖനം റോമിൽവച്ച് എഴുതി എന്നു കാണുന്നു

ഉദ്ദേശം: ഗലാത്യ ക്രിസ്ത്യാനികളുടെ അടുക്കൽ യഹൂദമതാനുസാരികൾ ചെന്ന്:, വി. പൗലോസിന് ദൈവത്തിൽനിന്നുള്ള ശ്ലൈഹികത്വം ഇല്ലെന്നും, ഗലാത്യർ പരിച്ഛേദന ഏൽക്കണമെന്നും, യഹൂദ മതാചാരങ്ങൾ അനുഷ്ഠിക്കണമെന്നും ഉപദേശിച്ചു. അതിനെ പ്രതിഷേധിക്കുന്നതിന്നായി വി. പൗലോസ് ഈ ലേഖനം എഴുതി അയച്ചു.

വിഷയ സംഗ്രഹം: അദ്ധ്യായം 1,2. (1) യഹൂദാചാരങ്ങൾ ആഗ്രഹിക്കുന്നവരെ ശാസിക്കുന്നു. (2) തന്റെ മാനസാന്തരം, ജീവചരിത്രം. (3) ശ്ലൈഹികസ്ഥാനത്തേക്ക് താൻ കർത്താവിനാൽ വിളിക്കപ്പെടുന്നത്. അദ്ധ്യായം. 3.1-5, 12. അബ്രഹാം ന്യായപ്രമാണത്താലല്ല; പ്രത്യുത വിശ്വാസത്താലാണ് നീതീകരിക്കപ്പെട്ടത്. അബ്രഹാമിന്റെ മക്കളും അങ്ങനെ നീതീകരിക്കപ്പെടണം. ന്യായപ്രമാണം താൽക്കാലികമായിരുന്നു. മ്ശിഹായിൽ പൂർണ സ്വാതന്ത്ര്യം പ്രാപിച്ച ഗലാത്യർ വീണ്ടും അതിൽ കുടുങ്ങരുത്. അവർക്കു ലബ്ധമായ സ്വാതന്ത്ര്യം പരിരക്ഷിക്കണമെന്നും മറ്റു സദുപദേശങ്ങളും അദ്ധ്യായം 5.13 മുതൽ 6.10 വരെ വിശദീകരിക്കുന്നു. 6:11-18. വി. പൗലോസ് സ്വന്തകൈയാൽ എഴുതിയ അവസാനഭാഗം.

വിഷയ വിവരം

അദ്ധ്യാ. 1: 1-5 പ്രാരംഭം; 6-9 ലേഖനോദ്ദേശം. 10-24 തന്റെ പ്രവർത്തനം, ദൈവിക വെളിപാടുമൂലം.

അദ്ധ്യാ. 2: 1-14 തന്റെ പ്രവർത്തനങ്ങൾ. 15-19 നീതീകരണലബ്ധി, ന്യായപ്രമാണത്താലല്ല, വിശ്വാസത്താലത്രെ. 20-21 ക്രിസ്തീയ ജീവിതമെന്നത് നമ്മിൽ അന്തഃസ്ഥിതനായ കർത്താവിന്റെ ബഹിർജീവിതമാകുന്നു.

അദ്ധ്യാ. 3: 1-5 പരിശുദ്ധാത്മാവിന്റെ ദാനം ന്യായപ്രമാണാനുഷ്ഠാനത്താലല്ല. കൃപയാലത്രെ. 6-9 അബ്രഹാമിനു ലഭിച്ച ഉടമ്പടി ന്യായപ്രമാണപ്രകാരമല്ല. 10-29 ന്യായപ്രമാണാനുഷ്ഠാനകൻ ന്യായപ്രമാണത്തിന്റെ ശാപത്തിൻ കീഴുമാകുന്നു. ന്യായപ്രമാണത്തെപ്പറ്റിയുള്ള വിശദീകരണങ്ങൾ!

അദ്ധ്യാ. 4: 1-5 വിശ്വാസി, ന്യായപ്രമാണ നിയമത്തിൽനിന്നും വീണ്ടെടുക്കപ്പെട്ടിരിക്കുന്നു. 6-7 വിശ്വാസിയുടെ പുത്രത്വത്തെ, പരിശുദ്ധാത്മാവ് പ്രവർത്തനക്ഷമമാക്കുന്നു. 8-14 പിന്മാറ്റം അരുത്. 15-31 ന്യായപ്രമാണ നിയമത്തിനും വിശ്വാസത്തിനും ഒരുമിച്ചു പോകുവാൻ സാദ്ധ്യമല്ല.

അദ്ധ്യാ. 5: 1-15 വരെ പ്രബോധനങ്ങൾ, 16-26 വിശ്വാസിയിലുള്ള പരിശുദ്ധാത്മ പ്രവർത്തനം.

അദ്ധ്യാ. 6: 1-9 ക്രിസ്തീയ ജീവിതം സാഹോദര്യം പുലർത്തേണ്ടതാകുന്നു. 10-18 പുതിയ ജീവിതത്തിന്റെ മാഹാത്മ്യങ്ങൾ.

പൌലോസ് ശ്ലീഹാ ഗലാത്യർക്ക് എഴുതിയ ലേഖനം

അദ്ധ്യായം 1

1 മനുഷ്യരിൽനിന്നല്ല, മനുഷ്യരാലുമല്ല,
യേശുമ്ശീഹായാലും തന്നെ മരിച്ചവരിൽ
നിന്നും ഉയിർപ്പിച്ച പിതാവാം ദൈവത്താലും
ശ്ലീഹായായി നിയമിക്കപ്പെട്ട പൌലോസും;
2 എന്നോടുകൂടെയുള്ള എല്ലാ സഹോദര
ന്മാരുംകൂടി ഗലാത്യയിലുള്ള സഭകൾക്ക്
എഴുതുന്നത്.
3 പിതാവായ ദൈവത്തിൽനിന്നും നമ്മുടെ
പിതാവായ ദൈവത്തിന്റെ ഇഷ്ടാനുസര
4 ണം, ഈ തിന്മ നിറഞ്ഞ ലോകത്തിൽനിന്നും
നമ്മെ രക്ഷിപ്പാൻ, നമ്മുടെ പാപങ്ങൾക്കു
വേണ്ടി സ്വയം നൽകിയ നമ്മുടെ കർത്താ
5 വേശുമ്ശീഹായിൽനിന്നും, കൃപയും സമാ
ധാനവും നിങ്ങളോടുകൂടെ ഉണ്ടായിരിക്ക
ട്ടെ. തനിക്ക് എന്നേക്കും സ്തുതി; ആമ്മീൻ.
6 തന്റെ കൃപമൂലം നിങ്ങളെ വിളിച്ച
യേശുമ്ശീഹായിൽനിന്നും, ഇത്രവേഗം
സുവിശേഷമല്ലാത്ത മറെറാരു സുവിശേഷ
ത്തിലേക്ക് നിങ്ങൾ പിന്മാറുന്നതിൽ ഞാൻ
7 അത്ഭുതപ്പെടുന്നു. നിങ്ങളെ ചഞ്ചലമന
സ്കരാക്കുകയും, മ്ശീഹായുടെ സുവി
ശേഷത്തെ വ്യത്യാസപ്പെടുത്തുവാനാഗ്ര
8 ഹിക്കുകയും ചെയ്യുന്ന ചിലരുണ്ട്. എന്നാൽ
ഞങ്ങൾ നിങ്ങളെ അറിയിച്ചിട്ടുള്ളതിന
പ്പുറമായി ഞങ്ങൾ തന്നെയോ സ്വർഗ്ഗ
ത്തിൽനിന്നും മാലാഖയോ, നിങ്ങളോടറി
യിച്ചാൽ - അവൻ ശപിക്കപ്പെട്ടവനായി
9 രിക്കും. മുമ്പു ഞാൻ പറഞ്ഞതുപോലെ
ഇപ്പോഴും പറയുന്നു: നിങ്ങൾ സ്വീകരിച്ചത
ല്ലാതെ ആരെങ്കിലും നിങ്ങളോടറിയിച്ചാൽ,
10 അവൻ ശപ്തനായിരിക്കട്ടെ. ഇപ്പോൾ
ഞാൻ പ്രീതിപ്പെടുത്തുന്നത് മനുഷ്യരെയാ
ണോ ദൈവത്തെയാണോ? ഞാൻ മനുഷ്യ
രെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കയാ
ണോ? ഞാൻ ഇതുവരെ മനുഷ്യരെ പ്രസാ
ദിപ്പിക്കുകയായിരുന്നെങ്കിൽ ഞാൻ മ്ശീഹാ
യുടെ ദാസൻ ആകുകയില്ലായിരുന്നു.
11 എന്റെ സഹോദരരേ, ഞാൻ നിങ്ങളെ
അറിയിക്കുന്നു. ഞാൻ മൂലം അറിയിക്കപ്പെട്ട
സുവിശേഷം, മനുഷ്യരിൽനിന്നും ഉണ്ടായ
തല്ല. അത് ഞാൻ മനുഷ്യരിൽനിന്നു സ്വീ 12
കരിക്കയും പഠിക്കുകയും ചെയ്തിട്ടുള്ളതല്ല.
പ്രത്യുത യേശുമ്ശീഹായുടെ വെളിപാടു
മൂലമാണ്. മുമ്പ് ഞാൻ യഹൂദമതത്തിലാ 13
യിരുന്നപ്പോഴുള്ള എന്റെ പ്രവർത്തനങ്ങൾ
നിങ്ങൾ കേട്ടിട്ടുണ്ട്. ഞാൻ ദൈവത്തിന്റെ
സഭയെ അത്യധികം പീഡിപ്പിച്ചിരുന്നു;
നശിപ്പിച്ചിരുന്നു. എന്റെ കുടുംബത്തിൽ, 14
എന്റെ സമപ്രായക്കാരിൽ പലരേയുംകാൾ,
യഹൂദമതത്തിൽ ഞാൻ മുന്നിട്ടു നിന്നി
രുന്നു. എന്റെ പിതാക്കന്മാരുടെ പഠിപ്പിക്ക
ലുകളിൽ ഞാൻ വളരെ വൈരാഗ്യമുള്ള
വനുമായിരുന്നു. എന്നാൽ, എന്റെ മാതാ 15
വിന്റെ ഗർഭത്തിൽ വച്ചുതന്നെ, എന്നെ
വേർതിരിക്കുകയും തന്റെ കൃപയാൽ
എന്നെ വിളിക്കുകയും ചെയ്തവൻ, തന്റെ 16
പുത്രനെ വിജാതീയരുടെ ഇടയിൽ ഞാൻ
അറിയിക്കേണ്ടതിന്നായി അവനെ എനി
ക്കു വെളിപ്പെടുത്തിത്തരുവാൻ മനസ്സായ
പ്പോൾ ഉടനെ ഞാൻ അക്കാര്യം ജഡരക്ത
ങ്ങൾക്കു വെളിപ്പെടുത്തുകയാകട്ടെ, യറു 17
ശലേമിൽ എനിക്കു മുമ്പുള്ള ശ്ലീഹന്മാ
രുടെ അടുക്കൽ പോകുകയാകട്ടെ ചെയ്യാ
തെ ഞാൻ അറേബ്യായിലേക്കു പോകു
കയും, വീണ്ടും ദമസ്കോസിലേക്കു തിരി
കെ വരികയും ചെയ്തു. മൂന്നു സംവത്സരം 18
കഴിഞ്ഞ്, കീഫായെ കാണുവാൻ ഞാൻ
യറുശലേമിലേക്കു പോയി. പതിനഞ്ചു ദിവ 19
സം അദ്ദേഹവുമൊരുമിച്ചു താമസിച്ചു.
നമ്മുടെ കർത്താവിന്റെ സഹോദരൻ യാ
ക്കോബിനെയല്ലാതെ മററാരെയും ഞാൻ
കണ്ടില്ല. വ്യാജമല്ല ഞാൻ നിങ്ങൾക്ക് 20
എഴുതുന്നതെന്നതിനു ദൈവം സാക്ഷി.
പിന്നീടു ഞാൻ സിറിയാ, കിലിക്യാ ദേശ 21
ങ്ങളിൽ പോയി. യഹൂദിയായിൽ, മ്ശീഹാ 22
യിലുള്ള സഭകൾക്ക് എന്നെ മുഖപരിചയ
മില്ലായിരുന്നു. മുമ്പ് നമ്മെ പീഡിപ്പിച്ചിരു 23
ന്നവൻ, ഇപ്പോൾ ഇതാ, കുറച്ചുകാലംമുമ്പ്
അവൻ നശിപ്പിച്ചുവന്ന അതേ വിശ്വാസം
പ്രസംഗിക്കുന്നു എന്നു മാത്രമെ അവർ

24 എന്നെപ്പററി കേട്ടിരുന്നുള്ളു. എന്നെ പ്രതി
അവർ ദൈവത്തെ സ്തുതിച്ചു.

അദ്ധ്യായം 2

1 വീണ്ടും, പതിന്നാലു വർഷങ്ങൾക്കു
ശേഷം, ബർന്നബായോടുകൂടെ ഞാൻ
യറുശലേമിൽ പോയി. തീത്തോസിനെയും
2 കൂടെ കൊണ്ടുപോയിരുന്നു. വെളിപാട്
അനുസരിച്ചാണു ഞാൻ പോയത്. ജാതി
കളുടെ മദ്ധ്യേ ഞാൻ പ്രസംഗിക്കുന്ന സുവി
ശേഷം ഇന്നതെന്ന് അവരെ അറിയിച്ചു.
3 ഞാൻ ഓടിയതോ ഓടുന്നതോ, വൃഥാ
എന്നു വരാതിരിപ്പാനായി, പ്രധാനികൾ
എന്നു സുസമ്മതരായവരോട് രഹസ്യമായി
4 ഞാൻ അത് അറിയിച്ചു. എന്നോടൊരുമി
ച്ചുണ്ടായിരുന്ന വിജാതീയനായിരുന്ന
തീത്തോസ്, പരിച്ഛേദന ചെയ്യപ്പെടണം
5 എന്ന് ആരും നിർബ്ബന്ധിച്ചില്ല. ഞങ്ങളെ
അടിപ്പെടുത്തുവാൻ—യേശുമ്ശീഹായിൽ
ഞങ്ങൾക്കുള്ള സ്വാതന്ത്ര്യം ഒററു നോക്കു
വാൻ—ഞങ്ങളുടെ ഇടയിൽ കയറിപ്പററിയ
വ്യാജസഹോദരന്മാർ ശ്രമിച്ചു. സുവിശേഷ
സത്യം നിങ്ങളിൽ നിലനില്ക്കുവാൻ, അവ
രുടെ വരുതിക്ക് ഒരു നാഴികപോലും ഞ
6 ങ്ങൾ വഴങ്ങിക്കൊടുത്തില്ല. തങ്ങൾ എന്തോ
ആയിരിക്കുന്നു എന്നു വിചാരിക്കപ്പെടുന്ന
അവർ—അവർ ആരായിരുന്നാലും ഞാൻ
വകവയ്ക്കുന്നില്ല —ദൈവം മനുഷ്യരുടെ
മുഖം നോക്കുന്നവനല്ലല്ലോ. അവർ എന്നെ
7 കൂടുതലൊന്നും ഗ്രഹിപ്പിച്ചിട്ടുമില്ല. നേരേ
മറിച്ച്, പരിച്ഛേദനക്കാരുടെ ഇടയിലുള്ള
സുവിശേഷ ഘോഷണം, കീപ്പായ്ക്കു വി
ശ്വാസമായി ഏല്പിക്കപ്പെട്ടിരിക്കുന്നതു
പോലെ, അഗ്രചർമ്മികളുടെ ഇടയിലെ സു
വിശേഷഘോഷണം എനിക്ക് ഏല്പിക്കപ്പെ
ട്ടിരിക്കുന്നു എന്ന് അവർക്കു മനസ്സിലായി—
8 എന്തെന്നാൽ പരിച്ഛേദനക്കാരുടെ ഇട
യിലെ പ്രേഷിതത്വത്തിനു കീപ്പായെ പ്രേരി
പ്പിച്ചവൻ, വിജാതീയമദ്ധ്യേയുള്ള പ്രേഷിത
9 ത്വത്തിന് എന്നെയും ഉത്സാഹിപ്പിച്ചു. തൂണു
കൾ എന്നു കരുതപ്പെട്ടിരുന്ന യാക്കോബും,
കീപ്പായും യോഹന്നാനും, എനിക്കു നൽക
പ്പെട്ട കൃപയെക്കുറിച്ച്, അറിഞ്ഞപ്പോൾ,
ഞങ്ങൾ പുറജാതികളുടെ ഇടയിലും അവർ
പരിച്ഛേദനക്കാരുടെ ഇടയിലും സുവിശേ
ഷവേല ചെയ്യത്തക്കവണ്ണം "കൂട്ടായ്മയുടെ
വലങ്കൈ" എനിക്കും ബർണബായ്ക്കും
10 തന്നു. ഞങ്ങൾ ദരിദ്രരെ ഓർക്കണം എന്നു
മാത്രം. അത് അങ്ങനെ തന്നെ ചെയ്യുവാൻ
ഞാൻ താല്പര്യത്തോടിരിക്കുന്നു.

കീപ്പാ അന്ത്യോക്യായിൽ വന്നപ്പോൾ, 11
ചിലർ അദ്ദേഹത്തിൽ ഇടറിയിരുന്നതു
കൊണ്ട് ഞാൻ മുഖാമുഖം അദ്ദേഹത്തെ
ശാസിച്ചു. എന്തെന്നാൽ യാക്കോബിൻെറ 12
അടുക്കൽനിന്നും ചിലർ ചെന്നു ചേരുന്നതു
വരെ, അദ്ദേഹം പുറജാതികളോടുകൂടി
ഭക്ഷിച്ചിരുന്നു. അവർ വന്നപ്പോഴോ, പരിച്
ഛേദനയിൽനിന്നുള്ളവരെ ഭയപ്പെട്ട് അദ്ദേ
ഹം താനേ പിൻവലിയുകയും വേർപെടുക
യും ചെയ്തു. ശേഷം യഹൂദന്മാരും അദ്ദേഹ 13
ത്തോടു സഹകരിച്ചു. അങ്ങനെ ബർന്നബാ
യും അവരുടെ കപടഭക്തിയിലാവാൻ ഇട
യായി. അവർ സുവിശേഷത്തിൻെറ സത്യ 14
ത്തിൽ നേരായി പോകുന്നില്ല എന്നു ഞാൻ
കണ്ടപ്പോൾ, എല്ലാവരുടെയും മുമ്പിൽ
വെച്ച് ഞാൻ കീപ്പായോട് പറഞ്ഞു: യഹൂദ
നായ അങ്ങ് യഹൂദമര്യാദ അനുസരിച്ചല്ല
പുറജാതി മര്യാദയനുസരിച്ചാണു ജീവിക്കു
ന്നതെങ്കിൽ — പുറജാതികൾ യഹൂദമര്യാദ
അനുസരിച്ചു ജീവിക്കണം എന്ന് അവരെ
നിർബ്ബന്ധിക്കുന്നതെങ്ങനെ?, നാം പ്രകൃ 15
ത്യാ തന്നെ യഹൂദന്മാരാകുന്നു; പാപിക
ളായ പുറജാതികളിൽ പെട്ടവരല്ല എങ്കിൽ
—യേശുമ്ശീഹായിലുള്ള വിശ്വാസത്താല 16
ല്ലാതെ, ന്യായപ്രമാണത്തിൻെറ കർമ്മങ്ങൾ
മൂലം മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല
എന്നു നാം അറിയുന്നതുകൊണ്ട് —ന്യായ
പ്രമാണത്തിൻെറ പ്രവൃത്തികൾ മൂലമല്ല—
മ്ശീഹായിലുള്ള വിശ്വാസംമൂലം നീതീകരി
ക്കപ്പെടുവാൻ വേണ്ടി, നാമും ഈ യേശു
മ്ശീഹായിൽതന്നെ വിശ്വസിച്ചു. എന്തെ
ന്നാൽ ന്യായപ്രമാണത്തിൻെറ പ്രവൃത്തി
കൾമൂലം യാതൊരു ജഡവും നീതീകരി
ക്കപ്പെടുകയില്ല.

എന്നാൽ മ്ശീഹാമൂലം നീതീകരണ 17
ത്തിന്നായി നാം ആഗ്രഹിക്കവെതന്നെ, നാം
പാപികളായി കാണപ്പെട്ടു എങ്കിൽ —
അതിനാൽ—യേശുമ്ശീഹാ പാപത്തി
ൻെറ ശുശ്രൂഷകൻ എന്നു വരുമോ? ഒരിക്ക
ലുമില്ല. എന്തെന്നാൽ ഞാൻ ഇടിച്ചുകള 18
ഞ്ഞത് വീണ്ടും ഞാൻ പണിയുന്നുവെങ്കിൽ,
ഞാൻ കല്പനലംഘകൻ എന്ന് എന്നെ
ത്തന്നെ കാണിക്കുന്നു. ഞാൻ ദൈവത്തി 19
ന്നായി ജീവിക്കുവാൻവേണ്ടി ന്യായപ്രമാ
ണത്തിൽ ന്യായപ്രമാണത്തിനു മരിച്ചിരി
ക്കുന്നു. മ്ശീഹായോടുകൂടെ ഞാൻ ക്രൂ 20
ശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു. അതിനാൽ
ഇനി ഞാനല്ല ജീവിക്കുന്നത്. മ്ശീഹാ
എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ
ശരീരത്തിൽ ജീവിക്കുന്നതോ, എന്നെ

സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെ
ത്തന്നെ നൽകുകയും ചെയ്തവനായ
ദൈവപുത്രനിലുള്ള വിശ്വാസത്താലത്രെ.
1 ദൈവത്തിൻെറ കൃപയെ ഞാൻ നിരസി
ക്കുന്നില്ല. ന്യായപ്രമാണത്താലാകുന്നു
നീതീകരണം എങ്കിൽ - മ്ശീഹാ മരിച്ചത്
വൃഥാ ആകുന്നുവല്ലോ.

അദ്ധ്യായം 3

1 ഹാ, അല്പബുദ്ധികളായ ഗലാത്യരേ,
യേശുമ്ശീഹാ ക്രൂശിക്കപ്പെട്ടവനായി നിങ്ങ
ളുടെ കണ്ണുകൾക്കു മുമ്പിൽ വരച്ചുകാട്ടിയി
രിക്കെ നിങ്ങളിൽ അസൂയപ്പെട്ടതാര്?
2 ഇതുമാത്രം നിങ്ങളിൽനിന്നും അറിയുവാൻ
ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ആത്മാ
വിനെ പ്രാപിച്ചത് ന്യായപ്രമാണത്തിൻെറ
കർമ്മങ്ങളാലാണോ, വിശ്വാസത്തിൻെറ
3 കേൾവിയാലാണോ? നിങ്ങൾ ആത്മാവിൽ
ആരംഭിച്ചിട്ട് ഇപ്പോൾ ജഡത്തിൽ അവസാ
നിപ്പിക്കത്തക്കവണ്ണം അത്ര ഭോഷരാണോ?
4 ഇത്രയെല്ലാം നിങ്ങൾ സഹിച്ചതു വെറുതെ
യോ? വെറുതെയെങ്കിൽ നന്നായിരിക്കുന്നു!
5 എന്നാൽ നിങ്ങൾക്ക് ആത്മാവിനെ നൽകു
കയും, നിങ്ങളിൽ അത്ഭുതങ്ങൾ പ്രവർത്തി
ക്കുകയും ചെയ്യുന്നവൻ, ന്യായപ്രമാണ
ത്തിൻെറ പ്രവൃത്തികളാലാണോ, അതോ
വിശ്വാസത്തിൻെറ കേൾവിയാലാണോ
6 അങ്ങനെ ചെയ്തത്? "അബ്രഹാം ദൈവ
ത്തെ വിശ്വസിച്ചു, അത് അവനു നീതി
7 ക്കായി ഗണിക്കപ്പെട്ടു." ആകയാൽ വിശ്വാ
സത്തിൽനിന്നുള്ളവർ ആരോ, അവരാകു
ന്നു അബ്രഹാമിൻെറ പുത്രന്മാർ എന്നറി
8 ഞ്ഞുകൊള്ളണം. പുറജാതികൾ നീതീ
കരിക്കപ്പെടുന്നത് വിശ്വാസത്താലാകുന്നു
എന്ന് ദൈവം മുൻകൂട്ടി അറിഞ്ഞ് വിശുദ്ധ
പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതുപോലെ
"സകല ജാതികളും നിന്നാൽ അനുഗ്രഹി
ക്കപ്പെടും" എന്ന് അബ്രഹാമിനെ മുൻകൂട്ടി
9 അറിയിച്ചു. ആകയാൽ വിശ്വാസിയായ
അബ്രഹാംമൂലം വിശ്വാസികൾ അനുഗ്രഹി
0 ക്കപ്പെടുന്നു. എന്നാൽ ന്യായപ്രമാണ
ത്തിൻെറ പ്രവൃത്തിയിൽനിന്നുള്ളവർ
ശാപത്തിൻകീഴാകുന്നു. 'ഈ ന്യായപ്രമാ
ണത്തിൽ എഴുതപ്പെട്ടിരിക്കുന്നവയെല്ലാം
ആചരിക്കാത്തവൻ ശപിക്കപ്പെട്ടവനാ
1 കുന്നു' എന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ. ന്യായ
പ്രമാണംമൂലം ആരും ദൈവസന്നിധിയിൽ
നീതീകരിക്കപ്പെടുന്നില്ല. ഇതു സ്പഷ്ടമാ
കുന്നു. "നീതിമാൻ വിശ്വാസത്താൽ
ജീവിക്കും" എന്നല്ലോ എഴുതപ്പെട്ടിരിക്കു
ന്നത്. എന്നാൽ ന്യായപ്രമാണമോ വിശ്വാ 12
സത്തിൽനിന്നല്ല. "അതിൽ എഴുതപ്പെട്ടി
രിക്കുന്നവ ചെയ്യുന്നവൻ അതുമൂലം ജീവി
ക്കും" എന്നല്ലോ ഉള്ളത്. മ്ശീഹാ ന്യായ 13
പ്രമാണത്തിൻെറ ശാപത്തിൽനിന്നും നമ്മെ
വിലയ്ക്കു വാങ്ങുകയും, താൻതന്നെ നമു
ക്കുവേണ്ടി ശാപമായിത്തീരുകയും ചെയ്തു.
"മരത്തിൽ തൂക്കപ്പെടുന്നവൻ എല്ലാം ശപി
ക്കപ്പെട്ടവൻ" എന്നല്ലോ എഴുതപ്പെട്ടിരിക്കു
ന്നത്. ആയത്,അബ്രഹാമിൻെറ അനുഗ്രഹം 14
മ്ശീഹാമൂലം ജാതികളിൽ ഉണ്ടാകുവാനും,
ആത്മാവിൻെറ വാഗ്ദാനം വിശ്വാസംമൂലം
നാം പ്രാപിക്കുവാനും തന്നെ.

എൻെറ സഹോദരന്മാരേ, മനുഷ്യരുടെ 15
ഇടയിൽ (നടപ്പുള്ള) രീതിയിൽ ഞാൻ
പറയുന്നു. മനുഷ്യൻെറ ഒരു പ്രമാണമാ
ണെങ്കിലും, അതിന് ഉറപ്പു വന്നശേഷം
ആരും തള്ളിക്കളയുകയോ അതിൽ മാററം
വരുത്തുകയോ ചെയ്യുന്നില്ല. എന്നാൽ 16
അബ്രഹാമിനും അവൻെറ 'സന്തതിക്കും'
വാഗ്ദത്തം നൽകപ്പെട്ടു. വളരെപ്പേർക്ക്
എന്ന രീതിയിൽ "നിൻെറ സന്തതികൾക്ക്"
എന്നല്ല, നിൻെറ 'സന്തതി'ക്ക് എന്ന് ഏക
നെക്കുറിച്ചത്രെ അവനോടു പറഞ്ഞത്. ആ
'ഏകൻ' മ്ശീഹാ ആകുന്നു. മുമ്പേതന്നെ 17
ദൈവത്താൽ മ്ശീഹായെ സംബന്ധിച്ച്
സ്ഥിരീകരിക്കപ്പെട്ട നിയമത്തെ തള്ളിക്കള
യുവാനോ, വാഗ്ദാനം ഇല്ലാതാക്കുവാനോ,
നാനൂററിമുപ്പതു സംവത്സരങ്ങൾക്കുശേഷ
മുണ്ടായ ന്യായപ്രമാണത്തിന് സാദ്ധ്യമല്ല;
എന്നു ഞാൻ പറയുന്നു. ന്യായപ്രാമാണ 18
ത്താലാണ് അവകാശം എങ്കിൽ, വാഗ്ദാന
ത്തിൽനിന്നല്ലല്ലോ. അബ്രഹാമിന് ദൈവം
അതു നൽകിയത് വാഗ്ദത്തംമൂലമാണ്.
എന്നാൽ പിന്നെ, ന്യായപ്രമാണം എന്തിന്? 19
—വാഗ്ദാനം ആരെ ഉദ്ദേശിച്ചായിരു
ന്നുവോ, ആ 'സന്തതി' വരുന്നതുവരെ,
ലംഘനം നിമിത്തം അതു കൂട്ടിച്ചേർക്കപ്പെട്ടു.
ആ ന്യായപ്രമാണം മാലാഖമാർ മുഖാന്തരം
മദ്ധ്യസ്ഥൻെറ കൈകളിൽ ഏല്പിക്കപ്പെട്ടു.
'മദ്ധ്യസ്ഥൻ' ഒരുവനുള്ളതല്ല. ദൈവം 20
ഏകനാകുന്നു. ആകയാൽ ന്യായപ്രമാണം 21
ദൈവത്തിൻെറ വാഗ്ദത്തത്തിന് എതിരാ
ണോ? ഒരിക്കലുമല്ല. ജീവനെ കൊടുപ്പാൻ
ന്യായപ്രമാണത്തിനു കഴിയുമായിരുന്നെ
ങ്കിൽ—സത്യമായും ന്യായപ്രമാണത്തിൽ
നിന്നും നീതീകരണം ഉണ്ടാകുമായിരുന്നു.
എന്നാൽ, വിശ്വസിക്കുന്നവർക്ക് യേശു 22
മ്ശീഹായിലുള്ള വിശ്വാസം നിമിത്തം
വാഗ്ദത്തം ലഭിക്കുവാനായി, തിരുവെഴുത്ത്

സകലത്തേയും പാപത്തിൻ കീഴാക്കിക്ക
23 ളഞ്ഞു. 'വിശ്വാസം' വരുന്നതിനുമുമ്പ് -
വെളിപ്പെടുവാനിരുന്ന ആ വിശ്വാസത്തി
ന്നായി - ന്യായപ്രമാണം നമ്മെ ബന്ധിച്ചു
24 സൂക്ഷിച്ചിരുന്നു. ആകയാൽ ന്യായപ്രമാ
ണം - വിശ്വാസത്താൽ നാം നീതീകരിക്ക
പ്പെടുവാനായി—നമ്മെ മ്ശീഹായുടെ അടു
ക്കലേക്കു (നയിക്കുന്ന) അദ്ധ്യാപകനായി
25 ത്തീർന്നു. വിശ്വാസം വന്നശേഷമോ— നാം
26 ആ ഗുരുവിൻെറ കീഴിലല്ല. യേശുമ്ശീഹാ
യിലുള്ള വിശ്വാസംമൂലം നിങ്ങൾ എല്ലാ
വരും ദൈവത്തിൻെറ മക്കൾ ആകുന്നു.
27 മ്ശീഹായിൽ മാമ്മൂദീസാ ഏററവരായ
നിങ്ങൾ മ്ശീഹായെ ധരിച്ചിരിക്കുന്നു.
അതിൽ യഹൂദനും, പുറജാതിക്കാരനും
എന്നോ, അടിമയും, സ്വതന്ത്രനും എന്നോ,
പുരുഷനും, സ്ത്രീയും എന്നോ (ഭേദം) ഇല്ല.
28 നിങ്ങൾ എല്ലാവരും യേശുമ്ശീഹായിൽ
29 ഒന്നുതന്നെയത്രെ. നിങ്ങൾ മ്ശീഹായ്ക്കു
ള്ളവർ എങ്കിലോ, നിങ്ങൾ അബ്രഹാമിൻെറ
സന്തതിയും, വാഗ്ദത്തപ്രകാരം അവകാ
ശികളുമാകുന്നു.

അദ്ധ്യായം 4

1 ഞാൻ പറയുന്നു: അവകാശി എല്ലാററി
ൻേറയും ഉടമസ്ഥനാണെങ്കിലും ബാലനാ
യിരിക്കുന്ന കാലത്തോളം ദാസരിൽനിന്നും
2 വ്യത്യസ്തനല്ല. പിന്നെയോ, പിതാവ് അവ
നു നിശ്ചയിച്ചിട്ടുള്ള കാലംവരെയും
അവൻ, കാര്യസ്ഥന്മാർക്കും, ഭവനാധി
കാരികൾക്കും കീഴിൽ സ്ഥിതിചെയ്യുന്നു.
3 നാമും അങ്ങനെതന്നെ. നാമും ശിശുക്കളാ
യിരുന്നപ്പോൾ, ലോകത്തിൻെറ ആദിപാഠ
4 ങ്ങൾക്ക് അടിമപ്പെട്ടിരുന്നു. എന്നാൽ
കാലത്തിൻെറ തികവു വന്നപ്പോൾ, ദൈവം
തൻെറ പുത്രനെ അയയ്ക്കുകയും അവൻ
സ്ത്രീയിൽനിന്നു ജനിക്കുകയും, ന്യായ
പ്രമാണത്തിനു കീഴുള്ളവനാകുകയും
5 ചെയ്തു. ആയത് ന്യായപ്രമാണത്തിൻ
കീഴുള്ളവരെ വിലയ്ക്കു വാങ്ങുവാനും
അങ്ങനെ നാം പുത്രസ്വീകാരം പ്രാപിക്കേ
6 ണ്ടതിനുംതന്നെ. നിങ്ങൾ മക്കളായിരിക്ക
കൊണ്ട് അബ്ബാ (ആബോ) ഞങ്ങളുടെ
പിതാവേ എന്നു വിളിക്കുമാറ് തൻെറ പുത്ര
ൻെറ ആത്മാവിനെ ദൈവം നിങ്ങളുടെ
ഹൃദയങ്ങളിലേക്ക് അയച്ചിരിക്കുന്നു.
7 ഇനിയും, നിങ്ങൾ ദാസന്മാരല്ല; പുത്രന്മാരാ
കുന്നു; മക്കളാകുന്നുവെങ്കിലോ, യേശു
മ്ശീഹാമൂലം, ദൈവത്തിൻെറ അവകാശിക
8 ളാകുന്നു. എന്തെന്നാൽ അപ്പോൾ നിങ്ങൾ
ദൈവത്തെ അറിയാതെ, സ്വാഭാവികമായും
ദൈവങ്ങളല്ലാത്തവർക്കു സേവചെയ്തി
രുന്നു. ഇപ്പോഴാകട്ടെ, നിങ്ങൾ ദൈവത്തെ 9
അറിഞ്ഞും, വിശിഷ്യാ ദൈവത്താൽ അറി
യപ്പെടുകയും ചെയ്തിരിക്കെ —നിങ്ങൾ
പിന്നെയും ബലഹീനവും ദരിദ്രവുമായ
ആദിപാഠങ്ങളിലേക്ക് പിന്തിരിഞ്ഞ്, വീണ്ടും
അവയ്ക്കു കീഴ്പെടുവാൻ ആഗ്രഹിക്കുന്നു.
നിങ്ങൾ ദിവസങ്ങളേയും, മാസങ്ങളേയും, 10
കാലങ്ങളേയും, ആണ്ടുകളേയും ആചരി
ക്കുന്നു. നിങ്ങളുടെ ഇടയിൽ ഞാൻ അദ്ധ്വാ 11
നിച്ചത് വൃഥാവിലായിപ്പോയോ, എന്നു
ഞാൻ ഭയപ്പെടുന്നു! നിങ്ങൾ എന്നെപ്പോ 12
ലെ ആകുവിൻ; എന്തെന്നാൽ ഞാനും
നിങ്ങളെപ്പോലെ ആയിരുന്നു! എൻെറ
സഹോദരന്മാരേ, ഞാൻ നിങ്ങളോടപേക്ഷി
ക്കുന്നു. നിങ്ങൾ എന്നോട് ഒരു കുററവും
ചെയ്തിട്ടില്ല. എൻെറ ശരീരത്തിൻെറ ബല 13
ഹീനതയിലും മുമ്പു ഞാൻ നിങ്ങളോടു
സുവിശേഷിച്ചത് നിങ്ങൾക്കറിയാമല്ലോ.
എൻെറ ജഡത്തിൻെറ പരീക്ഷയെ നിങ്ങൾ 14
നിന്ദിച്ചില്ല; വെറുത്തതുമില്ല. പിന്നെയോ
ദൈവത്തിൻെറ മാലാഖയെ എന്നപോലെ
യും, യേശുമ്ശീഹായെ എന്നപോലെയും
നിങ്ങൾ എന്നെ കൈക്കൊണ്ടു. ആകയാൽ 15
നിങ്ങളുടെ സൗഭാഗ്യം എവിടെ? കഴിയുമെ
ങ്കിൽ നിങ്ങൾ നിങ്ങളുടെ കണ്ണുകൾ ചുഴ
ന്നു പോലും എനിക്കു തരുമായിരുന്നു എ
ന്നു ഞാൻ സാക്ഷിക്കുന്നു. ഞാൻ നിങ്ങളോ 16
ടു സത്യം പ്രസംഗിച്ചതുകൊണ്ട് ഞാൻ ശത്രു
വായിത്തീർന്നോ? അവർ നിങ്ങളെക്കുറിച്ചു 17
തീക്ഷ്ണത കാണിക്കുന്നത് നന്മയ്ക്കായി
ട്ടല്ല; നിങ്ങളും അവരെക്കുറിച്ച് തീക്ഷ്ണത
കാണിക്കേണ്ടതിന്, നിങ്ങളെ ബന്ധിക്കു
വാനത്രെ അവർ ആഗ്രഹിക്കുന്നത്. ഞാൻ 18
നിങ്ങളുടെ അടുക്കൽ ഇരിക്കുമ്പോൾ മാത്ര
മല്ല, എപ്പോഴും നിങ്ങൾ നല്ലകാര്യങ്ങളിൽ
തീക്ഷ്ണത കാണിക്കുന്നതു നല്ലതാകുന്നു.
എൻെറ മക്കളേ, മ്ശീഹാ നിങ്ങളിൽ 19
ഉരുവാകുവോളം ഞാൻ വീണ്ടും (പ്രസവ)
വേദന അനുഭവിക്കുകയാണ്. ഞാൻ 20
ഇപ്പോൾ നിങ്ങളുടെ അടുക്കൽ ഇരിക്കു
വാനും എൻെറ സ്വരം മാററുവാനും ആഗ്ര
ഹിക്കുന്നു. എന്തെന്നാൽ ഞാൻ നിങ്ങ
ളിൽ വിസ്മിതനായിരിക്കുന്നു. ന്യായ 21
പ്രമാണത്തിന് കീഴ്പ്പെട്ടിരിക്കുന്നവരായ
നിങ്ങൾ ന്യായപ്രമാണത്തെ കേൾക്കു
ന്നില്ലയോ? എന്നോടു പറവിൻ. "അബ്രഹാ 22
മിനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു —
"ഒന്നു ദാസിയിൽനിന്നും ഒന്ന് സ്വതന്ത്ര

യിൽനിന്നും" എന്ന് എഴുതപ്പെട്ടിരിക്കുന്നു.
23 എന്നാൽ ദാസിയിൽ നിന്നുള്ളവൻ —
ജഡപ്രകാരം ജനിച്ചു. സ്വതന്ത്രയിൽ
നിന്നുണ്ടായവനോ, വാഗ്ദത്തപ്രകാരവും
24 ജനിച്ചു. ഈ സ്ത്രീകൾ രണ്ടു നിയമങ്ങ
ളുടെ ദൃഷ്ടാന്തങ്ങളാകുന്നു. സീനായ്
മലയിൽനിന്നുള്ളത് അടിമത്വത്തെ പ്രസവി
25 ക്കുന്നു. അതു 'ഹാഗാർ.' എന്തെന്നാൽ
'ഹാഗാർ' അറേബിയായിലുള്ള സീനായി
മലയാകുന്നു. അവൾ ഈ യറുശലേമി
നോടു സമമാകുന്നു. അവളും അവളുടെ
26 മക്കളും അടിമവേല ചെയ്യുന്നു. ഉയരത്തി
ലുള്ള യറുശലേം സ്വതന്ത്രയത്രെ. അവൾ
27 നമ്മുടെ അമ്മയാകുന്നു. ഇപ്രകാരം എഴുത
പ്പെട്ടിരിക്കുന്നു: "പ്രസവിക്കാത്ത വന്ധ്യയേ,
ആനന്ദിക്കുക. പ്രസവവേദന അനുഭവിക്കാ
ത്തവളേ! ആനന്ദിക്കുക, ആർത്തുവിളി
ക്കുക; എന്തെന്നാൽ ഭർത്തൃമതിയല്ലാത്ത
വളുടെ മക്കൾ, ഭർത്താവുള്ളവളുടെ
മക്കളെക്കാൾ അധികം."
28 സഹോദരന്മാരേ, ഇസഹാക്കിനെ
പ്പോലെ നാം വാഗ്ദത്തത്തിൻെറ സന്താന
29 ങ്ങളാകുന്നു. അന്ന് ജഡികമായി ജനിച്ചവൻ
ആത്മപ്രകാരം ജനിച്ചവനെ പീഡിപ്പിച്ചതു
30 പോലെ—ഇന്നും ആകുന്നു. എന്നാൽ
തിരുവെഴുത്ത് എന്തു പറഞ്ഞിരിക്കുന്നു?
"ദാസിയേയും അവളുടെ മകനേയും പുറ
ത്താക്കുക. ദാസിയുടെ മകൻ സ്വതന്ത്ര
യുടെ മകൻെറകൂടെ അവകാശി ആകാതി
31 രിക്കട്ടെ." ആകയാൽ എൻെറ സഹോദര
ന്മാരെ, നാം ദാസിയുടെ മക്കളല്ല—സ്വതന്ത്ര
യുടെ മക്കളത്രെ.

അദ്ധ്യായം 5

1 ആകയാൽ മ്ശീഹാ നമ്മെ സ്വതന്ത്രരാ
ക്കിയ ആ സ്വാതന്ത്ര്യത്തിൽ ഉറച്ചു
നിൽക്കുവിൻ. വീണ്ടും നിങ്ങൾ അടിമത്വ
2 നുകത്തിനു കീഴ്പ്പെടരുത്. പൌലോസായ
ഞാൻ ഇതാ നിങ്ങളോടു പറയുന്നു: നിങ്ങൾ
പരിച്ഛേദന കൈക്കൊണ്ടാൽ അതുമൂലം
മ്ശീഹായിൽ നിന്നും നിങ്ങൾക്കു യാതൊരു
3 പ്രയോജനവും ഉണ്ടാകയില്ല. പരിച്ഛേദന
ഏറ്റ എല്ലാവരോടുമായി ഞാൻ സാക്ഷിച്ചു
പറയുന്നു; അവൻ ന്യായപ്രമാണം മുഴു
വനും നിവർത്തിപ്പാൻ കടപ്പെട്ടിരിക്കുന്നു.
4 ന്യായപ്രമാണംമൂലം നീതീകരിക്കപ്പെടുന്ന
നിങ്ങൾ, മ്ശീഹായിൽനിന്നു വേർപെട്ടു
പോകുകയും, കൃപയിൽനിന്നും വീണു
5 പോകുകയുമാണ് ചെയ്യുന്നത്. എന്തെ
ന്നാൽ, ഞങ്ങൾ വിശ്വാസത്തിൽനിന്നുള്ള
ആത്മാവുമൂലം നീതീകരണത്തിൻെറ
പ്രത്യാശയ്ക്കായി കാത്തിരിക്കുന്നു. എന്തെ 6
ന്നാൽ, യേശുമ്ശീഹായിൽ—പരിച്ഛേദ
നയും അഗ്രചർമ്മവും ഒന്നുമല്ല; പിന്നെയോ
സ്നേഹത്തിൽ പൂർണ്ണമാക്കപ്പെടുന്ന
വിശ്വാസമത്രെ (കാര്യം). നിങ്ങൾ ഭംഗിയായി 7
ഓടിക്കൊണ്ടിരിക്കയായിരുന്നു. സത്യത്തെ
അനുസരിക്കാതിരിക്കത്തക്കവണ്ണം നിങ്ങ
ളെ കലക്കിയത് ആരാണ്? നിങ്ങളുടെ ആ 8
സമ്മതം നിങ്ങളെ വിളിച്ചവനിൽനിന്നുമല്ല.
അല്പം പുളിമാവ് പിണ്ഡത്തെ മുഴുവനും 9
പുളിപ്പിക്കുന്നു. നിങ്ങൾ മറെറാരു വിധത്തി 10
ലും ചിന്തിക്കയില്ല എന്ന് നമ്മുടെ കർത്താ
വിൽ, നിങ്ങളെക്കുറിച്ച് എനിക്കു പ്രത്യാശ
യുണ്ട്. നിങ്ങളെ കലക്കുന്നവൻ ആരുതന്നെ
യുമാകട്ടെ, അവൻ തൻെറ ശിക്ഷാവിധി
അനുഭവിക്കതന്നെ ചെയ്യും. എന്നാൽ 11
എൻെറ സഹോദരന്മാരേ, ഞാൻ ഇതു
വരെയും പരിച്ഛേദന പ്രസംഗിച്ചിരുന്നു
വെങ്കിൽ, ഞാൻ പീഡിപ്പിക്കപ്പെട്ടിരുന്നത്
എന്തിന്? കുരിശിൻെറ ഇടർച്ച നീങ്ങി
പ്പോയോ? നിങ്ങളെ ഇളക്കുന്നവർ നിശ്ശേ 12
ഷം ഛേദിക്കപ്പെട്ടുവെങ്കിൽ കൊള്ളാമാ
യിരുന്നു.
എൻെറ സഹോദരന്മാരേ, നിങ്ങൾ 13
സ്വാതന്ത്ര്യത്തിന്നായത്രെ വിളിക്കപ്പെട്ടിരി
ക്കുന്നത്. ഈ സ്വാതന്ത്ര്യം ജഡികമായവ
യിൽ മാത്രം ഉപയോഗിക്കാതെ, സ്നേഹ
ത്തിൽ പരസ്പരം കീഴ്പ്പെട്ടിരിപ്പിൻ. "നീ
നിൻെറ അയൽക്കാരനെ നിന്നെ എന്നതു 14
പോലെതന്നെ സ്നേഹിക്കുക" എന്ന ഒററ
വാക്യത്തിൽ ന്യായപ്രമാണം മുഴുവനും
അടങ്ങിയിരിക്കുന്നു. നിങ്ങൾ പരസ്പരം 15
കടിച്ചു തിന്നുകയാണെങ്കിൽ—ഒരുവൻ
മൂലം മറെറാരുവൻ ഒടുങ്ങിപ്പോകാതിരി
പ്പാൻ സൂക്ഷിച്ചുകൊള്ളുവിൻ. ഞാൻ 16
നിങ്ങളോടു പറയുന്നു: നിങ്ങൾ ആത്മാ
വിൽ നടക്കുന്നവരായിരിക്കണം. ജഡത്തി
ൻെറ മോഹം ഒരു കാലത്തും നിർവ്വഹിക്ക
രുത്. എന്തെന്നാൽ ആത്മാവിനു ദോഷ 17
കരമായിട്ടുള്ളതാണ് ജഡം ആഗ്രഹിക്കു
ന്നത്. ആത്മാവോ ജഡത്തിന്ന് ദോഷകര
മായിട്ടുള്ളതിനെ ആഗ്രഹിക്കുന്നു. നിങ്ങൾ
ഇച്ഛിക്കുന്നതു നിങ്ങൾ ചെയ്യാതിരിക്ക
ത്തക്കവണ്ണം അവ രണ്ടും തമ്മിൽ ബദ്ധ
വിരോധത്തിലത്രെ. ആത്മാവിനാലാണ് 18
നിങ്ങൾ നയിക്കപ്പെടുന്നതെങ്കിൽ നിങ്ങൾ
ന്യായപ്രമാണത്തിന് കീഴുള്ളവരല്ല. ജഡ 19
ത്തിൻെറ പ്രവൃത്തികൾ പ്രസിദ്ധമാണല്ലോ.
അവ വേശ്യാദോഷം, അശുദ്ധത, ദുഷ്കാമം, 20

വിഗ്രഹാരാധന, ആഭിചാരം, ശത്രുത, പിണ
21 ക്കം, തർക്കം, കോപം, ശാഠ്യം, ഭിന്നതകൾ, ക
ക്ഷിമത്സരം, അസൂയ, കൊലപാതകം, മദ്യ
പാനം, വെറിക്കൂത്ത് മുതലായി ഇവയോടു
തുല്യമായവ എല്ലാം ആകുന്നു. ഈ വക
പ്രവർത്തിക്കുന്നവർ, സ്വർഗ്ഗരാജ്യം അവകാ
ശമാക്കുകയില്ല എന്നു ഞാൻ മുമ്പേ പറ
ഞ്ഞിട്ടുള്ളതുപോലെ ഇപ്പോഴും പറയുന്നു.
22 ആത്മാവിൻെറ ഫലങ്ങളോ? സ്നേഹം,
സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ,
പരോപകാരം, വിശ്വാസം, വിനയം, സഹനം
23 (ഇന്ദ്രിയജയം) എന്നിവയാകുന്നു. ഇവ
യ്ക്കെതിരായി ഒരു പ്രമാണവും വയ്ക്ക
24 പ്പെട്ടിട്ടില്ല. മ്ശീഹായുടേതായിരിക്കുന്നവർ,
ജഡത്തെ അതിൻെറ എല്ലാ രാഗമോഹങ്ങ
ളോടുംകൂടെ കുരിശിൽ തറച്ചിരിക്കുന്നു.
25 ആകയാൽ നമുക്ക് ആത്മാവിൽ ജീവിക്കാം.
ആത്മാവിനെ അനുസരിക്കാം. നാം
26 അന്യോന്യം നിന്ദിക്കുന്നവരും പരസ്പരം
അസൂയപ്പെടുന്നവരുമായി വ്യർത്ഥാഭി
മാനികളായിരിക്കരുത്.

അദ്ധ്യായം 6

1 എൻെറ സഹോദരന്മാരേ, നിങ്ങളിൽ
ആരെങ്കിലും ഒരു തെററിൽ അകപ്പെട്ടുപോ
യാൽ - ആത്മീകരായ നിങ്ങൾ, വിനീത
മായ ആത്മാവോടെ അവനെ യഥാസ്ഥാന
2 പ്പെടുത്തുവിൻ. നിങ്ങളും പക്ഷേ, പരീക്ഷ
യിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചു
കൊള്ളണം. നിങ്ങൾ അന്യോന്യം ഭാരങ്ങൾ
വഹിക്കണം. അങ്ങനെ മ്ശീഹായുടെ
3 പ്രമാണം നിങ്ങൾ നിറവേററണം. താൻ
ആരുമല്ലാതിരിക്കെ താൻ മഹാനാകുന്നു
വെന്ന് വിചാരിച്ചാൽ അവൻ തന്നെത്തന്നെ
4 വഞ്ചിക്കുകയത്രെ. ഓരോരുത്തനും അവന
വൻെറ പ്രവൃത്തിയെ ശോധന ചെയ്യണം.
അപ്പോൾ അന്യരാലല്ലാതെ അവനിൽ
5 തന്നെ അവനു പ്രശംസയുണ്ടാകും. ഓരോ
രുവനും, അവനവൻെറ ഭാരം വഹിക്കണം.
6 വചനം കേൾക്കുന്നവൻ, അവനെ വചനം
കേൾപ്പിക്കുന്നവനെ എല്ലാ നന്മയിലും
പങ്കുകാരനാക്കണം.
7 നിങ്ങൾ തെററിപ്പോകരുത്. ദൈവം
പരിഹസിക്കപ്പെടുന്നില്ല. എന്തെന്നാൽ
മനുഷ്യൻ വിതയ്ക്കുന്നതാകുന്നു കൊയ്യു
ന്നത്. ജഡത്തിൽ വിതയ്ക്കുന്നവൻ, ജഡ 8
ത്തിൽനിന്നു നാശമാകുന്നു കൊയ്യുന്നത്.
ആത്മാവിൽ വിതയ്ക്കുന്നവനോ, ആത്മാ
വിൽനിന്ന് നിത്യജീവനെ കൊയ്തെടു
ക്കും. നന്മ ചെയ്യുന്നതിൽ നാം അലസരാ 9
കരുത്. എന്തെന്നാൽ കൊയ്ത്തുകാലം
വരും, അപ്പോൾ നമുക്കു മടുപ്പുണ്ടാക
രുത്. ആകയാൽ ഇപ്പോൾ നമുക്ക് സമയ 10
മുള്ളിടത്തോളം എല്ലാവർക്കും പ്രത്യേകിച്ച്
സഹവിശ്വാസികൾക്കും നന്മചെയ്യണം.
ഈ എഴുതപ്പെട്ടവ, ഞാൻ എൻെറ 11
സ്വന്തം കൈകൾകൊണ്ട് തന്നെ എഴുതി
യവയാണ് എന്നു നിങ്ങൾ കാണുവിൻ.
ജഡത്തിൽ പ്രശംസിക്കുവാൻ ആഗ്രഹി 12
ക്കുന്നവർ, മ്ശീഹായുടെ കുരിശു നിമി
ത്തം ഉപദ്രവം സഹിക്കാതിരിക്കുവാൻ
വേണ്ടി മാത്രമാണ് നിങ്ങളെ പരിച്ഛേ
ദന ഏല്പാൻ നിർബ്ബന്ധിക്കുന്നത്. പരി 12
ച്ഛേദന ഏല്ക്കുന്നവർ തന്നെയും ന്യായ
പ്രമാണത്തെ ആചരിക്കുന്നില്ലല്ലോ. നി
ങ്ങൾ പരിച്ഛേദന ഏൽക്കണമെന്ന് അ
വർ ആഗ്രഹിക്കുന്നത് നിങ്ങളുടെ ശരീരം
വഴിയായി അവർക്കു പ്രശംസയുണ്ടാക
ണം എന്നുള്ള ആഗ്രഹംകൊണ്ടാകുന്നു!
എന്നാൽ എനിക്കോ നമ്മുടെ കർത്താവ് 14
യേശുമ്ശീഹായുടെ കുരിശിൽ അല്ലാതെ
പ്രശംസിപ്പാൻ ഇടവരാതിരിക്കട്ടെ. എന്തെ
ന്നാൽ താൻ മൂലം ലോകം എനിക്കും ഞാൻ
ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു.
പരിച്ഛേദനയും അഗ്രചർമ്മവും ഒന്നുമല്ല; 15
പിന്നെയോ പുതിയ സൃഷ്ടി(യാകുക)യ
ത്രെ കാര്യം. ഈ മാർഗ്ഗം അനുസരിച്ചു 16
നടക്കുന്ന എല്ലാവർക്കും—ദൈവത്തിൻെറ
ഇസ്രയേലിലും സമാധാനവും കരുണയും
ഉണ്ടായിരിക്കട്ടെ.
ഇനി ആരും എനിക്കു ബുദ്ധിമുട്ട് വരു 17
ത്തരുത്. എന്തെന്നാൽ നമ്മുടെ കർത്താ
വായ യേശുമ്ശീഹായുടെ അടയാളം
എൻെറ ശരീരത്തിൽ ഞാൻ വഹിച്ചിരിക്കു
ന്നു. എൻെറ സഹോദരന്മാരേ, നമ്മുടെ 18
കർത്താവായ യേശുമ്ശീഹായുടെ കൃപ
നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കു
മാറാകട്ടെ. ആമീൻ.

റോമിൽനിന്നും ഗലാത്യർക്ക് എഴുതപ്പെട്ട ലേഖനം സമാപ്തം.

ഗ്ലാത്യർക്കുള്ള ലേഖനം

പാഠഭേദം

3.27	മ്ശിഹായിൽ മാമ്മൂദീസാ ഏറ്റവരായ നിങ്ങൾ— baptised in to Christ	ക്രിസ്തുവിനോടു ചേരുവാൻ
4.7	യേശുമ്ശിഹാ മൂലം ദൈവത്തിൻെറ അവകാശികൾ Heir of God through Chrîst	ദൈവഹിതത്താൽ
5.12	നിങ്ങളെ ഇളക്കുന്നവൻ നിശ്ശേഷം ഛേദിക്കപ്പെട്ടുവെങ്കിൽ കൊള്ളാമായിരുന്നു I would, they were even cut off who trouble you (K.J.V.)	നിങ്ങളെ കലഹിപ്പിക്കുന്നവൻ അംഗഛേദം ചെയ്തുകൊണ്ടാൽ കൊള്ളായിരുന്നു. ചില ഇംഗ്ലീഷ് പതിപ്പുകളിൽ cabtrate എന്നും കാണുന്നുണ്ട്!

എഫേസ്യർക്കുള്ള ലേഖനം

എഫേസ്യ: ഏഷ്യാമൈനറിൻെറ തലസ്ഥാനം. ഒരു തുറമുഖ പട്ടണവുമായിരുന്നു. പാശ്ചാത്യരും പൌരസ്ത്യരുമായ വർത്തകരുടെ യാത്രകൾ മിക്കവാറും ഈ നഗരത്തിലൂടെയായിരുന്നു. നഗരത്തിനടുത്തുതന്നെയായിരുന്നു, അക്കാലത്ത് പ്രസിദ്ധിപെറ്റ ആർത്തമേസ്ദേവിയുടെ ക്ഷേത്രം. ഏതാണ്ട് 24000 പേർക്ക് ഇരിക്കാവുന്ന ഒരു രംഗസ്ഥലം (സ്റ്റേഡിയം) പട്ടണപ്രാന്തത്തിൽ ഒരു മലഞ്ചെരിവിൽ ഉണ്ടായിരുന്നു. റോമാസാമ്രാജ്യത്തിലെ ന്യായാധിപരായിരുന്നു ഭരണകർത്താക്കൾ. ഒരു വലിയ യഹൂദസംഘവും ഇവിടെ വാസം ആരംഭിച്ചിരുന്നു. വി.പൌലോസും തുഹിക്കോസും തിമോത്തെയോസും പലപ്രാവശ്യം ഈ നഗരം സന്ദർശിച്ചു വേല ചെയ്തു. വി.യോഹന്നാൻ ശ്ലീഹാ അനേകവർഷം ഇതിൻെറ മേൽപട്ടക്കാരനുമായിരുന്നു. ഇവിടെ ക്രിസ്തുമതത്തിന് വളരെ ശത്രുക്കൾ ഉണ്ടായിരുന്നുവെന്ന് ശ്ലീ.പ്ര.18:19, 19:17, 20:17, 21:29, 1 കോ. 15:32, 16:9, 1 തീമോ. 1:4, 2 തീമോ. 4:12, എഫേ. 6:21, കൊലോ. 4:10, 1 പത്രോ. 5:13, വെളി. 1:11, 2:1, ഭാഗങ്ങളിൽ സൂചനകൾ കാണാം.

ലേഖനം എഴുതിയ കാലം: വി.പൌലോസിൻെറ റോമിലെ കാരാഗൃഹവാസക്കാലത്ത് ഇതെഴുതി തുഹിക്കോസിൻെറ കൈവശം കൊടുത്തയച്ചു.

ലേഖനോദ്ദേശം: പ്രധാന ഉപദേശങ്ങളായി തരം തിരിക്കുമ്പോൾ: (1) സഭ ദൈവത്തിൻെറ ആദി മുതലുള്ള ആലോചനയുടെ പൂർത്തീകരണമാകുന്നു. (2) സഭ, ശരീരവും മ്ശിഹാ അതിൻെറ ശിരസ്സുമാകുന്നു. 1:23, 2:16, 3:6, 4:13; 16. (3) സഭ മന്ദിരവും, മ്ശിഹാ അതിൻെറ മൂലക്കല്ലുമാകുന്നു. 2:21. (4) സഭ, ഭാര്യയും മ്ശിഹാ ഭർത്താവുമാകുന്നു. 6:23-27; (5) പരിശുദ്ധാത്മ പ്രവർത്തനത്തെക്കുറിച്ച് വിശദമായ പ്രബോധനം. 1:13,17; 2:18, 3:16; 4:3. 30; 5:9. (6) ഐക്യത്തെക്കുറിച്ചുള്ള പ്രബോധനം. 4:1-7, 15, 25-32; 5:2. (7) ക്രൈസ്തവ കുടുംബജീവിതം. 5:22-6:9. (8) ക്രൈസ്തവൻെറ ആയുധവർഗ്ഗം 6:10-18.

വിഷയ വിവരം

അദ്ധ്യാ.1: 1-2 അഭിവാദനം. 3-6 പിതാവിനാൽ തിരഞ്ഞെടുക്കപ്പെട്ടവർ. 7-12 പുത്രനാൽ രക്ഷിതരായവർ. 13-14 പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ടവർ. 15-23 വെളിപ്പാടിനായുള്ള പ്രാർത്ഥന.

അദ്ധ്യാ. 2: 1-3 പഴയ നില. ദൈവത്തിനു മരിച്ചവർ. 4-10 പുതിയ നില ദൈവത്തിനു ജീവിക്കുന്നവർ. 11-22 യഹൂദരും ജാതികളും.

അദ്ധ്യാ.3: 1-13 സഭയുടെ മർമ്മത്തിൻെറ വെളിപ്പാട് 14-21 പ്രാർത്ഥന.

അദ്ധ്യാ. 4: 1-3 ഐക്യത്തിനു പ്രബോധനം. 4-6 ഐക്യത്തിൻെറ വിശദീകരണം. 7-11 ഐക്യത്തിൻെറ മാർഗ്ഗം. കൃപാദാനം. 12-16 കൃപാവരത്തിൻെറ ഉദ്ദേശം. 17-22 പഴയ മനുഷ്യനെ ഉരിഞ്ഞുകളയുക. 23-29 പുതിയ മനുഷ്യനെ ധരിക്കുക. 30-32 പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്.

അദ്ധ്യാ. 5: 1-17 പ്രകാശത്തിൻെറ മക്കളുടെ നിലയും രീതിയും. 18-21 പരിശുദ്ധാത്മ നിറവുള്ളവരായിരിപ്പിൻ. 22-24 ഭാര്യമാരുടെ ചുമതല. 25-33 ഭർത്താക്കന്മാരുടെ ചുമതല.

അദ്ധ്യാ. 6: 1-4 മക്കളുടെ ചുമതല. 5-9 ദാസന്മാരുടെ ചുമതല. 10-17 ദൈവത്തിൻെറ ആയുധവർഗ്ഗം അണിയുവിൻ. 18-20 പ്രാർത്ഥന-എനിക്കുവേണ്ടി. 21-24 സമാപനം.

പൌലൂസ് ശ്ലീഹാ എഫേസോസുകാർക്ക് എഴുതിയ ലേഖനം

അദ്ധ്യായം 1

1 ദൈവേഷ്ടത്താൽ യേശുമ്ശീഹാ
യുടെ ശ്ലീഹായായ പൌലോസ് വിശുദ്ധ
ന്മാരും യേശുമ്ശീഹായിൽ വിശ്വാസിക
ളുമായ എഫേസോസിൽ ഉള്ളവർക്ക് എഴു
2 തുന്നത്. നമ്മുടെ പിതാവാം ദൈവത്തിൽ
നിന്നും നമ്മുടെ കർത്താവേശുമ്ശീഹാ
യിൽനിന്നും സമാധാനവും കൃപയും നിങ്ങ
ളോടുകൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

3 നമ്മുടെ കർത്താവായ യേശുമ്ശീഹാ
യുടെ പിതാവായ ദൈവം— സ്വർഗ്ഗത്തിലെ
ആത്മികമായ എല്ലാ അനുഗ്രഹങ്ങളാലും
നമ്മെ മ്ശീഹാമുഖാന്തരമായി അനുഗ്രഹി
ച്ചിട്ടുള്ളവനായ ദൈവം, വാഴ്ത്തപ്പെട്ടവൻ.

4 നാം തന്റെ സന്നിധിയിൽ വിശുദ്ധരും
കറയില്ലാത്തവരുമായിരിക്കേണ്ടതിന്, ലോ
കാരംഭത്തിനുമുമ്പുതന്നെ, മ്ശീഹാ മുഖാ
ന്തരം താൻ നമ്മെ അവനിൽ തിരഞ്ഞെടു
5 ക്കുകയും, സ്നേഹംമൂലം താൻ തനിക്കുവേ
ണ്ടി മുന്നമെ മുദ്രയിടുകയും, തന്റെ ഇഷ്ട
ത്തിന് പ്രസാദകരമായ രീതിയിൽ, യേശു
മ്ശീഹാമൂലം നമ്മെ മക്കളാക്കിത്തീർക്കു
6 കയുംചെയ്തു. ആയത് തന്റെ വത്സല
നായ പുത്രൻ മുഖാന്തിരം നമ്മിൽ ചൊരി
ഞ്ഞതായ ആ കൃപയുടെ മഹത്വം സ്തുതി
7 ക്കപ്പെടുവാൻ വേണ്ടിയത്രെ. താൻമൂലം
നമുക്കു രക്ഷയും, തന്റെ രക്തത്താൽ
നമുക്കു പാപമോചനവും ഉണ്ട്. ആയത്,
സർവ്വജ്ഞാനത്താലും ആത്മാവിന്റെ
സർവ്വപരിജ്ഞാനത്താലും നമ്മിൽ സമൃദ്ധ
മായിത്തീർന്ന തന്റെ കൃപയുടെ ആധി
8 ക്യത്തിനനുസരിച്ചുതന്നെ. ആകാശത്തി
ലും ഭൂമിയിലുമുള്ള സർവ്വവും മ്ശീഹാമൂലം
വീണ്ടും പുതുക്കപ്പെടുവാനായിട്ട് കാല
സമ്പൂർണ്ണതയിലെ വ്യാപാരത്തിന്നായി
താൻ വഴിയായി പ്രവർത്തിക്കുവാൻ
9 മുൻകൂട്ടി നിശ്ചയിച്ചിരുന്നതായ തന്റെ
തിരുഹിതമർമ്മത്തെ താൻ ഞങ്ങൾക്ക്
അറിയിച്ചുതന്നു. മുൻകൂട്ടി താൻ ഞങ്ങളെ
മുദ്രയിട്ടിരുന്നതനുസരിച്ച് തന്നാൽ ഞങ്ങൾ
തെരഞ്ഞെടുക്കപ്പെട്ടു. തന്റെ തിരുഹിത 10
ത്തിന്റെ നിർണ്ണയമനുസരിച്ചു സർവ്വവും 11
പ്രവർത്തിക്കുന്നവൻ, മ്ശീഹായിൽ മുൻ
കൂട്ടി പ്രത്യാശവച്ചവരായ ഞങ്ങൾ തന്റെ 12
മഹത്വത്തിന്റെ ശോഭയ്ക്കായിത്തീര
ണമെന്നു തിരുവിഷ്ടപ്പെട്ടു. നിങ്ങളും 13
സത്യത്തിന്റെ വചനത്തെ — നിങ്ങളുടെ
ജീവന്റെ സുവിശേഷത്തെ താൻമൂലം
കേൾക്കുകയും, അവനിൽ നിങ്ങൾ വിശ്വ
സിക്കുകയും, വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന
പരിശുദ്ധാത്മാവിനാൽ നിങ്ങൾ മുദ്ര
കുത്തപ്പെടുകയും ചെയ്തു. ആ പരിശുദ്ധാ 14
ത്മാവ്, ജീവൻ പ്രാപിക്കുന്നവരുടെ രക്ഷ
യ്ക്കും, തന്റെ ബഹുമാനത്തിന്റെ മഹിമ
യ്ക്കുമായി, നമ്മുടെ അവകാശത്തിന്റെ
അച്ചാരവുമാകുന്നു.

ഇതുമൂലം ഞാനും, നമ്മുടെ കർത്താവ് 15
യേശുമ്ശീഹായിലുള്ള നിങ്ങളുടെ വിശ്വാ
സത്തെയും എല്ലാ വിശുദ്ധരോടും നിങ്ങൾ
ക്കുള്ള സ്നേഹത്തേയുംകുറിച്ചു കേട്ട
പ്പോൾമുതൽതന്നെ, നിങ്ങളെക്കുറിച്ചു 16
സ്തോത്രം ചെയ്യുന്നതിൽനിന്നും, വിരമി
ച്ചിട്ടില്ല. മഹത്വത്തിന്റെ പിതാവായ -
നമ്മുടെ കർത്താവേശുമ്ശീഹായുടെ 17
ദൈവം തന്റെ പരിജ്ഞാനത്താൽ, വി
ജ്ഞാനത്തിന്റെയും വെളിപാടിന്റെയും
ആത്മാവിനെ നിങ്ങൾക്കു തരുവാനും, 18
തന്റെ വിളിയുടെ പ്രത്യാശ എന്താകുന്നു
വെന്നും, വിശുദ്ധരിൽ തന്റെ അവകാശ
ത്തിന്റെ ആധിക്യം എന്താകുന്നുവെന്നും
തന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാ 19
പാരത്താൽ, വിശ്വസിക്കുന്നവരായ നമ്മിൽ
(വ്യാപരിക്കുന്ന) തന്റെ ശക്തിയുടെ വലിമ
യുടെ ആധിക്യം എന്തെന്നും, നിങ്ങൾ
അറിയേണ്ടതിന് നിങ്ങളുടെ ഹൃദയങ്ങളുടെ
നയനങ്ങൾ തെളിയേണ്ടതിനുമായി എന്റെ
പ്രാർത്ഥനകളിൽ ഞാൻ നിങ്ങളെ ഓർക്കു
ന്നതിൽനിന്നും വിരമിച്ചിട്ടില്ല. (തന്റെ 20
ശക്തിയുടെ ആധിക്യം) മ്ശീഹായിലും
വ്യാപരിപ്പിക്കുകയും, മരിച്ചവരുടെ ഇട
യിൽനിന്നും തന്നെ ഉയിർപ്പിക്കുകയും —

21 എല്ലാ അർക്കാവോസർക്കും, ശുൽതോ
നെന്മാർക്കും—ഹൈറലെന്മാർക്കും—മോ
റാവോസോകൾക്കും* മേലായും, ഈ
ലോകത്തിൽ മാത്രമല്ല വരുവാനിരിക്കുന്ന
തിലും പേർ പറയപ്പെടുന്ന സകലനാമ
ങ്ങൾക്കും മേലായും സ്വർഗ്ഗത്തിൽ തൻെറ
വലത്തു ഭാഗത്തു തന്നെ ഇരുത്തുകയും,
22 സർവ്വവും തൻെറ കാൽകീഴാക്കുകയും,
സകലത്തിന്മേലും ഉപരിയായിരിക്കുന്നവ
നായ തന്നെ സഭയ്ക്കു തലയായി നൽകു
23 കയും, ചെയ്തു. (സഭയാകട്ടെ) തൻെറ ശരീര
വും, എല്ലാററിലും എല്ലാററിനേയും പൂർത്തീ
കരിക്കുന്നവൻെറ പൂർണ്ണതയുമാകുന്നു.

അദ്ധ്യായം 2

1 നിങ്ങളും പാപങ്ങളാലും അതിക്രമങ്ങ
2 ളാലും മരിച്ചവർ ആയിരുന്നു. മുമ്പ് ഈ
ലോകത്തിൻെറ ലൌകികത്വം അനുസ
രിച്ചും, അനുസരണമില്ലാത്ത മക്കളിൽ
വ്യാപരിക്കുന്ന ആത്മാവാകുന്ന അന്തരീ
ക്ഷാധികാരിയുടെ ഇഷ്ടമനുസരിച്ചും
3 നിങ്ങൾ നടന്നിരുന്നു. നാമും മുമ്പ് ജഡ
ത്തിൻെറ മോഹങ്ങൾമൂലം അതേ പ്രവൃ
ത്തികളിൽ പെരുമാറുകയും ജഡത്തിൻെറ
യും മനസ്സിൻെറയും ഇഷ്ടം നിർവ്വഹിക്കു
കയും ചെയ്തിരുന്നു. മററുള്ളവരെപ്പോലെ
നാമും പൂർണ്ണമായും കോപത്തിൻെറ മക്ക
ളായിരുന്നു.

4 എന്നാൽ കരുണാസമ്പന്നനായ ദൈവം
താൻ നമ്മെ സ്നേഹിച്ചതായ അത്യധിക
5 മായ സ്നേഹംമൂലം - നമ്മുടെ പാപങ്ങളിൽ
മരിച്ചിരുന്നവരായ നമ്മെ മ്ശീഹായോടു
കൂടെ ജീവിപ്പിക്കുകയും, തൻെറ കൃപയാൽ
6 നമ്മെ രക്ഷിക്കുകയും, മ്ശീഹായോടുകൂടെ
നമ്മെ ഉയിർപ്പിക്കുകയും, യേശുമ്ശീഹാ
വഴിയായി സ്വർഗ്ഗത്തിൽ തന്നോടുകൂടി
7 നമ്മെ ഇരുത്തുകയും ചെയ്തു. ആയത് —
തൻെറ കൃപാസമൃദ്ധിയുടെ ശ്രേഷ്ഠത
യേയും യേശുമ്ശീഹാവഴിയായി നമുക്കു
സിദ്ധിച്ചതായ ദയയേയും, വരുവാനുള്ള
ലോകങ്ങൾക്കു കാണിച്ചുകൊടുക്കുവാൻ
അത്രെ. വിശ്വാസംമൂലം തൻെറ കൃപയാൽ
ആകുന്നു നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്.
8 അതു നിങ്ങളാൽ ഉണ്ടായതല്ല; പിന്നെയോ
9 ദൈവത്തിൻെറ ദാനമാകുന്നു. ആരും പ്രശം
സിക്കാതിരിക്കേണ്ടതിന്, അതു പ്രവൃത്തി
10 കളാൽ ഉണ്ടായതുമല്ല. എന്തെന്നാൽ, നാം
അവ ആചരിക്കേണ്ടതിന് ദൈവം മുന്നമെ
ഒരുക്കിയ സൽകർമ്മങ്ങൾക്കായിട്ട് യേശു
മ്ശീഹായിൽ സൃഷ്ടിക്കപ്പെട്ട അവൻെറ
സൃഷ്ടിയാകുന്നു നാം. തന്മൂലം - നിങ്ങൾ 11
മുമ്പ് ജഡാനുസാരികളായ ജാതികളായി
രുന്നു എന്നും, പരിച്ഛേദനക്കാരാൽ അഗ്ര
ചർമ്മികൾ എന്നു വിളിക്കപ്പെട്ടിരുന്നു
എന്നും അതു ശരീരത്തിൽ കൈകളുടെ
പ്രവൃത്തി ആയിരുന്നുവെന്നും ഓർത്തു
കൊള്ളണം. അക്കാലത്ത് നിങ്ങൾ മ്ശീഹാ 12
ഇല്ലാത്തവരായിരുന്നു; ഇസ്രയേലിൻെറ
നടപടിക്രമങ്ങളിൽനിന്നും അന്യരുമായി
രുന്നു; വാഗ്ദത്തത്തിൻെറ ന്യായപ്രമാണ
ത്തിനും അന്യരായിരുന്നു. ലോകത്തിൽ
നിങ്ങൾ പ്രത്യാശയില്ലാത്തവരും, ദൈവ
മില്ലാത്തവരുമായിരുന്നു. ഇപ്പോൾ ആകട്ടെ 13
— മുമ്പു ദൂരസ്ഥരായിരുന്ന നിങ്ങൾ, യേശു
മ്ശീഹാമൂലം - മ്ശീഹായുടെ രക്തത്താൽ
തന്നെ - സമീപസ്ഥരായിത്തീർന്നിരി
ക്കുന്നു. എന്തെന്നാൽ, അവനാകുന്നു 14
നമ്മുടെ സമാധാനം. താൻ രണ്ടിനേയും
ഒന്നാക്കി, മദ്ധ്യത്തിൽ സ്ഥിതിചെയ്തിരുന്ന
വേലി പൊളിക്കുകയും ചെയ്തു. ഇരുകൂട്ട 15
രേയും തൻെറ ശരീരത്തിൽ ഒരു പുതു
മനുഷ്യനായി സൃഷ്ടിക്കുവാൻ ശത്രുതയെ
തൻെറ ശരീരത്താലും കല്പനകളുടെ
ന്യായപ്രമാണത്തെ തൻെറ കല്പനക
ളാലും മായിച്ചുകളയുകയും ചെയ്തു. താൻ
സമാധാനമുണ്ടാക്കി. രണ്ടുകൂട്ടരേയും ഏക 16
ശരീരത്തിൽ ദൈവത്തോട് യോജിപ്പിക്കു
കയും, തൻെറ കുരിശുമൂലം ശത്രുതയെ
ഹനിക്കുകയും ചെയ്തു. താൻ വന്ന് 17
നിങ്ങൾക്ക്—ദൂരസ്ഥർക്കും സമീപസ്ഥർ
ക്കും സമാധാനം അറിയിച്ചു. എന്തെന്നാൽ 18
താൻ മൂലമാണ് നമുക്ക് ഇരുകൂട്ടർക്കും
പിതാവിൻെറ സന്നിധിയിലേക്ക് ഏക
ആത്മാവാൽ സാമീപ്യമുണ്ടായത്.

ഇനിയും നിങ്ങൾ അന്യരല്ല, പരദേശി 19
കളുമല്ല. നിങ്ങൾ വിശുദ്ധരുടെ നഗരത്തിൽ
വസിക്കുന്നവരും ദൈവത്തിൻെറ ഭവന
ക്കാരുമാകുന്നു. നിങ്ങൾ ശ്ലീഹന്മാരുടെയും, 20
പ്രവാചകന്മാരുടെയും അസ്തിവാരത്തിൽ
പണിയപ്പെട്ടിരിക്കുന്നു. പണിയുടെ മൂല
ക്കല്ല് യേശുമ്ശീഹാ ആകുന്നു. പണി മുഴു 21
വനും തന്നാൽ കൂട്ടിച്ചേർക്കപ്പെടുകയും,
വിശുദ്ധാലയമായി കർത്താവിൽ വളർന്നു
വരികയും ചെയ്യുന്നു. നിങ്ങളും ആത്മാവു 22
മൂലം ദൈവത്തിൻെറ വാസസ്ഥലമായി
അവനിൽ പണിയപ്പെടുന്നു.

* വാഴ്ചകൾ-അധികാരങ്ങൾ-ശക്തികൾ, കർത്താക്കന്മാർ

അദ്ധ്യായം 3

1 ആകയാൽ പൌലോസായ ഞാൻ,
പുറജാതികളായിരുന്ന നിങ്ങൾക്കുവേണ്ടി
യേശുമ്ശീഹായുടെ ബന്ധിതനായിരിക്കു
2 ന്നു. നിങ്ങളുടെ (കാര്യ)ത്തിൽ എനിക്കു
നൽകപ്പെട്ടിട്ടുള്ള ദൈവത്തിൻെറ കൃപയു
ടെ പ്രവർത്തനത്തെപ്പററി നിങ്ങൾ കേട്ടിട്ടു
3 ണ്ടല്ലോ. ഞാൻ ചുരുക്കമായി നിങ്ങൾക്ക്
എഴുതിയിരുന്നതുപോലെ, 'രഹസ്യം' എനി
4 ക്കറിവായത്, വെളിപാടുമൂലമത്രെ. അതു
വായിക്കുമ്പോൾ, മ്ശീഹായുടെ രഹസ്യ
ത്തെക്കുറിച്ചുള്ള എൻെറ അറിവു മനസ്സിലാ
5 ക്കുവാൻ നിങ്ങൾക്കു സാദ്ധ്യമാകും. പുറജാ
തികളും തൻെറ സമാവകാശികളും, തൻെറ
ശരീരത്തിൻെറയും ഏവൻഗേല്യോൻ വഴി
തന്നാൽ നൽകപ്പെട്ടിട്ടുള്ള വാഗ്ദാനത്തി
ൻെറയും സംബന്ധികളും ആയിരിക്കും,
6 എന്ന് ഇപ്പോൾ തൻെറ വിശുദ്ധന്മാർക്കും
പ്രവാചകന്മാർക്കും ആത്മാവുമൂലം വെളി
പ്പെട്ടിരിക്കുന്നതുപോലെ മുൻ തലമുറക
7 ളിൽ മനുഷ്യർക്ക് അറിയപ്പെട്ടിട്ടില്ല. തൻെറ
ശക്തിയുടെ പ്രവർത്തനത്താൽ എനിക്കു
നൽകപ്പെട്ടിരിക്കുന്ന ദൈവത്തിൻെറ കൃപാ
ദാനം അനുസരിച്ച്, ഞാൻ ആ സുവിശേഷ
8 ത്തിൻെറ ശുശ്രൂഷകനാകുന്നു. എല്ലാ വിശു
ദ്ധരിലും ഏററം ചെറിയവനായ എനിക്ക്,
മ്ശീഹായുടെ പരിശോധനാതീതമായ ധന
ത്തെപ്പററി ജാതികളുടെ മദ്ധ്യെ സുവിശേഷി
പ്പാനും ലോകങ്ങളിൽനിന്നും നിഗൂഢമായി
രുന്ന ആ രഹസ്യത്തിൻെറ പ്രവർത്തനം
9 ഏതുവിധമെന്ന്, സർവ്വവും സൃഷ്ടിച്ച
വനായ ദൈവത്താൽ എല്ലാവരേയും
വെളിവായി കാണിക്കുവാനുമുള്ള കൃപ
10 ലഭിച്ചു. പണ്ടു തന്നെ ഒരുക്കിയതും നമ്മുടെ
കർത്താവേശുമ്ശീഹാമൂലം പ്രവർത്തിച്ചതു
11 മായ ബഹുമുഖമായ ജ്ഞാനം ആകാശ
ത്തിലുള്ള വാഴ്ചകൾക്കും അധികാര
ങ്ങൾക്കും സഭ വഴിയായി അറിയപ്പെടുവാൻ
12 തന്നെ. അവനിലുള്ള വിശ്വാസത്തിൻ
പ്രത്യാശമൂലം അവങ്കൽ നമുക്കു സാമീ
പ്യവും ധൈര്യവുമുണ്ട്.
13 തന്മൂലം, നിങ്ങളെപ്രതിയുള്ള എൻെറ
ക്ലേശങ്ങളാൽ എനിക്കു മടുപ്പ് തോന്നരുതേ,
എന്നു ഞാൻ പ്രാർത്ഥിക്കുന്നു. അതാകുന്നു
14 നിങ്ങളുടെ മഹിമ. നിങ്ങളുടെ വേരും
അടിസ്ഥാനവും ഉറപ്പിക്കപ്പെട്ടിട്ട്, തൻെറ
15 ആത്മാവുമൂലം നിങ്ങൾ ശക്തിയിൽ
സുസ്ഥിരരാകേണ്ടതിനും, വിശ്വാസംമൂലം
നിങ്ങളുടെ ആന്തരിക മനുഷ്യനിൽ മ്ശീ
ഹായും, നിങ്ങളുടെ ഹൃദയങ്ങളിൽ സ്നേ
ഹവും വസിക്കേണ്ടതിനും, തൻെറ മഹിമ 16
യ്ക്കനുസരണമായി നിങ്ങൾക്കു കൃപ
നൽകുവാനും, സ്വർഗ്ഗത്തിലും ഭൂമിയിലു
മുള്ള സർവ്വപിതൃത്വവും ആരിൽനിന്നും
നാമകരണം ചെയ്യപ്പെടുന്നുവോ, ആയവ 17
ൻെറ—നമ്മുടെ കർത്താവേശുമ്ശീഹാ
യുടെ പിതാവിൻെറ—സന്നിധിയിൽ ഞാൻ
മുട്ടുകുത്തുന്നു. ഇത്, ഉയരവും ആഴവും, 18
വീതിയും നീളവും എന്താകുന്നുവെന്നു
സർവ്വ വിശുദ്ധരോടുംകൂടെ ഗ്രഹിപ്പാൻ
നിങ്ങൾക്കു സാധിക്കേണ്ടതിനും, മ്ശീഹാ 19
യുടെ സ്നേഹത്തെപ്പററിയുള്ള അറിവി
ൻെറ ശ്രേഷ്ഠത നിങ്ങൾ അറിയേണ്ടതിനും,
ദൈവത്തിൻെറ സർവ്വ പൂർണ്ണതയുംകൊണ്ട്
നിങ്ങൾ നിറയുവാനുംതന്നെ. നമ്മിൽ 20
പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തൻെറ ശക്തി
യ്ക്കനുസരണമായി—നാം ചോദിക്കുന്ന
തിലും വിചാരിക്കുന്നതിലും അപ്പുറമായി -
സർവ്വവും നമുക്കു ചെയ്തു തരുവാൻ കഴി
വുള്ളവനായവന് യേശുമ്ശിഹാമൂലം സഭ
യിൽ എന്നേക്കും എല്ലാ തലമുറകളിലും
മഹത്വമുണ്ടായിരിക്കട്ടെ. ആമീൻ.

അദ്ധ്യായം 4

ആകയാൽ, നമ്മുടെ കർത്താവിൽ 1
ബന്ധിതനായ ഞാൻ നിങ്ങളോടപേക്ഷി
ക്കുന്നു. നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു 2
ചിതമായ വിധത്തിൽ, മനോവിനയത്തോ
ടും, സൌമ്യതയോടും, ദീർഘക്ഷമയോടും
നടക്കണം. സ്നേഹംമൂലം അന്യോന്യം
സഹിക്കുന്നവരായിരിക്കണം. സമാധാന 3
ബന്ധനത്താൽ ആത്മാവിൻെറ ഐക്യം
പാലിക്കുവാൻ താല്പര്യമുള്ളവരുമായിരി
ക്കണം. നിങ്ങൾ ഏക പ്രത്യാശയിൽ വിളിക്ക 4
പ്പെട്ടിരിക്കുന്നപ്രകാരം, നിങ്ങൾ ഏക ശരീര
മായും ഏക ആത്മാവായും ഇരിക്കണം.
എന്തെന്നാൽ, കർത്താവ് ഒരുവൻ, വിശ്വാ 5
സം ഒന്ന്, മാമ്മൂദീസായും ഒന്ന്. എല്ലാവരു 6
ടെയും പിതാവും, സർവ്വത്തിൻ മേലായും
സർവ്വവും വഴിയായും, നാമെല്ലാവരിലും
സ്ഥിതി ചെയ്യുന്ന ദൈവം ഒരുവൻ.
മ്ശീഹായുടെ ദാനത്തിൻെറ അളവനു 7
സരിച്ച്, നമ്മിൽ ഓരോരുവനും കൃപ നൽക
പ്പെട്ടിരിക്കുന്നു. ഇതുമൂലമാണ്, "അവൻ 8
ഉയരത്തിലേക്ക് ആരോഹണം ചെയ്തു,
അടിമത്വത്തെ അടിമയാക്കി, മനുഷ്യർക്കു 9
വരങ്ങൾ കൊടുത്തു" എന്ന് പറയപ്പെട്ടിരി
ക്കുന്നത്. "അവൻ കരേറി" എന്നു പറഞ്ഞത് 10
എന്തുകൊണ്ട്? താൻ, മുമ്പെ ഭൂമിയുടെ

അധോഭാഗങ്ങളിലേക്ക് ഇറങ്ങുകയും ആ
ഇറങ്ങിയവൻ തന്നെ സകലവും പൂർത്തീ
കരിക്കുവാൻ, സർവ്വസ്വർഗ്ഗങ്ങൾക്കും മീതെ
ആരോഹണം ചെയ്യുകയും ചെയ്തു.
11 അവൻ ചില ശ്ലീഹന്മാരും, ചിലർക്കു
പ്രവാചകന്മാരായും, ചിലർക്കു ഇടയന്മാരും,
ചിലർക്കു സുവിശേഷം അറിയിക്കുന്നവ
രും, ചിലർക്കു പഠിപ്പിക്കുന്നതിനും വരം നൽ
12 കിയിരിക്കുന്നു. ആയത്, നാമെല്ലാവരും,
വിശ്വാസത്താലും ദൈവപുത്രനെക്കുറി
ച്ചുള്ള പരിജ്ഞാനത്താലും ആ ഏക മ്ശീ
ഹായുടെ പ്രായപൂർണ്ണതയുടെ അളവനു
സരിച്ച് ഏക പൂർണ്ണമനുഷ്യൻ ആയിത്തീ
13 രുന്നതുവരെ വിശുദ്ധരുടെ പൂർത്തീകരണ
ത്തിനും, ശുശ്രൂഷയുടെ പ്രവർത്തന
ത്തിനും, മ്ശീഹായുടെ ശരീരത്തിന്റെ
വളർച്ചയ്ക്കും ആയിട്ടത്രെ.
14 വഴിതെററിക്കുവാൻ വേണ്ടി വഞ്ചനാ
പൂർവ്വം തന്ത്രങ്ങൾ പ്രയോഗിക്കുന്ന മനുഷ്യ
രുടെ വഞ്ചനാപരമായ ഉപദേശങ്ങളുടെ
കാററിനാൽ—ശിശുക്കൾ എന്നപോലെ
നാം ഇളകുകയോ, മാറിപ്പോകുകയോ
15 അരുത്. പ്രത്യുത, സർവ്വവും, നമ്മുടെ
ശിരസ്സാകുന്ന മ്ശീഹാമൂലം വളരുവാൻ
തക്കവണ്ണം സ്നേഹത്തിൽ സുസ്ഥിരരാ
16 യിരിക്കണം. ശരീരത്തിന്റെ വളർച്ച സ്നേ
ഹത്താൽ പൂർണ്ണമാകേണ്ടതിന്, എല്ലാ
അവയവങ്ങൾക്കും അതതിന്റെ അളവിൻ
പ്രകാരം നൽകപ്പെട്ടിരിക്കുന്ന വരത്തിനനു
സരണം, ശരീരം മുഴുവൻ സൃഷ്ടിച്ച് സർവ്വ
സന്ധിബന്ധങ്ങളാലും തന്നിൽ ബന്ധിതമാ
യിരിക്കുന്നു.
17 വ്യർത്ഥബുദ്ധിയുള്ളവരായി നടക്കുന്ന
ശേഷം ജാതികളെപ്പോലെ, ഇനിയും
നിങ്ങൾ നടക്കരുത് എന്ന് കർത്താവിനെ
18 സാക്ഷിയായി ഞാൻ പറയുന്നു. അവർ
അവരുടെ ബോധങ്ങളിൽ അന്ധകാരം നിറ
ഞ്ഞവരാകുന്നു. ദൈവികജീവനിൽ നിന്ന്
അന്യരുമാകുന്നു. അവരിൽ പരിജ്ഞാന
മില്ലായ്കയാലും, അവരുടെ ഹൃദയാന്ധത
19 മൂലവും, അവർ പ്രത്യാശ നഷ്ടപ്പെട്ട് അവ
രെത്തന്നെ അത്യാഗ്രഹത്തോടെ ദുഷ്കാ
മത്തിനും സർവ്വ അശുദ്ധിയ്ക്കുമായി വിട്ടു
20 കൊടുത്തിരിക്കയാണ്. നിങ്ങളോ, മ്ശീഹാ
യെ പഠിച്ചിരിക്കുന്നത് ഈ വിധത്തിലല്ല.
21 യേശുവിൽ സത്യം ഉള്ളതുപോലെ നിങ്ങൾ
അവനെ കേട്ട് അവനിൽ ഉപദേശം ലഭിച്ച
22 വരാകുന്നു. നിങ്ങൾ നിങ്ങളുടെ മുൻനട
പടികളെ—അബദ്ധത്തിന്റെ മോഹങ്ങ
ളാൽ വഷളായിപ്പോകുന്ന ആ പഴയ മനു
ഷ്യനെ—നിങ്ങളിൽനിന്നും നീക്കിക്കള
യുകയും, നിങ്ങളുടെ അന്തരാത്മാവിൽ 23
പുതുക്കപ്പെടുകയും, നീതിയിലും സത്യ
മായ പുണ്യത്തിലും ദൈവത്താൽ സൃഷ്ടി
ക്കപ്പെട്ട ആ പുതിയ മനുഷ്യനെ ധരിക്കു
കയും വേണം.
ആകയാൽ നിങ്ങളിൽനിന്നും വ്യാജം 24
തള്ളിക്കളഞ്ഞ് ഓരോരുവനും അവന
വന്റെ കൂട്ടുകാരനോടു സത്യം സംസാരി
ക്കണം. എന്തെന്നാൽ നാം പരസ്പരം അവ
യവങ്ങളല്ലോ. കോപിച്ചാൽ പാപം ചെയ്യാ 25
തിരിപ്പിൻ. നിങ്ങളുടെ കോപത്തിന്മേൽ 26
(നിങ്ങൾ കോപിച്ചിരിക്കവെ) സൂര്യൻ
അസ്തമിക്കരുത്. ആകൽകറുസായ്ക്ക് 27
ഇടംകൊടുക്കരുത്. മോഷ്ടാവ് ഇനിമേൽ 28
മോഷ്ടിക്കരുത്. പിന്നെയോ മുട്ടുള്ളവനു
കൊടുപ്പാൻ തക്കവണ്ണം അവനു സമ്പാദ്യം
ഉണ്ടാകേണ്ടതിന്, സ്വന്ത കൈകൾകൊണ്ട്
പ്രവർത്തിക്കുകയും നന്മകൾ ചെയ്യുകയും
വേണം. കേൾക്കുന്നവർക്കു കൃപ ലഭിക്ക 29
ത്തക്കവണ്ണം, നല്ലതും, ആത്മീകാഭിവൃദ്ധി
ക്കുതകുന്നവയും അല്ലാതെ, യാതൊരു
ദുഷിച്ച വാക്കും നിങ്ങളുടെ വായിൽനിന്നും
പുറപ്പെടരുത്.
ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ 30
നിങ്ങൾ ദുഃഖിപ്പിക്കരുത്. അവനാലല്ലോ
രക്ഷാദിവസത്തിന്നായി നിങ്ങൾ മുദ്രകുത്ത
പ്പെട്ടിരിക്കുന്നത്. എല്ലാവിധ കാഠിന്യവും 31
കോപവും ക്രോധവും, കലഹവും, ദൂഷണ
വും എല്ലാ തിന്മയും നിങ്ങളിൽനിന്നും
നീക്കപ്പെടട്ടെ. നിങ്ങൾ തമ്മിൽ തമ്മിൽ
ദയയും കരുണയുമുള്ളവരായിരിക്കണം.
ദൈവം മ്ശീഹാമൂലം നമ്മോടു ക്ഷമിച്ചതു 32
പോലെതന്നെ നിങ്ങളും പരസ്പരം ക്ഷമി
ക്കുന്നവരായിരിക്കണം.

അദ്ധ്യായം 5

ആകയാൽ വത്സലമക്കൾ എന്ന വിധ 1
ത്തിൽ നിങ്ങൾ ദൈവത്തെ അനുകരിപ്പിൻ.
മ്ശീഹായും നമ്മെ സ്നേഹിച്ച് നമുക്കു 2
വേണ്ടി തന്നെത്താൻ ദൈവത്തിനു സുഗന്ധ
വാസനയായി കാഴ്ചയും ബലിയുമായി
ഏല്പിച്ചുകൊടുത്തതുപോലെതന്നെ
സ്നേഹത്തിൽ നടപ്പിൻ.
വ്യഭിചാരം, അശുദ്ധി, അത്യാഗ്രഹം 3
എന്നിവയുടെ പേരു പോലും നിങ്ങളുടെ
ഇടയിൽ പറയപ്പെടരുത്. അതാണ് വിശുദ്ധ
ന്മാർക്ക് ഉചിതം. നിന്ദനങ്ങളാകട്ടെ, ദോഷ 4
വചനങ്ങളാകട്ടെ, പരിഹാസം, കളിവാക്കു
കൾ എന്നിവയും (അരുത്). ഇവയെല്ലാം

അനാവശ്യങ്ങളാകുന്നു. ഇവയ്ക്കു പകര
5 മോ, സ്തോത്രം ആയിരിക്കട്ടെ. വ്യഭിചാരി,
അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി:
ഇവർക്കാർക്കും മ്ശീഹായുടെയും ദൈവ
ത്തിൻെറയും രാജ്യത്തിൽ അവകാശമില്ല,
എന്നു നിങ്ങൾ അറിഞ്ഞുകൊള്ളണം.
6 വ്യർത്ഥവാക്കുകൾകൊണ്ട് ആരും നിങ്ങളെ
വഞ്ചിക്കാതിരിക്കട്ടെ. ഇവ നിമിത്തമാ
7 ണല്ലോ, ദൈവകോപം അനുസരണമില്ലാ
ത്ത മക്കളുടെ മേൽ വരുന്നത്. ആകയാൽ
നിങ്ങൾ അവരോട് സംബന്ധമുള്ളവർ ആക
8 രുത്. എന്തെന്നാൽ നിങ്ങൾ അന്ധകാര
മായിരുന്നു. ഇപ്പോഴാകട്ടെ നിങ്ങൾ നമ്മുടെ
കർത്താവുമൂലം പ്രകാശമാകുന്നു. ആക
യാൽ പ്രകാശത്തിൻെറ മക്കൾ എങ്ങനെ
9 യോ - അങ്ങനെ നടക്കണം. എന്തെന്നാൽ
പ്രകാശത്തിൻെറ ഫലങ്ങൾ—സർവ്വനന്മ
യിലും, നീതിയിലും സത്യത്തിലുമാകുന്നു.
0 നമ്മുടെ കർത്താവിൻെറ സന്നിധിയിൽ
'നല്ലത്' ഏതെന്നു നിങ്ങൾ വിവേചിച്ചറിയു
1 ന്നവരായിരിക്കണം. അന്ധകാരത്തിൻെറ
പ്രവൃത്തികളോട് നിങ്ങൾ ബന്ധപ്പെടരുത്.
2 അവ ഫലശൂന്യങ്ങളാകുന്നു. അവയെ
നിങ്ങൾ ശാസിപ്പിൻ, അവർ ഗൂഢമായി
ചെയ്യുന്നതു പറയുവാൻപോലും ലജ്ജ
3 തോന്നുന്നു. സകലവും പ്രകാശത്താൽ
ശാസിക്കപ്പെടുകയും, പരസ്യമാകുകയും
4 ചെയ്യും. ഇതുമൂലമാണ് 'ഉറങ്ങുന്നവനേ, നീ
മരിച്ചവരുടെ ഇടയിൽനിന്നും എഴുന്നേൽ
ക്കുക; മ്ശീഹാ നിന്നെ പ്രകാശിപ്പിക്കും'
5 എന്നു പറയപ്പെട്ടിരിക്കുന്നത്. ആകയാൽ -
നിങ്ങൾ ശോഭയോടെ നടക്കേണ്ടത് എങ്ങ
നെയെന്ന് നോക്കുവിൻ; ഭോഷരെപ്പോലെ
6 യല്ല; പിന്നെയോ, കാലം വീണ്ടെടുക്കുന്ന
വരെപ്പോലെ, ജ്ഞാനികളെപ്പോലെ, നട
ക്കുവിൻ. എന്തെന്നാൽ ഇതു ദുഷ്കാലമാ
7 കുന്നുവല്ലോ. ആകയാൽ നിങ്ങൾ ബുദ്ധി
ശൂന്യരാകരുത്. പിന്നെയോ, ദൈവത്തിൻെറ
ഇഷ്ടം എന്താകുന്നു എന്നറിയുവിൻ.
8 ഉദരാവേശം അതിൽ സ്ഥിതിചെയ്യുന്ന
വീഞ്ഞിനാൽ നിങ്ങൾ മത്തരാകരുത്.
പിന്നെയോ ആത്മാവിൽ നിറയുവിൻ.
9 സങ്കീർത്തനങ്ങളാലും സ്തുതികളാലും
സ്വയം സംസാരിക്കുവിൻ. ആത്മാവിൻെറ
കീർത്തനങ്ങളാൽ, നിങ്ങളുടെ ഹൃദയങ്ങ
ളിൽ കർത്താവിനു പാടുന്നവരായിരിപ്പിൻ,
0 എല്ലാ സമയത്തും, എല്ലാവർക്കുംവേണ്ടി,
നമ്മുടെ കർത്താവേശുമ്ശീഹായുടെ
നാമത്തിൽ പിതാവായ ദൈവത്തെ
1 സ്തോത്രം ചെയ്യുവിൻ; മ്ശീഹായുടെ
സ്നേഹത്തിൽ നിങ്ങൾ അന്യോന്യം
കീഴ്പെട്ടിരിപ്പിൻ.

ഭാര്യമാരേ! നമ്മുടെ കർത്താവിന് എന്ന 22
വണ്ണം നിങ്ങളുടെ ഭർത്താക്കന്മാർക്കു
കീഴ്പ്പെട്ടിരിക്കണം. മ്ശീഹാ സഭയ്ക്കു തല 23
യും, ശരീരത്തെ ജീവിപ്പിക്കുന്നവനും ആയി
രിക്കുന്നതുപോലെ, ഭർത്താവു ഭാര്യയ്ക്കു
തലയാകുന്നു. സഭ മ്ശീഹായ്ക്കു കീഴ്പെ 24
ട്ടിരിക്കുന്നതുപോലെ ഭാര്യമാർ അവരുടെ
ഭർത്താക്കന്മാർക്കു സകലത്തിലും കീഴട
ങ്ങിയിരിക്കണം. ഭർത്താക്കന്മാരേ, മ്ശീഹാ 25
യും തൻെറ സഭയെ സ്നേഹിച്ചതുപോലെ
തന്നെ നിങ്ങൾ നിങ്ങളുടെ ഭാര്യമാരെ സ്നേ
ഹിക്കണം. സഭയെ വെള്ളംകൊണ്ടുള്ള കഴു 26
കലാലും വചനത്താലും വിശുദ്ധീകരിച്ചു
വെടിപ്പാക്കുവാനും, കറയോ അശുദ്ധിയോ, 27
അവയോടു തുല്യമായ മററെന്തെങ്കിലുമോ
ഇല്ലാതെ, പരിശുദ്ധയും മാലിന്യമില്ലാത്ത
തുമായി മഹത്വമുള്ളവളായി തനിക്ക് സഭ
യായി നിർത്തേണ്ടതിനുമായിട്ട്, അതിനു
വേണ്ടി തന്നെത്തന്നെ ഏല്പിച്ചു കൊടു
ത്തുവല്ലോ. അപ്രകാരംതന്നെ ഭർത്താക്ക 28
ന്മാർ, സ്വന്തശരീരങ്ങളെ എന്നതുപോലെ
അവരുടെ ഭാര്യമാരെ സ്നേഹിക്കേണ്ടതാ
കുന്നു. എന്തെന്നാൽ സ്വഭാര്യയെ സ്നേഹി
ക്കുന്നവൻ തന്നെത്തന്നെയാകുന്നു സ്നേ
ഹിക്കുന്നത്. ആരും ഒരിക്കലും സ്വന്തശരീര 29
ത്തെ ദ്വേഷിക്കാറില്ലല്ലോ. പിന്നെയോ
മ്ശീഹാ സഭയ്ക്കുവേണ്ടി എന്നതുപോലെ
അതിനെ പുലർത്തുകയും, അതിൻെറ
കാര്യത്തിൽ ശ്രദ്ധിക്കുകയും ചെയ്യുന്നു.
എന്തെന്നാൽ നാം തൻെറ ശരീരത്തിൻെറ 30
അവയവങ്ങളും, തൻെറ ജഡത്തിൽനിന്നു
ള്ളവരും അസ്ഥികളിൽനിന്നുള്ളവരും
ആകുന്നു. ഇതുനിമിത്തം, പുരുഷൻ തൻെറ 31
പിതാവിനേയും മാതാവിനേയും വിട്ട് തൻെറ
ഭാര്യയോട് ചേർന്നിരിക്കും. ഇരുവരും ഒരു
ശരീരമായിരിക്കും. ഈ മർമ്മം വലുതാ 32
കുന്നു. ഞാൻ മ്ശീഹായെക്കുറിച്ചും തൻെറ
സഭയെക്കുറിച്ചുമാകുന്നു പറയുന്നത്.
നിങ്ങളും - നിങ്ങളിൽ ഓരോരുവനും, തന്നെ 33
എന്നപോലെതന്നെ തൻെറ ഭാര്യയെ സ്നേ
ഹിക്കണം. ഭാര്യയും തൻെറ ഭർത്താവി
നോടു ഭക്തിയുള്ളവളായിരിക്കണം.

അദ്ധ്യായം 6

മക്കളേ! നിങ്ങളുടെ മാതാപിതാക്കളെ 1
കർത്താവിൽ അനുസരിച്ചിരിക്കണം.
എന്തെന്നാൽ ഇതു നീതിയല്ലോ. "നിനക്കു 2
നന്മവരുവാനും, ഭൂമിയിൽ നിൻെറ ആയുസ്

3 ദീർഘമായിരിക്കുവാനുമായി, നീ നിൻെറ
പിതാവിനേയും മാതാവിനേയും ബഹുമാനി
ക്കണം" എന്നുള്ളത് വാഗ്ദത്തത്തോടു
4 കൂടിയ ആദ്യകല്പനയാകുന്നു. മാതാപിതാ
ക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്ക
രുത്; പിന്നെയോ നമ്മുടെ കർത്താവിൻെറ
ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തു
5 വിൻ. അടിമകളേ, ജഡപ്രകാരമുള്ള നിങ്ങ
ളുടെ യജമാനന്മാരെ, മ്ശീഹായെ എന്നതു
പോലെ ഭയത്തോടും വിറയലോടും, പര
മാർത്ഥഹൃദയത്തോടും അനുസരിക്കണം.
6 മനുഷ്യരെ പ്രസാദിപ്പിക്കുന്നതുപോലെ
കൺകാഴ്ചയാലല്ല; പിന്നെയോ, ദൈവേ
ഷ്ടം ചെയ്യുന്ന മ്ശീഹായുടെ ദാസന്മാർ
എന്ന നിലയിൽതന്നെ, പൂർണ്ണമനസ്സോടെ,
7 സ്നേഹപൂർവ്വം - മനുഷ്യരെ എന്നപോലെ
യല്ല; നമ്മുടെ കർത്താവിനെ എന്നതുപോ
8 ലെ പരിചരിപ്പിൻ. ദാസനായാലും സ്വത
ന്ത്രനായാലും ഓരോരുത്തൻ ചെയ്യുന്ന
നന്മയായിട്ടുള്ളത് എന്തോ, അതിനാകുന്നു
നമ്മുടെ കർത്താവിനാൽ പ്രതിഫലം നൽക
പ്പെടുന്നത് എന്ന് നിങ്ങൾ അറിയുന്നുവല്ലോ.
9 യജമാനന്മാരേ, നിങ്ങളും നിങ്ങളുടെ ദാസ
ന്മാരോട് ഇങ്ങനെതന്നെ ചെയ്യണം. നിങ്ങൾ
അവരോട് കുററങ്ങൾ ക്ഷമിക്കണം. എന്തെ
ന്നാൽ നിങ്ങളുടെ —അതെ നിങ്ങളുടെയും
— യജമാനൻ സ്വർഗ്ഗത്തിലുണ്ടെന്നും,
അദ്ദേഹത്തിനു പക്ഷപാതമില്ലെന്നും
നിങ്ങൾക്കറിയാമല്ലോ.

10 ഇനിയും, എൻെറ സഹോദരന്മാരേ,
നമ്മുടെ കർത്താവിലും അവിടുത്തെ ശക്തി
യിൻ ബലത്താലും നിങ്ങൾ ശക്തിയുള്ള
11 വരാകുവിൻ. ആകൽകറുസായുടെ സർവ്വ
തന്ത്രങ്ങൾക്കും എതിരായി നിൽപ്പാൻ
ദൈവത്തിൻെറ സർവ്വായുധവർഗ്ഗം ധരി
12 പ്പിൻ. എന്തെന്നാൽ നിങ്ങളുടെ സമരം
ജഡരക്തങ്ങളോടല്ല; പിന്നെയോ, വാഴ്ച
കളോടും അധികാരികളോടും, ഈ അന്ധ
കാരലോകത്തിൻെറ അധിപന്മാരോടും,
ആകാശത്തിൻ കീഴിലുള്ള ദുരാത്മാക്ക
13 ളോടുമാകുന്നു. ഇതു നിമിത്തം, ദുഷ്ട
നോട് എതിർത്തു നില്പാൻ നിങ്ങൾ
പ്രാപ്തരാകുവാനായി ദൈവത്തിൻെറ
സർവ്വായുധവർഗ്ഗവും ധരിച്ച് നിങ്ങൾ എല്ലാ
ററിനും ഒരുങ്ങി നിൽപിൻ. ആകയാൽ എഴു 1
ന്നേൽപിൻ - 'സത്യം'കൊണ്ട് അരമുറുക്കു
വിൻ - 'നീതി' എന്ന കവചം ധരിപ്പിൻ, 'സമാ 1
ധാന സുവിശേഷത്തിൻെറ ഒരുക്കം' എന്ന
ചെരിപ്പ് നിങ്ങളുടെ കാലുകളിൽ ഇടുവിൻ
- ഇവയോടുകൂടെ ദുഷ്ടൻെറ എരിയുന്ന 1
അമ്പുകളെയെല്ലാം കെടുത്തുവാൻ നിങ്ങ
ളെ പ്രാപ്തരാക്കുന്ന "വിശ്വാസ"മാകുന്ന
പരിചയും നിങ്ങൾക്കായി എടുക്കുവിൻ.
'രക്ഷ'യാകുന്ന പടത്തൊപ്പി വയ്ക്കുവിൻ. 1
'ദൈവവചനം' എന്ന ആത്മാവിൻെറ വാൾ
പിടിക്കുവിൻ. എല്ലാ പ്രാർത്ഥനകളിലും 1
എല്ലാ അപേക്ഷകളിലും, എപ്പോഴും
ആത്മാവിൽ പ്രാർത്ഥിക്കുവിൻ. അതേ
പ്രാർത്ഥനയിൽ എപ്പോഴും ഉററിരിപ്പിൻ —
എപ്പോഴും, നിങ്ങൾ എല്ലാ വിശുദ്ധർക്കും
വേണ്ടി പ്രാർത്ഥിക്കയും, യാചിക്കയും
ചെയ്യുമ്പോൾ, സുവിശേഷത്തിൻെറ മർമ്മ 1
ങ്ങൾ ധൈര്യത്തോടെ ഞാൻ പ്രസംഗി
ക്കുവാൻ വായ് തുറക്കുമ്പോൾ എനിക്കു
വചനം നൽകപ്പെടുവാനായി എനിക്കുവേ
ണ്ടിയും (പ്രാർത്ഥിപ്പിൻ) - ഞാൻ (ആ 2
സുവിശേഷത്തിൻെറ) ചങ്ങലകളാൽ
(ബന്ധിതനായ) സ്ഥാനാപതിയാകുന്നു.
ഞാൻ സംസാരിക്കേണ്ട രീതിയിൽ ധൈര്യ
ത്തോടെ സംസാരിപ്പാൻതന്നെ. എന്നെ 2
സംബന്ധിക്കുന്നവയും ഞാൻ പ്രവർത്തി
ക്കുന്നവയുമെല്ലാം നിങ്ങൾ അറിയേണ്ട
തിന് വത്സലസഹോദരനും, നമ്മുടെ
കർത്താവിൽ വിശ്വസ്ത ശുശ്രൂഷകനു
മായ തുഹിക്കോസ് നിങ്ങളെ അറിയിക്കും.
എൻെറ കാര്യങ്ങൾ നിങ്ങൾ അറിയുന്ന 22
തിനും നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസി
പ്പിക്കുവാനുംവേണ്ടിത്തന്നെയാണ് നിങ്ങ
ളുടെ അടുക്കലേക്കു ഞാൻ അയാളെ
അയച്ചിരിക്കുന്നത്.

പിതാവായ ദൈവത്തിൽനിന്നും, നമ്മു 23
ടെ കർത്താവേശുമ്ശീഹായിൽ നിന്നും
ഞങ്ങളുടെ സഹോദരന്മാർക്കു സമാധാ
നവും, വിശ്വാസത്തോടുകൂടെ സ്നേഹവും
ഉണ്ടായിരിക്കട്ടെ. നമ്മുടെ കർത്താവായ 24
യേശുമ്ശീഹായെ അക്ഷയമായി സ്നേഹി
ക്കുന്ന എല്ലാവരോടും കൂടെ കൃപ ഉണ്ടാ
യിരിക്കുമാറാകട്ടെ. ആമ്മീൻ.

റോമിൽവെച്ച് എഴുതപ്പെട്ടതും, തുഹിക്കോസ് വശം അയയ്ക്കപ്പെട്ടതുമായ എഫേസ്യർക്കുള്ള ലേഖനം സമാപ്തം.

എഫേസ്യർക്കുള്ള ലേഖനം

പാഠഭേദം

1.9	ഞങ്ങൾക്കു	നമ്മോട്
5.18	ഉദരാവേശം സ്ഥിതിചെയ്യുന്ന	അതിനാൽ ദുർന്നടപ്പ് ഉണ്ടാകരുത്
21	സ്നേഹത്തിൽ	ഭയത്തിൽ
26	വെള്ളംകൊണ്ടുള്ള കഴുകലാലും വചനത്താലും	ജലസ്നാനത്താലും വചനത്താലും
30	ജഡത്തിൽനിന്നു അസ്ഥികളിൽനിന്നുള്ളവരും	ഇല്ല
33	ഭക്തിയുള്ളവളായിരിക്കണം	ഭയപ്പെടേണ്ടതാകുന്നു

ഫിലിപ്യർക്കുള്ള ലേഖനം

ഫിലിപ്യാ: ഗ്രീസിൻെറ വടക്കു കിഴക്ക് മക്കദോന്യയുടെ (മാസിഡോണിയാ) കിഴക്കു ഭാഗത്തായി അഭിവൃദ്ധി പ്രാപിച്ചിരുന്ന ഒരു നഗരമായിരുന്നു. സ്വർണഖനികൾക്ക് പ്രസിദ്ധം. ഇറ്റലിയിൽനിന്നും ഏഷ്യാമൈനറിലേക്കു റോമർ നിർമ്മിച്ച വിശാലമായ റോഡിലൂടെ എപ്പോഴും യാത്രക്കാരുണ്ടായിരുന്ന ഒരു കച്ചവടകേന്ദ്രവുമായിരുന്നു. ഫിലിപ്യായിലെ സഭ വി. പൌലോസിൻെറ പ്രവർത്തനഫലമാണ്.

ഈ ദേശവാസികളിൽ അനേകരെയും റോമർ സൈന്യത്തിൽ ചേർക്കുകയും അവർക്കു ഭൂമി ദാനമായി കൊടുക്കുകയും ചെയ്തിരുന്നു. യഹൂദന്മാരുടെ സംഖ്യ വളരെ കുറവായിരുന്നു. വി.പൌലൂസും ഈ നഗരവുമായുള്ള കാര്യങ്ങൾ ശ്ലീ.പ്ര. 16-ാം അദ്ധ്യായത്തിൽ കാണാം. ഈ പട്ടണം സ്ഥാപിച്ചത് മഹാനായ അലക്സാണ്ടറുടെ പിതാവ്, ഫിലിപ്പ് ആയിരുന്നു.

ഫിലിപ്യർക്കുള്ള ലേഖനം: ക്രി. 60-ൽ വി.പൌലോസ് റോമിൽ കാരാഗൃഹത്തിൽനിന്നും എഴുതിയതാണ്. കാരാഗൃഹസ്ഥനായ വി.പൌലോസിനുവേണ്ടി ഫിലിപ്യർ ധനശേഖരണം നടത്തി എപ്പഫ്രോദോത്തു വഴിയായി റോമിലേക്ക് അയച്ചു കൊടുത്തു. എപ്പഫ്രോദോത്ത് അവിടെവച്ച് രോഗബാധിതനായെങ്കിലും സൌഖ്യം പ്രാപിച്ച് ഫിലിപ്പിയിലേക്കു തിരികെ പോകുമ്പോൾ ഈ ലേഖനം കൊടുത്തയച്ചു. ഈ ലേഖനത്തിൽനിന്നും ഫിലിപ്യരുടെ വിശ്വാസസ്ഥിരത, വി.പൌലോസിനോടുള്ള സ്നേഹവും അനുസരണവും, ഔദാര്യമനസ്ഥിതി; അബദ്ധോപദേശങ്ങളിൽ വീണു പോകാതെയുള്ള സ്ഥൈര്യം, ഭിന്നപക്ഷമില്ലായ്മ മുതലായവ കാണാം.

ലേഖനോദ്ദേശം: സഭയിൽ ഭിന്നതയുണ്ടാക്കുന്നവരുടെ നേരെ ജാഗ്രത പാലിക്കണമെന്നും, സഹോദരർ കലഹവും വാഗ്വാദവും വിട്ടകലണമെന്നും മറ്റുമുള്ള കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തിരിക്കുന്നു. ഫിലിപ്യാ ലേഖനം എഴുതപ്പെട്ടിരിക്കുന്നത് വിശുദ്ധന്മാർക്കും കശീശന്മാർക്കും ശെമ്മാശന്മാർക്കും എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

വിഷയ വിവരം

അദ്ധ്യാ. 1: 1-11 മുഖവുരയും, പ്രാർത്ഥനയും. 12-18 വി.പൌലൂസിൻെറ വിഷമങ്ങളും സുവിശേഷവും. 19-26 തൻെറ വിഷമങ്ങൾ ദൈവമഹത്വത്തിന്. 27-30 വിഷമിക്കുന്നവരോടുള്ള പ്രബോധനം.

അദ്ധ്യാ. 2: 1-4 വിനയത്തിന്നായുള്ള ആഹ്വാനം. 5-16 നമ്മുടെ കർത്താവിൻെറ വിനയത്തിൻെറ മാതൃക. 17-18 വി. പൌലൂസിൻെറ; 19-24 തീമോത്തെയോസിൻെറ; 25-30 എപ്പഫ്രാദോത്തിൻെറ വിനയത്തിൻെറ മാതൃക.

അദ്ധ്യാ. 3: 1-9 ജഡത്തിലുള്ള ആശ്രയത്തിന്നെതിരായി മുന്നറിയിപ്പ്.

10-16 മ്ശിഹായെ അറിയുവാൻ പ്രബോധനം. 17-21 ജഡികമായി ജീവിക്കുന്നതിനെതിരായുള്ള മുന്നറിയിപ്പ്.

അദ്ധ്യാ. 4: 1-3 സഹോദരരുമായി സമാധാനം. 4-9 കർത്താവുമായുള്ള സമാധാനം. 10-19 ഏതു സാഹചര്യത്തിലുമുള്ള സമാധാനം. 20-23 സമാപനം.

പൌലോസ് ശ്ലീഹാ ഫിലിപ്യർക്ക് എഴുതിയ ലേഖനം

അദ്ധ്യായം 1

1 യേശുമ്ശീഹായുടെ ദാസന്മാരായ
പൌലോസും തീമോത്തെയോസും കൂടി,
ഫിലിപ്പ്യയിൽ യേശുമ്ശീഹായിലുള്ള കശീ
ശന്മാരും ശെമ്മാശന്മാരുമുൾപ്പെടെ എല്ലാ
വിശുദ്ധർക്കും എഴുതുന്നത്.
2 നമ്മുടെ പിതാവായ ദൈവത്തിൽനി
ന്നും നമ്മുടെ കർത്താവായ യേശുമ്ശീഹാ
യിൽനിന്നും, സമാധാനവും കൃപയും നിങ്ങ
ളോടുകൂടെ ഉണ്ടായിരിക്കട്ടെ.
3 നിങ്ങൾക്കു വേണ്ടിയുള്ള എല്ലാ
പ്രാർത്ഥനകളിലും, നിങ്ങളെ എപ്പോഴും
ഞാൻ ഓർത്തുകൊണ്ട് എന്റെ ദൈവത്തെ
4 സ്തോത്രം ചെയ്യുന്നു. ആദ്യദിവസം
5 മുതൽ ഇന്നുവരെയും സുവിശേഷത്തി
ലുള്ള നിങ്ങളുടെ ബന്ധമോർത്ത്, എന്റെ
എല്ലാ പ്രാർത്ഥനകളിലും സന്തോഷപൂർവ്വം
നിങ്ങൾക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കു
6 കയും ചെയ്യുന്നു. നിങ്ങളിൽ സൽപ്രവൃത്തി
കൾ ആരംഭിച്ചവൻതന്നെ, നമ്മുടെ കർത്താ
വേശുമ്ശീഹായുടെ ദിവസംവരെ അവ
പൂർത്തീകരിച്ചുകൊണ്ടിരിക്കും എന്നുള്ള
7 പ്രത്യാശ എനിക്കുണ്ട്. ഇങ്ങനെ നിങ്ങളെല്ലാ
വരേയുംകുറിച്ച് വിചാരിക്കുവാൻ ഞാൻ
ബാദ്ധ്യസ്ഥനത്രെ. സുവിശേഷസത്യത്തെ
പ്രതിയുള്ള എന്റെ ബന്ധനങ്ങളിലും.
പ്രതിവാദത്തിലും, കൃപയാൽ നിങ്ങൾ
എന്നോടു ബന്ധമുള്ളവരായിരുന്നതിനാൽ
നിങ്ങൾ എന്റെ ഹൃദയത്തിൽ സുസ്ഥാ
8 പിതരാകുന്നു. യേശുമ്ശീഹായുടെ കരുണ
യാൽ നിങ്ങളെ ഞാൻ എത്രമാത്രം സ്നേ
ഹിക്കുന്നു, എന്നതിന് ദൈവം സാക്ഷി.
9 പ്രയോജനമുള്ളവ ഏവയെന്ന് നിങ്ങൾ
തിരിച്ചറിയുവാനും, മ്ശീഹായുടെ ദിവസ
ത്തിൽ ഇടർച്ചകൂടാതെ നിർമ്മലരായിരി
10 പ്പാനും, ദൈവമഹത്വത്തിന്നും ബഹുമാന
ത്തിനുമായി യേശുമ്ശീഹായിലുള്ള നീതി
യുടെ ഫലങ്ങൾകൊണ്ട് നിറഞ്ഞവരാകു
11 വാനും, ആത്മാവിന്റെ അറിവിലും പരി
ജ്ഞാനത്തിലും നിങ്ങളുടെ സ്നേഹം
വളർന്ന് സമൃദ്ധമാകുവാനും ഞാൻ
പ്രാർത്ഥിക്കുന്നു.
എന്റെ സഹോദരന്മാരേ, സുവിശേഷ 12
ത്തിൽ എന്റെ പ്രവർത്തനം, തിരുസന്നിധി
യിൽ അധികമായി പുരോഗമിക്കുന്നുണ്ട്
എന്ന് നിങ്ങൾ അറിവാൻ എനിക്കാഗ്രഹ
മുണ്ട്. അങ്ങനെതന്നെ എന്റെ ബന്ധന 13
ങ്ങൾ യേശുമ്ശീഹായെ പ്രതിയുള്ളതാ
കുന്നു എന്ന് എല്ലാ ദേശാധിപസ്ഥാനങ്ങ
ളിലും മററെല്ലാ സ്ഥാനങ്ങളിലും പ്രസിദ്ധ
മായിരിക്കുന്നു. നമ്മുടെ കർത്താവിലുള്ള 14
അനേകസഹോദരരും, എന്റെ ബന്ധനം
മൂലം ധൈര്യപ്പെടുകയും ദൈവവചനം
നിർഭയം സംസാരിപ്പാൻ കൂടുതലായി തുനി
യുകയും ചെയ്തിരിക്കുന്നു. ചിലരെല്ലാം 15
ശത്രുതയും തർക്കവുമായും, ചിലർ നല്ല
മനസ്സോടും സ്നേഹപൂർവ്വവും മ്ശീഹായെ
പ്രസംഗിക്കുന്നു. എന്തെന്നാൽ സുവിശേഷ 16
ത്തിന്റെ ഘോഷണത്തിന്നായി ഞാൻ
നിയമിതനായിരിക്കുന്നു എന്ന് അവർക്ക
റിയാം. തർക്കംമൂലം മ്ശീഹായെ പ്രസംഗി 17
ക്കുന്നവർ, നിഷ്കളങ്കഉദ്ദേശത്തോടെയല്ല
അങ്ങനെ ചെയ്യുന്നത്. പ്രത്യുത എന്റെ
ബന്ധനങ്ങളിൽ ക്ലേശം വർദ്ധിപ്പിക്കുവാന
ത്രെ. നാട്യമായിട്ടാകട്ടെ, യഥാർത്ഥമായിട്ടാ 18
കട്ടെ—ഏതുവിധത്തിലായാലും—യേശു
മ്ശീഹാ പ്രസംഗിക്കപ്പെടുന്നു എന്നതിൽ
ഞാൻ സന്തുഷ്ടനായിരിക്കും. നിങ്ങളുടെ 19
പ്രാർത്ഥനകളാലും, യേശുമ്ശീഹായുടെ
ആത്മാവിന്റെ ദാനത്താലും, അവ എനി
ക്കു ജീവന്നായി ഭവിക്കുമെന്ന് എനിക്ക
റിയാം. ഒന്നിലും ഞാൻ ലജ്ജിക്കേണ്ടി 20
വരികയില്ല എന്നു ഞാൻ വിചാരിക്കയും,
പ്രത്യാശിക്കുകയും ചെയ്യുന്നതുപോലെ—
എപ്പോഴും എന്നതുപോലെ ഇപ്പോഴും—
ഞാൻ ജീവിച്ചിരുന്നാലും, മരിച്ചാലും,
മ്ശീഹാ എന്റെ ശരീരത്തിൽ മഹിമപ്പെടും
എന്ന് മുഖപ്രസന്നതയോടെ പ്രത്യാശിക്കു
ന്നു. എന്തെന്നാൽ എന്റെ ജീവൻ മ്ശീഹാ 21
ആകുന്നു. മരിച്ചാൽ എനിക്ക് അതു ലാഭ
വുമാകുന്നു. എന്നാൽ ശരീരത്തിലുള്ള ഈ 22

ജീവിതത്തിലും എൻെറ പ്രവൃത്തികളാൽ
ഫലമുണ്ടെങ്കിൽ, ഏതാണ് തെരഞ്ഞെടു
ക്കേണ്ടത് എന്ന് എനിക്കറിഞ്ഞുകൂടാ.
23 എന്തെന്നാൽ രണ്ടും എനിക്ക് അത്യാവശ്യ
മാകുന്നു. മ്ശീഹായോടുകൂടെ ഇരിപ്പാ
നായി മരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു.
24 എന്തെന്നാൽ അതായിരിക്കും എനിക്ക് ഏറ്റം
നല്ലത്. എന്നാൽ ഞാൻ ശരീരത്തോടുകൂടെ
ജീവിക്കുക എന്നത് നിങ്ങളെപ്രതി, എനിക്ക്
25 അത്യാവശ്യമാകുന്നു. നിങ്ങളുടെ സന്തോ
ഷത്തിനും നിങ്ങളുടെ വിശ്വാസത്തിൻെറ
അഭിവൃദ്ധിക്കുമായി, ഞാൻ ജീവനോടി
രിക്കും എന്നു പ്രത്യാശപൂർവ്വം ഞാനറിയു
26 ന്നു. ആയത് ഞാൻ ഇനിയും നിങ്ങളുടെ
27 അടുക്കൽ വരുമ്പോൾ യേശുമ്ശീഹായിൽ
മാത്രമുള്ള നിങ്ങളുടെ പ്രശംസ എന്നിൽ
വർദ്ധിക്കേണ്ടതിനത്രെ. ഞാൻ വന്ന് നിങ്ങ
ളെ കാണുന്നുവെന്നിരിക്കട്ടെ, അഥവാ
നിങ്ങൾ ഏക ആത്മാവോടും ഏകമന
സ്സോടുംകൂടെ നിലകൊള്ളുന്നുവെന്നും,
സുവിശേഷത്തിൻെറ വിശ്വാസത്തിൽ നി
28 ങ്ങൾ ഒരുമിച്ചു ശ്രേഷ്ഠതപ്പെടുന്നുവെന്നും
ദൂരെയിരുന്നു നിങ്ങളെക്കുറിച്ച് കേൾക്കുക
യാകട്ടെ ചെയ്യുമ്പോൾ, നിങ്ങൾ സുവിശേ
ഷത്തിന് അനുയോജ്യമാംവണ്ണം വർത്തിച്ചു
29 കൊണ്ടിരിപ്പിൻ. നമുക്കെതിരായി നിലകൊ
ള്ളുന്നവരുടെ നാശത്തിൻെറ തെളിവിന്നാ
യും നിങ്ങളുടെ രക്ഷയ്ക്കായും അവർമൂലം
യാതൊന്നുകൊണ്ടും നിങ്ങൾ ഇളകാതെ
ഇരിക്കണം. നിങ്ങൾ മ്ശീഹായിൽ വിശ്വ
സിക്കുകമാത്രം പോരാ, പിന്നെയോ, തന്നെ
30 പ്രതി ക്ലേശമനുഭവിക്കുവാനും, നിങ്ങൾ
എന്നിൽ കണ്ടിട്ടുള്ളതും, ഇപ്പോൾ എന്നെ
ക്കുറിച്ചു കേൾക്കുന്നതുംപോലെയുള്ള
പോരാട്ടം സഹിപ്പാനുമായി ഇതു നിങ്ങൾ
ക്കു നൽകപ്പെട്ടിരിക്കുന്നു.

അദ്ധ്യായം 2

1 ആകയാൽ, നിങ്ങൾക്ക് മ്ശീഹായിൽ
ആശ്വാസമോ, ഹൃദയത്തിൽ സ്നേഹ
പൂർവ്വമായ സാന്ത്വനമോ, ആത്മാവിൻെറ
2 സംബന്ധമോ, കരുണയോ, അനുകമ്പയോ
ഉണ്ടെങ്കിൽ, നിങ്ങൾക്ക് ഒരേ മനസ്സും, ഒരേ
സ്നേഹവും, ഒരേ ആത്മാവും, ഒരേ അഭി
പ്രായവുമുള്ളവരായി എൻെറ സന്തോഷം
3 പൂർണ്ണമാക്കണം. തർക്കംമൂലമോ, വ്യർത്ഥാ
ഭിമാനംമൂലമോ യാതൊന്നും ചെയ്യരുത്.
നേരേമറിച്ച് മനോവിനയത്തോടെ ഓരോ
രുവനും തൻെറ അയൽക്കാരനെ തന്നേ
4 ക്കാൾ വിശിഷ്ടനായി ഗണിക്കണം. ആരും
തൻെറ സ്വന്തകാര്യം മാത്രം നോക്കരുത്,
അയൽക്കാരൻെറ കാര്യവും നോക്കണം.
യേശുമ്ശീഹായുടെ അതേ ഭാവം 5
നിങ്ങൾ മനസ്സിൽ വിചാരിക്കണം. താൻ, 6
ദൈവസദൃശനായിരിക്കെത്തന്നെ, ദൈവ
ത്തോടു തുല്യൻ തന്നെയാണ് എന്നുള്ള
കാര്യം ഗണ്യമാക്കാതെ, താൻ സ്വയം 7
നിസ്സാരനാക്കി ദാസസദൃശ്യം സ്വീകരിക്കു
കയും മനുഷ്യരുടെ സദൃശ്യത്തിൽ ആകു
കയും മനുഷ്യരൂപത്തിൽ കാണപ്പെടുകയും
തന്നെത്തന്നെ താഴ്ത്തുകയും, മരണ 8
ത്തോളം—കുരിശുമരണത്തോളം—അനു
സരണമുള്ളവനായിരിക്കുകയും ചെയ്തു.
അതിനാൽ ദൈവം, തന്നെ അത്യധികം 9
ഉയർത്തുകയും—യേശുവിൻെറ നാമശ്ര
വണത്തിൽ സ്വർഗ്ഗത്തിലും, ഭൂമിയിലും, 10
ഭൂമിക്കു താഴെയുമുള്ള എല്ലാ മുഴങ്കാലും
മടങ്ങുകയും, തൻെറ പിതാവായ ദൈവ
ത്തിൻെറ മഹത്വത്തിന്നായി—യേശു 11
മ്ശീഹാ കർത്താവാകുന്നുവെന്ന് സർവ്വ
നാവും ഏററുപറയുകയും ചെയ്യത്തക്ക
വണ്ണം മറെറല്ലാ നാമങ്ങളിലും ശ്രേഷ്ഠമായ
നാമം തനിക്കു നൽകുകയും ചെയ്തു.
ഇനിയും എൻെറ വത്സലരേ, ഞാൻ 12
നിങ്ങളുടെ സമീപമുള്ളപ്പോൾ മാത്രമല്ല,
ഇപ്പോൾ ഞാൻ ദൂരെയായിരിക്കുമ്പോഴും
—എപ്പോഴും നിങ്ങൾ അനുസരിച്ചിരുന്നതു
പോലെ —പൂർവ്വാധികം ഭയത്തോടും
വിറയലോടുംകൂടെ നിങ്ങളുടെ രക്ഷയ്ക്കു
പര്യാപ്തമായ വേല ചെയ്യുവിൻ. ഇച്ഛി 13
ക്കുവാനും, ഇച്ഛിക്കുന്നതു പ്രവർത്തി
ക്കുവാനും നിങ്ങളെ ഉത്സാഹിപ്പിക്കുന്നത്
ദൈവമാകുന്നു.
വക്രതയും കാപട്യവുമുള്ള തലമുറ 14
യിൽ ജീവിക്കുന്ന നിർമ്മലരായ ദൈവ
മക്കൾ എന്ന നിലയിൽ നിങ്ങൾ പരമാർത്ഥി
കളും നിഷ്കളങ്കരുമായി ജീവിക്കേണ്ടതിന്
എല്ലാ കാര്യവും പിറുപിറുപ്പും ഭിന്നതയും
കൂടാതെ ചെയ്തുകൊണ്ടിരിക്കണം.
ലോകത്തിൽ അവരുടെ മദ്ധ്യേ നിങ്ങൾ 15
പ്രകാശഗോളങ്ങൾപോലെ കാണപ്പെടണം.
ഞാൻ ഓടിയതും അദ്ധ്വാനിച്ചതും വൃഥാ 16
വായില്ല എന്നു നമ്മുടെ കർത്താവിൻെറ
ദിനത്തിൽ എനിക്കു പ്രശംസിക്കുവാനായി
അവർക്കു വേണ്ടി നിങ്ങൾ രക്ഷയുടെ
സ്ഥാനത്തായിരിക്കുന്നു. നിങ്ങളുടെ വി 17
ശ്വാസത്തിൻെറ ബലിയുടെയും ശുശ്രൂഷയു
ടെയും മേൽ ഞാൻ യാഗമാക്കപ്പെട്ടാൽ പോ
ലും നിങ്ങൾ എല്ലാവരോടുംകൂടെ ഞാൻ
സന്തോഷിക്കുകയും ആനന്ദിക്കുകയും

18 ചെയ്യും. ഇങ്ങനെതന്നെ നിങ്ങളും എന്നോടു
19 കൂടെ സന്തോഷിച്ചാനന്ദിക്കുവിൻ. ഞാൻ
നിങ്ങളെക്കുറിച്ച് അറിഞ്ഞ് എനിക്കും
ആശ്വാസമുണ്ടാകുവാൻവേണ്ടി എത്രയും
വേഗം തിമോത്തെയോസിനെ നിങ്ങളുടെ
അടുക്കൽ അയയ്ക്കണമെന്നു നമ്മുടെ
കർത്താവായ യേശുവിൽ ഞാൻ പ്രത്യാശി
20 ക്കുന്നു. എന്തെന്നാൽ, എന്നെപ്പോലെ
തന്നെ താല്പര്യമായി നിങ്ങളുടെ കാര്യം
നോക്കുന്ന മററാരും എനിക്ക് ഇവിടെ ഇല്ല.
21 എല്ലാവരും യേശുമ്ശീഹായുടെ കാര്യമല്ല
—സ്വന്തം കാര്യം മാത്രം അന്വേഷിക്കുന്നു.
22 ഒരു മകൻ തൻെറ പിതാവിനോടുകൂടെ
എന്നവണ്ണം സുവിശേഷത്തിൽ ഇവൻ
എന്നോടുകൂടെ വേലചെയ്യുന്നു. ഇവൻെറ
പരിജ്ഞാനം നിങ്ങൾക്കറിവുള്ളതാണല്ലോ.
23 എൻെറ സ്ഥിതി കണ്ടശേഷം ഇവനെ വേഗം
നിങ്ങളുടെ അടുത്തേക്ക് അയയ്ക്കാമെന്നു
24 ഞാൻ പ്രത്യാശിക്കുന്നു. ഞാൻതന്നെയും,
ഉടനെ നിങ്ങളുടെ അടുക്കൽ വന്നുചേരും
എന്ന് എൻെറ കർത്താവിൽ ഞാൻ പ്രത്യാ
25 ശിക്കുന്നു. ഇപ്പോഴാകട്ടെ, എൻെറ സഹാ
യിയും എന്നോടുകൂടെ വേലചെയ്യുന്ന
വനും, നിങ്ങളുടെ ശ്ലീഹായും, എൻെറ
ആവശ്യത്തിൽ ശുശ്രൂഷകനുമായിരിക്കുന്ന
സഹോദരൻ എപ്പപ്രോദീത്തോസിനെ
നിങ്ങളുടെ അടുക്കൽ അയയ്ക്കുവാൻ
തൽക്കാലസ്ഥിതി എന്നെ നിർബ്ബന്ധിച്ചു.
26 എന്തെന്നാൽ അവൻ നിങ്ങളെല്ലാവരേയും
കാണുവാൻ അതികാംക്ഷയോടിരിക്കയാ
യിരുന്നു. അവൻ രോഗിയായി എന്നു
നിങ്ങൾ കേട്ടു എന്നറിഞ്ഞ് അവൻ വ്യസനി
27 ച്ചിരിക്കുകയുമായിരുന്നു. അതെ, അവൻ
രോഗിയായി മരിക്കാറായിരുന്നു. എന്നാൽ
ദൈവം അവനോടു കരുണ ചെയ്തു. അവ
നോടുമാത്രമല്ല, എനിക്കു ദുഃഖത്തിന്മേൽ
ദുഃഖം വരാതിരിക്കേണ്ടതിന് എന്നോടും
28 (കരുണ ചെയ്തു). ആകയാൽ നിങ്ങൾ
അവനെ വീണ്ടും കണ്ട് സന്തോഷിക്കു
വാനും, എനിക്ക് അല്പം ആശ്വാസമുണ്ടാ
കുവാനുമായിട്ടാണ്, ഞാൻ താല്പര്യ
ത്തോടെ നിങ്ങളുടെ അടുക്കലേക്ക് അവനെ
29 അയച്ചിരിക്കുന്നത്. ആകയാൽ പൂർണ്ണ
സന്തോഷത്തോടുംകൂടെ അവനെ കർത്താ
വിൽ സ്വീകരിക്കുവിൻ. ഇങ്ങനെയുള്ള
വരെ ബഹുമാനത്തോടെ കരുതുവിൻ.
30 എന്തെന്നാൽ അവൻ മ്ശീഹായുടെ വേല
നിമിത്തം മരണത്തോളം എത്തി എനിക്കു
വേണ്ടിയുള്ള ശുശ്രൂഷയിൽ നിങ്ങൾ
വരുത്തിയ കുറവിനെ പരിഹരിക്കുവാൻ
അവൻ, തന്നെത്തന്നെ അവഗണിക്കയും
ചെയ്തുവല്ലോ.

അദ്ധ്യായം 3

എൻെറ സഹോദരന്മാരേ, ഇനിയും 1
നമ്മുടെ കർത്താവിൽ നിങ്ങൾ സന്തോഷി
പ്പിൻ. ഒരേ കാര്യംതന്നെ നിങ്ങൾക്ക് എഴു
തുവാൻ എനിക്കു മടുപ്പു തോന്നുന്നില്ല;
എന്തെന്നാൽ അവ നിങ്ങളെ സൂക്ഷ്മതയു 2
ള്ളവരാക്കും. നായ്ക്കളിൽനിന്നും സൂക്ഷി
ച്ചുകൊള്ളണം. തിന്മയുള്ള വേലക്കാരിൽ
നിന്നും സൂക്ഷിപ്പിൻ. മാംസഛേദികളെ
സൂക്ഷിപ്പിൻ. എന്തെന്നാൽ ആത്മാവിൽ 3
ദൈവത്തെ സേവിക്കുകയും യേശുമ്ശീഹാ
യിൽ പ്രശംസിക്കുകയും ജഡത്തിൽ ആശ്ര
യിക്കാതിരിക്കുകയും ചെയ്യുന്ന നാമാകു
ന്നു പരിച്ഛേദനക്കാർ. എനിക്കു ജഡ 4
ത്തിലും പ്രത്യാശയുണ്ടായിരുന്നു. ആരെ
ങ്കിലും അവൻെറ പ്രത്യാശ ജഡത്തിലാകു
ന്നുവെന്ന് വിചാരിക്കുന്നെങ്കിൽ, അവനേ
ക്കാളും വിശിഷ്ടൻ ഞാൻതന്നെ. ഞാൻ 5
എട്ടാംനാൾ പരിച്ഛേദന ഏററവൻ. ഇസ്രാ
യേൽ വംശത്തിൽ, ബന്യാമിൻ ഗോത്ര
ക്കാരൻ. എബ്രായപുത്രനായ എബ്രായൻ
ന്യായപ്രമാണപ്രകാരം, പരീശൻ വൈരാ
ഗ്യത്തിലോ, ഞാൻ സഭയുടെ പീഡകൻ
ന്യായപ്രമാണത്തിൻെറ നീതിയിലോ, 6
ഞാൻ കുററമററവൻ! എന്നാൽ എനിക്കു
ലാഭമായിരുന്ന ഇവയെ, മ്ശീഹായെപ്രതി 7
ഞാൻ നഷ്ടമായി വിചാരിച്ചു. എൻെറ
കർത്താവായ യേശുമ്ശീഹായുടെ അറി 8
വിൻെറ മഹിമ നിമിത്തം, അവയെയെല്ലാം
ഞാൻ നഷ്ടമായി ഗണിക്കുകയും ചെ
യ്യുന്നു. എനിക്ക് മ്ശീഹായെ അവകാശ 9
മാക്കുവാനും, മ്ശീഹായിലുള്ള വിശ്വാസം
മൂലം ദൈവത്തിലുള്ള നീതീകരണമല്ലാ
തെ, ന്യായപ്രമാണം മൂലം സ്വന്തമായ
നീതീകരണം ഇല്ലാത്തവനായി അവനാൽ
ഞാൻ കണ്ടെത്തപ്പെടുവാനും ആ വിശ്വാ
സംമൂലം മ്ശീഹായേയും തൻെറ പുനരു 10
ത്ഥാനശക്തിയേയും തിരിച്ചറിവാനും
തൻെറ കഷ്ടതകളിൽ സംബന്ധിയായി
തൻെറ മരണത്തോടു സാദൃശ്യപ്പെടു
വാനും ആയി, തന്നെപ്രതി സകലത്തേയും
ഞാൻ നഷ്ടപ്പെടുത്തുകയും ചവറായി
ഗണിക്കുകയും ചെയ്യുന്നു. ഇങ്ങനെ മരിച്ച 11
വരുടെ ഇടയിൽനിന്നുള്ള ഉയിർപ്പിങ്കലേ
ക്ക് ചെന്നെത്തുവാൻ എനിക്കു കഴിഞ്ഞേ
ക്കാം. ഞാൻ പ്രാപിച്ചു കഴിഞ്ഞിട്ടില്ല; 12
പൂർണ്ണനായി കഴിഞ്ഞിട്ടുമില്ല. എന്നാലോ

യേശുമ്ശീഹാ ഏതിന്നായി എന്നെ പിടിച്ചു
വോ, അതിനെ എനിക്കു പിടിക്കാമോ എന്നു
നോക്കി ഞാൻ ഓടുകയാകുന്നു.
13 എൻെറ സഹോദരന്മാരേ, ഞാൻ
പിടിച്ചുപററിക്കഴിഞ്ഞുവെന്ന് എന്നെപ്പററി
14 ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഒന്നു
ഞാൻ അറിയുന്നു. ഞാൻ എൻെറ പിമ്പിലു
ള്ളവയെ മറന്നിട്ട്- മുമ്പിലുള്ളവയിലേക്കു
നേരെ ഞാൻ പായുകയും, യേശുമ്ശീഹാ
മൂലമായി ഉയരത്തിൽനിന്നുള്ള ദൈവത്തി
ൻെറ വിളിയുടെ വിജയം പ്രാപിക്കുവാനായി
ലക്ഷ്യത്തിനു നേരെ ഓടുകയും ചെയ്യുന്നു.
15 ആകയാൽ പൂർണ്ണത പ്രാപിച്ചവർ ഇത്
ഓർക്കണം. മറ്റു വിധത്തിൽ നിങ്ങൾ
എന്തെങ്കിലും ചിന്ത ചെയ്യുന്നുവെങ്കിൽ
അതും ദൈവം നിങ്ങൾക്കു വെളിപ്പെടുത്തും.
16 നാം എത്തിച്ചേർന്നിരിക്കുന്ന ഇതിൽ, ഏക
മാർഗ്ഗത്തിലും, ഏകയോജിപ്പിലും ചേർന്നി
രിക്കണം.
17 എൻെറ സഹോദരന്മാരേ, എന്നെ
അനുകരിപ്പിൻ. ഞങ്ങളിൽ നിങ്ങൾ കാണു
ന്ന മാതൃക എങ്ങനെയോ അങ്ങനെ നട
ക്കുന്നവരെ നിങ്ങൾ പരിശോധിച്ചറിയണം.
18 എന്തെന്നാൽ മററുവിധത്തിൽ നടക്കുന്ന
പലരുണ്ട്. ഇവരെപ്പററി നിങ്ങളോട് പല
പ്രാവശ്യം ഞാൻ പറഞ്ഞിട്ടുമുണ്ട്. എന്നാൽ
ഇപ്പോൾ ഞാൻ കരഞ്ഞുകൊണ്ട് പറയുന്നു;
അവർ മ്ശീഹായുടെ കുരിശിൻെറ ശത്രു
19 ക്കളാകുന്നു. അവരുടെ അവസാനം നാശ
മാകുന്നു. അവരുടെ ദൈവം, അവരുടെ
വയറാണ്! അവരുടെ മഹിമ അവരുടെ
ലജ്ജാകരമായവയിലാകുന്നു. അവരുടെ
20 വിചാരം ഭൌമികവുമത്രേ! എന്നാൽ
നമ്മുടെ സേവനമോ സ്വർഗ്ഗത്തെപ്രതി
യാകുന്നു. അവിടെനിന്നും നമ്മുടെ ജീവ
ദായകനെ—നമ്മുടെ കർത്താവേശുമ്ശീ
21 ഹായെ—നാം കാത്തിരിക്കുന്നു. ഏതൊ
ന്നിനാലാണോ തനിക്കു സർവ്വവും കീഴ്പ്പെ
ടുത്തപ്പെട്ടത്, തൻെറ ആ മഹാശക്തിക്ക
നുസരണമായി, നമ്മുടെ ഈ താഴ്മയുള്ള
ശരീരത്തെ, അത് തൻെറ മഹത്വമുള്ള
ശരീരത്തിന് അനുരൂപമാകുവാൻ തക്ക
വണ്ണം താൻ രൂപാന്തരപ്പെടുത്തും.

അദ്ധ്യായം 4

1 എൻെറ വത്സലരും പ്രിയപ്പെട്ടവരുമായ
സഹോദരന്മാരേ, എൻെറ സന്തോഷവും
എൻെറ കിരീടവുമായുള്ളവരേ, എൻെറ
വത്സലരേ, ഇപ്രകാരം നമ്മുടെ കർത്താ
2 വിൽ ഉറച്ചു നിലകൊള്ളുവിൻ. എവൊഹോ
ദിയായോടും, സുന്തീക്കായോടും ഞാൻ
അപേക്ഷിക്കുന്നു; നമ്മുടെ കർത്താവിൽ
അവർക്ക് ഏകാഭിപ്രായമുണ്ടായിരിക്കണം.
എൻെറ സത്യസഹകാരിയേ അവരെ 3
നീ സഹായിച്ചുകൊണ്ടിരിക്കണം എന്നു
നിന്നോടും ഞാൻ അപേക്ഷിക്കുന്നു. എന്തെ
ന്നാൽ ജീവൻെറ പുസ്തകത്തിൽ പേരെ
ഴുതപ്പെട്ടിരിക്കുന്ന ക്ലീമീസിനോടും, എൻെറ
മററു സഹായികളോടുംകൂടെ അവർ സുവി
ശേഷത്തിൽ എന്നോടുകൂടെ അദ്ധ്വാനിച്ചി
ട്ടുള്ളവരാണ്. എപ്പോഴും നമ്മുടെ കർത്താ 4
വിൽ സന്തോഷിപ്പിൻ. അതെ, സന്തോഷി
പ്പിൻ എന്നു ഞാൻ വീണ്ടും പറയുന്നു.
നിങ്ങളുടെ വിനയം എല്ലാവരാലും അറിയ 5
പ്പെടട്ടെ. നമ്മുടെ കർത്താവു സമീപസ്ഥ
നായിരിക്കുന്നു. ഒന്നിനെക്കുറിച്ചും നിങ്ങൾ 6
വിചാരപ്പെടേണ്ട. എന്നാലോ, എപ്പോഴും
പ്രാർത്ഥനയും അപേക്ഷയും സ്തോത്രവു
മായിട്ട് നിങ്ങളുടെ യാചനകൾ ദൈവമു 7
മ്പാകെ അറിയിക്കുവിൻ. സർവ്വബുദ്ധി
യേയും അതിശയിക്കുന്ന ദൈവത്തിൻെറ
സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും
ബോധങ്ങളേയും യേശുമ്ശീഹായിൽ കാ
ത്തുകൊള്ളട്ടെ.
ഇനിയും എൻെറ സഹോദരന്മാരേ, 8
സത്യമായവയും, പരിപക്വമായവയും, നീതി
യായവയും, നിർമ്മലമായവയും, സ്നേഹ
യോഗ്യമായവയും, സ്തുത്യർഹമായവയും,
മഹത്വത്തിൻെറയും പുകഴ്ചയുടേതുമായ
പ്രവൃത്തികളും, നിങ്ങൾ ചിന്തിപ്പിൻ.
എന്നിൽനിന്നു നിങ്ങൾ പഠിക്കുകയും,
സ്വീകരിക്കുകയും എന്നിൽ കാണുകയും 9
എന്നിൽനിന്നു കേൾക്കുകയും ചെയ്തിട്ടു
ള്ളവയെ ആചരിപ്പിൻ. സമാധാനത്തിൻെറ
ദൈവം നിങ്ങളോടുകൂടെ ഇരിക്കും.
നിങ്ങൾ എൻെറ കാര്യത്തിൽ തുടർന്നും 10
ഉത്സാഹിപ്പാൻ തുടങ്ങിയിരിക്കകൊണ്ട്
ഞാൻ അത്യധികം സന്തോഷിച്ചിരിക്കുന്നു.
നിങ്ങൾ മുമ്പും ഉത്സാഹിച്ചിരുന്നു. എന്നാൽ
നിങ്ങൾക്കു കഴിവില്ലായിരുന്നു. എനിക്കു 11
വിഷമതയുണ്ടായതുകൊണ്ടല്ല ഞാൻ
പറയുന്നത്. എനിക്കുള്ളതുകൊണ്ട് തൃപ്തി
പ്പെടുവാൻ ഞാൻ പഠിച്ചിട്ടുണ്ട്. താണവനാ 12
യിരിപ്പാൻ എനിക്കറിയാം. സകലത്തിലും
സമൃദ്ധിയിൽ ഇരിക്കുവാനും എനിക്ക
റിയാം. തൃപ്തിയിലും പട്ടിണിയിലും, സമൃ
ദ്ധിയിലും, കുറവിലും എല്ലാററിലും ഞാൻ
പരിചയിച്ചവനാണ്. എന്നെ ശക്തിപ്പെടു 13
ത്തുന്നവനായ മ്ശീഹാമൂലം ഞാൻ സകല
ത്തിനും പ്രാപ്തനാണ്. എങ്കിലും എൻെറ 14

ഞെരുക്കങ്ങളിൽ നിങ്ങൾ പങ്കുകൊണ്ട
തിൽ നിങ്ങൾ നന്നായി പ്രവർത്തിച്ചു.
5 അല്ലയോ, ഫിലിപ്യരേ, സുവിശേഷത്തി
ൻെറ ആരംഭത്തിൽ മക്കദോന്യയിൽനിന്നും
പുറപ്പെട്ടപ്പോൾ, വരവു ചെലവു കാര്യ
ത്തിൽ നിങ്ങൾ മാത്രമല്ലാതെ, മററു സഭ
കളൊന്നും എന്നോടു സഹകരിച്ചില്ല എന്നു
16 നിങ്ങൾക്കറിയാമല്ലോ. തെസ്സലോനിക്യാ
യിലേക്കുപോലും ഒന്നുരണ്ടു പ്രാവശ്യം
എൻെറ ആവശ്യത്തിനുള്ളത് എനിക്കായി
17 നിങ്ങൾ അയച്ചുതന്നല്ലോ. ഞാൻ ദാന
ത്തെയല്ല, നിങ്ങളുടെ ഫലങ്ങൾ വർദ്ധി
ക്കണമെന്നാണ് ആഗ്രഹിക്കുന്നത്.
18 സകലവും ഞാൻ സ്വീകരിച്ചിരിക്കുന്നു.
എനിക്ക് അധികമായുമുണ്ട്, ഞാൻ സംതൃ
പ്തനായിരിക്കുന്നു. എപ്പൊപ്രോദിത്തോ
സ് വഴിയായി നിങ്ങൾ എനിക്കു കൊടുത്ത
യച്ചതെല്ലാം, ദൈവത്തിന് പ്രസാദകരമായ
സുഗന്ധവാസനയും, സ്വീകൃതബലിയു
മായി ഞാൻ സ്വീകരിച്ചിരിക്കുന്നു. എൻെറ
ദൈവം യേശുമ്ശീഹായുടെ മഹത്വംമൂലം 19
—തൻെറ ധനത്തിനനുസരണമായി, നിങ്ങ
ളുടെ ആവശ്യമെല്ലാം നിറവേററിത്തരുമാ
റാകട്ടെ. നമ്മുടെ പിതാവായ ദൈവത്തിന് 20
മഹത്വവും ബഹുമാനവും എന്നെന്നേക്കും
ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

യേശുമ്ശീഹായിലുള്ള എല്ലാ വിശുദ്ധ 21
ന്മാർക്കും സമാധാനം ആശംസിപ്പിൻ.
എന്നോടൊരുമിച്ചുള്ള സഹോദരന്മാർ
നിങ്ങൾക്കു സമാധാനം ചൊല്ലുന്നു. എല്ലാ 22
വിശുദ്ധന്മാരും പ്രത്യേകിച്ചും കൈസറിൻെറ
ഭവനത്തിൽനിന്നുള്ളവരും നിങ്ങൾക്കു
സമാധാനം ചൊല്ലുന്നു.

നമ്മുടെ കർത്താവായ യേശുമ്ശീഹാ 23
യുടെ കൃപ നിങ്ങൾ എല്ലാവരോടും കൂടെ
ഉണ്ടായിരിക്കുമാറാകട്ടെ. ആമ്മീൻ.

റോമിൽവച്ച് എഴുതപ്പെട്ട്, എപ്പപ്രോദോത്ത് വശം അയയ്ക്കപ്പെട്ട ഫിലിപ്യർക്കുള്ള ലേഖനം സമാപ്തം.

		പാഠഭേദം
1-13	ദേശാധിപസ്ഥാനങ്ങളിൽ (പ്രാത്തോറിൻ)	അകമ്പടി പട്ടാളത്തിൽ
16	നിയമിതനായിരിക്കുന്നു. സുറി. (സീം നോ)	ഇവിടെ കിടക്കുന്നു
3-20	നമ്മുടെ സേവനം സ്വർഗ്ഗത്തെ പ്രതിയുള്ളതാകുന്നു.	നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാകുന്നു

കൊലോസ്യർക്കുള്ള ലേഖനം

കൊലോസ്യാ: ഏഷ്യാമൈനറിൽ ഫ്രുഗിനായിലെ ഒരു നഗരം. സമീപസ്ഥമായ ലവോദിക്യാ പട്ടണവും ഇതും പ്രസിദ്ധങ്ങളായിരുന്നു. ഇവിടെ എപ്പഫ്രാസും തീമോത്തെയോസും വേല ചെയ്തു. കൊലോ. 1:1, 2:1, 4:12.

ലേഖനകാലം: വി.പൗലോസിന്റെ റോമിലെ കാരാഗൃഹവാസക്കാലത്ത് 60-61-ൽ എഴുതപ്പെട്ടു.

ലേഖനോദ്ദേശം: ആ സഭയോടു തനിക്കുള്ള പ്രത്യേക അടുപ്പം ചൂണ്ടിക്കാണിച്ചുകൊണ്ട്—ക്രിസ്തുമതോപദേശങ്ങൾക്കു വിരുദ്ധമായ പാഷണ്ഡതകളെ ഖണ്ഡിക്കുന്നു. ആ പ്രദേശങ്ങളിൽ അക്കാലത്തു തത്വശാസ്ത്രപരമായ ചില ചിന്താഗതികളുണ്ടായിരുന്നു. അതായത് ദൈവമല്ല സ്രഷ്ടാവ് എന്നും, ദൂതന്മാർ വഴിയായി താൻ സൃഷ്ടിച്ചു എന്നും, മനുഷ്യർ സന്യസിച്ചു ജഡത്തെ കീഴ്പ്പെടുത്തണമെന്നും, യഹൂദാചാരാനുഷ്ഠാനങ്ങൾ പാലിക്കണമെന്നും, ഈ ചിന്താഗതി മൂലം ഉന്നതമായ 'ജ്ഞാനം' പ്രാപിക്കാമെന്നും ആയിരുന്നു അതിന്റെ ചുരുക്കം. ഈ പശ്ചാത്തലത്തിൽ, വി. പൗലൂസ് നമ്മുടെ കർത്താവിന്റെ മഹിമയേയും, അവനിൽ ആശ്രയിക്കുന്നതു മൂലമുള്ള രക്ഷയേയും കുറിച്ചു പ്രതിപാദിക്കുന്നു.

വിഷയ വിവരം

അദ്ധ്യായം 1: 1-2 വി.പൗലൂസിന്റെ വന്ദനം. 3-8 കൊലോസ്യരെപ്രതിയുള്ള അദ്ദേഹത്തിന്റെ കൃതജ്ഞതാപ്രകടനം. 9-14 അവർക്കുവേണ്ടി പ്രാർത്ഥന. 15-29 സൃഷ്ടിയിലും രക്ഷാദാനത്തിലും നമ്മുടെ കർത്താവിന്റെ പ്രാധാന്യം സഭയിലും തന്റെ പ്രാധാന്യം.

അദ്ധ്യായം 2: 1-7 വശീകരണവാക്കുകളിൽനിന്നും, 8-10 നിരർത്ഥകതത്വജ്ഞാനത്തിൽനിന്നും; 11-17 മാനുഷികവിധികളിൽനിന്നും 18-19 അയോഗ്യമായ ആരാധനയിൽനിന്നും 20-23 മാനുഷിക ഉപദേശങ്ങളിൽനിന്നും ഉള്ള വിടുതൽ ആവശ്യം.

അദ്ധ്യായം 3: 1-4 വിശ്വാസിയുടെ സ്ഥാനം. 5-11 പഴയ മനുഷ്യനെ ഉരിഞ്ഞുകളയുക. 13-17 പുതിയ മനുഷ്യനെ ധരിക്കുക. 18-21 കുടുംബജീവിതവിശുദ്ധി. 22-25 ജോലിക്കാര്യങ്ങളിൽ വിശുദ്ധി.

അദ്ധ്യായം 4: 1 യജമാനന്മാർക്കു നിർദ്ദേശം. 2-6 പൊതുജീവിതത്തിലെ വിശുദ്ധി. 7-9 തുഹിക്കോസിനെയും ഒനേസിമോസിനെയുംകുറിച്ച്. 10-18 സമാധാനാശംസകൾ, ഈ ലേഖനത്തെക്കുറിച്ചുള്ള നിർദ്ദേശം മുതലായവ.

പൌലോസ് ശ്ലീഹാ കൊലോസ്യർക്ക് എഴുതിയ ലേഖനം

അദ്ധ്യായം 1

1 ദൈവേഷ്ടത്താൽ യേശുമ്ശീഹാ
യുടെ ശ്ലീഹായായ പൌലോസും, സഹോ
ദരൻ തീമോത്തെയോസുംകൂടി—യേശു
മ്ശീഹായിൽ വിശ്വാസികളും വിശുദ്ധ
സഹോദരന്മാരുമായി കൊലോസ്യായിൽ
2 ഉള്ളവർക്ക്(എഴുതുന്നത്). നമ്മുടെ പിതാ
വായ ദൈവത്തിൽനിന്നും സമാധാനവും
കൃപയും നിങ്ങളോടുകൂടെ ഉണ്ടായിരിക്കു
മാറാകട്ടെ.
3,4,5 നിങ്ങൾക്കായി സ്വർഗ്ഗത്തിൽ സൂക്ഷിച്ചി
രിക്കുന്നതും സുവിശേഷത്തിൻെറ സത്യ
വചനം വഴിയായി നിങ്ങൾ മുമ്പു കേട്ടിട്ടു
ള്ളതുമായ ആ പ്രത്യാശനിമിത്തം, യേശു
മ്ശീഹായിൽ നിങ്ങൾക്കുള്ള വിശ്വാസ
ത്തേയും എല്ലാ വിശുദ്ധരോടു: നിങ്ങൾക്കു
ള്ള സ്നേഹത്തേയും കുറിച്ചു ഞങ്ങൾ കേട്ട
നാൾ മുതൽ എപ്പോഴും നമ്മുടെ കർത്താവ്
യേശുമ്ശീഹായുടെ പിതാവാം ദൈവത്തെ
ഞങ്ങൾ സ്തോത്രം ചെയ്യുന്നുണ്ട്. നിങ്ങൾ
ക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുകയും
6 ചെയ്യുന്നു. ആ സുവിശേഷം സർവ്വലോക
ത്തിലുമെന്നപോലെതന്നെ നിങ്ങളോടും
പ്രസംഗിക്കപ്പെട്ടു. സത്യമായും ദൈവത്തി
ൻെറ കൃപയെ നിങ്ങൾ കേൾക്കുകയും
ഗ്രഹിക്കുകയും ചെയ്ത നാൾമുതൽ അത്
നിങ്ങളിൽ വളരുകയും ഫലം നൽകുകയും
7 ചെയ്തുകൊണ്ടുമിരിക്കുന്നു. ആയത്
നിങ്ങൾക്കുവേണ്ടി മ്ശീഹായുടെ വിശ്വ
സ്ത ശുശ്രൂഷകനും, ഞങ്ങളുടെ വാത്സല്യ
മേറും കൂട്ടുകാരനുമായ 'എപ്പപ്രാ'യിൽ
നിന്നും നിങ്ങൾ പഠിച്ചതുപോലെതന്നെ.
8 ആത്മാവിലുള്ള നിങ്ങളുടെ സ്നേഹത്തെ
ക്കുറിച്ച് അയാൾ ഞങ്ങളെ അറിയിച്ചി
രിക്കുന്നു.
9 ഇതുമൂലം, ഞങ്ങൾ അതു കേട്ട
നാൾമുതൽ നിങ്ങൾക്കുവേണ്ടി പ്രാർത്ഥി
ക്കുവാനും, നിങ്ങൾ യോഗ്യമായ രീതിയിൽ
വർത്തിപ്പാൻ ആത്മാവിൻെറ സർവ്വ അറി
വിലും പരിജ്ഞാനത്തിലും ദൈവഹിത
ത്തിൻെറ അറിവുകൊണ്ട് നിങ്ങൾ നിറയു
വാനും എല്ലാ നല്ല പ്രവൃത്തികളുംമൂലം 10
ദൈവത്തെ പ്രസാദിപ്പിക്കുവാനും, ഫലം
പുറപ്പെടുവിക്കുവാനും, ദൈവത്തിൻെറ
പരിജ്ഞാനത്തിൽ നിങ്ങൾ വളരുവാനു
മായിട്ടുള്ള അപേക്ഷയിൽ ഞങ്ങൾ മുടക്കം
വരുത്തിയിട്ടില്ല. തൻെറ മഹത്വത്തിൻെറ 11
വലിമയ്ക്കനുസരണം സർവ്വശക്തിയാലും
നിങ്ങൾ ശക്തിപ്പെടുകയും സർവ്വ സഹി
ഷ്ണുതയോടും ദീർഘക്ഷമയോടും, സ
ന്തോഷത്തോടും കൂടി, പ്രകാശത്തിൽ 12
വിശുദ്ധരോടുകൂടിയുള്ള അവകാശത്തി
ൻെറ ഓഹരിക്കു നമ്മെ അർഹരാക്കിയ
പിതാവാം ദൈവത്തെ നിങ്ങൾ സ്തോത്രം
ചെയ്യുവിൻ. താൻ അന്ധകാരത്തിൻെറ 13
അധികാരത്തിൽനിന്നും നമ്മെ രക്ഷിക്കു
കയും തൻെറ പ്രിയപുത്രൻെറ രാജ്യത്തി
ലേക്കു നമ്മെ ആനയിക്കുകയും ചെയ്തി
രിക്കുന്നു. ആ പുത്രനാൽ നമുക്കു രക്ഷയും 14
പാപമോചനവും ഉണ്ട്. അദ്ദേഹം കാണപ്പെ 15
ടാവതല്ലാത്ത ദൈവത്തിൻെറ പ്രതിച്ഛാ
യയും, സർവ്വസൃഷ്ടികൾക്കും ആദ്യനുമാ
കുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള 16
സർവ്വവും ദൃശ്യമായവയും അദൃശ്യമായ
വയും അദ്ദേഹത്താൽ സൃഷ്ടിക്കപ്പെട്ടു.
മൌത്ബെന്മാരാകട്ടെ, മോറാവോസന്മാ
രാകട്ടെ, ആർക്കാവോസന്മാരാകട്ടെ, ശുൽ
തോനന്മാരാകട്ടെ—അദ്ദേഹത്തിൻെറ കൈ
യാലും അദ്ദേഹത്താലും സൃഷ്ടിക്കപ്പെട്ടു.
അദ്ദേഹം സകലത്തിലും മുമ്പേയുള്ളവനാ 17
കുന്നു. സർവ്വവും അദ്ദേഹംമൂലം നിലനിൽ
ക്കുന്നു. താൻ സകലത്തിനും ആദ്യജാത 18
നായിരിക്കുവാൻ തക്കവണ്ണം, തലവനും
മരിച്ചവരുടെ ഇടയിൽനിന്നുള്ള ആദ്യജാത
നും ആകയാൽ, 'സഭ'യാകുന്ന ശരീര
ത്തിൻെറ തലയും താനാകുന്നു. തന്നിൽ 19
സർവ്വപൂർണ്ണതയും സ്ഥിതിചെയ്യുവാനും,
അദ്ദേഹത്തിലൂടെ സർവ്വവും (പിതാവിൽ)
രമ്യതപ്പെടുത്തുവാനും, പിതാവ് ഇഷ്ട 20
പ്പെട്ടു. പിതാവ് ഭൂമിയിലുള്ളതിനേയും
സ്വർഗ്ഗത്തിലുള്ളതിനേയും അദ്ദേഹം മുഖാ

ന്തരം തന്റെ ക്രൂശിലെ രക്തംമൂലം സംയോ
ജിപ്പിക്കുകയുംചെയ്തു.
21 നിങ്ങളേയും, അതേ അന്യരും, നിങ്ങ
ളുടെ ദുഷ്കർമ്മങ്ങൾ നിമിത്തം മനസ്സിൽ
ഒരിക്കൽ ശത്രുക്കളുമായിരുന്ന നിങ്ങളെ,
തന്റെ തിരുമുമ്പിൽ വിശുദ്ധരും കറയില്ലാ
22 ത്തവരും, കുറ്റമില്ലാത്തവരും ആയി നിർത്തേ
ണ്ടതിന്, തന്റെ ജഡശരീരത്താലും,
23 തന്റെ മരണത്താലും ഇപ്പോൾ സംയോ
ജിപ്പിച്ചിരിക്കുന്നു. ആകാശത്തിൻ കീഴുള്ള
സർവ്വസൃഷ്ടിയുടെ ഇടയിലും പ്രസംഗി
ക്കപ്പെട്ടിരിക്കുന്നതും പൌലോസാകുന്ന
ഞാൻ അതിന്റെ ശുശ്രൂഷകനായിരിക്കു
ന്നതുമായ സുവിശേഷത്തിന്റെ പ്രത്യാശ
യിൽനിന്നും നിങ്ങൾ ചഞ്ചലിക്കാതെ—
നിങ്ങളുടെ അടിസ്ഥാനത്തിൽ ഉറപ്പുള്ള
വരായി വിശ്വാസത്തിൽ നിലനിൽക്കണം.
24 നിങ്ങളെപ്രതിയുള്ള കഷ്ടപ്പാടുകളിൽ
ഞാൻ സന്തോഷിക്കുകയാകുന്നു. മ്ശീ
ഹായുടെ ഞെരുക്കങ്ങളിലുള്ള കുറവിനെ
സഭയാകുന്ന തന്റെ ശരീരത്തിനുവേണ്ടി
എന്റെ ശരീരംകൊണ്ടു ഞാൻ തികയ്ക്കു
25 കയും ചെയ്യുന്നു. നിങ്ങളിൽ ദൈവത്തി
ന്റെ വചനം നിവർത്തിക്കുവാനായി,
എനിക്കു നൽകപ്പെട്ടിട്ടുള്ള ദൈവത്തിന്റെ
നടത്തിപ്പിൻപ്രകാരം ഞാൻ അതിന്റെ
(സഭയുടെ) ശുശ്രൂഷകനായിത്തീർന്നിരി
26 ക്കുന്നു. ലോകങ്ങളിൽനിന്നും തലമുറ
കളിൽനിന്നും നിഗൂഢമായിരുന്ന ആ
രഹസ്യം, ഇപ്പോൾ തന്റെ വിശുദ്ധർക്കു
27 വെളിവാക്കപ്പെട്ടിരിക്കുന്നു. അതെ - പുറ
ജാതികളിൽ, ഈ രഹസ്യത്തിന്റെ മഹിമാ
ധിക്യം എന്താകുന്നുവെന്ന് അറിയിപ്പാൻ
ദൈവത്തിന് ഇഷ്ടം തോന്നിയവർക്കു
തന്നെ. നമ്മുടെ മഹത്വത്തിന്റെ പ്രത്യാശ
യാകുന്ന മ്ശീഹാ നിങ്ങളിൽ സ്ഥിതി
ചെയ്യുന്നു എന്നുള്ളതാകുന്നു, ആ രഹ
28 സ്യം. എല്ലാ മനുഷ്യരേയും, യേശുമ്ശീഹാ
യിൽ പൂർണ്ണതയുള്ളവരായി നിറുത്തേണ്ട
തിന് എല്ലാവരോടും ഞങ്ങൾ സകല ജ്ഞാ
നത്തോടെ പ്രസംഗിക്കുകയും അവരെ പഠി
പ്പിക്കുകയും, മനസ്സിലാക്കിക്കൊടുക്കു
29 കയും ചെയ്യുന്നു. ഇതിനായിട്ടത്രെ, എനിക്കു
നൽകപ്പെട്ടിരിക്കുന്ന ശക്തിയുടെ സഹായ
ത്തോടെ ഞാൻ അദ്ധ്വാനിക്കുകയും പോരാ
ടുകയും ചെയ്യുന്നത്.

അദ്ധ്യായം 2

1 നിങ്ങൾക്കുവേണ്ടിയും ലവോദോക്യാ
യിലുള്ളവർക്കുവേണ്ടിയും ശാരീരികമായി
എന്നെ നേരിട്ടു കണ്ടിട്ടില്ലാത്ത മററുള്ള
വർക്കുവേണ്ടിയും, എത്രമാത്രം പോരാട്ട
മാണ് എനിക്കുള്ളത് എന്ന് നിങ്ങൾ അറി
യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അത് 2
അവരുടെ ഹൃദയങ്ങൾക്ക് ആശ്വാസമുണ്ടാ
കുവാനും, അനുസരണത്തിന്റെ സർവ്വ
സമൃദ്ധിയിലേക്കും, പിതാവാം ദൈവത്തി
ന്റേയും, ആരിൽ ജ്ഞാനത്തിന്റേയും
അറിവിന്റേയും സർവ്വ നിക്ഷേപവും നിഗൂ 3
ഢമായിരിക്കുന്നുവോ ആ മ്ശീഹായുടെ
യും രഹസ്യത്തെക്കുറിച്ചുള്ള ജ്ഞാനത്തി
ന്റെ തിരിച്ചറിവിലേക്കും സ്നേഹംമൂലം
അവർ സമീപിക്കേണ്ടതിനുംതന്നെ. വാക്കു 4
കളുടെ ആകർഷണം മൂലം ആരും നിങ്ങളെ
വഴിതെററിക്കാതിരിക്കേണ്ടതിനത്രെ ഞാൻ
ഇതു പറയുന്നത്. എന്തെന്നാൽ ശാരീരിക 5
മായി ഞാൻ നിങ്ങളിൽനിന്നും വിദൂര
സ്ഥനാണെങ്കിലും, ആത്മാവിൽ ഞാൻ
നിങ്ങളോടുകൂടെത്തന്നെയാകുന്നു. നിങ്ങ
ളുടെ ക്രമീകൃതരീതിയും, മ്ശീഹായിലുള്ള
നിങ്ങളുടെ വിശ്വാസത്തിന്റെ ഉറപ്പും കണ്ട്
ഞാൻ സന്തോഷിക്കുന്നു.

നിങ്ങൾ നമ്മുടെ കർത്താവായ യേശു 6
മ്ശീഹായെ കൈക്കൊണ്ടതുപോലെ,
അദ്ദേഹത്തിൽതന്നെ നിങ്ങൾ ജീവിക്കണം.
നിങ്ങളുടെ വേരുകൾ ഉറപ്പിക്കപ്പെട്ടവരും 7
തന്നിൽ നിങ്ങൾ പണിയപ്പെട്ടവരും, സ്തോ
ത്രത്തിൽ നിങ്ങൾ വർദ്ധിച്ചുവരുവാനായി
നിങ്ങൾ പഠിച്ചിട്ടുള്ള വിശ്വാസത്തിൽ നില
നിൽക്കുന്നവരും ആയിരിക്കണം. മ്ശീഹാ 8
യ്ക്ക് അനുരൂപമല്ലാത്ത മനുഷ്യരുടെ
ഉപദേശങ്ങളും ലോകത്തിന്റെ ആദ്യപാഠ
ങ്ങളും അനുസരിച്ച് തത്വജ്ഞാനത്താലും
വ്യർത്ഥമായ വഞ്ചനയാലും ആരും നിങ്ങളെ
അപഹരിക്കാതെ സൂക്ഷിച്ചുകൊള്ളണം.
എന്തെന്നാൽ ദൈവത്തിന്റെ പൂർണ്ണത 9
മുഴുവനും ദേഹരൂപമായി മ്ശീഹായിൽ
വസിക്കുന്നു. സകല പ്രഭുത്വങ്ങൾക്കും, 10
അധികാരങ്ങൾക്കും തലയായിരിക്കുന്ന
വനാൽ നിങ്ങൾ പൂർണ്ണരാക്കപ്പെടുന്നു.
മ്ശീഹായുടെ പരിച്ഛേദനയാൽ—പാപ 11
ശരീരത്തിന്റെ ത്യാഗം നിമിത്തം—കൈ
കളാലല്ലാത്ത പരിച്ഛേദന താൻ മൂലം
നിങ്ങൾക്കു ലഭിച്ചു. മാമ്മൂദീസാമൂലം 12
നിങ്ങൾ തന്നോടുകൂടെ സംസ്കരിക്കപ്പെട്ടു.
മരിച്ചവരുടെ ഇടയിൽനിന്നും തന്നെ ഉയിർ
പ്പിച്ച ദൈവത്തിന്റെ ശക്തിയിൽ നിങ്ങൾ
വിശ്വസിക്കുകമൂലം, അവനോടുകൂടെ
അവൻമൂലം നിങ്ങൾ ഉയിർക്കുകയും
ചെയ്തു:

13 പാപങ്ങളിലും ജഡത്തിൻെറ അഗ്ര
ചർമ്മത്താലും മരിച്ചിരുന്നവരായ നിങ്ങളെ
തന്നോടുകൂടെ അവൻ ജീവിപ്പിച്ചു. നമ്മുടെ
സർവ്വപാപങ്ങളും താൻ നമ്മോടു ക്ഷമിച്ചു.
14 നമുക്കു പ്രതികൂലമായിരുന്ന നമ്മുടെ കട
ങ്ങളുടെ ചീട്ട് തൻെറ കല്പനകളാൽ താൻ
15 മായിച്ചു കളഞ്ഞു. അതിനെ മദ്ധ്യേ നിന്നും
മാററി കുരിശിൽ തറയ്ക്കുകയും ചെയ്തു.
തൻെറ ശരീരത്യാഗത്താൽ പ്രഭുത്വങ്ങ
ളേയും അധികാരികളേയും താൻ അപമാനി
ക്കുകയും തൻെറ തിരുമേനിയാൽ പരസ്യ
മായി അവരെ ലജ്ജിപ്പിക്കുകയും ചെയ്തു.
16 ആകയാൽ, ഭക്ഷണപാനീയങ്ങളാ
ലാകട്ടെ, പെരുന്നാളുകൾ, മാസാരംഭം,
ശാബതുകൾ എന്നിവയുടെ തരംതിരിവു
കളാലാകട്ടെ, ആരും നിങ്ങളെ ചഞ്ചലരാ
17 ക്കരുത്. ഇവ വരുവാനിരുന്നവയുടെ
നിഴലുകൾ ആയിരുന്നു. ശരീരമോ, മ്ശീഹാ
18 ആകുന്നു. തങ്ങൾ കണ്ടിട്ടില്ലാത്തതിൽ
19 ബലമായി പ്രവേശിക്കുകയും, തൻെറ
ജഡികവിചാരത്തിൽ വ്യർത്ഥമായി അഹ
ങ്കരിക്കുകയും യാതൊന്നുകൊണ്ടാണ്,
ശരീരം മുഴുവനും കൂട്ടിച്ചേർക്കപ്പെടുകയും,
സന്ധികളാലും അവയവങ്ങളാലും നില
നിർത്തപ്പെടുകയും, ദൈവികമായ വളർച്ച
പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു
വോ—ആ ശിരസ്സിനെ ആലംബമാക്കാതി
രുന്നുകൊണ്ട്—ആരെങ്കിലും മാലാഖ
മാരുടെ സേവനത്തിന് നിങ്ങളെ കീഴ്പ്പെടു
ത്തുവാൻവേണ്ടി വിനീതമനസ്സോടെ
നിങ്ങളെ കുററപ്പെടുത്തുവാൻ ആഗ്രഹി
20 ച്ചേക്കാം. എന്തെന്നാൽ, ലോകത്തിൻെറ
ആദ്യപാഠങ്ങളിൽനിന്നും, മ്ശീഹായോടു
കൂടെ നിങ്ങൾ മരിച്ചുവെങ്കിൽ, ലോക
ത്തിൽ ജീവിച്ചിരിക്കുന്നവർ എന്ന രീതി
21 യിൽ നിങ്ങൾ വിധിക്കപ്പെടുന്നതെന്തിന്?
22 തൊടരുത്, രുചിക്കരുത്, ബന്ധപ്പെടരുത്,
എന്നിവ ക്ഷയിച്ചുപോകുന്ന ആചാരങ്ങളും
- മനുഷ്യരുടെ കല്പനകളും ഉപദേശങ്ങ
23 ളുമാകുന്നു. വിനയത്തിൻെറയും ദൈവഭയ
ത്തിൻെറയും പ്രതിച്ഛായനിമിത്തം അവ
യിൽ ജ്ഞാനത്തിൻെറ വചനം ഉള്ളതായി
കാണപ്പെട്ടെന്നുവരാം. അവർ ശരീരത്തോടു
നിയന്ത്രണം കാണിക്കുന്നത്, മാന്യമായ
എന്തെങ്കിലുംമൂലമല്ല; പിന്നെയോ, ശാരീ
രികാചാരപരമായവയാലത്രെ.

അദ്ധ്യായം 3

1 ആകയാൽ നിങ്ങൾ മ്ശീഹായോടു
കൂടെ ഉയിർത്ത് എഴുന്നേററിരിക്കുന്നുവെ
ങ്കിൽ, മ്ശീഹാ ദൈവത്തിൻെറ വലത്തു
ഭാഗത്തിരിക്കുന്നിടമായ ഉയരത്തിൽ
ഉള്ളതിനെ അന്വേഷിപ്പിൻ. ഉയരത്തിലു 2
ള്ളതിനെ ചിന്തിപ്പിൻ ഭൌമികമായവ 3
യെയല്ല. എന്തെന്നാൽ നിങ്ങൾ മരിച്ചിരി
ക്കുന്നു. നിങ്ങളുടെ ജീവൻ മ്ശീഹായോടു
കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു.
നമ്മുടെ ജീവനായ മ്ശീഹാ എപ്പോൾ 4
വെളിപ്പെടുമോ, അപ്പോൾ, നിങ്ങളും
തന്നോടൊരുമിച്ച് മഹത്വത്തോടെ, വെളി
പ്പെടും. ആകയാൽ നിങ്ങളുടെ ഭൌമിക 5
അവയവങ്ങളെ അതായത്, വ്യഭിചാരം,
അശുദ്ധി, ദുർവികാരങ്ങൾ, ദുർമോഹം,
വിഗ്രഹാരാധനയാകുന്ന അത്യാഗ്രഹം
എന്നിവയെ നിഗ്രഹിക്കുവിൻ. എന്തെന്നാൽ 6
ഇവ നിമിത്തം ദൈവകോപം അനുസരണ
മില്ലാത്ത മക്കളുടെ മേൽ വന്നുചേരുന്നു.
നിങ്ങളും മുമ്പ് ഇവയിൽ ചരിക്കുകയും 7
വ്യാപരിക്കുകയും ചെയ്തിരുന്നു. ഇപ്പോഴാ 8
കട്ടെ നിങ്ങളിൽനിന്നും കോപം, ക്രോധം,
തിന്മ, ദൂഷണം, അശുദ്ധമായ സംസാരം
എന്നിവയെല്ലാം മാററിക്കളയുവിൻ. നിങ്ങൾ 9
അന്യോന്യം കളവുപറയരുത്. പിന്നെയോ,
പഴയമനുഷ്യനെ അവൻെറ എല്ലാ നടപടി
കളോടും കൂടെ ഉരിഞ്ഞുകളയണം. തൻെറ 10
സ്രഷ്ടാവിൻെറ സാദൃശ്യത്തിൽ ജ്ഞാന
ത്താൽ പുതുക്കപ്പെടുന്ന പുതിയവനെ
ധരിക്കണം. അവിടെ - യഹൂദനെന്നും 11
പുറജാതി എന്നുമില്ല; പരിച്ഛേദനയും
അഗ്രചർമ്മവും എന്നില്ല. ഗ്രേക്കൻ എന്നും,
അപരിഷ്കൃതൻ എന്നുമില്ല; അടിമയെ
ന്നും, സ്വതന്ത്രൻ എന്നും ഇല്ല. എന്നാലോ,
എല്ലാവരിലും എല്ലാം മ്ശീഹാതന്നെ
ആകുന്നു.

ആകയാൽ നിങ്ങൾ വിശുദ്ധരും വത്സല 12
രുമായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട
വരെപ്പോലെ, കരുണയും, മനസ്സലിവും,
ദയയും, മനോവിനയവും, ശാന്തതയും,
ദീർഘക്ഷമയും ധരിക്കണം. നിങ്ങൾ പര 13
സ്പരം സഹിക്കുകയും പരസ്പരം ക്ഷമി
ക്കുകയും വേണം. ഒരുവന് അവൻെറ കൂട്ടു
കാരനോട് വിരോധമുണ്ടെങ്കിൽ, മ്ശീഹാ
നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും
ക്ഷമിക്കണം. ഇവ എല്ലാററിനോടും കൂടെ - 14
പരിപൂർണ്ണതയുടെ ബന്ധനമായ സ്നേഹ
വും (ഉണ്ടായിരിക്കണം).

നിങ്ങൾ ഏക ശരീരമായി തനിക്കായി 15
വിളിക്കപ്പെട്ടിരിക്കുന്ന ആ മ്ശീഹായുടെ
സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരി
ക്കട്ടെ. സർവ്വജ്ഞാനത്തോടും സമൃദ്ധമായി 16

തൻെറ വചനം നിങ്ങളിൽ സ്ഥിതിചെയ്യു
വാൻ വേണ്ടി, മ്ശീഹായെ നിങ്ങൾ സ്തോ
ത്രം ചെയ്തുകൊണ്ടിരിക്കണം. സങ്കീർത്ത
നങ്ങളോടും, സ്തുതിപ്പുകളോടും, ആത്മാ
വിൻെറ ഗാനങ്ങളോടുംകൂടെ നിങ്ങൾ
പരസ്പരം പഠിപ്പിക്കുകയും ഉപദേശിക്കു
17 കയും ചെയ്യുവിൻ. നന്ദിയോടെ നിങ്ങളുടെ
ഹൃദയങ്ങളിൽ ദൈവത്തിനു(സ്തുതി)
പാടുവിൻ. വാക്കിനാലോ, പ്രവൃത്തിയാ
ലോ, നിങ്ങൾ ചെയ്യുന്നതെല്ലാം, നമ്മുടെ
കർത്താവായ യേശുമ്ശീഹായുടെ നാമ
ത്തിൽ ചെയ്യുവിൻ. താൻ മുഖാന്തിരമായി
പിതാവായ ദൈവത്തെ സ്തോത്രം
ചെയ്യുവിൻ.
18 ഭാര്യമാരേ, യുക്തമായിരിക്കുന്നതു
പോലെ, മ്ശീഹായിൽ നിങ്ങളുടെ ഭർത്താ
19 ക്കന്മാർക്കു കീഴ്പെട്ടിരിപ്പിൻ. ഭർത്താക്കന്മാ
രേ, നിങ്ങൾ നിങ്ങളുടെ ഭാര്യമാരെ സ്നേ
ഹിക്കണം—നിങ്ങൾ അവരോടു കഠിനരാ
20 യിരിക്കരുത്. മക്കളേ, നിങ്ങളുടെ മാതാപി
താക്കന്മാരെ എല്ലാ കാര്യത്തിലും, അനുസ
രിക്കണം. ഇതു നമ്മുടെ കർത്താവിൻെറ
21 മുമ്പാകെ പ്രീതികരമാകുന്നു. പിതാക്കന്മാ
രെ, നിങ്ങളുടെ മക്കൾ മനോവേദനപ്പെടാ
തിരിക്കേണ്ടതിന്, അവരെ നിങ്ങൾ കോപി
22 പ്പിക്കരുത്. ദാസന്മാരേ, ശാരീരികരായ
നിങ്ങളുടെ യജമാനന്മാരെ, എല്ലാ കാര്യത്തി
ലും അനുസരിക്കണം. അതു മനുഷ്യരെ
കൺമുമ്പിൽ സേവചെയ്യുന്നവരെപ്പോലെ
യല്ല; പരമാർത്ഥതയുള്ള ഹൃദയത്തോടും,
കർത്താവിലുള്ള ഭക്തിയോടുംകൂടെ ആയി
23 രിക്കട്ടെ. മനുഷ്യരെ ഉദ്ദേശിച്ച് എന്നപോലെ
യല്ല; നമ്മുടെ കർത്താവിനായിട്ട് എന്നതു
പോലെ, നിങ്ങൾ ചെയ്യുന്നതെല്ലാം പൂർണ്ണ
24 മനസ്സോടെ ചെയ്യുവിൻ. നിങ്ങൾ നമ്മുടെ
കർത്താവിൽനിന്നും അവകാശത്തിൻ
പ്രതിഫലം പ്രാപിക്കുമെന്ന് അറിഞ്ഞു
കൊള്ളണം. എന്തെന്നാൽ നിങ്ങൾ സേ
വനം ചെയ്യുന്നത് കർത്താവായ മ്ശീഹാ
25 യ്ക്ക് ആകുന്നു. കുററക്കാരൻ അവൻ
ചെയ്ത കുററത്തിനനുസരിച്ച് പ്രതിഫലം
പ്രാപിക്കും. മുഖപക്ഷമില്ലതന്നെ.

അദ്ധ്യായം 4

1 യജമാനന്മാരേ, നിങ്ങളുടെ ദാസന്മാ
രോട് സമത്വമായും നീതിയായും പ്രവർത്തി
ച്ചുകൊള്ളണം. സ്വർഗ്ഗത്തിൽ നിങ്ങൾക്കും
ഒരു യജമാനനുണ്ട് എന്നറിഞ്ഞുകൊള്ള
2 ണം. എപ്പോഴും പ്രാർത്ഥിപ്പിൻ. അതിൽ
ഉണർവ്വുള്ളവരായിരുന്ന് സ്തോത്രം
ചെയ്വിൻ. ആരെപ്രതി ഞാൻ ബന്ധിത 3
നായിരിക്കുന്നുവോ, ആ മ്ശീഹായുടെ
രഹസ്യം സംസാരിപ്പാൻ, എനിക്കു കട 4
പ്പെട്ടതുപോലെ, അതു വെളിപ്പെടുത്തി
സംസാരിപ്പാൻ, വചനത്തിന്, വാതിൽ
ദൈവം ഞങ്ങൾക്കു തുറന്നുതരുവാനായി,
ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കണം.
പുറത്തുള്ളവരുടെ മുമ്പിൽ നിങ്ങൾ ജ്ഞാ 5
നത്തോടെ പെരുമാറണം. സമയം തക്ക
ത്തിൽ ഉപയോഗിക്കണം. നിങ്ങളുടെ വചനം 6
എപ്പോഴും ഉപ്പിനാൽ എന്നതുപോലെ കൃപ
യാൽ രുചികരമാക്കപ്പെട്ടിരിക്കണം. നിങ്ങൾ
ക്കു യോഗ്യമായിരിക്കുന്നതുപോലെ ഓരോ
രുത്തരോടും ഉത്തരം പറയേണ്ടത് എങ്ങനെ
എന്നു നിങ്ങൾ അറിഞ്ഞിരിക്കണം.
എന്നെ സംബന്ധിച്ചുള്ളവയെല്ലാം പ്രിയ 7
സഹോദരനും, വിശ്വസ്ത ശുശ്രൂഷകനും
കർത്താവിൽ ഞങ്ങളുടെ കൂട്ടുകാരനുമായ
'തുഹിക്കോസ്' നിങ്ങളെ അറിയിക്കും.
നിങ്ങളെ സംബന്ധിച്ചവ അറിയുവാനും, 8
നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിക്കു
വാനുമായി, നിങ്ങളിൽ ഒരുവനും വിശ്വ 9
സ്തനും പ്രിയപ്പെട്ട സഹോദരനുമായ
'ഒനേസിമോസിനോടു'കൂടെ ഇവനെ നിങ്ങ
ളുടെ അടുക്കലേക്കയച്ചിരിക്കുന്നു. ഞങ്ങ
ളെ സംബന്ധിച്ചവ അവർ നിങ്ങളെ
അറിയിക്കും.
എന്നോടുകൂടെ ബന്ധിതനായ 'അരി 10
സ്തർക്കോസ്' നിങ്ങൾക്കു സമാധാനം
ആശംസിക്കുന്നു. നിങ്ങൾക്കു നിർദ്ദേശം
ലഭിച്ചിട്ടുള്ള ബർന്നബായുടെ പിതൃസഹോ
ദരപുത്രനായ മർക്കോസ് നിങ്ങളുടെ
അടുക്കൽ വന്നാൽ നിങ്ങൾ അവനെ സ്വീക
രിക്കണം. യുസ്തോസ് എന്നു വിളിക്കപ്പെടു
ന്ന യേശുവും നിങ്ങൾക്കു സമാധാനം ചൊ
ല്ലുന്നു. ഇവർ ചേലാകർമ്മത്തിൽ നിന്നുള്ള 11
വരാകുന്നു. പരിച്ഛേദനക്കാരിൽ ഇവർ മാ
ത്രമാണ് 'ദൈവരാജ്യ'കാര്യത്തിൽ എന്നെ
സഹായിച്ചിട്ടുള്ളത്. അവർ എനിക്ക് ആശ്വാ
സമായി സ്ഥിതിചെയ്തു. നിങ്ങളിൽ 12
ഒരുവനും മ്ശീഹായുടെ ദാസനുമായ എപ്പ
പ്രാ നിങ്ങൾക്കു സമാധാനം ചൊല്ലുന്നു.
നിങ്ങൾ പൂർണ്ണരും, ദൈവത്തിൻെറ സകല
ഇഷ്ടത്തിലും തികഞ്ഞവരുമായി നില
കൊള്ളേണ്ടതിന് അവൻ എപ്പോഴും നിങ്ങൾ
ക്കുവേണ്ടി ഉത്സാഹപൂർവ്വം പ്രാർത്ഥിക്കു
ന്നു. നിങ്ങളെക്കുറിച്ചും ലാവ്ദോക്യായിലു 13
ള്ളവരെക്കുറിച്ചും (ഈറോപോലീസിലുള്ള
വരെക്കുറിച്ചും) അവനു വളരെയേറെ തീ
ക്ഷ്ണതയുണ്ടെന്ന് അവനെപ്പററി ഞാൻ

4 സാക്ഷിപ്പെടുത്തുന്നു. നമ്മുടെ വത്സല
വൈദ്യനായ ലൂക്കോസും, ദീമായും, നിങ്ങൾ
5 ക്കു സമാധാനം ആശംസിക്കുന്നു. ലവ്ദോ
ക്യായിലുള്ള സഹോദരന്മാർക്കും 'നുംപി'
ക്കും അവന്റെ* വീട്ടിലുള്ള സഭയ്ക്കും സ
മാധാനം ആശംസിക്കുവിൻ.
6 ഈ ലേഖനം നിങ്ങളുടെ അടുക്കൽ
വായിക്കപ്പെട്ടശേഷം ലവ്ദോക്യക്കാരുടെ
സഭയിലും വായിക്കപ്പെടുവാൻ(ഏർപ്പാടു
ചെയ്യണം). ലവ്ദോക്യായിൽനിന്നും എഴുത
പ്പെട്ടത് നിങ്ങളും വായിക്കണം. അർക്കി 17
പ്പോസിനോട്- 'കർത്താവിൽനിന്നും നീ
സ്വീകരിച്ച ശുശ്രൂഷ നിറവേററുവാൻ
തക്കവണ്ണം ശ്രദ്ധിക്കണം.' എന്നു നിങ്ങൾ
പറയണം.

ഈ 'സമാധാനം' പൌലോസായ 18
ഞാൻ എന്റെ സ്വന്തം കൈയാൽ എഴുതി
യിരിക്കുന്നു. എന്റെ ബന്ധനങ്ങളെ നിങ്ങൾ
ഓർക്കുന്നവരായിരിക്കണം. കൃപ നിങ്ങ
ളോടുകൂടെ ഉണ്ടായിരിക്കട്ടെ—ആമ്മീൻ.

റോമിൽനിന്ന് എഴുതപ്പെടുകയും തുഹിക്കോസ് വശം കൊടുത്തയയ്ക്കപ്പെടുകയും ചെയ്ത കൊലോസ്യർക്കുള്ള ലേഖനം സമാപ്തം.

*ബ്ബൈത്തെ (അവന്റെ ഭവനത്തിൽ)

തെസ്സലോനിക്യർക്കുള്ള ലേഖനങ്ങൾ

തെസ്സലോനിക്യാ: റോമർ ഗ്രീക്കുകാരെ ജയിച്ചശേഷം മാസിഡോണിയായുടെ തലസ്ഥാനമായി തെസ്സലോനിക്യായെ ഉയർത്തി. ജനാധിപത്യരീതിയിൽ, നഗരവാസികൾതന്നെ നഗരഭരണം നടത്തുവാൻ സ്വാതന്ത്ര്യവും നൽകി. അവിടെ യഹൂദ ജനസംഖ്യ ഗണ്യമായുണ്ടായിരുന്നതിനാൽ പ്രാർത്ഥനാലയവുമുണ്ടായിരുന്നു. വി. പൌലോസ് തെസ്സലോനിക്യായിൽ എത്തിയപ്പോൾ യഹൂദന്മാർ കലാപമുണ്ടാക്കിയെങ്കിലും തദ്ദേശക്രൈസ്തവർ വേണ്ടതുപോലെ സഹായിച്ചു. ഇവർക്കു വി. പൌലോസ് രണ്ടു ലേഖനങ്ങൾ എഴുതി.

1-ാം ലേഖനകാലം ക്രി. 52 എന്നും വി. പൌലോസ് ഒന്നാമത് എഴുതിയ ലേഖനം ഇതാണെന്നും വിചാരിക്കപ്പെടുന്നു. ഗലാത്യലേഖനമാണ് 1-ാമത്തേത് എന്നുള്ള പക്ഷക്കാരുമുണ്ട്. വി. പൌലോസിന്റെ പല ലേഖനങ്ങളിലേയും ഗഹനമായ കാര്യങ്ങളെപ്പോലെയല്ല; സഭ സംബന്ധിച്ച സദുപദേശങ്ങളാണ് ഇതിൽ അധികവും. ഇതിൽ അദ്ദേഹം, നമ്മുടെ കർത്താവിന്റെ ദൈവത്വം, മനുഷ്യർക്കുവേണ്ടിയുള്ള തന്റെ കഷ്ടാനുഭവം, പുനരുത്ഥാനം, താനുമായി ക്രിസ്ത്യാനിക്കുള്ള ബന്ധം, പരിശുദ്ധാത്മദാനം എന്നിവയെക്കുറിച്ച്, അവയാണ് ക്രിസ്ത്യാനിയുടെ ജീവദായകമായ സത്യവചനം എന്നു സമർത്ഥിച്ചിരിക്കുന്നു. ക്രിസ്തീയ ജീവിതാഭിവൃദ്ധിയാണു പ്രധാന ലക്ഷ്യം.

2-ാം ലേഖനോദ്ദേശം: പല കാരണങ്ങൾ പറയപ്പെടുന്നു. നമ്മുടെ കർത്താവിന്റെ പുനരാഗമനത്തെക്കുറിച്ചുള്ള പ്രസ്താവന ചിലർ തെറ്റിദ്ധരിച്ചു. സഭയിൽ ഉപദ്രവങ്ങൾ ഉണ്ടായി. ചിലരുടെ അനാശ്യാസമായ ജീവിതരീതി, ശ്ലീഹന്മാരുടെ പേരുവച്ച് ചിലർ വ്യാജലേഖനങ്ങൾ എഴുതി. ഈ ലേഖനവും ക്രി. 52-ൽ തന്നെ എഴുതി എന്നു വിചാരിക്കുന്നു; ഒന്നും രണ്ടും ലേഖനങ്ങൾ.

വിഷയവിവരം

1-ാം ലേഖനം

അദ്ധ്യായം 1: തെസ്സലോന്യരുടെ അഭിവൃദ്ധിയെക്കുറിച്ചുള്ള അഭിനന്ദനം.

അദ്ധ്യായം 2: 1-20 തന്റെയും സഹപ്രവർത്തകരുടെയും അവിടെയുണ്ടായിരുന്ന നിരന്തരമായ പ്രവർത്തനം.

അദ്ധ്യായം 3: 1-5 വി. പൌലോസ് തിമോത്തെയോസിനെ അവിടേക്കയയ്ക്കുന്നു. 6-10 തിമോത്തെയോസ് പ്രോത്സാഹജനകമായ വിവരം അറിയിച്ചു. 11-13 വി.പൌലോസ് അവരെ സന്ദർശിക്കുവാൻ ആഗ്രഹിക്കുന്നു.

അദ്ധ്യായം 4: 1-12 അഭിവൃദ്ധിക്കുള്ള നിർദ്ദേശങ്ങൾ. 13-17 മ്ശിഹായുടെ ആഗമനവും, മ്ശിഹായിൽ മൃതരായവരും.

അദ്ധ്യായം 5: 1-11 കർത്താവിന്റെ ദിവസത്തിന്റെ പെട്ടെന്നുള്ള വരവിനെക്കുറിച്ചും, വിശ്വാസികളുടെ ഒരുക്കത്തെക്കുറിച്ചും. 12-22 വിശുദ്ധജീവിതത്തിന്നുള്ള നിർദ്ദേശങ്ങൾ. 23-28 സമാപനം.

2-ാം ലേഖനം

അദ്ധ്യായം 1: 1-4 അവരുടെ അഭിവൃദ്ധിയിൽ ദൈവത്തിനു സ്തോത്രം. 5-10 അവരുടെ പീഡനത്തിൽ പ്രോത്സാഹനം. 11-12 ദൈവാനുഗ്രഹത്തിന്നായി പ്രാർത്ഥന.

അദ്ധ്യായം 2: 1-12 കർത്താവിന്റെ ദിവസം-പാപമനുഷ്യൻ 13-17 സുവിശേഷത്തിലും പാരമ്പര്യങ്ങളിലും ഉറച്ചുനിൽക്കുവാൻ പ്രബോധനം.

അദ്ധ്യായം 3: 1-15 നിസ്വാർത്ഥമായ സേവനം. ക്രമമില്ലാതെയും ശ്ലൈഹിക പാരമ്പര്യത്തിന്നെതിരായും (6)നിൽക്കുന്നവരിൽനിന്നും പിൻതിരിയണം. 16-18 ആശീർവാദം.

പൗലോസ് ശ്ലീഹാ തെസ്സലോനിക്യർക്ക് എഴുതിയ ഒന്നാം ലേഖനം

അദ്ധ്യായം 1

1 പൗലോസും സിൽവാനോസും, തീ
മോത്തെയോസുംകൂടി പിതാവായ ദൈവ
ത്തിലും നമ്മുടെ കർത്താവായ യേശു
ക്രിസ്തുവിലുമുള്ള തെസ്സലോനിക്യായിലെ
സഭയ്ക്ക് (എഴുതുന്നത്) കൃപയും സമാധാ
നവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.
2 നിങ്ങൾ എല്ലാവർക്കുംവേണ്ടി ഞങ്ങൾ
എപ്പോഴും ദൈവത്തെ സ്തോത്രം ചെയ്യു
3 ന്നു; ഞങ്ങളുടെ പ്രാർത്ഥനകളിൽ നിരന്തരം
നിങ്ങളെ ഓർക്കുന്നു; നിങ്ങളുടെ വിശ്വാസ
ത്തിൻെറ പ്രവർത്തനങ്ങളേയും, നിങ്ങളുടെ
സ്നേഹപൂർവ്വമായ പ്രയത്നങ്ങളേയും, നമ്മു
ടെ കർത്താവേശുമ്ശീഹായെക്കുറിച്ചുള്ള
നിങ്ങളുടെ പ്രത്യാശാപൂർവ്വകമായ സഹി
ഷ്ണുതയേയും, പിതാവായ ദൈവത്തി
ൻെറ മുമ്പാകെ ഞങ്ങൾ അനുസ്മരിക്കയും
4 ചെയ്യുന്നു. എന്തെന്നാൽ ദൈവത്തിൻെറ
വാത്സല്യഭാജനങ്ങളായ എൻെറ സഹോദര
ന്മാരേ, നിങ്ങളുടെ തിരഞ്ഞെടുപ്പിനെ
5 ഞങ്ങൾ അറിയുന്നു. ഞങ്ങളുടെ പ്രസംഗം,
നിങ്ങളുടെ അടുക്കൽ എത്തിയത് വചന
ങ്ങൾ വഴിമാത്രമല്ല, പിന്നെയോ ശക്തിയോ
ടും പരിശുദ്ധാത്മാവോടും സുസ്ഥിരമായ
നിശ്ചയത്തോടും കൂടെയായിരുന്നു. ഞ
ങ്ങൾ, നിങ്ങളെപ്രതി നിങ്ങളുടെ ഇടയിൽ
എപ്രകാരം വർത്തിച്ചു എന്നു നിങ്ങൾക്ക്
6 അറിവുണ്ടല്ലോ. വളരെ ക്ലേശത്തോടും,
പരിശുദ്ധാത്മസന്തോഷത്തോടുംകൂടെ
നിങ്ങൾ വചനം കൈക്കൊള്ളുകയാൽ,
നിങ്ങൾ ഞങ്ങൾക്കും നമ്മുടെ കർത്താവി
7 നും അവകാശികളായിത്തീർന്നു. അങ്ങനെ
നിങ്ങൾ മക്കദോന്യയിലും ആഖിയായിലു
മുള്ള വിശ്വാസികൾക്കു മാതൃകയുമായി
8 ത്തീർന്നു. എന്തെന്നാൽ നമ്മുടെ കർത്താ
വിൻെറ വചനം നിങ്ങളിൽനിന്നും കേൾക്ക
പ്പെട്ടത് മക്കദോന്യയിലും ആഖിയായിലും
മാത്രമല്ല; പിന്നെയോ, നിങ്ങളെക്കുറിച്ച്
ഒന്നുംതന്നെ ഞങ്ങൾ പറയേണ്ട ആവശ്യമി
ല്ലാത്തവിധം, ദൈവത്തിലുള്ള നിങ്ങളുടെ വി
ശ്വാസം എല്ലാ ദേശങ്ങളിലും പ്രസിദ്ധമായി
രിക്കുന്നു. നിങ്ങളുടെ അടുക്കൽ ഞങ്ങൾക്ക് 9
ഏതുവിധം പ്രവേശനം സിദ്ധിച്ചു എന്നും,
ജീവനുള്ള സത്യദൈവത്തെ ആരാധിപ്പാ
നായിട്ട്, വരുവാനിരിക്കുന്ന കോപത്തിൽ
നിന്നു നമ്മെ രക്ഷിക്കുന്നവനായി—മരിച്ച 10
വരുടെ ഇടയിൽനിന്നും താൻ ഉയിർപ്പിച്ച
യേശുവിനെ—തൻെറ പുത്രനെ —സ്വർഗ്ഗ
ത്തിൽനിന്നു (വരുന്നത്) കാത്തിരുന്നുകൊ
ണ്ട്—വിഗ്രഹാരാധനയിൽ നിന്നും നിങ്ങൾ
ദൈവസന്നിധിയിലേക്കു തിരിഞ്ഞത് എങ്ങ
നെയെന്നും അവർതന്നെ വിവരിക്കും.

അദ്ധ്യായം 2

എൻെറ സഹോദരന്മാരേ, നിങ്ങളുടെ 1
അടുക്കലേക്കുള്ള ഞങ്ങളുടെ പ്രവേശനം
വ്യർത്ഥമായില്ല, എന്നു നിങ്ങൾതന്നെ
അറിയുന്നുവല്ലോ. നിങ്ങൾക്കറിവുള്ളതു 2
പോലെ ഫിലിപ്പ്യയിൽവെച്ചു, മുമ്പ് ഞങ്ങൾ
പീഡയനുഭവിക്കയും അവമാനിക്കപ്പെടു
കയും ചെയ്തു. അതിനുശേഷം, മ്ശീഹാ
യുടെ സുവിശേഷത്തെ, വലിയ പോരാട്ട
ത്തോടെ, നമ്മുടെ ദൈവത്തിലുള്ള ധൈര്യ
ത്തോടെ നിങ്ങളോടു ഞങ്ങൾ പ്രസംഗിച്ചു.
ഞങ്ങളുടെ പ്രബോധനം അബദ്ധത്തിൽ 3
നിന്നോ, അശുദ്ധിയിൽനിന്നോ, വഞ്ചന
യോടെയോ അല്ലായിരുന്നു. പിന്നെയോ 4
തൻെറ സുവിശേഷം വിശ്വസ്തമായി
ഏല്പിക്കപ്പെടുവാൻ തക്കവണ്ണം ഞങ്ങൾ
ദൈവത്താൽ പരിശോധിക്കപ്പെട്ടവരായിരി
ക്കുന്നതുപോലെതന്നെ, ഞങ്ങൾ മനുഷ്യ
രെ പ്രസാദിപ്പിക്കത്തക്കവിധമല്ല; പിന്നെ
യോ, ഞങ്ങളുടെ ഹൃദയങ്ങളെ പരിശോധി
ക്കുന്ന ദൈവത്തെ പ്രസാദിപ്പിക്കുവാനായി
ഞങ്ങൾ സംസാരിക്കുന്നു. എന്തെന്നാൽ— 5
നിങ്ങൾക്കറിവുള്ളതാണല്ലോ; ഞങ്ങൾ ഒരി
ക്കലും വശീകരണവാക്കുകൊണ്ടും, അത്യാ
ഗ്രഹമെന്ന ഉദ്ദേശത്തോടുംകൂടി പെരുമാറി
യിട്ടില്ല എന്ന്. ഇതിനു ദൈവം സാക്ഷി.
മ്ശീഹായുടെ ശ്ലീഹന്മാർ എന്ന നിലയിൽ 6
ബഹുമാന്യരായിരിപ്പാൻ ഞങ്ങൾക്കു

കഴിയുമായിരുന്നിട്ടും ഞങ്ങൾ മനുഷ്യ
രോട്—നിങ്ങളോടാകട്ടെ, മററുള്ളവരോടാ
7 കട്ടെ ബഹുമാനം അന്വേഷിച്ചിട്ടില്ല. എന്നാ
ലോ, ഞങ്ങൾ നിങ്ങളുടെ ഇടയിൽ, വിനീ
തരും, തൻെറ മക്കളെ വാത്സല്യത്തോടെ
പോററി വളർത്തുന്ന അമ്മയെപ്പോലെയു
8 മായിരുന്നു. ഇങ്ങനെ നിങ്ങളെ ഞങ്ങൾ
ഓമനിച്ചുകൊണ്ട് ദൈവത്തിൻെറ സുവി
ശേഷം മാത്രമല്ല; നിങ്ങൾ ഞങ്ങളുടെ വത്സ
ലരാകയാൽ, ഞങ്ങളുടെ ജീവൻകൂടെ വച്ചു
9 തരുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. എന്തെ
ന്നാൽ എൻെറ സഹോദരന്മാരേ, നിങ്ങളിൽ
ഒരുവനുപോലും ഞങ്ങൾ ഭാരമാകാതിരി
പ്പാൻവേണ്ടി, ഞങ്ങൾ രാവും പകലും ഞങ്ങ
ളുടെ കൈകൾകൊണ്ട് വേലചെയ്ത് അദ്ധ്വാ
നിച്ചിരുന്നതു നിങ്ങൾ ഓർക്കുന്നുണ്ടല്ലോ.
10 ദൈവത്തിൻെറ സുവിശേഷം നിർമ്മലത
യോടും, നീതിയോടുംകൂടെ ഞങ്ങൾ നിങ്ങ
ളോടു പ്രസംഗിക്കുകയും സകല വിശ്വാസി
കളുടെയും മുമ്പിൽ കുററമില്ലാത്തവരായിരി
ക്കുകയും ചെയ്തു എന്നതിന് നിങ്ങളും,
11 ദൈവവും സാക്ഷി. പിതാവ് തൻെറ മക്ക
ളോടെന്നതുപോലെ നിങ്ങളിൽ ഓരോരു
വനോടും ഉപദേശിക്കുകയും ഓരോരുവ
നേയും ആശ്വസിപ്പിക്കയും ചെയ്തിരുന്നു
12 വെന്നു നിങ്ങൾക്കറിയാമല്ലോ. തൻെറ
രാജ്യത്തിലേക്കും മഹിമയിലേക്കും നിങ്ങ
ളെ വിളിച്ച ദൈവത്തിനു യോഗ്യമായ വിധ
ത്തിൽ നിങ്ങൾ നടക്കണം എന്ന് നിങ്ങ
ളോടു ഞങ്ങൾ സാക്ഷിക്കുന്നു.
13 ഇതു നിമിത്തമായി—ഞങ്ങളിൽനി
ന്നും നിങ്ങൾ സ്വീകരിച്ച ദൈവവചനം മനു
ഷ്യരുടെ വചനമായിട്ടല്ല; അതു യഥാർത്ഥ
ത്തിൽ ആയിരിക്കുന്നതുപോലെ ദൈവത്തി
ൻെറ വചനമായിത്തന്നെ നിങ്ങൾ സ്വീകരി
ച്ചു. നിങ്ങളിലും, വിശ്വസിക്കുന്നവരിലും, അതു
പ്രവൃത്തിയാൽ നിവർത്തിക്കപ്പെടുന്നു
എന്നതിലും ഞങ്ങൾ നിരന്തരം ദൈവത്തി
14 നു സ്തോത്രം അർപ്പിക്കുന്നു. എൻെറ സഹോ
ദരന്മാരേ, നിങ്ങൾ—യഹൂദ്യായിൽ യേശു
മ്ശീഹായിലുള്ള ദൈവസഭകളോട് സദൃ
15 ശരായിരിക്കുന്നു. എന്തെന്നാൽ, നമ്മുടെ
കർത്താവിനെയും അവരിൽനിന്നു തന്നെ
യുണ്ടായ പ്രവാചകന്മാരെയും കൊല്ലു
കയും ഞങ്ങളെ പീഡിപ്പിക്കുകയും, ദൈവ
ത്തെ പ്രസാദിപ്പിക്കാതിരിക്കയും, സർവ്വ
16 മനുഷ്യർക്കും വിരോധികളായിത്തീരുക
യും, പുറജാതികൾ ജീവൻ പ്രാപിക്കേണ്ട
തിനായി അവരോടു സംസാരിക്കുന്നതിൽ
നിന്നും ഞങ്ങളുടെ പാപങ്ങൾ എപ്പോഴും
പൂർത്തിയാക്കുമാറു ഞങ്ങളെ വിരോധിക്ക
യും ചെയ്യുന്ന യഹൂദന്മാരിൽനിന്നും അവർ
എപ്രകാരമോ—അങ്ങനെതന്നെ, നിങ്ങളു
ടെ വംശക്കാരിൽനിന്നും നിങ്ങളും അനുഭ
വിച്ചുവല്ലോ. ദൈവകോപം അവരുടെമേൽ
എത്തിക്കഴിഞ്ഞിരിക്കുന്നു.
എൻെറ സഹോദരന്മാരേ, ഞങ്ങൾ 17
അല്പകാലത്തേക്ക് ഞങ്ങളുടെ മനസ്സു
കൊണ്ടല്ല; മുഖംകൊണ്ട് നിങ്ങളിൽനിന്നും
വേർപിരിഞ്ഞിരിക്കുന്നു. എന്നാൽ കൂടുതൽ
സ്നേഹത്തോടെ, നിങ്ങളുടെ മുഖങ്ങൾ
കാണുവാൻ ഞങ്ങൾ താല്പര്യപ്പെട്ടു. നിങ്ങ 18
ളുടെ അടുക്കൽ എത്തുവാൻ ഞങ്ങൾ —
പൌലോസായ ഞാൻ ഒന്നുരണ്ടു പ്രാവശ്യം
ആഗ്രഹിച്ചു. എന്നാൽ സാത്താൻ എനിക്കു 19
തടസ്സമുണ്ടാക്കി. നമ്മുടെ കർത്താവായ
യേശുമ്ശീഹായുടെ വരവിങ്കൽ, തൻെറ
മുമ്പാകെ ഞങ്ങളുടെ പ്രത്യാശയും, സന്തോ
ഷവും, പ്രശംസയുടെ കിരീടവും, നിങ്ങളല്ലാ
തെ മററാരാണ്? എന്തെന്നാൽ നിങ്ങളത്രെ 20
ഞങ്ങളുടെ മഹത്വവും സന്തോഷവും.

അദ്ധ്യായം 3

ഞങ്ങൾക്കു ക്ഷമിച്ചിരിക്കാൻ വഹിയാ 1
ത്തതുകൊണ്ട്, ഞങ്ങൾ തനിയെ ആതൻ
സിൽ താമസിക്കാമെന്നും, നിങ്ങളിൽ ആരും 2
ഈ ഞെരുക്കങ്ങൾ നിമിത്തം ചഞ്ചലിച്ചു
പോകാതിരിക്കുവാൻ വേണ്ടി, നിങ്ങളെ സു
സ്ഥിരരാക്കുവാനും, വിശ്വാസത്തെപ്പററി
നിങ്ങളോടുപദേശിക്കുവാനുമായി—ഞങ്ങ 3
ളുടെ സഹോദരനും, ദൈവത്തിൻെറ ശുശ്രൂ
ഷകനും, മ്ശീഹായുടെ സുവിശേഷത്തിൽ
ഞങ്ങളുടെ സഹായകനുമായ തീമോത്തെ
യോസിനെ നിങ്ങളുടെ അടുക്കൽ അയയ്
ക്കാമെന്നും ഞങ്ങൾ ആഗ്രഹിച്ചു. ഞെരുക്ക
ങ്ങൾ അനുഭവിപ്പാനായിട്ടാകുന്നു നാം നിയ
മിക്കപ്പെട്ടിരിക്കുന്നതെന്നു നിങ്ങൾക്കറിയാ
മല്ലോ. എന്തെന്നാൽ ഞങ്ങൾ നിങ്ങളുടെ 4
അടുക്കൽ ആയിരിക്കുമ്പോൾ—നമുക്ക്
ഞെരുക്കങ്ങൾ അനുഭവിക്കേണ്ടിവരുമെ
ന്നു മുൻകൂട്ടിത്തന്നെ പറഞ്ഞിട്ടുണ്ടല്ലോ.
അപ്രകാരം സംഭവിച്ചു എന്ന് നിങ്ങൾ അറി
യുന്നുവല്ലോ. ആകയാൽ പരീക്ഷകൻ നി 5
ങ്ങളെ പരീക്ഷിക്കയും ഞങ്ങളുടെ പ്രയത്നം
വ്യർത്ഥമായിത്തീരുകയും ചെയ്യാതിരിക്കേ
ണ്ടതിന്, നിങ്ങളുടെ വിശ്വാസത്തെപ്പററി
അറിയുവാൻ ആളയയ്ക്കുന്നതുവരെ ക്ഷമി
ച്ചിരിക്കുവാൻ എനിക്കു സാദ്ധ്യമായില്ല.
ഇപ്പോൾ തീമോത്തെയോസ് നിങ്ങളുടെ 6
അടുക്കൽനിന്ന് ഞങ്ങളുടെ അടുക്കൽ വന്ന്,

നിങ്ങളുടെ വിശ്വാസത്തെക്കുറിച്ചും സ്നേ
ഹത്തെക്കുറിച്ചും, എപ്പോഴും ഞങ്ങളെപ്പററി
നല്ല സ്മരണ നിങ്ങൾക്കുണ്ടെന്നും, നിങ്ങളെ
കാണുവാൻ ഞങ്ങൾക്കുള്ളതുപോലെത
ന്നെ, ഞങ്ങളെക്കാണുവാൻ നിങ്ങൾക്കും
അതിയായ ആഗ്രഹമുണ്ടെന്നും, അറിയിച്ചി
7 രിക്കകൊണ്ട്—ഞങ്ങളുടെ സഹോദരന്മാരേ,
ഞങ്ങളുടെ എല്ലാ ദുഃഖത്തിലും, ഞെരുക്ക
ങ്ങളിലുംപോലും നിങ്ങൾമൂലം ഞങ്ങൾ
8 ആശ്വാസം പ്രാപിച്ചിരിക്കുന്നു. നിങ്ങൾ
നമ്മുടെ കർത്താവിൽ നിലനിൽക്കുന്നുവെ
ങ്കിൽ—അപ്പോളാകുന്നു ഞങ്ങൾ ജീവിക്കു
9 ന്നത്. ഞങ്ങൾ നിങ്ങളുടെ മുഖം കാണുവാ
10 നും നിങ്ങളുടെ വിശ്വാസത്തിന് എന്തെങ്കി
ലും കുറവുണ്ടെങ്കിൽ പൂർണ്ണമാക്കുവാനു
മായി, ദൈവത്തിൻെറ മുമ്പാകെ രാവും പക
ലും കൂടുതലായി പ്രാർത്ഥിക്കുകയല്ലാതെ,
നിങ്ങളുടെ നിമിത്തമായി ഞങ്ങൾ അനുഭ
വിക്കുന്ന സർവ്വ സന്തോഷത്തിനുമായി,
നിങ്ങൾക്കുവേണ്ടി ദൈവത്തിന് ഏതുവിധ
സ്തോത്രം അർപ്പിക്കുവാൻ ഞങ്ങൾക്കു കഴി
11 യും? നമ്മുടെ പിതാവാം ദൈവവും നമ്മുടെ
കർത്താവായ യേശുമ്ശീഹായും, നിങ്ങ
ളുടെ അടുക്കലേക്കു (വരുവാനുള്ള) ഞങ്ങ
ളുടെ മാർഗ്ഗം നേരെയാക്കിത്തരട്ടെ. നിങ്ങളെ
12 ഞങ്ങൾ സ്നേഹിക്കുന്നതുപോലെതന്നെ,
അന്യോന്യവും എല്ലാവരോടും ഉള്ള നിങ്ങ
ളുടെ സ്നേഹം വർദ്ധിപ്പിക്കയും അത്യധിക
13 മാക്കുകയും ചെയ്യട്ടെ. തൻെറ സർവ്വ വിശു
ദ്ധന്മാരോടും കൂടിയുള്ള നമ്മുടെ കർത്താ
വേശുമ്ശീഹായുടെ വരവിങ്കൽ നമ്മുടെ
പിതാവാം ദൈവത്തിൻെറ മുമ്പാകെ, നിങ്ങ
ളുടെ ഹൃദയങ്ങളെ കുററമില്ലാതെ വിശുദ്ധി
യിൽ സ്ഥിരമാക്കുകയും ചെയ്യട്ടെ.

അദ്ധ്യായം 4

1 ഇനിയും, എൻെറ സഹോദരന്മാരേ,
എങ്ങനെ നിങ്ങൾ നടക്കണം, എങ്ങനെ
ദൈവത്തെ പ്രസാദിപ്പിക്കണം, എന്ന്
നിങ്ങൾ ഞങ്ങളിൽ നിന്നും ഗ്രഹിച്ചതിനെ
നിങ്ങൾ അത്യധികമായി അഭിവൃദ്ധിപ്പെടു
ത്തണമെന്നു നമ്മുടെ കർത്താവേശുമ്ശീ
ഹായിൽ നിങ്ങളോടപേക്ഷിക്കയും യാചി
2 ക്കുകയും ചെയ്യുന്നു. നമ്മുടെ കർത്താവേ
ശുമ്ശീഹായിൽ ഞങ്ങൾ നിങ്ങൾക്കു
നൽകിയ കല്പനകൾ ഏവ എന്ന് നിങ്ങൾ
3 ക്ക് അറിയാം. ദൈവത്തിൻെറ ഇഷ്ടമോ,
നിങ്ങളുടെ വിശുദ്ധിതന്നെ. നിങ്ങൾ എല്ലാ
വിധ വ്യഭിചാരത്തിൽനിന്നും അകന്നിരി
4 ക്കണം. നിങ്ങളിൽ ഓരോരുവനും, ദൈവ
ത്തെ അറിയാത്ത വിജാതീയരെപ്പോലെ
മോഹവികാരങ്ങളിലല്ല; വിശുദ്ധിയിലും 5
ബഹുമാനത്തിലും അവരവരുടെ പാത്രം
സൂക്ഷിക്കുവാൻ അറിയുന്നവരായിരി
ക്കണം. ഈ സംഗതിയിൽ ആരും അതിക്രമി 6
ക്കുവാനും, തൻെറ സഹോദരനോട് അക്രമം
പ്രവർത്തിക്കുവാനും തുനിയരുത്. ഞങ്ങൾ
മുമ്പുതന്നെ നിങ്ങളോടു പറയുകയും
സാക്ഷിക്കുകയും ചെയ്തതുപോലെ—
ഇവയ്ക്കെല്ലാം പ്രതികാരം ചെയ്യുന്നവൻ,
നമ്മുടെ കർത്താവാകുന്നു. എന്തെന്നാൽ 7
ദൈവം നിങ്ങളെ വിളിച്ചിരിക്കുന്നത്, അശു
ദ്ധിക്കല്ല; വിശുദ്ധിയ്ക്കത്രെ. ആകയാൽ 8
നിരസിക്കുന്നവൻ, മനുഷ്യനെയല്ല, തൻെറ
പരിശുദ്ധാത്മാവിനെ നിങ്ങൾക്കു തന്ന
വനായ ദൈവത്തെയത്രെ നിരസിക്കുന്നത്.
സഹോദരസ്നേഹത്തെക്കുറിച്ച് നി 9
ങ്ങൾക്ക് എഴുതേണ്ട ആവശ്യമില്ല. പര
സ്പരം സ്നേഹിക്കുവാൻ നിങ്ങൾ തന്നെ
ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരാണല്ലോ.
മക്കദോന്യ എങ്ങുമുള്ള സഹോദരന്മാ 10
രോടും നിങ്ങൾ ഇങ്ങനെ പ്രവർത്തിച്ചു
കൊണ്ടുമിരിക്കുന്നു. നിങ്ങൾ അതിൽ അഭി
വൃദ്ധി പ്രാപിക്കണമെന്നും, നിങ്ങൾ ശാന്തത
യോടെ വർത്തിച്ച്, നിങ്ങളുടെ ജോലികളിൽ 11
എപ്പോഴും ഏർപ്പെട്ടിരിക്കണമെന്നും, അതി
ന് ഉത്സാഹിക്കണമെന്നും എൻെറ സഹോ
ദരന്മാരേ, ഞാൻ നിങ്ങളോടപേക്ഷിക്കുന്നു.
പുറത്തുള്ളവരുടെ മദ്ധ്യേ, നിങ്ങൾ മാന്യത 12
യോടെ നടക്കുകയും, ഒരുവനോടും ഒന്നും
ആവശ്യപ്പെടാതിരിക്കേണ്ടതിന്—ഞങ്ങൾ
നിങ്ങളോട് കല്പിച്ചിട്ടുള്ളതനുസരിച്ച്
നിങ്ങളുടെ കൈകൾകൊണ്ട് വേല ചെയ്യു
കയും വേണം.
എൻെറ സഹോദരന്മാരേ, പ്രത്യാശയി 13
ല്ലാത്ത മററാളുകളെപ്പോലെ—നിദ്ര പ്രാപി
ക്കുന്നവരെക്കുറിച്ച് നിങ്ങൾ ദുഃഖിക്കരുത്
എന്നു നിങ്ങൾ അറിയണമെന്ന് ഞാൻ
ആഗ്രഹിക്കുന്നു. എന്തെന്നാൽ യേശു മരി 14
ക്കയും ഉയിർക്കുകയും ചെയ്തു എന്നു നാം
വിശ്വസിക്കുന്നുവെങ്കിൽ—അപ്രകാരംത
ന്നെ ദൈവം, യേശുവിൽ നിദ്രപ്രാപിച്ചവരേ
യും അവനോടുകൂടെ കൊണ്ടുവരും. നമ്മു 15
ടെ കർത്താവിൻെറ വരവിങ്കൽ, ജീവിച്ച് ശേ
ഷിച്ചിരിക്കുന്നവരായ നാം, നിദ്രപ്രാപിച്ചവർ
ക്കു മുമ്പിൽ കടക്കുകയില്ല; എന്നുള്ള വസ്തു
ത നമ്മുടെ കർത്താവിൻെറ വചനത്തിൽ
ഞങ്ങൾ നിങ്ങളോടു പറയുന്നു. എന്തെ 16
ന്നാൽ നമ്മുടെ കർത്താവ് കല്പനയോടും
പ്രധാനമാലാഖയുടെ ശബ്ദത്തോടും

ദൈവത്തിൻെറ കാഹളത്തോടുംകൂടി
17 സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി വരും. മ്ശീഹാ
യിൽ മരിച്ചവർ ആദ്യം ഉയിർക്കും. അപ്പോൾ
ജീവിച്ച് ശേഷിച്ചിരിക്കുന്ന നാം—ആകാശ
ത്തിൽ നമ്മുടെ കർത്താവിൻെറ എതിരേൽ
പിന്നായി അവരോട് ഒരുമിച്ച് മേഘങ്ങളിൽ
എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും
നമ്മുടെ കർത്താവിനോടുകൂടെ ആയിരി
18 ക്കും. ആകയാൽ ഈ വചനങ്ങൾ കൊണ്ട്
അന്യോന്യം സമാശ്വസിപ്പിക്കുവിൻ.

അദ്ധ്യായം 5

1 എൻെറ സഹോദരന്മാരേ, കാലങ്ങളെ
യോ, സമയങ്ങളെയോ കുറിച്ച് ഞാൻ
2 നിങ്ങൾക്ക് എഴുതേണ്ട ആവശ്യമില്ല. രാത്രി
യിൽ കള്ളൻ എങ്ങനെയോ—അങ്ങനെ
നമ്മുടെ കർത്താവിൻെറ ദിവസം വരും
എന്നു നിങ്ങൾ സത്യമായും അറിയുന്നു.
3 'സമാധാനവും സംപ്രീതിയും' എന്ന് അവർ
പറയുമ്പോൾ തന്നെ—ഗർഭിണിക്ക് പ്രസവ
വേദന എന്നപോലെ, നാശം പെട്ടെന്ന് അവ
രുടെമേൽ വരും. അവർ ഒഴിഞ്ഞു മാറുക
4 യില്ല. എൻെറ സഹോദരന്മാരേ, ആ ദിവസം
കള്ളൻ എന്നപോലെ നിങ്ങളെ പിടിച്ചടക്കു
വാൻ തക്കവണ്ണം നിങ്ങൾ അന്ധകാരത്തി
5 ലായിരിക്കരുത്. എന്തെന്നാൽ നിങ്ങൾ
എല്ലാവരും പ്രകാശത്തിൻെറ മക്കളും പക
ലിൻെറ സന്താനങ്ങളുമാകുന്നു. അല്ലാതെ,
നിങ്ങൾ രാത്രിയുടെ മക്കളല്ല; അന്ധകാര
6 ത്തിൻെറ മക്കളുമല്ല. ആകയാൽ നാം മററു
ള്ളവരെപ്പോലെ ഉറങ്ങരുത്. പിന്നെയോ,
ഉണർന്നും സുബോധമുള്ളവരുമായിരിക്ക
7 ണം. എന്തെന്നാൽ ഉറങ്ങുന്നവർ രാത്രിയി
ലാകുന്നു ഉറങ്ങുന്നത്; മദ്യപന്മാരും രാത്രി
8 യിൽ ആകുന്നു മദ്യപിക്കുന്നത്. നാമോ, പക
ലിൻെറ മക്കൾ ആകകൊണ്ട്—നാം സു
ബോധത്തോടെ ഉണർന്നും, വിശ്വാസത്തി
ൻെറയും സ്നേഹത്തിൻെറയും കവചം
ധരിച്ചുമിരിക്കണം. 'ജീവൻെറ പ്രത്യാശ'
9 എന്ന പടത്തൊപ്പിയും ധരിക്കണം. എന്തെ
ന്നാൽ, ദൈവം നമ്മെ കോപത്തിനായിട്ടല്ല
10 നിയമിച്ചിരിക്കുന്നത്. പിന്നെയോ, നാം
ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടു
കൂടെ ജീവിക്കേണ്ടതിന് —നമുക്കുവേണ്ടി
മരിച്ച നമ്മുടെ കർത്താവായ യേശുമ്ശീഹാ
യാൽ ജീവൻെറ സമ്പാദനത്തിന്നത്രെ.
11 ആകയാൽ നിങ്ങൾ ചെയ്യുകൊണ്ടിരിക്കു
ന്നതുപോലെ പരസ്പരം ആശ്വസിപ്പിക്കു
കയും അന്യോന്യം ആത്മികവർദ്ധന വരു
ത്തുകയും ചെയ്യുവിൻ.

എൻെറ സഹോദരന്മാരേ, നിങ്ങളുടെ 12
ഇടയിൽ അദ്ധ്വാനിക്കുകയും, നമ്മുടെ
കർത്താവിൽ നിങ്ങളെ ഭരിക്കുകയും,
നിങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നവരെ
നിങ്ങൾ അറിയണം. അത്യധികമായ സ്നേ 13
ഹത്തോടെ അവരെ നിങ്ങൾ കരുതണം.
അവരുടെ വേല നിമിത്തം, നിങ്ങൾ അവരു
മായി സമാധാനപ്പെട്ടിരിക്കണം എന്നു
ഞങ്ങൾ നിങ്ങളോടപേക്ഷിക്കുന്നു.

എൻെറ സഹോദരന്മാരേ, ഞങ്ങൾ 14
(വീണ്ടും) നിങ്ങളോടപേക്ഷിക്കുന്നു. കുററം
ചെയ്യുന്നവരോടു ബുദ്ധി ഉപദേശിക്കുവിൻ,
ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തു
വിൻ. ബലഹീനരുടെ ഭാരം വഹിപ്പിൻ. എല്ലാ
വരോടും ദീർഘക്ഷമ കാണിക്കണം. തിന്മ 15
യ്ക്കു പകരം തിന്മ ചെയ്യാതിരിപ്പാൻ നിങ്ങ
ളിൽ ഓരോരുവനും സൂക്ഷിക്കണം. എന്നാ
ലോ, തമ്മിൽ തമ്മിലും എല്ലാവരോടും (നന്മ
ചെയ്‌വാനായിട്ടും) നന്മയുടെ പിന്നാലെ
ഓടുവിൻ. എപ്പോഴും സന്തോഷിച്ചിരിക്ക 16
ണം. ഇടവിടാതെ പ്രാർത്ഥിക്കണം. എല്ലാറ്റി 17
നെപ്രതിയും സ്തോത്രം ചെയ്‌വിൻ, യേശു 18
മ്ശീഹാ മൂലം ഇതാകുന്നു നിങ്ങളെക്കുറി
ച്ചുള്ള ദൈവത്തിൻെറ ഇഷ്ടം.

നിങ്ങൾ ആത്മാവിനെ കെടുത്തിക്കളയ 19
രുത്. പ്രവചനം തുച്ഛീകരിക്കരുത്. സർവ്വ 20
വും ശോധന ചെയ്ത്—നല്ലതിനെ മുറുകെ 21
പിടിക്കണം. സർവ്വവിധ തിന്മയും വിട്ടോടണം. 22

സമാധാനത്തിൻെറ ദൈവം നിങ്ങളെ 23
പൂർണ്ണമായി വിശുദ്ധീകരിക്കുമാറാകട്ടെ.
നമ്മുടെ കർത്താവേശുമ്ശീഹായുടെ
വരവിനായി നിങ്ങളുടെ ആത്മാവിനേയും,
ജീവനേയും, ശരീരത്തേയും, കുററമററ
വിധം കാത്തുകൊള്ളട്ടെ. നിങ്ങളെ വിളിച്ച 24
വൻ വിശ്വസ്തനാകുന്നു. താൻ അങ്ങനെ
തന്നെ പ്രവർത്തിക്കും. എൻെറ സഹോദര 25
ന്മാരേ, ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണം.
നമ്മുടെ എല്ലാ സഹോദരന്മാർക്കും വിശുദ്ധ 26
ചുംബനംകൊണ്ട് സമാധാനം ആശംസി
ക്കണം. വിശുദ്ധരായ എല്ലാ സഹോദരന്മാർ 27
ക്കുമായി ഈ ലേഖനം വായിക്കപ്പെടണം
എന്നു നമ്മുടെ കർത്താവിൽ നിങ്ങളെക്കൊ
ണ്ട് ഞാൻ ശപഥം ചെയ്യിക്കുന്നു.

നമ്മുടെ കർത്താവായ യേശുമ്ശീഹാ 28
യുടെ കൃപ നിങ്ങളോടുകൂടെ (ഉണ്ടായിരി
ക്കട്ടെ) ആമ്മീൻ.

ആതൻസിൽവച്ച് എഴുതപ്പെട്ട് തീമോത്തെയോസിൻെറ കൈവശം അയയ്ക്കപ്പെട്ട തെസ്സലനോക്യർക്കുള്ള 1-ാം ലേഖനം സമാപ്തം.

പൌലോസ് ശ്ലീഹാ തെസ്സലോനിക്യർക്ക് എഴുതിയ 2-ാം ലേഖനം

അദ്ധ്യായം 1

1 പൌലോസും, സിൽവാനോസും,. തി
മോത്തെയോസും (കൂടി) നമ്മുടെ പിതാ
2 വായ ദൈവത്തിലും നമ്മുടെ കർത്താവായ
യേശുമ്ശീഹായിലുമുള്ള തെസ്സലോനിക്യ
യിലെ സഭയ്ക്ക്(എഴുതുന്നത്). നമ്മുടെ
പിതാവാം ദൈവത്തിൽനിന്നും നമ്മുടെ
കർത്താവേശുമ്ശീഹായിൽനിന്നും, കൃപ
യും സമാധാനവും നിങ്ങളോടുകൂടെ ഉണ്ടാ
യിരിക്കുമാറാകട്ടെ.
3 എന്റെ സഹോദരന്മാരേ, നിങ്ങളെ
പ്രതി, യോഗ്യമായ വിധത്തിൽ എപ്പോഴും
ദൈവത്തിനു സ്തോത്രമർപ്പിക്കുവാൻ
4 ഞങ്ങൾ ബാദ്ധ്യസ്ഥരാകുന്നു. എന്തെ
ന്നാൽ--നിങ്ങളുടെ വിശ്വാസത്തെക്കുറിച്ചും
നിങ്ങളനുഭവിക്കുന്ന എല്ലാ പീഡകളിലും,
ഞെരുക്കങ്ങളിലുമുള്ള നിങ്ങളുടെ സഹന
ത്തെക്കുറിച്ചും അറിഞ്ഞു ദൈവത്തിന്റെ
സഭകളിലും—ഞങ്ങളും നിങ്ങളിൽ പ്രശംസി
ക്കുവാൻ തക്കവണ്ണം—നിങ്ങളുടെ വിശ്വാ
സം അധികമായി വളരുകയും നിങ്ങളുടെ
പരസ്പര സ്നേഹം വർദ്ധിക്കുകയും ചെ
5 യ്തുകൊണ്ടിരിക്കുന്നു. നിങ്ങൾ യാതൊ
ന്നിനുവേണ്ടി പീഡ അനുഭവിക്കുന്നുവോ,
ആയതു തന്റെ ആ രാജ്യത്തിന് നിങ്ങൾ
അർഹരാകുന്നു എന്ന് - ദൈവത്തിന്റെ
നീതിയുള്ള വിധിയുടെ തെളിവിനുവേണ്ടി
6 അത്രേ. നമ്മുടെ കർത്താവായ യേശു
മ്ശീഹാ തന്റെ മാലാഖമാരാകുന്ന സേന
യോടുകൂടി സ്വർഗ്ഗത്തിൽനിന്ന് പ്രത്യക്ഷ
പ്പെടുമ്പോൾ, ദൈവത്തെ അറിയാത്ത
വർക്കും നമ്മുടെ കർത്താവേശുമ്ശീഹാ
യുടെ സുവിശേഷത്തെ ഗ്രഹിക്കാത്ത
7 വർക്കും അഗ്നിജ്വാലകൊണ്ട് പ്രതികാരം
8 നടത്തുമ്പോൾ—നിങ്ങളെ ഞെരുക്കുന്ന
വർക്കു ഞെരുക്കവും, ഞെരുക്കപ്പെടുന്നവ
രായ നിങ്ങൾക്കു ഞങ്ങളോടുകൂടെ ജീവ
നും പ്രതിഫലമായി നൽകും എന്നത് ദൈവ
9 മുമ്പാകെ നീതിയാകുന്നു. ആ ദിവസ
ത്തിൽ, നിങ്ങളെക്കുറിച്ചുള്ള ഞങ്ങളുടെ
സാക്ഷ്യം വിശ്വസിക്കപ്പെടുവാൻ തക്ക
വണ്ണം, താൻ തന്റെ വിശുദ്ധന്മാരാൽ
സ്തുതിക്കപ്പെടുവാനും, തന്നിൽ വിശ്വസി
ച്ചവരിൽ തന്റെ അത്ഭുതങ്ങൾ കാണിപ്പാ
നുമായി വരുമ്പോൾ—നമ്മുടെ കർത്താ 10
വിന്റെ മുഖത്തുനിന്നും, തന്റെ ശക്തി
യുടെ മാഹാത്മ്യത്തിൽനിന്നും ന്യായവിധി
യിൽ അവർക്കു നിത്യനാശം പ്രതിഫലമായി
നൽകപ്പെടും. ആകയാൽ, നമ്മുടെ ദൈവ 11
വും കർത്താവുമായ യേശുമ്ശീഹായുടെ
കൃപയ്ക്കനുസരണം, നമ്മുടെ കർത്താവേ
ശുമ്ശീഹായുടെ നാമം നിങ്ങളിലും, നിങ്ങൾ
തന്നിലും മഹത്വപ്പെടേണ്ടതിന്, ദൈവം
നിങ്ങളുടെ വിളിക്ക് നിങ്ങളെ അർഹരാക്കേ
ണ്ടതിനും, നന്മകളെക്കുറിച്ചുള്ള പൂർണ്ണ 12
മായ ആഗ്രഹവും, വിശ്വാസത്തിന്റെ കർമ്മ
ങ്ങളുംകൊണ്ട്, ശക്തിപൂർവ്വം നിങ്ങളെ നിറ
യ്ക്കേണ്ടതിനുമായി, ഞങ്ങൾ നിങ്ങൾക്കു
വേണ്ടി എപ്പോഴും പ്രാർത്ഥിക്കുന്നു.

അദ്ധ്യായം 2

എന്റെ സഹോദരന്മാരേ, നമ്മുടെ 1
കർത്താവായ യേശുമ്ശീഹായുടെ വരവി
നേയും, തന്റെ അടുക്കലേക്കുള്ള നമ്മുടെ
കൂടിച്ചേരലിനേയും കുറിച്ച് നിങ്ങളോട്
ഞങ്ങൾ പ്രബോധിപ്പിക്കുന്നു.
കർത്താവിന്റെ ദിവസം അടുത്തു 2
എന്ന് (കാണിക്കുന്ന) വചനംകൊണ്ടാകട്ടെ,
ആത്മാവുകൊണ്ടാകട്ടെ, ഞങ്ങളുടെ
അടുക്കൽനിന്ന് എന്നപോലെ ഭാവിക്കുന്ന
ലേഖനംകൊണ്ടാകട്ടെ—നിങ്ങൾ പെട്ടെന്ന്,
മനസ്സിളകുകയോ, അന്ധാളിക്കയോ, അരു
ത്. ആരും യാതൊരു വിധത്തിലും നിങ്ങളെ 3
വഴിതെററിക്കരുത്. ആദ്യമെ മത്സരം (വിശ്വാ
സത്യാഗം) സംഭവിക്കയും, നാശത്തിന്റെ
പുത്രനായ പാപത്തിന്റെ മനുഷ്യൻ പ്രത്യ
ക്ഷപ്പെടുകയും ചെയ്തിട്ടല്ലാതെ—(അക്കാ
ര്യം സംഭവിക്കയില്ല) അവൻ ദൈവത്തിന്റെ 4
ആലയത്തിൽ ദൈവം എന്നപോലെ ഇരു
ന്ന്—താൻ ദൈവമാകുന്നു എന്ന് സ്വയം
കാണിക്കയും കൂടി ചെയ്യുവാൻ തക്കവണ്ണം,

എതിരാളിയും—ദൈവമെന്നും ആരാധന
യെന്നും പേരുള്ള സകലത്തിനും മീതെ
തന്നെത്തന്നെ ഉയർത്തുന്നവനും ആകുന്നു.
5 ഞാൻ നിങ്ങളുടെ അടുക്കൽ ആയിരുന്ന
പ്പോൾ, ഇവയെല്ലാം നിങ്ങളോടു പറഞ്ഞിരു
6 ന്നുവെന്ന് ഓർക്കുന്നില്ലയോ? അവൻ
സമയത്തു വെളിപ്പെടുന്നതിനു തടസ്സം
എന്ത് എന്ന് ഇപ്പോൾ നിങ്ങൾ അറിയുന്നു.
7 അധർമ്മത്തിൻെറ രഹസ്യം പണ്ടേതന്നെ
വ്യാപരിച്ചു തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ
തടസ്സം ചെയ്യുന്നവൻ മദ്ധ്യത്തിൽനിന്നു
നീക്കപ്പെടുന്നുവെങ്കിൽ മാത്രമെ, ആ
8 അധർമ്മി വെളിപ്പെടുകയുള്ളു. അവനെ
നമ്മുടെ കർത്താവായ യേശു തൻെറ വായി
ലെ ശ്വാസംകൊണ്ട് നശിപ്പിക്കും. തൻെറ
വരവിൻെറ പ്രത്യക്ഷതകൊണ്ട് മായിച്ചുകള
9 യുകയും ചെയ്യും. അവൻെറ (അധർമ്മപുരു
ഷൻെറ) വരവ്, സർവ്വശക്തിയോടും വ്യാജ
അടയാളങ്ങളോടും സാത്താൻെറ പ്രവർത്ത
10 നത്തോടും, തങ്ങൾ ഏതിനാൽ ജീവൻ പ്രാ
പിക്കേണ്ടിയിരുന്നുവോ, ആ സത്യത്തിൻെറ
സ്നേഹത്തെ സ്വീകരിക്കാതിരുന്നതു നിമി
ത്തം, നശിച്ചവരിൽ ഉണ്ടാകുന്ന ദുഷ്ടതയു
ടെ സർവ്വവഞ്ചനകളോടുംകൂടിയായിരിക്കും.
11 ആയതുകൊണ്ട് സത്യത്തെ വിശ്വസിക്കാ
തെ അനീതിയിൽ ഇഷ്ടപ്പെട്ട എല്ലാവരും
12 അസത്യത്തെ വിശ്വസിപ്പാനും, ശിക്ഷാവിധി
അനുഭവിപ്പാനുമായി, ദൈവം അവർക്കു
വ്യാജത്തിൻെറ പ്രവർത്തനം അയയ്ക്കും.
13 നമ്മുടെ കർത്താവിൻെറ വത്സലരായ
എൻെറ സഹോദരന്മാരേ, ദൈവം നിങ്ങളെ
ആദിമുതൽ, ആത്മാവിൻെറ വിശുദ്ധിയാ
ലും സത്യമായ വിശ്വാസത്താലും രക്ഷക്കാ
യി തിരഞ്ഞെടുത്തതുകൊണ്ട്—നിങ്ങളെ
പ്രതി എപ്പോഴും ദൈവത്തെ സ്തോത്രം ചെയ്യു
14 വാൻ ഞങ്ങൾ ബാദ്ധ്യസ്ഥരത്രെ. എന്തെ
ന്നാൽ ഇവയ്ക്കായിട്ട്—നമ്മുടെ കർത്താ
വായ യേശുമ്ശീഹായ്ക്ക് നിങ്ങൾ മഹത്വ
മായിരിക്കേണ്ടതിനാണല്ലോ, ഞങ്ങളുടെ
പ്രസംഗംമൂലം നിങ്ങളെ ദൈവം വിളിച്ചിരി
15 ക്കുന്നത്. ഇനിയും, എൻെറ സഹോദരന്മാ
രേ, വാക്കിനാലാകട്ടെ, ഞങ്ങളുടെ ലേഖന
ത്താലാകട്ടെ നിങ്ങൾ പഠിച്ചിട്ടുള്ള കല്പന
കളിൽ നിങ്ങൾ നിലനിൽക്കുകയും അവയെ
മുറുകെ പിടിക്കയും ചെയ്യുവിൻ.
16 നമ്മുടെ കർത്താവായ യേശുമ്ശീഹാ
യും, നമ്മെ സ്നേഹിച്ചു തൻെറ കൃപയാൽ
നമുക്കു നിത്യാശ്വാസവും നല്ല പ്രത്യാശയും
17 തരികയും ചെയ്ത നമ്മുടെ പിതാവായ ദൈവ
വും, - നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പി
ക്കുകയും, എല്ലാ നല്ല വാക്കിലും പ്രവൃത്തി
യിലും നിലനിർത്തുകയും ചെയ്യുമാറാകട്ടെ

അദ്ധ്യായം 3

ഇപ്പോൾ മുതൽ, എൻെറ സഹോദര
ന്മാരേ, നമ്മുടെ കർത്താവിൻെറ വചനം
നിങ്ങളുടെ അടുക്കൽ എത്തിയതുപോലെ
എല്ലായിടത്തും ഞങ്ങൾ ഓടിയെത്തി
മഹത്വപ്പെടുവാനും, ദുഷ്ടന്മാരും, നീചന്മാ
രുമായ മനുഷ്യരിൽനിന്നും ഞങ്ങൾ രക്ഷ
പ്പെടുവാനുമായി ഞങ്ങൾക്കു വേണ്ടി
പ്രാർത്ഥിപ്പിൻ. വിശ്വാസം എല്ലാവർക്കും
ഇല്ലല്ലോ. കർത്താവു വിശ്വസ്തൻ; താൻ
നിങ്ങളെ ദുഷ്ടനിൽനിന്നും കാത്തുരക്ഷി
ച്ചുകൊള്ളും. നിങ്ങളോട് ഞങ്ങൾ കല്പി
ക്കുന്നതെല്ലാം നിങ്ങൾ ചെയ്തുവെന്നും,
ചെയ്തുകൊണ്ടുതന്നെ ഇരിക്കുന്നുവെന്നും
നിങ്ങളെപ്പററി നമ്മുടെ കർത്താവിൽ
ഞങ്ങൾ ഉറച്ചിരിക്കയാണ്. നമ്മുടെ കർത്താ
വു നിങ്ങളുടെ ഹൃദയങ്ങളെ ദൈവത്തി
ൻെറ സ്നേഹത്തിലേക്കും മ്ശീഹായുടെ
ക്ഷമയിലേക്കും നയിക്കട്ടെ.

സഹോദരന്മാരേ, ഞങ്ങളിൽനിന്നു
പ്രാപിച്ചിട്ടുള്ള കല്പനകൾക്കനുസരണ
മില്ലാതെ അത്യധികം തിന്മയായി നടക്കുന്ന
എല്ലാ സഹോദരന്മാരിൽനിന്നും നിങ്ങൾ
അകന്നുകൊള്ളണം എന്ന് നമ്മുടെ കർത്താ
വായ യേശുമ്ശീഹായുടെ നാമത്തിൽ
ഞങ്ങൾ നിങ്ങളോട് ആജ്ഞാപിക്കുന്നു.
ഞങ്ങളെ അനുകരിക്കേണ്ടത് എങ്ങനെ
യെന്ന് നിങ്ങൾക്കറിയാമല്ലോ. എന്തെന്നാൽ
ഞങ്ങൾ നിങ്ങളുടെ മദ്ധ്യേ അയോഗ്യമായി
നടന്നിട്ടില്ല. നിങ്ങളിൽ ആരിൽനിന്നും
വെറുതെ ഞങ്ങൾ അപ്പം ഭക്ഷിച്ചിട്ടുമില്ല.
പിന്നെയോ നിങ്ങളിൽ ആർക്കും ഞങ്ങൾ
ഭാരമാകാതിരിപ്പാനായി രാത്രിയും പകലും
അദ്ധ്വാനിച്ചും പ്രയത്നിച്ചും വേല ചെയ്തും
കൊണ്ടിരുന്നു. അത്—ഞങ്ങൾക്ക് അധി
കാരമില്ലാഞ്ഞിട്ടല്ല, നിങ്ങൾ ഞങ്ങളോട്
അനുരൂപരാകുവാനായി ഞങ്ങളിൽ തന്നെ
മാതൃക കാണിക്കുവാൻ അത്രെ. 'വേല ചെ
യ്യാൻ മനസ്സില്ലാത്ത ഒരുവനും ഭക്ഷിക്കയും
വേണ്ട' എന്നു ഞങ്ങൾ നിങ്ങളുടെ അടു
ത്തായിരുന്നപ്പോൾ തന്നെ കല്പിച്ചിരുന്നു
വല്ലോ. അപമര്യാദയായി നടക്കുകയും 1
വ്യർത്ഥകാര്യങ്ങളല്ലാതെ ഒന്നും പ്രവർത്തി
ക്കാതിരിക്കയും ചെയ്യുന്ന ചിലർ നിങ്ങളുടെ
ഇടയിൽ ഉണ്ട് എന്നു ഞങ്ങൾ കേൾക്കുന്നു.
നമ്മുടെ കർത്താവായ യേശു മ്ശീഹായിൽ 1
അങ്ങനെയുള്ളവരോട് ഞങ്ങൾ ആജ്ഞാ

പിക്കുകയും അപേക്ഷിക്കയും ചെയ്യുന്നു.
13 'അവർ അടങ്ങിയിരുന്ന്, വേലചെയ്ത്
അവരുടെ അപ്പം ഭക്ഷിക്കണം' എന്ന്.
14 എന്റെ സഹോദരന്മാരേ, നന്മ ചെയ്യു
ന്ന കാര്യത്തിൽ നിങ്ങൾക്കു മടുപ്പു തോന്ന
രുത്. ലേഖനത്തിലെ ഞങ്ങളുടെ ഈ
വാക്കുകൾ ആരെങ്കിലും അനുസരിക്കാതി
രുന്നാൽ—അവൻ ലജ്ജിക്കുവാൻ തക്ക
വണ്ണം, അവനെ വേർതിരിച്ചുനിറുത്തണം.
15 അവനുമായി സംസർഗ്ഗം ചെയ്കയുമരുത്.
അവനെ ശത്രുവിനെപ്പോലെ നിങ്ങൾ കരു
തരുത്. സഹോദരൻ എന്നപോലെ അവ
നോടുപദേശിക്കണം.

സമാധാനത്തിന്റെ കർത്താവ്, എല്ലാ 16
സമയത്തും, എല്ലാ കാര്യങ്ങളിലും നിങ്ങൾ
ക്കു സമാധാനം പ്രദാനം ചെയ്യട്ടെ. നമ്മുടെ 17
കർത്താവ് നിങ്ങൾ എല്ലാവരോടുംകൂടെ
ഇരിക്കുമാറാകട്ടെ. പൌലോസാകുന്ന 18
ഞാൻ എന്റെ സ്വന്ത കൈപ്പടയിൽ
'സമാധാനം' എഴുതിയിരിക്കുന്നു. ഇങ്ങനെ
ഞാൻ എഴുതുക എന്നത് എന്റെ എല്ലാ
ലേഖനങ്ങൾക്കും അടയാളമാകുന്നു.
നമ്മുടെ കർത്താവായ യേശുമ്ശീഹാ 19
യുടെ കൃപ എന്റെ സഹോദരന്മാരേ,
നിങ്ങൾ എല്ലാവരോടുംകൂടെ ഉണ്ടായിരി
ക്കുമാറാകട്ടെ. ആമ്മീൻ.

പിസിദ്യായിലെ ലവദോക്യായിൽ വച്ച് എഴുതപ്പെട്ട് തുഹിക്കൊസിന്റെ കൈവശം അയയ്ക്കപ്പെട്ട തെസ്സലനോക്യർക്കുള്ള 2-ാം ലേഖനം സമാപ്തം.

	പാഠഭേദം
1.4.3 വിശുദ്ധി	ശുദ്ധീകരണം

തീമോത്തെയോസിനെഴുതിയ ലേഖനങ്ങൾ

തീമോത്തെയോസ്: ജനനം: ഏഷ്യാമൈനറിൽ. പിതാവ്-ഗ്രീക്കുകാരൻ; മാതാവ് യഹൂദസ്ത്രീ. പേരു യുനിക്കാ. മാതാമഹി-ലോവീസ്. ബാല്യം മുതൽ ഇവരിൽനിന്നും അദ്ദേഹം യഹൂദമതതത്വങ്ങൾ ഗ്രഹിച്ചു. വി.പൌലൂസ് ആദ്യം ലുസ്ത്രയിൽ എത്തിയപ്പോൾ ഇവർ ക്രിസ്തുമതം സ്വീകരിച്ചു. ലുസ്ത്രയിൽ പൌലോസിൻെറ 2-ാം സന്ദർശനകാലത്ത് ഇദ്ദേഹം പ്രസിദ്ധനായിരുന്നു.

വി.പൌലോസാണ് ഇദ്ദേഹത്തെ ക്രിസ്ത്യാനിയാക്കിയത് (ശ്ലീ.പ്ര. 4:17) തൻെറ സഹപ്രവർത്തകനും അദ്ദേഹത്തിൽനിന്നും കൈവെപ്പുമൂലം എപ്പിസ്കോപ്പാ പദവി സ്വീകരിച്ചവനുമായിരുന്നു. മക്കദോന്യാ, ബെർവാ, തെസ്സലോനിക്യാ, ആതെൻസ്, കോരിന്ത് മുതലായ സ്ഥലങ്ങളിൽ സമ്പർക്കം പുലർത്തിയിരുന്നു. വി.പൌലോസിൻെറ റോമിലെ കാരാഗൃഹവാസത്തിലും കൂടെ ഉണ്ടായിരുന്നു. ഇദ്ദേഹം വളരെക്കാലം എഫേസോസിൽ എപ്പിസ്കോപ്പായായി സേവനം നടത്തി, രക്തസാക്ഷിയായി മരിച്ചു.

ലേഖനകാലം: 1-ാം ലേഖനം ക്രി. 65-ലും 2-ാമത്തേത് 66-ലും എഴുതപ്പെട്ടുവെന്നു പൊതുവെ വിശ്വസിക്കപ്പെടുന്നു. ക്രൈസ്തവസഭ പാലിച്ചുവന്ന ആചാരങ്ങളും പാരമ്പര്യങ്ങളും ഇവയിൽ കാണാവുന്നതാണ്. ഐറണിയോസ്, അലക്സാന്ത്രിയായിലെ ക്ലീമീസ്, പോളിക്കാർപ്പ് മുതലായവർക്ക് ഈ ലേഖനങ്ങൾ സുപരിചിതങ്ങളായിരുന്നുവത്രെ.

ഈ ലേഖനങ്ങളിലെ പ്രതിപാദ്യവിഷയങ്ങളിൽ പ്രധാനമായവ: (1) വ്യാജോപദേശങ്ങളേയും, ഉപദേഷ്ടാക്കളേയും കുറ്റപ്പെടുത്തുന്നു. അന്തമില്ലാത്ത വംശാവലികൾ, മതോപദേഷ്ടാക്കളായിരിപ്പാനുള്ള അഹംഭാവം, യഹൂദ കഥകൾ, വിവാഹം വിലക്കുന്ന പിശാചിൻെറ ഉപദേശങ്ങൾ, 'പുനരുത്ഥാനം കഴിഞ്ഞു' എന്നുള്ള ഉപദേശം മുതലായവ. 'ജ്ഞാനമാർഗ്ഗ'ക്കാരായ തത്വജ്ഞാനികൾ, ദൂതന്മാർ യുഗങ്ങൾ മുതലായവയെക്കുറിച്ചു ചെയ്ത ഉപദേശങ്ങൾ. (2) ക്രൈസ്തവസഭ-വിശ്വാസം-ഭരണരീതി എന്നിവയെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ.

സഭാനിയമങ്ങൾ സംബന്ധിച്ച് എടുത്തു പറയാവുന്നവ: (1) ശ്ലീഹായ്ക്ക് മുഖ്യ അധികാരമുണ്ട്. 1 തീമോ. 1:20, 2:1-8 (2) ശ്ലീഹായുടെ കൈവെപ്പുള്ള തീമോഥെയോസ് തൻെറ പ്രതിനിധിയാണ്. 1:3; 3:14; 4:13. (3) എപ്പിസ്കോപ്പായും കശീശായും ഉണ്ടായിരുന്നു. 1:5-7. (4) സ്ത്രീകളേയും വിധവമാരെയും പറ്റി ചില ഏർപ്പാടുകളുണ്ടായിരുന്നു. 3:11; 5:3.

വിഷയവിവരം

1-ാം ലേഖനം

അദ്ധ്യായം 1. 1-2 സമാധാനം അർപ്പിക്കുന്നു. 3-20 തീമോത്തെയോസിൻെറ പ്രവർത്തനം സംബന്ധിച്ചുള്ള പ്രബോധനം. സഭാനിയമം (2:1 മുതൽ 4:5 വരെ).

അദ്ധ്യായം 2,3: (1) 2:1-7 പരസ്യപ്രാർത്ഥന നടത്തുന്നതിനെപ്പറ്റി. (2) സഭ കൂടുമ്പോൾ പാലിക്കേണ്ട രീതി. (3) എപ്പിസ്കോപ്പന്മാർ, കശീശന്മാർ, ശെമ്മാശന്മാർ എന്നിവരുടെ യോഗ്യതകൾ, 3:1-7, 8-14 സ്ത്രീകൾ 3:11.

അദ്ധ്യായം 4: മ്ശിഹായുടെ നല്ല ശുശ്രൂഷകൻെറ രീതി, 1-5 വ്യാജോപദേശങ്ങളെക്കുറിച്ചുള്ള പ്രബോധനം. 6 മുതൽ 6:2 വരെ തീമോത്തെയോസിനുള്ള ഉപദേശങ്ങൾ. 6:16 തീമോത്തെയോസ് പാലിക്കേണ്ട ക്രമങ്ങൾ, നൽകേണ്ടതായ ഉപദേശങ്ങൾ.

അദ്ധ്യായം 5: 1 മുതൽ 6:2 വരെ, പുരുഷന്മാർ, സ്ത്രീകൾ വിധവകൾ ആദിയായവർക്കു കാണിച്ചു കൊടുക്കേണ്ട മാതൃക.

അദ്ധ്യായം 6: 3-10 വ്യാജോപദേശക്കാരെ സൂക്ഷിക്കണം. 11-14 ആത്മിക വിഷയങ്ങളെപ്പറ്റി പ്രബോധനം. 15-21 സദുപദേശങ്ങൾ. 9 നിർദ്ദേശങ്ങൾ തീമോത്തെ

യോസിനു കൊടുക്കുന്നുണ്ട്. (1) 1:3-20 എഫേസോസിൽ നടമാടിയിരുന്ന വേദവിപരീതോപദേശങ്ങൾക്കെതിരായി സമരം ചെയ്കയും, സ്നേഹം, നിർമ്മലത, വിശ്വാസം എന്നിവ കാത്തുകൊള്ളുകയും വേണം. (2) ആദ്ദേഹം നിയമിതനായിരിക്കുന്നവരെ പ്രാർത്ഥന, മദ്ധ്യസ്ഥ പ്രാർത്ഥന പഠിപ്പിക്കണം. 2:1-8 (3) സഭയിൽ സ്ത്രീകളുടെ യോഗ്യമായ സ്ഥാനം 2:9-15 (4) കശീശന്മാരെക്കുറിച്ച് 3:1-7 (5) ശെമ്മാശന്മാരെക്കുറിച്ച് 3:8-13 (6) തീമോത്തെയോസിനെതന്നെ സംബന്ധിച്ച് 4:11-16 (7) വിധവമാരെ സംബന്ധിച്ച് 5:3-16 (8) ദാസന്മാരെ സംബന്ധിച്ച് 6:1-2 (9) ധനവാന്മാരെക്കുറിച്ച് 6:17-19.

2-ാം ലേഖനം

അദ്ധ്യായം 1: 1-5 സമാധാനം. 6:2-13 സദുപദേശങ്ങൾ, ധൈര്യം, വിശ്വസ്തത.

അദ്ധ്യായം 2: 14-4:8 തീമോത്തെയോസിനോടുള്ള ഉൽബോധനങ്ങൾ, വാദപ്രതിപാദങ്ങൾ, ദുർമ്മോഹം-വ്യർത്ഥവിചാരങ്ങൾ, ദുരുപദേശങ്ങൾ ഇവയെല്ലാം പരിത്യജിച്ച് തന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ച് പ്രവർത്തനം നടത്തണം.

അദ്ധ്യായം 4: 9:22 കർത്താവിന്റെ കൃപയെക്കുറിച്ച് ഉൽബോധനം.

പൌലോസ്ശ്ലീഹാ, തീമോത്തെയോസിന് എഴുതിയ ഒന്നാം ലേഖനം

അദ്ധ്യായം 1

1 നമുക്കു ജീവൻ നൽകുന്നവനായ
ദൈവത്തിൻെറയും നമ്മുടെ പ്രത്യാശ
യായ യേശുമ്ശീഹായുടെയും കല്പന
യാൽ—യേശുമ്ശീഹായുടെ ശ്ലീഹായായ
2 പൌലോസ്—വിശ്വാസത്തിൽ യഥാർത്ഥ
പുത്രനായ തീമോത്തെയോസിന് എഴു
തുന്നത്, നമ്മുടെ പിതാവായ ദൈവത്തിൽ
നിന്നും, നമ്മുടെ കർത്താവായ യേശുമ്ശീ
ഹായിൽനിന്നും, (നിനക്ക്) കൃപയും കരു
ണയും സമാധാനവും (ഉണ്ടാകട്ടെ).
3 ഞാൻ മക്കദോന്യയിലേക്കു പോകു
മ്പോൾ, നീ എപ്പേസോസിൽ പാർക്കണമെ
ന്നും, വിഭിന്നങ്ങളായ വിശ്വാസോപദേശ
4 ങ്ങൾ ആരും പഠിപ്പിക്കരുതെന്നും, ദൈവവി
ശ്വാസവർദ്ധനവിനല്ലാതെ, കൂടുതലായി
തർക്കങ്ങൾ ഉളവാക്കുന്ന കെട്ടുകഥകളെ
യും, അതിരില്ലാത്ത വംശചരിത്രങ്ങളെയും
ശ്രദ്ധിക്കരുതെന്നും, ഓരോരുവനോടും നീ
ആജ്ഞാപിക്കണമെന്നും ഞാൻ നിന്നോട്
5 ആവശ്യപ്പെട്ടിരുന്നല്ലോ. കല്പനയുടെ ഉദ്ദേ
ശമോ, നിർമ്മലഹൃദയം, നല്ല മനസ്സാക്ഷി,
സത്യവിശ്വാസം എന്നിവയിൽനിന്നുമുണ്ടാ
6 കുന്ന സ്നേഹമാകുന്നു. ചിലരാകട്ടെ ഇവ
യിൽനിന്നെല്ലാം വഴിതെററി വ്യർത്ഥവാക്കു
7 കളിലേക്ക് തിരിഞ്ഞു. തങ്ങൾ സംസാരിക്കു
ന്നത് എന്തെന്നും, എന്തിനെപ്പററി തർക്കി
ക്കുന്നുവെന്നും, തിരിച്ചറിയാതെ, ന്യായ
പ്രമാണത്തിൻെറ ഉപദേഷ്ടാക്കൾ ആകു
വാൻ അവർ ആഗ്രഹിച്ചതിനാൽതന്നെ.
8 ന്യായപ്രമാണമോ, നീതിമാനല്ല —
അധർമികൾ, മത്സരക്കാർ, ദുഷ്ടന്മാർ,
പാപികൾ, കൊള്ളരുതാത്തവർ, അശുദ്ധ
ന്മാർ, സ്വപിതാക്കന്മാരെ ഉപദ്രവിക്കുന്ന
വർ, അമ്മമാരെ തല്ലുന്നവർ, കൊല
9 പാതകന്മാർ, വ്യഭിചാരികൾ, പുരുഷ
സഹശയനം നടത്തുന്നവർ, മനുഷ്യ
10 മോഷ്ടാക്കൾ, വ്യാജം പറയുന്നവർ, സത്യ
ലംഘകന്മാർ എന്നിങ്ങനെയുള്ളവർക്ക
ത്രെ. വിശ്വാസമായി എനിക്കു ഭരമേൽപി 11
ക്കപ്പെട്ടിട്ടുള്ള—വന്ദ്യനായ ദൈവത്തിൻെറ
മഹത്വസുവിശേഷത്തിൻെറ സൌഖ്യോ
പദേശത്തിന് എതിരായിട്ടുള്ള സകലതി
നേയും ഉദ്ദേശിച്ചാണ് അത് വച്ചിരിക്കുന്ന
തെന്ന് ഗ്രഹിച്ചുകൊണ്ട് ഒരുവൻ ന്യായ
പ്രമാണത്തെ ഉചിതമായി ഉപയോഗിച്ചാൽ
അതു നല്ലതാകുന്നു എന്നു നാം അറിയു
ന്നു. എന്നെ വിശ്വസ്തൻ എന്ന് ഗണിച്ച്
തൻെറ ശുശ്രൂഷയ്ക്ക് * എന്നെ നിയമിച്ച്— 12
എന്നെ ശക്തിപ്പെടുത്തിയവനായ നമ്മുടെ
കർത്താവേശുമ്ശീഹായെ ഞാൻ സ്തോത്രം
ചെയ്യുന്നു. ഞാനോ, മുമ്പ്, ദൂഷണം പറയു 13
ന്നവനും, പീഡകനും, അധിക്ഷേപിക്കുന്ന
വനുമായിരുന്നു. എങ്കിലും അവിശ്വാസ
ത്തിൽ—അറിയാതെ ചെയ്തുപോയതാക
കൊണ്ട് എനിക്കു കരുണ ലഭിച്ചു. നമ്മുടെ 14
കർത്താവിൻെറ കൃപയും, യേശുമ്ശീഹാ
യിലുള്ള സ്നേഹവും വിശ്വാസവും
എന്നിൽ വർദ്ധിച്ചു. യേശുമ്ശീഹാ പാപി 15
കളെ രക്ഷിപ്പാനായി ലോകത്തിലേക്കു
വന്നു എന്നുള്ള വചനം വിശ്വാസ്യവും
അംഗീകാരയോഗ്യവുമാകുന്നു. ആ പാപി
കളിൽ ഞാൻ ഒന്നാമനാകുന്നു. നിത്യ 16
ജീവനുവേണ്ടി തന്നിൽ വിശ്വസിക്കാനിരി
ക്കുന്നവർക്കു ദൃഷ്ടാന്തത്തിന്നായി —
ഒന്നാമനായ എന്നിൽ, യേശുമ്ശീഹാ
തൻെറ ദീർഘക്ഷമ മുഴുവനും പ്രദർശിപ്പി
ക്കുവാൻ, താൻ എന്നോടു കരുണ ചെയ്തു.
ലോകങ്ങളുടെ രാജാവും, അക്ഷയനും, 17
അദൃശ്യനും, ഏകനുമായ ദൈവത്തിന്
ബഹുമാനവും മഹത്വവും എന്നെന്നേക്കും
ഉണ്ടായിരിക്കട്ടെ. ആമ്മീൻ.
എൻെറ മകനേ, തീമോത്തെയോസേ, 18
നിന്നെക്കുറിച്ചു മുമ്പുണ്ടായ പ്രവചനങ്ങൾ
അനുസരിച്ച്, ഈ കല്പന നിന്നെ ഞാൻ
ഭരമേൽപ്പിക്കുന്നു. നീ വിശ്വാസത്തോടും 19
നല്ല മനഃസാക്ഷിയോടുംകൂടെ ഈ നല്ല

*Ministry

20 വേല ചെയ്യണം. എന്തെന്നാൽ ഇവയെ പരി
ത്യജിച്ചവർ — ഹുമനയോസിനേയും അല
ക്സന്ത്രോസിനേയുംപോലെ, വിശ്വാസ
ത്തിൽനിന്നും വ്യർഥരായിത്തീർന്നു. അവർ
ഇനിയും ദൂഷണം പറയാതിരിക്കേണ്ടതിന്,
ശിക്ഷിക്കപ്പെടുവാനായി, ഞാൻ അവരെ
സാത്താനെ ഭരമേൽപ്പിച്ചിരിക്കുന്നു.

അദ്ധ്യായം 2

എല്ലാററിനും മുമ്പായി നിന്നോടു ഞാൻ
അപേക്ഷിക്കുന്നു—നീ ദൈവസന്നിധി
യിൽ പ്രാർഥനയും അപേക്ഷയും യാചന
യും എല്ലാ മനുഷ്യർക്കുവേണ്ടിയും അർപ്പി
ച്ചുകൊണ്ടിരിക്കണം. നാം പൂർണ ദൈവ
ഭയത്തോടും, നൈർമല്യത്തോടും ശാന്ത
വും സമാധാനപരവുമായ ജീവിതം നയി
2 ക്കേണ്ടതിന്നായി രാജാക്കന്മാർക്കും, പ്രഭു
ക്കന്മാർക്കും വേണ്ടിയും പ്രാർഥിക്കണം.
3 എന്തെന്നാൽ നമ്മുടെ ജീവദായകനായ
ദൈവത്തിൻെറ സന്നിധിയിൽ ഇതു നല്ലതും
4 സ്വീകാര്യവുമാകുന്നു. താനോ, എല്ലാ മനു
ഷ്യരും, ജീവൻ പ്രാപിച്ച് സത്യത്തെക്കുറി
ച്ചുള്ള പരിജ്ഞാനത്തിലേക്കു തിരിയണ
മെന്ന് ആഗ്രഹിക്കുന്നു. എന്തെന്നാൽ
5 ദൈവം ഏകനാകുന്നു, ദൈവത്തിനും മനു
ഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ— അതേ,
മനുഷ്യപുത്രനായ യേശുമ്ശീഹാതന്നെ.
6 താൻ സകല മനുഷ്യർക്കുംവേണ്ടി വീണ്ടെ
ടുപ്പു വിലയായി ഞാൻ അതിൻെറ പ്രസംഗ
7 കനും, ശ്ലീഹായുമായി നിയമിക്കപ്പെട്ടിരിക്കു
ന്നു. തക്കസമയത്തു വന്ന സാക്ഷ്യമായി
സ്വയം നൽകി.ഞാൻ സത്യം തന്നെ
പറയുന്നു; വ്യാജമല്ല. ഞാൻ സത്യ
വിശ്വാസംമൂലം പുറജാതികളുടെ ഉപദേ
ഷ്ടാവായിരിക്കുന്നു.
8 ആകയാൽ ഞാൻ ആഗ്രഹിക്കുന്നത്-
പുരുഷന്മാർ എല്ലാ സ്ഥലത്തും കോപവും
(അന്യ) വിചാരങ്ങളും കൂടാതെ വിശുദ്ധി
യോടെ അവരുടെ കൈകൾ ഉയർത്തി
9 പ്രാർഥിക്കണം. അതുപോലെതന്നെ, സ്ത്രീ
കളും വസ്ത്രധാരണത്തിൽ പരിപാകത
യുള്ളവരും, അവരുടെ അലങ്കാരം ലജ്ജാ
ശീലമുള്ളതും അടക്കമൊതുക്കമുള്ളതുമാ
10 യിരിക്കണം. പിന്നിയ തലമുടി, സ്വർണം,
രത്നങ്ങൾ, മോടിയുള്ള വസ്ത്രങ്ങൾ എന്നി
വകൊണ്ടല്ല, ദൈവഭക്തി സ്വീകരിക്കുന്ന
സ്ത്രീകൾക്ക് ഉചിതമായ വിധത്തിൽ
സൽപ്രവൃത്തികൾകൊണ്ടത്രെ അലങ്കരി
11 ക്കേണ്ടത്. സ്ത്രീ കീഴ്വഴക്കത്തോടെയി
രുന്നു ശാന്തമായി പഠിക്കണം. സ്ത്രീ,
പഠിപ്പിക്കുവാനും, പുരുഷൻെറമേൽ അഹ 12
ങ്കാരഭാവം കാണിക്കുവാനും ഞാൻ അനു
വദിക്കുന്നില്ല; പിന്നെയോ, അവൾ അടങ്ങി
യിരിക്കണം. എന്തെന്നാൽ, ആദാം ആണ 13
ല്ലോ ആദ്യം സൃഷ്ടിക്കപ്പെട്ടത്. പിന്നീടത്രെ
ഹവ്വാ. ആദാം അല്ല വഴിപിഴച്ചത്. സ്ത്രീ 14
വഴിപിഴച്ച് കല്പന ലംഘിച്ചു. അവളുടെ
മക്കൾ, വിശ്വാസത്തിലും, സ്നേഹത്തിലും, 15
വിശുദ്ധിയിലും അടക്കമൊതുക്കത്തിലും
നിലനിൽക്കുമെങ്കിൽ അവർ മൂലം അവൾ
ജീവൻ പ്രാപിക്കും.

അദ്ധ്യായം 3

ഒരുവൻ കശീശാ (പുരോഹിത) 1
സ്ഥാനം ആഗ്രഹിക്കുന്നുവെങ്കിൽ, നല്ല
കാര്യം ആഗ്രഹിക്കുന്നു എന്നുള്ള വചനം
വിശ്വസ്തമാകുന്നു. ഒരുവൻ കശീശാ
ആകുവാൻ ആവശ്യമായവ: അവൻ കളങ്ക 2
മില്ലാത്തവനും, ഏകഭാര്യയുടെ ഭർത്താവും
വിചാരത്തിൽ ഉണർവുള്ളവനും, പരിപാ
കതയുള്ളവനും, ക്രമമുള്ളവനും, പരദേശി
കളെ സ്നേഹിക്കുന്നവനും, പഠിപ്പിക്കു
വാൻ സാമർഥ്യമുള്ളവനുമായിരിക്കണം.
മദ്യപ്രിയനും, അടിപ്പാൻ കൈനീട്ടുന്നവ 3
നും ആയിരിക്കരുത്. പിന്നെയോ, അവൻ
വിനീതനായിരിക്കണം. കലഹപ്രിയനോ, 4
ദ്രവ്യാഗ്രഹിയോ ആയിരിക്കരുത്. അവൻ
സ്വഭവനത്തെ നന്നായി ഭരിക്കുന്നവനും,
തൻെറ മക്കളെ പൂർണ വിശുദ്ധിയോടെ
കീഴ്വഴക്കത്തിൽ നിറുത്തുന്നവനുമായി
രിക്കണം. സ്വന്തഭവനത്തെ നന്നായി ഭരി 5
പ്പാൻ അറിവില്ലാത്തവന് ദൈവത്തിൻെറ
സഭയെ ഭരിപ്പാൻ എങ്ങനെ കഴിയും? അവൻ 6
നിഗളിച്ചിട്ട്, സാത്താനു വന്ന ശിക്ഷാ
വിധിയിൽ അകപ്പെടാതിരിക്കേണ്ടതിന്,
അവൻ പുതുശിഷ്യൻ ആയിരിക്കരുത്.
അവൻ അപമാനത്തിലും സാത്താൻെറ 7
കെണിയിലും വീഴാതിരിക്കേണ്ടതിന്,
പുറമെയുള്ളവരിൽനിന്നും നല്ല സാക്ഷ്യം
ലഭിച്ചവനുമായിരിക്കണം. അപ്രകാരംതന്നെ 8
ശുശ്രൂഷകന്മാരും നിർമ്മലരായിരിക്കണം.
അവർ ഇരുവാക്കുകാരും, മദ്യപ്രിയരും
ദുർലാഭമോഹികളും ആയിരിക്കരുത്.
പിന്നെയോ, അവർ നിർമ്മല മനഃസാക്ഷി 9
യോടെ വിശ്വാസരഹസ്യം കാത്തുകൊള്ളു
ന്നവരായിരിക്കണം. ആദ്യം അവർ പരി 10
ശോധിക്കപ്പെടണം. കുററമില്ലാത്തവരെ
ങ്കിൽ അവർ 'ശുശ്രൂഷ'* ഏൽക്കട്ടെ.

* Office of a Deacon

11 അങ്ങനെതന്നെ സ്ത്രീകളും പരിപാക
തയുള്ളവരും, നിർമ്മലമനസ്സുള്ളവരും,
എല്ലാ കാര്യത്തിലും വിശ്വസ്തകളും, ഏഷണി
പറയാത്തവരും ആയിരിക്കണം. ശുശ്രൂഷ
12 കൻ[1] ഏകഭാര്യയുള്ളവനും, സ്വന്തഭവന
ത്തേയും മക്കളേയും നന്നായി ഭരിക്കുന്നവ
നും ആയിരിക്കണം. എന്തെന്നാൽ നന്നായി
13 ശുശ്രൂഷ നടത്തിയവർ[2] നല്ല പദവിയും,
യേശുമ്ശീഹായിലുള്ള വിശ്വാസംമൂലം
അത്യധിക മുഖപ്രസന്നതയും സമ്പാദിക്കും.
14 ഞാൻ ഉടനെതന്നെ നിൻെറ അടുക്കൽ
വരും എന്നു പ്രത്യാശിച്ചുകൊണ്ട് നിനക്കു
15 ഞാൻ ഇതെഴുതുന്നു. അഥവാ ഞാൻ
താമസിച്ചുപോയാലും— സത്യത്തിൻെറ
തൂണും, അടിസ്ഥാനവും ആയി, ജീവനുള്ള
ദൈവത്തിൻെറ സഭയാകുന്ന ദൈവഭവന
ത്തിൽ നീ എങ്ങനെ പെരുമാറണം എന്നു
അറിയുവാനായിട്ട് ഞാൻ എഴുതിയിരിക്കു
16 ന്നു. (മ്ശീഹാ) ശരീരത്തിൽ വെളിപ്പെടുക
യും, ആത്മാവിൽ നീതീകരിക്കപ്പെടുകയും
മാലാഖമാർക്കു പ്രത്യക്ഷപ്പെടുകയും ജാതി
കളുടെ ഇടയിൽ പ്രസംഗിക്കപ്പെടുകയും
ലോകത്തിൽ വിശ്വസിക്കപ്പെടുകയും, തേജ
സ്സോടെ കരേറുകയും ചെയ്തു. ഈ നീതിയു
ടെ രഹസ്യം സത്യമായും ശ്രേഷ്ഠമാകുന്നു.

അദ്ധ്യായം 4

1 അവസാനകാലങ്ങളിൽ ചിലരെല്ലാം
വിശ്വാസത്തിൽനിന്ന് വിട്ടകന്ന് വഞ്ച
കാത്മാക്കളുടെ പിന്നാലെയും, പൈശാ
ചികപഠിപ്പിക്കലിനു പിന്നാലെയും പോകും
- എന്ന് ആത്മാവു സ്പഷ്ടമായി പറയുന്നു.
2 അവർ വ്യാജവേഷത്തിൽ വഴിതെററിക്കു
കയും, വ്യാജം സംസാരിക്കുകയും, ചെയ്യുന്ന
വരും മനഃസാക്ഷിയില്ലാത്തവരും ആയി
3 രിക്കും. അവർ വിവാഹത്തെ വിരോധിക്കും.
വിശ്വസിച്ചും സത്യം ബോധപ്പെട്ടും ഇരിക്കു
ന്നവരുടെ ഉപയോഗത്തിനും, സ്തോത്ര
ത്തിനുമായി ദൈവം സൃഷ്ടിച്ചിട്ടുള്ള ഭക്ഷ
ണങ്ങളെ വർജ്ജിപ്പിക്കുന്നവരും ആയി
4 രിക്കും. എന്തെന്നാൽ ദൈവത്താൽ സൃഷ്ടി
ക്കപ്പെട്ടിട്ടുള്ളതെല്ലാം നല്ലതാകുന്നു. സ്തോ
ത്രത്തോടെ സ്വീകരിക്കപ്പെടുന്നുവെങ്കിൽ
5 ഒന്നും നിന്ദ്യമല്ല. എന്തെന്നാൽ ദൈവ
ത്തിൻെറ വചനത്താലും പ്രാർഥനയാലും
6 അവ ശുദ്ധീകൃതങ്ങളാകുന്നു. നിൻെറ
സഹോദരന്മാരെ ഇക്കാര്യങ്ങൾ പഠിപ്പിക്കു
മെങ്കിൽ, വിശ്വാസത്തിൻെറ വചനങ്ങ
ളാലും, നീ അഭ്യസിച്ചിട്ടുള്ള നല്ല ഉപദേശ
ത്താലും, നീ വളർച്ച (പ്രാപിച്ച്) യേശുമ്ശീ
ഹായുടെ ഉത്തമ ശുശ്രൂഷകനായിരിക്കും.
അർഥശൂന്യങ്ങളായ കിഴവിക്കഥകളിൽ 7
നിന്ന് വിട്ടുമാറി നീതിയിൽ നിന്നെത്തന്നെ
പരിശീലിപ്പിക്കുക. എന്തെന്നാൽ ശരീര 8
ത്തിൻെറ പരിശീലനം അല്പകാലത്തേക്കു
പ്രയോജനം വരുത്തുന്നതാകുന്നു. നീതി
യാകട്ടെ എല്ലാററിലും പ്രയോജനപ്പെടുന്ന
താകുന്നു. അതിന്, ഇപ്പോഴുള്ള ജീവിത
ത്തിൻെറയും വരുവാനുള്ളതിൻെറയും
വാഗ്ദത്തമുള്ളതാകുന്നു.

ഈ വചനം വിശ്വാസ്യവും എല്ലാവ 9
രാലും അംഗീകരിപ്പാൻ യോഗ്യതയുള്ളതു
മാകുന്നു. എന്തെന്നാൽ — ഇതിനാലത്രെ, 10
എല്ലാ മനുഷ്യരുടെയും പ്രത്യേകിച്ചു വിശ്വാ
സികളുടെയും ജീവദായകനാകുന്ന ദൈവ
ത്തിൽ പ്രത്യാശവച്ചുകൊണ്ട് നാം അദ്ധ്വാ
നിക്കുകയും നിന്ദ സഹിക്കുകയും ചെയ്യു
ന്നത്. ഇവ നീ പഠിപ്പിക്കുകയും ആജ്ഞാ 11
പിക്കുകയും വേണം. ആരും നിൻെറ യൗവ്വന 12
ത്തെ നിസ്സാരമാക്കാൻ ഇടയാകരുത്. പിന്നെ
യോ, വാക്കിലും, പെരുമാററത്തിലും, സ്നേ
ഹത്തിലും വിശ്വാസത്തിലും നിർമലത
യിലും നീ വിശ്വാസികൾക്കു മാതൃകയാ
യിരിക്കണം. ഞാൻ വരുന്നതുവരെ വായന 13
യിലും, പ്രാർഥനയിലും, ഉപദേശത്തിലും
തല്പരനായിരിക്കണം.

പ്രവചനത്താലും ആചാര്യസ്ഥാന 14
ത്തിൻെറ[3] കൈവെപ്പിനാലും നിനക്കു
നൽകപ്പെട്ടിട്ടുള്ളതായി - നിന്നിലുള്ള
കൃപാവരം, നിസ്സാരമായി വിചാരിക്കരുത്.
നീ അഭിവൃദ്ധിപ്പെടുന്നതായി എല്ലാവരും 15
അറിയുവാൻതക്കവണ്ണം, ഇവയെ ചിന്തിച്ചു
കൊണ്ടിരിക്കുക. അതിൽ തന്നെ ആയിരി
ക്കുകയും ചെയ്യുക. നിന്നെത്തന്നെയും
നിൻെറ ഉപദേശത്തേയും സൂക്ഷിച്ചുകൊ 16
ള്ളുക. അവയിൽ നീ ഉറച്ചുനിൽക്കുക.
എന്തെന്നാൽ ഇങ്ങനെ നീ ചെയ്താൽ
നിന്നെത്തന്നെയും നിന്നെ കേൾക്കുന്നവ
രേയും നീ സജീവരാക്കും.

അദ്ധ്യായം 5

പ്രായക്കൂടുതലുള്ളവരെ നീ ശകാരിക്ക 1
രുത്. പിന്നെയോ, പിതാവിനെപ്പോലെയും,
പ്രായം കുറഞ്ഞവരെ നിൻെറ സഹോദര
ന്മാരെപ്പോലെയും, പ്രായക്കൂടുതലുള്ള 2
സ്ത്രീകളെ അമ്മമാരെപ്പോലെയും പ്രായം
കുറഞ്ഞവരെ പൂർണ നിർമലതയോടെ -
നിൻെറ സഹോദരികളെപ്പോലെയും,

1. Deacon. 2. held the office of a deacon 3 ബസ്യോം ഈദോ ദ്കാശീശൂസൊ. (By the imposition of hands of Priesthood

3 (വിചാരിച്ച്) പ്രബോധിപ്പിക്കുക. യഥാർത്ഥ
വിധവമാരായിരിക്കുന്ന വിധവമാരെ
4 ബഹുമാനിക്കുക. വിധവയ്ക്കു മക്കളോ,
മക്കളുടെ മക്കളോ ഉണ്ടെങ്കിൽ, അവർ
മുന്നമെ സ്വന്തഭവനക്കാരോടു നീതിയായി
പെരുമാറുവാനും, അവരുടെ മാതാപിതാ
ക്കന്മാർക്ക് പ്രത്യുപകാരം ചെയ്യുവാനും
പഠിക്കണം. ഇതു ദൈവമുമ്പാകെ പ്രസാദ
5 കരമാകുന്നു. സാക്ഷാൽ വിധവയും,
അനാഥയുമായി കഴിയുന്നവൾ— അവ
ളുടെ പ്രത്യാശ ദൈവത്തിൽ ആയിരിക്കും.
അവൾ രാവും പകലും പ്രാർഥനയിലും,
6 യാചനയിലും ഉററിരിക്കും. സുഖഭോഗങ്ങ
ളിൽ കഴിയുന്നവളോ, ജീവിച്ചിരിക്കുമ്പോൾ
7 തന്നെ മരിച്ചവളാകുന്നു. അവർ കുററമി
ല്ലാത്തവരായിരിക്കുവാൻവേണ്ടി, നീ ഇവ
അവരോട് ആജ്ഞാപിച്ചുകൊള്ളണം.
8 ഒരുവൻ തൻെറ സ്വന്തക്കാരുടെ കാര്യവും,
പ്രത്യേകിച്ച് അതേ വിശ്വാസത്തിൽതന്നെ
ഉൾപ്പെട്ടിരിക്കുന്നവരുടെ കാര്യവും ശ്രദ്ധി
9 ക്കുന്നില്ലെങ്കിൽ, അവൻ വിശ്വാസം ഉപേക്ഷി
ച്ചവനും അവിശ്വാസികളെക്കാൾ നീചനു
10 മാകുന്നു. ആകയാൽ ഏകഭർത്താവിനു
ഭാര്യയായിരുന്നിട്ടുള്ള അറുപതു വയസ്സിൽ
കുറവില്ലാത്തവളും മക്കളെ വളർത്തുക,
പരദേശികളെ സൽക്കരിക്കുക, വിശുദ്ധ
രുടെ പാദശുശ്രൂഷ ചെയ്യുക, ഞെരുക്ക
ത്തിലുള്ളവരെ ആശ്വസിപ്പിക്കുക, സർവ
സൽപ്രവൃത്തികളിലും വ്യാപരിക്കുക
മുതലായ സൽകർമങ്ങളിൽ സാക്ഷ്യം
പ്രാപിച്ചിട്ടുള്ളവളും ആയവളെ—വിധവ
11 യായി—തിരഞ്ഞെടുത്തുകൊള്ളുക. യുവ
തികളായ വിധവമാരെ ഒഴിവാക്കുക. അവർ
മ്ശീഹായ്ക്കു വിരോധമായി മദിക്കുകയും,
വിവാഹംചെയ്‌വാൻ ആഗ്രഹിക്കയും
12 ചെയ്തേക്കാം. അവരുടെ ആദ്യ വിശ്വാസം
അവർ ഉപേക്ഷിച്ചതുകൊണ്ട് അവരുടെ
13 ശിക്ഷാവിധി നീണ്ടുനിൽക്കും. അവർ വീടു
കൾ തോറും ചുററിനടന്ന്, അലസതയും
ശീലിക്കും. അതുമാത്രമല്ല; അവർ വായാടി
കളായി, വ്യർഥകാര്യങ്ങൾ ഇളക്കിവിടുവാ
നും യോഗ്യമല്ലാത്തതു സംസാരിക്കുവാനും
14 ശീലിക്കും. ആകയാൽ യുവതികളായ (വി
ധവമാർ) വിവാഹംകഴിക്കുകയും മക്കളെ
പ്രസവിക്കുകയും തങ്ങളുടെ വീടുകൾ സംര
ക്ഷിക്കുകയും, വിരോധിക്ക് അവരെക്കുറിച്ച്
ഒരപവാദത്തിനും അവസരം കൊടുക്കാതി
രിക്കുകയും ചെയ്യണമെന്നാണ് എൻെറ
15 ആഗ്രഹം. ഇപ്പോൾ തന്നെ ചിലർ വഴിതെറ്റി
സാത്താൻെറ പിന്നാലെ പോകുവാൻ തുട
ങ്ങിയിരിക്കുന്നു. ഒരു വിശ്വാസിക്കോ വി 16
ശ്വാസിനിക്കോ വിധവമാരുണ്ടെങ്കിൽ,
അവർതന്നെ ഇവരെ സംരക്ഷിക്കട്ടെ; സഭ
യ്ക്കു ഭാരം വരുത്തരുത്. എന്തെന്നാൽ സഭ
യ്ക്ക്, സാക്ഷാൽ വിധവമാരായവരെ,
സംരക്ഷിക്കേണ്ടതുണ്ടല്ലോ.

നന്നായി ഭരിക്കുന്ന കാശീശന്മാർ— 17
പ്രത്യേകിച്ചും വചനത്തിലും വിശ്വാസോ
പദേശത്തിലും* അദ്ധ്വാനിക്കുന്നവർ ഇരട്ടി
ബഹുമാനത്തിന് യോഗ്യരായി (ഗണിക്ക
പ്പെടണം). “കററ മെതിക്കുന്ന കാളയുടെ 18
വായ് മൂടിക്കെട്ടരുതെന്നും,” “വേലക്കാരൻ
കൂലിക്ക് അർഹനാണെന്നും” തിരുവെഴു
ത്തു പറയുന്നുണ്ടല്ലോ. രണ്ടോ മൂന്നോ 19
സാക്ഷികളുടെ തെളിവാലല്ലാതെ കശീശ
യുടെ മേലുള്ള കുററാരോപണം നീ സ്വീക
രിക്കരുത്. മററുള്ളവർക്കും ഭയമുണ്ടാകേണ്ട
തിന്നായി—പാപം ചെയ്യുന്നവരെ—എല്ലാ 20
വരുടെയും മുമ്പിൽവച്ച് ശാസിക്കുക. ഇവ
നീ പാലിക്കണമെന്നും, ഒന്നിലും മുൻവിധി
ചെയ്യരുതെന്നും, മുഖം നോക്കി നീ യാതൊ 21
ന്നും ചെയ്യരുതെന്നും, ദൈവത്തിൻെറയും,
നമ്മുടെ കർത്താവായ യേശുമ്ശീഹായു
ടെയും തൻെറ തിരഞ്ഞെടുക്കപ്പെട്ട മാലാഖ
മാരുടെയും മുമ്പാകെ സാക്ഷ്യപ്പെടുത്തി,
നിന്നോട് ഞാൻ പറയുന്നു.

ധൃതഗതിയിൽ നീ ആരുടെമേലും 22
കൈവെപ്പു നടത്തരുത്. അന്യരുടെ പാപ
ങ്ങളിൽ നീ ഓഹരിക്കാരനാകുകയും അരു
ത്. നിന്നെത്തന്നെ നിർമലതയിൽ കാത്തു
കൊള്ളണം. നിൻെറ ഉദര (രോഗം) മൂലവും, 23
ഇടവിടാതുള്ള നിൻെറ രോഗങ്ങൾമൂലവു
മായി ഇനിമേൽ വെള്ളം മാത്രം കുടിക്കാതെ
അല്പം വീഞ്ഞു സേവിച്ചു കൊള്ളുക. ചില
മനുഷ്യരുടെ പാപങ്ങൾ വെളിവായിരിക്കു 24
ന്നു. അവ അവർക്കു മുമ്പായി ന്യായ വിധി
സ്ഥലത്തെത്തുന്നു. മററു ചിലരുടേത്
അവരുടെ പിന്നാലെയും പോകുന്നു. ഇതു
പോലെതന്നെ, സൽപ്രവൃത്തികളും വെളി 25
വായിരിക്കുന്നു. വെളിവാകാത്തവയും മറ
ഞ്ഞിരിപ്പാൻ സാധ്യമല്ല.

അദ്ധ്യായം 6

അടിമനുകത്തിൻ കീഴിൽ കഴിയുന്ന
വരും—ദൈവനാമവും തൻെറ വിശ്വാസോ
പദേശവും ദുഷിക്കപ്പെടാതിരിക്കുവാൻ
വേണ്ടി, അവരുടെ യജമാനന്മാരെ സർവ
വിധ ബഹുമാനത്തോടും കൂടെ ആദരി

* Doctrine

2 ക്കണം. വിശ്വാസികളായ യജമാനന്മാരെ
ലഭിച്ചിരിക്കുന്നവർ—അവർ അവരുടെ സ
ഹോദരന്മാരാണല്ലോ, എന്നു കരുതി അവ
രെ അലക്ഷ്യമാക്കരുത്. പിന്നെയോ, തങ്ങ
ളുടെ ശുശ്രൂഷയാൽ ആശ്വസിപ്പിക്കപ്പെടു
ന്നവർ, വിശ്വാസികളും പ്രിയപ്പെട്ടവരും
ആകകൊണ്ട്, അവർക്കു കൂടുതലായി ശു
ശ്രൂഷ ചെയ്യണം. ഇക്കാര്യങ്ങൾ നീ അവരെ
പഠിപ്പിക്കുകയും ഉദ്ബോധിപ്പിക്കുകയും
ചെയ്യുക.
3 അന്യ ഉപദേശം പഠിപ്പിക്കുകയും,
നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ
പത്ഥ്യവചനങ്ങളും ദൈവഭക്തിയുടെ വിശ്വാ
സോപദേശവും അനുസരിക്കാതിരിക്കയും
4 ചെയ്യുന്നവൻ—അവനൊരു അറിവും ഇല്ലാ
തിരിക്കെ തർക്കത്തിലും വാഗ്വാദത്തിലുമാ
യി സ്വയം അഹങ്കരിക്കുന്നു. ഇവയിൽ നി
5 ന്നും അസൂയയും, തർക്കവും, ദുർഭാഷണ
വും, ദുസ്സംശയവും ഉണ്ടാകുന്നു. ദുർബുദ്ധി
കളും, സത്യം ഇല്ലാത്തവരും, ദൈവഭക്തി
എന്നത് ആദായമാർഗം എന്നു വിചാരിക്കു
ന്നവരുമായ മനുഷ്യരിൽനിന്നു ഞെരുക്ക
വുമുണ്ടാകുന്നു. നീ, ഇവരിൽനിന്നും അക
6 ന്നു നിന്നുകൊള്ളണം. നമ്മുടെ നേട്ടം വലു
തു തന്നെ. അതു നമ്മുടെ അലംഭാവത്തോ
ടെയുള്ള ദൈവഭക്തിതന്നെ. എന്തെന്നാൽ
7 —ഈ ലോകത്തിലേയ്ക്ക് നാം ഒന്നും
കൊണ്ടു വന്നില്ല. ഇവിടെനിന്നും ഒന്നും
കൊണ്ടുപോകാൻ നമുക്കു കഴിയുന്നതുമല്ല
8 എന്നുള്ളത് സ്പഷ്ടമായ കാര്യമാണല്ലോ.
ആകയാൽ നമുക്കു ഭക്ഷണവും വസ്ത്രവും
9 ഉണ്ടെങ്കിൽ മതി (എന്നു വിചാരിക്കുക).
ധനികരാകുവാൻ മോഹിക്കുന്നവർ, പരീ
ക്ഷകളിലും, കെണികളിലും, മൌഢ്യവും
മനുഷ്യരെ ക്ഷയത്തിലും നാശത്തിലും
മുക്കിക്കളയുന്ന ഉപദ്രവകരമായ അനേക
മോഹങ്ങളിലും വീണുപോകുന്നു.
10 എന്തെന്നാൽ, എല്ലാ തിന്മകളുടെയും
മൂലം ദ്രവ്യാഗ്രഹമാകുന്നു. ചിലർ അതിനെ
മോഹിച്ചിട്ട് വിശ്വാസത്തിൽനിന്നും തെററി
പ്പോകുകയും, വളരെയേറെ ദുരിതങ്ങൾക്ക്
സ്വയം അധീനരാകുകയും ചെയ്തിട്ടുണ്ട്.
11 നീയോ ദൈവത്തിൻെറ മനുഷ്യാ, ഇവ
യിൽനിന്നും വിട്ടോടി, പുണ്യം, നീതി,
വിശ്വാസം, സ്നേഹം, സഹനശക്തി, താഴ്മ
എന്നിവയുടെ പിന്നാലെ പാഞ്ഞെത്തുക.
12 വിശ്വാസത്തിൻെറ നല്ല യുദ്ധം ചെയ്യുക.
നിത്യജീവനെ പിടിച്ചുകൊള്ളുക. അതിനാ
യിട്ടല്ലോ, നീ വിളിക്കപ്പെട്ടത്. അനേക സാ
ക്ഷികളുടെ മുമ്പിൽവെച്ച് ഉത്തമസമ്മതം 13
നീ നൽകുകയും ചെയ്തിട്ടുണ്ടല്ലോ.
സകലത്തേയും ജീവിപ്പിക്കുന്ന ദൈവ 14
ത്തേയും പൊന്തിയോസ് പീലാത്തോസി
ൻെറ മുമ്പിൽ നല്ല സാക്ഷ്യം നൽകിയ യേശു
മ്ശീഹായേയും സാക്ഷിയാക്കിക്കൊണ്ടും
ഞാൻ പറയുന്നു: നമ്മുടെ കർത്താവേശു
മ്ശിഹായുടെ പ്രത്യക്ഷത വരെയും, നീ ഈ
കല്പന കളങ്കംകൂടാതെ കാത്തുകൊള്ള
ണം. താൻ മാത്രം സ്തുത്യനും, ബലവാനും, 15
രാജാക്കന്മാരുടെ രാജാവും, കർത്താക്ക
ന്മാർക്കു കർത്താവും ആയിരിക്കുന്നവനും
—താൻ മാത്രം അക്ഷയനും, ആർക്കും 16
തന്നോടടുക്കാൻ സാദ്ധ്യമല്ലാത്ത പ്രകാശ
ത്തിൽ വാസം ചെയ്യുന്നവനും, മനുഷ്യരി
ലാരും തന്നെ കണ്ടിട്ടില്ലാത്തവനും, തന്നെ
ക്കാണാൻ സാദ്ധ്യമല്ലാത്തവനുമായ ദൈവം
തക്ക കാലത്ത് അവനെ (മ്ശീഹായെ)
കാണിപ്പാനിരിക്കുന്നു. ആ ദൈവത്തിന്
എന്നെന്നേക്കും ബഹുമാനവും അധികാ
രവും ഉണ്ടായിരിക്കട്ടെ—ആമ്മീൻ.
ഈ ലോകത്തിലെ ധനികരോട് അവർ 17
ഉന്നതഭാവം കാണിക്കരുതെന്നും, നമ്മുടെ
ആശ്വാസത്തിന്നായി, സകലവും സമൃദ്ധി 18
യായി നമുക്കു തന്നിരിക്കുന്ന ജീവനുള്ള
ദൈവത്തിലല്ലാതെ, പ്രത്യാശ വയ്ക്കാവത
ല്ലാത്ത സമ്പത്തിൽ ആശ്രയിക്കരുത് എന്നും,
അവർ സൽപ്രവൃത്തികൾ ചെയ്കയും
സൽകർമങ്ങളിൽ സമ്പന്നരായിരിക്കയും,
ദാനം ചെയ്യുവാനും സഹകരിപ്പാനും ഒരുക്ക
മുള്ളവരായിരിക്കയും, അവർ യഥാർഥ 19
ജീവനെ എത്തിപ്പിടിക്കുവാൻ തക്കവണ്ണം,
വരുവാനിരിക്കുന്നതിലേക്കായി തങ്ങൾക്കു
തന്നെ നല്ല അടിസ്ഥാനമിടുകയും വേണ
മെന്നും, നീ അവരോട് ആജ്ഞാപിക്കണം.
തീമോത്തെയോസെ, നിനക്കു ഭര 20
മേൽപ്പിക്കപ്പെട്ടിട്ടുള്ള കാര്യം സൂക്ഷിച്ചു
കൊള്ളണം. വ്യർഥവാക്കുകളിൽനിന്നും,
ജ്ഞാനം എന്നു വ്യാജമായി പറയുന്ന വാദ
ങ്ങളിൽനിന്നും വിട്ടകന്നുകൊള്ളണം. എ
ന്തെന്നാൽ, അതിൽ ഉൾപ്പെടുന്നവർ, വിശ്വാ 21
സത്തിൽനിന്നു വ്യതിചലിച്ചു തെററിപ്പോയി
ട്ടുണ്ട്.
കൃപ നിന്നോടുകൂടെ ഉണ്ടായിരിക്കു 22
മാറാകട്ടെ —ആമ്മീൻ.

ലവദിക്യായിൽനിന്നും എഴുതപ്പെട്ട തീമോത്തെയോസിനുള്ള ഒന്നാം ലേഖനം
സമാപ്തം.

തിമോത്തെയോസിനെഴുതിയ ഒന്നാം ലേഖനം

		പാഠഭേദം
2.8	കോപവും അന്യവിചാരങ്ങളും	കോപവും വാഗ്വാദവും
15	അവളുടെ മക്കൾ വിശ്വാസ ത്തിലും.....നിലനിൽക്കുമെങ്കിൽ അവർ മൂലം അവൾ ജീവൻ പ്രാപിക്കും	.....പാർക്കുന്നു എങ്കിൽ അവൾ മക്കളെ പ്രസവിച്ചു രക്ഷ പ്രാപിക്കും.
3.1	കശീശാ സ്ഥാനം	അദ്ധ്യക്ഷസ്ഥാനം
2	പരദേശികളെ	അതിഥികളെ
4	പൂർണവിശുദ്ധിയോടെ	പൂർണ ഗൗരവത്തോടെ
5	എങ്ങനെ ഭരിക്കും	എങ്ങനെ പരിപാലിക്കും
8	നിർമലരായിരിക്കണം	ഘനശാലികളായിരിക്കണം
4.14	പ്രവചനത്താലും ആചാര്യ സ്ഥാനത്തിൻെറ കൈവെപ്പാലും നിനക്കു നൽകപ്പെട്ടിട്ടുള്ളതായി, നിന്നിലുള്ള കൃപാവരം......	മൂപ്പന്മാരുടെ കൈവെപ്പോടുകൂടെ പ്രവചനത്താൽ നിനക്കു ലഭിച്ചതായി നിന്നിലുള്ള കൃപാവരം.
5.6	സുഖഭോഗങ്ങളിൽ കഴിയുന്നവളോ (എസ്ത്രനിയാ = luxury)	കാമുകിയായവളോ
8	സ്വന്തക്കാരുടെ കാര്യവും അതേ വിശ്വാസത്തിൽതന്നെ ഉൾപ്പെട്ടി രിക്കുന്നവരുടെ കാര്യവും	തനിക്കുള്ളവർക്കും സ്വന്ത കുടുംബക്കാർക്കുംവേണ്ടി
16	ഒരു വിശ്വാസിക്കോ വിശ്വാസിനിക്കോ വിധവമാരു ണ്ടെങ്കിൽ അവർ തന്നെ ഇവരെ സംരക്ഷിക്കട്ടെ	....വിശ്വാസിക്കു വിധവമാരുണ്ടെങ്കിൽ അവൾതന്നെ......
17	ഭരിക്കുന്ന കശീശന്മാരെ	ഭരിക്കുന്ന മൂപ്പന്മാരെ
19	കശീശായുടെ മേലുള്ള കുറ്റാരോപണം സ്വീകരിക്കരുത്	മൂപ്പൻെറനേരെ അന്യായം എടുക്കരുത്.
22	ധൃതഗതിയിൽ ആരുടെമേലും കൈവെപ്പു നടത്തരുത്	ഒരുവൻെറമേലും വേഗത്തിൽ കൈവയ്ക്കരുത്
6.6	നമ്മുടെ നേട്ടം വലുതുതന്നെ . അതു നമ്മുടെ അലംഭാവത്തോടു കൂടിയ ദൈവഭക്തിതന്നെ	അലംഭാവത്തോടുകൂടിയ ദൈവഭക്തി വലിയ ആദായമാകുന്നു
12	....സാക്ഷികളുടെ മുമ്പിൽവച്ച് ഉത്തമ സമ്മതം നീ നൽകിയിട്ടുണ്ടല്ലോ	നല്ല സ്വീകാരം കഴിച്ചുവല്ലോ.

പൌലോസ് ശ്ലീഹാ, തീമോത്തെയോസിന് എഴുതിയ രണ്ടാം ലേഖനം

അദ്ധ്യായം 1

1 ദൈവത്തിൻെറ തിരുഹിതത്താലും,
യേശുമ്ശീഹായിലുള്ള ജീവൻെറ വാഗ്ദ
ത്തപ്രകാരവും, യേശുമ്ശീഹായുടെ ശ്ലീഹാ
യായ പൌലോസ് എഴുതുന്നത്.
2 പിതാവായ ദൈവത്തിങ്കൽനിന്നും,
നമ്മുടെ കർത്തവായ യേശുമ്ശീഹായിൽ
നിന്നും, പ്രിയ മകനായ തീമോത്തെയോ
സിന് കൃപയും കരുണയും സമാധാനവും
ഉണ്ടായിരിക്കുമാറാകട്ടെ.
3 എൻെറ പിതാക്കന്മാർ മുതൽ സത്യമനഃ
സാക്ഷിയോടെ, ഞാൻ ആർക്കു ശുശ്രൂഷ
ചെയ്യുന്നുവോ, ആ ദൈവത്തിനു ഞാൻ
സ്തോത്രം അർപ്പിക്കുന്നു. രാത്രിയിലും
പകലുമുള്ള എൻെറ പ്രാർഥനകളിൽ ഞാൻ
മുടങ്ങാതെ നിന്നെ ഓർത്തുകൊണ്ടിരി
4 ക്കുന്നു. നിന്നെ കാണുവാൻ ഞാൻ അധിക
കാംക്ഷയോടിരിക്കുന്നു. നിൻെറ കണ്ണു
5 നീരുകൾ ഞാൻ ഓർക്കുന്നു. ആദ്യം നിൻെറ
അമ്മയുടെ അമ്മയായ ലോവീസിലും,
നിൻെറ അമ്മയായ എവ്നീക്കിയിലും ഉണ്ടാ
യിരുന്നതും, നിന്നിലും ഉണ്ടെന്ന് എനിക്കു
ബോദ്ധ്യപ്പെട്ടിട്ടുള്ളതുമായ നിൻെറ സത്യ
വിശ്വാസത്താൽ എനിക്കുണ്ടാകുന്ന സ്മര
ണയാൽ ഞാൻ സന്തോഷംകൊണ്ടു നിറ
6 യുന്നു. ആകയാൽ എൻെറ കൈവെപ്പു
മൂലം *നിന്നിലുള്ള ദൈവത്തിൻെറ കൃപാ
ദാനത്തെ നീ ഉണർത്തിക്കൊണ്ടിരിക്കണ
മെന്നു നിന്നെ ഞാൻ അനുസ്മരിപ്പിക്കുന്നു.
7 ദൈവം നമുക്കു നൽകിയിരിക്കുന്നത്
ഭയത്തിൻെറ ആത്മാവിനെയല്ല; ശക്തി
യുടെയും സ്നേഹത്തിൻെറയും വിശ്വാ
സോപദേശത്തിൻെറയും ആത്മാവിനെ
8 അത്രേ. ആകയാൽ നമ്മുടെ കർത്താവി
ൻെറ സാക്ഷ്യത്തെക്കുറിച്ചും തൻെറ ബദ്ധ
നായ എന്നെക്കുറിച്ചും നീ ലജ്ജിക്കരുത്.
പിന്നെയോ, സുവിശേഷത്തിനുവേണ്ടി
ദൈവശക്തിയോടെ ക്ലേശം സഹിക്കുക.
ദൈവം, നമ്മുടെ പ്രവൃത്തികളെ ആസ്പദ 9
മാക്കിയല്ല; തൻെറ ഇഷ്ടം അനുസരിച്ചും,
ലോകാരംഭത്തിനുമുമ്പുതന്നെ യേശുമ്ശീ
ഹായിൽ നമുക്കു നൽകപ്പെട്ട തൻെറ കൃപ
യ്ക്ക് അനുസരിച്ചും അത്രേ, നമ്മെ ജീവി
പ്പിക്കയും തൻെറ വിശുദ്ധ വിളിയാൽ നമ്മെ
വിളിക്കയും ചെയ്തത്. (തൻെറ ആ കൃപ) മര 10
ണത്തെ നീക്കിക്കളയുകയും സുവിശേഷ
ത്തിലൂടെ ജീവനും, അക്ഷയത്വവും നമുക്കു
കാണിച്ചുതരികയും ചെയ്ത നമ്മുടെ ജീവ
ദായകനായ യേശുമ്ശീഹായുടെ പ്രത്യ
ക്ഷതയാൽ ഇപ്പോൾ വെളിപ്പെട്ടുമിരിക്കു
ന്നു. ആ സുവിശേഷത്തിന്, ഞാൻ പ്രസംഗ 11
കനും, ശ്ലീഹായും, പുറജാതികളുടെ ഉപദേ
ഷ്ടാവുമായി നിയമിക്കപ്പെട്ടിരിക്കുന്നു.
ഇതുനിമിത്തമാണ് ഞാൻ ഇവയെല്ലാം 12
സഹിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ അശേ
ഷം ലജ്ജിക്കുന്നില്ല. ഞാൻ ആരിലാണ്
വിശ്വസിച്ചത് എന്ന് എനിക്കറിയാം. എന്നെ
ഏല്പിച്ചിരിക്കുന്ന നിക്ഷേപം എനിക്കായി
ആ ദിവസത്തേക്കു സൂക്ഷിച്ചുവയ്ക്കുവാൻ
തനിക്കു കഴിയുമെന്ന് എനിക്കു ബോധ്യ
പ്പെട്ടുമിരിക്കുന്നു. യേശുമ്ശീഹായിലുള്ള 13
വിശ്വാസത്തോടും, സ്നേഹത്തോടുംകൂടി
നീ എന്നിൽനിന്നും കേട്ടിട്ടുള്ള പത്ഥ്യവചന
ങ്ങൾ നിനക്കു മാതൃകയായിരിക്കണം. ആ 14
നല്ല നിധി, നമ്മിൽ വാസം ചെയ്തിരിക്കുന്ന
പരിശുദ്ധാത്മാവുമൂലം നീ സൂക്ഷിച്ചു
കൊള്ളണം.
ആസിയായിലുള്ളവരെല്ലാം എങ്കൽ 15
നിന്നും പിരിഞ്ഞുപോയി എന്നു നിനക്കറി
യാമല്ലോ. ഫുലെഗോസും, ഹെർമഗനേസും
അവരിൽ ഉൾപ്പെടുന്നു. ഒനിസിഫോറോസി
ൻെറ കുടുംബത്തിന് നമ്മുടെ കർത്താവ്
കരുണ നൽകട്ടെ. എന്തെന്നാൽ, അയാൾ 16
വളരെയേറെ പ്രാവശ്യം എന്നെ ആശ്വസിപ്പി
ച്ചിട്ടുണ്ട്. എൻെറ ബന്ധനങ്ങളുടെ ചങ്ങല 17
കളെക്കുറിച്ച് അയാൾ ലജ്ജിച്ചിട്ടുമില്ല.
പിന്നെയോ, അയാൾ റോമിൽ വന്നപ്പോൾ

* എൻെറ "കൈവെപ്പുമൂലം" എന്ന് ശ്ലീഹാ സ്പഷ്ടമായി പറഞ്ഞിരിക്കുന്നതിനാൽ —
1 തീമോ. 4:14-ൽ "മൂപ്പന്മാരുടെ കൈവെപ്പാൽ" എന്നുള്ള മലയാളഭാഷാന്തരം സൂക്ഷിക്കുക.

ഉത്സാഹപൂർവം എന്നെ അന്വേഷിക്കയും
18 കണ്ടെത്തുകയും ചെയ്തു. ആ ദിവസ
ത്തിൽ നമ്മുടെ കർത്താവിൻെറ സന്നിധി
യിൽ കരുണ കണ്ടെത്തുവാൻ നമ്മുടെ
കർത്താവ് അയാൾക്കു കൃപ നൽകട്ടെ —
എഫേസോസിൽവെച്ച് അയാൾ എത്ര
മാത്രം എന്നെ ശുശ്രൂഷിച്ചുവെന്ന് നിനക്കു
കൂടുതലായി അറിയാമല്ലോ.

അദ്ധ്യായം 2

ആകയാൽ എൻെറ മകനേ, യേശു
മ്ശീഹായിലുള്ള കൃപയാൽ നീ ശക്തി
2 പ്രാപിക്കുക. വളരെ സാക്ഷികൾ മുമ്പാ
കെ നീ എന്നിൽനിന്നും കേട്ടിട്ടുള്ളതെല്ലാം
മററുള്ളവരേയും പഠിപ്പിക്കുവാൻ കഴി
വുള്ള വിശ്വസ്തരായ ആളുകളെ നീ
3 ഭരമേൽപ്പിക്കണം. യേശുമ്ശീഹായുടെ
നല്ല ഭടൻ എന്നവണ്ണം വിഷമതകൾ നീ
4 സഹിക്കണം. തന്നെ തിരഞ്ഞെടുത്ത
യാളിനെ പ്രസാദിപ്പിക്കുവാൻവേണ്ടി —
ഏതു പടയാളിയും ലോകകാര്യങ്ങളിൽ
ഉൾപ്പെടാതിരിക്കുന്നു. ഒരുവൻ പോരാ
5 ടുന്നുവെങ്കിൽതന്നെ അവൻ നിയമാനു
സരണമല്ല മത്സരിക്കുന്നതെങ്കിൽ—അ
വന് കിരീടം ലഭിക്കുന്നില്ല. അധ്വാനിക്കു
6 ന്ന കൃഷിക്കാരൻ അത്രെ ആദ്യം ഫല
മനുഭവിക്കേണ്ടത്. ഞാൻ പറയുന്നത് നീ
7 മനസ്സിലാക്കിക്കൊള്ളണം. സർവ കാര്യ
ങ്ങളിലും നമ്മുടെ കർത്താവ് നിനക്കു
8 ജ്ഞാനം നൽകും. എൻെറ സുവിശേഷ
പ്രകാരം ദാവീദിൻെറ സന്തതിയിൽപ്പെ
ട്ടവനും, മരിച്ചവരുടെ ഇടയിൽനിന്നും
ഉയിർത്തെഴുന്നേററവനുമായ യേശുമ്ശീ
9 ഹായെ നീ ഓർത്തുകൊള്ളണം. ആ
സുവിശേഷം നിമിത്തമായി, ഒരു ദുഷ്ക്കർ
മിയെപ്പോലെ ബന്ധനങ്ങൾ ഉൾപ്പെടെ
യുള്ള കഷ്ടം ഞാൻ സഹിക്കുന്നു.
എന്നാൽ ദൈവത്തിൻെറ വചനമോ,
10 ബന്ധിതമായിട്ടില്ല. ഇതുനിമിത്തം തെര
ഞ്ഞെടുക്കപ്പെട്ടവർ നിത്യമഹത്വത്തോടു
കൂടെ യേശുമ്ശിഹാമൂലമുള്ള രക്ഷപ്രാ
പിപ്പാൻവേണ്ടി ഞാൻ അവർക്കായി സക
ലവും സഹിക്കുന്നു.
11 ഈ വചനം വിശ്വസനീയമാകുന്നു. നാം
തന്നോടുകൂടെ മരിച്ചെങ്കിൽ തന്നോടു
കൂടെ ജീവിക്കും; നാം സഹിക്കുന്നുവെങ്കിൽ
12 തന്നോടുകൂടെ നാം വാഴും; നാം തന്നെ
തള്ളിപ്പറയുമെങ്കിൽ താൻ നമ്മെയും തള്ളി
13 പ്പറയും, നാം തന്നിൽ വിശ്വസിച്ചില്ലെങ്കിലും,
താൻ വിശ്വസ്തനായി സ്ഥിതിചെയ്യും.
തന്നെത്തന്നെ തള്ളിപ്പറയുവാൻ തനിക്കു
കഴിയുകയില്ലല്ലോ.
കേൾക്കുന്നവരെ, നശിപ്പിക്കുവാനല്ലാ 14
തെ ഒരു പ്രയോജനവുമില്ലാത്ത വാഗ്വാദം
ചെയ്യരുത് എന്ന് നമ്മുടെ കർത്താവിനെ
സാക്ഷിയാക്കി അവരെ ഓർമ്മപ്പെടുത്തുക.
നീയോ, സത്യവചനത്തെ സത്യമായി 15
ലജ്ജകൂടാതെ പ്രസംഗിക്കുന്ന വേലക്കാ
രനായി, ദൈവമുമ്പാകെ പൂർണതയോടെ
നിന്നെത്തന്നെ നിർത്തുവാൻ ഉത്സാഹി
ച്ചുകൊള്ളണം. പ്രയോജനരഹിതമായ 16
വ്യർത്ഥവാക്കുകളിൽനിന്നും ഒഴിഞ്ഞി
രിക്കണം. എന്തെന്നാൽ അതിൽ ഏർപ്പെ 17
ട്ടിരിക്കുന്നവർ, അവരുടെ ദുഷ്ടതയെ
അധികമായി വർദ്ധിപ്പിക്കുന്നു. അവരുടെ
വാക്ക് അർബുദവ്യാധിപോലെ അനേക
രിൽ പടർന്നുപിടിക്കും. അവരിൽ ഒരുവൻ 18
ഹുമനയോസും, മറെറാരുവൻ പീലേ
ത്തോസുമത്രെ. അവർ മരിച്ചവരുടെ പുന
രുത്ഥാനം കഴിഞ്ഞുവെന്ന് പറഞ്ഞുകൊ
ണ്ട് ചിലരുടെ വിശ്വാസം നശിപ്പിച്ചു. അവർ
സത്യത്തിൽനിന്നും വഴിതെററിപ്പോയിരി
ക്കുന്നു. എന്നാൽ ദൈവത്തിൻെറ സത്യ 19
മായ അടിസ്ഥാനം നിലനിൽക്കുന്നതാ
കുന്നു. അതിന് ഈ മുദ്രയുണ്ട്. "കർത്താവ്,
തനിക്കുള്ളവരെ അറിയുന്നു. കർത്താ
വിൻെറ നാമത്തെ വിളിച്ചപേക്ഷിക്കുന്ന
എല്ലാവരേയും താൻ രക്ഷിക്കുകയും
ചെയ്യും."
ഒരു വലിയ വീട്ടിൽ സ്വർണ്ണമോ, 20
വെള്ളിയോകൊണ്ടുള്ള സാധനങ്ങൾ മാത്ര
മല്ല; തടിയും മണ്ണും കൊണ്ടുള്ളവയും ഉണ്ട്.
ചിലതു മാന്യകാര്യത്തിനും ചിലത് മാന്യത
കുറഞ്ഞ കാര്യത്തിനും ഉപയോഗിക്കുന്നു. 21
ആകയാൽ ഒരുവൻ മാന്യതകുറഞ്ഞവ
യിൽനിന്നും തന്നെത്തന്നെ നിർമ്മലീക
രിച്ചാൽ, തൻെറ ഉടമസ്ഥൻെറ ഉപയോഗ
ത്തിന് ഉതകുന്നതും സകല സൽകർമ്മ
ങ്ങൾക്കുമായി ഒരുക്കപ്പെട്ടതുമായ, ഒരു
നിർമ്മല പാത്രമായിത്തീരും.
യുവത്വത്തിൻെറ എല്ലാ മോഹങ്ങളും 22
വിട്ടോടുക, നീതിയുടെയും, വിശ്വാസത്തി
ൻെറയും സ്നേഹത്തിൻെറയും, നിർമല
ഹൃദയത്തോടെ നമ്മുടെ കർത്താവിനെ
വിളിച്ചപേക്ഷിക്കുന്നവരോടുകൂടിയുള്ള
സമാധാനത്തിൻെറയും പിന്നാലെ പാഞ്ഞെ
ത്തുക. അറിവു നൽകാൻ കഴിയാത്ത മൂഢ 23
തർക്കങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുക. അവ,
ശണ്ഠകൾ ആവിർഭവിപ്പിക്കുമെന്ന് നിനക്ക
റിയാമല്ലോ.

24 നമ്മുടെ കർത്താവിൻെറ ദാസൻ ശണ്ഠ
കൂടേണ്ടവനല്ല; പിന്നെയോ, സർവർക്കും
മുമ്പിൽ അവൻ വിനീതനും ഗുരുവും ക്ഷമാ
25 ശീലനും ആയിരിക്കണം. ആയത്, അവനെ
തിരായി തർക്കിക്കുന്നവരെ താഴ്മയോടെ
അവൻ പഠിപ്പിക്കേണ്ടതിനുതന്നെ. അ
ങ്ങനെ ദൈവം അവർക്ക് അനുതാപം
കൊടുക്കുകയും, അവർ സത്യം ഗ്രഹിക്കുക
26 യും, തങ്ങളെത്തന്നെ ഓർക്കുകയും, പിശാ
ചിൻെറ ഇഷ്ടത്തിന്നായി അവർ പിടിക്ക
പ്പെട്ടിരിക്കുന്ന കെണികളിൽനിന്നും, അവർ
രക്ഷപ്പെടുകയും ചെയ്വാനിടയാകും.

അദ്ധ്യായം 3

1 ഇതു നീ അറിയണം: അന്ത്യകാലത്ത്
2 കഷ്ടപ്പാടുകളുടെ ദിവസങ്ങൾ വരും. മനു
ഷ്യർ സ്വാർത്ഥതല്പരരും, ദ്രവ്യാഗ്രഹികളും,
ആത്മപ്രശംസ ചെയ്യുന്നവരും, അഹംഭാവി
3 കളും, പരദൂഷണംചെയ്യുന്നവരും, സ്വജന
ങ്ങളെ അനുസരിക്കാത്തവരും, നന്ദിയില്ലാ
ത്തവരും, ദുഷ്ടന്മാരും, ഏഷണിക്കാരും,
മോഹങ്ങൾക്ക് അടിമപ്പെട്ടവരും, മൃഗസ്വഭാ
4 വികളും, സൽക്കാര്യങ്ങളെ വെറുക്കുന്ന
വരും, ഒററുക്കൊടുക്കുന്നവരും, ധൃതഗതി
ക്കാരും, നിഗളികളും, ദൈവത്തോടുള്ള
സ്നേഹത്തെക്കാൾ കൂടുതലായി മോഹ
5 ത്തെ സ്നേഹിക്കുന്നവരും, ദൈവഭക്തി
യുടെ വേഷത്തിലുള്ളവരും എന്നാൽ,
അതിൻെറ ശക്തിയിൽനിന്നും അകന്നിരി
ക്കുന്നവരും ആയിരിക്കും. ഇങ്ങനെയുള്ള
വരെ നിന്നിൽനിന്നും അകററിമാററി
ക്കൊള്ളണം.
6 ഈ കൂട്ടത്തിലുള്ളവരാകുന്നു, വീടുക
ളിൽ നുഴഞ്ഞുകയറി, പാപങ്ങളാൽ മൂടപ്പെ
7 ട്ടവരും, പലവിധ മോഹങ്ങൾക്കധീനരായി,
എപ്പോഴും പഠിച്ചിട്ടും സത്യത്തിൻെറ അറിവി
ലേക്ക് വരുവാൻ ഒരിക്കലും കഴിയാത്തവ
രുമായ സ്ത്രീകളെ സ്വാധീനമാക്കുന്നവർ.
8 യുന്നെസും, യൻബ്രോസും മോശയ്ക്ക് എതി
രായി നിന്നതുപോലെതന്നെ ഇവരും സത്യ
ത്തോട് മറുത്തുനിൽക്കുന്നു. ഇവർ ദുർബു
ദ്ധികളും വിശ്വാസത്തിൽനിന്ന് തള്ളപ്പെട്ട
9 വരും ആകുന്നു. എന്നാൽ, അവർ പുരോ
ഗമിക്കയില്ല. അവരുടെ ബുദ്ധികേട് എല്ലാ
വർക്കും വെളിപ്പെട്ടതുപോലെ ഇവരുടെ
ഭോഷത്വവും എല്ലാവരാലും അറിയപ്പെടും.
10 നീയോ, എൻെറ വിശ്വാസോപദേശ
ത്തിൻെറയും, എൻെറ നടപടികളുടെയും,
ഇഷ്ടത്തിൻെറയും, വിശ്വാസത്തിൻെറയും,
ദീർഘക്ഷമയുടെയും, സ്നേഹത്തിൻെറ
യും, എൻെറ സഹനത്തിൻെറയും, പീഡ
കളുടേയും എൻെറ കഷ്ടപ്പാടുകളുടെയും
പിന്നാലെ വന്നിട്ടുള്ളവനാകുന്നു. അന്ത്യോ
ക്യായിലും, ഇക്കാനിയോയിലും ലുസ്ത്ര 11
യിലും വച്ച് ഞാൻ എന്തെല്ലാം സഹിച്ചു;
ഏതെല്ലാം തരത്തിൽ പീഡയനുഭവിച്ചു
എന്നും നിനക്കറിയാമല്ലോ. ഇവയെല്ലാ
ററിൽനിന്നും എൻെറ കർത്താവ് എന്നെ
രക്ഷിച്ചു. ദൈവഭയത്തോടെ യേശുമ്ശീഹാ 12
യിൽ ജീവിക്കുവാൻ ആഗ്രഹിക്കുന്നവ
രെല്ലാം പീഡിപ്പിക്കപ്പെടുന്നു. ദുഷ്ടന്മാരും 13
വഴിപിഴപ്പിക്കുന്നവരുമായ മനുഷ്യർ, സ്വയം
തെററിപ്പോകുകയും, വഴിതെററിക്കയും 14
ചെയ്തുകൊണ്ട് അവരുടെ തിന്മയിൽ
മേൽക്കുമേൽ മുതിർന്നുവരും. നീയാകട്ടെ,
പഠിച്ച് സ്ഥിരപ്പെട്ടിട്ടുള്ളവയിൽ സുസ്ഥിരം
നിൽക്കുക. എന്തെന്നാൽ ആരിൽനിന്നാണ്
നീ പഠിച്ചതെന്ന് നിനക്കറിയാമല്ലോ. യേശു
മ്ശീഹായിലുള്ള വിശ്വാസത്താൽ, ജീവ
ന്നായി നിന്നെ ജ്ഞാനിയാക്കുവാൻ കഴിയു
ന്ന പരിശുദ്ധ ഗ്രന്ഥങ്ങൾ നിൻെറ ചെറുപ്പം 15
മുതൽ തന്നെ നീ പഠിച്ചിട്ടുള്ളതുമാണല്ലോ.
ആത്മാവുമൂലം എഴുതപ്പെട്ട സർവഗ്രന്ഥ 16
ങ്ങളും, വിശ്വാസോപദേശം, ശാസന, പിഴ
തിരുത്തൽ, നീതിയിലുള്ള അഭ്യസനം 17
എന്നിവയ്ക്ക് പ്രയോജനകരമാകുന്നു.
അങ്ങനെ ദൈവത്തിൻെറ മനുഷ്യൻ സർവ
സൽകർമ്മങ്ങളിലും പൂർണ്ണനും തികഞ്ഞ
വനുമായിത്തീരും.

അദ്ധ്യായം 4

ദൈവത്തേയും, തൻെറ രാജ്യത്തിൻെറ 1
പ്രത്യക്ഷതയിൽ ജീവനുള്ളവരേയും
മരിച്ചവരേയും ന്യായം വിധിപ്പാനിരിക്കുന്ന
നമ്മുടെ കർത്താവായ യേശുമ്ശീഹാ
യേയും സാക്ഷിയാക്കി നിന്നോടു ഞാൻ
ആജ്ഞാപിക്കുന്നു: വചനം പ്രസംഗിക്കുക;
സമയത്തും അസമയത്തും ഉത്സാഹപൂർവം 2
നിലകൊള്ളുക. ദീർഘക്ഷമയോടും, പഠി
പ്പിച്ചുകൊണ്ടും പ്രബോധിപ്പിക്കുക. ശാസി
ക്കുക. എന്തെന്നാൽ അവർ പത്ഥ്യോപ
ദേശത്തിനു ചെവി കൊടുക്കാതെ, കർണ്ണ 3
സുഖം ലഭിക്കുമാറ്, അവരുടെ മോഹാ
നുസരണം, അവർക്കായി ഉപദേഷ്ടാ
ക്കന്മാരെ വർദ്ധിപ്പിക്കുകയും, സത്യത്തിൽ
നിന്നും അവരുടെ ശ്രദ്ധ തിരിച്ച് കെട്ടുകഥ 4
കളിലേക്കു തെററിപ്പോകുകയും ചെയ്യുന്ന
കാലം വരും. എന്നാൽ, നീയോ സകല 5
ത്തിലും ഉണർവുള്ളവനായിരിക്കണം.
കഷ്ടതകൾ സഹിക്കുകയും, സുവിശേഷ

കൻെറ പ്രവൃത്തി ചെയ്യുകയും, നിൻെറ
ശുശ്രൂഷയെ പൂർത്തിയാക്കുകയും ചെയ്യ
6 ണം. ഞാനോ ഇപ്പോൾത്തന്നെ പാനീയ
യാഗമായി ഒഴിക്കപ്പെടുവാൻ പോകുന്നു.
എൻെറ നിര്യാണവും അടുത്തു.
7 ഞാൻ നല്ല പോരുപൊരുതു, എൻെറ
ഓട്ടം തികച്ചു; എൻെറ വിശ്വാസം ഞാൻ
8 സംരക്ഷിച്ചു. ഇനിയും നീതിയുള്ള ന്യായാ
ധിപൻ, ആ ദിവസത്തിൽ എനിക്കു പ്രതി
ഫലമായി തരേണ്ടതിന്, നീതിയിൻ കിരീടം
എനിക്കായി സൂക്ഷിച്ചുവച്ചിരിക്കുന്നു. എനി
ക്കുമാത്രമല്ല; തൻെറ വെളിപാടിനെ സ്നേ
9 ഹിച്ചവർക്കുംതന്നെ. വേഗം നീ എൻെറ
അടുക്കൽ വരുവാൻ ഉത്സാഹിക്കണം.
10 എന്തെന്നാൽ, ദേമാസ് എന്നെ ഉപേക്ഷിച്ച്,
ഈ ലോകത്തെ സ്നേഹിച്ച്, തെസ്സലോനി
ക്യായിലേക്കു പോയി. ക്രിസ്പോസ് ഗലാ
ത്യായിലേക്കും. തീത്തോസ് ദൽമത്യായി
ലേക്കും പോയിരിക്കുന്നു. ലൂക്കോസു
11 മാത്രമെ എന്നോടു കൂടെയുള്ളു. മർക്കോ
സിനെ നിൻെറകൂടെ കൊണ്ടുവരണം.
എന്തെന്നാൽ അവൻ എനിക്കു ശുശ്രൂഷ
12 യ്ക്ക് ഉപകരിക്കുന്നവനാണല്ലോ. തുഹി
ക്കോസിനെ ഞാൻ എപ്പേസോസിലേക്ക്
13 അയച്ചിരിക്കയാണ്. ത്രോവാസിൽ, ഞാൻ
കർപ്പോസിൻെറ അടുക്കൽ വെച്ചിട്ടു പോ
ന്നിട്ടുള്ള പുസ്തക സഞ്ചിയും* പുസ്തകങ്ങളും,
പ്രത്യേകിച്ചു തോൽ ചുരുളും നീ വരുമ്പോൾ
14 കൊണ്ടു പോരണം. ചെമ്പു പണിക്കാര
നായ അലക്സാന്ത്രോസ് എന്നോടു വളരെ
ദ്രോഹങ്ങൾ ചെയ്തു. അവൻെറ പ്രവൃത്തി
കൾക്ക് ഒത്തവിധത്തിൽ നമ്മുടെ കർത്താവ്
അവനോട് പ്രതികാരം ചെയ്യും. നീയും
അവനെ സൂക്ഷിച്ചുകൊള്ളണം. എന്തെ
ന്നാൽ, അവൻ നമ്മുടെ വചനങ്ങളോട് 15
അത്യന്തം എതിർത്തു നിൽക്കുന്നവനത്രെ.
എൻെറ ഒന്നാം പ്രതിവാദത്തിൽ ആരും 16
എന്നോടുകൂടെയില്ലായിരുന്നു. എല്ലാവരും
എന്നെ ഉപേക്ഷിച്ചു. അക്കാര്യം അവർക്ക്
കണക്കിടപ്പെടാതിരിക്കട്ടെ. എന്നാൽ,
എൻെറ കർത്താവോ, എനിക്കു സഹായ 17
മായി നിന്നു. ഞാൻ പ്രസംഗിച്ച് പുറജാതി
കളെല്ലാം കേൾക്കുവാൻവേണ്ടി താൻ
എന്നെ ശക്തനാക്കി. അങ്ങനെ ഞാൻ
സിംഹത്തിൻെറ വായിൽനിന്നും രക്ഷിക്ക
പ്പെട്ടു. എൻെറ കർത്താവ് എന്നെ സകല 18
ദുഷ് പ്രവൃത്തിയിൽനിന്നും രക്ഷിക്കും.
തൻെറ സ്വർഗരാജ്യത്തിൽ എനിക്കു ജീവൻ
നല്കും. തനിക്ക് എന്നെന്നേക്കും മഹത്വ
മുണ്ടായിരിക്കട്ടെ. ആമ്മീൻ.
പ്രിസ്കില്ലായ്ക്കും, അക്വിലാസിനും, 19
ഒനീസിഫോറോസിൻെറ കുടുംബത്തിനും
സമാധാനം ആശംസിക്കുക. അറിസ്തോസ്, 20
കോരിന്തിൽ താമസിച്ചു. ത്രോഫിമോസിനെ
അവൻ രോഗിയായിരിക്കെ മിലിത്തോസ്
പട്ടണത്തിൽ വിട്ടിട്ടുപോന്നു. ശീതകാല 21
ത്തിനുമുമ്പ് നീ വരുവാൻ ശ്രമിക്കണം.
എമ്പുലോസും, ഫുദീസും, ലീനോസും,
ക്ലോദിയായും എല്ലാ സഹോദരന്മാരും
നിനക്കു സമാധാനം ആശംസിക്കുന്നു.
നമ്മുടെ കർത്താവായ യേശുമ്ശീഹാ 22
നിൻെറ ആത്മാവോടുകൂടെ ഇരിക്കട്ടെ.
കൃപ നിന്നോടുകൂടെ ഉണ്ടായിരിക്കു
മാറാകട്ടെ. ആമ്മീൻ.

*പുതപ്പ് (പാഠഭേദം)

റോമിൽനിന്നും എഴുതപ്പെട്ട തീമോത്തെയോസിനുള്ള 2-ാം ലേഖനം സമാപ്തം

തീത്തോസിനുള്ള ലേഖനം

തീത്തോസ്: ഇദ്ദേഹം അന്യമതത്തിൽനിന്നും വി.പൌലോസിൻെറ പ്രവർത്തന ഫലമായി ക്രിസ്ത്യാനിയായി. (1-4) മാനസാന്തരശേഷം, വി.പൌലോസിൻെറ സഹ പ്രവർത്തകനായി പലസ്ഥലങ്ങളിലും യാത്രചെയ്തു പ്രയത്നിച്ചിരുന്നു. (2 കോരി. 8.6; 12-18;) ക്രി. 64-നു മുമ്പ് ഈ ലേഖനം എഴുതിയെന്നു വിശ്വസിക്കപ്പെടുന്നു. ഇദ്ദേഹം വി. പൌലോസിനാൽ എപ്പിസ്കോപ്പായായി വാഴിക്കപ്പെട്ടിരുന്നു.

1 ക്രീത്ത് ദ്വീപിലെ സഭയിൽ വേണ്ട ക്രമീകരണങ്ങൾ വരുത്തുവാനും കശീശന്മാരെ പട്ടം കെട്ടുവാനും (ordain) നിർദ്ദേശിച്ചശേഷം അങ്ങനെയുള്ളവർക്കുണ്ടായിരിക്കേണ്ട യോഗ്യതകളെക്കുറിച്ച് ഉൽബോധിപ്പിക്കുന്നു. (1:6-9) (2) സംസാരത്തിലും, ജീവിതത്തിലും ക്രീത്തുകാർ നിർമ്മലത പാലിക്കുവാൻ ഉപദേശിക്കണം. (1:10-16) (3) പ്രായംചെന്നവർ യുവാക്കൾക്കു മാതൃകയായിരിക്കണം (2:1-4) (4) തീത്തോസിൻെറ സ്വന്തം മാതൃകയാണ് സുപ്രധാനം. (2:7-8) (5) ദാസന്മാരുടെ ചുമതല. (2:9-10) (6) കർത്താവിൻെറ രവിന്നായി ഏവരും ഒരുക്കമുള്ളവരായിരിക്കണം. (2:11-15) (7) വിശ്വാസികൾ മറ്റുള്ളവരോടു പെരുമാറേണ്ട രീതി അവരെ പഠിപ്പിക്കണം. (3:1-2) (8) മറ്റുള്ളവരെ നമ്മുടെ സൽപ്രവൃത്തികൾ മൂലം ആകർഷിക്കണം. (3:3-6) (9) വേദവിപരീതികൾക്കു രണ്ടു പ്രാവശ്യം ഉപദേശവും താക്കീതും നൽകിയശേഷം അവനെ വിട്ടൊഴിയണം. (3:9-11) ഇവയാണു സുപ്രധാന വിഷയങ്ങൾ.

പൌലോസ് ശ്ലീഹാ, തീത്തോസിന് എഴുതിയ ലേഖനം

അദ്ധ്യായം 1

1 ലോകകാലങ്ങൾക്കുംമുമ്പ് സത്യ
ദൈവം വാഗ്ദാനം ചെയ്തതും നമ്മുടെ
ജീവദായകനായ ദൈവത്തിന്റെ കല്പന
യാൽ എനിക്കു ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള
പ്രസംഗംമൂലം, തക്കസമയത്തു തന്റെ
വചനം വെളിപ്പെടുത്തിയതുമായ, നിത്യ
3 ജീവന്റെ പ്രത്യാശയോടുകൂടി, ദൈവ
ത്താൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ വിശ്വാ
4 സത്തിനും ദൈവഭക്തിയിലുള്ള സത്യജ്ഞാ
നത്തിനുമായി ദൈവത്തിന്റെ ദാസനും
യേശുമ്ശിഹായുടെ ശ്ലീഹായുമായ പൌ
ലോസ് നമ്മുടെ പൊതുവിശ്വാസത്തിൽ
യഥാർത്ഥപുത്രനായ തീത്തോസിന് എഴു
തുന്നത്: നമ്മുടെ പിതാവായ ദൈവത്തിൽ
നിന്നും നമ്മുടെ ജീവദായകനായ നമ്മുടെ
കർത്താവേശുമ്ശീഹായിൽനിന്നും, കൃപ
യും സമാധാനവും ഉണ്ടായിരിക്കട്ടെ.
5 ഞാൻ നിന്നെ ക്രേത്തയിൽ വിട്ടേച്ചു
പോന്നത് പോരാത്ത കാര്യങ്ങൾ ക്രമപ്പെടു
ത്തേണ്ടതിനും, ഞാൻ നിനക്കു കല്പന
തന്നതുപോലെ പട്ടണംതോറും കശ്ശീശ
ന്മാരെ* സ്ഥാനത്താക്കുന്നതിനും ആയി
രുന്നല്ലോ.
6 **കശ്ശീശ കുററമില്ലാത്തവനും ഏക
ഭാര്യയുടെ ഭർത്താവായവനും; ദൂഷണം
പറയാത്തവരും, കീഴ്വഴക്കമുള്ളവരും,
ദുർമാർഗത്തിൽ സഞ്ചരിക്കാത്തവരും,
വിശ്വാസികളും ആയ മക്കൾ ഉള്ളവനും
7 ആയിരിക്കണം. എന്തെന്നാൽ കശീശാ,
ദൈവത്തിന്റെ ഭവനകാര്യസ്ഥൻ എന്ന
8 നിലയിൽ അനിന്ദ്യനായിരിക്കണം. തന്നി
ഷ്ടക്കാരനും കോപിഷ്ഠനുമായിരിക്കരുത്.
മദ്യപാനാസക്തനും, അടിക്കാൻ കൈ
നീട്ടുന്നവനും, ദുർലാഭമോഹിയും ആയി
രിക്കരുത്. പിന്നെയോ, അവൻ അഗതികളെ
സ്നേഹിക്കുന്നവനും, സൽകാര്യങ്ങൾക്കു
താല്പര്യമുള്ളവനും, പരിപാകതയുള്ള
വനും, നീതിമാനും കുററമററവനും, ദുർമോ
ഹങ്ങളിൽനിന്നും സ്വയം നിയന്ത്രിക്കുന്ന
വനുമായിരിക്കണം. അവന്റെ പഥ്യമായ
വിശ്വാസോപദേശത്താൽ മററുള്ളവരെ
ആശ്വസിപ്പിക്കുവാനും, താർക്കികന്മാർക്കു 9
ബോധം വരുത്തുവാനും, കഴിവുള്ളവനാ
കേണ്ടതിന്, വിശ്വാസവചനപഠനത്തിൽ
ഉറപ്പുള്ളവനും ആയിരിക്കണം. എന്തെ 10
ന്നാൽ, കീഴ്വഴങ്ങാത്തവരും വ്യർത്ഥഭാഷ
ണം നടത്തുന്നവരും, മനുഷ്യഹൃദയങ്ങളെ
വഴിതെറ്റിക്കുന്നവരുമായി വളരെപ്പേരുണ്ട
ല്ലോ.—പ്രത്യേകിച്ചും പരിച്ഛേദനക്കാർ.
അവരെ നിശ്ശബ്ദരാക്കേണ്ടതാകുന്നു. 11
എന്തെന്നാൽ അവർ, അനേക കുടുംബങ്ങ
ളെ നശിപ്പിക്കുകയും നീചലാഭത്തിന്നായി
പഠിപ്പിക്കാവുന്നതല്ലാത്തത് പഠിപ്പിക്കു
കുയും ചെയ്യുന്നു. "ക്രേത്തുകാർ, സദാ 12
അസത്യവാദികളും, ദുഷ്ടമൃഗങ്ങളും അല
സരായ ഭക്ഷണാസക്തരും" എന്ന് അവ
രുടെ ഒരു പ്രവാചകൻ തന്നെ പറഞ്ഞിട്ടു
ണ്ടല്ലോ. ഈ സാക്ഷ്യം സത്യംതന്നെ. 13
ആകയാൽ അവർ വിശ്വാസത്തിൽ ഉറ
പ്പോടിരിക്കുവാനും, യഹൂദന്മാരുടെ കെട്ടു 14
കഥകളേയും സത്യദ്വേഷികളായ മനുഷ്യ
രുടെ കല്പനകളേയും ശ്രദ്ധിക്കാതിരിക്കു
വാനും ആയി നീ അവരെ കർശനമായി
ശാസിക്കണം. നിർമലന്മാർക്ക് എല്ലാം 15
നിർമലമാകുന്നു. മലിനന്മാർക്കും, അവി
ശ്വാസികൾക്കും നിർമ്മലമായി ഒന്നുമില്ല.
പിന്നെയോ, അവരുടെ മനസ്സും, അവരുടെ
മനഃസാക്ഷിയും വഷളായിരിക്കുന്നു. അവർ 16
ദൈവത്തെ അറിയുന്നു എന്ന് ഏററുപറയു
ന്നുണ്ട്. അവരുടെ പ്രവൃത്തികൾമൂല
മാകട്ടെ തന്നെ നിഷേധിക്കുന്നു. അവർ
വെറുക്കപ്പെടേണ്ടവരും, അനുസരണംകെട്ട
വരും, ഒരു സൽപ്രവൃത്തിക്കും കൊള്ള
രുതാത്തവരുമാകുന്നു.

അദ്ധ്യായം 2

നീയോ ശരിയായ പ്രബോധനത്തിന്
ചേരുന്നതു സംസാരിക്കുക, പ്രായംചെന്ന 2

* To Ordain ** ഗ്രീ. എപ്പിസ്കോപ്പ.

വർ, ഉണർവുള്ള മനസ്സോടെയിരിക്കണം,
3 വിശ്വാസത്തിലും സ്നേഹത്തിലും, സഹ
നത്തിലും നിഷ്ഠയുള്ളവരായിരിക്കണം;
പരിപാകതയുള്ളവരായിരിക്കണം, നിർമ്മ
ലരായിരിക്കണം, വിശ്വാസത്തിലും സ്നേ
ഹത്തിലും നിഷ്ഠയുള്ളവരായിരിക്കണം
എന്നു നീ അവരെ പഠിപ്പിക്കണം. അങ്ങ
നെതന്നെ പ്രായംചെന്ന സ്ത്രീകളും,
ദൈവഭക്തിക്കു ചേരുന്ന സ്ഥിതിയിൽ
ഇരിക്കണം. ഏഷണി പറയാതിരിക്കണം.
മദ്യപാനാസക്തകളാകരുത്, സൽകാര്യ
ങ്ങൾ പഠിപ്പിക്കുന്നവരായിരിക്കണം എന്നും
4 (പഠിപ്പിക്കുക) ദൈവവചനം ദുഷിക്കപ്പെ
ടാതിരിക്കേണ്ടതിന്, യുവതികൾ ഭർത്താ
വിനേയും മക്കളെയും സ്നേഹിക്കുന്ന
5 വരും, പരിപാകതയുള്ളവരും, ശുദ്ധിമതി
കളും, വീട്ടുകാര്യം നന്നായി നോക്കുന്ന
വരും, ഭർത്താക്കന്മാരെ അനുസരിക്കു
ന്നവരും, ആയിരിക്കണമെന്നും, അവരെ
ത്തന്നെ പരിപാകതയിൽ നയിക്കുന്നവ
6 രായിരിക്കണം എന്നും നീ പഠിപ്പിക്കുക.
അതുപോലെതന്നെ യുവാക്കന്മാരും അട
ക്കമൊതുക്കമുള്ളവരായിരിക്കണം എന്നും
പ്രബോധിപ്പിക്കുക. എല്ലാ കാര്യത്തിലും
എല്ലാ സൽപ്രവൃത്തികളിലും നീ നിന്നെ
ത്തന്നെ മാതൃകയായി കാണിച്ചുകൊടു
7 ക്കണം. നമ്മുടെ എതിരാളികൾ നമുക്കെതി
രായി യാതൊരു ദൂഷ്യവും പറയുവാൻ
സാദ്ധ്യമാകാതെ അവർ ലജ്ജിപ്പാൻ തക്ക
8 വണ്ണം, നിന്റെ വിശ്വാസാദ്ധ്യാപനത്തിൽ
നിനക്കു പരിപക്വവും, നിർദ്ദോഷവും ആരും
ആക്ഷേപിപ്പാൻ സാദ്ധ്യമല്ലാത്തതുമായ
9 പഥ്യവചനവും ഉണ്ടായിരിക്കണം. അടിമ
കൾ— ജീവിക്കുന്നവനായ ദൈവത്തിന്റെ
ഉപദേശത്തെ എല്ലാ കാര്യങ്ങളിലും അല
ങ്കരിക്കത്തക്കവണ്ണം, എല്ലാററിലും, അവ
10 രുടെ യജമാനന്മാർക്കു കീഴ്പ്പെട്ടിരിക്കണം,
അവർക്കു പ്രസാദകരമായതു ചെയ്യണം,
എതിരു പറയുകയോ, മോഷ്ടിക്കുകയോ
ചെയ്യാതെ എല്ലാററിലും, അവരുടെ സത്യ
സന്ധത കാണിക്കയും വേണം.
11 സർവമനുഷ്യർക്കും എല്ലാവരേയും
ജീവിപ്പിക്കുന്ന ദൈവത്തിന്റെ കൃപ
12 പ്രത്യക്ഷപ്പെട്ടിരിക്കുന്നു. നാം അനുഗ്രഹ
കരമായ പ്രത്യാശയേയും, വലിയവനായ
ദൈവവും നമ്മുടെ ജീവദായകനുമായ
യേശുമ്ശീഹായുടെ മഹത്വത്തിന്റെ
13 പ്രത്യക്ഷതയേയും പ്രതീക്ഷിച്ചുകൊണ്ട്
ദുഷ്ടതയേയും ലോകത്തിന്റെ മോഹങ്ങ
ളെയും ഉപേക്ഷിച്ച് ഈ ലോകത്തിൽ,
പരിപാകതയോടും, നീതിയോടും, ദൈവ
ഭക്തിയോടും കൂടെ ജീവിപ്പാൻ അതു
(കൃപ) നമ്മെ പഠിപ്പിക്കുന്നു. നമ്മെ സകല 14
അനീതിയിൽനിന്നും രക്ഷിക്കുവാനും, തനി
ക്കായി സൽപ്രവൃത്തികളിൽ തീക്ഷ്ണ
തയുള്ള ഒരു ജനമായി നമ്മെ ശുദ്ധീകരി
ക്കുവാനുംവേണ്ടി താൻ (മ്ശീഹാ) തന്നെ
ത്തന്നെ നൽകി. ഇതു നീ കല്പനയായി 15
സംസാരിക്കുകയും, പ്രബോധിപ്പിക്കുകയും,
ശാസിക്കുകയും ചെയ്യണം. ആരും നിന്നെ
നിന്ദിക്കാനിടയാകരുത്.

അദ്ധ്യായം 3

അധിപന്മാരും, അധികാരികളും 1
അനുസരണവും കീഴ്വഴക്കവുമുള്ളവരും
സർവ്വ സൽപ്രവൃത്തികൾക്കും ഒരുക്കമു 2
ള്ളവരുമായിരിക്കുവാൻ നീ അവരെ അനു
സ്മരിപ്പിക്കണം. അവർ ആരെയും ദുഷിക്ക
രുത്. കലഹിക്കരുത്. പിന്നെയോ, അവർ
വിനീതരായിരിക്കണം. എല്ലാ മനുഷ്യരോ
ടും എല്ലാ കാര്യത്തിലും ദയ കാണിക്കണം.
എന്തെന്നാൽ നാമും മുമ്പ് ചിന്തയില്ലാ 3
ത്തവരും, അനുസരണമില്ലാത്തവരും, വഴി
തെററിനടക്കുന്നവരുമായിരുന്നു. വിവിധ
മോഹങ്ങൾക്ക് നാം അധീനരുമായിരുന്നു.
തിന്മയായും അസൂയയോടും നാം പെരു
മാറിക്കൊണ്ടുമിരുന്നു. നാം ഏവർക്കും
നിഷിദ്ധരായിരുന്നു. അന്യോന്യം ദ്വേഷി
ക്കുന്നവരുമായിരുന്നു. എന്നാൽ നമുക്ക്
ജീവൻ നൽകുന്നവനായ ദൈവത്തിന്റെ 4
കൃപയും കരുണയും പ്രത്യക്ഷപ്പെട്ടപ്പോ
ളാകട്ടെ, നാം ചെയ്ത പുണ്യപ്രവൃത്തി 5
കൾ മൂലമല്ല തന്റെ കരുണ നിമിത്തം -
വീണ്ടുംജനനസ്നാനത്താലും നമ്മുടെ 6
ജീവദായകനായ യേശുമ്ശിഹാമൂലം
സമൃദ്ധിയായി നമ്മുടെമേൽ ഒഴുക്കിയ 7
പരിശുദ്ധാത്മാവിന്റെ നവീകരണത്താ
ലും താൻ നമ്മെ രക്ഷിച്ചു. അതായത്-
തന്റെ കൃപമൂലം നാം നീതീകരണം
പ്രാപിക്കുവാനും, നിത്യജീവനെക്കുറി
ച്ചുള്ള പ്രത്യാശയ്ക്ക് അവകാശികളായി
ത്തീരുവാനുംതന്നെ.
ഈ വചനം വിശ്വസനീയമാകുന്നു: 8
ദൈവത്തിൽ വിശ്വസിച്ചവർ - സൽപ്രവൃ
ത്തികൾ ചെയ്വാൻ ഉത്സാഹമുള്ളവരാ
കത്തക്കവണ്ണം - അവരെ നീ സുസ്ഥിര
രാക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു.
ഇവയാകുന്നു നല്ലതും മനുഷ്യർക്കു
പ്രയോജനമുള്ളവയും. ബുദ്ധിശൂന്യമായ 9
വാദങ്ങളിൽ നിന്നും വംശചരിത്രങ്ങളിൽ

നിന്നും ന്യായശാസ്ത്രികളുടെ വാദങ്ങളിൽ
നിന്നും നീ ഒഴിഞ്ഞു നിൽക്കണം. എന്തെ
ന്നാൽ അവ നിഷ്പ്രയോജനവും, വ്യർത്ഥ
10 വുമത്രെ. വിശ്വാസ വിപരീതിയായ* മനു
ഷ്യനോട് ഒന്നുരണ്ടു പ്രാവശ്യം ഉപദേശി
ച്ചതിനുശേഷം അവനിൽനിന്നും ഒഴിഞ്ഞു
11 മാറുക. ഇങ്ങനെയുള്ളവൻ വക്രബുദ്ധിയും,
പാപം ചെയ്യുന്നവനും, സ്വയം ശിക്ഷയ്ക്കു
വിധിച്ചിരിക്കുന്നവനുമാകുന്നു.
12 ഞാൻ ആർതെമാസിനേയോ തുഹി
ക്കോസിനേയോ നിന്റെ അടുക്കലേക്കയ
യ്ക്കുമ്പോൾ നീ നിക്കപ്പോലിസിൽ എന്റെ
അടുക്കൽ വരുവാൻ ശ്രമിക്കണം. എന്തെ
ന്നാൽ അവിടെയാണ് ശീതകാലം കഴിപ്പാൻ
ഞാൻ മനസ്സിൽ നിശ്ചയിച്ചിരിക്കുന്നത്.
എഴുത്തുകാരനായ സീനായ്ക്കും, 13
അപ്പലോസിനും ഒരു ബുദ്ധിമുട്ടും വരാതെ
അവരെ നന്നായി യാത്രയയയ്ക്കുവാൻ നീ
ഉത്സാഹിക്കണം. നമ്മുടെ ആളുകളും 14
ഫലങ്ങളില്ലാത്തവരായി തീരാതിരിപ്പാനാ
യിട്ട്, അത്യാവശ്യകാര്യങ്ങളിൽ സൽ
പ്രവൃത്തികൾ ചെയ്വാൻ പഠിക്കട്ടെ.
എന്റെ കൂടെയുള്ളവരെല്ലാവരും 15
നിനക്കു സമാധാനം ആശംസിക്കുന്നു.
വിശ്വാസത്തിൽ ഞങ്ങളെ സ്നേഹിക്കുന്ന
എല്ലാവർക്കും സമാധാനം ആശംസിക്കുക.
കൃപ നിങ്ങൾ എല്ലാവരോടും കൂടെ ഉണ്ടാ
യിരിക്കുമാറാകട്ടെ. ആമ്മീൻ.

* ഹേറസ്യൂത്തോ.

നിക്കപ്പോലിസിൽനിന്നും എഴുതപ്പെട്ടതും സീനായും അപ്പലോയും വശം അയയ്ക്കപ്പെട്ടതുമായ തീത്തോസിനുള്ള ലേഖനം സമാപ്തം.

പാഠഭേദം

1:5 മൂപ്പന്മാരെ ആക്കിവയ്ക്കേണ്ടതിനും
3:6 ...കൃപയാൽ നീതീകരിക്കപ്പെട്ടിട്ടും പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളാക്കുവാനായി പുനർജനനസ്നാനംകൊണ്ടും......
3:10 സഭയിൽ ഭിന്നത വരുത്തുന്ന മനുഷ്യനോട്

ഫിലമോനുള്ള ലേഖനം

ഫിലമോൻ വി. പൌലോസിൻ്റെ സുവിശേഷഘോഷണഫലമായി ക്രിസ്തുമതം സ്വീകരിച്ച് ഉറ്റമിത്രമായി കഴിഞ്ഞിരുന്നു. (1:19) കൊലോസ്യാ പട്ടണത്തിൽ വസിച്ചിരുന്ന ഇദ്ദേഹത്തെ തൻ്റെ പ്രവർത്തകൻ (1:1) എന്നു പറയുന്നു. പാരമ്പര്യം പറയുന്നത് ഇദ്ദേഹം, കൊലോസ്യായിലെ സഭയിൽ എപ്പിസ്കോപ്പാ ആയിരുന്നുവെന്നും, കല്ലേറ് ഏറ്റു രക്തസാക്ഷിയായി മരിച്ചു എന്നുമത്രെ.

ഒരൊറ്റ അദ്ധ്യായം മാത്രമുള്ള ഈ ലേഖനത്തിൽ വൈദികമോ സിദ്ധാന്തപരമോ ആയ കാര്യങ്ങളല്ല ചർച്ച ചെയ്യപ്പെട്ടിരിക്കുന്നത്. ക്ഷമിക്കുക, സ്നേഹിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളാണ്. ഓടിപ്പോയ ഒനേസിമോസ് എന്ന ദാസനെ വാത്സല്യപൂർവം തിരിച്ചെടുക്കുവാൻ യജമാനനായ ഫിലമോനോടുള്ള അഭ്യർത്ഥനയാണ് ഉള്ളടക്കം.

പൗലോസ് ശ്ലീഹാ ഫിലമോന് എഴുതിയ ലേഖനം

1 യേശുമ്ശീഹായുടെ ബന്ധിതനായ
പൗലോസും, സഹോദരൻ തീമോത്തെ
യോസും ചേർന്ന് വത്സലനും, ഞങ്ങളുടെ
2 സഹപ്രവർത്തകനുമായ ഫിലമോനും,
ഞങ്ങളുടെ വത്സലയായ അപ്പിയായ്ക്കും,
ഞങ്ങളുടെ കൂട്ടുവേലക്കാരനായ അർക്കി
പ്പോസിനും, നിന്റെ വീട്ടിലുള്ള സഭയ്ക്കും
എഴുതുന്നത്.

3 നമ്മുടെ പിതാവായ ദൈവത്തിൽ
നിന്നും, നിങ്ങൾക്കു കൃപയും സമാധാനവും
ഉണ്ടാകട്ടെ.

4 നിന്റെ വിശ്വാസത്തേയും, നമ്മുടെ
കർത്താവേശുമ്ശീഹായോടും സകല
വിശുദ്ധന്മാരോടുമുള്ള സ്നേഹത്തെയും
(കുറിച്ച്) കേട്ടതു മുതൽ - നിന്റെ വിശ്വാ
സത്തിലുള്ള സംബന്ധം പ്രവൃത്തികളാ
5 ലും, യേശുമ്ശീഹായിൽ നിങ്ങൾക്കുള്ള
സർവ്വ നന്മകളുടെയും, ജ്ഞാനത്താലും
ഫലമേകുവാൻ വേണ്ടി എപ്പോഴും എന്റെ
ദൈവത്തെ സ്തോത്രം ചെയ്തുകൊണ്ട്
6 എന്റെ പ്രാർത്ഥനകളിൽ ഞാൻ നിന്നെ
7 ഓർത്തുകൊണ്ടിരിക്കുന്നു. എന്തെന്നാൽ
നിന്റെ സ്നേഹം നിമിത്തം വിശുദ്ധന്മാ
രുടെ ഹൃദയങ്ങൾക്ക് ആശ്വാസം ലഭിച്ചതു
കൊണ്ട് ഞങ്ങൾക്കു വളരെ സന്തോഷവും
8 സമാധാനവുമുണ്ട്. അതിനാൽ, യോഗ്യ
മായത് നിന്നോട് കല്പിക്കുവാൻ, മ്ശീഹാ
യിൽ എനിക്കു വളരെയേറെ ധൈര്യമുണ്ട്.
എങ്കിലും നിനക്കറിവുള്ളതുപോലെ വൃദ്ധ
9 നും, ഇപ്പോൾ യേശുമ്ശീഹായുടെ ബന്ധി
തനുമായ പൗലോസാകുന്ന ഞാൻ
നിന്നോട് സ്നേഹം നിമിത്തം കാര്യമായി
അപേക്ഷിക്കയത്രെ ചെയ്യുന്നത്.

10 എന്റെ ബന്ധനകാലത്ത് ഞാൻ ജനി
പ്പിച്ചവനായ എന്റെ പുത്രനായ ഒനെസി
മോസിനെക്കുറിച്ചത്രെ ഞാൻ നിന്നോടപേ
11 ക്ഷിക്കുന്നത്. അവൻ ഒരു കാലത്തു നിനക്കു
പ്രയോജനമില്ലാതിരുന്നവൻ ആയിരുന്നു.
12 എന്നാൽ ഇപ്പോഴാകട്ടെ അവൻ എനിക്കും
നിനക്കും വളരെ പ്രയോജനമുള്ളവനത്രെ.
അവനെ ഞാൻ നിന്റെ അടുക്കലേക്ക്
അയച്ചിരിക്കുന്നു. നീയോ അവനെ എന്റെ
പുത്രൻ* എന്ന വിധം സ്വീകരിക്കണം.
സുവിശേഷം നിമിത്തമുള്ള തടവിൽ എന്നെ 13
ശുശ്രൂഷിക്കുവാൻ നിനക്കു പകരം എന്റെ
അടുക്കൽ അവനെ നിറുത്തുവാൻ ഞാൻ
ആഗ്രഹിച്ചതാണ്. എന്നാൽ നിന്റെ നന്മ 14
നിർബന്ധം മൂലമല്ലാതെ, നിന്റെ മന
സ്സോടെ ആയിരിക്കുവാൻ വേണ്ടി —
നിന്റെ ആലോചനകൂടാതെ ഒന്നും ചെയ്യു
വാൻ ഞാൻ ആഗ്രഹിച്ചില്ല. ഇവൻ അല്പ 15
കാലത്തേക്കു പിരിഞ്ഞു പോയത് ഒരു
പക്ഷേ നീ അവനെ ശാശ്വതമായി വച്ചു
കൊണ്ടിരിക്കേണ്ടതിനായിരിക്കാം. ഇനി 16
മേൽ ദാസനെപ്പോലെയല്ലാ, ദാസനേക്കൾ
മേലായിട്ട് — എന്റെ വാത്സല്യസഹോ
ദരനായിട്ട് — ശാരീരികമായും നമ്മുടെ
കർത്താവിലും, എത്ര അധികമായി നിന്റെ
യും സഹോദരനായിരിക്കണം. ആകയാൽ 17
നീ എന്നോടു ബന്ധമുള്ളവനാണെങ്കിൽ,
എന്നെ എന്നതുപോലെ നീ ഇവനെ സ്വീ 18
കരിക്കണം. ഇവൻ നിനക്കു വല്ല നഷ്ടം
വരുത്തുകയോ നിന്നോട് കടക്കാരനായി
രിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത്
എന്റെ പേരിൽ കണക്കെഴുതിക്കൊള്ളുക. 19
പൗലോസായ ഞാൻ സ്വന്ത കൈകൊണ്ട്
എഴുതിയിരിക്കുന്നു - ഞാൻ തന്നു തീർത്തു
കൊള്ളാം. നീ തന്നെയും എനിക്കു കട
പ്പെട്ടിരിക്കുന്നുവെന്ന് ഞാൻ പറയേണ്ട
തില്ലല്ലോ. അതേ, എന്റെ സഹോദരാ നീ 20
മൂലം ഞാൻ നമ്മുടെ കർത്താവിൽ ആശ്വ
സിക്കട്ടെ. മ്ശീഹായിൽ എന്റെ മനസ്സിനെ
ആശ്വസിപ്പിക്കുക. നീ എന്നെ അനുസരി 21
ക്കുമെന്ന് ഉറപ്പുള്ളതുകൊണ്ടും ഞാൻ
പറയുന്നതിലുമധികമായി നീ ചെയ്യും എന്ന്
എനിക്കറിയാവുന്നതുകൊണ്ടുമാണ് ഞാൻ
നിനക്ക് എഴുതിയിരിക്കുന്നത്. നീ എനി
ക്കായി ഒരു വാസസ്ഥലം തയ്യാറാക്കണം.

* പാഠഭേദം: പ്രാണപ്രിയൻ.

22 എന്തെന്നാൽ നിങ്ങളുടെ പ്രാർത്ഥനകൾ
മൂലം നിങ്ങൾക്കായി ഞാൻ നൽകപ്പെടും
എന്നു ഞാൻ പ്രത്യാശിക്കുന്നു.
23 യേശുമ്ശീഹായെ പ്രതി, എന്നോടു
24 കൂടെ ബന്ധിതനായ എപ്പഫ്രാസും, എന്റെ
സഹായകന്മാരായ മർക്കോസും, അറി
സ്തർക്കോസും, ദീമാസും, ലൂക്കോസും 25
നിങ്ങൾക്കു സമാധാനം ആശംസിക്കുന്നു.
നമ്മുടെ കർത്താവായ യേശുമ്ശീഹാ
യുടെ കൃപ എന്റെ സഹോദരന്മാരേ
നിങ്ങളുടെ ആത്മാവോടുകൂടെ ഉണ്ടാ
യിരിക്കുമാറാകട്ടെ. ആമ്മീൻ.

റോമിൽനിന്നും എഴുതപ്പെട്ടതും ഒനേസിമോസിന്റെ കൈവശം
അയയ്ക്കപ്പെട്ടതുമായ ഫിലമോനുള്ള ലേഖനം സമാപ്തം.

എബ്രായർക്കുള്ള ലേഖനം
ഇറ്റലിയിൽവച്ച് എഴുതപ്പെട്ടത്

വിഷയവിവരം

അദ്ധ്യായം 1: 1-3 പുത്രൻ പ്രവാചകന്മാരെക്കാൾ ശ്രേഷ്ഠൻ. 4-14 പുത്രൻ മാലാഖമാരേക്കാൾ ശ്രേഷ്ഠൻ.

അദ്ധ്യായം 2: 1-4 കേൾവിക്കാരോടു പ്രബോധനം. 5-8 സർവലോകവും മ്ശിഹായുടെ കാൽകീഴാകും. 9-18 ദൈവഭവനത്തിൽ മനുഷ്യനു മഹനീയ സ്ഥാനം നൽകുവാൻ താൻ മരിച്ചു.

അദ്ധ്യായം 3: 1-6 പുത്രനായ മ്ശിഹാ മോശയെക്കാൾ ശ്രേഷ്ഠൻ. 7-19 പ്രബോധനം: മെസ്രേനിൽനിന്നു വന്ന തലമുറ അവിശ്വാസം നിമിത്തം കനാനിലെ വിശ്രമം അനുഭവിച്ചില്ല.

അദ്ധ്യായം 4: 1-8 വിശ്വാസിക്ക് മഹത്തരമായ വിശ്രമമുണ്ട്. 9-16 വിശ്വാസി, ദൈവപുത്രൻ വഴിയായി കൃപയാലും കരുണയാലും വിശ്രമം അനുഭവിക്കുന്നു.

അദ്ധ്യായം 5: 1-4 മ്ശിഹാ നമ്മുടെ മഹാപുരോഹിതൻ. 5-10 മഹാപുരോഹിതന്റെ സ്ഥാനം. 11 മുതൽ മൽകിസദേക്കിന്റെ സാദൃശ്യത്തിൽ.

അദ്ധ്യായം 6: 12 വരെ പ്രബോധനങ്ങൾ. 13-20 തിരശീലയ്ക്കപ്പുറമുള്ള നമ്മുടെ മഹാപുരോഹിതൻ.

അദ്ധ്യായം 7: 1-10 മൽകിസദേക്കിനെക്കുറിച്ച്. 11-18 അഹറോന്യ പൗരോഹിത്യത്തേക്കാൾ ശ്രേഷ്ഠം.

അദ്ധ്യായം 8: 1-6 അഹറോന്യ പൌരോഹിത്യത്തെക്കുറിച്ച്. 7-13 പുതിയ ഉടമ്പടി പഴയതിനേക്കാൾ ശ്രേഷ്ഠം.

അദ്ധ്യായം 9: 1-10 പഴയ ഉടമ്പടിയുടെ നിയമങ്ങളെല്ലാം സദൃശങ്ങൾ. 11-15 പുതിയ ഉടമ്പടിയുടെ നിയമങ്ങളെല്ലാം യാഥാർത്ഥ്യങ്ങൾ. 16-22 പുതിയ ഉടമ്പടി മ്ശിഹായുടെ രക്തത്താൽ മുദ്രകുത്തപ്പെട്ടത്. 23-24 മ്ശിഹാ പിതൃസന്നിധിയിൽ. 25-28 പഴയ ഉടമ്പടിയേക്കാൾ മഹത്തരമായ പുതിയ ഉടമ്പടി. ആദ്യാഗമനവും പുനരാഗമനവും തമ്മിലുള്ള വ്യത്യാസം.

അദ്ധ്യായം 10: 1-18 എന്നേക്കുമുള്ള ഏക ബലി. 19-39 ഉപദേശങ്ങളും മുന്നറിയിപ്പുകളും.

അദ്ധ്യായം 11: വിശ്വസിച്ചവർക്കുള്ള മഹത്തായ പ്രതിഫലം.

അദ്ധ്യായം 12: 1-5 മ്ശിഹാ-മാതൃക. 6-13 പിതാവിന്റെ ശിക്ഷ. 14-29 വിശുദ്ധികൂടാതെ ആർക്കും കർത്താവിനെ കാണുവാൻ സാദ്ധ്യമല്ല. നിങ്ങൾ വന്നിരിക്കുന്നത്...ദൈവത്തിനു സ്വീകാര്യമായ ആരാധന അർപ്പിക്കണം.

അദ്ധ്യായം 13: 1-19 പ്രബോധനങ്ങൾ. 20-25 ശുഭാശംസകൾ.

എബ്രായർക്കുള്ള ലേഖനം

അദ്ധ്യായം 1

1 ദൈവം, മുമ്പ് നമ്മുടെ പിതാക്കന്മാരോട്
ഭാഗം ഭാഗമായും, വിവിധ ദൃഷ്ടാന്തങ്ങളി
2 ലും സംസാരിച്ചു. ഈ അവസാന കാലത്താ
കട്ടെ, തൻെറ പുത്രൻ മുഖാന്തരം നമ്മോടു
സംസാരിച്ചിരിക്കുന്നു. ആ പുത്രനെ താൻ
സകലത്തിനും അവകാശിയാക്കുകയും,
അവൻ മൂലം ലോകത്തെ ഉളവാക്കുകയും
3 ചെയ്തു. അവൻ തൻെറ തേജസിൻെറ കിര
ണവും തൻെറ നിത്യതയുടെ പ്രതിബിംബ
വും തൻെറ വചനത്തിൻെറ ശക്തിയാൽ
സകലത്തേയും അടക്കി വാഴുന്നവനുമാ
കുന്നു. താൻ സ്വശരീരംകൊണ്ടു തന്നെ
നമ്മുടെ പാപങ്ങൾക്ക് പരിഹാരം ഉണ്ടാ
ക്കി, മേലുയരങ്ങളിൽ മഹിമയുടെ വലത്തു
4 ഭാഗത്ത് ഇരുന്നു. താൻ അവകാശിച്ച നാമം
മാലാഖമാരുടേതിനേക്കാൾ ശ്രേഷ്ഠമാ
യിരുന്നതുപോലെതന്നെ, താൻ അവരേ
ക്കാൾ അതിശ്രേഷ്ഠനായിത്തീർന്നു.
5 എന്തെന്നാൽ മാലാഖമാരിൽ ആരോ
ടെങ്കിലും "നീ എൻെറ പ്രിയപുത്രൻ; ഇന്നു
ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു, എന്നോ
"ഞാൻ അവനു പിതാവായിരിക്കും, അവൻ
എനിക്കു പുത്രനും ആയിരിക്കും" എന്നോ
എപ്പോഴെങ്കിലും ദൈവം പറഞ്ഞിട്ടുണ്ടോ?
6 വീണ്ടും, ആദ്യജാതനെ ലോകത്തിലേക്കു
താൻ പ്രവേശിപ്പിക്കുമ്പോൾ-"ദൈവത്തി
ൻെറ സർവ്വ ദൂതന്മാരും അവനെ വന്ദിക്കും"
7 എന്നും പറഞ്ഞിരിക്കുന്നു. എന്നാൽ ദൈവ
ദൂതന്മാരെക്കുറിച്ചാകട്ടെ "അവൻ തൻെറ
മാലാഖമാരെ ആത്മാവായും തൻെറ
ശുശ്രൂഷകരെ ജ്വലിക്കുന്ന അഗ്നിയായും
സൃഷ്ടിച്ചു" എന്നിങ്ങനെയാണ് പറഞ്ഞിരി
8 ക്കുന്നത്. പുത്രനെ സംബന്ധിച്ചോ "ദൈവ
മേ, നിൻെറ സിംഹാസനം എന്നെന്നേക്കുമു
ള്ളത്, നിൻെറ രാജത്വത്തിൻെറ ചെങ്കോൽ
9 നീതിയുള്ള ചെങ്കോൽ. നീ നീതിയെ
സ്നേഹിക്കുകയും അനീതിയെ ദ്വേഷിക്കു
കയുംചെയ്തു. അതിനാൽ നിൻെറ ദൈവ
മായ ദൈവം, നിൻെറ കൂട്ടുകാരിൽ അധിക
മായി നിന്നെ ആനന്ദതൈലംകൊണ്ട്
അഭിഷേകം ചെയ്തു" എന്നും "നീ ആദിയിൽ 10
ഭൂമിയുടെ അടിസ്ഥാനമിട്ടു-ആകാശവും
നിൻെറ കൈവേലയാകുന്നു; അവ നശി
ക്കും; നീ നിലനിൽക്കും. അവയെല്ലാം 11
വസ്ത്രംപോലെ പഴകിപ്പോകും. പുതപ്പു
പോലെ നീ അവയെ മടക്കും. അവയ്ക്ക് 12
മാററം സംഭവിക്കും. നീ യഥാസ്ഥിതിയിൽ
തന്നെയിരിക്കും. നിൻെറ സംവത്സരങ്ങൾ
അവസാനിക്കുകയുമില്ല" എന്നും പറഞ്ഞി
രിക്കുന്നു. "ഞാൻ നിൻെറ ശത്രുക്കളെ 13
നിൻെറ പാദപീഠമാക്കുവോളം, നീ എൻെറ
വലത്തുഭാഗത്തിരിക്കുക" എന്ന് അവൻ
മാലാഖമാരിൽ ആരോടെങ്കിലും എപ്പോഴെ
ങ്കിലും പറഞ്ഞിട്ടുണ്ടോ? ജീവൻ അവകാശ 14
പ്പെടുത്തുവാനിരിക്കുന്നവരുടെ സേവന
ത്തിനായി അയയ്ക്കപ്പെടുന്ന ശുശ്രൂഷ
യുടെ ആത്മാക്കളല്ലോ, അവരെല്ലാം?

അദ്ധ്യായം 2

ആകയാൽ നാം വീണു പോകാതിരി 1
ക്കേണ്ടതിന് — നാം കേട്ടിട്ടുള്ള കാര്യങ്ങ
ളിൽ നാം അത്യധികം സൂക്ഷ്മതയുള്ള
വരായിരിപ്പാൻ നമുക്ക് കടമയുണ്ട്. ദൂത 2
ന്മാരാൽ സംസാരിക്കപ്പെട്ട വചനം സ്ഥിര
പ്പെട്ടിരിക്കുകയും, അതു കേട്ടശേഷം
അതിനെ ലംഘിച്ച ഏവനും, നീതിപൂർവ്വ
മായ പ്രതികാരം പ്രാപിക്കയും ചെയ്തിട്ടു
ണ്ടെങ്കിൽ — നമ്മുടെ കർത്താവു സംസാ 3
രിച്ചു തുടങ്ങിയതും തന്നിൽനിന്നും
കേട്ടവരാൽ നമ്മിൽ ഉറപ്പിക്കപ്പെട്ടിട്ടുള്ള
തുമായ നമ്മുടെ ജീവൻെറ കാര്യങ്ങളെ നാം
അഗണ്യമാക്കിയാൽ നാം എങ്ങനെ ഓടി
മാറും? അടയാളങ്ങൾകൊണ്ടും അത്ഭുത 4
ങ്ങൾകൊണ്ടും പലവിധ ശക്തികൾ മൂല
വും തൻെറ തിരുഹിതാനുസരണം നൽക
പ്പെട്ടിട്ടുള്ള പരിശുദ്ധാത്മാവിൻെറ വിവിധ
(ദാനങ്ങൾ)കൊണ്ടും അവയെ ദൈവം
സാക്ഷിച്ചുകൊണ്ടിരിക്കുന്നു.

നാം ഏതിനെക്കുറിച്ചാണോ സംസാരി 5
ക്കുന്നത്, വരുവാനുള്ള ആ ലോകത്തെ,

മാലാഖമാർക്കല്ല താൻ കീഴ്പ്പെടുത്തി
7 യത്. പിന്നെയോ തിരുവെഴുത്ത് സാക്ഷ്യ
പ്പെടുത്തിപ്പറയുന്നു: "നീ മനുഷ്യനെ
ഓർക്കുവാൻ മനുഷ്യനും, അവനെ നീ
സന്ദർശിക്കുവാൻ മനുഷ്യപുത്രനും ആര്?
നീ അവനെ മാലാഖമാരിൽനിന്നും അല്പം
താഴ്ത്തി; മഹത്വവും ബഹുമാനവും അവ
ന്റെ ശിരസ്സിൽ നീ വച്ചു. നിന്റെ കൈ
കളുടെ പ്രവൃത്തികൾ മേൽ നീ അവനെ
8 അധികാരിയാക്കി. നീ സർവ്വവും അവന്റെ
കാൽക്കീഴാക്കി." താൻ 'സകലവും അവനു
കീഴ്പ്പെടുത്തിയതു'കൊണ്ട് കീഴ്പെടാത്ത
തായി ഒന്നും വിട്ടിട്ടില്ല. എന്നാൽ എല്ലാം
അവന് കീഴ്പ്പെട്ടിരിക്കുന്നതായി ഇപ്പോൾ
—ഇതുവരെയും നാം കാണുന്നില്ല. മാലാഖ
മാരിൽനിന്നും അല്പം താണവൻ, യേശു
വാകുന്നുവെന്നു തന്റെ മരണത്തിന്റെ
കഷ്ടതകൾ മൂലം നാം അറിയുന്നു. മഹ
ത്വവും ബഹുമാനവും തന്റെ ശിരസ്സിൽ
9 വയ്ക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ —
*ദൈവം തന്റെ കൃപയാൽ എല്ലാവർക്കും
10 വേണ്ടി മരണം ആസ്വദിച്ചു. സകലവും
ആരാലാണോ, സകലവും ആർ നിമിത്ത
മാണോ ആയവൻ, വളരെ സന്താനങ്ങളെ
തന്റെ മഹത്വത്തിൽ പ്രവേശിപ്പിക്കവേ,
അവരുടെ ജീവന്റെ നാഥനെ പീഡകൾ
കൊണ്ട് പൂർണ്ണനാക്കേണ്ടത് യുക്തമാ
11 യിരുന്നു. എന്തെന്നാൽ ശുദ്ധീകരിച്ചവനും
ശുദ്ധീകൃതരായവരും ഒരുവനിൽനിന്നാ
കുന്നു. ആകയാൽ അവരെ തന്റെ സഹോ
ദരന്മാർ എന്ന് വിളിപ്പാൻ താൻ ലജ്ജിച്ചില്ല.
12 - "ഞാൻ നിന്റെ നാമത്തെ എന്റെ
13 സഹോദരന്മാരെ അറിയിക്കും. സഭയുടെ
മദ്ധ്യത്തിൽ ഞാൻ നിന്നെ മഹത്വപ്പെ
ടുത്തും" എന്നും, "ഞാൻ അവനിൽ ആശ്ര
യിക്കും" എന്നും, "ഇത് ഞാനും ദൈവം
എനിക്കു നൽകിയ മക്കളും" എന്നും താൻ
14 പറഞ്ഞു. മക്കൾ മാംസരക്തങ്ങളിൽ പങ്കു
കാരായതുകൊണ്ട് — താനും അതുപോ
ലെതന്നെ ഇവരിൽ പങ്കുകാരനായി
15 തീർന്നു. അതു മരണാധികാരിയായ
സാത്താനെ തന്റെ മരണത്താൽ ഇല്ലായ്മ
16 ചെയ്വാനും - ആയുഷ്കാലം മുഴുവൻ
അടിമത്വത്തിന്ന് അധീനരായി മരണഭീതി
യിൽ ഇരുന്നവരെ മോചിപ്പിക്കുവാനും
17 ആയിരുന്നു. താൻ മാലാഖമാരുടെ (പ്രകൃ
തിയെ)യല്ല സ്വീകരിച്ചത്; അബ്രഹാമിന്റെ
സന്തതിയുടേതത്രെ. ആകയാൽ, താൻ
കാരുണ്യവാനും, ദൈവകാര്യങ്ങളിൽ വിശ്വ
സ്ത മഹാപുരോഹിതനും ആയിരിപ്പാനും,
ജനത്തിന്റെ പാപങ്ങൾക്കു പരിഹാരം വരു
ത്തുന്നവനാകുവാനുമായി തനിക്ക് സകല
ത്തിലും തന്റെ സഹോദരന്മാരോട് സാമ്യ
പ്പെടേണ്ടിയിരുന്നു. താനും കഷ്ട മനുഭവി 18
ക്കയും പരീക്ഷിക്കപ്പെടുകയും ചെയ്തവനാക
കൊണ്ട്, പരീക്ഷിക്കപ്പെടുന്നവരെ സഹാ
യിപ്പാൻ താൻ കഴിവുള്ളവനുമാകുന്നു.

അദ്ധ്യായം 3

ഇനിയും - സ്വർഗ്ഗത്തിൽനിന്നുള്ള 1
വിളിയാൽ വിളിക്കപ്പെട്ടിരിക്കുന്ന എന്റെ
വിശുദ്ധ സഹോദരന്മാരെ നമ്മുടെ വിശ്വാസ
ത്തിന്റെ ശ്ലീഹായും* മഹാപുരോഹിതനു
മായ യേശു മ്ശീഹായെ നിങ്ങൾ കാണു
വിൻ. മോശ ദൈവഭവനം മുഴവനിലും 2
എന്നതുപോലെ, യേശു തന്നെ നിയമിച്ചാ
ക്കിയവനോട് വിശ്വസ്തനാകുന്നു. എന്തെ 3
ന്നാൽ വീടു പണിതവന്റെ മഹിമ കെട്ടിട
ത്തേക്കാൾ വളരെ വലുതായിരിക്കുന്നതു
പോലെ തന്നെ- ഇവന്റെ മഹത്വം മോശ
യുടേതിനേക്കാൾ വളരെ മഹത്താകുന്നു.
ഏതു വീടും മനുഷ്യനാലാകുന്നുവല്ലോ 4
പണിയപ്പെടുന്നത്. എന്നാൽ സർവ്വവും
പണിയുന്നവൻ - ദൈവമാകുന്നു.

എന്നാൽ, സംസാരിക്കപ്പെടേണ്ടിയിരു 5
ന്നവയുടെ സാക്ഷ്യത്തിനായി, ഭവനം മുഴു
വന്മേലും മോശ ദാസനെപ്പോലെ വിശ്വാസ
മായി നിയമിക്കപ്പെട്ടു. മ്ശീഹായാകട്ടെ 6
തന്റെ ഭവനത്തിൽ പുത്രനെപ്പോലെ ആകു
ന്നു. നാം അവസാനംവരെയും, മുഖപ്രസന്ന
തയും തന്റെ പ്രത്യാശയുടെ പ്രശംസയും
പിടിച്ചുകൊണ്ടാൽ നാം തന്നെയാകുന്നു
തന്റെ ഭവനം. എന്തെന്നാൽ പരിശുദ്ധാ 7
ത്മാവ് ഇപ്രകാരം പറഞ്ഞിരിക്കുന്നു; "ഇന്ന് 8
നിങ്ങൾ അവന്റെ ശബ്ദം കേൾക്കുമെങ്കിൽ
മുറുമുറുക്കുന്ന വരെപ്പോലെയും, മരുഭൂമി
യിൽവച്ചുണ്ടായ പരീക്ഷാദിവസംപോലെ
യും—തനിക്കു കോപമുണ്ടാകത്തക്കവ
ണ്ണം, നിങ്ങളുടെ ഹൃദയം കഠിനപ്പെടുത്ത
രുത്. എന്തെന്നാൽ—"നിങ്ങളുടെ പിതാക്ക 9
ന്മാർ എന്നെ പരീക്ഷിക്കുകയും, നാല്പതു
സംവത്സരം എന്റെ പ്രവർത്തനങ്ങളെ

*ഈ വാക്യം - ദൈവകൃപയാൽ മരണം ആസ്വദിച്ചു എന്ന് ഒരു വിവർത്തനത്തിലും, "അവൻ ദൈവമൊഴികെ സകലർക്കും വേണ്ടി മരണം ആസ്വദിച്ചു" എന്ന് മറ്റൊന്നിലും.

*അയയ്ക്കപ്പെട്ടവൻ.

പരിശോധിച്ചു നോക്കുകയും ചെയ്തിരുന്നു.
10 ആകയാൽ ആ തലമുറയോട് എനിക്ക്
നീരസം തോന്നി. ഇവർ തങ്ങളുടെ ഹൃദയം
കൊണ്ട് വഴി തെറ്റിയ ജനം. ഇവർ എൻെറ
വഴികൾ അറിഞ്ഞിരുന്നില്ല" എന്നു ഞാൻ
11 പറഞ്ഞു. 'ഇവർ എൻെറ വിശ്രമത്തിൽ
പ്രവേശിക്കുകയില്ല, എന്നും എൻെറ കോപ
12 ത്തിൽ ഞാൻ ശപഥം ചെയ്തു'. ആകയാൽ
എൻെറ സഹോദരന്മാരേ, നിങ്ങളിലാർക്കും
വിശ്വാസമില്ലാത്ത ദുഷ്ടഹൃദയമുണ്ടായി
ജീവനുള്ള ദൈവത്തിൽനിന്ന് അകന്നു
പോകാതിരിക്കേണ്ടതിന് സൂക്ഷിച്ചുകൊ
13 ള്ളണം. എന്നാലോ നിങ്ങളിലാരും, പാപ
ത്തിൻെറ വഞ്ചനയാൽ കഠിനപ്പെടാതിരി
ക്കുവാനായി, 'ഇന്ന്' എന്നു പറയപ്പെടുന്ന
ദിവസം (ഉള്ള) കാലംവരെ എല്ലാ ദിവസവും
പരസ്പരം ഉപദേശിപ്പിൻ.
14 'നിങ്ങൾ ഇന്ന് അവൻെറ ശബ്ദം
കേൾക്കുമെങ്കിൽ തനിക്ക് കോപം വരുമാറു
നിങ്ങളുടെ ഹൃദയങ്ങൾ കഠിനമാക്കരുത്'
15 എന്നു പറയപ്പെട്ടിരിക്കുന്ന പ്രകാരം, ആരംഭം
മുതൽ അന്ത്യം വരെയും ഈ സത്യഉടമ്പ
ടിയെ നാം മുറുകെ പിടിച്ചുകൊണ്ടിരുന്നാൽ
- നാം മ്ശീഹായോടു കൂടെ കലർന്നു
16 കഴിഞ്ഞു. കേട്ടശേഷം തന്നെ കോപിപ്പിച്ച
വർ ആരാകുന്നു? മോശ മുഖാന്തരം മെ
സ്രേനിൽനിന്നും പുറപ്പെട്ടു പോന്ന എല്ലാ
17 വരുമല്ലയോ? നാല്പതു സംവത്സരം താൻ
18 നീരസപ്പെട്ടത് ആരോടാണ്? പാപം ചെയ്ക
മൂലം *അവരുടെ അസ്ഥികൾ മരുഭൂമിയിൽ
വീണുപോയവരോടു 'അവർ എൻെറ വിശ്ര
മത്തിലേക്കു പ്രവേശിക്കയില്ല' എന്നു താൻ
ശപഥം ചെയ്തവരോടും, അനുസരിക്കാതി
19 രുന്നവരോടും അല്ലയോ? അവർ വിശ്വസി
ക്കാതിരുന്നതിനാൽ അവർക്കു പ്രവേശിക്കു
വാൻ കഴിഞ്ഞില്ല എന്ന് നാം കാണുന്നു.

അദ്ധ്യായം 4

1 ആകയാൽ തൻെറ വിശ്രമത്തിലേക്കു
ള്ള പ്രവേശനത്തിൻെറ വാഗ്ദാനം നില
നിൽക്കവേതന്നെ, നിങ്ങളിൽ ആരെങ്കിലും
അതിൽ പ്രവേശിക്കുവാൻ സാദ്ധ്യമാകാതെ
പക്ഷേ, കാണപ്പെട്ടേക്കുമോ, എന്നു നാം
2 ഭയപ്പെടണം. അവരോട് എന്നപോലെ
നമ്മോടും സദ്വാർത്ത അറിയിക്കപ്പെട്ടിരി
3 ക്കുന്നു. എങ്കിലും വചനം കേട്ടവർ, അവർ
കേട്ടവയെ വിശ്വാസത്തോടു കലർത്തായ്ക
യാൽ അവർക്ക് അതു പ്രയോജനപ്പെട്ടില്ല.
വിശ്വസിച്ചവരായ നാമാകട്ടെ സ്വസ്ഥത
യിലേക്കു പ്രവേശിക്കുന്നു. എന്നാൽ 'ഞാൻ
കോപത്തിൽ ശപഥം ചെയ്തതുപോലെ
അവർ എൻെറ വിശ്രമത്തിൽ പ്രവേശിക്കു
കയില്ല' എന്നു താൻ പറഞ്ഞതെങ്ങനെ?
'ഏഴാം ദിവസം സകല പ്രവൃത്തികളിൽ 4
നിന്നും താൻ വിശ്രമിച്ചു' എന്നു ശാബതി
നെക്കുറിച്ച് പറഞ്ഞിരിക്കുന്നതുപോലെ,
ഇതാ ദൈവത്തിൻെറ പ്രവൃത്തികൾ ലോക
ത്തിൻെറ സ്ഥാപനത്തോടു കൂടി പൂർത്തി
യായി. എങ്കിലും "അവർ എൻെറ സ്വസ്ഥ 5
തയിൽ പ്രവേശിക്കുകയില്ല" എന്ന് ഇവിടെ
വീണ്ടും താൻ പറഞ്ഞിരിക്കുന്നു. ആക 6
യാൽ ചിലർക്ക് അതിൽ പ്രവേശിപ്പാൻ
ഇടയുണ്ടായിരുന്നു. എന്നാൽ ആദ്യം അറി
യിക്കപ്പെട്ടവർ അനുസരിക്കാതിരുന്നതി
നാൽ പ്രവേശിക്കാതെ പോയതുകൊണ്ട്,
മുകളിൽ എഴുതിയിരിക്കുന്നതുപോലെ "ഇ
ന്ന് നിങ്ങൾ അവൻെറ ശബ്ദം കേൾക്കുമെ
ങ്കിൽ, നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്"
എന്നു ദാവീദു പറഞ്ഞിരിക്കുന്നതുപോലെ
താൻ ദീർഘകാലശേഷം വേറൊരു ദിവ സം 7
വീണ്ടും നിശ്ചയിക്കുന്നു. നൂൻെറ മക 8
നായ യോശുവാ, അവർക്ക് സ്വസ്ഥത
നൽകിയിരുന്നെങ്കിൽ - മറ്റൊരു ദിവസ
ത്തെക്കുറിച്ചു പിന്നെ താൻ പറയുകയില്ലാ
യിരുന്നല്ലോ. ആകയാൽ ദൈവത്തിൻെറ 9
ജനത്തിന് വിശ്രമം നൽകുവാൻ ഇനിയും
ശേഷിച്ചിരിക്കുന്നു. എന്തെന്നാൽ ദൈവം 10
തൻെറ പ്രവൃത്തിയിൽനിന്നും വിശ്രമിച്ചതു
പോലെ, തൻെറ വിശ്രമസ്ഥാനത്തേക്കു
പ്രവേശിച്ചവനും, തൻെറ പ്രവൃത്തിയിൽ
നിന്നും വിശ്രമിക്കുന്നു. ആകയാൽ അനു 11
സരണം കെട്ടവരെപ്പോലെ, നാം വീണു
പോകാതിരിക്കേണ്ടതിന്നു - ആ വിശ്രമ
ത്തിലേക്കു പ്രവേശിക്കുവാൻ നാം ഉത്സാ
ഹിച്ചു കൊണ്ടിരിക്കണം.
ദൈവത്തിൻെറ വചനം ജീവനുള്ളതും 12
സർവ്വവും പ്രവർത്തിക്കുന്നതും, ഇരുവ
ശവും മൂർച്ചയുള്ള വാളിനേക്കാൾ മൂർച്ച
യേറിയതും, ആകുന്നു. അത് പ്രാണനേയും,
ആത്മാവിനേയും സന്ധിബന്ധങ്ങളേയും,
മജ്ജയേയും അസ്ഥികളേയും ഭേദിച്ച്
അകത്തു കടക്കുന്നതും, ഹൃദയത്തിൻെറ
വിചാരങ്ങളേയും ആലോചനകളേയും
വിവേചിക്കുന്നതുമാകുന്നു. ഇതിൻെറ 13
മുമ്പിൽനിന്നും ഒരു സൃഷ്ടിയും മറഞ്ഞിരി
ക്കുന്നില്ല. എന്നല്ല, തൻെറ കണ്ണുകൾക്കു

*മരുഭൂവിൽ മരിച്ചു വീണവർ

മുമ്പിൽ സർവ്വവും നഗ്നമായും പ്രത്യക്ഷ
മായും ഇരിക്കുന്നു. അവനോട് നാം ഉത്തരം
14 ബോധിപ്പിക്കണം. ആകയാൽ, സ്വർഗ്ഗത്തി
ലേക്ക് ആരോഹണം ചെയ്ത ദൈവ
പുത്രനായ യേശുമ്ശീഹാ എന്ന മഹാ
പുരോഹിതൻ നമുക്കുള്ളതുകൊണ്ട്
തന്റെ വിശ്വാസത്തിൽ നാം സുസ്ഥിര
15 രായിരിക്കണം. നമ്മുടെ ബലഹീനതയിൽ
സഹതപിക്കുവാൻ കഴിവില്ലാത്ത മഹാ
പുരോഹിതനല്ല; പാപമൊഴികെ എല്ലാ
ററിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ട
16 വനാകുന്നു നമുക്കുള്ളത്. ആകയാൽ
ഞെരുക്കത്തിന്റെ കാലത്ത് സഹായക
മായ കരുണ പ്രാപിപ്പാനും, കൃപ കണ്ടെ
ത്തുവാനുമായി- തന്റെ കൃപയുടെ
സിംഹാസനത്തിങ്കലേക്ക് ധൈര്യപൂർവ്വം
നമുക്ക് അടുത്തു ചെല്ലാം.

അദ്ധ്യായം 5

1 മനുഷ്യരിൽനിന്നുമുള്ള ഏതു മഹാ
പുരോഹിതനും പാപങ്ങൾക്കു വേണ്ടി
കാഴ്ചകളും ബലികളും അർപ്പിക്കുവാൻ -
ദൈവീകകാര്യങ്ങളിൽ മനുഷ്യർക്കുവേ
2 ണ്ടി നിലകൊള്ളുന്നു. അവൻ ബലഹീ
നത ധരിച്ചവനാകയാൽ — തന്നെത്തന്നെ
താഴ്ത്തുവാനും, അറിവില്ലാത്തവരോടും
വഴി തെററിപ്പോകുന്നവരോടും സഹതപി
3 പ്പാനും കഴിവുള്ളവനാകുന്നു. ആകയാൽ
ജനത്തിനുവേണ്ടി എന്നതുപോലെതന്നെ
— തനിക്കു വേണ്ടിയും തന്റെ പാപങ്ങൾ
ക്കായി ബലി അർപ്പിക്കുവാൻ അവൻ
4 കടപ്പെട്ടവനാകുന്നു. അഹറോൻ എന്ന
പോലെ ദൈവത്താൽ വിളിക്കപ്പെട്ടവന
ല്ലാതെ, ഈ ബഹുമാനം സ്വയം സ്വീകരി
5 ക്കാവുന്നതല്ല. ഇപ്രകാരംതന്നെ മ്ശീഹാ
യും, മഹാപുരോഹിതനാകുവാൻ സ്വയം
മഹത്വപ്പെടുത്തിയില്ല, “നീ എന്റെ പുത്ര
നാകുന്നു, ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചു”
എന്നു തന്നോടു പറഞ്ഞവനത്രെ (മഹത്വ
പ്പെടുത്തിയത്).
6 “നീ മൽക്കീസദേക്കിനെപ്പോലെ*
(മൽക്കീസദേക്കിന്റെ സദൃശ്യത്തിൽ)
എന്നേക്കും പുരോഹിതനാകുന്നു” എന്ന്
മറെറാരു സ്ഥലത്തും പറഞ്ഞിട്ടുണ്ട്.
7 മ്ശീഹാ ശരീരം ധരിച്ചിരുന്ന കാലത്ത്-
മരണത്തിൽനിന്നും തന്നെ രക്ഷിപ്പാൻ
കഴിവുള്ളവന് പ്രാർത്ഥനയും അപേക്ഷ
യും, ഉറച്ച നിലവിളിയോടും കണ്ണുനീരോടും
കൂടെ സമർപ്പിച്ചു, തന്റെ പ്രാർത്ഥന
കേൾക്കപ്പെടുകയും ചെയ്തു. താൻ ദൈവ 8
ത്തിന്റെ പുത്രനായിരുന്നിട്ടും, ഭയവും
അനുഭവിച്ച കഷ്ടതകൾ നിമിത്തവും അനു
സരണം പഠിച്ചു, അങ്ങനെ പൂർണ്ണനായി, 9
തന്നെ അനുസരിക്കുന്നവർക്കെല്ലാം
നിത്യജീവനു കാരണമാകുകയും ചെയ്തു.
മൽക്കിസദേക്കിനെപ്പോലെ മഹാപുരോ 10
ഹിതനായി താൻ ദൈവത്താൽ നാമകര
ണം ചെയ്യപ്പെടുകയും ചെയ്തു. ഈ മൽക്കി 11
സദേക്കിനെക്കുറിച്ചാകട്ടെ, ഞങ്ങൾക്കും
വളരെ പറയുവാനുണ്ട്. എങ്കിലും കേൾക്കു
വാൻ നിങ്ങൾ ബലഹീനരാകകൊണ്ട് വിശ
ദീകരിപ്പാൻ പ്രയാസമുണ്ട്.
നിങ്ങളുടെ പഠനകാല (ദൈർഘ്യം) 12
നോക്കിയാൽ, നിങ്ങൾ ഉപദേഷ്ടാക്കന്മാർ
ആകേണ്ടതായിരുന്നു. എങ്കിലും ഇപ്പോൾ
ദൈവവചനങ്ങളുടെ ആരംഭത്തിന്റെ
ആദ്യാക്ഷരം ഏവയെന്നു വീണ്ടും നിങ്ങൾ
പഠിക്കേണ്ടതായിരിക്കുന്നു. കട്ടിയായുള്ള
ആഹാരമല്ല; പാൽ അത്രെ നിങ്ങൾക്ക്
ആവശ്യം എന്നു വന്നിരിക്കുന്നു. ‘പാൽ’ 13
ആർക്കു ഭക്ഷണമായിരിക്കുന്നുവോ അ
വൻ ശിശുവാകകൊണ്ട് നീതിയുടെ വചന
ത്തിൽ പരിജ്ഞാനമില്ലാത്തവനാകുന്നു.
കട്ടിയായ ഭക്ഷണം പൂർണ്ണത പ്രാപിച്ചവരു 14
ടേതാകുന്നു. അവർ പരിശീലനം ലഭിച്ചിട്ടു
ള്ളവരാകയാൽ — നന്മയേയും തിന്മയേ
യും വിവേചിക്കുവാൻ, അവരുടെ ബോധേ
ന്ദ്രിയങ്ങൾ പരിശീലിപ്പിക്കപ്പെട്ടിരിക്കുന്നു.

അദ്ധ്യായം 6

ഇതു നിമിത്തം - മ്ശീഹായുടെ വചന 1
ത്തിന്റെ പ്രാരംഭം വിട്ടിട്ട് — നാം പൂർണ്ണത
യിലേക്കു വരണം. അതല്ലാതെ, നിർജ്ജീവ 2
പ്രവൃത്തികളിൽനിന്നുള്ള അനുതാപം,
ദൈവത്തിലുള്ള വിശ്വാസം- മാമ്മുദീസാ
യേയും കൈവെപ്പിനെയുംകുറിച്ചുള്ള
വിശ്വാസോപദേശം **മരിച്ചവരുടെ ഇട
യിൽനിന്നുള്ള പുനരുത്ഥാനം, നിത്യശിക്ഷാ
വിധി എന്നിവയ്ക്കു മറെറാരു അടിസ്ഥാ
നം ഇടുവാൻ നിങ്ങൾ തുനിയുമോ?
കർത്താവ് അനുവദിക്കുമെങ്കിലേ നമുക്ക് 3
അതു പ്രവർത്തിക്കാവൂ.
ഒരു പ്രാവശ്യം മാമ്മുദീസാ സ്വീകരിച്ച് 4
സ്വർഗ്ഗീയദാനം ആസ്വദിക്കുകയും പരി

*5:6 ‘ക്രമപ്രകാരം’ എന്നു സുറിയാനിയിൽ ഇല്ല. “ബദ്മൂസെ ദ്മൽക്കിസദേക്ക്”
** Doctrine

5 ശുദ്ധാത്മാവിനെ പ്രാപിക്കുകയും, ദൈവ
ത്തിൻെറ നല്ല വചനവും വരുവാനിരി
ക്കുന്ന ലോകത്തിൻെറ ശക്തിയും ആസ്വ
ദിക്കുകയും ചെയ്തവർക്ക് വീണ്ടും പാപം
ചെയ്യുവാനും, പശ്ചാത്താപത്തിലേക്ക് ന
6 വീകരിക്കപ്പെടുവാനും സാദ്ധ്യമല്ല. അവർ
ദൈവപുത്രനെ വീണ്ടും കുരിശിൽ തറ
7 യ്ക്കുകയും അവമാനിക്കുകയുമത്രെ
ചെയ്യുന്നത്. പല പ്രാവശ്യം പെയ്ത മഴ
(വെള്ളം) കുടിക്കുകയും, ആർക്കു വേണ്ടി
കൃഷി ചെയ്യപ്പെടുന്നുവോ, അവരുടെ
പ്രയോജനത്തിന്നായി സസ്യത്തെ മുള
പ്പിക്കുകയും ചെയ്യുന്ന ഭൂമി, ദൈവത്തിൽ
8 നിന്നും അനുഗ്രഹം പ്രാപിക്കും. എന്നാൽ
മുള്ളും ഞെരിഞ്ഞിലുകളുമാണ് ഉത്പാ
ദിപ്പിക്കുന്നതെങ്കിലോ, അതു നിന്ദ്യമാ
കുന്നു; ശാപത്തിൽനിന്നും വിദൂരവുമല്ല.
അതിൻെറ അവസാനമാകട്ടെ ദഹനവും.
9 സഹോദരന്മാരേ, ഞങ്ങൾ ഇങ്ങനെ സംസാ
രിക്കുന്നുവെങ്കിലും, ഉത്തമങ്ങളും, രക്ഷ
യ്ക്കുതകുന്നവയുമായ കാര്യങ്ങൾ നിങ്ങ
ളിലുണ്ടെന്ന് ഞങ്ങൾക്കു ബോദ്ധ്യമായി
10 രിക്കുന്നു. നിങ്ങളുടെ പ്രവൃത്തികളേയും,
വിശുദ്ധർക്ക് ചെയ്തിട്ടുള്ളതും ചെയ്തു
കൊണ്ടിരിക്കുന്നതുമായ ശുശ്രൂഷയാൽ
തൻെറ നാമത്തിൽ നിങ്ങൾ പ്രദർശിപ്പിച്ച
സ്നേഹത്തേയും മറന്നു കളയുവാൻ
തക്കവണ്ണം ദൈവം അനീതിയുള്ളവനല്ല.
11 നിങ്ങളിൽ ഓരോരുവനും; നിങ്ങളുടെ
പ്രത്യാശയുടെ പൂർത്തീകരണത്തിനായി
അവസാനംവരെയും ഈ ജാഗ്രത പ്രദർശി
പ്പിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.
12 അങ്ങനെ നിങ്ങൾ ഉദാസീനരായിരി
ക്കാതെ, വിശ്വാസത്താലും ദീർഘക്ഷമ
യാലും വാഗ്ദാനത്തിൻെറ അവകാശി
കളായിട്ടുള്ളവരെ നിങ്ങൾ അനുകരിക്കു
കയും വേണം.
13 ദൈവം അബ്രഹാമിനോട് വാഗ്ദാനം
ചെയ്തപ്പോൾ, തന്നെക്കാൾ വലിയവനെ
ക്കൊണ്ട് സത്യം ചെയ്വാനില്ലാഞ്ഞിട്ട്,
തന്നെക്കൊണ്ടുതന്നെ സത്യം ചെയ്തു:
14 "ഞാൻ നിന്നെ നിശ്ചയമായും അനുഗ്ര
ഹിക്കും, ഞാൻ നിന്നെ നിശ്ചയമായും
15 വർദ്ധിപ്പിക്കും" എന്നു പറഞ്ഞു. അങ്ങനെ
അവൻ ദീർഘക്ഷമയോടിരുന്ന് വാഗ്ദത്ത
16 കാര്യം പ്രാപിച്ചു. മനുഷ്യർ തങ്ങളെക്കാൾ
വലിയവരെക്കൊണ്ടല്ലോ സത്യം ചെയ്യു
ന്നത്. അവരുടെ ഇടയിൽ ഉണ്ടാകുന്ന
സകല തർക്കങ്ങൾക്കും ആണകൾകൊണ്ട്
യഥാർത്ഥ അവസാനം ഉണ്ടാകുന്നു.

തൻെറ വാഗ്ദാനത്തിന് മാററം വരികയില്ല 17
എന്ന് വാഗ്ദാനത്തിൻെറ അവകാശികളെ
കാണിപ്പാൻ ദൈവം ഇതുമൂലം അധിക
മായി തിരുവിഷ്ടപ്പെട്ടു. ആണയാൽ 18
അതിനെ ഉറപ്പിച്ചു; തന്നിൽ അഭയം
പ്രാപിച്ചവരായ നമുക്ക് വലിയ ആശ്വാസ
മുണ്ടാകുവാനും, നമുക്കായി വാഗ്ദാനം
ചെയ്യപ്പെട്ടിട്ടുള്ള പ്രത്യാശയെ നാം മുറുകെ
പിടിക്കുവാനുമായി, വ്യത്യാസപ്പെടാത്ത
തും ദൈവത്തിനു വ്യാജം പറയുവാൻ സാ
ധിക്കാത്തതുമായ രണ്ടു കാര്യങ്ങളാൽ
(ഉറപ്പുവരുത്തി) ആ പ്രത്യാശ നമുക്ക് ഒരു 19
നങ്കൂരം പോലെയാകുന്നു. അതു നമ്മുടെ
ആത്മാവ് ഇളകാതെ മുറുകെ പിടിച്ചു
നിർത്തുന്നു. അതു തിരശ്ശീലയ്ക്കകത്തേ
ക്കു കടക്കുകയും ചെയ്യുന്നു. അവിടെ യേശു
നമുക്കുവേണ്ടി മുൻകൂട്ടി പ്രവേശിക്കുക 20
യും, മൽക്കിസദേക്കിനെപ്പോലെ, നിത്യ
മഹാപുരോഹിതനായിരിക്കുകയും ചെയ്തു.

അദ്ധ്യായം 7

ഈ മൽക്കിസദേക്ക് ശാലേം രാജാവും, 1
മഹോന്നതനായ ദൈവത്തിൻെറ പുരോ
ഹിതനുമാകുന്നു. അബ്രഹാം രാജാക്ക 2
ന്മാരെ വധിച്ച് തിരികെ വന്നപ്പോൾ, മൽക്കി
സദേക്ക് അദ്ദേഹത്തെ എതിരേൽക്കുകയും
അനുഗ്രഹിക്കുകയും ചെയ്തു. അബ്രഹാം
തൻെറ കൈവശമുണ്ടായിരുന്ന സകല
ത്തിൽനിന്നും അദ്ദേഹത്തിന് പത്തിലൊന്നു
കൊടുത്തു. അദ്ദേഹത്തിൻെറ പേരിൻെറ
അർത്ഥം-നീതിയുടെ രാജാവ് എന്നും
ശോലിമിൻെറ രാജാവ് — അതായത് സമാ
ധാനത്തിൻെറ രാജാവ് എന്നുമാകുന്നു.
അദ്ദേഹത്തിൻെറ പിതാവിനേയോ, മാതാ 3
വിനേയോ, ജീവിതാരംഭത്തേയോ, അവ
സാനത്തേയോ പററി, വംശാവലികളിൽ
എഴുതപ്പെട്ടിട്ടില്ല. എന്നാലോ ദൈവ
പുത്രൻെറ സാദൃശ്യത്തിൽ അവൻെറ
പൗരോഹിത്യം എന്നേക്കും നിലനിൽക്കു
ന്നു ഇദ്ദേഹം എത്ര വലിയവൻ എന്നു 4
നോക്കുവിൻ. പിതാക്കന്മാരുടെ തലവനായ
അബ്രഹാം അദ്ദേഹത്തിന് ദശാംശവും
ആദ്യഫലങ്ങളും കൊടുത്തുവല്ലോ!
പൌരോഹിത്യം സ്വീകരിച്ചിരുന്ന ലേവി 5
പുത്രന്മാർക്ക് - ജനത്തിൽ നിന്ന് - അബ്രഹാ
മിൻെറ കടിപ്രദേശത്തുനിന്ന് തന്നെ പുറ
പ്പെട്ടവരായ അവരുടെ സഹോദരന്മാരിൽ
നിന്ന് - ദശാംശം വാങ്ങിക്കൊള്ളുവാൻ
ന്യായപ്രമാണകല്പന ഉണ്ടായിരുന്നു.
എന്നാൽ അവരുടെ വംശാവലിയിൽ എഴുത 6

* ലൊ എസ്ക്സേബ് ബ്ശർബോസോ.

പ്പെടാത്തവൻ, ഇദ്ദേഹം, അബ്രഹാമിൽ
നിന്നു ദശാംശം വാങ്ങുകയും വാഗ്ദത്തം
പ്രാപിച്ചിരുന്നവനായ അബ്രഹാമിനെ
7 അനുഗ്രഹിക്കുകയും ചെയ്തു. ചെറിയവൻ
അവനേക്കാൾ വലിയവനാലാണ് അനു
ഗ്രഹിക്കപ്പെടുന്നത് എന്നതിന് തർക്കമില്ല.
8 ഇവിടെ ദശാംശം വാങ്ങുന്നത് മരണമുള്ള
വരായ മനുഷ്യരാകുന്നു. അവിടെയാകട്ടെ,
“താൻ ജീവിച്ചിരിക്കുന്നു” എന്നു തിരു
വെഴുത്ത് സാക്ഷിക്കുന്നവൻ തന്നെ.
9 ദശാംശം വാങ്ങിക്കൊണ്ടിരുന്ന ലേവിയും,
അബ്രഹാം മുഖാന്തിരം ദശാംശം കൊടുത്തു
10 വെന്ന് ഒരു വിധത്തിൽ പറയാം. എന്തെ
ന്നാൽ അവന്റെ പിതാവ് മൽക്കിസദേ
ക്കുമായി കണ്ടുമുട്ടിയപ്പോൾ അവനും ആ
പിതാവിന്റെ “കടിപ്രദേശത്ത്” ഉണ്ടായി
11 രുന്നുവല്ലോ. ആകയാൽ, ന്യായപ്രമാണം
ഏതൊന്നിനാൽ ജനത്തിനായി സ്ഥാപി
ക്കപ്പെട്ടുവോ, ആ ലേവ്യപൌരോഹിത്യ
ത്താൽ സംപൂർണ്ണത വന്നുവെങ്കിൽ —
മൽക്കിസദേക്കിന്റെ സാദൃശ്യത്തിൽ
മററൊരു പുരോഹിതൻ ഉണ്ടാകേണ്ട
ആവശ്യമെന്ത്? അഹറോന്റെ സാദൃശ്യ
പ്രകാരം എന്നു താൻ പറയുമായിരുന്നു.
12 എന്നാൽ ഈ പൌരോഹിത്യത്തിന്
മാററമുണ്ടായതുപോലെ ന്യായപ്രമാണ
ത്തിനും മാററമുണ്ടായി. എന്തെന്നാൽ
ആരെക്കുറിച്ചാണോ, ഇവയെല്ലാം പറയ
പ്പെട്ടിരിക്കുന്നത് അവൻ മററൊരു ഗോത്ര
ത്തിൽ നിന്നാകുന്നു ജനിച്ചത്. ആ ഗോത്ര
ത്തിൽനിന്നും ആരും ബലിപീഠത്തിങ്കൽ
13 ശുശ്രൂഷ ചെയ്തിട്ടില്ല. എന്തെന്നാൽ
നമ്മുടെ കർത്താവ് - ഏതൊരു വംശത്തെ
ക്കുറിച്ച് മോശ ഒന്നും പറഞ്ഞിട്ടില്ലയോ,
14 ആ ‘യഹൂദാ’ഗോത്രത്തിൽനിന്നും ഉദയം
ചെയ്തു എന്നതു സ്പഷ്ടമാണല്ലോ.
15 ജഡികമായ കല്പനകളുടെ ന്യായപ്രമാണ
ത്താൽ അല്ല; അഴിവില്ലാത്ത ജീവന്റെ
ശക്തിയാൽ മററൊരു പുരോഹിതൻ
16 മൽക്കിസദേക്കിന്റെ സാദൃശ്യത്തിൽ ഉണ്ടാ
കുമെന്നു പറഞ്ഞിരിക്കുന്നതിനാൽ - ഇതു
17 കൂടുതൽ വിശദമായിരിക്കുന്നു. “നീ
മൽക്കിസദേക്കിന്റെ സദൃശപ്രകാരം
എന്നേക്കും പുരോഹിതൻ” എന്നല്ലോ
സാക്ഷിച്ചിരിക്കുന്നത്.
18 ആദ്യ കല്പനയ്ക്ക് അതിന്റെ ബല
ഹീനതയും, നിഷ്പ്രയോജനത്വവും നിമി
19 ത്തം മാററമുണ്ടായി. എന്തെന്നാൽ ന്യായ
പ്രമാണം ഒന്നിനെയും പൂർണ്ണമാക്കിയിട്ടില്ല.
അതിനു പകരമായി, അതിനേക്കാൾ
ശ്രേഷ്ഠമായ പ്രത്യാശ പ്രവേശിച്ചു. അതു
മൂലമാണ് ദൈവത്തോടു നാം സമീപി
ക്കുന്നത്. ആണയാൽ അതിനെ നമുക്ക്
ഉറപ്പിച്ചു തരികയും ചെയ്തു. എന്തെന്നാൽ 20
അവർ ‘ആണ കൂടാതെ’ പുരോഹിത
രായിത്തീർന്നു. എന്നാൽ ഇദ്ദേഹമാകട്ടെ- 21
ആണമൂലമാകുന്നു. ദാവീദ് മുഖാന്തരം
താൻ പറഞ്ഞു. “നീ മൽക്കിസദേക്കിന്റെ 22
സദൃശ്യത്തിൽ എന്നെന്നേക്കും പുരോഹി
തനാകുന്നു.” അവൻ ആണയിട്ടു. അതു
വ്യാജമാകയില്ല. യേശു ജാമ്യമായിത്തീർ
ന്നിരിക്കുന്ന ഈ ഉടമ്പടി അത്ര ശ്രേ
ഷ്ഠമായിട്ടുള്ളതാകുന്നു. അവർ മരണാ 23
ധീനരായിരുന്നതുകൊണ്ടും നിലനിൽപാൻ
കഴിയാതിരുന്നതുകൊണ്ടും, പുരോഹിത
ന്മാരായവർ അനേകർ ആയിരുന്നു.
ഇദ്ദേഹമാകട്ടെ എന്നേക്കും നിലനിൽക്കു 24
ന്നവനാകകൊണ്ട് തന്റെ പൌരോഹിത്യം
ഒരിക്കലും നീങ്ങിപ്പോകയില്ല. താൻ മുഖാ 25
ന്തരം ദൈവത്തിങ്കലേക്ക് അടുക്കുന്നവരെ
എന്നേക്കും ജീവിപ്പിക്കുവാൻ തനിക്കു
കഴിവുണ്ട്. എന്തെന്നാൽ താൻ സദാ
ജീവിച്ചിരുന്നുകൊണ്ട് അവർക്ക്വേണ്ടി
പ്രാർത്ഥനകൾ അർപ്പിക്കുന്നു. നിർമ്മലനും, 26
തിന്മയില്ലാത്തവനും, കറയില്ലാത്തവനും
പാപങ്ങളിൽ നിന്നൊഴിഞ്ഞവനും സ്വർഗ്ഗ
ത്തിനുമേൽ ഉയർന്നവനും ആയി, ഇങ്ങ
നെയുള്ള ഒരു മഹാപുരോഹിതനല്ലോ
നമുക്കാവശ്യം. മഹാപുരോഹിതനെപ്പോ 27
ലെ, ആദ്യം സ്വന്തപാപങ്ങൾക്കുവേണ്ടിയും,
പിന്നെ ജനങ്ങൾക്കു വേണ്ടിയും നിത്യവും
ബലി കഴിക്കേണ്ട ആവശ്യം തനിക്കില്ല.
എന്തെന്നാൽ തന്നെത്തന്നെ ബലിയായി
അർപ്പിച്ചുകൊണ്ട് ഒരിക്കലായി അതു
ചെയ്തിരിക്കുന്നു. എന്തെന്നാൽ ന്യായപ്രമാ 28
ണം ബലഹീന മനുഷ്യരെയാണ് പുരോ
ഹിതരാക്കിത്തീർക്കുന്നത്. ന്യായപ്രമാണ
ത്തിനു ശേഷമുണ്ടായ ആണയുടെ വച
നമോ, എന്നേക്കും പൂർണ്ണനായ പുത്രനെ
യത്രേ (നിയമിക്കുന്നത്).

അദ്ധ്യായം 8

ഇവയുടെയെല്ലാം സാരം ഇതാകുന്നു: 1
സ്വർഗ്ഗത്തിൽ മഹിമയുടെ സിംഹാസന
ത്തിന്റെ വലതുഭാഗത്തുപവിഷ്ടനും,
വിശുദ്ധസ്ഥലത്തിൻേറയും - മനുഷ്യനല്ല - 2
ദൈവത്താൽ സ്ഥാപിതമായ സത്യകൂടാര
ത്തിൻേറയും ശുശ്രൂഷകനായ മഹാപുരോ
ഹിതൻ നമുക്കുണ്ട്. മഹാപുരോഹിതനായി 3
ഏവനും നിയമിതനാകുന്നത് കാഴ്ചകളും

ബലികളും അർപ്പിക്കുവാനാകുന്നു. ആക
യാൽ സമർപ്പിക്കുവാനായി എന്തെങ്കിലും
തനിക്കുണ്ടായിരിക്കേണ്ടത് ഇദ്ദേഹത്തിനും
4 ആവശ്യമായിരുന്നു. താൻ ഭൂമിയിൽ ആയി
രുന്നെങ്കിൽ പുരോഹിതനാകുകയില്ലായി
രുന്നു. എന്തെന്നാൽ (അവിടെ) ന്യായ
പ്രമാണത്തിലുള്ളതുപോലെയുള്ള കാഴ്ച
കൾ അർപ്പിച്ചുകൊണ്ടിരുന്ന പുരോഹിത
5 ന്മാരാണുണ്ടായിരുന്നത്. 'പർവ്വതത്തിൽ
വച്ചു നിനക്കു കാണപ്പെട്ട മാതൃകയിൽ
സർവ്വവും നിർമ്മിക്കുക 'എന്ന് അവൻ
കൂടാരം പണിതുകൊണ്ടിരിക്കുമ്പോൾ
മോശയോടു പറയപ്പെട്ട പ്രകാരം, സ്വർഗ്ഗീ
യമായ ഇവയുടെ 'ദൃഷ്ടാന്തത്തിനും നിഴ
ലിനും' ശുശ്രൂഷ ചെയ്യുന്നവരായ ആചാര്യ
6 ന്മാരാണുണ്ടായിരുന്നത്. ഇപ്പോഴാകട്ടെ,
അതിനേക്കാൾ ശ്രേഷ്ഠമായ ശുശ്രൂഷ
യേശുമ്ശീഹാ സ്വീകരിച്ചു. അതു കൂടുതൽ
ശ്രേഷ്ഠമായ വാഗ്ദാനങ്ങളാൽ നൽകപ്പെ
ട്ടതും തന്റെ മദ്ധ്യസ്ഥതയോടു കൂടിയതു
മായ നിയമം എന്നതുപോലെ ശ്രേഷ്ഠമാകു
7 ന്നു. എന്തെന്നാൽ ആദ്യത്തെ നിയമം കുററ
മില്ലാത്തതായിരുന്നുവെങ്കിൽ ഈ രണ്ടാമ
ത്തേതിനു സ്ഥാനമുണ്ടാകുകയില്ലായിരു
8 ന്നു. എന്നാൽ താൻ അവരെ കുററപ്പെ
ടുത്തിക്കൊണ്ട് പറയുന്നത്: "കണ്ടാലും,
നാളുകൾ വരുന്നു" എന്നു ദൈവം അരുളി
9 ച്ചെയ്യുന്നു. അപ്പോൾ ഇസ്രായേൽ ഗൃഹ
ത്തോടും യഹൂദാ ഗൃഹത്തോടും ഒരു
പുതിയ നിയമം ഞാൻ പൂർത്തീകരിക്കും.
ഞാൻ അവരുടെ പിതാ ക്കന്മാരുടെ കൈക്കു
പിടിച്ചു മെസ്രേൻ ദേശത്തുനിന്നു പുറപ്പെടു
വിച്ച കാലത്ത് അവർക്ക് കൊടുത്ത നിയമം
പോലെയല്ല; അവർ എന്റെ നിയമത്തിൽ
നിലനിൽക്കാതിരുന്നതുമൂലം ഞാനും
അവരെ നിരസിച്ചിരിക്കുന്നു എന്ന് കർത്താ
10 വ് അരുളിച്ചെയ്യുന്നു. ആ ദിവസങ്ങൾക്കു
ശേഷം ഇസ്രായേൽ കുടുംബത്തിനു ഞാൻ
കൊടുപ്പാനിരിക്കുന്ന നിയമം ഇതാകുന്നു;
എന്റെ നിയമം അവരുടെ ബോധങ്ങളിൽ
ഞാൻ നൽകും. അവരുടെ ഹൃദയങ്ങളിൽ
ഞാൻ അത് എഴുതും. ഞാൻ അവർക്ക്
ദൈവമായിരിക്കും; അവർ എനിക്ക് ജനവു
11 മായിരിക്കും. "ഇനിയും അവരിൽ ആരും
തന്റെ നഗരവാസിയോടാകട്ടെ, തന്റെ
സഹോദരനോടാകട്ടെ, കർത്താവിനെ
അറിയുക എന്നു പറഞ്ഞു പഠിപ്പിക്കുക
യില്ല. എന്തെന്നാൽ അവരുടെ ബാലൻ
മുതൽ വൃദ്ധൻ വരെ എല്ലാവരും എന്നെ
12 അറിയും. ഞാൻ അവരുടെ അകൃത്യങ്ങ
ളിൽനിന്നും അവരെ വിമോചിതരാക്കും.
വീണ്ടും അവരുടെ പാപങ്ങൾ ഞാൻ അവ
രോട് ഓർക്കുകയുമില്ല." 'പുതിയത്' എന്നു 13
താൻ പറഞ്ഞിരിക്കുന്നതുകൊണ്ട് ആദ്യ
ത്തേതിനെ താൻ പഴയതാക്കിയിരിക്കുന്നു.
പഴയതും ജീർണ്ണവുമായതുമാകട്ടെ നാശ
ത്തെ സമീപിച്ചിരിക്കുന്നു.

അദ്ധ്യായം 9

ആദ്യനിയമത്തിന് ശുശ്രൂഷാവിധികളും 1
ഭൗമികമായ വിശുദ്ധ സ്ഥലവുമുണ്ടാ
യിരുന്നു. നിർമ്മിതമായ ആദ്യകൂടാരത്തിൽ 2
— നിലവിളക്കും, മേശയും, കാഴ്ചയപ്പവും
ഉണ്ടായിരുന്നു. അതു 'വിശുദ്ധസ്ഥലം'
എന്നു വിളിക്കപ്പെടുകയും ചെയ്തിരുന്നു.
രണ്ടാം തിരശീലക്കുള്ളിലുണ്ടായിരുന്ന 3
ഉള്ളിലെ കൂടാരം,' ശുദ്ധതകളുടെ ശുദ്ധ
സ്ഥലം' എന്നും വിളിക്കപ്പെട്ടിരുന്നു.
അതിൽ സ്വർണ്ണംകൊണ്ടുള്ള ധൂപക്കുററി 4
യും, മുഴുവനും സ്വർണ്ണം പൊതിഞ്ഞ നിയമ
പെട്ടകവും ഉണ്ടായിരുന്നു. അതിനകത്ത്
മന്നാ സൂക്ഷിച്ചിരുന്ന സ്വർണ്ണചെപ്പും,
അഹറോന്റെ തളിർത്ത വടിയും, നിയമ
പലകകളും ഉണ്ടായിരുന്നു. അതിനു മുക 5
ളിലായി, കൃപാസനത്തിനു നിഴൽ കൊടു
ക്കുന്ന തേജസിന്റെ ക്രൂബേന്മാരും ഉണ്ടാ
യിരുന്നു. ഇങ്ങനെ ക്രമപ്പെടുത്തിവക്ക 6
പ്പെട്ടിരുന്ന ഓരോന്നിനേയുംകുറിച്ചു പറ
യുവാൻ ഇപ്പോൾ സമയമില്ല. പുറത്തെ
കൂടാരത്തിൽ പുരോഹിതന്മാർ എപ്പോഴും
പ്രവേശിച്ച് അവരുടെ ശുശ്രൂഷകൾ നിർവ്വ
ഹിച്ചിരുന്നു. എന്നാൽ അതിന്റെ അകത്തു 7
ള്ള കൂടാരത്തിൽ ആണ്ടിലൊരിക്കൽ മഹാ
പുരോഹിതൻ തനിക്കു വേണ്ടിയും ജനത്തി
ന്റെ അപരാധത്തിനു വേണ്ടിയും സമർപ്പി
ച്ചിരുന്ന രക്തത്തോടുകൂടി തനിച്ച് പ്രവേശി
ച്ചിരുന്നു. ആകയാൽ ആദ്യകൂടാരം നിലനി 8
ന്നിടത്തോളം കാലം വിശുദ്ധകൂടാരത്തിലേ
ക്കുള്ള മാർഗ്ഗം വെളിപ്പെട്ടിട്ടില്ല എന്നു പരിശു
ദ്ധാത്മാവ് ഇതിനാൽ അറിയിച്ചുകൊണ്ടിരു
ന്നു. കാഴ്ച സമർപ്പിക്കുന്നവന്റെ മനസ്സാ 9
ക്ഷിയെ തൃപ്തിപ്പെടുത്തുവാൻ കഴിയാത്ത ബ
ലികളും കാഴ്ചകളും അർപ്പിക്കപ്പെട്ടു കൊ
ണ്ടിരുന്ന കാലത്തിന് ഇതൊരു ദൃഷ്ടാന്ത
മായിരുന്നു. ജഡിക കല്പനകളാകുന്ന അ 10
വ ഭക്ഷണം, പാനം, വിവിധ പ്രക്ഷാളനങ്ങൾ
എന്നിവയാൽ മാത്രം; അവ ക്രമീകരണകാ
ലംവരെ നിയമിക്കപ്പെട്ടവയായിരുന്നു.
എന്നാൽ മ്ശീഹായോ ആഗതനായി 11
താൻ പ്രവർത്തിച്ച നന്മകളുടെ മഹാപുരോ

ഹിതനായി. കൈപ്പണിയല്ലാത്തതും, ഈ
സൃഷ്ടികളിൽനിന്ന് അല്ലാത്തതുമായ മഹ
ത്തും പൂർണ്ണവുമായ കൂടാരത്തിൽ പ്രവേ
12 ശിച്ചു. കോലാടുകളുടേയോ കാളക്കിടാവു
കളുടേയോ രക്തത്തോടുകൂടിയല്ല; താൻ
പ്രവേശിച്ചത്. - പിന്നെയോ സ്വന്തരക്ത
ത്തോടുകൂടി വിശുദ്ധസ്ഥലത്ത് ഒരിക്കലാ
യി പ്രവേശിക്കുകയും ശാശ്വത രക്ഷ വരു
13 ത്തുകയും ചെയ്തു. എന്തെന്നാൽ കോലാടു
കളുടേയും കാളക്കിടാവുകളുടേയും രക്ത
വും പശുക്കിടാവുകളുടെ ഭസ്മവും അശുദ്ധ
പ്പെട്ടിരുന്നവരുടെമേൽ തളിക്കപ്പെടുകയും,
അത് അവരുടെ ശരീര വെടിപ്പിന്നായി അവ
രെ ശുദ്ധീകരിക്കുകയും ചെയ്തിരുന്നുവെ
14 ങ്കിൽ - നിത്യമായ ആത്മാവുമൂലം ദൈവ
ത്തിന് തന്നെത്തന്നെ കറയില്ലാതെ സമർ
പ്പിച്ച മ്ശീഹായുടെ രക്തം—ജീവനുള്ള
ദൈവത്തിനു ശുശ്രൂഷ ചെയ്യുവാനായി
നമ്മുടെ മനസ്സാക്ഷിയെ നിർജീവകർമ്മ
ങ്ങളിൽ നിന്ന് എത്ര അധികമായി ശുദ്ധീ
15 കരിക്കും? ആദ്യ നിയമത്തെ ലംഘിച്ചവർക്ക്
തന്റെ മരണംമൂലം രക്ഷയുണ്ടായിരിക്കു
ന്നതിനാൽ, താൻ പുതിയ നിയമത്തിന്റെ
മദ്ധ്യസ്ഥനായിത്തീർന്നു, ആയത് നിത്യ
മായ അവകാശത്തിലേക്കു വിളിക്കപ്പെട്ടവർ
വാഗ്ദത്തം പ്രാപിക്കുവാൻ വേണ്ടിയായി
രുന്നു.

16 മരണപത്രം ഉള്ളിടത്ത് അതുണ്ടാക്കിയ
വന്റെ മരണത്തെയാണ് കാണിക്കുന്നത്.
17 അതു പ്രാബല്യത്തിൽ വരുന്നതു മരണ
ത്തോടുകൂടി മാത്രമാകുന്നു. എന്തെന്നാൽ
അതുണ്ടാക്കിയവൻ ജീവിച്ചിരിക്കുന്നിട
ത്തോളം കാലം, അതു പ്രയോജനപ്പെടു
18 ന്നില്ല. ആകയാൽ ആദ്യ (നിയമവും) രക്തം
19 കൂടാതെ സ്ഥാപിതമായതല്ല. മോശ ന്യായ
പ്രമാണത്തിലുള്ളവ സർവ്വജനത്തോടും
പ്രസ്താവിച്ചശേഷം പശുക്കിടാവിന്റെ
രക്തവും വെള്ളവും കലർത്തി, ചുവന്ന ആ
ട്ടിൻ രോമം, സോപ്പാ* എന്നിവയിലെടുത്ത്
പുസ്തകങ്ങളിന്മേലും സർവ്വജനത്തിന്മേലും
തളിച്ചു. അവൻ അവരോടു — 'ഇതു
20 നിങ്ങൾക്കായി ദൈവത്താൽ കല്പി
ക്കപ്പെട്ടിട്ടുള്ള നിയമത്തിന്റെ രക്തമാ
കുന്നു' എന്നു പറഞ്ഞു.

21 അവൻ ആ രക്തംതന്നെ, കൂടാരത്തി
ന്മേലും ശുശ്രൂഷക്കുള്ള സർവ്വ ഉപകരണ
22 ങ്ങളിന്മേലും തളിച്ചു. എന്തെന്നാൽ എല്ലാ
വസ്തുവും ന്യായപ്രമാണപ്രകാരം രക്ത
ത്താലാകുന്നു വെടിപ്പാക്കപ്പെടുന്നത്.
രക്തച്ചൊരിച്ചിൽ കൂടാതെ പാപമോചന 23
മില്ല. സ്വർഗ്ഗീയമായവയുടെ സാദൃശ്യങ്ങളാ
യിരിക്കുന്ന ഇവ ഇവയാൽ ശുദ്ധീകരിക്ക
പ്പെടേണ്ടത് ആവശ്യംതന്നെ. എന്നാൽ 24
(യഥാർത്ഥ) സ്വർഗ്ഗീയങ്ങളാകട്ടെ, ഇവയെ
ക്കാൾ ശ്രേഷ്ഠമായ ബലികളാൽ (ശുദ്ധീ
കരിക്കപ്പെടുന്നു). യഥാർത്ഥമായിട്ടുള്ളതി
ന്റെ മാതൃകയായി, മനുഷ്യനിർമ്മിതമായ
വിശുദ്ധ സ്ഥലത്തേക്കല്ല മ്ശീഹാ പ്രവേ
ശിച്ചത്. നമുക്കുവേണ്ടി ദൈവമുമ്പാകെ
കാണപ്പെടുവാനായി, താൻ സ്വർഗ്ഗത്തി
ലേക്കുതന്നേ പ്രവേശിച്ചു. മഹാപുരോഹി 25
തൻ ആണ്ടുതോറും തന്റേതല്ലാത്ത രക്ത
ത്തോടുകൂടി വിശുദ്ധ സ്ഥലത്തേക്കു
പ്രവേശിച്ചു ചെയ്തുവന്നതുപോലെ സ്വയം
പല പ്രാവശ്യം അർപ്പിക്കുവാനല്ല. അങ്ങനെ 26
അല്ലാത്ത പക്ഷം, ലോകത്തിന്റെ ആരംഭം
മുതൽ താൻ പല പ്രാവശ്യം കഷ്ടതയ
നുഭവിക്കേണ്ടിവരുമായിരുന്നു. ഇപ്പോഴാ
കട്ടെ, ലോകത്തിന്റെ അവസാനത്തിൽ
പാപത്തെ മായിച്ചുകളയത്തക്കവണ്ണം, ഒരി 27
ക്കലായി തന്റെ ബലിയാൽ താൻ, തന്നെ
ത്തന്നെ അർപ്പിച്ചു. മനുഷ്യർക്കു ഒരു പ്രാ
വശ്യം മരണം. പിന്നെ ന്യായവിധി എന്നി
ങ്ങനെ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അപ്ര
കാരം, മ്ശീഹായും ഒരിക്കലായി അർപ്പിക്ക 28
പ്പെടുകയും അനേകരുടെ പാപങ്ങളെ
തന്നിൽതന്നേ വഹിച്ച് ബലികഴിക്കുകയും
ചെയ്തു. എന്നാൽ തന്നെ പ്രതീക്ഷി
ക്കുന്നവരുടെ രക്ഷയ്ക്ക് വേണ്ടി താൻ പാപ
രഹിതനായി രണ്ടാമതും പ്രത്യക്ഷനാകും.

അദ്ധ്യായം 10

ന്യായപ്രമാണത്തിൽ, വരുവാനിരുന്ന 1
നന്മകളുടെ നിഴൽ ഉണ്ടായിരുന്നു. എന്നാൽ
തനിരൂപം ഉണ്ടായിരുന്നില്ല. അതിനാൽ -
ആണ്ടുതോറും അതേ ബലികൾ തന്നെ
അർപ്പിക്കപ്പെട്ടിരുന്നെങ്കിലും, സമർപ്പിക്കു
ന്നവരെ പൂർണ്ണരാക്കുവാൻ അവയ്ക്ക് ഒരി
ക്കലും കഴിഞ്ഞിരുന്നില്ല. അവ പൂർണ്ണത 2
നൽകിയിരുന്നെങ്കിൽ - ഒരിക്കൽ നിർമ്മല
രാക്കപ്പെട്ടവരുടെ മനഃസാക്ഷി, പാപങ്ങൾ
നിമിത്തം പിന്നെയും അവരെ അസ്വസ്ഥ
രാക്കുകയില്ലായിരുന്നു. അവരുടെ ബലി
കളിൽനിന്നും അവർ പണ്ടേതന്നെ വിരമി
ക്കുകയും ചെയ്യുമായിരുന്നു. ആ ബലികൾ 3
മൂലം ആണ്ടുതോറും അവരുടെ പാപങ്ങളെ

*തളിക്കുവാനുപയോഗിക്കുന്ന കോൽ

4 ഓർമ്മിപ്പിക്കുന്നു. കാളകളുടേയും കോലാടു
കളുടേയും രക്തത്തിന് പാപങ്ങളെ വെടി
5 പ്പാക്കുവാൻ കഴിയുമായിരുന്നില്ല. ആക
യാൽ താൻ ലോകത്തിലേക്കു പ്രവേശി
ക്കവേ പറഞ്ഞത്, "ബലികളിലും കാഴ്ചക
ളിലും നീ പ്രസാദിച്ചില്ല; അവിടന്ന് എന്നെ
6 ശരീരം ധരിപ്പിച്ചിരിക്കുന്നു. പാപങ്ങൾക്കു
വേണ്ടിയുള്ള ദഹനബലികൾ നീ ആവശ്യ
7 പ്പെട്ടില്ല. തിരുവെഴുത്തുകളുടെ ആരംഭ
ത്തിൽ എന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്ന
ഞാൻ നിൻെറ ഇഷ്ടം ചെയ്യുവാൻ വരുന്നു
8 എന്നു അപ്പോൾ ഞാൻ പറഞ്ഞു." ന്യായ
പ്രമാണപ്രകാരം അർപ്പിക്കപ്പെട്ടിരുന്ന
ബലികളും, കാഴ്ചകളും, പാപങ്ങൾക്കു
വേണ്ടിയുള്ള ദഹനബലികളും നിനക്ക്
ഇഷ്ടപ്പെട്ടില്ല എന്നു മുകളിൽ പറഞ്ഞു.
9 അതിനുശേഷം - 'ദൈവമെ നിൻെറ ഇഷ്ടം
ചെയ്‌വാൻ ഇതാ ഞാൻ വരുന്നു' എന്നു
പറഞ്ഞിരിക്കുന്നു. അങ്ങനെ രണ്ടാമത്തേ
തിനെ നിലനിർത്തുവാനായിട്ട് ഒന്നാമത്തേ
തിനെ മായിച്ചു കളഞ്ഞു.
10 അവിടത്തെ ഈ ഇഷ്ടമനുസരിച്ച്,
യേശുമ്ശീഹായുടെ ശരീരത്തിൻെറ ഒരി
ക്കലായുള്ള അർപ്പണം മൂലം നാം വിശുദ്ധീ
11 കരിക്കപ്പെട്ടിരിക്കുന്നു. ദിവസേന നിന്നു
കൊണ്ട് ശുശ്രൂഷ അർപ്പിച്ചിരുന്ന ഏതു
മഹാപുരോഹിതനും പാപങ്ങളെ (നീക്കി)
ശുദ്ധീകരിക്കുവാൻ ഒരിക്കലും കഴിവില്ലാതി
രുന്ന ഒരേ ബലിതന്നെ അർപ്പിച്ചുപോന്നു.
12 ഇവനാകട്ടെ — പാപങ്ങൾക്കുവേണ്ടി
ഏകബലി അർപ്പിച്ചിട്ട്, ദൈവത്തിൻെറ
വലതുഭാഗത്ത് എന്നേക്കുമായി ഇരുന്നു.
13 അവൻെറ ശത്രുക്കൾ അവൻെറ കാൽ
ക്കീഴിൽ പാദപീഠമാകുവോളം ഇനിയും
അവൻ എന്നേക്കും സ്ഥിതിചെയ്യും.
14 എന്തെന്നാൽ, താൻ, തന്നാൽ ശുദ്ധീകരി
ക്കപ്പെടുന്നവരെ എന്നേക്കും പൂർണ്ണരാ
ക്കിയിരിക്കുന്നു.
15 പരിശുദ്ധാത്മാവും നമുക്ക് സാക്ഷ്യം
16 നൽകിക്കൊണ്ടു പറഞ്ഞിരിക്കുന്നത്: "ഈ
കാലത്തിനു ശേഷം, അവർക്കു ഞാൻ
കൊടുപ്പാനിരിക്കുന്ന നിയമം ഇതാകുന്നു.
എൻെറ ന്യായപ്രമാണത്തെ അവരുടെ
ബോധങ്ങളിൽ ഞാൻ നൽകും; അവരുടെ
ഹൃദയങ്ങളിൽ ഞാൻ അതിനെ എഴുതും.
17 അവരുടെ അധർമ്മവും പാപങ്ങളും ഞാൻ
അവരോട് ഓർക്കുകയുമില്ല എന്നു
18 കർത്താവു പറയുന്നു". പാപമോചനം എവി
ടെയുണ്ടോ അവിടെ പാപങ്ങൾക്കുവേണ്ടി
19 യുള്ള യാഗം ആവശ്യമില്ല. ആകയാൽ
എൻെറ സഹോദരന്മാരേ, യേശുവിൻെറ
രക്തത്താൽ വിശുദ്ധ സ്ഥലത്തേക്കുള്ള
പ്രവേശനത്തിൽ മുഖപ്രസന്നതയും, അവ
ൻെറ ശരീരമാകുന്ന വാതിൽമറയിലൂടെ 20
ഇപ്പോൾ നമുക്കായി താൻ പുതുക്കിയിരി
ക്കുന്ന ജീവൻെറ വഴിയും നമുക്കുണ്ട്. ദൈവ
ഭവനത്തിനുമേൽ അധികാരിയായി ഒരു 21
മഹാപുരോഹിതൻ നമുക്കുണ്ട്. ആകയാൽ 22
തളിച്ച് ശുദ്ധീകൃതമായ ഹൃദയത്തോടും,
ദുർമനഃസാക്ഷിയിൽനിന്നു നിർമ്മലരായും,
നമ്മുടെ ശരീരം വിശുദ്ധ ജലംകൊണ്ട് കഴുക
പ്പെട്ടവരായും, ഉറപ്പുള്ള ഹൃദയത്തോടും,
വിശ്വാസത്തിൻെറ പ്രത്യാശയോടുംകൂടി
നമുക്ക് അടുത്തു ചെല്ലാം. നമ്മുടെ പ്രത്യാ 23
ശയുടെ വിശ്വാസത്തിൽ നമുക്ക് ഉറച്ചു
നിൽക്കാം. വ്യതിചലിക്കരുത്. നമുക്ക്
വാഗ്ദാനം നൽകിയവൻ വിശ്വസ്തനല്ലോ.
സ്നേഹത്തിൻേറയും സൽപ്രവൃത്തികളു 24
ടേയും പ്രോത്സാഹനത്തിൽ നാം പര
സ്പരം സൂക്ഷിക്കുകയും വേണം. ചിലർ 25
ചെയ്യാറുള്ളതുപോലെ, നമ്മുടെ കൂടിവര
വിനെ നാം ഉപേക്ഷിക്കരുത്. പിന്നെയോ,
ആ ദിവസം അടുത്തിരിക്കുന്നു, എന്നു
നിങ്ങൾ കാണുംതോറും, അധികമായും
അന്യോന്യം പ്രബോധിപ്പിക്കുവിൻ.
ഒരുവൻ സത്യത്തിൻെറ പരിജ്ഞാനം 26
പ്രാപിച്ച ശേഷം മനഃപൂർവ്വം പാപം
ചെയ്താൽ പാപങ്ങൾക്കുവേണ്ടി അർപ്പി
ക്കപ്പെടുവാൻ ഇനിയും ഒരു ബലിയില്ല.
പിന്നെയോ, ഭയങ്കര ന്യായവിധിയും ശത്രു 27
ക്കളെ ഭക്ഷിച്ചുകളയുന്ന ക്രോധാഗ്നിയു
മാണ് വരുവാൻ പോകുന്നത്. മോശയുടെ 28
ന്യായപ്രമാണത്തെ ഒരുവൻ ലംഘിച്ചാൽ
അവൻ രണ്ടു മൂന്നു സാക്ഷികളുടെ വാക്കി
ൻെറ അടിസ്ഥാനത്തിൽ നിഷ്കരുണം
മരണം പ്രാപിക്കുന്നുവെങ്കിൽ - ദൈവപുത്ര 29
നെ ചവിട്ടിക്കളയുകയും; അവൻ ഏതൊ
ന്നിനാൽ വിശുദ്ധീകരിക്കപ്പെട്ടുവോ, ആ
തൻെറ നിയമത്തിൻെറ രക്തത്തെ സാധാ
രണ മനുഷ്യരുടേതുപോലെ ഗണിക്കുക
യും; കൃപയുടെ ആത്മാവിനെ അപമാനി
ക്കുകയും ചെയ്യവൻ — എത്ര അധികമായ
ശിക്ഷ അനുഭവിക്കും എന്ന് നിങ്ങൾ ആലോ
ചിക്കുവിൻ. "പ്രതികാരം എനിക്കുള്ളത് - 30
ഞാൻ പകരം വീട്ടും" എന്നും, വീണ്ടും
"കർത്താവ് തൻെറ ജനത്തിന് ന്യായവിധി
നടത്തും" എന്നും പറഞ്ഞിട്ടുള്ളവനെ നാം
അറിയുന്നുവല്ലോ. ജീവനുള്ള ദൈവത്തി 31
ൻെറ കൈകളിൽ പെടുന്നത് വളരെ
ഭയങ്കരമാകുന്നു. ആകയാൽ ആ പൂർവ്വ 32

ദിനങ്ങൾ നിങ്ങൾ ഓർക്കുവീൻ; അന്നു
നിങ്ങൾ മാമ്മോദീസാ സ്വീകരിച്ചു: നിന്ദക
ളോടും ഞെരുക്കങ്ങളോടും കൂടി പീഡക
33 ളുടെ വലിയ പോരാട്ടവും സഹിച്ചു. നിങ്ങൾ
'വിനോദകാഴ്ചയായിത്തീരുകയും ഇവയെ
സഹിച്ച മററാളുകൾക്കു നിങ്ങൾ ബന്ധമു
34 ള്ളവരാകുകയും ചെയ്തു. അന്നു നിങ്ങൾ,
ബന്ധിതരെക്കുറിച്ച് മനം നൊന്തു. വിശിഷ്ട
വും, അനശ്വരവുമായ സമ്പാദ്യം നിങ്ങൾക്കു
സ്വർഗ്ഗത്തിലുണ്ട് എന്ന് നിങ്ങൾ അറിഞ്ഞി
രുന്നതുകൊണ്ട്, നിങ്ങളുടെ സമ്പത്തു
കളുടെ അപഹരണവും സന്തോഷത്തോടെ
35 നിങ്ങൾ സഹിച്ചു. ആകയാൽ വളരെ
യേറെ പ്രതിഫലമുള്ള ആത്മധൈര്യം
36 നിങ്ങൾ നശിപ്പിച്ചുകളയരുത്. എന്തെന്നാൽ
ദൈവേഷ്ടം പ്രവർത്തിക്കുവാനും വാ
ഗ്ദാനം പ്രാപിക്കുവാനും നിങ്ങൾക്കു ക്ഷമ
37 ആവശ്യമാണ്. "വരുവാനിരിക്കുന്നവൻ വരു
വാൻ കാലം കുറച്ചു മാത്രമേയുള്ളൂ. അതു
38 വളരെ ചുരുങ്ങിയതുമാണ്. "നീതിമാൻ
എൻെറ വിശ്വാസത്താൽ ജീവിക്കും. അവൻ
പിന്മാറുന്നെങ്കിൽ എൻെറ ആത്മാവ്
39 അവനിൽ പ്രസാദിക്കയില്ല". നാശത്തി
ലേക്കു ആനയിക്കുന്ന പിന്മാററത്തിലുള്ള
വരല്ല, നാം. പിന്നെയോ, നമ്മുടെ ആത്മാ
വിനെ നമുക്കായി നേടിത്തരുന്ന വിശ്വാസ
മുള്ളവരാകുന്നു.

അദ്ധ്യായം 11

1 വിശ്വാസം എന്നതോ - പ്രത്യാശയിൽ
ഇരിക്കുന്നവയെക്കുറിച്ച് - അവ പ്രവൃത്തി
രൂപത്തിൽ ആയിത്തീർന്നിരുന്നാൽ എന്ന
പോലെയുള്ള ഉറപ്പും, കാണാത്ത കാര്യ
2 ങ്ങളുടെ ബോധ്യവും ആകുന്നു. അതുമൂല
മായിരുന്നു പൂർവ്വീകർക്കു സാക്ഷ്യം ലഭി
3 ച്ചത്. ദൈവത്തിൻെറ വചനത്താൽ ലോക
ങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്നും; ഈ ദൃശ്യ
മായവ അദൃശ്യാവസ്ഥയിൽനിന്നും
ഉണ്ടായി എന്നും വിശ്വാസത്താലല്ലോ നാം
അറിയുന്നത്.
4 വിശ്വാസത്താൽ — ഹാബേൽ കായേ
ൻേറതിനേക്കാൾ വളരെ വിശിഷ്ഠമായ
ബലി ദൈവത്തിന്നർപ്പിച്ചു. അതിനാൽ
'അവൻ നീതിമാനാകുന്നു' എന്ന് അവനേ
ക്കുറിച്ച് സാക്ഷ്യമുണ്ടായി. അവൻെറ കാഴ്ച
യെക്കുറിച്ചു; ദൈവം സാക്ഷ്യം നൽകു
കയും ചെയ്തു. അതിനാൽ അവൻ മരി
ച്ചിട്ടും അവൻ സംസാരിച്ചുകൊണ്ടിരിക്കു
5 ന്നു. ഹനോക്ക് — വിശ്വാസംമൂലം, മരണമാ
സ്വദിക്കാതെതന്നെ എടുക്കപ്പെട്ടു. ദൈവം
അവനെ എടുത്തുകൊണ്ടതിനാൽ അവൻ
കാണപ്പെടാതായി. എന്തെന്നാൽ - എടു
ക്കപ്പെടുന്നതിനു മുമ്പ് അവൻ ദൈവത്തെ
പ്രസാദിപ്പിച്ചുവെന്ന് അവനെക്കുറിച്ചു
സാക്ഷ്യം ഉണ്ടായി. വിശ്വാസം കൂടാതെ 6
ഒരുവനും ദൈവത്തെ പ്രസാദിപ്പിക്കുവാൻ
കഴിയുന്നതല്ല. ദൈവത്തെ സമീപിക്കുന്ന
വൻ — ദൈവമുണ്ടെന്നും, തന്നെ അന്വേ
ഷിക്കുന്നവർക്കു താൻ പ്രതിഫലം നൽകു
ന്നവനാകുന്നു എന്നും വിശ്വസിക്കേണ്ടതാ
കുന്നു. നോഹയും, അതുവരെ കാണപ്പെ 7
ടാതിരുന്നവയെക്കുറിച്ച് തന്നോടു സംസാ
രിക്കപ്പെട്ടപ്പോൾ ഭയഭക്തിപൂർവ്വം തൻെറ
കുടുംബത്തിൻെറ രക്ഷയ്ക്കായി പെട്ടകം
ഉണ്ടാക്കി. അതിനാൽ അവൻ ലോകത്തെ
കുററപ്പെടുത്തി, വിശ്വാസത്താലുള്ള
നീതിയുടെ അവകാശിയായിത്തീർന്നു.
അബ്രഹാം - അവൻ വിളിക്കപ്പെട്ടപ്പോൾ 8
- അവനു അവകാശമായി കിട്ടുവാനുള്ള
സ്ഥലത്തേക്ക് പുറപ്പെടത്തക്കവണ്ണം
വിശ്വാസത്താൽ അനുസരിക്കുകയും താൻ
എവിടേക്കാണു പോകുന്നതെന്ന് അറി
യാതെ തന്നെ പുറപ്പെടുകയും ചെയ്തു.
വിശ്വാസത്താൽ അവൻ തനിക്കു വാഗ്ദ 9
ത്തം ചെയ്ത ദേശത്ത്-അന്യനാട്ടിൽഎന്ന
പോലെ- പ്രവാസിയായി തൻെറ വാഗ്ദ
ത്താവകാശികളായ ഇസഹാക്കിനോടും
യാക്കോബിനോടുംകൂടെ കൂടാരങ്ങളിൽ
വസിക്കുകയും ചെയ്തു. ദൈവം തന്നെ 10
അതിൻെറ ശില്പിയും നിർമ്മാതാവും,
അടിസ്ഥാനവുമായ നഗരത്തിന്നായി
അവൻ കാത്തിരിക്കുകയും ചെയ്തു. വന്ധ്യ 11
യായിരുന്നിട്ടു പോലും സാറാ വിശ്വാസ
ത്താൽ — തന്നോടു വാഗ്ദത്തം ചെയ്ത
വൻ വിശ്വസ്തൻ എന്നുറയ്ക്കുക മൂലം
ഗർഭധാരണത്തിന് ശക്തി പ്രാപിക്കുകയും,
പ്രായം കഴിഞ്ഞിട്ടും പ്രസവിക്കുകയും
ചെയ്തു. അങ്ങനെ, വാർദ്ധക്യംകൊണ്ട് 12
ക്ഷയിച്ചിരുന്ന ഒരുവനിൽനിന്നും, ആകാശ
ത്തിലെ നക്ഷത്രങ്ങൾപോലെയും കടൽ
തീരത്തെ എണ്ണമററ മണൽതരികൾപോ
ലെയും അനേകർ ജനിച്ചു. ഇവർ എല്ലാ 13
വരും വാഗ്ദത്തനിവൃത്തി പ്രാപിക്കാതെ,
ദൂരെനിന്ന് അതുകണ്ട് സന്തോഷിക്കു
കയും, തങ്ങൾ ഭൂമിയിൽ അന്യരും പരദേശി
കളുമെന്ന് ഏററുപറയുകയും ചെയ്തിട്ടു
വിശ്വാസത്തിൽ മരിച്ചു. ഇങ്ങനെ പറയു 14
ന്നവർ അവരുടേതായ ഒരു സ്വന്ത നഗരത്തെ
ആഗ്രഹിക്കുന്നു എന്നു കാണിക്കുന്നു.
ഏതൊരു പട്ടണത്തിൽ നിന്നും അവർ 15

വിട്ടുപോന്നോ ആ നഗരമാണ് അവർ
ആഗ്രഹിച്ചിരുന്നതെങ്കിൽ പിന്നെയും
അവിടേക്കു മടങ്ങിപ്പോകുവാൻ അവർക്ക്
16 അവസരമുണ്ടായിരുന്നു. എന്നാൽ ഇപ്പോ
ഴാകട്ടെ — അവർ അതിനെക്കാൾ നല്ല
തിനെ - സ്വർഗ്ഗത്തിലുള്ളതിനേയാണ്
കാംക്ഷിച്ചത് എന്നു സ്പഷ്ടമായിരിക്കുന്നു.
ആകയാൽ ദൈവവും, "അവരുടെ ദൈവം"
എന്നു വിളിക്കപ്പെടുന്നതിൽ ലജ്ജിച്ചില്ല.
താൻ അവർക്കായി ഒരു നഗരം തയ്യാറാക്കു
കയും ചെയ്തു.

17 വിശ്വാസത്താൽ അബ്രഹാം - തന്റെ
പരീക്ഷണസമയത്ത് ഇസഹാക്കിനെ
18 അർപ്പിച്ചു. വാഗ്ദാനം വഴിയായി അവനു
ലഭിച്ചിരുന്ന തന്റെ ഏക പുത്രനെ അവൻ
ബലിപീഠത്തിന്മേൽ കരേററി. എന്തെ
ന്നാൽ ഇസഹാക്കിൽനിന്നു നിന്റെ
സന്തതി അറിയപ്പെടും' എന്ന് അവ
19 നോടു പറയപ്പെട്ടിരുന്നല്ലോ. മരിച്ചവ
രിൽനിന്നും ഉയർപ്പിക്കുവാൻ കൂടെയും
ദൈവം പ്രാപ്തനാണെന്ന് അവൻ ഉള്ളിൽ
വിചാരിച്ചിരുന്നു. അതിനാൽ ഉപമാരൂപ
ത്തിൽ അവനു നൽകപ്പെടുകയും ചെയ്തു.
20 ഭാവികാലം സംബന്ധിച്ച് ഇസഹാക്ക്
വിശ്വാസംമൂലം, യാക്കോബിനെയും ഏശാ
21 വിനേയും അനുഗ്രഹിച്ചു. യാക്കോബ്
മരിക്കാറായപ്പോൾ വിശ്വാസം മൂലം
യൗസേപ്പിന്റെ പുത്രന്മാരിൽ ഓരോരുത്ത
രെയും അനുഗ്രഹിക്കുകയും അവന്റെ
വടിയുന്നി നിന്നുകൊണ്ട് വന്ദിക്കുകയും
22 ചെയ്തു. യൗസേപ്പു മരിക്കാറായപ്പോൾ,
വിശ്വാസത്താൽ, ഇസ്രയേൽ മക്കളുടെ
പുറപ്പാടിനെക്കുറിച്ച് ഓർക്കുകയും തന്റെ
അസ്ഥികളെ(എന്തു ചെയ്യണമെന്ന്)
കല്പിക്കുകയുംചെയ്തു.

23 വിശ്വാസത്താൽ - മോശയുടെ അമ്മ
യപ്പന്മാർ, കുഞ്ഞ് സുന്ദരൻ എന്നുകണ്ട്,
രാജകല്പനയെ ഭയപ്പെടാതെ, ജനന
ശേഷം മൂന്നു മാസം അവനെ ഒളിച്ചു വച്ചു.
24 മോശയും പുരുഷപ്രായം വന്നപ്പോൾ
'ഫറവോന്റെ മകളുടെ മകൻ' എന്നുള്ള
വിളിയെ വിശ്വാസത്താൽ ഉപേക്ഷിച്ചു.
25 അല്പകാലത്തേക്ക് പാപത്തിൽ ആനന്ദി
ക്കുന്നതിനെയല്ല - ദൈവത്തിന്റെ ജന
ത്തോടു കൂടി ഞെരുക്കമത്രെ അവൻ തിര
26 ഞ്ഞെടുത്തത്. മെസ്രേന്റെ നിക്ഷേപങ്ങ
ളെക്കാൾ അധികം നല്ലത് മശീഹായെ
പ്രതിയുള്ള നിന്ദയാകുന്നു എന്ന് അവൻ
ഗണിച്ചു. എന്തെന്നാൽ അവൻ പ്രതിഫലം
27 പ്രതീക്ഷിച്ചുകൊണ്ടിരുന്നു. വിശ്വാസ
ത്താൽ അവൻ മെസ്രേൻ വിട്ടുപോയി.
രാജകോപത്തെ അവൻ ഭയപ്പെട്ടില്ല. അദൃ
ശ്യനായ ദൈവത്തെ അവൻ കണ്ടുകൊണ്ടി
രിക്കുന്നു എന്നതുപോലെ അവൻ ഉറച്ചു
നിന്നു. വിശ്വാസത്താൽ അവൻ പെസഹാ 28
യും, ആദ്യജാതന്മാരെ സംഹരിച്ചുകൊണ്ടി
രുന്നവൻ അടുക്കാതിരിക്കേണ്ടതിനു രക്ത
ത്തളിപ്പും നടത്തി. വിശ്വാസത്താൽ അവൻ 29
കരയിലൂടെ എന്നതുപോലെ ചെങ്കടൽ
കടന്നു. അവനോട് അഹങ്കരിച്ചിറങ്ങിയ
മെസ്രേൻകാർ അതിൽ മുങ്ങിപ്പോകു
കയുംചെയ്തു.

ഏഴു ദിവസം അവർ വിശ്വാസത്താൽ 30
പ്രദക്ഷിണം ചെയ്തപ്പോൾ യറീഹോയുടെ
കോട്ടകൾ വീണുപോയി. വിശ്വാസം മൂലം, 31
വേശ്യയായ റാഹാബ് ഒററുകാരെ സമാ
ധാനത്തോടെ സ്വീകരിച്ചതിനാൽ, അനു
സരിക്കാത്തവരോടു കൂടെ അവൾ നശിച്ചു
പോയില്ല.

ഇനിയും ഞാൻ എന്തു പറയേണ്ടു? ഗെദ 32
ഓൻ, ബോറാക്ക്, ശിംശോൻ, നപ്താഹ്,
ദാവീദ്, ശമുവേൽ എന്നിവരെയും ശേഷം
പ്രവാചകന്മാരെയും കുറിച്ചു വിവരിപ്പാൻ
എനിക്കു സമയം പോരാ.

വിശ്വാസത്താൽ — അവർ രാജ്യങ്ങൾ 33
ജയിച്ചു കീഴടക്കി. നീതി നടത്തി. വാഗ്ദത്ത
ങ്ങൾ പ്രാപിച്ചു, സിംഹങ്ങളുടെ വായടച്ചു;
അഗ്നിയുടെ ശക്തി കെടുത്തി. വാളിന്റെ 34
വായ്ത്തലയിൽ നിന്നും രക്ഷപ്പെട്ടു. ബല
ഹീനതകളിൽ ശക്തിപ്രാപിച്ചു. യുദ്ധ
ത്തിൽ ബലവാന്മാരായി ശത്രുക്കളുടെ
പാളയങ്ങൾ തകർത്തു. സ്ത്രീകൾക്കു 35
അവരുടെ മക്കളെ മരിച്ചവരിൽനിന്നും
ഉയിർപ്പിച്ചുകൊടുത്തു; ചിലർ പീഡക
ളേററു മരിച്ചു. അവർ രക്ഷപ്പെടാൻ നോക്കി
യില്ല. എന്തെന്നാൽ തങ്ങൾക്കു മഹത്തര
മായ പുനരുത്ഥാനം (അവർ പ്രതീക്ഷിച്ചു).
ചിലർ, ആക്ഷേപങ്ങളും ചമ്മട്ടികൊണ്ടുള്ള 36
അടികളും അനുഭവിച്ചു. ചിലർ, ബന്ധന
ങ്ങൾക്കും തടവിലേക്കും ഏല്പിക്കപ്പെട്ടു.
മററു ചിലർ കല്ലേററു; വീണ്ടും ചിലർ 37
വാളിന്റെ വായ്ത്തലയാൽ മരിച്ചു. വേറെ
ചിലർ, ഈർച്ചവാളാൽ അറുക്കപ്പെട്ടു.
മററുചിലർ ആട്ടിൻകുട്ടികളുടേയും കോ
ലാടുകളുടേയും തോലുകൾ ധരിച്ചും
ബുദ്ധിമുട്ടിയും, ഞെരുങ്ങിയും, പീഡിപ്പിക്ക
പ്പെട്ടുംകൊണ്ട് ചുററി സഞ്ചരിച്ചു. അവർ 38
വിജനപ്രദേശത്തും, മലകളിലും, പാറപ്പി
ളർപ്പുകളിലും, ഗുഹകളിലും ഉഴലുന്നവരെ
പ്പോലെയായി. അവർക്ക് ലോകം അനു 39

യോജ്യമല്ലാത്തവരായി (കഴിഞ്ഞു). ഇവരെ
ല്ലാവരും അവരുടെ വിശ്വാസത്താൽ
സാക്ഷ്യമുള്ളവരായിരുന്നു; (എങ്കിലും)
അവർ വാഗ്ദത്ത നിവൃത്തി പ്രാപിച്ചില്ല.
40 അത് നമ്മെ കൂടാതെ അവർ പൂർണ്ണരാകാ
തിരിക്കേണ്ടതിനത്രെ, ദൈവം നമ്മുടെ
സഹായത്തിനായുള്ളത് മുൻകൂട്ടി കരുതി
യിരുന്നു.

അദ്ധ്യായം 12

1 ആകയാൽ നാമും മേഘംപോലെ നമ്മെ
ചുററിനിൽക്കുന്ന സാക്ഷികളുടെ സമൂഹം
നമുക്കുള്ളതുകൊണ്ട് നാം സകല ഭാര
വും, സദാ നമ്മോടു ചേർന്ന് നിൽക്കുന്ന
പാപവും വിട്ട് - നമുക്കായി വച്ചിരിക്കുന്ന,
ഈ പോരാട്ടത്തിങ്കലേക്ക് ക്ഷമയോടുകൂടി
2 ഓടണം. നമ്മുടെ വിശ്വാസനായകനും
നമ്മുടെ വിശ്വാസത്തെ പൂർത്തീകരിക്കുന്ന
വനുമായ യേശുവിനെ നാം നോക്കണം.
3 താൻ തനിക്കുണ്ടായിരുന്ന സന്തോഷ
ത്തിനു പകരം ക്രൂശു സഹിച്ചു. അവൻ
അവമാനത്തെ നിസ്സാരമായിക്കരുതി.
4 ദൈവത്തിൻെറ സിംഹാസനത്തിൻെറ
വലതു ഭാഗത്ത് താൻ ഇരിക്കുകയും
ചെയ്തു. തങ്ങൾക്കുതന്നെ ശത്രുക്കളായി
ത്തീർന്ന പാപികളിൽനിന്നും — താൻ
എത്രയേറെ സഹിച്ചു, എന്നു നിങ്ങൾ
കാണുവിൻ. അതു നിങ്ങൾക്കു മടുപ്പു
തോന്നാതിരിക്കുവാനും, നിങ്ങളുടെ മനസ്സു
ക്ഷീണിച്ചു പോകാതിരിക്കുവാനുംതന്നെ.
5 പാപത്തിനെതിരായുള്ള പോരാട്ടത്തിൽ
നിങ്ങൾ രക്ത (പ്രവാഹ)ത്തോളം ഇതുവരെ
എത്തിയിട്ടില്ല. “എൻെറ മകനെ കർത്താ
വിൻെറ ശിക്ഷയെ നീ നിരസിക്കരുത്. അവ
നാൽ നീ ശാസിക്കപ്പെടുമ്പോൾ നിൻെറ
6 മനസ്സു ക്ഷീണിക്കുകയുമരുത്. എന്തെ
ന്നാൽ കർത്താവു സ്നേഹിക്കുന്നവനെ
ശിക്ഷിക്കും. തനിക്കു പ്രിയമുള്ള മക്കളെ
അടിക്കുകയും ചെയ്യും” എന്ന് മക്കളോടെ
ന്നപോലെ നിങ്ങളോടും അരുളി ചെയ്ത
ഉപദേശം നിങ്ങൾ മറന്നുപോയല്ലോ.
7 ആകയാൽ ദൈവം മക്കളോടെന്നതു
പോലെ നിങ്ങളോടു പ്രവർത്തിക്കുന്നതു
കൊണ്ട് ശിക്ഷയെ സഹിക്കുവീൻ. പിതാവ്
8 ശിക്ഷിച്ചിട്ടില്ലാത്ത മകനുണ്ടോ? എല്ലാവരും
അനുഭവിക്കുന്ന ശിക്ഷ ഇല്ലാത്തവരാകു
ന്നു നിങ്ങൾ എങ്കിൽ നിങ്ങൾ മക്കളല്ല;
9 അന്യന്മാരാകുന്നു. നമ്മുടെ ശാരീരിക
പിതാക്കന്മാർ നമ്മെ ശിക്ഷിക്കുകയും, നാം
അവരെ ആദരിക്കുകയും ചെയ്തിരുന്നു
വെങ്കിൽ— ആത്മാക്കളുടെ പിതാവിന് കീ
ഴ്പ്പെട്ടു ജീവിപ്പാൻ നാം എത്രയോ ചുമതല
യുള്ളവരാകുന്നു? അവർ, അവർക്ക് ഇഷ്ട 10
മുള്ളതുപോലെ അല്പകാലത്തേക്കാണ്
നമ്മെ ശിക്ഷിച്ചിരുന്നത്; ദൈവമാകട്ടെ നാം
തൻെറ വിശുദ്ധിയോടു ബന്ധമുള്ളവരാ
കുവാൻ നമ്മുടെ ഗുണത്തിനായിട്ട് നമ്മെ
ശിക്ഷിക്കുന്നു. ഏതൊരു ശിക്ഷയും തൽ 11
സമയത്തു നമുക്ക് സന്തോഷമായി തോ
ന്നുന്നില്ല. പിന്നെയോ ദുഃഖമായിട്ടത്രെ.
എന്നാൽ അവസാനമോ-അതിന് പരി
ശീലിച്ചവർക്ക്, അത് സമാധാനത്തിൻെറ
യും നീതിയുടെയും ഫലങ്ങൾ പ്രദാനം
ചെയ്യുന്നു.

ആകയാൽ നിങ്ങളുടെ തളർന്ന കൈ 12
കളേയും വിറയ്ക്കുന്ന മുട്ടുകളേയും ബല
പ്പെടുത്തുവിൻ. മുടന്തുള്ള അവയവം തെന്നി 13
പ്പോകാതെ സുഖം പ്രാപിക്കേണ്ടതിന് -
നിങ്ങളുടെ പാദങ്ങൾക്കു നേരായ പാതകൾ
ഉണ്ടാക്കുവിൻ. എല്ലാ മനുഷ്യരോടുമുള്ള 14
സമാധാനത്തിൻേറയും, യാതൊന്നു കൂടാ
തെ ആർക്കും ദൈവത്തെ കാണുവാൻ
സാദ്ധ്യമല്ലാത്ത ആ വിശുദ്ധിയുടെയും
പിന്നാലെ ഓടിയെത്തുവിൻ. നിങ്ങൾ 15
കരുതലുള്ളവരായിരിപ്പിൻ. നിങ്ങളിൽ
ഒരുവനും ദൈവത്തിൻെറ കൃപയിൽ കുറ
വുള്ളവനായി കാണപ്പെടരുത്. കയ്പുള്ള
വേരുമുളച്ച് ഉപദ്രവിക്കുകയും അതിനാൽ
പലരും അശുദ്ധപ്പെടുകയും ചെയ്തേക്കാം.
നിങ്ങളിൽ ആരും വ്യഭിചാരിയോ, ഒരൊററ 16
ഭക്ഷ്യത്തിനായി ജ്യേഷ്ഠാവകാശം വിററു
കളഞ്ഞ ഏശാവിനെപ്പോലെ വിചാരമില്ലാ
ത്തവനോ ആയി കാണപ്പെടരുത്. പിന്നീട് 17
അവൻ, അനുഗ്രഹം അവകാശമാക്കു
വാൻ ആഗ്രഹിച്ചെങ്കിലും നിരസിക്കപ്പെട്ടു
എന്നു നിങ്ങൾക്കറിയാമല്ലോ. എന്തെ
ന്നാൽ കണ്ണുനീരോടുകൂടി അവൻ അപേ
ക്ഷിച്ചിട്ടും, അനുതാപത്തിന് അവസരം
ലഭിച്ചില്ല.

നിങ്ങൾ അടുത്തു വന്നിരിക്കുന്നത് — 18
എരിഞ്ഞു കത്തുന്നതും, സ്പർശനീയവു
മായ അഗ്നിയോടോ, അന്ധകാരത്തോടോ,
കാർമേഘത്തോടോ, കൊടുങ്കാററിനോടോ
അല്ല. കാഹളധ്വനിയോടോ വാക്കുകളുടെ 19
ശബ്ദത്തോടോ അല്ല. അവ കേട്ടവർ, ഇനി
തങ്ങളോടു ദൈവം സംസാരിക്കാതിരി
പ്പാനായി ഒഴിഞ്ഞുമാറി. ഒരു മൃഗമെങ്കിലും 20
പർവ്വതത്തോടു അടുത്ത് വന്നാൽ അതി
നെ കല്ലെറിഞ്ഞു കൊല്ലണം എന്നു കല്പി
ക്കപ്പെട്ടിരുന്നത് അവർക്ക് സഹിപ്പാൻ കഴി

21 ഞ്ഞിരുന്നില്ല. "ഞാൻ പേടിച്ചു വിറയ്ക്കു
ന്നു" എന്നു മോശ പറഞ്ഞതുപോലെ ആ
22 ദൃശ്യം അത്ര ഭയങ്കരമായിരുന്നു. എന്നാൽ
നിങ്ങളാകട്ടെ, സെഹിയോൻ പർവ്വത
ത്തോടും, ദൈവത്തിൻെറ നഗരമായ
സ്വർഗ്ഗീയ യറുശലേമിനോടും, അനേ
കായിരം മാലാഖമാരുടെ ഗണത്തോടും,
23 സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന
ആദ്യജാതന്മാരുടെ സഭയോടും സർവ്വ
രുടെയും ന്യായാധിപനായ ദൈവത്തോടും,
24 പരിപൂർണ്ണത പ്രാപിച്ച നീതിമാന്മാരുടെ
ആത്മാക്കളോടും പുതിയ നിയമത്തിൻെറ
മദ്ധ്യസ്ഥനായ യേശുവിനോടും, ഹാബേ
ലിൻെറ രക്തത്തേക്കാൾ വിശിഷ്ടമായി
സംസാരിക്കുന്ന തൻെറ രക്തത്തളിപ്പി
നോടുമത്രെ, അടുത്തു വന്നിരിക്കുന്നത്.
25 അരുളിച്ചെയ്തവനെ വിട്ടുമാറാതിരിപ്പാൻ
സൂക്ഷിച്ചുകൊള്ളണം. എന്തെന്നാൽ
ഭൂമിയിൽ അവരോടു സംസാരിച്ചവനെ
നിരാകരിച്ചവർ രക്ഷപ്പെട്ടില്ലെങ്കിൽ സ്വർഗ്ഗ
ത്തിൽനിന്നും നമ്മോടു സംസാരിച്ചവനെ
നാം വിട്ടുമാറിയാൽ അത് എത്ര അധിക
26 മായിരിക്കും! തൻെറ ശബ്ദംകൊണ്ടു
ഭൂമിയെ ഇളക്കിയവൻ - 'ഞാൻ ഇനി ഒരു
പ്രാവശ്യം ഭൂമിയെ മാത്രമല്ല, ആകാശ
ത്തേയും ഇളക്കും" എന്നു വാഗ്ദത്തം
27 ചെയ്തിരിക്കുന്നു. "ഇനിയും ഒരിക്കൽ"
എന്നു പറഞ്ഞിരുന്നത് - ഇളക്കമില്ലാത്തവ
നിലനില്ക്കേണ്ടതാകയാൽ - നിർമ്മിത
മായ ഇളക്കമുള്ളവയ്ക്ക് മാററത്തെയാണ്
28 കാണിക്കുന്നത്. ആകയാൽ ഇളകിപ്പോ
കാത്ത രാജ്യം നാം പ്രാപിച്ചിരിക്കകൊണ്ട്
നാം നന്ദിയുള്ളവരായി ദൈവത്തെ പ്രസാ
ദിപ്പിക്കുമാറ് ഭയത്തോടും ഭക്തിയോടും
കൂടെ നമ്മുടെ ശുശ്രൂഷ നിർവ്വഹിക്കാം.
29 എന്തെന്നാൽ നമ്മുടെ ദൈവം ദഹിപ്പി
ക്കുന്ന അഗ്നിയാകുന്നു.

അദ്ധ്യായം 13

1 സഹോദരസ്നേഹം നിങ്ങളിൽ നില
2 നിൽക്കണം. പരദേശികളെക്കുറിച്ചുള്ള
സ്നേഹം മറക്കരുത്. അതിനാൽ ചിലർക്ക്
അറിയാതെ ദൈവദൂതന്മാരെ സ്വീകരിപ്പാൻ
3 യോഗ്യതയുണ്ടായിട്ടുണ്ടല്ലോ. ബന്ധിതരെ,
നിങ്ങളും അവരോടുകൂടെ ബന്ധിതരാണെ
ന്നുള്ള വിധത്തിൽ ഓർക്കണം. നിങ്ങളും
ശരീരധാരികളായ ആളുകൾ ആകകൊ
ണ്ട്, ഞെരുക്കത്തിലിരിക്കുന്നവരേയും
നിങ്ങൾ ഓർത്തുകൊള്ളണം. വിവാഹം 4
എല്ലാവിധത്തിലും മാന്യവും അവരുടെ
ശയ്യ നിർമ്മലവുമാകുന്നു. വേശ്യാദോഷി
കളേയും വ്യഭിചാരികളേയും ദൈവം ശിക്ഷ
യ്ക്കു വിധിക്കും. നിങ്ങളുടെ മനസ്സു ദ്രവ്യാ 5
ഗ്രഹമുള്ളതായിരിക്കരുത്. ഉള്ളതു മതി
എന്നു (നിങ്ങൾ വിചാരിക്കണം). എന്തെ
ന്നാൽ "നിന്നെ ഞാൻ ഉപേക്ഷിക്കയില്ല,
നിന്നെ ഞാൻ കൈവെടിയുകയുമില്ല"
എന്നു നമ്മുടെ കർത്താവ് പറഞ്ഞിട്ടുണ്ട്.
"എൻെറ കർത്താവ് എൻെറ സഹായകൻ; 6
ഞാൻ ഭയപ്പെടുകയില്ല; മനുഷ്യന് എന്നോട്
എന്തു ചെയ്യാൻ (കഴിയും)" എന്ന് ധൈര്യ
പൂർവ്വം നമുക്ക് പറയാം.

നിങ്ങളോടു ദൈവവചനം സംസാരി 7
ച്ചിട്ടുള്ള നിങ്ങളുടെ ഭരണകർത്താക്കളെ*
ഓർത്തുകൊള്ളണം. അവരുടെ നടപടിക
ളുടെ അവസാനം ഓർത്തു അവരുടെ
വിശ്വാസത്തെ അനുകരിക്കണം.

യേശുമ്ശീഹാ, ഇന്നലെയും, ഇന്നും, 8
എന്നേക്കുമുള്ളവൻ. അന്യവും വിഭിന്നവു 9
മായ വിശ്വാസോപദേശങ്ങളാൽ നിങ്ങൾ
നയിക്കപ്പെടരുത്. അവയിൽ വർത്തിച്ചു
പോന്നിട്ടുള്ളവർക്ക് പ്രയോജനമില്ലാത്ത
തായ ഭോജന (നിയമങ്ങളാലല്ല) കൃപ
യാൽതന്നെ നമ്മുടെ ഹൃദയങ്ങളെ ശക്തീ
കരിക്കുന്നതാകുന്നു നമുക്ക് നല്ലത്. കൂടാര 10
ത്തിൽ ശുശ്രൂഷ നടത്തുന്നവർക്ക് അതിൽ
നിന്നും ഭക്ഷിപ്പാൻ അധികാരമില്ലാത്ത
തായ ഒരു ബലിപീഠം നമുക്കുണ്ട്. മഹാ 11
പുരോഹിതൻ പാപപരിഹാരത്തിന്നായി
വിശുദ്ധ സ്ഥലത്തേക്കു കൊണ്ടുപോയി
രുന്ന രക്തം എടുത്ത മൃഗങ്ങളുടെ ഉടൽ -
പാളയത്തിന് വെളിയിൽവച്ച് ദഹിപ്പിച്ചിരു
ന്നു. ആകയാൽ യേശുവും തൻെറ രക്ത 12
ത്താൽ തൻെറ ജനത്തെ വിശുദ്ധീകരി
പ്പാൻ വേണ്ടി, നഗരത്തിനു വെളിയിൽ വച്ച്
പീഡ അനുഭവിച്ചു. ആകയാൽ നാമും 13
തൻെറ നിന്ദ വഹിച്ചുകൊണ്ട് — പാളയ
ത്തിനു വെളിയിൽ — തൻെറ അടുക്ക
ലേക്കു പുറപ്പെടണം. എന്തെന്നാൽ നില 14
നില്ക്കുന്ന നഗരം ഇവിടെ നമുക്കില്ല.
എന്നാൽ വരുവാനുള്ളതിനെ നാം പ്രതീ
ക്ഷിച്ചിരിക്കുന്നു. താൻ മുഖാന്തരം നാം 15
ദൈവത്തിന്, എപ്പോഴും സ്തോത്രബലി
കളെ — തൻെറ തിരുനാമത്തെ സ്തോത്രം
ചെയ്യുന്ന അധരങ്ങളുടെ ഫലങ്ങളെ—നാം
സമർപ്പിക്കണം.

* മ്ദബ്റാനൈ - leader, ruler, judge, governor "who have rule over you" (Scofield)

16 ദരിദ്രന്മാരോടുള്ള കരുണയും ബന്ധ
വും നിങ്ങൾ മറക്കരുത്. എന്തെന്നാൽ
ഇതുപോലുളള ബലികളാലാകുന്നു ഒരു
വൻ ദൈവത്തെ പ്രീതിപ്പെടുത്തുന്നത്.
17 നിങ്ങളെ നയിച്ചു ഭരിക്കുന്നവർക്കു
കീഴ്പെട്ടു അവരെ അനുസരിച്ചിരിക്കണം.
എന്തെന്നാൽ അവർ നിങ്ങൾക്കു വേണ്ടി
കണക്കു ബോധിപ്പിക്കേണ്ടവർ എന്ന
നിലയിൽ - നിങ്ങളുടെ ആത്മാക്കൾക്കു
വേണ്ടി അവർ ജാഗരണം ചെയ്യുന്നവരാ
കുന്നു. അവർ അതു നെടുവീർപ്പുകളോടു
കൂടെയല്ല - സന്തോഷത്തോടെ ചെയ്യു
വാനിടയാകട്ടെ. അല്ലെങ്കിൽ നിങ്ങൾക്കു
നല്ലതല്ല.
18 ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിപ്പിൻ.
എന്തെന്നാൽ സകലത്തിലും നല്ലവരായി
നടപ്പാൻ ഞങ്ങൾ ആഗ്രഹിക്കുന്നതു
കൊണ്ട് - ഞങ്ങൾക്കു നല്ല മനഃസാക്ഷി
19 ഉണ്ടെന്നു ഞങ്ങൾ ഉറച്ചിരിക്കുന്നു. ഞാൻ
വീണ്ടും നിങ്ങളുടെ അടുക്കൽ വരുവാനാ
യിട്ട് ഇതു നിങ്ങൾ ചെയ്യണമെന്നു പ്രത്യേക
മായും ഞാൻ അപേക്ഷിക്കുന്നു.
20 നിത്യനിയമത്തിൻെറ രക്തത്താൽ
ആടുകളുടെ വലിയ ഇടയനായ നമ്മുടെ
കർത്താവേശുമ്ശീഹായെ മരിച്ചവരുടെ
ഇടയിൽനിന്നു ഉയിർപ്പിച്ചവനായ സമാ
ധാനത്തിൻെറ ദൈവം — തൻെറ ഇഷ്ടം 21
നിങ്ങൾ ചെയ്‌വാൻ തക്കവണ്ണം നിങ്ങളെ
എല്ലാ സൽപ്രവൃത്തികളിലും പൂർണ്ണരാ
ക്കട്ടെ - തൻെറ തിരുമുമ്പിൽ നല്ലതാ
യിട്ടുള്ളതിനെ യേശുമ്ശീഹാ വഴിയായി
താൻ നമ്മിൽ പ്രവർത്തിക്കട്ടെ. തനിക്ക്
എന്നന്നേക്കും സ്തുതിയുണ്ടായിരിക്കട്ടെ.
ആമ്മീൻ.

എൻെറ സഹോദരന്മാരെ, ഞാൻ നിങ്ങ 22
ളോടു അപേക്ഷിക്കുന്നു. ഞാൻ ചുരുക്ക
മായി എഴുതിയിരിക്കുന്ന ഈ ആശ്വാ
സവചനത്തെ ക്ഷമിച്ചാലും. നമ്മുടെ 23
സഹോദരനായ തീമോത്തെയോസ് (തട
വിൽനിന്നും) വിമുക്തനായി എന്നു അറി
ഞ്ഞുകൊൾവിൻ. അവൻ ഉടനെ വരുന്ന
പക്ഷം, അവനൊരുമിച്ചു നിങ്ങളെ കണ്ടു
കൊള്ളാം. നിങ്ങളുടെ എല്ലാ ഭരണകർത്താ 24
ക്കൾക്കും, സകല വിശുദ്ധന്മാർക്കും സമാ
ധാനം ആശംസിപ്പിൻ. ഇററലിക്കാരെ
ല്ലാവരും നിങ്ങൾക്ക് സമാധാനം ആശംസി
ക്കുന്നു. കൃപ നിങ്ങളെല്ലാവരോടും കൂടെ 25
ഇരിക്കുമാറാകട്ടെ. ആമ്മീൻ.

(ഇററലിയിൽനിന്നും എഴുതപ്പെട്ടതും തീമോത്തെയൊസ് വശം അയക്കപ്പെട്ടതുമായ)
എബ്രായർക്കുള്ള ലേഖനം സമാപ്തം

പാഠഭേദം

1	:	3	6	:	3
1	:	7	7	:	3
2	:	8,9,16,17	8	:	8
3	:	1	9	:	28
4	:	3	10	:	6,39
5	:	6,13	11	:	12,18,29
			13	:	16

വി. യാക്കോബ് ശ്ലീഹായുടെ ലേഖനം

വി. യാക്കോബ്: നമ്മുടെ കർത്താവിന്റെ 'സഹോദരൻ' ആയ യാക്കോബ്, തന്റെ പുനരുത്ഥാനത്തിനുമുമ്പ് യേശുവിൽ വിശ്വസിച്ചിരുന്നില്ല (യോ. 7:5). ഉയർപ്പിനുശേഷം നമ്മുടെ കർത്താവ് ഇദ്ദേഹത്തിനു പ്രത്യക്ഷനായി (1 കോരി. 15:7). ശ്ലീഹന്മാർ ഇദ്ദേഹത്തെ ക്രി. 42-ൽ യറുശലേമിന്റെ എപ്പിസ്കോപ്പായായി നിയമിച്ചു. ഗലാ. 1:18, ശ്ലീ.പ്ര. 15:4, 21:8 ഭാഗങ്ങളിൽ ഇദ്ദേഹത്തെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം. ഐറണിയോസ് ലേഖനകർത്താവ് ഇദ്ദേഹമാണെന്നു തറപ്പിച്ചു പറയുന്നുണ്ട്, അദ്ദേഹത്തെ എല്ലാവരും 'പുണ്യവാൻ' എന്നു വിളിച്ചിരുന്നുവെന്ന് യഹൂദചരിത്രകാര നായ ജോസിഫസും, ക്രിസ്തുമതാവലംബിയായിത്തീർന്ന ഹെഗസിപ്പോസും പ്രസ്താ വിക്കുന്നുണ്ട്. അലക്സന്ത്ര്യായിലെ വി. ക്ലീമിസിന്റെ കൃതിയിൽനിന്നും കാണാം:- ഇദ്ദേഹം വീഞ്ഞും മാംസവും ഉപയോഗിക്കുകയോ, ക്ഷൌരം ചെയ്യിക്കുകയോ ചെയ്തിരുന്നില്ല. ദൈവാലയത്തിൽ മുട്ടിന്മേൽ നിന്നുകൊണ്ട് ജനത്തിനുവേണ്ടി എപ്പോഴും പ്രാർത്ഥിക്കുക പതിവായിരുന്നു. തന്മൂലം തന്റെ മുട്ടുകൾ ഒട്ടകത്തിന്റെ മുട്ടുകൾപോലെ തഴമ്പുള്ള വയായിരുന്നുവത്രെ. ആയുഷ്കാലമെല്ലാം സസ്യഭുക്കായിരുന്ന ഇദ്ദേഹം ചെരിപ്പ് ഉപയോഗിച്ചിരുന്നില്ല എന്നു വി. ജറോമും പറയുന്നുണ്ട്. യേശുവിനോടുള്ള ഭക്തിയിൽ അദ്ദേഹം അദ്വിതീയനായി സ്ഥിതിചെയ്തുകൊണ്ട് വളരെ അത്ഭുതങ്ങൾ പ്രവർത്തി ച്ചിരുന്നതിനാൽ യഹൂദന്മാർക്കും അദ്ദേഹം സംപൂജ്യനായിരുന്നു. എന്നാൽ ഒരു വിഭാഗം അദ്ദേഹത്തെ വെറുക്കുകയും, യേശുവിനെ പരസ്യമായി തള്ളിപ്പറയണമെന്നു നിർബ ന്ധിക്കുകയും, ദൈവാലയത്തിന്റെ ഉന്നതസ്ഥാനത്തു നിർത്തി യേശു ആരെന്നു സാക്ഷിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. 'നീതിമാൻ' എന്നാണ് അവർ സംബോധന ചെയ്തത്. അദ്ദേഹം ഉച്ചത്തിൽ പറഞ്ഞു: "മനുഷ്യപുത്രനെക്കുറിച്ച് നിങ്ങൾ എന്നോട് എന്തിനു ചോദിക്കുന്നു? താൻ സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു. ആകാശമേഘങ്ങളിൽ താൻ വീണ്ടും വരും." കുപിതരായ ശാസ്ത്രി, പരീശഗണം 'നീതിമാൻ തെറ്റിപ്പോയി' എന്നു പറഞ്ഞുകൊണ്ട് ദൈവാലയമുകളിൽനിന്നും താഴോട്ടു തള്ളിയിട്ടു. വീഴ്ചയിൽ അദ്ദേഹം മരിച്ചില്ല. എന്നു മാത്രമല്ല; സ്തേപ്പാനോസിനെപ്പോലെ അവർക്കു വേണ്ടി പ്രാർത്ഥിച്ചു. പക്ഷെ അവർ, ഒരു വലിയ തടികൊണ്ട് അദ്ദേഹത്തെ അടിച്ചു കൊന്നു. ഇത് ക്രി. 62-ൽ ആയിരുന്നുവെന്ന് ക്രി. 150-ൽ ജീവിച്ചിരുന്ന ഹെഗസിപ്പോസ് രേഖപ്പെടുത്തിയിട്ടുണ്ട്. ഏതാണ്ട് സമകാലീനനായിരുന്ന യഹൂദചരിത്രകാരൻ ജോസിഫസ് " അല്പകാലത്തിനുശേഷമുണ്ടായ, യറുശലേമിന്റെ നാശം, ഈ നീതിമാനോട് യഹൂദർ ചെയ്തതിന്റെ പ്രതികാരമാണ്" എന്നും എഴുതിയിട്ടുണ്ട്. മാർ യാക്കോബിനെ ദൈവാലയസമീപംതന്നെ സംസ്കരിച്ചിരുന്ന കബറിന്മേൽ തന്റെ നാമം ഉല്ലേഖനം ചെയ്തിരുന്നുവെന്ന് ദൃക്സാക്ഷിയായ ഹെഗസിപ്പോസു രേഖപ്പെടുത്തിയിട്ടുണ്ട്. അതിനെ എല്ലാവരും ബഹുമാനിച്ചിരുന്നുവെന്നും അദ്ദേഹം പറയുന്നു.

പുറജാതികളുടെ ഇടയിൽ ചിതറിപ്പാർത്തിരുന്നവർക്കുവേണ്ടി അദ്ദേഹം ഈ ലേഖനമെഴുതി. ക്രി. 61-ൽ യറുശലേമിൽവച്ചാണ് എഴുതിയതെന്നു വിശ്വസിക്കപ്പെടുന്നു. ലേഖനത്തിൽ അദ്ദേഹം വി.പൌലോസിന്റെ അഭിപ്രായത്തെ ഉറപ്പിക്കുകയും (യാ. 2:14-26) യറുശലേമിന്റെ നാശത്തെക്കുറിച്ച് പ്രവചിക്കുകയും, (5.1) പുതിയ നിയമത്തിൽ 3 സ്ഥലത്ത് 'ക്രിസ്ത്യാനി' എന്ന സംജ്ഞ ഉപയോഗിച്ചിരിക്കുന്നതിൽ ഒന്ന് (2:7) പ്രയോ ഗിക്കുകയും ചെയ്തിട്ടുണ്ട്. (മറ്റു രണ്ടും ശ്ലീഹന്മാരുടെ പ്രവൃത്തികളിൽ)*

* ലേഖനത്തിലെ പ്രധാന ചിന്താവിഷയങ്ങൾ:

(1) സത്പ്രവൃത്തികൾക്കു ഊന്നൽ നൽകാത്ത വിശ്വാസം അർത്ഥശൂന്യമാണ്. (2) ദരിദ്രരോടുള്ള കരുണയും പ്രവർത്തനവും. (3) ക്രൈസ്തവർക്കുണ്ടായിരിക്കേണ്ട സ്വഭാവ ങ്ങൾ. (4) രോഗികൾക്കുള്ള തൈലാഭിഷേകത്തെക്കുറിച്ചുള്ള പ്രത്യേക പരാമർശം.

(ഇന്നും സുറിയാനി സഭ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മാർ യാക്കോബിൻെറ കുർബ്ബാന തക്സാ ഇദ്ദേഹത്താൽ വിരചിതമാണ്-അന്ത്യോക്യായിലെ സഭ ആദ്യം മുതൽ ഈ ക്രമമാണ് ഉപയോഗിച്ചിരുന്നത്. റോമൻ കത്തോലിക്ക സഭാംഗമായ ഫോട്ടസ് ക്യ 'ഓർത്തഡോക്സ് ഈസ്റ്റേൺ ചർച്ചസ്' പുറം 395-ൽ പറയുന്നു. The Syrian Rite is the first that we find formally drawn up....Liturgy of St. James from which all other Syrian ones are derived....The Liturgy of Constantinople seems to be a modification of the Syrian rite....The Armenian Liturgy is modified from that of Constantinople. It is only among the Copts and Jacobites that the ancient Rites of St. Mark and St. James are celeberated.)

വിഷയവിവരം

അദ്ധ്യായം 1: 1 അഭിവാദനം. 2-8. പരീക്ഷകൾ; പ്രാർത്ഥനയും വിശ്വാസവുമുള്ളവർക്കു ആനന്ദദായകം. 9-12 സഹനത്തിനുള്ള പ്രതിഫലം. 13-18. പരീക്ഷകളെക്കുറിച്ച്. 19-25 വചനത്തിൻെറ കേൾവിക്കാരായാൽ മാത്രമാകുകയില്ല; അനുഷ്ഠാനകരുമായിരിക്കണം. 26-27 നമ്മുടെ ആരാധന യഥാർത്ഥമായിരിക്കണം. മറ്റുള്ളവരോടു സ്നേഹവും സഹതാപവും.

അദ്ധ്യായം: 2: 1-7 ജീവിതത്തിലെ അസ്ഥിരത ദൈവത്തിൽനിന്നു ജാതനായവനു ചേർച്ചയല്ല. ധനമാനാദികളോടുള്ള അയോഗ്യ ബഹുമാനം. 8-13 ഏകദൈവത്തിന് ഏക നിയമം. ഒന്നു ലംഘിച്ചാൽ എല്ലാം ലംഘിച്ചതിനു തുല്യം. 14-26 പ്രവൃത്തി കൂടാത്ത വിശ്വാസം വിശ്വാസമേ അല്ല.

അദ്ധ്യായം 3: 1,2 വളരെ ഉത്തരവാദിത്വമുള്ളതാണ് ഉപദേഷ്ടാവിൻെറ പ്രവർത്തനം എന്നു ഗ്രഹിച്ച്, ഉപദേഷ്ടാക്കളാകാൻ ധൃതിപ്പെടരുത്. 3-12 നാവിൻെറ പ്രയോഗം സൂക്ഷിക്കണം. 13-18 യഥാർത്ഥ ജ്ഞാനവും അയഥാർത്ഥ ജ്ഞാനവും.

അദ്ധ്യായം 4: 1-4 ജഡികമോദങ്ങൾക്കായുള്ള ആവേശത്തിന് എതിരായ മുന്നറിയിപ്പ്. അങ്ങനെയുള്ളവൻ ദൈവത്തൻെറ ശത്രുവത്രെ. 5-10 ദൈവം നിഗളികൾക്കെതിര്. താഴ്മയുള്ളവർക്ക് കൃപ നൽകുന്നു. 11-12 സഹോദരനെ ദുഷിക്കരുത്. 13-17 ദൈവചിന്ത കൂടാതെ ദ്രവ്യസമ്പാദനത്തിനു ശ്രമിക്കുന്നവർക്കു താക്കീത്.

അദ്ധ്യായം 5: 1-6 ധനികരുടെ അനീതിയും അക്രമവും. 7-11 ദീർഘക്ഷമയോടെ, പിറുപിറുപ്പില്ലാതെ ഇരിക്കുക. 12-20 രോഗിക്കുവേണ്ടി സഭയുടെ കശീശന്മാരെ വിളിക്കണം. അവൻ പാപം ഏറ്റു പറയണം. കശീശാ തൈലം പൂശി പ്രാർത്ഥിക്കണം. വിശ്വാസപൂർവമുള്ള പ്രാർത്ഥനയുടെ ശക്തി വലുത്.

യാക്കോബ്ശ്ലീഹായുടെ ലേഖനം

അദ്ധ്യായം 1

1 ദൈവത്തിൻേറയും നമ്മുടെ കർത്താ
വായ യേശുമ്ശീഹായുടെയും ദാസനായ
യാക്കോബിൽ(നിന്നും) വിജാതീയരുടെ
ഇടയിൽ ചിതറിപ്പാർക്കുന്ന പന്ത്രണ്ടു
ഗോത്രങ്ങൾക്കും — സമാധാനം.
2 പലതരത്തിലുള്ള വളരെയേറെ പരീ
ക്ഷണങ്ങളിൽ നിങ്ങൾ അകപ്പെടുമ്പോൾ
എൻെറ സഹോദരന്മാരെ, നിങ്ങൾക്കു
പൂർണ്ണസന്തോഷം ഉണ്ടായിരിക്കണം.
3 എന്തെന്നാൽ വിശ്വാസപരിശോധന ക്ഷമ
യെ ഉളവാക്കും എന്നു നിങ്ങൾ അറിയു
4 ന്നില്ലയോ. നിങ്ങൾ തികഞ്ഞവരും, പരി
പൂർണ്ണരും, ഒന്നിലും കുറവില്ലാത്തവരും
ആകേണ്ടതിന്, ആ ക്ഷമയ്ക്കു പൂർണ്ണമായ
പ്രവൃത്തിയും ഉണ്ടായിരിക്കണം.
5 നിങ്ങളിൽ ഒരുവനു ജ്ഞാനം കുറവാ
യിരിക്കുന്നുവെങ്കിൽ - കുററപ്പെടുത്താതെ
എല്ലാവർക്കും ധാരാളമായി കൊടുക്കുന്ന
ദൈവത്തോട് അവൻ യാചിക്കട്ടെ. അവനു
6 നൽകപ്പെടും. എന്നാൽ അവൻ അല്പവും
സംശയിക്കാതെ വിശ്വാസത്തോടെ യാചി
ക്കണം. എന്തെന്നാൽ സംശയിക്കുന്നവൻ,
കാററടിക്കുമ്പോൾ ഇളകുന്ന തിരമാല
7 കളോട് സദൃശനാകുന്നു. ഇങ്ങനെയുള്ള
വൻ — മനസ്സിൽ സംശയമുള്ളവൻ —
8 അവൻെറ എല്ലാ വഴികളിലും അസ്ഥിരനാ
യവൻ — കർത്താവിൽനിന്നും എന്തെങ്കി
9 ലും ലഭിക്കും എന്നു വിചാരിക്കേണ്ട. വിനീ
തനായ സഹോദരൻ അവൻെറ ഉയർച്ച
10 യിലും, ധനവാൻ, പുല്ലിൻെറ പൂപോലെ
പൊഴിഞ്ഞുപോകുന്നവനാകയാൽ, അവ
11 ൻെറ താഴ്മയിലും പ്രശംസിക്കട്ടെ. എന്തെ
ന്നാൽ സൂര്യൻ അതിൻെറ ചൂടോടെ ഉദി
ക്കുന്നു; പുല്ലിനെ ഉണക്കിക്കളയുന്നു;
അതിൻെറ പുഷ്പങ്ങൾ കൊഴിഞ്ഞു
വീഴുന്നു. അങ്ങനെതന്നെ ധനികനും അവ
ൻെറ നടപടികൾമൂലം വാടിപ്പോകും.
12 പരീക്ഷകൾ സഹിക്കുന്നവൻ ഭാഗ്യ
വാൻ. പരീക്ഷിക്കപ്പെട്ടശേഷം- തന്നെ
സ്നേഹിക്കുന്നവർക്കായി ദൈവം വാഗ്ദാ
നംചെയ്തിട്ടുള്ള ജീവൻെറ കിരീടം അവനു
ലഭിക്കും. ഒരുവൻ പരീക്ഷിക്കപ്പെടുമ്പോൾ 13
ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു
എന്നു പറയരുത്. എന്തെന്നാൽ ദൈവം
തിന്മകളാൽ പരീക്ഷിക്കപ്പെടാത്തവനാ
കുന്നു. ആരേയും താൻ പരീക്ഷിക്കുന്നുമില്ല.
ഓരോരുവനും പരീക്ഷിക്കപ്പെടുകയും 14
മോഹിക്കയും വശീകരിക്കപ്പെടുകയും
ചെയ്യുന്നത് — അവനവൻെറ മോഹംമൂല
മാകുന്നു. ഈ മോഹം ഗർഭം ധരിച്ച് പാപ 15
ത്തെ പ്രസവിക്കുന്നു. പാപം പൂർണ്ണമായിട്ട്
മരണത്തെ പ്രസവിക്കുന്നു.
എൻെറ സഹോദരന്മാരെ, നിങ്ങൾ 16
വഴിതെററിപ്പോകരുത്. നല്ലതും പരിപൂർണ്ണ 17
വുമായ എല്ലാ ദാനവും, വ്യത്യാസമോ,
ഗതിഭേദത്താലുള്ള നിഴലോ ഇല്ലാത്ത
വനായ പ്രകാശങ്ങളുടെ പിതാവിൽനിന്ന് -
ഉയരത്തിൽനിന്ന് ഇറങ്ങിവരുന്നു. തൻെറ 18
സൃഷ്ടികളിൽ നാം ആദ്യ ഫലമായിത്തീരേ
ണ്ടതിന്, താൻ തിരുവിഷ്ടപ്പെട്ട്, സത്യ
ത്തിൻെറ വചനത്താൽ നമ്മെ ജനിപ്പിച്ചിരി
ക്കുന്നു. എൻെറ വത്സല സഹോദരന്മാരേ, 19
നിങ്ങളിൽ ഓരോരുവനും കേൾക്കുന്ന
തിനു ധൃതിയും, സംസാരിക്കുന്നതിനും
കോപിക്കുന്നതിനും താമസം ഉള്ളവരുമാ
യിരിക്കണം. മനുഷ്യൻെറ കോപം ദൈവ 20
ത്തിൻെറ നീതിയെ പ്രവർത്തിക്കുന്നില്ല.
ഇതു നിമിത്തമായി നിങ്ങളിൽനിന്നും എല്ലാ 21
അശുദ്ധിയും തിന്മയുടെ ആധിക്യവും
അകററിക്കളയണം. നിങ്ങളുടെ ആത്മാ
ക്കളെ ജീവിപ്പിപ്പാൻ കഴിവുള്ളതും നമ്മുടെ
സ്വഭാവത്തിൽ നടപ്പെട്ടിട്ടുള്ളതുമായ
വചനത്തെ താഴ്മയോടെ സ്വീകരിക്കു
കയുംചെയ്യുവിൻ.
വചനത്തിൻെറ കേൾവിക്കാർ മാത്രമാ 22
യിരിക്കാതെ അതിനെ അനുഷ്ഠിക്കുന്ന
വരുമായിരിക്കണം. നിങ്ങൾ നിങ്ങളെത്ത
ന്നെ വഞ്ചിക്കരുത്. ഒരുവൻ വചനത്തിൻെറ 23
കേൾവിക്കാരൻ മാത്രമായിരിക്കയും അതി
നെ അനുഷ്ഠിക്കാതിരിക്കയും ചെയ്യുന്നു

വെങ്കിൽ, അവൻ കണ്ണാടിയിൽ തൻെറ
24 മുഖം കണ്ടവനോടു തുല്യനാകുന്നു. അവൻ
തന്നെത്തന്നെ കണ്ടു - കടന്നുപോയി -
അതെങ്ങനെയിരുന്നു എന്ന് അവൻ മറന്നു
25 പോകുന്നു. സ്വാതന്ത്ര്യത്തിൻെറ പൂർണ്ണ
മായ പ്രമാണം കാണുകയും അതിൽ നില
നിൽക്കുകയും ചെയ്യുന്നവൻ മറന്നുപോ
കുന്ന വചനം കേട്ടവനല്ല; പിന്നെയോ, കർമ്മ
ങ്ങൾ ചെയ്യുന്നവനാകുന്നു - അവൻ അവ
ൻെറ പ്രവൃത്തിമൂലം ഭാഗ്യവാനുമാകും.
26 ഒരുവൻ താൻ ദൈവത്തിനു ശുശ്രൂഷ
ചെയ്യുന്നു എന്നു വിചാരിക്കുകയും
എന്നാൽ നാവിനെ നിയന്ത്രിക്കാതിരിക്കു
കയും ചെയ്യുന്നെങ്കിൽ - അവൻ തൻെറ
ഹൃദയത്തെ വഞ്ചിക്കുകയാകുന്നു. അവ
27 ൻെറ ശുശ്രൂഷ വ്യർത്ഥവുമാകുന്നു. പിതാ
വായ ദൈവത്തിൻെറ സന്നിധിയിൽ നിർമ്മ
ലവും വിശുദ്ധവുമായ ശുശ്രൂഷ ഇതാകു
ന്നു: അനാഥരേയും, വിധവകളേയും അവ
രുടെ ക്ലേശങ്ങളിൽ സന്ദർശിക്കുന്നതും
ലോകത്താലുള്ള കറകൂടാതെ തന്നെത്ത
ന്നെ കാത്തുകൊള്ളുന്നതുമാകുന്നു.

അദ്ധ്യായം 2

1 നമ്മുടെ കർത്താവായ യേശുമ്ശീഹാ
യുടെ തേജസ്സിലുള്ള വിശ്വാസത്തെ നി
ങ്ങൾ മുറുകെ പിടിക്കുന്നത് എൻെറ സ
ഹോദരന്മാരേ, മുഖപക്ഷത്തോടെ ആയി
2 രിക്കരുത്. എന്തെന്നാൽ സ്വർണ്ണമോതിര
ങ്ങളും ഭംഗിയുള്ള വസ്ത്രങ്ങളും ധരിച്ച്
ഒരുവനും, മുഷിഞ്ഞ വസ്ത്രം ധരിച്ച ഒരു
ദരിദ്രനും, നിങ്ങളുടെ സംഘാലയത്തിൽ
3 കയറി വന്നുവെന്നിരിക്കട്ടെ. നിങ്ങൾ മോടി
യുള്ള വസ്ത്രം ധരിച്ചവനെ നോക്കി, അങ്ങ്
ഇവിടെ സുഖമായിരുന്നാലും എന്നും,
ദരിദ്രനോട്, നീ അവിടെ ദൂരെ നിൽക്കുക
എന്നോ, ഇവിടെ എൻെറ പാദപീഠത്തിങ്കൽ
ഇരിക്കുക എന്നോ, പറയുന്നുവെങ്കിൽ
4 നിങ്ങൾ ഭേദബുദ്ധി കാണിക്കയും ദുർവ്വി
ചാരമുള്ളവരാകുകയുമല്ലോ ചെയ്യുന്നത്.
5 എൻെറ പ്രിയ സഹോദരന്മാരേ കേട്ടു
കൊൾവിൻ. തന്നെ സ്നേഹിക്കുന്നവർക്കു
വാഗ്ദത്തം ചെയ്തിട്ടുള്ള രാജ്യത്തിന്
അവകാശികളായിരിപ്പാൻ ദൈവം തിര
ഞ്ഞെടുത്തത് ലോകപ്രകാരം ദരിദ്രരും,
വിശ്വാസത്തിൽ സമ്പന്നരുമായവരെ അല്ല
6 യോ? നിങ്ങളോ, ദരിദ്രനെ അപമാനിച്ചു.
ധനവാന്മാരല്ലയോ നിങ്ങളെ ഞെരുക്കു
ന്നത്? അവരല്ലയോ നിങ്ങളെ ന്യായാസന
ത്തിങ്കലേക്ക് പിടിച്ചുകൊണ്ടുപോകുന്നത്?

നിങ്ങളുടെ മേൽ വിളിക്കപ്പെട്ടിട്ടുള്ള നല്ല 7
നാമത്തെ ദുഷിക്കുന്നതും അവരല്ലയോ?
“നിന്നെ എന്നപോലെതന്നെ നിൻെറ 8
അയൽക്കാരനെ സ്നേഹിക്കണം” എന്ന്
എഴുതപ്പെട്ടിരിക്കുന്ന പ്രകാരം, ഇക്കാര്യ
ത്തിൽ നിങ്ങൾ ദൈവത്തിൻെറ പ്രമാണം
അനുഷ്ഠിക്കുന്നുവെങ്കിൽ നിങ്ങൾ നന്നാ
യി പ്രവർത്തിക്കുന്നു. നിങ്ങൾ പക്ഷഭേദം 9
കാണിക്കുന്നുവെങ്കിൽ, നിങ്ങൾ പാപമാണ്
ചെയ്യുന്നത്. പ്രമാണലംഘകൻ എന്നവിധം
നിങ്ങൾ പ്രമാണത്താൽ വിധിക്കപ്പെടു
കയുംചെയ്യും. എന്തെന്നാൽ ന്യായപ്രമാണ 10
മെല്ലാം ആചരിച്ചിട്ട് ഒന്നിൽ തെററു ചെ
യ്താൽ, ന്യായപ്രമാണം മുഴുവനിലും കുററ
ക്കാരനായിത്തീരുന്നു. നീ വ്യഭിചരിക്കരുത്. 11
എന്നു പറഞ്ഞവൻതന്നെയാണ്, നീ കൊല
ചെയ്യരുത് എന്നു പറഞ്ഞിരിക്കുന്നത്. നീ
വ്യഭിചരിക്കുന്നില്ല എങ്കിലും നീ കൊല
ചെയ്യുന്നുവെങ്കിൽ, നീ ന്യായപ്രമാണ
ലംഘകനായിത്തീരുന്നു! സ്വാതന്ത്ര്യത്തി 12
ൻെറ പ്രമാണമനുസരിച്ച് വിധിക്കപ്പെടു
വാനിരിക്കുന്ന ആളുകളെപ്പോലെ നിങ്ങൾ
സംസാരിക്കുന്നവരായിരിപ്പിൻ —പ്രവർ
ത്തിക്കുന്നവരായിരിപ്പിൻ. എന്തെന്നാൽ 13
കരുണയില്ലാത്തവൻെറമേൽ കരുണ
കൂടാതെ ശിക്ഷാവിധിയുണ്ടാകും. കരുണ
കൊണ്ട് നിങ്ങൾക്കു ന്യായവിധിയിൽ
നിന്നും ഒഴിഞ്ഞു നിൽക്കാം.

എൻെറ സഹോദരന്മാരേ, ഒരുവൻ, 14
എനിക്കു വിശ്വാസമുണ്ടെന്നു പറയുകയും,
അവനു പ്രവൃത്തി ഇല്ലാതിരിക്കുകയും
ചെയ്യുന്നെങ്കിൽ എന്തു പ്രയോജനം? അവ
ൻെറ വിശ്വാസത്തിന് അവനെ രക്ഷിപ്പാൻ
കഴിയുമോ? സഹോദരനോ സഹോദരി 15
യോ വസ്ത്രമില്ലാതിരിക്കുകയും, ഒരു ദിവ
സത്തെ ആഹാരത്തിനുപോലും മുട്ടുള്ളവ
രായിരിക്കുകയും, നിങ്ങളിൽ ഒരുവൻ 16
അവനോട്, നിങ്ങൾ സമാധാനത്തോടെ
പോയി, തീ കായുകയും വിശപ്പടക്കിക്കൊ
ള്ളുകയും ചെയ്ക എന്നു പറയുകയും,
ശരീരത്തിൻെറ ആവശ്യത്തിനുള്ളത് അവർ
ക്ക് കൊടുക്കാതിരിക്കുകയും ചെയ്യുന്നുവെ
ങ്കിൽ —എന്തു പ്രയോജനം? അങ്ങനെ 17
പ്രവൃത്തി കൂടാതെ വിശ്വാസവും — അതു
മാത്രമാകുമ്പോൾ - നിർജീവമാകുന്നു.
എന്തെന്നാൽ ഒരുവൻ ഇങ്ങനെ പറയും: 18
നിനക്ക് വിശ്വാസമുണ്ട്. എനിക്കു പ്രവൃ
ത്തികളുമുണ്ട്. പ്രവൃത്തി കൂടാതെ നിൻെറ
വിശ്വാസം എന്നെ കാണിക്കുക! എൻെറ
വിശ്വാസമോ, എൻെറ പ്രവൃത്തികൾ

19 കൊണ്ടു നിന്നെ ഞാൻ കാണിക്കാം. ദൈവം
ഏകൻ എന്നു നീ വിശ്വസിക്കുന്നു. നല്ലതു
തന്നെ. പിശാചുക്കളും അങ്ങനെ വിശ്വസി
ക്കുന്നുണ്ട് - അവർ വിറയ്ക്കുന്നുമുണ്ട്!
20 അരിഷ്ടനായ മനുഷ്യാ, പ്രവൃത്തി
കൂടാത്ത വിശ്വാസം നിർജ്ജീവമാകുന്നു
എന്നു ഗ്രഹിപ്പാൻ നിനക്കു മനസ്സുണ്ടോ?
21 നമ്മുടെ പിതാവായ അബ്രഹാം തൻെറ
പുത്രനായ ഇസഹാക്കിനെ യാഗപീഠത്തിൽ
കരേററി എന്ന ആ പ്രവൃത്തിമൂലമല്ലയോ
22 നീതീകരിക്കപ്പെട്ടത്? അദ്ദേഹത്തിൻെറ
വിശ്വാസം തൻെറ പ്രവൃത്തികളെ സഹാ
യിച്ചു എന്നും പ്രവൃത്തികളാൽ അദ്ദേഹ
ത്തിൻെറ വിശ്വാസം പൂർണ്ണമായി എന്നും
23 നീ കാണുന്നു. 'അബ്രഹാം ദൈവത്തിൽ
വിശ്വസിച്ചു - അതു അവന്ന് നീതിയായി
കണക്കിടപ്പെട്ടു' എന്നു പറഞ്ഞിട്ടുള്ള
തിരുവെഴുത്ത് പൂർത്തിയായി. അദ്ദേഹം
'ദൈവത്തിൻെറ സ്നേഹിതൻ' എന്നു
24 വിളിക്കപ്പെടുകയും ചെയ്തു. ആകയാൽ
മനുഷ്യൻ നീതീകരിക്കപ്പെടുന്നത് വിശ്വാ
സത്താൽ മാത്രമല്ല; പ്രവൃത്തികളാൽ
ആകുന്നുവെന്നു നിനക്കു കാണാമല്ലോ.
25 അങ്ങനെ തന്നെ വേശ്യയായ റാഹാബും-
ഒററുകാരെ സ്വീകരിക്കുകയും, മറുവഴി
യായി അവരെ പുറത്തു വിടുകയും ചെയ്ത
ആ പ്രവൃത്തികൾ കൊണ്ടല്ലോ നീതീകരി
26 ക്കപ്പെട്ടത്. ആത്മാവില്ലാത്ത ശരീരം മൃത
മായിരിക്കുന്നതുപോലെതന്നെ പ്രവൃ
ത്തിയില്ലാത്ത വിശ്വാസവും മൃതമത്രെ.

അദ്ധ്യായം 3

1 എൻെറ സഹോദരന്മാരേ, നാം അധികം
ശിക്ഷാവിധിക്ക് അർഹരാകും എന്നറിഞ്ഞ്,
നിങ്ങളിൽ വളരെപ്പേർ ഉപദേഷ്ടാക്കന്മാ
2 രാകരുത്. എന്തെന്നാൽ നാം എല്ലാവരും
അനേക കാര്യങ്ങളിൽ തെററു ചെയ്യുന്നവ
രാകുന്നു. വാക്കിൽ തെററാതിരുന്നാൽ —
അവൻ, തൻെറ ശരീരത്തെ മുഴുവനും
കീഴ്പ്പെടുത്തുവാൻ കഴിവുള്ളവനായ
3 പൂർണ്ണ മനുഷ്യനാകുന്നു. കണ്ടാലും കുതിര
നമുക്ക് കീഴ്പ്പെടുവാനായി അതിൻെറ വാ
യിൽ നാം കടിഞ്ഞാണിടുകയും അവയുടെ
ശരീരത്തെ മുഴുവനും തിരിക്കുകയും ചെയ്യു
4 ന്നുണ്ടല്ലോ. ബലമേറിയ കപ്പലുകൾപോലും
കടുത്ത കാററിൽപ്പെട്ടു പോകുമ്പോൾ,
അതിനെ നയിക്കുന്നവൻ ഒരു ചെറിയ
ചുക്കാൻ മൂലം അവയെ നിയന്ത്രിക്കുകയും
അവനാഗ്രഹമുള്ള സ്ഥലത്തേക്ക് തിരിക്കു
5 കുയും ചെയ്യുന്നു. അങ്ങനെ തന്നെ 'നാവും'
ഒരു ചെറിയ അവയവമാകുന്നു. അതു
വൻപു പറയുന്നു. അല്പം അഗ്നി, അനേകം 6
വനങ്ങളെ ചുട്ടെരിച്ചുകളയുന്നു. നാവ്
തീയാകുന്നു. പാപമുള്ള ലോകം കാടുപോ
ലെയുമാകുന്നു. ഈ നാവ് നമ്മുടെ അവ
യവങ്ങളിൽ സ്ഥിതിചെയ്തുകൊണ്ടു
നമ്മുടെ ശരീരത്തെ ആകമാനം കളങ്കപ്പെ
ടുത്തുന്നു. വണ്ടിച്ചക്രങ്ങൾപോലെ ഓടുന്ന
നമ്മുടെ വംശപരമ്പരകളെ ദഹിപ്പിക്കുക
യും, അതു തീയിൽ എരിയുകയും ചെയ്യു
ന്നു. മൃഗങ്ങൾ, പക്ഷികൾ, കടലിലേയും 7
കരയിലേയും ഇഴജന്തുക്കൾ എന്നിവയുടെ
പ്രകൃതികൾ എല്ലാം മനുഷ്യപ്രകൃതിക്കു
കീഴ്പ്പെടുന്നു. എന്നാൽ നാവിനെ അടക്കു 8
വാൻ ആർക്കും കഴിയുകയില്ല. അത് അട
ങ്ങാത്തവണ്ണം തിന്മയുള്ളതും മരണവിഷം
നിറഞ്ഞതുമാകുന്നു. ആ നാവുകൊണ്ട് നാം 9
കർത്താവും പിതാവുമായവനെ സ്തുതി
ക്കുന്നു. അതേ നാവുകൊണ്ടുതന്നെ,
ദൈവത്തിൻെറ സദൃശത്തിൽ സൃഷ്ടിക്ക
പ്പെട്ടിരിക്കുന്ന മനുഷ്യരെ നാം ശപിക്കു
കയും ചെയ്യുന്നു. ഒരേ വായിൽനിന്നുതന്നെ 10
ശാപങ്ങളും അനുഗ്രഹങ്ങളും പുറത്തു
വരുന്നു! എൻെറ സഹോദരന്മാരേ, ഇവ 11
ഇപ്രകാരമായിരിക്കുന്നത് വിഹിതമല്ല. ഒരേ
ഉറവയിൽ നിന്നു മധുരജലവും കൈപ്പു
വെള്ളവും പുറപ്പെടുവാൻ സാദ്ധ്യമാണോ?
അല്ലെങ്കിൽ, എൻെറ സഹോദരന്മാരേ, 12
അത്തിവൃക്ഷത്തിന് ഒലിവിൻെറ പഴങ്ങളോ,
മുന്തിരിവള്ളിക്കു അത്തിപ്പഴങ്ങളോ പുറ
പ്പെടുവിക്കുവാൻ കഴിയുമോ? അങ്ങനെ
തന്നെ ഉപ്പുവെള്ളത്തിനു നല്ലവെള്ളമായി
തീരുവാനും കഴികയില്ല. നിങ്ങളിൽ ജ്ഞാ 13
നിയും ശിക്ഷണം പ്രാപിച്ചവനും ആരോ,
അവൻ ഉത്തമ നടപടികൾ വഴിയും താഴ്മ
യോടുകൂടിയ ജ്ഞാനത്തോടും തൻെറ
പ്രവൃത്തികളെ കാണിക്കണം. നിങ്ങളിൽ 14
കടുത്ത അസൂയയുണ്ടെങ്കിൽ - നിങ്ങളുടെ
ഹൃദയങ്ങളിൽ ശാഠ്യമുണ്ടെങ്കിൽ, സത്യ
ത്തിന് വിരോധമായി നിങ്ങൾ അഹങ്കരിക്ക
രുത് - വ്യാജം പറയുകയും അരുത്. എന്തെ 15
ന്നാൽ ഈദൃശജ്ഞാനം ഉയരത്തിൽനിന്നും
ഇറങ്ങിവന്നതല്ല. അതു ഭൗമികവും
സ്വന്തചിന്തകളിൽനിന്നും പിശാചുക്കളിൽ
നിന്നും ഉള്ളതുമാകുന്നു. എന്തെന്നാൽ 16
അസൂയയും, തർക്കങ്ങളും എവിടെയു
ണ്ടോ, അവിടെ കലഹവും സർവ്വ തിന്മ
കളുമുണ്ട്. എന്നാൽ ഉയരത്തിൽനിന്നുള്ള 17
ജ്ഞാനമോ, നിർമ്മലവും സമാധാന
പൂർണ്ണവും, വിനീതവും അനുസരണമു

ള്ളതും കരുണയും സൽഫലങ്ങളും നിറ
ഞ്ഞതും, ഭിന്നതയില്ലാത്തതും, മുഖപക്ഷ
18 മില്ലാത്തതുമാകുന്നു. നീതിയുടെ ഫല
ങ്ങൾ, സമാധാനമുണ്ടാക്കുന്നവർക്കു,
സമാധാനത്തോടെ വിതയ്ക്കപ്പെടുന്നു.

അദ്ധ്യായം 4

1 യുദ്ധങ്ങളും കലഹങ്ങളും നിങ്ങളിൽ
എവിടെനിന്നും ഉണ്ടായി? നിങ്ങളുടെ
അവയവങ്ങളിൽ പോരാട്ടം നടത്തുന്ന
2 മോഹങ്ങളിൽനിന്നല്ലയോ? നിങ്ങൾ ആഗ്ര
ഹിക്കുന്നു - നിങ്ങൾക്കു ലഭിക്കുന്നില്ല.
നിങ്ങൾ കൊല്ലുകയും വൈരാഗ്യപ്പെടുക
യും ചെയ്തിട്ടും - ഒന്നും നിങ്ങളുടെ കൈ
വശം വരുന്നില്ല! നിങ്ങൾ വഴക്കു കൂടുകയും,
പോരാടുകയും ചെയ്തിട്ടും, നിങ്ങൾക്ക്
ഒന്നും കിട്ടുന്നുമില്ല -എന്തെന്നാൽ നിങ്ങൾ
3 യാചിക്കുന്നില്ല. നിങ്ങൾ യാചിക്കുന്നുണ്ട്.
പക്ഷേ, നിങ്ങളുടെ മോഹങ്ങളിൽ ചെല
വിടേണ്ടതിന് തിന്മയായി യാചിക്കുന്നതു
മൂലം ഒന്നും നിങ്ങൾക്കു ലഭിക്കുന്നില്ല.
4 വ്യഭിചാരികളേ, ഈ ലോകസ്നേഹം
ദൈവസന്നിധിയിൽ ശത്രുതയാകുന്നു
എന്നു നിങ്ങൾ അറിയുന്നില്ലയോ? ആക
യാൽ ഈ ലോകത്തിൻെറ സ്നേഹിത
നായിരിക്കുവാൻ ആഗ്രഹിക്കുന്നവൻ —
5 ദൈവത്തിന് ശത്രുവായി തീരുന്നു. "നമ്മിൽ
വസിക്കുന്ന ആത്മാവ് തീക്ഷ്ണതയോടെ
ആഗ്രഹിക്കുന്നു" എന്നു തിരുവെഴുത്തു പറ
ഞ്ഞിട്ടുള്ളത് വ്യർത്ഥം എന്നാണോ നിങ്ങൾ
6 വിചാരിക്കുന്നത്? നമ്മുടെ കർത്താവ്
നമുക്ക് അത്യധികമായ കൃപ നൽകിയി
ട്ടുണ്ട്. അതിനാലത്രെ - "ദൈവം നിഗളികളെ
താഴ്ത്തും; താഴ്മയുള്ളവർക്കോ കൃപ
നൽകും" എന്നു പറഞ്ഞിട്ടുള്ളത്.
7 ആകയാൽ, നിങ്ങൾ ദൈവത്തിനു
കീഴ്പെടുവിൻ. സാത്താനോട് എതിർത്തു
നിൽക്കുവിൻ. അവൻ നിങ്ങളെ വിട്ട് ഓടി
8 പ്പോകും. നിങ്ങൾ ദൈവസന്നിധിയിലേക്ക്
അടുത്തു വരുവിൻ - അവൻ നിങ്ങളോടു
അടുത്തു വരും. പാപികളേ, നിങ്ങളുടെ
9 കൈകൾ ശുദ്ധമാക്കുവിൻ. ഇരുമനസ്സുള്ള
വരേ, നിങ്ങളുടെ ഹൃദയങ്ങളെ പരിശുദ്ധ
മാക്കുവിൻ- നിങ്ങളുടെ ചിരി വിലാപമായും,
നിങ്ങളുടെ സന്തോഷം ദുഃഖമായും മാറട്ടെ.
10 കർത്താവിൻെറ സന്നിധിയിൽ താഴു
11 വിൻ - അവൻ നിങ്ങളെ ഉയർത്തും. എൻെറ
സഹോദരന്മാരേ, നിങ്ങൾ പരസ്പരം ദുഷി
ച്ചു പറയരുത്. എന്തെന്നാൽ, തൻെറ സഹോ
ദരന് എതിരായി സംസാരിക്കുകയോ,
തൻെറ സഹോദരനെ വിധിക്കുകയോ
ചെയ്യുന്നവൻ - ന്യായപ്രമാണത്തിന് എതി
രായി സംസാരിക്കുകയും, ന്യായപ്രമാണ
ത്തെ വിധിക്കുകയുമത്രെ ചെയ്യുന്നത്. നീ 12
ന്യായപ്രമാണത്തെ വിധിക്കുന്നുവെങ്കിൽ -
നീ അതിൻെറ അനുഷ്ഠാനകനല്ല, പിന്നെ
യോ അതിൻെറ വിധികർത്താവാണ്!
എന്തെന്നാൽ ന്യായപ്രമാണം നിശ്ചയിച്ച
വനും, വിധികർത്താവും ഒരുവൻതന്നെയാ
കുന്നു. അവൻ ജീവിപ്പിക്കുവാനും, നശിപ്പി
ക്കുവാനും കഴിവുള്ളവനാകുന്നു. നിൻെറ
അയൽക്കാരനെ വിധിക്കുന്ന നീ ആര്?
'ഇന്നോ, നാളയോ ഞങ്ങൾ, ഇന്ന പട്ട 13
ണത്തിലേക്കു പോകും; അവിടെ ഞങ്ങൾ,
ഒരാണ്ടു താമസിച്ച്, കച്ചവടം ചെയ്തു
ലാഭമുണ്ടാക്കും' എന്നു പറയുന്നവരെ
ക്കുറിച്ച് നാം എന്തു പറയട്ടെ. നാളെ എന്തു 14
സംഭവിക്കും എന്ന് അവർ അറിയുന്നില്ല.
എന്തെന്നാൽ നമ്മുടെ ആയുസ്സ് എന്ത്?
അതു അല്പനേരം കാണപ്പെടുകയും
പിന്നെ മാഞ്ഞ് ഇല്ലാതായിത്തീരുകയും
ചെയ്യുന്ന ആവിയാകുന്നു. കർത്താവ്, 15
തിരുവിഷ്ടപ്പെട്ടു ഞങ്ങൾ ജീവനോടിരി
ക്കുമെങ്കിൽ —ഇതോ, അതോ ചെയ്യും —
എന്നു പറയേണ്ടതിനു പകരം, അവർ വമ്പു 16
പറഞ്ഞു പ്രശംസിക്കുന്നു. ഇതുപോലുള്ള
പ്രശംസയെല്ലാം ചീത്തയാകുന്നു. നല്ലതാ 17
യതിനെ അറിഞ്ഞിട്ട് അതു ചെയ്യാതിരി
ക്കുന്നത് അവനു പാപമായിത്തീരുന്നു.

അദ്ധ്യായം 5

ധനികരേ, നിങ്ങളുടെ മേൽ വരുവാനി 1
രിക്കുന്ന ദുരിതങ്ങളെയോർത്ത് വിലപിച്ചു
കരയുവിൻ. എന്തെന്നാൽ നിങ്ങളുടെ 2
സമ്പത്ത് ക്ഷയിച്ചു; നശിച്ചു; നിങ്ങളുടെ
വസ്ത്രങ്ങൾ ചിതൽ തിന്നു. നിങ്ങളുടെ 3
പൊന്നിനും വെള്ളിക്കും കറപിടിച്ചു. ആ
കറ നിങ്ങൾക്കെതിരായി സാക്ഷിക്കും.
അതു നിങ്ങളുടെ ജഡത്തെ തിന്നുകളയും.
അന്ത്യകാലത്തേക്കായി നിങ്ങൾ, നിങ്ങൾ
ക്കായി തീയുംകൂട്ടിയിരിക്കുന്നു. നിങ്ങളുടെ 4
വയലുകളിൽ കൊയ്ത കൂലിക്കാരുടെ
കൂലി നിങ്ങൾ അപഹരിച്ചതുമൂലം അതു
നിലവിളിക്കുന്നു. കൊയ്ത്തുകാരുടെ നില
വിളി സർവ്വ ശക്തനായ ദൈവത്തിൻെറ
ചെവികളിൽ എത്തിയിരിക്കുന്നു. എന്തെ
ന്നാൽ ഭൂമിയിൽ നിങ്ങൾ സുഖിച്ചു; മദി 5
ച്ചു. വധദിവസത്തേക്കു വേണ്ടി എന്നതു
പോലെ നിങ്ങളുടെ ശരീരങ്ങളെ നിങ്ങൾ
പുഷ്ടിപ്പെടുത്തുകയും ചെയ്തു.

6 പുണ്യവാനെ നിങ്ങൾ കുററമാരോ
പിച്ചു കൊന്നു. അവനോ നിങ്ങളോട്
എതിർത്തു നിന്നില്ല.
7 എൻെറ സഹോദരന്മാരേ, കൃഷിക്കാ
രൻ, തൻെറ നിലത്തിൽ വിലയേറിയ ഫല
ങ്ങൾക്കു വേണ്ടി കാത്തിരിക്കയും, മുൻമഴ
യും അവസാന മഴയും കിട്ടുവോളം ദീർഘ
ക്ഷമയോടിരിക്കുകയും ചെയ്യുന്നതുപോലെ
- കർത്താവിൻെറ വരവുവരെ ദീർഘക്ഷമ
8 യോടിരിപ്പിൻ. ഇങ്ങനെ നിങ്ങളും ക്ഷമയോ
ടിരുന്ന്, നിങ്ങളുടെ ഹൃദയങ്ങളെ ഉറപ്പിക്ക
ണം. എന്തെന്നാൽ നമ്മുടെ കർത്താവിൻെറ
9 ആഗമനം അടുത്തിരിക്കുന്നു. എൻെറ സ
ഹോദരന്മാരേ, നിങ്ങൾ കുററം വിധിക്കപ്പെ
ടാതിരിക്കേണ്ടതിന് - ഒരുവനു നേരെ ഒരു.
വൻ പിറുപിറുക്കരുത്. എന്തെന്നാൽ ന്യായ
വിധി ഇതാ വാതിൽക്കൽ നിൽക്കുന്നു!
10 എൻെറ സഹോദരന്മാരേ, കർത്താവിൻെറ
നാമത്തിൽ സംസാരിച്ചവരായ പ്രവാചക
ന്മാരെ, നിങ്ങളുടെ കഷ്ടതകളിൽ ദീർഘ
ക്ഷമയ്ക്ക് മാതൃകയായി സ്വീകരിച്ചു കൊ
11 ള്ളണം. സഹിച്ചവർ ഭാഗ്യവാന്മാർ എന്നു
നാം പറയുന്നു. ഇയ്യോബിൻെറ സഹനത്തെ
നിങ്ങൾ കേട്ടിട്ടുണ്ട്. കർത്താവ് അദ്ദേഹത്തി
നു നൽകിയ അവസാനം നിങ്ങൾ കണ്ടിട്ടു
മുണ്ട്. എന്തെന്നാൽ കർത്താവു, കാരുണ്യ
വാനും, ദയാലുവുമാകുന്നു.
12 എല്ലാററിലും ഉപരി, എൻെറ സഹോ
ദരന്മാരേ, നിങ്ങൾ ആണയിടരുത്. സ്വർഗ്ഗ
ത്തേയോ, ഭൂമിയേയോ, മറെറന്തിനേയോ
ചൊല്ലി നിങ്ങൾ "സത്യം ചെയ്യരുത്."
പിന്നെയോ, നിങ്ങൾ ശിക്ഷാവിധിയിൽ
അകപ്പെടാതിരിപ്പാനായിട്ട് ഉവ്വ് (എന്നു
പറഞ്ഞാൽ) ഉവ്വ് എന്നും ഇല്ല (എന്നു
പറഞ്ഞാൽ) ഇല്ല എന്നും ആയിരിക്കട്ടെ.

നിങ്ങളിൽ ഒരുവൻ ഞെരുക്കത്തിലെ 13
ങ്കിൽ അവൻ പ്രാർത്ഥിക്കട്ടെ. സന്തോഷി
ക്കുന്നുവെങ്കിൽ അവൻ (സം)കീർത്തനം
പാടട്ടെ. ഒരുവൻ രോഗിയെങ്കിൽ, അവൻ 15
സഭയുടെ കശീശ്ശന്മാരെ വിളിക്കണം. അവർ
അവനുവേണ്ടി പ്രാർത്ഥിക്കുകയും, കർത്താ
വിൻെറ നാമത്തിൽ തൈലം പൂശുകയും
ചെയ്യും. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന 15
രോഗിയെ സുഖപ്പെടുത്തും. കർത്താവ്
അവനെ എഴുന്നേൽപിക്കും. അവൻ പാപ
ങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവനോടു
ക്ഷമിക്കപ്പെടുകയും ചെയ്യും. നിങ്ങൾക്കു 16
സൗഖ്യം ലഭിക്കേണ്ടതിനായി നിങ്ങളുടെ
കുററങ്ങൾ* പരസ്പരം ഏററു പറയുകയും
ഒരുവൻ മറെറാരുവനുവേണ്ടി പ്രാർത്ഥി
ക്കയും ചെയ്യുവിൻ. എന്തെന്നാൽ നീതിമാൻ
പ്രാർത്ഥിക്കുന്ന പ്രാർത്ഥനയ്ക്കു വലിയ
ശക്തിയുണ്ട്.
. ഏലിയായും നമ്മെപ്പോലെ വികാര 17
മുള്ള മനുഷ്യനായിരുന്നു. ഭൂമിയിൽ മഴ
പെയ്യാതിരിപ്പാൻ അദ്ദേഹം പ്രാർത്ഥിച്ചു.
മൂന്നു സംവത്സരവും ആറുമാസവും മഴ
പെയ്തില്ല. വീണ്ടും അദ്ദേഹം പ്രാർത്ഥിച്ചു. 18
ആകാശം മഴ നൽകി — ഭൂമി ഫലങ്ങളും
നൽകി.
എൻെറ സഹോദരന്മാരേ, നിങ്ങളിൽ 19
ഒരുവൻ സത്യമാർഗ്ഗത്തിൽനിന്നു തെറ്റി
പ്പോകയും അവൻെറ വഴിതെററിൽനിന്നും
അവനെ ഒരുവൻ തിരികെ വരുത്തുകയും
ചെയ്താൽ - വഴിതെററിൽനിന്നും ഒരുവ 20
നെ തിരികെ വരുത്തിയവൻ - അവൻെറ
പ്രാണനെ മരണത്തിൽനിന്നു രക്ഷിക്കുക
യും, തൻെറ പാപങ്ങളുടെ ബഹുലതയെ
മായിച്ചുകളയുകയുമാണ് ചെയ്തത് എന്ന
റിഞ്ഞുകൊള്ളട്ടെ.

യാക്കോബ്ശ്ലീഹായുടെ ലേഖനം സമാപ്തം

* പാപങ്ങൾ (Sins) അല്ല; Faults- "കുററങ്ങൾ" അത്രെ. (Scof)

പാഠഭേദം

1	:	5,8,26	4	:	4
2	:	1,8	5	:	3,6,9,16
3	:	6			

വി. പത്രോസിൻെറ ലേഖനങ്ങൾ

ശെമഒാൻ പത്രോസ് (കീപ്പാ. സുറിയാനി): ഗലീലായിലെ ബെത്സൈദാഗ്രാമക്കാരനും നഫ്താലി ഗോത്രക്കാരനായ യോനായുടെ പുത്രനും, തീബേറിയോസ് കടലിൽ മത്സ്യം പിടുത്തക്കാരനും, അന്ത്രയോസിൻെറ സഹോദരനും, യാക്കോബിൻെറയും യോഹന്നാൻെറയും സഹപ്രവർത്തകനും, യോഹന്നാൻ സ്നാപകൻെറ പ്രവർത്തന കാലത്ത്, അദ്ദേഹത്തിൻെറ ശിഷ്യനുമായിരുന്നു. കപ്പർന്നഹോമിൽ തൻെറയോ തൻെറ അമ്മാവിയമ്മയുടേതോ വകയായുണ്ടായിരുന്ന ഗൃഹമായിരുന്നു നമ്മുടെ കർത്താവ് ആ പ്രദേശങ്ങളിൽ പ്രവർത്തിച്ചപ്പോൾ കേന്ദ്രമായി ഉപയോഗിച്ചിരുന്നത്. പുതിയ നിയമത്തിൽനിന്നും അദ്ദേഹത്തിൻെറ ചില പ്രത്യേകതകൾ മാത്രം ഇവിടെ ചൂണ്ടിക്കാണിക്കുന്നു:

1. കർത്താവു പ്രഥമദർശനത്തിൽതന്നെ, 'പാറ' എന്നർത്ഥമുള്ള കീപ്പാ എന്ന പേരു നൽകി. (2) സഭാസ്ഥാപനത്തെക്കുറിച്ചും സ്വർഗ്ഗരാജ്യത്തിൻെറ താക്കോൽ സംബന്ധിച്ചും ശീമോനോടുള്ള പ്രസ്താവന (3) പുനരുത്ഥാനശേഷം തൻെറ ആടുകളെയെല്ലാം മേയിക്കുവാനുള്ള അധികാരദാനം (4) 12 ശ്ലീഹന്മാരിൽ പത്രോസിനു മാത്രമാണ് ദിവ്യവെളിപാടുകൾ ഉണ്ടായത്. 1. "യേശു ദൈവപുത്രൻ" എന്ന വെളിപാട് 2. മറുരൂപമലയിൽ കർത്താവിനോടു സംസാരിച്ചുകൊണ്ടിരുന്നവർ, മോശയും ഏലിയായും ആണെന്നുള്ള അറിവ്. 3. അനന്യാസും ശഫീറായും പരിശുദ്ധാത്മാവിനോടു വഞ്ചന ചെയ്തു എന്നുള്ള അറിവ്, 4. യേശുവിൻെറ സംസ്കാരത്തിനും പുനരുത്ഥാനത്തിനുമിടയ്ക്കുള്ള തൻെറ പാതാളപ്രവേശനവും, പ്രസംഗവും മനസ്സിലാക്കിയത്. 5. വിജാതീയരുടെ ഇടയിലുള്ള സുവിശേഷഘോഷണത്തെപ്പറ്റി യോപ്പായിൽവച്ചുള്ള വെളിപ്പാട്. (6). കർത്താവ് ശീമോനുവേണ്ടി അത്ഭുതകരമായി തലവരിപ്പണം കൊടുപ്പിച്ചു. (7) പെന്തിക്കോസ്തി ദിവസം ആദ്യമായി പ്രസംഗിച്ച് മൂവായിരത്തോളം പേരെ സഭയിൽ ചേർത്തതു പത്രോസായിരുന്നു. (8) ശ്ലീഹാ, പ്രവൃത്തികളിൽ യൂദായ്ക്കു പകരം ആളിനെ തെരഞ്ഞെടുക്കണമെന്നു നിർദ്ദേശിച്ചത് കീപ്പാ ആയിരുന്നു. (9) വിജാതിയരുടെ സഭാപ്രവേശനത്തെക്കുറിച്ച് തീരുമാനമെടുക്കുവാൻ യറുശലേമിൽ ചേർന്ന യോഗത്തിൽ കാര്യം അവതരിപ്പിച്ചു ചർച്ച ചെയ്തതും അദ്ദേഹമായിരുന്നു. (10) ശ്ലീഹന്മാരുടെ ലിസ്റ്റിൽ കീപ്പായുടെ പേര് എപ്പോഴും ഒന്നാമതായി പ്രസ്താവിച്ചിരിക്കുന്നു.

ഇദ്ദേഹം തൻെറ പിൻഗാമികളായി ഏവദ്യോസിനേയും ഇഗ്നാത്യോസിനേയും അന്ത്യോക്യായിലും, ലീനോസിനേയും അനക്ലത്തോസിനേയും റോമിലും വാഴിച്ചുവെന്നും മർക്കോസിനെ അലക്സന്ത്ര്യായ്ക്ക് അയച്ചുവെന്നും, നീറോചക്രവർത്തിയുടെ മതപീഡനകാലത്ത് ക്രി. 68-ൽ റോമിൽവച്ചു രക്തസാക്ഷിയായി മരിച്ചുവെന്നും, തന്നെ ക്രൂശിക്കുവാൻ പട്ടാളക്കാർ ആരംഭിച്ചപ്പോൾ തൻെറ നാഥനെപ്പോലെ ക്രൂശിൽ കിടക്കുവാൻ താൻ അയോഗ്യനാണെന്നും തൻെറ നാഥൻെറ പാദം മുത്തുന്നതുപോലെ, തലകീഴായി ക്രൂശിക്കണമെന്നും അപേക്ഷിക്കയാൽ തലകീഴായി ക്രൂശിച്ചുവെന്നും സഭാചരിത്രം പറയുന്നു.

മറ്റൊരു സുപ്രധാന വസ്തുത-പത്രോസ് യേശുവിനെക്കുറിച്ചു പറഞ്ഞിട്ടുള്ളവയാണ് മർക്കോസിൻെറ സുവിശേഷത്തിൻെറ ഉള്ളടക്കം. റോമിൽ മർക്കോസ്, പത്രോസിൻെറ കൂട്ടുകാരനായിരുന്നുവെന്നും, താൻ എഴുതിയ സുവിശേഷം പത്രോസിനെ വായിച്ചു കേൾപ്പിച്ച് അനുവാദം വാങ്ങിയെന്നുമാണ് ചരിത്രം.

വിഷയവിവരം

അദ്ധ്യായം 1: 3-12 ക്രൈസ്തവ സഭയുടെ മഹിമ. 13 മുതൽ അദ്ധ്യായം 2:10 വരെ സ്വർഗ്ഗീയ പിതാവിനെ അനുസരിച്ച് ക്രിസ്തീയമായി നടക്കണം. 2:11 മുതൽ, ക്രൈസ്തവർ

അന്യമതക്കാരുടെ ദൃഷ്ടിയിൽ കുറ്റമറ്റവരായിരിക്കണം, ന്യായാധിപന്മാർ മുതലായവരെ എല്ലാം ബഹുമാനിക്കണം. യജമാന-ദാസബന്ധം; ഭാര്യാഭർത്തൃബന്ധം, സംബന്ധിച്ച കാര്യങ്ങൾ. സമാധാനവും സ്നേഹവും വേണം എന്ന് അദ്ധ്യായം 3:12 വരെയുള്ള ഭാഗത്ത് ഉൽബോധിപ്പിക്കുന്നു. 18-22 മ്ശിഹായുടെ പാതാള പ്രവേശനം.

അദ്ധ്യായം 4: 7-11 ദൈവികസംസർഗ്ഗവും മറ്റുള്ളവർക്കു സഹായം നൽകുന്നതും 12-19 തിന്മമൂലമുള്ള ഉപദ്രവം സഹിക്കുന്നതിൽ പ്രയോജനമില്ല. നന്മ ചെയ്യുന്നതുമൂലം ഉപദ്രവമുണ്ടാകുന്നുവെങ്കിൽ നല്ലത്. ദൈവകരങ്ങളിൽ സ്വയം സമർപ്പിക്കുക.

അദ്ധ്യായം 5. 1-14 സഭയിലെ കശീശന്മാർക്കും മറ്റുള്ളവർക്കും ദൈവഭക്തിയും നല്ലനടപടിയും ഉണ്ടായിരിക്കണം. ഉപദ്രവങ്ങളിൽ സഹിഷ്ണുതയും, ഉത്സാഹവും പ്രത്യാശയും ഉണ്ടായിരിക്കണം. ആശംസകൾ.

2-ാം ലേഖനം

അദ്ധ്യായം 1: 1-14 മഹത്തായ ക്രിസ്തീയസുകൃത ജീവിതം. 15-21 മഹത്തായ സുവിശേഷത്തിന്റെ മേന്മ-വ്യക്തിപരമായ വ്യാഖ്യാനത്തിന്നു സ്ഥാനമില്ല.

അദ്ധ്യായം 2. വ്യാജഉപദേഷ്ടാക്കന്മാർക്കു എതിരായ മുന്നറിയിപ്പ്. 1-14 പലരും അവരെ അനുഗമിക്കും. 15-16 അവർ ബലയാമിനെപ്പോലെ. 17 അവർ വെള്ളമില്ലാത്ത കിണർ. 19-21 വചനം അറിഞ്ഞശേഷമുള്ള പിന്മാറ്റക്കാരുടെ അന്ത്യം കഷ്ടതരം. 22 പലരും അവരുടെ പിന്നാലെ തെറ്റിപ്പോകും.

അദ്ധ്യായം 3: നമ്മുടെ കർത്താവിൻെറ പുനരാഗമനദിനം.

പത്രോസ് ശ്ലീഹായുടെ ഒന്നാം ലേഖനം

അദ്ധ്യായം 1

1 യേശുമ്ശീഹായുടെ ശ്ലീഹായായ
പത്രോസ്, പൊന്തോസിലും ഗലാത്യായി
ലും, കപ്പദോക്യായിലും, ആസിയായിലും
ബിഥുന്യായിലുമായി ചിതറിപ്പാർക്കുന്ന
തിരഞ്ഞെടുക്കപ്പെട്ടവരും പ്രവാസികളു
2 മായ വിശുദ്ധർക്ക് - യേശുമ്ശീഹായെ
അനുസരിപ്പാനും, തൻെറ രക്തത്താൽ
തളിക്കപ്പെടുവാനും വേണ്ടി, പിതാവായ
ദൈവത്തിൻെറ മുന്നറിവിൻപ്രകാരം,
ആത്മാവിൻെറ വിശുദ്ധീകരണം മൂലം
തിരഞ്ഞെടുക്കപ്പെട്ടവർക്ക് (എഴുതുന്നത്:)
കൃപയും സമാധാനവും നിങ്ങൾക്കു
വർദ്ധിക്കുമാറാകട്ടെ.
3 നമ്മുടെ കർത്താവായ യേശുമ്ശീഹാ
യുടെ പിതാവാം ദൈവം സ്തുത്യനാകുന്നു.
4 ജീവൻെറ പ്രത്യാശയ്ക്കും, അക്ഷയവും
നിർമ്മലവും വാടാത്തതും സ്വർഗ്ഗത്തിൽ
നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്നതു
മായ അവകാശത്തിനുമായി - താൻ തൻെറ
മഹാകരുണയാൽ കർത്താവേശുമ്ശീഹാ
യുടെ പുനരുത്ഥാനംമൂലം - നമ്മെ വീണ്ടും
ജനിപ്പിച്ചിരിക്കുന്നു.
5 ഈ കാലങ്ങളിൽ നിങ്ങൾക്കു വന്നു
ചേരുന്ന പലവിധ പരീക്ഷകളാൽ നിങ്ങൾ
അല്പം ദുഃഖിതരാണെങ്കിൽതന്നെയും
അവസാനകാലത്തു വെളിപ്പെടുവാനിരി
6 ക്കുന്ന ജീവനിൽ നിങ്ങൾ എന്നേക്കും
സന്തോഷിപ്പാനായിട്ട് ദൈവത്തിൻെറ
ശക്തിയാലും, വിശ്വാസംമൂലവും നിങ്ങൾ
7 സുരക്ഷിതരായിരിക്കുന്നു. അഗ്നിയാൽ
ശോധനചെയ്യപ്പെട്ട സ്വർണ്ണത്തേക്കാളും
അതിവിശിഷ്ടമാണ് നിങ്ങളുടെ വിശ്വാസ
ത്തിൻെറ പരിശോധന എന്ന (കാര്യം) യേശു
മ്ശീഹായുടെ പ്രത്യക്ഷതയിങ്കൽ നിങ്ങ
ളുടെ, പുകഴ്ചയ്ക്കും ബഹുമാനത്തിനും,
മഹത്വത്തിനുമായി ഭവിക്കും. നിങ്ങളുടെ
8 വിശ്വാസത്തിൻെറ പ്രതിഫലം - അതെ,
നിങ്ങളുടെ ആത്മരക്ഷ പ്രാപിക്കേണ്ടതിന്,
9 നിങ്ങൾ കണ്ടിട്ടില്ലാത്തവനെ നിങ്ങൾ
സ്നേഹിക്കുകയും, അവനിലുള്ള വിശ്വാ
സത്താൽ, വർണ്ണിക്കാവതല്ലാത്ത മഹ
ത്തായ സന്തോഷത്തോടുകൂടി നിങ്ങൾ
ആനന്ദിക്കുകയുംചെയ്യുന്നു.
നിങ്ങൾക്ക് നൽകപ്പെടേണ്ടിയിരുന്ന 10
കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ
ആ ജീവനെ അന്വേഷിച്ചു. മ്ശീഹായ്ക്കു 11
സംഭവിപ്പാനിരുന്ന കഷ്ടതകളെയും,
പിന്നീട് വരുന്ന മഹത്വത്തേയും, അവരിൽ
വസിച്ചിരുന്ന മ്ശീഹായുടെ ആത്മാവ്
മുൻകൂട്ടി സാക്ഷിച്ചപ്പോൾ സൂചിപ്പിച്ചു
അവർ ആരാഞ്ഞുകൊണ്ടിരുന്നതെല്ലാം 12
അവർക്കു വെളിപ്പെട്ടു. എന്തെന്നാൽ
അവർക്കായിട്ടല്ല - നമുക്കായിട്ടത്രെ അവർ
അന്വേഷിക്കുകയും പ്രവചിക്കയും ചെയ്തിരു
ന്നത്. സ്വർഗ്ഗത്തിൽനിന്നും അയയ്ക്കപ്പെട്ട
പരിശുദ്ധാത്മാവുമൂലം ഞങ്ങൾ നിങ്ങളോ
ടറിയിച്ചവ വഴിയായി അവ ഇപ്പോൾ നി
ങ്ങൾക്കു പ്രത്യക്ഷമായിരിക്കുന്നു. അവ
യിലേയ്ക്കു നോക്കുവാൻ മാലാഖമാർ
പോലും ആഗ്രഹിക്കുന്നു.
ആകയാൽ നിങ്ങൾ നിങ്ങളുടെ 13
മനസ്സുകളുടെ അരമുറുക്കി പൂർണ്ണമായും
ഉണർന്നിരിപ്പിൻ. നമ്മുടെ കർത്താവായ
യേശുമ്ശീഹായുടെ പ്രത്യക്ഷതയിങ്കൽ
നിങ്ങൾക്കു വരാനിരിക്കുന്ന സന്തോഷ
ത്തെക്കുറിച്ചു പ്രത്യാശയുള്ളവരായിരിപ്പിൻ.
അത് അനുസരണമുള്ള മക്കളെപ്പോലെ
ആയിരിക്കട്ടെ.
അറിവില്ലായ്മയോടെ, നിങ്ങൾ ആഗ്ര 14
ഹിച്ചിരുന്ന മുൻകാലമോഹങ്ങളുമായി
ഇനി വീണ്ടും നിങ്ങൾ ബന്ധപ്പെടരുത്.
ആകയാൽ നിങ്ങളെ വിളിച്ചവൻ പരിശുദ്ധ 15
നായിരിക്കുന്നതുപോലെ, എല്ലാ ചര്യക
ളിലും നിങ്ങൾ പരിശുദ്ധരായിരിക്കണം.
എന്തെന്നാൽ - 'ഞാൻ പരിശുദ്ധനാ 16
യിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധ
രായിരിക്കണം' എന്ന് എഴുതപ്പെട്ടിരിക്കുന്നു.
മുഖപക്ഷമില്ലാത്തവനും, ഓരോരു 17
വനേയും പ്രവൃത്തികൾക്കനുസരണമായി
വിധിക്കുന്നവനുമായവനെ 'പിതാവ്' എന്നു

നിങ്ങൾ വിളിക്കുന്നുവെങ്കിൽ - നിങ്ങളുടെ
പ്രവാസത്തിൻെറ ഈ കാലത്ത് ഭക്തി
18 യോടെ നടന്നുകൊള്ളണം. നിങ്ങളുടെ
പിതാക്കന്മാരിൽനിന്നു നിങ്ങൾ പ്രാപിച്ച
വ്യർത്ഥ കർമ്മങ്ങളിൽനിന്നു നിങ്ങൾ രക്ഷ
പ്രാപിച്ചത് നശ്വരമായ ദ്രവ്യത്താലോ
19 സ്വർണ്ണത്താലോ അല്ല; പിന്നെയോ
മ്ശീഹായെന്ന നിർമ്മലവും കറയില്ലാ
ത്തതുമായ കുഞ്ഞാടിൻെറ വിലയേറിയ
രക്തത്താൽ അത്രെ എന്നു നിങ്ങൾ അറി
20 യുന്നു. താൻ ലോകാരംഭത്തിനു മുമ്പു
തന്നെ ഇതിന്നായി മുൻകൂട്ടി നിയമിത
നായിരുന്നു. കാലങ്ങളുടെ അവസാനം,
നിങ്ങൾക്കുവേണ്ടി താൻ വെളിപ്പെട്ടു.
21 നിങ്ങളുടെ വിശ്വാസവും പ്രത്യാശയും,
ദൈവത്തിൽ ആയിരിപ്പാൻ തക്കവണ്ണം -
മ്ശീഹായെ മരിച്ചവരുടെ ഇടയിൽ നിന്നും
ഉയിർപ്പിക്കുകയും, മഹിമ നൽകുകയും
ചെയ്ത ദൈവത്തിൽ താൻവഴിയായി
22 നിങ്ങൾ വിശ്വസിച്ചു. സത്യത്തെ അനുസരി
ക്കുക മൂലം നിങ്ങളുടെ ആത്മാക്കൾ
വിശുദ്ധമായിരിക്കണം. നിർമലവും പൂർണ്ണ
വുമായ ഹൃദയത്തോടെ നിങ്ങൾ അന്യോ
ന്യം സ്നേഹിക്കത്തക്കവണ്ണം, നിങ്ങളുടെ
ആത്മാക്കൾ കപടമില്ലാത്ത സ്നേഹം നിറ
23 ഞ്ഞവയുമായിരിക്കണം. നിങ്ങൾ ക്ഷയിച്ചു
പോകുന്ന ബീജത്താലല്ല, അക്ഷയമായ
ബീജത്താൽ —എന്നേക്കും നിലനിൽക്കു
ന്ന ദൈവത്തിൻെറ ജീവനുള്ള വചന
24 ത്താൽ—വീണ്ടും ജനിച്ചവരാകുന്നു. എല്ലാ
ജഡവും പുല്ലുപോലെയും അതിൻെറ
എല്ലാ സൗന്ദര്യവും പുഷ്പംപോലെയും
ആകുന്നു. പുല്ല് ഉണങ്ങിപ്പോകുകയും
25 പുഷ്പം വാടി വീഴുകയും ചെയ്യും. നമ്മുടെ
ദൈവത്തിൻെറ വചനം എന്നേക്കും നില
നിൽക്കുന്നതാകുന്നു. ഇതാകുന്നു നിങ്ങ
ളെ അറിയിച്ചിട്ടുള്ള വചനം.

അദ്ധ്യായം 2

1 ആകയാൽ—നിങ്ങളിൽനിന്നും എല്ലാ
തിന്മയും, എല്ലാവിധ വഞ്ചനയും, മുഖ
പക്ഷവും, അസൂയയും, ഏഷണിയും
2 അകററിക്കളയണം. ഇപ്പോൾ ജനിച്ച ശിശു
3 ക്കളെപ്പോലെ ആയിത്തീരണം. പരിശു
ദ്ധവും ആത്മീകവുമായ പാൽ എന്നതു
പോലെ, ജീവനിലേക്കു വളർത്തപ്പെടു
വാനായി ആ വചനത്തിന്നായി ആഗ്രഹി
ക്കയും വേണം. കർത്താവ് നല്ലവൻ എന്നു 4
നിങ്ങൾ രുചിച്ചറിഞ്ഞിട്ടുണ്ടല്ലോ. മനുഷ്യർ
നിരസിച്ചു കളഞ്ഞതും, ദൈവസന്നിധി
യിലാകട്ടെ, തിരഞ്ഞെടുക്കപ്പെട്ടതും, മാന്യ
വുമായ "ജീവനുള്ള കല്ല്" ആകുന്ന തന്നോ 5
ടല്ലോ നിങ്ങൾ അടുത്തു വന്നിരിക്കുന്നത്.
നിങ്ങളും ജീവനുള്ള കല്ലുകൾപോലെ
(ചേർത്തു) പണിയപ്പെടണം. ദൈവസന്നി
ധിയിൽ യേശുമ്ശീഹാ മുഖാന്തരം സ്വീ
കാര്യങ്ങളായ ആത്മികബലികൾ അർപ്പി
ക്കുവാൻ തക്കവണ്ണം നിങ്ങൾ ആത്മിക
ആലയങ്ങളും, വിശുദ്ധ ആചാര്യന്മാരും[1]
ആയി തീരുവിൻ.

തിരുവെഴുത്തിൽ ഇങ്ങനെ പറഞ്ഞിരി
ക്കുന്നു: "ശ്രേഷ്ഠവും മാന്യവുമായ മൂല 6
ക്കല്ലിനെ ഞാൻ സെഹിയോനിൽ സ്ഥാ
പിക്കുന്നു. അതിൽ വിശ്വസിക്കുന്നവൻ
ലജ്ജിച്ചുപോകയില്ല." ആകയാൽ വിശ്വസി 7
ക്കുന്നവരായ നിങ്ങൾക്ക് ഈ ബഹുമാനം
നൽകപ്പെട്ടിരിക്കുന്നു. അനുസരിക്കാത്ത 8
വർക്കാകട്ടെ-അതു ഇടർച്ചക്കല്ലും തടങ്ങൽ
പാറയുമാകുന്നു. അവർ ഏതിനായി നിയ
മിക്കപ്പെട്ടിരിക്കുന്നുവോ, ആ വചനത്തെ
അവർ അനുസരിക്കായ്കയാൽ അതിൽ
തട്ടി വീഴുന്നു. നിങ്ങളാകട്ടെ, അന്ധകാര 9
ത്തിൽനിന്നു തൻെറ അത്ഭുതപ്രകാശത്തി
ലേക്കു വിളിച്ചവൻെറ മഹത്വങ്ങൾ പ്രഘോ
ഷിക്കുവാൻ രാജ്യത്തിന്നായി പുരോഹിത
ശുശ്രൂഷ ചെയ്യുന്ന തെരഞ്ഞെടുക്കപ്പെട്ട
വർഗ്ഗവും, വിശുദ്ധ ജനവും രക്ഷിക്കപ്പെട്ട
കൂട്ടവുമാകുന്നു[2]. മുമ്പെ, നിങ്ങൾ സ്വ 10
ജനമായി ഗണിക്കപ്പെട്ടവരല്ലായിരുന്നു -
ഇപ്പോഴോ - ദൈവത്തിൻെറ ജനം. നിങ്ങൾ
കരുണ ലഭിക്കാത്തവരായിരുന്നു - ഇപ്പോ
ഴോ കരുണ നിങ്ങളുടെ മേൽ ചൊരിയപ്പെ
ട്ടിരിക്കുന്നു.

എൻെറ വത്സലരേ, ഞാൻ നിങ്ങളോട് 11
അപേക്ഷിക്കുന്നു. ആത്മാവിനോടു പോ
രാട്ടം നടത്തുന്ന എല്ലാ ജഡമോഹങ്ങ
ളിൽനിന്നും അന്യരും പ്രവാസികളുമെന്ന
പോലെ വിട്ടകലണം. സർവ്വ മനുഷ്യരു
ടെയും മുമ്പിൽ നിങ്ങളുടെ നടപടികൾ 12
നന്നായിരിക്കണം. അങ്ങനെ, നിങ്ങൾക്കെ
തിരായി ദുഷിച്ച വാക്കുകൾ പറയുന്നവർ
നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ടിട്ട്,
പരിശോധനാദിവസത്തിൽ ദൈവത്തെ
സ്തുതിപ്പാൻ ഇടയാകട്ടെ.

1. കൊഹനെ കാദീശെ.
2. ശർബ്തോ ഗ്ബീസൊ ദമ്കഹനൊ ല്മൽകൂസോ.

13 ദൈവം നിമിത്തമായി എല്ലാ മനു
ഷ്യർക്കും, അധികാരം നിമിത്തമായി രാജാ
ക്കന്മാർക്കും; കുററക്കാരുടെ ശിക്ഷയ്ക്കും,
നന്മചെയ്യുന്നവരുടെ മഹിമയ്ക്കുമായി അവ
14 നാൽ അയക്കപ്പെടുന്നവരാകയാൽ ന്യായാ
ധിപർക്കും, കീഴ്പെടണം.
15 നിങ്ങൾ നന്മ ചെയ്തുകൊണ്ട്, ദൈവ
ത്തെ അറിയാത്ത ഭോഷന്മാരുടെ വായട
യ്ക്കണം.(മിണ്ടാതാക്കണം) എന്നുള്ള
താണ് ദൈവത്തിൻെറ ഇഷ്ടം.
16 സ്വാതന്ത്ര്യം, തിന്മയ്ക്കു മറയായിരിക്കു
ന്നവരെപ്പോലെയല്ല - സ്വതന്ത്രരെപ്പോലെ-
ദൈവത്തിൻെറ ദാസന്മാരെപ്പോലെ -
എല്ലാവരെയും ബഹുമാനിപ്പിൻ - നിങ്ങ
17 ളുടെ സഹോദരന്മാരെ സ്നേഹിപ്പിൻ -
ദൈവത്തെ ഭയപ്പെടുവിൻ - ഭരണാധിപ
18 ന്മാരെ ബഹുമാനിക്കുവിൻ, ദാസന്മാരേ
നിങ്ങളുടെ യജമാനന്മാർക്ക് ഭക്തി യോടെ
കീഴ്പെട്ടിരിപ്പിൻ. അതു നല്ലവർക്കും വിനീ
തന്മാർക്കും മാത്രം പോരാ, കഠിനന്മാർക്കും
ഉപദ്രവികൾക്കും കൂടി (കീഴ്പ്പെട്ടിരിപ്പിൻ).
19 എന്തെന്നാൽ, അന്യായമായി തങ്ങളുടെ
മേൽ വന്നുകൂടുന്ന ദുഃഖങ്ങളെ നല്ല മനഃ
സാക്ഷി നിമിത്തം സഹിക്കുന്നവർക്കു
20 ദൈവമുമ്പാകെ കൃപയുണ്ട്. എന്നാൽ
സ്വന്ത കുററങ്ങൾ നിമിത്തം ഞെരുക്കങ്ങൾ
സഹിക്കേണ്ടിവരുന്നവർക്ക് എന്തു മഹിമ
യാണുള്ളത്? നിങ്ങൾ നല്ല കാര്യങ്ങൾ
ചെയ്യുകയും മനുഷ്യൻ നിങ്ങളെ ഉപദ്രവി
ക്കുകയും, നിങ്ങൾ സഹിക്കുകയും ചെയ്യു
മ്പോഴോ, നിങ്ങളുടെ മഹിമ ദൈവസന്നി
21 ധിയിൽ വർദ്ധിക്കുന്നു. ഇതിന്നായിട്ടുതന്നെ
യാകുന്നു നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്.
മ്ശീഹായും നമുക്കുവേണ്ടി മരിക്കയും,
നിങ്ങൾ തൻെറ പിന്നടികളിലൂടെ നട
ക്കേണ്ടതിന്, ഈ മാതൃക വെച്ചിട്ടു പോ
22 കയും ചെയ്തിരിക്കുന്നു. താൻ പാപം
ചെയ്തിട്ടില്ല. തൻെറ വായിൽ വഞ്ചന
23 കണ്ടെത്തപ്പെട്ടുമില്ല. താൻ നിന്ദിക്കപ്പെ
ട്ടിട്ടും താൻ നിന്ദിച്ചില്ല. താൻ കഷ്ടതയനുഭ
വിച്ചു; താൻ (ആരോടും) ഭീഷണി കാണിച്ചി
ല്ല. പിന്നെയോ, തൻെറ വിധി നീതിയുള്ള
ന്യായാധിപനു ഭരമേൽപ്പിക്കയത്രെ ചെ
24 യ്തത്. നാം പാപത്തിൽ മരിച്ചിട്ട് തൻെറ
നീതിമൂലം നാം ജീവിക്കേണ്ടതിന്ന് താൻ
നമ്മുടെ പാപങ്ങളെയെല്ലാം വഹിക്കുകയും
തൻെറ ശരീരത്തിൽ അവയെ ക്രൂശിലേക്കു
കരേററുകയും ചെയ്തു. താൻ അടിയേററു
ണ്ടായ മുറിവുകളാൽ നിങ്ങൾക്കു സൗഖ്യം
25 വന്നിരിക്കുന്നു. നിങ്ങൾ ആടുകളെപ്പോലെ
വഴിതെററിപ്പോയിരുന്നു. ഇപ്പോഴോ നിങ്ങ
ളുടെ ആത്മാക്കളുടെ ഇടയനും, ഭരണ
കർത്താവുമായവൻെറ അടുക്കലേക്കു
മടങ്ങി വന്നിരിക്കുന്നു.

അദ്ധ്യായം 3

സ്ത്രീകളേ, നിങ്ങളും നിങ്ങളുടെ 1
ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കണം.
അവർ വചനം അനുസരിക്കാതിരിക്കുന്നവ 2
രാണെങ്കിൽപോലും നിങ്ങളുടെ നല്ല പെരു
മാററങ്ങൾമൂലം - നിങ്ങൾ ഭക്തിയോടും
പരിപാകതയോടുംകൂടി നടക്കുന്നതു
അവർ കാണുമ്പോൾ നിഷ്പ്രയാസം
അവരെ നിങ്ങൾക്കു നേടിയെടുക്കാം.
പിന്നിയ മുടി, സ്വർണ്ണാഭരണങ്ങൾ, മോടി 3
യേറിയ വസ്ത്രങ്ങൾ മുതലായ ബാഹ്യാല
ങ്കാരങ്ങളാലല്ല നിങ്ങൾ അലങ്കൃതരാകേ
ണ്ടത് - പിന്നെയോ, ദൈവസന്നിധിയിൽ 4
വിശിഷ്ടാലങ്കാരമായ, അക്ഷയമായ
വിനീത ആത്മാവിനാൽ നിങ്ങൾ ഹൃദയ
മാകുന്ന ആന്തരികമനുഷ്യനിൽ അലങ്കൃ
തരാകുവിൻ. എന്തെന്നാൽ ഇങ്ങനെയാണ് 5
മുമ്പുമുതൽ ദൈവത്തിൽ പ്രത്യാശ വച്ച
വിശുദ്ധ സ്ത്രീകൾ അവരുടെ ആത്മാ
ക്കളെ അലങ്കരിച്ചിരുന്നതും, അവരുടെ
ഭർത്താക്കന്മാർക്കു കീഴ്പെട്ടിരുന്നതും.
ഇതുപോലെ, സാറായും അബ്രഹാമിന് 6
കീഴ്വഴങ്ങിയിരിക്കുകയും, അദ്ദേഹത്തെ
'എൻെറ നാഥാ' എന്നു വിളിക്കുകയും ചെ
യ്തിരുന്നു. നിങ്ങൾ യാതൊരു ഭയംകൊണ്ടും
ഇളകിപ്പോകാതിരുന്നാൽ സൽപ്രവൃത്തിക
ളാൽ, അവൾക്കു പുത്രിമാരായിത്തീരാം.
ഇങ്ങനെതന്നെ പുരുഷന്മാരെ, നിങ്ങൾ 7
വിവേകത്തോടെ നിങ്ങളുടെ ഭാര്യമാരുടെ
കൂടെ വസിപ്പിൻ. നിങ്ങളുടെ പ്രാർത്ഥനക
ളിൽ നിങ്ങൾ ഇടറിപ്പോകാതിരിക്കേണ്ടതി
ന്, ബലഹീനപാത്രങ്ങൾ എന്നതുപോലെ
ആദരവോടെ അവരെ കരുതണം. എന്തെ
ന്നാൽ അവരും നിങ്ങളോടൊപ്പം നിത്യജീവ
ൻെറ ദാനം അവകാശിക്കുന്നവരാണല്ലോ.
ചുരുക്കിപ്പറഞ്ഞാൽ: നിങ്ങൾ എല്ലാ 8
വരും ഐക്യത്തിൽ ആയിരിക്കണം -
കഷ്ടപ്പെടുന്നവരോടുകൂടെ കഷ്ടപ്പെടു
ന്നവരും പരസ്പരം സ്നേഹിക്കുന്നവരും,
മനസ്സലിവുള്ളവരും വിനീതരും ആയിരി
ക്കണം. ആരോടും തിന്മയ്ക്കു പകരം തിന്മ 9
നിങ്ങൾ പ്രതികാരമായി ചെയ്യരുത്. പരിഹാ
സങ്ങൾക്കു പകരം പരിഹാസവും അരുത്.
എന്നാൽ ഇവയ്ക്കെല്ലാം വിപരീതമായി
നിങ്ങൾ അനുഗ്രഹിക്കുന്നവരായിരിക്കണം.

എന്തെന്നാൽ അനുഗ്രഹം അവകാശിപ്പാൻ
വിളിക്കപ്പെട്ടവരാണല്ലോ, നിങ്ങൾ.
10 ജീവനെ ആഗ്രഹിക്കുകയും, നല്ല നാളു
കൾ കാണുവാൻ ഇച്ഛിക്കുകയും ചെയ്യു
ന്നവൻ - തന്റെ നാവിനെ തിന്മയിൽനിന്നും
തന്റെ അധരങ്ങൾ വഞ്ചന സംസാരി
ക്കുന്നതിൽനിന്നും സൂക്ഷിച്ചു കൊള്ള
ണം. അവൻ തിന്മയിൽനിന്നും വിട്ടുമാറി നന്മ
11 ചെയ്യണം. അവൻ സമാധാനം അന്വേഷിച്ച്
12 അതിനെ പിൻതുടരുകയും വേണം. എന്തെ
ന്നാൽ കർത്താവിന്റെ കണ്ണുകൾ നീതിമാ
ന്മാരുടെ മേലും അവന്റെ ചെവികൾ
അവരെ കേൾക്കുവാനും (തുറന്നിരിക്കുന്നു)
കർത്താവിന്റെ തിരുമുഖം ദുഷ്ടന്മാർക്കെ
13 തിരായും ഇരിക്കുന്നു. സത്കാര്യങ്ങളിൽ
നിങ്ങൾ തീക്ഷ്ണതയുള്ളവരാണെങ്കിൽ
നിങ്ങളോടു തിന്മചെയ്യുവാൻ ആരുണ്ട്?
14 നീതിക്കു വേണ്ടി നിങ്ങൾ കഷ്ടം അനു
ഭവിക്കുന്നുവെങ്കിൽ നിങ്ങൾ ഭാഗ്യശാലി
കൾതന്നെ. നിങ്ങളെ ഭയപ്പെടുത്തുന്നവരെ.
ഭയപ്പെടരുത്. നിങ്ങൾ സംഭ്രമിക്കുകയുമരു
ത്. പിന്നെയോ, കർത്താവായ മ്ശിഹായെ
നിങ്ങളുടെ ഹൃദയങ്ങളിൽ ശുദ്ധീകരിപ്പിൻ
15 (സ്തുതിപ്പിൻ). നിങ്ങളുടെ വിശ്വാസ
ത്തിന്റെ പ്രത്യാശയെക്കുറിച്ചു വിശദീകര
ണം ചോദിക്കുന്ന ഏവരോടും, താഴ്മയോ
ടും ഭക്തിയോടും കൂടെ ഉത്തരം പറയു
16 വാൻ ഒരുങ്ങിയിരിക്കണം. ദുഷ്ടമനുഷ്യർ
എന്നപോലെ നിങ്ങൾക്കെതിരായി സംസാ
രിക്കുന്നവർ —മ്ശിഹായിലുള്ള നിങ്ങ
ളുടെ നല്ല നടപടികളെ ദുഷിക്കുന്ന
വർ ലജ്ജിക്കുമാറ് നിങ്ങൾക്ക് നല്ല
17 മനഃസാക്ഷി ഉണ്ടായിരിക്കണം. നിങ്ങൾ
ദുഷ്പ്രവൃത്തികൾ ചെയ്യുമ്പോഴല്ല, നിങ്ങൾ
സത്പ്രവൃത്തികൾ ചെയ്യുമ്പോൾ, ഞെരു
ക്കങ്ങൾ അനുഭവിക്കേണ്ടിവരും എന്നാ
ണു ദൈവേഷ്ടമെങ്കിൽ അതു നിങ്ങൾക്കു
18 ഗുണകരമാകുന്നു. എന്തെന്നാൽ നിങ്ങളെ
ദൈവത്തോട് അടുപ്പിക്കുവാനായി പാപി
കൾക്കുവേണ്ടി നീതിമാൻ — മ്ശിഹാ —
നമ്മുടെ പാപങ്ങൾക്കുവേണ്ടി ഒരിക്ക
ലായി മരിച്ചു. താൻ ശരീരത്തിൽ മരിക്കു
കയും ആത്മാവിൽ ജീവനുള്ളവനായി
19 രിക്കയും ചെയ്തു. പണ്ട് നോഹിന്റെ
കാലത്ത് അവരുടെ അനുതാപത്തിലുള്ള
പ്രത്യാശ നിമിത്തം പെട്ടകം ഉണ്ടാക്കണം
എന്നു ദൈവത്തിന്റെ ദീർഘക്ഷമ കല്പി
ച്ചതിനെ അനുസരിക്കാതിരുന്നവരും,
പാതാളത്തിൽ ബന്ധിക്കപ്പെട്ടിരുന്നവരു
മായ ആത്മാക്കളോടു താൻ പ്രസംഗിക്കു
കയുംചെയ്തു. ആ പെട്ടകത്തിൽ എട്ട് ആളു 20
കൾ മാത്രമാണ് പ്രവേശിച്ചതും വെള്ള
ത്തിലൂടെ രക്ഷ പ്രാപിച്ചതും. അതിനു സദൃ 21
ശമായി നിങ്ങളും മാമ്മോദീസാമൂലം രക്ഷ
പ്രാപിക്കുന്നു. അത് അഴുക്കിൽനിന്നു
ശരീരത്തെ കഴുകുന്നതുകൊണ്ടല്ല; നിർമ്മ
ലമായ മനഃസാക്ഷിയോടെ ദൈവത്തേയും
യേശുമ്ശിഹായുടെ പുനരുത്ഥാനത്തേയും
ഏറ്റുപറയുന്നതുകൊണ്ടാകുന്നു. താൻ 22
സ്വർഗ്ഗത്തിലേക്കു കരേറി, ദൈവത്തിന്റെ
വലത്തുഭാഗത്ത് ഇരിക്കുന്നു. മാലാഖമാരും,
അധികാരികളും (ശാലീത്തോനെ) ശക്തി
കളും (ഹൈലാവോസൊ) തനിക്കു കീഴ്പെ
ടുത്തപ്പെട്ടിരിക്കുകയുംചെയ്യുന്നു.

അദ്ധ്യായം 4

ആകയാൽ മ്ശിഹാ ജഡത്തിൽ നി 1
ങ്ങൾക്കുവേണ്ടി കഷ്ടമനുഭവിച്ചുവെ
ങ്കിൽ — നിങ്ങളും ഈ ഭാവത്തെത്തന്നെ
ആയുധമായി ധരിക്കണം. ശരീരപ്രകാരം 2
മരിക്കുന്ന ഏവനും എല്ലാ പാപങ്ങളിൽ
നിന്നും വിരമിച്ചിരിക്കുന്നു. ആയത്, ഇനി
മേൽ ശരീരത്തിൽ ഇരിക്കുന്ന കാലമത്രയും,
ദൈവേഷ്ടത്തിനല്ലാതെ, മാനുഷിക മോഹ
ങ്ങൾക്കായി ജീവിക്കുവാനല്ല. കഴിഞ്ഞ 3
കാലത്ത് അതിഭക്ഷണത്തിലും, മദ്യപാന
ത്തിലും, അശുദ്ധിയിലും വെറിക്കൂത്തിലും
പിശാചുസേവയിലുമായി പുറജാതികളുടെ
ഇഷ്ടം നിങ്ങൾ ചെയ്തുകൊണ്ടിരുന്നതു
മതിയാക്കണം. ആദ്യകാലത്തെ ആ 4
ദുർമ്മാർഗ്ഗത്തിൽ ഇപ്പോൾ അവരോടു
കൂടെ നിങ്ങൾ മലിനപ്പെടാതിരിക്കുന്നതു
കൊണ്ട് — നിങ്ങളെക്കുറിച്ച് അവർ
അത്ഭുതപ്പെടുന്നു. നിങ്ങൾക്കെതിരായി
ദൂഷണം പറയുകയും ചെയ്യുന്നു. മരിച്ച 5
വരേയും ജീവനുള്ളവരേയും വിധിപ്പാ
നിരിക്കുന്ന ദൈവത്തിന് അവർ ഉത്തരം
കൊടുക്കേണ്ടിവരും.

ഇതിന്നായിട്ടല്ലോ, മരിച്ചുപോയവ 6
രോടു താൻ സുവിശേഷം അറിയിച്ചത്.
അവർ മനുഷ്യരെപ്പോലെ, ജഡസംബന്ധ
മായി വിധിക്കപ്പെടുകയും, ആത്മാവു
മൂലം, ദൈവത്തിൽ ജീവിക്കുകയും ചെ
യ്‌വാൻ തന്നെ.

*3:21, അതു സ്നാനത്തിനു മുൻകുറി (മലയാളം) ബബ്ഹാവ് തുപ്സോ ഹോയേത്തൂൻ ബ്മാമ്മൂദീസോ.

7 സകലത്തിനും അവസാനം അടുത്തു
പോയി. അതുമൂലം പരിപാകതയുള്ളവരും
പ്രാർത്ഥനയ്ക്കു ജാഗ്രതയുള്ളവരുമായിരി
8 ക്കണം. സർവ്വോപരി, നിങ്ങൾക്കു പരസ്പരം
ഉറ്റ സ്നേഹമുണ്ടായിരിക്കണം. എന്തെ
ന്നാൽ —സ്നേഹം പാപങ്ങളുടെ ബഹു
9 ത്വത്തെ മറയ്ക്കുന്നു. നിങ്ങൾ പിറുപിറുപ്പു
കൂടാതെ സാധുപരദേശികളെ സ്നേഹി
10 ക്കുന്നവരായിരിക്കണം. നിങ്ങളിൽ ഓരോരു
വനും ദൈവത്തിൽനിന്നും പ്രാപിച്ച വരം
മൂലം ദൈവത്തിൻെറ പ്രത്യേക കൃപയുടെ
നല്ല കാര്യസ്ഥന്മാർക്കു ചേരുന്നതുപോലെ
തൻെറ കൂട്ടുകാർക്കു ശുശ്രൂഷ ചെയ്യണം.
11 പ്രസംഗിക്കുന്നവനെല്ലാം, ദൈവത്തിൻെറ
വചനം എന്നതുപോലെ പ്രസംഗിക്കണം.
ശുശ്രൂഷചെയ്യുന്ന ഏവനും, ദൈവം അവ
നു പ്രദാനംചെയ്ത ശക്തിയാൽ എന്നതു
പോലെ ശുശ്രൂഷിക്കണം. നിങ്ങൾ പ്രവർ
ത്തിക്കുന്ന സർവ്വ കാര്യങ്ങളിലും യേശു
മ്ശീഹാമൂലം ദൈവം മഹിമപ്പെടട്ടെ.
എന്നുമെന്നേക്കും മഹത്വവും ബഹുമാ
നവും തൻേറതാകുന്നു.
12 എൻെറ വത്സലരെ, നിങ്ങൾക്കുണ്ടാ
കുന്ന പരീക്ഷണങ്ങളിൽ—എന്തോ ഒരന്യ
കാര്യം നിങ്ങൾക്കു സംഭവിക്കുന്നു എന്നു
വിചാരിച്ചു നിങ്ങൾ അത്ഭുതപ്പെടരുത്.
എന്തെന്നാൽ നിങ്ങളുടെ പരിശോധന
13 യ്ക്കാണ് അവ സംഭവിക്കുന്നത്. എന്നാൽ,
മ്ശീഹായുടെ കഷ്ടാനുഭവങ്ങളിൽ സംബ
ന്ധികളായിത്തീരുന്നതുകൊണ്ട് സന്തോ
ഷിപ്പിൻ. അങ്ങനെ, തൻെറ മഹത്വത്തി
ൻെറ പ്രത്യക്ഷതയിങ്കൽ നിങ്ങൾ സന്തോ
14 ഷിച്ച് ആനന്ദിക്കും. മ്ശീഹായുടെ നാമത്തെ
പ്രതി, നിങ്ങൾ അപമാനിക്കപ്പെടുന്നുവെ
ങ്കിൽ നിങ്ങൾ ഭാഗ്യവാന്മാർ, ദൈവത്തി
ൻെറ മഹത്വമുള്ള ആത്മാവ് നിങ്ങളുടെ
15 മേൽ ആവസിക്കും. നിങ്ങളിൽ ആരും,
കൊലപാതകനോ, മോഷ്ടാവോ, ദുഷ്പ്ര
വൃത്തിക്കാരനോ, എന്ന നിലയിൽ, കഷ്ടത
യനുഭവിക്കേണ്ടിവരരുത്.
16 എന്നാൽ, 'ക്രിസ്ത്യാനി' എന്ന നില
യിൽ കഷ്ടതയനുഭവിക്കേണ്ടിവന്നാൽ
ലജ്ജിക്കരുത് - പിന്നെയോ ഈ നാമ
ത്തിൽ അവൻ ദൈവത്തെ സ്തുതിക്കണം.
17 എന്തെന്നാൽ ദൈവത്തിൻെറ ഭവനത്തിൽ
നിന്നും ന്യായവിധി ആരംഭിക്കുവാൻ കാല
മായിരിക്കുന്നു. അതു നമ്മിൽനിന്നു തുട
ങ്ങുകയാണെങ്കിൽ — ദൈവത്തിൻെറ
സുവിശേഷം അനുസരിക്കാതിരിക്കുന്ന
18 വരുടെ അവസാനം എന്തായിരിക്കും? നീതി
മാൻ കഷ്ടിച്ചു രക്ഷപ്പെടുന്നുവെങ്കിൽ
ദുഷ്ടനും പാപിയും എവിടെ കണ്ടെത്ത
പ്പെടും? ആകയാൽ ദൈവേഷ്ടമനുസരിച്ച് 19
കഷ്ടമനുഭവിക്കുന്നവർ, സൽപ്രവൃ
ത്തികളോടെ അവരുടെ ആത്മാക്കളെ
വിശ്വസ്തനായ സ്രഷ്ടാവ് എന്ന നിലയിൽ
അവനിൽ ഭരമേൽപ്പിക്കട്ടെ.

അദ്ധ്യായം 5

നിങ്ങളുടെ സഹകശ്ശീശയായ ഞാൻ 1
— മ്ശീഹായുടെ കഷ്ടാനുഭവങ്ങളുടെ
സാക്ഷിയും, വെളിപ്പെടുവാനിരിക്കുന്ന
തൻെറ മഹത്വത്തിന് സംബന്ധിയും ആയ
ഞാൻ —നിങ്ങളുടെ ഇടയിലുള്ള കശ്ശീശ
ന്മാരോടു അപേക്ഷിക്കുന്നു.
നിങ്ങൾക്കു ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള 2
ദൈവത്തിൻെറ ആട്ടിൻകൂട്ടത്തെ ആത്മിക
മായി മേയിക്കയും അന്വേഷിക്കുകയും ചെ
യ്യുവിൻ—അതു നിർബന്ധത്താലല്ല; മനഃ
പൂർവ്വമായും, നീചലാഭങ്ങളെ കരുതിയല്ല;
നിങ്ങളുടെ പൂർണ്ണ ഹൃദയത്തോടെയും
ആയിരിക്കണം. ഇടവകകളുടെ യജമാനന്മാ 3
രെന്ന വിധത്തിലല്ല; പിന്നെയോ, നിങ്ങൾ
അവർക്ക് ഉത്തമ ദൃഷ്ടാന്തമായിരിക്കണം.
പ്രധാന ഇടയൻ പ്രത്യക്ഷപ്പെടുമ്പോൾ - 4
തന്നിൽനിന്നും നിങ്ങൾ വാടാത്ത തേജ
സ്സിൻ കിരീടം പ്രാപിക്കും. അല്ലയോ യുവാ 5
ക്കളേ, നിങ്ങൾ വൃദ്ധന്മാർക്കു കീഴ്പ്പെട്ടിരി
ക്കണം. മാനസികവിനയത്തെ പരസ്പരം
ശക്തിയോടെ ധരിപ്പിൻ- എന്തെന്നാൽ
ദൈവം നിഗളികളോട് എതിർത്തു നിൽക്കു
ന്നവനാകുന്നു. താഴ്മയുള്ളവർക്കോ താൻ
കൃപ നൽകുന്നു. ആകയാൽ ദൈവത്തി 6
ൻെറ ബലമുള്ള കൈക്കീഴിൽ താഴുവിൻ.
അതു തക്കകാലത്തു നിങ്ങളെ ഉയർത്തും.
അവൻ നിങ്ങളെക്കുറിച്ച് താല്പര്യമുള്ള 7
വനാകയാൽ നിങ്ങളുടെ സർവ്വചിന്താ
കുലവും അവൻെറ മേൽ ഇട്ടുകൊൾവിൻ -
നിങ്ങൾ ഉണർന്നിരിപ്പിൻ - ഓർമ്മയുള്ള 8
വരായിരിപ്പിൻ - എന്തെന്നാൽ നിങ്ങളുടെ
ശത്രുവായ സാത്താൻ സിംഹത്തെപ്പോലെ
അലറിക്കൊണ്ട് - ആരെ വിഴുങ്ങേണ്ടു
എന്നന്വേഷിച്ചുകൊണ്ട് - നടക്കുന്നു. ആക
യാൽ അവന് എതിരായി എഴുന്നേൽപിൻ.
വിശ്വാസത്തിൽ ഉറച്ചു നില്പിൻ. ലോക 9
ത്തിലുള്ള നിങ്ങളുടെ സഹോദരന്മാർക്ക്
ഈ പീഡകൾ തന്നെ നേരിടുന്നു എന്നും
അറിയുവിൻ. യേശുമ്ശീഹാമൂലം തൻെറ 10
നിത്യമഹത്വത്തിലേക്കു ഞങ്ങളെ വിളിച്ച
വനായി, ഈ നിസാര കഷ്ടതകൾ സഹി 11

12 ച്ചുകൊണ്ട് തന്നിൽ ബലപ്പെട്ടു ഉറച്ചു നില
നിൽക്കുവാൻ ഞങ്ങൾക്കു (കൃപ) നൽകിയ
കൃപയുള്ളവനായ ദൈവത്തിന്, എന്നുമെ
ന്നേക്കും, മഹത്വവും, ആധിപത്യവും ബഹു
മാനവും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.
13 ഞാൻ വിചാരിക്കുന്നതുപോലെ ചുരു
ക്കമായിട്ടു, വിശ്വസ്തസഹോദരനായ
സിൽവാനോസ് മുഖേന നിങ്ങൾക്കു എഴു
തിയിരിക്കുന്നു. ഏതൊന്നിലാണോ നിങ്ങൾ
നിലകൊള്ളുന്നത് അതാകുന്നു ദൈവത്തി
ൻെറ യഥാർത്ഥമായ കൃപ എന്നു ഞാൻ
പ്രബോധിപ്പിക്കുന്നു; സാക്ഷിക്കുന്നു.
ബാബേലിലുള്ള തിരഞ്ഞെടുക്കപ്പെട്ട
സഭയും, എൻെറ പുത്രനായ മർക്കോസും,
നിങ്ങൾക്കു സമാധാനം ആശംസിക്കുന്നു.
പരിശുദ്ധ ചുംബനത്താൽ അന്യോന്യം 14
സമാധാനം ആശംസിക്കുവിൻ. മ്ശീഹാ
യിൽ സ്ഥിതിചെയ്യുന്ന നിങ്ങളെല്ലാവരോടു
കൂടെയും സമാധാനം ഉണ്ടായിരിക്കട്ടെ.
ആമ്മീൻ.

പത്രോസ്ശ്ലീഹായുടെ ഒന്നാം ലേഖനം സമാപ്തം.

പാഠഭേദം

1	:	18
2	:	5 15,21,24
3	:	2,21
4	:	2
5	:	11

പത്രോസ് ശ്ലീഹായുടെ രണ്ടാം ലേഖനം

അദ്ധ്യായം 1

1 യേശുമ്ശീഹായുടെ ദാസനും, ശ്ലീഹാ
യുമായ ശെമഓൻ പത്രോസ് — നമ്മുടെ
കർത്താവും രക്ഷകനുമായ യേശുമ്ശീ
ഹായുടെ നീതിയാൽ, ഞങ്ങളെപ്പോലെ
ബഹുമാനത്തിൽ തുല്യമായ വിശ്വാസം
ലഭിച്ചവർക്കു എഴുതുന്നത്.
2 നമ്മുടെ കർത്താവായ യേശുമ്ശീഹാ
യെക്കുറിച്ചുള്ള അറിവിനാൽ; കൃപയും
സമാധാനവും നിങ്ങൾക്കു വർദ്ധിക്കുമാറാ
3 കട്ടെ. തന്റെ മഹത്വത്താലും ശ്രേഷ്ഠത
യാലും നമ്മെ വിളിച്ചവനായ തന്നെക്കുറി
ച്ചുള്ള പരിജ്ഞാനം നിമിത്തം രക്ഷയ്ക്കും,
ദൈവഭക്തിയ്ക്കും ഉതകുന്നവയായ
ദൈവികശക്തിയുള്ള സകലവും അവൻ
4 ഞങ്ങൾക്കു നൽകിയിരിക്കുന്നു. അവമൂലം
വലുതായ പരിജ്ഞാനവും, ബഹുമാന
ങ്ങളും നിങ്ങൾക്കും നൽകിയിരിക്കുന്നു.
ആയത് ലോകമോഹങ്ങളുടെ നാശത്തിൽ
നിന്നും ഓടി മാറിക്കൊണ്ട്, ദൈവിക
സ്വഭാവത്തിൽ നിങ്ങൾ ഓഹരിക്കാരായി
5 ത്തീരുവാൻ വേണ്ടിയത്രെ. ആകയാൽ
നിങ്ങൾ ഉത്സാഹപൂർവ്വം വിശ്വാസത്തോട്
സുകൃതവും സുകൃതത്തോടുകൂടെ ജ്ഞാ
6 നവും, ജ്ഞാനത്തോടുകൂടെ മിതത്വവും
മിതത്വത്തോടു കൂടെ ക്ഷമയും, ക്ഷമയോടു
7 കൂടെ ദൈവഭക്തിയും, ദൈവ ഭക്തിയോടു
കൂടെ സഹോദരപ്രീതിയും സഹോദര
പ്രീതിയോടുകൂടി സ്നേഹവും വർദ്ധിപ്പി
8 ക്കുവിൻ. എന്തെന്നാൽ, ഇവ നിങ്ങളിൽ
കാണപ്പെടുകയും വർദ്ധിക്കുകയും ചെയ്യു
മ്പോൾ, നമ്മുടെ കർത്താവായ യേശു
മ്ശീഹായുടെ പരിജ്ഞാനത്തിൽ നിങ്ങൾ
അലസരും നിഷ്ഫലന്മാരുമായി ഭവിക്ക
9 യില്ല. എന്തെന്നാൽ - ഇവ ഇല്ലാത്തവൻ,
കാഴ്ചയില്ലാത്ത അന്ധനാകുന്നു. തന്റെ
മുൻ പാപങ്ങളിൽ നിന്നുള്ള ശുദ്ധീകര
10 ണത്തെ മറന്നവനുമാകുന്നു. ആകയാൽ
എന്റെ സഹോദരന്മാരെ, നിങ്ങളുടെ വിളി
യേയും തിരഞ്ഞെടുപ്പിനേയും, നിങ്ങളുടെ
സൽകർമ്മങ്ങൾ മൂലം, സുസ്ഥിരമാക്കു
വാൻ പ്രത്യേകം ഉത്സാഹിക്കണം. ഇവ 11
നിങ്ങൾ ചെയ്താൽ നിങ്ങൾ ഒരിക്കലും,
ഇളകിപ്പോകയില്ല. അങ്ങനെ നമ്മുടെ
കർത്താവും രക്ഷകനുമായ യേശുമ്ശീഹാ
യുടെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം
സമൃദ്ധിയായി പ്രാപിക്കും.
ആകയാൽ ഈ സത്യം നിങ്ങൾ നന്നാ 12
യി അറിഞ്ഞിരിക്കുകയും, ആശ്രയിക്കു
കയും ചെയ്യുന്നവരാണെങ്കിലും, എപ്പോഴും
ഇവയെക്കുറിച്ച് നിങ്ങളെ ഓർപ്പിക്കുന്ന
കാര്യത്തിൽ ഞാൻ മടിക്കുന്നില്ല. ഈ 13
ശരീരത്തിൽ ഞാൻ ഇരിക്കുന്ന കാലമത്ര
യും, ഈ സ്മരണയിൽ നിങ്ങളെ ഞാൻ
ഉണർത്തിക്കൊണ്ടിരിക്കുന്നത് യുക്തം
എന്നു ഞാൻ വിചാരിക്കുന്നു. നമ്മുടെ 14
കർത്താവായ യേശുമ്ശീഹാ എനിക്കറിവു
തന്നിട്ടുള്ള പ്രകാരം, എന്റെ ശരീരത്തിന്റെ
നിര്യാണം ഉടനെ ഉണ്ടാകും എന്നു ഞാൻ
അറിയുന്നു. എന്റെ നിര്യാണം കഴിഞ്ഞിട്ടും, 15
ഇക്കാര്യങ്ങൾ സംബന്ധിച്ചുള്ള ഓർമ്മ
എപ്പോഴും നിങ്ങളിൽ ഉണ്ടായിരിപ്പാൻ
ഞാൻ പരിശ്രമിക്കുന്നു. എന്തെന്നാൽ 16
നമ്മുടെ കർത്താവായ യേശുമ്ശീഹായുടെ
ശക്തിയേയും തന്റെ വരവിനേയും കുറിച്ചു
നിങ്ങളോടറിയിച്ചിട്ടുള്ളത്, വകഞ്ഞുണ്ടാ
ക്കിയ കഥകളുടെ പിന്നാലെ പോയിക്കൊ
ണ്ടല്ല; എന്നാലോ, ഞങ്ങൾ തന്റെ ശ്രേഷ്ഠ
തയെ കണ്ടിട്ടുള്ളവർ തന്നെ ആകകൊണ്ട
ത്രെ. "ഇവൻ എന്റെ പ്രിയ പുത്രനാകുന്നു; 17
ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു"
എന്നുള്ള ശബ്ദം, ശേഷ്ഠതയ്ക്കു യുക്ത
മായ മഹത്വത്തിൽനിന്നും തന്നിലേക്കു
വന്നപ്പോൾ, പിതാവായ ദൈവത്തിൽ
നിന്നു താൻ മാനവും മഹത്വവും പ്രാപിച്ചു.
തങ്കലേക്കു വന്നതായ സ്വർഗ്ഗത്തിൽനി 18
ന്നുള്ള ഈ ശബ്ദത്തെ തന്നെ, തന്നോടു
കൂടെ വിശുദ്ധ മലയിൽ ആയിരിക്കുമ്പോൾ
ഞങ്ങൾ കേട്ടതാണ്. പ്രവാചകവചനവും 19
അതിദൃഢമായി നമുക്കുണ്ട്. നേരം വെളു
ക്കുകയും, നിങ്ങളുടെ ഹൃദയങ്ങളിൽ

സൂര്യൻ ഉദിക്കയും ചെയ്യുന്നതുവരെ -
ഇരുട്ടുള്ള സ്ഥലത്തു പ്രകാശിക്കുന്ന
വിളക്കിനെപ്പോലെ, അതിനെ നിങ്ങൾ
നോക്കിക്കൊള്ളുന്നത് നിങ്ങൾക്കു നല്ലത്.
20 യാതൊരു ദീർഘദർശനവചനവും അഴി
ഞ്ഞുപോകുന്നതല്ല എന്നും; നിങ്ങൾ
21 മുന്നമെ അറിഞ്ഞുകൊള്ളണം. എന്തെ
ന്നാൽ പ്രവചനം ഒരിക്കലും മനുഷ്യൻെറ
ഇഷ്ടാനുസരണം ഉണ്ടായതല്ല. ദൈവ
മനുഷ്യരായ വിശുദ്ധർ, പരിശുദ്ധാത്മാ
വിനാൽ ആകൃഷ്ടരായി സംസാരിച്ചിട്ടു
ള്ളതാകുന്നു.

അദ്ധ്യായം 2

1 കള്ളപ്രവാചകന്മാരും ലോകത്തിൽ
ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇട
യിലും കള്ള ഉപദേഷ്ടാക്കന്മാർ ഉണ്ടാകും.
2 അവർ തങ്ങൾക്കുതന്നെ പെട്ടെന്നുള്ള
നാശം വരുത്തിക്കൊണ്ട്; നാശകരമായ
വേദവിപരീതങ്ങൾ കൊണ്ടുവരും. തങ്ങളെ
വിലയ്ക്കു വാങ്ങിയ നാഥനെ അവർ
തള്ളിപ്പറയും. അവരുടെ അശുദ്ധിയുടെ
പിന്നാലെ അനേകർ പോകും. അവർ മൂലം
3 സത്യമാർഗ്ഗം ദുഷിക്കപ്പെടും. അവർ ദ്രവ്യാ
ഗ്രഹത്താൽ, അർത്ഥമില്ലാത്ത വാക്കുകൾ
പറഞ്ഞുകൊണ്ടു നിങ്ങളുടെ ഇടയിൽ
പ്രവർത്തനം നടത്തും. പണ്ടുതന്നെ
യുള്ള അവരുടെ ശിക്ഷാവിധി മാ
ഞ്ഞുപോകാത്തവയാണ്. അവരുടെ
4 നാശം ഉറങ്ങുകയുമില്ല. പാപം ചെയ്ത
മാലാഖമാരോടു ദൈവം കരുണ കാണി
ക്കാതെ, അന്ധകാരചങ്ങലകൾകൊണ്ട്
പാതാളത്തിൽ ബന്ധിക്കുകയും ദണ്ഡന
വിധിക്കായി സൂക്ഷിക്കപ്പെടുവാൻ ഏല്പി
5 ക്കുകയും ചെയ്തു. ആദ്യ ലോകത്തോടു
താൻ ദയ കാണിച്ചില്ല. എന്നാൽ എട്ടു
പേരിൽ ഒരുവനും നീതി പ്രസംഗകനുമായ
നോഹയെ - ദുഷ്ടന്മാരുടെ ലോകത്തി
ന്മേൽ താൻ ജലപ്രളയം വരുത്തിയപ്പോൾ
6 കാത്ത് സംരക്ഷിച്ചു. സോദോം, ആമോറാ,
നഗരങ്ങളെ താൻ ദഹിപ്പിച്ചു കളഞ്ഞു.
ഉന്മൂലനാശത്താൽ ശിക്ഷിക്കുകയും,
മേലിൽ ഉണ്ടാകാനിരിക്കുന്ന ദുഷ്ടന്മാർ
ക്ക് ദൃഷ്ടാന്തമാക്കുകയും ചെയ്തു. പ്രമാ
ണമൊന്നുമില്ലാതിരുന്നവരുടെ വഷളായ
പെരുമാറ്റങ്ങൾ മൂലം വിഷമിച്ചിരുന്ന
ധാർമ്മികനായ ലോത്തിനെ താൻ രക്ഷിച്ചു.
7 എന്തെന്നാൽ ആ നീതിമാൻ, അവരുടെ
8 ഇടയിൽ താമസിച്ചു വരവെ, അവരുടെ
നിയമം വിട്ടുള്ള പ്രവൃത്തികൾ കണ്ടും
കേട്ടും നീതിയുള്ള തൻെറ ആത്മാവിനെ
ദിനം തോറും വേദനപ്പെടുത്തിയിരുന്നു.
കർത്താവ്, തന്നെ ഭയപ്പെടുന്നവരെ ഞെരു 9
ക്കങ്ങളിൽനിന്നും രക്ഷിപ്പാൻ അറിയുന്ന
വനാകുന്നു. എന്നാൽ അധർമ്മികളെയാ
കട്ടെ, പ്രത്യേകിച്ചും അശുദ്ധമോഹങ്ങ
ളുടെ പിന്നാലെ പോകുകയും കർത്തൃ
ത്വത്തെ ദുഷിക്കുകയും ചെയ്യുന്നവരെ,
ശിക്ഷാവിധിദിവസത്തിലുള്ള ദണ്ഡന
ത്തിന്നായി സൂക്ഷിക്കും. അവർ, മഹത്വ 10
ത്തെ ശങ്കിക്കാതെ ദുഷിക്കുന്ന ധിക്കാരി
കളും അഹംഭാവികളുമാകുന്നു. ശക്തി 11
യിലും ബലത്തിലും അവരെക്കാൾ വലിയ
വരായ മാലാഖമാർപോലും അവിടെ
അവർക്കെതിരായുള്ള നിന്ദാവിധി ചെയ്യു
ന്നില്ല. പ്രകൃത്യാ സംസാരശക്തിയില്ലാത്ത 12
മൃഗങ്ങളെപ്പോലെ നാശത്തിനും ക്ഷയ
ത്തിനും ഇവർ അധീനരായിത്തീരുന്നു.
അവർക്കു അറിഞ്ഞുകൂടാത്ത കാര്യങ്ങളെ
അവർ ദുഷിക്കുന്നു. അവയുടെ നാശത്തിൽ
ഇവരും ക്ഷയിച്ചുപോകും.

അനീതിയുള്ളവൻ അനീതിയുടെ 13
പ്രതിഫലമായി- അതതു ദിവസത്തെ
സന്തോഷം സുഖമെന്ന് അവർ കരുതുന്നു.
അവർ അവരുടെ വിരുന്നുകളിൽ ആനന്ദി
ച്ചു മദിക്കുന്ന കളങ്കപൂർണ്ണരും, മലിനത
നിറഞ്ഞവരുമാകുന്നു. അവർ വ്യഭിചാര 14
വും, അവസാനമില്ലാത്ത പാപങ്ങളും നിറ
ഞ്ഞ കണ്ണുകൾ ഉള്ളവരാകുന്നു. അവർ,
സുസ്ഥിരരല്ലാത്തവരെ വശീകരിക്കുന്ന
വരും അത്യാഗ്രഹത്തിൽ പരിചയിച്ച ഹൃദ
യമുള്ളവരും ശാപത്തിൻെറ മക്കളുമാകു
ന്നു. അവർ നേരെയുള്ള വഴിവിട്ട്, തെറ്റി, 15
അനീതിയുടെ പ്രതിഫലം മോഹിച്ച
ബെയോരിൻെറ മകനായ ബെലയാമി
ൻെറ മാർഗ്ഗത്തിൽ പോയവരാകുന്നു. അവ 16
ൻെറ ലംഘനത്തിനു അവനു ശാസനയു
ണ്ടായി. സംസാരശക്തിയില്ലാത്ത കഴുത
മനുഷ്യരുടെ ശബ്ദത്തിൽ സംസാരിച്ച്
പ്രവാചകൻെറ ഭോഷത്വത്തെ തടഞ്ഞു.

അവർ വെള്ളമില്ലാത്ത കിണറുകളും, 17
കൊടുങ്കാററിൽ ഉലയുന്ന മേഘങ്ങളും
ആകുന്നു. ഇവർക്കായിട്ടു കഠിനാന്ധകാരം
സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഇവർ, തെറ്റിൽ 18
കഴിഞ്ഞു കൂടുന്നവരിൽ നിന്നും അല്പമാ
യെങ്കിലും ഓടിയകലുന്നവരെ, വ്യർത്ഥ
മായ ഭയങ്കര കാര്യം സംസാരിച്ചുകൊണ്ട്,
ജഡത്തിൻെറ അശുദ്ധമായ മോഹങ്ങ
ളാൽ വശീകരിക്കുന്നു. തങ്ങൾതന്നെ നാശ 19
ത്തിന് അടിമകളായിരിക്കെ, മററുള്ളവർക്ക്

അവർ സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു.
ഒരുവൻ ഏതൊന്നിനാൽ പരാജിതനാകു
ന്നുവോ, അവൻ അതിന് അടിമയാകുന്നു.
20 നമ്മുടെ കർത്താവും രക്ഷകനുമായ
യേശുമ്ശീഹായെക്കുറിച്ചുള്ള പരിജ്ഞാ
നം മൂലം ലോകത്തിൻെറ അശുദ്ധിയിൽ
നിന്നും ഓടിമാറിയിട്ട് - പിന്നീടും അവർ
അവയിൽ തന്നെ കുടുങ്ങി വീണ്ടും തോററു
പോയാൽ അവരുടെ അവസാനം ആദ്യ
ത്തേതിനേക്കാൾ നികൃഷ്ടമായിരിക്കും.
21 പുണ്യത്തിൻെറ മാർഗ്ഗം തിരിച്ചറിഞ്ഞ
ശേഷം തങ്ങൾക്കു ഭരമേൽപ്പിക്കപ്പെട്ടി
ട്ടുള്ള കല്പനയെ വിട്ടു പിൻതിരിയുന്നതി
നേക്കാൾ അവർക്ക് നല്ലത് അത് തിരിച്ചറി
22 യാതിരിക്കുകയായിരുന്നു! “നായ, തൻെറ
ഛർദ്ദിയിലേക്കും, കുളിച്ച പന്നി ചെളിയിൽ
ഉരുളുന്നതിലേക്കും തിരിയുന്നു” എന്നുള്ള
സത്യമായ പഴഞ്ചൊല്ലു പോലെ അവർക്കു
സംഭവിച്ചു.

അദ്ധ്യായം 3

1 എൻെറ വത്സലരേ, ഈ രണ്ടാം ലേഖ
നവും ഞാൻ നിങ്ങൾക്ക് എഴുതുന്നു.
2 വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം മുൻ
കൂട്ടി പറയപ്പെട്ടിട്ടുള്ള വചനങ്ങളും, ശ്ലീഹ
ന്മാർ മുഖാന്തരമായുള്ള നമ്മുടെ കർത്താ
വും രക്ഷകനുമായവൻെറ കല്പനകളും
നിങ്ങൾ കാത്തുകൊള്ളണം എന്ന് ഈ
ലേഖനങ്ങൾ വഴി നിങ്ങളുടെ സന്മനസ്സിനെ
ഓർമപ്പെടുത്തിക്കൊണ്ട് ഉണർത്തുന്നു.
3 തങ്ങളുടെ മോഹങ്ങൾക്കനുസരണമായി
നടന്നുകൊണ്ട് ആക്ഷേപം വർഷിക്കുന്ന
പരിഹാസികൾ അന്ത്യകാലത്തു വരും
എന്നു നിങ്ങൾ മുൻകൂട്ടി അറിഞ്ഞുകൊ
4 ള്ളണം. അവർ പറയും: കർത്താവിൻെറ
വരവിനെക്കുറിച്ചുള്ള വാഗ്ദത്തം എവിടെ?
നമ്മുടെ പിതാക്കന്മാർ നിദ്രപ്രാപിച്ചതിൻെറ
ശേഷവും, സൃഷ്ടിയുടെ ആരംഭംമുതൽ
എല്ലാം യഥാസ്ഥിതിയിൽതന്നെ ഇരിക്കു
5 ന്നല്ലോ, എന്ന്. പണ്ട് ദൈവവചനത്താൽ
ആകാശമുണ്ടായി എന്നും ഭൂമി, വെള്ള
ത്തിൽനിന്നും വെള്ളത്താലും ഉണ്ടായി
6 എന്നും അന്നത്തെ ലോകം ജഡികാഭി
ലാഷംമൂലം ജലപ്രളയത്തിൽ മുങ്ങിനശി
7 ച്ചു എന്നും, ഇപ്പോഴുള്ള ആകാശവും
ഭൂമിയും തൻെറ വചനത്താൽതന്നെ
അഗ്നിക്കായിട്ട് ദുഷ്ടമനുഷ്യരുടെ ശിക്ഷാ
വിധിയുടെയും നാശത്തിൻെറയും ദിവസ
ത്തിന്നായി സൂക്ഷിക്കപ്പെട്ടും യഥാസ്ഥിതി
യിലും ഇരിക്കുന്നു എന്ന (വസ്തുത) അവർ
മനഃപൂർവം മറന്നുകളയുന്നു. എന്നാൽ 8
വത്സലരെ, ഈ ഒരു കാര്യം, കർത്താവിന്
ഒരു ദിവസം ആയിരം സംവത്സരങ്ങൾപോ
ലെയും, ആയിരം ആണ്ടുകൾ ഒരു ദിവസം
പോലെയും ഇരിക്കുന്നു എന്നതു നിങ്ങൾ
മറന്നുപോകരുത്. ‘താമസം’ എന്നു ചിലർ 9
വിചാരിക്കുന്നതുപോലെ, കർത്താവു
തൻെറ വാഗ്ദാന (നിർവഹണം) താമസി
പ്പിക്കുന്നില്ല. ഒരുവനും നശിച്ചുപോകാതെ,
എല്ലാവരും അനുതാപത്തിലേക്കു വരു
വാൻ താൻ ആഗ്രഹിച്ചുകൊണ്ട്, നിങ്ങൾ
ക്കുവേണ്ടി, താൻ ദീർഘക്ഷമ കാണി
ക്കുകയാണ്. കർത്താവിൻെറ ദിവസം, ഒരു 10
കള്ളൻ എന്നപോലെ വരും. അപ്പോൾ
ആകാശം പെട്ടെന്നു നീങ്ങിപ്പോകും. മൂല
പദാർത്ഥങ്ങൾ വെന്തുരുകി അഴിഞ്ഞു
പോകും. ഭൂമിയും അതിലുള്ള പ്രവൃത്തിക
ളും പിന്നെ കാണപ്പെടുകയുമില്ല. ഇങ്ങനെ 11
ഇവയെല്ലാം അഴിവുള്ളവയാകയാൽ,
‘ദൈവത്തിൻെറ ദിവസ’ത്തിൻെറ ആഗമന
ത്തിനായി കാത്തിരിക്കുകയും ആഗ്രഹി
ക്കയും ചെയ്തുകൊണ്ട്, വിശുദ്ധ നടപടിക 12
ളോടും, ദൈവഭക്തിയോടുംകൂടെ നിങ്ങൾ
ഇരിക്കേണ്ടതാകുന്നു. ആ ദിവസത്തിൽ,
ആകാശം, അഗ്നിയാൽ പരിശോധിക്ക
പ്പെടും. അതഴിഞ്ഞു പോകും. മൂലഭൂത 13
ങ്ങൾ ദഹിച്ച് ഉരുകിപ്പോകും. നാം, തൻെറ
വാഗ്ദത്ത പ്രകാരം നീതി നിവസിക്കുന്ന
പുതിയ ആകാശവും പുതിയ ഭൂമിയും
പ്രതീക്ഷിച്ചിരിക്കുന്നു.
ആകയാൽ എൻെറ വത്സലരേ, നിങ്ങൾ 14
ഇവയെ പ്രതീക്ഷിച്ചുകൊണ്ട്, കറയും
മാലിന്യവും കൂടാതെ, സമാധാനത്തോടെ
തന്നാൽ കാണപ്പെടുവാൻ തക്കവണ്ണം
ഉത്സാഹിക്കണം. കർത്താവിൻെറ ദീർഘ
ക്ഷമയും നിങ്ങൾ രക്ഷയായി ഗണിച്ചു
കൊള്ളണം. ഇങ്ങനെതന്നെ ഞങ്ങളുടെ 15
വത്സല സഹോദരനായ പൌലോസും
തനിക്കു നൽകപ്പെട്ട വിജ്ഞാനപ്രകാരം
നിങ്ങൾക്ക് എഴുതിയിട്ടുണ്ടല്ലോ. അങ്ങ
നെതന്നെ അദ്ദേഹത്തിൻെറ എല്ലാ ലേഖ 16
നങ്ങളിലും ഇവയെക്കുറിച്ച് അദ്ദേഹം
പ്രസ്താവിച്ചിട്ടുമുണ്ട്. അവയിൽ ഗ്രഹി
പ്പാൻ പ്രയാസമുള്ള ചിലതുണ്ട്. അറിവി
ല്ലാത്തവരും സ്ഥിരതയില്ലാത്തവരുമായവർ,
ശേഷം തിരുവെഴുത്തുകളെപ്പോലെ, അവ
രുടെ നാശത്തിന്നായി അവയെ കോട്ടിക്കള
യുന്നുണ്ട്.
ആകയാൽ എൻെറ വത്സലരേ, നി 17
ങ്ങൾ ഇക്കാര്യങ്ങൾ മുൻകൂട്ടി അറിഞ്ഞ്

നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളണം.
അല്ലെങ്കിൽ അധർമികളുടെ തെററിനെ
അനുഗമിച്ചിട്ട് നിങ്ങളുടെ സ്ഥിരാവസ്ഥ
യിൽനിന്നു വീണുപോയേക്കാം. നമ്മുടെ
18 കർത്താവും രക്ഷകനുമായ യേശുമ്ശീ
ഹായുടേയും, പിതാവാം ദൈവത്തിൻെറ
യും കൃപയിലും ജ്ഞാനത്തിലും വളരു
വിൻ. തനിക്ക് ഇപ്പോഴും എപ്പോഴും
എന്നെന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ.
ആമ്മീൻ.

പത്രോസ് ശ്ലീഹായുടെ രണ്ടാം ലേഖനം സമാപ്തം

പാഠഭേദം

1	:	5,13,21
2	:	1,2,4
3	:	10,11,12,18

വി. യോഹന്നാൻെറ ലേഖനങ്ങൾ

ഒന്നാം നൂറ്റാണ്ടിൻെറ അന്ത്യത്തിൽത്തന്നെ ഈ ലേഖനങ്ങൾ എല്ലാവർക്കും സുപരിചിതമായിരുന്നുവെന്ന്, ഐറണിയോസ്, അലക്സന്ത്ര്യായിലെ ക്ലീമീസ്, തെർത്തുല്യൻ, ഒറിജൻ എന്നീ ആദ്യകാല എഴുത്തുകാർ രേഖപ്പെടുത്തിയിട്ടുണ്ട്.

1-ാം ലേഖനത്തിൽ ചില ദുരുപദേഷ്ടാക്കളുടെ ഉപദേശത്തെ ഖണ്ഡിക്കുന്നു. യേശുവിനെ മ്ശിഹാ എന്നു വിശ്വസിക്കാത്തവർ (2:22), സ്വർഗ്ഗസ്ഥപിതാവിനേയും പുത്രനേയും നിഷേധിക്കുന്നവർ (2:23), യേശു മനുഷ്യത്വം സ്വീകരിച്ചില്ല എന്നു പറയുന്നവർ (4:2) എന്നിവർ കള്ള ഉപദേഷ്ടാക്കന്മാർ. ദൈവപുത്രൻെറ തത്വവും യേശുവിൻെറ തത്വവും രണ്ടാണെന്നും, യേശുവിന് സ്നാനമേറ്റതു മുതൽ മരണംവരെ മാത്രമേ, ദൈവപുത്രത്വമുണ്ടായിരുന്നുള്ളു എന്നും, ജനിച്ചതും മരിച്ചതും സാധാരണ മനുഷ്യനായിട്ടായിരുന്നുവെന്നും മറ്റുമായിരുന്നു അവരുടെ ഉപദേശം.

വിഷയവിവരം

1-ാം ലേഖനം

അദ്ധ്യായം 1: 1-4 തനിക്കു യേശുവുമായുള്ള സമ്പർക്കം, യേശുവിൻെറ ജീവിതം. വിശ്വാസിയും ദൈവവും തമ്മിൽ ഐക്യം ഭവിക്കുക. 5-7 പ്രകാശത്തിൽ നടക്കുക. 8-10 പാപം ഇല്ലെന്നു പറയുന്നവൻ കള്ളൻ; പാപം ഏറ്റു പറയണം.

അദ്ധ്യായം 2: 1-2 മ്ശിഹായുടെ മാദ്ധ്യസ്ഥം. 3-14 അനുസരണവും സ്നേഹവും. 15-17 'കുഞ്ഞുങ്ങൾ' ഈ ലോകത്തെ സ്നേഹിക്കരുത്. 18-27 മ്ശിഹായുടെ ദൈവത്വം നിഷേധിക്കുന്ന വേദവിപരീതികളെക്കുറിച്ച് മുന്നറിയിപ്പ്. 28-29 യേശുവിൽ വസിക്കുക..

അദ്ധ്യായം 3: 1-10 ദൈവത്തിൽനിന്നു ജാതനായവന് പാപം ചെയ്യാൻ സാദ്ധ്യമല്ല. 11-24 പരസ്പരസ്നേഹത്തിൽ വർത്തിക്കണം. മ്ശിഹായിൽ വസിക്കണം.

അദ്ധ്യായം 4: 1 വേദവിപരീതികൾക്കെതിരെ മുന്നറിയിപ്പ്. 2-6 മ്ശിഹായുടെ ആളത്വത്തെക്കുറിച്ചുള്ള വേദവിപരീതം. 7-21 ദൈവത്തിൽനിന്നും ജാതനായവരുടെ പ്രത്യേകതകൾ.

അദ്ധ്യായം 5: 1-21 പ്രത്യേകതകൾ തുടർച്ച.

2-ാം ലേഖനം

അദ്ധ്യായം 1: 1-6 സ്നേഹം, സത്യം എന്നിവയുടെ മാർഗ്ഗം. 7-11 സത്യത്തിനു വിരോധമായുള്ള നിലപാടിൻെറ അപകടം. 12-13 അഭിമുഖമായുള്ള ഉപദേശം.

3-ാം ലേഖനം

അദ്ധ്യായം 1: 1-4 അഭിവാദനം. 5-8 ദൈവസഭയിലെ പ്രവർത്തകരെ ഹൃദയപൂർവ്വം സ്വീകരിക്കണം. 9-11 ധിക്കാരിയായ ദിയോത്രെഫോസ്. തിന്മ ചെയ്യുന്നവൻ ദൈവത്തെ കണ്ടിട്ടില്ല. 12-14 ഉത്തമനായ ദെമത്രെയോസ്, അഭിമുഖമായുള്ള ഉപദേശം.

യോഹന്നാൻ ശ്ലീഹായുടെ
ഒന്നാം ലേഖനം

അദ്ധ്യായം 1

1 ആദിമുതൽ ഉണ്ടായിരുന്നവനെ, അദ്ദേ
ഹത്തെ ഞങ്ങൾ കേൾക്കുകയും ഞങ്ങ
ളുടെ കണ്ണുകൾകൊണ്ടു കാണുകയും,
ഞങ്ങളുടെ കൈകൾകൊണ്ടു സ്പർശിക്കു
കയും ചെയ്യവനെ—ജീവൻെറ വചനമായ
വനെ—ഞങ്ങൾ നിങ്ങളോടു സുവിശേഷി
2 ക്കുന്നു. ജീവൻ പ്രത്യക്ഷപ്പെട്ടു. ഞങ്ങൾ
കണ്ടു; ഞങ്ങൾ സാക്ഷിക്കുന്നു. പിതാ
വിൻെറ സന്നിധിയിൽ ആയിരുന്നതും ഞ
ങ്ങൾക്കു വെളിപ്പെട്ടതുമായ 'നിത്യജീവനെ'
ഞങ്ങൾ നിങ്ങളോടു പ്രസംഗിക്കുന്നു.
3 നിങ്ങൾക്കു ഞങ്ങളോടു ബന്ധമുണ്ടാകു
വാനായി, ഞങ്ങൾ കണ്ടതും ഞങ്ങൾ കേട്ട
തുമായവയെ നിങ്ങളോടു ഞങ്ങൾ അറിയി
4 ക്കുന്നു. ഞങ്ങളുടെ സംബന്ധമോ, പിതാ
വിനോടും തൻെറ പുത്രനായ യേശുമ്ശീ
ഹായോടുമാകുന്നു. നിങ്ങളിലുള്ള ഞങ്ങളു
ടെ സന്തോഷം പൂർണമാകുവാനാകുന്നു,
ഇവ ഞങ്ങൾ നിങ്ങൾക്ക് എഴുതുന്നത്.
5 ഞങ്ങൾ, തന്നിൽനിന്നു കേട്ടതും,
ഞങ്ങൾ നിങ്ങളെ അറിയിക്കുന്നതുമായ
സുവിശേഷം ഇതാകുന്നു: ദൈവം പ്രകാശ
മാകുന്നു. അവനിൽ അന്ധകാരം അശേഷ
6 വുമില്ല. 'ഞങ്ങൾക്കു തന്നോടു സംബന്ധം
ഉണ്ട്' എന്നു പറയുകയും അന്ധകാരത്തിൽ
നടക്കുകയും ചെയ്യുന്നുവെങ്കിൽ നാം കള്ളം
പറയുന്നവരാകുന്നു. സത്യത്തിൽ അല്ല
7 നാം നടക്കുന്നത്. എന്നാൽ താൻ പ്രകാശ
ത്തിൽ ആയിരിക്കുന്നതുപോലെ പ്രകാശ
ത്തിൽ നാം ചരിക്കുന്നുവെങ്കിൽ നമുക്കു
പരസ്പരം ബന്ധമുണ്ട്. തൻെറ പുത്രനായ
യേശുവിൻെറ രക്തം നമ്മുടെ എല്ലാ പാപ
ങ്ങളിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.
8 'നമുക്ക് പാപമില്ല' എന്നു നാം പറയുന്നു
വെങ്കിൽ—നമ്മെത്തന്നെ നാം വഞ്ചിക്കുക
യാകുന്നു. നമ്മിൽ സത്യം ഇല്ലാതാകുകയും
ചെയ്യും.

എന്നാൽ നാം, നമ്മുടെ പാപങ്ങളെ 9
ഏററുപറയുന്നുവെങ്കിൽ, നമ്മുടെ പാപ
ങ്ങൾ നമ്മോടു ക്ഷമിപ്പാനും സകല അനീ
തിയിൽനിന്നും നമ്മെ വെടിപ്പാക്കുവാനും
തക്കവണ്ണം താൻ വിശ്വസ്തനും നീതിമാനു
മാകുന്നു. 'ഞങ്ങൾ പാപം ചെയ്തിട്ടേ ഇല്ല' 10
എന്നു നാം പറയുന്നുവെങ്കിൽ—നാം അവ
നെ അസത്യവാദിയാക്കുന്നു. തൻെറ വച
നം നമ്മുടെ അടുക്കൽ ഇല്ലാതെയുമായി.

അദ്ധ്യായം 2

എൻെറ മക്കളേ, നിങ്ങൾ പാപം ചെ 1
യ്യാതിരിപ്പാനാണ് ഞാൻ ഇവ നിങ്ങൾക്ക്
എഴുതുന്നത്. ഒരുവൻ പാപം ചെയ്താലോ
നീതിമാനായ യേശുമ്ശീഹാ എന്ന ആശ്വാ
സപ്രദൻ* നമുക്കായി പിതാവിൻെറ അടു
ക്കൽ ഉണ്ട്.
താൻ നമ്മുടെ പാപങ്ങൾക്ക് പ്രായച്ചിത്തമാ 2
ത്തമാകുന്നു. അതു നമുക്കുവേണ്ടി മാത്ര
മല്ല—സർവലോകത്തിനും വേണ്ടിത്തന്നെ.
തൻെറ കല്പനകളെ നാം ആചരിക്കുന്നെ 3
ങ്കിൽ, തന്നെ നാം അറിഞ്ഞിരിക്കുന്നു
വെന്ന് അതിനാൽ നാം അറിയുന്നു.
എന്തെന്നാൽ അവനെ അറിഞ്ഞിരിക്കുന്നു 4
എന്നു പറയുകയും തൻെറ കല്പനകൾ
പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ
കള്ളനാകുന്നു. അവനിൽ സത്യമേയില്ല.
എന്നാൽ തൻെറ വചനാനുസരണം 5
പ്രവർത്തിക്കുന്നവനിലോ, ദൈവത്തിൻെറ
സ്നേഹം സത്യമായി പൂർത്തിയായിരിക്കു
ന്നു. എന്തെന്നാൽ, നാം തന്നിൽ സ്ഥിതി
ചെയ്യുന്നുവെന്ന് ഇതിനാൽ നാം അറി
യുന്നു—ഞാൻ അവനിലാകുന്നു എന്നു 6
പറയുന്നവൻ അവൻെറ നടപടികൾക്ക്
അനുസരണമായി നടക്കേണ്ടതാകുന്നു.
എൻെറ വത്സലരെ, ഞാൻ നിങ്ങൾക്കു 7
ഒരു പുതിയ കല്പനയല്ല എഴുതുന്നത്.
പിന്നെയോ ആദിമുതൽ നിങ്ങൾക്കുണ്ടാ
യിരുന്ന പഴയ കല്പനതന്നെ. പഴയ കല്പ 8

*Advocate (Scofield) കാര്യസ്ഥൻ (മല.) പാറയ്ക്ക് ലീത്തോ - മദ്ധ്യസ്ഥൻ
എന്ന വിവർത്തനവുമുണ്ട്.

നയോ, നിങ്ങൾ കേട്ടിട്ടുള്ള വചനംതന്നെ.
വീണ്ടും പുതിയ കല്പന ഞാൻ നിങ്ങൾക്ക്
എഴുതുന്നു. അത് തന്നിലും നിങ്ങളിലും
സത്യമായിട്ടുള്ളതാകുന്നു. അന്ധകാരം
കടന്നുപോയി; സത്യപ്രകാശം കാണപ്പെട്ടു
9 തുടങ്ങി. ആകയാൽ ഒരുവൻ; ഞാൻ പ്രകാ
ശത്തിലാകുന്നുവെന്നു പറയുകയും അവ
ൻെറ സഹോദരനെ വെറുക്കുകയും ചെയ്യു
ന്നുവെങ്കിൽ അവൻ ഇപ്പോഴും അന്ധകാര
10 ത്തിൽ തന്നെയാകുന്നു. തൻെറ സഹോദ
രനെ സ്നേഹിക്കുന്നവനോ, പ്രകാശ
ത്തിൽ വസിക്കുന്നു. അവനിൽ ഇടർച്ച
11 യില്ല. സ്വസഹോദരനെ സ്നേഹിക്കാത്ത
വൻ, അന്ധകാരത്തിലാകുന്നു നടക്കു
ന്നത്. എവിടേയ്ക്കാണു പോകുന്നതെന്ന്
അവനറിഞ്ഞുകൂടാ. എന്തെന്നാൽ അന്ധ
കാരം അവൻെറ കണ്ണുകളെ അന്ധമാ
ക്കിയിരിക്കുന്നു.
12 മക്കളെ, തൻെറ നാമം നിമിത്തം നിങ്ങ
ളുടെ പാപങ്ങൾ നിങ്ങളോടു ക്ഷമിക്കപ്പെട്ടി
രിക്കയാൽ ഞാൻ നിങ്ങൾക്കു എഴുതുന്നു.
13 പിതാക്കളേ, ആദിമുതലുള്ളവനെ നിങ്ങൾ
അറിഞ്ഞിരിക്കയാൽ നിങ്ങൾക്കു ഞാൻ
എഴുതുന്നു. യുവാക്കളെ, ദുഷ്ടനെ നിങ്ങൾ
ജയിച്ചിരിക്കുകയാൽ നിങ്ങൾക്കു ഞാൻ
എഴുതുന്നു. കുഞ്ഞുങ്ങളെ നിങ്ങൾ പിതാ
വിനെ അറിഞ്ഞിരിക്കുകയാൽ ഞാൻ നി
14 ങ്ങൾക്ക് എഴുതി. ആദിമുതലുള്ളവനെ
നിങ്ങൾ അറിഞ്ഞിരിക്കുകയാൽ പിതാക്ക
ളെ — നിങ്ങൾക്കു ഞാൻ എഴുതി. യുവാ
ക്കളെ നിങ്ങൾ ബലശാലികൾ ആകയാലും
ദൈവവചനം നിങ്ങളിൽ വസിക്കുന്നതി
നാലും നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കുക
15 യാലും നിങ്ങൾക്കു ഞാൻ എഴുതി. നിങ്ങൾ
ലോകത്തേയും അതിലുള്ള യാതൊന്നി
നേയും സ്നേഹിക്കരുത്. എന്തെന്നാൽ,
ലോകത്തെ സ്നേഹിക്കുന്നവനിൽ പിതാ
16 വിൻെറ സ്നേഹമില്ല. ലോകത്തിലുള്ളവ
എല്ലാം; ജഡമോഹവും കൺമോഹവും,
ലോകത്തിൻെറ പ്രതാപവും ആകുന്നു. അവ
പിതാവിൽനിന്നല്ല; പിന്നെയോ, ലോക
17 ത്തിൽനിന്നുള്ളവയത്രെ. ലോകവും അതി
ൻെറ മോഹവും അഴിഞ്ഞുപോകും. ദൈവ
ത്തിൻെറ തിരുഹിതം ചെയ്യുന്നവൻ എന്നേ
ക്കും നിലനിൽക്കും.
18 എൻെറ മക്കളേ, ഇത് അന്ത്യകാലമാ
കുന്നു. വ്യാജമ്ശീഹാ വരും എന്നു നിങ്ങൾ
കേട്ടിട്ടുമുണ്ടല്ലോ. ഇപ്പോൾ വളരെയേറെ
കള്ള മ്ശീഹാമാർ ഉണ്ടായിട്ടുണ്ട്. അതി
നാൽ അന്ത്യകാലമായി എന്നു നമുക്ക
റിയാം. അവർ നമ്മിൽനിന്നു വിട്ടുപോയിരി 19
ക്കുന്നു. എന്നാൽ, അവർ നമ്മിൽ പെട്ടവരല്ല.
അവർ നമ്മിൽ പെട്ടവരായിരുന്നെങ്കിൽ —
അവർ നമ്മോടൊരുമിച്ചു നിലകൊള്ളുമാ
യിരുന്നു. അവർ നമ്മിൽ നിന്നുള്ളവരല്ല
എന്നു പ്രസിദ്ധമാകേണ്ടതിന്നായി അവർ
നമ്മിൽനിന്നും വിട്ടുപോയി.
നിങ്ങൾക്കോ വിശുദ്ധനിൽനിന്നുമുള്ള 20
*അഭിഷേകം ഉണ്ട്. നിങ്ങൾ എല്ലാവരേ
യും* തിരിച്ചറിയുന്നു.
നിങ്ങൾ സത്യം അറിയായ്കകൊണ്ടല്ല 21
ഞാൻ നിങ്ങൾക്ക് എഴുതിയത്. നിങ്ങളോ
സത്യം അറിയുന്നു. ഈ വ്യാജമെല്ലാം സത്യ
ത്തിൽനിന്നുണ്ടായതല്ല എന്നും നിങ്ങൾ
അറിയുന്നു.
യേശു "മ്ശീഹായല്ല" എന്നു തള്ളി 22
പ്പറയുന്നവനല്ലാതെ ആരാകുന്നു കള്ളൻ!
അവനാകുന്നു കള്ള മ്ശീഹാ. പിതാവിനെ
തള്ളിപ്പറയുന്നവൻ —പുത്രനേയും തള്ളി
പ്പറയുന്നു. പുത്രനെ തള്ളിപ്പറയുന്നവൻ, 23
പിതാവിലും വിശ്വസിക്കുന്നില്ല. പുത്രനെ
ഏററുപറയുന്നവൻ പിതാവിനേയും ഏററു
പറയുന്നു.
നിങ്ങൾ മുമ്പ് കേട്ടിട്ടുള്ളത് നിങ്ങളിൽ 24
വസിക്കട്ടെ. ആദിമുതൽ നിങ്ങൾ കേട്ടതു
നിങ്ങളിൽ വസിക്കുമെങ്കിൽ, നിങ്ങളും
പിതാവിലും പുത്രനിലും വസിക്കും. ഇതാ 25
കുന്നു താൻ നമുക്കു തന്ന വാഗ്ദത്തം—
നിത്യജീവൻതന്നെ.
നിങ്ങളെ വഴി തെറ്റിക്കുന്നവർ നിമിത്ത 26
മാണ് ഇവ ഞാൻ നിങ്ങൾക്കു എഴുതിയത്.
തന്നിൽനിന്നും നിങ്ങൾ സ്വീകരിച്ച അഭി 27
ഷേകം നിങ്ങളിൽ സ്ഥിരമായി സ്ഥിതി
ചെയ്യുമെങ്കിൽ—ആരും നിങ്ങളെ പഠിപ്പി
ക്കേണ്ട ആവശ്യമേയില്ല. ദൈവത്തിൽ
നിന്നുള്ള അഭിഷേകം എന്നപോലെ അതു
സകലത്തെക്കുറിച്ചും നിങ്ങളെ പഠിപ്പി
ക്കും. അതു സത്യമാകുന്നു. അതിൽ വ്യാജ
മേയില്ല. അവൻ നിങ്ങളെ പഠിപ്പിച്ചതു
പോലെ അവനിൽ നിങ്ങൾ വസിപ്പിൻ.
ഇപ്പോൾ എൻെറ മക്കളേ, താൻ പ്രത്യ 28
ക്ഷപ്പെടുമ്പോൾ അവനിൽനിന്നും നാം
ലജ്ജിച്ചു പോകാതിരിക്കേണ്ടതിന് തന്നിൽ
സ്ഥിരമായി വസിപ്പിൻ. എന്നാൽ, തൻെറ

* സുറിയാനി-മ്ശീഹൂസോ, ഇംഗ്ലീഷ് - Unction (K.J.V - Scof)= ലേപനം
* കൂൽനോൾ * "എല്ലാം അറിയുക"യല്ല.

വരവിങ്കൽ നമുക്കു മുഖപ്രസാദമുണ്ടാകും.
29 താൻ നീതിമാനാകുന്നു എന്നു നിങ്ങൾ
അറിഞ്ഞുവെങ്കിൽ—നീതിചെയ്യുന്ന
എല്ലാവരും, തന്നിൽനിന്നുള്ളവരാണെന്നും
അറിഞ്ഞുകൊൾവിൻ.

അദ്ധ്യായം 3

1 നമ്മെ മക്കളെന്നു വിളിക്കുകയും
അങ്ങനെ ആക്കിത്തീർക്കുകയും ചെയ്ത
വനായ പിതാവിന് നമ്മോടുള്ള സ്നേഹം
എത്ര അധികമാകുന്നു എന്നു കാണുവിൻ.
ലോകം, തന്നെ അറിയാത്തതുകൊണ്ട്
2 നമ്മെയും അറിയുന്നില്ല. എൻെറ വത്സലരേ,
ഇപ്പോൾ നാം ദൈവത്തിൻെറ മക്കളാകുന്നു.
നാം എന്തായിത്തീരുമെന്ന് ഇതുവരെ
വെളിവാക്കപ്പെട്ടിട്ടില്ല. താൻ പ്രത്യക്ഷപ്പെ
ടുമ്പോൾ നാം, തൻെറ സാദൃശ്യത്തിൽ
ആകുമെന്നും, താൻ ആയിരിക്കുന്ന വിധ
ത്തിൽതന്നെ, നാം അവനെ കാണുമെന്നും
3 അറിയുന്നു. തന്നെക്കുറിച്ച് ഈ പ്രത്യാശ
യുള്ളവനെല്ലാം, താൻ നിർമ്മലനായിരി
ക്കുന്നതുപോലെ, സ്വയം വെടിപ്പാക്കും.
4 പാപം ചെയ്യുന്നവൻ, അനീതിയാകുന്നു
ചെയ്യുന്നത്. എന്തെന്നാൽ, പാപം മുഴുവ
5 നായും അധർമ്മമാകുന്നു. നമ്മുടെ പാപം
ഏറെറടുപ്പാൻ താൻ വന്നുവെന്നും, തന്നി
ലോ പാപം ഇല്ലായിരുന്നുവെന്നും നിങ്ങൾ
6 ക്കറിയാം. അവനിൽ സ്ഥിരവാസം
ചെയ്യുന്നവനാരും പാപം ചെയ്യുന്നില്ല.
പാപം ചെയ്യുന്നവൻ തന്നെ കണ്ടിട്ടില്ല,
അറിഞ്ഞിട്ടുമില്ല.

7 എൻെറ മക്കളെ, ആരും നിങ്ങളെ വഴി
തെററിക്കാനിടയാകരുത്. മ്ശീഹാ
നീതിമാനാകുന്ന പ്രകാരം, നീതി പ്രവർത്തി
8 ക്കുന്നവനെല്ലാം നീതിമാനാകുന്നു. പാപം
ചെയ്യുന്നവനെല്ലാം സാത്താനിൽനിന്നുള്ള
വനത്രെ. എന്തെന്നാൽ സാത്താൻ ആദി
മുതൽക്കെ പാപിയാകുന്നു. ഇതുനിമിത്തം,
സാത്താൻെറ പ്രവൃത്തികളെ അഴിച്ചുകള
യുവാനായി ദൈവത്തിൻെറ പുത്രൻ
പ്രത്യക്ഷനായി.

9 ദൈവത്തിൽനിന്നും ജനിച്ചവനാരും
പാപം ചെയ്യുന്നില്ല. എന്തെന്നാൽ തൻെറ
ബീജമാകുന്നു അവനിലുള്ളത്. അവൻ
ദൈവത്തിൽനിന്നു ജനിച്ചവനാകകൊണ്ട്
അവനു പാപം ചെയ്വാൻ കഴിയുകയു
10 മില്ല. ഇതിനാൽ ദൈവത്തിൻെറ മക്കൾ,
സാത്താൻെറ മക്കളിൽനിന്നു വേർതിരിക്ക
പ്പെടുന്നു. നീതി പ്രവർത്തിക്കാതെയും
തൻെറ സഹോദരനെ സ്നേഹിക്കാതെ
യും ഇരിക്കുന്നവൻ ദൈവത്തിൽനിന്നു
ള്ളവനല്ല.

ആദിമുതൽ നിങ്ങൾ കേട്ട കല്പന 11
ഇതാകുന്നു: അതായത്—തമ്മിൽ തമ്മിൽ
സ്നേഹിക്കണം. കായേൻ, ദുഷ്ടനിൽനി 12
ന്നുള്ളവനായി സ്വസഹോദരനെകൊന്നതു
പോലെയാകരുത്. അവൻ എന്തു (കാരണം)
കൊണ്ടാണ് അവൻെറ സഹോദരനെ
വധിച്ചത്? അവൻെറ പ്രവൃത്തികൾ തിന്മ
യുള്ളവയും, അവൻെറ സഹോദരൻെറ
പ്രവൃത്തികൾ നീതിയുള്ളവയും ആയിരുന്ന
തിനാലല്ലയോ? എൻെറ സഹോദരന്മാരെ, 13
ലോകം നിങ്ങളെ വെറുക്കുന്നുവെങ്കിൽ
നിങ്ങൾ അത്ഭുതപ്പെടേണ്ട. നാം നമ്മുടെ 14
സഹോദരന്മാരെ സ്നേഹിക്കുന്നതു മൂലം
മരണത്തിൽനിന്നും, ജീവനിലേക്കു മാറി
യിരിക്കുന്നു എന്നു നമുക്കറിയാം. തൻെറ 15
സഹോദരനെ സ്നേഹിക്കാത്തവൻ മരണ
ത്തിൽ സ്ഥിരവാസം ചെയ്യുകയാണ്.
സ്വസഹോദരനെ സ്നേഹിക്കാത്തവൻ
കൊലപാതകനത്രെ. അവനിൽ, നിത്യ
ജീവനു വസിപ്പാൻ സാദ്ധ്യമല്ല. താൻ
നമുക്കുവേണ്ടി തന്നെത്തന്നെ നൽകിയ 16
തിൽനിന്നും നമ്മോടുള്ള തൻെറ സ്നേഹം
നാം അറിയുന്നു. നാമും നമ്മുടെ സഹോ
ദരർക്കുവേണ്ടി നമ്മെത്തന്നെ അർപ്പിക്കേ
ണ്ടതാകുന്നു. ഒരുവന്, ലൌകികസമ്പാദ്യം 17
ഉണ്ടായിരിക്കുകയും, തൻെറ സഹോദരനെ
ദുർഭിക്ഷനായി കാണുകയും, അവനോട്
ദയ കാണിക്കാതിരിക്കുകയും ചെയ്താൽ,
അവനിൽ ദൈവത്തിൻെറ സ്നേഹം
എങ്ങനെയുണ്ടാകും? എൻെറ മക്കളെ, നാം 18
വാക്കുകളാലും നാവിനാലും അല്ല; എന്നാ
ലോ, പ്രവൃത്തികളാലും സത്യമായും
സ്നേഹിക്കണം. നാം സത്യത്തിൽ സ്ഥിതി 19
ചെയ്യുന്നു എന്ന് ഇതിനാൽ നാം അറിയും.
താൻ വരുന്നതിനുമുമ്പ് നമ്മുടെ ഹൃദയ
ത്തെ നാം ഉറപ്പിക്കണം. നമ്മുടെ ഹൃദയം 20
തന്നെ നമ്മെ കുററപ്പെടുത്തുന്നുവെങ്കിൽ,
നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും,
സർവ്വവും അറിയുന്നവനുമായ ദൈവം
എത്ര അധികമായി കുററപ്പെടുത്തും?
എൻെറ വത്സലരെ, നമ്മുടെ ഹൃദയം നമ്മെ 21
കുററപ്പെടുത്തുന്നില്ലെങ്കിൽ, ദൈവസന്നി
ധിയിൽ നമുക്കു മുഖപ്രസാദമുണ്ട്.

തൻെറ കല്പനകളെ നാം ആചരി 22
ക്കുകയും, തിരുമുമ്പിൽ നന്മകൾ പ്രവർത്തി
ക്കുകയും ചെയ്യുന്നതുകൊണ്ട്—നാം യാചി
ക്കുന്നതെല്ലാം തന്നിൽനിന്നു നമുക്കു
ലഭിക്കുന്നു. ഇതാകുന്നു തൻെറ കല്പന: 23

തൻെറ പുത്രനായ യേശുമ്ശീഹായിൽ നാം
വിശ്വസിക്കണം; താൻ നമ്മോട് കല്പിച്ചിരി
ക്കുന്നതുപോലെ തമ്മിൽ തമ്മിൽ സ്നേ
24 ഹിക്കണം. തൻെറ കല്പനകൾ ആചരി
ക്കുന്നവൻ തന്നാൽ സംരക്ഷിക്കപ്പെടും.
താൻ അവനിൽ വസിക്കുകയും ചെയ്യും.
താൻ നമ്മിൽ വസിക്കുന്നു എന്ന് നമുക്കു
നൽകിയ തൻെറ ആത്മാവുമൂലം നാം
മനസ്സിലാക്കുന്നു.

അദ്ധ്യായം 4

1 എൻെറ വത്സലരേ, വളരെയേറെ കള്ള
പ്രവാചകന്മാർ ലോകത്തിൽ ഇറങ്ങിയിരി
ക്കകൊണ്ട് നിങ്ങൾ എല്ലാ ആത്മാക്ക
ളെയും വിശ്വസിക്കാതെ, അവർ ദൈവ
ത്തിൽ നിന്നുള്ളവരോ എന്ന് വേർതിരിച്ച്
2 അറിയണം. ദൈവത്തിൻെറ ആത്മാവിനെ
ഇപ്രകാരം അറിയാം. 'യേശുമ്ശീഹാ
ജഡത്തിൽ വന്നു' എന്നു ഏററു പറയുന്ന
ആത്മാവെല്ലാം ദൈവത്തിൽ നിന്നുള്ള
3 താകുന്നു. 'യേശുമിശിഹാ ജഡത്തിൽ
വന്നു' എന്നു ഏററുപറയാത്ത യാതൊരാ
ത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. 'വരു
വാൻ പോകുന്നു' എന്ന് നിങ്ങൾ കേട്ടി
ട്ടുള്ള ആ കള്ള മ്ശീഹായിൽ നിന്നുമുള്ള
ആത്മാവത്രെ അത്. അവൻ പണ്ടേ തന്നെ
4 ലോകത്തിലുണ്ട്. മക്കളേ, നിങ്ങൾ ദൈവ
ത്തിൽ നിന്നുള്ളവരാകുന്നു. നിങ്ങൾ
അവരെ ജയിച്ചുമിരിക്കുന്നു. എന്തെന്നാൽ
നിങ്ങളിൽ ഉള്ളവൻ ലോകത്തിൽ ഉള്ള
5 വനെക്കാൾ വലിയവനാകുന്നു. അവർ
ലൌകികരാകുന്നു. തന്മൂലം അവർ ലൌ
കികമായി സംസാരിക്കുന്നു. ലോകം അവ
6 രുടെ വാക്കു കേൾക്കുന്നു. ഞങ്ങളാകട്ടെ
ദൈവത്തിൽ നിന്നുള്ളവരാകുന്നു. ദൈവ
ത്തെ അറിയുന്നവൻ ഞങ്ങളെ കേൾക്കു
ന്നു. ദൈവത്തിൽനിന്നും അല്ലാത്തവനോ
ഞങ്ങളെ ചെവിക്കൊള്ളുന്നില്ല. ഇങ്ങനെ
സത്യത്തിൻെറ ആത്മാവിനേയും വഴി
തെററിക്കുന്ന ആത്മാവിനേയും നമുക്കു
7 തിരിച്ചറിയാം. എൻെറ വത്സലരെ, നമുക്കു
പരസ്പരം സ്നേഹിക്കാം. എന്തെന്നാൽ,
'സ്നേഹം' ദൈവത്തിൽ നിന്നാകുന്നു.
സ്നേഹിക്കുന്നവൻ ഏവനും ദൈവത്തിൽ
നിന്നു ജാതനായിരിക്കുന്നു. അവൻ
ദൈവത്തെ അറിയുന്നു. എന്തെന്നാൽ,
8 ദൈവം 'സ്നേഹം' ആകുന്നു. സ്നേഹ
മില്ലാത്തവൻ ദൈവത്തെ അറിയുന്നേയില്ല.
9 ലോകം താൻ മൂലം ജീവൻ പ്രാപിക്കേണ്ട
തിന്നായി ദൈവം തൻെറ ഏകജാതനായ
പുത്രനെ ലോകത്തിലേക്ക് അയച്ചതുകൊ
ണ്ട്, നമ്മോടുള്ള ദൈവത്തിൻെറ സ്നേഹം
അറിയപ്പെട്ടിരിക്കുന്നു. നാം ദൈവത്തെ 10
സ്നേഹിച്ചു എന്നുള്ളതിലല്ല; പിന്നെയോ,
താൻ നമ്മെ സ്നേഹിക്കുകയും നമ്മുടെ
പാപങ്ങൾക്കു പരിഹാരമായി തൻെറ
പുത്രനെ അയച്ചുതന്നു; എന്നുള്ളതിലാ
കുന്നു സ്നേഹം (ഇരിക്കുന്നത്).

എൻെറ വത്സലരെ, ഇപ്രകാരം ദൈവം 11
നമ്മെ സ്നേഹിച്ചുവെങ്കിൽ നാമും
അന്യോന്യം സ്നേഹിപ്പാൻ കടപ്പെട്ടവരാ
കുന്നു. ദൈവത്തെ ഒരുവനും, ഒരിക്കലും 12
കണ്ടിട്ടില്ല. എന്നാൽ, നാം അന്യോന്യം
സ്നേഹിക്കുന്നുവെങ്കിൽ, ദൈവം നമ്മിൽ
വസിക്കും; തൻെറ സ്നേഹം നമ്മിൽ
പൂർണമാകുകയും ചെയ്യും. താൻ നമ്മിലും, 13
നാം തന്നിലും വസിക്കുന്നുവെന്ന്, താൻ
തൻെറ ആത്മാവിനെ നമുക്കു നൽകിയതി
നാൽ നാം അറിയുന്നു. പിതാവ് തൻെറ 14
പുത്രനെ ലോകത്തിന് രക്ഷകനായി അയ
ച്ചു എന്നു ഞങ്ങൾ കണ്ടിരിക്കുന്നു; ഞ
ങ്ങൾ സാക്ഷ്യം പറയുന്നു: താൻ ദൈവ 15
പുത്രൻ ആകുന്നു എന്ന് യേശുവിനെ ഏറ്റു
പറയുന്നവനിൽ ദൈവം വസിക്കുന്നു;
അവൻ ദൈവത്തിലും വസിക്കുന്നു. ദൈവ 16
ത്തിനു നമ്മോടുള്ള സ്നേഹത്തെ ഞങ്ങൾ
അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. എന്തെ
ന്നാൽ, ദൈവം സ്നേഹമാകുന്നു. സ്നേ 17
ഹത്തിൽ വസിക്കുന്നവൻ, ദൈവത്തിൽ
വസിക്കുന്നു. ന്യായവിധി ദിവസത്തിൽ 18
നമുക്കു മുഖപ്രസന്നത ഉണ്ടാകും എന്നതി
നാൽ, തൻെറ സ്നേഹം നമ്മിൽ പൂർണ
മായിരിക്കുന്നു. എന്തെന്നാൽ, താൻ ഇരു
ന്നതുപോലെ, ഈ ലോകത്തിൽ നാമും
ഇരിക്കുന്നു. സ്നേഹത്തിൽ ഭയമില്ല; 19
എന്നാലോ, പൂർണമായ സ്നേഹം ഭയത്തെ
പുറന്തള്ളുന്നു. എന്തെന്നാൽ ഭയം അപകടാ
വസ്ഥയിലത്രെ സ്ഥിതിചെയ്യുന്നത്. ഭയ 20
പ്പെടുന്നവൻ സ്നേഹത്തിൽ പൂർണ്ണനല്ല.
മുന്നമെ താൻ നമ്മെ സ്നേഹിച്ചതിനാൽ,
നാം ദൈവത്തെ സ്നേഹിക്കണം. ഒരുവൻ,
ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു
പറയുകയും, സ്വസഹോദരനെ ദ്വേഷിക്കു
കയും ചെയ്യുന്നുവെങ്കിൽ അവൻ കള്ളനാ
കുന്നു. എന്തെന്നാൽ കാണപ്പെടുന്ന തൻെറ
സഹോദരനെ സ്നേഹിക്കാത്തവന്, കാ
ണപ്പെടാവതല്ലാത്തവനായ ദൈവത്തെ
സ്നേഹിപ്പാൻ എങ്ങനെ കഴിയും?

ഈ കല്പന തന്നിൽനിന്നും ഞങ്ങൾ 21
പ്രാപിച്ചിരിക്കുന്നു; ദൈവത്തെ സ്നേഹി

ക്കുന്നവനെല്ലാം തൻെറ സഹോദരനേയും
സ്നേഹിക്കണം.

അദ്ധ്യായം 5

1 യേശുവാകുന്നു മ്ശീഹാ, എന്നു വിശ്വ
സിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു
ജനിച്ചവനാകുന്നു. ജനകനെ സ്നേഹിക്കു
ന്നവൻ, അവനിൽനിന്നും ജാതനായവ
2 നേയും സ്നേഹിക്കും. നാം ദൈവത്തെ
സ്നേഹിക്കുകയും തൻെറ കല്പനകൾ
അനുഷ്ഠിക്കുകയും ചെയ്യുമ്പോൾ, ദൈവ
ത്തിൻെറ മക്കളെ നാം സ്നേഹിക്കുന്നു
3 എന്ന് അതിനാൽ നാം അറിയുന്നു. നാം
തൻെറ കല്പനകൾ ആചരിക്കുന്നതല്ലോ,
ദൈവസ്നേഹം. തൻെറ കല്പനകൾ ഭാര
മുള്ളവയല്ല.
4 എന്തെന്നാൽ ദൈവത്തിൽനിന്നും ജാത
നായവനെല്ലാം ലോകത്തെ ജയിച്ചിരി
5 ക്കുന്നു. ലോകത്തെ ജയിച്ച ജയമോ,
നമ്മുടെ വിശ്വാസംതന്നെ. യേശു ദൈവ
ത്തിൻെറ പുത്രനാകുന്നു എന്നു വിശ്വസി
ക്കുന്നവനല്ലാതെ, ആരാകുന്നു ലോകത്തെ
6 ജയിച്ചവൻ? വെള്ളത്താലും രക്തത്താലും
വന്നവൻ ഇവനാകുന്നു —അതേ, യേശു
മ്ശീഹാ! വെള്ളത്താൽ മാത്രമല്ല, വെള്ള
ത്താലും രക്തത്താലുംതന്നെ, ആത്മാവു
7 സാക്ഷ്യം വഹിക്കുന്നു. ആ ആത്മാവ് സത്യ
8 മാകുന്നു. സാക്ഷ്യം വഹിക്കുന്നവ മൂന്നാ
കുന്നു. ആത്മാവും ജലവും രക്തവും. ഇവ
മൂന്നും ഒന്നിൽതന്നെ.*
9 മനുഷ്യരുടെ സാക്ഷ്യം നാം സ്വീകരി
ക്കുന്നുവെങ്കിൽ - ദൈവത്തിൻെറ സാക്ഷ്യം
എത്രയേറെ മഹത്തരമാണ്! തൻെറ പുത്ര
നെക്കുറിച്ചു സാക്ഷ്യപ്പെടുത്തിയിട്ടുള്ള
10 ദൈവസാക്ഷ്യം ഇതാകുന്നു. ദൈവത്തി
ൻെറ പുത്രനിൽ വിശ്വസിക്കുന്ന ഏവനും
ഈ സാക്ഷ്യം അവൻെറ ഉള്ളിൽ ഉണ്ട്.
ദൈവത്തെ വിശ്വസിക്കാത്തവൻ തൻെറ
പുത്രനെക്കുറിച്ച് ദൈവം സാക്ഷിച്ചിട്ടുള്ള
ഈ സാക്ഷ്യത്തെ വിശ്വസിക്കായ്കയാൽ
അവനെ അസത്യവാദിയാക്കിയിരിക്കുന്നു.
11 ആ സാക്ഷ്യമെന്നാൽ—ദൈവം നമുക്കു
നിത്യജീവൻ നൽകി. ആ ജീവൻ തൻെറ
പുത്രനിൽ സ്ഥിതിചെയ്യുന്നു എന്നുള്ള
താകുന്നു. പുത്രനെ കൈക്കൊണ്ടിരിക്കുന്ന 12
ഏവനും, ജീവനെയും കൈക്കൊണ്ടിരി
ക്കുന്നു. ദൈവത്തിൻെറ പുത്രനെ കൈ
ക്കൊണ്ടിട്ടില്ലാത്ത ഒരുവനും ജീവനില്ല.
നിങ്ങൾക്ക്—ദൈവത്തിൻെറ പുത്ര 13
ൻെറ നാമത്തിൽ വിശ്വസിച്ചവരായ
നിങ്ങൾക്ക്—നിത്യജീവൻ ഉണ്ട് എന്നു
നിങ്ങൾ അറിയേണ്ടതിനാണ് ഞാൻ ഇവ
എഴുതിയിരിക്കുന്നത്.
തൻെറ ഇഷ്ടാനുസരണം നാം തന്നോടു 14
യാചിക്കുന്നതെല്ലാം താൻ കേൾക്കും എന്നു
ള്ള ഈ ധൈര്യം നമുക്കുണ്ട്. നാം തന്നോട്
യാചിച്ചാൽ താൻ നമ്മെ കേൾക്കും എന്നു
നമുക്കു ബോദ്ധ്യമുണ്ടെങ്കിൽ, നാം തന്നോ 15
ടപേക്ഷിച്ചിട്ടുള്ളവ, നേരത്തെതന്നെ നമു
ക്കു ലഭിച്ചു എന്നു നമുക്കു പ്രത്യാശിക്കാം.
തൻെറ സഹോദരൻ മരണകരമല്ലാത്ത 16
പാപം ചെയ്യുന്നതായി ഒരുവൻ കണ്ടാൽ
(അവനുവേണ്ടി) അപേക്ഷിക്കണം. മരണക
രമല്ലാത്ത പാപമാണ് ചെയ്യുന്നതെങ്കിൽ
ജീവൻ നൽകപ്പെടും. എന്തെന്നാൽ മരണ
കരമായ പാപം ഉണ്ട്. അതിനെക്കുറിച്ച്
അപേക്ഷിക്കുവാൻ ഞാൻ പറയുന്നില്ല.
ഏത് അനീതിയും പാപമത്രെ. മരണത്തിന്ന 17
ല്ലാത്ത പാപം ഉണ്ട്.
ദൈവത്തിൽനിന്ന് ജനിച്ചവൻ ആരും 18
പാപം ചെയ്യുന്നില്ല എന്നു നാം അറിയുന്നു.
എന്തെന്നാൽ ദൈവത്തിൽനിന്നും ജനിച്ച
വൻ തന്നെത്തന്നെ സൂക്ഷിക്കുന്നു ദുഷ്ടൻ
അവനോട് അടുക്കുകയില്ല. നാം ദൈവ 19
ത്തിൽ നിന്നുള്ളവരാകുന്നുവെന്നും, ലോക
മെല്ലാം പിശാചിൻെറ അധീനതയിൽ
ആകുന്നുവെന്നും നാം അറിയുന്നു. ദൈവ 20
ത്തിൻെറ പുത്രൻ വന്നുവെന്നും, സത്യ
വാനെ അറിയുവാൻ നമുക്കു ബോധം
തന്നുവെന്നും നാം ആ സത്യവാനിൽ—
അവൻെറ പുത്രനായ യേശുമ്ശീഹായിൽ
ആയിരിക്കുമെന്നും നാം അറിയുന്നു. അവൻ
സത്യദൈവവും നിത്യജീവനുമാകുന്നു.
എൻെറ മക്കളെ, വിഗ്രഹാരാധനയിൽ 21
നിന്നും, നിങ്ങളെത്തന്നെ സൂക്ഷിച്ചു
കൊള്ളണം.

യോഹന്നാൻ ശ്ലീഹായുടെ ഒന്നാം ലേഖനം സമാപ്തം.

* മറ്റൊരു വിധത്തിലും ഈ വാക്യം കാണപ്പെടുന്നുണ്ട്. "സ്വർഗ്ഗത്തിൽ സാക്ഷികൾ മൂന്നുണ്ട് - പിതാവും, വചനവും, വിശുദ്ധാത്മാവും. ഇവ മൂന്നും ഒന്നാകുന്നു." ചില ഇംഗ്ലീഷ് പതിപ്പിലും ഇങ്ങനെ കാണുന്നുണ്ട്.

പാഠഭേദം

അദ്ധ്യായം 1 വാക്യം 2
അദ്ധ്യായം 2 വാക്യം 20,27
അദ്ധ്യായം 3 വാക്യം 5
അദ്ധ്യായം 4 വാക്യം 18
5:18 "നോത്താർ നപ്ശെ"

യോഹന്നാൻ ശ്ലീഹായുടെ രണ്ടാം ലേഖനം

1 ഞാൻ സത്യമായി സ്നേഹിക്കുന്ന —
2 ഞാൻ മാത്രമല്ല, സത്യത്തെ അറിയു
ന്നവരായ എല്ലാവരും സ്നേഹിക്കുന്ന
തിരഞ്ഞെടുക്കപ്പെട്ടവളായ 'കൂറിയാ
യ്ക്കും' അവളുടെ മക്കൾക്കും, നമ്മിൽ
വസിക്കുന്നതും, എന്നേക്കുമായി നമ്മിൽ
സ്ഥിതിചെയ്യുന്നതുമായ സത്യം നിമിത്തം,
കശീശയായ ഞാൻ എഴുതുന്നത്.
3 പിതാവായ ദൈവത്തിൽനിന്നും, പിതാ
വിന്റെ പുത്രനും നമ്മുടെ കർത്താവുമായ
യേശുമ്ശീഹായിൽനിന്നും കൃപയും കരു
ണയും സമാധാനവും, സത്യത്തോടും സ്നേ
ഹത്തോടും കൂടി നിങ്ങളോടു കൂടെ ഉണ്ടാ
യിരിക്കുമാറാകട്ടെ.
4 പിതാവിൽനിന്നു നമുക്കു ലഭിച്ച
കല്പനയനുസരിച്ച് നിന്റെ മക്കൾ സത്യ
ത്തിൽ നടക്കുന്നതായിക്കണ്ട് ഞാൻ വളരെ
5 സന്തോഷിച്ചു. ഇപ്പോൾ, കൂറിയാ, നിന്നെ
ഞാൻ പ്രബോധിപ്പിക്കുന്നു; നാം പരസ്പരം
സ്നേഹിക്കണം എന്ന് ആരംഭം മുതൽ
നമുക്കുണ്ടായിരുന്ന കല്പനയല്ലാതെ
പുതിയ കല്പനയായി ഒന്നും ഞാൻ
6 നിനക്ക് എഴുതുന്നില്ല. കല്പനപ്രകാരം
നടക്കുന്നതാകുന്നു സ്നേഹം. നിങ്ങൾ
ആദിമുതൽ കേട്ടതുപോലെ, ആചരി
7 ക്കേണ്ട കല്പന ഇതാകുന്നു. യേശു
മ്ശീഹാ ജഡത്തിൽ വന്നു എന്ന് ഏററുപറ
യാത്ത അനേകം വഞ്ചകന്മാർ ലോകത്തിൽ
വ്യാപിച്ചിരിക്കുന്നു. ഇവനാണ് വഞ്ചകനും
'അന്തിക്രിസ്തു'വും. നിങ്ങൾ പ്രയത്നിച്ച 8
തിന്റെ (ഫലം) നഷ്ടമാക്കാതെ സ്വയം
സൂക്ഷിച്ചുകൊള്ളണം. നിങ്ങൾ പൂർണമായ
പ്രതിഫലം പ്രാപിക്കും.
മ്ശീഹായുടെ ഉപദേശത്തെ ലംഘിക്കു 9
കയും അതിൽ വസിക്കാതിരിക്കുകയും
ചെയ്യുന്ന ഒരുവനിലും, ദൈവമില്ല. തന്റെ
ഉപദേശത്തിൽ സ്ഥിരമായി വസിക്കുന്ന
വനോ, പിതാവും പുത്രനുമുണ്ട്.
ഈ ഉപദേശവുംകൊണ്ടല്ലാതെ ഒരു 10
വൻ നിങ്ങളുടെ അടുക്കൽ വന്നാൽ
അവനെ വീട്ടിൽ സ്വീകരിക്കരുത്. അവനു
കുശലം പറയുകയുമരുത്. എന്തെന്നാൽ, 11
അവനോട് കുശലം പറയുന്നവൻ അവന്റെ
ദുഷ്പ്രവൃത്തികൾക്ക് കൂട്ടുകാരനായിത്തീ
രുന്നു. നിങ്ങൾക്കു എഴുതുവാൻ വളരെ 12
കാര്യങ്ങൾ എനിക്കുണ്ട്. അവ കടലാസിലും
മഷി കൊണ്ടും എഴുതുവാൻ ഞാനാഗ്രഹി
ക്കുന്നില്ല. എന്നാലോ, നമ്മുടെ സന്തോഷം
പൂർണ്ണമാകുവാൻ തക്കവണ്ണം ഞാൻ
നിങ്ങളുടെ അടുക്കൽ വന്ന് മുഖാഭിമുഖം
സംസാരിക്കാം എന്നു ഞാൻ പ്രത്യാശി
ക്കുന്നു. നിന്റെ തിരഞ്ഞെടുക്കപ്പെട്ട 13
സഹോദരിയുടെ മക്കൾ നിനക്കു സമാ
ധാനം ആശംസിക്കുന്നു.

യോഹന്നാൻ ശ്ലീഹായുടെ രണ്ടാം ലേഖനം സമാപ്തം.

പാഠഭേദം

അദ്ധ്യായം 1 വാക്യം 1,2

യോഹന്നാൻ ശ്ലീഹായുടെ മൂന്നാം ലേഖനം

1 കശീശയായ ഞാൻ സത്യമായും സ്നേ
ഹിക്കുന്ന എൻെറ വത്സലൻ ഗായോസിന്
എഴുതുന്നത്:
2 ഞങ്ങളുടെ വത്സലനേ, ഞാൻ സകല
ത്തിലും നിനക്കുവേണ്ടി പ്രാർഥിക്കുന്നു.
നിൻെറ ആത്മാവ് ശുഭമായിരിക്കുന്നതു
പോലെ നീ ശുഭമായും സുഖത്തോടും
3 ഇരിക്കുമാറാകട്ടെ. സഹോദരന്മാർ വന്ന്, നീ
സത്യത്തിൽ നടക്കുന്നു എന്ന് നിൻെറ
സത്യത്തിനു സാക്ഷ്യം പറയുകയാൽ ഞാൻ
വളരെയേറെ സന്തോഷിച്ചു.
4 എൻെറ മക്കൾ സത്യത്തിൽ നടക്കുന്നു
എന്നു കേൾക്കുന്നതിനേക്കാൾ വലിയ
5 സന്തോഷം എനിക്കില്ല. ഞങ്ങളുടെ വത്സ
ലനേ, സഹോദരന്മാർക്ക്—പ്രത്യേകിച്ചും
പരദേശികളായി കഴിയുന്നവർക്കു നീ
ചെയ്തുകൊടുക്കുന്നതെല്ലാം, വിശ്വാസം
6 മൂലമല്ലോ, നീ പ്രവർത്തിക്കുന്നത്. ദൈവ
ത്തിന് പ്രസാദകരമാംവണ്ണം നീ അവർക്കു
വേണ്ടി നന്നായി പ്രവർത്തിക്കുന്നു എന്നു
സർവ്വസഭയുടെയും മുമ്പാകെ, നിൻെറ
സ്നേഹത്തെക്കുറിച്ച് അവർ സാക്ഷ്യം
7 നൽകി. അവർ പുറജാതികളിൽനിന്ന്
ഒന്നും സ്വീകരിക്കാതെ, തൻെറ നാമത്തിനു
8 വേണ്ടി പുറപ്പെട്ടവരാകുന്നു. സത്യത്തിനു
സഹായികളായിരിപ്പാൻ വേണ്ടി ഇങ്ങനെ
യുള്ളവരെ സ്വീകരിപ്പാൻ നാം കടമയു
ള്ളവരാകുന്നു.
9 സഭയ്ക്ക് എഴുതുവാൻ ഞാൻ ആഗ്ര
ഹിച്ചിരുന്നു. എന്നാൽ, അവരുടെ പ്രധാനി
യാകുവാൻ മോഹിക്കുന്നവനായ ദീയോ
ത്രാപ്പോസ് ഞങ്ങളെ സ്വീകരിക്കുന്നില്ല.
ആകയാൽ ഞാൻ വരുന്നുവെങ്കിൽ, അവൻ 10
ചീത്തവാക്കുകൾ പറഞ്ഞുകൊണ്ട് ചെയ്ത
പ്രവൃത്തികൾ, ഞാൻ ഓർമപ്പെടുത്തും.
ഇതും മതിയാകാഞ്ഞിട്ട് അവൻ സഹോ
ദരന്മാരെ സ്വീകരിക്കുന്നില്ല എന്നതിനും
പുറമെ, സ്വീകരിക്കുന്നവരെ അവൻ വിരോ
ധിക്കുകയും സഭയിൽനിന്നു പുറത്താക്കു
കയും ചെയ്യുന്നു. എൻെറ വത്സലനേ, നന്മ 11
യെയല്ലാതെ തിന്മയെ നീ അനുകരിക്ക
രുത്. നന്മ ചെയ്യുന്നവൻ ദൈവത്തിൽ
നിന്നുള്ളവനാകുന്നു. തിന്മ ചെയ്യുന്നവനോ
ദൈവത്തെ കണ്ടിട്ടില്ല.
ദെമത്രിയോസിനെക്കുറിച്ച് എല്ലാവരാ 12
ലും സഭയിൽനിന്നും സത്യമായ സാക്ഷ്യ
മുണ്ട്. ഞങ്ങളും സാക്ഷിക്കുന്നു. ഞങ്ങ
ളുടെ സാക്ഷ്യം സത്യമെന്നു നീ അറിയു
ന്നുവല്ലോ. എനിക്ക്, നിൻെറ പേർക്കു 13
വളരെയേറെ എഴുതുവാനുണ്ടായിരുന്നു.
എന്നാൽ, മഷിയും പേനയും കൊണ്ട് നിന
ക്കു എഴുതുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.
നിന്നെ ഞാൻ വേഗം കാണുമെന്നും, നമുക്കു 14
മുഖാഭിമുഖം സംസാരിക്കാമെന്നും ഞാൻ
പ്രത്യാശിക്കുന്നു.
സമാധാനം നിന്നോടുകൂടെ ഉണ്ടായിരി
ക്കുമാറാകട്ടെ. സ്നേഹിതന്മാർ നിനക്കു 15
സമാധാനം ആശംസിക്കുന്നു. സ്നേഹിത
ന്മാരിൽ ഓരോരുത്തർക്കും പേരു പറഞ്ഞു
തന്നെ സമാധാനം ആശംസിക്കുക.

യോഹന്നാൻ ശ്ലീഹായുടെ മൂന്നാം ലേഖനം സമാപ്തം.

പാഠഭേദം

അദ്ധ്യായം 1 വാക്യം 6

വി. യൂദായുടെ ലേഖനം

യൂദാ എന്ന പേരിൽ പല ആളുകളെക്കാണാം.

(1) യൂദാ സ്കറിയോത്താ; (2) യാക്കോബിൻെറ മകനായ യൂദാ (തദ്ദായി) (3) ഗലിലക്കാരനായ യൂദാ. (ശ്ലീ.പ്ര. 5:37) (4) ദമസ്കോസുകാരനായ യൂദാ. (ശ്ലീ.പ്ര. 9:11) ഇദ്ദേഹത്തിൻെറ ഭവനത്തിൽ പൌലോസ് താമസിച്ചു. (5) ലേഖനമെഴുതിയ യൂദാ. ഇദ്ദേഹം കർത്തൃസഹോദരനായ യാക്കോബിൻെറ സഹോദരൻ. (ലേഖനം 1-ാം വാക്യം.)

വിഷയവിവരം

വാ. 1-2 അഭിവാദനം. 3-4 വേദവിപരീതികൾ സഭയിൽ പ്രവേശിച്ചത്. 5-7 ദൂതന്മാർക്കും ഇസ്രായേല്യർക്കുമുണ്ടായ ശിക്ഷ. 8-16 വ്യാജോപദേഷ്ടാക്കന്മാരുടെ ദുർന്നടപ്പ്, ഉപദേശം, ദൈവദൂഷണം, ശിക്ഷ. 17-23 അവരുടെ പ്രവർത്തനം കണ്ട് അന്ധാളിക്കരുത്. അതിൻെറ നിവാരണാർത്ഥം, ക്രിസ്ത്യാനികൾ, ഭക്തിയിലും പ്രാർത്ഥനയിലും കർത്താവിൻെറ പുനരാഗമനചിന്തയിലും ഉറ്റിരിക്കണം. 24-25. പാപത്തിൽ വീഴുന്നവർക്കുവേണ്ടി പ്രത്യേകം പ്രവർത്തിക്കണം.

യാക്കോബിൻെറ സഹോദരനായ യഹൂദാ (യൂദാ)യുടെ ലേഖനം

1 യേശുമ്ശീഹായുടെ ദാസൻ, യാക്കോ
ബിൻെറ സഹോദരൻ യൂദാ, പിതാവായ
ദൈവത്താൽ സ്നേഹിക്കപ്പെട്ടും യേശു
മ്ശീഹായാൽ സംരക്ഷിക്കപ്പെട്ടുമിരിക്കുന്ന
വിളിക്കപ്പെട്ടവരായ വിജാതിയർക്കു എഴു
2 തുന്നത്, സ്നേഹത്താൽ കരുണയും സമാ
ധാനവും നിങ്ങൾക്കു വർദ്ധിക്കുമാറാകട്ടെ.
3 എൻെറ വത്സലരെ, നമ്മുടെ പൊതു
വായ രക്ഷയെക്കുറിച്ച് നിങ്ങൾക്കെഴുതു
വാൻ ഞാൻ സർവ്വവിധത്തിലും ഉത്സാഹി
ക്കുന്നു. വിശുദ്ധന്മാർക്ക് ഒരിക്കലായി
ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള വിശ്വാസത്തിനു
വേണ്ടി നിങ്ങൾ പോരാട്ടം നടത്തണമെന്ന്
അപേക്ഷിച്ചുകൊണ്ട് നിങ്ങൾക്ക് എഴുതേ
ണ്ടത് അത്യാവശ്യം എന്ന് എനിക്കു തോന്നി.
4 എന്തെന്നാൽ, ദൈവത്തിൻെറ കൃപയെ
അശുദ്ധിയിലേക്കു തിരിക്കുകയും, ഏക
നാഥനായ ദൈവവും നമ്മുടെ കർത്താവു
മായ യേശുമ്ശീഹായെ തള്ളിപ്പറയുകയും
ചെയ്യുന്നവരായ ചില ദുഷ്ടന്മാർ നുഴഞ്ഞു
കയറിയിരിക്കുന്നു. ആരംഭംമുതലേ, മുൻ
കൂട്ടി ഈ ശിക്ഷാവിധിയിൽ പേരുകൊണ്ട
വരാണ് അവർ.
5 നിങ്ങൾ എല്ലാവരും അറിഞ്ഞിട്ടുള്ള
വരാണെങ്കിലും നിങ്ങളെ ഓർമ്മിപ്പിക്കു
വാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവം ജന
ത്തെ ഒരിക്കൽ മെസ്രേനിൽനിന്നും രക്ഷ
പ്പെടുത്തി. വിശ്വസിക്കാത്തവരെ പിന്നെ
നശിപ്പിക്കുകയും ചെയ്തു.
6 തങ്ങളുടെ ഉന്നതാവസ്ഥ കാത്തുകൊ
ള്ളാതെ, അവരുടെ വാസസ്ഥലം വിട്ടു
പോയവരായ മാലാഖമാരെ, ആ മഹാ
ദിവസത്തിലെ വിധിക്കായി, അറിയപ്പെ
ടാത്ത ബന്ധനങ്ങളാൽ അന്ധകാരത്തിൻ
7 കീഴിൽ സൂക്ഷിച്ചിരിക്കുന്നു. അതുപോലെ
സോദോമും ഓമൂറായും അവയ്ക്കു
ചുററുമുള്ള പട്ടണങ്ങളും, അവരെപ്പോ
ലെതന്നെ വ്യഭിചരിക്കയും, അന്യജഡം
മോഹിച്ചു നടക്കുകയും ചെയ്തതിനാൽ
കുററക്കാരായിട്ട് നിത്യാഗ്നിയിൽ ശിക്ഷ
8 അനുഭവിക്കുന്നു.അങ്ങനെതന്നെ സ്വപ്നാ
വസ്ഥയിൽ തെററി നടക്കുന്ന ഇവരും,
ശരീരത്തെ മലിനമാക്കുകയും, കർത്തൃ
നാമത്തെ ധിക്കരിക്കുകയും, മഹിമയെ
ദുഷിക്കുകയും ചെയ്യുന്നു.
മാലാഖമാരുടെ തലവനായ മിഖാ 9
യേലും, മോശയുടെ ശരീരത്തെക്കുറിച്ച്
ആകൽകർസായോടു വാദിച്ചപ്പോൾ,
അവൻെറ നേരെ ഒരു ദൂഷണവിധി ഉച്ചരി
പ്പാൻ തുനിയാതെ—കർത്താവു നിന്നെ
ശാസിക്കട്ടെ എന്നു പറഞ്ഞതേയുള്ളു.
എന്നാൽ, ഇവരാകട്ടെ, അവർക്കറിവി 10
ല്ലാത്ത കാര്യങ്ങളെ ദുഷിക്കുന്നു. സംസാര
ശക്തിയില്ലാത്ത മൃഗങ്ങളെപ്പോലെ, സ്വാ
ഭാവികമായി ഗ്രഹിക്കുന്നവയാൽ തങ്ങളെ
ത്തന്നെ വഷളാക്കുകയും ചെയ്യുന്നു. അവർ 11
ക്കു ഹാ കഷ്ടം! എന്തെന്നാൽ അവർ കായേ
ൻെറ വഴിയെ പോയി. ബലയാമിൻെറ വഞ്ച
നയുടെ പിന്നാലെ പ്രതിഫല മോഹത്താൽ
വ്യതിചലിച്ചു. കോറഹിൻെറ മത്സരത്താൽ
എന്നപോലെ നശിച്ചു പോകയും ചെയ്തു.
അവർ വിശ്രമവേളകളിലെ കടൽപാറകളാ
ണ്. അവർ, അശുദ്ധരായി വിരുന്നുകളിൽ— 12
ശങ്കകൂടാതെ സ്വയം പോഷിപ്പിച്ച് മദിക്കു
ന്നവരാണ്. കാററിനാൽ ഉഴലുന്ന വെള്ളമി
ല്ലാത്ത മേഘങ്ങളാകുന്നു. ഇല കൊഴി
ഞ്ഞും, ഫലമില്ലാതെയും, വീണ്ടും നിർജ്ജീ
വമായും, വേര് അററും പോയിട്ടുള്ള വൃക്ഷ
ങ്ങളാകുന്നു. ഇവർ തങ്ങളുടെ ലജ്ജയെ 13
നുരയാൽ കാണിക്കുന്ന വലിയ കടൽ തിര
മാലകളാകുന്നു. നിത്യമായ അന്ധകാരം
അവയ്ക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന
വക്രഗതിയുള്ള നക്ഷത്രങ്ങളുമാകുന്നു.
ആദാം മുതൽ ഏഴാമനായ ഹനോക്കു ഇവ 14
രെക്കുറിച്ച് ഇങ്ങനെ പ്രവചിച്ചിട്ടുണ്ട്. "ഇതാ
കർത്താവ്, എല്ലാവരേയും വിധിപ്പാനും, 15
അവർ കുററകരമായി ചെയ്തിട്ടുള്ള എല്ലാ
പ്രവൃത്തികൾ നിമിത്തവും, കഠിനരായ ആ
പാപികൾ, സംസാരിച്ചിട്ടുള്ള എല്ലാ ദുർവാ
ക്കുകൾ നിമിത്തവും അവരെ ശാസിപ്പാനു
മായി, പതിനായിരക്കണക്കിന് വിശുദ്ധരു
മായി വരും." അവർ പിറുപിറുക്കുന്നു. എല്ലാ 16

കാര്യങ്ങളിലും കുററം പറയുന്നു; അവരുടെ
മോഹങ്ങൾക്കനുസരണമായി നടക്കുന്നു.
അവരുടെ വായ്കൾ, ഭയങ്കര അനീതി
സംസാരിക്കുന്നു. ലാഭത്തെ ഉദ്ദേശിച്ചു
മുഖസ്തുതി പറയുകയും ചെയ്യുന്നു.
17 നിങ്ങളോ, എൻെറ വത്സലരേ, നമ്മുടെ
കർത്താവായ യേശുമ്ശീഹായുടെ ശ്ലീഹ
ന്മാരാൽ മുമ്പ് പറയപ്പെട്ടിട്ടുള്ള വാക്കുക
ളെ ഓർത്തുകൊള്ളണം.
18 അന്ത്യകാലത്തു, തങ്ങളുടെ മോഹ
ങ്ങൾക്ക് അനുസരിച്ച് ദുഷ്ടതയുടെ പിന്നാ
ലെ പോകുന്ന പരിഹാസികൾ ഉണ്ടാകും
എന്ന് അവർ നിങ്ങളോട് പറഞ്ഞിട്ടുണ്ട
19 ല്ലോ. അവർ ഭിന്നതയുണ്ടാക്കുന്നവർ, പ്രാ
കൃതർ, 'ആത്മാവ്' ഇല്ലാത്തവർ. എൻെറ
20 വത്സലരേ, നിങ്ങൾ പ്രാർഥിച്ചുകൊണ്ട്
നിങ്ങളുടെ പരിശുദ്ധ വിശ്വാസത്തിൽ പരി
ശുദ്ധാത്മാവ് മൂലം വീണ്ടും അഭിവൃദ്ധി
21 പ്പെടുവിൻ. നമ്മുടെ നിത്യജീവന്നായി,
നമ്മുടെ കർത്താവേശുമ്ശീഹായുടെ കരു
ണയെ പ്രതീക്ഷിച്ചുകൊണ്ട് ദൈവസ്നേ
ഹത്തിൽ നമ്മെത്തന്നെ നാം സൂക്ഷിച്ചു
കൊള്ളണം.
അവരിൽ ചിലരെ നിങ്ങൾ അഗ്നിയിൽ 22
നിന്നും വലിച്ചെടുക്കണം. അവർ അനുതപി
ക്കുമ്പോൾ ജഡംകൊണ്ട് കറപിടിച്ച
വസ്ത്രത്തെ ദ്വേഷിച്ചുകൊണ്ടുതന്നെ
ഭക്തിയോടെ കരുണ ചെയ്യുവിൻ. നിങ്ങളെ 23
അപരാധം കൂടാതെയും കറ കൂടാതെയും
സൂക്ഷിക്കുവാനും, നിർമ്മലരായി തൻെറ 24
മഹിമയുടെ മുമ്പാകെ സന്തോഷത്തോടെ
നിറുത്തുവാനും കഴിവുള്ളവനായവന് —
താൻ മാത്രം ദൈവവും നമ്മുടെ രക്ഷക 25
നുമായവനു നമ്മുടെ കർത്താവായ യേശു
മ്ശീഹാവഴിയായി, മഹത്വവും, ആധിപത്യ
വും ബഹുമാനവും ശ്രേഷ്ഠതയും ഇപ്പോഴും
എന്നെന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ.
ആമ്മീൻ.

യാക്കോബിൻെറയും യോസിയുടെയും സഹോദരനായ യഹൂദാശ്ലീഹായുടെ ലേഖനം സമാപ്തം.

പാഠഭേദം

അദ്ധ്യായം 1 വാക്യം 16, 20

നീറോ കൈസർ, അദ്ദേഹത്തെ നാടുകടത്തിയ പത്മോസ് ദ്വീപിൽ വച്ച് ദൈവത്തിൽനിന്നും സുവിശേഷകനായ യോഹന്നാന് ഉണ്ടായ വെളിപ്പാട്

അദ്ധ്യായം 1

1 യേശുമ്ശീഹായുടെ വെളിപ്പാട്: ഉടനെ
സംഭവിപ്പാനുള്ളത് തന്റെ ദാസർക്കു
കാണിക്കുവാനായി ദൈവം അത് അവനു
കൊടുത്തു. അവൻ അതു തന്റെ ദൂതൻ
മുഖാന്തരം തന്റെ ദാസനായ യോഹന്നാ
നെ അറിയിച്ചു.
2 അവൻ, ദൈവത്തിന്റെ വചനവും,
യേശുമ്ശീഹായുടെ സാക്ഷ്യവുമായി താൻ
കണ്ടത് എല്ലാം സാക്ഷിച്ചു.
3 ഈ പ്രവചന വചനങ്ങളെ വായിക്കു
ന്നവർക്കും അതിലെ വാക്കുകൾ കേൾക്കു
ന്നവർക്കും അതിൽ എഴുതപ്പെട്ടിരിക്കുന്നവ
ആചരിക്കുന്നവർക്കും ഭാഗ്യം. സമയം സമീ
പിച്ചിരിക്കുന്നു.
4 ആസിയായിലെ ഏഴു സഭകൾക്കുമായി
യോഹന്നാൻ എഴുതുന്നത്. താൻ ആയി
രിക്കുന്നവനും, ആയിരുന്നവനും, വരുവാ
നിരിക്കുന്നവനുമായവനിൽനിന്നും, അവ
ന്റെ സിംഹാസനസന്നിധിയിലുള്ള ഏഴ്
5 ആത്മാക്കളിൽനിന്നും, വിശ്വസ്തസാക്ഷി
യും, മരിച്ചവരുടെ ആദ്യജാതനും, ഭൂമിയി
ലെ രാജാക്കന്മാരുടെ അധിപനും ആയ
യേശുമ്ശീഹായിൽനിന്നും നിങ്ങൾക്കു
കൃപയും സമാധാനവും ഉണ്ടാകുമാറാ
6 കട്ടെ. നമ്മെ സ്നേഹിക്കുന്നവനും, തന്റെ
രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നും,
നമ്മെ അഴിക്കുകയും, നമ്മെ ദൈവവും
തന്റെ പിതാവുമായവന് പുരോഹിതപര
മായ രാജ്യമാക്കിത്തീർക്കുകയും ചെയ്ത
വന്, എന്നന്നേക്കും മഹത്വവും, ആധിപത്യ
വും ആമ്മീൻ.
7 താൻ ഇതാ മേഘാരൂഢനായിവരുന്നു.
എല്ലാ കണ്ണുകളും, അവനെ കുത്തിത്തുള
ച്ചവരും അവനെ കാണും. ഭൂമിയിലെ സകല
വംശങ്ങളും അവനെക്കുറിച്ചു വിലപിക്കും.
അതെ- ആമ്മീൻ.
8 ഞാൻ 'ഓലഫും താവും' *(ആൽഫയും
ഒമേഗയും) ആകുന്നു എന്ന് ആയിരിക്കു
ന്നവനും, ആയിരുന്നവനും, വരുവാനിരി
ക്കുന്നവനുമായ സർവ്വശക്തനായ ദൈവ
മായ കർത്താവു പറയുന്നു.
നിങ്ങളുടെ സഹോദരനും, യേശു 9
മ്ശീഹായ്ക്കു വേണ്ടിയുള്ള ഞെരുക്കങ്ങ
ളിലും സഹനത്തിലും നിങ്ങളുടെ കൂട്ടാളി
യുമായ യോഹന്നാനാകുന്ന ഞാൻ- ദൈവ
വചനം നിമിത്തമായും, യേശുമ്ശീഹായെ
ക്കുറിച്ചു സാക്ഷിച്ചതുമൂലവും, പത്മോസ്
എന്നു പേരുള്ള ദ്വീപിലായിരുന്നു. കർത്തൃ 10
ദിവസത്തിൽ ഞാൻ ആത്മാവിൽ നിമഗ്ന
നായി. കാഹളത്തിന്റേതുപോലുള്ള ഒരു 11
വലിയ ശബ്ദം, എന്റെ പിന്നിൽനിന്നും
ഞാൻ കേട്ടു. അതു (ഇങ്ങനെ) പറഞ്ഞു.
'നീ കാണുന്നതു പുസ്തകമായി എഴുതുക.
ആ ഏഴു സഭകൾക്ക്- എഫേസോസ്,
സ്മിർണാ, പെർഗമോസ്, തേവത്തീരാ,
സർദീസ്, ഫിലദൽഫിയ, ലേവോദോക്യാ-
എന്നിവക്കുതന്നെ. എന്നോടു സംസാരി 12
ക്കുന്ന ആ ശബ്ദമാകുന്നവനെ കാണു
വാനായി ഞാൻ തിരിഞ്ഞു നോക്കിയ
പ്പോൾ, ഏഴു പൊൻ നിലവിളക്കുകളും, 13
നിലവിളക്കുകളുടെ നടുവിലായി, വെള്ള
നിലയങ്കി ധരിച്ച്, മാറത്തു പൊൻകച്ച
കെട്ടിയവനായി, മനുഷ്യപുത്രനോട് സാമ്യ
മുള്ളവനായവനേയും കണ്ടു. അവന്റെ 14
തലയും തലമുടിയും വെളുത്ത പഞ്ഞിപോ
ലെയും, ഹിമംപോലെയും വെള്ളനിറമുള്ള
വയും, അവന്റെ കണ്ണുകൾ അഗ്നിജ്വാല
പോലെയും, അവന്റെ കാലുകൾ, തീച്ചൂള 15
യിൽ ഇട്ടു ചുട്ടുപഴുപ്പിച്ച, വെള്ളോടുപോ
ലെയും, അവന്റെ ശബ്ദം പെരുവെള്ള
ത്തിന്റെ ഇരമ്പൽപോലെയുമായിരുന്നു.
അവന്റെ വലതു കൈയിൽ ഏഴു നക്ഷത്ര 16
ങ്ങളുണ്ട്. അവന്റെ വായിൽനിന്നോ,
മൂർച്ചയേറിയതും ഇരുവായ്തലയുള്ളതു
മായ വാൾ പുറപ്പെട്ടുവരുന്നു. അവന്റെ
മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കു
ന്നതുപോലെയും ആയിരുന്നു. ഞാൻ അവ 17
നെക്കണ്ട്, മരിച്ചവനെപോലെ അവന്റെ

* സുറിയാനി ആദ്യ-അവസാന അക്ഷരങ്ങൾ

കാൽക്കൽ വീണു. അവനോ അവൻെറ
വലങ്കൈ എൻെറ മേൽ വച്ചു കൊണ്ട് പറ
ഞ്ഞു: 'നീ ഭയപ്പെടേണ്ട, ഞാൻ ആദ്യനും,
അന്ത്യനും, ജീവനുള്ളവനും ആകുന്നു.
18 ഞാൻ മരിച്ചവനായിരുന്നു. എന്നാൽ
ഞാനിതാ എന്നന്നേക്കും ജീവിച്ചിരിക്കുന്നു.
മരണത്തിൻെറയും പാതാളത്തിൻെറയും
19 താക്കോൽ എൻെറ കൈയിലുണ്ട്. ആക
യാൽ നീ കണ്ടതും ഇപ്പോൾ ഉള്ളതും
20 ഇവക്കു ശേഷം ഇനി ഉണ്ടാകുവാനുള്ളതു
മായ കാര്യങ്ങളും, എൻെറ വലങ്കൈയിൽ
നീ കണ്ടതായ ഏഴു നക്ഷത്രങ്ങളുടെയും,
ആ ഏഴു പൊൻനിലവിളക്കുകളുടെയും
രഹസ്യവും, നീ എഴുതിവക്കുക. ആ ഏഴു
നക്ഷ ത്രങ്ങൾ, ഏഴു സഭകളുടെയും മാലാ
ഖമാരാകുന്നു. ആ ഏഴുനിലവിളക്കുകൾ
ഏഴു സഭകളുമാകുന്നു

അദ്ധ്യായം 2

1 എഫേസോസിലുള്ള സഭയുടെ ദൂതന്
നീ എഴുതുക. വലങ്കൈയിൽ ഏഴു നക്ഷത്രം
പിടിച്ചിരിക്കുന്നവനും ഏഴു നിലവിളക്കു
കളുടെ ഇടയിലൂടെ നടക്കുന്നവനുമായ
2 സർവ്വശക്തൻ പറയുന്നു: നിൻെറ പ്രവൃ
ത്തികളേയും നിൻെറ പ്രയത്നങ്ങളേയും,
നിൻെറ സഹനത്തേയും, ദുഷ്ടന്മാരെ
സഹിപ്പാൻ നിനക്കു കഴിയാത്തതും, ശ്ലീഹ
ന്മാരല്ലാതിരിക്കെ തങ്ങൾ ശ്ലീഹന്മാരാണ്
എന്നു പറയുന്നവരെ നീ പരീക്ഷിച്ച് അവർ
3 കള്ളന്മാരാണെന്നു നീ കണ്ടതും നിനക്കു
സഹനശക്തിയുള്ളതും എൻെറ നാമത്തെ
പ്രതി നീ സഹിച്ചതും നീ തളർന്ന് പോകാ
4 തിരുന്നതും ഞാൻ അറിയുന്നുണ്ട്. എന്നാൽ
നിൻെറ ആദ്യ സ്നേഹം നീ വിട്ടുകളഞ്ഞു
എന്നൊരു കുറ്റം നിന്നെക്കുറിച്ചു പറയു
വാനുണ്ട്.
5 ആകയാൽ, നീ എവിടെനിന്നാണ്
വീണുപോയിരിക്കുന്നതു എന്ന് ഓർക്കുക.
അനുതപിക്കുക. ആദ്യകാലത്തെ ആ
പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുക.
അല്ലെങ്കിലോ, ഞാൻ വേഗം നിൻെറ അടു
ക്കൽ വരും, നീ പശ്ചാത്തപിക്കാതിരു
ന്നാൽ നിൻെറ നിലവിളക്ക് അതിൻെറ
സ്ഥാനത്തു നിന്നും ഞാൻ ഇളക്കി മാറ്റുക
6 യും ചെയ്യും. എങ്കിലും, 'നിക്കൊലാവോസു
കാരുടെ' പ്രവൃത്തികളെ നിങ്ങൾ ദ്വേഷി
ച്ചുകൊണ്ടിരിക്കുന്നു എന്നൊരു (നന്മ)
നിനക്കുണ്ട്. അതു ഞാനും വെറുക്കുന്നു.

സഭകളോട് ആത്മാവ് എന്തു പറയു 7
ന്നു? എന്നു ചെവിയുള്ളവൻ കേൾക്കട്ടെ.
ജയിക്കുന്നവന് എൻെറ ദൈവത്തിൻെറ
പറുദീസായിലുള്ള ജീവൻെറ വൃക്ഷത്തി
ൻെറ ഫലം ഭക്ഷിപ്പാൻ ഞാൻ കൊടുക്കും.
സ്മിർണായിലുള്ള സഭയുടെ മാലാഖ 8
ക്ക് നീ എഴുതുക: ആദ്യനും, അന്ത്യനും,
മരിച്ചവനായിത്തീർന്നിട്ടും ജീവിച്ചവനുമാ
യവൻ പറയുന്നു: ഞാൻ നിൻെറ പ്രവൃത്തി 9
കളും നിൻെറ ഞെരുക്കവും ദാരിദ്ര്യവും —
(പക്ഷേ നീ ധനവാനാകുന്നു) - തങ്ങൾ
യഹൂദരല്ലാതിരിക്കെ യഹൂദരെന്നു പറയു
കയും സാത്താൻെറ സംഘക്കാരായിരി
ക്കുകയും ചെയ്യുന്നവരുടെ ദുഷ്പ്രവാദങ്ങ
ളേയും ഞാനറിയുന്നുണ്ട്. അവരിൽ നീ 10
അനുഭവിപ്പാനിരിക്കുന്ന കഷ്ടനഷ്ടങ്ങ
ളെപ്പറ്റി ഭയപ്പെടേണ്ട. നിങ്ങൾ പരിശോധി
തരാകത്തക്കവണ്ണം, നിങ്ങളിൽ ചിലരെ
ആകൽകർസാ തടവിലാക്കും. പത്തു
ദിവസം നിങ്ങൾക്കു ഉപദ്രവമുണ്ടാകും.
മരണംവരെയും വിശ്വസ്തനായിരി
ക്കുക. ഞാൻ നിനക്കു ജീവൻെറ കിരീടം
തരും — സഭകളോട് ആത്മാവ് എന്തു പറ 11
യുന്നു? എന്നു ചെവിയുള്ളവൻ കേൾക്കട്ടെ.
ജയിക്കുന്നവനു രണ്ടാമത്തെ മരണത്താ
ലുള്ള ദോഷമുണ്ടാകുകയില്ല.
പെർഗമോസിലുള്ള സഭയുടെ മാലാ 12
ഖക്ക് എഴുതുക: ഇരുവായ്തലയുള്ള
മൂർച്ചയേറിയ വാൾ ഉള്ളവൻ ഇപ്രകാരം
പറയുന്നു: നിൻെറ പ്രവൃത്തികളും സാത്താ 13
ൻെറ സിംഹാസനം ഉള്ളിടത്ത് നീ വസി
ക്കുന്നുവെന്നും, നീ എൻെറ നാമം മുറുകെ
പിടിച്ചിരിക്കുകയാണെന്നും നിങ്ങളുടെ ഇട
യിൽ സാത്താൻ പാർക്കുന്നിടത്ത് എൻെറ
*സാക്ഷിയും എൻെറ വിശ്വസ്തനുമായവൻ
കൊല്ലപ്പെട്ട ആ നാളുകളിൽപോലും എന്നി
ലുള്ള വിശ്വാസം നീ തള്ളി പറഞ്ഞിട്ടില്ല
എന്നും എനിക്കറിയാം.
എങ്കിലും നിനക്കെതിരായി അൽപം 14
എനിക്കു പറയുവാനുണ്ട്. വിഗ്രഹാർപ്പിതം
ഭക്ഷിപ്പാനും, വ്യഭിചരിക്കുവാനും, ഇസ്ര
യേൽ മക്കളുടെ മുമ്പിൽ ഇടർച്ച വരു
ത്തുവാൻ ബാലാക്കിനെ ഉപദേശിച്ച ബല
യാമിൻെറ ഉപദേശത്തെ പിടിച്ചിരിക്കുന്ന
വർ അവിടെ നിനക്കുണ്ട്. അതുപോലെ 15
തന്നെ നിക്കോലാവോസുകാരുടെ പഠി
പ്പിക്കലിനെ അനുകൂലിക്കുന്നവരും അവി
ടെ നിനക്കുണ്ട്. ആകയാൽ അനുതപി

* 'അന്തിപ്പാസ്' (സുറി. ഇല്ല)

16 ക്കുക. അല്ലാത്തപക്ഷം ഞാൻ വേഗം വന്ന്
എൻെറ വാളിൻെറ വായ്ത്തലയാൽ ഞാൻ
അവരോടു യുദ്ധം ചെയ്യും.
17 ആത്മാവു സഭകളോട് എന്തു പറയു
ന്നു? എന്നു ചെവിയുള്ളവൻ കേൾക്കട്ടെ.
ജയിക്കുന്നവന്- ഞാൻ, മറഞ്ഞിരിക്കുന്ന
'മന്നാ' കൊടുക്കും; ഞാൻ അവന് ഒരു
വെള്ളക്കല്ലും, ആ കല്ലിന്മേൽ എഴുതപ്പെട്ടി
രിക്കുന്ന ഒരു പുതിയ പേരും കൊടുക്കും.
അതു ലഭിക്കുന്നവനല്ലാതെ മറ്റാർക്കും
മനസ്സിലാകാത്തതുമാകുന്നു.
18 തേവത്തീരായിലെ സഭയുടെ ദൂതന്
എഴുതുക: അഗ്നിജ്വാല സമാനമായ കണ്ണു
കളും വെള്ളോടുപോലുള്ള കാലുകളും ഉള്ള
വനായ ദൈവപുത്രൻ ഇങ്ങനെ പറയുന്നു.
19 നിൻെറ പ്രവൃത്തികളും, നിൻെറ സ്നേ
ഹവും വിശ്വാസവും, ശുശ്രൂഷയും, നിൻെറ
സഹനവും, നിൻെറ അവസാനത്തെ പ്രവൃ
ത്തികൾ ആദ്യത്തേതിലും ഏറെയാണെ
20 ന്നും ഞാൻ അറിയുന്നുണ്ട്. എന്നാൽ നിന
ക്കെതിരായി പറയാനുള്ളത്, താൻ പ്രവാച
കിയാണെന്ന് പറയുകയും, വേശ്യാദോഷം
ചെയ്യുവാനും വിഗ്രഹാർപ്പിതം ഭക്ഷിപ്പാനും
എൻെറ ദാസരെ ഉപദേശിച്ച് വഴിതെററി
ക്കുന്ന 'ഇസബേൽ' എന്ന സ്ത്രീയെ നീ
21 അനുവദിക്കുന്നു. മാനസാന്തരപ്പെടുവാൻ
ഞാൻ അവൾക്കു സമയം കൊടുത്തു.
എന്നാൽ അവളുടെ വേശ്യാവൃത്തിയിൽ
നിന്നും മാനസാന്തരപ്പെടുവാൻ അവൾക്കു
22 മനസ്സില്ല. ഞാൻ അവളെ കിടപ്പിലാക്കും.
അവളുമൊത്തു വ്യഭിചരിക്കുന്നവരെ അ
വർ അവരുടെ പ്രവൃത്തികളിൽനിന്നും
മാനസാന്തരപ്പെടുന്നില്ലെങ്കിൽ വലിയ
23 കഷ്ടതയിലുമാക്കും. അവളുടെ മക്കളെ
മരണത്താൽ ഞാൻ കൊന്നുകളയും.
ഞാൻ അന്തരേന്ദ്രിയങ്ങളേയും ഹൃദയങ്ങ
ളേയും ശോധന ചെയ്യുന്നവനാകുന്നു എന്ന്
എല്ലാ സഭകളും അറിയാനിടയാകും. നി
ങ്ങൾക്ക്- നിങ്ങളിൽ ഓരോരുത്തർക്കും
നിങ്ങളുടെ പ്രവൃത്തികൾക്കനുസൃതമായി
ഞാൻ നൽകും. എന്നാൽ നിങ്ങളോടു
ഞാൻ പറയുന്നു:
24 ഈ വിശ്വാസോപദേശം കൈക്കൊ
ള്ളാത്തവരും ചിലർ പറയുന്നതുപോലെ
—സാത്താൻെറ ആഴങ്ങൾ അറിഞ്ഞിട്ടില്ലാ
ത്തവരുമായി തേവത്തീരായിലെ ശേഷം
ജനങ്ങളായ നിങ്ങളുടെ മേൽ വേറൊരു
25 ഭാരം ഞാൻ ചുമത്തുന്നില്ല. എന്നാൽ ഞാൻ
വരുന്നതുവരെ നിങ്ങൾക്കുള്ളത് നിങ്ങൾ
മുറുകെ പിടിച്ചുകൊള്ളണം.

ജയിക്കുന്നവന് —എൻെറ പ്രവൃത്തി 26
കൾ അവസാനത്തോളം അനുഷ്ഠിക്കു
ന്നവന്- ജാതികളുടെ മേൽ ഞാൻ
അധികാരം കൊടുക്കും. അവൻ ഇരു 27
മ്പുവടികൊണ്ട് അവരെ മേയിക്കും.
കുശവൻെറ മൺപാത്രംപോലെ അവ
നുറുങ്ങിപ്പോകും; എൻെറ പിതാവിൽ
നിന്നും ഞാൻ പ്രാപിച്ചതുപോലെതന്നെ,
ഞാൻ അവന് ഉദയ നക്ഷത്രവും കൊടു 28
ക്കും. ആത്മാവ് സഭകളോട് എന്തു പറയു 29
ന്നുവെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.

അദ്ധ്യായം 3

സർദീസിലെ സഭയുടെ ദൂതന് 1
എഴുതുക:
ദൈവത്തിൻെറ ആ ഏഴ് ആത്മാക്കളും
ആ ഏഴു നക്ഷത്രങ്ങളും ഉള്ളവൻ പറയുന്നു:
ഞാൻ നിൻെറ പ്രവൃത്തികളെ അറിയു
ന്നുണ്ടു. ജീവനുള്ളവൻ എന്നു നിനക്കു
പേരുണ്ട് — നീ മരിച്ചവനായിരുന്നു. നീ
ഉണരുക- മരിപ്പാനിരിക്കുന്ന ശേഷമുള്ള 2
വരെ കാത്തു പാലിക്കുക. എൻെറ
ദൈവത്തിൻെറ മുമ്പാകെ നിൻെറ പ്രവൃ
ത്തികൾ പൂർണ്ണതയുള്ളവയായി ഞാൻ
കണ്ടില്ല. ആകയാൽ, നീ പ്രാപിച്ചതും 3
കേട്ടതും എങ്ങനെ എന്നു നീ ഓർക്കുക-
അവ ആചരിക്കുക. മാനസാന്തരപ്പെടുക.
ആകയാൽ നീ ഉണരുകയില്ലെങ്കിലോ,
കള്ളനെപ്പോലെ ഞാൻ നിനക്കെതിരായി
വരും. ഏതു നാഴികയിൽ ഞാൻ നിൻെറ
മേൽ വരുമെന്നു നീ അറിയുകയുമില്ല.
എങ്കിലും അവരുടെ അങ്കി മലിനമാക്കാത്ത 4
കുറെപ്പേർ സർദീസിൽ നിനക്കുണ്ട്. അവർ
അതിനു യോഗ്യരാകയാൽ വെള്ളയങ്കി 5
അണിഞ്ഞുകൊണ്ട്, എൻെറ കൂടെ നടക്കും.
ജയിക്കുന്നവൻ- ഇങ്ങനെ വെള്ളയങ്കി
ധരിക്കും. ജീവൻെറ പുസ്തകത്തിൽനിന്നും
അവരുടെ പേര് ഞാൻ മായിച്ചു കളയുക
യില്ല. എൻെറ പിതാവിൻെറ സന്നിധി
യിൽ-തൻെറ മാലാഖമാരുടെ മുമ്പിൽവച്ച്
ഞാൻ അവനെ ഏറ്റുപറയും. ആത്മാവു 6
സഭകളോടു എന്താണു പറയുന്നതെന്നു
ചെവിയുള്ളവൻ കേൾക്കട്ടെ.
ഫിലദൽഫിയായിലെ സഭയുടെ ദൂതന് 7
നീ എഴുതുക: വിശുദ്ധനും സത്യവാനും,
താൻ തുറക്കുന്നത് ആരും അടയ്ക്കാത്ത
വനും, താൻ അടയ്ക്കുന്നതു മറ്റാരും തുറ
ക്കാത്തവനും, ദാവീദിൻെറ താക്കോൽ
കൈവശമുള്ളവനുമായവൻ പറയുന്നു:
നിൻെറ പ്രവൃത്തികൾ ഞാൻ അറിയു 8

ന്നുണ്ട്. ആർക്കും അടയ്ക്കാൻ സാദ്ധ്യമ
ല്ലാത്ത വാതിൽ നിന്റെ മുമ്പിൽ ഞാൻ
തുറന്നുവച്ചിരിക്കുന്നു. നിനക്കു ശക്തി കുറ
വാണെങ്കിലും നീ എന്റെ വചനം പാലി
ച്ചു. എന്റെ നാമം തള്ളിപ്പറഞ്ഞതുമില്ല.
9 തങ്ങൾ യഹൂദരല്ലാതിരിക്കെ യഹൂദർ
എന്നു വ്യാജം പറയുന്ന ചിലരെ സാത്താ
ന്റെ സംഘത്തിൽനിന്നും നിനക്കു തരും;
അവർ നിന്റെ കാല്ക്കൽ വന്നു കുമ്പിടും.
ഞാൻ നിന്നെ സ്നേഹിച്ചു എന്ന് അവർ
10 അറിയുകയും ചെയ്യും. നീ എന്റെ സഹന
ത്തിന്റെ വചനം പാലിച്ചതിനാൽ ഭൂതല
ത്തിലാകെ വരുവാനിരിക്കുന്ന പരീക്ഷ
യുടെ കാലത്തു ഞാൻ നിന്നെ കാത്തു
കൊള്ളും.
11 ഞാൻ വേഗം വരും, നിന്റെ കിരീടം
മറ്റാരും എടുക്കാതിരിക്കത്തക്കവണ്ണം —
നിനക്കുള്ളത് മുറുകെ പിടിച്ചുകൊള്ളുക.
12 ജയിക്കുന്നവനെ എന്റെ ദൈവത്തിന്റെ
ആലയത്തിൻ സ്തംഭമാക്കും. അവൻ ഒരിക്ക
ലും അവിടെനിന്നു പോകുകയില്ല. എന്റെ
ദൈവത്തിന്റെ നാമവും എന്റെ ദൈവ
ത്തിങ്കൽനിന്ന് — സ്വർഗ്ഗത്തിൽനിന്ന് ഇറ
ങ്ങി വരുന്ന പുതിയ യറുശലേമിന്റെ നാമ
വും, എന്റെ പുതിയ നാമവും അവന്റെ
13 മേൽ ഞാൻ എഴുതും. ആത്മാവ് സഭക
ളോടു പറയുന്നതെന്തെന്ന് കേൾപ്പാൻ
ചെവിയുള്ളവൻ കേൾക്കട്ടെ.
14 ലേവോദോക്യാസഭയുടെ ദൂതന് എഴു
തുക: സാക്ഷിയും വിശ്വസ്തനും സത്യവാനും,
ദൈവത്തിന്റെ സൃഷ്ടിയുടെ തലവനു
മായ- ആമീൻ- എന്ന ഇവൻ പറയുന്നു.
ഞാൻ നിന്റെ പ്രവൃത്തികൾ അറിയു
ന്നുണ്ട്. നീ ഉഷ്ണവാനുമല്ല, ശീതവാനു
മല്ല. നീ ഒന്നുകിൽ ശീതവാനോ അല്ലെങ്കിൽ
ഉഷ്ണവാനോ ആയിരുന്നെങ്കിൽ കൊള്ളാ
15 മായിരുന്നു. നീ ഉഷ്ണവാനുമല്ല; ശീത
16 വാനുമല്ല- ശീതോഷ്ണവാനാകയാൽ,
എന്റെ വായിൽനിന്നും ഞാൻ നിന്നെ
17 പുറത്തുകളയും. 'ഞാൻ ധനവാനാകുന്നു;
സമ്പന്നനാകുന്നു, എനിക്ക് ഒന്നിനും മുട്ടി
ല്ല' എന്നു നീ പറയുന്നുണ്ട്. എന്നാൽ നീ
ബലഹീനനും, അരിഷ്ടനും, അന്ധനും,
18 നഗ്നനുമാകുന്നു. അതിനാൽ നീ സമ്പന്ന
നാകേണ്ടതിന് അഗ്നിയിൽ പരിശോധി
തമായ പൊന്നും, നിന്റെ നഗ്നത മൂലമുള്ള
ലജ്ജ കാണപ്പെടാതിരിക്കേണ്ടതിന് ധരി
പ്പാൻ വെള്ളവസ്ത്രവും, നിനക്കു കാഴ്ച പ്രാ
പിക്കേണ്ടതിന് കണ്ണിലെഴുതുവാൻ ലേപ
വും എങ്കൽനിന്നു വിലയ്ക്കു വാങ്ങുവാൻ
ഞാൻ നിനക്ക് ആലോചന പറഞ്ഞു തരു
ന്നു. ഞാൻ സ്നേഹിക്കുന്ന എല്ലാവരേയും 19
ഞാൻ ശാസിക്കും-ശിക്ഷിക്കും-ആകയാൽ
നീ ജാഗ്രതയുള്ളവനായിരിക്കുക-മാന
സാന്തരപ്പെടുക.
കണ്ടാലും ഞാൻ വാതിൽക്കൽ നിന്നു 20
മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ടു
വാതിൽ തുറന്നു തന്നാൽ ഞാൻ അവ
ന്റെ അടുക്കൽ പ്രവേശിച്ച് ഞാൻ അവ
നോടും അവൻ എന്നോടും കൂടെ അത്താഴം
കഴിക്കും.
ജയിക്കുന്നവന് അവൻ എന്നോടൊരു 21
മിച്ച് എന്റെ സിംഹാസനത്തിൽ ഇരിക്കു
വാൻ ഞാൻ വരം നൽകും.
ആയത്-ഞാനും ജയിച്ച് എന്റെ പിതാ
വുമൊരുമിച്ച് അദ്ദേഹത്തിന്റെ സിംഹാ
സനത്തിൽ ഇരുന്നതുപോലെ തന്നെ.
ആത്മാവ് സഭകളോട് എന്താണു പറയു 22
ന്നതെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.

അദ്ധ്യായം 4

അനന്തരം ഞാൻ കണ്ടത്: സ്വർഗ്ഗത്തിൽ 1
ഇതാ തുറക്കപ്പെട്ട ഒരു വാതിൽ-കാഹള
ധ്വനിപോലെ, മുമ്പ് എന്നോടു സംസാരിച്ച്
ഞാൻ കേട്ടതായ അതേ ശബ്ദം എന്നോട്-
നീ ഇവിടേക്കു കയറി വരിക; മേലാൽ
സംഭവിപ്പാനുള്ളത് ഞാൻ നിനക്കു കാണി
ച്ചു തരാം എന്നു പറഞ്ഞു. തൽക്ഷണം, 2
ഞാൻ ആത്മാവിലായി. സ്വർഗ്ഗത്തിൽ
അതാ, ഒരു സിംഹാസനം വച്ചിരിക്കുന്നതും
സിംഹാസനത്തിന്മേൽ ഒരുവൻ ഇരിക്കു
ന്നതായും ഞാൻ കണ്ടു. ഇരിക്കുന്നവൻ- 3
കാഴ്ചയിൽ സൂര്യകാന്തക്കല്ലിനോടും
പത്മരാഗത്തോടും മഴവില്ലിനോടും സദൃ
ശ്യൻ. സിംഹാസനത്തിനു ചുറ്റുമായി,
അതു പോലെതന്നെ, കാഴ്ചയ്ക്ക് മരതകം
പോലുള്ളവയും. ത്രോണോസിന് (മഹാ 4
സിംഹാസനത്തിന്) ചുറ്റുമായി ഇരുപത്തി
നാലു സിംഹാസനങ്ങൾ. ആ സിംഹാസന
ങ്ങളിന്മേൽ വെള്ളയങ്കിധാരികളും, അവ
രുടെ ശിരസ്സുകൾമേൽ പൊൻകിരീടമുള്ള
വരുമായ ഇരുപത്തിനാലു മൂപ്പന്മാർ. മഹാ 5
ത്രോണോസിങ്കൽനിന്നും മിന്നലും ഇടി
മുഴക്കവും പുറപ്പെടുന്നു! ദൈവത്തിന്റെ
ഏഴ് ആത്മാക്കളാകുന്ന ഏഴു ദീപയഷ്ടി
കൾ മഹാസിംഹാസനത്തിനു മുമ്പിൽ
ജ്വലിച്ചുകൊണ്ടിരിക്കുന്നു! ആ മഹാ 6
സിംഹാസനത്തിനു മുമ്പിലായി സ്ഫടിക
സദൃശമായ കണ്ണാടിക്കടൽ. മഹാസിംഹാ
സനത്തിന്റെ മദ്ധ്യത്തിലും ചുറ്റുമായി,

മുമ്പിലും പിമ്പിലും കണ്ണുകൾ നിറഞ്ഞ
7 നാലു ജീവികൾ. ഒന്നാമത്തെ ജീവി, സിംഹ
ത്തിനു സദൃശം; രണ്ടാമത്തെ ജീവി, കാള
യ്ക്കു സദൃശം; മൂന്നാമത്തെ ജീവി, മനു
ഷ്യനെപ്പോലെ മുഖമുള്ളത്; നാലാമത്തെ
ജീവി, പറക്കുന്ന കഴുകനു സദൃശം.
8 ഈ നാലു ജീവികളും ആറാറു ചിറകു
ള്ളതായി, ചുറ്റിലും അകത്തും കണ്ണുകൾ
നിറഞ്ഞിരിക്കുന്നു. "ഉണ്ടായിരുന്നവനും,
ഉള്ളവനും, വരുവാനിരിക്കുന്നവനുമായ
സർവ്വ ശക്തിയുള്ള ദൈവമായ കർത്താ
വു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ"
എന്ന് അവർ രാപ്പകൽ വിശ്രമം കൂടാതെ
പറഞ്ഞുകൊണ്ടിരിക്കുന്നു.
9 എന്നേക്കും ജീവിച്ചിരിക്കുന്നവനായി,
ആ മഹാ സിംഹാസനത്തിൽ ഇരിക്കുന്ന
വന്, ആ ജീവികൾ മഹത്വവും ബഹുമാന
വും സ്തോത്രവും സമർപ്പിക്കുമ്പോഴെല്ലാം,
10 ആ ഇരുപത്തിനാലു മൂപ്പന്മാരും, ആ
മഹാസിംഹാസനത്തിൽ ഇരിക്കുന്നവന്റെ
മുമ്പിൽ വീണ് എന്നേക്കും ജീവനുള്ളവനെ
11 ആരാധിച്ചുകൊണ്ട് കർത്താവും ഞങ്ങളുടെ
ദൈവവുമായവനെ! അവിടുന്നു സർവ്വവും
സൃഷ്ടിച്ചവനും അവയെല്ലാം നീ മൂലം
അവിടത്തെ ഇഷ്ടം മൂലം ഉളവാക്കുകയും
സൃഷ്ടിക്കപ്പെടുകയും ചെയ്തവ ആക
യാൽ മഹത്വവും ബഹുമാനവും ശക്തി
യും കൈക്കൊള്ളുവാൻ അവിടുന്നു യോഗ്യ
നാകുന്നു എന്നു പറഞ്ഞുകൊണ്ട് ആ
മഹാസിംഹാസനസന്നിധിയിൽ അവരുടെ
കിരീടങ്ങൾ അവർ സമർപ്പിക്കും.

അദ്ധ്യായം 5

1 മഹാസിംഹാസനത്തിന്മേൽ ഇരിക്കു
ന്നവന്റെ വലങ്കൈയിൽ, അകത്തും പുറ
ത്തും എഴുതപ്പെട്ടതായി, ഏഴു മുദ്രകളാൽ
മുദ്രയിടപ്പെട്ട ഒരു പുസ്തകം ഞാൻ കണ്ടു.
2 ഈ പുസ്തകം തുറക്കുവാനും അതിന്റെ
മുദ്രകൾ പൊട്ടിപ്പാനും യോഗ്യതയുള്ളവൻ
ആരുണ്ട്? എന്ന് അത്യുച്ചത്തിൽ പ്രഘോഷി
ക്കുന്ന ശക്തനായ മാലാഖയേയും ഞാൻ
3 കണ്ടു. മേൽ ആകാശത്തിലും, ഭൂമിയിലും,
ഭൂമിക്കു കീഴെയും ഉള്ള ആർക്കും പുസ്തകം
തുറക്കുവാനോ നോക്കുവാനോ കഴിഞ്ഞി
4 ല്ല. പുസ്തകം തുറക്കുവാനും നോക്കുവാനും
യോഗ്യനായി ആരും കാണപ്പെടാതിരു
ന്നതുമൂലം ഞാൻ വളരെയേറെ കരഞ്ഞു.
5 അപ്പോൾ ആ മൂപ്പന്മാരിൽ ഒരുവൻ
എന്നോട്: നീ കരയേണ്ട, യഹൂദാ ഗോത്ര
ത്തിൽനിന്നുള്ള സിംഹവും ദാവീദിന്റെ
വേരുമായവൻ, പുസ്തകവും അതിന്റെ
ഏഴു മുദ്രകളും തുറക്കുവാൻ ജയം പ്രാ
പിച്ചിരിക്കുന്നു എന്ന് എന്നോടു പറഞ്ഞു.
ആ മൂപ്പന്മാരുടെ നടുവിലായി - അറുക്ക 6
പ്പെട്ടവൻ എന്നപോലെ ഒരു കുഞ്ഞാടു
നിൽക്കുന്നതായി ഞാൻ കണ്ടു. അതിന്
ഏഴ് കൊമ്പുകളും ഭൂതലമാകെ അയയ്ക്ക
പ്പെട്ടിട്ടുള്ള ദൈവത്തിന്റെ ഏഴ് ആത്മാ
ക്കളായ ഏഴ് കണ്ണുകളും ഉണ്ട്. അവൻ വന്ന് 7
ആ മഹാ സിംഹാസനത്തിന്മേൽ ഇരിക്കു
ന്നവന്റെ വലംകൈയിൽനിന്നും പുസ്തകം
വാങ്ങി. അവൻ അത് വാങ്ങിയപ്പോഴാകട്ടെ 8
- ആ നാലു ജീവികളും ആ ഇരുപത്തിനാലു
മൂപ്പന്മാരും കുഞ്ഞാടിന്റെ മുമ്പാകെ
വീണു. അവരിൽ ഓരോരുവനും വീണയും,
വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന സുഗന്ധ
വർഗ്ഗം നിറഞ്ഞ സ്വർണ്ണ ധൂപകലശവും
പിടിച്ചിരുന്നു. 'പുസ്തകം വാങ്ങുവാനും 9
അതിന്റെ മുദ്രകൾ പൊട്ടിക്കുവാനും,
അവിടന്നു യോഗ്യൻ! എന്തെന്നാൽ അവി
ടന്ന് അറുക്കപ്പെടുകയും, സർവ്വഗോത്ര
ത്തിലും ഭാഷയിലും വംശത്തിലും, ജാതി
യിലുംനിന്നുള്ളവരായ ഞങ്ങളെ അവിട
ത്തെ രക്തത്താൽ ദൈവത്തിന്നായി
വിലയ്ക്കുവാങ്ങുകയും ചെയ്തു. അവിടന്ന് 10
അവരെ ഞങ്ങളുടെ ദൈവത്തിന് രാജാക്ക
ന്മാരും പുരോഹിതന്മാരുമാക്കി വച്ചു.
അവർ ഭൂമിയിൽ വാഴുന്നു' എന്നൊരു
പുതിയ സ്തുതിപ്പ് അവർ പാടിക്കൊണ്ടി
രുന്നു. മഹാസിംഹാസനസന്നിധിയിലും 11
ജീവികളുടെയും മൂപ്പന്മാരുടെയും ചുററി
ലും വളരെയേറെ മാലാഖമാരുടെ ശബ്ദം
ഞാൻ കേട്ടു. അവരുടെ സംഖ്യ പതിനാ
യിരം, പതിനായിരവും, ആയിരമായിരവും
ആയിരുന്നു. അവർ അത്യുച്ചത്തിൽ പറ
ഞ്ഞുകൊണ്ടിരുന്നു: "അറുക്കപ്പെട്ട കു 12
ഞ്ഞാട് - ശക്തിയും, ധനവും, ജ്ഞാനവും.,
ബലവും, ബഹുമാനവും, മഹത്വവും സ്തോ
ത്രവും പ്രാപിപ്പാൻ യോഗ്യൻ ആകുന്നു."
ആകാശത്തിലും ഭൂമിയിലുമുള്ള സർവ്വവും, 13
സിംഹാസനത്തിൽ ഇരിക്കുന്നവന് —
കുഞ്ഞാടിന് - സ്തോത്രവും ബഹുമാനവും,
മഹത്വവും, ആധിപത്യവും എന്നേക്കും
ഉണ്ടാകട്ടെ" എന്ന് പറഞ്ഞു. ആ നാലു
ജീവികളും, 'ആമീൻ' എന്നു പറഞ്ഞു. ആ 14
മൂപ്പന്മാർ വീണു വന്ദിച്ചു.

അദ്ധ്യായം 6

കർത്താവ് മുദ്രകളിൽ ഒന്നു പൊട്ടിച്ച 1
പ്പോൾ, 'നീവന്നു കാണുക' എന്ന് ആ നാലു

ജീവികളിൽ ഒന്ന് ഇടിമുഴക്കംപോലെ പറ
2 യുന്നതായി ഞാൻ കേട്ടു. ഞാൻ ഒരു വെള്ള
ക്കുതിരയെ കണ്ടു. അതിന്മേൽ ആരുഢനാ
യിരിക്കുന്നവൻെറ കൈയിൽ ഒരു വില്ല്
ഉണ്ടായിരുന്നു. അവനു കിരീടം നൽകപ്പെട്ടു.
അവൻ ജയയാളിയായും ജയിക്കുവാനായും
പുറപ്പെട്ടു.
3 ആ രണ്ടാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ,
"നീ വരിക" എന്ന് ആ രണ്ടാമത്തെ ജീവി
4 പറയുന്നതായി ഞാൻ കേട്ടു. മറെറാരു
ചുവപ്പ് നിറമുള്ള കുതിര പുറപ്പെട്ടു. മനു
ഷ്യൻ അന്യോന്യം കൊല്ലത്തക്കവണ്ണം,
ഭൂമിയിൽനിന്നും സമാധാനം എടുത്തു കള
യുവാനുള്ള അധികാരം, അതിന്മേൽ
ആരൂഢനായിരുന്നവന് ലഭിച്ചു. അവന് ഒരു
വലിയ വാളും നൽകപ്പെട്ടു.
5 മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ 'വരിക'
എന്നു മൂന്നാം ജീവി പറയുന്നതു ഞാൻ
കേട്ടു. അതാ, ഒരു കറുത്ത കുതിരയെ ഞാൻ
കണ്ടു. അതിന്മേൽ ആരൂഢനായിരുന്നവ
ൻെറ കൈയിൽ ഒരു തുലാസ് ഉണ്ടായിരു
6 ന്നു. 'ഒരു ദിനാറിന് ഒരു പടി കോതമ്പ്,
ഒരു ദിനാറിന് മൂന്നു പടി യവം. എണ്ണയ്ക്കും
വീഞ്ഞിനും കേടു വരുത്തരുത് എന്ന് നാലു
ജീവികളുടെയും മദ്ധ്യേ നിന്നും ഒരു ശബ്ദം
ഞാൻ കേട്ടു.
7 നാലാം മുദ്ര പൊട്ടിച്ചപ്പോൾ, ആ നാലാ
മത്തെ ജീവി 'നീ വരിക' എന്നു പറയുന്നതു
8 ഞാൻ കേട്ടു. അപ്പോൾ ഞാൻ പച്ചനിറ
മുള്ള ഒരു കുതിരയെ കണ്ടു. അതിന്മേൽ
ഇരിക്കുന്നവന് 'മരണം' എന്നു പേർ. പാ
താളം അവനെ പിൻതുടർന്നുകെ ണ്ടിരുന്നു.
വാളുകൊണ്ടും ക്ഷാമംകൊണ്ടും, മരണം
കൊണ്ടും ഭൂമിയിലെ ക്രൂരമൃഗങ്ങളെക്കൊ
ണ്ടും ഭൂമിയുടെ നാലിലൊന്നു സംഹ
രിക്കുവാൻ അതിന് അധികാരം കൊടുത്തു.
10 അവൻ അഞ്ചാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ:
ദൈവവചനം നിമിത്തവും കുഞ്ഞാടിനെ
ക്കുറിച്ചുള്ള സാക്ഷ്യം നിമിത്തവും അറുക്ക
പ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠ
ത്തിൻകീഴിൽ കണ്ടു.
10 "വിശുദ്ധനും സത്യവാനുമായ കർത്താ
വേ, ഞങ്ങളുടെ രക്തം ചീന്തിയതിന്,
ഭൂമിയിൽ വസിക്കുന്നവരോട് നീ എത്ര
ത്തോളം ന്യായവിധിയും പ്രതികാരവും
നടത്താതിരിക്കും" എന്ന്— അവൻ ഉറക്കെ
11 നിലവിളിച്ചു. അപ്പോൾ അവരിൽ ഓരോരു
ത്തനും വെള്ളനിലയങ്കി കൊടുത്തു. അവ
രെപ്പോലെ കൊല്ലപ്പെടുവാനിരിക്കുന്ന
അവരുടെ കൂട്ടുകാരും, സഹോദരന്മാരും
വന്നുതികയുവോളം അല്പകാലം കൂടി
ആശ്വാസത്തോടിരിക്കണം - എന്ന് അവ
രോടു പറയപ്പെട്ടു. ആറാമത്തെ മുദ്ര പൊട്ടി 12
ച്ചപ്പോൾ: വലിയോരു ഭൂകമ്പമുണ്ടായി.
സൂര്യൻ കരിമ്പടം പോലെ കറുത്തു. ചന്ദ്രൻ
ആകെ രക്തനിറമായി. കൊടുങ്കാററുകൊ 13
ണ്ട് അത്തിവൃക്ഷം കുലുങ്ങീട്ട് കായ് ഉതിർ
ക്കുന്നതുപോലെ നക്ഷത്രങ്ങൾ ഭൂമിയിൽ
വീണു. പുസ്തകച്ചുരുൾ ചുരുട്ടും പോലെ 14
ആകാശം മാറിപ്പോയി. എല്ലാ പർവ്വതങ്ങളും
ദ്വീപുകളും അവയുടെ സ്ഥാനങ്ങളിൽ
നിന്നും ഇളകി. ഭൂമിയിലെ രാജാക്കന്മാരും, 15
പ്രഭുക്കന്മാരും, സഹസ്രാധിപന്മാരും, ധന
വാന്മാരും ശക്തന്മാരും, ദാസനും, സ്വതന്ത്ര
നും, ഗുഹകളിലും, പർവ്വത പാറകളുടെ
ഇടയിലും ഒളിച്ചു. അവർ മലകളോടും 16
പാറകളോടും, ഞങ്ങളുടെമേൽ വീഴുവിൻ,
മഹാ സിംഹാസനത്തിൽ ഇരിക്കുന്നവ
ൻെറ തിരുമുമ്പിൽ നിന്നും, കുഞ്ഞാടിൻെറ
കോപത്തിൽനിന്നും, ഞങ്ങളെ മറയ്ക്കു
വിൻ. എന്തെന്നാൽ അവരുടെ കോപത്തി 17
ൻെറ ദിവസം വന്നിരിക്കുന്നു; ആർക്കു
നില്പാൻ കഴിയും? എന്നു പറഞ്ഞു.

അദ്ധ്യായം 7

അതിനുശേഷം, ഭൂമിമേലും, സമുദ്ര 1
ത്തിന്മേലും, വൃക്ഷങ്ങളുടെ മേലും, കാററ്
ഊതാതിരിക്കുവാനായി നാലു മാലാഖമാർ,
നാലു കാററുകളും പിടിച്ചുകൊണ്ട്, ഭൂമി
യുടെ നാലു കോണുകളിലും നിൽക്കുന്നതു
ഞാൻ കണ്ടു. മറെറാരു മാലാഖ, കിഴക്കു 2
നിന്നും കയറി വരുന്നതായി ഞാൻ കണ്ടു.
അവൻെറ കൈയിൽ ജീവനുള്ള ദൈവ
ത്തിൻെറ 'മുദ്ര' ഉണ്ടായിരുന്നു. ഭൂമിക്കും
സമുദ്രത്തിനും ഉപദ്രവം വരുത്തുവാൻ
അനുമതി നൽകപ്പെട്ട ആ നാലു ദൂതന്മാ
രോട് അവൻ ഉറച്ച ശബ്ദത്തിൽ അട്ടഹ
സിച്ചു പറഞ്ഞു: നമ്മുടെ ദൈവത്തിൻെറ 3
ദാസന്മാരുടെ നെററിമേൽ ഞങ്ങൾ 'മുദ്ര'
പതിച്ചു കഴിയുവോളം, നിങ്ങൾ ഭൂമിക്കും
സമുദ്രത്തിനും, വൃക്ഷങ്ങൾക്കും ഉപദ്രവം
വരുത്തരുത്! മുദ്ര പതിക്കപ്പെട്ടവരുടെ 4
എണ്ണം ഞാൻ കേട്ടു. ഇസ്രായേൽ മക്കളുടെ
സകല ഗോത്രത്തിൽനിന്നും "മുദ്ര പതിക്ക
പ്പെട്ടവർ" ഒരുലക്ഷത്തി നാല്പത്തിനാലാ
യിരം പേർ.

യഹൂദാഗോത്രത്തിൽ നിന്നും മുദ്രയേ 5
ററവർ പന്തീരായിരം, രൂബേൽ ഗോത്ര
ത്തിൽ - പന്തീരായിരം, ഗാദ് ഗോത്രത്തിൽ
പന്തീരായിരം, ആശേർ ഗോത്രത്തിൽ 6

പന്തീരായിരം, നഫ്താലി ഗോത്രത്തിൽ
പന്തീരായിരം, മനശ്ശെ ഗോത്രത്തിൽ പന്തീ
7 രായിരം, ശെമയോൻ ഗോത്രത്തിൽ, പന്തീ
രായിരം, ലേവി ഗോത്രത്തിൽ പന്തീരായിരം,
ഇസഖാർ ഗോത്രത്തിൽ പന്തീരായിരം,
8 സെബ്ലൂം ഗോത്രത്തിൽ പന്തീരായിരം,
യൌസേപ്പിൻെറ ഗോത്രത്തിൽനിന്നും
പന്തീരായിരം, ബന്യാമിൻ ഗോത്രത്തിൽ
നിന്നും പന്തീരായിരം.
9 ഇവർക്കു ശേഷം ഞാൻ കണ്ടത്: എല്ലാ
ജനത്തിൽനിന്നും, പുറജാതികളിൽനിന്നും,
വംശങ്ങളിൽനിന്നും, ഭാഷകളിൽനിന്നും -
അവരെത്ര എന്ന് ആർക്കും എണ്ണുവാൻ
കഴിവില്ലാത്തവിധം ഒരു വലിയ ജനക്കൂട്ടം,
വെള്ള നിലയങ്കി ധരിച്ചും കൈയിൽ കുരു
ത്തോലയുമായി മഹാ സിംഹാസനത്തി
ൻെറയും കുഞ്ഞാടിൻെറയും മുമ്പാകെ
10 നിന്നിരുന്നു. "രക്ഷ നമ്മുടെ ദൈവത്തിന് -
മഹാസിംഹാസനത്തിൽ ഇരിക്കുന്ന
വനും കുഞ്ഞാടിനും." എന്ന് അവർ ഉറച്ച
ശബ്ദത്തിൽ പറഞ്ഞുകൊണ്ടിരുന്നു.
11 മഹാസിംഹാസനത്തിൻെറ ചുററുമായി
നിന്നിരുന്ന എല്ലാ മാലാഖമാരും; ആ
മൂപ്പന്മാരും, ആ നാലു ജീവികളും മഹാ
സിംഹാസനത്തിൻെറ മുമ്പിൽ വീണു
ദൈവത്തെ നമസ്കരിച്ചു.
12 "സ്തുതിയും, മഹത്വവും, ജ്ഞാനവും,
കൃതജ്ഞതയും, ബഹുമാനവും, ശക്തി
യും, പ്രാബല്യവും, നമ്മുടെ ദൈവത്തിന്
എന്നുമെന്നേക്കും - ആമ്മീൻ" എന്ന് അവർ
പറഞ്ഞു.
13 ആ മൂപ്പന്മാരിൽ ഒരുവൻ എന്നോട്: ആ
വെള്ളയങ്കി ധരിച്ചിരിക്കുന്നവർ ആര്?
അവർ എവിടെനിന്നു വന്നു? എന്ന്
14 ചോദിച്ചു. ഞാൻ അദ്ദേഹത്തോടു - എൻെറ
യജമാനനെ, അങ്ങേക്കറിയാമല്ലോ, എന്നു
പറഞ്ഞു. അദ്ദേഹം എന്നോട്, അവർ വലിയ
ഞെരുക്കത്തിൽ നിന്നും വരുന്നവർ, അവർ
അവരുടെ നിലയങ്കികൾ കുഞ്ഞാടിൻെറ
15 രക്തത്തിൽ വെളുപ്പിച്ചവർ! ഇതുമൂലം
അവർ ദൈവത്തിൻെറ മഹാസിംഹാസന
ത്തിനു മുമ്പിൽ നിലകൊള്ളുകയും, തൻെറ
ആലയത്തിൽ രാവും പകലും തന്നെ
ശുശ്രൂഷിക്കുകയും ചെയ്യുന്നു. മഹാസിംഹാ
സനത്തിൽ ഇരിക്കുന്നവൻ അവരുടെമേൽ
16 ആവസിക്കും. ഇനിയും അവർക്കു വിശ
ക്കുകയില്ല, ദാഹിക്കുകയുമില്ല. വെയിലും
യാതൊരു ചൂടും അവരുടെമേൽ തട്ടുക
17 യുമില്ല. മഹാസിംഹാസനത്തിൻെറ മദ്ധ്യേ
യുള്ള കുഞ്ഞാട് അവരെ മേയിക്കും.
ജീവജലത്തിൻെറ ഉറവുകളിലേക്കു അവൻ
അവരെ വഴി നടത്തും. അവരുടെ കണ്ണു
കളിൽനിന്നും അവൻ കണ്ണുനീരു തുടച്ചു
മായിച്ചുകളയും എന്നു പറഞ്ഞു.

അദ്ധ്യായം 8

കുഞ്ഞാട് ഏഴാമത്തെ മുദ്ര പൊട്ടിച്ച 1
പ്പോൾ അരമണിക്കൂർ നേരം സ്വർഗ്ഗത്തിൽ
ഒരു നിശ്ശബ്ദതയുണ്ടായി. ദൈവസന്നിധി 2
യിൽ നിന്നിരുന്ന ആ ഏഴു മാലാഖമാർക്കും
ഏഴു കാഹളങ്ങൾ നൽകപ്പെട്ടതായി ഞാൻ
കണ്ടു. മററൊരു മാലാഖ വന്ന് യാഗപീഠ 3
ത്തിന്നുപരിയായി നിന്നു. ആ മാലാഖയു
ടെ കൈയിൽ ഒരു സ്വർണ്ണ ധൂപക്കുററി
ഉണ്ടായിരുന്നു. വളരെയേറെ സുഗന്ധവ
സ്തുവും അയാൾക്കു നൽകപ്പെട്ടു. ആയ
ത്, മഹാസിംഹാസനത്തിന് മുമ്പിലുള്ള
സ്വർണ്ണയാഗപീഠത്തിന്മേൽ എല്ലാ വിശുദ്ധ
ന്മാരുടെ പ്രാർത്ഥനകളോടുംകൂടെ അർപ്പി
ക്കുവാനായിരുന്നു. ധൂപവർഗ്ഗത്തിൻെറ 4
പുക വിശുദ്ധന്മാരുടെ പ്രാർത്ഥനകളോടു
കൂടെ മാലാഖയുടെ കൈയിൽനിന്നും
സ്വർഗ്ഗത്തിലേക്കു കരേറി. ആ മാലാഖ
ധൂപക്കുററി എടുത്ത് യാഗപീഠത്തിലെ 5
തീക്കനൽ നിറച്ചു ഭൂമിയിലേക്ക് ഇട്ടു.
അപ്പോൾ, ഇടിമുഴക്കവും, മിന്നലും,
ശബ്ദവും ഭൂകമ്പവുമുണ്ടായി. ഏഴു കാഹള 6
ങ്ങൾ പിടിച്ച ആ ഏഴു ദൂതന്മാർ കാഹള
മൂതുവാൻ ഒരുങ്ങി നിന്നു. ഒന്നാമത്തവൻ 7
കാഹളമൂതി. അപ്പോൾ കൽമഴയും രക്തം
കലർന്ന അഗ്നിയും ഉണ്ടായി. അവ ഭൂമി
മേൽ ചൊരിഞ്ഞിട്ടു. ഭൂമിയുടെ മൂന്നിലൊ
ന്ന് വെന്തുരുകി. വൃക്ഷങ്ങളിൽ മൂന്നി
ലൊന്നു കത്തി ദഹിച്ചു. സർവ്വവിധ പുല്ലും
സസ്യവും കത്തിപ്പോയി.

രണ്ടാമത്തെ മാലാഖ കാഹളമൂതി. 8
അപ്പോൾ കത്തുന്ന വലിയ പർവ്വതംപോലെ
ഒന്ന് കടലിലേക്ക് എറിയപ്പെട്ടു. കടലിൽ
മൂന്നിലൊന്നു രക്തമായിത്തീർന്നു. കടലി 9
ലെ ജീവനുള്ള സൃഷ്ടികളിൽ മൂന്നിലൊ
ന്നു ചത്തുപോയി. കപ്പലുകളിൽ മൂന്നിലൊ
ന്നു നശിച്ചുപോയി. മൂന്നാമത്തെ മാലാഖ 10
കാഹളമൂതി: അപ്പോൾ ഒരു നക്ഷത്രം
ദീപയഷ്ടിപോലെ എരിഞ്ഞുകൊണ്ട്
ആകാശത്തുനിന്നും നിലംപതിച്ചു. അത്
നദികളിൽ മൂന്നിലൊന്നിന്മേലും നീരുറവ
കളിന്മേലും വീണു. ആ നക്ഷത്രത്തിൻെറ 11
പേര് 'അപ്സിത്നോസ്' എന്നു പറയ
പ്പെടുന്നു. ആ അപ്സിത്നോസ് വെള്ള
ത്തിൽ മൂന്നിലൊന്നായിത്തീർന്നു. വെള്ളം

കൈപ്പായതിനാൽ മനുഷ്യരിൽ അനേകർ
12 മരിച്ചുപോയി. നാലാമത്തെയാൾ കാഹള
മൂതി. അപ്പോൾ സൂര്യൻെറ മൂന്നിലൊന്നും,
ചന്ദ്രൻെറ മൂന്നിലൊന്നും നക്ഷത്രങ്ങളുടെ
മൂന്നിലൊന്നും വിഴുങ്ങപ്പെട്ടു. അങ്ങനെ
അവയുടെ മൂന്നിലൊന്ന് അന്ധകാരമായി.
പകലിൻെറ മൂന്നിലൊന്നു പ്രകാശമില്ലാ
തായി. രാത്രിയും അതുപോലെതന്നെ.
13 വീണ്ടും, രക്തനിറത്തിൽ വാലുള്ള ഒരു
കഴുകൻ, മദ്ധ്യത്തിലൂടെ പറന്നുനടന്നു
കൊണ്ട് ഉച്ചത്തിൽ ഇനിയും ഊതുവാൻ
ബാക്കിയുള്ള ആ മൂന്നു മാലാഖമാരുടെ
കാഹളങ്ങളുടെ ശബ്ദം നിമിത്തം ഭൂവാസി
കൾക്കു ദുരിതം, ദുരിതം എന്നു പറയുന്നതു
ഞാൻ കാണുകയും കേൾക്കുകയും ചെയ്തു.

അദ്ധ്യായം 9

1 അഞ്ചാമത്തെ മാലാഖ കാഹളം ധ്വനി
പ്പിച്ചു. അപ്പോൾ ആകാശത്തുനിന്നും ഒരു
നക്ഷത്രം ഭൂമിയിൽ വീഴുന്നത് ഞാൻ കണ്ടു.
2 അതിന് അഗാധകൂപത്തിൻെറ താക്കോൽ
നൽകപ്പെട്ടു. അത് അഗാധകൂപം തുറന്നു.
കൂപത്തിൽ നിന്നും, കത്തിയെരിഞ്ഞുകൊ
ണ്ടിരിക്കുന്ന തീച്ചൂളയിലെ പുകപോലെ,
പുക മുകളിലേക്കുയർന്നു. കിണററിൽനി
ന്നും പൊങ്ങിയ ആ പുകകൊണ്ട് സൂര്യ
3 നും വായുമണ്ഡലവും ഇരുണ്ടുപോയി. ആ
പുകയിൽനിന്നു വെട്ടുക്കിളികൾ ഭൂമിയി
ലേക്കു പുറപ്പെട്ടു. അതിന് ഭൂമിയിൽ തേളി
നുള്ള ശക്തി നൽകപ്പെട്ടു. അവയോട്:
4 'നെററിയിൽ ദൈവത്തിൻെറ മുദ്ര' ഇല്ലാത്ത
മനുഷ്യർക്കല്ലാതെ, ഭൂമിയിലെ പുല്ലിനും
സസ്യങ്ങൾക്കും, യാതോരു വൃക്ഷത്തിനും
കേടുവരുത്തരുത് എന്ന് ആജ്ഞാപിച്ചു.
5 അവരെ കൊല്ലുവാനല്ല; അഞ്ചു മാസം
അവരെ ദണ്ഡിപ്പാനത്രെ അധികാരം നൽക
പ്പെട്ടത്. ആ ദണ്ഡനമോ മനുഷ്യനെ തേൾ
കുത്തുമ്പോഴുള്ള വേദനപോലെ തന്നെ.
6 ആ നാളുകളിൽ മനുഷ്യർ മരണത്തിനായി
ആഗ്രഹിക്കും - കണ്ടെത്തുകയില്ല. മരി
ക്കാൻ കൊതിക്കും- മരണമോ അവരെ വിട്ട്
7 ഓടിപ്പോകും. വെട്ടുക്കിളിയുടെ രൂപമോ,
യുദ്ധത്തിന് ഒരുക്കി നിർത്തിയിരിക്കുന്ന
കുതിരപടപോലിരിക്കും. അവയുടെ തല
യിൽ പൊൻകിരീടം ഉള്ളതുപോലെ.
അവയുടെ മുഖമോ മനുഷ്യരുടേതുപോ
8 ലെയും. അവയ്ക്ക് സ്ത്രീകളുടെ തലമുടി
പോലെ അയഞ്ഞ മുടിയുമുണ്ട്. അവയുടെ
പല്ലുകൾ സിംഹത്തിൻെറ പല്ലുകൾപോലെ
9 യുമായിരുന്നു. അവയ്ക്ക് ഇരുമ്പു കവചം
പോലെ കവചങ്ങൾ ഉണ്ട്. അവയുടെ ചിറ
കടി ശബ്ദമോ, യുദ്ധത്തിനായി പാഞ്ഞു
കൊണ്ടിരുന്ന ഒട്ടുവളരെ അശ്വരഥങ്ങളുടെ
ശബ്ദം പോലെ. തേളിൻേറതുപോലുള്ള 10
വാലുകളും വിഷമുള്ളുകളും. അവയുടെ
വാലുകൾകൊണ്ട് അഞ്ചു മാസം മനുഷ്യരെ
ഉപദ്രവിക്കുവാനുള്ള അധികാരവും അവ
യ്ക്കുണ്ടായിരുന്നു. അഗാധത്തിൻെറ ദൂതൻ 11
അവരുടെ രാജാവായിരുന്നു. അവൻെറ പേര്
എബ്രായ ഭാഷയിൽ 'ആബാദു' എന്നും
ഗ്രീക്കിൽ 'അപ്പലോൻ' എന്നുമായിരുന്നു.
ഒന്നാമത്തെ കഷ്ടത കഴിഞ്ഞു. ഇനിയും 12
രണ്ടു കഷ്ടതകൾ പിന്നാലെ വരുന്നു.
ആറാമത്തെ മാലാഖ കാഹളമൂതി. 13
ദൈവസന്നിധിയിലുള്ള സ്വർണ യാഗപീഠ
ത്തിൻെറ ഒരു കോണിൽനിന്നും കാഹള
മുള്ള ആറാമത്തെ മാലാഖയോട് ഇങ്ങനെ
പറയുന്ന ഒരു ശബ്ദം ഞാൻ കേട്ടു: "യൂഫ്ര 14
ട്ടീസ്" എന്ന മഹാ നദീതീരത്തു ബന്ധിത
രായിക്കഴിയുന്ന നാലു ദൂതന്മാരെ അഴിച്ചു
വിടുക. മനുഷ്യരിൽ മൂന്നിലൊന്നിനെ 15
സംഹരിപ്പാനുള്ള ആണ്ടും, മാസവും, ദിവ
സവും, നാഴികയും നോക്കി ഒരുങ്ങിയിരിക്കു
ന്നവരായിരുന്ന ആ നാലു ദൂതന്മാരും
അഴിച്ചുവിടപ്പെട്ടു. കുതിരപ്പടയാളികളുടെ 16
സംഖ്യ പതിനായിരത്തിൻെറ ഇരുപതിനാ
യിരം മടങ്ങ് എന്നാണു ഞാൻ കേട്ടത്. ആ 17
കുതിരകളേയും, അശ്വാരൂഢരേയും ദർശന
ത്തിൽ ഞാൻ കണ്ടത് എങ്ങനെയെന്നാൽ:
അവർക്കു അഗ്നിമയവും നീലനിറവും
ഗന്ധകവർണ്ണവും ഉള്ള കവചങ്ങൾ ഉണ്ടാ
യിരുന്നു. കുതിരകളുടെ തലകൾ സിംഹങ്ങ
ളുടെ തലകൾപോലെ. അവയുടെ വായിൽ
നിന്നു തീയും, പുകയും, ഗന്ധകവും പുറ
പ്പെടുന്നു. അവയുടെ വായിൽനിന്നു പുറ 18
പ്പെട്ട തീയും പുകയും ഗന്ധകവും എന്ന
മൂന്നു ബാധകൾകൊണ്ടു മനുഷ്യരിൽ
മൂന്നിലൊന്നു സംഹരിക്കപ്പെട്ടു. ആ കുതിര 19
കളുടെ ശക്തി, അവയുടെ വായിലും, വാലി
ലും ആയിരുന്നു. അവയുടെ വാലുകൾ തല
യുള്ള സർപ്പങ്ങളേപ്പോലെയായിരുന്നു. ഇവ
യാൽ അവർ ഉപദ്രവം വരുത്തിക്കൊണ്ടി
രുന്നു. ഈ ബാധകളാൽ സംഹരിക്കപ്പെടാ 20
തെ ശേഷിച്ചവരോ, കാണാനും കേൾപ്പാനും
കഴിവില്ലാത്ത ഭൂതങ്ങളേയും, സ്വർണ്ണം,
വെള്ളി, ചെമ്പ്, കല്ല്, തടി ഇവ കൊണ്ടുള്ള
വിഗ്രഹങ്ങളേയും ആരാധിക്കാതിരിക്ക
ത്തക്കവണ്ണം, അവരുടെ കൈപ്പണികൾ
ഉപേക്ഷിച്ച് മാനസാന്തരപ്പെട്ടില്ല. അവരു 21
ടെ കൊലപാതകം, ക്ഷുദ്രം, വേശ്യാദോഷം,

മോഷണം എന്നിവ വിട്ട് അന്നവർ മാന
സാന്തരപ്പെട്ടില്ല.

അദ്ധ്യായം 10

1 സ്വർഗ്ഗത്തിൽനിന്നും, ശക്തിയേറിയ
മററൊരു ദൂതൻ ഇറങ്ങിവരുന്നത് ഞാൻ
കണ്ടു. അയാൾ, മേഘം ധരിച്ചും, തലയിൽ
മഴവില്ല് അണിഞ്ഞുമിരുന്നു. മുഖം സൂര്യ
നെപ്പോലെ; കാലുകൾ അഗ്നിസ്തംഭം
2 പോലെ. അയാളുടെ കൈയിൽ തുറക്കപ്പെട്ട
ഒരു ചെറു പുസ്തകം ഉണ്ടായിരുന്നു. അയാ
ളുടെ വലതുകാൽ സമുദ്രത്തിൻമേലും
ഇടതുകാൽ കരയിൻമേലും വച്ചിരുന്നു.
3 സിംഹം ഗർജ്ജിക്കുന്നതുപോലെ ഉറ
ച്ച ശബ്ദത്തിൽ അവൻ വിളിച്ചുപറഞ്ഞു:
4 അവൻ വിളിച്ചുപറഞ്ഞപ്പോൾ, ഏഴു ഇടി
കളും മുഴങ്ങി. ഏഴു ഇടിനാദം മുഴക്കിയ
പ്പോൾ ഞാൻ എഴുതുവാൻ തുടങ്ങി. ആ
ഏഴ് ഇടിനാദം മുഴക്കിയതെല്ലാം നീ
മുദ്രയിട്ടേക്കു. അവ നീ എഴുതേണ്ട എന്നു
സ്വർഗ്ഗത്തിൽനിന്നു പറയുന്ന ശബ്ദം ഞാൻ
5 കേട്ടു. കടലിന്മേലും കരയിന്മേലുമായി
നിലകൊള്ളുന്നതായി ഞാൻ കണ്ട ദൂതൻ
അവൻെറ വലതുകരം സ്വർഗ്ഗത്തിലേക്ക്
6 ഉയർത്തി—എന്നെന്നേക്കും ജീവനുള്ള
വനും, ആകാശവും അതിലുള്ളവയും, ഭൂമി
യും അതിലുള്ളവയും, സമുദ്രവും അതി
ലുള്ളവയും സൃഷ്ടിച്ചവൻെറ നാമത്തിൽ
7 അവൻ സത്യം ചെയ്തു. അതായത് 'ഇനി
താമസം ഉണ്ടാകയില്ല. ഏഴാമത്തെ മാലാഖ
ഊതുവാനിരിക്കുന്ന ശബ്ദത്തിൻെറ കാല
ത്തു ദൈവരഹസ്യം അവൻ തൻെറ പ്രവാ
ചകന്മാർക്ക് അറിയിച്ചുകൊടുത്തതു
8 പോലെ നിവൃത്തിയാകും.' ഞാൻ സ്വർഗ്ഗ
ത്തിൽനിന്നു കേട്ട ശബ്ദം പിന്നെയും
എന്നോടു സംസാരിച്ചു. അവൻ എന്നോട്:
നീ പോയി കടലിന്മേലും കരയിന്മേലുമായി
നിലകൊള്ളുന്ന ആ ദൂതൻെറ കൈയിൽ
തുറന്നിരിക്കുന്ന ആ ചെറു പുസ്തകം
9 വാങ്ങുക എന്നു പറഞ്ഞു. ഞാൻ ദൂതൻെറ
അടുത്തു ചെന്ന് ആ ചെറുപുസ്തകം എനി
ക്കു തരുവാൻ പറഞ്ഞു. അവൻ എന്നോട്
'നീ ഇതു വാങ്ങിക്കൊള്ളുക. അതു തിന്നു
കയും ചെയ്യുക. അതു നിൻെറ ഉദരത്തെ
കൈപ്പിക്കും. എന്നാൽ വായിലോ, തേൻ
പോലെ മധുരമായിരിക്കും' എന്നു പറഞ്ഞു.
10 ദൂതൻെറ കൈയിൽനിന്നും ഞാൻ ആ ചെറു
പുസ്തകം വാങ്ങിത്തിന്നു. എൻെറ വായിൽ
അതു തേൻപോലെ മധുരമുള്ളതായിരു
ന്നു; പക്ഷെ അതു തിന്നുകഴിഞ്ഞപ്പോൾ,
എൻെറ ഉദരം കൈപ്പായിപ്പോയി! അവൻ 11
എന്നോട് - നീ ഇനിയും അനേകം ജാതി
കളോടും ജനങ്ങളോടും അധികാരിക
ളോടും രാജാക്കന്മാരോടും പ്രവചിക്കേ
ണ്ടിവരും എന്നു പറഞ്ഞു.

അദ്ധ്യായം 11

പിന്നെ വടിപോലുള്ള ഒരു കോൽ 1
എനിക്കു നൽകപ്പെട്ടു. ആ ദൂതൻ നിന്നു
കൊണ്ട് എന്നോടു പറഞ്ഞു: നീ എഴുന്നേററ്
ദൈവത്തിൻെറ ആലയത്തേയും, യാഗപീഠ
ത്തേയും, അതിൽ ആരാധിക്കുന്നവരേയും
അളക്കുക. ആലയത്തിന് പുറത്തുള്ള 2
പ്രാകാരം അളക്കാതെ വിട്ടേക്കുക. അതു
ജാതികൾക്കു നൽകപ്പെട്ടിരിക്കുന്നു. അവർ
വിശുദ്ധനഗരത്തെ നാൽപത്തിരണ്ടു മാസം
ചവിട്ടും. അന്നു ഞാൻ എൻെറ രണ്ടു 3
സാക്ഷികൾക്കു വരം നൽകും. അവർ,
രട്ടുടുത്തുകൊണ്ട് ആയിരത്തി ഇരുന്നൂററി
അറുപതു ദിവസം പ്രവചിക്കും. അവർ 4
ഭൂമിയുടെ ഉടയവൻെറ മുമ്പിൽ നിൽക്കുന്ന
രണ്ട് ഒലിവുമരങ്ങളും, രണ്ടു നിലവിളക്കു
കളും ആകുന്നു. ആരെങ്കിലും അവരെ 5
ഉപദ്രവിപ്പാൻ ആഗ്രഹിച്ചാൽ, അവരുടെ
വായിൽനിന്നും അഗ്നി പുറപ്പെട്ട് അവരുടെ
ശത്രുവിനെ ദഹിപ്പിക്കും. ആരെങ്കിലും
അവരെ ഉപദ്രവിപ്പാൻ ആഗ്രഹിച്ചാൽ,
അവൻ ഇങ്ങനെ സംഹരിക്കപ്പെടേണ്ടി
വരും. ആ കാലത്ത് മഴ പെയ്യാതിരിക്കത്ത 6
ക്കവണ്ണം ആകാശത്തെ അടച്ചുകളയുവാൻ
അവർക്ക് അധികാരമുണ്ട്. വെള്ളത്തെ
രക്തമായി മാററുവാനും അവർ ഇച്ഛി
ക്കുന്ന കാലമത്രയും, എല്ലാവിധ ബാധ
കൊണ്ടും ഭൂമിയെ ദണ്ഡിപ്പാനും അവർക്ക്
അധികാരമുണ്ട്. അവർ അവരുടെ സാക്ഷ്യം 7
പൂർത്തിയാക്കിക്കഴിയുമ്പോൾ, ആഴത്തിൽ
നിന്നും കയറിവരുന്ന മൃഗം അവരോട് യുദ്ധം
ചെയ്ത് അവരെ ജയിക്കും. ആത്മീയമായി, 8
സോദോം എന്നും മെസ്രേൻ എന്നും വിളി
ക്കപ്പെടുന്നതും, എവിടെയാണോ അവരു
ടെ കർത്താവ് ക്രൂശിക്കപ്പെട്ടത്, ആ മഹാ
നഗരത്തിൻെറ വിശാലമായ തെരുവിൽ
അവരുടെ ശവങ്ങൾ കിടക്കും. പുറജാതി 9
കളും, വംശങ്ങളും ജനങ്ങളും ഭാഷക്കാരും
അവരുടെ ശവങ്ങൾ മൂന്നര ദിവസം കാണും.
അവരുടെ മൃതദേഹങ്ങൾ കല്ലറയിൽ അട
ക്കുവാൻ അവൻ സമ്മതിക്കുകയില്ല. ഭൂവാ 10
സികൾ അവരുടെ മേൽ ആനന്ദിക്കും, സ
ന്തോഷിക്കും, പരസ്പരം സമ്മാനങ്ങൾ
കൊടുത്തയയ്ക്കും. എന്തെന്നാൽ, ഈ ര

ണ്ടു പ്രവാചകന്മാർ ഭൂമിയിൽ വസിക്കുന്ന
11 വരെ ദണ്ഡിപ്പിച്ചവരാണല്ലോ. മൂന്നര നാളു
കൾക്കു ശേഷം, ദൈവത്തിൽനിന്നും ജീവ
ന്റെ ആത്മാവ് അവരിൽ പ്രവേശിച്ചു. അ
വർ കാലൂന്നി നിന്നു. അവരെ കണ്ടവരെല്ലാം
12 ഭയപരവശരായി. അവരോടു പറയുന്നതാ
യി സ്വർഗ്ഗത്തിൽനിന്നും ഒരു ഗംഭീരശബ്ദ
മുണ്ടായി. "ഇവിടേക്കു ആരോഹണം ചെയ്തു
വരിക" എന്ന്. അവർ മേഘത്തിലൂടെ
സ്വർഗ്ഗത്തിലേക്കു കരേറി! അവരുടെ ശത്രു
ക്കൾ ഇങ്ങനെ അവരെ കാണുകയും ചെയ്തു.
13 ആ നാഴികയിൽതന്നെ വലിയോരു
ഭൂകമ്പമുണ്ടായി. ആ നഗരത്തിന്റെ പത്തി
ലൊന്ന് നിലംപതിച്ചു. ആ ഭൂകമ്പത്താൽ
ഏഴായിരം പേർ കൊല്ലപ്പെട്ടു. ശേഷിച്ച
വരോ, ഭയപരവശരായി ദൈവത്തിനു
14 മഹത്വമർപ്പിച്ചു. രണ്ടാമത്തെ കഷ്ടത
തീർന്നു - മൂന്നാമത്തെ ദുരിതമോ ഇതാ!
ഉടനെ വരുന്നു.
15 ഏഴാമത്തെ മാലാഖ, കാഹളമൂതി.
അപ്പോൾ ലോകത്തിന്മേലുള്ള രാജത്വം,
നമ്മുടെ കർത്താവിനും അവന്റെ മ്ശീഹാ
യ്ക്കും ആയിരിക്കുന്നു. അവൻ എന്നെന്നേ
ക്കും വാഴും എന്ന് ഇടിമുഴക്കസമാനമായ
ശബ്ദങ്ങൾ ഉണ്ടായി.
16 അപ്പോൾ, ദൈവത്തിന്റെ മഹാസിംഹാ
സനസന്നിധിയിൽ, അവരവരുടെ സിംഹാ
സനങ്ങളിൽ ഉപവിഷ്ടരായിരുന്ന ആ
ഇരുപത്തിനാലു മൂപ്പന്മാർ, കവിണ്ണു വീണു
17 ദൈവത്തെ നമസ്കരിച്ചു പറഞ്ഞത്: സർവ്വാ
ധിപതിയായ ദൈവമായ കർത്താവെ, ആയി
രിക്കുന്നവനും, ആയിരുന്നവനുമേ! നീ മഹാ
ശക്തി ധരിച്ചു വാഴുന്നതിനാൽ നിന്നെ
18 ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ജാതികൾ
കോപിച്ചു; നിന്റെ കോപവും വന്നു. മരിച്ച
വരെ വിധിപ്പാനും, നിന്റെ ദാസരായ പ്രവാ
ചകന്മാർക്കും വിശുദ്ധന്മാർക്കും നിന്റെ
തിരുനാമഭക്തരായ വലിയവർക്കും ചെറി
യവർക്കും പ്രതിഫലം കൊടുക്കുവാനും,
ഭൂമിയെ നശിപ്പിച്ചവരെ നശിപ്പിപ്പാനും, ഉള്ള
19 കാലവും വന്നു. അപ്പോൾ സ്വർഗ്ഗത്തിൽ -
ദൈവത്തിന്റെ ആലയം തുറക്കപ്പെട്ടു.
തന്റെ 'നിയമത്തിന്റെ പെട്ടകം' തന്റെ
ആലയത്തിൽ കാണപ്പെട്ടു. മിന്നലും ഇടി
മുഴക്കങ്ങളും ശബ്ദഘോഷങ്ങളും ഭൂക
മ്പവും വലിയ കൽമഴയുമുണ്ടായി.

അദ്ധ്യായം 12

1 ആകാശത്തിൽ വലിയോരടയാളം
കാണപ്പെട്ടു. സൂര്യനെ അണിഞ്ഞിരിക്കുന്ന
സ്ത്രീ. ചന്ദ്രൻ അവളുടെ കാൽച്ചുവട്ടിൽ.
അവളുടെ ശിരസ്സിൽ പന്ത്രണ്ടു നക്ഷത്ര 2
ങ്ങൾ ഉള്ള കിരീടം. ഗർഭിണിയായ അവൾ
വേദനപ്പെട്ടു വേദനയോടെ നിലവിളിച്ചു.
മറ്റൊരു അടയാളവും ആകാശത്തിൽ 3
കാണപ്പെട്ടു. ഏഴു തലയും, പത്തു കൊമ്പു
കളും, തലയിൽ ഏഴു കിരീടങ്ങളുമുള്ള
വലിയ അഗ്നിയുടെ നിറമുള്ള ഒരു മഹാ
സർപ്പം. അതിന്റെ വാൽ - ആകാശത്തിലെ 4
നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചു
കൂട്ടി ഭൂമിയിലേക്കു എറിഞ്ഞു. ആ മഹാ
സർപ്പം ആ സ്ത്രീ പ്രസവിച്ചു കഴിഞ്ഞാ
ലുടനെ അവളുടെ പുത്രനെ തിന്നുകളയു
വാനായി, പ്രസവമടുത്ത ആ സ്ത്രീയുടെ
മുമ്പിൽ നിലയുറപ്പിച്ചു. അവൾ ഒരു ആൺ 5
കുഞ്ഞിനെ പ്രസവിച്ചു. ആ കുഞ്ഞ് - സർവ്വ
ജാതികളെയും ഇരുമ്പു വടികൊണ്ട് ഭരി
പ്പാനുള്ളവനായിരുന്നു. അവളുടെ ആ
പുത്രൻ ദൈവസന്നിധിയിലേക്ക് - മഹാ
സിംഹാസനമുമ്പിലേക്ക് - എടുത്തു മാറ്റ
പ്പെട്ടു. ആ സ്ത്രീയാകട്ടെ മരുഭൂമിയിലേ 6
ക്ക് ഓടിപ്പോയി. ദൈവത്താൽ തയ്യാറാ
ക്കപ്പെട്ട ഒരു സ്ഥലം അവൾക്ക് അവിടെ
ഉണ്ടായിരുന്നു. ആയിരത്തി ഇരുന്നൂറ്റി
അറുപതു ദിവസം അവളെ അവിടെ
പോറ്റി സംരക്ഷിക്കേണ്ടതിനുതന്നെ.
പിന്നെ ആകാശത്തിൽ ഒരു യുദ്ധമുണ്ടാ 7
യി. മിഖായേലും അവന്റെ ദൂതന്മാരും
മഹാസർപ്പത്തോടു യുദ്ധം ചെയ്തു. മഹാ
സർപ്പവും അവന്റെ ദൂതന്മാരും ചേർന്ന്
യുദ്ധം ചെയ്തു. അവർക്ക് ജയിപ്പാൻ കഴി 8
ഞ്ഞില്ല. പിന്നെ അവരുടെ സ്ഥലം സ്വർഗ
ത്തിൽ കാണപ്പെട്ടിട്ടില്ല. ആ മഹാസർപ്പം 9
— ആ പഴയ പാമ്പ്, ഭൂതലത്തെ ആകെ
തെറ്റിച്ചുകളയുന്ന പിശാചും സാത്താനു
മായവൻ ഭൂമിയിലേക്ക് എറിയപ്പെട്ടു. അവ
ന്റെ ദൂതന്മാരെയും അവനോടുകൂടെ
എറിഞ്ഞുകളഞ്ഞു. അപ്പോൾ ഞാൻ സ്വർഗ്ഗ 10
ത്തിൽ ഒരു മഹാ ശബ്ദം പറയുന്നതു കേട്ടു:
"ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷ
യും, ശക്തിയും, രാജ്യവും, തന്റെ മ്ശീഹാ
യുടെ അധികാരവും ആയിരിക്കുന്നു.
എന്തെന്നാൽ - നമ്മുടെ സഹോദരന്മാർ
ക്കെതിരെ രാവും പകലും ദൈവസന്നിധി
യിൽ കുറ്റാരോപണം നടത്തിക്കൊണ്ടി
രുന്നവൻ തള്ളിയിടപ്പെട്ടിരിക്കുന്നു. അവർ 11
അവനെ കുഞ്ഞാടിന്റെ രക്തം നിമിത്ത
വും, അവരുടെ സാക്ഷ്യത്തിന്റെ വചനം
നിമിത്തവും ജയിച്ചു. അവരോ മരണം
വരെയും അവരുടെ പ്രാണനെ സ്നേഹിച്ച

12 വരല്ല. ആകയാൽ - സ്വർഗ്ഗവും അതിൽ
വസിക്കുന്നവരുമേ, ആനന്ദിപ്പിൻ! ഭൂമിക്കും
സമുദ്രത്തിനുമോ കഷ്ടം! എന്തെന്നാൽ
പിശാച് നിങ്ങളുടെ അടുക്കലേക്ക് ഇറങ്ങി
വന്നിരിക്കുന്നു. അവനു അല്പകാലം
മാത്രമെയുള്ളു എന്ന് അവന് അറിവുള്ള
തിനാൽ അവനു വളരെയേറെ ക്രോധ
മുണ്ട്.
13 താൻ ഭൂമിയിലേക്ക് എറിയപ്പെട്ടു എന്നു
കണ്ടു ആ മഹാസർപ്പം, ആൺകുഞ്ഞിനെ
പ്രസവിച്ച ആ സ്ത്രീയെ ഉപദ്രവിച്ചുതുട
14 ങ്ങി. ആ സ്ത്രീക്കാകട്ടെ മരുഭൂമിയിലുള്ള
അവളുടെ സ്ഥലത്തേക്കു പറന്നു പോക
ത്തക്കവണ്ണം വലിയ കഴുകന്റെ രണ്ടു
ചിറകുകൾ നൽകപ്പെട്ടു. അവിടെ അവളെ
സർപ്പത്തിന്റെ മുമ്പിൽനിന്നും, ഒരു
കാലവും, കാലങ്ങളും, അരക്കാലവും
15 പോററി സംരക്ഷിക്കപ്പെട്ടു. സ്ത്രീയെ ഒഴു
ക്കിക്കളയേണ്ടതിന് അവന്റെ വായിൽ
നിന്നും നദിപോലെ വെള്ളം ഒഴുക്കി. ഭൂമി
16 അവളെ സഹായിച്ചു. ഭൂമി അതിന്റെ
വായ്തുറന്ന് ആ മഹാസർപ്പം അവന്റെ
വായിൽനിന്നും ഒഴുക്കിയ വെള്ളമെല്ലാം
17 കുടിച്ചുകളഞ്ഞു. സർപ്പത്തിന് ആ സ്ത്രീ
യോടു കോപമായി. ദൈവകല്പനകൾ
പ്രമാണിക്കുന്നവരും, യേശുവിന്റെ
സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്ത
തിയിൽ ശേഷിപ്പുള്ളവരോട് യുദ്ധം
ചെയ്വാൻ പുറപ്പെട്ടു. അവൻ കടൽതീര
ത്തെ മണലിന്മേൽ നിന്നു.

അദ്ധ്യായം 13

1 സമുദ്രത്തിൽനിന്നും ഒരു ക്രൂരമൃഗം
കയറി വരുന്നതു ഞാൻ കണ്ടു. അതിന്
പത്തു കൊമ്പുകളും ഏഴു തലകളും —
അതിന്റെ കൊമ്പുകൾമേൽ പത്തു കിരീട
ങ്ങൾ. അതിന്റെ തലകൾമേൽ - ദൈവ
2 ദൂഷണനാമങ്ങളും! ഞാൻ കണ്ടതായ ആ
ക്രൂരമൃഗം പുള്ളിപ്പുലിക്കു സദൃശവും
അതിന്റെ കാൽ - കരടിയുടേതുപോ
ലെയും, അതിന്റെ വായ്, സിംഹത്തിന്റെ
വായ്പോലെയും ആയിരുന്നു. അതിന് ആ
മഹാസർപ്പം, അതിന്റെ ശക്തിയും
അതിന്റെ സിംഹാസനവും വലിയ അധി
3 കാരവും കൊടുത്തു. അതിന്റെ തലക
ളിൽ ഒന്ന് മരണത്തിന്നായി അറുക്ക
പ്പെട്ടതുപോലെ ഞാൻ കണ്ടു. ആ മരണ
കരമായ മുറിവ് സൗഖ്യമാക്കപ്പെട്ടു.
സർവ്വഭൂമിയും ആ ക്രൂരമൃഗത്തെക്കണ്ട്
അത്ഭുതപ്പെട്ടു.

മൃഗത്തിന് അധികാരം കൊടുത്തതു 4
കൊണ്ട് അവർ ആ മഹാസർപ്പത്തെ നമസ്
കരിച്ചു. ആ മൃഗത്തോടു പോരാടുവാൻ ആർ
ക്കു കഴിയും? എന്നു പറഞ്ഞു. വൻപും ദൈ 5
വദൂഷണവും സംസാരിക്കുന്ന വായ്, അതി
ന് നൽകപ്പെട്ടു. നാല്പത്തിരണ്ടുമാസങ്ങൾ
പ്രവർത്തിക്കുവാൻ അധികാരവും നൽക
പ്പെട്ടു. അത് ദൈവദൂഷണത്തിനും, ദൈവ 6
ത്തിന്റെ നാമത്തേയും തന്റെ കൂടാരത്തേ
യും, സ്വർഗ്ഗവാസികളെ എല്ലാവരേയും
ദുഷിക്കുന്നതിനുമായി അതിന്റെ വായ്
തുറന്നു. അതിന് സർവ്വവംശങ്ങൾമേലും
ഗോത്രത്തിന്മേലും ഭാഷക്കാരുടെമേലും
ജനത്തിൻമേലും അധികാരം നൽകപ്പെട്ടു.
എല്ലാ വിശുദ്ധരോടും യുദ്ധം ചെയ്തു അവ 7
രെ ജയിപ്പാനുള്ള അധികാരവും നൽക
പ്പെട്ടു. ലോകസ്ഥാപനംമുതൽ അറുക്ക 8
പ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ
പേരെഴുതപ്പെട്ടിട്ടില്ലാത്ത ഭൂവാസികൾ
എല്ലാം അതിനെ നമസ്കരിക്കും. ചെവിയു 9
ള്ളവൻ കേൾക്കട്ടെ.

അടിമയാക്കി കൊണ്ടുപോകുന്നവൻ - 10
അടിമയായിത്തീരും. അരിവാൾകൊണ്ട്
കൊല്ലുന്നവൻ, വാളാൽ കൊല്ലപ്പെടേണ്ടതു
മാകുന്നു. ഇവിടെയാണ് വിശുദ്ധന്മാരുടെ
സഹിഷ്ണുതയും വിശ്വാസവും.

വേറൊരു മൃഗം ഭൂമിയിൽനിന്നു കയറു 11
ന്നതു ഞാൻ കണ്ടു. അതിനു കുഞ്ഞാടി
ന്റേതുപോലുള്ള രണ്ടു കൊമ്പുകൾ
ഉണ്ടായിരുന്നു. അത് മഹാസർപ്പം എന്നതു
പോലെ സംസാരിച്ചു. അത് ഒന്നാം മൃഗ 12
ത്തിന്റെ മുമ്പാകെ അതിന്റെ സർവ്വാധി
കാരവും നടത്തി. അതിന്റെ മരണകരമായ
മുറിവ് സുഖപ്പെട്ട ഒന്നാം മൃഗത്തെ, ഭൂമിയും
അതിൽ വസിക്കുന്നവരും ആരാധിക്കു
മാറാക്കുന്നു. അതു വലിയ അടയാളങ്ങൾ
പ്രവർത്തിക്കുന്നു. അത് മനുഷ്യർ കാൺ 13
കെ, ആകാശത്തിൽനിന്നും ഭൂമിയിലേക്ക്
തീയ് ഇറക്കുന്നു. വാളുകൊണ്ട് മുറിവേ 14
ററിട്ടും ജീവിച്ച ആ മൃഗത്തിന്റെ പ്രതിമ
ഉണ്ടാക്കത്തക്കവണ്ണം ഭൂവാസികളെ തെററി
ക്കുകയും ചെയ്യുന്നു. ആ മൃഗത്തിന്റെ 15
ബിംബത്തിന് ജീവൻ കൊടുക്കുന്നതിനും,
ആ മൃഗത്തിന്റെ പ്രതിമയെ ആരാധിക്കാ
ത്തവരെ കൊന്നുകളയുവാനുമുള്ള അധി
കാരം അതിനു ലഭിച്ചു. അത്, വലിയവരും 16
ചെറിയവരും, ധനികരും ദരിദ്രരും, സ്വത
ന്ത്രരും അടിമകളുമായ എല്ലാവർക്കും അവ
രുടെ വലങ്കൈമേലോ, നെററിയിന്മേലോ,
ഒരു മുദ്ര കിട്ടുമാറാക്കുകയും ചെയ്യുന്നു. ആ 17

മൃഗത്തിൻെറ പേരോ പേരിൻെറ സംഖ്യയോ
ആയ മുദ്രയുള്ളവനല്ലാതെ ആർക്കും,
വിൽക്കുകയോ വാങ്ങുകയോ ചെയ്‌വാൻ
സാദ്ധ്യമല്ലാതാക്കുകയും ചെയ്യുന്നു. ഇവി
18 ടെ ജ്ഞാനം ആവശ്യം - ബുദ്ധിയുള്ളവൻ
മൃഗത്തിൻെറ സംഖ്യ കണക്കാക്കട്ടെ. അത്
ഒരു മനുഷ്യൻെറ സംഖ്യയാകുന്നു. അതി
ൻെറ സംഖ്യ 'അറുനൂററിഅറുപത്തിആറ്!'

അദ്ധ്യായം 14

1 പിന്നെ സീയോൻ മലമേൽ കുഞ്ഞാടു
നിൽക്കുന്നതു ഞാൻ കണ്ടു. അവൻെറ
കൂടെ — തങ്ങളുടെ നെററിമേൽ അവൻെറ
നാമവും, പിതാവിൻെറ നാമവും എഴുത
പ്പെട്ടിരിക്കുന്ന ഒരുലക്ഷത്തിനാല്പത്തി
നാലായിരം പേരും നിന്നിരുന്നു.
2 ഏറിയ വെള്ളപ്പാച്ചിലിൻെറ ഇരമ്പൽ
പോലെയും വലിയോരു ഇടിമുഴക്കം പോ
ലെയും സ്വർഗ്ഗത്തിൽ നിന്നും ഒരു ശബ്ദം
ഞാൻ കേട്ടു. ഞാൻ കേട്ട ശബ്ദം വീണ
വായിക്കുന്നതുപോലുള്ള നാദമായിരുന്നു.
3 അവർ മഹാസിംഹാസനത്തിനും നാലു
ജീവികൾക്കും മൂപ്പന്മാർക്കും മുമ്പാകെ ഒരു
പുതിയ സ്തുതിപ്പ് അർപ്പിച്ചു. ഭൂമിയിൽനി
ന്നും വിലയ്ക്കു വാങ്ങപ്പെട്ടിരുന്ന ഒരുലക്ഷ
ത്തിനാല്പത്തിനാലായിരം പേർക്കല്ലാതെ
ആ സ്തുതിഗീതം പഠിപ്പാൻ കഴിഞ്ഞില്ല.
4 അവർ സ്ത്രീകളുടെകൂടെ മാലിന്യപ്പെ
ടാത്തവർ. എന്തെന്നാൽ അവർ കന്യാവ്രത
ക്കാർ (അവിവാഹിതർ)* ആയിരുന്നു.
കുഞ്ഞാടു പോകുന്നിടത്തെല്ലാം അവർ
അവനെ അനുഗമിക്കുന്നു. അവർ ദൈവ
ത്തിനും കുഞ്ഞാടിനും ആദ്യഫലമായി
മനുഷ്യരുടെ ഇടയിൽനിന്നും യേശുവി
നാൽ വിലയ്ക്കു വാങ്ങപ്പെട്ടവരായിരുന്നു.
5 അവരുടെ വായിൽ വ്യാജം കണ്ടെത്തപ്പെട്ടി
രുന്നില്ല. എന്തെന്നാൽ അവർ കളങ്കം ഇല്ലാ
ത്തവർ ആയിരുന്നു.
6 മറെറാരു മാലാഖ ആകാശത്തിൽ പറ
ക്കുന്നതായി ഞാൻ കണ്ടു. ഭൂവാസികളായ
സകല ജാതിയോടും വംശത്തോടും,
ഭാഷക്കാരോടും ജനത്തോടും സുവിശേഷി
പ്പാൻ അവൻെറ പക്കൽ നിത്യ സുവിശേഷം
ഉണ്ടായിരുന്നു.
7 'ദൈവത്തെ ആരാധിച്ച് അവനു മഹത്വം
കൊടുപ്പിൻ. അവൻെറ ന്യായവിധിയുടെ
നാഴിക ആഗതമായിരിക്കുന്നു. ആകാശ
ത്തേയും ഭൂമിയേയും സമുദ്രത്തേയും
നീരുറവകളേയും സൃഷ്ടിച്ചവനെ ആരാധി
പ്പിൻ' എന്ന് അത്യുച്ചത്തിൽ ആ മാലാഖ
പറഞ്ഞിരുന്നു. രണ്ടാമതു മറെറാരു മാലാഖ 8
അവനോടു ചേർന്നു. "വീണുപോയി! അവ
ളുടെ വേശ്യാദോഷത്തിൻെറ ക്രോധമദ്യം
സർവ്വ ജാതികളേയും കുടിപ്പിച്ച മഹതിയാം
ബാബേൽ (ബാബിലോൺ) വീണുപോയി"
എന്നു തുടർന്നു പറഞ്ഞു. മൂന്നാമനായ മ 9
റെറാരു മാലാഖ അവരോടു ചേർന്നു തുടർ
ന്നു പറഞ്ഞത്: "ആരെങ്കിലും ആ ക്രൂര മൃഗ
ത്തേയും അതിൻെറ പ്രതിമയേയും നമസ്ക
രിക്കുകയും, അവൻെറ മുദ്ര, തൻെറ നെററി
യിലോ, കയ്യിന്മേലോ, സ്വീകരിക്കുകയും
ചെയ്തുവെങ്കിൽ — ദൈവകോപത്തിൻെറ 10
പാത്രത്തിൽനിന്നും ദൈവത്തിൻെറ ക്രോധ
വീഞ്ഞ്, അവൻ കുടിക്കേണ്ടി വരും. അവൻ
അഗ്നിയിലും ഗന്ധകത്തിലും വിശുദ്ധ മാ
ലാഖമാരുടെയും, മഹാസിംഹാസനത്തി
ൻേറയും മുമ്പിൽ വച്ച് ദണ്ഡിപ്പിക്കപ്പെടും. അ
വരുടെ ദണ്ഡനത്തിൻെറ പുക ലോകാലോ 11
കങ്ങളിലേക്കും കയറിപ്പോകും. ആ ക്രൂരമൃ 12
ഗത്തേയും അതിൻെറ പ്രതിമയേയും നമസ്
കരിക്കുന്നവർക്ക് പകലും രാത്രിയിലും ആ
ശ്വാസമുണ്ടാകയില്ല." ഇവിടെയാണ് ദൈവ
കല്പനകൾ പ്രമാണിക്കുകയും യേശുവി
ൻെറ വിശ്വാസത്തിൽ നിൽക്കുകയും ചെ
യ്യുന്ന വിശുദ്ധരുടെ സഹിഷ്ണുത.
സ്വർഗ്ഗത്തിൽനിന്നും ഇങ്ങനെ പറയു 13
ന്ന ശബ്ദം ഞാൻ കേട്ടു: എഴുതിക്കൊള്ളു
ക "ഇപ്പോൾ മുതൽ - ദൈവത്തിൽ നിദ്ര
പ്രാപിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ -
അവർ അവരുടെ പ്രവൃത്തികളിൽനിന്നും
വിശ്രമിക്കേണ്ടതാകുന്നു. അവരുടെ പ്രവൃ
ത്തികൾ അവരെ പിന്തുടരുന്നു"വെന്ന്
ആത്മാവ് പറയുന്നു.
കണ്ടാലും, ഒരു വെള്ള മേഘവും, അതി 14
ന്മേൽ, മനുഷ്യപുത്രനോടു സാമ്യമുള്ള ഒരു
വൻ തലയിൽ പൊൻ കിരീടവും, അവൻെറ
കൈയിൽ മൂർച്ചയുള്ള ഒരു അരിവാളുമായി
ഇരിക്കുന്നതായും ഞാൻ കണ്ടു. മറെറാരു 15
മാലാഖ, ദൈവാലയത്തിൽനിന്നും പുറ
പ്പെട്ട്, മേഘത്തിൽ ഇരിക്കുന്നവനോട് ഉറച്ച
ശബ്ദത്തിൽ അട്ടഹസിച്ചു പറഞ്ഞു. അവൻ 16
തൻെറ അരിവാൾ ഭൂമിയിലേക്ക് എറിഞ്ഞു.
ഭൂമിയിൽ കൊയ്ത്തു നടന്നു സ്വർഗ്ഗത്തി 17
ലുള്ള ദൈവാലയത്തിൽനിന്നും വേറൊരു
മാലാഖ പുറപ്പെട്ടു. അവനും, മൂർച്ചയേറിയ
അരിവാൾ ഉണ്ടായിരുന്നു. മറെറാരു ദൂതൻ, 18

* കന്യക (സ്ത്രീലിംഗം) മല.

അഗ്നിമേൽ അധികാരമുള്ളവൻ - യാഗ
പീഠത്തിങ്കൽനിന്നും പുറപ്പെട്ടു വന്നു.
അവൻ മൂർച്ചയുള്ള അരിവാൾ ഉള്ളവനോട്
അത്യുച്ചത്തിൽ അട്ടഹസിച്ചു പറഞ്ഞു. നീ
നിന്റെ മൂർച്ചയേറിയ അരിവാൾ അയച്ച്
ഭൂമിയിലെ സർവ്വ മുന്തിരിത്തോപ്പുകളി
ലേയും കുലകൾ അറുത്തുകളക - എന്തെ
ന്നാൽ ഭൂമിയിലെ മുന്തിരിങ്ങാ പഴുത്തു
19 കഴിഞ്ഞു. ആ ദൂതൻ അവന്റെ അരിവാൾ
ഭൂമിയിലേക്കു ഇട്ടു. ഭൂമിയിലെ മുന്തിരി
ക്കുല അറുത്തു - അത് വലിയവനായ
ദൈവത്തിന്റെ കോപമാകുന്ന ചക്കിൽ
20 ഇട്ടു. മുന്തിരിച്ചക്ക് പട്ടണത്തിനു വെളിയിൽ
വച്ച് ആട്ടി —ചക്കിൽ നിന്നും കുതിരക
ളുടെ കടിഞ്ഞാൺ പൊക്കത്തിൽ ആയിര
ത്തറുനൂറ് സ്താദിയാ (ഇരുന്നുറു നാഴിക
ചില പതിപ്പുകളിൽ) നീളത്തിൽ (രക്തം)
പ്രവഹിച്ചു.

അദ്ധ്യായം 15

1 സ്വർഗ്ഗത്തിൽ വലുതും അത്ഭുതകര
വുമായ മറെറാരു അടയാളം ഞാൻ കണ്ടു.
അവസാനത്തെ ഏഴു ബാധയുമായുള്ള
ഏഴു ദൂതന്മാർ. അവയോടുകൂടി ദൈവ
ത്തിന്റെ ക്രോധം അവസാനിച്ചു.
2 അഗ്നി കലർത്തപ്പെട്ട സ്ഫടികക്കടൽ
പോലെ ഒന്ന് ഞാൻ കണ്ടു. ക്രൂരമൃഗത്തിൽ
നിന്നും, അതിന്റെ പ്രതിമയിൽ നിന്നും
വിജയം പ്രാപിച്ചവർ, ദൈവത്തിന്റെ കിന്നര
ങ്ങൾ പിടിച്ചുകൊണ്ട് സ്ഫടികസമുദ്ര
ത്തിന്റെ തീരത്തു നിൽക്കുന്നതു ഞാൻ
3 കണ്ടു. അവർ ദൈവത്തിന്റെ ദാസനായ
മോശയുടെ പാട്ടും, കുഞ്ഞാടിന്റെ സ്തു
തിപ്പും പാടിക്കൊണ്ട് - സർവ്വാധിപതിയായ
ദൈവമേ, നിന്റെ പ്രവൃത്തികൾ വലിയതും
4 വിസ്മയനീയങ്ങളുമാകുന്നു. ലോകങ്ങളു
ടെ രാജാവേ, നിന്റെ വഴികൾ നീതിയും
സത്യവുമുള്ളവ. കർത്താവേ, ആർ നിന്റെ
നാമത്തെ ഭയപ്പെടാതെയും നിന്റെ തിരു
നാമത്തെ മഹത്വപ്പെടുത്താതെയുമിരിക്കും?
നീ മാത്രമല്ലോ, ഏക പുണ്യവാൻ. നീതി
യുള്ള നിന്റെ വിധികൾ വെളിപ്പെട്ടിരിക്കു
ന്നതിനാൽ സർവ്വ ജാതികളും തിരുമുമ്പിൽ
വന്നു നമസ്കരിക്കും എന്നു പറഞ്ഞു.
5 അനന്തരം, സ്വർഗ്ഗത്തിലെ സാക്ഷ്യത്തിൻ
കൂടാരമായ ദൈവാലയം തുറക്കപ്പെട്ടതായി
6 ഞാൻ കണ്ടു. ഏഴു ബാധകളും (കൈവശ
മുള്ള) ആ ഏഴു മാലാഖമാർ നിർമ്മലവും
ശ്രേഷ്ഠവുമായ ശുഭ്രവസ്ത്രങ്ങൾ ധരിച്ചും
മാറത്തു പൊൻകച്ച കെട്ടിയുംകൊണ്ട്
ദൈവാലയത്തിൽനിന്നും പുറപ്പെട്ടുവന്നു.
അപ്പോൾ നാലു ജീവികളിൽ ഒന്ന് എന്നേ 7
ക്കും സജീവനായിരിക്കുന്ന ദൈവത്തിന്റെ
ക്രോധം നിറഞ്ഞ ഏഴു പൊൻ പാത്രങ്ങൾ
അവർക്കു കൊടുത്തു. ദൈവത്തിന്റെ മഹ 8
ത്വവും ശക്തിയും നിമിത്തം ദൈവാലയം
പുകകൊണ്ടു നിറഞ്ഞു. ആ ഏഴു ദൂതന്മാ
രുടെ ഏഴു ബാധകളും കഴിയുന്നതുവരെ,
ആർക്കും ദൈവാലയത്തിൽ പ്രവേശിപ്പാൻ
കഴിഞ്ഞില്ല.

അദ്ധ്യായം 16

'നിങ്ങൾ പോയി ദൈവത്തിന്റെ ഈ 1
ഏഴു ക്രോധകലശവും ഭൂമിയിൽ ഒഴുക്കു
വീൻ' എന്നു ആ ഏഴു മാലാഖമാരോട് പറ
യുന്ന ഒരു വലിയ ശബ്ദം ഞാൻ കേട്ടു.
ഒന്നാമൻ പോയി തന്റെ കലശം ഭൂമിമേൽ 2
ഒഴിച്ചു. അപ്പോൾ ആ ക്രൂരമൃഗത്തിന്റെ
മുദ്രയുള്ളവരും അതിന്റെ പ്രതിമയെ
ആരാധിക്കുന്നവരുമായ മനുഷ്യരുടെ മേൽ
അശുദ്ധവും വേദന നിറഞ്ഞതുമായ വ്രണം
ഉണ്ടായി.
രണ്ടാമത്തെ ദൂതൻ തന്റെ കലശം 3
സമുദ്രത്തിൽ ഒഴിച്ചു. അപ്പോൾ അത് മരി
ച്ചവന്റെ രക്തസമാനമായിത്തീർന്നു.
സമുദ്രത്തിലെ ജീവജന്തുക്കളെല്ലാം ചത്തു
പോയി. മൂന്നാമത്തെ ദൂതൻ അവന്റെ 4
കലശം നദികൾമേലും, നീരുറവകൾമേലും
ഒഴിച്ചു. അവയെല്ലാം രക്തമായിത്തീർന്നു.
അപ്പോൾ ജലത്തിന്റെ ആ ദൂതൻ ഇങ്ങനെ 5
പറയുന്നതായി ഞാൻ കേട്ടു.
"ഇരിക്കുന്നവനും ഇരുന്നവനുമായ
വനേ, നീ ഇങ്ങനെ വിധിച്ചതുകൊണ്ട്
അങ്ങ് നീതിമാനാകുന്നു. വിശുദ്ധന്മാരുടെ 6
യും പ്രവാചകന്മാരുടെയും രക്തം അവർ
ചൊരിയുന്നതുകൊണ്ട്— രക്തംതന്നെ നീ
അവർക്കു കുടിപ്പാൻ കൊടുത്തു. അതിന്
അവർ അർഹർതന്നെ."
അതുപോലെതന്നെ യാഗപീഠവും 7
പറയുന്നതു ഞാൻ കേട്ടു. 'സർവ്വാധിപതി
യായ ദൈവമായ കർത്താവേ! നിന്റെ
വിധികൾ സത്യവും നീതിയുമുള്ളവതന്നെ.'
നാലാമത്തെ ദൂതൻ അവന്റെ കലശം 8
സൂര്യന്റെ മേൽ ഒഴിച്ചു. അപ്പോൾ തീ

"14:16 കൊയ്ത്തിനു സമയമായിരിക്കയാൽ നിന്റെ അരിവാൾ അയച്ചു കൊയ്യുക.
ഭൂമിയിലെ വിളവ് വിളഞ്ഞുണങ്ങിയിരിക്കുന്നു" എന്നു കൂടി ചില പതിപ്പുകളിൽ.

കൊണ്ടു മനുഷ്യരെ ചുടുവാൻ അതിന്
9 അധികാരം കൊടുത്തു. മനുഷ്യർ അത്യധി
കമായ ചൂടുകൊണ്ടു പൊരിഞ്ഞു. ഈ
ബാധകളിന്മേൽ അധികാരമുള്ളവനായ
ദൈവത്തിൻെറ നാമത്തെ മനുഷ്യർ ദുഷി
ക്കുകയാണ് ചെയ്തത്. അവനു മഹത്വം
കൊടുക്കുവാൻ തക്കവണ്ണം അവർ മാനസാ
ന്തരപ്പെട്ടില്ല.
10 അഞ്ചാമൻ ആ മൃഗത്തിൻെറ സിംഹാ
സനത്തിന്മേലാണ് തൻെറ കലശം ചൊരി
ഞ്ഞത്. അപ്പോൾ അവൻെറ രാജ്യം ഇരുണ്ടു
11 പോയി. അവർ അതിവേദനകൊണ്ടു നാവു
കടിച്ചു. അവരുടെ അതിവേദനയും, വ്രണ
ങ്ങളും നിമിത്തം അവർ സ്വർഗ്ഗത്തിലെ
ദൈവത്തെ ദുഷിച്ചു. അവരുടെ പ്രവൃത്തി
12 കളെ വിട്ട് അവർ അനുതപിച്ചില്ല. ആറാമൻ
അവൻെറ കലശത്തെ യൂഫ്രിട്ടീസ് എന്ന
വലിയ നദിമേൽ ഒഴിച്ചു. അതിൻെറ കിഴക്കു
നിന്നു വരുന്ന രാജാക്കന്മാർക്കു വേണ്ടി വഴി
യൊരുക്കേണ്ടതിന് അതു വററി ഉണങ്ങി
13 പ്പോയി. ക്രൂരമൃഗത്തിൻെറ വായിൽനിന്നും,
മഹാസർപ്പത്തിൻെറ വായിൽ നിന്നും, ആ
കള്ളപ്രവാചകൻെറ വായിൽ നിന്നും തവള
യെപ്പോലെ മൂന്ന് അശുദ്ധാത്മാക്കൾ പുറ
14 പ്പെടുന്നതു ഞാൻ കണ്ടു. ഇവ, സർവ്വാധി
പതിയായ ദൈവത്തിൻെറ വലിയ ദിവസ
ത്തെ യുദ്ധത്തിന്നായി — ഭൂതലമെങ്ങു
മുള്ള രാജാക്കന്മാരെ കൂട്ടി വരുത്തുവാൻ
അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ട്,
അവരുടെ അടുക്കലേക്കു പുറപ്പെടുന്ന
പിശാചിൻെറ ആത്മാക്കൾ അത്രെ.
15 “ഇതാ, ഞാൻ കള്ളനെപ്പോലെ വരും.
തൻെറ ലജ്ജ കാണുമാറ് നഗ്നനായി
നടക്കാതിരിക്കേണ്ടതിന് തൻെറ വസ്ത്ര
ങ്ങൾ സൂക്ഷിച്ചും ഉണർന്നുമിരിക്കുന്നവൻ
ഭാഗ്യവാൻ.”
16 അവ (ആത്മാക്കൾ) അവരെ എബ്രായ
ഭാഷയിൽ ഹർമ്മാഗേദോൻ എന്നു പേരുള്ള
സ്ഥലത്തു കൂട്ടിവരുത്തി.
17 ഏഴാമൻ അവൻെറ കലശം, ആകാശ
ത്തിൽ ഒഴിച്ചു. ദൈവാലയത്തിൽനിന്നും
സിംഹാസനത്തിൽനിന്നും ‘സംഭവിച്ചു
കഴിഞ്ഞു’ എന്നു പറയുന്ന ഒരു വലിയ
18 ശബ്ദമുണ്ടായി. അപ്പോൾ മിന്നലും ഇടിയും
ശബ്ദങ്ങളുമുണ്ടായി. ഭൂകമ്പം വലുതാ
യിരുന്നു. ഇതുപോലൊന്ന്, ഭൂമിയിൽ മനു
ഷ്യൻ ഉണ്ടായതിനുശേഷം ഉണ്ടായിട്ടില്ല.
19 അത്ര വലുതായിരുന്നു. ആ വലിയ നഗരം
മൂന്നു ഭാഗമായി പിളർന്ന് ജാതികളുടെ
നഗരവും നിലംപതിച്ചു. ദൈവകോപ
ത്തിൻെറ ക്രോധവീഞ്ഞിൻെറ പാനപാത്രം
വലിയവളായ ബാബിലോണിനു കൊടു
ക്കേണ്ടതിന് ദൈവസന്നിധിയിൽ അവൾ
ഓർക്കപ്പെട്ടു. ദ്വീപെല്ലാം ഓടിപ്പോയി - 20
പർവ്വതങ്ങൾ കാണാനില്ലാതായി. താലന്തു 21
തൂക്കമുള്ളത്ര വലിയ കൽമഴ മനുഷ്യരുടെ
മേൽ പെയ്തു. കല്മഴയുടെ ആ ബാധ,
വളരെ വലുതായിരുന്നതു നിമിത്തം
മനുഷ്യർ ദൈവത്തെ ദുഷിച്ചു.

അദ്ധ്യായം 17

ഏഴു കലശങ്ങളുള്ള ഏഴു ദൂതന്മാരിൽ 1
ഒരുവൻ എന്നോടു സംസാരിച്ചു: “നീ വരിക
- ഭൂമിയിലെ രാജാക്കന്മാരോടു കൂടെ
വേശ്യാവൃത്തി ചെയ്തു അവളുടെ വേശ്യാ
വൃത്തിയുടെ മദ്യത്താൽ അവരെ ലഹരി
പിടിപ്പിച്ചവളായ പെരുവെള്ളത്തിന്മേൽ 2
ഇരിക്കുന്ന ആ മഹാവേശ്യയുടെ ന്യായ
വിധി ഞാൻ നിന്നെ കാണിച്ചു തരാം” എന്നു
പറഞ്ഞു. അവൻ ആത്മാവിൽ എന്നെ ഒരു 3
മരുഭൂമിയിലേക്കു കൂട്ടിക്കൊണ്ടുപോയി.
ഏഴു തലയും പത്തുകൊമ്പുകളുമുള്ളതും,
ദൈവദൂഷണനാമങ്ങൾകൊണ്ടു നിറഞ്ഞ
തുമായ ഒരു ചുവന്ന ക്രൂരമൃഗത്തിന്മേൽ
ആ സ്ത്രീ ഇരിക്കുന്നതായി ഞാൻ കണ്ടു.
അവൾ ധൂമ്രവർണ്ണവും ചുമന്ന വസ്ത്രവും 4
ധരിച്ചിരുന്നു. സ്വർണ്ണവും, വിലയേറിയ
രത്നക്കല്ലുകളും, മുത്തുകളും അണിഞ്ഞി
രുന്നു. അവളുടെ കൈയിൽ - ഭൂമിയിലെ
അവളുടെ വേശ്യാവൃത്തിയുടെ അശുദ്ധി
യും മ്ലേച്ഛതയും നിറഞ്ഞ സ്വർണ്ണപാന
പാത്രം ഉണ്ടായിരുന്നു. അവളുടെ നെററി 5
മേൽ എഴുതപ്പെട്ടിരുന്ന നാമം - ഭൂമിയിലെ
വേശ്യകളുടെയും, അശുദ്ധികളുടെയും
അമ്മയായ - മഹതിയാം ബാബിലോൺ -
എന്നായിരുന്നു. ആ സ്ത്രീ വിശുദ്ധരുടെ 6
രക്തവും, യേശുവിൻെറ രക്തസാക്ഷി
കളുടെ രക്തവും കുടിച്ച് ലഹരിപിടിച്ചിരി
ക്കുന്നതായി ഞാൻ കണ്ടു. ഞാൻ അവളെ
കണ്ടപ്പോൾ അത്യധികം ആശ്ചര്യപ്പെട്ടു
ദൂതൻ എന്നോടു നീ എന്തിനാണ് അത്ഭുത 7
പ്പെട്ടത്? ആ സ്ത്രീയുടേയും, അവൾ വച്ചി
രിക്കുന്ന ഏഴു തലകളും പത്തു കൊമ്പു
കളുമുള്ള മൃഗത്തിൻേറയും രഹസ്യം
ഞാൻ നിന്നോടു പറയാം - നീ കണ്ടതായ 8
ആ മൃഗം - ഉണ്ടായിരുന്നതും, ഇപ്പോൾ ഇല്ലാ
ത്തതും, അഗാധത്തിൽനിന്നും കയറി, ഇനി
നാശത്തിലേക്കു പോകാനിരിക്കുന്നതു
മാകുന്നു. ഭൂവാസികളെല്ലാം ലോകാരംഭം
മുതൽ ജീവൻെറ പുസ്തകത്തിൽ പേർ

എഴുതപ്പെടാത്തവർ - ഉണ്ടായിരുന്നതും
ഇപ്പോൾ ഇല്ലാത്തതും ആയ ആ ക്രൂരമൃഗ
ത്തെ കാണുന്നവർ, അത്ഭുതപ്പെട്ടുപോകും.
9 ഇവിടെ ജ്ഞാനമുള്ളവന് ബോധമുണ്ട്. ആ
ഏഴു തല ഏഴു പർവ്വതങ്ങൾ. അവിടെയാ
ണ്, അവയുടെ മേലാണ് അവൾ ഇരിക്കു
10 ന്നത്. അവ ഏഴു രാജാക്കന്മാരും ആകുന്നു.
അഞ്ചു പേർ വീണുപോയി. ഒരുവൻ ഉണ്ട്,
മററൊരുവൻ ഇതുവരെ വന്നിട്ടില്ല. വന്നാൽ
പിന്നെ, അവൻ കുറഞ്ഞോന്നു വസിക്കേ
11 ണ്ടതാകുന്നു. ഉണ്ടായിരുന്നവനും ഇപ്പോൾ
ഇല്ലാത്തവനുമായ ക്രൂരമൃഗം എട്ടാമത്തവൻ
ആകുന്നു. അവൻ ഏഴു പേരിൽ ഉൾപ്പെട്ട
വനും നാശത്തിലേക്കു പോകുന്നവനുമാ
12 കുന്നു. നീ കണ്ട പത്തു കൊമ്പുകൾ പത്തു
രാജാക്കന്മാരാകുന്നു. അവരിൽ ചിലർ
ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല. എന്നാ
ലോ, ആ മൃഗത്തിൽനിന്ന് ആ ഒരു നാഴിക
നേരം അവർ രാജാക്കന്മാരെപ്പോലെ അധി
13 കാരം പ്രാപിക്കും. അവർ ഏകാഭിപ്രായമു
ള്ളവർ. അവരുടെ ശക്തിയും അധികാര
വും ആ മൃഗത്തിന് അവർ കൊടുക്കും.
14 അവർ ആ കുഞ്ഞാടിനോടു പട പൊരുതും.
കുഞ്ഞാട് അവരെ ജയിക്കും. എന്തെന്നാൽ
അവൻ രാജാധിരാജാവും, കർത്താധി
കർത്താവുമാകുന്നു. അവനോട് കൂടെയു
ള്ളവർ, വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്ക
പ്പെട്ടവരും വിശ്വസ്തരുമാകുന്നു.
15 പിന്നെ അവൻ എന്നോടു പറഞ്ഞു:
വേശ്യ ഇരിക്കുന്നതായി, നീ കണ്ടതായ
'വെള്ളം'— ജാതികളും സമൂഹങ്ങളും ജന
16 ങ്ങളും ഭാഷകളുമാകുന്നു. നീ കണ്ടതായ
ആ പത്തു കൊമ്പുകളാകട്ടെ, ആ മൃഗ
വുമാകുന്നു. അവർ ആ വേശ്യയെ വെറു
ക്കും. അവളെ ശൂന്യമാക്കും, നഗ്നയുമാ
ക്കും. അവളുടെ മാംസം അവർ തിന്നുകള
യും. അവളെ അഗ്നിയിൽ ദഹിപ്പിക്കുകയും
17 ചെയ്യും. ദൈവത്തിന്റെ ഈ വചനങ്ങൾ
നിവൃത്തിയാകുവോളം തന്റെ ഹിതം
ചെയ്യുവാനും; ഏക അഭിപ്രായം നടത്തു
വാനും, അവരുടെ രാജത്വം മൃഗത്തിനു
കൊടുക്കുവാനും ദൈവം ഹൃദയങ്ങളിൽ
18 (ചിന്ത) നൽകി- നീ കണ്ടതായ സ്ത്രീയോ,
ഭൂമിയിലെ രാജാക്കന്മാരുടെ മേൽ അധീ
ശത്വമുള്ള ആ മഹാനഗരംതന്നെ.

അദ്ധ്യായം 18

1 ഇവയ്ക്കു ശേഷം ഞാൻ കണ്ടത്:
മററൊരു മാലാഖ - വലിയ അധികാരമു
ള്ളവൻ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവരു
ന്നത് ഞാൻ കണ്ടു. അവന്റെ മഹത്വം 2
കൊണ്ട് ഭൂമിയാകെ പ്രശോഭിച്ചു. ശക്ത
മായ സ്വരത്തിൽ അവൻ അട്ടഹസിച്ചു
പറഞ്ഞു: "വീണുപോയി - മഹതിയാം
ബാബിലോൺ നിലംപതിച്ചു! അത് ഭൂത
ങ്ങളുടെ ഗുഹയും, സർവ്വ അശുദ്ധാത്മാക്ക
ളുടെയും എല്ലാ അശുദ്ധവും മലിനവുമായ
പക്ഷികളുടേയും, അശുദ്ധവും മലിനവുമായ
എല്ലാ മൃഗങ്ങളടെയും തടവുമായിത്തീർന്നി
രിക്കുന്നു. എന്തെന്നാൽ അവളുടെ ക്രോധ 3
മദ്യത്തിൽനിന്നും സർവ്വജാതികളും കുടി
ച്ചു. ഭൂരാജാക്കന്മാർ അവളുമായി വേശ്യാ
സംഗമം നടത്തി. ഭൂമിയിലെ വ്യാപാരികൾ
അവളുടെ ദുർമ്മദത്തിന്റെ ശക്തിയാൽ
സമ്പന്നരായി. സ്വർഗ്ഗത്തിൽനിന്നും പറയു 4
ന്നതായി മററൊരു ശബ്ദം ഞാൻ കേട്ടു.
"എന്റെ ജനമേ, അവളുടെ പാപങ്ങളിൽ
പങ്കുകാരാകാതിരിപ്പാൻ, അവളുടെ വ്രണ
ങ്ങളിൽനിന്നു നിങ്ങൾ പ്രാപിക്കാതിരി
പ്പാൻ — അവളിൽനിന്നു വിട്ടുമാറുവിൻ.
എന്തെന്നാൽ അവളുടെ പാപങ്ങൾ 5
ആകാശത്തോളം എത്തിയിരിക്കുന്നു.
അവളുടെ അനീതികൾ ദൈവം ഓർത്തു.
അവൾ നിങ്ങളോടു പ്രതികാരംചെയ്തതു 6
പോലെ നിങ്ങൾ അവളോടു പ്രതികാരം
ചെയ്യുവിൻ, അവളുടെ പ്രവൃത്തികൾക്ക്
ഒത്തതുപോലെ അവൾക്ക് ഇരട്ടിയായി
കൊടുത്തുകൊൾവിൻ. അവൾ കലർത്തി 7
ത്തന്ന പാനപാത്രത്തിൽ അവൾക്ക് ഇരട്ടി
യായി കലർത്തിക്കൊടുത്തുകൊൾവിൻ.
അവളുടെ സുഖഭോഗങ്ങൾക്കു തക്കവണ്ണം
അവൾക്ക് നാശവും വിലാപവും കൊടു
പ്പിൻ. എന്തെന്നാൽ, ഞാൻ രാജ്ഞിയായി
രിക്കുന്നു. ഞാൻ വിധവയല്ല. വിലാപം
ഞാൻ കാണുകയേയില്ല എന്ന് അവൾ
ഹൃദയത്തിൽ പറയുന്നു. ഇതു നിമിത്ത 8
മായി, അവളുടെ ബാധകൾ - മരണം,
വിലാപം, ക്ഷാമം- ഇവ ഒററദിവസംകൊണ്ട്
വരും. അവൾ അഗ്നിയിൽ ദഹിച്ചുപോകും.
എന്തെന്നാൽ അവളെ വിധിച്ചവനായ
ദൈവം ബലവാനാകുന്നു. ഭൂമിയിലെ 9
രാജാക്കന്മാർ - അവളോടൊത്തു വേശ്യാ
സംഗമം നടത്തി മദിച്ചവർ - അവളുടെ
ദഹനത്തിന്റെ പുക കാണുമ്പോൾ -
അവളെപ്രതി കരയും, വിലപിക്കും, മാറ
ത്തടിക്കും. അവളുടെ ദണ്ഡനത്തിന്റെ
ഭീതി നിമിത്തം അവർ ദൂരെ നിന്നുകൊണ്ട് 10
"മഹൽ നഗരമാം ബാബിലോണേ! ബല
മേറിയ പട്ടണമേ! കഷ്ടം! കഷ്ടം! എന്തെ
ന്നാൽ ഒററ നാഴികകൊണ്ട് നിന്റെ ന്യായ

11 വിധി ആഗതമായി! ഭൂമിയിലെ വ്യാപാരി
കൾ, സ്വർണ്ണം, വെള്ളി, വിലയേറിയ
കല്ലുകൾ, രത്നങ്ങൾ, പട്ട്, നേർത്തനൂൽ,
ധൂമ്രനൂൽ, ചന്ദനത്തടികൾ, ആനക്കൊമ്പു
12 കൊണ്ടുള്ള വസ്തുക്കൾ, വിലയേറിയ
തടിയും, പിച്ചളയും, ഇരുമ്പുംകൊണ്ടുള്ള
സാധനങ്ങൾ, ലവംഗം, ഏലം, ധൂപവർഗ്ഗം,
13 മൂറ്, കുന്തിരിക്കം, വീഞ്ഞ്, എണ്ണ, നേരിയ
മാവ്, കോതമ്പ്, കന്നുകാലി, ആട്, കുതിര
കൾ, രഥങ്ങൾ, മാനുഷദേഹപ്രാണങ്ങൾ
ക്കാവശ്യമുള്ളവ എന്നീ സാധനങ്ങൾ
വാങ്ങാൻ, ആളില്ലാതെ വന്നതിനാൽ
അവളെച്ചൊല്ലി കരഞ്ഞു വിലപിക്കും.
14 നിൻെറ മോഹവസ്തുവായ കായ്കനികളും
നിന്നെ വിട്ടുപോയി. പുഷ്ടിയുള്ളവയും
വിശിഷ്ടങ്ങളുമായവയെല്ലാം നിന്നിൽ
നിന്നും നശിച്ചുപോയി. ഇവയുടെ വ്യാപാരി
15 കൾ ഇനിയും അവ കാണുകയില്ല. അവളെ
ക്കൊണ്ട് സമ്പന്നരായവർ, അവളുടെ
ദണ്ഡനത്തിലുള്ള ഭയം നിമിത്തം ദൂരെ
16 നിന്നു കൊണ്ട്, 'പട്ടു വസ്ത്രവും രക്താംബ
രവും ധരിച്ച്, പൊന്നും, രത്നവും, മുത്തുകളു
മണിഞ്ഞ് കഴിഞ്ഞവളെ! മഹത്തായ നഗ
രമേ, അയ്യോ നിനക്കു കഷ്ടം! ഒരു നാഴിക
കൊണ്ട് ഇത്ര വലിയ സമ്പത്തു നശിച്ചു
പോയല്ലോ, എന്നു പറഞ്ഞു, കരഞ്ഞു,
17 വിലപിക്കും. എല്ലാ കപ്പിത്താന്മാരും, ഓരോ
സ്ഥലത്തേക്ക് സമുദ്രയാത്ര ചെയ്യുന്നവരും,
കപ്പൽ ജോലിക്കാരും, കടലിൽ തൊഴിലെടു
18 ക്കുന്നവരും ഏവരും ദൂരെ നിന്നു അവൾ
കത്തി ദഹിക്കുന്നതിൻെറ പുക കണ്ടു -
ആ മഹാനഗരത്തോടു തുല്യമായ നഗരം
ഏതുണ്ട്? എന്ന് അട്ടഹസിച്ചു പറഞ്ഞു.
19 അവർ തലയിൽ പൂഴി വാരിയിട്ടുകൊണ്ട്,
'കടലിൽ കപ്പലുകൾ ഉള്ളവർക്കെല്ലാം
അവളുടെ ബഹുമാന്യതയിൽ സമ്പത്തു
ണ്ടാകുവാനിടയാക്കിയ മഹാനഗരമെ,
നിനക്ക് അയ്യോ കഷ്ടം! എന്തെന്നാൽ ഒററ
നാഴിക കൊണ്ടു നീ നശിച്ചുപോയല്ലോ'
എന്നു പറഞ്ഞ് അവർ നിലവിളിച്ചു.
20 സ്വർഗ്ഗമേ, മാലാഖമാരെ, ശ്ലീഹന്മാരെ,
പ്രവാചകരെ, നിങ്ങൾക്കു വേണ്ടി ദൈവം
അവളോട് പ്രതികാരം നടത്തിയതുകൊണ്ട്
ആനന്ദിപ്പിൻ.
21 പിന്നെ ഒരു മാലാഖ വലിയ 'തിരികല്ലു'
പോലെയുള്ള ഒരു കല്ല് എടുത്ത് സമുദ്ര
ത്തിൽ എറിഞ്ഞുകൊണ്ടു പറഞ്ഞു: ആ
മഹാനഗരമായ ബാബിലോൺ വലിയ
ശക്തിയോടെ ഇങ്ങനെ എറിയപ്പെടും.
22 ഇനിയും നീ കാണപ്പെടുകയില്ല! വീണ
വായനക്കാർ, വാദ്യക്കാർ, പാട്ടുകാർ,
കാഹളക്കാർ ആദിയായവരുടെ നാദം
ഇനിയും നിന്നിൽനിന്നും കേൾക്കപ്പെടു
കയില്ല. ഓരോവിധ കൗതുകവസ്തുക്കൾ
ഉണ്ടാക്കുന്ന സമർത്ഥതൊഴിൽക്കാരും
ഇനിയും നിന്നിൽ കാണപ്പെടുകയില്ല.
നിൻെറ വിളക്കിൻെറ പ്രകാശം ഇനിയും 23
നിന്നിൽ ഉണ്ടാകയില്ല. മണവാളൻെറയും
മണവാട്ടിയുടെയും സ്വരം ഇനി നിന്നിൽ
കേൾക്കപ്പെടുകയില്ല. നിൻെറ വ്യാപാരികൾ
ഭൂമിയിലെ പ്രഭുക്കന്മാർ ആയിരുന്നു.
നിൻെറ ക്ഷുദ്രപ്രയോഗത്താൽ സർവ്വ
ജാതികളും വഴിതെററിപ്പോയിരുന്നു. പ്രവാ 24
ചകരുടെയും വിശുദ്ധന്മാരുടെയും ഭൂമിയിൽ
അറുക്കപ്പെട്ട എല്ലാവരുടെയും രക്തം അവ
ളിലാണല്ലോ കാണപ്പെട്ടത്!

അദ്ധ്യായം 19

ഇവയ്ക്കു ശേഷം, സ്വർഗ്ഗത്തിൽ, വലി 1
യോരു സംഘത്തിൻെറ ശബ്ദഘോഷം
ഞാൻ കേട്ടു. അവർ പറഞ്ഞു: ഹാലേലുയ്യാ,
രക്ഷയും, മഹത്വവും, ശക്തിയും, ബഹുമാ
നവും നമ്മുടെ ദൈവത്തിനുള്ളത്. എന്തെ
ന്നാൽ, തൻെറ ന്യായവിധികൾ സത്യവും
നീതിയും ഉള്ളവയുമാകുന്നു. എന്തെ
ന്നാൽ, അവളുടെ വേശ്യാദോഷം കൊണ്ട് 2
ഭൂമിയെ വഷളാക്കിയ ആ മഹാ വേശ്യയെ
താൻ ന്യായം വിധിച്ചിരിക്കുന്നു. തൻെറ
ദാസരുടെ രക്തം അവളുടെ കയ്യിൽ നിന്നും
ചോദിച്ചു പ്രതികാരം ചെയ്തിരിക്കുന്നു.
രണ്ടാം പ്രാവശ്യവും അവർ 'ഹാലേലുയ്യാ' 3
എന്നട്ടഹസിച്ച് അവളുടെ ശിക്ഷയുടെ
പുക ലോകാലോകങ്ങളിലേക്കുയരുന്നു
എന്നു പറഞ്ഞു. ആ ഇരുപത്തിനാലു 4
മൂപ്പന്മാരും, ആ നാലു ജീവികളും കവി
ണ്ണുവീണ് മഹാ സിംഹാസനത്തിലിരി
ക്കുന്ന ദൈവത്തെ നമസ്കരിച്ചുകൊണ്ടു
പറഞ്ഞു: "ആമ്മീൻ - ഹാലേലുയ്യാ.'
ആ മഹാ സിംഹാസനത്തിൽനിന്നും 5
ഒരു ശബ്ദം പുറപ്പെട്ടു പറഞ്ഞത്: ചെറിയ
വരും വലിയവരുമായി ദൈവത്തെ ഭയ
പ്പെടുന്ന തൻെറ എല്ലാ ദാസരുമേ, നമ്മു
ടെ ദൈവത്തിന്നു 'സ്തുതി പാടുവിൻ.'
അപ്പോൾ ഏറിയ പുരുഷാരത്തിൻെറയും 6
ഏറിയ വെള്ളപ്പാച്ചിലുകളുടെയും ആരവം
പോലെ ശക്തമായ ഇടിമുഴക്കംപോലെ
-അവർ പറയുന്നതു ഞാൻ കേട്ടു: ഹാലേ
ലുയ്യാ-സർവ്വാധിപതിയായ നമ്മുടെ ദൈവ
മായ കർത്താവ്-രാജ്യഭാരം ഏററിരിക്കുന്നു.
നമുക്കു സന്തോഷിച്ച് ആനന്ദിക്കാം. 7

തനിക്കു മഹത്വമേല്പിക്കാം എന്തെ
ന്നാൽ' ആ കുഞ്ഞാടിൻെറ കല്യാണം
വന്നുവല്ലോ. അവൻെറ കാന്തയും തന്നെ
8 ത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്ക്
അതിശ്രേഷ്ഠവും നിർമ്മലവുമായ പട്ടു
വസ്ത്രം ധരിക്കുവാൻ നൽകപ്പെട്ടിരിക്കുന്നു.
ആ പട്ടുവസ്ത്രമോ, വിശുദ്ധന്മാരുടെ പുണ്യ
9 പ്രവർത്തനങ്ങൾ തന്നെ. പിന്നീട് അവൻ
എന്നോട്, "കുഞ്ഞാടിൻെറ കല്യാണവിരു
ന്നിനു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ"
എന്നു നീ എഴുതുക എന്നു പറഞ്ഞു.
എൻെറ ഈ വചനങ്ങൾ, 'ദൈവത്തിൻെറ
സത്യവചനങ്ങൾതന്നെ' എന്നും പറഞ്ഞു.
അപ്പോൾ ഞാൻ അവനെ നമസ്കരിപ്പാൻ
10 അവൻെറ കാൽക്കൽ വീണു. അവൻ
എന്നോട്: നോക്കൂ, അരുത്. ഞാൻ നിന
ക്കും യേശുവിൻെറ സാക്ഷ്യമുള്ള നിൻെറ
സഹോദരന്മാർക്കും കൂട്ടുകാരനാകുന്നു.
ദൈവത്തെ നമസ്കരിക്കുക. എന്തെന്നാൽ
യേശുവിൻെറ സാക്ഷ്യമെന്നത് പ്രവച
നത്തിൻെറ ആത്മാവുതന്നെ എന്നു
പറഞ്ഞു.

11 സ്വർഗ്ഗം തുറക്കപ്പെട്ടിരിക്കുന്നതായി
ഞാൻ കണ്ടു. ഇതാ ഒരു വെള്ളക്കുതിര.
അതിന്മേൽ ആരൂഢൻ, വിശ്വസ്തനും
സത്യവാനും എന്നു വിളിക്കപ്പെടുന്നു.
അവൻ നീതിയോടെ വിധിക്കയും യുദ്ധം
12 ചെയ്കയും ചെയ്യുന്നു. അവൻെറ കണ്ണു
കൾ അഗ്നിജ്വാലപോലെ, അവൻെറ ശിര
സ്സിന്മേൽ അനേക കിരീടങ്ങൾ. എഴുതപ്പെ
ട്ടിട്ടുള്ള പേരുമുണ്ട്. അത് അവനല്ലാതെ
13 ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം
തളിക്കപ്പെട്ട അങ്കി ധരിച്ചിരിക്കുന്നു. അവനു
ദൈവവചനം എന്ന് പേരു വിളിക്കപ്പെട്ടിരി
14 ക്കുന്നു. സ്വർഗ്ഗസേനകളെല്ലാം, ശുഭ്രവും
നിർമ്മലവുമായ പട്ടുവസ്ത്രം ധരിച്ച്,
വെള്ളക്കുതിരപ്പുറത്തുകയറി അവനെ
15 അനുഗമിച്ചു. ജാതികളെ വെട്ടിക്കളയു
വാനായി അവൻെറ വായിൽനിന്നും ഇരു
വായ്തലയുള്ള മൂർച്ചയേറിയ വാൾ പുറ
പ്പെടുന്നു. അവൻ ജാതികളെ ഇരുമ്പുവടി
കൊണ്ടു മേയിക്കും. അവൻ സർവ്വാധി
പതിയായ ദൈവത്തിൻെറക്രോധ മുന്തിരി
16 ച്ചക്കിൽ അതിനെ ആട്ടും. "രാജാധിരാജാവ്
¯കർത്താധികർത്താവ്" എന്ന പേരുകൾ
അവൻെറ അങ്കിമേലും എഴുതപ്പെട്ടിരി
ക്കുന്നു.

17 ഒരു ദൂതൻ സൂര്യനിൽ നിൽക്കുന്നതു
ഞാൻ കണ്ടു. അവൻ ആകാശമദ്ധ്യേ പറന്നു
കൊണ്ടിരുന്ന സർവ്വ പക്ഷികളോടും: രാജാ
ക്കന്മാരുടെ മാംസവും സഹസ്രാധിപന്മാ 18
രുടെ മാംസവും, ശക്തന്മാരുടെ മാംസവും,
കുതിരകളുടെയും കുതിരപ്പുറത്തിരിക്കു
ന്നവരുടെയും മാംസവും, എല്ലാ സ്വതന്ത്ര
ന്മാരുടേയും, അടിമകളുടേയും, ചെറിയ
വരുടേയും, വലിയവരുടേയും മാംസവും
തിന്നുവാൻ, ദൈവത്തിൻെറ വലിയ വിരു
ന്നിലേക്കു വന്നുകൂടുവിൻ; എന്ന് ഉറച്ച്
വിളിച്ചു പറഞ്ഞു.

കുതിരപ്പുറത്തിരിക്കുന്നവരോടും അവ 19
ൻെറ സൈന്യങ്ങളോടും യുദ്ധം ചെയ്വാ
നായി, ആ മൃഗവും, ഭൂമിയിലെ രാജാക്ക
ന്മാരും അവരുടെ സൈന്യങ്ങളും ഒരുമിച്ചു
കൂടിയിരിക്കുന്നതായി ഞാൻ കണ്ടു. ആ 20
മൃഗത്തേയും, അതിൻെറ മുമ്പാകെ ¯അവൻ
ചെയ്ത അടയാളങ്ങളാൽ ആ മൃഗത്തി
ൻെറ മുദ്ര സ്വീകരിച്ച് അതിൻെറ പ്രതിമയെ
നമസ്കരിച്ചവരേയും വഴിതെററിച്ച ആ
കള്ളപ്രവാചകനേയും ജീവനോടെ, ആ
രണ്ടിനേയും ¯ഗന്ധകം എരിയുന്ന തീക്കട
ലിൽ ഇട്ടുകളഞ്ഞു. ശേഷിച്ചവരെയാകട്ടെ 21
¯കുതിരപ്പുറത്തിരിക്കുന്നവൻെറ വായിൽ
നിന്നു പുറപ്പെടുന്ന വാളുകൊണ്ടു കൊന്നു
കളഞ്ഞു. പക്ഷികൾ അവരുടെ മാംസം
തിന്നു തൃപ്തരായി!

അദ്ധ്യായം 20

അഗാധത്തിൻെറ താക്കോലും ഒരു 1
വലിയ ചങ്ങലയും കൈയിൽ പിടിച്ചുകൊ
ണ്ട് ഒരു മാലാഖ സ്വർഗ്ഗത്തിൽ നിന്നും ഇറ
ങ്ങുന്നതായി ഞാൻ കണ്ടു. അവൻ ആ 2
മഹാസർപ്പത്തെ ¯ഭൂതലത്തെ മുഴുവനും
വഴിതെറ്റിച്ച, പിശാചും സാത്താനുമായ ആ
പഴയ പാമ്പിനെ-പിടിച്ച് ആയിരം ആണ്ട
ത്തേക്കു ചങ്ങലകൊണ്ട് ബന്ധിച്ച് അഗാധ
ത്തിലേക്ക് ഇട്ടുകളഞ്ഞു. ആ ആയിരം 3
ആണ്ടു കഴിയുവോളം ഇനിയും അവൻെറ
ജാതികളെ വഞ്ചിക്കാതിരിക്കത്തക്കവണ്ണം
അഗാധത്തെ അടച്ചുപൂട്ടി. അതിന്മീതെ
മുദ്ര വയ്ക്കുകയും ചെയ്തു. അതിനുശേഷം
അവൻ അല്പകാലത്തേക്ക് അഴിച്ചു
വിടപ്പെടും.

ഞാൻ സിംഹാസനങ്ങൾ കണ്ടു. (അവ 4
യിൽ ഇരിക്കുന്നവർക്കു) ന്യായവിധിയുടെ
അധികാരം നൽകപ്പെട്ടു. യേശുവിൻെറ
സാക്ഷ്യം നിമിത്തവും ദൈവവചനം നിമി
ത്തവും വെട്ടിനുറുക്കപ്പെട്ടവരുടേയും, മൃഗ
ത്തേയോ അതിൻെറ പ്രതിമയേയോ നമ
സ്കരിക്കാതിരിക്കുകയും, അവരുടെ നെറ്റി
മേലും, കൈമേലും അതിൻെറ മുദ്രയേൽ

ക്കാതിരിക്കുകയും ചെയ്തവരുടെ ആത്മാ
ക്കളെ ഞാൻ കണ്ടു.
5 അവർ ജീവിച്ച് അവരുടെ മ്ശീഹാ
യോടുകൂടി ആയിരം സംവത്സരം വാണു.
6 ഇത് ഒന്നാമത്തെ പുനരുത്ഥാനം. ഈ
ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ള
വൻ ഭാഗ്യവാൻ¯വിശുദ്ധൻ. അവരുടെമേൽ
രണ്ടാംമരണത്തിന് അധികാരമില്ല. അവർ
ദൈവത്തിൻേറയും മ്ശീഹായുടേയും
പുരോഹിതന്മാരായി അവനോടുകൂടെ
ആയിരം സംവത്സരം ഭരണം നടത്തും.
7 ആ ആയിരം ആണ്ടുകൾ പൂർത്തിയാകു
മ്പോൾ, ആ സാത്താൻ തടവിൽനിന്നും
8 മോചിതനാകും. അവൻ ജാതികളെ¯സംഖ്യ
യിൽ കടൽതീരത്തെ മണൽപോലെ ഭൂമി
യുടെ നാനാഭാഗത്തുമുള്ള ജാതികളെ
¯ഗോഗിനേയും മാഗോഗിനേയും, യുദ്ധ
ത്തിന്നു കൂട്ടിവരുത്തുവാൻ ¯വഞ്ചിപ്പാൻ
9 ¯പുറപ്പെടും. അവർ കയറിച്ചെന്ന്, വിശുദ്ധ
രുടെ പാളയത്തേയും പ്രിയപ്പെട്ട നഗര
ത്തേയും വളഞ്ഞു. സ്വർഗത്തിൽനിന്ന്
ദൈവത്തിങ്കൽനിന്ന് തീയിറങ്ങി അവരെ
10 ഭക്ഷിച്ചുകളഞ്ഞു. അവരെ തെററിച്ചവനായ
ആകൽക്കർസാ—ആ ക്രൂരമൃഗവും ആ
കള്ള പ്രവാചകനും എവിടെയോ, ആ
തീയും ഗന്ധകവുമുള്ള തടാകത്തിലേക്കു
തള്ളപ്പെട്ടു. അവർ, രാവും പകലും, എന്നേ
ക്കും ദണ്ഡനം അനുഭവിക്കും.
11 വലിയോരു വെള്ളസിംഹാസനവും
അതിന്മേൽ ഇരിക്കുന്നവനേയും ഞാൻ
കണ്ടു. അവൻെറ മുഖസന്നിധിയിൽ നിന്നും
ഭൂമിയും ആകാശവും ഓടിപ്പോയി. അവ
പിന്നെ ഒരിടത്തും കണ്ടെത്തപ്പെട്ടില്ല.
12 മരിച്ചവർ¯വലിയവരും ചെറിയവരുമായ
വർ-സിംഹാസനമുമ്പിൽ നിൽക്കുന്നതു
ഞാൻ കണ്ടു. പുസ്തകങ്ങൾ തുറക്കപ്പെട്ടു.
'ജീവൻെറ പുസ്തകം' എന്ന മറെറാരു
പുസ്തകവും തുറക്കപ്പെട്ടു. പുസ്തകങ്ങ
ളിൽ എഴുതപ്പെട്ടിരുന്ന മരിച്ചവർ, അവരുടെ
പ്രവൃത്തികൾക്കനുസരണം വിധിക്കപ്പെട്ടു.
13 സമുദ്രം അതിലുള്ള മരിച്ചവരെ കൊടുത്തു.
മരണവും പാതാളവും അവയിലുള്ള മൃതരെ
ഏല്പിച്ചുകൊടുത്തു. ഓരോരുവനും
അവരവരുടെ പ്രവൃത്തികൾക്കൊത്തവണ്ണം
14 വിധിക്കപ്പെട്ടു. മരണവും പാതാളവും ആ
തീക്കടലിൽ ഇടപ്പെട്ടു. ഈ അഗ്നിതടാകം
തന്നെ, രണ്ടാമത്തെ മരണം.
15 ജീവൻെറ പുസ്തകത്തിൽ പേരെഴുത
പ്പെട്ടതായി കാണപ്പെടാത്ത ഏവനും, ആ
തീപ്പൊയ്കയിൽ തള്ളിയിടപ്പെട്ടു.

അദ്ധ്യായം 21

ഞാൻ പുതിയ ആകാശവും പുതിയ 1
ഭൂമിയും കണ്ടു. എന്തെന്നാൽ ആ ഒന്നാ
മത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും
പോയി. സമുദ്രവും ഇനി ഇല്ല. പുതിയ 2
ഊർശലേം എന്ന വിശുദ്ധനഗരം, അവളുടെ
മണവാളന്നായി ഒരുക്കപ്പെട്ട മണവാട്ടിയെ
പ്പോലെ¯സ്വർഗ്ഗത്തിൽനിന്ന് ¯ദൈവസന്നി
ധിയിൽനിന്നു ഇറങ്ങുന്നതും ഞാൻ കണ്ടു.
സ്വർഗത്തിൽനിന്നും പറയുന്നതായ ഒരു 3
മഹാ ശബ്ദം ഞാൻ കേട്ടു: "ഇതാ, ദൈവ
ത്തിൻെറ കൂടാരം മനുഷ്യരോടുകൂടെ. അതു
അവരോടുകൂടെ വസിച്ചു. അവർ അവൻെറ
ജനമായിരിക്കും. ദൈവമോ, അവരുടെ
കൂടെ അവർക്കു ദൈവവുമായിരിക്കും.
അവൻ അവരുടെ കണ്ണുകളിൽനിന്നും 4
കണ്ണുനീരു എല്ലാം തുടച്ചുമാററും. ഇനി
മരണം ഉണ്ടാകയില്ല. വിലാപവും, മുറ
വിളിയും, വേദനയും ഇനി ഉണ്ടാകുകയില്ല.
എന്തെന്നാൽ ആദ്യത്തേത് എല്ലാം കടന്നു
പോയി."
മഹാസിംഹാസനത്തിൽ ഇരിക്കുന്ന 5
വൻ പറഞ്ഞു: ഞാൻ എല്ലാം പുതിയവ
യാക്കും. ഈ വചനങ്ങൾ ദൈവത്തിൻെറ
വിശ്വസ്തവും സത്യവുമായ വചനങ്ങൾ
ആകയാൽ നീ എഴുതുക. പിന്നെയും 6
അവൻ എന്നോട്: ഞാൻ ഓലഫും താവും
(ആൽഫയും, ഒമേഗയും) ആകുന്നു. ആദി
യും അന്തവുമാകുന്നു. ദാഹിക്കുന്നവന്
ഞാൻ ജീവൻെറ-ജീവജലത്തിൻെറ- ഉറവ
യിൽനിന്നും സൗജന്യമായി കൊടുക്കും.
ജയിക്കുന്നവന് ഇത് അവകാശമായി 7
ലഭിക്കും. ഞാൻ അവനു ദൈവമായിരി
ക്കും. അവൻ എനിക്കു മകനായിരിക്കും.
എന്നാൽ ¯ഭീരുക്കൾ, അവിശ്വാസികൾ, 8
പാപികൾ, വഷളന്മാർ, കൊലപാതകന്മാർ,
വ്യഭിചാരികൾ, ക്ഷുദ്രക്കാർ, വിഗ്രഹാരാധ
കർ എന്നിവർക്കും, വ്യാജമുള്ള ഏവർക്കും,
ഉള്ളതായ ഓഹരിയോ ¯അഗ്നിയും ഗന്ധ
കവും എരിയുന്ന ആ തടാകത്തിൽ ആയി
രിക്കും. അതാകുന്നു രണ്ടാമത്തെ മരണം.
അവസാനത്തെ ഏഴു ബാധകളും 9
നിറഞ്ഞ ഏഴു കലശങ്ങൾ ഉണ്ടായിരുന്ന
ഏഴു ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോട്
സംസാരിച്ചു. 'വരു, കുഞ്ഞാടിൻെറ കാന്ത
യായ മണവാട്ടിയെ നിനക്കു ഞാൻ കാണി
ച്ചുതരാം' എന്നു പറഞ്ഞു. അവൻ എന്നെ 10
ആത്മാവിൽ, വലുതും, ഉയരമുള്ളതുമായ
ഒരു മലയിലേക്കു കൊണ്ടുപോയി; ആ

പരിശുദ്ധനഗരമായ യറുശലേം, സ്വർഗ്ഗ
ത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്ന്,
ഇറങ്ങിവരുന്നതായി എന്നെ കാണിച്ചു
11 തന്നു. അതിന് ദൈവത്തിൻെറ തേജസ്സ്,
കിരണത്തിൻെറ ശോഭപോലെ, വിലയേ
റിയ രത്നക്കല്ലിനു സമാനം, സ്ഫടികതുല്യ
മായ സൂര്യകാന്തക്കല്ലുപോലെ ആയിരുന്നു.
12 അതിന് വലിപ്പമുള്ളതും ഉന്നതവുമായ
ഏഴു കോട്ടകളും, പന്ത്രണ്ടു കോട്ടവാതിലു
കളും ഉണ്ടായിരുന്നു.*

ഇസ്രയേൽ മക്കളുടെ പന്ത്രണ്ടു ഗോത്ര
ങ്ങളുടെ നാമങ്ങൾ അവമേൽ എഴുതപ്പെ
13 ട്ടിരുന്നു. കിഴക്കു മൂന്നു വാതിൽ, വടക്കു
മൂന്നു വാതിൽ, തെക്കു മൂന്നു വാതിൽ, പടി
14 ഞ്ഞാറും മൂന്നു വാതിൽ. നഗരത്തിൻെറ
കോട്ടയ്ക്ക് പന്ത്രണ്ട് അടിസ്ഥാനങ്ങളും
അവയുടെമേൽ കുഞ്ഞാടിൻെറ പന്ത്രണ്ട്
15 ശ്ലീഹന്മാരുടേയും നാമങ്ങൾ. എന്നോടു
സംസാരിച്ചവന് നഗരത്തേയും, അതിൻെറ
വാതിലുകളേയും, കോട്ടകളേയും അളക്കു
വാനായി, ഒരു സ്വർണ്ണ അളവുകോൽ
16 ഉണ്ടായിരുന്നു. ആ നഗരം സമചതുരമായി
സ്ഥാപിതം. നീളം എത്രയോ, അത്രയും
തന്നെ വീതിയും. അവൻ അളവുകോൽ
കൊണ്ട് നഗരത്തെ അളന്നു. പന്തീരായിരം
സ്താദിയ എന്നു കണ്ടു. അതിൻെറ നീള
17 വും വീതിയും ഉയരവും സമംതന്നെ. അവൻ
അതിൻെറ കോട്ടയും അളന്നു. മനുഷ്യൻെറ
അളവിന് -അതെ, ദൂതൻെറയും അളവിൽ
അതു നൂററി നാല്പത്തിനാലു മുഴം ഉണ്ടാ
18 യിരുന്നു. അതിൻെറ മതിലിൻെറ പണി
സൂര്യകാന്തിക്കല്ലുകൊണ്ടും, നഗരം നിർമ്മ
ല സ്ഫടികസമാനമായ തങ്കവും ആയി
19 രുന്നു. നഗരത്തിൻെറ കോട്ടയുടെ അടി
സ്ഥാനങ്ങൾ, സർവ്വവിധ രത്നക്കല്ലുകൾ
കൊണ്ടും അലംകൃതമായിരുന്നു.

ഒന്നാമത്തെ അടിസ്ഥാനം സൂര്യകാന്തം
രണ്ടാമത്തേത് നീലരത്നം
മൂന്നാമത്തേത് മാണിക്യം
നാലാമത്തേത് മരതകം
20 അഞ്ചാമത്തേത് നവവർണ്ണമുള്ളത്
ആറാമത്തേത് ചുവപ്പുകല്ല്
ഏഴാമത്തേത് പീതരത്നം
എട്ടാമത്തേത് ഗോമേദകം
ഒൻപതാമത്തേത് പുഷ്യരാഗം
പത്താമത്തേത് വൈഡൂര്യം
പതിനൊന്നാമത്തേത് പത്മരാഗം
പന്ത്രണ്ടാമത്തേത് സുഗന്ധിരത്നം

പന്ത്രണ്ടു വാതിലുകളും പന്ത്രണ്ടു 21
രത്നങ്ങൾകൊണ്ട്. ഓരോ ഗോപുരവും
ഓരോരോ രത്നങ്ങൾകൊണ്ടുള്ളത്. നഗര
ത്തിൻെറ വിശാലമായ വീഥിയാകട്ടെ -തിള
ങ്ങുന്ന സ്ഫടികംപോലുള്ള നിർമല
സ്വർണ്ണം. ആലയം അതിൽ കണ്ടില്ല. എന്തെ 22
ന്നാൽ, സർവാധിപതിയായ കർത്താവും,
കുഞ്ഞാടും ആകുന്നു അതിൻെറ ആലയം.
ആ നഗരത്തിന് സൂര്യൻെറ ആവശ്യമേയില്ല. 23
അതിനു വെളിച്ചം കൊടുക്കാൻ ചന്ദ്രനും
വേണ്ട. എന്തെന്നാൽ, ദൈവത്തിൻെറ
തേജസ്സ് അതിനെ പ്രശോഭിതമാക്കി.
കുഞ്ഞാട് അത്രെ അതിൻെറ വിളക്ക്. രക്ഷി 24
ക്കപ്പെട്ട ജാതികൾ അതിൻെറ വെളിച്ച
ത്തിൽ നടക്കും. ഭൂമിയിലെ രാജാക്കന്മാർ
അവരുടെ സ്തുതിപ്പും ജാതികളുടെ ബഹു
മാനവും അതിലേക്കു കൊണ്ടുവരും. പകൽ 25
സമയത്ത് അതിൻെറ വാതിലുകൾ അട
യ്ക്കപ്പെടുകയില്ല. അവിടെ രാത്രി ഇല്ല.
കുഞ്ഞാടിൻെറ ജീവപുസ്തകത്തിൽ പേര് 26
എഴുതപ്പെട്ടവരല്ലാതെ, അശുദ്ധമായത്
ഒന്നും, അശുദ്ധിയും വ്യാജവും പ്രവർത്തി
ക്കുന്നവരാരും അതിലേക്കു കടക്കുകയില്ല.

അദ്ധ്യായം 22

ദൈവത്തിൻെറയും കുഞ്ഞാടിൻെറയും 1
സിംഹാസനത്തിൽനിന്നു പുറപ്പെടുന്ന
തായി സ്ഫടികംപോലെ ശ്രേഷ്ഠമായ
ജീവജലമുള്ള നദി, അതിൻെറ വിശാല
വീഥിയുടെ മദ്ധ്യത്തിൽ അവൻ എന്നെ
കാണിച്ചു. നദിക്ക് ഇക്കരെയും അപ്പുറത്തും 2
ജീവവൃക്ഷം ഉണ്ട്. അതു പന്ത്രണ്ടുതരം
ഫലം കായിച്ച് ഓരോ മാസവും അതതു
ഫലം കൊടുക്കുന്നു. വൃക്ഷത്തിൻെറ ഇല 3
ജാതികളുടെ രോഗശാന്തിക്കു വേണ്ടിയു
ള്ളത് യാതൊരു ശാപവും ഇനി ഉണ്ടാക
യില്ല. ദൈവത്തിൻേറയും കുഞ്ഞാടിൻേറ
യും സിംഹാസനം അതിൽ ഇരിക്കും. അവ 4
ൻെറ ദാസന്മാർ അവനെ ആരാധിക്കും.
അവർ അവൻെറ മുഖം കാണും. അവൻെറ
നാമം അവരുടെ നെററിയിൽ ഉണ്ടായി
രിക്കും. ഇനി രാത്രി ഉണ്ടാകയില്ല. ദൈവമായ 5
കർത്താവ് അവരുടെമേൽ പ്രശോഭിക്കു
ന്നതുകൊണ്ട് വിളക്കിൻെറ വെളിച്ചമോ
സൂര്യപ്രകാശമോ അവർക്ക് ആവശ്യമില്ല.
അവർ എന്നുമെന്നേക്കും വാഴും.

പിന്നെ, അവൻ എന്നോട് ഇങ്ങനെ 6
പറഞ്ഞു. ഈ വചനങ്ങൾ വിശ്വാസയോ

*ഗോപുരങ്ങളിൽ 12 ദൂതന്മാർ ഉണ്ട്. (പാഠഭേദം)

ഗ്യവും സത്യവുമാകുന്നു. പ്രവാചകന്മാ
രുടെ ദൈവമായ കർത്താവ്, ഉടനെ സംഭ
വിക്കേണ്ടവയെ തൻെറ ദാസർക്കു കാണി
ച്ചു കൊടുക്കുവാൻ തൻെറ മാലാഖയെ
7 അയച്ചു. ഇതാ ഞാൻ വേഗം വരുന്നു. ഈ
പുസ്തകത്തിലെ പ്രവചനത്തിലെ വാക്കു
കൾ കാത്തുകൊള്ളുന്നവൻ ഭാഗ്യവാൻ.
8 ഇവ കേൾക്കുകയും കാണുകയും
ചെയ്യുന്നവൻ യോഹന്നാൻ എന്ന ഞാനാ
കുന്നു. ഇവ ഞാൻ കേൾക്കുകയും കാണു
കയും ചെയ്തപ്പോൾ, എന്നെ ഇവ കാണിച്ചു
തന്ന മാലാഖയുടെ കാൽക്കൽ വണങ്ങു
9 വാനായി ഞാൻ വീണു. അവൻ എന്നോട് -
നോക്കൂ, അരുത്. ഞാൻ നിൻെറയും ഈ
പുസ്തകത്തിലെ വാക്കുകൾ പാലിക്കുന്ന
പ്രവാചകന്മാരായ നിൻെറ സഹോദരന്മാ
രുടെയും കൂട്ടുകാരനാകുന്നു. ദൈവത്തെ
10 ആരാധിക്കൂ എന്നു പറഞ്ഞു. അവൻ
തുടർന്ന് എന്നോട്: ഈ പുസ്തകത്തിലെ
പ്രവചനങ്ങൾ നീ മുദ്രവെയ്ക്കരുത്. സമയം
11 അടുത്തിരിക്കുന്നു. അനീതി ചെയ്യുന്നവൻ
തുടർന്നും അനീതി ചെയ്യട്ടെ. മലിനൻ
ഇനിയും മലിനനാക്കപ്പെടട്ടെ. നീതിമാൻ
ഇനിയും നീതി പ്രവർത്തിക്കട്ടെ. വിശുദ്ധൻ
ഇനിയും വിശുദ്ധീകൃതനാകട്ടെ.
12 ഇതാ ഞാൻ വേഗം വരും. ഓരോരുവനും
അവൻെറ പ്രവൃത്തിക്കു തക്ക പ്രതിഫലം
കൊടുപ്പാൻ പ്രതിഫലവും എന്നോടു
കൂടെയുണ്ട്.
13 ഞാൻ ഓലഫും താവും, ഒന്നാമത്ത
വനും, അവസാനത്തവനും, ആദിയും
14 അന്ത്യവുമാകുന്നു. തങ്ങളുടെ അവകാശം
ജീവൻെറ വൃക്ഷത്തിന്മേലായിരിക്കുവാനും,
വാതിലുകളിൽകൂടി നഗരത്തിലേക്കു കട
ക്കുവാനുമായി തൻെറ കല്പനകൾ അനു
സരിക്കുന്നവർക്കു ഭാഗ്യം.* നായ്ക്കളും ക്ഷു 15
ദ്രക്കാരും, വ്യഭിചാരികളും, കൊലപാതക
രും, വിഗ്രഹാരാധികളും, വ്യാജം പ്രവർത്തി
ക്കുന്നവരും പുറത്തായിരിക്കും.
സഭകളുടെ മുമ്പിൽ ഇവ നിങ്ങൾക്കു 16
സാക്ഷീകരിപ്പാൻ യേശു ആകുന്ന ഞാൻ
എൻെറ മാലാഖയെ അയച്ചു. ഞാൻ
ദാവീദിൻെറ വേരും, വംശവും, പ്രകാശമുള്ള
ഉദയനക്ഷത്രവുമാകുന്നു.
വരിക എന്ന് ആത്മാവും മണവാട്ടിയും 17
പറയുന്നു. കേൾക്കുന്നവനും, വരിക എന്നു
പറയട്ടെ. ദാഹിക്കുന്നവൻ വരട്ടെ. ആഗ്രഹ
മുള്ളവൻ ജീവജലം സൗജന്യമായി സ്വീക
രിക്കട്ടെ.
ഈ പുസ്തകത്തിലുള്ള പ്രവചനങ്ങൾ 18
കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷ്യ
പ്പെടുത്തി പറയുന്നു:
ആരെങ്കിലും അവയോട് കൂട്ടിച്ചേർത്താൽ
ഈ പുസ്തകത്തിൽ എഴുതപ്പെട്ടിട്ടുള്ള
ബാധകൾ അവൻെറമേൽ വരും. ഈ പ്രവ 19
ചനപുസ്തകത്തിലെ വാക്കുകളിൽനിന്നും
ആരെങ്കിലും നീക്കിക്കളഞ്ഞാൽ ഈ പുസ്ത
കത്തിൽ എഴുതപ്പെട്ടിരിക്കുന്ന ജീവവൃക്ഷ
ത്തിലും വിശുദ്ധ നഗരത്തിലും നിന്ന് അവ
ൻെറ ഓഹരി ദൈവം നീക്കിക്കളയും.
ഇവയെ സാക്ഷ്യപ്പെടുത്തുന്നവൻ 20
പറയുന്നു:
അതേ, ഞാൻ വേഗം വരുന്നു. അതേ
കർത്താവായ യേശുവേ, വേഗം വരണമെ.
ആമീൻ.
നമ്മുടെ കർത്താവായ യേശുമ്ശിഹാ 21
യുടെ കൃപ സർവ വിശുദ്ധന്മാരോടുംകൂടെ
ഇരിക്കുമാറാകട്ടെ. ആമീൻ.

* ദ് ഒബ്ദീൻ ഫുകുദോനാവ്

വി. യോഹന്നാൻ ശ്ലീഹായുടെ വെളിപ്പാട് സമാപ്തം.

അനുബന്ധം

മ്ശീഹായെ സംബന്ധിച്ചുള്ള പ്രവചനങ്ങൾ

ഉൽപത്തി 3:15; ആവ. 18:15; സങ്കീ. 89:20; ഏശാ. 2:2; 28:16; 32:1; 35:4; 42:6; 49:1; ഹസ്കി. 34:24; ദാനി; 2:44; മീഖാ. 4:1; സ്കറിയാ. 3:8.

തന്റെ ദൈവത്വം സങ്കീ. 2:7,11; 45:6,7,11; 72:8; ഏശാ. 9:6; 25:9; 40-10; ഏറ. 23:6; മീഖാ. 5:2; മലാ. 3:1.

തന്റെ മുന്നോടി ഏശാ. 40:3; മലാ. 3:1; 4:5.

തന്റെ ജനനം സംഖ്യ. 24:17,19.

വിദ്വാന്മാരുടെ ആരാധന സങ്കീ. 72:10,15; ഏശാ. 60:3,6.

മെസ്രേനിലേക്കുള്ള പലായനം ഹോശ. 11:1.

ശിശുവധം ഏറ. 31:15.

മൽകിസദേക്കിനെപ്പോലെ പുരോഹിതൻ സങ്കീ. 110:4.

മോശയെപ്പോലെ പ്രവാചകൻ ആവ. 18:5.

ജാതികളുടെ മാനസാന്തരം ഏശാ. 11:10; 42:1; 45:23; 49:6; ഹോശ. 1:10; 2:23; യോവേൽ 2:32.

ഗലീലായിലെ പരസ്യശുശ്രൂഷ ഏശാ. 9:1,2.

അത്ഭുതങ്ങൾ ഏശാ. 35:5,6; 42:7; 53:4.

ഉപദേശം സങ്കീ. 2:7; 78:2; ഏശാ. 2:3; 61:1; മീഖാ. 4:2.

ദൈവാലയശുദ്ധീകരണം സങ്കീ. 69:9.

കഷ്ടാനുഭവം യഹൂദരും ജാതികളും നിരസിക്കും സങ്കീ. 2:1; 22:12; 41:5; 56:5; 69:8; 118:22,23; ഏശായ 6:9; 10:8,14; 29:13; 53:1.

പീഡനങ്ങൾ സങ്കീ. 22:6; 35:7,12; 56:5; 71:10; 109:2; ഏശാ. 49:7; 53:3.

യറുശലേം പ്രവേശനം സങ്കീ. 8:2; 118:25,26; സഖ. 9:9.

സ്നേഹിതൻ ഒറ്റുകൊടുക്കും സങ്കീ. 41:9; 55:13; സഖ. 13:6.

ഒറ്റുകൊടുക്കുന്നവന്റെ അന്ത്യം സങ്കീ. 55:15, 23; 109:17.

ഒറ്റുകൊടുക്കൽ 30 വെള്ളിക്കാശിന് സഖ. 11:12.

കുശവന്റെ നിലം വാങ്ങൽ സഖ. 11:13.

ശിഷ്യന്മാരുടെ പലായനം സഖ. 13:7.

കള്ളസാക്ഷികൾ സങ്കീ. 27:12; 35:11; 109:2.

കുറ്റാരോപണത്തിൽ മൗനം സങ്കീ. 38:13; ഏശാ. 53:7.

പരിഹാസം, തുപ്പൽ മുതലായവ സങ്കീ. 22:7,8,16; 109:25; 35:15; ഏശാ. 50:6.

കഷ്ടാനുഭവത്തിൽ സഹനം ഏശാ. 53: 7-9.

ക്രൂശാരോഹണം സങ്കീ. 22:14, 17.
കയ്പും ചൊറുക്കായും സങ്കീ. 69:21.
ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥന സങ്കീ. 100:4.
യൗവനത്തിൽ മരണം സങ്കീ. 89:45; 102:24.
കുറ്റക്കാരോടുകൂടെ മരണം സങ്കീ. 53:9,12.
വസ്ത്രത്തിനു നറുക്കിടീൽ സങ്കീ. 22:18.
അസ്ഥികൾ ഒടിക്കപ്പെടുകയില്ല സങ്കീ. 34:20.
കുന്തത്താൽ കുത്തപ്പെടും സങ്കീ. 22:16 സഖ. 12:10.
മറ്റുള്ളവർക്കുവേണ്ടി കഷ്ടാനുഭവം ഏശാ. 53:4-6,12
ധനികരോടുകൂടെ സംസ്കാരം ഏശാ. 53:9
പുനരുത്ഥാനം സങ്കീ. 16:8-10; 30:3; 41:10; 118:17
സ്വർഗ്ഗാരോഹണം സങ്കീ. 16:11; 24:7; 68:18
രണ്ടാമത്തെ വരവ് സങ്കീ. 50:3-6; ഏശാ. 9:6,7

നമ്മുടെ കർത്താവു ചെയ്ത അത്ഭുതങ്ങൾ

	മത്താ.	മർക്കോ.	ലൂക്കോ.	യോഹ.
അന്ധനു കാഴ്ച നൽകി	9:27			
ഊമനായ പിശാചു ബാധിതൻ	9:32			
മത്സ്യത്തിൻെറ വായിൽ നാണയം	17:24			
ബധിരനും മൂകനും സൗഖ്യം		7:31		
അന്ധനു കാഴ്ച		8:22		
അത്ഭുതകരമായ മീൻപിടുത്തം			5:1-11	
വിധവയുടെ മകനെ ഉയിർപ്പിച്ചു			7:11	
കൂനിയായ സ്ത്രീക്കു സൗഖ്യം			13:11	
പക്ഷവാതക്കാരനു സൗഖ്യം			14:1	
പത്തു കുഷ്ഠരോഗികൾക്കു സൗഖ്യം			17:11	
മഹാപുരോഹിതൻെറ ദാസൻെറ ചെവി			22:50	
വെള്ളം വീഞ്ഞാക്കി				2:1
രാജസേവകൻെറ മകനു സൗഖ്യം				4:46
ബെത്സൈദായിലെ രോഗിക്കു സൗഖ്യം				5:1
ജന്മാന്ധനു കാഴ്ച				9:1
ലാസറിനെ ഉയിർപ്പിച്ചു				11:43
അത്ഭുതകരമായ മീൻപിടുത്തം				21:1
ഭൂതബാധിതന് (പ്രാർത്ഥനാലയം) സൗഖ്യം		1:23	4:33	
ശതാധിപൻെറ ദാസനു സൗഖ്യം	8:5		7:1	
ഊമനും ബധിരനുമായ ഭൂതബാധിതനു സൗഖ്യം	12:22		11:14	
കനാന്യസ്ത്രീയുടെ പുത്രിക്കു സൗഖ്യം	15:21	7:24		
4000 ത്തെ പോഷിപ്പിച്ചു	15:32	8:1		

അത്തിവൃക്ഷത്തെ ഉണക്കി	21:18	11:12		
കുഷ്ഠരോഗിക്കു സൗഖ്യം	8:2	1:40	5:12	
പത്രോസിൻെറ അമ്മാവിയമ്മയ്ക്ക് സൗഖ്യം	8:14	1:30	4:38	
കൊടുങ്കാറ്റു ശമിപ്പിച്ചു	8:26	4:37	8:22	
ലെഗിയോൻെറ ബഹിഷ്കരണം	8:28	5:1	8:27	
പക്ഷവാതക്കാരനു സൗഖ്യം	9:2	2:3	5:18	
രക്തസ്രാവക്കാരിക്ക് സൗഖ്യം	9:20	5:25	8:43	
യായിറേസിൻെറ മകളെ ഉയിർപ്പിച്ചു	9:23	5:38	8:49	
കൈ വരണ്ട മനുഷ്യനു സൗഖ്യം	12:10	3:1	6:6	
വെള്ളത്തിന്മേൽ നടന്നു	14:25	6:48		6:19
ഭൂതബാധിതബാലനു സൗഖ്യം	17:14	9:17	9:38	
അന്ധനായ ബർതീമായ്ക് സൗഖ്യം	20:30	10:46	18:35	
5000 ത്തെ പോഷിപ്പിച്ചു	14:15	6:35	9:12	6:5

പഴയനിയമ പ്രവാചകന്മാരുടെ കാലഘട്ടം*

1) ബാബേൽപ്രവാസത്തിനു മുമ്പ് (ഏകദേശ കാലം)

	B.C.
1. യോനാ	810-790
2. യോവേൽ	790-700
3. ആമോസ്	780-760
4. ഹോശയാ	785-725
5. ഏശായാ	750-695
6. മീഖാ	745-725

2) പ്രവാസത്തിന് തൊട്ടുമുമ്പും പ്രവാസകാലത്തും

7. നാഹും	660-630
8. സെഫന്യാ	630-620
9. ഹബ്ക്കൂക്	620-610
10. എറമിയ	628-588
11. ദാനിയേൽ	606-534
12. ഒബദിയാ	585-587
13. ഹസ്കിയേൽ	596-574

3) പ്രവാസത്തിൽനിന്നു പ്രത്യാഗമിച്ച ശേഷം

14. ഹഗ്ഗായി	520-518
15. സഖറിയാ	520-510
16. മലാഖി	420-397

*ഈ കാലനിർണ്ണയത്തിൽനിന്നും ചിലതിൽ വ്യത്യസ്തമായ കാലനിർണ്ണയവുമുണ്ട്.